

വിശ്വ
വിജ്ഞാന
കോശം

SAHITYA PRAVARTHAKA C S LTD • KOTTAYAM •

R
039.94812
VIS-V.6

6647

गुरुकुल कांगड़ी विश्वविद्यालय
कृपया पुस्तक के ऊपर कोई निशान आदि
न लगायें।

6647

R पुस्तकालय
गुरुकुल कांगड़ी विश्वविद्यालय, हरिद्वार
वर्ग संख्या 0:9.95812 VI:-V.6 आगत संख्या 6647

पुस्तक—वितरण की तिथि नीचे अंकित है। इस तिथि सहित २० वें दिन तक यह पुस्तक पुस्तकालय में वापिस आ जानी चाहिए। अन्यथा १० पैसे के हिसाब से विलम्ब-दण्ड लगेगा।

വിശ്വവിജ്ഞാനകോശം

"Forwarded free of cost, and with the
Compliments of the Department of
Education, Government of India,
New Delhi."

6647

SAHITYA PRAVARTHAKA C.S. LTD.
KOTTAYAM

R
039.94812
VIS-V.6

(Malayalam)
VISVAVIJNANAKOSHAM

(Malayalam Encyclopaedia in 12 Vols.)

Volume Six

First Published: June, 1989

Photocomposed at:

Ayodhya Printers, Cochin
Carmel Litho Printers, Trichur
Print Media, Alwaye

Printed at Orient Litho Press, Sivakasi

Price Rs. 175.00

© Sahitya Pravarthaka Co-operative Society Ltd, Kottayam-686 001

Publishers: Sahitya Pravarthaka Co-operative Society Ltd.
Kottayam-686 001, Kerala

Distributors:
NATIONAL BOOK STALL
KOTTAYAM TRIVANDRUM ERNAKULAM TRICHUR
PALGHAT QUILON CANNANORE CALICUT ALLEPPEY
KALPETTA KOTTAYAM (SHOW ROOM)

Cover: Sunder

Cover Printing:

Indoor & Outdoor Screen Printers, Cochin

S 5405 B 3505 11/89-90

6647

ഖ ജൗ

വിശ്വവിജ്ഞാനകോശം

പുസ്തകം ആറ്

पुस्तकालय
गुरुकुल कांगड़ी विश्वविद्यालय

"Forwarded free of cost, and with the Compliments of the Department of Education, Government of India, New Delhi."

എഡിറ്റോറിയൽ ബോർഡ് ചെയർമാൻ

ഡോ. എൻ.വി. കൃഷ്ണവാരിയർ

ചീഫ് എഡിറ്റർ

പ്രൊഫ.എസ്. ഗുപ്തൻനായർ

സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ
വില 175.00

ഉപദേശകസമിതി

ഡോ. എം.ജി.കെ. മേനോൻ, ചെയർമാൻ
സി. അച്യുതമേനോൻ
ഡോ. യു.ആർ. അനന്തമൂർത്തി
† എം. അബ്ദുൾ ഹമീദ്
† അഭയദേവ്
† ഉണ്ണികൃഷ്ണൻ പുതൂർ
† സി.ആർ. ഓമനക്കുട്ടൻ
വി.ആർ. കൃഷ്ണയ്യർ
ടി.എൻ. ജയചന്ദ്രൻ
എം.വി. ദേവൻ
† പ്രൊഫ. പന്മന രാമചന്ദ്രൻ നായർ
† ഡോ. എം.എം. ബഷീർ
ഡോ. ഡി. ബാബുപോൾ
പി.ടി. ഭാസ്കരപ്പണിക്കർ
† പ്രൊഫ. സി.ജെ. മണ്ണുമ്മൂട്
ജെ. ലളിതാംബിക
ഡോ. എം. ലീലാവതി
† ഇ. വാസു
† സി.പി. ശ്രീധരൻ
† ശ്രീമന്ദിരം കെ.പി.
† ബി. സരസ്വതിയമ്മ
† ഡോ. ഇ.സി.ജി. സുദർശൻ
ഗോപി കൊടുങ്ങല്ലൂർ, *കൺവീനർ*

† സംഘം ഡയറക്ടർബോർഡ് അംഗങ്ങൾ

" Forwarded free of cost, and with the
Compliments of the Department of
Education, Government of India,
New Delhi. "

എഡിറ്റോറിയൽ ബോർഡ് ചെയർമാൻ
ഡോ. എൻ.വി. കൃഷ്ണവാരിയർ

ചീഫ് എഡിറ്റർ
പ്രൊഫ. എസ്. ഗുപ്തൻനായർ

എഡിറ്റേഴ്സ് ഇൻ റസിഡൻസ്
പ്രൊഫ. എ.പി.പി. നമ്പൂതിരി
സി.വി. വാസുദേവഭട്ടതിരി
കെ. അശോകൻ
പ്രൊഫ. കെ.ബി. കർത്താ
പി. നാരായണക്കുറുപ്പ്
കോന്നിയൂർ ആർ. നരേന്ദ്രനാഥ്

എക്സിക്യൂട്ടീവ് എഡിറ്റർ
ആർ. ഗോപാലകൃഷ്ണൻ

ഡയറക്ടർ ഇൻ-ചാർജ്
പവനൻ

ആർട്ട് എഡിറ്റർ
ഒ. സുന്ദർ

എഡിറ്റോറിയൽ ഡിപ്പാർട്ടുമെൻറ്

എം.ഒ. റെജി
സി. ഗോപിനാഥ്
സോക്രട്ടീസ് വാലത്ത്
കെ. സത്യനാരായണൻ

ആർട്ട് ഡിപ്പാർട്ടുമെൻറ്

എം.ടി. ഗോപാലകൃഷ്ണൻ
(അസിസ്റ്റൻറ് ആർട്ട് എഡിറ്റർ)

ഒ. സജി
എൻ. അജിത്കുമാർ
ആൻറണി സനൽ

പ്രൂഫ് ഡിപ്പാർട്ടുമെൻറ്

ടി.സി. ലളിത
പി. ശിവപ്രസാദ്
ഷേർളി
ശുഭ

ലൈബ്രറി

കെ. ജയപ്രകാശ്
എസ്. നിത്യമംഗള
കെ.കെ ഉമ

എസ്റ്റാബ്ലിഷ്മെൻറ്

പി.എസ്. സുരേഷ്കുമാർ
എം. രമേശൻ
ബാബുരാജ്

സംഘം ജീവനക്കാർ

മോപ്പസാങ് വാലത്ത് *(പ്രൊഡക്ഷൻ)*
പി.പി. ജോൺ *(അക്കൗണ്ട്സ്)*
കെ.ജി. ചന്ദ്രശേഖരൻനായർ *(സെയിൽസ്)*
പി.എസ്. ഹരിദാസ് *(പ്രൂഫ്)*

കൺസൾട്ടിങ്
എഡിറ്റർമാർ

ഡോ. സി.പി. മേനോൻ
പ്രൊഫ.എസ്. ശിവദാസ്
പ്രൊഫ. എം.കെ. പ്രസാദ്
ഡോ. കെ.കെ.എൻ. കുറുപ്പ്
ഡോ. എം.പി. പരമേശ്വരൻ
പ്രൊഫ. വി.കെ. ദാമോദരൻ
ഡോ.കെ. അയ്യപ്പപ്പണിക്കർ
പ്രൊഫ. എം. തോമസ്മാത്യു
പ്രൊഫ. എൻ. സുഗതൻ

സ്റ്റിയറിങ് കമ്മിറ്റി

സി.പി. ശ്രീധരൻ *(കൺവീനർ)*
എം. അബ്ദുൾ ഹമീദ്
പവനൻ
സി.ആർ. ഓമനക്കുട്ടൻ



ഖ

മലയാളത്തിലെ രണ്ടാമത്തെ വ്യഞ്ജനം. കണ്ഠ്യ അതിഖരം. ഇത് സംസ്കൃതത്തിൽനിന്ന് സ്വീകരിച്ച വർണമാണ്. അതുകൊണ്ട് ശുദ്ധ മലയാളപദങ്ങളിൽ കാണുന്നില്ല.

'ഖ' വിവിധഭാഷകളിൽ

മലയാളം ഖ

ബ്രാഹ്മി	𑀔	ഗുജറാത്തി	ખ
തമിഴ്ഗ്രന്ഥം	𑌖	അസമിയ	খ
തെലുഗു	ఖ	ബംഗാളി	খ
കന്നടം	ಖ	ഒറിയ	ଖ
ഹിന്ദി സംസ്കൃതം	ख	ഉറുദു	خ
കശ്മീരി	𑆒	സിംഹളം	ඛ
പഞ്ചാബി	ਖ	ബർമീസ്	ခ

ഖഗോളം (Celestial sphere)

ഭൂമിയെച്ചുറ്റിയുള്ള സാങ്കല്പിക ഗോളം. 'ഖം' എന്ന വാക്കിൻെറ അർഥം ആകാശം എന്നാണ്. ഉൾഭാഗം പൊള്ളയായ 'ആകാശഗോളം' എന്നാണു ഖഗോളത്തെപ്പറ്റിയുള്ള സങ്കല്പം. നക്ഷത്രങ്ങളുൾപ്പെടെയുള്ള ഖഗോളപിണ്ഡങ്ങളെല്ലാം ഇതിൽ പതിച്ചതുപോലെ കാണപ്പെടുന്നു എന്നാണു പരികല്പന. ഭൂമിയാണ് ഈ ഗോളത്തിൻെറ കേന്ദ്രബിന്ദു. ഖഗോളത്തിൻെറ വ്യാസം അനന്തമാണ്. ഖഗോളത്തിൻെറ വ്യാസവുമായി താരതമ്യം ചെയ്യുമ്പോൾ ഭൂമിയുടെ വ്യാസം അവഗണാർഹമാംവിധം ചെറുതായതിനാൽ, എല്ലാ പ്രായോഗികാവശ്യങ്ങൾക്കും ഖഗോളത്തിൻെറ കേന്ദ്രബിന്ദുവായി ഭൂമി പരിഗണിക്കപ്പെടുന്നു. അതുകൊണ്ടു നിരീക്ഷകൻ ഭൂമിയിലെ ഏതു സ്ഥലത്തുനിന്നായാലും അയാൾ ഖഗോളത്തിൻെറ കേന്ദ്രബിന്ദുവിലാണെന്നു കരുതുന്നു.

ഭൂമിയുടെ അക്ഷം ഖഗോളത്തിൽ സന്ധിക്കുന്ന ബിന്ദുക്കളെ ഖഗോളീയ ധ്രുവങ്ങൾ എന്നു പറയുന്നു. ഭൂമിയുടെ ഉത്തരധ്രുവത്തിൻെറ വശത്തുവരുന്നത് ഉത്തര ഖഗോളീയ ധ്രുവവും, ദക്ഷിണധ്രുവത്തിൻെറ വശത്തുവരുന്നതു ദക്ഷിണ ഖഗോളീയ ധ്രുവവും ആണ്. ഉത്തര ഖഗോളീയ ധ്രുവത്തിനു വളരെ അടുത്താണു ധ്രുവനക്ഷത്രത്തിൻെറ സ്ഥാനം.

ഭൂമധ്യരേഖാതലവും ഖഗോളവുമായി സന്ധിച്ചുകിട്ടുന്ന സാങ്കല്പികരേഖ ആണു ഖഗോളമധ്യരേഖ (celestial equator). †ഖഗോള നിർദേശാങ്കങ്ങൾ നോക്കുക.

ഖഗോള നിർദേശാങ്കങ്ങൾ (Celestial co-ordinates)

ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ തുടങ്ങിയ ഖഗോളീയ പിണ്ഡങ്ങളുടെ സ്ഥാനം കുറിക്കുവാനുപയോഗിക്കുന്ന നിർദേശാങ്കങ്ങൾ. (†ഖഗോളം നോക്കുക.) ചക്രവാളവ്യവസ്ഥ (horizon system), നിരക്ഷവ്യവസ്ഥ (equator system) എന്നിവയാണു പ്രധാനപ്പെട്ട നിർദേശാങ്കവ്യവസ്ഥകൾ. ചക്രവാളവ്യവസ്ഥയിൽ, നിരീക്ഷകനെ ആധാരമാക്കിയുള്ള ഖഗോളവൃത്തത്തെ ബൃഹദ്‌വൃത്തം (great circle) എന്നു വിളിക്കുന്നു. ഇതിനു സമാന്തരമായി ഖഗോളത്തിലുള്ള വൃത്തങ്ങളെ സമാന്തരവൃത്തങ്ങൾ എന്നും ലംബമായുള്ള വൃത്തങ്ങളെ ഊർധ്വാധരവൃത്തങ്ങൾ (vertical circles) എന്നും വിളിക്കുന്നു. നിരീക്ഷകൻെറ തലയ്ക്കു നേരെമുകളിലെ ബിന്ദുവിനു ശിരോബിന്ദു (zenith) എന്നും, താഴെയുള്ള ബിന്ദുവിന് അധോബിന്ദു (nadir) എന്നും പറയുന്നു. തെക്കുവടക്കു ദിക്കുകളെ യോജിപ്പിച്ചു വരയ്ക്കുന്ന ഊർധ്വാധരവൃത്തത്തിനു ഖഗോളീയ മെറിഡിയൻ (celestial meridian) എന്നാണു പേര്. ഉന്നതാംശം (altitude), ദിഗംശം (azimuth) എന്നിവയാണ് ഈ വ്യവസ്ഥയിലെ നിർദേശാങ്കങ്ങൾ.

നിർദിഷ്ട നക്ഷത്രത്തിലൂടെ(ചിത്രത്തിൽ P) യുള്ള സമാന്തരവൃത്തം ചക്രവാളവൃത്തത്തിൽനിന്ന് എത്ര ഉയർന്നിട്ടാണ് എന്നു കാണിക്കുന്ന കോണളവാണ് ഉന്നതാംശം. (ചിത്രത്തിൽ ∠ AOP) ഖഗോള മെറിഡിയനും നിർദിഷ്ട നക്ഷത്രത്തിലൂടെ ഉള്ള ഊർധ്വാധര വൃത്തവും തമ്മിലുള്ള കോണമായ ∠ SZAആണു ദിഗംശം.

ഭൂമിയുടെ സ്വയം ഭ്രമണാക്ഷത്തെ അടിസ്ഥാനമാക്കിയുള്ളതാണു നിരക്ഷവ്യവസ്ഥ. ഇതിൽ ഖഗോള മധ്യരേഖ (celestial equator) അഥവാ നിരക്ഷം ആണ് ആധാരമായി ഉപയോഗിക്കുന്ന ബൃഹദ്‌വൃത്തം. ഇതിനു സമാന്തരമായുള്ള വൃത്തങ്ങളെ സമാന്തരവൃത്തങ്ങൾ എന്നും ഇതിനു ലംബമായി ഖഗോളധ്രുവങ്ങളിലൂടെ കടന്നുപോകു



ചക്രവാളവ്യവസ്ഥ

ന്ന വൃത്തങ്ങളെ ഹോരാവൃത്തങ്ങൾ (hour circles) എന്നും വിളിക്കുന്നു.

ഇവിടെ ഹോരാകോണം (hour angle), അപക്രമം (declination) എന്നിവയാണ് ഒരു ജോഡി നിർദേശാങ്കങ്ങൾ; വിഷുവാംശം (right ascension), അപക്രമം എന്നിവയാണു രണ്ടാമത്തെ ജോഡി നിർദേശാങ്കങ്ങൾ. ഖഗോളമെറിഡിയനും നിർദിഷ്ട നക്ഷത്രത്തിലൂടെയുള്ള ഹോരാവൃത്തവും തമ്മിലുള്ള കോണം ആണു ഹോരാകോണം. നിരക്ഷത്തിൽനിന്ന് എത്രമാറിയാണു നക്ഷത്രത്തിലൂടെയുള്ള അപക്രമസമാന്തരം എന്നു കാണിക്കുന്ന കോണളവാണ് അപക്രമം. ക്രാന്തികവൃത്ത(ecliptic)വും നിരക്ഷവും സന്ധിക്കുന്ന ബിന്ദുക്കളിൽ ഒന്നായ മഹാവിഷുവ(vernal equinox)ത്തിലൂടെയുള്ള ഹോരാവൃത്തവും നക്ഷത്രത്തിലൂടെയുള്ള ഹോരാവൃത്തവും തമ്മിലുള്ള കോണമാണു വിഷുവാംശം.

ഖഗോള ബലതന്ത്രം (Celestial mechanics)

ഖഗോളപിണ്ഡങ്ങളുടെ ചലനങ്ങളെക്കുറിച്ചുള്ള ഗണിതപഠനം ഉൾക്കൊള്ളുന്ന ജ്യോതിശ്ശാസ്ത്രശാഖ. ഈ വിജ്ഞാനശാഖയുടെ അടിസ്ഥാനമിട്ടത് സർ ഐസക് ന്യൂട്ടനാണ്. അദ്ദേഹത്തിൻെറ 1687-ൽ പ്രസിദ്ധീകരിച്ച *ഫിലസോഫിയ നാച്യുലിസ് പ്രിൻസിപ്പ മാതമാറ്റിക്ക* (ഈ ഗ്രന്ഥം സാധാരണമായി അറിയപ്പെടുന്നത് *†പ്രിൻസിപ്പ മാതമാറ്റിക്ക* എന്നാണ്.) എന്ന ഗ്രന്ഥത്തിൽ ഗ്രഹങ്ങളുടെ ചലനത്തിൻെറ അടിസ്ഥാനതത്വങ്ങൾ അവതരിപ്പിക്കുന്നു. ബലതന്ത്രം എന്ന ശാസ്ത്രശാഖയുടെ അടിസ്ഥാനമായ മൂന്നു ചലനനിയമങ്ങളും ഖഗോള ബലതന്ത്രത്തിൻെറ അടിസ്ഥാനതത്വമായ സാർവത്രിക ഗുരുത്വാകർഷണനിയമവും (Universal law of gravitation) ഇതിൽ വിവരിച്ചിരുന്നു. നിരീക്ഷണങ്ങളെ മാത്രം അടിസ്ഥാനമാക്കി ആവിഷ്കരിക്കപ്പെട്ടിരുന്ന കെപ്ലറുടെ ഗ്രഹചലനനിയമങ്ങൾ (†കെപ്ലർ നിയമങ്ങൾ നോക്കുക.) ഗണിതസിദ്ധാന്തങ്ങളുടെ പിൻബലത്തോടെ സൈദ്ധാന്തികമായി അവതരിപ്പിക്കാൻ ന്യൂട്ടനു കഴിഞ്ഞു

പ്രാചീനകാലത്തു ഗ്രീക്കുകാർ ടോളമിയുടെ തത്വങ്ങളെ ആധാരമാക്കി ജ്യോതിർഗോളങ്ങളെ മനസ്സിലാക്കി. 1543-ൽ കോപ്പർനിക്കസ് പുതിയ സിദ്ധാന്തങ്ങൾ അവതരിപ്പിച്ചപ്പോൾ പ്രാചീനവിശ്വാസങ്ങൾ അപ്പാടെ മാറി. പ്രപഞ്ചത്തിലെ രണ്ടു വസ്തുക്കൾ തമ്മിലുള്ള ആകർഷണശക്തി അവയുടെ പിണ്ഡങ്ങളുടെ ഗുണനഫലത്തോടു നേർ അനുപാതത്തിലും അവ തമ്മിലുള്ള ദൂരത്തിൻെറ വർഗത്തോടു വിപരീത അനുപാതത്തിലും ആയിരിക്കും എന്ന ഗുരുത്വാകർഷണ നിയമമാണ് ആധുനിക ഖഗോള ബലതന്ത്രത്തിൻെറ ഏറ്റവും മൗലികമായ തത്വം.

ന്യൂട്ടൻെറ അടിസ്ഥാനിയമങ്ങളെ ആധാരമാക്കി, ഖഗോള ബലതന്ത്രപ്രശ്നത്തിൻെറ സമവാക്യങ്ങൾ രണ്ടാംവർഗത്തിൽപ്പെട്ട സാധാരണ ഡിഫറൻഷ്യൽ സമവാക്യങ്ങളായി എഴുതാൻ കഴിയുന്നു. രണ്ടു വസ്തുക്കളുടെ കാര്യത്തിലാണ് ഇതു പ്രായോഗികമാവുന്നത്. എന്നാൽ, സൂര്യനും ഒൻപതു ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും ഉൾപ്പെട്ട പ്രശ്നങ്ങൾ നിർധാരണം ചെയ്യുവാൻ കൂടുതൽ സങ്കീർണമായ വിശ്ലേഷണ സമ്പ്രദായങ്ങൾ ഉപയോഗിക്കേണ്ടിവരും. ചില പ്രത്യേക പ്രതിഭാസങ്ങൾ വിശദീകരിക്കാൻ ഐൻസ്റ്റൈൻെറ ആപേക്ഷികതാസിദ്ധാന്തം പ്രയോഗിക്കേണ്ടിവരുന്നു.

ക്ഷോഭങ്ങൾ (Perturbations). ഗ്രഹങ്ങളുടെ ചലനം കേവലം സൂര്യനെ മാത്രമാശ്രയിച്ചാണിരിക്കുന്നതെങ്കിൽ അവയുടെ ഭ്രമണപഥം പൂർണമായും ദീർഘവൃത്താകാരമായിരിക്കണം. എന്നാൽ ആകർഷണനിയമത്തിൻെറ സാർവത്രികതമൂലം ഉപഗ്രഹങ്ങളും ഗ്രഹങ്ങളും തമ്മിലും ആകർഷണമുണ്ടാകുന്നു. ഇതു ഭ്രമണപഥത്തിൻെറ ദീർഘവൃത്താകൃതിക്കു മാറ്റമുണ്ടാക്കുന്നു. ഈ മാറ്റങ്ങളെയാണു ക്ഷോഭങ്ങളെന്നു പറയുന്നത്.

ക്ഷോഭങ്ങൾക്കു ഗണിതശാസ്ത്രപരമായി സാമാന്യമായ നിർധാരണമാർഗമില്ല. ഗ്രഹങ്ങളുടെ പിണ്ഡം സൂര്യൻെറ പിണ്ഡത്തോടു താരതമ്യപ്പെടുത്തുമ്പോൾ വളരെ ലഘുവാണ്. അതുകൊണ്ടവയുടെ ഭ്രമണപഥങ്ങൾ മിക്കവാറും വൃത്തങ്ങൾ തന്നെയാകയാൽ നിർധാരണം ഏറെക്കുറെ സാധ്യമാണ്. എങ്കിലും വിശ്ലേഷണത്തിനു വളരെ വിഷമമുണ്ട്. ക്ഷോഭങ്ങളെ രണ്ടായി തരം തിരിച്ചിരിക്കുന്നു.

1. ദീർഘകാല അസമതകൾ (Secular inequalities): ഇവ തുടർച്ചയായും, എന്നാൽ വളരെ സാവധാനമായും ഭ്രമണപഥത്തിൻെറ ആകൃതിയും സ്ഥാനവും മാറ്റുന്നു.

2. താല്ക്കാലിക അസമതകൾ (Periodic inequalities): ഒരേ സ്ഥാനത്തേക്കുള്ള ഗ്രഹങ്ങളുടെ തിരിച്ചുവരവിനെ ആശ്രയിച്ച് ഇടവിട്ടിവ സംഭവിക്കുന്നു. ഭ്രമണപഥങ്ങളുടെ മിക്ക ഘടകങ്ങൾക്കും രണ്ടു തരത്തിലുള്ള ക്ഷോഭങ്ങളുണ്ടാകുന്നുവെങ്കിലും ക്ഷോഭബലങ്ങളുടെ (Perturbing forces) ഒന്നാമത്തെ ഘാതം കണക്കാക്കിയാൽ പഥത്തിൻെറ മുഖ്യാക്ഷത്തിനു മാറ്റം സംഭവിക്കുന്നില്ലെന്നു ലാപ്ലാസ് (1749—1827) ആദ്യമായി പ്രസ്താവിച്ചു. സൗരപിണ്ഡം മുഖ്യമായിരിക്കുന്നിടത്തു സൗരയൂഥത്തെപ്പറ്റി പഠിക്കുന്നതിനിതു വളരെ സഹായകമായിത്തീർന്നു.

ക്ഷോഭങ്ങൾ ഗ്രഹങ്ങളുടെ പിണ്ഡത്തെ ആശ്രയിച്ചിരിക്കുകയാൽ ഇത് ഉപഗ്രഹങ്ങളില്ലാത്ത ഗ്രഹങ്ങളുടെ പിണ്ഡം നിർണയിക്കുന്നതിനും ഉപയോഗിക്കുന്നു. ഉപഗ്രഹങ്ങളുള്ള ഗ്രഹങ്ങളുടെ പിണ്ഡം നിർണയിക്കുന്നതിന് ഉപഗ്രഹത്തിൻെറ ഭ്രമണകാലവും ഗ്രഹവും ഉപഗ്രഹവും തമ്മിലുള്ള ദൂരവും അറിഞ്ഞിരുന്നാൽ മതി. എന്നാൽ ബുധൻ, ശുക്രൻ, പ്ലൂട്ടോ എന്നിവയെപ്പോലെ ഉപഗ്രഹങ്ങളില്ലാത്ത ഗ്രഹങ്ങളുടെ പിണ്ഡനിർണയത്തിന് അവ സൗരയൂഥത്തിലെ മറ്റു വസ്തുക്കളിലുണ്ടാക്കുന്ന ക്ഷോഭങ്ങളെ ആശ്രയിക്കുവാൻ മാത്രമേ സാധ്യമാകുകയുള്ളു.

പത്തൊൻപതാംനൂറ്റാണ്ടിൻെറ ആദ്യഘട്ടത്തിൽ പിണ്ഡനിർണയത്തിനും അതുപോലെതന്നെ അജ്ഞാതങ്ങളായ ഗ്രഹങ്ങളെപ്പറ്റിയുള്ള പ്രവചനത്തിനും ക്ഷോഭങ്ങളെപ്പറ്റിയുള്ള പഠനം ഉപയോഗിച്ചിരുന്നു. 1781-ൽ സർ വില്യം ഹെർഷൽ, യുറാനസ് എന്ന ഗ്രഹം കണ്ടുപിടിച്ചു. വർഷങ്ങൾക്കുശേഷം ഈ ഗ്രഹത്തിൻെറ സ്ഥാനം, ആദ്യം നിർണയിക്കപ്പെട്ടിരുന്നിടത്തുനിന്നും വളരെ വ്യത്യസ്തമായി കാണപ്പെട്ടു. 1846-ൽ ജോൺ കൗച്ച് ആഡംസ് (John Couch Adams) ഇംഗ്ലണ്ടിലും അർബൈൻ ജീൻ ജോസഫ് ലവറീർ (Urbain Jean Joseph Leverrier) ഫ്രാൻസിലുംവച്ചു പരസ്പരം അറിയാതെ യുറാനസിൻെറ ചലനത്തിലുള്ള വ്യതിയാനത്തെ വിശദീകരിച്ചു. കുറച്ചുകൂടി അകലത്തിൽ വേറൊരു ഗ്രഹം ഉണ്ടായിരിക്കണമെന്ന നിഗമനത്തിൽ ഇരുവരും എത്തിച്ചേർന്നു. അതിൻെറ സ്ഥാനത്തെയും അവർ ഏകദേശമായി പ്രവചിച്ചു. പിൽക്കാലത്തു പ്രവചിച്ച സ്ഥലത്തോടടുത്തുതന്നെ ഒരു ഗ്രഹം കണ്ടുപിടിക്കുകയും നെപ്ട്യൂണെന്നു പേരിടുകയും ചെയ്തു. ഇതിൻെറ കണ്ടുപിടുത്തമായിരുന്നു ആകർഷണസിദ്ധാന്തത്തിൻെറ ഏറ്റവും വലിയ വിജയം.

ഉപഗ്രഹചലനം. ഗ്രഹങ്ങളുടെ ചലനത്തെക്കാൾ വളരെ കൂടിയ നിരക്കിലാണ് ഉപഗ്രഹങ്ങൾ ചലിക്കുന്നത്. ചന്ദ്രൻ അതിൻെറ നീചോച്ചരേഖ ഏകദേശം ഒൻപതുവർഷത്തിനുള്ളിലും പാതം (Node) പത്തൊൻപതുവർഷത്തിനുള്ളിലും കടന്നുപോകുന്നു. ഗ്രഹങ്ങൾ ഉപസൗരബിന്ദുവും (perihelion) പാതങ്ങളും കടന്നുപോകുന്നതിനു വളരെയധികം വർഷങ്ങളെടുക്കുന്നു. അതുകൊണ്ടു ഗ്രഹങ്ങളെ സംബന്ധിച്ച സിദ്ധാന്തങ്ങളിലേതുപോലെ ഇവിടെ ക്ഷോഭങ്ങളെ ഉപയോഗിക്കുവാൻ പാടില്ല. ചന്ദ്രസിദ്ധാന്തമാണ് ഉപഗ്രഹപ്രശ്നങ്ങൾക്കുള്ള ഏറ്റവും മികച്ച പരിഹാരമാർഗം.

ആപേക്ഷികതാപ്രഭാവങ്ങൾ (Relativity effects). ന്യൂട്ടൻെറ ചലനനിയമങ്ങളും, ആകർഷണനിയമവും വാനഗോളങ്ങളുടെ ചലനത്തെ നിയന്ത്രിക്കുന്ന യഥാർഥനിയമങ്ങളോടുള്ള സമീപനങ്ങൾ മാത്രമാണെന്നംഗീകരിക്കപ്പെട്ടിരിക്കുന്നു.

ലാഗ്രാംജിൻെറ കാലം (1736—1813) മുതലിന്നേവരെയുള്ള ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ചന്ദ്രസിദ്ധാന്തത്തിലെ കൂടുതൽ ഫലപ്രദമായ മാർഗങ്ങളെ ഗ്രഹചലനത്തിൻെറ കാര്യത്തിൽ പ്രയോഗിക്കുന്നതിനു ശ്രമിച്ചിട്ടുണ്ട്. ചാൾസ് യൂജീൻ ഡിലാസ് ചന്ദ്രസിദ്ധാന്തത്തിലുപയോഗിച്ചിരുന്ന ഒരു മാർഗം ഗ്രഹങ്ങളുടെ കാര്യത്തിലും പ്രയോഗിക്കപ്പെടുന്നു.

ചന്ദ്രസിദ്ധാന്തത്തോടുള്ള ഒരു പ്രഥമ സമീപനമെന്ന നിലയിൽ ജി. ഡബ്ല്യു. വിൽ താല്ക്കാലികഭ്രമണപഥം (Periodic orbit) എന്ന ആശയം ഖഗോള ബലതന്ത്രത്തിൻെറ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുപയോഗപ്പെടുത്തി. ഇതേക്കുറിച്ചു പില്ക്കാലത്ത് എച്ച്.പോയിൻകർ നടത്തിയ ഗവേഷണങ്ങൾ ഇതിലടങ്ങിയിട്ടുള്ള ഗണിതശാസ്ത്രപരമായ പ്രശ്നം മനസ്സിലാക്കുന്നതിനു സഹായിച്ചു.

ഖഗോള ബലതന്ത്രത്തിലെ പ്രശ്നങ്ങൾ വിശ്ലേഷിക്കുന്നതിനുള്ള വൈഷമ്യം സംഖ്യാപരമായ സമാകലനമെന്ന ഒരു പുതിയ പദ്ധതിക്കു രൂപം നല്കി. ഡിഫറൻഷ്യൽ സമവാക്യങ്ങളുടെ പടിപടിയായുള്ള സംഖ്യാപരമായ നിർധാരണമാണിത്. കംപ്യൂട്ടറുകളുപയോഗിച്ചുള്ള സംഖ്യാപരമായ സമാകലനം കൃത്രിമോപഗ്രഹങ്ങൾ, ചന്ദ്രനിലേക്കും സമീപഗ്രഹങ്ങളിലേക്കും അയക്കുന്ന റോക്കറ്റുകൾ എന്നിവയുടെ സഞ്ചാരപഥത്തെക്കുറിച്ചറിയുന്നതിനുപയോഗിക്കുന്നു.

ഏറ്റവും ഉള്ളിലുള്ള ഗ്രഹമായ ബുധൻെറ ഉപസൗരചലനത്തിലും മറ്റു ചുരുക്കം ചില സന്ദർഭങ്ങളിലും ആപേക്ഷികതയുടെ പ്രഭാവങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ വ്യക്തമാവും. ക്ഷോഭങ്ങളെ കണക്കിലെടുത്തുകൊണ്ടുള്ള ആപേക്ഷികതാസിദ്ധാന്തപരമായ സൈദ്ധാന്തിക പരിഗണനയനുസരിച്ചു ബുധൻെറ ഉപസൗരചലനം ഒരു നൂറ്റാണ്ടിൽ 43 സെക്കൻഡു വ്യത്യാസപ്പെട്ടിരിക്കണം. നിരീക്ഷണത്തിലും ഇതുതന്നെ ദൃശ്യമാകുന്നുണ്ട്. ആപേക്ഷികതാസിദ്ധാന്തം ശരിയെന്നതിനുള്ള ഒരു തെളിവും ഇതുതന്നെയാണ്.

സൂര്യനും ഗ്രഹങ്ങളും തമ്മിലുള്ള ദൂരം വർധിക്കുന്നതനുസരിച്ച് ആപേക്ഷികതാപരമായ പ്രവർത്തനങ്ങളും കുറയുന്നു. ഭൂമിയുടെ ഉപസൗരചലനത്തിൽ ആപേക്ഷികതമൂലമുണ്ടാകുന്ന വ്യത്യാസം നൂറ്റാണ്ടിൽ നാലു സെക്കൻഡു മാത്രമാണ്. ആപേക്ഷികതയുടെ പ്രവർത്തനം മൂലമുള്ള ഫലങ്ങൾ വളരെ നിസ്സാരങ്ങളാകയാൽ ഖഗോള ബലതന്ത്രത്തിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനു പ്രാചീന സിദ്ധാന്തപ്രകാരമുള്ള സമവാക്യങ്ങളുപയോഗിക്കുന്നതിൽ അപാകമില്ല.

മറ്റു വിഭാഗങ്ങൾ. ഭൂമിയോടും മറ്റു വലിയ ഗ്രഹങ്ങളോടും ബന്ധപ്പെട്ടു കറങ്ങിക്കൊണ്ടിരിക്കുന്ന ദ്രാവകങ്ങളുടെ ആകർഷണസിദ്ധാന്തവും ഖഗോള ബലതന്ത്രവുമായി ബന്ധപ്പെട്ടതാണ്. സൂര്യനും ചന്ദ്രനും തമ്മിലുള്ള ഗുരുത്വാകർഷണം മൂലമാണു സമുദ്രത്തിൽ വേലിയേറ്റവുമിറക്കവുമുണ്ടാകുന്നതെന്നു ന്യൂട്ടൻ പ്രസ്താവിച്ചു. സർ ജോർജ് ഹോവാർഡ് ഡാർവിൻ വേലിയേറ്റം സംബന്ധിച്ച ആധുനികരീതിയിലുള്ള പഠനങ്ങൾ വികസിപ്പിച്ചു. †ഖഗോളം, †ഖഗോളീയ നിർദേശാങ്കങ്ങൾ, †ചലനം, †ജ്യോതിശ്ശാസ്ത്രം നോക്കുക.

ഖജനാവ്

ധനവും മറ്റു സമ്പത്തുകളും സൂക്ഷിക്കുന്നതിനുള്ള സ്ഥലം. പേഴ്സ്യൻഭാഷയിലെ ഖസാനായിൽനിന്നാണ് പദനിഷ്പത്തി. ഖജാനാ എന്ന രൂപവും മലയാളത്തിൽ പ്രയോഗത്തിലുണ്ടായിരുന്നു അർഥശാസ്ത്രത്തിൽ കോശമെന്നും ഇതിനു പറയും. ഇതിൻെറ ചുമതലവഹിക്കുന്ന ആളെ ഖജാൻജി അഥവാ കോശാധ്യക്ഷൻ എന്നാണു പറയുന്നത്. ഗ്രീക്കുനഗരരാഷ്ട്രങ്ങളിലും ഇത്തരത്തിൽപ്പെട്ട ഖജനാവുകൾ ധാരാളമുണ്ടായിരുന്നു. ബി.സി. ഏഴാം നൂറ്റാണ്ടിലെ ഗ്രീസിൽ ഖജനാവാണ് ഏറ്റവും പഴക്കമുള്ളത. ഡെൽഫിയിൽ 20, ഒളിമ്പിയായിൽ 1, ഡലോസിൽ 5 തുടങ്ങി നാല്പതിലധികം ഖജനാവുകൾ ഗ്രീസിൽ നിലനിന്നിരുന്നു. ഭാരതത്തിൽ രാജകൊട്ടാരങ്ങളോടനുബന്ധിച്ചാണ് മുഖ്യമായും ഖജനാവുകൾ ഉണ്ടായിരുന്നത്.

ഗവൺമെൻറുകളുടെ കീഴിലുള്ള ട്രഷറി ഡിപ്പാർട്ടുമെൻറുകളാണ് ആധുനികലോകത്തിൽ ഖജനാവിൻെറ കടമ നിറവേറ്റുന്നത്.

ഖജൂരം

† ചിറ്റീന്തൽ നോക്കുക.

ഖജൂരാഹൊ

മധ്യപ്രദേശിലെ ഛത്താർപൂർ ജില്ലയിൽ മനോഹരമായ അനേകം ക്ഷേത്രങ്ങൾ സ്ഥിതിചെയ്യുന്ന സ്ഥലം. ഖജൂർ(ഈന്തപ്പന) ധാരാളമായി ഉണ്ടായിരുന്ന സ്ഥലമായതുകൊണ്ടാണ് ഇതിനു ഖജൂരാഹൊ എന്ന പേർ വന്നത്. ഇന്ത്യക്കാരും വിദേശികളുമായ വിനോദസഞ്ചാരികളെ വളരെ ഏറെ ആകർഷിക്കുന്ന ഈ ഗ്രാമത്തിലെ ജനസംഖ്യ 4680(1981). 2.56 ച.കി.മീറ്റർ ചുറ്റളവിൽ 85 ക്ഷേത്രങ്ങൾ ഇവിടെ ഉണ്ടായിരുന്നു. ഇവയിൽ പലതും ജീർണിച്ചു നശിച്ചു. ഇപ്പോൾ 20 എണ്ണം കേടുപാടുകൾ കൂടാതെ നിലനില്ക്കുന്നു.

പത്തും പതിനൊന്നും നൂറ്റാണ്ടുകളിലെ ഇന്ത്യൻ ശില്പചാതുരിയുടെ നിദർശനമായി ഈ ക്ഷേത്രങ്ങളെ കണക്കാക്കുന്നു. 950–1050 കാലത്താണ് ഇവ ഉണ്ടാക്കിയത്. ഏതാണ്ട് അഞ്ചു നൂറ്റാണ്ടു കാലത്തോളം മധ്യേന്ത്യയിൽ ഭരണം നടത്തിയ ചന്ദേല രാജാക്കന്മാരാണ് ഈ ക്ഷേത്രങ്ങളുടെ നിർമാതാക്കൾ. ഖജൂരാഹൊ പിന്നീടു ബുന്ദേൽഖണ്ഡ് എന്നറിയപ്പെടുന്ന ജജാകഭുക്തി രാജ്യത്തിൻെറ തലസ്ഥാനമായിരുന്നു. അവശേഷിക്കുന്ന ക്ഷേത്രങ്ങളിൽ 12 എണ്ണമാണു പ്രധാനം. ഇതിൽത്തന്നെ ഏറ്റവും വലുത് കാണ്ഡരീയ മഹാദേവക്ഷേത്രമാണ് (33 മീറ്റർ നീളവും 18 മീറ്റർ വീതിയും 35 മീറ്റർ ഉയരവും). 1025-നും 1050-നും മധ്യേ നിർമിച്ച ഈ ക്ഷേത്രത്തിൻെറ രൂപകല്പനയിലും നിർമിതിയിലും ചന്ദേല രാജാക്കന്മാരുടെ കാലത്തെ ശില്പകലയുടെ മൗലികഭാവങ്ങളൊക്കെ കാണാം. പ്രസിദ്ധ ഇങ്ഗ്ലീഷ് പുരാവസ്തു ഗവേഷകനായ കണ്ണിങ്ഹാംഈ ക്ഷേത്രത്തിൽ എല്ലാംകൂടി 872 പ്രതിമകൾ ഉണ്ടെന്നും ഇവയിൽ 226 ക്ഷേത്രാന്തർഭാഗത്തും 646 പുറത്തും ആണ് ഉള്ളതെന്നും കണക്കാക്കുകയുണ്ടായി. ഈ മഹാദേവക്ഷേത്രത്തിൻെറ ഉപക്ഷേത്രങ്ങൾ പലതും നഷ്ടപ്രായമായിട്ടുണ്ടെങ്കിലും ഇതിനു കേടൊന്നും പറ്റിയിട്ടില്ല.

ഖജൂരാഹോയിലെ കാണ്ഡരീയ ക്ഷേത്രം

ക്ഷേത്രങ്ങളുടെ കൂട്ടത്തിൽ മറ്റു ശിവക്ഷേത്രങ്ങളും വിഷ്ണുക്ഷേത്രങ്ങളും ബുദ്ധ-ജൈനക്ഷേത്രങ്ങളുംപെടുന്നു. ആറു ജൈനക്ഷേത്രങ്ങൾ ഉതക്കുകിഴക്കു ഭാഗത്താണ്. ഇതിനടുത്തുതന്നെ ഒരു ബുദ്ധക്ഷേത്രവുമുണ്ട്. ബുദ്ധ-ജൈനക്ഷേത്രങ്ങൾ നിർമാണരീതിയിൽ വ്യത്യസ്തങ്ങളാണ്.

ഖജൂരാഹൊ ക്ഷേത്രങ്ങളുടെ പൊതുവെയുള്ള ശില്പകലാപരമായ പ്രത്യേകത അവ മുകളിലേക്ക് ഉയർന്നു ശിഖരരൂപങ്ങളിൽ അവസാനിക്കുന്നു എന്നതാണ്. ഓരോ ക്ഷേത്രത്തിനും ശിഖരങ്ങളുടെ സമാന്തരനിരകളുണ്ട്. ദേവീ-ദേവന്മാരുടെ മാത്രമല്ല, യോദ്ധാക്കളുടെയും ഗായകന്മാരുടെയും മൃഗങ്ങളുടെയും രൂപങ്ങൾ ഇവിടെ കൊത്തിവെച്ചിരിക്കുന്നു. രൂപങ്ങളിൽ ചിലതു സാങ്കല്പികമാണ്. മറ്റു ചിലത് യഥാതഥവും. ഉൾഭാഗത്തു സാധാരണ ക്ഷേത്രങ്ങൾക്കു പതിവുള്ള ശ്രീകോവിലും അധിഷ്ഠാനദേവതയും പൂജാതികൾക്കുള്ള സൗകര്യങ്ങളും ഉണ്ടെങ്കിലും ബഹിർഭാഗത്തെ ശില്പങ്ങൾ അധികവും രതിഭാവപ്രധാനങ്ങളാണ്.

കല്ലിൽ കൊത്തിവെച്ച അപ്സര:കന്യകളുടെസൗന്ദര്യവും തുടിച്ചുനില്ക്കുന്നവയാണ് ക്ഷേത്രങ്ങളെല്ലാം. രതിക്രീഡയിൽ മുഴുകിയ മിഥുനങ്ങളും നഗ്നസുന്ദരികളും എവിടെയുമുണ്ട്. ചില ശില്പങ്ങളിൽ മൈഥുനം ചിത്രീകൃതമായിരിക്കുന്നു. അശ്ലീലങ്ങളെന്നു വിശേ



ഷിപ്പിക്കാവുന്നവയാണ് ഇവയിൽ അധികമെങ്കിലും ജീവൻ തുടിക്കുന്ന ഈ രൂപങ്ങളെ സുന്ദരമായ അവയവസംഘടനയോടും ശില്പവൈദഗ്ധ്യത്തോടും കൊത്തിവെച്ച അജ്ഞാത കലാകാരന്മാരുടെ കരവിരുതിനെ അദ്ഭുതാദരങ്ങളോടെയല്ലാതെ ആർക്കും നോക്കിക്കാണാൻ സാധ്യമല്ല.

ഈ ക്ഷേത്രങ്ങൾ നിർമിക്കാൻ ഈ സ്ഥലംതന്നെ തിരഞ്ഞെടുക്കാൻ ചന്ദേല രാജാക്കന്മാരെ പ്രേരിപ്പിച്ച വികാരം എന്തെന്നു നിശ്ചയമില്ല. കുറ്റിക്കാടുകൾ നിറഞ്ഞ പ്രദേശമായിരുന്നു ചുറ്റും. കാലാവസ്ഥ വരണ്ടതും ഗ്രീഷ്മത്തിൽ ചൂടേറിയതും ആണ്; അന്തരീക്ഷം പൊടിനിറഞ്ഞതും. ഏതു ഋതുവിൽ ആയാലും ഇതൊരു സുഖവാസകേന്ദ്രമല്ല. ക്ഷേത്രങ്ങൾ നിർമിച്ച ശില്പികൾ അകലെനിന്നു വന്നവർ ആയിരിക്കണം; നിർമാണത്തിന് ഉപയോഗിച്ച ഭീമൻകല്ലുകളും അകലങ്ങളിൽനിന്നു കൊണ്ടുവന്നവ ആകാനാണു സാധ്യത. അനേകായിരം പേരുടെ അനേക ദശവർഷങ്ങളിലെ അത്യധ്വാനം ഈ ക്ഷേത്രങ്ങളുടെ പിറകിലുണ്ട്.

ക്ഷേത്രങ്ങളെല്ലാംതന്നെ കിഴക്കോട്ടു മുഖമുള്ളവയാണ്. ആദ്യകാലത്തുണ്ടാക്കിയ ക്ഷേത്രങ്ങൾക്കു കരിങ്കല്ലാണ് ഉപയോഗിച്ചിരുന്നത്; പിന്നീടുള്ളവയ്ക്ക് വെള്ളാരങ്കല്ലും.

കൊത്തുപണികൊണ്ടു തീർത്ത ഓരോ ശില്പത്തിനും പേരുണ്ട്. നൃത്തംചെയ്യുന്ന അപ്സരസ്, പരക്കെ കാണാവുന്ന സാലഭഞ്ജിക, മാദകത്തിടമ്പായ സുരസുന്ദരി, മാനവവംശത്തിൽപെടുന്ന നായിക എന്നിങ്ങനെ പോകുന്നു ആ പേരുകൾ. ചലനഭാവംകൊണ്ടുമാത്രമേ ഇതിൽ ഒന്നിനെ മറ്റൊന്നിൽനിന്നു വേർതിരിക്കാനാവൂ. നൃത്തം ചെയ്യുമ്പോൾ സുരസുന്ദരി അപ്സരസ്സായി മാറുന്നു. മറ്റ് അവസരങ്ങളിൽ ദേവീദേവന്മാരെ പരിചരിക്കുകയാവും. വേറെ ചിലപ്പോൾ അവൾ കാലിനടിയിൽനിന്നു മുള്ളെടുക്കുകയൊ, കണ്ണാടി നോക്കുകയൊ, കണ്ണാടി നോക്കി പൊട്ടുതൊടുകയൊ ആയിരിക്കും. മൈഥുനശില്പങ്ങൾ ഹിന്ദുക്ഷേത്രങ്ങളിൽ വിരളമല്ല. എന്നാൽ ഖജൂരാഹോവിലെ മൈഥുനശില്പങ്ങൾ വാത്സ്യായന സങ്കല്പങ്ങളെയും കടത്തിവെട്ടുന്നു എന്നു പറയണം. ക്ഷേത്രത്തിൻെറ ചുവരുകളിൽ എല്ലാ അതിരുകളെയും ലംഘിക്കുന്ന തരത്തിലുള്ള ഭോഗലാലസയുടെ ശിലാചിത്രങ്ങൾ ഇത്രയധികം എങ്ങനെ വന്നുവെന്നു പലരും അദ്ഭുതപ്പെട്ടിട്ടുണ്ട്.



മുകളിൽ
ഖജൂരാഹോയിലെ
ലക്ഷ്മണക്ഷേത്രം
ചുമർചിത്രങ്ങൾ
ഇടത്ത്:
ഖജൂരാഹോ
കാണ്ഡരീയക്ഷേത്രം.
തെക്കുനിന്നുള്ള
കാഴ്ച

ഖട്ടാവ്, ചന്ദ്രകാന്ത് മൂൾരാജ് (1910-)

ഇന്ത്യൻ വ്യവസായി. ഖട്ടാവ് മക്കൻജി സ്പിന്നിങ് ആൻറ് വീവിങ് കമ്പനി(ലിമിറ്റഡ്)യുടെ ചെയർമാൻ. 1910 ജനുവരി 20-ന്,ബോംബെയിൽ വ്യവസായപ്രമുഖനായിരുന്ന മൂൾരാജ് ഖട്ടാവിന്റെ മകനായി ജനിച്ചു. ബി.എസ്സി ബിരുദം നേടിയശേഷം വ്യവസായരംഗത്തു പ്രവർത്തിച്ചു. സ്വകാര്യമേഖലയിൽ ഇന്ത്യൻ തുണിവ്യവസായത്തിന്റെ അഭിവൃദ്ധിക്കു കാരണമായ മില്ലുകളിൽ ഒന്നാണ് ഖട്ടാവിന്റേത്.

ഖട്വാംഗം

യോഗികൾ കൊണ്ടുനടക്കുന്ന ഗദപോലുള്ള ആയുധം. ഇതിന്റെ അഗ്രത്തിൽ തലയോടു ഘടിപ്പിച്ചിരിക്കും. ഖിംഖിരം, പാംശുലം എന്നെല്ലാം ഇതിനു പേരുകളുണ്ട്. ഇത് ശിവന്റെ ആയുധമാണെന്നാണു സങ്കല്പം.

ഖട്വാംഗൻ

സൂര്യവംശത്തിലെ ഒരു രാജാവ്. ഭക്തിയിലൂടെ ഇദ്ദേഹം രണ്ടു നാഴിക(48 മിനിറ്റ്)കൊണ്ടു മുക്തിപ്രാപിച്ചു. ദേവാസുരയുദ്ധത്തിൽ ദേവന്മാരെ സഹായിച്ച് അസുരന്മാരെ തോല്പിച്ചു. ഇതിൽ സന്തോഷിച്ച ദേവന്മാർ എന്തു വരം വേണമെന്നു ചോദിച്ചപ്പോൾ അദ്ദേഹം തനിക്കിനി എത്രകാലംകൂടി ജീവിതമുണ്ടെന്നറിഞ്ഞാൽക്കൊള്ളാമെന്നു പറഞ്ഞു. രണ്ടു നാഴികകൂടിയേ ഉള്ളൂ എന്നായിരുന്നു ദേവന്മാരുടെ മറുപടി. ഉടനെ ഇദ്ദേഹം ഭൂലോകത്തിൽ തിരിച്ചെത്തി. രണ്ടു നാഴികകൊണ്ട് ഭഗവാനെ പ്രസാദിപ്പിച്ചു മുക്തിപ്രാപിച്ചു. നൂറു യാഗങ്ങൾ നടത്തിയിട്ടുണ്ട്. ഇദ്ദേഹത്തിനു ദിലീപൻ എന്നും പേരുണ്ട്.

ഖഡീബോലി

ദില്ലിയിലും സമീപപ്രദേശങ്ങളിലുമുള്ള ജനങ്ങളുടെ സംസാരഭാഷ. നാഗരികജനങ്ങളുടെ സംഭാഷണഭാഷയും ഗ്രന്ഥഭാഷയും ഹിന്ദിഭാഷയുടെ ഈ രൂപംതന്നെയാണ്. അതുകൊണ്ട് ഖഡീബോലിയെ ഹിന്ദിയുടെ മാനകഭാഷ(Standard language) ആയി ഗണിക്കുന്നു. ഹിന്ദിയിൽ ഗദ്യസാഹിത്യത്തിന്റെ വികാസത്തോടെയാണു ഖഡീബോലിക്കു പ്രാധാന്യം ലഭിച്ചത്. അവധി, മൈഥിലി, വ്രജഭാഷ മുതലായ ഭാഷാഭേദങ്ങളായിരുന്നു പദ്യസാഹിത്യത്തിനു രൂപംനല്കിയത്. ഉത്തരപ്രദേശിന്റെ പശ്ചിമഭാഗങ്ങളിലും ഖഡീബോലി തന്നെയാണു സംഭാഷണഭാഷ.

ഖഡ്ഗശാസ്ത്രം

മുഖ്യമായും ഖഡ്ഗപ്രയോഗവിധികളെ വിവരിക്കുന്ന ഒരു പ്രാചീന മലയാളകൃതി. നൂറിലധികം അനുഷ്ടുപ്പുശ്ലോകങ്ങളിലായി ഇതിൽ ദൂതാഗമനപരിജ്ഞാനം, നരചേഷ്ടാദിലക്ഷണം, ആയുധലക്ഷണം എന്നിവ വിവരിക്കപ്പെട്ടിരിക്കുന്നു. ഗ്രന്ഥകർത്താവിന്റെ പേരോ, കാലമോ അറിയാൻ കഴിഞ്ഞിട്ടില്ല. ഇതിൽ പരാമർശിക്കുന്ന ചില ക്ഷേത്രങ്ങളുടെയും കാവുകളുടെയും പേരിനെ അടിസ്ഥാനമാക്കി ഇത് മീനച്ചിൽ പ്രദേശവുമായി ബന്ധപ്പെട്ട ഒരു കൃതി ആണെന്നു മനസ്സിലാക്കാം. കേരളസർവകലാശാല ഭാഷാഗ്രന്ഥാവലിയിൽ 96-ാം 'അങ്ക'മായി പ്രസിദ്ധീകരിച്ചിരിക്കുന്ന സഞ്ചികയിൽ ഇതും ഉൾപ്പെടുത്തിയിട്ടുണ്ട്(1957).

ഖണ്ഡകാവ്യം

മഹാകാവ്യത്തെ അപേക്ഷിച്ചു വലുപ്പം കുറഞ്ഞതും മിക്കപ്പോഴും ഏതെങ്കിലും ഇതിവൃത്തം ഉൾക്കൊള്ളുന്നതുമായ ലഘുകാവ്യങ്ങൾ. ഗദ്യത്തിൽ നോവലിനും ചെറുകഥയ്ക്കും തമ്മിലുള്ള ബന്ധത്തോടു സാമ്യമുള്ളതാണു മഹാകാവ്യവും ഖണ്ഡകാവ്യവും തമ്മിലുള്ള ബന്ധം. മഹാകാവ്യലക്ഷണങ്ങളുടെ ഏകദേശാനുസാരിയാണ് ഖണ്ഡകാവ്യങ്ങൾ എന്ന് സാഹിത്യദർപ്പണകാരൻ പറഞ്ഞിട്ടുണ്ട്. രൂപത്തിന് ഒതുക്കം കൂടുന്നതനുസരിച്ചു ഭാവത്തിനു തീവ്രത ഏറും. ദൂതകാവ്യമെന്ന് വ്യവഹരിക്കപ്പെടുന്നെങ്കിലും കാളിദാസന്റെ മേഘദൂതം യഥാർത്ഥത്തിൽ ഖണ്ഡകാവ്യമാണ് എന്നു പറയാറുണ്ട്. മലയാളത്തിൽ വെൺമണിക്കാലം മുതൽ വികസിച്ചുതുടങ്ങിയ ഒരു കൃത്രിമ ക്ലാസിക് പാരമ്പര്യത്തിൽപ്പെട്ട കാവ്യങ്ങളെയാണ് ഈ പ്രസ്ഥാനത്തിന്റെ ആദ്യമാതൃകകളായി ചൂണ്ടിക്കാണിക്കാൻ കഴിയുക.

വെൺമണിയുടെ 'പൂരപ്രബന്ധം', 'അംബോപദേശം' കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ 'നല്ല ഭാഷ', 'പാലുള്ളി ചരിതം', 'തുപ്പൽ കോളാമ്പി'; കേരളവർമ വലിയകോയിത്തമ്പുരാന്റെ 'ദൈവയോഗം', 'മയൂരസന്ദേശം'; കുണ്ടൂർ നാരായണമേനോന്റെ 'കോമപ്പൻ', 'പാക്കനാർ', 'കണ്ണൻ', 'സാംബവൻ', 'അകവൂർ ചാത്തൻ', 'വടുതലനായർ'; ഒടുവിൽ കുഞ്ഞുകൃഷ്ണമേനോന്റെ 'വിനോദിനി', 'അന്തർജനത്തിന്റെ അപരാധം' എന്നിവയെല്ലാം പഴയ ഖണ്ഡകാവ്യങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താം.

ആധുനിക ഖണ്ഡകാവ്യങ്ങൾ. എ.ആർ.രാജരാജവർമയോടുകൂടി ആധുനിക ഖണ്ഡകാവ്യങ്ങളുടെ ചരിത്രം ആരംഭിക്കുന്നു. ഇംഗ്ലീഷ് സാഹിത്യത്തിൽ കോൾറിജിന്റെയും വേഡ്സ്വർത്തിന്റെയും കാലഘട്ടത്തോടെ വികസ്വരമായ കാല്പനിക നവോത്ഥാനം (Romantic Revival) പോലൊരു പരിവർത്തനം എ.ആർ.രാജരാജവർമയുടെ കാലത്തു മലയാളസാഹിത്യത്തിലുണ്ടായി. ഈ നവോത്ഥാനത്തിനു വഴിതെളിച്ച സാഹചര്യങ്ങൾ പലതാണ്. അവയിൽ പ്രധാനമായിട്ടുള്ളതു പാശ്ചാത്യ സാഹിത്യസമ്പർക്കംതന്നെ. ഇംഗ്ലീഷുകാർ ഇന്ത്യയിൽ നടപ്പിലാക്കിയ വിദ്യാഭ്യാസപദ്ധതി ഇംഗ്ലീഷ് ഭാഷയും സാഹിത്യവുമായി സമ്പർക്കം പുലർത്താൻ മലയാളികളെ സഹായിച്ചു. തത്ഫലമായി പാശ്ചാത്യ കാവ്യമാതൃകകളെ അനുകരിക്കുവാനുള്ള പ്രവണത ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ചവരിലുണ്ടായി.

മഹാകാവ്യങ്ങൾ വികാരരഹിതങ്ങളും സങ്കേതജടിലങ്ങളുമായി മാറിയപ്പോൾ, വായനക്കാരിൽ നിന്നെന്നപോലെ ജീവിതത്തിൽനിന്നും അകന്നുപോയി. ഈ അകൽച്ച ഖണ്ഡകാവ്യ പ്രസ്ഥാനത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തി.

സാമാന്യസ്വഭാവം. കാവ്യപ്രചോദനകാരിയായ അസംസ്കൃത വസ്തുവിനെ കവികൾ രണ്ടുവിധത്തിൽ രൂപപ്പെടുത്താറുണ്ട്: ആത്മനിഷ്ഠമായും വസ്തുനിഷ്ഠമായും. ഇവയിൽ ആത്മനിഷ്ഠങ്ങളായ കവിതകളെ ആത്മഗീതങ്ങൾ അഥവാ ഭാവഗീതങ്ങൾ എന്നു വിളിക്കുന്നു. വസ്തുനിഷ്ഠങ്ങളായ കവിതകളെ ആഖ്യാനകങ്ങളെന്നും പറയുന്നു. പ്രാചീന ഖണ്ഡകാവ്യങ്ങളിലൊട്ടുമിക്കവയെയും ആഖ്യാനകാവ്യഭാഗത്തിൽപ്പെടുത്താം. ഒന്നുകിൽ നാതിദീർഘമായ കഥാകഥനം, അല്ലെങ്കിൽ ഏതെങ്കിലുമൊരു സംഭവവർണന- ഇതാണു പല പ്രാചീന ഖണ്ഡകാവ്യങ്ങളുടെയും സ്വഭാവം. വെൺമണി മഹൻ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കുണ്ടൂർ തുടങ്ങിയവരുടെ ലഘുകാവ്യങ്ങൾ ഈ സാമാന്യസ്വഭാവത്തിൽനിന്നകന്നു നില്ക്കുന്നില്ല.

വെൺമണിയുടെ 'പൂരപ്രബന്ധം' വർണനാപ്രധാനമായ ഖണ്ഡകാവ്യമാണ്. ഭൂതിഭൂഷചരിതം ഒരു കഥാഖ്യാനം മാത്രമാണ്. കുഞ്ഞിക്കുട്ടൻതമ്പുരാന്റെ പാലുള്ളി ചരിതത്തിനാസ്പദം ഒരൈതിഹ്യമാണ്. അദ്ദേഹത്തിന്റെ 'തുപ്പൽ കോളാമ്പി'യിലെ പ്രമേയം ധൂർത്തയായ ഒരു സ്ത്രീയുടെ കഥയാണ്. ഒരു നമ്പൂതിരിയുടെ മോഷണം പോയ മുതൽ കണ്ടെടുത്തു കൊടുക്കുന്നതാണ് 'നല്ല ഭാഷ'യിലെ പ്രമേയം. കുണ്ടൂരിന്റെ 'കോമപ്പൻ', 'കണ്ണൻ' തുടങ്ങിയവയ്ക്കാസ്പദവും ഐതിഹ്യകഥാസംഭവങ്ങൾതന്നെ. ഇവയെല്ലാം ആഖ്യാനങ്ങളിൽപ്പെടുന്നതുകൊണ്ട് ഇവയെ പ്രാചീനഖണ്ഡകാവ്യങ്ങളിലെ അവസാനത്തെ കണ്ണികളായി കണക്കാക്കാം. ആധുനികഖണ്ഡകാവ്യങ്ങൾക്കു പരക്കെ സ്വീകാര്യമായമട്ടിൽ ലക്ഷണനിർദേശം ചെയ്യുക സുകരമല്ല. പ്രാമാണികങ്ങളായ സാമാന്യസ്വഭാവങ്ങൾ പറയാനേ പറ്റൂ.

പ്രാചീന ഖണ്ഡകാവ്യങ്ങൾക്കെന്നപോലെ നാതിദീർഘമായ ഇതിവൃത്തമാണ് ആധുനികഖണ്ഡകാവ്യങ്ങളുടെയും സവിശേഷത. ഇവയിലെ ഇതിവൃത്തങ്ങൾ ആദിമധ്യാന്തങ്ങളൊപ്പിച്ചു പൂർണമായമട്ടിൽ രൂപംകൊള്ളുകയില്ല. ഇതിവൃത്തത്തിലെ സുപ്രധാനഭാഗത്തിനു മിഴിവുനല്കി അപ്രധാനഭാഗങ്ങളെ സൂച്യരൂപത്തിലാവിഷ്കരിക്കുകയാണു ഖണ്ഡകാവ്യത്തിന്റെ രീതി. നാടകീയമോ, കാവ്യാത്മകമോ ആയ കഥാഭാഗമായിരിക്കും സാമാന്യേന. ഇതിവൃത്തം പ്രഖ്യാതമോ കല്പിതമോ മിശ്രമോ ഏതുമാവാം. അതു വായനക്കാരുടെ ശ്രദ്ധയെ ആകർഷിക്കത്തക്കവിധം ഏകാഗ്രമായിരിക്കണമെന്നുമാത്രം. ഈ ഇതിവൃത്തഘടകങ്ങളെ ഔചിത്യഭാസുരമാംവണ്ണം അനുപാതദീക്ഷയോടെ അംഗോപാംഗങ്ങളൊപ്പിച്ചു വികാരസാന്ദ്രമായാവിഷ്കരിക്കുക- ഇതാണ് ആധുനിക ഖണ്ഡകാവ്യങ്ങളുടെ സംവിധാനരീതി. വർണനകളും അലങ്കാരപ്രയോഗങ്ങളുമുണ്ടാവും ഖണ്ഡ

കാവ്യങ്ങളിൽ. പക്ഷേ, അവ കഥയുടെ ഏകാഗ്രമായ പുരോഗതിക്കു സാധകമായ മട്ടിലേ ആകാവൂ. ചുരുക്കത്തിൽ നല്ലൊരു ചെറുകഥയുടെ കാവ്യസാത്കൃതരൂപമാണ് ആധുനികഖണ്ഡകാവ്യമെന്നു പറയാം. കുമാരനാശാന്റെ 'വീണപൂവ്', 'നളിനി', 'ലീല', 'ചിന്താവിഷ്ടയായ സീത', 'ചണ്ഡാലഭിക്ഷുകി', 'ദുരവസ്ഥ', 'കരുണ'; വള്ളത്തോളിന്റെ 'ശിഷ്യനും മകനും', 'അച്ഛനും മകളും', 'ബന്ധനസ്ഥനായ അനിരുദ്ധൻ'; ഉള്ളൂരിന്റെ 'കർണഭൂഷണം', 'പിങ്ഗള', 'ചിത്രശാല', 'മിഥ്യാപവാദം'; കുട്ടമത്തിന്റെ 'ദുഃഖിതയായ ഭൈമി'; വി.ഉണ്ണികൃഷ്ണൻ നായരുടെ 'ലക്ഷ്മണവിഷാദം', 'ഊർമിള' മുതലായവ ഖണ്ഡകാവ്യത്തിന്റെ മികച്ച ഉദാഹരണങ്ങളാണ്.

ഇപ്പറഞ്ഞതിൽനിന്നു നാതിദീർഘവും നാടകീയവുമായ പ്രതിപാദ്യം ഭാവതീവ്രതയും ഭാവനാത്മകതയും രൂപസാരള്യവുമാർന്ന പ്രതിപാദനം, ഔചിത്യഭാസുരമായ അലങ്കാരപ്രയോഗവും വർണനയും പൊതുവേ കാല്പനികപ്രധാനമായ അന്തരീക്ഷം- ഇവയെല്ലാമാണ് ആധുനികഖണ്ഡകാവ്യങ്ങളുടെ സാമാന്യസ്വഭാവങ്ങളെന്നു സിദ്ധിക്കുന്നു.

സി.എസ്.സുബ്രഹ്മണ്യൻ പോറ്റിയുടെ *ഒരുവിലാപം* (1903), കേരളവർമയുടെ *ശ്രീപദ്മനാഭ പദപദ്മശതകം* (1907), ആശാന്റെ *വീണപൂവ്* (1907 ഡിസംബർ). വി.സി. ബാലകൃഷ്ണപ്പണിക്കരുടെ *ഒരു വിലാപം* (1908) ഇവ ഖണ്ഡകാവ്യത്തിലെ മാറ്റത്തിന്റെ മുന്നോടികളാണ്. പാശ്ചാത്യകാല്പനികത്വത്തിന്റെ തരംഗങ്ങൾ ഈ കൃതികളിൽ സ്പഷ്ടമായി കാണാം.

മഹാകവികൾക്കുശേഷം. ആശാൻ, വള്ളത്തോൾ, ഉള്ളൂർ എന്നീ മഹാകവികൾക്കുശേഷം ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ വളർച്ചയിലൊരു തളർച്ച അനുഭവപ്പെട്ടു. പാശ്ചാത്യവിദ്യാഭ്യാസസമ്പ്രദായത്തിനു സിദ്ധിച്ച പ്രചാരം, തത്ഫലമായുണ്ടായ പാശ്ചാത്യസാഹിത്യ സമ്പർക്കാധിക്യം, സാമൂഹികചലനങ്ങളുടെ പെരുപ്പം, ഫ്യൂഡലിസത്തിന്റെ തകർച്ച, സാഹിത്യലോകത്തിനുണ്ടായിരുന്ന ഉന്നതസ്ഥാനത്തിനു വന്നുചേർന്ന ചലനം, ഒരു നവ്യകാല്പനിക പ്രസ്ഥാനത്തിന്റെ ഉദയം, പുതിയ പ്രത്യയശാസ്ത്രങ്ങൾക്കു സിദ്ധിച്ച പ്രചാരം, സാധാരണക്കാരുടെ ജീവിതസങ്കല്പത്തിലും വീക്ഷണത്തിലും ഇവവരുത്തിയ വ്യതിയാനം എന്നിങ്ങനെ പല കാരണങ്ങൾ ആധുനിക മലയാളകാവ്യത്തിന്റെ ഭാവരൂപങ്ങളിലുളവാക്കിയ മാറ്റമാണ് ആ തളർച്ചയ്ക്കു നിദാനം. വള്ളത്തോൾ പ്രസ്ഥാനത്തിൽപ്പെട്ട കവികളായ കുട്ടമത്ത്, വി.ഉണ്ണികൃഷ്ണൻ നായർ, വെണ്ണിക്കുളം മുതലായവർ ചുരുക്കം ചില ഖണ്ഡകാവ്യങ്ങൾ എഴുതിയില്ലെന്നില്ല. എന്നാൽ ഭാവപ്രധാനങ്ങളായ ലഘുകവിതകളാണ് അവരെയും കൂടുതൽ വശീകരിച്ചത്.

ജി.ശങ്കരക്കുറുപ്പിന്റെ *മൂന്നരുവിയും ഒരു പുഴയും*; ചങ്ങമ്പുഴയുടെ *യവനിക*, *ആരാധകൻ*, *മോഹിനി*, *വത്സല*; ഇടശ്ശേരിയുടെ *പുത്തൻ കലവും അരിവാളും*, *പണിമുടക്കം*; എൻ.വി.കൃഷ്ണവാരിയരുടെ *കൊച്ചുതൊമ്മൻ*; വൈലോപ്പിള്ളിയുടെ *കുടിയൊഴിക്കൽ*; അക്കിത്തത്തിന്റെ *ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം*; ഒളപ്പമണ്ണയുടെ *നങ്ങേമക്കുട്ടി*, *പാഞ്ചാലി*; കക്കാടിന്റെ *വജ്രകുണ്ഡലം*; വയലാറിന്റെ *അയിഷ*; ഒ.എൻ.വി.യുടെ *നീലക്കണ്ണുകൾ*; തിരുനല്ലൂരിന്റെ *റാണി*; രമേശൻനായരുടെ *ജന്മപുരാണം* തുടങ്ങിയവ ആധുനിക ഖണ്ഡകാവ്യങ്ങളിൽ ഗണനീയങ്ങളാണ്.

ഖണ്ഡനഖണ്ഡവാദ്യം

ഹർഷമഹാകവി രചിച്ച തർക്കശാസ്ത്രഗ്രന്ഥം. അന്ന് (എ.ഡി. 12-ാം നൂറ്റാണ്ട്) പ്രചാരത്തിലിരുന്ന ബുദ്ധമതസിദ്ധാന്തങ്ങളെ ഖണ്ഡിച്ച് അദ്വൈതമതത്തിനു പ്രതിഷ്ഠനേടിക്കൊടുക്കാൻ കവി ചെയ്ത പ്രയത്നങ്ങളുടെ ഭാഗമാണ് ഈ കൃതി. ഈ ഗ്രന്ഥനാമത്തിന് വിവിധരൂപത്തിൽ അർഥകല്പന ചെയ്തുകാണുന്നു: 1. പരമതഖണ്ഡനത്തിനുള്ള യുക്തികൾ ഖണ്ഡം(കൽക്കണ്ടം)പോലെ ഖാദ്യ(ആസ്വദിക്കത്തക്ക)രൂപത്തിൽ പ്രതിപാദിക്കുന്നത്. 2. ഖണ്ഡനയുക്തികളുടെ ഖണ്ഡങ്ങളെ ഖാദ്യമാക്കിത്തീർക്കുന്നത്, പരമതസിദ്ധാന്തങ്ങളെ മുഴുവൻ ഖണ്ഡിക്കുവാൻ സാധ്യമല്ലാത്തതിനാൽ അവിടവിടെ പ്രധാനാംശങ്ങളെമാത്രം നിരസിക്കുന്നു എന്നു താത്പര്യം. 3. സാമാന്യേന പ്രതിവാദികളെ ഖണ്ഡിക്കുന്നതിനുള്ള യുക്തികളെ ഖണ്ഡഖാദ്യം എന്ന പോഷകലേഹ്യംപോലെ മധുരതരമാക്കിച്ചെയ്യുന്ന ഗ്രന്ഥം. 4. ഖണ്ഡഖാദ്യംപോലെ ഖണ്ഡനയുക്തികളെ പ്രതിപാദിക്കുന്ന ഗ്രന്ഥം. (ഖണ്ഡഖാദ്യം എന്ന പേരിൽ ഒരു ലേഹ്യം ഉണ്ട്.)

ഈ ഗ്രന്ഥത്തിനു നാല് പരിച്ഛേദങ്ങൾ ഉള്ളതിൽ പ്രഥമപരിച്ഛേദത്തിൽത്തന്നെ ആകെയുള്ളതിന്റെ മൂന്നിൽ രണ്ടു ഭാഗങ്ങൾ കഴിയുന്നു. രണ്ടും മൂന്നും പരിച്ഛേദങ്ങൾ ഹ്രസ്വമാണ്. നാലാമത്തതിൽ ഭാവാഭാവങ്ങൾ, ഭേദം, കാര്യകാരണഭാവം, സംശയം മുതലായ സാമാന്യവിഷയങ്ങളുടെ ലക്ഷണത്തെ നിരസിച്ചതിനുശേഷം സർവവിധ ഖണ്ഡനത്തിനുമുള്ള മാർഗോപദേശത്തോടെ ഗ്രന്ഥം അവസാനിക്കുന്നു.

ഇതിനു സംസ്കൃതത്തിൽ വളരെ വ്യാഖ്യാനങ്ങളുണ്ട്. ചിലത് അച്ചടിച്ചിട്ടുമുണ്ട്.

ഖത്തർ

പേർസ്യൻ ഉൾക്കടലിന്റെ പടിഞ്ഞാറുഭാഗത്ത് ഉൾക്കടലിലേക്ക് ഉന്തിനില്ക്കുന്ന അർധദ്വീപ്. വിസ്താരം 10,360 ച.കി.മീറ്റർ ജനസംഖ്യ 2,76,000 (1984). തലസ്ഥാനം ദോഹ.

1872-ൽ ഓട്ടോമൻ തുർക്കികൾ ഖത്തർ കൈവശപ്പെടുത്തുകയും ഒന്നാംലോകയുദ്ധകാലംവരെ അവിടെ അധികാരത്തിൽ തുടരുകയും ചെയ്തു. 1916-ൽ താനി വംശത്തിലെ ഒരു രാജാവിനെ ഖത്തറിന്റെ അധിപനായി ബ്രിട്ടീഷുകാർ അംഗീകരിച്ചു. കടൽവഴിക്കുള്ള വൈദേശികാക്രമണത്തിൽനിന്ന് ബ്രിട്ടീഷുകാർ ഈ രാജ്യത്തിന് രക്ഷനല്കിപ്പോന്നു. ഇതിന്റെ ഫലമായി ഖത്തറിന്റെ വിദേശകാര്യങ്ങൾ എല്ലാംതന്നെ നിയന്ത്രിച്ചിരുന്നത് ബ്രിട്ടനായിരുന്നു. 1934 വരെ ഈ സ്ഥിതി തുടർന്നു. 1968-ൽ ബ്രിട്ടൻ അറബ് രാഷ്ട്രങ്ങളുമായുള്ള കരാറിൽനിന്ന് പിൻവാങ്ങി. തുടർന്ന് യുണൈറ്റഡ് അറബ് എമിറേറ്റ്സിൽ അംഗമായി ചേരാൻ ആലോചിച്ചുവെങ്കിലും ആ നീക്കം വേണ്ടെന്നുവച്ച്, 1971-ൽ ഖത്തർ സ്വതന്ത്രരാജ്യമായി പ്രഖ്യാപിച്ചു. ഷെയ്ക് അഹമ്മദ് ഇബ്ൻ അലി-അൽ-താനി അമീർ ആയി. ഇദ്ദേഹത്തെ 1972-ൽ പ്രധാനമന്ത്രി ഷെയ്ഖ് ഖലീഫാ ഇബ്ൻ ഹമാദ് അൽ-താനി സ്ഥാനഭ്രഷ്ടനാക്കി.

1940-ൽ പെട്രോളിയം കുഴിച്ചെടുക്കാൻ തുടങ്ങിയതോടെയാണ് ഖത്തർ സമ്പന്നരാഷ്ട്രമായത് ജനങ്ങൾ ഭൂരിഭാഗവും ദോഹാ, അൽ ഖുറൈശ് എന്നീ നഗരങ്ങളിലാണ് താമസിക്കുന്നത്. വേനല്ക്കാലത്ത് കടുത്ത ചൂടും തണുപ്പുകാലത്ത് കടുത്ത തണുപ്പും ഇവിടെ അനുഭവപ്പെടുന്നു. മഴ 50-75 മില്ലിമീറ്റർ മാത്രമേ ഇവിടെ ലഭിക്കുന്നുള്ളൂ. ഭൂമികുഴിച്ചുകിട്ടുന്ന വെള്ളം പല ധാതുപദാർഥങ്ങളും കലർന്നതാകയാൽ കുടിക്കാൻ പറ്റില്ല. കടൽവെള്ളം ശുദ്ധീകരിച്ചാണ് കുടിക്കാൻ ഉപയോഗിക്കുന്നത്.

അന്യനാട്ടിൽനിന്നു കുടിയേറിപ്പാർത്തവരാണ് ഇവിടത്തെ നിവാസികളിൽ ഭൂരിഭാഗവും. അമ്പതിനായിരത്തോളം മാത്രമേ തദ്ദേശീയരുള്ളൂ. അറബിയാണ് പൊതുവെ സംസാരഭാഷ; ഇങ്ഗ്ലീഷ് രണ്ടാം ഭാഷയും. സ്ത്രീകൾക്ക് സ്വാതന്ത്ര്യം പരിമിതമാണ്. വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ലൈസൻസ് സ്ത്രീകൾക്കു നിഷേധിക്കപ്പെട്ടിരിക്കുന്നു.

ലോകത്തിലെ പെട്രോളിയം ഉത്പാദനത്തിന്റെ 0.6 ശതമാനം ഖത്തറിൽനിന്നാണ്. ഒപെക്ക് (ഓർഗനൈസേഷൻ ഒഫ് പെട്രോളിയം എക്സ്പോർട്ടിങ് കൺട്രീസ്) ഉത്പാദിപ്പിക്കുന്ന ആകെ പെട്രോളിയത്തിന്റെ രണ്ടു ശതമാനമാണ് ഇത് എന്നു കണക്കാക്കപ്പെട്ടിരിക്കു





ഖത്തറിൻെറ തലസ്ഥാനമായ ദോഹ

ന്നു. പെട്രോളിയം ഉത്പാദനം കുറയാൻ തുടങ്ങുകയാൽ ഖത്തർ ഇപ്പോൾ പ്രകൃതിവാതകസംഭരണത്തിൽ ഏർപ്പെട്ടിരിക്കുന്നു. 1975-ൽ ഒരു ഫെർട്ടിലൈസർ പ്ലാൻറും 4 ലക്ഷം ടൺ വാർഷിക ഉത്പാദനസാധ്യതയുള്ള ഒരു ഉരുക്കുമില്ലും ഇവിടെ ആരംഭിച്ചിട്ടുണ്ട്.

വരണ്ട പ്രദേശമാണെങ്കിലും അടുത്തകാലത്ത് പച്ചക്കറികളും മറ്റും കൃഷിചെയ്തുവരുന്നു. ഭക്ഷ്യപദാർഥങ്ങൾ മിക്കവാറും അന്യനാടുകളിൽനിന്ന് ഇറക്കുമതി ചെയ്യുകയാണ്.

1976-ൽ ഉപഗ്രഹസ്ഥാപനത്തോടെ ടെലികമ്യൂണിക്കേഷൻ സൗകര്യങ്ങൾ ഖത്തറിൽ ഉണ്ടായി. ഒമ്പത് അറബിഭാഷാപത്രങ്ങൾ ഇപ്പോൾ ഇവിടെ പ്രചാരത്തിലുണ്ട്. അറബ് രാജ്യങ്ങളിൽ ഏറ്റവുമധികം ടെലിഫോണുകൾ ഉള്ള പ്രദേശമാണ് ഇത്. ധാരാളം മലയാളികൾ ഇവിടെ പല ജോലികളിൽ ഏർപ്പെട്ടുകഴിയുന്നു.

ഖത്രി

പഞ്ചാബ്, ഹരിയാന, ദില്ലി, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ നിലവിലുള്ള ഒരു ജാതിയുടെ പേര്. ക്ഷത്രിയർ എന്ന വാക്കിൽനിന്നു രൂപപരിണാമം സംഭവിച്ചുണ്ടായതാണ് ഖത്രി. മുമ്പ് ആയോധനവൃത്തിയിൽ ഏർപ്പെട്ടിരുന്നിരിക്കാം. ഇപ്പോൾ മുഖ്യമായും വ്യാപാരത്തിലാണ് ഇവർ ഏർപ്പെട്ടിട്ടുള്ളത്. ഗുരുനാനാക്, ഗുരുഗോവിന്ദ്സിങ് എന്നിവർ ഖത്രി ജാതിയിൽപെട്ടവരായിരുന്നു എന്നാണ് വിശ്വസിക്കപ്പെടുന്നത്. ഇപ്പോൾ സോദികൾ, സേദികൾ എന്നീ പേരുകളിൽ അറിയപ്പെടുന്നവർ ഖത്രികളാണ്.

ഖദർ

† ഖാദി നോക്കുക.

ഖദിരം

ലഗുമിനേസികുലത്തിൽപ്പെട്ട ഒരു വൃക്ഷം. ശാസ്ത്രനാമം: അക്കേഷ്യ കറ്റേച്ചു (*Acacia catechu*). കാച്ചു എന്നും ഇതിനു പേരുണ്ട്. 'രാജമല്ലി'യുമായി വളരെ സാമ്യമുണ്ട്. ഇലകൾ പിച്ഛാകാര(Pinnate)മാണ്. മഞ്ഞപ്പൂക്കൾ 'സ്പൈക്ക്' എന്ന പൂങ്കുലയായി കണ്ടുവരുന്നു. ഇന്ത്യയിൽ മഴ അധികമില്ലാത്ത പ്രദേശങ്ങളിൽ വളരുന്നു. തടി വളരെ ഈടുനില്ക്കും. ചിതലിൻെറ ഉപദ്രവം ഉണ്ടാകാറില്ല. കരിക്കും വിറകിനും ഉപയോഗിക്കാം.

ഈ മരത്തിൽനിന്നും കച്ച് (Cutch) എന്ന ചായം ലഭിക്കുന്നു. പരുത്തിത്തുണി, കാൻവസ്, സിൽക്ക് തുടങ്ങിയവയ്ക്കു നിറം നൽകാനും കാലിക്കോ പ്രിൻറിങ്ങിനും കച്ച് ഉപയോഗിക്കാറുണ്ട്. തവിട്ടു നിറമാണ് ഈ ചായത്തിന്.

ഖദീജ (555-620)

മുഹമ്മദ് നബിയുടെ ഭാര്യ. ഖുറൈശി വംശജരായ ഖുലൈവിദിബിനു അസദിൻെറയും ഫാത്തിമാബിന്ത് സൈദയുടെയും മകളായി മെക്കയിൽ ജനിച്ചു. ഖദീജയുടെ മൂന്നാമത്തെ ഭർത്താവാണു നബി. ആദ്യഭർത്താവിൽ ഇവർക്ക് രണ്ടു കുട്ടികളുണ്ടായി. അദ്ദേഹത്തിൻെറ കാലശേഷം ഖദീജയെ ബനൂതമീംഗോത്രക്കാരനായ അബൂഹാലത്ത് വിവാഹം ചെയ്തു. ഇദ്ദേഹവുമായുള്ള വിവാഹജീവിതത്തിലും ഇവർക്കു രണ്ടു കുട്ടികൾ ഉണ്ടായി. അബൂഹാലത്തും മരിച്ചു. മെക്കയിലെ ഒരു വ്യവസായപ്രമുഖനായിരുന്നു ഖദീജയുടെ പിതാവ്. അദ്ദേഹത്തിൻെറ മരണത്തോടുകൂടി വ്യവസായം തകരുമെന്നായി. വ്യാപാരം മുന്നോട്ടുകൊണ്ടുപോകാൻ വിശ്വസ്തനും ബുദ്ധിമാനുമായ ഒരാൾ ആവശ്യമായി. ഖദീജയുടെയും പിതൃവ്യൻെറയും അഭ്യർത്ഥന മാനിച്ച് മുഹമ്മദ് ഖദീജയുടെ വ്യാപാരത്തിൻെറ മേൽനോട്ടം ഏറ്റെടുത്തു.

മുഹമ്മദിൻെറ സാമർഥ്യവും യുവത്വവും ഖദീജയെ ആകർഷിച്ചതിൻെറ ഫലമായി അവർ വിവാഹിതരായി. വിവാഹകാലത്ത് മഹമ്മദിന് 25 വയസും ഖദീജയ്ക്കു 40 വയസ്സുമായിരുന്നു പ്രായം. പരസ്പരസ്നേഹത്തോടും വിശ്വാസത്തോടുംകൂടി ആ ദാമ്പത്യജീവിതം നാൾക്കുനാൾ പുരോഗമിച്ചു. ഖദീജ തൻെറ സർവസ്വവും മഹാനായ ഭർത്താവിൻെറ ഹിതത്തിനു വിട്ടുകൊടുക്കുകയും ഭർത്താവിൻെറ എല്ലാവിധ സുഖദുഃഖങ്ങളിലും പങ്കുകൊള്ളുകയും ചെയ്തു.

മുഹമ്മദ് കൂടക്കൂടെ ധ്യാനനിരതനാകാറുണ്ടായിരുന്നു. 40 വയസ്സോടടുത്തപ്പോൾ സമയം പൂർണമായും ധ്യാനത്തിനും ആത്മീയകാര്യങ്ങൾക്കും വേണ്ടി ഉഴിഞ്ഞുവച്ചു. തുടർന്ന് അദ്ദേഹത്തിന് ദിവ്യസന്ദേശങ്ങൾ ലഭിച്ചുതുടങ്ങി. ആദ്യമായി ദിവ്യസന്ദേശം ലഭിച്ച് പേടിച്ചുവിറച്ച് വീട്ടിലെത്തിയ മുഹമ്മദിനെ ഖദീജ സമാധാനിപ്പിച്ചു. ഇസ്ലാമിൽ വിശ്വസിച്ച ആദ്യത്തെ സ്ത്രീ ഖദീജയാണ്. മുഹമ്മദിനു ദിവ്യവെളിപാടുണ്ടായതിനുശേഷം ഏകദേശം ഒരു ദശാബ്ദക്കാലംകൂടി ഖദീജ ജീവിച്ചിരുന്നു. കാൽനൂറ്റാണ്ടുകാലത്തെ ദാമ്പത്യജീവിതത്തിനുശേഷം ഖദീജ 65-ാമത്തെ വയസ്സിൽ നിര്യാതയായി.

ഖനനം

ധാതുനിക്ഷേപങ്ങൾ സംഭരിക്കുന്ന പ്രവൃത്തി. പലപ്പോഴും ഭൂഗർഭത്തിൽനിന്നാണിവ ശേഖരിക്കുന്നത്. പല ലോഹങ്ങളും സംയുക്തങ്ങളായി മറ്റു മാലിന്യങ്ങളുമായി കൂടിച്ചേർന്ന് 'ധാതു'ക്കളായി (minerals) ഭൂവല്ക്ക(crust)ത്തിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. ചിലതു സ്വതന്ത്രാവസ്ഥയിലും കാണുന്നു. ഇത്തരം ധാതുക്കളിൽ, ആദായകരമായി ലോഹോത്പാദനം സാധ്യമായിട്ടുള്ളവയെ (അയി



ഈ ഈയഖനിയിൽ ഖനനവിധേയമാക്കാത്ത പാറത്തൂണുകൾ താങ്ങുകളായി നിർത്തിയിരിക്കുന്നു. ചെറിയ ട്രോളിക്കാറുകൾ അയിരും അവശിഷ്ടങ്ങളും പുറത്തെത്തിക്കാൻ ഉപയോഗിക്കുന്നു.

രുകൾ) അവയുടെ നിക്ഷേപസ്ഥാനത്തുനിന്നു സംഭരിക്കുന്നതിനു 'ഖനനം' എന്നു പറയുന്നു. വ്യാവസായികപ്രാധാന്യമുള്ള ലോഹനിക്ഷേപങ്ങളുൾക്കൊള്ളുന്ന സ്ഥാനങ്ങളാണു ഖനികൾ (mines). പുരാതനകാലം മുതൽ ഖനനം അതിപ്രധാനമായിരുന്നു. ധാതുക്കളുടെ ആദായകരമായ സംഭരണം ആധുനികവ്യവസായത്തിന് അത്യന്താപേക്ഷിതമാണ്. വളരെ അപരിഷ്കൃതമായ സമ്പ്രദായങ്ങൾ ഉപയോഗിച്ചാണ് ആദ്യം ഖനനം നടത്തിയിരുന്നത്. പുരാതനരീതികളിൽ പലതും ഇന്നും നടപ്പിലുണ്ട്. ആധുനികയന്ത്രസാമഗ്രികൾ, ക്രിയാമാർഗങ്ങൾ എന്നിവയുടെ ആവിഷ്കരണംകൊണ്ട് ഇന്നു ഖനനം വളരെ സുഗമവും അപകടരഹിതവുമായിത്തീർന്നിട്ടുണ്ട്. ധാതുവിന്റെ സ്വഭാവം, ചുറ്റുപാടുകളുടെ സ്വഭാവം, ധാതുനിക്ഷേപത്തിന്റെ സ്ഥാനം മുതലായ ഘടകങ്ങളെ ആശ്രയിച്ചാണു വിവിധ ഖനനരീതികൾ ആസൂത്രണം ചെയ്യപ്പെടുന്നത്.

ഷാഫ്ട്നിർമാണം. ഭൂമിയുടെ അന്തർഭാഗങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ധാതുവസ്തുക്കൾ ഖനനംചെയ്തെടുക്കുന്നതിനു പല ഖനനസമ്പ്രദായങ്ങളും ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ഒരിനമാണു കൂപനിർമാണം (shaft sinking). കിണറിന്റെ രൂപത്തിലുള്ള പാതകൾ ഭൂമിക്കുള്ളിൽ ധാതുവസ്തുനിക്ഷേപപ്രദേശത്തു താഴ്ത്തിയിറക്കി അയിരുകൾ ശേഖരിച്ച്, ഖനനപാതകൾ വഴി പുറത്തേക്കു കൊണ്ടുവരികയാണു ചെയ്യുന്നത്.

ഇത്തരത്തിലുള്ള ഖനികൾ സാധാരണയായി ദീർഘചതുരാകൃതിയിലോ, വൃത്താകൃതിയിലോ ആയിരിക്കും സംവിധാനം ചെയ്യുക. ചില സാഹചര്യങ്ങളിൽ ചരിഞ്ഞ ദീർഘചതുരാകൃതിയിലും ദീർഘവൃത്താകൃതിയിലും നിർമിക്കാറുണ്ട്. താരതമ്യേന ഉറപ്പു കുറവുള്ള ഭൂവിഭാഗങ്ങൾ, ജലമയം കൂടുതലുള്ള പ്രദേശങ്ങൾ, തടി ധാരാളം കിട്ടുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ദീർഘചതുരാകൃതിയിലുള്ള ഖനികളാണു പ്രചാരത്തിലുള്ളത്. കടുപ്പം കൂടിയ ഭൂപ്രദേശങ്ങളിൽ വൃത്താകൃതിയിലുള്ള ഖനികൾ നിർമിക്കുകയാണു പതിവ്.

വലിയ ഖനികളിൽ 10.7 മീറ്റർ നീളവും 4.6 മീറ്റർ വീതിയുമുള്ള ദീർഘചതുരപാതകൾ ഉണ്ടാവും. ഇവയിൽ മിക്കതും തടികൊണ്ടു നിർമിച്ചവ ആയിരിക്കും. 2.4 മീറ്റർ മുതൽ 7.3 മീറ്റർ വരെ വ്യാസമുള്ള വൃത്താകാരപാതകൾ സർവസാധാരണങ്ങളാണ്. പ്രതിധിനം 1000 ടൺ കൽക്കരി ഖനനം ചെയ്യുന്ന ഒരു ഖനികൂപത്തിന് 4.8 മീറ്റർ മുതൽ 5.4 മീറ്റർ വരെ വ്യാസം ഉണ്ടാവണമെന്നു കണക്കാക്കിയിരിക്കുന്നു. വൃത്താകാരത്തിലുള്ള പാതകൾ സാധാരണമായി നിർമിക്കാറുള്ളത് ഇഷ്ടിക, സിമന്റ്, കോൺക്രീറ്റ്, കരിങ്കല്ല് എന്നിവയിലേതെങ്കിലും സാമഗ്രികൾ ഉപയോഗിച്ചായിരിക്കും. ചതുപ്പുഭുമിയിൽ നിർമിക്കുന്ന ഖനികൂപങ്ങളുടെ ഭിത്തികൾക്കു നല്ല ഉറപ്പും ബലവും അത്യാവശ്യമാണ്. അതിനായി കോൺക്രീറ്റും ഇഷ്ടികകളും കൂടാതെ കാരിരുമ്പ്, ഉരുക്ക് എന്നീ ലോഹങ്ങളും ഉപയോഗിക്കാറുണ്ട്.

ഖനികൂപങ്ങൾ നിർമിക്കുന്നതു വളരെ വൈദഗ്ധ്യം ആവശ്യമുള്ള ഒരു പ്രവൃത്തിയാണ്. ഖനികൂപങ്ങൾ താഴ്ത്തിയിറക്കുന്നതിനു വിവിധ സമ്പ്രദായങ്ങളും യന്ത്രസജ്ജീകരണങ്ങളും ഇന്നു നിലവിലുണ്ട്. ഭാരിച്ച യന്ത്രച്ചുറ്റികകൾ ഉപയോഗിച്ചു ഖനികൂപത്തിന്റെ ചട്ടക്കൂട് അടിച്ചു താഴ്ത്തുക, ശക്തികൂടിയ പമ്പുകൾ ഉപയോഗിച്ചു ഭൂഗർഭത്തിലെ ജലവും മണലും പാറക്കഷണങ്ങളും ദ്രാവകരുപത്തിൽ വലിച്ചെടുത്തു ഖനികൂപത്തിന്റെ ചട്ടക്കൂട് താഴോട്ടിറക്കുവാൻ വഴിയുണ്ടാക്കുക, ശീതീകരണയന്ത്രങ്ങൾ ഉപയോഗിച്ചു ജലം മുതലായ ദ്രാവകപദാർഥങ്ങളെ ഖരപദാർഥങ്ങളാക്കി മാറ്റി അവ പൊടിച്ചോ അല്ലാതെയോ പുറത്തെടുത്തു ഖനികൂപത്തിന്റെ ചട്ടക്കൂട് താഴ്ത്തുക. ഇവയാണു പ്രധാന സമ്പ്രദായങ്ങൾ.

ഖനന എൻജിനീയറിങ്. ലോഹം, എണ്ണ, കൽക്കരി എന്നിവ കുഴിച്ചെടുക്കുന്നതിൽ അനേകം സാങ്കേതികപ്രശ്നങ്ങളുണ്ട്. ഇവയെല്ലാം പരിഹരിക്കാനായി പ്രത്യേകം എൻജിനീയറിങ് വിഭാഗമുണ്ട് — മൈനിങ് എൻജിനീയറിങ്. ഖനനയോഗ്യമായ പ്രദേശങ്ങൾ കണ്ടുപിടിക്കുന്നതിനു ഗ്രാവിമീറ്ററുകൾ, മാഗ്നറ്റൊമീറ്ററുകൾ, ഗെയ്ഗർ കൗണ്ടറുകൾ, ശബ്ദതരംഗങ്ങൾ, പ്രത്യേകതരം കാമറകൾ എന്നീ ഉപകരണങ്ങൾ ഉപയോഗിക്കുന്നു. ആ പ്രദേശത്ത് ആദായകരമായി ഖനനം നടത്താമെന്നുറപ്പായാൽ, ഏതു രീതിയിലാണു ഖനനം വേണ്ടതെന്ന് എൻജിനീയറിങ് വിഭാഗം തീരുമാനിക്കുന്നു. ഇതിനായി കിണറുകൾ കുഴിക്കാം. എണ്ണ, പ്രകൃതിവാതകം, ഗന്ധകം പോലുള്ള വസ്തുക്കൾ എന്നിവയെ പുറത്തേക്കു പമ്പുചെയ്തെടുക്കാം; അല്ലെങ്കിൽ അതിതപ്തജലം കടത്തി ഗന്ധകത്തെ ഉരുക്കി മേല്പോട്ടേക്കു കൊണ്ടുവരാം. മുകളിലുള്ള മണ്ണും പാറയും വെട്ടിമാറ്റി ധാതുക്കൾ കുഴിച്ചെടുക്കുന്ന സമ്പ്രദായ(strip mining)വുമുണ്ട്. വിസ്ഫോടനം വഴിയോ ബുൾഡോസറുകളും മറ്റുമുപയോഗിച്ചോ മീതെയുള്ള പാറക്കെട്ടുകൾ നീക്കം ചെയ്യാം. കുത്തനെയുള്ള ഖനകൂപങ്ങൾ (ഷാഫ്ട്) ഉണ്ടാക്കിയാലേ വളരെ അടിയിലുള്ള ധാതുക്കൾ എടുക്കാൻ കഴിയൂ.

ഖനനപ്രവർത്തനങ്ങൾക്കാവശ്യമായ പ്രത്യേകം ഉപകരണങ്ങളും ഗതാഗതത്തിനുള്ള വാഹനങ്ങളും മറ്റും മൈനിങ് എൻജിനീയർ സജ്ജീകരിക്കണം. ഖനികളിൽ വായുസഞ്ചാരത്തിനുള്ള വഴികളും ഉണ്ടാക്കണം. തൊഴിലാളികളുടെ ആരോഗ്യം നിലനിർത്താനും ആപത്തൊഴിവാക്കാനുമുള്ള മുൻകരുതലുകളും സ്വീകരിക്കേണ്ടതുണ്ട്. ഭൂഗർഭത്തിലെ ആപൽക്കാരികളായ വാതകങ്ങളെ (കാർബൺഡയോക്സൈഡ്, ഹൈഡ്രജൻ സൾഫൈഡ്, മീതേൻ, കാർബൺ മോണോക്സൈഡ്, സൾഫർഡയോക്സൈഡ് എന്നിവയെ) നീക്കം ചെയ്യുകയും ഖനിയിലെ പൊടിപടലങ്ങളെ അമർത്തുകയും ചെയ്യണം. വെള്ളം ഇറ്റിറ്റുവീഴുന്നതിനെ തടയുകയും ചാലുകളുണ്ടാക്കി വെള്ളം നീക്കം ചെയ്യുകയും വേണം.

ഓരോതരം ഖനികളിലും ഉണ്ടാവുന്ന പ്രത്യേക പ്രശ്നങ്ങൾ യഥാസമയം കൈകാര്യം ചെയ്യാൻ സമർഥമായ എൻജിനീയറിങ് വിഭാഗം ഉണ്ടായേതീരൂ.

ഖന്ന, (ജസ്റ്റീസ്)എച്ച്.ആർ. (1912-)

നിയമജ്ഞനും സുപ്രീംകോടതി ജഡ്ജിയും(1971-77) ലോ കമ്മീഷൻ ചെയർമാനും(1977-79). ഹൻസ് രാജ് ഖന്നാ എന്നാണ് മുഴുവൻ പേര്.

1912-ൽ ജൂലൈ 3 ന് അമൃത്സറിൽ ജനിച്ചു. നിയമബിരുദം നേടിയശേഷം.1952-ൽ അഭിഭാഷകനായി പ്രവർത്തിച്ചു. ഔദ്യോഗികജീവിതം ആരംഭിച്ചത് ഫിറോസ്പ്പൂർ ഡിസ്ട്രിക്ട് സെഷൻസ് ജഡ്ജിയായാണ്(1952). ദില്ലി ഹൈക്കോടതി ചീഫ് ജഡ്ജിയായും (1969-71) സുപ്രീം കോടതി ജഡ്ജിയായും (1971-77) സേവനം അനുഷ്ഠിച്ചു. 1977-ൽ തൻെറ സീനിയോറട്ടി മറികടന്ന് എം.എച്ച്.ബെഗിനെ സുപ്രീംകോടതി ചീഫ് ജസ്റ്റീസ് ആയി നിയമിച്ചപ്പോൾ ഖന്ന രാജിവച്ചു. പിന്നീട് ലോ കമ്മീഷൻ ചെയർമാനായി. 1982-ലെ രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ പ്രതിപക്ഷകക്ഷികളുടെ സ്ഥാനാർഥിയായിരുന്നു.

ഖന്ന, ബിശംബർ (1930-)

ഇന്ത്യൻ ചിത്രകാരൻ. 1930 ഫെബ്രുവരി 17-ന് പെഷവാറിൽ ജനിച്ചു. ദില്ലിയിൽനിന്ന് ചിത്രകലയിൽ ഡിപ്ലോമ നേടിയശേഷം ദില്ലി പോളിടെക്നിക്കിലെ കലാവിഭാഗത്തിൽ അധ്യാപകനായി. ഇറ്റലിയിലും വാഷിങ്ടൺ, പ്രാഗ് തുടങ്ങിയ നഗരങ്ങളിലും കലാപ്രദർശനം സംഘടിപ്പിച്ചു. പല ദേശാന്തരചിത്രപ്രദർശനങ്ങളിലും ഇന്ത്യയെ പ്രതിനിധാനംചെയ്തു. ലളിതകലാ അക്കാദമിയുടെ അവാർഡ് ലഭിച്ചിട്ടുണ്ട്.

ഖമ്മം

ആന്ധ്രപ്രദേശിലെ ഒരു ജില്ലയും. അതിൻെറ ആസ്ഥാനനഗരവും. ഏതാണ്ട് 1000 കൊല്ലം പഴക്കമുള്ള ചില കോട്ടകൊത്തളങ്ങൾ സ്ഥിതിചെയ്യുന്ന ഖമ്മം പട്ടണം വ്യാവസായികമായി വളരെയേറെ വികസിച്ചതാണ്. മധ്യറെയിൽവേ, ഖമ്മംവഴി കടന്നുപോകുന്നു.

ഗോദാവരീനദിയെതൊട്ട് അതിൻെറ പടിഞ്ഞാറുവശത്തു സ്ഥിതിചെയ്യുന്ന ഖമ്മം ജില്ലയുടെ വിസ്തൃതി 16,029 ച.കി.മീറ്റർ ആണ്. ജനസംഖ്യ 17,51,574(1981). തെലുങ്കാനാപ്രദേശത്തെ ഏറ്റവും ചൂടുകൂടിയ പ്രദേശമാണിത്. നെല്ല്, ചോളം, ബജറാ തുടങ്ങിയ ധാന്യങ്ങൾ കൃഷിചെയ്യുന്ന ഈ പ്രദേശത്ത് കൽക്കരി, ഇരുമ്പയിര്, ചുണ്ണാമ്പുകല്ല്, ബാറൈറ്റ് തുടങ്ങിയവയുടെ ഖനികളുമുണ്ട്. സിംഗറേനി, കോതാഗുഡം എന്നീ കൽക്കരിഖനികൾ ഈ ജില്ലയിലാണ്.

ഖയാൽ

രാജസ്ഥാനിലെ ചില പ്രദേശങ്ങളിൽ പ്രചാരമുള്ള ഒരു നാടോടിനൃത്തനാടകം. ഇത് കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ളവർ, പണ്ടും, ഏറെക്കുറെ ഇന്നും, സാധാരണക്കാർക്ക്, വിനോദവും ഒരു പരിധിവരെ അറിവും കൊടുത്തുപോന്നിട്ടുണ്ട്. പഴയകാലങ്ങളിൽ നാടുവാഴികളെയും ഭൂവുടമകളെയും ആശ്രയിച്ചാണ് ഇവ പുലർന്നുപോന്നത്. ഭവ്നി (Bhawni) എന്ന പേരിൽ അറിയപ്പെടുന്ന ഈ സംഘങ്ങൾ ഗ്രാമംതോറും സഞ്ചരിച്ചു തൊഴിൽ നടത്തുന്നു. ഖയാൽ നൃത്തനാടകാവതരണങ്ങളിൽനിന്നു കിട്ടുന്നതു മാത്രമാണ് അവരുടെ വരുമാനം. പാട്ടും ആട്ടവും കലർന്ന ഈ കലാരൂപത്തിന് നിശ്ചിതമായ വേഷവിധാനവുമുണ്ട്.

ഖരക്സിങ്, ബാബ (1868-1963)

ഇന്ത്യൻ സ്വാതന്ത്ര്യസമരസേനാനി. പഞ്ചാബ് സർവകലാശാലയിൽനിന്നു 1889-ൽ ബിരുദംനേടി. 1920-ൽ പൊതുപ്രവർത്തനത്തിൽ ഏർപ്പെട്ടു. ആദ്യം ഗുരുദ്വാര പരിഷ്ക്കരണ പ്രസ്ഥാനത്തിൽ പ്രവർത്തിച്ചു. ഗുരുദ്വാരകളുടെ ഭരണം ഏറ്റെടുത്ത് അവയുടെ ശരിയായ പ്രവർത്തനം ഉറപ്പുവരുത്തുകയായിരുന്നു ഈ പ്രസ്ഥാനത്തിൻെറ ലക്ഷ്യം. 1922-ൽ ദേശീയ സ്വാതന്ത്ര്യപ്രക്ഷോഭണത്തിൽ പങ്കുചേർന്ന് നിരോധനാജ്ഞ ലംഘിച്ചു പ്രസംഗിച്ചതിന് അഞ്ചുകൊല്ലത്തെ ജയിൽ ശിക്ഷയ്ക്കു വിധേയനായി. 1963 ഒക്ടോബർ 6-ന് അന്തരിച്ചു.

ഖരഗ്പൂർ

പശ്ചിമബംഗാളിൽ മിഡ്നാപൂർ ജില്ലയിലെ ഒരു പട്ടണം. കൽക്കത്തയിൽനിന്നു 115 കി.മീറ്റർ പടിഞ്ഞാറ് സ്ഥിതിചെയ്യുന്ന ഈ പട്ടണം പ്രമുഖ റെയിൽവേ ജങ്ഷനാണ്. 1951-ൽ കേന്ദ്രഗവൺമെൻറ് ഇവിടെ സ്ഥാപിച്ച സാങ്കേതികവിദ്യാകേന്ദ്രം (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജി) ഇവിടുത്തെ പ്രശസ്ത വിദ്യാഭ്യാസസ്ഥാപനങ്ങളിലൊന്നാണ്. ഇതിന് സർവകലാശാലയുടെ പദവിയാണുള്ളത്. ഇവിടെനിന്നു ധാരാളം വെട്ടുകല്ലു കുഴിച്ചെടുക്കുന്നു.

ഖരൻ

ജനസ്ഥാനം ഭരിച്ച രാവണസഹോദരനായ രാക്ഷസൻ. രാവണൻെറ പിതാവായ വിശ്രവസ്സിൻെറ പുത്രൻ. രാവണൻെറ വൈമാത്രേയ സഹോദരന്മാരാണു ഖരനും ദൂഷണനും ത്രിശിരസ്സും. ഖരനാണു മൂന്നുപേരിൽ ജ്യേഷ്ഠൻ. ലക്ഷ്മണൻ തനിക്കു സൃഷ്ടിച്ച വൈരൂപ്യത്തെക്കുറിച്ചു ശൂർപ്പണഖ പരാതി പറഞ്ഞപ്പോൾ ഖരൻ ദൂഷണത്രിശിരസ്സുകളോടും 14,000 രാക്ഷസരോടുമൊത്തു രാമനെ നേരിട്ടു. യുദ്ധത്തിൽ രാമബാണമേറ്റ് എല്ലാവരും മരിച്ചു.

ഖരവേലൻ

ബി.സി. ഒന്നാംനൂറ്റാണ്ടിൽ കലിംഗം വാണിരുന്ന ചേദിരാജവംശത്തിലെ ഏറ്റവും പ്രബലനായ രാജാവ്. ഇദ്ദേഹത്തിൻെറ ഹഥിഗും ശിലാശാസനം ചരിത്രദൃഷ്ടിയിൽ വളരെ വിലപിടിച്ചതാണ്. സാതവാഹന രാജാക്കന്മാരുടെ ആശ്രിതരായ ഭോജകന്മാരെയും രാഷ്ട്രികന്മാരെയും ഈ രാജാവ് യുദ്ധത്തിൽ തോല്പിച്ചതായി കരുതപ്പെടുന്നു. കൂടാതെ, അക്കാലത്തെ പാണ്ഡ്യരാജാവിനെയും അംഗമഗധരാജാക്കന്മാരെയും ഖരവേലൻ പരാജയപ്പെടുത്തിയിട്ടുണ്ട്. ജനങ്ങളുടെ ക്ഷേമകാര്യത്തിൽ ഇദ്ദേഹം അതീവതത്പരനായിരുന്നു. ജലസേചനത്തിനുവേണ്ടി അനേകം തോടുകൾ കുഴിപ്പിച്ചു. സംഗീതം, നൃത്തം, വിനോദം എന്നിവയ്ക്ക്, കലാപ്രേമിയും ഗായകനുമായിരുന്ന ഖരവേലനിൽനിന്നു വേണ്ടത്ര പ്രോത്സാഹനം ലഭിച്ചു. ജൈനമതവിശ്വാസി കൂടിയായ ഇദ്ദേഹം ഭക്തന്മാർക്ക് ഗുഹകളും സന്യാസിമഠങ്ങളും നിർമിച്ചുകൊടുത്തു. ഖരവേലനുശേഷം സാമ്രാജ്യം പാടേ നശിച്ചുപോയി.

ഖരഹരപ്രിയ

ഒരു രാഗം. കർണാടകസംഗീതത്തിലെ ഇരുപത്തിരണ്ടാമത്തെ മേളകർത്താരാഗമാണിത്.

ആരോഹണം - സ രി ഗ മ പ ധ നി സ
അവരോഹണം - സ നി ധ പ മ ഗ രി സ

ഷഡ്ജപഞ്ചമസ്വരങ്ങൾക്കു പുറമെ ചതുഃശ്രുതി ഋഷഭം, കോമളഗാന്ധാരം, ശുദ്ധമധ്യമം, ചതുഃശ്രുതി ധൈവതം, കൈശികി നിഷാദം എന്നിവയാണ് ഇതിലെ സ്വരങ്ങൾ. രി, ഗ, മ, പ, നി എന്നീ സ്വരങ്ങളിൽ ഓരോന്നിനെയും ആധാരമാക്കിക്കൊണ്ടു ശ്രുതിഭേദം ചെയ്താൽ തോടി, കല്യാണി, ഹരികാംബോജി, നഠഭൈരവി, ശങ്കരാഭരണം എന്നീ രാഗങ്ങൾ ജനിക്കും.

വളരെ പ്രചാരമുള്ള ഈ രാഗത്തിന് ആ നില കൈവരുത്തിയവരിൽ പ്രമുഖൻ ത്യാഗരാജസ്വാമികളാണ്. ഹിന്ദുസ്ഥാനി സംഗീതത്തിലെ കാഫിഥാട്ട് ഇതിനു സമാനമാണ്. *ഭാരതിദേവിയ* (പുരന്ദരദാസർ), *രാമനീസമാനമെവരു*, *ചക്കനിരാജമാർഗമു*, *പക്കലനിലപടി* (ത്യാഗരാജസ്വാമിൾ), *സതതം താവക* (സ്വാതിതിരുനാൾ), *അന്നപൂർണേശ്വരി* (മുത്തയ്യാ ഭാഗവതർ), *ത്യാഗരാജ* (തിരുവൊറ്റിയൂർ ത്യാഗയ്യൻ), *സങ്കല്പമേ* (പട്ടണം സുബ്രഹ്മണ്യയ്യർ) തുടങ്ങിയവ ഈ രാഗത്തിലുള്ള പ്രസിദ്ധകൃതികളാണ്.

ഖരാവസ്ഥാഭൗതികം

† സോളിഡ് സ്റ്റേറ്റ് ഫിസിക്സ് നോക്കുക

ഖരിജാ, അൽ വഹാത് അൽ

ഇജിപ്ഷ്യൻ മരുഭൂമികളിലെ ഏറ്റവും വലിയ മരുപ്പച്ച (Oasis). 2,300 ച.കി.മീറ്റർ വിസ്താരംവരുന്ന ഈ പ്രദേശത്തു സ്ഥിരമായി താമസമുറപ്പിച്ചിട്ടുള്ളവരുടെ സംഖ്യ ഉദ്ദേശം 33,200 (1983). ഇവരിൽ ഭൂരിപക്ഷവും ബെർബെൻ - ബെദൂയിൻവർഗത്തിലുള്ളവരാണ്. കെയ്റോയിൽനിന്ന് 750 കി.മീറ്റർ തെക്കുമാറിയാണ് ഈ പ്രദേശം.

ഇവിടെ പ്രായേണ മഴയില്ലെങ്കിലും ഭൂഗർഭത്തിൽനിന്ന് ഊറ്റുകളിലൂടെ ലഭിക്കുന്ന വെള്ളംകൊണ്ട് നെല്ല്, ഗോതമ്പ്, ബാർലി എന്നിവ

കൃഷിചെയ്യുന്നു. പനയോലയും ചകിരിയും ഉപയോഗിച്ച് കുട്ട, കൂട, പായ് മുതലായവ നെയ്യുകയാണ് പ്രധാന തൊഴിൽ.

ഓട്, ഇഷ്ടിക എന്നിവ നിർമിക്കുന്ന വ്യവസായശാലകൾ ഇവിടെ അടുത്തകാലത്ത് ഉണ്ടായിട്ടുണ്ട്. അബുതാർത്തുർ ഫോസ്ഫേറ്റ് ഖനി വളരെപേർക്കു ജോലി നലകുന്ന ഒരു മഹോദ്യമമായി വളർന്നിരിക്കുന്നു. 1970-നുശേഷം ഇജിപ്ഷ്യൻ ഗവൺമെൻറ് കർഷകരെ ഇവിടെ കുടിയിരുത്തുകയും കൃഷിക്കുവേണ്ട സഹായങ്ങൾ നലകുകയും ചെയ്യുന്നുണ്ട്.

ഒരു റോമൻകോട്ടയുടെയും ചില പ്രാചീന ക്രൈസ്തവാരാധനകേന്ദ്രങ്ങളുടെയും അവശിഷ്ടങ്ങൾ ഇവിടെ ഉണ്ട്. ഈ സ്ഥലത്തെ ഹെരഡോട്ടസ്സ് 'അനുഗൃഹീതരുടെ ദ്വീപ്' എന്നാണു വിളിച്ചുവന്നത്

ഖരിജീത്തുകൾ

മുസ്ലിങ്ങളിൽ ആദ്യകാലത്തുണ്ടായിരുന്ന ഒരു മതരാഷ്ട്രീയവിഭാഗം. മൂന്നാമത്തെ ഖലീഫയായ ഉസ്മാനെ വധിച്ചു ഖലീഫയായിത്തീർന്ന അലിയെയും അദ്ദേഹത്തിൻെറ പിൻഗാമിയായ മുവാവിയ്യായെയും അംഗീകരിക്കാത്ത മുസ്ലിങ്ങളെയാണ് ഖരിജീത്തുകൾ എന്നുപറയുന്നത്. ഖവാരിജ് എന്നാണ് ഇവർക്ക് അറബിഭാഷയിൽ പറഞ്ഞിരുന്നത്. എ.ഡി. 658-ൽ നഹറാവാനിൽ നടന്ന യുദ്ധത്തിൽ ഖരിജീത്തുകളിൽ വളരെയേറെപ്പേർ മരിച്ചു. പക്ഷേ, ശേഷിച്ച ഖരിജീത്തുകൾ പ്രക്ഷോഭം തുടരുകയും അലിയെ വധിക്കുകയും ചെയ്തു. മുവാവിയ്യായുടെകാലത്തും യാസിദ് ഒന്നാമൻെറ കാലത്തും ഇവർ ശല്യങ്ങളുണ്ടാക്കിക്കൊണ്ടിരുന്നു. ഖുറൈഷികൾക്കൊ അലിയുടെ വംശജർക്കൊ മാത്രമായി ഖലീഫാസ്ഥാനം നിഷേധിക്കരുതെന്നും ആയിരുന്നു ഖരിജീത്തുകളുടെ സിദ്ധാന്തം. പാപികൾക്കു മരണം എന്ന കടുത്ത നീതിയിലാണ് ഇവർ വിശ്വാസമർപ്പിച്ചത്. ഇവരുടെ സിദ്ധാന്തങ്ങളെ അല്പം മയപ്പെടുത്തി സ്വീകരിച്ചവരാണ് ഇബാദിയ്യാ വിഭാഗക്കാർ. വടക്കൻ ആഫ്രിക്ക, ഒമാൻ, സാൻസിബാർ എന്നിവിടങ്ങളിലായി അഞ്ചുലക്ഷത്തോളം പേർ ഇബാദിയ്യാ വിഭാഗത്തിൽപ്പെട്ടവരായി ഇപ്പോഴുണ്ട്.

ഖരേ, ഡോ. എൻ.ബി. (1882–1967)

മറാഠി സാഹിത്യകാരനും രാഷ്ട്രീയനേതാവും. മഹാരാഷ്ട്ര (മുൻ ബോംബെ) സംസ്ഥാനത്ത് കൊലാബാജില്ലയിൽ 1882-ൽ ജനിച്ചു. നാരായണൻ ഭാസ്കർ എന്നാണ് മുഴുവൻ പേര്. അലാഹാബാദ്-പഞ്ചാബ് സർവകലാശാലകളിൽ പഠിച്ചു. എം.ഡി. ബിരുദം നേടി വൈദ്യവൃത്തിയിൽ പ്രവേശിച്ചെങ്കിലും അധികം താമസിയാതെ രാഷ്ട്രീയപ്രസ്ഥാനങ്ങളിൽ ആകൃഷ്ടനായി. മുൻ സെൻട്രൽ പ്രോവിൻസസ്-ബീഹാർ മുഖ്യമന്ത്രിയായി (1937–'38) സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1943–'46 കാലത്ത് വൈസ്റോയിയുടെ എക്സിക്യൂട്ടീവ് കൗൺസിലിൽ അംഗമായിരുന്നു. 1949-ൽ അഖിലേന്ത്യാ ഹിന്ദുമഹാസഭയുടെ അധ്യക്ഷനായി. 1952-ൽ ലോക്സഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു. മറാഠിഭാഷയിൽ ആത്മകഥാപരമായ *മഝി ജേലി ബ്വാര വർഷേ* (1955) എന്ന കൃതിയും ഇംഗ്ലീഷിൽ *മൈ ഡിഫൻസ്* (1933), *നെഹ്രു ആസ് ഐ നോ ഹിം* (1957) എന്നീ ഗ്രന്ഥങ്ങളും ഖരേ രചിച്ചിട്ടുണ്ട്.

ഖരോഷ്ഠി

ഒരു പ്രാചീനലിപി. ബി.സി. നലാംശതകത്തിൽ രചിക്കപ്പെട്ട സമവായാംഗസൂത്രം മുതലായ ജൈനഗ്രന്ഥങ്ങളിൽ അക്കാലത്ത് പതിനെട്ടു തരം ലിപികൾ പ്രചരിച്ചിരുന്നതായി കാണിച്ചിരിക്കുന്നു. ലലിതവിസ്തരം എന്ന ഗ്രന്ഥത്തിൽ ബുദ്ധദേവൻെറ കാലത്ത് അറുപത്തിനാലു തരം ലിപിമാലകൾ ഉണ്ടായിരുന്നുവെന്നു പ്രസ്താവിച്ചിട്ടുണ്ട്. അവയിൽ ബ്രാഹ്മി, ഖരോഷ്ഠി, ദ്രാവിഡി, യവനി എന്നീ നാലെണ്ണം പ്രധാനപ്പെട്ടവയാണ്. ഇന്ത്യയുടെ പശ്ചിമോത്തരഭാഗത്തുനിന്നു കിട്ടിയ രണ്ട് അശോകശാസനങ്ങൾ ഖരോഷ്ഠിലിപിയിലാണ്. പശ്ചിമോത്തര ഇന്ത്യയിലും ചൈനീസ് തുർക്കിസ്ഥാനിലും ഇത് പ്രചരിച്ചിരുന്നു. അഞ്ചാം നൂറ്റാണ്ടിൽ ഈ ലിപി നാമാവശേഷമായി. തെക്കുകിഴക്കൻ തുർക്കിസ്താനിൽനിന്നു മരത്തിൽ കൊത്തിയ ഒരു ഖരോഷ്ഠിരേഖ കിട്ടിയിട്ടുണ്ട്. പശ്ചിമപാകിസ്താൻെറ വടക്കുപടിഞ്ഞാറെ ഭാഗത്തുള്ള ബജാവൂർ എന്ന സ്ഥലത്തുനിന്ന് മഹാരാജാമെനൻഡറുടെ ഒരു ഖരോഷ്ഠിരേഖയും ലഭിച്ചിട്ടുണ്ട്.

ബ്രാഹ്മിയും ഖരോഷ്ഠിയും ലിപികൾ വടക്കൻ സെമിറ്റിക്കിൽനിന്നുണ്ടായി എന്നാണ് ഡോക്ടർ ബ്യൂളർ പറയുന്നത്. ഈ അഭിപ്രായം പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുമുണ്ട്. ഖരോഷ്ഠിക്കും ബ്രാഹ്മിക്കും തമ്മിൽ വളരെ വ്യത്യാസം കാണുന്നു. ഖരോഷ്ഠിലിപികൾ നീണ്ടും വലത്തോട്ടു ചാഞ്ഞും ശിരോഭാഗം വലുതായും ഇരിക്കുന്നു. ബ്രാഹ്മി ലിപി നിവർന്നുനില്ക്കുന്നു. പല ലിപികളും ഒരേ രൂപത്തിലാണ്. ബ്രാഹ്മിലിപി നേർവരകളാലും ചുഴികളാലും നിർമിക്കപ്പെട്ടവയാണ്. ഖരോഷ്ഠി ലിപികളിൽ വളഞ്ഞ വരകളാണുള്ളത്; നേർവരകൾ ചുരുക്കം. ബ്രാഹ്മിയുടെ അധോഭാഗം കനത്തതാണ്; മേൽഭാഗം കനമില്ലാത്തതും. ഖരോഷ്ഠിയിൽ ചുഴികൾ അധികമില്ല. ഖരോഷ്ഠിലിപി വലതുവശത്തുനിന്ന് ഇടത്തോട്ട് എഴുതുന്നു; ബ്രാഹ്മി ഇടത്തുനിന്നു വലത്തോട്ടും.

ഖരോഷ്ഠി ഗാന്ധാരംവഴി കരമാർഗമായും ബ്രാഹ്മി ബാബിലോണിയ, പേർസ്യൻ ഉൾക്കടൽ എന്നിവവഴി കടൽമാർഗമായും ഇന്ത്യയിലെത്തി. ബ്രാഹ്മണരെപ്പോലുള്ള പണ്ഡിതന്മാർ ബ്രാഹ്മി ഉപയോഗിച്ചു; വ്യാപാരികളും മറ്റു സാധാരണക്കാരും ഖരോഷ്ഠിയും.

ഖർത്തൂം

സുഡാൻെറ തലസ്ഥാനം. വെള്ളനൈലിൻെറയും നീലനൈലിൻെറയും സംഗമസ്ഥാനത്ത് (15° 36' വടക്ക് 32° 48' കിഴക്ക്) സ്ഥിതിചെയ്യുന്നു. സമുദ്രനിരപ്പിൽനിന്ന് 180 മീറ്റർ ഉയരത്തിലാണ് ഇതിൻെറ കിടപ്പ്. 1823-ൽ ഈജിപ്തിലെ മഹമ്മദ് അലി ഇവിടെ ക്യാമ്പുചെയ്ത സ്ഥലത്ത് കാലക്രമേണ കോട്ടയും നഗരവും ഉയർന്നുവന്നു. 1885-ൽ മാധിപാർട്ടിക്കാർ ഖർത്തൂം നഗരത്തിലുണ്ടായിരുന്നു. ബ്രിട്ടീഷ് സൈന്യത്തെ നീണ്ടകാലം നിരോധിച്ചശേഷം ജനറൽ ഗോർഡൻ കൊല്ലപ്പെട്ടതോടുകൂടെ ഈ ദുർഗം മാധിപാർട്ടിക്കു കീഴടങ്ങി. 1896-ൽ കിച്ച്നറുടെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ്സൈന്യം ഖർത്തൂം തിരിച്ചുപിടിച്ചു. നശിച്ചുകഴിഞ്ഞ കോട്ടയും നഗരവും പുതുക്കിപ്പണിതു. ദേശീയപതാകയിലെ ബാൻഡുകളുടെ മാതൃകയിലാണ് നഗരത്തിലെ തെരുവുകൾ സംവിധാനം ചെയ്തിട്ടുള്ളത്. ഈ നഗരത്തിൽ വേനലക്കാലത്തു വലിയ ചൂടും മഞ്ഞുകാലത്ത് കൊടുംതണുപ്പുമാണ്. വസന്തകാലത്ത് മണല്ക്കാറ്റ് സാധാരണമാണ്. ശരാശരി 15 സെ.മീറ്റർ മഴപെയ്യുന്നു. ഇവിടെനിന്ന് റെയിൽഗതാഗതം നൈൽതീരത്തിലൂടെ വടക്കോട്ടും തെക്കോട്ടും തെക്കുപടിഞ്ഞാറോട്ടുമുണ്ട്. ചെങ്കടൽതീരവും ഖർത്തൂമും തമ്മിൽ റെയിൽമാർഗം ബന്ധിപ്പിച്ചിരിക്കുന്നു. ജനറൽ ഗോർഡൻ മരിച്ചുവീണ സ്ഥലത്ത് അദ്ദേഹത്തിൻെറ സ്മാരകമയി ഗോർഡൻ കോളെജ് പണിചെയ്തിട്ടുണ്ട്.



ഖർത്തൂമിലെ ഒരു ന്യൂസ്സ്റ്റാൻഡ്.

തുറമുഖത്തിനും റെയിൽവേകേന്ദ്രത്തിനും പുറമെ ഖർത്തൂം ഒരു വ്യോമയാനകേന്ദ്രവും കച്ചവടകേന്ദ്രവുംകൂടിയാണ്. ഒരുകാലത്തു ഖർത്തൂം അടിമവ്യാപാരകേന്ദ്രമായിരുന്നു. ജനസംഖ്യ 5,60,000 (1983).

സുഡാൻെറ മധ്യഭാഗത്തുള്ള സംസ്ഥനവും ഖർത്തൂം എന്നപേരിൽ അറിയപ്പെടുന്നു. സംസ്ഥാനത്തിലെ ആകെ ജനസംഖ്യ 1983-ൽ 18,00000 ആണ്.

ഖലാസികൾ

തുറമുഖത്തെ തൊഴിൽ, പാരമ്പര്യമായി ചെയ്തുപോരുന്നവർ. കപ്പൽത്തൊഴിലാളി എന്നാണ് ഖലാസി എന്ന ഉർദു വാക്കിന് അർഥം. കോഴിക്കോട്ടു തുറമുഖത്തടുത്ത അറബിക്കപ്പലുകൾ പിടിച്ചടുപ്പിക്കുകയും തള്ളിയിറക്കുകയും ചെയ്ത തൊഴിലാളികൾക്ക് അറബികൾ കൊടുത്ത പേരാണിത്. ഈ ജോലി തലമുറകളായി ചെയ്തുപോരുകയും അതിൽ സവിശേഷമായ കഴിവുനേടുകയും ചെയ്ത നൂറിലേറെ ഖലാസികൾ കോഴിക്കോട്ട് ബേപ്പൂരിൽ ഉണ്ട്. പുരാതനമായ പത്തേമാരി നിർമാണശാലയിലാണ് ഇവർ പണിയെടുക്കുന്നത്. മീൻപിടുത്ത ബോട്ടുകൾക്ക് അറ്റകുറ്റപ്പണി ചെയ്യുന്ന ബോട്ട് യാഡിലും ഇവരുണ്ട്. അറ്റകുറ്റപ്പണിയും ഇവർ ശീലിച്ചിട്ടുണ്ട്. കുട്ടികൾ മൂപ്പന്മാരുടെ കൂടെ പ്രവർത്തിച്ച് ജോലി അഭ്യസിക്കുന്നു. കഠിനമായ ശാരീരികാധ്വാനത്തോടൊപ്പം ബുദ്ധിയും ആവശ്യപ്പെടുന്ന തൊഴിലാണ് ഇവരുടെത്. എൻജിനിയർമാർ തോല്ക്കുന്നിടത്ത് ഇവരുടെ ബുദ്ധി വിജയിച്ചതിനു ദൃഷ്ടാന്തങ്ങളാണ് ഇടുക്കി അണക്കെട്ടുപണിയിൽ ഭാരമുള്ള യന്ത്രങ്ങൾ ഉയരത്തിൽ സ്ഥാപിച്ചതും അഷ്ടമുടിക്കായലിൽ മുങ്ങിപ്പോയ തീവണ്ടിബോഗികൾ കരയ്ക്കടുപ്പിച്ചതും. പാലംപണി മുതലായി പെട്ടെന്നു ചെയ്തുതീർക്കേണ്ട ജോലികൾക്ക് റെയിൽവേവകുപ്പ് ഇവരെ വിളിക്കുക പതിവാണ്. കപ്പലുകൾ കരയ്ക്കു പിടിച്ചടുപ്പിക്കാനും പിന്നീട് കടലിലേക്ക് ഇറക്കിവിടാനും ഇവർ ഉപയോഗിക്കുന്ന ലിവർമെക്കാനിസം 'ദാവർ' എന്ന നാടൻ ലഘുയന്ത്രമാണ്. നിലത്തു കുഴിച്ചിട്ട തടിക്കുറ്റിയിലെ തുളകളിലൂടെ കടത്തിയ മുളങ്കുഴകളാണ് ഉത്തോലകം, കുറ്റി ഫൾക്രമായി പ്രവർത്തിക്കുന്നു. കഴയുടെ യത്നഭുജ-രോധഭുജ അനുപാതം ക്രമീകരിക്കാവുന്നതാണ്. നീക്കേണ്ട വസ്തു കെട്ടുന്നത് വടവും കയറും കൊണ്ടാണ്.

കൊച്ചി, വിശാഖപട്ടണം തുടങ്ങിയ തുറമുഖങ്ങളിൽ 'ഖലാസി' എന്ന തസ്തികയിൽ ഇത്തരം തൊഴിലാളികളെ നിയമിച്ചിട്ടുണ്ട്.

ഖലിസ്ഥാൻ വാദം

സിഖുകാരുടെതായ ഒരു സ്വതന്ത്രപരമാധികാര രാഷ്ട്രം സ്ഥാപിക്കണമെന്ന സിഖ് തീവ്രവാദികളുടെ ആവശ്യം. ഖലിസ്ഥാൻ എന്ന പഞ്ചാബിവാക്കിന് വിശുദ്ധരാജ്യം എന്നാണർഥം; 'സിഖിസ്ഥാൻ' രൂപവത്കരണത്തിൽ മുസ്ലിംലീഗ് തങ്ങളെ സഹായിക്കാമെങ്കിൽ 'പാകിസ്ഥാൻ' രൂപവത്കരണത്തെ തങ്ങൾ അനുകൂലിക്കാം എന്നായിരുന്നു 1945-ലെ സിംലാസമ്മേളനത്തിൽ അകാലിദള നേതാവായിരുന്ന മാസ്റ്റർ താരാസിങ്ങിൻെറ നിലപാട്. സിഖിസ്ഥാൻ ആണ് തങ്ങളുടെ ലക്ഷ്യം എന്ന് ഇവർ 1946-ൽ ബ്രിട്ടീഷ് ഗവൺമെൻറിനെ അറിയിക്കയും ചെയ്തു. എന്നാൽ സിഖ്മതാനുയായികളിൽത്തന്നെ പലരും ഇതിനെതിരായിരുന്നു. പഞ്ചാബിലെ മുസ്ലീങ്ങളെ പ്രീണിപ്പിക്കാൻ 1932-ൽ ബ്രിട്ടീഷ്ഗവൺമെൻറ് കമ്യൂണൽ അവാർഡ് പ്രഖ്യാപിച്ചതിനെത്തുടർന്ന് അകാലിദളം കോൺഗ്രസ്സുമായി അടുത്തിരുന്നു. ഈ അടുപ്പം ഇല്ലാതാക്കാൻ മാസ്റ്റർ താരാസിങ് ശ്രമിച്ചു. 1942-ലെ ക്വിറ്റിന്ത്യാ പ്രമേയത്തിനു പിന്തുണ നല്കരുതെന്നും പകരം ബ്രിട്ടീഷ് പട്ടാളത്തിൽ ചേരുകയാണ് സിഖുകാർ ചെയ്യേണ്ടതെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. സ്വാതന്ത്ര്യലബ്ധിക്കുശേഷം 'പഞ്ചാബിസുബ'യ്ക്കുവേണ്ടി 'മോർച്ച' എന്ന പേരിൽ അദ്ദേഹം പ്രക്ഷോഭണം നടത്തുകയും രണ്ടുതവണ ഉപവസിക്കുകയും ചെയ്തു. താരാസിങ്ങിൻെറ അനുയായികളിൽ പ്രധാനിയായിരുന്ന സന്ത്ഫത്തേഹ്സിങ് താരാസിങ്ങിൻെറ നയവുമായി വിയോജിച്ചു. പഞ്ചാബിഭാഷ (ഗുരുമുഖി ലിപി)യുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക സംസ്ഥാനത്തിനുവേണ്ടി ഫത്തേഹ്സിങ് വാദിച്ചു. പ്രത്യക്ഷത്തിൽ മതേതര സ്വഭാവമുള്ള ഈ വാദത്തിനു കൂടുതൽ പിന്തുണ ലഭിച്ചു. ഇന്ത്യാഗവൺമെൻറ് ഏർപ്പെടുത്തിയ ഒരു കമ്മീഷൻെറ ശുപാർശയനുസരിച്ച് 1966 നവംബറിൽ പുതിയ പഞ്ചാബ് സംസ്ഥാനവും ഹരിയാന സംസ്ഥാനവും നിലവിൽവന്നു. രണ്ടു സംസ്ഥാനത്തിൻെറയും തലസ്ഥാനം ചണ്ഡീഗഢ് ആണ്. 1967-ലെ പൊതുതിരഞ്ഞെടുപ്പിലും '69-ലെ ഇടക്കാലതിരഞ്ഞെടുപ്പിലും വിജയംനേടി മന്ത്രിസഭയുണ്ടാക്കാൻ അകാലിദളത്തിനു കഴിഞ്ഞു. ഗുരുദ്വാരകളുടെ ഭരണനിർവഹണസമിതിയായ **പ്രബന്ധക്** കമ്മിറ്റിയുടെ നേതൃത്വം നേരത്തേതന്നെ ഇവർക്കു ലഭിച്ചിരുന്നു. അടിയന്തിരാവസ്ഥക്കാലത്തു ജനതാപ്പാർട്ടിയുമായി അകാലിദളം ഐക്യമുണ്ടാക്കി; 1977 ജനുവരിയിലെ പൊതുതിരഞ്ഞെടുപ്പിൽ വൻഭൂരിപക്ഷം നേടി; വീണ്ടും പഞ്ചാബിൽ



ഖലാസികൾ
'ദാവർ'
കൊണ്ടു
തീവണ്ടിയുടെ
ബോഗി
ഉയർത്തുന്നു.

അധികാരമേറ്റു. ഇക്കാലത്തൊക്കെ അകാലിദളത്തിലെ തീവ്രവാദികളുടെ ഒരു വിഭാഗം 'ഖലിസ്ഥാൻ' എന്ന ആശയം പ്രചരിപ്പിക്കുകയും ആയുധസമാഹരണം നടത്തുകയും ചെയ്തിരുന്നു.

1973-ൽ അകാലിദളം അംഗീകരിച്ച ആനന്ദപ്പൂർസാഹിബ് പ്രമേയം ഖലിസ്ഥാൻ വാദികളുടെ കൈയിൽ ആയുധമായിത്തീർന്നു. ഖലിസ്ഥാൻ എന്ന സ്വതന്ത്രരാഷ്ട്രം സ്ഥാപിക്കണമെന്ന ആവശ്യം ഈ പ്രമേയം ഉൾക്കൊള്ളുന്നു എന്നവർ വാദിച്ചു. എന്നാൽ ഇന്ത്യൻഭരണഘടനയ്ക്കുവിധേയമായ ആവശ്യങ്ങളേ ഇതിലുള്ളുവെന്ന് ലോംഗോവാളിൻെറ നേതൃത്വത്തിലുള്ള അകാലിദളം ചൂണ്ടിക്കാണിച്ചു. പഞ്ചാബിപ്രദേശങ്ങൾ ഏകീകരിച്ച് ഒരു പുതിയ പഞ്ചാബ് രൂപവത്കരിക്കുക, ഇന്ത്യയിലെങ്ങുമുള്ള ഗുരുദ്വാരകളെ ഒരേ ഭരണത്തിൻകീഴിലാക്കുക, രാജ്യരക്ഷ, വിദേശകാര്യം, ഗതാഗത-വാർത്താവിനിമയങ്ങൾ, നാണയം എന്നിവ ഒഴികെ എല്ലാ കാര്യങ്ങളിലും സംസ്ഥാനങ്ങൾക്കു പൂർണ അധികാരം നല്കുംവിധം ഭരണഘടന ഭേദഗതി ചെയ്യുക തുടങ്ങിയവയാണ് ആനന്ദപ്പൂർസാഹിബ് പ്രമേയത്തിലെ ആവശ്യങ്ങൾ.

'ദംദമി തക്സാൽ' എന്ന സിഖ്മതപഠനശാലയുടെ അധ്യക്ഷനും തീവ്രവാദിയും ആയ ജർണയ്ൽസിങ് ഭിന്ദ്രൻവാല, ഖലിസ്ഥാൻ രൂപവത്കരണം ലക്ഷ്യമാക്കിയുള്ള ഭീകരപ്രവർത്തനത്തിനു പരസ്യമായി ആഹ്വാനം ചെയ്തു. തുടർന്ന്;

1981-'83. 'പഞ്ചാബ് കേസരി'യുടെ പത്രാധിപരായ ലാലാ ജഗത് നാരായണനെ വെടിവെച്ചുകൊന്നു. (അടുത്ത അഞ്ചുവർഷങ്ങൾക്കകം ജഗത് നാരായണൻെറ മകനും ചെറുമകനും വെടിവെച്ചു കൊല്ലപ്പെട്ടു). തീവ്രവാദികൾ അമൃത്സറിലെ സുവർണക്ഷേത്രത്തിൽ സ്ഥാനമുറപ്പിച്ചു. സുവർണക്ഷേത്രവും മറ്റു ഗുരുദ്വാരകളും ആയുധപ്പുരകളാക്കി മാറ്റി. നിരപരാധികളായ സ്ത്രീകളെയും പുരുഷന്മാരെയും കുട്ടികളെയും വഴിയാത്രക്കാരെയും മറ്റും വെടിവെച്ചുകൊന്ന് പഞ്ചാബിലുടനീളം ഭീകരാന്തരീക്ഷം സൃഷ്ടിച്ചു. മിതവാദികൾകൂടി ഉൾപ്പെട്ട ഗുരുദ്വാര പ്രബന്ധക് കമ്മിറ്റി പിരിച്ചുവിട്ട് ഗുരുദ്വാരകളുടെ ഭരണം തീവ്രവാദികളുടെ പാന്ഥിക് കമ്മിറ്റിയെ ഏല്പിക്കാൻ ഇവർക്കു കഴിഞ്ഞു.

1984 ജൂൺ. 'ബ്ലൂ സ്റ്റാർ' പട്ടാളനടപടിയിലൂടെ അമൃത്സറിലെ സുവർണക്ഷേത്രത്തിൽനിന്നു തീവ്രവാദികളെ തുരത്താൻ ഗവൺമെൻറ് നിർബന്ധിതമായി. അവിടെ നടന്ന ഏറ്റുമുട്ടലിൽ ഭിന്ദ്രൻവാല ഉൾപ്പെടെ ഒട്ടേറെ ഭീകരന്മാർ വെടിയേറ്റു മരിക്കുകയും ക്ഷേത്രത്തിനു ചില കേടുപാടുകളുണ്ടാവുകയും ചെയ്തു. ഇവിടെനിന്നു രക്ഷപ്പെട്ട ഭീകരന്മാർ പുറത്തുണ്ടായിരുന്ന മറ്റു ഭീകരസംഘങ്ങളുമായിച്ചേർന്ന് വിദേശശക്തികളുടെ സഹായത്തോടെ നാടൊട്ടുക്ക് ഭീകരപ്രവർത്തനം തുടർന്നു.

ഒക്റ്റോബർ 31. 'ബ്ലൂ സ്റ്റാർ' പട്ടാളനടപടിക്കു പ്രതികാരമെന്നോണം, പ്രധാനമന്ത്രിയുടെ അംഗരക്ഷകരായ രണ്ടു പഞ്ചാബിയുവാക്കൾ ചേർന്ന് പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയെ വെടിവെച്ചുകൊന്നു. തുടർന്നു. ദില്ലിയിലും പഞ്ചാബിലും പൊട്ടിപ്പുറപ്പെട്ട സിഖ്‌വിരുദ്ധലഹളയിൽ സിഖ്കാർക്കു വൻതോതിൽ ജീവനും സ്വത്തും നഷ്ടപ്പെട്ടു. ഗവൺമെൻറ് ശക്തമായ നടപടി എടുത്തു ലഹള ഒതുക്കി. ഭിന്ദ്രൻവാല മരിച്ചിട്ടില്ലെന്നും പാകിസ്താനിൽനിന്നു തിരിച്ചെത്തുമെന്നും തീവ്രവാദികൾ സിഖ്കാരുടെയിടയിൽ പ്രചാരണം നടത്തി.

1985. പ്രധാനമന്ത്രി രാജീവ്ഗാന്ധി അകാലിദളവുമായി കൂടിയാലോചനകൾക്കു മുൻകൈ എടുത്തു. അകാലിദളനേതാക്കന്മാരെ ജയിലിൽനിന്നു മോചിപ്പിക്കുകയും ദില്ലിലഹളയെപ്പറ്റി അന്വേഷണം നടത്താൻ ഒരു ജുഡീഷ്യൽ കമ്മിറ്റിയെ 1985 ഏപ്രിൽമാസത്തിൽ നിയമിക്കുകയും ചെയ്തതിനെത്തുടർന്ന് ഖലിസ്ഥാൻ പ്രക്ഷോഭത്തിൻെറ രൂക്ഷത അല്പം കുറഞ്ഞിരുന്നു. പഞ്ചാബ് ഗവർണർ വഴി നടത്തിയ കൂടിയാലോചനകളുടെ ഫലമായി മിതവാദിനേതാവ് സന്ത് ഹർചരൻസിങ് ലോംഗോവാളും(1928-1985) പ്രധാനമന്ത്രി രാജീവ് ഗാന്ധിയും 1985 ജൂലായ് 24-ന് ഒരു ഒത്തുതീർപ്പ് ഒപ്പുവച്ചു. ആനന്ദ്പൂർ സാഹിബ് പ്രമേയത്തിലെ ആവശ്യങ്ങളിൽ മിക്കതും തത്ത്വത്തിൽ അംഗീകരിച്ചുകൊണ്ടുള്ള ഈ ഒത്തുതീർപ്പ് അകാലിദളത്തിലെ ബഹുഭൂരിപക്ഷത്തിനും സ്വീകാര്യമായിരുന്നു. എന്നാൽ തീവ്രവാദികൾ ഇതൊരു വഞ്ചനയായി കണക്കാക്കി. പഞ്ചാബിലെ ഷെർപ്പൂരിൽ ഒരു മതപ്രാർഥനയിൽ പങ്കെടുക്കെ ഓഗസ്റ്റ് 20-നു തീവ്രവാദികൾ ലോംഗോവാളിനെ വെടിവെച്ചുകൊന്നു.

തുടർന്നു ഭീകരർ **അകാലിതഖ്ത്തിലെ** (സുവർണക്ഷേത്രം) മുഖ്യപുരോഹിതനെയും വെടിവെച്ചുകൊന്നു. മെയ് 10 നു ദില്ലി ഹരിയാന, യു.പി. ഇവിടങ്ങളിൽ ഒരേസമയം ഭീകരർ ബോംബുസ്ഫോടനത്തിലൂടെ 80 പേരെ കൊന്നു. 1985 ജൂൺ 23-ന് 329 പേരെ വഹിച്ചിരുന്ന കനിഷ്ക എന്ന എയർഇന്ത്യ ബോയിങ് വിമാനം തകർന്ന് അറ്റ്ലാൻറിക് സമുദ്രത്തിൽ വീണു. അതിൽ യാത്രചെയ്തിരുന്നവർ മുഴുവൻ മരിച്ചു. സ്ഫോടനംകൊണ്ടാണു വിമാനം തകർന്നതെന്ന് അന്വേഷണത്തിൽ തെളിഞ്ഞു. സിഖ്ഭീകരർ വിമാനത്തിൽ വെച്ച ബോംബ് ആണ് സ്ഫോടനമുണ്ടാക്കിയതെന്നു വിശ്വസിക്കപ്പെടുന്നു. ജൂലായ് 31-നു ലളിത്മഖൻ എന്ന കോൺഗ്രസ് എം.പി.യെയും പത്നിയെയും ന്യൂദെൽഹിയിൽ വെടിവെച്ചുകൊന്നു. തുടർന്ന് ഒട്ടുവളരെ പേർ സിഖ്ഭീകരന്മാരാൽ കൊല്ലപ്പെട്ടു. സെപ്റ്റംബർ 25 ന് പഞ്ചാബിൽ നടന്ന തിരഞ്ഞെടുപ്പ് തീവ്രവാദികൾ ബഹിഷ്കരിച്ചു. 117-ൽ 73 സീറ്റു കിട്ടിയ അകാലിദളം സുർജിത്സിങ് ബർണാലയുടെ നേതൃത്വത്തിൽ പഞ്ചാബിൻെറ ഭരണമേറ്റു.

1986. ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മിറ്റി പൂർണമായും കയ്യടക്കിയ തീവ്രവാദികൾ 1986 ജനുവരിയിൽ സുവർണക്ഷേത്രം വീണ്ടും പിടിച്ചെടുത്ത് ഖലിസ്ഥാൻ പതാക എന്ന പേരിൽ ഒരു കൊടി അവിടെ പാറിച്ചു.

ജൂലായ് 15-ന് പഞ്ചാബിലെ മുക്ത്സാർ എന്ന സ്ഥലത്ത് സർക്കാർ ബസിൽ സഞ്ചരിച്ച പതിന്നാലു യാത്രക്കാരെ വെടിവെച്ചുകൊന്നു. '84-ൽ ബ്ലൂസ്റ്റാർ സൈനികനടപടിക്കാലത്ത് അതിൻെറ ചുമതല വഹിച്ചിരുന്ന മുൻകരസേനാമേധാവി ജനറൽ അരുൺകുമാർ വൈദ്യയെ പൂണെയിൽവച്ച് ഓഗസ്റ്റ് 10-നു വെടിവെച്ചുകൊന്നു. ഒക്റ്റോബറിൽ പഞ്ചാബ് പോലീസ്മേധാവി ജെ.എഫ്.റിബൈറോവിൻെറ നേർക്കു വെടിവെച്ചുവെങ്കിലും അദ്ദേഹം കഷ്ടിച്ചു രക്ഷപ്പെട്ടു. ഒക്റ്റോബർ മാസത്തിൽത്തന്നെ **ദില്ലിയിൽ** പ്രധാനമന്ത്രിയെ വധിക്കാനും ഒരു ശ്രമം നടന്നു.

1986 ഫെബ്രുവരിയിൽ 'സർബെത് ഖൽസ' എന്ന സിഖ്മതസമ്മേളനം സുവർണക്ഷേത്രത്തിൽ നിന്നു തീവ്രവാദികളെ ഉടനെ നിഷ്കാസനം ചെയ്യാനും ശിരോമണി ഗുരുദ്വാര പ്രബന്ധക് സമിതിയുടെ അധികാരം തിരികെ സ്ഥാപിക്കാനും ഗവൺമെൻറിനോട് ആവശ്യപ്പെട്ടു. സുവർണക്ഷേത്രത്തിൽനിന്നു തീവ്രവാദികളെ തുരത്തുന്ന ജോലി പഞ്ചാബ് പോലീസ് ഏപ്രിൽ 30-ന് വൈകീട്ട് ആരംഭിച്ചു. പതിന്നാലുമണിക്കൂർകൊണ്ടു പൂർത്തിയാക്കി. പാന്ഥിക് കമ്മിറ്റി, അഖിലേന്ത്യാ സിഖ് വിദ്യാർഥി ഫെഡറേഷൻ തുടങ്ങിയവയുടെ പേരിൽ പ്രവർത്തിച്ചിരുന്ന ഇരുനൂറോളം തീവ്രവാദികൾ സുവർണക്ഷേത്രത്തിൽ നിന്നു നേരത്തേ രക്ഷപ്പെട്ടിരുന്നു. അവർ പഞ്ചാബിലെങ്ങും പൂർവാധികം രൂക്ഷമായ അക്രമപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. തിലക്നഗർ എന്ന ദില്ലി-കോളനിയിൽ കൊള്ളിവയ്പും കൂട്ടക്കൊലയും നടന്നു. പഞ്ചാബിലെ ബടാലാ നഗരത്തെ ഒരാഴ്ചക്കാലത്തേക്ക് അവർ ഉപരോധിച്ചു. ഇന്ത്യാവിരുദ്ധശക്തികളിൽനിന്ന് ഇവർക്ക് തുടർച്ചയായി ആയുധസഹായം ലഭിച്ചുപോന്നു. ഭീകരപ്രവർത്തകർ വീണ്ടും സുവർണക്ഷേത്രത്തിൽ കടന്നുകൂടി. ധാരാളം കുറ്റവാളികളും ഭീകരർക്കൊപ്പം ക്ഷേത്രം താവളമാക്കി. അതിനാൽ വീണ്ടും ബലംപ്രയോഗിച്ച് അവരെ പുറത്താക്കേണ്ടിവന്നു. 1988 മെയ് 9 മുതൽ 19 വരെ നീണ്ടുനിന്ന ഓപ്പറേഷൻ ബ്ലാക്ക് തണ്ടറിലൂടെ പഞ്ചാബ് പോലീസ് ഈ കൃത്യം വിജയകരമായി നിർവഹിച്ചു. ഇരുനൂറോളം ഭീകരർ കീഴടങ്ങി. സുവർണക്ഷേത്രത്തിനുള്ളിൽ നിന്നു കുഴിച്ചെടുത്ത നിരവധി മൃതദേഹങ്ങൾ ഭീകരരുടെ കൊലയും ക്രൂരകൃത്യങ്ങളും ക്ഷേത്രാന്തരീക്ഷത്തെ മലിനമാക്കിയതിനു തെളിവായിത്തീർന്നു.

ഖലിസ്ഥാൻെറ പേരിൽ ഭീകരർ നടത്തുന്ന കൊലപാതകങ്ങൾ വർധിച്ചുവരികാണ്. 1985-ൽ 64, 1986-ൽ 435, 1987-ൽ 910, 1988-ൽ 3074 എന്നിങ്ങനെ. എണ്ണത്തിൽ തീരെ കുറവാണെങ്കിലും (സർക്കാരിൻെറ ഒരു കണക്കനുസരിച്ച് രണ്ടായിരത്തിലധികമില്ല) തീവ്രവാദികൾ നീതിയുക്തമായ ഒരു ഒത്തുതീർപ്പിനു തയാറല്ലെന്ന് വ്യക്തമായിട്ടുണ്ട്. മതാന്ധതയോടൊപ്പം തങ്ങൾക്കു ലഭിച്ചുപോരുന്ന വൈദേശികപ്രോത്സാഹനവും അവർക്കു താങ്ങും തണലുമാണ്. ഇന്ത്യാവിരുദ്ധശക്തികളും വിദേശങ്ങളിലെ സമ്പന്നമായ സിഖ്സമൂഹവും ഇവരെ സഹായിക്കുന്നു.

1989 ജനുവരിയിൽ, ഇന്ദിരാഗാന്ധി വധക്കേസിലെ പ്രതികളായ സത്വന്ത്സിങ്ങിനെയും കെഹർസിങ്ങിനെയും തൂക്കിക്കൊന്നതിനെത്തുടർന്ന് ഭീകരപ്രവർത്തനം കൂടുതൽ രൂക്ഷമായി. റെയിൽപ്പാളങ്ങൾ ബോംബുവച്ചു തകർക്കുക, റെയിൽവേസ്റ്റേഷനുകൾ തീവച്ചു നശിപ്പിക്കുക, ബസുയാത്രക്കാരെ തട്ടിക്കൊണ്ടുപോയി കൊല ചെയ്യുക, നിരപരാധരായ പാവങ്ങളെ കെട്ടിത്തൂക്കിക്കൊല്ലുക തുടങ്ങിയ കൊടുംപാതകങ്ങൾ വർധിച്ചിട്ടുണ്ട്. വെടിവെച്ചുകൊല്ലൽ നിത്യസംഭവമാണ്. ഖാലിസ്ഥാൻ വാദികൾക്ക് ഇപ്പോൾ ലക്ഷ്യബോധം നഷ്ട

6647

R
639.94812
VIS-V.6

പ്പെട്ടിരിക്കുന്നു. നൈരാശ്യവും പ്രതികാരനിർവഹണവും ആണ് ഇപ്പോൾ അവരെ നയിക്കുന്നത്. ഭീകരപ്രവർത്തകരുടെ ശക്തി ക്ഷയിച്ചുവെന്നും അവർ പഞ്ചാബിലെ ജനങ്ങളിൽനിന്ന് ഒറ്റപ്പെട്ടിരിക്കയാണെന്നു പഞ്ചാബ് ഗവൺമെൻറ് അവകാശപ്പെടുന്നു.

ഖലീഫമാർ

പ്രവാചകനായ മുഹമ്മദിനുശേഷം മുസ്ലിംസമുദായത്തെ പരിരക്ഷിച്ചുവന്ന, മുഹമ്മദിൻെറ അനുയായികളായ, ഭരണാധിപന്മാർ(ഖലീഫ എന്നാൽ പിൻഗാമിയെന്നാണർഥം). അവർക്കു മതപരവും രാഷ്ട്രീയവുമായ അധികാരങ്ങളുണ്ടായിരുന്നു.

ആദ്യത്തെ നാലു ഖലീഫമാർ. എ.ഡി.632 ജൂൺ 8-ാം തീയതി മുഹമ്മദ് മെദീനയിൽവെച്ചു മരിക്കുമ്പോൾ തൻെറ പിൻഗാമിയെ നാമനിർദേശം ചെയ്തിരുന്നില്ല. അതിനെത്തുടർന്നുണ്ടായ സംഘർഷാവസ്ഥയിൽ പല വിഭാഗക്കാരും മുന്നോട്ടുവന്നു. തുടർന്ന് ഖസ്രാജ് ഗോത്രക്കാരുടെ നേതൃത്വത്തിൽ ഇതിനു പരിഹാരം കണ്ടെത്താനൊരു ശ്രമമുണ്ടായി. ഇതിൽ മുഹമ്മദ്നബിയുടെ ഭാര്യയായ അയിഷയുടെ പിതാവ് അബൂബക്കറും നബിയുടെ മറ്റൊരു ഭാര്യയായ ഹഫ്സയുടെ പിതാവ് ഉമ്മറുമെല്ലാം കാര്യമായി പങ്കെടുത്തു. വളരെ ദീർഘമായ ചർച്ചകൾക്കുശേഷം അവിടെ കൂടിയിരുന്നവരെല്ലാംകൂടി അബൂബക്കറിനെ ഖലീഫയായി തിരഞ്ഞെടുത്തു. അങ്ങനെ അബൂബക്കർ 'ഖലീഫത്ത് റസൂൽ അള്ള' (അള്ളാഹുവിൻെറ പ്രവാചകൻെറ പിൻഗാമി) എന്ന പദവി നേടി.

അബൂബക്കർ (632–634). അധികാരം ഏറ്റെടുത്ത ഉടനെതന്നെ ഹെജാസിലും നെജ്ദിലും കലഹങ്ങളുണ്ടായി. അതുകൊണ്ട് ഉസാമത്ത്ബ്നുസൈദിൻെറ കീഴിലുള്ള സൈന്യത്തെ ലഹള അമർത്താൻ അയച്ചു. അദ്ദേഹം വിജയിയായി തിരിച്ചുവന്നു.

11 സൈന്യാധിപന്മാരുടെ കീഴിലായി 11 പട്ടാളവിഭാഗങ്ങളെ ഖലീഫ തയാറാക്കി. ഹസ്രത്ത് ഖാലിദിനെ 14,000 പട്ടാളക്കാരുടെ തലവനായി മുസൈലിമയുടെ നേരെ അയച്ചു. ശത്രുക്കൾ ബനീഫ വംശക്കാരായിരുന്നു. യുദ്ധത്തിൽ മുസ്ലീങ്ങൾ ജയിച്ചു.

ബഹ്റൈനിലെ മതം ഉപേക്ഷിച്ച കൂട്ടരുടെ (മുറത്തദ്ദീങ്ങൾ) നേരെ അയയ്ക്കപ്പെട്ട സൈന്യം അവിടെയുള്ള പലരെയും ഇസ്ലാംമതത്തിലേക്കുതന്നെ മടക്കിയതിനുശേഷം ദാരീനിലേക്കു യുദ്ധത്തിനായി പുറപ്പെട്ടു. ഈ യുദ്ധത്തിൽ യമാമത്ത്, ബഹറൈൻ, യമൻ എന്നീ രാജ്യങ്ങൾ മുസ്ലീങ്ങൾക്കു കീഴടങ്ങി.

അബൂബക്കർ രണ്ടുകൊല്ലവും നാലുമാസവും ഭരണം നടത്തി. ബദർ, ഉഹദ്, ബന്തഖ് എന്നീ യുദ്ധങ്ങൾക്കു പുറമെ പല യുദ്ധങ്ങളിലും അബൂബക്കർ പങ്കെടുത്തിട്ടുണ്ട്. മുസ്ലീംസാമ്രാജ്യം വിപുലീകരിച്ചതിൽ വലിയൊരു പങ്ക് അബൂബക്കറിനുണ്ട്.

ഒമർ (634–644). അബൂബക്കർ ആരംഭിച്ച സിറിയാ ആക്രമണം ഇദ്ദേഹമാണ് പൂർത്തിയാക്കിയത്. ഹിജറ 13-ലായിരുന്നു ദിംഷിക്ക് വിജയം. ഒട്ടേറെ രാജ്യങ്ങൾ ഇദ്ദേഹം പത്തുകൊല്ലത്തിനുള്ളിൽ പിടിച്ചെടുത്തു. ഈജിപ്ത്, ബസ്ര, പേഴ്സ്യ മുതലായവ ഈ കൂട്ടത്തിൽപ്പെടും.

ഉസ്മാൻ (644–656). ഹിജറ 24-ൽ അദ്ദേഹം മുഗീറത്തിനെ കൂഫയിലെ ഗവർണർസ്ഥാനത്തുനിന്നു മാറ്റി പകരം സ അദിനെ നിയോഗിച്ചു. കാബൂളിലെ ഗവർണറായി അബ്ദുള്ളാ ഹിബ്നു ആമീറിനെ നിയമിച്ചു. ഇദ്ദേഹമാണ് വമ്പിച്ച ഒരു സൈന്യവുമായി വടക്കെ ആഫ്രിക്ക (ഇപ്പോഴത്തെ ഈജിപ്ത്, ലിബിയ, അൾജീറിയ തുടങ്ങിയ പ്രദേശങ്ങൾ) വളഞ്ഞത്. രണ്ടരക്കോടി പൊന്ന് കൊല്ലംതോറും കൊടുത്തുകൊള്ളാമെന്നുള്ള വ്യവസ്ഥയിൽ അവർ സന്ധിചെയ്തു. ഹിജറ 28-ൽ ഖബിസ്സ് എന്ന രാജ്യംമആവിയയുടെവഴിക്കു കീഴടങ്ങി. ഖലീഫയുടെ ബന്ധുക്കളെ പല ഉയർന്ന ഉദ്യോഗങ്ങളിലും നിയമിച്ചു എന്ന കാരണം പറഞ്ഞു നാട്ടിലുടനീളം കലാപം നടന്നു. ഉസ്മാൻ വധിക്കപ്പെട്ടു (656 ജൂൺ 17).

അലി (656–661). കലാപകാരികൾ അലിയെ ഖലീഫയായി തിരഞ്ഞെടുത്തു. ഖലീഫ സിറിയാക്കാരോടു യുദ്ധം പ്രഖ്യാപിച്ചു. അപ്പോഴാണ് അയിഷ, ത്വൽഹത്ത്, സുബൈർ എന്നിവരുടെ നേതൃത്വത്തിൽ മക്കാവികളോടുകൂടി ഖലീഫയ്ക്കെതിരായി ബസറയിലേക്കു പുറപ്പെട്ടത്. ഉസ്മാനെ അന്യായമായി വധിച്ചതിൽ പ്രതിഷേധിച്ചായിരുന്നു ഇത്. ഇറാക്കുകാർ അലിയുടെ അനുയായികളായിരുന്നു. അതുകൊണ്ട് അലി സിറിയാ ആക്രമണം മാറ്റിവച്ച് കൂഫയിലേക്കു തിരിച്ചു. യൂഫ്രട്ടീസ് നദിയുടെ സമീപംവെച്ച് അവർ മു ആവിയയുടെ സൈന്യവുമായി ഏറ്റുമുട്ടി. അബൂസുഫ്യാൻെറ പട്ടാളവും അലിയോടെതിർത്തു. സിറിയൻ പട്ടാളക്കാരും അലിക്കെതിരായിരുന്നു. അവസാനം യുദ്ധം സന്ധിയിൽ കലാശിച്ചു. ഹിജറ 40 (ജനുവരി. 661) റമളാൻ (റംസാൻ) 19-ന് അലി, തൻെറ 63-ാമത്തെ വയസ്സിൽ, ഒരു ഖാരിജിയുടെ കൈയാൽ വധിക്കപ്പെട്ടു.

†ഒമായാദ് ഖാലിഫ്മാർ ഒമായാദ് ഖാലിഫ്മാർ നോക്കുക.

അബ്ബാസിദ് ഖലീഫമാർ. പ്രവാചകൻെറ പിതൃവ്യനായ അബ്ബാസിൻെറ വംശത്തിൽപ്പെട്ടവരാണ് അബ്ബാസിദ് ഖലീഫമാർ. ഇവരിൽ ഒന്നാമനായ അബുൽഅബ്ബാസിൻെറ കാലത്ത് അറബികളുടെ തലസ്ഥാനം ഇറാക്കിലേക്കു മാറ്റി. ഇതുകൂടാതെ ഖുർസാനും പ്രബലകേന്ദ്രമായിരുന്നു. ഈ രണ്ടു രാജ്യങ്ങളിൽ അറബികളും പേഴ്സ്യക്കാരും യോജിച്ച് ഒരു ജനവിഭാഗമായി മാറി. ഗോത്രവർഗക്കാരുടെ സ്വാധീനം കുറഞ്ഞു. ഒരു പൊതുമുസ്ലീം ജനവിഭാഗം ഉടലെടുത്തു. മുസ്ലീങ്ങൾക്ക് അവരുടെതായ സംസ്കാരവും പുരോഗതിയും കൈവന്നത് അബ്ബാസിദ് ഖലീഫമാരുടെ കാലത്താണ്. മതത്തെപ്പറ്റിയുള്ള ധാരണകളൊക്കെ മാറ്റി രാജ്യഭരണത്തിനുതകുന്നവിധത്തിലാക്കിത്തീർത്തു. സാമ്രാജ്യം മുഴുവൻ അറബിഭാഷ പ്രചരിപ്പിച്ചു. ഷിയാക്കളുടെ എതിർപ്പ് ഒരു പ്രശ്നമായില്ല. മുഹമ്മദുനബിയുടെ യഥാർഥ അവകാശിയായി അബ്ബാസിനെ അംഗീകരിച്ചു. അതുകൊണ്ടാണ് ഈ ഖലീഫമാരെ അബ്ബാസിദ് ഖലീഫമാരെന്നു വിളിക്കുന്നത്. രാജ്യം വിപുലമായപ്പോൾ വ്യവസായവും കച്ചവടവും പുരോഗമിച്ചു. ബാഗ്ദാദ് ഏറ്റവും വലിയ നഗരമായി മാറി. കലയുടെയും ഐശ്വര്യത്തിൻെറയും പ്രതീകമായിത്തീർന്നു അത്.

അബുൽ-അബ്ബാസ് (750–754). അബ്ബാസിദ് വംശത്തിലെ ശക്തനായ ഖലീഫയായിരുന്നു അബുൽ അബ്ബാസ്. എല്ലാ കലാപകാരികളെയും അമർച്ചചെയ്യലായിരുന്നു അബ്ബാസിൻെറ ലക്ഷ്യം. അദ്ദേഹത്തെ പിൻതുടർന്ന് 30-ൽ ഏറെ ഖലീഫമാർ ഭരണം നടത്തി. അവസാനത്തെ ഖലീഫയായ അൽ-മുത്തമക്കീൽ III -ാമനെ സുൽത്താൻ സലീം III-ാമൻ കോൺസ്റ്റാൻറിനോപ്പിളിലേക്കു കൊണ്ടുവന്നു. 1538-ൽ അദ്ദേഹം മരിച്ചു. അതിനുശേഷം ഓട്ടോമൻ സുൽത്താന്മാരാണ് സാമ്രാജ്യം പിടിച്ചെടുത്തത്.

† അബ്ബാസിദ് രാജവംശം, ഇസ്ലാം നോക്കുക.

ഖലീൽ (716?–791).

എട്ടാംനൂറ്റാണ്ടിൽ ജീവിച്ച അറബി ശബ്ദശാസ്ത്രജ്ഞനും നിഘണ്ടുകർത്താവും. ആദ്യമായി അറബിഭാഷയ്ക്ക് നിഘണ്ടുവും സാഹിത്യശാസ്ത്രഗ്രന്ഥവും നിർമിച്ച ഇദ്ദേഹത്തിൻെറ മുഴുവൻ പേര് അൽ-ഖലീൽ ഇബ്നു അഹ്മദ് ഇബ്നു അമ്റു ഇബ്നു തമീം അൽ-ഫറാഡി അൽ-ആസ്ഡി എന്നാണ്. ഒമാനിൽ ജനിച്ചു. ജനനകാലത്തെക്കുറിച്ചു വ്യക്തമായ അറിവില്ല. മരിക്കുമ്പോൾ 75 വയസ്സെത്തിയിരുന്നതായി പറയപ്പെടുന്നു. ഖലീൽ എഴുതിയ നിഘണ്ടുവിൻെറ പേര് 'കിതാബ് അൽ-അയ്ൻ' എന്നാണ്.

ഖൽസാ

സിഖ്മതാനുയായികളിൽ ഒരു വിഭാഗം. സമരസന്നദ്ധരായ സിഖുകാരായാണ് ഈ വിഭാഗത്തിലുള്ളവരെ കണക്കാക്കുന്നത്. പത്താമത്തെ സിഖ് ഗുരുവായ ഗുരുഗോവിന്ദ്സിങ് ആണ് ഇത് രൂപവത്കരിച്ചത്. 'ഖലിസ്' എന്ന പേഴ്സ്യൻ വാക്കിൻെറ അർഥം 'പരിശുദ്ധം' എന്നാണ്; ഇതിൽ നിന്നാണ് 'ഖൽസ' എന്ന പദം വന്നത്.

'പഹുൽ' എന്ന പേരിൽ അറിയപ്പെടുന്ന ശുദ്ധികർമത്തിലൂടെയാണ് സിഖ്മതവിശ്വാസികളെ ഖൽസയിൽ അംഗങ്ങളാക്കുന്നത്. ആൺകുട്ടികളും പെൺകുട്ടികളും പഹുൽ നടത്തി ഖൽസയിൽ ചേരാറുണ്ട്. പഹുൽ കഴിഞ്ഞ ആൺകുട്ടികൾ പേരിനോടൊപ്പം 'സിങ്' (സിംഹം) എന്നും പെൺകുട്ടികൾ 'കൗർ' (സിംഹി) എന്നും ചേർക്കുന്നു. ഖൽസയിൽ അംഗങ്ങളാകാത്ത സിഖ് വിശ്വാസികളുമുണ്ട്.

പഹുൽ കർമത്തിൻെറ തുടക്കത്തിൽ, ഒരു ഇരുമ്പുപാത്രത്തിലുള്ള വെള്ളത്തിൽ പഞ്ചസാരയിട്ട് ഇരുവശത്തും വായ്ത്തലയുള്ള വാൾകൊണ്ട് ഇളക്കുന്നു. ഇങ്ങനെ തയാറാക്കുന്ന തീർഥത്തിനും പഹുൽ എന്നുതന്നെയാണ് പേർ. ഇതിൽ അല്പം കുടിക്കുകയും മുടിയിലും മുഖത്തും അഞ്ചുവട്ടം തളിക്കുകയും ചെയ്യുന്നതോടെ പഹുൽ കർമം പൂർത്തിയാകുന്നു.

ഖൽസായിൽ അംഗമാകുന്ന പുരുഷന്മാർ പഞ്ച 'ക' കാരങ്ങൾ ധരിക്കണം. കർച്ചഹ , കരാ, കേശം, കൻഘ, കൃപാൺ എന്നിവയിലാണ് പഞ്ച 'ക' കാരങ്ങൾ. [കർച്ചഹ: കാലുറ; കരാ: ഉരുക്കുവള;

കേശം: ക്ഷൗരം ചെയ്യാത്ത മുടിയും താടിയും; കൻഘ: പ്രത്യേകതരം ചീർപ്പ്; കൃപാൺ: ഇരുവശവും വായ്ത്തലയുള്ള ഖഡ്ഗം]

മുഗൾ ഭരണകൂടത്തിന്റെ കഠിനമായ മതപീഡനങ്ങളെ നേരിടാനായാണ്, 1699-ൽ ആനന്ദപ്പൂരിൽവെച്ച് ഗുരുഗോവിന്ദ് സിങ് ഖൽസാ സംഘം രൂപവത്കരിച്ചത്. ഏതാനും ദിവസങ്ങൾക്കുള്ളിൽ 80,000 സിഖുകാർ പഹുൽ സ്വീകരിച്ച് ഖൽസായിൽ അംഗങ്ങളായി. അകാലികൾ, † സിഖ്മതം നോക്കുക.

ഖസാർമാർ

എ.ഡി.500-നും 1000-ത്തിനുമിടയ്ക്ക് യൂറോപ്പിൽ കാസ്പിയൻകടലിനും വോൾഗാ-ഡോൺനദികൾക്കും ഇടയ്ക്കുള്ള പ്രദേശങ്ങളിൽ ചെറിയതോതിലൊരു 'സാമ്രാജ്യം' സ്ഥാപിച്ചു നിലനിർത്തിയ തുർക്കികളുടെ ഒരു ജനവർഗം. ഈ കാലത്തിനിടയ്ക്ക് ബൈസാന്തിയന്മാർ, പേഴ്സ്യന്മാർ, അറബികൾ, റഷ്യക്കാർ തുടങ്ങിയ പലരെയും ഇവർ സമർഥമായി ചെറുത്തുനിന്നു. എ.ഡി.1016-നടുപ്പിച്ച് ബൈസാന്തിയന്മാരും റഷ്യക്കാരുംകൂടി നടത്തിയ ഒരു സംയുക്താക്രമണത്തിന്റെ ഫലമായി ഇവരുടെ ആധിപത്യവും നിലനില്പും തുടച്ചുനീക്കപ്പെട്ടു. ക്രിസ്തുമതം, ഇസ്ലാം, ജൂതമതം എന്നിവയിലെല്ലാം ഉൾപ്പെട്ട വിവിധസമൂഹങ്ങൾ ചേർന്നതായിരുന്നു ഖസാർവർഗം. ഡോൺനദീതടത്തിലുള്ള സാർക്കലിൽ നടത്തിയ ഉത്ഖനനങ്ങൾ ഖസാർനാഗരികതയുടെ പല അവശിഷ്ടങ്ങളും പുറത്തുകൊണ്ടുവന്നിട്ടുണ്ട്.

ഖസീർ

ബദൂയിൻ അറബികളുടെ ഇടയിലുള്ള ഒരുതരം അയൽബന്ധം. ഒരു കൂടാരത്തിൽനിന്നു വടി എറിഞ്ഞാൽ അതു ചെന്നുവീഴുന്നത്ര ദൂരം വരെ ചുറ്റിലുമുള്ള പ്രദേശത്തെ എല്ലാ കൂടാരങ്ങളും ഖസീറിൽ ഉൾപ്പെടും. മുൻപരിചയമൊന്നുമില്ലാത്ത ഒരു വഴിപോക്കൻ പ്രസ്തുത ദൂരത്തിനകത്ത് ഒരു കൂടാരമടിച്ചാൽ അയാളും ഖസീറായി. ഒരു കൂടാരത്തിലുള്ളവർ തങ്ങളുടെ ഖസീറുകളോട് അങ്ങേയറ്റം സൗഹാർദം പുലർത്തണം. ഏത് അടിയന്തരാവശ്യത്തിനും ബദൂയിനു തന്റെ ഖസീറിന്റെ സഹായം ആവശ്യപ്പെടാം. ഭവിഷ്യത്തുക്കളെക്കുറിച്ചുള്ള ചിന്ത കൂടാതെ ഖസീറുകൾ പരസ്പരം സഹായിക്കണം.

ഖാ

ലാവോസിലെ ഗിരിവർഗക്കാർക്കു പൊതുവെ പറഞ്ഞുവരുന്ന പേര്. വിയറ്റ്നാമിൽ ഇവർ 'മോയ്' എന്നും കംബോഡിയയിൽ 'പ്നോംഗ്' എന്നുമാണ് അറിയപ്പെടുന്നത്. ഇന്തോനേഷ്യനും ഖെമറുമായി ബന്ധമുള്ള ചില അവികസിതഭാഷാ രൂപങ്ങളാണ് ഇവർ ആശയവിനിമയത്തിന് ഉപയോഗിക്കുന്നത് നെൽകൃഷി, നായാട്ട്, പോത്തിനെയും പന്നിയെയും കോഴിയെയും വളർത്തൽ എന്നിവയാണ് ഇവരുടെ മുഖ്യ ഉപജീവനമാർഗം. ബഹുഭാര്യത്വവും വിവാഹമോചനവും പുനർവിവാഹവും ഇവരുടെ ഇടയിൽ സാധാരണമാണ്. നൃത്തം, സംഗീതം തുടങ്ങിയ കലകളിൽ നിപുണരായ ഇവരുടെ ശവസംസ്കാരകർമം ആഡംബരപൂർണമാണ്.

ഖാക്കി

കട്ടിയുള്ള ഒരു പ്രത്യേകതരം തുണി. ഹിന്ദിയിൽ നിന്നു നിഷ്പാദിച്ചതാണ് ഈ പദം. പ്രധാനമായും പട്ടാളക്കാരാണ് ഈ തുണികൊണ്ടുള്ള വേഷങ്ങൾ ധരിക്കുന്നത്. നൂലുകൾ പല അനുപാതത്തിൽ ഇതിന്റെ നിർമിതിക്കുവേണ്ടി ഉപയോഗിക്കുന്നു. സർ.എച്ച്.ബി ലുംസ്ഡൻ എന്ന ബ്രിട്ടീഷുദ്യോഗസ്ഥന്റെ ഉത്സാഹത്തിൽ 1848-ൽ ഇതാദ്യമായി ഇന്ത്യയിൽ പട്ടാളത്തിലെ 'ശിപായി'മാരുടെ യൂണിഫോറത്തിന് ഉപയോഗിക്കപ്പെട്ടു. 1857-ലെ സൈനികകലാപത്തിൽ ബ്രിട്ടീഷ് പട്ടാളങ്ങൾക്കിടയിലും ഇതു പ്രചരിച്ചു. രണ്ടാം അഫ്ഘാൻ യുദ്ധം (1878-'80), 'ദക്ഷിണാഫ്രിക്കൻയുദ്ധം (1899-1902) എന്നിവയിൽ പങ്കെടുത്ത ബ്രിട്ടീഷ്-കൊളോണിയൽ സൈനികരെല്ലാം ഖാക്കി യൂണിഫോറമാണ് ധരിച്ചിരുന്നത്. ഇതുപിന്നീട് മറ്റു ബ്രിട്ടീഷ് കോളനികളിൽ മാത്രമല്ല, ഇതരരാഷ്ട്രങ്ങളുടെ സൈന്യങ്ങളിലും സാധാരണമായിത്തീർന്നു. പോലീസ്, എക്സൈസ്, വനം തുടങ്ങിയ വകുപ്പുകളിലെ ചില വിഭാഗക്കാർക്കും ഖാക്കിവേഷം വ്യവസ്ഥ ചെയ്തിട്ടുണ്ട്. മലയാളത്തിൽ കാക്കി എന്നാണ് സാധാരണമായി ഇതിന്നു പേര്.

ഖാജാ അഹമ്മദ് ഫാർകി (1917-)

ഉറുദു നിരൂപകനും പണ്ഡിതും. 1917-ൽ ഉത്തരപ്രദേശിലെ ബാപ്ഹരോണിൽ ജനിച്ചു. ആഗ്രാ സർവകലാശാലയിലും ദില്ലി സർവകലാശാലയിലുമായി പഠനം പൂർത്തിയാക്കി. ദില്ലി സർവകലാശാലയിലെ ഉറുദു റീഡർ ആയിരുന്നു. 1957-ൽ പശ്ചിമ ജെർമനിയിലെ മ്യൂനിക്കിൽ നടന്ന അന്തർദേശീയ പൗരസ്ത്യദേശ കോൺഗ്രസ്സിൽ ദില്ലി സർവകലാശാലയുടെ പ്രതിനിധിയായി പങ്കെടുത്തു. ഗ്രേറ്റ് ബ്രിട്ടനിലെ റോയൽ ഏഷ്യാറ്റിക് സൊസൈറ്റിയിലെ അംഗമാണ്. *മിർസാഷാക്യൂ* (1950), *ക്ലാസ്സികി അദാബ്* (1953), മാക്ദുബത്-എ-ഉറുദുകാ അദാബിവാ-താർകി ഇർദാക്യു, താഹറിക് എ-അസാദി ആർ ഉറുദു അദാബ് എന്നിവ ഉറുദുവിലും, '*ഇന്ത്യൻ സോഷ്യൽ ലൈഫ്*' ഇംഗ്ലീഷിലും, 'പത്തൊൻപതാം നൂറ്റാണ്ട്' ഹിന്ദിയിലും ഇദ്ദേഹം പ്രസിദ്ധീകരിച്ചു.

ഖാജൂരാഹോ

† ഖജുരാഹോ നോക്കുക.

ഖാണ്ഡവം

മഹാഭാരതപ്രകാരം യമുനാനദിയുടെ തീരത്തുള്ള ഒരു വനപ്രദേശം. അമിതഭക്ഷണംകൊണ്ട് അജീർണം ബാധിച്ച അഗ്നി, ബ്രഹ്മാവിന്റെ ഉപദേശപ്രകാരം ഈ വനത്തിലുള്ള ദേവവൈരികളായ ജന്തുക്കളുടെ മേദസ്സു ഭക്ഷിക്കാൻ വന്ന കഥയാണ് ഖാണ്ഡവദാഹം എന്ന ഉപാഖ്യാനത്തിലുള്ളത്. വനം ദഹിച്ചുതുടങ്ങിയപ്പോൾ അവിടെ വസിച്ചിരുന്ന തന്റെ സുഹൃത്തായ തക്ഷകനെ രക്ഷിക്കാൻ ഇന്ദ്രൻ ഉഗ്രമായ മഴ പെയ്യിച്ചുവെന്നും, അതു കണ്ട് അമ്പരന്ന അഗ്നി കൃഷ്ണാർജുനന്മാരുടെ സഹായം തേടുകവഴി മഴയെ തടുത്തുനിർത്തിയെന്നും, ഒടുവിൽ ഇന്ദ്രനും കൃഷ്ണാർജുനന്മാരും തമ്മിലുണ്ടായ യുദ്ധത്തിൽ ഇന്ദ്രൻ പരാജിതനായെന്നും കഥ തുടരുന്നു. ഈ യുദ്ധത്തിൽ അഗ്നി വരുണനിൽനിന്നു വാങ്ങി അർജുനനു നല്കിയതാണ് ഗാണ്ഡീവമെന്ന വില്ല്.

ഖാണ്ഡവവനദാഹാവസരത്തിൽ അവിടെയുണ്ടായിരുന്ന അസുരശില്പിയായ മയനെ അർജുനൻ തീയിൽനിന്നു രക്ഷിച്ചു. ഈ ഉപകാരത്തിന്റെ സ്മരണയ്ക്കായി മയൻ വിശിഷ്ട വസ്തുക്കൾ കൊണ്ട് ഒരു രാജധാനി അവിടെത്തന്നെ പണിത് അർജുനനു നല്കി. ഇതാണ് ആദ്യം ഖാണ്ഡവപ്രസ്ഥമെന്നും, പിന്നീട് ഇന്ദ്രപ്രസ്ഥമെന്നും അറിയപ്പെട്ട പാണ്ഡവരാജധാനി. †ഗാണ്ഡിവം നോക്കുക.

ഖാണ്ഡേക്കർ, വി.എസ്. (1898-1976)

മറാഠി നോവലിസ്റ്റ്. മുഴുവൻ പേർ വിഷ്ണു സഖാറാം ഖാണ്ഡേക്കർ. ഇദ്ദേഹത്തിന്റെ 'യയാതി' എന്ന നോവലിന് 1974-ൽ ജ്ഞാനപീഠം അവാർഡ് ലഭിച്ചു. 1968-ൽ പദ്മഭൂഷൺ ബഹുമതിയും, 1970-ൽ സാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗത്വവും നല്കപ്പെട്ടു. കോൽഹാപ്പൂർ യൂണിവേഴ്സിറ്റി ഡി-ലിറ്റ് നല്കി.

1898 ജനുവരി 19-നു മഹാരാഷ്ട്രയിലെ സാങ്ഗ്ലിയിൽ ജനിച്ചു. പൂണെ ഫർഗുസൻ കോളെജിൽ നിന്നു ബിരുദമെടുത്തശേഷം അധ്യാപകവൃത്തിയിൽ പ്രവേശിച്ചു 1917-ൽ ആദ്യകൃതി പ്രസിദ്ധപ്പെടുത്തി. *കാഞ്ചൻമൃഗ്* (1931), *ദോൻധ്രുവ്* (1934), *പാണ്ഡരേഢഗ്* (1939), *ക്രൗഞ്ചവധ്* (1942) തുടങ്ങിയവയാണ് ആദ്യകാല നോവലുകൾ. സോഷ്യലിസ്റ്റ് ആദർശങ്ങളും ഗാന്ധിയൻ സമീപനരീതിയുമാണ് ഇദ്ദേഹത്തിന്റെ സാഹിത്യകൃതികളുടെ പിന്നിൽ പ്രേരകശക്തിയായി വർത്തിക്കുന്നത്. 1959-ൽ പ്രസിദ്ധീകരിച്ച യയാതിയാണ് ഖാണ്ഡേക്കറുടെ പ്രകൃഷ്ടകൃതി. 1960-ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ഇതിനു ലഭിച്ചു. ഏഴുവർഷം കൊണ്ടു പൂർത്തിയാക്കിയ നോവലാണ് ഇത്. ഭോഗാസക്തിനിമിത്തം സാധാരണ മനുഷ്യന് എത്രത്തോളം പതനം സംഭവിക്കാമെന്ന് ഉദാഹരിക്കുന്ന നോവലാണ് യയാതി. എന്തുവില കൊടുത്തും വിഷയസുഖത്തിൽ മുഴുകുന്നതിൽ തത്പരരായ വ്യക്തികളുടെ പ്രതീകമാണ് ഈ നോവലിലെ യായതി. ഉദാത്തമായ സേവനാദർശത്തിന്റെ മാതൃകയാണ് കചൻ. മൂലകഥാശരീരത്തെ കീഴ്മേൽ മറിച്ചിടാതെ കാലത്തിനു ചേരുന്നമട്ടിൽ അതിനു പുതിയ വേഷം നല്കയേ ഖാണ്ഡേക്കർ ചെയ്തുള്ളു. ഇന്ദ്രിയസുഖത്തിൽ കവിഞ്ഞ ചിലത് ഈ ജീവിതത്തിലൂടെ നേടാനുണ്ടെന്ന ആരോഗ്യകരമായ സന്ദേശം യയാതിയിലൂടെ ഖാണ്ഡേക്കർ ഇന്ത്യൻ സമൂഹത്തിനു നല്കി. നോവൽ, ചെറുകഥ ഉപന്യാസം,

വിമർശനം, ജീവചരിത്രം, നാടകം, ചലച്ചിത്രകഥ തുടങ്ങിയ വിഭാഗങ്ങളിലായി നൂറോളം കൃതികൾ ഇദ്ദേഹം രചിച്ചു. കവിതയുറ്റഭാഷയിൽ കല്പനാഭാസുരമായ ജീവിതചിത്രങ്ങൾ രചിച്ച ഖാണ്ഡേക്കർ ദേശീയരംഗത്ത് ഏറ്റവും കൂടുതൽ പ്രശസ്തിനേടിയ മറാഠി സാഹിത്യകാരനാണ്. ഇദ്ദേഹത്തിന്റെ പല കൃതികളും മലയാളത്തിൽ വിവർത്തനം ചെയ്തു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 1976 സെപ്റ്റംബർ 2-നു ഖാണ്ഡേക്കർ അന്തരിച്ചു.

ഖാണ്ഡ്വാ

മധ്യപ്രദേശിലെ പൂർവ നിമാർജില്ലയുടെ ആസ്ഥാനനഗരം. മഹാഭാരതപ്രസിദ്ധമായ ഖാണ്ഡവം ഇവിടെ ആയിരുന്നെന്നു ചില പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്. ടോളമി തന്റെ യാത്രാവിവരണഗ്രന്ഥത്തിൽ സൂചിപ്പിക്കുന്ന 'കോശ്നാബൻഡ'യും ഇതുതന്നെയായിരിക്കാമെന്നു ചില ഗവേഷകർ പറയുന്നു. നർമദാനദീതടത്തിൽ സ്ഥിതിചെയ്യുന്ന ഈ പട്ടണത്തിൽ അനേകം പ്രാചീനക്ഷേത്രങ്ങളും 'രാമേശ്വരസരസ്സ്' എന്ന ഒരു ജലാശയവുമുണ്ട്. തുണിനെയ്ത്തും തടിവ്യവസായവും സമാന്യം വികസിച്ച ഒരു പട്ടണമാണ് ഇന്നിത്. ഇവിടത്തെ ജനങ്ങൾ ഹിന്ദിയുടെ ഒരു പ്രാദേശികരൂപമായ 'നിമാരി'യാണു സംസാരിക്കുന്നത്.

ഖാദർ, യു.എ.

മലയാള കഥാകൃത്ത്. നാഗവും നാഗപ്പാട്ടും, കാവും വെളിച്ചപ്പാടും, തെയ്യവും തിറയും, ചന്തയും ചൂടിവില്പനയും, അടവും അഭ്യാസവും മറ്റും ജീവിതത്തിനു മുഴുപ്പേകിപ്പോന്ന വടക്കെ മലബാറിന്റെ കഥാകാരനാണ് ഖാദർ. തൃക്കോട്ടൂർ കഥകളിലൂടെ ഒരു പുതിയ ലോകം കഥാസ്വാദകർക്ക് ഇദ്ദേഹം പരിചയപ്പെടത്തി.

1935 ജൂലയ് ഒന്നിന് ബർമയിലെ ബില്ലിന എന്ന ഗ്രാമത്തിൽ ജനിച്ചു. പിതാവ് കൊയിലാണ്ടിയിൽനിന്നു ജീവിതവൃത്തിതേടി ബർമയിലെത്തിയ മൊയ്തീൻകുട്ടി ഹാജി. മാതാവ് സ്വർണപ്പണി കുലത്തൊഴിലായുള്ള മാമൈദി എന്ന ബർമാക്കാരി. ഖാദറിന്റെ ജനനത്തോടെതന്നെ അമ്മ മരിച്ചു. ഏഴുവയസ്സുവരെ ബർമയിൽത്തന്നെ കഴിഞ്ഞു. പിന്നീട് പിതാവ് നാട്ടിലേയ്ക്കു കൊണ്ടുവന്നു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം മദിരാശി കോളെജ് ഒഫ് ഫൈൻ ആർട്സിൽ ചിത്രകല അഭ്യസിച്ചു. തിരിച്ചു നാട്ടിൽവന്ന് ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥനായി. അഞ്ചുകൊല്ലക്കാലം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആകാശവാണിയുടെ കോഴിക്കോടുനിലയത്തിൽ പ്രവർത്തിച്ചു. പിന്നീട് ഹെൽത്ത് ഡിപ്പാർട്ടുമെന്റിലേക്കുതന്നെ തിരിച്ചുപോയി. ഇപ്പോൾ കോഴിക്കോട് ഗവൺമെന്റ് ആസ്പത്രിയിൽ അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിൽ ജോലി ചെയ്യുന്നു.

ചങ്ങല, ഖുറൈശിക്കൂട്ടം, വള്ളൂരമ്മ, വായേപാതാളം എന്നിവയാണ് പ്രധാന നോവലുകൾ. തൃക്കോട്ടൂർ പെരുമ തൃക്കോട്ടൂർ എന്ന ഗ്രാമത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയ കഥകളുടെ സമാഹാരമാണ്. ഈ കഥാസമാഹാരത്തിന് 1984-ൽ കേരള സാഹിത്യ അക്കാദമിയുടെ അവാർഡ് ലഭിച്ചു.

ഖാദി

ചർക്കയിലോ തക്ലിയിലോ നൂറ്റെടുത്ത നൂൽകൊണ്ട് കൈത്തറിയിൽ നെയ്യുന്ന തുണി. ഖദർ എന്നാണ് മലയാളത്തിൽ ഇതിനുപേർ. മുൻകാലങ്ങളിൽ ഇത്തരം വസ്ത്രങ്ങൾ ഉപയോഗിച്ചിരുന്നു. 'വായുവിന്റെ ഇഴകൾ' എന്നു വിശേഷിപ്പിക്കത്തക്കവിധം നേർമയുള്ള വസ്ത്രങ്ങൾക്ക് ധാക്കയും വേറെ ചില പ്രദേശങ്ങളും പ്രസിദ്ധമായിരുന്നു. പാശ്ചാത്യശക്തികളുടെ വ്യാവസായികാധിപത്യം ആരംഭിച്ചതോടെ പണ്ടത്തെ ഇന്ത്യൻഗ്രാമങ്ങളിലെ നൂൽനൂല്പും തുണിനെയ്ത്തും ക്ഷയിച്ചു. പത്തൊമ്പതാംനൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ ബ്രിട്ടീഷ്അധികാരശക്തിക്കെതിരായി വളർന്ന ദേശീയബോധത്തിൽനിന്നു നാമ്പെടുത്ത സ്വദേശിപ്രസ്ഥാനത്തിന്റെ ഉദ്ദേശ്യങ്ങളിലൊന്ന് വിദേശവസ്ത്രങ്ങളുടെ വർജനമായിരുന്നു. പക്ഷേ, ഇന്ത്യൻ മില്ലുകളിൽ ഉണ്ടാക്കുന്ന നൂൽകൊണ്ട്, ഇന്ത്യൻമില്ലുകളിൽത്തന്നെ നിർമിക്കുന്ന വസ്ത്രങ്ങൾ വർജനീയമായിരുന്നില്ല. വസ്ത്രനിർമാണം ഇന്ത്യയിൽ അധഃപതിച്ച നിലയിലായിരുന്നു. ഇന്ത്യൻ രാഷ്ട്രീയത്തിൽ മഹാത്മാഗാന്ധിയുടെ രംഗപ്രവേശത്തോടെയാണ് ചർക്കയെപ്പറ്റിയും ഖദറിനെപ്പറ്റിയും കേട്ടുതുടങ്ങിയത്. 'ഹിന്ദ്സ്വരാജ്' എന്ന ഗ്രന്ഥം എഴുതിയ കാലത്തുതന്നെ ചർക്കയെപ്പറ്റിയുള്ള സങ്കല്പം ഗാന്ധിജിക്കുണ്ടായിരുന്നു.

1915-ൽ ദക്ഷിണാഫ്രിക്കയിൽനിന്നു മടങ്ങിയ ഉടനെ ഗാന്ധിജി കൊച്ച്റാബിൽ(അഹമ്മദാബാദ്) സ്ഥാപിച്ച ആശ്രമത്തിലെ പരിപാടികളിൽ ഒന്ന് നൂൽനൂല്പും ഖദർനെയ്ത്തും ആയിരുന്നു.

ആശ്രമത്തിൽ കുറെ കൈത്തറികൾ ഉണ്ടായിരുന്നു. പക്ഷേ, നെയ്ത്ത് അറിയാവുന്നവർ ഇല്ലായിരുന്നു. ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജിയുടെ സഹപ്രവർത്തകനായിരുന്ന മഗൻലാൽ ഗാന്ധിക്കു മാത്രമേ നെയ്ത്ത് അറിയാമായിരുന്നുള്ളു. നെയ്യുന്നതിന് മിൽനൂലു മാത്രമേ ലഭിച്ചിരുന്നുള്ളു. 1917-ൽ ഗാന്ധിജി ബ്രോച്ചിൽ പോയപ്പോൾ അവിടെ ഒരു ഗ്രാമീണസ്ത്രീ ചർക്കയിൽ നൂൽ എടുക്കുന്നതു കണ്ടു. ബിസുപ്പൂരിൽനിന്നു ചില നൂൽപ്പുകാരെ ആശ്രമത്തിലേക്കു കൊണ്ടുവന്നു. എന്നാൽ അപ്പോഴും പഞ്ഞി കടഞ്ഞെടുക്കുവാൻ യന്ത്രസഹായം വേണ്ടിയിരുന്നു. ഇതിനും വഴി കണ്ടുപിടിച്ചു.

ഖാദിപ്രസ്ഥാനം. താമസിയാതെ ഖാദിനിർമാണവും അതിന്റെ പ്രചാരണവും ഒരു പ്രസ്ഥാനമായി ഗാന്ധിജി സ്വീകരിച്ചു. ക്രമേണ ഖാദിപ്രസ്ഥാനം ഇന്ത്യയിലെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി ജാലിയൻവാലാബാഗിലെ കൂട്ടക്കൊലയ്ക്കുശേഷം(1919) കൂടിയ കൽക്കത്താ കോൺഗ്രസ്സ്സമ്മേളനത്തിൽ ഗാന്ധിജി അവതരിപ്പിച്ച നിസ്സഹകരണപ്രമേയത്തോടൊപ്പം എടുത്ത ഒരു തീരുമാനത്തിൽ നൂൽനൂല്പും നെയ്ത്തും ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും നടപ്പാക്കണമെന്നു നിർദേശിച്ചു. ഇന്ത്യയിലെ കോടിക്കണക്കിനുള്ള പട്ടിണിപ്പാവങ്ങളുടെ ദാരിദ്ര്യഭാരം ലഘൂകരിക്കുന്നതിനും വസ്ത്രധാരണത്തിൽ

ചർക്കയിൽ നൂൽ നൂല്ക്കുന്നു

സ്വാശ്രയശീലം വളർത്തുന്നതിനും ഖാദിപ്രസ്ഥാനം ഉപകരിക്കുമെന്ന് ആ പ്രമേയത്തിൽ വ്യക്തമാക്കിയിരുന്നു.

'യങ് ഇന്ത്യ', 'നവജീവൻ' എന്നീ പത്രങ്ങളിൽ ഗാന്ധിജി നൂൽനൂല്പിനെയും ഖാദിപ്രചാരണത്തെയുംകുറിച്ച് ധാരാളം ലേഖനങ്ങൾ എഴുതി.

ഖാദിയും കോൺഗ്രസ്സും. 1925-ൽ പറ്റ്നയിൽവച്ച് കോൺഗ്രസ്സും സ്വരാജ്പാർട്ടിയും തമ്മിലുണ്ടായിരുന്ന അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞുതീർന്നതോടുകൂടി ഖദർ പ്രചരിപ്പിക്കുന്നതു സംബന്ധിച്ച് ഒരു പ്രത്യേക സംഘടന ഉണ്ടാക്കുവാൻ തീർച്ചപ്പെടുത്തി. അതിലേക്ക് സെപ്റ്റംബർ 22-ാം തീയതി 'അഖിലേന്ത്യാ നൂൽനൂല്പു സംഘം' സ്ഥാപിച്ചു.

സംഘത്തിലെ അംഗങ്ങളെല്ലാം മാസത്തിൽ ആയിരം വാര നൂൽ നൂൽക്കണമെന്നും ഖദർ ധരിക്കണമെന്നും ചർക്ക പ്രചരിപ്പിക്കണമെന്നും നിഷ്കർഷിച്ചു. ഇതെല്ലാം അക്ഷരംപ്രതി അനുഷ്ഠിക്കുവാൻ മിക്ക കോൺഗ്രസ്സുകാർക്കും കഴിഞ്ഞില്ലെങ്കിലും കോൺഗ്രസ്സുകാർ എപ്പോഴും ഖദർ ധരിക്കണമെന്ന അഭിപ്രായത്തെ സർവേന്ത്യാ കോൺഗ്രസ്സ്കമ്മിറ്റിയിൽ ഭൂരിപക്ഷം അനുകൂലിച്ചു. എങ്കിലും അത് നിർബന്ധിതമാക്കുന്ന പ്രമേയം ഔപചാരികമായി പാസാക്കുന്നതു ശരിയല്ലെന്ന് കോൺഗ്രസ്സ് അഭിപ്രായപ്പെട്ടു. എന്നാൽ എല്ലാ കോൺഗ്രസ്സുകാരും ഖദർ ധരിക്കണമെന്ന ധാരണ പൊതുവെ ഉണ്ടായി. ഗാന്ധിജി കുറെക്കാലം സജീവരാഷ്ട്രീയത്തിൽനിന്ന് ഒഴിഞ്ഞുനിന്ന് ഖദർപ്രചാരണത്തിലും അയിത്തോച്ചാടനത്തിലും മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചതും പ്രസ്ഥാനത്തെ വളരെ സഹായിച്ചു.

എങ്കിലും കോൺഗ്രസ്സുകാർ ഖാദി പ്രചാരണത്തിൽ വേണ്ടത്ര തത്പരരായില്ല. ഗാന്ധിജി കോൺഗ്രസ്സിൽനിന്നു രാജിവച്ചശേഷം കോൺഗ്രസ്സ് അംഗത്വത്തിനു പണത്തിനുപകരം സ്വയം നൂറ്റ നൂൽ നല്കണം എന്ന വ്യവസ്ഥ നിർദേശിച്ചു.

ഗാന്ധിജിയുടെ ജീവിതകാലത്തുപോലും ഖാദിപ്രസ്ഥാനം പൂർണവിജയമായില്ല. എന്നാൽ അദ്ദേഹത്തിന്റെ തീവ്രനിഷ്ഠയും അതിലുള്ള വിശ്വാസവുംമൂലം അതു പുരോഗമിക്കുന്നുണ്ടായിരുന്നു. 'ഗാന്ധിജയന്തി', 'ചർക്കാജയന്തി'യായി ആഘോഷിച്ചുതുടങ്ങിയത് നൂൽനൂല്പിന് നല്ല പ്രചോദനമായി.

സ്വാതന്ത്ര്യത്തിനുശേഷം ഖാദിപ്രസ്ഥാനം അഭിവൃദ്ധിപ്പെടുത്താൻ ഗവൺമെൻറ് അഖിലേന്ത്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഖാദി ഗ്രാമവ്യവസായബോർഡ് രൂപവത്കരിച്ചു. ഗാന്ധിജി അഭിലഷിച്ച രീതിയിൽ ചർക്കയിൽ നൂൽനൂല്ക്കുക വ്രതമായി പരിപാലിക്കുന്നവരുടെ സംഖ്യ പരിമിതമാണ്. നൂൽനൂല്പു സംഘങ്ങൾ ഇന്ത്യയുടെ നാനാഭാഗങ്ങളിലുമുണ്ട്. ഖാദിവ്യവസായം നടത്തുന്ന സംഘടനകളുണ്ട്. ഇന്ത്യാഗവൺമെൻറ് സഹായംകൊണ്ടു പ്രവർത്തിക്കുന്ന ഖാദി-ഗ്രാമവ്യവസായക്കമ്മീഷൻ അഖിലേന്ത്യാടിസ്ഥാനത്തിൽ സംഘടിപ്പിച്ചിട്ടുള്ളതിന്റെ ശാഖകൾ എല്ലാ പ്രധാനകേന്ദ്രങ്ങളിലുമുണ്ട്. †ഖാദിഗ്രാമവ്യവസായ ബോർഡ് നോക്കുക

ഖാദി-ഗ്രാമവ്യവസായ കമ്മീഷൻ

ഖാദി-ഗ്രാമവ്യവസായങ്ങളുടെ അഭിവൃദ്ധിക്കായി അഖിലേന്ത്യാടിസ്ഥനത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനം. 1956-ൽ കേന്ദ്രഗവൺമെൻറ് തീരുമാനമനുസരിച്ചാണ് ദേശീയാടിസ്ഥാനത്തിൽ ഖാദി-ഗ്രാമവ്യസായ കമ്മീഷനും സംസ്ഥനങ്ങളിൽ † ഖാദി-ഗ്രാമവ്യവസായ ബോർഡുകളും രൂപവത്ക്കരിച്ചത്.

പൂർണമായും ഇന്ത്യാ ഗവൺമെൻറ് നിയന്ത്രണത്തിലുള്ളതും ലാഭേച്ഛയില്ലാതെ (non-profit making) പ്രവർത്തിക്കുന്നതുമായ ഒരു സ്ഥാപനമാണിത്. ഇതിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള തുക കേന്ദ്ര ഗവൺമെൻറിന്റെ ബജറ്റിൽനിന്നും പ്രവർത്തന പരിപാടികൾക്കുള്ള തുക പഞ്ചവത്സരപദ്ധതിയുടെ ഫണ്ടിൽനിന്നും അനുവദിക്കുന്നു. ഈ കമ്മീഷന്റെ കീഴിൽവരുന്ന വ്യവസായങ്ങൾ ഇവയാണ്: 1. കൈത്തറി: ഖാദി, കമ്പിളി, പട്ട്. 2. ഭക്ഷ്യസംസ്കരണ വ്യവസാങ്ങൾ. 3. വനോത്പന്നങ്ങളെ ആശ്രയിച്ചുള്ള വ്യവസായങ്ങൾ. 4. കൈകൊണ്ടുണ്ടാക്കുന്ന കടലാസ്, തുകൽകൊണ്ടുള്ള കുടിൽ വ്യവസായങ്ങൾ, തേനീച്ച വളർത്തൽ, കളിമൺപാത്രനിർമാണം, തുടങ്ങിയ വ്യവസായങ്ങൾ. ഇത്തരം വ്യവസായങ്ങളിൽ ഏർപ്പെടുന്നവർക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായം നല്കുക, അവരുടെ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക തുടങ്ങിയ പ്രവർത്തനങ്ങളിൽ ആണ് കമ്മീഷൻ ശ്രദ്ധപതിപ്പിക്കുന്നത്.

ഖാദി-ഗ്രാമവ്യവസായ ബോർഡ്

ഖാദി-ഗ്രാമവ്യവസായങ്ങളുടെ അഭിവൃദ്ധിക്കായി സംസ്ഥാനതലത്തിൽ രൂപവത്കരിക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ. 1956-ലെ കേന്ദ്ര ഗവൺമെൻറ് തീരുമാനമനുസരിച്ചാണ് ഇവ രൂപവത്കരിക്കപ്പെട്ടത്. † കേരള ഖാദി-ഗ്രാമവ്യവസായ ബോർഡ് സ്ഥാപിതമായത് 1957-ൽ ആണ്. †ഖാദി-ഗ്രാമവ്യവസായ കമ്മീഷൻ നോക്കുക.

ഖാൻ

ഇസ്ലാമികരാജ്യങ്ങളിൽ ഒരു ബഹുമതിബിരുദം. 'മേൽക്കോയ്മ', 'പരമാധികാരി' എന്നെല്ലാമുള്ള അർഥത്തിൽ മങ്ഗോളിയൻഭാഷയിലുള്ള 'കഘാൻ' എന്ന പദത്തിൽനിന്നാണ് ഇതിന്റെ നിഷ്പത്തി. പേർസ്യൻ-അറബിക്ക് ഭാഷകളിൽ ഇതിനു തുല്യമായ പദം 'ഖ്കാൻ' എന്നാണ്. ജങ്കിസ്ഖാന്റെ കാലംമുതലാണ് ഇതു പേരിനോടു ചേർക്കുന്ന പതിവ് ആരംഭിക്കുന്നത്. അദ്ദേഹത്തിന്റെ പിൻഗാമികൾ താർത്താരി(കാത്തെ)യിലെ 'ഖാൻമാർ' എന്ന നിലയിൽ ചരിത്രത്തിൽ അറിയപ്പെടുന്നു. പിന്നീട് ഇസ്ലാമികലോകത്തിലെ മിക്ക നാടുവാഴികളും ഈ ബിരുദംകൂടി ചേർത്താണ് സ്വന്തം പേരുകൾ ഉപയോഗിച്ചുവന്നത്. ആധുനികകാലത്ത് അഫ്ഘാനിസ്താൻ, പാകിസ്താൻ, ഇന്ത്യ എന്നിവിടങ്ങളിൽ ധനികന്മാരായ മുസ്ലീങ്ങൾ ഈ ബിരുദം ഉപയോഗിച്ചുവരുന്നു.

ഖാൻ, അംജദ് അലി. (1945-)

പ്രഗല്ഭനായ സരോദ് വാദകൻ. ഉസ്താദ് ഹാഫീസ് അലിഖാന്റെ മകനായി 1945 ഒക്റ്റോബർ 9-ാം തീയതി ജനിച്ചു. പതിനൊന്നാമത്തെ വയസ്സിൽ കൽക്കത്തയിൽ നടന്ന സദാരങ്ഗ്സങ്ഗീതസമ്മേളനത്തിൽ കച്ചേരി നടത്തി സങ്ഗീതലോകത്തിലേക്കു പ്രവേശിച്ചു. പതിനഞ്ചാമത്തെ വയസ്സിൽ പ്രയാഗ് സങ്ഗീതസമ്മേളനം സങ്ഗീത് സമ്രാട്ട് - എന്ന സ്ഥാനപ്പേരു നല്കി ബഹുമാനിച്ചു. 1975-ൽ പദ്മശ്രീ ബഹുമതി നേടി. 1970-ൽ യുനെസ്കോ (UNESCO) പുരസ്കാരംനേടിയിട്ടുണ്ട്. വിദേശങ്ങളിലും ഹിന്ദുസ്ഥാനിസങ്ഗീതത്തിന് വിപുലമായ ആസ്വാദകവൃന്ദത്തെ സൃഷ്ടിക്കുവാൻ ഇദ്ദേഹത്തിനു കഴിഞ്ഞു.



ഖാൻ, അബ്ദുൾ ഗഫാർ

† അബ്ദുൾ ഗഫാർ ഖാൻ നോക്കുക.

ഖാൻ, അല്ലാവുദ്ദീൻ (1862-1972)

സരോദ്വാദകനും സംഗീതജ്ഞനും. ത്രിപുരയിലുള്ള ശിവപുരിയിൽ 1862 ഒക്റ്റോബർ 2-ാം തീയതി ജനിച്ചു. പിതാവ് **സിതാർ** വാദകനായിരുന്നു. ചെറുപ്പംമുതൽ സംഗീതത്തിലായിരുന്നു ഭ്രമം.

പ്രാഥമികവിദ്യാഭ്യാസം കാര്യമായി നേടിയില്ല. എട്ടുവയസ്സുള്ള ഒരു പെൺകുട്ടിയെ, മാതാപിതാക്കന്മാർ നിർബന്ധിച്ച് വിവാഹം ചെയ്യിച്ച ദിവസം, ആലം (അതായിരുന്നു ആദ്യത്തെ പേര്) കൽക്കത്തയിലേക്ക് ഒളിച്ചോടി. അലഞ്ഞുതിരിഞ്ഞുനടന്ന ആ ബാലനെ ഒരു ക്ഷേത്രത്തിൽവച്ചു ഗദാധർ ഭട്ടും (പിന്നീടു ശ്രീരാമകൃഷ്ണപരമഹംസൻ) പത്നിയും ആഹാരംകൊടുത്ത് ആശ്വസിപ്പിച്ചു. കൽക്കത്തയിലെ താമസക്കാലത്ത്, ഒരു നീഗ്രോയിൽ നിന്ന് ക്ലാരിനറ്റു പഠിച്ചു. മിനർവാ നാടകക്കമ്പനിയിലെ സംഗീതക്കാരുടെ കൂട്ടത്തിൽ ഒരാളായിത്തീർന്നു. കുറെകഴിഞ്ഞ് ജോലിയുപേക്ഷിച്ച്, സരോദു പഠിക്കാൻ, അഹമ്മദ് ആലിഖാന്റെ ശിഷ്യത്വം സ്വീകരിച്ച് അഭ്യാസം തുടങ്ങി. വസീർഖാന്റെ ശിഷ്യനായി സരോദ് വായനയിൽ വൈദഗ്ധ്യം ആർജിച്ചു. അതിനുശേഷമാണ്, അലാവുദ്ദീൻ ഖാൻ - എന്ന പേരു സ്വീകരിച്ചത്. സരോദ്, സിത്താർ, വീണ, സ്വരസിങ്ഗാർ, ശഹനായ്, റബബ്, മൃദംഗം, തബല, വയലിൻ, കോർനെറ്റ്, **ക്ലാരിനറ്റ്** - എന്നീ സംഗീതോപകരണങ്ങൾ വൈഭവത്തോടെ ഉപയോഗിക്കാൻ ഇദ്ദേഹത്തിനു സാധിക്കുമായിരുന്നു. ഉദയശങ്കറിന്റെ നൃത്തസംഘത്തോടൊപ്പം, സംഗീതസംവിധായകൻ എന്ന നിലയിൽ വിദേശങ്ങളിൽ പര്യടനം നടത്തി.

പല സാംസ്കാരികസംഘടനകളും സർക്കാരും അല്ലാവുദ്ദീൻ ഖാന്റെ സേവനങ്ങൾ മാനിച്ച്, ബഹുമതികളും അവാർഡുകളും നല്കി ആദരിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ പദ്മഭൂഷൺ, മയ്ഹാർ മഹാരാജാവിന്റെ സങ്ഗീതനായക്, ശാന്തിനികേതനത്തിന്റെ ദേശികോത്തമൻ, താൻസേൻ സംഗീതസമിതിയുടെ അഫിതാബ് ഇ - ഹിന്ദ്, ലക്നൗവിലെ സങ്ഗീത സർവകലാശാലയുടെ സങ്ഗീതാചാര്യ തുടങ്ങിയവ ഉദാഹരണങ്ങളാണ്.

അതിവിപുലമായ ഒരു ശിഷ്യസമ്പത്തിന്റെ ഉടമയായിരുന്നു അല്ലാവുദ്ദീൻ ഖാൻ. പണ്ഡിറ്റ് രവിശങ്കർ, പന്നാലാൽ ഘോഷ്, ആർ.എൻ.ഘോഷ് തുടങ്ങിയവർ അതിൽപെടും. രവിശങ്കർ ഇദ്ദേഹത്തിന്റെ ജാമാതാവാണ്.

കലാമർമജ്ഞനായ ഈ സംഗീതജ്ഞൻ ജാതിചിന്തകൾക്കതീതനായിരുന്നു. സ്വന്തം താമസസ്ഥലത്തിനു സമീപമുള്ള ഒരു കുന്നിൽ, ശാരദാദേവിക്കായി ഒരു ക്ഷേത്രം സ്ഥാപിച്ചു. ത്രിപുരയിൽ ഒരു മുസ്ലിം പള്ളിയും പണികഴിപ്പിച്ചു. 1972-ൽ നൂറ്റിപ്പത്താമത്തെ വയസ്സിൽ നിര്യാതനായി.

ഖാൻ, ഉസ്താദ് ഹാഫിസ് അലി(1877–1972)

സംഗീത സമ്രാട്ടും സരോദ് വാദകനും. താൻസേന്റെ വംശപാരമ്പര്യം അവകാശപ്പെടുന്ന സെനിയ ഘരാനയിലെ ഏറ്റവും മികച്ച സംഗീതജ്ഞൻ. പഠിച്ചതും വളർന്നതും ഗ്വാളിയറിലാണ്. സരോദ് വായനയിൽ ബീൻ എന്ന് അറിയപ്പെടുന്ന തനതായ സമ്പ്രദായം ആവിഷ്കരിച്ചു. ഹിന്ദുസ്ഥാനി സംഗീതരംഗത്ത് ദീർഘകാലം നിറഞ്ഞുനിന്ന അതുല്യ കലാകാരനായിരുന്നു ഉസ്താദ്. വിശ്വഭാരതി യൂണിവേഴ്സിറ്റി ഇദ്ദേഹത്തിനു സംഗീതത്തിൽ ഡോക്ടറേറ്റു നല്കി. ഇന്ത്യാഗവൺമെൻറ് 1960-ൽ പദ്മഭൂഷൺ ബഹുമതി നല്കി ആദരിച്ചു. സംഗീതനാടക അക്കാദമി അവാർഡും ലഭിച്ചിട്ടുണ്ട്. 1972 ഡിസംബറിൽ ദില്ലിയിൽ വച്ചു മരിച്ചു. പ്രസിദ്ധ സരോദ്‌വാദകൻ അംജദ് അലിഖാൻ ഇദ്ദേഹത്തിന്റെ പുത്രനാണ്.

ഖാൻ ഖാനാ, അബ്ദുർ രഹിം (1567–1624)

ബഹുഭാഷാപണ്ഡിതനും കവിയും. തുർക്കി, പേർഷ്യൻ, അറബി, സംസ്കൃതം, ഹിന്ദി എന്നീ ഭാഷകളിൽ പാണ്ഡിത്യം നേടി. അഹിന്ദുക്കളായ ഹിന്ദികവികളിൽ ഏറ്റവും ഉന്നതൻ എന്നു ഗണിക്കപ്പെടുന്നു. മനുഷ്യത്വത്തിനാണു കാവ്യങ്ങളിൽ മുൻതൂക്കം നല്കിയത്. അക്ബറുടെ അടുത്ത സുഹൃത്ത് ആയിരുന്നു. കൃതികൾ: *രഹീം ദോഹാവലി, മദനാഷ്ടക്, ശൃങ്ഗാരസൗരഭ്, പഞ്ചാധ്യായ്.*

ബൈറാൻ ഖാന്റെ മകനായ ഇദ്ദേഹം അക്ബറുടെ സേനാനികളിൽ ഒരാളായിരുന്നു. പല വൻയുദ്ധങ്ങളിലും പങ്കെടുത്തിട്ടുണ്ട്. ജഹാങ്ഗീറിന്റെ കാലത്ത് ചതി ആരോപിച്ച് ഇദ്ദേഹത്തെ ജെയിലിൽ ഇടുകയും സ്വത്തു മുഴുവൻ കണ്ടുകെട്ടുകയും ചെയ്തു. ഗോസ്വാമി തുളസീദാസിന്റെ സുഹൃത്തായിരുന്നു ഇദ്ദേഹം. രഹിമിന്റെ ദോഹകൾ ഇന്നും സാധാരണജനങ്ങളുടെ നാവിൻതുമ്പിൽ കളിയാടുന്നു. ഹിന്ദി പരീക്ഷകൾക്ക് രഹീമിന്റെ ദോഹകൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താറുണ്ട്.

ഖാൻദേശി

ഖാൻദേശിലും സമീപപ്രദേശങ്ങളിലും സംസാരിക്കുന്ന ഭാഷ. ഈ ഭാഷയ്ക്കു ഭീലിയോടും മറാഠിയോടും ബന്ധമുണ്ട്. ഗുജറാത്തിയുടെ ഭാഷാഭേദം (ഡയലെക്ട്) ആണെന്നു ചില പണ്ഡിതന്മാർ കരുതുന്നു. രാജസ്ഥാനിപദങ്ങളും ഈ ഭാഷയിൽ സുലഭമാണ്. മറാഠിയുടെ സ്വാധീനശക്തിയാണ് ഇതിൽ പ്രബലം എന്നു പറയപ്പെടുന്നു. ധാങ്ഗി, ധെഡ്, ഗുജ്രി എന്നീ പേരുകളും ഈ ഭാഷയ്ക്കുണ്ട്. ഈ പറഞ്ഞ മൂന്നും ഖാൻദേശിയുടെ ദേശ്യഭേദങ്ങളാണ് എന്നു പറയുന്നതാണു ശരി.

ഖാൻ, ഫസ്ലുർ റഹ്മാൻ (1929–1982)

ഇന്ത്യയിൽ ജനിച്ച് അമേരിക്കയിൽ ജോലിചെയ്ത സിവിൽ എൻജിനിയർ. വർത്തുള ഡിസൈൻ (ട്യൂബുലർ ഡിസൈൻ) അനുസരിച്ചുള്ള അംബരചുംബികൾ പണിയുന്ന സിവിൽ എൻജിനിയറിങ് വിഭാഗമായിരുന്നു ഇദ്ദേഹത്തിന്റെ പ്രവർത്തനരംഗം. ഇന്ത്യയിൽ പരീക്ഷ പാസായ ഇദ്ദേഹം അസിസ്റ്റൻറ് എൻജിനിയറായി ജോലിയിൽ പ്രവേശിച്ചു. ഏറെ താമസിയാതെ, 1952-ൽ ഇല്ലിനോയ്ഡ് സർവകലാശാലയിൽ ചേർന്ന് സ്ട്രക്ചറൽ എൻജിനിയറിങ്ങിൽ ഗവേഷണബിരുദം നേടി. പ്രശസ്തമായ ഒരു നിർമാണക്കമ്പനിയിൽ ചേരുകയും അമേരിക്കൻ പൗരത്വം സ്വീകരിക്കുകയും ചെയ്തു. ലോകത്തിലെ ഏറ്റവും ഉയരംകൂടിയ കെട്ടിടം ഉൾപ്പെടെ ഇദ്ദേഹം ഡിസൈൻ ചെയ്ത പല അംബരചുംബികളും അമേരിക്കയിലുണ്ട്. വിമാനത്താവളം, സർവകലാശാലാമന്ദിരം എന്നിവ അറേബ്യയിലും ഇദ്ദേഹം ഡിസൈൻ ചെയ്തിട്ടുണ്ട്.

ഖാൻ, ബിസ്മില്ലാ

† ബിസ്മില്ലാ ഖാൻ നോക്കുക.

ഖാൻ, ലിയാഖത്ത് അലി

† ലിയാഖത്ത് അലി ഖാൻ നോക്കുക.

ഖാൻ, വാലീഖാൻ

† വാലീഖാൻ ഖാൻ നോക്കുക.

ഖാൻ, സർ സെയ്ദ് അഹമ്മദ്

† സെയ്ദ് അഹമ്മദ് ഖാൻ, സർ നോക്കുക.

ഖാൻ സാഹിബ്, ഡോക്ടർ

ഇന്ത്യൻ സ്വാതന്ത്ര്യസമരഭടനും പഠാൻജനതയുടെ നേതാവും അതിർത്തിഗാന്ധി എന്നറിയപ്പെട്ട ഖാൻ അബ്ദുൽ ഗഫാർഖാൻെറ മൂത്തസഹോദരൻ. മുൻ വടക്കുപടിഞ്ഞാറൻ അതിർത്തിപ്രവിശ്യയുടെ മുഖ്യമന്ത്രി. ആദർശശാലിയും സേവനോത്സുകനുമായ രാഷ്ട്രീയപ്രവർത്തകൻ. ഇംഗ്ലണ്ടിൽ മെഡിക്കൽ വിദ്യാഭ്യാസം നടത്തിയശേഷം അല്പകാലം സൈന്യത്തിൽ സേവനം അനുഷ്ഠിച്ചു. പിന്നീട് ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിൽ ചേർന്ന് ദേശീയപ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിച്ചു. സഹോദരനോടൊപ്പം ഇദ്ദേഹവും നിസ്സഹകരണപ്രസ്ഥാനകാലത്ത് ജയിലിലടയ്ക്കപ്പെട്ടു. ദീർഘകാലം അതിർത്തിപ്രവിശ്യാ നിയമനിർമാണസഭയിൽ അംഗവും കുറെക്കാലം മുഖ്യമന്ത്രിയും ആയിരുന്നു. പാകിസ്താൻ രൂപവത്കരണത്തിനുശേഷം അല്പകാലം പശ്ചിമപാകിസ്താൻെറ മുഖ്യമന്ത്രി ആയി. ഒരു പഠാൻ അക്രമിയുടെ കുത്തേറ്റു മരിച്ചു.

ഖായൽ, ഗുലാംനബി (1938-)

കശ്മീരി പത്രപ്രവർത്തകനും കവിയും ഗ്രന്ഥകാരനും. 1938 മാർച്ച് 4-ന് ശ്രീനഗറിൽ ജനിച്ചു. ജമ്മു-കശ്മീർ അക്കാദമി ഒഫ് ആർട്സ്, കൾച്ചർ ആൻഡ് ലാങ്ഗ്വേജസിലും റേഡിയോനിലയത്തിലും ജോലി ചെയ്തു. ഇഖ്ബാൽ ദിനപത്രം, മഹാസ് വാരിക തുടങ്ങിയവയുടെ പത്രാധിപരായിരുന്നു. ടൈം മാഗസിൻെറ ലേഖകൻ ആയി പ്രവർത്തിച്ചു. ആദ്യത്തെ കശ്മീരി വാർത്താപത്രമായ 'വതാൻ' (Wattan) ആരംഭിച്ചത് ഇദ്ദേഹമാണ്. അതിൻെറ മുഖ്യപത്രാധിപരായിരുന്നു. കശ്മീരിഭാഷയിൽ ഏതാനും ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. 1975-ൽ സാഹിത്യ അക്കാദമി അവാർഡു ലഭിച്ചു. ഒമാർ ഖയ്യാം, അരിസ്റ്റോട്ടിലിൻെറ പോയറ്റിക്സ് തുടങ്ങിയവ കശ്മീരിയിലേക്കു പരിഭാഷപ്പെടുത്തി. ജമ്മുകശ്മീർ സ്റ്റേറ്റ് കൾച്ചറൽ അക്കാദമി അവാർഡ്(1974), ജേർണലിസ്റ്റ് വെൽഫെയർ ഫൗണ്ടേഷൻ അവാർഡ്(1982), അന്തർദേശീയ ഉപന്യാസമത്സരത്തിനുള്ള പോളിഷ് അവാർഡ്(1968) തുടങ്ങിയവയും ഇദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്.

ഖാരിയ

ഒരു പ്രാചീന കോലാര്യൻ ജനവർഗം. ഇവർ വളരെ അപരിഷ്കൃതരാണ്. ഇവരുടെ ഉദ്ഭവകഥയ്ക്കു മുണ്ഡവർഗത്തിൻെറതിനോടു സാമ്യമുണ്ട്. ഈ രണ്ടുകൂട്ടരും ഒരേ വർഗത്തിൻെറ രണ്ടു ശാഖകളാണ്. 'ബന്ദ' ആണ് ആരാധനാമൂർത്തി. കാർഷികായുധങ്ങളെ - കലപ്പ, മഴു - ആരാധിക്കുന്നു. ദസറാദിനത്തിൽ സൂര്യനെ പൂജിക്കും; നൈവേദ്യം അർപ്പിക്കും. മലിനവസ്തുവാഹകരായിരുന്നു. ഇപ്പോൾ കാർഷികവൃത്തിയിലും വന്യവിഭവസംഭരണത്തിലും ഏർപ്പെട്ടു കഴിയുന്നു.

ഖാർകോവ്

സോവിയറ്റ് യൂണിയനിലെ ഉക്രേനിയൻ റിപ്പബ്ലിക്കിലെ ഒരു പ്രവിശ്യ(Oblast)യും അതിൻെറ ആസ്ഥാനനഗരവും. ഖാർകോവ് എന്ന പട്ടണം മോസ്കോവിൽനിന്ന് 640 കി.മീറ്റർ തെക്കുപടിഞ്ഞാറ് ഉഡി, ലോപാൻ, ഖാർകോവ് പുഴകളുടെ സംഗമസ്ഥലത്തു സ്ഥിതിചെയ്യുന്നു. 1652-ൽ ഒരു സൈനികകേന്ദ്രമായി പണികഴിക്കപ്പെട്ട ഈ പട്ടണം വളരെ വേഗം വ്യാവസായികമായി വികസിച്ചു. വിപ്ലവകാലത്ത് റഷ്യയിലെ നഗരങ്ങളുടെ കൂട്ടത്തിൽ ആറാംസ്ഥാനമാണ് ഖാർകോവിനുണ്ടായിരുന്നത്. കുറെക്കാലം ഖാർകോവ് ഉക്രൈനിൻെറ തലസ്ഥാനമായിരുന്നെങ്കിലും, 1934 ആയപ്പോഴെയ്ക്കും ആ പദവി കീവിന് ലഭിച്ചു. വൈദ്യുതി, ഡീസൽ വാഹനങ്ങൾ, ട്രാക്ടറുകൾ, യന്ത്രോപകരണങ്ങൾ, ഖനനസാമഗ്രികൾ, തുണിത്തരങ്ങൾ എന്നിവയാണ് ഇവിടത്തെ മുഖ്യവ്യവസായങ്ങൾ. മോസ്കോവും ലെനിൻഗ്രാഡും കഴിഞ്ഞാൽ റഷ്യയിലെ ഏറ്റവും വലിയ റെയിൽവേകേന്ദ്രമായ ഖാർകോവിൽ എട്ടു മുഖ്യലൈനുകൾ സംഗമിക്കുന്നു. മാക്സിം ഗോർക്കി സർവകലാശാല തുടങ്ങിയ പ്രമുഖ വിദ്യാഭ്യാസ-സാംസ്കാരികകേന്ദ്രങ്ങൾ ഈ നഗരത്തിൻെറ പ്രശസ്തിക്കു നിദാനമായിട്ടുണ്ട്.



ഖാർകോവ്
നഗരത്തിൽ
കായികവിനോദ
വികാസത്തിനുള്ള
സ്ഥാപനത്തിനു
മുന്നിൽ
സ്ഥാപിച്ചിട്ടുള്ള
പ്രതിമ

1932-ൽ രൂപവത്കൃതമായ ഖാർകോവ് പ്രവിശ്യയുടെ വിസ്തൃതി 19,500 ച.കി.മീറ്റർ ആണ്. ഫലപുഷ്ടമായ മണ്ണും സുശക്തമായ കാർഷികപ്രവർത്തനങ്ങളും ഈ പ്രദേശത്തെ റഷ്യയിലെ ഏറ്റവും സമ്പന്നമായ ഭൂവിഭാഗമാക്കിയിട്ടുണ്ട്. ബീറ്റ്കിഴങ്ങിൽനിന്നുള്ള പഞ്ചസാര ഉത്പാദനവും പുകയിലക്കൃഷിയുമാണ് മുഖ്യവ്യവസായങ്ങൾ.

രണ്ടാം ലോകയുദ്ധത്തിൽ ഖാർകോവ്നഗരത്തിനു ഗണ്യമായ നാശം സംഭവിച്ചു. പക്ഷേ, **പുനർനിർമിതമായ** നഗരം കൂടുതൽ വീതിയും ഭംഗിയുമുള്ള റോഡുകളും കെട്ടിടങ്ങളുംകൊണ്ട് ഏറെ ആകർഷകമായിരിക്കയാണ്. 1975-ൽ ഭൂഗർഭപാതകൾ ഇവിടെ ഏർപ്പെടുത്തി. നഗരത്തിലെ ജനസംഖ്യ 15,19,000(1983). പ്രവിശ്യയിലെ ജനസംഖ്യ 31,10,000(1983).

ഖാലിദ് (1912–1982)

1975-മുതൽ സൗദി അറേബിയയിലെ രാജാവ്. മുഴുവൻ പേര് ഖാലിദ്-ഇബ്ൻ അബാദ്-അൽ-അസിസ്-അൽ സൗദ് എന്നാണ്. ഇബ്ൻ സൗദ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ആജാ സൗദി അറേബിയയിലെ രാജവംശത്തിൻെറ സ്ഥാപകനും ആയ അബ്ദ്-അൽ-അസീസിൻെറ ഏഴാമത്തെ പുത്രനാണ് ഖാലിദ്. ഔപചാരികവിദ്യാഭ്യാസം ലഭിച്ചിരുന്നില്ല. പക്ഷേ പാരമ്പര്യമനുസരിച്ചുള്ള മത വിദ്യാഭ്യാസം സ്വഗൃഹത്തിൽ നിന്നു ലഭിച്ചു. 1934-ൽ യെമനുമായുള്ള സമാധാനസന്ധിനടത്താൻ ഇദ്ദേഹത്തെ നിയോഗിച്ചു. ജ്യേഷ്ഠനായ ഫൈസൽ രാജകുമാരൻ രാജാവും പ്രധാനമന്ത്രിയും ആയപ്പോൾ, ഖാലിദ് അടുത്ത പ്രധാനമന്ത്രിയായി നിർദേശിക്കപ്പെട്ടിരുന്നു. 1975-ൽ ഫൈസൽ കൊല്ലപ്പെട്ടപ്പോൾ സൗദി അറേബിയയുടെ ഭരണചുമതലയേറ്റു. 1982 ജൂൺ 13-ന് നിര്യാതനായി.

ഖാലിദ് (1930-)

മലയാളനോവലിസ്റ്റ്. മുസ്ലിംസമുദായത്തിലെ അനാചാരങ്ങളെ വിമർശിക്കുന്നതിൽ വിജയിച്ച കഥാകൃത്ത്. 1930 ഒക്റ്റോബർ 10-ന് ഫോർട്ട്കൊച്ചിയിൽ ജനിച്ചു. *അല്ലാഹുവിൻെറ അടിമകൾ*, *ഉയദസൂര്യനെതിരെ*, *കടൽക്കഴുകൻ* തുടങ്ങിയ നോവലുകളും ഏതാനും കഥാസമാഹാരങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉത്തരേന്ത്യൻ കഥാപാത്രങ്ങളെ ധാരാളമായി മലയാളത്തിൽ അവതരിപ്പിച്ച കഥാകൃത്തുക

ളിൽ ഒരാളാണ് ഖാലിദ്. മധ്യപ്രദേശിലെ റായിപൂരിന്നടുത്ത് മെസ്സ്ഴസ് എം.പി. ഓയിൽസ് ആൻറ് ലൂബ്രിക്കൻറ്സിലാണ് ജോലിചെയ്തിരുന്നത്. *ഒരേ ദേശക്കാരായ ഞങ്ങൾ* എന്ന നോവലിന്ന് 1988-ൽ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

ഖാലിദ്, വി (1922-)

സുപ്രീം കോടതിയിലെ മുൻ ജഡ്ജി 1922 ജൂലൈ ഒന്നിന് കണ്ണൂരിൽ ജനിച്ചു. മദിരാശി പ്രസിഡൻസി കോളെജിൽനിന്ന് ബി.എസ്സി ബിരുദം നേടിയശേഷം മലപ്പുറം ഗവൺമെന്റ് ഹൈസ്കൂളിൽ അധ്യാപകനായി. പിന്നീടു മദിരാശി ലോ കോളെജിൽ ചേർന്ന് നിയമബിരുദം നേടി. 1945-ൽ കണ്ണൂരിൽ അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടു. 1948-'52 കാലത്തു കണ്ണൂർ നഗരസഭാംഗമായിരുന്നു. 1964-ൽ എറണാകുളത്ത് ഹൈക്കോടതിയിൽ അഭിഭാഷകനായി. 1972-ൽ ഹൈക്കോടതി ജഡ്ജിയായി നിയമിക്കപ്പെട്ടു. പതിനൊന്നു വർഷത്തെ സേവനത്തിനുശേഷം 1983-ഓഗസ്റ്റിൽ ഇദ്ദേഹത്തെ ജമ്മു-കശ്മീർ ചീഫ് ജസ്റ്റിസ് പദവിയിലേക്ക് ഉയർത്തി. 1984-മേയിൽ സുപ്രീം കോടതി ജഡ്ജി ആയി. 1987-ജൂലൈയിൽ ഉദ്യോഗത്തിൽ നിന്നു വിരമിച്ചു.

ഖാലിഫ്മാർ

† ഖലീഫമാർ നോക്കുക.

ഖാലിസ്ഥാൻ വാദം

† ഖലിസ്ഥാൻ വാദം നോക്കുക.

ഖാസി

ഇസ്ലാമിക സാമൂഹിക വ്യവസ്ഥിതിയിലെ ന്യായാധിപൻ. നിയമനിർമാണവും നീതിന്യായപരിപാലനവും ദൈവത്തിനുമാത്രം അവകാശപ്പെട്ടതാണെന്നു **മുസ്ലീങ്ങൾ** വിശ്വസിക്കുന്നു. ദൈവിക നിയമങ്ങൾ പ്രവാചകന്മാർ മുഖേനയാണു മനുഷ്യർക്ക് ലഭിച്ചത്. അന്ത്യപ്രവാചകനു ലഭിച്ച സന്ദേശങ്ങളുടെ സമാഹാരമാണ് ഖുർ ആൻ. ജീവിതത്തിന്റെ സമസ്തമേഖലകൾക്കും ബാധകമാക്കാവുന്ന നിയമങ്ങൾ അതിൽ പ്രതിപാദിച്ചിട്ടുണ്ട്. ആ നിയമസംഹിതയുടെ സാങ്കേതിക സംജ്ഞയാണ് ശരിയത്ത്. "നിങ്ങളിൽ വിശ്വാസികളും സത്ക്കർമികളുമായവരിൽനിന്ന് പ്രതിനിധികളെ നിയോഗിക്കു"മെന്നു ഖുർ ആൻ (24:55) വാഗ്ദാനം ചെയ്യുന്നു. ജന്മനാ സിദ്ധിക്കുന്ന അധികാരവും അവകാശവും ഇസ്ലാം അംഗീകരിക്കുന്നില്ല. ന്യായാധിപന്മാരടക്കം എല്ലാ ഭരണകർത്താക്കളും സമുദായത്തിന്റെ പ്രതിനിധികൾ (ഖലീഫമാർ) ആവണം. ശരിയത്ത് നിയമമനുസരിച്ചു കുറ്റവിചാരണയ്ക്കും വിധിക്കുമുള്ള അധികാരം ജനങ്ങളാണ് അവരിൽ അർപ്പിക്കുന്നത്. ഇസ്ലാമിക ഭരണമില്ലാത്ത രാജ്യങ്ങളിൽ മതപരമോ സാമൂഹികമോ ആയ തർക്കങ്ങൾ ഖാസിമാരുടെ തീർപ്പിനു വിധേയമാക്കാറുണ്ട്.

ഖാസി അബുബക്കർ കുഞ്ഞി

അറബിമലയാളകവിയും ഇസ്ലാം പണ്ഡിതനും. 19-ാം ശതകത്തിലാണ് ഇദ്ദേഹം ജീവിച്ചിരുന്നത്. അച്ഛൻ കോഴിക്കോട് ഖാസി മുഹിയിദ്ദീനാണ്. ജനനകാലം കൃത്യമായി അറിയില്ലെങ്കിലും മരണം ഹിജ്റ: 1301(എ.ഡി.1923)ൽ ആണെന്ന് 'മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇദ്ദേഹം കോഴിക്കോട് ഖാസിയായി വളരെക്കാലം സേവനം അനുഷ്ഠിച്ചു. അറബിഭാഷയിലും അറബിമലയാളത്തിലും പല കൃതികളും രചിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ 'ശറഹ്വിത്തിരിയ്യ ' പ്രാചീന കേരള ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന ഒരു ഗ്രന്ഥമാണ് എന്നു പറയപ്പെടുന്നു. 'രിസാലത്തുൽ-അൽ-സഫരിഹി-ഇലാമക്കാ-ലിൽഹജ്ജി' എന്ന ഗ്രന്ഥം ഹജ്ജുയാത്രാവിവരണമാണ്. 'ശാദലിമാല' എന്ന കൃതി ഇദ്ദേഹം രചിച്ച മാലപ്പാട്ടാണ്. ഖാസി മുഹമ്മദ് ഒന്നാമന്റെ 'മുഹിയുദ്ദീൻ മാല' എന്ന കൃതിപോലെതന്നെ മുസ്ലിംകളുടെ ഇടയിൽ നല്ല പ്രചാരമുള്ള കൃതിയാണു 'ശാദലിമാല'യും.

ഖാസിക്കുന്നുകൾ

ഇന്ത്യയിലെ മേഘാലയ സംസ്ഥാനത്തിന്റെ മധ്യഭാഗത്തുള്ള കുന്നുകൾ. ഷില്ലോങ് ഉന്നതതടം ഉൾപ്പെട്ടതാണ് ഈ പർവതപ്രദേശം. ബ്രഹ്മപുത്രയുടെയും സുർമയുടെയും പലപോഷകനദികൾ ഇവിടെക്കൂടെ ഒഴുകുന്നു. ഈ കുന്നുകളുടെ തെക്കുഭാഗത്തുള്ള ചിറാപുഞ്ചി പ്രദേശം ലോകത്തിൽ ഏറ്റവുമധികം മഴലഭിക്കുന്ന പ്രദേശങ്ങളിൽ ഒന്നാണ്. പ്രകൃതി സൗന്ദര്യത്തിനു വിഖ്യാതമായ ഈ പ്രദേശത്തെ 'പൗരസ്ത്യ സ്കോട്ട്ലൻഡ്' എന്നു വിശേഷിപ്പിക്കാറുണ്ട്.

മേഘാലയത്തിന്റെ തലസ്ഥാനമായ ഷില്ലോങ്ങിനു പുറത്തുള്ള ജനങ്ങൾ അധികവും കർഷകരാണ്. നെല്ലാണു മുഖ്യകൃഷി. വനം തീയിട്ട് ഒന്നുരണ്ടുകൊല്ലം നെൽകൃഷി നടത്തുന്നു. പിന്നെ കൃഷിസ്ഥലം ഉപേക്ഷിക്കുന്നു. അവിടെ കാടു വളരുന്നു - കുറച്ചുനാൾ കഴിഞ്ഞു വീണ്ടും പഴയപടി കാടുചുട്ടു കൃഷിചെയ്യുന്നു.

†ഖാസി ജനവർഗം, ഖാസിഭാഷ നോക്കുക.

ഖാസി ജനവർഗം

ഇന്ത്യയിലെ മേഘാലയ സംസ്ഥാനത്തുള്ള പൂർവ-പശ്ചിമ ഖാസി കുന്നുകളിലും ജൈന്തിയ കുന്നുകളിലും വസിക്കന്ന ജനത. സമീപത്തുള്ള ജില്ലകളിലെ ജനങ്ങളുടെതിൽനിന്നു തികച്ചും ഭിന്നമാണ് ഇവരുടെ സംസ്കാരം. വർഗനേതൃത്വത്തിലും സ്വത്തവകാശത്തിലും സ്ത്രീപാരമ്പര്യം (മരുമക്കത്തായം)ആണ് ഇവർ പിൻതുടരുന്നത്. അമ്മയിൽനിന്ന് ഇളയമകളിലേക്കു കുടുംബനേതൃത്വം കൈമാറ്റം ചെയ്യപ്പെടുന്നു. പക്ഷേ സ്ത്രീകൾ നിർദേശിക്കുന്ന പുരുഷന്മാരാണു യഥാർഥത്തിൽ അവരുടെ പേരിൽ ഭരണം നടത്തുന്നത് ക്രിസ്തുമതം സ്വീകരിച്ച വളരെ കുടുംബങ്ങളിൽ പുരുഷാധിപത്യം സ്വീകരിച്ചിട്ടുണ്ട്. സ്വാർജിതസ്വത്തിന്റെ കാര്യത്തിൽ മരണപത്രംകൊണ്ട് ഇഷ്ടമുള്ളവർക്കു സ്വത്തു കൈമാറ്റം ചെയ്യുന്ന രീതിയും നിലവിൽ വന്നിരിക്കുന്നു.

ഇവർ പല ഗോത്രങ്ങളായി പിരിഞ്ഞിരിക്കുന്നു. അരിയാണു മുഖ്യഭക്ഷ്യം. മലഞ്ചരുവിലും താഴ്വരയിലും നെല്ലുകൃഷി ചെയ്യുന്നു. വനം തീയിട്ടു നെല്ലുകൃഷി ചെയ്യുന്ന പഴയരീതിതന്നെയാണ് ഇപ്പോഴും.

1950-കളിൽ ജില്ലാ ഭരണസമിതികൾ ഏറെക്കുറെ സ്വയംഭരണാവകാശത്തോടെ ഇവിടെ സ്ഥാപിതമായിട്ടുണ്ട്. ഇവിടത്തെ ഗോത്രവർഗത്തിനു നിയമസഭയിലും പാർലമെന്റിലും സംവരണമുണ്ട്. † ഖാസി കുന്നുകൾ, ഖാസിഭാഷനോക്കുക.

ഖാസി-ജയന്തിയാ

മേഘാലയ സംസ്ഥാനത്തിൽ ബ്രഹ്മപുത്രാ-സുർമാ നദീതടങ്ങൾക്കു നടുവിൽ കിടക്കുന്ന പീഠഭൂമി. കിഴക്കുപടിഞ്ഞാറ് നീണ്ടുകിടക്കുന്ന ഈ പ്രദേശത്തിന്റെ ഇരുവശവും കുത്തനെയുള്ളതാണ്. ഇവ സമുദ്രനിരപ്പിൽനിന്ന് 1000-2000 മീറ്റർ മുകളിൽ സ്ഥിതിചെയ്യുന്നു. ലോകത്തിൽ ഏറ്റവും കൂടിയ വർഷപാതമുള്ള പ്രദേശങ്ങളിൽ ഒന്നായ ചിറാപുഞ്ചി ഇവിടെയാണ്. പയിൻ, ഓക്ക് തുടങ്ങിയ വൻമരങ്ങൾ നിറഞ്ഞ ഈ പ്രദേശങ്ങളിൽനിന്ന് ഇരുമ്പയിരും ഗന്ധകം കലർന്ന കൽക്കരിയും സമൃദ്ധമായി ലഭിക്കുന്നു.

കാടുകൾ ചുട്ടുകരിച്ചു വെടിപ്പാക്കിയവയാണ് കൃഷിഭൂമികൾ. നെല്ലാണ് പ്രധാനവിള. ഇവിടത്തെ ജനങ്ങളിൽ പാകിസ്താനിൽ നിന്നു വന്ന അഭയാർഥികളും ഖാസികളും സിൻടെംഗുകളും പ്നാറുകളും ഉൾപ്പെടുന്നു. മോൺഖെർ ഭാഷാഗോത്രത്തിലുള്ള ഭാഷാഭേദങ്ങളാണ് ഇവരുടെ ഇടയിൽ പ്രചാരത്തിലിരിക്കുന്നത്. ഒരുതരം മരുമക്കത്തായം ഇവരുടെ ഇടയിൽ ഉണ്ട്. ക്രിസ്ത്യൻ മിഷനറിമാർ ഇവിടെ വിദ്യാലയങ്ങളും ആശുപത്രികളും പള്ളികളും സ്ഥാപിച്ച് നാട്ടുകാരിൽ ബഹുഭൂരിപക്ഷത്തെയും മതപരിവർത്തനം ചെയ്യിച്ചിരിക്കുന്നു.

ബ്രിട്ടീഷ് ഭരണകാലത്ത് ഇവരുടെയിടയിൽ നിയന്ത്രിത സ്വയംഭരണാധികാരമുള്ള പല നാടുവാഴികളും ഉണ്ടായിരുന്നു. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇവർ അധികാരം വഹിച്ചിരുന്ന പ്രദേശങ്ങളെ മുഴുവൻ സംയോജിപ്പിച്ച് 'ഐക്യ ഖാസി-ജയന്തിയാ കുന്നുകൾ' (United Khasi and Jaintia Hills) എന്ന ജില്ല രൂപവത്കൃതമായി.

ഈ പ്രദേശം ആദ്യം അസംസംസ്ഥാനത്തിന്റെ ഭാഗമായിരുന്നു. 1972-ൽ മേഘാലയ സംസ്ഥാനം രൂപവത്കൃതമായപ്പോൾ അതിൽ ഉൾപ്പെട്ടു. കിഴക്കൻ ഖാസി, പടിഞ്ഞാറൻ ഖാസി എന്നിങ്ങിനെ രണ്ടു ജില്ലകൾ ഇപ്പോൾ നിലവിലുണ്ട്. ജനസംഖ്യ: കിഴക്കൻ ഖാസി-5,11,414. പടിഞ്ഞാറൻ ഖാസി-1,61,576 (1981)

ഖാസിപൈൻ

'കോണിഫറെ വിഭാഗത്തിൽ പൈനേസിസസ്യകുലത്തിൽപ്പെട്ട വൃ

ക്ഷം. ശാസ്ത്രനാമം: പൈനസ് കാസ്യ *(pinus khasya)*വർത്തുളമായ കൊമ്പുകൾ. മൊത്തത്തിൽ വൃത്താകാരമുള്ള വലിയ പച്ചിലമരമാണ് ഖാസി പൈൻ. തൊലിക്ക് ചുവപ്പുകലർന്ന ചാരനിറം. ചിലപ്പോൾ ആഴത്തിൽ വിള്ളലുകൾ. സൂചിപോലെയുള്ള ഇലയ്ക്കു 15 മുതൽ 25 വരെ സെ.മീ. നീളമുണ്ട്. മൂന്നെണ്ണമുള്ള കൂട്ടങ്ങളായി ഇല കാണപ്പെടുന്നു.

അസം, നാഗാകുന്നുകൾ, മണിപ്പൂർ, ഉത്തരബർമ എന്നിവിടങ്ങളിൽ സമുദ്രനിരപ്പിൽനിന്ന് 760 മുതൽ 1950 വരെ മീറ്റർ ഉയരത്തിൽ വളരുന്നു.

സൂചിയിലകൾ ഏപ്രിൽ-മേയിൽ കൊഴിയുന്നു. പുതിയവ ഫെബ്രുവരി-മാർച്ചിലാണ് ഉണ്ടാവുക. ഇലകൾ ഒരുകൊല്ലം മൂന്നു മാസത്തോളം നിലനില്ക്കും. ആൺ-പെൺപുഷ്പങ്ങൾ പുതിയ ചില്ലകളിൽ ഫെബ്രുവരി-മാർച്ചിലുണ്ടാവുന്നു. ആൺപൂവിന് ഇളം തവിട്ടു നിറം. കോണുകൾ ഇളംപച്ചനിറത്തിലുള്ളത്. 1, സെ. മീറ്ററോളം നീളത്തിൽ അണ്ഡാകാരം. രണ്ടു വർഷങ്ങൾക്കുശേഷം ഫെബ്രുവരി-ഏപ്രിലിൽ അവ പാകമാകുന്നു. അപ്പോൾ തവിട്ടുനിറമായിരിക്കും. 6-7 സെ.മീ. നീളം. വിത്തിനു ചിറകുകളുണ്ട്.

ഇളകിമറിഞ്ഞ മണ്ണുള്ള ഉപേക്ഷിക്കപ്പെട്ട കൃഷിസ്ഥലങ്ങളിൽ ധാരാളം തൈകൾ വളരുന്നതു കാണാം. വേണ്ടത്ര സൂര്യപ്രകാശം പ്രത്യുത്പാദനത്തെ പ്രോത്സാഹിപ്പിക്കുന്നു. നേരിട്ടു വിതയ്ക്കുകയോ തൈകൾ പറിച്ചുനടുകയോ ചെയ്യാം. മാർച്ചിലാണ് വിത്തു വിതയ്ക്കുക. ഒരടിയോളം ഉയരമുണ്ടാകുമ്പോൾ പറിച്ചുനടാം.

തടി ഏറെക്കുറെ കടുപ്പമുള്ളതും ഇളം തവിട്ടുനിറമോ ചുവപ്പുനിറമോ ഉള്ളതും ധാരാളം മരക്കറയടങ്ങിയതുമാണ്. ഖാസിക്കുന്നുകളിൽ ഈ മരത്തിൻെറ തടി കെട്ടിടനിർമാണത്തിനുപയോഗിക്കുന്നു. ബർമയിൽ അകപ്പണികൾക്കാണ് ഇതുപയോഗിക്കുന്നത്. ഇവിടെ മരത്തിൽനിന്നു കത്തുന്ന കൊള്ളികൾ (torch-wood) എടുക്കുന്നുണ്ട്. മരത്തിൻെറ തടിയിൽ ഒരു വലിയ ദ്വാരമുണ്ടാക്കുന്നു. ഇതിൽ മരക്കറ നിറയും. പിന്നീടു ചുറ്റുമുള്ള മരക്കറയിൽ മുങ്ങിയ മരം കഷണങ്ങളായി കത്തിക്കുവാനെടുക്കുന്നു.

ഖാസിഭാഷ

അസമിലും ത്രിപുരയിലും മേഘാലയത്തിലും സംസാരിക്കുന്ന ഒരു ഭാഷ. അസമിലെ ഖാസി **ജയന്തിയകുന്നുകളിൽ** സംസാരിക്കുന്ന ഓസ്ട്രിക് ഭാഷകളിൽ പെടുന്നതാണ് ഇതും എന്നു ഗണിക്കപ്പെടുന്നു. നൂതനപഠനങ്ങളുടെ ഫലമായി ഓസ്റ്ററോ ഏഷ്യാറ്റിക് ഭാഷാഗോത്രത്തിലെ പലാങ്ഗ്ഖ്മെർ ശാഖയിൽ പെടുന്നതാണ് ഇതെന്ന നിഗമനത്തിൽ ചില ഭാഷാശാസ്ത്രജ്ഞർ എത്തിച്ചേർന്നിരിക്കുന്നു. † ഖാസി ജനവർഗം, ഖാസി കുന്നുകൾ നോക്കുക.

ഖാസി മുഹമ്മദ്

അറബിമലയാളകവിയും ഇസ്ലാം പണ്ഡിതനും. കോഴിക്കോടു കാസിയായി വളരെക്കാലം സേവനമനുഷ്ഠിച്ചു. ഇസ്ലാമിക വിഷയങ്ങളിൽ ചെറുപ്പകാലത്തുതന്നെ പാണ്ഡിത്യം നേടി. ഗണിതശാസ്ത്രത്തിലും ജ്യോതിശ്ശാസ്ത്രത്തിലും അവഗാഹമുണ്ടായിരുന്നു. അറബിമലയാളത്തിലെഴുതപ്പെട്ട ഭക്തികാവ്യങ്ങളിൽ ഏറ്റവും പഴക്കമുള്ള 'മുഹ്യിദ്ദീൻ മാല' ഇദ്ദേഹത്തിൻെറ കൃതിയാണ്.

"പാലിലെ വെണ്ണപോൽ ബൈത്താക്കി ചൊല്ലുന്നേൻ
പാക്കിയം ഉള്ളോവർ ഇതിനെ പഠിച്ചോവർ"

എന്നിങ്ങനെ ഈ കൃതി വായിക്കുന്നവർ ഭാഗ്യവാന്മാരാണെന്ന് കവി തന്നെ പ്രഖ്യാപിക്കുന്നു. പോർത്തുഗീസുകാരും സാമൂതിരിപ്പാടിൻെറ മുസ്ലിം-നായർ സങ്കലിതസേനയും തമ്മിൽ ചാലിയത്തുവച്ചുനടന്ന സമരങ്ങളുടെ ചരിത്രമുൾക്കൊള്ളുന്ന 'ഫത്ഹുൽ മുബീൻ', ഇസ്ലാമിലെ വൈവാഹികജീവിതമുറകളെപ്പറ്റി പ്രതിപാദിക്കുന്ന 'മഖാസിദുന്നിക്കാഹ്' എന്നിവയാണ് ഖാസി മുഹമ്മദിൻെറ മറ്റു ചില കൃതികൾ.

ആചാരവൈവിധ്യങ്ങളുടെ പേരിൽ കലഹിച്ചിരുന്ന മുസ്ലിം സമുദായത്തിൽ ഐക്യം വളർത്താൻ വളരെയേറെ പരിശ്രമിച്ച മതപണ്ഡിതൻകൂടിയായിരുന്നു ഖാസി മുഹമ്മദ്. ജനനകാലം കൃത്യമായറിവില്ല. ഹിജ്റ 1025 (1647 A.D.)ൽ ഇദ്ദേഹം അന്തരിച്ചു

ഖിംഗാൻ പർവതങ്ങൾ

വടക്കുകിഴക്കൻ ചൈനയിൽ ആമൂർ, ലിയാവോ എന്നി നദികൾക്കിടയ്ക്ക് 1120 കി.മീ. നീളത്തിൽ സ്ഥിതിചെയ്യുന്ന പർവതനിരകൾ. ഇതിൻെറ വീതി 128-320 കി.മീറ്റർ വരും; ഏറ്റവും കൂടിയ പൊക്കം 2035 മീറ്റർ ആണ്. ഈ മലനിരകൾ മുഴുവൻ ഇതുവരെയായി പര്യവേക്ഷണംചെയ്യപ്പെട്ടിട്ടില്ല. പക്ഷേ, ഇതുമുറിച്ച് രണ്ടുപ്രധാന റെയിൽമാർഗങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

ഖിത്താൻ

ഉത്തരചൈന, മങ്ഗോളിയ, മഞ്ചൂറിയ എന്നീ പ്രദേശങ്ങൾ ചേർന്ന ഒരു സാമ്രാജ്യത്തിൽ ആധിപത്യം ചെലുത്തിയിരുന്ന ചൈനയിലെ ലിയാവോ രാജവംശം (907-1125) ഉൾപ്പെടുന്ന ഒരു യൂറാൾ-ആൾടെയിക്ക് ജനവർഗം. ഇവർ പല കോട്ടകൊത്തളങ്ങളും നിർമിച്ചിട്ടുണ്ട്. ഇവരെ ജൂർച്ചൻ എന്ന വർഗക്കാർ ആക്രമിച്ചു തോല്പിച്ചു.

ഖിലാഫത്ത്

തുർക്കിസുൽത്താന് ഖലീഫ് എന്ന നിലയ്ക്കുള്ള പദവിയും അധികാരങ്ങളും പുനഃസ്ഥാപിക്കുന്നതിനു വേണ്ടി നടത്തിയ പ്രക്ഷോഭം. ഒന്നാം ലോകയുദ്ധത്തിൽ തുർക്കി സുൽത്താൻ ബ്രിട്ടീഷുകാർക്കെതിരെ ജെർമനിയുടെ ഭാഗത്തുചേർന്നിരുന്നു. യുദ്ധാനന്തരം ഒപ്പുവച്ച പാരീസ് ഉടമ്പടിയിൽ സുൽത്താൻെറ ഖലീഫ് പദവിക്കു കോട്ടംവരുത്തുന്ന ചില തീരുമാനങ്ങൾ ഉണ്ടായി. മുസ്ലിം പുണ്യസ്ഥലങ്ങൾ രക്ഷിക്കുന്നതിന് സുൽത്താനു ശക്തിയില്ലാതെ വന്നു. ഖലീഫിനു നേരിട്ട ഈ ആപത്ത് ഇന്ത്യൻ മുസ്ലിങ്ങളെ ക്ഷുഭിതരാക്കി. അവർ പ്രക്ഷോഭം ആരംഭിച്ചു.

ഇന്ത്യയിലെ ഖിലാഫത്ത് പ്രസ്ഥാനത്തിനു മഹാത്മാഗാന്ധി നേതൃത്വം നല്കി. അഖിലേന്ത്യാ ഖിലാഫത്ത് കോൺഫറൻസ് 1919 നവംബർ 4-ന് ദില്ലിയിൽവച്ചു കൂടിയപ്പോൾ ഗാന്ധിജി അതിൻെറ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. യുദ്ധത്തിൽ ബ്രിട്ടൻ നേടിയ വിജയത്തിൽ സഹകരിക്കാതിരിക്കുവാനും നിസ്സഹകരണപ്രസ്ഥാനം തുടങ്ങാനും തീരുമാനിച്ചു. അമൃത്സർ കോൺഗ്രസ്സിൻെറ തലേദിവസംതന്നെ അലിസഹോദരന്മാർ മോചിപ്പിക്കപ്പെട്ടത് ഖിലാഫത്ത് പ്രസ്ഥനത്തിനു കൂടുതൽ ഉണർവുകിട്ടുവാൻ കാരണമായി. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഖിലാഫത്ത് പ്രസ്ഥാനം കെട്ടുറപ്പോടെ പുനരാവിഷ്കരിക്കാൻ അമൃത്സറിൽവെച്ച് കോൺഗ്രസ്സ്-ഖിലാഫത്ത് നേതാക്കൾ ഒന്നിച്ചുക്കൂടി. തുടർന്ന്, ഗാന്ധിജി, സ്വാമി ശ്രദ്ധാനന്ദൻ, മദനമോഹനമാളവീയ, പണ്ഡിത് മോത്തീലാൽ നെഹ്റു എന്നിവരും മുസ്ലിം നേതാക്കന്മാരും ഉൾപ്പെട്ട ഒരു നിവേദകസംഘം വൈസ്റോയിയുമായി സംഭാഷണം നടത്തി. അതുകൊണ്ടു ഫലമുണ്ടായില്ല. തന്മൂലം നിവേദകസംഘം ഇംഗ്ലണ്ടിലേക്കു പോയി. എന്നാൽ തുർക്കി സുൽത്താനെ രക്ഷിക്കാൻ ആർക്കും കഴിഞ്ഞില്ല.

ഖിലാഫത്ത് നേതാക്കന്മാർ തികച്ചും നിരാശരായി. 1920 മാർച്ച് 19-ാം തീയതി രാഷ്ട്രം ശോകദിനമായി ആചരിച്ചു. നിരാഹാര സത്യഗ്രഹം, പൊതുപ്രാർഥന, ഹർത്താൽ എന്നിവ നാടൊട്ടുക്ക് നടന്നു. ഖിലാഫത്ത് പ്രസ്ഥാനത്തിനു നല്കിയ സഹായം പല പ്രമുഖ കോൺഗ്രസ്സുകാരെയും അമ്പരപ്പിച്ചു. കാരണം ഖിലാഫത്ത് പ്രസ്ഥാനത്തിൻെറ അടിസ്ഥാനം സർവലോക മുസ്ലിം സംഘടനയാണ്. എന്നാൽ ഇന്ത്യയിലെ മുസ്ലിങ്ങളും ഹിന്ദുക്കളും പരസ്പരം സഹായിക്കേണ്ടവരാണെന്ന് ഗാന്ധിജി ഉദ്ബോധിപ്പിച്ചു. എങ്കിലും ഖിലാഫത്ത് പ്രസ്ഥാനത്തിനു കോൺഗ്രസ്സും ഗാന്ധിജിയും നല്കിയ സഹായസഹകരണങ്ങൾ നിഷ്ഫലമായി.

ഖിലാഫത്ത് കമ്മിറ്റികൾ സംഘടിപ്പിക്കാനും ദേശീയ പ്രസ്ഥാനം ശക്തിപ്പെടുത്താനുമായി മഹാത്മാഗാന്ധിയും മൗലാനാ ഷൗക്കത്ത് അലിയും കേരളം സന്ദർശിച്ചു. ഖിലാഫത്ത് പ്രസ്ഥാനം മലബാറിലെ മുസ്ലിങ്ങളുടെ മേൽ വൻപിച്ച സ്വാധീനംചെലുത്തി. ഏറനാടു വള്ളുവനാടു താലൂക്കുകളിൽ ഈ പ്രസ്ഥാനത്തിനുണ്ടായ മുന്നേറ്റം അധികാരികളിൽ ആശങ്ക ഉളവാക്കി. നേതാക്കളെ അറസ്റ്റുചെയ്തു. ഈ പ്രസ്ഥാനത്തെ അമർത്താൻ പോലീസ് ബലപ്രയോഗം നടത്തി. ഇതു പോലീസുകാരും മുസ്ലിങ്ങളുമായുള്ള സംഘട്ടനങ്ങൾക്കിടയാക്കി. ഈ സംഭവവികാസം മലബാർ കലാപത്തിനു മുന്നോടിയായിത്തീർന്നു.

ഖിൽജിവംശം

ജലാലുദ്ദീൻ ഫിറോസ്ഷാ സ്ഥാപിച്ച രാജവംശം. **അഫ്ഘാനിസ്താനിലെ** ഖിൽജി എന്ന സ്ഥലത്ത് ഏറെക്കാലം ജീവിച്ചിരുന്ന ഒരുകൂട്ടം തുർക്കികളെയാണ് ഖിൽജികളെന്നു പറയുന്നത്. മുസ്ലിം ആക്ര

മണകാലത്ത് ഇവർ ഇന്ത്യയിലേക്കു കുടിയേറിപ്പാർക്കുകയും ക്രമേണ അന്നത്തെ ദില്ലി സുൽത്താന്മാരായിരുന്ന അടിമവംശക്കാരെ തോല്പിച്ച് ഖിൽജിരാജവംശം സ്ഥാപിക്കുകയും ചെയ്തു (1290). ഈ രാജവംശത്തിലെ ആദ്യത്തെ രാജാവ് ജലാലുദ്ദീൻ ഖിൽജി ആണ്. മരുമകനും ജാമാതാവുമായ അലാവുദ്ദീൻ ഖിൽജിയുടെ ആൾക്കാർ (മഹമ്മദ് സലിം തുടങ്ങിയവർ) ഇദ്ദേഹത്തെ 1296 ജൂലൈ 26-ാം തീയതി കൊലപ്പെടുത്തി. അങ്ങനെ അധികാരം അലാവുദ്ദീൻ ഖിൽജിയുടെ കൈയിലായി.

ശോഭായമാനമെങ്കിലും ഭീകരമായിരുന്നു, അലാവുദ്ദീന്റെ ഭരണം. ഇദ്ദേഹത്തിന്റെ മരണശേഷം സേനാനിയായിരുന്ന മാലിക് കാഫർ, ഷിഹാബുദ്ദീൻ ഉമർ എന്ന ആറുവയസ്സുള്ള കുട്ടിയെ രാജാവായി വാഴിച്ചിട്ട് റീജെന്റായി ഭരണം തുടങ്ങി. അയാൾ അലാവുദ്ദീന്റെ രണ്ടു പുത്രന്മാരെ അന്ധരാക്കുകയും ശേഷമുള്ളവരെ തടവിലാക്കുകയും ചെയ്തു. ആലാവുദ്ദീന്റെ മൂന്നാമത്തെ പുത്രനായ മുബാരക് ഖാൻ മാത്രം രക്ഷപ്പെട്ടു. വിമോചിതനായ മുബാരക് 1316 ഏപ്രിൽ 19-ന് ഷിഹാബുദ്ദീൻ ഉമറിനെ അന്ധനാക്കുകയും തുടർന്ന് കുത്തബ് ഉദ്ദീൻ മുബാരക്ഷാ എന്ന പേരിൽ ഭരണം നടത്തുകയും ചെയ്തു. ഭുവുടമകൾക്കും കർഷകർക്കുമെല്ലാം ഇദ്ദേഹത്തിന്റെ ഭരണം ഇഷ്ടപ്പെട്ടു. മുബാരക്ഷാ ഗുജറാത്തിലെ ഹസൻ എന്ന അടിമയെ മുഖ്യമന്ത്രിയാക്കി. ഇയാൾ ഖുസ്രുഖാൻ എന്ന പേരിൽ അറിയപ്പെട്ടു.

ഖുസ്രുഖാന്റെ നേതൃത്വത്തിൽ പല ജൈത്രയാത്രകളും നടന്നു. ഒടുവിൽ 1320 ഏപ്രിൽ 15-ാം തീയതി ഖുസ്രു, മുബാരക്കിനെ തലമുടിക്കു പിടിച്ചുനിർത്തുകയും ജഹാര്യ എന്നയാൾ തലവെട്ടിയെടുത്തെറിയുകയും ചെയ്തു. അങ്ങനെ സ്വന്തം ഉപകർത്താവിനെ വധിച്ച് അയാൾ നസറുദ്ദീൻ ഖുസ്രുഷാ എന്ന പേരിൽ സ്വയം സിംഹാസനാരൂഢനായി സിംഹാസനത്തിനവകാശം പുറപ്പെടുവിക്കാൻ സാധ്യതയുള്ള അലാവുദീന്റെ മറ്റു പുത്രന്മാരെയും ഏറെ താമസിയാതെ കൊലപ്പെടുത്തി. അതോടുകൂടി ഖിൽജിവംശത്തിന്റെ ചരിത്രവും അവസാനിച്ചു(1320 സെപ്റ്റംബർ). ഖിൽജി വംശരാജാക്കന്മാർ. 1. ജലാലുദ്ദീൻ ഫിറോസ്ഷാ 1290 (ഭരണമേറ്റ വർഷം), 2. രുക്നുദ്ദീൻ ഇബ്രാഹിംഷാ 1296 (ഭരണമേറ്റ വർഷം), 3. അലാവുദ്ദീൻ ഫിറോസ് മുഹമ്മദ് ഷാ 1296 (ഭരണമേറ്റ വർഷം), 4. ശിഹാബുദ്ദീൻ ഉമർഷാ (മൂന്നാമന്റെ മകൻ) 1316, 5. കുത്ബുദ്ദീൻ മുബാറക്ഷാ (മൂന്നാമന്റെ മകൻ) 1316, 6. നസിറുദ്ദീൻ ഖുസ്രുഷാ (അഞ്ചാമന്റെ അടിമ) 1320, †അലാവുദീൻ ഖിൽജി നോക്കുക.

ഖിൽനാനി, മനോഹർദാസ് കൗരമൽ (1897–)

സിന്ധി സാഹിത്യകാരൻ. സിൻഡിൽ നവാബ് ഷാ ജില്ലയിൽ ജനിച്ച ഖിൽനാനി ബോംബെ സർവകലാശാലയിലും പഞ്ചാബ് കാർഷിക സർവകലാശാലയിലും പഠിച്ചു. അധ്യാപക ജോലിയിൽ ഏർപ്പെട്ടു. വിഭജനത്തിനുശേഷം ഇന്ത്യയിൽ ഗുജറാത്തിലെ ഗാന്ധിഡാമിൽ താമസം തുടർന്നു. *ഇല്‌ലാ കി ആവാസ്* (ഉപന്യാസം), *ഹിൻഡ്ജോസെയ്റ്* (യാത്രാവിവരണം, 1939), *മുൽഹൈതാമോടി* (കഥകൾ, 1946), *ഗാന്ധിവിചാർ വിദ്യാർഥി സൻസാർ ലായ്* (ഗാന്ധിസാഹിത്യം, 1947), *സാഹിതിക് പുഷ്പ, ഇൻസാൻ സബ് ബാവുർ, സിഹരത് ചാച്ചീത* എന്നി കൃതികൾ രചിച്ചു. ഇംഗ്ലീഷിലും കൃതികൾ രചിച്ചിട്ടുണ്ട്.

ഖുദായ് ഖിദ്മത്ഗാർ

വടക്കുപടിഞ്ഞാറെ അതിർത്തിപ്രവിശ്യയിൽ ഖാൻ അബ്ദുൾ ഗഫാർ ഖാൻ രൂപവത്കരിച്ച സന്നദ്ധസംഘടന. ഭാരത സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജിയുടെ സഹപ്രവർത്തകനായിരുന്ന അബ്ദുൾ ഗഫാർഖാൻ ആണ് ഇതിന്റെ ഉപജ്ഞാതാവ്. സ്വന്തം ജന്മനാടായ വടക്കുപടിഞ്ഞാറെ അതിർത്തി പ്രവിശ്യയിലാണ് ഈ സന്നദ്ധസംഘടനയ്ക്കു രൂപം നല്കിയത്. 'ഖുദായ് ഖിദ്മത്ഗാർ' എന്ന പദത്തിന് ഈശ്വരന്റെ സേവകന്മാർ എന്നാണ് അർഥം.

കലാപകാരികളായ ജനതയായിരുന്നു വടക്കുപടിഞ്ഞാറൻ അതിർത്തിപ്രവിശ്യാ(അവിഭക്ത ഭാരതത്തിൽ)നിവാസികളായ പഠാൻകാർ. പരസ്പരം മല്ലടിച്ചും അന്ധവിശ്വാസങ്ങളിൽ കുടുങ്ങിയും കഴിഞ്ഞുവന്ന പഠാൻജനതയെ അഹിംസാമാർഗത്തിലേക്കു നയിക്കുകയായിരുന്നു ഖുദായ് ഖിദ്മത്ഗാർ പ്രസ്ഥാനത്തിന്റെ പ്രഥമലക്ഷ്യം.

ഖുദായ് ഖിദ്മത്ഗാറുടെ വേഷം ഇളം ചുവപ്പായിരുന്നു. അതിനാൽ അവരെ ചെങ്കുപ്പായക്കാർ (റെഡ് ഷർട്ട്സ്) എന്നും വിളിച്ചുപോന്നു. 1929-ലാണ് ഗഫാർഖാൻ, ഖുദായ് ഖിദ്മത്ഗാർ പ്രസ്ഥാനത്തിനു രൂപംനല്കിയത്. അതിനു വളരെക്കാലം മുമ്പു മുതലേ വിദ്യാലയങ്ങൾ സ്ഥാപിച്ചും മറ്റു പരിശീലനങ്ങൾ നല്കിയും പഠാൻ ജനതയെ ആധുനികയുഗത്തിലേക്കു നയിക്കുന്നതിന് ഗഫാർഖാൻ കഠിനാധ്വാനംചെയ്തുകൊണ്ടിരുന്നു.

1931 മാർച്ചിൽ ഗഫാർഖാൻ ഒരു സംഘം ഖുദായ് ഖിദ്മത്ഗാർ വാളന്റിയർമാരോടൊത്ത്, കറാച്ചിയിൽ ചേർന്ന കോൺഗ്രസ് സമ്മേളനത്തിൽ പങ്കെടുക്കുകയും ഗാന്ധിജിയുമായി പരിചയപ്പെടുകയും ചെയ്തു. തുടർന്ന് ചെങ്കുപ്പായസേന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ വാളന്റിയർ വിഭാഗമായിത്തീരുകയും സ്വാതന്ത്ര്യസമരത്തിൽ സജീവമായ പങ്കു വഹിക്കുകയുംചെയ്തു.

1931 സെപ്തംബറിൽ വട്ടമേശസമ്മേളത്തിൽ സംബന്ധിക്കുന്നതിനുവേണ്ടി ഗാന്ധിജി ഇംഗ്ലണ്ടിലായിരുന്നപ്പോൾ ബ്രിട്ടീഷ് ഭരണാധികാരികൾ ഗഫാർഖാനെയും അദ്ദേഹത്തിന്റെ സഹോദരനായ ഖാൻ സാഹിബിനെയും അറസ്റ്റുചെയ്ത് ജയിലിലടച്ചു. ഇതിനെതിരെ ശബ്ദമുയർത്തിയ പഠാൻജനതയെ വെടിയുണ്ടകൾകൊണ്ടാണു ബ്രിട്ടീഷ് ഗവൺമെന്റ് നേരിട്ടത്. തുടർന്നുണ്ടായ പ്രക്ഷോഭണത്തിൽ ഒറ്റദിവസംതന്നെ നൂറിൽപരം ചെങ്കുപ്പായസേനാംഗങ്ങൾ ജീവൻവെടിഞ്ഞു.

പഠാൻജനതയെ അഹിംസാമാർഗത്തിലേക്കു നയിക്കുന്ന കാര്യത്തിലും ഖുദായ് ഖിദ്മത്ഗാർ വമ്പിച്ച വിജയംതന്നെ കൈവരിച്ചു.

ചെങ്കുപ്പായസേനയും അബ്ദുൾ ഗഫാർഖാനും ഇന്ത്യാവിഭജനത്തിന് അനുകൂലമായിരുന്നില്ല. ഒടുവിൽ ഗത്യന്തരമില്ലാതെവന്നപ്പോൾ, പഠാൻ ജനതയ്ക്ക് സ്വതന്ത്ര പക്തൂണിസ്താൻ വേണമെന്ന് അവർ വാദിച്ചു.

ഈ വാദം പാകിസ്താൻപക്ഷക്കാർക്ക് ഇഷ്ടമായിരുന്നില്ല. ഇതിന്റെ ഫലമായി ഇന്ത്യാവിഭജനത്തെത്തുടർന്നു ചെങ്കുപ്പായസേനയ്ക്കും അബ്ദുൾ ഗഫാർഖാനും പാക് അധികാരികളിൽനിന്നും കടുത്ത പീഡനങ്ങൾ നേരിടേണ്ടിവന്നു. ഗഫാർഖാനെയും അദ്ദേഹത്തിന്റെ സഹോദരൻ ഖാൻ സാഹിബിനെയും മറ്റു ചെങ്കുപ്പായനേതാക്കന്മാരെയും പാക് അധികൃതർ വിചാരണകൂടാതെ തടങ്കലിൽ പാർപ്പിച്ചു. ഒടുവിൽ ജനകീയ പ്രക്ഷോഭണത്തിന്റെ ഫലമായാണ് അവർ മോചിതരായത്.

ഖുഫു (ബി.സി. 2590–2568)

ഈജിപ്തിലെ നാലാം രാജവംശത്തിലെ രണ്ടാമത്തെ രാജാവ്. ഗ്രീക്ക്

ഖുഫു:
(ഈജിപ്ഷ്യൻ ദന്തശില്പം)

ഭാഷയിൽ ഇദ്ദേഹത്തിനെ 'ചിയോവ്സ്', എന്നു പറയും. ഇദ്ദേഹമാണ് ഗിസയിലെ ഏറ്റവും വലിയ പിരമിഡിൻെറ നിർമാതാവ്. മറ്റു പല സ്മാരകങ്ങളും ഇദ്ദേഹം ഗിസയിൽ പണിചെയ്യിച്ചിരുന്നു. എന്നാൽ അഞ്ചര ഹെക്ടർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്നതും 25 ലക്ഷത്തിലേറെ ശിലാഖണ്ഡങ്ങൾ കൊണ്ട് - ഇവയിലോരോന്നിനും രണ്ടര ടൺ ഭാരമുണ്ട് - പടുത്തുയർത്തിയതുമായ പിരമിഡാണ് ഖുഫുവിൻെറ നാമം അനശ്വരമാക്കിയിരിക്കുന്നത്.

ഖുർ ആൻ

ഇസ്ലാംമതവിശ്വാസികളുടെ വിശുദ്ധ പ്രമാണഗ്രന്ഥം. ഇത് അറബിഭാഷയിലാണ്. 6506 സൂക്തങ്ങളും 80,000 പദങ്ങളുമുള്ള ഈ ഗ്രന്ഥം 114 സൂറത്തുകൾ (അധ്യായങ്ങൾ) ആയി ഭാഗിച്ചിരിക്കുന്നു.

ഒന്നാമത്തെ സൂറത്താണ് ഏറ്റവും ചെറുത്. രണ്ടാമത്തെ സൂറത്തിൽ 286 സൂക്തങ്ങളും മൂന്നാമത്തേതിൽ 200 സൂക്തങ്ങളും ഉണ്ട്. പിന്നീട് ഓരോ അധ്യായത്തിലും ക്രമത്തിൽ സൂക്തങ്ങൾ കുറഞ്ഞുകുറഞ്ഞ് 114-ാമത്തേതിൽ ആറു സൂക്തങ്ങളിൽ എത്തുന്നു. മുഹമ്മദ്നബി (എ.ഡി. 570-632)ക്കു ദൈവം നേരിട്ടുനല്കിയ സന്ദേശങ്ങളാണ് ഈ സൂക്തങ്ങളെന്നു വിശ്വസിക്കപ്പെടുന്നു. ഇരുപത്തിമൂന്നു വർഷംകൊണ്ട് നബിക്കു ലഭിച്ച ദിവ്യസന്ദേശങ്ങളുടെ സമാഹാരമാണ് ഇത്. ഏകാന്തതയിൽ ധ്യാനനിരതനായിരിക്കെ ഈ ദിവ്യസന്ദേശങ്ങൾ ലഭിച്ചുകൊണ്ടിരുന്നു. ഒട്ടകപ്പുറത്തു യാത്രചെയ്യുമ്പോൾ ദിവ്യസന്ദേശം ലഭിക്കുകയും അപ്പോൾ നബി സവാരിചെയ്തിരുന്ന ഒട്ടകം ഇരുന്നുപോവുകയും ചെയ്തതായി പറയുന്നു. അദ്ദേഹം ഖുർ ആൻ ഇന്നുള്ള ക്രമത്തിൽ ശിഷ്യന്മാരെക്കൊണ്ട് എഴുതിച്ചു. പ്രവാചകൻെറ ശിഷ്യന്മാരിൽ ഒരാളായ സെയദ് ഇബിനു താബിദ് ആണ് എഴുതിയത്.

തൻെറ അനുയായികളെ(സഹാബികൾ)ക്കൊണ്ട് അദ്ദേഹം ഖുർ ആൻ മനഃപാഠമാക്കിച്ചു. എല്ലാക്കാലത്തും അനുയായികൾ അതു മുഖസ്ഥമാക്കുന്നതു പുണ്യവൃത്തിയായിക്കരുതി.

നബിയുടെ തിരോധാനത്തിനുശേഷം മദീനയെ ആക്രമിക്കാൻ വന്ന കപടപ്രവാചകനായ മുസൈലിമയുടെ സൈന്യത്തെ നേരിട്ട ഖലീഫയുടെ സൈന്യത്തിൽപ്പെട്ട്, ഖുർ ആൻ മനഃപാഠമാക്കിയിരുന്ന അഞ്ഞൂറോളം പേർ രക്തസാക്ഷിത്വം വരിച്ചു. അങ്ങനെ ഖുർ ആൻ മനഃപാഠമാക്കിയവരുടെ എണ്ണം കുറഞ്ഞതുകൊണ്ട് ഖലീഫ ഖുർ ആൻ ഗ്രന്ഥരൂപത്തിൽ സമാഹരിച്ചുവെക്കാൻ നിർദേശം നല്കി.

മുഹമ്മദ്നബിയുടെ നിർദേശപ്രകാരം ഖുർ ആൻ പകർത്തിയ ഹസ്രത്ത് സെയ്ദ് ഇബ്നു താബിദ് ഒറ്റ ഗ്രന്ഥമാക്കി അത് ഖലീഫയെ ഏല്പിച്ചു. മൂന്നാം ഖലീഫ ഹസ്രത്ത് ഉസ്മാൻ അനഭിജ്ഞന്മാർക്കുപോലും വായനയിൽ തെറ്റുപറ്റാതിരിക്കത്തക്കവിധം ഈ ഗ്രന്ഥം സ്വരചിഹ്നങ്ങൾ ശരിപ്പെടുത്തി എഴുതിച്ചു. ഈ ഖുർ ആൻെറ പ്രതികളാണ് ഇന്നു ലോകമാകെ പ്രചാരത്തിലിരിക്കുന്നത്.

മൗലികസിദ്ധാന്തങ്ങൾ. 1. പ്രപഞ്ചത്തിന് ഒരു കർത്താവും പരിപാലകനുമുണ്ട്. അവൻെറ ലക്ഷ്യത്തിലേക്കാണ് ഈ പ്രപഞ്ചം അടുത്തുകൊണ്ടിരിക്കുന്നത്. 2. മനുഷ്യനാണു പ്രപഞ്ചത്തിലെ സർവോത്കൃഷ്ടജീവി. 3. ഇഹലോകവാസം മനുഷ്യൻെറ നീണ്ട ജീവിതയാത്രയുടെ ഒരു ഘട്ടം മാത്രമാണ്. 4. അവൻെറ അടുത്ത ജീവിതദശ ഇതിനെക്കാൾ കൂടുതൽ പുരോഗമിച്ചതായിരിക്കും. 5. മുന്നോട്ടുപോകുവാനുള്ള മാർഗങ്ങളും പരിപാടികളും മനസ്സിലാക്കുവാനുള്ള കഴിവ് മനുഷ്യബുദ്ധിക്കില്ല. അതിനുവേണ്ട മാർഗനിർദേശങ്ങൾ പ്രപഞ്ചകർത്താവു മനുഷ്യനു നല്കുന്നു. അതാണു വേദം. 6. പ്രവാചകന്മാരാണു വേദം നടപ്പിൽ വരുത്തുന്നത്. 7. മനുഷ്യരെല്ലാം പദവിയിൽ തുല്യരാണ്. ഭാഷ, ദേശം, വർഗം, വംശം, വർണം ഇവയെ അടിസ്ഥാനമാക്കി അവർക്കിടയിൽ യാതൊരുവിധ ഉച്ചനീചത്വവും കല്പിക്കാൻ പാടില്ല. 8. ഒരേ ജീവിതനിർദേശമാണു പ്രപഞ്ചകർത്താവ് എല്ലാവർക്കും നല്കിയിട്ടുള്ളത്. ഇതിൽ ഭിന്നിപ്പുണ്ടാക്കിയതു മനുഷ്യരാണ്. 9. പ്രപഞ്ചകർത്താവാണു ഭൂമിയുടെ യഥാർഥ ഉടമസ്ഥൻ. 10. ഭൂമിയിലെ സമ്പത്തു പിടിച്ചുവയ്ക്കുവാൻ ആർക്കും അധികാരമില്ല. ആവശ്യം കഴിച്ചു ബാക്കിയുള്ളതു മറ്റുള്ളവർക്കു വിട്ടുകൊടുക്കേണ്ടതാണ്. 11. കഴിവിൽ കവിഞ്ഞ ജോലിക്ക് ആരെയും നിർബന്ധിക്കാൻ പാടില്ല. 12. മനുഷ്യൻെറ അഭിപ്രായസ്വാതന്ത്ര്യം അംഗീകരിക്കുന്നു. 13. മറ്റു മതസ്ഥരുടെ ആരാധ്യവസ്തുക്കളെ അവഹേളിക്കുവാൻ പാടില്ല. 14. ഒരാൾ ചെയ്ത കുറ്റത്തിനു മറ്റൊരാൾ ഉത്തരവാദിയാവുകയില്ല. ഒരാളുടെ നന്മ മറ്റൊരാൾക്കു കിട്ടുകയില്ല. 15. അരാജകത്വം പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്നവർക്കു നാടുകടത്തൽ, വധം



ഇസ്ലാംമതക്കാരുടെ
സാക്ഷിപത്രം
ഖുർ ആനിൽ

മുതലായ കഠിനശിക്ഷകൾ നല്കേണ്ടതാണ്. 16. ഇങ്ങോട്ടു യുദ്ധമുണ്ടായാലേ അങ്ങോട്ടു യുദ്ധംചെയ്യാൻ പാടുള്ളൂ. 17. യുദ്ധത്തിനിടയിൽ പ്രതിപക്ഷം സന്ധിക്കാവശ്യപ്പെട്ടാൽ അതനുസരിക്കേണ്ടതാണ്. 18. ശത്രുക്കളിൽ ആരെങ്കിലും അഭയംതേടി വന്നാൽ അവരെ നിർഭയമായി സഞ്ചരിക്കാവുന്ന അതിർത്തിവരെ എത്തിച്ചുകൊടുക്കേണ്ടതാണ്. 19. സത്യത്തിനും നീതിക്കുംവേണ്ടി പടവെട്ടി മൃതിയടഞ്ഞവർ പുണ്യാത്മാക്കൾ (ഷഹീദുകൾ) ആണ്. അവർക്ക് അത്യുത്കൃഷ്ടമായ പദവിയുണ്ട്. 20. സന്ന്യാസം നിഷിധമാണ്. 21. മതപണ്ഡിതന്മാർക്കു മതനിയമങ്ങളുണ്ടാക്കാൻ അധികാരമില്ല. 22. അടുത്ത രക്തബന്ധമുള്ള സ്ത്രീപുരുഷന്മാർക്കിടയിൽ വിവാഹബന്ധം പാടില്ല. 23. മരിച്ചവൻെറ സ്വത്തിൽ സ്ത്രീകൾക്കും അവകാശമുണ്ട്. 24. സത്യത്തിനു സാക്ഷി പറയുവാൻ ആവശ്യമായി വന്നാൽ ആരും വൈമനസ്യം കാണിക്കുവാൻ പാടില്ല. 25. ചൂതുകളിയുടെ എല്ലാ ഇനങ്ങളും, അതായത് ഭാഗ്യപരീക്ഷയുടെ സ്വഭാവത്തിലുള്ള എല്ലാ കളികളും നിഷിധമാണ്. 26. എല്ലാ ലഹരിപദാർഥങ്ങളും നിഷിദ്ധമാണ്. 27. പന്നിമാംസം, ശവം, രക്തം ഇവ നിഷിദ്ധമാണ്. 28. കക്ഷിനോക്കാതെ എല്ലാവരും നല്ല കാര്യങ്ങളിൽ യോജിക്കണം. 29. ദയയും അനുകമ്പയും എല്ലാ ജീവജാലങ്ങളോടും കാണിക്കണം. 30 ഭരണാധികാരികളെ തിരഞ്ഞെടുക്കുന്നതു ഭരണപ്രാപ്തി നോക്കിയിട്ടാവണം. 31. എല്ലാ കരാറുകളും സന്ധികളും മാനിക്കേണ്ടതാണ്.

ഖുർ ആൻ മനുഷ്യരാശിയുടെ മുമ്പിൽ പരിപൂർണമായ ഒരു ജീവിതപദ്ധതിയാണ് അവതരിപ്പിച്ചിരിക്കുന്നത്. സ്വാതന്ത്ര്യമില്ലാത്ത ജീവികളായി കരുതപ്പെട്ടുവന്ന സ്ത്രീകൾക്കു പുരുഷനോളം സ്ഥാനം നല്കിയത് അറബിലോകത്തെ ഞെട്ടിച്ചു. സ്ത്രീകൾക്കു മാതാപിതാക്കളുടെയും അടുത്ത കുടുംബാംഗങ്ങളുടെയും സ്വത്തിൽ അവകാശം അനുവദിച്ചു. പ്രായപൂർത്തിക്കുമുമ്പു സ്ത്രീയെ വിവാഹം ചെയ്തുകൊടുക്കുവാൻ പാടില്ലെന്നു കല്പിച്ചു. പ്രായപൂർത്തിക്കു ശേഷം വിവാഹം നടത്തുമ്പോൾ സ്ത്രീയുടെ സമ്മതം വേണമെന്നു നിശ്ചയിച്ചു. സ്ത്രീക്ക് ഗൃഹഭരണത്തിൽ പങ്കും ഉത്തരവാദിത്വവുമുണ്ടെന്നു പ്രഖ്യാപിച്ചു. കഴിവുള്ളവരിൽനിന്നു പണം വസൂൽചെയ്ത് കഴിവില്ലാത്തവരുടെ ജീവിതം അഭിവൃദ്ധിപ്പെടുത്താൻ വളരെ വിപുലമായ ഒരു പദ്ധതി ഖുർ ആൻ ആസൂത്രണംചെയ്തു.

ഖുർദാ കലാപം

ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനിയുടെ ഭരണകാലത്തു 1817-ൽ ഒറീസ്സയിൽ പൊട്ടിപ്പുറപ്പെട്ട കാർഷികവിപ്ലവം. 1751-ൽ സുവർണരേഖാനദിവരെയുള്ള ഒറീസ്സയുടെ പ്രദേശങ്ങളിലെ മുതലെടുപ്പിനുള്ള അവകാശം ബങ്ഗാളിലെ നവാബായ അലിവർദിഖാൻ (1676-1756) നാഗപ്പൂരിലെ നാടുവാഴിയായ ഭോൺസ്ലേക്കു വിട്ടുകൊടുത്തിരുന്നു. 1803 വരെ മറാഠികൾ രൂക്ഷമായ മർദനഭരണമാണ് ഇവിടെ നടത്തിയത്. തദ്ദേശീയരായ സെമീന്ദാർമാർ, മറാഠികൾ ആവശ്യപ്പെടുന്ന ദുർവഹമായ നികുതികൾ കൊടുക്കാൻ പലരിൽനിന്നും പണം കടംവാങ്ങി പാപ്പരായി.

1803-ൽ മറാഠികളിൽനിന്ന് ഈസ്റ്റിന്ത്യാക്കമ്പനി ബാലസോർ, കട്ടക്ക്, പുരി എന്നീ ജില്ലകൾ കൈവശപ്പെടുത്തി. ഇവിടങ്ങളിലെ ഭൂനികുതി വ്യവസ്ഥ പരിഷ്കരിച്ചു തങ്ങളുടെ മുതലെടുപ്പു വർധിപ്പിക്കുന്നതിലാണു കമ്പനി ശ്രദ്ധിച്ചത്. കമ്പനി നടപ്പിലാക്കാൻ ശ്രമിച്ച സാമ്പത്തിക - രാഷ്ട്രീയ പരിപാടികളുടെ ഫലമായി 1817-ൽ ഖുർദയിൽ കലാപം പൊട്ടിപ്പുറപ്പെട്ടു. അതു വളരെവേഗം പ്രവിശ്യയാകെ വ്യാപിച്ചു.

പ്രാദേശികമായ ആചാരങ്ങളെയും കീഴ്വഴക്കങ്ങളെയും കണക്കിലെടുത്തുകൊണ്ട് അവിടത്തെ ഭൂനയവ്യവസ്ഥ ആകെ മാറ്റം വരുത്താൻ കേണൽ ഹാർകോട്ട്, മെൽവിൻ എന്നീ രണ്ടു ബ്രിട്ടീഷുകാരെ

ഒറീസ്സയിലെ കമ്മീഷണർമാരായി നിയമിച്ചു (1803). മറാഠികൾ നടപ്പിൽ വരുത്തിയ സാമ്പത്തികവ്യവസ്ഥയും അതിന്റെ ഭരണം നടത്തിയിരുന്ന അമീൻ, ഫഡ്നാവിസ്, കനുംഗോ എന്നീ ഉദ്യോഗങ്ങളും ഇവർ നിലനിർത്തി. പക്ഷേ, ഈ സ്ഥാനങ്ങളിലേക്കു നാട്ടുകാരെ നിയമിക്കുന്നതിനു പകരം കമ്പനിയോടു കൂറുപുലർത്തിയിരുന്ന ബങ്ഗാളികളെയാണ് തിരഞ്ഞെടുത്തത്. നികുതിവ്യവസ്ഥകളെപ്പറ്റിയുള്ള കമ്പനിയുടെ തീരുമാനങ്ങൾ ഭാവനാശൂന്യവും കമ്പനി ഉദ്യോഗസ്ഥന്മാർ അഴിമതിക്കാരുമായിരുന്നു. കിട്ടിയ തക്കംനോക്കി തങ്ങളുടെ ഭാഗധേയം വികസിപ്പിക്കാൻ ശ്രമിച്ചിരുന്ന ബങ്ഗാളികൾ ഒറീസ്സയിലെ സെമീന്ദാർമാരായി. ഗവൺമെന്റ് ഇതിനിടയ്ക്ക് അളവുകളും തൂക്കങ്ങളും പരിഷ്കരിച്ചു. ബങ്ഗാളിലേക്കു സ്വതന്ത്രമായി ഉപ്പു കടത്തിക്കൊണ്ടുപോകാനും അനുവാദം നല്കി. തത്പഫലമായി ഉപ്പിന്റെ വില ഇടിഞ്ഞു. 1812-ൽ നികുതിയായി 'കവടി' നല്കുന്നതിനെ ഗവൺമെന്റ് നിരോധിച്ചു. ഇതോടെ നികുതി കൊടുക്കാനുള്ള നാണയങ്ങൾ ആവശ്യത്തിനു ലഭ്യമല്ലെന്നുവന്നു. രൂക്ഷമായ അസംതൃപ്തി കർഷകർക്കിടയിൽ പരന്നു. ബ്രിട്ടീഷുകാർക്കെതിരെയെന്നതിനെക്കാൾ ലാഭേച്ഛുക്കളായി വന്ന ബങ്ഗാളി കുബേരന്മാരുടെ നേരെയാണ് അവരുടെ അമർഷം തിരിഞ്ഞത്. ഈ കലാപത്തിന്റെ പിന്നിൽ സാമ്പത്തികമായ പ്രേരണകൾക്കു പുറമെ മതപരവും പ്രാദേശികവുമായ വികാരമൂർച്ഛകളും ഉണ്ടായിരുന്നു.

1817 മാർച്ചിൽ ശംസൂറിലെ ഖോണ്ഡുകളും ശൂരന്മാരായ പൈക്കുകളുംകൂടി കലാപത്തിന്റെ ആദ്യത്തെ വെടി പൊട്ടിച്ചു. കട്ടക്കിലെ മറാഠികളും ഇതിനു പിന്തുണനല്കി. പുരിക്ഷേത്രത്തിലെ ദൈനികച്ചടങ്ങുകളിൽ കമ്പനി ഇടപെട്ടതും മുകുന്ദദേവന്റെ പൈക്കുസൈന്യങ്ങളെ പിരിച്ചുവിട്ടതും ജനങ്ങളെ രോഷാകുലരാക്കി. ബാലസോർമുതൽ പുരിവരെ പരന്ന ഈ കാർഷികകലാപത്തിനു സൈന്യനായകനായ ജഗബന്ധുവിദ്യാധരൻ നേതൃത്വം നല്കി. നാട്ടുകാരെല്ലാവരും അദ്ദേഹത്തിന്റെ പിന്നിൽ അണിനിരന്നു. ബ്രിട്ടീഷുകാരും ഇന്ത്യക്കാരുമായ ഉദ്യോഗസ്ഥന്മാരെ തരംകിട്ടുമ്പോഴെല്ലാം ലഹളക്കാർ മർദിച്ചിരുന്നു. ചിലരെ കൊന്നു. രാഷ്ട്രീയാധികാരവും പട്ടാളവും ഉണ്ടായിരുന്നിട്ടും കലാപം അമർത്തുവാൻ ബ്രിട്ടീഷുകാർക്കു കഴിഞ്ഞില്ല. 1817 ഏപ്രിലിൽ പൈക്കുകൾ പുരി കൈവശപ്പെടുത്തി. അവിടത്തെ കലക്ടർ പട്ടാളത്തോടുകൂടി കട്ടക്കിലേക്ക് ഓടിപ്പോയി.

കുറച്ചുകഴിഞ്ഞപ്പോൾ കലാപത്തിന്റെ ചൂടും ആവേശവും കെട്ടടങ്ങി. ഏതാനും നേതാക്കളെ തൂക്കിക്കൊന്നുവെങ്കിലും ഗവൺമെന്റ് ജനങ്ങളോട് പ്രതികാരമനോഭാവം പ്രകടിപ്പിച്ചില്ല. ജഗബന്ധു വിദ്യാധരൻ കീഴടങ്ങി. മരണംവരെ പ്രതിമാസം നൂറു രൂപ പെൻഷൻ പറ്റിക്കൊണ്ടു കട്ടക്കിൽത്തന്നെ താമസിക്കാൻ അധികാരികൾ അദ്ദേഹത്തെ അനുവദിച്ചു. ഒറീസ്സയിലെ ഭൂവ്യവസ്ഥയിൽ ചില മാറ്റങ്ങൾ വരുത്താൻ ഈ 'പൈക്ക്കലാപം' ഇടവരുത്തി. സ്ഥിരമായ അടിസ്ഥാനത്തിൽ കണ്ടെഴുത്തു നടത്തുന്നതിന് ജന്മിമാരും ഭൂവുടമകളുമായി ചർച്ചനടത്താൻ അധികാരികൾ സന്നദ്ധരായി. 30 വർഷത്തെ കാലാവധിവച്ച് 1835-ൽ നടപ്പാക്കിയ പുതിയ ഭൂനയം പൊതുവെ കാർഷികോത്പാദന വർധനവിനു സഹായിച്ചു.

ഖുർഷിദ് (1906—1989)

ചലച്ചിത്രനടിയും ഗായികയും. ബീഗം ഖുർഷിദ് മിർസാ എന്നു പൂർണമായ പേര്. ഹിന്ദി സിനിമയുടെ പ്രാരംഭഘട്ടത്തിൽ പാടി അഭിനയിച്ചിരുന്ന പ്രമുഖനായികമാരിൽ ഒരാൾ. ദേവികാറാണിയാണു ഖുർഷിദിനെ കണ്ടെത്തിയത്. തുടർന്നു ബോംബെ ടാക്കീസിന്റെ ചിത്രങ്ങളിൽ ഖുർഷിദ് അഭിനയിച്ചു. ദേവികാറാണിയുടെ ജീവൻ പ്രഭാത് എന്ന ചിത്രത്തിലൂടെ പ്രശസ്തയായി. അശോക് കുമാറിനൊപ്പം നായികയായി നയാ സൻസാർ തുടങ്ങി പല ചിത്രങ്ങളിലും അഭിനയിച്ചു. ഭാഭി ആണു ഖുർഷിദ് അഭിനയിച്ച മറ്റൊരു പ്രസിദ്ധ ചിത്രം. ഇന്ത്യാവിഭജനത്തെ തുടർന്നു പാകിസ്താനിൽ താമസമാക്കി. അതിനുശേഷം ടി.വി.-റേഡിയോ നാടകങ്ങളിലാണു കൂടുതൽ അഭിനയിച്ചത്.

1989 ഫെബ്രുവരി 8-നു ലഹോറിൽ വച്ച് അന്തരിച്ചു.

ഖുർഷിദ് അലിഖാൻ (1855-1950)

ഉത്തരേന്ത്യയിലെ പ്രമുഖ ഗായകൻ. ഖ്യാൽസംഗീതത്തിലെ ഒരു പ്രധാനശൈലിയായ 'സെനീ' ഘരാനയുടെ (അതിന്റെ ജനനം താൻസേനിൽനിന്നുമാണെന്നു വിശ്വസിക്കപ്പെടുന്നു) പ്രചാരകരിൽ മുഖ്യൻ ഇദ്ദേഹമാണ്.

ചെറുപ്പംമുതലേ അസാമാന്യമായ കലാസിദ്ധികൾ കാണിച്ചു പ്രശസ്തിനേടിയ ഉസ്താദ് അലിഖാൻ, താൻസേനിന്റെയും ഹരിദാസ് സ്വാമിയുടെയും രചനകളിൽ പലതും കൈകാര്യംചെയ്യുന്നതിൽ അതിസമർഥനായിരുന്നു. ശാസ്ത്രീയസംഗീതത്തിന്റെ ശുദ്ധി ചോർത്തിക്കളയുന്ന പ്രവണതയെ അലിഖാൻ സ്വീകരിച്ചില്ല. ശുദ്ധശാസ്ത്രീയ ഗായകനായിരുന്നതിനാൽ ഇദ്ദേഹത്തിന് ആരാധകസംഘവും ശിഷ്യന്മാരും കുറവായിരുന്നു. എങ്കിലും സെനീഘരാനയുടെ ശുദ്ധസമ്പ്രദായത്തിൽ താത്പര്യമുള്ള ചില ശിഷ്യന്മാർ ക്രമേണ ഇദ്ദേഹത്തിനുണ്ടായി.

ഖുർഷിദ് ആലംഖാൻ (1919-)

സാമൂഹിക-രാഷ്ട്രീയ പ്രവർത്തകനും മുൻകേന്ദ്രമന്ത്രിയും.

ഉത്തരപ്രദേശിൽ ഫറൂഖാബാദ് ജില്ലയിലെ കയിംഗഞ്ജിൽ 1919 ഫെബ്രുവരി 5-നു ജനിച്ചു. ആഗ്ര സർവകലാശാലയിൽനിന്നു എം.എ. ബിരുദവും യു.എസിലെ പെൻസിൽവാനിയാ യൂണിവേഴ്സിറ്റിയിൽനിന്നു മാനേജ്മെന്റിൽ പരിശീലനവും നേടി. 1974-ലും 1980-ലും രാജ്യസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. കേന്ദ്രവാണിജ്യവകുപ്പു സഹമന്ത്രി (1980-'82), ടൂറിസം സിവിൽ ഏവിയേഷൻ വകുപ്പു സഹമന്ത്രി (1982-'84), വിദേശകാര്യസഹമന്ത്രി (1985) എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. റെയിൽവേ ആക്സിഡന്റ്സ് എൻക്വയറി കമ്മിറ്റി, മെട്രാപൊളീറ്റൻ ട്രാൻസ്പോർട്ട് സ്റ്റഡി ടീം, അലീഗഢ് മുസ്ലീം യൂണിവേഴ്സിറ്റി കോർട്ട്, ജമിയ മല്ലിയ ഇസ്ലാമിയ കോർട്ട് തുടങ്ങിയവയിൽ അങ്ഗമായിരുന്നു. ന്യൂനപക്ഷങ്ങൾ, ഹരിജനങ്ങൾ മറ്റു പിന്നോക്കവിഭാഗങ്ങൾ എന്നിവരെക്കുറിച്ചു പഠനം നടത്തുന്നതിനുള്ള ഉന്നതാധികാര സമിതിയുടെ മെമ്പർ-സെക്രട്ടറി ആയും പ്രവർത്തിച്ചിട്ടുണ്ട്.

ഖുശ്വന്ത്സിംഹ് (1915-)

സാഹിത്യകാരനും പത്രപ്രവർത്തകനും. പഞ്ചാബിലെ ഹദ്ഡാലിയിലാണു ജനിച്ചത്. ലണ്ടൻ സർവകലാശാലയിൽനിന്നും ബാരിസ്റ്റർ പരീക്ഷ പാസ്സായി സ്വദേശത്തു തിരിച്ചുവന്നശേഷം അലാഹാബാദ് ഹൈക്കോടതിയിൽ 1939-'47 കാലത്ത് പ്രാക്ടീസ് ചെയ്തു. വി.കെ. കൃഷ്ണമേനോൻ ലണ്ടനിൽ ഹൈക്കമ്മീഷണർ ആയിരുന്ന കാലത്ത് ഇദ്ദേഹം അവിടെ പബ്ലിക് റിലേഷൻസ് ഓഫീസറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട് (1947-'51). പിന്നീട് യുനെസ്കോയിൽ (UNESCO) പ്രവർത്തിച്ചു (1954-56). പല സർവകലാശാലകളിലും വിസിറ്റിങ് പ്രൊഫസർ ആയിരുന്നു. യോജനയുടെ പത്രാധിപരായും പ്രവർത്തിച്ചിട്ടുണ്ട് (1956-'58). 1969-'77 കാലത്ത് ഇല്ലസ്ട്രേറ്റഡ് വീക്ക്‌ലിയുടെ പത്രാധിപർ.

പിന്നീട് ആനന്ദബസാർ ഗ്രൂപ്പിലേക്കു മാറി (1970-'80). ഹിന്ദുസ്താൻ ടൈംസിന്റെ പത്രാധിപരായി പ്രവർത്തിച്ചത് 1980-'83-ൽ ആയിരുന്നു. ഇന്ത്യയിലെയും വിദേശങ്ങളിലെയും ഒട്ടേറെ പത്രങ്ങൾക്കുവേണ്ടി ലേഖനങ്ങൾ എഴുതി. മനില, ലീഡ്സ്, എഡിൻബറോ മുതലായ നഗരങ്ങളിൽ നടന്ന സാഹിത്യസമ്മേളനങ്ങളിൽ ഇന്ത്യൻ പ്രതിനിധിസംഘത്തിന്റെ നേതാവായി പങ്കെടുത്തു. 1980-ൽ രാജ്യസഭയിലേക്കു നാമനിർദേശംചെയ്യപ്പെട്ടു. 1974-ൽ പദ്മഭൂഷൺ ബഹുമതി ലഭിച്ചു. സുവർണക്ഷേത്രത്തിലേക്കു സൈന്യത്തെ നിയോഗിച്ച കേന്ദ്ര ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ചു ബഹുമതി തിരിച്ചു നല്കി (1984). കേന്ദ്ര സാഹിത്യ അക്കാദമിയിലും ബോംബെ ജിംഖാനാ ക്ലബിലും ദില്ലി ജിംഖാനാ ഗോൾഫ് ക്ലബുകളിലും അങ്ഗമായിരുന്നു. ഇപ്പോൾ പ്രധാനപ്പെട്ട ചില ആനുകാലികങ്ങളുടെ പങ്ക്തിയിൽ എഴുത്തുകാരനാണ്.

കൃതികൾ. *സിഖ് ഹിസ്റ്ററി ആൻഡ് റിലിജൻ, എ ഹിസ്റ്ററി ഒഫ് ദ സിഖ്സ്, സേക്രഡ് റൈറ്റിങ്സ് ഒഫ് ദ സിഖ്സ്, സിഖ്സ് റ്റുഡേ, ഹോമെജ് റ്റു ഗുരു ഗോവിന്ദസിങ്, ഹിംസ് ഒഫ് നാനാക് ദ ഗുരു, മാർക് ഒഫ് വിഷ്ണു ആൻഡ് അദർ സ്റ്റോറീസ്, ട്രെയിൻ റ്റു പാകിസ്താൻ, ഐ ഷാൽ നോട്ട് ഹിയർ ദ നൈറ്റിങ്ഗെയ്ൽ.* ഫിക്ഷനുള്ള ഗ്രോവ്പ്രസ് അവാർഡു നേടി (ട്രെയിൻ റ്റു പാകിസ്താൻ എന്ന കൃതിക്ക്).

ഖെൺസു (ഖോൺസ്)

ഇജിപ്ഷ്യൻ പുരാണങ്ങളിലെ ഒരു ദേവൻ. ആകാശത്തിലൂടെ ഒരു

വഞ്ചിയിൽ ഈ ദേവൻ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു എന്നാണു സങ്കല്പം. രോഗികളെ പൊതുവെയും, അപസ്മാരം, ഉന്മാദം തുടങ്ങിയ മാനസികരോഗങ്ങൾ പിടിപെട്ടവരെ വിശേഷിച്ചും ചികിത്സിച്ചു സുഖപ്പെടുത്തുന്നതിൽ ഖെൺസുവിനു കഴിവുണ്ടെന്നു ജനങ്ങൾ വിശ്വസിച്ചിരുന്നു.

ഖെദ്ദ

കാട്ടാനകളെ പിടിക്കുന്നതിനു മൈസൂറിൽ പരമ്പരാഗതമായി സ്വീകരിച്ചുവന്ന സംവിധാനം. ആനകളെ പിടിക്കുന്നതിനുവേണ്ടി ചുറ്റുപാടും വൃത്താകാരത്തിലുള്ള കിടങ്ങുകളെക്കൊണ്ടു വലയംചെയ്യപ്പെട്ട സ്ഥലം എന്ന അർഥത്തിൽ ഈ പദം പ്രചരിച്ചുവരുന്നു. 'ബംഗാഡി' എന്നും ഇതിനു പ്രാദേശികമായി പേരുണ്ട്. 18-ാം നൂറ്റാണ്ടിൻെറ ഉത്തരാർധത്തിൽ ഹൈദർ അലിയുടെ കാലത്താണ് ഇത് ആദ്യമായി പ്രയോഗിച്ചത്.

വിജയകരമായ ഖെദ്ദാ പ്രവർത്തനങ്ങളുടെ ആരംഭം കുറിക്കുന്നത് 1874-ൽ ചാമരാജനഗർ വനങ്ങളിൽ നടന്ന ആനപിടുത്തത്തോടെയാണ്. അന്നത്തെ വനംവകുപ്പുമേധാവിയായിരുന്ന സാൻഡേഴ്സൻെറ ഈ ശ്രമം ഫലപ്രദമായിത്തീർന്നതിനെത്തുടർന്ന് 1886-നും 1889-നും ഇടയ്ക്ക് അനേകം തവണ ഹാസൻ, കാഡൂർ, ശിമൊഗ്ഗ, നാഗനപൂർ തുടങ്ങിയ വനങ്ങളിൽ ഖെദ്ദാപ്രവർത്തനങ്ങളുണ്ടായി. ആരംഭത്തിൽ കൃഷികളെയും കൃഷിക്കാരെയും കാട്ടാനകളിൽനിന്നു രക്ഷിക്കാനുള്ള ഒരു മാർഗമായാണ് ഇതു പ്രയോഗിക്കപ്പെട്ടത്. ആനകളെ വെടിവച്ചുകൊല്ലാനും വൻകുഴികൾ കുഴിച്ച് അവയിൽ വീഴ്ത്തി മെരുക്കി എടുക്കാനും കൃഷിക്കാർക്ക് അനുവാദം നല്കപ്പെട്ടിരുന്നെങ്കിലും അതുകൊണ്ടൊന്നും പ്രതീക്ഷിച്ച ഫലമുണ്ടാകായ്കയാലാണ് സാൻഡേഴ്സൺ, ഈ രീതി സ്വീകരിക്കാൻ മുതിർന്നത്. പ്രതീക്ഷയിൽ കവിഞ്ഞ വിജയം ഇതിനു കൈവന്നു. കാക്കൻകോട്ട്, ഹെഗ്ഗഡ് തുടങ്ങിയ വനങ്ങളിലെ ഖെദ്ദകൾ വിശിഷ്ടാതിഥികളും ബഹുജനങ്ങളും സംബന്ധിച്ച ദേശീയോത്സവങ്ങളെപ്പോലെയാണു നടത്തിയിരുന്നത്.

പരിപാടികൾ. കാട്ടാനകളുടെ സഞ്ചാരപഥത്തിലുള്ളതും ജലാശയസൗകര്യമുള്ളതുമായ വനപ്രദേശങ്ങൾ തിരഞ്ഞെടുത്തു ചുറ്റും വൃത്താകാരമായ കിടങ്ങു കുഴിക്കുന്നു. ഏകദേശം രണ്ടര മീറ്റർ താഴ്ചയുള്ള കിടങ്ങിൻെറ മേൽഭാഗത്തെ വീതി 3 മീറ്ററും താഴത്തത് ഒരു മീറ്ററുമായിരിക്കും. കുറുകെയുള്ള ഇതിൻെറ രൂപം ഇംഗ്ലീഷിലെ V എന്ന അക്ഷരത്തിൻെറതാണ്. ഈ കിടങ്ങിനു പുറത്തു ചുറ്റുമായി വമ്പിച്ച കാട്ടുമരങ്ങൾ ചേർത്തു ബലവത്തായ ഒരു വേലി കെട്ടുന്നു. കിടങ്ങിൽ വീണുപോയ ആനകൾ രക്ഷപ്പെടാൻ ശ്രമിച്ചാൽ അതു വ്യർഥമാക്കുന്നതിനാണ് ഈ വേലി. വേലിയിൽ 4 മീറ്റർ വീതം താഴ്ചയുള്ള രണ്ടു ഗേറ്റുകൾ ഉണ്ടായിരിക്കും. ആനകൾ കൂട്ടമായി വരാൻ സാധ്യതയുള്ള പാതയിലായിരിക്കും ഈ 'ആനവാതിലു'കൾ. ഇവയുടെ തൂണുകൾക്കു ഉപയോഗിക്കുന്നത് 8 മീറ്റർ നീളവും ഒരു മീറ്റർ വണ്ണവുമുള്ള കാട്ടുമരങ്ങളാണ്. ആനകൾ പരിഭ്രമിച്ചു വേലിക്കെട്ടിനുള്ളിലേക്ക് ഓടിക്കയറുമ്പോൾ ഈ ഗേറ്റുകൾ തകർന്നുപോകാതിരിക്കാനായി വേണ്ടത്ര ബലത്തോടുകൂടി കെട്ടിയുറപ്പിക്കുന്നു. നല്ല ബലമുള്ള മരപ്പലകകളോ ഉരുക്കുപാളികളോകൊണ്ടു നിർമിച്ച കതകുകൾ ഇവയ്ക്കുള്ളത് സൗകര്യംപോലെ താഴേക്കു വലിച്ചിടാവുന്നതരത്തിൽ ഘടിപ്പിച്ചിരിക്കും. ഈ കതകുകൾ മൂന്നോ അതിലധികമോ മീറ്റർ ഉയർത്തി ആനകളുടെ ദേഹത്തിലും മസ്തകത്തിലും തട്ടാതെ നില്ക്കും. ആനകൾ വാതിലുകളിലൂടെ അകത്തു കടന്നുകഴിയുമ്പോൾ കതകുകൾ താഴോട്ടു തള്ളിയിട്ട് അടയ്ക്കുന്നു. ബന്ധനത്തിലകപ്പെട്ട ആനകൾക്ക് ഒരുതരത്തിലും രക്ഷപ്പെടാൻ സാധ്യമല്ല. വേലിക്കു ചുറ്റും കാവൽക്കാരെ നിർത്തുന്നു. അവർ ചുറ്റുപാടും വലിയ കാട്ടുവിറകുകൾ ശേഖരിച്ച് അഗ്നികുണ്ഡങ്ങൾ ഉണ്ടാക്കി ആനകളുടെ അമ്പരപ്പു വർധിപ്പിക്കുന്നു.

വേലിക്കു പുറമെ ഏതാനും മീറ്ററുകൾ അകലെ ഇടവിട്ടിടവിട്ടു വൃത്താകാരമായി വനങ്ങൾ തെളിച്ചെടുക്കുകയാണ് അടുത്തഘട്ടം. ഈ പ്രദേശങ്ങളിൽ ഓരോന്നിലും 30 മീറ്റർ വീതം ഇടവിട്ട് ആളുകൾ തയ്യാറായി നില്പുറപ്പിക്കും. ആവശ്യമെങ്കിൽ തീ കൂട്ടാനുള്ള വിറകുകളും അവർ ശേഖരിച്ചിരിക്കും.

തടവിലാക്കപ്പെട്ട കാട്ടാനകളെ കയർ കൊണ്ടു ബന്ധിക്കുന്നതാണു ശ്രമാവഹമായ പരിപാടി. ഇതിലേക്കു നാലര മീറ്റർ നീളമുള്ള മരത്തടികൾ ഒരു മീറ്റർ വീതം അകലത്തിൽ നാട്ടിനിർത്തിയതും 15 മീറ്റർ വ്യാസമുള്ളതുമായ ഒരു വേലിക്കെട്ട് ആവശ്യമാണ്. ഖെദ്ദായുടെ വാതിലിന് അഭിമുഖമായി വേലിക്കെട്ടിന് ഒരു ആനവാതിലും അതിനെതിരായി മറ്റൊന്നും ഉണ്ടായിരിക്കും. ഈ വാതിലുകൾക്കും ബലമേറിയ കതകുകൾ കാണും. ഖെദ്ദാവേലിക്കുള്ളിൽ പരിചയസമ്പന്നരായ ഒരു സംഘം ആനക്കാർ വലിയ ശബ്ദകോലാഹലത്തോടുകൂടി പ്രവേശിച്ച് ആർത്തുവിളിച്ചും പെരുമ്പറ മുഴക്കിയും വെടിവച്ചും ആനകളെ വിരട്ടി ബന്ധനത്തിനുള്ള വേലിക്കെട്ടിനുള്ളിലേക്ക് ഓടിച്ചുകയറ്റുന്നു. ആനകളെല്ലാം അതിനുള്ളിലായിക്കഴിഞ്ഞാലുടൻ കതകുകൾ അടയുകയും തുടർന്നു ബലമുള്ള കയറുകൾ(വടം)കൊണ്ട് അവ ബന്ധിക്കപ്പെടുകയും ചെയ്യുന്നു.

ഇതിനുശേഷം അഞ്ചോ ആറോ താപ്പാനകളും അവയ്ക്കോരോന്നിനും ഈരണ്ടു പാപ്പാന്മാരുമായി വേലിക്കുള്ളിൽ പ്രവേശിക്കുന്നു. കുട്ടിയാനകളെ ബന്ധിക്കാനെളുപ്പമാണെങ്കിലും വലിയവയെ സംബന്ധിച്ചിടത്തോളം ഇത് ആപത്കരമായ ഒരു കൃത്യമാണ്. താപ്പാനകളുടെയും ആനക്കാരുടെയും അക്ഷീണയത്നത്താൽ വലിയ കാട്ടാനകളുടെ പിൻകാലുകളിൽ വടംകൊണ്ട് '8' എന്ന രൂപത്തിലുള്ള കുടുക്കുകൾ ഇടുന്നു. ഇതിനുപുറമെ കഴുത്തിലും കയറിട്ടു ബന്ധിച്ചശേഷം ഖെദ്ദാപ്രദേശത്തുതന്നെയുള്ള മരച്ചുവട്ടിലേക്കോ മറ്റിടങ്ങളിലേക്കോ ഈ കാട്ടാനകളെ കൊണ്ടുപോവുകയും അവിടെവച്ച് ശിക്ഷണം നല്കാൻ തുടങ്ങുകയുംചെയ്യും.

ഇപ്പോൾ ഖെദ്ദാപ്രവർത്തനങ്ങൾ നിരോധിച്ചിരിക്കയാണ്.

ഖെമ്ർ

കമ്പുച്ചിയയിലെ (മുമ്പ് കംബോദിയ) ജനങ്ങൾക്കു നരവംശശാസ്ത്രപരമായി നല്കപ്പെട്ടിട്ടുള്ള പേര്. ഇന്നും ഇത് ആ രാജ്യത്തിൽ പ്രചാരത്തിലിരിക്കുന്നു. യൂറോപ്യന്മാർ വന്നതിനുശേഷം 16-ാം നൂറ്റാണ്ടിനുമേലാണ് കംബോദിയന്മാർ എന്ന പേരു പ്രചാരത്തിൽ വന്നത്. ഭാരതീയേതിഹാസങ്ങളിൽ കംബോജം എന്നാണു കാണുന്നത്. ഇതിനോടു ശബ്ദസാമ്യമുള്ളതാണ് കമ്പൂച്ചിയ എന്ന ഇപ്പോഴത്തെ പേര്.

ഖെർ, ബി.ജി. (1888–1957)

മഹാരാഷ്ട്രത്തിലെ ദേശീയ നേതാവ്. 1937-ലും 1946-ലും ബോംബെ സംസ്ഥാനത്തിലെ മുഖ്യമന്ത്രിയായി. ഇംഗ്ലണ്ടിൽ ഇന്ത്യയുടെ ഹൈക്കമ്മീഷണറായും സേവനം അനുഷ്ഠിച്ചു.

1888-ൽ ബോംബെയിൽ ജനിച്ചു. നിയമബിരുദം നേടിയശേഷം ബോംബെയിൽ അഭിഭാഷകവൃത്തിയിലേർപ്പെട്ടു. 1922 മുതൽ സ്വാതന്ത്ര്യസമരപ്രവർത്തനങ്ങളിൽ ഭാഗഭാക്കായി. പലതവണ ജയിൽശിക്ഷയ്ക്കു വിധേയനായി.

1937-ൽ ബോംബെ നിയമസഭാ കോൺഗ്രസ്കക്ഷി നേതാവായി തിരഞ്ഞെടുക്കപ്പെട്ട ഖെർ മുഖ്യമന്ത്രി (അന്നു പ്രധാനമന്ത്രി) ആയി. ബോംബെ കോൺഗ്രസിൻെറ അനിഷേധ്യനേതാവായിരുന്ന കെ. എഫ്. നരിമാനായിരുന്നു അന്നു പ്രധാനമന്ത്രിയാകേണ്ടിയിരുന്നത്. എന്നാൽ സർദാർ പട്ടേൽ ഗ്രൂപ്പിൻെറ താത്പര്യപ്രകാരം അന്ന് ഖെറിനെ നേതാവായി തിരഞ്ഞെടുക്കുകയാണുണ്ടായത്.

രണ്ടാം ലോകയുദ്ധക്കാലത്ത് ബ്രിട്ടീഷ് ഗവൺമെൻറിൻെറ ഇന്ത്യയിലെ യുദ്ധസഹായ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുമാറ് പ്രവർത്തിച്ചതിൻെറ പേരിൽ സുരക്ഷിതത്വനിയമപ്രകാരം ഖെറിനെ അറസ്റ്റുചെയ്യുകയും (1940) ദീർഘകാലം ജയിലിൽ പാർപ്പിക്കുകയും ചെയ്തു. 1946-ൽ നടന്ന തിരഞ്ഞെടുപ്പിൽ വൻ ഭൂരിപക്ഷത്തോടെ ഇദ്ദേഹം ജയിച്ചു വീണ്ടും സംസ്ഥാന മുഖ്യമന്ത്രിയായി.

ഖേത്റി ചെമ്പുഖനി

രാജസ്ഥാനിലെ ഖേത്റിയിലും പരിസരങ്ങളിലുമുള്ള ചെമ്പുനിക്ഷേപങ്ങൾ. ഇവ ഖനനം ചെയ്ത് ചെമ്പ് ഉത്പാദിപ്പിക്കാനുള്ള വിപുലമായ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഖേത്റി, കോലിഹാൻ, സിംഘാന എന്നിവിടങ്ങളിലെ മലകളിലും പരിസരങ്ങളിലുമാണ് ചെമ്പു നിക്ഷേപങ്ങളുള്ളത്. ഈ നിക്ഷേപങ്ങൾ ഖനനംചെയ്യുന്നതു സംബന്ധിച്ച ആലോചനകൾ നേരത്തെ തുടങ്ങിയെങ്കിലും ധനപരവും സാങ്കേതികവുമായ സഹായങ്ങൾക്കു വ്യവസ്ഥചെയ്തുകൊണ്ട് വെനോട്ട്-പിക് ആൻഡ് എൻസാ എന്ന ഫ്രഞ്ച് കമ്പനിയുമായി കരാറുണ്ടാക്കിയതു 1967-ലാണ്. ഹിന്ദുസ്ഥാൻ കോപ്പർ ലിമിറ്റഡ് എന്ന പൊതുമേഖലാകമ്പനിയാണ് ഈ പദ്ധതി നടത്തുന്നത്. കോലിഹാൻ കുന്നുകളിലുള്ള മേൽത്തരം അയിര് ഖേത്റിയിൽ കൊണ്ടുവന്ന്

അവിടത്തെ ഗുണം കുറഞ്ഞ അയിരുമായി കലർത്തി അതിൽനിന്ന് ഇലക്ട്രോളിസിസ് മുഖേന ചെമ്പ് ഉത്പാദിപ്പിക്കുന്നു. ഇപ്രകാരം പ്രതിവർഷം 30,000-ത്തിൽപരം ടൺ ചെമ്പ് ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്നു. ചെമ്പയിര് ശുദ്ധീകരിക്കുമ്പോൾ സ്വർണം, വെള്ളി, സെലീനിയം, ടെല്ലൂർനിയം, നിക്കൽ സൾഫേറ്റ്, കോപ്പർ സൾഫേറ്റ് എന്നിവ ഉപോത്പന്നങ്ങളായി ലഭിക്കുന്നു. ഈ വ്യവസായത്തോടനുബന്ധിച്ച് സൾഫ്യൂരിക്ക് ആസിഡും ട്രിപ്പിൾ സൂപ്പർഫോസ്ഫേറ്റ് എന്ന രാസവളവും ഉത്പാദിപ്പിക്കപ്പെടുന്നു.

ഖേത്റിയിലെ ഖനിപ്രദേശത്ത് ഒരു പുതിയ നഗരം വളർന്നു വികസിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ ഉദ്യോഗസ്ഥന്മാർക്കും തൊഴിലാളികൾക്കും പാർപ്പിടസൗകര്യമുള്ള ഒരു ടൗൺഷിപ്പുണ്ട്.

ഖേരി

ഉത്തരപ്രദേശിലെ ഒരു ജില്ലയും അതിൻെറ ആസ്ഥാനനഗരവും. ലക്നൗവിൽനിന്ന് 115 കി.മീറ്റർ വടക്ക് സ്ഥിതിചെയ്യുന്നു. വടക്കുകിഴക്കൻ റെയിൽവേ ഇതിലേ കടന്നുപോകുന്നു.

ഇന്ത്യയെ നേപ്പാളിൽനിന്നു വേർതിരിക്കുന്ന മോഹൻ നദിയുടെ തെക്കുഭാഗത്തു കിടക്കുന്ന ഖേരി ജില്ലയുടെ വിസ്താരം 7680 ച.കി. മീറ്റർ വരും; ജനസംഖ്യ 19,52,680 (1981). നദികളും തടാകങ്ങളും നിറഞ്ഞ ഈ പീഠഭൂമിയിലെ കാർഷികവിളകൾ നെല്ല്, ഗോതമ്പ്, കരിമ്പ്, പയറുവർഗങ്ങൾ എന്നിവയാണ്. സാലവൃക്ഷങ്ങൾ നിറഞ്ഞ കൊടുംവനങ്ങളാണു വടക്കൻപ്രദേശങ്ങളിലുള്ളത്. അതിർത്തിപ്രദേശങ്ങളിലുള്ള 'താരു' ഗിരിവർഗജനതയുടെ നാടോടിനൃത്തങ്ങളും പാട്ടുകളും പ്രസിദ്ധമാണ്. ഗോലാ ഗോരഖ്നാഥ്, ലക്ഷ്മിപ്പൂർ എന്നീ രണ്ടു മുനിസിപ്പൽ പട്ടണങ്ങളും ജില്ലയിലുണ്ട്.

ഖേസരി

ലെഗുമിനേസി സസ്യകുലത്തിൽപ്പെട്ട ഒരു വാർഷികച്ചെടി. ശാസ്ത്രനാമം *ലാത്തൈറസ് സറ്റൈവം (Lathyrus Sativum)*. ഇന്ത്യയിലെല്ലായിടത്തും കാണുന്നു. ഇന്ത്യയുടെ മധ്യഭാഗത്തും വടക്കും പടിഞ്ഞാറും കൂടുതലായി ഖേസരി കൃഷിചെയ്യുന്നു. ഇലകൾ പിച്ഛകാവസ്ഥയിൽ സംയുക്തമാണ്. പർണകങ്ങൾ രണ്ട്. പൂക്കൾ ഒറ്റയായി കാണുന്നു. ഇവ കക്ഷീയം ആണ്. ഇരുണ്ട ചുവപ്പ്, നീല, വെള്ള എന്നീ നിറങ്ങളിലുള്ള പൂക്കളോടുകൂടിയ പലയിനം ഖേസരിച്ചെടികളുമുണ്ട്. കായ്കൾ ദീർഘായതവും രണ്ടുമുതൽ നാലുവരെ സെ. മീറ്റർ നീളമുള്ളതുമാണ്. നാലോ അഞ്ചോ വിത്തുകൾ ഒരു കായിൽ കാണും.

തെക്കെ യൂറോപ്പും പടിഞ്ഞാറെ ഏഷ്യയും ഈ ചെടിയുടെ ജന്മസ്ഥലങ്ങളായി കരുതുന്നു. ഇന്ത്യ, ഇറാൻ, തെക്കെ യൂറോപ്പ്, തെക്കെ അമേരിക്ക, മധ്യപൗരസ്ത്യരാജ്യങ്ങൾ എന്നിവിടങ്ങളിൽ കൂടുതലായി കൃഷിചെയ്തുവരുന്നു. ഇന്ത്യയിൽ 1956-'57 കാലത്തു പതിനാറു ലക്ഷത്തോളം ഹെക്ടാർ സ്ഥലത്ത് ഈ കൃഷിയുണ്ടായിരുന്നു.



ഖേസരി:
ഇലയും പൂവും കായും

ഒരു ശീതകാലസസ്യമാണ്. വിത്തുകൾ വിതയ്ക്കുകയോ ചാലുകൾ കോരി നടുകയോ ചെയ്യുന്നു. 4-5 മാസങ്ങൾക്കകം കൊയ്തെടുക്കുവാൻ പാകമാകുന്നു. കായ്കൾ കൂടുതൽ വിളയാൻ ഇടയായാൽ പൊട്ടി വിത്തുകൾ നഷ്ടപ്പെടുന്നു. കൊയ്തെടുത്ത ചെടിത്തലകൾ കൃഷിസ്ഥലത്തുതന്നെ മെതിച്ചു ധാന്യം വേർപെടുത്തുന്നു. പൂപ്പ് (mildew), റസ്റ്റ് (rust), വാടൽ (wilt) എന്നിവയാണ് ഖേസരിച്ചെടിയെ ബാധിക്കുന്ന പ്രധാനരോഗങ്ങൾ. 57 തരം ഖേസരിപ്പരിപ്പുകൾ ഉണ്ടെന്നാണു കണക്ക്. ജനങ്ങൾ ക്ഷാമകാലത്തു ഖേസരിപ്പരിപ്പ് ഒരു പ്രധാന ഭക്ഷ്യവസ്തുവായി കഴിക്കുന്നു. ഇതു കുറഞ്ഞ വിലയ്ക്കു ലഭിക്കുന്നതിനാൽ വിലകൂടിയ ധാന്യങ്ങളുമായി കലർത്തി 'മായക്കച്ചവടം' ചെയ്യുകയും പതിവാണ്. ഖേസരിപ്പരിപ്പ് തുടർച്ചയായി കഴിക്കുന്നവരെ ബാധിക്കുന്ന ഒരു രോഗമാണ് തളർവാതം (ലാത്തൈറിസം). കാലുകളെയാണ് ഈ രോഗം ബാധിക്കുന്നത്. മേരുരജ്ജു(spinal cord)വിനു കേടുസംഭവിക്കുകയും പതിവാണ്. ഖേസരിച്ചെടിത്തലയും മറ്റും നിത്യവും കഴിക്കുന്ന കന്നുകാലികൾക്കും ഈ രോഗം പിടിപെടുന്നു. ഈ രോഗം ചിലപ്പോൾ മരണത്തിനും കാരണമാകാം. ലാത്തൈറിസത്തിനു കാര്യമായ ഔഷധങ്ങളൊന്നും കണ്ടുപിടിച്ചിട്ടില്ല. ഇക്കാരണങ്ങളാൽ ഖേസരി ഉത്പാദനം നിരോധിച്ചിട്ടുണ്ടെങ്കിലും ഉത്തരപ്രദേശിലും മധ്യപ്രദേശിലും രഹസ്യമായി കൃഷി ചെയ്യാറുണ്ട്.

ഖൈത്താൻ, ശ്രീകൃഷ്ണ (1939-)

വൈദ്യുത പങ്ക തുടങ്ങിയ ഉത്പന്നങ്ങൾ നിർമിക്കുന്ന പ്രമുഖ വ്യവസായി. രാജസ്ഥാനിലെ ത്സുൻത്സുനു എന്ന സ്ഥലത്തു 1939 ഡിസംബർ 15-ാം തീയതി ജനിച്ചു. ഒരു പങ്കാ വ്യാപാരി എന്ന നിലയിലാണ് ജീവിതം തുടങ്ങിയത്. ക്രമേണ പങ്കകൾ നിർമിക്കുന്ന പ്രവർത്തനത്തിൽ ഏർപ്പെട്ട് കൽക്കത്താപട്ടണത്തിൽ അതിനുള്ള സ്ഥാപനങ്ങളുണ്ടാക്കി. ഖൈത്താൻ ഫാൻസ് ക്ലിപ്തം, ഖൈത്താൻ ടിബർവാല ഇലക്ട്രിക്കൽസ് ക്ലിപ്തം, ഖൈത്താൻ ഇലക്ട്രിക്കൽ ക്ലിപ്തം തുടങ്ങിയവയാണു പ്രധാനപ്പെട്ട സ്ഥാപനങ്ങൾ. കൽക്കത്തയിലെ പങ്കാവ്യാപാരികളുടെ സംഘടന, ഭാരതത്തിലെ പങ്കാ നിർമാതാക്കളുടെ സംഘടന തുടങ്ങിയവയിൽ അധ്യക്ഷനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കമ്മിറ്റിയംഗം എന്ന നിലകളിലും മറ്റും പല പ്രമുഖ സംഘടനകളുമായി ബന്ധമുണ്ട്. കൽക്കത്തയിൽ സ്ഥിരവാസമാക്കിയിട്ടുള്ള ഖൈത്താൻ, സെത് ചിരൻജിലാൽ ഖൈത്താൻ ട്രസ്റ്റിൻെറ സ്ഥാപകനാണ്. അസാമാന്യമായ വ്യവസായ പ്രവർത്തനശേഷി പ്രകടിപ്പിക്കുന്നവർക്കുള്ള 1981-ലെ പുരസ്കാരം (NIF-NAYE Award) നേടി.

ഖൈബർ ചുരം

†കൈബർ ചുരം നോക്കുക.

ഖൊ

പാമീർ പീഠഭൂമിക്കുതൊട്ട് ഇന്ത്യൻ അതിർത്തിയിലുള്ള ചിത്രാൽ വരെയുള്ള മലയോരങ്ങളിൽ താമസിക്കുന്ന നോർദിക് വർഗത്തിലുള്ള ജനത. കശ്മീരിയോടു സാദൃശ്യമുള്ള ഖൊവാർ എന്നൊരു ഭാഷയാണ് ഇവർ സംസാരിക്കുന്നത്. മുമ്പ് ബുദ്ധമതാനുയായികളായിരുന്ന ഇവരിൽ മിക്കവരും ഇപ്പോൾ മുസ്ലീങ്ങളാണ്.

ഖൊമെയ്നി, ആയത്തൊള്ള രൂഹൊള്ള (1900—1989)

ഷിയാ നേതാവും ഇറാൻ ഭരണനേതാവും. രൂഹൊള്ള എന്നാണു ശരിയായ പേർ. ആയത്തൊള്ള എന്ന ഇസ്ലാംമത ബിരുദം പേരിനോടു ചേർത്തു പറയാറുണ്ട്. ഖൊമെയ്ൻ (ഖു മെയ്ൻ) എന്ന നഗരത്തിൽ ജനിച്ചതുകൊണ്ട് ഖൊമെയ്നി (ഖുമെയ്നി) എന്നും പേരിനോടു ചേർത്തു. ഇറാനിലെ ഭരണാധിപനായിരുന്ന മൊഹമ്മദ് റെസാ ഷാ പഹ്‌ലവിയെ സ്ഥാനഭ്രഷ്ടനാക്കിയ 1979-ലെ വിപ്ലവം നയിച്ചത് ഇദ്ദേഹമാണ്.

ഖൊമെയ്നിയുടെ പിതാവും പിതാമഹനും മതനേതാക്കളായിരുന്നു. തൻെറ സംരക്ഷകനായിരുന്ന ജ്യേഷ്ഠനെ വധിച്ചതു ഷായുടെ അനുചരരാണെന്ന ധാരണ ഷാ വിരോധത്തിനു തുടക്കമിട്ടു. മതവിദ്യാഭ്യാസം നേടി. മതഗ്രന്ഥങ്ങൾ രചിച്ചു. 1950-കളിൽ ആയത്തൊള്ള (മതനേതാവ്) ആയി. 1962-ൽ ഷായ്ക്ക് എതിരെ പ്രക്ഷോഭണം ആരംഭിച്ചു.



താവ്) ആയി. 1962-ൽ ഷായ്ക്ക് എതിരെ പ്രക്ഷോഭണം ആരംഭിച്ചു. ജയിൽവാസം വരിക്കേണ്ടിവന്നു. 1964-ൽ നാടുകടത്തപ്പെട്ടു. 1978-ൽ ഇറാഖ് വിടേണ്ടിവന്നു. പാരീസിൽ എത്തി അവിടെ വസിച്ചുകൊണ്ട് ഇറാനിൽ പ്രക്ഷോഭണത്തിനു നേതൃത്വം നല്കി.

ഷാ 1979 ജനുവരി ഒന്നിനു നാടുവിട്ടു. ഫെബ്രുവരി ഒന്നിനു ഖൊമെയ്നി മടങ്ങിയെത്തി പുതിയ ഭരണത്തിനു നേതൃത്വം നല്കി. ഇസ്ലാമിക് റിപ്പബ്ലിക് സ്ഥാപിച്ചു. മുസ്ലീം മതമൗലികവാദികളുടെ യാഥാസ്ഥിതികതയെ മുതലെടുത്തുകൊണ്ട് അധികാരം കയ്യടക്കി. ഷായുടെ അനേകം അനുയായികളെ വധിച്ചു പ്രതികാരം ചെയ്തു. മിതവാദികളെയും നാടുകടത്തുകയോ വധിക്കയോ അടിച്ചമർത്തുകയോ ചെയ്തു. പലരും ഒളിവിലായി. പാശ്ചാത്യരീതിയിലുള്ള എല്ലാ പരിഷ്കാരങ്ങളെയും എതിർത്തു. ഇറാഖ്-ഇറാൻ യുദ്ധം അവസാനിപ്പിക്കാനുള്ള യു.എന്നിൻെറയും പാശ്ചാത്യശക്തികളുടെയും ആഹ്വാനം ചെവിക്കൊള്ളാതെയിരുന്നു. പിന്നീടു യുദ്ധവിരാമസന്ധിയോട് അനുഭാവം പ്രകടിപ്പിക്കാൻ തുടങ്ങിയിട്ടുണ്ട്. ഈയിടെ *സാറ്റനിക് വേഴ്സസ്* എന്ന നോവൽ ഇസ്ലാംമതത്തെ നിന്ദിക്കുന്നതാണെന്ന പേരിൽ രചയിതാവായ സാൽമൻ റഷ്ദിയെ വധിക്കാൻ ഖൊമെയ്നി പുറപ്പെടുവിച്ച ഉത്തരവു ലോകമനസ്സാക്ഷിയെ നടുക്കിയിരുന്നു.

ഖൊയ്സാൻ

തെക്കുപടിഞ്ഞാറൻ ആഫ്രിക്കയിലെ ബുഷ്മെൻ ഹോട്ടൻടോട്ട് ജനവർഗങ്ങളെ സൂചിപ്പിക്കാൻ അവർതന്നെ പ്രയോഗിച്ചുവന്ന നരവംശശാസ്ത്രപരമായ പേര്. അവരുടെ ഭാഷയ്ക്കും ഖൊയ്സാൻ എന്നു പറയുന്നു. 'ക്ലിക്' ഭാഷ എന്നും ഇതിനു പേരുണ്ട്. ഉച്ചാരണത്തിൻെറ സവിശേഷത ആണു ഭാഷയ്ക്ക് ഈ പേരു വരാൻ കാരണം.

ഖൊരാന, ഹർ ഗോവിന്ദ് (1922-)

ഇന്ത്യൻ വംശജനായ യു.എസ്. ബയോകെമിസ്റ്റ്. ശരീരശാസ്ത്ര-വൈദ്യശാസ്ത്രങ്ങൾക്കുള്ള നൊബേൽ സമ്മാനം (1968) റോബർട്ട് ഹോളിയോടും മാർഷൽ നിരൻ ബർഗിനോടും ഒപ്പം പങ്കിട്ടു. കോശമർമത്തിലെ ജനിതക പദാർഥങ്ങളുടെ നിയന്ത്രണം മാംസ്യസംശ്ലേഷണത്തെ എങ്ങനെ ബാധിക്കുന്നു എന്നു വ്യക്തമാക്കുന്ന ഗവേഷണങ്ങളാണ് ഖൊരാനയ്ക്ക് നൊബേൽ സമ്മാനം നേടിക്കൊടുത്തത്. ലൂയിസ് ഗ്രോസ് ഗോർവിറ്റ്സ് പ്രൈസ് ഉൾപ്പെടെ ഗവേഷണരങ്ഗത്തെ പല ബഹുമതികളും ഖൊരാന നേടിയിട്ടുണ്ട്.

1922 ജനുവരി 9-ന് മധ്യപ്രദേശിലെ റെയ്പൂരിൽ ജനിച്ചു. സാമ്പത്തികമായ ബുദ്ധിമുട്ടുകൾ സഹിച്ചാണു പഠിച്ചത്. പഞ്ചാബ് സർവകലാശാലയിൽനിന്ന് എം.എസ്സി. പാസായശേഷം (1945), സ്കോളർഷിപ്പോടെ ഇങ്ഗ്ലണ്ടിലെ ലിവർപൂൾ സർവകലാശാലയിൽ ചേർന്ന് പിഎച്ച്.ഡി. നേടി (1948). പിന്നീട് സ്വിറ്റ്സർലൻഡിലെ ഫെഡറൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജിയിൽ ഗവേഷണം തുടർന്നു. ഇന്ത്യയിൽ മടങ്ങിവന്ന് ഒരു ജോലിക്കു ശ്രമിച്ചെങ്കിലും വിജയിച്ചില്ല. വീണ്ടും ഇംഗ്ലണ്ടിലേക്കു പോയ ഖൊരാന കേംബ്രിജ് സർവകലാശാലയിൽ സർ അലക്സാൺഡർ ടോഡിൻെറ നേതൃത്വത്തിൽ ന്യൂക്ലിയോടൈഡ് സംയോജനത്തിനുള്ള ഗവേഷണത്തിൽ ഏർപ്പെട്ടു (1951). ഖൊരാനയ്ക്കു കൃത്രിമ ജീൻ നിർമാണത്തിനുള്ള താത്പര്യം ഉണ്ടായത് ഇവിടെവച്ചാണ്.

1952-ൽ കാനഡയിലേക്കു പോയി. അവിടെ, ബ്രിട്ടീഷ് കൊളംബിയാ റിസർച്ച് കൗൺസിലിൻെറ ഓർഗാനിക് കെമിസ്ട്രി വിഭാഗത്തിൻെറ തലവനായും ബ്രിട്ടീഷ് കൊളംബിയ യൂണിവേഴ്സിറ്റിയിലെ റിസർച്ച് പ്രൊഫസറായും എട്ടു വർഷം ജോലി ചെയ്തു. അമേരിക്കൻ ഐക്യനാടുകളിൽ എത്തിയത് 1960-ലാണ്. വിസ്കോൺസിൻ സർവകലാശാലയിലെ എൻസൈം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു. അവിടെ ലൈഫ് സയൻസ് വിഭാഗം പ്രൊഫസർ ആയും കോ-ഡയറക്ടറായും നിയമിതനായി. നൊബേൽ സമ്മാനത്തിന് ആസ്പദമായ പരീക്ഷണങ്ങൾ വിസ്കോൺസിൻ സർവകലാശാലയിൽ വച്ചാണു നടത്തിയത്. മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജിയിലാണു 1971 മുതൽ ഖൊരാന ഗവേഷണം നടത്തുന്നത്.

1966-ൽ അമേരിക്കൻ പൗരത്വം സ്വീകരിച്ചു. സ്വിറ്റ്സർലൻഡുകാരിയായ എസ്തറാണ് ഭാര്യ.

ഗവേഷണം. ഖൊരാനയുടെ ഗവേഷണം തന്മാത്രാ ജീവശാസ്ത്രം (molecular biology) എന്ന ശാഖയിലാണു കേന്ദ്രീകരിച്ചിരിക്കുന്നത്. പ്രകൃതിജന്യമായ ഡി.എൻ.എ.യുടെ സഹായമില്ലാതെതന്നെ ന്യൂക്ലിക് അമ്ലങ്ങൾ - ജീനുകൾ - നിർമിക്കുവാനായിരുന്നു ഇദ്ദേഹത്തിൻെറ ശ്രമം. ഒരു നിശ്ചിത വിന്യാസക്രമത്തിലൂടെ ന്യൂക്ലിയോടൈഡുകളെ പരസ്പരം ബന്ധിപ്പിക്കാമെന്നും അങ്ങനെ ഉണ്ടാകുന്ന ശൃംഖലകൾ ഹൈഡ്രജൻ ബോണ്ടുവഴി ബന്ധിപ്പിച്ചു ഡബിൾ ഹെലിക്സ് ആക്കാമെന്നും കണ്ടുപിടിച്ചു. അതിനുശേഷം നിർമിച്ച ചെറിയ കൃത്രിമ ഡി.എൻ.എ., ജനിതക കോഡിനെയും മാംസ്യനിർമാണത്തെയും പറ്റി പഠിക്കുവാൻ ഉപയോഗിച്ചു. ഈ മണ്ഡലത്തിലുള്ള ഗവേഷണവിജയങ്ങൾക്കാണ് ഖൊരാന നൊബേൽ സമ്മാനം നേടിയത്. ലിഗേസ് എന്ന എൻസൈം കണ്ടുപിടിച്ചശേഷം ന്യൂക്ലിയോടൈഡ് ശൃംഖലകളെ കൂട്ടിച്ചേർത്ത് 77 ജോടി ന്യൂക്ലിയോടൈഡുകളുള്ള നലാനിൻ ട്രാൻസ്ഫർ ആർ.എൻ.എ. ജീൻ ഖൊരാന നിർമിച്ചു (1967).

ജീൻ നിർമാണത്തിന് ഖൊരാന നിർദേശിച്ച മാർഗം താരതമ്യേന സങ്കീർണമാണ്. കുറെക്കൂടി ലളിതമായ ഒരു മാർഗം ഫിൽ ലെഡറും കൂട്ടരും പിന്നീടു നിർദേശിച്ചു (1972).

കൃത്രിമ ജീൻ നിർമാണം എന്ന ഖൊരാനയുടെ കണ്ടുപിടിത്തം ജനിതക എൻജിനീയറിങ്ങിലെ വലിയൊരു വാഗ്ദാനമാണ്. പരമ്പരാഗത രോഗങ്ങൾക്കു പരിഹാരം കണ്ടെത്താൻ കൃത്രിമജീനുകൾക്ക് കഴിയുമെന്നാണു ഗവേഷകരുടെ പ്രതീക്ഷ.

ഖോ-ഖോ

കുടു-കുടു(കബഡി)വിനോട് ഏതാണ്ട് അടുപ്പമുള്ള നാടൻ കായിക വിനോദം. ഇന്ത്യയിൽ മഹാരാഷ്ട്ര സംസ്ഥാനത്തിലാണ് ഇതിനു കൂടുതൽ പ്രചാരം. ഒമ്പതു കളിക്കാർവീതം അടങ്ങുന്ന രണ്ടു കക്ഷി

പങ്കെടുക്കുന്നു. സ്ത്രീകൾമാത്രം ഉൾപ്പെടുന്ന കളിസങ്ഘങ്ങളുമുണ്ട്. 34 മീറ്റർ നീളവും 16 മീറ്റർ വീതിയുമുള്ള കളിസ്ഥലം രണ്ടായി വിഭജിച്ച് ഇരുവശവും നിന്നാണു കളി. ഒരുകക്ഷിയിലുള്ള ആൾ എതിർകക്ഷിയിലുള്ള ഒരാളിന്റെ പിന്നാലെ 'ഖോ' എന്നു വിളിച്ചു പറഞ്ഞുകൊണ്ടു പാഞ്ഞുചെന്ന് അയാളെ സ്പർശിക്കുമ്പോൾ ആ കക്ഷിക്കു 'സ്കോർ' കിട്ടുന്നു. എതിരാളിയെ തൊടുന്ന സമയത്ത് 'ഖോ' എന്നു വിളിച്ചുപറയണമെന്നു നിർബന്ധമുണ്ട്. അല്ലെങ്കിൽ അത് വീഴ്ച (foul) ആണ്. നാണയം എറിഞ്ഞാണ് ആദ്യം കളി നടത്തേണ്ട കക്ഷിയെ നിശ്ചയിക്കുന്നത്. കളിക്കാർക്കു പുറമെ രണ്ട് അമ്പയർമാർ, ഒരു റഫറി, ഒരു ടൈംകീപ്പർ, ഒരു സ്കോറർ എന്നിത്രയും പേർ ആവശ്യമാണ്.

ഓരോ മാച്ചിനും അനുവദിക്കപ്പെട്ടിരിക്കുന്നത് ഏഴു മിനിട്ടു വീതമാണ്.

ഖോജാ

ഗുജറാത്തിലും മഹാരാഷ്ട്രത്തിലുമുള്ള ഒരു മുസ്ലീം ജനവിഭാഗം. ഇവർ വ്യാപാരികൾ ആണ്. ഇജിപ്ഷ്യൻ ഇസ്മായിലിയ വിഭാഗത്തിന്റെ നാസറിയൻ ശാഖയിൽ പെട്ടവരാണ് ഇവർ. പേർഷ്യയിൽ ഹസൻ സാഹിബ് ആയിരുന്നു ഈ വിഭാഗത്തിന്റെ സ്ഥാപകൻ. 11-ാം ശതകത്തിൽ ഫിദവി (ഭക്തർ) എന്നൊരു മതവിഭാഗം ഹസൻ സ്ഥാപിച്ചു. കുരിശുയുദ്ധക്കാരെ വധിച്ചവരുടെ വിഭാഗം ആയിരുന്നു ഇവർ. ഹസൻ ഇജിപ്ഷ്യൻ ഖലീഫിന്റെ അധികാരം അവഗണിച്ച് ഷെയ്ക്ക്-ഉൽ-ജബാൽ (പ്രഭു) എന്ന പേരു സ്വീകരിച്ചു സ്വയം സ്വസമുദായ നേതാവായി. 'പർവതത്തിലെ വൃദ്ധൻ' എന്നു കുരിശുയുദ്ധക്കാർ ഇദ്ദേഹത്തെ വിശേഷിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ മൂന്നാം അനന്തരഗാമി ഹസൻ (1163) താൻ 'ഇമാരി'യാണെന്നു പ്രഖ്യാപിച്ചു. ഇദ്ദേഹത്തിലൂടെ അലിയോടു പാരമ്പര്യവഴിക്കു ബന്ധപ്പെട്ടിരിക്കുന്നതായി ആഗാഖാൻ അവകാശപ്പെട്ടിരുന്നു. 1845-ൽ ആഗാ ഷാ ഹസൻ അലി എന്ന ഇസ്മായിലിയ ഇമാം ഇന്ത്യയിൽ വന്നു വാസം ഉറപ്പിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയാണ് ആഗാഖാൻ. അദ്ദേഹത്തിന്റെ മരണശേഷം മകൻ സ്ഥാനമേറ്റു.

ഖോന്ദ്

പൂർവദ്രാവിഡത്തിന്റെ മധ്യശാഖയിലെ ഒരു ഉപശാഖ. ഈ ശാഖയിൽപെട്ടതാണ് കുയി-കുവി ഭാഷകൾ. കുയിയും കുവിയും സ്വതന്ത്രഭാഷകളായിത്തീർന്നിരിക്കുന്നു എന്നാണു ഭാഷാശാസ്ത്ര ഗവേഷകർ കരുതുന്നത്. മലയാളം, തമിഴ്, തെലുങ്ക്, കർണാടകം മുതലായ ഭാഷകളുടെ പൂർവരൂപമായ മൂലഭാഷയെ ആണു മൂലദ്രാവിഡം എന്നു പറയുന്നത്. ബലൂചിസ്താനിലെ ബ്രാഹൂയി ഈ മൂലദ്രാവിഡത്തിന്റെ ഉത്തരശാഖയിൽ പെടുന്നു.

ഖോന്ദുകൾ

ഒറീസ്സയിലെ ഫൂൽബാനി, കോരാപുട്, കാളഹന്ദി എന്നീ ജില്ലകളിൽ കാണപ്പെടുന്ന ഗിരിവർഗജനത. ഒറീസ്സയിലെ ഏറ്റവും കൂടുതൽ അംഗസംഖ്യയുള്ള ഗിരിവർഗമാണിവർ. ഇവരുടെ ഭാഷകളായ 'കുയി'യും 'കുവി'യും ദ്രാവിഡഭാഷകളുടെ മധ്യശാഖയിൽ പെടും. നെൽകൃഷിയാണ് ഇവരുടെ മുഖ്യഉപജീവനമാർഗം.

ഇവർ നരമേധം നടത്തിയിരുന്നു. 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ അധികാരികൾ ബലം പ്രയോഗിച്ചാണ് ഈ ആചാരം അവസാനിപ്പിച്ചത്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇന്ത്യാ ഗവൺമെന്റ് ഇവരുടെ അഭിവൃദ്ധിക്കുവേണ്ടി ആരംഭിച്ച പല പ്രവർത്തനങ്ങളുടെയും ഫലമായി ഇവർ ഇന്ന് ഏറെക്കുറെ പരിഷ്കൃതരായിരിക്കുന്നു.

ഖോസ, കശ്മീരി

ഇന്ത്യൻ ചിത്രകാരൻ. 1940 ഫെബ്രുവരി 1-ന് ലാഹോറിൽ ജനിച്ചു. 1968 മുതൽ ദൽഹിയിലെ ത്രിവേണി കലാസംഘത്തിൽ പ്രവർത്തിക്കുന്നു. ഇന്ത്യയിലും വിദേശങ്ങളിലും ഒട്ടേറെ ചിത്രകലാപ്രദർശനങ്ങൾ നടത്തിയിട്ടുണ്ട്. ഇന്ത്യയിലും വിദേശങ്ങളിലുമുള്ള പല മ്യൂസിയങ്ങളിലും സ്വകാര്യ ചിത്രശേഖരങ്ങളിലും അക്കാദമികളുടെ ചിത്രശാലകളിലും ഇദ്ദേഹത്തിന്റെ ചിത്രങ്ങൾ കാണാം.

ഖോസ്ലാ, എ.എൻ. (1892–)

ഹൈഡ്രോ ഇലക്ട്രിക്കൽ എൻജിനീയർ. മുഴുവൻ പേര് അയോധ്യാനാഥ് ഖോസ്ല. ലാഹോറിലും റൂർക്കിയിലും പഠിച്ച് ഉന്നതബിരുദങ്ങൾ നേടി. അമേരിക്കയിൽനിന്ന് എൻജിനീയറിങ്ങിൽ ഡോക്ടർ ബിരുദവും സമ്പാദിച്ചു. 1916-ൽ പഞ്ചാബിൽ ജലസേചനവകുപ്പിൽ എൻജിനീയറായി ചേർന്നു. 1919-ൽ എൻജിനീയർമാരുടെ അഖിലേന്ത്യാ സർവീസിൽ ചേർന്നു. 1943-ൽ ചീഫ്- എൻജിനീയറായി. 1945-ൽ കേന്ദ്ര ജലശക്തി കമ്മിഷന്റെ ചെയർമാനായും 1953-ൽ കേന്ദ്ര ഗവൺമെന്റിന്റെ സ്പെഷ്യൽ സെക്രട്ടറിയായും (ജലസേചനം) നിയമിക്കപ്പെട്ടു. സ്വതന്ത്രഭാരതത്തിലെ പല പ്രധാന പദ്ധതികളുടെയും (ശബരിഗിരി, ബീയാസ്, രാംഗംഗ, യമുന, ഭക്ഡാനംഗൽ പദ്ധതികൾ) നിർമാണത്തിന്റെ മേൽനോട്ടം വഹിച്ചു. പ്ലാനിംഗ് കമ്മിഷൻ അംഗമായും റൂർക്കി സർവകലാശാലാ വൈസ് ചാൻസലറായും രാജ്യസഭാംഗമായും ഒറീസ്സാ ഗവർണറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1955-ൽ പദ്മഭൂഷൺ ബഹുമതി ലഭിച്ചു.

പല പ്രാവശ്യം അമേരിക്ക, യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക എന്നിവിടങ്ങൾ സന്ദർശിച്ചിട്ടുള്ള ഇദ്ദേഹം പല അന്താരാഷ്ട്രസമിതികളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കുറച്ചുകാലം (1950–'53) കേന്ദ്ര ജിയോഫിസിക്സ് ബോർഡിന്റെ അധ്യക്ഷനായിരുന്നു. കോൺക്രീറ്റ് ഉപയോഗിച്ച് അണക്കെട്ടുകൾ നിർമിക്കുന്നതിനെപ്പറ്റിയും അണക്കെട്ടുകളുടെ അടിഭാഗത്തു ജലമർദം നിർണയിക്കുന്നതിനെപ്പറ്റിയും മൗലികമായ ഗവേഷണം നടത്തിയിട്ടുണ്ട്. സാങ്കേതിക പ്രാധാന്യമുള്ള ചില ഗ്രന്ഥങ്ങളും (Levelling of Precision Across Rivers, Silting of Reservoirs) ഇദ്ദേഹം രചിച്ചിട്ടുണ്ട്.

ഖോസ്ലാ, ജി.ഡി. (1901–)

നീതിന്യായാധിപനും ഇന്ത്യൻ ഇംഗ്ലീഷ് എഴുത്തുകാരിൽ പ്രമുഖനും. മുഴുവൻ പേര് ഗോപാൽദാസ് ഖോസ്ലാ. 1901 ഡിസംബർ 15-ാം തീയതി ലാഹോറിൽ ജനിച്ചു. അവിടെനിന്ന് സർവകലാശാലാ ബിരുദം നേടിയശേഷം ഇംഗ്ലണ്ടിൽ പോയി ബാരിസ്റ്റർ, ഐ.സി.എസ്. എന്നീ പരീക്ഷകളിൽ പ്രശസ്തമായി ജയിച്ചു. പഞ്ചാബ് ഹൈക്കോടതിയിൽ അഭിഭാഷകവൃത്തി സ്വീകരിച്ചു. അവിടെത്തന്നെ ജഡ്ജിയായും ചീഫ് ജസ്റ്റീസായും നിയമിതനായി. വിഭജനത്തിനുശേഷം ഖോസ്ലാ വളരെക്കാലം ചണ്ഡീഗഡ് ഹൈക്കോടതിയിൽ ചീഫ് ജസ്റ്റീസായിരുന്നു. ദേശീയ പ്രാധാന്യമുള്ള പല കേസുകളിലും ഇദ്ദേഹം വിധി കല്പിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് സംഘടിപ്പിച്ച പല കമ്മിഷനിലും അംഗമായിരുന്നു. ബ്രിട്ടീഷ് ഗയാനയെപ്പറ്റി അന്വേഷണം നടത്താൻ നിയമിതമായ കോമൺവെൽത്ത് എൻക്വയറി കമ്മീഷനിലെ അംഗമായിരുന്നു (1962). നീതിന്യായനിർവഹണം സംബന്ധിച്ച് കേൾക്കേണ്ടിവന്നിട്ടുള്ള പല വ്യവഹാരങ്ങളെക്കുറിച്ചുള്ള അനുസ്മരണാലേഖനങ്ങൾ പല പ്രമുഖ വാരികാമാസികകളിൽ എഴുതുകയും അവ സമാഹരിച്ചു പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇവയ്ക്കുപുറമെ *'നമ്മുടെ നീതിനിർവഹണപദ്ധതി' (Our Judicial System, 1948)*. *ഹിമാലയ പര്യടനം* (സഞ്ചാരകഥ), *ദ് ലാസ്റ്റ് മുഗൾ* (നോവൽ - 1967), *ദ് മർഡർ ഓഫ് ദ് മഹാത്മാ* (1963), *ദ് ലാസ്റ്റ് ഡേയ്സ് ഓഫ് നേതാജി* (1974) എന്നിങ്ങനെയുള്ള മികച്ച കൃതികളും എഴുതിയിട്ടുണ്ട്. ഇന്ത്യയിലെ സാഹിത്യ അക്കാദമികളുടെ നടത്തിപ്പിനെപ്പറ്റിയുള്ള കമ്മീഷന്റെ ചെയർമാൻ ജസ്റ്റീസ് ഖോസ്ല ആയിരുന്നു. കുറെക്കാലം ഓഥേഴ്സ് ഗിൽഡിന്റെ പ്രസിഡൻറായിരുന്നിട്ടുണ്ട്.

ഖോറെസം (Khorezm)

സോവിയറ്റ് യൂണിയനിലെ ഉസ്ബെക് റിപ്പബ്ലിക്കിന്റെ ഒരു സിവിൾ ഡിവിഷൻ. ഖാറിസം എന്നും രൂപമുണ്ട്. അമു-ദാര്യാതീരത്ത് ഖാറിസം മരുപ്പച്ചയിലാണ് ഈ ഒബ്ലാസ്തിന്റെ സ്ഥാനം. വിസ്തൃതി 4480 ച. കി.മീറ്റർ. തലസ്ഥാനം അർഗഞ്ച്. പ്രധാനപട്ടണം ഖിവാ.

പൊതുവെ വരണ്ട കാലാവസ്ഥയാണ്. കര-കും (Kara-kum) മരുഭൂമിയോടടുത്തുകിടക്കുന്ന ഭാഗം മണൽ നിറഞ്ഞിരിക്കുന്നു. പ്രധാന നദി അമു-ദാര്യ. നദീതീരം ഫലപുഷ്ടിയുള്ളതാണ്.

പട്ടുനൂൽപ്പുഴുക്കളെ വളർത്തുന്നതാണ് ഇവിടത്തെ ഒരു പ്രധാന തൊഴിൽ. ഖോറെസത്തിൽക്കൂടി 1950-ൽ ആരംഭിച്ച ചാർഡ് ഷൗകം ഗ്രാഡ് റെയിൽവേ ട്രാൻസ് കാസ്പിയൻ റയിൽവേയുമായി ബന്ധപ്പെട്ടുകിടക്കുന്നു.

17-ാം നൂറ്റാണ്ടു മുതൽ റഷ്യ ഖോറെസമുമായി ബന്ധം പുലർത്തി. അമു-ദാര്യതീരത്തെ മണൽ സ്വർണം കലർന്നതാണെന്നറിഞ്ഞ പീറ്റർ ഒന്നാമൻ 1717-ൽ ഖോറെസം പിടിച്ചടക്കി. 1847-ൽ റഷ്യക്കാർ

സിർ-ദാര്യ തീരത്ത് കോട്ട കെട്ടി, ഖിവാ കൈവശപ്പെടുത്തി. അമു-ദാര്യയുടെ തീരപ്രദേശം മുഴുവൻ റഷ്യയോടു ചേർത്തു. 1919-ൽ സോവിയറ്റ് ഗവൺമെൻറ് അധികാരത്തിൽവന്നു. ഖാനേറ്റിനു പകരം പീപ്പിൾസ് സോവിയറ്റ് റിപ്പബ്ലിക് സ്ഥാപിതമായി. ഖിവായുടെ ബാക്കിഭാഗവും ട്രാൻസ് കാസ്പിയൻ പ്രവിശ്യയും കൂട്ടിച്ചേർത്ത് ഉസ്ബെക്-ടർക്ക്മെൻ സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകൾ സ്ഥാപിച്ചു. 1924-ൽ ഇവയ്ക്കു രണ്ടിനും സോവിയറ്റ് യൂണിയനിൽ അങ്ഗത്വം നല്കി.

ഖ്യാൽ

ഹിന്ദുസ്ഥാനി സംഗീതത്തിലെ ലഘുവായ ഒരു ഗാനരൂപം. പണ്ഡിത പാമര ഭേദമെന്യെ, ഇതു സംഗീതപ്രിയന്മാർ ഇഷ്ടപ്പെടുന്നു. കർണാടകസംഗീതത്തിലെ കൃതിക്കു തുല്യമായ ഹിന്ദുസ്ഥാനിയിലെ ധ്രുപദിനെക്കാൾ, താരതമ്യേന ലളിതമാണ് ഇത്. ധ്രുപദിൽ സാഹിത്യത്തിനു പ്രാധാന്യം ഇല്ലെന്നു പറയാം. എന്നാൽ ഖ്യാലിൽ സാഹിത്യത്തിനു സ്ഥാനമുണ്ട്. താനവും പ്രധാനംതന്നെ. മനോരഞ്ജകമായ വിധത്തിൽ, താരതമ്യേന ശീഘ്രമായി രാഗച്ഛായ കലർത്തി അവതരിപ്പിക്കുന്നു. വിളംബിതലയത്തിലുള്ള ഖ്യാലുകളിൽ തിൽവാഡാ, ത്സുമ്ര, ദീപ്പണ്ഡി, അഡചൗതാൽ, ഏക്താൾ, രൂപക് എന്നിവയാണു മുഖ്യം. അതേസമയം മധ്യലയത്തിലുള്ളവയിൽ, ത്രിതാൾ, ത്സാപ്താൾ എന്നിവയാണു സാധാരണം. സ്വാതിതിരുനാളിൻെറ ഹിന്ദി ഭജനകളായ കാൻഹാ കബ് ഘർ മോരേ ആയേ (ബിഹാഗ് രാഗം) ജാവോ മത് തുമ് പരദേസേ (കാപിരാഗം) തുടങ്ങിയവ ഖ്യാലുകൾ ആണ്.

ഖല്ലം

അസമിലെ മിസോ വർഗക്കാരുടെ ഇടയിലെ ഒരു നൃത്തം. ആതിഥേയന്മാർ നടത്തുന്ന സ്വീകരണ സത്കാരവേളകളിൽ പങ്കെടുക്കുന്നവർ നടത്തുന്നതാകയാൽ, ഇതിന് 'അതിഥി'നൃത്തമെന്നും പറയുന്നു. സ്ത്രീകളും പുരുഷന്മാരും ഇടകലർന്ന് ഈ നൃത്തത്തിൽ പങ്കെടുക്കുന്നു. ഇവർ ആദ്യം രണ്ടു വരിയായി തിരിയുകയും നൃത്തപരിപാടി പുരോഗമിക്കുന്നതോടുകൂടി രണ്ടിലുമുള്ള ആളുകൾ ഇടകലർന്ന് അർധചന്ദ്രാകൃതിയിൽ അണിനിരന്ന് താളത്തിനൊപ്പിച്ച് ചുവടുവയ്ക്കുകയും ചെയ്യുന്നു.

ഗ

ഗ

വ്യഞ്ജനങ്ങളിൽ മൂന്നാമത്തേത്. കണ്ഠസ്ഥാനത്തിൽ ജിഹ്വാമൂലം ഉറപ്പിച്ചു രന്ധ്രം തുറന്ന് ഉച്ചരിക്കുന്നതാണ് 'ക' എന്ന ഖരം. ഖരോച്ചാരണത്തിൽ കണ്ഠരന്ധ്രം തുറക്കുന്നതിനു പകരം നാദതന്തുക്കൾ വികസിപ്പിച്ചു കണ്ഠദ്വാരം ചുരുക്കി ഉച്ചരിക്കുന്നതാണു 'ഗ' എന്ന മൃദു.

'ഘ' വിവിധഭാഷകളിൽ

മലയാളം ഘ

സംസ്കൃതം ഹിന്ദി	ग	ഉറുദു	گ
തമിഴ്ഗ്രന്ഥം	𑌗	അസമിയ	গ
ബ്രാഹ്മി	𑀕	ഗുജറാത്തി	ગ
കന്നടം	ಗ	ബർമീസ്	ဂ
തെലുഗു	గ	പഞ്ചാബി	ਗ
ഒറിയ	ଗ	ബംഗാളി	গ

ഗംഗത്തുളസി

ലേബിയേറ്റേ കുലത്തിലുള്ള ഒരു ഓഷധി. ശാസ്ത്രനാമം *ഹിപ്റ്റിസ് സാവ്യോലെൻസ് (Hyptis suaveolens)* ഇന്ത്യയുടെ വടക്കുകിഴക്കും ഡക്കാൻപ്രദേശത്തും, ആന്തമാൻ, നിക്കോബാർ ദ്വീപുകളിലും സാധാരണ കാണുന്നു. ഇലകൾ അണ്ഡാകാരമാണ്. പൂക്കൾ ചെറുതും. അവ കുലകളായി കാണുന്നു. കാണ്ഡം ബലമുള്ളതും ഇല മണമുള്ളതും. ഉദ്ദീപനൗഷധമാണ്. ചെടിയിൽനിന്ന് എതറീൻ എണ്ണയും വിത്തിൽനിന്ന് 13% കൊഴുപ്പുമയമായ എണ്ണയും ലഭിക്കുന്നു. കൂടാതെ ഹൈഡ്രോസയാനിക് ആസിഡും ചെറിയ തോതിൽ ഈ ചെടിയിൽ അടങ്ങിയിരിക്കുന്നു.


ഗംഗത്തുളസി

ഗംഗത്തോട്

പഞ്ചാബ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾക്കു ജലസേചനത്തിനു ഗംഗയിൽ നിന്നു വെട്ടിയ തോട്. ബിക്കാനീർത്തോട് എന്നും ഇതിനു പേരുണ്ട്. സത്‌ലജ്നദിയുടെ വലതുകരയിൽ, ഫിറോസ്പൂരിൻെറ അല്പം വടക്കുപടിഞ്ഞാറുനിന്നു തുടങ്ങുന്ന ഈ തോട് 270 കി.മീറ്റർ തെക്കുപടിഞ്ഞാറായി ഒഴുകി രാജസ്ഥാനിലെ അനൂപ്ഗറിനു 11.2 കി. മീ. തെക്കുകിഴക്കുവരെ എത്തുന്നു. ഹെഡ്‌വർക്ക്സ് മുതൽ 135 കി. മീറ്റർ ദൂരം അടിയിൽ കോൺക്രീറ്റ് വിരിച്ചിട്ടുണ്ട്. പല ശാഖകളുമുള്ള ഈ തോട് 1927-ൽ തുറന്നു.

ഗംഗരാജവംശം

ഭാരതത്തിൻെറ ദക്ഷിണപൂർവദേശങ്ങൾ ഭരിച്ചിരുന്ന ഒരു രാജവംശം. 'പശ്ചിമ'ഗംഗർ മൈസൂർ ഭരിച്ചിരുന്നു (250—1004). പൂർവഗംഗർ കലിംഗം ഭരിച്ചു (1028—1435).

കൊങ്കണി വർമൻ ആയിരുന്നു പശ്ചിമഗംഗവംശത്തിലെ ആദ്യ രാജാവ്. പിൻഗാമികളായ മാധവ-ഹരിവർമൻമാർ രാജ്യം വിസ്തൃതമാക്കി. ഭൂതുംഗൻ (937—960) തുംഗഭദ്ര, കൃഷ്ണാനദികളുടെ മധ്യത്തിലുള്ള വിശാലരാജ്യം ഭരിച്ചു. ചോളാക്രമണത്തിനു മുമ്പിൽ രാജ്യം തകർന്നു.

പൂർവഗംഗർക്കു മൂന്നു ശാഖകൾ ഉണ്ടായിരുന്നു. വജ്രഹസ്തൻ III മൂന്നു ശാഖകളുടെയും പ്രദേശങ്ങൾ ഭരിച്ചിരുന്നു. രാജരാജൻ I അനന്തവർമൻ, രാജരാജൻ II, രാജരാജൻ III മുതലായവരാണു മുഖ്യ രാജാക്കന്മാർ. നരസിംഹൻ എന്ന ഗംഗരാജാവാണു കൊനാരക്കിലെ സൂര്യക്ഷേത്രം പണിയിച്ചത് (1243). ഭാനുദേവൻെറ മന്ത്രിയായ കപിലേന്ദ്രൻ ഗംഗരാജാവിനെ സ്ഥാനഭ്രഷ്ടനാക്കി സൂര്യവംശം സ്ഥാപിച്ചതോടെ ഗംഗവംശത്തിൻെറ ഭരണം അവസാനിച്ചു.

രണ്ടു ഗംഗവംശങ്ങളും തമ്മിൽ വിദൂരബന്ധം ഉണ്ടായിരുന്നു.

ഗംഗാദേവി

ഗംഗാനദിയുടെ അധിഷ്ഠാനദേവത. വിഷ്ണുവിൻെറ പാദത്തിലാണു വിശ്വപാവനിയായ ഗംഗയുടെ ജനനം. ഭഗീരഥൻ എന്ന അയോധ്യാരാജാവിൻെറ തപസ്സുകൊണ്ടു പ്രസാദിച്ച ഗംഗ സ്വർഗത്തുനിന്നു ഭൂമിയിലേക്കും പാതാളത്തിലേക്കും ഒഴുകി, കപിലൻ ഭസ്മീകരിച്ച സഗരപുത്രന്മാർക്കു മോക്ഷം നല്കി. ഭഗീരഥൻെറ അപേക്ഷപ്രകാരം ആകാശത്തുനിന്നു ശക്തിയായി ഭൂമിയിൽ പതിച്ച ഗംഗയെ ശിവൻ സ്വന്തം ജടയിൽതാങ്ങി നിർത്തി. പിന്നെ ശിവനെ പ്രസാദിപ്പിച്ചിട്ടാണു ഗംഗയെ ഭൂമിയിലൂടെ ഒഴുകാൻ ശിവൻ വിട്ടയച്ചത്. ഗംഗ ഒഴുക്കിനിടയിൽ ജഹ്നുമഹർഷിയുടെ ആശ്രമം ഒഴുക്കിക്കളഞ്ഞു. മുനി കോപിച്ചു ഗംഗയെ കുടിച്ചു വറ്റിച്ചു. മഹർഷിയെ പ്രസാദിപ്പിച്ചപ്പോൾ അദ്ദേഹം സ്രവിപ്പിച്ച ഗംഗ, ഭഗീരഥൻെറ പിറകേ സഗരപുത്രന്മാർ കുഴിച്ച കുഴികൾ നിറച്ചുകൊണ്ടു പാതാളത്തിലേക്കു കടന്നു. വെള്ളം നിറഞ്ഞ ആ കുഴികളാണത്രേ സാഗരങ്ങൾ.

ഗംഗാദേവി-12-ാം ശതകത്തിലെ ശിലാശില്പം (ന്യൂദെൽഹി നാഷനൽ മ്യൂസിയം)

ശാപംകൊണ്ടു ഗംഗാദേവി മനുഷ്യസ്ത്രീയായി പിറന്നു ശാന്തനുവിൻെറ ഭാര്യയായി. ശാപംകൊണ്ടു മനുഷ്യരായി പിറന്ന അഷ്ടവസ്ക്കൾക്കു ഗംഗ മാതാവായി. പിറന്ന പുത്രരെ ഗംഗ നദിയിൽ എറിഞ്ഞു. വസുക്കളുടെ എല്ലാവരുടെയും അംശങ്ങൾ ചേർന്നുണ്ടായ എട്ടാമത്തെ മകൻ ഗംഗാദത്തൻ എന്നു വിശ്രുതനായി. ഭീഷണമായ ബ്രഹ്മചര്യപ്രതിജ്ഞ അദ്ദേഹത്തെ ഭീഷ്മരാക്കി. ഗംഗാദേവിയുടെ പ്രതിരൂപമാണു ഗംഗ എന്നാണു വിശ്വാസം. മൂന്നുലോകത്തിലും ഒഴുകുന്നതിനാൽ ഗംഗയെ 'ത്രിപഥഗ' എന്നും പറയാറുണ്ട്.

ഗംഗാധരൻ. പി. (1910—1985)

രാഷ്ട്രീയ നേതാവും സാമൂഹിക പ്രവർത്തകനും. കൊച്ചിയിൽ കമ്മ്യൂണിസ്റ്റ്പാർട്ടിയും, തൊഴിലാളിസംഘടനകളും കെട്ടിപ്പടുക്കുന്നതിൽ മുൻനിന്നു പ്രവർത്തിച്ചു. അനേകം തൊഴിലാളിസമരങ്ങൾക്കു നേതൃത്വം നല്കി.

1910 ഓഗസ്റ്റ് 10-നു പള്ളുരുത്തിയിൽ ജനിച്ചു. സാമ്പത്തിക ക്ലേശം മൂലം പ്രൈമറിസ്ക്കൂളിൽ വച്ചു വിദ്യാഭ്യാസം അവസാനിപ്പിക്കേണ്ടിവന്നു. കുറച്ചുകാലം തൊഴിലാളിയായി ജോലിചെയ്തു. പിന്നീടു നാടുവിട്ടു. ശ്രീനാരായണഗുരുവിൻെറയും, പില്ക്കാലത്തു നടരാജഗുരുവിൻെറയും ശിഷ്യത്വം സ്വീകരിച്ചെങ്കിലും ദേശസഞ്ചാരം തുടർന്നു. നാട്ടിൽ മടങ്ങിയെത്തി സ്വാതന്ത്ര്യസമരഭടനായി. ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുത്തു ജയിൽവാസം അനുഭവിച്ചു. കൊച്ചിയിലെ ആദ്യകാല ട്രേഡ് യൂണിയനുകൾ സംഘടിപ്പിച്ചത് ഇദ്ദേഹമാണ്.

രണ്ടാം ലോകമഹായുദ്ധകാലത്തു സാമ്രാജ്യത്വയുദ്ധത്തിനെതിരെ പ്രചാരണം നടത്തിയതിനു അറസ്റ്റിലായി. പി. കൃഷ്ണപിള്ള, ഇ. എം.എസ്., എ.കെ.ജി. എന്നിവരുമായുണ്ടായ സമ്പർക്കം കമ്മ്യൂണിസ്റ്റ് ചിന്താഗതിയിലേക്കു നയിച്ചു. പുന്നപ്ര-വയലാർ സമരത്തിൽ പങ്കെടുത്തു.

രാഷ്ട്രീയ പ്രവർത്തനത്തോടൊപ്പം സാമൂഹിക പ്രവർത്തനവും നടത്തി. കൊച്ചിയിൽ എസ്.എൻ.ഡി.പി യോഗത്തെ ബഹുജന പ്രസ്ഥാനമാക്കി വളർത്തുന്നതിനു സഹോദരൻ അയ്യപ്പനോടൊപ്പം നേതൃത്വം നൽകി. സ്വാതന്ത്ര്യലബ്ധിക്കുമുമ്പും പിൻപും പലപ്രാവശ്യം ജയിൽവാസം അനുഭവിച്ചിട്ടുള്ള ഗംഗാധരനു നിരവധി യാതനകളും പീഡനങ്ങളും സഹിക്കേണ്ടിവന്നിട്ടുണ്ട്.

1965-ലും 1967-ലും നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു ഇന്ത്യൻ കമ്മ്യൂണിസ്റ്റുപാർട്ടി പിളർന്നപ്പോൾ സി.പി.ഐ.(എം)ലായിരിന്നു. സംവരണപ്രശ്നത്തിന്മേൽ പാർട്ടിയുമായി ഇടഞ്ഞു (1973). പിന്നീടു സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ പാർട്ടി രൂപവത്കരിക്കുന്നതിനു നേതൃത്വം നല്കി. 1977 മുതൽ എസ്.ആർ.പി.യുടെ ജനറൽ സെക്രട്ടറിയായിരുന്നു. പാലിയംസമരം, നാവികകലാപം, ബ്രാഹ്മണാധിപത്യം എന്നീ ചെറുപുസ്തകങ്ങൾ എഴുതിയിട്ടുണ്ട്.

1985 മാർച്ച് 21-ന് അന്തരിച്ചു.

ഗംഗാധരൻ, വി. (1912—)

പത്രപ്രവർത്തകനും, സാമൂഹിക രാഷ്ട്രീയനേതാവും, മുൻ നിയമസഭാ സ്പീക്കറും.

കൊല്ലം ഉണിച്ചക്കം വീട്ടിൽ കെ.ജി. വേലുപ്പിള്ളയുടെ പുത്രനായി വെളിയത്തു ജനിച്ചു. കൊല്ലം ഹൈസ്കൂളിലും തിരുവനന്തപുരം സയൻസ് കോളെജിലും പഠിച്ചു. വിദ്യാഭ്യാസാനന്തരം അല്പകാലം ബാങ്കുജീവനക്കാരനായിരുന്നു. പിന്നീടു കൊല്ലത്തുനിന്നു പുറപ്പെട്ടിരുന്ന 'മലയാളരാജ്യ'ത്തിൽ പത്രാധിപരും ഇളയച്ഛനുമായ കെ. ജി. ശങ്കറുടെ സഹായിയായി ജോലിചെയ്തു. ശങ്കർ അനാരോഗ്യം മൂലം പത്രപ്രവർത്തനത്തിൽ നിന്നു വിരമിച്ചപ്പോൾ, ഗംഗാധരൻ പത്രത്തിൻെറ കൂടുതൽ ചുമതലകൾ വഹിച്ചു. അക്കാലത്തു കൊട്ടാരക്ക

ര നിയോജകമണ്ഡലത്തിൽനിന്നു നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. 1945—'47 കാലത്ത് എൻ.എസ്.എസ്. ജനറൽ സെക്രട്ടറിയായിരുന്നു. എൻ.എസ്.എസ്സിനെ കോൺഗ്രസ്സിൽ ലയിപ്പിക്കാൻ ഇദ്ദേഹം ശ്രമിച്ചു. എൻ.എസ്.എസ്. രാഷ്ട്രീയം ഉപേക്ഷിച്ചപ്പോൾ (1947) കോൺഗ്രസ് സമരത്തിൽ പങ്കെടുത്തു ജയിൽവാസം വരിച്ചു.

പട്ടംതാണുപിള്ള കോൺഗ്രസ് വിട്ട് പ്രജാസോഷ്യലിസ്റ്റു പാർട്ടിയിൽ ചേർന്നപ്പോൾ ഗംഗാധരനും ആ പാർട്ടിയുടെ പ്രവർത്തകനായി. 1954-ൽ ചടയമംഗലം നിയോജകമണ്ഡലത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടു. 1954-'56-ൽ നിയമസഭാസ്പീക്കറായിരുന്നു. ലോകസമാധാനപ്രസ്ഥാനത്തിൻെറ പ്രവർത്തകൻ എന്ന നിലയ്ക്കും റഷ്യ, ചെക്കസ്ലവാക്യ, ഫിൻലൻഡ് എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. *ഇന്ത്യൻ പാർലമെൻറ്, ഗ്രാമസ്വരാജ്* (എം.പി. മന്മഥനുമായി ചേർന്ന്) എന്നീ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇപ്പോൾ കൊല്ലത്തു വിശ്രമജീവിതം നയിക്കുന്നു.

ഗംഗാധരലക്ഷ്മി, റാണി

പതിനേഴാംനൂറ്റാണ്ടിൽ കൊച്ചി രാജ്യം ഭരിച്ച രാജ്ഞി. കൊച്ചീരാജ്യത്തിൻെറ ചരിത്രത്തിൽ ആ രാജ്യം വാണിട്ടുള്ള ഏക റാണി, ഗംഗാധരലക്ഷ്മിയാണ്. പെരുമ്പടപ്പുരാജാവായിരുന്ന രാമവർമ (1650—'56) തീപ്പെട്ടപ്പോൾ, റാണി ഗംഗാധരലക്ഷ്മി റീജൻറായി ഭരണം കൈയ്യേറ്റു. ന്യൂഹോഫിൻെറ സഞ്ചാരചരിത്രത്തിൽ ഇപ്രകാരം കാണുന്നു: "കൊച്ചിയിലെ യഥാർഥാവകാശിയായ രാജാവിനെ പോർത്തുഗീസുകാർ കുറച്ചുദിവസം മുൻപു നഗരത്തിൽനിന്നു ബലമായി ഓടിച്ചുകളഞ്ഞു. ആ സ്ഥാനത്ത് രാജാവിൻെറ വലിയമ്മയും ഗോദവർമൻെറ വംശത്തിൽ ഉള്ളവരുമായ ഒരു റാണിയെ വാഴിച്ചു."

റാണി ഗംഗാധരലക്ഷ്മി താനൂരു(വെട്ടത്തു)നിന്ന് അഞ്ചു കുമാരന്മാരെ ദത്തെടുത്തു. പില്ക്കാലത്തു കൊച്ചിക്കു നേരിട്ട പല ദുരിതങ്ങൾക്കും കാരണമായി ആ ദത്ത് എന്നു ചരിത്രകാരന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. റാണിയുടെ ഉപദേഷ്ടാവ് ഒരു രാഘവൻ കോയിൽ ആയിരുന്നു. സാമൂതിരിയുമായി തൃശ്ശിവപേരൂർ വച്ചുണ്ടായ യുദ്ധത്തിൽ റാണി പരാജയപ്പെട്ടു. സാമൂതിരി തൃശൂർ കൈവശപ്പെടുത്തുകയും ചെയ്തു. ഇളയതാവഴിയിലെ അംഗമായിരുന്ന റാണിക്കെതിരായിനിന്ന മൂത്ത താവഴിയിലെ മൂത്ത ആളായിരുന്ന ഗോദവർമ, റാണിയെ തോല്പിക്കാൻ വേണ്ടി ലന്തക്കാരുടെ സഹായം തേടി. വാൻ ഗോയെൻസ് എന്ന ഡച്ചുസേനാനായകൻ 24 കപ്പലുകളോടുകൂടി 1661 ഡിസംബറിൽ കൊല്ലത്തെത്തി. പറങ്കികളുടെ കയ്യിൽനിന്നു കൊല്ലം പിടിച്ചെടുത്തശേഷം 1662-ൽകൊടുങ്ങല്ലൂരും പിടിച്ചെടുത്തു. തുടർന്നു മട്ടാഞ്ചേരിയിൽ എത്തി കൊച്ചി സൈന്യത്തെ നേരിട്ടു. നാലുരാജാക്കന്മാരും 1600 നായന്മാരും മരിച്ചു എന്നു ടവേർണിയർ രേഖപ്പെടുത്തിയിട്ടുണ്ട്. റാണിയെ ഡച്ചുകാർ തടവിലാക്കി. റാണി മൂത്ത താവഴിക്ക് അവകാശം നല്കി ഒതുങ്ങിക്കൊടുത്തു. നൂറു വയസ്സുവരെ അവർ ജീവിച്ചിരുന്നു എന്നാണ് ഐതിഹ്യം. ആലത്തൂർ അനുജൻ നമ്പൂതിരിപ്പാട് റാണി ഗംഗാധരലക്ഷ്മി എന്ന നോവൽ എഴുതിയിട്ടുണ്ട്.

ഗംഗാനഗർ

രാജസ്ഥാനിൽ ബിക്കാനീറിൽനിന്നും 215 കി.മീ. വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ജില്ലയും അതിൻെറ ആസ്ഥാനമായ നഗരവും. ജില്ലയുടെ വിസ്തീർണം 20,634 ച.കി.മീ. ജനസംഖ്യ 20,29,968 (1981) ചോളം, ഗോതമ്പ്, കരിമ്പ്, പയർവർഗങ്ങൾ, പരുത്തി എന്നിവ ജില്ലയിൽ കൃഷിചെയ്യപ്പെടുന്നു. ഇവയുടെ ഒരു വ്യാപാരകേന്ദ്രമായ നഗരത്തിൽ പഞ്ചസാരമില്ലുകളും കൈത്തറി നെയ്ത്തും ധാരാളമുണ്ട്. ഒട്ടകങ്ങളെയും ആടുകളെയും വളർത്തുന്ന ജില്ലയാണിത്.

ഗംഗാനദി

ഇന്ത്യയിലെ ഏറ്റവും വലിയ നദി. ഹിമാലയപർവതത്തിൻെറ ദക്ഷിണഭാഗത്ത്, ടിബറ്റിൻെറയും ഇന്ത്യയുടെയും ഇടയ്ക്കുള്ള ഇന്ത്യൻ അതിർത്തിയിൽ അഞ്ചു സ്രോതസ്സുകളായി — ഭാഗീരഥി, അളകനന്ദ, മന്ദാകിനി, ധൗളിഗംഗ, പിണ്ഡാർ — ഉദ്ഭവിച്ച് ഉത്തരഖണ്ഡത്തിലൂടെ താഴോട്ടൊഴുകുന്നു. ഇവയിൽ അളകനന്ദയും ഭാഗീരഥിയുമാണു മുഖ്യം. കൂട്ടത്തിൽ നീളം കൂടിയ അളകനന്ദ, നന്ദാദേവീശൃംഗത്തിൽനിന്ന് ഏകദേശം 30 മൈൽ വടക്കുനിന്ന് ഉദ്ഭവിക്കുന്നു. ഭാഗീരഥിയുടെ ഉദ്ഭവം സമുദ്രനിരപ്പിൽനിന്നും ഏകദേശം 3050 മീറ്റർ (10,000 അടി) ഉയരത്തിലാണ്. ഗംഗയുടെ യഥാർഥ ഉദ്ഭവസ്ഥാനമായി പരിഗണിക്കപ്പെട്ടുവരുന്നതു ഗംഗോത്രിക്ക് 13 മൈൽ തെക്കുള്ള ഗൗമുഖിയാണ്.

ഗംഗാതീരത്ത് കാശിയിൽ
ഇടതിങ്ങിനില്ക്കുന്ന മന്ദിരങ്ങൾ.



ഗംഗയുടെ പാവനത്വം പൗരാണിക കാലം മുതൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്.

“സമുദ്രപത്ന്യോർജലസന്നിപാതേ
പൂതാത്മനാമത്ര കിലാഭിഷേകാൽ
തത്വാവബോധേന വിനാപിഭൂയ
സ്തനുത്യജാം നാസ്തി ശരീരബന്ധഃ”

(രഘു 13.58) തത്വജ്ഞാനം കൂടാതെ തന്നെ മോക്ഷലാഭമുണ്ടാക്കുന്നതാണത്രേ, ഗംഗാസ്നാനം. ഗംഗയുടെ അരികിൽകിടന്നു മരിക്കുവാനും തങ്ങളുടെ ചിതാഭസ്മം ആ പുണ്യനദിയിൽ ഒഴുക്കുവാനും ആഗ്രഹിക്കുന്നവരുണ്ട്. മരണസമയത്തു ഗംഗാജലം നല്കുവാൻ ഒരു വിഭാഗം ഹിന്ദുക്കൾ ഇന്നും ശ്രദ്ധിച്ചുവരുന്നു.

കപിലമഹർഷിയുടെ കോപാഗ്നിയിൽപ്പെട്ടു ഭസ്മാവശേഷന്മാരായ സഗരപുത്രന്മാരെ പരിശുദ്ധരാക്കിത്തീർക്കുന്നതിനായി ആ വംശത്തിൽ ജനിച്ച ഭഗീരഥൻ സ്വർഗത്തുനിന്നു കൊണ്ടുവന്ന നദിയാണു ഗംഗ എന്നു പുരാണകഥയുണ്ട്.

ഉദ്ഭവവും ഗതിയും. അളകനന്ദയും ഭാഗീരഥിയും ദേവപ്രയാഗയിൽ സന്ധിക്കുന്നു. ദേവപ്രയാഗയിൽനിന്നു ശിവാലികപർവതനിരകളിൽക്കൂടി പടിഞ്ഞാറോട്ട് ഒഴുകി തെക്കോട്ടു തിരിഞ്ഞു ഹരിദ്വാരത്തിൽവച്ചു ഗംഗാസമതലത്തിൽ എത്തുന്നു. ഇതിനുള്ളിൽ ദേവിനന്ദാ, ഗൂർള, മശത്രത, ധവളഗിരി, ഗോസന്താൻ, കാഞ്ചൻജംഘ, എവറസ്റ്റ് എന്നീ ഗിരിശൃംഗങ്ങളിൽനിന്നു മഞ്ഞുരുകിയുള്ള ജലം വന്നുചേരുന്നുണ്ട്. ഹരിദ്വാരിൽനിന്ന് അനൂപ്നഗറിനു സമീപം തെക്കുകിഴക്കോട്ടു ഫറൂക്കാബാദ്, കാനൗജ്, കാൺപൂർ, അലാഹാബാദ് എന്നീ സ്ഥലങ്ങളിൽക്കൂടി ഗംഗ ഒഴുകുന്നു. അലാഹാബാദിൽവച്ചു യമുനാനദി ഗംഗയുമായി ചേരുന്നു. ഇന്ത്യയിലെ ഏറ്റവും പ്രസിദ്ധമായ പുണ്യതീർഥമാണ് ഈ നദീസംഗമം. പ്രയാഗയെന്നും ത്രിവേണിയെന്നും ഈ സ്ഥാനത്തിനു പേരുണ്ട്. മൂന്നു നദികൾ സന്ധിക്കുന്ന സ്ഥാനമെന്ന അർഥത്തിലാണു ത്രിവേണി എന്ന പേർ വന്നത്. ഈ മൂന്നു നദികളിൽ സരസ്വതി അന്തഃസലില ആണ്. ഭൂഗർഭത്തിൽ സരസ്വതീതടം കണ്ടെത്തിയിട്ടുണ്ട്. യമുനയുടെ ആരംഭം ഹിമാലയത്തിൽ നിന്നാണ്. ദില്ലി, ആഗ്ര, മഥുര, വൃന്ദാവനം തുടങ്ങിയ സ്ഥലങ്ങളിൽക്കൂടി ഒഴുകിയാണ് യമുന ഗംഗയിൽ വന്നുചേരുന്നത്.


ഗംഗാനദീസ്നാനം

അലാഹാബാദിൽനിന്നു കിഴക്കോട്ടു വാരാണസി, ഘാസിപൂർ, ബാലിയ എന്നീ നഗരങ്ങൾക്കു സമീപം ഒഴുകി ഗംഗ ബിഹാറിൽ പ്രവേശിക്കുന്നു. ബിഹാറിൽ പട്നാ, മോങ്ഗീർ, ഭഗൽപൂർ, ശാഹിബ്ഗഞ്ച് എന്നീ നഗരങ്ങൾക്കു സമീപത്തുകൂടി ഒഴുകുന്നു. പിന്നീടു തെക്കുകിഴക്കായി ഒഴുകി പശ്ചിമബംഗാളിൽ പ്രവേശിക്കുന്നു. ജംഗിപൂരിനു വടക്കുകിഴക്കുവശംവച്ചു ഗംഗ രണ്ടായി പിരിയുന്നു. മേൽഭാഗത്തെ പ്രധാന കൈവഴിയാണു പദ്മാനദി. കീഴ്ഭാഗത്തുള്ള കൈവഴിയെ ഭാഗീരഥി എന്നു പറയുമെങ്കിലും, ഇതിൻെറ കീഴേ അറ്റം ഹുഗ്ലി എന്നാണ് അറിയപ്പെടുന്നത്. പദ്മാനദിയുടെ തെക്കുകിഴക്കായി തുടർന്നു രാജശാഹിക്കു സമീപം അതു ബംഗ്ലാദേശിൽ കടക്കുന്നു. ഫരീദ്പൂരിന് 46.4 കി.മീറ്റർ വടക്ക് വടക്കു-പടിഞ്ഞാറുവച്ചു ബ്രഹ്മപുത്രയുടെ പ്രധാന കൈവഴിയായ ഭാഗീരഥി പദ്മയിൽ ചേരുന്നു. പദ്മയുടെ ഗതി തെക്കുകിഴക്കായി തുടരുന്നു. ചാംദ്പൂരിനു വടക്കുപടിഞ്ഞാറുവശംവച്ചു മേഘന വന്നുചേരുന്നു. മേഘന എന്നാണു പിന്നീടു നദിയുടെ പേര്. അവസാനം നാലു പ്രധാന കൈവഴികളായി പിരിഞ്ഞു കടലിൽ ചേരുന്നു. അപ്പർ ഭാഗീരഥി മുതൽ മേഘന നദിയായി കടലിൽ പതിക്കുന്നതുവരെ ആകെ നീളം 2,506 കി.മീറ്റർ ആണ്. വിശറിയുടെ ആകൃതിയിലുള്ള ഗംഗാഡെൽറ്റയാണു ലോകത്തിലെ ഏറ്റവും വലിയ ഡെൽറ്റ. 400 കി.മീ. നീളം. 320 കി.മീ. വീതി. ആകെ 10,40,000 ച.കി.മീറ്റർ പ്രദേശം ഈ നദി നനയ്ക്കുന്നുണ്ട്.

ഡെൽറ്റയുടെ ഏറ്റവും പടിഞ്ഞാറേ അറ്റത്തുള്ള കൈവഴിയായ ഹുഗ്ലി കൽക്കത്തവഴി കടലിൽപോകുന്ന മാർഗമാണ്. ഗംഗാനദിയോട് അനുബന്ധിച്ചു നിരവധി ജലസേചനപദ്ധതികൾ ഉണ്ട്.

പോഷകനദികൾ. ഗംഗയുടെ ഇടതുകരയിൽ ഹിമാലയത്തിൽനിന്നു വന്നുചേരുന്ന പോഷകനദികളിൽ പ്രധാനപ്പെട്ടവ വടക്കുപടിഞ്ഞാറുനിന്നും ക്രമത്തിൽ തെക്കുകിഴക്കോട്ടു രാംഗംഗ , ഗോമതി, ഗോഗ്ര, ഗണ്ഡക്, കോസി, മഹാനന്ദ എന്നിവയാണ്. വലതുവശം വന്നുചേരുന്നവയിൽ യമുനയ്ക്കു പുറമെ സോണയും ഉൾപ്പെടും. പല പോഷകനദികളും പുരാണകഥകളെ അനുസ്മരിപ്പിക്കുന്നവയാണ്. യമുന ശ്രീകൃഷ്ണനെയും സരയു ശ്രീരാമനെയും, ചമ്പൽനദി രന്തിദേവനെയും ശോണഭദ്രം ഗജേന്ദ്രമോക്ഷത്തെയും അനുസ്മരിപ്പിക്കുന്നു. ജനകൻ, അശോകൻ, ബുദ്ധൻ, മഹാവീരൻ, ഗുരു ഗോവിന്ദസിങ് എന്നീ മഹാത്മാക്കളെ അനുസ്മരിപ്പിക്കുന്ന പ്രദേശങ്ങളെയും നനച്ചുകൊണ്ടാണു ഗംഗ പ്രവഹിക്കുന്നത്.

ഗംഗയും ബ്രഹ്മപുത്രയും ഒത്തുചേരുന്നതു ഗോ ആലന്ദോവിനരികിൽവച്ചാണ്. ബ്രഹ്മപുത്ര ഹിമാലയത്തിൻെറ വടക്കൻപ്രദേശത്തെ ജലം വഹിച്ചുകൊണ്ടു അസമിൽക്കൂടി പടിഞ്ഞാറോട്ട് ഒഴുകുന്നു. മറുവശത്തുകൂടി ഗംഗ കിഴക്കോട്ടും ഒഴുകി അടുക്കുന്നു. വളരെ ദൂരം വരെ പരസ്പരം ലയിക്കാതെ ഏതാണ്ടു സമാന്തരമായി ഒഴുകിയതിനുശേഷമാണു ബ്രഹ്മപുത്ര ഗംഗയിൽ വന്നുചേരുന്നത്.

ഗംഗാമൂല

ശൃംഗേരി(കർണാടകം)ക്ക് 25 കി.മീ. തെക്കുപടിഞ്ഞാറുള്ള കൊടുമുടി. ഇതു സമുദ്രനിരപ്പിൽനിന്ന് 1199 മീറ്റർ ഉയരത്തിലാണ്. തുംഗ, ഭദ്ര എന്നീ നദികൾ ഇവിടെനിന്നാണ് ഉത്ഭവിക്കുന്നത്.

ഗംഗാസാഗർ മേള

ജനുവരിമാസത്തിൽ ഗംഗാസാഗർ ദ്വീപിൽ ആഘോഷിക്കുന്ന ഒരു ഉത്സവം. ഗംഗാദേവിയെ സമാദരിക്കുവാനും സ്മരിക്കുവാനുമാണ് ഇതു സംഘടിപ്പിച്ചിട്ടുള്ളത്. ഈ പുണ്യദ്വീപിലാണത്രെ ഗംഗാനദിയുടെ ഉത്തര ദക്ഷിണ മേഖലകൾ നിജപ്പെടുത്തുന്ന സ്ഥാനം. പുണ്യകർമങ്ങളനുഷ്ഠിച്ചതിൻെറ ഫലമായി ഭഗീരഥൻെറ അറുപതിനായിരത്തോളമുള്ള പൂർവികന്മാരുടെ ആത്മാക്കൾക്ക്, പുനർജീവനം സാധിച്ചത് ഈ ദ്വീപിലായിരുന്നെന്നു വിശ്വസിക്കപ്പെടുന്നു.

ഗംഗൂബായ് ഹംഗൽ (1913—   )

ഭാരതീയ ഗായിക. 1913-ൽ ധാർവാറിൽ ജനിച്ചു. അച്ഛനായ ചിക്കുറാവു ഒരു സംഗീതപ്രേമിയും അമ്മ — അംബാദേവി — ഒരു കർണാടകസംഗീതജ്ഞയുമായിരുന്നു. മകൾക്കു കർണാടകസംഗീതത്തിൽ താത്പര്യം ഇല്ലാതിരുന്നതിനാൽ കൃഷ്ണാചാര്യന്റെ കീഴിൽ ഹിന്ദുസ്ഥാനിസംഗീതം അഭ്യസിപ്പിക്കുകയാണുണ്ടായത്. ശ്രീരാമഭാവ് കുണ്ഡഗോൽക്കർ, ശ്രീദത്തോപന്തുദേശായ് എന്നീ ആചാര്യന്മാരും ഗംഗൂബായിയെ സംഗീതം പഠിപ്പിച്ചു. പ്രഗല്ഭരായ ഖ്യാൽ ഗായികമാരിൽ ഒരാളാണു ഗംഗൂബായ്.

ഗംഗേശൻ

നവ്യന്യായവ്യവസ്ഥയുടെ സ്ഥാപകൻ. 'തത്വചിന്താമണി'യുടെ കർത്താവ്. ഗംഗേശോപാധ്യായൻ എന്ന പേരിലാണു പ്രസിദ്ധി. മൈഥില ബ്രാഹ്മണനാണു ഗംഗേശൻ. കിട്ടുന്നിടത്തോളം ഗവേഷണഫലങ്ങളെ ആധാരമാക്കി നോക്കിയാൽ എ.ഡി. 14-ാംശതകത്തിന്റെ പൂർവാർധമാണു ഗംഗേശന്റെ കാലമെന്നു കരുതാം.

'തത്ത്വചിന്താമണി' എന്നൊരു ന്യായശാസ്ത്രഗ്രന്ഥം മാത്രമേ അദ്ദേഹം രചിച്ചതായി അറിയപ്പെട്ടിട്ടുള്ളു. പക്ഷേ അതു ഭാരതീയ ന്യായശാസ്ത്രത്തിന്റെ വഴിത്തിരിവിനുതന്നെ കാരണമായി. നവ്യന്യായമെന്നൊരു പ്രസ്ഥാനത്തിന് അത് അടിത്തറപാകി.

ഗംഗൈക്കൊണ്ട ചോളപുരം

ചോളചക്രവർത്തിയായിരുന്ന രാജേന്ദ്രൻ ഒന്നാമൻ (1012—'44) തിരുച്ചിറപ്പള്ളിക്കടുത്തു പണിയിച്ച തലസ്ഥാനനഗരം. വലിയ കോട്ടമാളികകളും, കൊട്ടാരങ്ങളും, ക്ഷേത്രങ്ങളും, വിശാലമായ ഒരു കൃത്രിമജലാശയവും ഇവിടെയുണ്ട്. ഇവയുടെയെല്ലാം നഷ്ടാവശിഷ്ടങ്ങൾ ഇന്നും കാണാനുണ്ട്. ഗംഗൈക്കൊണ്ട ചോളപുരം ക്ഷേത്രത്തിന്റെ ഗർഭഗൃഹത്തിന്റെ ഉയർത്തിക്കെട്ടിയ ഭാഗമായ 'വിമാനം' ചോള ക്ഷേത്രങ്ങളുടെ പ്രത്യേകതയാണ്. ഒന്നാം രാജരാജചോളൻ പണിയിച്ച തഞ്ചാവൂർ ക്ഷേത്രത്തിന്റെ വിമാനത്തിന് 65.8. മീ. ഉയരവും ഗംഗൈക്കൊണ്ട ചോളപുരത്തിലെ വിമാനത്തിന് 51.8. മീ. ഉയരവുമാണുള്ളത്. കുംഭാഭിഷേകത്തിനു ഗംഗാജലം കൊണ്ടുവരണമെന്നു രാജേന്ദ്രൻ ഉറയ്ക്കുകയും തന്റെ പടനായകനെ ഇതിനായി ഗംഗാതീരത്തേക്ക് അയയ്ക്കുകയുംചെയ്തു. വഴിക്കുള്ള രാജ്യങ്ങളെല്ലാം പിടിച്ചടക്കിയാണു ചോളസേന പോയത്. ഗംഗാതീർഥം ശിരസ്സിലേറ്റി വന്നതുകൊണ്ടാണു രാജേന്ദ്രചോളൻ 'ഗംഗൈക്കൊണ്ട ചോഴ'നായത്.

ഗംഗൈക്കൊണ്ട ചോളപുരംക്ഷേത്രത്തിനു പല പ്രത്യേകതകളുണ്ട്. നവഗ്രഹങ്ങളെ ഒരേ കല്ലിൽ കൊത്തിയെടുത്തിട്ടുണ്ട്. മഹിഷാസുരമർദിനിക്ക് 20 കയ്യുണ്ട്. വെള്ളത്തിനു വളരെ ക്ഷാമമുള്ള സ്ഥലത്താണു ക്ഷേത്രം സ്ഥിതിചെയ്യുന്നതെങ്കിലും ക്ഷേത്രത്തിലെ കിണറ്റിൽ ഒരുകാലത്തും ജലത്തിനു ക്ഷാമമില്ല. ദ്വാരപാലപ്രതിമകൾ 3.6 മീറ്റർ വീതം ഉയരമുള്ളവയും ഒറ്റക്കല്ലിൽ നിർമിച്ചിട്ടുള്ളവയുമാണ്. വടക്കേ പ്രവേശനദ്വാരത്തിലുള്ള ചണ്ഡീശ്വരാനുഗ്രഹമൂർത്തിയും ദേവിയും ഒരേ പീഠത്തിലാണ് ഇരിക്കുന്നത്. 5 മീ. ചുറ്റളവും 3.9 മീ. ഉയരവുമുള്ള ജഗദീശ്വരപ്രതിമ ഒറ്റക്കൽ നിർമിതമാണ്.

ഗംഗോത്രി

ഉത്തരപ്രദേശത്ത് തെഹ്ഡി ജില്ലയിൽ സ്ഥിതിചെയ്യുന്ന ഒരു ഹൈന്ദവ തീർഥാടനകേന്ദ്രം. സമുദ്രനിരപ്പിൽനിന്ന് ഏകദേശം 3050 മീ. ഉയരത്തിൽ കിടക്കുന്ന ഈ സ്ഥലത്ത് 6 മീറ്റർ ഘനചതുരമായ ഒരു ശിലാക്ഷേത്രമുണ്ട്. ഭാഗീരഥി എന്നു വിളിച്ചുവരുന്ന ഗംഗയുടെ ഉദ്ഭവസ്ഥാനം ഗംഗോത്രിയാണെന്നു ഭക്തന്മാർ വിശ്വസിക്കുന്നു. അനേകം ഭക്തജനങ്ങൾ ഇവിടം സന്ദർശിക്കുന്നു. സ്ഥിരതാമസക്കാരനായി ക്ഷേത്രത്തിലെ പൂജാരി മാത്രമേയുള്ളു. ഭഗീരഥൻ അപേക്ഷിച്ച പ്രകാരം സ്വർഗഗംഗ ശിവന്റെ ജടാമകുടത്തിൽ പതിച്ചു ഭൂമിയിലേക്ക് ഇറങ്ങിവന്നത് ഇവിടെവച്ചാണെന്നാണ് ഐതിഹ്യം.

ഗംഗോപാധ്യായ, സുനിൽ (1934—   )

ബംഗാളി നോവലിസ്റ്റ്. 1934 സെപ്റ്റംബർ 7-നു ഫരീദ്പൂരിൽ (ഇപ്പോൾ ബംഗ്ലാദേശ്) ജനിച്ചു. കൽക്കത്ത സർവകലാശാലയിൽനിന്ന് എം.എ. പാസായി പത്രപ്രവർത്തനവൃത്തി സ്വീകരിച്ചു. കവിയായി സാഹിത്യവേദിയിൽ പ്രത്യക്ഷപ്പെട്ട ഇദ്ദേഹം 'കൃത്തിവാസ്' എന്ന കവിതാമാസികയും നടത്തി. ആനന്ദബസാർ പത്രികയിൽ ചേർന്നു. ഇപ്പോൾ അതിന്റെ സഹപത്രാധിപരാണ്. കൽക്കത്തയിൽ താമസിക്കുന്നു. ഭാവഗീതങ്ങളെപ്പോലെ മനോഹരമായ ചെറുകഥകളുടെ രചന അൻപതുകളിൽ ഇദ്ദേഹത്തെ ശ്രദ്ധേയനാക്കി. *'ആത്മപ്രകാശ്'* (1967) *'ആരണ്യേർദിനരാത്രി'* (1969) *'പ്രതിദ്വന്ദ്വി'* ('70) തുടങ്ങിയ നോവലുകൾ രചിച്ചു. പാരമ്പര്യവും മാറിവരുന്ന ജീവിതമൂല്യവും ചേർന്നു ഗാർഹികജീവിതത്തിൽ വരുത്തുന്ന സൂക്ഷ്മവ്യതിയാനങ്ങളും ഇവയുടെ സംഘട്ടനം സൃഷ്ടിക്കുന്ന ദുഃഖകരമായ സ്ഥിതിവിശേഷങ്ങളും ഈ നോവലുകളിൽ കൈകാര്യം ചെയ്തിരിക്കുന്നു. 'ആരണ്യേർ ദിനരാത്രി' സിനിമയാക്കിയിട്ടുണ്ട്. 'സെയി സമാജ്' എന്ന നോവലിന് 1985-ൽ കേന്ദ്ര സാഹിത്യഅക്കാദമി അവാർഡു ലഭിച്ചു.

ഗഗാറിൻ, യൂറി അലക്സിയേവിച്ച് (1934—'68)

ലോകത്തിൽ ആദ്യമായി ശൂന്യാകാശസഞ്ചാരം വിജയകരമായി നടത്തിയ സോവിയറ്റ് ബഹിരാകാശയാത്രികൻ. 1934 മാർച്ച് 9-ാംതീയതി മോസ്കോയ്ക്കു സമീപം ഷാത്സ്ക് (GZHATSK) എന്ന സ്ഥലത്ത് ഒരു കൂട്ടുകൃഷിയിടത്തിൽ ഒരു മരപ്പണിക്കാരന്റെ മകനായി ജനിച്ചു. 1951-ൽ എൻജിനീയറിംഗ് സംബന്ധമായ പഠനങ്ങളിൽ പ്രശസ്തമായനിലയിൽ ഇദ്ദേഹം ബിരുദം നേടുകയും വിമാനസഞ്ചാരപരിശീലനം നേടുകയും ചെയ്തു. 1955-ൽ ഗഗാറിൻ ഓറൻബർഗിലെ സൈനികവ്യോമയാനവിദ്യാലയത്തിൽ പ്രവേശിച്ചു. പിന്നീട് ഇദ്ദേഹം സോവിയറ്റ് വ്യോമസേനയിലെ ഒരു മേജറായിത്തീർന്നു.

1961 ഏപ്രിൽ 12-ാംതീയതി രാവിലെ 9.07(മോസ്കോ സമയം)-നാണിദ്ദേഹം കയറിയിരുന്ന 43/4 ടൺ ഭാരമുള്ള വൊസ്തോക്ക് ബഹിരാകാശത്തിൽ വിക്ഷിപ്തമായത്. ഭൂമിയിൽനിന്ന് 301 കി.മീ. ഉയരെ, ഇദ്ദേഹം ഭൂമിയെ ഒരു തവണ വലംവച്ചു; ഒരു പ്രദക്ഷിണത്തിന് ഒരു മണിക്കൂർ 29 മിനിറ്റു മാത്രമേ സമയം വേണ്ടിവന്നുള്ളു. ഒടുവിൽ നേരത്തെ നിശ്ചയിച്ചിരുന്ന സ്ഥലത്തു നിശ്ചിത സമയത്തു നിരപായം തിരിച്ചിറങ്ങുന്നതിന് ഇദ്ദേഹത്തിനു സാധിച്ചു. ഈ ശൂന്യാകാശസഞ്ചാരത്തിനിടയിൽ ഇദ്ദേഹം ഭൂമിയുമായി റേഡിയോസമ്പർക്കം പുലർത്തുകയും ഭാരരഹിതാവസ്ഥയെക്കുറിച്ചു പഠനം നടത്തി പല കുറിപ്പുകളും തയ്യാറാക്കുകയും ചെയ്തു.

'ഗ്രഹാന്തര ശൂന്യാകാശത്തിലെ കൊളംബസ്' എന്ന ബഹുമതി ബിരുദത്തോടുകൂടി അന്താരാഷ്ട്ര മേഖലകളിൽ അറിയപ്പെടുന്ന ഗഗാറിനു സോവിയറ്റ് യൂണിയൻ പല പ്രധാന പദവികളും നല്കി ആദരിച്ചു. 'ഓർഡർ ഒഫ് ലെനിൻ', 'ഹീറോ ഒഫ് ദി സോവിയറ്റ് യൂണിയൻ' എന്നിവ അതിൽ ചിലതുമാത്രമാണ്. സോവിയറ്റ് ശൂന്യാകാശപ്രവർത്തനപരിപാടികളുടെ ഏറ്റവും പ്രഗല്ഭനായ വക്താവായിരുന്ന ഗഗാറിൻ ഒരു വിമാനാപകടത്തിൽ 1968 മാർച്ച് 27-ാംതീയതി അന്തരിച്ചു. പിന്നീട് അദ്ദേഹത്തിന്റെ ജന്മസ്ഥലത്തിനു ഗഗാറിൻ എന്ന പേർ നല്കി.

ഗജാനനറാവ് ജോഷി (1910—   )

പ്രൊഫസറും, ഗായകനും, വയലിനിസ്റ്റും. 1910-ൽ ബോംബെയിൽ ജനിച്ചു. സംഗീതകുശലനായ അച്ഛൻതന്നെയായിരുന്നു ആദ്യഗുരു. സ്വന്തം പരിശ്രമവും നിസർഗവാസനയും അദ്ദേഹത്തെയൊരു വിശിഷ്ട കലാകാരനായി ഉയർത്തി. സരളസ്വഭാവിയായ ജോഷിക്കു ധാരാളം ശിഷ്യന്മാർ ഉണ്ട്. ദൂരദർശൻ, ആകാശവാണി എന്നിവ മുഖേനയും സംഗീതസമ്മേളനങ്ങൾവഴിയും അദ്ദേഹം സംഗീതരസികർക്കു സുപരിചിതനാണ്.

ഗജേന്ദ്രഗാഡ്കർ പി.ബി. (1901—   )

ന്യായാധിപനും നിയമപണ്ഡിതനും ഗ്രന്ഥകാരനും. ഇന്ത്യൻ സു
പ്രീം കോടതി ചീഫ് ജസ്റ്റിസ് (1964—'66). പല നാഷണൽ കമ്മീഷ
നുകളുടെയും അധ്യക്ഷനായിരുന്നു.
1901 മാർച്ച് 16-നു മഹാരാഷ്ട്ര സംസ്ഥാനത്തെ സത്താറയിൽ
ജനിച്ചു. പ്രഹ്ളാദ് ബാലാചാര്യ ഗജേന്ദ്രഗാഡ്കർ എന്നു പൂർണനാ
മം. പുണെ കർണാടക കോളെജിലും ധാർവാർ ലോ കോളെജിലും
ബോംബെ യൂണിവേഴ്സിറ്റിയിലും വിദ്യാഭ്യാസം നടത്തി. നിയമബി
രുദം നേടിയശേഷം ബോംബെയിൽ അഭിഭാഷകനായി പ്രാക്റ്റീസ്
ആരംഭിച്ചു. 1945-ൽ ബോംബെ ഹൈക്കോടതി ജഡ്ജി ആയി.
1955-ൽ ബാങ്ക് അവാർഡ് കമ്മീഷൻ ചെയർമാനായി പ്രവർത്തിച്ചു.
1957-ൽ സുപ്രീം കോടതി ജഡ്ജിയും 1964-ൽ ചീഫ് ജസ്റ്റിസും
ആയി. സോവിയറ്റ് യൂണിയനും ഓസ്ട്രേലിയയും സന്ദർശിച്ച
ഇന്ത്യൻ നിയമജ്ഞസംഘനേതാവ് (1965) കേന്ദ്രഗവൺമെൻറു നിയ
മിച്ച ക്ഷാമബത്താകമ്മീഷൻ ചെയർമാൻ (1966—'67) ബോംബെ യൂ
ണിവേഴ്സിറ്റി വൈസ് ചാൻസലർ (1966—'71) ദേശീയ തൊഴിൽക്ക
മ്മീഷൻ ചെയർമാൻ (1967—'69) ജമ്മു-കശ്മീർ അന്വേഷണക്കമ്മീ
ഷൻ ചെയർമാൻ (1967—'68) ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി
അന്വേഷണക്കമ്മിറ്റി ചെയർമാൻ (1968—'69) ലോ റിഫോംസ് കമ്മീ
ഷൻ ചെയർമാൻ (1971) തുടങ്ങിയ നിലകളിൽ സേവനം അനുഷ്ഠി
ച്ചു. 1972-ൽ പദ്മവിഭൂഷൺ ബഹുമതി ലഭിച്ചു. ഇന്ത്യൻ നിയമജ്ഞ
രുടെ നിരയിൽ സവിശേഷസ്ഥാനമുള്ള ഗജേന്ദ്രഗാഡ്കർ ബഹുഭാ
ഷാപണ്ഡിതനും ഗ്രന്ഥകാരനുമാണ്.

ഗജേന്ദ്രമോക്ഷം

†ഇന്ദ്രദ്യുമ്നൻ നോക്കുക.

ഗജ്ജാർ, അർജുൻകുമാർ (1940—   )

ഇന്ത്യൻ ചിത്രകാരനും രൂപകല്പനാവിദഗ്ധനും. 1940 നവംബർ 17-ാംനു ഗുജറാത്തിലെ സരസ്സ് എന്ന സ്ഥലത്തു ജനിച്ചു. പ്രയോഗകലകളിൽ ബിരുദവും ഗുജറാത്തിലെ വഡോദരസർവകലാശാലയിൽനിന്നു എം.എസ്. ബിരുദവും നേടിയശേഷം ബനാറസ് ഹിന്ദു യൂണിവേഴ്റ്റിയിൽ റീഡറായി. 1983 മുതൽ അവിടെ പ്രയോഗകലകളിൽ പ്രൊഫസറായി സേവനം അനുഷ്ഠിക്കുന്നു.

1978-ൽ ടെഹ്റാനിൽവച്ചു നടന്ന ഒന്നാം ഏഷ്യൻ രൂപകല്പനാമത്സരത്തിൽ ഇദ്ദേഹം പങ്കെടുത്തു. 1961-ലും 1963-ലും ഗുജറാത്തു ലളിതകലാഅക്കാദമിയുടെ അവാർഡു ലഭിച്ചു. രൂപകല്പനയ്ക്കു ഏഷ്യൻ പ്രൊഡക്റ്റിവിറ്റി കൗൺസിലിൻെറ അവാർഡ്, യു.പി. ലളിതകലാ അക്കാദമിഅവാർഡ്, കേന്ദ്ര ലളിതകലാഅക്കാദമിഅവാർഡ് എന്നിവയും ഇദ്ദേഹത്തിനു ലഭിച്ചു. മോസ്കോവിൽ വച്ച് 1982-ൽ നടന്ന ഇൻററ്‍നാഷനൽ പോസ്റ്റർ മത്സരത്തിൽ ഡിപ്ലോമ നേടി. ദില്ലിയിലെ ലളിതകലാഅക്കാദമി, ലഖ്നോയിലെ രാജ്ഭവൻ, ഗുജറാത്തു ലളിതകലാഅക്കാദമി, മദ്രാസിലെ റിജ്യനൽ ആർട്ട് സെൻറർ എന്നിവിടങ്ങളിൽ ഇദ്ദേഹത്തിൻെറ ചിത്രങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്.

ഗജ്ഡുസെക്ക്, ഡാനിയെൽ കാർല്ടൻ (Gajdusek, Daniel Carleton) (1923—   )

യു.എസിലെ ഭിഷഗ്വരനും, വൈദ്യശാസ്ത്രഗവേഷകനും. 1976-ൽ നൊബേൽസമ്മാനാർഹനായി. ദീർഘകാലംകൊണ്ട്, നാഡീവ്യൂഹത്തെ നാശോന്മുഖമാക്കി, രോഗമുളവാക്കുന്ന ഒരിനം വൈറസിനെക്കുറിച്ചുള്ള ഗവേഷണങ്ങൾക്കാണ്, ഇദ്ദേഹത്തിനു നൊബേൽ സമ്മാനം ലഭിച്ചത്. (മറ്റൊരാളുമായി പങ്കിട്ടു.)

1923 സെപ്റ്റംബർ 9-ാംതീയതി യോങ്കേഴ്സിൽ (Yonkers) ജനിച്ചു. ന്യൂയോർക്കിലെ റോച്ചസ്റ്റർ സർവകലാശാലയിൽനിന്നു ബിരുദവും (1943) ഹാർവെഡ് സർവകലാശാലയിൽനിന്നു ഗവേഷണബിരുദവും നേടി. ഹാർവെഡ് സർവകലാശാലയിലെതന്നെ ബാലചികിത്സാവിഭാഗത്തിലും, വാൾട്ടർ റീഡ് മെഡിക്കൽ സെൻററിലും മൂന്നുകൊല്ലം വീതം സേവനം നടത്തി. പിന്നീടു ടെഹ്റാനിലെ പാസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ടിലും പ്രവർത്തിച്ചു. ഗവേഷണം സംബന്ധിച്ച് 1955-ൽ ഓസ്ട്രേലിയയിലെ മെൽബൺ നഗരത്തിൽ കഴിയുമ്പോഴാണ്, പിൽക്കാലത്തു നൊബേൽ സമ്മാനം അദ്ദേഹത്തിനു നേടിക്കൊടുത്ത വിഷയം, കൈകാര്യം ചെയ്യാൻ തുടങ്ങിയത്.

ഗഞ്ചാം

ഒറീസ്സയിലെ ഒരു ജില്ല, പൂർവഘട്ടങ്ങളുടെയും ബംഗാൾ ഉൾക്കടലിൻെറയും മധ്യേ സ്ഥിതിചെയ്യുന്നു. വടക്ക് പുരിയും തെക്ക് ശ്രീകാകുളവും ആണ് അതിർത്തികൾ. ജനസംഖ്യ 26,69,899 (1981). വിസ്തൃതി 12,527 ച.കി.മീറ്റർ.

ജില്ലയുടെ വടക്കുപടിഞ്ഞാറും തെക്കുപടിഞ്ഞാറുമുള്ള ഭാഗങ്ങൾ നിബിഡമായ സാലവനങ്ങളാൽ ആവൃതമാണ്. തെക്കുഭാഗം മിക്കവാറും കുന്നിൻപ്രദേശമാണ്. ഇവിടെ ധാരാളം ജലസൗകര്യമുണ്ട്. ഫലഭൂയിഷ്ഠമായ സമതലമെന്നും വനാവൃതമായ കുന്നിൻപ്രദേശമെന്നും ഭരണപരമായും പ്രാകൃതികമായും ഈ ജില്ലയെ രണ്ടായി ഭാഗിച്ചിട്ടുണ്ട്. ഭൂരിപക്ഷം ജനങ്ങളും സമതലത്തിൽത്തന്നെ താമസിക്കുന്നു. വനപ്രദേശത്തിനു തെക്കുഭാഗത്തു സാവരാവർഗക്കാരും വടക്കുഭാഗത്തു ഖോന്ദ് വർഗക്കാരും വസിക്കുന്നു.

പ്രാചീനകാലത്ത് ഈ പ്രദേശം കലിംഗവുമായി ബന്ധപ്പെട്ടിരുന്നു. ഇവിടത്തെ ഋഷികുല്യാനദീതീരത്തുള്ള ജൗഗഡായിൽനിന്നും അശോകൻെറ ശിലാശാസനങ്ങൾ ലഭിച്ചിട്ടുണ്ട്. ബി.സി. 4-ാംനൂറ്റാണ്ടിൽ സമുദ്രഗുപ്തൻ ഈ പ്രദേശം കീഴ്പ്പെടുത്തി. മധ്യകാലഘട്ടത്തിൽ ഈ പ്രദേശം മറാഠികൾ, ശൈലോദ്ഭവർ, ഗംഗന്മാർ തുടങ്ങി പലരുടെയും അധീനതയിലായിരുന്നു. 16-18 നൂറ്റാണ്ടുകളിൽ മുസ്ലിം ആധിപത്യത്തിൻകീഴിലായി. 1753-ൽ ഫ്രെഞ്ചുകാർ ചില ഭാഗങ്ങൾ കൈവശപ്പെടുത്തി. പിന്നീട് ഈ പ്രദേശം ബ്രിട്ടീഷുകാരുടെ കൈവശത്തിലായി. 1766-ൽ ഗഞ്ചാം നഗരത്തിൽ ഒരു ഫാക്ടറി ബ്രിട്ടീഷുകാർ സ്ഥാപിച്ചു. 1815 വരെയും ഗഞ്ചാം ജില്ലാതലസ്ഥാനമായിരുന്നു. എന്നാൽ തുടർച്ചയായി കോളറ തുടങ്ങിയ ചില പകർച്ചവ്യാധികളുണ്ടായതുമൂലം ആളുകൾ ഈ പ്രദേശം വിട്ടു ബർഹാംപൂർ, ഛത്രപൂർ എന്നിവിടങ്ങളിലേക്കു മാറിത്താമസിച്ചു. 1936 വരെ മദിരാശി സംസ്ഥാനത്തിലെ ഒരു ജില്ലയായിരുന്നു ഗഞ്ചാം. പിന്നീടത് ഒറീസയോടു ചേർത്തു.

ഛത്രപൂർ ആണു ജില്ലാതലസ്ഥാനം. മദിരാശി—കൽക്കത്ത റെയിൽവേ ഛത്രപൂർ, ബർഹാംപൂർ എന്നിവിടങ്ങളിലൂടെ കടന്നുപോകുന്നു. ഭൂരിപക്ഷമാളുകളും കൃഷിക്കാരാണ്. നെല്ല്, പയറുവർഗങ്ങൾ, കരിമ്പ്, കശുവണ്ടി, എള്ള് എന്നിവയാണു മുഖ്യ കൃഷിവിഭവങ്ങൾ. നദികൾ നീളം കുറഞ്ഞവയാകയാൽ അരലക്ഷത്തിലധികം ഹെക്റ്റാർ സ്ഥലത്തു ചെറുകിട ജലസേചനപദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. നൂൽനൂൽപും തുണിനെയ്ത്തുമാണു കുടിൽവ്യവസായങ്ങൾ.

ഗഞ്ചിറ

ഒരു അവനദ്ധവാദ്യം. ഭാരതത്തിലെവിടെയുമുള്ള സംഗീതസദസ്സുകളിൽ കാണപ്പെടുന്നുവെങ്കിലും പല പേരുകളിലറിയപ്പെടുന്നു.

ഉള്ളു പൊള്ളയായ ഈ ഉപകരണത്തിൻെറ ഒരു വശം തുകൽകൊണ്ടു ബലമായി പൊതിഞ്ഞു മുറുക്കിയിരിക്കും. വശങ്ങളിലുണ്ടാക്കിയിട്ടുള്ള വിടവുകളിൽ ചെറിയ ലോഹക്കഷണങ്ങളോ മണികളോ ഇളകത്തക്ക വിധത്തിൽ ഘടിപ്പിക്കുകയും പതിവാണ്. ഗഞ്ചിറ ഇടതുകയ്യിൽ പിടിച്ചുകൊണ്ടു വലത്തുകൈത്തലംകൊണ്ടു പാട്ടിൻെറ താളത്തിനനുസരിച്ചു കൊട്ടുമ്പോൾ ലോഹങ്ങൾ കൂട്ടിമുട്ടിയുള്ള ശബ്ദംകൂടി ഉണ്ടാകുന്നു. വലിയ പാട്ടുകച്ചേരികൾക്കു മൃദംഗവാദ്യത്തിൻെറ ഒരു ഉപതാളവാദ്യമായി ഇത് ഉപയോഗിക്കപ്പെടാറുണ്ടെങ്കിലും, സാധാരണ ഭജനമേളങ്ങളിലാണ് ഇതിനു പ്രചാരം കൂടുതൽ.



ഗഞ്ചിറ

രാജസ്ഥാൻ, ഉത്തരപ്രദേശ്, മധ്യപ്രദേശ്, ഗുജറാത്ത്, ഒറീസ തുടങ്ങിയ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ഇതു ഭജനമേളങ്ങളിലെ മുഖ്യമായ ഒരു അനുവാദനോപകരണമാണ്. അവിടങ്ങളിലും മൈസൂറിലും ഇതിന് 'ഖഞ്ജാരി' എന്നു പറഞ്ഞുവരുന്നു. പ്രാദേശികഭേദമനുസരിച്ച് ഇതിനു വലിപ്പച്ചെറുപ്പ വ്യത്യാസമുണ്ട്.

ഗഡബകൾ

ഗോൽക്കൊണ്ട, വിശാഖപട്ടണം തുടങ്ങിയ പ്രദേശങ്ങളിൽ കണ്ടുവരുന്ന ഗോത്രവർഗക്കാർ. ഹിന്ദുക്കളായ ഇവരുടെ ഉത്സവമാണ് 'ഇത്തക്കപർവ'. ഗംഗാദേവി, ജനകരൻ മുതലായവരെ ഇവർ ആരാധിച്ചുപോരുന്നു. ജനകരൻ ഭൂമി, മഴ, കൃഷി മുതലായവയുടെ ദേവനാണ്. പുരുഷന്മാരുടെ ശവം ദഹിപ്പിക്കുകയും സ്ത്രീകളുടെതും കുട്ടികളുടെതും കുഴിച്ചുമൂടുകയും ചെയ്യുന്നു.

ഗഡബകളുടെ വസ്ത്രങ്ങൾ അവർതന്നെയാണ് നെയ്തെടുക്കുന്നത്. വളരെ പഴയരീതിയിലുള്ളതാണ് ഇവരുടെ നെയ്ത്തുസമ്പ്രദായം. നെയ്ത്തിനുവേണ്ട നാരുകൾ കാട്ടുചെടികളിൽനിന്നെടുക്കുന്നു. ഇവർ ആഭരണപ്രിയരാണ്. കാതിലെ വളയാഭരണങ്ങൾ ആരുടെയും ശ്രദ്ധ ആകർഷിക്കും. വലിപ്പമേറിയ ഈ വളയങ്ങൾ തോളുകളോടു ചേർന്നുകിടക്കും.

കൃഷി, വേട്ടയാടൽ, മീൻപിടിത്തം എന്നിവയാണ് ഇവരുടെ പ്രധാന തൊഴിൽ.

ഗ്രാമസഭയാണു സാമൂഹികമായ കാര്യങ്ങൾക്കു നേതൃത്വം നല്കുന്നത്. ഗ്രാമസഭയ്ക്ക് ഒരു തലവൻ ഉണ്ടായിരിക്കും.

ഗഡാഗ്

കർണാടകത്തിൽ ധാർവാർ ജില്ലയിലുള്ള ഒരു പട്ടണം. പഞ്ഞി, പട്ടുതുണിത്തരങ്ങൾ എന്നിവയ്ക്കു പേരുകേട്ട സ്ഥലമാണിത്. എ.ഡി. 10-ാം നൂറ്റാണ്ടുവരെ പഴക്കമുള്ള പല ലിഖിതങ്ങളുമടങ്ങിയ പ്രാചീനക്ഷേത്രങ്ങളും ഇവിടെയുണ്ട്. ഇവയിൽ ത്രികൂടേശ്വരക്ഷേത്രവും സരസ്വതീക്ഷേത്രവും ചാലൂക്യവാസ്തുശില്പത്തിന്റെ ഉത്തമനിദർശനങ്ങളാണ്. കർണാടകമഹാഭാരതം രചിച്ച കുമാരവ്യാസനെന്ന കവി 15-ാം നൂറ്റാണ്ടിൽ ഇവിടെ താമസിച്ചിരുന്നു.

ഗഡാമസ്

ലിബിയയിലെ ഒരു നഗരം. ആഫ്രിക്കയിൽ സഹാറാമരുഭൂമിയുടെ വടക്കൻപ്രാന്തത്തിൽ ലിബിയ, ടുണീഷ്യ, അൽജീരിയ എന്നീ രാജ്യങ്ങൾ സംഗമിക്കുന്ന സ്ഥാനത്ത് സ്ഥിതിചെയ്യുന്നു. ഇവിടെയുണ്ടായിരുന്ന ഒരു ഉഷ്ണസ്രോതസ്സ് അന്വേഷിച്ചു ബാൻബസ്സിന്റെ കീഴിൽ ഒരു സംഘം റോമാക്കാർ ബി.സി. 20-നോടടുപ്പിച്ച് ഇവിടം സന്ദർശിച്ചു. സാർഥവാഹകസംഘങ്ങളുടെ ഒരു മുഖ്യതാവളമായ ഗഡാമസ് ആപ്രിക്കോട്ട്, ഫിഗ്, ഈന്ത തുടങ്ങിയവയുടെ സമൃദ്ധിക്ക് പേരുകേട്ടതാണ്. അറബികളും ബെർബർമാരുമാണ് ഇവിടുത്തെ പ്രധാനനിവാസികൾ.



ഗഡാമസിലെ
മേല്ക്കൂരയുള്ള
തെരുവ്.

ഇസ്ലാംമതത്തിന്റെ ഒരു ശക്തിദുർഗമാണ് ഗഡാമസ്. ഇരുപതാം നൂറ്റാണ്ടുവരെ വെള്ളക്കാരോ മറ്റു വിദേശികളോ ഇവിടെ കടക്കാൻ ധൈര്യപ്പെട്ടിട്ടില്ല. മതപ്രചരണത്തിനായി ഇവിടെ വന്ന വിദേശമിഷണറിമാർ പലരും വധിക്കപ്പെട്ടിട്ടുണ്ട്. 1943 ജനുവരി 26-ാം തീയതി ജനറൽ ലേ ക്ലേറിയുടെ നേതൃത്വത്തിലുള്ള ഒരു സഖ്യകക്ഷിസൈന്യം ഈ പ്രദേശം കൈവശപ്പെടുത്തി.

ഗഡോലിനിയം

ആവർത്തനപ്പട്ടികയിലെ ആറാമത്തെ പീര്യഡിൽ ഉൾപ്പെടുന്ന വിരളമൃത്ത്മൂലകങ്ങളിലെ(rare earth elements) ഏഴാമത്തെ അംഗം. പ്രതീകം Gd. അറ്റോമിക സംഖ്യ: 64, അറ്റോമികഭാരം: 157.25. 152, 154, 155, 156, 157, 158, 160 എന്നീ പിണ്ഡസംഖ്യകളുള്ള ഐസോടോപ്പുകൾ പ്രകൃതിയിൽ കാണപ്പെടുന്നു. 1880-ൽ മാരിഗ്നാക്ക് എന്ന ശാസ്ത്രജ്ഞൻ 'സാമർസ്കെറ്റിൻ' എന്ന ഓക്സൈഡിൽനിന്നു വേർതിരിച്ചെടുത്തു. 1886-ൽ ബോയിസ് ബൗഡ്രൻ ശുദ്ധമായ ലോഹം വേർതിരിച്ചെടുത്തു. ഫിനീഷ് രസതന്ത്രജ്ഞനായ 'ഗഡോലി'ന്റെ ബഹുമാനാർഥം ഗഡോലിനിയം എന്ന പേരു നല്കി.

ഗഡോലിനിയം മറ്റു ലാന്തനൈഡു മൂലകങ്ങളോടൊപ്പം മേണോസൈറ്റിൽ അടങ്ങിയിരിക്കുന്നു. ബാസ്റ്റനാസൈറ്റ്, ഗഡോലിനൈറ്റ്, ക്സെനോടൈം, യൂക്സെനൈറ്റ് എന്നിവ ഇതിന്റെ പ്രധാന അയിരുകളാണ്. ഗഡോലിനിയം വ്യാവസായികമായി ഉത്പാദിപ്പിക്കുന്നതു മോണോസൈറ്റിൽ നിന്നാണ്. ഫ്ലൂറൈഡ് കാൽസിയംകൊണ്ടു നിരോക്സീകരിച്ചോ സോഡിയം ക്ലോറൈഡ് അല്ലെങ്കിൽ പൊട്ടാസിയം ക്ലോറൈഡുമായി ഡോലിനിയം ക്ലോറൈഡ് കലർത്തി അയേൺ-ഗ്രാഫൈറ്റ് ഇലക്ട്രോഡുകൾ ഉപയോഗിച്ചു വൈദ്യുതാപഘടനം നടത്തിയോ ഗഡോലിനിയം ഉത്പാദിപ്പിക്കാം.

വെളുത്തുതിളങ്ങുന്ന ലോഹമാണു ഗഡോലിനിയം. ജലവുമായി വളരെ സാവധാനത്തിൽ പ്രതിപ്രവർത്തിക്കുന്നു. കാന്തികസ്വഭാവമുണ്ട്. വായുവിൽ കത്തുമ്പോൾ ഗഡോലിനിയം ഓക്സൈഡുണ്ടാകുന്നു. ഇലക്ട്രോണിക് ഉപകരണങ്ങളിലും ന്യൂട്രോൺ കവചമായും റിഫ്രാക്റ്ററികളിലും കാന്തികശീതീകരണത്തിനും ഉത്പ്രേരകങ്ങളായും ടൈറ്റാനിയത്തിന്റെ നിർമാണപ്രക്രിയയിൽ ഓക്സിജൻ നിർമാർജനം ചെയ്യുന്നതിനും (scavenger) ഗഡോലിനിയം ഉപയോഗിക്കുന്നു.

ഗഡ്ഡിനൃത്തം

കശ്മീരിലെ ഒരു നൃത്തം. കൈലാസ് തടാകമേളയിൽ വാസുകീപൂജ സംബന്ധിച്ചാണ് ഇത് സാധാരണ അവതരിപ്പിക്കാറുള്ളത്. ഇതിന് കംഗ്രാ മലയോരങ്ങളിൽ നടപ്പുള്ള നൃത്തങ്ങളുമായി അടുത്ത ബന്ധമുണ്ട്. ഓടക്കുഴലിന്റെയും വാദ്യങ്ങളുടെയും താളത്തിനൊപ്പിച്ച ചുവടുവയ്പാണിതിനുള്ളത്. മന്ദമായി ആരംഭിക്കുന്ന പദവിന്യാസം മേളം മുറുകുന്നതോടുകൂടി അതിവേഗത്തിലാകുന്നു.

ഗഢ്വാൾ

ഉത്തരപ്രദേശിൽ കുമായൂൺ ഡിവിഷനിൽപ്പെട്ട ഒരു ജില്ല. തെക്കുഭാഗത്ത് 304 മീറ്ററും വടക്കുഭാഗത്ത് 3048 മീറ്ററുമാണ് ഉയരം. തെക്കുഭാഗത്തെ കുന്നിന്റെ താഴ്വരപ്രദേശം പാറകൾ നിറഞ്ഞതാണ്. അളകനന്ദാനദിയും ഭാഗീരഥീനദിയുംകൂടി ദേവപ്രയാഗയിൽ വച്ചുണ്ടായ സംഗമമാണു വെള്ളം ഒഴുക്കിനെ നിയന്ത്രിക്കുന്നത്. പൗരിയാണു ജില്ലാതലസ്ഥാനം. ലാൻസ്ഡൗണിലൊരു പട്ടാളത്താവളവും ഉണ്ട്. കോട്ദ്വാരയാണു മറ്റൊരു പട്ടണം. വിസ്തൃതി 5,440 ച.കി. മീറ്ററാണ്. ജനസംഖ്യ 6,37,877 (1981). ഗഢ്വാളികൾ ഇന്ത്യൻ പട്ടാളത്തിൽ ധാരാളമായി ചേർന്നിട്ടുണ്ട്. ബ്രിട്ടീഷുകാരുടെ കാലത്തു പല ഗഢ്വാളി റെജിമെൻറുകളും പ്രത്യേകം രൂപവത്കരിച്ചിരുന്നു.

ഗണകൻ

† കണിയാർ നോക്കുക.

ഗണദേവത

താരാശങ്കർ വന്ദ്യോപാധ്യായ എന്ന വിശ്രുത വംഗ സാഹിത്യകാരൻ എഴുതിയ സാമൂഹികാഖ്യായിക. ജ്ഞാനപീഠം അവാർഡുനേടിയതാണ് ഈ നോവൽ. *ആരോഗ്യനികേതൻ* എന്ന നോവലിന്റെ രചനകൊണ്ടു ലബ്ധപ്രതിഷ്ഠനാണു താരാശങ്കർ. ഗ്രാമകേന്ദ്രമായ ചണ്ഡീമണ്ഡപത്തെ കേന്ദ്രമാക്കിയാണു കഥ തുടങ്ങുന്നത്. ഗ്രാ

മീണസംസ്കാരം പുതിയ സെമിന്ദാർമാരുടെ ചൂഷണംകൊണ്ടു തകർന്നടിയുന്നതും യഥാർഥജനസേവകന്മാർ വൈദേശികഭരണ വും മുതലാളിത്തവും ചേർന്നു സൃഷ്ടിക്കുന്ന ദൂഷിതവലയത്തിൽ പ്പെട്ടു ശ്വാസംമുട്ടി മരിക്കുന്നതും താരാശങ്കർ ചിത്രീകരിക്കുന്നു. ദുർഗ അധഃകൃതവർഗത്തിൽപ്പെട്ടവളും വേശ്യയുമാണെങ്കിലും മനു ഷ്യത്വത്തിൻെറ മൂർത്തീകരണമാണ്. ദേവു യഥാർഥജനസേവക ൻെറയും ശ്രീഹരി സെമിന്ദാരുടെയും മിഴിവുറ്റ ചിത്രങ്ങൾ കാഴ്ച വയ്ക്കുന്നു. ലളിതവും സുന്ദരവുമാണു താരാശങ്കറിൻെറ ഭാഷ; പ്രതിപാദനരീതി അതീവഹൃദ്യവും.

ഗണദേവതകൾ

പുരാണേതിഹാസങ്ങളിൽ കൂട്ടായി പരാമർശിക്കപ്പെടുന്ന ദേവവർഗങ്ങൾ. ഇവർ 12 ആദിത്യന്മാരും 10 വിശ്വദേവകളും 8 വസുക്കളും 36 തുഷിതന്മാരും 64 ആഭാസ്വരന്മാരും 49 വായുക്കളും 220മാഹാരാജികന്മാരും 12 സാധ്യന്മാരും 11 രുദ്രന്മാരും അടങ്ങിയ ഒരു സമൂഹമാണ്.

ഗണപതി

ദേവശരീരവും ഗജമുഖവും പൂണ്ട ഒരു ദൈവതം. പരമശിവൻ ഇദ്ദേഹത്തെ തൻെറ ഗണങ്ങളുടെ അധിപനായി വാഴിച്ചതുകൊണ്ടു ഗണപതി (ഗണേശൻ) എന്നു പേരുകിട്ടി. പാർവതീപരമേശ്വരന്മാരുടെ പുത്രനാണു ഗണപതി. ശിവൻെറ അരുളപ്പാട് അനുസരിച്ചു പാർവതി വ്രതംകൊണ്ടു വിഷ്ണുവിനെ പ്രസാദിപ്പിക്കയാൽ അദ്ദേഹം പുത്രലാഭത്തിനുള്ള വരംകൊടുത്തു. ഇങ്ങനെ ഗണപതിയുണ്ടായി. ജനനാനന്തരം പാർവതീപുത്രനായ ഗണപതിയെക്കാണുന്നതിനായി എല്ലാദേവന്മാരും വന്നുചേർന്നു. സ്വന്തം ദൃഷ്ടിയുടെ വൈനാശികശക്തി അറിയാമായിരുന്ന ശനീശ്വരൻ മാത്രം ഗണപതിയെക്കാണാൻ ആഗ്രഹിച്ചില്ല. പാർവതിക്കതു നീരസത്തിനിടം നല്കി. തന്മൂലം ശനി കണ്ണുമിഴിച്ചു ഗണപതിയെ ഒന്നുനോക്കി. അതോടെ ഗണപതിയുടെ തല തെറിച്ചുപോവുകയും ചെയ്തു. ദേവന്മാർ ഈ അത്യാഹിതത്തിൽ വിഷ്ണുവിനെ സ്തുതിക്കുകയും വിഷ്ണുവന്ന് ആനത്തലവച്ചു ഗണപതിയെ അനുഗ്രഹിക്കയും ചെയ്തു.

ഗണപതി-
ശിലാവിഗ്രഹം

ഗണപതിക്ക് ആനത്തല കിട്ടിയതിനെപ്പറ്റി മറ്റൊരു കഥയുണ്ട്. ഒരിക്കൽ വാതില്ക്കൽ ഗണപതിയെ കാവൽ നിർത്തിയിട്ടു പാർവതി കുളിക്കാൻപോയി. ആ അവസരത്തിൽ ശിവൻ വാതില്ക്കലെത്തി അകത്തു കടക്കാൻ ഭാവിച്ചു. പക്ഷേ, ഗണപതി തടഞ്ഞുനിർത്തി. ക്രുദ്ധനായ ശിവൻ ഗണപതിയുടെ തല മുറിച്ചുകളയുകയും പാർവതി കോപിക്കാതിരിക്കുന്നതിനുവേണ്ടി പിന്നീട് ഒരു ആനത്തല ചേർത്തുവയ്ക്കുകയും ഉണ്ടായി. കശ്യപശാപം മൂലം ഗണപതിയുടെ തല പോയതുകൊണ്ട് ഐരാവതത്തിൻെറ തലയെടുത്തു ഗണപതിയുടെ കഴുത്തിൽ ചേർത്തുവച്ചുവെന്ന് ഇനിയുമുണ്ടൊരു കഥ. പരശുരാമനുമായുണ്ടായ യുദ്ധത്തിൽ ഗണപതിയുടെ ഒരു കൊമ്പു നഷ്ടപ്പെട്ടു. എലിയാണു ഗണപതിയുടെ വാഹനം. ഭക്ഷണപ്രിയനും കുടവയറനുമാണ് ഇദ്ദേഹം. സിദ്ധിയും, ബുദ്ധിയുമാണു ഭാര്യമാർ. കമ്പൂച്ചിയ, തായ്‌ലൻഡ്, ഇന്തോനേഷ്യ എന്നിവിടങ്ങളിലും ഗണപതിവിഗ്രഹങ്ങൾ കാണാം.

ഗണപതി വിഘ്നങ്ങളെ നീക്കുന്നവനാണെന്ന വിശ്വാസംമൂലം (വിഘ്നേശ്വരൻ, വിഘ്നരാജൻ എന്നീ പേരുകൾ ഗണപതിക്കുണ്ട്) മിക്ക സല്കർമങ്ങളുടെയും ആരംഭത്തിൽ ഗണപതിപൂജ നടത്താറുണ്ട്. ഷൺമതങ്ങളിലൊന്നായ ഗാണപത്യം അനുസരിച്ചു ഗണപതിയാണു സർവേശ്വരൻ. ഗണപതിയുടെ മുമ്പിൽ ‘ഏത്തം’ ഇടുക എന്ന് ഒരു രീതിയുണ്ട്. മൂല(ആദ്യ)ഗണപതിയുടെ ജനനത്തെപ്പറ്റി ലളിതാസഹസ്രനാമത്തിലും മറ്റും പരാമർശമുണ്ട്.

ഗണപതിക്കിടുക

ഒരു പഴയ ആചാരം. കാതുകുത്തി ഉടുത്തുതുടങ്ങിയ നമ്പൂതിരി പെൺകിടാങ്ങൾ (ഉടുത്തുതുടങ്ങിയാലേ നിവേദിക്കാനർഹത ലഭിക്കുന്നുള്ളു). പതിവായി കിഴക്കോട്ടു തിരിഞ്ഞിരുന്ന് അട, അപ്പം എന്നിവ ഗണപതിക്കു നിവേദിക്കുന്നതിനെ ഗണപതിക്കിടുക എന്നു പറയുന്നു. എന്നും ഉണ്ടാക്കുന്നതായതുകൊണ്ട് ഈ അടയ്ക്കു രുചി കുറഞ്ഞെന്നുവരും. അതുകൊണ്ടു ‘ഗണോതിയട’ എന്നു പറഞ്ഞാൽ സാമാന്യം മോശം എന്നർഥം സ്ഫുരിക്കും. ‘ഗണപതിക്കിടുവാൻ’ തുലാമാസത്തിൽ അടയും വൃശ്ചികത്തിൽ അപ്പവും നിർബന്ധമാണ്.

ഗണപതിനിവേദ്യം

എല്ലാസല്ക്കർമങ്ങളുടെയും പ്രാരംഭമായി നടത്തുന്ന ഒരു ചടങ്ങ്. വൈദികതാന്ത്രികകർമങ്ങളുടെയും ആദ്യത്തെ ചടങ്ങ് ഗണപതിനിവേദ്യമാണ്. ഗണപതി വിഘ്നേശ്വരനായതുകൊണ്ട്, ചെയ്യാൻപോകുന്ന ക്രിയയുടെ നിർവിഘ്നപരിസമാപ്തിക്കായിട്ടാണു ഗണപതിക്കു നിവേദിക്കുന്നത്. മുകളിൽ വലത്തുഭാഗത്തുവച്ചിട്ടുള്ള വിളക്കിൻെറ ചുവട്ടിൽ ചാണകം മെഴുകി പൂവെച്ച് അവിടെ ഗണപതിയുടെ സാന്നിധ്യം സങ്കല്പിച്ച് ഒരു ഓടത്തിലോ ഇലക്കഷണത്തിലോ അവില്, മലര് തുടങ്ങിയ നൈവേദ്യവസ്തുക്കളിൽ എന്തെങ്കിലും ഒന്നു മന്ത്രപൂർവം നിവേദിക്കുന്നു. എന്നിട്ടാണു പ്രധാനക്രിയ തുടങ്ങുക. ഹോമമായാലും പൂജയായാലും അതിൻെറ എല്ലാ ചടങ്ങുകളും കഴിഞ്ഞശേഷമേ ‘ഗണപതിവിസർജനം’ (ഗണപതിവിടർത്തൽ) ചെയ്യാറുള്ളു. അതായത് ആദ്യന്തം വിഘ്നേശ്വരൻെറ സാന്നിധ്യം ഉണ്ടെന്നാണു സങ്കല്പം.

ഗണപതിപ്പോറ്റി, ഇടമന (1861—1941)

മലയാളകവിയും സംസ്കൃതപണ്ഡിതനും. ജ്യോതിഷം, വേദാന്തം ഇവയിൽ പ്രവീണനായിരുന്നു. തിരുവനന്തപുരത്തിനടുത്തു പിരപ്പൻകോട്ട് ജനിച്ചു. ഭദ്രകാളീ മാഹാത്മ്യം, മഹിഷമർദനം എന്നീ ആട്ടക്കഥകളും രചിച്ചിട്ടുണ്ട്.

ഗണപതിവട്ടം

വയനാട്ടിൽ സുൽത്താൻ ബത്തേരി എന്ന് ഇപ്പോൾ അറിയപ്പെടുന്ന പ്രദേശം.

ടിപ്പുസുൽത്താൻ കോട്ടകെട്ടിയതുകൊണ്ടാണു ഗണപതിവട്ടം സുൽത്താൻബത്തേരി (Sultan's battery)യായത്. കോട്ടയം രാജാക്കന്മാരുടെ വകയായിരുന്ന ഗണപതിക്ഷേത്രം ടിപ്പു തകർത്തുകളഞ്ഞു. കോട്ടയം രാജകുടുംബത്തിലെ കേരളവർമ പഴശ്ശിരാജാവാണു മലബാറിൽ ബ്രിട്ടീഷുകാർക്കെതിരായി അക്കാലത്തു വിപ്ലവം നയിച്ചത്. ചരിത്രപ്രസിദ്ധമായ പഴശ്ശിക്കോട്ട ഇവിടെയാണു സ്ഥിതിചെയ്യുന്നത്. 1805-ൽ അതു ബ്രിട്ടീഷുകാർ പിടിച്ചടക്കുകയും രാജാവിനെ ബന്ധനസ്ഥനാക്കുകയും ചെയ്തു.

പ്രസിദ്ധമായ 'എടയ്ക്കൽ' ഗണപതിവട്ടത്തിനടുത്തു സ്ഥിതിചെയ്യുന്നു. പണ്ടത്തെ ജൈനകേന്ദ്രം, ജൈനരായിരുന്ന കടമ്പരുടെയും, ഹൊയ്ശാലാബല്ലാളരുടെയും ശാസനങ്ങൾ എടയ്ക്കൽ ഗുഹയിലാണുള്ളത്. ഈ ബ്രാഹ്മിരേഖകൾ ബി.സി. 2-ാം ശതാബ്ദത്തിൽ കേരളത്തിൽ ബുദ്ധ-ജൈനമതങ്ങൾ പ്രചരിച്ചിരുന്നതിനു തെളിവായി ചരിത്രകാരന്മാർ കണക്കാക്കുന്നു. ഗുഹയ്ക്കടുത്ത് 600 ഹെക്റ്റാർ സ്ഥലത്ത് 200-ലധികം മഹാശിലാസ്മാരകങ്ങൾ ഇന്നും അവശേഷിക്കുന്നു.

ഗണപതിശാസ്ത്രികൾ, ടി, മഹാമഹോപാധ്യായ (1861—1926)

ഭാസനാടകചക്രം (ഭാസന്റെ പതിമൂന്നു സംസ്കൃത രൂപകങ്ങൾ) തിരുവനന്തപുരത്ത് മണലിക്കരയിൽനിന്നു കണ്ടെടുത്തു പ്രസാധനം ചെയ്ത സംസ്കൃത പണ്ഡിതനും തിരുവനന്തപുരത്തെ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയുടെ ആദ്യത്തെ ക്യൂറേറ്ററും. തിരുനൽവേലി തരുവൈഗ്രാമത്തിൽ രാമസുബ്ബയ്യരുടെയും സീതാംബാളിന്റെയും പുത്രനായി ജനിച്ചു. ദാരിദ്ര്യം നിമിത്തം മകന്റെ വിദ്യാഭ്യാസത്തിൽ മാതാപിതാക്കൾക്കു ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. അല്പം മുതിർന്നശേഷം കാൽനടയായി തിരുവനന്തപുരത്തെത്തി ചില ശാസ്ത്രിമാരിൽ നിന്നു സംസ്കൃതഭാഷയിലും തർക്കവ്യാകരണാദി ശാസ്ത്രങ്ങളിലും വ്യുത്പത്തിനേടി. 18-ാമത്തെ വയസ്സിൽ ഹൈക്കോടതിയിൽ ഒരു ഗുമസ്തനായി ജോലിയിൽ പ്രവേശിച്ചു. അവിടെനിന്നു സംസ്കൃതമഹാപാഠശാലയിലെ ഒരു ഉപാധ്യായനായും, ഹെഡ്മാസ്റ്ററായും, പ്രിൻസിപ്പലായും ഉയർന്നു. 1909-ൽ പൗരസ്ത്യഗ്രന്ഥപ്രകാശനത്തിന് ഒരു പ്രത്യേകവകുപ്പു രൂപവത്കരിച്ചപ്പോൾ അതിന്റെ ക്യൂറേറ്ററായി നിയമിതനായി. *മാധവീവാസന്തീയം നാടകം*, *സേതുയാത്രാവർണനം*, *തുലാപുരുഷദാനകാവ്യം*, *അർഥചിന്താമണിമാല*, *ചക്രവർത്തിനീ ഗുണമണിമാല*, *ഭാരതാനുവർണനം* (ഗദ്യം) എന്നീ കൃതികൾ ഇദ്ദേഹം രചിക്കുകയും, കേരളവർമയുടെ *വിശാഖവിജയത്തിനും* എ.ആർ. രാജരാജവർമയുടെ *ആംഗല സാമ്രാജ്യത്തിനും* വ്യാഖ്യാനങ്ങളും ടിപ്പണികളും എഴുതുകയും ചെയ്തു. ഒട്ടേറെ പ്രാചീന സംസ്കൃതകൃതികൾ കണ്ടെടുത്ത് ഇദ്ദേഹം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

† ഭാസമഹാകവിയുടെ പതിമൂന്നു രൂപകങ്ങൾക്കു പുറമെ മഹിമഭട്ടന്റെ വ്യക്തിവിവേകം, കാമന്ദകന്റെ നീതിസാരം, കേശവസ്വാമിയുടെ നാനാർഥാർണവസംക്ഷേപം, വന്ദ്യഘടീയസർവാനന്ദന്റെ ടീകാസർവസ്വത്തോകൂടിയ നാമലിംഗാനുശാസനം, മഹേന്ദ്രവിക്രമവർമന്റെ മത്തവിലാസം, കൃഷ്ണാനന്ദസരസ്വതിയുടെ സിദ്ധാഞ്ജനം, ഈശാനശിവഗുരുദേവന്റെ പദ്ധതി, കൗടല്യന്റെ അർഥശാസ്ത്രം, ആര്യമഞ്ജുശ്രീമൂലകല്പം, വിശ്വരൂപന്റെ ബാലക്രീഡയോടുകൂടിയ യാജ്ഞവല്ക്യസ്മൃതി തുടങ്ങി അനേകം അപൂർവഗ്രന്ഥങ്ങളും ആദ്യമായി സൂര്യപ്രകാശം കാണാൻ ഇടയായതു ശാസ്ത്രിയുടെ വിജ്ഞാനവ്യസനിത്വവും ഗവേഷണബുദ്ധിയും നിമിത്തമായിരുന്നു. ഇവയ്ക്കെല്ലാം, പ്രത്യേകിച്ചു ഭാസനാടകചക്രത്തിന്, ഇദ്ദേഹം എഴുതിയിട്ടുള്ള അവതാരികകളും ഉപോദ്ഘാതങ്ങളും, ഭാരതീയരായ പണ്ഡിതന്മാരുടെ മാത്രമല്ല, പാശ്ചാത്യരായ പ്രാച്യ സംസ്കാര പ്രേമികളുടെയും പ്രശംസയ്ക്കു പാത്രമായി. ലണ്ടനിലെ റോയൽ ഏഷ്യാറ്റിക് സൊസൈറ്റിയിലെ അംഗത്വവും ജെർമനിയിലെ ട്യൂബിൻജൻ സർവകലാശാലയുടെ ഗവേഷണ ബിരുദവും, വെയിത്സ് രാജകുമാരനിൽനിന്നു കീർത്തിമുദ്രയും ഇദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്.

ഗണപതിഹോമം

നമ്പൂതിരിമാരുടെ തേവാരങ്ങളിലൊന്ന്. ക്ഷേത്രങ്ങളിലും ഈ ഹോമം നടത്താറുണ്ട്. ബ്രാഹ്മണ ഗൃഹങ്ങളിൽ ഇതു നിത്യവും രാവിലെ നടത്തിവന്നു. ഇതിനുള്ള ദ്രവ്യം നാളികേരം, അവിൽ, മലര്, ശർക്കര, കരിമ്പ്, നാരങ്ങ, കദളിപ്പഴം, അപ്പം, അട എന്നിവയുടെ ഒരു കൂട്ടാണ്. ഇവ സമന്ത്രം തീയിൽ ഹോമിക്കുന്നു. ചിരട്ട, നെല്ല് ഇവയും തീയിൽ ഹോമിക്കണം. ധനധാന്യസമൃദ്ധിയും വിഘ്നശാന്തിയും നേടലാണു ലക്ഷ്യം. ജനഹൃദയങ്ങളുടെ വശീകരണവും ഹോമംകൊണ്ടു സാധ്യമാവും എന്നാണു വിശ്വാസം. "സർവജനം മേ വശം ആനയ" എന്നാണു ഗണപതിഹോമത്തിന്റെ മന്ത്രത്തിന്റെ മുഖ്യഭാഗം.

ഗണപതിറാവു, ഡി. (1864—1944)

മലബാറിലെ വിദ്യാഭ്യാസ പ്രവർത്തകൻ.

കേരള വിദ്യാശാല(ഇന്നത്തെ സാമൂതിരി ഹൈസ്കൂൾ)യിലും മദിരാശി പ്രസിഡൻസി കോളെജിലും പഠിച്ചു ബിരുദം നേടി.

1886-ൽ സ്ഥാപിക്കപ്പെട്ട ഗണപതി ഹൈസ്കൂളിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഇദ്ദേഹത്തിന് വിദ്യാലയനടത്തിപ്പിന്റെ മുഴുവൻ ഭാരവും ഏറ്റെടുക്കേണ്ടതായിവന്നു. പിന്നോക്ക സമുദായങ്ങളിലെ കുട്ടികൾക്ക് ഈ സ്കൂളിൽ ആദ്യമായി പ്രവേശനം നല്കിയത് ഇദ്ദേഹമായിരുന്നു. 1920-നുശേഷം ഇദ്ദേഹം സന്ന്യാസം സ്വീകരിച്ചു.

ഗണസിദ്ധാന്തം (Set theory)

ഒരു ഗണിതശാഖ. ഗണിതശാസ്ത്രപരമായ സമാഹാരമാണു ഗണം. അതിന്റെ പ്രത്യേകതകളെപ്പറ്റിയുള്ള പഠനശാഖയാണു ഗണസിദ്ധാന്തം.

ജോർജ് കാൻറർ എന്ന ജെർമൻ ഗണിതജ്ഞൻ 1874-നും 1897-നും ഇടയ്ക്കു തയ്യാറാക്കിയ ലോജിസിസ (logicism) സിദ്ധാന്തങ്ങളാണു ഗണസിദ്ധാന്തത്തിന്റെ അടിസ്ഥാനം. 1900 ആയപ്പോഴേക്കും ഇതു ഗണിതശാസ്ത്രശാഖയായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. ഇരുപതാംനൂറ്റാണ്ടിലെ ഗണിതശാസ്ത്രപുരോഗതിക്ക് ഈ ശാഖ നല്കിയ സംഭാവന വളരെ വലുതാണ്. (†ഗണിതശാസ്ത്രവികാസം നോക്കുക.)

ഗണസിദ്ധാന്തത്തിനു സാധാരണ ഗണിതത്തിലുള്ളതിനെക്കാൾ അനേകമടങ്ങു പ്രയോഗം, അമൂർത്തവും സങ്കീർണവുമായ ആധുനികഗണിതത്തിലും തർക്കശാസ്ത്ര(logic)ത്തിലും ഉണ്ട്.

വ്യക്തമായി നിർവചിക്കാവുന്ന രാശികളെയോ, വസ്തുക്കളെയോ, ആശയങ്ങളെയോ ഒരു ഗണമായി ഗണിതശാസ്ത്രത്തിൽ പരിഗണിക്കുന്നു. ഒരു പ്രത്യേകരാശി ഒരു ഗണത്തിലുണ്ടോ എന്നു ചോദിച്ചാൽ ഉണ്ട്, ഇല്ല എന്ന വ്യക്തമായ ഉത്തരങ്ങളേ ലഭിക്കാവൂ എന്നാണ് 'വ്യക്തമായി നിർവചിക്കപ്പെടാവുന്ന' എന്നതിനർഥം. ഗണത്തിലുൾപ്പെടുന്ന വസ്തുക്കളെ ഗണത്തിലെ അംഗങ്ങൾ എന്നു പറയും. ഇരട്ട ബ്രാക്കറ്റിനുള്ളിൽ അംഗങ്ങൾ എഴുതിയാണു ഗണ

ത്തെ ഗണിതശാസ്ത്രപരമായി ചിത്രീകരിക്കുന്നത്. ഉദാഹരണമായി ഇരുപതിനു താഴെയുള്ള അഭാജ്യസംഖ്യകളുടെ ഒരു ഗണം (ഇതിനെ A എന്നു വിളിക്കാം) ഇങ്ങന എഴുതാം:

$A = \{2, 5, 7, 11, 13, 17, 19\}$

5 എന്ന സംഖ്യ A എന്ന ഗണത്തിൽ അംഗമാണ് എന്നു പ്രതീകം ഉപയോഗിച്ച് എഴുതുന്നത് ഇങ്ങനെയാണ്:

$5 \in A$

10 ഇതിൽ അംഗമല്ല എന്നെഴുതുന്നത്:

$10 \notin A$

പരിമിതഗണവും (finite set) അനന്തഗണവും (infinite set) ഉണ്ട്. അംഗങ്ങളുടെ എണ്ണം പരിമിതസംഖ്യയാണെങ്കിൽ അതു പരിമിതഗണവും, അംഗങ്ങളുടെ എണ്ണം അനന്തമാണെങ്കിൽ അത് അനന്തഗണവുമാണ്. ഉദാഹരണമായി, ഇന്ത്യയുടെ കരസേനാ അംഗങ്ങളുടെ ഗണം പരിമിതഗണവും, എല്ലാ ഇരട്ടസംഖ്യകളുടെയും ഗണം അനന്തഗണവുമായിരിക്കും. അംഗങ്ങൾ ഒന്നുമില്ലാത്ത ഗണത്തെ ശൂന്യഗണം (null set) എന്നു വിളിക്കുന്നു. ശൂന്യഗണത്തിൻെറ പ്രതീകം $\varnothing$ (ഫൈ) ആണ്.

ഒരു ഗണത്തിലെ കുറെ അംഗങ്ങൾ മാത്രം ഉൾക്കൊള്ളുന്ന മറ്റൊരു ഗണത്തെ ആദ്യഗണത്തിൻെറ ഉപഗണം എന്നു വിളിക്കുന്നു. ഉദാഹരണമായി, ഇരുപതിനു താഴെയുള്ളതും പത്തിനു മുകളിലുള്ളതുമായ അഭാജ്യസംഖ്യകളുടെ ഗണം (ഇതിനെ B എന്നു വിളിക്കാം):

$B = \{11, 13, 17, 19\}$

B എന്ന ഗണം നേരത്തെ നിർവചിച്ച A എന്ന ഗണത്തിൻെറ ഉപഗണമാണ്. പ്രതീകം ഉപയോഗിച്ച് അത് ഇങ്ങനെ എഴുതും: $A \subset B$. ശൂന്യഗണവും അതേ ഗണം തന്നെയും ഉപഗണമായി പരിഗണിക്കാറുണ്ട്. അതായത് $\varnothing$ യും, Aയും Aയുടെ ഉപഗണങ്ങളാണ്. മുകളിലെ ഉദാഹരണത്തിൽ B, Aയുടെ 'അധിഗണം' (superset) എന്നു പറയാം. ഇതു പ്രതീകം ഉപയോഗിച്ച് $A \supset B$ എന്നെഴുതാം.

ഗണങ്ങളുപയോഗിച്ചുള്ള ഏറ്റവും പ്രാഥമികമായ ക്രിയകളാണ് (operations) 'യോഗം' (union) എന്നതും, 'സംഗമം' (intersection) എന്നതും. സംഖ്യാവ്യവസ്ഥയിലെ സങ്കലന-വ്യപകലന ക്രിയകൾക്കു സമാനമാണിവ. രണ്ടു ഗണങ്ങളുടെ യോഗത്തിൽനിന്നു ലഭിക്കുന്നതു രണ്ടിലും ഉള്ള എല്ലാ അംഗങ്ങളുടെയും ഒരു ഗണമാണ്; ഇവയുടെ യോഗത്തിൽനിന്നു ലഭിക്കുന്നതു രണ്ടു ഗണത്തിലും പൊതുവായുള്ള അംഗങ്ങളുടെ ഗണമാണ്.

X, Y എന്നീ ഗണങ്ങളുടെ ഉദാഹരണങ്ങൾ ശ്രദ്ധിക്കുക:

$X = \{1, 2, 3, 4, 5\}$

$Y = \{2, 4, 6, 8\}$

X, Y എന്നീ ഗണങ്ങളുടെ യോഗം പ്രതീകം ഉപയോഗിച്ച് ഇങ്ങനെ എഴുതാം:

$X \cup Y = \{1, 2, 3, 4, 5, 6, 8\}$

ഇവയുടെ സംഗമം പ്രതീകം ഉപയോഗിച്ച് ഇങ്ങനെ എഴുതാം:

$X \cap Y = \{2, 4\}$

പ്രാഥമികഗണസിദ്ധാന്തത്തിൽ വരുന്ന മറ്റുചില കാര്യങ്ങൾ:

1. രണ്ടു ഗണങ്ങളിലെ അംഗങ്ങളുടെ എണ്ണം തുല്യമായിരുന്നാൽ അവ രണ്ടും 'തുല്യാംഗഗണങ്ങൾ' (equivalent sets) ആണ്. ഉദാ: $A = \{j, k, l, m\}$; $B = \{7, 8, 9, 10\}$ ആണെങ്കിൽ പ്രതീകം ഉപയോഗിച്ച് $A \sim B$ എന്നെഴുതാം.

2. രണ്ടു ഗണങ്ങളിലെ അംഗങ്ങൾ ഒന്നുതന്നെ ആയാൽ അവയെ 'സമഗണങ്ങൾ' (equal sets) എന്നു വിളിക്കുന്നു. ഉദാ: A എന്നതു കഴിഞ്ഞ രണ്ട് ഏഷ്യാഡിൽ റെക്കോഡോഡുകൂടി സ്വർണമെഡൽ നേടിയ റെയിൽവേ ഉദ്യോഗസ്ഥകളുടെ ഗണം A = {പി.ടി. ഉഷ, എം.ഡി. വത്സമ്മ}. B എന്നതു കഴിഞ്ഞ രണ്ട് ഏഷ്യാഡിൽ റെക്കോഡോഡോടുകൂടി സ്വർണമെഡൽ നേടിയ മലയാളി കായികതാരങ്ങളുടെ ഗണം. B = {എം. ഡി. വത്സമ്മ, പി.ടി. ഉഷ.} ഇപ്പോൾ പ്രതീകം ഉപയോഗിച്ച് $A = B$ എന്നെഴുതാം.

3. ഒരു പ്രത്യേക സമസ്യയിൽ വരുന്ന എല്ലാ ഗണങ്ങളുടെയും അധിഗണം (superset) ആയി സ്വീകരിക്കുന്ന ഗണത്തെ 'സർവഗണം'(universal set) എന്നു വിളിക്കുന്നു. U ആണു സാധാരണ പ്രതീകം. ഉദാഹരണത്തിന്, സാധാരണ സംഖ്യകളുടെ ഒരു സമസ്യയിൽ പൂർണസംഖ്യകളുടെ ഗണം സർവഗണമായി പരിഗണിക്കാം. സർവഗണത്തിലെ കുറെ അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഗണമാണ് A എങ്കിൽ (ഉദാ: A =എല്ലാ ഇരട്ടസംഖ്യകളുടെയും ഗണം) ആ സർവഗണത്തിലെ മറ്റ് അംഗങ്ങൾ എല്ലാം ഉൾക്കൊള്ളുന്ന ഗണത്തെ A യുടെ 'പുരകഗണം' (complementary set) എന്നു വിളിക്കുകയും അതിനെ A എന്ന് എഴുതുകയും ചെയ്യും (ഉദാഹരണത്തിന് A' = എല്ലാ ഒറ്റസംഖ്യകളുടെയും ഗണം).

അതായത്, $U = A \cup A'$

4. രണ്ടു ഗണങ്ങളിൽ പൊതുവായ ഒരംഗം പോലും ഇല്ലെങ്കിൽ അവയെ വിയുക്ത ഗണങ്ങൾ (disjoint sets) എന്നു വിളിക്കുന്നു. അവയുടെ 'സംഗമം' ശൂന്യഗണമായിരിക്കും.

വെൻ ചിത്രം (Venn diagram). ഗണങ്ങൾ തമ്മിലുള്ള ബന്ധം കാണിക്കുവാനുപയോഗിക്കുന്ന ചിത്രം. ജോൺ വെൻ ആണ് ഈ രീതി അവതരിപ്പിച്ചത്. സർവഗണ(universal set)ത്തെ ഒരു ചതുരം കൊണ്ടും ഗണങ്ങളെ അതിനുള്ളിൽ അടഞ്ഞ വക്രങ്ങൾകൊണ്ടും കാണിക്കുന്നു. പൊതുവായ അംഗങ്ങൾ ഉള്ള ഗണങ്ങളുടെ വക്രങ്ങൾ പരസ്പരം അകത്തു കടന്നുനില്ക്കുന്ന രീതിയിൽ വരയ്ക്കുന്നു.



ഒരു വെൻചിത്രം.

ഗണിതശാസ്ത്രം

എണ്ണുക, അളക്കുക, രൂപനിർണയം ചെയ്യുക എന്നീ പ്രാഥമിക ക്രിയകളിലൂടെ ഘടന, ക്രമം, ബന്ധം എന്നിവയെ സംബന്ധിച്ചു നടത്തുന്ന പഠനം ഉൾക്കൊള്ളുന്ന ശാസ്ത്രശാഖ. ഗണിതത്തിൻെറ സത്ത മുഴുവൻ ഉൾക്കൊള്ളുന്ന ഒരു നിർവചനം സാധ്യമല്ല. അത്രയേറെ വൈവിധ്യമാർന്ന പ്രയോഗവും സാധ്യതകളും ഇതിനുണ്ട്. യുക്തിപൂർവമായ വിശകലനവും ഗണപരമായ (quantitive) കണക്കുകൂട്ടലും ഈ ശാസ്ത്രശാഖയുടെ പ്രത്യേകതകളാണ്. 17-ാം നൂറ്റാണ്ടുവരെ ഇതു ഭൗതികശാസ്ത്രങ്ങളിലും സാങ്കേതിക ശാസ്ത്രത്തിലും മാത്രം സ്വാധീനം ചെലുത്തിയിരുന്നുള്ളു. ഇന്ന് എല്ലാ വിജ്ഞാനശാഖകളിലും ഗണിതത്തിൻെറ സ്വാധീനം കാണാം.

'പഠിച്ച സംഗതികൾ' എന്ന് അർഥം വരുന്ന 'മാത്തമറ്റ'(Mathemata) എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് 'മാത്തമാറ്റിക്സ്' (Mathematics) എന്ന ഇംഗ്ലീഷ് പദം ഉണ്ടായത്.

വിപുലമായ അർഥത്തിൽ ഗണിതത്തിനെ രണ്ടായി തിരിക്കാം: ശുദ്ധഗണിതം (Pure Mathematics) എന്നും, പ്രായോഗികഗണിതം (Applied Mathematics) എന്നും. സിദ്ധാന്തപരമായ പഠനമാണ് ആദ്യവിഭാഗത്തിൽ വരുന്നത്; ഭൗതിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതു രണ്ടാമത്തെ ഭാഗമാണ്. ഇതുപോലെ തന്നെ ഗണിതജ്ഞരെയും രണ്ടായി തിരിക്കാറുണ്ട്: തത്വമുണ്ടാക്കുന്നവർ (Theory Creators) എന്നും, പ്രശ്നം നിർധാരണം ചെയ്യുന്നവർ (Problem Solvers) എന്നും.

ഗണിതഭാഷ. ആശയങ്ങൾ കണിശമായും സംക്ഷിപ്തമായും ലളിതമായും പറയാൻ പ്രത്യേക പ്രതീകങ്ങളും മറ്റും ഉപയോഗിക്കുന്ന ഒരു സാങ്കേതികഭാഷ ഉപയോഗിക്കുന്നുണ്ട്. † ഗണിതശാസ്ത്രത്തിലെ പ്രതീകങ്ങൾ നോക്കുക.

ശാഖകൾ. ആധുനിക ഗണിതശാസ്ത്രം അനേകം ശാഖകളായി വേർതിരിച്ചിട്ടുണ്ട്. സംഖ്യകളുടെയും രാശികളുടെയും (Quantity) പഠനവിഭാഗമായ അങ്കഗണിതമാണ് ഏറ്റവും പ്രാഥമികമായ ഗണിതവിഭാഗം. ബീജഗണിതം, ജ്യാമിതി തുടങ്ങിയവയുടെ അടിസ്ഥാനം ഗണിതശാസ്ത്രശാഖകളാണ്. കൂടുതൽ ആഴത്തിലുള്ള പഠനത്തിനുവേണ്ടി ഓരോ ശാഖകളും കൂടുതൽ പ്രത്യേകവത്കരിക്കപ്പെട്ട് അനേകം ശാഖകളായി പിരിഞ്ഞു. ജ്യാമിതിയുടെ തന്നെ ഭാഗങ്ങളാണ് സമതലജ്യാമിതി (Plain geometry), ഘന ജ്യാമിതി(Solid geometry), വിശ്ലേഷക ജ്യാമിതി(Analytical geometry), ടോപ്പോളജി, ത്രികോ

ണമിതി, പ്രക്ഷേപീയ ജ്യാമിതി (Projective geometry) തുടങ്ങിയവ. സാംഖ്യികം (Statistics), കലനം Calculus), വിശ്ലേഷണം (Analysis), സംഖ്യാത്മക വിശ്ലേഷണം (Numerical Analysis), സംഭാവ്യതാ സിദ്ധാന്തം (Probability Theory), ഗണസിദ്ധാന്തം (Set Theory), മാട്രിക്സ് സിദ്ധാന്തം (Matrix Theory), സഞ്ചയ വിന്യാസ ശാസ്ത്രം (Combinatorics), ബൂളിയൻ ബീജഗണിതം (Boolean Algebra) തുടങ്ങിയ അനേകം ശാഖകൾ ഇന്നു ഗണിതശാസ്ത്രത്തിൽ ഉണ്ട്. പ്രധാന ശാഖകളെപ്പറ്റിയുള്ള പ്രത്യേക ശീർഷകങ്ങൾ നോക്കുക.

മറ്റു വിജ്ഞാന മണ്ഡലങ്ങളിൽ ഉള്ള സ്വാധീനം. എല്ലാ വിജ്ഞാനമണ്ഡലത്തിലും ഗണിതത്തിന്റെ സ്വാധീനം ഏറിയും കുറഞ്ഞും നിഴലിക്കുന്നുണ്ട്. ജ്യോതിശ്ശാസ്ത്രം, ഭൗതികം, സാങ്കേതിക ശാസ്ത്രം, ഭൗതികരസതന്ത്രം എന്നിവ പൂർണമായിത്തന്നെ ഗണിതത്തെ ആധാരമാക്കുന്ന ശാസ്ത്രശാഖകളാണ്. ജൈവശാസ്ത്രത്തിലെ ജനിതകം പോലുള്ള് വിഭാഗങ്ങളിൽ ഗണിതതത്വങ്ങൾ ധാരാളമായി ഉപയോഗിക്കാറുണ്ട്. ജൈവ സാംഖ്യികം എന്നൊരു വിജ്ഞാനശാഖതന്നെ രൂപമെടുത്തിട്ടുണ്ട്. സാമ്പത്തിക ശാസ്ത്രം, ഭാഷാശാസ്ത്രം, സാമൂഹിക ശാസ്ത്രം തുടങ്ങിയ മാനവിക വിജ്ഞാനവിഭാഗങ്ങളിലും ഗണിതതത്വങ്ങൾക്ക് വളരെയധികം സ്ഥാനമുണ്ട്.† ഗണിതശാസ്ത്രചരിത്രം, ഗണിതശാസ്ത്രം ഭാരതത്തിൽ, ഗണിതശാസ്ത്രത്തിലെ പ്രതീകങ്ങൾ നോക്കുക.

ഗണിതശാസ്ത്രത്തിലെ പട്ടികകൾ

ഗണനത്തിന് ഉപയോഗിക്കാനായി പലതരം ഫലനങ്ങളുടെ മൂല്യങ്ങൾ ചേർത്തു തയാറാക്കുന്ന പട്ടികകൾ. ഗണിതശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, എൻജിനീയറിങ്, ഭൗതികരസതന്ത്രം, സാംഖ്യികം എന്നിങ്ങനെയുള്ള നിരവധി ശാസ്ത്രവിഷയങ്ങളിലെ ഗണനം കൂടുതൽ എളുപ്പത്തിൽ നടത്തുന്നതിനു സഹായിക്കുന്നവയാണ് ഈ പട്ടികകൾ. ഈ വിഷയങ്ങളിൽ ആവശ്യമായി വരുന്ന ഫലനങ്ങളുടെയും, ചില ഗണിതശാസ്ത്ര സ്ഥിരസംഖ്യകളുടെയും മൂല്യങ്ങൾ കണക്കാക്കി പട്ടികകളുടെ രൂപത്തിൽ കൊടുക്കുന്ന ഏതിനെയും ഗണിതശാസ്ത്രപട്ടികകളുടെ ഇനത്തിൽ പെടുത്താം.

x–ന്റെ പല വിലകൾക്ക് log x, Sin x എന്നിങ്ങനെയുള്ള ഗണിതശാസ്ത്രഫലനങ്ങളുടെ മൂല്യങ്ങൾ അഭാജ്യ(Prime)സംഖ്യകൾ, ഗണിതീയസൂത്രങ്ങൾ, π മുതലായ ഗണിതീയ സ്ഥിരസംഖ്യകളുടെ മൂല്യങ്ങൾ, എന്നിങ്ങനെ നിരവധി പ്രായോഗികസംഗതികൾ സാധാരണമായി ഗണിതീയ പട്ടികകളിൽ കൊടുക്കുന്നു. പരീക്ഷണശാലകളിൽ പലപ്പോഴായി നിർണയിച്ചുകിട്ടുന്ന പല ശാസ്ത്രീയ വിവരങ്ങളുടെയും സംഖ്യാത്മകമൂല്യങ്ങളും തത്സംബന്ധമായ പട്ടികകളിൽ ഉണ്ടാകും. വസ്തുക്കളുടെ സാന്ദ്രത, പല സ്ഥലങ്ങളിലെയും അന്തരീക്ഷവായുവിന്റെയും പൂരിത(Saturated) നീരാവിയുടെയും മർദം, പലതരം അചരങ്ങൾ തുടങ്ങിയ ഭൗതിക വസ്തുതകളും കൊടുക്കാറുണ്ട്.

ആർതർ കെയ്‌ലി (Arthur Cayley, 1821–1895) ഗണിതീയപട്ടികകളെ തരംതിരിക്കേണ്ട ഒരു സമ്പ്രദായം നിർവചിച്ചു. ആധുനികകാലത്ത് ഈ രംഗത്തുണ്ടായ പുരോഗതി അത്തരം വിഭജനം അപര്യാപ്തമാണെന്നു തെളിയിക്കുകയും, അതിനെത്തുടർന്ന് 1940-ൽ ഒരു നൂതന വിഭജനരീതി ഉടലെടുക്കുകയും ചെയ്തു. ഇതിന്നു നേതൃത്വം നല്കിയത് ഐക്യനാടുകളിലെ ദേശീയഗവേഷണസമിതി (National Research Committee of the United States) ആയിരുന്നു. ഈ സംഘടന റേയ്മണ്ഡ് ആർച്ചിബാൾഡ് (Raymond C. Archibald) ചെയർമാനായുള്ള ഒരു കമ്മിറ്റിയെ ഈ ചുമതല ഏല്പിച്ചു. ഈ കമ്മിറ്റി ശാസ്ത്രീയപട്ടികകളെ താഴെ കൊടുക്കുന്ന പ്രധാനവിഭാഗങ്ങളായി തിരിച്ചു.

1. അങ്കഗണിതപട്ടികകളും ഗണിതശാസ്ത്രത്തിലെ അചരങ്ങളും. 2. ഘാതങ്ങൾ (Powers)–അവ സംബന്ധിച്ച പട്ടികകൾ. 3. ലോഗരിത പട്ടികകൾ. 4. വൃത്തീയഫലനങ്ങൾ (Circular functions) എന്നറിയപ്പെടുന്ന Sin x, Cos x, Tan x, Sec x, CoSec x, Cot x എന്നിവയുടെ പട്ടികകൾ. 5. ഹൈപ്പർ ബോളിക (Hyperbolic) ഫലനങ്ങൾ എന്നറിയപ്പെടുന്ന Sin h x, Cos h x, tan h x, Cosec h x, Cot h x, Sec h x എന്നീ ഫലനങ്ങളുടേയും എക്സ്പൊണൻഷ്യൽ (Exponential) ഫലനങ്ങളായ e^x, e^{-x} എന്നിവയുടെയും പട്ടികകൾ. 6. സംഖ്യാസിദ്ധാന്തത്തിലെ പട്ടികകൾ. 7. ബീജഗണിതത്തിലെ ഉയർന്നതരം പാഠങ്ങളോടനുബന്ധിച്ച പട്ടികകൾ. 8. സമവാക്യങ്ങളുടെ സംഖ്യാനിർധാരണങ്ങൾ. 9. കാല്ക്കുലസ്സിലെ പരിമിതാന്തര (Finite differences) പട്ടികകൾ. 10. ശ്രേണികളുടെ (Series) തുക. 11. സ്ഥിതിവിവരണങ്ങളിലെ പട്ടികകൾ. 12. ഉച്ച (Higher)ഗണിതീയ ഫലനങ്ങൾ സംബന്ധിച്ച പട്ടികകൾ. 13. സമാകലം (Integrals) സംബന്ധിച്ച പട്ടികകൾ. 14. പലിശയും നിക്ഷേപവും (Interestand Investment) സംബന്ധിച്ച പട്ടികകൾ. 15. ആക്ചുവറി (Actuary) എന്ന ശാസ്ത്രശാഖയിലെ പട്ടികകൾ. 16. ജിയോഡസി (Geodesy) യിലെ പട്ടികകൾ. 17. ഭൗതിക പട്ടികകൾ. 18. രസതന്ത്രത്തിലെ പട്ടികകൾ. 19. സമുദ്രയാനം സംബന്ധിച്ച പട്ടികകൾ. 20. ഗണനയന്ത്രങ്ങൾ ഉപയോഗിച്ചു ഗണനം നിർവഹിക്കുമ്പോൾ ആവശ്യമായി വരുന്ന പട്ടികകൾ. കാൽക്കുലേറ്ററിന്റെയും കമ്പ്യൂട്ടറിന്റെയും ആവിർഭാവത്തോടെ ചിലതരം ഗണിത പട്ടികകളുടെയും ഉപയോഗം കുറഞ്ഞു.

n	n^2	n^3	$\sqrt{n}$	$\sqrt[3]{n}$	$\frac{1}{n}$	$\sqrt{10n}$	$\frac{1}{\sqrt{n}}$	$\frac{1}{\sqrt{10n}}$
51	2601	132651	7·1414	3·7084	0·01961	22·5832	0·14003	0·04428
52	2704	140608	7·2111	3·7325	0·01923	22·8035	0·13868	0·04385
53	2809	148877	7·2802	3·7563	0·01887	23·0217	0·13736	0·04344
54	2916	157464	7·3485	3·7798	0·01852	23·2379	0·13608	0·04303
55	3025	166375	7·4162	3·8030	0·01818	23·4521	0·13484	0·04264
56	3136	175616	7·4833	3·8259	0·01786	23·6643	0·13363	0·04226
57	3249	185193	7·5498	3·8485	0·01754	23·8747	0·13245	0·04189
58	3364	195112	7·6158	3·8709	0·01724	24·0832	0·13131	0·04152
59	3481	205379	7·6811	3·8930	0·01695	24·2899	0·13019	0·04117
60	3600	216000	7·7460	3·9149	0·01667	24·4949	0·12910	0·04082
61	3721	226981	7·8102	3·9365	0·01639	24·6982	0·12804	0·04049
62	3844	238328	7·8740	3·9579	0·01613	24·8998	0·12700	0·04016
63	3969	250047	7·9373	3·9791	0·01587	25·0998	0·12599	0·03984
64	4096	262144	8·0000	4·0000	0·01563	25·2982	0·12500	0·03953
65	4225	274625	8·0623	4·0207	0·01538	25·4951	0·12403	0·03922
66	4356	287496	8·1240	4·0412	0·01515	25·6905	0·12309	0·03892
67	4489	300763	8·1854	4·0615	0·01493	25·8844	0·12217	0·03863
68	4624	314432	8·2462	4·0817	0·01471	26·0768	0·12127	0·03835
69	4761	328509	8·3066	4·1016	0·01449	26·2679	0·12039	0·03807
70	4900	343000	8·3666	4·1213	0·01429	26·4575	0·11952	0·03780
71	5041	357911	8·4261	4·1408	0·01408	26·6458	0·11868	0·03753
72	5184	373248	8·4853	4·1602	0·01389	26·8328	0·11785	0·03727
73	5329	389017	8·5440	4·1793	0·01370	27·0185	0·11704	0·03701
74	5476	405224	8·6023	4·1983	0·01351	27·2029	0·11625	0·03676
75	5625	421875	8·6603	4·2172	0·01333	27·3861	0·11547	0·03651
76	5776	438976	8·7178	4·2358	0·01316	27·5681	0·11471	0·03627
77	5929	456533	8·7750	4·2543	0·01299	27·7489	0·11396	0·03604
78	6084	474552	8·8318	4·2727	0·01282	27·9285	0·11323	0·03581
79	6241	493039	8·8882	4·2908	0·01266	28·1069	0·11251	0·03558
80	6400	512000	8·9443	4·3089	0·01250	28·2843	0·11180	0·03536
81	6561	531441	9·0000	4·3267	0·01235	28·4604	0·11111	0·03514
82	6724	551368	9·0554	4·3445	0·01220	28·6356	0·11043	0·03492
83	6889	571787	9·1104	4·3621	0·01205	28·8097	0·10976	0·03471
84	7056	592704	9·1652	4·3795	0·01190	28·9828	0·10911	0·03450
85	7225	614125	9·2195	4·3968	0·01176	29·1548	0·10847	0·03430
86	7396	636056	9·2736	4·4140	0·01163	29·3258	0·10783	0·03410
87	7569	658503	9·3274	4·4310	0·01149	29·4958	0·10721	0·03390
88	7744	681472	9·3808	4·4480	0·01136	29·6648	0·10660	0·03371
89	7921	704969	9·4340	4·4647	0·01124	29·8329	0·10600	0·03352
90	8100	729000	9·4868	4·4814	0·01111	30·0000	0·10541	0·03333
91	8281	753571	9·5394	4·4979	0·01099	30·1662	0·10483	0·03315
92	8464	778688	9·5917	4·5144	0·01087	30·3315	0·10426	0·03297
93	8649	804357	9·6437	4·5307	0·01075	30·4959	0·10370	0·03279
94	8836	830584	9·6954	4·5468	0·01064	30·6594	0·10314	0·03262
95	9025	857375	9·7468	4·5629	0·01053	30·8221	0·10260	0·03244
96	9216	884736	9·7980	4·5789	0·01042	30·9839	0·10206	0·03227
97	9409	912673	9·8489	4·5947	0·01031	31·1448	0·10153	0·03211
98	9604	941192	9·8995	4·6104	0·01020	31·3050	0·10102	0·03194
99	9801	970299	9·9499	4·6261	0·01010	31·4643	0·10050	0·03178
100	10000	1000000	10·0000	4·6416	0·01000	31·6228	0·10000	0·03162

വർഗങ്ങൾ, ഘനങ്ങൾ, വർഗമൂലങ്ങൾ, ഘനമൂലങ്ങൾ, വർഗമൂലങ്ങളുടെ വ്യുത്ക്രമങ്ങൾ.

ഗണിതശാസ്ത്രത്തിലെ പ്രതീകങ്ങൾ

ഗണിതശാസ്ത്രപ്രതിപാദത്തിന് ഉപയോഗിക്കുന്നപ്രതീകങ്ങൾ. ക്രിയകളും, പദങ്ങൾ തമ്മിലുള്ള ബന്ധവും കാണിക്കുന്ന വ്യക്തവും സംക്ഷിപ്തവും ആയ ഭാഷാരീതിയാണു ഗണിതത്തിന്റേത്. വാച്യരീതിയിൽ വളരെയധികം പ്രതിപാദിക്കേണ്ട ആശയങ്ങൾ പ്രതീകങ്ങളുപയോഗിച്ച് അർഥം ചോർന്നു പോകാതെ ചുരുക്കി എഴുതാം.

ചരിത്രം. 1557-ൽ റോബർട്ട് റെക്കോർഡേ(Robert Recorde) യാണ് ആൾജിബ്രയിൽ സമത്വപ്രതീകം (=) ഉപയോഗിച്ചത്. ഏറ്റവും വ്യാപകമായ പ്രചാരംകിട്ടിയ ഒരു ഗണിതപ്രതീകമാണിത്. 16, 17 നൂറ്റാണ്ടുകളിൽ പ്രതീകങ്ങളെക്കുറിച്ചു ഫ്രാൻസോ വിയത (Francois Vieta, 1540—1603), വില്യം ഔട്രഡ് (William Oughtred, 1574—1660), ദെക്കാർത്ത(Rene Descartes, 1596—1650), ലൈബ്നിസ് (Leibniz, 1646—1716), എന്നിവർ ഗഹനമായ പഠനം നടത്തി. വിയത അജ്ഞാതമായ വസ്തുക്കൾക്കു സ്വരങ്ങളും (Vowels) തന്നിരിക്കുന്ന വസ്തുക്കൾക്കു വ്യഞ്ജനങ്ങളും (Consonants) ഉപയോഗിച്ചു. ഔട്രഡ് പരീക്ഷണം നടത്തിയ 150-ൽപരം പ്രതീകങ്ങ

ഗണിതപ്രതീകങ്ങൾ

പ്രതീകം	ഉച്ചാരണം	വിവരണം
$\triangle$	ത്രികോണം	ത്രികോണത്തിന്റെ വിസ്തീർണത്തെ സൂചിപ്പിക്കുവാനും ഇതുപയോഗിക്കുന്നു.
π	പൈ	വൃത്തപരിധിയും വ്യാസവും തമ്മിലുള്ള അംശബന്ധമാണിത്
(x, y)	എക്സ്, വൈ	ഒരു തലത്തിലെ ഒരു ബിന്ദുവിന്റെ നിർദേശാങ്കങ്ങൾ (കോർഡിനേറ്റുകൾ)
(x, y, z)	എക്സ്, വൈ, സെഡ്	സ്പേസിലെ ഒരു ബിന്ദുവിന്റെ കോർഡിനേറ്റുകൾ
(r, θ)	ആർ, തീറ്റ	ധ്രുവീയ (പോളാർ) കോർഡിനേറ്റുകൾ
$(r, \emptyset\phi)$	ആർ, തീറ്റ, ഫൈ	ഗോളീയ കോർഡിനേറ്റുകൾ
$(\rho\phi z)$	റൊ, ഫൈ, സെഡ്	സിലിണ്ടറീയ കോർഡിനേറ്റുകൾ
$\triangle x$	ഡെൽറ്റാ എക്സ്	xന്റെ ചെറിയവർധനവാണിത്
Σ	സിഗ്മ	സംകലനം ചിഹ്നം $\sum_{i=i}^{3} x_i = x_1 + x_2 + x_3$
Π	പൈ	ഗുണനചിഹ്നം $x_1 \times x_2 \times x_3 \times x_4 = \prod_{i=i} x_i$
$\int$	ഇൻടെഗ്രൽ	സമാകലന(ഇൻടെഗ്രൽ)ചിഹ്നം
$f(x)$	എഫ്. എക്സ്	xന്റെ ഫലനം
$\in$	അംഗം	$2 \in \{1,2,4,6\}$ എന്നുപറഞ്ഞാൽ $\{1,2,4,6\}$ എന്ന സെറ്റിലെ അംഗമാണ് 2 എന്നുവരും
$\notin$	അംഗമല്ല	$x \notin A$ എന്നുപറഞ്ഞാൽ Aയിലെ അംഗമല്ല xഎന്നുവരും
$M \subset N$	Mഅടങ്ങുന്നുNൽ	Nന്റെ ഉപസെറ്റാണ് M എന്നു സൂചന
$M \supset N$	M ഉൾക്കൊള്ളുന്നു Nനെ	M, ഉപസെറ്റായ Nനെ ഒതുക്കുന്നു
$M \cap N$	Mഇൻറർസെക്ഷൻN	Mലും Nലും പൊതുവായുള്ള അംഗങ്ങൾ മാത്രം
$M \cup N$	MയൂനിയൻN	Mലും Nലും ഉള്ള അംഗങ്ങൾ
$\aleph$	അലഫ് പൂജ്യം	ധനപൂർണസംഖ്യകളുടെ സെറ്റിന്റെ പരിമിതാതീത(transfinite) കാർഡിനൽ സംഖ്യ
I	ഐ	പൂർണസംഖ്യാസെറ്റ്
R	ആർ	വാസ്തവികസംഖ്യാസെറ്റ്
N	എൻ	ഋണാത്മകസംഖ്യാസെറ്റ്
ϕ	ഫൈ	ശൂന്യ(null) സെറ്റ്
U	യു	യൂണിവേർസൽസെറ്റ്
x^n	എക്സ്ഘാതം n	$x^n = x \times x \times \ldots\ldots$ n തവണ
$(a+b)^2$	a അധികം b സർവഘാതം 2	$(a+b)^2$വികസിച്ചാൽ a^2+b^2+2ab കിട്ടും
$\exists$	നിലകൊള്ളുന്നു	'അവിടെനിലകൊള്ളുന്നു' എന്നതിന്റെ പ്രതീകം
$\frac{dy}{dx}$	ഡിവൈ ബൈ ഡിഎക്സ്	xന് അനുസൃതമായിyയുടെ ഡെറിവേറ്റീവ്
$f^1(x)$	എഫ് ഡാഷ് എക്സ്	(x)ന്റെ ഡെറിവേറ്റീവ്
$\frac{d^n y}{dx^n}$	ഡി ഘാതം എൻ വൈ ബൈ ഡി എക്സ് ഘാതം എൻ.	xന് അനുസൃതമായി yയുടെ n-ാമത് ഡെറിവേറ്റീവ്

ചിത്രം A.

ളിൽ വളരെക്കുറച്ചു മാത്രമെ നിലനിന്നുള്ളു. ഐസക്ന്യൂട്ടനും, ലൈബ്നിസും കാല്ക്കുലസിന്നുവേണ്ടി പല നൂതനപ്രതീകങ്ങളും ആവിഷ്കരിച്ചു.

ഗണിതപ്രതീകങ്ങൾ

പ്രതീകം	ഉച്ചാരണം	വിവരണം
+	അധികം	3+5 = 8 ധനം എന്നും പറയും
-	ന്യൂനം	7-4 = 3 ഋണം എന്നും പറയും
±	അധികം അഥവാ ന്യൂനം	6±2 ഇവിടെ 6+2 =8 അഥവാ 6-2 = 4 എന്നാണർഥം
×	ഗുണം	6×5 = 30
÷	ഹരിക്കണം	8÷2 = 4
$\sqrt{}$	വർഗമൂലം	16ന്റെ വർഗമൂലമാണ് 4 അതായത് $\sqrt{16} = 4$
$\sqrt[3]{}$	ഘനമൂലം	$\sqrt[3]{8} = 2$
$\lfloor n$; n!	ക്രമഗുണിതം	n = 4 ആയാൽ $\lfloor 4 = 4! = 1 \times 2 \times 3 \times 4$
∞	അനന്തം	K ഒരു പരിമിതരാശി $(K \neq O)$ എങ്കിൽ $\frac{K}{O} = \infty$
%	ശതമാനം	നൂറിൽ ഇത്രഭാഗം എന്നർഥം
=	സമം	രണ്ടുരാശികൾ തുല്യമെന്നു കാണിക്കുന്നു $x = y$
$\neq$	അസമം	രണ്ടുരാശികൾ തുല്യമല്ലെന്ന്
$\approx$	ഏകദേശസമം	ഏതാണ്ട് തുല്യം ഉദാ: $8.001007 \approx 8$
>	വലുത്	$2 > 1$
<	ചെറുത്	$3 < 7$
$\geqslant$	സമമോ വലുതോ	$x \geqslant 3$ എങ്കിൽ xന്റെ മൂല്യം 3 അല്ലെങ്കിൽ 3ൽ അധികം
$\leqslant$	സമമോ ചെറുതോ	$y \leqslant 4$ എങ്കിൽ yയുടെ മൂല്യം 4 അല്ലെങ്കിൽ 4ൽ കുറവ്
$\ngtr$	വലുതല്ല	ഉദാ: $3 \ngtr 4$
$\nless$	ചെറുതല്ല	ഉദാ: $16 \nless 10$
a/b	a ബൈ b	a ഭാഗം b എന്നും പറയും
i	ഐ	$\sqrt{-1}$ ന്റെ പ്രതീകമാണ്
i, j, k	ഐ, ജെ, കെ	സമകോണ നിർദേശാങ്ക അക്ഷങ്ങളിലെ ഏകവെക്ടറുകൾ
nPr	എൻ പി ആർ	n വസ്തുക്കളിൽനിന്ന്r എണ്ണം ഒരുമിച്ചെടുക്കുന്ന ക്രമചയങ്ങളുടെ സംഖ്യ.
nCr	എൻ സി ആർ	n വസ്തുക്കളിൽ നിന്ന് r എണ്ണം ഒരുമിച്ചെടുക്കുന്ന സഞ്ചയസംഖ്യ
$\|x\|$	xന്റെ മാപാങ്കം	ധനാത്മകമൂല്യം മാത്രം കണക്കിലെടുക്കുവാനുള്ള പ്രതീകം
$\angle$	കോണം	$\angle A$ എന്നുപറഞ്ഞാൽ ആംഗിൾ A എന്നർഥം
┼	ലംബം	എന്ന രേഖ എന്ന രേഖയ്ക്കു ലംബമെങ്കിൽ m എന്നെഴുതും
▱	സാമാന്തരികം	ജ്യോമട്രിയിലെ സമാന്തരികത്തിന്റെ പ്രതീകമാണിത്
○	വൃത്തം	ജ്യോമട്രിയിലെ മറ്റൊരു പ്രതീകമാണിത്
▭	ദീർഘചതുരം	വൃത്തം സമാന്തരികം ഇവയെപ്പോലെയുള്ള മറ്റൊരു ചുരുക്കരൂപം
$\equiv$	സർവസമം	ത്രികോണങ്ങൾ സർവസമമെന്നു കാണിക്കുവാൻ ഉപയോഗിക്കുന്നു

ചിത്രംB

വിവിധതരം പ്രതീകങ്ങൾ. x-ന്റെ ഫലനം (function) എന്നതിന്റെ ചുരുക്കരൂപമായ f(x); $\sqrt{-1}$-ന്നുപകരമുപയോഗിക്കുന്ന i; സംകലനം കാണിക്കുന്ന Σ നാച്ചുറൽ ലോഗരിതത്തിന്റെ ആധാരമായ e എന്നിവ പതിനെട്ടാംനൂറ്റാണ്ടിൽ ഓയ്‌ലറുടെ (Euler)സംഭാവനയാണ്. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ഗണിതീയപ്രതീകങ്ങ(symbol)ളുടെ പ്രാധാന്യം കൂടുതൽ വ്യക്തമായിത്തുടങ്ങി. സെറ്റ്, ഗ്രൂപ്പ്, സിംബോളിക്, ലോജിക് എന്നീ ശാഖകളിൽ പുതിയ പ്രതീകങ്ങൾ കാണാം.

ഗണിതശാസ്ത്ര വികാസം

ഗണിതശാസ്ത്രത്തിന്റെ വികാസപരിണാമങ്ങളുടെയും അതിലെ വിവിധശാഖകളുടെയും ചരിത്രം.

പ്രാഗ്ഗണിതം. സംഖ്യകളെന്ന സങ്കല്പം അഥവാ അതിന്റെ പ്രാക്തനഭാവമായി 'ചെറിയൊരു' കൂട്ടവും 'വലിയൊരു' കൂട്ടവും തമ്മിൽ തിരിച്ചറിയുന്നതിനുള്ള കഴിവ്, അതിലേറെ നൈസർഗികമായ സമമിതി (Symmetry) യെക്കുറിച്ചുള്ള ബോധം.കുറച്ചുകൂടി സംസ്കൃതിയിലേക്കു കടന്നുനിന്ന് സാതത്യം (Continuity) എന്ന സങ്കല്പം ഇവയെല്ലാം മനുഷ്യസമുദായത്തിൽ കടന്നുവന്നപ്പോൾ ഗണിതശാസ്ത്രം ഉണ്ടായെന്നു പറയാം. പ്രാകൃതരൂപത്തിലുള്ള 'ഗണിതബോധം' മനുഷ്യനിൽ താഴ്ന്ന ജീവികൾക്കുമുണ്ട്. അഞ്ചോ ആറോ വസ്തുക്കളുള്ള സമൂഹത്തെ തിരിച്ചറിയാനുള്ള കഴിവ് ചിലപ്പൻപക്ഷി(Magpie)കൾക്കുണ്ട്. ചിമ്പാൻസികൾക്ക് നാലു വസ്തുക്കളുള്ള സമൂഹത്തേക്കാൾ വലുതാണ് അഞ്ച് എണ്ണമുള്ളതെന്ന് അറിയുവാൻ കഴിവുണ്ട്. സമമിതിയെപ്പറ്റിയുള്ള പ്രാകൃതബോധം എട്ടുകാലികൾക്കും മറ്റും ഉണ്ടെന്നു വിശ്വസിക്കാം. അപ്പോൾ ഗണിതശാസ്ത്രചരിത്രം മനുഷ്യനുണ്ടാവുന്നതിനു മുമ്പുതൊട്ടേ തുടങ്ങുന്നു എന്നുവരും.

ഈ കാലഘട്ടത്തിലെ ഗണിതശാസ്ത്രത്തിന്റെ വളർച്ച അഭ്യൂഹിക്കാനേ കഴിയു. ഏകൈക സാംഗത്യത്തെ (one-one correspondence)ക്കുറിച്ചുള്ള ബോധം തികച്ചും നൈസർഗ്ഗികമാണ്. സംഖ്യയെന്ന കേവലസങ്കല്പമില്ലെങ്കിലും നാലു വസ്തുക്കളുള്ള സമൂഹത്തെക്കാൾ 'വലുതാ'ണ് അഞ്ചെണ്ണമുള്ളതെന്നറിയാനുള്ള കഴിവ് മനുഷ്യരുടെ മുൻഗാമികൾക്കുതന്നെയുണ്ട്. ഏകൈക സാംഗത്യബോധമാണിതിനടിസ്ഥാനം. ഈ പ്രാകൃതികബോധം വളർത്തിയെടുത്താണ് സംഖ്യകളെന്ന സങ്കല്പം ഉണ്ടായിരിക്കുന്നത്. തന്റെ കൂട്ടത്തിലുള്ള ആടുകൾ നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടത് ആവശ്യമായിത്തീർന്നപ്പോൾ ചരിത്രാതീതകാലത്തെ ഇടയർ ഓരോ ആടിനെയും സൂചിപ്പിക്കാൻ ഓരോ കല്ലുകൾ പെറുക്കിവെച്ചോ ഓരോ അടയാളമുണ്ടാക്കിയോ കാര്യം സാധിച്ചിരിക്കാം. ഇവ പിന്നീട് സംഖ്യാചിഹ്നങ്ങളും അവയെ കുറിക്കുന്ന ശബ്ദങ്ങളും ഉണ്ടാവാൻ കാരണമായിത്തീർന്നിരിക്കാം. അങ്ങനെ 1, 2, 3 ... എന്നു തുടങ്ങിയ ധനപൂർണസംഖ്യകളുരുത്തിരിഞ്ഞിരിക്കാം.

മയാസംസ്കാരത്തിൽ 20-ഉം പുരാതന ബാബിലോണിയക്കാർക്ക് 60-ഉം സംഖ്യാനത്തിന്റെ ആധാരമായിരുന്നു. ഇവ നടപ്പിൽവന്നത് എന്നാണെന്ന് കൃത്യമായി അറിയില്ല. പത്ത് സംഖ്യാനത്തിന്റെ ആധാരമായി സ്വീകരിച്ചതും, ദശാംശസ്ഥാനമൂല്യപ്രകാരം സംഖ്യകളെഴുതുന്ന രീതി കണ്ടുപിടിച്ചതും, പൂജ്യമെന്ന സങ്കല്പമാവിഷ്കരിച്ചതും ഇന്ത്യക്കാരാണ്. ഗണിതശാസ്ത്രക്രിയകൾക്ക് ഇത്രയേറെ എളുപ്പമുള്ള മറ്റു വഴികൾ വേറെയില്ല. ഈജിപ്ത്, മെസപ്പൊട്ടേമിയ, ഗ്രീസ് തുടങ്ങിയ നാടുകളിൽ പണ്ടുപയോഗിച്ചിരുന്ന സംഖ്യാചിഹ്നങ്ങൾ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാവും.

ഗണിതശാസ്ത്രത്തിന്റെ മറ്റൊരു പ്രാക്തനഭാവമാണ് സമമിതിയെപ്പറ്റിയുള്ള ബോധം. ആഭരണങ്ങളുടെ നിർമിതിയിലും മൺപാത്രങ്ങളിന്മേലും മറ്റും രൂപങ്ങൾ വരയ്ക്കുന്നതിലും ക്ഷേത്രങ്ങൾ, സ്തൂപങ്ങൾ, ഗോപുരങ്ങൾ, പിരമിഡുകൾ തുടങ്ങിയവയുടെ നിർമാണത്തിലും വളരെ സൂക്ഷ്മമായ സമമിതിബോധവും ക്ഷേത്രഗണിതജ്ഞാനവും ഉപയോഗിച്ചിരുന്നു, ചരിത്രാതീതകാലത്തുതന്നെ. ഈജിപ്ത്, സിന്ധുനദീതടം, ചൈന എന്നിവിടങ്ങളിൽ, ജ്യോതിശ്ശാസ്ത്രത്തിന്റെയും ആദ്യകിരണങ്ങൾ ഈ ചരിത്രാതീതകാലത്തുതന്നെ കാണാമായിരുന്നു.

ഈജിപ്ത്. അതിപുരാതന കാലത്തുതന്നെ ഗണിതശാസ്ത്രം വളർന്നുവന്ന സ്ഥലങ്ങളിലൊന്നാണ് ഈജിപ്ത്. ഓക്സ്ഫെഡിലെ മ്യൂസിയത്തിലുള്ള (ബി.സി. 3100) ഈജിപ്തിലെ ഒരു ചെങ്കോലിൽ. ഒരു യുദ്ധത്തിലെ വിജയത്തിന്റെ കണക്കുകൾ ഹീറോഗ്ലിഫിക് ഭാഷയിൽ ഉയർന്ന സംഖ്യകൾ ചേർത്തെഴുതപ്പെട്ടിരിക്കുന്നു.

മോസ്കോപാപ്പിറസ്സിലും റിൻഡ്പാപ്പിറസ്സിലുമുള്ള മിക്ക പ്രശ്നങ്ങളും സംഖ്യകളെക്കൊണ്ടുള്ളതാണ്; സിദ്ധാന്തപരമായ പ്രശ്നങ്ങൾ വളരെ കുറവാണ്. ഗുണനവും ഹരണവും നടത്തിയിരുന്നത് തുടർച്ചയായി ഇരിട്ടിപ്പിക്കുകയെന്ന ക്രിയയിലൂടെയാണ്; ഏതു സംഖ്യയും രണ്ടിന്റെ ഘാതങ്ങളുടെ തുകയായെഴുതിയിട്ടാണതു സാധിച്ചിരുന്നത്. അബാക്കസ്സിൽ ക്രിയചെയ്യുന്നതിന് ഇത് ഏറ്റവും എളുപ്പമുള്ള വഴിയാണ്. 2/3 ഒഴിച്ച് മറ്റെല്ലാ ഭിന്നിതങ്ങളും ഏകാങ്കഭിന്നിതങ്ങളുടെ (unit fractons) തുകയായി പിരിച്ചെഴുതകയായിരുന്നു പതിവ്. സമാന്തരശ്രേഢിയുടെയും (arithemetic progression) ഗുണോത്തരശ്രേഢിയുടെയും (geometric progression) തുകകാണുവാൻ അവർക്കറിയാമായിരുന്നു. റിൻഡ്പാപ്പിറസ്സിൽ സങ്കലനക്രിയയ്ക്ക് വലത്തുനിന്നിടത്തോട്ടു നടക്കുന്ന രണ്ടു കാലുകളുടെയും, വ്യവകലനക്രിയയ്ക്ക് ഇടത്തുനിന്ന് വലത്തോട്ടു നടക്കുന്ന രണ്ടു കാലുകളുടെയും ചിത്രമാണ് ചിഹ്നമായുപയോഗിച്ചുകാണുന്നത്. അജ്ഞാതരാശിക്കും അവർ ചിഹ്നങ്ങളുപയോഗിച്ചിരുന്നു.

മോസ്കോ-റിൻഡ് പാപ്പിറസ്സുകളിലെ 110 പ്രശ്നങ്ങളിൽ 26 എണ്ണം ജ്യാമിതിപരമാണ്. വിസ്തൃതിയും വ്യാപ്തവും കാണാനുള്ള നിയമങ്ങളുൾക്കൊള്ളുന്നവയാണിവ.

ബാബിലോണിയ, ചൈന, ഇന്ത്യ എന്നിവിടങ്ങളിലെ ഗണിതശാസ്ത്രപുരോഗതിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈജിപ്തിന്റെ പുരോഗതി തുച്ഛമെന്നുവേണം പറയാൻ. ബി.സി. 1000-ാമാണ്ടിനിപ്പുറം കാര്യമായ സംഭാവനയൊന്നും കാണുന്നില്ല.

ബാബിലോണിയ. 1847-ൽ റോളിൻസണും 1935-നോടടുത്ത് ഓട്ടോന്വാഗെ ബൗവറും മറ്റും നടത്തിയ അത്യധ്വാനത്തിന്റെ ഫലമായി, മെസപ്പൊട്ടേമിയയിൽനിന്ന് കണ്ടെടുത്ത അസംഖ്യം ഇഷ്ടികപലകകളിലെ എഴുത്തുകൾ വായിക്കാൻ കഴിഞ്ഞു. ബി.സി. 2100-ാമാണ്ടിനടത്തുള്ള കാലഘട്ടത്തിലെയാണ് മിക്കവാറും എല്ലാം.

ഏറ്റവും പഴയ ഫലകങ്ങളിൽത്തന്നെ, ഉയർന്നതരത്തിലുള്ള പ്രകിയകളിലെ നൈപുണ്യം കാണുന്നുണ്ട്. 60 ആണ് സംഖ്യാനത്തിന്റെ ആധാരമായി അക്കാലത്തു സ്വീകരിച്ചിരുന്നത്. സ്ഥാനമൂല്യമനുസരിച്ച് സംഖ്യകളെഴുതുന്ന രീതിയും പില്ക്കാലത്ത് അവികസിതരൂപത്തിൽ കാണുന്നുണ്ട്. ഗുണനപ്പട്ടികകൾ, വ്യുൽക്രമപ്പട്ടികകൾ, വർഗ്ഗ-ഘന ഘാതങ്ങൾ കാണിക്കുന്ന പട്ടികകൾ എന്നിവ കണ്ടെടുത്തിട്ടുണ്ട്.

ബി.സി. 4700-ഓടുകൂടി കാര്യക്ഷമമായ കലണ്ടർ നടപ്പിലായിരുന്നു. ബാബിലോണിയക്കാരുടെ ജ്യാമിതി അധികവും പ്രായോഗികമായി അളവുകളെ സംബന്ധിക്കുന്നതും (mensurational) ബീജഗണിതാധിഷ്ഠിതവുമായിരുന്നു.

പൈത്തഗോറസ് സൂത്രത്തിലുള്ള തത്വം അവർ ഉപയോഗിച്ചിരുന്നു. ഒരു അർധവൃത്തത്തിലെ കോണം 90° എന്നും അവർക്ക് അറിയാമായിരുന്നു. വൃത്തത്തിന്റെ പരിധിയെ 360 ആയി ഭാഗിക്കുന്ന രീതി ബാബിലോണിയക്കാരാണ് കണ്ടുപിടിച്ചതെന്നു കരുതാൻ ന്യായമുണ്ട്.

ബാബിലോണിയയിൽ എറ്റവും കൂടുതൽ വളർന്നത് ബീജഗണിതമാണ്. വർഗ്ഗങ്ങൾ പൂർണ്ണമാക്കുക എന്ന രീതിയിൽ ദ്വിഘാതസമവാക്യങ്ങൾ നിർധാരണംചെയ്യുന്ന രീതി ബാബിലോണിയക്കാർ ഉപയോഗിച്ചിരുന്നു. ത്രിഘാത(Cubic)സമവാക്യങ്ങൾ പട്ടികകളുപയോഗിച്ച് നിർധാരണം ചെയ്തിരുന്നു. ഗുണോത്തരശ്രേഢിയുടെ തുകയും ആദ്യത്തെ n ധനപൂർണ്ണസംഖ്യകളുടെ വർഗ്ഗങ്ങളുടെ തുകയും കാണുന്ന വാക്യങ്ങൾ അവർക്കറിയാമായിരുന്നു. $\sqrt{2}$ വിന് 17/12 എന്ന ഏകദേശമൂല്യമാണ് നല്കിയിരുന്നത്. ബി.സി. 1600-ാമാണ്ടോടടുത്തുള്ള യേൽ ഫലകത്തിൽ $\sqrt{2}$ വിന് 1.414213 എന്ന മൂല്യം കൊടുത്തുകാണുന്നു. ബി.സി. മൂന്നാം നൂറ്റാണ്ടിലെ ചില ഫലകങ്ങളിൽ ഗുണിക്കുമ്പോൾ ധന-ഋണസംഖ്യകളെ കൈകാര്യംചെയ്യേണ്ട രീതി കാണിച്ചിട്ടുണ്ട്.

ഐ-കിങ് I-king, ക്രമചയങ്ങളുടെ പുസ്തകം പരിഗണനയർഹിക്കുന്ന ആദ്യത്തെ ഗണിതഗ്രന്ഥമാണ്. (ബി.സി. 11-ാം നൂറ്റാണ്ട്). മാജിക് സ്ക്വയർ, ക്രമചയങ്ങൾ (permutations) എന്നിവയെപ്പറ്റി ഇതിൽ ചർച്ച ചെയ്യുന്നുണ്ട്. ഏതാണ്ട് ഇതേ കാലഘട്ടത്തിൽ ഉണ്ടായ മറ്റൊരു ചൈനീസ് ഗണിതശാസ്ത്രകൃതിയാണ് 'ചൗ-പെയ് സുവാൻ-കിങ് .

മറ്റൊരു പ്രധാനകൃതിയാണ് 'കിയു-ചാങ്സുവാൻ-ഷു' (അങ്കഗണിതം ഒമ്പതു ഖണ്ഡങ്ങളിൽ ബി.സി. 10-ാം നൂറ്റാണ്ട്). ത്രികോണം, ട്രപ്പീസിയം, വൃത്തം എന്നിവയുടെ വിസ്തീർണത്തിനുള്ള നിയമങ്ങൾ (πയുടെ വില 3) തുടങ്ങിയവ ഇതിൽ നല്കപ്പെട്ടിട്ടുണ്ട്.

തെക്കുദിക്കു ചൂണ്ടുന്ന, കോംപസ്മാതിരിയുള്ളൊരുപകരണം ബി.സി. 4-ാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നതായി കരുതപ്പെടുന്നു. ബി.സി. 213-ൽ ഷിഹ്വാങ്തിയുടെ ആജ്ഞയനുസരിച്ച് എല്ലാ ഗ്രന്ഥങ്ങളും നശിപ്പിക്കപ്പെട്ടു. ബി.സി. മൂന്നാം നൂറ്റാണ്ടിലെ ഏറ്റവും പ്രസിദ്ധനായ ചൈനീസ് ഗണിതശാസ്ത്രജ്ഞൻ ലിയു ഹുയി (Liu Hui) ആണ്. ബി.സി. 263-ൽ അദ്ദേഹം 'ഹെ താവുസുവാൻ കിങ്' എഴുതി.

മെൻസുറേഷൻ (വിസ്താരകലനം) സംബന്ധിച്ച പ്രശ്നങ്ങളാണ് ഉള്ളടക്കം.

എ.ഡി. ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ചോൺ ലുവാൻ (Chon 'അഞ്ചു ക്ലാസിക്കുകളിലെ അങ്കഗണിതം' എന്ന ഗ്രന്ഥത്തിലൂ Luan) 'അഞ്ചു ക്ലാസിക്കുകളിലെ അങ്കഗണിതം' എന്ന ഗ്രന്ഥത്തിലൂ ടെ അന്നുവരെയുണ്ടായിരുന്ന ഗണിതശാസ്ത്രത്തെ ക്രോഡീകരിച്ചു.

പതിനൊന്നു മുതൽ പതിനാറുവരെ നൂറ്റാണ്ടുകളിൽ ചൈനയിൽ ഗണിതശാസ്ത്രത്തിൻെറ സുവർണദശയായിരുന്നു. അപ്പോഴേക്കും യൂറോപ്പിലെ ഗണിതശാസ്ത്രത്തിൻെറ പ്രഭാവം ചൈനയിലുമെത്തി യിരുന്നു. 13-ാം നൂറ്റാണ്ടിൽ ബീജഗണിതത്തിൽ നല്ല വളർച്ചയുണ്ടാ യി. ച്യോൺ ഹുവോ (Chion Huo, 1011-1075) ചിൻ കുയി-ഷാഓ (Chin Kui-Shao1 എന്നിവർ എണ്ണപ്പെട്ട ഗണിതശാസ്ത്രജ്ഞന്മാ രാണ്. 1247-ൽ ചിൻ കുയി-ഷാഓ 'ഗണിതശാസ്ത്രത്തെപ്പറ്റി ഒമ്പതു ഖണ്ഡങ്ങൾ' എന്ന ഗ്രന്ഥം എഴുതുകയുണ്ടായി. ഉയർന്ന ഘാതങ്ങ ളിലുള്ള സംഖ്യാസമവാക്യങ്ങളുടെ നിർധാരണമാണ് ഇതിലെ പ്ര ധാന പ്രതിപാദ്യം. സ്ഥാനമൂല്യത്തോടെ സംഖ്യകളെഴുതുന്ന രീതി യും ശൂന്യത്തിനു 0 എന്നീ ചിഹ്നവും ഈ ഗ്രന്ഥത്തിൽ ഉപയോഗി ച്ചുകാണുന്നു.

ലീ-യേ (1178-1265) ഇക്കാലത്തെ മറ്റൊരു ബീജഗണിതജ്ഞ നാണ്. യാങ്-ഹുയി (Yang-Hui) 1261-ൽ ഒമ്പതു ഖണ്ഡങ്ങളിലെ അങ്കഗണിതത്തെപ്പറ്റിയുള്ള പഠനം എഴുതി. കാൻഷു കിങ് (Konshou-king, 1231-1316) ആണ് ആദ്യമായി ഗോളത്രികോണമിതിയു ടെ പഠനം ചൈനയിൽ തുടങ്ങിവച്ചതെന്നു കരുതപ്പെടുന്നു. 13-ാം നൂറ്റാണ്ടിലെ മറ്റൊരു മുഖ്യ ഗണിതശാസ്ത്രജ്ഞനാണ് ച്യൂഷി-കി (Chu shi-kie). 15-ാം നൂറ്റാണ്ടിനുശേഷം കാര്യമായൊന്നും തന്നെ ചൈനീസ് ഗണിതശാസ്ത്രം നല്കിയിട്ടില്ല.

അറേബ്യാ, പേർഷ്യ. ഭാരതീയഗണിതശാസ്ത്രത്തിനോട് ഏറെ ബന്ധപ്പെട്ടുകൊണ്ടാണ് പേർഷ്യയിലെയും അറേബിയയിലെയും ഗണിതശാസ്ത്രത്തിൻെറ വളർച്ച. ബീജഗണിതത്തിലും ത്രികോണമിതിയിലും ഇവർ ഉയർന്ന നിലവാരത്തിലുള്ള മൗലികത പുലർത്തിയിരുന്നു. ഭാരതത്തിൽനിന്നും ഗ്രീസിൽനിന്നുമുള്ള വിജ്ഞാനത്തിൻെറ സംഗമസ്ഥാനമാണ് ഈ പ്രദേശങ്ങൾ.

ബാഗ്ദാദ് നഗരം സ്ഥാപിച്ച (ഭ. കാ. 762—765) ഖാലിഫ് അൽ-മുൻസൂർ ബ്രഹ്മഗുപ്തൻെറ കൃതികൾ ബാഗ്ദാദിലേക്കു വരുത്തി അറബിഭാഷയിലേക്കു തർജമ ചെയ്തു. ഇതിനുശേഷമാണ് ഇന്ത്യൻ സംഖ്യകളും ചിഹ്നനസമ്പ്രദായവും അറേബിയൻ ഗണിതശാസ്ത്രത്തിലേക്കു വ്യാപിച്ചത്. അടുത്ത ഖാലിഫ് ഹാമുൺ അൽ-റഷീദ് (ഭ. കാ. 786-808) പല ശാസ്ത്രഗ്രന്ഥങ്ങളും അറബിഭാഷയിലേക്കു വിവർത്തനം ചെയ്യിക്കയുണ്ടായി. 809 മുതൽ 833 വരെ ഖാലിഫായിരുന്ന അദ്ദേഹത്തിൻെറ മകൻ അൽ-മാമൂൻ ഈ പ്രവൃത്തി പൂർത്തിയാക്കി. ഗ്രീസിൽനിന്നും ഇന്ത്യയിൽ നിന്നുമുള്ള വിജ്ഞാനപ്രവാഹത്തിൻെറ കാലമായിരുന്നു ഇത്. ഇക്കാലത്തുതന്നെയാണ് ബീജഗണിതത്തെയും ഭാരതീയ അങ്കഗണിതത്തെയും കുറിച്ചുള്ള പ്രസിദ്ധ ഗ്രന്ഥം മുഹമ്മദ് ഇബ്നു മൂസാ അൽ-ക്വാറിസ്മി എഴുതിയത്. അതിനുമുമ്പ്, എല്ലാ സംഖ്യകളും വാക്കുകളിലൂടെയാണ് എഴുതപ്പെട്ടിരുന്നത്. മറ്റൊരു പ്രസിദ്ധ പണ്ഡിതനാണ് താബിത് ഇബ്നുഖോറാ (826-901). ഒരു വൈദ്യനും തത്വചിന്തകനും ഭാഷാപണ്ഡിതനും കൂടിയായിരുന്ന ഇദ്ദേഹം അപ്പോളോണിയസ്, ആർക്കിമിഡിസ്, ടോളമി, തിയോഡോഷസ് എന്നിവരുടെ ഗണിതഗ്രന്ഥങ്ങൾ തർജമചെയ്തു; ജ്യോതിശ്ശാസ്ത്രം, കോണികം (conic), പ്രാഥമിക ബീജഗണിതം, മാജിക് സ്ക്വയറുകൾ, അമിക്കബിൾ സംഖ്യകൾ (amicable numbers) എന്നിവയെക്കുറിച്ചും ഗ്രന്ഥങ്ങളെഴുതി.

അമിക്കബിൾ സംഖ്യകൾ കാണുന്നതിന് ഇദ്ദേഹം നല്കിയ നിയമമാണ് അറേബിയക്കാരുടെ ആദ്യത്തെ മൗലികസംഭാവനയെന്നു കരുതപ്പെടുന്നു.

ഇന്നു ഗണിതശാസ്ത്രത്തിലുള്ള പല പദങ്ങളും നിലവിൽവന്നത് അറബികളിൽനിന്ന് പാശ്ചാത്യർക്ക് ഗണിതശാസ്ത്രം പകർന്നുകിട്ടിയതുകൊണ്ടാണെന്നു കരുതാൻ ന്യായമുണ്ട്. ഉദാഹരണമായി അൽ-ക്വാറിസ്മിയുടെ 'കിതാബ് അൽ-ജാബ്ർ വൽ മുകാബല' (കൂട്ടിച്ചേർക്കലിൻെറയും നേരിടലിൻെറയും ശാസ്ത്രം എന്നാണിതിനർഥം) എന്ന ഗ്രന്ഥത്തിൻെറ പേരിൽ നിന്നാണത്രെ ആൾജിബ്ര എന്നപേർ പകർന്നുകിട്ടിയത്.

12-ാം നൂറ്റാണ്ടിനുശേഷം അറബി ഗണിതശാസ്ത്രം നാമാവശേഷമായിത്തീർന്നു.

ഗ്രീസ്. ബി.സി. 1500-ൽ ഈജിപ്ത്, ബാബിലോണിയ എന്നീ സംസ്കാരങ്ങൾ നശിച്ചു. ഹീബ്രുകളും അസ്സീറിയക്കാരും ഫിനീഷ്യരും പ്രബലരായി. ഗ്രീസിൽ വിശേഷിച്ചും ഗണിതശാസ്ത്രംവളർന്നു.

ബി.സി. 600-നോടടുത്തു ജീവിച്ചിരുന്ന മിലറ്റസ്സിലെ തെയിത്സ് (Thales of Miletus) ആണ് ശ്രദ്ധാർഹനായ ആദ്യത്തെ ഗ്രീക്കുഗണിതശാസ്ത്രജ്ഞൻ. അദ്ദേഹം രചിച്ച ഗ്രന്ഥങ്ങളൊന്നും ഇന്നില്ല. അതിനു മുമ്പുതന്നെ അറിയാമായിരുന്ന പല സൂത്രങ്ങൾക്കും ആദ്യമായി യുക്തിപരമായ ഉപപത്തി നല്കിയത് തെയിത്സാണ്.

ബി.സി. 572-ൽ ജനിച്ച പൈത്തഗോറസ്, തെയിത്സിൻെറ ശിഷ്യനായി കരുതപ്പെടുന്നു. ഗ്രീക്കുതുറമുഖമായ ക്രൊട്ടോണയിൽ ഇദ്ദേഹം തൻെറ വിദ്യാലയം സ്ഥാപിച്ചു. ഇവിടെ സംഖ്യകളെക്കുറിച്ചുള്ള പഠനം ഊർജിതമായി നടന്നു. അമിക്കബിൾ സംഖ്യകൾ, പരിപൂർണ സംഖ്യകൾ (perfect number), ചിത്രസംഖ്യകൾ (figurat numbers), അഭാജ്യസംഖ്യകൾ (prime numbers) എന്നു തുടങ്ങിയവയെപ്പറ്റി വിപുലമായ പഠനം ഉണ്ടായി. പൈത്തഗോറസ് സൂത്രം, പൈത്തഗോറിയൻ ത്രികങ്ങൾ എന്നിവ പൈത്തഗോറസിൻെറ കണ്ടുപിടുത്തങ്ങളല്ലെങ്കിലും അവയെപ്പറ്റി പൈത്തഗോറിയൻ സ്കൂൾ പഠനം നടത്തിയിട്ടുണ്ട്.

കോണിക (conic)ങ്ങളെപ്പറ്റി ആദ്യമായി ചർച്ചചെയ്ത മെനെയ്ക്മസ് ട്രൈസെക്ട്രിക്സ് എന്ന രേഖ കണ്ടുപിടിച്ച എലിയോവിലെ ഹിപ്പയാസ്, വാസ്തവികസംഖ്യകൾ എന്ന ആധുനിക സങ്കല്പത്തിനു തറക്കല്ലു പാകിയ യൂഡോക്സസ് (പ്ലേറ്റോവിൻെറ ശിഷ്യൻ) എന്നിവർ യുക്ലിഡിയൻ കാലഘട്ടത്തിനു മുമ്പുള്ള പ്രമുഖ ഗ്രീക്ക് ഗണിതജ്ഞരായിരുന്നു.

ബി.സി. 300-നടുത്തു ജീവിച്ച യൂക്ലിഡ് ഗ്രീക്ക് ഗണിതജ്ഞരിൽ പ്രഥമസ്ഥാനം അർഹിക്കുന്നു. ടോളമിയുടെ ആവശ്യപ്രകാരം ഇദ്ദേഹം അലക്ലാണ്ഡ്റിയാ യൂണിവേഴ്സിറ്റിയിലെ അധ്യാപകനായി. അന്നേവരെയുള്ള പ്രാഥമിക ഗണിതശാസ്ത്രം സംഗ്രഹിച്ച് 13 ഭാഗങ്ങളിലായി എഴുതിയതാണ് ഇദ്ദേഹത്തിൻെറ ഏറ്റവും വലിയ നേട്ടം. എലിമെൻറ്സ് (Elements) എന്ന ഗ്രന്ഥത്തിലെ പ്രാമാണിക സമീപനമാണ് ഏറ്റവുമധികം ശ്രദ്ധേയമായിട്ടുള്ളത്. ആധുനിക ഗണിതശാസ്ത്രത്തിൻെറ ആദ്യപടിയാണ് ഈ ഗ്രന്ഥമെന്നു പറയാം. തെയിൽസും പൈത്തഗോറസും തുടങ്ങിവച്ചെങ്കിലും യുക്ലിഡാണ് അതു പൂർണ്ണരൂപത്തിലെത്തിച്ചത്. എങ്കിലും യുക്ലിഡിനും 'യുക്തിപരമായ ചില പിശകുകൾ' പറ്റിയിട്ടുണ്ട്. ബിന്ദുവിനെയും രേഖയെയും നിർവചിക്കാൻ വൃഥാ ശ്രമിച്ചത്, സാതത്യപ്രമാണത്തിൻെറ അഭാവം തുടങ്ങിയവ അതിൽപ്പെടുന്നു. ഈ തെറ്റുകളെല്ലാം നീക്കംചെയ്ത് പുതു ജ്യാമിതി ആവിഷ്കരിച്ചത് 19-ാം നൂറ്റാണ്ടിൽ മാത്രമാണ്. യൂക്ലിഡിൻെറ സമാന്തരപ്രമാണം, **യൂക്ലിഡിയൻ അല്ലാത്ത** ജ്യാമിതികളുടെ നിർമാണത്തിനിടയാക്കി. ആക്സിയോമാറ്റിക്സ് എന്ന ഗണിതശാസ്ത്രശാഖയും വളരാനിടയായി.

പെർഗായിലെ അപ്പോളോണിയസ് (ബി.സി. 250) യൂക്ലിഡ് അപൂർണമാക്കിയിട്ട ഗ്രന്ഥം (The Conics) പൂർത്തിയാക്കി. അതേകാലത്തു ജീവിച്ച †ആർക്കമിഡീസ് (മാപന ജ്യാമിതി)ക്കാണ് കാര്യമായ സംഭാവന നല്കിയിട്ടുള്ളത്.

അഭാജ്യ (prime) സംഖ്യ കാണാനുള്ള 'അരിപ്പ' കണ്ടുപിടിച്ച എറാറ്റോസ്തനീസ് ആർക്കമിഡിസിൻെറ സമകാലികനായിരുന്നു. ആർക്കിമിഡീസിൻെറ കാലത്തോടെ പ്രയുക്തഗണിതശാസ്ത്ര(applied mathametics)ത്തിലേക്കുള്ള ചായ്വു കൂടുതൽ കാണുന്നുണ്ട്. ബി.സി. 140-നോടടുത്തു ജീവിച്ചിരുന്ന ഹിപ്പാർകസ് ഒരു ജ്യോതിശ്ശാസ്ത്രജ്ഞനും ഭൂമിശാസ്ത്രജ്ഞനുമായിരുന്നു. ഇദ്ദേഹം 'ജ്യാകളുടെ പട്ടിക' എന്ന ഗ്രന്ഥത്തിലൂടെ ത്രികോണമിതിയുടെ വളർച്ചയ്ക്കു കളമൊരുക്കി. ഇതേ വിഷയത്തിൽത്തന്നെ അലക്സാണ്ഡ്രിയായിലെ മെനലാസ് (എ.ഡി. 100) ഒരു ഗ്രന്ഥം എഴുതിയിട്ടുള്ളതായി പറയപ്പെടുന്നു. മെനലാസ് സൂത്രമുപയോഗിച്ചു ജ്യോതിക്ഷേത്രഗണിതത്തിൽ ഉയർന്ന നിലവാരത്തിലുള്ള പല സൂത്രങ്ങളും അദ്ദേഹം തെളിയിക്കുകയുണ്ടായി. എ.ഡി. 150-ൽ അലക്സാണ്ഡ്രിയായിലെ ക്ലോഡിയസ് ടോളമി എഴുതിയ ഗ്രന്ഥം (Syntaxis Mathematica) വളരെ പ്രമുഖമായ ഒരു ഗണിതശാസ്ത്രഗ്രന്ഥമാണ്. പതിമ്മൂന്നു ഭാഗങ്ങളുള്ള ഈ ഗ്രന്ഥത്തിൽ മുഖ്യമായും ജ്യോതിശ്ശാസ്ത്രമാണു വിഷയം; അതിനാവശ്യമായ ഗണിതശാസ്ത്രഉപക്രമമുണ്ടെന്നുമാത്രം. ബി.സി. 150-നും എ.ഡി. 250-നും ഇടയിൽ ജീവിച്ചിരുന്നതെന്നു കരുതപ്പെടുന്ന അലക്സാണ്ഡ്രിയായിലെ ഹെറോൺ മറ്റൊരു പ്രയുക്തഗണിതശാസ്ത്രജ്ഞനാ

യിരുന്നു. ഗ്രീക്ക് ബീജഗണിതത്തിന്റെ പിതാവെന്നറിയപ്പെടുന്ന ഡയോഫാൻറസ് ഇക്കാലത്തുതന്നെയാണു ജീവിച്ചിരുന്നത്. അദ്ദേഹത്തിന്റെ 'അരിത്മെറ്റിക്' പിൽക്കാലത്തു 'ഡയഫറെൻറൻ അനാലിസിസ്' എന്ന ശാഖയ്ക്കു ബീജാവാപം ചെയ്തു.

വീണ്ടും ജ്യോമട്രിയിലുള്ള താത്പര്യം പ്രത്യക്ഷപ്പെടുന്നതു പാപ്പസ്സിന്റെ (എ.ഡി.330) 'സിനഗോഗിലാണ്. യൂക്ലിഡിയൻ തത്വങ്ങൾ വ്യാഖ്യാനിച്ചിട്ടുണ്ടെങ്കിലും സിനഗോഗ് ആണു പാപ്പസിനെ മഹാനാക്കുന്നത്. തനിക്കു മുമ്പു ജീവിച്ചിരുന്ന മുപ്പതോളം ഗണിതശാസ്ത്രജ്ഞരുടെ ഗ്രന്ഥങ്ങളെപ്പറ്റി പാപ്പസ് ചെയ്തിട്ടുള്ള പരാമർശങ്ങളാണ് ഏറ്റവും വിലപ്പെട്ടത്.

പാപ്പസ് ഗ്രീസിലെ ഒടുവിലത്തെ പ്രധാന ഗണിതശാസ്ത്രജ്ഞനാണ്; അദ്ദേഹത്തിനുശേഷം കുറെ വ്യാഖ്യാതാക്കൾ മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളു.

യൂറോപ്പ്. ഗ്രീക്ക് സംസ്കാരത്തിന്റെ നാശം (4-ാം നൂറ്റാണ്ട്) മുതൽ 11-ാം നൂറ്റാണ്ടിന്റെ ആരംഭംവരെ യൂറോപ്പിന്റെ ഇരുണ്ട കാലഘട്ടമായി കരുതപ്പെടുന്നു. റോമാക്കാർ ശുദ്ധ(pure)ഗണിതശാസ്ത്രത്തിനു വലിയ പ്രധാന്യമൊന്നും കൊടുത്തിരുന്നില്ല. വ്യാപാരത്തിനും എൻജിനീയറിംഗങ്ങിനും ആവശ്യമായ പ്രയുക്തഗണിതം മാത്രം മതിയായിരുന്നു അവർക്ക്. 5-ാം നൂറ്റാണ്ടിൽ റോമാസാമ്രാജ്യം നാമാവശേഷമായതോടെ ഈ ആവശ്യങ്ങളും ഇല്ലെന്നുവന്നു. ക്രിസ്ത്യൻ കലണ്ടർ വളർത്തിയെടുത്തതല്ലാതെ ഈ അറുനൂറു കൊല്ലങ്ങളിൽ ഗണിതശാസ്ത്രപരമായി യാതൊരു പുരോഗതിയും യൂറോപ്പിലുണ്ടായിട്ടില്ലെന്നു പറയാം.

13-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പിസായിലെ ലിയണാർഡോ ഫിബോനാച്ചിയുടെ ഗ്രന്ഥങ്ങൾ പുറത്തുവന്നു. അഞ്ചാംനൂറ്റാണ്ടിനും പതിനഞ്ചാം നൂറ്റാണ്ടിനും ഇടയ്ക്ക് യൂറോപ്പിൽ ഉണ്ടായ ശ്രദ്ധേയനായ ഗണിതജ്ഞൻ ഇദ്ദേഹം മാത്രമാണ്. ഫിബോനാച്ചിശ്രേണി ഇദ്ദേഹത്തിൻേറതാണ്.

നവോത്ഥാനഘട്ടം. പതിനഞ്ചാം നൂറ്റാണ്ട് യൂറോപ്പിൽ നവോത്ഥാനത്തിന്റെ കാലമാണ്. ഇക്കാലത്ത് അങ്കഗണിതം, ത്രികോണമിതി, ബീജഗണിതം എന്നിവയിൽ ഉണർച്ച കാണുന്നുണ്ട്. 1489-ൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു അങ്കഗണിതഗ്രന്ഥത്തിലാണ് +, - എന്നീ ചിഹ്നങ്ങൾ ആദ്യമായി മുദ്രണം ചെയ്യപ്പെട്ടതെന്നു കരുതപ്പെടുന്നു. (പ്രക്രിയാചിഹ്നങ്ങളായിട്ടല്ല ധന-ഋണാവസ്ഥയെ കാണിക്കുന്ന ചിഹ്നങ്ങളായിട്ടു മാത്രം). പ്രക്രിയചിഹ്നങ്ങളായി ഇവയെ ആദ്യമുപയോഗിച്ചത് 1514-ൽ വാൻഡർ ഹോക്കെ (Vander Hoecke) എന്ന ഡച്ച് ഗണിതശാസ്ത്രജ്ഞനാണ്.

നവോത്ഥാനകാലംമുതൽ പതിനേഴാം നൂറ്റാണ്ടുവരെയുള്ള യൂറോപ്യൻ ഗണിതശാസ്ത്രത്തിന്റെ മുഖ്യധാരകളെ ഇങ്ങനെ വിവരിക്കാം: 1. അങ്കഗണത്തിന് ക്രമാധികമായ വളർച്ചയുണ്ടായി; ലാറ്റിനിലും നാട്ടുഭാഷകളിലും അങ്കഗണിതഗ്രന്ഥങ്ങൾ നിരവധി എഴുതപ്പെട്ടു. 2. ബീജഗണിതത്തിൽ ചിഹ്നരീതിയുടെ തുടക്കം -, + $\sqrt{\ }$ എന്നു തുടങ്ങിയ ചിഹ്നങ്ങൾ ഇക്കാലത്താണ് ഉപയോഗിക്കപ്പെട്ടുതുടങ്ങിയത്; 3. പതിനാറാം നൂറ്റാണ്ടിലെ പ്രധാന സംഭാവനയായ ത്രിഘാതചതുർഘാതസമവാക്യങ്ങളുടെ നിർധാരണം. ഫെറോ(Scipeorie Ferro, 1465-1526), ടർടാഗ്ലിയ (Tartaglia, 1499-1557) കാർഡാനോ (Girolano Cardano) എന്നിവർ ത്രിഘാത സമവാക്യങ്ങളും കാർഡാനോയുടെ ശിഷ്യനായ ലൊഡാവികോ ഫെറാറി ചതുർഘാത സമവാക്യങ്ങളും നിർധാരണം ചെയ്യാനുള്ള വഴി കണ്ടുപിടിച്ചവരാണ്. 16-ാം നൂറ്റാണ്ടിലെ പ്രധാന ഫ്രെഞ്ചു ഗണിതശാസ്ത്രജ്ഞനാണ് ഫ്രാങ്കോയിസ് വിയറ്റ (Francois Vieta, 1540-1603). ത്രികോണമിതി, ബീജഗണിതം, ക്ഷേത്രഗണിതം എന്നിവയിലെല്ലാം അദ്ദേഹം മൗലികഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. 4. ജ്യോതിശ്ശാസ്ത്രത്തിലുണ്ടായ വളർച്ച. കോപ്പർ നിക്കസ് (1473-1543) ഈ അവസരത്തിൽ കൂടുതൽ ശ്രദ്ധിക്കപ്പെടുന്നു. പ്രപഞ്ചത്തെക്കുറിച്ചുള്ള പ്ലവാത്മകമായ സിദ്ധാന്തമുൾക്കൊള്ളുന്ന ഇദ്ദേഹത്തിന്റെ ഗ്രന്ഥം മരണസമയത്തു മാത്രമാണു പ്രസിദ്ധീകരിച്ചത്.

പൊതുവായി പറഞ്ഞാൽ യൂറോപ്യൻ ഗണിതശാസ്ത്രത്തിൽ അടുത്ത നൂറ്റാണ്ടുകളിലുണ്ടായ അഭൂതപൂർവമായ വളർച്ചയ്ക്കു കളമൊരുക്കുകയായിരുന്നു ഇക്കാലത്തെന്നു പറയാം.

നവോത്ഥാനത്തിനുശേഷം. 17-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജോൺ നേപ്പിയർ ലോഗരിതം കണ്ടുപിടിച്ചു. ഹാരിയറ്റും ഓട്റെഡും ബീജഗണിതത്തിലെ ചിഹ്നരീതിയിലും സംഗ്രഹണത്തിലും കാര്യമായ സംഭാവനകൾ നല്കി. †ഗലീലിയോ (1564-1642) ഗുരുത്വാകർഷണപരീക്ഷണം നടത്തി. †കെപ്ലർ (1571—1630) ജ്യോതിശ്ശാസ്ത്രസംബന്ധിയായ ഗതിനിയമങ്ങളാവിഷ്കരിച്ചു. നൂറ്റാണ്ടിന്റെ മധ്യകാലത്തു ഡെസാർഗ്യൂസും പാസ്കലും പ്രതലജ്യാമിതിയിൽ ഒരു പുതിയ വഴി വെട്ടിത്തുറന്ന് പ്രക്ഷേപീയ ജ്യാമിതി (Projective Geometry) ആരംഭിച്ചു. † ദെക്കാർത്തെ (1596-1650) യുടെ സംഭാവനയായി വിശ്ലേഷണജ്യാമിതി ഉരുത്തിരിഞ്ഞു. പിയറെ ദെ ഫെർമ (1601-1665) ആധുനിക സംഖ്യാസിദ്ധാന്തത്തിനടിക്കല്ലിട്ടു. ഹ്യൂജൻസ് സംഭാവ്യതാ (Probability) സിദ്ധാന്തത്തിനും മറ്റും ഗണ്യമായ സംഭാവന നല്കി. നൂറ്റാണ്ടിന്റെ അവസാനത്തിൽ ന്യൂട്ടണും ലൈബിനിസ്സും കലനം ആവിഷ്കരിച്ചു.

1614-ൽ ജോൺ നേപ്പിയർ (1550-1617) ലോഗരിതം ആവിഷ്കരിച്ചു.

1637-ൽ ദെക്കാർത്തെ (Descartes) അദ്ദേഹത്തിന്റെ ഗ്രന്ഥത്തിലൂടെ (Discours de la method) വിശ്ലേഷണ ജ്യാമിതി ആവിഷ്കരിച്ചു. അക്ഷാംശധ്രുവാംശങ്ങൾ, വിശ്ലേഷണാത്മകരീതിഫലനങ്ങളെ ആരേഖത്തിലൂടെ (Graph) വിവരിക്കുന്ന സമ്പ്രദായം, ബീജഗണിതമുപയോഗിച്ചു ജ്യാമിതി പ്രശ്നങ്ങളെ പഠിക്കുന്ന രീതി എന്നിവ പുതിയ കാര്യങ്ങളായിരുന്നില്ല. എന്നാൽ, ദെക്കാർത്തെയും സമകാലികനായ ഫെർമയും ഇവയെ സംശ്ലേഷിപ്പിച്ചു രണ്ട് അജ്ഞാതസംഖ്യകളുള്ള സമവാക്യരേഖയെ സൂചിപ്പിക്കുന്നതെന്നും മറിച്ച് ഏതു രേഖയെയും രണ്ട് അജ്ഞാതസംഖ്യകളിലുള്ള സമവാക്യംകൊണ്ടു സൂചിപ്പിക്കാം എന്നുമുള്ള പ്രാഥമികതത്ത്വം ആവിഷ്കരിച്ചു. കാർടീഷ്യൽ ജ്യോമട്രി രണ്ടു നൂറ്റാണ്ടുകാലം 'ശുദ്ധ'ക്ഷേത്രഗണിതത്തെ നിഷ്പ്രഭമാക്കി. ഫെർമയാണ് അവകലന(differential) ഗണിതത്തിന്റെ ജനയിതാവ്. 1654-ൽ †ഫെർമയും പാസ്കലും (1623-1662) ചേർന്ന് സംഭവ്യതാസിദ്ധാന്തത്തിന്റെ അടിത്തറ പാകി.

പാസ്കലും ജോൺ വാലിസും ചക്രജത്തെപ്പറ്റി വിപുലപഠനം നടത്തി. ആദ്യത്തെ കംപ്യൂട്ടിങ്മെഷീൻ കണ്ടുപിടിച്ചത് പാസ്കൽ ആണ്. പ്രക്ഷേപീയജ്യാമിതിയുടെ പ്രണേതാക്കൾകൂടിയാണ് ഡെസാർ ഗ്യൂസും പാസ്കലും.

17-ാം നൂറ്റാണ്ടിലെ ശ്രദ്ധാർഹരായ ചില ഗണിതശാസ്ത്രജ്ഞരാണ് ടോറിസെല്ലി (1608-1647), ഗ്യൂജൻസ് (1629-1695), ജെയിംസ് ഗ്രിഗറി (1638-1675), എഡ്മണ്ട് ഗാലി (1656-1742) എന്നിവർ.

1560-ൽ ആദ്യത്തെ ഗണിതശാസ്ത്ര അക്കാദമി നേപ്പിൾസിൽ സ്ഥാപിതമായി, 1603-ൽ റോമിൽ മറ്റൊരു അക്കാദമിയും. (ലണ്ടനിലെ റോയൽ സൊസൈറ്റി 1622-ലും, പാരീസിലെ ഫ്രെഞ്ച് അക്കാദമി 1666-ലും ആണ് സ്ഥാപിക്കപ്പെട്ടത്). 1665-ൽ ഗണിതശാസ്ത്രഗവേഷണഫലമുൾക്കൊണ്ട ആദ്യത്തെ ജേർണൽ പ്രസിദ്ധീകരിച്ചു. 1872-ൽ ഫ്രാൻസിലും 1888-ൽ അമേരിക്കയിലും ഗണിതശാസ്ത്ര സൊസൈറ്റികൾ ഉണ്ടായി.

ന്യൂട്ടണും ലൈബ്നീസും. ഇന്നത്തെ രൂപത്തിലുള്ള † കലനത്തിന്റെ ഉപജ്ഞാതാക്കളെന്നു പറയാവുന്നത് ന്യൂട്ടണും (1642—1727) ലൈബ്നീസും (1646-1716) ആണ്. ഭിന്നഘാതങ്ങൾക്കുള്ള ദ്വിപദസൂത്രവുമായാണ് ന്യൂട്ടൺ ഗണിതശാസ്ത്രത്തിൽ വരുന്നത്. 1666-ൽ കലനസിദ്ധാന്തങ്ങൾ ക്രോഡീകരിച്ച് ഇന്നത്തെ കലനത്തിന് അടിസ്ഥാനമിട്ടു. ആർക്കിമിഡീസ് തൊട്ട് വാലിസ് വരെയുള്ള മുൻ ഗണിതജ്ഞന്മാർ സമാകലനം (Integration) വഴി വിസ്തീർണം കണ്ടുപിടിച്ചിരുന്നു. ഫെർമ അവകലനവും (differentiation) കണ്ടുപിടിച്ചു. സമാകലനം അവകലനത്തിന്റെ വിപരീത ക്രിയയാണെന്നുള്ള 'കലനത്തിന്റെ അടിസ്ഥാന പ്രമേയം' കണ്ടുപിടിച്ചതാണു ന്യൂട്ടന്റെയും ലൈബ്നിസിന്റെയും മുഖ്യ സംഭാവന. ലൈബ്നിസിന്റെ dy/dx എന്ന ചിഹ്നം പില്കാലത്ത് സാർവത്രികമായി അംഗീകരിക്കപ്പെട്ടു. 1687-ൽ ന്യൂട്ടന്റെ പ്രിൻസിപ്പിയ (മുഴുവൻ പേര്: *ഫിലോസഫിയ നാച്ച്യുറിലിസ് പ്രിൻസിപ്പിയ മാത്തമാറ്റിക്ക*) എന്ന പ്രസിദ്ധ ഗണിതശാസ്ത്രഗ്രന്ഥം പ്രസിദ്ധീകരിച്ചു. ലൈബ്നിസിന്റെ മറ്റൊരു സംഭാവനയാണ് 'സാരണികം' (determinants) എന്ന ഗണിതശാഖ (1693).

വളർച്ചയുടെ ഘട്ടം. പതിനെട്ട്, പത്തൊമ്പത് നൂറ്റാണ്ടുകളിൽ ഗണിതശാസ്ത്രത്തിന്റെ പ്രയോഗം കൂടുതൽ വ്യാപകമായി. ഗണിതശാസ്ത്രത്തിന്റെ എല്ലാ ശാഖകളിലും ഈ ഘട്ടത്തിൽ വളർച്ചയുണ്ടായി. ഈ ഘട്ടത്തിൽ നിരവധി ഗണിതജ്ഞന്മാർ വിലപ്പെട്ട സംഭാവനകൾ നല്കി. ഇവരിൽ പ്രമുഖരായിരുന്ന ചിലരുടെ പേരും അവർ മുഖ്യസംഭാവനകൾ അർപ്പിച്ച ശാഖയും താഴെക്കൊടുക്കുന്നു:

അൻേറയിനോ പേരൻറ്	.. വിശ്ലേഷണ ഘന ജ്യാമിതി
അലെക്സിസ് ക്ലെയ്റോട്ട്	.. വിശ്ലേഷണ ഘന ജ്യാമിതി
ജിറോലമോ സച്ചേരി	.. അയൂക്ലിഡിയൻ ജ്യാമിതി
ഡിമോവർ (1667-1754)	.. വിശ്ലേഷണ ത്രികോണമിതി
ടെയ്ലർ (1685-1731)	.. വിവിധ ശാഖകൾ
മെക്ലോറിൻ (1698-1746)	.. വിവിധ ശാഖകൾ
ഓയ്ലർ (1707-1783)	..വിവിധ ശാഖകൾ
ലാഗ്രാഞ്ചെ (1736-1813)	.. വിശ്ലേഷണം (ഗണിത)
ഗോസ്പർസ് മെൺപ് (1746-1818)	.. വിവരണാത്മക (descriptive) ജ്യാമിതി
ലാപ്ലെസ് (1749-1827)	.. വിവിധ ശാഖകൾ
ലെജൻഡർ (1752-1833)	.. ജ്യാമിതി, സംഖ്യാസിദ്ധാന്തം.
ജീൻസ് റോബിൻ ആർഗഡ് (1768-1822)	.. ആരേഖം (Graph)
ഗോസ് (1777-1855)	.. വിശ്ലേഷണം (ഗണിത)
കോഷി (1789-1859)	.. വിവിധ ശാഖകൾ
വീസ്ട്രാസ് (1815-'97)	.. വിശ്ലേഷണം (ഗണിത)
ഗൽവാ (1809-1832)	.. ഗ്രൂപ്പ് സിദ്ധാന്തം.
പേൺകറെ (1854-1912)	.. അയൂക്ലിഡിയൻ ജ്യാമിതി
ജോർജ് കാൻറർ (1845-1918)	.. ഗണസിദ്ധാന്തം.

യൂക്ലിഡിൻെറ അഞ്ചാം (സമാന്തര) പ്രമേയം മറ്റു നാലു പ്രമേയങ്ങളിൽനിന്നു സ്വതന്ത്രമാണോ എന്ന പ്രശ്നം നൂറ്റാണ്ടുകളോളം ഗണിതജ്ഞന്മാരെ കുഴക്കിയതാണ്. 19-ാം നൂറ്റാണ്ടിലാണ് സമാന്തരപ്രമാണം സ്വതന്ത്രമാണെന്നു തെളിയിച്ചത്. ഇത് അയൂക്ലിഡിയൻ ജ്യാമിതി എന്ന പുതിയ ശാഖയുടെ ഉദ്ഭവത്തിനു കാരണമായി. ഇതിൽത്തന്നെ എലിപ്റ്റിയ ജ്യാമിതി, ഹൈപ്പർ ബോളിക ജ്യാമിതി തുടങ്ങിയ വിഭാഗങ്ങൾ ഉണ്ടായി. ജ്യോതിശ്ശാസ്ത്രത്തിലും പ്രകാശികത്തിലും മറ്റും ഇതിനു പ്രയോഗങ്ങളുണ്ട്.

ഗൽവാ (1809-1832) ആവിഷ്കരിച്ച ഗ്രൂപ്പുസിദ്ധാന്തവും ജോർജ് കാൻറർ (1845-1918) ആവിഷ്കരിച്ച ഗണസിദ്ധാന്തവും (set theory) 19-ാം നൂറ്റാണ്ടിൽ ഗണിതശാസ്ത്രത്തിൽ ഉണ്ടായ പ്രധാന സംഭവങ്ങളാണ്.

ഇരുപതാം നൂറ്റാണ്ട്. ഈ നൂറ്റാണ്ടിലെ ഗണിതശാസ്ത്രത്തിൻെറ വളർച്ചയുടെ മുഖ്യഭാഗം ഗണസിദ്ധാന്തത്തിൽ അധിഷ്ഠിതമായാണ്. പാരീസിലെ രണ്ടാം അഖിലലോക ഗണിതശാസ്ത്ര കോൺഗ്രസ്സിൽ (1900) ഹിൽബർട്ട് അന്വേഷിക്കപ്പെടേണ്ട ഒരുകൂട്ടം ഗണിത പ്രശ്നങ്ങൾ പ്രത്യേകം എടുത്തുകാണിച്ചു. ഹിൽബർട്ടിൻെറ പ്രശ്നങ്ങളിൽ ആദ്യത്തേത് 'സാതത്യ ആക്സിയ'(axiom of continuity) ത്തെപ്പറ്റിയാണ്. 1950-ലെ ഗെൽഫോണ്ട് സൂത്രം ഇതിന് ഉത്തരം നല്കുന്നു. ഹിൽബർട്ട് ഉന്നയിച്ച മറ്റുചില പ്രശ്നങ്ങൾ ടോപോളജിയുടെ ആവിഷ്കാരത്തിലെത്തിച്ചു. 1899 മുതൽ 1904 വരെയുള്ള പോൺകറെയുടെ പ്രബന്ധങ്ങളിലാണ് † ടോപോളജി എന്ന ജ്യാമിതീയശാഖയുടെ അടിസ്ഥാനം. 1910-'13-ൽ പുറത്തുവന്ന 'പ്രിൻസിപ്പിയ മാത്തമാറ്റിക്ക' (ബർട്രാൻഡ് റസ്സലും, എ.എൽ.വൈറ്റ് ഹെഡും ചേർന്ന് എഴുതിയത്) ഈ നൂറ്റാണ്ടിൽ ഉണ്ടായ പ്രധാനപ്പെട്ട ഒരു സംഭാവനയാണ്.

†ഗണിതശാസ്ത്രം, †ഗണിതശാസ്ത്ര വികാസം ഇന്ത്യയിൽ, †ഗണിതശാസ്ത്ര വികാസം, കേരളത്തിൽ നോക്കുക.

ഗണിതശാസ്ത്രവികാസം,ഇന്ത്യയിൽ

ഗണിതശാസ്ത്രത്തിന് പ്രാചീന ഇന്ത്യയിലെ ശാസ്ത്രജ്ഞന്മാർ നല്കിയ സംഭാവനകളുടെ ചരിത്രം. ഗണിതശാസ്ത്രത്തിന് ഇന്ത്യ നല്കിയ ഏറ്റവും വിലപ്പെട്ട സംഭാവന 'പൂജ്യം' (Zero) ആണെന്നു കരുതപ്പെടുന്നു. ബി.സി. 200-നു മുമ്പുതന്നെ ഇന്ത്യക്കാർ പൂജ്യം ഉപയോഗിച്ചിരുന്നു. ദശാംശസ്ഥാനവിലയും ഇന്ത്യയുടെ സംഭാവനയാണ്. ഇന്ത്യയിലെ ഗണിതശാസ്ത്രനേട്ടങ്ങൾ മുഖ്യമായും സംഖ്യാസിദ്ധാന്തം, ജ്യാമിതി, ത്രികോണമിതി, ജ്യോതിശ്ശാസ്ത്രം എന്നീ ശാഖകളിലാണ്.

സിന്ധുനദീതട സംസ്കാരത്തിൻെറ അവശിഷ്ടങ്ങൾ പഠനവിധേയമാക്കിയതിൽ, നഗരനിർമാണത്തിനാവശ്യമായ ജ്യാമിതീയജ്ഞാനം ഉണ്ടായിരുന്നതായി മനസ്സിലാക്കി. കലൻഡറിൻെറ നിർമാണത്തെപ്പറ്റിയും പ്രാചീന ഭാരതീയർക്ക് നല്ല അറിവുണ്ടായിരുന്നു.

സംഖ്യാവാചി ശബ്ദങ്ങളും ചിഹ്നവും. ആദ്യമായി പത്ത് സംഖ്യാനത്തിൻെറ ആധാരമായി സ്വീകരിക്കയും ദശസ്ഥാനമൂല്യത്തോടെ സംഖ്യകളെഴുതുകയും ചെയ്തത് ഭാരതീയരായിരുന്നു. ക്രമീകൃതമായ ഒരു സംഖ്യാവാചിശബ്ദസമ്പത്തും പുരാതനേന്ത്യയുടെ നേട്ടങ്ങളിലുൾപ്പെടുന്നു. ഏകം, ദശം, ശതം, സഹസ്രം, അയുതം, നിയുതം, പ്രയുതം, അർബുദം, ന്യർബുദം, സമുദ്രം, മധ്യം, അന്തം, പരാർധം എന്നീ പേരുകൾ യജൂർ വേദസംഹിതയിൽ (വാജസനേയി, xvii, 2) യഥാക്രമം പത്തിൻെറ ഘാതങ്ങൾക്ക് നല്കിയിരുന്നു. തൈത്തരീയ സംഹിതയിലും മൈത്രേയ സംഹിതയിലും ഇതേ പട്ടികയുണ്ട്. പില്കാല ഗ്രന്ഥങ്ങളിൽ ഈ പട്ടിക അല്പം ചില മാറ്റങ്ങളോടെ കാണുന്നുണ്ട്. ദശസ്ഥാനമൂല്യത്തോടെ എഴുതുന്ന രീതി, സംഖ്യകളെക്കൊണ്ടുള്ള ക്രിയകൾ സുഗമമാക്കി.

പൂജ്യം. ബി.സി. 200-നു മുമ്പുതന്നെ ശൂന്യ(പൂജ്യ)ചിഹ്നം ഭാരതത്തിൽ ഉപയോഗിച്ചിരുന്നുവെന്നതിനു തെളിവുകളുണ്ട്. പിംഗളൻെറ ഛന്ദഃസൂത്രത്തിലും ബക്ഷാലി മാനുസ്ക്രിപ്റ്റിലും പല കണക്കുകൂട്ടലുകൾക്കും ശൂന്യം ഉപയോഗിച്ചിരുന്നു. ഇടക്കാലത്തു ശൂന്യത്തെ കുറിച്ചിരുന്ന ചിഹ്നം ബിന്ദു ആയിരുന്നു. അങ്കനസ്ഥാനങ്ങളെ സൂചിപ്പിക്കാൻ ശൂന്യചിഹ്നം ഉപയോഗിക്കുന്ന രീതി ഒന്നാം ഭാസ്കരാചാര്യൻെറ കാലത്തുതന്നെ പ്രചരിച്ചു.

ഭാരതത്തിൽ ധനസംഖ്യകളുടെ കൂടെ, പൂജ്യവും കൂട്ടിച്ചേർത്തു. അങ്കഗണത്തിലും ബീജഗണത്തിലും അതിനെക്കൊണ്ട് ആകാവുന്ന വ്യാപാരങ്ങളെല്ലാം നടത്തി. അങ്കഗണിതത്തിൽ $x-x=0$ എന്ന ക്രിയയുടെ ഫലമാണു ശൂന്യമെന്ന് അവർ നിർവചിച്ചു. ബ്രഹ്മസ്ഫുടസിദ്ധാന്തത്തിലും ഭാസ്കരൻ രണ്ടാമൻ രചിച്ച സിദ്ധാന്തശിരോമണിയിലും ശൂന്യപരികർമം വിസ്തരിച്ചുപപാദിച്ചിട്ടുണ്ട്.

അനന്തസംഖ്യകളും കലനവും. അതിഭീമങ്ങളായ സംഖ്യകളുടെ [ഒരു പൂർവി എന്നാൽ 7,56,00,00,00,00,000 വർഷങ്ങൾ, ഒരു ശീർഷപ്രഹേളി=$(84,00,000)^{28}$പൂർവ്വികൾ] പരിചിന്തനം ജൈനചിന്തയിൽ അനന്തം എന്ന സങ്കല്പത്തിനു കാരണമായി. ഏകതോനന്തം, ദ്വിധാനന്തം, ദേശവിസ്താരാനന്തം, സർവവിസ്താരാനന്തം, ശാശ്വതാനന്തം എന്ന് അഞ്ചു വിധത്തിൽ അവർ അനന്തതയെ വേർതിരിച്ചിരുന്നു. ഈ ആശയം ഭാസ്കരീയബീജഗണിതത്തിൽ കൂടുതൽ വ്യക്തമാക്കിയിട്ടുമുണ്ട്. ഏതൊരു സംഖ്യയേയും ശൂന്യംകൊണ്ട് ഭാഗിച്ച ഫലത്തെ ഭാസ്കരൻ ഖഹരം എന്നുവിളിച്ചു. (ബ്രഹ്മഗുപ്തൻെറ ഖച്ഛേദംതന്നെയാണിത്.) ഖഹരത്തിനോട് എത്രവലിയ രാശി ചേർത്താലും എത്ര വലിയ രാശി ഖഹരത്തിൽനിന്നു പോയാലും അതിനു മാറ്റമില്ല-പ്രളയസൃഷ്ടികാലങ്ങളിലെ മഹാവിഷ്ണുവിനെപ്പോലെ എന്ന് അദ്ദേഹം പറയുന്നു. ഏതൊരു സംഖ്യയുടെയും ശൂന്യംകൊണ്ടുള്ള ഗുണനഫലം ശൂന്യം തന്നെയാണെന്ന് ഭാസ്കരാചാര്യർ പറഞ്ഞിട്ടുണ്ട്.

കലനത്തിൻെറ മണ്ഡലത്തിൽ ഭാസ്കരാചാര്യർ കുറേക്കൂടി മുന്നോട്ടുപോയി. പരമമായി ശൂന്യത്തിലേക്കു നയിക്കുന്ന സംഖ്യകളെക്കൊണ്ടുള്ള ക്രിയകൾ അദ്ദേഹം നിർവഹിച്ചു. ഒരു ആംഗിളിൻെറ Sine−ൻെറ (ജ്യാ, ജീവ എന്നീ പദങ്ങളാണ് Sine−ന് അദ്ദേഹമുപയോഗിച്ചിരുന്നത്.) അവകലനഗുണാങ്കം (differential coefficient) കണ്ടുപിടിക്കുകകൂടി ചെയ്തു അദ്ദേഹം. ഗോളത്തിൻെറ വ്യാപ്തവും പ്രതലവിസ്തീർണവും കാണാനുള്ള വഴികൾ ഭാസ്കരൻ നല്കിയിട്ടുള്ളത് സമാകലന(Integral Calculus)ത്തിലേക്കുള്ള കാൽവെപ്പാണ്.

ജൈനഗ്രന്ഥങ്ങൾ. ശുൽബസൂത്രങ്ങൾക്കു ശേഷമുള്ള കാലത്തെ ശാസ്ത്രീയ പുരോഗതിയെപ്പറ്റി അറിയുവാൻ രേഖകൾ കുറവാണ്. ക്രിസ്തുവിനുമുമ്പ് അഞ്ചാം ശതകംമുതൽ ഒന്നാം ശതകംവരെയുള്ള കാലത്താണ് പുരാതന ജൈനഗ്രന്ഥങ്ങൾ രചിക്കപ്പെട്ടതെന്നുവേണം വിചാരിക്കാൻ. ഈ ഗ്രന്ഥങ്ങളിൽ ചിതറക്കിടക്കുന്ന ഗണിതതത്ത്വങ്ങളിൽനിന്നു വൃത്തത്തെക്കുറിച്ച ജ്യാമിതി സാമാന്യം പുരോഗമിച്ചിട്ടുള്ളതായി കാണാം. വൃത്തപരിധിയും വ്യാസവും തമ്മിൽ ഒരു ക്ലിപ്തമായ അനുപാതമുണ്ടെന്ന് അറിയാമായിരുന്നു.

അങ്കഗണിതവും ബീജഗണിതവും. എ.ഡി. 5-ാം ശതകത്തോടുകൂടി അങ്കഗണിതവും ബീജഗണിതവും പുരോഗമിച്ചു. ആര്യഭടീയത്തിൽ വർഗമൂലവും ഘനമൂലവും കാണുവാനുള്ള വിധി, ത്രൈരാശികം, ക്രയവിക്രയം, സമ്മിശ്രങ്ങൾ, ക്ഷേത്രഫലം, വ്യാപതം മുതലായി പില്ക്കാലത്തെ ഗണിതശാസ്ത്രഗ്രന്ഥങ്ങളിൽ കാണുന്ന വിഷയങ്ങളിൽ മിക്കവയും സ്ഥലംപിടിച്ചുകഴിഞ്ഞിട്ടുണ്ട്. ഗുണനം, ഹരണം, വർഗ്ഗ-ഘനമൂലംകാണൽ എന്നിവയ്ക്ക് ഇന്നുള്ള വിധികൾ പുരാതഭാരതീയരും ഉപയോഗിച്ചു.

ഇക്കാലത്തുതന്നെയാണ് അനിർധാര്യസമവാക്യങ്ങ(indeterminate equations)ളിലും ഭാരതം

അഭിവൃദ്ധി നേടിയത്. ഈ വികാസത്തിൻെറ തുടക്കം ശുൽബസൂത്രങ്ങളിൽ കാണാം. എ.ഡി. ആദ്യശതകങ്ങളിൽ ജ്യോതിശ്ശാസ്ത്രത്തിനു പ്രാധാന്യം കൂടിയതോടുകൂടി അനിർധാര്യ സമവാക്യങ്ങളും വളർന്നു.

ക്രമചയവും സഞ്ചയവും ക്രമചയം (permutation), സഞ്ചയം (Combination) എന്നീ ആശയങ്ങൾ ബ്രഹ്മഗുപ്തൻ, ഭാസ്കരൻ II എന്നിവർ വിവരിക്കുന്നുണ്ട്. ഇതൊക്കെ ആധുനിക ഗണിതരീതികളുമായി ഒത്തുപോകുന്ന തരത്തിൽ തന്നെയാണു പ്രാചീന ആചാര്യന്മാർ വിവരിക്കുന്നത്.

അനിർധാര്യ സമവാക്യങ്ങൾ. അനിർധാര്യ സമവാക്യങ്ങളുടെ (indeterminate equations) പഠനത്തിലും ഇന്ത്യൻ ഗണിതശാസ്ത്രജ്ഞന്മാർ വളരെയേറെ മുന്നോട്ടു പോയിരുന്നു. കുട്ടകവ്യവഹാരം, കുട്ടകാരം, കുട്ടം തുടങ്ങിയ പേരുകളാലാണ് പ്രസ്തുത ഗണിതശാഖ അറിയപ്പെട്ടിരുന്നത്. കുട്ടകം എന്നാൽ ഗുണകം (Multiplier) എന്നർഥം. കുട്ടകവ്യവഹാരത്തിൻെറ പ്രഥമപാഠങ്ങളുൾക്കൊള്ളുന്ന ഏറ്റവും പ്രാചീനഗ്രന്ഥം ആര്യാഭടീയമാണ്. 10-ാം നൂറ്റാണ്ടിലെ ആര്യാഭടൻ II ഈ ക്രിയാരീതി കുറെയേറെ ലളിതമാക്കി.

ജ്യോതിശ്ശാസ്ത്രപ്രശ്നങ്ങളിൽ രണ്ടിലേറെ അജ്ഞാതസംഖ്യകളുള്ള സമവാക്യം നിർധാരണം ചെയ്യേണ്ടിയിരുന്നു. ഇതിൻെറ നിർധാരണത്തിനു ബ്രഹ്മഗുപ്തനും ഭാസ്കരൻ II-ഉം വ്യത്യസ്തമായ മാർഗങ്ങൾ നിർദേശിച്ചിട്ടുണ്ട്. ശ്രീപതി തുടങ്ങിയവരും ബഹു അനിർധാര്യസമവാക്യങ്ങൾ നിർധാരണം ചെയ്യേണ്ട രീതി വിവരിച്ചിട്ടുണ്ട്.

ജ്യാമിതി. ഗണിതശാസ്ത്രം ജ്യോതിശ്ശാസ്ത്രത്തിൻെറ അടിസ്ഥാന ശാസ്ത്രമായി മാറിയതോടെ ജ്യാമിതിയിൽ വലിയപരിവർത്തനം വന്നു. കർണങ്ങൾക്കുള്ള ഫോർമുലകൾ ഇന്ന് 'ബ്രഹ്മഗുപ്തൻെറ ഫലങ്ങൾ' എന്ന പേരിലാണ് ഗണിതചരിത്രത്തിൽ അറിയുന്നത്. ഇവയുടെ ഉപപത്തി 16-ാം ശതകത്തിൽ മലയാളത്തിലെഴുതിയ യുക്തിഭാഷയിൽ ഉണ്ട്. 14-ാം ശതകത്തിൽ നാരായണപണ്ഡിതൻ വൃത്തക്ഷേത്രഗണിതത്തെ കുറച്ചുകൂടി വികസിപ്പിച്ചു.

ബ്രഹ്മഗുപ്തൻ ത്രികോണത്തെ ഒരു ഭുജം പൂജ്യമായ ചതുർഭുജമായി കല്പിച്ചു. ത്രിഭുജത്തിൻെറ ക്ഷേത്രഫലത്തിന് $\sqrt{S(S-a)(S-b)(S-c)}$ എന്ന രീതിയിലുള്ള ഒരു ഫോർമുല നിഷ്പാദിപ്പിക്കുന്നു. മഹാവീരൻ ഇവയ്ക്കു പുറമെ ത്രികോണത്തിൻെറ അന്തർവൃത്തവ്യാസാർധ (in radius) ത്തിനും ഒരു സൂത്രം നിർദേശിച്ചു. ചില ത്രിഭുജം (ത്രികോണം) സംബന്ധിച്ച സിദ്ധാന്തങ്ങളെ കേരളത്തിലെ ആര്യഭടാനുയായികൾ തെളിയിച്ചു സ്ഥാപിക്കുന്നുണ്ട്.

ഭാരതീയ ഗണിതജ്ഞർക്കു പ്രിയമേറിയ ഒരുവിഷയം ലംബകോണക്ഷേത്രങ്ങളുടെ നിർമാണമായിരുന്നു. ബ്രഹ്മഗുപ്തനും മഹാവീരനും നാരായണപണ്ഡിതനും ഈ വിഷയത്തെ വിസ്തൃതമായി ചർച്ച ചെയ്യുന്നു.

ത്രികോണമിതി. ഗ്രീസിലെയും അലക്സാണ്ഡ്രിയയിലെയും ജ്യോതിശ്ശാസ്ത്രജ്ഞർ സമസ്തജ്യാക്കളുടെ സാരണികൾകൊണ്ടു തൃപ്തിപ്പെട്ടിരുന്നപ്പോൾ ഇന്ത്യയിലാദ്യമായി അർധജ്യാ അഥവാ ഭുജ്-ജ്യാ (half chord or Sine-chord) ഉപയോഗിക്കപ്പെട്ടു. 'സൈൻ' എന്നതിന് 'ജ്യാ' അഥവാ 'ജീവ' എന്നും കൊസൈന് കോടിജ്യാ എന്നും ഇന്ത്യയിൽ ഉപയോഗിച്ചിരുന്നു. ആര്യഭടൻ ഒന്നാമൻ, ഭാസ്കരൻ ഒന്നാമൻ, ബ്രഹ്മഗുപ്തൻ, ഭാസ്കരൻ രണ്ടാമൻ, നീലകണ്ഠൻ, കമലാകരൻ, മുനീശ്വരൻ തുടങ്ങിയവർ ത്രികോണമിതിയിലെ തത്വങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.

നീലകണ്ഠൻെറ തന്ത്രസംഗ്രഹത്തിൽ ഭാരതീയ ത്രികോണമിതി അതിൻെറ ഏറ്റവും മികച്ച വികാസം പ്രാപിച്ചുകാണാം. ഗോളീയത്രിഭുജത്തിൻെറ നിർധാരണത്തെ സമഗ്രമായി ചർച്ചചെയ്യുന്നുണ്ട്. ഈ ഗ്രന്ഥത്തിൽ 17-ാം ശതകത്തിൽ കമലാകരൻെറയും മുനീശ്വരൻെറയും സിദ്ധാന്തഗ്രന്ഥങ്ങളിലും വ്യാഖ്യാനഗ്രന്ഥങ്ങളിലും മുസ്ലിം ഗണിതജ്ഞാനത്തിൻെറ ഉല്ലേഖവും ഉപയോഗവും കാണുന്നുണ്ട്.

അപരിമേയസംഖ്യ. അപരിമേയ (irrational) സംഖ്യകളെ ആദ്യം കണ്ടുപിടിച്ചതും അവയെ കൈകാര്യം ചെയ്തതും പുരാതന ഭാരതീയ ഗണിതശാസ്ത്രജ്ഞനാണ്. ശുൽബസൂത്രത്തിൽ $\sqrt{2}$ പോലുള്ള ലഘുമൂല്യങ്ങൾ ധാരാളം കൈകാര്യം ചെയ്തിരുന്നു. $\pi=3.1416$ എന്ന ഏകദേശവില ആര്യഭടൻ I നല്കി. കരണപദ്ധതിയിൽ 3.1415926536 ആണ് നല്കുന്നത്; സദ്രത്നമാലയിലാകട്ടെ, 3.14159265358979324 ആണ്. നീലകണ്ഠൻെറ ആര്യഭടീയഭാഷ്യത്തിലും ഇതു ചർച്ച ചെയ്യുന്നുണ്ട്.

16-ാം നൂറ്റാണ്ടിൻെറ അന്ത്യത്തോടെ വൈദേശികാധിപത്യത്തിൻ കീഴിൽ ഭാരതീയ ഗണിതത്തിൻെറ പുരോഗതി നിലച്ചു. 20-ാം നൂറ്റാണ്ടിലാണ് വീണ്ടും ഉണർവ് ഉണ്ടായത്. ശ്രീനിവാസരാമാനുജം, വൈദ്യനാഥ സ്വാമി, നരസിംഹറാവു, ഹരീശ്ചന്ദ്ര, അഭ്യംകർ, രാഘവ നരസിംഹൻ, സി.പി. രാമാനുജം തുടങ്ങിയവർ ഈ നൂറ്റാണ്ടിൽ ജീവിച്ച ലോകപ്രസിദ്ധരായ ഭാരതീയ ഗണിതജ്ഞരാണ്. † ഗണിത ശാസ്ത്ര വികാസം, ഗണിത ശാസ്ത്ര വികാസം കേരളത്തിൽ നോക്കുക.

ഇന്ത്യയിലെ പ്രാചീന ഗണിതശാസ്ത്രഗ്രന്ഥങ്ങൾ

നമ്പർ	ഗ്രന്ഥം	കർത്താവ്	കാലം
1.	ബൗധായനശുൽബസൂത്രം	ബൗധായനൻ	ബി.സി. 800
2.	ആപസ്തംബശുൽബസൂത്രം	ആപസ്തംബൻ	ബി.സി. 400
3.	കാത്യായനശുൽബസൂത്രം	കാത്യായനൻ	ബി.സി. 400
4.	ബാക്ഷാലി മാനുസ്ക്രിപ്റ്റ്	കാത്യായനൻ	എ.ഡി.3-ാംശതകം
5.	ആര്യഭടീയം	ആര്യഭടൻ I	എ.ഡി.499
6.	ബൃഹജ്ജാതകം, ബൃഹത്സംഹിത, പഞ്ചസിദ്ധാന്തിക.	വരാഹമിഹിരൻ	എ.ഡി.505
7.	ലഘുഭാസ്കരീയം, മഹാഭാസ്കരീയം	ഭാസ്കരൻ I	എ.ഡി. 522
8.	ശിഷ്യധിവൃദ്ധിഭം	മല്ലൻ	എ.ഡി. 598
9.	ധ്യാനഗ്രഹോപദേശം ഖണ്ഡഖാദ്യകം ബ്രഹ്മസ്ഫുടസിദ്ധാന്തം	ബ്രഹ്മഗുപ്തൻ	എ.ഡി. 628
10.	ത്രിശതിക	ശ്രീധരൻ	എ.ഡി. 750
11.	ഗണിതസാരസംഗ്രഹം	മഹാവീരൻ	എ.ഡി. 850
12.	ലഘുമാനസം	മജ്ജുളൻ	എ.ഡി. 932
13.	മഹാ ആര്യസിദ്ധാന്തം	ആര്യഭടൻ II	എ.ഡി. 950
14.	സിദ്ധാന്തശേഖരം ഗണിതതിലകം	ശ്രീപതി	എ.ഡി. 1039
15.	സിദ്ധാന്തശിരോമണി ലീലാവതി കരണകുതൂഹലം ബീജഗണിതം	ഭാസ്കരൻ II	എ.ഡി. 1150
16.	ബീജഗണിതം ഗണിതകൗമുദി	നാരായണൻ	എ.ഡി. 1350
17.	തന്ത്രസംഗ്രഹം	നീലകണ്ഠൻ	എ.ഡി. 1500
18.	ബീജഗണിതം	ജ്ഞാനരാജൻ	എ.ഡി. 1503
19.	ഗ്രഹലാഘവം	ദൈവജ്ഞൻ	എ.ഡി. 1549
20.	ഗണിതമഞ്ജരി	ഗജേശപുത്ര ദണ്ഡിരാജൻ	എ.ഡി. 1558
21.	പാടിസാരം	മുനീശ്വരൻ	എ.ഡി. 1603
22.	യുക്തിഭാഷ	ബ്രഹ്മദത്തൻ	1639 (?)
23.	സിദ്ധാന്തതത്ത്വവിവേകം	കമലാകരൻ	എ.ഡി. 1658
24.	കരണപദ്ധതി	പുതുമന സോമയാജി	[1733 (1430)?]
25.	സദ്രത്നമാല	ശങ്കരവർമൻ	[1832(1530)?]

ഗണിതശാസ്ത്ര വികാസം, കേരളത്തിൽ

ഗണിതശാസ്ത്രത്തിന് കേരളീയരായ ഗണിതജ്ഞർ നല്കിയ സംഭാവനകളുടെ ചരിത്രം.

† ആര്യഭടൻ I കേരളീയനായിരുന്നു എന്നൊരു വാദമുണ്ടെങ്കിലും പൊതുവെ അത് അംഗീകരിക്കപ്പെട്ടിട്ടില്ല.

ഒമ്പതാം നൂറ്റാണ്ടിൽ മഹോദയപുരത്ത് (കൊടുങ്ങല്ലൂർ) സ്ഥാപിക്കപ്പെട്ട നക്ഷത്രബംഗ്ലാവ് ഇന്ത്യയിലെ ആദ്യത്തെ വാനനിരീക്ഷണകേന്ദ്രമാണ്. അക്കാലത്ത് കേരളത്തിൽ ജ്യോതിശ്ശാസ്ത്രത്തിനും ഗണിതശാസ്ത്രത്തിനുമുണ്ടായിരുന്ന വികാസത്തിന്റെ തെളിവാണിത്. († കൊടുങ്ങല്ലൂർ നക്ഷത്രബംഗ്ലാവ് നോക്കുക)

കേരളത്തിലുണ്ടായിട്ടുള്ള ഗണിതശാസ്ത്രഗ്രന്ഥങ്ങളിൽ *തന്ത്രസംഗ്രഹം, യുക്തിഭാഷ, കരണപദ്ധതി, സദ്രത്നമാല* എന്നീ നാലെണ്ണമാണ് പ്രധാനം. തന്ത്രസംഗ്രഹം എ.ഡി. 1502-ൽ ഗർഗഗോത്രക്കാരനായ നീലകണ്ഠൻ (കേളനൂർ സോമയാജി എന്നറിയപ്പെടുന്നതും ഇദ്ദേഹം തന്നെയാണെന്നു വിശ്വസിക്കപ്പെടുന്നു) രചിച്ചതാണ് ഈ ഗ്രന്ഥം. എ.ഡി. 1430-ൽ ദൃഗ്ഗണിതരീതിയാവിഷ്കരിച്ച പരമേശ്വരന്റെ മകൻ ദാമോദരന്റെ ശിഷ്യനാണ് താനെന്ന് ഇദ്ദേഹത്തിന്റെ മറ്റൊരു കൃതിയായ ആര്യഭടീയവ്യാഖ്യാനത്തിൽ സൂചനയുണ്ട്. *കരണപദ്ധതി* തൃശൂർക്കാരനായ പുതുമന സോമയാജിയാണ് രചിച്ചത്. വടക്കുംകൂർ രാജരാജവർമയുടെ അഭിപ്രായത്തിൽ പ്രസ്തുത കൃതിയുടെ കാലം എ.ഡി. 1375-നും 1475-നും ഇടയ്ക്കാണ്. 1430-ലാണ് എന്നു കരുതാൻ പറ്റുന്ന ഒരു സൂചന ഗോവിന്ദഭട്ടന്റെ *ഗണസൂചികാ ഗ്രന്ഥത്തിൽ* ഉണ്ട്. *യുക്തിഭാഷ* എന്ന ഗ്രന്ഥം *തന്ത്രസംഗഹ*ത്തിനൊരു വ്യാഖ്യാനമായിട്ടെഴുതിയതാണ്. ഇതിന്റെ രണ്ടിന്റെയും കർത്താക്കന്മാർ ഒരാളാണെന്നും അഭിപ്രായമുണ്ട്. *യുക്തിഭാഷ* എ.ഡി. 1639-ൽ ബ്രഹ്മദത്തൻ രചിച്ചതാണെന്ന് മറ്റൊരു ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നു. പറഞ്ഞിട്ടുള്ള സൂത്രങ്ങളുടെ ഉപപത്തികൾകൂടി കൊടുക്കുന്ന ഒരേ ഒരു ഗ്രന്ഥമെന്ന നിലയ്ക്ക് ഇതിന് അതിയായ പ്രാധാന്യമുണ്ട്.

എ.ഡി. 1530-നോടടുത്ത് ശങ്കരവർമൻ രചിച്ച*സദ്രത്നമാല*ഈ നാലു ഗ്രന്ഥങ്ങളിൽവച്ച് പ്രാധാന്യം കുറഞ്ഞതാണ്. അവകലന കലനത്തിനെ (differential calculus) സംബന്ധിച്ച, അക്കാലത്ത് മറ്റു രാജ്യക്കാർക്ക് അജ്ഞാതമായിരുന്ന പല കാര്യങ്ങളും ഈ കൃതിയിൽ ഉണ്ടെന്നു ചാൾസ് എം.വിഷ് 1835-ൽ എഴുതിയിട്ടുണ്ട്.

ഇന്ന് ഗ്രിഗറി ശ്രേണി എന്നറിയപ്പെടുന്ന ശ്രേണി (Series)യെപ്പറ്റി ഗ്രിഗറിക്ക്(1638-’75) ഇരുന്നൂറു കൊല്ലംമുമ്പ് രചിക്കപ്പെട്ട കരണപദ്ധതിയിൽ പറയുന്നുണ്ട്. ഓയ്‌ലർശ്രേണിയ്ക്കുള്ള ഉപപത്തി *യുക്തിഭാഷയിലും കരണപദ്ധതി*യിലും ഉണ്ട്. അനന്താവരോഹ ശ്രേണികൾക്ക് പരിമിത സംകലിത ഫലം (rational sum) ഉണ്ടെന്ന് 8-ാം നൂറ്റാണ്ടിൽ വീരസേനനും 15-ാം നൂറ്റാണ്ടിൽ നീലകണ്ഠനും പറഞ്ഞിരുന്നു. 14-ാം ശതകത്തിൽതന്നെ ജീവിച്ചിരുന്ന സംഗമഗ്രാമമാധവൻ (മാധവാചാര്യൻ) വൃത്തപരിധി, ചാപം, സൈൻ, കൊസൈൻ എന്നിവയ്ക്കുള്ള അനന്തശ്രേണികൾ കണ്ടുപിടിച്ചു. യൂറോപ്പിൽ ഈ കണ്ടുപിടിത്തം നടന്നത് 17-ാം നൂറ്റാണ്ടിലാണ്. ഗോളവ്യാപ്തവും പ്രതലവിസ്തീർണവും കണക്കാക്കുന്ന രീതി *യുക്തിഭാഷ*യിൽ വിവരിക്കുന്നുണ്ട്. † ഗണിതശാസ്ത്ര വികാസം, ഗണിതശാസ്ത്ര വികാസം ഇന്ത്യയിൽ നോക്കുക.

ഗണേശ് ശങ്കർ വിദ്യാർഥി (1890—1931)

സ്വാതന്ത്ര്യസമരഭടനും പത്രപ്രവർത്തകനും. മതസൗഹാർദത്തിനു വേണ്ടി നിലകൊണ്ടു.



1890-ൽ കാൺപൂരിലെ ഒരു ദരിദ്ര കുടുംബത്തിലാണു ജനനം. ചെറുപ്പത്തിൽത്തന്നെ പത്രപ്രവർത്തകനായി. കാൺപൂരിൽനിന്ന് ‘പ്രതാപ്’ എന്ന വാരിക പ്രസിദ്ധീകരിച്ചു. വിദേശഭരണത്തിനെതിരെ ശക്തമായ ഭാഷയിൽ ലേഖനങ്ങൾ എഴുതി. സാമ്പത്തിക വിഷമതകളും ഗവൺമെന്റിന്റെ എതിർപ്പും നേരിട്ട് ‘പ്രതാപ്’ നിലനിർത്തുകയും ദിനപ്പത്രമാക്കുകയും ചെയ്തു. ദേശീയ പ്രസ്ഥാനത്തിൽ പങ്കെടുത്തു പലതവണ അറസ്റ്റുവരിച്ചു. അന്നത്തെ യുണൈറ്റഡ് പ്രൊവിൻസിൽ കോൺഗ്രസ് പ്രസിഡന്റായിരുന്നു.

1931-ൽ കാൺപൂരിൽ ഹിന്ദു-മുസ്ലീം ലഹള ആരംഭിച്ചു. ലഹള ബാധിതപ്രദേശങ്ങളിൽ മതസൗഹാർദപ്രവർത്തനങ്ങളിൽ മുഴുകിയ ഇദ്ദേഹത്തെ വർഗീയവാദികൾ കുത്തി കൊലപ്പെടുത്തി.

ഗണേശൻ, ജെമിനി (1925—)

തമിഴ് ചലച്ചിത്രനടൻ. നാലുദശാബ്ദക്കാലമായി അഭിനയവേദിയിൽ തിളങ്ങിനില്ക്കുന്നു. മലയാളം, തെലുങ്ക്, കന്നട, ഹിന്ദി ചിത്രങ്ങളിലും അഭിനയിച്ചിട്ടുണ്ട്.

1925 നവംബർ 17-നു ജനിച്ചു. ബി.എ. (ഓണേഴ്സ്) ബിരുദം നേടിയശേഷം അല്പകാലം കോളെജ് അധ്യാപകനായിരുന്നു. പിന്നീടു ജെമിനി സ്റ്റുഡിയോയിൽ ജോലി സ്വീകരിച്ചു. പേരിനോടൊപ്പം ജെമിനി എന്നു ചേർക്കാൻ ഇതാണു കാരണം. യഥാർഥനാമം രാമസ്വാമി ഗണേശൻ. നിരവധി തമിഴ്ചിത്രങ്ങളിൽ നായകനായി അഭിനയിച്ചു. *കണവനേ കൺകണ്ട ദൈവം, മിസ്സിയമ്മ, കല്യാണപ്പരിശ്, കൊഞ്ചും ചിലങ്കൈ, ചുമൈതാങ്കി, വഞ്ചിക്കോട്ടൈ വാലിപൻ, ഉന്നാൽ മുടിയും തമ്പി* തുടങ്ങിയവ ഇദ്ദേഹം അഭിനയിച്ച പ്രശസ്ത തമിഴ്ചിത്രങ്ങളിൽ ചിലതാണ്. *സ്നേഹസീമ, കുമാരസംഭവം, ഭ്രഷ്ട്* തുടങ്ങി ഏതാനും മലയാളചിത്രങ്ങളിലും ഗണേശൻ അഭിനയിച്ചിട്ടുണ്ട്. ഏറ്റവും നല്ല തമിഴ് ചലച്ചിത്രനടനുള്ള ഫിലിം ഫെയർ അവാർഡ് ലഭിച്ചു. 1969-ൽ പദ്മശ്രീ ബഹുമതി നല്കപ്പെട്ടു. വിജയവാഡയിലെ വിജയ് സ്പിന്നിങ്മില്ലിന്റെ മാനേജിങ് ഡയറക്റ്റർ ആണ്. ഗണേശന്റെ പുത്രിയാണു പ്രസിദ്ധ ഹിന്ദി ചലച്ചിത്രനടി രേഖ.

ഗണേശൻ, ശിവാജി (1928—)

തമിഴ് സിനിമാനടൻ. 1928 ഒക്റ്റോബർ 1-ാം തീയതി ചിന്നയ്യാപിള്ളയുടെയും രാജാമണിയുടെയും പുത്രനായി തമിഴ്നാട്ടിലെ വില്ലുപുരത്തു ജനിച്ചു. 6 വയസ്സ് പ്രായമുള്ളപ്പോൾ നാടകക്കമ്പനിയിൽ ചേർന്നു. നാടകത്തിൽ ശിവാജിയുടെ ഭാഗം വളരെ തന്മയത്വത്തോടെ അഭിനയിച്ചതിനാൽ, ദ്രാവിഡകഴക നേതാവ് ഇ.വി. രാമസ്വാമി നായ്ക്കർ ‘ശിവാജിഗണേശൻ’ എന്നു വിളിച്ചു. ക്രമേണ ആ പേർ പ്രചാരത്തിൽവന്നു. എം. കരുണാനിധി തിരക്കഥ എഴുതിയ ‘പരാശക്തി’യാണു ഗണേശൻ അഭിനയിച്ച ആദ്യത്തെ സിനിമ. 225-ലധികം ചലച്ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. 1960-ൽ കെയ്റോവിൽ നടന്ന ആഫ്രോ-ഏഷ്യൻ ഫിലിം ഫെസ്റ്റിവലിൽ ‘വീരപാണ്ഡ്യ



കട്ടബൊമ്മൻ' എന്ന ചിത്രത്തിലെ അഭിനയത്തിന് ഏറ്റവും നല്ല നടനുള്ള സമ്മാനം കിട്ടി. ചൈന-ഇന്ത്യായുദ്ധക്കാലത്ത് 'തായ്നാട്', 'സിംഹനാദം കേൾക്കുത്' എന്ന രണ്ടു ഹ്രസ്വചിത്രങ്ങളിലും 'രക്തതിലകം' എന്ന ചിത്രത്തിലും അഭിനയിച്ചു. *കപ്പലോട്ടിയ തമിഴൻ, നവരാത്രി, മനോഹര, ഉത്തമപുത്രൻ, ഉയർന്തമനിതൻ, പാപമന്നിപ്പ്, പാലും പഴവും, പാശമലർ, ഇരുമ്പുതിരൈ* തുടങ്ങിയവയാണ് ഇദ്ദേഹം അഭിനയിച്ച മറ്റു പ്രധാന പടങ്ങൾ. 1966-ൽ പദ്മശ്രീ ബഹുമതി ലഭിച്ചു; രാജ്യസഭാംഗമായി രാഷ്ട്രപതി നാമനിർദേശം ചെയ്തു.

ആദ്യകാലത്തു ദ്രാവിഡകഴകത്തിൻെറയും പിന്നീടു ദ്രാവിഡ മുന്നേറ്റക്കഴകത്തിൻെറയും അനുഭാവിയായിരുന്ന ഇദ്ദേഹം പില്കാലത്തു കോൺഗ്രസിൽ ചേർന്നു. ഇപ്പോൾ 'തമിഴക മുന്നേറ്റ മുന്നണി' എന്ന പേരിൽ പ്രത്യേകമൊരു രാഷ്ട്രീയപാർട്ടി രൂപവത്കരിച്ചു. 'ശിവാജി നാടകമൻറം' എന്ന ഒരു നാടകസമിതിയും ഇദ്ദേഹത്തിനുണ്ട്.

ഗണ്ഡക്

ഗംഗയുടെ ഒരു പോഷകനദി. കാലിഗണ്ഡക്, ബുറിയാ, ത്രിശുലാ തുടങ്ങിയ ചെറുനദികൾ ചേർന്നതാണിത്. നേപ്പാളിൽ ഹിമാലയത്തിൽനിന്ന് ഉദ്ഭവിക്കുന്നു. ഉദ്ഭവം മുതൽ തെക്കുപടിഞ്ഞാറായും ഉത്തരപ്രദേശിലെ ഗോരഖ്പൂർ ജില്ലയ്ക്കു കുറുകെ തെക്കുകിഴക്കായും ഒഴുകുന്നു. ബീഹാറിലെ ചംപാരൻ, സരൺ എന്നീ ജില്ലകൾക്കു മധ്യേ ഒഴുകി പാറ്റ്നയ്ക്ക് അടുത്തുവച്ചു ഗംഗയിൽ ചേരുന്നു. ഈ നദിക്ക് 644 കി.മീ. നീളമുണ്ട്. മഞ്ഞുരുകി ഉണ്ടാകുന്നതാണ് ഇതിലെ ജലം. ഗണ്ഡകിലെ വെള്ളപ്പൊക്കം സമീപപ്രദേശങ്ങളിൽ കൂടെക്കൂടെ നാശനഷ്ടങ്ങൾ ഉണ്ടാക്കാറുണ്ട്.

പുരാണങ്ങളിൽ പറയുന്ന ഗണ്ഡകീ നദി ഇതുതന്നെയാവാം. വിശുദ്ധമായ സാളഗ്രാമശിലയുള്ളതും വിദേഹരാജ്യത്തിൻെറ പടിഞ്ഞാറേ അതിർത്തിയായിത്തീർന്നിട്ടുള്ളതും 'ഗണ്ഡകി' എന്നു പേരുള്ള 'ചക്രനദി' ആണ്. സ്കാന്ദപുരാണം, പദ്മപുരാണം, ദേവീഭാഗവതം ഇവയിൽ ഈ നദിയുടെ ഉദ്ഭവത്തെപ്പറ്റിയുള്ള കഥകളുണ്ട്. ശംഖചൂഡപത്നിയായ തുളസി വൈകുണ്ഠം പ്രാപിച്ചതോടെ അവളുടെ മുടി തുളസിച്ചെടിയായും ദേഹം ഗണ്ഡകിനദിയായും മാറിയെന്നാണ് ഒരു കഥ.

ഗൺകോട്ടൺ

നൈട്രോ സെല്ലുലോസ് എന്ന സ്ഫോടകവസ്തു. സെല്ലുലോസിൽ നൈട്രിക്ക് ആസിഡിൻെറ പ്രവർത്തനഫലമായുണ്ടാകുന്നു. തണുത്ത നൈട്രിക്ക് ആസിഡും സൾഫ്യൂറിക്ക് ആസിഡും നിശ്ചിതമായ അനുപാതത്തിൽ സെല്ലുലോസിൽ (തടി, പഞ്ഞി തുടങ്ങിയവ) ചേർത്ത് ഇത് ആദ്യമുണ്ടാക്കിയത് 1846-ൽ ആയിരുന്നു. സെല്ലുലോസിൻെറ നൈട്രേറ്റുകൾ വിവിധ ഉത്പന്നങ്ങൾ തരുന്നുണ്ട്. 8-12 ശതമാനം നൈട്രജൻ അടങ്ങിയ കൊളോഡിയോൺ, 12-15 ശതമാനം നൈട്രജൻ അടങ്ങിയ പൈറോനൈട്രോ സെല്ലുലോസ്, പതിമൂന്നു ശതമാനത്തിനുമേൽ നൈട്രജൻ അടങ്ങിയ ഗൺകോട്ടൺ എന്നിങ്ങനെ. ഖനികളിലെയും സമുദ്രാന്തർഭാഗത്തെയും വിസ്ഫോടനങ്ങൾക്ക് ഉപയോഗിക്കുന്നു. പുകയില്ലാത്ത കരിമരുന്നു നിർമിക്കുന്നതിനും ഇത് ഉപയോഗിക്കുന്നു. അത്തരം കരിമരുന്ന് 1864-ൽ ഉണ്ടാക്കിയത് നൈട്രോസെല്ലുലോസിൽ പൊട്ടാസ്യം നൈട്രേറ്റും ബേറിയം നൈട്രേറ്റും ചേർത്ത് ആയിരുന്നു.

1888-ൽ ആൽഫ്രെഡ് ബൺഹാഡ് നോബെൽ, പൈറോ നൈട്രോസെല്ലുലോസും നൈട്രോഗ്ലിസറിനും രണ്ടിനൊന്ന് എന്ന അനുപാതത്തിൽ ചേർത്ത് ശക്തികൂടിയ സ്ഫോടകവസ്തു ഉണ്ടാക്കി.

ഗൺപൗഡർ പ്ലോട്ട്

ബ്രിട്ടിഷ് ചരിത്രത്തിലെ ഒരു രാഷ്ട്രീയ ഗൂഢാലോചന. ഇംഗ്ലണ്ടിലെ രാജാവായിരുന്ന ജേംസ് ഒന്നാമനെയും പാർലമെൻറംഗങ്ങളെയും പ്രിവികൗൺസിലർമാരെയും 1605 നവംബർ 5-ാംതീയതി വധിക്കുന്നതിനുവേണ്ടിയായിരുന്നു ഇത് ആസൂത്രണംചെയ്തത്. റോബർട്ട് കാറ്റ്സ്ബൈ എന്ന ഒരു കത്തോലിക്കനായിരുന്നു ഇതിൻെറ സംഘാടകൻ. 1604-ൽ കത്തോലിക്കാ പുരോഹിതന്മാരെ നാടുകടത്തുന്നതിനുള്ള പ്രഖ്യാപനം ഉണ്ടായതെത്തുടർന്നാണ് ഈ ഗൂഢാലോചന. കാറ്റ്സ്ബൈയെക്കൂടാതെ തോമസ് വിൻറർ, തോമസ് പെർസി, ജോൺ റൈറ്റ്, ഗൈഫോക്സ് എന്നിവരായിരുന്നു ആദ്യം ഈ സംഘത്തിലുണ്ടായിരുന്നത്. ഇവർ പാർലമെൻറുമന്ദിരത്തിനു സമീപമുള്ള ഒരു കെട്ടിടം വാടകയ്ക്കെടുത്തു പ്രഭുസഭകൂടുന്ന മുറിയുടെനേരെ താഴെ വരത്തക്കരീതിയിലൊരു ഭൂഗർഭപാത നിർമിക്കുവാൻ ആദ്യം ശ്രമിച്ചു. എന്നാൽ അതിൻെറ പുരോഗതി മന്ദമായിരുന്നതിനാൽ വെസ്റ്റ് മിനിസ്റ്റർ കൊട്ടാരത്തിനു താഴെയുണ്ടായിരുന്ന ഒരു നിലവറ വാടകയ്ക്കെടുക്കുകയും അവിടെ വെടിമരുന്നു ശേഖരിക്കുകയുംചെയ്തു. ഒരു പട്ടാളക്കാരനായിരുന്ന ഗൈഫോക്സിനായിരുന്നു ഇതിൻെറ ചുമതല. ഇരുപതു വീപ്പയോളം വെടിമരുന്നു നിലവറയിൽ സംഭരിച്ചു. ഈ സംഘത്തിൽ പുതുതായി ചേർന്നവരിൽ മൊൺടേഗ്ൽ പ്രഭുവിൻെറ സ്യാലൻ ഫ്രാൻസിസ് ട്രെഷാം എന്നയാളും ഉണ്ടായിരുന്നു. കാര്യം മനസ്സിലാക്കിയ ഇയാൾ മൊൺട്രേഗ്ൽപ്രഭുവിന് അപകടസൂചന നല്കിക്കൊണ്ട് ഒരു കത്തെഴുതി. ഇദ്ദേഹത്തിൽനിന്നും ഈ വിവരം മുഖ്യമന്ത്രിയും പ്രിവികൗൺസിലർമാരും മനസ്സിലാക്കി. പാർലമെൻറു കൂടുന്നതിൻെറ തലേദിവസമായ നവംബർ 4-ാം തീയതി രണ്ടന്വേഷക സംഘങ്ങൾ വരികയും നിലവറ കൈവശപ്പെടുത്തുകയും ചെയ്തു. അപ്പോൾ അവിടെയുണ്ടായിരുന്ന ഗൈഫോക്സിനെ ഉടൻതന്നെ അറസ്റ്റുചെയ്തു. മറ്റുള്ളവർ രക്ഷപ്പെടുവാൻ ശ്രമിച്ചുവെങ്കിലും ഫലിച്ചില്ല. കാറ്റ്സ്ബൈ, പെർസി തുടങ്ങിയവർ അറസ്റ്റുചെയ്യുന്നതിനെ എതിർത്തപ്പോൾ വധിക്കപ്പെട്ടു. ട്രെഷാം ജയിലിൽവച്ചു മരണമടഞ്ഞു. ബാക്കിയുള്ളവർ കഠിനശിക്ഷയ്ക്കു വിധേയരായി.

ഈ സംഭവത്തിൻെറ സ്മാരകമെന്നവണ്ണം നവംബർ 5 ഇന്നും ഗൈഫോക്സ് ദിനം എന്ന പേരിൽ കൊണ്ടാടപ്പെടുന്നു.


ഗൺപൗഡർപ്ലോട്ടിലെ ഗൂഢാലോചനക്കാർ (മുകളിൽ).
ഗൂഢാലോചനക്കാരെ റോഡിൽ വലിച്ചിഴക്കുന്നു (താഴെ).

ഗൺമെറ്റൽ

ഒരുതരം കൂട്ടുലോഹം. ഓടിനോട് ഏതാണ്ടു സാമ്യമുള്ള ഇതിൻെറ ചേരുവകൾ ചെമ്പ് (88%), സിങ്ക് (2%), വെളുത്തീയം (10%) എന്നിവയാണ്. ആദ്യകാലത്തു തോക്കുകൾ നിർമിക്കുന്നതിനുപയോഗിച്ചിരുന്നതിനാൽ ഇതിനു 'ഗൺമെറ്റൽ' എന്ന പേരുണ്ടായി. കാഠിന്യവും ഈടും കൂടുതലുള്ളതിനാൽ യന്ത്രഭാഗങ്ങൾ നിർമിക്കുന്നതിനും ഇപ്പോൾ ഇതുപയോഗിച്ചുവരുന്നു. †ഓട് നോക്കുക.

ഗതാഗതം

യാത്രക്കാരുടെയും ചരക്കുകളുടെയും ദേശാന്തരണം. ഗതാഗതവികസനം പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു ജനസമൂഹത്തിൻെറ അഭ്യുന്നതിക്കു കാരണവും അതിൻെറ അനന്തരഫലവുമാണ്. അസംസ്കൃതസാധനങ്ങൾ ലഭിക്കുന്നത് ഒരിടത്തും അവ ഉപഭോക്തൃസാധനങ്ങളായി രൂപാന്തരപ്പെടുത്തുന്നത് മറ്റൊരിടത്തും ആ സാധനങ്ങൾ വിറ്റഴിക്കേണ്ടത് മറ്റൊരിടത്തുമായിരിക്കും. അതുപോ



പല്ലക്കിലുള്ള സഞ്ചാരം (18-ാംനൂറ്റാണ്ട്)

ലെതന്നെ ജനങ്ങൾക്ക് അവരുടെ തൊഴിലുകൾ സംബന്ധിച്ചു വിവിധസ്ഥലങ്ങളിലേക്കു പോകേണ്ടിവരും. ഇതിനൊക്കെ സഞ്ചാരസൗകര്യങ്ങൾ അത്യാവശ്യമാണ്. ദൂരം പല ബുദ്ധിമുട്ടുകൾക്കും കാരണമാവുന്നുണ്ട്. സമയവും പണവും ലാഭിക്കത്തക്കവണ്ണമുള്ള ഏർപ്പാടുകളും ദൂരത്തിന്റെ ഫലമായുള്ള വൈഷമ്യങ്ങൾ ലഘൂകരിക്കാൻ സഹായിക്കുന്നു. പോക്കുവരവ് സുരക്ഷിതവും സൗകര്യപ്രദവും സുഖകരവുമാക്കുക എന്ന പ്രശ്നവും പ്രധാനപ്പെട്ടതാണ്. ഒരു രാജ്യത്തിന്റെ ഉത്ക്കർഷം ഈവക കാര്യങ്ങളിലുള്ള അതിന്റെ നേട്ടങ്ങളെ ആശ്രയിച്ചിരിക്കും.

ഭൂപ്രകൃതി. പോക്കുവരവുസംബന്ധിച്ച് ഒരു നാടിന്റെ കഴിവിനെ ഏറിയകൂറും നിർണയിക്കുന്നതു ഭൂമിശാസ്ത്രപരമായ ഘടകങ്ങളാണ്. സമതലങ്ങളിൽക്കൂടി മന്ദമായൊഴുകുന്ന ആഴവും പരപ്പുമുള്ള പുഴകളും പ്രകൃതിദത്തമായ തടാകങ്ങളും, തോടുകളും, ധാരാളം തുറമുഖങ്ങളും ഉൾക്കടലുകളും ഉള്ള വിസ്തൃതമായ സമുദ്രതീരവും എല്ലാം ജലഗതാഗതത്തിന്റെ വളർച്ചയ്ക്കു സഹായകമാണ്. പൊക്കം കൂടിയ മലകൾ കരമാർഗങ്ങൾക്കു മാത്രമല്ല വ്യോമമാർഗങ്ങൾക്കും തടസ്സങ്ങൾ സൃഷ്ടിക്കുന്നു. വാണിജ്യപ്രധാനമായ പാതകൾ കടന്നുപോകുന്ന പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന മണലരണ്യങ്ങളും ചതുപ്പുനിലങ്ങളും മറ്റും ഇതുപോലെ പ്രതിബന്ധങ്ങൾ ഉണ്ടാക്കുന്നു. ബ്രിട്ടിഷ് ദ്വീപുകൾക്കു ചുറ്റും സമുദ്രം ഉള്ളതുകൊണ്ടാണു ബ്രിട്ടൻ ഒരു നാവികശക്തിയായി ഉയർന്നത്. സോവിയറ്റ് യൂണിയന് എല്ലാ കാലാവസ്ഥകളിലും ഉപയോഗിക്കാൻ കൊള്ളാവുന്ന നല്ല സമുദ്രതീരതുറമുഖങ്ങൾ ഇല്ലെന്നുള്ളത് ഒരു വലിയ കുറവാണ്. അമേരിക്കൻ ഐക്യനാടുകളിൽ മിസ്സിസ്സിപ്പി നദിയും അതിന്റെ പോഷകനദികളും ജലഗതാഗതത്തിന് ഒന്നാന്തരം സൗകര്യം നല്കുന്നു. നേരെ മറിച്ചു കിഴക്കുഭാഗത്തു നീണ്ടുനിവർന്നു കിടക്കുന്ന അപ്പലേച്ചിയൻ പർവതനിരകളും പടിഞ്ഞാറുള്ള റോക്കി, സിയറെ നിവാദാമലനിരകളും അമേരിക്കൻ ഭൂഖണ്ഡത്തിനു കുറുകെ റെയിൽ, മോട്ടോർ മാർഗമായുള്ള ഗതാഗതത്തിനു തടസ്സം സൃഷ്ടിക്കുന്നു. കേരളത്തിൽ തെക്ക് തിരുവനന്തപുരം മുതൽ വടക്ക് തിരൂർവരെ നീണ്ടുകിടക്കുന്ന കായലുകളുടെയും തടാകങ്ങളുടെയും തോടുകളുടെയും ശൃംഖല ജലഗതാഗതത്തിനു സൗകര്യം നല്കുന്നു. പ്രകൃതിദത്തമായ ഗതാഗതസൗകര്യം ഇല്ലാത്തിടത്തു മനുഷ്യൻ ശാസ്ത്രീയ-സാങ്കേതിക പരിജ്ഞാനമുപയോഗിച്ചു സൗകര്യം ഉണ്ടാക്കുന്നു. സൂയസ് തോട് ഇത്തരത്തിലുള്ള ഒന്നാണ്.



കുതിരവണ്ടി (19-ാംനൂറ്റാണ്ട്)



ചരിത്രാതീത മനുഷ്യൻ ഉരുളൻ തടികൾ ചക്രത്തിനു പകരം ഉപയോഗിച്ചു

ചരിത്രം. പ്രാചീനകാലങ്ങളിൽ മനുഷ്യൻ ആഹാരസമ്പാദനാർഥം സഞ്ചരിക്കുവാൻ നിർബന്ധിതനായിരുന്നു. കൂടുതൽ സാധനങ്ങൾ ചുമന്നുകൊണ്ടുപോവുക പ്രയാസമായിരുന്നതിനാൽ അത്യാവശ്യമുള്ള നിത്യോപയോഗസാധനങ്ങൾ മാത്രമേ എടുത്തിരുന്നുള്ളു. കാലക്രമത്തിൽ ഇത്തരം സാധനങ്ങൾ കൊണ്ടുപോകുന്നതിനു മൃഗങ്ങളെ ഉപയോഗിച്ചുതുടങ്ങി. കഴുതയെയാണ് ആദ്യമായി ഇതിനുപയോഗിച്ചത്. അയ്യായിരം കൊല്ലം മുമ്പുമുതൽ തന്നെ ഏഷ്യയെയും ആഫ്രിക്കയെയും ബന്ധിച്ചിരുന്ന പാതകളിലൂടെയുള്ള സഞ്ചാരങ്ങൾക്കു സ്വാർഥവാഹകസംഘങ്ങൾ കഴുതയെ ഉപയോഗിച്ചിരുന്നതായി കാണുന്നുണ്ട്. മണലരണ്യങ്ങളിൽക്കൂടിയുള്ള യാത്രകൾക്ക് ഒട്ടകങ്ങളെയാണ് ഉപയോഗിച്ചിരുന്നത്. ഭൂപ്രകൃതിയുടെ വ്യത്യാസമനുസരിച്ചു കാള, കലമാൻ, ആന, യാക്ക്, പോത്ത് മുതലായ മൃഗങ്ങളെയും ചുമടുചുമക്കുന്നതിന് ഉപയോഗിച്ചിരുന്നു. ഈ മൃഗങ്ങൾക്കു നിർബാധം സഞ്ചരിക്കാവുന്ന പാതകളാ



പായ്കെട്ടിയ
പടക്കപ്പൽ
(16-ാംനൂറ്റാണ്ട്)

യിരുന്നു ആ കാലങ്ങളിലെ ഗതാഗതമാർഗങ്ങൾ. ഏറിയകൂറും സവാരിചെയ്യുന്നതിനാണു കുതിരകളെ ഉപയോഗിച്ചിരുന്നത്.

ഭാരം ചുമന്നുകൊണ്ടുപോകുന്നതിനെക്കാൾ എളുപ്പവും സൗകര്യവും വാഹനത്തിൽവച്ചു വലിച്ചുകൊണ്ടുപോകുന്നതാണെന്നു മനുഷ്യൻ മനസ്സിലാക്കി. ചക്രങ്ങളില്ലാത്ത, തെന്നുവണ്ടി അഥവാ സ്ലെഡ്ജ് (Sledge) ആണ് ആദ്യമായി ഉപയോഗിച്ചുതുടങ്ങിയത്. ചക്രങ്ങളുള്ള വണ്ടികൾ നിർമിക്കുന്നതിനായിരുന്നു അടുത്ത ശ്രമം. ബി.സി. 3500-ൽ യൂഫ്രട്ടീസ്-ടൈഗ്രീസ് താഴ്വരയിലാണു ചക്രമുള്ള വണ്ടി ആദ്യമുപയോഗിച്ചത്. ബി.സി. 2000-ത്തിൽ ക്രീറ്റിലും ബി.സി. 1600-ൽ ഈജിപ്ത്, പലസ്തീൻ എന്നീ രാജ്യങ്ങളിലും ബി.സി. 1300-ൽ ചൈനയിലും ഇതു നടപ്പിൽവന്നു. ഇതോടുകൂടി ഉപരിതലം ഉറപ്പിച്ച റോഡുകൾ ഒഴിച്ചുകൂടാൻ പാടില്ലാത്തതായി.

റോഡുകൾ. റോഡുനിർമാണത്തിൽ പ്രശസ്തിനേടിയത് റോമാക്കാരായിരുന്നു. തങ്ങൾ പിടിച്ചടക്കിയ എല്ലാ പ്രദേശങ്ങളിലും അവർ റോഡുകൾ നിർമിച്ചു. സൈനികാവശ്യങ്ങൾക്കും, വിവിധ ജനതകളെ യോജിപ്പിച്ച് ഭരണം സുഗമമാക്കുന്നതിനും ഇത് അത്യാവശ്യമാണെന്ന് അവർ കണ്ടു. ബി.സി. 312-ൽ നിർമിച്ച ലയാ, ആപ്പിയാ എന്ന റോഡ് ഏറ്റവും പ്രധാനമാണ്. റോമിൽനിന്ന് കാപ്പുവായിലേക്കും അവിടെനിന്ന് ബ്രിണ്ടിസിയിലേക്കും ഇറ്റാലിയൻ ഉപദ്വീപിന്റെ പടിഞ്ഞാറേതീരത്തുകൂടി 259 കി.മീറ്റർ ദൂരത്തിൽ ഇത് തെക്കോട്ടു നീണ്ടുകിടന്നു. ഇറ്റലിക്കു വെളിയിലും അവർ ധാരാളം റോഡുകൾ നിർമിച്ചു. ഹാഡ്രിയാന്റെ കാലത്ത് ബ്രിട്ടനിൽനിന്ന് യൂഫ്രട്ടീസ്വരെ ഒന്നാന്തരം റോഡിൽക്കൂടി യാത്രചെയ്യാൻ സാധിക്കുമായിരുന്നു എന്നു പറയുമ്പോൾ റോമാക്കാരുടെ റോഡുനിർമാണത്തിന്റെ വൈപുല്യം മനസ്സിലാക്കാം. എ.ഡി. 200-ാമാണ്ടോടുകൂടി റോമൻ കേന്ദ്രഭരണം ശിഥിലമായി. അതോടെ അവരുടെ റോഡു നിർമാണവും അവസാനിച്ചു. പിന്നീടു ശതാബ്ദങ്ങൾക്കു ശേഷമാണു റോഡുനിർമാണജോലി വിപുലമായ തോതിൽ പുനരാരംഭിച്ചത്. റോഡിന് ഉറപ്പുള്ള ഉപരിതലം നിർമിക്കുന്ന ആധുനികരീതി ആവിഷ്കരിച്ചത് മക്ക് ആഡം എന്ന ഇറ്റലിക്കാരനാണ്. കോൺക്രീറ്റ്, ടാർ, റബ്ബർ ഇവ ഉപയോഗിച്ചുള്ള 'സർഫസിങ്' ഇന്നു പരിഷ്കൃതരാജ്യങ്ങളിലെല്ലാം നിലവിലുണ്ട്.

ജലഗതാഗതം: നാഗരികതകൾ നദീതടങ്ങളിലോ സമുദ്രതീരങ്ങളിലോ ആണ് വളർന്നു വികസിച്ചത്. തന്മൂലം ജലഗതാഗതത്തിനു വളരെ പ്രാധാന്യം സിദ്ധിച്ചു. തടികൊണ്ടുള്ള ചെങ്ങാടങ്ങളും വള്ളങ്ങളും ഈജിപ്തിൽ ഉപയോഗിച്ചിരുന്നു. ടൈഗ്രീസ്, യൂഫ്രട്ടീസ് എന്നീ നദികളിൽ വള്ളി(വേഴൽ)കൊണ്ടു നിർമിച്ചു തുകൽ പൊതിഞ്ഞ ജലവാഹനങ്ങൾ ഗതാഗതത്തിനുപയോഗിച്ചുവന്നിരുന്നു. തടികൊണ്ടു നിർമിച്ച ബോട്ടുകളുടെ ആവിർഭാവവും കാറ്റിന്റെ സഹായത്താൽ അവ ഓടിക്കുന്നതിനു പായ് ഉപയോഗിച്ചുതുടങ്ങിയതും ജലഗതാഗതത്തിൽ അടിസ്ഥാനപരമായ മാറ്റം വരുത്തി. ചുരുങ്ങിയ ചെലവിൽ ചരക്കുകൾ ദൂരസ്ഥലങ്ങളിലേക്കു കൊണ്ടുപോകാനും ഇതുമൂലം സാധ്യമായി. ബി.സി. ഒന്നാം സഹസ്രാബ്ദത്തോടുകൂടി ഫിനിഷ്യക്കാർ പായ്ക്കപ്പലുകൾ നിർമിച്ചു മധ്യധരണ്യാഴിയിൽ വാണിജ്യമേധാവിത്വം സ്ഥാപിച്ചു. അവർ അത്ലാന്തിക്കിലേക്കും ഇന്ത്യാസമുദ്രത്തിലേക്കും അവരുടെ ആധിപത്യം വ്യാപിപ്പിച്ചു. യാനപാത്രങ്ങൾക്കു സഞ്ചരിക്കത്തക്ക രീതിയിൽ കനാലുകൾ ആദ്യമായി ഉണ്ടാക്കിയത് ഈജിപ്തുകാരാണ്. ജെയിംസ് വാട്ട് ആവിയന്ത്രം കണ്ടുപിടിച്ചതിന്റെ ഫലമായി നടപ്പിലായ ആവിക്കപ്പലുകൾ സമുദ്രഗതാഗതത്തിൽ ഒരു നൂതനയുഗം സൃഷ്ടിച്ചു. മിക്ക രാജ്യക്കാരും ഇരുമ്പുകൊണ്ടും ഉരുക്കുകൊണ്ടുമുള്ള ആവിക്കപ്പലുകൾ നിർമിച്ചു. ഇരുപതാം ശതാബ്ദം ആരംഭിച്ചതോടെ സകലവിധ സുഖസൗകര്യങ്ങളോടുംകൂടിയ സ്റ്റീം ഷിപ്പുകൾ വിവിധ സമുദ്രങ്ങളിൽ സഞ്ചരിച്ചുതുടങ്ങി.



അടിമകൾ തണ്ടുവലിക്കുന്ന
റോമൻ പായ്ക്കപ്പൽ



ആവികൊണ്ട് ഓടുന്ന തീവണ്ടിഎൻജിൻ (19-ാംനൂറ്റാണ്ട്).

റെയിൽവേ: ആവിവണ്ടിയുടെ ആവിർഭാവത്തോടെ ഗതാഗതം സംബന്ധിച്ച് വിപ്ലവകരമായ മാറ്റം ഉണ്ടായി. റെയിൽവേ ഗതാഗതം ആദ്യം തുടങ്ങിയത് ഇംഗ്ലണ്ടിലായിരുന്നു (1825). പിന്നീടതു യൂറോപ്പിലേക്കും അമേരിക്കയിലേക്കും വ്യാപിച്ചു. ഡീസൽ, ഇലക്ട്രിക്, ലോക്കോമോട്ടീവ് തുടങ്ങിയ സമ്പ്രദായങ്ങൾ നടപ്പിൽവന്നതോടെ റെയിൽവേ ഇന്നു കരമാർഗമുള്ള ഗതാഗതത്തിന്റെ നട്ടെല്ലായിട്ടുണ്ട്.

മോട്ടോർവണ്ടി: കരഗതാഗതത്തെ സംബന്ധിച്ചിടത്തോളം പത്തൊൻപതാം ശതാബ്ദത്തിൽ റെയിൽവേക്ക് ഉണ്ടായിരുന്ന പ്രാധാന്യം ഇരുപതാംനൂറ്റാണ്ടിൽ മോട്ടോർവണ്ടിക്കു ലഭിച്ചു. ഇന്നു പരിഷ്കൃതരാജ്യങ്ങളിൽ അനവരതം ഓടിക്കൊണ്ടിരിക്കുന്ന കാറുകളും ബസ്സുകളും ലോറികളും വ്യാവസായികമായും സാമൂഹികമായും വളരെയധികം പരിവർത്തനങ്ങൾ വരുത്തിയിട്ടുണ്ട്.

വിമാനം: ഗതാഗതം സംബന്ധിച്ച ഏറ്റവും നാടകീയവും അദ്ഭുതകരവുമായ സംഭവം വ്യോമയാത്രയുടെ ആരംഭമാണ്. ഇതു തികച്ചും ഇരുപതാംനൂറ്റാണ്ടിന്റെ ഒരു പ്രതിഭാസമാണുതാനും. ഒന്നാം ലോകയുദ്ധകാലത്തു യുദ്ധാവശ്യങ്ങൾക്ക് ഉപകരിച്ച വിമാനം യുദ്ധാനന്തരഘട്ടത്തിൽ വണിജ്യാടിസ്ഥാനത്തിൽ യാത്രക്കാരെ കയറ്റിയിറക്കുന്നതിനും തപാൽ ഉരുപ്പടികൾ വിവിധ സ്ഥലങ്ങളിൽ എത്തിക്കുന്നതിനും ഉപയോഗിച്ചുതുടങ്ങി. ഇന്നു ലോകത്തിലെ മിക്ക രാജ്യങ്ങളിലെയും പ്രധാനനഗരങ്ങളിലേറിയകൂറും വിമാനഗതാഗതത്താൽ അന്യോന്യം ബന്ധിക്കപ്പെട്ടിരിക്കുകയാണ്.



△
ശബ്ദാതിവേഗമുള്ള
ജെറ്റ്‌വിമാനം (1960കളിൽ)



ഒറ്റപ്പാളത്തിൽ ഓടുന്ന
റബ്ബർ ടയറുള്ള തീവണ്ടി. ▷

എണ്ണക്കുഴലുകൾ: പൈപ്പ്ലൈനുകൾ എന്ന പേരിൽ അറിയപ്പെടുന്ന എണ്ണക്കുഴലുകൾ ഇരുപതാംനൂറ്റാണ്ടിലെ ഒട്ടും അപ്രധാനമല്ലാത്ത ഒരു ഗതാഗതോപാധിയാണ്. ക്രൂഡ് ഓയിൽ, ഗാസൊലിൻ മുതലായ ഇന്ധന എണ്ണകൾ ഉത്പാദനകേന്ദ്രങ്ങളിൽനിന്നു വലിയ ഉപഭോക്തൃകേന്ദ്രങ്ങളിലേക്കു കൊണ്ടുപോകാൻ ഈ പൈപ്പ്ലൈനുകൾ ഉപകരിക്കുന്നു.

ഗതാഗതം, ഇന്ത്യയിൽ

ഇന്ത്യയിലെ ഗതാഗതസൗകര്യങ്ങളുടെ വികസനചരിത്രം. ഇന്ത്യയിലെ ഗതാഗതവികസനത്തെപ്പറ്റി സമഗ്രമായ ഒരു ആസൂത്രണം സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം മാത്രമാണ് ഉണ്ടായത്. ബ്രിട്ടിഷ് ഭരണത്തിൻെറ ആരംഭംവരെ സാമൂഹികമായും സാംസ്കാരികമായും രാഷ്ട്രീയമായും താരതമ്യേന പരസ്പരസമ്പർക്കമില്ലാത്ത വിവിധ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഉപഭൂഖണ്ഡമെന്ന നിലയിലാണ് ഇന്ത്യയ്ക്ക് ഉണ്ടായിരുന്നത്. ബ്രിട്ടിഷുകാരുടെ വരവോടുകൂടി ഈ സ്ഥിതി മാറി. ബ്രിട്ടിഷ് പരമാധികാരത്തിന്നെതിരായി വല്ല നീക്കങ്ങളും ഉണ്ടാവുകയാണെങ്കിൽ അവ വിനാവിളംബം കണ്ടുപിടിച്ചു. ഇല്ലായ്മചെയ്യാൻ അവർ തന്ത്രപ്രധാനമായ സ്ഥലങ്ങളിൽ കോട്ടകൾ കെട്ടുകയും പട്ടാളത്തെ രാജ്യത്തിൻെറ ഏതറ്റത്തും ഏതു നിമിഷത്തിലും എത്തിക്കത്തക്കവണ്ണം ഗതാഗതസൗകര്യങ്ങൾ വർധിപ്പിക്കുകയും ചെയ്തു. ഇന്ത്യൻ റെയിൽവെയുടെ അദ്ഭുതകരമായ വളർച്ചയ്ക്കു പ്രധാന കാരണം ഇതായിരുന്നു.

1853 ഏപ്രിൽ പത്താംതീയതിയാണ് ഇന്ത്യയിൽ റെയിൽവേ ആദ്യമായി ഉദ്ഘാടനം ചെയ്യപ്പെട്ടത്. അന്നു കേവലം 32 കി.മീ. മാത്രമായിരുന്നു റെയിൽവേ ലൈനുകളുടെ ദൈർഘ്യം. 1950-'51 ആയപ്പോൾ 54,845 കി.മീ. ആയി ഉയർന്നു. ഇന്ത്യയിലങ്ങോളമിങ്ങോളമുള്ള അസംസ്കൃതസാധനങ്ങൾ ശേഖരിച്ച് ഇംഗ്ലണ്ടിലേക്കയയ്ക്കുന്നതിനും ഇംഗ്ലണ്ടിൽനിന്ന് ഇന്ത്യയിലേക്കു കൊണ്ടുവരുന്ന ഉപഭോക്തൃസാധനങ്ങൾ വിവിധ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും റെയിൽവേകൾ ബ്രിട്ടിഷ് വണിക്കുകൾക്കു പ്രയോജനപ്പെട്ടു. എങ്കിലും റെയിൽവേ വികസനത്തിനു ബ്രിട്ടിഷ് ഭരണാധികാരികളെ പ്രേരിപ്പിച്ച പ്രധാന കാരണങ്ങൾ രാഷ്ട്രീയവും സൈനികവുമായിരുന്നു. സ്വതന്ത്രഇന്ത്യയുടെ ലക്ഷ്യമാകട്ടെ, രാജ്യത്തിൻെറ മൊത്തത്തിലുള്ള സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക വികസനമാണ്. അസംസ്കൃതസാധനങ്ങളും യന്ത്രസാമഗ്രികളും മറ്റും രാജ്യത്തിൻെറ ഒരറ്റത്തുനിന്നും മറ്റേ അറ്റംവരെ എത്തിക്കുക, ആഭ്യന്തരവാണിജ്യവികസനം ത്വരിതപ്പെടുത്തുക, ഉത്പാദനകേന്ദ്രങ്ങളെയും ഉപഭോക്തൃകേന്ദ്രങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുക, രാജ്യരക്ഷാപ്രവർത്തനങ്ങൾ വിജയകരമായി സംഘടിപ്പിക്കുക, രാജ്യത്തിൻെറ വിവിധ പ്രദേശങ്ങളിലുള്ള ജനങ്ങൾ തമ്മിൽ സാമൂഹികവും സാംസ്കാരികവുമായ ഐക്യദാർഢ്യം ഉണ്ടാകത്തക്കവണ്ണം വിനോദസഞ്ചാരങ്ങളും കായികാഭ്യാസമത്സരങ്ങളും മറ്റും പ്രോത്സാഹിപ്പിക്കുക എന്നിവയെല്ലാം സാധ്യമാവണമെങ്കിൽ ഗതാഗതസൗകര്യങ്ങൾ വികസിച്ചേ പറ്റൂ. ഈ ലക്ഷ്യം മുൻനിർത്തി പല വികസനപരിപാടികളും ആസൂത്രണംചെയ്യുകയുണ്ടായി.



റെയിൽവേ. ദേശീയ സമ്പദ്വ്യവസ്ഥയുമായി ഏറ്റവും അടുത്തുബന്ധപ്പെട്ട ഗതാഗത ഏജൻസി റെയിൽവേയാണ്. ഒന്നാം പഞ്ചവത്സരപദ്ധതിയിൽ റെയിൽവേയ്ക്ക്, പൊതുമേഖലാസംരംഭങ്ങൾക്ക് ആകെക്കൂടിയുണ്ടായിരുന്ന ധനവിനിയോഗത്തിൻെറ 21.6%-ഉം, രണ്ടാം പദ്ധതിയിൽ 22.3%-ഉം, മൂന്നാം പദ്ധതിയിൽ 19.5%-ഉം ചെലവാക്കി. 1966-'67 കണക്കുകളനുസരിച്ച് ഇന്ത്യൻ റെയിൽവേയ്ക്കു 11,729 ലോക്കൊമോട്ടീവുകളും 33,505 കോച്ചുകളും, 3,77,064 വാഗണുകളും ഉണ്ടായിരുന്നു.

ഇന്ത്യൻ റെയിൽവേയുടെ ആസ്തി 10,377.48 കോടി രൂപ ആണ് (31.3.'85). ജോലിക്കാരുടെ എണ്ണം 16.03 ലക്ഷം. 1984-85-ൽ മൊത്തം യാത്രക്കാർ 333.32 കോടി. കൈകാര്യം ചെയ്ത ചരക്ക് 26.48 കോടി ടൺ. ട്രെയിനുകളുടെ എണ്ണം 11,270. സ്റ്റേഷനുകൾ 7,093. ലോക്കൊമൊട്ടീവുകൾ 10,128. കോച്ചുകൾ 38,583. വാഗണുകൾ 3,65,390. വൈദ്യുതീകരിച്ച റൂട്ടുകളുടെ ദൈർഘ്യം, 6,325 കി.മീ. മൊത്തം റെയിൽവേയുടെ ദൈർഘ്യം, 61,850 കി.മീ. റണ്ണിങ്ട്രാക്ക് 76,963 കി.മീ. 1950-51-ൽ യാത്രക്കാരുടെ എണ്ണം 128.4 കോടി മാത്രമായിരുന്നു. ഇന്ന് അതു മൂന്നിരട്ടിയോളമായി. 1950-51-ൽ രണ്ടാംക്ലാസ് യാത്രക്കാരിൽനിന്നുള്ള വരവ് 84.47 കോടി രൂപ ആയിരുന്നത് 1984-85-ൽ 1292 കോടിയായി വർധിച്ചു. ചാർജുവർധനയുടെ ഫലം കൂടിയാണ് ഇത്.

സംസ്ഥാനം	ടാർ/കോൺക്രീറ്റ് റോഡുകൾ (കി.മീ)	പരുക്കൻ റോഡുകൾ (കി.മീ).
ആന്ധ്ര	67,087	66,908
അസം	7,924	24,542
ബിഹാർ	29,215	54,970
ഗുജറാത്ത്	48,780	14,612
ഹര്യാന	21,281	3,160
ഹിമാചൽപ്രദേശ്	4,704	16,142
ജമ്മു-കശ്മീർ	7,494	4,369
കർണാടക	68,136	46,073
കേരള	24,461	80,389
മധ്യപ്രദേശ്	58,230	54,946
മഹാരാഷ്ട്ര	92,145	91,029
മണിപ്പൂർ	1,973	3,491
മേഘാലയ	2,762	2,483
നാഗാലാൻഡ്	878	5,453
ഒറിസ്സാ	16,784	1,02,702
പഞ്ചാബ്	37,033	10,711
സിക്കിം	1,118	59
തമിഴ്നാട്	81,878	63,646
ത്രിപുര	1,294	7,098
ഉത്തർപ്രദേശ്	72,811	1,54,773
പടി. ബംഗാൾ	25,336	31,665
കേന്ദ്രഭരണപ്രദേശങ്ങൾ:		
അന്തമാൻ നിക്കോബാർ	583	81
അരുണാചൽപ്രദേശ്	2,051	10,693
പോണ്ടിച്ചേരി	1,218	1,153
ദാദാനാഗർഹവേലി	217	43
ദില്ലി	8,844	7,052
ഗോവാ, ദാമൻ, ദ്യൂ	3,287	2,796
മിസോറാം	1,168	1,153

1984-85-ൽ ഇന്ത്യൻ റെയിൽവേ മെട്രോയുഗത്തിലേക്കു കടന്നു. കല്ക്കത്തയിൽ എസ്പ്ലനേഡ് ഭവാനിപ്പൂർ ഭൂഗർഭപാതയ്ക്കു 3.5 കി.മീ നീളമുണ്ട്. 2.2 കി.മീ. നീട്ടി അത് ഡംഡം വിമാനത്താവളത്തോടു ഘടിപ്പിച്ചിരിക്കുന്നു. 20 മിനിറ്റ് ഇടവിട്ട് ഇവിടെ തീവണ്ടി ഓടുന്നു.

റോഡുഗതാഗതം. റോഡുഗതാഗതവും ഇന്നു വളരെ വികസിച്ചിട്ടുണ്ട്. 1947-ൽ 2500 കി.മീ. ദേശീയപാത ഉണ്ടായിരുന്നത് 1985-86-ൽ 31,987 കി.മീ. ആയി വർധിച്ചു. ഏഴാം പദ്ധതിയിൽ റോഡു വികസനത്തിന് 1,019.75 കോടി രൂപ നീക്കിവച്ചിരിക്കുന്നു. സ്റ്റേറ്റ്പാതകളും ജില്ലാപാതകളും സംസ്ഥാനങ്ങളുടെ ചുമതലയിലാണ്. അവയിലും പുരോഗതി ഉണ്ടായിട്ടുണ്ട്. (അതതു സംസ്ഥാനങ്ങൾ നോക്കുക).

ജലഗതാഗതം. ചരക്കു വഹിക്കുന്നതിൻെറ അളവ് (Shipping tonnage) നോക്കിയാൽ ഇന്ത്യയ്ക്കു ലോകത്തിൽ 16-ാം സ്ഥാനമാണ് ഉള്ളത്. സ്വാതന്ത്ര്യം നേടുന്ന സമയത്ത് 1.92 ലക്ഷം ജി.ആർ.റ്റി. (ഗ്രോസ് രജിസ്റ്റേർഡ് ടണേജ്) ഉണ്ടായിരുന്നത് 1986-ൽ 55.83 ജി.ആർ.റ്റി. ആയി ഉയർന്നു. ഇന്ത്യയിൽ 55 കപ്പൽ കമ്പനികൾ ഉണ്ട്. 19 എണ്ണം കരയോരവ്യാപാരത്തിൽ മാത്രവും 29 എണ്ണം വിദേശവ്യാപാരത്തിൽ മാത്രവും ബാക്കിയുള്ളവ രണ്ടുതരം വ്യാപാരത്തിലും ഏർപ്പെട്ടിരിക്കുന്നു.

ഇന്ത്യയിൽ നാലുമേജർ കപ്പൽ നിർമാണശാലകളും നാല് ഇടത്തരം നിർമാണശാലകളുമുണ്ട്. കൊച്ചിയിലെ കപ്പൽ നിർമാണശാലയിൽ 86,000-വും വിശാഖപട്ടണത്തിൽ 45,000-വും ടൺ കേവുഭാരമുള്ള കപ്പൽ നിർമിക്കുന്നു. ഇന്ത്യയിൽ 15 മേജർ റിപ്പയർ ഡ്രൈഡോക്കുകൾ ഉണ്ട്.


ഇന്ത്യയിലെ
പ്രധാന റെയിൽവേമാർഗങ്ങൾ.

ഉൾനാടൻ ജലഗതാഗത മാർഗങ്ങളിൽ 5200 കി.മീ. വൻനദികളുണ്ട്. ഇതിൽ 1,700 കി.മീ. മാത്രമേ യന്ത്രവത്കൃതനൗകകൾ ഉപയോഗിക്കുന്നുള്ളു. തോടുകൾ 4,300 കി.മീ. ഉണ്ട്. 331 കി.മീ.


ഇന്ത്യൻ എയർലൈൻസിൻെറ
യാത്രാപഥങ്ങൾ

മാത്രം യന്ത്രവത്കൃതനൗകകൾ ഉപയോഗിക്കുന്നു. ഗംഗ, ബ്രഹ്മപുത്ര, ഗോദാവരി, കൃഷ്ണ, മഹാനദി, നർമദ, തപതി ഇവയാണു മുഖ്യനദികൾ. കേരളത്തിലെ കായലുകളും തോടുകളും ജലഗതാഗതത്തിനു പ്രയോജനപ്പെടുന്നു.

ഇന്ത്യയിൽ 11 മേജർ തുറമുഖങ്ങളും 139 മൈനർ തുറമുഖങ്ങളും പ്രവർത്തനസജ്ജമാണ്. 87 ചെറുകിടത്തുറമുഖങ്ങൾ വേണ്ടത്ര പ്രവർത്തനമില്ലാതെ നിലവിലുണ്ട്. കണ്ട്ല, ബോംബെ, മർമുഗോവാ, ന്യൂ മാംഗളൂർ, കൊച്ചി ഇവ പടിഞ്ഞാറേ തീരത്തും തൂത്തുക്കുടി, മദിരാശി, വിശാഖപട്ടണം, പരദീപ്, കല്ക്കത്താ, ഹാൽദിയ ഇവ കിഴക്കെ തീരത്തുമുള്ള മേജർ തുറമുഖങ്ങളാണ്.

വിമാനഗതാഗതം. ഇന്ത്യയിൽ വിമാനഗതാഗതത്തിനു രണ്ടു കോർപ്പറേഷനുകൾ ഉണ്ട്: എയർ ഇന്ത്യ-അന്തർദേശീയഗതാഗതത്തിന്, ഇന്ത്യൻ എയർലൈൻസ്-രാജ്യത്തിനുള്ളിലെ ഗതാഗതത്തിന്.

ഗതി

വ്യാകരണത്തിൽ ശബ്ദവിഭാഗത്തിലെ ഒരിനം. ശബ്ദങ്ങളെ വാചകം (സ്വന്തമായി അർഥമുള്ളത്.) ദ്യോതകം (സ്വന്തമായി അർഥമില്ലാത്തത്) എന്നും രണ്ടായി തിരിക്കാം. ദ്യോതകത്തെ ഗതി, ഘടകം, വ്യാക്ഷേപകം, നിപാതം എന്നു വിഭജിക്കാം.

> "വിഭക്തിയെ വിളക്കുന്ന
> ദ്യോതകം ഗതി സംജ്ഞിതം"

എന്നു കേരളപാണിനീയം ഗതിക്കു ലക്ഷണം നല്കുന്നു. വിഭക്തി സൂചിപ്പിക്കുന്നതിൽ കവിഞ്ഞുള്ള വിശേഷാർഥങ്ങൾ സൂചിപ്പിക്കുന്ന പദങ്ങളാണു ഗതികൾ. കൊണ്ട്, കുറിച്ച്, പറ്റി, മുതൽ, വരെ മുതലായവ ഉദാഹരണം.

ഗതി

ദക്ഷിണേന്ത്യൻ സംഗീതത്തിലെ †താളത്തിന്റെ വേഗത്തെ സൂചിപ്പിക്കുന്ന സംജ്ഞ. ഗതി താളത്തിന്റെ എല്ലാ അംഗങ്ങളേയും ബാധിക്കുന്നു. താളത്തിന്റെ ദശപ്രാണങ്ങളിൽ പെടുന്ന 'കല'കളുടെ ചേർപ്പാണിത്. തിസ്രം, ചതുരശ്രം, ഖണ്ഡം, മിശ്രം, സങ്കീർണം എന്നു ഗതി അഞ്ചുവിധമുണ്ട്. ധ്രുവം, മഠ്യം, ഝംപ, ത്രിപുട, അട, രൂപകം, ഏകം എന്നീ ഏഴ് അടിസ്ഥാനതാളങ്ങൾ, ഓരോന്നിനും അയ്യഞ്ചു വകഭേദങ്ങൾ അടക്കം താളങ്ങൾ 35 എന്നും കണക്കാക്കിയിട്ടുണ്ട്. ഇവ ഓരോന്നിനും അഞ്ചു ഗതിഭേദങ്ങൾ ഉള്ളതിനാൽ ആകെ താളങ്ങൾ 175 ആയി പരിണമിക്കുന്നു.

ഗതികം (dynamics)

കണങ്ങളുടെയും വസ്തുക്കളുടെയും മറ്റും ചലനത്തെ സംബന്ധിക്കുന്ന പഠനം. ബലതന്ത്ര(mechanics)ത്തിന്റെ ഒരു ശാഖയാണിത്. †ബലതന്ത്രം നോക്കുക.

ഗതിക സിദ്ധാന്തം (Kinetic Theory)

തന്മാത്രകളുടെ ചലനത്തെ അടിസ്ഥാനമാക്കി ദ്രവ്യത്തിന്റെ പെരുമാറ്റങ്ങളും ഗുണധർമങ്ങളും വിശദീകരിക്കുന്ന സിദ്ധാന്തം. തന്മാത്രകളുടെ ചലനത്തിലുള്ള ഏറ്റക്കുറച്ചിലുകളെയും ചലന സ്വാതന്ത്ര്യത്തെയും അടിസ്ഥാനമാക്കി ഖര-ദ്രവ-വാതക അവസ്ഥകളെ വേർതിരിച്ചു വിശദീകരിക്കാമെങ്കിലും, വാതകങ്ങളെ സംബന്ധിച്ചുള്ള വിശദീകരണങ്ങൾക്കാണു ഗതികസിദ്ധാന്തം ഏറ്റവുമധികം പ്രയോഗിക്കപ്പെടുന്നത്.

ക്ലാഷിയസ് എന്ന ജർമൻ ശാസ്ത്രജ്ഞനാണു ഗതികസിദ്ധാന്തം ആദ്യമായി ഉന്നയിച്ചത്. എന്നാൽ അതു വിപുലീകരിച്ച് അവതരിപ്പിച്ചത് 19-ാംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജെയിംസ് ക്ലാർക്ക് മാക്സ്വെൽ എന്ന ഇംഗ്ലീഷ് ശാസ്ത്രജ്ഞനും ബോൾട്ട്സ്മാൻ എന്ന ഓസ്ട്രിയൻ ശാസ്ത്രജ്ഞനും ആണ്.

സങ്കല്പനങ്ങൾ. വാതകങ്ങളുടെ ഗതികസിദ്ധാന്തം ചില സങ്കല്പനങ്ങളെ ആധാരമാക്കിയാണു രൂപവത്കരിച്ചിരിക്കുന്നത്. അവയിൽ മുഖ്യമായിട്ടുള്ളവ ഇവയാണ്. 1. വാതകങ്ങളിൽ ഒരുപോലുള്ള അനേകം തന്മാത്രകൾ അടങ്ങിയിരിക്കുന്നു. ഇവ അനിയമിത (random) ദിശകളിലേക്കു സദാ ചലിച്ചുകൊണ്ടിരിക്കുന്നു. ഈ തന്മാത്രകൾ അതിന്റെ വലുപ്പം വച്ചു പരിഗണിക്കുമ്പോൾ താരതമ്യേന അകലത്തിലാണു സഞ്ചരിക്കുന്നത്. 2. ഈ തന്മാത്രകൾ തമ്മിലും തന്മാത്രകളും പാത്രത്തിന്റെ ഭിത്തികളും തമ്മിലും തികച്ചും ഇലാസ്തികമായ സംഘട്ടനങ്ങൾ നടക്കുന്നു. ഈ സംഘട്ടനങ്ങൾ മൂലം തന്മാത്രകൾക്കു ഗതിമാറ്റം സംഭവിക്കുന്നു; എന്നാൽ ഊർജനഷ്ടം ഉണ്ടാകുന്നില്ല. 3. തന്മാത്രകളിൽ ഗതികോർജത്തിന്റെ കൈമാറ്റം നടക്കുന്നതു താപമായാണ്. ഈ ലളിതമായ സങ്കല്പനങ്ങളെ അടിസ്ഥാനമാക്കി ഗണിതശാസ്ത്രപരമായ വിശകലനത്തിലൂടെ വാതകങ്ങളുടെ പല സവിശേഷതകളും വിശദീകരിക്കാൻ കഴിയും.

ഗതിക സിദ്ധാന്ത പ്രകാരം, തന്മാത്രകൾ പാത്രത്തിന്റെ ഭിത്തികളുമായി സംഘട്ടനം നടത്തുന്നതുകൊണ്ടാണു വാതകത്തിന്റെ മർദം ഉണ്ടാകുന്നത്. വാതകത്തിന്റെ ചലനങ്ങളും മറ്റും തന്മാത്രകളുടെ ഊർജനിലയെ ആശ്രയിച്ചാണിരിക്കുന്നത്; ഊർജനില വാതകത്തിന്റെ താപനിലയെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ടു വാതകത്തിന്റെ മർദം, അതിന്റെ താപനിലയുമായി നേർ അനുപാതത്തിലായിരിക്കും. വാതകത്തിന്റെ ശ്യാനത (viscosity), താപ ചാലകത, വൈദ്യുത ചാലകത, വിസരണം (diffusion), താപധാരിത (heat capacity) , ഗതിശീലത (mobility) തുടങ്ങിയ ഗുണങ്ങളുടെ വ്യുത്പത്തി ഗതിക സിദ്ധാന്തത്തിൽനിന്നു കണ്ടെത്താൻ കഴിയും.

ന്യൂനതകൾ. ഗതിക സിദ്ധാന്ത പ്രകാരം വാതകങ്ങളെ ദ്രവീകരിക്കാനേ സാധ്യമല്ല. എല്ലാ താപനിലകളിലും സമ്മർദത്തിലും വാതകം വാതകമായിത്തന്നെ നിലനില്ക്കും. ഇതിനുകാരണം ഈ സിദ്ധാന്തത്തിന് അടിസ്ഥാനമായിട്ടുള്ള ചില സങ്കല്പനങ്ങളാണ്. ഈ ന്യൂനതകൾ പരിഹരിച്ച് ആദർശവാതക (perfect gas) [ഗതിക സിദ്ധാന്തത്തിനു പൂർണമായി വഴങ്ങുന്ന സാങ്കല്പിക വാതകമാണ് ആദർശവാതകം.] സൂത്രത്തിനു പകരംയഥാർഥവാതകസൂത്രങ്ങൾ ആവിഷ്കരിക്കാൻ കുറെയൊക്കെ കഴിഞ്ഞിട്ടുണ്ട്. തന്മാത്രകളുടെ ചലനങ്ങളെ അടിസ്ഥാനമാക്കിയുള്ള ഊർജസങ്കലനം ചെയ്യുവാൻ സിദ്ധാന്ത ത്തിനു കഴിയുകയില്ല.

ഈ ന്യൂനതകളുണ്ടെങ്കിലും വാതകത്തിന്റെ സ്വഭാവം മനസ്സിലാക്കുവാനും സുപ്രധാനമായ പല നിഗമനങ്ങളിൽ എത്തിച്ചേരാനും ഗതിക സിദ്ധാന്തം സഹായിക്കുന്നു.

ഗതികോർജം (Kinetic energy)

ചലനം മൂലം വസ്തുവിനോ കണത്തിനോ ലഭിക്കുന്ന ഊർജം. †ഊർജം നോക്കുക.

ഗതിക്രമം (Kinesis)

പരിസ്ഥിതിയിലെ പ്രകാശം മുതലായ ഉദ്ദീപന(stimulus)ങ്ങളോടു സൂക്ഷ്മജീവികൾ പ്രകടിപ്പിക്കാറുള്ള ഒരുതരം സഞ്ചാര പ്രതികരണം. ഉദ്ദീപനം വർധിക്കുന്നതനുസരിച്ച് സഞ്ചാരത്തിന്റെ തീവ്രതയും വർധിക്കും. എന്നാൽ ഉദ്ദീപനദിശയുമായി സഞ്ചാരദിശയ്ക്കു ബന്ധമുണ്ടായിരിക്കില്ല. ഉദ്ദീപനം ഏതു ദിശയിൽനിന്നു വരുന്നു എന്നു ഗ്രഹിക്കാൻ കഴിവില്ലാത്ത ജീവികളാണ് ഈ പ്രതികരണരീതി പ്രകടിപ്പിക്കുന്നത്. ഒരു കോശമോ ജീവിയോ ഉദ്ദീപന ദിശയ്ക്ക് ആപേക്ഷികമായി പ്രതികരിക്കുന്നത് അനുചലനം (taxis) ആണ്. ബാഹ്യമായ ഉദ്ദീപനത്തിന്റെ ഫലമായി സസ്യത്തിൽ ഉണ്ടാകുന്ന ഇത്തരം ചലനങ്ങൾക്ക് അനുകും ചലനങ്ങൾ (nastic movements) എന്നും പറയുന്നു. ഈ ചലനത്തിലും ചലനദിശ ഉദ്ദീപനത്തെ ആശ്രയിച്ച് ആയിരിക്കുകയില്ല.

ഗതിമിതി (Kinematics)

ദ്രവ്യകണങ്ങളുടെ വ്യൂഹത്തിന്മേൽ പ്രയോഗിക്കപ്പെടുന്ന ബലം പരിഗണിക്കാതെ, കണങ്ങളുടെ ചലനത്തെ സംബന്ധിച്ച പഠനം. ബലതന്ത്ര(mechanics)ത്തിന്റെ ശാഖയാണിത്. ശുദ്ധഗതികം എന്നും ഇത് അറിയപ്പെടുന്നു. †ശുദ്ധഗതികം (Kinematics) നോക്കുക.

ഗദ

ഒരു പ്രാചീനായുധം. ഇരുമ്പ്, ഓട് തുടങ്ങിയ ലോഹങ്ങൾകൊണ്ടാണിതു നിർമിക്കുന്നത്. ഉരുണ്ട അഗ്രവും സാമാന്യം നീണ്ട് ഒതുക്കമുള്ള പിടിയുമാണ് ഇതിനുള്ളത്. മഹാവിഷ്ണുവിന്റെ കൈയിലുള്ള ആയുധങ്ങളിലൊന്ന് ഗദയാണ്. പ്രാചീനകാലത്ത് യുദ്ധത്തിനുപയോഗിച്ചിരുന്നു. വിഷ്ണുവിന്റെ ഗദയുടെ പേർ 'കൗമോദകി' എന്നാണ്. ശ്രീകൃഷ്ണന്റെ സഹോദരനായിരുന്ന ബലഭദ്രൻ ഗദായുദ്ധപ്രവീണനായിരുന്നതായി മഹാഭാരതത്തിൽ പറയുന്നുണ്ട്. ഇദ്ദേഹം ഭീമസേനനെയും ദുര്യോധനനെയും ഗദായുദ്ധം അഭ്യസിപ്പിച്ചിട്ടുണ്ട്. ഘടോൽക്കചൻ, ജരാസന്ധൻ തുടങ്ങി ഗദായുദ്ധപ്രവീണന്മാരായിരുന്ന അസംഖ്യം യോദ്ധാക്കളെപ്പറ്റി മഹാഭാരതത്തിലും



ഗദ

മറ്റും പരാമർശങ്ങളുണ്ട്. അരയ്ക്കു താഴെ അടിക്കാൻ പാടില്ലെന്നായിരുന്നു ഗദായുദ്ധത്തിന്റെ നിയമം. ഈ നിയമം തെറ്റിച്ചാണ് ഭീമസേനൻ ദുര്യോധനനെ കൊന്നത്.

ഗദബ

ഒരു ദ്രാവിഡ ഭാഷ. പൂർവദ്രാവിഡത്തിന്റെ മധ്യശാഖയിൽപ്പെട്ടതാണ് ഈ ഭാഷ. സ്വന്തമായ ലിപിയോ സാഹിത്യമോ ഈ ഭാഷയ്ക്ക് ഇല്ല. ഗദബ ഉൾപ്പെട്ട മധ്യദ്രാവിഡശാഖയിലെ ഏറ്റവും വികസിച്ചതും സാഹിത്യസമ്പുഷ്ടവുമായ ഭാഷ തെലുങ്ക് ആണ്.

'ഗദർ' പ്രസ്ഥാനം

ഇന്ത്യൻ സ്വാതന്ത്ര്യസമരകാലത്തെ ഒരു വിപ്ലവപ്രസ്ഥാനം. 'ഗദർ' എന്ന പഞ്ചാബി വാക്കിന്റെ അർഥം 'വിപ്ലവം' എന്നാണ്. ഡോക്ടർ പാണ്ഡുരങ്ക സദാശിവ ഖംഘോജയും പണ്ഡിറ്റ് കാശിരാമും ആണ് ഇതിന്റെ സ്ഥാപകർ. യുവവിപ്ലവകാരിയായ ഖംഘോജ സൈനികപരിശീലനം നേടുന്നതിനുവേണ്ടി ജപ്പാനിലേക്കും അവിടെനിന്ന് അമേരിക്കയിലേക്കും പോയി. 1908-ൽ അമേരിക്കയിലെ ഒരു മിലിട്ടറി അക്കാദമിയിൽനിന്നും ബിരുദം നേടിയശേഷം അദ്ദേഹം കാലിഫോർണിയായിൽ 'ഇന്ത്യാ ഇൻഡിപ്പെൻഡെൻസ് ലീഗ്' സ്ഥാപിച്ചു. പിന്നീട് പോർട്ട്ലണ്ടിലേക്കു പോയി. അവിടെവച്ചാണ് പണ്ഡിറ്റ് കാശിറാം എന്ന ലമ്പർമിൽ ഉദ്യോഗസ്ഥനുമായി പരിചയപ്പെട്ടത്. അദ്ദേഹം പിന്നീട് തന്റെ സ്വത്തുമുഴുവൻ ഗദർപ്രസ്ഥാനത്തിനുവേണ്ടി അർപ്പണംചെയ്തു.

1910-ലെ ഏഷ്യാറ്റിക് ഇമിഗ്രേഷൻ ആക്റ്റോടുകൂടി ഗദർപ്രസ്ഥാനത്തിന്റെ വീറുകൂടി. ഈ ആക്റ്റനുസരിച്ച്, ടിക്കറ്റ് വാങ്ങി വഴിയിൽ എവിടെയും ഇറങ്ങാതെ കപ്പൽമാർഗം വരുന്നവരെ മാത്രമേ കനഡയിൽ ഇറങ്ങുവാൻ അനുവദിച്ചുള്ളു. മാത്രമല്ല, ഓരോരുത്തരും 200 ഡോളർ വീതം കൊണ്ടുവരണം എന്നും വ്യവസ്ഥചെയ്തു. കനഡയിൽ അന്ന് 19,000-ൽ ഏറെ ഭാരതീയരുണ്ടായിരുന്നു. ഈ ആക്റ്റ് പ്രകാരം അവരുടെ ഭാര്യമാർക്കും, ബന്ധുക്കൾക്കും കപ്പലിൽ വന്ന് കരയിലിറങ്ങാൻ സാധിക്കാതെ കരയിൽ നില്ക്കുന്നവരെ നോക്കി കൈകാണിച്ച് തൃപ്തിപ്പെട്ടു മടങ്ങേണ്ടിവന്നു.

1912-നു ശേഷം ലാലാ ഹർദയാൽ അമേരിക്കയിൽവെച്ച് പ്രൊഫസർ പദവി ഉപേക്ഷിച്ച് വിപ്ലവത്തിന്റെ നേതൃത്വം ഏറ്റെടുത്തു. വിഷ്ണുഗണേശ് പിംഗളേ എന്ന എൻജിനീയറിങ് വിദ്യാർഥി കനഡയിൽ പലസ്ഥലങ്ങളിലും വിപ്ലവകേന്ദ്രങ്ങൾ നടത്താൻ മുന്നോട്ടുവന്നു. 1913 നവംബർ 1-ാം തീയതി ലാലാ ഹർദയാലിന്റെ പത്രാധിപത്യത്തിൽ 'ഗദർ' എന്ന പത്രം പുറത്തിറങ്ങി.

വിപ്ലവത്തിനുള്ള സമയം അടുത്തു എന്ന് ലാലാ ഹർദയാൽ മനസ്സിലാക്കി. ഇംഗ്ലണ്ട്, ജെർമനിയുമായി ഏറ്റുമുട്ടാൻ പോവുകയായിരുന്നു. ഈ സന്ദർഭത്തിൽ മെക്സിക്കൻ സർക്കാർ വിപ്ലവകാരികൾക്ക് സൈനികപരിശീലനം നല്കാനും തയ്യാറായി. പക്ഷേ, 1914 മാർച്ച് 26-ാം തീയതി ബ്രിട്ടിഷ് സർക്കാരിന്റെ അപേക്ഷപ്രകാരം ഹർദയാൽ അറസ്റ്റുചെയ്യപ്പെട്ടു. അദ്ദേഹം ജാമ്യത്തിലിറങ്ങി സ്വിറ്റ്സർലണ്ടിലേക്കു പോയി.

ഈ സമയത്താണ് വിപ്ലവാഗ്നിയെ ജ്വലിപ്പിച്ച 'കോമഗതമരു' സംഭവം നടന്നത്. ബാബാ ഗുർദിത് സിങ് എന്ന പണക്കാരനായ ഒരു വിപ്ലവകാരി 'കോമഗതമരു' എന്ന കപ്പൽ വാടകയ്ക്കെടുത്ത് ഒരു ഷിപ്പിംഗ് കമ്പനി തുടങ്ങി. ഏഷ്യാറ്റിക് ഇമിഗ്രേഷൻ ആക്റ്റിനെ മറികടക്കുകയായിരുന്നു ഉദ്ദേശ്യം. 1914 ഏപ്രിൽ 4-ാം തീയതി ഹോങ്കോങ്ങിൽനിന്നും യാത്രതിരിച്ചു. മേയ് 22-ാം തീയതി കാനഡയിലെ വാൻകൂവർ തുറമുഖത്തെത്തി. കപ്പലിൽ 400-ഓളം പഞ്ചാബികളുണ്ടായിരുന്നു. അവരെല്ലാംതന്നെ കനഡയിൽ പണിയെടുത്തിരുന്ന പഞ്ചാബികളുടെ ബന്ധുക്കളും നിയമപ്രകാരം കനഡയിലിറങ്ങാൻ അനുവാദമുള്ളവരുമായിരുന്നു. പക്ഷേ, കനഡയിൽ കപ്പലടുക്കാർ സർക്കാർ സമ്മതിച്ചില്ലെന്നു മാത്രമല്ല, കമ്പനിയുടെ ഉടമസ്ഥനായ ഗുർദിത്സിങ്ങിനെപ്പോലും കരയിൽവന്ന് യാത്രക്കാർക്കാവശ്യമായ ഭക്ഷണസാധനങ്ങൾ കൊണ്ടുപോകാൻ അനുവദിച്ചില്ല. രോഗം പിടിപെട്ടവർ മരുന്നില്ലാതെ വലഞ്ഞു.

ജൂലൈ 19-ാം തീയതി ഒരു പോലീസ് പാർട്ടി മോട്ടോർ ബോട്ടിൽ കപ്പലിന്റെ നേർക്കു ചെല്ലുകയും അടുത്തെത്തിയപ്പോൾ, തിളയ്ക്കുന്ന വെള്ളം ഹോസ്പൈപ്പുകളിൽക്കൂടി, കപ്പലിന്റെ മുകളിലത്തെ തട്ടിൽനിന്നവരുടെ മീതെ ഒഴിക്കുകയുംചെയ്തു. ഈ ക്രൂരത കണ്ട് യാത്രക്കാർ കല്ക്കരിയെടുത്ത് പോലീസിന്റെ നേർക്കെറിഞ്ഞു. തുടർന്നു പോലീസുകാർ രണ്ടു നൗകകളിലായി വന്ന് 'കോമഗതമരു'വിന്മേൽ വെടിയുണ്ടകൾ വർഷിച്ചു. യാത്രക്കാർ കല്ക്കരി കത്തിച്ച് പോലീസിന്റെ നേർക്കെറിഞ്ഞു. രണ്ടുഭാഗത്തും ആൾനാശമുണ്ടായി. പോലീസിനു മടങ്ങേണ്ടിവന്നു. ഇത്രയും കഴിഞ്ഞശേഷം മാത്രമാണ് സർക്കാർ മനുഷ്യത്വത്തോടുകൂടി പെരുമാറാൻ തയ്യാറായത്. ഗുർദിത്സിങ്ങിനെ കരയിലിറങ്ങി യാത്രക്കാർക്കുവേണ്ടി വെള്ളവും ഭക്ഷണവും കൊണ്ടുപോകാൻ അനുവദിച്ചു. ജൂലൈ 23-ാം തീയതി മടക്കയാത്ര തുടങ്ങി. സെപ്റ്റംബർ 26-ാം തീയതി കല്ക്കത്തയ്ക്കടുത്തുള്ള ഒരു തുറമുഖത്ത് കപ്പലടുത്തു. തയ്യാറായിനിന്നിരുന്ന പോലീസുകാർ യാത്രക്കാരെ വലിച്ചിഴച്ചു കൊണ്ടുപോയി. ഇതിൽ ക്ഷുഭിതരായ യാത്രക്കാർ പോലീസുകാരെ എതിർത്തു. തുടർന്നുണ്ടായ സംഘട്ടനത്തിൽ രണ്ടുഭാഗത്തും ആൾനാശമുണ്ടായി.

വിപ്ലവം തുടങ്ങാനായി വിദേശങ്ങളിലുള്ള ഭാരതീയർ ഭാരതത്തിലേക്കു വന്നുകൊണ്ടിരുന്നു. 1915 ഫെബ്രുവരിയിൽ മാത്രം 3125 പഞ്ചാബികൾ ഭാരതത്തിലേക്കു വന്നു. സചീന്ദ്രനാഥ് സന്യാൽ, രാഷ്ബിഹാരി ബോസ് എന്നിവരുമായി ആലോചിച്ച് 1916 ഫെബ്രുവരി 21 വിപ്ലവത്തിനുള്ള തീയതിയായി നിശ്ചയിച്ചു. 1914 നവംബറിൽ വിഷ്ണുഗണേശ് പിംഗളേ ഭാരതത്തിലേക്കു വന്നു. 18 വയസ്സായ കർതാർസിങ്ങിനായിരുന്നു പഞ്ചാബിന്റെ നേതൃത്വം. സന്യാലിന്റെ ഉത്തരവാദിത്വം കിഴക്കൻ ഭാഗങ്ങളിലായിരുന്നു. വിപ്ലവത്തിനുള്ള തയ്യാറെടുപ്പ് ആവേശപൂർവം മുന്നോട്ടുനീങ്ങി. വിപ്ലവത്തിന്റെ 'ബ്ലൂപ്രിൻറും' തയ്യാറാക്കിക്കഴിഞ്ഞിരുന്നു. വാർത്താവിനിമയ ബന്ധങ്ങൾ ഛേദിച്ചശേഷം 1916 ഫെബ്രുവരി 21-ാം തീയതി അർധരാത്രി 'മാരോ ഫിരംഗീകോ' (വിദേശീയരെ തുരത്തുക) എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ട് പോലീസ്സ്റ്റേഷൻ, പട്ടാളക്യാമ്പ്, ആയുധപ്പുര ഇവ ആക്രമിക്കുക, വെള്ളക്കാരെ കൊല്ലുക, ആയുധങ്ങൾ കൈക്കലാക്കുക, വിപ്ലവഗവൺമെൻറ് രൂപവത്കരിക്കുക—ഇതായിരുന്നു പദ്ധതി. പക്ഷേ, ഉദ്ദേശിച്ചിരുന്നതുപോലെ കാര്യങ്ങൾ നടന്നില്ല. യൂറോപ്പിലേക്ക് അയയ്ക്കാൻ സിംഗപ്പൂരിൽ നിർത്തിയിരുന്ന ഒരു വിപ്ലവറജിമെൻറ് നേരത്തെതന്നെ ബഹളംകൂട്ടി. അതുകൊണ്ട് സർക്കാർ ജാഗരൂകരായിരുന്നു. കൃപാൽസിങ് എന്നൊരാൾ ബഹളത്തിൽ പങ്കെടുത്തു. അയാൾ ഒരു ബ്രിട്ടിഷ് ചാരനാണെന്നു മനസ്സിലാക്കിയ രാഷ്ബിഹാരി ബോസ് ആ വഞ്ചകനെ കൊല്ലാൻ നിർദേശംകൊടുത്തു. പഞ്ചാബി വിപ്ലവകാരികൾ അയാളെ കൊല്ലുന്നതിനു പകരം തടങ്ങലിൽ വച്ചു. 1916 ഫെബ്രുവരി 10-ാം തീയതി വിപ്ലവത്തിന്റെ ബ്ലൂപ്രിൻറ് കൈക്കലാക്കിക്കൊണ്ട് കൃപാൽസിങ് കടന്നുകളഞ്ഞു. അന്നുതന്നെ അറസ്റ്റുകൾ ആരംഭിച്ചു. അതിനാൽ പരിപാടിയിട്ടിരുന്നപോലെ ഒന്നും ചെയ്യാൻ സാധിച്ചില്ല. സെപ്തംബർ 13-ാം തീയതി 24 വിപ്ലവകാരികൾക്ക് വധശിക്ഷ വിധിക്കപ്പെട്ടു; മറ്റുപലർക്കും കഠിനതടവും.

ഗദ്ദാഫി, മുവാമ്മർ അൽ (Qaddafi Muammar Al 1942—)

1969 മുതൽ ലിബിയയുടെ ഭരണാധിപൻ. കർഷകന്റെ മകൻ. ശരിയായ ഉച്ചാരണം ക്ദാഫി എന്നാണ്. ലിബിയ സർവകലാശാലയിൽനിന്നു 1963-ൽ ബിരുദം എടുത്തു. പിന്നീടു മിലിട്ടറി അക്കാദമിയിൽ പഠിച്ചു. 1969-ൽ ചില യുവാക്കളായ സൈനികോദ്യോഗസ്ഥന്മാരുടെ സഹായത്തോടെ ഇദ്രിസ് രാജാവിനെ സ്ഥാനഭ്രഷ്ടനാക്കി റിപ്പബ്ലിക്കു സ്ഥാപിച്ചു. റെവല്യൂഷനറി കമാൻഡ് കൗൺസിലിന്റെ അധ്യക്ഷൻ ആയിരുന്നു (1969—'77). പിന്നീടു രണ്ടുകൊല്ലം ജെനറൽ പീപ്പിൾസ് കോൺഗ്രസ്സിന്റെ സെക്രട്ടറി ആയിരുന്നു. ലിബിയ

യിൽനിന്നു പാശ്ചാത്യരുടെ സ്വാധീനം തുടച്ചുനീക്കി അറബി സോഷ്യലിസം സ്ഥാപിക്കുകയാണു തന്റെ ലക്ഷ്യമെന്നു ക്ദാഫി പ്രഖ്യാപിച്ചു.

1970-ൽ യു.എസിന്റെയും യു.കെ.യുടെയും സൈനികത്താവളങ്ങൾ രാജ്യത്തുനിന്നു നീക്കി. ഇറ്റാലിയൻ - ജൂതവർഗങ്ങളുടെ സ്വത്തു കണ്ടുകെട്ടി. 1973-ൽ വിദേശ പെട്രോളിയം കമ്പനികളുടെ 51% സ്വത്തു ദേശസാത്ക്കരിച്ചു. ഇസ്രായേലിനെതിരായി യുദ്ധം ചെയ്യാൻ (1973) സിറിയയ്ക്കും ഈജിപ്തിനും സാമ്പത്തികസഹായം നൽകിയതു ലിബിയയാണ്.

റഷ്യയിൽനിന്നു സൈനികസഹായം സ്വീകരിച്ചു. പലസ്തീൻ - അറബി വിപ്ലവകാരികളെ അനുകൂലിച്ചു. ചാദിലെ സൈനിക ഇടപെടലിനു കൂട്ടുനിന്നു. 1979-ൽ ലിബിയയ്ക്കു രാഷ്ട്രീയാംഗീകാരം ലഭിച്ചു. ഗദ്ദാഫിയുടെ തത്വസംഹിത ഇസ്ലാമിക സോഷ്യലിസമാണ്. 'ദ ഗ്രീൻ ബുക്ക്' എന്ന പേരിൽ ഇദ്ദേഹത്തിന്റെ ഗ്രന്ഥം ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

ഗദ്യം

ഛന്ദോബദ്ധമല്ലാത്ത വാക്യം. സംഭാഷണഭാഷ ഗദ്യരൂപമാണ്. ലിഖിതഭാഷ പദ്യരൂപമൊ ഗദ്യരൂപമൊ സ്വീകരിക്കാം. താളബദ്ധത ആണു പദ്യത്തിന്റെ സവിശേഷത. സാഹിത്യം പദ്യരൂപമൊ ഗദ്യരൂപമൊ ആകാം. ഏതു ഭാഷയിലും ആദ്യകാലസാഹിത്യം പദ്യരൂപമായിരുന്നു. പഴഞ്ചൊല്ലുകളിൽ പോലും പദ്യത്തിന്റെ സവിശേഷതകളായ താളവും പ്രാസവും വ്യംഗ്യാത്മകതയും ഉണ്ട്. 'പയ്യെത്തിന്നാൽ പനയും തിന്നാം' മുതലായവ ഉദാഹരണമാണ്. താളപ്രാസങ്ങൾക്കു കാതിനെയും വ്യംഗ്യാത്മകതയ്ക്കു ഹൃദയത്തെയും ആകർഷിക്കാൻ കഴിയും. ഗദ്യം കാര്യമാത്രപ്രസക്തവും ശുഷ്കവും ആയിരുന്നു. എന്നാൽ ഇന്നു സാഹിത്യത്തിന്റെ മണ്ഡലത്തിലും ഗദ്യം പദ്യത്തെ പുറംതള്ളിക്കൊണ്ടിരിക്കുന്നു.

സംസ്കൃതത്തിലെ നാടകങ്ങളും ചമ്പുക്കളും ഗദ്യപദ്യങ്ങൾ ഇടചേർന്ന രചനകളായിരുന്നു. ശുദ്ധഗദ്യസാഹിത്യം സംസ്കൃതത്തിൽ വിരളമായിരുന്നു. കാദംബരി, ദശകുമാരചരിതം എന്ന രണ്ടു പ്രമുഖ ഗദ്യകാവ്യങ്ങളേ ഉള്ളു സംസ്കൃതത്തിൽ.

പാശ്ചാത്യ ദേശത്താണു ഗദ്യസാഹിത്യം ആദ്യം വികസിച്ചത്. താളപ്രാസാലങ്കാരങ്ങൾകൊണ്ടു മനംകവരുന്ന പദ്യത്തെ അപേക്ഷിച്ചു ഗദ്യത്തിന്റെ ഹൃദയസംവാദനക്ഷമത വളരെ കുറവാണ് എന്നു ഭാരതീയർ കരുതിയിരുന്നു. 'ഗദ്യം കവീനാം നികഷം വദന്തി' എന്ന ചൊല്ല് ഗദ്യംകൊണ്ടു സഹൃദയഹൃദയാഹ്ലാദം ജനപ്പിക്കുന്നതിലുള്ള ക്ലേശം വ്യക്തമാക്കുന്നു.

വൃത്തം സൃഷ്ടിക്കുന്ന തടസ്സമില്ലാത്ത ഗദ്യത്തിന്റെ അനന്തസാധ്യതകൾ പാശ്ചാത്യർ കണ്ടറിഞ്ഞു. ഭാഷയ്ക്കു ലാളിത്യവും ആർജവവും കൈവന്നതും ഗദ്യത്തിന്റെ വികാസത്തോടെയാണ്. ശാസ്ത്രപ്രതിപാദനത്തിനുള്ള ക്ഷമതയും ഗദ്യത്തോളം പദ്യത്തിനില്ല. സംസ്കൃതത്തിൽ ശാസ്ത്രങ്ങൾപോലും പദ്യത്തിൽ എഴുതുകകാരണം കൃത്രിമതയും വൃഥാസ്ഥൂലതയും സൂക്ഷ്മതയുടെ കുറവും കാണാം.

ഇന്നു ശാസ്ത്രഗ്രന്ഥങ്ങൾ ഏതു ഭാഷയിലും ഗദ്യത്തിലേ എഴുതാറുള്ളു. ചെറുകഥ, നോവൽ, സഞ്ചാരകഥ, തുലികാചിത്രം, ജീവചരിത്രം, നാടകം തുടങ്ങിയ രൂപങ്ങളിൽ ഗദ്യസാഹിത്യം ഇന്നു സമ്പന്നമാണ്. പദ്യത്തിന്റെ മണ്ഡലം ഇന്നു വളരെ ചുരുങ്ങിപ്പോയിരിക്കുന്നു.

ഗദ്യകവിത

വൃത്തനിബദ്ധമല്ലാത്ത കവിതാരൂപം. ഏറെക്കുറെ സമാനത പുലർത്തുന്ന വരികൾ ക്രമമായി ആവർത്തിച്ച് സൃഷ്ടിക്കുന്ന, ഏകതാനമല്ലാത്ത ഒരു താളക്രമമേ ഉണ്ടാവൂ. പ്രകടമായ താളം ഇല്ല. പ്രാസം നിർബന്ധമല്ല. എന്നാൽ പദങ്ങളുടെ സംവിധാനംകൊണ്ടു വരുത്തുന്ന അക്ഷരപ്പൊരുത്തവും ശയ്യാഗുണവും സാധാരണ ഗദ്യരചനയിലുള്ളതിലേറെ ഉണ്ടാവും.

ഫ്രെഞ്ചുസാഹിത്യത്തിൽ ഈ രൂപം ആദ്യം അവതരിപ്പിച്ചത് ഷാക്ക് ബെർട്രാൻ (Jacques Bertrand) ആണ്. ('Gaspard of the Night'-1842). സിംബലിസ്റ്റ് കവികളിൽ അതിന്റെ സ്വാധീനം ബോദ്‌ലയർ തുറന്നു സമ്മതിച്ചിട്ടുണ്ട്. അദ്ദേഹമാണ് '*പെറ്റിറ്റ്സ് പൊയമെസ് എൻപ്രോസ്*' (1869) എന്ന കൃതിയിലൂടെ ഈ കവിതാരൂപത്തിന് ഗദ്യകവിത (Prose Poem) എന്ന പേരു നല്കിയത്. ഗദ്യകവിതയ്ക്ക് ഫ്രാൻസിൽ സ്ഥിരപ്രതിഷ്ഠ നല്കിയത് സ്റ്റെഫാൻ മല്ലാർമെ, ആർതർ റാൻബോ, പോൾ വലേറി എന്നീ കവികളാണ്.

ഗീതാഞ്ജലി ഇംഗ്ലീഷിലേക്കു തർജമ ചെയ്തപ്പോഴും (1912) തുടർന്ന് അത്തരം മറ്റുചില കവിതകൾ ഇംഗ്ലീഷിലേക്കു തർജമ ചെയ്തപ്പോഴും രവീന്ദ്രനാഥ ടാഗൂർ ഗദ്യകവിതാ ശൈലി സ്വീകരിച്ചു. ടാഗൂർ കവിതയുടെ സ്വാധീനത്തിൽ മലയളത്തിലും അനേകം ഗദ്യകവിതകൾ ഉണ്ടായി. ടി.കെ. നാരായണക്കുറുപ്പിന്റെ *ആത്മഗീതം* (1935), കൈനിക്കര കുമാരപിള്ളയുടെ *ആത്മാലാപം* (1930–'35), പൊൻകുന്നം വർക്കിയുടെ *തിരുമുൽക്കാഴ്ച* (1939) എന്നിവയാണ് അന്നത്തെ മുഖ്യകൃതികൾ. ജി. ശങ്കരക്കുറുപ്പിന്റെ '*ജൈത്രപടഹം*' എന്ന കവിത (1945), വി.വി.കെ. വാലത്തിന്റെ '*ഇടിമുഴക്കം*' എന്ന സമാഹാരം (1947), എം.ആർ.ബി.യുടെ '*വളപ്പൊട്ടുകൾ*' എന്ന കൃതി (1968) ഇവയെല്ലാം ഗദ്യകവിതകളിൽപ്പെടുന്നു.

ആധുനിക കവികളായ അയ്യപ്പപണിക്കർ, കടമ്മനിട്ട രാമകൃഷ്ണൻ, സച്ചിദാനന്ദൻ, കെ.ജി. ശങ്കരപ്പിള്ള തുടങ്ങിയവർ ഈ രൂപത്തിൽ നിരവധി രചനകൾ നടത്തിയിട്ടുണ്ട്.

ഗദ്യസാഹിത്യം

ഛന്ദോബദ്ധമല്ലാത്ത ഭാഷയിൽ വിരചിതമായ സാഹിത്യം. ചേർന്നിരിക്കൽ എന്നാണു സാഹിത്യം എന്ന പദത്തിന്റെ അർഥം. ശബ്ദവും അർഥവും സമഞ്ജസമായി സമ്മേളിക്കുമ്പോഴാണു സാഹിത്യം ഉടലെടുക്കുന്നത്. കാവ്യത്തിന്റേതിനെക്കാൾ വിപുലമാണു സാഹിത്യത്തിന്റെ മണ്ഡലം. ഗദ്യകാവ്യം സംസ്കൃതത്തിൽ ഏറെ വികസിച്ചിരുന്നില്ലെങ്കിലും ഗദ്യസാഹിത്യം വൈപുല്യം ആർജിച്ചിരുന്നു.

ഗദ്യസാഹിത്യത്തിന്റെ പല മുഖങ്ങൾ സംസ്കൃതത്തിൽ കാണാം:

1. സൂത്രങ്ങൾ: പരിമിതാക്ഷരങ്ങളിൽ പ്രതിപാദിതമായ ശാസ്ത്രതത്വങ്ങളോ ശാസ്ത്രനിയമങ്ങളോ ആണു സൂത്രങ്ങൾ. 'യോഗഃ ചിത്തവൃത്തിനിരോധഃ' എന്ന പാതഞ്ജലയോഗസൂത്രം തത്വപ്രതിപാദനത്തിനും 'സ്തോശ്ചുനാ ശ്ചുഃ' എന്ന പാണിനിയുടെ അഷ്ടാധ്യായിയിലെ സൂത്രം നിയമപ്രതിപാദനത്തിനും ഉദാഹരണമാണ്. ഗദ്യസാഹിത്യത്തിന്റെ ഈ മുഖം മറ്റു ഭാഷകളിൽ അജ്ഞാതമാണ്.

2. വ്യാഖ്യാനം: മേൽപറഞ്ഞ സൂത്രങ്ങൾ വ്യക്താർഥമല്ലായ്കയാൽ അവ വ്യാഖ്യാനം കൊണ്ടേ വിശദാർഥമാകൂ. ശാസ്ത്രഗ്രന്ഥങ്ങളുടെ കാര്യത്തിൽ വ്യാഖ്യാനത്തിനു വ്യാഖ്യാനം, അതിനു വീണ്ടും വ്യാഖ്യാനം എന്നിങ്ങനെ വ്യാഖ്യാനങ്ങൾ നിരവധി ഉണ്ടാകുന്നു. വ്യാഖ്യാന പരമ്പരയിൽ പ്രൗഢത ഉത്തരോത്തരം വർധിക്കുന്നു. എന്നാണ് അനുഭവം. ചന്ദ്രാലോകം എന്ന ലളിതമായ അലങ്കാരഗ്രന്ഥത്തിന്റെ പ്രൗഢവ്യാഖ്യാനമാണു കുവലയാനന്ദം. അലങ്കാരചന്ദ്രിക, രസികരഞ്ജിനി മുതലായവ കുവലായനന്ദ വ്യാഖ്യാനങ്ങളാണ്. ഇത്തരം 'വ്യാഖ്യാന'ങ്ങളും സംസ്കൃതത്തിലേ ഉള്ളു. കാവ്യനാടകാദികൾക്കും വ്യാഖ്യാനങ്ങളുണ്ട്.

3. നാടകഗദ്യം: ലളിതവും സംഭാഷണാത്മകവുമായ ഗദ്യമാണ് ഇത്.

4. ചമ്പൂഗദ്യം: അലങ്കാര ബഹുലവം ശബ്ദാഡംബര പൂർണവുമാ

ണു ചമ്പൂക്കളിലെ ഗദ്യം.

5. *ഗദ്യകാവ്യം.* കാദംബരി, ദശകുമാരചരിതം മുതലായ കൃതികൾ ഗദ്യകാവ്യങ്ങളാണ്. ഇവ ചമ്പൂഗദ്യത്തിൽനിന്നുഭിന്നമല്ല.

6. *കഥാകഥനം:* പഞ്ചതന്ത്രം മുതലായ കൃതികളിലെ ഗദ്യം കാര്യമാത്രപ്രസക്തമാണ്. ലാളിത്യം, ആർജവം, അക്ലിഷ്ടത, ഹ്രസ്വത ഇവ ഈ ഗദ്യത്തിൻെറ സവിശേഷതകൾ ആണ്.

ആധുനികയുഗം: നവീനസംസ്കാരം എല്ലാ ഭാഷകളിലം വിജ്ഞാനവൃദ്ധിക്കു വഴി തുറന്നു. ഇതിനുവേണ്ടി സൂക്ഷ്മതയും കൃത്യതയും വിശദാർഥതയുമുളള ഗദ്യഭാഷ ആവിഷ്കൃതമായി. ശാസ്ത്രകൃതികളിൽ ഏതു ഭാഷയിലും ഇത്തരം ഗദ്യം ഇന്നു സുലഭമാണ്.

പദ്യത്തിനു പ്രചാരം കുറഞ്ഞപ്പോൾ സഹൃദയഹൃദയാഹ്ലാദനത്തിനും ഗദ്യം തന്നെ മാധ്യമമായി. ഈ ഗദ്യം അഥവാ ഗദ്യസാഹിത്യം മുഖ്യമായി ഇനി പറയുന്ന രൂപങ്ങൾ സ്വീകരിച്ചു.

1. *ചെറുകഥ:* 15 മിനിറ്റുകൊണ്ടു വായിച്ചു തീർക്കാവുന്ന ഗദ്യനിബന്ധം. ജീവിതത്തിലെ ഒരു സവിശേഷഭാവത്തിൻെറ പ്രതിഫലനമാണ് ഇതിൽ കാണുന്നത്. ഇതിൽ ഒരു ക്ലൈമാക്സേ ഉണ്ടാകൂ. അവിടെ കഥ അവസാനിക്കണം. ആൻറി ക്ലൈമാക്സിനു സ്ഥാനമില്ല. ചെറുകഥയിൽ കഥ വേണം എന്നില്ല.

2. *നോവൽ:* ജീവിത വിമർശം ഉൾക്കൊളളുന്ന ഗദ്യകഥ. പാത്രങ്ങൾ മനുഷ്യരോ, മനുഷ്യത്വം (മാനസിക ചിന്താഗതി) ആരോപിക്കപ്പെട്ട തിര്യക്കുകളോ ആകാം. ക്ലൈമാക്സുകളും ആൻറി ക്ലൈമാക്സുകളും എത്രയെങ്കിലും ആകാം. നോവലിൽ കഥ വേണം.

3. *ജീവചരിത്രം:* ഇതിൻെറ ഒരു വിഭാഗമാണ് ആത്മകഥ സ്മരണകളും ജീവചരിത്രം തന്നെ.

4.*ഉപന്യാസം:* എസ്സേ. ആത്മനിഷ്ഠമായ ഗദ്യപ്രബന്ധം.

5. *തൂലികാ ചിത്രം:* ഒരു വ്യക്തിയുടെ രൂപവും സ്വഭാവസവിശേഷതകളും വിവരിക്കുന്ന ഗദ്യനിബന്ധം.

5. *നാടകം:* സംഭാഷണങ്ങളിലൂടെ കഥ അവതരിപ്പിക്കുന്നു. ആന്തരിക സംഘർഷം നാടകത്തിൽ അനിവാര്യം എന്നുകരുതുന്നു. ഏകാങ്കനാടകം, അസംബന്ധനാടകം, പ്രശ്നനാടകം, ഹാസ്യനാടകം, ദുരന്തനാടകം മുതലായി ഇതിന് അനേകം വിഭാഗങ്ങളുണ്ട്.

7. *ശാസ്ത്ര സാഹിത്യം.* ശാസ്ത്ര വിഷയങ്ങൾ പ്രതിവാദിക്കുന്ന നിബന്ധങ്ങൾ.

ഗന്തർ, എഡ്മൺഡ് (1581–1626)

ഇംഗ്ലീഷ് ഗണിതജ്ഞൻ. ഇന്നു പ്രചാരത്തിലുളള പല അളവുപകരണങ്ങളും കണ്ടുപിടിച്ചത് ഇദ്ദേഹമാണ്.

ഹിർട്ട്ഫോർഡ്ഷെയറിൽ ജനിച്ചു. വെസ്റ്റ് മിൻസ്റ്റർ സ്കൂളിലും ക്രൈസ്റ്റ് കോളെജിലും (ഓക്സ്ഫെഡ്) പഠിച്ചു. 1619 മുതൽ മരണംവരെ ഗ്രെഷാം കോളെജിലെ ജ്യോതിശ്ശാസ്ത്ര പ്രൊഫസറായിരുന്നു.

22-ാം വയസ്സിൽ ഗോളപ്രക്ഷേപ (Spherical Projection) ത്തെക്കുറിച്ചും അതിനുശേഷം ലത്തീൻഭാഷയിൽ 'സെക്ടർ' (ഒരു കണക്കുകൂട്ടൽ ഉപകരണം) എന്ന ഉപകരണത്തെക്കുറിച്ചും പുസ്തകങ്ങൾ എഴുതി (1607). 1623-ൽ ഇംഗ്ലീഷിൽ *ദ് ഡിസ്ക്രിപ്ഷൻ ആൻഡ് യൂസ് ഒഫ് ദ് സെക്ടർ* പ്രസിദ്ധീകരിച്ചുനാവികവിദ്യയുടെനവീകരണത്തിനു സഹായിച്ച ഒരു പ്രമുഖ ഗ്രന്ഥമായിരുന്നു ഇത്. 1620-ൽ സൈൻ, ടാൻജെൻറ് എന്നീ ത്രികോണമിതീയ അനുപാതങ്ങളുടെ ലോഗരിതപട്ടിക ഉൾക്കൊളളുന്ന ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. ഇത്തരത്തിൽപ്പെട്ട ആദ്യഗ്രന്ഥമാണിത്. ഇന്നത്തെ സ്ലൈഡ് സ്കേലിന്റെ പ്രാഗ്രൂപമായ ഒരു കണക്കുകൂട്ടൽ ഉപകരണം ഗന്തർ രൂപകല്പന ചെയ്തു. ഇതിൽനിന്നു സൈനുകൾ, ടാജൻറുകൾ എന്നിവയുടെ ലോഗരിതം വേഗം കണക്കാക്കാൻ കഴിയും. ഇത് 'ഗന്തേഴ്സ് സ്കേൽ' എന്ന് അറിയപ്പെടുന്നു.

ഭൂമി അളക്കുവാനുളള ഇന്നത്തെ രൂപത്തിലുളള 100 ലിങ്കുകൾ ചേർന്ന (22 ഗജം–20.1 മീറ്റർ നീളം) അളവുചങ്ങല കണ്ടുപിടിച്ചത് ഇദ്ദേഹമാണ്. ക്രോസ്സ്റ്റാഫ്, ക്രോസ്ബോ, ക്വാർഡ്രൻറ് (സമയം കണക്കാക്കാനും ഒരു വസ്തുവിൻെറ ഉന്നതി കണക്കാക്കാനും നാവികർ ഉപയോഗിക്കുന്ന ഉപകരണം) തുടങ്ങിയവ ഇദ്ദേഹം രൂപകല്പന ചെയ്തതാണ്. 1626 ഡിസംബർ 10-ന് ഗന്തർ ലണ്ടനിൽ അന്തരിച്ചു.

ഗന്തർ, ജോൺ (1901–1970)

യു.എസിലെ ഗ്രന്ഥകർത്താവും പത്രപ്രവർത്തകനും. 1901 ഓഗസ്റ്റ് 30-ന് ഷിക്കാഗോയിൽ ജനിച്ചു. ഷിക്കാഗോ സർവകലാശാലയിൽനിന്നും ബിരുദം നേടി. 1924 മുതൽ ഷിക്കാഗോ ഡെയിലി ന്യൂസ് തുടങ്ങിയ പത്രങ്ങളുടെ പ്രതിനിധിയായിരുന്നു. റേഡിയോ റിപ്പോർട്ടർ, യുദ്ധകാര്യലേഖകൻ എന്നീ നിലകളിലിദ്ദേഹം ലോകത്തിൻെറ എല്ലാ ഭാഗത്തും സഞ്ചരിച്ചിട്ടുണ്ട്. ഗന്തർ ഒരു നോവലിസ്റ്റും ജീവചരിത്രകാരനുംകൂടി ആയിരുന്നെങ്കിലും അദ്ദേഹം കൂടുതലായി അറിയപ്പെടുന്നത് 'ഇൻസൈഡ്' (Inside) പരമ്പരയിലെ പുസ്തകങ്ങളുടെ കർത്താവ് എന്ന നിലയ്ക്കാണ്. ഇൻസൈഡ് യൂറോപ്പ് (1936), ഇൻസൈഡ് ഏഷ്യ (1939), ഇൻസൈഡ് ലാറ്റിൻ അമേരിക്ക (1941), ഇൻസൈഡ് യു.എസ്.എ. (1947), ഇൻസൈഡ് ആഫ്രിക്ക (1955) എന്നിങ്ങനെ അദ്ദേഹത്തിൻെറ 'ഇൻസൈഡ്' പുസ്തകങ്ങൾ പ്രസിദ്ധമാണ്. ഈ പുസ്തകങ്ങളുടെ രചനയ്ക്ക് വസ്തുതകൾ ശേഖരിക്കുന്നതിനായി അദ്ദേഹം എല്ലാ വൻകരകളിലും രാജ്യങ്ങളിലും നീണ്ട യാത്രകൾ നടത്തി. ഇൻസൈഡ് പുസ്തകങ്ങളുടെ അനേകം പതിപ്പുകൾ ചെറിയൊരു കാലയളവിനുള്ളിൽത്തന്നെ വിറ്റഴിഞ്ഞു. ഇവ മുപ്പതു ഭാഷകളിൽ തർജമ ചെയ്തിട്ടുണ്ട്. സാഹിത്യഭംഗി, മിഴിവുറ്റ തൂലികാചിത്രങ്ങൾ, രാഷ്ട്രീയ സ്ഥിതിഗതികളുടെ വിശ്ലേഷണം, സർവ്വോപരി വിദ്വേഷം കലരാത്ത ശൈലി- ഇവ ഗന്തറുടെ ഇൻസൈഡ് പുസ്തകങ്ങളുടെ പ്രത്യേകതകളാണ് ഭൂമിശാസ്ത്രവും ചരിത്രവും രാഷ്ട്രീയവുമെല്ലാം കലാപരമായിട്ടാണ് അദ്ദേഹം വിവരിച്ചത്. 1962-ൽ ആത്മകഥ പ്രസിദ്ധപ്പെടുത്തി (ഏഫ്രാഗ്മെൻറ് ഒഫ് ഓട്ടൊബയോഗ്രാഫി). 1970 മേയ് 29-ന് ന്യൂയോർക്കിൽവച്ച് നിര്യാതനായി.

ഗന്ധം

മൂക്കുകൊണ്ടുമാത്രം ഗ്രഹിക്കാവുന്ന ഗുണം. ഒരു പദാർഥത്തിൻെറ ഗന്ധം അറിയുന്നതിന് അതിൻെറ തന്മാത്രകൾ (molecules) ഒരു ജീവിയുടെ മണത്തറിയാനുള്ള അവയവങ്ങളിൽ എത്തേണ്ടതുണ്ട്. വായുവിൽകൂടി എത്തുന്ന തന്മാത്രകൾ വഴിയാണ് മനുഷ്യനും കരയിലുളള മറ്റു ജീവജാലങ്ങളും ഗന്ധമറിയുന്നത്. എന്നാൽ ജലത്തിൽ കഴിയുന്ന മത്സ്യങ്ങൾ തുടങ്ങിയ ജീവികളുടെ കാര്യം ഭിന്നമാണ്. ആദികാലത്തു ജന്മമെടുത്ത മിക്ക ജീവികൾക്കും കണ്ണ്, കാത് തുടങ്ങിയ എല്ലാ ഇന്ദ്രിയങ്ങളുമില്ലായിരുന്നു. ഉയർന്ന ജീവികളിൽ കാഴ്ചയ്ക്കുളള സ്ഥാനത്തിൽനിന്നും ഒട്ടും കുറവല്ല താഴ്ന്ന ജീവികളിൽ ഗന്ധമറിയുന്നതിനുളളത്. ഉദാഹരണമായി സമൂഹമായി കഴിയുന്ന പലയിനം ഷട്പദങ്ങളിലും ഘ്രാണശക്തിക്കാണ് ഇന്ദ്രിയശക്തികളിൽ കൂടുതൽ സ്ഥാനം. ചില ഉറുമ്പുകൾ ആ ഇനത്തിൽപ്പെട്ട ഉറുമ്പുകളെ ഗന്ധത്തിൽ വ്യത്യാസം വന്നാൽ ആക്രമിച്ച് നശിപ്പിക്കുന്നു. തേനീച്ചകളുടെ കഥയും ഇതുതന്നെ. ചില ചെടികളുടെ പൂക്കൾക്കുളള മണം പ്രത്യേകതരം ഷട്പദങ്ങളെ ആകർഷിക്കുന്നു. ഈ ജീവികൾ തേൻ കുടിക്കുന്നതിനായി പൂക്കളിൽ വന്നു പറ്റുന്നതോടൊപ്പം പരപരാഗണത്തിന് സഹായിക്കുകയും ചെയ്യുന്നു. കാഴ്ചശക്തിയില്ലാത്ത അകശേരുകികൾ ഇണ ചേരുന്നതിന് അവയുടെ പ്രത്യേകഗന്ധം ഏറെ സഹായിക്കുന്നു. അങ്ങനെ ആൺ പെൺ ജീവികളെ ആകർഷിച്ച് അടുപ്പിക്കുന്നതിനും ഗന്ധം സഹായിക്കുന്നു. ചില ജലജീവികൾ ഇര പിടിക്കുന്നതിനും ശത്രുകളിൽനിന്നും രക്ഷപ്പെടുന്നതിനും മുട്ടയിട്ട് കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനും സ്വസ്ഥമായ സ്ഥാനങ്ങൾ കണ്ടുപിടിക്കുന്നതിനും മണത്തറിയാനുളള ശക്തിയാണ് ഉപയോഗിക്കുന്നത്. †ഘ്രാണവ്യൂഹം നോക്കുക.

ഗന്ധകം (Sulphur)

ആവർത്തനപ്പട്ടികയിലെ ആറാമത്തെ ഗ്രൂപ്പായ ഓക്സിജൻ കുടുംബത്തിലെ രണ്ടാമത്തെ അംഗമായ അലോഹമൂലകം. പ്രതീകം: S. അണുസംഖ്യ: 16. അണുഭാരം: 32.06. S^{32}, S^{33}, S^{34}, S^{36} എന്നീ ഐസോടോപ്പുകൾ സ്ഥിരമായവയും S^{31}, S^{35}, S^{37}, S^{38} എന്നിവ റേഡിയോ ആക്ടീവതയുള്ളവയുമാണ്.

വളരെ പ്രാചീനകാലം മുതൽ തന്നെ ഭാരതത്തിൽ ഗന്ധകം ഉപയോഗത്തിലിരുന്നതായി ചരിത്രമുണ്ട്. ഈജിപ്റ്റിലെ പുരോഹിതന്മാർ മതപരമായ ചടങ്ങുകളിൽ സൾഫർ ഉപയോഗിച്ചിരുന്നു. ചൈനയിൽ കൺഫ്യൂഷ്യസിൻെറ കാലത്തുതന്നെ ഗന്ധകമുപയോഗിച്ചു വെടിമരുന്നു നിർമിച്ചിരുന്നു. ഗന്ധകത്തിൻെറ ഉപയോഗത്തെക്കുറിച്ചു ഗ്രീക്ക് ഇതിഹാസമായ 'ഒഡീസ്സി'യിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രകൃതിയിൽ ഗന്ധകം മൂലകമായും പല സംയുക്തങ്ങളായും കാണപ്പെടുന്നു. സൾഫൈഡുകളും സൾഫേറ്റുകളുമാണു ഗന്ധക

ത്തിന്റെ പ്രധാന പ്രകൃതിദത്ത സംയുക്തങ്ങൾ. ജിപ്സം, അയേൺ പൈറൈറ്റ്സ്, സിങ്ക് ബ്ലൻഡ്, ഗലിന, കോപ്പർ പൈറൈറ്റ്സ്, സിനബാർ മുതലായ ഖനിജങ്ങളിൽ സൾഫർ അടങ്ങിയിട്ടുണ്ട്. ഗന്ധകത്തിന്റെ മുന്തിയ പങ്കും ഉത്പാദിപ്പിക്കപ്പെടുന്നത് അമേരിക്കയിലെ ലൂസിയാന, ടെക്സാസ് എന്നിവിടങ്ങളിൽനിന്നു കിട്ടുന്ന മൂലകധാതുവിൽനിന്നാണ്. ഇറ്റലിയിലെ സിസിലി, കാനഡായിലെ ആൽബെർട്ട, പോളണ്ട്, സൗദി അറേബ്യ, മെക്സിക്കോ, ഇറാക്ക്, റഷ്യ, ജപ്പാൻ എന്നിവിടങ്ങളിലും ചെറിയ തോതിൽ ഗന്ധകം ലഭ്യമാണ്. ലോകത്തിൽ പ്രതിവർഷം ഒന്നരക്കോടിയിലധികം ടൺ ഗന്ധകം ഉത്പാദിപ്പിക്കുന്നുണ്ട്.

ഗുണധർമങ്ങൾ: ഇളം മഞ്ഞനിറമുള്ള പൊടിയായിട്ടാണു ഗന്ധകം കാണപ്പെടുന്നത്. ജലത്തിൽ ലയിക്കുന്നില്ല. കാർബൺ ഡൈസൾഫൈഡിൽ നന്നായി ലയിക്കും. അലോട്രോപ്പിക സ്വഭാവം കാണിക്കുന്ന ഒരു മൂലകമാണു ഗന്ധകം. റോംബിക് (Rhombic) (ആൽഫാ) ഗന്ധകം, മോണോക്ലിനിക് (ബീറ്റാ) ഗന്ധകം എന്നിവ അതിന്റെ രണ്ടു ക്രിസ്റ്റൽ രൂപങ്ങളാണ്. രണ്ടും ജലത്തിൽ അലേയമാണ്. മോണോക്ലിനിക്ഗന്ധകം വച്ചിരുന്നാൽ ക്രമേണ ആൽഫാഗന്ധകമായി മാറുന്നു.

ഗന്ധകം വായുവിൽ കത്തുമ്പോൾ ശ്വാസംമുട്ടിക്കുന്ന ഗന്ധമുള്ള സൾഫർ ഡയോക്സൈഡ് ഉണ്ടാകുന്നു. മറ്റു പല മൂലകങ്ങളുമായി പ്രതിപ്രവർത്തിച്ചു സൾഫൈഡുകളുണ്ടാവാനും ഗന്ധകത്തിനു കഴിയും.

ഉപയോഗങ്ങൾ: ലോകത്ത് ഉത്പാദിപ്പിക്കുന്ന സൾഫറിന്റെ ഏറിയ പങ്കും ഉപയോഗിക്കുന്നത് സൾഫ്യൂറിക് ആസിഡ് ഉണ്ടാക്കാനാണ്. പേപ്പർ, കാർബൺ ഡൈ സൾഫൈഡ്, സൾഫാ മരുന്നുകൾ, കീടനാശിനികൾ, ചായങ്ങൾ, തീപ്പെട്ടി എന്നിവയുടെ നിർമാണത്തിനും റബർ വൾക്കനൈസ് ചെയ്യുന്നതിനും സൾഫർ ഉപയോഗിക്കുന്നു. ഹൈഡ്രജൻ സൾഫൈഡ് പരീക്ഷണശാലയിൽ ഉപയോഗിക്കുന്ന ഒരു വാതകമാണ്. ജന്തുക്കൾക്ക് അത്യാവശ്യമുള്ള ഒരു മൂലകമാണു സൾഫർ.

പ്രധാനസംയുക്തങ്ങൾ: ഗന്ധകത്തിന്റെ സംയുക്തങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതു രാസവസ്തുക്കളുടെ രാജാവായ സൾഫ്യൂറിക് ആസിഡാണ് †സൾഫ്യൂറിക് ആസിഡ് നോക്കുക. ഗന്ധകത്തിന്റെ ആകെ ഉത്പാദനത്തിന്റെ 75% സൾഫ്യൂറിക് ആസിഡ് ഉണ്ടാക്കാനാണുപയോഗിക്കുന്നത്.

ഗന്ധകത്തിന്റെ വ്യാവസായികപ്രാധാന്യമുള്ള മറ്റൊരു സംയുക്തമാണു കാർബൺ ഡൈ സൾഫൈഡ് (CS_2). വർണവസ്തുക്കളെ ബ്ലീച്ചുചെയ്യാനുപയോഗിക്കുന്ന സൾഫർ ഡയോക്സൈഡ്, ഫോട്ടോഗ്രഫിയിൽ ഉപയോഗിക്കുന്ന ഹൈപ്പോ (സോഡിയം തയോ സൾഫേറ്റ്) എന്നിവയും സൾഫറിന്റെ പ്രധാനപ്പെട്ട സംയുക്തങ്ങളാണ്. ചീഞ്ഞ മുട്ടയുടെ ഗന്ധം ഹൈഡ്രജൻ സൾഫൈഡ് എന്ന സംയുക്തത്തിന്റേതാണ്.

ഗന്ധകം മറ്റു മൂലകങ്ങളുമായി, പ്രത്യേകിച്ചു ലോഹങ്ങളുമായി ചേർന്നുണ്ടാകുന്ന സംയുക്തങ്ങളാണു സൾഫൈഡുകൾ. സിങ്ക്, ചെമ്പ്, ഇരുമ്പ്, മെർക്കുറി, ലെഡ് മുതലായ പല ലോഹങ്ങളും പ്രകൃതിയിൽ കാണപ്പെടുന്നത്, അവയുടെ സൾഫൈഡുകളായാണ്.

ഗന്ധകം അടങ്ങിയിട്ടുള്ള ധാരാളം കാർബണിക സംയുക്തങ്ങളുമുണ്ട്. സാക്കറിൻ യുദ്ധത്തിൽ വിഷവാതകമായുപയോഗിക്കുന്ന മസ്റ്റേഡ് ഗ്യാസ്, തയോക്കോൾ റബർ, പെനിസിലിൻ, സൾഫാമരുന്നുകൾ, സിസ്റ്റീൻ തുടങ്ങിയ അമിനോ ആസിഡുകൾ എന്നിവയിലൊക്കെ ഗന്ധകം അടങ്ങിയിട്ടുണ്ട്.

എ. സലാവുദ്ദീൻ കുഞ്ഞ്

ഗന്ധദ്രവ്യങ്ങൾ

ആയുർവേദത്തിലെ ഒരൗഷധ വിഭാഗം. ഗന്ധമുള്ള ഏതു വസ്തുവിനെയും ഗന്ധദ്രവ്യം എന്നു പറയാമെങ്കിലും ആയുർവേദത്തിൽ ചില പ്രത്യേക ദ്രവ്യങ്ങളെ ഇങ്ങനെ ഒരു വിഭാഗത്തിൽപെടുത്തിയിരിക്കുന്നു. ഏലത്തരി, വെളുത്തചന്ദനം, നാഗപ്പൂവ്, അകിൽ, മൂരാമാഞ്ചി, തക്കോലം, ജടാമാഞ്ചി, കച്ചോലം, തിരുവട്ടപ്പശ, പച്ചില, തുണിയാങ്കം, കർപ്പൂരം, കന്മദം, രാമച്ചം, കസ്തൂരി, നാകുണം, നാന്മുകപ്പുല്ല്, മാക്കീരക്കല്ല്, മുത്തങ്ങാക്കിഴങ്ങ്, ഉലുവാ, ഇലവർങ്ഗം ഇവയാണ് ഗന്ധദ്രവ്യങ്ങളെന്നാണു ചില ആചാര്യന്മാരുടെ അഭിപ്രായം. എന്നാൽ മറ്റു ചില ആചാര്യന്മാരുടെ അഭിപ്രായത്തിൽ കൊട്ടം, വേലിപ്പരുത്തി, നാന്മുകപ്പുല്ല്, രാമച്ചം, വെളുത്തചന്ദനം, ജടാമാഞ്ചി, പച്ചില, നാകുണം, കസ്തൂരി, ജാതിക്ക, തക്കോലപുട്ടിൽ, കുങ്കുമപ്പൂവ്, ഇലവർങ്ഗത്തൊലി, ലതാകസ്തൂരി അറബിക്കുന്തിരിക്കം, മാഞ്ചി, ഉലുവ, കഴിമുത്തങ്ങ, കച്ചോലം, ചെറിയ ഏലത്തിരി, അകില്, മുത്തങ്ങ, കർപ്പൂരം, തുണിയാങ്കം, തിരുവട്ടപ്പശ, കുന്തിരുക്കം, ഇലവർങ്ഗപ്പൂവ്, മൂരാമഞ്ചി, ജാതിപത്രി, കന്മദം, ദേവതാരം, ജീരകം എന്നിവയാണ് ഗന്ധദ്രവ്യങ്ങൾ. വിഷ്ണുതൈലം മുതലായ തൈലങ്ങൾ നിർമിക്കുന്നതിനുള്ള ഗന്ധദ്രവ്യങ്ങൾ ചേർത്തുകൊള്ളണമെന്നുണ്ട്. വരിക്കമാവ്, ഞാവൽ, വളാർമരം, മാതളനാരകം, കൂവളം എന്നീ അഞ്ചു വൃക്ഷങ്ങളുടെ തളിരില അരിഞ്ഞു കഷായംവച്ച് അതിലാണ് ഗന്ധദ്രവ്യങ്ങൾ കഴുകിയെടുക്കേണ്ടത്.

ഗന്ധമാദനം

പുരാണലോകത്തിന്റെ ഒത്തമദ്ധ്യത്തിൽ, ഇളാവൃതവർഷത്തിൽ, സ്ഥിതിചെയ്യുന്നതായി ഇതിഹാസങ്ങളിൽ വർണിക്കുന്ന ഒരു പർവതം. ഇതിന്റെ കിടപ്പ് കൃത്യമായി എവിടെയാണെന്നുള്ളതിനെപ്പറ്റി പണ്ഡിതന്മാർ ഏകാഭിപ്രായക്കാരല്ല. സൗരഭ്യംകൊണ്ടു ലഹരിപിടിപ്പിക്കുന്നത് എന്നർത്ഥമുള്ള ഈ വനവിഭാഗത്തിലാണ് രാമാവതാരകാലത്തിനു ശേഷമുള്ള ഘട്ടത്തിൽ ചിരഞ്ജീവിയായ ഹനുമാൻ താമസിക്കുന്നതെന്നു പറയപ്പെടുന്നു. സൗഗന്ധികാഹരണത്തിനു പോയ ഭീമസേനനൻ ഇവിടെവച്ചാണ് ഹനൂമാനെ കണ്ടുമുട്ടിയത്.

ഗന്ധരാജൻ

ഒരിനം കുറ്റിച്ചെടി. ശാസ്ത്രനാമം: *ഐപ്പോമിയ പെസ്റ്റിഗ്രിഡിസ് (Ipomoea pestigridis)* 180 മുതൽ 240 വരെ സെൻറീമീറ്റർ ഉയരമുണ്ട്. ദീർഘവൃത്താകൃതിയാണ് ഇലയ്ക്ക്. മാർച്ച്-ഏപ്രിൽ മാസങ്ങളിൽ പൂക്കുന്നു. പൂവിനു മണമുണ്ട്. നിറം വെളുപ്പ്. ഒരു ഞെട്ടിൽ രണ്ടു പൂവുണ്ടാകാറുണ്ട്. മഴക്കാലത്തു കമ്പുമുറിച്ചുനട്ടാണു പുതിയ ചെടി വളർത്തുന്നത്.

ഗന്ധർവ്വൻ

ദേവന്മാരിൽ ഒരു വിഭാഗം. ഇവർ സ്വർഗത്തിലെ ഗായകരാണ്. സംഗീതശാസ്ത്രത്തെ ഗന്ധർവ്വവിദ്യ എന്നു വിശേഷിപ്പിക്കാറുണ്ട്. സോമരസം ഉണ്ടാക്കുന്ന ഇവർ ബ്രഹ്മാവിന്റെ മൂക്കിൽനിന്നുണ്ടായവരാണെന്നും കശ്യപന്റെ മക്കളാണെന്നും രണ്ടു മതമുണ്ട്. ഗന്ധർവ്വന്മാരുടെ രാജാവാണ് ചിത്രരഥൻ. അപ്സരസ്സുകളാണ് ഇവരുടെ ഭാര്യ



മൃദംഗത്തോടു കൂടിയ ഗന്ധർവൻ

മാർ. ഗന്ധർവ്വന്മാരെ പൂജിക്കുകയും അവരുടെ പ്രസാദത്തിനുവേണ്ടി പാട്ടുനടത്തുകയും പതിവുണ്ടായിരുന്നു. ഗന്ധർവന്മാർ കൂടെക്കൂടെ ആകാശത്തിലൂടെ ചുറ്റിസ്സഞ്ചരിക്കുന്നതായി വിശ്വസിച്ചിരുന്നു. അതിനാൽ 'ഗന്ധർവനഗരം' എന്നൊരു സംജ്ഞ മരുമരീചിക എന്ന അർഥത്തിൽ പ്രസിദ്ധമായിത്തീർന്നു.

ഗന്ധർവ്വൻതുള്ളൽ

മതപരമായ ദൃശ്യകലകളിലുൾപ്പെട്ട ഒരുവക നൃത്തം.

വിവാഹപ്രായമായ പെൺകുട്ടികൾക്കുണ്ടാകുന്ന ചില പ്രത്യേക ബാധോപദ്രവങ്ങളിൽനിന്ന് അവരെ വിമുക്തരാക്കുകയാണത്രേ ഈ കർമ്മത്തിൻെറ ഉദ്ദേശ്യം. കുറുപ്പന്മാരെന്ന വിഭാഗക്കാരാണ് ഇതു നടത്തുന്നത്.

പൂക്കുല, കുരുത്തോല മുതലായവകൊണ്ട് അലങ്കരിച്ച പന്തലിൽ വിവിധവർണത്തിലുള്ള പൊടികൾ (മഞ്ഞൾപ്പൊടി, അരിപ്പൊടി, കരിപ്പൊടി, ചുണ്ണാമ്പും മഞ്ഞളും കൂട്ടിച്ചേർത്ത കടും ചെമപ്പുപൊടി, വാകയുടെ ഇല ഉണക്കിപ്പൊടിച്ച പച്ചപ്പൊടി) ഉപയോഗിച്ച് ഗന്ധർവ്വരാജാവായ 'ചിത്രരഥ'ൻെറ രൂപം വരയ്ക്കുന്നു. കുറുപ്പന്മാർ രൂപത്തിനു ചുറ്റും ഇരുന്ന് സ്തുതിഗാനം പാടി ആരാധിക്കും. പ്രത്യേകതരം വേഷം ധരിച്ച് കിരീടം ചൂടിയ ആൾ രംഗത്തുവന്ന് പൂക്കുലകൊണ്ട് കളം മായ്ച്ച് കൈമുദ്രകൾ കാണിച്ച് ആടിപ്പാടി നൃത്തം ചെയ്യുകയും ഉപദ്രവമേറ്റ ആളിൻെറ തലയിൽ അക്ഷതം (നെല്ലും അരിയും പൂവും ചന്ദനവും വെള്ളവും കൂട്ടിയത്) എറിയുകയും പന്തംകൊളുത്തി കറങ്ങി തേങ്ങ ഉടച്ച് ബലിതൂവി അനുഗ്രഹിക്കുകയും ചെയ്യുന്നു.

ഗന്ധർവൻപാട്ട്

ഒരു മതാനുഷ്ഠാനം. വ്രതമെടുത്ത ഏതാനും ആളുകൾ അലങ്കരിച്ച മണ്ഡപത്തിൽ അഷ്ടദളം പദ്മമിട്ട് പീഠവും വാളും വച്ച് ഗന്ധർവ്വരാജാവായ 'ചിത്രരഥ'നെ ആവാഹിച്ചു പൂജിച്ചു സ്തുതിഗീതങ്ങൾ പാടി ആരാധിക്കുന്നു. വ്രതക്കാർ വാദ്യഘോഷങ്ങളുടെ ഇടയിൽ ആവേശംകൊള്ളുകയും പ്രത്യേക നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യുന്നു. പൂജാരി ഭസ്മം എറിഞ്ഞാണ് കലി അടക്കുന്നത്.

ഗന്ധശതി

സിൻജിബറേസി കുലത്തിൽപ്പെട്ട ഔഷധസസ്യം. ഹിമാലയപ്രാന്തങ്ങളിൽ കണ്ടുവരുന്നു. ശാസ്ത്രനാമം: *ഹെഡിക്കിയം സ്പൈക്കേറ്റം.* ഒരു മീറ്ററോളം പൊക്കമുണ്ട്. ഏകബീജപത്രവിഭാഗത്തിൽപ്പെടുന്നു.



ഗന്ധശതി: ഇലയും പൂവും വേരും

മണ്ണിനടിയിൽ ഇഞ്ചിയുടെതുപോലുള്ള ഭൂകാണ്ഡം ഉണ്ട്. ഭൂകാണ്ഡത്തിൽനിന്ന് ഒരിനം സുഗന്ധതൈലം വാറ്റിയെടുക്കുന്നു. ഇത് ഉദരരോഗങ്ങൾ ശമിപ്പിക്കാൻ കൊള്ളാം.

ഗപ്പി

അക്വേറിയത്തിൽ വളർത്തുന്ന ഒരിനം ചെറിയ മത്സ്യം. ശദ്ധജലത്തിലും കണ്ടുവരുന്നു. ധാരാളം മുട്ടകൾ ഇടുന്നതുകൊണ്ട് ഇംഗ്ലീഷിൽ 'മില്യൺസ്' എന്നും പേരുണ്ട്. ശാസ്ത്രനാമം: *ലെബിസ്റ്റസ് റെറ്റിക്കുലേറ്റസ് (Lebistes reticulatus)*. പോയിസില്ലിഡെ കുലത്തിൽപെടുന്നു.



ഗപ്പി

പെൺമത്സ്യം ആൺമത്സ്യത്തെക്കാൾ വലുതാണ്. ആൺമത്സ്യത്തിൻെറ നീളം ഏകദേശം നാലു സെൻറിമീറ്റർ. ഇതിന് മഴവില്ലിൻെറ വർണശബളിമ ഉണ്ട്. പെൺമത്സത്യത്തിന് വർണഭംഗി കുറവാണ്.

ഗഫൂർ, ഡോ. അബ്ദുൽ (1929—1984)

മുസ്ലിം എജുക്കേഷണൽ സൊസൈറ്റിയുടെ സ്ഥാപകനും, ഭിഷഗ്വരനും.

1929 ഡിസംബർ 25-നു മണപ്പാട്ടു കൊച്ചുമൊയ്തീൻ ഹാജിയുടെയും കറുത്തപാടത്തു കുഞ്ഞാച്ചുമ്മയുടെയും മകനായി കൊടുങ്ങല്ലൂരിൽ ജനിച്ചു. എറണാകുളം മഹാരാജാസ് കോളെജിലും, അലിഗഢ് മുസ്ലിം യൂണിവേഴ്സിറ്റിയിലുമായി ബിരുദപഠനം പൂർത്തിയാക്കി. തിരുവനന്തപുരം മെഡിക്കൽ കോളെജിലെ ആദ്യബാച്ചിൽ ചേർന്നു എം.ബി.ബി.എസ്. ബിരുദം നേടി. ഇംഗ്ലണ്ടിൽ പോയി ന്യൂറോളജിയിൽ എം.ആർ.സി.പി. ഡിഗ്രിയും എഡിൻബറോയിൽനിന്നു ഡി.ടി.എം. ആൻഡ് എച്ച്. ഡിഗ്രിയും സമ്പാദിച്ചു. ആദ്യം തിരുവനന്തപുരം മെഡിക്കൽ കോളെജിലും പിന്നീടു കോഴിക്കോടു മെഡിക്കൽ കോളെജിലും സേവനമനുഷ്ഠിച്ചു.

1964-ൽ മുസ്ലിം എജുക്കേഷണൽ സൊസൈറ്റി സ്ഥാപിച്ചു. കോഴിക്കോടു കേന്ദ്രമാക്കിയായിരുന്നു ആദ്യത്തെ പ്രവർത്തനം. പിന്നീടു കേരളത്തിൻെറ പല ഭാഗങ്ങളിലും ശാഖകളുണ്ടാക്കി. 1969-ൽ എം.ഇ.എസ്. അഖിലേന്ത്യാടിസ്ഥാനത്തിലുള്ള സംഘടനയാക്കി വിപുലീകരിച്ചു.

1984 മെയ് 23-നു ഹൃദയാഘാതം മൂലം പെട്ടെന്നാണു ഗഫൂർ നിര്യാതനായത്. †മുസ്ലീം എജുക്കേഷണൽ സൊസൈറ്റി നോക്കുക.

ഗബ്രിയേലി, ജിലോവനി (1506-1612)

ഇറ്റാലിയൻ നവോത്ഥാനകാലത്തെ ഗായകനും അധ്യാപകനും. മാതുലനായ ആന്ദ്രിയ ഗബ്രിയേലിയുടെകൂടെ സമൂഹഗാനങ്ങളിൽ പങ്കെടുക്കുകയും യാത്ര ചെയ്യുകയും ചെയ്ത ഇദ്ദേഹം മാതുലൻെറ മരണശേഷം സെൻറ് മാർക്ക് കത്തീഡ്രലിലെ പാട്ടുകാരനായി. ക്രിസ്തുമതാനുഷ്ഠാന സംഗീതരംഗത്ത് പ്രസിദ്ധനായ ഇദ്ദേഹം ഈ വിഷയത്തെപ്പറ്റി ചില ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

ഗബ്രിയേൽ

യഹൂദ, ക്രൈസ്തവ, മുസ്ലിം മതഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള ഒരു പ്രധാന പ്രവാചകൻ. ബൈബിളിൽ (പഴയ നിയമത്തിലും പുതിയ നിയമത്തിലും) ഗബ്രിയേലിനെപ്പറ്റി പരാമർശമുണ്ട്. പഴയ

നിയമത്തിൽ, ഗബ്രിയേൽമാലാഖ ദാനിയേലിന് ഒരു ദർശനത്തിൽ പ്രത്യക്ഷപ്പെട്ട് 'കോപത്തിൻെറ അന്ത്യകാലത്തിൽ സംഭവിപ്പാനിരിക്കുന്നത് ഗ്രഹിപ്പിച്ചതായും (ദാനിയേൽ 8:15) 'ബുദ്ധി ഉപദേശിച്ചതായും' (ദാനിയേൽ 9:21) പറയുന്നു. യേശുക്രിസ്തുവിൻെറ മുന്നോടിയായിരുന്ന യോഹന്നാൻെറ ജനനത്തെപ്പറ്റി യോഹന്നാൻെറ പിതാവായ സെഖര്യാവെന്ന പുരോഹിതനെയും യേശുക്രിസ്തുവിൻെറ ജനനത്തെപ്പറ്റി അദ്ദേഹത്തിൻെറ മാതാവായ കന്യകാമറിയത്തിനെയും ഗബ്രിയേൽ ദൂതൻ മുൻകൂട്ടി അറിയിക്കുന്നതായാണ് പുതിയ നിയമത്തിൽ പറയുന്നത്. (ലൂക്കോസ് 1:11-20, 26-38).

ഗമകം

കേഴ്‌വിക്കു സുഖപ്രദമാകുംവണ്ണം സ്വരങ്ങൾക്കു കമ്പനം (ഇളക്കം) വരുത്തുന്ന സമ്പ്രദായം. "സ്വരസ്യകമ്പോഗമകഃ ശ്രോതൃചിത്ത സുഖാവഹഃ" എന്നു നിർവചനം. സ്വസ്ഥാനത്തുള്ള ശ്രുതിയുടെ ഛായയെയും അന്യസ്ഥാനത്തുള്ള ശ്രുതിയുടെ ഛായയെയും ഗമിപ്പിക്കുന്നത് - ദ്യോതിപ്പിക്കുന്നത് — ഗമകം. ദശവിധഗമകങ്ങൾ എന്നാണു പ്രസിദ്ധിയെങ്കിലും 15, 17 എന്നും മറ്റും വ്യവാഹാരം കാണുന്നുണ്ട്. വെങ്കിടമഖിയുടെ ചതുർദണ്ഡി പ്രകാശിക 15 ഗമകങ്ങളെ പറ്റി പറയുന്നു. അവ, തിരുപം, സ്ഫുരിതം, കമ്പിതം, ലീനം, ആന്ദോളിതം, വലി, ത്രിഭിന്നം, കരുളം, ആഹതം, ഉല്ലാസിതം, പ്ലാവിതം,ഗുംഫിതം മുദ്രിതം, നാമിതം, മിശ്രിതം ഇവയാകുന്നു. ഇവയിൽ തിരുപം എന്നതിനു ത്രിരൂപം എന്നും പാഠഭേദമുണ്ട്. എണ്ണത്തിൻെറ കാര്യത്തിലും ഭിന്നാഭിപ്രായമുണ്ട്. സിദ്ധാന്തപരമായി പറയുമ്പോൾ ഇവയെല്ലാം മനുഷ്യകണ്ഠത്തിനു വഴങ്ങേണ്ടതാണ്. എന്നാൽ മിക്കവയും വീണയിൽ മാത്രമേ വ്യക്തമായി പ്രയോഗിക്കാൻ കഴിയൂ. കർണാടകസംഗീതത്തിനു തുല്യമായി ഗമക വൈവിധ്യമുള്ള ഒരു സംഗീതസമ്പ്രദായവും ലോകത്തില്ല എന്നു യഹൂദി മെനുവിൽ പറഞ്ഞിട്ടുണ്ട്. രാഗരൂപങ്ങളുടെ ശ്രവണസുഖത്തിനു മാത്രമല്ല വൈകാരിക ഭാവത്തിനും ഗമകങ്ങൾ സഹായകമാണ്.

ഗമാലിയേൽ

ബൈബിളിൽ പരാമർശമുള്ള ഒരു പരീശൻ. 'സർവ്വജനത്തിനും ബഹുമാനമുള്ള ഒരു ധർമ്മോപദേഷ്ടാവെ'ന്നാണ് ഇദ്ദേഹത്തെപ്പറ്റി പറഞ്ഞിരിക്കുന്നത്. ക്രിസ്തുവിൻെറ അപ്പോസ്തോലന്മാർക്കെതിരായി കഠിനമായ ശിക്ഷാനടപടികൾ എടുക്കാതിരിക്കാൻ ന്യായാധിപസംഘത്തെ പ്രേരിപ്പിച്ചത് ഇദ്ദേഹമായിരുന്നു. (അപ്പോ. പ്രവൃ. 5: 34-40). വി.പൗലോസിനെ യഹൂദന്മാരുടെ ന്യായപ്രമാണം അഭ്യസിപ്പിച്ചത് ഗമാലിയേലായിരുന്നു എന്നും പറഞ്ഞുകാണുന്നു. (അപ്പോ. പ്രവൃ. 22:3)

ഗയ

ബീഹാർ സംസ്ഥാനത്തിലെ ഒരു ജില്ലയും ഈ ജില്ലയുടെ ആസ്ഥാനമായ പുരാതനനഗരവും. ജില്ലയുടെ വിസ്തൃതി 6545 ച.കി.മീറ്റർ ജനസംഖ്യ 31,34,175 (1981). ഗയ നഗരം സ്ഥിതിചെയ്യുന്നത് കല്ക്കത്തയിൽനിന്ന് ഏതാണ്ട് 416 കിലോമീറ്റർ വടക്കുകിഴക്കും പാട്നയിൽനിന്നു 91 കിലോമീറ്റർ തെക്കും ആയി ഫൽഗു നദിക്കരയിൽ ആണ്. നല്ല കാലാവസ്ഥയാണ്. 101 മുതൽ 170 വരെ സെൻറിമീറ്റർ മഴ പെയ്യുന്നു. ഹിന്ദുക്കളുടെയും ബുദ്ധമതക്കാരുടെയും തീർത്ഥാടന കേന്ദ്രമാണ് ഗയ. നഗരത്തിൽനിന്ന് 9.6 കി.മീറ്റർ വടക്കായി ബുദ്ധഭഗവാന് ബോധോദയമുണ്ടായ ബുദ്ധഗയ സ്ഥിതിചെയ്യുന്നു. തെക്ക് ബുദ്ധഗയയ്ക്കും വടക്ക് പ്രത്സിൽ മലയ്ക്കും മദ്ധ്യേയായി 24 കി.മീറ്ററിനിടയിൽ ഉദ്ദേശം 45 പുണ്യസ്ഥലങ്ങളുണ്ട്. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് മഹാരാഷ്ട്രത്തിലെ രാജകുമാരിയായ അഹല്യാഭായി 1787-ൽ പണിയിച്ച വിഷ്ണുപദക്ഷേത്രമാണ്. 113 മീറ്റർ ഉയരമുള്ള ശിലാക്ഷേത്രമായ റാംശിലയും 137 മീറ്റർ ഉയരമുള്ള ബ്രഹ്മജൂണിയും പ്രസിദ്ധങ്ങളാണ്. വർഷംപ്രതി പിതൃതർപ്പണത്തിനായി മൂന്നുലക്ഷത്തോളം ജനങ്ങൾ ഗയയിൽ വരുന്നുണ്ടെന്നു കണക്കാക്കപ്പെടുന്നു. പട്ടണത്തിലെ ജനസംഖ്യ 2,47,075 (1981).

ഗയസ്

ആധുനിക നിയമഗ്രന്ഥങ്ങൾക്കടിസ്ഥാനമായ 'ഇൻസ്റ്റിറ്റ്യൂട്ട്' എന്ന നിയമഗ്രന്ഥത്തിൻെറ കർത്താവായ റോമൻ ന്യായാധിപൻ. എ.ഡി.രണ്ടാം നൂറ്റാണ്ടിലാണിദ്ദേഹം ജീവിച്ചിരുന്നത്. †കാസ്സിയസ് ഗേയസ് ലോങ്ങിനസ് നോക്കുക.

ഗയാന

തെക്കെ അമേരിക്കയിലെ വടക്കുകിഴക്കൻ ഭാഗത്തുള്ള ഒരു കോ-ഓപ്പറേറ്റീവ് റിപ്പബ്ലിക്ക്. 1966 വരെ ഇതു ബ്രിട്ടീഷ് ഗയാനാ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. വടക്ക് അത്‌ലാന്തിക് സമുദ്രം, കിഴക്കു സുറിനാം എന്ന രാജ്യം, തെക്കു ബ്രസീൽ, വടക്കു വെനിസ്വേല എന്നിവയാണ് അതിർത്തികൾ. തലസ്ഥാനം ജോർജ്ടൗൺ. തെക്കുവടക്കു കൂടിയ നീളം 800 കി.മീ. കിഴക്കുപടിഞ്ഞാറു കൂടിയ നീളം 456 കി.മീ. വിസ്താരം 2,15,000 ച.കി.മീ. ജനസംഖ്യ 8,37,000 (1984).

ഗയാനയിലെ ഒരു കരിമ്പുവെട്ടുകാരൻ
കത്തിക്കു മൂർച്ചകൂട്ടുന്നു.

ഗയാന എന്ന വാക്കിൻെറ അർഥം വെള്ളക്കെട്ട്പ്രദേശം എന്നാണ്. അമേരിന്ത്യക്കാരാണ് ഇവിടുത്തെ ആദിവാസികൾ. 17-ാം ശതകത്തിൻെറ ആദ്യകാലത്തു ഡച്ചുകാർ ഇവിടെ കുടിയേറിപ്പാർത്തു. പക്ഷേ, പതിനെട്ടാംശതകത്തിൽ ബ്രിട്ടീഷുകാർ കുറെഭാഗം ആക്രമിച്ചു കൈവശപ്പെടുത്തുകയും ഡിമെറാറ, ബെർബൈസ് എസ്സെക്വിബോ എന്നീ പ്രദേശങ്ങൾ വിലയ്ക്കുവാങ്ങുകയും ചെയ്തു. ഒരു ലക്ഷത്തിലേറെ അടിമകൾ ഇവിടെയുണ്ടായിരുന്നു. 1838-ൽ അടിമസമ്പ്രദായം നിർത്തലാക്കി. ബ്രിട്ടീഷുകാർ തോട്ടങ്ങൾ വച്ചുപിടിപ്പിച്ചു. ചൈനയിൽനിന്നും ഈസ്റ്റിൻഡീസിൽനിന്നും കൂലിക്കാരെക്കൊണ്ടുവന്നു ഇവിടെ താമസിപ്പിച്ചു. 1917 ആകുമ്പോഴേയ്ക്ക് 2,40,000 ഈസ്റ്റിന്ത്യാക്കാർ ഇവിടങ്ങളിൽ എത്തിക്കഴിഞ്ഞിരുന്നു. സ്പെയിൻകാരുടെ കൈവശത്തിലുള്ള പ്രദേശങ്ങളുമായി ചില അതിർത്തിത്തർക്കങ്ങളുണ്ടായെങ്കിലും 1899-ലെ സന്ധിയനുസരിച്ചു ബ്രിട്ടീഷ്ഗയാന എന്ന പേരിൽ ഈ പ്രദേശം ബ്രിട്ടീഷുകാരുടെ അധീനത്തിൽ നിലനിന്നു. 1928-ൽ ബ്രിട്ടൻെറ ഒരു കോളനിയായി ഇത് അംഗീകരിക്കപ്പെട്ടു. 1953-ൽ ഒരു പ്രത്യേകഭരണഘടന ഈ രാജ്യത്തിനുണ്ടായി. ഇതുപ്രകാരം തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളടങ്ങുന്ന നിയമസഭ നിലവിൽവന്നു. 1966-ൽ ബ്രിട്ടീഷ് ഗയാനയായിത്തീർന്നു. റെയ്മണ്ട് ആർതർചുങ് ആണു തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പ്രസിഡൻറ്; ഫോർബ്സ്/ബേൺഹാം ആദ്യത്തെ പ്രധാനമന്ത്രിയും. 1981-ൽ അയൽരാജ്യമായ വെനിസ്വേലയുമായി ധാതുസമ്പന്നമായ എസ്സെക്വിസോ പ്രദേശത്തിൻെറ കാര്യത്തിൽ ചില തർക്കങ്ങളുണ്ടായതിനെത്തുടർന്നു ഗയാനയുടെ സ്വാസ്ഥ്യം നഷ്ടപ്പെട്ടു. ഇപ്പോഴത്തെ പ്രസിഡണ്ട് ഡെസ്മണ്ട് ഹോയ്‌ലും പ്രധാനമന്ത്രി ഹാമിൽട്ടൺ ഗ്രീനുമാണ്.

ലോകത്തിൽ ഏറ്റവുമധികം ബോക്സൈറ്റ് നിക്ഷേപമുള്ള രാജ്യമാണു ഗയാന മാൻഗനീസ്, സ്വർണം, ഇരുമ്പ്, ചെമ്പ്, നിക്കൽ എന്നീ ലോഹങ്ങളും ഇവിടെനിന്നു ലഭിക്കുന്നു. നെല്ലും കരിമ്പുമാണ് ഇവിടുത്തെ പ്രധാന കൃഷി. അഞ്ചിലൊരു ഭാഗം ജനങ്ങളുടെ ജീവിതവൃത്തി കൃഷിയാണ്. തടിക്ക് ഉറപ്പുള്ളതരം മരങ്ങൾ ഇവിടുത്തെ കാടുകളിൽ ധാരാളമായി വളരുന്നു. സ്ലോത്ത്, മാൻ, ഉറുമ്പുതീനി, ആർമെഡില്ലോ, പിക്കാറി തുടങ്ങിയ മൃഗങ്ങളെ ഇവിടുത്തെ കാടുകളിൽ കണ്ടുവരുന്നു.

ജനസംഖ്യയിൽ പകുതിയോളം ഭാരതീയരാണ്. ഇംഗ്ലീഷാണ് ഔദ്യോഗികഭാഷ. ഹിന്ദിയും ഉറുദുവും സംസാരിക്കുന്ന ഒരുവിഭാഗവും ഇവിടെയുണ്ട്. ഹിന്ദുക്കൾ ഇവിടുത്തെ ജനസംഖ്യയുടെ 33 ശതമാന

ത്തോളം വരും; 10 ശതമാനമാണു മുസ്ലിങ്ങളുടെ ജനസംഖ്യ. †സുറിനാം, ഫ്രെഞ്ച് ഗയാന നോക്കുക.

ഗയൂം, മൗമൂൺ അബ്ദുൽ (1937-)

മാലദ്വീപുകളുടെ പ്രസിഡൻറ്. 1978 മുതൽ പ്രസിഡൻറായി സേവനം അനുഷ്ഠിച്ചുവരുന്ന ഗയൂബിനെ 1988 നവംബറിൽ മൂന്നാം പ്രാവശ്യവും ആ സ്ഥാനത്തേക്കു തിരഞ്ഞെടുത്തിട്ടുണ്ട്.

1937 ഡിസംബർ 29-നു മാലിയിൽ ജനിച്ചു. കെയ്റോയിലെ അൻ അസർ സർവകലാശാലയിൽനിന്ന് ഇസ്ലാമിക് സ്റ്റഡീസിൽ മാസ്റ്റർ ബിരുദവും, നിയമബിരുദവും, വിദ്യാഭ്യാസത്തിൽ ഡിപ്ലോമയും നേടി. കെയ്റോയിലെ അമേരിക്കൻ യൂണിവേഴ്സിറ്റിയിൽ ഇസ്ലാമിക് സ്റ്റഡീസിൽ റിസർച്ച് അസിസ്റ്റൻറായി പ്രവർത്തിച്ചു. പിന്നീട് രണ്ടു കൊല്ലം നൈജീരിയയിൽ അധ്യാപകനായിരുന്നു. 1973-ൽ മാലദ്വീപുകളിൽ മടങ്ങി എത്തിയശേഷം ഷിപ്പിങ്, ടെലിക്കമ്യൂണിക്കേഷൻസ് എന്നീ വകുപ്പുകളിൽ അണ്ടർ സെക്രട്ടറി ആയി ജോലി ചെയ്തു. പ്രധാനമന്ത്രിയുടെ സ്പെഷൽ അണ്ടർ സെക്രട്ടറി, കൊളംബോയിലെ ഡെപ്യൂട്ടി അംബാസിഡർ, യുണൈറ്റഡ് നേഷൻസിലെ സ്ഥിരം പ്രതിനിധി എന്നീ സ്ഥാനങ്ങൾ വഹിച്ചശേഷം ട്രാൻസ്പോർട്ട് വകുപ്പിൽ ഡെപ്യൂട്ടി മന്ത്രിയും താമസിയാതെ മന്ത്രിയും ആയിത്തീർന്നു (1977). അടുത്തവർഷം ഗയൂം പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. 1988 നവംബർ 3-നു ഗയൂം ഭരണകൂടത്തിനെതിരെ നടന്ന സായുധകലാപം ഇന്ത്യൻ സേനയുടെ സഹായം ഉപയോഗിച്ച് അമർച്ച ചെയ്തു. നവംബർ 11-ന് മൂന്നാം പ്രാവശ്യവും പ്രസിഡൻറായിത്തീർന്നു.

ഗരിബോൾഡി (1807-1884)

ഇറ്റാലിയൻ രാജ്യസ്നേഹിയും സ്വാതന്ത്ര്യയോദ്ധാവും. മുഴുവൻ പേര് ജൂസെപ്പി ഗരിബോൾഡി (Giuseppe Garibaldi). ഇറ്റലിയുടെ ദേശീയ ഏകീകരണത്തിനും ഇറ്റലിയെ വിദേശീയരിൽനിന്നു മോചിപ്പിക്കുന്നതിനുള്ള സമരത്തിൻെറ മുന്നണിയിൽനിന്ന ത്രിമൂർത്തികൾ, ഇറ്റാലിയൻ ദേശീയത്വത്തിൻെറ പ്രവാചകനായ മസീനിയും നയശാലിയും രാജ്യതന്ത്രജ്ഞനുമായ കവൂരും യോദ്ധാവായ ഗരിബോൾഡിയുമായിരുന്നു. 'റിസോർജിമെൻേറ' എന്ന ഈ ദേശീയ പ്രസ്ഥാനത്തിൻെറ നായകന്മാരിൽ ഗരിബോൾഡിയാണ് ഏറ്റവും പ്രസിദ്ധൻ.

1807 ജൂലായ്മാസം 4-ാം തീയതി ഫ്രാൻസിലെ നിസ് പട്ടണത്തിൽ കപ്പലിലെ ഒരു ക്യാപ്റ്റൻെറ മകനായി ജനിച്ചു.

സാധാണനിലയിലുള്ള വിദ്യാഭ്യാസംപോലും ഗരിബോൾഡിക്കുണ്ടായിരുന്നില്ല. ചെറുപ്പത്തിൽ ഒരു കച്ചവടക്കപ്പലിൽ നാവികനായി പരിശീലിച്ചശേഷം, 1833-ൽ പീഡ്മണ്ട് ഗവൺമെൻറിൻെറ നാവികസേനയിൽ ഒരു പെറ്റി ഓഫീസറായി ചേർന്നു. അപ്പോഴേക്കും ജന്മനഗരമായ നീസ് പീഡ്മണ്ടിൻെറ ഒരു ഭാഗമായിത്തീർന്നിരുന്നു.

ദേശീയത്വത്തിൻെറ തീപ്പൊരി അദ്ദേഹത്തിലുണ്ടായിരുന്നത് മസീനിയുമായുള്ള സമ്പർക്കംമൂലം ആളിക്കത്തി. മസീനിയുടെ നിയന്ത്രണത്തിലുണ്ടായിരുന്ന 'യുവഇറ്റലി' എന്ന സംഘടനയിൽ ഗരിബോൾഡി സജീവാംഗമായി.

1834-ൽ ഒരു ഗൂഢാലോചനയുടെ ഫലമായി മസീനിയുടെ നേതൃത്വത്തിൽ സ്വിറ്റ്സർലൻഡിൽനിന്നു പുറപ്പെട്ട ഒരു സൈന്യം പീഡ്മണ്ട് ആക്രമിച്ചു. അപ്പോൾ ഗരിബോൾഡി ജോലി ചെയ്തിരുന്നതും അന്നു ജനോവ തുറമുഖത്തിൽ നങ്കൂരമിട്ടിരുന്നതുമായ യുദ്ധക്കപ്പലിനെ ഗരിബോൾഡിയും മറ്റു വിപ്ലവകാരികളുംകൂടി പിടിച്ചെടുക്കുവാൻ തയാറായി. പക്ഷേ, ശ്രമം ഫലിച്ചില്ല. ഇറ്റലിയെ മോചിപ്പിക്കുവാനുള്ള ഗരിബോൾഡിയുടെ പ്രഥമപരിശ്രമം ഇതായിരുന്നു. ഗരിബോൾഡി നാടുവിട്ട് ഒളിച്ചോടി രക്ഷപ്രാപിച്ചു. ഗരിബോൾഡിയുടെ അസാന്നിദ്ധ്യത്തിൽ അദ്ദേഹം മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടു.

ഗരിബോൾഡി തെക്കേ അമേരിക്കയിലെത്തിച്ചേർന്നു. 1848 വരെ ബ്രസീൽ, ഉറുഗ്വേ മുതലായ രാജ്യങ്ങളിൽ വിപ്ലവ ദേശീയപ്രസ്ഥാനങ്ങളിൽ പങ്കെടുത്തുകൊണ്ട് ഗരിബോൾഡി ആ വൻകരയിൽതന്നെ കഴിച്ചുകൂട്ടി. ബ്രസീലിനെതിരായി റിയോഗ്രാൻഡി ഡുഡോൾപ്രവിശ്യ നടത്തിയ കലാപത്തിൽ ഒരു സാധാരണ പട്ടാളക്കാരനായി അദ്ദേഹം പോരാടി. തെക്കേ അമേരിക്കയിൽ ഒരു വിപ്ലവസേന രൂപവത്ക്കരിച്ചു. ഈ സേനയായിരുന്നു ആദ്യത്തെ ചുവന്ന കുപ്പായക്കാർ. ഇവരുമായുള്ള സമ്പർക്കമാണ് അദ്ദേഹത്തിന് ഒളിപ്പോരാട്ടത്തിൽ അസാധാരണമായി പരിചയം നേടിക്കൊടുത്തത്.

ഒളിപ്പോരാട്ടം നടത്തിയിരുന്നതിനിടയിൽ അനിത എന്നു പേരുള്ള ഒരു വിവാഹിതയെ ഗരിബോൾഡി 1839-ൽ തട്ടിക്കൊണ്ടുപോയി. 1842-ൽ അവളുടെ ആദ്യത്തെ ഭർത്താവിൻെറ മരണാനന്തരം അനിതയെ ഗരിബോൾഡി വിവാഹം ചെയ്തു. ഗരിബോൾഡിയുടെ വൈവാഹികജീവിതം ഏഴു വർഷം മാത്രമേ നീണ്ടുനിന്നുള്ളൂ. പൊതുവേ അതു സുഖപ്രദമായിരുന്നു. തെക്കേ അമേരിക്കയിലും ഇറ്റലിയിലും ഗരിബോൾഡി നടത്തിയ യുദ്ധങ്ങളിൽ പലതിലും അനിത ഭർത്താവിനെ അനുഗമിച്ചു. പരാജയപ്പെട്ട ഉപരോധാനന്തരം റോമിൽനിന്ന് ഗരിബോൾഡി തിരിച്ചുപോകുംവഴിക്ക് 1849-ൽ അനിത മരിച്ചു.

വിദേശീയവലയത്തൽനിന്ന് ഇറ്റലിയെ മോചിപ്പിക്കുവാനുള്ള രണ്ടാമത്തെ ശ്രമത്തിലും ഗരിബോൾഡി പരാജിതനായി. ഒരിക്കൽക്കൂടി അദ്ദേഹം സ്വദേശം വിട്ടു. ഇത്തവണ ന്യൂയോർക്കിലേക്കാണ് പോയതെന്നു മാത്രം.

ഏകദേശം അഞ്ചു വർഷത്തെ ബഹിഷ്കരണാനന്തരം ഗരിബോൾഡിക്ക് ഇറ്റലിയിലേക്കു തിരിച്ചുചെല്ലുവാൻ അനുമതി കിട്ടി. ഫ്രഞ്ചു ദ്വീപായ കോർസിക്കയ്ക്കും സാർഡിനിയ ദ്വീപിനുമിടയ്ക്കുള്ള കൊച്ചു ദ്വീപായ കപ്രേറയിൽ ചെറിയ ഒരു സ്ഥലം 1855-ൽ ഗരിബോൾഡി വാങ്ങി. അവിടെസ്ഥിരവാസമുറപ്പിക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശ്യം. പക്ഷേ, അദ്ദേഹത്തിൻെറ ആവേശം ഇറ്റലിയിലെ 'റിസോർജിമെൻേറാ'യിലെ പ്രക്ഷുബ്ധസംഭവങ്ങളിൽ സജീവമായി പങ്കെടുക്കാതെ മാറിനില്ക്കുവാൻ അനുവദിച്ചില്ല.

ഇതിനിടെ സാർഡിനിയ പഡ്മണ്ടിലെ മുഖ്യമന്ത്രിയായിത്തീർന്ന കവൂർ ലോംബാർഡിയിൽനിന്നും വെനീഷ്യയിൽനിന്നും ഓസ്ട്രിയൻ മേധാവികളെ പുറംതള്ളുവാൻ ഒരു യുദ്ധം അനിവാര്യമാണെന്നു കരുതി. ഈ യുദ്ധത്തിൽ ഗരിബോൾഡി അമൂല്യമായൊരു സമരസഖാവാകുമെന്ന് അദ്ദേഹത്തിന്നറിയാമായിരുന്നു. കവൂർ ഗരിബോൾഡിയുമായി ബന്ധം പുലർത്തി. സഹകരണം എളുപ്പമല്ലെന്ന് ഇരുവരും കണ്ടു.

വികാരപരമായിത്തന്നെ ഗരിബോൾഡി ഒരു റിപ്പബ്ലിക്കനായിരുന്നു; കവൂർ രാജഭരണവാദിയും. എങ്കിലും രാജ്യതന്ത്രജ്ഞനും ഒളിപ്പോർ നേതാവും 1856 ആഗസ്റ്റുമാസത്തിൽ തമ്മിൽ കണ്ടു. അവർ ഒരൊത്തുതീർപ്പിലെത്തി. 1859-ൽ ഇതു വീണ്ടും ഉറപ്പിക്കപ്പെട്ടു. കവൂർ മുൻകൈയെടുത്തതിൻെറ ഫലമായി ഗരിബോൾഡി ബഹുമാനപുരസ്സരം രാജാവിനെ മുഖം കാണിച്ചു. ഉടൻതന്നെ പീഡ്മണ്ട് സേനയിൽ ഗരിബോൾഡിക്കു മേജർജനറൽപദം നല്കപ്പെട്ടു. ഒരു വളണ്ടിയർ ബ്രിഗേഡിൻെറ നേതാവായി ഗരിബോർഡി നിയമിക്കപ്പെട്ടു.

1860 ജനുവരി മാസത്തിൽ ഗരിബോൾഡി റൈമോണ്ടിയെ വിവാഹംചെയ്തു. വളരെ താമസിയാതെ വിവാഹമോചനവും നടന്നു.

ദക്ഷിണ ഇറ്റലിയിലെ നേപ്പിൾസിനും സിസിലിദ്വീപിനുമെതിരെ നടത്തിയ ആക്രമണമാണ് ഗരിബോൾഡിയുടെ ഏറ്റവും മഹത്തായ ഉദ്യമം. 'റിസോർജിമെൻേറാ'വിനുള്ള നാലാമത്തെയും ഏറ്റവും പ്രധാനവുമായ അദ്ദേഹത്തിൻെറ സംഭാവന ഇതായിരുന്നു.

ചുവപ്പുകുപ്പായമിട്ടിരുന്ന ആയിരം സന്നദ്ധഭടന്മാരുടെ സേനാനിയായി 1860 മെയ് 6-ാം തീയതി ഗരിബോൾഡി ജനോവ തുറമുഖത്തു നിന്ന് കപ്പൽയാത്ര തുടങ്ങി. ഇതാണ് ഗരിബോൾഡിയുടെ പ്രസിദ്ധമായ 'ആയിരം'. സിസിലി ദ്വീപിലെ വിപ്ലവകാരികൾക്കു പിന്തുണ നല്കലായിരുന്നു അടിയന്തരലക്ഷ്യം. കപ്പൽ കയറിയതിൻെറ ആറാം ദിവസം അവർ സിസിലിയിലെ പശ്ചിമതീരത്തുള്ള മാർസല തുറമുഖത്തു ചെന്നിറങ്ങി. ഉടനെത്തന്നെ വിക്ടർ ഇമ്മാനുവൽ 2-ാമൻെറ പേരിൽ ഗരിബോൾഡി സിസിലിയിലെ ഡിക്ടേറ്റർ ആയി പ്രഖ്യാപിക്കപ്പെട്ടു.

ഓഗസ്റ്റ് 18-ാം തീയതി രാത്രിയിൽ ഗരിബോൾഡിയും കൂട്ടരും മെസ്സിന കടലിടുക്കു കടന്നു. നേപ്പിൾസ് പട്ടാളത്തെ റെഗ്ഗിയിൽവെച്ചു തോല്പിച്ചശേഷം കലാബ്രിയ അർദ്ധദ്വീപിൽക്കൂടി വടക്കോട്ടു മുന്നേറി. സെപ്റ്റംബർ 7-ാം തീയതി (1860) തലസ്ഥാനനഗരമായ നേപ്പിൾസിൽ പ്രവേശിച്ചു.

ഒക്ടോബർ ആദ്യം നേപ്പിൾസ് ഗവൺമെൻറിൻെറ വമ്പിച്ച ഒരു സൈന്യം ഗരിബോൾഡിയെ എതിർത്തു. വൊൽട്ടൂർണോ നദീതീരത്ത് അദ്ദേഹം അവരെ ചെറുത്തുനിന്നു പോരാടി. ഒക്ടോബർ 26-ാം തീയതി സാൻഡിനിയൻ പട്ടാളം വിജയശ്രീലാളിതനയ ഗരിബോൾഡിയുടെ ഭാഗത്തു ചേർന്നു. നേപ്പിൾസ് നഗരത്തിൽനിന്നു 60 കിലോമീററർ വടക്കുകിടക്കുന്ന ഗേയിറ്റ ഒഴികെ നേപ്പിൾസ് രാജ്യം മുഴുവൻ ഗരിബോൾഡി കരസ്ഥമാക്കി വിക്ടർ ഇമ്മാനുവലിന് അടിയറവെച്ചു. 1860 നവംബറിൽ ഗരിബോൾഡിയുടെ അകമ്പടിയോടുകൂടി രാജാവ് നേപ്പിൾസ്നഗരത്തിലേക്കൊരു ജൈത്രയാത്ര നടത്തി. കൃത്യബഹുലമായ തൻെറ ജീവിതത്തിൽ ഗരിബോൾഡിക്ക് ഏറ്റവും അഭിമാനകരവും വിജയശ്രീലാളിതവുമായ മുഹൂർത്തം ഇതായിരുന്നു. നേപ്പിൾസിൽ ചെന്നു രണ്ടു ദിവസം മാത്രം കഴിഞ്ഞപ്പോൾ രാജാവു നല്കിയ പാരിതോഷികങ്ങളെല്ലാം വിനയപൂർവം നിരസിച്ച് ഗരിബോൾഡി കപ്രേറദ്വീപിലുള്ള തൻെറ വസതിയിലേക്കുപോയി.

1862 മെയ് മാസത്തിൽ അപ്പോഴും വിദേശീയാധിപത്യത്തിലായിരുന്ന വെനീഷ്യയെ ആക്രമിക്കുവാൻ ഗരിബോൾഡി സജീവസജ്ജീകരണങ്ങളാരംഭിച്ചപ്പോൾ ഗവൺമെൻറ് തടസ്സങ്ങൾ സൃഷ്ടിച്ചു. അസ്പ്രൊമോണ്ടിൽവച്ച് ഗവൺമെൻറ് പട്ടാളം ഗരിബോൾഡിയുടെ സന്നദ്ധഭടന്മാരെ തടഞ്ഞുനിർത്തി. ഗരിബോൾഡിയെ താത്കാലികമായി ബന്ധനസ്ഥനാക്കി. വിമോചിക്കപ്പെട്ടപ്പോൾ അദ്ദേഹം ഇംഗ്ലണ്ട് സന്ദർശിച്ചു. ഇറ്റലിയുടെ ഏകീകരണവും മോചനവും ആഗ്രഹിച്ചിരുന്ന ബ്രിട്ടീഷ് ഗവൺമെൻറും ജനതയും ലണ്ടനിലെത്തിയ ഗരിബോൾഡിയെ വീരോചിതമായി സ്വീകരിച്ചു. ബ്രിട്ടൻെറ ധാർമിക പിന്തുണ എപ്പോഴും റിസോർജിമെൻേറാ നേതാന്മാർക്കുണ്ടായിരുന്നു.

1870-ൽ ഫ്രാങ്കോ-പ്രഷ്യൻ യുദ്ധം തുടങ്ങിയ ഗരിബോൾഡി ഫ്രഞ്ചുകാരുടെകൂടെ ചേർന്ന് ജർമനിക്കെതിരേ യുദ്ധം ചെയ്തു. ഗരിബോൾഡിയെ ഫ്രഞ്ചുകാർ അവരുടെ നാഷനൽ അസംബ്ലിയിലേക്കു തിരഞ്ഞെടുത്തു. ഏറെനാൾ കഴിയുംമുമ്പ് പാർലമെൻറ് അംഗത്വം ഉപേക്ഷിച്ചു.

വിക്റ്റർ ഇമ്മാനുവൽ മൂന്നാമൻ ഏകീകൃത ഇറ്റലിയുടെ രാജാവായി പ്രഖ്യാപിക്കപ്പെട്ടു. ഇറ്റലി ഒന്നായിത്തീരുന്നതിനുവേണ്ടി സർവ്വദാ ദാഹംകൊണ്ടിരുന്ന ഗരിബോൾഡിക്ക് ഇറ്റലിയുടെ ഏകീകരണത്തിൻെറയും വിമോചനത്തിൻെറയും ഒടുവിലത്തെ രംഗത്തിൽ പങ്കുണ്ടായിരുന്നില്ല. അന്നിദ്ദേഹം ഫ്രാൻസിൽ ജർമനിക്കെതിരേ പൊരുതുകയായിരുന്നു. ഫ്രാൻസിൽനിന്നു മടങ്ങിയശേഷം ഇദ്ദേഹം കപ്രേറയിൽ വിശ്രമജീവിതം നയിച്ചു. 1882 ജൂൺ മാസം 2-ാം തീയതി 75-ാം വയസ്സിൽ കപ്രേറയിലുള്ള തൻെറ ഭവനത്തിൽവച്ച് നിര്യാതനായി.

പി.കൊച്ചുണ്ണിപ്പണിക്കർ

ഗരുഡക്കൊടി

അരിസ്റ്റൊലോക്കിയേസി സസ്യകുലത്തിൽപ്പെട്ട ഒരു ആരോഹി-ഓഷധി. ഈശ്വരമൂലി എന്നും പറയും. ഇതിൻെറ രണ്ടു സ്പീഷീസ് ഇന്ത്യയിൽ കാണപ്പെടുന്നു. ശാസ്ത്രനാമങ്ങൾ: *അരിസ്റ്റൊലോക്കിയ ഗൈഗസ് (Aristolochia gigus); അ ഇൻഡിക്ക (A indica).*

ഇന്ത്യയിൽ അറുപതു മീറ്റർ വരെ ഉയരമുള്ള പർവതപ്രദേശത്തും സമതലത്തിലും വളരുന്നു. നിലത്തു പടരുകയും പറ്റിപ്പിടിച്ചു കയറുകയും ചെയ്യുന്ന വാർഷിക ഓഷധി. ഇലകൾക്ക് ആറു സെ.മീ. നീളം. ഏകാന്തരവിന്യാസം. പച്ചകലർന്ന വെള്ളനിറത്തിൽ പക്ഷിയുടെ ആകൃതിയുള്ള പൂക്കൾ. കേസരങ്ങൾ ആറ്. ഫലങ്ങൾ നാലഞ്ചെണ്ണം കൂടിച്ചേർന്ന് ഉറിപോലെ തൂങ്ങിക്കിടക്കും. വിത്തുകൾ പരന്നു ത്രികോണാകൃതിയിലുള്ളതും ചിറകുള്ളതും.



ഗരുഡക്കൊടി:
പൂക്കളും ഫലങ്ങളുമുള്ള
ഒരു ശാഖ.

ഇതു വിഷഹരമായ ഔഷധമാണ്. കിഴങ്ങു വിഷചികിത്സയ്ക്കുപയോഗിക്കുന്നു. രക്തുശുദ്ധിക്കും ചർമരോഗചികിത്സയ്ക്കും നന്ന്. പാമ്പുകടിച്ചാലുടൻ ഇല അരച്ചു മുറിവായിൽ പുരട്ടിത്തിരുമ്മുകയും ഇല പിഴിഞ്ഞ നീരിൽ കുരുമുളകുപൊടി ചേർത്തു കുടിക്കുകയും ചെയ്യാറുണ്ട്. ഈ ചെടി സമൂലം എടുത്ത് അരയാൽത്തൊലിയും കുരുമുളകും സമം ചേർത്തു നസ്യം ചെയ്യിക്കലും വിഷചികിത്സയ്ക്കു വിധിച്ചിട്ടുണ്ട്. വിഷൂചിക, ജ്വരം എന്നിവ ചികിത്സിക്കാനും ഇതുപയോഗിച്ചിരുന്നു.

ഗരുഡൻ

†കൃഷ്ണപ്പരുന്ത് നോക്കുക.

ഗരുഡൻ

പുരാണപ്രസിദ്ധിയുള്ള ഒരു ദിവ്യപക്ഷി. 'പക്ഷികളുടെ രാജാവാ'യിട്ടാണ് ഗരുഡൻ ഹൈന്ദവപുരാണങ്ങളിൽ ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. വിനതയുടെ പുത്രനാണ് ഗരുഡൻ. കദ്രുവിന്റെ ദാസിയായി കഴിഞ്ഞിരുന്ന അമ്മയെ സ്വതന്ത്രയാക്കുവാൻ ഗരുഡൻ ദേവലോകത്തു നിന്ന് ദേവന്മാരെ ജയിച്ച് അമൃതു കൊണ്ടുവന്നു. ഗരുഡൻ സ്വശക്തിയാൽ വിജയിച്ചതിൽ വിഷ്ണു സന്തോഷിച്ചു. ഗരുഡനെ തന്റെ വാഹനമാക്കി. തോൽവി സമ്മതിച്ച ഇന്ദ്രന് ഗരുഡൻ അമൃതകലശം തിരിച്ചുകൊടുക്കാൻ മാർഗമുണ്ടാക്കാമെന്നു സമ്മതിച്ചു.



വിഷ്ണുവിനെയും ലക്ഷ്മിയെയും വഹിച്ചുകൊണ്ടു ഗരുഡൻ, ദക്ഷിണേന്ത്യൻ പ്രതിമ.

അമൃതകലശം നാഗങ്ങളെ ഏല്പിച്ചു. പറഞ്ഞിരുന്നതനുസരിച്ച് ഗരുഡന്റെ അമ്മയുടെ ദാസ്യം ഇല്ലാതായി. എന്നാൽ നാഗങ്ങൾ സ്നാനം നടത്താൻ പോയിരുന്ന തക്കം നോക്കി ഇന്ദ്രൻ കലശവും കൊണ്ടു കടന്നു.

ഗരുഡൻ നാഗങ്ങളെ തിന്നൊടുക്കി പീഡിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ കാളിയൻ ഗരുഡനുമായി ഏറ്റുമുട്ടി. ഒടുവിൽ ഗരുഡനു പ്രവേശനം നിഷേധിച്ചിരുന്ന കാളിന്ദീതീരത്തു കാളിയൻ പാർത്തുവന്നു.

സുമുഖനാഗത്തെ ഗരുഡന്റെ ഇരയാക്കാനുള്ള ദിവസം അടുത്തു. സുമുഖൻ വ്യാകുലനായി. ഇന്ദ്രൻ സുമുഖന്റെ ആയുസ് നീട്ടിക്കൊടുത്തു. ഇതിൽ കുപിതനായ ഗരുഡൻ ഇന്ദ്രനെയും വിഷ്ണുവിനെയും പരിഹസിച്ചു. എന്നാൽ വിഷ്ണു തന്റെ കൈ ഒന്നു താങ്ങാൻ അഹങ്കാരംകൊണ്ടു ചാടിയ ഗരുഡനോടാവശ്യപ്പെട്ടു. അതിനുള്ള ശക്തി തനിക്കില്ലെന്നു മനസ്സിലാക്കിയ ഗരുഡൻ തോൽവി സമ്മതിച്ചു.

ഗരുഡൻ ചാരക്കിളി (Whiteheaded myna)

നാട്ടുമൈനയോളം വലുപ്പമുള്ള പക്ഷി. സ്റ്റർനിഡെ കുലത്തിൽ പെടുന്നു. ശാസ്ത്രനാമം: *സ്റ്റർണസ് മലബാറിക്കസ് ബ്ലിത്തി (Sturnus malabarieus blythii)*. 21 സെൻറീമീറ്ററോളം നീളം ഉണ്ട്. ആൺപക്ഷിയുടെ തലയ്ക്ക് വെള്ളനിറം ആയതിനാൽ പെൺപക്ഷിയിൽനിന്ന് വേർതിരിച്ചറിയാൻ കഴിയും. ദേശാടകനല്ല.

അപൂർവമായേ നിലത്തിറങ്ങി ഇര തേടൂ. തേൻ, ഫലം എന്നിവയാണ് ആഹാരം. മുരിക്ക്, പരുത്തി, ആല്, വട്ട എന്നീ മരങ്ങൾ പൂക്കുമ്പോൾ കൂട്ടമായി എത്താറുണ്ട്. മരക്കുറ്റികളിലെ ചെറിയ മാളങ്ങളിൽ കൂടുകൂട്ടുന്നു.

ഗരുഡൻതൂക്കം

ഭദ്രകാളിക്ഷേത്രങ്ങളിൽ നടത്തുന്ന ഒരു അനുഷ്ഠാനം. ചില ഭദ്രകാളി ക്ഷേത്രങ്ങളിൽ മാത്രമെ ഇത് നടത്താറുള്ളു. മധ്യകേരളത്തിലാണ് ഈ കലാരൂപം അവതരിപ്പിക്കുന്ന ക്ഷേത്രങ്ങൾ അധികവും. പ്രത്യേക ജാതിക്കാരല്ല തൂക്കം നടത്തുന്നത്.

ഗരുഡവേഷം കെട്ടിയാണ് തൂക്കം അവതരിപ്പിക്കുന്നത്. തൂക്കം അവതരിപ്പിക്കുന്ന തൂക്കക്കാരൻ തൂക്കത്തിനു മുമ്പ് നിശ്ചിതകാലം വ്രതം നോക്കുന്നു. നളചരിതം കഥകളിയിലെ ഹംസത്തിന്റെതുപോലുള്ളതായിരിക്കും വേഷവിധാനം.

ഈ കലാരൂപത്തിന് ആധാരമായിട്ടുള്ള കഥ ഇതാണ്: ദാരികയുദ്ധം നടന്ന അവസരത്തിൽ വിഷ്ണുവാഹനമായ ഗരുഡൻ ആകാശത്തു വട്ടമിട്ടുപറന്ന് എല്ലാം നോക്കിക്കൊണ്ടിരുന്നു. ദാരികനെ വധിച്ചിട്ടും കാളിയുടെ കലി അടങ്ങിയില്ല. ഗരുഡനെ വെട്ടുവാൻ ഒരുങ്ങി. ആയിരം തവണ ക്ഷമായാചനം ചെയ്തിട്ടും ഗരുഡന്റെ മൂന്നു തുള്ളി രക്തം കുടിച്ചിട്ടേ കാളി അടങ്ങിയുള്ളു.

ഗരുഡവേഷം കെട്ടുന്ന ആൾ ഗരുഡനെപ്പോലെ കൊക്കുകൊണ്ട് മേനി മിനിക്കുന്നുന്നതായും പാമ്പിനെ കൊത്തി കൊക്കിലേന്തുന്നതായും ചിറകുവിരിച്ചു വട്ടമിട്ടുപറക്കുന്നതായും അഭിനയിക്കും. കാഴ്ചക്കാർ വഴിപാടായി കൊടുക്കുന്ന നാണയങ്ങളും മറ്റും തൂക്കക്കാരൻ കൊത്തിയെടുക്കും. ചെണ്ടമേളത്തിന്റെ അകമ്പടിയോടെ തൂക്കക്കാർ പല ദിക്കുകളിൽനിന്നായി ക്ഷേത്രപരിസരത്ത് എത്തിച്ചേരുന്നു. അവിടെ കുറെ നേരം നൃത്തം വച്ചശേഷം, തൂക്കക്കാരൻ പ്രത്യേകമായി തയാറാക്കി അലങ്കരിച്ചു നിർത്തിയിട്ടുള്ള തൂക്കച്ചാടിൽ കയറുന്നു. ഭക്തജനങ്ങൾ തൂക്കച്ചാട് തള്ളി ക്ഷേത്രപ്രദക്ഷിണം നടത്തുന്നു. ചിലദിക്കിൽ, തൂക്കക്കാരന്റെ മുതുകിലെ മാംസം തൂക്കച്ചാടിൽ കൊളുത്തി തൂങ്ങിക്കിടക്കാറുണ്ട്. എറണാകുളം ജില്ലയിലെ ഇളവൂർ കാവിൽ നടത്തിവന്നിരുന്ന തൂക്കം ഈ രൂപത്തിലുള്ളതായിരുന്നു. ജനങ്ങളിൽ നിന്നുണ്ടായ വ്യാപകമായ എതിർപ്പിനെത്തുടർന്ന് തൂക്കക്കാരന്റെ മുതുകിലെ മാംസം തുളച്ചു കൊളുത്തിട്ടു തൂക്കുന്ന സമ്പ്രദായം(1987-ൽ) അവസാനിപ്പിച്ചു.

ഗരുഡി

മരണാനന്തരം ദേവഭാവത്തിലേക്കുയർത്തപ്പെടുന്ന വീരസാഹസികന്മാരുടെ സ്മരണയ്ക്കായി തുളുനാട്ടിൽ നിർമിക്കുന്ന സ്മാരകസൗധം. 'കൊട്ടാരം', 'ഹർമ്യം' എന്നെല്ലാമാണ് തുളുഭാഷയിൽ ഈ പദത്തിനുള്ള അർഥമെങ്കിലും വീരപ്രതിഷ്ഠകളുള്ള കെട്ടിടങ്ങളെക്കുറിച്ചേ അതു സാധാരണമായി ഉപയോഗിക്കാറുള്ളു. ഏറ്റവും പ്രസിദ്ധങ്ങളായ 'ഗരുഡി'കൾ കോതിബൈദ്യ, ചെന്നയ്യബൈദ്യ എന്ന രണ്ടു സഹോദരന്മാരുടെ സ്മരണയ്ക്കായി ഉണ്ടാക്കിയവയാണ്. തുളുനാട്ടിലെ നൂറുകണക്കായ ഗ്രാമങ്ങളിൽ കോതിയുടെയും ചെന്നയ്യയുടെയും സ്മരണ നിലനിർത്തിപ്പോരുന്ന 'ഗരുഡി'കളുണ്ട്.

ഈ സഹോദരന്മാരെക്കുറിച്ചുള്ള ഐതിഹ്യം തുളുനാട്ടിലൊട്ടുക്ക് അത്യധികം പ്രചാരം സിദ്ധിച്ചതാണ്. കല്യാണത്തിനുമുമ്പു ഋതുമതിയായിത്തീർന്നുവെന്ന 'അപരാധ'ത്തിന്നു കാട്ടിൽ ത്യജിക്കപ്പെട്ട ദേയി എന്ന നമ്പൂതിരി വനിതയെ ഒരു ബില്ലവൻ രക്ഷപ്പെടുത്തുകയും തന്റെ മരുമകനു വിവാഹം കഴിച്ചു കൊടുക്കുകയും ചെയ്യുന്നു. ദേയി പ്രസവിച്ച ഇരട്ടക്കുട്ടികളാണ് കോതിയും ചെന്നയ്യയും.

പല ധീരസാഹസിക കൃത്യങ്ങളും നിർവഹിച്ച ഈ 'അപൂർവ'സഹോദരന്മാരുടെ അന്ത്യം അതീവ ശോകാത്മകമായിരുന്നു. ശത്രുസൈന്യവുമായി അവർ ഏറ്റുമുട്ടിയപ്പോൾ, വിഷത്തിൽ മുക്കിയ രണ്ട് ഒളിയമ്പ് കോതിയുടെ ശരീരത്തിൽ തറച്ചു. കോതിയുടെ മരണം ചെന്നയ്യയെ ദുഃഖാർത്തനാക്കി. അദ്ദേഹം തലതല്ലി സ്വജീവൻ ഉപേക്ഷിച്ചു. ഈ ധീരയുവാക്കന്മാരുടെ അന്ത്യം ദർശിച്ച എൺമൂർബല്ലാൾ അവരുടെ ഓർമയ്ക്കായി ഒരു കളരി പണിത് അതിൽ അവരുടെ പ്രതിമകൾ പ്രതിഷ്ഠിച്ചു. ഇതായിരുന്നു ആദ്യത്തെ 'ഗരുഡി'

ഗർഗ്ഗൻ

വിതഥന്റെ പുത്രനായ ഒരു മുനി. ഇദ്ദേഹം മഹാപണ്ഡിതനായ ഒരു ഖഗോളശാസ്ത്രജ്ഞനായിരുന്നു. ഗർഗ്ഗനിൽനിന്ന് സിനന്മാർ ഉദ്ഭവിച്ചുവെന്നും അവരിൽനിന്നു സൈന്യന്മാർ ഉണ്ടായിയെന്നും വിഷ്ണു പുരാണത്തിലും ഭാഗവതത്തിലും പറയുന്നുണ്ട്. ഗാർഗ്ഗ്യന്മാർ എന്നു കൂടി വിളിക്കപ്പെട്ടുവന്ന ഇവർ ക്ഷത്രിയരായിരുന്നെങ്കിലും ഇവർക്ക് ബ്രാഹ്മണ്യം കല്പിക്കപ്പെട്ടിരുന്നു. ഒന്നിലധികം ഗർഗ്ഗന്മാരെപ്പറ്റി

പുരാണങ്ങൾ പരാമർശിക്കുന്നു. അവരിലൊരാൾ ശ്രീകൃഷ്ണന്റെയും യാദവരുടെയും കുലഗുരുവായിരുന്നു.

ഗർഭ ഇളക്കം (Eclampsia)

ഗർഭത്തിന്റെ അന്തിമദശയിലുണ്ടാവുന്ന രോഗം. അമിതമായ രക്തസമ്മർദവും ബോധക്ഷയവും നീരിളക്കവും ആണു ലക്ഷണം. രക്തത്തിൽ ചില വിഷാംശങ്ങൾ കലരുന്നതാണു കാരണമെന്നു വിശ്വസിക്കപ്പെടുന്നു. കടിഞ്ഞൂൽപ്രസവത്തിലാണ് ഇതു കൂടുതൽ കാണുന്നത്. രക്തസമ്മർദവും മൂത്രത്തിൽ ആൽബുമിനും ഉണ്ടാകാറുണ്ട്. നേരത്തെയുള്ള പരിശോധനകൊണ്ട് ഇതിനെ തടയാനോ നിസ്സാരപ്പെടുത്താനോ സാധിച്ചേക്കും. ഗർഭകാലത്തു കൂടക്കൂടെ ഡോക്ടറെക്കൊണ്ടു പരിശോധിപ്പിക്കണമെന്നു വിധിക്കുന്നതിന്റെ ഒരുദ്ദേശ്യം ഈ അപകടകരമായ രോഗത്തിന്റെ സാധ്യത ഗ്രഹിക്കുകയും നിവാരണമാർഗം തേടുകയുമാണ്.

ഗർഭകാലം

സ്തനികളിൽ ഗർഭധാരണത്തിനും പ്രസവത്തിനും ഇടയ്ക്കു ഭ്രൂണം ഗർഭപാത്രത്തിൽവച്ചു വളർച്ചപൂർത്തിയാക്കുന്ന കാലഘട്ടം. ചില ജന്തുക്കളിൽ (മനുഷ്യൻ, കുരങ്ങ് മുതലായവയിൽ) മൈഥുനത്തിനു ശേഷം ഗർഭധാരണം നടക്കുന്ന കൃത്യസമയം അറിയുവാൻ സാധ്യമല്ല. ഈ ജന്തുക്കളിൽ ഗർഭധാരണത്തിനു തൊട്ടുമുൻപ് ഉണ്ടായ ആർത്തവകാലത്തിന്റെ ആരംഭം മുതൽതന്നെ, ഗർഭകാലമായി കണക്കാക്കുന്നു. ശാസ്ത്രം ഇന്നത്തേക്കാൾ കൂടുതൽ പുരോഗമിക്കുമ്പോൾ അണ്ഡോത്സർഗത്തിന്റെ സമയം (Ovulation time) ഏതാണ്ടു കൃത്യമായി കണക്കാക്കാൻ കഴിഞ്ഞേക്കും.

ഗർഭകാലത്തിന്റെ ദൈർഘ്യം, ഓരോ സ്പീഷീസിലും വ്യത്യസ്തമായിരിക്കും. അതുപോലെ ഓരോ സ്പീഷീസിലും, ഒരു ശരാശരി കാലദൈർഘ്യവും കണ്ടുവരാറുണ്ട്. വെർജീനിയൻ ഒപ്പോസത്തിനു ഗർഭകാലം ഏകദേശം 12 ദിവസം ആണ്. ഏറ്റവും ഹ്രസ്വമായ ഗർഭകാലം ഇതിനാണെന്നു വിശ്വസിക്കപ്പെടുന്നു. ഏറ്റവും നീണ്ട ഗർഭകാലം ഇന്ത്യയിലെ ആനകൾക്കാണ് (22 മാസം). ഓരോ സ്പീഷീസിലും കാണുന്ന ഈ വ്യത്യാസത്തിന്റെ യഥാർഥ കാരണത്തെക്കുറിച്ചു വളരെ കുറച്ചുമാത്രമേ അറിവുള്ളു. മിക്ക സ്തനികളിലും പ്രസവസമയം തീരുമാനിക്കുന്നത് പീതപിണ്ഡ(Corpus luteum)ത്തിന്റെ പ്രവർത്തനമാണ്.



ഗർഭകാലത്തു ഗർഭാശയത്തിന്റെ വളർച്ച.

പീതപിണ്ഡം, അണ്ഡാണു(Ovum)വിനെ അണ്ഡാശയത്തിൽ നിന്നും പ്രതിസ്ഥാപനം (replacement) വരുത്തുവാൻ കഴിവുള്ള ഗ്രന്ഥിസ്വഭാവത്തോടുകൂടിയ ഒരു അവയവമാണ്. പീതപിണ്ഡം, പ്രൊജസ്റ്ററോൺ എന്ന ഹോർമോൺ രക്തത്തിലേക്കു സ്രവിപ്പിക്കുന്നു. ഗർഭം സംരക്ഷിക്കുന്നതിന്, അഥവാ ഭ്രൂണത്തെ ഗർഭപാത്രത്തിനുള്ളിൽ, നിലനിർത്തുന്നതിന്, ഈ ഹോർമോൺ രക്തത്തിൽ അത്യന്താപേക്ഷിതമാണ്. പീതപിണ്ഡത്തിന് അപഭ്രംശം(degeneration) സംഭവിച്ച്, പ്രൊജസ്റ്ററോൺ രക്തത്തിൽ ഇല്ലാതാവുമ്പോൾ പ്രസവം നടക്കുന്നു. ഗർഭകാലത്തിന്റെ ദൈർഘ്യം ഈ കാരണത്താൽ പീതപിണ്ഡത്തിന്റെ പ്രവർത്തനത്തെ ആശ്രയിച്ചാണിരിക്കുന്നത്. പ്രൊജസ്റ്ററോൺ കുത്തിവച്ചു പ്രസവം, ഒരു പരിധിവരെ നീട്ടിവയ്ക്കുവാൻ സാധിക്കുന്നതാണ്.

ചില ജന്തുക്കളിൽ [*നിക്റ്റെറിസ് ല്യൂട്ടിയോള* എന്ന അമേരിക്കൻ നരിച്ചീറി(bat)ൽ] പീതപിണ്ഡം ഗർഭകാലത്തിന്റെ ആദ്യഘട്ടത്തിൽത്തന്നെ ലോപിച്ചു ക്രമേണ തീരെ ഇല്ലാതാകുന്നു. എങ്കിലും ഭ്രൂണം ഗർഭപാത്രത്തിൽത്തന്നെ തുടർന്നു ജീവിക്കുന്നു. ഒരുപക്ഷേ, ഈ ജന്തുവിൽ പീതപിണ്ഡത്തിന്റെ അഭാവത്തിൽ മറ്റേതെങ്കിലും ഒരു അവയവം പ്രൊജസ്റ്ററോൺ സ്രവിപ്പിക്കുന്നുണ്ടാകും. ഗർഭകാലത്തിനിടയ്ക്കു പീതപിണ്ഡം നീക്കംചെയ്താലുണ്ടാകുന്ന അനന്തരഫലങ്ങൾ പല ജന്തുക്കളിലും പല പ്രകാരമാണ്. മനുഷ്യൻ, കുരങ്ങ് എന്നീ ജന്തുക്കളിൽ ഗർഭകാലത്തിന്റെ തുടക്കത്തിൽ പീതപിണ്ഡം നീക്കംചെയ്താൽ ഗർഭസ്ഥശിശുവിനു സ്ഥാനഭ്രംശം സംഭവിക്കുകയില്ല. എലി, ആട്, പശു തുടങ്ങിയ ജന്തുക്കളിൽ പീതപിണ്ഡം ഗർഭകാലഘട്ടം മുഴുവൻ അത്യന്താപേക്ഷിതമായ ഒന്നായി വിചാരിക്കപ്പെടുന്നു. കാരണം, പരീക്ഷണാർഥം ഈ ജന്തുക്കളിൽ പീതപിണ്ഡം ശസ്ത്രക്രിയമൂലം നീക്കം ചെയ്തതിനെ തുടർന്നു ഗർഭം അലസിയതായി കണ്ടിട്ടുണ്ട്.

പരിണാമഗതിയിൽ ഗർഭകാലത്തിന്റെ ദൈർഘ്യം ഓരോ സ്പീഷിസിന്റെയും പ്രത്യേക ആവശ്യങ്ങൾക്കനുസരിച്ച് ഏറിയും കുറഞ്ഞും കാണപ്പെടുന്നു. ചെറിയ ജന്തുക്കൾക്കു സാധാരണ ഗർഭകാലം കുറഞ്ഞിരിക്കും. ഈ പൊതുനിയമത്തിന് ഒരു വലിയ വ്യത്യാസം കാണുന്നതു തെക്കേ അമേരിക്കയിലെ ചില കരളുന്ന ജീവി(റോഡന്റ്)കളിലാണ്. ഗിനിപന്നികൾക്ക് 65 ദിവസവും, ചിൻചില്ലകൾക്ക് 111 ദിവസവുമാണു ഗർഭകാലം. മറ്റു റോഡന്റുകളിൽ 20—30 ദിവസം മാത്രമേ ഗർഭകാലം നീണ്ടുനില്കൂ.

പ്രത്യേക പ്രജനനകാല(Breeding season)മുള്ള മിക്ക ജീവികളിലും ഭക്ഷണം സമൃദ്ധമായുള്ള കാലങ്ങളിൽ പ്രസവിക്കത്തക്കരീതിയിൽ, ഗർഭകാലം ക്രമപ്പെടുത്തിയിരിക്കുന്നു. വസന്തകാലങ്ങളിൽ പ്രജനനം നടത്തുന്ന പെൺകുതിര (Mare) 11 മാസത്തെ ഗർഭകാലത്തിനുശേഷം അടുത്ത വസന്തത്തിൽ പ്രസവിക്കുന്നു. അഞ്ചു മാസം മാത്രം ഗർഭകാലമുള്ള ആടുകളും പ്രസവിക്കുന്നതു മിക്കവാറും വസന്തകാലത്തു തന്നെയാണ്. വിശാലമായ പ്രദേശങ്ങളിൽ ജീവിക്കുന്ന ജന്തുക്കളിൽ ഗർഭകാലം പൊതുവെ ദീർഘിച്ചാണു കാണുക. ഇവയുടെ സന്താനങ്ങൾ പ്രസവിക്കുമ്പോൾത്തന്നെ പൂർണവളർച്ച ഉള്ളവയായിരിക്കും. പെൺകരടി ശീതകാലനിദ്ര (winter sleep) നടത്താറുള്ളതുകൊണ്ട് അവയുടെ ഗർഭകാലവും ചുരുങ്ങിയതാണ്. കങ്കാരുവിന് 40 ദിവസത്തെ ഗർഭകാലമേയുള്ളു. കങ്കാരുക്കുഞ്ഞുങ്ങൾ പൂർണവളർച്ച എത്താത്ത അവസ്ഥയിലാണു പിറക്കുക. പ്രസവിച്ചാലുടൻതന്നെ ഈ ശിശു തള്ളയുടെ ഉദരത്തിനടിയിലുള്ള സഞ്ചിയിൽ കടന്നുകൂടുന്നു.

ചില ജന്തുക്കളിൽ ഭ്രൂണത്തിന്റെ വികാസം ഒരു പ്രത്യേക ഘട്ടത്തിൽ താത്കാലികമായി നിലയ്ക്കുന്നതും പിന്നീടു വീണ്ടും തുടരുന്നതും കാണാം. തത്ഫലമായി ഗർഭകാലം ആവശ്യത്തിലധികം നീണ്ടുപോവുന്നു. രോമാവൃതമായ മാംസഭുക്കുക(carnivore)ളിലാണ് ഇതു സാധാരണ കണ്ടുവരാറുള്ളത്. യൂറോപ്പിലെ ബാഡ്ജറും അമേരിക്കയിലെ മാർട്ടിനും ജൂലായ്, ഓഗസ്റ്റ് മാസങ്ങളിൽ ഇണചേരുന്നു. സിക്താണ്ഡം (Zygote) ഏതാനും ദിവസത്തെ വികാസത്തിനുശേഷം പ്രസുപ്താവസ്ഥ(dormant)യിൽ കഴിയുന്നു. ഈ സ്ഥിതിയിൽ ഭ്രൂണം ഗർഭാശയഭിത്തിയിൽ ഉറയ്ക്കുകയില്ല. ജനുവരിമാസംവരെ വികാസം താത്കാലികമായി നിലച്ച ഭ്രൂണം അതേരീതിയിൽ കഴിയുന്നു. അതിനുശേഷം സാധാരണപോലെ വികാസം പൂർത്തിയായി മാർച്ചുമാസത്തോടുകൂടി പ്രസവിക്കുന്നു. മൊത്തത്തിൽ ഗർഭകാലം 250 ദിവസം നീണ്ടുനില്ക്കും. യഥാർഥത്തിൽ ഭ്രൂണത്തിന്റെ വളർച്ചയ്ക്ക് 50 ദിവസം മാത്രമേ വേണ്ടിവരുന്നുള്ളു. ബാക്കി ദിവസം പ്രസുപ്താവസ്ഥയുടെ കാലമാണ്.

ചില ജന്തുക്കളുടെ ഗർഭകാലം ചുവടെ ചേർക്കുന്നു:

	ജന്തുക്കളുടെ പേര്	ശരാശരി ഗർഭകാല ദിവസങ്ങൾ	സാധാരണയിൽ നിന്നുള്ള മാറ്റങ്ങൾ
1.	മനുഷ്യൻ	267	250-285
2.	കപ്പുച്ചിൻകുരങ്ങ്	185	......
3.	റിസസ്സ് കുരങ്ങ്	164	......
4.	ഒറാങ്ങ് ഉട്ടാൻ	245-275	......
5.	ബാർബറി ഏപ്പ്	210	......
6.	പശു	284	260-300
7.	എരുമ	275	......
8.	ആട്	148-151	......
9.	വളർത്തുപന്നി	113	......
10.	ഇന്ത്യൻ ആന	645	520-730
11.	കുതിര	337	320-355
12.	മുയൽ	31	30-32
13.	എലി	22	......
14.	കങ്കാരു	38-40	......
15.	ഒട്ടകം	406	370-440
16.	ജിറാഫ്	395-425	......
17.	ഗിനിപ്പന്നി	68	......
18.	ചുണ്ടെലി	19	18-20
19.	പൂച്ച	63	55-69
20.	പട്ടി	61	58-63
21.	കടുവ	105-109	......
22.	സിംഹം	108	105-113
23.	തിമിംഗലം (Whale)	365	......
24.	കഴുത	395	......
25.	ചിമ്പൻസി	237	216-261

പ്രസുപ്തകാലഘട്ടം മൂന്നു മാസമെങ്കിലും കുറയ്ക്കുവാൻ മാർഗവും കണ്ടെത്തിയിട്ടുണ്ട്. ഗർഭം ധരിച്ചതിനുശേഷം പെൺമൃഗത്തിനെ ശരത്കാല(autumn)ത്തും ശീതകാല(winter)ത്തും കൃത്രിമപ്രകാശം ധാരാളമായി ഏല്പിച്ചാൽ ഗർഭകാലത്തിന്റെ ദൈർഘ്യം മൂന്നു മാസം വരെ കുറയ്ക്കാം. പീയുഷഗ്രന്ഥി(pitutary)യുടെ പീതപിണ്ഡത്തിന്മേലുള്ള നിയന്ത്രണമാണ് ഈ ഗർഭകാലദൈർഘ്യത്തിനു നിദാനം എന്നു മാത്രമേ ഇതു തെളിയിക്കുന്നുള്ളു. ഇപ്രകാരം വർധിച്ച ഗർഭകാലം ആർമെഡില്ലോ, റോഡിയർ (Roe deer) എന്നീ ജന്തുക്കളിൽ കാണാവുന്നതാണ്. കരടികളിലും സീലുകളി(Seals)ലും ഇതുപോലെ വർധിച്ച ഗർഭകാലം ഉള്ളതായി സംശയിക്കുവാൻ മതിയായ കാരണങ്ങൾ ലഭിച്ചിട്ടുണ്ട്. ശിശുക്കളുടെ എണ്ണവുമായി ഗർഭകാല ദൈർഘ്യത്തിന് ആനുപാതികമായ ബന്ധം കണ്ടുവരാറുണ്ട്. സാധാരണ എലികളെപ്പോലെയുള്ള വലിയ റോഡൻറുകളിൽ ഗർഭകാലം 22 ദിവസമായി കുറഞ്ഞു കാണുമ്പോൾ കുറേക്കൂടി ചെറിയതരം പരുത്തി എലികളിൽ (Cotton rats) ഗർഭകാലം 27 ദിവസമായിട്ടാണു കണ്ടുവരിക.

ഗർഭകാലദൈർഘ്യത്തിന് ഒരേ സ്പീഷീസിൽതന്നെ ചില സാഹചര്യങ്ങളിൽ ചെറിയ മാറ്റങ്ങൾ ഉണ്ടാകാറുണ്ട്. മനുഷ്യനിൽ ഗർഭസ്ഥശിശു ആണാണ് എങ്കിൽ പെൺകുഞ്ഞിനെക്കാൾ മൂന്നോ നാലോ ദിവസം ഗർഭകാലം കൂടിയിരിക്കും. കന്നുകാലികളിൽ കാളക്കുട്ടിയാണു ഗർഭത്തിൽ എങ്കിൽ പശുക്കുട്ടിയെക്കാൾ ഒരു ദിവസം ഗർഭകാലം നീണ്ടുപോകാറുണ്ട്. ഈ രണ്ടു സ്പീഷീസിലും ഇരട്ടസന്താനങ്ങളാണു ഗർഭപാത്രത്തിലെങ്കിൽ ഗർഭകാലം സാധാരണയുള്ളതിൽ അഞ്ചോ ആറോ ദിവസം കുറഞ്ഞാണു കാണപ്പെടുക. മുയൽ, പന്നി തുടങ്ങി ഒന്നിലധികം ശിശുക്കളെ ഗർഭംധരിക്കാറുള്ള ജന്തുക്കളിൽ ഗർഭസ്ഥശിശുക്കളുടെ എണ്ണം കൂടിയിരിക്കുമ്പോൾ ഗർഭകാലം കുറഞ്ഞുവരുന്നു. ചില കന്നുകാലികളിൽ ഗർഭകാലദൈർഘ്യത്തെ പാരമ്പര്യം സ്വാധീനിക്കാറുണ്ട്. ഗർഭംധരിക്കുമ്പോഴത്തെ പ്രത്യേക കാലാവസ്ഥയ്ക്കും ഗർഭകാലത്തിന്റെ ദൈർഘ്യം നിശ്ചയിക്കുന്നതിൽ പങ്കുണ്ട്. കുതിരകളിൽ ശീതർതുവിൽ അവസാനിക്കുന്ന ഗർഭകാലം സാധാരണയിൽനിന്നും 20 ദിവസം കുറഞ്ഞിരിക്കും.

മാതാപിതാക്കളുടെ വയസ്സും ഗർഭകാലദൈർഘ്യവുമായി ബന്ധമില്ല. സങ്കരജീവികളിൽ (hybrids) ഗർഭകാലത്തിന്റെ ദൈർഘ്യം രണ്ടു ജന്തുക്കൾക്കും സാധാരണ ഉള്ളതിന്റെ ഇടയിൽ എവിടെയെങ്കിലും ആയിരിക്കും. പക്ഷേ, കൃത്യം നടുവിൽ ആകാറില്ല. ഇത്തരം സന്ദർഭങ്ങളിൽ ശിശു ഗർഭത്തിൽ കഴിയുന്ന കാലം മാതൃസ്പീഷീസിന്റെ ഗർഭകാലത്തോടു കൂടുതൽ അടുത്തിരിക്കുവാനാണു സാധ്യത.

പി.ജി. ബാലകൃഷ്ണൻ നായർ

ഗർഭകാലരോഗങ്ങൾ

ഗർഭിണിക്ക് ഉണ്ടാകുന്ന രോഗങ്ങൾ. ആദ്യമാസങ്ങളിൽ ഓക്കാനവും ഛർദിയും ഗർഭധാരണത്തിന്റെ ലക്ഷണമായി കാണാറുണ്ട്. ഇതിന് 'മോണിങ് സിക്നസ്' എന്നു പറയുന്നു. തലകറക്കം, തലവേദന, ക്ഷീണം എന്നിവയും ലക്ഷണങ്ങളാണ്. മൂന്നു മാസം വരെയാണ് ഇവ നിലനില്ക്കുക. എല്ലാ ഗർഭിണികൾക്കും ഈ അസുഖങ്ങൾ ഉണ്ടാകാറില്ല. ചിലർക്കു ചിലപ്പോൾ ചികിത്സ ആവശ്യമായി വരും വിധം ഈ അസുഖങ്ങൾ ഗുരുതരമായിത്തീരും.

ഗർഭകാലത്ത് ഉണ്ടാകുന്ന ചില രോഗങ്ങൾ ശിശുക്കളിൽ വൈകല്യം ഉണ്ടാക്കാറുണ്ട്. ആദ്യത്തെ മൂന്നു മാസത്തിനകം റൂബെല്ല (ഒരിനം അഞ്ചാംപനി) എന്ന രോഗം പിടിപെട്ടാൽ ഗർഭസ്ഥശിശുവിനു ബുദ്ധിമാന്ദ്യം സംഭവിക്കും. ഗർഭാശയരോഗങ്ങൾ കൊണ്ടും ഇത് ഉണ്ടാകാം. ജെർമൻ മീസിൽസ് (വേറൊരിനം അഞ്ചാംപനി) മൂലം നവജാതശിശുവിന്റെ തല തീരെച്ചെറുതാകുന്നു. ഈ രോഗത്തിനു മൈക്രോസെഫാലി എന്നു പറയുന്നു.

രക്താതിസമ്മർദം (Hypertension) മറ്റൊരു ഗർഭകാലരോഗമാണ്. ജലവും സോഡിയവും വിനിയോഗിക്കുന്നതിലുള്ള ശരീരത്തിന്റെ കഴിവില്ലായ്മയാണ് ഇതിനു കാരണമെന്ന് ഊഹിക്കുന്നു. ചിലപ്പോൾ ഗർഭച്ഛിദ്രത്തിന് ഇതു കാരണമാകാറുണ്ട്.

ഗർഭധാരണത്തിന്റെ അന്തിമഘട്ടത്തിൽ ഉണ്ടാകുന്ന രോഗമാണു †ഗർഭ ഇളക്കം (Eclampsia). കടിഞ്ഞൂൽപ്രസവത്തിലാണു മിക്കവാറും കണ്ടുവരുന്നത്.

ഗർഭഗൃഹം

ഹിന്ദുദേവാലയങ്ങളിൽ ശ്രീകോവിലിനകത്തു സ്ഥിതിചെയ്യുന്ന ശിലാഗൃഹം. ക്ഷേത്രത്തിലെ ഏറ്റവും രഹസ്യമായ സ്ഥാനം ഇതാണ്. ഇവിടെയാണ് ക്ഷേത്രത്തിലെ മൂർത്തിയെ പ്രതിഷ്ഠിച്ചിരിക്കുന്നത്. പൂജാരികൾക്കു മാത്രമേ ഇതിനുള്ളിൽ പ്രവേശിക്കുവാൻ പാടുള്ളൂ, പൂജയ്ക്കുതന്നെ ഒരു സമയം ഒരാൾക്കുമാത്രമെ പ്രവേശിക്കുവാൻ പാടുള്ളൂ. ദർശനസമയത്തുമാത്രമേ നട തുറന്നിടൂ. ഈ വിധം മറ്റാളുകൾക്കു പ്രവേശനമില്ലാത്ത രഹസ്യമായ സ്ഥാനം ആയതുകൊണ്ടാവണം ഗർഭഗൃഹം എന്നു പേരുണ്ടായത്.

ക്ഷേത്രങ്ങളിൽ മാത്രമല്ല, കൊട്ടാരങ്ങളിലും ഗർഭഗൃഹങ്ങളുണ്ട്. ഇവിടെ ഇതിന് ഉള്ളിലെ ഗൃഹം എന്നു മാത്രമേ വിവക്ഷയുള്ളൂ. മറ്റാർക്കും പ്രവേശനമില്ലാത്ത അടച്ചുകെട്ടിയ സ്ഥലമാണ് ഇത്. ഇവിടെവച്ചാണ് അതിപ്രധാന കാര്യങ്ങളെക്കുറിച്ചുള്ള രഹസ്യ ചർച്ചകൾ നടത്തുക. രാഷ്ട്രീയവും രാജ്യകാര്യസംബന്ധവുമായ രഹസ്യ ചർച്ചകളെ 'ഗർഭഗൃഹത്തിലെ ആലോചനകൾ' എന്ന് ആലങ്കാരികമായി വിശേഷിപ്പിക്കാറുണ്ട്.

ഗർഭച്ഛിദ്രം (Abortion)

സ്വയം ജീവിക്കുവാനുള്ള ശക്തി ഗർഭസ്ഥശിശു(ഭ്രൂണം)വിനു ലഭിക്കുന്നതിനു മുമ്പു ഗർഭം അലസിപ്പോകുന്ന അവസ്ഥ. ഗർഭച്ഛിദ്രങ്ങളിൽ 90 ശതമാനവും 12 ആഴ്ചയ്ക്കു മുമ്പാണു നടക്കുന്നത്. 24-ാമത്തെ ആഴ്ചവരെ ഗർഭച്ഛിദ്രം നടക്കാം.

കാരണങ്ങൾ. *ഭ്രൂണവുമായി ബന്ധപ്പെട്ടവ:* ഭ്രൂണത്തിന്റെ ആന്തരികവൈകല്യങ്ങൾ പലപ്പോഴും ഗർഭച്ഛിദ്രത്തിനു കാരണമായി ഭവിക്കാറുണ്ട്. പ്ലാസെൻറ അസ്ഥാനത്തുറയ്ക്കുകയാണെങ്കിൽ ഗർഭാശയത്തിന്റെ വളർച്ചയോടൊപ്പം ഗർഭവേഷ്ടനത്തിനിളക്കമുണ്ടാവുകയും തന്മൂലം ഗർഭച്ഛിദ്രമുണ്ടാകുകയും ചെയ്യും. ഭ്രൂണകോശങ്ങളിലെ ക്രോമസോമുകളുടെ എണ്ണം കൂടുകയോ കുറയുകയോ ചെയ്താൽ ഗർഭച്ഛിദ്രം ഉണ്ടാകും.

മാതാവുമായി ബന്ധപ്പെട്ടവ: മാതാവിനു പിടിപെടുന്ന ഹൈപർടെൻഷൻ (രക്തസമ്മർദാധിക്യം), പ്രമേഹം, സിഫിലിസ്, മണ്ണൻ, ക്രോണിക്നെഫ്രൈറ്റിസ് തുടങ്ങിയ രോഗങ്ങൾ ഗർഭച്ഛിദ്രത്തിനു

കാരണമാകാറുണ്ട്. ആയാസകരമായ അഭ്യാസങ്ങളും ഹേമംതട്ടുന്ന ജോലികളും ഗർഭകാലത്തിന്റെ ആരംഭദശയിൽ അപകടകരമാണ്. അമിതമായ ലൈംഗികവേഴ്ചയും അക്കാലത്ത് അഭികാമ്യമല്ല. എൻഡോക്രൈനുകളുടെ പ്രവർത്തനവൈകല്യത്തിന്റെ ഫലമായി ഹോർമോണുകളുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടുകയാണെങ്കിൽ ഗർഭച്ഛിദ്രമുണ്ടായെന്നുവരും. മാതാവിന്റെ രക്തം R h നെഗറ്റീവ് ഗ്രൂപ്പിലും, പിതാവിന്റെ രക്തം R h പോസിറ്റീവ് ഗ്രൂപ്പിലും പെട്ടതാണെങ്കിൽ അവർക്കുണ്ടാകുന്ന ശിശുവിനു ജനനസമയത്തുതന്നെ മഞ്ഞപ്പിത്തമുണ്ടാകാം . ജനിച്ച ഉടൻ രക്തം മാറ്റിയും മറ്റും ഈ പ്രശ്നങ്ങൾ പരിഹരിക്കാം.

ഗർഭാശയവുമായി ബന്ധപ്പെട്ടവ (Uterine factors): ഗർഭാശയത്തിന്റെ ജന്മസിദ്ധമായ വൈകൃതങ്ങൾ ഗർഭച്ഛിദ്രത്തിനു കാരണമാകാറുണ്ട്. ഗർഭാശയത്തിലെ ഫൈബ്രോയിഡുകൾ (മുഴകൾ) ശിശുവിന്റെ വളർച്ചയ്ക്കു തടസ്സമായിത്തീർന്നേക്കാം.

രോഗലക്ഷണങ്ങൾ. ഗർഭാശയസങ്കോചത്തിന്റെ ഫലമായി അടിവയറ്റിൽ അനുഭവപ്പെടുന്ന വേദന, ഭ്രൂണം ഗർഭാശയത്തിൽനിന്നും വേർപെടുമ്പോൾ ഉണ്ടാകുന്ന രക്തവാർച്ച, സർവിക്സിന്റെ വികാസം, ഭ്രൂണത്തിന്റെ ബഹിഷ്കരണം.

ഗർഭച്ഛിദ്രത്തെ എട്ടായി തരംതിരിച്ചിട്ടുണ്ട്.

1. ഗർഭച്ഛിദ്രഭീഷണി: ഗർഭിണിയെന്നു കരുതപ്പെട്ട ഒരു സ്ത്രീയുടെ യോനിയിൽനിന്നും പരിമിതമായ തോതിൽ ഉണ്ടാകുന്ന രക്തവാർച്ചയാണു ഗർഭച്ഛിദ്രഭീഷണിയുടെ പ്രധാന ലക്ഷണം. രോഗിണിക്ക് അടിവയറ്റിൽ ചെറിയ തോതിലുള്ള വേദനയും ഉണ്ടായെന്നു വരും.

ചികിത്സ: ഗർഭച്ഛിദ്രമുണ്ടാകുവാൻ അനുവദിക്കാതിരിക്കുക എന്ന ലക്ഷ്യത്തോടെയായിരിക്കണം ചികിത്സാനടപടികൾ ആവിഷ്കരിക്കേണ്ടത്. രോഗിക്കു പരിപൂർണവിശ്രമമാണാവശ്യം. വേദനയും ആശങ്കയും ഒഴിവാക്കുവാൻ ഉപകരിക്കുന്ന ഉറക്കമരുന്നുകൾ ഉപകാരപ്രദമാണ്. പ്രൊജസ്റ്ററോണും ഈസ്ട്രൊജനും സന്ദർഭാനുസരണം ഉപയോഗിക്കാം. തക്കസമയത്തു ചികിത്സിച്ചാൽ ഗർഭച്ഛിദ്രം ഒഴിവാക്കാം.

2. അപരിഹാര്യഗർഭച്ഛിദ്രം: ഗർഭച്ഛിദ്രത്തിന്റെ പുരോഗതി തടയുവാൻ കഴിയാത്തപ്പോഴാണ് അപരിഹാര്യമെന്ന വിശേഷണം ഉപയോഗിക്കുന്നത്. ഭ്രൂണം ഗർഭാശയത്തിൽനിന്നു വേർപെട്ടതിനു ശേഷമായിരിക്കും രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നത്.

ചികിത്സ: ഭ്രൂണഭാഗങ്ങളെല്ലാം എടുത്തുകളഞ്ഞിട്ടു ഗർഭാശയത്തിൽ ഒന്നുമില്ലാതാക്കുവാനാണു ശ്രമിക്കേണ്ടത്. ഭ്രൂണം തനിയെ പുറത്തുപോവുകയും രക്തവാർച്ച നിലയ്ക്കുകയും ചെയ്താൽ പ്രത്യേക ചികിത്സാനടപടികളൊന്നും ആവശ്യമില്ല. ഭ്രൂണം തനിയെ പുറത്തുപോകാതിരിക്കുമ്പോഴാണു ബാഹ്യമായ ഇടപെടൽ ആവശ്യമായിവരുന്നത്.

3. അപൂർണഗർഭച്ഛിദ്രം: ഭ്രൂണത്തിന്റെ ഒരംശം പുറത്തുപോവുകയും മറ്റൊരംശം ഗർഭാശയത്തിൽ അവശേഷിക്കുകയും ചെയ്യുന്ന അവസ്ഥയാണ് അപൂർണഗർഭച്ഛിദ്രം.

ചികിത്സ: ഗർഭാശയത്തിൽ അവശേഷിക്കുന്ന അവശിഷ്ടങ്ങൾ എടുത്തുകളയുവാനായിരിക്കണം ആദ്യം ശ്രമിക്കേണ്ടത്. മരുന്നുകൾ കുത്തിവച്ചോ ശസ്ത്രക്രിയാമാർഗങ്ങൾ സ്വീകരിച്ചോ ലക്ഷ്യം നേടാവുന്നതാണ്.

4. ദൂഷിത(സെപ്റ്റിക്)ഗർഭച്ഛിദ്രം: ഗർഭച്ഛിദ്രത്തിനോടൊപ്പം ഭ്രൂണത്തിനും ഗർഭാശയത്തിനും രോഗാണുക്കളുടെ ആക്രമണംമൂലം 'പഴുപ്പ്'ബാധിക്കുന്ന അവസ്ഥയാണു ദൂഷിതഗർഭച്ഛിദ്രം. ഗർഭച്ഛിദ്രത്തിന്റെ സാധാരണ ലക്ഷണങ്ങൾക്കു പുറമെ പനിയും പഴുപ്പുപോക്കും സെപ്റ്റിക്ഗർഭച്ഛിദ്രത്തിൽ കാണാറുണ്ട്.

ചികിത്സ: രോഗിക്കു പനിയുണ്ടെങ്കിൽ ഔഷധങ്ങൾ ഉപയോഗിച്ചു പനി ആദ്യം നിയന്ത്രിക്കണം. പനിയോടൊപ്പം രക്തസ്രാവമുണ്ടെങ്കിൽ രക്തസ്രാവനിയന്ത്രണത്തിനായിരിക്കണം മുൻഗണന നല്കേണ്ടത്. ഭ്രൂണശകലങ്ങളെടുത്തുകളയുന്നതോടൊപ്പം രോഗബീജങ്ങളെ സംഹരിക്കുവാൻ പോരുന്ന ശക്തിയേറിയ ഔഷധങ്ങൾ ഉപയോഗിക്കണം.

5. ആവർത്തിത ഗർഭച്ഛിദ്രം: തുടർച്ചയായി മൂന്നോ അതിലധികമോ പ്രാവശ്യം ഗർഭം അലസുമ്പോഴാണ് ആവർത്തിതമെന്ന പദം ഉപയോഗിക്കുന്നത്. ഗർഭാശയത്തിനുള്ള വൈകല്യങ്ങളും ഗർഭാശയകണ്ഠത്തിന്റെ അപര്യാപ്തതയും മാതാവിനു പിടിപെടുന്ന രക്തസമ്മർദാധിക്യവും ആവർത്തിതഗർഭച്ഛിദ്രത്തിനു കാരണമായിത്തീരുന്നു.

ചികിത്സ: വ്യക്തമായ കാരണങ്ങൾ കണ്ടെത്തുവാൻ കഴിഞ്ഞാൽ അവയ്ക്കുള്ള പ്രതിവിധികൾ സ്വീകരിക്കണം. ഗർഭാശയത്തിന്റെ ചില വൈകല്യങ്ങളും ഗർഭാശയകണ്ഠത്തിന്റെ അപര്യാപ്തതയും ശസ്ത്രക്രിയകൊണ്ടു പരിഹരിക്കുവാൻ കഴിഞ്ഞേക്കും. ഈസ്ട്രജന്റെ വകഭേദമായ സ്റ്റിൽ ബിസ്ട്രോൾ (Stilboestrol) രോഗചികിത്സയ്ക്കുപയോഗിക്കാറുണ്ട്.

ഗർഭദീക്ഷ

ഭാര്യ ഗർഭിണിയായാൽ ഭർത്താവ് അനുഷ്ഠിച്ചിരുന്ന വ്രതം. മലയാള ബ്രാഹ്മണർക്കിടയിൽ അന്തർജനം ഗർഭിണിയായാൽ പ്രസവിച്ചു ജാതകർമം കഴിയുന്നതുവരെ ഭർത്താവ് തലയും താടിയും വളർത്തണമെന്നായിരുന്നു ആചാരം. സ്ത്രീസംസർഗ്ഗം പാടില്ല. ഗർഭകാലത്ത് ഗർഭസ്ഥശിശുവിനു ചൈതന്യവും ബുദ്ധിയും വർധിപ്പിക്കുവാൻ നെയ്ജപിച്ചുകൊടുക്കുക മുതലായി സൽത്ക്കർമ്മങ്ങൾ ചെയ്തുകൊണ്ട് ഈശ്വരചിന്താപരനായി ജീവിക്കണം. പുരാതന കാലത്തു പല ഗോത്രങ്ങളിലും ഇത്തരം ആചാരങ്ങൾ നിലവിലുണ്ടായിരുന്നുവെന്ന് മാനവശാസ്ത്രജ്ഞന്മാർ പറയുന്നു. ഗർഭാധാനത്തിലും സന്തത്യുത്പാദനത്തിലും പുരുഷന്റെ ഉത്തരാവദിത്വം വ്യക്തമാക്കുന്ന ഒരു ആചാരമാണിത്.

ഗർഭധാരണം

ഗർഭാശയത്തിൽ ഭ്രൂണത്തിന്റെ രൂപപ്രാപ്തി. ഇംഗ്ലീഷിൽ ഗർഭധാരണത്തിനു പ്രെഗ്നൻസി എന്നും ജെസ്റ്റേഷൻ എന്നും പറയും. മനുഷ്യരിലെ ഗർഭധാരണത്തിനു മാത്രമെ പ്രെഗ്നൻസി എന്നു പറയൂ. മൃഗങ്ങളുടേതിനു ജെസ്റ്റേഷൻ എന്നും. ചില ജന്തുക്കളിൽ ഇണചേരലിനുശേഷം ഗർഭധാരണം നടക്കുന്ന കൃത്യസമയം അറിയുവാൻ സാധ്യമല്ല. ഗർഭധാരണം ബീജസംയോഗത്തിലൂടെ ആരംഭിക്കുന്നു. പുംബീജം അണ്ഡവുമായി സംയോജിക്കുന്ന പ്രക്രിയയാണു ബീജസംയോഗം (fertilization). ബീജസംയോഗത്തിന്റെ സമയം കൃത്യമായി അറിയാത്തതുമൂലം ഗർഭധാരണത്തിനു തൊട്ടുമുൻപ് ഉണ്ടായ ആർത്തവകാലത്തിന്റെ ആരംഭം മുതൽ തന്നെ ഗർഭകാലമായി കണക്കാക്കുന്നു.

മൂത്രപരിശോധനയിലൂടെ ഗർഭധാരണം നടന്നിട്ടുണ്ടോ എന്ന് അറിയാം. മൂത്രത്തിൽ ഹ്യൂമൻ കോറിയോണിക് ഗൊണാഡോട്രോപ്പിൻ (HCG) എന്ന ഹോർമോണിന്റെ സാന്നിധ്യം ഗർഭധാരണത്തിനു തെളിവാണ്.

ഗർഭധാരണം കഴിഞ്ഞ് ആദ്യത്തെ മൂന്നു മാസക്കാലം 50 ശതമാനം സ്ത്രീകളിലും ഓക്കാനം, ഛർദി, തലവേദന, ക്ഷീണം മുതലായ അസുഖങ്ങൾ കണ്ടുവരുന്നു. മറ്റു പല രോഗങ്ങളും ഉണ്ടായെന്നു വരാം. ഇവയെ †ഗർഭകാലരോഗങ്ങൾ എന്നു പറയും.

ഗർഭനിരോധനം (Contraception)

സംഭോഗത്തിൽ ഏർപ്പെടുമ്പോൾ ഗർഭധാരണം ഉണ്ടാകാതെ കരുതലെടുക്കുന്ന സമ്പ്രദായം. ലൈംഗികബന്ധത്തിൽ അണ്ഡവും ബീജവുമായുള്ള സംയോജനം ഒഴിവാക്കി ഗർഭധാരണം തടയുന്നതിനു സ്ത്രീക്കും പുരുഷനും ഉപയോഗപ്പെടുത്താവുന്ന പല മാർഗങ്ങളുണ്ട്.

ഗർഭനിരോധനം ഒരു നവീനാശയമല്ല. മനുഷ്യരാശിയുടെ ശൈശവദശയിൽ മന്ത്രവാദത്തിലും, മതാനുഷ്ഠാനങ്ങളിലും അന്ധവിശ്വാസങ്ങളിലും അധിഷ്ഠിതമായ ഗർഭനിരോധനമാർഗങ്ങൾ നിലവിലിരുന്നു. ഇന്നത്തെ അംഗീകൃതമാർഗങ്ങളിൽ പലതിന്റെയും മൂലതത്വം ഈ പ്രാകൃതരിൽനിന്നും കടമെടുത്തതാണ്. 'കോയിറ്റസ് ഇൻററപ്റ്റസ് (coitus interruptus), ബീജനാശിനികളടങ്ങിയ വസ്തുക്കൾ യോനിക്കുള്ളിൽ കടത്തിവയ്ക്കൽ, ഉറയും, ഡയഫ്രവും ഉപയോഗിക്കൽ എന്നീ മാർഗങ്ങളെല്ലാം ആഫ്രിക്കയിലെയും ഓസ്ട്രേലിയയിലെയും പ്രാകൃതമനുഷ്യർ പ്രായോഗികമാക്കിയിരുന്നു. ശിശ്ന(penis)ത്തിന്റെ അടിഭാഗം ഒരു ശിലായുധം കൊണ്ടു നെടുകെ കീറുന്ന മൈക്ക (mica) ശസ്ത്രക്രിയ ഓസ്ട്രേലിയയിൽ നിലവിലുണ്ടായിരുന്നു. പുരാതനഗ്രീസിൽ ഒരു കൃഷീവലന് ഒന്നിൽക്കൂടുതൽ ശിശുക്കൾ പാടില്ലെന്ന നിഷ്കർഷയുണ്ടായിരുന്നതായി കാണുന്നു. അവിടത്തെ സൂതികർമിണിമാർ ഭ്രൂണഹത്യയിൽ നിപുണരായിരുന്നു. സുരക്ഷിതകാലത്തെ(safety period)പ്പറ്റിയും അസ്പഷ്ടമായ ധാരണ പ്രാചീനഗ്രീക്കുകാർക്കുണ്ടായിരുന്നു.

അറേബിയയിലേയും പേഴ്സ്യയിലേയും ഭിഷഗ്വരന്മാർ സുരക്ഷിതകാലം, ‘കോയിറ്റസ് ഇൻററപ്റ്റസ്’, രാസവസ്തുക്കളുടെ ഉപയോഗം തുടങ്ങിയ ഗർഭനിരോധനമാർഗങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്നു. വിവിധതരം വസ്തുക്കൾ — തടിക്കഷണം മുതൽ വിലയേറിയ രത്നങ്ങൾ വരെ — ഗർഭാശയത്തിനുള്ളിൽ കടത്തിവയ്ക്കാറുണ്ടായിരുന്നു. സംഭോഗം കഴിഞ്ഞാലുടൻ തണുത്ത വെള്ളം കുടിച്ചാൽ ഗർഭം ധരിക്കുകയില്ലെന്നു ചൈനീസ് സ്ത്രീകൾ വിശ്വസിച്ചിരുന്നു. ഈജിപ്തിലെ പുരാതനരേഖകളിൽ വിവിധ ഗർഭനിരോധനമാർഗങ്ങൾ പരാമർശിക്കപ്പെടുന്നു. മുതലയുടെ കാട്ടം , നാട്രൻ (natron), അക്കേഷ്യ (accacia), തേൻ, കടൽപ്പായൽ മുതലായവയും യോനിക്കുള്ളിൽ കടത്തിവച്ചിരുന്നു. പുരാതന ഭാരതത്തിൽ ഗർഭനിരോധനത്തെ സംബന്ധിക്കുന്ന ഗ്രന്ഥങ്ങൾ തന്നെ നിലവിലുണ്ടായിരുന്നു. ‘അനംഗരംഗം’ എന്ന സംസ്കൃതഗ്രന്ഥത്തിൽ സ്ത്രീയെ വന്ധ്യംകരിക്കുന്ന അനേകം കുറിപ്പടികളെപ്പറ്റി പറയുന്നുണ്ട്. ഭ്രൂണഹത്യയും ശിശുഹത്യയും അസാധാരണമായിരുന്നില്ല.

20-ാംനൂറ്റാണ്ടിൻെറ തുടക്കംവരെ ഗർഭനിരോധനമാർഗങ്ങളെ പ്രോത്സാഹിപ്പിക്കുവാനുള്ള ശാസ്ത്രജ്ഞന്മാരുടെയും സാമുദായികപ്രവർത്തകമാരുടെയും ശ്രമങ്ങൾ മതത്തിൻെറയും ഭരണകൂടത്തിൻെറയും ഇടപെടൽമൂലം നിഷ്ഫലമാവുകയാണുണ്ടായത്. ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ പാശ്ചാത്യരാജ്യങ്ങളിൽ പ്രത്യേകിച്ച് അമേരിക്കയിലും ഇംഗ്ലണ്ടിലും ഗർഭനിരോധനം എന്ന ആശയത്തിനു പ്രചാരമുണ്ടായി. 1916-ൽ ശക്തമായ എതിർപ്പുകൾ അവഗണിച്ചുകൊണ്ട് അമേരിക്കയിൽ ആദ്യത്തെ ഗർഭനിരോധന ക്ലിനിക് സ്ഥാപിതമായി. 1921-ൽ ഇംഗ്ലണ്ടിലും. തുടർന്നു പാശ്ചാത്യരാജ്യങ്ങളിലെല്ലാം ക്ലിനിക്കുകൾ പ്രവർത്തിക്കാൻ തുടങ്ങി. 1939-ൽ കുടുംബാസൂത്രണസംഘടനയും 1952-ൽ ‘ഇൻറർനാഷനൽ പ്ലാൻഡ് പേരൻറ്ഹുഡ് ഫെഡറേഷനും’ സ്ഥാപിച്ചതോടെ ഗർഭനിരോധനത്തിനുള്ള ശാസ്ത്രീയമാർഗങ്ങൾ ലോകം മുഴുവൻ പ്രചരിക്കാൻ തുടങ്ങി.

മാർഗങ്ങൾ. ഒരു മാതൃകാഗർഭനിരോധനമാർഗം നിരുപദ്രവകരവും വിശ്വസ്തവും സ്വീകാര്യവും ആയിരിക്കണം.

ഉപകരണേതരമാർഗങ്ങൾ: പ്രാചീനകാലം മുതൽ നിലവിലുള്ള ഉപകരണേതരമാർഗങ്ങൾ പൂർണമായി ഫലപ്രദമോ ഉപദേശയോഗ്യമോ അല്ലെങ്കിൽപ്പോലും ഇന്നും പ്രചാരത്തിലിരിക്കുകയാണ്. 1. ‘കോയിറ്റസ് ഇൻററപ്റ്റസ് — സംഭോഗസമയത്ത്, ശുക്ലവിസർജനത്തിനു മുമ്പ് ലിംഗം യോനിയിൽനിന്നു പിൻവലിക്കുക, 2. ‘കോയിറ്റസ് റിസർവാറ്റസ്’ (Coitus reservatus) — ശുക്ലവിസർജനം ഒഴിവാക്കിയുള്ള സംഭോഗം. 3. കോയിറ്റസ് ഒബ്സ്ട്രക്ടസ് (Coitus obstructus) — ശുക്ലവിസർജനം തടസപ്പെടുത്തൽ. 4. യോന്യേതരസംഭോഗം (Extra vaginal coitus) — വിവിധ സംഭോഗചലനങ്ങളും സംസ്ഥിതികളും, സംഭോഗവർജനം, മുലയൂട്ടൽ കാലം ദീർഘിപ്പിക്കൽ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

സുരക്ഷിതകാലസംഭോഗം മറ്റൊരു ഉപകരണേതര മാർഗമാണ്. സ്ത്രീയുടെ ആർത്തവചക്രത്തിൽ ഗർഭധാരണശക്തി ഏറിയതും (fertile) കുറഞ്ഞതും (sterile) ആയ ദിവസങ്ങളുണ്ടെന്ന് പ്രാചീനകാലം മുതൽ തന്നെ അറിവുണ്ടായിരുന്നു. ഗർഭധാരണശക്തി ഏറിയ ദിവസങ്ങളിൽ സംഭോഗം ഒഴിവാക്കിയാൽ സ്ത്രീ ഗർഭിണിയാകുന്നില്ല. അണ്ഡോത്സർഗം (ovulation) ആർത്തവാരംഭത്തിനു പതിനാലുദിവസം മുമ്പു നടക്കുന്നു. ആർത്തവചക്രത്തിൽ ഒരിക്കൽ മാത്രമേ അണ്ഡോത്സർഗമുണ്ടാകുന്നുള്ളു. ഉത്സർജിതാണ്ഡത്തിന് 24 മണിക്കൂറോളവും വിസർജിതബീജത്തിന് 48 മണിക്കൂറോളവും ഉത്പാദനശേഷിയുണ്ടായിരിക്കും. അണ്ഡോത്സർഗത്തിനു മുമ്പു രണ്ടു ദിവസവും പിമ്പ് ഒരു ദിവസവും സംഭോഗം ഒഴിവാക്കിയാൽ ഗർഭധാരണം തടയാമെന്നു താത്വികമായി പറയാം. പ്രായോഗികമായി അണ്ഡോത്സർഗത്തിനു മുമ്പു നാലു ദിവസവും പിമ്പു മൂന്നു ദിവസവും സംഭോഗം ഒഴിവാക്കണം. ആർത്തവചക്രം ക്രമമായിട്ടുള്ള സ്ത്രീകൾക്കു മാത്രമേ ഈ മാർഗം ഫലപ്രദമാകുന്നുള്ളു.

കൃത്രിമമാർഗങ്ങൾ. *1. യാന്ത്രികമാർഗങ്ങൾ (Mechanical methods) i. ഉറ (Condom):* ഫ്രെഞ്ച് ലെതർ എന്നും വിളിക്കുന്നു. വിസർജിതശുക്ലം യോനിയിൽ വീഴാതിരിക്കാൻ സംഭോഗാവസരത്തിൽ പുരുഷൻ ലിംഗത്തിൽ ധരിക്കുന്നു. 1564-ൽ ‘ഗബ്രിയേൽ ഫെല്ലോപ്പിയോ’ ആദ്യമായി ഇതിൻെറ ശാസ്ത്രീയവിവരണം രേഖപ്പെടുത്തി കേണൽകോണ്ടം(Colonel condom) ആണ് ‘കോണ്ടത്തിൻെറ സ്രഷ്ടാവ്’ എന്നു പറയുന്നു. പലതരം ഉറകൾ നിലവിലുണ്ട്. ഏറ്റവും പ്രചാരം നേർത്ത ലാറ്റക്സ് റബർ ഉറകൾക്കാണ്. ഫലപ്രദവും വിലകുറഞ്ഞതും, സ്വീകാര്യവുമായ ഒരു മാർഗമാണിത്.

ii. ഡയഫ്രം (Diaphragm): റബർകൊണ്ടുണ്ടാക്കിയ തൊപ്പിപോലുള്ള ഈ ഉപാധി ഗർഭാശയമുഖം മറയ്ക്കത്തക്കവണ്ണം യോനിക്കുള്ളിൽ കടത്തിവയ്ക്കുന്നു. ഓരോ സ്ത്രീക്കും യോജിക്കത്തക്കവിധം ഇതു പല അളവുകളിൽ കിട്ടുന്നു.

മുകളിൽ പറഞ്ഞവ കൂടാതെ ബീജത്തിൻെറ പ്രയാണം തടയുന്ന അനേകം അസംസ്കൃതമാർഗങ്ങൾ നിലവിലുണ്ട്. നനഞ്ഞ തുണി, എണ്ണയിലോ, രാസവസ്തുക്കളിലോ മുക്കിയെടുത്ത സ്പഞ്ചുകൾ, പഞ്ഞിക്കഷണങ്ങൾ, നാരങ്ങാത്തോട് എന്നിവയും ഉപയോഗിച്ചിരുന്നതായി പറയുന്നു.

2. ഗർഭാശയാന്തരമാർഗങ്ങൾ (Intra-uterine devices): ഗർഭാശയത്തിനുള്ളിൽ കടത്തിയിട്ട അന്യവസ്തു(foreign body)വിൻെറ സാന്നിധ്യത്തിൽ ഗർഭധാരണം നടക്കുന്നില്ല. വിവിധ ലോഹങ്ങൾ, ദന്തം, പ്ലാസ്റ്റിക്, കണ്ണാടി തുടങ്ങിയ വസ്തുക്കൾകൊണ്ടുള്ള വസ്തുക്കൾ ഗർഭാശയത്തിനുള്ളിൽ കടത്തിവച്ചിരുന്നു. ‘ഗ്രാഫെൻബർഗ്’ (Grafenberg) വെള്ളി, സ്വർണം, പട്ടുനൂൽ എന്നിവകൊണ്ടുള്ള വലയങ്ങൾ കണ്ടുപിടിച്ചിരുന്നു. നിലവിലുള്ള ഗർഭാശയാന്തരോപാധികളിൽ പ്രധാനമായവ ഓട്ടാവലയം (Ota ring), ലിപ്പീസ് ലൂപ്പ് (Lippes loop), മാർഗുലിസ് സർപ്പിളം (Margulies spiral), ബെംബർഗ് ചാപം (Birmberg bow) തുടങ്ങിയവയാണ്. വളരെ ലളിതവും വിലകുറഞ്ഞതുമായ ഉപാധികളാണിവ. പൂർണാരോഗ്യമുള്ള ഗർഭാശയങ്ങളിൽ മാത്രമേ ഇവ കടത്തിവയ്ക്കാൻ പാടുള്ളു.

3.രാസവസ്തുക്കൾ ഉപയോഗിച്ചുള്ള മാർഗങ്ങൾ (Chemical methods): രാസവസ്തുക്കൾ യോനിക്കുള്ളിൽ കടത്തി വിസർജിതബീജങ്ങളുടെ പ്രയാണത്തെ തടസ്സപ്പെടുത്തുകയോ നിർവീര്യമാക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്ന മാർഗം. വിവിധതരം ജെല്ലികൾ, തൈലങ്ങൾ, നുരഗുളികകൾ, സപ്പോസിറ്ററികൾ, സംഭോഗശേഷം യോനി കഴുകാൻ ഉപയോഗിക്കുന്ന വിവിധതരം ലായനികൾ എന്നിവ ഇതിൽപ്പെടും.

4. ഗർഭനിരോധനഗുളികകൾ (Oral contraceptives): ആർത്തവചക്രത്തിൻെറ അഞ്ചാംദിവസം മുതൽ 24-ാംദിവസം വരെ ഒരു സ്ത്രീ പ്രൊജസ്റ്റോജൻസ് (progestogens) അടങ്ങിയ ഔഷധം കഴിക്കുകയാണെങ്കിൽ അണ്ഡോത്സർഗം നടക്കുന്നില്ല. ക്രമമായി ആർത്തവം ഉണ്ടാകുകയും ചെയ്യുന്നു. 1955-ൽ ‘പിങ്കസും’ ‘ജോൺറോക്കും’ ആദ്യമായി ഇതു മനുഷ്യരിൽ വിജയകരമായി പരീക്ഷിച്ചു. തുടർന്നു നടത്തിയ ഗവേഷണങ്ങളിൽ പ്രൊജസ്റ്റോജൻസിനോടൊപ്പം ഈസ്ട്രോജൻ (oestrogen) കൂടി ചേർത്തുകൊടുക്കുന്നതാണു മെച്ചമെന്നു കണ്ടു. നിലവിലുള്ള ഗർഭനിരോധനഗുളികകൾ ‘ഈസ്ട്രോജനും’, ‘17-ആൽഫ ഹൈഡ്രോക്സി പ്രൊജസ്ട്രോൺ’, ‘19-നോർടെസ്റ്റോസ്റ്റിറോൺ’ ഇവയിൽ ഒന്നിൻെറ വ്യുത്പന്നവും കലർന്നതാണ്.

പുരുഷനെയും സ്ത്രീയെയും സ്ഥിരമായോ താത്കാലികമായോ വന്ധ്യംകരിക്കുന്ന ഔഷധങ്ങളെ സംബന്ധിച്ച ഗവേഷണം ഇന്നും നടന്നുവരുന്നു.

5 സ്ഥിരമാർഗങ്ങൾ: പുരുഷനെയോ സ്ത്രീയെയോ ശസ്ത്രക്രിയമൂലമോ മറ്റുപാധികൾകൊണ്ടോ വന്ധ്യംകരിക്കുന്ന മാർഗങ്ങളാണിവ.

i. വാസെക്ടമി (Vasectomy): പുരുഷന്മാർക്കു ചെയ്യുന്ന വന്ധ്യംകരണശസ്ത്രക്രിയ. ഇരുവശവുമുള്ള ബീജവാഹിനിക്കുഴലുകളെ (Vas deferens) ഛേദിച്ചു കെട്ടുന്നു. 1897-ൽ ‘ഓഷ്ണർ’ ആദ്യമായി ഈ ശസ്ത്രക്രിയ മനുഷ്യനിൽ നടത്തി. വളരെ ലളിതമായ ഒരു ശസ്ത്രക്രിയയാണിത്.

ii. ട്യൂബെക്ടമി (Tubectomy): സ്ത്രീകൾക്കു ചെയ്യുന്ന വന്ധ്യംകരണ ശസ്ത്രക്രിയ. ഇരുവശവുമുള്ള അണ്ഡവാഹിനിക്കുഴലുകളെ (Fallopian tubes) ഛേദിച്ചു കെട്ടുന്നു. സാധാരണ പ്രസവം കഴിഞ്ഞ് 48 മുതൽ 72 മണിക്കൂറിനകം ചെയ്യുന്നു. ഇതിനെ പ്രസവാനന്തരവന്ധ്യംകരണം എന്നു പറയുന്നു. പ്രസവാനന്തരമല്ലാതെയും ട്യൂബെക്ടമി ചെയ്യാവുന്നതാണ്.

വൃഷണങ്ങൾക്കോ അണ്ഡങ്ങൾക്കോ എക്സ്റേ കിരണനം (X-ray radiation), ഊഫെറക്ടമി (oopherectomy), ഹിസ്റ്ററെക്ടമി (hysterectomy) തുടങ്ങിയ ശസ്ത്രക്രിയകളും സ്ഥിരമായി ഗർഭധാരണം തടയുന്നവയാണ്.

6. പ്രകടമാകാത്ത ഗർഭച്ഛിദ്രം: ഗർഭച്ഛിദ്രഫലമായി ജീവനില്ലാതായിത്തീരുന്ന ഭ്രൂണം ഗർഭാശയത്തിൽത്തന്നെ നിലയുറപ്പിക്കുകയും തന്മൂലം ഗർഭച്ഛിദ്രത്തിൻെറ പ്രധാന ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടാതിരിക്കുകയും ചെയ്യുമ്പോഴാണ് അതുണ്ടാവുക. ഗർഭാശയ

ത്തിൽ ശേഷിക്കുന്ന ഭ്രൂണത്തിൽ സംഭവിക്കുന്ന പരിവർത്തനഫലമായുണ്ടാകുന്നതാണു മോളുകൾ (Moles). അപ്രകാശിത ഗർഭച്ഛിദ്രത്തിനു വിധേയയായ രോഗിക്ക് ആർത്തവമുണ്ടാകുകയില്ല. തന്മൂലം ഗർഭധാരണം തുടരുകയാണെന്നായിരിക്കും വിശ്വാസം. എങ്കിലും വളരുന്ന ഗർഭത്തിൻെറ യാതൊരു ലക്ഷണങ്ങളും ദൃശ്യമാവുകയില്ല.

ചികിത്സ: ഗർഭാശയത്തിൽ 'മോൾ' (Mole) ആയി രൂപാന്തരം പ്രാപിച്ച ഭ്രൂണത്തെ പറിച്ചെടുത്തോ ചുരണ്ടിയോ കളയണം. മോളുകൾ പറിച്ചെടുക്കുമ്പോൾ ഗർഭാശയത്തിനു മുറിവുപറ്റാതെ സൂക്ഷിക്കണം.

7. ചികിത്സാർഥഗർഭച്ഛിദ്രം: മാതാവിനെ മരണത്തിൽനിന്നു രക്ഷിക്കുന്നതിനുവേണ്ടി വളർന്നുകൊണ്ടിരിക്കുന്ന ഗർഭത്തെ ബാഹ്യമായ ഇടപെടൽമൂലം തടയുന്നതിനാണു ചികിത്സാർഥഗർഭച്ഛിദ്രം എന്നു പറയുന്നത്. ഡി ആൻഡ് ഇ (Dilation and evacuation), ഡി ആൻഡ് സി (Dilation and curettage) എന്നിവ രണ്ടു മാർഗങ്ങളാണ്. സെർവിക്സിലൂടെ പ്രത്യേക ഉപകരണം കടത്തി ഭ്രൂണത്തെ നശിപ്പിക്കുന്നവയാണ് ഇവ രണ്ടും.

8. അവിഹിതഗർഭച്ഛിദ്രം: സാധൂകരിക്കാവുന്ന കാരണങ്ങൾ കൂടാതെ കൃത്രിമമാർഗങ്ങൾ ഉപയോഗിച്ചു ഗർഭം അലസിപ്പിക്കുന്നതുമൂലം ഉണ്ടാവുന്ന ഗർഭച്ഛിദ്രമാണിത്.

മെഡിക്കൽ ടെർമിനേഷൻ ഒഫ് പ്രെഗ്നൻസി ആക്റ്റ് 1972 ഏപ്രിൽ മുതൽ ഇന്ത്യയിൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ആരോഗ്യരക്ഷാപരവും കുടുംബക്ഷേമപരവുമായ ലക്ഷ്യങ്ങളോടെയാണ് ഇതു നടപ്പാക്കിയിട്ടുള്ളത്.

രോഗങ്ങളൊന്നുമില്ലെങ്കിലും ഗർഭച്ഛിദ്രം നടത്താൻ ചില പ്രത്യേക പരിതഃസ്ഥിതികളിൽ പലരും തയ്യാറാവുന്നുണ്ട്. കുടുംബാസൂത്രണത്തിനുവേണ്ടിയും അവിഹിതവേഴ്ചയുടെ ഫലമായി ആഗ്രഹിക്കാതെതന്നെ ഗർഭവതിയാകുന്ന സ്ത്രീയുടെ അഭിമാനം കാത്തുരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു മാർഗവുമായിട്ടാണു ഗർഭച്ഛിദ്രം പ്രധാനമായും സ്വീകരിച്ചുപോരുന്നത്. †കുടുംബാസൂത്രണം നോക്കുക.

ഡോ. കെ.എം. ജോസഫ്

ഗർഭസ്രാവം

ഗർഭം അലസിപ്പോകുന്ന രോഗം. *ബ്രൂസെല്ലാ അബോർട്ടസ്* എന്ന ബാക്റ്റീരിയയാണു രോഗകാരണം. ഡെന്മാർക്കിലെ ബാൻഗ് എന്ന ശാസ്ത്രജ്ഞനാണ് ഈ അണുക്കൾ കാരണമുണ്ടാകുന്ന ഗർഭസ്രാവത്തെക്കുറിച്ച് ആദ്യമായി പഠിച്ചത്.

1876-ൽ ആദ്യമായി ബ്രൂസല്ലോസിസിൻെറ (Brucellosis) സാംക്രമികസ്വഭാവം തിരിച്ചറിയപ്പെട്ടു. ഗർഭാശയത്തിൻെറ ഭിത്തികളിൽ പഴുപ്പുണ്ടാക്കുകയും ഗർഭസ്ഥശിശുവും മറുപിള്ള(placenta)യുമായുള്ള ബന്ധം വേർപെടുത്തുകയും ചെയ്യുന്നു. പ്രസവിക്കുന്നതിന് ഒന്നോ രണ്ടോ മാസങ്ങൾക്കു മുമ്പേതന്നെ ഗർഭസ്ഥശിശുവിനെ കൊന്നൊടുക്കുകയും രോഗം പിടിപെട്ട തള്ളയുടെ പ്രജനനശേഷിയെ തീർത്തു നശിപ്പിക്കുകയും ചെയ്യുന്ന ഈ രോഗം മാസങ്ങളോളം നീണ്ടുനില്ക്കുന്ന ഒന്നായി കണക്കാക്കപ്പെടുന്നു. വിരളമായി മാത്രം ഗർഭപാത്രത്തിലെ വെറുമൊരു പഴുപ്പായി അതു വന്നുപോകുന്നു. എരുമകളെ ഈ രോഗം സാധാരണ പിടിപെടാറില്ല. മനുഷ്യരിലും ഈ അണു രോഗകാരണമാകുന്നു. സർപ്പിളസന്നിയെന്നാണതിനു പേർ.

ഗർഭം അലസിപ്പോയവയുടെ ഗർഭപാത്രത്തിൽനിന്നൊലിച്ചുചാടുന്ന ദ്രാവകമാണു മുഖ്യമായും ഈ രോഗം പകർത്തുന്നത്. അണുക്കൾ കേറി ഒരാക്രമണം നടത്തിയെങ്കിലും ഗർഭമലസാതെ സുഖമായി പ്രസവിക്കുന്നവയുടെ ഗർഭപാത്രത്തിൽനിന്നൊലിക്കാറുള്ള ദ്രാവകത്തിലും ചിലപ്പോൾ ഈ രോഗാണുക്കൾ കാണും. പാലിൽക്കൂടിയും രോഗാണുക്കൾ പുറത്തുവരും. ആ പാൽ ഉപയോഗിക്കുന്നവർക്കെല്ലാം ഈ രോഗം പകരുന്നു (മനുഷ്യർക്കു മിക്കപ്പോഴും ഇങ്ങനെയാണ് ഈ രോഗം പകർന്നുകിട്ടുന്നത്).

ചിലപ്പോൾ ഗർഭാശയത്തിലെ അണുക്കൾ ഒന്നടങ്കം ശരീരത്തിലേക്കു കടന്നെന്നു വരാം. അകിട്ടിലും കാണാറുണ്ട്. മാസങ്ങളും കൊല്ലങ്ങളും തന്നെ അവിടെ കഴിയും. ഗർഭമുണ്ടാകുന്ന അവസരത്തിൽ വീണ്ടും ഗർഭപാത്രത്തിൽ കടക്കുകയും ചെയ്യും.

തുടരെത്തുടരെ ഒരു ഗോശാലയിൽ ഗർഭസ്രാവം ഉണ്ടായാൽ ബ്രൂസല്ലാഅണുക്കൾ അവിടെ കടന്നുകൂടിയിട്ടുണ്ടെന്നു കരുതാം. ഗർഭകാലത്തു കാര്യമായി മറ്റു ലക്ഷണങ്ങളൊന്നും രോഗം പിടിപെട്ടവ കാണിക്കുന്നില്ല. അതായത് ആദ്യത്തെതും അവസാനത്തെതുമായ ലക്ഷണം ഗർഭസ്രാവം തന്നെയാണ്; ഏഴാമത്തെയോ എട്ടാമത്തെയോ മാസത്തിലാണു ഗർഭമലസലുണ്ടാവുക. പ്രതീക്ഷിക്കുന്നതിനു മുമ്പുതന്നെ പ്രസവലക്ഷണങ്ങൾ കാണിക്കുക എന്നതു ഗർഭസ്രാവത്തിൻെറ ലക്ഷണമായി കണക്കാക്കാം. അബോർട്ടസ് മൂലമുണ്ടാകുന്ന ഗർഭമലസലിൽ മറുപിള്ളയാകെ മഞ്ഞയും ചാരവും കലർന്ന നിറമുള്ള ഒരു പാടയാൽ ആവൃതമായിരിക്കും. പുറന്തൊലിയെല്ലാം ഒരുവിധത്തിൽ തുകൽപോലെ കറുത്തുപോവുക എന്നതും ഇതിൻെറ ലക്ഷണമാണ്.

അബോർട്ടസ് അണുക്കൾ മാത്രമല്ല അലസൽ ഉണ്ടാക്കാറ്. വിബ്രിയോഫീറ്റസ്, ട്രൈക്കോമോണസ് എന്നീ അണുക്കളും ഗർഭസ്രാവമുണ്ടാക്കും. ഇണചേരുമ്പോഴാണ് ഈ അണുക്കൾ ഗർഭാശയത്തിൽ പ്രവേശിക്കുക. അലസലുണ്ടാവുക മിക്കപ്പോഴും ഗർഭകാലത്തിൻെറ ആദ്യമാസങ്ങളിലുമായിരിക്കും.

ഗർഭം അലസിയ പശുക്കളെ കുറഞ്ഞത് മൂന്നു മാസം കഴിഞ്ഞേ ഇണചേർക്കാവൂ. പുതുതായി ഗോശാലയിൽ ചേർക്കപ്പെടുന്നവ നിഷ്കൃഷ്ടമായ പരിശോധനയ്ക്കു വിധേയമാക്കണം.

വാക്സിൻ കുത്തിവച്ചു രോഗപ്രതിരോധശേഷി ഉണ്ടാക്കാം. ഇന്നേറ്റവും പ്രചാരത്തിലുള്ളതാണു കോട്ടൺ 19 എന്ന വാക്സിൻ. വീര്യം കുറയ്ക്കപ്പെട്ട അണുക്കളുൾക്കൊള്ളുന്ന ഈ വാക്സിൻ സാധാരണ 4-8 മാസം വരെ പ്രായമുള്ള മൃഗങ്ങളിലാണു കുത്തിവയ്ക്കുന്നത്. ഇപ്പോഴിതു പ്രായപൂർത്തിവരാത്തവയിലും പ്രയോഗിക്കുന്നുണ്ട്. ബ്രിട്ടനിലെ മാക് ഈവനും കൂട്ടുകാരും കണ്ടുപിടിച്ച മാക് ഈവൻ 45/20 എന്ന വാക്സിനും ഹഡ്ൽസൺ കണ്ടുപിടിച്ച എം. വാക്സിനും കൂടിയാകുമ്പോഴേ ഈ പട്ടിക പൂർത്തിയാവുകയുള്ളൂ. കോട്ടണെക്കാൾ മെച്ചപ്പെട്ടതൊന്നുമല്ല ഇവ. †ജന്തുരോഗങ്ങൾ നോക്കുക.

ഗർഭാശയം (Uterus)

സ്ത്രീയുടെ പ്രജനനവ്യൂഹത്തിലെ പ്രധാന അവയവം. ഗർഭപാത്രം എന്നും പേരുണ്ട്. മൂത്രാശയത്തിനും മലാശയത്തിനും ഇടയ്ക്കു സ്ഥിതിചെയ്യുന്നു.

പേശീനിർമിതമായ ഈ സഞ്ചിക്ക് ആറു മുതൽ എട്ടു വരെ സെൻറീമീറ്റർ നീളവും രണ്ടു മുതൽ മൂന്നു വരെ സെൻറീമീറ്റർ കനവും ഉണ്ട്. വീതികുറഞ്ഞ ഭാഗം അടിയിലാണ്. ഇതിനെ സെർവിക്സ് (Cervix) എന്നു പറയുന്നു. മുകളിലെ വീതികൂടിയ ഭാഗത്താണു ഭ്രൂണം വളരുക. ഈ ഭാഗമാണു ഫണ്ടസ് (Fundus). ഇടുങ്ങിയ മധ്യഭാഗത്തെ ഇസ്ത്മസ് (Isthmus) എന്നു പറയുന്നു. ലിഗമെൻറുകളാണു ഗർഭാശയത്തെ യഥാസ്ഥാനത്തു നിർത്തുന്നത്. വികസിക്കാനും അല്പം സ്ഥാനവ്യത്യാസം വരുത്തുവാനും പറ്റിയ മട്ടിലാണു ഗർഭാശയത്തിൻെറ ഘടന. ചിലപ്പോൾ ഗർഭാശയം സ്ഥാനം തെറ്റാൻ ലിഗമെൻറുകളാണു കാരണം.



സ്ത്രീയുടെ പ്രജനനവ്യൂഹം

ഗർഭാശയത്തിലെ പേശികൾ വളരെ ഉറപ്പുള്ളതാണ്. പൂർണവളർച്ച എത്തിയ ഒരു കുഞ്ഞിനെ പ്രസവിക്കാൻ വേണ്ട മർദം ചെലുത്താൻ അതിനു കഴിവുണ്ട്.

ഗർഭാശയത്തിൻെറ അകം പൊള്ളയാണ്. എൻഡോമെട്രിയം എന്നു പേരുള്ള കല (tissue) കൊണ്ട് അകം ആവരണം ചെയ്തിരിക്കുന്നു. ഹോർമോണുകൾ സ്വാധീനിക്കുന്നതും വെൽവെറ്റു പോലുള്ളതുമായ ഇതു നിറയെ രക്തക്കുഴലുകളാണ്. ആർത്തവചക്രത്തിനനുസരിച്ചു വളർച്ചയും അപചയവും ഉണ്ടാകുന്നു. ബീജസംയോഗം നടന്ന അണ്ഡ(സിക്താണ്ഡം)ത്തെ മാത്രമേ സ്വീകരിക്കൂ. ബീജസംയോഗം നടക്കാതിരുന്നാൽ എൻഡോമെട്രിയത്തിന് അപചയം സംഭവിക്കുകയും രക്തം ഒഴുകുകയും ചെയ്യും. ഇതാണ് ആർത്തവം.

ഗർഭാശയത്തിൻെറ അടിയിലുള്ള സെർവിക്സിലേക്കു യോനി (Vagina)യിൽനിന്നുള്ള കുഴൽവഴി പുരുഷബീജം എത്തണം. ഈ വഴിക്ക് എന്തെങ്കിലും തടസ്സമുണ്ടായാൽ ഗർഭമുണ്ടാകില്ല. ബീജസംയോഗം നടന്നാൽ സിക്താണ്ഡം (zygote) എൻഡ്രോമെട്രിയത്തിൽ അമർന്നുചേരും. അതിനു സംരക്ഷണവും ഭക്ഷണവും നല്കുന്ന മറുപിള്ള (placenta) ഗർഭാശയത്തിലെ രക്തവാഹിനികളുമായി കെട്ടുപിണഞ്ഞുകിടക്കുന്നു. പുറമെയുള്ള തണ്ണീർക്കുട(Amniotic sac) ത്തിനകത്താണു ഭ്രൂണം (ഗർഭസ്ഥശിശു) വളരുന്നത്.

ഗർഭാശയങ്ങളെ ബാധിക്കുന്ന പലതരം രോഗങ്ങളുമുണ്ട്. മരുന്നുകൾ സേവിച്ചും സർജറികൊണ്ടും ഇവ പരിപരിക്കാം.

ഗർഭാശയാർബുദം

ഗർഭാശയത്തെ ബാധിക്കുന്ന അർബുദം. പ്രധാനമായും രണ്ടിനം ഉണ്ട്. എൻഡോമെട്രിയൽ കാർസിനോമയും സ്ക്വാമസ് സെൽ കാർസിനോമയും ഗർഭാശയത്തിൻെറ പൊള്ളയായ ഉൾഭാഗത്തെ ആവരണം ചെയ്യുന്ന സ്തരത്തെ ബാധിക്കുന്ന കാൻസറാണ് എൻഡോമെട്രിയൽ കാൻസർ, സ്ക്വാമസ് കോശങ്ങളെ ബാധിക്കുന്നെങ്കിൽ അതു സ്ക്വാമസ് സെൽ കാർസിനോമയും. എൻഡോമെട്രിയൽ കാർസിനോമയോട് ബന്ധപ്പെട്ടു പ്രമേഹം, രക്താതിസമ്മർദം, താമസിച്ചുള്ള ആർത്തവവിരാമം (late menopause), വർധിച്ച വണ്ണം എന്നിവ ഉണ്ടാകാം. ഈസ്ട്രൊജൻ എന്ന ഹോർമോൺ കാരണമാകുന്നുണ്ടെന്ന് സംശയിക്കുന്നു. റേഡിയേഷൻ ചികിത്സ, ഹോർമോൺ ചികിത്സ, ശസ്ത്രക്രിയ എന്നീ മാർഗങ്ങൾ, എൻഡോമെട്രിയൽ കാൻസർ ഇല്ലാതാക്കുന്നതിനു സ്വീകരിച്ചുവരുന്നു.

സെർവിക്സ് എന്ന ഗർഭാശയഭാഗത്തെ ബാധിക്കുന്ന കാൻസറാണു സ്ക്വാമസ് സെൽ കാർസിനോമ. വളരെച്ചെറുപ്പത്തിലേ ഇത് ഉണ്ടാകുന്നു. പാപ് സ്മിയർ ടെസ്റ്റിലൂടെ രോഗം കണ്ടുപിടിക്കാം. അസാധാരണമായ രക്തസ്രാവം (bleeding) ലക്ഷണമാണ്. †കാൻസർ നോക്കുക.

ഗലപ്പഗോസ് ദ്വീപുകൾ

പസഫിക് സമുദ്രത്തിൽ ഇക്വഡോറിൽനിന്ന് ഏകദേശം 960 കി. മീറ്റർ പടിഞ്ഞാറ് സ്ഥിതിചെയ്യുന്ന ദ്വീപുകൾ. ഭരണപരമായി ഇവ ഇക്വഡോറിൻെറ ഒരു പ്രവിശ്യയാണ്. വിസ്തൃതി: 7,839 ച.കി.മീറ്റർ ഈ ദ്വീപുകൾ 61,000 ച.കി.മീറ്റർ സമുദ്രത്തിൽ വ്യാപിച്ചുകിടക്കുന്നു. മുഖ്യമായി 16 ദ്വീപുകളാണ് ഉള്ളത്. ജനസംഖ്യ: 6,094 (1982).

1535-ൽ പനാമയിലെ ബിഷപ്പായിരുന്ന തോമസ് ഡി ബർലാംഗായാണ് ഈ ദ്വീപുകൾ കണ്ടെത്തിയത്. പരിണാമസിദ്ധാന്തത്തിൻെറ ഉപജ്ഞാതാവായ ചാൾസ് ഡാർവിൻ 1835-ൽ ഈ ദ്വീപ് സന്ദർശിച്ചതിനു ശേഷമാണ് ഈ ദ്വീപുകൾ ലോകശ്രദ്ധയിൽ വന്നത്. ഇവിടെയുള്ള വലിയ ആമകളെയും പക്ഷികളെയും സീലുകളെയും വ്യാളികളോടു സാദൃശ്യമുള്ള പല്ലികളെയും കുറിച്ച് ഡാർവിൻ എഴുതി. വൻകരയിൽ നിന്ന് വളരെ അകലെയുള്ള ഈ ദ്വീപുകളിൽ ഇത്രയേറെ വൈവിധ്യം ആർജിച്ച അപൂർവ ജന്തുജാലം എങ്ങനെ ഉണ്ടായി എന്നതിനെക്കുറിച്ചുള്ള പഠനമാണ്, വിഖ്യാതമായ 'ഒറിജിൻ ഒഫ് സ്പിഷീസ്' എന്ന ഗ്രന്ഥത്തിൻെറ രചനിൽ ഡാർവിനെ കൊണ്ടുചെന്നെത്തിച്ചത്.



ഗലപ്പഗോസ് ആമ,
ലോകത്തിലേക്ക് വലുത്, തൂക്കം 215 കി.ഗ്രാം.

ഈ ദ്വീപുസമൂഹത്തിൽ ഏറ്റവും വലുത് ആൽബ-മാർലി (ഇസബല) ദ്വീപ് ആണ്. സാൻറക്രൂസ്, സാൻ-ക്രിസ്റ്റോബാൾ എന്നിവ മറ്റു ചില പ്രമുഖ ദ്വീപുകളാണ്. ഇവ എല്ലാം തന്നെ അഗ്നിപർവത ദ്വീപുകളാണ്. ഇക്വഡോറിലുള്ളവർ ഈ ദ്വീപുകളെ വിളിക്കുന്നത് ആർച്ചിപ്പെലാഗോ ഡി കൊലോൺ എന്നാണ്. ഇവയെല്ലാം ധാരാളം മഴയുള്ള പ്രദേശങ്ങളാണ്. മീൻപിടിത്തവും കൃഷിയുമാണ് ജനങ്ങളുടെ മുഖ്യതൊഴിലുകൾ.

രണ്ടാം ലോകയുദ്ധകാലത്ത് അമേരിക്ക ഈ ദ്വീപുകൾ യുദ്ധാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയിരുന്നു.

ഗലീന (Galena)

കറുത്തീയത്തിൻെറ അയിര്. ക്യൂബിക്ക് വ്യൂഹത്തിൽ ക്രിസ്റ്റലീകൃതമാകുന്ന ഗലീന കറുത്തീയത്തിൻെറ സൽഫൈഡാണ് (PbS). വെള്ളിയും അടങ്ങിയിരിക്കും. വെള്ളിയുടെ അംശം ആവശ്യത്തിനുള്ളപ്പോൾ വെള്ളിസംസ്കരണം ഗലീനയിൽനിന്നും നടത്താം. അത്തരം അയിര് ആർജൻറിഫെറസ് ഗലീന (Argentiferous Galena) എന്നറിയപ്പെടുന്നു. വെള്ളി കൂടാതെ നാകം, കാഡ്മിയം, ഇരുമ്പ്, ചെമ്പ്, ആൻറിമണി എന്നീ മൂലകങ്ങളും നാമമാത്രമായി കാണാം.

ഭൗതികഗുണങ്ങൾ. ക്യൂബുകൾ (Cube), ഒക്റ്റാഹിഡ്രനുകൾ (Octahedron), ഇവ രണ്ടും ചേർന്നുണ്ടായ സംയുക്തക്രിസ്റ്റലുകൾ എന്നിവ സർവസാധാരണം. ക്യൂബിക്ക് വിദളനം, കടുംചാരനിറം, ചാരനിറത്തിലുള്ള വർണരേഖ, ലോഹദ്യുതി എന്നീ ഗുണങ്ങളുണ്ട്. കാഠിന്യം 2.5. ആപേക്ഷികഘനത്വം 7.4-7.6. പ്രാകാശികമായി സമദൈശിക(isotropic)മാണ്.

ഉപസ്ഥിതി. കറുത്തീയത്തിൻെറ ഉത്പാദനത്തിനുപയോഗിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട അയിരാണു ഗലീന. മിക്കവാറും ജലതാപീയ (hydrothermal) നിക്ഷേപങ്ങളായി കണ്ടുവരുന്നു. ഒട്ടുമുക്കാലും ജലതാപീയ സൾഫൈഡ് നിക്ഷേപങ്ങളിൽ (Hydrothermal sulphide deposits) ഗലീനയുടെ ഒരു ചെറിയ അംശമെങ്കിലും അടങ്ങിയിട്ടുണ്ട്. പലപ്പോഴും ഖനനയോഗ്യമായ നിക്ഷേപങ്ങൾ നാകത്തിൻെറ അയിരായ സ്ഫാലറൈറ്റു(Sphalerite)മായി ബന്ധപ്പെട്ടാണു സ്ഥിതിചെയ്യുന്നത്. ഓസ്ട്രേലിയയിലെ ബ്രോക്കൺഹിൽ (Broken hill), മിസിസിപ്പി താഴ്‌വര, കൊളറാഡോയിലെ ലെഡ്‌വിൽ (Leadville) എന്നിവിടങ്ങളിൽ സംയുക്ത ഈയ—നാകനിക്ഷേപങ്ങൾ ഉണ്ട്. അപൂർവമായി അവസാദിനിക്ഷേപങ്ങളായും കാണപ്പെടുന്നു. ന്യൂമെക്സിക്കോവിൽ ഇതുണ്ട്.

ഭാരതത്തിൽ. ഭാരതത്തിൽ ഈയധാതുഖനനം രാജസ്ഥാനിലെ ഉദയപ്പൂർജില്ലയിലെ സാവാർഖനികളിൽ മാത്രമാണ്. ഈ പ്രദേശത്തെ പത്തുപന്ത്രണ്ടു കുന്നുകളിൽ ഗലീന—സ്ഫാലറൈറ്റ് നിക്ഷേപങ്ങൾ ഉണ്ടെങ്കിലും ഖനനപ്രവർത്തനങ്ങൾ മോച്ചിയ മോഗ്ര കുന്നിൽ മാത്രമാണ് ഇപ്പോൾ നടന്നുവരുന്നത്. സാവാർ പ്രദേശത്ത് 2% ഈയവും 5% നാകവുമടങ്ങിയ 5 മില്യൺ മെട്രിക് ടൺ നിക്ഷേപ

ങ്ങൾ ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. വേണ്ടത്ര ഈയം ഇപ്പോൾ ഭാരതത്തിൽ ഉത്പാദിപ്പിക്കപ്പെടുന്നില്ല.

ആന്ധ്രപ്രദേശ്, അസം, ബീഹാർ, മഹാരാഷ്ട്ര, ഒറീസ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ ഗലീന കണ്ടെത്തിയിട്ടുണ്ട്. അയിരന്വേഷണം പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നതും ഇവിടങ്ങളിൽ തന്നെയാണ്.

ഗലീല

യേശുക്രിസ്തു പരസ്യശുശ്രൂഷ ചെയ്ത സ്ഥലം. അക്കാരണത്താൽ ക്രിസ്തുമതത്തിന്റെ ജന്മദേശം എന്നറിയപ്പെടുന്നു. ഉത്തര പലസ്തീനിൽ യോർദാൻനദിക്കും ഗലീലിക്കടലിനും പടിഞ്ഞാറു സ്ഥിതിചെയ്യുന്നു. പുതിയനിയമകാലത്ത് ഇതൊരു റോമൻ പ്രവിശ്യയായിരുന്നു. ഇപ്പോൾ ഇത് ഇസ്രയേൽ രാഷ്ട്രത്തിൽ ഉൾപ്പെട്ടിരിക്കുന്നു. യഹൂദജനതയുടെ ബാബിലോൺ പ്രവാസത്തിനു മുമ്പു സെബൂലൂന്റെയും നപ്താലിയുടെയും വംശജരാണ് ഇവിടെ പാർത്തിരുന്നത്. ഗലീലയിലെ പട്ടണങ്ങളിലും ഗ്രാമങ്ങളിലും യഹൂദന്മാർക്കു പുറമെ സിറിയൻ-ഫിനീഷ്യൻ-ഗ്രീക്ക്-അറബിവംശജരും താമസിച്ചിരുന്നു.

ഗലീലിക്കടൽ

ഇസ്രയേലിലെ ഒരു തടാകം. വടക്കുകിഴക്കുഭാഗത്തു സ്ഥിതിചെയ്യുന്നു. 20.8 കി.മീറ്റർ നീളവും (തെക്കുവടക്ക്) 10.8 കി.മീറ്റർ വീതിയുമുള്ള ഈ തടാകത്തിന് ഏതാണ്ട് വീണയുടെ ആകൃതിയാണ്. കിഴക്കെ തീരത്തിന്റെ അധികഭാഗവും സിറിയയുടെ അതിർത്തിയാണ്. ജോർദാൻ നദിയുടെ വിസ്തൃതമായ തടമാണ് യഥാർഥത്തിൽ ഈ തടാകം. മധ്യധരണ്യാഴിയുടെ നിരപ്പിൽനിന്ന് 266 മീറ്റർ താഴെയായി സ്ഥിതിചെയ്യുന്ന ഇതിന്റെ ഏറ്റവും കൂടിയ ആഴം 45 മീറ്ററാണ്. ബൈബിളിൽ പിന്നറത്ത് കടൽ, ജന്നേസറത്ത് തടാകം, ടൈബീറിയസ് തടാകം, ഗലീലിക്കടൽ എന്ന പേരിലെല്ലാം ഇത് അറിയപ്പെടുന്നു. ആധുനിക കാലത്തെ പേര് ബഹർ തബേറിയ എന്നാണ്. ജോർദാൻ നദി ഇതിന്റെ വടക്കുവശം ഒരു ഡെൽറ്റ നിർമിച്ചുകൊണ്ട് ഇതിൽ പതിച്ചശേഷം ഇതിന്റെ തെക്കുഭാഗത്തു നിന്നു തുടർന്നു തെക്കോട്ടൊഴുകുന്നു. ജാർമക്ക് ഗാരിയിൽ നിന്നുദ്ഭവിക്കുന്ന ചെറിയ ഒരു നദികൂടി ഈ തടാകത്തിന്റെ വടക്കുപടിഞ്ഞാറുഭാഗത്തു പതിക്കുന്നു. പടിഞ്ഞാറെതീരം ക്രമേണ ചരിഞ്ഞതാണ്. വടക്കും കിഴക്കും തീരങ്ങൾ പാറക്കെട്ടുകൾ നിറഞ്ഞതും ശൂന്യവുമാണ്. ചുറ്റുമുള്ള കുന്നിൻപ്രദേശങ്ങളിൽ വേനൽക്കാലത്ത് പച്ചയൊന്നും ഉണ്ടാകുകയില്ലെങ്കിലും, വസന്തകാലത്തു ചെടികൾ ഉണ്ടാകുന്നു. ശീതളമായ ഈ തടാകത്തിൽ ധാരാളം മത്സ്യങ്ങളുണ്ട്.

തടാകത്തിനു ചുറ്റുമായി പുരാതന ഗ്രീക്കുനഗരങ്ങളുടെയും റോമൻനഗരങ്ങളുടെയും ഹീബ്രുനഗരങ്ങളുടെയും അവശിഷ്ടങ്ങൾ ഉണ്ട്. തെക്കുപടിഞ്ഞാറെ തീരത്തുള്ള ടൈബീരിയസ്പട്ടണം (ഇപ്പോൾ തബാരിയെ) എ.ഡി. 16-22 കാലത്ത് ഹെറോദ് ആൻറിപ്പസ് സ്ഥാപിച്ചതാണ്. തടാകത്തിനുചുറ്റുമുള്ള പ്രദേശങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട തൊഴിലുകൾ മീൻപിടിത്തവും വഞ്ചിനിർമാണവും മത്സ്യസംസ്കരണവും ആണ്. സ്വതന്ത്രരും അരോഗദൃഢഗാത്രരും ആയ ഈ മുക്കുവരിൽനിന്നാണ് യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ തിരഞ്ഞെടുത്തത്. ഇസ്രയേൽ രാഷ്ട്രം പ്രാബല്യത്തിൽ വന്നതോടെ, ഒരു മത്സ്യവ്യവസായകേന്ദ്രമെന്ന നിലയിൽ ഗലീലിക്കടലിന്റെ പ്രാധാന്യം വർധിച്ചുവരികയാണ്.

ഗലീലിയോ ഗലീലി



ഇറ്റലിയിലെ ഗണിത-ഭൗതിക-ജ്യോതിശാസ്ത്രജ്ഞൻ. ശാസ്ത്രലോകത്ത് അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാക്കിയ ചില സിദ്ധാന്തങ്ങൾ ഗലീലിയോ അവതരിപ്പിച്ചു. ഈ സിദ്ധാന്തങ്ങൾ അന്നത്തെ മതമേധാവികളെ ക്ഷോഭിപ്പിച്ചു; തന്റെ ശാസ്ത്രസിദ്ധാന്തങ്ങളുടെ പേരിൽ ഗലീലിയോ പീഡിപ്പിക്കപ്പെട്ടു.

1564 ഫെബ്രുവരി 15-ാംതീയതി പിസായിൽ ജനിച്ചു. പിതാവു കമ്പിളി കച്ചവടക്കാരനും സംഗീതജ്ഞനുമായിരുന്നു. ഗലീലിയോ വൈദ്യശാസ്ത്രം പഠിക്കാനായി പിസാ സർവകലാശാലയിൽ ചേർന്നു. ഇവിടെ വിദ്യാർഥി ആയിരിക്കുമ്പോൾ ഇദ്ദേഹം തന്റെ ആദ്യത്തെ കണ്ടുപിടിത്തം നടത്തി. പെൻഡുലത്തിന്റെ ദോലനത്തെ സംബന്ധിച്ച തത്വമായിരുന്നു ആ കണ്ടുപിടിത്തം.

1585-ൽ പണമില്ലാത്തതുമൂലം കലാശാലാവിദ്യാഭ്യാസം നിർത്തി. തനിച്ചു ഗണിതശാസ്ത്രപഠനം തുടർന്നു. അരിസ്റ്റോട്ടിലിന്റെ ചലനനിയമ(Law of motion)ങ്ങളെ എതിർക്കാൻ തുടങ്ങിയതും ഇക്കാലത്താണ്.

ഈ പ്രവർത്തനം ടസ്കനിപ്രഭുവിന്റെ ശ്രദ്ധയിൽപ്പെട്ടു. ഗലീലിയോ 25-ാംവയസ്സിൽ ബിരുദമില്ലായിരുന്നിട്ടും ഗണിതശാസ്ത്രപ്രൊഫസറായി നിയമിതനായി. മറ്റു പ്രൊഫസർമാരിൽനിന്നും അദ്ദേഹത്തിനു കടുത്ത എതിർപ്പു നേരിടേണ്ടിവന്നു.

രണ്ടു വസ്തുക്കൾ ഒരേ സമയത്ത് ഒരേ സ്ഥലത്തുനിന്നു കീഴ്പ്പോട്ടിട്ടാൽ ഒപ്പമാണു വന്നുവീഴുക എന്ന് — അരിസ്റ്റോട്ടിലിന്റെ സിദ്ധാന്തത്തിന് എതിരായി — ഗലീലിയോ തെളിയിച്ചു. പിസായിലെ ചെരിഞ്ഞ ഗോപുരത്തിൽനിന്നു രണ്ടു വ്യത്യസ്തഭാരമുള്ള വസ്തുക്കൾ താഴേക്ക് ഇട്ട് ആണ് ഇതു തെളിയിച്ചത്. പക്ഷേ, പ്രൊഫസർമാർ ഗലീലിയോയുടെ ഈ പുതിയ വാദത്തെ അംഗീകരിച്ചില്ല.

ഒരു ചെരിഞ്ഞ ഫലകത്തിലൂടെ ഗോളങ്ങൾ താഴോട്ടുരുട്ടുമ്പോൾ ഉയരം കുറഞ്ഞുവരുന്തോറും അവ കൂടുതൽ വേഗം കൈവരിക്കുന്നു എന്നു കണ്ടുപിടിച്ചു. പിന്നീടു ന്യൂട്ടന് ഇതൊക്കെ വളരെ സഹായകമായി.

ഇതിനുശേഷം ഗലീലിയോ സൈനികശാസ്ത്രവകുപ്പിനുവേണ്ടി ചില പരീക്ഷണങ്ങൾ നടത്തി. അവിടെവച്ചു പീരങ്കിയുണ്ടയുടെ ഗതിയെപ്പറ്റി ഗലീലിയോയുടെ പഠനങ്ങളെത്തുടർന്നു പീരങ്കിയുണ്ടകൾ ലക്ഷ്യത്തിൽച്ചെന്നു കൊള്ളുന്നതിന്റെ കൃത്യത വർധിപ്പിക്കുന്ന കണ്ടുപിടുത്തങ്ങൾ നടത്തി.

ഭൂമിയാണു സൂര്യനല്ല ചലിക്കുന്നതെന്ന കോപ്പർനിക്കസ്സിന്റെ ധീരമായ പ്രസ്താവന പണ്ഡിതലോകത്തെയാകെ പരിഭ്രമിപ്പിച്ചിരുന്ന കാലമാണ് അത്. ഗലീലിയോവും ഈ രംഗത്തു കുറെ പരീക്ഷണങ്ങൾ നടത്തി ഒരു പുസ്തകം രചിച്ചു.

ഗലീലിയോയെ 1591-ൽ പിസാ സർവകലാശാലയിൽനിന്നു പുറത്താക്കി. ഒരു വർഷം കഴിഞ്ഞപ്പോൾ അദ്ദേഹം പാദ്വാ സർവകലാശാലയിൽ ഗണിതശാസ്ത്ര പ്രൊഫസറായിത്തീർന്നു. ഗണിതശാസ്ത്രം പഠിക്കാൻ യൂറോപ്പിന്റെ നാനാഭാഗത്തുനിന്നും ആളുകൾ അങ്ങോട്ടെത്തി.

പാദ്വായിൽവച്ചു ജ്യോതിശ്ശാസ്ത്രത്തിൽ താത്പര്യം കൂടി. ലെൻസുകളുരച്ചെടുത്ത് ഒരു ടെലിസ്കോപ്പ് അദ്ദേഹം നിർമിച്ചു. ആ ടെലിസ്കോപ്പുകൊണ്ട് ആകാശനിരീക്ഷണം നടത്തിയപ്പോഴാണ് അന്ന് അദ്ഭുതകരമായി തോന്നിയിരുന്ന പല കാര്യങ്ങളും കണ്ടത്. ചന്ദ്രന്റെ ഉപരിതലംപരുപരുത്തതാണെന്നുംഅവിടെ പർവതങ്ങളും താഴ്വരകളുമുണ്ടെന്നും തെളിഞ്ഞു. ചന്ദ്രനിലെ ചില പർവതങ്ങളുടെ ഉയരംപോലും അദ്ദേഹം കണക്കാക്കി. ഗ്രഹങ്ങൾ നക്ഷത്രങ്ങളെപ്പോലെയല്ലെന്നും ഗലീലിയോ പറഞ്ഞു. അവ ചന്ദ്രനെപ്പോലെയാണ്. പുറമെനിന്നാണവയ്ക്കു വെളിച്ചം കിട്ടുന്നത്. നക്ഷത്രങ്ങൾ സ്വയം പ്രകാശിക്കുന്ന തേജഃപുഞ്ജങ്ങളാണെന്നും അദ്ദേഹം പറഞ്ഞു.

ആകാശഗംഗ(മിൽക്കിവേ)യെപ്പറ്റിയും ഗലീലിയോ നിരീക്ഷണം നടത്തി. അനേകായിരം നക്ഷത്രങ്ങളാണ് ഇതിലെന്ന് അദ്ദേഹം കണ്ടു. വ്യാഴത്തിന്റെ നാല് ഉപഗ്രഹങ്ങളെ ഗലീലിയോ കണ്ടു. ചന്ദ്ര



ഗലീലിയോയുടെ ടെലസ്കോപ്പുകൾ.

നിൽനിന്നു ഭൂമിയെ ഒരു ടെലിസ്കോപിൽകൂടി നോക്കിയാൽ വൃദ്ധിക്ഷയങ്ങളുള്ളതായി കാണുമെന്നും ഗലീലിയോ സ്ഥാപിച്ചു. ഈ കണ്ടുപിടുത്തങ്ങളോടുകൂടി പലരിൽനിന്നും പ്രശംസയും ശകാരവും അദ്ദേഹത്തിനു ലഭിച്ചു. ഭൂമിയെ സൂര്യചന്ദ്രന്മാരും ഗ്രഹങ്ങളും പ്രദക്ഷിണം വയ്ക്കുന്നു; എന്ന ധാരണതിരുത്താൻ മതാധികാരികൾ തയ്യാറില്ലായിരുന്നു

അദ്ദേഹം ചലനം, ഗുരുത്വാകർഷണം, വേഗവ്യത്യാസം എന്നിവയെപ്പറ്റി 'ഡയലോഗ്സ് ഒൺ ടു ന്യൂ സയൻസസ്' എന്ന പുസ്തകം എഴുതി. 1636-ൽ ഇതു പ്രസിദ്ധീകരിച്ചു. 1632-ൽ കോപ്പർനിക്കസ്സിൻറെ ജ്യോതിശ്ശാസ്ത്രപഠനങ്ങളെപ്പറ്റിയൊരു ഗ്രന്ഥവും അദ്ദേഹം പ്രസിദ്ധീകരിച്ചു. ഈ കൃതികളാണു മേലധികാരികളുടെ മർദനത്തിനു വഴിവച്ചുകൊടുത്തത്. റോമിലെ വൈദികകോടതി ഗലീലിയോയ്ക്ക് എതിരെ കുറ്റം ആരോപിച്ചു വിചാരണ നടത്തി. അവസാനം കോടതി ഇദ്ദേഹത്തെ വെറുതെ വിട്ടു.

1642 ജനുവരി 8-ാംതീയതി ഗലീലീയോ അന്തരിച്ചു.

ഗലീഷ്യ

പൂർവയൂറോപ്പിലെ ഒരു പഴയ പ്രവിശ്യ. 1772-ൽ ഓസ്ട്രിയ കീഴടക്കും വരെ ഇതു പോളണ്ടിൻറെ ഭാഗമായിരുന്നു. 20-ാംനൂറ്റാണ്ടിൽ ഇതു പോളണ്ടിനു തിരിച്ചുകിട്ടി. എന്നാൽ രണ്ടാം ലോകയുദ്ധം കഴിഞ്ഞപ്പോൾ ഗലീഷ്യയുടെ കിഴക്കുഭാഗം സോവിയറ്റ് യൂണിയനിലെ ഉക്രേനിയൻ സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിൻറെ ഭാഗമായി. പടിഞ്ഞാറൻ സിലീഷ്യ ഇപ്പോഴും പോളണ്ടിൻറെ ഭാഗമാണ്.

13-ാംനൂറ്റാണ്ടിൽ മംഗോളിയർ ഈ പ്രദേശം കീഴടക്കിയെങ്കിലും അവരുടെ സാമ്രാജ്യഭാഗമായില്ല. ഒന്നാം ലോകയുദ്ധാനന്തരം ഗലീഷ്യ മുഴുവൻ പോളണ്ടിൻറെ ഭാഗമായെങ്കിലും രണ്ടാം ലോകയുദ്ധം കഴിഞ്ഞപ്പോൾ കിഴക്കെ പകുതി റഷ്യയിലെ ഉക്രെയിനിൽ ചേർക്കപ്പെട്ടു.

ഗലീഷ്യ

സ്പെയിനിലെ ഒരു പ്രദേശം. അത്‌ലാന്തിക് സമുദ്രതീരത്തു സ്ഥിതിചെയ്യുന്നു. മുമ്പ് ഒരു ചെറുരാജ്യമായിരുന്നു. ഇന്നു ലൂഗോ, ലാകോരുണ, പോണ്ടിവെഡ്രാ, ഓറൻസ് എന്നീ പ്രവിശ്യകളിൽ ഒതുങ്ങുന്ന വിഭാഗങ്ങളായി തീർന്നിരിക്കുന്നു. കെൽറ്റുകളുടെ 'ഗലേസി' ആണു പില്ക്കാലത്തു ഗലീഷ്യ ആയത്. ബി.സി. 137-ൽ ഇതു റോമാക്കാരുടെ കയ്യിലായി. 19-ാംനൂറ്റാണ്ടിലെ സാംസ്കാരിക നവോത്ഥാനം ഗലീഷ്യരിൽ പ്രാദേശികമനോഭാവം വളർത്തി. 1936-ലെ ജനഹിതപരിശോധന ഗലീഷ്യയുടെ സ്വതന്ത്രപദവി വമ്പിച്ച ഭൂരിപക്ഷത്തോടെ അംഗീകരിച്ചെങ്കിലും ജനറൽ ഫ്രാങ്കോ ആ തീരുമാനത്തെ അവഗണിച്ചു. ഗലീഷ്യയിലെ ഭാഷയും സംസ്കാരവും ഇന്നും അവരെ സ്പെയിനിൻറെ മറ്റു ഭാഗങ്ങളിൽനിന്നു വ്യത്യസ്തരാക്കുന്നു. ജനസംഖ്യ: 27,53,836 (1981).

ഗല്ലാമതം

എത്യോപ്യയിലെ ഒരു ഹമിറ്റിക് ഗോത്രവർഗമായ ഗല്ലാകളുടെ മതം. ബഹുദൈവവിശ്വാസമാണ് ഈ മതത്തിൻറെ പ്രധാന സവിശേഷത. വാകായോ ആണ് ഈ മതവിശ്വാസികളുടെ പ്രധാന ദേവൻ. കൊടുമുടികളിലും വൻവൃക്ഷങ്ങളുടെ മുകളിലും ഈ ദേവൻ പ്രത്യക്ഷപ്പെടും എന്നു ഗല്ലാകൾ വിശ്വസിച്ചു. ഈ ദേവൻറെ പ്രീതിക്കായി മൃഗങ്ങളെയും മനുഷ്യരെയും ഗല്ലാകൾ ബലികൊടുത്തിരുന്നു. അയാനാ എന്നറിയപ്പെട്ടിരുന്ന സദ്ദേവതമാരും ജിന്നി എന്നറിയപ്പെട്ട ദുർദേവതമാരും ഉണ്ടെന്ന വിശ്വാസം ഗല്ലാമതം പ്രചരിപ്പിച്ചു. ഇസ്ലാംമതത്തിൻറെയും ക്രിസ്തുമതത്തിൻറെയും ആവിർഭാവവും പ്രചാരവും ഗല്ലാമതത്തെ നിർവീര്യമാക്കി.

ഗവൺമെൻറ്

രാഷ്ട്രത്തെ നിയന്ത്രിക്കുന്ന ഭരണകൂടം. ഇതിനു മൂന്നു ഘടകങ്ങളുണ്ട്. തിരഞ്ഞെടുക്കപ്പെടുന്ന പരമാധികാരമുള്ള നിയമനിർമാണസഭ (legislature), നിർവഹണവിഭാഗം (executive), നീതിന്യായവിഭാഗം (Judiciary). നിർവഹണവിഭാഗത്തിൻറെ തലവൻ ജനങ്ങൾ തിരഞ്ഞെടുക്കുന്ന പ്രസിഡൻറോ പരമ്പരയാ അധികാരത്തിലേറുന്ന രാജാവോ ആകാം. മന്ത്രിസഭയും (ഇത് ഇന്നു തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ ഉൾപ്പെട്ടതാണ്.) നിയമിതരാകുന്ന ഉദ്യോഗവൃന്ദവും ഉൾപ്പെട്ടതാണു നിർവഹണവിഭാഗം. പല തലങ്ങളിലുള്ള ജഡ്ജിമാരും മജിസ്ട്രേറ്റുമാരും അവരെ സഹായിക്കുന്ന കീഴുദ്യോഗസ്ഥന്മാരും അടങ്ങുന്ന നീതിന്യായവിഭാഗവും സ്ഥിരമായി നിയമിക്കപ്പെടുന്നവർ അടങ്ങുന്നതാണ്.

ഉദ്ഭവവും വളർച്ചയും. ഇന്നു നാം കാണുന്ന അധികാരവിഭജനം അനേകകാലത്തെ പരിണാമത്തിൻറെ ഫലമാണ്. പ്രാചീന റോമൻ ഭരണഘടനയിൽ നിലവിലിരുന്ന അധികാരവിഭജനത്തെയും അധികാരങ്ങളുടെ പരസ്പരനിയന്ത്രണങ്ങളെയും പോളിബിയസും സിസറോയും പുകഴ്ത്തിയിട്ടുണ്ട്. 'പൊളിറ്റിക്സ്' എന്ന ഗ്രന്ഥത്തിൽ അരിസ്റ്റോട്ടിൽ ഗവൺമെൻറിൻറെ അധികാരങ്ങളെ ഡെലിബറേറ്റീവ് (ചർച്ചചെയ്യൽ), എക്സിക്യൂട്ടീവ് (കാര്യനിർവഹണം), ജുഡീഷ്യൽ (നീതിന്യായനിർവഹണം) എന്നു മൂന്നായി വേർതിരിച്ചു. എന്നാൽ വ്യക്തിസ്വാതന്ത്ര്യത്തിനു പരമപ്രാധാന്യം നല്കിയ പതിനെട്ടാം നൂറ്റാണ്ടിലെ രാഷ്ട്രമീമാംസകരുടെ കാലത്താണ് അധികാരവിഭജനവാദത്തിനു വേണ്ടത്ര പ്രാമുഖ്യം ലഭിച്ചത്. ഫ്രെഞ്ച് വിപ്ലവത്തിനു പ്രചോദനം നല്കിയ രാഷ്ട്രമീമാംസകനായ മൊണ്ടെസ്ക്യൂ തൻറെ വിഖ്യാതമായ '*സ്പിരിറ്റ് ഓഫ് ദ ലോസ്*' (Spirit of the laws) എന്ന ഗ്രന്ഥത്തിൽ അധികാരവിഭജനത്തെപ്പറ്റി മുൻഗാമികൾ നല്കിയ അഭിപ്രായങ്ങൾ ശരിയായി പഠിക്കുകയും വിലയിരുത്തുകയും ചെയ്തശേഷം ശാസ്ത്രീയമായ ഒരു അധികാരവിഭജനം നടത്തി. ഗവൺമെൻറിൻറെ അധികാരങ്ങൾ നിയമനിർമാണം, കാര്യനിർവഹണം, നീതിന്യായനിർവഹണം എന്നു മൂന്നുതരത്തിലാണെന്നും ഇവയിൽ ഒന്നിൽക്കൂടുതൽ അധികാരങ്ങൾ ഒരു വ്യക്തിയിലോ സമിതിയിലോ കേന്ദ്രീകരിക്കുന്നത് വ്യക്തിസ്വാതന്ത്ര്യത്തിനു വിഘാതമായിരിക്കുമെന്നും അദ്ദേഹം വാദിച്ചു. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിലും ഫ്രെഞ്ചുവിപ്ലവത്തിലും വ്യക്തിസ്വാതന്ത്ര്യത്തിനു വലിയ പ്രാധാന്യം കല്പിച്ചിരുന്നു. പിന്നീട് ബ്രിട്ടിഷ് നിയമജ്ഞനായ ബ്ലാക്സ്റ്റണും ഇത്തരത്തിലുള്ള അധികാരവിഭജനത്തിനുവേണ്ടി വാദിച്ചു.

പലതരം ഗവൺമെൻറുകൾ. നിർവഹണാധികാരത്തിൻറെ ഉറവിടത്തെ ആസ്പദമാക്കി ഗവൺമെൻറിനു മൂന്നു രൂപം കല്പിക്കാം. 1. †രാജവാഴ്ച. 2. †പ്രഭുഭരണം (Oligarchy or Aristocracy). 3. †ജനാധിപത്യം (Democracy).

രാജവാഴ്ച. പാരമ്പര്യം അനുസരിച്ചു പിതാവിൽനിന്നു പുത്രനിലേക്കോ അടുത്ത ബന്ധുവിലേക്കൊ ഭരണം കൈമാറുന്നു. ദൈവദത്തമാണ് ഭരണാധികാരം എന്ന വിശ്വാസം മധ്യയുഗങ്ങളിൽ വരെ നിലനിന്നു. രാജവാഴ്ചയുടെ സവിശേഷത നിയമനിർമാണവും കാര്യനിർവഹണവും നീതിനടത്തലും ഒരാളിൽ കേന്ദ്രീകരിക്കു

ന്നു എന്നതാണ്. ഏകാധിപത്യത്തിൽ ഭരണാധികാരിയുടെ കഴിവുകേടും സ്വാർഥതയും നീതിനിഷ്ഠ ഇല്ലായ്മയും ജനങ്ങൾക്കു ദോഷകരമായിത്തീരുന്നു.

രാജവാഴ്ചയുടെ ദോഷങ്ങൾ കയ്യൂക്കുകൊണ്ടും ബുദ്ധിവൈഭവം കൊണ്ടും ഭരണാധികാരം പിടിച്ചെടുക്കുന്ന ഏകാധിപത്യത്തിലും പട്ടാളഭരണത്തിലും കാണാം. സ്വേച്ഛാപ്രഭുത്വം രാജവാഴ്ചയിൽ പരമ്പരാഗതമാണ്. മറ്റ് ഏകാധിപത്യഭരണസമ്പ്രദായങ്ങളിൽ അങ്ങനെയല്ല എന്നതുമാത്രമാണു ഭേദം.

പ്രഭുഭരണം. റോമിലെ പട്രീഷ്യന്മാരുടെ ഭരണം ഇതിന് ഉദാഹരണമായിരുന്നു. ഇന്ന് ഈ രീതി ലോകത്തിൽ ഒരിടത്തും നിലവിലില്ല. ഇംഗ്ലണ്ടിലെ പ്രഭുസഭ ഈ രീതിയുടെ അവശിഷ്ടമാണ്. എന്നാൽ ഇന്നു പ്രഭുസഭയുടെ അധികാരം നാമമാത്രമാണ്. പ്രഭുസഭയുടെ ജുഡീഷ്യൽ കമ്മിറ്റിയാണു പ്രിവി കൗൺസിൽ എന്ന 'സുപ്രീം കോടതി' എന്ന കാര്യം ശ്രദ്ധേയമാണ്. രാജവാഴ്ചയുടെ ഒരംശവും ബ്രിട്ടനിൽ അവശേഷിക്കുന്നു.

ജനാധിപത്യം. ഈ രീതി ഇന്നു ബഹുഭൂരിപക്ഷം രാജ്യങ്ങളിലും നിലവിലിരിക്കുന്നു. ജനാധിപത്യത്തിൽ പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമാണ്. ഭരണത്തലവനും മന്ത്രിസഭയും നിയമനിർമാണസഭയും തിരഞ്ഞെടുക്കപ്പെടുന്നു. അപൂർവം ചില രാജ്യങ്ങളിൽ നിയമനിർവഹണോദ്യോഗസ്ഥന്മാരെയും തിരഞ്ഞെടുക്കുന്നു. അമേരിക്കൻ ഐക്യനാടുകളിൽ പ്രസിഡൻറിന് അമിതാധികാരങ്ങളുണ്ട്. അവിടത്തെ നിഴൽ മന്ത്രിസഭ (Shadow Cabinet) പ്രസിഡൻറ് നിയമിക്കുന്ന സെക്രട്ടറിമാർ ഉൾപ്പെട്ട സമിതി മാത്രമാണ്.

†തൊഴിലാളിവർഗ സർവാധിപത്യം, †സിൻഡിക്കലിസം, †ഗിൽഡ് സോഷ്യലിസം, †നാ(ത്)സിസം (നാഷനൽ സോഷ്യലിസം), †ഫാസിസം എന്നിങ്ങനെ ജനാധിപത്യം പല രൂപങ്ങൾ അവലംബിക്കാറുണ്ട്. ഒടുവിൽ പറഞ്ഞ രണ്ടുരീതികളും ഫലത്തിൽ സ്വേച്ഛാധിപത്യം തന്നെയാണ്. ജെർമനിയിൽ ഹിറ്റ്ലറുടെ ഭരണത്തിൽ നാത്സിസവും ഇറ്റലിയിൽ മുസ്സോലിനിയുടെ ഭരണത്തിൽ ഫാസിസവും നിലവിലിരുന്നു.

ഓരോ രാജ്യത്തെയും ജനാധിപത്യം ഭിന്നമാണ്. ഭരണത്തലവനില്ലാത്ത ഭരണകൂടമാണു സ്വിറ്റ്സർലൻഡിലേത്. ഏഴുപേരുൾപ്പെട്ട ഭരണാധികാരസമിതിയാണ് അവിടത്തെ പരമോന്നത നിർവഹണാധികാരം കയ്യാളുന്നത്. ഏതു പ്രധാന നിയമവും ജനഹിതപരിശോധന(referendum)യ്ക്കു വിധേയമാക്കുന്നു. ഗവൺമെൻറ് എന്നും നിശ്ചിതകാലംവരെ നിലനില്ക്കുന്നു. ഓസ്ട്രേലിയയിലും കാനഡയിലും ഗവർണർ ജനറൽമാരാണു പരമോന്നത നിർവഹണാധികാരികൾ. യു.കെ.യിൽ രാജ്ഞി (രാജാവ്) ആണ് ആ സ്ഥാനത്ത്. യു.എസ്.എസ്.ആറിൽ കമ്യൂണിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറിയായിരുന്നു പരമാധികാരി. പുതിയ ഭരണഘടനാഭേദഗതി പ്രകാരം പ്രസിഡൻറാണു പരമാധികാരി. അവിടെ ഏകകക്ഷി ഭരണമാണു നിലവിലുള്ളത്. ജനാധിപത്യം സാർഥകമാകാൻ രണ്ടു കക്ഷികളെങ്കിലും ഉണ്ടാകണം എന്നാണു വിദഗ്ധാഭിപ്രായം.

ഗവൺമെൻറ് ഒഫ് ഇന്ത്യാ ആക്റ്റ്, 1935

ഇന്ത്യയ്ക്ക് ഒരു പുതിയ ഭരണഘടന നിർദേശിച്ച നിയമം. 1929 മുതലുള്ള ചർച്ചയുടെ ഫലമാണു ബ്രിട്ടീഷ് പാർലമെൻറ് പാസാക്കിയ ഈ നിയമം. ബർമ ഭരണപരമായി ഇന്ത്യയിൽനിന്നു വേർപെടുത്തിക്കൊണ്ടാണ് ഇന്ത്യയ്ക്ക് ഒരു ഫെഡറൽ ഭരണഘടന കരുപ്പിടിച്ചത്. നാട്ടുരാജ്യങ്ങൾക്കു ഫെഡറേഷനിൽ ചേരാൻ വ്യവസ്ഥ ഉണ്ടായിരുന്നു. പക്ഷേ അവർ ചേരാതെ വിട്ടുനിന്നു.

സംസ്ഥാന സ്വയംഭരണത്തിനുള്ള വ്യവസ്ഥകൾ ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചിരുന്നു. കേന്ദ്രത്തിൽ രണ്ടു മണ്ഡലങ്ങളുള്ള ഒരു നിയമനിർമാണസഭ വിഭാവനം ചെയ്യപ്പെട്ടു. എങ്കിലും പ്രയോഗത്തിൽ നിയമനിർമാണാധികാരം ഗവർണർ ജനറലിൽ കേന്ദ്രീകൃതമായിരുന്നു. വിദേശകാര്യത്തിലും പ്രതിരോധത്തിലും അഭിപ്രായം പറയാൻ നിയമനിർമാണസഭയ്ക്ക് അധികാരം ഇല്ലായിരുന്നു. മൊത്തം ബജറ്റുതുകയുടെ 25% മാത്രമേ കേന്ദ്രനിയമസഭയുടെ ചർച്ചാവിഷയമാക്കാൻ വ്യവസ്ഥ ഉണ്ടായിരുന്നുള്ളു. ബ്രിട്ടീഷ് അധീശത്വത്തോടുമാത്രം വിധേയത്വം ഉണ്ടായിരുന്ന ഗവർണർ ജനറലിന് ഏതു ബില്ല് കേന്ദ്രനിയമസഭ പാസാക്കിയാലും അതിന് അനുമതി നിഷേധിക്കാനുള്ള അധികാരം ഉണ്ടായിരുന്നു.

ഗവർണർ ജനറലിന് ഉണ്ടായിരുന്ന അതേ അധികാരങ്ങൾതന്നെ പ്രസക്തമായ ഭേദഗതികളോടെ സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം ഗവർണർമാർക്കും നല്കപ്പെട്ടു. സംസ്ഥാനങ്ങളിൽ സംസ്ഥാന നിയമസഭകൾ ഉണ്ടായിരുന്നു. സംസ്ഥാനവിഷയങ്ങളിൽ സംസ്ഥാനനിയമസഭകൾക്കു നിയമം നിർമിക്കാമായിരുന്നു. ഇവിടെയും സഭ പാസാക്കുന്ന ബില്ലുകൾ ഗവർണർ ഒപ്പിട്ടാലേ നിയമം ആകുമായിരുന്നുള്ളു.

അടിയന്തരാവസ്ഥ പ്രഖ്യാപിക്കാനും അപ്പോൾ കേന്ദ്രസംസ്ഥാനസഭകളുടെ അധികാരങ്ങൾ സസ്പെൻറ് ചെയ്യാനും വ്യവസ്ഥകൾ ഉണ്ടായിരുന്നു. കേന്ദ്ര-സംസ്ഥാന നിയമസഭകളിൽ വളരെയേറെ അംഗങ്ങളെ നാമനിർദേശം ചെയ്യാൻ യഥാക്രമം ഗവർണർ ജനറലിനും ഗവർണർമാർക്കും അധികാരമുണ്ടായിരുന്നു. മുസ്ലീങ്ങൾക്കും മറ്റും പ്രത്യേക നിയോജകമണ്ഡലങ്ങൾ നീക്കിവയ്ക്കപ്പെട്ടു.

ഗവർണർ ജനറലും ഗവർണർമാരും പ്രത്യേകാധികാരങ്ങൾ പ്രയോഗിക്കുകയില്ല എന്നു വാങ്മൂലം ഉണ്ടാക്കിയ കരാറിനെ തുടർന്ന് 1937-ൽ ബ്രിട്ടീഷ് ഇന്ത്യ ഒട്ടാകെ തിരഞ്ഞെടുപ്പുനടന്നു. സംസ്ഥാനങ്ങളിൽ ഏഴിടത്തു കോൺഗ്രസ് കക്ഷി അധികാരത്തിൽ വരുകയും മന്ത്രിസഭകൾ രൂപവത്കരിക്കയും ചെയ്തു. 1939-ൽ രണ്ടാം ലോകയുദ്ധം ആരംഭിച്ചതോടെ വിശേഷാധികാരങ്ങൾ പ്രയോഗിക്കാൻ ബ്രിട്ടീഷ് ഭരണാധികാരികൾ ആരംഭിക്കയും കോൺഗ്രസ് മന്ത്രിസഭകൾ രാജിവയ്ക്കയും ചെയ്തു.

ഗവർണർ

സംസ്ഥാനത്തിൻെറ ഭരണത്തലവൻ. ഫെഡറൽ ഭരണകൂടങ്ങളിൽ ഘടകസംസ്ഥാനങ്ങളിലെ പരമോന്നത നിർവഹണാധികാരി ഗവർണർ ആയിരിക്കും. രാഷ്ട്രത്തലവനായ രാഷ്ട്രപതി (പ്രസിഡൻറ്) ആണ് ഇന്ത്യയിൽ ഗവർണരെ നിയമിക്കുന്നത്. അമേരിക്കൻ ഐക്യനാടുകളിൽ ഗവർണരെ ജനങ്ങൾ തിരഞ്ഞെടുക്കുന്നു. അഞ്ചുവർഷമാണ് ഗവർണരുടെ ഔദ്യോഗിക കാലാവധി. കേന്ദ്രഭരണപ്രദേശങ്ങളുടെ ഭരണത്തലവൻ ലെഫ്റ്റനൻറ് ഗവർണർ ആണ്. നിയമസഭ പാസ്സാക്കുന്ന നിയമങ്ങൾ അംഗീകരിക്കുക, സംസ്ഥാനത്തെ സ്ഥിതിയെപ്പറ്റി പ്രസിഡൻറിന് ആനുകാലിക റിപ്പോർട്ടുകൾ അയയ്ക്കുക. വർഷാരംഭത്തിലെ നിയമസഭാസമ്മേളനത്തിൽ നയപ്രഖ്യാപനം നടത്തുക മുതലായവ ആണു ഗവർണരുടെ മുഖ്യചുമതലകൾ. നിയമസഭാതിരഞ്ഞെടുപ്പുകൾക്കുശേഷം ഭൂരിപക്ഷകക്ഷിയുടെ നേതാവിനെ മന്ത്രിസഭ രൂപവത്കരിക്കാൻ ക്ഷണിക്കുന്നതും മന്ത്രിമാരെ നിയമിക്കുന്നതും സത്യപ്രതിജ്ഞ ചെയ്യിക്കുന്നതും ഗവർണർ ആണ്. സംസ്ഥാനമന്ത്രിസഭയുടെ ഉപദേശം അനുസരിച്ചാണു ഗവർണർ പ്രവർത്തിക്കുന്നത്. ചില സന്ദർഭങ്ങളിൽ വിവേചനാധികാരം ഉപയോഗിക്കാറുണ്ട്.

ഇന്ത്യയിൽ ഗവർണർപദവി, ഗവർണറുടെ അധികാരങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ ഭരണഘടനാപരവും രാഷ്ട്രീയവുമായ പല വിവാദങ്ങൾക്ക് ഇടയാക്കിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാനബന്ധങ്ങളിലെ പ്രധാന കണ്ണിയായ ഗവർണറുടെ നിയമനത്തെ സംബന്ധിച്ച † സർക്കാരിയാ കമ്മീഷൻ വ്യക്തമായ ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്.

ഗവർണർ (സാങ്കേതിക ശാസ്ത്രം)

ഒരു മോട്ടോറിൻെറയോ എൻജിൻെറയോ വേഗം, ഭാര(load)ത്തിലുള്ള വ്യതിയാനത്തിനനുസരിച്ച് മാറ്റം വരാതെ സ്ഥിരമാക്കി നിലനിർത്തുന്നതിനുള്ള സ്വയംപ്രവർത്തകസംവിധാനം.

ആവി എൻജിൻെറ പ്രവർത്തനം ഉദാഹരണമായി എടുക്കാം. എൻജിൻെറ ചക്രം ഓരോ പ്രാവശ്യം തിരിയുമ്പോഴും അതിൻെറ വേഗം വ്യത്യാസപ്പെടാം. ഈ വ്യത്യാസം നീരാവിയുടെ മർദവ്യത്യാസം കൊണ്ടോ എൻജിനിൽ വരുന്ന ഭാരത്തിൻെറ വ്യത്യാസം കൊണ്ടോ സംഭവിക്കാം. ആദ്യം പറഞ്ഞ കാരണം കൊണ്ടാണ് വേഗവ്യത്യാസം ഉണ്ടാകുന്നതെങ്കിൽ ബോയിലർ പ്രവർത്തനം ശരിപ്പെടുത്തിയാൽ മതി. രണ്ടാമത്തേതാണ് കാരണമെങ്കിൽ ഒരു ഗവർണർ ഉപയോഗിച്ച് വേഗം. സ്ഥിരപ്പെടുത്തി നിർത്താം.

ഫ്ളൈവീൽ പ്രവർത്തനവും ഗവർണർപ്രവർത്തനവും ഒന്നാണെന്ന് തെറ്റിധരിക്കാനിടയുണ്ടെങ്കിലും ഇത് വ്യത്യാസ്തമാണ്. വളരെ ചെറിയ ഒരു ഇടവേളയിലെ വേഗം നിയന്ത്രിക്കാനുള്ള സംവിധാനം മാത്രമാണ് ഫ്ളൈവീൽ. എന്നാൽ എൻജിൻ പ്രവർത്തനത്തിൽ നല്കുന്ന ഊർജവും താങ്ങേണ്ടിവരുന്ന ഭാരവും തമ്മിലുള്ള സന്തുലനം നിലനിർത്തി വേഗം നിയന്ത്രിക്കുന്ന സംവിധാനമാണ് ഗവർണർ.

ഏറ്റവും സാധാരണമായിട്ടുള്ളത് അപകേന്ദ്രബല(Centrifugal force)ത്തെ സംബന്ധിച്ച തത്വം അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന 'ഫ്ളൈബോൾ ഗവർണർ' ആണ്. വൃത്താകാരപഥത്തിൽകൂടി ചലി



ഫ്ളൈബോൾ
ഗവർണർ.

ക്കുന്ന രണ്ടു ലോഹപ്പന്തുകളും അവയെ ഒരു സ്പിണ്ടിലുമായി ബന്ധിപ്പിക്കുന്ന സ്ലീവുകളുമാണ് ഇതിൻെറ മുഖ്യഭാഗങ്ങൾ. എൻജിൻെറ വേഗവ്യത്യാസം അനുസരിച്ച് ലോഹപ്പന്തിൽ അപകേന്ദ്രബലത്തിൻെറ ഏറ്റക്കുറച്ചിൽ അനുഭവപ്പെടുകയും അത് ആനുപാതികമായി സ്ലീവ് ഉയരുകും താഴുകയും ചെയ്ത് എൻജിൻെറ വേഗം സ്ഥിരമാക്കി നിർത്തുകയും ചെയ്യുന്നു. ഏറ്റവും ലഘുവായ ഈ ഗവർണർ, ആവി എൻജിൻെറ വേഗം നിയന്ത്രിക്കുവാനായി ജെയിംസ് വാട്ട് കണ്ടുപിടിച്ചതാണ്. അതുകൊണ്ട് ഇതിനു 'വാട്ട് ഗവർണർ' എന്നും പേരുണ്ട്. ഉയർന്ന വേഗമുള്ള എൻജിനുളിൽ ഇത്തരം ഗവർണർ മതിയാവില്ല. ഹാട്ട്നെൽ ഗവർണർ (hartnell governer) എന്നയിനമാണ് അത്തരം എൻജിനുകളിൽ ഉപയോഗിക്കുന്നത് സ്പ്രിങ്ങാണ് ഈ ഗവർണറിലെ മുഖ്യഘടകം.

സുഗ്രാഹിത (Sensitiveness).എൻജിൻെറവേഗത്തിൽ സംഭവിക്കുന്ന നന്നെ ചെറിയ മാറ്റങ്ങൾ പോലും വളരെപ്പെട്ടെന്ന് പരിഹരിക്കുന്നവ ആണ് ഏറ്റവും കൂടിയ സുഗ്രാഹിതയുള്ള ഗവർണർ, ഗവർണറിൻെറ സുഗ്രാഹിത (S) കണക്കാക്കുന്നത് ശരാശരി വേഗത്തെ (M) വേഗപരിധി (Range of speed) (R) കൊണ്ട് ഹരിച്ചാണ്.

$$S=M\ /\ R$$

സുഗ്രാഹിത ആവശ്യമുള്ള ഗുണമാണെങ്കിലും ചിലതരം എൻജിനുകളിൽ വളരെ കൂടിയ സുഗ്രാഹിത അഭിലഷണീയമല്ല. കാരണം, എൻജിനിലുള്ള വളരെ ചെറിയവേഗവ്യതിയാനം സ്ലീവിൻെറ സ്ഥാനത്തിൽ വളരെ വലിയ മാറ്റം ഉണ്ടാക്കും.

വേഗപരിധി പൂജ്യമായ ഗവർണർ അളവില്ലാത്ത (അന്തമായ) സുഗ്രാഹിത പ്രകടിപ്പിക്കുന്നു., ഐസോക്രോനസ്സ് ഗവർണർ എന്നാണ് ഇത് അറിയപ്പെടുന്നത്. ഐസോ ക്രോനസ്സ് ഒരു ത്വാത്വിക സങ്കല്പം മാത്രമാണ്; പ്രായോഗികമായി ഇത് അസാധ്യമാണ്.

ഗവർണർ ജനറൽ

മുൻ ബ്രിട്ടീഷ് കോളനികളിലെ ഭരണാധികാരി. ഗവർണർ, ലഫ്റ്റനൻറ് ഗവർണർ എന്നീ പേരുകളിലറിയപ്പെടുന്ന ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ തലവൻ. ഗവർണർ ജനറൽ എന്നതിനു പകരം ഗവർണർ ഇൻ ചീഫ് എന്നും ഉപയോഗിക്കാറുണ്ട്. ബ്രിട്ടീഷ്ഭരണം നിലനിന്ന കോളനിപ്രദേശങ്ങളിൽ ഗവർണർജനറൽ എന്ന പദവി കാപ്റ്റൻ ജനറലിൻെറയും ജനറൽ ഇൻ ചീഫിൻെറയും അധികാരങ്ങൾ ഉൾക്കൊണ്ടിരുന്നു.

ഇന്ത്യയിൽ ഏറ്റവും ഉയർന്ന ഉദ്യോഗമായിരുന്നു ഗവർണർജനറൽ. 1774 മുതൽ 1950 വരെ ഈ പദവി നിലനിന്നു. 1773-ൽ പാർലമെൻറ് പാസ്സാക്കിയ റെഗുലേറ്റിങ് ആക്റ്റനുസരിച്ചാണ് ഈ ഉദ്യോഗം നിലവിൽവന്നത്. ബംഗാളിൽ ഫോർട്ട്വില്യമിലെ ആദ്യത്തെ, ഗവർണർ ജനറൽ വാറൻ ഹേസ്റ്റിങ്സ് (1774-1786) ആയിരുന്നു. 1774 മുതൽ 1833-ലെ ചാർട്ടർ ആക്റ്റ് പാസ്സാക്കുന്നതുവരെ 'ഫോർട്ട് വില്യമിലെ ഗവർണർ ജനറൽ' എന്നാണു പറഞ്ഞിരുന്നത്. പിന്നീടു പേര് 'ഇന്ത്യൻ ഗവർണർ ജനറൽ' എന്നായിത്തീർന്നു. 1858-ലെ വിക്റ്റോറിയാ രാജ്ഞിയുടെ വിളംബരത്തോടുകൂടി ഇന്ത്യയിലെ ഭരണം കമ്പനിയിൽനിന്നു രാജ്ഞിതന്നെ നേരിട്ട് ഏറ്റെടുത്തു. അന്നുമതൽ ഗവർണർ ജനറൽ വൈസ്റോയിയുടെ പദവിയും ഏറ്റെടുത്തു. ഗവർണർ ജനറലിൻെറ അധികാരങ്ങളും പദവിയും 1773-ലെ റെഗുലേറ്റിങ് ആക്റ്റിൽ വ്യക്തമാക്കിയിരുന്നു. അതിനുശേഷം 1784-ലെ പിറ്റ്സ് ഇന്ത്യ ആക്റ്റും 1786-ലെ സപ്ലിമെൻററി ആക്റ്റും ഇതിനെ സംബന്ധിച്ചു വിവരണം നല്കി. ഗവർണർ ജനറലാണു കൗൺസിലിൻെറ ഉപദേശമാരാഞ്ഞു ഭരിച്ചിരുന്നത്. എന്നാൽ ആവശ്യമെന്നു തോന്നിയാൽ ഗവർണർ ജനറലിനു കൗൺസിലിൻെറ ഉപദേശം തിരസ്കരിക്കാമായിരുന്നു. ഈ വ്യവസ്ഥ ഗവർണർജനറലിനെ ഏറെക്കുറെ ഇന്ത്യയിലെ പരമാധികാരിയാക്കി. ബ്രിട്ടനിലെ സ്റ്റേറ്റ് സെക്രട്ടറിയുടെയും പാർലമെൻറിൻെറയും നിയന്ത്രണമുണ്ടായിരുന്നുവെങ്കിലും ഗവർണർജനറൽ പ്രായോഗികമായി പരമാധികാരി ആയിരുന്നു. ഈ കാലത്ത് ഇന്ത്യ ഭരിച്ചിട്ടുള്ള ഗവർണർ ജനറൽമാരുടെ പേരുകളാണു താഴെ പറയുന്നത്.

വാറൻ ഹേസ്റ്റിങ്സ് (1774-1786), കോൺവാലിസ് പ്രഭു (1788-1793), സർ ജോൺ ഷോർ (1793-1798), വെല്ലസ്ലിപ്രഭു (1798-1805), ബാർലൊ (1805-1807), മിൻേറാപ്രഭു (1807-1813), ഹേസ്റ്റിങ്സ് പ്രഭു (1813-1823), ആമേഴ്സ്റ്റ് പ്രഭു (1823-1828), വില്യം ബൻറിക്പ്രഭു (1828-1835), മെറ്റ്കാഫ് (1835-1836), ഓർക്ക്ലൻഡ് പ്രഭു (1836-1842), എല്ലൻബറോപ്രഭു (1842-1844), ഹാർഡിഞ്ച്പ്രഭു (1844-1848), ഡൽഹൗസിപ്രഭു (1848-1856), കാനിങ്പ്രഭു (1856-1858) ഗവർണർ ജനറൽ, (1858—1862 വൈസ്റോയി), എൽജിൻപ്രഭു I (1862-1863), ലോറൻസ്പ്രഭു (1864-1869), മേയോ പ്രഭു (1869-1872), നോർത്ത് ബ്രൂക്ക് പ്രഭു (1872-1876), ലിറ്റൺപ്രഭു (1876-1880), റിപ്പൺ പ്രഭു (1880-1884), ഡഫറിൻ പ്രഭു (1884-1888), ലാൻഡ്സ്ഡൗൺ പ്രഭു (1888-1894), എൽജിൻ പ്രഭു II (1894-1899), കഴ്സൺ പ്രഭു (1899-1905) മിൻേറാ പ്രഭു II (1905-1910), ഹാർഡിഞ്ച് പ്രഭു II (1910-1916), ചെംസ്ഫോർഡ് പ്രഭു (1916-1921), റീഡിങ് പ്രഭു (1921-1926), ഇർവിൻ പ്രഭു (1926-1931), വില്ലിങ്ടൺ പ്രഭു (1931-1936), ലിൻലിത്ഗോ പ്രഭു (1936-1943). വേവൽപ്രഭു (1943-1947), മൗണ്ട്ബാറ്റൻ പ്രഭു (1947 മാർച്ച്-ഓഗസ്റ്റ് 15), ഇന്ത്യൻ ഗവർണർ ജനറൽ (1947 ഓഗസ്റ്റ് 15-'48 ജൂൺ) സി. രാജഗോപാലാചാരി (1948 ജൂൺ-1950 ജനുവരി 26). ഓസ്ട്രേലിയ, കാനഡ തുടങ്ങിയ രാജ്യങ്ങളിൽ ഗവർണർ ജനറൽ പദവി ഇപ്പോഴും നിലനില്ക്കുന്നു.

ഗവാരി നാടകം

ഇന്ത്യയിലെ ഭീൽ സമുദായക്കാർ അവതരിപ്പിക്കുന്ന നാടോടി നാടകം. ജുലായ്-ഓഗസ്റ്റു മാസങ്ങളിലാണ് ഈ നാടകം അവതരിപ്പിക്കുന്നത്. ഭീൽ സമുദായത്തിൽപ്പെട്ട കുറെ പേർ ചേർന്നു പലേടത്തും സഞ്ചരിച്ചു നടത്തുന്നതാണ് ഈ നാടകം. ബുഢിയാ എന്ന ദേവിയെ പ്രീതിപ്പെടുത്താനായിട്ടാണ് ഈ നാടകം നടത്തുന്നത്. ആട്ടവും പാട്ടും ആഖ്യാനവും ഇടകലർത്തിക്കൊണ്ടാണ് ഈ നാടകം അവതരിപ്പിക്കുന്നത്.

ഗവാസ്കർ, സുനിൽ മനോഹർ (1949-   )

പ്രശസ്ത ക്രിക്കറ്റു കളിക്കാരൻ. ടെസ്റ്റ് ക്രിക്കറ്റിൽ, ഏറ്റവും കൂടുതൽ സെഞ്ചറിയുടെയും (34) ഏറ്റവുമധികം റൺസിൻെറയും (10,122) ലോക റെക്കാഡിനർഹനായ ഇന്ത്യയുടെ മുൻ ഓപ്പണിങ് ബാറ്റ്സ്മാൻ. മൂന്നു ടെസ്റ്റുകളുടെ ഓരോ ഇന്നിങ്സിലും സെഞ്ചറി നേടി എന്ന മറ്റൊരു റെക്കോഡും ഇദ്ദേഹത്തിനുണ്ട്. ഏറ്റവും കൂടുതൽ ക്യാച്ചുകൾ എടുത്തിട്ടുള്ളവരുടെ നിരയിൽ ആറാം സ്ഥാന(108)മുള്ള ഗവാസ്കർ നാല് ഇരട്ടസെഞ്ചറിയും നേടിയിട്ടുണ്ട്.

1949 ജൂലായ് 10-നു ബോംബെയിൽ ജനിച്ചു. അച്ഛൻ മനോഹർ. ബിരുദധാരിയായ ഗവാസ്കർ വിദ്യാഭ്യാസകാലത്തുതന്നെ ക്രിക്കറ്റിൽ ശ്രദ്ധപതിപ്പിച്ചിരുന്നു. മാതുലനായ മാധവ്മന്ത്രിയുടെ ശിക്ഷണത്തിൽ ക്രിക്കറ്റിൻെറ ശാസ്ത്രീയപാഠങ്ങൾ അഭ്യസിച്ചു. ഒന്നാംകിട ക്രിക്കറ്റിൽ ആദ്യമായി 1965-ൽ കൂച്ച്-ബിഹാർ ട്രോഫിയിൽ വെസ്റ്റ് സോണിനുവേണ്ടി 246 റൺസുനേടി പുറത്താകാതെനിന്നു. അക്കൊല്ലംത



ന്നെ ഇൻറർയൂണിവേഴ്സിറ്റി മത്സരങ്ങളിൽ ബോംബെ യൂണിവേഴ്സിറ്റിയെ പ്രതിനിധാനംചെയ്ത് 327 റൺസിൻെറ ഉയർന്ന റെക്കോഡിനർഹനായി. രണ്ടാമത്തെ ടെസ്റ്റിൽ (1970—'71) ജോർജ്ടൗണിൽ വച്ചു വെസ്റ്റ് ഇൻഡീസിനെതിരെ സെഞ്ചുറി നേടി (116). 1984-ൽ മദിരാശിയിൽ വെസ്റ്റ് ഇൻഡീസിനെതിരെ നേടിയ ഡബിൾ സെഞ്ചുറിയോടെ സെഞ്ചുറിയിൽ ലോകറെക്കോഡ് (30) സ്ഥാപിച്ചു. ക്രിക്കറ്റിൽ മൂന്നു ദശാബ്ദങ്ങളായി നിലനിന്നിരുന്ന സർ ഡൊണാൾഡ് ബ്രാഡ്മാൻെറ റെക്കോഡാണ് (29) അന്നു തകർക്കപ്പെട്ടത്. 1987 മാർച്ച് 7-ാം തീയതി പാകിസ്താനെതിരെയുള്ള അഹമ്മദാബാദ് ടെസ്റ്റിലാണ് ഗവാസ്കർ 10,000 റൺസ് തികച്ചത്. ഒരു കലൻഡർ വർഷം 1,000 റൺസു തികച്ചിട്ടുള്ള ആദ്യ ഇന്ത്യൻ ബാറ്റ്സ്മാനും ഗവാസ്കർ തന്നെ.

1970-ൽ ഇന്ത്യയ്ക്കുവേണ്ടി ടെസ്റ്റുക്യാപ്പ് അണിഞ്ഞു. '70-'71-ൽ വെസ്റ്റ് ഇൻഡീസുമായുള്ള പരമ്പരയിൽ ഒട്ടാകെ 774 റൺസു നേടിയതോടെ ശ്രദ്ധിക്കപ്പെട്ടു. '76-ൽ ഇന്ത്യൻ ടീമിൻെറ കാപ്റ്റനായി. വെസ്റ്റ് ഇൻഡീസിനും ഇംഗ്ലണ്ടിനും ഓസ്ട്രേലിയയ്ക്കും ന്യൂസിലൻഡിനും പാകിസ്താനുമെതിരെ ഇന്ത്യയെ നയിച്ചിട്ടുണ്ട്. '76 മുതൽ '85 വരെ 47 ടെസ്റ്റുകളിൽ നേതൃത്വം നല്കി.

1987-ൽ പ്രൊഫഷണൽ ക്രിക്കറ്റിൽനിന്നും വിരമിച്ചു. *സണ്ണി ഡെയ്സ്, ഐഡൽസ്, റൺസ് ഇൻ റൂയിൻസ്* എന്നീ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. 1980-ൽ പദ്മഭൂഷൺ ബഹുമതി ലഭിച്ചു.

ഗവേഷണം

ഏതെങ്കിലും വിഷയത്തെക്കുറിച്ചുള്ള അഗാധവും വിശദവുമായ ശാസ്ത്രീയ പഠനം. കാണാതെപോയ ഗോക്കളെ അന്വേഷിച്ചുള്ള ചുറ്റി നടപ്പിനാണു ഗവേഷണം എന്നു പ്രാചീനകാലത്തു പറഞ്ഞിരുന്നത്. അർഥപരിണാമത്തിൻെറ ഫലമായി ശാസ്ത്രീയമായ അന്വേഷണം ആയിരിക്കുന്നു ഇന്നു ഗവേഷണം. സാധാരണഗതിയിൽ ഉയർന്ന മാസ്റ്റർ ബിരുദം നേടിയവരാണു സർവകലാശാലകളിൽ വിദഗ്ധരുടെ കീഴിൽ ഗവേഷണം ചെയ്യുന്നത്. എന്നാൽ പഠനത്തിൻെറ അത്യുന്നത മേഖലകളിൽ എത്തുമ്പോൾ ഗവേഷകർ സ്വയം നീതരായി പ്രവർത്തിക്കയാണു പതിവ്.

ഔപചാരിക ഗവേഷണം. ഏതു സർവകലാശാലയിലും ഉയർന്ന നിലയിൽ മാസ്റ്റർ ബിരുദം എടുത്തവർക്ക് അതതു വിഷയങ്ങളിൽ ഗവേഷണത്തിനുള്ള സൗകര്യം നല്കുന്നുണ്ട്. ഇതു പരിചയസമ്പന്നരായ അധ്യാപകരുടെ മേൽനോട്ടത്തിലാണ്. ഗവേഷണവിദ്യാർഥികൾക്കു ഫെലോഷിപ്പ് എന്ന പേരിൽ പലപ്പോഴും ഗവേഷണവേതനം നല്കാറുണ്ട്. നമ്മുടെ സർവകലാശാലകളിൽ കുറഞ്ഞതു മൂന്നുവർഷമാണ് ഗവേഷണകാലം. ഗവേഷണഫലം ഉൾക്കൊള്ളുന്ന പ്രബന്ധം ഒരു വിദഗ്ധസമിതി പരിശോധിക്കുകയും അർഹത ഉള്ളവർക്കു ഡോക്ടർ ബിരുദം നല്കാൻ ശുപാർശ ചെയ്യുകയും ചെയ്യുന്നു.

അനൗപചാരിക ഗവേഷണം. ഒരു ഗൈഡിൻെറ നിയന്ത്രണമോ സമയപരിധിയോ ഒന്നുമില്ലാതെ ശാസ്ത്രമാനവിക വിഷയങ്ങളിൽ ഗവേഷണം നടത്തുന്നവരുണ്ട്. പരീക്ഷണശാലയും ഉപകരണങ്ങളും സാമഗ്രികളും ഗ്രന്ഥങ്ങളും മറ്റും നല്കി സർവകലാശാലകളും സർക്കാരും സ്വകാര്യസ്ഥാപനങ്ങളും ഇത്തരക്കാരെ സഹായിക്കുന്നു. ഔപചാരിക ഗവേഷണം ബിരുദലബ്ധിയെ ലക്ഷ്യമാക്കുമ്പോൾ ഇത്തരം ഗവേഷണം അമൂല്യമായ കണ്ടെത്തലുകൾക്കു വഴി ഒരുക്കുന്നു.

ഗവേഷണപ്രയോജനം. ഭാഷ, സാഹിത്യം, കലകൾ, മാനവിക വിഷയങ്ങൾ ഇവയിലെ ഗവേഷണം പലവിധത്തിലും പ്രയോജനപ്രദമാണ്. എങ്കിലും ഭൗതിക-ജൈവശാസ്ത്രങ്ങളിലെ ഗവേഷണഫലമായ കണ്ടെത്തലുകളാണ് മനുഷ്യപുരോഗതിയെ സാരമായി സഹായിച്ചിട്ടുള്ളത്. കടലാസ്, പേന, അച്ചടി, റേഡിയോ, ടെലിവിഷൻ, തീവണ്ടി, മോട്ടോർ എൻജിൻ, വിമാനം, കപ്പൽ മുതലായ ആധുനിക ജീവിതത്തിൻെറ അനിവാര്യഘടകങ്ങളായ വസ്തുക്കൾ എല്ലാംതന്നെ ഗവേഷണഫലങ്ങളാണ്. ക്ലേശകരമായ ജോലികൾ ലഘൂകരിക്കാനും സഞ്ചാരവേഗം വർധിപ്പിച്ചു വിവിധ ജനവർഗങ്ങളും രാഷ്ട്രങ്ങളുമായുള്ള സമ്പർക്കം ആയാസഹീനവും ത്വരിതതരവും ആക്കാനും സഹായിച്ച ആവിഷ്കാരങ്ങളെല്ലാം അനൗപചാരിക ഗവേഷണങ്ങളുടെ ഫലമാണ്. ബിരുദമോ ഔപചാരിക വിദ്യാഭ്യാസമോ ഇല്ലാത്തവർക്കും ഈ രംഗത്തു പ്രവർത്തിക്കാം; പ്രവർത്തിക്കുന്നുണ്ട്.

ഏതു നല്ല കാര്യത്തിനും എന്നപോലെ ഗവേഷണത്തിനും നല്ലവശവും ചീത്തവശവും ഉണ്ട്. ഇന്നു വൻശക്തികൾ വമ്പിച്ച ധനവ്യയം സഹിച്ചു ശാസ്ത്രജ്ഞരെക്കൊണ്ട് ഗവേഷണം ചെയ്യിക്കുന്നത് നൂതന വിധ്വംസകായുധങ്ങളുടെ കണ്ടെത്തലിനു വേണ്ടിയാണ്. യു.എസ്സും. സോവിയറ്റ് യൂണിയനും മത്സരിച്ചു നൂതനായുധങ്ങൾ കണ്ടെത്താനും താരയുദ്ധത്തിനും വഴി ഒരുക്കുന്നു. അവർ ഗവേഷണത്തിനു ചെലവഴിക്കുന്ന തുകയുടെ 90 ശതമാനവും യുദ്ധവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കാണ്.

ഗവേഷണം ഇന്ത്യയിൽ. നമ്മുടെ ഗവേഷണം സമാധാനപരമായ ആവശ്യങ്ങൾക്കുവേണ്ടിയാണ്. ജൈവശാസ്ത്രപരമായ ഗവേഷണങ്ങളിലൂടെ സസ്യങ്ങളുടെയും മൃഗങ്ങളുടെയും നൂതന ജീനസ്സുകളെ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹരിത-ധവള വിപ്ലവങ്ങൾ സാധ്യമായത് ഇതിൻെറ ഫലമാണ്. വൈദ്യശാസ്ത്രരംഗത്തും വ്യവസായരംഗത്തും ദൂരവ്യാപക ഫലം ഉളവാക്കുന്ന പലതും ഗവേഷണഫലമായി നാം കണ്ടെത്തിയിട്ടുണ്ട്.

സംസ്ഥാനങ്ങളിലെ ശാസ്ത്ര സാങ്കേതിക വകുപ്പുകൾ, ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ, ശാസ്ത്രവ്യവസായ ഗവേഷണ കൗൺസിൽ, കേന്ദ്രത്തിലെ ആണവോർജ-ശൂന്യാന്തരീക്ഷ-ഇലക്ട്രോണിക്സ്-പരിസ്ഥിതി-സമുദ്രഗവേഷണവകുപ്പുകൾ, മറ്റു സാങ്കേതികവകുപ്പുകൾ ഇവയാണു പൊതുമേഖലാരംഗത്തു ഗവേഷണം നടത്തുന്നത്. സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ സ്വന്തമായ ഗവേഷണപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. 1950-'51-ൽ 4.68 കോടി രൂപ മാത്രമാണു ഗവേഷണത്തിന് ഇന്ത്യാ ഗവൺമെൻറു ചെലവഴിച്ചത്. ഏഴാം പദ്ധതിയിൽ ഇത് 7,535 കോടിയായി ഉയർന്നു.

സ്വാതന്ത്ര്യപൂർവഘട്ടത്തിൽ സ്വന്തംനിലയിൽ ഗവേഷണം നടത്തിയ ശാസ്ത്രജ്ഞന്മാർ ഇന്ത്യയിൽ ഉണ്ടായിരുന്നു. സി.വി. രാമൻ, പി.സി. റേ, ജെ.സി. ബോസ് എന്നിവരുടെ പേരുകൾ എടുത്തുപറയേണ്ടതാണ്. ഇവരിൽ ആദ്യത്തെ ആൾക്കുമാത്രമേ നൊബേൽ സമ്മാനരൂപത്തിൽ അംഗീകാരം ലഭിച്ചുള്ളു എങ്കിലും മറ്റുള്ളവരുടെ സംഭാവനയും അമൂല്യമാണ്. ഇന്നു ഗവേഷണസൗകര്യം പതിന്മടങ്ങു വർധിച്ചിരിക്കുന്നു. അണുവിഘടനത്തിൽപോലും ഇന്ത്യൻ ശാസ്ത്രജ്ഞൻ വിജയം കൈവരിച്ചു. യുദ്ധവിമാനങ്ങളുടെയും ടാങ്കുകളുടെയും നിർമിതിയിൽ നാം പുതിയ കാൽവയ്പുകൾ നടത്തിയിട്ടുണ്ട്.

എല്ലാ രംഗങ്ങളിലും ഭാരതീയഗവേഷകർ അനുക്ഷണം പുരോഗതി നേടിക്കൊണ്ടിരിക്കുന്നു. എന്നാൽ വിദഗ്ധമായ ആസൂത്രണത്തിൻെറ അഭാവം ചിലപ്പോൾ ഉദ്ദിഷ്ട ഫലപ്രാപ്തിക്കു തടസ്സമാകുന്നു. ഗവൺമെൻറ് നിയന്ത്രണത്തിലുള്ള പല റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും നേതൃത്വം എന്നും സാധാരണ ബിരുദധാരികളുടെ കയ്യിൽ അമരുന്നു. പല സ്ഥാപനങ്ങളിലും വിദഗ്ധരെ അവിദഗ്ധർ നയിക്കുന്നു. അല്ലെങ്കിൽ ബ്യൂറോക്രാറ്റുകൾ നയിക്കുന്നു. ഗവേഷണം സർക്കാരിൻെറ ചുമതലയിൽ ആകുകയും ഗവേഷണതത്പരരല്ലാത്തവർ ഗവേഷകരായി നിയമിതരാകയും ചെയ്യുന്നു എന്നത് ഗവേഷണപുരോഗതിക്കു തടസ്സമായി വർത്തിക്കുന്നു. ഇതിനെപ്പറ്റി യഥാർഥഗ

വേഷകന്മാർ പരാതിപ്പെടുകയും ഒട്ടേറെപ്പേർ പാശ്ചാത്യരാജ്യങ്ങളിലേക്കു കുടിയേറിപ്പാർക്കുകയും ചെയ്യുന്നു. ഇതിനെ 'ബുദ്ധിയുടെ ചോർച്ച' എന്നു പറയാറുണ്ട്. അമേരിക്കയിൽ പോയി ഗവേഷണം ചെയ്ത് അമൂല്യമായ കണ്ടുപിടിത്തങ്ങൾ നടത്തുകയും നൊബേൽ സമ്മാനത്തിന് അർഹരാകുകയും ചെയ്തവരാണ് ഡോക്ടർ എസ്. ചന്ദ്രശേഖറും ഹർഗോവിന്ദ ഖൊരാനയും.

ഗവ്യം

പശുവിനെ സംബന്ധിച്ചത്. ഗോമൂത്രം, ചാണകം, പാല്, തൈര്, നെയ്യ് എന്നീ അഞ്ചുകൂട്ടമാണു പഞ്ചഗവ്യങ്ങൾ. പഞ്ചഗവ്യം സേവിക്കുന്നതു ബുദ്ധിക്ക് ഉത്തേജകവും ശുദ്ധിക്ക് ഉപകരിക്കുന്നതുമാണെന്ന് വിശ്വസിക്കുന്നു. ഒരു സ്പൂൺ ഗോമൂത്രത്തിന് ഇരട്ടി ചാണകവെള്ളവും നാലിരട്ടി പാലും, ഏഴിരട്ടി തൈരും, ഗോമൂത്രത്തോളം നെയ്യും ആണ് † പഞ്ചഗവ്യത്തിൻെറ യോഗം.

ഗസൽ

ഉർദുവിലും പേർഷ്യനിലും പ്രചാരമുള്ള ഒരു പ്രേമഗാനമാതൃക. പല്ലവി കഴിഞ്ഞാൽ 'ശരസ്' എന്നു പറയാറുള്ള ചരണങ്ങൾ താളക്രമത്തിനനുസരണമായി ആവർത്തിച്ചാവർത്തിച്ചു പാടുകയാണു പതിവ്. ബഹുജന താത്പര്യവും ആസ്വാദനവും വിപുലമായി നേടിയിട്ടുള്ള ഈ ലളിതഗാനശൈലി ഇന്നു മറ്റു ഭാഷകളിലും പകർത്താൻ ശ്രമിക്കുന്നുണ്ട്.

പ്രേമം പ്രമേയമാക്കിയിട്ടുള്ള ചെറിയരൂപവും ആകർഷകമായ ഭാവവുമുള്ള, ലിറിക് കവിതകളെയാണ് ഗസലിന് ഉപയോഗിക്കാറുള്ളത്. ഗസൽ എന്ന പ്രത്യേക സാഹിത്യവിഭാഗം ഏഴാം നൂറ്റാണ്ടിൽ അറേബ്യയിലാണ് രൂപംകൊണ്ടു വികാസം പ്രാപിച്ചുതുടങ്ങിയത്. രണ്ടിനം ഗസലുകൾ രൂപംപ്രാപിച്ചിട്ടുള്ളതായി തരംതിരിക്കാൻ കഴിയും: ഒന്ന് ഹിജാസിലും മറ്റേത് ഇറാക്കിലും രൂപംകൊണ്ടു. എട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന, മെക്കയുടെ സമീപസങ്കേതങ്ങളിലെ ഖുറൈശി (Quraysh) ജനവിഭാഗത്തിൽപെട്ട, ഉമർ ഇബന് റാബിയായുടെ (Umar ibn Abi Rabiah) ഗസലുകളാണ് ഏറ്റവും പഴയതായിട്ടറിയപ്പെടുന്നത്. കാമുകവിയോഗവും നൈരാശ്യവും ദുഃഖവും മാത്രമല്ല, പ്രേമസാക്ഷാത്കാരത്തിനുള്ള തീവ്രമായ അഭിലാഷവും ഹൃദ്യമായി പ്രകാശിപ്പിക്കുന്ന ഗസലുകൾ ഏഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജമീൽ രചിച്ചിട്ടുണ്ട്. അവയെ അനുകരിച്ച് പേർഷ്യനിലും തുർക്കിയിലും ഉർദുവിലും പലരും ഗസലുകൾ രചിച്ചു. പേർഷ്യൻ ഭാഷയിലെ ഏറ്റവും പ്രശസ്തനും പ്രിയംകരനുമായ ഗസൽ രചയിതാവ് പതിന്നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഹാഫിസ് ആണ്.

ഇന്ത്യയിൽ സൈഗാൾ, പങ്കജ് മല്ലിക്ക് തുങ്ങിയ ഗായകർ ആധുനിക കാലത്ത് ഗസലിന് ഏറെ ജനകീയത നല്കി. ഗസൽ ഇന്ന്, ഇന്ത്യ മുഴുവനുള്ള സംഗീതപ്രേമികളുടെ ഹരമായി മാറിക്കഴിഞ്ഞിട്ടുണ്ട്. പങ്കജ് ഉദാസ്, അനൂപ് ഷലോട്ട, ഗുലാം അലി, ജഗ്ജിത് സിങ്, തലത് അസീസ് തുടങ്ങിയവർ ഇന്നത്തെ ഗസൽ ഗായകരിൽ പ്രമുഖരാണ്.

ഗസറ്റ്

ഔദ്യോഗിക വിവരങ്ങളും വിജ്ഞാപനങ്ങളും മറ്റും പ്രസിദ്ധം ചെയ്യുന്ന സർക്കാർ ഉടമയിലുള്ള ആനുകാലിക പ്രസിദ്ധീകരണം. പതിനാറാം നൂറ്റാണ്ടിൻെറ മധ്യത്തിൽ, ഇന്നത്തെ വർത്തമാനപത്രത്തിൻെറ മുൻഗാമിയായി വെനീസിൽ അച്ചടിച്ചു വിതരണം ചെയ്ത വാർത്താഷീറ്റ് ആദ്യത്തെ ഗസറ്റ് എന്നറിയപ്പെടുന്നു. തുടർന്ന് യൂറോപ്പിൽ പലെടത്തും പ്രത്യക്ഷപ്പെട്ട വാർത്താഷീറ്റുകളിൽ അദ്ഭുതവാർത്തകളും ഉദ്വേഗജനകമായ സംഭവങ്ങളുമായിരുന്നു പ്രസിദ്ധം ചെയ്തുപോന്നത്. 1665-ൽ ഓക്സ്ഫെഡ് ഗസറ്റ് പോലെയുള്ള ഔദ്യോഗിക പ്രസിദ്ധീകരണങ്ങൾ വന്നതോടെ വാർത്താവിതരണത്തിൽ സത്യസന്ധതയും വസ്തുനിഷ്ഠതയും തുടങ്ങിവയ്ക്കാൻ കഴിഞ്ഞു. പൊതുവിജ്ഞാപനങ്ങൾ പ്രസിദ്ധംചെയ്യുന്ന ലണ്ടൻ ഗസറ്റ് ഇപ്പോഴും പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഇതുപോലെ എല്ലാ രാജ്യങ്ങൾക്കുമുണ്ട് ഔദ്യോഗിക പ്രസിദ്ധീകരണങ്ങൾ. സാമാന്യ വായനയ്ക്കല്ലാതെ ഔദ്യോഗിക ആവശ്യങ്ങൾ മാത്രം മുൻനിർത്തി പ്രസിദ്ധീകരിക്കുന്ന പത്രികയെ ഗസറ്റ് എന്ന് പറയും. ഇന്ത്യയിൽ പത്തൊമ്പതാം നൂറ്റാണ്ടിൽ നാട്ടുരാജ്യങ്ങളിൽ ഇതു പ്രസിദ്ധംചെയ്തുപോന്നു. കേരള ഗവൺമെൻറിൻെറ പ്രതിവാര പ്രസിദ്ധീകരണമായ ഗസറ്റ് ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിക്കുന്നു.

ഗസറ്റിയർ

ഒരു ഭൂവിഭാഗത്തെക്കുറിച്ചുള്ള വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന വിജ്ഞാനകോശം. ഗസറ്റ് (സർക്കാർ പത്രിക) തയ്യാറാക്കുന്ന ആൾക്കാണു ഗസറ്റിയർ എന്ന് ആദ്യകാലത്തു പറഞ്ഞുവന്നിരുന്നത്. 1703-ൽ ലോറൻസ് എച്ചാഡ് പ്രസിദ്ധീകരിച്ച ഗസറ്റിയേഴ്സ് ഓർ ന്യൂസ്മെൻസ് ഇൻറർപ്രിറ്റർ എന്ന ഭൂമിശാസ്ത്ര സൂചികയിലാണു പുതിയ അർഥത്തിൽ ഈ പദം ആദ്യമായി പ്രയോഗിച്ചത്. ഇന്ത്യയിൽ, 1881-ൽ "ഇംപീരിയൽ ഗസറ്റിയർ ഒഫ് ഇന്ത്യാ" പ്രസിദ്ധീകൃതമായി. ഇതിൻെറ രണ്ടാംപതിപ്പ് 14 വാല്യങ്ങളിലായി 1887-'97 കാലത്തു പ്രസിദ്ധീകൃതമായി. ഡബ്ലിയു.ഡബ്ലിയു. ഹൺടർ ആയിരുന്നു ഈ ഗസറ്റിയറിൻെറ പത്രാധിപർ. ഇന്ത്യ സ്വാതന്ത്ര്യം നേടിയശേഷം ഇംപീരിയൽ ഗസറ്റിയർ പുനഃപരിശോധന ചെയ്തു പുതിയ വിവരങ്ങൾ ചേർത്തു ഗസറ്റിയർ ഒഫ് ഇന്ത്യ ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൻെറ ഭാഗമായി വിവിധ സംസ്ഥാനങ്ങളിൽ ജില്ലാ ഗസറ്റിയറുകൾ പ്രസിദ്ധീകരിച്ചു. 1966- ശേഷമുള്ള പുതിയ വിവരങ്ങൾ ഉൾക്കൊള്ളിച്ചു ജില്ലാ ഗസറ്റിയറുകൾ പരിഷ്കരിച്ചു പ്രസിദ്ധീകരിക്കാൻ കേന്ദ്രഗവൺമെൻറ് എല്ലാ സംസ്ഥാനഗവൺമെൻറുകളോടും ആവശ്യപ്പെടുകയുണ്ടായി. ഇതിനു വേണ്ടിവരുന്ന ചെലവു കേന്ദ്രഗവൺമെൻറു വഹിക്കുന്നു. ഈ പദ്ധതിയനുസരിച്ചു ജില്ലാ ഗസറ്റിയറുകളുടെ അനുബന്ധങ്ങൾ പ്രസിദ്ധപ്പെടുത്തിവരുന്നു. †കേരള ഗസറ്റിയേഴ്സ് നോക്കുക.

സ്ഥലനാമങ്ങളുടെ അക്ഷരക്രമത്തിലുള്ള പട്ടികയ്ക്കു ഗസറ്റിയർ എന്ന പേർ 1967-ൽ യുനൈറ്റഡ് നേഷൻസ് കോൺഫെറൻസ് അംഗീകരിക്കുകയുണ്ടായി.

ഗസാൻദി പ്യേർ (1592—1655)

ഫ്രെഞ്ചു ശാസ്ത്രജ്ഞനും തത്വചിന്തകനും. (Pierre Gassendi) അരിസ്റ്റോട്ടിലിയനിസത്തിൻെറ സ്ഥാനത്ത് എപ്പിക്യൂറിയനിസം പുനഃപ്രതിഷ്ഠിക്കാൻ ഇദ്ദേഹം ശ്രമിച്ചു. പ്രൊവെൻസിലെ ചാംപ്റ്റേഴ്സ്യറിൽ 1592 ജനുവരി 22-നു ജനിച്ചു. 1614-ൽ അവിഞ്ഞോണിൽനിന്നു ദൈവശാസ്ത്രത്തിൽ ഡോക്റ്ററേറ്റ് നേടി ഇദ്ദേഹം ഒരു പുരോഹിതനായി സേവനം ആരംഭിച്ചു. ക്രമേണ ഇദ്ദേഹം എപ്പിക്യൂറിയനിസത്തിലേക്ക് ആകൃഷ്ടനായി. ഇന്ദ്രിയങ്ങളെ ജ്ഞാനത്തിൻെറ പ്രാഥമികോപാധിയായി ഗസാൻദി കൈക്കൊണ്ടു. യാന്ത്രിക ഭൗതികവാദത്തെ അംഗീകരിച്ചുകൊണ്ട്, മനുഷ്യൻെറ പരമലക്ഷ്യമായിരിക്കേണ്ടതു മനഃശാന്തിയും ശാരീരികപീഡാനുഭവമില്ലാത്ത അവസ്ഥയും ആണെന്ന് ഇദ്ദേഹം വാദിച്ചു. പൂർണമായും അത്തരമൊരവസ്ഥ സാധ്യമല്ലെന്നും ഇദ്ദേഹം അഭിപ്രായപ്പെട്ടു.

ദെകാർത്തിൻെറ *'മെഡിറ്റേഷൻസ്'* എന്ന ഗ്രന്ഥത്തിലെ സിദ്ധാന്തങ്ങളെ അമ്പെ എതിർത്തുകൊണ്ടാണു ഗസാൻദി തൻെറ വാദഗതികൾ അവതരിപ്പിച്ചത്. ഈ വാദഗതികൾക്കു ദെകാർത് മറുപടിയെഴുതിയപ്പോൾ അവയെ ഖണ്ഡിച്ചുകൊണ്ടു ഗസാൻദി ഒരു ഗ്രന്ഥമെഴുതി: *സിൻറാഗ്മ ഫിലസോഫികം* (1658) ഗസാൻദിയുടെ പ്രകൃഷ്ടകൃതിയാണിത്.

ബുധഗ്രഹത്തിൻെറ ഗതിയെക്കുറിച്ചുള്ള കെപ്ളറുടെ പ്രവചനം നിരീക്ഷണത്തിൻെറ ഫലമായി ശരിയെന്ന് ആദ്യമായി കണ്ടെത്തിയ ശാസ്ത്രജ്ഞൻ ഗസാൻദിയാണ് (1631).

ഗസാലി, അൽ (1058-1111)

മുസ്ലിം ദൈവശാസ്ത്രജ്ഞനും യോഗിയും. അബു ഹമീദ് മുഹമ്മദ് ഇബ്ൻ മുഹമ്മദ് അറ്റൂസി അൽ-ഗസാലി എന്നാണു മുഴുവൻ പേര്. ഇഹ്യാ ഉലൂം അദ്-ദീൻ (മതശാസ്ത്രങ്ങളുടെ പുനരുജ്ജീവനം) എന്ന ഗ്രന്ഥത്തിൻെറ കർത്താവ്. യാഥാസ്ഥിതിക ഇസ്ലാംമതത്തിൻെറ അവിഭാജ്യാംശമായി † സൂഫിസത്തെ പ്രതിഷ്ഠിച്ചയാൾ.

ഇറാനിലെ തൂസിൽ ജനിച്ചു. ഇമാം അൽ-ഹരമായ്ൻ (രണ്ടു നഗരങ്ങളുടെ ഇമാം) എന്നു വിഖ്യാതനായ അൽ-ജുവായ്നി ആയിരുന്നു ഗുരു. നിസാം ഉൽ-മുൽക്ക് എന്ന സെൽജുക് സുൽത്താൻ ഇദ്ദേഹത്തെ കൊട്ടാരത്തിലേക്കു ക്ഷണിച്ചു. നിസാമിയാ കോളെജിൽ (ബാഗ്ദാദ്) മുഖ്യ അധ്യാപകനായി നിയമിതനായി. ഇദ്ദേഹം രോഗബാധിതനായി. ജോലി ഉപേക്ഷിച്ചു സൂഫിയായി സഞ്ചരിച്ചു. ദമാസ്കസ്, ജെറുസലേം, മെക്ക ഇവിടങ്ങളിൽ പോയി മടങ്ങിവന്നു തൂസിൽ വാസം ഉറപ്പിച്ചു.

വീണ്ടും അധ്യാപകജീവിതം സ്വീകരിച്ചു. മതനവീകരണത്തിനുവേണ്ടി വാദിച്ചു. 400-ൽ ഏറെ കൃതികൾ രചിച്ചിട്ടുണ്ടത്രേ. തഹാ

ഫുത് (പൊരുത്തക്കേട്) ഇദ്ദേഹത്തിൻെറ ശ്രേഷ്ഠമായ കൃതികളിൽ ഒന്നാണ്. നീതിശാസ്ത്രത്തിനും ദൈവശാസ്ത്രത്തിനും വിലപ്പെട്ട സംഭാവനകൾ നല്കി.

ഗസ്നവിദ്‌രാജവംശം

തുർക്കിയിലെ ഒരു പഴയ രാജവംശം. പത്താംനൂറ്റാണ്ടിൻെറ അവസാനത്തിലും പതിനൊന്നാംനൂറ്റാണ്ടിലും ഇവർ വടക്കൻ ഇറാനിലെ ഖൊരാസാൻ, അഫ്ഘാനിസ്താൻ, ഉത്തരേന്ത്യ എന്നീ പ്രദേശങ്ങൾ ഭരിച്ചിരുന്നു. ഇറാനിലെ സാമാനിദ് വംശത്തിലെ രാജാക്കന്മാർ അവരുടെ അധീനത്തിലുണ്ടായിരുന്ന ഗസ്നിയിലെ (അഫ്ഘാനിസ്താൻ) ഗവർണറായി നിയമിച്ച സെബുക്തിജിൻ ആണു ഗസ്നവിദ് രാജവംശത്തിൻെറ സ്ഥാപകൻ. സെബുക്തിജിൻ തുർക്കിക്കാരനായ അടിമയായിരുന്നു. സാമാനിദ് രാജവംശത്തിൻെറ ശക്തി ക്ഷയിച്ചപ്പോൾ സെബുക്തിജിൻ തൻെറ ആധിപത്യം ഉറപ്പിക്കുകയും ഇന്ത്യൻ അതിർത്തിവരെയുള്ള പ്രദേശങ്ങൾ അധീനത്തിൽ കൊണ്ടുവരികയും ചെയ്തു. സെബുക്തിജിൻെറ മകനായ മഹ്മൂദ് (998—1030) തൻെറ സാമ്രാജ്യത്തെ കുറെക്കൂടി വിസ്തൃതമാക്കി. പടിഞ്ഞാറ് ഓക്സസ് നദി മുതൽ കിഴക്കു സിന്ധുഗംഗാസമതലം വരെയുള്ള പ്രദേശം മഹ്മൂദ് സ്വന്തം ഭരണത്തിൻകീഴിൽ കൊണ്ടുവന്നു. '*ഷാനാമ*'(1010)യുടെ കർത്താവായ ഫിർദൗസി മഹ്മൂദിൻെറ കൊട്ടാരംകവിയായിരുന്നു. മഹ്മൂദിൻെറ മകനായ മസൂദിൻെറ കാലത്തു കിഴക്കൻ അഫ്ഘാനിസ്താൻ ഒഴിച്ചുള്ള പ്രദേശങ്ങളെല്ലാം തുർക്കികൾ കൈവശപ്പെടുത്തി. 1186-ൽ അഫ്ഘാനിസ്താൻ ഗൂരിദ്ദുകൾ ആക്രമിച്ചു കൈവശപ്പെടുത്തിയതോടെ ഗസ്നവിദ് വംശത്തിൻെറ ഭരണം അവസാനിച്ചു.

മൂന്നു ഭാഗത്തും മതിലുകളും മുന്നിൽ കമാനാകൃതിയായ പ്രവേശനദ്വാരവുമുള്ള 'എയ്‌വാൻ' എന്ന ശില്പമാതൃക ഗസ്നവിദുകളുടെതാണ്. മരത്തിൽ കൊത്തുപണി ഗസ്നവിദുകളുടെ കാലത്തു പ്രചാരത്തിലിരുന്നു. മഹ്മൂദ് ഗസ്നിയുടെ ശവകുടീരത്തിൻെറ വാതിലുകളിൽ ഉള്ള മികച്ച കൊത്തുപണികൾ ഗസ്നവിദുകളുടെ കാലത്ത് ഈ കലയ്ക്കുണ്ടായിരുന്ന പ്രചാരത്തിനു ദൃഷ്ടാന്തമാണ്.

ഗസ്നി

മധ്യഅഫ്ഘാനിസ്താനിലെ ഒരു പ്രശസ്തനഗരം. കാബൂളിൽനിന്ന് ഏകദേശം 120 കി.മീ. ദൂരെ കന്ദഹാറിലേക്കുള്ള റോഡിൽ ഈ നഗരം (33° 34′ വടക്ക് 68° 32′ കിഴക്ക്) സ്ഥിതിചെയ്യുന്നു. ഗസ്നവിദ് രാജവംശത്തിൻെറ ആസ്ഥാനം എന്ന നിലയിൽ ഭാരതചരിത്രത്തിൽ ഈ നഗരം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. ജനസംഖ്യ 6,76,416 (1982).

ചരിത്രപ്രാധാന്യമുള്ള ഒരു നഗരമാണു ഗസ്നി. ഇസ്ലാംകാലഘട്ടത്തിനു മുമ്പുതന്നെ ചൈനീസു സഞ്ചാരികൾ തങ്ങളുടെ യാത്രാവിവരണങ്ങളിൽ ഈ നഗരത്തെക്കുറിച്ചു പ്രതിപാദിച്ചിട്ടുണ്ട്. മുഹമ്മദീയരുടെ ആക്രമണകാലത്ത് ഈ നഗരത്തിനു വാണിജ്യത്തിൽ സ്ഥാനമുണ്ടായിരുന്നു. എ.ഡി. 662-നും 668-നു മിടയ്ക്കു മൊയാവിയായിലെ ഖലീഫ് ഈ നഗരം ആക്രമിച്ചു. അക്കാലം മുതൽ മുഹമ്മദീയരുടെ ആധിപത്യം ഇവിടെ നിലനിന്നു. ഇന്ത്യാചരിത്രത്തിൽ പ്രസിദ്ധനായ മുഹമ്മദ് ഗസ്നി പതിനൊന്നാംനൂറ്റാണ്ടിൽ ഈ നഗരം തൻെറ രാജധാനിയാക്കി. നാദിർഷായുടെ ആക്രമണകാലംവരെ ഗസ്നി ബേബറിൻെറ പിൻഗാമികളുടെ കൈവശമായിരുന്നു. നാദിർഷായുടെ മരണശേഷം നഗരം അഫ്ഘാൻകാർ കീഴടക്കി. എന്നാൽ 1839-ൽ ബ്രിട്ടീഷുകാർ ഇതു പിടിച്ചെടുത്തു. അക്കാലം മുതൽ അഫ്ഘാൻകാർ ബ്രിട്ടീഷുകാരിൽനിന്നും നഗരം വീണ്ടെടുക്കാൻ ശ്രമിച്ചു. 1921-ൽ ബ്രിട്ടൻ അഫ്ഘാനിസ്താനു പൂർണസ്വാതന്ത്ര്യം നല്കിയതോടെ ഗസ്നി അഫ്ഘാനിസ്താനിലെ ഒരു നഗരമായി.



ഗസ്നിയിലെ ഒരു ചന്ത

പഴങ്ങൾ, ആട്ടിൻരോമം, തോൽ മുതലായവയാണു ഗസ്നിയിലെ പ്രധാന വാണിജ്യവിഭവങ്ങൾ. കാബൂൾ റോഡു തുറക്കപ്പെട്ടതോടെ ഗസ്നിയുടെ വാണിജ്യപ്രാധാന്യം വർധിച്ചിട്ടുണ്ട്. ഗോതമ്പ്, ബാർലി എന്നിവ ഗസ്നിയിൽ വിളയുന്നു. കാലാവസ്ഥ പൊതുവെ ശൈത്യമുള്ളതാണ്. ഒരു വർഷത്തിൽ മൂന്നു മാസക്കാലം മഞ്ഞു മൂടിക്കിടക്കും. എങ്കിലും ഉഷ്ണകാലത്തു കാബൂളിലേക്കാൾ കടുത്ത ചൂടു ഗസ്നിയിൽ അനുഭവപ്പെടുന്നു. നഗരത്തിൻെറ അധികഭാഗവും ചരിത്രസ്മാരകങ്ങളും ചരിത്രാവശിഷ്ടങ്ങളും നിറഞ്ഞതാണ്. ദില്ലിയിലെ കുത്തബ്മിനാറിനോടു സാമ്യമുള്ള രണ്ടു ഗോപുരങ്ങൾ ഇക്കൂട്ടത്തിൽ പ്രാധാന്യമർഹിക്കുന്നു. ഈ ഗോപുരങ്ങൾക്കു ശരാശരി 42.7 മീറ്റർ ഉയരം വരും.

ഗളിവറുടെ സഞ്ചാരകഥകൾ

ജോനാതൻ സിഫ്റ്റ് എന്ന ആംഗല സാഹിത്യകാരൻെറ ഹാസ്യകൃതി. *ഗളിവേഴ്സ് ട്രാവൽസ്* (Gulliver's Travels) എന്നാണു മൂലകൃതിയുടെ പേര്. *ഗളിവറുടെ സഞ്ചാരകഥകൾ* എന്ന പേരിൽ ഇതിൻെറ മലയാള പരിഭാഷ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1726-ൽ ആണു മൂലകൃതി പുറത്തിറങ്ങിയത്. അലസമായ സംതൃപ്തിയിൽ മയങ്ങിക്കിടക്കുന്നവരെ തട്ടി ഉണർത്തി യുക്തി ബോധത്തിൻെറയും ആത്മപരിശോധനയുടെയും അന്വേഷണബുദ്ധിയുടെയും മണ്ഡലത്തിലേക്കു നയിക്കുക എന്നതായിരുന്നു ഗ്രന്ഥകാരൻെറ ലക്ഷ്യമെന്ന് അദ്ദേഹം അലക്സാണ്ടർ പോപ്പിനുള്ള ഒരു കത്തിൽ സൂചിപ്പിക്കുന്നു.

ഗളിവർ നാലു സാങ്കല്പിക രാജ്യങ്ങളിലേക്കു കപ്പൽയാത്ര നടത്തുന്നതായി ചിത്രീകരിക്കുന്നു. മനുഷ്യരിലെ പ്രവതണകളുടെ പ്രതിരൂപാത്മക മൂർത്തീകരണങ്ങളാണ് അദ്ദേഹം കണ്ടെത്തുന്ന വ്യക്തികളായി ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്.

ഗൾഫ് കടലൊഴുക്ക് (Gulf Stream)

ഒരു ഉപ്പുജലപ്രവാഹം. അമേരിക്കയിലെ മെക്സിക്കൻ ഉൾക്കടലിൽ നിന്നാരംഭിച്ച്, ഫ്ളോറിഡയ്ക്കും ക്യൂബയ്ക്കും മധ്യത്തിലൂടെ നീങ്ങി, വടക്കേ അമേരിക്കയുടെ അത്‌ലാന്തിക്‌തീരത്തിനു സമാന്തരമായി വടക്കോട്ടു പ്രവഹിച്ച് കിഴക്കോട്ടുതിരിഞ്ഞ്, ഇംഗ്ലണ്ടിനു സമീപത്തേക്ക് ഒഴുകുന്നു. മെക്സിക്കൻ ഉൾക്കടലിൽനിന്ന് ആരംഭിക്കുന്നതിനാലാണ് ഇതിനു ഗൾഫ് സ്റ്റ്രീം എന്ന പേരുവന്നത്. മെക്സിക്കൻ ഉൾക്കടലിൽ സംഭവിക്കുന്ന നീർച്ചുഴി മൂലമാണ് ഇത് ഉണ്ടാകുന്നത്. ചുഴിയുണ്ടാകുമ്പോൾ കടലിലെ ശീതജലം താഴോട്ടു വലിയുന്നു. അപ്പോൾ ഭൂമധ്യരേഖയിലെ ചൂടുള്ള സമുദ്രജലം അവിടെ പ്രവേശിച്ചു തണുത്ത ജലമുള്ള വടക്കുഭാഗത്തേക്കു നീങ്ങുന്നു. അമേരിക്കയുടെ പൂർവതീരത്തുനിന്ന് 16 മുതൽ 800



ഗൾഫ്സ്റ്റ്രീമിൻെറ ഉദ്ഭവവും ഗതിയും

വരെ കി.മീറ്റർ അകന്നാണു സഞ്ചരിക്കുന്നത്.

അതിൻെറ പ്രവാഹമാർഗത്തിലുള്ള തണുത്ത സമുദ്രജലത്തെ ചൂടുപിടിപ്പിച്ച് അന്തരീക്ഷത്തിലെ വായുവിനും ചൂടുനല്കുന്നു. ന്യൂ ഫൗൺഡ്‌ലാൻഡിനു സമീപം ലാബ്രഡോർ ശീതജലപ്രവാഹവുമായി സന്ധിക്കുന്നു. ഇവിടെ വിപുലമായ തോതിൽ മത്സ്യബന്ധനം നടക്കുന്നു. അമേരിക്കൻതീരത്തെ അത്‌ലാന്തിക്നഗരങ്ങളുടെ കാലാവസ്ഥയിൽ സ്വാധീനം ചെലുത്തുന്നതിനുപുറമെ, ഈ പ്രവാഹം ഇംഗ്ലണ്ടിലെ കാലാവസ്ഥയെയും സ്വാധീനിക്കുന്നു. ഈ ഉഷ്ണജലപ്രവാഹം അതിൻെറ പ്രയാണത്തിൽ ഉത്തരഅത്‌ലാന്തിക് ജലപ്രവാഹവുമായി സന്ധിക്കുന്നത് ഉത്തരഅക്ഷാംശം 40 ഡിഗ്രിയിലും പശ്ചിമധ്രുവാംശം 60 ഡിഗ്രിയിലുംവച്ചാണ്. ഈ ജലപ്രവാഹത്തിൻെറ നിറം കരിംനീലയാണ്. വേഗം മണിക്കൂറിൽ 4.8 കി.മീറ്റർ.

ഈ പ്രവാഹത്തിൻെറ സവിശേഷതകൾ ഇടുങ്ങിയ സ്വഭാവവും (100 കിലോമീറ്ററോളം) ഉയർന്ന വേഗവുമാണ്. ഇതിനു 4000-5000 മീറ്റർ ആഴമുണ്ട്.

ഗറിക്, ഓട്ടോവോൺ (1602—1686)

ജെർമൻ ഭൗതികജ്ഞൻ. 1602 മെയ് 20-ന് ജെർമനിയിലെ മാഗ്ഡിബർഗിൽ ജനിച്ചു. നിയമവും ഗണിതശാസ്ത്രവും പഠിച്ചു. ഫ്രാൻസും ഇംഗ്ലണ്ടും സന്ദർശിച്ചു. 1636-ൽ എർഫർട്ടിൽ ചീഫ് എൻജിനീയറും 1646-ൽ നഗരത്തിൻെറ മേയറും ബ്രാൻഡെൻബെർഗിലെ മജിസ്ട്രേട്ടുമായി.



ഗറിക് തൻെറ ഒഴിവുസമയം ശാസ്ത്രപഠനങ്ങൾക്കായി വിനിയോഗിച്ചു. ടോറിസെല്ലി, ഗലീലിയോ, പാസ്കൽ എന്നിവരെ പിന്തുടർന്ന് ഇദ്ദേഹം വാക്വം (നിർവാതം) ഉണ്ടാക്കുന്നതിനാണു യത്നിച്ചത്. 1650-ൽ എയർപമ്പ് കണ്ടുപിടിച്ചു. രാജാവായിരുന്ന ഫെർഡിനൻഡ് III-ാമൻെറ മുമ്പിൽ രണ്ടുചെമ്പ് അർധഗോളങ്ങൾ ചേർത്തുവച്ച് അതിനുള്ളിൽ വാക്വമുണ്ടാക്കി വായുമർദത്തിൻെറ ശക്തി പ്രദർശിപ്പിച്ചു. 'മാഗ്ഡിബർഗ് അർധഗോളങ്ങൾ' എന്ന് ഇവയെ പറയുന്നു. ആദ്യമായി വൈദ്യുതി ഉപയോഗിച്ചു കാണത്തക്കവണ്ണം പ്രകാശമുത്പാദിപ്പിച്ചതും ഇദ്ദേഹമാണ്. ഇതിൽ ഘർഷം ഉണ്ടാക്കുന്നതിന് ഇദ്ദേഹം ഉപയോഗിച്ചത് ഉരുളുന്ന ഗന്ധകപ്പന്താണ്. ധൂമകേതുക്കളുടെ തിരിച്ചുവരവിനെപ്പറ്റിയും ഇദ്ദേഹം പ്രസ്താവിച്ചു. 1886 മെയ് 11-ന് ഹാംബർഗിൽ നിര്യാതനായി.

ഗാ

ഗാംഗുലി (കുമാരി) ജ്യോതിർമയി

(1889—1945)

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ഒരു രക്തസാക്ഷി. 1889 ജനുവരിയിൽ കൽക്കത്തയിൽ ജനിച്ചു. സ്വാതന്ത്ര്യസമരപ്രക്ഷോഭങ്ങളിൽ സജീവമായി പങ്കുകൊണ്ടു. ഐ. എൻ. എ (ഇന്ത്യൻ നാഷനൽ ആർമി)യിലെ ഭടന്മാരെ ബ്രിട്ടീഷധികാരികൾ അറസ്റ്റ്ചെയ്തു തടവിൽ പാർപ്പിച്ചപ്പോൾ അവരെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു വിദ്യാർഥികൾ ഒരു ജാഥ നയിച്ചു. ആ ജാഥയ്ക്കുനേരെ പോലീസ് വെടിവെയ്ക്കുകയും ഒരു വിദ്യാർഥി മരിക്കുകയും ചെയ്തു. ഈ വിദ്യാർഥിയുടെ ശവശരീരം വഹിച്ചുകൊണ്ടു ജാഥനയിച്ചിരുന്ന ഗാംഗുലിയെ ഒരു മിലിട്ടറി ട്രക്ക് തട്ടിവീഴ്ത്തുകയും അതിൻെറ ഫലമായി അവർ മരിക്കുകയും ചെയ്തു. 1945 നവംബർ 22-ന് ആണ്. ഈ സംഭവം നടന്നത്.

ഗാംഗുലി, പ്രഭാത് (1913—)

നൃത്തനാടകസംവിധായകൻ. 1913 ഓഗസ്റ്റ് 15-നു കാശിയിൽ ജനിച്ചു. നൃത്തം, നൃത്തനാടകം ഇവയിൽ ഉദയശങ്കറിൻെറ അൽമോറയിലെ ഇന്ത്യൻ കൾച്ചറൽ സെൻററിൽനിന്നു ശിക്ഷണം ലഭിച്ചു. 1940-'43-ൽ അവിടെ പ്രവർത്തിച്ചു. പിന്നീടു ദില്ലി, ബോംബെ എന്നീ സ്ഥലങ്ങളിൽ നൃത്തസംവിധായകനായും 1964 മുതൽ ഗ്വാളിയറിൽ രംഗശ്രീ കലാസംഘത്തിൻെറ സംവിധായകനായും പ്രവർത്തിച്ചു. സംഗീതനാടക അക്കാദമിയുടെ അവാർഡും ഫെലോഷിപ്പും ലഭിച്ചിട്ടുണ്ട്.

ഗാംഗ്ലിയൻ (Ganglion)

മാംസപേശികളുമായി ബന്ധപ്പെട്ട പേശിനാരിൻെറ (ടെൻഡൺ) വീക്കം. പേശിനാരിലെ ദ്രവം (ഫ്ളൂയിഡ്) ഒരു സ്ഥലത്തുവന്നു ശേഖരിക്കുന്നതിനാലാണു വീക്കം അനുഭവപ്പെടുന്നത്. ബാൻഡേജുകെട്ടിയും അമർത്തി ഉഴിഞ്ഞും തിരുമ്മിയും ചിലപ്പോൾ ശസ്ത്രക്രിയ കൊണ്ട് അകത്തുള്ള നീരു കളഞ്ഞും ചികിത്സിക്കുന്നു.

ഗാംബിയ

ആഫ്രിക്കയുടെ പടിഞ്ഞാറെ തീരത്തുള്ള ഒരു ചെറിയ സ്വതന്ത്രരാഷ്ട്രം. അറ്റ്ലാൻറിക് സമുദ്രതീരത്തുനിന്ന് ഏകദേശം 480 കി.മീറ്റർ കിഴക്കോട്ടു നീണ്ടു തെക്കുവടക്കു ദൂരംകുറഞ്ഞ ഗാംബിയയുടെ മൂന്നുഭാഗവും സെനഗലിനാൽ ചുറ്റപ്പെട്ടിരിക്കുന്നു. വിസ്തൃതി 10,386 ച.കി.മീറ്റർ. ജനസംഖ്യ 7,64,500 (1986). തലസ്ഥാനം ബഞ്ജൂൽ.

രാജ്യത്തിൻെറ മധ്യഭാഗത്തുകൂടി ഗാംബിയനദി ഒഴുകുന്നു. സമതലപ്രദേശമാണു ഗാംബിയ മുഴുവൻ. ഭൂമധ്യരേഖയ്ക്കു വടക്ക് 13° 30′ നും 13°55′-നുമിടയ്ക്കുള്ള ഗാംബിയ ഉഷ്ണപ്രദേശമാണ്. താപനില 15.5° മുതൽ 38°C വരെ ആണ്. വർഷംതോറും ശരാശരി മഴ 75 സെ.മീ. വരും. ഇവിടെ ധാരാളം കുരങ്ങുകളുണ്ട്. മാൻ, പുലി, സിംഹം എന്നിവയും ചുരുക്കമായി കാണപ്പെടുന്നു. നദികളിൽ മുതലയും നീർക്കുതിരയും ഉണ്ട്. റ്റെറ്റ്സ്ഈച്ച, കൊതുക് എന്നിവ ധാരാളമുണ്ട്.

ചരിത്രം. 1455-ൽ പോർത്തുഗീസുകാരായ കപ്പലോട്ടക്കാരാണു ഗാംബിയ കണ്ടുപിടിച്ചത്. എന്നാൽ അവർ അവിടെ താമസമാക്കിയില്ല. പതിനേഴാംനൂറ്റാണ്ടിൽ പല കച്ചവടക്കമ്പനികളും ഇവിടെ വ്യാപാരത്തിനുള്ള അവകാശം സമ്പാദിക്കുകയും നദിക്കരയിൽ കുടിയേറിപ്പാർപ്പ് ആരംഭിക്കുകയും ചെയ്തു. 1807 മുതൽ സീറാലിയോണിൽ നിന്നാണ് ഈ പ്രദേശത്തിൻെറമേൽ നിയന്ത്രണം നടത്തിയിരുന്നത്. 1843-ൽ ഗാംബിയ സ്വതന്ത്ര ക്രൗൺകോളണിയായി. 1965 ഫെബ്രുവരി 18-ാം തീയതി ഗാംബിയ പൂർണമായും സ്വതന്ത്രമായി. കോമൺവെൽത്ത് ഒഫ് നേഷൻസിൽ അംഗമാണ്, ഐക്യരാഷ്ട്രസംഘടനയിലും.

ഭരണം. പ്രസിഡൻറ് ആണു രാഷ്ട്രത്തലവൻ. കാബിനെറ്റ് സമ്പ്രദായമുള്ളതാണു ഗവൺമെൻറ്. ഏകമണ്ഡലനിയമസഭയിൽ 49 അംഗങ്ങളുണ്ട്. പ്രായപൂർത്തിയായവർക്കെല്ലാം വോട്ടവകാശമുണ്ട്.



നിലക്കടല ചാക്കിൽ നിറക്കുന്നു

ഹൗസ് ഒഫ് റിപ്രസൻേററ്റീവ്സ് എന്നാണു നിയമനിർമാണസഭയുടെ പേർ. ഔദ്യോഗികഭാഷ ഇംഗ്ലീഷ്. പീപ്പിൾസ് പ്രോഗ്രസ്സീവ് പാർട്ടിയും യുണൈറ്റഡ് പാർട്ടിയും ആണു മുഖ്യകക്ഷികൾ.

ഭരണസൗകര്യത്തെ ഉദ്ദേശിച്ചു രാജ്യത്തെ ആറു ഡിവിഷനുകളായി തിരിച്ചിരിക്കുന്നു. ഓരോ ഡിവിഷനും ഓരോ കമ്മിഷണറുണ്ട്. ജനസംഖ്യയുടെ 25 ശ.മാ. സാക്ഷരരാണ്.

സാമ്പത്തികസ്ഥിതി: നിലക്കടലയാണു പ്രധാനകൃഷി. 1956 മുതൽ 1959 വരെ ബ്രിട്ടീഷ് കമ്പനികൾ ഇൽമനൈറ്റ് കുഴിച്ചെടുത്തിരുന്നു. മറ്റു ധാതുദ്രവ്യങ്ങളൊന്നും ഇല്ല. തുണിത്തരങ്ങളാണു മുഖ്യമായ ഇറക്കുമതി. 1984-ലെ ഉത്പാദനം 1,14,000 ടൺ. വാർഷികവരുമാനം റെവന്യൂ 17,26,42,000 ദലാസി (5 ദലാസി = 1 പവൻ). കാർഷികവരുമാനം 1541 ലക്ഷം ദലാസി. വ്യവസായം 411 ലക്ഷം ദലാസി വ്യാപാരം 1344 ലക്ഷം ദലാസി. 1984-ലെ വ്യാപാരമിച്ചം — 1401 ലക്ഷം ദലാസി. മൊത്തം ദേശീയവരുമാനം 20 കോടി യു.എസ്. ഡോളർ. പ്രതിശീർഷവരുമാനം 290 ഡോളർ.

ഗതാഗതം: പ്രധാന തുറമുഖം ബാതേഴ്സ്റ്റ് ആണ്. 1916 കി.മീറ്റർ റോഡുണ്ട്. തീവണ്ടിയില്ല. ദിനപത്രങ്ങളില്ല. റേഡിയോ: ഒരു ലക്ഷം, ടെലിഫോൺ 3,476 (1980-ൽ). പോസ്റ്റൽ ഏജൻസികളും കമ്പിയില്ലാക്കമ്പി സർവീസും പ്രവർത്തിച്ചുവരുന്നു. 'യണ്ടും' ആണു വിമാനത്താവളം.

1981-ൽ ഒരു അട്ടിമറിശ്രമം നടന്നെങ്കിലും പരാജയപ്പെട്ടു. സെനെഗലുമായിച്ചേർന്ന് ഒരു കോൺഫെഡറേഷനുണ്ടാക്കാൻ 1982 ഫെബ്രുവരി 1-നു തീരുമാനമെടുത്തു. രാജ്യരക്ഷ, ധനകാര്യം, വിദേശനയം ഇവയിൽ സഹകരിച്ചു പ്രവർത്തിക്കുന്നു.

ഗാംബിയ നദി

പശ്ചിമാഫ്രിക്കയിൽ ഗിനിയയിൽ വടക്കുപടിഞ്ഞാറൻ ഭാഗത്തുള്ള മലകളിൽനിന്നുദ്ഭവിച്ചു വടക്കോട്ടും വടക്കുപടിഞ്ഞാറോട്ടും ഒഴുകിയശേഷം ഗാംബിയരാജ്യത്തിൽ പ്രവേശിച്ച് അതിൻെറ മധ്യഭാഗത്തുകൂടി 480 കി. മീറ്റർ പടിഞ്ഞാറോട്ടൊഴുകി 16° 40′ പ. അക്ഷാംശത്തിൽ വച്ച് അത്‌ലാന്തിക്സമുദ്രത്തിൽ ചേരുന്നു. അതിൻെറ അഴിമുഖത്തു ബാത്തേഴ്സ്റ്റ്തുറമുഖം സ്ഥിതിചെയ്യുന്നു. ബാത്തേഴ്സ്റ്റ് മുതൽ മേല്പോട്ട് 480 കി. മീ. ദൂരം കപ്പൽഗതാഗതയോഗ്യമാണ്.

ഗാങ്ഗ്രീൻ (Gangrene)

ശരീരത്തിൻെറ ഒരു ഭാഗമോ അവയവമോ നിർജീവമായിപ്പോകുന്ന രോഗം. ഗാങ്ഗ്രീൻ ബാധിച്ച കലയോ അവയവമോ ചില സവിശേഷതകൾ പ്രകടമാക്കുന്നു. 1. നിറം മാറ്റം. 2. സ്പർശനശക്തിയുടെ നഷ്ടം. 3. ഗാങ്ഗ്രീൻ ബാധിച്ച ഭാഗത്തു ചൂട് അനുഭവപ്പെടായ്ക. 4 രക്തസഞ്ചാരം നിലച്ചുപോവുക. 5. ആ ഭാഗം ഉപയോഗിക്കുവാനോ ചലിപ്പിക്കുവാനോ കഴിയാത്ത അവസ്ഥ.

പ്രമേഹം, ആർട്ടീരിയോസ്ക്ലീറോസിസ്,ടൈഫസ് എന്നീ രോഗങ്ങൾക്കു ശേഷമാണു സാധാരണ ഗാങ്ഗ്രീൻ ഉണ്ടാകുന്നത്. ഈ രോഗം മൂന്നു തരത്തിൽ ഉണ്ട്: ഡ്രൈ ഗാങ്ഗ്രീൻ, വെറ്റ് ഗാങ്ഗ്രീൻ, ഗാസ് ഗാങ്ഗ്രീൻ.

രക്തപ്രവാഹത്തിൻെറ കുറവുമൂലം അവയവാഗ്രങ്ങൾ നിർജീവമാകുന്നതാണു ഡ്രൈ ഗാങ്ഗ്രീൻ. തീപ്പൊള്ളൽ മൂലമോ രക്തം കട്ടപിടിക്കുന്നതുകൊണ്ടോ രക്തചംക്രമണം തടസ്സപ്പെട്ട് ഉണ്ടാകുന്നതാണു വെറ്റ് ഗാങ്ഗ്രീൻ. ക്ലോസ്ട്രിഡിയം എന്ന ബാക്റ്റീരിയ ഗാസ് ഗാങ്ഗ്രീനു കാരണമാകുന്നു. ഗാങ്ഗ്രീനുള്ള കാരണം കണ്ടുപിടിച്ചിട്ടുവേണം ചികിത്സചെയ്യാൻ. ലക്ഷണങ്ങൾ കണ്ടയുടനെ ചികിത്സിച്ചില്ലെങ്കിൽ ചീഞ്ഞഭാഗം മുറിച്ചു കളയേണ്ടിവരും.

ഗാങ്ടോക്ക്

സിക്കിം സംസ്ഥാനത്തിൻെറ തലസ്ഥാനനഗരവും കിഴക്കൻ സിക്കിം ജില്ലയുടെ ഭരണകേന്ദ്രവും. സമുദ്രവിതാനത്തിൽനിന്ന് 1700 മീ. ഉയരത്തിൽ സ്ഥിതിചെയ്യുന്നു. ഗാങ്ടോക്ക് എന്ന വാക്കിൻെറ അർഥം മലമുകൾ എന്നാണ്. ഇന്ത്യാ-ടിബറ്റ് വ്യാപാരമാർഗത്തിൽ ഒരു പ്രധാന കേന്ദ്രമായിരുന്നു ഈ നഗരം. 1962-ൽ ഈ വ്യാപാരമാർഗം അടച്ചുപൂട്ടി. ഇവിടെയുള്ള ലാൽമാർക്കറ്റ് തുറസ്സായ പ്രദേശത്തു പ്രവർത്തിക്കുന്ന പ്രസിദ്ധമായ ഒരു വ്യാപാരകേന്ദ്രമാണ്. മഹായാന ബുദ്ധമതത്തിൽ ഗവേഷണം നടത്താനുള്ള സൗകര്യങ്ങളോടുകൂടിയ ഒരു സ്ഥാപനമാണ് ഇവിടുത്തെ നാമ്ഗ്യാൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടിബറ്റോളജി. നല്ല ഒരു ഗ്രന്ഥശാലയും കാഴ്ചബങ്ഗ്ലാവും ഇവിടെയുണ്ട്. പരവതാനിനിർമാണം, നെയ്ത്ത്, പരമ്പരാഗതമായ ആലേഖനകല എന്നിവയെ പ്രോത്സാഹിപ്പിക്കുന്ന കുടിൽവ്യവസായ ഇൻസ്റ്റിറ്റ്യൂട്ട്, ബുദ്ധവിഹാരമായ റംടേക്, ഏലത്തയ്യുത്പാദനകേന്ദ്രം എന്നിവയാണ് ഇവിടെയുള്ള മറ്റു സ്ഥാപനങ്ങൾ. ജനസംഖ്യ 36,747 (1981).



റംടേക്കിലെ
ബുദ്ധസന്യാസിമഠം

ഗാജേനൃത്തം

മഹാരാഷ്ട്രത്തിലെ തെക്കൻ സത്താറാപ്രദേശങ്ങളിൽ നടത്തുന്ന ശിവാരാധനാപരമായ ഗ്രാമീണനൃത്തം. ഷഹ്നായിയുടെയും ചില താളവാദ്യങ്ങളുടെയും അകമ്പടിയോടുകൂടി അവതരിപ്പിക്കപ്പെടുന്ന ഈ നൃത്തത്തിൽ പങ്കെടുക്കുന്ന നർത്തകർ തങ്ങളുടെ കൈകളിലുള്ള തൂവാലകൾ താളക്രമത്തിൽ അന്തരീക്ഷത്തിൽ വീശി ചുവടുവയ്ക്കുന്നു.

ഗാഡി

ഹിമാചൽപ്രദേശിലെ ചമ്പാജില്ലയിലുള്ള ലാഹോൾ-ഭാരപ്പൂർ ഭാഗങ്ങളിൽ പ്രചാരത്തിലുള്ള ഒരു നൃത്തവിശേഷം. ശിവസ്തുതിപരമായ ഈ നൃത്തപരിപാടിയിൽ ഇരുപതും മുപ്പതും പേർ പങ്കെടുത്തു വാദ്യോപകരണങ്ങളുടെ അകമ്പടിയോടുകൂടി ചടുലമായ താണ്ഡവം നടത്തുന്നു. ഇതോടുകൂടി ശിവസങ്കീർത്തനങ്ങളും ആലപിക്കാറുണ്ട്.

ഗാഡ്ഗിൽ, എൻ. വി. (1896—1962)

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലും സ്വാതന്ത്ര്യപ്രാപ്തിയെത്തുടർന്നു ഭരണരംഗത്തും സേവനം അനുഷ്ഠിച്ച നേതാവ്. 1896-ൽ രാജസ്ഥാനിൽ ജനിച്ചു. നീമച്ച്, ബറോഡ, പുണെ എന്നീ സ്ഥലങ്ങളിലായിരുന്നു വിദ്യാഭ്യാസം. 1918-ൽ ഇക്കണോമിക്സ്, പോളിറ്റിക്സ് എന്നീ വിഷയങ്ങളിൽ ഓണേഴ്സ്ബിരുദവും ബോംബെ ലോകോളെജിൽനിന്ന് എൽ. എൽ. ബി.ബിരുദവും നേടി. പുണെയിൽ കുറെക്കാലം അഭിഭാഷകനായിരുന്നു. ഇക്കാലത്താണു കോൺഗ്രസ്സിൽ ചേർന്നു രാഷ്ട്രീയപ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ തുടങ്ങിയത്. പുണെ ജില്ലാ കോൺഗ്രസ്സ്കമ്മിറ്റിയുടെയും മഹാരാഷ്ട്രാപ്രവിശ്യാ കോൺഗ്രസ്സ്കമ്മിറ്റിയുടെയും അധ്യക്ഷനായിരുന്നിട്ടുണ്ട്. അഖിലേന്ത്യാ കോൺഗ്രസ്സ്കമ്മിറ്റി അംഗമായി പ്രവർത്തിച്ചിരുന്നു. പുണെ നഗരസഭയുടെ ഉപാധ്യക്ഷൻ എന്ന നിലയിൽ നഗരഭരണസംബന്ധമായ പ്രായോഗികജ്ഞാനവും ഗാഡ്ഗിൽ ആർജിച്ചു. സത്യഗ്രഹസമരത്തിൽ പങ്കുകൊണ്ടതിനു പലപ്രാവശ്യം ജയിൽശിക്ഷ അനുഭവിച്ചിട്ടുണ്ട്. പഴയ ബോംബെ സംസ്ഥാനത്തിലെ യുവജനപ്രസ്ഥാനവുമായി അടുത്തു ബന്ധപ്പെട്ടിരുന്നു. 1934-ൽ കേന്ദ്രനിയമസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ്സ് നിയമസഭാകക്ഷിയുടെ വിപ്പ്, സെക്രട്ടറി എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കേന്ദ്രമന്ത്രിസഭയിൽ അംഗമായിരുന്നു. 1947 മെയ് മുതൽ 1952 വരെ പൊതുമരാമത്ത്, ഉത്പാദനം, സപ്ലൈ എന്നീ വകുപ്പുകൾക്കുള്ള കേന്ദ്രമന്ത്രിയായിരുന്നു. 1958 സെപ്റ്റംബറിൽ പഞ്ചാബിലെ ഗവർണരായി. അഭിപ്രായഭിന്നത കാരണം ഗവർണർപദം രാജിവച്ചു. തുടർന്നു പുണെ സർവകലാശാലയുടെ വൈസ്ചാൻസലറായി. ഈ സ്ഥാനത്തിരിക്കുമ്പോൾ 1962 ജനുവരി 12-ാം തീയതി നിര്യാതനായി. ഇന്ത്യയിലെ ബാങ്കിങ്പ്രസ്ഥാനവുമായി ഗാഡ്ഗിൽ ബന്ധപ്പെട്ടിരുന്നു. പൊതുസാമ്പത്തികകാര്യം, ധനശാസ്ത്രം, രാഷ്ട്രീയകാര്യങ്ങൾ എന്നിവയെ സംബന്ധിച്ചു മറാഠിയിലും ഇംഗ്ലീഷിലും അനവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. കേന്ദ്ര വാർത്താവിതരണപ്രക്ഷേപണവകുപ്പു മന്ത്രിയായിരുന്ന വി. എൻ. ഗാഡ്ഗിൽ ഇദ്ദേഹത്തിൻെറ മകനാണ്.

ഗാഡ്ഗിൽ, ഗംഗാധർ (1923—   )

മറാഠി ഗ്രന്ഥകാരനും സാഹിത്യകാരനും ധനശാസ്ത്രവിദഗ്ധനും. 1923 ആഗസ്റ്റ് 25-ാംതീയതി ബോംബെയിൽ ജനിച്ചു.ബോംബെ, ഹാർവെഡ്, സ്റ്റാൻഫെഡ് എന്നീ കോളെജുകളിലായി വിദ്യാഭ്യാസം നടത്തി. 1957-ൽ റോക്ഫെല്ലർ ഫൗണ്ടേഷൻ സ്കോളർഷിപ്പ് ലഭിച്ചു. ചെറുകഥകൾ എഴുതുന്നതിൽ സ്വന്തമായ ഒരു ശൈലി ആവിഷ്കരിച്ചിട്ടുണ്ട്. ന്യൂയോർക്ക് ഹെറാൾഡ് ട്രിബ്യൂൺ ആദ്യമായി നടത്തിയ മറാഠി ചെറുകഥാമത്സരത്തിൽ ഒന്നാം സമ്മാനം നേടിയത് ഇദ്ദേഹമാണ്. നാടകം, നോവൽ, ചെറുകഥകൾ, നിരൂപണം, ബാലസാഹിത്യം എന്നീ ശാഖകളിൽ അനേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. പലതും സമ്മാനങ്ങൾ കരസ്ഥമാക്കിയവയാണ്. പല വിദേശീയഭാഷകളിലും ഭാരതീയഭാഷകളിലും ഗാഡ്ഗിലിൻെറ കൃതികൾ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ബോംബെയിലെ നർസി മൂംജി കോളെജിലെ പ്രൊഫസ്സറും പ്രിൻസിപ്പലും ആയിരുന്നു. 1987-ൽ കേന്ദ്ര സാഹിത്യഅക്കാദമിയുടെ വൈസ്പ്രസിഡൻറായി.

ഗാഡ്ഗിൽ, ഡി. ആർ. (1901—1971)

സാമ്പത്തികകാര്യവിദഗ്ധൻ. മുഴുവൻപേരു ധനഞ്ജയ രാമചന്ദ്ര ഗാഡ്ഗിൽ. ഇന്ത്യയിലെ ആസൂത്രണകമ്മിഷൻെറ ഉപാധ്യക്ഷനായിരുന്നു. നാഗപ്പൂരിലും കേംബ്രിജിലും വിദ്യാഭ്യാസം നടത്തി. 1924—'25-ൽ ബോംബെ ഗവൺമെൻറിൻെറ ധനകാര്യവകുപ്പിൽ അസിസ്റ്റൻറ് സെക്രട്ടറിയായി. 1925—'30 കാലത്തു സൂറത്തിലെ എം. റ്റി. ബി. കോളെജ് പ്രിൻസിപ്പലായിരുന്നു. പുണെയിലെ ഗോഖലെ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് പോളിറ്റിക്സ് ആൻഡ് ഇക്കണോമിക്സിൻെറ ഡയറക്റ്റർ, ബോംബെ ടെക്സ്റ്റൈൽ എൻക്വയറിക്കമ്മിറ്റിയംഗം, ഇന്ത്യാഗവൺമെൻറിൻെറ കാർഷിക ധനകാര്യക്കമ്മിറ്റിയുടെ അധ്യക്ഷൻ, ദേശീയവരുമാനക്കമ്മിറ്റിയംഗം, കമ്മോഡിറ്റീസ് പ്രൈസ് ബോർഡ് അംഗം, അവികസിതരാജ്യങ്ങളുടെ വികസനത്തെ സംബന്ധിച്ച യു. എൻ. കമ്മിറ്റി അംഗം, ഇൻറർനാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് പസിഫിക്ക് റിലേഷൻസ് പ്രോഗ്രാം കമ്മിറ്റിയധ്യക്ഷൻ, വ്യാപാരബോർഡ് അംഗം, തൊഴിലാളികളെ സംബന്ധിച്ച പഠനത്തിനായുള്ള അന്തർദേശീയസ്ഥാപനത്തിൻെറ ഉപദേശകസമിതിയംഗം, ആസൂത്രണക്കമ്മിഷൻെറ ഗവേഷണപ്രോഗ്രാം സമിതിയംഗം തുടങ്ങി പല നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സഹകരണസ്ഥാപനങ്ങളുടെ ഫെഡറേഷനുകൾ, സ്റ്റേറ്റ്ബാങ്ക് തുടങ്ങിയവയുടെ ഭരണസമിതികളിലും ചുമതലവഹിച്ചിരുന്നു. 1967 ഓഗസ്റ്റു വരെ രാജ്യസഭാംഗവും 1966—'67-ൽ പുണെ സർവകലാശാലാ വൈസ്ചാൻസലറുമായിരുന്നു. തൊഴിലാളിപ്രശ്നങ്ങളെയും സാമ്പത്തികപ്രശ്നങ്ങളെയും സംബന്ധിച്ചു പ്രാമാണികഗ്രന്ഥങ്ങളും പ്രബന്ധങ്ങളും രചിച്ചിട്ടുണ്ട്. 1971 മേയ് 3-ന് അന്തരിച്ചു.

ഗാഡ്ഗിൽ, മാധവ ധനഞ്ജയ ഡോക്ടർ (1942—   )

പരിസ്ഥിതിശാസ്ത്രജ്ഞൻ. 1942 മെയ് 24-നു പൂണെയിൽ ജനിച്ചു. ഹാർവെഡിൽനിന്ന് എം.എസ്സിയും പിഎച്ച്.ഡി.യും നേടി. ഹാർവെഡിൽതന്നെ ബയോളജി ലക്ചററും (1969—'71) അസോഷിയേറ്റ് പ്രൊഫസറും (1975—'81) ആയിരുന്നു. 1979—'81-ൽ പരിസ്ഥിതിയുടെ പ്ലാനിങ്ങിനുവേണ്ടിയുള്ള നാഷനൽ കമ്മിറ്റിയിൽ അംഗമായി. 1981-ൽ പദ്മശ്രീ ലഭിച്ചു. ഇപ്പോൾ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സയൻസിലെ സെൻറർ ഫോർ ഇക്കോളജിക്കൽ സയൻസു വിഭാഗത്തിൽ പ്രവർത്തിക്കുന്നു. പശ്ചിമഘട്ടത്തിലെ പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ചു പഠിക്കാൻ ഇന്ത്യാഗവൺമെൻറു നിയമിച്ച കമ്മിറ്റിയുടെ നേതാവായിരുന്നു.

ഗാഡ്ഗിൽ, വി. എൻ. (1928—)

മഹാരാഷ്ട്രക്കാരനായ ഒരു രാഷ്ട്രീയനേതാവ്. 1985 മുതൽ 1987 വരെ കേന്ദ്ര വാർത്തവിതരണപ്രക്ഷേപണവകുപ്പിലെ മന്ത്രി. വിദേശങ്ങളിൽ പല സമ്മേളനങ്ങളിലും ഇദ്ദേഹം ഇന്ത്യയെ പ്രതിനിധാനം ചെയ്തു. മുഴുവൻ പേർ വിഠൾ നരഹർ ഗാഡ്ഗിൽ.

1928 സെപ്റ്റംബർ 22-നു പുണെയിൽ ജനിച്ചു. പിതാവു സ്വാതന്ത്ര്യസമരനേതാവും കേന്ദ്രമന്ത്രിയും ആയിരുന്ന എൻ.വി. ഗാഡ്ഗിൽ. നിയമബിരുദം നേടിയശേഷം അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടു. ബോംബെയിലെ രൂപാരെൽ കോളെജിൽ സാമ്പത്തികശാസ്ത്രത്തിൽ ഓണററിപ്രൊഫസറായും ന്യൂ ലോ കോളെജിൽ കോൺസ്റ്റിറ്റ്യൂഷനൽ ലോ പ്രൊഫസറായും സേവനമനുഷ്ഠിച്ചു. 1975—'77, 1983—'84 കാലത്തു കേന്ദ്രത്തിൽ സ്റ്റേറ്റുമന്ത്രിയായി. 1985-ൽ വീണ്ടും കേന്ദ്രമന്ത്രിയായി. 1987-ലെ പുനഃസംഘടനയിൽ മന്ത്രിസ്ഥാനം നഷ്ടപ്പെട്ടു. ഇപ്പോൾ കോൺഗ്രസ്(ഐ) സെക്രട്ടറിമാരിൽ ഒരാൾ.

1972-ൽ ബൾഗേറിയയിൽവച്ചു ജനാധിപത്യവും സോഷ്യലിസവും എന്ന വിഷയത്തെക്കുറിച്ചു നടന്ന സമ്മേളനത്തിൽ ഇന്ത്യയുടെ പ്രതിനിധിയായി പങ്കുകൊണ്ടു. 1973-ൽ ബ്രിട്ടൺ, പടിഞ്ഞാറൻ ജെർമനി എന്നിവിടങ്ങളിലേക്ക് ഇന്ത്യയിൽനിന്നുപോയ പാർലമെൻററി പ്രതിനിധിസംഘത്തെ നയിച്ചു. 1975-ൽ യു.എൻ. ജനറൽ അസംബ്ലിയിലേക്കു പോയ ഇന്ത്യൻ പ്രതിനിധിസംഘത്തിൽ അംഗമായിരുന്നു. *'മഹാന്മാരുടെ വിചാരണ'*, *'ഇന്ത്യയിലെ ജുഡീഷ്യൽഭരണം'*, *'അശ്ലീലവും നിയമവും'* എന്നിങ്ങനെ ചിലഗ്രന്ഥങ്ങൾ ഇദ്ദേഹം മറാഠിഭാഷയിൽ രചിച്ചിട്ടുണ്ട്.

ഗാണപത്യന്മാർ

ഗണപതിയെ ഉപാസിക്കുന്നവർ. ഈ മതവിഭാഗത്തിൽ ആറ് ഉപവിഭാഗങ്ങൾ ഉണ്ടായിരുന്നതായി പത്താംശതകത്തിൽ വിരചിതമായ ആനന്ദതീർഥൻെറ 'ശങ്കരവിജയ'ത്തിൽ കാണുന്നു. മഹാഗണപതി, ഹരിദ്രാഗണപതി, ഉച്ഛിഷ്ടഗണപതി, നവനീതഗണപതി,സ്വർണ ഗണപതി, സന്താനഗണപതി എന്നീ രൂപങ്ങളിൽ ഗണപതിയെ ആരാധിച്ചിരുന്നവരാണ് ഈ ആറു കൂട്ടർ. ആരാധനാരൂപങ്ങളിലും മന്ത്രങ്ങളുടെ പദഘടനകളിലും മറ്റും മാത്രമേ ഈ ഉപവിഭാഗങ്ങൾ തമ്മിൽ വ്യത്യാസമുണ്ടായിരുന്നുള്ളു. ആറുകൂട്ടരും ഗണേശനെ ആദികാരണമായി സങ്കല്പിച്ചു. വൈഷ്ണവദർശനത്തിലെ വിഷ്ണുസങ്കല്പത്തിനു തുല്യമാണു ഗണേശനെപ്പറ്റിയുള്ള ഗാണപത്യന്മാരുടെ സങ്കല്പം. ഉച്ഛിഷ്ടഗണപതിയുടെ ആരാധകന്മാർ പ്രത്യേക പരാമർശമർഹിക്കുന്നു. ദേവിയെ ഗണേശൻെറ 'ശക്തി'യായിട്ടാണ് ഇവർ കണ്ടത്. ഇവരിൽതന്നെ ഹൈരംബന്മാർ എന്ന ഗൂഢാരാധനക്കാർ എല്ലാ നിർബന്ധിത അനുഷ്ഠാനങ്ങളെയും, ജാതിവ്യത്യാസത്തേയും വിവാഹബന്ധത്തെയും നിരാകരിച്ചു. തന്ത്രവിധിപ്രകാരമുള്ള സംയോഗം അവർക്ക് ആരാധനയുടെ അത്യുന്നതരൂപമായിരുന്നു. ആരാധകൻ ഹേരംബ(ഗണേശ)നോടും ആരാധിക ഗണേശൻെറ 'ശക്തി'യോടും താദാത്മ്യം പ്രാപിക്കുന്നു എന്നാണ് അവർ പറയുന്നത്.

ഗാണ്ഡീവം

അർജുനൻെറ വില്ല്. ഇതു സോമൻ വരുണനും വരുണൻ അഗ്നിക്കും നല്കി. ഖാണ്ഡവവനദഹനം നടത്താൻവേണ്ടി അഗ്നി അർജുനനു കൊടുത്തു. ഈ വില്ലുമൂലമാണു ഗാണ്ഡീവധന്വാവെന്ന പേര് അർജുനനു ലഭിച്ചത്. ഭാരതയുദ്ധത്തിൽ അർജുനൻെറ അമാനുഷിക വിജയങ്ങൾക്കെല്ലാം ഹേതുവായതു ഗാണ്ഡീവചാപത്തിൻെറ മഹത്വമാണ്. മറ്റൊരാളുടെ കയ്യിൽ ഗാണ്ഡീവം കൊടുക്കാൻ പറയുന്നവൻെറ തലവെട്ടുമെന്ന് അർജുനനൻ പ്രതിജ്ഞചെയ്തു (കർണപർവം). മഹാപ്രസ്ഥാനസമയത്തു പ്രത്യക്ഷപ്പെട്ട അഗ്നിദേവൻെറ നിർദേശപ്രകാരം അർജുനൻ ആ വില്ലു വരുണനു തിരിച്ചു നല്കുന്നു എന്ന സങ്കല്പത്തിൽ സമുദ്രത്തിൽ നിക്ഷേപിച്ചു.

ഗാഥ

ഒരുതരം പദ്യനിബന്ധം. കഥ, ശ്ലോകം, പദ്യം, ഗീതം എന്നൊക്കെ ഈ പദത്തിന് അർഥമുണ്ട്. ഇതിഹാസകഥാരൂപമോ വീരപ്രശസ്തിപരമോ ആയ പദ്യനിബന്ധങ്ങൾക്കാണു ഗാഥ എന്നു സാധാരണമായി പറയുന്നത്. വർണസംഖ്യയ്ക്കു നിയമം ഇല്ലാത്ത പദ്യം എന്ന അർഥത്തിലും ഈ പദം പ്രയോഗിക്കാറുണ്ട്. 'കൃഷ്ണഗാഥ' ദ്രാവിഡ വൃത്തനിബന്ധമായ പുരാണകഥാനിബന്ധമാണ്.

> "ബോധമില്ലാതെ ഞാനേതുമേ വല്ലാതെ
> ഗാഥയായ് ചൊല്ലുന്നു ഭാഷയായി"

എന്നു കൃഷ്ണഗാഥാകാരൻ പറയുമ്പോൾ 'ദൃഢബദ്ധമല്ലാത്ത വൃത്തം' എന്ന അർഥമാണു വിവക്ഷിതം. അവൈദിക ഗാനം എന്ന അർഥവും 'ഗാഥ'യ്ക്ക് ഉണ്ട്.

ഹിന്ദി സാഹിത്യത്തിൽ പദ്യനിബദ്ധമായ വീരേതിഹാസത്തിനാണ് ഈ പേരു പറയുന്നത്. ഹിന്ദി സാഹിത്യത്തിലെ പ്രഥമഘട്ടത്തിനു രാമചന്ദ്രശുക്ല എന്ന പണ്ഡിതനിരൂപകൻ 'വീരഗാഥാകാൽ' എന്നാണു പേരു നല്കുന്നത്. ഗ്രാമ്യഭാഷയിലുള്ള ഗാനങ്ങളെ പൊതുവെ ഗാഥ എന്നു പറയാം. മാത്രാവൃത്തത്തിലുള്ള ശ്ലോകത്തെയും ഗാഥ എന്നു പറഞ്ഞുകേട്ടിട്ടുണ്ട്.

ഗാനങ്ങൾ

പാടുന്നതിന് ഉപയോഗിക്കുന്ന വാങ്മയം. സംഗീതത്തിലെ †കീർത്തനം, †സ്വരജതി, †വർണം, †പദം മുതലായവയും †ഗാഥ, †തിരുവാതിരപ്പാട്ട്, †നാടോടിഗാനങ്ങൾ, †ഭാവഗാനങ്ങൾ, †കിളിപ്പാട്ട് മുതലായവയും ഇതിന്റെ വിഭാഗങ്ങൾ ആണ്.

ഗാനിവെറ്റ്, ഏഞ്ചൽ (1865—'98)

സ്പാനിഷ്ഗ്രന്ഥകാരനും, രാഷ്ട്രമീമാംസാപണ്ഡിതനും. സ്പാനിഷ് ജനതയുടെ ആത്മചൈതന്യം തെളിച്ചുകാട്ടുന്നതിനും രാഷ്ട്രത്തിന്റെ ഭാവിവികസനത്തിനുള്ള മാനദണ്ഡങ്ങൾ നിർണയിക്കുന്നതിനുമാണ് അദ്ദേഹം തന്റെ കൃതികളിൽ ശ്രമിച്ചത്. സ്പെയിൻ അമേരിക്കയെ ആക്രമിച്ചു സാമ്രാജ്യവികസനത്തിനുള്ള ഒരു പൊതുനയം സ്വീകരിച്ചതോടുകൂടി അതിന്റെ അധഃപതനത്തിനു തുടക്കമിട്ടു എന്നദ്ദേഹം പറഞ്ഞു. മാതൃരാജ്യം പ്രവർത്തനരംഗമാക്കി, സ്പാനിഷ് ജനതയുടെ ആത്മീയപുനരുത്ഥാനം ലക്ഷ്യമാക്കുന്ന ഒരു ദേശീയത(Nationalism)യ്ക്കുവേണ്ടി അദ്ദേഹം വാദിച്ചു. സമകാലിക സ്പെയിനിലെ അന്തഃസാരരഹിതമായ ജീവിതരീതിയെ അദ്ദേഹം അങ്ങേയറ്റം നിന്ദിച്ചു. പക്ഷേ, വൈരുധ്യങ്ങൾ ഉൾക്കൊണ്ടതായിരുന്നു അദ്ദേഹത്തിന്റെ രാഷ്ട്രീയാശയങ്ങൾ. ജനാധിപത്യവാദികൾക്കും ജനാധിപത്യവിരുദ്ധർക്കും ഒരുപോലെ താന്താങ്ങളുടെ നിലപാടിനെ നീതിമത്കരിക്കാവുന്ന വാദമുഖങ്ങൾ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ ലഭ്യമായിരുന്നു. അദ്ദേഹം പ്രാദേശികമനസ്ഥിതിക്കെതിരെ പൊരുതി. പക്ഷേ, തികച്ചും ദേശീയമായ താത്പര്യങ്ങൾ ഒഴിച്ചു ബാക്കി എല്ലാ കാര്യങ്ങളും പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളുടെ അധികാരസീമയിലായിരിക്കണം എന്നദ്ദേഹം പറഞ്ഞു.

ഗാന്ധർവവിവാഹം

സ്മൃതിവിഹിതമായ എട്ടുതരം വിവാഹങ്ങളിൽ ഒന്ന്. അനുരക്തരായ യുവതീയുവാക്കൾ മാതാപിതാക്കളുടെ അറിവോ സമ്മതമോ കൂടാതെ നടത്തുന്ന വിവാഹമാണു ഗാന്ധർവം. ഗന്ധർവന്മാരുടെ ഇടയിൽ നടപ്പുള്ളത് എന്നാണു 'ഗാന്ധർവ' ശബ്ദത്തിന്റെ വാച്യാർഥം. ഗന്ധർവന്മാരുടെ ഇടയിൽ ഔപചാരികവിവാഹങ്ങൾ നടപ്പില്ലാത്തതുകൊണ്ടാണു ചടങ്ങുകൾ ഒന്നുമില്ലാത്ത വിവാഹത്തെ ഗാന്ധർവം എന്നു പറയാൻ ഇടയായത്. ബ്രാഹ്മണരുടെ ഇടയിൽ ഇത്തരം വിവാഹം നിലവിൽ ഇരുന്നില്ല. ക്ഷത്രിയർക്കു ഗാന്ധർവവിവാഹം സ്വീകാര്യമാണ് എന്നു സ്മൃതികാരന്മാർ പറയുന്നു. ദുഷ്യന്തൻ ശകുന്തളയെ സ്വീകരിച്ചതു ഗാന്ധർവവിധിപ്രകാരമാണ്.

ഗാന്ധാരം

പാകിസ്താനിലെ പെഷവാർ, റാവൽപിണ്ടി ജില്ലകളുടെ സ്ഥാനത്ത് ഉണ്ടായിരുന്ന പ്രാചീന രാജ്യം. ഇന്ത്യ, മധ്യേഷ്യ, വിദൂരപൗരസ്ത്യരാജ്യങ്ങൾ ഈ പ്രദേശങ്ങളുടെ വ്യാപാരകേന്ദ്രമായിരുന്നു. ഒരു സവിശേഷകലാരൂപം ഇവിടെ ഉടലെടുത്തു. †ഗാന്ധാര കല നോക്കുക.

ഋഗ്വേദത്തിൽ ഗാന്ധാരത്തെ പരാമർശിക്കുന്നു. ബൗദ്ധസാഹിത്യത്തിൽ ഗാന്ധാരത്തിലെ തക്ഷശിലാനഗരത്തെപ്പറ്റി ധാരാളം പരാമർശമുണ്ട്. അവിടെ പ്രശസ്തമായ ഒരു വിദ്യാകേന്ദ്രം ഉണ്ടായിരുന്നു. ബി.സി. ആറാംനൂറ്റാണ്ടിൽ ഗാന്ധാരം പേഴ്സ്യൻ നിയന്ത്രണത്തിലായി. ബി.സി. 327—325-ലെ അലക്സാണ്ടറുടെ ആക്രമണകാലത്ത് ആംഭി ആയിരുന്നു അവിടെ ഭരിച്ചിരുന്നത്. ബി.സി. 324—185 കാലത്ത് ഈ പ്രദേശം മൗര്യസാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു. അശോകൻ ഇവിടത്തെ രാജപ്രതിനിധി ആയിരുന്നിട്ടുണ്ട്. പെഷവാർ തടത്തിലെ ഷഭസ്ഗാഢിയിൽ അശോകന്റെ 14 ശിലാശാസനങ്ങളുണ്ട്. അഫ്ഘാനിസ്താനിലും മധ്യേഷ്യയിലും ബുദ്ധമതം പ്രചരിപ്പിച്ചിരുന്ന ഒരു കേന്ദ്രമായിരുന്നു ബി.സി. മൂന്നു മുതൽ എ.ഡി. ഏഴു വരെയുള്ള നൂറ്റാണ്ടുകളിലെ ഗാന്ധാരം.

അശോകനു ശേഷം ഗ്രീക്കുകാർ, സിതിയന്മാർ, പാർത്തിയന്മാർ, കുശാനന്മാർ ഇവർ ഈ സ്ഥലം ആക്രമിച്ച് അടക്കിയതായി ഖനനഫലമായ തെളിവുകൾ വ്യക്തമാക്കുന്നു. കശ്മീര—കാംബോജ രാജ്യങ്ങളോടു പലപ്പോഴും രാഷ്ട്രീയമായി ഗാന്ധാരം ബന്ധപ്പെട്ടിരുന്നു. മഹമൂദ് ഗസ്നി ഒടുവിലത്തെ ഹിന്ദുരാജാവിനെ സ്ഥാനഭ്രഷ്ടനാക്കി. മുഗൾ സാമ്രാജ്യഭാഗം ആകും വരെ പല മുസ്ലിം ഭരണാധിപന്മാരും ഈ പ്രദേശം ഭരിച്ചിട്ടുണ്ട്.

ഗാന്ധാരകല

വിദേശസ്വാധീനമുള്ള ഒരു ഭാരതീയ പ്രതിമാശില്പസമ്പ്രദായം. ഗ്രീക്ക്-റോമൻ-ഇന്ത്യൻ കലകളുടെ ഒരു സങ്കരപ്രതിഭാസമാണു ഗാന്ധാരകലയെന്നു പറയുന്നതാവും സാങ്കേതികമായി ശരിയാവുക. ഒന്നാം ശതാബ്ദം മുതൽ നാലാം ശതാബ്ദം വരെയുള്ള കാലത്തു ഗാന്ധാരകല ഒരു ക്ലാസിക് കലയായി വളർന്നു. കുശാനസാമ്രാജ്യത്തിൽ ഗാന്ധാരകല കടന്നുകൂടിയതു ബുദ്ധനെ ആവിഷ്കരിക്കുന്നതിനുള്ള ഒരു ഉപാധിയായാണ്.

ബുദ്ധവിഗ്രഹത്തിന് ആരാധ്യനായ ഒരു പുണ്യപുരുഷന്റെ രൂപം കൊടുക്കുകയായിരുന്നു ആദ്യമായി ഗാന്ധാരകലാകാരന്മാർ ചെയ്തത്. ഇതിനായി ആദ്യം അവർ സ്വീകരിച്ച മാതൃക കുശാനരാജാക്കന്മാരുടെ, പ്രത്യേകിച്ചു കനിഷ്കന്റെ രൂപം മനസ്സിൽ സ്വീകരിക്കുകയായിരുന്നു. ഭിംരാനിൽനിന്നും പെഷവാറിൽനിന്നും കണ്ടെടുത്തിട്ടുള്ള ബുദ്ധവിഗ്രഹങ്ങളാണു ഗാന്ധാരകലയിൽ പ്രശസ്തങ്ങളായ ആദ്യത്തെ ബുദ്ധശില്പമാതൃകകളെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. അഭയമുദ്രയിൽ ഉയർത്തിപ്പിടിച്ച കൈ മാറിടത്തിൽ സമർപ്പിച്ചുകൊണ്ടു ധ്യാനനിരതനായ ബുദ്ധദേവനാണു സങ്കല്പം. ഉഷ്ണീഷവും മീശയും പ്രത്യേകതകളാണ്.

കനിഷ്കപേടകത്തിൽ കാണുന്ന വിഗ്രഹം സൂര്യചന്ദ്രന്മാരുടെ നടുക്കു സ്ഥിതിചെയ്യുന്ന കനിഷ്കനാണ്. പേടകത്തിനു ചുറ്റും കാ



ഇടത്ത്: ബുദ്ധൻ മതപ്രചാരണം നടത്തുന്നു. ഗാന്ധാരശില്പം.
വലത്ത്: മൈത്രേയൻ എന്ന ബോധിസത്വന്റെ
പ്രതിമ. ഗാന്ധാരശില്പം.

മാസക്തങ്ങളായ കുമാരിമാരുടെ വികാരാവിഷ്കരണവും പേടകത്തിന്റെ മൂടിയിൽ ഹംസങ്ങളുടെ സൃഷ്ടിയും ഇതിനെ കൂടുതൽ ആകർഷകമാക്കിത്തീർക്കുന്നു. മൂടിയുടെ മുകളിലാകട്ടെ ഇന്ദ്രനും ബ്രഹ്മാവും നമിക്കുന്ന ബുദ്ധവിഗ്രഹം കാണുന്നു.

റോമൻചക്രവർത്തിമാരുടെ പ്രതിമകളിൽ മാത്രം കാണുന്ന ആകർഷകമായ ഉത്തരീയം ബുദ്ധൻ അണിഞ്ഞുകാണുന്നതു ഗാന്ധാരകലയിലെ ഗ്രീക്ക്-റോമാസ്വാധീനം കൊണ്ടാണ്. നേരെമറിച്ച്, ശാക്യമുനിയുടെ പ്രതിമ നിർമിക്കുന്നതിൽ, പാശ്ചാത്യലോകം മാതൃക നൽകാഞ്ഞതുകൊണ്ടാകാം ഭാരതീയ സമ്പ്രദായം അവലംബിക്കേണ്ടിവന്നത്.

ഗാന്ധാരകലാകാരന്മാർ ബോധിസത്വന്മാരെയും ആവിഷ്കരിച്ചു. ഉഷ്ണീഷവും ആഭരണങ്ങളും ധരിച്ച ബോധിസത്വന്മാർ ആഡംബരപൂർണമായ ഉടയാടകൾ അണിഞ്ഞിരിക്കുന്നു. സാങ്കേതികവിദ്യകളുടെ ഒരു സമാഹാരമാണ് ഇത്. റോമിൽ ആഡ്രിയൻ ചക്രവർത്തിയുടെ കാലത്തു പ്രചാരത്തിൽ വന്ന നിയോ അറ്റിക് സിദ്ധാന്തത്തിന്റെ ഒരനുകരണം ഇവിടെ കണ്ടെത്തുവാൻ കഴിയുന്നു. റോമക്കാരുടെ മാതൃകകളെ അനുകരിച്ചുള്ള ശില്പവേലകളാണു മുഖത്തു കാണുന്നത്. ഉടയാട, ഉത്തരീയം, ഒഡ്യാണം എന്നിവ ധരിച്ച് ഇടത്തുകരം അരക്കെട്ടിൽ ഊന്നി വലത്തുകരം ജ്ഞാനമുദ്രയിൽ നെഞ്ചിനോടടുപ്പിച്ചു ധ്യാനനിമഗ്നനായി നില്ക്കുന്ന ബോധിസത്വൻ ഗാന്ധാരകലയിലെ ആദ്യഘട്ടത്തെ കുറിക്കുന്നു. ബോധിസത്വന്മാർ കയ്യിൽ പിടിച്ചിരിക്കുന്ന താമരപ്പൂവു പ്രതീകാത്മകമാണ്. യുവത്വം, കുലീനത, മനശ്ശക്തി എന്നിവ ബോധിസത്വവിഗ്രഹങ്ങളിൽ വ്യക്തമായി കാണുവാൻ കഴിയുന്നു.

സിദ്ധാർഥകുമാരൻ ബുദ്ധമുനിയായിത്തീർന്ന നാടകീയ സംഭവപരമ്പരകളുടെ ആവിഷ്കരണവും ഗാന്ധാരകലയ്ക്കു മുതൽക്കൂട്ടായിട്ടുണ്ട്. ജാതകകഥകളെ ചിത്രീകരിക്കുകയാണ് ഇവിടെ ചെയ്തിരുന്നത്. †കുശാനന്മാർ നോക്കുക.

ഗാന്ധാരി

ധൃതരാഷ്ട്രരുടെ പത്നി. ഗാന്ധാരരാജാവായ സുബലനാണു ഗാന്ധാരിയുടെ പിതാവ്. ഗാന്ധാരിയുടെ പുത്രന്മാർ ദുര്യോധനാദികളാണ്. പുത്രി ദുശ്ശളയും. ശകുനി ഇളയ സഹോദരനാണ്. നൂറു പുത്രന്മാരുണ്ടാകുവാനുള്ള വരം തപസ്സുകൊണ്ടു മുമ്പേതന്നെ ഗാന്ധാരി സമ്പാദിച്ചിരുന്നു. ഭീഷ്മപിതാമഹനാണു ധൃതരാഷ്ട്രരെക്കൊണ്ടു ഗാന്ധാരിയെ വിവാഹം കഴിപ്പിക്കുന്നതിനു പ്രയത്നിച്ചത്. ധൃതരാഷ്ട്രർ അന്ധനാണെന്നു മനസ്സിലായപ്പോൾ ഗാന്ധാരി വസ്ത്രം കൊണ്ടു കണ്ണു മൂടിക്കെട്ടി. പതിവ്രതയും പണ്ഡിതയുമായ ഗാന്ധാരി കുരുപാണ്ഡവന്മാരുടെ നാശത്തിനു കാരണഭൂതനായ ശ്രീകൃഷ്ണനെ 36 വർഷം കഴിയുമ്പോൾ വംശത്തോടെ നശിച്ചുപോകട്ടെ എന്നു ശപിച്ചു. അതു ഫലവത്തായി. ധൃതരാഷ്ട്രരും ഗാന്ധാരിയും വാർധക്യത്തിൽ തപസ്സിനായി കാട്ടിൽ പോയി കാട്ടുതീയിൽപ്പെട്ടു മരിച്ചു.

ഗാന്ധി

മഹാത്മാഗാന്ധിയുടെ ജീവിതത്തെ ആസ്പദമാക്കി റിച്ചേഡ് † ആറ്റൻബറോ നിർമിച്ചതും 1982-ൽ എട്ട് ഓസ്കർ സമ്മാനം നേടിയതുമായ ചലച്ചിത്രം.

മഹാത്മജിയെക്കുറിച്ചു ചലച്ചിത്രം നിർമിക്കുക എന്ന ആശയം രണ്ടുദശകക്കാലം ആറ്റൻബറോ മനസ്സിൽ താലോലിച്ചിരുന്നു. മോത്തീലാൽ കോഠാരി എന്ന ഭാരതീയൻ ഇക്കാര്യത്തിൽ അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. 1970-ൽ കോഠാരി അന്തരിച്ചു. നേരത്തെതന്നെ മൗണ്ട് ബാറ്റൻ പ്രഭുവും ജവാഹർലാൽ നെഹ്റുവും ആറ്റൻബറോയ്ക്കു പിന്തുണ വാഗ്ദാനം ചെയ്തിരുന്നു. 1893-ൽ 24-ാം വയസ്സിൽ ദക്ഷിണാഫ്രിക്കയിൽ എത്തുന്നിടം മുതൽ 1948 ജനുവരി 30-നു വധിക്കപ്പെടുന്നതുവരെയുള്ള ഗാന്ധിജിയുടെ ജീവിതവും പൊതുപ്രവർത്തനവുമാണു ചലച്ചിത്രത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്. ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തി, പാകിസ്താന്റെ ആവിർഭാവം, ഉപഭൂഖണ്ഡത്തിലെ ജനതയുടെ വിഭജനം, ആളിപ്പടർന്ന വർഗീയ കലാപം, ആത്മീയശക്തിയിൽ അധിഷ്ഠിതമായ ഗാന്ധിയൻ സമരമാർഗങ്ങൾ തുടങ്ങിയവ ചരിത്രസത്യങ്ങൾക്കു ക്ഷതം സംഭവിക്കാത്തവിധം ഇതിൽ ചിത്രീകരിച്ചിരിക്കുന്നു. രണ്ടു കോടി ഡോളറിന്റെ ബജറ്റുമായി ചിത്രനിർമാണം ആരംഭിച്ചെങ്കിലും ചെലവ് അതിന്റെ പല മടങ്ങായിത്തീർന്നു. ഇന്ത്യാഗവൺമെൻറും, ദേശീയ ചലച്ചിത്ര വികസന കോർപ്പറേഷനും ഈ ചിത്രനിർമാണത്തിനു സഹായം നല്കിയിരുന്നു.



ബെൻ കിങ്സ്ലി ഗാന്ധിയുടെ വേഷത്തിൽ

ഏറ്റവും മികച്ച നിർമാതാവിനും സംവിധായകനും ഉള്ള ഓസ്കറുകൾ ആറ്റൻബറോയ്ക്കും, ഏറ്റവും നല്ല നടനുള്ള ഓസ്കർ ഗാന്ധിജിയായി അഭിനയിച്ച ബെൻ † കിങ്സ്ലിക്കും ലഭിച്ചു. തിരനാടകരചയിതാവായ ജോൺ ബ്രൈലിയും എഡിറ്റിങ് നടത്തിയ ജോൺ ബ്ലൂമും, സിനിമാട്ടോഗ്രഫിയുടെ ചുമതലവഹിച്ച ബില്ലിവില്യം റോണിടെയ്ലറും, കലാസംവിധാനം നിർവഹിച്ച സ്റ്റ്യൂവർട്ട് ക്രെയ്ഗും ബോബ്ലെയ്ങ്ങും മൈക്കേൻ സിയർടനും, ചമയം നടത്തിയ ജോൺ മോളോവും ഭാനു അത്തയ്യയും ആണു മറ്റു സമ്മാനർഹർ. ചിത്രത്തിൽ കസ്തൂർബാ ആയി അഭിനയിച്ച രോഹിണി ഹഠങ്ങാടിക്ക് ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സമ്മാനവും ലഭിച്ചിട്ടുണ്ട്.

ഗാന്ധി, എം.കെ. (1869-1948)

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ പ്രധാന ശില്പിയും നേതാവും. മോഹൻദാസ് കരംചന്ദ് ഗാന്ധി എന്നാണു യഥാർഥനാമധേയമെങ്കിലും മഹാത്മാഗാന്ധി എന്ന പേരിൽ അദ്ദേഹം ലോകം മുഴുവൻ അറിയപ്പെടുന്നു. ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി വ്യവസ്ഥാപിത മാർഗങ്ങളിലൂടെ പരിശ്രമിച്ചുകൊണ്ടിരുന്ന ഇന്ത്യൻ നാഷനൽ കോൺഗ്രസ് 1885-ൽ സ്ഥാപിതമായിരുന്നുവെങ്കിലും ഗാന്ധിജി തെക്കെ ആഫ്രിക്കയിൽനിന്ന് ഇന്ത്യയിലെത്തി നേതൃത്വം ഏറ്റെടുത്തതിനുശേഷം മാത്രമാണു കോൺഗ്രസ് സക്രിയവും സംഘടിതവും ഗത്യാത്മകവുമായ ഒരു ബഹുജനപ്രസ്ഥാനമായി തീർന്നത്. കോൺഗ്രസിനെ ‘ശുദ്ധരാഷ്ട്രീയ’ സംഘടന മാത്രമാക്കി സങ്കുചിതമാക്കിയില്ല ഗാന്ധിജി. ഓരോ പ്രവർത്തകനും അഹിംസ, സത്യം, അപരിഗ്രഹം മുതലായ ധാർമികമൂല്യങ്ങളെ മുറുകെപ്പിടിച്ചുകൊണ്ടു പ്രവർത്തിക്കണമെന്നു ഗാന്ധിജി നിഷ്കർഷിച്ചു. അങ്ങനെ ഗാന്ധിയുടെ പ്രവർത്തനം ഇന്ത്യയിലെ ജനങ്ങളുടെ ആത്മാവിലോളം ആഴത്തിലിറങ്ങി.

1869 ഒക്റ്റോബർ 2-നു പോർബന്തറിൽ ഒരു വൈശ്യകുടുംബത്തിൽ ജനിച്ചു. അച്ഛൻ കാഠിയവാഡിലെ രാജ്കോട്ട് എന്ന നാട്ടുരാജ്യത്തിലെ ദിവാനായിരുന്ന കരംചന്ദ് ഗാന്ധി. അമ്മ പുത്‌ലിബായിയാണു ഗാന്ധിയുടെ പല സ്വഭാവങ്ങളും ബാല്യകാലത്തുതന്നെ രൂപപ്പെടുത്തിയത്. 13-ാംവയസ്സിൽ കസ്തൂർബായെ വിവാഹംചെയ്തു. രാജ്കോട്ടിൽനിന്നും മെട്രിക്കുലേഷൻ പാസായതിനുശേഷം ലണ്ടനിൽ പോയി ബാരിസ്റ്റർ പരീക്ഷയ്ക്കു ചേർന്നു. മൂന്നു വർഷം അവിടെ താമസിച്ചു. ബാരിസ്റ്ററെന്ന നിലയ്ക്ക് ഇന്ത്യയിൽ തിരിച്ചെത്തി ബോംബെയിലും രാജ്കോട്ടിലും പ്രാക്റ്റീസു നടത്തിയെങ്കിലും വക്കീൽപ്പണിയിൽ ശോഭിച്ചില്ല. അതിനിടയ്ക്കാണ് ഒരു കേസ് സംബന്ധിച്ചു ദക്ഷിണാഫ്രിക്കയിലേക്കു പോകേണ്ടിവന്നത്. ദക്ഷിണാഫ്രിക്കയിലെ അനുഭവങ്ങൾ ഗാന്ധിയെ ആകെ മാറ്റി. 1893-ലാണ് അദ്ദേഹം ദർബാനിലെത്തിയത്.

വെള്ളക്കാരുടെ ഔദ്ധത്യംനിറഞ്ഞ പെരുമാറ്റം ഗാന്ധിയെ ചിന്തിപ്പിച്ചു. കോടതിയിൽ തലപ്പാവുമായിച്ചെന്നപ്പോൾ അത് ഊരാൻ മജിസ്ട്രേട്ട് ആജ്ഞാപിച്ചു. ഒന്നാംക്ലാസ് ടിക്കറ്റുമായി തീവണ്ടിയിൽ സഞ്ചരിക്കുമ്പോൾ പിടിച്ചിറക്കപ്പെട്ടു. ഇന്ത്യക്കാരുടെ സ്ഥിതി അന്നു ദയനീയമായിരുന്നു. കറുത്ത തൊലിക്കാരോടുള്ള പെരുമാറ്റം ഗാന്ധിക്ക് അസഹ്യമായിത്തോന്നി. അഭിഭാഷകനെന്നതിനേക്കാൾ, മനുഷ്യസ്നേഹിയെന്ന നിലയ്ക്ക് അനീതികളോടു പോരാടി. ടോൾസ്റ്റോയ് , തോറോ, റസ്കിൻ എന്നിവരുടെ കൃതികളും ഭഗവദ്ഗീതയും ഗാന്ധിക്കു പുതിയൊരു ബോധമുണ്ടാക്കി. തൻെറ കർത്തവ്യം ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാർക്കുവേണ്ടി അടരാടുകയാണെന്നു ഗാന്ധി ഉറപ്പിച്ചു.

ഇന്ത്യൻ നേതാക്കളുമായി ഗാന്ധി സമ്പർക്കം പുലർത്തി. ഗോപാലകൃഷ്ണഗോഖലെ മുതലായവർ ദക്ഷിണാഫ്രിക്കയിലെ സമരം നയിക്കാൻ ഗാന്ധിയെ സഹായിച്ചു. സംഘടന വേണം, പത്രം വേണം, പ്രവർത്തകർ വേണം — എല്ലാറ്റിനും പുറമെ സമരത്തിനൊരു പ്രത്യയശാസ്ത്രവും വേണം. 1894-ൽ 'നേറ്റാൾ ഇന്ത്യൻ കോൺഗ്രസ്' എന്ന സംഘടന രൂപവത്കരിച്ചു. 1904-ൽ 'ഇന്ത്യൻ ഒപ്പീനിയൻ' എന്ന പത്രം തുടങ്ങി. ഫീനിക്സ് സെറ്റിൽമെൻറിൽ (1904) ധാരാളം ഇന്ത്യക്കാർ കൂട്ടുകുടുംബംപോലെ താമസിച്ചു. ടോൾസ്റ്റോയ് ഫാം എന്ന ഒരു ആശ്രമവും ഗാന്ധി അവിടെ സ്ഥാപിച്ചു (1910). ഈ കേന്ദ്രങ്ങളിൽ സാമൂഹികജീവിതത്തിൻെറ പല പരീക്ഷണങ്ങളിലും അദ്ദേഹം ഏർപ്പെട്ടു. തോട്ടിപ്പണിയും ചെരുപ്പുകുത്തലും കൃഷിയും ശുചീകരണവും അച്ചടിയും രാഷ്ട്രീയപ്രവർത്തനവും കൂടിയാലോചനകളും എല്ലാം നടത്തി, അന്തേവാസികളിൽ വ്യക്തിപരമായ ആദർശവും കൂട്ടായ നേതൃത്വവും അദ്ദേഹം വളർത്തിക്കൊണ്ടുവന്നു. ഇന്ത്യക്കാർക്കെതിരായി ഇടയ്ക്കിടെ വന്നിരുന്ന നിയമങ്ങളെ ചെറുക്കേണ്ടതുണ്ടായിരുന്നു. ഈ ചെറുത്തുനില്പിനാണു ഗാന്ധി സത്യഗ്രഹം എന്നു പേരിട്ടത്. സ്നേഹത്തിൻെറയും സത്യത്തിൻെറയും അഹിംസയുടെയും അടിസ്ഥാനത്തിലുള്ള ബലപ്രയോഗമാണിത് എന്നു ഗാന്ധി നിർവചിച്ചു.

എല്ലാ ഇന്ത്യക്കാരും തിരിച്ചറിയപ്പെടാൻ വിരലടയാളം വയ്ക്കണമെന്ന ദക്ഷിണാഫ്രിക്കൻ ഗവൺമെൻറിൻെറ പ്രാകൃതനിർദേശത്തിനെതിരായി ആയിരക്കണക്കിൽ ധർമഭടന്മാർ ചേർന്നു ഗാന്ധിയുടെ നേതൃത്വത്തിൽ ഒരു പ്രകടനം നടത്തുകയും, അനേകം പേർ അറസ്റ്റുവരിക്കുകയും ചെയ്തു. ഈ സമരത്തിൻെറ ഫലമായി ഗവൺമെൻറു നിയമത്തിൽ മാറ്റം വരുത്തി.

ദക്ഷിണാഫ്രിക്കയിലെ അനുഭവങ്ങളിൽനിന്ന് (1894—1914) ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെപ്പറ്റിയും അവ്യക്തമായ ഒരു ദർശനം ഗാന്ധിക്കു ലഭിച്ചു. അതിൻെറ ഫലമാണ് 'ഹിന്ദ് സ്വരാജ്' എന്ന ചെറിയ ഗ്രന്ഥം. ചൂഷണരഹിതമായ ഒരു സമുദായത്തിൽ ഭരണത്തിൻെറ പങ്കു നിസ്സാരമായിരിക്കണമെന്നും ഓരോ വ്യക്തിക്കും തൻെറ അവകാശങ്ങൾ സംരക്ഷിക്കാൻ കഴിയണമെന്നും ഗാന്ധി പറഞ്ഞു.

തൻെറ സമരമാർഗത്തെക്കാൾ (Passive resistance) മെച്ചപ്പെട്ടതാണു ഗാന്ധിജിയുടെ സത്യഗ്രഹപ്രസ്ഥാനമെന്നു ടോൾസ്റ്റോയ് തന്നെ സമ്മതിച്ചു. ദക്ഷിണാഫ്രിക്കയിൽനിന്നുണ്ടായ പുതിയ അനുഭവങ്ങൾ ഗാന്ധിയെ മാനസികമായി ബലിഷ്ഠനാക്കിയിരുന്നു. സഹനത്തിൻെറ പേരിൽ മർദനം ഏല്ക്കാനാളുകളെ തയ്യാറാക്കാൻ കഴിയുമെന്നു ഗാന്ധി തെളിയിച്ചു.

1915 ജനുവരിയിൽ ഗാന്ധി ഇന്ത്യയിലെത്തി. 25 അനുചരരോടൊത്ത് അഹമ്മദാബാദിൽ സബർമതീതീരത്ത് ഒരാശ്രമമുണ്ടാക്കി. 1915 മെയ് മുതൽ ഗ്രാമസേവനത്തിൽ വ്യാപൃതനായി. സത്യം, അഹിംസ, ബ്രഹ്മചര്യം, നിർഭയത്വം, ആത്മസംയമനം എന്നിവ ജീവിതത്തിൽ സ്വീകരിക്കുക, അയിത്തത്തിനെതിരായി പ്രവർത്തിക്കുക, വിദ്യാഭ്യാസത്തിൽ മാതൃഭാഷ സ്വീകരിക്കുക, ഖദർ ധരിക്കുക, സ്വദേശിവ്രതം



ഗാന്ധിജി നൂല്പുയജ്ഞത്തിൽ



ഗാന്ധിജി
മൗണ്ട് ബാറ്റനോടൊപ്പം
ചായ കഴിക്കുന്നു.

ആചരിക്കുക — ഇത്രയും കാര്യങ്ങൾ ആശ്രമവാസികൾക്കു നിർബന്ധിതമാക്കി.

1917 ഏപ്രിൽ മാസത്തിൽ ബീഹാറിലെ †ചംപാരനിലെ നീലംകൃഷിക്കാരെ വെള്ളക്കാരായ തോട്ടം ഉടമകൾ ചൂഷണം കണ്ടറിയാൻ ഗാന്ധി അങ്ങോട്ടു പോയി. ഗാന്ധിയും രാജേന്ദ്രപ്രസാദും അനുചരന്മാരുംകൂടി അന്വേഷണം തുടങ്ങിയപ്പോൾ ഗാന്ധിയോടു ജില്ല വിട്ടു പോകാൻ ഗവൺമെൻറു കല്പിച്ചു. ഗാന്ധി വഴങ്ങിയില്ല. കോടതിയിൽ വിചാരണ നടന്നു. കോടതി കേസ് മാറ്റിവച്ചു. അവസാനം ഗാന്ധിയടക്കമുള്ളൊരു കമ്മറ്റിയെ നീലം കർഷകരുടെ സ്ഥിതിയന്വേഷിക്കാനായി ഗവൺമെൻറു നിയോഗിച്ചു. ചംപാരൻ സമരമാണ് ഇന്ത്യയിൽ ഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന ആദ്യത്തെ സമരം. ആയിരക്കണക്കിൽ നീലം കൃഷിക്കാരും അവരുടെ കുടുംബങ്ങളും ഇതിൽ പങ്കെടുത്തു.

ഒന്നാം ലോകയുദ്ധാവസാനം (1919) ഇന്ത്യയിലുണ്ടായ പ്രതിഷേധത്തെ നേരിടാനായി റൗലത്നിയമം പോലുള്ള മർദന നടപടികൾ ബ്രിട്ടീഷ് ഗവൺമെൻറ് അഴിച്ചുവിട്ടു. ഇതിനെതിരെ ചെറുത്തുനില്പുണ്ടായി. ഗാന്ധി സിവിൽ ആജ്ഞാലംഘനത്തിന് ആഹ്വാനം ചെയ്തു. അദ്ദേഹം അറസ്റ്റുചെയ്യപ്പെട്ടു. രോഷാകുലരായ ജനക്കൂട്ടം മർദനത്തെ ചെറുത്തപ്പോൾ താൻ ഒരു 'ഹിമാലയൻ അബദ്ധം' ചെയ്തുവെന്നു പറഞ്ഞ്, ഗാന്ധി സമരം പിൻവലിച്ചു. ജാലിയൻവാലാബാഗിലെ കൂട്ടക്കൊല നടന്നത് 1919 ഏപ്രിൽ 13-നാണ്. പഞ്ചാബിൽ പട്ടാളഭരണം നിലവിൽവന്നു. ഇതിനെതിരായി ഗാന്ധി അക്ഷീണം പ്രയത്നിച്ചു. 1919 ഒക്റ്റോബറിലാണ് 'നവജീവൻ' എന്ന ഗുജറാത്തി വാരികയും 'യങ് ഇന്ത്യ' (Young India) എന്ന ഇംഗ്ലീഷ് വാരികയും ഗാന്ധി ആരംഭിച്ചത്.

1920-ൽ ഖിലാഫത്തുപ്രക്ഷോഭം തുടങ്ങി. ഓഗസ്റ്റ് 1-നു നിസ്സഹകരണപ്രസ്ഥാനം തുടങ്ങണമെന്നും ഗാന്ധി നിർദേശിച്ചു. ബഹുമതികൾ തിരിച്ചുകൊടുക്കുക, കോടതികളും കൗൺസിലുകളും കോളെജുകളും ബഹിഷ്കരിക്കുക എന്ന പരിപാടിക്കു ഗാന്ധി നേതൃത്വം നല്കി. 1921 സെപ്റ്റംബറിൽ ഇന്ത്യാക്കാരൻറെ ലാളിത്യത്തിൻറെയും ദാരിദ്ര്യത്തിൻറെയും പ്രതീകമായി ഒരു മുണ്ടുമാത്രം ഉടുക്കുക എന്ന രീതിയും അദ്ദേഹം സ്വീകരിച്ചു.

1922 ഫെബ്രുവരിയിൽ ഗുജറാത്തിലെ ബർദോളിയിലെ കൃഷിക്കാരുടെ നികുതിനിഷേധസമരത്തിനു ഗാന്ധി നേതൃത്വം നല്കി. അത് ആരംഭിക്കുംമുൻപ് ഉത്തരപ്രദേശിലെ ചൗരിചൗരയിലെ രോഷാകുലരായ ജനങ്ങൾ ഒരു പോലീസ്സ്റ്റേഷൻ ആക്രമിച്ചതിനെത്തുടർന്നു ഗാന്ധി സമരം പിൻവലിക്കുകയും, ആത്മശുദ്ധിക്കായി അഞ്ചു ദിവസത്തെ ഉപവാസം അനുഷ്ഠിക്കുകയും ചെയ്തു. 1922 മാർച്ച് 13-ന് അദ്ദേഹത്തെ അറസ്റ്റുചെയ്തു. 'യങ് ഇന്ത്യ'യിലെഴുതിയ രാജ്യദ്രോഹപരമായ ലേഖനത്തിൻറെ പേരിൽ വിചാരണ നടന്നു. കുറ്റം സമ്മതിച്ചു തൻറെ കർത്തവ്യം നിറവേറ്റുകയാണുണ്ടായതെന്നു ഗാന്ധി പറഞ്ഞു. ആറു വർഷത്തെ തടവുശിക്ഷ കിട്ടി. 1924 ഫെബ്രുവരിയിൽ ആരോഗ്യപരമായ കാരണങ്ങളാൽ ഗാന്ധിയെ തടവിൽനിന്നു വിട്ടു. ഖിലാഫത്ത്പ്രസ്ഥാനത്തിനു ഗാന്ധി നിരുപാധികമായി നില്കിയ പിന്തുണ അനേകം കോൺഗ്രസുകാരെ രോഷാകുലരാക്കി. ചിലർ ഹിന്ദുമൗലികവാദത്തിലേക്കു പോയി.

സി.ആർ. ദാസ്, മോത്തിലാൽ നെഹ്റു എന്നിവരുടെ നേതൃത്വത്തിൽ സ്വരാജ് പാർട്ടി ശക്തിപ്പെട്ടുവരികയായിരുന്നു. നിയമനിർമാണസഭകളിൽക്കൂടിയുള്ള പ്രവർത്തനത്തിൻറെ പ്രാധാന്യം അവർ ഊന്നി. ഗാന്ധി അതിനെതിരായിരുന്നതിനാൽ രാഷ്ട്രീയത്തിൽനിന്നു മാറിനിന്നു. ഖാദിയും നൂൽനൂല്പ്പും മുഖ്യപ്രവർത്തനമായേറ്റെടുത്തു. നാലു കൊല്ലം അക്കാര്യത്തിലാണു ഗാന്ധി ശ്രദ്ധിച്ചത്.

1927-ൽ, ഇന്ത്യയുടെ രാഷ്ട്രീയഭാവിയെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടുചെയ്യാനുള്ള സൈമൺകമ്മീഷൻ നിയുക്തമായി. അതിലൊരൊറ്റ ഇന്ത്യക്കാരനും ഉണ്ടായിരുന്നില്ല. ഇർവിൻ പ്രഭുവായിരുന്നു വൈസ്റോയി. സൈമൺ കമ്മിഷനെ ബഹിഷ്കരിക്കാൻ മിതവാദികളടക്കം എല്ലാവരും തീരുമാനിച്ചു. ഡൊമിനിയൻപദവികൊണ്ട് ഇന്ത്യ തൃപ്തിപ്പെടില്ലെന്നും പൂർണസ്വരാജാണ് ഇന്ത്യയുടെ ലക്ഷ്യമെന്നും ജവാഹർലാൽ നെഹ്റുവിൻറെ നേതൃത്വത്തിൽ ലഹോർ കോൺഗ്രസ് സമ്മേളനം തീരുമാനിച്ചു (1929).

സിവിൽ ആജ്ഞാലംഘനത്തിനു ഗാന്ധി പുതിയൊരാഹ്വാനം നല്കി (1930 മാർച്ച് 12). ഉപ്പുസത്യഗ്രഹമെന്നാണിതിനു പേര്. അഹമ്മദാബാദിൽനിന്ന് 240 മൈൽ അകലെയുള്ള ദണ്ഡിയിലേക്ക് 78 പേരെ നയിച്ചുകൊണ്ടു ഗാന്ധി നടന്നു. ഉപ്പുണ്ടാക്കുന്നതു കുറ്റകരമായിരുന്നതിനാൽ ആ നിയമം ലംഘിക്കുവാനായിരുന്നു 'ദണ്ഡിയാത്ര'. ഇന്ത്യയിലെങ്ങും ഈ പ്രസ്ഥാനം പടർന്നുപിടിച്ചു. 1930 മെയ് 4-നു ഗാന്ധിയെ അറസ്റ്റുചെയ്തു. 1931 ജനുവരി 26-നാണു പിന്നീടു വിട്ടയച്ചത്. മാർച്ച് 5-നു ഗാന്ധി-ഇൻവിൻ സംഭാഷണങ്ങൾ നടന്നതനുസരിച്ചു സ്വന്താവശ്യത്തിന് ഉപ്പുണ്ടാക്കുന്നതു നിയമസാധുവായി. ഒരു ലക്ഷം·സത്യഗ്രഹികൾ ഒത്തുതീർപ്പനുസരിച്ചു മോചിപ്പിക്കപ്പെട്ടു.

ലണ്ടനിൽ ചേർന്ന 'വട്ടമേശ സമ്മേളന'ത്തിൽ ഗാന്ധി പങ്കെടുത്തു (1931 സെപ്റ്റംബർ). ലണ്ടനിൽ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നിടത്താണു ഗാന്ധി താമസിച്ചത്. അധികാരക്കൈമാറ്റത്തെക്കാൾ ന്യൂനപക്ഷക്കാരുടെ പ്രശ്നമാണ് അവിടെ ചർച്ചയ്ക്കു വന്നത്. ബ്രിട്ടൻ, ഭിന്നിപ്പിച്ചുഭരിക്കൽ എന്ന തന്ത്രം പ്രയോഗിക്കുകയാണെന്നു ഗാന്ധി മനസ്സിലാക്കി. ഇന്ത്യയിലെ സാമുദായികപ്രശ്നം ഇന്ത്യക്കാർതന്നെ തീർക്കുമെന്നും ഗാന്ധി പറഞ്ഞു. ഒത്തുതീർപ്പിനുള്ള ശ്രമം ഫലിച്ചില്ല.



ഗാന്ധിജിയുടെ മൃതശരീരം ശ്മശാനത്തിലേക്ക് (1948 ജനുവരി 31)

1931 അവസാനം ഗാന്ധി ഇന്ത്യയിലെത്തി 'അപ്പം ചോദിച്ചു; കിട്ടിയത് കല്ലാണ്' എന്നാണു വട്ടമേശസമ്മേളനത്തെപ്പറ്റി ഗാന്ധി പറഞ്ഞത്. പിന്നീടു വെല്ലിങ്ടൺപ്രഭു വൈസ്റോയി ആയി. ഗാന്ധിയുടെ അനുരഞ്ജനശ്രമത്തെ പുതിയ വൈസ്റോയി നിരാകരിച്ചു. 1932 ജനുവരി 4-നു ഗാന്ധിയെയും വല്ലഭ്ഭായി പട്ടേലിനെയും അറസ്റ്റു ചെയ്തു. ഹരിജനങ്ങളെ വേർതിരിച്ചു നിർത്തുന്നതിനെതിരായി ഗാന്ധി ജയിലിൽനിന്നു ബ്രിട്ടീഷ്ഗവൺമെന്റിനെഴുതിയെങ്കിലും ഫലം മറിച്ചായിരുന്നു. അവസാനം സെപ്റ്റംബർ 20-നു ഗാന്ധി മരണംവരെ നിരാഹാരവ്രതം തുടങ്ങി. പുണെ കരാറെന്ന രേഖയെത്തുടർന്നു ഹരിജനങ്ങളെ വേർതിരിക്കില്ലെന്നായി. അങ്ങനെ ഉപവാസം അവസാനിപ്പിച്ചു.

1933 ഫെബ്രുവരിയിലാണ് ഗാന്ധി 'ഹരിജൻ' എന്ന വാരിക തുടങ്ങിയത്. 1942-ൽ പത്തു ഭാരതീയഭാഷകളിൽ പ്രസിദ്ധീകരിച്ചിരുന്നു. ഹരിജൻഫണ്ടുണ്ടാക്കാൻ ഗാന്ധി രാജ്യമെങ്ങും സഞ്ചരിച്ചു. വർധയിൽ ആശ്രമം (സേവാഗ്രാം) സ്ഥാപിച്ചു സംഘടിതഗ്രാമീണവ്യവസായപ്രവർത്തനമാരംഭിച്ചു.

1934-ൽ കോൺഗ്രസിൽനിന്നു ഗാന്ധി രാജിവച്ചു; നേതൃത്വവും ഉപേക്ഷിച്ചു. പിന്നീട് ഒരിക്കലും അദ്ദേഹം കോൺഗ്രസിൽ അംഗത്വം സ്വീകരിച്ചില്ല. തന്റെ പ്രവൃത്തി ഗ്രാമങ്ങളിലാണെന്നുകണ്ട് അഖിലേന്ത്യാ ഗ്രാമീണവ്യവസായസംഘം രൂപവത്കരിച്ചു. 5,000 ഗ്രാമങ്ങളിൽ ഖാദി നെയ്ത്താരംഭിച്ചു. ഗാന്ധിയുടെ നിർമാണപരിപാടിയിൽ ഹരിജനോദ്ധാരണവും ഖാദിനിർമാണവും ഹിന്ദിപ്രചരണവും കുഷ്ഠരോഗനിവാരണവും എല്ലാം ഉൾപ്പെട്ടിരുന്നു.

1937-ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസിനു വമ്പിച്ച വിജയമുണ്ടായി. ചില സംസ്ഥാനങ്ങളിൽ മന്ത്രിസഭ രൂപവത്കരിച്ചു. അവർക്കു മദ്യനിരോധനം, അടിസ്ഥാനവിദ്യാഭ്യാസം, കാർഷികകടാശ്വാസം എന്നിവ ചേർത്തൊരു പരിപാടി അദ്ദേഹം ഉണ്ടാക്കി. 1939 സെപ്റ്റംബറിൽ രണ്ടാം ലോകയുദ്ധം തുടങ്ങി. ജനപ്രതിനിധികളോടാലോചിക്കാതെ ഇന്ത്യയെ യുദ്ധത്തിൽ പങ്കാളിയാക്കിയതിൽ പ്രതിഷേധിച്ചു സംസ്ഥാന കോൺഗ്രസ് മന്ത്രിസഭകൾ രാജിവച്ചു. ഗാന്ധി നിരുപാധികം ബ്രിട്ടനെ സഹായിക്കണമെന്നഭിപ്രായപ്പെട്ടുവെങ്കിലും, കോൺഗ്രസ് പ്രവർത്തകസമിതി അതു സ്വീകരിച്ചില്ല. ഹിന്ദു മുസ്ലിം പ്രശ്നത്തെക്കുറിച്ച് 1940-ൽ ഗാന്ധിയും ജിന്നയും ചർച്ചചെയ്തു — ഫലമുണ്ടായില്ലെങ്കിലും.

1940-ൽ ഗാന്ധി വ്യക്തിസത്യഗ്രഹപ്രസ്ഥാനം ആരംഭിച്ചു. ആളുകൊണ്ടോ അർഥംകൊണ്ടോ യുദ്ധത്തെ സഹായിക്കരുതെന്നു പറഞ്ഞു സത്യഗ്രഹികൾ അറസ്റ്റുവരിച്ചു. വിനോബാഭാവെയായിരുന്നു ആദ്യത്തെ സത്യഗ്രഹി. 1942 മാർച്ചിൽ സ്റ്റാഫോഡ് ക്രിപ്സിന്റെ ദൗത്യം പരാജയപ്പെട്ടു. ക്വിറ്റിന്ത്യാ പ്രസ്ഥാനം ശക്തിയാർജിച്ചുവരികയായിരുന്നു. 1942 ഓഗസ്റ്റ് 8-ന് അഖിലേന്ത്യാ കോൺഗ്രസ് കമ്മറ്റി ക്വിറ്റിന്ത്യാപ്രമേയം അംഗീകരിച്ചു. ഓഗസ്റ്റ് 9-നു ഗാന്ധിയേയും കോൺഗ്രസ് നേതാക്കളെയും അറസ്റ്റുചെയ്തു. തുടർന്നു രാജ്യമെങ്ങും വമ്പിച്ച പ്രക്ഷോഭവും സമരവുമുണ്ടായി. ഗാന്ധിയുടെ ഈ ജയിൽവാസകാലത്താണു സഹധർമിണി കസ്തൂർബായും പ്രൈവറ്റ് സെക്രട്ടറി മഹാദേവ് ദേശായിയും അന്തരിച്ചത്. ജനങ്ങൾക്കെതിരായുള്ള മൃഗീയമായ മർദനത്തെ അധിക്ഷേപിച്ചു ഗാന്ധി വൈസ്റോയിക്ക് (ലിൻലിത് ഗൊ) എഴുതി. 21 ദിവസത്തെ ഉപവാസവും തുടങ്ങി (ഫെബ്രുവരി 10). മെയ് 6-ന് ആരോഗ്യപരമായ കാരണങ്ങളാൽ ഗാന്ധിയെ മോചിപ്പിച്ചു.

യുദ്ധാനന്തരം 1946 മാർച്ചിൽ കാബിനറ്റ് മിഷൻ ഇന്ത്യയിൽ വന്നു. ദ്വിരാഷ്ട്രസിദ്ധാന്തത്തെ തികച്ചും ഗാന്ധി എതിർത്തു. മെയ് 6-നു ബ്രിട്ടൻ ഇന്ത്യയിൽനിന്നു പൂർണമായി പിൻവാങ്ങാമെന്നു കാബിനറ്റുമിഷൻ പ്രസ്താവിച്ചു. ഏകീകൃതഭാരതം എന്ന ആശയം കാബിനറ്റുമിഷന്റെ നിർദേശത്തിലുള്ളതിനാൽ മുസ്ലീംലീഗ് അതിനെ എതിർത്തു. വൈസ്റോയി (വേവൽ) നടത്തിയ അനുരഞ്ജനങ്ങൾ വൃഥാവിലായി.യോജിപ്പിനുള്ള അഭ്യർഥന ജിന്ന തള്ളിക്കളഞ്ഞു. അവസാ



കറുത്ത വെണ്ണക്കല്ലു കൊണ്ടു നിർമിച്ച ഗാന്ധിസ്മാരകം.

നം 1946 സെപ്റ്റംബർ 2-നു ജവാഹർലാലിൻെറ നേതൃത്വത്തിൽ ഇടക്കാലമന്ത്രിസഭ അധികാരമേറ്റെടുത്തു. ഗാന്ധി നെഹ്റുവിനെഴുതി: 'ഉപ്പുനികുതി ഇല്ലാതാക്കുക; ദണ്ഡിയാത്ര ഓർമിക്കുക; ഹിന്ദു-മുസ്ലിം ഐക്യത്തിനു ശ്രമിക്കുക; അയിത്തം ദൂരീകരിക്കുക; ഖാദി സ്വീകരിക്കുക'.

ഹിന്ദു-മുസ്ലിം കലഹങ്ങൾ വർധിച്ചു. അന്തരീക്ഷം വർഗീയതകൊണ്ടു കറുത്തു. മുസ്ലിംലീഗിൻെറ പ്രത്യക്ഷസമരദിനമായ ഓഗസ്റ്റ് 16-നു കൂട്ടക്കൊല ആരംഭിച്ചു. ബംഗാളിലും ബീഹാറിലും ദില്ലി, കൽക്കത്ത എന്നീ നഗരങ്ങളിലും ലഹള നടന്നു. ഗാന്ധി കിഴക്കൻ ബംഗാളിൽ നവഖാലിയിൽ ഹിന്ദു-മുസ്ലിം ഐക്യത്തിനുവേണ്ടി ഗ്രാമംതോറും പദയാത്ര നടത്തി. 1947 മാർച്ചിൽ മുസ്ലിം ന്യൂനപക്ഷത്തിനിടയിൽ ധൈര്യമുണ്ടാക്കാൻ ഗാന്ധി ബീഹാറിലേക്കു പോയി.

1947 ജൂൺ 3-ന് ഇന്ത്യാവിഭജനത്തെപ്പറ്റി ബ്രിട്ടീഷ് പ്രധാനമന്ത്രി ആറ്റ്ലി പ്രഖ്യാപനം ചെയ്തു. കോൺഗ്രസും ലീഗും അതു സ്വീകരിച്ചു. വിഭജനം 'ആധ്യാത്മിക ദുരന്ത'മാണെന്നു ഗാന്ധി പറഞ്ഞു. "എൻെറ 32 വർഷത്തെ പ്രവർത്തനം ദുഷ്കീർത്തികരമായി അവസാനിപ്പിച്ചിരിക്കുന്നു" എന്നു ഗാന്ധി വേദനയോടെ പ്രസ്താവിച്ചു. 1947 ഓഗസ്റ്റ് 15-നു ഗാന്ധി ഉപവാസം അനുഷ്ഠിക്കുകയാണു ചെയ്തത്. യാതൊരു സന്ദേശവും അദ്ദേഹം രാഷ്ട്രത്തിനു നല്കിയില്ല.

ഓഗസ്റ്റിൽ കൽക്കത്തയിൽ വീണ്ടും വർഗീയകലാപം തുടങ്ങി. ഇതു തുടർന്നാൽ മരിക്കുംവരെ ഉപവസിക്കുമെന്നു ഗാന്ധി പ്രഖ്യാപിച്ചതിനെത്തുടർന്നു കലാപം ശമിച്ചു. സെപ്റ്റംബറിൽ ഗാന്ധി ദില്ലിയിലെത്തി. വർഗീയകലാപവും അഭയാർഥിപ്രശ്നവും അദ്ദേഹത്തെ അലട്ടി. പാകിസ്താനിലും ഇതു നടന്നിരുന്നു. ഗാന്ധി വീണ്ടും ഒരു ഉപവാസം തുടങ്ങി. ജനുവരി 18 വരെ അതു തുടർന്നു. എല്ലാ സമുദായങ്ങളിലും പെട്ടവർ ഗാന്ധിയോട് ഉപവാസം നിർത്താനാവശ്യപ്പെട്ടു. ഗാന്ധിക്കെതിരായി ഹിന്ദുവർഗീയത ശകാരം തുടങ്ങി. ജനുവരി 20-ന്, ഒരു യുവാവ് ഗാന്ധിയുടെ ദില്ലി വസതിയുടെ നേരെ ബോംബെറിഞ്ഞുവെങ്കിലും ഗാന്ധിക്കൊന്നും പറ്റിയില്ല. എന്നാൽ 1948 ജനുവരി 30-നു വൈകുന്നേരം അഞ്ചുമണിക്കു പ്രാർഥനായോഗത്തിനു പോകുമ്പോൾ ഒരു ഹിന്ദുയുവാവ് മഹാത്മാഗാന്ധിയുടെ നേർക്കു മൂന്നു വെടിയുണ്ട ഉതിർത്തു. 'ഹേ റാം' എന്ന് ഉച്ചരിച്ചു ഗാന്ധി മരിച്ചുവീണു.

മഹാകവി രവീന്ദ്രനാഥ ടാഗൂറാണു ഗാന്ധിയെ മഹാത്മാ എന്നു വിളിച്ചത്. പല കാര്യത്തിലും ഗാന്ധിയുമായി ടാഗൂറിന് അഭിപ്രായവ്യത്യാസമുണ്ടായിരുന്നുവെങ്കിലും, മഹാത്മാഗാന്ധിയെ ടാഗൂർ ആദരിച്ചു. തിങ്കളാഴ്ചതോറും മൗനവ്രതം അനുഷ്ഠിക്കുക, ദിവസേന പ്രാർഥനായോഗങ്ങൾ നടത്തുക, ഭഗവദ്ഗീതയും ഖുർആനും ബൈബിളും നിത്യം പാരായണം ചെയ്യുക, പുതിയ ചിന്തകളെ പ്രവൃത്തിയാക്കി മാറ്റുക, പറയുന്നതിനനുസരിച്ചു പ്രവർത്തിക്കുകയും തെറ്റു തിരുത്തുകയും ചെയ്യുക — ഇതൊക്കെ ഗാന്ധിയുടെ പ്രത്യേകതകളായിരുന്നു. സത്യം ഈശ്വരനാണെന്നദ്ദേഹം പറഞ്ഞു. 'നിരീശ്വരവാദികളും സത്യം നിഷേധിക്കില്ലല്ലോ. സത്യം കണ്ടുപിടിക്കുന്നതിനിടയിൽ ഈശ്വരനെപ്പോലും അവർ നിഷേധിക്കുന്നു. സത്യം ദൈവമാണ്' എന്നിങ്ങനെയാണു ഗാന്ധി വാദിച്ചത്. ആത്മകഥയ്ക്ക് 'എൻെറ സത്യാന്വേഷണപരീക്ഷകൾ' എന്നാണദ്ദേഹം പേരിട്ടത്. ഇന്ത്യയിൽ കോൺഗ്രസ്പ്രസ്ഥാനത്തിനും ദേശീയപ്രസ്ഥാനത്തിൽ പങ്കാളികളായവർക്കും ഗാന്ധിസത്തിൻെറ സ്വാധീനമുണ്ടായിരുന്നു. ഗാന്ധിസത്തിൻെറ സ്വാധീനത്തിലാണ് അമേരിക്കൻ നീഗ്രോനേതാവായ മാർട്ടിൻ ലൂതർകിങ് വെള്ളമേധാവിത്വത്തിനെതിരെ പൊരുതിയതും രക്തസാക്ഷിയായതും. പല രാജ്യങ്ങളിലും ഗാന്ധിശിഷ്യന്മാരുണ്ട്. ആൽബെർട്ട് ഐൻസ്റ്റൈൻ, ഗുണാർമിർദൽ, ഷൂമാക്കർ, എറിക് എറിക്സൺ മുതലായ ചിന്തകന്മാർ ഗാന്ധിയുടെ ദർശനത്തെ അംഗീകരിക്കുന്നവരിൽ ചിലരാണ്.

ഗാന്ധിഗ്രാം

മഹാത്മാഗാന്ധിയുടെ ആശയങ്ങളും ആദർശങ്ങളുമനുസരിച്ചു ജീവിക്കുന്നവരുടെ ഒരു കോളനി. തമിഴ്നാട്ടിലെ മധുരയിൽനിന്നു 40 കി.മീ. അകലെയാണ് ഇത്. ഇവിടെ 1964-ൽ ഗാന്ധിഗ്രാം ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് റൂറൽ ഹെൽത്ത് ആൻറ് ഫാമിലി പ്ലാനിങ് എന്ന പേരിൽ ആരോഗ്യകാര്യങ്ങളിലും കുടുംബാസൂത്രണത്തിലും ഗവേഷണങ്ങൾ നടത്തുന്നതിനായി ഒരു കേന്ദ്രം സ്ഥാപിച്ചു. കേരളം, തമിഴ്നാട്, കർണാടകം, ആന്ധ്രപ്രദേശ് എന്നീ നാലു പ്രവിശ്യകളിൽ ആരോഗ്യം, കുടുംബാസൂത്രണം എന്നീ വിഷയങ്ങളിൽ വ്യക്തികൾക്കു പരിശീലനം നല്കാൻ ചുമതലപ്പെട്ട സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് എന്ന നിലയിലും ഈ കേന്ദ്രം പ്രവർത്തിക്കുന്നു. ഇന്ത്യയിലാകെയുള്ള ഇത്തരം അഞ്ച് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ഒന്നാണിത്.

ഗാന്ധിടൈം കാപ്സ്യൂൾ

ഗാന്ധിജിയുടെ ജീവിതത്തോടു ബന്ധപ്പെട്ട രേഖകൾ മൈക്രോഫി

ലിംചെയ്ത് അടക്കംചെയ്തതും ഭൂമിയിൽ കുഴിച്ചിട്ടതും ആയ ലോഹപേടകം (Capsule). ഗാന്ധിജിയുടെ 25-ാം ചരമവാർഷികദിനത്തിൽ (1973 ജനുവരി 30) ആണ് ഈ ലോഹപേടകം മണ്ണിൽ നിക്ഷേപിച്ചത്. ദില്ലിയിൽ ഗാന്ധിജി വെടിയേറ്റുവീണ സ്ഥലത്തുനിന്ന് ഏതാനും വാര അകലെയാണ് ഈ ലോഹപേടകം കുഴിച്ചിട്ടിരിക്കുന്നത്. ഇന്ത്യയുടെ അന്നത്തെ ഉപരാഷ്ട്രപതിയായിരുന്ന ജി.എസ്. പാഠക് ആണ് ഈ കൃത്യം നിർവഹിച്ചത്. ഗാന്ധിജിയുടെ ആത്മകഥ, ഗാന്ധിജിയെക്കുറിച്ചുള്ള ഫിലിമുകൾ, അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളുടെ റെക്കോഡുകൾ എന്നിവയെല്ലാം ഈ ലോഹപേടകത്തിൽ അടക്കം ചെയ്തിട്ടുണ്ട്. ഗാന്ധിജിയുടെയും കസ്തൂർബായുടെയും രൂപമുള്ള ഓട്ടുതട്ടവും അവരുടെ ചെറിയ ഊർധ്വകായപ്രതിമകളും ഇതിൽ വെച്ചിരിക്കുന്നു. കൈകൊണ്ടു നൂറ്റെടുത്ത ഖാദിനൂൽ, ഇന്ത്യയും മറ്റു രാജ്യങ്ങളും ഇറക്കിയിട്ടുള്ള സ്മാരകസ്റ്റാമ്പുകൾ നാണ്യങ്ങൾ എന്നിവയും കൂട്ടത്തിലുണ്ട്. 200 കിലോഗ്രാം തൂക്കമുള്ള ഈ ലോഹപേടകത്തിന് 3 അടി നീളവും ഒന്നര അടി വ്യാസവുമുണ്ട്. ഒരു ക്രെയിൻ ഉപയോഗിച്ച് 30 അടി ആഴത്തിലാണിതു നിക്ഷേപിച്ചിട്ടുള്ളത്. കേന്ദ്രവിദ്യാഭ്യാസവകുപ്പിന്റെ ആഭിമുഖ്യത്തിലാണ് ഈ കൃത്യം നടന്നത്. നാഷനൽ മ്യൂസിയം, ആകാശവാണി, ഭാഭാ അണുഗവേഷണകേന്ദ്രം എന്നീ സ്ഥാപനങ്ങൾ ഇതിൽ സഹകരിച്ചു.

ഗാന്ധിത്തൊപ്പി

മഹാത്മാഗാന്ധി ഇന്ത്യയിൽ തന്റെ അനുയായികളുടെ ഇടയിൽ പ്രചാരത്തിൽ കൊണ്ടുവന്ന വെള്ള ഖദർത്തൊപ്പി. ദക്ഷിണാഫ്രിക്കയിൽ വച്ചു ജയിൽവാസം വരിക്കേണ്ടിവന്ന ഗാന്ധി ജയിൽവസ്ത്രങ്ങൾ ധരിച്ചപ്പോൾ വെള്ളത്തുണിത്തൊപ്പി ജയിൽവേഷത്തിന്റെ ഭാഗമായിരുന്നു. തടവിൽനിന്നു പുറത്തുവന്ന ഗാന്ധി വേഷത്തിലെ ലാളിത്യത്തിന്റെ പേരിൽ അത്തരം തൊപ്പി പ്രചരിപ്പിച്ചു. അദ്ദേഹം ഇന്ത്യയിൽ സത്യഗ്രഹസമരങ്ങൾ സംഘടിപ്പിച്ചപ്പോൾ സത്യഗ്രഹികളുടെ വേഷത്തിന്റെ ഭാഗമായി ഈ തൊപ്പിയും.



ഗാന്ധി പീസ് ഫൗണ്ടേഷൻ

ഗാന്ധിയൻ തത്ത്വാദർശങ്ങളിലും മാർഗങ്ങളിലും ഗവേഷണം നടത്തുന്ന സ്ഥാപനം. ആണവയുഗത്തിൽ അക്രമരാഹിത്യത്തിലും സത്യത്തിലും അധിഷ്ഠിതമായ മനുഷ്യസമുദായം എന്ന ആദർശത്തിനുള്ള പ്രസക്തിയെപ്പറ്റി പഠിക്കാൻ ഒരു സ്ഥാപനം ഉണ്ടാവണം എന്ന ആശയം ഗാന്ധിജിയുടെ കാലശേഷം പ്രബലമായി. ദേശീയരംഗത്തെ പ്രഗല്ഭരായ നായകന്മാർ 1959-ൽ അതിനു രൂപംകൊടുത്തു — ജവഹർലാൽ നെഹ്റു, രാജഗോപാലാചാരി, രാജേന്ദ്രപ്രസാദ്, ജയപ്രകാശ് നാരായണൻ, എസ്. രാധാകൃഷ്ണൻ, ആചാര്യകൃപലാനി, കാകാ സാഹിബ് കലേൽക്കർ, സാക്കീർ ഹുസൈൻ, മോറാർജി ദേശായി തുടങ്ങിയവർ. ആദ്യത്തെ അധ്യക്ഷനായിരുന്ന ഡോ. ആർ.ആർ. ദിവാകർ ഇന്നും ആ സ്ഥാനത്തു തുടരുന്നു. ജി. രാമചന്ദ്രൻ ആയിരുന്നു ആദ്യത്തെ സെക്രട്ടറി.

നമ്മുടെ സമൂഹം അപ്പപ്പോൾ നേരിടുന്ന പ്രശ്നങ്ങളാണു പഠനവിഷയമാക്കേണ്ടത് എന്നതുകൊണ്ടു ഫൗണ്ടേഷന്റെ ശ്രദ്ധാകേന്ദ്രം കാലം മാറുന്നതനുസരിച്ചു മാറിവരിക സ്വാഭാവികമാണ്. പൊതുവെയുള്ള സമീപനം ഇതാണ്:

i ആധുനിക വികസനപദ്ധതികൾ പ്രകൃതിയോടു കാട്ടുന്ന ക്രൂരതയെക്കുറിച്ചു പഠിക്കുക; പകരം വികസനത്തിനോടു മറ്റൊരു സമീപനം സ്വീകരിച്ച് ഈ ക്രൂരത ഒഴിവാക്കുന്ന കാര്യം പരിഗണിക്കുക.

ii പരിസ്ഥിതിയെ മാനിക്കുക, ഇന്നത്തെ സാങ്കേതികവിദ്യയ്ക്കു പകരം അക്രമംകുറഞ്ഞ പുതിയൊരു സാങ്കേതികവിദ്യ വാഗ്ദാനം ചെയ്യുന്ന പുതിയ ശാസ്ത്രീയദർശനങ്ങളിലൂടെ — ആപേക്ഷികസിദ്ധാന്തം, ക്വാണ്ടം സിദ്ധാന്തം തുടങ്ങിയവയിലൂടെ — സമഗ്രമായ ഒരു ലോകദർശനം സാധിച്ചെടുക്കുക.

iii ആധുനിക വിദ്യാഭ്യാസരംഗത്തെ മൂല്യച്യുതിയും അക്രമവാസനയും മത്സരവും ഒഴിവാക്കാൻവേണ്ടി ഗാന്ധിജി വിഭാവനം ചെയ്ത 'നയി തലിം' വിദ്യാഭ്യാസത്തിന്റെ തത്ത്വവും പ്രയോഗവും പഠിക്കുക.

iv സംഘട്ടനങ്ങൾ പ്രത്യേകം പഠനവിഷയമാക്കി അവയുടെ ചരിത്രവും അക്രമരഹിതമാർഗങ്ങൾ കൈക്കൊള്ളുന്നതിന്റെ സംഭവചരിത്രവും തയ്യാറാക്കുക.

അക്രമരാഹിത്യം പ്രചരിപ്പിക്കാനുദ്ദേശിച്ചു സംഘം പുറപ്പെടുവിക്കുന്ന പ്രസിദ്ധീകരണങ്ങൾ:

i ഗാന്ധിമാർഗ് മാസിക — ഇംഗ്ലീഷിലും ഹിന്ദിയിലും.

ii ഗാന്ധിയൻ ആദർശങ്ങൾക്ക് ആധുനിക സമ്പദ്വ്യവസ്ഥ, പരിസ്ഥിതി, നിരായുധീകരണം, സാമൂഹികസംഘട്ടന-പരിഹാരം തുടങ്ങിയവയിൽ ഉള്ള പ്രസക്തി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ.

iii 'ശാസ്ത്രവും അഹിംസയും' എന്ന ലഘുലേഖാ പരമ്പര.

iv അക്രമരാഹിത്യത്തെപ്പറ്റിയുള്ള ഗവേഷണ ലഘുലേഖകൾ.

v ഗാന്ധിയൻ സർവോദയപ്രമേയങ്ങളെക്കുറിച്ചുള്ള ഗ്രന്ഥങ്ങളും സാഹിത്യവും.

ഫൗണ്ടേഷൻ നടത്തിയ പ്രവർത്തനങ്ങളിൽ താഴെ പറയുന്നവ പെടുന്നു.

i സമുദായത്തിന്റെ പ്രശ്നങ്ങൾക്കു ഗാന്ധിയൻ പരിഹാരരീതി കണ്ടെത്തൽ. ചമ്പൽ താഴ്വരയിൽ നടത്തിയ പ്രവർത്തനങ്ങൾ അവിടുത്തെ കൊള്ളക്കാരുടെ കീഴടങ്ങലിലും അവരുടെ പുനരധിവാസത്തിലും സഫലത കണ്ടെത്തി.

ii പരിസ്ഥിതി സംരക്ഷകസംഘടനകളായ 'ചിപ്കോ', മണ്ണുസംരക്ഷണയത്നം എന്നിവയുമായി അടുത്ത ബന്ധം പുലർത്തി.

iii സാങ്കേതികവിദ്യയെ പ്രകൃതിയ്ക്കനുസരിച്ചു നിയന്ത്രിച്ചു പ്രയോഗിക്കുന്നതിനെപ്പറ്റി, ബിജ്നോർ ജില്ലയിലെ ഒരു ഗ്രാമത്തിൽ പ്രകൃത്യനുസാരിയായ കൃഷിപദ്ധതിയിലൂടെ പഠനം നടത്തുന്നു.

iv ദേശീയ ഐക്യം, സൃഷ്ടിപരപ്രവർത്തനം, ഗ്രാമീണ ആരോഗ്യരക്ഷ എന്നിവ വിദ്യാർഥികളുടെ ഇടയിൽ പ്രചരിപ്പിക്കാൻ ക്യാമ്പുകൾ നടത്തുന്നു.

v ഗാന്ധിയൻ ആദർശങ്ങൾ പുരോഗമിപ്പിക്കുവാൻ വേണ്ട പദ്ധതികളും വിദ്യാഭ്യാസസൗകര്യങ്ങളും ഫെലോഷിപ്പുകളും പല വിദ്യാഭ്യാസകേന്ദ്രങ്ങളിലും ഏർപ്പെടുത്തി.

vi വേൾഡ് കോൺഫറൻസ് ഒഫ് റിലിജിയൺ ഫോർ പീസ് രൂപവത്കരിച്ചും, 1962-ൽ അന്തർദേശീയ ന്യൂക്ലിയർ വിരുദ്ധ കൺവൻഷൻ നടത്തിയും, 1963-ൽ ഉണ്ടാക്കിയ ഭാഗികന്യൂക്ലിയർ പരീക്ഷണനിരോധത്തിനു വഴിയൊരുക്കി. ലോകനിരായുധീകരണപ്രസ്ഥാനത്തിൽ പങ്കുചേർന്നു.

vii 400 ഇന്ത്യൻ ഭാഷാപത്രങ്ങളിൽ എത്തിച്ചേരുന്ന ഒരു 'സർവോദയപ്രസ് സർവീസി'നു രൂപംകൊടുത്തു.

viii സംഘട്ടനവേദികളിൽ നേരിട്ട് ഇടപെട്ടു (നാഗാലാൻഡിലും അസമിലും പഞ്ചാബിലും ശ്രീലങ്കയിലും).

ix ചിന്തകർ, സാമൂഹികപ്രവർത്തകർ, അക്കാദമീഷ്യന്മാർ ഇവരുമായി ബന്ധംപുലർത്തി ഓരോ പ്രശ്നത്തിലും ഗാന്ധിയൻ മാർഗങ്ങളുടെ പ്രസക്തി കണ്ടെത്താൻ ശ്രമിച്ചു.

x രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിക്കുന്ന പരിശീലനപരിപാടികളിൽ അക്രമരാഹിത്യത്തിലും സാമൂഹികനവീകരണത്തിലും ശിക്ഷണം കൊടുക്കുന്നു.

xi മറ്റു രാജ്യങ്ങളിലെ ഗാന്ധിയൻ പഠനഗ്രൂപ്പുകളുമായി സഹകരിച്ച് ആശയവിനിമയത്തിനായി അവരെ വിവിധ സർവോദയകേന്ദ്രങ്ങളിൽ അയയ്ക്കുന്നു.

ഫൗണ്ടേഷനു ദില്ലിയിൽ ഒരു കേന്ദ്ര ഓഫീസും രാജ്യത്തു പലെടത്തുമായി മുപ്പത്തിമൂന്നു ശാഖാകേന്ദ്രങ്ങളുമുണ്ട്. കേന്ദ്ര ഓഫീസിൽ ഗ്രന്ഥശാലയും ഓഡിറ്റോറിയവും ഹോസ്റ്റലും ഉണ്ട്. ഈ ഫൗണ്ടേഷനു ജയപ്രകാശ് നാരായണനുമായുള്ള ബന്ധം മുൻനിർത്തി അടിയന്തിരാവസ്ഥക്കാലത്ത് ഈ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷി

ക്കാൻ ഒരു കമ്മീഷനെ നിയമിച്ചിരുന്നു. പ്രഖ്യാപിതലക്ഷ്യങ്ങൾക്കു വേണ്ടിയുള്ള പ്രവർത്തനത്തിന് ഇതു ബാധകമായില്ല.

ഗാന്ധിമാർഗത്തെപ്പറ്റി പഠനങ്ങളും ഗവേഷണങ്ങളും നടത്തുന്നതോടൊപ്പം അഹിംസാത്മകമായ ബഹുജനപ്രസ്ഥാനങ്ങളെയും വളർത്തുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു ഗാന്ധിമാർഗപഠനത്തിനായി വളരെപ്പേർ ഇന്ത്യയിൽ എത്തുന്നുണ്ട്. സമാധാന പ്രവർത്തകസംഘങ്ങളും സർവകലാശാലകളുമായി ബന്ധപ്പെട്ടു സമാധാനത്തെക്കുറിച്ചുള്ള പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കാൻ ഫൗണ്ടേഷനു കഴിഞ്ഞിട്ടുണ്ട്. ജനങ്ങളിൽ ഉറച്ച ജനാധിപത്യബോധം വളർത്തുന്നതിനും മനുഷ്യാവകാശങ്ങളും ദേശീയ ഐക്യവും സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള സമീപകാല പ്രവർത്തനത്തിന്റെ ഭാഗമാണ് ബംഗ്ലാദേശ് അഭയാർഥിസംരക്ഷണത്തിലും ഉത്തരേന്ത്യൻ ഗ്രാമങ്ങളിലെ അടിമപ്പണി അവസാനിപ്പിക്കലിലും നിർവഹിച്ച പങ്ക്.

കേരളത്തിൽ തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോട്ടും ഫൗണ്ടേഷനു കേന്ദ്രങ്ങളുണ്ട്. കെ.പി. മാധവൻനായർ, എം. പി. മന്മഥൻ, ജി. കുമാരപിള്ള തുടങ്ങിയവർ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്നു. മനുഷ്യസമത്വത്തിലും ഐക്യത്തിലും സത്യത്തിലും അഹിംസയിലും നവസമൂഹത്തിലേക്കുള്ള പരിവർത്തനത്തിലും ചൂഷണരാഹിത്യത്തിലും സമാധാനത്തിലും വിശ്വാസമുള്ള ആർക്കും ഇതിൽ അംഗമാകാം.

ഗാന്ധി ഫിലിംസ് ഫൗണ്ടേഷൻ

മഹാത്മാ ഗാന്ധിയുടെ ആദർശങ്ങളും സിദ്ധാന്തങ്ങളും ചലച്ചിത്ര മാധ്യമത്തിലൂടെ പ്രചരിപ്പിക്കാൻ ഏർപ്പെടുത്തിയ സ്ഥാപനം. 1982 ഡിസംബർ 31-നു ബോംബെ ആസ്ഥാനമായി രജിസ്റ്റർ ചെയ്യപ്പെട്ടു. 1917 മുതൽ 1934 വരെ ഗാന്ധിജി ബോംബെയിലുള്ളപ്പോൾ താമസിച്ചിരുന്ന മണിഭവൻ എന്ന മന്ദിരത്തിലാണ് ഇതിന്റെ ആസ്ഥാനം. നേരത്തെ ഗാന്ധി സ്മാരകനിധിയുടെ ഭാഗമായി പ്രവർത്തിച്ചിരുന്ന ഗാന്ധി ഫിലിംസ് കമ്മിറ്റിയുടെ ആസ്തിബാധ്യതകൾ ഈ ഫൗണ്ടേഷനു കൈമാറി. ഗാന്ധിജിയുടെ ജീവിതവുമായി ബന്ധപ്പെട്ട ചലച്ചിത്രങ്ങളും, വാർത്താചിത്രങ്ങളും, ഡോക്കുമെന്ററികളും ഫൗണ്ടേഷൻ സൂക്ഷിക്കുന്നു. അത് ഉപയോഗപ്പെടുത്താൻ ആഗ്രഹിക്കുന്നവർക്കു ലഭ്യമാക്കുകയും ചെയ്യുന്നു. ഇതിനു പുറമേ ഫൗണ്ടേഷൻ ഗാന്ധിജിയെ സംബന്ധിച്ചു സ്വന്തമായി ഡോക്കുമെന്ററി ചിത്രങ്ങൾ നിർമിക്കുന്നുണ്ട്. ഒരു വർഷം രണ്ടെണ്ണം എങ്കിലും ഇപ്രകാരം നിർമിക്കപ്പെടുന്നു. ആർ. ആർ. ദിവാകർ അധ്യക്ഷനായുള്ള ഒരു കമ്മിറ്റിയാണു ഫൗണ്ടേഷന്റെ ചുമതലകൾ വഹിക്കുന്നത്.

ഗാന്ധിസം

മഹാത്മാഗാന്ധി പ്രചരിപ്പിച്ച തത്വശാസ്ത്രം. തന്റെ വകയായി ഒരു 'ഇസ'മില്ല എന്ന് ഗാന്ധിജി പറയാറുണ്ടായിരുന്നു. എങ്കിലും ഗാന്ധിജിയുടെ ജീവിതംതന്നെ ഒരു ദർശനമായിത്തീർന്നു. അതനുസരിച്ച് അഹിംസ, സത്യം, അപരിഗ്രഹം, അസ്തേയം, ബ്രഹ്മചര്യം എന്നീ പഞ്ചഘടകങ്ങളോടുകൂടിയ, യമത്തിൽ അടിയുറച്ച ജീവിതമാണു മാതൃകാജീവിതം. തന്റെ ജീവിതത്തെ സത്യാന്വേഷണ പരീക്ഷണമായി കണ്ട ആളാണു ഗാന്ധി. ചിന്തയിലും വാക്കിലും പ്രവൃത്തിയിലും ഗാന്ധിജി സത്യം പാലിച്ചു. സത്യത്തെ അദ്ദേഹം ഈശ്വരനായി കണ്ടു. സാമാന്യജനങ്ങൾ അഹിംസയും സത്യവും ജീവിതവ്രതമായി സ്വീകരിച്ച സാമൂഹികവ്യവസ്ഥിതിയെ ആണു രാമരാജ്യം എന്നു ഗാന്ധി വിശേഷിപ്പിച്ചത്. ഗാന്ധിയുടെ രാമൻ ദശരഥപുത്രനല്ല, സത്യത്തിന്റെയും ത്യാഗത്തിന്റെയും മൂർത്തിമദ്ഭാവമായ മനുഷ്യനാണ്. അദ്ദേഹത്തിന്റെ ഈശ്വരൻ സ്വന്തം മനഃസാക്ഷിതന്നെ. പ്രവൃത്തിയുടെ പിന്നിലെ മനോഭാവമാണു കർമഫലത്തെ നിയന്ത്രിക്കുന്നത്. അപ്പോൾ കർമഫലദാതാവായ ഈശ്വരൻ മനഃസാക്ഷിതന്നെ.

ഗാന്ധിയുടെ ദൃഷ്ടിയിൽ ബ്രഹ്മചര്യം ലൈംഗികകർമ വർജനം മാത്രമല്ല, മനസ്സിൽ സുഖലാലസയ്ക്കു സ്ഥാനം നല്കാതിരിക്കലാണ്. തന്റെ പ്രയത്നഫലം സമൂഹത്തിന്റെ വകയായി ഗണിക്കലാണ് അദ്ദേഹത്തിന് അപരിഗ്രഹം. അഹിംസ കൊല്ലാതിരിക്കലല്ല, വിദ്വേഷം മനസ്സിൽ ഉദിക്കാതിരിക്കൽ ആണ്. ശത്രുവിന്റെ നേർക്കും സ്നേഹം എന്നർഥം. ഈവിധം ഒരു ജീവിതം നയിക്കാൻ അദ്ദേഹം നമ്മോട് ഉപദേശിച്ചു.

യന്ത്രങ്ങളുടെ ഉപയോഗത്തെ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. യന്ത്രങ്ങൾ മനുഷ്യരെ പ്രയത്നവിമുഖരും അലസന്മാരുമാക്കുന്നു. യന്ത്രങ്ങൾ വ്യവസായശാലകൾക്കു കളമൊരുക്കുന്നു. മുതലാളി-തൊഴിലാളിഭേദം അവിടെ ജനിക്കുന്നു. വ്യവസായം പൊതുഉടമയിൽ ആയാലും ഫലം വ്യത്യസ്തമല്ല. ഫാക്റ്ററിയുടെ മാനേജർക്കും മാനേജരുടെ സെക്രട്ടറിക്കും ക്ലാർക്കിനും ഫോർമാനും സാധാരണതൊഴിലാളിക്കും ശമ്പളവും സമൂഹത്തിൽ ലഭിക്കുന്ന ആദരവും തുല്യമല്ല. ആഫ്രിക്കയിലെ ഫീനിക്സ് സെറ്റിൽമെന്റിൽ ഗാന്ധിജി മറ്റുള്ളവർക്കൊപ്പം ശാരീരികാധ്വാനം ചെയ്തിരുന്നു. മനുഷ്യരുടെ ഇടയിലെ ഉച്ചനീചത്വം അദ്ദേഹം തിന്മയുടെ മൂലമായി ഗണിച്ചു. ഒരിക്കൽ ടാഗോറിന്റെ വിശ്വഭാരതിയിലെ തോട്ടികൾ പണിമുടക്കിയപ്പോൾ കക്കൂസ് വൃത്തിയാക്കാൻ ആളില്ലാതായി. ആ സമയത്താണ് ഗാന്ധിജി എത്തിയത്. അദ്ദേഹം ചൂലും തൊട്ടിയുമായി കക്കൂസ് വൃത്തിയാക്കാനിറങ്ങി. അതുകണ്ടപ്പോൾ വിദ്യാർത്ഥികളും ഇറങ്ങി കക്കൂസ് വൃത്തിയാക്കി. ഇങ്ങനെയാണ് ഗാന്ധി തൊഴിലിന്റെ മഹത്വം പഠിപ്പിച്ചത്. തീവണ്ടിയും കാറും ബസും വിമാനവും അച്ചടിയന്ത്രങ്ങളും റേഡിയോയും ഫോണും ടി. വി.യും ഇല്ലാത്ത ഒരു ഭാരതം അദ്ദേഹത്തിന്റെ ഭാവനയിൽ ഉണ്ടായിരുന്നു. വിജ്ഞാനത്തെക്കാൾ ജ്ഞാനത്തെ അദ്ദേഹം ആദരിച്ചു. പാശ്ചാത്യപരിഷ്കാരം വിജ്ഞാനാഭിവൃദ്ധിക്ക് ഉതകി എന്നകാര്യം നിഃസംശയമാണ്. എന്നാൽ ജ്ഞാനം, മുക്തികാരണമായ അറിവ്, വളരാൻ അതു സഹായിച്ചില്ല. ഇക്കാര്യം ഗാന്ധി വ്യക്തമാക്കി.

ആധുനിക പരിഷ്കാരം ആവശ്യങ്ങളെ വർധിപ്പിക്കുന്നു, സുഖം വർധിപ്പിക്കുന്നില്ല. മണിമാളികയും കാറും ടി.വി.യും മറ്റും അന്തസ്സല്ലാതെ സുഖം വർധിപ്പിക്കുന്നില്ല. ഈശ്വരൻ, എല്ലാ ജനത്തിന്റെയും ആവശ്യത്തിനുള്ളത് (need) നല്കിയിട്ടുണ്ട്. എന്നാൽ ഒരുവന്റെയും ദുരയ്ക്ക് (greed) ഉള്ളതു നല്കിയിട്ടില്ല എന്നു ഗാന്ധി പറഞ്ഞിട്ടുണ്ട്. ഈ ആദർശത്തെ പ്രശസ്ത അർഥശാസ്ത്രജ്ഞനായ ഷൂമാക്കർ 'ചെറുതിന് ചാരുതയേറും' (small is beautiful) എന്ന ഗ്രന്ഥത്തിൽ പ്രശംസിക്കുന്നു.

ഗാന്ധിസദൻ

മഹാത്മാഗാന്ധി വെടിയേറ്റുവീണ സ്ഥലത്തോടുചേർന്ന മന്ദിരം. ബിർളാഹൗസ് എന്നു ചുരുക്കപ്പേരിൽ അറിയപ്പെട്ടിരുന്നു. 1948 ജനുവരി 30-നു ഗാന്ധിജി രക്തസാക്ഷിയായത് ഇതിന്റെ മുറ്റത്തു വച്ചാണ്. ഈ സംഭവത്തെത്തുടർന്ന് ബിർളാഹൗസിനു ഗാന്ധിസദൻ എന്നു പേരിട്ടു.

ഗാബൺ

ആഫ്രിക്കയിലെ ഒരു റിപ്പബ്ലിക്ക് . പടിഞ്ഞാറ് അറ്റ്ലാന്റിക്ക് സമുദ്രവും തെക്കു കിഴക്കു കോംഗോ (ബ്രാസ്സവിൽ) റിപ്പബ്ലിക്കും വടക്കുവശം മധ്യാഫ്രിക്കൻ റിപ്പബ്ലിക്കും സ്ഥിതിചെയ്യുന്നു. വിസ്തൃതി 2,67,667 ച.കി.മീ.

ജനങ്ങൾ. 13 ലക്ഷം (1986). ഇവരിൽ ആറു ശതമാനം യൂറോപ്യന്മാർ. ശേഷിച്ചവർ ഫാങ് 34.5% മ്പോങ്‌വെ 14.5% സെറ്റോ 13.6% മറ്റു വർഗങ്ങൾ 20.5%.

തലസ്ഥാനമായ ലിബ്രവില്ലിലെ ജനസംഖ്യ 2,57,000. പോർട്ട് ജൻറിലാണു പ്രധാന തുറമുഖം. ഇവിടുത്തെ ജനസംഖ്യ 1,23,000. ഫ്രാൻസ് വിൽ, ലാംബറിൻ എന്നിവയാണു മറ്റു പ്രധാന സ്ഥലങ്ങൾ.

വിഭവങ്ങൾ. ധാതുദ്രവ്യങ്ങൾ വളരെ അധികമുള്ള രാജ്യമാണിത്. എണ്ണ, യുറേനിയം, ഇരുമ്പയിര്, മാംഗനീസ് എന്നിവയാണു പ്രധാനം. വലിയ വനസമ്പത്തുണ്ട്. ഈ വനങ്ങളിൽനിന്നു ധാരാളം തടി കിട്ടുന്നു. വനവിഭവങ്ങൾ, മത്സ്യബന്ധനം, കൃഷി, ഖനനം, വ്യവസായങ്ങൾ ഇവയാണു മുഖ്യ വരവിനങ്ങൾ.

ചോളം, വാഴ, കരിമ്പ്, കാപ്പി, നിലക്കടല, കൊക്കോ ഇവ ആണു മുഖ്യ വിളകൾ. കാലിവളർത്തൽ, കോഴിവളർത്തൽ ഇവയും വളരെ പേർക്കു തൊഴിൽ നല്കുന്നു.

സിമന്റു നിർമാണം, ധാന്യം പൊടിക്കൽ, പഞ്ചസാര നിർമാണം, ഖനനം (മാൻഗനീസ്, യുറേനിയം, സ്വർണം) തുണിനെയ്ത്ത്, പെട്രോളിയത്തിന്റെ ഖനനസംഭരണങ്ങൾ, പ്രകൃതിവാതകസംഭരണം ഇവ ആണു പ്രധാന വ്യവസായങ്ങൾ.

,14,000 പേർ കൃഷിയിലും 13,000 പേർ നിർമാണപ്രവർത്തനങ്ങളിലും 42,000 പേർ പൊതുഭരണപ്രതിരോധവിഭാഗങ്ങളിലും ഏർപ്പെട്ടിരിക്കുന്നു. ദേശീയ വരുമാനത്തിന്റെ 73.4% സ്വകാര്യ ഉടമാരംഗത്തും ബാക്കി പൊതു ഉടമാരംഗത്തും നിന്നാണ്. വ്യാപാരമിച്ചം 1984-ൽ 4,92,600 ഫ്രാങ്ക് ആണ് (ഒരു യു.എസ്. ഡോളർ. 402 ഫ്രാങ്കിനു തുല്യം).

ഗതാഗതം, തീവണ്ടിപ്പാത 338 കി.മീ. (1983) റോഡ് 4,668 കി.മീ. വാഹനങ്ങൾ: കാർ 16,000 ട്രക്കും ബസ്സും 10,600 കപ്പൽ 20. വിമാനയാത്രക്കാർ 8.5 ലക്ഷം.



വാർത്താവിനിമയം. ദിനപത്രം രണ്ട്. മൊത്തം പ്രചാരം 33,000. (1000 പേർക്കു 35 കോപ്പി). റേഡിയോ ഒരു ലക്ഷം. (11 പേർക്ക് ഒന്ന്) റ്റി.വി. 20,000; ടെലിഫോൺ 11,600 (99 പേർക്ക് ഒന്ന്).

ചരിത്രം. സെനഗലിനുശേഷം ഫ്രെഞ്ചുകാർ പാർപ്പുറപ്പിച്ച ആദ്യത്തെ ആഫ്രിക്കൻ ഭൂമധ്യരേഖാസംസ്ഥാനമാണു ഗാബൺ. ഏറ്റവും ചെറുതും, ജനസാന്ദ്രത തീരെ കുറഞ്ഞതും ആയ ഈ രാജ്യം സമ്പന്നമായിരുന്നതിനാൽ, ഫ്രാൻസിന് ഇതിൻെറ പേരിൽ പ്രത്യേക താത്പര്യമുണ്ടായിരുന്നു. 1839 മുതൽ ഗാബൺകാർ ഫ്രെഞ്ചു പ്രജകളായിരുന്നു. ലിയാൺ എംബയുടെ നേതൃത്വത്തിലുള്ള സ്വതന്ത്ര റിപ്പബ്ലിക്കായി 1958-ൽ പ്രഖ്യാപിക്കപ്പെട്ടു. ഫ്രെഞ്ചു രാഷ്ട്രസമൂഹത്തിലെ ഒരു അംഗമായി ഇതു തുടർന്നു. എംബ, ഫ്രെഞ്ച് അനുകൂലിയും ആഫ്രിക്കക്കാരുടെ ഉന്നതിക്കായി പ്രയത്നിച്ചുപോന്ന നേതാവും ആയിരുന്നു. ആറുവർഷം ഏതാണ്ട് ഏകാധിപതിയുടെ മട്ടിൽ ഗാബണിൻെറ ഭരണം നടത്തി. രണ്ടാം ലോകയുദ്ധത്തിനുശേഷം ഗാബണിൻെറ പൊതുജീവിതത്തിൽ സ്വാധീനം ചെലുത്തിപ്പോന്ന മറ്റൊരു നേതാവു ജീൻഹിലെയർ ആബാമെ ആയിരുന്നു. 1964-ൽ ആബാമെ എംബായെ സ്ഥാനഭ്രഷ്ടനാക്കി. രണ്ടു ദിവസമേ ഇതു നിലനിന്നുള്ളു. ഫ്രെഞ്ചു സൈന്യം ഇടപെടുകയും എംബായെ വീണ്ടും അധികാരത്തിലേറ്റുകയും ചെയ്തു. ആബാമെ തടവിലുമായി. ഈ അധികാരം പിടിച്ചെടുക്കലിൻെറ പിന്നിൽ അമേരിക്കൻ കൈകൾ പ്രവർത്തിച്ചിരുന്നതായി ആരോപണം ഉണ്ടായെങ്കിലും യു.എസ്. സ്റ്റേറ്റ് ഡിപ്പാർട്ടുമെൻറ് പ്രസ്തുത ആരോപണം നിഷേധിച്ചു.

ഗാബനീസ് സ്ത്രീകൾ കടൽത്തീരത്തു മത്സ്യമൊരുക്കുന്നു.

ആഫ്രിക്കൻ നേതാക്കളിൽ പ്രമുഖമായ ഒരു സ്ഥാനം എംബയ്ക്കുണ്ട്. തൻെറ കൊച്ചുരാജ്യത്തെ സമ്പൽസമൃദ്ധമാക്കുവാൻ അദ്ദേഹം വളരെയേറെ പ്രവർത്തിച്ചിട്ടുണ്ടെന്നു പരക്കെ സമ്മതിക്കപ്പെട്ടിരിക്കുന്നു.

ഗാബൺ റിപ്പബ്ലിക്കാണ്. ഭരണത്തലവൻ പ്രസിഡൻറ്. ഗവൺമെൻറിൻെറ തലവൻ പ്രധാനമന്ത്രി. ഏകമണ്ഡലനിയമസഭയിൽ 120 അംഗങ്ങളുണ്ട്. ഔദ്യോഗികഭാഷ ഫ്രെഞ്ച്. ഒരു രാഷ്ട്രീയകക്ഷിമാത്രം. ഔദ്യോഗിക മതമില്ല.

ഗാബൺ ലോകപ്രസിദ്ധമായിത്തീരാനുള്ള പ്രധാന കാരണം ലാംബറീനിലെ വനങ്ങളിൽ ഡോക്ടർ ആൽബർട്ട് ഷ്വെയിറ്റ്സർ സ്ഥാപിച്ച ആശുപത്രിയാണ്. ഭൂമധ്യരേഖയിൽനിന്നു 80.5 കി.മീ. തെക്കു മാറി ഓഗോവ് നദിക്കരയിൽ ഇതു സ്ഥിതിചെയ്യുന്നു.

ഗാബർ

ഇസ്ലാമികാധിപത്യസ്ഥാപനത്തിനുശേഷം ഇറാനിലെ സരതുഷ്ട്രമതാനുയായികളെ സൂചിപ്പിക്കാൻ പ്രചാരത്തിലിരുന്ന പദം. 'കാഫിർ' എന്ന പദത്തിൽനിന്നാണ് ഇതിൻെറ നിഷ്പത്തി. കുതിരസവാരിനടത്താനോ ആയുധം ധരിക്കാനോ ഉള്ള അവകാശം നിഷേധിക്കപ്പെട്ട്, 'ജസിയ' നികുതി കൊടുക്കാൻ (1882 വരെ) നിർബന്ധിതരായി കഴിഞ്ഞിരുന്ന ഇവരോടു രണ്ടാംതരം പൗരന്മാരോടെന്നപോലെയാണു ഭരണാധികാരികൾ പെരുമാറിയിരുന്നത്. രാജ്യത്തിൻെറ ഒഴിഞ്ഞ കോണിലുള്ള യാസ്ദ്, കെർമാൻ എന്നീ ദേശങ്ങളിൽ ഇവർ കൂട്ടംകൂടി താമസിച്ചിരുന്നു.

ഗാബർ, ഡെന്നിസ് (1900—1979)

1971-ൽ നൊബേൽ സമ്മാനാർഹനായ ഇലക്ട്രിക്കൽ എൻജിനീയർ. ഹോളോഗ്രഫി എന്ന ഛായാഗ്രഹണവിദ്യയുടെ കണ്ടുപിടിത്തത്തിനാണു സമ്മാനം കിട്ടിയത്. 1900 ജൂൺ 5-ാം തീയതി ബുഡാപെസ്റ്റിൽ ജനിച്ചു. 1927-ൽ ബെർലിനിലെ സീമെൻസ് കമ്പനിയിൽ ഒരു ഗവേഷക-എൻജിനീയറായി ചേർന്നു. എന്നാൽ 1933-ൽ നാസിഭരണം തുടങ്ങിയപ്പോൾ, അവിടംവിട്ട് ഇംഗ്ലണ്ടിൽ സ്ഥിരതാമസമാക്കി. പിന്നീട് അവിടത്തെ പൗരത്വവും സ്വീകരിച്ചു. ഹോളോഗ്രഫിയുടെ ആശയം 1947-ൽ ആദ്യമായി ആവിഷ്കരിച്ചുവെങ്കിലും ലേസറിൻെറ പ്രദർശനം 1960-ൽ നടക്കുന്നതുവരെ ഹോളോഗ്രഫിയുടെ പ്രായോഗിക സാധ്യതകൾ തെളിഞ്ഞില്ല.

1949-ൽ ലണ്ടനിലെ ഇംപീരിയൽ കോളെജ് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ പ്രൊഫസറായി. വിവിധ കണ്ടുപിടിത്തങ്ങൾക്കു നൂറിലധികം പേറ്റൻറുകൾ ഗാബർ എടുത്തിട്ടുണ്ട്.

1979 ഫെബ്രുവരി 8-നു ലണ്ടനിൽ അന്തരിച്ചു.

ഗാബ്രോ(Gabbro)

പെട്രോളജിയിൽ, പ്ലാജിയോക്ലേസ് ഫെൽസ്പാറും പൈറോക്സിനുമടങ്ങിയ പരുക്കൻ തരികളുള്ള പാറകൾക്കു പൊതുവായുള്ള പേര്. ബസാൾട്ടിൻെറ പ്ലൂട്ടോണിക് മാതൃകയാണിതെന്നു പറയാം. ഖനിജത്തിലും ഘടനയിലും എല്ലാ സ്ഥലങ്ങളിലുമുള്ള ബസാൾട്ട് ഒരുപോലെയാണ്. എന്നാൽ ഗാബ്രോയാകട്ടെ വളരെ വ്യത്യാസപ്പെട്ടു കാണുന്നു. ഗാബ്രോയിൽ പ്ലാജിയോക്ലേസ് മാത്രം അടങ്ങിയിരിക്കു

മ്പോൾ അതിനെ അനോർത്തോസൈറ്റ് എന്നും, പൈറോക്സിനും ഒലിവിനുമടങ്ങിയിരിക്കുമ്പോൾ പെരിഡോടൈറ്റ് എന്നും, പൈറോക്സിൻ മാത്രമുള്ളപ്പോൾ പൈറോക്സിനൈറ്റ് അഥവാ ഹൈപ്പറൈറ്റ് എന്നും, പൈറോക്സിനും പ്ലാജിയോക്ലേസുമുള്ളപ്പോൾ നോറൈറ്റ് എന്നും പറയുന്നു.



ഷെൽബിക്കു സമീപം കണ്ടെത്തിയ ഗാബ്രോ.

ഉത്പത്തിയും ഘടനയും. ബസാൾട്ടിക മാഗ്മയെ ഗുരുത്വനിയന്ത്രണത്തിൽ അംശീകരണം (Oscillatory crystal fractionation) നടത്തിയാണു പാളികളായുള്ള ഗാബ്രോ സംയുക്തങ്ങളുണ്ടാക്കുന്നത്.

അന്തരാളി (interstitial) മൈക്രോപെഗ്മാടൈറ്റ് ഇതിൽ ധാരാളമുണ്ട്. ജലതാപീയ (hydrothermal) ഉത്പത്തിയുള്ള ഇവ ക്രിസ്റ്റൽ അംശീകരണത്തിൻെറ അന്തിമഘട്ടത്തിലുള്ള ഒരു വ്യുത്പന്നമായി പരിഗണിക്കപ്പെട്ടുവരുന്നു. ഗാബ്രോ ഉത്ഖനനം ചെയ്തെടുത്ത് അളവുകല്ലായി ഉപയോഗിക്കാറുണ്ട്.

ഗാമ, ഗുലാം മഹമ്മദ് (1882—1960)

ഗുസ്തിമത്സരത്തിൽ ലോകപ്രശസ്തിനേടിയ ഇന്ത്യാക്കാരൻ. രുസ്തം-എ-ഹിന്ദ് എന്ന ബഹുമതി നാമത്തിൽ പ്രസിദ്ധൻ. അമൃതസരസ്സിൽ ജനിച്ചു. പിതാവും പിതാമഹനും ഗുസ്തിക്കാരായിരുന്നു. ബാല്യത്തിലേ ഗുസ്തി പഠിച്ചു. 1910-ൽ ലണ്ടനിൽവച്ചു നടന്ന അഖില ലോകഗുസ്തിമത്സരത്തിൽ സംബന്ധിച്ചു. അവിടത്തെ അവസാന മത്സരത്തിനു ഗാമ തിരഞ്ഞെടുക്കപ്പെട്ടില്ല. അതിനെത്തുടർന്നു അദ്ദേഹം ഒരു പരസ്യവെല്ലുവിളി നടത്തി. തന്നെ ഗുസ്തിയിൽ തോല്പിക്കുന്ന ആൾക്കു താൻ 5 പവൻ സമ്മാനം കൊടുക്കാമെന്നായിരുന്നു വെല്ലുവിളി. ആ വെല്ലുവിളി സ്വീകരിച്ചു മുന്നോട്ടുവന്ന എല്ലാ ഫയൽവാന്മാരെയും ഗാമ അനായാസമായി തോല്പിച്ചു. ലോകപ്രസിദ്ധനായ സിബിസ്കോ ഗാമയോടേറ്റുമുട്ടി. ആദ്യത്തെ ദിവസം പരാജയം ഒഴിവാക്കാൻ സിബിസ്ക്കോയ്ക്കു സാധിച്ചു. ഗുസ്തി അടുത്ത ദിവസത്തേക്കു മാറ്റി. പക്ഷേ, സിബിസ്കോ അന്നു ഹാജരായില്ല. 18 വർഷത്തിനുശേഷം സിബിസ്കോ ഇന്ത്യയിൽ വന്നു — ഗാമയുമായി ഗുസ്തിപിടിച്ചു. വെറും 21 സെക്കൻഡിനുള്ളിൽ ഗാമ സിബിസ്കോയെ മലർത്തിയടിച്ചു. 1910-ൽ നേടിയ ലോകചാമ്പ്യൻ സ്ഥാനം വളരെക്കാലം ഗാമ നിലനിർത്തി. ഗാമ കേരളത്തിൽ വന്നു ഗുസ്തിപ്രദർശനങ്ങൾ നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന് 65 വയസ്സായിരുന്നപ്പോൾ തൂക്കം 118 കി. ഗ്രാമായിരുന്നു. പട്ടിയാല മഹാരാജാവിൻെറ അംഗരക്ഷകനായി കുറെക്കാലം ജോലിനോക്കി. ഇന്ത്യാവിഭജനത്തെത്തുടർന്നു പാകിസ്താനിൽ പോയി. അവസാന കാലത്തു രോഗവും ദാരിദ്ര്യവും അദ്ദേഹത്തെ ക്ലേശിപ്പിച്ചു. 1960 മേയിൽ ലഹോറിൽ അന്തരിച്ചു.

ഗാമ, വാസ്കോ ദ

ഗുഡ്ഹോപ്പ്മുനമ്പു ചുറ്റി യൂറോപ്പിൽനിന്ന് ഇന്ത്യയിലേക്കുള്ള കപ്പൽമാർഗം ഉദ്ഘാടനംചെയ്ത പോർത്തുഗീസു നാവികൻ. 1497—'99-ലും 1502—'03-ലും 1924-ലും ഇന്ത്യയിലേക്കു കപ്പൽയാത്ര നടത്തി. ഈ യാത്രകൾ ലോകചരിത്രത്തിൻെറ ഗതി മാറ്റി.

എസ്തേ വോങ് ദ ഗാമയുടെ മൂന്നാമത്തെ മകൻ. 1492-ൽ ജോൺ രണ്ടാമൻ രാജാവ്, ഗാമയെ രണ്ടു ഫ്രെഞ്ചു കപ്പലുകൾ പിടിച്ചെടുക്കാൻ നിയോഗിച്ചു. അക്കാര്യം ഇദ്ദേഹം സമർഥമായി സാധിച്ചു. അറബികളുടെ കുത്തക ആയിരുന്ന ഇന്ത്യയുമായുള്ള വ്യാപാരം കയ്യടക്കാൻ ജോൺരാജാവ് 1495-ൽ ഗാമയെ നിയോഗിച്ചു. തുടർന്നു സിംഹാസനസ്ഥനായ മാനുവലും ഗാമയെ പ്രോത്സാഹിപ്പിച്ചു. 1497 ജുലൈ എട്ടാംതീയതി ഗാമ നാലു കപ്പലുകളിൽ സേനയും ചരക്കുകളുമായി യാത്ര തിരിച്ചു. ഗുഡ്ഹോപ്പ്മുനമ്പു കണ്ടെത്തിയ ബർത്തലോമിയോ ഡയസ് മുനമ്പുവരെ അവരെ അനുഗമിച്ചു. 1498 മെയ് 20-ാം തീയതി ഗാമ കോഴിക്കോട്ട് എത്തി. സാമൂതിരി ഇദ്ദേഹത്തെ സ്വീകരിച്ചു. എങ്കിലും ഉടമ്പടിയിൽ ഏർപ്പെടാൻ വിസമ്മതിച്ചു. ഗോവയ്ക്കു സമീപം അഞ്ചിദ്വീപു സന്ദർശിച്ചിട്ടാണു ഗാമ മടങ്ങിയത്. നാലഞ്ചു ഹിന്ദുക്കളെ കൂടെ കൂട്ടിയിരുന്നു. ജൂലൈയിൽ ഗാമ പോർത്തുഗലിൽ മടങ്ങി എത്തി.



13 കപ്പലുകളോടൊപ്പം രണ്ടാം തവണ ഗാമ 1502-ൽ കേരളത്തിൽ എത്തി. അഡ്മിറൽപദവി നേടിയ ഗാമ പത്തു കപ്പലുകളുടെ നായകൻ ആയിരുന്നു. ആദ്യം ഗോവയിൽ താവളം കണ്ടെത്തിയ ശേഷമാണു കേരളത്തിൽ എത്തുന്നത്. കണ്ണൂരിൽ കാത്തിരുന്ന് ഒരു അറബിക്കപ്പലും ചരക്കും തട്ടിയെടുത്തു. പത്തു മുന്നൂറുപേരെ തടവുകാരാക്കി. ചിലരെ കൊന്നു. കണ്ണൂർ രാജാവും കൊച്ചീരാജാവുമായി ഉടമ്പടിയിൽ ഏർപ്പെട്ടു. സാമൂതിരിയുമായി പിണങ്ങി 18 ഹിന്ദുക്കളെയും കുറെ അറബികളെയും വെടിവച്ചു കൊന്നിട്ടു സ്ഥലംവിട്ടു.

ഗാമയ്ക്കു ഉദാസീനമായ സ്വീകരണമാണു സ്വന്തരാജ്യത്തു ലഭിച്ചത്. ഗാമ വിവാഹംകഴിച്ചു കുറച്ചുനാൾ സ്വസ്ഥനായി കഴിഞ്ഞു. 1524-ൽ ജോൺ മൂന്നാമൻ ഇദ്ദേഹത്തെ ഇന്ത്യയിലെ വൈസ്റോയി ആയി നിയമിച്ചു. ഗോവയിലെ ഭരണത്തിലെ കുഴപ്പങ്ങൾ പരിഹരിച്ച ശേഷം കൊച്ചിക്കു തിരിച്ചു. അവിടെവച്ചു രോഗബാധിതനായി മരിച്ചു.

ഗാമാ ബാറോസ്, ഹെൻറിക് ഡി (1833—1925)

പോർത്തുഗീസു ചരിത്രകാരൻ. മധ്യയുഗങ്ങളിലെ പോർത്തുഗീസു സമൂഹജീവിതത്തെപ്പറ്റിയുള്ള അപഗ്രഥനപരമായ പഠനമാണ് ഇദ്ദേഹത്തിൻെറ ഏറ്റവും പ്രധാനപ്പെട്ട കൃതി. 1854-ൽ നിയമബിരുദം നേടി പോർത്തുഗീസു ഭരണമണ്ഡലത്തിൽ പല ഉന്നത ഉദ്യോഗങ്ങളും വഹിച്ചു. 1876-ലും 1878-ലും ലിസ്ബണിലെ സെക്രട്ടറിജനറലും സിവിൾഗവർണറുമായിരുന്നു. 1900 മുതൽ 1910 വരെ പോർത്തുഗലിലെ അത്യുന്നത ഭരണസമിതിയുടെ അധ്യക്ഷനായിരുന്നു.

ഗാമാരശ്മികൾ

ശക്തിയേറിയ വിദ്യുത്കാന്തവികിരണങ്ങൾ. റേഡിയോ ആക്റ്റീവതയുള്ള വസ്തുക്കളിൽനിന്ന് ഉദ്ഭൂതമാകുന്നു. ഉയർന്ന ആവൃത്തിയാണുള്ളത്. ഇവയുടെ തരംഗദൈർഘ്യം 1A°യോ ($1\text{A}^\circ = 1\times10^{-8}$ സെ.മീ.) അതിൽ കുറവോ ആയിരിക്കും. തുളച്ചുകയറുന്നതിനുള്ള ശക്തിയും ആവൃത്തിയും കൂടിയിരിക്കുമെന്നതൊഴിച്ചാൽ ഇവയുടെ ബാക്കിയെല്ലാ സ്വഭാവങ്ങളും എക്സ്റേകളുടേതിനോടു സമാനമാണ്. അർബുദചികിത്സയ്ക്കും മറ്റും ഗാമാരശ്മികൾ ഉപയോഗിക്കുന്നു. †എക്സ്റേ, †റേഡിയോ ആക്റ്റീവത നോക്കുക.

ഗാമീറ്റുകൾ

ലൈംഗിക പ്രജനന(sexual reproduction)ത്തിനു വേണ്ടിയുള്ള പ്രത്യേക കോശങ്ങൾ. രണ്ടിനം ഉണ്ട്: ആൺബീജവും പെൺബീജവും. ആൺബീജത്തെ പുംബീജം (ശുക്ലാണു - sperm) എന്നും പെൺബീജത്തെ അണ്ഡം (egg) എന്നും പറയുന്നു. †പുംബീജം, †അണ്ഡം നോക്കുക.

ഗാമൗവ്, ജോർജ് (1904—1968)

റഷ്യൻ വംശജനായ യു.എസ്. ഭൗതികജ്ഞൻ. അസ്ട്രോഫിസിക്സ് ശാഖയ്ക്കു വിലപ്പെട്ട സംഭാവനകൾ നല്കി. ജനിതകത്തിലും ഗാമൗവിന്റേതായി ചില സിദ്ധാന്തങ്ങൾ ഉണ്ട്.

1904 മാർച്ച് 4-ന് ഒഡേസയിൽ (സോവിയറ്റ് യൂണിയൻ) ജനിച്ചു. ലെനിൻഗ്രാഡ് സർവകലാശാലയിൽനിന്നു പിഎച്ച്.ഡി. സമ്പാദിച്ചു (1928). 1934-ൽ യു.എസ്-ലേക്കുപോയി. നക്ഷത്രങ്ങളിലെ ഊർജത്തിന്റെ ഉറവിടത്തെപ്പറ്റി ഗാമൗവ് അവതരിപ്പിച്ച സിദ്ധാന്തം ശാസ്ത്രജ്ഞന്മാരുടെ അന്നുവരെയുള്ള വിശ്വാസത്തിനു വിരുദ്ധമായിരുന്നു. ഈ തത്വം നക്ഷത്രങ്ങളുടെ പരിണാമത്തെക്കുറിച്ചുള്ള ധാരണകൾതന്നെതന്നെ മാറ്റിമറിച്ചു. ജൈവരസതന്ത്രത്തിൽ ഗാമൗവ് നടത്തിയ പരീക്ഷണങ്ങൾ, എൻസൈം രൂപവത്കരണത്തിൽ ന്യൂക്ലിക് ആസിഡ് ഒരു ജനിതകകോഡായി പ്രവർത്തിക്കുന്നു എന്നും ജനിതകക്കോഡുതന്നെ ഒരു സംഘം ന്യൂക്ലിയോറ്റൈഡ് ആണെന്നും ഉള്ള സിദ്ധാന്തം മുന്നോട്ടുവച്ചു. വിശദാംശങ്ങളിൽ ചില പിശകുകൾ ഉണ്ടായിരുന്നെങ്കിലും, ആറു വർഷം കഴിഞ്ഞപ്പോൾ ഈ സിദ്ധാന്തം പൊതുവിൽ ശരിയാണെന്നു തെളിഞ്ഞു. 1968 ആഗസ്റ്റ് 19-നു കൊളറാഡോയിൽ അന്തരിച്ചു.

ഗായത്രി

ഒരു വൈദികമന്ത്രം.

“തത്സവിതുർവരേണ്യം
ഭർഗോ ദേവസ്യ ധീമഹി
ധിയോ യോ നഃ പ്രചോദയാത്”

അർഥം: നമ്മുടെ ബുദ്ധിയെ പ്രേരിപ്പിക്കുന്ന, സവിതാവിന്റെ, ഭജനീയമായ തേജസ്സിനെ. നാം ധ്യാനിക്കുന്നു.

ഋഗ്വേദമടക്കം എല്ലാ വേദങ്ങളിലുമുള്ള ഈ മന്ത്രത്തെ (ഋക്കിനെ) ബ്രാഹ്മണ്യത്തിന്റെ കാതലെന്നു പറയാം. സവിതാവിനോടുള്ള ബന്ധംകൊണ്ടു സാവിത്രി എന്നും ഈ മന്ത്രത്തിനു പേരുണ്ട്. ഗായത്ര്യുപദേശം കിട്ടിയതിനുശേഷം മാത്രമേ ബ്രാഹ്മണർ ആ പേരിന് അർഹരാവുന്നുള്ളു.

നിത്യേന രാവിലെയും വൈകുന്നേരവും ബ്രാഹ്മണർ ചെയ്യാറുള്ള സന്ധ്യാവന്ദനകർമത്തിൽ ഗായത്രി ഒരു വലിയ പങ്കു വഹിച്ചുവരുന്നു. ചുരുങ്ങിയതു പത്തുരുവെങ്കിലും ഗായത്രി ജപിക്കണമെന്നാണു നിയമം. സാധാരണമായി 108 ഗായത്രി ജപിക്കുന്നു. അകൃത്യങ്ങളെന്തെങ്കിലും അറിഞ്ഞോ അറിയാതെയോ ചെയ്യുവാനിടവന്നാൽ പ്രായശ്ചിത്തമായി ആയിരം ഗായത്രി ജപിക്കാറുണ്ട്. ‘സഹസ്രാവൃത്തി’ എന്ന പേരിൽ ആ പ്രായശ്ചിത്തം അറിയപ്പെട്ടുവരുന്നു. ആശൗച കാലത്തു മന്ത്രോച്ചാരണം പാടില്ല; അപ്പോൾ പത്തുരു ഗായത്രി മനസ്സുകൊണ്ടു ജപിക്കുന്നു. ബ്രഹ്മസാമീപ്യത്തിനുതകുന്ന മഹാമന്ത്രമായി ഗായത്രിയെ കരുതിവരുന്നു.

ഗായത്രീദേവി, രാജമാതാ (1919—)

രാജവംശജയായ രാഷ്ട്രീയപ്രവർത്തക. 1962 മുതൽ 1977 വരെ ലോകസഭാംഗമായിരുന്നു. 1962-ലെ പൊതുതിരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ വോട്ടുനേടി ലോകസഭാംഗമായതു ഗായത്രീദേവി ആയിരുന്നു. സ്വതന്ത്രാപാർട്ടിയുടെ വൈസ് പ്രസിഡന്റായും പിൽക്കാലത്തു ബി.ജെ.പി.യിലെ സമുന്നത നേതാവായും പ്രവർത്തിച്ചു.

1919 മെയ് 23-നു ലണ്ടനിൽ ജനിച്ചു. പിതാവു കൂച്ച്ബിഹാറിലെ മഹാരാജാ ജിതേന്ദ്രനാരായൺ ഭൂപ് ബഹാദൂറും മാതാവു മഹാറാണി ഇന്ദിരാദേവിയുമാണ്. വിദ്യാഭ്യാസം ലണ്ടനിലായിരുന്നു. ജയ്പൂർ മഹാരാജാവായ സവായ് മാൻസിങ് രണ്ടാമൻ ഗായത്രീദേവിയെ വിവാഹംകഴിച്ചു. സാമൂഹിക-സാംസ്കാരിക കാര്യങ്ങളിൽ അത്യധികം താത്പര്യം പ്രകടിപ്പിക്കുന്ന ഈ രാജവംശജ പല സ്ഥാപനങ്ങൾക്കു ജന്മം നല്കിട്ടുണ്ട്. മഹാറാണി ഗായത്രീദേവി ഗേൾസ് പബ്ലിക് സ്കൂൾ, മഹാരാജാ സാവായ് ജയ്സിങ് ബെനവലന്റ് ട്രസ്റ്റ്, മഹാറാണി ഗായത്രീദേവി സോൾജേഴ്സ് വെൽഫെയർ ഫണ്ട് ഇവ ഈ സ്ഥാപനങ്ങളിൽ ചിലതാണ്. ഓൾ ഇന്ത്യാ ബാഡ്മിന്റൻ അസോസിയേഷൻ പ്രസിഡന്റ്, ഓൾ ഇന്ത്യാ ലോൺ ടെന്നീസ് അസോസിയേഷൺ വൈസ് പ്രസിഡന്റ് എന്നീ പദവികൾ ഇവർ വഹിച്ചിരുന്നു. ‘*എ പ്രിൻസെസ് റിമെംബേർസ്*’ എന്ന പേരിൽ ആത്മകഥാപരമായ ഒരു ഗ്രന്ഥം ശാന്താരാമറാവുമായി സഹകരിച്ചു ഗായത്രീദേവി രചിച്ചിട്ടുണ്ട്.

ഗാരിക്, ഡേവിഡ് (1717-’79)

ഇംഗ്ലീഷ് നടനും നാടകമാനേജരും നാടകകൃത്തും. ട്രാജഡിയിലും കോമഡിയിലും പ്രഹസനങ്ങളിലും ഒരേ പ്രാഗല്ഭ്യത്തോടെ നടിക്കാൻ കഴിവുണ്ടായിരുന്ന അനുഗൃഹീതനായിരുന്നു, ഗാരിക്.

ഒരു പട്ടാളക്കാരന്റെ മകനായി ഹെറിഫോർഡിൽ ജനിച്ച ഗാരിക്ക് അദ്ദേഹത്തെക്കാൾ 7 വയസ്സ് പ്രായംകൂടിയ സാമുവൽ ജോൺസന്റെ സഖിത്വത്തിലാണു വളർന്നത്. 1737-ൽ ജീവിതമാർഗം അന്വേഷിച്ച് കുതിരപ്പുറത്ത് ലണ്ടനിലേക്കു തിരിച്ചു. കുറച്ചുനാൾ ഒരു വൈൻഷാപ്പ് നടത്തി. പിന്നീട് നാടകവേദിയിലേക്ക് ആകൃഷ്ടനായി. 24-ാം വയസ്സിൽ ഷേക്സ്പിയർ നാടകങ്ങളിലെ ഏറ്റവും ശക്തരായ ദുരന്തനായകന്മാരുടെ ഭാഗങ്ങൾ അഭിനയിച്ച് പ്രസിദ്ധിനേടി. ലിയർ രാജാവും മക്ബത്തും ഹാംലെറ്റും ഒഥല്ലോവും എല്ലാം ഗാരിക്കിലൂടെ സമുജ്ജ്വലമാംവിധം പുനർജന്മം നേടി.



നർത്തകിയും വിയെന്നാക്കാരിയുമായ പത്നിയുമൊരുമിച്ചു ഗാരിക് യൂറോപ്പു പര്യടനം നടത്തി. ‘ഡ്രൂറിലെയ്ൻ’ തിയേറ്ററിന്റെ മാനേജർപദവിയും ഗാരിക് അചിരേണ നേടി. തൊണ്ണൂറിലേറെ കഥാനായകന്മാരെ അവിടെ അവതരിപ്പിച്ചു. മുപ്പത്തിയഞ്ചോളം നാടകങ്ങൾ സ്വയം എഴുതി അവതരിപ്പിച്ചിട്ടുണ്ടെങ്കിലും, ഷേക്സ്പിയർ കഥാനായകൻ എന്ന നിലയിലാണ് അദ്ദേഹത്തിന്റെ പ്രശസ്തി.

ഗാരിക് ഇരുപത്തിയൊൻപതു വർഷക്കാലം ഡ്രൂറിലെയ്ൻ നാടകശാലയുടെ മാനേജരായിരുന്നു. ഇക്കാലത്തിനുള്ളിൽ അദ്ദേഹം 75 പുതിയ നാടകങ്ങൾ അവതരിപ്പിക്കുകയുണ്ടായി. പുതിയ എഴുത്തുകാരോടു വളരെ പ്രോത്സാഹജനകമായ നിലപാടാണ് അദ്ദേഹം എപ്പോഴും കൈക്കൊണ്ടത്.

എഴുത്തുകാരനെന്ന നിലയ്ക്ക് ഗാരിക് മൂന്നാംകിടക്കാരനായിരുന്നു. ‘ഹാർട്ട് ഒഫ് ഓക്ക്’ എന്ന ഗാനം മാത്രമേ ഇന്നും ജനപ്രീതി ആകർഷിക്കുന്നതായുള്ളു.

1779 ജനുവരി 20-ാം തീയതി ഗാരിക് നിര്യാതനായി. മരിക്കുമ്പോൾ ഗാരിക്കിന് ഒരുലക്ഷം പവനിലധികം സ്വത്തുണ്ടായിരുന്നു. വെസ്റ്റ്മിൻസ്റ്റർ ആബിയിലെ കവികക്ഷ്യയിലാണ് അദ്ദേഹത്തെ അടക്കം ചെയ്തത്.

ഗാരിബാൾഡി

†ഗാരിബോൾഡി നോക്കുക.

ഗാരിസൺ, വില്യം ലോയ്ഡ് (1805—1879)

പത്രപ്രവർത്തകനും അടിമവിമോചനപ്രസ്ഥാനത്തിന്റെ നേതാവും. ‘ദ ലിബറേറ്റർ’ എന്നൊരു പത്രം ഇദ്ദേഹം നടത്തിയിരുന്നു.



അതിലൂടെയാണ് അടിമത്തത്തിനെതിരായ 'കുരിശുയുദ്ധം' നടത്തിയത്.

1805 ഡിസംബർ 10-നു മസച്ച്സെറ്റിൽ ന്യൂബറിപോർട്ടിൽ ഒരു നാവികന്റെ മകനായി ജനിച്ചു. 1828-ൽ 'നാഷനൽ ഫിലാന്ത്രോപ്പിസ്റ്റി'ന്റെയും 1829-ൽ 'ജേണൽ ഒഫ് ദ റ്റൈംസി'ന്റെയും പത്രാധിപരായി. വിമോചനപ്രസ്ഥാനനേതാവായ ബഞ്ജമിൻ ലുണ്ഡിയുമായുള്ള അടുപ്പം നേരത്തേ മനസ്സിൽ സ്ഥാനം പിടിച്ച മാനുഷികപ്രേമത്തിനു സ്ഥൈര്യം നല്കി. 'ജീനിയസ് ഒഫ് യൂണിവേഴ്സൽ ഇമാൻസിപ്പേഷ'ന്റെ സഹപത്രാധിപരായി. 1830-ൽ 'ദ ലിബറേറ്റർ' എന്ന പേരിൽ സ്വന്തം പത്രം ആരംഭിച്ചു. 'മിതത്വത്തോടെ ചിന്തിക്കാനോ പറയാനോ എഴുതാനോ ഞാൻ തയ്യാറല്ല. ഞാൻ ഗൗരവത്തിലാണ്. ഞാൻ മരിച്ചു പിൻവാങ്ങില്ല. എന്റെ ശബ്ദം ഞാൻ കേൾപ്പിക്കതന്നെ ചെയ്യും' എന്ന നിലപാടിലാണു പത്രം ആരംഭിച്ചത്.

പത്രം ഇംഗ്ലണ്ടിലും അമേരിക്കയിലും വേഗം പ്രചരിച്ചു. ഇദ്ദേഹം 'അമേരിക്കൻ ആൻറി സ്ലേവറി സൊസൈറ്റി'യുടെ (അടിമത്ത വിരുദ്ധ സംഘം) സ്ഥാപകനേതാവും ആദ്യ കാര്യദർശിയുമായി. സ്ത്രീകളുടെ അസ്വതന്ത്രതയും സർക്കാരിന്റെ നിയന്ത്രണങ്ങളും വരെ അടിമത്തമായി കണ്ട ഗാരിസണുമായി യോജിക്കാൻ അടിമത്തവിരുദ്ധ സമിതി പ്രവർത്തകർക്കുപോലും കഴിഞ്ഞില്ല. ഇദ്ദേഹത്തിന്റെ വാദങ്ങളുടെ കാർക്കശ്യം ഏറിവരുന്തോറും അനുയായികളുടെ എണ്ണം കുറഞ്ഞുവന്നു. എബ്രഹാം ലിങ്കനെ ഗാരിസൺ അനുകൂലിച്ചു. 1863-ലെ വിമോചനപ്രഖ്യാപനത്തെ സ്വാഗതംചെയ്തു. 1865-ൽ ആൻറി സ്ലേവറി സൊസൈറ്റി പിരിച്ചുവിട്ടു.

1879 മേയ് 24-നു ന്യൂയോർക്കു നഗരത്തിൽ അന്തരിച്ചു.

ഗാരുഡപുരാണം

പതിനെട്ടുപുരാണങ്ങളിൽ ഒന്ന്. കർത്താവു വ്യാസൻ ആണെന്നാണു വിശ്വാസം. വിഷ്ണു തന്റെ വാഹനമായ ഗരുഡനു നല്കുന്ന ഉപദേശമാണു മുഖ്യ പ്രതിപാദ്യം. മഹാഭാരതത്തിലെയും ഹരിവംശത്തിലെയും കഥകൾ തന്നെയാണു മിക്കവാറും ഗാരുഡപുരാണത്തിലും അഗ്നിപുരാണത്തിലും കാണുന്നത്. മൂർത്തിത്രയത്തിൽ വിഷ്ണുവിനു പ്രാധാന്യം നല്കുന്ന ഭാഗവതാദി വൈഷ്ണവപുരാണങ്ങളിൽ ഒന്നാണ് ഇതും. ഗരുഡന്റെ ഉത്പത്തികഥ ഇതിലുണ്ട്. വൈദ്യജ്യോതിഃശാസ്ത്രവ്യാകരണാദികളും പൂർവഭാഗത്തിലെ പ്രതിപാദ്യങ്ങളിൽ പെടും.

ഗാരെറ്റ്, ജോവോ ബാപ്തിസ്താ ദ സിൽവ

(1799—1854)

പോർത്തുഗീസ് എഴുത്തുകാരനും വാഗ്മിയും രാജ്യതന്ത്രജ്ഞനും. 1851-ൽ ഇദ്ദേഹത്തിനു വിസ്കൗണ്ട് (പ്രഭു) പദവി നല്കപ്പെട്ടു. 1852-ൽ കുറച്ചുകാലം പോർത്തുഗലിലെ വിദേശകാര്യമന്ത്രിയായും സേവനം അനുഷ്ഠിച്ചു.

ഗാരെറ്റ് (Joao Baptista da Silva) 1799 ഫെബ്രുവരി 4-നു പോർട്ടോ എന്ന സ്ഥലത്തു ജനിച്ചു. കൊയ്ബ്രാ സർവകലാശാലയിൽനിന്നു നിയമബിരുദം നേടി. ഏറെ സ്വതന്ത്രചിന്താഗതിക്കാരനാകയാൽ ഇംഗ്ലണ്ടിലേക്കു താമസം മാറ്റേണ്ടിവന്നു. ഇംഗ്ലണ്ടിലെ താമസത്തിനിടയ്ക്കു പോർത്തുഗീസ്ഭാഷയിലെ കാല്പനിക പ്രസ്ഥാനത്തിന്റെ മുന്നോടികളായ രണ്ടു ദേശാഭിമാനകവിതകൾ രചിച്ചു. 1832-ൽ ഗാരെറ്റ് പോർത്തുഗലിലേക്കു മടങ്ങിയെത്തിയത് സ്വാതന്ത്ര്യവാദിയായ രാജ്യതന്ത്രജ്ഞനും കെൽപ്പുറ്റ എഴുത്തുകാരനുമായിട്ടാണ്. 1834-ൽ ബ്രസ്സൽസിൽ കോൺസൽ ജനറലായി നിയമിതനായി. 1837-ൽ പാർലിമെൻറംഗമായി. മികച്ച ഒരു വാഗ്മി എന്ന നിലയിൽ പാർലിമെൻറിൽ ഇദ്ദേഹം ശോഭിച്ചു. ഒരു നാഷനൽ തിയേറ്റർ ഉണ്ടാക്കാൻ പോർത്തുഗീസു ഗവൺമെൻറ് ഇദ്ദേഹത്തെ ചുമതലപ്പെടുത്തി. നാഷനൽ തീയേറ്ററിനുവേണ്ട നാടകം, നടീനടന്മാർ, സദ്യസ്യർ എന്നിവയെല്ലാം താൻ സൃഷ്ടിക്കേണ്ടതുണ്ടെന്നു ഗാരെറ്റിനു ബോധ്യമായി. പല ചരിത്രനാടകങ്ങളും ഈ ആവശ്യത്തിനായി ഇദ്ദേഹം എഴുതി. ഇങ്ങനെ എഴുതിയ നാടകങ്ങളുടെ കൂട്ടത്തിൽ *"ഫ്രെ ലൂയി ദ സൗസാ"* പത്തൊമ്പതാംശതകത്തിലെ പോർത്തുഗീസുചരിത്രനാടകങ്ങളിൽ ഏറ്റവും മികച്ചതായി പരിഗണിക്കപ്പെടുന്നു.

ഗാരോകുന്നുകൾ

മേഘാലയ സംസ്ഥാനത്തെ രണ്ടു ജില്ലകൾ ചേർന്ന പ്രദേശം. പൂർവഗാരോ പശ്ചിമഗാരോ ഇവയാണു ജില്ലകൾ. അവിടെ ഗാരോ ഗോത്രക്കാരാണു താമസിക്കുന്നത്. തുരാ ആണു ജില്ലാതലസ്ഥാനം. ഗുവാഹതി, ഗോൾപാര എന്നിവിടങ്ങളിലേക്ക് ഇവിടെനിന്നും നിരത്തുകളുണ്ട്. ഷില്ലോങ്പീഠഭൂമിയുടെ ഏറ്റവും പടിഞ്ഞാറെ അറ്റമാണ് ഇത്. ഈ പീഠഭൂമി സമുദ്രനിരപ്പിൽനിന്നും 1524 മീറ്ററോളം ഉയരുകയും പിന്നീടു കുത്തനെ ബ്രഹ്മപുത്ര നദീതീരത്തേക്ക് എത്തുകയും ചെയ്യുന്നു. കനത്ത മഴ പെയ്യുന്ന ഈ പ്രദേശത്തു നിബിഡമായ വനങ്ങളുണ്ട്. കൽക്കരിയും ചുണ്ണാമ്പുകല്ലും ഇവിടെ ധാരാളമായുണ്ട്. പെട്രോളിയവും കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. വിസ്തൃതി: 8,084 ച. കി.മീറ്റർ. ജനസംഖ്യ: പൂർവഗാരോ കുന്നുകളിൽ 1,36,550, പശ്ചിമ ഗാരോ കുന്നുകളിൽ 3,69,877 (1981).

ഗാരോഗോത്രം

മേഘാലയത്തിലെ ഒരു ഗോത്രവർഗം. ഇവർ ബോഡോസമൂഹത്തിൽപ്പെട്ടവരാണ്. ഭൂട്ടാനിൽനിന്നും കുടിയേറിപ്പാർത്തവരാണെന്നും അഭിപ്രായമുണ്ട്. ഇവിടുത്തെ ആദിവാസികളുമായി കൂടിച്ചേർന്നുവെന്നു വേണം കരുതുവാൻ. ഇന്നു നിലവിലുള്ള സംസ്കാരത്തിന് ഇന്തോനേഷ്യയുമായാണു ബന്ധം. ഒരുതരം തിബത്തോ-ബർമൻ ഭാഷയാണു സംസാരിക്കുന്നത്. രാഭന്മാർ, കച്ചാരികൾ, തിപ്പരന്മാർ എന്നിവരുമായി ഇവർക്കു ബന്ധമുണ്ട്.

നദീതീരങ്ങളിലാണ് ഇവരുടെ ഗ്രാമങ്ങളധികവും സ്ഥിതിചെയ്യുന്നത്. ഭൂമി സമുദായത്തിന്റെ വകയാണ്. നെല്ലും പരുത്തിയും കൃഷിചെയ്യുന്നു. ഇവർക്കു മത്സ്യബന്ധനത്തിൽ നല്ല സാമർഥ്യമുണ്ട്. ഒരു ഡസനോളം ഉപഗോത്രങ്ങൾ ഇവരിലുണ്ട്. ഇവരുടെ ആചാരമര്യാദകളിലും വ്യത്യാസമുണ്ട്. അന്യവംശവിവാഹവും ബഹുഭാര്യത്വവും നിലവിലുണ്ട്. വധുവിന്റെ വീട്ടുകാരാണു വിവാഹാലോചന നടത്തുന്നത്. വധു വിവാഹത്തിനു മുൻപു കുറച്ചുകാലം വരന്റെ ഗൃഹത്തിൽ വന്നു താമസിക്കണമെന്ന ആചാരവും ഇവർക്കിടയിലുണ്ട്. ഒരാൾ തന്റെ ഭാര്യയുടെ പിതാവിന്റെ വിധവയെയും വിവാഹം കഴിക്കണമെന്ന നിർബന്ധം ഇവർക്കിടയിലുണ്ടായിരുന്നു. ചാർച്ചക്കാർ തമ്മിലുള്ള വിവാഹം നിർബന്ധമാണ്. പുരുഷന്മാർക്കു സ്വത്തവകാശമില്ലാത്തതിനാൽ തന്റെ അടുത്ത തലമുറയ്ക്കു ഭാര്യയുടെ സ്വത്തുക്കൾ ലഭിക്കുന്നു.

കുഴിച്ചിടുകയായിരുന്നു പ്രധാന ശവസംസ്കാരരീതി. പെട്ടിയിലാക്കി മറവുചെയ്യുക, ജലത്തിൽ മറവുചെയ്യുക തുടങ്ങിയ പല രീതികളും നിലവിലുണ്ടായിരുന്നു. തലവെട്ടുന്ന സമ്പ്രദായവും നിലനിന്നിരുന്നു. നരമാംസഭോജനവും മനുഷ്യബലിയും പണ്ടുണ്ടായിരുന്നു. ഇപ്പോൾ ഭൂരിഭാഗം ആൾക്കാരും ക്രിസ്ത്യാനികളാണ്. മറ്റുള്ളവർ പൂർവികാരാധനയും ഈശ്വരാരാധനയുമായി കഴിഞ്ഞുകൂടുന്നു. പുനർജന്മത്തിലും ഇവർക്കു വിശ്വാസമുണ്ട്. 1981-ലെ ജനസംഖ്യ രണ്ടരലക്ഷം ആണ്.

ഗാരോനൃത്തം

ഗാരോ കുന്നുകളിലെ ഗിരിവർഗക്കാർ നടത്തുന്ന ഒരിനം നൃത്തം. മുളയും പോത്തിൻകൊമ്പുകൊണ്ടുള്ള സുഷിരവാദ്യങ്ങളും ചില അവനദ്ധവാദ്യങ്ങളും ചേർന്നതാണ് ഇതിന്റെ പശ്ചാത്തലമേളം. സ്ത്രീകളും പുരുഷന്മാരും ഇടകലർന്ന ഈ സംഘനൃത്തപരിപാടി

യിൽ നർത്തകർ മാറിമാറി മുന്നോട്ടും പിന്നോട്ടും ചുവടുവച്ചു നൃത്തം ചെയ്യുന്നു.

ഗാർഗി

യാജ്ഞവല്ക്യമഹർഷിയുടെ മഹാവിദുഷിയായ പത്നി. മിഥിലാധിപനായ ജനകന്റെ ഗുരു ആയിരുന്നു യാജ്ഞവല്ക്യൻ.

ജനകമഹാരാജാവ് അത്യുത്കൃഷ്ടനായ ആൾക്കു ദാനം ചെയ്യാൻ നിശ്ചയിച്ച പശുക്കളെ സ്വന്തം ആശ്രമത്തിലേക്കു കൊണ്ടുപോകാൻ തുനിഞ്ഞ യാജ്ഞവല്ക്യനെ അളക്കാൻവേണ്ടി പലരും ചോദ്യങ്ങൾ ചോദിച്ചു. അവരിൽ ഗാർഗി എന്ന തപസ്വിനിയും ഉണ്ടായിരുന്നു. അവർ മുന്നോട്ടുവന്നു യാജ്ഞവല്ക്യനോട് 'സകലതിന്റെയും ഊടും പാവുമായി നില്ക്കുന്നതാരാണ്?' എന്നു ചോദിച്ചു. അതിന് 'ബ്രഹ്മം; കൂടുതൽ ചോദിച്ചാൽ തല പൊട്ടിത്തെറിക്കും' എന്നായിരുന്നു യാജ്ഞവല്ക്യന്റെ മറുപടി. ആത്മസാക്ഷാത്കാരം നേടിയവർ മാത്രം ഉത്തരം പറയുന്ന ചോദ്യങ്ങളായിരുന്നു ഗാർഗിയുടേത്. ഗാർഗിയുടെ ബുദ്ധികൂർമ വെളിപ്പെടുത്തിയ ഈ ചോദ്യങ്ങൾ സദസ്യരിലും യാജ്ഞവല്ക്യനിലും ചോദിച്ച ആളിന്റെ നേർക്ക് ആദരം വളർത്തി. ഉത്തരങ്ങൾ കേട്ട് യാജ്ഞവല്ക്യന്റെ ജ്ഞാനത്തിൽ ആദരം വളർന്ന ഗാർഗി അദ്ദേഹത്തെ ഭർത്താവായി സ്വീകരിച്ചു. ഇവർ രണ്ടാളും ജനകന്റെ രാജസ്സിൽ വിദ്വജ്ജനാദരം നേടി ഏറെക്കാലം പരിലസിച്ചു.

ഗാർഗി, ബലവന്ത് (1916—)

പഞ്ചാബി സാഹിത്യകാരനും നാടകപ്രവർത്തകനും. 1916 ഡിസംബർ 4-നു ഭട്ടിണ്ടയിൽ ജനിച്ചു. പഞ്ചാബ് സർവകലാശാലയിൽനിന്നു എം.എ. ഡിഗ്രി നേടി. കുറെക്കാലം പഞ്ചാബ് സർവകലാശാലയിൽ ഇന്ത്യൻ തീയേറ്റർ വിഭാഗം പ്രൊഫസർ ആയിരുന്നു. പിന്നീടു സാഹിത്യപ്രവർത്തനത്തിൽ മുഴുകി. കേന്ദ്ര സാഹിത്യഅക്കാദമിയിൽ അംഗമായിരുന്നു. പഞ്ചാബിയിൽ *'ലോഹക്കൂട്'* (നാടകം, 1944), *'കക്കരേതാ* (നോവൽ, 1944),*'ബേബെ'* (1949), *'കാനക് ഡിബല്ലി'* (ഏകാങ്കങ്ങൾ, 1954), *ദുൽഹേ ബെർ'* (ചെറുകഥകൾ 1955), *രംഗ്മഞ്ച്* (1961) എന്നിവയാണു മുഖ്യകൃതികൾ. *രംഗ്മഞ്ച്* 1962-ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡു നേടി. ഇംഗ്ലീഷിൽ ഗാർഗിയുടെ മുഖ്യകൃതികൾ *ദ് നേക്കഡ് ട്രയാങ്ഗിൾ* (നോവൽ 1979) *തിയേറ്റർ ഇൻ ഇന്ത്യ* (1962) എന്നിവയാണ്. പോളൻഡിലും, മോസ്കോവിലും ഇദ്ദേഹം ഇന്ത്യൻ നാടകങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

ഗാർഡൻ ദ്വീപ്

ഓസ്ട്രേലിയയുടെ തെക്കുപടിഞ്ഞാറുഭാഗത്ത്, ഇന്ത്യാസമുദ്രത്തിൽ സ്ഥിതിചെയ്യുന്ന ഒരു ദ്വീപ്. പെർത്ത് തുറമുഖത്തുനിന്ന് 48 കി.മീ. തെക്കുപടിഞ്ഞാറാണു സ്ഥാനം. 946 ഹെക്റ്റാർ വിസ്താരം ഉണ്ട്. 1801-ൽ ഫ്രെഞ്ചു നാവികനായ ജെ. ഹാമലിനാണു ദ്വീപു കണ്ടെത്തിയത്. രണ്ടാം ലോകമഹായുദ്ധകാലത്ത് ഇവിടം ഒരു രഹസ്യ പരിശീലനകേന്ദ്രമായിരുന്നു.

ഗാർഡിനർ, എ.ജി. (1865—1946)

ഇംഗ്ലീഷ് ഉപന്യാസകാരനും പത്രപ്രവർത്തകനും. 1865 ജൂൺ 2-നു എസെക്സിലെ ചെംസ്ഫോഡിൽ ജനിച്ചു. ആൽഫ്രഡ്ജോർജ് ഗാർഡിനർ എന്നു പൂർണനാമം. പ്രാദേശികപത്രപ്രവർത്തകനായി ജീവിതം ആരംഭിച്ചു. 1902 മുതൽ 1919 വരെ ഡെയ്‌ലി ന്യൂസിന്റെ പത്രാധിപർ ആയിരുന്നു. ഇക്കാലത്തു ലേഖകൻ, ഉപന്യാസകാരൻ എന്നീ നിലകളിൽ പ്രസിദ്ധിനേടി. 'അൽഫാ ഒഫ് ദ പ്ലൗ' എന്ന തൂലികാനാമത്തിലാണ് എഴുതിയിരുന്നത്. കുറിക്കുകൊള്ളുന്നതാണു ഗാർഡിനറുടെ ഭാഷാശൈലി. *പ്രോഫെറ്റ്സ് പ്രീസ്റ്റ്സ് ആൻഡ് കിങ്സ്* (1908), *പില്ലേഴ്സ് ഒഫ് സൊസൈറ്റി* (1913), *ദ് ബാർലോഡ്സ്* (1915), *സേർട്ടൻ പീപ്പിൾ ഒഫ് ഇംപോർട്ടൻസ്* (1926), *പെബിൾസ് ഓൺ ദ് ഷോർ* (1915), *ലീവ്സ് ഇൻ ദ് വിൻഡ്* (1918), *മെനിഫറോസ്* (1924) തുടങ്ങിയവയാണു ഗാർഡിനറുടെ മുഖ്യകൃതികൾ.

ഗാർഡിനർ, ഏൾ സ്റ്റാൻലി (1889—1970)

യുണൈറ്റഡ് സ്റ്റേറ്റ്സിലെ നോവലിസ്റ്റ്. നൂറോളം നോവലുകൾ രചിച്ചു. കൂടുതലും കുറ്റാന്വേഷണകഥകൾ. ലക്ഷക്കണക്കിനു പ്രതികൾ വിറ്റഴിഞ്ഞു. ഒരുപക്ഷേ ഇക്കാലത്ത് ഏറ്റവും അധികം പ്രചരിച്ച നോവലുകൾ ഇദ്ദേഹത്തിന്റേതാണെന്നു പറയാം. പെറിമേസൺ എന്ന കുറ്റാന്വേഷണവിദഗ്ധനായ അഭിഭാഷകനാണു നോവലുകളിലെ കേന്ദ്രകഥാപാത്രം.

1889 ജൂലായ് 17-നു മസച്ച്സെറ്റിലെ മാൾഡനിൽ ജനിച്ചു. കുട്ടിക്കാലത്തു കുടുംബാംഗങ്ങളുമൊത്തു ധാരാളം സഞ്ചരിച്ചു. കോളെജ് വിദ്യാഭ്യാസം പൂർത്തിയാക്കാതെ കാലിഫോർണിയയിൽ താമസമാക്കി. പിന്നീടു പഠനം പൂർത്തിയാക്കി. 1911-ൽ അഭിഭാഷകനായി. ക്രമേണ പത്രങ്ങളിൽ കഥകൾ പ്രസിദ്ധീകരിച്ചുതുടങ്ങി. 1932 ആയപ്പോൾ ആഴ്ചയിൽ രണ്ടുദിവസം അഭിഭാഷകവൃത്തിക്കും മറ്റു ദിവസങ്ങൾ നോവൽ രചനയ്ക്കും നീക്കിവച്ചു. *ദ് കേസ് ഒഫ് ദ് വെൽവെറ്റ് ക്ലോസ്* (1933), *ദ് കേസ് ഒഫ് ദ് ബൾകി ഗേൾ* (1933) തുടങ്ങിയ പെറിമേസൺ കഥാപരമ്പരകളുടെ പ്രചാരത്തെത്തുടർന്ന് അഭിഭാഷകവൃത്തി ഉപേക്ഷിച്ചു. *ദ് ഡി എ കാൾസ് ഇറ്റ് മർഡർ* (1937), *ദ് ഡി എ ഗോസ് ടു ട്രയൽ* (1940) തുടങ്ങിയ പ്രസിദ്ധ പരമ്പരകൾ പില്ക്കാലത്തു പ്രത്യക്ഷപ്പെട്ടു. ഇദ്ദേഹത്തിന്റെ നോവലുകളിൽ പലതും റേഡിയോ, ടെലിവിഷൻ, സിനിമ തുടങ്ങിയവയിൽ ആവിഷ്കരിച്ചിട്ടുണ്ട്. 1970 മാർച്ച് 11-നു കാലിഫോർണിയയിൽ അന്തരിച്ചു.

ഗാർഡ്നർ, ആവ (1922—)

യു.എസ്. ചലച്ചിത്രനടി. നോർത്തു കരോലിനയിലെ ഗ്രാബ്ടൗണിൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസവും സെക്രട്ടേറിയൽ കോഴ്സും കഴിഞ്ഞശേഷം 18-ാംവയസ്സിൽ മെട്രോ ഗോൾഡ്വിൻ മെയർ കമ്പനിയുടെ സർവീസിൽ ചേർന്നു. *വി വെയ്ർ ഡാൻസിങ്* (1942) ആണ് ആദ്യത്തെ ചിത്രം. *ദ് ഹക്സറ്റേഴ്സ്* (1947) എന്ന ചിത്രത്തിൽ നിശാക്ലബ് ഗായികയുടെ ഭാഗം അഭിനയിച്ചതോടുകൂടി താരപദവി ലഭിച്ചു. *ഷോ ബോട്ട്* (1951), *ദ് സ്നോസ് ഒഫ് കിളിമഞ്ജാരോ* (1952), *മൊഗാംബോ* (1952) *ദ് സൺ ആൾസോ റൈസസ്* (1957) തുടങ്ങിയവയാണ് ഇവർ അഭിനയിച്ച പ്രസിദ്ധ ചിത്രങ്ങൾ. *ദ് കില്ലേഴ്സ്* (1946), *വൺ ടച്ച് ഒഫ് വീനസ്* (1948), *ദ് ബെയർ ഫുട് കൊൺടെസ്സ* (1954), *ഓൺ ദ് ബീച്ച്* (1959), *സെവൻ ഡേയ്സ് ഇൻ മേ* (1964), *ദ് നൈറ്റ് ഒഫ് ദി ഇഗ്വാന* (1964), *മേയർ ലിങ്* (1968), *ദ് ലൈഫ് ആൻഡ് ടൈംസ് ഒഫ് ജഡ്ജ് റോയ് ബീൻ* (1972) തുടങ്ങിയവയാണ് ആവയുടെ മറ്റു ചിത്രങ്ങൾ. മുപ്പതു വർഷങ്ങളിലായി അൻപതിൽപരം ചിത്രങ്ങളിലഭിനയിച്ച ആവ ഇക്കാലത്തു ഹോളിവുഡ്ഡിലെ ഏറ്റവും തിളക്കമുള്ള നടി ആയിരുന്നു. പ്രസിദ്ധ നടൻ മിക്കിറൂണി ആയിരുന്നു ആദ്യ ഭർത്താവ്. പില്ക്കാലത്തു ഫ്രാങ്ക്സിനാട്രയും ആവയെ വിവാഹംകഴിച്ചിരുന്നു.

ഗാർത്ത്‌വെയ്റ്റ്, എൻ.

മലയാളഭാഷാശാസ്ത്രജ്ഞനായ യൂറോപ്യൻ. മദിരാശി ഗവൺമെന്റിന്റെ കീഴിൽ സ്കൂൾ ഇൻസ്പെക്ടറായിരുന്നു. ആദ്യം ഒരു പരിഭാഷകനായും പിന്നീടു മലബാർ സ്കൂൾ ഇൻസ്പെക്ടരായും ജോലിനോക്കി. പാഠശാലാഡയറക്ടറുടെ നിർദേശാനുസരണം ചാണക്യസൂത്രം, പഞ്ചതന്ത്രം, നളചരിതം, സംഭവപർവം, വേതാളചരിത്രം എന്നിവ വൃത്തങ്ങൾ തിരിച്ചും അക്കങ്ങളും ചിഹ്നങ്ങളും ഇട്ടും അച്ചടിച്ചു പ്രസിദ്ധീകരിച്ചു. 569 വകുപ്പുകൾവരെ എഴുതുന്നതിനേ ഗുണ്ടർട്ടിനു യൂറോപ്പിലേക്കു പോകുന്നതിനു മുമ്പു സാധിച്ചുള്ളു. അതേത്തുടർന്നുള്ള 309 വകുപ്പുകൾ ഗാർത്ത്‌വെയിറ്റ് സ്വന്തമായിട്ടെഴുതി, ഗുണ്ടർട്ടിന്റെ വ്യാകരണത്തോടുചേർത്തു പ്രസാധനംചെയ്തു. 'ഗുണ്ടർട്ടിൻ നൂലുപരികലനം ചെയ്തിതഗ്ഗാർത്തുവെയ്റ്റും' എന്ന് ഇദ്ദേഹത്തിന്റെ ഭാഷാശാസ്ത്രസേവനത്തെ കോവുണ്ണി നെടുങ്ങാടി 'കേരളകൗമുദി'(1878)യിൽ സ്മരിച്ചിട്ടുണ്ട്. 'വ്യാകരണചോദ്യോത്തരം' (1860) എന്ന പേരിൽ പുറത്തു വന്ന ഈ ഗ്രന്ഥത്തെ അക്ഷരകാണ്ഡം, പദകാണ്ഡം, വാക്യകാണ്ഡം എന്നിങ്ങനെ മൂന്നായി വിഭജിച്ചിരിക്കുന്നു.

ഗാർനറ്റ് (Garnet)

ഒരുവിഭാഗം സിലിക്കേറ്റു ധാതുക്കൾക്കു പൊതുവെയുള്ള പേര്. $R_3^{II} R_2^{III} (Si\,O_4)$ എന്ന പൊതുഫോർമുലകൊണ്ടു പ്രതിനിധാനം ചെയ്യുന്ന വിവിധ ദ്വിസംയോജകത(bivalent)മോ ത്രിസംയോജകത (trivalent)മോ ആയ ധാതുക്കളാണ് ഇവ.

ഗാർനറ്റ്ധാതുക്കൾ ശുദ്ധാവസ്ഥയിൽ വിരളമായേ കാണപ്പെടുന്നുള്ളൂ. മിക്കപ്പോഴും ഒന്നിലധികം ധാതുക്കളുടെ ഘനലായനി (Solid solutions)കളാണ്. ഈ ധാതുക്കളെല്ലാംതന്നെ ക്യൂബിക് വ്യൂഹത്തിൽ ക്രിസ്റ്റലീഭവിക്കുന്നു. സാധാരണമായി ഡോഡെക്കാഹിഡ്രലുകളായോ ട്രപ്പിസോഹിഡ്രലുകളായോ അഥവാ ഇവ രണ്ടും ചേർന്ന സംയുക്തപരലുകളായോ ആണു സ്ഥിതി. പ്രാകാശികമായി സമദൈശികം.

ഗാർനറ്റ് ധാതുക്കൾ ആഗ്നേയശിലകളിലും കായാന്തരിതശിലകളിലും അവസാദശിലകളിലും പരക്കെ ഉൾക്കൊണ്ടിട്ടുണ്ട്. കേരളത്തിലെ ചാർണക്കൈറ്റുകളിലും (കൃഷ്ണശില) നൈസുകളിലും (വെള്ളാരങ്കല്ല്) ധാരാളമായുണ്ട്. നമ്മുടെ കടൽക്കരയിൽ കണ്ടുവരുന്ന മണൽനിക്ഷേപങ്ങളിലെ ചുവന്ന തരികൾ ഗാർനറ്റാണ്.


ഗാർനെറ്റ് ക്രിസ്റ്റൽ മാതൃകകൾ

ഈ ധാതുക്കളുടെ പ്രധാന ഉപയോഗം അപഘർഷകവസ്തു (Abrasive) എന്ന നിലയ്ക്കാണ്. മാണിക്യ(Ruby)മെന്ന പേരിൽ അറിയപ്പെടുന്ന ചുവന്ന രത്നക്കല്ല് പൈറോപ്പോ ആൽമൻഡൈനോ ആണ്. സിന്നമോൺ സ്റ്റോൺ (Cinnamon stone) എന്ന രത്നം ഗ്രോസ്സുലാർ ഗാർനറ്റും.

അപഘർഷകവസ്തുവായി ഉപയോഗിക്കാൻ കൊള്ളാവുന്ന ഗാർനറ്റ്നിക്ഷേപങ്ങൾ മൈസൂർ, തമിഴ്നാട്, ആന്ധ്ര, രാജസ്ഥാൻ, മധ്യപ്രദേശം എന്നീ സംസ്ഥാനങ്ങളിലുണ്ട്.

ഗാർബ

ഗുജറാത്തിലും മഹാരാഷ്ട്രത്തിന്റെ ചില ഭാഗങ്ങളിലും പ്രചാരത്തിലിരിക്കുന്ന ഒരു നാടോടിനൃത്തരൂപം. ഗാർബ എന്നത് ഇതിന്റെ പശ്ചാത്തലഗാനത്തിന്റെ പേരാണ്. ജാതിയോ സാമൂഹ്യനിലയോ നോക്കാതെ എല്ലാവരും ഈ ഗാനാലപനത്തിൽ ഉത്സാഹഭരിതരായി പങ്കുകൊള്ളുന്നു. നൃത്തസംഘത്തിന്റെ തലവൻ പാട്ടിന്റെ ആദ്യവരി പാടുകയും ബാക്കിയുള്ളവർ അതേറ്റുപാടി അംഗവിക്ഷേപങ്ങളോടുകൂടി ചുവടുവയ്ക്കുകയും കുമ്മിയടിക്കുകയും ചെയ്യുന്നു. നവരാത്രികാലങ്ങളിൽ അലങ്കരിച്ച പാത്രങ്ങളിൽ ഓരോ വീട്ടിലും എണ്ണയൊഴിച്ചു തിരികൊളുത്തുകയും ഗ്രാമീണകുമാരികൾ ഇതു തലയിലേറ്റിക്കൊണ്ടു വീടുതോറും നടന്നു നൃത്തംചെയ്യുകയുമാണു ഗുജറാത്തിൽ സാധാരണ പ്രചാരത്തിലുള്ള പരിപാടി. ഡോലക്ക് ആണു പ്രധാന വാദ്യോപകരണം. അതിപുരാതനമായ ഗാർബസംഗീതം തലമുറകളായി വായ്മൊഴിയിലാണ് ഇന്നും നിലനില്ക്കുന്നത്. സ്വാതന്ത്ര്യലബ്ധിക്കുശേഷം വിവിധ ഗാർബനൃത്തസംഘങ്ങളെ ഒരുമിച്ചുകൂട്ടി ചില ഉത്സവങ്ങൾതന്നെ നടത്തിയിട്ടുണ്ട്. ഗാർബഗാനങ്ങൾ ശേഖരിച്ച് ഇപ്പോൾ പുസ്തകരൂപത്തിൽ ആക്കിയിട്ടുണ്ട്. †ഗുജറാത്ത് നോക്കുക.

ഗാർബനൃത്തത്തിലെ ഒരു രംഗം

ഗാർബോ, ഗ്രെറ്റാ (1905—)

അന്തർദേശീയപ്രശസ്തയായ ആദ്യകാല ചലച്ചിത്രനടി. നായിക എന്ന നിലയ്ക്കും സ്വഭാവാവിഷ്കരണരംഗങ്ങളിലും അവർ തിളങ്ങിനിന്നു.

1905 സെപ്റ്റംബർ 18-നു സ്റ്റോക്ക്ഹോമിൽ ജനിച്ചു. യഥാർഥനാമം ഗ്രെറ്റാ ലൊവിസാ ഗുസ്താഫ്സൻ. സ്റ്റോക്ക്ഹോമിലെ റോയൽ ഡ്രമാറ്റിക് തിയേറ്ററിൽ മൂന്നു വർഷം പഠിക്കുകയും ചില ജർമൻ-സ്വീഡിഷ് ചിത്രങ്ങളിൽ അഭിനയിക്കുകയും ചെയ്തശേഷം 1925-ൽ യു.എസിൽ എത്തി. ഗാർബോയുടെ അഭിനയപാടവം മനസ്സിലാക്കിയ മെട്രോ-ഗോൾഡ്വിൻ-മേയർ കമ്പനിക്കാർ അവരെ തങ്ങളുടെ സ്ഥാപനത്തിലെ പ്രധാന നടിയായി നിയമിച്ചു. അവിടെ അവർ ആദ്യം അഭിനയിച്ച ചിത്രം *ദ് റ്റോറന്റ്* (1926) ആയിരുന്നു. അടുത്തത് *ലവ്* (1927). ആദ്യത്തെ സംഭാഷണചിത്രം *'അന്നാക്രിസ്റ്റി'* (1930). പിന്നീട് അവർ പ്രത്യക്ഷപ്പെട്ട ചിത്രങ്ങളെല്ലാം ലോകപ്രശസ്തി നേടി. *'മാറ്റാഹരി'* (1931), *'ഗ്രാൻഡ് ഹോട്ടൽ'* (1932), *'ആസ് യു ഡിസയർ മി'* (1932),*'ക്വീൻക്രിസ്റ്റീന'* (1933)*'കാമിലേ'* (1937), *'നീനോച്ച്കാ'* (1939) എന്നിവ അവയിൽ ചിലതുമാത്രമാണ്. ടോൾസ്റ്റോയിയുടെ 'അന്നാകരേനിനാ' എന്ന നോവലിന്റെ രണ്ടു ചലച്ചിത്രാവിഷ്കരണത്തിൽ ഗാർബോ നായികയുടെ ഭാഗമഭിനയിച്ചു. *'റ്റൂ ഫേസ്ഡ് വുമൺ'* (1941) ആണു ഗാർബോ ഏറ്റവും ഒടുവിൽ അഭിനയിച്ച ചിത്രം. സ്ത്രീകഥാപാത്രങ്ങളുടെ ആവിഷ്കാരത്തിൽ പുതിയ കാഴ്ചപ്പാടുകൾ വരുത്താൻ നിർമാതാക്കളെയും സംവിധായകരെയും വളരെയേറെ സഹായിക്കുന്ന രീതിയിലായിരുന്നു ഗാർബോയുടെ അഭിനയശൈലി. ഹൃദയത്തിന്റെ ഉള്ളറകളെപ്പോലും പിടിച്ചുകുലുക്കുന്ന രീതിയിലുള്ള സ്വഭാവാവിഷ്കരണകൗശലം ഇവർക്കു സ്വായത്തമായിരുന്നു. 1954-ൽ ഗാർബോയ്ക്ക് ഒരു സ്പെഷ്യൽ അക്കാദമി അവാർഡു ലഭിച്ചു. ഗാർബോ എന്ന പേരിൽ ജോൺ ബെയ്ൻബ്രിഡ്ജ് എഴുതിയ ജീവചരിത്രം 1974-ൽ പ്രസിദ്ധപ്പെടുത്തി. മെട്രോ-ഗോൾഡ്വിൻ-മേയർ കമ്പനിയുടെ ആഭിമുഖ്യത്തിൽ മറ്റൊരു ജീവചരിത്രം 1980-ലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ഗാർബോർഗ്, ആർനേ ഈവൻസെൻ (1851—1924)

നോർവീജിയൻ സാഹിത്യകാരൻ. കവി, നോവൽ രചയിതാവ്, നാടകകൃത്ത്, പ്രബന്ധകാരൻ എന്നീ നിലകളിലൊക്കെ നോർവീജിയൻ സാഹിത്യത്തിനു പ്രകൃഷ്ടസംഭാവനകളർപ്പിച്ച എഴുത്തുകാരനാണു ഗാർബോർഗ്(Arne Evensen Garborg). നൈനോർസ്ക് എന്ന പേരിൽ അറിയപ്പെടുന്ന പുതിയ നോർവീജിയൻ ഭാഷയിലാണ് ഇദ്ദേഹം കൃതികൾ രചിച്ചത്.

യാതനയെ ആദർശവത്കരിച്ചിരുന്ന യാഥാസ്ഥിതിക ക്രിസ്തുമതത്തിന്റെ ബദ്ധശത്രുവായിരുന്നു ഗാർബോർഗ്. യാഥാസ്ഥിതിക മതവിശ്വാസത്തിന്റെ ഫലമായി നടന്ന പിതാവിന്റെ ആത്മഹത്യയാണ് ഗാർബോർഗിൽ ഇങ്ങനെ മതവിരുദ്ധ മനോഭാവമുണ്ടാക്കിയത്. ക്രമേണ ഇദ്ദേഹം സോഷ്യലിസത്തിന്റെയും നിരുപാധിക സ്നേഹത്തിന്റെയും വക്താവായി മാറി. കർഷകകുടുംബത്തിൽനിന്നു വന്ന ഒരു വിദ്യാർഥി നഗരത്തിൽ താമസിക്കുമ്പോൾ അയാളിലുണ്ടായ സംഘർഷത്തെ കേന്ദ്രീകരിച്ചെഴുതിയ *ബോണ്ടെ സ്റ്റുഡൻറാർ* (*Bonde studentar*, 1883) എന്ന നോവൽ ആണു ഗാർബോർഗിനെ പ്രസിദ്ധനാക്കിയത്. അലൗകിക ശക്തിയിൽ വിശ്വാസമുണ്ടായിരുന്ന ഒരു പെൺകിടാവിന്റെ കഥ പ്രതിപാദ്യമായുള്ള "*ഹൗഗ് ടുസ്സാ* "എന്ന കാവ്യകൃതിയാണു ഗാർബോർഗിന്റെ മറ്റൊരു പ്രകൃഷ്ടശില്പം. മഹാഭാരതത്തിന്റെ കുറെ ഭാഗങ്ങളും (1921) ഒഡീസിയും (1918) ഇദ്ദേഹംനൈനോർസ്ക്ഭാഷയിൽ വിവർത്തനം ചെയ്തിട്ടുണ്ട്.

ഗാർലൻഡ്, ജൂഡി (1922—1969)

യു.എസിലെ നാടക ചലച്ചിത്ര നടിയും ഗായികയും. 1922 ജൂൺ 10-ന് മിനിസൊട്ടയിലെ ഗ്രാൻഡ് റാപ്പിഡ്സിൽ ജനിച്ചു. യഥാർഥനാമം ഫ്രാൻസെസ് ഗമ്. അഭിനേതാക്കളായിരുന്നു മാതാപിതാക്കൾ.

കുട്ടിക്കാലത്തു തന്നെ അരങ്ങത്തു പ്രത്യക്ഷപ്പെട്ടു. *എവരിസൺഡേ* (1936) എന്ന ഹ്രസ്വ ചിത്രത്തിൽ ആദ്യമായി അഭിനയിച്ചു. 1937-ൽ *ബ്രോഡ്‌വേ മെലഡി ഒഫ്* 1938, *തറോ ബ്രെഡ്സ് ഡോണ്ട് ക്രൈ* എന്നീ ചിത്രങ്ങളിൽ അഭിനയിച്ചതോടുകൂടി ശ്രദ്ധേയ ആയി. *ലവ് ഫൈൻഡ്സ് ആൻഡി ഹാർഡി* (1938) *ബേബ്സ് ഇൻ ആംസ്* (1939) *ബേബ്സ് ഓൺ ബ്രോഡ്‌വേ* (1941) തുടങ്ങിയവയാണ് ആദ്യകാല ചിത്രങ്ങൾ. ഫ്രാങ്ക് ബോമിന്റെ നോവലിനെ ആസ്പദമാക്കി നിർമിച്ച *ദ വിസേഡ് ഒഫ് ഓസ്* (1939) എന്ന ചിത്രം ജൂഡിക്ക് അന്തർദേശീയ പ്രശസ്തി നേടിക്കൊടുത്തു. ഈ ചിത്രം ഒരു ചലച്ചിത്ര ക്ലാസ്സിക്ക് ആയി കരുതപ്പെടുന്നു. ഇതിലെ അഭിനയത്തിന് ജൂഡിക്ക് 'ഓസ്കർ' ലഭിച്ചു. പില്ക്കാലത്തു രണ്ടു പ്രാവശ്യംകൂടി ഇവർ ഓസ്കർ സമ്മാനത്തിനു നാമനിർദ്ദേശം ചെയ്യപ്പെട്ടു. ഇടക്കാലത്തു ജീവിതനൈരാശ്യത്തിൽപെട്ടു മയക്കുമരുന്നുകൾക്ക് അടിമയായി. ആത്മഹത്യാശ്രമങ്ങൾ നടത്തുകയും ഉണ്ടായി. പക്ഷേ വീണ്ടും തിരിച്ചു വന്ന് നാടകങ്ങളിലും ചലച്ചിത്രങ്ങളിലും അഭിനയിച്ചു. *എ സ്റ്റാർ ഇസ് ബോൺ* (1954) *ജഡ്ജ്മെൻറ് അറ്റ് നൂറെംബുർഗ്* (1961) *എ ചൈൽഡ് ഇസ് വെയ്റ്റിങ്* (1963) തുടങ്ങിയവയാണു പില്ക്കാലത്തെ പ്രസിദ്ധ ചിത്രങ്ങൾ.

1969-ജൂൺ 22ന്, അമിതമായി ഉറക്കുമരുന്നുകഴിച്ചതിനെത്തുടർന്നു ലണ്ടനിൽവച്ച് അന്തരിച്ചു. പ്രസിദ്ധ ചലച്ചിത്രനടി ലിസ മിനെല്ലി ജൂഡിയുടെ പുത്രിയാണ്.

ഗാർവാരെ, ബാലചന്ദ്ര ദിഗംബർ (1921—)

പ്രമുഖ വ്യവസായിയും ഗാർവാരെ കമ്പനികളുടെ സ്ഥാപകനും. നൈലോൺ, പ്ലാസ്റ്റിക്, പോളിസ്റ്റർ തുടങ്ങിയവ മാത്രമല്ല, സമുദ്രോത്പന്നാധിഷ്ഠിത വ്യവസായങ്ങളും ഇദ്ദേഹത്തിന്റെ കമ്പനികളിൽ പെടുന്നുണ്ട്. മഹാരാഷ്ട്രസംസ്ഥാനത്തെ ഫൈനാൻഷ്യൽ കോർപ്പറേഷൻ, ആന്ധ്രവാലി പവർ സപ്ലൈ കമ്പനി, സട്ലജ് കോട്ടൺ മിൽസ്, ബജാജ് ഇലക്ട്രിക്കൽസ് തുടങ്ങിയവയുടെ ചെയർമാൻസ്ഥാനം ഏറെക്കാലം ഇദ്ദേഹത്തിനുണ്ടായിരുന്നു. പല ട്രസ്റ്റുകളുടെയും സ്ഥാപകൻ, ബോംബെയിലെ മുൻഷെറിഫ്, പദ്മഭൂഷൺ ബഹുമതിയാർജിച്ച വ്യക്തി എന്നീ നിലകളിലും അദ്ദേഹം അറിയപ്പെടുന്നുണ്ട്.

ഗാർവേ, മാർക്കസ് (മോസിയാ) (1887—1940)

യു.എസ്സിൽ കറുത്തവർഗക്കാരുടെ വിപ്ലവ പ്രസ്ഥാനം സംഘടിപ്പിച്ച നീഗ്രോ നേതാവ്. 1887 ഓഗസ്റ്റ് 17-നു ജെമയ്ക്കയിലെ സെന്റ് ആൻസ്ബേയിൽ ജനിച്ചു. ജെമയ്ക്കയിൽ വിദ്യാഭ്യാസം കഴിഞ്ഞു മധ്യഅമേരിക്കയിലും മറ്റും സഞ്ചരിച്ചശേഷം ലണ്ടനിൽ താമസിച്ചു. 1914-ൽ ജെമയ്ക്കയിൽ തിരിച്ചെത്തി ലോക-നീഗ്രോ-സമാജം (യൂനിവേഴ്സൽ നീഗ്രോ ഇംപ്റൂവ്മെൻറ് ആൻഡ് കൺസർവേഷൻ അസോസ്യേഷൻ) സ്ഥാപിച്ചു. ആഫ്രിക്കയെ യൂറോപ്യൻ ശക്തികളിൽനിന്നു മോചിപ്പിക്കുക എന്നതായിരുന്നു ഈ സമാജത്തിന്റെ മുഖ്യലക്ഷ്യം. 1916-ൽ യു.എസ്സിൽ എത്തി സംഘടനാപ്രവർത്തനം ഊർജിതപ്പെടുത്തി. ഇതിനു പല യു.എസ് നഗരങ്ങളിലും ശാഖകൾ സ്ഥാപിച്ചു. ഇതിൽ ഇരുപതുലക്ഷം അംഗങ്ങളുണ്ടായിരുന്നു. കറുപ്പുനിറത്തിൽ അഭിമാനിക്കുന്ന ഒരു പുതിയ നീഗ്രോയെപ്പറ്റിയാണ് ഇദ്ദേഹം സംസാരിച്ചത്. 'നീഗ്രോലോകം' എന്ന പ്രസിദ്ധീകരണത്തിൽ ആഫ്രിക്കൻ സംസ്കാരത്തെ ഇദ്ദേഹം പാടിപ്പുകഴ്ത്തി. നീഗ്രോകളുടെ സാമ്പത്തികാഭിവൃദ്ധിക്കുവേണ്ടി പല പദ്ധതികളും ഇദ്ദേഹം ആവിഷ്കരിച്ചിരുന്നു. 1920-ൽ ഇരുപത്തഞ്ചു രാഷ്ട്രങ്ങളിലെ പ്രതിനിധികളടങ്ങിയ ഒരു സർവദേശസമ്മേളനത്തിൽ ആധ്യക്ഷ്യം വഹിച്ചു. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ അരലക്ഷം പേരുടെ പരേഡ് ഹാർലേം നഗരവീഥികളിൽ സംഘടിപ്പിക്കപ്പെട്ടു. എന്നാൽ ഇതിനുശേഷം ഇദ്ദേഹത്തിന്റെ നേതൃത്വം ചോദ്യംചെയ്യപ്പെടുകയും ഒരു കോടതിവിധിയിൽ ശിക്ഷിക്കപ്പെടുകയും ഉണ്ടായി. 1940 ജൂൺ 10-നു ലണ്ടനിൽ അന്തരിച്ചു. ഇദ്ദേഹത്തിന്റെ അന്ത്യകാലം ഒരു സാധാരണക്കാരന്റേതുപോലെയായിരുന്നു. 'കറുത്ത മോസസ്' എന്നൊരു ഗ്രന്ഥം ഇദ്ദേഹത്തെപ്പറ്റി എഡ്മണ്ട് ഡേവിഡ് ക്രോനൻ എഴുതിയിട്ടുണ്ട്.

ഗാർസിയാ ഇനിഗസ്, കാലിസ്റ്റോ (1839—1898)

ക്യൂബൻ സൈനിക നേതാവും നിയമജ്ഞനും വിപ്ലവകാരിയും. പീഡനവും തടവും സ്വജനവിരഹവും ഏറെക്കാലം അനുഭവിക്കേണ്ടി

വന്നിട്ടുണ്ട്. 1868—'98 കാലത്തു സ്വാതന്ത്ര്യസമരത്തിനായി ജീവിതം സമർപ്പിച്ചു. യു.എസ്. ആധിപത്യത്തിനെതിരായ ഗാർസിയയുടെ സായുധസമരഭീഷണിയാണു 1898-ൽ ക്യൂബയ്ക്കു സ്വാതന്ത്ര്യദാനത്തിന് ആ രാജ്യത്തെ പ്രേരിപ്പിച്ചത്. ചർച്ചയ്ക്കു വാഷിങ്ടണിൽ പോയ പ്രതിനിധിസംഘത്തിൻെറ നേതാവു ഗാർസിയ ആയിരുന്നു. ഇദ്ദേഹം വാഷിങ്ടണിൽവച്ച് 1898 ഡിസംബർ 11-ാംതീയതി അന്തരിച്ചു.

ഗാർസിയ, മാനുവൽ ഡെൽ പൊപ്പോളോ വിതെൻെറ (1775—1832)

സ്പാനിഷ് സംഗീതവിദ്വാൻ. വായ്പ്പാട്ടിലാണു പ്രശസ്തി. അനേകം കൃതികൾ രചിച്ചു. സെമിൻ ഭദ്രാസനപ്പള്ളിയിലും പാരിസ്, ലണ്ടൻ മുതലായ സ്ഥലങ്ങളും ഗാനമാധുരികൊണ്ടു ജനങ്ങളെ ആകർഷിച്ചു. 1825-ലെ അമേരിക്കൻ പര്യടനമാണു ലോകപ്രശസ്തി സമ്പാദിച്ചുകൊടുത്തത്. പാരിസിൽ താമസിച്ചു സംഗീതകല അഭ്യസിപ്പിച്ചു. മകൻ †മാനുവൽ പട്രീഷ്യോ റോഡ്രിഗ്സ് ഗാർസിയ പിതാവിനെപ്പോലെതന്നെ വലിയ സംഗീതവിദ്വാൻ ആയി.

ഗാർസിയ, മാനുവൽ പട്രീഷ്യോ റോഡ്രിഗ്സ് (1805—1906)

ലാറിംഗോസ്കോപ്പിൻെറ ആവിഷ്കർത്താവായ സംഗീത വിദ്വാൻ. പ്രശസ്ത സ്പാനിഷ് സംഗീതവിദ്വാൻ. †മാനുവൽ ഡെൽ പൊപ്പോളോ വിതെൻെറയുടെ മകൻ. മാഡ്രിഡിൽ ജനിച്ചു. പിതാവിൻെറ ഓപ്പറാ കമ്പനിയിൽ ഗായകനായിരുന്നശേഷം പാരിസിൽ സംഗീതാധ്യാപകനായി. അദ്ദേഹത്തിൻെറ ശിഷ്യൻ ജെന്നിലിൻഡ് വളരെ പ്രശസ്തനായി. 1848—'95 കാലത്തു ലണ്ടനിൽ വായ്പാട്ടുപഠിപ്പിച്ചു. സംഗീതശാസ്ത്രകൃതികൾ രചിച്ചിട്ടുണ്ട്.

ഗാർസിയ, മാർക്വെസ് ഗബ്രിയേൽ

† മാർക്വെസ് ഗബ്രിയേൽ, ഗാർസിയ നോക്കുക.

ഗാർസിയാ ലോർക്ക, ഫെഡറിക്കോ

†ലോർക്കാ, ഫെഡറിക്കോ ഗാർസിയാ നോക്കുക.

ഗാലക്ടോസ്

ഓർഗാനിക് സംയുക്തം. കാർബോഹൈഡ്രേറ്റ് കുടുംബത്തിൽ പെടുന്ന ഒരു മോണോസാക്കറൈഡ്. ഫോർമുല $C_6 H_{12} O_6$. ഇത് ഒരു ഹെക്സോഡ് ആണ്. D(+) ഗാലക്ടോസ്, L(−) ഗാലക്ടോസ് എന്നു രണ്ടു സ്റ്റീരിയോ ഐസൊമറുകൾ ആയി നിലനില്ക്കുന്നു.

D(+) ഗാലക്ടോസ് സംയോജിതാവസ്ഥയിലാണു സാധാരണ പ്രകൃതിയിൽ കാണപ്പെടുന്നത്. ഉദാഹരണമായി പാലിൽ ലാക്ടോസ് (പാൽപഞ്ചസാര) ആയി ഇതു നിലനില്ക്കുന്നു. ലാക്ടോസ് എന്ന ഡൈസാക്കറൈഡ് ഗ്ലൂക്കോസ്, ഗാലക്ടോസ് എന്നിവ യോജിച്ചുണ്ടായിരിക്കുന്നതാണ്. 1856-ൽ ലാക്ടോസിൽനിന്നും ലൂയി പാസ്ചറാണു ഗാലക്ടോസ് വേർതിരിച്ചെടുത്തത്. ('gala' എന്നാൽ പാൽ എന്നർഥം.)

മസ്തിഷ്ക, നാഡീകലകളിലും ഈ ഗാലക്ടോസ് സംയോജിതാവസ്ഥയിൽ കാണപ്പെടുന്നു. അതിനാൽ അതിനെ 'മസ്തിഷ്ക പഞ്ചസാര' എന്നു വിളിക്കാറുണ്ട്. ഡിജിറ്റാലിൻ തുടങ്ങിയ സസ്യങ്ങളിലും ഗാലക്ടോസ് കാണപ്പെടുന്നു. ചില സസ്യങ്ങളിലും കടൽച്ചണ്ടികളിലും (see weeds) ചിലതരം ഒച്ചുകളിലും മറ്റും ഗാലക്ടോസ് ഒരു പോളിസാക്കറൈഡായി കാണപ്പെടുന്നു. അനേകം ഗാലക്ടോസ് യൂണിറ്റുകൾ അടങ്ങുന്ന ഈ പോളി സാക്കറൈഡിനെ ഗാലക്ടാൻ (galactan) എന്നു വിളിക്കുന്നു.

നിർമാണം. ലാക്ടോസിനെ തിളയ്ക്കുന്ന നേർത്ത സൾഫ്യൂരിക് ആസിഡ് ഉപയോഗിച്ചു ജലവിശ്ലേഷണം നടത്തി ലഭിക്കുന്ന ഗ്ലൂക്കോസ്, ഗാലക്ടോസ് മിശ്രിതത്തിൽ നിന്നും ആംശികക്രിസ്റ്റലീകരണംവഴി ലേയത്വം കുറഞ്ഞ ഗാലക്ടോസ് വേർതിരിച്ചെടുക്കുന്നു.

$$C_{12} H_{22} O_{11} + H_2O \longrightarrow \underset{\text{ഗ്ലൂക്കോസ്}}{C_6 H_{12} O_6} + \underset{\text{ഗാലക്ടോസ്}}{C_6 H_{12} O_6}$$

സ്വഭാവങ്ങൾ. ജലത്തിൽനിന്നും പ്രിസം ആകൃതിയിൽ പരലുകളായി കിട്ടുന്ന ഗാലക്ടോസ് ഒരു മോണോ ഹൈഡ്രേറ്റാണ്. (ഉരുകൽനില 118°C). നിർജല ഗാലക്ടോസിൻെറ ഉരുകൽനില 166°C ആണ്. D ഗാലക്ടോസ് ഡെക്സ്ട്രോറൊട്ടേറ്ററി ആണ്. $[\propto]_D = +80^\circ$ മ്യൂട്ടാ റൊട്ടേഷൻ പ്രദർശിപ്പിക്കുന്നു. $\propto$, ß ഐസൊമറുകൾ വേർതിരിച്ചെടുത്തിട്ടുണ്ട്. അവയുടെ സ്പെസിഫിക് റൊട്ടേഷൻ യഥാക്രമം +151° യും +53°യും ആണ്. ഗ്ലൂക്കോസിലും മധുരം കുറവാണിതിന്. ബ്രോമിൻജലം, നൈട്രിക് ആസിഡ് ഇവ ഗാലക്ടോസിനെ ഓക്സീകരിച്ചു യഥാക്രമം ഗാലക്ടോണിക് ആസിഡും (galactonic acid) മ്യൂസിക് ആസിഡും (mucic acid) ആക്കി മാറ്റുന്നു. നിരോക്സീകരണം വഴി ഗാലക്ടോസിനെ ഡൽസിറ്റോൾ (dulcitol) ആക്കാം. ഗാലക്ടോസിൻെറ ഒസാസോൺ 194°C-ൽ ഉരുകുന്നു.

ഗാലക്സികൾ

നക്ഷത്രങ്ങളുടെയും ബന്ധപ്പെട്ട ഗ്രഹവ്യൂഹങ്ങളുടെയും നക്ഷത്രാന്തരീയ പൊടിപടലങ്ങളുടെയും വാതകസഞ്ചയങ്ങളുടെയും മറ്റും വൻശേഖരം. 10^9 മുതൽ 10^{11} വരെ സൂര്യഭാരമാണു ഗാലക്സികളുടെ പിണ്ഡം. അനേകലക്ഷം പ്രകാശവർഷം വ്യാസമുണ്ടാവാം. ഇത്തരത്തിൽപ്പെട്ട 50 കോടിയിലധികം ഗാലക്സികൾ ഇതിനകം കണ്ടെത്തിയിട്ടുണ്ട്.

'ക്ഷീരപഥം' എന്ന് അർഥം വരുന്ന 'ഗാലക്സിയാസ്' (galaxias) എന്ന ഗ്രീക്ക് പേരിൽനിന്നാണു ഗാലക്സി എന്ന പദമുണ്ടായത്. ആദ്യമൊക്കെ സൗരയൂഥം ഉൾപ്പെടുന്ന †'ആകാശഗംഗ'(Milky way) യുടെ ഇംഗ്ലീഷ് പേരായിരുന്നു ഗാലക്സി. പിന്നീട് ഈ പദം ഇത്തരത്തിലുള്ള എല്ലാ ജ്യോതിർനിരകൾക്കുമുള്ള പൊതുനാമമായി മാറി.

വർഗീകരണം. ഗാലക്സികളിൽ നാലു പ്രധാനപ്പെട്ട വിഭാഗങ്ങൾ ഉണ്ട്. സർപ്പിളം (spiral), ബാർഡ് സർപ്പിളം (barred spiral), എലിപ്റ്റിക്കൽ (elliptical), അനിയതം (irregular) എന്നിവയാണ് ആ വിഭാഗങ്ങൾ. 1920-കളിൽ യു.എസ്. ജ്യോതിശ്ശാസ്ത്രജ്ഞനായ എഡ്വിൻ പി. ഹബ്ൽ ആണ് ഏറ്റവും സരളമായ ഈ വർഗീകരണരീതി അവതരിപ്പിച്ചത്.

സർപ്പിളം. ഏറ്റവും സാധാരണമായ ഗാലക്സീരൂപമാണ് ഇത്. ആകാശഗംഗ ഒരു സർപ്പിള ഗാലക്സിയാണ്. S എന്ന അക്ഷരം കൊണ്ടാണിതിനെ സൂചിപ്പിക്കുന്നത്. ഇതിൽ മൂന്ന് ഉപവിഭാഗങ്ങൾ ഉണ്ട്: Sa, Sb, Sc. സർപ്പിളവലയം ഗാലക്സികേന്ദ്രത്തോട് ഏറ്റവും അടുത്തുവരുന്നവSa-യും ഏറ്റവും അകലെ, തുറന്ന വലയമുള്ളവ Sc-യും ഇതിനിടയിൽ വരുന്നവ Sb-യും ആണ്.

ബാർഡ് സർപ്പിളം. ദണ്ഡിൻെറ ആകൃതിയിൽ കുറുകെയുള്ള പ്രകാശമാനമായ ഭാഗത്തോടുകൂടിയ സർപ്പിള ഗാലക്സികളാണ് ഇത്. ആകെയുള്ളതിൽ നാലിലൊന്ന് ഇത്തരം ഗാലക്സികളാണ്; എന്നാൽ നല്ല പ്രകാശമുള്ളവ ഈ വിഭാഗത്തിൽ കുറവാണ്. SB എന്നാണു പ്രതീകം. ഉപവിഭാഗങ്ങളെ SBa, SBb, SBc എന്നിങ്ങനെ വിളിക്കും.

എലിപ്റ്റിക്കൽ. എലിപ്സിൻെറ ആകൃതിയിലുള്ള ഗാലക്സികൾ. ഇവയെ E എന്ന പ്രതീകംകൊണ്ടു സൂചിപ്പിക്കുന്നു. E0, E1, E2, E3, E4, E5, E6, E7 എന്നിങ്ങനെ എട്ട് ഉപവിഭാഗങ്ങൾ ഉണ്ട്. a എന്നത് എലിപ്സിൻെറ ദീർഘ അക്ഷവും b ലഘു അക്ഷവും ആണെങ്കിൽ $\frac{a-b}{a} \times 10$ എന്ന അനുപാതത്തെയാണ് 0 മുതൽ 7

എറിഡാനസ് നക്ഷത്രസമൂഹത്തിലെ
NGC 1300 എന്ന ബാർഡ് സർപ്പിള ഗാലക്സി



ആകാശഗംഗയുടെ രേഖാചിത്രം
(ദൂരത്തിന്റെ പാർസെക് അളവ് കൊടുത്തിരിക്കുന്നു).

വരെയുള്ള സംഖ്യകൾ സൂചിപ്പിക്കുന്നത്. ഈ ഇനത്തിൽപ്പെടുന്ന ചെറുതരം ഗാലക്സികൾ 'ഡാർഫ് എലിപ്റ്റിക്കൽ' എന്നറിയപ്പെടുന്നു. ഇതിന്റെ പ്രതീകം dE ആണ്.

അനിയതം. പ്രത്യേകതരത്തിലുള്ള രൂപങ്ങൾ ഇല്ലാത്ത ഗാലക്സികളാണ് ഇവ. ഇത് ആകെയുള്ളവയിൽ 2%—3% മാത്രമേ വരൂ.

പിണ്ഡം (Mass). ഗാലക്സികളുടെ പിണ്ഡം കണക്കാക്കുന്നത് അവയുടെ ഭ്രമണത്തിൽനിന്നാണ്. പിണ്ഡത്തിന്റെ വിതരണത്തിൽനിന്നുണ്ടാകുന്ന ആകർഷണശക്തിയും ഭ്രമണംകൊണ്ടുണ്ടാകുന്ന ശക്തിയും തമ്മിൽ ഒരു സമതുലനം ഗാലക്സികളിൽ കാണാം. വളരെ കുറച്ചു ഗാലക്സികളുടെ ഭ്രമണം മാത്രമേ കൃത്യമായി പഠിക്കപ്പെട്ടിട്ടുള്ളുവെന്നതിനാൽ ഈ രീതി വളരെ കുറച്ചു ഗാലക്സികളുടെ ഗണനയ്ക്കേ ഉപയോഗപ്പെടുത്താൻ കഴിയുന്നുള്ളു.

പിണ്ഡഗണനയ്ക്കു വേറൊരു മാർഗം കൂടി ഉണ്ട്. 'വിരിയൽ (Virial) സിദ്ധാന്ത'ത്തിന്റെ പ്രയോഗം. ഈ മാർഗം ഗാലക്സികളെ വേർതിരിക്കുന്ന ചലനത്തിന്റെ ഗതികശക്തിയും അവയെ ഒരു സമൂഹമായി നിർത്തുന്ന ആകർഷണശക്തിയും സമമാണെന്നു പറയുന്നു. ഈ മാർഗത്തേക്കാൾ കൂടുതലായി ഉപയോഗിക്കുന്നത് ആദ്യം പറഞ്ഞ മാർഗമാണ്.

വിതരണക്രമം. ഗാലക്സികളുടെ വിതരണം അവയ്ക്ക് ഒരു സമൂഹമായി നില്ക്കാനുള്ള പ്രവണതയുണ്ടെന്നു കാണിക്കുന്നുണ്ട്. ആകാശഗംഗതന്നെ സ്ഥാനീയ സമൂഹത്തിന്റെ ഒരഗ്രത്തിലാണ്. അതിലെ മറ്റു 17 ഗാലക്സികളും ഇതിനെക്കാൾ പ്രദീപ്തി കുറഞ്ഞവയാണ്.

ഒറ്റപ്പെട്ടു നില്ക്കുന്ന ഗാലക്സികൾ തീരെ ഇല്ലെന്നു പറയാം. 2 മുതൽ 30 വരെ ഗാലക്സികളുള്ള സമൂഹങ്ങൾ വളരെയുണ്ട്. വിർഗോ സമൂഹം വളരെ കുറച്ചു ഗാലക്സികളുള്ളതും കോമസമൂഹം ആയിരത്തിലധികം ഗാലക്സികളുള്ളതുമാണ്. ഗാലക്സിയുടെ വ്യാപ്തത്തേക്കാൾ വളരെ വലിയൊരു വ്യാപ്തമെടുത്താൽ ഗ്യാലക്സികളുടെ വിതരണം ഐകരൂപ്യമുള്ളതും സമദൈശിക(Isotopic)വുമാണ്.

ഗാലക്സികളുടെ സാന്ദ്രത 2×10^7 ഘന പ്രകാശവർഷത്തിൽ ഒന്ന് എന്ന നിരക്കിലാണെന്നാണു കണക്കാക്കപ്പെടുന്നത്.

അന്തശ്ചലനം. ഗാലക്സികളുടെ അകത്തുള്ള നക്ഷത്രങ്ങൾക്കു രണ്ടുതരത്തിലുള്ള ചലനങ്ങളുണ്ട്: 1. ക്രമാനുഗതമായ ഭ്രമണം — മുഴുവൻ ഗാലക്സിയും കേന്ദ്രം അക്ഷമാക്കി അതിന്റെ സമതലത്തിനു ലംബമായ ഒരു ദിശയിൽ തിരിയുന്നു. 2. അനിശ്ചിതചലനം.

എല്ലാ ഗാലക്സികളും ഭ്രമണം ചെയ്യുന്നുണ്ടെന്ന് അവയുടെ സ്പെക്ട്രം കാണിക്കുന്നുണ്ട്. M31-ന്റെയും M33-ന്റെയും പഠനത്തിൽനിന്നു ഗാലക്സികളുടെ വേഗം അതിന്റെ കേന്ദ്രത്തിൽനിന്നു പുറത്തേക്കു വരുന്തോറും കൂടിവരുന്നു എന്നും അവ വളരെ അകലെയാവുകയാണെങ്കിൽ $\frac{1}{\sqrt{r}}$ എന്ന തോതിൽ ചുരുങ്ങുകയാണ് എന്നും മനസ്സിലാകുന്നു. എല്ലാ ഗാലക്സികളുടെയും ഭ്രമണതോത് വർഷത്തിൽ 3×10^{-8} റേഡിയനുകളാണ്. ഇതു ഭ്രമണകാലം 2×10^8 വർഷമാണെന്നു കാണിക്കുന്നു. എൻ.യു. മേയാലിന്റെ അഭിപ്രായത്തിൽ ഭ്രമണകാലം ഗാലക്സി ഏതുതരത്തിൽപ്പെടുന്നുവെന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഗാലക്സികൾ പരന്നുവരുന്നത് അവയുടെ ഭ്രമണം മൂലമാണ്. ഗാലക്സികൾ അധികവും നക്ഷത്രരൂപവത്കരണത്തിന് എത്രയോ മുമ്പ് അവ വാതകപൂർണമായ സമയത്തുതന്നെ പരന്ന ആകൃതി പ്രാപിച്ചവയാണ്. വാതകങ്ങൾക്കു മാത്രമേ ഭ്രമണംമൂലം ഈ കുറഞ്ഞ സമയത്തിനുള്ളിൽ ഇങ്ങനെയുള്ള ആകൃതി പ്രാപിക്കാൻ സാധ്യമാകൂ.

ഗാലക്സികളുടെ ആന്തരമായ അനിശ്ചിതചലനം വളരെ സങ്കീർണമാണ്. ഗാലക്സികൾ ആകെ അവയുടെ കേന്ദ്രം അച്ചുതണ്ടായി ഭ്രമണം ചെയ്യുമെങ്കിലും അവയിലെ നക്ഷത്രങ്ങൾ വൃത്താകാരത്തിലുള്ള ഭ്രമണപഥത്തിനു പകരം അണ്ഡാകൃതിയിൽ സഞ്ചരിക്കുന്നു. നക്ഷത്രങ്ങളുടെ ഇത്തരം ചലനങ്ങൾക്കു പുറമെ വാതകപഠനങ്ങളുടെ ചലനവും നിലനില്ക്കുന്നു.

ഘടന. ഗാലക്സികളുടെ രാസഘടന അത് ഏതിനത്തിൽപ്പെട്ടതാണെന്നതിനെ അനുസരിച്ചിരിക്കും. സാധാരണ E തരത്തിൽപ്പെട്ട ഗാലക്സികളിൽ ധൂളിയോ പ്രദീപ്തിയേറിയ ഭീമതാരങ്ങളോ ഇല്ല. സ്ഥാനീയസമൂഹത്തിലെ E ഗാലക്സികളിൽ പ്രകാശമേറിയ നക്ഷത്രങ്ങൾ ചെമപ്പും സൂര്യന്റെ 600 മടങ്ങു പ്രദീപ്തിയുള്ളവയാണ്. സർപ്പിള ഗാലക്സികളുടെ കരങ്ങളിലുള്ള നക്ഷത്രങ്ങൾ സൂര്യനേ

അൾസാമേജർ നക്ഷത്രസമൂഹത്തിൽ ഉൾപ്പെട്ട M81 എന്ന സർപ്പിളഗാലക്സി.

ക്കാൾ 1,00,000 മടങ്ങു പ്രദീപ്തിയുള്ളവയുമാണ്. E ഗാലക്സികളിലെ ചെമന്ന താരങ്ങൾ നമ്മുടെ ഗാലക്സിയിലെ വർത്തുളവ്യൂഹത്തിലുള്ള നക്ഷത്രങ്ങളെപ്പോലുള്ളവയാണ്. പ്രപഞ്ചോത്പത്തി സിദ്ധാന്തങ്ങൾ തരുന്ന വിജ്ഞാനപ്രകാരം ഏറ്റവും പഴക്കംചെന്ന വസ്തുക്കളിൽപ്പെടുന്ന(7×10^9 വർഷങ്ങൾ)വയാണ് ഈ ചെമന്ന താരങ്ങൾ. നീലതാരങ്ങളുടെ അഭാവം അവയിൽ നക്ഷത്രനിർമാണം 10^9 കൊല്ലങ്ങൾക്കു മുമ്പു മാത്രം നടന്നതായിരിക്കാനേ ഇടയുള്ളുവെന്നും കാണിക്കുന്നു. E ഗാലക്സികളിൽ നക്ഷത്രനിർമാണം ഇന്നു നടക്കുന്നില്ല. ഇന്നവയിൽ കാണുന്ന നക്ഷത്രങ്ങൾ ഭൂതകാലത്തിൻെറ അവശിഷ്ടങ്ങളാണ്.

Sa, Sc സർപ്പിള ഗാലക്സികളുടെ കരങ്ങളിൽ ധാരാളം നീല നക്ഷത്രങ്ങൾ കാണാം. അതിനാൽ ഈ നക്ഷത്രങ്ങളുടെ ജനനം അടുത്തകാലത്താണു നടന്നിരിക്കുന്നത്. E ഗാലക്സികളിൽനിന്നു വ്യത്യസ്തമായി സർപ്പിളഗാലക്സികളിൽ നക്ഷത്രരൂപവത്കരണം ഇന്നും നടക്കുന്നുണ്ടാവാം.

ഗാലക്സികളുടെ കേവലപ്രദീപ്തിയിൽനിന്നാണ് അവയിലെ നക്ഷത്രവർഗഗണന നടത്തുന്നത്. ഈ രീതി വർഗഗണസ്ഥാനീയസമൂഹത്തിനും വിർഗോസമൂഹത്തിനും അപ്പുറത്തുള്ള ഗാലക്സികൾക്ക് ഉപയോഗിക്കാൻ പറ്റില്ല. അവയിലുള്ള നക്ഷത്രവർഗങ്ങളെ സ്പെക്ട്രത്തിൽനിന്നാണു മനസ്സിലാക്കുന്നത്. E ഗാലക്സികളിൽ താപനില കുറഞ്ഞ നക്ഷത്രങ്ങളേയുള്ളു.

ആകാശഗംഗാഗാലക്സി. നാം കാണുന്ന നക്ഷത്രങ്ങളും അവയ്ക്കിടയിലെ ധൂളിയും വാതകങ്ങളുമുൾക്കൊള്ളുന്ന ഒരു സമൂഹമാണ് ആകാശഗംഗ ഗാലക്സി. സൂര്യനും സൗരയൂഥവും അതിലെ ഒരു സാധാരണഘടകം മാത്രമാണ്. †ആകാശഗംഗ നോക്കുക.

വികസിക്കുന്ന ചക്രവാളം. ഗാലക്സികൾ അനുനിമിഷം പരസ്പരം അകന്നുകൊണ്ടിരിക്കുകയാണ്. 1929-ലാണ് ഈ പ്രത്യേകത നിരീക്ഷിക്കപ്പെട്ടത്. ഗാലക്സിയിൽനിന്നു വരുന്ന സ്പെക്ട്രത്തിൻെറ ചെമപ്പുനീക്ക(Red shift)ത്തിൽനിന്നാണ് ഇതു കണ്ടെത്തിയത്. ഈ നിരീക്ഷണത്തെ ഡോപ്ലർ പ്രഭാവത്തിൻെറ അടിസ്ഥാനത്തിൽ വിശകലനം ചെയ്തപ്പോൾ, ഭൂമിയുമായി ആപേക്ഷികമായി 60,000 കിലോമീറ്റർ/സെക്കൻഡ് വേഗതയിൽ അകന്നുകൊണ്ടിരിക്കുന്നു എന്നു കണ്ടു. ഇതുസംബന്ധിച്ച സമവാക്യത്തിൽനിന്നാണു ഹബ്ൾ സ്ഥിരാങ്കത്തിൻെറ (പ്രതീകം H) മൂല്യം കിട്ടുന്നത്. ഈ നിരീക്ഷണം പ്രപഞ്ചോത്പത്തി സംബന്ധിച്ച മഹാസ്ഫോടസിദ്ധാന്തത്തിനെ (Big Bang Theory) അനുകൂലിക്കുന്നതാണ്.

†നെബുല, †ക്വാസാർ, †നക്ഷത്രസമൂഹങ്ങൾ (Constellations), †ആകാശഗംഗ നോക്കുക.

ഗാലൻ

ഒരു ദ്രാവക അളവ്. ബ്രിട്ടനിൽ ഇതു 4.546 ലിറ്ററിനു തുല്യമാണ്. ഇതിന് ഇമ്പീരിയൽ ഗാലൻ എന്നും പറയാറുണ്ട്. അമേരിക്കയിൽ 3.785 ലിറ്ററിനു തുല്യമാണു ഗാലൻ. ഇന്ത്യയിൽ പെട്രോളിൻെറയും മറ്റും അളവിന് ഇമ്പീരിയൽ ഗാലൻ ആണു സ്വീകരിച്ചിരുന്നത്. ഇന്നു പെട്രോൾ ലിറ്റർ കണക്കിലാണ് അളക്കുന്നത്.

ഗാലപ്പ്, ജോർജ് (1901—1984)

പൊതുജനാഭിപ്രായ സാംഖ്യികൻ (public-opinion statistician) പൊതുജനാഭിപ്രായ മാതൃകാപര്യവേക്ഷണത്തിനു 'ഗാലപ്പ് പോൾ' എന്ന സംജ്ഞ ഉപയോഗിക്കാൻ തുടങ്ങിയത് ഇദ്ദേഹത്തിൻെറ പേരിനെ അനുസ്മരിച്ചാണ്. 1936-ൽ ഫ്രാൻക്ലിൻ റൂസ്വെൽറ്റിൻെറ വിജയം സ്വതന്ത്രമായി എന്നാൽ ഗാലപ്പിൻേറതുപോലുള്ള മാർഗങ്ങൾ അവലംബിച്ചു ശരിയായി നേരത്തെ പ്രഖ്യാപിക്കാൻ കഴിഞ്ഞതുമുതൽ ഗാലപ്പ് പോളിനു പ്രാധാന്യം കൈവന്നു.

ഡ്രേക് സർവകലാശാലയിൽ ഗാലപ്പ് പത്രപ്രവർത്തനം പഠിപ്പിച്ചിരുന്നു. 1932-ൽ ആ ജോലി ഉപേക്ഷിച്ച് ഒരു സ്വകാര്യക്കമ്പനിയുടെ ആവശ്യപ്രകാരം അവരുടെ ഉത്പന്നങ്ങൾ ഉപയോഗിക്കുന്നവർക്കിടയിൽ പൊതുജനാഭിപ്രായ സർവേ നടത്താൻ ഇദ്ദേഹം തയ്യാറായി. 1935-ൽ *'അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് പബ്ലിക് ഒപ്പിനിയ'*നും1936-ൽ *ബ്രിട്ടീഷ് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് പബ്ലിക് ഒപ്പിനിയ*നും *ഓഡിയൻസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും* ഇദ്ദേഹമാണു സ്ഥാപിച്ചത്.

'പൾസ് ഒഫ് ഡെമോക്രസി', 'ദ സോഫിസ്റ്റിക്കേറ്റഡ് പോൾ വാച്ചേഴ്സ് ഗൈഡ്' എന്നീ ഗ്രന്ഥങ്ങൾ ഇദ്ദേഹം എഴുതിയിട്ടുണ്ട്.

ഗാലപ്പ് പോൾ

പൊതുജനാഭിപ്രായ സർവേയുടെ ഒരു സമ്പ്രദായം. പ്രാതിനിധ്യസ്വഭാവമുള്ള ഏതാനും വ്യക്തികളുടെ അഭിപ്രായം അവലംബമാക്കി പൊതുജനാഭിപ്രായഗതി അനുമാനിക്കുകയാണ് ഈ രീതിയിൽ ചെയ്യുന്നത്. യു.എസ്. സാംഖ്യികജ്ഞനായ (statistician). ജോർജ് ഗാലപ്പ് (†ഗാലപ്പ്, ജോർജ് നോക്കുക) ആണ് ഇതിൻെറ ഉപജ്ഞാതാവ്. വാണിജ്യരംഗത്ത് ആവശ്യമായി വരുന്ന വിപണിപഠന(market study)ത്തിനും തിരഞ്ഞെടുപ്പിനു മുമ്പു നടത്താറുള്ള ഫലപ്രവചനങ്ങൾക്കും അവാർഡുകളും മറ്റു പുരസ്കാരങ്ങളും നല്കുന്നതിന് അടിസ്ഥാനമായുള്ള തിരഞ്ഞെടുപ്പുകൾക്കും മറ്റുമാണ് ഗാലപ്പ് പോൾ എന്ന സർവേ സമ്പ്രദായം ഉപയോഗിക്കുന്നത്.

1935-ൽ ജോർജ് ഗാലപ്പ് സ്ഥാപിച്ച 'അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് പബ്ലിക്ക് ഒപ്പീനിയൻ' ആണ് ആദ്യത്തെ ഗാലപ്പ് പോൾ നടത്തിയത്. ക്രമേണ ഇത്തരത്തിലുള്ള 'അഭിപ്രായ വോട്ടെടുപ്പു', സമ്പ്രദായത്തിനു ലോകത്തിലാകമാനം പ്രചാരം കിട്ടി.

സർവേ നടത്തേണ്ട സമഷ്ടി (population)ഏതെന്നു കണ്ടെത്തൽ സാമ്പിൾ തിരഞ്ഞെടുപ്പ്, ചോദ്യാവലി തയ്യാറാക്കൽ, ഉത്തരം ശേഖരിക്കൽ, ഉത്തരങ്ങളുടെ വിശകലനം എന്നിവയാണു ഗാലപ്പ് പോളിൻെറ മുഖ്യ ഘട്ടങ്ങൾ. സാമ്പിളന സർവേയുടെ എല്ലാ പ്രത്യേകതകളും ഗാലപ്പ് പോളിനും ഉണ്ട്. സർവേയുടെ സാങ്കേതികമായ എല്ലാ പ്രത്യേകതകളും ഗാലപ്പ് പോളിനും ഉണ്ട്.

† സാമ്പിളന സർവേ നോക്കുക.

ഗാലറി

വാസ്തുശില്പത്തിൽ പല ജാതി മുറികൾക്കും വരാന്തകൾക്കും ബാൽക്കണികൾക്കും ഇടനാഴികൾക്കും ഉപയോഗിച്ചിരുന്ന പേര്. ഇംഗ്ലണ്ടിലെ ഭവനങ്ങളിൽ ഒരു വശത്തുമാത്രം നിരനിരയായി അനേകം ജനാലകളോടുകൂടിയ പ്രധാന വരാന്തയ്ക്കായിരുന്നു ഗാലറി എന്നു പറഞ്ഞുവന്നത്. പതിനാറും പതിനേഴും നൂറ്റാണ്ടുകളിലെ ആംഗലഭവ

1990-ലെ ബീജിങ് ഏഷ്യൻ ഗെയിംസിലെ ഫുട്ബോൾ മത്സരങ്ങൾക്കുവേണ്ടി ഒരുക്കിയ സിയാനോങ്തൻ സ്റ്റേഡിയത്തിലെ ഗാലറി.

നങ്ങൾ ഈ മാതൃകയിലുള്ള ഗാലറികളോടുകൂടിയതായിരുന്നു. ഇത്തരം ഗാലറികളുടെ സവിശേഷമായ മാതൃകയാണ് ഡെർബിഷെയറിലുള്ള ഹാഡൻ ഹാൾ (Haddon hall). ഇതിന് 33 മീറ്റർ നീളവും 5.5 മീറ്റർ വീതിയും ഉണ്ടായിരുന്നു. അതേസമയം ഡെർബിഷെയറിൽത്തന്നെയുള്ള ഹാർഡ്‌വിക്ക് ഹാളി(Hardwick hall)ന് 51 മീറ്റർ നീളവും 7 മീറ്റർ വീതിയുമുണ്ടായിരുന്നു. റോബർട്ട് സ്മിത്ത്സൺ എന്ന ശില്പി രൂപകല്പനചെയ്ത ഈ ഗാലറി 1567-നും 1597-നും ഇടയ്ക്കാണ് പണിതീർത്തത്. 1607-നും 1611-നും ഇടയ്ക്കു നിർമ്മിച്ച രണ്ടു ഗാലറികളാണു സോമർസെറ്റിലുള്ള മൊൺടാസ്ക്യൂട്ട് ഹൗസിലെ ഗാലറിയും ഹെർട്ട്ഫോർഡ്ഷെയറിലെ ഹാറ്റ്ഫീൽഡ് ഹൗസിലെ ഗാലറിയും. ഇവയ്ക്കു രണ്ടിനും ബാൽക്കണിയുടെ മാതൃകയായിരുന്നു.

മറ്റുതരത്തിലുള്ള ഗാലറികൾ ഒരു ഭിത്തിയിൽനിന്നും ആരംഭിച്ചു മുന്നോട്ടു തള്ളിനില്ക്കുന്നതും മുൻവശത്ത് അഴികൾ നിർമ്മിച്ചതുമായ ബാല്ക്കണി മാതൃകയിലുള്ളവയാണ്. ഈ രീതിയിൽ നിർമിച്ചവയാണ് ഗോഥിക്ക് പള്ളികളുടെ പുറമേയുള്ള ഗാലറികൾ. പള്ളികളിലും തിയേറ്ററുകളിലും ശ്രോതാക്കൾക്കുവേണ്ടി നിർമിച്ചിട്ടുള്ള മുറികളാണ് ഇവ.

എന്നാൽ ഒരു ആർട്ട്ഗാലറിയാകട്ടെ ഇടുങ്ങിയതും ദീർഘാകാരമുള്ളതുമാണ്. കരകൗശലവസ്തുക്കളുടെ പ്രദർശനത്തിനാണ് ഇവ ഉപയോഗിക്കുന്നത്. ഇത്തരത്തിലുള്ള പ്രസിദ്ധമായ ഗാലറികളാണ് പാരീസിലെ ലൂവറും (Louvre) ലണ്ടനിലെയും വാഷിങ്ടണിലെയും നാഷനൽ ഗാലറികളും.

ഭാരതീയ ശില്പകലയിലും ഗാലറികൾ ഉണ്ടായിരുന്നു. നമ്മുടെ നാട്ടിലും തിയേറ്ററുകളോടും പള്ളികളോടും മറ്റും അനുബന്ധിച്ചു ഗാലറികൾ പണിതുയർത്താറുണ്ട്. കാഴ്ചബംഗ്ലാവുകളോടനുബന്ധിച്ചു ഭാരതത്തിലെ മിക്ക സംസ്ഥാനങ്ങളിലും കരകൗശലവസ്തുക്കളുടെ പ്രദർശനത്തിനുള്ള ആർട്ട്ഗാലറികൾ ഉണ്ട്.

കോളെജുകളിലും സ്കൂളുകളിലും ക്ലാസ് മുറികളിൽ മുൻനിരയിൽനിന്നു പിന്നിലേക്ക് ഉയർന്നുപോകുന്ന ഗാലറിയായി പലെടത്തും ഇരിപ്പിടങ്ങൾ സജ്ജീകരിക്കാറുണ്ട്. സ്റ്റേഡിയങ്ങൾ, സർക്കസ് പ്രദർശനശാലകൾ മുതലായവയിൽ പിന്നിലിരിക്കുന്നവരുടെ വീക്ഷണസൗകര്യം കണക്കിലെടുത്തു ഗാലറികളായേ ഇരിപ്പിടങ്ങൾ സംവിധാനം ചെയ്യാറുള്ളൂ.

ഗാലി (Galley)

ഭാരവും ആഴവും വീതിയും കുറഞ്ഞ ഒരുതരം നൗക. തുഴകൾ കൊണ്ടാണ് ഇതിനെ നയിക്കുന്നത്. എങ്കിലും പായും പായ്മരങ്ങളും ഇവയിൽ ഉണ്ടാകും. മധ്യധരണ്യാഴിയിൽ 5000 വർഷത്തോളം ഇവ നിലവിൽ ഇരുന്നു. വലിയ കടൽക്ഷോഭം അനുഭവപ്പെടാത്ത സ്ഥലങ്ങളിലേ ഇവ ഉപയോഗിച്ചിരുന്നുള്ളൂ. നൈൽ നദിയിലും ബി.സി. 3000 മുതൽ ഗാലി ഉപയോഗിച്ചിരുന്നു.

ഗാലിക് അമ്ലം (Gallic acid)

ഒരു ഓർഗാനിക് അമ്ലം. 3,4,5 - ട്രൈഹൈഡ്രോക്സിബെൻസോയിക് ആസിഡ് ആണ് ഇത്. ഘടന:



സ്വതന്ത്രാവസ്ഥയിൽ തേയില, കടുക്ക (ഗാൾനട്), ഓക്ക്തൊലി തുടങ്ങിയ സസ്യസ്രോതസ്സുകളിൽ കാണപ്പെടുന്നു. ചില ടാനിനുകളിൽ ഗ്ലൂക്കോസൈഡ് രൂപത്തിലും കാണുന്നു. ഉദാഹരണമായി കടുക്കാടാനിനിൽ - ഇതിനു ഗാലൊടാനിൻ എന്നു പറയുന്നു. തണുത്ത ജലീയകടുക്കാസത്തിൽ നിന്നുമാണ് 1787-ൽ ഷീലെ ഈ അമ്ലം കണ്ടുപിടിച്ചത്. ഇന്നും കടുക്കാസത്തിൽനിന്നും ഇതുണ്ടാക്കുന്നു. കടുക്കാസത്ത് ചൂടുള്ള നേർത്ത സൾഫ്യൂറിക് ആസിഡുകൊണ്ടോ ടാനേസ് എന്ന എൻസൈംകൊണ്ടോ ജലവിശ്ലേഷണം നടത്തുമ്പോൾ ലഭിക്കുന്ന സ്വതന്ത്ര ഗാലിക് അമ്ലം ഈഥർ ഉപയോഗിച്ചു നിഷ്കർഷണം ചെയ്തു വേർതിരിക്കുന്നു. (ടാനിൻ ഈഥറിൽ അലേയമാണ്.)

ജലത്തിൽനിന്നും മോണോഹൈഡ്രേറ്റ് പരലുകളായി ഗാലിക് അമ്ലം ലഭിക്കുന്നു. അതു ചൂടാക്കുമ്പോൾ 100°C-ൽ ക്രിസ്റ്റൽ ജലം നഷ്ടപ്പെടുകയും 253°C-ൽ വിഘടനത്തോടെ ഉരുകുകയും ചെയ്യുന്നു. വിഘടനം നടന്നു കാർബൺ ഡൈ ഓക്സൈഡും പൈറോഗാലോളും ഉണ്ടാകുന്നു. ജലീയ ഗാലിക് അമ്ലം 210°C വരെ ചൂടാക്കിയാലും ഈ വിഘടനം നടന്നു പൈറോഗാലോൾ ലഭിക്കുന്നു.



ഗാലിക് അമ്ലത്തിന്റെ ആൽക്കലീയലായനി വായുവിൽനിന്നും ഓക്സിജൻ വലിച്ചെടുക്കുന്നു. ഗാലിക് അമ്ലം ശക്തിയേറിയ ഒരു നിരോക്സീകാരിയായതിനാൽ ഫോട്ടോഗ്രാഫിക് ഡവലപ്പർ ആയി ഉപയോഗിക്കുന്നു. ഗാലിക് അമ്ലം എളുപ്പത്തിൽ ജലത്തിൽ ലയിക്കും. ജലീയലായനി ഫെറിക് ക്ലോറൈഡുമായി പ്രവർത്തിക്കുമ്പോൾ ഒരു നീല-കറുപ്പു നിറമുള്ള അവക്ഷിപ്തം കിട്ടും. ഇതുമൂലം ഗാലിക് അമ്ലം മഷി ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. പൈറോഗാലോൾ ഉണ്ടാക്കാനും ഗാലിക് അമ്ലം ഉപയോഗിക്കാം.

ഗാലിക്കാനിസം

ഒരുകാലത്ത് ഫ്രാൻസിൽ പ്രചാരത്തിലിരുന്ന സിദ്ധാന്തം. ഗാൾ എന്നതു പുരാതന ഫ്രാൻസിന്റെ പേരായിരുന്നു. ഫ്രാൻസിനു പ്രത്യേകമായുള്ള സിദ്ധാന്തം എന്ന അർഥത്തിലാവാം ഈ പദം ഉണ്ടായത്. മത-രാഷ്ട്രീയ മണ്ഡലങ്ങളിൽ നിലവിലിരുന്ന ഈ സിദ്ധാന്തത്തിനു രണ്ടു മുഖമുണ്ട്. ആദ്യത്തേത് എപ്പിസ്കോപ്പൽ ഗാലിക്കാനിസം, മറ്റതു രാഷ്ട്രീയ ഗാലിക്കാനിസം. റോമൻ കത്തോലിക്കാസഭയിൽ തുടർന്നുകൊണ്ടുതന്നെ പോപ്പിന്റെ അധികാരം നിയന്ത്രിക്കണം എന്നതായിരുന്നു എപ്പിസ്കോപ്പൽ ഗാലിക്കാനിസം. പോപ്പിന്റേതെന്നതുപോലെ അപ്പോസ്തലന്മാരെ പ്രതിനിധാനം ചെയ്യുന്ന ബിഷപ്പുമാരുടെ സ്ഥാനവും ദൈവത്താൽ സ്ഥാപിക്കപ്പെട്ടതാണെന്നും കത്തോലിക്കാസഭയുടെ ഭരണം ബിഷപ്പുമാരുടെ അരിസ്റ്റോക്രസിയാൽ നിയന്ത്രിക്കപ്പെട്ടിട്ടുള്ള ഒരു രാജവാഴ്ചാസമ്പ്രദായമാണെന്നും, പോപ്പിന്റെ അധികാരം കാനോൻ നിയമങ്ങൾക്കു വിധേയവും, ജനറൽ കൗൺസിലുകളുടെ അധികാരത്തിനു താഴെയുമാണെന്നുള്ള ആശയത്തിന്റെ അടിസ്ഥാനത്തിലുള്ളതായിരുന്നു ഈ എപ്പിസ്കോപ്പൻ ഗാലിക്കാനിസം. രാഷ്ട്രീയ ഗാലിക്കാനിസം സാർവ്വത്രികമയ ഒരു തത്ത്വത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു. ആത്മീയാധികാരവും ലൗകികാധികാരവും ദൈവത്തിൽനിന്നുള്ളതാണെങ്കിലും അവ നിഷ്കൃഷ്ടമായി വിഭജിക്കപ്പെടണമെന്നതായിരുന്നു തത്ത്വം. ഫ്രാൻസിലെ രാജാവിന്റെ അധികാരാതിർത്തിക്കുള്ളിൽ പോപ്പിനു ലൗകികകാര്യങ്ങളിൽ യാതൊരധികാരവുമില്ലെന്നും ആത്മീയാധികാരംപോലും രാജാവിന്റെ സമ്മതംകൂടാതെ ഫ്രാൻസിൽ പ്രയോഗിച്ചുകൂടെന്നും ഈ സിദ്ധാന്തം ഉത്ഘോഷിച്ചു.

ഗാലിപ്പൊളി

ഇറ്റലിയിലെ അപ്പൂലിയയിൽ ടൊറന്റോ ഉൾക്കടലിന്റെ തീരത്തു കുത്തനെയുള്ള പാറക്കെട്ടുകളുടെ മധ്യത്തിൽ സ്ഥിതിചെയ്യുന്ന തുറമുഖം. പഴയ ഒരു ഭദ്രാസനപ്പള്ളിയും ഒരു കോട്ടമാളികയും ഇവിടത്തെ മുഖ്യമായ സ്ഥലമുദ്രകളാണ്. മത്സ്യബന്ധനം, എണ്ണവ്യവസായം, വീഞ്ഞുനിർമാണം ഇവയാണ് ഇവിടത്തെ പ്രധാന വ്യവസായങ്ങൾ.

ഗാലിപ്പൊളി

യൂറോപ്യൻ വൻകരയുടെ തെക്കുകിഴക്കെ മൂലയിൽ ഡാർഡനൽസ്സിൽ സ്ഥിതിചെയ്യുന്ന തുർക്കി തുറമുഖം. 1357-ലാണ് ഇവിടം തുർക്കിയുടെ അധീനതയിലായത്. ജസ്റ്റീനിയൻ ചക്രവർത്തി നിർമിച്ച ആയുധപ്പുരയുടെയും മറ്റുപല പ്രാചീനസ്മാരകങ്ങളുടെയും അവശിഷ്ടങ്ങൾ ഇവിടെ കാണാം. ഇവിടെയുള്ള രണ്ടു തുറമുഖഭാഗങ്ങളിലാണ് തുർക്കി നാവികസേനയുടെ കേന്ദ്രീകരണം. ബ്രിട്ടീഷുകാരും ഫ്രെഞ്ചുകാരും 1854-ൽ ഇവിടത്തെ കോട്ടകൊത്തളങ്ങൾ ശക്തിപ്പെടുത്തുകയും 1878-ൽ അവ വികസിപ്പിക്കുകയും ചെയ്തു. ഗാലിപ്പൊളിയിലെ പീരങ്കികൾ മർമരാകടലിലേക്ക് ഉന്തിനില്ക്കുന്ന ഡാർഡനൽസ് കരയിടുക്കിനു കാവൽനില്ക്കുന്നു.

ഗാലിഫോം

പക്ഷികളുടെ ഒരു ഓർഡർ. കുറച്ചുദൂരം മാത്രം പറക്കാറുള്ള പക്ഷികളാണ് ഈ ഓർഡറിൽ പെടുന്നത്. ഏകദേശം 240 സ്പീഷീസ് ഉണ്ട്. കോഴി, കാട, മയിൽ എന്നിവ ഗാലിഫോം ഓർഡറിൽ പെടുന്നു. ഇവയുടെ തടിച്ച ശരീരം പറക്കുന്നതിന് തടസ്സമാണ്. പക്ഷേ, പാദങ്ങൾ നിലത്തു നടക്കുന്നതിന് യോജിച്ചതും. ശത്രുക്കളിൽനിന്നു രക്ഷപ്പെടാൻ മാത്രമേ പറക്കാറുള്ളൂ. 45 ഗ്രാം മുതൽ 11 കിലോഗ്രാം വരെ ഭാരമുള്ള പക്ഷികൾ ഈ ഓർഡറിൽ ഉണ്ട്. മിക്ക പ്രദേശത്തും കണ്ടുവരുന്നു. ലാഗോപസ് ജീനസ്സിൽപെട്ട ഒരിനം പക്ഷി ആർട്ടിക് പ്രദേശത്തുണ്ട്.

ഗാലിബ് അവാർഡ്

ദില്ലിയിലെ ഗാലിബ് ഇൻസ്റ്റിറ്റ്യൂട്ട് ഏർപ്പെടുത്തിയിട്ടുള്ള സമ്മാനം. 1974-ൽ ആദ്യമായി നല്കി. അയ്യായിരം രൂപ വീതമുള്ള രണ്ടു സമ്മാനങ്ങളുണ്ട്. ഇംഗ്ലീഷ് ഉൾപ്പടെയുള്ള അംഗീകൃത ഭാഷകളിൽ ഗാലിബിനെക്കുറിച്ചും അദ്ദേഹത്തിൻെറ സംഭാവനകളെപ്പറ്റിയും രചിക്കപ്പെടുന്ന കൃതികൾ, സാഹിത്യവിമർശം, ഉർദുവിലും പേർഷ്യനിലുമുള്ള ഗവേഷണം- എന്നിവയാണ് സമ്മാനത്തിന് പരിഗണിക്കുന്നത്.

ഗാലിബ്, മിർസാ

മിർസാ ഗാലിബ് നോക്കുക.

ഗാലിയം

ആവർത്തനപ്പട്ടികയിലെ മൂന്നാമത്തെ ഗ്രൂപ്പിലെ ബോറോൺ കുടുംബത്തിൽ അലൂമിനിയത്തിനു ശേഷം വരുന്ന ലോഹമൂലകം. പ്രതീകം: Ga . അണുസംഖ്യ: 31, അണുഭാരം: 69.72. സാധാരണതാപനിലയിൽ ദ്രാവകാവസ്ഥയിലുള്ള ഒരു മൂലകമാണു ഗാലിയം (ഉരുകൽ നില: 29.78°C). സംയോജകത: 2, 3. പിണ്ഡസംഖ്യ 69-ഉം 71-ഉം ഉള്ള ഐസോടോപ്പുകൾ സ്ഥിരങ്ങളും പിണ്ഡസംഖ്യ 70-ഉം 72-ഉം ഉള്ളവ റേഡിയോ ആക്റ്റീവതയുള്ളവയുമാണ്.

1875-ൽ ഫ്രാങ്കോയിസ് ലെകോസ് ഡി. ബോയിസ് ബോഡ്രൻ എന്ന ശാസ്ത്രജ്ഞൻ സ്പെക്ട്രോസ്കോപ് ഉപയോഗിച്ച് ഈ മൂലകം കണ്ടെത്തി. സിങ്ക്ബ്ലെൻഡ്, മാഗ്നെറ്റൈറ്റ്, പൈറൈറ്റ്, ബോക്സൈറ്റ്, കയോലിൻ, ചിലയിനം കൽക്കരി ചാരം എന്നിവയിൽ ഗാലിയം ഉണ്ട്. സിങ്ക്ബ്ലെൻഡ് സൾഫ്യൂറിക് ആസിഡിൽ ലയിപ്പിച്ചതിനു ശേഷം ലായനിയിൽ സിങ്കതകിടുകൾ ഇറക്കിവച്ചാൽ ആൻറിമണി, ബിസ്മത്ത്, ആർസെനിക്, കോപ്പർ, കാഡ്മിയം തുടങ്ങിയ മൂലകങ്ങൾ അവക്ഷിപ്തീകരിക്കപ്പെടുകയും ഗാലിയം, അലൂമിനിയം അയൺ, സിങ്ക് എന്നിവ ലായനിയിൽ തന്നെ സ്ഥിതിചെയ്യുകയും ചെയ്യുന്നു. പിന്നീട് ഈ ലായനിയിൽനിന്നു ഗാലിയം ലവണം അവക്ഷിപ്തീകരിക്കുകയും, തുടർന്ന് അതിൻെറ ലായനി വൈദ്യുതാപഘടനം നടത്തി ഗാലിയം നിർമിക്കുകയും ചെയ്യുന്നു. ഗാലിയം ക്ലോറൈഡ് ഈഥൈൽ ഈഥർ അല്ലെങ്കിൽ ഐസോപ്രൊപ്പൈൽ ഈഥർകൊണ്ടു വേർതിരച്ചെടുത്തു വൈദ്യുതാപഘടനം നടത്തിയും ഗാലിയം നിർമിക്കാം. 'ഗാല്ലൈറ്റ്' ($Cu\,Ga\,S_2$) എന്ന ധാതു തെക്കുപടിഞ്ഞാറെ ആഫ്രിക്കയിൽ കാണപ്പെടുന്നു, ഇതിൽ 1g ഗാലിയം അടങ്ങിയിട്ടുണ്ട്. ഏറ്റവും കൂടുതൽ ഗാലിയം ഉത്പാദിപ്പിക്കപ്പെടുന്നതു ബോക്സൈറ്റ് അയിരുകളിൽനിന്നാണ്.

നീലകലർന്ന വെള്ളനിറമുള്ള ഗാലിയം, സാധാരണ കത്തികൊണ്ടു മുറിക്കാവുന്നത്ര മൃദുവാണ്. അന്തരീക്ഷത്തിൽ തുറന്നുവച്ചിരുന്നാൽ പ്രതലത്തിൽ ചാരനിറമുള്ള ഓക്സൈഡിൻെറ പടലമുണ്ടാവുന്നു. 500°C-ൽ ഇതു വായുവിൽ കത്തുന്നു. രാസഗുണധർമങ്ങളിൽ, ഗാലിയം അലൂമിനിയവുമായി സാദൃശ്യം വഹിക്കുന്നു. ക്ലോറിൻ, ബ്രോമിൻ, ഹൈഡ്രജൻ, സൾഫർ, നൈട്രജൻ തുടങ്ങിയ മൂലകങ്ങളുമായി ഇതു നേരിട്ടു പ്രതിപ്രവർത്തിക്കുന്നു. നൈട്രിക് ആസിഡ്, സൾഫ്യൂറിക് ആസിഡ് എന്നിവയുമായി പ്രതിപ്രവർത്തിച്ചു ഗാലിയത്തിൻെറ ലവണങ്ങളുണ്ടാകുന്നു.

ഗാലിയം ഹൈഡ്രൈഡ് ($Ga\,H_3$), ഗാലിയം ട്രൈക്ലോറൈഡ് ($Ga\,cl_3$), ഗാലിയം ഡൈക്ലോറൈഡ് ($Gacl_2$), ഗാലിയം സൾഫൈഡ് (Ga_2S_3), ഗാലിയം ഹൈഡ്രോക്സൈഡ് ($Ga(OH)_3$), ഗാലിയം ഓക്സൈഡ് (Ga_2O_3), ഗാലിയം സൾഫേറ്റ് ($Ga_2(So_4)_3 16H_2O$)ഗാലിയം നൈട്രൈഡ് (GaN) എന്നിങ്ങനെ ധാരാളം അകാർബണിക സംയുക്തങ്ങളും ഗാലിയം ട്രൈ മീഥൈൽ ($Ga(CH_3)_3$), ഗാലിയം ട്രൈ ഈഥൈൽ ($Ga(C_2H_5)_3$), ഗാലിയം ട്രൈഫീനൈൽ ($Ga(C_6H_5)_3$), ഗാലിയം മീഥൈൽ ഹൈഡ്രൈഡ് ($Go_2(CH_3)_4H_2$) തുടങ്ങിയ കാർബണികസംയുക്തങ്ങളും ഇതിൽനിന്നുണ്ടാകുന്നു. ഗാലിയത്തിൻെറ അസ്തിത്വത്തെക്കുറിച്ചും, അതിൻെറയും അതിൻെറ പല സംയുക്തങ്ങളുടെയും ഗുണധർമങ്ങളെക്കുറിച്ചും മെൻഡലീഫ് പ്രവചിച്ചിരുന്നു.

ശുദ്ധമായ ഗാലിയത്തിൻെറ നിർമാണം വളരെ പ്രാധാന്യമർഹിക്കുന്നു; കാരണം അതൊരു അർധചാലകമായി ഉപയോഗിക്കുന്നുണ്ട്. ഗാലിയം ആർസനൈഡ് ആണ് സാധാരണ ഇതിനുവേണ്ടി ഉപയോഗിക്കുന്നത്. സൗരബാറ്ററികളിലും ഗാലിയം ആർസനൈഡ് ഉപയോഗിക്കുന്നുണ്ട്. കാർബണികസംശ്ലേഷണം, ട്രാൻസിസ്റ്ററുകൾ മുതലായവയിലും ഗാലിയം ഉപയോഗിക്കുന്നുണ്ട്.

ഗാലേ, ജോഹാൻ ഗോട്ട്ഫ്രീ (1812–1910)

ജെർമൻ ജ്യോതിഃശാസ്ത്രജ്ഞൻ. 1812 ജൂൺ 9-ന് ജനിച്ചു. 1843 സെപ്റ്റംബർ 23-ന് ഇദ്ദേഹം ആദ്യമായി നെപ്റ്റ്യൂൺ ഗ്രഹത്തെ കണ്ടെത്തി. ബർലിൻ നിരീക്ഷണാലയത്തിലെ അസിസ്റ്റൻറ് ഡയരക്റ്റർ ആയിരുന്നു. ശനി ഗ്രഹത്തിൻെറ വലയങ്ങളെപ്പറ്റി പഠിച്ചു. ക്ഷുദ്രഗ്രഹങ്ങളുടെ ലംബനം (Parallax of astroids) ഉപയോഗിച്ചു സൗരയൂഥത്തിലെ അളവുകൾ എടുക്കാൻ ഒരു മാർഗം ആവിഷ്കരിച്ചു. നെപ്റ്റ്യൂണിൻെറ ഏകദേശസ്ഥാനം നിർണയിച്ച ലെ വെറിയറുടെ നിർദേശപ്രകാരം നിരീക്ഷണം നടത്തിയാണു ഗാലേ ഗ്രഹത്തെ കണ്ടെത്തിയത്. 1851-'97 കാലത്ത് ഇദ്ദേഹം ബ്രെസ്ലാ നിരീക്ഷണാലയത്തിലെ ഡയരക്റ്റർ ആയിരുന്നു. 1910 ജൂലായ് 10-ന് ജെർമൻ നഗരമായ പോട്സ്ഡാമിൽ വച്ച് നിര്യാതനായി.

ഗാലെൻ (130–200)

ഗ്രീക് വൈദ്യശാസ്ത്രജ്ഞൻ. ഏഷ്യാമൈനറിലെ പെർഗാമം എന്ന സ്ഥലത്ത് എ.ഡി. 130-ൽ ജനിച്ചു. ഗാലെൻ ജീവിച്ചിരുന്ന കാലത്ത് ഏഷ്യാമൈനർ റോമൻസാമ്രാജ്യത്തിൽപ്പെട്ടിരുന്നു.



അങ്കഗണിതം, ക്ഷേത്രഗണിതം, ജ്യോതിശ്ശാസ്ത്രം, വാസ്തുശില്പം എന്നിവയിൽ ഗാലെൻെറ പിതാവിന് പാണ്ഡിത്യമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ നിർണ്ണായകസ്വാധീനത്തിലാണു ഗാലെൻ വളർന്നത്.

14 വയസ്സുവരെ വീട്ടിൽവച്ചായിരുന്നു വിദ്യാഭ്യാസം. പിന്നീടു ഗ്രീക്കുതത്വജ്ഞാനികളുടെ ഉപദേശങ്ങൾ പഠിച്ചു. 17-ാം വയസ്സുമുതൽ 29-ാം വയസ്സുവരെ അന്നത്തെ പ്രശസ്ത ഭിഷഗ്വരന്മാരോടു വൈദ്യശാസ്ത്രം പഠിച്ചു. പിന്നീടു വൈദ്യനായി പ്രവർത്തിക്കാൻ പെർഗാമിലേക്കു മടങ്ങി. വൈദ്യവൃത്തിയിൽ വിജയിച്ചു.

അനാട്ടമി, ഫിസിയോളജി എന്നിവ ഗാലെൻ വിപുലമായി പഠിച്ചു. ഓരോന്നിനെപ്പറ്റിയും 1000 പേജുള്ള കൃതികൾ രചിച്ചു. അന്നത്തെ നിയമപ്രകാരം മനുഷ്യശരീരം കീറിമുറിച്ചു പഠിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് കുരങ്ങിൻെറ ശരീരമാണു പകരം ഉപയോഗിച്ചത്. ഹൃദയത്തെയും മാംസപേശികളെയും ഇദ്ദേഹം വിവരിക്കുന്നു. എന്നാൽ സിരകളെയും ധമനികളെയും വേർതിരിച്ചറിയാനും ഹൃദയത്തിൻെറ പ്രവർത്തനം വ്യക്തമാക്കാനും കഴിഞ്ഞില്ല.

നാഡീമണ്ഡലത്തെ സംബന്ധിച്ച് ആധുനികവിജ്ഞാനത്തിന്റെ വക്കുവരെ ഗാലെൻ എത്തിച്ചേർന്നു. എല്ലാ നാഡികളും മസ്തിഷ്കത്തിന്നു റിപ്പോർട്ടുചെയ്യുന്നുണ്ടെന്നിദ്ദേഹം മനസ്സിലാക്കി- ഒന്നുകിൽ നേരിട്ട്, അല്ലെങ്കിൽ സ്പൈനൽകോഡുവഴി. പല ജീവികളുടെയും സ്പൈനൽ കോഡ് ഇദ്ദേഹം മുറിച്ചു. അതിന്റെ ഫലമായി ചില അവയവങ്ങൾക്കു പ്രവർത്തിക്കാനാവുന്നില്ലെന്നും ഇദ്ദേഹം കണ്ടു. ഫ്രെനിക്ക് നാഡി മുറിച്ചാലുള്ള ഫലം ഇദ്ദേഹം ശരിക്കും പ്രവചിച്ചു. ശ്വാസോച്ഛ്വാസത്തിൽ ഡയഫ്രത്തിന്റെ ചലനം നിയന്ത്രിക്കുകയാണ് ഫ്രെനിക്നാഡി ചെയ്യുന്നത്.

രോഗിയുടെ നില അറിയാൻ നാഡിമിടിപ്പ് പരിശോധിക്കുന്നത് എത്രമാത്രം വിലപിടിച്ചതാണെന്നു ഗാലെൻ നിരീക്ഷിച്ചറിഞ്ഞു. വികാരസമ്മർദത്തിനനുസരിച്ചും നാഡീസ്പന്ദനത്തിൽ വ്യത്യാസമുണ്ടാവുമെന്ന് അദ്ദേഹം കണ്ടു.

ഗാലെന്റെ തത്വങ്ങൾ 1500 കൊല്ലം നിലനിന്നുവെന്നു പറയാം. വില്യം ഹാർവി രക്തപരിവാഹത്തെപ്പറ്റിയുള്ള പരീക്ഷണങ്ങൾ പ്രസിദ്ധീകരിച്ചപ്പോൾ ഗാലെന്റെ സ്വാധീനം കുറഞ്ഞു.

ഗാലോയ്, എവറസ്റ്റ് (1811—1832)

ഗ്രൂപ്പ് സിദ്ധാന്തം ആവിഷ്കരിച്ച ഫ്രെഞ്ച് ഗണിതജ്ഞൻ. ഉപരിബീജഗണിതത്തിലും (higher algebra) ജ്യാമിതിയിലും അന്നുവരെ നിർധാരണം ചെയ്യാൻ കഴിയാതെ കിടന്ന പല പ്രശ്നങ്ങളും ഗാലോയ് നിർധാരണം ചെയ്തു.

1811 ഒക്റ്റോബർ 25-നു പാരീസിനടുത്ത് ഉള്ള ബർഗ്-ലാ-റെയിനിൽ ജനിച്ചു. ഗണിതം ഒഴികെ ഉള്ള വിഷയങ്ങളിൽ ഗാലോയ് താത്പര്യം കാണിച്ചില്ല. പക്ഷേ, ഗണിതത്തിലുള്ള ഇദ്ദേഹത്തിന്റെ പ്രതിഭ മനസ്സിലാക്കിയ അധ്യാപകർ പ്രോത്സാഹനം നല്കുകയും ഫ്രെഞ്ച് സയൻസ് അക്കാദമിയിൽ പ്രബന്ധം അവതരിപ്പിക്കാൻ നിർബന്ധിക്കുകയും ചെയ്തു. ഗാലോയ് സമർപ്പിച്ച ആദ്യപ്രബന്ധം (1927) ഒഗിസ്റ്റാൻ ലൂയി കോഷിയും (1789—1857), രണ്ടാം പ്രബന്ധം (1930) ഴാങ് ബാപ്റ്റിസ്റ്റേർഡ് യോസഫ് ഫോറയറും (1789—1857) നഷ്ടപ്പെടുത്തി. മൂന്നാമത്തെ പ്രബന്ധം (1831) 'നിലവാരമില്ല' എന്ന കാരണം പറഞ്ഞു മടക്കിയതോടെ ഗാലോയ്ക്ക് അക്കാദമിയിൽ ഉള്ള വിശ്വാസവും നഷ്ടപ്പെട്ടു. ഇതിനെത്തുടർന്ന് ഇദ്ദേഹം ഇത്തരം വ്യവസ്ഥിതിക്ക് എതിരെ പ്രവർത്തനം തുടങ്ങി. ഇതിന്റെ ഫലമായി രണ്ടുതവണ ജയിൽശിക്ഷ അനുഭവിക്കേണ്ടിവന്നു. 1832 മെയ് 31-ന് അന്തരിച്ചു.

ജീവിതകാലത്തു ഗാലോയിന്റെ സംഭാവനകൾ ഒന്നുംതന്നെ ശ്രദ്ധിക്കപ്പെട്ടില്ല. 1846-ൽ ല്യോ വിൽ (Liou Ville) ഇദ്ദേഹത്തിന്റെ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു. അതോടെയാണ് ഇദ്ദേഹത്തിന്റെ പ്രാധാന്യം ലോകം അറിഞ്ഞത്. ഗാലോയിന്റെ നിഗമനങ്ങളെ ആധാരമാക്കിയാണു ജെർമൻ ശാസ്ത്രജ്ഞരായ ലിയോപോഡ് ക്രോനിക്കർ, ജൂലിയസ് ദാദ്കിന്റ് (Dedekind) എന്നിവർ തങ്ങളുടെ സിദ്ധാന്തങ്ങൾ രൂപവത്കരിച്ചത്.

ഗാല്ലക്കർ, വില്യം (1881-1965)

ബ്രിട്ടനിലെ കമ്യൂണിസ്റ്റ് നേതാവ്. പാർലമെന്റിലെ മെമ്പറും രണ്ടു ദശാബ്ദത്തോളം ബ്രിട്ടീഷ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ചെയർമാനുമായിരുന്നു. 1881 ഡിസംബർ 25-ാം തീയതി സ്കോട്ട്ലൻഡിൽ ഒരു തൊഴിലാളി കുടുംബത്തിൽ ജനിച്ചു. പത്താമത്തെ വയസ്സിൽ, പഠിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ വില്യം ഒഴിവുസമയത്തു പണിക്കുപോകാൻ നിർബന്ധിതനായി. പതിന്നാലാം വയസ്സിൽ ഒരു സാനിറ്ററി എൻജിനീയറിങ് ഫാക്ടറിയിൽ അപ്രൻറീസ് ആയി ചേർന്നു. അക്കാലത്തുതന്നെ മദ്യവർജനപ്രസ്ഥാനത്തിലും പങ്കെടുത്തു. പിതാവിന്റെയും ജ്യേഷ്ഠന്റെയും മദ്യപാനം അവർക്കും കുടുംബത്തിനും വരുത്തിത്തീർത്ത ദ്രോഹങ്ങളാണ് ആ ചെറുപ്പക്കാരനെ ഒരു ആജീവാനന്ത മദ്യവിരോധിയാക്കിയത്. മദ്യവർജനപ്രസ്ഥാനത്തിൽക്കൂടി വില്യം പ്രസംഗിക്കാൻ പഠിച്ചു. അങ്ങനെ ഗാല്ലക്കർ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലേക്കും ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിലേക്കും പ്രവേശിച്ചു.

ഒന്നാംലോകയുദ്ധാരംഭത്തിൽ ഗാല്ലക്കർ ബ്രിട്ടനിലെ അടിയുറച്ച മാർക്സിസ്റ്റും സ്കോട്ട്ലൻഡിലെ ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിന്റെ നേതാവുമായി. ഔദ്യോഗിക ട്രേഡ്യൂണിയൻ നേതൃത്വത്തിന്നെതിരായി ഓരോ ഫാക്ടറിയിലും തൊഴിലാളികൾ തിരഞ്ഞെടുത്ത 'ഷോപ്പ്സ്റ്റ്യുവാർഡു'കളുടെ കമ്മിറ്റികൾ ആ കാലത്ത് ഉയർന്നുവന്നു. ക്ലൈഡ് തുറമുഖത്തിലെ ഷോപ്പ്സ്റ്റ്യുവാർഡ് പ്രസ്ഥാനത്തിന്റെ സ്ഥാപകരിലൊരാളയിരുന്നു ഗാല്ലക്കർ. റഷ്യൻ വിപ്ലവത്തെ അദ്ദേഹം സ്വാഗതംചെയ്തു. യുദ്ധകാലത്തു രണ്ടുതവണ അദ്ദേഹത്തെ അറസ്റ്റുചെയ്തു.

ഒന്നാംലോകയുദ്ധകാലത്തെ സ്കോട്ട്ലൻഡിലെ വമ്പിച്ച പണിമുടക്കുസമരങ്ങളുടെ ഉജ്ജ്വലവും വിശദവുമായ വിവരണം ഗാല്ലക്കരുടെ പ്രസിദ്ധമായ *ക്ലൈഡിലെ കലാപം* എന്ന പുസ്തകത്തിലുണ്ട്.

1920-ൽ ബ്രിട്ടനിലെ ഷോപ്പസ്റ്റ്യുവാർഡ് പ്രസ്ഥാനത്തിന്റെ പ്രതിനിധിയായി കമ്യൂണിസ്റ്റ് ഇൻറർനാഷനലിന്റെ രണ്ടാംകോൺഗ്രസ്സിൽ പങ്കെടുക്കാൻ വില്യം ഗാല്ലക്കർ മോസ്കോവിലേക്കു പോയി. ഗാല്ലക്കരുടെ ചില ഇടതുപക്ഷവിഭാഗീയാശയങ്ങളെ പേരെടുത്തു വിമർശിച്ചിട്ടുള്ള ലെനിന്റെ 'ഇടതുപക്ഷകമ്യൂണിസം-ഒരു ബാലാരിഷ്ടത' എന്ന ഗ്രന്ഥമാണ് അദ്ദേഹത്തെ അവിടെ സ്വാഗതംചെയ്തത്. ലെനിനുമായി അദ്ദേഹം ദീർഘമായ സംഭാഷണം നടത്തി. ബ്രിട്ടനിലേക്കു തിരിച്ചുവന്നശേഷം, 1920 ഓഗസ്റ്റിൽ ബ്രിട്ടീഷ് കമ്യൂണിസ്റ്റ് പാർട്ടി സ്ഥാപിക്കുന്നതിൽ പങ്കെടുത്തു. 1921-ൽ അദ്ദേഹത്തെ പാർട്ടിയുടെ കേന്ദ്രക്കമ്മിറ്റിയിലേക്കു തിരഞ്ഞെടുത്തു.

രണ്ടു ലോകയുദ്ധങ്ങൾക്കിടയ്ക്കു ബ്രിട്ടനിൽ നടന്ന എല്ലാ വലിയ ബഹുജനസമരങ്ങളിലും ഗാല്ലക്കർ സജീവമായ നേതൃത്വം വഹിച്ചു: റഷ്യൻ വിപ്ലവത്തെ അനുകൂലിച്ചുകൊണ്ടും സോവിയറ്റ് ഗവൺമെന്റിനെതിരായി ബ്രിട്ടീഷ് ഭരണാധികാരികളാരംഭിച്ച ഇടംകോലടൽ യുദ്ധത്തെ എതിർത്തുകൊണ്ടുമുള്ള പ്രക്ഷോഭം, തൊഴിലാളികളുടെ പണിമുടക്കുസമരങ്ങൾ (1926-ലെ പ്രസിദ്ധമായ പൊതുപണിമുടക്കത്തിനു തൊട്ടുമുമ്പ്, മറ്റു കമ്മ്യൂണിസ്റ്റ് നേതാക്കളോടൊപ്പം ഗാല്ലക്കരെയും അറസ്റ്റുചെയ്തു ശിക്ഷിച്ചു.), തൊഴിലില്ലാത്തവരുടെ പ്രസ്ഥാനം, ഇന്ത്യയിലെയും ചൈനയിലെയും മറ്റും സാമ്രാജ്യവിരുദ്ധസമരങ്ങൾക്കു പിന്തുണ നല്കിക്കൊണ്ടുള്ള പ്രസ്ഥാനങ്ങൾ, ഫാസിസത്തിനും യുദ്ധത്തിനും എതിരായ പ്രക്ഷോഭം.

രണ്ടുതവണ മത്സരിച്ചു പരാജയപ്പെട്ടെങ്കിലും പിന്നീട് ഗാല്ലക്കറെ സ്കോട്ട്ലൻഡിലെ 'വെസ്റ്റ്ഫൈഫ്' നിയോജകമണ്ഡലത്തിൽനിന്നു ബ്രിട്ടീഷ് പാർലമെന്റിലേക്ക് ആദ്യത്തെ കമ്യൂണിസ്റ്റ് സ്ഥാനാർത്ഥിയായി തിരഞ്ഞെടുത്തു. പാർലമെൻററി വ്യവസ്ഥകൊണ്ടു ദുഷിപ്പിക്കപ്പെടാതെ, അതു നല്കുന്ന പ്രലോഭനങ്ങൾക്കും അഴിമതികൾക്കും വഴിപ്പെടാതെ, പാർലമെന്റിനു പുറത്ത് തൊഴിലാളികളുമായി നിരന്തരബന്ധം പുലർത്തിക്കൊണ്ട് രാഷ്ട്രീയപ്രതിയോഗികളുടെ പോലും സ്നേഹാദരങ്ങൾക്കു പാത്രമായി, പാർലമെൻററി പ്രവർത്തനത്തിന്റെ ഒരു പുതിയ മാതൃക അദ്ദേഹം സൃഷ്ടിച്ചു. പാർലമെന്റിലെ പ്രസംഗങ്ങളും ചോദ്യങ്ങളും ഇടപെടലുകളുംവഴി ജനങ്ങളുടെ താല്പര്യങ്ങൾക്കുവേണ്ടി നിർഭയം പോരാടേണ്ടതെങ്ങനെയെന്ന് അദ്ദേഹം തെളിയിച്ചു.

1950 വരെ അദ്ദേഹം ബ്രിട്ടീഷ് പാർലമെന്റ് മെമ്പറായിരുന്നു. 1943-ൽ അദ്ദേഹം ബ്രിട്ടീഷ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ചെയർമാനായി. 1963-ൽ അനാരോഗ്യംകാരണം പൊതുപ്രവർത്തനത്തിൽനിന്നു വിരമിക്കുന്നതുവരെ ആ സ്ഥാനത്തു തുടർന്നു. അനേകവർഷങ്ങൾ കമ്യൂണിസ്റ്റ് ഇൻറർനാഷനലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പരായിരുന്നു.

പാർലമെന്റ് മെമ്പർസ്ഥാനം നഷ്ടപ്പെട്ടശേഷവും വില്യം ഗാല്ലക്കർ അവിശ്രമമായ രാഷ്ട്രീയപ്രവർത്തനം തുടർന്നു. 'ക്ലൈഡിലെ കലാപ'ത്തിനു പുറമെ *ഇടിമുഴക്കം*, *ഒടുക്കത്തെ ഓർമക്കുറിപ്പുകൾ* തുടങ്ങിയ മറ്റു ഗ്രന്ഥങ്ങളും അദ്ദേഹം എഴുതീട്ടുണ്ട്. ആത്മകഥാപരമായ ആ കൃതികൾ ബ്രിട്ടീഷ് തൊഴിലാളിപ്രസ്ഥാനത്തിന്റെ ചരിത്രം കൂടിയാണ്. അദ്ദേഹത്തിന്റെ അദമ്യമായ സമരവീര്യവും ഹൃദയഹാരിയായ നർമ്മബോധവും ഈ കൃതികളിൽ ഉടനീളം പ്രതിഫലിച്ചുകാണാം. 1965 ഓഗസ്റ്റ് 12-ാം തീയതി നിര്യാതനായി.

സി. ഉണ്ണിരാജ

ഗാല്ലേ, എമിൽ (1846-1904)

പ്രശസ്തനായ ഫ്രെഞ്ചു രൂപകല്പനാകാരനും സ്ഫടികശില്പവിദഗ്ധനും. ഫ്രാൻസിലെ ആധുനിക സ്ഫടികകലാ നവോത്ഥാനത്തിൽ പുതിയ ശൈലി ആവിഷ്കരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. 1846 മേയ് 8-ാം തീയതി നാൻസിയിൽ (Nancy) ജനിച്ചു. ഗൃഹോപകരണനിർമാതാവായിരുന്നു പിതാവ്.

തത്വചിന്ത, സസ്യശാസ്ത്രം, ചിത്രരചന തുടങ്ങിയവ പഠിച്ചു. പിന്നീട് സ്ഫടികനിർമാണത്തിൽ പരിശീലനം നേടി. സ്ഫടികത്തിൽ നേർത്ത നിറം കൊടുത്ത്, അതിൽ ഇനാമൽ ചിത്രപ്പണികൾ ചെയ്യുകയായിരുന്നു ആദ്യത്തെ രീതി. പിന്നീട് കടുത്ത നിറം കലർത്തിയും

കട്ടികൂട്ടാൻ സ്ഫടികം കൂടുതൽ ചേർത്തും കലാരൂപങ്ങൾ നിർമിക്കുവാനുള്ള വിദ്യയിൽ സാമർഥ്യംനേടി. 1878-ൽ പാരീസിൽ നടന്ന പ്രദർശനത്തിൽ ഇത്തരം കലാസൃഷ്ടികൾ അവതരിപ്പിച്ചു. ഗാല്ലേയുടെ അപൂർവകല്പനാശക്തിക്ക് വിപുലമായ അംഗീകാരം കൈവന്നത് 1889-ൽ നടന്ന പാരീസ് പ്രദർശനത്തിലാണ്. തനതുശൈലിയും നിർമാണരീതിയും നവീനത്വവും ആവിഷ്കരിക്കുവാൻ സാധിച്ചതാണ് വിജയത്തിന്റെ അടിസ്ഥാനം. ഗാല്ലേയുടെ ശില്പശാല നിരവധിപേരെ ആകർഷിച്ചിരുന്നു. 1904 സെപ്റ്റംബർ 23-നു നാൻസിയിൽ അന്തരിച്ചു.

ഗാൽട്ടൺ, സർ ഫ്രാൻസീസ് (1822–1911)

ഇംഗ്ലീഷുകാരനായ സഞ്ചാരിയും മാനവശാസ്ത്രജ്ഞനും. 1822 ഫെബ്രുവരി 16-ാം തീയതി ബർമിങ്ഹാമിൽ ജനിച്ചു. ഇദ്ദേഹം ചാൾസ് ഡാർവിന്റെ ബന്ധുവായിരുന്നു. **യൂറോപ്പ്** , ഈജിപ്റ്റ്, സുഡാൻ, ലെവൻറ്, തെക്കുപടിഞ്ഞാറെ ആഫ്രിക്ക എന്നിവിടങ്ങളിൽ ദീർഘമായ പര്യടനം നടത്തി. സുജനന വിജ്ഞാനം (Eugenics) ആയിരുന്നു ഇദ്ദേഹം പഠനം നടത്തിയ പ്രധാന ശാഖ. സാമൂഹികപരിതഃസ്ഥിതികൾക്ക് വ്യക്തിയുടെ വികാസത്തിലുള്ള പ്രാധാന്യത്തെക്കുറിച്ച് ഇദ്ദേഹം പഠനം നടത്തി. അന്തരീക്ഷശാസ്ത്രത്തിൽ ആൻറിസൈക്ലോണുകൾക്കുള്ള പ്രാധാന്യത്തെപ്പറ്റി ഇദ്ദേഹം 1863-ൽ സൂചിപ്പിച്ചു. മിശ്രഫോട്ടോഗ്രഫിയുടെ വികസനത്തിലും വിരലടയാളമുപയോഗിച്ച് ആളുകളെ തിരിച്ചറിയുന്നതിനുള്ള പദ്ധതികളിലും മുന്നോടിയായിരുന്നത് ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങളായിരുന്നു. ആന്ത്രപ്പൊമെട്രി (മനുഷ്യമാപനം) സംബന്ധിച്ച പഠനങ്ങൾക്കായി ഇദ്ദേഹം 9,000-ത്തോളംപേരെ പരീക്ഷണത്തിനു വിധേയരാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച വസ്തുതകൾ വിശദീകരിക്കുന്നതിലേക്ക് സാംഖ്യികപരമായി പദ്ധതികളും ഇദ്ദേഹമാവിഷ്കരിച്ചു. ഇതുമൂലം പാരമ്പര്യത്തെക്കുറിച്ചുള്ള പരിമാണാത്മകമായ പല നിഗമനങ്ങളിലും എത്തുന്നതിനു സാധിച്ചു. 1853-ൽ ഇദ്ദേഹം ആഫ്രിക്കയിൽ പര്യടനം നടത്തി. റോയൽ **ജ്യോഗ്രാഫിക്കൽ** സൊസൈറ്റിയുടെ വാർഷിക സ്വർണമെഡൽ നല്കപ്പെട്ടു. റോയൽ സൊസൈറ്റിയിലേക്ക് ഇദ്ദേഹത്തെ തിരഞ്ഞെടുക്കുകയും ചെയ്തു. 1909-ൽ പ്രഭുപദവി ലഭിച്ചു.

ഇദ്ദേഹം രചിച്ച *ഹെറിഡിറ്ററി ജീനിയസ്സ്* (1869) എന്ന ഗ്രന്ഥം ഒരു ക്ലാസ്സിക് ആയി കണക്കാക്കപ്പെടുന്നു. ഇദ്ദേഹത്തിന്റെ മറ്റു മുഖ്യകൃതികൾ *ഇംഗ്ലീഷ് ശാസ്ത്രജ്ഞന്മാർ*, *എസ്സേയ്സ് ഇൻ യൂജെനിക്സ്* തുടങ്ങിയവയാണ്.

ഗാൽബാനം

കടുത്ത ഗന്ധമുള്ള ഒരിനം മരക്കറ. ഇറാനിലെ ഒരു സസ്യത്തിന്റെ കാണ്ഡത്തിൽനിന്നു ലഭിക്കുന്നു. ചെടിയുടെ ശാസ്ത്രനാമം: *ഫെറുലാ ഗാൽബാനി ഫ്ളുവാ*. ഗാൽബാനം ഏറെക്കുറെ അതാര്യമാണ്. ഇളംതവിട്ട്, മഞ്ഞ, മഞ്ഞയും പച്ചയും കലർന്നത് എന്നീ നിറങ്ങളിൽ കണ്ടുവരുന്നു. കസ്തൂരിഗന്ധവും കയ്പുചുവയുമാണ് ഇതിന്. ഹിപ്പോക്രാറ്റസും പ്ലിനിയും ഇതിന്റെ ഔഷധമൂല്യത്തെ പ്രകീർത്തിച്ചിട്ടുണ്ട്.

ഗാൽബ്രേത്, ജോൺ കെന്നത് (1908—)

യു.എസ്സിലെ ധനശാസ്ത്രജ്ഞനും, നയതന്ത്രജ്ഞനും, സ്വതന്ത്രചിന്തകനും.

1908 ഒക്റ്റോബർ 15-നു കാനഡയിലെ ഒൺടേറിയോയിൽ ജനിച്ചു. ടോറന്റോ യൂണിവേഴ്സിറ്റിയിൽനിന്നു ബിരുദവും ബെർക്ക്ലിയിലെ കാലിഫോർണിയ യൂണിവേഴ്സിറ്റിയിൽനിന്നു ഡോക്റ്ററേറ്റും നേടി. ഹാർവെഡ്, പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റികളിൽ അധ്യാപകനായിരുന്നു. രണ്ടാം ലോകയുദ്ധത്തെത്തുടർന്നു യു.എസ്. ഗവൺമെൻറിൽ ഉദ്യോഗം സ്വീകരിച്ചു. 1949-ൽ വീണ്ടും ഹാർവെഡ് പ്രൊഫസർ ആയി. മൗലികചിന്തയും, സാഹിത്യഭംഗിയും, പുരോഗമനവീക്ഷണവുമുള്ള പ്രബന്ധങ്ങളുടെ കർത്താവ് എന്ന നിലയ്ക്കു പ്രസിദ്ധി നേടി. പ്രസിഡൻറ് കെന്നഡിയുടെ അടുത്ത സുഹൃത്തും ഉപദേഷ്ടാവുമായിരുന്നു. 1961-63 കാലത്ത് ഇന്ത്യയിലെ യു.എസ്. സ്ഥാനപതി ആയി സേവനം അനുഷ്ഠിച്ചു. അമേരിക്കൻസ് ഫോർ ഡെമോക്രാറ്റിക് ആക്ഷന്റെ നാഷനൽ ചെയർമാൻ (1967-'68), അമേരിക്കൻ ഇക്കണോമിക് അസോസിയേഷൻ പ്രസിഡൻറ് (1972) തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചു. പൊതുമേഖലയ്ക്കു കൂടുതൽ പ്രാധാന്യം നല്കിയാലേ ഉത്പാദനവർധന നേടാൻ കഴിയൂ എന്നും, നിലവിലുള്ള വിപണി സമ്പ്രദായം അഴിച്ചുപണിയേണ്ടതാണെന്നും ഗാൽബ്രേത്ത് വാദിക്കുന്നു. യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ വിയറ്റ്നാം, കമ്പൂച്ചിയ നയങ്ങളെയും ഇദ്ദേഹം വിമർശിച്ചിട്ടുണ്ട്. ഉത്പാദനവിപണനരംഗങ്ങളിൽ മത്സരം എന്ന ആശയം ഉപേക്ഷിക്കയാണ് അമേരിക്കൻ സമ്പദ്വ്യവസ്ഥയ്ക്കു നല്ലതെന്ന് ഇദ്ദേഹം ചൂണ്ടിക്കാണിച്ചു. സംഘടിത തൊഴിൽരംഗം കോർപ്പറേഷനുകളുടെ ശക്തിക്കു ബദൽ ആകുമെന്ന വസ്തുതയിലേക്കു വിരൽചൂണ്ടി. ഈവക ആശയങ്ങൾ ആവിഷ്കരിക്കുന്നവയാണിദ്ദേഹത്തിന്റെ കൃതികൾ. പ്രധാനപ്പെട്ടവ: *ദ് ഗ്രേറ്റ് ക്രാഷ് 1929* (1955), *അമേരിക്കൻ കാപ്പിറ്റലിസം: ദ് കോൺസെപ്റ്റ് ഒഫ് കൗണ്ടർ വെയ്‌ലിങ് പവർ* (1951), *ദ് അഫ്ളുവൻറ് സൊസൈറ്റി* (1958), *ദ് ന്യൂ ഇൻഡസ്ട്രിയൽ സ്റ്റേറ്റ്* (1967), *ദ് ലിബറൽ അവ്വർ* (1960), *അംബാസിഡേഴ്സ് ജേണൽ* (1969), *എ ലൈഫ് ഇൻ ഔവർ ടൈംസ്* (സ്മരണകൾ (1981).

ഗാൽവ ഇവാറിസ്റ്റെ (Galois Evariste, 1811—1832)

ഫ്രെഞ്ചു ഗണിതശാസ്ത്രജ്ഞൻ. ബീജഗണിതത്തിൽ ഗ്രൂപ്പ്സിദ്ധാന്തത്തിലെ സംഭാവനകൾകൊണ്ട് അദ്ദേഹം പ്രശസ്തനായി. ഫ്രാൻസിലെ ബർഗ്‌ലാ റൈനിൽ 1811 ഒക്റ്റോബർ 25-നു ജനിച്ചു. ബാല്യത്തിൽത്തന്നെ ഗണിതശാസ്ത്രത്തിൽ തത്പരനായി. എക്കോളെ പോളിടെക്നിക്കിലേക്കുള്ള പ്രവേശനപരീക്ഷയിൽ അദ്ദേഹം രണ്ടുതവണ പരാജിതനായി. പോളിടെക്നിക്കിൽ പ്രവേശനം കിട്ടിയെങ്കിലും അതേവർഷംതന്നെ ജൂലായ് വിപ്ലവത്തിൽ ഭാഗഭാക്കായതിനാൽ പുറത്തായി. ലൂയി ഫിലിപ്പിരാജാവിനെതിരായി പ്രസംഗിച്ചതിനാൽ 1831-ൽ ഗാൽവായെ അറസ്റ്റ്ചെയ്തു. ഇതിൽനിന്നു മോചിപ്പിക്കപ്പെട്ടെങ്കിലും അധികം താമസിയാതെ ആയുധം കൈവശം വെച്ചതിന് ആറുമാസം തടവിലായി. 1832 മെയ് 31-ാം തീയതി തർക്കം തീർക്കുന്നതിനുള്ള ഒരു ദ്വന്ദ്വയുദ്ധത്തിൽ മരിച്ചു.

വളരെക്കുറച്ചു പ്രബന്ധങ്ങളേ അദ്ദേഹം പ്രസിദ്ധീകരിച്ചുള്ളു. സമവാക്യസിദ്ധാന്തങ്ങളെക്കുറിച്ചു രചിച്ച മൂന്നു വലിയ കൃതികൾ ഫ്രെഞ്ച് അക്കാദമി അംഗീകരിച്ചില്ല. ഗ്രൂപ്പ്സിദ്ധാന്തത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പഠനങ്ങൾ ആധുനികഗണിതശാസ്ത്രത്തിനു മുതൽക്കൂട്ടാണ്. ബീജഗണിതീയ ഫലനങ്ങളുടെ സമാകലനങ്ങൾ (ഇൻടെഗ്രൽ), എലിപ്ടിക് സമാകലനങ്ങൾ, ഫീൽഡ്സിദ്ധാന്തം എന്നിവയിലും ഗാൽവയുടെ സംഭാവനകൾ ശ്രദ്ധേയമാണ്.

ഗാൽവനി, ലൂയിഗി (അലോയ്സിയോ) (1737—1798)

ഇറ്റലിയിലെ ശരീരശാസ്ത്രജ്ഞൻ. വൈദ്യുതി സംബന്ധിച്ച പല ആദ്യകാല പരീക്ഷണങ്ങളും ഇദ്ദേഹം നടത്തി. 1737 സെപ്റ്റംബർ 9-നു ബൊളോണായിൽ ജനിച്ചു. പിന്നീടു ബൊളോണായിൽ അനാട്ടമിയുടെ അധ്യാപകനായി ജോലിചെയ്തു. തുലനാത്മക ശരീരശാസ്ത്രജ്ഞൻ എന്ന നിലയ്ക്ക് ഇദ്ദേഹത്തിന് അംഗീകാരം ലഭിച്ചിരുന്നു. പക്ഷികളുടെ ശ്രവണേന്ദ്രിയം, ഉത്പാദനേന്ദ്രിയവ്യൂഹം, മൂത്രാശയം എന്നിവയെ സംബന്ധിച്ച പല പഠനങ്ങളും ഇദ്ദേഹം നടത്തി.

ഒരു തവളയുടെ പേശിയും ഒരു നാഡിയും ഇരുമ്പും ചെമ്പുമായി ഒരേസമയത്തു ബന്ധപ്പെടുമ്പോൾ പേശിക്കു സങ്കോചമുണ്ടാകുന്നതായി അദ്ദേഹം കണ്ടു. ഇതിൽനിന്നും 1791-ൽ ജന്തുവൈദ്യുതിയെ



കുറിച്ചുള്ള സിദ്ധാന്തം അവതരിപ്പിച്ചു. ലോഹ ആർക്കുകളുടെ കണ്ടുപിടിത്തത്തിനു വഴിതെളിച്ചതും ഈ പരീക്ഷണമാണ്. പേശികളും നാഡികളും കൂടി വൈദ്യുതി ഉത്പാദിപ്പിക്കുന്നുവെന്നിദ്ദേഹം കരുതി. പില്ക്കാലത്ത് അലക്സാൻഡ്രോ വോൾട്ടാ ഇതു ശരിയല്ലെന്നു തെളിയിച്ചു. എന്നാൽ ഗാൽവനിയുടെ പ്രവർത്തനങ്ങൾ വൈദ്യുതിയുടെ മണ്ഡലത്തിൽ കൂടുതൽ ഗവേഷണത്തിനു പ്രേരണ നല്കി. 1798 ഡിസംബർ 4-നു ബൊളോണായിൽ അന്തരിച്ചു.

ഗാൽവനൈസിങ് (Galvanizing)

ഇരുമ്പ്, ഉരുക്ക് എന്നിവയിൽ സിങ്ക് (Zinc) പൂശുന്ന പ്രക്രിയ. ഗതികവൈദ്യുതി (Dynamical electricity) കണ്ടുപിടിച്ച ഗാൽവനി ലൂയിഗിയുടെ ബഹുമാനാർഥമാണ് ഈ പേരു നല്കിയിരിക്കുന്നത്. സിങ്കുമായുള്ള ചേർച്ചനിമിത്തം ഇരുമ്പിൻെറ സംക്ഷാരണം (Corrosion) തടയപ്പെടുന്നതു വിശദീകരിക്കുന്നതിന് 'ഗാൽവനിക് പ്രവർത്തനം' അഥവാ വിദ്യുദ്രാസപ്രവർത്തനങ്ങളാണ് ആദ്യം മുതൽക്കു തന്നെ ഉപയോഗിച്ചിരുന്നത്. ഈ പ്രക്രിയയ്ക്ക് ഇന്നു നാലു രീതികൾ നിലവിലുണ്ട്: 1. കാച്ചിമുക്കൽ (Hot dip), 2. വിദ്യുദ്ഗാൽവനൈസിങ്, 3. ഷെറാർഡീകരണം, 4. ലോഹംതളിക്കൽ.

ഉരുകിയ സിങ്കിൽ ഇരുമ്പു മുക്കുന്ന രീതിയാണു കാച്ചിമുക്കൽ രീതി. വൈദ്യുതി ഉപയോഗിച്ചു ലോഹങ്ങളിൽ സിങ്കു പൂശുന്ന പ്രക്രിയയാണു വിദ്യുദ്ഗാൽവനൈസിങ്. നട്ടുകൾ, ബോൾട്ടുകൾ, സ്ക്രൂകൾ, ചെറിയതരം വാർപ്പുകൾ തുടങ്ങിയ ചെറിയ വസ്തുക്കളിൽ സിങ്കു പൂശുന്നതിനാണു ഷെറാർഡീകരണം എന്ന മാർഗം ഉപയോഗിക്കുന്നത്. വായുനിബദ്ധമായ ഒരു ലോഹപേടകത്തിൽ വച്ചു സിങ്കു പൊടികൊണ്ടു ലേപനംചെയ്യുന്ന രീതിയാണ് ഇത്. 1900-ാമാണ്ടു ഷെറാർഡ് കൗപർ കോൾഡ് ആണു ഷെറാർഡീകരണം എന്ന രീതി ആവിഷ്കരിച്ചത്. 1910-ൽ സ്കൂപ്പ് (Schoop) എന്ന സ്വിസ് എഞ്ചിനീയറാണു ലോഹംതളിക്കൽ എന്ന പ്രക്രിയ ആവിഷ്കരിച്ചത്. സിങ്കമ്പി ഒരു പിസ്റ്റലിനുള്ളിൽ വച്ചിരിക്കുന്നു. കമ്പിയെ ഒരു നിശ്ചിത നിരക്കിൽ പിസ്റ്റലിൻെറ അഗ്രത്തേക്കു നീക്കി അവിടെവച്ച് ഉന്നത താപമുള്ള വാതകജ്വാല ഉപയോഗിച്ചു സിങ്ക്ലേപനം നിർവഹിക്കുന്നു.



കാച്ചിമുക്ക് സമ്പ്രദായത്തിലുള്ള ഗാൽവനൈസിങ്ങിൻെറ വ്യവസ്ഥാചിത്രം.

ഗാൽവനോ മീറ്റർ (Galvanometer)

ലഘുവായ വൈദ്യുതധാരയുടെ സാന്നിധ്യം മനസ്സിലാക്കാനോ, അളക്കാനോ ഉള്ള ഒരിനം ഉപകരണം. 1882-ൽ ഡി. ആർസനോൾ എന്ന ശാസ്ത്രജ്ഞനാണ് ഇതു നിർമിച്ചത്.



പിവട്ടഡ്-കോയിൽഗാൽവനോമീറ്റർ

വൈദ്യുതധാരയിലും ഒരു കാന്തമണ്ഡലത്തിലും അന്യോന്യക്രിയയാൽ ഉണ്ടാകുന്ന യാന്ത്രികചലനമാണ് ഈ ഉപകരണത്തിൽ അളവിനുള്ള ഉപാധിയായി സ്വീകരിച്ചിരിക്കുന്നത്.

ഒരു സ്ഥിരകാന്തികക്ഷേത്രത്തിൽ സ്വതന്ത്രമായി കറങ്ങാൻ പാകത്തിൽ ഒരു ആധാരത്തിൻമേൽ നിർത്തിയ നേർത്ത കമ്പിച്ചുരുളിലൂടെ വൈദ്യുതധാര കടത്തിവിടുന്നു. ഈ കമ്പിച്ചുരുളിന്മേൽ ഒരു ചെറിയ ദർപ്പണം ഘടിപ്പിച്ചിരിക്കും. ഈ ദർപ്പണത്തിൽനിന്നു പ്രതിഫലിക്കുന്ന പ്രകാശം ഒരു സ്കെയിലിൽ വീഴ്ത്തിയാണു കമ്പിച്ചുരുളിൻെറ ചലനം അളക്കുന്നത്. ഇപ്പോൾ ദർപ്പണത്തിനു പകരം മറ്റു തരത്തിലുള്ള സൂചകങ്ങളും ഈ ആവശ്യത്തിനായി ഉപയോഗിക്കാറുണ്ട്. ഇത്തരം ഗാൽവനോ മീറ്ററിനു 'മൂവിങ് കോയ്ൽ ഗാൽവനോമീറ്റർ' (moving coil galvanometer) എന്നാണു പേര്.

സ്വതന്ത്രമായി കറങ്ങാൻ പാകത്തിൽ ഒരു ആധാരത്തിൻമേൽ നിർത്തിയ വളരെ ഭാരം കുറഞ്ഞ കാന്തസൂചിയെ ചുറ്റിയുള്ള കമ്പിച്ചുരുളിലൂടെ വൈദ്യുതധാര കടത്തിവിട്ടു കാന്തസൂചിയുടെ ചലനം നിരീക്ഷിക്കുന്ന ഇനം ഗാൽവനോമീറ്ററുകളും ഉണ്ട്. ഇവ 'മൂവിങ് മാഗ്നെറ്റ് ഗാൽവനോമീറ്റർ' (moving magnet galvanometer) എന്നറിയപ്പെടുന്നു. ടാൻജെൻറ് ഗാൽവനോ മീറ്ററും ഒരിനം മൂവിങ് മാഗ്നറ്റ് ഗാൽവനോ മീറ്ററാണ്. ഗാൽവനോ മീറ്ററിനെ അമ്മീറ്ററായോ വോൾട്ട് മീറ്ററായോ പരിവർത്തനപ്പെടുത്തി ഉപയോഗിക്കാം.

ഗാൽസ്വർത്തി, ജോൺ (1867—1933)

പ്രസിദ്ധ ഇംഗ്ലീഷ് നോവലിസ്റ്റും നാടകകൃത്തും. 1867 ഓഗസ്റ്റ് 14-നു ലണ്ടൻെറ പരിസരത്തുള്ള സറേയിലെ 'കിങ്സ്റ്റൺഹിൽ' എന്ന സ്ഥലത്തു ജനിച്ചു. പിതാവ് അഭിഭാഷകൻ ആയിരുന്നു. ഹാരോയിലും ഓക്സ്ഫെഡിലും വിദ്യാഭ്യാസം നിർവഹിച്ചു. നിയമപഠനത്തിനു ശേഷം ആ വിഷയത്തിൽ പരിശീലനം നേടുന്നതിനുപകരം യൂറോപ്പിൻെറ വിവിധ ഭാഗങ്ങളിൽ സഞ്ചരിച്ചു. വിവാഹമോചിതയായ ആഡ (Ada) എന്ന സ്ത്രീയെ ഗാൽസ്വർത്തി വിവാഹംകഴിച്ചു. പ്രഭുപദവി അദ്ദേഹം നിരസിച്ചു. 1929-ൽ ഓർഡർ ഒഫ് മെറിറ്റും 1932-ൽ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനവും ഗാൽസ്വർത്തിക്കു ലഭിച്ചു. 1933 ജനുവരി 31-നു ഹാംപ്സ്റ്റെഡിൽ(Hampstead)ലെ ഗ്രോവ് ലോഡ്ജിൽ വച്ചു മരിച്ചു.

കൃതികൾ. ഗാൽസ്‌വർത്തിയുടെ ആദ്യകാല നോവലുകൾ *ദ് ഐലൻഡ് ഫാരിസീസ്* (1904), *ദ് കൺട്രി ഹൗസ്* (1907), *ഫ്രറ്റേണിറ്റി* (1909), *ദ് പട്രിഷ്യൻ* (1911), *ദ് ഡാർക് ഫ്ളൗവർ* (1913), *ദ് ഫ്രീ ലാൻഡ്സ്* (1915), *സെയ്ൻറ്സ് പ്രോഗ്രസ്* (1919) എന്നിവയാണ്. അദ്ദേഹത്തിന്റെ ഏറ്റവും വലിയ നേട്ടം *ദ് ഫോർസൈറ്റ് സാഗ* എന്ന നോവൽ പരമ്പരയാണ്. *ദ് മാൻ ഒഫ് പ്രോപ്പർട്ടി* (1906), *ഇൻ ചാൻസറി* (1920), *റ്റു ലെറ്റ്* (1921) തുടങ്ങിയ ആറു നോവലുകൾ ഈ പരമ്പരയിൽപ്പെടുന്നു. പ്രത്യേക വർഗബോധവും സാമൂഹികാചാരങ്ങളും സ്വാർഥമനോഭാവവുമുള്ള ഫോർസൈറ്റ് കുടുംബത്തിന്റെ തലമുറകളായുള്ള ചരിത്രമാണു പ്രതിപാദ്യം. ഇതേ കുടുംബത്തിലെ പില്ക്കാലതലമുറകളുടെ കഥ *ദ് വൈറ്റ് മങ്കി* (1924), *ദ് സിൽവർ സ്പൂൺ* (1926), *ദ് സ്വാൻസോങ്* (1928) എന്നീ കൃതികളിലൂടെയും ആവിഷ്കരിച്ചിട്ടുണ്ട്. തന്റെ കഥാപാത്രങ്ങളുടെ നന്മതിന്മകൾ അദ്ദേഹം മറകൂടാതെ ആവിഷ്കരിച്ചു. ഇംഗ്ലീഷ് സമ്പന്നവർഗത്തിന്റെ പ്രതിനിധികളായി അവർ അംഗീകരിക്കപ്പെടുകയും ചെയ്തു. *മെയ്ഡ് ഇൻ വെയ്റ്റിങ്* (1931), *ഫ്ളവറിങ് വിൽഡർനെസ്* (1932), *ഓവർ ദ് റിവർ* (1933) എന്നിവയും മേല്പറഞ്ഞ പരമ്പരയുടെ അവശിഷ്ടമായി കരുതപ്പെടുന്നു.

സാമൂഹികഘടനയിൽ കാണപ്പെട്ടിരുന്ന പൊരുത്തക്കേടുകളെ വെളിച്ചത്തുകൊണ്ടുവരിക എന്ന ഉദ്ദേശ്യമാണു ഗാൽസ്‌വർത്തിയുടെ നാടകങ്ങളിൽ നിഴലിച്ചുകാണുന്നത്. *ദ് സിൽവർ ബോക്സ്* (1906), *സ്ട്രൈഫ്* (1909), *ജസ്റ്റിസ്* (1910), *ദ് സ്കിൻ ഗെയിം* (1920), *ലോയൽറ്റീസ്* (1922), *വിൻഡോസ്* (1922), *ഓൾഡ് ഇങ്ഗ്ലീഷ്* (1924), *എസ്കേപ്പ്* (1926) തുടങ്ങിയവയാണു പ്രമുഖ നാടകങ്ങൾ.

പുതിയ സാഹിത്യ പ്രവണതകളെ ഗാൽസ്‌വർത്തി ശ്രദ്ധിച്ചതായി കാണുന്നില്ല. വെർജീനിയ വുൾഫ് ഉൾപ്പെടെയുള്ള ആധുനിക വിമർശകർ ഗാൽസ്‌വർത്തിയെ തരംതാഴ്ത്തിക്കാണിക്കുന്നു. പക്ഷേ, ജോൺ ബനിയന്റെ മതവിശ്വാസവും ഫീൽഡിങ്ങിന്റെ നീതിബോധവും ഡിക്കൻസിന്റെ സാമൂഹികബോധവും കലാമർമജ്ഞനായ ഗാൽസ്‌വർത്തിയിൽ ഒത്തിണങ്ങുന്നു.

ഗാസ്ലൈറ്റ്

വാതകങ്ങളുപയോഗിച്ചു കത്തിക്കുന്ന വിളക്ക്. ഭൂമിക്കടിയിലുള്ള ചില വാതകങ്ങൾ കത്തുന്നതിനെപ്പറ്റി പുരാണങ്ങളിലെല്ലാം പ്രസ്താവമുണ്ട്. ചൈനയിൽ രണ്ടായിരംകൊല്ലംമുമ്പുതന്നെ പ്രകൃതിവാതകം കത്തിക്കാനുപയോഗിച്ചിരുന്നു. 457 മീറ്ററിലേറെ താഴ്ചയുള്ള ഉപ്പുഖനികളിൽനിന്നു മുളങ്കുഴലുകളിൽക്കൂടി കൊണ്ടുവന്നു വാതകം കത്തിച്ചിരുന്നതിനും തെളിവുകളുണ്ട്.

1664-ൽ ലാങ്കഷയറിൽ, കൽക്കരിഖനിക്കടുത്തു പ്രകൃതിവാതകം കണ്ടുപിടിച്ചു. പിന്നീട് അതു പ്രയോജനപ്പെടുത്തി. 158 ഗ്രാം കൽക്കരിയിൽനിന്ന് 295 ഘന സെ.മീ. കത്തുന്ന വായു ഉണ്ടാക്കാമെന്ന് 1726-ൽ സ്റ്റീഫൻ ഹെയിൽസ് കണക്കാക്കി. 1733-ൽ സർ ജെയിംസ് ലൗതർ, സ്വേദനം ചെയ്തുണ്ടാക്കിയ കൽക്കരിവാതകത്തെ, റോയൽ സൊസൈറ്റിയുടെ പരീക്ഷണങ്ങൾക്കായി എത്തിച്ചുകൊടുത്തു. ഫ്രാൻസിലും ജെർമനിയിലുമെല്ലാം കത്തുന്ന വാതകങ്ങൾ ഉപയോഗിക്കാൻ തുടങ്ങി.

1792-ലാണു വില്യം മർഡോക്ക്, തന്റെ വീട്ടിൽ വാതകംകത്തുന്ന വിളക്കുകൾ സ്ഥാപിച്ചത്. വലിയ ഇരുമ്പുപാത്രങ്ങളിലാണിതുണ്ടാക്കിയത്. 21 മീറ്റർ നീളമുള്ള ലോഹക്കുഴലിൽക്കൂടി ഇത് അയച്ചു. 1798-ൽ ബർമിട്ടോമിനടുത്തു ഗാസ്ലൈറ്റുകൾ ഒരു ഫാക്ടറിയിൽ സ്ഥാപിച്ചു.

1807-ലാണു ജെർമനിയിലെ എഫ്.എ.വിൻസറുടെ ശ്രമത്തിൽ ലണ്ടൻനഗരത്തിൽ ഗാസ്ലൈറ്റുകൾ സ്ഥാപിച്ചത്. ഗാസ്‌വിളക്കുകളെ ജനങ്ങൾക്കു ഭയമായിരുന്നു. അതിലെ വിഷവാതകം ജീവിതം ദുസ്സഹമാക്കിത്തീർക്കുമെന്നവർ കരുതി. വിൻസെറാണ്, ഗാസ്‌വിളക്കുകളുടെ ആദ്യത്തെ സ്ഥാപകനെന്ന പേരിനർഹനായത്. കാലക്രമേണ ലണ്ടനിൽ മറ്റു ഭാഗങ്ങളിലേക്കും യൂറോപ്പിലേക്കും അമേരിക്കയിലേക്കും ഗാസ്ലൈറ്റുകൾ എത്തി. ഇതിൽ പല പരിഷ്കാരങ്ങളും വരുത്തി. 1855-ൽ ബുൺസൻബർണർ ഉണ്ടായി. 1887-ലാണ്, വെൽബാഷ്, മാൻറിലുകൾ (Mantel) ഗാസ്ലൈറ്റിലുപയോഗിച്ചു ലണ്ടനിൽ പ്രദർശനം നടത്തിയത്. 1900-ത്തോടുകൂടി താപദീപ്ത (incandescent) ഗാസ്ലൈറ്റുകൾ എല്ലാ സ്ഥലത്തും പ്രചാരത്തിലായി.



ഗാസ്ലൈറ്റ്

വെൽബാഷിന്റെ മാൻറിൽ, പരുത്തിനൂലുകൊണ്ടുള്ള ഒരു കുഴൽ 99% തോറിയം, 1% സിരിയം എന്നിവ ചേർത്ത ലായനിയിൽ മുക്കിയാണുണ്ടാക്കിയത്. പിന്നീടു മാൻറിലിനു പല മാറ്റങ്ങളും വരുത്തി. മാൻറിലിന് ഒരു ലോഹ-ഓക്സൈഡ് ചട്ടക്കൂടുണ്ടാക്കി. ഇതിനെ ഒരു ബുൺസൻബർണറിന്റെ ജ്വാലയ്ക്കുചുറ്റും വച്ചാലുണ്ടാവുന്ന ചൂടിൽ മാൻറിൽ തിളങ്ങുന്നു —ഇളം പച്ചനിറത്തിൽ. മാൻറിലിന് അപൂർവഭൗമികലോഹങ്ങൾ (rare earth) ഉപയോഗിച്ചാണിങ്ങനെ തിളങ്ങാനുള്ള കഴിവുണ്ടാക്കിയത്.

ഇന്നും ഗാസ്ലൈറ്റുകളിൽ ഇത്തരം മാൻറിലുകളാണുപയോഗിക്കുന്നത്. മണ്ണെണ്ണയിൽനിന്നുള്ള വാതകം കത്തിച്ച് അതിന്റെ ചുറ്റുമുള്ള മാൻറിൽ ചൂടാകുമ്പോൾ, ഉജ്ജ്വലമായ പ്രകാശത്തോടെ ഗാസ്ലൈറ്റ് കത്തുന്നു. പലതരം ഗാസ്ലൈറ്റുകളും ഇന്നു നിലവിലുണ്ട്. ഇവിടെ ആദ്യം പ്രചരിച്ചതു പെട്രോമാക്സ് കമ്പനിയുടെ ഗാസ്ലൈറ്റുകളാണ്.

വൈദ്യുതി വന്നതോടെ ഗാസ് കൊണ്ടുള്ള തെരുവുവിളക്കുകൾ ഇല്ലാതായി.

ഗാസർ, ഹെർബർട്ട് സ്പെൻസർ (1888—1963)

നൊബേൽ സമ്മാനം നേടിയ യു.എസ്. ശാസ്ത്രജ്ഞൻ. വിവിധതരം നാഡീതന്തുക്കളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചു നടത്തിയ മൗലികമായ കണ്ടുപിടിത്തങ്ങളുടെ പേരിൽ ഇദ്ദേഹത്തിന് 1944-ൽ ഫിസിയോളജിക്കുള്ള നൊബേൽസമ്മാനം (ജോസഫ് എർലാങ്ഗർക്കൊപ്പം) ലഭിച്ചു.

1888 ജൂലായ് 5-നു വിസ്കോൻഡിനിലെ പ്ലാറ്റ്‌വില്ലയിൽ ജനിച്ചു. സെൻറ്ലൂയിസിലെ വാഷിങ്ടൺ യൂണിവേഴ്സിറ്റിയിൽ പ്രൊഫസർ ആയിരിക്കേ (1916—'31) ജോസഫ് എർലാങ്ഗറുമൊത്തു ശാസ്ത്രഗവേഷണത്തിൽ ഏർപ്പെട്ടു. വേദന, ചൂട്, തണുപ്പ് തുടങ്ങിയവ അനുഭവപ്പെടുമ്പോഴുള്ള പ്രത്യേകമായ ആവേഗങ്ങൾ പ്രേഷണം ചെയ്യാൻ വ്യത്യസ്ത നാഡീതന്തുക്കൾ ഉണ്ടെന്നു അവർ തെളിയിച്ചു.

തലച്ചോറിനെയും നാഡീവ്യൂഹത്തെയും സംബന്ധിക്കുന്ന രോഗങ്ങൾ നിർണയിക്കുന്നതിനുതകുന്ന റിക്കോർഡിങ്ങു യന്ത്രങ്ങൾ നിർമിക്കുന്നതിനും രോഗചികിത്സയുടെ വിജയം വലയിരുത്തുന്നതിനും ഈ കണ്ടുപിടിത്തം സഹായിച്ചു. 1931-ൽ ന്യൂയോർക്കിൽ ഇതാക്കയിലെ കോർണൽ യൂണിവേഴ്സിറ്റിയിലെ ഫിസിയോളജി പ്രൊഫസർ ആയി ഗാസർ നിയമിക്കപ്പെട്ടു. നാലു വർഷത്തിനുശേഷം ന്യൂയോർക്കു റോക്ക്ഫെല്ലർ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്റ്റർ ആയി. 1953 വരെ ആ ജോലിയിൽ തുടർന്നു.

1963 മേയ് 11-നു ന്യൂയോർക്കു നഗരത്തിൽവച്ച് അന്തരിച്ചു.

ഗാസാസ്റ്റ്രിപ്

തെക്കുപടിഞ്ഞാറൻ പലസ്തീനിൽ ഇസ്രായേലി പട്ടാളഭരണത്തിൻകീഴിലുള്ള പ്രദേശം. 363 ച.കി.മീ. ആണ് ഈ പ്രദേശത്തിൻെറ വിസ്തൃതി. ഏതെങ്കിലും ഒരു രാജ്യത്തിൻെറ ഭാഗമായി ഈ പ്രദേശം ഇപ്പോഴും പരിഗണിക്കപ്പെടുന്നില്ല. ഈജിപ്തിൽനിന്നു കടൽക്കരയിലൂടെ പലസ്തീനിലേക്കുള്ള വഴിയിലാണു ഗാസ എന്നതിനാൽ ഈ പ്രദേശം വളരെ മുമ്പുതന്നെ തന്ത്രപ്രധാനമായിരുന്നു. 1947-ൽ പലസ്തീൻ വിഭജനം യുനൈറ്റഡ് നേഷൻസ് പ്രഖ്യാപിച്ചപ്പോൾ അറബി പ്രദേശത്തിൻെറ ഭാഗത്താണു ഗാസായെ പെടുത്തിയിരുന്നത്. പക്ഷേ, യു.എൻ. ഉദ്ദേശിച്ചവിധം അറബി പ്രദേശം ഉണ്ടാവായ്കയാൽ ഈജിപ്ത് ഈ പ്രദേശം കൈയടക്കി. 1949-ൽ ഈജിപ്ത്-ഇസ്രായേൽ യുദ്ധവിരാമക്കരാറനുസരിച്ച് ഈജിപ്ത്, ഒരു ഗവർണറെ പ്രത്യേകം നിയമിച്ചു ഗാസാപ്രദേശത്തിൻെറ ഭരണം നടത്തിപ്പോന്നു. 1956-ൽ ഇസ്രായേൽ ഗാസാപ്രദേശം ആക്രമിച്ചു കൈവശപ്പെടുത്തി. പക്ഷേ, അന്തർദേശീയ സമ്മർദത്തിൻെറ ഫലമായി ഇസ്രായേലിനു ഗാസായിൽനിന്നു പിൻവാങ്ങേണ്ടിവന്നു. 1967-ൽ നടന്ന 'ആറുനാൾ യുദ്ധ'ത്തിൽ ഇസ്രായേൽ വീണ്ടും ഈ പ്രദേശം കൈവശമാക്കി. അതിനുശേഷം ഇസ്രായേലി പട്ടാളഭരണത്തിൻകീഴിലാണ് ഈ പ്രദേശം.

പലസ്തീനിയൻ അറബികൾ ഇവിടെ അഭയാർഥികളായി കഴിഞ്ഞുകൂടുകയാണ്. ഇവരെ സ്വീകരിക്കാൻ ഈജിപ്ത് തയ്യാറല്ല. തിരിച്ചു പലസ്തീനിലേക്കു ചെല്ലാൻ ഇസ്രായേലും ഇവരെ അനുവദിക്കുന്നില്ല. യു.എൻ.ൻെറ പലസ്തീനിയൻ ദുരിതനിവാരണഫണ്ടിൽനിന്നു സഹായം സ്വീകരിച്ചുകൊണ്ടാണ് ഈ അഭയാർഥികൾ കഴിയുന്നത്. ജനസംഖ്യ 4,51,400 (1981). ഇതിൽ പകുതിപേരും അഭയാർഥിക്യാമ്പുകളിൽ കഴിയുന്നു.

ഗാസൊലിൻ (gasoline)

പെട്രോളിയത്തിൻെറ ആംശികസ്വേദനം നടത്തുമ്പോൾ ഏകദേശം 70°C മുതൽ 200°C വരെയുള്ള താപനിലയിൽ ലഭിക്കുന്ന അംശം. പെട്രോൾ എന്നും പേരുണ്ട്. തന്മാത്രകളിൽ ആറുമുതൽ പതിനൊന്നുവരെ കാർബൺ അടങ്ങിയിരിക്കുന്ന ഹൈഡ്രോകാർബണുകളുടെ (കൃത്യമായി ആൽക്കേനുകളുടെ) മിശ്രിതം. മോട്ടോർവാഹനങ്ങളുടെ ഇന്ധനമായി ഉപയോഗിക്കുന്നു.

ഗാസ്കനി

തെക്കുപടിഞ്ഞാറൻ ഫ്രാൻസിലെ ചരിത്ര-സാംസ്കാരികപ്രാധാന്യമുള്ള ഒരു പ്രദേശം. ഗോളിലെ റോമൻ ഭരണകാലത്തു കെൽറ്റുകളെക്കാൾ കൂടുതൽ ഐബീരിയന്മാർ വസിച്ചിരുന്ന ഈ പ്രദേശം അകിറ്റാനിയയിൽനിന്നു വേർപെടുത്തി നൊവം പോപ്പുലാന എന്നൊരു ചെറുരാജ്യം സൃഷ്ടിച്ചു. 561-ൽ വാസ്കോൺവർഗം ഇവിടം പിടിച്ചെടുത്തു. ഫ്രാങ്കിഷ് രാജാക്കന്മാർ ഈ സ്ഥലത്തെ വാസ്കോണിയ അല്ലെങ്കിൽ ഗാസ്കനി എന്ന പേരിൽ അംഗീകരിച്ചു.

1052-ൽ ഗൈജോഫ്രി ഈ പ്രദേശം കീഴടക്കി. ശതവത്സരയുദ്ധാവസാനം വരെ ഗാസ്കനി ഇംഗ്ലീഷുകാരുടെ ഫ്രാൻസിലെ ശക്തികേന്ദ്രമായിരുന്നു. യുദ്ധാവസാനത്തിൽ ഫ്രെഞ്ചുകാർ ഇവിടം കീഴടക്കി.

പിരണീസ് പർവതനിരയുടെ ചരിവിലാണ് ഈ പ്രദേശത്തിൻെറ കിടപ്പ്. ഗാസ്കൻ ദേശ്യഭാഷ ഒക്സിറ്റൻ ഭാഷയുടെ ഭാഷാഭേദം (dialect) ആണ്. ബാസ്ക്ഭാഷയുടെ സ്വാധീനശക്തി ഇതിൽ നിഴലിക്കുന്നു.

ഗാസ്കൽ, എലിസബത്ത് (1810—1865)

ഇംഗ്ലീഷ് നോവല്ലെഴുത്തുകാരിയും ജീവചരിത്രകാരിയും. 1810 സെപ്റ്റംബർ 29-ാംതീയതി ചെത്സിയിൽ ജനിച്ചു. 1832-ൽ വില്യം ഗാസ്ക്കലിനെ വിവാഹംചെയ്തു. *'മേരിബാർട്ടൺ'* (1848) ആണ് ആദ്യനോവൽ. പ്രത്യുത്പാദനപരമായ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവരുടെ ജീവിതസങ്കല്പങ്ങൾ സഹതാപപൂർവം ഫലപ്രദമായിഇതിൽ ആവിഷ്കരിച്ചു. *'സ്ക്കെച്ചസ് എമങ് ദി പൂവർ'* എന്ന കൃതി ഭാര്യാഭർത്താക്കന്മാരുടെ സംയുക്തരചനയാണ്. *'ലിസ്സിലേ'* (1855), *'മിസ്സിസ് ഹാരിസൺസ് കൺഫഷൻസ്'* (1865), *'റൂത്ത്'* (1853), *'നോർത്ത് ആൻഡ് സൗത്ത്'* (1855) തുടങ്ങിയവയാണ് അവരുടെ മുഖ്യ രചനകൾ. *'വൈഫ്സ് ആൻഡ് ഡോട്ടേഴ്സ്: ആൻ എവരിഡെ സ്റ്റോറി'* (1865) എന്ന ഗ്രന്ഥമാണു മിസ്സസ് ഗാസ്ക്കലിൻെറ അവസാനകാലത്തെ കൃതി. *ക്രാൻഫോർഡ്* (1853) ആണ് അവരുടെ ശ്രേഷ്ഠമായ കൃതി എന്നു ഗണിക്കുന്നു. ചാർലറ്റ് ബ്രോണ്ടിയുടെ പ്രിയ സുഹൃത്തായിരുന്ന എലിസബത്ത് ഗാസ്ക്കർ അവരുടെ ജീവചരിത്രം രചിച്ചിട്ടുണ്ട്. 1865 നവംബർ 12-ന് ആൽട്ടൻ എന്ന സ്ഥലത്തുവച്ച് അന്തരിച്ചു.

ഗാസ്ട്രിക് ഗ്രന്ഥികൾ

† ജാരഗ്രന്ഥികൾ നോക്കുക.

ഗാസ്ട്രിൻ

ദഹനത്തിനു സഹായിക്കുന്ന ഹോർമോൺ. സ്തനികളിൽ ആമാശയം ചെറുകുടലിനോടു ചേരുന്ന ഭാഗത്തെ ഗ്രന്ഥികളാണു ഗാസ്ട്രിൻ ഉത്പാദിപ്പിക്കുന്നത്.

ആഹാരം ആമാശയത്തിലെത്തുമ്പോൾ ഗാസ്ട്രിൻ രക്തത്തിലേക്കു സ്രവിക്കുന്നു. രക്തത്തിൽനിന്ന് ഇത് ആമാശയഭിത്തിയിലെ ഗാസ്ട്രിക് കോശങ്ങളിൽ എത്തി ദഹനരസം സ്രവിപ്പിക്കുന്നതിനു കോശങ്ങളെ ഉത്തേജിപ്പിക്കും. ഗാസ്ട്രിൻ ആമാശയത്തിൻെറ ചലനം വർധിപ്പിച്ചു ദഹനപ്രക്രിയയെ ത്വരിതപ്പെടുത്തുന്നു. ഒപ്പം ദഹിച്ച ആഹാരം ചെറുകുടലിലേക്കു തള്ളുന്നതിനും സഹായകമാകുന്നുണ്ട്.

ഗാസ്ട്രൈറ്റിസ് (Gastritis)

ആമാശയത്തിൻെറ ഉൾഭിത്തിയിൽ ഉണ്ടാകുന്ന പഴുപ്പ്. ഇതുമൂലം ദഹനക്കേട് ഉണ്ടാകും.

അമിതമായ മദ്യപാനം, വിഷാംശം കലർന്ന ഭക്ഷണം, ഭക്ഷണം ശരിക്കു ചവച്ചിറക്കാതിരിക്കൽ എന്നിവകൊണ്ടാണ് അണുസംക്രമണം ഉണ്ടാകുന്നത്. ശക്തിയായ പനിയും സാംക്രമികരോഗങ്ങളുടെ ആക്രമണവും ഗാസ്ട്രൈറ്റിസിനു കാരണമാകുന്നു.

ഓക്കാനം (മനംപുരട്ടൽ), ഛർദി, വിശപ്പില്ലായ്മ, വയറിളക്കം, വയറുവേദന എന്നിവ ലക്ഷണങ്ങളാണ്.

കുറെ നേരത്തേക്കു യാതൊരു ഭക്ഷണവും കഴിക്കാതിരുന്നാൽ ദഹനക്കേടിനു പ്രതിവിധിയാകും. ഭക്ഷണം നല്ലപോലെ ചവച്ചിറക്കണം. രക്തവാർച്ച ഉണ്ടാകുകയാണെങ്കിൽ ശസ്ത്രക്രിയ ആവശ്യമായി വരും.

ഗാസ്ട്രോഎൻററൈറ്റിസ്

ആമാശയത്തിലും കുടലിലും ഉണ്ടാകുന്ന രോഗാണുസംക്രമണം. സാൽമൊണെല്ലോസിസ് എന്നും പേരുണ്ട്. വൈറസാണു രോഗത്തിനു മുഖ്യകാരണം. ബാക്റ്റീരിയ, പ്രോട്ടോസോവ ഇവ് മൂലവും രോഗം ഉണ്ടാകാം.

ഗാസ്ട്രോഎൻററൈറ്റിസിനു കാരണമാകുന്ന രണ്ടു ബാക്റ്റീരിയയാണു *സാൽമൊണെല്ല ടൈഫിമൂറിയവും സാൽമൊണെല്ല എൻററൈറ്റിഡിസും (Salmonella typhimurium, S. enteritidis).*

വിശപ്പില്ലായ്മ, ഛർദി, വയറിളക്കം എന്നിവ ആദ്യലക്ഷണങ്ങളാണ്. പിന്നീടു തലവേദനയും പനിയും ഉണ്ടാകും.

രണ്ടുതരം ഗാസ്ട്രോഎൻററൈറ്റിസ് ഉണ്ട്: ഒന്ന് - രോഗാണുക്കൾ പ്രവേശിച്ചാലുടൻ ലക്ഷണങ്ങൾ പ്രകടമാവുന്നത്. രണ്ട് - രോഗാണുക്കൾ കടന്ന് 20 മുതൽ 30 വരെ മണിക്കൂർ കഴിഞ്ഞു ലക്ഷണങ്ങൾ പ്രകടമാവുന്നത്.

നിർജലീകരണം (dehydration) മൂലം ശരീരത്തിൽനിന്നു ലവണങ്ങൾ നഷ്ടപ്പെടുന്നതിനാൽ ഇവ അടങ്ങിയ പാനീയം രോഗിക്കു നല്കണം.

ഗാസ്ട്രോ എൻററോളജി

വൈദ്യശാസ്ത്രശാഖ. ആമാശയം, കുടൽ, കരൾ, പിത്താശയം എന്നിവയുടെ രോഗവിജ്ഞാനവും (pathology) ശരീരക്രിയാവിജ്ഞാനവും (physiology) ഇതിൽ പെടുന്നു. †വൈദ്യശാസ്ത്രം നോക്കുക.

ഗാസ്ട്രോപോഡ

ഫൈലം മൊളസ്ക്കയിലെ ഏറ്റവും വലിയ ക്ലാസ്സ്. ഏകദേശം 60,000 സ്പീഷീസുണ്ട്. ശുദ്ധജലത്തിലും കടലിലും കരയ്ക്കും ഇവ കണ്ടുവരുന്നു.



കടൽ ഒച്ചും (വലത്ത്)
കരയിലെ ഒച്ചും (ഇടത്ത്)

മൃദുവായ ശരീരത്തെ പൊതിഞ്ഞു തോട് (shell) ഉണ്ട്. ഭ്രൂണത്തിൻെറ വളർച്ചയുടെ ഘട്ടത്തിൽ മിക്ക സ്പീഷീസിലും അവയവങ്ങൾക്ക് 180 സ്ഥാനഭ്രംശം സംഭവിക്കും. ഈ പ്രക്രിയയെ വിമോടനം (torsion) എന്നു പറയുന്നു. വിമോടനം മൂലം ശകുലത്തിൻെറയും മലദ്വാരത്തിൻെറയും സ്ഥാനം ശിരസ്സിനു മുകളിലായിത്തീരും. ശിരസ്സിൽ ഗ്രാഹി(tentacle)യും കണ്ണും ഒരു ജോഡി വീതമുണ്ട്. പാദം ഉപയോഗിച്ചാണ് ഇഴയുന്നത്.

നാളികാകാരത്തിലുള്ള ശുണ്ഡിക(proboscis)യുടെ അറ്റത്താണു വായും റാഡുലയും സ്ഥിതിചെയ്യുന്നത്. ആഹാരസമ്പാദനത്തിനു പല അനുകൂലനവും സ്വീകരിച്ചിട്ടുണ്ട്. ഗാസ്ട്രോപോഡുകൾ സസ്യഭുക്കുകളോ, മാംസഭുക്കുകളോ പരാദങ്ങളോ ആയിരിക്കും. റാഡുല ആണു ഭക്ഷണം ശകലീകരിക്കുന്നത്. കോണസ് ജീനസിലെ ചില സ്പീഷീസുകൾ ചെറിയ മത്സ്യങ്ങളെ തിന്നുന്നു.

ഗാസ്ട്രോപോഡുകളെ മൂന്നു വിഭാഗങ്ങളായി തിരിക്കാം. പ്രോസോബ്രങ്കുകൾ,'ഒപ്പിസ്തോബ്രാങ്കുകൾ, പാൾമൊണേറ്റുകൾ. കടൽ ഒച്ച് (sea snail) പ്രോസോബ്രങ്കിൽ പെടുന്നു. ശകുലങ്ങളാണു ശ്വസനാവയവം. കടൽമുയൽ (sea hare) ഒപ്പിസ്തോബ്രാങ്കിൽ പെടുന്നു. ശ്വസനാവയവം ശകുലങ്ങൾതന്നെ. കരയൊച്ചിൻെറ സ്ഥാനം പാൾമൊണേറ്റിലാണ്. ഇതിനു ശകുലങ്ങൾ ഇല്ല. പ്രാകാര അറ (mantle cavity) ശ്വാസകോശമായി വർത്തിക്കുന്നു.

ഗാസ്റ്ററോസ്റ്റിഫോർമിസ് (gasterostei formes)

ജന്തുവിഭാഗത്തിലെ ഓർഡർ. കുഴൽപോലെ നീണ്ട മോന്തയുള്ള അസ്ഥിമത്സ്യങ്ങൾ ഈ ഓർഡറിൽപ്പെടുന്നു. † കടൽക്കുതിര, † കുഴൽമത്സ്യം എന്നിവ ഉദാഹരണങ്ങളാണ്.

മൂന്നു മുതൽ ഇരുന്നൂറു വരെ സെ.മീ. നീളമുള്ള മത്സ്യങ്ങൾ ഈ ഓർഡറിൽ ഉണ്ട്. മൃദുവായ ചിറകുകൾ, അന്നപഥത്തോടു യോജിക്കാത്ത വാതാശയം (swim bladder), ഉദരഭാഗത്തു സ്ഥിതിചെയ്യുന്ന ശ്രേണീപത്രങ്ങൾ, ശരീരത്തെ പൊതിയുന്ന ഗാനോയ്ഡ് പ്ലേറ്റുകൾ എന്നിവ പ്രത്യേകതകളാണ്.

സാമ്പത്തികമൂല്യം ഇല്ല. അക്വേറിയങ്ങളിൽ ചില സ്പീഷീസിനെ വളർത്തുന്നുണ്ട്.

ഗാഹാ സത്തസഈ (ഗാഥാസപ്തശതി)

പ്രാകൃതഭാഷയിലെഴുതപ്പെട്ട നാടൻപാട്ടുകളുടെ സമാഹാരം. 'മുക്തക'ങ്ങളുടെ അഥവാ 'ഭാവഗീത'ങ്ങളുടെ സമാഹാരം എന്നു പറഞ്ഞാലേ അതിൻെറ സാഹിത്യമേന്മ വെളിപ്പെടൂ. നാടൻപാട്ടുകളുടെ ശൈഥില്യമോ, അസ്പഷ്ടതയോ, ശില്പരാഹിത്യമോ ഒന്നും ഇതിലെ മുക്തകങ്ങൾക്കില്ല. എന്നാൽ നാടൻപാട്ടുകൾക്കുള്ളത്ര ജീവിതബന്ധവും മണ്ണിൻെറ മണവും സാരള്യവും ആത്മാർഥതയും ഇവയ്ക്കുണ്ടുതാനും. ഉചിതപദങ്ങളിൽ ഭാവതീവ്രതയോടെ ഹൃദയസ്പർശകമാംവിധം ആവിഷ്കരിക്കപ്പെട്ട കെട്ടുറപ്പുള്ള കവിതകളാണിവ. പില്ക്കാലത്തുണ്ടായ പല സാഹിത്യകൃതികളെയും ഈ 'കവിതാനിധി' വളരെ അഗാധമായി സ്വാധീനിച്ചിട്ടുണ്ട്.

സംസ്കൃതത്തിലെ ആലങ്കാരികന്മാരിൽ എണ്ണപ്പെട്ടവരെല്ലാം രസധ്വനിക്കും അലങ്കാരത്തിനും ഇതിലെ പദ്യങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. ബാണഭട്ടൻ, രുദ്രടൻ, മമ്മടൻ, വാഗ്ഭടൻ, വിശ്വനാഥൻ, ഗോവർധനാചാര്യർ തുടങ്ങിയ കവികളും ആലങ്കാരികന്മാരും ഈ സമാഹാരത്തെ മുക്തകണ്ഠം പ്രശംസിക്കുന്നു.

മാഹരാഷ്ട്രീ പ്രാകൃതത്തിൽ ആര്യാഛന്ദസ്സിൽ, അലംകൃതവും ധ്വനനസമർഥവുമായ ഭാഷയിലാണ് ഈ കൃതി എഴുതപ്പെട്ടിട്ടുള്ളത്. സന്ദർഭോചിതമായി ദേശ്യപദങ്ങളും ഇതിൽ കാണാം.

'ഹാല' എന്ന ശാതവാഹന രാജാവാണ് ഇതിൻെറ സമാഹർത്താവെന്നു കരുതപ്പെടുന്നു. അദ്ദേഹത്തിൻെറതന്നെ അനേകം മുക്തകങ്ങൾ ഇതിലുണ്ട്. 'ബൃഹൽകഥാ'കാരനായ ഗുണാഢ്യൻെറയും വൈയാകരണനായ ശർപ്പവർമാവിൻെറയും രക്ഷാപുരുഷനായിരുന്നു ഇദ്ദേഹം.

എഴുന്നൂറിലധികം പദ്യങ്ങൾ ഈ സമാഹാരത്തിലുണ്ട്. അക്കാലത്തെ പല കവികളുടെയും കവയിത്രികളുടെയും പേരുകൾ നമുക്കിതിൽ കാണാം. ഗുണാഢ്യൻ, അനിരുദ്ധൻ, മകരന്ദൻ, കുമാരിലൻ, അവന്തിവർമൻ, ഹരിവൃദ്ധൻ, വല്ലഭൻ, മാധവസേനൻ, ഭോജൻ, ശ്രീധർമൻ, രേവ, നരവാഹനൻ, ശശിപ്രഭ, ദാമോദരൻ, മല്ലബാണൻ എന്നിവർ അവരിൽ പ്രമുഖരാണ്. ശൃംഗാരരസപ്രധാനമായ കവിതകളാണ് ഈ കൃതിയിൽ സമാഹരിച്ചിട്ടുള്ളത്.

സംസ്കൃതത്തിലും ഉത്തരേന്ത്യൻ ഭാഷകളിലും ഈ കൃതി വലിയ പ്രേരണ ചെലുത്തിയിട്ടുണ്ട്. സംസ്കൃതത്തിൽ ഈ കൃതിയെ അനുകരിച്ചുകൊണ്ട് 'ആര്യാസപ്തശതി' എന്നൊരു കൃതിയും ഉണ്ടായിട്ടുണ്ട്. ഹിന്ദിയിലെ 'ബീഹാരീ സത്ത്സഈ', 'മതിരാമ സത്ത്സഈ' എന്നിവ 'ഗാഹാ സത്തസഈ' യുടെ മാതൃകയിൽ എഴുതപ്പെട്ട കൃതികളാണ്. സംസ്കൃതത്തിലെ അമരുകശതകത്തിലും ഇതിൻെറ പ്രഭാവം കാണാം.

1881-ൽ ഇതിനൊരു ജർമൻ പരിഭാഷ പ്രസിദ്ധീകൃതമായിട്ടുണ്ട്.

'ഗാഹാ സത്തസഈ'യ്ക്കു പതിനെട്ടു വ്യാഖ്യാനങ്ങളുണ്ടായിട്ടുണ്ട്. ഇക്കൂട്ടത്തിൽ മധുരനാഥശാസ്ത്രികളുടെ 'വ്യംഗ്യ സർവംകഷ' എന്ന സംസ്കൃതടീക സർവോത്കൃഷ്ടമാണെന്നു പറയാം. †പ്രാകൃതഭാഷാസാഹിത്യം നോക്കുക.

ഗാളുകൾ (Gauls)

പ്രാചീനഭൂമിശാസ്ത്രസങ്കേതങ്ങൾ അനുസരിച്ചു ഗാല്ലിയ എന്നു വിളിക്കപ്പെട്ടിരുന്ന ഭൂവിഭാഗത്തിൽ വസിച്ചിരുന്ന ജനത. ആൽപ്സ്പർവതനിരകളുടെ തെക്കും കിഴക്കുമായി വ്യാപിച്ചുകിടന്ന ഈ പ്രദേശത്തിൻെറ അന്നത്തെ അതിർത്തികൾ ലിഗ്വൂരിയ, അംബ്രിയ, റൂബിക്കോൺ എന്നിപ്രകാരം വിളിക്കപ്പെട്ടുവന്നിരുന്ന ജനപഥങ്ങളായിരുന്നു. സീസറിൻെറ കാലത്ത് 'ഗാലിക്ട്രാൻസാൽവിന' എന്നു വിളിച്ചു

വന്ന സാമ്രാജ്യം ഇന്നത്തെ ഫ്രാൻസിനെ മുഴുവൻ ഉൾക്കൊണ്ടിരുന്നു. ബൽജിയം, ഹോളൻഡ്, ജെർമനി, സ്വിറ്റ്സർലൻഡ് എന്നീ വികസ്വരരാജ്യങ്ങൾക്കു പുറമെ എ.ഡി. രണ്ടാം നൂറ്റാണ്ടായപ്പോഴേക്കും ഈ രാജ്യങ്ങളിലെല്ലാം ക്രിസ്തുമതം പ്രചരിച്ചു. റോമൻ ആധിപത്യത്തിനുശേഷം 'ഗാളിയ' എന്നു പൊതുവെ പറഞ്ഞുവന്നിരുന്ന ഈ പ്രദേശങ്ങൾ വാൻഡലുകൾ, ഗോത്തുകൾ, ഫ്രാങ്കുകൾ തുടങ്ങിയവരുടെ ആക്രമണങ്ങൾക്കു വിധേയമാവുകയും പഴയ പേര് ഒരു ചരിത്രസ്മാരകമായിത്തീരുകയുംചെയ്തു.

ഗാൾട്ട്, ജോൺ (1779—1839)

സ്കോട്ടിഷ് സാഹിത്യകാരൻ. 1779 മേയ് 2-ാംതീയതി ഇർവിൻ എന്ന സ്ഥലത്തു ജനിച്ചു. ഗ്രിനോക്ക് എന്ന സ്ഥലത്താണു വിദ്യാഭ്യാസം നടത്തിയത്. ബൈറൻ അദ്ദേഹത്തെ വളരെയേറെ സ്വാധീനിച്ചു.

ബൈറൻെറ ജീവചരിത്രം 1830-ൽ അദ്ദേഹംപ്രസിദ്ധീകരിച്ചു. കാനഡ ലാൻഡ് കമ്പനിയുടെ സെക്രട്ടറിയായി 1826-ൽ അമേരിക്കയിലേക്കു പോയി. കാനഡയിലെ 'ഗുൾഫ്സിറ്റി'യുടെ നിർമാണത്തിൽ പ്രേരണ ചെലുത്താൻ ഒരു വർത്തകപ്രമാണി എന്ന നിലയിൽ ഇദ്ദേഹത്തിനു കഴിഞ്ഞു. *'ദി അയിർഷയിർ ലെഗറ്റീസ്', 'ദി അന്നൾസ് ഒഫ് ദി പാരിഷ്', 'സർ ആൻഡ്രുവൈലി', 'ലാറിടോഡ്'* എന്നിവ അദ്ദേഹത്തിൻെറ പ്രശസ്തനോവലുകളായി കരുതപ്പെടുന്നു. ഗ്രാമപ്രദേശത്തിൻെറ സ്വച്ഛത അദ്ദേഹത്തിനു പ്രചോദനം കൊടുത്തിട്ടുണ്ട്. ഫലിതരസം തുളുമ്പുന്നവയാണദ്ദേഹത്തിൻെറ രചനകൾ. ജീവിതരംഗങ്ങളെ അദ്ദേഹം വളരെ തന്മയത്വത്തോടെ അവതരിപ്പിക്കുന്നു. വളരെ ഗൗരവപൂർവമായ പ്രമേയങ്ങളും അദ്ദേഹം കൈകാര്യംചെയ്തിട്ടുണ്ട്.

1839 ഏപ്രിൽ 11-ന് അദ്ദേഹം അന്തരിച്ചു.

ഗാൾ, ഫ്രാൻസ് ജോസഫ് (Gall, Frans Joseph, 1758—1828)

തലച്ചോറ് അനുഷ്ഠിക്കുന്ന കർത്തവ്യങ്ങളുടെ നിയന്ത്രണസങ്കേതങ്ങൾ, അതിൽ എവിടെയെല്ലാമെന്നു നിർണയിച്ചതിൽ അഗ്രഗാമിയായ ഒരു ജെർമൻ ശരീരക്രിയാവിജ്ഞാനിയും അനാട്ടമിസ്റ്റും. മസ്തിഷ്കവിജ്ഞാനീയത്തിൻെറ ഉപജ്ഞാതാവെന്ന് ഇദ്ദേഹത്തെപ്പറ്റി പറയാറുണ്ട്. തലയോട്ടിയുടെ ആകൃതി, വലിപ്പം തുടങ്ങിയ സവിശേഷതകളെ ആസ്പദമാക്കി ഒരു വ്യക്തിയുടെ, മസ്തിഷ്കപരമായും

വൈകാരികമായും മനഃശാസ്ത്രപരമായും, ഭൗതികമായുമുള്ള കഴിവുകളുടെ ആകെത്തുക അറിയാൻ ചില വഴികളും ഇദ്ദേഹം നിർദേശിച്ചു. മസ്തിഷ്കത്തിൽ, അതതു സ്ഥാനങ്ങളിലാണു നിശ്ചിതധർമാനുഷ്ഠാനങ്ങളുടെ നിർവഹണസംവിധാനം സ്ഥാപിച്ചിട്ടുള്ളതെന്നായിരുന്നു ഇദ്ദേഹത്തിൻെറ നിഗമനം. ഒരാളുടെ പെരുമാറ്റസവിശേഷതകൾക്കാധാരം ഈ ഭാഗങ്ങളാണെന്നും ഇദ്ദേഹം അഭിപ്രായപ്പെട്ടു. വിയന്നയിൽ മസ്തിഷ്കവിഷയങ്ങളെക്കുറിച്ച് ഇദ്ദേഹം ചെയ്ത പ്രസംഗങ്ങൾ, പള്ളിപ്രമാണികളെ ചൊടിപ്പിച്ചു. മതത്തിനെതിരാണ് അവയെന്നയടിസ്ഥാനത്തിൽ 1802-ൽ ഓസ്ട്രിയൻ സർക്കാർ ഗാളിനെ ശിക്ഷിച്ചു. മൂന്നു കൊല്ലം കഴിഞ്ഞു നാടുവിടുവാൻ ഇദ്ദേഹം നിർബന്ധിതനായി.

മസ്തിഷ്കത്തിൻെറ ഭാഗങ്ങൾക്കു നിശ്ചിത ധർമാനുഷ്ഠാനങ്ങളിലുള്ള നിർണായകമായ പങ്ക്, പില്ക്കാല ഗവേഷണങ്ങൾ സ്ഥിരീകരിച്ചിട്ടുണ്ട്. ഫ്രെഞ്ചു ശസ്ത്രക്രിയാവിദഗ്ധനായിരുന്ന പാൾബ്രോക്ക (Paul Broca), സംഭാഷണശേഷിയുടെ തലച്ചോറിലെ നിയന്ത്രണസങ്കേതം 1861-ൽ തെളിയിക്കുകയുണ്ടായി എന്ന വസ്തുത ഇവിടെ പ്രസക്തമാണ്. തലച്ചോറിൻെറ ധൂസരഭാഗം (gray matter) ന്യൂറോൺ കലയും (neuron tissue) വെളുത്ത ഭാഗം ഗാൻഗ്ലിയോൺ കലയും (ganglia) ആണെന്ന് ആദ്യം കണ്ടതു ഗാളായിരുന്നു.

1828 ആഗസ്റ്റ് 22-നു ജെർമനിയിലെ ബേഡനിൽ (Baden) അന്തരിച്ചു.

ഗാൾ ബ്ളാഡർ

† പിത്താശയം നോക്കുക.

ഗാട്ട് (GATT)

അന്തർദേശീയവ്യാപാരം സുഗമമാക്കുന്നതിനുവേണ്ടിയുള്ള വ്യാപാരസഖ്യം. ജനറൽ എഗ്രിമെൻറ് ഓൺ ടാരിഫ്സ് ആൻഡ് ട്രേഡ് (General Agreement on Tariffs and Trade) എന്നാണു ഗാട്ടിൻെറ പൂർണരൂപം. അന്തർദേശീയവാണിജ്യവിവേചനവും മറ്റു വൈകല്യങ്ങളും ഒഴിവാക്കുന്നതിനുവേണ്ടി പരസ്പരം പ്രയോജനപ്രദമായ കരാറുകളിൽ സഖ്യകക്ഷികൾ ഏർപ്പെടണമെന്ന് ഈ കരാറിൻെറ ആമുഖത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 1947-ൽ അമേരിക്കയുടെ നേതൃത്വത്തിൽ മറ്റ് 22 രാജ്യങ്ങളുമായി ജനീവായിൽവച്ചു നടത്തപ്പെട്ട കൂടിയാലോചനകളുടെ ഫലമായിട്ടാണു ഗാട്ട് ജന്മമെടുത്തത്. ഗാട്ടിൻെറ സാർവദേശീയ ആസ്ഥാനവും ജനീവയിൽ ആണ്. 1953-ഓടുകൂടി 33 രാഷ്ട്രങ്ങൾ ഇതിൽ അംഗങ്ങളായി ചേർന്നു. ആദ്യകാലങ്ങളിൽ അംഗരാജ്യങ്ങൾ തമ്മിലുള്ള തീരുവ കുറയ്ക്കുന്നതിലാണു ഗാട്ട് പ്രധാനമായി ശ്രദ്ധിച്ചിരുന്നത്. 1950-നും '60-ഉം ഇടയ്ക്കുള്ള കാലഘട്ടത്തിൽ ആന്തരിക-സാമ്പത്തിക നിലവാരം ഉയർന്നതോടുകൂടി പല രാജ്യങ്ങളിലും ഇറക്കുമതിയിന്മേലുണ്ടായ നിയന്ത്രണം സാരമായി കുറവുചെയ്തു. 1961-ഓടുകൂടി നിയന്ത്രണങ്ങളെ ന്യായീകരിച്ചിരുന്ന രാജ്യങ്ങളുടെ സംഖ്യയിൽ ഗണ്യമായ കുറവു സംഭവിച്ചു.

. ഗാട്ടിൻെറ ഒരു ലക്ഷ്യം അടിസ്ഥാനപരമായ തീരുവ കുറയ്ക്കൽ ആണെങ്കിൽപ്പോലും നിയന്ത്രണത്തെ സംബന്ധിച്ചിടത്തോളം പരിപൂർണമായ തുടച്ചുമാറ്റൽ ആയിരുന്നു അതിൻെറ മറ്റൊരു ലക്ഷ്യമെന്നു പറയാം. എന്നാൽ തീരുവയുടെ കുറവിൽ നേടിയതുപോലെയുള്ള ഒരു നേട്ടം നിയന്ത്രണങ്ങൾ എടുത്തുകളയുന്നതിൽ വരുത്തുന്നതിനു ഗാട്ടിന് ഇന്നോളം കഴിഞ്ഞിട്ടില്ല. കാലാകാലങ്ങളിലുണ്ടാവുന്ന സംഭവപരമ്പരകൾ കണക്കിലെടുത്തുകൊണ്ടാണു ഗാട്ട് പ്രവർത്തിച്ചുവന്നത്. അവികസിതരാജ്യങ്ങളുമായുള്ള കച്ചവടം വേണ്ടവിധത്തിൽ പുരോഗമിച്ചിട്ടില്ലെന്നു വ്യക്തമായിട്ടുണ്ട്. 1958-ൽ പ്രത്യേകം നിയുക്തമായ ഒരു വിദഗ്ധസംഘം ലോകവാണിജ്യത്തിൻെറ പ്രശ്നങ്ങളെക്കുറിച്ചു പഠിക്കുകയും 'ഹാബർലർ റിപ്പോർട്ട്' സമർപ്പിക്കുകയും ചെയ്തു.

കാർഷികവും വ്യാവസായികവുമായ ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള സൗകര്യം വികസ്വരരാജ്യങ്ങൾക്ക് ഉണ്ടാക്കിക്കൊടുക്കേണ്ടതിൻെറ ആവശ്യകതയെപ്പറ്റി ഈ റിപ്പോർട്ടിൽ ഊന്നിപ്പറഞ്ഞിട്ടുണ്ട്. വികസ്വരരാഷ്ട്രങ്ങളുടെ വികാസപരവും വ്യാവസായികവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി ഒരു പ്രത്യേകസംഘടന —'യുണൈറ്റഡ് നേഷൻസ് കോൺഫറൻസ് ഓൺ ട്രേഡ് ആൻഡ് ഡിവലപ്മെൻറ്' (UNCTAD)— രൂപവത്കൃതമായി. 1968 ഫെബ്രുവരി-മാർച്ചുമാസങ്ങളിൽ, ദില്ലിയിൽവച്ച് അതിൻെറ

രണ്ടാം സമ്മേളനം നടന്നു. 1980-കളുടെ മധ്യത്തോടുകൂടി ഗാറ്റിൽ ചേർന്ന രാഷ്ട്രങ്ങളുടെ സംഖ്യ 85-ൽ അധികമായിട്ടുണ്ട്.

ഹാബർലർ റിപ്പോർട്ടും അതുപോലുള്ള മറ്റു റിപ്പോർട്ടുകളും ഉണ്ടായിട്ടും വികസ്വരരാജ്യങ്ങളുടെ താത്പര്യം 'ഗാറ്റി'ൽ സുരക്ഷിതമായിത്തീർന്നു എന്നു പറഞ്ഞുകൂടാ. വികസിതരാജ്യങ്ങൾ തമ്മിൽത്തന്നെ കയറ്റുമതിക്കു പ്രത്യേകമായ സഹായങ്ങൾ നല്കുന്നതിൽ അഭിപ്രായവ്യത്യാസമുണ്ട്. അങ്ങിനെ സഹായങ്ങൾ നല്കാൻ പാടില്ലെന്നാണ് അമേരിക്കയുടെ നിലപാട്. എന്നാൽ യൂറോപ്യൻ രാജ്യങ്ങളും മൂന്നാം ലോകരാജ്യങ്ങളും ഈ നിലപാടിനെതിരാണ്. ഇതുനിമിത്തം അടിസ്ഥാനപരമായ യോജിപ്പുതന്നെ പല കാര്യങ്ങളിലും ഉണ്ടാക്കാൻ കഴിയാതെ പോകുന്നു. 1989 മുതൽ രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരത്തിൻെറ അടിസ്ഥാനതത്വങ്ങൾ സംബന്ധിച്ച തർക്കങ്ങൾ തീർക്കാൻ സമയപരിധി നിശ്ചയിക്കേണമെന്ന് 1988-ൽ ചേർന്ന സമ്മേളനം നിശ്ചയിച്ചിട്ടുണ്ട്. ഇന്ത്യയുടെ പങ്ക് 1950-ൽ ലോകവ്യാപാരത്തിൻെറ രണ്ടു ശ.മാ.മായിരുന്നത് 1987-ൽ 0.5 ശ.മാ.മായി ചുരുങ്ങി.

ഗാറ്റർമാൻ ആൽഡിഹൈഡ് സംശ്ലേഷണം

ആരോമാറ്റിക് ആൽഡിഹൈഡുകൾ ഉണ്ടാക്കാനുള്ള ഒരു പൊതുരീതി. ആരോമാറ്റിക് ഹൈഡ്രോകാർബണുകൾ, ഫിനോളുകൾ, ഫിനോളിക് ഈഥറുകൾ ഇവയെ ഈ രീതിയിൽ സംഗത ആൽഡിഹൈഡുകൾ ആക്കാം. ഉദാഹരണമായി ബെൻസീൻ എന്ന ഹൈഡ്രോകാർബണെ ബെൻസാൽഡിഹൈഡാക്കി മാറ്റാനായി ഹൈഡ്രജൻസയനൈഡ്, ഹൈഡ്രജൻക്ലോറൈഡ് മിശ്രിതവുമായി അലുമിനിയം ക്ലോറൈഡിൻെറ സാന്നിധ്യത്തിൽ പ്രവർത്തിപ്പിക്കുമ്പോൾ ലഭിക്കുന്ന കോംപ്ലെക്സിനെ ജലമുപയോഗിച്ചു വിശ്ലേഷണം നടത്തുന്നു. ഈ പ്രവർത്തനത്തെ താഴെ കൊടുക്കുന്ന രാസപാതവഴി വിശദീകരിക്കാം.

$$HCl + HCN \xrightarrow{AlCl_3} HN{=}CHCl$$

$$C_6H_6 + HN{=}CHCl \xrightarrow{AlCl_3} HCl + C_6H_5CH{=}$$

$$NH \xrightarrow{H_2O} C_6H_5CHO + NH_3$$

ഗാറ്റർമാൻ 1906-ൽ കണ്ടെത്തിയ ഈ രീതിയുടെ ഉത്പാദനം കുറവാണ്. നൈട്രോബെൻസീന് ഈ രീതി ഫലപ്രദവുമല്ല.

ഗാറ്റർമാൻ റിയാക്ഷൻ

ഒരു ഡയസോണിയം ലവണത്തെ സംഗതഹാലൊജൻവ്യുത്പന്നമാക്കാനുള്ള ഒരു മാർഗം. സാൻഡ്മേയർ റിയാക്ഷൻെറ ഒരു പരിഷ്കാരം മാത്രമാണിത്. സാൻഡ്മേയർ റിയാക്ഷനിൽ ജലീയ ഡയസോണിയം ലവണത്തെ കുപ്രസ്ഹാലൈഡ്, ഹൈഡ്രജൻ ഹാലൈഡ് അമ്ലം ഇവയുമായി ചേർത്ത് അല്പം ചൂടാക്കുകയാണു രീതി. ഗാറ്റർമാൻ രീതിയിൽ കുപ്രസ്ഹാലൈഡിനു പകരം കോപ്പർ പൊടി ഉപയോഗിക്കുന്നു; രാസപ്രവർത്തനം അന്തരീക്ഷ ഊഷ്മാവിൽ നടത്തുകയും ചെയ്യുന്നു ഉദാ:

$$C_6H_5N_2Cl \xrightarrow[Cu]{Hcl} C_6H_5Cl + N_2$$

(ബെൻസീൻ ഡയസോണിയം ക്ലോറൈഡ്)

(ക്ലോറോബെൻസീൻ)

1890-ൽ ഗാറ്റർമാൻ കണ്ടെത്തിയ ഈ രീതി ഡയസോണിയം ഗ്രൂപ്പിനെ ഹാലൊജൻ ഗ്രൂപ്പുകൊണ്ടു പ്രതിസ്ഥാപിക്കാനുപയോഗിക്കാം.

ഗി

ഗിഡിങ്സ്, ഫ്രാങ്ക്ളിൻ ഹെൻറി (1855—1931)

അമേരിക്കൻ സമൂഹശാസ്ത്രജ്ഞൻ. കൊളംബിയാസർവകലാശാലയിലെ അധ്യാപകൻ എന്ന നിലയിൽ സമൂഹശാസ്ത്രം, നാഗരികതയുടെ ചരിത്രം എന്നിവ സംബന്ധിച്ചു നടത്തിയ പ്രഭാഷണങ്ങൾ അമേരിക്കൻ സമൂഹശാസ്ത്രത്തിൻെറ സ്ഥാപകരിൽ ഒരാൾ എന്ന സ്ഥാനം ഇദ്ദേഹത്തിനു നേടിക്കൊടുത്തു. ബഹുഭാവസിദ്ധാന്തം എന്ന് ഇദ്ദേഹം പില്ക്കാലങ്ങളിൽ വിശേഷിപ്പിച്ച 'വംശബോധ'മെന്ന സിദ്ധാന്തമായിരുന്നു ഗിഡിങ്സിൻെറ സമൂഹശാസ്ത്രസൗധത്തിൻെറ മൂലക്കല്ല്. വ്യക്തികൾ പൊതുവായ ഉത്തേജനങ്ങൾ അനുസരിച്ചു പ്രവർത്തിക്കുകയും, ആശയവിനിമയം നടത്തുകയും സഹവസിക്കുകയും, നിർദേശം, മാതൃക, അനുകരണം എന്നിവയിൽക്കൂടി പരസ്പരം സ്വാധീനിക്കുകയും ചെയ്യുകവഴി സമാനവികാരങ്ങൾ ഉത്പാദിപ്പിക്കുകയും സമാനഭാവം വളർത്തുകയും ചെയ്യുന്നുവെന്നാണ് ഈ സിദ്ധാന്തത്തിൻെറ രത്നച്ചുരുക്കം. ഈ സമാനവികാരങ്ങളും സമാനഭാവവുമാണു കൂട്ടംകൂടുക എന്ന നൈസർഗികപ്രവണതയെ ലക്ഷ്യബോധത്തോടുകൂടിയ സഹവാസതൃഷ്ണയായി രൂപാന്തരപ്പെടുത്തുന്നത്. അങ്ങനെ സമൂഹം ഐക്യദാർഢ്യം വളർത്തിയെടുക്കുന്നു എന്ന് ഇദ്ദേഹം അഭിപ്രായപ്പെട്ടു. സോഷ്യലിസത്തിനെതിരായിരുന്നു ഗിഡിങ്സ്. പ്രകൃതിനിർധാരണത്തിലെന്നപോലെ സാമൂഹ്യനിർധാരണത്തിലും ജീവിതമത്സരത്തിൻെറ ഫലമായി അർഹതയുള്ളതിൻെറ അതിജീവിക്കലാണു നടക്കുന്നതെന്നും ഇത് ഒഴിച്ചുകൂടാൻ പാടില്ലാത്തതും പ്രയോജനകരവുമായ ഒരു പ്രക്രിയയാണെന്നും ഇദ്ദേഹം വിശ്വസിച്ചു. സമൂഹവത്കൃത വ്യഷ്ടിവാദം എന്ന് ഇദ്ദേഹം വിശേഷിപ്പിച്ച ഈ സിദ്ധാന്തത്തിനുവേണ്ടി വാദിച്ചുകൊണ്ട് ഇദ്ദേഹം പറഞ്ഞതു മേന്മയുള്ളതു വിജയിക്കുമെന്നും എന്നാൽ ജീവിതമത്സരത്തിൽ വിജയികളാകുന്നവർ പരാജിതരെ ചൂഷണം ചെയ്യരുതെന്നുമാണ്.

ഗിത്താർ

ഒരു പാശ്ചാത്യ സംഗീതോപകരണം. ഇപ്പോൾ ഇന്ത്യയിലും ഗണ്യമായ പ്രചാരം നേടിയിരിക്കുന്നു. തന്ത്രിവാദ്യ വിഭാഗത്തിൽപെടുന്നു. ആറു തന്ത്രികൾ ഉണ്ട്. ഇടതുകൈകൊണ്ടു പിടിച്ചു വലതു കൈവിരലുകൾ ഉപയോഗിച്ചു വായിക്കുന്നു. പതിനാറാം ശതകത്തിൽ സ്പെയിനിൽ ആവിർഭവിച്ച ഈ സംഗീതോപകരണം പില്ക്കാലത്ത് മിക്ക രാജ്യങ്ങളിലും അംഗീകരിക്കപ്പെട്ടു. നാലു തന്ത്രികളോടുകൂടിയതായിരുന്നു ആദ്യരൂപം. പിന്നീട് ആറു തന്ത്രികൾ സാധാരണമായി. എന്നാൽ 12 തന്ത്രികൾ വരെയുള്ള ഗിത്താറുകളുണ്ട്. തെക്കേ അമേരിക്കയിലും മെക്സിക്കോയിലും മറ്റും ഇവ പ്രചാരത്തിലിരിക്കുന്നു. ലളിതഗാനങ്ങൾക്കും, സമൂഹഗാനങ്ങൾക്കും മറ്റും അകമ്പടിയായി ഗിത്താർ നമ്മുടെ നാട്ടിലും ഉപയോഗിക്കപ്പെടുന്നു.



ഗിത്താർ

ഗിനി

1663 മുതൽ 1813 വരെ ബ്രിട്ടനിൽ നിലവിലിരുന്ന ഒരു സ്വർണനാണയം. 21 ഷില്ലിങ് ആയിരുന്നു ഇതിൻെറ വില. 21 ഷില്ലിങ്ങിനെ കുറിക്കാൻ ഗിനി എന്ന വാക്ക് ഇന്നും ഉപയോഗിക്കാറുണ്ട്.

ഗിനിക്കോഴി

ഒരിനം കോഴി. ഗാലിഫോർമിസ് ഓർഡറിൽപ്പെട്ട ന്യൂമിഡെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *ന്യൂമിഡ മീലിയാഗ്രിസ് (Numida meleagris).* ആഫ്രിക്ക, മഡഗാസ്കർ, കൊമൊറോ ദ്വീപുകൾ, ഇന്ത്യ എന്നിവിടങ്ങളിൽ കണ്ടുവരുന്നു. മാംസത്തിനും കൃഷിസ്ഥലങ്ങളിൽ കാവലിനും (വലിയ ശബ്ദം ഉണ്ടാക്കുന്നതിനാൽ) വേണ്ടി പത്തോളം സ്പീഷീസ് വളർത്തപ്പെടുന്നു.

ആണും പെണ്ണും കാഴ്ചയിൽ ഒരുപോലെയിരിക്കും. ഉടലിനു രണ്ടടിയോളം നീളം ഉണ്ട്. ചുണ്ടിനു ചെമപ്പും നീലയും കലർന്ന നിറമാണ്. തൂവലിൽ ചാരനിറം കലർന്ന വെള്ളക്കുത്തുകൾ കാണാം. ഏറ്റവും വലിയത് വൾച്ചർ ഗിനിക്കോഴി എന്നുപറയുന്ന *എക്രിലിയം വൾച്ചറിനം (Acryllium vulturinum)* ആണ്. ഇതു കിഴക്കൻ ആഫ്രിക്കയിൽ മാത്രമേയുള്ളു.



രണ്ടിനം ഗിനിക്കോഴികൾ
ഇടത്: വൾച്ചർ ഗിനിക്കോഴി.
മുകളിൽ: ഹെൽമറ്റ് ഗിനിക്കോഴി.

പുഴു, വിത്തുകൾ, കിഴങ്ങുകൾ എന്നിവ ചികഞ്ഞു ഭക്ഷിക്കും. തീരെ കുറച്ചേ പറക്കൂ. പേടിപ്പിച്ചാൽ ഓടുകയേയുള്ളു. വസന്തകാലത്തു പിടക്കോഴി പത്തോ പതിനഞ്ചോ മുട്ടയിടും. ഒരു മാസത്തിൽ കൂടുതൽ അടയിരിക്കും.

ഗിനിപ്പന്നി

കരണ്ടുതിന്നുന്ന സസ്തനി. കാവിഡെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *കാവിയാ പോർസെല്ലസ്(Cavia porcellus).* പെറുവിലെ ഇങ്കാവർഗക്കാരാണ് ഇതിനെ ആദ്യമായി ഇണക്കിവളർത്തിയത്. ഇന്നു ശാസ്ത്രജ്ഞന്മാരുടെ പരീക്ഷണജന്തുവായി മാറിയിരിക്കുന്നു.

ഗിനിപ്പന്നി

25 സെൻറീമിറ്ററോളം നീളമുണ്ട്. ഭാരം ഏകദേശം ഒരു കിലോഗ്രാം. തടിച്ച ശരീരം, കുറിയ വാല്, ചെറിയ കാല് എന്നിവ ഇതിൻെറ പ്രത്യേകതകളിൽപ്പെടുന്നു. ശരീരം രോമാവൃതമാണ്. നിറം തവിട്ടോ കറുപ്പോ വെള്ളയോ ഇവയുടെ മിശ്രിതമോ ആയിരിക്കും. മുൻകാലുകളിൽ നാലുവീതവും പിൻകാലുകളിൽ മൂന്നു വീതവും വിരലുണ്ട്.

ഗിനിപ്പന്നി സസ്യഭുക്കാണ്. കൂട്ടിലിട്ടു വളർത്തുന്നവയ്ക്കു പച്ചില കൊടുക്കുകയാണെങ്കിൽ വെള്ളം കുടിക്കുകയില്ല. പക്ഷേ, എലിത്തീറ്റയാണെങ്കിൽ വെള്ളം നല്കണം. ഗർഭകാലം രണ്ടു മുതൽ രണ്ടര വരെ മാസം. ഒരു വർഷം മൂന്നുതവണ പ്രസവിക്കാറുണ്ട്. ഒരു പ്രസവത്തിൽ എട്ടു കുഞ്ഞുങ്ങൾ ഉണ്ടാകും. പെറ്റുവീഴുന്ന ഉടനെ ഇവയുടെ കണ്ണു തുറന്നിരിക്കും. ഏകദേശം രണ്ടാഴ്ചയേ മുലയൂട്ടൂ. രണ്ടോ മൂന്നോ മാസംകൊണ്ടു ലൈംഗികമായ വളർച്ച പൂർത്തിയാകുമെങ്കിലും ഒമ്പതു മാസത്തേക്ക് ഇണ ചേരില്ല.

ഗിനിപ്പുല്ല്

ഗ്രാമിനേകുലത്തിൽപ്പെട്ട ഒരു പുൽച്ചെടി. ശാസ്ത്രനാമം: *പാനിക്കം മാക്സിമം (Panicum maximum)* നല്ല കാലിത്തീറ്റയാണ്. തെക്കെ ആഫ്രിക്കയിൽനിന്ന് 1793-ൽ ഇന്ത്യയിൽ കൊണ്ടുവന്നു കൃഷിചെയ്യാൻ തുടങ്ങി. എല്ലാത്തരം കന്നുകാലികളും ഇത് ഇഷ്ടപ്പെടുന്നു.

ഇതു പൊട്ടിത്തഴച്ചു വളരുന്നു. ഒരു കടയിൽ ഒരു പറ്റം തണ്ടുകൾ മുളയ്ക്കും. തണ്ടിനു രണ്ടോ മൂന്നോ മീറ്റർ പൊക്കം ഉണ്ടാവും. മിനുസവും ഉറപ്പും കട്ടിയും ഉണ്ട്. മൂത്ത കമ്പുകൾ ലോമാവൃതമാണ്. പത്രപാളികൾക്കു നാലു സെ.മീറ്ററോളം വീതികാണും. 80 സെ.മീറ്ററോളം നീളംവയ്ക്കും. വക്കു പരുപരുത്തതാണ്. നടുവിൽക്കൂടി ഉടനീളം ഒരു പൊഴിയുണ്ട്. പൊഴിയുടെ കീഴ്ഭാഗത്തു ഒരു കനത്ത ഞരമ്പും. അറ്റം കൂർത്ത ചാമമണിപോലെയാണു വിത്ത്. വേരോടുകൂടിയ തണ്ടുകൾ നട്ടാണു പുല്ലു വളർത്തുക.

വളക്കൂറുള്ള മണ്ണിൽ തഴച്ചുവളരും. നനയ്ക്കാനുള്ള സൗകര്യമുണ്ടെങ്കിൽ നന്ന്. 91 സെ.മീറ്റർ ഇടവിട്ടു ചാലുകീറി വരമ്പിട്ടു നടുന്നു. ഹെക്റ്റാറിന് 12,500—17,500 തണ്ടുകൾ നടാം. ആദ്യത്തെ രണ്ടുമാസം ആഴ്ചയിലൊരിക്കൽ നനയ്ക്കുക; തുടർന്നു രണ്ടാഴ്ച കൂടുമ്പോൾ മതി. 75-ാം ദിവസം തലപ്പുകൾ അരിഞ്ഞെടുക്കാം. പിന്നീടു മാസത്തിലൊരിക്കൽ എന്ന കണക്കിനും അരിയാം. കൊല്ലത്തിൽ അഞ്ചോ ആറോ പ്രാവശ്യം ഇടയിളക്കിക്കൊടുക്കുകയും ഒരിക്കൽ വളമിടുകയും വേണം.

ഒരു ഹെക്റ്റാറിൽനിന്നു വർഷത്തിൽ എൺപതിനായിരം കിലോഗ്രാം പുല്ല് അരിഞ്ഞെടുക്കാം. † തീറ്റപ്പുല്ലുകൾ നോക്കുക.

ഗിനിപ്പുഴുരോഗം

ചർമത്തിൽ പൊള്ളൽ പോലെ പൊന്തിവരുന്ന രോഗം. രോഗകാരണം ഗിനിപ്പുഴു ആണ്. ശാസ്ത്രനാമം: *ഡ്രാക്കൻകുല മെഡിനെൻസിസ് (Dracuncula medinensis)* മെഡിനപ്പുഴു, ഡ്രാഗൺപുഴു എന്നീ പേരുകളും ഉണ്ട്. മനുഷ്യനിൽ പരാദമായി കഴിയുന്ന ഇത് ഏഷ്യയിലും ആഫ്രിക്കയിലും ധാരാളം കണ്ടുവരുന്നു. ഇന്ത്യയിൽ ആന്ധ്രപ്രദേശത്തും മധ്യപ്രദേശത്തും ഗിനിപ്പുഴു ഉണ്ട്. കേരളത്തിൽ ഇതു കണ്ടുവരുന്നില്ല.

പെൺപുഴുവിന് 50 മുതൽ 120 വരെ സെൻറീമീറ്റർ നീളം ഉണ്ട്. ആൺപുഴു വളരെച്ചെറുതാണ്. നീളം 12 മുതൽ 29 വരെ മില്ലീമീറ്റർ. മനുഷ്യശരീരത്തിലെ സംയോജക കല(connective tissue)യിൽ കണ്ടുവരുന്നു. പെൺപുഴു സംയോജക കല വിട്ടു ത്വക്കിൻെറ അടിവശത്ത് എത്തും. ഈ ഭാഗം പൊള്ളലുപോലെ വീർത്തു പൊട്ടുന്നു. പൊട്ടി ഒഴുകുന്ന ദ്രാവകത്തിൽ അടങ്ങിയിട്ടുള്ള ലാർവകളെ വെള്ളത്തിലുള്ള സൈക്ലോപ്സ് എന്ന ചെറുജീവികൾ ഭക്ഷിക്കുന്നു. സൈക്ലോപ്സിൻെറ ശരീരത്തിനുള്ളിൽവച്ചു ലാർവ ഗിനിപ്പുഴുവായി മാറുന്നു. സൈക്ലോപ്സ് അടങ്ങിയ വെള്ളം കുടിക്കുന്നവർക്കു രോഗബാധ ഉണ്ടാകും. കുടലിൽനിന്നു സംയോജകകലയിലേക്കു നീങ്ങുന്നതോടെ ഗിനിപ്പുഴുവിൻെറ ജീവിതചക്രം പൂർത്തിയാകും. പെൺപുഴു മാത്രമേ തൊലിക്കടിയിൽ എത്തിച്ചേരുകയുള്ളു. ആൺപുഴു സംയോജക കലയിൽവച്ചു പ്രജനനത്തിനുശേഷം ചാകുന്നു.

വ്രണത്തിൽനിന്നു പുഴുവിനെ എടുത്തുകളഞ്ഞു വ്രണം ഉണങ്ങാനുള്ള മരുന്നു വയ്ക്കേണ്ടതാണ്. തിളപ്പിച്ചതോ ശുദ്ധീകരിച്ചതോ ആയ വെള്ളമേ രോഗി കുടിക്കാവൂ.

ഗിനി റിപ്പബ്ളിക്

ഒരു പശ്ചിമാഫ്രിക്കൻ രാഷ്ട്രം. 1958-ൽ ആണ് ഇതു നിലവിൽവന്നത്. ഫ്രെഞ്ചുപശ്ചിമാഫ്രിക്കയുടെ ഭാഗമായിരുന്നു. പടിഞ്ഞാറു ഭാഗത്ത് അത്‌ലാൻറിക്സമുദ്രവും പോർത്തുഗീസ് ഗിനിയും, വടക്ക് സെനഗൽ, മാലി എന്നീ റിപ്പബ്ളിക്കുകളും, കിഴക്കും തെക്കും ഐവറികോസ്റ്റ്, ലൈബീരിയ, സിറാലിയോൺ എന്നിവയുമാണ് അതിരുകൾ. കോനാക്രി ആണ് തലസ്ഥാനം. വിസ്തൃതി 2,45,856 ച.കി. മീറ്റർ. ജനസംഖ്യ 55,63,000(1986).

ഭൂപ്രകൃതി: ഗിനിയുടെ തീരപ്രദേശം താണതും അരികുകളിൽ കണ്ടൽമരങ്ങൾ വളർന്നതുമാണ്. നദീമുഖങ്ങൾ ഇതിനെ പലതായി ഭാഗിക്കുന്നു. ചതുപ്പുനിലമുള്ള പ്രദേശങ്ങളാണധികം. ഗിനിയെ നാലു ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്: ലോവർഗിനി, മധ്യഗിനി, അപ്പർഗിനി, ദക്ഷിണഗിനി എന്നിങ്ങനെ. ലോവർഗിനിക്കു 48-88 വരെ കി.മീ. വീതിയുണ്ട്. വളവുള്ള നദികളാണ് ഇവിടെയുള്ളത്. ഇവ ഡെൽറ്റകളുണ്ടാക്കുന്നു. ഇവിടത്തെ പാറകളിൽ ആകമാനം ചെങ്കൽ മൂടിക്കിടക്കുന്നു. അഗ്നിപർവതശിലകൾ നിറഞ്ഞ കാക്കൗലിമാ പർവതം, കാലൗം ഉപദ്വീപ്, ടോംബോദ്വീപ്, ലോസ് ഐലൻഡ്സ് എന്നിവ ഇവിടെയുണ്ട്. ടോംബോയിലാണു തലസ്ഥാനമായ കോനാക്രി സ്ഥിതിചെയ്യുന്നത്. ഫുട്ടാ ജാല്ലൻ പർവതവിഭാഗമാണു മധ്യഗിനിക്കു രൂപം നല്കുന്നത്. 77,000 ച.കി.മീറ്ററാണ് ഇതിൻെറ വിസ്തൃതി. പീഠഭൂമികളും മണൽക്കൽ നിരകളും കൊണ്ടു നിറഞ്ഞതാണ് ഈ പ്രദേശം. റിപ്പബ്ളിക്കിൻെറ വടക്കുകിഴക്കു ഭാഗമാണ് അപ്പർഗിനി. പുല്ലുമൂടിയ സമതലപ്രദേശങ്ങളും ചെറുമരങ്ങൾ നിറഞ്ഞ വെളിംപ്രദേശങ്ങളുമാണ് ഇവിടെയുള്ളത്. ടിങ്കിസ്സോനദി ഈ പ്രദേശത്തുകൂടി ഒഴുകുന്നു.

സിറാലിയോണിനും ഉത്തരലൈബീരിയായ്ക്കും ഇടയ്ക്കുള്ള ഉൾപ്രദേശമാണു ദക്ഷിണഗിനി. ഇവിടെയുള്ള നിംബാപർവതത്തിൽ കരിങ്കൽനിരകളും ധാരാളം ക്വാർട്ട്സൈറ്റുമുണ്ട്.

കാലാവസ്ഥ: ആർദ്രമായ ഉഷ്ണമേഖലാപ്രദേശമാണ് ഇത്. മുഖ്യമായും രണ്ടു കാലാവസ്ഥകളുണ്ട്: ഡിസംബർ മുതൽ ജൂൺവരെ വരണ്ട കാലാവസ്ഥയും ജൂൺ മുതൽ ഡിസംബർവരെ ഈർപ്പമുള്ള കാലാവസ്ഥയും. വരൾച്ചയുള്ളപ്പോൾ വടക്കുകിഴക്കു ഭാഗത്തുനിന്നു പൊടിനിറഞ്ഞ ഒരുതരം കാറ്റ് (ഹാർമാറ്റൻ) അടിക്കുന്നു.

കൈതത്തോട്ടം. വെയിൽ ഏല്ക്കാതിരിക്കാൻ ചക്കയുടെ മേൽ ഇലകൾ കൂട്ടിക്കെട്ടിയിരിക്കുന്നു.

തുറസ്സായ ചരിവുകളിലും തീരപ്രദേശത്തിനടുത്തും മഴ ധാരാളം ലഭിക്കുന്നു.

കൃഷി: തീരപ്രദേശത്തു സമതലങ്ങളിൽ എണ്ണപ്പന ധാരാളമായി വളരുന്നു. ഗിനിപ്ലം, ഗിനിപീച്ച് എന്നിവയും ഇവിടെയുണ്ട്. ഓറഞ്ച്, നാരങ്ങ, വാഴ, കാപ്പി, കൈതച്ചക്ക എന്നിവയാണു മുഖ്യകൃഷിവിഭവങ്ങൾ.

ജന്തുക്കൾ: കൃഷ്ണമൃഗങ്ങൾ ഇവിടെ ധാരാളമായുണ്ട്. ആന, സിംഹം, മാൻ തുടങ്ങിയ പലതരം ജന്തുക്കളും വലിയ നദികളിൽ ഹിപ്പൊപൊട്ടാമസും ഉണ്ട്. മുതല, വിഷപ്പാമ്പ് എന്നിവയാണു മറ്റു ജന്തുക്കൾ.

ജനങ്ങൾ: മുസ്ലീങ്ങൾ 69%, ആദിവാസികൾ 29.5%, മറ്റുള്ളവർ 1.5%.

പ്രസിഡൻറാണ് ഇവിടത്തെ ഭരണാധിപനും സൈന്യത്തലവനും. പ്രസിഡൻറിനെ സഹായിക്കുന്നതിന് ഒരു സൈനികസമിതി ഉണ്ട്. രാജ്യത്തെ 36 സംസ്ഥാനങ്ങളായി ഭാഗിച്ചിട്ടുണ്ട്. പ്രാദേശിക ഭരണനിർവഹണത്തിനു തിരഞ്ഞെടുക്കപ്പെട്ട ഗ്രാമകൗൺസിലുകളുണ്ട്. ഔദ്യോഗികഭാഷ ഫ്രെഞ്ച് ആണ്.

പ്രകൃതിവിഭവങ്ങൾ: സിഗ്വിരിക്കടുത്തുള്ള സ്വർണനിക്ഷേപങ്ങൾ ആഫ്രിക്കക്കാരുപയോഗപ്പെടുത്തിയിരുന്നു. അടുത്തകാലത്തായി ദക്ഷിണഗിനിയിൽനിന്നു വജ്രവും ഖനനം ചെയ്യപ്പെടുന്നു. 1961-ൽ ഈ വ്യവസായങ്ങളെല്ലാം ദേശസാത്കരിക്കപ്പെട്ടു. ലോവർഗിനിയിലെ കാലൗം ഉപദ്വീപിലുള്ള ഇരുമ്പയിർ നിക്ഷേപങ്ങൾ ഉപയോഗപ്പെടുത്തിത്തുടങ്ങിയത് 1953 മുതലാണ്. ഫ്രെഞ്ചു ഭരണത്തിൻെറ അവസാനത്തിൽ 10,00000 ടണ്ണോളം ഇരുമ്പയിർ പ്രതിവർഷം കയറ്റുമതി ചെയ്യാറുണ്ടായിരുന്നു. ബോക്സൈറ്റ് നിക്ഷേപങ്ങളും ഇവിടെ ധാരാളമായുണ്ട്. ലോസ് ഐലൻഡ്സ്, ഡാബോളാ, കിൻഡ്യാ, മാലി അതിർത്തി എന്നിവിടങ്ങളിലാണു ബോക്സൈറ്റ് കണ്ടുവരുന്നത്.

1958 ഡിസംബർ 12-നു ഗിനി ഐക്യരാഷ്ട്രസംഘടനയിൽ അംഗമായി. ദേശീയമൊത്തവരുമാനം 181 കോടി യു.എസ്. ഡോളർ; ആളോഹരി വരുമാനം 305 ഡോളർ. കർഷകർ 40%, ഖനനജോലിക്കാർ 13.4%, വ്യാപാരികൾ 21.5%, പൊതുഭരണം, സൈന്യം 11.8%. റെയിൽ 584 കി.മീറ്റർ, റോഡ് 28,400 കി. മീറ്റർ. ദിനപത്രം ഒന്ന്, പ്രചാരം 20000 പ്രതി: (250 പേർക്ക് ഒന്ന്). ശിശുമരണനിരക്ക് 1000-ന് 159.

ഗിന്നസ് ബുക്ക് ഒഫ് വേൾഡ് റെക്കോഡ്സ്

എല്ലാ രംഗങ്ങളിലുമുള്ള ലോകറെക്കോഡുകൾ രേഖപ്പെടുത്തുന്ന പ്രസിദ്ധീകരണം. 1955-ൽ ഈ പ്രസിദ്ധീകരണം ആരംഭിച്ചത്, അയർലൻഡിലെ ഒരു മദ്യനിർമാണ കമ്പനിയായ ആർതർ ഗിന്നസ് ആൻറ് സൺസ് ആണ്. കമ്പനിയുടെ തലസ്ഥാനം ഡബ്ലിനിലും പിന്നീടു ലണ്ടനിലും ആയിരുന്നു. 1866-ൽ രജിസ്റ്റർ ചെയ്ത ഈ കമ്പനി ബിയർ നിർമാണത്തിൽ ലോകപ്രശസ്തി നേടി. മദ്യഷാപ്പുകളിൽ ഉണ്ടാകാറുള്ള ചില്ലറ കശപിശകൾ പറഞ്ഞൊതുക്കുന്നതിനുള്ള നിയമപുസ്തകമായി വിഭാവനം ചെയ്ത ഈ പുസ്തകം (ഒന്നാം പതിപ്പ് 198 പേജ്) ഇന്നു ലോകത്തിൽ ഏറ്റവും കൂടുതൽ വില്പനയുള്ള ഗ്രന്ഥങ്ങളിലൊന്നാണ്. 24 ഭാഷകളിൽ അച്ചടിക്കുന്നു. ഗിന്നസ് ബുക്കിൻെറ 1986-ലെ പതിപ്പ് ഇതുവരെ 50 ദശലക്ഷത്തിലേറെ കോപ്പികൾ വിറ്റതായി അവർ അവകാശപ്പെട്ടിരിക്കുന്നു. പതിനയ്യായിരത്തിലേറെ ശീർഷകങ്ങളുള്ള ഈ പുസ്തകത്തിൽ ഇന്ത്യ 39 പ്രാവശ്യം പ്രത്യക്ഷപ്പെടുന്നുണ്ട്. മനുഷ്യകമ്പ്യൂട്ടർ എന്നു വിശേഷിപ്പിക്കപ്പെടുന്ന ശകുന്തളാദേവി, ഏറ്റവും കൂടുതൽ നീളമുള്ള തലമുടിയുടെ ഉടമയായ തമിഴ്നാട്ടിലെ തിരുവാടുതുറൈ മഠത്തിലെ സ്വാമി പണ്ടാരസന്നിധി (തലമുടിക്ക് 8 മീറ്റർ) 30,000ത്തിലേറെ പാട്ടുകൾ റിക്കോഡ് ചെയ്തിട്ടുള്ള ലതാമങ്കേഷ്കർ, 600ലേറെ ചിത്രങ്ങളിൽ അഭിനയിച്ച പ്രേംനസീർ, ഒരു ദിവസം 833 കണ്ണ് ഓപ്പറേഷൻ നടത്തിയ പദ്മഭൂഷൺ എം.സി. മോഡി, 42 മീറ്റർ നീളമുള്ള നടുബ്ഭാഗം എന്ന (കേരളത്തിലെ) ചുണ്ടൻ വള്ളം, 81-ാം വയസ്സിൽ പ്രധാനമന്ത്രിസ്ഥാനം നേടിയ വൃദ്ധനായ മൊറാർജിദേശായി, 70 മീറ്റർ പൊക്കമുള്ള കുത്തബ്മിനാർ, ഏറ്റവും കൂടുതൽ ടെസ്റ്റ് സെഞ്ചറി നേടിയ സുനിൽ ഗവാസ്കർ, 68-ാം വയസ്സിൽ ഫസ്റ്റ് ക്ലാസ് ക്രിക്കറ്റുകളിച്ച കേണൽ സി.കെ. നായിഡു എന്നീ ഇനങ്ങൾ ഇന്ത്യയുടെ വകയായി ഇതിൽ കാണാം.

ഗിന്നസ്, സർ അലക് (1914—   )

നാടക-ചലച്ചിത്രനടൻ. അരങ്ങത്തും തിരശ്ശീലയിലും ഒരുപോലെ ശോഭിച്ചു. ഒട്ടേറെ ക്ലാസിക് കഥാപാത്രങ്ങളെ അവതരിപ്പിച്ചു. അഭിനയവൈദഗ്ധ്യം മുൻനിർത്തി സർ സ്ഥാനം നല്കപ്പെട്ടു (1959).

1914 ഏപ്രിൽ രണ്ടിനു ലണ്ടനിൽ ജനിച്ചു. സ്കൂൾ വിദ്യാർഥിആയിരിക്കെത്തന്നെ അഭിനയത്തിൽ അഭിരുചി പ്രദർശിപ്പിച്ചിരുന്നു. പരസ്യക്കമ്പനിയിൽ കോപ്പിറൈറ്റർ ആയിട്ടാണു ജീവിതം ആരംഭിച്ചത്. 1934-ൽ ലണ്ടനിലെ ഹാമർസ്മിത്ത് കിങ്ഗസ് തിയേറ്ററിൽ ഒരു എക്സ്ട്രാ ആയി ചേർന്നു. മൂന്നു വർഷത്തിനുശേഷം ജോൺ ഗീൽഗഡിൻെറ നാടകക്കമ്പനിയിൽച്ചേർന്ന് റിച്ചേർഡ് II (1937) ദ് സ്കൂൾ ഫോർ സ്കാൻഡൽ (1937) ദ് മെർച്ചൻറ് ഒഫ് വെനീസ് (1938) തുടങ്ങിയ നാടകങ്ങളിൽ അഭിനയിച്ചു. 1938-ൽത്തന്നെ ലണ്ടനിലെ ഓൾഡ് വിക് തീയേറ്ററിൽ ഹാംലറ്റ് അവതരിപ്പിച്ചു. 1948-ൽ ടെൽഫ്ത്ത് നൈറ്റും. 1942—-43-ലാണു ന്യൂയോർക്ക് നാടകവേദിയിൽ അലക് പ്രത്യക്ഷപ്പെട്ടത്.

ചാൾസ് ഡിക്കൻസിൻെറ ഗ്രേറ്റ് എക്സ്പെക്റ്റേഷൻസ് ആണ് അലക് അഭിനയിച്ച ആദ്യ ചലച്ചിത്രം (1946). തുടർന്ന് ഒലിവർ *ട്വിസ്റ്റ്* (1948), *കൈൻഡ് ഹാർട്ട്സ് ആൻഡ് കൊറോനിറ്റ്സ്* (1949), *ദ് ലാവൻഡർ ഹിൽ മോബ്* (1951), *ദ് മാൻ ഇൻ ദ് വൈറ്റ് സ്യൂട്ട്* (1951), *ദ് കാപ്ടൻസ് പാരഡൈസ്* (1953) തുടങ്ങിയ ചിത്രങ്ങളിൽ അഭിനയിച്ചു. *ദ് ബ്രിജ് ഓൺ ദ് റിവർ ക്വായ്* (1957) എന്ന ചിത്രത്തിലെ അഭിനയത്തിന് അക്കാദമി അവാർഡ് ലഭിച്ചു 1980-ൽ അഭിനയപാടവത്തിനുള്ള സ്പെഷ്യൽ അക്കാദമി അവാർഡും ഇദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. *ദ് മഡ്ലാർക്ക്* (1950), *ദ് സ്വാൻ* (1956), *ദ് സ്കേപ്ഗോട്ട്* (1959), *ട്യൂൺസ് ഒഫ് ഗ്ലോറി* (1960), *എ മെജോറിറ്റി ഒഫ് വൺ* (1961), *ഔവർ മാൻ ഇൻ ഹാവന*(1960), *ലോറൻസ് ഒഫ് അറേബ്യ* (1962), *ഡോ. ഷിവാഗോ* (1965), *ദ് കോമേഡിയൻസ്* (1967), *ബ്രദർ സൺ, സിസ്റ്റർ മൂൺ* (1973), തുടങ്ങിയവയാണ് ഇദ്ദേഹം അഭിനയിച്ച മറ്റു പ്രസിദ്ധ ചിത്രങ്ങൾ. ഡിലൻ റ്റോമസിൻെറ ജീവിതത്തെ അധികരിച്ചുള്ള ചിത്രത്തിൽ (ഡിലൻ) കവിയുടെ ഭാഗം അഭിയനിച്ചതും (1964) സ്മരണീയമാണ്.

ഗിൻസ്ബർഗ്, അല്ലൻ. (1926—   )

ബീറ്റ് പ്രസ്ഥാനത്തിൻെറ നേതാക്കളിൽ ഒരാളായ അമേരിക്കൻ കവി. ഇദ്ദേഹത്തിൻെറ 'ഹൌൾ' (1956) എന്ന കവിത ബീറ്റ് പ്രസ്ഥാനത്തിൽപ്പെട്ടവരുടെ ആരാധ്യകൃതിയാണ്. ഈ കവിത ഭൗതികവാദത്തെ എതിർക്കുകയും നിന്ദിതരോടും പീഡിതരോടും അനുഭാവം പ്രകടിപ്പിക്കുകയും ചെയ്തു. വാൾട്ട് വിറ്റ്മാൻ, വില്യം ബ്ലെയ്ക് എന്നിവരുടെ കവിതപോലെ ശക്തമായ ഭാഷയിൽ എഴുതപ്പെട്ടതാണ് 'ഹൌൾ' എന്ന കവിത.

യു.എസിലെ ന്യൂജെഴ്സിയിൽ നെവാർക്ക് എന്ന സ്ഥലത്ത് 1926 ജൂൺ 3-നു ജനിച്ചു. കൊളംബിയാ സർവകലാശാലയിൽനിന്നു ബിരുദം നേടിയശേഷം പല ജോലികളും നോക്കി. ഒടുവിൽ മുഴുവൻ സമയവും കവിതയെഴുത്തുതന്നെ ജോലിയാക്കി. കലാകേന്ദ്രങ്ങൾ, സർവകലാശാലകൾ, ഭക്ഷണശാലകൾ എന്നിവിടങ്ങളിലെല്ലാം കവിത പാടി കേൾപ്പിച്ചുകൊണ്ടു ചുറ്റി നടന്നു. 1957-നു ശേഷം യൂറോപ്പിലും തെക്കെ അമേരിക്കയിലും ആഫ്രിക്കയിലും ഇന്ത്യയിലും സഞ്ചരിച്ചു. ബുദ്ധമതത്തിലേക്ക് ആകൃഷ്ടനായി. *എംപ്റ്റിമിറർ, കാഡിഷ്, റിയാലിറ്റി സാൻഡ്‌വിച്ചസ്* എന്നിവയാണു മുഖ്യ കൃതികൾ. 1972 മുതൽ '77 വരെയുള്ള കാലത്ത് ഇദ്ദേഹമെഴുതിയ കവിതകൾ വേറെത്തന്നെ സമാഹരിക്കപ്പെട്ടിട്ടുണ്ട്. പീഡിതരോടുള്ളസഹാനുഭൂതി, സാമൂഹികമായ അനീതികളോടുള്ള അമർഷം, ആധ്യാത്മികമായ ഉൾക്കാഴ്ച എന്നിവയാണു ഗിൻസ്ബർഗിൻെറ കവിതകളുടെ സവിശേഷതകൾ.



ഗിബ്ബൺ

ഒരിനം ആൾക്കുരങ്ങ്. ഇന്ത്യയിലെയും മലയയിലെയും കാടുകളിൽ കണ്ടുവരുന്നു. ഹൈലോബാറ്റിഡെ കുലത്തിലാണു സ്ഥാനം. ആറോളം സ്പീഷീസുണ്ട്. പ്രധാനപ്പെട്ട സ്പീഷീസുകൾ ഇവയാണ്:

സാധാരണ പേര്	ശാസ്ത്രനാമം
സയാമാങ് (siamang)	*ഹൈലോബേറ്റ്സ് സിൻഡാക്റ്റലസ് (Hylobates syndactalus)*
കറുത്ത ഗിബ്ബൺ (black gibbon)	*ഹൈലോബേറ്റ്സ് കോൺകോളർ (Hylobates concolor)*
ഹുലോക്ക് ഗിബ്ബൺ (hoolock gibbon	*ഹൈലോബേറ്റ്സ് ഹുലോക്ക് (Hylobates hoolock)*
കറുത്ത കയ്യുള്ള ഗിബ്ബൺ (black handed gibbon)	*ഹൈലോബേറ്റ്സ് എജിലിസ് (Hylobates.* agilis)
വെളുത്ത കയ്യുള്ള ഗിബ്ബൺ (white handed gibbon)	*ഹൈലോബേറ്റ്സ് ലാർ (Hylobates lar)*
ക്ലോസസ് ഗിബ്ബൺ (Kloss's gibbon)	*ഹൈലോബേറ്റ്സ് ക്ലോസി. (Hylobates klossii)*

ഏറ്റവും വലിയ സ്പീഷീസ് സയാമാങ് തന്നെ. ശരീരത്തിന് ഏദേശം 90 സെൻറീമീറ്റർ നീളം ഉണ്ട്. ശരീരത്തെക്കാൾ നീളമുള്ള മെലിഞ്ഞ ശരീരം എന്നിവ ഗിബ്ബണിൻെറ പ്രത്യേകതകളാണ്. സയാമാങ്ങിൻെറ ഭുജത്തിനു 150 സെൻറീമീറ്ററോളം നീളംവരും. സയാമാങ് ഒഴിച്ചുള്ള മറ്റു സ്പീഷീസുകളുടെ പൊക്കം 40 സെ.മീറ്ററിനും 90 സെ.മീറ്ററിനും ഇടയ്ക്കാണ്. അഞ്ചു മുതൽ പതിമുന്നു വരെ കിലോഗ്രാം ഭാരമുണ്ട്.

ഗിബ്ബൺ വിവിധ നിറങ്ങളിൽ വരുന്നു. ഹുലോക്ക് ഗിബ്ബണിൽ ആൺജീവിക്കു കറുപ്പും പെൺജീവിക്കു തവിട്ടുനിറവുമാണ്. മിക്ക സ്പീഷീസിലും കുട്ടികൾക്ക് ഇളം ചാരനിറം ആയിരിക്കും. സയാമാങ്ങിന് കഴുത്തിനോടു ചേർന്ന് ഒരു സഞ്ചിയുണ്ട്. സഞ്ചി വീർപ്പിച്ച് ഉച്ചത്തിൽ ശബ്ദം പുറപ്പെടുവിക്കും. നിവർന്നുനിന്നുകൊണ്ടു കൈവിരലുകൾ നിലത്തുന്നാൻ ഗിബ്ബണ് വിഷമമില്ല.

കായ്കനികളും തളിരിലയുമാണ് പ്രധാനാഹാരം. ചെറിയ പ്രാണികളെയും ഭക്ഷിക്കാറുണ്ട്. വൃക്ഷശിഖരങ്ങളിൽ ഒറ്റക്കയ്യ് പിടിച്ചു തൂങ്ങിക്കിടന്നാണു പഴങ്ങൾ പറിച്ചുതിന്നുന്നത്.

അഞ്ചും ആറും ചേർന്ന കൂട്ടങ്ങളായി ജീവിക്കുന്നു. എല്ലാ കാലത്തും ഇണ ചേരാറുണ്ട്. സയാമാങ്ങിന് ഗർഭകാലം എട്ടുമാസമാണ്; ബാക്കിയുള്ളവയ്ക്ക് ഏഴു മാസവും. ഒരു തവണ ഒരു കുഞ്ഞേ ഉണ്ടാകൂ. കുഞ്ഞിനെ പോറ്റിവളർത്തുന്നതു പെൺകുരങ്ങാണ്. കൂട്ടിലിട്ടിരുന്ന ഗിബ്ബൺ മുപ്പതുവർഷം ജീവിച്ചിരുന്നിട്ടുണ്ട്.

ഗിബ്ബൺ, എഡ്വേഡ് (1737—'94)

ബ്രിട്ടീഷ് ചരിത്രകാരൻ. റോമാസാമ്രാജ്യത്തിൻെറ അന്ത്യഘട്ടത്തെപ്പറ്റി ഇദ്ദേഹം എഴുതിയ ഗ്രന്ഥം (ദി ഡിക്ലൈൻ ആൻഡ് ഫാൾ ഒഫ് ദ റോമൻ എമ്പയർ) ലോകപ്രസിദ്ധമാണ്. ബാല്യം മുതൽതന്നെ വായനശീലം സ്വായത്തമാക്കിയ ഗിബ്ബണ് സാധാരണരീതിയിലുള്ള വിദ്യാഭ്യാസം നേടാൻ അനാരോഗ്യമൂലം സാധിച്ചിരുന്നില്ല. 16-ാം വയസ്സിൽ ഓക്സ്ഫെഡിലെ മഗ്ദലൻ കോളെജിൽ ചേർന്നെങ്കിലും അവിടെയും പഠനം പൂർത്തിയാക്കാതെ മടങ്ങേണ്ടിവന്നു. ഗിബ്ബൻെറ ശരിയായ വിദ്യാഭ്യാസം നടന്നത് ലൂസന്നേയിൽ ഒരു കാൽവിനിസ്റ്റ് വൈദികൻെറ കീഴിലായിരുന്നു. അവിടെവച്ചു ലത്തീൻ ക്ലാസിക്കൽ ഗ്രന്ഥങ്ങളും ജോൺ ലോക്ക്, മൊന്തെസ്ക്യൂ, പാസ്കൽ തുടങ്ങിയവരുടെ കൃതികളും പഠിച്ചതിനുശേഷം 1758-ൽ ഇംഗ്ലണ്ടിൽ തിരിച്ചുവന്നു സാഹിത്യവിഷയകമായ ഒരു ഉപന്യാസസമാഹാരം ലത്തീനിൽ പ്രസിദ്ധീകരിച്ചു. രണ്ടു കൊല്ലം സൈനികസേവനമനുഷ്ഠിച്ചശേഷം ഒരു ദീർഘപര്യടനമാരംഭിച്ചു.

1764-ൽ റോമിലെത്തി. അവിടത്തെ താമസിത്തിനിടയ്ക്കു ഭാവിയിൽ ചെയ്യാനിരിക്കുന്ന ഗ്രന്ഥരചനയുടെ ആസൂത്രണം പൂർത്തിയാക്കിയെങ്കിലും അത് ആരംഭിക്കാൻ ഒരുമ്പെട്ടില്ല. റോംനഗരത്തിൻെറ നഷ്ടാവശിഷ്ടങ്ങളും ചരിത്രരേഖകളും ശാസനങ്ങളും നാണയങ്ങളും മറ്റും നിഷ്കൃഷ്ടപഠനത്തിനു വിഷയമാക്കിക്കൊണ്ടിരിക്കെ പിതാവുമരിക്കുകയും ഇംഗ്ലണ്ടിലേക്കു മടങ്ങേണ്ടിവരികയും ചെയ്തു (1770). നാലുവർഷങ്ങൾക്കുശേഷം പാർലമെൻറിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. ഒപ്പം ഒരു പ്രധാന സർക്കാരുദ്യോഗവും വഹിക്കേണ്ടിവന്നു. എന്നാൽ 1775-ൽ ഭരണകൂടം മാറിയതോടുകൂടി ഈ രണ്ടു സ്ഥാനങ്ങളും ഗിബ്ബണ് നഷ്ടപ്പെട്ടു. അതോടുകൂടി സ്വദേശത്തോടു വിടവാങ്ങുകയും ലൂസന്നേയിൽ സ്ഥിരതാമസമുറപ്പിക്കുകയും ചെയ്തു.

അവിടെവച്ചാണു ഗിബ്ബൺ തൻെറ പ്രശസ്തിക്ക് ആധാരഭൂതമായ 'റോമാസാമ്രാജ്യത്തിൻെറ തകർച്ചയും പതനവും' (Decline and fall of the Roman Empire) എന്ന ബൃഹദ്ഗ്രന്ഥപരമ്പരയുടെ രചനയും പ്രസിദ്ധീകരണവും ആരംഭിച്ചത്. 1775-ൽ അതിൻെറ ആദ്യത്തെ വാല്യം പുറത്തുവന്നു. 1787-ൽ രണ്ടും മൂന്നും, 1788-ൽ നാലും അഞ്ചും ആറും വാല്യങ്ങളും അനുക്രമമായി പ്രസിദ്ധീകരിക്കപ്പെട്ടു. അതിൻെറ സമഗ്രതയും അതു നല്കുന്ന അറിവിൻെറ സമൃദ്ധിയും അതുൾക്കൊള്ളുന്ന സാഹിത്യഭംഗിയും ആഖ്യാനപാടവവും ഈ ഗ്രന്ഥപരമ്പരയ്ക്കു 'ചരിത്രത്തിൻെറ ഒരു പുതിയ തത്ത്വശാസ്ത്രം' എന്ന ബഹുമതി നേടിക്കൊടുത്തു. ഏതാണ്ട് ഒന്നേമുക്കാൽ ശതാബ്ദക്കാലത്തെ വിമർശനാത്മകമായ വിലയിരുത്തലിൽ ഒരുതരത്തിലുള്ള അംഗഭംഗവും നേരിടാതെ അത് ഇന്നും ആ പ്രസ്ഥാനത്തിലെ ഏറ്റവും ഉത്തമമായ നിദർശനമായി നിലകൊള്ളുന്നു. ഇഷ്ടവും അനിഷ്ടവുമായ കാര്യങ്ങൾ ഇതിൽ വെട്ടിത്തുറന്നു പറയാൻ ഇദ്ദേഹം മടിക്കുന്നില്ലെങ്കിലും ക്ലാസ്സിക്കൽ റോമിനോടുള്ള തൻെറ പക്ഷപാതിത്വം ഒളിച്ചുവയ്ക്കാൻ ഒരിടത്തും ശ്രമിക്കുന്നില്ല.



എഡ്വേഡ് ഗിബ്ബൺ
(ഛായാചിത്രം. ലണ്ടനിലെ നാഷനൽ
പോർട്രെയ്റ്റ് ഗാലറി)

'റോമിൻെറ പതന'ത്തിനു പുറമെ വേറെയും ചില ഗ്രന്ഥങ്ങൾ ഇദ്ദേഹമെഴുതിയിട്ടുണ്ട്—ഫ്രെഞ്ചിലും ഇംഗ്ലീഷിലും. സാഹിത്യപരവും (Memoires litteraires dela Grande Bretange: Critical Observations on the Sixth Book of Aeneid; Vindications തുടങ്ങിയവ) ചരിത്രപരവും (Antiquities of the House of Brunswick) ആത്മകഥാപരവും (Memoirs of My Life and Writings) ആയ പല കൃതികളും ഇവയിൽ ഉൾപ്പെടുന്നു.

ഉത്തമ ചരിത്രകാരനുണ്ടായിരിക്കേണ്ട യാഥാർഥ്യബോധം, സൂക്ഷ്മത, നിരീക്ഷണപാടവം, സംഭവങ്ങൾ തമ്മിലുള്ള ആകസ്മികബന്ധത്തെക്കുറിച്ചുള്ള വിലയിരുത്തൽ എന്നീ ഗുണങ്ങൾ ഗിബ്ബൻെറ ചരിത്രഗ്രന്ഥത്തിൽ ഉടനീളം കാണാവുന്നതാണ്. ചരിത്രഗവേഷണം ഇത്രയധികം പുരോഗമിച്ചിട്ടും, ഗിബ്ബൻെറ 'റോമിൻെറ പതനത്തിൽ' ഗൗരവപ്പെട്ട തെറ്റുകൾ എന്തെങ്കിലും ഉള്ളതായി ആരും ചൂണ്ടിക്കാണിച്ചിട്ടില്ല.

ഗിബ്ബറെല്ലിൻ (gibberellin)

ഒരിനം സസ്യഹോർമോണുകൾ. സസ്യങ്ങളുടെ വളർച്ചയ്ക്കു സഹായിക്കുന്നു. †ഓക്സിനുകളാണു മറ്റൊരിനം.

1920-ൽ ജപ്പാനിൽ നെല്ലിനെ ബാധിച്ച 'ഫൂളിഷ് സീഡ്ലിങ് ഡിസീസ്' എന്ന രോഗമാണു ഗിബ്ബറെല്ലിൻെറ കണ്ടുപിടിത്തത്തിനു കാരണമായത്. രോഗം ബാധിച്ച ചെടികളുടെ തണ്ട് (steam) അസാധാരണ ഉയരത്തിൽ വളരുന്നതു കണ്ടു. പക്ഷെ, ആനുപാതികമായി വേരു വളർന്നില്ല. ചെടികൾ നശിക്കാനിടയാക്കിയ രോഗാണു *ഗിബ്ബറെല്ലാ ഫ്യൂജിക്കുറോയ്* എന്നു ശാസ്ത്രനാമമുള്ള ഫംഗസ്സായിരുന്നു. ഈ ഫംഗസ് സ്രവിച്ച ഗിബ്ബറെല്ലിൻ ഹോർമോൺ തണ്ടിൻെറ പൊക്കം കൂടുന്നതിന് ഇടയാക്കി .എന്നാൽ വേരിൻെറ വളർച്ചയ്ക്ക് ഇതു സഹായിക്കുന്നില്ല.

ഫംഗസിൻെറ പേരിൽനിന്നാണു ഗിബ്ബറെല്ലിൻ എന്ന പേരു വന്നത്. ഇതിൽനിന്നുതന്നെയാണ് ആദ്യമായി ഹോർമോണിനെ വേർതിരിച്ചതും.

വിത്തു മുളയ്ക്കുന്നതിനും വിളവ് വർധിപ്പിക്കുന്നതിനും മുഴുത്ത ഫലങ്ങൾ ഉത്പാദിപ്പിക്കുന്നതിനും ഗിബ്ബറെല്ലിൻ സഹായിക്കുന്നു.

വാണിജ്യാടിസ്ഥാനത്തിൽ ഗിബ്ബറെല്ലിൻ ഫംഗസ്സിൽനിന്ന് ഉത്പാദിപ്പിക്കുന്നുണ്ട്.

ഗിബ്സ്, ജയിംസ് (1682-1754)

സ്കോട്ലൻഡുകാരനായ വാസ്തുശില്പവിദഗ്ധൻ.ഇറ്റാലിയൻ-ഇംഗ്ലീഷ് വാസ്തുശില്പ രീതികളുടെ സമന്വയത്തിലൂടെ ഒരു നൂതന രീതി ആവിഷ്കരിച്ച കലാകാരൻ.



ലണ്ടനിലെ സെൻറ്മാർട്ടിൻ ദേവാലയം.
ഗിബ്സിൻെറ വാസ്തുശില്പം.

1682 ഡിസംബർ 23-ന് സ്കോട്‌ലൻഡിൽ ഫുട്ട്ഡീസ് മയർ എന്ന സ്ഥലത്തു ജനിച്ചു. ഇറ്റലിയിലാണു പഠനം നിർവഹിച്ചത്. 1709-ൽ ഇംഗ്ലണ്ടിലെത്തി മാർ എന്ന പ്രദേശത്തെ പ്രഭുവിന്റെ കീഴിൽ ഗൃഹനിർമാണത്തിൽ ഏർപ്പെട്ടു. പിന്നീട്, ഒരു പള്ളി നിർമാണത്തിന്റെ ചുമതലയേറ്റു. സെയിന്റ് മേരി ലിസ്ട്രാൻഡ് പള്ളി എന്ന പേരിലാണ് ഈ പള്ളി അറിയപ്പെട്ടത്. ഈ പള്ളിയാണു ഗിബ്സ് ആദ്യമായി നിർമിച്ച പൊതുസ്ഥാപനം. ഇറ്റാലിയൻ ബറോക്ക് ശൈലിയുടെ സ്വാധീനം ഈ പള്ളിയുടെ നിർമിതിയിൽ തെളിഞ്ഞുകണ്ടു. 1720-നു ശേഷം ഗിബ്സിന്റെ നിർമാണശൈലിയിൽ മാറ്റംവന്നു. ഇറ്റാല്യൻ ശൈലിയും ഇംഗ്ലീഷുശൈലിയും സമന്വയിപ്പിച്ചു സ്വന്തമായ ഒരു ശൈലിക്കു രൂപം കൊടുക്കാനായിരുന്നു ഗിബ്സിന്റെ പിന്നത്തെ ശ്രമം. 'സെയിന്റ് മാർട്ടിൻ ഇൻ ദ ഫീൽഡ്' എന്ന ശില്പമാണ് ഗിബ്സിനെ പ്രസിദ്ധനാക്കിയത്. പല ബ്രിട്ടീഷ്-അമേരിക്കൻ പള്ളികൾക്കും ഇതു മാതൃകയായിത്തീർന്നു. ഇദ്ദേഹം വാസ്തുശില്പത്തെക്കുറിച്ചു രചിച്ച ഗ്രന്ഥമാണ് 'എ ബുക്ക് ഒഫ് ആർകിറ്റക്ചർ'. 1754 ഓഗസ്റ്റ് 5-ന് നിര്യാതനായി.

ഗിബ്സ്, ജോസിയ വില്ലാഡ് (Gibbs, Josiah Willard, 1839-1903)

യു.എസ്സിൽ ജനിച്ച ശാസ്ത്രജ്ഞന്മാരിൽ ഏറ്റവും പ്രഗല്ഭനെന്നു പരിഗണിക്കപ്പെടുന്ന സൈദ്ധാന്തിക ഭൗതികജ്ഞനും രസതന്ത്രജ്ഞനും. ഇദ്ദേഹത്തിന്റെ താപഗതിക സിദ്ധാന്ത പ്രയോഗ പദ്ധതി ഭൗതിക രസതന്ത്രത്തെ (physical chemistry) ആനുഭവികത്തിൽ നിന്ന് (empirical) നിഗമനാത്മക (deductive) ശാസ്ത്രമാക്കിത്തീർത്തെന്നു പറയാം.

യേൽ സർവകലാശാലയിലെ വിശുദ്ധ സാഹിത്യവിഭാഗത്തിന്റെ പ്രൊഫസറായിരുന്ന ജോസിയ വില്ലാഡ് ഗിബ്സിന്റെ നാലു മക്കളിൽ ഒരാളായ ഗിബ്സ് 1839 ഫെബ്രുവരി 11-ാം തീയതി ന്യൂഹേവനിൽ ജനിച്ചു. അവിടത്തെ ഹോപ്കിൻ സൺസ് ഗ്രാമർ സ്കൂളിലായിരുന്നു പ്രാരംഭവിദ്യാഭ്യാസം. ആരോഗ്യം കുറവായിരുന്നതിനാൽ പാഠ്യവിഷയങ്ങളിൽ മാത്രം ശ്രദ്ധിച്ചു ജീവിച്ചു. ആ രംഗത്ത് അധികം സമ്മാനങ്ങളും അംഗീകാരങ്ങളും നേടുകയുംചെയ്തു. പ്രാഥമികബിരുദം സമ്പാദിച്ചശേഷം ഗവേഷണത്തിൽ ഏർപ്പെട്ടു. 1863-ൽ എൻജിനിയറിംഗിൽ ഗവേഷണബിരുദം സമ്പാദിച്ചു. യു.എസ്സിൽ, ഈ വിഷയത്തിലുള്ള ആദ്യത്തെ ഗവേഷണ ബിരുദമായിരുന്നു ഇത്. അതേകൊല്ലം യേൽ സർവകലാശാലയിൽ അധ്യാപകനായി ചേർന്നു.

നേരത്തെ മാതാപിതാക്കന്മാർ അന്തരിച്ചതിനാൽ രണ്ടു സഹോദരന്മാരോടൊത്ത് ഇദ്ദേഹം യൂറോപ്പിലേക്കു പോയി. പാരീസ് ബെർലിൻ, ഹൈഡൽബർഗ് എന്നിവിടങ്ങളിലായി മൂന്നുകൊല്ലം (1866-1869) ഗണിതശാസ്ത്രം, ഭൗതികം എന്നീ വിഷയങ്ങളിൽ യൂറോപ്പിലെ വിഖ്യാതരും പ്രാമാണികരുമായ പണ്ഡിതന്മാരുടെ പ്രസംഗങ്ങൾ കേട്ടു. അവരുടെ ധൈഷണിക സമ്പ്രദായം സ്വാംശീകരിക്കുവാൻ സാധിച്ചുവെന്നതാണു പഠനങ്ങളുടെ ഫലം. യു.എസ്സിലേക്കു മടങ്ങുമ്പോൾ ഗിബ്സിന്റെ മാനസികഭാവവും പഠനപദ്ധതിയുമൊക്കെ ഒരു യൂറോപ്യൻ ശാസ്ത്രജ്ഞന്റേതുപോലെ ആയിത്തീർന്നെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രകാരൻ പ്രസ്താവിച്ചിട്ടുണ്ട്.



ജയിംസ് വാട്ടിന്റെ ആവിയന്ത്രം മെച്ചപ്പെടുത്തുന്നതിനുള്ള പ്രയത്നത്തിലാണ് കൂടുതൽ സമയം വിനിയോഗിച്ചത്.

യേൽ സർവകലാശാലയിലെ ഗണിതശാസ്ത്ര പ്രൊഫസറായി 1871-ൽ നിയമിതനായി. ഇത്തരത്തിൽ യു.എസ്സിലെ ആദ്യത്തെ നിയമനമായിരുന്നു ഇത്. പദവിയല്ലാതെ ശമ്പളം അതിനുണ്ടായിരുന്നില്ല.

ജീവിതത്തിന്റെ ബാക്കികാലമത്രയും ഇദ്ദേഹം അവിടെതന്നെയാണു ചെലവഴിച്ചത്. പണ്ഡിതസഭകളിൽ പങ്കെടുക്കുവാൻ തല്പരനായില്ല. സ്വന്തം ആശയങ്ങൾ ചർച്ചചെയ്യുന്നതിനുപോലും ഒരു കൂട്ട് അദ്ദേഹത്തിനുണ്ടായിരുന്നുമില്ല. പ്രൊഫസർപദത്തിൽ പ്രവേശിക്കുന്ന കാലത്ത് പ്രധാനപ്പെട്ടതും മൗലികവുമായ പ്രബന്ധം പ്രസിദ്ധീകരിച്ചിരുന്നില്ല. അവയിൽ ആദ്യത്തേതും (Graphical Methods in the Thermodynamics of Fluids) അതിനെ തുടർന്നുള്ളതും (A Method of Geometrical Representation of the Thermodynamic Properties of Substances by Means of Surfaces,) 1873-ൽ പ്രസിദ്ധപ്പെടുത്തി. ഏറ്റവും പ്രസിദ്ധവും പ്രധാനപ്പെട്ടതുമായ കൃതി 1876-ൽ ആണ് പ്രകാശനം ചെയ്തത്. (On the Equilibrium of Heterogeneous Substances) ആശയങ്ങളുടെ പുതുമയും അവ പ്രകാശിപ്പിക്കുന്നതിന് ഇദ്ദേഹം സ്വീകരിച്ച സംക്ഷിപ്തരീതിയും കാരണം ഗവേഷണഫലങ്ങൾ വിപുലമായി ശ്രദ്ധിക്കപ്പെട്ടില്ല. വിൽഹെം ഓസ്റ്റ്വാൾഡ് (Wilhem Ostwald) ജെർമൻ ഭാഷയിൽ പരിഭാഷപ്പെടുത്തി 1891-ൽ പ്രസിദ്ധപ്പെടുത്തിയ ശേഷമാണ് അവയ്ക്കു പ്രാമാണ്യം ലഭിച്ചത്. ജയിംസ് ക്ലാർക്ക് മാക്സ്വെൽ ആണ് അവയുടെ പ്രാധാന്യം കണ്ട ആദ്യത്തെ പ്രാമാണികൻ.

ഗിബ്സിന്റെ കണ്ടുപിടുത്തങ്ങളുടെ പ്രായോഗികഫലം ഉപയോഗപ്പെടുത്തുവാൻ അക്കാലത്തെ അന്തരീക്ഷം അനുകൂലമായിരുന്നില്ല. ഒതുങ്ങി ജീവിച്ചിരുന്ന ഇദ്ദേഹം അതിൽ വ്യാകുലപ്പെട്ടുമില്ല. അമേരിക്കൻ ഫിസിക്കൽ സൊസൈറ്റിയിൽപോലും ഇദ്ദേഹം അംഗമായിരുന്നില്ല.

അമേരിക്കൻ ശാസ്ത്രരംഗത്തെ അതികായൻ എന്നാണ് ആ കാലഘട്ടത്തിൽ ആധികാരിക ചരിത്രകാരനായ ഹെന്റി ആഡംസ് ഗിബ്സിനെ വിശേഷിപ്പിച്ചത്. 1903 ഏപ്രിൽ 28-ന് ന്യൂഹേവനിൽ ഗിബ്സ് അന്തരിച്ചു.

ഗിയർ

തിരിഞ്ഞുകൊണ്ടിരിക്കുന്ന ഒരു ഷാഫ്ടിൽനിന്നു മറ്റൊന്നിലേക്ക് ബലമോ ചലനമോ പ്രേഷണം ചെയ്യുന്നതിനു യന്ത്രങ്ങളിലുള്ള ഒരു സാങ്കേതിക പദ്ധതി. ഷാഫ്ടിൽനിന്നു ചലനത്തെ സ്ലൈഡിലേക്കു പ്രേഷണംചെയ്യുന്നതിനും ഗിയറുകൾ ഉപയോഗിക്കാം. സ്പർഗിയറുകൾ, ബിവൽഗിയറുകൾ, വോംഗിയറുകൾ, സർപ്പിള(Spiral)ഗിയറുകൾ, ഹെലിക്കൽ ഗിയറുകൾ, ശൃംഖലാഗിയറുകൾ എന്നിങ്ങനെ പ്രവർത്തനരീതി അനുസരിച്ചുള്ള വർഗീകരണപ്രകാരം ആറുതരം ഗിയറുകൾ ആണു മുഖ്യമായുള്ളത്.

അക്ഷത്തോടു സമാന്തരമായ പല്ലുകളുള്ള ചക്രങ്ങളാണു സ്പർഗിയറുകൾ. സമാന്തരമായ ഷാഫ്ടിങ് രേഖകൾക്കിടയ്ക്കു ശക്തി പ്രേഷണം നടത്തുന്നതിനുപയോഗിക്കുന്നതിവയാണ്. ചരിഞ്ഞ ഉപരിതലത്തിലുറപ്പിച്ചിരിക്കുന്ന പല്ലുകളുള്ള ചക്രങ്ങളാണു ബിവൽഗിയറുകൾ. ലംബമായി ഛേദിക്കുന്ന ഷാഫ്ടുകളിലേക്കു ശക്തി പ്രേഷണംചെയ്യുന്നതിനാണിവ ഉപയോഗിക്കുന്നത്. ഒരു സ്ക്രൂവും പൽച്ചക്രവും ചേർന്നതാണു വോംഗിയറുകൾ. ഒരേ തലത്തിലല്ലാതെ ലംബമായി ഛേദിക്കുന്ന ഷാഫ്ടുകളിലേക്കു ചലനം പ്രേഷണംചെയ്യുന്നതിനിവ ഉപയോഗിക്കപ്പെടുന്നു. വളരെ കുത്തനെയായ പിരിയിടയുള്ള (pitch) സ്ക്രൂകളുടെ ഭാഗങ്ങൾ ചേർന്നുണ്ടാകുന്നതാണു സർപ്പിള(spiral)ഗിയറുകൾ. ഒരേ തലത്തിലല്ലാതെ ന്യൂനകോണിൽ കുറുകെ കടക്കുന്ന ഷാഫ്ടുകളുടെയിടയ്ക്കു ചലനം പ്രേഷണം ചെയ്യുന്നതിനാണിവ ഉപയോഗിക്കപ്പെടുന്നത്. പൽചക്രങ്ങളും പിനിയനുകളും(pinions) ചേർന്നുണ്ടാകുന്നവയാണു ഹെലിക്കൽ ഗിയറുകൾ. 23° സർപ്പിളകോണിലുള്ള ഒരു രേഖയിലാണു പല്ലുകൾ ഘടിപ്പിച്ചിരിക്കുന്നത്. ഒറ്റയ്ക്കിവ വളരെ ചുരുക്കമായേ ഉപയോഗിക്കാറുള്ളു. ഒരു അക്ഷീയപ്രണോദം (axial thrust) ഉണ്ടാകുന്നതാണിതിനു കാരണം. ഇവ ഒരു വീതികൂടിയ V-യുടെ ആകൃതിയിൽ മുറിച്ചുവയ്ക്കാറുണ്ട്. ഇതിനെ ഡബിൾഹെലിക്കൽ ഗിയറിങ് എന്നാണു പറയുന്നത്. ഗിയറുകളിലേക്കുംവച്ചേറ്റവും പൂർണമായത് ഇതാണെന്നു കരുതപ്പെടുന്നു. ശക്തിയുടെ 98 ശതമാനവും പല ഘട്ടങ്ങളിലായി പ്രേഷണംചെയ്യുവാനിതിനു സാധിക്കും. ഇത്തരം ഗിയറുകൾ മിക്കവാറും ശബ്ദരഹിതമാണ്. ചലനത്തെ ഉത്ക്രമിപ്പിക്കേണ്ട (reverse)



പലതരം
ഹെലിക്കൽ ഗിയറുകൾ.



വോം ഗിയർ

സന്ദർഭങ്ങളിൽ ട്രിപ്പിൾ ഹെലിക്കൽ ഗിയറുകൾ ഉപയോഗിക്കുന്നു. ഇവയെക്കൂടാതെ ബിവെൽഡ് ഹെലിക്കൽ ഗിയറുകളും ഉപയോഗത്തിലുണ്ട്. പ്രത്യേക ആകൃതിയുള്ള പല്ലുകളോടുകൂടിയ രണ്ടു ചക്രങ്ങളാണു ശൃംഖലാഗിയറുകളിലുള്ളത്. ദൂരത്തുള്ള ഷാഫ്ടുകളിലേക്കു ചലനം പ്രേഷണംചെയ്യുന്നതിനിതുപയോഗിക്കുന്നു. പരന്നു തുറന്ന കള്ളികളോടുകൂടിയ അഗ്രമില്ലാത്ത (endless) ചങ്ങലയാണ് ഇതിൽ ശക്തിപ്രേഷണത്തിനുപയോഗിക്കുന്നത്.

ഗിയർ, ഓട്ടൊമൊബീലിൽ

വാഹനങ്ങളിൽ ഉള്ള ഗിയർ സംവിധാനം. വാഹനം ഏതു വേഗത്തിൽ ഓടിയാലും എൻജിൻ വേഗം ഒരു നിശ്ചിത പരിധിക്കകത്താകത്തക്കവിധത്തിൽ എൻജിന്റെയും ചക്രങ്ങളുടെയും വേഗങ്ങളുടെ അനുപാതം മാറ്റുന്നതിനുള്ള സംവിധാനമാണ് ഈ ഗിയർവ്യൂഹത്തിലുള്ളത്. വാഹനം ഓടിത്തുടങ്ങുമ്പോഴും കയറ്റം കയറുമ്പോഴും, സമതലത്തിലൂടെ കൂടിയ വേഗത്തിൽ പോകുമ്പോഴും എൻജിന്റെയും ചക്രങ്ങളുടെയും വേഗാനുപാതം വ്യത്യസ്തമായിരിക്കണം.

ഒന്നാം ഗിയറിൽ ഈ അനുപാതം ഏറ്റവും വലുതായിരിക്കും; അതായതു ചക്രങ്ങളുടെ കറക്കം ഏറ്റവും സാവധാനത്തിലാകും. വാഹനം ഓടിത്തുടങ്ങുമ്പോഴും കുത്തനെ കയറുമ്പോഴും മറ്റും ഈ ക്രമീകരണം വേണം. വാഹനത്തിന്റെ വേഗം വർധിപ്പിക്കേണ്ടിവരുന്നതോടെ 2, 3 എന്നിങ്ങനെ ക്രമമായി 'ടോപ്' ഗിയറിലെത്താം. ഈ അവസ്ഥയിൽ ചക്രങ്ങളുടെ വേഗം എൻജിൻ വേഗത്തോട് ഏറ്റവും അടുത്തുവരും. ഓരോ ഗിയർ നിലയിലും എൻജിനു മുഴുവൻ ശക്തിയും പറ്റും. പക്ഷേ, എൻജിനു വാഹനത്തെ മുന്നോട്ടുവലിക്കുവാനുള്ള ശക്തി (pulling power) കൂടുതൽ വേണമെങ്കിൽ എൻജിൻ ഉയർന്ന വേഗത്തിൽ നിലനിർത്തിക്കൊണ്ടുതന്നെ ചക്രങ്ങളുടെ വേഗം കുറയ്ക്കണം. അതിനായി ഗിയർ താഴ്ത്തിക്കൊണ്ടുവരണം. †ഓട്ടൊമൊബീൽ ശബ്ദാവലി, †ഡിഫ്രൻഷ്യൽ ഗിയർ നോക്കുക.

ഗിയാസുദീൻ തുഗ്ലക്ക് (തുഗ്ലക്ക് ഷാ, ?–1325)

ദില്ലിയിലെ തുഗ്ലക്ക് വംശസ്ഥാപകൻ. 1320 മുതൽ 1325 വരെ ഇദ്ദേഹം ദില്ലി സുൽത്താനായിരുന്നു. ബാൽബന്റെ കീഴിൽ അടിമയായിരുന്നു ഇദ്ദേഹത്തിന്റെ പിതാവ്. ഗാസിമാലിക്ക് എന്നാണ് ആദ്യത്തെ പേര്. അല്ലാവുദ്ദീൻ ഖിൽജിയുടെ കീഴിൽ ഉദ്യോഗസ്ഥനായിരുന്നു. ആ നിലയിൽ വടക്കുപടിഞ്ഞാറൻ അതിർത്തിപ്രദേശം മങ്ഗോൾ ആക്രമണത്തിൽനിന്നും രക്ഷപ്പെടുത്തി. 1320-ൽ ദില്ലി പിടിച്ചടക്കിയ ഖുസ്ദേവിനെ ഇദ്ദേഹം പരാജയപ്പെടുത്തി. സെപ്റ്റംബറിൽ ചില പ്രഭുക്കന്മാരുടെ സഹായത്തോടുകൂടി ഗിയാസുദ്ദീൻ തുഗ്ലക്ക് എന്ന പേരിൽ സുൽത്താനായി. അഞ്ചു കൊല്ലമേ ദില്ലി ഭരിച്ചുള്ളുവെങ്കിലും ആ കാലഘട്ടത്തിൽ ദില്ലി സിംഹാസനം സുരക്ഷിതമാക്കി. വാറങ്കലിലെ കാകതീയ രാജാവായ പ്രതാപരുദ്രദേവൻ രണ്ടാമനെ തോല്പിച്ചു. ബംഗാളിലെ ഗിയാസുദ്ദീൻ ബഹദൂരിനെയും തോല്പിച്ചു. ചുരുങ്ങിയ കാലത്തിനുള്ളിൽ ഭരണം കാര്യക്ഷമമാക്കി. അന്യായമായ എല്ലാ ഭൂനികുതികളും റദ്ദാക്കി. സൂബേദാർമാരായി കഴിവുള്ളവരെ നിയമിച്ചു. പല ജലസേചനപദ്ധതികൾ ആവഷ്കരിച്ചു. നീതിന്യായപാലനം നിഷ്പക്ഷമാക്കി. പോസ്റ്റൽ പദ്ധതി നടപ്പിലാക്കിയതും ഇദ്ദേഹമാണ്. അമീർ ഖുസ്രു മുതലായ പ്രസിദ്ധ കവികളുടെ രക്ഷാകർതൃത്വവും ഇദ്ദേഹത്തിനായിരുന്നു. അപകടത്തിൽ പെട്ടാണ് ഗിയാസുദ്ദീൻ ചരമമടഞ്ഞത്.

ഗിരിജനങ്ങൾ

ഗിരിതടങ്ങളിൽ വസിക്കുന്ന ആദിവാസികൾ. പ്രത്യേക ആചാരാനുഷ്ഠാനങ്ങൾ ഇവർക്കുണ്ട്. ഒരു ഗോത്രം അനേകം കുടുംബങ്ങൾ ചേർന്നതാണ്. സാധാരണഗതിയിൽ ഗിരിവർഗത്തിന് ഒരു തലവനുണ്ടായിരിക്കും. എന്നാൽ ഒരേ പ്രദേശത്തു താമസിച്ചതുകൊണ്ടോ ഒരേ സംസ്കാരപാരമ്പര്യമുള്ളവരായതുകൊണ്ടോ മാത്രം ഒരുകൂട്ടം മനുഷ്യർ ഒരു ഗോത്രക്കാരായിത്തീരുന്നില്ല. അടുത്തടുത്തു വസിച്ചിരുന്നവർ ഉറ്റ ശത്രുക്കളായി കഴിഞ്ഞിരുന്ന കഥകളും അപൂർവമല്ല. ഒരേ രീതിയിലുള്ള ചില കാര്യങ്ങൾ അടുത്തു കഴിയുന്ന രണ്ടു വിഭാഗക്കാർക്കുണ്ടാകുന്നത് അവരുടെ ശത്രുത വർധിപ്പിക്കുന്നതിനാണ് മിക്കവാറും സഹായകമാകുന്നത്. എന്നാൽ ഒരു ഗിരിവർഗത്തിലെ വ്യക്തികളെ ഒരുമിപ്പിച്ചുനിർത്തുന്ന അതിപ്രധാനമായ തന്തു അവർക്കു സ്വസമുദായത്തോടുള്ള കൂറാണ്.

തങ്ങളുടെ പിതാമഹന്മാർ തലമുറകളായി കൈമാറി കാത്തുസൂക്ഷിച്ച സംസ്കാരപാരമ്പര്യത്തിനു യാതൊരു കോട്ടവും തട്ടാതെ ഇവർ കാത്തുസൂക്ഷിക്കുന്നു. ഇതിനുവേണ്ടി ജീവത്യാഗംതന്നെ നടത്താൻ ഗിരിവർഗക്കാർ തയാറാണ്. ലോകത്തിനു വരുന്ന മാറ്റങ്ങളും പുറമെനിന്നുള്ള ആളുകളുടെ ഇടപെടലും കാരണം ഇവരുടെ സംസ്കാരത്തിനും ജീവിതരീതിക്കും അടുത്തകാലത്ത് ഗണ്യമായ മാറ്റങ്ങൾ വരുന്നതായി കാണാം.

പുറമെനിന്നുള്ളവരെ ഗിരിവർഗക്കാർ നല്ലവരായി അംഗീകരിക്കുന്നില്ല. പുറത്തുനിന്നു വരുന്ന ആളിനോടുള്ള പെരുമാറ്റം ക്രൂരമായിരിക്കും.

മരണശേഷമുള്ള ബലിയിടലും പൂജയും ഗിരിജനങ്ങളുടെ ഇടയിൽ നിഷ്കർഷയോടെ നടത്തപ്പെടുന്നു. പുരോഹിതന് സമുദായമധ്യേ നല്ലൊരു സ്ഥാനമുണ്ട്. പുരോഹിതന് മന്ത്രശക്തിയുള്ളതുകൊണ്ട് മറ്റുള്ളവരെക്കാൾ ഉന്നതനായി ഗണിക്കപ്പെടുന്നു. ഗിരിജനങ്ങൾക്ക് ലിഖിത നിയമങ്ങളൊന്നുമില്ല. മതപരമായ ജീവിതവും വളരെ പ്രാകൃതമാണ്. നരബലിപോലും നടത്തുന്ന പല ഗിരിവർഗക്കാർ ഇന്നും ലോകത്തുണ്ട്. അനേകം ദേവികളും ദേവന്മാരുമുണ്ട് ഇവർക്ക്. പലപ്പോഴും രോഗത്തിനു ചികിത്സ മന്ത്രവാദവും കൊട്ടും പാട്ടും നൃത്തവും മറ്റുമായിരിക്കും. ചില ഫലമൂലാദികളും മരുന്നായി ഇവരുപയോഗിക്കാറുണ്ട്.

സന്തോഷാവസരങ്ങളിൽ ഗിരിജനത തിമിർത്ത് നൃത്തംചെയ്യുന്നു. ഓരോ ഗോത്രത്തിനും പാരമ്പര്യമായിട്ടുള്ള സ്വഭാവവിശേഷങ്ങൾ അവരുടെ നൃത്തങ്ങളിൽ പ്രതിഫലിക്കുന്നു. ഹൃദ്യമായ ഒരു ഗാനരീതിയും പ്രത്യേകതരം സംഗീതോപകരണങ്ങളും ഐതിഹാസികമായ നാടോടിപ്പാട്ടുകളും ഗിരിജനങ്ങൾക്കുണ്ട്. പല കാലങ്ങളായി പല കണ്ഠങ്ങളിൽക്കൂടി പകർന്നെത്തിയ പാട്ടുകളിൽ ചരിത്രാംശങ്ങളും ആചാരവിശേഷങ്ങളും തങ്ങിനില്ക്കുന്നുണ്ട്.

ഇന്ത്യയിൽ ആകെ ഇവരുടെ സംഖ്യ രണ്ടുകോടിയോളം വരും.

ഇതിൽ ഒരു ലക്ഷത്തോളം കേരളത്തിലാണ്. ഗിരിപ്രദേശങ്ങളിലുണ്ടായ ഉണർവ് പതുക്കെയെങ്കിലും ഗിരിജനതയെ ആധുനികതയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നു. †ആദിവാസികൾ നോക്കുക.

ഗിരിജാകല്യാണം

ഒരു പഴയ മലയാളകാവ്യം. കർത്താവ് ആരെന്ന് ഇന്നും വിവാദവിഷയമാണ്. നളചരിതം ആട്ടക്കഥ രചിച്ച ഉണ്ണായിവാരിയരുടെ (1675-1755) കൃതിയാണ് ഇതെന്നു പല ഭാഷാഗവേഷകന്മാരും പറയുന്നു. വാരിയർ തൃശൂർ താമസിച്ചു ശിവഭജനം നടത്തിക്കൊണ്ടിരുന്ന കാലത്താണ് ഇതു നിർമിച്ചതെന്ന് ഉള്ളൂർ ഖണ്ഡിതമായി പ്രസ്താവിക്കുന്നുണ്ട്. (കേ. സാ. ച. 3-ാം വാല്യം 37-ാം അദ്ധ്യായം). ‘അരിയഭാഷയായി-ഗിരിജാകല്യാണം ഞാനുരചെയ്യുന്നേനെന്നാൽ’ എന്നു പറഞ്ഞുകൊണ്ട് നേരിട്ടുതന്നെ പ്രതിപാദ്യത്തിൽ പ്രവേശിക്കുകയാണു വാര്യർ. കവിയുടെ അതിരുകടന്ന പ്രാസഭ്രമവും സംസ്കൃതപദപ്രയോഗബാഹുല്യവും പ്രചാരലുപ്തമായ മലയാളപദങ്ങൾ കൊണ്ടുള്ള നിരങ്കുശമായ പെരുമാറ്റവും ഇതിൽ ഉടനീളം കാണാം. രചന ‘നാളീകേരപാക’ത്തിലാണ്. പണ്ഡിതന്മാരെപോലും കുഴക്കുന്ന കൃതിയാണ് ഇത്. ‘ഗീർവാണ കേരള ഭാഷാവിമിശ്രിതം’ എന്നു കവി തന്നെ ഈ കൃതിയെ വിശേഷിപ്പിക്കുന്നു. ‘വിഭക്തിയുണ്ടെന്നാകിൽ പഠിച്ച് പാടിക്കൊൾവിൻ’ എന്നാണ് അനുവാചകരോട് ഇദ്ദേഹം പറയുന്നത്.

ഗിരിജാദേവി (1929—)

ആധുനിക ഹിന്ദുസ്ഥാനി സംഗീതപ്രതിഭകളുടെ നിരയിൽ മുൻപന്തിയിൽ വർത്തിക്കുന്ന ഗായിക. 1929-ൽ ജനിച്ചു. സംഗീതപ്രിയനായ പിതാവ് ശ്രീ രാമദാസ് റായ്, ചെറുപ്പത്തിൽത്തന്നെ മകൾക്കു സരജുപ്രസാദ് മിശ്ര, ശ്രീചന്ദ് മിശ്ര തുടങ്ങിയ ആചാര്യന്മാരുടെ കീഴിൽ പഠിക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുത്തു. ആകാശവാണിയുടെയും മറ്റു പ്രമുഖ സംഘടനകളുടെയും സംഗീത സമ്മേളനത്തിൽ ഗിരിജാദേവിക്കു സ്ഥിരമായൊരു സ്ഥാനമുണ്ട്. ‘സേനി’ ഘരാനയുടെ കലാകാരിയായ ഈ ഗായിക ഠുമ്രീ, ഭജന , ലോക്ഗീത്, കജറീ, ദാദ്ര എന്നിവ കൈാര്യം ചെയ്യുന്നതിലും സമർഥയാണ്.

ഗിരിപ്രഭാഷണം

ക്രിസ്തുവിൻെറ മുഖ്യ പ്രഭാഷണം. സെൻറ് മാത്യുവിൻെറ സുവിശേഷത്തിൽ അഞ്ച്, ആറ്, ഏഴ് അധ്യായങ്ങളിലായി രേഖപ്പെടുത്തിയിരിക്കുന്നു.

ഗലീലിയാ തടാകത്തിൻെറ വടക്കു പടിഞ്ഞാറുഭാഗത്ത് ഒരു ചെറിയ കുന്നുണ്ട്. ഇതിൻെറ മുകളിൽനിന്നാണു വിശ്വവിഖ്യാതമായ ഗിരിപ്രഭാഷണം ക്രിസ്തു നടത്തിയതെന്നാണു വിശ്വാസം. പലപ്പോഴായി വ്യത്യസ്ത അവസരങ്ങളിൽ നടത്തിയ പ്രഭാഷണങ്ങൾ ക്രോഡീകരിച്ചെഴുതിയിരിക്കുന്നതാണു ഗിരിപ്രഭാഷണം.

അഷ്ടഭാഗ്യങ്ങളുടെ പ്രഖ്യാപനത്തോടെയാണു (മാത്യു 5:3-12) ഗിരിപ്രഭാഷണം ആരംഭിക്കുന്നത്. തികച്ചും ആധ്യാത്മികമായ അർഥമാണു ഗിരിപ്രഭാഷണത്തിലെ ഭാഗങ്ങൾക്കുള്ളത്. ജീവിതസമഗ്രതയ്ക്കുള്ള മാർഗങ്ങളാണ് അവ തുറന്നുകാണിക്കുന്നത്. ഹീബ്രു കാവ്യ ശൈലിയിലാണു ഗിരിഗീതയുടെ പല ഭാഗങ്ങളുടെയും രചന. സമാനവാക്യപ്രയോഗം ഹീബ്രു കാവ്യ ശൈലിയുടെ ഒരു പ്രത്യേകതയാണ്.

1. ‘വിശുദ്ധമായതു നായ്ക്കൾക്കിട്ടു കൊടുക്കരുത്’, ‘മുത്തുകൾ പന്നികളുടെ ഇടയിൽ വിതറുകയുമരുത്’.
2. ‘അന്വേഷിപ്പിൻ കണ്ടെത്തും’ ‘മുട്ടുവിൻ തുറക്കപ്പെടും’ ‘ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും’.

എന്നിങ്ങനെ ഒരേ ആശയം വീണ്ടുംവീണ്ടും പറഞ്ഞു കാര്യം വിശദമാക്കുന്നത് ഈ ശൈലിയുടെ പ്രത്യേകതയാണ്.

ക്രിസ്തുവിൻെറ അനുയായികൾ ഭൂമിയുടെ ഉപ്പും, ലോകത്തിൻെറ ദീപവുമായിരിക്കുവാൻ ഗിരിപ്രഭാഷണത്തിൽ ആവശ്യപ്പെടുന്നു (5:13-16). ജീവിതത്തിലും പ്രവർത്തനത്തിലും എന്തു പ്രമാണമാണു സ്വീകരിക്കേണ്ടതെന്നതിനെപ്പറ്റി ദീർഘമായി (5: 17-48)ത്തന്നെ ക്രിസ്തു ഉപദേശിക്കുന്നുണ്ട്. പ്രമാണങ്ങൾ, കൊലപാതകം, ബലി, ശത്രുസ്നേഹം, സത്യം, വിവാഹമോചനം, പ്രതികാരം എന്നിവയെപ്പറ്റിയുള്ള പഴയനിയമങ്ങൾക്കു നൂതനവ്യാഖ്യാനങ്ങൾ നല്കിയാണ് ഇതു സാധിച്ചിരിക്കുന്നത്.

ദാനധർമം, പ്രാർഥന എന്നിവയെപ്പറ്റി പ്രസംഗിച്ചപ്പോഴാണു മനോഹരവും പ്രസിദ്ധവുമായ ‘സ്വർഗസ്ഥനായ പിതാവേ...’ എന്ന പ്രാർഥന ക്രിസ്തു പഠിപ്പിച്ചത്. മനുഷ്യൻെറ ആധ്യാത്മികവും ഭൗതികവുമായ ആവശ്യങ്ങളെപ്പറ്റി ഇതിൽ പരാമർശം ഉണ്ട്. കാപട്യമില്ലാത്ത ഉപവാസം, സ്വർഗത്തിൽ സമ്പാദിക്കേണ്ട നിധി, കണ്ണുകളുടെ നിയന്ത്രണം, ഈശ്വര പരിപാലനത്തിലുള്ള വിശ്വാസം എന്നിവയെപ്പറ്റിയെല്ലാം ഉള്ള നിബന്ധനകളും ഗിരിപ്രഭാഷണത്തിൽ ഉണ്ട്.

ഗിരിലാൽ ജെയ്ൻ (1922—)

പത്രപ്രവർത്തകനും ഗ്രന്ഥകാരനും. നാല്പതു വർഷത്തിലേറെ ദൈർഘ്യമുള്ളതാണു ജെയ്ൻെറ പത്രപ്രവർത്തനജീവിതം. 1978 മുതൽ ഒരു ദശകക്കാലം ടൈംസ് ഒഫ് ഇന്ത്യയുടെ ചീഫ് എഡിറ്റർ ആയിരുന്നു.

1922 ജുലായ് 26-നു ഹരിയാനയിലെ പിപ്ളിയിൽ ജനിച്ചു. ബി.എ. ബിരുദം നേടിയശേഷം പത്രപ്രവർത്തനത്തിലേക്കു തിരിഞ്ഞു. 1948-ൽ ഇന്ത്യൻ ന്യൂസ് ക്രോണിക്കിളിൻെറ സബ് എഡിറ്റർ ആയി. 1950-ൽ ടൈംസ് ഒഫ് ഇന്ത്യയിൽ ചേർന്നു. റിപ്പോർട്ടർ, ചീഫ്റിപ്പോർട്ടർ, കറാച്ചിയിലെയും ലണ്ടനിലെയും ലേഖകൻ, അസിസ്റ്റൻറ് എഡിറ്റർ, റെസിഡൻറ് എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചു. ഇന്ത്യൻ കൗൺസിൽ ഒഫ് വേൾഡ് അഫയേഴ്സിലും, ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഡിഫൻസ്സ്റ്റഡീസ് ആൻഡ് അനാലിസിസിലും അംഗമായിരുന്നു. കൃതികൾ: *ഇന്ത്യ മീറ്റ്സ് ചൈന ഇൻ നേപ്പാൾ, പഞ്ച്ശീല ആൻഡ് ആഫ്റ്റർ, വാട്ട് മവോ റിയലി മീൻസ് പാകിസ്താനി മിലിറ്ററി എലൈറ്റ്.*

1989-ൽ പദ്മഭൂഷൺ ബഹുമതി ലഭിച്ചു.

ഗിരി, വി.വി. (1894–1980)

ഇന്ത്യയുടെ നാലാമത്തെ രാഷ്ട്രപതി. ഇന്ത്യയിലെ തൊഴിലാളി പ്രസ്ഥാനത്തിൻെറ സമുന്നതനേതാവ്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സജീവനേതൃത്വം വഹിച്ചു.

1894 ഓഗസ്ററ് 10-ാം തീയതി ഒറീസ്സയിൽ ഗഞ്ചാംജില്ലയിലെ (അന്ന് മദ്രാസ് പ്രസിഡൻസിയിലെ ഒരു ജില്ല) ബെർഹാംപൂരിൽ ജനിച്ചു. പിതാവു ജോഗയ്യ പന്തലു. ബെർഹാംപൂർ കല്ലിക്കോട്ടെ കോളെജിൽനിന്ന് ബിരുദം നേടി. അയർലൻഡിലെ ഡബ്ലിൻ നാഷനൽ യുണിവേഴ്സിറ്റിയിൽ നിന്ന് ബാരിസ്റ്ററായി. കുട്ടിക്കാലത്തുതന്നെ പൊതുക്കാര്യങ്ങളിൽ തത്പരനായ ഗിരി ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിൽ ആകൃഷ്ടനായിരുന്നു. അയർലൻഡിലെ സ്വാതന്ത്ര്യസമരപ്രസ്ഥാനങ്ങളിലും സഹകരിച്ചു. ഡിവാലറെ, ഡെസ്മോണ്ട് ഫിറ്റ്സ് ജെറാൾഡ് തുടങ്ങിയ നേതാക്കളോടൊപ്പം പ്രവർത്തിച്ചതിൻെറ ഫലമായി 1916-ൽ ബ്രിട്ടീഷുകാർ ഇദ്ദേഹത്തെ ഇന്ത്യയിലേക്കു നാടുകടത്തി.



ഇന്ത്യയിൽ വന്ന ഗിരി ദേശീയ-സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളിലും ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലും മുഴുകി. അഖിലേന്ത്യാ ട്രേഡ്‌യൂണിയൻ കോൺഗ്രസ്സിൻെറ സ്ഥാപനനേതാക്കളിലൊരാളായ ഇദ്ദേഹമാണ് അഖിലേന്ത്യാ റെയിൽവേമെൻസ് ഫെഡറേഷൻ സ്ഥാപിച്ചത് (1922). അഖിലേന്ത്യാ ട്രേഡ്‌യൂണിയൻകോൺഗ്രസ്സിൻെറ പ്രസിഡണ്ടായി രണ്ടുതവണ ഗിരി സേവനമനുഷ്ഠിച്ചു. അതുപോലെ

റെയിൽവെമെൻസ് ഫെഡറേഷൻ പ്രസിഡണ്ടും സെക്രട്ടറിയുമായിരുന്നു. 1927-ൽ ജനീവാ സമ്മേളനത്തിൽ പങ്കെടുത്തു. 1930-ൽ ലണ്ടനിൽ നടന്ന വട്ടമേശസമ്മേളനത്തിൽ പങ്കെടുക്കാൻ ക്ഷണിക്കപ്പെട്ടുവെങ്കിലും ഗാന്ധിജി അതിൽ പങ്കെടുക്കാതിരുന്നതുകൊണ്ട് ഗിരിയും ക്ഷണം നിരസിച്ചു.

പ്രസിദ്ധമായ ബംഗാൾ-നാഗപ്പൂർ റെയിൽവേപണിമുടക്കിനു നേതൃത്വം നല്കി. അനേകം തൊഴിലാളിസമരങ്ങൾക്കു നേതൃത്വം നല്കുകയും 1939–1946 കാലത്ത് പലതവണ തടവുശിക്ഷ അനുഭവിക്കുകയും ചെയ്തു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിനും പലപ്രാവശ്യം ഇദ്ദേഹം ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

1935-ൽ കേന്ദ്രനിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. അന്ന് ഇദ്ദേഹം ജസ്റ്റിസ്പാർട്ടി നേതാവായിരുന്ന ബോബിലിരാജാവിനെയാണു പരാജയപ്പെടുത്തിയത്. 1937-ൽ മദിരാശി നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ട ഇദ്ദേഹം രാജാജിമന്ത്രിസഭയിൽ തൊഴിൽ, വ്യവസായം, സഹകരണം എന്നീ വകുപ്പുകളുടെ മന്ത്രിയായി. 1946-ൽ വീണ്ടും നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടപ്പോൾ പ്രകാശം മന്ത്രിസഭയിൽ ഒരുവർഷത്തോളം പ്രവർത്തിച്ചു. 1947-ൽ സിലോണിലെ ഹൈക്കമ്മീഷണറായി നിയമിതനായി. 1952-ൽ നടന്ന ഒന്നാം പൊതുതിരഞ്ഞെടുപ്പിൽ ലോക്സഭാംഗമായ ഇദ്ദേഹം കേന്ദ്ര തൊഴിൽമന്ത്രിയായി നിയമിക്കപ്പെട്ടു. പക്ഷേ, ബാങ്ക് അവാർഡ് സ്വീകരിക്കാതിരുന്നതിൽ പ്രതിഷേധിച്ച് 1954-ൽ കേന്ദ്രമന്ത്രിസഭയിൽനിന്നു രാജിവച്ചു. 1957-ൽ യു.പി. ഗവർണറായി നിയമിക്കപ്പെട്ടു. കേരളത്തിലും (1960–'65) മൈസൂറിലും (1965–'67) ഗവർണറായിരുന്നശേഷം 1967-ൽ ഉപരാഷ്ട്രപതിയായി.

1969 മേയിൽ രാഷ്ട്രപതി സാക്കീർ ഹുസൈൻ അന്തരിച്ചതിനെത്തുടർന്നു ഗിരി രാഷ്ട്രപതിയുടെ ചുമതലകൾ ഏറ്റെടുത്തു. രാഷ്ട്രപതിസ്ഥാനത്തേക്കു മത്സരിക്കാൻ ആഗ്രഹം പ്രകടിപ്പിക്കയും ചെയ്തു. എന്നാൽ കോൺഗ്രസ് പാർട്ടി നീലം സഞ്ജീവറെഡ്ഡിയെ രാഷ്ട്രപതിസ്ഥാനാർഥിയാക്കി. 1972 വരെ തുടരാമായിരുന്ന ഉപരാഷ്ട്രപതിസ്ഥാനം രാജിവച്ചു ഗിരി സ്വതന്ത്രനായി രാഷ്ട്രപതിസ്ഥാനത്തേക്കു മത്സരിച്ചു. ഈ സന്ദർഭത്തിലാണു കോൺഗ്രസ് പാർട്ടി പിളർന്നു തുടങ്ങിയത്. പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ പിൻതുണയോടുകൂടി ഗിരി രാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യയിലെ തൊഴിലാളിപ്രസ്ഥാനത്തെക്കുറിച്ചു ഗിരി ചില ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

1980 ജൂൺ 24-നു മദിരാശിയിൽ അന്തരിച്ചു.

ഗിരീഷ്, കർണാട്

†കർണാട്, ഗിരീഷ് നോക്കുക.

ഗിർ

ഒരു കന്നുകാലിവർഗം. തെക്കൻ കാഠിയാവാഡിലെ ഗിർവനങ്ങളിലാണ് ആദ്യം ഇവ ഉണ്ടായിരുന്നത്. ഇന്ന് ഈ വർഗം ക്ഷയിച്ചുവരികയാണ്. സബർമതി(അഹമ്മദാബാദ്)യിലെ ആശ്രമഗോശാലയിലും, കാന്തിവല്ലി(ബോംബെ)യിലെ ബി.എച്ച്.എൻ. ഗോശാലയിലും പൂണെ, ഷോലാപൂർ, നാസിക് എന്നിവിടങ്ങളിലെ പിഞ്ജ്രാപ്പോളുകളിലും ബോംബെയിലെ ആദർശദുഗ്ന്ധാലയത്തിലും വർഗശുദ്ധിയുള്ള ഗിർകന്നുകാലികളെ വളർത്തുന്നു.

പശുക്കൾക്ക് 425 കി. ഗ്രാംവരെ തൂക്കമുണ്ടാവും; കാളകൾക്ക് 600 കി. ഗ്രാംവരെയും. ഉള്ളിലേക്കല്പം ചുരുണ്ടു മടങ്ങിയ ചെവികൾ. അതിൻെറ അറ്റം നേർത്തുവന്നു പിളർന്നിരിക്കുന്നു. ഉയർന്ന നെറ്റിത്തടം. പിന്നാക്കം ചാഞ്ഞു മുന്നോട്ടു വളഞ്ഞ് അറ്റം കൂർത്ത കൊമ്പുകൾ. വെള്ളയിൽ ചുവപ്പുപുള്ളികളാണ് പ്രധാന നിറം. പശുക്കൾ ക്ഷീരോത്പാദനശേഷിയിൽ മികച്ചവയാണ്. ശരാശരി ഒരു കറവക്കാലത്ത് 1750 കിലോഗ്രാം പാൽ തരുന്നു.

ഗിർവനം

ഗുജറാത്തു സംസ്ഥാനത്തെ ജൂനഗഢ് ജില്ലയിലുള്ള വന്യമൃഗസങ്കേതം. സിംഹവിഹാരം എന്ന നിലയ്ക്കു ലോകപ്രസിദ്ധം. ഏഷ്യൻ സിംഹങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി 1913-ൽ സ്ഥാപിച്ചു. 1965-ൽ വന്യമൃഗസങ്കേതമായി അംഗീകരിക്കപ്പെട്ടു. ഇപ്പോൾ നാഷനൽ പാർക്ക് ആണ്. 1295 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള

ഗിർവനത്തിലെ സിംഹങ്ങൾ.
മുകളിൽ: മരത്തിൻെറ മുകളിൽ വിശ്രമിക്കുന്ന സിംഹം.
താഴെ: പെൺസിംഹങ്ങളും സിംഹക്കുട്ടികളും



ഈ റിസർവ് വനപ്രദേശത്ത് 200-ഓളം സിംഹങ്ങൾ ഉണ്ട്. വനപ്രകൃതിയുടെ പശ്ചാത്തലത്തിൽ സിംഹങ്ങളുടെ ആവാസകേന്ദ്രങ്ങളിൽ വച്ചുതന്നെ സന്ദർശകർക്ക് അവയെ കാണാൻ കഴിയും. ഇതിലേയ്ക്കു പ്രത്യേക യാത്രാപരിപാടികൾ സംഘടിപ്പിക്കുന്നു. സിംഹങ്ങൾക്കു പുറമേ, പുള്ളിപ്പുലി, കാട്ടുപന്നി, പലതരം മാനുകൾ തുടങ്ങിയവയും ഇവിടെ കാണപ്പെടുന്നു. സിംഹങ്ങളുടെ വംശവർധനവിനുള്ള ശ്രമം വിജയിക്കുന്നതായി കണക്കുകൾ തെളിയിക്കുന്നു. നൂറുകണക്കിനു സിംഹക്കുട്ടികൾ ഇവിടെ ജനിച്ചിട്ടുണ്ട്. ഇവിടുത്തെ വരണ്ട ഭൂമിയും, വെള്ളം തീരെവറ്റിപ്പോകാത്ത അരുവികളും, അകത്തേക്കു കടക്കുന്തോറും നിബിഡമായിവരുന്ന കാടും, ഗുഹാമുഖങ്ങൾക്കു സൗകര്യം ഉണ്ടാക്കുന്ന പാറക്കെട്ടുകളും സിംഹങ്ങളുടെ വളർച്ചയ്ക്കും വംശവർധനവിനും സഹായിക്കുന്നു. പുള്ളിമാനുകൾ ആണു പ്രധാന ഭക്ഷണം. പരിസരങ്ങളിൽനിന്നു പുല്ലന്വേഷിച്ചു ഈ വനപ്രദേശത്തു കടന്നുകയറുന്ന പശുക്കളും സിംഹങ്ങൾക്ക് ആഹാരമായിത്തീരുന്നു. സിംഹങ്ങളെ കാണാൻപറ്റിയ സമയം വൈകുന്നേരം ആണ്. മറ്റു സമയങ്ങളിൽ ചെന്നെത്തുന്ന സന്ദർശകർക്കു അവയെ ചിലപ്പോൾ കാണാൻ കഴിഞ്ഞെന്നുവരില്ല.

ഗിർവനത്തിനോടുചേർന്ന് ഒരു മുതലവളർത്തൽകേന്ദ്രവും ഉണ്ട്.

ഗിലാമോൺസ്റ്റർ (Gila monster)

വിഷമുള്ള ഒരിനം ഓന്ത്. ഹെലോഡെർമാറ്റിഡെ കുലത്തിൽപ്പെടുന്നു. രണ്ടു സ്പീഷീസുണ്ട്. ശാസ്ത്രനാമം: *ഹെലോഡെർമാ സസ്പെക്റ്റം (Heloderma suspectum), ഹെലോഡെർമാ ഹൊറിഡം (Heloderma horridum)*. ഇവയുടെ നീളം യഥാക്രമം ഏകദേശം 50 സെൻറീമീറ്ററും 80 സെൻറീമീറ്ററും ആണ്. രണ്ടിനും കാഴ്ചയിൽ സാമ്യമുണ്ട്.



ഗിലാമോൺസ്റ്റർ

യു.എസ്സിൻെറ തെക്കുപടിഞ്ഞാറും മെക്സിക്കോയുടെ വടക്കുഭാഗത്തും കണ്ടുവരുന്നു. തടിച്ച ശരീരം. കറുപ്പും ഇളം ചെമച്ചും നിറമുള്ള പുള്ളികളും വരകളും മുത്തുപോലുള്ള ശകുലങ്ങളും സവിശേഷതകളാണ്.

മുട്ട, പക്ഷികൾ, ചെറിയ സ്തനികൾ എന്നിവയെ ഭക്ഷിക്കുന്നു. വാലിൽ സംഭരിക്കുന്ന കൊഴുപ്പു ശീതകാലത്ത് ഉപയോഗിക്കും. വിരളമായേ മനുഷ്യനു വിഷം ഏല്ക്കാറുള്ളൂ.

ഗില്ലോം, ചാൾസ് എഡ്വേഡ് (1861—1938)

സ്വിസ്സ് ഭൗതികജ്ഞൻ. 'ഇൻവാർ' എന്ന നിക്കൽ-സ്റ്റീൽ കൂട്ടുലോഹം കണ്ടുപിടിച്ചതിന് 1920-ൽ ഭൗതികത്തിനുള്ള നൊബേൽസമ്മാനം ലഭിച്ചു.

1861 ഫെബ്രുവരി 15-നു സ്വിറ്റ്സർലൻഡിലെ ഫ്ലൂറിയർ എന്ന സ്ഥലത്തു ജനിച്ചു. സൂറിച്ച്പോളിടെക്നിക്കിൽനിന്നു 1878-ൽ ഗവേഷണബിരുദം നേടി. 1883-ൽ ഫ്രാൻസിലെ സെവ്റസ്സിലുള്ള ഇൻറർനാഷനൽ ബ്യൂറോ ഒഫ് വെയ്റ്റ്സ് ആൻഡ് മെഷേഴ്സ് എന്ന സ്ഥാപനത്തിൽ ചേർന്നു. 1890 മുതൽ കൂട്ടുലോഹങ്ങളെപ്പറ്റിയുള്ള പഠനത്തിൽ ഏർപ്പെട്ടു. പഴയതരം നിക്കൽ-സ്റ്റീൽ കൂട്ടുലോഹങ്ങളിലുള്ള ന്യൂനതകൾ ഇല്ലാത്ത പുതിയതരത്തിൽപ്പെട്ട നിക്കൽ-സ്റ്റീൽ കൂട്ടുലോഹം കണ്ടുപിടിച്ചു. വികാസഗുണാങ്കം (Coefficient of expansion) കുറഞ്ഞതും ഇലാസ്തികത (elasticitis) കൂടിയതുമാണ് ഈ കൂട്ടുലോഹം. ഇതു ശാസ്ത്രോപകരണങ്ങൾ നിർമിക്കുന്നതിന് ഉപയോഗിച്ചുവരുന്നു.

1938 ജൂൺ 13-നു ഫ്രാൻസിലെ സെവ്റസ്സിൽ അന്തരിച്ചു.

ഗില്ലറ്റിൻ (Guillotine)

ഫ്രെഞ്ചുവിപ്ലകാലത്തു ശിരശ്ഛേദത്തിന് ഉപയോഗിച്ചിരുന്ന ഉപകരണം. രണ്ടു തൂണുകൾക്ക് കുറുകെ ഒരു പടി ഉറപ്പിച്ചിരിക്കും. മൂർച്ചയും ചരിഞ്ഞ അരികുമുള്ള ഒരു വലിയ കത്തി ഇതിൽ ഘടിപ്പിച്ചിരിക്കും. അതിനെ താങ്ങിനിർത്തിയിരിക്കുന്നഒരു ചരട് അയയ്ക്കുമ്പോൾ കത്തി താഴേക്കു വരത്തക്കരീതിയിൽ തൂണിൽ പൊഴിയുണ്ട്. ഈ കത്തിയുടെ പുറകിൽ വലിയ ഭാരവും ഘടിപ്പിച്ചിരിക്കും. സഞ്ചാരം സുഗമവും ആഘാതം ശക്തിയേറിയതുമാക്കുന്നതിനാണ് ഇത്. ഇതിനടിയിൽ തല ഒരു തട്ടിൽവച്ച് കുറ്റവാളിയെ നിർത്തുകയും ചരടയ്ക്കുകയും കത്തിവന്ന് ശക്തിയായി വീണു കഴുത്തറ്റുപോകുകയും ചെയ്യും.

ഈ ഉപകരണം നിർദേശിച്ചത് ജോസഫ് ഇഗ്നാസ് ഗില്ലറ്റിൻ (1738–1814) എന്ന ഫ്രെഞ്ചുഡോക്ടറാണ്. ഇദ്ദേഹത്തിൻെറ പേര് ഉപകരണത്തിനും നല്കി. എന്നാൽ ഈ ഉപകരണത്തോടു സമാനമായ ചില ഉപകരണങ്ങൾസ്വിറ്റ്സർലൻഡ്(മെയ്ഡൻ എന്ന പേരിൽ), ജെർമനി, പശ്ചിമ ഫ്രാൻസ്, ഇറ്റലി (മാനൈയാ എന്ന പേരിൽ) എന്നിവിടങ്ങളിലും നിലനിന്നിരുന്നു.

1791-ൽ ഗില്ലറ്റിൻ ആവിഷ്കരിച്ചമാതിരി ഒരുപകരണം നിർമിക്കുന്നതിനു ഡോക്ടർ അൻേറാണി ലൂയിസിനോട് ഫ്രാൻസിലെ നാഷനൽ അസംബ്ലിയിലെ ലെജിസ്ലേഷൻ കമ്മിറ്റി ആവശ്യപ്പെട്ടു. ആവുന്നത്ര വേദനാരഹിതമായ മരണമുണ്ടാക്കുന്നതായിരിക്കണം ഉപകരണമെന്നു പ്രത്യേകം നിർദേശമുണ്ടായിരുന്നു. 1792 മാർച്ച് 7-ന് ഇത്തരം ഒരുപകരണം ലൂയിസ് നിർമിച്ചു. ആശുപത്രികളിലെ മൃതദേഹങ്ങളിലും ആടുകളിലും പരിശോധിച്ചശേഷം ഇതംഗീകരിക്കപ്പെടുകയും 1792 മാർച്ച് 20-ന് ലൂയിസറ്റെ എന്ന് ഇതിനു പേരിടുകയും ചെയ്തു. എന്നാൽ പിന്നീടു പത്രക്കാർ ഗില്ലറ്റിൻ എന്ന പേരാണു പ്രചരിപ്പിച്ചത്. ഡി. ഗ്രേവ് എന്ന സ്ഥലത്താണ് ഇതു സ്ഥാപിച്ചത്. അതിനാൽ ലൂയിസറ്റെ എന്ന പേര് വിസ്മൃതമായി. 1792 ഏപ്രിൽ 25-ന് നിക്കോളാസ് ജാക്വസ് പെല്ലറ്റീർ എന്നയാളിനെയാണ് ഈ ഉപകരണമുപയോഗിച്ച് ആദ്യം വധിച്ചത്. പിന്നീട് ഈ ഉപകരണംകൊണ്ടു ധാരാളം വധങ്ങൾ നടത്തി. ഗില്ലറ്റിന് ഇരയായവരാണ് ലവോയിസിയർ എന്ന ശാസ്ത്രജ്ഞനും ഫ്രെഞ്ചുവിപ്ലവത്തിൻെറ ആദ്യകാലനേതാക്കളായിരുന്ന ഡാൻറൺ, മിരാബോ എന്നിവരും.

നിയമസഭയുടെ സമ്മേളനത്തിൽ ചർച്ചചെയ്യാതെ ശേഷിക്കുന്ന ധനാഭ്യർഥനകളും മറ്റും ഒന്നൊന്നായി വോട്ടിനിടുകമാത്രം ചെയ്തു പാസാക്കുന്ന ഏർപ്പാടിനും ഗില്ലറ്റിൻ എന്നു പറയും.

ഗിൽ

†ചെകിള നോക്കുക.

ഗിൽഗമേഷ്

ബാബിലോണിയയിലെ ഇതിഹാസനായകൻ. അസ്സീറിയൻ രാജാവായ അസുർബാനിപാലിൻെറ (ബി.സി. 7-ാം നൂറ്റാണ്ട്) ഗ്രന്ഥശേഖരത്തിൽനിന്ന് ഇദ്ദേഹത്തെക്കുറിച്ചുള്ള ഇതിഹാസകാവ്യത്തിൻെറ ഒരു



സിംഹക്കുട്ടിയെ കയ്യിലേന്തിയ ഗിൽഗമേഷ്. (ബി.സി. എട്ടാം ശതകത്തിലെ ശില്പം. ലുവ്റ് മ്യൂസിയം.)

പകർപ്പ് കിട്ടി. കാവ്യത്തിൻെറ പേര് നായകൻെറ പേരുതന്നെയാണ്. 12 ഫലകങ്ങളിലാണ് ഇത് ആദ്യം എഴുതിയിരുന്നത്. ഗിൽഗമേഷിൻെറ പൂർണരൂപം ഇന്നും കണ്ടുകിട്ടിയിട്ടില്ല. ലോകം ആശാരഹിതമാണെന്നും അനശ്വരമായ ജീവിതം എന്തെന്നു മനസ്സിലാക്കുവാൻ മനുഷ്യനു സാധിക്കുകയില്ലെന്നും ആണ് ഈ കാവ്യം നല്കുന്ന സന്ദേശം. ഇതിലെ നായകനായ ഗിൽഗമേഷ് ആദ്യം കുലാബി(Kullab)ലെ രാജാവായിരുന്നു. പിന്നീട് യുർക്ക് (Uruk) നഗരത്തിൻെറ രാജാവായി. ഗിൽഗമേഷിൻെറ അമ്മ ഒരു ദേവിയായതിനാൽ ഇദ്ദേഹത്തിന് അർധദിവ്യത്വം കല്പിച്ചിട്ടുണ്ട്. ഇദ്ദേഹത്തിൻെറ ശല്യം സഹിക്കവയ്യാതായപ്പോൾ യൂർക്കിലെ ജനങ്ങൾ ദൈവങ്ങളോടു പരാതി ബോധിപ്പിച്ചു. അങ്ങനെ ജനങ്ങൾക്കു സമാധാനം കിട്ടാൻ ദൈവങ്ങളിൽ മുഖ്യനായ അനുവിൻെറ ആജ്ഞപ്രകാരം അരുരു എന്ന ദേവി ഗിൽഗമേഷിനെ ഒതുക്കുവാൻ ശക്തനായ എങ്കിഡു എന്ന രാക്ഷസനെ സൃഷ്ടിച്ചു. എന്നാൽ ആദ്യപോരാട്ടത്തിനുശേഷം ഇവർ ഉറ്റമിത്രങ്ങളായിത്തീർന്നു. പിന്നീട് ഇവർ യോജിച്ചു പല യുദ്ധങ്ങളും നടത്തി. ഇവരുടെ കൂട്ടുകെട്ടിനെ തോല്പിക്കുവാനുള്ള സമരങ്ങൾ ദൈവങ്ങൾ തുടരെത്തുടരെ നടത്തി. ഒന്നും ഫലിച്ചില്ല. അവസാനം എങ്കിഡുവിൻെറ മരണശേഷം ഗിൽഗമേഷ് വിഷാദംപൂണ്ടു വിധിക്കു കീഴടങ്ങി. ജീവിതരഹസ്യത്തെക്കുറിച്ച് അറിയാൻ ആയിരുന്നു ഗിൽഗമേഷിൻെറ അനന്തരശ്രമം. എങ്കിഡു വീണ്ടും പ്രത്യക്ഷപ്പെട്ട് മരണാനന്തരലോകത്തിലെ മ്ലാനതകൾ വിവരിക്കുന്നതോടെ കാവ്യം അവസാനിക്കുന്നു.

ഗിൽഡ്

പശ്ചിമയൂറോപ്പിൽ മധ്യകാലഘട്ടത്തിൽ നിലവിലിരുന്ന തൊഴിൽ സംഘടന. കൈത്തൊഴിൽക്കാരും കച്ചവടക്കാരും തങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിച്ചു നിർത്തുന്നതിനാണ് ഗിൽഡുകൾ രൂപവത്കരിച്ചത്. യൂറോപ്പിൽ ഗിൽഡുകൾ ആദ്യം ആരംഭിച്ചത് മതപരമായ കാര്യങ്ങൾക്കാണ്. പുരാതന ഗ്രീസിലും ഗിൽഡുകൾ ഉണ്ടായിരുന്നതായി പറയപ്പെടുന്നു. ഇന്ത്യയിൽ വേദകാലത്തു തൊഴിലിൻെറ അടിസ്ഥാനത്തിൽ ജാതിസമ്പ്രദായം ഗിൽഡിൻെറ പ്രാകൃതരൂപമായിരുന്നുവെന്ന് എച്ച്.എ.ഡേവിഡ് അഭിപ്രായപ്പെടുന്നു. ബി.സി. 600-നും എ.ഡി. 900-ത്തിനും ഇടയ്ക്ക് ഇന്ത്യയിൽ 'ശ്രേണികൾ' എന്ന തൊഴിൽ സംഘടനകൾ നിലവിലിരുന്നു. റോമാസാമ്രാജ്യത്തിൻെറ അധഃപതനത്തോടുകൂടിയാണ് യൂറോപ്പിൽ നഗരങ്ങളും നഗരജീവിതവും ആരംഭിച്ചത്. ആ സന്ദർഭത്തിലാണ് ആധുനികരൂപത്തിലുള്ള ഗിൽഡുകളുടെ ആരംഭവും. കമ്മാളർക്കിടയിലായിരുന്നു പ്രധാനമായും ഗിൽഡുകൾ ഉണ്ടായിരുന്നത്. കച്ചവടക്കാർ അവരെ അനുകരിക്കുകയായിരുന്നു.

ഗിൽഡിലെ പ്രധാനി 'മാസ്റ്റർ' അഥവാ മേസ്ത്രി ആയിരുന്നു. അയാളുടെ കീഴിൽ ആലയിൽ പണിയെടുക്കുന്ന 'ജേർണിമേൻ' അഥവാ തൊഴിലാളിയും, ജോലി പരിചയിക്കുന്ന അപ്രൻറീസുകളുമുണ്ടായിരിക്കും. അപ്രൻറീസ് തൊളിലാളിയായും, തൊഴിലാളി മേസ്ത്രിയായും മാറാവുന്നതാണ്. തൊഴിലാളിക്കു മേസ്ത്രിയാകണമെങ്കിൽ, അതായത് സ്വന്തമായി ആല നടത്താൻ യോഗ്യതയുള്ളവനാകണമെങ്കിൽ, നിശ്ചിതമായ ചില പരീക്ഷകൾ പാസായിരിക്കണം. അപ്രൻറീസുകളുടെ പരിശീലനകാലം തൊഴിലിൻെറ പ്രത്യേകതയെ ആധാരമാക്കിയാണു നിർണയിക്കുക. തൊഴിൽഭദ്രത, തൊഴിലില്ലാത്തയവസരത്തിൽ വേതനം തുടങ്ങിയവയാണ് ഗിൽഡുകൊണ്ടുള്ള മെച്ചം. സഹകരണം ഗിൽഡിൻെറ മറ്റൊരു സവിശേഷതയാണ്. ഒരു പ്രദേശത്തെ തൊഴിലിൽ മറ്റു ദേശക്കാരും ചൂഷകരും കടന്നുകൂടി കുഴപ്പമുണ്ടാക്കുന്നതു തടയാൻ ഗിൽഡിനു കഴിയുമായിരുന്നു. നഗരഭരണത്തിൽ ഗിൽഡുകൾക്കും അതിലെ അംഗങ്ങൾക്കും വ്യക്തമായ സ്വാധീനമുണ്ടായിരുന്നു. ഗിൽഡ് അംഗങ്ങൾക്കുമാത്രമേ നഗരഭരണത്തിൽ പങ്കെടുക്കാവൂ എന്ന നിബന്ധനയാണ് ഇതിനു കാരണം. ഇന്നത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ (മുനിസിപ്പാലിറ്റികളുടെ) പഴയരൂപം ഗിൽഡുസമ്പ്രദായത്തിൽ നിലവിലിരുന്നു. സഹകരണ സംഘങ്ങൾ, സോഷ്യലിസ്റ്റുവ്യവസ്ഥിതി തുടങ്ങിയവയ്ക്കൊക്കെ പ്രചോദനം നല്കിയത് ഈ സമ്പ്രദായമാണ്. ഗിൽഡുകളിൽ കടന്നുകൂടിയ ആഭ്യന്തരമായ അഴിമതിയുടെയും ദേശീയസമ്പദ്വ്യവസ്ഥയ്ക്കു ലഭിച്ച പ്രാധാന്യത്തിൻെറയും തൊഴിൽരംഗത്തെ മുതലാളി-തൊഴിലാളി വിഭജനത്തിൻെറയും ഫലമായി ഗിൽഡുസമ്പ്രദായം ക്രമേണ അപ്രത്യക്ഷമായി.

ഗിൽഡ് സോഷ്യലിസം

വ്യാവസായിക സ്വയംഭരണത്തിൻെറയും തൊഴിലടിസ്ഥാനത്തിൽ സംവിധാനം ചെയ്യപ്പെടുന്ന ജനാധിപത്യത്തിൻെറയും പ്രാധാന്യം ഊന്നിപ്പറഞ്ഞുകൊണ്ടുള്ള സോഷ്യലിസം. ഉത്പാദനോപാധികൾ സമൂഹത്തിൻെറ ഉടമയിലായിരിക്കണമെന്നു മറ്റു സോഷ്യലിസ്റ്റുകളോടൊത്തു സമ്മതിക്കുന്നതോടൊപ്പം വ്യാവസായിക നിയന്ത്രണം തൊഴിലാളികളുടെ കൈകളിലായിരിക്കണം, ഇന്നത്തെ രൂപത്തിലുള്ള സ്റ്റേറ്റിൻെറ കൈകളിലായിരിക്കരുത് എന്ന് ഗിൽഡ് സോഷ്യലിസ്റ്റുകൾ പറഞ്ഞു. അതായത് സമൂഹസാത്കരിക്കപ്പെട്ട വ്യവസായങ്ങളുടെ ഭരണം ഗവൺമെൻറ് ഡിപ്പാർട്ടുമെൻറുകൾക്കു വിട്ടുകൊടുക്കുന്നതിനുപകരം ഓരോ വ്യവസായത്തിലെയും കായികാധ്വാനവും മസ്തിഷ്കാധ്വാനവും ചെയ്യുന്ന തൊഴിലാളികൾ ഉൾപ്പെട്ട സ്വയംഭരണാവകാശമുള്ള ഗിൽഡുകൾക്കോ കോർപറേഷനുകൾക്കോ വിട്ടുകൊടുക്കുമെന്നർഥം. സാമ്പത്തിക അസമത്വങ്ങൾ തുടരുന്ന കാലത്തോളം പാർലമെൻററി ഡെമോക്രസി വെറും കാപട്യമാണെന്ന് അവർ പറഞ്ഞു. സ്റ്റേറ്റിൻെറപരമാധികാരം എന്ന ആശയം നിരാകരിച്ചുകൊണ്ട് അവർ ആവശ്യപ്പെട്ടത് തൊഴിലിൻെറ അടിസ്ഥാനത്തിൽ രൂപവത്കൃതമായ വിവിധ ദേശീയസംഘങ്ങൾക്കു പരമാധികാരം പകുത്തുകൊടുത്തുകൊണ്ടുള്ള ഒരുതരം രാഷ്ട്രീയ പ്ലൂറലിസ (സംഘഭരണം)മാണ്. ട്രേഡ് യൂണിയനുകളെ ശക്തിപ്പെടുത്തിയും സ്വാധീനിച്ചും ലക്ഷ്യത്തിലെത്താമെന്നാണ് അവർ പ്രത്യാശിച്ചത്.

ഒരു സാമ്പത്തികസിദ്ധാന്തം എന്ന നിലയ്ക്കു ഗിൽഡ് സോഷ്യലിസം മിക്കവാറും മാർക്സിസ്റ്റ് അടിസ്ഥാനത്തിലുള്ള ഒന്നായിരുന്നു. അതിൻെറ പല വക്താക്കളും വർഗസമരത്തെ ഊന്നിപ്പറഞ്ഞുകൊണ്ടു വേതനസമ്പ്രദായം നിർത്തലാക്കണമെന്നു വാദിച്ചു. സ്റ്റേറ്റിൻെറ രൂപം എന്തായിരിക്കണം എന്നതിനെപ്പറ്റി ഗിൽഡ് സോഷ്യലിസ്റ്റുകളുടെ ഇടയിൽത്തന്നെ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. വിവിധ തൊഴിൽസംഘങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുപോകുന്ന ഒരു ശൃംഖലയായി സ്റ്റേറ്റിനെ വളർത്തിയെടുക്കണമെന്ന് ഒരു കൂട്ടർ വാദിച്ചപ്പോൾ മറ്റുചിലർ പറഞ്ഞത് സ്റ്റേറ്റ് അതിൻെറ ഇപ്പോഴത്തെ രൂപത്തിൽ അപ്രത്യക്ഷമാകുമെന്നും പകരം ഉത്പാദകരെയും ഉപഭോക്താക്കളെയും പ്രതിനിധാനം ചെയ്യുന്ന തൊഴിൽസംഘങ്ങളുടെ പരസ്പരം ബന്ധപ്പെട്ട ഒരു ഗ്രൂപ്പ് ആ സ്ഥാനത്തു വരുമെന്നുമാണ്.

ഇംഗ്ലണ്ടിൽ രൂപംകൊണ്ട ഈ ഗിൽഡ് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിനു പ്രേരകമായി ഭവിച്ച ആശയം ആദ്യം പ്രത്യക്ഷപ്പെട്ടത് എ.ജെ. പ്ലെൻറി (1875-1935) 1906-ൽ പ്രസിദ്ധപ്പെടുത്തിയ 'The Restoration of the Guild System' എന്ന പുസ്തകത്തിലായിരുന്നു. 1915-ൽ ഗിൽഡ്സോഷ്യലിസ്റ്റുകൾ ബ്രിട്ടനിൽ നാഷനൽ ഗിൽഡുകളുടെ

ഒരു ലീഗ് സ്ഥാപിച്ചു. എസ്.ജി.ഹോബ്സൺ, എ.ജെ.പ്ലെൻറി, എ.ആർ.ഓറഞ്ച്, ജി.ഡി.എച്ച്.കോൾ എന്നീ സുപ്രസിദ്ധ ചിന്തകന്മാർ ഈ സംഘടനയിൽ അംഗങ്ങളായിരുന്നു.

സ്റ്റേറ്റിന്റെ സമഗ്രാധിപത്യം അവസാനിപ്പിച്ച് പരമാധികാരം സ്റ്റേറ്റിനും തൊഴിൽസംഘങ്ങൾക്കുമായി വിഭജിച്ചു കൊടുക്കണമെന്ന ആശയം ആകർഷകമായ ഒന്നാണ്. പക്ഷേ, അതു പ്രായോഗിക രാഷ്ട്രതന്ത്രത്തിന്റെ പരിധിയിൽ വരുത്തുക എന്നതാണ് പ്രയാസം. ഗിൽഡ് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ പരാജയത്തിനു കാരണവും അതുതന്നെ.

ഗിൽബർട്ട്-എല്ലീസ് ദ്വീപുകൾ

പസിഫിക് സമുദ്രത്തിലെ പവിഴപ്പുറ്റുകൾ നിറഞ്ഞ ദ്വീപസമൂഹം. ഇന്നു കിരിബത്തി എന്ന പേരിൽ കോമൺവെൽത്തിലെ അംഗമായ സ്വതന്ത്രരാഷ്ട്രമാണ് ഇത്. ഭൂമധ്യരേഖയുടെയും അന്തർദേശീയ ദിനരേഖയുടെയും ഇരുവശങ്ങളിലുമായി കിടക്കുന്ന ഈ ദ്വീപസമൂഹത്തിന്റെ ആകെ നീളം 3840 കി.മീറ്റർ വിസ്തൃതി 823 ച.കി.മീറ്റർ ഏറ്റവും വലിയ ദ്വീപ് കിരിതിമതി അല്ലെങ്കിൽ ക്രിസ്മസ് ദ്വീപ്. അതിന്റെ വിസ്തൃതി 364 ച.കി.മീറ്റർ.

ഭൂപ്രകൃതി ചുറ്റും ലഗൂണുകൾ ഉള്ളവയാണ് ദ്വീപുകൾ. ഉയർന്ന താപനിലയും മിതമായ മഴയും ആണ് കാലാവസ്ഥയുടെ സവിശേഷതകൾ. 3000 മി.മിറ്റർ വരെ മഴ ലഭിക്കുന്നു. മണലും മണ്ണും അവിടവിടെ ഉണ്ട്. തെങ്ങും മറ്റുചില സസ്യങ്ങളും ഇവിടെ ഉണ്ട്. ഉഷ്ണമേഖലയിലെ പക്ഷികളും മത്സ്യങ്ങളും ഇവിടെയുമുണ്ട്.

ജനങ്ങൾ: ആദിവാസികൾ മൈക്രേനേഷ്യൻ വർഗത്തിൽ പെട്ടവരാണ്. മെലനേഷ്യൻ, മൊളുക്കൻ, സാമൺ വംശജരാണ് ഇവരെന്നും പറയുന്നു. ഇവരുടെ ജനസംഖ്യ 1986-ൽ 65,000 ആയിരുന്നു. ഗിൽബർട്ടീസ് ആണ് ഭാഷ. ക്രിസ്ത്യാനികളാണു ഭൂരിഭാഗവും.

സാമ്പത്തികനില: മീൻപിടിത്തമാണു മുഖ്യ ആദായമാർഗം. പേരിനു കൃഷിയും ഉണ്ട്. പ്രധാന കൃഷി തെങ്ങ്. തൂണാ മത്സ്യം ധാരാളം ലഭിക്കുന്നു. പപ്പായ, വാഴ ഇവയും കൃഷിചെയ്യുന്നുണ്ട്. കോഴിവളർത്തലിനും പന്നിവളർത്തലിനും പ്രാധാന്യമുണ്ട്. ധാന്യങ്ങൾ ഇറക്കുമതി ചെയ്യുന്നു. കൊപ്ര ആണു മുഖ്യ കയറ്റുമതി. മുഖ്യ ഖനിജം ഫോസ്ഫേറ്റുകളാണ്. മാംഗനീസും ലഭിക്കുന്നുണ്ട്. ചെറിയ കപ്പലുകൾ ഗതാഗതത്തിന് ഉപയോഗിക്കുന്നു. **ചരിത്രം.** 1300-ൽ ഇപ്പോഴത്തെ ജനങ്ങളുടെ പൂർവികർ ഇവിടെ പ്രവേശിച്ചു. പെഡ്രോ ഫെർഡീനാൻഡിസ്കിറോസ് 1606-ൽ ഇവിടെയെത്തി. 1765-ൽ ജോൺ ബൈറൺ വന്നതോടെ വിശദമായ സ്ഥലപഠനം നടന്നു. 1777-ൽ ക്യാപ്റ്റൻ കുക്ക് ക്രിസ്മസ് ദ്വീപിന് ആ പേരുനല്കി. ഇപ്പോൾ കിരിതിമതി എന്നാണ് ആ ദ്വീപിന്റെ പേര്. 1892-ൽ ബ്രിട്ടൺ ആധിപത്യം സ്ഥാപിച്ചു. ബ്രിട്ടീഷ് കോളനിയായിത്തീർന്ന ദ്വീപസമൂഹം 1979-ൽ സ്വതന്ത്ര റിപ്പബ്ലിക് ആയി.

ഇന്നത്തെ സ്ഥിതി. ഭരണത്തലവൻ പ്രസിഡൻറ് ആണ്. നിയമസഭയിൽ 37 അംഗങ്ങളുണ്ട്. തലസ്ഥാനം ബൈരികി. ഔദ്യോഗികഭാഷ ഇംഗ്ലീഷ്. നാണയം ഓസ്ട്രേലിയൻ ഡോളർ. പൊതുവേ ജനങ്ങളുടെ ആരോഗ്യനില തൃപ്തികരമല്ല. ക്ഷയം, ശ്വാസനാള രോഗങ്ങൾ, വയറുകടി, ഭക്ഷണത്തിലെ പോഷകാംശക്കുറവ് ഇവ കാരണം ജീവിതദൈർഘ്യം 50 വർഷമാണ്. തീവണ്ടിപ്പാതകളില്ല. റോഡിന്റെ നീളം 640 കി.മിറ്റർ. ദിനപത്രമില്ല. 6 പേർക്ക് ഒരു റേഡിയോ വീതമുണ്ട്. ടെലിവിഷനില്ല. 46 പേർക്ക് ഒരു ടെലിഫോണുണ്ട്. സാക്ഷരത 20%.

ഗിൽബർട്ട്, കാസ്(1859-1934)

അമേരിക്കൻ വാസ്തുവിദ്യാവിദഗ്ധൻ. ന്യൂയോർക്കിലെ വൂൾവർത്ത് കെട്ടിടം, വാഷിംഗ്ടണിലെ യുണൈറ്റഡ് സ്റ്റേറ്റ്സ് സുപ്രീം കോർട്ട് കെട്ടിടം എന്നിവയുടെ രൂപകല്പന ചെയ്തത് ഇദ്ദേഹമാണ്.

1859 നവംബർ 24-ന് ഒഹായോവിലെ സെയ്ൻസ് വില്ലി എന്ന സ്ഥലത്തു ജനിച്ചു. മസ്സാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജിയിൽ പഠിച്ചു. മിന്നസോട്ടാ സ്റ്റേറ്റ് കാപ്പിറ്റോൾ (1896-1903) ആണ് ഗിൽബർട്ട് രൂപകല്പന ചെയ്ത ആദ്യത്തെ കെട്ടിടം. 792 അടി ഉയരവും 60 നിലകളുമുള്ള വൂൾവർത്ത് കെട്ടിടം വളരെക്കാലം അംബരചുംബികൾക്കു മാതൃകയായിരുന്നു. അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ആർക്കിറ്റക്റ്റ്സ് പ്രസിഡൻറ്, നാഷനൽ കമ്മീഷൻ ഒഫ് ഫൈൻ ആർട്സ് അംഗം എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. യു.എസ്.കസ്റ്റംഹൗസ്, സെയിൻറ് ലൂയിസ് ആർട്ട് മ്യൂസിയം എന്നിവയാണു ഗിൽബർട്ട് രൂപസംവിധാനം ചെയ്ത മറ്റു പ്രധാന മന്ദിരങ്ങൾ. 1934-ൽ മെയ് 17-ന് ഇംഗ്ലണ്ടിലെ ബ്രോക്കൺഹഴ്സ്റ്റ് എന്ന സ്ഥലത്തു നിര്യാതനായി.

60 നിലകളുള്ള
വുൾവർത്ത്കെട്ടിടം.
(ന്യൂയോർക്ക്).

ഗിൽബർട്ട്, ഗ്രോവ്കാറൾ (1843-1918)

ഭൂരൂപ വിജ്ഞാനീയത്തിന്റെ (Geomorphology) സ്ഥാപകന്മാരിൽ ഒരാളെന്നു പരിഗണിച്ചുവരുന്ന യു.എസ്. ഭൂവിജ്ഞാന ശാസ്ത്രജ്ഞൻ. ന്യൂയോർക്കിലുള്ള റോച്ചെസ്റ്ററിൽ 1843 മേയ് 6-ന് ജനിച്ചു. റോച്ചെസ്റ്റർ സർവകലാശാലയിൽതന്നെയാണു വിദ്യാഭ്യാസം പൂർത്തിയാക്കിയത്. 1869 മുതൽ ഒഹായോ സംസ്ഥാനത്തിലെ മുഖ്യ ഭൂവിജ്ഞാന ശാസ്ത്രജ്ഞനായി നിയമിക്കപ്പെട്ടു. കുന്നുകളുടെയും താഴ്വരകളുടെയും ഘടനയും പ്രകൃതിയും സന്തുലനസ്ഥിതിയുമൊക്കെ സുദീർഘമായി പഠിക്കുകയും അവയെ സംബന്ധിക്കുന്ന പുതിയ നിഗമനങ്ങളിൽ എത്തുകയും ചെയ്തു. 1877, 1890, 1919 എന്നീ വർഷങ്ങളിൽ ആധികാരികങ്ങളായ ഭൂവിജ്ഞാനീയ റിപ്പോർട്ടുകൾ, ചില പ്രദേശങ്ങളെപ്പറ്റി, പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 1918 മേയ് 1-ാം തീയതി ജാക്സണിൽ അന്തരിച്ചു.

ഗിൽബർട്ട്, വാൾട്ടർ (1932 –)

1980-ൽ നൊബേൽ സമ്മാനാർഹനായ തന്മാത്രാജീവശാസ്ത്രജ്ഞൻ. 1932 മാർച്ച് 21-ാം തീയതി യു.എസ്സിലെ ബോസ്റ്റണിൽ ജനിച്ചു. ഹാർവെഡ് സർവകലാശാലയിൽനിന്നാണു ബിരുദം നേടിയത്. ഗവേഷണ ബിരുദം, ഗണിതശാസ്ത്രത്തിൽ, കേംബ്രിജ് സർവക

ലാശാലയിൽനിന്നു (1957) സമ്പാദിച്ചു. ഭൗതികത്തിൽ ഒരു അധ്യാപകനായി ഹാർവെഡ്സർവകലാശാലയിൽ 1958-ൽ ജോലി തുടങ്ങി, 1968-ൽ അവിടത്തെ ജൈവരസതന്ത്ര പ്രൊഫസറായിത്തീർന്നു. 1972-ൽ അമേരിക്കൻ കാൻസർ സൊസൈറ്റിയിലെ പ്രൊഫസർപദം സ്വീകരിച്ചു.

ന്യൂക്ലെയിക് അമ്ലങ്ങളുടെ ഘടനയെ സംബന്ധിച്ച മൗലികഗവേഷണത്തിനാണു രസതന്ത്രത്തിലുള്ള നൊബേൽ സമ്മാനം 1980-ൽ ഇദ്ദേഹത്തിനു കിട്ടിയത്.

ഗിൽബർട്ട്, വില്യം (1544—1603)

ഇംഗ്ലീഷ് ഭൗതികജ്ഞനും ഭിഷഗ്വരനും. കാന്തത (magnetism) എന്ന ഭൗതീകശാഖയുടെ ഉപജ്ഞാതാവ് ആയി ഗിൽബർട്ട് വിശേഷിപ്പിക്കപ്പെടാറുണ്ട്.

1544 മെയ് 24-ന് ഇംഗ്ലണ്ടിൽ ജനിച്ചു. കേംബ്രിജിലെ സെൻറ് ജോൺസ് കോളെജിൽനിന്നു വൈദ്യശാസ്ത്രത്തിൽ ഡോക്ടറേറ്റു നേടി (1569). എലിസബത്ത് I രാജ്ഞിയുടെ മുഖ്യഭിഷഗ്വരനായി. വൈദ്യവൃത്തിക്കിടയിൽ കാന്തംകൊണ്ടുള്ള ചില പരീക്ഷണങ്ങൾ നടത്തി. 1600-ലാണു കാന്തതയെ സംബന്ധിച്ച ഗിൽബർട്ടിന്റെ ആദ്യത്തെ വിശ്വസനീയമായ നിരീക്ഷണങ്ങൾ പുറത്തുവരുന്നത്. കാന്തശക്തി, കാന്തങ്ങൾ തമ്മിലുള്ള ആകർഷണവികർഷണം, കാന്തികദിശ, വ്യതിയാനം, കാന്തികവടക്കും ഭൗമവടക്കും തമ്മിലുള്ള വ്യതിയാനം, നതി (dip) എന്നീ കാര്യങ്ങൾ ഗിൽബർട്ടിന്റെ നിരീക്ഷണങ്ങളിൽ ഉൾപ്പെട്ടിരുന്നു. ഭൂമി ഒരു കാന്തമാണ് എന്ന പുതിയ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ കാന്തതയെ സംബന്ധിച്ച സിദ്ധാന്തങ്ങൾ ആദ്യമായി സമന്വയിപ്പിച്ചത് ഗിൽബർട്ട് ആണ്. ഇദ്ദേഹത്തിന്റെ *ഡി മാഗ്നെറ്റെ (De magnete)* എന്ന പുസ്തകത്തെ ഗലീലിയോയും കെപ്ലറും വളരെയധികം പ്രശംസിച്ചിട്ടുണ്ട്.

1603 നവംബർ 30-നു ഗിൽബർട്ട് ലണ്ടനിൽ അന്തരിച്ചു. അദ്ദേഹം അവസാനം എഴുതിയഗ്രന്ഥം 1651-ൽ ആണു പ്രസിദ്ധീകരിച്ചത്.

ഗിൽബർട്ട്, സർ ഹംഫ്രി (1539- '83)

ഇംഗ്ലീഷ് നാവികൻ. ഈറ്റണിലും ഓക്സ്ഫെഡിലും വിദ്യാഭ്യാസം ചെയ്തശേഷം കുറെക്കാലം അയർലൻഡിൽ സൈനിക സേവനമനുഷ്ഠിക്കയും അതിനുശേഷം പാർലമെൻറിലേക്കു തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 1576-ൽ 'ഇന്ത്യയിലേക്കുള്ള വടക്കുപടിഞ്ഞാറൻവഴി' യെക്കുറിച്ചു പ്രബന്ധം (Discourse on a North-West Passage to India) പ്രസിദ്ധീകരിച്ചുകഴിഞ്ഞതോടുകൂടി അതുവരെ 'ഒരു ക്രിസ്ത്യൻ രാജാവോ ഏതെങ്കിലും ക്രൈസ്തവജനതയോ കൈവശപ്പെടുത്തിയിട്ടില്ലാത്ത വിദൂരസ്ഥിതങ്ങളായ പ്രാകൃതവർഗ (Heathen)ക്കാരുടെ നാടുകൾ കണ്ടുപിടിക്കാനും ഉടമസ്ഥാവകാശം സ്ഥാപിക്കാനും' ഉള്ള അധികാരം എലിസബത്ത് രാജ്ഞി ഇദ്ദേഹത്തിനു നല്കി. ഇതനുസരിച്ച് ഗിൽബർട്ടും സർ വാൾട്ടർ റാലിയുംകൂടി ഒരു പര്യടനം നടത്തിയെങ്കിലും (1578-'79) പ്രതീക്ഷിച്ച ഫലമുണ്ടായില്ല. 1583-ൽ ഇദ്ദേഹം ന്യൂഫൗണ്ട്ലൻഡിലെത്തുകയും അവിടെ ഇംഗ്ലീഷ് പതാക നാട്ടി കുറെക്കാലം താമസിക്കുകയും ചെയ്തു. ഇതാണ് ഇംഗ്ലണ്ടിന്റെ ആദ്യത്തെ സമുദ്രാന്തരകോളനി. അവിടെനിന്നു സ്വദേശത്തേക്കു മടങ്ങുമ്പോൾ കപ്പൽമുങ്ങി ഗിൽബർട്ട് മരിച്ചു.

ഗിൽ, സർ ഡേവിഡ് (1843-1914)

സ്കോട്ടിഷ് ജ്യോതിഃശാസ്ത്രജ്ഞൻ. സൂര്യന്റെയും നക്ഷത്രങ്ങളുടെയും ലംബനം (Parallax) അളന്ന് അവയ്ക്കു ഭൂമിയിൽനിന്നുള്ള ദൂരം തിട്ടപ്പെടുത്തി. ഖഗോളങ്ങളുടെ കോണിയ വിഭജനം അളക്കാൻ ശിഥില പ്രതിബിംബങ്ങൾ ഉപയോഗിക്കുന്ന ഹീലിയോമീറ്റർ(സൂര്യപ്രതിബിംബമാപി) കൊണ്ടാണ് ഇദ്ദേഹം ഇതു സാധിച്ചത്.

ആബർഡീൻ സർവകലാശാലയിലാണു പഠിച്ചത്. 1872-ൽ ലൂഡോവിക് ലെൻഡേയുടെ സ്വകാര്യവാനനിലയത്തിന്റെ ഡയറക്ടർ ആയി. 1874-ൽ മൗറീഷ്യസിലേക്കു പഠന പര്യടനം നടത്തി. അവിടെ വച്ച് ശുക്രന്റെ ഗതി നിരീക്ഷിച്ചു. 1877-ൽ കുജന്റെ ഗതി നിരീക്ഷിക്കാൻ അസെൻഷൻദ്വീപിൽ എത്തി. കുജൻ ഭൂമിയോട് ഏറ്റവും അടുത്തുവന്ന സമയത്തു സൂര്യലംബനം അളന്നു. 1888-'89-ൽ പല ജ്യോതിഃശാസ്ത്രജ്ഞന്മാരുടെ സഹായത്തോടെ ഹീലിയോമീറ്റർ ഉപയോഗിച്ചു ചെറുഗ്രഹങ്ങളെ നിരീക്ഷിച്ചു. സൂക്ഷ്മതയോടെ സൂര്യലംബനം തിട്ടപ്പെടുത്താൻ ഇതു സഹായകമായി.

1879-1907 കാലത്തു ഗുഡ്ഹോപ്പ് മുനമ്പിൽ ദക്ഷിണ ഖഗോളധ്രുവത്തിന്റെ 19° യ്ക്കുള്ളിലുള്ള അന്തരീക്ഷത്തിന്റെ വിശദമായ ഛായാഗ്രഹണം നടത്തി. 1900-ൽ പ്രഭുസ്ഥാനം ലഭിച്ചു.

ഗിൽസൊണൈറ്റ് (Gilsonite)

കൊളറാഡോ, ഉട്ടാ (Utah) എന്നിവിടങ്ങളിൽ മാത്രം കാണപ്പെടുന്ന ഒരു അസ്ഫാൾടൈറ്റ് അഥവാ ഖരീഭവിച്ച ഹൈഡ്രോകാർബൺ. ഏറ്റവും ശുദ്ധമായ സ്വാഭാവിക ബിറ്റൂമെൻ ആണിത്. പെട്രോൾ കൃത്രിമമായുണ്ടാക്കാനുപയോഗിച്ച ആദ്യത്തെ ഖര ഹൈഡ്രോകാർബൺ ഇതാണെന്നു പറയപ്പെടുന്നു.

ഇതു കണ്ടുപിടിച്ച എസ്.എച്ച് ഗിൽസന്റെ ഓർമയ്ക്കായിട്ടാണ് ഈ പേരു നല്കിയത്. കിലോമീറ്ററുകളോളം നീളത്തിലുള്ള വെയിനുകളുടെ രൂപത്തിലാണ് ഇവ കാണപ്പെടുന്നത്. ഹൈഡ്രോളിക് ഖനനം (hydraulic mining) ഉപയോഗിച്ചാണു സാധാരണ കുഴിച്ചെടുക്കുന്നത്.

ആസിഡ്, ആൽക്കലി, ജലം എന്നിവയെപ്രതിരോധിക്കാൻ കഴിവുള്ള പ്രതലലേപനം (wating), കറുത്ത വാർണീഷ്, പശ, ഇനാമലുകൾ, വൈദ്യുതപ്രതിരോധികൾ (insulators) തറയോട്, പെട്രോൾ, ഇന്ധനയെണ്ണ (oil), ലോഹനിഷ്കർഷണത്തിനു വേണ്ടിവരുന്ന കരി എന്നിവ ഉണ്ടാക്കാൻ ഗിൽസൊണൈറ്റ് ഉപയോഗിക്കുന്നു.

ഗിസാ

ഐക്യ അറബി റിപ്പബ്ലിക്കിൽ (ഈജിപ്ത്) നൈൽനദീതടത്തിലുള്ള ഒരു പ്രവിശ്യയും അതിന്റെ തലസ്ഥാനനഗരവും പുരാവസ്തുശാസ്ത്രപ്രാധാന്യമർഹിക്കുന്ന പല പ്രാചീന നഷ്ടാവശിഷ്ടങ്ങൾ നിറഞ്ഞ ഒരു ഭൂപ്രദേശമാണ് ഗിസാപ്രവിശ്യ. 1059 ച.കി.മീറ്റർ വരുന്ന ഈ പ്രദേശത്തിലെ ജനസംഖ്യ 29,65,000 (1983) ആണ്.

കെയ്റോയ്ക്ക് 5 കി.മീറ്റർ തെക്കുമാറി നൈൽനദിയുടെ ഇടത്തെ കരയിൽ ഗിസാപട്ടണം സ്ഥിതിചെയ്യുന്നു. നഗരത്തിന്റെ പടിഞ്ഞാറുവശം കാണുന്ന നിരവധി 'പിരമിഡു'കളിൽ പ്രസിദ്ധമായ ഖുഫുവിന്റെതും ചിയോപ്സിന്റെതും ഉൾപ്പെടുന്നു. പ്രാചീനകാലംമുതൽതന്നെ പ്രസിദ്ധമായ സ്ഫിങ്ക്സും ഇവിടെത്തന്നെ സ്ഥിതിചെയ്യുന്നു. വൈദ്യുത റെയിൽവേകൊണ്ടു കെയ്റോയുമായി ബന്ധിച്ചിരിക്കുന്ന ഗിസായിലെ ഏറ്റവും പ്രധാന വ്യവസായം സിഗററ്റ് നിർമാണമാണ്. പട്ടണത്തിലെ ജനസംഖ്യ 15,09,000 (1983)

ഗിസ്സിങ്, ജോർജ് റോബർട്ട് (1857–1903)

ഇംഗ്ലീഷ് നോവലിസ്റ്റ്. താനുൾപ്പെട്ട ഇടത്തരക്കാരുടെ ജീവിതത്തെ യഥാതഥമായി ചിത്രീകരിച്ചു ശ്രദ്ധേയനായി. 1857 നവംബർ 22-ന് വേക്ഫീൽഡിൽ ജനിച്ചു. പിതാവ് രസതന്ത്രജ്ഞനും എഴുത്തുകാരനുമായിരുന്നു. മാഞ്ചെസ്റ്ററിലെ ഓവൻസ് കോളെജിലെ പ്രഗല്ഭനായ വിദ്യാർഥിയായിരുന്നെങ്കിലും അപ്രായോഗികമായ ആദർശാത്മകത്വംമൂലം പഠനം മുടക്കേണ്ടിവന്നു. ഗുമസ്തനായും ട്യൂട്ടറായും മറ്റും ജോലിചെയ്തു. 1876-ൽ അമേരിക്കയിലേക്കുപോയി. ചിക്കാഗോയിൽ മിക്കവാറും പട്ടിണിക്കാരനായി ഒരു വർഷം ജീവിച്ചശേഷം ലണ്ടനിലേക്കു മടങ്ങി.

ബൽസാക്കിന്റെ ആരാധകനായിരുന്ന ഗിസ്സിങ്ങിന് അദ്ദേഹത്തിന്റെ മാതൃകയിൽ ദീർഘമായ ഒരു നോവൽ പരമ്പര എഴുതണമെന്ന മോഹം ചെറുപ്പത്തിൽതന്നെ ഉണ്ടായി. *'വർക്കേഴ്സ് ഇൻ ദ ഡോൺ' (1880)* ആണ് ആദ്യ നോവൽ. തുടർന്ന് *'ദ അൺക്ലാസ്ഡ് (1884), ഇസബെൽ ക്ലാരെൻഡൻ' (1886)* എന്നിവയും പുറത്തുവന്നു. ദാരിദ്ര്യംമൂലം സംഭവിക്കുന്ന അപചയം ചിത്രീകരിക്കുന്ന *'ഡീമോസ്' (1886), 'തൈഴ്സാ' (1887)* എന്നീ നോവലുകൾ വമ്പിച്ച വിജയമായി. *'ന്യൂ ഗ്രബ് സ്ട്രീറ്റ് (1891), 'ദ പ്രൈവറ്റ് പേപ്പേഴ്സ് ഒഫ് ഹെൻറി റെയ്ക്രോഫ്റ്റ് (1903)* എന്നീ നോവലുകളിൽ സ്വന്തം ഏകാന്തജീവിതത്തിന്റെയും യാതനകളുടെയും പ്രതിഫലനം കാണാം. ഗിസ്സിങ്ങിന്റെ മികച്ച രചനകൾ *'ദ നെതർ വേൾഡ്' (1889), 'ദ ഓഡ് വിമെൻ' (1893), 'ഇൻ ദ ഇയർ ഒഫ് ജൂബിലി' (1894)* എന്നിവയാണ്. സ്വന്തം സാഹിത്യജീവിതത്തെ നിർദയമായി അപഗ്രഥിക്കുന്ന *'ന്യൂ ഗ്രബ് സ്ട്രീറ്റ്'* മാത്രമാണ് ഗിസ്സിങ്ങിന്റെ മഹത്തായ നോവൽ എന്നു ചില വിമർശകന്മാർ അഭിപ്രായപ്പെടുന്നു. ഇദ്ദേഹത്തിന്റെ കൃതികൾ ഗൗരവപൂർണവും കൗതുകകരവും ആത്മാർഥവുമാണെങ്കിലും കലാമൂല്യത്തിന്റെ കാര്യത്തിൽ ഒന്നാംകിടയിൽ പെടുന്നില്ലെന്ന വിമർശനവും ഉണ്ട്.

ജീവിതകാലത്ത് വളരെ പ്രശസ്തനായിരുന്ന ഗിസ്സിങ് മരണശേഷം അര നൂറ്റാണ്ടോളം കാര്യമായി ശ്രദ്ധിക്കപ്പെട്ടില്ല. ഏതാനും ചെറുകഥകളും എഴുതിയിട്ടുണ്ട്. *'ചാൾസ് ഡിക്കൻസ്: ഏ ക്രിറ്റിക്കൽ സ്റ്റഡി' (1898)*ഗിസ്സിങ്ങിന് മികച്ച വിമർശകൻ എന്ന പ്രശസ്തി നൽകി.

ആദർശപ്രേരിതനായി ഗിസ്സിങ് ഒരു അഭിസാരികയുമായും പിന്നീട് ഒരു പരിചാരികയുമായും വിവാഹബന്ധത്തിൽ ഏർപ്പെട്ടെങ്കിലും രണ്ടും പരാജയപ്പെട്ടു. ഒരു ഫ്രെഞ്ചു വനിതയുമായി ബന്ധപ്പെട്ടു ജീവിച്ച അവസാനത്തെ ഏതാനും വർഷങ്ങളിൽ മാത്രമേ സന്തുഷ്ടി അനുഭവിച്ചുള്ളു.

1903 ഡിസംബർ 28-ന് നിര്യാതനായി.

ഗീ

ഗീത്സേഥി (1961—)

ലോകബില്യാർഡ് ചാമ്പ്യൻ. ബില്യാർഡ്സിലും സ്നൂക്കറിലും ദേശീയ ചാമ്പ്യൻ ആയിരുന്ന ഗീത് 1985-ൽ ദില്ലിയിൽ നടന്ന ലോക അമേചർ ബില്യാർഡ് മത്സരത്തിൽ ജയിച്ചു ലോകചാമ്പ്യൻ ആയി.

1961 ഏപ്രിൽ 17-നു ജനിച്ചു. സ്കൂൾ വിദ്യാർഥി ആയിരിക്കെ ടേബിൾ ടെന്നീസും ബാസ്കറ്റ്ബോളും കളിച്ചിരുന്നു. പിന്നീടു ബില്യാർഡ്സിലായി താത്പര്യം. അഞ്ചുപ്രാവശ്യം (1976, 1978, 1979, 1980, 1981) ബില്യാർഡ്സിൽ നാഷനൽ ജൂനിയർ ചാമ്പ്യൻ ആയിരുന്നു. 1981-ൽ ഏറ്റവും പ്രായം കുറഞ്ഞ ദേശീയചാമ്പ്യൻ ആയി. ബി.എ., എം.ബി.എ എന്നീ ബിരുദങ്ങൾ നേടിയിട്ടുണ്ട്. റാറ്റാ ഓയിൽ മിൽസ് ക്രമ്പനിയിൽ അസിസ്റ്റൻറ് മാനേജർ ആണ്.

ഗീതം

ദക്ഷിണേന്ത്യൻ സംഗീതകൃതികളിൽ ഏറ്റവും ലഘുവായ ഇനം. ഒരേ കാലത്തിൽ പാടാവുന്നതും രാഗത്തിൻെറ സാമാന്യസ്വരൂപത്തെയും സഞ്ചാരക്രമങ്ങളെയും വെളിപ്പെടുത്തുന്നതുമാണ്. പല്ലവി, അനുപല്ലവി, ചരണം എന്നീ അംഗവ്യത്യാസങ്ങൾ ഗീതത്തിനില്ല. സംഗതികളും പ്രയാസം സൃഷ്ടിക്കുന്ന വക്രഗതികളും ഇതിൽ കാണപ്പെടുന്നില്ല. അഭ്യാസഗാനങ്ങളിൽ പെട്ടതാണു ഗീതം. പ്രാഥമിക സ്വരാഭ്യാസത്തിനുശേഷം ഗീതം ആലപിച്ചു പരിശീലനം നേടുന്നു. സാമാന്യഗീതം, ലക്ഷണഗീതം എന്നും ഗീതങ്ങൾ രണ്ടുതരമുണ്ട്. ആദ്യത്തതിനു ലക്ഷ്യഗീതമെന്നും, സാധാരണ ഗീതമെന്നും സഞ്ചാരീഗീതമെന്നും പേരുകളുണ്ട്. പുരന്ദരദാസരുടെ *ശ്രീ ഗണനാഥ* (മലഹരിരാഗം) *വരവീണാ* (മോഹനം) *മീനാക്ഷീജയ* (ശ്രീരാഗം) തുടങ്ങിയവ ഈ വിഭാഗത്തിൽപ്പെടുന്നു. ലക്ഷണഗീതങ്ങളിൽ ആദ്യഭാഗം ദേവസ്തുതിപരമാവും. ശേഷം ഭാഗത്തു ബന്ധപ്പെട്ട രാഗത്തിൻെറ ലക്ഷണം സാഹിത്യത്തിൽ വിവരിക്കപ്പെടുന്നു. വെങ്കിടമഖിയുടെ *രവികോടി നേളു* (മായാമാളവഗൗളം) ഗോവിന്ദാചാര്യരുടെ *ആരേരേവാലി* (ശ്രീരാഗം) തുടങ്ങിയവ ലക്ഷണഗീതങ്ങളാണ്. സംഗീതചന്ദ്രികാകർത്താവായ ആറ്റൂർ കൃഷ്ണപ്പിഷാരടി ഏതാനും ലക്ഷണഗീതങ്ങൾ രചിച്ചിട്ടുണ്ട്.

ഗീതകം

ഇംഗ്ലീഷിലെ സോണെറ്റ് (Sonnet) എന്ന സംജ്ഞയ്ക്കു പകരം മലയാള സാഹിത്യത്തിൽ പ്രയോഗിച്ചുവരുന്ന പദം. ഇംഗ്ലീഷിൽ 'ലിറിക്' (lyric) എന്നു പറയുന്ന ഭാവഗീതത്തിൻെറ ഒരു ശാഖ ആണു ഗീതകം. 14 വരിയിലുള്ള ലഘുകവനമാണ് ഇത്. ഇംഗ്ലീഷിൽ സോണെറ്റുകൾ രണ്ടു തരമുണ്ട്. രണ്ടു ചതുഷ്പദികൾ ചേർന്ന ആദ്യഖണ്ഡവും രണ്ടു ത്രിപദികൾ ചേർന്ന രണ്ടാം ഖണ്ഡവും ആണു ചിലതിൽ. മൂന്നു ദ്വിപദികൾ ചേർന്ന രണ്ടാം ഖണ്ഡമാണു മറ്റു ചിലതിൽ കാണുന്നത്. ഈ വ്യത്യാസം അനുസരിച്ചു പ്രാസഘടനയിലും മാറ്റം കാണാം.

ആദ്യത്തെ ഖണ്ഡത്തിൽ ഒരാശയം അവതരിപ്പിക്കും. അതിൻെറ വിശദീകരണമാണ് രണ്ടാം ഖണ്ഡത്തിൽ. ഗീതകത്തിൽ ഒറ്റ ഭാവമേ ഉണ്ടായിരിക്കാവൂ എന്നു നിർബന്ധമുണ്ട്. മിൽട്ടൻ, ഷേക്സ്പീയർ

തുടങ്ങിയവർ ഗീതകങ്ങൾ എഴുതിയ പ്രാമാണികരിൽപെടുന്നു.

ഈ ഇംഗ്ലീഷ് രീതി മലയാളികൾ അതേപടി സ്വീകരിച്ചിട്ടില്ല. ജി.ശങ്കരക്കുറുപ്പിൻെറ പല ഗീതകങ്ങളിലും രണ്ടുവരി, പത്തുവരി, നാലുവരി എന്നിങ്ങനെ മൂന്ന് ഖണ്ഡങ്ങളാണു കാണുന്നത്.

സംക്ഷിപ്തതയും വൈകാരികതയുമാണ് ഗീതകത്തിൻെറ രണ്ടു സവിശേഷതകൾ. മുക്തകം കഴിഞ്ഞാൽ ഏറ്റവുമധികം ഹ്രസ്വമായ കാവ്യം ഗീതകമാണ്. ഇംഗ്ലീഷിൻെറ സ്വാധീനമാണു മലയാളത്തിൽ ഗീതകത്തിനു ജന്മം നൽകിയത്.

ഗീതഗോവിന്ദം

†അഷ്ടപദി നോക്കുക.

ഗീതാഞ്ജലി

രവീന്ദ്രനാഥടാഗൂറിൻെറ കവിതാസമ്പുടം. 'ഗീതാഞ്ജലി'ക്ക് 1913-ൽ നൊബേൽ സമ്മാനം (സാഹിത്യം) കിട്ടി. മൂന്നു ബംഗാളി സമാഹാരങ്ങളിൽനിന്നു തിരഞ്ഞെടുത്ത നൂറു ഗാനകവിതകൾ ടാഗൂർതന്നെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തതായിരുന്നു ഈ കൃതി. മധ്യകാലവൈഷ്ണവകവിതകൾ, ഉപനിഷത്തുകൾ, ബൈബിളിലെ പുതിയ നിയമം എന്നിവയുടെ സ്വാധീനം ഉൾക്കൊള്ളുന്ന ഈ കവിതകൾ, പാശ്ചാത്യരെ വളരെയധികം ആകർഷിച്ചു. പ്രമുഖഐറിഷ് കവിയായ ഡബ്ലിയൂ.ബി.യേറ്റ്സിനെ 'ഗീതാഞ്ജലി' സ്വാധീനിച്ചു. യേറ്റ്സ് ഗീതാഞ്ജലിക്കെഴുതിയ സുദീർഘമായ അവതാരിക പഠനാർഹമാണ്.

'ഗീതാഞ്ജലി' എന്ന പേരിൽ ബംഗാളിയിൽ ഒരു കവിതാസമാഹാരം 1910-ൽ ടാഗൂർ പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിൽനിന്നും 'ഖേയ', 'നിവേദ്യ' എന്നീ ഗാനാത്മകകവിതാസമാഹാരങ്ങളിൽനിന്നും ദിവ്യപ്രേമപരമായ കവിതകൾ മാത്രമെടുത്ത് ഇംഗ്ലീഷിലാക്കുകയാണ് ടാഗൂർ ചെയ്തത്. തർജമകളല്ല, ഏറെക്കുറെ പുനർനിർമാണങ്ങളാണ് ഈ കവിതകൾ. മഹാകവിക്ക് ഏതാണ്ട് അമ്പതു വയസ്സുള്ളപ്പോൾ രചിച്ചവയാണ് ഇവയെല്ലാം.

വാൾട്ട് വിറ്റ്മാൻ പ്രചുരപ്രചാരം നല്കിയ മുക്തഛന്ദസ്സി(free verse)ൽ ആണ് ടാഗൂർ ഗീതാഞ്ജലി ഇംഗ്ലീഷിൽ വിവർത്തനം ചെയ്തത്. 1912-ൽ ഇംഗ്ലണ്ടിലേക്കുള്ള കപ്പൽയാത്രയ്ക്കിടയ്ക്കാണ് മഹാകവി ഈ വിവർത്തനം എഴുതിത്തീർത്തത്. ആ ആണ്ടിൽത്തന്നെ അതു പുസ്തകരൂപത്തിൽ അച്ചടിക്കുകയും ചെയ്തു. † രവീന്ദ്രനാഥടാഗൂർ നോക്കുക.

ഗീതാസുത്ഷി (1956—   )

കായികതാരം. അനേകം അന്തർദേശീയ മത്സരങ്ങളിൽ ഇന്ത്യയെ പ്രതിനിധാനംചെയ്തു. പദ്മശ്രീബഹുമതിയും അർജുൻ അവാർഡും നേടി (1983).

1956 ഡിസംബർ 20-നു പട്നയിൽ ജനിച്ചു. ബി.എ. ബിരുദവും പട്ടിയാലയിലെ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സ്പോർട്സിൽനിന്നു ഡിപ്ലോമയും സമ്പാദിച്ചു. ഒന്നാം ഏഷ്യൻ ട്രാക്ക് ആൻഡ് ഫീൽഡ് ചാമ്പ്യൻഷിപ്സ് (മനില 1973), ഇൻഡോ-ശ്രീലങ്ക മീറ്റ് (കൊളംബോ 1974), ഡുവെൽ ഇൻവിറ്റേഷൻ മീറ്റ് (ടെഹ്റാൻ 1976), ക്വയ്ദ് എ അസം ഇൻറർനാഷനൽ ഇൻവിറ്റേഷൻ മീറ്റ് (ലാഹോർ '76), ബാങ്കോക്ക് ഏഷ്യൻ ഗെയിംസ് (1978) ഏഷ്യൻ ഫീൽഡ് ആൻഡ് ട്രാക്ക് ചാമ്പ്യൻഷിപ്സ് (ടോക്കിയോ 1979, 1981) മോസ്കോ ഒളിമ്പിക്സ് (1980), മോസ്കോ നാഷനൽ ഗെയിംസ് (1981), ഏഷ്യൻ ഗെയിംസ് (ദില്ലി 1982), ലോസ് ആഞ്ജലിസ് ഒളിമ്പിക്സ് (1984) തുടങ്ങിയവയിൽ പങ്കെടുത്ത് ഒട്ടേറെ സ്വർണമെഡലുകളും വെള്ളിമെഡലുകളും നേടിയിട്ടുണ്ട്. ദില്ലി സ്റ്റേറ്റ് ശക്തിപുരസ്കാർ, ഹരിയാനാ സംസ്ഥാനത്തിൻെറ സ്പോർട്സ് അവാർഡ് തുടങ്ങിയ ബഹുമതികൾ നല്കപ്പെട്ടു.

ഗീഥൈറ്റ് (Goethite)

ഒരു ധാതു. ജെർമൻ ശാസ്ത്രകാരനായ ജോഹാൻ വോൾഫ്ഗാംഗ് വോൺ ഗീഥേ (Johann Wolfgang Von Goethe, 1749-1832)യുടെ സ്മരണയ്ക്കായിട്ടാണ് ഇതിനു ഗീഥൈറ്റ് എന്ന പേരു നല്കപ്പെട്ടിരിക്കുന്നത്. ഹൈഡ്രസ് അയൺ ഓക്സൈഡായ [FeO (OH)] ഈ ധാതുവിൻെറ ശുദ്ധമായ അവസ്ഥയിൽ ഇരുമ്പിൻെറ അംശം 62.9% ആണ്. മഞ്ഞവർണരേഖയുള്ളതിനാൽ ഹേമറ്റൈറ്റിൽനിന്നും, കൂടുതൽ ജലാംശമുള്ളതുകൊണ്ടും ഓർത്തോറോംബിക് സിസ്റ്റത്തിൽ ക്രിസ്റ്റലീകരിക്കുന്നതുകൊണ്ടും ലിമൊണൈറ്റിൽനിന്നും ഇതു വ്യത്യാസപ്പെട്ടിരിക്കുന്നു. പലപ്പോഴും നാരുരൂപത്തിലാണ് ഉപസ്ഥിതി. ഊതകറുപ്പുനിറം. ഊതമഞ്ഞനിറത്തിലുള്ള വർണരേഖ. വജ്രദ്യുതി. കാഠിന്യം 5-5.5. ആപേക്ഷികസാന്ദ്രത 4-4.4. അപാരദർശികം (opaque).

ലിമൊണൈറ്റ്, ഹേമറ്റൈറ്റ് എന്നീ ധാതുക്കളുമായി ചേർന്നു കണ്ടുവരുന്നു. ഇംഗ്ലണ്ട്, അമേരിക്കൻ ഐക്യനാടുകൾ, സോവിയറ്റ് യൂണിയൻ എന്നിവിടങ്ങളിൽ ഗീഥൈറ്റ് കണ്ടെത്തിയിട്ടുണ്ട്.

ഗീബൽസ്,പോൾ ജോസഫ് (1897—1945)

ജെർമൻ രാഷ്ട്രീയപ്രവർത്തകനും പത്രപ്രവർത്തകനും. ഇദ്ദേഹത്തിൻെറ പേര് കള്ളപ്രചാരണത്തിനു പര്യായമായിത്തീർന്നിട്ടുണ്ട്. ഹീഡൽബർഗ് സർവകലാശാലയിൽനിന്ന് 1920-ൽ ഡോക്ടർ ബിരുദം കരസ്ഥമാക്കിയ ഇദ്ദേഹം കുറച്ചുകാലം പത്രപ്രവർത്തകനായിരുന്നു. 1922-ൽ ഗീബൽസിനെ നാസി കക്ഷിയിലെ നേതാവായി അംഗീകരിച്ചു. 1927-ൽ ഇദ്ദേഹം ബർലിനിൽ സ്ഥാപിച്ച 'ഡെർ ആങ് റിഫ്' എന്ന പത്രത്തിൻെറ മുഖപ്രസംഗങ്ങൾ ഇദ്ദേഹത്തിൻെറ മിന്നൽപ്പടയാളികളുടെ വിക്രിയകൾപോലെ തന്നെ നിശിതവും രൂക്ഷവുമായിരുന്നു. 1928-ൽ ഇദ്ദേഹം ദേശീയനിയമസഭയായ റീച്ച് സ്റ്റാഗിലെ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. അടുത്തവർഷം നാസി കക്ഷിയുടെ പ്രചാരണവിഭാഗത്തിൻെറ മേധാവിയായി. 1933-ൽ ഹിറ്റ്ലർ ഗീബൽസിനെ പ്രചാരണമന്ത്രിയായി നിയമിച്ചു. നാസികളുടെ ലക്ഷ്യങ്ങളും നയങ്ങളും ഇദ്ദേഹം സമർഥമായി പ്രചരിപ്പിച്ചു. കെട്ടുകഥകളും നിറംപിടിപ്പിച്ച നുണകളും ബഹുജനസമക്ഷം നിരത്തി അവ തികഞ്ഞ സത്യങ്ങളാണെന്നു സമ്മതിപ്പിക്കുവാൻ ഗീബൽസിനു കഴിഞ്ഞു.

രാഷ്ട്രീയത്തലെന്നപോലെ സ്വകാര്യജീവിതത്തിലും സാന്മാർഗിക മൂല്യങ്ങൾക്കു വില കല്പിക്കാതിരുന്ന ഇദ്ദേഹം അതിബുദ്ധിമാനായിരുന്നു. നാസിജെർമനിയുടെ പതനം ആസന്നമാണെന്നും സഖ്യകക്ഷികൾ തന്നെ പിടികൂടി യുദ്ധക്കുറ്റവാളിയായി വിചാരണചെയ്യുമെന്നും മനസ്സിലായപ്പോൾ ഗീബൽസ് കുടുംബാംഗങ്ങളോടൊപ്പം ആത്മഹത്യചെയ്തു (1945 മേയ് 1).

ഗീയെവർ, ഐവർ (Giaever, Ivar; 1929—   )

ഭൗതികശാസ്ത്രജ്ഞൻ. 1929 ഏപ്രിൽ 5-ാം തീയതി നോർവേയിലെ ബെർജനിൽ ജനിച്ചു. നോർവീജിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജിയിൽനിന്ന് 1952-ൽ ബിരുദം നേടി പേറ്റൻറ് എൻജിനീയറായി സർക്കാർ ജോലിയിൽ പ്രവേശിച്ചു. 1954-ൽ കാനഡയിലേക്കു കുടിയേറി, ഒൻേറാറിയോയിൽ ഒരു കമ്പനിയിൽ മെക്കാനിക്കൽ എൻജിനീയറായി ചേർന്നു. അവിടെനിന്നു യു.എസ്സിലെ ന്യൂയോർക്ക് പട്ടണത്തിലേക്കുപോയി. 1964-ൽ റെൻസ്സെലെയർ പോളിടെക്നിക് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ഗവേഷണബിരുദം സമ്പാദിച്ചു. ഖരാവസ്ഥാഭൗതിക(Solid state physics)ത്തിൽ ഉപരിഗവേഷണങ്ങളിൽ ഏർപ്പെട്ടു. വിശേഷിച്ച് അതിചാലകതാവിഭാഗത്തിൽ (super conductivity). ഇതിലാണു പില്ക്കാലത്തു സാരമായ സംഭാവന ചെയ്യാൻ ഗീയെവർക്ക് സാധിച്ചത്.

അതിചാലകതയെപ്പറ്റി ആഴത്തിൽ അറിയാൻ സഹായിക്കുന്ന പ്രവർത്തനങ്ങളാണു ജോൺബാർഡീൻ (John Bardeen) ലിയോൺ കൂപ്പർ (Leon Cooper) ജോൺറോബർട്ട് ഷ്റീഫർ (John Robert



Scheieffer) നടത്തിയത്. അതിന് അവർക്ക് 1972-ൽ നൊബേൽ സമ്മാനവും കിട്ടി. ലീയോ എസാക്കി (Leo Esaki)യുടെ ഗവേഷണവും അതിനെക്കുറിച്ചു ജോസഫ്സൺ (Josephson) നടത്തിയ പഠനങ്ങളും അടിസ്ഥാനപ്പെടുത്തിയാണു ഗീയെവർ തന്റെ ഗവേഷണം വികസിപ്പിച്ചത്. ഈ ഗവേഷണത്തിനാണ് 1973-ലെ നൊബേൽ സമ്മാനം ഇദ്ദേഹം ഹസാക്കി ജോസഫ്സണ്ണുമായി പങ്കിട്ടത്.

ഗീർലാൻഡായോ, ഡൊമിനിക്കോ

(1449–1494)

ഇറ്റാലിയൻ ചിത്രകാരൻ. ഇദ്ദേഹത്തിന്റെ ജെറോം, തിരുവത്താഴം (Last Supper) മുതലായ ചുവർ ചിത്രങ്ങൾ പ്രസിദ്ധമാണ്.


'കന്യാജനനം' - ഗീർലാൻഡായോയുടെ
വിഖ്യാതമായ ചുമർചിത്രം

ഇദ്ദേഹം മൈക്കൽ എഞ്ചലോയുടെ ഗുരു ആണെന്നു കരുതപ്പെടുന്നു. ഫ്ളോറൻസിൽ ജനിച്ചു. സ്വർണപ്പണിക്കാരനായ പിതാവിൽ നിന്ന് പെയിന്റിങ്ങിന്റെ ആദ്യപാഠങ്ങൾ പഠിച്ചു. പിന്നീട് അലെസ്സോ ബാൾദൊവിനെറ്റിയുടെ കീഴിൽ പരിശീലനം നേടി. ജീവിതത്തിൽ ഏറിയ പങ്കും ഫ്ളോറൻസിൽ ചെലവിട്ടു. 1481-82 കാലത്ത് പിസായിലും റോമിലും ചിത്രരചനയിൽ ഏർപ്പെട്ടിരുന്നു. 15-ാം ശതകത്തിൽ പ്രചാരത്തിലിരുന്ന ചിത്രകലാ സങ്കേതങ്ങളുടെ സമഗ്ര സൗന്ദര്യം ഉൾക്കൊണ്ടതായിരുന്നു ഇദ്ദേഹത്തിന്റെ ചിത്രങ്ങൾ. ഫ്ളോറൻസിലെ സാന്താമേരിയ നോവല്ല പള്ളിയിലും, സാന്താ ത്രിനിറ്റാ പള്ളിയിലെ സാസെന്നി ചാപ്പെലിലും 1482-നും 1490 നും മധ്യേ രചിച്ച ചുവർ ചിത്രങ്ങളാണ് ഇദ്ദേഹത്തിന്റെ ഏറ്റവും മികച്ച കലാസൃഷ്ടികൾ.

1494 ജനുവരി 11ന് ഫ്ളോറെൻസിൽ അന്തരിച്ചു.

ഗീലോങ്

ഓസ്ട്രേലിയയിൽ വിക്ടോറിയ സംസ്ഥാനത്തിലുള്ള രണ്ടാമത്തെ വലിയ നഗരവും തുറമുഖവും. ഇതു മെൽബോണിൽനിന്നു 72 കി.മീ. തെക്കുപടിഞ്ഞാറായി കോറിയോ ഉൾക്കടലിന് അഭിമുഖമായി കിടക്കുന്നു. 1837-ൽ സ്ഥാപിതമായി, 1839-ൽ മുനിസിപ്പൽ പട്ടണമായി; 1910-ൽ നഗരവും. ഇന്നു വലിയൊരു വിദ്യാകേന്ദ്രവും കൂടിയാണ്. 1851-ൽ ചില പ്രദേശത്തുനിന്നും സ്വർണം കണ്ടുപിടിച്ചതു പട്ടണത്തിന്റെ വളർച്ചയ്ക്കു സഹായകമായി ഭവിച്ചു. ഗീലോങ് ഒരു പ്രധാന രോമവിപണനകേന്ദ്രവും തുറമുഖവുമായി വളർന്നുവന്നു. വിക്ടോറിയ സംസ്ഥാനത്തിലെ ആദ്യത്തെ വൂളൻ മിൽ ഗീലോങ്ങിലാണു സ്ഥാപിച്ചത്. ഇവിടുത്തെ വ്യവസായങ്ങളിൽ പ്രധാനപ്പെട്ടവ യന്ത്രസാമഗ്രികൾ, ട്രാക്റ്ററുകൾ, കാർഷികപണിയായുധങ്ങൾ, രാസവസ്തുക്കൾ, കടലാസ്, സിമന്റ് എന്നിവയുടെ നിർമാണവും മാംസസംസ്കരണവും, തുകൽ ഊറയ്ക്കിടീലും, മത്സ്യബന്ധനവുമാണ്. വർഷത്തിൽ 17,50,000 ടൺ എണ്ണ ശുദ്ധീകരിച്ചെടുക്കാവുന്ന ഒരു എണ്ണശുദ്ധീകരണശാല ഇവിടെയുണ്ട്. പ്രധാനപ്പെട്ട കയറ്റുമതി വിഭവങ്ങൾ രോമവും മാംസവുമാണ്. ഇറക്കുമതിച്ചരക്കുകൾ തടി, പെട്രോളിയം, ക്രൂഡ് ഓയിൽ, ഉരുക്ക്, ഫോസ്ഫേറ്റ് എന്നിവയാണ്. സാങ്കേതികവിദ്യാഭ്യാസത്തിനു മികച്ച സൗകര്യങ്ങൾ ഗീലോങ്ങിലുണ്ട്. ഉന്നതസൗധങ്ങളും വിശാലമായ ഉദ്യാനങ്ങളും ഇവിടെ ഉണ്ട്. ജനസംഖ്യ: 1,25,279 (1981).

ഗീവർഗീസ് കത്തനാർ, റവ. ജോർജ് മാത്തൻ

†ജോർജ്മാത്തൻ നോക്കുക.

ഗീസാപിരമിഡുകൾ

ഈജിപ്തിലെ ഗീസാ എന്ന പ്രദേശത്തു നിർമിക്കപ്പെട്ടിട്ടുള്ള മൂന്നു സൂച്യഗ്ര ചതുരസ്തംഭങ്ങൾ. നൈൽനദിയുടെ പടിഞ്ഞാറെക്കരയിലാണു ഗീസാ എന്ന പ്രദേശം. ഈ പിരമിഡുകൾ നിർമിച്ചിട്ടുള്ളത് അവിടെയുള്ള ഒരു കുന്നിലാണ്. ഇവ ലോകത്തിലെ സപ്തമഹാദ്ഭുതങ്ങളിൽപ്പെടുന്നു. ബി.സി 2494-നും 2181-നും ഇടയ്ക്കാണ് ഇവ നിർമിച്ചതെന്നു കരുതപ്പെടുന്നു. കുഫുരാജാവു പണിയിച്ചതും ഏറ്റവും വടക്കുഭാഗത്തു സ്ഥിതിചെയ്യുന്നതുമായ പിരമിഡിനു നിർമാണകാലത്തു 236 മീ. നീളവും 137 മീ. ഉയരവും ഉണ്ടായിരുന്നു. ഇപ്പോൾ ഇതിന്റെ ഉയരം 138 മീ. മാത്രമാണ്. ഖാഫ്രെരാജാവു നിർമിച്ചതാണു രണ്ടാമത്തെ പിരമിഡ് ഇതിന്റെ നീളം 216 മീറ്ററും ഉയരം 143.5 മീറ്ററും ആണ്. മൂന്നാമത്തെ പിരമിഡ് മെൻകൂർ രാജാവു പണിയിച്ചതാണ്. നീളം 102.5 മീറ്റർ. ഉയരം 66.5 മീറ്റർ. മനുഷ്യരുടെയും പ്രകൃതിയുടെയും വിക്രിയകൾ മൂലം ഇവയുടെ ഉയരവും പില്ക്കാലത്തു കുറഞ്ഞിട്ടുണ്ട്. അതതു രാജാക്കന്മാരുടെ മൃതദേഹം അടക്കം ചെയ്യാനാണ് ഇവ ഉണ്ടാക്കിയത്. മൃതശരീരത്തോടൊപ്പം വിലപിടിച്ച ആഭരണങ്ങളും ഉപകരണങ്ങളും പിരമിഡുകളുടെ ഉള്ളിൽ നിക്ഷേപിച്ചിരുന്നതായി പറയുന്നു. എന്നാൽ ഇവയൊന്നും ഇപ്പോൾ കാണാനില്ല. കൊള്ളചെയ്യപ്പെട്ടു എന്നാണു വിശ്വാസം.


ഗീസാ പിരമിഡുകൾ.

ഈ പിരമിഡുകളിൽ ഓരോന്നിന്റെയും അരികിലായി രാജകുടുംബാംഗങ്ങളുടെ മൃതദേഹങ്ങൾ അടക്കംചെയ്ത ചെറിയ പിരമിഡുകളുണ്ട്. പരന്ന മേൽത്തട്ടോടുകൂടിയ ശവകുടീരങ്ങൾ ഇവയ്ക്കു ചുറ്റുമായി വേറെയും കാണാം. ഏറ്റവും വലിയ പിരമിഡിന്റെ തെക്കുഭാഗത്താണു പ്രസിദ്ധമായ സ്ഫിൻക്സിന്റെ പ്രതിമ. † പിരമിഡുകൾ നോക്കുക.

ഗീസിങ്, സുഭാഷ് വി. (1936 —)

ഗൂർഖകളുടെ നേതാവ്; പശ്ചിമബംഗാളിലെ ഡാർജിലിങ് ഹിൽ ഡിവലപ്മെന്റ് കൗൺസിലിന്റെ അധ്യക്ഷൻ.

1936 ജൂൺ 2-നു ഡാർജിലിങ്ങിൽ ജനിച്ചു. പിതാവായ ബുധിമാൻ ഗീസിങ് തോട്ടപ്പണിക്കാരനായിരുന്നു. ബാല്യത്തിൽ തന്നെ മാതാപിതാക്കൾ നഷ്ടപ്പെട്ടു. ഡാർജിലിങ്ങിലെ സെന്റ് റോബർട്സ് സ്കൂളിൽ 9-ാംക്ലാസുവരെ പഠിച്ചശേഷം 1954-ൽ സുഭാഷ് സൈന്യത്തിൽ ചേർന്നു. ഗൂർഖാ റെജിമെന്റിൽ അംഗമായി പഞ്ചാബിൽ സേവനം അനുഷ്ഠിച്ചു. 1958-ൽ മെട്രിക്കുലേഷൻ ജയിച്ചു. 1960-ൽ സൈന്യത്തിൽനിന്നു പിരിഞ്ഞു. ഡാർജിലിങ്ങിൽ തിരിച്ചെത്തി പ്രൈമറി സ്കൂൾ അധ്യാപകനായി. 28-ാം വയസ്സിൽ രാഷ്ട്രീയപ്രവർത്തനം ആരംഭിച്ചു. അഖിലേന്ത്യാ ഗൂർഖാ ലീഗിന്റെ യുവജനവിഭാഗത്തിൽ ചേർന്നു. നാലുവർഷത്തിനുശേഷം നേപ്പാളി പാർട്ടി രൂപവത്കരിച്ചു.

അടിയന്തിരാവസ്ഥക്കാലത്തു പാർട്ടി ഓഫീസ് അടച്ചുപൂട്ടി. പാർട്ടി പ്രവർത്തനം നിർത്തി. മൂന്നു വർഷത്തിനുശേഷം പ്രാന്തോ സോങ് എന്ന കക്ഷിക്കു രൂപം നല്കി, ഗൂർഖാലാൻഡ് രൂപവത്കരണം ആവശ്യപ്പെട്ടു. ആഭ്യന്തരഭിന്നതകൾമൂലം ഈ കക്ഷിയും ശിഥിലമായി എങ്കിലും പ്രാന്തീയമോർച്ച എന്ന പുതിയ പേരിൽ 1980 വരെ തുടർന്നു. അക്കൊല്ലമാണു ഗൂർഖാവിമോചനമുന്നണി രൂപവത്കരിച്ചത്. പ്രത്യേക ഗൂർഖാ സംസ്ഥാനത്തിനുവേണ്ടിയുള്ള പ്രക്ഷോഭണത്തിലൂടെ ദേശീയ പ്രശസ്തി നേടി. 1988 ഒക്റ്റോബറിൽ കേന്ദ്ര ഗവൺമെന്റും പശ്ചിമബംഗാൾ ഗവൺമെന്റും ഗീസിങ്ങും ചേർന്ന് ഒപ്പുവച്ച കരാർ അനുസരിച്ചു ഡാർജിലിങ് ആസ്ഥാനമായി ഹിൽ ഡിവലപ്മെന്റ് കൗൺസിൽ രൂപവത്കരിച്ചു. പിന്നീടു നടന്ന തിരഞ്ഞെടുപ്പിൽ ഗൂർഖാവിമോചനമുന്നണി ഭൂരിപക്ഷം നേടി. ഗീസിങ് കൗൺസിൽ അധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടു.

നോവലിസ്റ്റ് എന്ന നിലയ്ക്കും ഗീസിങ് പ്രസിദ്ധനാണ്. നേപ്പാളി ഭാഷയിൽ ഒട്ടേറെ നോവലുകൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. *മനേ* എന്ന നോവലാണ് ഏറ്റവും പ്രസിദ്ധം.

ഗീസോ, ഫ്രാങ്സ്വാ (Guizot, Francois 1787—1874)

ഫ്രെഞ്ചു ഭരണതന്ത്രജ്ഞനും ചരിത്രകാരനും. നീംസി(Nimes)ലെ ഒരു പ്രോട്ടസ്റ്റന്റു കുടുംബത്തിൽ 1787 ഒക്റ്റോബർ 4-നു ജനിച്ചു. ജെനീവയിൽ വിദ്യാഭ്യാസം നടത്തി. 1805-ൽ പാരീസിൽ നിയമം പഠിച്ചു. 1812-ൽ ഫ്രെഞ്ച്സർവകലാശാലയിലെ ആധുനികചരിത്രവിഭാഗത്തിന്റെ തലവനായി. അക്കൊല്ലംതന്നെ ഗിബ്ബണിന്റെ റോമാചരിത്രം ഫ്രെഞ്ചിലേക്കു തർജമചെയ്തു. 1815-ൽ ഗീസോ ആഭ്യന്തരവകുപ്പു സെക്രട്ടറിയായി. അടുത്തവർഷം മന്ത്രിസഭയിലെ അംഗമായി. രണ്ടുവാല്യങ്ങളിലായി പ്രസിദ്ധീകരിച്ച 'ഇംഗ്ലീഷ് വിപ്ലവത്തിന്റെ ചരിത്രം', 'യൂറോപ്പിലെ സംസ്കാരത്തിന്റെ ചരിത്രം', 'ഫ്രാൻസിലെ സംസ്കാരത്തിന്റെ ചരിത്രം' എന്നിവയാണു ഗീസോയ്ക്കു പടിഞ്ഞാറൻനാടുകളിൽ പ്രശസ്തി നേടിക്കൊടുത്തത്. ഇംഗ്ലീഷിലേക്കും മറ്റു ഭാഷകളിലേക്കും ഇദ്ദേഹത്തിന്റെ ചരിത്രകൃതികൾ തർജമചെയ്തിട്ടുണ്ട്. 1830-ൽ ഗീസോ ജനപ്രതിനിധിസഭയിലെ ഒരംഗമായി. അക്കൊല്ലത്തെ ജുലായ് വിപ്ലവത്തിനുശേഷം അധികാരത്തിൽവന്ന മന്ത്രിസഭയിൽ ഇദ്ദേഹത്തെ ചേർത്തിരുന്നു. 1832-ൽ ഗീസോ വിദ്യാഭ്യാസമന്ത്രിയായി. 1840-ൽ ഇദ്ദേഹത്തെ ഇംഗ്ലണ്ടിലെ ഫ്രെഞ്ചുസ്ഥാനപതിയായി നിയമിച്ചു. 1847-ൽ ഫ്രാൻസിലെ പ്രധാനമന്ത്രിയായ ഗീസോയുടെ യാഥാസ്ഥിതികനയമാണ് അടുത്തവർഷം പൊട്ടിപ്പുറപ്പെട്ട വിപ്ലവത്തിനു പ്രധാനകാരണം. രാഷ്ട്രീയത്തിൽനിന്നും വിരമിച്ച ഇദ്ദേഹം എട്ടുവർഷം നടത്തിയ ഗവേഷണഫലമാണ് 'ഇംഗ്ലീഷ് വിപ്ലവത്തിന്റെ ചരിത്രം' എന്ന കൃതി. ഇതു കൂടാതെ ഗീസോ തന്റെ ആത്മകഥയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1874 ഒക്റ്റോബർ 12-ാം തീയതി ഇദ്ദേഹം നിര്യാതനായി.

ഗീസ്‌ലർ, ഹെന്റീക്ക് (1815—1879)

ജെർമൻ ശാസ്ത്രജ്ഞൻ. ഉന്നതശൂന്യസ്ഥലം (high vacuum) സൃഷ്ടിക്കാൻ കെല്പുള്ള ഒരു പമ്പാണ് ഇദ്ദേഹത്തിന്റെ കണ്ടുപിടിത്തങ്ങളിൽ മുഖ്യം. ഗ്ലാസു പണിക്കാരനായിരുന്നു. യന്ത്രങ്ങൾ കണ്ടുപിടിക്കുന്നതിൽ താത്പര്യമുണ്ടായി. 1855-ൽ ഒരു മെർക്കുറി എയർപമ്പു നിർമിച്ചു. ഇതുകൊണ്ട് 1/1,00,000 അന്തരീക്ഷമർദം മാത്രമുള്ള ശൂന്യസ്ഥലം സൃഷ്ടിക്കാൻ ഇദ്ദേഹത്തിനു കഴിഞ്ഞു. ജൂലിയസ് പ്ലക്കർ എന്ന സുഹൃത്ത് ഇതിൽ അദ്ദേഹത്തെ സഹായിച്ചു. നിർവാതമായ കുഴലുകൾ ഇതുകൊണ്ടു സൃഷ്ടിക്കാൻ കഴിഞ്ഞു. ഇവയ്ക്കു ഗീസ്‌ലർ റ്റ്യൂബുകൾ എന്നു പറഞ്ഞുവരുന്നു. ശാസ്ത്രജ്ഞർക്കു പല ആവശ്യങ്ങൾക്കും ഇത് ഉപകരിച്ചു. ചില താപനിലകളിലുള്ള ഹിമത്തിന്റെ വികാസത്തെയും ജലത്തിന്റെ പരമാവധി സാന്ദ്രതയിലുള്ള താപനിലയെയും പറ്റി പഠനം നടത്തി.

ഗു

ഗുജർ

ഗുജറാത്തിന് ആ പേരു നല്കിയ ജനവർഗം. ഇപ്പോൾ പാകിസ്താനിലുള്ള ഗുജറൻവാലാ നഗരത്തിന്റെ പേരും ഗുജർമാരുടെ പേരിനോടു ബന്ധപ്പെട്ടതു തന്നെ. സംസ്കൃതത്തിലെ ‘ഗോ-ചോര’ ശബ്ദത്തിൽനിന്നാകാം ഗോക്കളെ തട്ടിക്കൊണ്ടു പോകുന്ന ഇവർക്കു ഗുജർ (സംസ്കൃതത്തിൽ ‘ഗുർജം’) എന്നു പേരു വീണത്. ഇപ്പോൾ കാലിമേയ്ക്കലാണ് ഇവരുടെ തൊഴിൽ. ഉത്തരപ്രദേശത്തും ഹര്യാനയിലും ഇന്ന് ഇവരുണ്ട്. ഇവരുടെ ഗൃഹദേവത ‘കുൽദേവി’ ആണ്. വീട്ടിനുള്ളിൽ കുൽദേവിക്ക് ഒരു വേദി ഉണ്ടാകും. തേങ്ങ, അരി, മഞ്ഞൾ, പൂക്കൾ ഇവ ദേവിക്ക് അർപ്പിക്കുന്നു. ഹോഷങ്ഗബാദിലെ രാംജിദാസ് ക്ഷേത്രത്തിലെ മഹന്ത് ആണു മതനേതാവ്.

ഗുജറാത്ത്

ഇന്ത്യയുടെ പടിഞ്ഞാറുഭാഗത്തുള്ള ഒരു സംസ്ഥാനം. വടക്ക് 20° 6′-യ്ക്കും 24° 42′, കിഴക്ക് 68° 28′-യ്ക്കും 74° 24′-യ്ക്കും ഇടയിൽ സ്ഥിതിചെയ്യുന്നു. ഗുജറാത്തിന്റെ പടിഞ്ഞാറുവശത്ത് അറബിക്കടലും, വടക്കു റാൻപ്രദേശവും മേവാഡ്മരുഭൂമിയും, വടക്കുകിഴക്കു മൗണ്ട്അബുവും ആണുള്ളത്. കിഴക്കു മധ്യപ്രദേശവും തെക്കു മഹാരാഷ്ട്രയും ആണ്. വിന്ധ്യപർവതത്തിന്റെ ചില നിരകൾ ഗുജറാത്തിന്റെ വടക്കുവശത്തു വന്നു മുട്ടുന്നു. 1960 മെയ് 1-നാണു ഗുജറാത്തു സംസ്ഥാനമായത്.

സംസ്ഥാനത്തിന്റെ വിസ്തൃതി 1,96,024 ച.കി.മീ. ആണ്. ജനസംഖ്യ: 3,40,85,799 (1981). ഇന്ത്യയുടെ വിസ്തൃതിയിൽ 6.5% ഗുജറാത്താണ്; ജനസംഖ്യയിൽ 4.97% ഗുജറാത്തിൽ വസിക്കുന്നു. വലിപ്പത്തിൽ ഏഴാമത്തതാണ് ഈ സംസ്ഥാനം.

ഭൂപ്രകൃതി. ഭൂപ്രകൃതിയനുസരിച്ചു ഗുജറാത്തിനെ മൂന്നായി തിരിക്കാം. ആദ്യത്തെ ഭാഗം റൻ ഒഫ് കച്ചിൽനിന്നും ആരവല്ലിക്കുന്നുകളിൽനിന്നും ദമൻ ഗങ്ഗാനദിവരെ പരന്നു കിടക്കുന്നു. രണ്ടാമത്തേതു കുന്നുകൾ നിറഞ്ഞ സൗരാഷ്ട്രവും കച്ചുമാണ്. മൂന്നാമത്തേതു വടക്കുകിഴക്കൻ കുന്നിൻപുറങ്ങളാണ്. ആദ്യത്തേതാണു മുഖ്യഭാഗം — ഇതു പരന്ന സമതലമാണ്. വടക്കുഭാഗം മണൽ നിറഞ്ഞതാണെങ്കിലും മറ്റെങ്ങും എക്കൽമണ് (alluvial) പ്രകൃതിയാണുള്ളത്. ഗുജറാത്തു സമതലങ്ങളിൽ ഒഴുകുന്നവയാണു സബർമതി, മഹി, നർമദ, തപതി എന്നീ വലിയ നദികളും ബനസ്, സരസ്വതി, ദമൻഗങ്ഗ, ശേത്രുഞ്ചി, ഭദർ എന്നീ ചെറുപുഴകളും. കാലവർഷത്തിൽ കാംബേ ഉൾക്കടലിലേക്കൊഴുകുന്ന തോടുകളും അനവധിയുണ്ട്.

ഗുജറാത്തിനു വെളിയിലുള്ള പർവതങ്ങളുടെ ‘വാലുകൾ’ ഗുജറാത്തിലെ അതിർത്തിയിലേക്കു നീണ്ടുകിടക്കുന്നു. രാജസ്ഥാനിലെ അബുകുന്നുകൾ സുമുദ്രനിരയിൽനിന്ന് 1706 മീറ്റർ ഉയരത്തിൽ ഗുജറാത്തിന്റെ വടക്കു സ്ഥിതിചെയ്യുന്നു. കുറച്ചുകൂടി വടക്കാണ് 160 കി.മീ. നീളമുള്ള അരശുർ പർവതനിര. ഗുജറാത്തിന്റെ കിഴക്കെ അതിർത്തിവരെ അതു നീണ്ടുകിടക്കുന്നു. കിഴക്കുവശത്താണു 762 മീറ്റർ പൊക്കമുള്ള പവാഗഢ്പർവതം — ഇതിന് 41 കി.മീറ്റർ ചുറ്റളവുണ്ട്. ശതപുര കുന്നുകൾ, പ്രത്യേകതരം അഗേറ്റുകൾ (agates) നിറഞ്ഞതാണ്. സൗരാഷ്ട്രപ്രദേശം ഉപദ്വീപാണ്. അവിടുത്തെ മുഖ്യ പർവതങ്ങളാണു ശേത്രുഞ്ചോ, ചോടിലൊ, ബർദൊ, ഗിർ, ഗിർനാർ എന്നിവ. ഇതിൽ ഗിർനാർ ആണ് ഏറ്റവും പൊക്കമുള്ളത്.

വടക്കു വലിയ റൻ (മരുഭൂമി) ഉള്ള കച്ച് (ഇതിനു കിഴക്കുമുണ്ട് ഒരു റൻ) വ്യത്യസ്തഭൂപ്രകൃതിയുള്ളതാണ്. പൊതുവെ തരിശും പാറക്കൂട്ടം നിറഞ്ഞതും മണൽമയവും (arenaceous)) ആണെങ്കിലും ഓരോ കുന്നും കൊടുമുടിയും വിഭിന്നരീതിയിൽ ഉള്ളതാണ്. ആഴമുള്ള പരുക്കൻ നദീതടങ്ങളും വലിയ മേച്ചിൽസ്ഥലങ്ങളും ഇവിടെയുണ്ട്.

കാലാവസ്ഥ. ഉത്തരായനരേഖ, ഗുജറാത്തിന്റെ വടക്കൻ അതിർത്തിയിലൂടെ കടന്നുപോകുന്നു. തീവ്രമായ ചൂടും തണുപ്പും ഇവിടെ അനുഭവപ്പെടുന്നു. എന്നാൽ അറബിക്കടലും കാംബേ ഉൾക്കടലും ഈ തീവ്രതയെ അല്പം കുറയ്ക്കുന്നുണ്ട്. സസ്യജാലം നിറഞ്ഞ കിഴക്കൻ കാടുകളും കാലാവസ്ഥയുടെ കെടുതിയിൽനിന്നു സംരക്ഷണം നല്കുന്നു.

മഴ: മഴയ്ക്കു പലപ്പോഴും ക്ഷാമം അനുഭവപ്പെടാറുണ്ട്. തുലാവർഷത്തിലെ മഴ ഗുജറാത്തിനു ലഭിക്കുന്നില്ല. തെക്കുനിന്നു വടക്കോട്ടു പോകുന്തോറും മഴ കുറവാണ്. തെക്കുപടിഞ്ഞാറൻ കാലവർഷമാണ് (ജൂൺ - സെപ്റ്റംബർ) ഗുജറാത്തിനു ലഭിക്കുന്നത്. സൂറത്ത്, ബ്രോച്ച്, പഞ്ച്മഹാൾ, ദാങ്സ് എന്നീ ജില്ലകളിൽ ശരാശരി മഴ 95 സെ.മീ. മുതൽ 200 സെ.മീ. വരെയാണ്. സൗരാഷ്ട്രം, കച്ച് എന്നിവിടങ്ങളിൽ ഗിർ കാടുകളിലൊഴികെ മഴ കുറവാണ്. 50 സെ.മീ. മുതൽ 62 സെ.മീ. വരെ സൗരാഷ്ട്രത്തിലും 30 സെ.മീറ്ററിൽ താഴെ കച്ചിലും മഴ പെയ്യുന്നു. ദാങ്സ് ജില്ലയിലെ വനങ്ങളിലാണു മഴ ഏറ്റവും കൂടുതൽ കിട്ടുന്നത്.

മഴയുടെ ഏറ്റക്കുറവനുസരിച്ചും (4.6 - 30.5 സെ.മീറ്റർ) മണ്ണിന്റെ തരത്തിനനുസരിച്ചും (ഗ്രൌരഡു, കറുപ്പ്, കളിമണ്ണ്, മണൽ) പരുത്തി, ഗോതമ്പ്, നെല്ല്, ജവാർ, ബജ്ര, പയറുകൾ, പുകയില എന്നിവ കൃഷി ചെയ്യുന്നു.

ജനങ്ങൾ: വാണിജ്യം, വ്യവസായം, കൃഷി എന്നിവയിൽ പേരെടുത്തവരും പ്രായോഗികബുദ്ധിയിൽ മികച്ചവരുമാണു ഗുജറാത്തികൾ. ശരാശരി ജനസാന്ദ്രത ച.കി.മീറ്ററിന് 174 ആണ്. (ഇന്ത്യയിൽ 216.) 19 ജില്ലകൾ ഗുജറാത്തിലുണ്ട്. എട്ടു ജില്ലകളിൽ ജനസംഖ്യ 20 ലക്ഷത്തിൽ അധികമാണ്. ഗാന്ധിനഗർ, ദാങ്സ് ജില്ലകളിൽ മൂന്നുലക്ഷത്തിൽ കുറവും. ബാക്കി ജില്ലകളിൽ 10 ലക്ഷത്തിൽ മീതെയാണ്.





ഗാന്ധിജി ജനിച്ച വീട്
(പോർബന്തർ, ഗുജറാത്ത്) ▷

1981-ലെ സെൻസസ് പ്രകാരം സാക്ഷരത്വം 43.75%. പ്രധാന ഭാഷ ഗുജറാത്തി.

സാംസ്കാരികചരിത്രം. ഗുജറാത്തിനു വളരെ പഴയ ചരിത്രമുണ്ട്. ശ്രീകൃഷ്ണനെപ്പോലുള്ള പുരാണനായകന്മാരുടെയും ദയാനന്ദസരസ്വതി, മഹാത്മാഗാന്ധി എന്നീ ചരിത്രപുരുഷന്മാരുടെയും നാടാണിത്. പല സാമ്രാജ്യങ്ങളും ഇവിടെ വളർന്നു നശിച്ചു. അനേകം ആക്രമണങ്ങൾ ഗുജറാത്തിനു നേരിടേണ്ടിവന്നിട്ടുണ്ട്. പഴയ ചരിത്രാവശിഷ്ടങ്ങൾ അങ്ങിങ്ങായി കാണാം. ലോഠാൽ, സംഗ്പൂർ എന്നിവിടങ്ങളിലെ അവശിഷ്ടങ്ങളിൽനിന്നും പഴയ ആഭരണങ്ങൾ, ചിത്രങ്ങൾ, മൺപാത്രങ്ങൾ, നാടൻ കലകൾ എന്നിവയിൽനിന്നും ഗുജറാത്തിന്റെ സമ്പന്നമായ സാംസ്കാരികചരിത്രത്തിനു സഹസ്രാബ്ദങ്ങളുടെ പഴക്കമുണ്ടെന്നു തെളിയുന്നു.

സംഗീതം, ചിത്രകല, പ്രതിമാശില്പം എന്നിവ രാജാക്കന്മാരുടെയും പ്രഭുക്കളുടെയും മന്ദിരങ്ങളിൽ സംരക്ഷിക്കപ്പെട്ടപ്പോൾ ഗ്രാമീണ ഗുജറാത്തിൽ നാടൻ നൃത്തങ്ങൾ തലമുറയിൽനിന്നു തലമുറയിലേക്കു പ്രചരിക്കയാണുണ്ടായത്.

പഴയ നൃത്തരൂപങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവയാണു ഗാർബിനൃത്തവും രാസനൃത്തവും. ഗോകുലത്തിലും വൃന്ദാവനത്തിലും ശ്രീകൃഷ്ണൻ നടത്തിയ നൃത്തത്തിന്റെ രൂപമാണു രാസനൃത്തം എന്നു വിശ്വസിക്കപ്പെടുന്നു. ഇതൊരുതരം കോലടികളിയാണ്. കുറച്ചു യുവാക്കൾ ഒന്നിച്ചുചേർന്നു വട്ടത്തിൽ താളത്തിനനുസരിച്ചു ചുവടുവച്ചു രണ്ടു കൈകളിലുമുള്ള കോലുകൊണ്ട് അടിക്കുന്ന കളിയാണിത്. കൂട്ടായി പാടുകയും ചെയ്യുന്നു. ഗാർബി എന്ന മറ്റൊരു രാസനൃത്തവുമുണ്ട്.

മൗര്യന്മാർ, ക്ഷത്രപന്മാർ, ഗുപ്തന്മാർ, മൈത്രകന്മാർ എന്നിങ്ങനെ പല പഴയ രാജവംശങ്ങളും ഗുജറാത്തിൽ ആധിപത്യം നേടിയിരുന്നു. പക്ഷേ അവരുടെ കാലത്തെ അവശിഷ്ടങ്ങൾ അധികമൊന്നും കാണാനില്ല. ബുദ്ധൻ ഗിർനാർപർവതത്തിൽ വന്നുവെന്നു ചീനസഞ്ചാരി ഹുയൻസാങ് എഴുതുന്നു. അശോകൻ തന്റെ ഗുജറാത്ത് സന്ദർശനത്തെക്കുറിക്കുന്ന സ്മാരകമന്ദിരങ്ങളുണ്ടാക്കി. ജൂനഗഢ്, സാന, ദാങ്സ് എന്നിവിടങ്ങളിലെ ഇടിഞ്ഞുതകർന്ന ഗുഹകളും വിഹാരങ്ങളും ബുദ്ധമതസ്മാരകങ്ങളായി നിലകൊള്ളുന്നു. ബുദ്ധമതാധഃപതനത്തോടെ, ഗുജറാത്തിൽ ശൈവമതവും വൈഷ്ണവമതവും നിർണായകശക്തി നേടി. സോമനാഥക്ഷേത്രം ശൈവരുടെയും ദ്വാരക വൈഷ്ണവരുടെയും ആരാധനാകേന്ദ്രങ്ങളായിരുന്നു. ശൈവമതത്തിനു പഴക്കമുണ്ടായിരുന്നുവെങ്കിലും നരസിംഹമേത്ത, മീര, പ്രേമാനന്ദ്, ദയാരാ എന്നീ ഗായകകവികളെല്ലാം വൈഷ്ണവരായിരുന്നു. ഗുജറാത്തിന്റെ ഏറ്റവും മഹത്തായ പൈതൃകം ഈ ഗാനങ്ങളും കവിതകളുമാണ്. ഹാവേലി ക്ഷേത്രങ്ങളിൽ (ശ്രീകൃഷ്ണനാണു മൂർത്തി) ശുദ്ധമായ ഭാരതീയസംഗീതപാരമ്പര്യങ്ങളെ സംരക്ഷിക്കാനായി വല്ലഭാചാര്യർക്കുശേഷം പല ശ്രമങ്ങളുമുണ്ടായി.

ഗുജറാത്ത് എന്ന പേരും അതിന്റെ അതിർത്തികളും വേർതിരിഞ്ഞുവന്നതു പത്താംനൂറ്റാണ്ടിന്റെ മധ്യകാലത്താണ്. ഒന്നാമത്തെ ചാലൂക്യരാജാവായ മുൽരാജ് സോലങ്കിയാണ് ആധുനികഗുജറാത്തിന്റെ സ്ഥാപകൻ. ഗുജറാത്തിന്റെ അന്നത്തെ തലസ്ഥാനം അൻഹിൽവാദ് ആയിരുന്നു. സോലങ്കി കൊണ്ടുവന്ന നെയ്ത്തുകാരാണു ‘പട്ടോല’ നെയ്ത്തിന്റെ പ്രണേതാക്കൾ. ഇദ്ദേഹത്തിന്റെ കാലത്തു നിർമിച്ച രുദ്രമഹാലയവും തൊട്ടുള്ള വലിയ ക്ഷേത്രങ്ങളും മന്ദിരങ്ങളും ചാലൂക്യവാസ്തുശില്പത്തിന്റെ ഉത്തമമാതൃകകളായി നിലകൊള്ളുന്നു. സോമനാഥ്, മൊധേര, ഘുംലി, അബു, ഗിർനാർ, പാലിത്താന എന്നിവിടങ്ങളിലെ ക്ഷേത്രങ്ങളിലെല്ലാം ഈ വാസ്തുവിദ്യയാണുള്ളത്.

മുൽരാജിന്റെ പിന്തുടർച്ചക്കാരായിരുന്ന ജയസിംഗ് സിദ്ധരാജ്, കുമാരപാൽ എന്നിവർ രാജ്യം വിപുലീകരിക്കുകയും കലയ്ക്കും സംസ്കാരത്തിനും പ്രോത്സാഹനം നല്കുകയും ചെയ്തു. ഗുജറാത്തിലെ സംസ്കാരത്തിൽ മായാത്ത മുദ്ര പതിപ്പിച്ചതു ജൈനമതമാണ്. കുമാരപാലൻ എന്ന സോലങ്കി രാജാവായിരുന്നു ഇതിൽ പ്രമുഖൻ. ഇദ്ദേഹം ജൈനമതം അംഗീകരിച്ചു. ശൗരസേനി എന്ന ഉപഭാഷയിൽനിന്നു ഗുജറാത്തി ഒരു ഭാഷയായിത്തീർന്നു. അഹിംസ, സസ്യഭക്ഷണം എന്നിവ ഗുജറാത്തികളെ ആകർഷിക്കാൻ ജൈനമതമാണു കാരണം.

ചിത്രകലയിൽ ഗുജറാത്തിനു മഹത്തായ സ്ഥാനമുണ്ട്. സോലങ്കി കാലത്തുണ്ടായിവളർന്ന ഈ പ്രസ്ഥാനം ഗ്രന്ഥചിത്രശൈലിയായി പുരോഗമിച്ചു.

13-ാംനൂറ്റാണ്ടിന്റെ അവസാനം ഗുജറാത്തു മുസ്ലിം ഭരണത്തിലായി. പഴയ സംസ്കാരം അവശേഷിച്ചുവെങ്കിലും ഭരണാധികാരികളു



അഹമ്മദാബാദിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാനേജ്മെന്റ് മന്ദിരം.

ടെ സംസ്കാരവും അവിടെ വ്യാപിച്ചു. ഹിന്ദു-മുസ്ലിം സമന്വയത്തിന്റേതായ പുതിയ വാസ്തുവിദ്യ അവിടെ വളർന്നു. അഹമ്മദാബാദിലെ പഴയ കെട്ടിടങ്ങൾ പലതും ഇതിന് ഉദാഹരണങ്ങളാണ്. അവസാനം മുഗൾഭരണം അധഃപതിച്ചതോടെ പാശ്ചാത്യർ — വിശേഷിച്ചും ബ്രിട്ടീഷുകാർ — കച്ചവടത്തിനായി വന്നു. ഗുജറാത്തിൽ അധികവും നാട്ടുരാജാക്കന്മാരായിരുന്നതുകൊണ്ട്, ബ്രിട്ടീഷ്ഭരണം നേരിട്ടു നടന്നിരുന്നില്ല. ബറോഡ, ജാംനഗർ, ഭവനഗർ, ജൂനഗഢ് എന്നീ നാട്ടുരാജ്യങ്ങളിലെ രാജാക്കന്മാർ മൗലാബക്സ്, ഇനായത്ഖാൻ, ആദിത്യരാംവ്യാസ്, റഹിംഖാൻ, ചന്ദ്രപ്രഭ, ഫയസ്ഖാൻ എന്നിങ്ങനെ പല സംഗീതാചാര്യന്മാരെയും പ്രോത്സാഹിപ്പിച്ചിരുന്നു. ഇവിടങ്ങളിൽ സംഗീതം, നൃത്തം, നാടകം എന്നിവയിൽ അനവധി വിദ്യാലയങ്ങൾ പിന്നീടു വളർന്നു.

ഗുജറാത്തിയിൽ ആദ്യമായൊരു നാടകമുണ്ടായതു ബോംബെയിലാണ് (1853). അതിനു മുൻകൈയെടുത്തതു ദാദാബായി നവറോജിയും. 'ഭാവായി' എന്ന നാടോടിനാടകം ഗുജറാത്തിൽ ഒരു കൂട്ടരുടെ കുലത്തൊഴിലായിരുന്നു.

ദാരുശില്പങ്ങൾ അഹമ്മദാബാദ്, സൂറത്ത് എന്നിവിടങ്ങളിൽ ധാരാളമുണ്ട്. ചന്ദനത്തടിയിൽ കൊത്തിവച്ച ലതാരൂപങ്ങളും പുരാണകഥകളും ഗുജറാത്തിന്റെ സവിശേഷതകളാണ്.

കൃഷി: നിലക്കടല, പരുത്തി, പുകയില എന്നിവയാണു പ്രധാനപ്പെട്ട നാണ്യവിളകൾ. ഇന്ത്യയിലാകെ ഉത്പാദിപ്പിക്കുന്ന പരുത്തി, നിലക്കടല, പുകയില ഇവയിൽ നാലിലൊന്നോളം ഗുജറാത്തിലാണ് ഉണ്ടാകുന്നത്. ഭക്ഷ്യോത്പാദനത്തിൽ ചെറുകിട ജലസേചനത്തിനു വലിയ പ്രാധാന്യം നല്കിയിരിക്കുന്നു. കിണറുകൾക്കാണു പ്രാധാന്യം. പുതിയ പമ്പുസെറ്റുകളുടെ വിതരണവും വൈദ്യുതീകരണവും ഇതിനാവശ്യമായിരുന്നു. വലിയ പദ്ധതികളായ യൂക്കായ്, നർമദാപദ്ധതികൾ ജലസേചനസൗകര്യങ്ങൾ വർധിപ്പിക്കുന്നു. കാർഷികകോളെജുകളും കാർഷികസ്കൂളുകളും കൃഷിരീതി പരിഷ്കരിക്കാൻ സഹായകമായിട്ടുണ്ട്. കൃത്രിമവളങ്ങൾ ധാരാളമായി ഉപയോഗിക്കാൻ തുടങ്ങിയിരിക്കുന്നു. വരൾകൃഷി (Dry land cultivation) നടത്തുന്നതിനു കൈരാജില്ലയിൽ 4,000 ഹെക്റ്റാർ ഭൂമിയിൽ ഒരു പ്രദർശനകൃഷിസ്ഥലമുണ്ട്. പുതിയതരം കാർഷികോപകരണങ്ങൾ ഉപയോഗിക്കാനും പരിപാടികളുണ്ട്.

നീണ്ട നാരുള്ള (ഗുജറാത്ത് 67) പുതിയ പരുത്തി വൻതോതിൽ കൃഷിചെയ്യുന്നു. നിലക്കടലവിത്തും പുതുതായുണ്ടാക്കിയിട്ടുണ്ട്. ജൂനഗഢ്, ഷംഗ്രോൾ, ഖെഭോയ്, ദേഹ്ഗം, ഗൺദേവി, നവ്സാരി എന്നിവിടങ്ങളിൽ പഴഗവേഷണത്തോട്ടങ്ങളുണ്ട്. തെങ്ങ്, കമുക്, പച്ചക്കറി എന്നിവയുടെ കൃഷിക്കും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഉരുളക്കിഴങ്ങ്, ചിക്കറി (കാപ്പിയിൽ ചേർക്കാൻ) എന്നിവയും പ്രത്യേകം കൃഷിചെയ്യുന്നു.

ഗുജറാത്തിൽ ഗിർ, ക്രാങ്ക്രെജ് എന്നിങ്ങനെ രണ്ടിനം വിശിഷ്ട കന്നുകാലികൾ ഉണ്ട്. ആനന്ദിൽ ഒരു വെറ്ററിനറി കോളെജുണ്ട്. ചെമ്മരിയാടുകളെ വളർത്തുന്ന കേന്ദ്രങ്ങളാണു പടാൻ (മെഹ്സാനജില്ല), മോർവി (രാജ്കോട്), നക്ഷത്രണ (കച്ച്) എന്നിവ. പടാൻവാഡി, മർവാഡി എന്നീ പ്രത്യേക ചെമ്മരിയാടുകളെ ഇവിടെ പ്രജനനം ചെയ്തെടുക്കുന്നു. ആനന്ദിൽ ഒരുഡെയറിസയൻസ് കോളെജുമുണ്ട്. ജൂനഗഢിൽ കഠി ഇനത്തിൽപ്പെട്ട കുതിരകളുടെ ഒരു പ്രജനനകേന്ദ്രവും ധോരി(കച്ച്)യിൽ ഒരു ഒട്ടക പ്രജനനകേന്ദ്രവുമുണ്ട്.

വ്യവസായം: തുണിവ്യവസായത്തിനു പ്രസിദ്ധപ്പെട്ട ഗുജറാത്തിൽ അടുത്തകാലത്തായി കൊയാലി എന്ന സ്ഥലത്ത് ഒരു എണ്ണശുദ്ധീകരണശാല (30 ലക്ഷം ടൺ എണ്ണ ശുദ്ധീകരിക്കാൻ കഴിവുള്ളത്) സ്ഥാപിച്ചിട്ടുണ്ട്. കൃത്രിമവളം, പ്ലാസ്റ്റിക്കുകൾ ഇങ്ങനെ പലതിനും ഗുജറാത്തിൽ വലിയ ഗവേഷണ - ഉത്പാദനകേന്ദ്രങ്ങളുണ്ട്. ഇന്ത്യയിലെ ആദ്യത്തെ സ്വതന്ത്രവാണിജ്യമേഖല കണ്ട്ലയിലാണ്. 128 ഹെക്റ്റാർ വരുന്ന ഈ സ്ഥലത്ത് അരലക്ഷത്തിലധികം പേർ ജോലി ചെയ്യുന്നു. 1985 ഒടുവിൽ 12,963 ഫാക്റ്ററികൾ ഉണ്ടായിരുന്നു. ചെറുകിടയൂണിറ്റുകൾ 60,000-വും. കെയ്റയിലെ ക്ഷീരവ്യവസായശാല ദിനംപ്രതി 30 ലക്ഷം ലിറ്റർ പാൽ ശുദ്ധീകരിക്കുന്നു.

ധാതുക്കൾ: ഏറ്റവുമധികം ഉപ്പുണ്ടാക്കുന്ന സംസ്ഥാനം ഗുജറാത്താണ്. ബോക്സൈറ്റിലും ചൈനാക്ലേയിലും രണ്ടാംസ്ഥാനവും, കാൽസൈറ്റിലും ഡോളമൈറ്റിലും മൂന്നാംസ്ഥാനവും ഗുജറാത്തിനാണ്. ഭാവിയിൽ പെട്രോളിയം വികസനത്തിനു വലിയ സൗകര്യമുണ്ട്. അങ്കലേശ്വർ എണ്ണപ്പാടത്തെ ഉത്പാദനം വർധിച്ചിരിക്കുന്നു. സിമന്റ്, സോഡാ ആഷ് എന്നിവ ഉത്പാദിപ്പിക്കാനാണു ചുണ്ണാമ്പു



ദ്വാരകയിലെ
ജഗത്മന്ദിർ

കല്ല് (ലൈംസ്റ്റോൺ) ഉപയോഗിക്കുന്നത്. ഒരു ചെറിയ ലിഗ്നൈറ്റ് മേഖലയും ഇവിടെയുണ്ട്.

***ഗതാഗതം:* 6,000 കി.മീറ്ററിലധികം നീളമുള്ള റെയിൽവേ ഗുജറാത്തിനുണ്ട്.63,392 കി.മീ. റോഡും. തുറമുഖങ്ങൾ 40: മേജർ ഒന്ന്, ഇൻറർമീഡിയറ്റ് 11, മൈനർ 28.**

ഗുജറാത്തി ഭാഷ

ഗുജറാത്തിലെ ഭൂരിപക്ഷം ജനങ്ങളുടെ ഭാഷ. ഹിന്ദി, പഞ്ചാബി, ബംഗാളി മുതലായവപോലെ ആധുനിക ഇന്തോ-ആര്യൻ വംശത്തിൽപ്പെടുന്ന ഭാഷകളിൽ ഒന്നാണു ഗുജറാത്തി. 1981-ൽ ഈ ഭാഷ സംസാരിക്കുന്നവരുടെ എണ്ണം 2,56,56,274 ആയിരുന്നു. സംസ്കൃതം, പ്രാകൃതം, അപഭ്രംശം എന്നീ ഘട്ടങ്ങളിലൂടെയാണ് അതു പരിണാമം പ്രാപിച്ചത്. ഹിന്ദി, പഞ്ചാബി, സിന്ധി എന്നിവയെപ്പോലെ ഗുജറാത്തിയും ശൗരസേനിയിൽനിന്നാണ് ഉദ്ഭവിച്ചത്. 12-ാം നൂറ്റാണ്ടിൻെറ മധ്യത്തിൽ ഗുജറാത്തി സ്വതന്ത്രഭാഷയായി എന്നു ഗണിക്കപ്പെടുന്നു. ഹേമചന്ദ്ര പ്രാകൃതവ്യാകരണത്തിൽ ഉദ്ധരിക്കുന്ന ഈരടികളാണു ഗുജറാത്തിയുടെ ആദ്യകാലമാതൃക.

ഗുജറാത്തി എന്ന പേര് 'ഗുജറാത്ത്' എന്നറിയപ്പെടുന്ന പ്രദേശവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഗുർജരന്മാർ എന്ന വൈദേശിക ഗിരിവർഗക്കാർ ശാകന്മാരായിരുന്നു. അവർ 6-ാം നൂറ്റാണ്ടിൻെറ ആദ്യഘട്ടത്തിൽ ഇന്ത്യയിലെത്തി പഞ്ചാബിൽ താവളമടിക്കുകയും അടുത്ത ഒരു നൂറ്റാണ്ടിനുള്ളിൽ അവിടെനിന്നു രാജസ്ഥാനിലേക്കു കുടിയേറിപ്പാർക്കുകയും ചെയ്തു. 10-ാം നൂറ്റാണ്ടിൻെറ മധ്യത്തിലുണ്ടായ മുസ്ലിം ആക്രമണംമൂലം അവർ ആനർത്തം എന്നറിയപ്പെടുന്ന പ്രദേശത്തേക്കു മാറിത്താമസിച്ചു. കാലക്രമേണ അവർ ഇന്നത്തെ ഗുജറാത്ത് സംസ്ഥാനത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ കീഴടക്കുകയും അതുമൂലം അവരുടെ പരമാധികാരത്തിൽപ്പെട്ടിരുന്ന മുഴുവൻ പ്രദേശവും ഗുർജരദേശം അഥവാ ഗുർജരരാത്രം എന്നറിയപ്പെടുകയും ചെയ്തു.

ഗുജറാത്തിഭാഷയെ മറ്റു പല ഭാഷകളും പരിപോഷിപ്പിച്ചിട്ടുണ്ട്; മുമ്പു പ്രസ്താവിച്ചതുപോലെ ഉദ്ഭവം സംസ്കൃതത്തിൽ നിന്നായതുകൊണ്ടു ഗുജറാത്തിയിൽ അനേകം സംസ്കൃതവാക്കുകളുണ്ട്. നാലു ശതകങ്ങളോളം ഗുജറാത്ത് മുസ്ലിങ്ങളാൽ ഭരിക്കപ്പെട്ടതിനാലും അക്കാലത്തു കോടതിഭാഷ പേർഷ്യനായിരുന്നതിനാലും ഗുജറാത്തിയിൽ അനേകം പേർഷ്യൻവാക്കുകൾ ഉൾക്കൊള്ളുന്നു. ഒന്നരശതകത്തോളം ഗുജറാത്ത് ബ്രിട്ടീഷ് ഭരണത്തിൻകീഴിലായിരുന്നതിനാലും, ഇംഗ്ലീഷ് കോടതിഭാഷയായിത്തീർന്നതിനാലും ധാരാളം ഇംഗ്ലീഷ്വാക്കുകൾ സാധാരണമായി ഉപയോഗിച്ചുവരുന്നു. 1624-ൽ സൂറത്ത് ശിവജി കൊള്ളയടിച്ചതിനെത്തുടർന്നു ഗുജറാത്ത് മഹാരാഷ്ട്രരുടെ തുടരെത്തുടരെയുള്ള ആക്രമണത്തിനു വിധേയമായി. 1760-ൽ അവർ ഗുജറാത്തിൻെറ ഭരണാധികാരികളായി. മറാഠി ഭരണാധികാരികളുടെ ഭാഷയായതിനാലും ഭരണഭാഷയായി ഉപയോഗിക്കപ്പെട്ടുപോന്നതിനാലും മറാഠിവാക്കുകളും ഗുജറാത്തിയിൽ കടന്നുകൂടി. ഈ അന്യഭാഷാപദങ്ങൾക്കു പുറമെ സ്ഥലത്തെ ആദിവാസികളുടെ ദേശ്യഭാഷയിലുള്ള ചില വാക്കുകളും ഇന്നത്തെ ഗുജറാത്തിയിൽ കടന്നുകൂടിയിട്ടുണ്ട്. അങ്ങനെ ഗുജറാത്തിഭാഷ ഭരണാധികാരികളുടെയും ഗിരിവർഗക്കാരുടെയും ഭാഷകളിലെ പദങ്ങളാൽ സമ്പന്നമാക്കപ്പെട്ടു.

സംസാരിക്കുന്നവരുടെ എണ്ണം നോക്കിയാൽ ഗുജറാത്തിക്ക് ഇന്ത്യൻ യൂണിയനിലെ ഭാഷകളുടെ കൂട്ടത്തിൽ ഏഴാം സ്ഥാനമാണുള്ളത്. ഗുജറാത്തിലിപി ദേവനാഗരിലിപിയുമായി അടുത്ത ബന്ധം പുലർത്തുന്നു. ഗുജറാത്തിയിൽ ദേവനാഗരിയിലുള്ളപോലെ അക്ഷരങ്ങളുടെ മുകളിൽ വരയില്ല.

ഉപഭാഷകൾ: ഗുജറാത്തിക്ക് അനേകം ദേശ്യഭേദങ്ങളുണ്ട്. അവയിൽ മുഖ്യമായിട്ടുള്ളത് മറാഠിഭാഷ സ്വാധീനം ചെലുത്തീട്ടുള്ളതും, സുർത്തി എന്നറിയപ്പെടുന്നതും തെക്കെഗുജറാത്തിൽ നിലവിലുള്ളതുമായ ദേശ്യഭേദമാണ്. മധ്യഗുജറാത്തിലെ ഭാഷാഭേദം ചരോത്തരിയാണ്; വടക്കെഗുജറാത്തിലാകട്ടെ ഉത്തരാതിർത്തിയിലെരാജസ്ഥാനി ഒട്ടധികം സ്വാധീനം ചെലുത്തുന്ന ഒന്നാണ്. സൗരാഷ്ട്രയിലെ ഭാഷാഭേദം കാഠിയാവാഡിയാണ്. കച്ചിൽ ഗുജറാത്തിയെക്കാൾ സിന്ധിയുമായി അത്യധികം അടുപ്പമുള്ള കച്ഛി എന്ന ഭാഷാഭേദമാണ് നിലവിലിരിക്കുന്നത്. ഹിന്ദിയെപ്പോലെ കച്ഛിയിലും നപുംസകലിംഗമില്ല. കച്ഛിയിലെ ഷഷ്ഠീവിഭക്ത്യന്തം സിന്ധിക്കു തുല്യവും ഗുജറാത്തിയിൽനിന്നു ഭിന്നവുമാണ്.

15-ാം നൂറ്റാണ്ടിൻെറ മധ്യഘട്ടംവരെ രാജസ്ഥാനിലെയും ഗുജറാത്തിലെയും ഭാഷ ഒന്നുതന്നെയായിരുന്നു. ആ ഭാഷയ്ക്ക് ഇറ്റാലിയൻ പണ്ഡിതനായ ടെസ്സിറ്റോറി പ്രാചീനപശ്ചിമരാജസ്ഥാനി എന്നും, പ്രസിദ്ധ ഭാഷാശാസ്ത്രജ്ഞനായ നരസിംഹറാവു ദിവേദിയ അന്തിമാപഭ്രംശം എന്നും, ഉമാശങ്കർജോഷി മാരുഗുർജാർ എന്നും ആണു പേർ കല്പിച്ചിരുന്നത്. രാജസ്ഥാനിലെയും ഗുജറാത്തിലെയും ഭാഷ ഒന്നായിരുന്നതുകൊണ്ടാണു രാജസ്ഥാൻകാരിയായ മീരാബായി അവരുടെ ഭക്തിഗാനങ്ങൾ ഗുജറാത്തിയിൽ രചിക്കാനിടയായതെന്നു വിശ്വസിക്കപ്പെടുന്നു.

ഗുജറാത്തിഭാഷയുടെയും സാഹിത്യത്തിൻെറയും രൂപപരിണാമം സ്ഥൂലരൂപേണ മൂന്നു കാലഘട്ടങ്ങളായി വേർതിരിക്കാം:

ആദികാലം: 12-ാം നൂറ്റാണ്ടുമുതൽ എ.ഡി. 1450 വരെ.
മധ്യകാലം: 1450 മുതൽ 1818 വരെ.
ആധുനികകാലം: 1818 മുതൽ ഇന്നുവരെ.

നരസിംഹറാവു ദിവേദിയ പരിണാമപ്രക്രിയ അനുസരിച്ചു ഭാഷയുടെ കാലഘട്ടങ്ങളെ ഇങ്ങനെ വിഭജിക്കുന്നു:

900 എ.ഡി. വരെ അപഭ്രംശം
900—1250 മധ്യകാലാപഭ്രംശം
1250—1500 പില്ക്കാലത്തെ അപഭ്രംശം (ടെസിറ്റോറിയുടെ പ്രാചീന പശ്ചിമ രാജസ്ഥാനി)
1500—1600 ആദികാലഗുജറാത്തി
1600—1700 മധ്യകാലഗുജറാത്തി
1700 മുതല്ക്ക് ആധുനിക ഗുജറാത്തി.

ഗുജറാത്തി സാഹിത്യം

ഗുജറാത്തി ഭാഷയിൽ വിരചിതമായ സാഹിത്യം. മുഖ്യവിഭാഗങ്ങൾ അടിയിൽ വിവരിക്കുന്നു.

ജൈനഗാനങ്ങൾ: നിരൂപകരുടെ അഭിപ്രായപ്രകാരം ഗുജറാത്തിയിൽ വിരചിതമായതെന്ന് അവകാശപ്പെടാവുന്ന ആദ്യത്തെ കാവ്യം ഒരു ജൈനസന്യാസിയായ ശാലിഭദ്രസൂരി 1185-ൽ രചിച്ച ‘ഭരതേശ്വര ബാഹുബലിരാസാ’ ആണ്. കഥാരൂപത്തിലുള്ള ഈ കൃതി ജൈനമതാധിഷ്ഠിതമായ അഹിംസാതത്ത്വം പ്രതിപാദിക്കുന്നു.

കഥാകവിതകൾ: 15-ാം നൂറ്റാണ്ടിനുശേഷം രാസാകവിതകളുടെ രൂപത്തിനാകെ മാറ്റം സംഭവിച്ചു. സംഗീതാത്മകകവിതകൾക്കു പകരം ആഖ്യാനരീതിയിലുള്ള കഥാകവിതകൾ ആവിർഭവിച്ചു. ആദ്യകാലത്ത് ഇവയുടെ ലക്ഷ്യം മതപരമായ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുകയെന്നതുതന്നെയായിരുന്നു. രാസാകവിതകൾ പിന്നീടു കൂടുതൽ വർണനാത്മകവും ആഖ്യാനപരവുമായിത്തീർന്നു. പില്ക്കാലത്തെ ഈ രാസാകവിതകളിലെ കഥാബീജം കടംകഥകളും പ്രധാനകഥയുടെ ചട്ടക്കൂടിനുള്ളിൽത്തന്നെയുള്ള ഉപകഥകളും ആയിരുന്നു. അനുവാചകരെ ഒന്നടങ്കം രസിപ്പിക്കുന്ന വിധത്തിലായിരുന്നു കഥ അവതരിപ്പിച്ചുപോന്നത്.

15-ാം നൂറ്റാണ്ടിനുശേഷമുള്ള രാസാരചയിതാക്കളിൽ മുഖ്യർ ‘വിക്രമചരിത്കുമാർ രാസാ’ (1443) രചിച്ച സാധുകീർത്തിയും, ‘വിദ്യാവിലാസ് ചൗപായ്’ (1460)യുടെ കർത്താവായ നയസുന്ദറും, നാടോടിക്കഥകൾ രചിച്ചുപോന്ന ‘കുശൽലാഭും’ (1662), മഹാഭാരതത്തിൽനിന്ന് ഇതിവൃത്തങ്ങൾ സ്വീകരിച്ച് ഗ്രന്ഥം രചിച്ച നയസുന്ദറും , ‘ശീലാവതിരാസാ’ (1694) എന്ന കൃതി രചിച്ച നേമിവിജയയും, സ്വന്തമായ രീതിയിൽ ജൈനമാർഗത്തിലൂടെ തന്റെ ‘രാമാസീതാചൗപായി’യിൽക്കൂടി രാമായണകഥ അവതരിപ്പിച്ച സമയസുന്ദറും (1694) ആയിരുന്നു.

ഭക്തിപ്രസ്ഥാനം. ഭക്തിമയകാവ്യങ്ങൾ ആരംഭിക്കുന്നതു മികച്ച ശ്രീകൃഷ്ണഭക്തനും സന്യാസിയുമായ നരസിംഹമേത്താ (1415—1480)യുടെകാലം മുതലാണ്. എങ്കിലും ശ്രീകൃഷ്ണൻ നടത്തിയിരുന്ന വസന്തകാലക്രീഡകളെ കാല്പനികരീതിയിൽ വിവരിക്കുന്ന ഒരു ‘ഫാഗു’കാവ്യം (1439) അദ്ദേഹത്തിനു മുമ്പുതന്നെ ലബ്ധമായിരുന്നു. ഗോപസ്ത്രീയാണെന്നു സ്വയം സങ്കല്പിച്ചു തന്റെ അനുഭൂതികളെ ഭഗവാനോടു വിളിച്ചുപറയുന്ന സന്യാസിയായിരുന്നു നരസിംഹ്. ‘സുദാമാചരിത’ത്തിൽ ആത്മാർഥസുഹൃത്തായും, ഗോപികമാരുമായുള്ള തന്റെ ചാപല്യങ്ങളിൽ കാമുകനായും, ‘നാഗദമന’ത്തിൽ പാപവിനാശകനായും, ‘ബാലലീല’യിൽ കുസൃതിക്കുട്ടിയായും, തന്റെ ആത്മകഥാപരമായ കവിതകളിൽ ഭക്തദാസനായും കൃഷ്ണനെ വിവിധരൂപങ്ങളിൽ അദ്ദേഹം അവതരിപ്പിച്ചു.

അന്ത്യദിനങ്ങൾ ദ്വാരകയിൽ കഴിച്ചുകൂട്ടിയ മീര (1414—1470) ഗുജറാത്തിയിലും ചില ഗാനങ്ങൾ വിരചിച്ചിട്ടുണ്ട്. ആകർഷകമായ ശൈലിയിൽ മൃദുലങ്ങളായ സ്ത്രൈണവികാരങ്ങളെ വർണിക്കാനുള്ള കഴിവു മീരയ്ക്കുണ്ടായിരുന്നു. മീര സ്വയം ഒരു ഗോപസ്ത്രീയാണെന്നു സങ്കല്പിക്കുകയും മൃദുലങ്ങളായ എല്ലാ മാനുഷികാനുഭൂതികളെയും തന്റെ പ്രിയപ്പെട്ട ശ്രീകൃഷ്ണനു സമർപ്പിക്കുകയും ചെയ്തു. ഭാലണനും (1434—1514) ഗോകുലത്തിൽ കൃഷ്ണഭഗവാൻ നയിച്ചിരുന്ന ആദ്യകാലജീവിതത്തെക്കുറിച്ചു ഗാനങ്ങൾ വിരചിച്ചിട്ടുണ്ട്. പക്ഷേ, ബാണന്റെ കാദംബരിയുടെ കാവ്യാത്മകമായ വിവർത്തനം മൂലമാണു ഭാലണൻ കൂടുതൽ സ്മരണീയനായിത്തീർന്നത്.

1485-ൽ ഭീമകവി ഭാഗവതത്തെ ആസ്പദമാക്കി കൃഷ്ണഭഗവാന്റെ സമ്പൂർണജീവിതം ചിത്രീകരിച്ചുകൊണ്ട് ‘ഹരിലീലാ ഷോഡശകല’ വിരചിച്ചു. 1536-ൽ കേശവദാസൻ തന്റെ കൃഷ്ണക്രീഡാകാവ്യത്തിൽക്കൂടി ശ്രീകൃഷ്ണന്റെ ബാല്യകാലജീവിതത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. അതിൽ അദ്ദേഹം കൃഷ്ണനു ഗോപസ്ത്രീകളോടുണ്ടായിരുന്ന പ്രേമവും, അസുരന്മാരെ നിഗ്രഹിക്കുന്നതിന് അനുഷ്ഠിച്ച വീരകൃത്യങ്ങളും ഉൾപ്പെടെ അദ്ദേഹത്തിന്റെ ശൗര്യപരാക്രമങ്ങൾ സവിസ്തരം വർണിക്കുന്നു. വീരസിംഹൻ (1466), ജനാർദനൻ (1492), നാകർ (1555), ചതുർഭുജ് (16-ാം നൂറ്റാണ്ട്), വാസൺ (16-ാം നൂറ്റാണ്ട്), ദേവീദാസ് (1604), കൃഷ്ണദാസ് (17-ാം നൂറ്റാണ്ട്), വിശ്വനാഥ്ജാനി (1652), രൺഛോഡ് (18-ാം നൂറ്റാണ്ട്), രത്നേശ്വർ (17-ാം നൂറ്റാണ്ട്), രാജേ (18-ാം നൂറ്റാണ്ട്), രത്നോ (1739), ദ്വാർകോ (18-ാം നൂറ്റാണ്ട്), രാമകൃഷ്ണ, ഥോബൺ, രഘുനാഥദാസ് (ഇവരെല്ലാം 18-ാം നൂറ്റാണ്ടിലാണ്), പ്രീതം (1760), നെർഭേറാം (19-ാം നൂറ്റാണ്ടിന്റെ ആദ്യം), രേവാശങ്കർ (19-ാം നൂറ്റാണ്ടിന്റെ ആദ്യം) ഗിർധർ (19-ാം നൂറ്റാണ്ടിന്റെ ആദ്യം), മുക്താനന്ദൻ, ദിഷ്കുലാനന്ദൻ, ബ്രഹ്മാനന്ദൻ, പ്രേമാനന്ദൻ (18-ാം നൂറ്റാണ്ടിന്റെ ഒടുവിലും 19-ാം നൂറ്റാണ്ടിന്റെ ആദ്യവും) എന്നിവരും ഗോകുലത്തിലും വൃന്ദാവനത്തിലും കൃഷ്ണഭഗവാൻ നടത്തിയ ക്രീഡകളെപ്പറ്റി കൃതികൾ വിരചിച്ചിട്ടുണ്ട്. ഈ കവികളിൽ ഭൂരിപക്ഷം പേരും ശൃംഗാരരസത്തെയും, കൃഷ്ണന്റെ കുസൃതികളെയും അദ്ദേഹത്തിൻ വീരകൃത്യങ്ങളെയുംപറ്റി വർണിക്കുകയാണ് ചെയ്യുന്നത്.

നരസിംഹനെയും മീരയെയുംപോലെ കൃഷ്ണഭക്തനായിരുന്ന ദയാറാം സ്വയം ഒരു ഗോപികയായിസങ്കല്പിച്ചുകൃഷ്ണഗീതികൾ മധുരസ്വരത്തിൽ പാടിയിരുന്നു. രസസ്ഫൂർത്തിക്കു പുറമെ അദ്ദേഹത്തിന്റെ ഭാവഗീതങ്ങൾക്ക് അത്യുന്നതമായ കാവ്യമൂല്യവും ഭാവനാവൈചിത്ര്യവും സംഗീതാത്മകമായ ശബ്ദവുമുണ്ടായിരുന്നു. വൈകാരികതീക്ഷ്ണതയോടെ ഇതിവൃത്തത്തെ കലാപരമായി കൈകാര്യംചെയ്തിരുന്നതിനാൽ അദ്ദേഹം അത്യുന്നതനിലവാരം പുലർത്തുന്ന ഒരു കവിയായിത്തീർന്നു.

മധ്യകാലഗുജറാത്തി പദ്യസാഹിത്യത്തിൽ കൃഷ്ണഭക്തിയാണു പ്രമുഖമായ ഒരു പങ്കുവഹിച്ചിരുന്നതെങ്കിലും, രാമഭക്തിക്കും സ്ഥാനമുണ്ടായിരുന്നു. വാല്മീകിരാമായണത്തിനു പല വ്യത്യാസങ്ങളോടുകൂടിയ പരിഭാഷകളും അങ്ങുമിങ്ങും ഉണ്ടായിട്ടുണ്ട്. രാമന്റെ ബാല്യകാലത്തെക്കുറിച്ചു ഭാലണ കവിതകൾ വിരിചിച്ചു. അവ രാമന്റെ രാമണീയകതകളെ വർണിക്കുന്നു. രാമായണം പരിഭാഹപ്പെടുത്തുകയോ രാമായണയുദ്ധം പോലുള്ള വിവിധ സംഭവങ്ങളെ ആസ്പദമാക്കി കവിത എഴുതുകയോ ചെയ്ത കവികൾ ഉദ്ധവൻ (16-ാം നൂറ്റാണ്ട്), വിഷ്ണുദാസ് (1568—1612), ഗിർധർ (1787—1852) എന്നിവരാണ്.

‘ഗാർബ’കളും ‘ഗാർബി’കളും. ഗുജറാത്തിൽ ശക്തിയെ (മാതൃദേവി) ആരാധിക്കുന്നവരായ വളരെപ്പേരുണ്ട്. ഹിന്ദുപഞ്ചാംഗപ്രകാരമുള്ള അശ്വിനമാസത്തിലെ ആദ്യത്തെ ഒമ്പതുദിവസം ഗുജറാത്തിലെ ഏതൊരു ഗ്രാമത്തിലും ദേവ്യുത്സവം ഘോഷിക്കുന്നു. ദേവിയുടെ ശക്തി വാഴ്ത്തപ്പെടുന്നു. ശക്ത്യാരാധനയുമായി പ്രത്യേകം ബന്ധപ്പെട്ട കവിതാരൂപമാണ് ‘ഗാർബ’. ശക്തികാവ്യങ്ങൾ വിരചിച്ചിട്ടുള്ള മുഖ്യകവികൾ ഭന്നദാസ് (16-ാംനൂറ്റാണ്ട്), വല്ലഭ്മേവാഡോ (18-ാം നൂറ്റാണ്ട്), രൺഛോഡ്ജിദിവാൻ എന്നിവരാണ്. എങ്കിലും ഇക്കൂട്ടത്തിൽ വല്ലഭിന്റെ നാമധേയമാണു ശക്ത്യാരാധകനായ കവി എന്ന നിലയിൽ നിത്യവും സ്മരിക്കപ്പെടുന്നത്. അദ്ദേഹം ഏതാണ്ടു 150 ഗാർബകളും ഉദ്ദേശം 200 ഗാർബികളും (ഭാവഗീതകരൂപത്തിലുള്ള ചെറുതരം നൃത്തഗാനങ്ങൾ) വിരചിച്ചു. മധ്യകാലകവികളുടെ കൂട്ടത്തിൽ ശിവനെക്കുറിച്ചു പലതരം ഭക്തിഗാനങ്ങൾ രചിച്ചിട്ടുള്ള ചില ശൈവന്മാരുമുണ്ട്. അവരുടെ കൂട്ടത്തിൽ ഏറ്റവും പ്രമുഖൻ സന്യാസിയായിരുന്ന ശിവാനന്ദനാണ്.

‘ആഖ്യാനങ്ങൾ’. ഗുജറാത്തി അന്തരീക്ഷത്തിനു ചേരുന്ന വിധത്തിൽ പുരാണകഥകളോടു പലതും കൂട്ടിച്ചേർത്തും അവയിൽനിന്നു പലതും വിട്ടുകളഞ്ഞും പ്രതിപാദിക്കുന്ന നീണ്ട ആഖ്യാനപരമായ കവിതകളാണ് ആഖ്യാനങ്ങൾ. ഈ കഥകളുടെ മുഖ്യ പ്രഭവസ്ഥാനം രാമായണവും, മഹാഭാരതവും, ഭാഗവതവും ആണ്. ‘ആഖ്യാന’ങ്ങൾ ഗാനാത്മകമായി നാടകീയമാംവിധം ശ്രോതാക്കളുടെ മുമ്പാകെ ചൊല്ലിക്കേൾപ്പിക്കുന്നു. ഭാലണ, നാകർ, വിഷ്ണുദാസ്, വിശ്വനാഥ്ജാനി, പ്രേമാനന്ദൻ, നിഷ്കലാനന്ദൻ എന്നിവർ സുസമ്മതരായ ചില ആഖ്യാനകൃത്തുകളാണ്. ഇവരുടെ കൂട്ടത്തിൽ പ്രേമാനന്ദനായിരുന്നു ഏറ്റവും വലിയ ആഖ്യാനകവി; അദ്ദേഹം അമ്പതോളം കൃതികൾ രചിച്ചിട്ടുണ്ട്.

ദാർശനികകാവ്യങ്ങൾ: നരസിംഹമേത്തായുടെ കാലം മുതലാണു ദാർശനികകവിത ഉടലെടുത്തതെങ്കിലും ഗുജറാത്തിലെ ദാർശനികകവിയെന്ന നിലയിൽ വിജയം കൈവരിച്ചത് 17-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ആഖോ ആയിരുന്നു. ‘ആഖേഗീത’, ‘പഞ്ചീകരൺ’, ‘അനുഭവ്ബിന്ദു’ തുടങ്ങിയ തന്റെ പല കൃതികൾവഴി അദ്ദേഹം ശ്രീശങ്കരാചാര്യരുടെ അദ്വൈതമതത്തെ വിശദീകരിക്കുന്നു. വിഖ്യാതനായ മറ്റൊരു ആധ്യാത്മികകവിയാണു ധീരോ (1753—1825). അദ്ദേഹം തന്റെ ഹ്രസ്വകാവ്യങ്ങളിൽക്കൂടി ശങ്കരന്റെ വേദാന്തചിന്തകളെ വിശദീകരിച്ചു. ഈ പ്രസ്ഥാനത്തിലെ ശ്രദ്ധേയരായ മറ്റു കവികൾ നരഹരി (1616—1643), പ്രീതം (1720—’98), നിരാന്ത് (1770—1846), ബാപുസാഹേബ് ഗൈക്ക്വാർ (1777—1843), ബ്രഹ്മാനന്ദൻ തുടങ്ങിയവരാണ്.

മധ്യകാലകഥാസാഹിത്യം. മധ്യകാലഗുജറാത്തിസാഹിത്യം സംപൂർണമായും ഭക്തിപരമായിരുന്നില്ല. കഥാസാഹിത്യത്തെ സംബന്ധിച്ചിടത്തോളമാകട്ടെ ജൈനന്മാരുടെയും ജൈനേതരന്മാരുടെയും സംഭാവന വലുതാണ്. പഞ്ചതന്ത്രം, ബൃഹൽകഥ, കഥാസരിത്സാഗരം, ദശകുമാരചരിതം തുടങ്ങിയുള്ള സംസ്കൃതകഥാഗ്രന്ഥങ്ങളെയും പ്രാകൃതത്തിലും അപഭ്രംശത്തിലുമുള്ള ആഖ്യാനങ്ങളെയും അവർ ഉപജീവിച്ചിട്ടുണ്ട്. അന്നു നടപ്പിലിരുന്ന നാടോടിക്കഥകളെയും അവർ പ്രയോജനപ്പെടുത്തി. കർക്കശമായ മതനിഷ്ഠകളിൽനിന്നു രക്ഷപ്രാപിക്കുവാൻ ആഗ്രഹിക്കുന്ന അനുവാചകർക്ക് ഈ കഥകൾ ഒരു അഭയസ്ഥാനമാണ്. ജൈനസന്യാസിയായ കുശല്ലാഭ് 'മാധവാനൽ കാമന്ദ്കുന്ദ്ലാ രാസ' എന്നൊരു പ്രേമകഥയും രചിച്ചിട്ടുണ്ട്.

കഥാസാഹിത്യം 1370 മുതല്ക്കേ കാണപ്പെടുന്നുണ്ട്. 1370-ൽ ആസായിത് എന്ന ഗ്രന്ഥകാരൻ 'ഹംസൗലി' എന്നൊരു കഥ എഴുതിയിരുന്നു. അദ്ദേഹത്തിനുശേഷം ഭീമൻ (1410), 'സദായവത് സചരിതം' എന്ന പ്രചുരപ്രചാരമാർജിച്ച കഥയും; നരപതി (1489) 'നന്ദ്ബതൃഷിയും' 'പഞ്ചദണ്ഡ'വും; ഗണപതിയാകട്ടെ 'മാധവാനന്ദകമികുന്ദ്ലാഭോഗ്ധക്' എന്ന കൃതിയും (1528); വിർജി 'കാമാവതി'യും (1669) രചിച്ചു. സാമൽ (1698—1770) ആണ് ഇവരുടെ കൂട്ടത്തിൽ ഏറ്റവും ശ്രദ്ധേയൻ. അദ്ദേഹം വിക്രമരാജന്റെ കഥകൾ എഴുതുകയും, ജൈനന്മാരും, ജൈനേതരന്മാരുമായ ഗ്രന്ഥകാരന്മാരുടെ വകയായി അന്നു നടപ്പിലിരുന്ന എല്ലാ കഥകളെയും ഉപജീവിക്കുകയുംചെയ്തു. എന്നാൽ തന്റെ സ്വന്തം ലക്ഷ്യത്തിന് അനുരൂപമായി അദ്ദേഹം ഇതിവൃത്തത്തെ പുനരാവിഷ്കരിച്ച് അതിന്റെ രസനീയത വർധിപ്പിച്ചു.

പ്രബന്ധങ്ങൾ: പ്രബന്ധങ്ങളുടെ കൂട്ടത്തിൽ ആദ്യ കൃതിശ്രീധർവ്യാസ് (1495) രചിച്ച 'രൺമൽചന്ദ' ആണ്. ഇത് ഇദർ സംസ്ഥാനത്തെ രാവ്രൺമൽ പത്താനിലെ മുസ്ലിം ഗവർണറെ തോല്പിച്ച സംഭവം വിവരിക്കുന്ന ഒരു ചരിത്രകാവ്യമാണ്. യുദ്ധോപകരണങ്ങളെയും സമരതന്ത്രത്തെയുംപറ്റി അതു നമുക്ക് അറിവു നല്കുന്നു. രണ്ടാമത്തേതായ പ്രമുഖ ചരിത്രകൃതി 1512-ൽ 'പദ്മനാഭ്' എഴുതിയ 'കാഹ്നഡ്ദേ പ്രബന്ധ'മാണ്. തന്റെ സൈന്യത്തിനു വഴിനല്കണമെന്നു ദൽഹിയിലെ മുസ്ലിം രാജാവായ അല്ലാവുദ്ദീൻ ഖിൽജി അഭ്യർഥിച്ചപ്പോൾ അതു നിരസിച്ച ഝാലോർ രാജാവായ കാഹ്നഡ്ദേ നടത്തിയ യുദ്ധത്തെ അതു വിവരിക്കുന്നു.

ഗദ്യം: മധ്യകാലഘട്ടത്തിൽ ഗദ്യസാഹിത്യം വികസിച്ചിരുന്നില്ല. ഗ്രന്ഥകാരന്മാരിൽ മിക്കവരും പദ്യശാഖയെ തങ്ങളുടെ ആശയപ്രകാശനമാധ്യമമായി സ്വീകരിച്ചു. മതബോധനം നല്കുക എന്ന ലക്ഷ്യത്തോടെ വിരചിതമായ ചില ചെറുകഥകൾ നാം അവിടവിടെ കാണുന്നുണ്ട്; പക്ഷേ, അവ വ്യാകരണശുദ്ധിയുള്ളവയല്ല. സഹജാനന്ദൻ രചിച്ച 'വചനാമൃത'ത്തിൽ സുവികസിതമായ ഒരു ഗദ്യശൈലി ഉണ്ട്.

1818 മുതല്ക്കാണ് ആധുനിക കാലഘട്ടം ആരംഭിക്കുന്നത്. 1815-ൽ ഇന്ത്യക്കാർക്ക് ഇംഗ്ലീഷ്വിദ്യാഭ്യാസം നല്കുക എന്ന ലക്ഷ്യത്തോടെ ബോംബെ വിദ്യാഭ്യാസസമിതി (Bombay Education Society) സ്ഥാപിതമായി. ഇന്ത്യയുടെ പ്രാദേശികഭാഷകളിൽ പാഠപുസ്തകങ്ങൾ തയ്യാറാക്കുക എന്ന യത്നത്തിൽ സൊസൈറ്റി മുഴുകി. ഉപരിവിദ്യാഭ്യാസം നല്കാനായി 1827-ൽ ബോംബെയിൽ എൽഫിൻസ്റ്റൺ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായി. ഡോക്ടർ ഡ്രമ്മണ്ട് 1808-ൽ ഗുജറാത്തി വ്യാകരണം തയ്യാറാക്കി. അതാണു ഗുജറാത്തിയിലെ ആദ്യത്തെ വ്യാകരണഗ്രന്ഥം. രണ്ടാമത്തെ വ്യാകരണമെഴുതിയതും ഒരു യൂറോപ്യനാണ്—വില്യം ഫോർബ്സ് (1829). ഈ വ്യാകരണം കൂടുതൽ ശാസ്ത്രീയവും അനേകം വിഷയങ്ങളെ സ്പർശിക്കുന്നതുമാണ്. അതേവർഷംതന്നെ മിർസാ മഹമ്മദ് കാസി 15,000 വാക്കുകൾ ഉൾക്കൊള്ളുന്ന ഒരു ഇംഗ്ലീഷ്—ഗുജറാത്തി നിഘണ്ടു പ്രസിദ്ധപ്പെടുത്തി. 1822-ൽ ഗുജറാത്തിയിലെ ആദ്യത്തെ വർത്തമാനപ്പത്രമായ 'മുംബായ് സമാചാർ' പ്രസിദ്ധീകൃതമായി. അതിന്റെ ആദ്യപത്രാധിപർ ഫർദുഞ്ജി മർസ്ബാൻ ആയിരുന്നു.

ആധുനികകാലം. പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ ഫലമായി പഴയ വ്യവസ്ഥിതി പൂർണമായി മാറുകയും സാമൂഹികവിപ്ലവത്തിന്റെ ഗതിവേഗം വർധിക്കുകയും ചെയ്തു. പുതിയ യുഗത്തിലെ എഴുത്തുകാർ ഈ ലക്ഷ്യത്തോടെയാണു ഗ്രന്ഥരചന നടത്തിയത്. അതിനാൽ 1818 മുതൽ 1880 വരെയുള്ള കാലഘട്ടം സാമൂഹികപരിഷ്കാരയുഗം എന്നറിയപ്പെടുന്നു. സാമൂഹികസംഘടനകളിൽ മുഖ്യമായവ 'മാനവധർമസഭ', 'ബുദ്ധിവർധക്സഭ', 'ജ്ഞാനപ്രസാരക്മണ്ഡലി' എന്നിവയാണ്. ഈ സംഘടനകളിൽ പരിഷ്കാരവിഷയങ്ങൾ സംബന്ധിച്ച് ആഴ്ചതോറും പ്രബന്ധങ്ങൾ വായിച്ചുപോന്നു. അങ്ങനെ ഇവ സാമൂഹിക വിപ്ലവത്തിനുള്ള ഒരു അന്തരീക്ഷം സൃഷ്ടിച്ചു. എൽഫിൻസ്റ്റൺ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ചിരുന്ന നർമദ് (1832—1886) ആയിരുന്നു ഈ സാമൂഹികപരിഷ്കാരയുഗത്തിന്റെ മുഖ്യ മാർഗദർശകൻ. ഇംഗ്ലീഷ് സാഹിത്യത്തിൽ അവഗാഹം സമ്പാദിച്ചിരുന്ന അദ്ദേഹം അതുപോലെ മെച്ചമായ ഒരു സാഹിത്യം ഗുജറാത്തിയിൽ സൃഷ്ടിക്കുന്നതിന് ആഗ്രഹിച്ചു. ചെണ്ടക്കോലുകൾ എന്നർഥമുള്ള 'ദാണ്ഡിയാ' എന്ന പേരിൽ ഒരു പത്രം പ്രസാധനംചെയ്ത് അതുവഴി സാമൂഹികപരിഷ്കാരം പ്രചരിപ്പിക്കാൻ ശ്രമിച്ചു. 'സ്വദേശാഭിമാൻ' അദ്ദേഹത്തിന്റെ പ്രധാന കൃതിയാണ്. വിധവാ പുനർലഗ്നവിഷേ (വിധവാവിവാഹത്തെക്കുറിച്ച്); ദേശാടൻ; സുഖ്; 'ടീകാകർ വാനിരീത്' (നിരൂപണമാർഗം); 'കവി അനേ കവിതാ' (കവിയും കവിതയും); 'ഗുജറാത്തി ഭാഷാ നിഹാല് നിസ്ഥിതി' (ഗുജറാത്തിഭാഷയുടെ ഇപ്പോഴത്തെ സ്ഥിതി) മുതലായ പല ഉപന്യാസങ്ങളും വിവിധവിഷയങ്ങളിലായി അദ്ദേഹം വിരചിച്ചു. ഗുജറാത്തി ഗദ്യത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ സംഭാവന ഈടുറ്റതാണ്.

നർമദ് ഒരു കവികൂടിയായിരുന്നു. പ്രകൃതിയെ വിഷയമാക്കിക്കൊണ്ട് ആത്മനിഷ്ഠവും ദേശാഭിമാനപരവുമായ കവിതകൾ ആദ്യമായി രചിച്ചത് അദ്ദേഹമാണ്.

ഈ കാലഘട്ടത്തിന്റെ പ്രതിനിധികളിൽ അടുത്തയാൾ ദല്പത്രാം (1820—1898) ആയിരുന്നു. അദ്ദേഹവും നാടകങ്ങളും ഉപന്യാസങ്ങളും ചില കഥകളും എഴുതിയിട്ടുണ്ട്. ജെയിംസ് ഫോർബ്സ് ഏർപ്പെടുത്തിയ ഗുജറാത്ത് വെർണാകുലർ സൊസൈറ്റിയുടെ സെക്രട്ടറിയായി നിയമിക്കപ്പെട്ടിരുന്ന ദല്പത്രാം ഗുജറാത്തിയിലെയും രാജസ്ഥാനിയിലെയും ചരിത്രകഥകളുടെ സമാഹാരമായ 'രാസമാല' പ്രസാധനംചെയ്തു.

നവല്റാം ഒരു ചിന്തകനും പണ്ഡിതനും 'ഗുജറാത് ശാലാപത്രം' എന്ന വാരികയുടെ പത്രാധിപരുമായിരുന്നു. ആദ്യമായി ജീവചരിത്രഗ്രന്ഥം ഗുജറാത്തിയിൽ രചിച്ചത് അദ്ദേഹമാണ്. സാഹിത്യനിരൂപണത്തിനു തുടക്കം കുറിച്ച പ്രഥമവ്യക്തിയും അദ്ദേഹം തന്നെ. നിരൂപണവിഷയമായ ഉപന്യാസങ്ങൾ രചിച്ചതിനു പുറമെ തന്റെ വാരികയിലൂടെ പുസ്തകനിരൂപണവും അദ്ദേഹം നടത്തിയിരുന്നു. കാളിദാസന്റെ മേഘദൂതം അദ്ദേഹം ഗുജറാത്തിയിലേക്കു പരിഭാഷപ്പെടുത്തുകയും, ഫ്രെഞ്ച് സാഹിത്യകാരനായ മോളിയേറുടെ 'മോക്ക് ഡോക്ടർ' എന്ന നാടകത്തെ അനുകരിച്ച് ഒരു കൃതി രചിക്കുകയുംചെയ്തു. അതു ഗുജറാത്തി സാഹിത്യത്തിലെ ആദ്യത്തെ സമ്പൂർണഹാസ്യനാടകമാണ്. 'വീർമതി' എന്ന ഒരു ചരിത്രനാടകവും അദ്ദേഹം രചിച്ചിട്ടുണ്ട്.

ഗുജറാത്തിയിലെ ആദ്യത്തെ ആഖ്യായികാകാരൻ നന്ദശങ്കർ മേത്ത (1835—1905) ആണ്. അദ്ദേഹത്തിന്റെ 'കരൺഘേലലോ' എന്ന നോവൽ ഗുജറാത്തിലെ ഒടുവിലത്തെ രജപുത്രരാജാവായ കരന്റെ ജീവിതത്തെ വിവരിക്കുന്നു. ഒരു പുതിയ സാഹിത്യരുപം ആവിഷ്കരിക്കാനുള്ള യത്നമെന്ന നിലയിൽ ആ നോവൽ പ്രശസ്തമാണ്.

സാമൂഹികപരിഷ്കരണപ്രസ്ഥാനം അടിയുറച്ചുവരുകയും, രാജാറാം മോഹൻ റായിയുടെ ബ്രഹ്മസമാജപ്രസ്ഥാനം ഗുജറാത്തിൽ സ്വാധീനശക്തി ചെലുത്തുകയും ചെയ്തതോടെ അഹമ്മദാബാദിൽ അതുപോലുള്ള ഒരു മതവിശ്വാസപ്രസ്ഥാനം 'പ്രാർഥനാസമാജ്' എന്ന പേരിൽ ഉടലെടുക്കുകയുണ്ടായി. പ്രാർഥനാസമാജത്തിന്റെ സ്ഥാപകൻ ഭോലാനാഥ് സാരാഭായി ആയിരുന്നു. അദ്ദേഹം ആധുനിക പ്രാർഥനാഗാനങ്ങൾ രചിച്ചു. ആ ഗാനകൃതിക്ക് 'പ്രാർഥനാമാല' എന്നാണു പേർ. മധ്യകാല കൃഷ്ണഗീതികളിൽനിന്നു മതപരമായ കവിതകളിലേക്കുള്ള ഒരു നൂതനസഞ്ചാരമാണ് ഇതുമൂലം ഉദ്ഘാടനം ചെയ്യപ്പെട്ടത്. ഈ ഗാനങ്ങൾ രവിവാര പ്രാർഥനായോഗങ്ങളിൽ പാടുക എന്ന ഏകോദ്ദേശ്യത്തോടുകൂടിയാണ് എഴുതപ്പെട്ടത്.

മഹീപത്രാം നീലകണ്ഠ (1829—1891) ആണ് പ്രാർഥനാസമാജക്കാരിൽപ്പെട്ട പ്രമുഖകവി. അദ്ദേഹം രണ്ടു ചരിത്രാഖ്യായികകളും ഒരു സാമൂഹികനോവലും രണ്ടു ജീവചരിത്രഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. 'സാസുവഹനിലഡായ്' എന്ന ഈ നോവൽ ശ്വശ്രുവും സ്നുഷയുംസദാ കലഹിച്ചുകഴിയുന്ന സമകാലികസമുദായത്തിന്റെ ഒരു യഥാർഥചിത്രം നല്കുന്നു. ഗുജറാത്തിയിലെ ആദ്യത്തെ സാമൂഹിക നോവലാണ് അത്. അദ്ദേഹത്തിന്റെ ചരിത്രനോവലുകൾ ഗുജറാത്തിലെ രജപുത്രചരിത്രത്തെ ആസ്പദമാക്കിയുള്ളവ

യും വനരാജ്, സിദ്ധരാജ് എന്ന രണ്ടു മഹാരാജാക്കന്മാരുടെ ധീരപ്രവൃത്തിയെ ചിത്രീകരിക്കുന്നവയുമാണ്.

ഗുജറാത്തിയിലെ ഭാഷാശാസ്ത്രപരവും ശബ്ദശാസ്ത്രപരവുമായ ആദ്യത്തെ ഗ്രന്ഥമാണ് വ്രജ്‌ലാൽ ശാസ്ത്രിയുടെ (1825—1893) 'ഗുജറാത്തി ഭാഷാതോ ഇതിഹാസ'.

നാടകകൃത്തായ രൺപോഢ്ഭായ്, ഉപന്യാസകാരന്മാരായ മൗഹ്സുഖ്റാം ത്രിപാഠി, അംബലാൽദേശായി, നോവലിസ്റ്റും ചെറുകഥാകൃത്തുമായ ഹരഗോവിന്ദദാസ് എന്നിവരാണ് ഈ കാലഘട്ടത്തിലെ മറ്റു ചില പ്രമുഖസാഹിത്യകാരന്മാർ.

പണ്ഡിതയുഗം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ പണ്ഡിതന്മാരായ കുറെ എഴുത്തുകാർ ഗുജറാത്തി സാഹിത്യത്തെ സമ്പന്നമാക്കി. ഇന്ത്യൻ നോവലുകളുടെ കൂട്ടത്തിൽത്തന്നെ ഉന്നതസ്ഥാനത്തിനർഹമായ 'സരസ്വതീചന്ദ്രൻ' എന്ന നോവലെഴുതിയ ഗോവർധൻ റാം ത്രിപാഠി, കവിയും വിമർശകനും ഭാഷാശാസ്ത്രജ്ഞനുമായിരുന്ന നർസിങ്റാവ് ദിവേദിയ, തർക്കശാസ്ത്രം, മനഃശാസ്ത്രം എന്നിവയെ സംബന്ധിച്ച ഗ്രന്ഥങ്ങൾ രചിച്ച മണിലാൽ നഭുഭായ്, 'കവിതാ അനേ സാഹിത്യ' എന്ന പേരിൽ കാവ്യമീമാംസയെപ്പറ്റി ആദ്യമായി ഗുജറാത്തിയിൽ ഒരു ഗ്രന്ഥം രചിച്ച രമൺഭായി നീലകണ്ഠൻ, ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ ഉദ്ഘാടകനും കാന്ത് എന്ന തൂലികാനാമത്തിന്റെ ഉടമയുമായ മണിശങ്കർ ഭട്ട് എന്നിവർ ഇവരിൽ പ്രമുഖരാണ്. ഇവരെത്തുടർന്ന് നാനാലാൽ, ബൽവന്ത്റായ് ഠാക്കർ, കേശവഹർഷദ് ധ്രുവ് എന്നിവർ സംസ്കൃതത്തിൽനിന്നും ഇംഗ്ലീഷിൽനിന്നും പല വിശിഷ്ടകൃതികളും വിവർത്തനം ചെയ്യുകയും അവയുടെ മാതൃകയിൽ പല പുതിയ കൃതികളും രചിക്കുകയും ചെയ്തു. മേഘദൂതം, ഭഗവദ്ഗീത, ഉപനിഷത്തുകൾ എന്നിവയാണ് നാനാലാൽ വിവർത്തനം ചെയ്തത്. സത്വന്ത് റായ് കാളിദാസനാടകങ്ങളും കേശവഹർഷദ് ധ്രുവ് ഷേക്സ്പിയറുടെ നാടകങ്ങളും വിവർത്തനം ചെയ്തു. നൂറോളം കൃതികളുടെ കർത്താവാണ് നാനാലാൽ. സ്വന്തം ആശയങ്ങൾ പ്രകാശിപ്പിക്കുന്നതിനു നിലവിലുള്ള വൃത്തങ്ങൾകൊണ്ടു സാധ്യമല്ലെന്നുകണ്ട് ഒഴുക്കൻ വൃത്തങ്ങളിൽക്കൂടിയുള്ള പരീക്ഷണം ഇദ്ദേഹം ആരംഭിച്ചു.

തത്വശാസ്ത്രപരമായ ഗ്രന്ഥങ്ങൾ രചിച്ച രണ്ടു പ്രമുഖ സാഹിത്യകാരന്മാരായിരുന്നു ആനന്ദ് ശങ്കർധ്രുവ്, നർമദാശങ്കർ മേത്ത എന്നിവർ ഭാവസുന്ദരങ്ങളായ കവിതകൾ രചിച്ച സുർസിങ്ജി ഗോനേൽ, കലാസുന്ദരങ്ങളായ കഥകൾ രചിച്ച മലയാനിൽ, സൂഫിമതത്തെ ആസ്പദിച്ചു ഘസലുകൾ രചിച്ച ബാലശങ്കർ കണ്ഠാരി, ഫലിതമയമായ കൃതികൾ രചിച്ച ധൻസുഖ്‌ലാൽ മേത്ത എന്നിങ്ങനെ 'പണ്ഡിതയുഗ'ത്തിൽ സ്മരണീയരായ സാഹിത്യകാരന്മാർ ഒട്ടേറെയുണ്ട്.

ഗാന്ധിജിയുടെ സ്വാധീനം. 1915-നുശേഷം മഹാത്മാഗാന്ധിയിൽനിന്നു പ്രചോദനം സിദ്ധിച്ച സാഹിത്യകാരന്മാർ. ഗാന്ധി, ബുദ്ധൻ, ക്രിസ്തു തുടങ്ങിയവരെക്കുറിച്ചു കാവ്യങ്ങൾ രചിച്ചു. ഇതൊരു ഗാന്ധിയുഗം ഗുജറാത്തിസാഹിത്യത്തിൽ ഉദ്ഘാടനം ചെയ്തു എന്നുപറയാം.

ഉമാശങ്കർ ജോഷി, സുന്ദറാം, സ്നേഹ്രശ്മി, മൻസുഖ്‌ലാൽ ഝാവേരി, ശ്രീധരാണി, കേർസൻദാസ് മാണേക്, സുന്ദർജി ബേടായ്, രാം നാരായൺ പാഠക് (ശേഷ്), മേഘാണി എന്നിവർ തങ്ങളുടെ ദേശാഭിമാനദ്യോതകമായ കവിതകളെക്കൊണ്ടു സ്വാതന്ത്ര്യസമരത്തിനു പ്രചോദനം നല്കി. ഗാന്ധിജിയുടെ ആശയങ്ങൾ വലിയ സ്വാധീനം ചെലുത്തിയെങ്കിലും ഭഗത്സിങ്, ജതിൻദാസ് തുടങ്ങിയ വിപ്ലവകാരികളും സ്വാതന്ത്ര്യസമരത്തിനു നല്കിയ സംഭാവനകൾ ഹേതുവായി വാഴ്ത്തപ്പെട്ടു.

ടാഗൂറിന്റെ സ്വാധീനശക്തിക്കും ഗാന്ധിയുഗത്തിലെ പദ്യസാഹിത്യം വിധേയമായിരുന്നു. ഗുജറാത്തി വിദ്യാപീഠത്തിലെ ചില വിദ്യാർഥികളെ ഉന്നതപഠനത്തിനായി ഗാന്ധിജി ശാന്തിനികേതനിലേക്ക് അയച്ചതും ഇതിനുസഹായകമായി. രാജേന്ദ്രശാഹ്, ശ്രീധരാണി, പ്രഹ്ലാദ്പാരേഖ്, ഗൺപരത്ഭാവ്സാർ, മേഘാണി, സ്നേഹ്രശ്മി തുടങ്ങിയവർ ഈ സ്വാധീനശക്തിക്കു വശംവദരായിരുന്നു.

ഗദ്യരംഗത്തും പുരോഗതി ഉണ്ടായി. ഉപന്യാസങ്ങൾ, നോവലുകൾ, ചെറുകഥകൾ, നാടകങ്ങൾ, യാത്രാവിവരണങ്ങൾ, കത്തുകൾ, ജീവചരിത്രങ്ങൾ, തത്വശാസ്ത്രം, അർഥശാസ്ത്രം, സാമൂഹികശാസ്ത്രം, നാടോടിസാഹിത്യം എന്നിങ്ങനെ എല്ലാ പ്രസ്ഥാനങ്ങളും വൻതോതിൽ വികസിച്ചു.

മഹാത്മാഗാന്ധിതന്നെ പ്രശസ്തനായ ഒരു ഗ്രന്ഥകാരനായിരുന്നു. ലോകത്തെ ഏറ്റവും നല്ല ജീവചരിത്രഗ്രന്ഥങ്ങളിൽ ഒന്നായി കരുതപ്പെട്ടുപോരുന്ന തന്റെ ആത്മകഥയ്ക്കു പുറമെ അദ്ദേഹം നിരവധി ലേഖനങ്ങളും ഗീതയുടെ ഒരു വ്യാഖ്യാനവും റസ്കിന്റെയും ടോൾസ്റ്റോയിയുടെയും ചില കൃതികളുടെ വിവർത്തനങ്ങളും രചിക്കുകയും കത്തെഴുത്തുസമ്പ്രദായം വികസിപ്പിക്കുകയും ചെയ്തു. ഗുജറാത്തിവാക്കുകൾ ഉൾക്കൊള്ളുന്ന ഒരു ശബ്ദകോശം അദ്ദേഹം തയ്യാറാക്കിക്കുകയും, ഗുജറാത്തിവാക്കുകളുടെ വർണവിന്യാസം ശാസ്ത്രീയാടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തുകയും ചെയ്തു. ഇതായിരുന്നു അദ്ദേഹത്തിന്റെ മികച്ച സംഭാവന. സംസ്കൃതപദബാഹുല്യത്തോടുകൂടിയ ഗദ്യത്തിനുപകരം സരളമായ ഗദ്യത്തിനുവേണ്ടി അദ്ദേഹം വാദിക്കുകയും, തന്റെ ഗ്രന്ഥങ്ങൾ പൊതുജനങ്ങൾക്കു സുഗ്രഹമാകത്തക്കവണ്ണം സരളമായ ഗദ്യശൈലിയിൽ എഴുതുകയും ചെയ്തു. അദ്ദേഹത്തിന്റെ 'നവജീവൻ', 'ഹരിജനബന്ധു' എന്നീ വാരികകൾ ഗുജറാത്തി പത്രപ്രവർത്തനത്തിന്റെ നിലവാരം ഉയർത്തി. ഗ്രന്ഥകാരന്മാർക്ക് അദ്ദേഹം പ്രചോദനത്തിനുള്ള പ്രഭവസ്ഥാനമായിത്തീർന്നു.

ഗാന്ധിയുഗത്തിൽപ്പെട്ടയാളായിരുന്നെങ്കിലും മിക്കവാറും തന്റെ കാലഘട്ടത്തിലെ അന്തരീക്ഷത്തിന്റെ സ്പർശമേൽക്കാതിരുന്ന ഒരാളായിരുന്നു കനൈയാലാൽമുൻഷി. എങ്കിലും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ ഗാന്ധിജിയുടെ തത്വങ്ങളുടെ സ്വാധീനശക്തി കാണാൻ കഴിയും. ഇതു മറയ്ക്കാൻ അദ്ദേഹം സമർഥനാണെന്നേയുള്ളു. 'ലോപാമുദ്ര', 'വിശ്വരഥ', 'ഭഗവാൻ പരശുരാം' എന്നീ നോവലുകൾ മുഖേന അദ്ദേഹം അയിത്തോച്ചാടനത്തെയും സത്യഗ്രഹസിദ്ധാന്തത്തെയുംപറ്റി വിവരിക്കുന്നു. കെ.എം. മുൻഷിയുടെത് ഒരപൂർവരചനാരീതിയായിരുന്നു. അതിനാൽ മാമൂലനുസരിച്ചുള്ള ധാർമികമൂല്യങ്ങളെ അദ്ദേഹം തന്റെ ഗ്രന്ഥങ്ങൾവഴി പരസ്യമായി എതിർക്കുകയും, സ്വതന്ത്രമായ പ്രേമത്തിനുവേണ്ടി വാദിക്കുകയും ചെയ്തു. ചരിത്രനോവലുകളിൽക്കൂടി അദ്ദേഹം നാടകീയകഥകളാണ് അവതരിപ്പിച്ചത്. സംഭവങ്ങളുടെ ത്വരിതഗതിയിലുള്ള ചലനത്തെയും ചൈതന്യമുള്ള കഥാപാത്രങ്ങളെയും, കാല്പനികശൈലിയെയും അദ്ദേഹത്തിന്റെ കൃതികളിൽ കാണാം. അദ്ദേഹം നാടകങ്ങളും, ഉപന്യാസങ്ങളും, സാഹിത്യനിരൂപണവും ആത്മകഥയും, ജീവചരിത്രങ്ങളും, ചെറുകഥകളും രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സംഭാവനകൾ ഗുജറാത്തി സാഹിത്യത്തെ ഗണ്യമാംവണ്ണം സമ്പന്നമാക്കി.

ആഖ്യായികാകാരനും, ചെറുകഥാകൃത്തും, നാടകരചയിതാവും, സാഹിത്യനിരൂപകനും , ആത്മകഥാകൃത്തുമായിരുന്ന രമൺലാൽ ദേശായി ഗാന്ധിയുഗത്തിന്റെ യഥാർഥ പ്രതിനിധിയായിരുന്നു. അദ്ദേഹത്തിന്റെ 'ദിവ്യചക്ഷു', 'ഭാരേലോ അഗ്നി', 'ഗ്രാമലക്ഷ്മി' എന്നീ മാതൃകാപരമായ കൃതികൾ അഹിംസയെയും, ഗ്രാമപുനരുദ്ധാരണത്തെയും അയിത്തോച്ചാടനത്തെയും തിന്മയുടെമേൽ നന്മയ്ക്കുള്ള വിജയത്തെയും കുറിച്ച് ഉദ്ബോധിപ്പിക്കുന്നു.

ഗാന്ധിജിയുടെ ആശ്രമത്തിലെ അന്തേവാസിയായ കാകാ കാലേൽകർ അനേകം ഗ്രന്ഥങ്ങളുടെ കർത്താവാണ്. ഉപന്യാസകൃത്തായ അദ്ദേഹം യാത്രാവിവരണം, പ്രകൃതിശാസ്ത്രം, സംസ്കാരം, കല, സാമൂഹികശാസ്ത്രം എന്നിവയെപ്പറ്റിയുള്ള ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. ആത്മകഥ, സാഹിത്യനിരൂപണം, വിദ്യാഭ്യാസം, ഭാരതത്തിലെ നദികൾ എന്നിവ സംബന്ധിച്ചുള്ള കൃതികളും എഴുതി. സ്വകൃതികളിൽ അദ്ദേഹം ഗാന്ധിജിയുടെ ദർശനങ്ങളെ കലാഭിരാമമാംവിധം അവതരിപ്പിച്ചു.

ഗാന്ധിജിയുടെ ആശ്രമത്തിലെ അന്തേവാസിയായിരുന്ന കിശോരിലാൽ മശ്രുവാലയും ഉന്നതനായ ഒരു ചിന്തകനായിരുന്നു. ഭഗവദ്ഗീതയും, ഖലിൽജിബ്രാന്റെ 'പ്രവാചകനും', ടോൾസ്റ്റോയിയുടെ 'അന്ധകാരത്തിൽ ദീപം പ്രകാശിക്കുന്നു' എന്ന കൃതിയും, മേറ്റർലിങ്കിന്റെ 'ഉറുമ്പിന്റെ ജീവിത'വും, പെറിബർജസിന്റെ 'ഏകാകിയായി ഗമിക്കുന്നതാര്?' എന്ന നോവലും, മറാഠി സന്യാസിയായ തുക്കാറാമിന്റെ കവിതകളും അദ്ദേഹം പരിഭാഷപ്പെടുത്തി. 'ഗാന്ധിജി അനേ മാർക്സ്വാദ്' (ഗാന്ധിജിയും മാർക്സിസവും) എന്നൊരു ഗ്രന്ഥം അദ്ദേഹം രചിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധിയുടെ സെക്രട്ടറിയായിരുന്ന മഹാദേവദേശായി ഡയറികളും ജീവചരിത്രഗ്രന്ഥങ്ങളും രചിക്കുകയും, ബംഗാളിയിൽനിന്നു ടാഗോറിന്റെയും ശരച്ചന്ദ്രന്റെയും ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തുകയും ചെയ്തു.

ഈ കാലഘട്ടത്തിലെ ഏറ്റവും മികച്ച സാഹിത്യകാരന്മാരിൽ ഒരാളാണു രാംനാരായൺ പാഠക്. അദ്ദേഹം ചെറുകഥകളും കവി

തകളും, ഗൗരവമുള്ള ഉപന്യാസങ്ങളും ലഘൂപന്യാസങ്ങളും സാഹിത്യനിരൂപണങ്ങളും രചിച്ചിട്ടുണ്ട്. അദ്ദേഹം പ്രശ്നകഥകളും, പ്രതീകാത്മകകഥകളും, മനഃശാസ്ത്രപരമായ കഥകളും, സംഭവരഹിതകഥകളും രചിച്ചു. സാഹിത്യവിമർശകൻ എന്ന നിലയിൽ അദ്ദേഹത്തിന് അത്യുന്നതമായ സ്ഥാനമാണുള്ളത്. ഛന്ദസ്സുകളെക്കുറിച്ചുള്ള പഠനത്തിന് ഇദ്ദേഹം അക്കാദമി അവാർഡു നേടി.

യാഥാതഥ്യവാദിയായ ചെറുകഥാകൃത്തായിരുന്നു ധൂംകേതു. അദ്ദേഹത്തിന്റെ ചെറുകഥകളിലെ രംഗങ്ങൾ ഗ്രാമങ്ങളാണ്; കഥാപാത്രങ്ങളാകട്ടെ ദരിദ്രന്മാരും.

ഗവേഷണം മുഖേന ഝാവേർചന്ദ് മേഘാണി ഗുജറാത്തിയിലെ സമ്പന്നമായ നാടോടിസാഹിത്യം നമുക്കു ലബ്ധമാക്കിത്തന്നിട്ടുണ്ട്. അദ്ദേഹം ചെറുകഥാകൃത്തും, ആഖ്യായികാകാരനും, നാടകരചയിതാവും, ജീവചരിത്രകാരനും, വിമർശകനുമാണ്. എല്ലാ രചനകളിലുമുള്ള അദ്ദേഹത്തിന്റെ സമീപനം സുശക്തനായ ഒരു ഇടതുപക്ഷക്കാരന്റേതാണ്. അദ്ദേഹത്തിന്റെ ഭാഷയ്ക്ക്ഓജസ്സും ശക്തിയുമുണ്ട്. 'സോറ്റ് താരാൻ വഹേൻതാൻപാണി' ആണ് ഇദ്ദേഹത്തിന്റെ പ്രശസ്തനോവൽ. വിഷ്ണുപ്രസാദ് ത്രിവേദി, വിജയറായ്വൈദ്യ, അനന്ത്റായ് റാവൽ, വിശ്വനാഥ്ഭട്ട് എന്നിവർ ഈ കാലത്തെ പ്രമുഖ വിമർശകരാണ്.

സമുന്നതരായ കവികൾ എന്നതിനു പുറമെ, ഉമാശങ്കർ ജോഷിയും സുന്ദരാമും വിമർശകന്മാരും ചെറുകഥാകൃത്തുകളും നാടകരചയിതാക്കളുമാണ്. തന്റെ 'അർവാചീനകവിത' എന്ന ഗ്രന്ഥത്തിലൂടെ സുന്ദരാം ആധുനികപദ്യസാഹിത്യത്തിന്റെ ഉദയവും വൃദ്ധിയും വിമർശബുദ്ധ്യാ പരിശോധിച്ചിട്ടുണ്ട്. ഉമാശങ്കറാകട്ടെ ഗ്രാമീണാന്തരീക്ഷത്തെ പശ്ചാത്തലമാക്കി ഏകാങ്കനാടകങ്ങൾ ആദ്യമായി രചിച്ച എഴുത്തുകാരനാണ്. ഉമാശങ്കറുടെ വിമർശനങ്ങൾ അഞ്ചു വാല്യമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ജ്യോതീന്ദ്രദവേ എന്ന ഗ്രന്ഥകാരൻ ഈ കാലത്ത് മാനുഷിക മൂല്യപഠനംകൊണ്ടു ഖ്യാതിയാർജിച്ചു. ഇദ്ദേഹം 30 ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

ചെറുകഥകളും ഏകാങ്കനാടകങ്ങളും രചിച്ച് ശ്രദ്ധേയരായിത്തീർന്നവരാണ് ഗുലാബ്ദാസ്ബ്രോക്കറും, ജയന്തി ദലാലും. ചെറുകഥകളിലും ഉപന്യാസങ്ങളിലും നിരൂപണങ്ങളിലുംകൂടി ഒരു ആക്ഷേപഹാസ്യ വിദഗ്ധനാണെന്ന് ജയന്തി ദലാൽ തെളിയിച്ചു. നാടകകലയെക്കുറിച്ച് അദ്ദേഹം എഴുതിയ ഗ്രന്ഥം ഗുജറാത്തിസാഹിത്യത്തിലെ ഒരു അസുലഭകൃതിയാണ്.

പുതിയ മൂല്യങ്ങൾ. അങ്ങനെ ഗാന്ധിയുഗത്തിൽ മുൻകാലത്തെ അപേക്ഷിച്ച് ജീവിതവീക്ഷണഗതി സാകല്യേന മാറിയതായും, സാഹിത്യപ്രവണതകൾ ആകപ്പാടെ വ്യത്യാസപ്പെട്ടതായും നാം കാണുന്നു. ദേശീയബോധമാണ് ഏറ്റവും മുൻപന്തിയിൽ. ഈ യുഗത്തിൽ ഇന്ത്യ വിദേശീയാധിപത്യത്തെ ഉച്ചാടനംചെയ്യാനുള്ള യത്നത്തിലായിരുന്നു പ്രായേണ ഏർപ്പെട്ടിരുന്നത്. അതിനാൽ ഭാരതീയമായ പാരമ്പര്യങ്ങളിൽ കൂടുതലായ വിശ്വാസവും ആധ്യാത്മികവും സാന്മാർഗികവുമായ മൂല്യങ്ങളുടെ പുനരുജ്ജീവനവുമാണ് കാണുന്നത്. ഇക്കാലഘട്ടത്തെ സാഹിത്യത്തിൽ രാഷ്ട്രീയസംഭവങ്ങളും, ഗാന്ധിജി സൃഷ്ടിച്ച സാമൂഹികവിപ്ലവവും കൂടുതൽ സ്വാധീനശക്തി ചെലുത്തിയിരുന്നു.

എക്സിസ്റ്റൻഷ്യലിസം, സർറിയലിസം, സിംബോളിസം, ബോധധാരാപ്രസ്ഥാനം തുടങ്ങിയ പാശ്ചാത്യസാഹിത്യപ്രവണതകൾ ഈ ആധുനികന്മാരിൽ സ്വാധീനശക്തി ചെലുത്തി. അവർ നിഷ്ഫലതയെയും, സമൂഹത്തിൽനിന്നു വ്യക്തിയുടെ വിയോജനത്തെയും, ദ്വന്ദ്വവ്യക്തിത്വത്തെയുംപറ്റി സംസാരിച്ചു. നിലവിലുള്ള സാന്മാർഗികമൂല്യങ്ങളെയും, മതവിശ്വാസങ്ങളെയും തകർത്തു തരിപ്പണമാക്കാൻ ആശിക്കുകയും, രൂപങ്ങളുമായി പരീക്ഷണം നടത്തുകയും, അയഥാർഥപ്രതീകങ്ങളെയും പ്രതിബിംബങ്ങളെയും ഉപയോഗിക്കുകയും ചെയ്തു. ഈ പ്രവണതയിൽ ലൈംഗികവാസനയും, ബോധധാരാപ്രസ്ഥാനവും പ്രമുഖമായ പങ്കുവഹിച്ചു. അതു ബഹിർമുഖതയെക്കാൾ കൂടുതൽ അന്തർമുഖതയും ഭാവനാപരതയേക്കാൾക്കൂടുതൽ യാഥാർഥ്യവും പുലർത്തി. ആധുനികകാലത്തെ കവി കൂടുതൽ ആത്മനിഷ്ഠനാണ്. റ്റി.എസ്. എലിയട്ട്, വലേറി, റില്ക്കെ, കമ്യൂ തുടങ്ങിയവരുടെ സാഹിത്യ സങ്കല്പങ്ങൾ ഇവരിൽ സ്വാധീനംചെലുത്തി. പദ്യസാഹിത്യം ഒന്നിനൊന്ന് ദുർഗ്രഹമായിത്തീർന്നുകൊണ്ടിരിക്കുകയാണ്. അഭിനവമായ ഈ പദ്യസാഹിത്യപ്രസ്ഥാനത്തിന്റെ ദീപവാഹകരുടെകൂട്ടത്തിൽ സുരേശ് ജോഷി, നളിന് റാവൽ, ഗുലാം മഹമ്മദ്ഷെയ്ക്, ആദിൽ മൻസൂരി, ഹരീന്ദ്രദവേ, ചിനുമോദി, ജ്യോതിഷ്ജാനി, സിതാംശു എന്നിവരും മറ്റും ഉൾപ്പെടുന്നു. സുരേശ് ജോഷി, ചന്ദ്രകാന്ത ബക്ഷി, മുഹമ്മദ്മാൻകഡ്, മധുറായ്, ശ്രീകാന്ത്ഷാ, ധിരുബൻപട്ടേൽ, രഘുവീർ ചൗധുരി, രാജീവ്പട്ടേൽ എന്നിവരാണ് ആധുനിക ഗുജറാത്തി കഥാസാഹിത്യത്തിലെ പ്രമുഖർ. ഇവരിൽ പലരും അസ്തിത്വപ്രമേയത്തെ താലോലിക്കുന്നവരാണ്. അയനെസ്കോ, ബെക്കറ്റ്, ആൽബി തുടങ്ങിയ പാശ്ചാത്യ നാടകകൃത്തുക്കളിൽനിന്നു പ്രചോദനം നേടി നാടകരംഗത്തു വ്യാപരിക്കുന്നവരാണ് മുകുന്ദ്പരീഖ്, ലാദ്ശങ്കർ ഠാക്കർ, സുഭാഷ് ഷാ, ചിനമോഭി, മധു കോഠാരി, കിരിത്വൈദ്യ തുടങ്ങിയവർ.

ഗുജ്റൻവാല ലീഡേഴ്സ് കേസ്

റൗളത്ത് ആക്റ്റിൽ പ്രതിഷേധിച്ചു പഞ്ചാബിൽ നടന്ന ജനകീയപ്രക്ഷോഭങ്ങളിൽ ഒന്ന്. 1919 ഏപ്രിൽ ആറാംതീയതി തുടങ്ങിയ ഹർത്താൽ രാജ്യവ്യാപകമായിരുന്നു. ലാഹോർ, കാസൂർ, ഗുജ്റൻവാല എന്നിവിടങ്ങളിലാണു പഞ്ചാബ് ഗവർണറായ മൈക്കൽ ഒഡയർ പോലീസ്മർദനം അഴിച്ചുവിട്ടത്. ഏപ്രിൽ 13-നു ജാലിയൻവാലാബാഗിൽ ദാരുണമായ കൂട്ടക്കൊല നടന്നതോടെ പഞ്ചാബ് ഭീകരഭരണത്തിന്റെ പിടിയിൽ അമർന്നു. ഏപ്രിൽ 14-നു നടന്ന ഹർത്താലിന്റെ ഭാഗമായി ഗുജ്റൻവാലയിൽ കുറെപ്പേർ തീവണ്ടി തടഞ്ഞുനിർത്തി ഗാർഡിനെയും മറ്റും കയ്യേറ്റംചെയ്തു. ഗുംകുൽ എന്ന സ്ഥലത്തെ ഒരു പാലം നശിപ്പിച്ചു. ടെലഗ്രാഫ് ടെലഫോൺ ബന്ധങ്ങൾ വിച്ഛേദിച്ചു ഗുജ്റൻവാലയെ ഒറ്റപ്പെടുത്തി. പോലീസ് സൂപ്രണ്ടായ ഹെറോണിനെ കയ്യേറ്റം ചെയ്യുകയും അമർനാഥ് എന്ന കോൺഗ്രസ്സ് നേതാവിന്റെ വീട്ടുമുറ്റത്തു പ്രതിഷേധസമ്മേളനം കുടുകയും ചെയ്തു. ഈ മീറ്റിങ് നടന്നുകൊണ്ടിരിക്കെ പോലീസ് വെടിവച്ചു. ചിലർക്കു മുറിവേറ്റു. മീറ്റിങ്ങിനു വന്നവർ പോസ്റ്റ് ഓഫീസ്, ഡാക്ക് ബംഗളാവ്, കോടതി, തീവണ്ടിയാപ്പീസ് എന്നിവിടങ്ങളിലേക്കു നീങ്ങി. ഇംഗ്ലീഷുകാരുടെ വണ്ടികൾ, സാധനങ്ങൾ, വീടുകൾ എന്നിവ നശിപ്പിച്ചു. ഇന്ത്യക്കാരുടെ വസ്തുവകകൾക്കൊന്നും നാശം വരുത്തിയില്ല. നിയമലംഘനത്തിലേർപ്പെട്ട പതിനഞ്ചുപേരെ അറസ്റ്റുചെയ്തു കേസെടുത്തു. രണ്ടുപേർക്കു വധശിക്ഷ വിധിച്ചു; എട്ടുപേരെ നാടുകടത്തി.

ഗുജ്റാൽ, ഐ.കെ. (1919—)

സ്വാതന്ത്ര്യസമരസേനാനിയും കേന്ദ്രമന്ത്രിയും നയതന്ത്രജ്ഞനും. വാർത്താവിതരണ പ്രക്ഷേപണമന്ത്രി എന്ന നിലയിൽ ഇന്ത്യൻ സിനിമയുടെ വളർച്ചയ്ക്ക് പ്രോത്സാഹകമായ പല നടപടികളും ഇദ്ദേഹം കൈക്കൊണ്ടു. ഇദ്ദേഹം കേന്ദ്രമന്ത്രിയായിരിക്കെയാണ് 1969-ൽ ഫിലിം ഫൈനാൻസ് കോർപ്പറേഷൻ ആരംഭിച്ചത്. പ്രതിഭാശാലികളായ ചലച്ചിത്രകാരന്മാർക്കു നല്ല ചിത്രങ്ങളെടുക്കാൻ വായ്പ നൽകുന്ന പദ്ധതി ഇദ്ദേഹമാണ് ആവിഷ്കരിച്ചത്. സോവിയറ്റ് യൂണിയനിൽ ഇന്ത്യയുടെ നയതന്ത്രപ്രതിനിധിയായി നാലു കൊല്ലം സേവനമനുഷ്ഠിച്ചു (1976-'80).

1919 ഡിസംബർ 4-ന് ഇപ്പോഴത്തെ പാകിസ്താനിലുള്ള ഝലം എന്ന സ്ഥലത്തു ജനിച്ചു. പഞ്ചാബ് യൂണിവേഴ്സിറ്റിയിൽനിന്നു ബി.കോം, എം.എ എന്നീ ബിരുദങ്ങൾ നേടി. ക്വിറ്റിന്ത്യാ സമരത്തിൽ പങ്കെടുത്തു. ന്യൂദെൽഹി മുൻസിപ്പൽ കമ്മിറ്റിയുടെ ഉപാധ്യക്ഷനായിരുന്നു (1959-64). ദില്ലി ആർട്ട് തിയറ്ററിന്റെ സ്ഥാപകാധ്യക്ഷനാണ്. 1964 മുതൽ 76 വരെ ലോകസഭാംഗമായിരുന്നു. ആദ്യം ഗതാഗത, പാർലമെന്ററിക്കാര്യങ്ങൾ എന്നീ വകുപ്പുകളുടെയും പിന്നീട് മരാമത്ത്, വാർത്താവിതരണപ്രക്ഷേപണം എന്നീ വകുപ്പുകളുടെയും മന്ത്രിയായി.

ഗുജ്റാൽ, സതീശ് (1925—)

ചുമർചിത്രകാരനും പ്രതിമാനിർമാതാവും. സാർവദേശീയ പ്രശസ്തിനേടിയ ചിത്രകാരനാണ് ഗുജ്റാൽ. മൂന്നു തവണ ദേശീയ പുരസ്കാരത്തിന് അർഹനായി.

1925 ഡിസംബർ 25-നു ലാഹോറിൽ ജനിച്ചു. ആദ്യം ലാഹോറിലും പിന്നീട് ബോംബെ, മെക്സിക്കോ എന്നിവിടങ്ങളിലും ചിത്രകല അഭ്യസിച്ചു. ന്യൂദെൽഹിയിലെ ബെൽജിയം എംബസി കെട്ടിടവും എയർഇന്ത്യയുടെ ആസ്ഥാനമന്ദിരവും ഇദ്ദേഹത്തിന്റെ ചിത്രങ്ങൾകൊണ്ട് അലംകൃതമാണ്. ലോകത്തിലെ വിവിധ കേന്ദ്രങ്ങളിൽ പലപ്പോഴായി നടന്ന പ്രദർശനങ്ങളിൽ ഗുജ്റാലിന്റെ ആലേഖ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്.

ഗുട്ടെൻബെർക്, യോഹൻ (Gutenberg, Johann) (1397—1468)

ജെർമൻകാരനായ അച്ചടിവിദഗ്ധൻ. ജെർമനിയിലെ മെയ്ൻത്സിൽ ജനിച്ചു. കുട്ടിക്കാലത്തുതന്നെ സ്വർണപ്പണി പഠിച്ചു. ഇതോടുകൂടി ലോഹവിദ്യയിൽ വൈദഗ്ധ്യവും നേടി. ഈ വൈദഗ്ധ്യമാണു പിന്നീടു പലതും കണ്ടുപിടിക്കാനുള്ള പ്രേരണ നല്കിയത്.

അച്ചടിവിദ്യയിൽ ഇദ്ദേഹം പല നൂതനാവിഷ്കാരങ്ങൾ വരുത്തി. 1436-ൽ ആൻഡ്രിയാസ് ഡ്രിറ്റ്സന്റെ പങ്കാളിയായി. ആ വർഷം ഡ്രിറ്റ്സൻ മരിച്ചപ്പോൾ, പങ്കാളിത്തം സംബന്ധിച്ചു കേസുകൾ ഉണ്ടായി. പെറുക്കിവയ്ക്കാവുന്ന ടൈപ്പുകൾ (movable types) ഉപയോഗിച്ച് അച്ചടിക്കുന്നതിന്റെ രഹസ്യങ്ങളെ സംബന്ധിച്ചായിരുന്നു തർക്കം.

1450-ൽ മെയ്ൻത്സിലെ യോഹൻ ഫസ്റ്റിൽ(Fust)നിന്നും 800 ഗിൽഡർ കടം വാങ്ങി. അച്ചടിശാലയായിരുന്നു പണയം. രണ്ടുവർഷം വീണ്ടും കഴിഞ്ഞ് 800 ഗിൽഡർ വാങ്ങി—ഫസ്റ്റിനെ പങ്കാളിയായെടുക്കാമെന്ന കരാറിൽ. ആ പാർട്ട്നർഷിപ്പും തകർന്നു. 1455-ൽ മുതലും പലിശയും കിട്ടാൻ ഫസ്റ്റ് കേസ്സു കൊടുത്തു. ഗുട്ടൻബെർക്കിന്റെ ഏറ്റവും നല്ല വിദഗ്ധൻ പീറ്റർ ഷോഫറെ തന്റെ ഭാഗം സാക്ഷിപറയാനും കിട്ടി, ഫസ്റ്റിന്. ഗുട്ടൻബെർക്കിന്റെ വാദം, തന്റെ താമസത്തിനും, വാടക, കടലാസ്, മഷി എന്നിവയ്ക്കുമായി 300 ഗിൽഡർ കൊടുക്കാമെന്നു ഫസ്റ്റു സമ്മതിച്ചിരുന്നുവെന്നാണ്. ഏതായാലും 1455 നവംബർ 6-ന് ഗുട്ടൻബെർക്കിനെതിരായി വിധി വന്നു. ഗുട്ടൻബെർക്കിന്റെ എല്ലാം—അതിൽ 42 ലൈൻബൈബിളും ഉൾപ്പെടും—ഫസ്റ്റിനു കിട്ടി. ഷോഫറുടെ സഹായത്തോടെ ഫസ്റ്റ് അത് അച്ചടിപ്പിക്കാനും തുടങ്ങി.

1457-ൽ വീണ്ടും മെൻത്സിലെത്തി. വീണ്ടും കടപ്പലിശ ബാക്കിയായതിനു കുഴപ്പത്തിലകപ്പെട്ടു. അവസാനം 1465 ജനുവരി 17-ന് ഇദ്ദേഹത്തെ ആർച്ച് ബിഷപ്പ് തന്റെ ഒരു സദസ്യനായി സ്വീകരിച്ചു. 1468 ഫെബ്രുവരി 3-ാം തീയതി മരിച്ചു.

അച്ചടിവിദ്യയിൽ പരിഷ്കാരം. ചൈന, കൊറിയ, ജപ്പാൻ എന്നീ രാജ്യക്കാർക്ക് അച്ചടിയെപ്പറ്റി വിവരമുണ്ടായിരുന്നുവെങ്കിലും, 1440-ൽ ഗുട്ടൻബെർക്കാണ് ഇന്നത്തെ 'മൂവബിൾ ടൈപ്പുകൾ' കണ്ടുപിടിച്ചതെന്നാണു പൊതുവെ അംഗീകരിക്കപ്പെടുന്നത്. വാസ്തവത്തിൽ അന്നത്തെ ആവിഷ്കർത്താക്കളിൽ ഒരാൾ മാത്രമാണു ഗുട്ടൻബെർക്ക്. യന്ത്രവത്കരണംവഴി വേഗം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ മുൻകൈയെടുത്തതു ഗുട്ടൻബെർക്കാണ്. ഇതേ കാര്യം അന്നു യൂറോപ്പിൽ പലരും നടത്തിയിരുന്നു. അച്ചടിപ്രക്രിയകളെ അദ്ദേഹം ഏകീകരിച്ചു.

ഗുട്ടൻബെർക്ക്, ബ്ലോക്ക് പ്രിന്റിങ്ങിനു പകരം ടൈപ്പുകൾ ആവശ്യാനുസൃതം എടുത്തുവച്ച് അച്ചടിക്കാൻ തുടങ്ങി. രണ്ടു കാര്യം ഗുട്ടൻബെർക്കിനറിയാമായിരുന്നു: മെറ്റലർജിയും, എൻഗ്രേവിങ്ങും. കാരീയത്തിന്റെ ഒരു കൂട്ടുലോഹവും (കാരീയം, ടിൻ, ആന്റിമണി) ടൈപ്പുണ്ടാക്കാനദ്ദേഹം ഉപയോഗിച്ചു. പലതരം വിസ്താരമുള്ള അക്ഷരങ്ങളെ (i എന്ന അക്ഷരവും m എന്ന അക്ഷരവും) എങ്ങനെ ക്രമീകരിക്കാമെന്നതിന് ഒരു പ്രത്യേക മോൾഡും അദ്ദേഹം ഉണ്ടാക്കി.

കൃത്യമായി കാസ്റ്റിങ്ങിനുള്ള മോൾഡ്, ടൈപ്പുമെറ്റൽ, അച്ചടി



ഗുട്ടൻബെർക്
രൂപകല്പന ചെയ്ത
അച്ചടിയന്ത്രം —
ഇൻസെറ്റിൽ
ഗുട്ടൻബെർക്

യന്ത്രം, ഓയിലടങ്ങിയ അച്ചടിമഷി എന്നീ കണ്ടുപിടുത്തങ്ങളിലൂടെ ഗുട്ടൻബെർക്ക് അച്ചടിവിദ്യയിൽ സമൂലമായൊരു വിപ്ലവം വരുത്തി.

ഗുട്ടൻബെർക്ക് അച്ചടിച്ച ബൈബിളിൻെറ 47 കോപ്പികൾ ഇപ്പോൾ ലോകത്ത് അവശേഷിച്ചിട്ടുണ്ട്. ലൈബ്രറി ഒഫ് കോൺഗ്രസ്സിലും യെയ്ൽ സർവകലാശാലയിലും ഹാർവെഡ് സർവകലാശാലയിലും ഓരോ കോപ്പി ചരിത്രസ്മാരകമായി സൂക്ഷിച്ചിട്ടുണ്ട്.

ഗുഡ്യേർ, ചാൾസ് (1800—1860)

ഭിന്നാവശ്യങ്ങൾക്കു വിപുലമായി റബ്ബർ ഉപയോഗിക്കാൻ വഴിയുണ്ടാക്കിയ, 'വൽക്കനൈസേഷൻ' എന്ന സാങ്കേതികവിദ്യ കണ്ടുപിടിച്ച യു.എസ്സുകാരൻ.

യു.എസ്സിൽ ന്യൂഹാവൻ എന്ന സ്ഥലത്ത് 1800 ഡിസംബർ 29-നു ജനിച്ചു. ഇരുമ്പു വ്യാപാരിയായിരുന്ന പിതാവിനോടൊത്ത് 1821 വരെ ഗുഡ്യേർ പ്രവർത്തിച്ചു. എന്നാൽ ആ ബിസിനസ് കടംകേറി 1830-ൽ നിർത്തേണ്ടിവന്നു. ഇന്ത്യാ റബ്ബർ സംസ്കരിച്ചു കൂടുതൽ കാര്യങ്ങൾക്കു സൗകര്യപ്രദമായി ഉപയോഗിക്കാനുള്ള വഴികൾ കണ്ടുപിടിക്കുന്നതിനുള്ള പ്രയത്നങ്ങളിലാണ് ഗുഡ്യേർ പിന്നീടു ശ്രദ്ധ കേന്ദ്രീകരിച്ചത്. നൈട്രിക്അമ്ലംകൊണ്ടു പാകപ്പെടുത്താൻ ഒരു മാർഗം കണ്ടെത്തിയെങ്കിലും അതു കാര്യമായി വിജയിച്ചില്ല. ഭിന്നസാഹചര്യങ്ങളിൽ നേരിടേണ്ടിവന്ന താപനിലയുടെ ഏറ്റക്കുറവുകൾകൊണ്ടു കുഴപ്പംവരാത്തവിധം ജലപ്രതിരോധശേഷിയും ആനമ്യതയും, സംസ്കരിച്ച റബ്ബർ പുലർത്തണം എന്നതായിരുന്നു ലക്ഷ്യം. പലവട്ടം പല സാധനങ്ങളുപയോഗിച്ചു പരീ ക്ഷണങ്ങൾ നടത്തിയെങ്കിലും വിജയിച്ചില്ല. റബ്ബറും ഗന്ധകവും കലർന്ന മിശ്രം ഒരു ദിവസം ആകസ്മികമായി ചൂടുപിടിച്ച സ്റ്റൗവിൽ വീഴാനിടയായി. ആറിത്തണുത്ത അനന്തരവസ്തു പിറ്റേന്നു ഗുഡ്യേർ കണ്ടപ്പോൾ അതുവരെ തന്നെ കുഴക്കിയിരുന്ന പ്രശ്നം പരിഹരിച്ചിരിക്കുന്നതായി ബോധ്യപ്പെട്ടു. റബ്ബറും ഗന്ധകവും നിശ്ചിതാനുപാതത്തിൽ കലർത്തി ചൂടുപിടിപ്പിച്ച് പരീഷണങ്ങൾ നടത്തി. അതിൻെറ ഫലമായി റബ്ബർ പ്രയോജനകരമായ വസ്തുവാക്കി ഉപയോഗിക്കാമെന്നും ഉറപ്പാക്കി. ഈ പദ്ധതിക്ക് വൽക്കനൈസേഷൻ (Vulcanization) എന്നാണ് പേരിട്ടത്. 1844-ൽ ഈ പ്രക്രിയ സംബന്ധിച്ചുള്ള പേറ്റൻറ് നേടിയെങ്കിലും വളരെയധികം നിയമപ്രശ്നങ്ങൾ പിന്നെയും നേരിടേണ്ടിവന്നു. 1852-ൽ ആണ് നിർണായകമായ വിജയം ഇക്കാര്യത്തിൽ നേടിയത്. എങ്കിലും സാങ്കേതിക കാരണങ്ങളാൽ ഇംഗ്ലണ്ടിലും ഫ്രാൻസിലും ഫാക്റ്ററികൾ സ്ഥാപിക്കുന്നതിനു കഴിഞ്ഞില്ല. ഇദ്ദേഹത്തിൻെറ പദ്ധതിപ്രകാരം റബ്ബർ സംസ്കരിക്കുവാൻ ഫ്രാൻസിൽ സ്ഥാപിതമായ അവിടത്തെ ഒരു കമ്പനി പരാജയപ്പെട്ടതിനെതുടർന്ന്, 1855 ഡിസംബറിൽ അവിടെ ഗുഡ്യേറിനെ തടവിലാക്കി. താൻ കണ്ടുപിടിച്ച സാങ്കേതികവിദ്യ ചോർത്തി ഉപയോഗിച്ചു ധാരാളം പേർ ധനവാന്മാരായെങ്കിലും, ഗുഡ്യേർ മരിക്കുന്ന കാലത്തുപോലും വമ്പിച്ച കടത്തിലായിരിന്നു. 1860 ജൂലൈ 1-നു ന്യൂയോർക്കു നഗരത്തിൽ അന്തരിച്ചു. യു.എസ്സിലെ ഏറ്റവും വലിയ ടയർ, റബ്ബർ കമ്പനിക്ക് ഗുഡ്യേറിൻെറ പേരാണു നല്കിയിട്ടുള്ളത്.

ഗുഡ്വിൽ (Goodwill)

ധനശാസ്ത്രത്തിൽ ജനസമ്മതിയുടെ മൂല്യം. ഒരു ബിസിനസ്സിൻെറയോ കച്ചവടസ്ഥാപനത്തിൻെറയോ ന്യൂസ്പേപ്പറിൻെറയോ സുസ്ഥാപിതമായ ജനസമ്മതിയുടെ ഫലമായുണ്ടാകുന്ന സാമ്പത്തികമൂല്യമാണിത്. ഒരു പ്രത്യേക ബിസിനസ്സിന് അതുമായി മത്സരിക്കുന്ന മറ്റു ബിസിനസ്സ്സ്ഥാപനങ്ങളെ അപേക്ഷിച്ചുള്ള എല്ലാ മേന്മകളും സൗകര്യങ്ങളും ഈ പദത്തിൻെറ അർഥവ്യാപ്തിയിൽ ഉൾപ്പെടുന്നു. നിയമപരമായ കൈമാറ്റം വ്യാപാരസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ആവശ്യമായി വരുമെന്നതുകൊണ്ട്, ഗുഡ്വിൽ എന്നതു ബിസിനസ്സുമായി ബന്ധപ്പെട്ട ഒരു സ്വത്താണെന്നു നിയമജ്ഞർ പറയുന്നു. ബിസിനസ്സിൽനിന്നു വേർപെടുത്തി ഗുഡ്വിൽമാത്രം കൈമാറ്റം ചെയ്യാൻ സാധ്യമാവില്ല. വ്യാപാരസ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലത്തിൻെറ മേന്മയുടെ അടിസ്ഥാനത്തിലാണ് ആദ്യകാലങ്ങളിൽ ഗുഡ്വിൽ എന്ന ആശയം വളർന്നുവന്നത്.

നഗരങ്ങളിൽ നല്ല സൗകര്യമുള്ള സ്ഥലത്തു സ്ഥിതിചെയ്യുന്ന വ്യാപാരസ്ഥാപനത്തിനു സ്വാഭാവികമായി ധാരാളം പറ്റുവരവുകാരുണ്ടായിരിക്കും. വ്യാപാരശാലയിലെ ജോലിക്കാരുടെ ആകർഷകവും മര്യാദപൂർവവുമായ പെരുമാറ്റം, അമിതലാഭം എടുക്കാതെയുള്ള വ്യാപാരം, സാധനങ്ങളുടെ ഗുണമേന്മ എന്നിവയെക്കുറിച്ചു പൊതുജനങ്ങളുടെ ഇടയിൽ മതിപ്പുണ്ടാക്കുന്നു. ഈ മതിപ്പ് ഗുഡ്വിൽ ആയി രൂപാന്തരപ്പെടും.

ഗുഡ്വിൽ ഉണ്ടാവാൻ മറ്റു ഘടകങ്ങളും സഹായിക്കുന്നു. ചരക്കിൻെറ ഗുണം പോലെതന്നെ കച്ചവടസാമർഥ്യം ആകർഷകമായ പരസ്യം എന്നിവ ഇന്നു വളരെ പ്രാധാന്യം അർഹിക്കുന്നു. വ്യാപാരശാലയുടെ വലിപ്പം അതിൻെറ ഉത്പന്നങ്ങളുടെ മേന്മയ്ക്ക് (ഗുണത്തിൽ മെച്ചപ്പെട്ടതും താരതമ്യേന വിലക്കുറവുള്ളതും എന്ന മേന്മ) ഉറപ്പാണ് എന്നു പൊതുവെ ധാരണയുള്ളതുകൊണ്ട്, വ്യാവസായിക കേന്ദ്രീകരണത്തിൻെറ ഫലമായി അർധകുത്തകസ്വഭാവമുള്ള വ്യാപാരസ്ഥാപനങ്ങൾക്കു കൂടുതൽ ഗുഡ്വിൽ സമ്പാദിക്കാൻ സാധിക്കുന്നു.

ഒരു വ്യാപാരസ്ഥാപനം അതിൻെറ ഗുഡ്വിൽസഹിതം മറ്റൊരാൾക്കു വില്ക്കുമ്പോൾ വില്ക്കുന്നയാൾ ആ സ്ഥലത്തുതന്നെ അതേരീതിയിലുള്ള ഒരു വ്യാപാരം ആരംഭിച്ചുകൂടാ എന്നു മിക്ക രാജ്യങ്ങളിലെയും നിയമം അനുശാസിക്കുന്നു. ജെർമനി ഇതിനൊരപവാദമാണ്. ജെർമൻ നിയമമനുസരിച്ച് എന്തെങ്കിലും പ്രത്യേക സാഹചര്യങ്ങൾ ഉണ്ടെങ്കിൽ മാത്രമെ ഇങ്ങനെ ഒരു വിലക്കിനു നിയമപ്രാബല്യമുള്ളു. അഭിഭാഷകന്മാർ, ഭിഷഗ്വരന്മാർ മുതലായവർ അവരുടെ പ്രാക്റ്റീസ് മറ്റൊരാൾക്കു കൊടുക്കുമ്പോൾ ഉണ്ടാകുന്ന ഗുഡ്വിൽ കൈമാറ്റത്തെപ്പറ്റി ഫ്രെഞ്ചുകോടതികൾ ജർമൻകോടതികളെക്കാൾ ഔദാര്യം കാണിക്കുന്നു.

ഗുണം (കാവ്യമീമാംസ)

കാവ്യത്തെ രോചകമാക്കുന്ന സവിശേഷതകളിൽ ഒന്ന്. "അദോഷൗ സഗുണൗ സാലങ്കാരൗ ശബ്ദാർഥൗ കാവ്യം" മുതലായ കാവ്യനിർവചനങ്ങൾ കാവ്യം സഗുണം ആകണം എന്നു നിർബന്ധിക്കുന്നു.

"ശ്ലേഷഃ, പ്രസാദഃ സമതാ, മാധുര്യം, സുകുമാരതാ,
അർഥവ്യക്തി, രുദാരത്വ, മോജഃ-കാന്തി-സമാധയഃ"

എന്നിങ്ങനെ പത്തുഗുണങ്ങൾ ഉള്ളതായി ചിലർ ഗണിക്കുന്നു. എന്നാൽ ഇവയിൽ ചിലതു ദോഷാഭാവം മാത്രമാണ്. ഉദാഹരണത്തിന് അർഥവ്യക്തി ക്ലിഷ്ടത എന്ന ദോഷത്തിൻെറ അഭാവം ആണ്. ചിലതു മറ്റുചിലതിൽപെടും. സുകുമാരത പ്രസാദമാധുര്യങ്ങളിൽപെടും. അതുകൊണ്ടു മാധുര്യം, ഓജസ്സ്, പ്രസാദം എന്നിങ്ങനെ മൂന്നു ഗുണങ്ങളെ ഗണിക്കേണ്ടു എന്ന് എ.ആർ.രാജരാജവർമയെപ്പോലുള്ള പണ്ഡിതന്മാർ പറയുന്നു.

ഇവയിൽ പ്രസാദം മാത്രമാണു നിത്യഗുണം. ഉണങ്ങിയ വിറകിൽ തീ അനായാസം കയറിപിടിക്കുന്നതുപോലെ ശ്രവണമാത്രയിൽ അർഥം മനസ്സിൽ പ്രകാശിക്കയാണു പ്രസാദത്തിൻെറ സവിശേഷത.

ഓജോമാധുര്യങ്ങൾ അനിത്യഗുണങ്ങളാണ്. ശൃംഗാരകരുണങ്ങളിൽ ഓജസ്സും വീരരൗദ്രബീഭത്സങ്ങളിൽ മാധുര്യവും അസ്ഥാനത്താണ്. 'നീരിൽ കല്ക്കണ്ടമെന്നോണം ആഹ്ലാദത്തിൽ മനസ്സിനെ' അലിയിച്ചു ലയിപ്പിക്കുന്ന ഗുണമാണു മാധുര്യം. ശൃംഗാരകരുണങ്ങൾക്കു പോഷകമാണ് ഈ ഗുണം. മാധുര്യത്തിനു നേർവിപരീതമാണ് ഓജസ്സ്. മനസ്സിനെ ഉജ്വലിപ്പിക്കലാണ് അതിൻെറ ധർമം. വീരരൗദ്രാദിരസങ്ങൾക്കു പോഷകമാണ് ഈ ഗുണം.

ഗുണം (ദർശനം)

താർക്കികന്മാരുടെ പദാർഥങ്ങളിൽ ഒന്ന്. ദ്രവ്യം, ഗുണം, കർമം എന്നു മൂന്നു പദാർഥങ്ങൾ മാത്രമെ വൈശേഷികർ ആദ്യകാലത്ത് അംഗീകരിച്ചിരുന്നുള്ളു. ഗുണകർമങ്ങൾ ദ്രവ്യാശ്രിതമായി മാത്രമെ വർത്തിക്കുകയുള്ളു. ഗുണസംഖ്യയെപ്പറ്റി മതഭേദങ്ങളുണ്ട്. , ആധുനിക വൈശേഷികർ (അന്നം ഭട്ടൻ മുതലായവർ) 24 ഗുണങ്ങളെ ആണ് അംഗീകരിക്കുന്നത്. അവ: 1 രൂപം, 2 രസം, 3 ഗന്ധം, 4 സ്പർശം, 5 ശബ്ദം, 6 സംഖ്യ, 7 പരിമാണം, 8 പൃഥക്ത്വം, 9 സംയോഗം, 10 വിഭാഗം, 11 പരത്വം, 12 അപരത്വം, 13 ദ്രവത്വം, 14 ഗുരുത്വം, 15 സ്നേഹം, 16 ബുദ്ധി, 17 സുഖം, 18, ദുഃഖം, 19, ഇച്ഛ, 20 ദ്വേഷം, 21 പ്രയത്നം, 22, ധർമം, 23, അധർമം, 24 സംസ്കാരം.

ഇതിൽ പറയുന്ന രൂപം നിറമാണ്. സ്നേഹം കൊഴുപ്പും ബുദ്ധി അറിവുമാണ്. ഗുണം പരിണാമവിധേയമാകുമ്പോൾ കർമം; കർമം സ്ഥിരത നേടുമ്പോൾ ഗുണം എന്നു പറയാം. വണ്ടിയുടെ ചലനം കർമം ആണ്. എന്നാൽ ഭൂമിയുടെ ഭ്രമണം സ്ഥിരമാകയാൽ ഗുണമാണ്. ദ്രവ്യകർമങ്ങളല്ലാത്തതും സാമാന്യസ്വഭാവം ഉള്ളതും എന്നു

ഗുണത്തെപ്പറ്റി പറയാം. ഒരു ഗുണത്തിൽ മറ്റൊരു ഗുണം ഉണ്ടാവില്ല. ഈ ഗുണവിഭജനം ഇന്നത്തെ ശാസ്ത്രങ്ങളുടെ വെളിച്ചത്തിൽ സ്വീകാര്യമല്ലെന്നുവരാം. ലഘുത്വം, കലിനത്വം, മൃദുത്വം, ആലസ്യം (Intertia) ഇവയും ഗുണങ്ങളായി ഗണിക്കുന്നവരുണ്ട്. എന്നാൽ അന്നം ഭട്ടാദികൾക്ക് അതിനോടു യോജിപ്പില്ല.

ഗുണങ്ങളെ സാമാന്യഗുണങ്ങൾ (പലതിനുള്ളവ) വിശേഷഗുണങ്ങൾ (ഒന്നിനുമാത്രമുള്ളവ) എന്നു വിഭജിക്കാം. ബുധ്യാദി ഒമ്പതും ആത്മാവിലേ ഉള്ളു. സ്നേഹവും ഔത്പത്തികമായ ദ്രവത്വവും ജലത്തിലേ ഉള്ളു. ഗന്ധം പൃഥിവിക്കേ ഉള്ളു. അനുഷ്ണവും അശീതവുമായ സ്പർശവും പൃഥിവിക്കുമാത്രമാണ്. ശബ്ദം ആകാശത്തിന്റെ മാത്രം ഗുണമാണ്. ഇവ വിശേഷഗുണങ്ങൾ. മറ്റുള്ളവ സാമാന്യഗുണങ്ങൾ.

ഏകേന്ദ്രിയഗ്രാഹ്യം, ദ്വിന്ദ്രിയഗ്രാഹ്യം, അതീന്ദ്രിയഗ്രാഹ്യം എന്നിങ്ങനെയും ഗുണങ്ങളെ വിഭജിക്കാം. രൂപം നയനേന്ദ്രിയമാത്ര ഗ്രാഹ്യമാണ്. ഗന്ധം ഘ്രാണേന്ദ്രിയം കൊണ്ടും സ്പർശം ത്വക്കുകൊണ്ടും ശബ്ദം ശ്രവണേന്ദ്രിയം കൊണ്ടുമാത്രം ഗ്രഹിക്കാം. ബുധ്യാദികൾ ഇന്ദ്രിയഗ്രാവ്യമല്ല. സംഖ്യാ പരിമാണം, പരത്വം, അപരത്വം മുതലായവ ഒന്നിലധികം ഇന്ദ്രിയങ്ങൾ കൊണ്ടു ഗ്രഹിക്കാം.

ഗുണംകുടി മസ്താൻ (1800—1847)

രാമനാഥപുരംജില്ലയിലെ ഗുണംകുടി ഗ്രാമത്തിൽ ജനിച്ച ഒരു സന്യാസി. ആദ്യത്തെ പേര് അബ്ദുൽഖാദർ ലബ്ബ. 1800-ൽ ജനിച്ചു. പിതാവായ ഷേക്മീരാൻ സാഹിബാണ് ഖുർ-ആൻ ആദ്യം തമിഴിൽ പരിഭാഷപ്പെടുത്തിയത്.

ലബ്ബയ്ക്കു 17 വയസ്സുള്ളപ്പോൾ മാതുലപുത്രിയെ വിവാഹം ചെയ്യിക്കാൻ മാതാപിതാക്കന്മാർ ഒരുമ്പെട്ടു. അതിൽ വിസമ്മതിച്ച് ഒട്ടകലെയുള്ള കീഴക്കര എന്ന സ്ഥലത്തുപോയി താമസിച്ചു. അവിടെ തൈക്കാസാഹിബിന്റെ അടുക്കൽനിന്നും ഇസ്ലാം മാർഗം പഠിച്ചു. ഇക്കാലങ്ങളിൽ ഇദ്ദേഹം സിദ്ധികളിൽക്കൂടി പല അദ്ഭുതങ്ങളും കാണിച്ചിരുന്നു. തൈക്കാസാഹിബിൽനിന്നും ഉള്ള ശിക്ഷണം തീർന്നതോടുകൂടി 'ആലിം' ബിരുദം സമ്പാദിച്ചു. അനന്തരം സന്യാസജീവിതത്തിൽ ആഗ്രഹം ജനിച്ചു. അതിനുവേണ്ട ദീക്ഷകൾ സ്വീകരിച്ചു സൽഗുരുവിനെത്തേടി പലയിടങ്ങളിലും സഞ്ചരിച്ചു. ഇന്നു തിരുച്ചിറപ്പള്ളി എന്നു പറയപ്പെടുന്ന തിരുച്ചിരപുരത്തിൽ ഷാംസാഹിബ്ബിൽനിന്നും യോഗാഭ്യാസങ്ങളും മറ്റും പഠിച്ചു അതിനുശേഷം 'മസ്താൻ' എന്നു പ്രഖ്യാതനായ ഇദ്ദേഹം മരക്കൊമ്പുകളുടെ അഗ്രഭാഗങ്ങളിൽ തലകീഴ് തൂങ്ങിക്കിടക്കുക മുതലായ അഭ്യാസങ്ങൾ പ്രകടിപ്പിച്ചു. ജ്ഞാനഗാനങ്ങൾ പാടിയും പല അഭ്യാ ചുറ്റിനടന്നു. ``ചിത്തിരപ്പാവ കയററ്റു വീഴും മുൻ—ചൂച്ചുമക്കയറ്റി നെപ്പാരെടാ'' ഇത്തരം പാട്ടുകൾ ചെറിയ വാക്കുകളും വലിയ അർഥങ്ങളും അടങ്ങിയവയാണ്. തായുമാനവരുടെ ഗാനാലാപരീതിയാണു മസ്താന്റെതും. ഹിന്ദുക്കളും മുസ്ലീങ്ങളുമായി ധാരാളം ശിഷ്യന്മാരുണ്ട്. 1847-ൽ സമാധിപ്രാപിച്ചു.

ഗുണകോഷ്ഠം

ഗുണനപ്പട്ടിക. പഴയകാലം മുതൽ കുട്ടികളുടെ പ്രാഥമികപാഠപദ്ധതിയിൽ ഗുണകോഷ്ഠം സ്ഥാനംപിടിച്ചിരുന്നു. എന്നാൽ അതിന്റെ രീതി അന്നും ഇന്നും ഒരേവിധമല്ല. അര, മുക്കാൽ, കാൽ, അരയ്ക്കാൽ മുതലായ ഭിന്നസംഖ്യകളുടെ ഗുണനപ്പട്ടികയും പഴയ ഗുണകോഷ്ഠത്തിൽ ഉണ്ടായിരുന്നു. ഇന്ന് അതില്ല. ഓരൊന്ന് ഒന്ന്, പതിറ്റൊന്നു പത്ത് എന്നിങ്ങനെ ഓരോ സംഖ്യയുടെയും പട്ടികയിൽ അതിന്റെ പത്തിരട്ടിയുടെ ഗുണനവും കൂടി ഉൾപ്പെടുത്തിയിരുന്നു. ഒന്നിന്റെ മുതൽ 16-ന്റെ വരെ പട്ടിക മുമ്പു പഠിപ്പിച്ചിരുന്നു. ഇന്നു 10-ന്റെ വരെ പട്ടികയേ പഠിപ്പിക്കാറുള്ളു. ഗുണനത്തിനു സ്വിസ് വിദ്യാലയങ്ങളിൽ സ്വീകരിക്കുന്ന രീതി നമ്മളും സ്വീകരിച്ചാൽ ഗുണനകോഷ്ഠം പഠിപ്പിക്കേണ്ട ആവശ്യമില്ല.

ഗുണനിയന്ത്രണം (Quality Control)

ഉത്പാദനപ്രക്രിയയിൽ വ്യവസായത്തിനു ലാഭകരമായവിധത്തിൽ ഉത്പന്നത്തിനു മേന്മ കൈവരുത്തുന്നതിനുള്ള ഒരു സാംഖ്യിക സംവിധാനം. ഏത് ഉത്പാദനസമ്പ്രദായവും ആവിഷ്കരിക്കുന്ന സന്ദർഭത്തിൽ അതുപയോഗിച്ച് ഉണ്ടാക്കാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ മേന്മയെപ്പറ്റി ഒരു പ്രതീക്ഷ ഉണ്ടായിരിക്കും. എന്നാൽ ചിലപ്പോൾ ഉത്പാദനപ്രക്രിയ ഈ ലക്ഷ്യം നിറവേറ്റിയില്ലെന്നു വരാവുന്നതാണ്. അങ്ങനെ വന്നാൽ ഉത്പാദനസമ്പ്രദായത്തിൽത്തന്നെ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തേണ്ടിവരും. ഡബ്ലിയു. ആൽബർട്ട് ഷുവർട്ട് ആവിഷ്കരിച്ച (1924) ഗുണനിയന്ത്രണതത്വം ഉത്പാദനപ്രക്രിയ ലക്ഷ്യത്തെ ന്യായീകരിക്കുന്നുണ്ടോ എന്നു പരിശോധിച്ചറിയുന്നതിനും ഇല്ലെങ്കിൽ അതിൽ ആവശ്യമായ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തുന്നതിനും കൂടി ഉത്പാദകനെ സഹായിക്കുന്നു. ഗുണനിയന്ത്രണസംവിധാനം ഏർപ്പെടുത്തുന്നതിനു മൊത്തം ഉത്പാദനം വളരെ വലിയതായിരിക്കണമെന്നു നിർബന്ധമില്ല.

പ്രക്രിയാ നിയന്ത്രണം (process control), ഉത്പന്ന നിയന്ത്രണം (product control) എന്നിങ്ങനെ രണ്ടു സമ്പ്രദായത്തിലാണു ഗുണനിയന്ത്രണം നടപ്പിലാക്കുന്നത്. നിർമാണത്തിന്റെ വിവിധഘട്ടങ്ങളിൽ വേണ്ടത്ര ശ്രദ്ധചെലുത്തുകയും ആവശ്യമെങ്കിൽ ഉത്പാദനപ്രക്രിയയിൽ ചെറിയ മാറ്റം വരുത്തുകയും ചെയ്യുന്ന സമ്പ്രദായമാണു പ്രക്രിയാനിയന്ത്രണം. നിർമാണശാലയിൽനിന്ന് ഉത്പന്നങ്ങൾ പുറത്തേക്കയയ്ക്കുന്നതിനുമുമ്പ്, അവയിൽ ന്യൂനതയുള്ളവ വളരെ കൂടുതലാകാതിരിക്കാൻ പരിശോധന നടത്തുന്ന രീതിയാണ് ഉത്പന്നനിയന്ത്രണം.

പ്രക്രിയാനിയന്ത്രണം. ഏത് ഉത്പാദനപ്രക്രിയയിലും ഉത്പന്നത്തിനു ദോഷകരമായേക്കാവുന്ന കാരണങ്ങളെ ഏകദേശമായെങ്കിലും അഭ്യൂഹിക്കാം. ഇങ്ങനെ അഭ്യൂഹിക്കപ്പെട്ട കാരണങ്ങളെ പ്രതിഫലിപ്പിക്കാത്ത സാമ്പിളുകൾ ഉത്പന്നങ്ങളിൽനിന്നെടുത്ത് അവയിൽനിന്നുള്ള പരിജ്ഞാനം ഉപയോഗിച്ചാണു നീക്കംചെയ്യാവുന്ന കാരണങ്ങൾ കണ്ടുപിടിക്കുന്നത്. ഈ സാമ്പിളുകളെ പരിമേയ ഉപഗ്രൂപ്പുകൾ (Rational Sub groups) എന്നുപറയുന്നു. ഈ ഗ്രൂപ്പുകളെ വേണ്ടവിധം എടുത്താലേ ഗുണനിയന്ത്രണം സാധിക്കൂ. പല സന്ദർഭങ്ങളിലും ഒരു നിശ്ചിതവേള ഇടവിട്ടുവരുന്ന ഒരു നിശ്ചിത എണ്ണം ഉത്പന്നങ്ങളുടെ ഗ്രൂപ്പുകളായി ഇവയെ എടുക്കാറുണ്ട്. ഗുണനിയന്ത്രണം സാധിക്കുന്നതിന്, ഉത്പാദനപ്രക്രിയ സ്ഥിരീകൃത (stabilise)മായതിനുശേഷം ഇപ്രകാരത്തിലുള്ള മുപ്പതോളം ഗ്രൂപ്പുകൾ എടുത്തിരിക്കണം. സാധാരണ സന്ദർഭങ്ങളിൽ ഈ ഓരോ ഗ്രൂപ്പിന്റെയും വലിപ്പം രണ്ടു മുതൽ പത്തുവരെയുള്ള ഏതെങ്കിലും ഒരു സംഖ്യയായിരിക്കും. എന്നാൽ ഓരോ ഉത്പന്നത്തെയും ചില വിശേഷണങ്ങളുടെ (Attributes) അടിസ്ഥാനത്തിൽ വകതിരിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ പരിമേയ ഉപഗ്രൂപ്പിന്റെ പരിമാണം ഇതിൽനിന്നു വ്യത്യസ്തമായിരിക്കും. ഈ സാമ്പിളുകളുപയോഗിച്ചു നിയന്ത്രണചാർട്ടുകൾ നിർമിച്ചാണു ഗുണനിയന്ത്രണം സാധിക്കുന്നത്. ഓരോ നിയന്ത്രണചാർട്ടിലും മൂന്നു സമാന്തരരേഖകൾ വീതമുണ്ടായിരിക്കും. ഇതിൽ ഏറ്റവും മുകളിലുള്ളതിനെയും ഏറ്റവും താഴെയുള്ളതിനെയും യഥാക്രമം ഉന്നത നിയന്ത്രണപരിധി (Upper Control Limit) എന്നും നിമ്നനിയന്ത്രണ പരിധി (Lower Control Limit) എന്നും പറഞ്ഞുവരുന്നു. ഉത്പാദനത്തെ യാദൃച്ഛികകാരണങ്ങൾ മാത്രമേ സ്വാധീനിക്കുന്നുള്ളുവെങ്കിൽ പരിമേയ ഉപഗ്രൂപ്പുകളെ പ്രതിനിധാനം ചെയ്യുന്ന ബിന്ദുക്കളിൽ 1000-ൽ മൂന്നെണ്ണം മാത്രമേ ഈ പരിധികൾക്കു പുറത്തുപോകയുള്ളു. ആകയാൽ ഒരു നിയന്ത്രണചാർട്ടിൽ ഏതെങ്കിലും ഒരു ബിന്ദു ഈ പരിധികൾക്കു പുറത്തായിവരികയാണെങ്കിൽ അതു നീക്കം ചെയ്യാൻ സാധിക്കുന്ന കാരണത്താലായിരിക്കണം. ഈ കാരണം കണ്ടുപിടിച്ചു നീക്കംചെയ്യുന്നതിന് ഉത്പാദകനു സാധിക്കുന്നതാണ്.

നിയന്ത്രണചാർട്ടുകൾ. ഉത്പാദിപ്പിക്കപ്പെട്ട ഒരു വസ്തു ഉത്പാദകന്റെ പ്രതീക്ഷയ്ക്കൊത്തതാണോ എന്ന് അതിന്റെ ചില മാപനങ്ങൾ (measurements) മൂലമോ ചില വിശേഷണങ്ങൾ (attributes)മൂലമോ നിർണയിക്കാം. ഇതിൽ ആദ്യത്തെ സമ്പ്രദായത്തോടു ബന്ധപ്പെട്ട ചാർട്ടിനെ ചര (variable) നിയന്ത്രണചാർട്ടെന്നും, രണ്ടാമത്തേതുമായി ബന്ധപ്പെട്ടതിനെ വിശേഷണങ്ങൾക്കായുള്ള നിയന്ത്രണചാർട്ടെന്നും പറയുന്നു. x ചാർട്ട്, R ചാർട്ട്, P ചാർട്ട് C ചാർട്ട് തുടങ്ങിയവയാണു പ്രമുഖ ഗുണനിയന്ത്രണ ചാർട്ടുകൾ.

ഉത്പന്ന നിയന്ത്രണം. സാധനങ്ങൾ ഉത്പാദിപ്പിക്കുന്നതു വിപണനം ചെയ്യുന്നതിനാണ്. ഉപഭോക്താവ് ഉത്പന്നങ്ങൾ സ്വീകരിക്കുന്നതിനു മുമ്പ് അവ വേണ്ടത്ര മേന്മയുള്ളവയാണോ എന്നു പരിശോധിക്കുകയാണ് ഉത്പന്ന നിയന്ത്രണ സമ്പ്രദായത്തിലെ രീതി. ഇതു ചെയ്യുന്നതു സാമ്പിൾ പരിശോധന വഴിയാണ്. ഈ പരിശോധനയ്

ക്കാണു സ്വീകരണ സാമ്പിൾപരിശോധന (acceptance sampling inspection) എന്നു പറഞ്ഞുവരുന്നത്. ഉത്പാദനത്തിന്റെ ഏതുഘട്ടവും നിയന്ത്രണവിധേയമായിരുന്നുവെന്ന് ഉപഭോക്താവിനു ബോധ്യമുണ്ടെങ്കിൽ, ഉത്പന്നത്തെ സാമ്പിൾ പരിശോധന കൂടാതെതന്നെ സ്വീകരിക്കാം.

സ്വീകരണ സാമ്പിൾപരിശോധന കൂടുതലായി പ്രയോഗിച്ചുവരുന്നതു വിശേഷണങ്ങളെ ആസ്പദമാക്കി ഉത്പന്നത്തെ വകതിരിക്കാൻ കഴിയുമ്പോഴാണ്. സാധാരണമായി ഉത്പന്നങ്ങൾ കൂട്ടംകൂട്ടമായാണ് ഉപഭോക്താവിനു ലഭിക്കുന്നത്. ഓരോ കൂട്ടത്തിലും എത്രയെണ്ണം ഉണ്ടായിരിക്കുമെന്നും മുൻകൂട്ടി അറിവായിരിക്കും. ഉപഭോക്താവിനു കിട്ടേണ്ട സാധനത്തിന്റെ ഗുണവും മുൻകൂട്ടി തീരുമാനിക്കപ്പെട്ടിരിക്കുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ കൂട്ടത്തിൽനിന്നും എത്ര വലിപ്പമുള്ള സാമ്പിൾ എടുത്തു പരിശോധിക്കണമെന്നും അതിൽക്കവിഞ്ഞത് എത്ര 'ചീത്ത'വരെ ലഭിച്ചാലും പ്രസ്തുത കൂട്ടത്തെ സ്വീകരിക്കാമെന്നും തീരുമാനിക്കലാണു സ്വീകരണ സാമ്പിൾ പരിശോധനയിലെ പ്രശ്നം. സാധാരണമായി കൂട്ടത്തിന്റെ വലിപ്പത്തെ N കൊണ്ടും അതിൽനിന്നെടുക്കേണ്ട സാമ്പിളിന്റെ വലിപ്പത്തെ n കൊണ്ടും സാമ്പിളിൽ, കൂട്ടത്തെ സ്വീകരിക്കുമ്പോൾ അനുവദിക്കാവുന്ന 'ചീത്ത'യുടെ ഏറ്റവും കൂടിയ എണ്ണത്തെ c ക്കൊണ്ടും കുറിച്ചുവരുന്നു. 'n'-ന്റെ വ്യത്യസ്തമൂല്യങ്ങൾക്കനുസരിച്ചു c-ക്കും വ്യത്യസ്തമൂല്യങ്ങൾ ഉണ്ടായിരിക്കും. ഒരു സാമ്പിളിന്റെ മാത്രം അടിസ്ഥാനത്തിൽ ഉത്പന്നങ്ങളുടെ ഓരോ കൂട്ടത്തെയും സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്നതാണ് ഏക സാമ്പിളനപ്രക്രിയ (single sampling process). എന്നാൽ ഉത്പന്നങ്ങളുടെ ഓരോ കൂട്ടത്തിൽനിന്നും ആദ്യമായി ഒരു സാമ്പിൾ എടുക്കുക, അതു വേണ്ടത്ര നല്ലതാണെങ്കിൽ കൂട്ടത്തിൽ സ്വീകരിക്കുക, മറിച്ചാണെങ്കിൽ രണ്ടാമതൊരു സാമ്പിൾകൂടെ എടുത്ത് ഇവ രണ്ടിന്റെയും കൂടിയുള്ള അടിസ്ഥാനത്തിൽ കൂട്ടത്തെ സ്വീകരിക്കാമോ എന്നു പരിശോധിച്ചറിയുക- ഈ ഏർപ്പാടാണു യുഗ്മ-സാമ്പിളനം (double sampling). ഈ രണ്ടു സമ്പ്രദായങ്ങളെയും ഉപയോഗിക്കുന്നതിനു സഹായിക്കുന്ന പട്ടികകൾ എച്ച്.എഫ്.ഡോഡ്ജും, എച്ച്.എഫ്. റോമിഗും (H. F. Dodge, H. F. Romig) കൂടി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാധാരണമായി, തിരസ്കൃതകൂട്ടത്തെ നൂറുശതമാനം പരിശോധനയ്ക്കു വിധേയമാക്കുന്നതിനാൽ ഏക സാമ്പിളിനെക്കാൾ കുറവു പരിശോധനയേ യുഗ്മസാമ്പിളിൽ ആവശ്യമായി വരാറുള്ളു. ഈ രണ്ടു സമ്പ്രദായങ്ങൾക്കു പുറമെ ബഹു-സാമ്പിളനം (multiple sampling) അനുക്രമിക (sequential) സാമ്പിളനം മുതലായവയും സ്വീകരണപരിശോധനയ്ക്കായി ഉപയോഗിച്ചുവരുന്നു.

ഓരോ കൂട്ടത്തിന്റെയും സ്വീകാര്യതയെ സാമ്പിളലിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കുന്നതിനാൽ ഉപഭോക്താവ് മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള മേന്മയുള്ള കൂട്ടത്തെ ചിലപ്പോൾ തിരസ്കരിച്ചുവെന്നും വേണ്ടത്ര മേന്മയില്ലാത്തതിനെ സ്വീകരിച്ചുവെന്നും വരാം. വേണ്ടത്ര മേന്മയില്ലാത്ത കൂട്ടത്തെ ഉപഭോക്താവ് സ്വീകരിക്കുന്നതിന്റെ സംഭവ്യത(probability)യെയാണ് 'ഉപഭോക്താവിന്റെ നഷ്ടസംഭവ്യത' (Consumer's risk) എന്നു പറയുന്നത്. തിരസ്കരിക്കപ്പെടുന്ന ഓരോ കൂട്ടത്തെയും നൂറുശതമാനം പരിശോധനയ്ക്കു വിധേയമാക്കുന്നതിനാലും, ചില സന്ദർഭങ്ങളിൽ സാമ്പിൾ പരിശോധനയിൽ ലഭിക്കുന്ന 'ചീത്ത'യ്ക്കു പകരം 'നല്ല'ത് വയ്ക്കുന്നതിനാലും ഉപഭോക്താവ് അവസാനമായി സ്വീകരിക്കുന്ന ചരക്കിൽ (commodity) ചീത്തകളുടെ അനുപാതം (proportion) അയാൾ ആദ്യം തീരുമാനിച്ചതിലും കുറവായിരിക്കാനാണു സാധ്യത. ഉപഭോക്താവ് സ്വീകരിക്കുന്ന ചരക്കിൽ അടങ്ങിയിരിക്കുന്ന 'ചീത്ത'യുടെ ഏറ്റവും കൂടിയ ശതമാനത്തെയാണു 'പുറമെ പോകുന്ന ശരാശരിഗുണപരിധി' (Average Out-going Quality Limit—AOQL) എന്നുപറയുന്നത്. ഏതു സാമ്പിളന സമ്പ്രദായത്തോടനുബന്ധിച്ചു മുള്ള ഇതിന്റെ മൂല്യത്തെ മുൻകൂട്ടി കണക്കാക്കാവുന്നതാണ്.

† ഉത്പാദന എൻജിനീയറിങ് നോക്കുക.

ഡോ. പി. യു. സുരേന്ദ്രൻ

ഗുണാങ്കം (Coefficient)

ബീജഗണിതത്തിൽ ഒരു രാശിക്കു മുമ്പിൽ ആ രാശിയെ ഗുണിക്കണമെന്നു കാണിക്കാൻ കൊടുക്കുന്ന സംഖ്യ അല്ലെങ്കിൽ അക്ഷരം. പതിനാറാംനൂറ്റാണ്ടിൽ ഫ്രാൻകോയിസ് വിയറ്റയാണു ബീജഗണിതത്തിൽ ആദ്യമായി ഈ സംജ്ഞ ഉപയോഗിച്ചത്. ഗണിതശാസ്ത്രത്തിനു പുറമെ ഭൗതികത്തിലും മറ്റും ഗുണാങ്കം എന്ന സംജ്ഞ ഉപയോഗിക്കാറുണ്ട്.

'a b' എന്ന ഗുണനഫലത്തിൽ a, b -യുടെയും b, a-യുടെയും ഗുണാങ്കങ്ങളാണ്. എന്നാൽ ഒരു സ്ഥിരാങ്കത്തെ ഒരു ചരം(Variable)കൊണ്ടു ഗുണിക്കുമ്പോൾ സ്ഥിരാങ്കമാണു ഗുണാങ്കമായി ഗണിക്കാറുള്ളത്. അങ്ങനെ $3x^3 - 4x + a$ എന്ന വ്യഞ്ജകത്തിൽ (expression) 3, 0, - 4, a ഇവയാണു ഗുണാങ്കങ്ങൾ.

$$(x+y)^n = \genfrac{}{}{0pt}{}{n}{0} x^n + \genfrac{}{}{0pt}{}{n}{1} x^{n-1}y + \ldots + \genfrac{}{}{0pt}{}{n}{r} x^{n-r}y^r + \ldots + \genfrac{}{}{0pt}{}{n}{n} y^n$$

എന്ന ബൈനോമിയൽ വികസനത്തിൽ $x^{n-r}y^r$-ന്റെ ഗുണാങ്കമായ $\genfrac{}{}{0pt}{}{n}{r}$ -ന്റെ വില $\frac{n!}{r!(n-r)!}$ ആണ്. n ! എന്നതിനെ ഫാക്റ്റോറിയൽ 'എൻ' അഥവാ n ക്രമഗുണിതം (factorial) എന്നു പറയുന്നു. ഉദാ: 4! = 1 × 2 × 3 × 4 = 24.

$(x+y)^n$-ൽ 0, 1, 2, 3, ... എന്നിങ്ങനെ തുടർച്ചയായ വിലകൾ നല്കിയാൽ കിട്ടുന്ന ബൈനോമിയൽ ഗുണാങ്കങ്ങൾ ത്രികോണാകൃതിയിൽ സംവിധാനം ചെയ്യാവുന്നതാണ്. ഈ സംവിധാനത്തിനു പാസ്കൽത്രികോണം എന്നു പറയുന്നു.

ഒരു വ്യഞ്ജകത്തെ മറ്റൊന്നുകൊണ്ടു ഹരിക്കേണ്ടിവരുമ്പോൾ അനാസക്തഗുണാങ്കരീതി (Method of Detached Coefficient) സൗകര്യപ്രദമായിരിക്കും; പ്രത്യേകിച്ചും ഹാരകം (x−a) എന്ന രൂപത്തിലായിരിക്കുമ്പോൾ. ഉദാഹരണമായി $2x^4 - 7x^3 + 5x^2 - 8$ എന്ന ബഹുപദ(Polynomial)ത്തെ (x−3) കൊണ്ടു ഹരിക്കണമെന്നിരിക്കട്ടെ. പൂജ്യമുൾപ്പെടെ ഹാര്യത്തിന്റെ ഗുണാങ്കങ്ങൾ ക്രമമായി എഴുതുക. ഇടത്തെ അറ്റത്തെ ഗുണാങ്കത്തിനു താഴെ 0 ഇടുക. അവയുടെ തുകയായ 2 താഴെ മൂന്നാമത്തെ നിരയായി എഴുതണം. ഈ രണ്ടിനെ (x−3)-യിലെ 3 കൊണ്ടു ഗുണിച്ച് അടുത്ത ഗുണാങ്കത്തിനു താഴെ രണ്ടാമത്തെ നിരയിൽ എഴുതുക.

$$\begin{array}{c|rrrrr} & 2 & -7 & 5 & 0 & -8 \\ 3 & 0 & 6 & -3 & 6 & 18 \\ \hline & 2 & -1 & 2 & 6 & 10 \end{array}$$

വീണ്ടും തുകകാണുകയും 3 കൊണ്ടു ഗുണിച്ച ഫലം അടുത്ത ഗുണാങ്കത്തിനു താഴെ എഴുതിക്കൂട്ടുകയും ചെയ്യുന്ന ക്രിയകൾ ആവർത്തിച്ചാൽ അവസാനം കിട്ടുന്ന സംഖ്യയായിരിക്കും ശിഷ്ടം. മറ്റുള്ളവ ഹരണഫലത്തിലെ x-ന്റെ ഹ്രാസമാനഗുണാങ്കങ്ങളും. അതായത് ഹരണഫലം $2x^3 - x^2 + 2x + 6$; ശിഷ്ടം 10.

ഭൗതികത്തിൽ പ്രായോഗികപരീക്ഷണംകൊണ്ടു കണ്ടുപിടിക്കേണ്ട സ്ഥിരസംഖ്യയാണു ഗുണാങ്കം. ഉദാ: ശ്യാനതാ ഗുണാങ്കം (coefficient of viscosity).

ഗുണാഢ്യൻ

ബൃഹത്കഥാകർത്താവ്. ഭാരതത്തിലെ കഥാസാഹിത്യത്തിൽ അതിപ്രാചീനമായ ഒന്നാണ്, 'ഗുണാഢ്യന്റെ ബൃഹത്കഥ'. പൈശാചഭാഷയിലാണ് ഈ കൃതി രചിക്കപ്പെട്ടത്. ഈ ഗ്രന്ഥത്തിൽ ലക്ഷം ശ്ലോകങ്ങൾ ഉണ്ട്. ആദ്യം 7 ലക്ഷം ശ്ലോകങ്ങളാണ് ഉണ്ടായിരുന്നതെന്നും അതിൽ 6 ലക്ഷവും കവിതന്നെ നശിപ്പിച്ചുവെന്നുമാണ് ഐതിഹ്യം.

ഭാസൻ, കാളിദാസൻ, ദണ്ഡി, സുബന്ധു, ബാണൻ തുടങ്ങിയ പുരാതന ഭാരതീയമഹാകവികളിൽ അധികംപേരും ഗുണാഢ്യന്റെ ബൃഹത്കഥാകഥകളെ ഉപജീവിച്ചു നാടകങ്ങളും, കാവ്യങ്ങളും രച്ചിട്ടുണ്ട്. ഭാസന്റെ 'അവിമാരകം', 'പ്രതിജ്ഞായൗഗന്ധരായണം' ഇവയിലെ ഇതിവൃത്തങ്ങൾ ബൃഹത്കഥയിൽനിന്നാണ് എടുത്തിട്ടുള്ളത്. പ്രിയദർശിക, പഞ്ചതന്ത്രം, രത്നാവലി, നാഗാനന്ദം, കാദംബരി, മാലതീമാധവം, മുദ്രാരാക്ഷസം, വേതാളപഞ്ചവിംശതി, ഹിതോപദേശം മുതലായവ എല്ലാം ബൃഹത്കഥാവലംബികളാണെന്നു കാണാം.

ഗുണാഢ്യന്റെ ബൃഹത്കഥയ്ക്കുണ്ടായ വിവർത്തനങ്ങളിൽ ഏറ്റവും പ്രസിദ്ധമത്രെ. † 'കഥാസാരിത്സാഗരം'.

ചാണക്യൻ, ചന്ദ്രഗുപ്തൻ മുതലായവരെക്കുറിച്ച് 'ബൃഹത്കഥാസരിത്സാഗര'ത്തിൽ കാണുന്ന പരാമർശം ഗുണാഢ്യന്റെ 'ബൃഹത്കഥ'യിലും ഉണ്ടായിരുന്നതും സോമദേവൻ വിവർത്തനംചെയ്തു ചേർത്തതുമാകാം, മറ്റു ഭാഗങ്ങളെപ്പോലെ. 'യഥാമൂലം തഥൈവൈതന്നമനാഗപ്യതിക്രമഃ' എന്നു സോമദേവൻ പ്രതിജ്ഞ

ചെയ്യുന്നുമുണ്ട്. അതുകൊണ്ടു ചാണക്യാദികഥകൾ മൂലത്തിൽത്തന്നെയുണ്ടായിരുന്നതാകണം. അങ്ങനെയാണെങ്കിൽ 'ഗുണാഢ്യ'ന്റെ കാലം ചന്ദ്രഗുപ്തചാണക്യാദികൾക്കു ശേഷവും ഭാസനുമുമ്പുമായിരിക്കണം.

ഗുണോത്തര മാധ്യം (Geometric mean)

ഒരു നിരീക്ഷണസമുച്ചയത്തെ പ്രതിനിധാനം ചെയ്യുന്ന സംഖ്യ. ഒരു സമുച്ചയത്തിന്റെ കേന്ദ്രീയപ്രവണതയുടെ (central tendency) മാപനമായ മാധ്യം (mean) (മീഡിയൻ, മോഡ് തുടങ്ങിയവയാണ് ഇതുപോലുള്ള മറ്റു മാപനങ്ങൾ.) തന്നെ മൂന്നു തരത്തിലുണ്ട്. അതിലൊന്നാണു ഗുണോത്തര മാധ്യം. മറ്റു രണ്ടെണ്ണം സമാന്തര മാധ്യം (Arithmetic mean), ഹാർമോണിക മാധ്യം (Harmonic mean) എന്നിവയാണ്.

a, b എന്നീ രാശികളുടെ ഗുണോത്തരമാധ്യം, $\sqrt{ab}$ ആണ്. ഇത് പൊതു നിർവചനമായി ഇങ്ങനെ പറയാം : $a_1, a_2, a_3,\ldots\ldots a_n$ എന്നീ n നിരീക്ഷണങ്ങളുടെ ഗുണോത്തരമാധ്യം $(a_1 \times a_2 \times a_3\ldots\ldots a_n)^{1/n}$ ആണ്.

ഗുണോത്തര ശ്രേഢി (Geometric progression)

†ശ്രേഢി (progression) നോക്കുക.

ഗുണ്ടപ്പ, എൽ (1903—)

കന്നടസാഹിത്യകാരൻ. മൈസൂറിലെ ഹാസൻജില്ലയിലെ മതിഘട്ടയിൽ ജനിച്ചു. മൈസൂറിൽത്തന്നെ വിദ്യാഭ്യാസം നടത്തിയശേഷം അവിടെ ചില കോളെജുകളിൽ അധ്യാപകനായും കന്നട നിഘണ്ടുവിന്റെ പത്രാധിപരായും കന്നടസാഹിത്യപരിഷത്തിന്റെ അധ്യക്ഷനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 'തോമസ് ആൽവാ എഡിസൺ' (ജീവചരിത്രം, 1943), 'കന്നടസാഹിത്യചിത്രഗലു' (സാഹിത്യചരിത്രം, 1945), 'ടോൾസ്റ്റോയി അവര കഥഗലു' (തർജമ 1934), 'ഉദയനചരിത്ര സംഗ്രഹം' (തമിഴിൽനിന്നു തർജമ, 1942), 'ഭാസനഏകാങ്കനാടകഗലു' (തർജമ, 1944) തുടങ്ങിയവയാണ് ഇദ്ദേഹത്തിന്റെ മുഖ്യകൃതികൾ.

ഗുണ്ടപ്പ, ഡി.വി. (1884—1975)

കന്നടസാഹിത്യകാരനും കവിയും. ബാംഗ്ലൂരിലെ ഗോഖലെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകനെന്ന നിലയിൽ ഇദ്ദേഹം കർണാടകവിദ്യാഭ്യാസ-സാംസ്കാരികരംഗങ്ങളിൽ പ്രശസ്തനാണ്. ഗോഖലെ സ്ഥാപനത്തിൽ സൗജന്യമായി സേവനം അനുഷ്ഠിക്കുകയും അതിന്റെ മാസികയായിരുന്ന 'പബ്ലിക് അഫയേഴ്സി'ന്റെ എഡിറ്ററായി ജോലിനോക്കുകയും ചെയ്തു. മൈസൂർ യൂണിവേഴ്സിറ്റിയും കന്നടസാഹിത്യപരിഷത്തുമായി ഇദ്ദേഹം ദൃഢബന്ധം പുലർത്തിയിരുന്നു.

ഉപന്യാസകാരൻ എന്ന നിലയിലാണു ഗുണ്ടപ്പയുടെ പ്രശസ്തി. ചിന്താപരമായ മൗലികതയുള്ളവയാണ് ഇദ്ദേഹത്തിന്റെ ഉപന്യാസങ്ങൾ. *ജീവനസൗന്ദര്യമത്തു സാഹിത്യ* (ജീവനസൗന്ദര്യവും സാഹിത്യവും) എന്ന ഉപന്യാസസമാഹാരം ഇക്കൂട്ടത്തിൽ മികച്ചുനില്ക്കുന്നു. *ഗോഖലയുടെയും രംഗചാർലുവിന്റെയും ജീവചരിത്രങ്ങൾ, മാക്ബത്ത്, റൂബിയാറ്റ് ഒഫ് ഒമർഖയ്യാം* എന്നിവയുടെ തർജമകൾ എന്നിവയാണു ഗുണ്ടപ്പയുടെ മറ്റു പ്രസിദ്ധകൃതികൾ. *ബെക്കോളി* (ബാലസാഹിത്യം, 1911), *സാഹിത്യശക്തി* (നിരൂപണം), *കുസുമാഞ്ജലി* (കവിതാസമാഹാരം), *രാജ്യശക്തി* (രാഷ്ട്രമീമാംസ), *സംസ്കൃതി* (സാംസ്കാരിക വിഷയങ്ങൾ) എന്നിവയും പ്രസിദ്ധങ്ങളാണ്. അഭിജ്ഞാനശാകുന്തളത്തിന്റെ സംഗീത നാടകാവിഷ്കരണവും ഇദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സാഹിത്യഅക്കാദമി അവാർഡിനർഹമായ 'ശ്രീമദ്ഭഗവദ്ഗീതാതാത്പര്യ' അഥവാ 'ജീവനധർമയോഗ' (1966) എന്ന ഉപന്യാസസമാഹാരം ഗീതാതത്വങ്ങളുടെ പ്രപഞ്ചനം ഉൾക്കൊള്ളുന്നു. സ്ഥായിയായ ആത്മീയമൂല്യങ്ങളുടെ ആധുനികാവിഷ്കരണം, വിശകലനഗഹനത, വ്യക്തവും സരളവുമായ ഗദ്യരീതി എന്നിവയാണ് ഈ ഗ്രന്ഥത്തിന്റെ സവിശേഷതകൾ.

ഗുണ്ടർട്ട്, ഡോക്ടർ ഹെർമൻ (1814—1893)

മലയാള നിഘണ്ടുകാരനും ഭാഷാശാസ്ത്രജ്ഞനും ഗദ്യകാരനും. മലയാളഭാഷയെയും മലയാളികളെയും സ്നേഹിക്കുകയും അനർഘങ്ങളായ പല കൃതികളും നിർമിച്ചു ഭാഷയെ അനുഗ്രഹിക്കുകയും ചെയ്ത ജെർമൻകാരനായിരുന്നു ഇദ്ദേഹം. ജെർമനിയിലുള്ള സ്റ്റുട്ട്ഗാർട്ട് എന്ന സ്ഥലത്തു ലുഡ്വിഗ് ഗുണ്ടർട്ടിന്റെയും ക്രിസ്റ്റ്യാനെ എൻഡ്ലിലിന്റെയും പുത്രനായി 1814 ഫെബ്രുവരി 14-നു ജനിച്ചു. ട്യൂബിജൻ സർവകലാശാലയിൽ പഠിച്ചു. സ്വിറ്റ്സർലണ്ടിൽനിന്നു ഡോക്ടർ ബിരുദം നേടി.

ഇംഗ്ലീഷ്ഭാഷയിലും പ്രാവീണ്യം നേടിയശേഷം മിഷൻ പ്രവർത്തനത്തിനായി ഭാരതത്തിലേക്കുവന്നു.

1836 ജൂലായ് 8-നു ഗുണ്ടർട്ട് മദിരാശിയിൽ കപ്പലിറങ്ങി. തമിഴും തെലുങ്കും പഠിച്ചശേഷം 1838-ൽ തിരുനൽവേലിയിലും അവിടെനിന്നു മംഗലാപുരത്തും എത്തിച്ചേർന്നു. തിരുവനന്തപുരംവഴിയായിരുന്നു യാത്ര. ആദ്യമായി മലയാളഭാഷ സംസാരിച്ചുകേട്ടപ്പോൾത്തന്നെ ആ ഭാഷയുടെ സൗന്ദര്യം അദ്ദേഹത്തെ ആകർഷിച്ചു.

1838 നവംബർ 1-നു ഗുണ്ടർട്ട് മംഗലാപുരത്തെത്തി. അവിടെ വളരെക്കുറച്ചു കാലമേ താമസിക്കേണ്ടിവന്നുള്ളു. 1839 ജനുവരിയിൽ ബാസൽമിഷന്റെ അധികാരികൾ ഗുണ്ടർട്ടിനെ ഒരു പുതിയ ചുമതല ഏല്പിച്ചു. മിഷന്റെ ഒരു ശാഖ മലബാർപ്രദേശത്തു സ്ഥാപിക്കുവാൻ കഴിയുമോ എന്ന് അന്വേഷിക്കുവാൻ ഈ അന്വേഷണം ഫലവത്തായി. തുടർന്നു ബാസൽമിഷന്റെ ഒന്നാമത്തെ മലബാർശാഖ തലശ്ശേരിക്കടുത്ത് ഇല്ലിക്കുന്നിൽ സ്ഥാപിതമായി. 1839 ഏപ്രിലിൽ ഇല്ലിക്കുന്നിൽ താമസമുറപ്പിച്ചുകൊണ്ടു ഗുണ്ടർട്ട് മിഷനറിജോലി തുടർന്നു. 1839 ജൂലൈ 23-ാം തീയതി അദ്ദേഹം തന്നോടൊത്തു കപ്പൽയാത്ര ചെയ്തിരുന്ന 'യൂലിയാ ഡിബോവാ' എന്ന ഫ്രെഞ്ച്യുവതിയെ വിവാഹംചെയ്തു.

1846-ൽ ഗുണ്ടർട്ട് യൂറോപ്പിലേക്കു പോയെങ്കിലും അടുത്തവർഷം ആദ്യം വീണ്ടും കേരളത്തിലേക്കു തിരിച്ചുവന്നു.

ഭാഷാസേവനം. വിദേശീയനായ ഈ മഹാമനീഷി മലയാളഭാഷയ്ക്കു ചെയ്ത സേവനങ്ങൾ ചിരസ്മരണീയങ്ങളാണ്. 18 ഭാഷകൾ അദ്ദേഹത്തിനു വശമായിരുന്നു. കേരളത്തിൽ കഴിച്ചുകൂട്ടിയ 28 വർഷങ്ങൾക്കിടയ്ക്ക് ഈ വിജ്ഞാനകുതുകി മലയാളഭാഷയിൽ തികഞ്ഞ അവഗാഹം നേടുകയും ഇരുപത്തിനാലുഗ്രന്ഥങ്ങൾ ഭാഷയിൽ രചിക്കുകയും ചെയ്തു. അവയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതു തികച്ചും ശാസ്ത്രീയമായി സംവിധാനം ചെയ്തിരിക്കുന്ന മലയാളനിഘണ്ടുവാണ് (1872). ഉത്തരകേരളത്തിൽ താമസിച്ചുകൊണ്ടു ഹെർമൻ ഗുണ്ടർട്ട് നടത്തിയ 25 വർഷത്തെ കഠിനപ്രയത്നത്തിന്റെ ഫലമാണ് ഈ കൃതി. പദങ്ങളുടെ അർഥം (ഇംഗ്ലീഷിലും മലയാളത്തിലും) നിഷ്പത്തി, പ്രയോഗം എന്നിവയെല്ലാം വളരെ നിഷ്കർഷയോടെ രേഖപ്പെടുത്തി. അദ്ദേഹത്തിന്റെ നിഗമനങ്ങൾ മിക്കവാറും ഇന്നും സ്വീകാര്യമാണ്.

അദ്ദേഹത്തിന്റെ 'മലയാളവ്യാകരണം-ചോദ്യോത്തര'വും ആ പ്രസ്ഥാനത്തിൽ ഗണനീയമാണ്. 1851-ൽ ഇതു പ്രസിദ്ധീകൃതമായി. അദ്ദേഹത്തിന്റെ അവിശ്രാന്തപരിശ്രമംകൊണ്ടു രൂപംകൊണ്ട മറ്റൊരു ഗ്രന്ഥമാണ് 'പഴഞ്ചൊൽമാല' (1845). വേറൊന്ന് 1860-ൽ പുറത്തുവന്ന 'പാഠമാല' എന്ന ഗദ്യപദ്യ സമാഹാരമാണ്. ഇതിലെ ഗദ്യം മിക്കവാറും ഗുണ്ടർട്ടുതന്നെ രചിച്ചവയാണ്. പദ്യം ഏറെയും പഞ്ചതന്ത്രത്തിൽനിന്നും, കേരളത്തിന്റെ ചരിത്രാംശങ്ങളിലേക്കും

ഭാഷാവികാസത്തിലേക്കും വെളിച്ചം വീശുന്നതാണ്. 'കേരളപ്പഴമ' എന്ന ഗദ്യകൃതി. മലബാറിന്റെ ചരിത്രവും ഭൂമിശാസ്ത്രവും സംയോജിപ്പിച്ച് അദ്ദേഹം തയ്യാറാക്കിയ മറ്റൊരു കൃതിയാണ് 'മലയാളരാജ്യം'; കേരള ഭൂമിശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം ഒന്നാമത്തെതായ ഈ കൃതി 1870-ൽ പ്രസിദ്ധീകരിച്ചു.

അദ്ദേഹത്തിന്റെ ചില പ്രധാനകൃതികൾ 'കേരളോത്പത്തി', 'സ്ഥിരീകരണത്തിലുള്ള ഉപദേശങ്ങൾ', 'മനുഷ്യചോദ്യങ്ങൾക്കു ദൈവം കല്പിച്ചിട്ടുള്ള ഉത്തരം', 'വേദചരിത്രസാരം', 'സത്യവേദ ഇതിഹാസം', 'ക്രിസ്തുസഭാചരിത്രം', 'ശർമാന', 'സന്മരണവിദ്യ', 'മനുഷ്യഹൃദയം', 'മതവിചാരണ', 'ദേവവിചാരണ', 'വജ്രസൂചി', 'മഹമ്മദുചരിത്രം', 'നളചരിതസാരശോധന' എന്നിവയാണ്. ഇവയ്ക്കു പുറമെ 'മദിരാശി ജേർണൽ ഒഫ് ലിറ്ററേച്ചർ ആൻഡ് സയൻസ്', 'ഇന്ത്യൻ ആൻറിക്വറി' മുതലായ പ്രസിദ്ധീകരണങ്ങളിൽ മലയാള ഭാഷയെപ്പറ്റിയും മറ്റും പണ്ഡിതോചിതമായ പ്രബന്ധങ്ങൾ എഴുതിയിട്ടുണ്ട്. ഈ കൃതികൾ പരിശോധിക്കുമ്പോൾ ഗദ്യരചനയെപ്പറ്റി ഗുണ്ടർട്ടിനു വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു എന്നു മനസ്സിലാകും. ഗുണ്ടർട്ട് വേദപുസ്തകത്തിനു (പഴയനിയമവും പുതിയനിയമവും) പരിഭാഷ ഉണ്ടാക്കിയെങ്കിലും അതു കുറച്ചുകാലമേ പ്രചരിച്ചുള്ളു. മലയാളത്തിലെ ആദ്യത്തെ പത്രപ്രവർത്തകനും ഗുണ്ടർട്ടുതന്നെ. അദ്ദേഹം കല്ലച്ചിൽ അച്ചടിച്ചു പ്രചരിപ്പിച്ച രാജ്യസമാചാരമാണ് (1847) ആദ്യത്തെ മലയാള പത്രം. പശ്ചിമോദയവും (1847) ഗുണ്ടർട്ടു നടത്തിയ പത്രമാണ്.

ജീവിതാവസാനം. രണ്ടുവർഷത്തേക്കു അദ്ദേഹം മലയാളം കർണാടകം ജില്ലകളിലെ ഒന്നാം സ്കൂൾ ഇൻസ്പെക്ടറായി സേവനം അനുഷ്ഠിക്കുകയുണ്ടായി. ഇവിടെത്തന്നെ താമസിച്ചു കൂടുതൽ ജോലി ചെയ്യണമെന്നാഗ്രഹിച്ചെങ്കിലും രക്താതിസാരം പിടിപെട്ട് 1859 ഏപ്രിൽ 11-ന് അദ്ദേഹത്തിനു ബിലാത്തിയിലേക്കു മടങ്ങേണ്ടിവന്നു. ജെർമനിയിലെ 'കാവ്' (calve) എന്ന സ്ഥലമായിരുന്നു ഗുണ്ടർട്ടിന്റെ ഒടുവിലത്തെ പ്രവൃത്തിമണ്ഡലം. ക്രിസ്ത്യൻ വീക്ഷണത്തോടുകൂടി ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന ഒരു കമ്മിറ്റിയുടെ ജനറൽ എഡിറ്റർ എന്ന ജോലിയും അവിടെവച്ച് അദ്ദേഹം സ്വീകരിച്ചു. ഇതിനിടയ്ക്ക് ഏകപുത്രി മറിയയുടെ ഭർത്താവ് ക്ഷയരോഗബാധിതനായി മരിച്ചു. മംഗലാപുരത്തു മിഷൻ ജോലി ചെയ്തുകൊണ്ടിരുന്ന ശമുവേൽ ഗുണ്ടർട്ട് എന്ന പുത്രനും ദിവംഗതനായി. 1885-ൽ പത്നി യൂലിയായും അദ്ദേഹത്തെ വിട്ടുപിരിഞ്ഞു. അദ്ദേഹത്തിനു ജീവിതത്തിൽ കനത്ത ഏകാന്തത അനുഭവപ്പെട്ടുതുടങ്ങി. 1890-ൽ തീരെ അവശനായി. ഇക്കാലത്തു മഹോദരരോഗവും ബാധിച്ചു. 1893 ഏപ്രിൽ 25-ാം തീയതി ഗുണ്ടർട്ട് നിര്യാതനായി.

ഗുണ്ടർട്ട് നിഘണ്ടു

മലയാളത്തിൽ ശാസ്ത്രീയമായ രീതിയിൽ തയ്യാറാക്കപ്പെട്ട ആദ്യത്തെ നിഘണ്ടു. ജെർമൻ പാതിരിയായ ഗുണ്ടർട്ടിന്റെ ദീർഘകാല തപസ്യയുടെ ഫലമായ ഈ ഗ്രന്ഥത്തിന്, ദ്രാവിഡഭാഷാശാസ്ത്ര പഠനത്തിൽ അതിപ്രധാനമായ സ്ഥാനമുണ്ട്. ബഹുഭാഷാപണ്ഡിതനായ ഈ വൈദേശികൻ മലയാളഭാഷയ്ക്കു നല്കിയ സംഭാവനകൾ പലതാണെങ്കിലും നിഘണ്ടുവിനുള്ള പ്രാധാന്യം ഇതരകൃതികൾക്കൊന്നുമില്ലെന്നു പറയാം. മലയാളഭാഷയ്ക്കു മറ്റേതൊരാൾ നല്കിയതിലും മഹത്തായ സംഭാവനയാണു ഗുണ്ടർട്ട് നല്കിയിട്ടുള്ളതെന്നു പറയുമ്പോൾ, മലയാളം-ഇംഗ്ലീഷ് നിഘണ്ടുവിനെയാണു സർവപ്രധാനമായി നാം ഓർക്കാറുള്ളതും.

ഗുണ്ടർട്ട് തന്റെ നിഘണ്ടു രചിച്ച കാലത്ത് ഇൻഡോ-യൂറോപ്യൻ ഭാഷാകുടുംബങ്ങളെപ്പറ്റിയുള്ള പഠനം ശൈശവാവസ്ഥയിലായിരുന്നു; ദ്രാവിഡപഠനം കഷ്ടിച്ചു നാമ്പെടുത്തിട്ടേ ഉണ്ടായിരുന്നുള്ളു. ഗുണ്ടർട്ടിന്റെ നിരുക്തങ്ങൾക്കുള്ള പോരായ്മകൾ ഭാഷാശാസ്ത്രത്തിന്റെ വളർച്ചയ്ക്കുള്ളവയാണെന്നു വ്യക്തമാകും. ഗുണ്ടർട്ടിന്റെ തലശ്ശേരി ജീവിതകാലത്ത് (1839—1850) ആയിരുന്നു ഇതിന്റെ രചന.

16-ാം ശതകം മുതൽ സംഭരണം നടത്തി 1746-ൽ പൂർത്തിയാക്കിയ, വരാപ്പുഴ മിഷനറി ആശ്രമത്തിലെ മലയാളം-പോർത്തുഗീസ്, പോർത്തുഗീസ്-മലയാളം എന്നീ നിഘണ്ടുക്കളും കോട്ടയത്തെ സി.എം.എസ്. പ്രസ്സിലച്ചടിച്ച് 1849-ൽ പ്രസിദ്ധപ്പെടുത്തിയ റവ. ബെയ്ലിയുടെ മലയാളം-ഇംഗ്ലീഷ് നിഘണ്ടുവും ഗുണ്ടർട്ട് ഉപയോഗപ്പെടുത്തീട്ടുണ്ട്. വരാപ്പുഴ നിഘണ്ടുക്കളും, സി.എം.എസ്. പ്രസ്സിലെ പ്രസിദ്ധീകരണങ്ങളും തെക്കൻ (തിരുവിതാംകൂർ) ഭാഷയ്ക്കു പ്രമാണമായെടുത്തു. വടക്കൻ ഭാഷയെപ്പറ്റി താൻതന്നെ ശ്രദ്ധിക്കുകയാണുണ്ടായതെന്ന് ആമുഖത്തിൽ പറഞ്ഞിട്ടുണ്ട്. ആചാരമര്യാദകൾ, പ്രയോഗവിശേഷങ്ങൾ മുതലായവയിൽ വടക്കും തെക്കുമുള്ള വ്യത്യാസം മുൻനിർത്തി അതിനെപ്പറ്റിയുള്ള കാര്യങ്ങൾ വിശ്വസനീയമായ കേന്ദ്രങ്ങളിൽനിന്നു മനസ്സിലാക്കി.

ഗുണ്ടർട്ട് നിഘണ്ടുവിന്റെ ഒന്നാംപതിപ്പ് മംഗലാപുരത്തെ 'ബാസൽ മിഷൻ ട്രാക്റ്റു'കാർ 1872-ൽ പ്രസിദ്ധീകരിച്ചു. സാഹിത്യപ്രവർത്തക സഹകരണസംഘം 1962-ൽ ഇതിന്റെ രണ്ടാംപതിപ്പ് പ്രസിദ്ധപ്പെടുത്തി. ഒന്നാം പതിപ്പിന്റെ ഫോട്ടോകോപ്പി ദില്ലിയിലെ ഏഷ്യൻ എഡ്യുക്കേഷണൽ സർവീസസ് എന്ന പ്രസാധകർ പുറത്തിറക്കിയിട്ടുണ്ട്.

ഗുണ്ടൂർ

ആന്ധ്രയിലെ ഒരു ജില്ലയും അതിന്റെ ആസ്ഥാനവും. വെള്ളം കുറവാകയാൽ ചുറ്റുമുള്ള ജില്ലകളെ അപേക്ഷിച്ചു നെൽകൃഷി കുറവാണ്. പുകയില, കശുമാവ്, ആവണക്ക് തുടങ്ങിയവ കൃഷി ചെയ്തുവരുന്നു. പരുത്തി വ്യാപാരകേന്ദ്രമാണ്. ചുരുട്ടുനിർമാണശാലകൾ, നെല്ലുകുത്തുമില്ലുകൾ, എണ്ണമില്ലുകൾ എന്നിവ ഇവിടെ ഉണ്ട്. സാമ്പത്തികശേഷിയുള്ള നഗരമാണിത്. 18-ാം നൂറ്റാണ്ടിന്റെ ആദ്യം ഫ്രെഞ്ചുകാർ ഇവിടെ താമസമുറപ്പിച്ചു. എന്നാൽ 1788-ൽ ബ്രിട്ടീഷുകാർ അതു പിടിച്ചെടുത്തു. വിസ്താരം: 11,391 ച.കി.മീറ്റർ ജില്ലയിലെ ജനസംഖ്യ 34,34,724 (1981).

ഗുന്തർ, യോഹൻ ക്രിസ്ത്യൻ (1695—1723)

ജെർമൻ ഭാവഗാനങ്ങളെഴുതിയ കവി. 1695 ഏപ്രിൽ 8-നു സ്ട്രീഗൗവിൽ ഒരു വൈദ്യന്റെ മകനായി ജനിച്ചു. വൈദ്യം പഠിച്ചുവെങ്കിലും ആ തൊഴിൽ സ്വീകരിച്ചില്ല. സാക്സൺ-പോളീഷ്സദസ്സിൽ ഒരു ജോലി വാങ്ങിക്കൊടുക്കുവാൻ ജെ.ബി. മെൻകേ എന്ന സുഹൃത്തു ശ്രമം നടത്തിയെങ്കിലും, ആ ശ്രമം ഇദ്ദേഹം നയിച്ചിരുന്ന അസാന്മാർഗിക ജീവിതത്തിന്റെ ഫലമായി പരാജയത്തിൽ കലാശിച്ചു. ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഇഷ്ടപ്പെടാതിരുന്ന പിതാവ് 1719-ൽ തന്റെ സ്വത്തുക്കളുടെ പിന്തുടർച്ചാവകാശം നിഷേധിച്ചു. അതു വീണ്ടെടുക്കുന്നതിനുള്ള ഗുന്തറുടെ ശ്രമങ്ങളും പരാജയപ്പെട്ടു. 1723 മാർച്ച് 15-ന് ജനായിൽവച്ച് ഇദ്ദേഹം നിര്യാതനായി. ഗുന്തറുടെ കൃതികൾ അദ്ദേഹത്തിന്റെ ചരമാനന്തരം നാലു വാല്യങ്ങളായി പ്രസിദ്ധപ്പെടുത്തി.

മധ്യകാലഘട്ടത്തിനും ഗെഥേയുടെ കാലഘട്ടത്തിനുമിടയ്ക്കുണ്ടായിരുന്ന ഏറ്റവും പ്രസിദ്ധനായ ഭാവകവി ഇദ്ദേഹമായിരുന്നു. സ്വാനുഭവങ്ങൾ ആവിഷ്കരിക്കുമ്പോഴാണ് ഇദ്ദേഹം ഏറ്റവും നല്ല കവിയാകുന്നത്. ഇദ്ദേഹം പിതാവിനോടു കരുണയ്ക്കുവേണ്ടി വാദിക്കുന്ന കൃതി ഹൃദയഹാരിയാണ്.

ഗുപ്ത, ഇന്ദ്രജിത്

ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിനേതാവും പാർലമെന്റേറിയനും. കൽ



ക്കത്തയിൽ 1919 മാർച്ച് 18-നു സതീശ്ചന്ദ്രയുടെയും പ്രിയബാലയുടെയും പുത്രനായി ജനിച്ചു. ദില്ലി, കേംബ്രിജ് സർവകലാശാലകളിൽനിന്ന് ബി.എ. (ഓണേഴ്സ്) ബിരുദംനേടിയ ഇന്ദ്രജിത് കമ്യൂണിസ്റ്റ് പാർട്ടിയിലെ സജീവ പ്രവർത്തകനായി. തൊഴിലാളിരംഗത്താണു പ്രവർത്തനം കേന്ദ്രീകരിച്ചത്. കരുതൽത്തടങ്കൽ നിയമമനുസരിച്ച് പലതവണ ജയിലിൽ കിടക്കേണ്ടിവന്ന ഇദ്ദേഹം, പാർട്ടി നിയമവിരുദ്ധമായിരുന്ന കാലത്ത് മൂന്നരക്കൊല്ലം ഒളിവിൽ കഴിഞ്ഞു.

1960 മുതൽ 77 വരെ പാർലമെൻറംഗമായിരുന്നു. വീണ്ടും ഇപ്പോൾ പാർലമെൻറംഗമാണ്. ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്ര സെക്രട്ടറിയേറ്റ് അംഗവും അഖിലേന്ത്യാ ട്രെയ്ഡ്യൂണിയൻ കോൺഗ്രസ്സിന്റെ ജനറൽ സെക്രട്ടറിയും ആയി ഏറെക്കാലം പ്രവർത്തിച്ചു. 1982 മുതൽ ട്രെയ്ഡു യൂണിയനുകളുടെ ലോകസംഘടനയുടെ (WFTU) ഉപാധ്യക്ഷനാണ്. വിവിധ വ്യവസായരംഗങ്ങളിലുള്ള ട്രെയ്ഡു യുണിയനുകളുടെ അധ്യക്ഷനാണ്. പാർലമെൻറംഗം എന്ന നിലയിൽ പ്രഗല്ഭനായിരുന്ന ഇന്ദ്രജിത് സി.എസ്.ഐ.ആർ. അന്വേഷണക്കമ്മിറ്റി, ചണവ്യവസായ വെയ്ജ് ബോർഡ്, കൽക്കത്ത തുറമുഖ കമ്മീഷൻ എന്നിവയിൽ അംഗം എന്ന നിലയിൽ സേവനമനുഷ്ഠിച്ചു. *കാപ്പിറ്റൽ ആൻഡ് ലേബർ ഇൻ ദ ജൂട് ഇൻഡസ്ട്രി* (Capital and Labour in the Jute Industry) *സെൽഫ് റിലയൻസ് ഇൻ ഡിഫെൻസ്* (Self-reliance in Defence) എന്നിങ്ങനെ രണ്ടു ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇപ്പോൾ ഇന്ത്യൻ കമ്യൂണിസ്റ്റുപാർട്ടിയുടെ ഡെപ്യൂട്ടി ജനറൽ സെക്രട്ടറിയാണ്.

ഗുപ്തൻ നായർ, എസ്. (1919—)

പ്രമുഖ സാഹിത്യനിരൂപകനും ഉപന്യാസകാരനും. ലാളിത്യവും പ്രസാദവും തികഞ്ഞ ശൈലിയുടെ ഉടമ. ചിന്താബന്ധുരമായ നിരവധി ലേഖനങ്ങളുടെയും പ്രബന്ധങ്ങളുടെയും കർത്താവ്. കഴിഞ്ഞ നാല്പത്തഞ്ചിലേറെ വർഷങ്ങളായി തുടരുന്നതാണ് ഇദ്ദേഹത്തിന്റെ സാഹിതീസപര്യ. ഇംഗ്ലീഷിലും അനായാസം എഴുതാൻ കഴിയുന്ന ഗുപ്തൻനായർ ഒട്ടേറെ ലേഖനങ്ങൾ ആ ഭാഷയിലും എഴുതിയിട്ടുണ്ട്. 35 വർഷം കോളെജ്-യൂണിവേഴ്സിറ്റി അധ്യാപകൻ ആയിരുന്നു. പ്രഭാഷകൻ എന്ന നിലയ്ക്കും കേരളത്തിന്റെ സാംസ്കാരിക ജീവിതത്തിൽ വ്യക്തിമുദ്ര പതിപ്പിച്ചു.

1919 ഓഗസ്റ്റ് 23-ന്, സർക്കാർ വൈദ്യൻ ഒളശ്ശ ശങ്കരപിള്ളയുടെ മകനായി ഓച്ചിറയിൽ ജനിച്ചു. കായംകുളം ഗവൺമെൻറ് സ്കൂളിലും തിരുവനന്തപുരം സയൻസ് കോളെജിലും ആർട്സ് കോളെജിലും ആയിരുന്നു വിദ്യാഭ്യാസം. 1941-ൽ സർവകലാശാലയിൽ രണ്ടാം റാങ്കോടുകൂടി മലയാളം ബി.ഏ. (ഓണേഴ്സ്) ബിരുദം നേടി. പൗരാണിക നാടകവേദിയും കേരള സംസ്കാരവും എന്ന വിഷയത്തിൽ ഗവേഷണം നടത്തിയെങ്കിലും പൂർത്തിയാക്കിയില്ല. അല്പകാലം പത്രപ്രവർത്തകൻ ആയിരുന്നു. ഗ്രന്ഥാലോകം മാസികയുടെ ആദ്യത്തെ എഡിറ്റർ ആണ്. 1945-ൽ ഗവൺമെൻറ് കോളെജ് ലക്ചററും, 1958-ൽ പ്രൊഫസറും ആയി; 1971-ൽ പ്രിൻസിപ്പൽ. റിട്ടയർ ചെയ്തശേഷം കാലിക്കറ്റ് യൂണിവേഴ്സിറ്റി മലയാളം പ്രൊഫസറും (1975—'78) കേരള യൂണിവേഴ്സിറ്റിയിൽ യു.ജി.സി. പ്രൊഫസറും (1978—'81) ആയി സേവനം അനുഷ്ഠിച്ചു. നാലുവർഷം (1970—'74) സംസ്ഥാന ഭാഷാഇൻസ്റ്റിറ്റ്യൂട്ട് അസിസ്റ്റൻറ് ഡയറക്റ്റർ ആയിരുന്നു.

1942 മുതൽ സാഹിത്യരചനയിൽ ഏർപ്പെട്ടു. *ആധുനിക സാഹിത്യം* (1951), *സമാലോചന* (1957), *ക്രാന്തദർശികൾ* (1958), *ഇസങ്ങൾക്കപ്പുറം* (1966), *കാവ്യസ്വരൂപം, പുനരാലോചന, തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ* (1982) തുടങ്ങിയവയാണു പ്രമുഖകൃതികൾ. ഇസങ്ങൾക്കപ്പുറത്തിനു കേരള സാഹിത്യ അക്കാദമി അവാർഡും (1967) തിരഞ്ഞെടുത്ത പ്രബന്ധങ്ങൾക്കു കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും (1982) ലഭിച്ചു. പരിഭാഷകൾ ഉൾപ്പെടെ പതിനഞ്ചിലേറെ കൃതികൾ രചിച്ചു. വിവേകാനന്ദസാഹിത്യസർവസ്വത്തിന്റെ പ്രസാധനച്ചുമതല വഹിച്ചു.

കേരള സാഹിത്യ അക്കാദമി അധ്യക്ഷൻ (1984—'87), സാഹിത്യ പ്രവർത്തക സഹകരണസംഘം പ്രസിഡൻറ് (1984), കേരള സാഹിത്യ സമിതി അധ്യക്ഷൻ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഇപ്പോൾ വിശ്വവിജ്ഞാനകോശത്തിന്റെ ചീഫ്എഡിറ്ററാണ്. യു.എസ്, ഇംഗ്ലണ്ട്, ഫ്രാൻസ്, പശ്ചിമജെർമനി എന്നീ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്.

ഗുപ്തബീജസസ്യങ്ങൾ (angiosperms)

സസ്യലോകത്തിലെ ഒരു വിഭാഗം. ആവൃതബീജികൾ എന്നും സപുഷ്പികൾ എന്നും പേരുണ്ട്. പരിണാമ ശൃംഖലയിൽ ഉയർന്നവയാണ് ഇവ. വിത്തുകൾ കഞ്ചുകങ്ങൾകൊണ്ട് ആവൃതമായി ഫലരൂപത്തിൽ കണ്ടുവരുന്നു. അണ്ഡാശയ അറയ്ക്കുള്ളിലാണ് അണ്ഡങ്ങളുടെ സ്ഥാനം.

ബീജപത്രകങ്ങളുടെ എണ്ണത്തെ ആസ്പദമാക്കി ഗുപ്തബീജസസ്യങ്ങളെ രണ്ടായി തിരിക്കാം. ഏകബീജപത്രകങ്ങളും (monocotyledon) ദ്വിബീജപത്രകങ്ങളും (dicotyledon). ഉള്ളി, ഇഞ്ചി, ഏലം, വാഴ, തെങ്ങ്, പന, നെല്ല്, ഗോതമ്പ് എന്നിവ ഏകബീജപത്രകങ്ങളാണ്. തുമ്പ, തുളസി, അരളി, വെണ്ട, മാവ്, പ്ലാവ് എന്നിവ ദ്വിബീജപത്രകങ്ങളും. കുറ്റിച്ചെടികളും ഓഷധികളും മരങ്ങളും അധിപാദങ്ങളും പരാദങ്ങളും മരുസസ്യങ്ങളും ജലസസ്യങ്ങളും ഗുപ്തബീജസസ്യങ്ങളായുണ്ട്.

വേര്, കാണ്ഡം, ഇല എന്നീ ഭാഗങ്ങളിലെല്ലാം നാളീവ്യൂഹങ്ങൾ ഉണ്ട്. ഖരവ്യൂഹവും (xylem) മദ്യവ്യൂഹവും (phloem) എല്ലാ ഗുപ്തബീജസസ്യങ്ങളിലും കണ്ടുവരുന്നു. ഇല പല ആകൃതിയിലും വലിപ്പത്തിലും ഉണ്ട്. വിദളം, ദളം, കേസരം, ജനി ഇവയാണു പൂവിലെ നാലു ഭാഗങ്ങൾ.

ആദ്യത്തെ ഗുപ്തബീജസസ്യങ്ങളെല്ലാം രൂപത്തിലും ഘടനയിലും ലളിതമായിരുന്നു. മിസോസോയിക് യുഗത്തിലെ ക്രെറ്റേഷ്യസ് പാറകളിൽനിന്നു ഗുപ്തബീജസസ്യങ്ങളുടെ ഫോസിലുകൾ ലഭിച്ചിട്ടുണ്ട്. മുന്തിരി, മഗ്നോളിയ, യൂക്കാലിപ്റ്റസ്, ഓക്ക്, ആല്, പയറുവർഗം തുടങ്ങിയ പല ചെടികളും അക്കാലത്തു ജീവിച്ചിരുന്നതായി ഫോസിലുകൾ തെളിയിക്കുന്നു.

മിസോസോയിക് യുഗത്തിൽ ജീവിച്ചിരുന്ന കോണിഫർ വൃക്ഷങ്ങൾക്കു പൂക്കൾ പുഷ്ടരൂപമായിരുന്നില്ല. പരാഗണം കാറ്റുമൂലമാണു നടന്നിരുന്നത്. അണ്ഡകോശത്തിലെ സൂക്ഷ്മരന്ധ്രത്തിൽ പശയുള്ള ദ്രാവകം പുറത്തുവരും. വായുവിലൂടെ വരുന്ന പരാഗരേ



ഗുപ്തബീജസസ്യങ്ങളിൽ ബീജാണ്ഡങ്ങൾ വിന്യസിച്ചിരിക്കുന്ന രീതികൾ.

1. അക്ഷീയവിന്യാസം. 2. ആധാരവിന്യാസം
3.കേന്ദ്രീയവിന്യാസം



സരളഅണ്ഡാശയത്തിൻെറയും സംയുക്ത അണ്ഡാശയത്തിൻെറയും പരിണാമം:

1, 2, 3 - സരളഅണ്ഡാശയത്തിൻെറ പരിണാമം. 4, 5 - മടങ്ങിയിരിക്കുന്ന മൂന്ന് അണ്ഡപമുള്ള അക്ഷവും ഇതു പരിണമിച്ചുണ്ടായിരിക്കുന്ന സംയുക്ത അണ്ഡാശയവും. 6, 7, 8 - വശങ്ങൾ സംയോജിച്ചിരിക്കുന്ന അക്ഷം, ഇതു പരിണമിച്ചുണ്ടായിരിക്കുന്ന സംയുക്ത അണ്ഡാശയം, അതിൻെറ പരിഛേദം (രൂപകല്പനചെയ്തത്). 9 - യഥാർഥമായ പരിഛേദം.

ണുക്കൾ ഈ ദ്രാവകത്തിൽ പറ്റുന്നു. ഇപ്രകാരമായിരുന്നു പ്രജനനം നടന്നിരുന്നത്. സസ്യരസം നുകരുന്ന വണ്ടുകൾക്ക് ഒരുപക്ഷേ, അണ്ഡകോശത്തിൽനിന്നു വമിക്കുന്ന ദ്രാവകം ആസ്വാദ്യമായി തോന്നിയേക്കാം. വണ്ടുകൾ പരാഗരേണുക്കളെ യാദൃച്ഛികമായി അണ്ഡകോശങ്ങളിൽ എത്തിച്ചെന്നുവരാം. ഇപ്രകാരമുള്ള പരപരാഗണം ചില മിസോസോയിക് ചെടികളിലും നടന്നിരിക്കാൻ ഇടയുണ്ട്. വായുപരാഗണത്തിലൂടെ ഉണ്ടാകുന്ന പരാഗണരേണുക്കളുടെ നഷ്ടം പുതിയ മാർഗത്തിൽ കുറഞ്ഞിരിക്കും.

വണ്ടുകൾമൂലമുള്ള പരാഗണം സർവസാധാരണം. ആവണമെങ്കിൽ അവയവങ്ങൾക്കു ചില മാറ്റങ്ങൾ അത്യാന്താപേക്ഷിതമാണ്. ഈ മാറ്റങ്ങൾ പ്രകൃതിനിർധാരണത്തിലൂടെ പരിഷ്കരിക്കപ്പെട്ടു. അണ്ഡകോശങ്ങൾ നശിക്കാതിരിക്കാൻ കവചം ആവശ്യമാണ്. ഇതിനായി അണ്ഡകോശങ്ങളെ വഹിച്ചിരുന്ന മഹാരേണുപത്രം അകത്തോട്ടു മടങ്ങി പൊള്ളയായ കാർപ്പലുണ്ടായി. പ്രാണികൾ കൊണ്ടുവന്ന പരാഗരേണുക്കൾ കാർപ്പലിനകത്തുള്ള എല്ലാ അണ്ഡകോശങ്ങളുടെയും ഉത്പാദനപ്രക്രിയയ്ക്കു പര്യാപ്തമാണ്. അതിനാൽ ഓരോ കാർപ്പലിനുള്ളിലും അനേകം വിത്തുകൾ ഉണ്ടാവാൻ തുടങ്ങി. അങ്ങനെ വംശവർധന വളരെ എളുപ്പത്തിൽ നടത്താമെന്ന നിലവന്നു.

കാർപ്പലുകളും കേസരങ്ങളും വെവ്വേറെ ശാഖകളിൽനിന്നാൽ പരാഗരേണുക്കൾക്കു പരാഗണസ്ഥലത്ത് എത്തുവാൻ വിഷമമുണ്ട്. കേസരങ്ങൾ കാർപ്പലുകളുടെ സമീപം സ്ഥിതിചെയ്താൽ വണ്ടുകൾ പരാഗരേണുക്കളെ കൊണ്ടുപോകാനുള്ള സാധ്യത കൂടുന്നു. വണ്ടുകൾ വേണ്ടുവോളം ഭക്ഷിച്ചാലും അവശേഷിക്കത്തക്കവിധം കേസരങ്ങൾ ധാരാളം ഉണ്ടായിരിക്കണം. ഇവയിൽ ഏറ്റവും കീഴ്ഭാഗത്തുള്ള കേസരങ്ങൾ വന്ധ്യമായി വർണശബളമായ ദളങ്ങളായിമാറി. ഇവയുടെ ചുവട്ടിലുള്ള ഇലകൾ വിദളങ്ങളായുംകൂടി രൂപാന്തരപ്പെട്ടു പൂവിൻെറ എല്ലാ ഭാഗങ്ങളുമായി. † പൂവ് നോക്കുക.

ഗുപ്തയുഗം

ചന്ദ്രഗുപ്തൻ ഒന്നാമൻ, സമുദ്രഗുപ്തൻ, ചന്ദ്രഗുപ്തൻ രണ്ടാമൻ (വിക്രമാദിത്യൻ) എന്നീ പ്രഖ്യാതരായ ഗുപ്തരാജാക്കന്മാരുടെ ഭരണകാലം. ഗുപ്തയുഗത്തെ ഇന്ത്യാചരിത്രത്തിലെ സുവർണയുഗം എന്നു വിശേഷിപ്പിക്കാറുണ്ട്. മൗര്യസാമ്രാജ്യത്തിൻെറ അധഃപതനത്തിനു ശേഷം ഇന്ത്യയിൽ സ്ഥാപിതമാകുന്ന ആദ്യത്തെ വിപുല ഹിന്ദുസാമ്രാജ്യം. ക്ഷേമൈശ്വര്യങ്ങൾ സൃഷ്ടിച്ച ഭരണം, സാഹിത്യം സംഗീതം ലളിതകലകൾ കെട്ടിടനിർമാണം എന്നിവയിൽ കൈവന്ന അഭിവൃദ്ധി, ഭരണത്തിൻെറ കാര്യക്ഷമത - ഇതൊക്കെയാണു ഗുപ്തഭരണകാലത്തെ സുവർണയുഗം എന്നു വിശേഷിപ്പിക്കാൻ ചരിത്രകാരന്മാരെ പ്രേരിപ്പിക്കുന്നത്. സമുദ്രഗുപ്തൻെറ ദിഗ്വിജയമാണു രഘുവംശത്തിൽ കാളിദാസൻ ഭംഗ്യന്തരേണ രഘുവിൻെറ ദിഗ്വിജയമായി ചിത്രീകരിക്കുന്നത് എന്നു പറയുന്നു. അലഹാബാദിലെ സ്തൂപലേഖനത്തിൽനിന്ന് ഇദ്ദേഹത്തെപ്പറ്റി പലതും അറിയാം. അന്യമതങ്ങളോടു സഹിഷ്ണുത പുലർത്തി. വസുബന്ധു എന്ന ബൗദ്ധപണ്ഡിതൻ മന്ത്രിമാരിൽ ഒരാളായിരുന്നു.

അമരസിംഹൻ, കാളിദാസൻ, വരാഹമിഹിരൻ മുതലായ പണ്ഡിതന്മാരും കവികളും ഉൾപ്പെട്ട 'നവരത്നങ്ങൾ', ചന്ദ്രഗുപ്തൻരണ്ടാമൻെറ സദസ്യരായിരുന്നു എന്ന ഐതിഹ്യത്തോടു ഗവേഷകർ യോജിക്കുന്നില്ല. എങ്കിലും കാളിദാസൻ ഇദ്ദേഹത്തിൻെറ സദസ്യനായി. രുന്നു എന്നാണു ഗവേഷകമതം. 'വേതാള പഞ്ചവിംശതി'യും 'സിംഹാസനദ്വാത്രിംശിക'യും വർണിക്കുന്ന വിക്രമാദിത്യൻെറ കഥകൾ വിശ്വാസ്യമല്ലെങ്കിലും ഇദ്ദേഹത്തിൻെറ മഹത്വം അതിശയോക്തിപരമായി വിളംബരം ചെയ്യുന്നവ ആകാം ആ കൃതികൾ.

ഫാഹിയാൻ എന്ന ചൈനക്കാരനായ ബൗദ്ധസഞ്ചാരി ഇദ്ദേഹത്തിൻെറ കാലത്ത് ഇന്ത്യ സന്ദർശിക്കയും അന്നത്തെ സാമൂഹിക-സാംസ്കാരിക കാര്യങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അന്നത്തെ സമ്പദ്സമൃദ്ധി, രാജാവിൻെറ ജനക്ഷേമതത്പരത, മതസഹിഷ്ണുത മുതലായ കാര്യങ്ങൾ ഫാഹിയാൻ എടുത്തു പറയുന്നുണ്ട്. ഗുപ്തയുഗത്തിൻെറ മഹത്വം ഇദ്ദേഹത്തോടെ അവസാനിച്ചു. കുമാരഗുപ്തൻ തുടങ്ങിയ പിന്മുറക്കാർ ദുർബലരായിരുന്നു.

സുവർണയുഗം. കുമാരഗുപ്താദികളുടെ ഭരണകാലംകൂടി കണക്കിലെടുത്തു ഗുപ്തയുഗം രണ്ടു നൂറ്റാണ്ടോളം നിലനിന്നതായി ഗണിക്കുന്നു. സമാധാനം, സുരക്ഷിതത്വം, സമ്പൽസമൃദ്ധി, ദണ്ഡനീതിയിലെ മാർദവം, ഭരണയന്ത്രത്തിൻെറ കാര്യക്ഷമത, സാഹിത്യാദികലകളുടെ പ്രോത്സാഹനം എന്നിങ്ങനെ പലതുകൊണ്ടും ഉജ്ജ്വലമായിരുന്നു ഈ കാലഘട്ടം.

കവികുലഗുരുവായ കാളിദാസൻ, കാവ്യമീമാംസകനായ ദണ്ഡി, നീതിശാസ്ത്രവിശാരദനായ യാജ്ഞവല്ക്യൻ, നിഘണ്ടുകാരനായ അമരസിംഹൻ, ജ്യോതിഷപണ്ഡിതനായ വരാഹമിഹിരൻ, ഗോളഗണിതജ്ഞനായ ആര്യഭടൻ, താർക്കികന്മാരായ ദിങ്നാഗ-ഭരദ്വാജന്മാർ, നീതികഥകൾ എഴുതിയ കാമന്ദകൻ വൈയാകരണരായ വാമന-ജയാദിത്യന്മാർ, നാടകകൃത്തുകളായ വിശാഖദത്തനും (മുദ്രാരാക്ഷസം) ശൂദ്രകനും (മൃച്ഛകടികം), വൈദ്യശാസ്ത്രപണ്ഡിതനായ വാഗ്ഭടൻ ഇവരെല്ലാം ഈ യുഗത്തിൻെറ സന്തതികളാണ്: ന്യൂട്ടൻെറ ജനനത്തിനു നൂറ്റാണ്ടുകൾക്കുമുമ്പ് ആകർഷണസിദ്ധാന്തം കണ്ടെത്തിയ ആര്യഭടൻ ഭൂമി സ്വന്തം അച്ചുതണ്ടിൽ ഭ്രമണം ചെയ്തുകൊണ്ടു സൂര്യനെ പ്രദക്ഷിണം വയ്ക്കുന്നതായും ഭൂഛായയും ചന്ദ്രനും യഥാക്രമം ചന്ദ്രസൂര്യന്മാരെ മറച്ചു ഗ്രഹണങ്ങൾ സൃഷ്ടിക്കുന്നതായും മനസ്സിലാക്കി. ഗ്രഹണത്തിൻെറ സമയവും ഗ്രസ്തഭാഗത്തിൻെറ അളവും കൃത്യമായി ഗണിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. പൂജ്യവും ദശാംശസമ്പ്രദായവും ആവിഷ്കരിച്ചതും ഗുപ്തകാലത്തെ ഗണിത ശാസ്ത്രജ്ഞരാണ്. ഷഡ്ദർശനങ്ങൾ ഇന്നത്തെ രൂപത്തിൽ വ്യവസ്ഥാപിതമായതും അന്നുതന്നെ. ബൃഹസ്പതിയുടെ ഭൗതികസിദ്ധാന്തം (ബാർഹസ്പത്യം അഥവാ ചാർവാകമതം) ആവിഷ്കൃതമായതും ഇക്കാലത്താണ്. സാരനാഥിലെയും മഥുരയിലെയും ഹിന്ദുബൗദ്ധപ്രതിമകൾ, അജന്തയിലെ ഗുഹാചിത്രങ്ങൾ മുതലായവ വാസ്തുശില്പകലകളിലും ചിത്രരചനയിലും അന്നു ഭാരതീയർ നേടിയിരുന്ന നൈപുണ്യം വ്യക്തമാക്കുന്നു. വിദേശവാണിജ്യവും ഇക്കാലത്ത് അഭിവൃദ്ധിപ്പെട്ടിരുന്നു.

ഭരണയന്ത്രം സുവ്യവസ്ഥാപിതമായി. മഹാബലാധികൃതൻ (പ്രതിരോധമന്ത്രി) ദണ്ഡനായകൻ (നിയമമന്ത്രി), മഹാസന്ധി വിഗ്രാഹികൻ (വിദേശകാര്യമന്ത്രി) എന്നിങ്ങനെ വിവിധ വകുപ്പുതലവന്മാർ ഉൾപ്പെട്ട മന്ത്രിസഭ നിലവിൽ ഇരുന്നു. കേന്ദ്രഭരണം ശക്തമായിരുന്നു. രാജ്യത്തെ വിഷയങ്ങൾ (ജില്ലകൾ) ആയി തിരിച്ചു പ്രാദേശികസ്വയംഭരണത്തിനും ഒരളവുവരെ വ്യവസ്ഥ ഏർപ്പെടുത്തിയിരുന്നു. യുവരാജാക്കന്മാരെ ഭരണത്തിൽ പങ്കെടുപ്പിച്ചു ഭരണ പരിശീലനം നല്കിയിരുന്നു. വർണാശ്രമധർമം ആയിരുന്നു ഭരണത്തിൻെറ ആധാരശില. സതി അപൂർവമായിരുന്നു. പുനർവിവാഹം സാധാര

ണവും. ജാതിനിയമം കർശനമായിരുന്നില്ല. എല്ലാവിധത്തിലും ഭരണം ഉജ്ജ്വലമായിരുന്നു.

†ഗുപ്തസാമ്രാജ്യം നോക്കുക.

ഗുപ്തസാമ്രാജ്യം

എ.ഡി. നാല്, അഞ്ച്, ആറ് നൂറ്റാണ്ടുകളിൽ ഇന്ത്യയിൽ നിലനിന്ന സാമ്രാജ്യം. ഗുപ്തകാലത്തെ ഇന്ത്യയുടെ ‘സുവർണയുഗം’ എന്നു വിളിക്കാറുണ്ട്. ‘ഗുപ്തൻ’ എന്നവസാനിക്കുന്ന പേരുള്ള പ്രമുഖവ്യക്തികൾ മുമ്പും ഇന്ത്യാചരിത്രത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. പരസ്പരബന്ധമില്ലാത്ത പല ഗോത്രങ്ങളും പല കാലങ്ങളിൽ ‘ഗുപ്ത’ നാമത്തിൽ അറിയപ്പെട്ടിരുന്നു.

ചരിത്രം. എ.ഡി. മൂന്നാംനൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ പശ്ചിമപഞ്ചാബിൽ കുശാനന്മാരും ഗുജറാത്തിൽ ശകന്മാരും ഭരിച്ചിരുന്നു. ഉത്തരേന്ത്യയുടെ ശേഷംഭാഗങ്ങൾ ചെറുരാജ്യങ്ങളായി ശിഥിലമായും കിടന്നിരുന്നു. ഇന്നത്തെ പശ്ചിമബംഗാളിന്റെ കുറെഭാഗങ്ങൾ ഉൾപ്പെട്ട ഒരു ചെറുരാജ്യം (രാജ്യത്തിന്റെ പേര് അറിവായിട്ടില്ല) ശ്രീഗുപ്തൻ എന്നൊരു രാജാവു ഭരിച്ചിരുന്നു. 7-ാംനൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ ഇന്ത്യ സന്ദർശിച്ച ഈത്-സിങ് എന്ന ചൈനീസ് സഞ്ചാരി, ഇവിടെ പറഞ്ഞുകേട്ട കഥകളെ അടിസ്ഥാനമാക്കി, ശ്രീഗുപ്തൻ എന്നൊരു രാജാവ് ചൈനീസ് തീർഥാടകർക്കുവേണ്ടി ഒരു ദേവാലയം പണിയിച്ചുവെന്നും അതിന് 24 ഗ്രാമങ്ങൾ ദാനംചെയ്തുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മുമ്പു പറഞ്ഞ ശ്രീഗുപ്തനെക്കുറിച്ചാവാം ഈത്-സിങ്ങിന്റെ ഈ പരാമർശം. ഗുപ്തരേഖകളിൽ ആദ്യത്തെ മൂന്നു ഗുപ്തരാജാക്കന്മാരെന്നു പറഞ്ഞിട്ടുള്ള ശ്രീഗുപ്തൻ, അദ്ദേഹത്തിന്റെ പുത്രൻ ഘടോത്കചഗുപ്തൻ, അദ്ദേഹത്തിന്റെ പുത്രൻ ചന്ദ്രഗുപ്തൻ എന്നിവരെയാണ്. മറ്റു ചില രേഖകളിൽ ശ്രീഗുപ്തന്റെ പേരു പറഞ്ഞിട്ടില്ല. ഗുപ്തരേഖകൾ ശ്രീഗുപ്തനെയും ഘടോത്കചഗുപ്തനെയും മഹാരാജാക്കന്മാർ എന്നു ചിത്രീകരിക്കുമ്പോൾ ചന്ദ്രഗുപ്തനെ ‘മഹാരാജാധിരാജൻ’ എന്നാണു വിശേഷിപ്പിക്കുന്നത്. അതിനാൽ † ചന്ദ്രഗുപ്തൻ ഒന്നാമൻ തന്റെ മുൻഗാമികളെക്കാൾ പ്രബലനായ ഒരു രാജാവായിരുന്നുവെന്ന് അനുമാനിക്കാം. ഇദ്ദേഹം അയൽരാജ്യത്തെ (രാജ്യത്തിന്റെ പേര് അറിവായിട്ടില്ല) ലിച്ഛവീരാജവംശത്തിൽപ്പെട്ട കുമാരദേവിയെ വിവാഹംചെയ്തു. അതിനെത്തുടർന്ന് ആ രാജ്യംകൂടി ചന്ദ്രഗുപ്തന്റെ ഭരണത്തിലായി. ഗുപ്തസാമ്രാജ്യത്തിന്റെ വികാസം അങ്ങനെ ആരംഭിച്ചു.

ചന്ദ്രഗുപ്തൻ ഒന്നാമന്റെ ഭരണകാലം കൃത്യമായി അറിഞ്ഞുകൂട; ഗുപ്താബ്ദം ആരംഭിച്ച എ.ഡി. 320 ചന്ദ്രഗുപ്തന്റെ സ്ഥാനാരോഹണവർഷമാണെന്ന് ഒരഭിപ്രായമുണ്ട്. † സമുദ്രഗുപ്തന്റെ സ്ഥാനാരോഹണം പ്രമാണിച്ചാണു ഗുപ്താബ്ദം തുടങ്ങിയതെന്നു മറ്റൊരഭിപ്രായവുമുണ്ട്.

സമുദ്രഗുപ്തൻ. ചന്ദ്രഗുപ്തൻ ഒന്നാമന്റെ പുത്രനായ സമുദ്രഗുപ്തൻ പല യുദ്ധങ്ങളും ജയിച്ചു കൂടുതൽ പ്രദേശങ്ങൾ പിടിച്ചടക്കി വിശാലമായൊരു സാമ്രാജ്യം രൂപവത്കരിച്ചു. കശ്മീർ, പശ്ചിമപഞ്ചാബ്, പശ്ചിമരാജപുത്താന, സിൻഡ്, ഗുജറാത്ത് എന്നീ പ്രദേശങ്ങൾ ഒഴിച്ചുള്ള ഉത്തരേന്ത്യ മുഴുവനും ചട്ടിസ്ഗാർ ഉന്നതതടവും ഒറീസ്സയും അവിടംമുതൽ തെക്കോട്ടു ചിങ്കൽപെട്ടുവരെയുള്ള പൂർവതീരപ്രദേശങ്ങളും സമുദ്രഗുപ്തന്റെ സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. ഈ ഭൂവിഭാഗത്തോടു തൊട്ടുകിടന്ന മറ്റു രാജ്യങ്ങൾ സമുദ്രഗുപ്തനു കപ്പം കൊടുത്തോ അദ്ദേഹത്തിന്റെ സ്വാധീനത്തിനു വഴങ്ങിയോ ആണു വർത്തിച്ചിരുന്നത്. താൻ വെട്ടിപ്പിടിച്ച സാമ്രാജ്യം പെട്ടെന്നു ശിഥിലമാകാതിരിക്കാൻപോന്ന ഭരണസംവിധാനങ്ങൾ ഏർപ്പെടുത്താനുള്ള രാജ്യതന്ത്രജ്ഞതയും അദ്ദേഹത്തിനുണ്ടായിരുന്നു. ഗുപ്തസാമ്രാജ്യത്തിലെ ഏറ്റവും മഹാനായ ചക്രവർത്തി സമുദ്രഗുപ്തനാണെന്നത്രേ ആധുനിക ചരിത്രകാരന്മാരുടെ അഭിപ്രായം. 375-നോടടുപ്പിച്ച് അദ്ദേഹം നിര്യാതനായി.

ചന്ദ്രഗുപ്തൻ II. സമുദ്രഗുപ്തന് അദ്ദേഹത്തിന്റെ പട്ടമഹിഷിയിൽ ജനിച്ച പുത്രനായ ചന്ദ്രഗുപ്തൻ തന്നെയാണു പിതാവിനെ പിന്തുടർന്നു കിരീടം ധരിച്ചത്. ചന്ദ്രഗുപ്തൻ രണ്ടാമന്റെ ഭരണകാലം ഉദ്ദേശം 376 മുതൽ 414 വരെയാണ്. പിതാവിനോളംതന്നെ പ്രഗല്ഭനായ ചക്രവർത്തി ആയിരുന്നു ഇദ്ദേഹം. കുശാനന്മാരെയും ശകന്മാരെയും യുദ്ധത്തിൽ തോല്പിച്ചു. പശ്ചിമപഞ്ചാബും ഗുജറാത്തും കത്തിയവാറും സാമ്രാജ്യത്തോടു കൂട്ടിച്ചേർത്തു. ഏതാനും നൂറ്റാണ്ടുകളായി നിലനിന്നുപോന്ന വിദേശീയാധിപത്യത്തിന്റെ അവശിഷ്ടങ്ങൾ ഇതോടെ ഇന്ത്യയിൽനിന്നു തുടച്ചുനീക്കപ്പെട്ടു. പിതാവിൽനിന്നു തനിക്കു ലഭിച്ച വിശാലമായ സാമ്രാജ്യത്തെ ചന്ദ്രഗുപ്തൻ കൂടുതൽ വിപുലപ്പെടുത്തുകയും ഏകോപിപ്പിച്ചു ദൃഢീകരിക്കുകയും ചെയ്തു. വിക്രമാദിത്യൻ എന്ന അപരാഭിധാനത്തിൽ പ്രസിദ്ധനായ ഈ ചക്രവർത്തിയുടെ സദസ്സിനെയാണു കാളിദാസാദികവികളും മറ്റനവധി പണ്ഡിതന്മാരും അലങ്കരിച്ചതെന്നു പറയപ്പെടുന്നു. കല, ശാസ്ത്രം, സംസ്കൃതസാഹിത്യം എന്നിവയ്ക്ക് അഭൂതപൂർവമായ പ്രോത്സാഹനവും പുഷ്ടിയും ഇക്കാലത്തു ലഭിച്ചു എന്നതു നിസ്തർക്കമാണ്.

കുമാരഗുപ്തൻ. ചന്ദ്രഗുപ്തനുശേഷം പുത്രനായ കുമാരഗുപ്തൻ ഒന്നാമൻ ചക്രവർത്തിയായി. 415 മുതൽ 455 വരെയുള്ള നാല്പതു വർഷമാണ് ഇദ്ദേഹത്തിന്റെ ഭരണകാലം. ഇദ്ദേഹം സാമ്രാജ്യം വികസിപ്പിച്ചില്ലെങ്കിലും വിശാലമായ സാമ്രാജ്യത്തിന്റെ സംരക്ഷണം സമർഥമായി നിർവഹിച്ചു. കുമാരഗുപ്തൻ മരിച്ച ഉടൻതന്നെ ഒരു പുത്രനായ പുരുഗുപ്തൻ സിംഹാസനം കരസ്ഥമാക്കിയെന്നും അദ്ദേഹത്തെ സ്കന്ദഗുപ്തൻ പെട്ടെന്നുതന്നെ നിഷ്കാസനം ചെയ്തുവെന്നും ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. സ്കന്ദഗുപ്തനു തുടരെത്തുടരെ ശത്രുക്കളെ നേരിടേണ്ടിവന്നു. പക്ഷേ, സ്കന്ദഗുപ്തൻ ശത്രുക്കളെയെല്ലാം അമർത്തി.

ഏഷ്യയിലും യൂറോപ്പിലും ക്രൂരമായ ആക്രമണങ്ങൾ നടത്തിയ ഹൂണന്മാർ (Huns) എന്ന ഭീകരവർഗത്തിന്റെ ഒരു വിഭാഗം ഇന്ത്യയെ ആക്രമിച്ചത് ഇക്കാലത്താണ്. കഠിനമായ ഒരു യുദ്ധത്തിനുശേഷം സ്കന്ദഗുപ്തൻ ഹൂണന്മാരെ തന്റെ രാജ്യത്തുനിന്നു തുരത്തി. ഈ വിജയംമൂലം ‘ഇന്ത്യയുടെ രക്ഷകൻ’ എന്നു വാഴ്ത്തപ്പെടാനുള്ള അർഹത അദ്ദേഹത്തിനു ലഭിച്ചു. എങ്കിലും തുടരെത്തുടരെയുള്ള യുദ്ധങ്ങൾമൂലം സാമ്രാജ്യത്തിന്റെ സാമ്പത്തികശക്തി ക്ഷയിക്കുകയും ചക്രവർത്തിയെ ധിക്കരിക്കാനുള്ള പ്രവണത സാമന്തന്മാരിൽ വളരുകയും ചെയ്ത്. ഈ ദൗർബല്യങ്ങൾ വളർന്നാണു പില്ക്കാലത്തു ഗുപ്തസാമ്രാജ്യത്തിന്റെ ശിഥിലീകരണം സംഭവിച്ചത. 467-ൽ സ്കന്ദഗുപ്തൻ മരിച്ചു. അതിനുശേഷം കുമാരഗുപ്തൻ രണ്ടാമൻ, ബുദ്ധഗുപ്തൻ, നരസിംഹഗുപ്തൻ, ഭാനുഗുപ്തൻ, പൂര്ഗുപ്തൻ, കുമാരഗുപ്തൻ മൂന്നാമൻ, വിഷ്ണുഗുപ്തൻ എന്നിങ്ങനെ പല രാജാക്കന്മാരുടെയും പേരുകൾ രേഖകളിൽനിന്ന് അറിവായിട്ടുണ്ടെങ്കിലും ഇവരുടെയെല്ലാം ഭരണകാലം തീർച്ചപ്പെടുത്താൻ തക്ക വിവരങ്ങൾ ലഭിച്ചിട്ടില്ല.

477-ൽ ബുദ്ധഗുപ്തനായിരുന്നു ചക്രവർത്തി. 20-ലധികം വർഷങ്ങൾ അദ്ദേഹം ഭരിച്ചു. രാജ്യത്തിൽ അവിടവിടെ തലപൊക്കിയ കലാപങ്ങളെ അടിച്ചമർത്താൻ അദ്ദേഹത്തിനു സാധിച്ചു. അദ്ദേഹത്തിന്റെ അവസാനകാലത്തു വാകാടകരാജാവായ നരേന്ദ്രസേനൻ തെക്കുനിന്നു ഗുപ്തസാമ്രാജ്യത്തിൽ ആക്രമണം നടത്തി. കോസലം, മേകല, മാൾവ എന്നിവിടങ്ങളിലെ ഭരണാധികാരികളെ നരേന്ദ്രസേനൻ തന്റെ നിയന്ത്രണത്തിലാക്കി. സ്കന്ദഗുപ്തൻ തോല്പിച്ചോടിച്ച ഹൂണന്മാർ വീണ്ടും ആക്രമണത്തിനു മുതിരുകയും ചെയ്തു. 500-ാമാണ്ടോടുകൂടി ബുദ്ധഗുപ്തൻ മരിച്ചു. തുടർന്നു സിംഹാസനത്തിനുവേണ്ടി രാജവംശത്തിൽ കലഹങ്ങളുണ്ടായി. രാജ്യത്തിന്റെ വിഭജനംവരെ കാര്യങ്ങൾ ചെന്നെത്തി. ഈ തക്കം ഉപയോഗപ്പെടുത്തിക്കൊണ്ടു മാൾവയിലെ യശോധർമൻ എന്നൊരു നേതാവ് ഒന്നിനുപുറകേ ഒന്നായി പ്രദേശങ്ങൾ പിടിച്ചടക്കാൻ തുടങ്ങി. ഹൂണനേതാവായ മിഹിരകുലനെയും യശോധർമൻ തോല്പിച്ചതായി അവകാശപ്പെടുന്നു. പക്ഷേ, മിഹിരകുലനും ഹൂണന്മാരും അന്നു ഗുപ്തസാമ്രാജ്യത്തിൽനിന്നു നിശ്ശേഷം തുരത്തപ്പെട്ടില്ല.

രാജ്യത്തിന്റെ വ്യത്യസ്തഭാഗങ്ങളിൽ അധികാരമുറപ്പിച്ച ഗുപ്തരാജാകുമാരന്മാരെ യശോധർമൻ തോല്പിച്ചിരിക്കാമെങ്കിലും ഗുപ്തചക്രവർത്തിയെ കീഴടക്കിയതായി എങ്ങും പറഞ്ഞുകാണുന്നില്ല. കലങ്ങിമറിഞ്ഞ ഈ പരിതഃസ്ഥിതിയിൽനിന്നു ശക്തനായ ഒരു രാജകുമാരൻ മുന്നോട്ടുവന്നു. ബുദ്ധഗുപ്തന്റെ അനുജനായ നരസിംഹഗുപ്തനാണത്. പ്രവിശ്യാഗവർണർമാരെയും സാമന്തന്മാരെയും ഒട്ടൊക്കെ നിലയ്ക്കുനിർത്താൻ അദ്ദേഹത്തിനു സാധിച്ചു. ഹൂണനേതാവായ മിഹിരകുലനോടു നരസിംഹഗുപ്തൻ ആദ്യം തോറ്റെങ്കിലും അധികം താമസിയാതെ അദ്ദേഹം മൗഖരികളുടെയും മറ്റും പിന്തുണയോടെ ഹൂണന്മാരെ പരാജയപ്പെടുത്തി. ഇത്തവണ സമ്പൂർണമായി പരാജയപ്പെട്ട ഹൂണന്മാർ അതോടെ ഇന്ത്യാചരിത്രത്തിൽനിന്നു മിക്കവാറും നിഷ്കാസിതരായി. നരസിംഹഗുപ്തനു ബാലാദിത്യൻ എന്നുകൂടി പേരുണ്ടായിരുന്നു. ബുദ്ധമതത്തെ വളരെയധികം പ്രോത്സാഹിപ്പിക്കുകയും നളന്ദയിൽ 91 മീറ്റർ പൊക്കമുള്ള സംഗ്രഹാരാമം പണിയിക്കുകയും ചെയ്തുവെന്നു ചൈനീസ്


ഗുപ്തസാമ്രാജ്യം
തക്ഷശില
സിന്ധുനദി
മാദ്രകം
യൗധേയം
കപിലവസ്തു
അർജുനം
ശ്രാവസ്തി
കാമരൂപം
മഥുര
മാളവം
അയോധ്യ
പാടലീപുത്രം
ഉജ്ജയിൻ
പ്രയാഗ്
നാളന്ദ
അജന്ത
ബംഗാൾ ഉൾക്കടൽ
കലിംഗം
അറബിക്കടൽ
ചോളം
കാഞ്ചി
പല്ലവം
ചേരം
പാണ്ഡ്യം

സഞ്ചാരിയായ ഹ്യൂയൻസാങ് പറയുന്ന ബാലാദിത്യൻ നരസിംഹ ഗുപ്തൻതന്നെ ആണെന്നു ചരിത്രകാരന്മാർ കരുതുന്നു.

നരസിംഹഗുപ്തബാലാദിത്യനുശേഷം പുത്രനായ കുമാരഗുപ്തൻ മൂന്നാമനും അദ്ദേഹത്തിനുശേഷം പുത്രനായ വിഷ്ണുഗുപ്തനും (ചന്ദ്രാദിത്യൻ) രാജ്യം ഭരിച്ചു. 535-നുശേഷവും 570-നു മുമ്പുള്ള ഒരു കാലഘട്ടമാണ് ഇവരുടെ ഭരണകാലം. ഇക്കാലത്തു ഗുപ്തസാമ്രാജ്യത്തിൻെറ പതനമാരംഭിച്ചു. 550 ആയപ്പോഴേക്കും മഗധ മുഴുവനും വിഷ്ണുഗുപ്തൻെറ അധീനത്തിൽനിന്നും വിട്ടുപോയി. പക്ഷേ, കലിംഗ 569-ലും ഗുപ്തചക്രവർത്തിയുടെ മേല്ക്കോയ്മ അംഗീകരിച്ചിരുന്നതായി കാണുന്നു. അതിനുശേഷം ഗുപ്തസാമ്രാജ്യത്തെക്കുറിച്ചുള്ള യാതൊരു പ്രസ്താവനയും ചരിത്രരേഖകളിലെങ്ങും കാണാനില്ല. രാജവംശത്തിലെ അന്തച്ഛിദ്രങ്ങളും സാമന്തന്മാരുടെ സ്വാതന്ത്ര്യവാഞ്ഛയും പ്രവിശ്യ ഗവർണർമാർക്കു സ്വതന്ത്രരാജാക്കന്മാരാകാനുണ്ടായ കൊതിയും മറ്റുമാണു മഹത്തായ ഈ സാമ്രാജ്യത്തിൻെറ നാശത്തിനു കാരണം.

ഗുപ്തസാമ്രാജ്യത്തിൻെറ ഒരു ഭാഗത്ത് ഒരുപക്ഷേ, ചക്രവർത്തിയുടെ സാമന്തന്മാരായി വാണിരുന്നവരും ഗുപ്തൻ എന്നവസാനിക്കുന്ന പേരുകൾ ഉള്ളവരുമായ ഏതാനും രാജാക്കന്മാരെപ്പറ്റി ചില വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവരിൽ കുമാരഗുപ്തൻെറ കാലത്ത് (543-നോടടുപ്പിച്ച്) രാജ്യം സ്വതന്ത്രമായി. മാൾവയിലും ഗുപ്തസാമ്രാജ്യത്തിൻെറ കിഴക്കൻ ഭാഗങ്ങളിലുമാണ് ഇവരുടെ ആധിപത്യം പുലർന്നത്. മഹാസേനഗുപ്തൻ മാൾവയിലെ രാജാവായിരുന്നുവെന്നു ഹർഷചരിതത്തിൽ പറയുന്നു. അദ്ദേഹം ബ്രഹ്മപുത്രയുടെ തീരത്തുവച്ചു ചില യുദ്ധങ്ങൾ ജയിച്ചതായി അഫ്സദ് ലിഖിതത്തിൽ കാണുന്നു. ഇവരെ പില്ക്കാല ഗുപ്തന്മാർ (Later Guptas) എന്നു വിളിക്കാറുണ്ടെങ്കിലും അവരുടെ രാജ്യം വലുപ്പത്തിലും ശക്തിയിലും മേന്മയിലും ഗുപ്തസാമ്രാജ്യത്തെ അപേക്ഷിച്ചു വളരെ താഴെയായിരുന്നു.

ഭരണസംവിധാനം. രാജാവ് കാണപ്പെട്ട ദൈവമാണെന്ന ആശയത്തെ അടിസ്ഥാനമാക്കിയുള്ള രാഷ്ട്രീയ സംവിധാനമാണു ഗുപ്തചക്രവർത്തിമാർ സൃഷ്ടിച്ചതും സംരക്ഷിച്ചതും. ഭൂമിയിൽ അധിവസിക്കുന്ന ഈശ്വരനായിട്ടാണ് അലഹാബാദിലെ കീർത്തിസ്തംഭ ലിഖിതത്തിൽ സമുദ്രഗുപ്തനെ ചിത്രീകരിച്ചിരിക്കുന്നത്. രാജാധിരാജൻ, മഹാരാജാധിരാജൻ, പരമരാജാധിരാജൻ, രാജാധിരാജർഷി,



അജന്താ ഗുഹാമുഖം (അഞ്ചാം ശതകത്തിൽ നിർമിച്ചത്).

രാജരാജാധിരാജൻ, പരമദൈവതപരമഭട്ടാരക മഹാരാജാധിരാജൻ മുതലായ ബിരുദനാമങ്ങൾകൊണ്ടു ചക്രവർത്തിമാരെ വിശേഷിപ്പിച്ചിരുന്നു. ഭൂമി പിടിച്ചടക്കിയശേഷം സത്കർമങ്ങൾകൊണ്ടു സ്വർഗവും പിടിച്ചടക്കിയെന്ന് അവർ വാഴ്ത്തപ്പെട്ടിട്ടുണ്ട്. രാജാവിന്റെ പുത്രൻ അദ്ദേഹത്തിനുശേഷം കിരീടം ധരിക്കുകയെന്ന ദായക്രമമായിരുന്നു ഗുപ്തന്മാരുടെത്. രാജ്യത്തിന്റെ ഭരണത്തിനും ജനങ്ങളുടെ നന്മയ്ക്കും തിന്മയ്ക്കും ഉത്തരവാദി രാജാവായിരുന്നു. രാജ്യത്തിലെ ഏറ്റവും ഉയർന്ന ഭരണാധികാരിയും രാജാവുതന്നെ. പരമോന്നതനായ സൈന്യാധിപനും ന്യായാധിപനും രാജാവ് ആയിരുന്നു. രാജാവിനു തൊട്ടുതാഴെ മന്ത്രി എന്നൊരുദ്യോഗസ്ഥനാണ്. സർവസൈന്യാധിപനു മഹാബലാധിപൻ എന്നായിരുന്നു പേര്. കൊട്ടാരം കാവല്ക്കാരുടെ നേതാവിനെ മഹാപ്രതീഹാരൻ എന്നും വിദേശകാര്യമന്ത്രിയെ സന്ധിവിഗ്രഹികൻ എന്നും വിളിച്ചിരുന്നു. മഹാശ്വപതി അശ്വസൈന്യത്തെയും, മഹാപീലുപതി ഗജസൈന്യത്തെയും, സേനാപതി കാലാൾപ്പടയെയും നയിച്ചിരുന്നു.

ചക്രവർത്തി നേരിട്ടു ഭരിച്ചിരുന്ന രാജ്യവിഭാഗങ്ങളെ ഭരണസൗകര്യം പ്രമാണിച്ചു പ്രവിശ്യ(ഭുക്തി)കളായി തിരിച്ചു. ഓരോ പ്രവിശ്യയും ഓരോ ഗവർണറുടെ (ഉപരികന്റെ) കീഴിലാക്കി. ഭുക്തിയെ 'വിഷയ'ങ്ങളായി വിഭജിച്ച് ഓരോ വിഷയത്തിന്റെയും ഭരണാധികാരിയായി 'വിഷയപതി'യെ നിയമിച്ചു. വിഷയപതിക്കു കുമാരാമാത്യൻ, ആയുക്തകൻ എന്നീ പേരുകളുമുണ്ടായിരുന്നു. നഗരഭരണത്തിനും ഗ്രാമഭരണത്തിനും ജനകീയസ്വഭാവമുള്ള സമിതികൾ ഏർപ്പെടുത്തി. അധ്യക്ഷനായ നഗരശ്രേഷ്ഠി, വാണിജ്യകാര്യങ്ങൾക്കായുള്ള സാർഥവാഹൻ, തൊഴിൽകാര്യങ്ങൾക്കായുള്ള പ്രഥമകുലികൻ, റിക്കാർഡുകൾ തയ്യാറാക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നതിനുള്ള പ്രഥമ കായസ്ഥൻ എന്നിങ്ങനെ നാലംഗങ്ങളാണു നഗരസമിതിയിൽ ഉണ്ടായിരുന്നത്. അഷ്ടകുലാധികരണം എന്നാണു ഗ്രാമസമിതികളെ വിളിച്ചുപോന്നത്. ജനപ്രതിനിധികളെ ഭരണവുമായി ബന്ധിപ്പിക്കാൻ ഗുപ്തചക്രവർത്തിമാർ നടത്തിയ ശ്രമം അന്നു ധീരവും നൂതനുവുമായ ഒരു പരീക്ഷണമായിരുന്നു. ഒരു രാജാവിന് ഒറ്റയ്ക്കു നേരിട്ടു ഭരിക്കാവുന്നതിനെക്കാൾ വളരെ വലിയൊരു സാമ്രാജ്യമായിരുന്നു ഗുപ്തന്മാരുടെത്. അതിനാൽ നേരിട്ടു ഭരിക്കുന്ന പ്രദേശങ്ങളുടെ വിസ്തൃതി വേണ്ടിടത്തോളം മാത്രം വിപുലമായി സംരക്ഷിച്ചുകൊണ്ട് അതിന്റെ അതിർത്തികളിൽ സാമന്തരരാജ്യങ്ങൾ പുലരാൻ അനുവദിച്ചു. സാമന്തരാജാക്കന്മാർ (പ്രാത്യന്തനൃപതികൾ) ചക്രവർത്തിയെ ആദരിച്ചും അനുസരിച്ചും സ്വന്തം രാജ്യങ്ങൾ ഭരിച്ചു.

ഗുപ്തസാമ്രാജ്യത്തിൽ ക്രമസമാധാനങ്ങൾ ഭദ്രമായിരുന്നുവെന്നു ഫാഹിയാന്റെ കുറിപ്പുകൾ തെളിയിക്കുന്നു. ഏകാകിയായി ഇന്ത്യയിൽ ചുറ്റിസഞ്ചരിച്ച ഈ വിദേശിക്ക് അക്രമികളിൽനിന്ന് ഒരുപദ്രവവും ഉണ്ടായില്ല. നിർദയമായ ശിക്ഷകളൊന്നും നല്കാതെയാണ് ആഭ്യന്തരസമാധാനം സംരക്ഷിച്ചതെന്നു ഫാഹിയാൻ രേഖപ്പെടുത്തിയിട്ടുണ്ട്. തങ്ങൾക്കുമുമ്പു നടപ്പിലിരുന്ന ശിക്ഷാനിയമങ്ങളിൽ ഗുപ്തചക്രവർത്തിമാർ ഭൂതദയാപരമായ പരിഷ്കാരങ്ങൾ വരുത്തിയെന്നാണ് ഇതിനർഥം. ജനങ്ങളുടെ സാമ്പത്തികോന്നമനത്തിനുള്ള ഫലപ്രദമായ ശ്രമങ്ങളും ഗുപ്തചക്രവർത്തിമാർ നടത്തി. കൃഷിക്കു വമ്പിച്ച പ്രോത്സാഹനം നല്കി.

നീതിന്യായം. നീതിന്യായം നടത്താൻ ഗുപ്തകാലത്തു കാര്യക്ഷമമായ ഏർപ്പാടുകൾ ചെയ്തിരുന്നു. ഗ്രാമത്തിൽ 'കുല'വും നഗരത്തിൽ 'ശ്രേണി'യും അവയ്ക്കു മുകളിൽ ചക്രവർത്തി നിയമിക്കുന്ന ന്യായാധിപനുൾപ്പെട്ട 'ഗണ'വും എല്ലാറ്റിനും മീതെ രാജസഭയും എന്നതായിരുന്നു ഗുപ്തകാല ജുഡീഷ്യറിയുടെ സംവിധാനം. ആദ്യത്തെതു രണ്ടും തർക്കങ്ങൾക്കു മധ്യസ്ഥതീരുമാനമുണ്ടാക്കാനുള്ള സമിതികളായിരുന്നു. കോടതികൾ എന്നു യഥാർഥത്തിൽ വിളിക്കാവുന്നത് അവസാനം പറഞ്ഞ രണ്ടിനെയുമാണ്. രാജസഭയിൽ രാജാവും മുഖ്യന്യായാധിപനും ധർമശാസ്ത്രപണ്ഡിതരായ ബ്രാഹ്മണരും ഉൾപ്പെട്ടിരുന്നു. കേസുകളുടെ സാക്ഷിവിസ്താരം

ബുദ്ധൻെറ ശിലാവിഗ്രഹം
(അഞ്ചാംശതകം).

മുതലായ തെളിവുശേഖരണ നടപടികൾക്കുശേഷം മുഖ്യന്യായാധിപൻ ബന്ധപ്പെട്ട നിയമവ്യവസ്ഥകൾ വിശദീകരിക്കുന്നു. ധർമശാസ്ത്രപണ്ഡിതന്മാർ അവരുടെ അഭിപ്രായങ്ങൾ പറയുന്നു. ഇതെല്ലാം കേട്ടശേഷം രാജാവു ശിക്ഷ വിധിക്കുന്നു. തെറ്റായ ശിക്ഷകൾ വിധിക്കുന്നതിൽനിന്നു രാജാവിനെ പിന്തിരിപ്പിക്കേണ്ടത് ഉപദേഷ്ടാക്കളുടെ കർത്തവ്യമായിട്ടാണു കണക്കാക്കിയിരിക്കുന്നത്.

മറ്റൊരാൾക്കു കൊടുക്കാനുള്ള വക കൊടുക്കാതിരിക്കൽ, മറ്റൊരാളെ ദേഹോപദ്രവമേല്പിക്കൽ എന്നീ മാതൃകയിൽ കേസുകളെ രണ്ടു വിഭാഗങ്ങളായി തിരിച്ചിരുന്നു-ഇന്നത്തെ സിവിലും ക്രിമിനലും വിഭാഗങ്ങളെപ്പോലെ. സമൂഹത്തിലെ അവശർക്കും ആതുരർക്കും ആനുകൂല്യങ്ങൾ എത്തിച്ചുകൊടുക്കുന്നതിനും ജനങ്ങളുടെ സാന്മാർഗികനിലവാരം ഉയർത്തുന്നതിനും ഗുപ്തചക്രവർത്തിമാർ പ്രത്യേകം ശ്രദ്ധിക്കുകമാത്രമല്ല ആ രംഗങ്ങളിൽ തങ്ങൾക്കുണ്ടായ നേട്ടങ്ങളെക്കുറിച്ച് അവർ അഭിമാനംകൊള്ളുകകൂടി ചെയ്തു. ഇങ്ങനെ ഭാവിയിൽ മറ്റു പലരും അനുകരിക്കത്തക്കവിധം മഹത്തായ ഒരു ഭരണക്രമമാണു ഗുപ്തചക്രവർത്തിമാർ വാർത്തെടുത്തത്.

സാംസ്കാരികാഭിവൃദ്ധി. ജനങ്ങളുടെ സന്തുഷ്ടി അഭൂതപൂർവമായ ഒരു സാംസ്കാരികാഭിവൃദ്ധിക്കു വഴിതെളിച്ചു. മിക്ക ഗുപ്തചക്രവർത്തിമാരും വിഷ്ണുഭക്തന്മാരായിരുന്നു. 'പരമഭാഗവതൻ' എന്ന് ഒന്നിലധികം ചക്രവർത്തിമാരെ ലിഖിതങ്ങളിൽ വിശേഷിപ്പിച്ചിട്ടുണ്ട്. അവർ വിഷ്ണുവാഹനമായ ഗരുഡനെ കൊടിയടയാളമായി സ്വീകരിച്ചു. ഗരുഡമുദ്രയുള്ള നാണയങ്ങളും അവർ പുറപ്പെടുവിച്ചു. വിഷ്ണുഭക്തന്മാരാണെന്നുവച്ച് അവർ മറ്റ് ആരാധനാക്രമങ്ങളെ എതിർക്കാനോ നശിപ്പിക്കാനോ ശ്രമിച്ചില്ല. സമുദ്രഗുപ്തനും ചന്ദ്രഗുപ്തൻ രണ്ടാമനും വിഷ്ണുഭക്തന്മാരായിരുന്നു. കുമാരഗുപ്തൻ ഒന്നാമനാകട്ടെ സ്കന്ദഭക്തനായിരുന്നു. അദ്ദേഹം തൻെറ പുത്രനു സ്കന്ദൻ എന്നു പേരിട്ടത് അതുകൊണ്ടാണ്. ഗുപ്തചക്രവർത്തിമാർ വിഷ്ണുക്ഷേത്രങ്ങൾ മാത്രമല്ല നിർമിച്ചത്. അനേകം ശിവക്ഷേത്രങ്ങളും ശിവവിഗ്രഹങ്ങളുംകൂടി നിർമിക്കയുണ്ടായി. ഹിന്ദുമതത്തോടൊപ്പം ബൗദ്ധ-ജൈനമതങ്ങളും നിർബന്ധം നിലനിന്നു. ഹിന്ദുമതത്തിനുണ്ടായ നവോത്ഥാനം കൂടുതൽ മൗലികവും വ്യാപകവുമായിരുന്നു എന്നു മാത്രം. ഇന്ദ്രൻ, അഗ്നി, വാരുണൻ മുതലായ ദേവന്മാരെ ആരാധിക്കുന്ന വേദസമ്പ്രദായത്തിൽനിന്നു ഭിന്നമായി വിഷ്ണു, ശിവൻ തുടങ്ങിയ ദൈവങ്ങളെ ആരാധിക്കുന്ന പതിവു പ്രചരിച്ചതു ഗുപ്തകാലത്താണ്.

ഇന്ത്യയിലെ ക്ഷേത്രനിർമിതിയിൽ പുതിയൊരു ശില്പമാതൃക ഇക്കാലത്ത് ഉടലെടുക്കുകയുണ്ടായി. തടി മുതലായി എളുപ്പം ദ്രവിക്കുന്ന പദാർഥങ്ങൾക്കു പകരം ശിലയും ഇഷ്ടികയുംകൊണ്ടു ക്ഷേത്രങ്ങളും മന്ദിരങ്ങളും പണിതുടങ്ങി. എന്നു മാത്രമല്ല, താരതമ്യേന ഹ്രസ്വമായ ഒരു കാലഘട്ടത്തിനുള്ളിൽ ഉന്നതങ്ങളായ ക്ഷേത്രങ്ങളും വിവിധമാതൃകയിലുള്ള കെട്ടിടങ്ങളും രാജ്യത്താകമാനം നിർമിക്കപ്പെട്ടു. ശില്പമാതൃകയിൽ ഒരു വിപ്ലവത്തിൻെറ തുടക്കമായിരുന്നു ഇത്. മനുഷ്യശരീരത്തിൻെറ മനോഹാരിത ആവിഷ്കരിക്കുക എന്നൊരു പുതിയ സമ്പ്രദായം പ്രതിമാശില്പകലയിൽ പ്രത്യക്ഷപ്പെട്ടു. വിഷ്ണുവിൻെറയും മറ്റും മനോഹരമായ പ്രതിമകൾ ഇക്കാലത്തു നിർമിച്ചു. ചിത്രകലയിൽ അഭൂതപൂർവമായ ഒരു വികാസമാണുണ്ടായത്. വിഷ്ണുധർമോത്തരം എന്ന ഗുപ്തകാലഗ്രന്ഥത്തിലെ ഒരു അധ്യായം മുഴുവൻ ചിത്രകലയെക്കുറിച്ചാണ്. ഭിത്തിമേൽ ചിത്രംവരയ്ക്കുന്നതിനുള്ള തലം തയ്യാറാക്കുക, ചായക്കൂട്ടുകൾ ഉണ്ടാക്കുക മുതലായ കാര്യങ്ങൾ ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ചിത്രകലയുടെ തത്വങ്ങൾ, സാങ്കേതികസമ്പ്രദായങ്ങൾ എന്നിവയെക്കുറിച്ചു ഗാഢവും വിശദവുമായ ചിന്തയും ചർച്ചയും ഇക്കാലത്തു നടന്നിട്ടുണ്ട്. അജന്തയിലെയും ഉദയഗിരിയിലെയും മറ്റും ഗുഹകളിൽ ചിലതു ഗുപ്തകാലത്താണു നിർമിക്കപ്പെട്ടത്.

പാടലീപുത്രത്തിലെ ഗുപ്തന്മാർ

1. **ചന്ദ്രഗുപ്തൻ ഒന്നാമൻ**	319 ഏ.ഡി.
2. കചൻ ?	
3. സമുദ്രഗുപ്തൻ	350
4. ചന്ദ്രഗുപ്തൻ II വിക്രമാദിത്യൻ	380
5. കുമാരഗുപ്തൻ I മഹേന്ദ്രാദിത്യൻ	414
6. സ്കന്ദഗുപ്ത വിക്രമാദിത്യൻ	455
7. പുരഗുപ്തൻ	480
8. ബുദ്ധഗുപ്തൻ ?	
9. നരസിംഹഗുപ്തബാലാദിത്യൻ	485
10. കുമാരഗുപ്തൻ II	530
11. വിഷ്ണുഗുപ്തൻ	

സംസ്കൃതമായിരുന്നു ഗുപ്തകാലത്തെ ഔദ്യോഗിക ഭാഷ. സംസ്കൃതം അന്ന് ഒരു ജീവൽഭാഷതന്നെ ആയിരുന്നു. മതം, ദർശനം, ശാസ്ത്രം, സാഹിത്യം എന്നീ വിഭാഗങ്ങളിൽപ്പെട്ട അനേകം മഹാഗ്രന്ഥങ്ങൾ ഗുപ്തകാലത്തു രചിക്കപ്പെട്ടു. വായുപുരാണം, വിഷ്ണുപുരാണം, ബ്രഹ്മാണ്ഡപുരാണം എന്നിവയിൽ ഗുപ്തന്മാരെക്കുറിച്ചു കാണുന്ന പരാമർശങ്ങൾ പ്രക്ഷിപ്തങ്ങളല്ലെങ്കിൽ അവ ഗുപ്തകാലത്താണു രചിക്കപ്പെട്ടതെന്നുള്ളതു തീർച്ചയാണ്. ബൃഹസ്പതി, നാരദൻ, കാത്യായനൻ, പരാശരൻ, നാരീശ്വരൻ തുടങ്ങിയ സ്മൃതികാരന്മാർ ഈ കാലഘട്ടത്തിലാണു ജീവിച്ചതും പ്രവർത്തിച്ചതും. ഈശ്വരകൃഷ്ണൻ, ദിങ്നാഗൻ, പ്രശസ്തപാദൻ, ഗൗഡപാദൻ, കുമാരിലൻ, പ്രഭാകരൻ മുതലായ ദാർശനികന്മാരുടെ കാലവും ഇതായിരുന്നു. 23-ാമത്തെ വയസ്സിൽ ആൾജിബ്രയെക്കുറിച്ച് ഒരു പ്രബന്ധമെഴുതുകയും സംഖ്യകളുടെ ദശാംശസ്ഥാ

നമൂല്യം കണ്ടുപിടിച്ചു നടപ്പാക്കുകയും, ഭൂമി ഉരുണ്ടതാണെന്നും അതു സ്വന്തം അച്ചുതണ്ടിന്മേൽ കറങ്ങുന്നുണ്ടെന്നും ആദ്യമായി കണ്ടുപിടിച്ചു പ്രസ്താവിക്കുകയും ചെയ്ത ആര്യഭടൻ ഗുപ്തകാലത്താണു ജീവിച്ചിരുന്നത്. ദണ്ഡി, സുബന്ധു, ബാണൻ, ഭാമഹൻ, അമരൻ, ചന്ദ്രൻ, ഭർതൃഹരി മുതലായ വൈജ്ഞാനികസാഹിത്യകാരന്മാരുടെ കാലവും ഇതുതന്നെ. സംസ്കൃതസാഹിത്യത്തിന്റെ കാവ്യനാടകശാഖകളിൽ അനശ്വരമായ സൃഷ്ടികളും, അനശ്വരന്മാരായ കവികളും ഗുപ്തകാലത്ത് ഉണ്ടായി. വിശ്വമഹാകവികളുടെയിടയിൽ അദ്വിതീയസ്ഥാനം ലഭിച്ച കാളിദാസൻ ചന്ദ്രഗുപ്തവിക്രമാദിത്യന്റെ സദസ്യനായിരുന്നു. ഭവഭൂതി, ഭാരവി, മാഘൻ എന്നീ മഹാകവികളും ഗുപ്തസാമ്രാജ്യത്തിലത്രെ ജീവിച്ചത്. ഭാരതത്തിന്റെ സാംസ്കാരികരംഗം ഇത്രയേറെ സജീവമാവുകയും ഇത്രയേറെ മഹാന്മാരെയും മഹാസൃഷ്ടികളെയും ദർശിക്കുകയും ചെയ്ത മറ്റൊരു കാലഘട്ടം അതിനുമുമ്പുണ്ടായിട്ടില്ല. അതുകൊണ്ടാണു ചരിത്രകാരൻ ഗുപ്തസാമ്രാജ്യകാലത്തെ 'ഇന്ത്യാചരിത്രത്തിലെ സുവർണയുഗം' എന്നു വിശേഷിപ്പിക്കുന്നത്.

ആർ.വി. ഉണ്ണിത്താൻ.

ഗുപ്ത, സി.ബി. (1902—1980)

ഉത്തരപ്രദേശിലെ പ്രമുഖ കോൺഗ്രസ്നേതാവ്. 1902 ജൂലായ് 14-നു ജനിച്ചു. ലക്നൗ സർവകലാശാലയിൽനിന്നു നിയമബിരുദം നേടി. മുഴുവൻ പേര് ചന്ദ്രഭാനു ഗുപ്ത. അഭിഭാഷകവൃത്തി സ്വീകരിച്ചെങ്കിലും ആയിടെത്തന്നെ (1925) ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിൽ ചേർന്നു പ്രവർത്തിച്ചു. യു.പി. കോൺഗ്രസ് കമ്മിറ്റിയിലും അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റിയിലും അംഗമായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ നേതൃത്വം വഹിച്ചു. പലതവണ ജയിലിലടയ്ക്കപ്പെട്ടു. 1960 മുതൽ മൂന്നു കൊല്ലം യു.പി. സംസ്ഥാനത്തെ മുഖ്യമന്ത്രിയായിരുന്നു. വീണ്ടും 1967-ലും 1969-ലും ഹ്രസ്വകാലങ്ങളിൽ മുഖ്യമന്ത്രിയായി. എ.ഐ.സി.സി.-യുടെ ട്രഷററായി പ്രവർത്തിച്ചിട്ടുണ്ട്. 1980 മാർച്ചിൽ അന്തരിച്ചു.

ഗുബ്ബി വീരണ്ണ (1889-1972)

കന്നട നാടകവേദിയിലെ ഏറ്റവും പ്രഭാവശാലിയായ നടൻ. സ്വന്തമായി നാടടക്കമ്പനി സ്ഥാപിച്ചു നടത്തുകയും നാലു പതിറ്റാണ്ടുകളോളം കന്നടത്തിലെ പ്രൊഫഷനൽ നാടകങ്ങളുടെ നടുനായകസ്ഥാനം അലങ്കരിക്കുകയും ചെയ്തു. ഗുബ്ബി നാടകസംഘം എന്ന പേരിലാണ് അദ്ദേഹത്തിന്റെ കമ്പനി അറിയപ്പെട്ടിരുന്നത്. ഗുബ്ബിയുടെ പത്നി ബി.ജയമ്മ (1915-1988) പ്രസിദ്ധയായ നാടക-ചലച്ചിത്രനടി ആയിരുന്നു. അക്കാലത്തെ പ്രൊഫഷണൽ നാടകരചയിതാക്കളിൽ പ്രമുഖനായിരുന്ന ബെള്ളാവ നരസിംഹശാസ്ത്രിയുടെ മുഖ്യകൃതികൾ എല്ലാം രചിക്കപ്പെട്ടത് ഗുബ്ബി നാടകസംഘത്തിനുവേണ്ടി ആയിരുന്നു. ഗുബ്ബി വീരണ്ണയുടെ ജീവിതകഥ *കലയേ-കായക* എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അരനൂറ്റാണ്ടു (1917-1967) നീണ്ടുനിന്ന നാടകജീവിതത്തിൽനിന്നു വീരണ്ണ നേടിയ വിശിഷ്ടാനുഭവങ്ങളുടെ ഹൃദ്യമായ ആവിഷ്കാരമാണ് ഈ കൃതി. സാഹിത്യമേന്മയുള്ള ഒരു കൃതിയായി ഇതു പരിഗണിക്കപ്പെടുന്നു.

ഗുമ

ലാബിയേറ്റ കുലത്തിൽപ്പെട്ട ഒരു വാർഷിക ഓഷധി. ശാസ്ത്രനാമം: *ലിയോനരസ് സിബിരിക്കസ്* (*Leonurus sibiricus*). രണ്ടുമീറ്ററോളം ഉയരത്തിൽ വളരുന്നു. ബംഗാൾ, ബിഹാർ, അസം. കർണാടക എന്നിവിടങ്ങളിൽ കൂടുതലായി കാണുന്നു. പത്രവൃന്തത്തിന് വളരെ നീളമുണ്ട്. ഇല കർണിതമാണ്. പൂക്കൾ ചെമപ്പോ, നീലയോ, ഇളംചെമപ്പോ ആയിരിക്കും. ഈ ചെടിയുടെ മിക്കവാറും എല്ലാ ഭാഗങ്ങളും, പ്രത്യേകിച്ചും വിത്തുകൾ, ഔഷധഗുണമുള്ളതാണ്. ജ്വരം ശമിപ്പിക്കും. ഈ ചെടിയിൽ ല്യൂനറീൻ എന്ന ഒരു ആൽക്കലോയിഡും കൊഴുപ്പുകലർന്ന റസിനും അമ്ലവും ഉണ്ട്.



ഗുമ:
ഇലയും പൂവും.

ഗുരു അമർദാസ് (1479-1574)

മൂന്നാമത്തെ സിക്ക് ഗുരു. 73-ാം വയസ്സിൽ ഗുരുസ്ഥാനമേറ്റു. 22 കൊല്ലം ഗുരുസ്ഥാനത്തിരുന്ന ഇദ്ദേഹം ഒട്ടേറെ പുരോഗമനപരങ്ങളായ പരിഷ്കാരങ്ങൾ നടപ്പാക്കി. പഞ്ചാബിനെ 22 ഇടവകകളായി വിഭജിക്കുകയും ഓരോന്നിന്റെയും തലവന്മാരായി മികച്ച മിഷനറിമാരെ നിയമിക്കുകയും ചെയ്തതാണ് ഏറ്റവും മുഖ്യം.

സിക്കുമതസ്ഥാപകനായ ഗുരുനാനാക്കിന്റെ പുത്രന്മാരിൽ ഒരാളായ ശ്രീചന്ദ് സ്ഥാപിച്ചിരുന്ന ഉദാസിമതവിഭാഗം ഗുരു അമർദാസ് നിർത്തലാക്കി. മതതത്ത്വപ്രചാരണം ലക്ഷ്യമാക്കിക്കൊണ്ട് വർഷത്തിൽ മൂന്നു തവണ സിക്കുകാരെ മുഴുവൻ വിളിച്ചുകൂട്ടി മഹോത്സവമാഘോഷിക്കുക പതിവാക്കി. ജാതിസ്പർദ്ധ നീക്കാൻ വേണ്ടി ഒരു പൊതുഭക്ഷണശാല ഏർപ്പെടുത്തുകയും തന്നെ സന്ദർശിക്കുന്നവരെല്ലാം അവിടെനിന്ന് ആഹാരം കഴിച്ചതിനുശേഷമേ തന്നെക്കാണാവൂ എന്നൊരു നിർബന്ധം ഏർപ്പെടുത്തുകയും ചെയ്തു. മിശ്രവിവാഹം അനുവദിച്ചു. വിവാഹം, മരണം തുടങ്ങിയവ സംബന്ധിച്ചുണ്ടായിരുന്ന ബ്രാഹ്മണ കർമങ്ങളെല്ലാം തടഞ്ഞു. തീർഥാടനങ്ങളും നിർത്തലാക്കി. സിക്കുമതം ഏകീകരിക്കുകയും 'ഗ്രന്ഥസാഹെബി'ൽ തന്റേതായി ചില സ്തോത്രങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തു. പഞ്ചാബിലെ സിക്കുമതാനുയായികളുടെ എണ്ണം ഇക്കാലത്തു വളരെ വർധിച്ചു. മുഗൾ ചക്രവർത്തിയായ അക്ബർ ഗുരു അമർദാസിനെ സന്ദർശിച്ച് ഉപദേശം തേടാറുണ്ടായിരുന്നുവെന്നു മാത്രമല്ല, അവിടത്തെ പൊതുഭോജനശാലയിൽ നിന്നു ഭക്ഷണം കഴിക്കുകയും ചെയ്തിരുന്നു. 1574-ൽ ഗുരു അമർദാസ് അന്തരിച്ചതോടെ അദ്ദേഹത്തിന്റെ ജാമാതാവും ശിഷ്യനുമായ രാമദാസ് ഗുരുസ്ഥാനമേറ്റു. ഇതു മുതലാണ് പിൻതുടർച്ചാരീതി അംഗീകരിക്കപ്പെട്ടത്.

ഗുരുകുലവിദ്യാഭ്യാസം

പുരാതനഭാരതത്തിൽ നിലവിലിരുന്ന വിദ്യാഭ്യാസ സമ്പ്രദായം. ഗുരുകുലം ഗുരുവിന്റെ ഗൃഹമാണ്. ശിഷ്യർ ഗുരുവിന്റെ പാർപ്പിടത്തിൽ വസിച്ചു പഠിക്കുന്ന രീതിയാണു ഗുരുകുല സമ്പ്രദായം.

പുരാതന ഭാരതത്തിൽ അരണ്യവാസികളായ ഋഷിമാർ ആയിരുന്നു ആചാര്യന്മാർ. 10,000 വിദ്യാർഥികൾവരെ അടുത്തടുത്ത പർണശാലകളിൽ പാർത്ത് ഒരു ആചാര്യന്റെ കീഴിൽ വിദ്യ ആർജിച്ചിരുന്നു. അത്തരം ആചാര്യനെ കുലപതി എന്നാണു വിളിക്കുക. ആചാര്യന്റെ കീഴിൽ പല ഉപാധ്യായന്മാർ ഉണ്ടാകും. ആചാര്യൻ ഉപരിവിദ്യാഭ്യാസത്തിൽ മാത്രം ശ്രദ്ധിക്കും.

നൈമിഷാരണ്യത്തിൽ ശൗനകൻ, മാലിതീരത്തു കണ്വൻ, കാമ്യകവനത്തിൽ ധൗമ്യൻ, അവന്തിയിൽ സാന്ദീപനി, ഹിമവത്പാർശ്വത്തിൽ വസിഷ്ഠ വിശ്വാമിത്ര വ്യാസന്മാർ എന്നിവർ ഇതിഹാസപ്രസിദ്ധരായ കുലപതിമാർ ആയിരുന്നു. രാജാക്കന്മാരും ധനികന്മാരും ഗുരുകുലങ്ങൾക്കു ഭൂമിയും ഗോധനവും മറ്റും നല്കി പ്രോത്സാഹിപ്പിച്ചിരുന്നു. ശിഷ്യന്മാർ ഭിക്ഷയെടുത്തും ഗുരുകുലങ്ങളെ പുലർത്തിയിരുന്നു.

ആചാര്യൻ. ആചാര്യൻ സർവവിദ്യാവിശാരദൻ ആയിരുന്നു. ഉപാധ്യായന്മാർ ജ്ഞാനവിജ്ഞാനങ്ങളിൽ ആചാര്യനോളം നിഷ്ണാതരായിരിക്കണമെന്നില്ല. ഗുരു'സുന്ദര'നും 'സുമുഖ'നും 'സ്വച്ഛ'നും 'സുലഭ'നും 'ബഹുശാസ്ത്രവിത്തും' 'അസംശയ'നും ആയിരിക്കണം എന്നു സ്മൃതികൾ അനുശാസിക്കുന്നു. 'ഗു' അന്ധകാരത്തെയും 'രു' 'രോധ'ത്തെയും കുറിക്കയാൻ 'ഗുരു' അജ്ഞാനാന്ധകാരനിരോധകൻ ആണ്. വാക്കുകൊണ്ടുപോലും ഗുരു ശിഷ്യനെ വേദനിപ്പിക്കരുത് എന്നു മനു. ഗുരു ശിഷ്യന്റെ ശുശ്രൂഷണം അല്ലാതെ വേതനം സ്വീകരിക്കാൻ പാടില്ല. †ഗുരുദക്ഷിണ വിദ്യാഭ്യാസം അവസാനിക്കുമ്പോൾ, അതും ശിഷ്യന്റെ കഴിവ് അനുസരിച്ചുമാത്രം സ്വീകരിക്കാം. കുട, മെതിയടി, പീഠം, വസ്ത്രം, ചീര മുതലായവ ആണു പലപ്പോഴും ശിഷ്യന്മാർ നല്കിയിരുന്നത്. ധനികരായ ശിഷ്യർ

ഭൂമിയും സ്വർണവും നല്കിയിരുന്നു. വിദ്യാർജനത്തിനു മൂന്നു മാർഗമേ ഉണ്ടായിരുന്നുള്ളൂ: ശുശ്രൂഷണം, ധനദാനം, പകരം മറ്റൊരു വിദ്യ പഠിപ്പിച്ചുകൊടുക്കൽ. നളനും ഋതുപർണനും അശ്വഹൃദയവും അക്ഷഹൃദയവും പരസ്പരം പഠിപ്പിച്ച കഥ ഭാരതത്തിലുണ്ട്.

ശിഷ്യൻ. എട്ടാം വയസ്സിലാണു ഗുരു ശിഷ്യനെ സ്വീകരിച്ച് ഉപനയിക്കുന്നത്. സമാവർത്തനംവരെ ശിഷ്യൻ ഗുരുകുലത്തിൽ കഴിയുന്നു. ശ്വേതകേതു 12-ാം വയസ്സിലും ആരുണി യൗവനത്തിലും വിദ്യ അഭ്യസിച്ചതായി കാണുന്നു. വിദ്യാർജനത്തിനു നിശ്ചിതമായ സമയപരിധി ഇല്ല. അച്ഛനമ്മമാർ സന്താനങ്ങളെ ഗുരുവിനെ ഏല്പിക്കയായിരുന്നു പതിവ്. ശിഷ്യൻ ആകാൻ ഉദ്ദേശിക്കുന്നയാൾ തനിച്ചുചെന്നു പേരും വംശവും പറഞ്ഞ് അഭിവാദനം നടത്തിയാലും സ്വീകാര്യനെന്നു കണ്ടാൽ ഗുരു ഗുരുകുലത്തിൽ പ്രവേശിപ്പിക്കും. ആചാര്യഗൃഹത്തിലെ ത്രേതാഗ്നികളുടെ സംരക്ഷണം, ഗുരുശുശ്രൂഷ, ആഹാരസമ്പാദനം, പൂജാദ്രവ്യങ്ങളും വിറകും ശേഖരിക്കൽ, കാലിമേയ്ക്കൽ ഇവയൊക്കെ ശിഷ്യരുടെ ചുമതല ആണ്. സ്വഭാവശുദ്ധി, സദാചാരനിഷ്ഠ, സേവനതത്പരത, വിദ്യാർജനോത്സുകത, വിനയം ദേഹാധ്വാന പ്രതിപത്തി, വിവേകം ഇവ ശിഷ്യർക്കുണ്ടായിരിക്കണം.

അധ്യാപനം. വേദങ്ങൾ, വേദാംഗങ്ങൾ (ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ജ്യോതിഷം) ആയുർവേദം, കലകൾ, ധനുർവേദം, ദർശനങ്ങൾ എന്നിങ്ങനെ ഏതുവിഷയവും ശിഷ്യന്റെ അഭിരുചിക്കനുസരിച്ചു പഠിപ്പിച്ചിരുന്നു. ജ്ഞാനത്തിനും (മുക്തിസാധകമായ അറിവ്) വിജ്ഞാനത്തിനും (ശാസ്ത്രങ്ങളിലും കലകളിലും ഉള്ള അറിവ്) തുല്യസ്ഥാനം നല്കിയിരുന്നു. സ്മൃതികൾ, ഗജവാജിരഥക്രിയ, രാഷ്ട്രതന്ത്രം, ധനുർവേദം ഇവ ക്ഷത്രിയർക്കു നിർബന്ധിതമായിരുന്നു. വർണാശ്രമാചാരങ്ങൾ അനുസരിച്ചാണു ശിഷ്യരെ പഠിപ്പിച്ചിരുന്നതെങ്കിലും ആർക്കും ഏതുവിദ്യയും പഠിക്കാൻ സ്വാതന്ത്ര്യം ഉണ്ടായിരുന്നു. അബ്രാഹ്മണനായ സത്യകാമജാബാലി സത്യകഥനംകൊണ്ടു ബ്രാഹ്മണനായി പരിഗണിക്കപ്പെട്ട കഥ ഉപനിഷത്തിലുണ്ട്. കൃപരും ദ്രോണരും ബ്രാഹ്മണരായിട്ടും ആയോധനവിദ്യ ജീവിതവൃത്തിയാക്കി ക്ഷത്രിയതുല്യം ജീവിച്ചു. നിലത്തു കിടക്കക, രാത്രിമാത്രം ഉറങ്ങുക, വെയിലും മഴയുമേറ്റു നഗ്നപാദനായി നടക്കുക, ജന്തുഹിംസ ഒഴിവാക്കുക, സുഗന്ധദ്രവ്യങ്ങൾ വർജിക്കുക, ബ്രഹ്മചര്യം പാലിക്കുക-ഇതൊക്കെ വിദ്യാർഥിക്കു നിർബന്ധമായിരുന്നു. വിദ്യാർഥി ബ്രഹ്മചാരി ആയി അറിയപ്പെട്ടിരുന്നു. ബ്രഹ്മം വേദത്തെ, അറിവിനെ കുറിക്കുന്നു. അറിവു സ്വായത്തം ആക്കുന്നവൻ ആണു ബ്രഹ്മചാരി.

ഗുരുക്കൾ, എം.കെ. (1869-1929)

സംസ്കൃതപണ്ഡിതനും മലയാള ഗ്രന്ഥകാരനും. മുഴുവൻ പേര് കോരപ്പൻ ഗുരുക്കൾ. അറുപത്തിനാലു കലകളെക്കുറിച്ചുള്ള വിവരണം ഉൾക്കൊള്ളുന്ന കലാവിദ്യാവിവരണം ആണ് ഗുരുക്കളുടെ പ്രധാന ഗ്രന്ഥം.

1869-ൽ കോഴിക്കോടുതാലൂക്കിൽ എലത്തൂരംശത്തിൽ ഒരു ദരിദ്രകുടുംബത്തിലാണ് ഗുരുക്കൾ പിറന്നത്. കുട്ടിക്ക് എട്ടുമാസം പ്രായമാവുന്നതിനുമുന്നേ അച്ഛൻ മരിച്ചു. അമ്മ കയറുപിരിച്ചും ചകിരി തല്ലിയും വളരെ കഷ്ടപ്പെട്ടു മകനെ വളർത്തി. ആദ്യം മാമ്പശ്ശേരി രാമൻ ഗുരുക്കളുടെ അടുത്തും പിന്നീട് തലശ്ശേരിയിൽ ചെന്ന് കുഞ്ഞിക്കണ്ണൻ ഗുരുക്കൾ എന്ന പ്രസിദ്ധ പണ്ഡിതന്റെ അടുക്കലും സംസ്കൃതം പഠിച്ചു. പതിനാറാം വയസ്സിൽ അമ്മയും മരിച്ചതോടെ ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ വിഷമമായി. പല നാട്ടെഴുത്തുപള്ളികളിലുമായി 21-ാം വയസ്സുവരെ ജോലിചെയ്തു. കുഞ്ഞിക്കണ്ണൻ ഗുരുക്കൾ മരിച്ചപ്പോൾ തലശ്ശേരിയിൽ അദ്ദേഹം നടത്തിയിരുന്ന സംസ്കൃത പാഠശാല ഏറ്റെടുത്തു നടത്തി. ചില ഭജനകേന്ദ്രങ്ങളിൽ പുരാണപാരായണവും മതപ്രഭാഷണവും കൂട്ടത്തിൽ നടത്തിപ്പോന്നു. 1902-ൽ തലശ്ശേരി ബ്രണ്ണൻ കോളെജിൽ മലയാളം പണ്ഡിതരായി നിയമിക്കപ്പെട്ടു. 1926-ൽ ഉദ്യോഗത്തിൽ നിന്നു പിരിഞ്ഞു.

സി.കൃഷ്ണന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന മിതവാദിയിൽ ചെറുപ്പംമുതൽതന്നെ ഗുരുക്കൾ കനപ്പെട്ട ലേഖനങ്ങൾ പ്രസിദ്ധീകരിച്ചുപോന്നു. പുനർജന്മം, ഇന്ദ്രിയവാദം, സർവജ്ഞതാവാദം, അഹിംസാവ്രതം, യാഗീയഹിംസ എന്നിങ്ങനെ ചില വിഷയങ്ങളെപ്പറ്റിയായിരുന്നു ആദ്യകാല ലേഖനങ്ങൾ. മതങ്ങളെപ്പറ്റി പഠിച്ച് എഴുതിയ മുക്തിവിവേകം, പ്രവേശകവ്യാകരണത്തിന്റെ തിങന്തം, ഭാഷാവ്യാഖ്യാനം, ഉപനിഷത്തുക്കളെ ആസ്പദമാക്കി വിഗ്രഹാരാധന ആവശ്യമാണെന്ന് സമർഥിക്കുന്ന വിഗ്രഹാരാധന എന്നിവ തുടർച്ചയായി പത്രങ്ങളിൽ എഴുതപ്പെട്ട നിബന്ധങ്ങളാണ്. മിതവാദിയിലെന്നപോലെ കൈരളി, ഭാഷാപോഷിണി, കേരളചന്ദ്രിക, കേരളപത്രിക, മനോരമ തുടങ്ങിയ ആനുകാലിക പ്രസിദ്ധീകരണങ്ങളിലും ഗുരുക്കൾ തുടർച്ചയായി ലേഖനങ്ങൾ എഴുതിയിരുന്നു. ഭാഷാപോഷിണിയിൽ തുടർച്ചയായി പ്രസിദ്ധീകരിച്ച ലേഖനങ്ങളാണ് *കലാവിദ്യാവിവരണം* എന്ന പേരിൽ പുസ്തകമാക്കിയിട്ടുള്ളത്. ഗുരുക്കളുടെ മിക്ക ലേഖനങ്ങളും സമാഹരിച്ചിട്ടില്ല. യുക്തിവിചാരസമ്പന്നമാണ് ഗുരുക്കളുടെ ലേഖനങ്ങളെല്ലാംതന്നെ.

1929 ജൂലൈ 1-നു ഗുരുക്കൾ നിര്യാതനായി.

ഗുരു ഗോവിന്ദസിങ് (1666—1708)

സിഖുകാരുടെ പത്താമത്തെ ഗുരു. തന്റെ പിതാവും സിഖുകാരുടെ 9-ാമത്തെ ഗുരുവുമായ തേജ്ബഹദൂരിനെ പിന്തുടർന്ന് 1675-ൽ ഗുരുവായി. അന്നുമുതൽ 1708-ൽ ഒരു അഫ്ഘാൻകാരനാൽ വധിക്കപ്പെടുന്നതുവരെ സിഖുകാരുടെ ഗുരുവും അനിഷേധ്യനേതാവുമായിരുന്നു. ഗോവിന്ദസിങ് അവസാനത്തെ ഗുരുവാണെങ്കിലും സിഖുകാരുടെ ശക്തിക്കു ശരിയായ അടിത്തറ പാകിയത് ഇദ്ദേഹമാണ്. മുഗൾരാജാക്കന്മാർക്കെതിരായി പടപൊരുതാനുള്ള കരുത്തും തന്റേടവും സിഖുകാർ നേടിയത് ഇദ്ദേഹത്തിന്റെ കാലത്താണ്. ഗോവിന്ദസിങ് ജാതിവ്യവസ്ഥകളെ തച്ചുടയ്ക്കാൻവേണ്ടി 'പാഹുൽ' എന്ന ചടങ്ങ് സംഘടിപ്പിച്ചു. അങ്ങനെയുള്ള സഹോദരന്മാരെല്ലാം 'ഖൽസ' എന്ന പേരിൽ അറിയപ്പെടുന്നു. അതിലെ ഓരോ അംഗത്തിനും 'സിങ്' എന്ന പദവിയും കിട്ടി. അവർക്കെല്ലാം അഞ്ചുകാര്യങ്ങൾ നിർബന്ധമായി ഉണ്ടായിരിക്കണം: 1 കേശ് (നീണ്ട മുടിയും താടിയും), 2. കംഘി (ചീപ്പ്), 3. കച്ഛ (കാൽച്ചട്ട) , 4. കങ്കൺ (ഇരുമ്പുവള), 5. കൃപാൺ (വാൾ) അങ്ങനെ തികച്ചും മതപരമായ ഒരു വിഭാഗമായിരുന്ന സിഖുകാരെ സാമൂഹിക വിപ്ലവകാരികളായി മാറ്റിയ ഗുരുഗോവിന്ദസിങ് ഒട്ടേറെ നാട്ടുരാജാക്കന്മാരുമായും മുഗൾ ഉദ്യോഗസ്ഥന്മാരുമായും യുദ്ധങ്ങൾ നടത്തി. മുഗളന്മാരുമായിട്ടുണ്ടായ യുദ്ധത്തിലാണു സർഹിന്ദിലെ മുഗൾഗവർണർ ഇദ്ദേഹത്തിന്റെ രണ്ടു പുത്രന്മാരെ വധിച്ചത്. മുഗൾസാമ്രാജ്യത്തിലുണ്ടായ ആഭ്യന്തരയുദ്ധത്തിൽ ഇദ്ദേഹം ബഹദൂർഷായെ സഹായിച്ചു. 1708-ൽ ഡക്കാനിലെ നന്ദറിൽവച്ചു വധിക്കപ്പെട്ടു.

ഗുരു ഗ്രന്ഥസാഹിബ്

† ഗ്രന്ഥസാഹിബ് നോക്കുക

ഗുരുത്വം (Gravity)

നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ തുടങ്ങിയ ഖഗോള വസ്തുക്കൾ മറ്റു വസ്തുക്കളിൽ പ്രയോഗിക്കുന്ന †ഗുരുത്വാകർഷണം (gravitation). ഭാരതീയ തർക്കശാസ്ത്രത്തിൽ ദ്രവ്യങ്ങളുടെ 24 ഗുണങ്ങളിൽ ഒന്നായി 'ഗുരുത്വം' എന്ന സംജ്ഞ ഉപയോഗിക്കുന്നുണ്ട്. ഭൂമിയടെ ഗുരുത്വത്തിനു ഭൂഗുരുത്വം എന്നു പറയുന്നു.

ഖഗോള വസ്തുക്കളിലേക്കു പതിക്കുന്ന വസ്തുവിന്, ആ ഖഗോളവസ്തുവിന്റെ ഗുരുത്വാകർഷണ ബലം മൂലമുണ്ടാകുന്ന ത്വരണമാണു ഗുരുത്വ ത്വരണം (acceleration due to gravity). ഇതു ഖഗോളവസ്തുകേന്ദ്രത്തിന്റെ ദിശയിലാണ് അനുഭവപ്പെടുന്നത്. g ആണു സാധാരണമായി ഗുരുത്വ ത്വരണത്തിന്റെ പ്രതീകം. പതനവസ്തുവിന്റെ ദ്രവ്യമാനം അനുസരിച്ച് ഇതു മാറുന്നില്ല.

ഭൂഗുരുത്വ ത്വരണത്തിന്റെ മൂല്യം ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്തമാണ്. സ്ഥലത്തിന്റെ ഉന്നതി, അക്ഷാംശം, രേഖാംശം എന്നീ ഘടകങ്ങൾക്ക് അനുസരിച്ച് g മാറുന്നു. ഭൂമധ്യരേഖാപ്രദേശത്തു സമുദ്രനിരപ്പിൽ ഇതിന്റെ മൂല്യം 9.81 ms^{-2} ആയിരിക്കും.

ഭൂമിയിലുള്ള ഒരു വസ്തുവിനു ഭാരം (weight) അനുഭവപ്പെടുന്നതു ഭൂമിയിടെ ഗുരുത്വം മൂലമാണ്. വസ്തുവിന്റെ ദ്രവ്യമാനവും (mass) ഗുരുത്വ ത്വരണവും തമ്മിലുള്ള ഗുണനഫലമാണ് ഭാരം.

ഗുരുത്വ ത്വരണ നിർണയം. ഒരു സ്ഥലത്തെ ഗുരുത്വ ത്വരണം (g) കണ്ടുപിടിക്കാൻ പലതരം പരീക്ഷണങ്ങൾ ഉണ്ട്. പെൻഡുലം ഉപയോഗിച്ച് ഉള്ള പരീക്ഷണങ്ങളിലൂടെ ആണ് ഇതു കണ്ടുപിടിച്ചിരുന്നത്. ഭൂമിയിലേക്കു പതിക്കുന്ന വസ്തുവിന്റെ പ്രവേഗ വ്യത്യാസം നേരിട്ട് അളന്ന് g-യുടെ മൂല്യ നിർണയം നടത്തുന്ന രീതി 20-ാം നൂറ്റാണ്ടിന്റെ മധ്യമായപ്പോഴേ നിലവിൽ വന്നുള്ളൂ. റഡാറിന്റെയും

മറ്റും കണ്ടുപിടിത്തമാണ് ഇതു സാധ്യമാക്കിയത്. ഇതു കൂടുതൽ കൃത്യമായ മൂല്യം കണ്ടെത്തുവാൻ സഹായിച്ചു. 1958-ൽ എ. തുളിൻ പ്ലാറ്റിനം ഇറിഡിയം സ്കെയിൽ ഉപയോഗിച്ചു നടത്തിയ പരീക്ഷണം ഈ രംഗത്തെ ഒരു നാഴികക്കല്ലാണ്.

†ഗുരുത്വാകർഷണം നോക്കുക.

ഗുരുത്വകേന്ദ്രം (Centre of gravity)

ഒരു വസ്തുവിലെ എല്ലാ കണങ്ങളെയും ഭൂമി അതിന്റെ കേന്ദ്രത്തിലേക്കാകർഷിക്കുന്നു. സമാന്തരമായാണ് ആകർഷണം പ്രയോഗിക്കപ്പെടുന്നത്. ഈ സമാന്തരബലങ്ങളുടെ പരിണതബലം (resultant force) ഒരു ബിന്ദുവിൽ പ്രവർത്തിക്കുന്നതായി കരുതാം. ഇതാണു വസ്തുവിന്റെ ഗുരുത്വകേന്ദ്രം. ഈ ബിന്ദുവിൽ വസ്തുവിന്റെ മൊത്തം പിണ്ഡവും കേന്ദ്രീകരിച്ചിരിക്കുന്നതായനുഭവപ്പെടുന്നു. വസ്തുവിന്റെ ആകൃതിയിൽ വ്യത്യാസമുണ്ടാകുന്നില്ലെങ്കിൽ, ഗുരുത്വകേന്ദ്രം എക്കാലവും ഒരേ ബിന്ദു തന്നെയായിരിക്കും. ഈ ബിന്ദു, വസ്തുവിനുള്ളിലോ വെളിയിലോ ആകാം. വസ്തുക്കളുടെ സന്തുലനാവസ്ഥ (equilibrium)ഈ ബിന്ദുവിന്റെ സ്ഥാനത്തെ ആശ്രയിച്ചിരിക്കുന്നു. ഈ ബിന്ദുവിൽക്കൂടിയുള്ള ലംബരേഖ പാദത്തിനു വെളിയിലേക്കു മാറുമ്പോൾ വസ്തു വീണുപോകുന്നു.



ഗുരുത്വകേന്ദ്രം **A.** ഘനരൂപങ്ങൾ.
B. പലരൂപത്തിലുള്ള തകിടുകൾ

ഗുരുത്വമാപിനി (Gravity meter)

ഭൂമിയുടെ ഗുരുത്വാകർഷണ ക്ഷേത്രത്തിലുണ്ടാകുന്ന നേരിയ മാറ്റങ്ങൾ പോലും അളക്കുവാൻ കഴിയുന്ന ഉപകരണം. ഇതിനു വളരെ കൂടിയ സംവേദനക്ഷമത (Sensibility) ഉണ്ട്. ഗുരുത്വത്വരണ(g)ത്തിൽ ഉള്ള ചെറിയ മാറ്റങ്ങൾപോലും ഇതു സൂചിപ്പിക്കുന്നു. $\frac{1}{10^7}$. ആണ് ഇവയുടെ ശരാശരി സംവേദനക്ഷമത. എണ്ണയുടെയും മറ്റു ധാതുവിഭവങ്ങളുടെയും പര്യവേക്ഷണത്തിന് അത്യന്താപേക്ഷിതമാണ് ഈ ഉപകരണം.



A. സ്റ്റാറ്റിക് ഗുരുത്വമാപി
B. ഡൈനാമിക് ഗുരുത്വമാപി

ലഘുവായ ഒരു ഗ്രാവിറ്റി മീറ്ററിൽ, ഒരു സ്പ്രിങ്ങും അതിന്റെ അറ്റത്ത് ഒരു പിണ്ഡവും ഉണ്ടായിരിക്കും. ഗുരുത്വാകർഷണ ക്ഷേത്രത്തിലെ വ്യതിയാനം അനുസരിച്ചു സ്പ്രിങ്ങിന്റെ ദൈർഘ്യത്തിൽ വ്യത്യാസം ഉണ്ടാകുന്നു. ഈ വ്യത്യാസം അളക്കാൻ പലവിധമായ പ്രാകാശിക (Optical) സംവിധാനങ്ങൾ ഉണ്ട്. സമുദ്രപഠനത്തിലും ആകാശപര്യവേഷത്തിലും ജിയോളജീയ പഠനങ്ങളിലും ഗുരുത്വമാപിനി ഉപയോഗപ്പെടുത്തുന്നു. ഗ്രാവിറ്റിമീറ്റർ എന്നും ഗ്രാവിമീറ്റർ എന്നും ഇത് അറിയപ്പെടുന്നു.

ഗുരുത്വാകർഷണം (Gravitation)

ദ്രവ്യത്തിന്റെ ഒരു അടിസ്ഥാന ഗുണധർമം. പ്രപഞ്ചത്തിലെ ഏതു രണ്ടു ദ്രവ്യകണവും പരസ്പരം ആകർഷിക്കുന്നു — ഈ ആകർഷണമാണു ഗുരുത്വാകർഷണം. ഈ ആകർഷണബലത്തെ ഗുരുത്വാകർഷണബലം (gravitational force) എന്നു പറയുന്നു. രണ്ടു ദ്രവ്യങ്ങൾ തമ്മിലുള്ള ഗുരുത്വാകർഷണബലം അവയുടെ പിണ്ഡത്തെയും അവ തമ്മിലുള്ള ദൂരത്തെയും ആശ്രയിച്ചിരിക്കുന്നു.

രണ്ടു വസ്തുക്കളുടെ ബലം അളക്കാൻ സഹായിക്കുന്ന സമവാക്യം ആദ്യം നല്കിയതു സർ ഐസക് ന്യൂട്ടനാണ്. പ്രപഞ്ചം മുഴുവനും വ്യാപിച്ചിരിക്കുന്ന ഒരു ബലത്തെപ്പറ്റിയുള്ള പ്രവചനം ആദ്യം നടത്തിയത്, രണ്ടാംനൂറ്റാണ്ടിൽ ടോളമി ആണ്. ന്യൂട്ടൻ തന്റെ ഗുരുത്വനിയമം സ്ഥാപിച്ചതു ജ്യോതിശ്ശാസ്ത്രജ്ഞനായ കെപ്ളറുടെ നിയമങ്ങളിൽനിന്നാണ്. *പ്രിൻസിപ്പിയ* (1687) എന്ന ഗ്രന്ഥത്തിലൂടെ ആണു ന്യൂട്ടൻ ഈ സിദ്ധാന്തം അവതരിപ്പിച്ചത്. സൂര്യനു ചുറ്റും നിശ്ചിതപഥങ്ങളിൽക്കൂടിയുള്ള ഗ്രഹങ്ങളുടെ ഭ്രമണത്തിന് ഒരു ബലം ആവശ്യമാണെന്നു ഗലീലിയോയുടെ പരീക്ഷണങ്ങൾ തെളിയിച്ചു.

ന്യൂട്ടന്റെ സമകാലീനരായ സി. ഹ്യൂജീൻസ്, ബി. ഹുക്ക് എന്നിവർ കെപ്ളറുടെ മൂന്നാമത്തെ നിയമത്തിൽനിന്നും ഗുരുത്വാകർഷണബലം ദൂരത്തിന്റെ വർഗത്തിനു വിപരീതാനുപാതത്തിൽ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നു സ്ഥാപിച്ചു. ഭൂമി ഒരു വസ്തുവിനെ ആകർഷിക്കുന്ന ബലവും, ഗ്രഹങ്ങൾക്കിടയിൽ കാണപ്പെടുന്ന ആകർഷണബലവും ഒരേ സ്വഭാവം ഉള്ളവയാണ്. ഇതേ ബലംതന്നെയാണു പ്രപഞ്ചത്തിലെ മറ്റ് എല്ലാ വസ്തുക്കളിലും അനുഭവപ്പെടുന്നത്.

ന്യൂട്ടന്റെ ഗുരുത്വാകർഷണനിയമം. ഒരു വസ്തുവിലെ രണ്ടു കണികകൾ തമ്മിലുള്ള ആകർഷണബലം അവയുടെ ദ്രവ്യമാനത്തിന്റെ ഗുണനഫലത്തിന് ആനുപാതികമായും, അവ തമ്മിലുള്ള ദൂരത്തിന്റെ വർഗത്തിനു വിപരീതാനുപാതത്തിലും വ്യത്യാസപ്പെടുന്നു എന്നാണു ന്യൂട്ടന്റെ ഗുരുത്വാകർഷണനിയമം പറയുന്നത്. അതായതു കണികകളുടെ ദ്രവ്യമാനം m_1-ഉംm_2-ഉം ദൂരം d-യും ആണെങ്കിൽ അവ തമ്മിലുള്ള ആകർഷണബലം,

ഐസക് ന്യൂട്ടൻ

$F \propto \frac{m_1 m_2}{d^2}$ ആയിരിക്കും. അതായത് $F = G\frac{m_1 m_2}{d^2}$ ആയിരിക്കും. ഇവിടെ G ഒരു സ്ഥിരസംഖ്യയാണ്. ഇതിനെ ഗുരുത്വസ്ഥിരാങ്കം (6.67×10^{-11} എസ്.ഐ. ഏകകം) എന്നു പറയുന്നു. ഇതിൻെറ മൂല്യം പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കൾക്കും തുല്യമാണ്. ഈ നിയമപ്രകാരം ഒരു വസ്തുവും ഭൂമിയും തമ്മിലുള്ള ആകർഷണബലം (ഈ ആകർഷണബലത്തെ ആ വസ്തുവിൻെറ ഭാരം —W— എന്നു വിളിക്കുന്നു.) $=G\frac{mM}{r^2}$ ആണ്. ഇവിടെ m വസ്തുവിൻെറ ദ്രവ്യമാനവും, M ഭൂമിയുടെ ദ്രവ്യമാനവും, r ഭൂമിയുടെ വ്യാസാർധവും (ഭൂമിയുടെ ദ്രവ്യമാനം അതിൻെറ മധ്യത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നതായി കണക്കാക്കാം) ആണ്. വസ്തുവിൻെറ ആകർഷണബലം = $\frac{W}{m}$.

ബലത്തിൻെറ പരിണാമം ത്വരണമാണ്. ആകർഷണബലത്തിൽ നിന്നും വസ്തുവിനുണ്ടാകുന്ന ത്വരണം a എങ്കിൽ ന്യൂട്ടൻെറ രണ്ടാമത്തെ നിയമപ്രകാരം $W = ma$ (†ബലതന്ത്രം നോക്കുക.) അതായത് $a = \frac{W}{m}$. അതുകൊണ്ട് ഇങ്ങനെയുണ്ടാകുന്ന ത്വരണം ആ വസ്തുവിൻെറ ഒരു പിണ്ഡത്തിൽ ഉള്ള ആകർഷണബലത്തോടു തുല്യമാണ്. ഈ ത്വരണത്തെ അതായതു ഭൂമിയുടെ ആകർഷണബലംമൂലം ഉണ്ടാകുന്ന ത്വരണത്തെ ഗുരുത്വത്വരണം (acceleration due to gravity) എന്നു വിളിക്കാം. ഇതിനെ 'g' എന്ന അക്ഷരമുപയോഗിച്ചാണു കുറിക്കുക (†ഗുരുത്വം (gravity) നോക്കുക.) ഇവിടെ $a = g = \frac{W}{m} = \frac{G \times M}{r^2}$. ഇതിൽക്കൂടി ഭൂമിയുടെ ഘനത്വത്തെ പ്രതിനിധീകരിക്കുന്ന വാക്യം ലഭിക്കുന്നു. ഭൂമിയുടെ എല്ലാ ഭാഗവും തുല്യ ഘനത്വ($\triangle$)ത്തോടുകൂടിയതാണെങ്കിൽ$M = \frac{4}{3}\pi r^3 \triangle$. G സ്ഥിരമാണ്. (ക്ലാസിക്കൽ ബലതന്ത്രത്തിൽ ഇങ്ങനെ പറയുന്നു എങ്കിലും, ആധുനിക ഖഗോളസിദ്ധാന്തപ്രകാരം Gയുടെ മൂല്യം കുറഞ്ഞുവരികയാണ്. ഒരു വർഷം 10^{10}-ൽ ഒരു ഭാഗം എന്ന നിരക്കിലാണ് ഈ കുറവു സംഭവിക്കുന്നത്.) എന്നാൽ, 'g' എല്ലാ സ്ഥലത്തും ഒരുപോലെ ആയിരിക്കുകയില്ല. $g = \frac{GM_2}{r^2}$ ഇതിൽനിന്നും $\triangle = \frac{3}{4\pi} \times g\frac{1}{rG}$ എന്ന സമവാക്യം ഉപയോഗിച്ചു ഭൂമിയുടെ ഘനത്വം കണ്ടുപിടിക്കാം.

ഭൂമിയുടെ ഒരു ഘടകത്തിൻെറ (ഉദാഹരണമായി ഒരു പർവതം) ആകർഷണബലത്തിൽനിന്നുമാണ് G ആദ്യമായി നിർണയിച്ചത്. ബോഗർ തൻെറ പരീക്ഷണത്തിൽ ഒരു പർവതത്തിൻെറ സാന്നിധ്യത്തിൽ ഒരു പ്ലംലൈനിനുണ്ടാകുന്ന വിഭ്രംശനം ശാസ്ത്രീയമാർഗങ്ങളുപയോഗിച്ച് അളക്കുകയും പർവതത്തിൻെറ ആകർഷണബലം കണക്കാക്കുകയും ചെയ്തു. ഇതും പർവതത്തിൻെറ ഘനത്വവും ഉപയോഗിച്ച് G-യുടെ വില നിർണയിക്കപ്പെട്ടു. മാസ്കിലിനനും ഈ തത്വം ഉപയോഗിച്ചാണ് G കണക്കാക്കിയത്. അദ്ദേഹം ആകർഷണവസ്തുവാക്കിയതു വർത്ത്ഷയറിലെ ഷിക്കാലിയൻ പർവതമാണ്. അതിൽനിന്നും ഭൂമിയുടെ ഘനത്വം 5 ഗ്രാം/സി.സി. ആണെന്നു ലഭിച്ചു.

പർവതത്തിൻെറ ഘടനാനിർണയവും അതിൻെറ സാന്ദ്രതനിർണയവും സൂക്ഷ്മ(accurate)മല്ലാത്തതിനാൽ ഭൂമിയുടെ മുഴുവൻ ആകർഷണബലത്തെയും ഒരു ചെറിയ ഘടകത്തിൻെറ ആകർഷണബലവുമായി താരതമ്യപ്പെടുത്തിയാണ് എയറി ഭൂമിയുടെ ഘനത്വം കണ്ടുപിടിച്ചിട്ടുള്ളത്. തൻെറ പരീക്ഷണത്തിൽ അദ്ദേഹം ഒരു ഖനിയുടെ മുകളിലും താഴെയും പെൻഡുലം ഉപയോഗിച്ച് g നിർണയിച്ചു. (ഇവ വ്യത്യസ്തമായിരിക്കും.) ഇതിൽനിന്നും ഭൂമിയുടെ മുഴുവൻ ആകർഷണബലത്തെ ഇടയ്ക്കുള്ള പാളിയുടെ ആകർഷണബലത്തോടു താരതമ്യപ്പെടുത്തി. ഏകാക്ഷമായ പാളികളാൽ ഭൂമി നിർമിക്കപ്പെട്ടിരിക്കുന്നു എന്നു കരുതിയാൽ ഈ രണ്ട് ആകർഷണബലങ്ങളുടെ അനുപാതമായ G, ഖനിയുടെ താഴ്ച, ഭൂമിയുടെ വ്യാസാർധം, ഖനിയടങ്ങിയിരിക്കുന്ന പാളിയുടെ ഘനത്വം എന്നിവ ഉൾക്കൊള്ളുന്ന ഒരു സമവാക്യമുപയോഗിച്ചു കണ്ടുപിടിക്കാം. ഈ രീതിയിൽ ഘനത്വത്തിനു ലഭിച്ച മൂല്യം 6.4 ഗ്രാം/സി.സി. ആയിരുന്നു.


ഹെൻറി കാവെൻഡിഷ്.

കാവെൻഡിഷ് പരീക്ഷണം. ഈ പരീക്ഷണം ആദ്യമായി സംവിധാനംചെയ്തതു റവറൻറ് ജോൺ മൈക്കൾ ആണെങ്കിലും പരീക്ഷണം തുടരാൻ അദ്ദേഹം ജീവിച്ചിരുന്നില്ല. ഇതിലെ ഉപകരണങ്ങൾ കാവെൻഡിഷിൻെറ അധീനത്തിൽ വന്നു. അദ്ദേഹം ഇവയിൽ വലിയ മാറ്റങ്ങൾ വരുത്തി തൻെറ പരീക്ഷണം ആരംഭിക്കുകയും ചെയ്തു. ഈ പരീക്ഷണങ്ങൾ നടന്നത് 1797—'98 കാലയളവിലാണ്. 'G'നിർണയിക്കുന്നതിനുള്ള പരീക്ഷണങ്ങളുടെ ഒരു മാർഗദർശി എന്ന നിലയിൽ കാവെൻഡിഷിൻെറ പരീക്ഷണങ്ങൾക്കു വലിയ പ്രാധാന്യമുണ്ട്. കാവെൻഡിഷിൻെറ നിർണയപ്രകാരം Gയുടെ വില 6.754×10^{-11} എസ്. ഐ. ഏകകം ആണ്. ഈ പരീക്ഷണസംവിധാനങ്ങളിൽ വലിയ മാറ്റങ്ങൾ വരുത്തി സി. വി. ബോയ്സ് (1895) ആണ് 'G' കുറച്ചുകൂടി സൂക്ഷ്മമായി നിർണയിച്ചത്. ആധുനികകാലത്ത് Gയുടെ മൂല്യം 6.67×10^{-11} എസ്. ഐ. ഏകകം ആയി തീർച്ചപ്പെടുത്തിയിരിക്കുന്നു.

ഇരുപതാംനൂറ്റാണ്ടിൽ ആൽബർട്ട് ഐൻസ്റ്റൈൻെറ സാമാന്യ ആപേക്ഷികതാ സിദ്ധാന്തം (general theory of relativity) പുറത്തു വരുന്നതുവരെ ഗുരുത്വാകർഷണം സംബന്ധിച്ച ന്യൂട്ടൻെറ സിദ്ധാന്തങ്ങൾ മാറ്റമില്ലാതെ തുടർന്നു. ഈ സിദ്ധാന്തങ്ങൾ ഭൗതികത്തിൽ പല മാറ്റങ്ങൾക്കും കാരണമായി; ഗുരുത്വാകർഷണസിദ്ധാന്തത്തിലും പുതിയൊരു അധ്യായത്തിന് അതു തുടക്കമിട്ടു. (†ആപേക്ഷികതാ സിദ്ധാന്തം നോക്കുക.) സവിശേഷ ആപേക്ഷികതാ സിദ്ധാന്തം (special theory of relativity) ഗുരുത്വാകർഷണം എന്ന പ്രതിഭാസത്തെ പരിഗണിക്കുന്നില്ല. സാമാന്യ ആപേക്ഷികതാ സിദ്ധാന്തമാണു ഗുരുത്വാകർഷണത്തെയും കൂടി പരിഗണിച്ചുകൊണ്ടു ഫലങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നത്.

†ആപേക്ഷികതാ സിദ്ധാന്തം, †ഗുരുത്വം നോക്കുക.

ഗുരുദക്ഷിണ

ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായത്തിൽ ശിഷ്യൻ ഗുരുഗൃഹത്തിൽനിന്നു പഠനം പൂർത്തിയാക്കി പിരിയുമ്പോൾ ഗുരുവിനു നല്കുന്ന പാരിതോഷികം. പല ഗുരുക്കന്മാരും പാരിതോഷികം സ്വീകരിക്കാത്ത നിസ്പൃഹരും അപരിഗ്രഹവ്രതക്കാരുമാണ്. എന്നാൽ ചില ഗുരുക്കന്മാർ അസാമാന്യമായ കഴിവുള്ള ശിഷ്യന്മാരോട് അഭീഷ്ടങ്ങൾ ചോദിച്ചു വാങ്ങാറുമുണ്ടായിരുന്നു.

ശ്രീകൃഷ്ണൻ സാന്ദീപനിമഹർഷിക്കു ഗുരുദക്ഷിണയായി മരിച്ചുപോയ പുത്രനെ പരലോകത്തുനിന്നു തിരിച്ചുകൊണ്ടുവന്നു നല്കി എന്നാണു കഥ. കൗത്സൻ എന്ന ദരിദ്രശിഷ്യനോടു ദക്ഷിണ സ്വീകരിക്കാൻ നിർബന്ധിതനായ വരതന്തു മേലോട്ടെറിഞ്ഞ ഉത്തരീയം ഉയർന്നിടത്തോളം പൊക്കത്തിൽ കൂട്ടിയ സ്വർണക്കൂമ്പാരമാണ് ആവശ്യപ്പെട്ടത്. അയോധ്യയിലെ രഘുരാജാവിൻെറ സഹായത്തോടെ കൗത്സൻ ആ ദക്ഷിണ നല്കി. ദ്രോണർ താൻ നേരിട്ടു പഠിപ്പിച്ചില്ലെങ്കിലും ശിഷ്യത്വം അംഗീകരിച്ച ഏകലവ്യനോട് അയാളുടെ വലതു കയ്യിലെ തള്ളവിരലാണു ഗുരുദക്ഷിണയായി ആവശ്യപ്പെട്ടത്. ഏകലവ്യൻ തൻെറ വത്സലശിഷ്യനായ അർജനനു സമശീർഷൻ ആകരുത് എന്ന ദുരാഗ്രഹമാണ് ഈ വിചിത്രമായ ആവശ്യം ഉന്നയിക്കാൻ ഗുരുവിനെ പ്രേരിപ്പിച്ചത്. ശിഷ്യൻ വിരൽ

അറുത്തുകൊടുത്തു ഗുരുവിനെ പ്രസാദിപ്പിക്കയും ആശ്വസിപ്പിക്കയും ചെയ്തു. ദ്രോണർ അർജുനനോട് ആവശ്യപ്പെട്ട ദക്ഷിണ പാഞ്ചാലരാജാവിൻെറ ബന്ധനം ആയിരുന്നു. ഇത്തരം ചില കരിപുരണ്ട കഥകൾ ഇതിഹാസങ്ങളിൽ ഉണ്ടെങ്കിലും പ്രായേണ ഗുരുകുല സമ്പ്രദായത്തിൽ ഗുരുക്കൾ നിസ്പൃഹരും ഉദാരരുമായിരുന്നു. ശിഷ്യരുടെ കഴിവിനുതക്ക നിസ്സാരവസ്തുക്കൾകൊണ്ടു സംപ്രീതരായി അവർ ശിഷ്യരെ അനുഗ്രഹിച്ചിരുന്നു.

ഗുരുദത്ത് (1925—1964)

ഹിന്ദി ചലച്ചിത്രനിർമാതാവും, നടനും, സംവിധായകനും. കലയുടെയും കച്ചവടസിനിമാതന്ത്രങ്ങളുടെയും സൗന്ദര്യാത്മകസമ്മേളനം ഗുരുദത്തിൻെറ ചിത്രങ്ങളിൽ കാണാം. പ്രസിദ്ധ പിന്നണിഗായിക ഗീതാ (റോയ്) ദത്ത് ആയിരുന്നു ഗുരുദത്തിൻെറ പത്നി. ഇദ്ദേഹം നിർമിക്കയും സംവിധാനം ചെയ്യുകയും നായകനായി അഭിനയിക്കുകയും ചെയ്ത പ്രസിദ്ധ ചിത്രങ്ങളാണ് *പ്യാസാ, ചൗദ് വിൻ കാ ചാന്ദ്, കാഗസ് കി ഫൂൽ* തുടങ്ങിയവ. 39-ാം വയസ്സിൽ ഇദ്ദേഹം ആത്മഹത്യ ചെയ്തു. ചലച്ചിത്രകാരൻ എന്ന നിലയ്ക്കു നേരിടേണ്ടി വന്ന പ്രതിസന്ധികളും പരാജയങ്ങളും ആണ് ഇദ്ദേഹത്തിൻെറ ദുരന്തത്തിനു കാരണമെന്നു കരുതപ്പെടുന്നു. *ബാസി, ജാൻ, ആൻപാർ, സി.ഐ.ഡി., സാഹിബ് ബീബി ഔർ ഗുലാം* തുടങ്ങിയവയും ഗുരുദത്തിൻെറ ചിത്രങ്ങളാണ്.

ഗുരുദയാൽ സിങ് (1933—)

പഞ്ചാബി നോവലിസ്റ്റ്. 1933 ജനുവരി 10-നു ജനിച്ചു. ഫരീദ്കോട്ടിൽ ബ്രിജീന്ദർ കോളെജിൽ അധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. പ്രധാന നോവലുകൾ *മരീഹ്ദാ ദീവാ* (1965), *അൻഹോ* (1966), *അധ് ചനാനി രാത്* (1972), *അനേ ഗോറേ ദാ ദാൻ* (1976). ചെറുകഥാസമാഹാരങ്ങൾ *കുത്തേ തേ ആദ്മി, സജ്ജിഫൂൽ, ചാൻ ദാ ബൂതാ.* ഇതുകൂടാതെ ബാലസാഹിത്യവും ചില ഹിന്ദിനോവലുകളും എഴുതി. ഇരുപതു ഗ്രന്ഥങ്ങൾ ഇദ്ദേഹം പഞ്ചാബിയിലേക്കു തർജമ ചെയ്തിട്ടുണ്ട്. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും നാനാക് സിംഹ് നോവൽ അവാർഡും ലഭിച്ചു. പഞ്ചാബ് സാഹിത്യ അക്കാദമി മെംബറാണ്. ചില നോവലുകൾ ഹിന്ദി, റഷ്യൻ മുതലായ ഭാഷകളിലേക്കു പരിവർത്തനം ചെയ്തിട്ടുണ്ട്.

ഗുരുദാസ് ദാസ്ഗുപ്ത (1936—)

രാഷ്ട്രീയപ്രവർത്തകൻ. പശ്ചിമബംഗാളിലെ കമ്യൂണിസ്റ്റു നേതാവ്. രാജ്യസഭാംഗം.

16-ാം വയസ്സിൽ ഇന്ത്യൻ കമ്യൂണിസ്റ്റു പാർട്ടിയുടെ പശ്ചിമബംഗാൾ സംസ്ഥാന കൗൺസിൽ അംഗമായി; പ്രസ്തുത സമിതിയിൽ അന്നത്തെ ഏറ്റവും പ്രായം കുറഞ്ഞ അംഗം. വിദ്യാർഥിപ്രസ്ഥാനത്തിലും തൊഴിലാളി പ്രവർത്തനങ്ങളിലും പങ്കെടുത്തുകൊണ്ടാണു പൊതുജീവിതം ആരംഭിച്ചത്. എന്നും എളിയ നിലയിൽ ജീവിച്ചിട്ടുള്ള ദാസ്ഗുപ്ത അഴിമതിക്കെതിരെ ഫലപ്രദമായി സമരം ചെയ്തു. ഒട്ടേറെ പൊതുമേഖലാ കോർപ്പറേഷനുകളുടെയും വ്യവസായസ്ഥാപനങ്ങളുടെയും കാപട്യം തുറന്നുകാട്ടുന്നതിൽ അദ്ദേഹം വിജയിച്ചു. 1987 ജൂലായ് 15-നു നിക്കൊളാസ് ലബോറട്ടറീസിൻെറ ക്രമക്കേടുകൾക്കെതിരെ കേന്ദ്രഗവൺമെൻറിനു പരാതി സമർപ്പിച്ചു. ദാസ്ഗുപ്ത ഉന്നയിച്ച ആരോപണങ്ങൾ വസ്തുനിഷ്ഠമാണെന്ന് അന്വേഷണത്തിൽ തെളിഞ്ഞതിനെത്തുടർന്നു കേന്ദ്രഗവൺമെൻറ് അദ്ദേഹത്തിനു 7,45,940 രൂപ അവാർഡ് ആയി നല്കി. ആ തുക മുഴുവൻ, പഞ്ചാബിൽ അക്രമപ്രവർത്തനങ്ങൾക്കിരയായവരെ പുനരധിവസിപ്പിക്കുന്നതിന് അദ്ദേഹം സംഭാവനചെയ്തു. ദക്ഷിണ കല്ക്കട്ടയിലെ സാധാരണക്കാരുടെ ഇടയിൽ, ലളിതജീവിതം നയിക്കുന്നു. അഖിലേന്ത്യാ കർഷകത്തൊഴിലാളി യൂണിയൻ വൈസ് പ്രസിഡൻറ്, ആ സംഘടനയുടെ പശ്ചിമബംഗാൾ ഘടകത്തിൻെറ പ്രസിഡൻറ് തുടങ്ങിയ ചുമതലകൾ വഹിക്കുന്നു.

ഗുരുദാസ്പൂർ

പഞ്ചാബ് സംസ്ഥാനത്തിലെ ഒരു ജില്ലയുടെയും അതിൻെറ തലസ്ഥാനത്തിൻെറയും പേര്. പാകിസ്താൻ അതിർത്തിയിലാണ് ഈ ജില്ലയുടെ കിടപ്പ്. രവി, ബിയാസ് എന്നീ നദികളുടെ ഇടയിൽ കിടക്കുന്ന ഈ സംസ്ഥാനത്ത് ജലസേചനസൗകര്യങ്ങൾ ധാരാളമുണ്ട്. വടക്കുകിഴക്കൻ ഭാഗത്തെ ഹിമാലയപ്രദേശമൊഴിച്ചു മറ്റു ഭാഗങ്ങളെല്ലാം സമതലപ്രദേശങ്ങളാണ്. ഗോതമ്പ്, നെല്ല്, ചോളം എന്നിവ സമതലപ്രദേശങ്ങളിൽ കൃഷിചെയ്യുന്നു. വിസ്താരം 3557 ച.കി.മീറ്റർ. ജനസംഖ്യ 15,13,435 (1981). പഞ്ചാബിലെ തീവ്രവാദി പ്രവർത്തനങ്ങളുടെ കേന്ദ്രമാണ് ഇവിടം.

ഗുരുദാസ്പൂർ നഗരം ജില്ലയിലെ പ്രധാന വാണിജ്യകേന്ദ്രമാണ്. കൈത്തറിവ്യവസായത്തിന് ഈ നഗരം കേളികേട്ടതാണ്. ജനസംഖ്യ 39,259 (1981).

ഗുരുദേവ് പട്വർധൻ (?—1913)

തബ്ലാപഖാവാജ് കലാകാരൻ. വിഷ്ണു ദിഗംബർ പലൂസ്കറുടെ സന്തതസഹചാരി ആയിരുന്നു. വൈദികകുലജാതനും ബ്രാഹ്മണനുമായിരുന്ന പട്വർധനിൽ ആദ്യകാലഗുരുവായ രാമഭാഊ വളരെയൊന്നും താത്പര്യം കാണിച്ചില്ല. നിരാശനായ പട്വർധൻ അവസാനം ഹൈദരാബാദിലെ ദർബാർ പഖാവാജിയായ വാമനറാവുവിനെ അഭയംപ്രാപിച്ചു കല അഭ്യസിച്ചു. കഠിനമായ അധ്വാനവും നല്ലൊരാചാര്യനും ചേർന്നുകിട്ടിയപ്പോൾ, പ്രശസ്തനായി.

1901-ൽ ലാഹോറിൽ ആരംഭിച്ച ഗന്ധർവവിദ്യാലയത്തിൽ മാർദംഗികാചാര്യനായി ചേർന്നതുമുതല്ക്കാണു വിഷ്ണുദിഗംബർജിയുമായുള്ള സുഹൃദ്ബന്ധം ആരംഭിച്ചത്. മരണംവരെയും അതു നീണ്ടുനിന്നു.

'മൃദംഗ തബ്ലാ വാദനപദ്ധതി' തുടങ്ങിയ ചില പുസ്തകങ്ങളും പട്വർധൻ രചിച്ചിട്ടുണ്ട്.

ഗുരുദ്വാര

സിഖ് ആരാധനാലയം. ഗുരുവിലേക്കുള്ള പ്രവേശനമാർഗം എന്നാണ് വാക്കിൻെറ അർഥം സിഖ്മതത്തിൽ ഗുരുനാനാക് (1469-1539) തുടങ്ങി ഗുരു ഗോവിന്ദ്സിങ് (1666-1708) വരെയുള്ള പത്തു ഗുരുക്കന്മാർക്കുശേഷം ഗുരുപരമ്പര അവസാനിച്ചു. പ്രതീകം എന്ന നിലയിൽ ഗ്രന്ഥവും ഖൽസയും ആണ് ഗുരുവിൻെറ സ്ഥാനത്ത്. ഗുരുസൂക്തങ്ങളടങ്ങിയ ഗ്രന്ഥ(† ഗ്രന്ഥസാഹിബ്)ത്തെയാണ് ആരാധിച്ചുപോരുന്നത്. ഗ്രന്ഥാരാധനയും ഗ്രന്ഥപാരായണവും കീർത്തനവും പ്രസാദവിതരണവും ആണ് 'ഗുരുദ്വാര'യിൽ പതിവ്. പാരായണംചെയ്യുന്നവർക്ക് ഗ്രന്ഥികൾ (ജ്ഞാനികൾ) എന്നാണു സ്ഥാനപ്പേർ. കബീർ, സൂർദാസ് തുടങ്ങിയവരുടെതടക്കമുള്ള ഭക്തിഗാനങ്ങൾ ആലപിക്കാൻ ഗായകസംഘവും ഗുരുദ്വാരയിലുണ്ടാവും. പീഠത്തിൽ അലങ്കരിച്ചുവച്ചിരിക്കുന്ന ഗ്രന്ഥത്തെ (ഗുരു ഗ്രന്ഥ് സാഹിബ്) ദീപംകൊണ്ടുഴിയുകയല്ല, വെൺചാമരംകൊണ്ടു വീശുകയാണ് ആരാധനാരീതി. സ്ത്രീക്കും പുരുഷനും മറ്റു മതക്കാർക്കും ഗുരുദ്വാരയിൽ പ്രവേശനമുണ്ട്. ചെരിപ്പ് ഊരിവച്ച് കാൽ കഴുകണം, തുണികൊണ്ടു തല മറയ്ക്കണം, പരിസരത്തെങ്ങും പുകവലി പാടില്ല എന്നിവയാണു പ്രധാന നിബന്ധനകൾ. കുംഭഗോപുരവും ചത്വരവും ഉള്ള പല ഗുരുദ്വാരകളുടെ നിർമാണത്തിൽ ഹിന്ദു-മുസ്ലിം ശില്പസംവിധാനങ്ങൾ കലർന്നിട്ടുണ്ട്. പ്രധാന ഗുരുദ്വാരകളിൽ ഒരു സ്കൂളും സൗജന്യ ഭോജനാലയവും ഉണ്ടാവും.

ദില്ലിയിലും സമീപപ്രദേശത്തുമുള്ള ഗുരുദ്വാരകൾക്ക് ചരിത്രപ്രാധാന്യമുണ്ട്. ഗുരുദ്വാരാബാലാസാഹിബ് ഗുരുഹരികൃഷ്ണൻെറ സമാധിസ്ഥലത്താണ്; ഗുരുദ്വാരാബംഗ്ലാസാഹിബ് ആ ഗുരു ദില്ലിയിൽ വന്നപ്പോൾ താമസിച്ചിരുന്നിടത്തും. ഗുരു ഗോവിന്ദ് സിങ്ങുമായി ബന്ധപ്പെട്ടതാണ് ദംദമാ ഗുരുദ്വാരയും മോത്തിബാഗ് ഗുരുദ്വാരയും. യമുനയുടെ തീരത്തുള്ള മജ്നു-തില്ല ഗുരുദ്വാര ഗുരു നാനാക്ക് വസിച്ചിരുന്ന സ്ഥലത്താണ്. അദ്ദേഹം 1510-ൽ ദില്ലിയിൽ വന്നതിൻെറ സ്മാരകമാണ് നാനാക് പിയാഓ ഗുരുദ്വാര. ദില്ലിയിൽ ചെങ്കോട്ടയ്ക്ക് എതിരെയുള്ള ഗുരുദ്വാര ശീഷ്ഗഞ്ജിൽവച്ചാണ് മുഗൾചക്രവർത്തി 1675-ൽ ഗുരു തേജ്ബഹാദൂറിനെയും മൂന്നു ശിഷ്യന്മാരെയും പീഡിപ്പിച്ചു വധിച്ചത്.

അമൃത്സറിലെ സുവർണക്ഷേത്രം (ഹർമന്ദിർ) ഗുരുദ്വാര എന്നതിൽ കവിഞ്ഞ് ഒരു തീർഥാടനകേന്ദ്രവും മതസംഘടനയുടെ ആസ്ഥാനവുംകൂടിയാകയാൽ അതിനു പ്രത്യേക പ്രാധാന്യമുണ്ട്. സമീപകാലത്തെ സിഖ് ഭീകരപ്രസ്ഥാനവും സിഖ് വിഘടനവാദികളും ഇവിടെ കേന്ദ്രീകരിച്ചാണു പ്രവർത്തിച്ചത്. സിഖ് തീവ്രവാദികളെയും അവരുടെ ആയുധങ്ങളും നീക്കംചെയ്യാൻ രണ്ടുതവണ ഇവിടെ പോലീസ് നടപടി വേണ്ടിവന്നു.

മുഗൾ ഭരണകാലത്ത് സിഖുകാരെ പീഡിപ്പിക്കുകയും പല ഗുരുദ്വാരകളുടെയും ഭരണം ഹിന്ദുക്കളായ മഹാന്ത്കളെ (ഊരാണ്മക്കാരെ) ഏല്പിക്കുകയും ചെയ്തു. സിഖ്കാരുടെ എതിർപ്പിൻെറ ഫലമായി 1925-ൽ ഇന്ത്യാ ഗവൺമെൻറ് സിഖ് ഗുരുദ്വാരാ നിയമം



അമൃത്സറിലെ
സുവർണക്ഷേത്രം

പാസ്സാക്കി. സിഖ് സംഘടനകൾ ഗുരുദ്വാരകളുടെ ഭരണം ഏറ്റെടുത്തു. ഇന്ന് പ്രധാന ഗുരുദ്വാരകളുടെ ഭരണം നിർവഹിക്കുന്നത് ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മിറ്റിയാണ്.

ഗുരുദ്വാരപ്രക്ഷോഭം

സിഖ് ഗുരുദ്വാരകൾ സംരക്ഷിക്കുന്നതിനുവേണ്ടി നടന്ന പ്രക്ഷോഭം. 1921 ഫെബ്രുവരിയിൽ രൂപവത്കരിച്ച അകാലിദളം എന്ന സിഖ് രാഷ്ട്രീയ സംഘടനയാണ് ഇതിനു നേതൃത്വം നല്കിയത്. പ്രക്ഷോഭണം ഏതാനും വർഷം നീണ്ടുനിന്നു. പലപ്പോഴും അക്രമാസക്തമായിത്തീരുകയും ചെയ്തു. സിഖ്ഗുരുദ്വാരകളുടെ നിയന്ത്രണം വഹിച്ചിരുന്ന മഹന്ത്മാർ (പുരോഹിതർ) ഈ പ്രക്ഷോഭത്തെ എതിർത്തു. പ്രക്ഷോഭത്തിൽ ഒട്ടേറെ സിഖുകാർ കൊല്ലപ്പെട്ടു. അനേകം സിഖുകാർക്കു പരിക്കേറ്റു. ആയിരക്കണക്കിനു പ്രക്ഷോഭകർ തടവിലാക്കപ്പെട്ടു 1925-ൽ ഇന്ത്യാഗവൺമെൻറ് ഗുരുദ്വാരകളുടെ സംരക്ഷണം സംബന്ധിച്ചു പ്രത്യേക നിയമം നിർമിച്ചു. ഇതനുസരിച്ചു ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മിറ്റി (എസ്.ജി.പി.സി.) രൂപവത്കരിക്കയും ഗുരുദ്വാരകളുടെ നിയന്ത്രണം ആ കമ്മിറ്റിയെ ഏല്പിക്കയും ചെയ്തു.

†അകാലിദളം നോക്കുക.

ഗുരുനാനക് (1469—1539)

സിഖ്മതസ്ഥാപകനായ ആധ്യാത്മികാചാര്യൻ. ഹിന്ദു-ഇസ്ലാം മതവിശ്വാസങ്ങളിലെ സ്വീകാര്യങ്ങളായ സിദ്ധാന്തങ്ങൾ ചേർത്താണ് ഈ മതമുണ്ടാക്കിയത്. മതഭേദങ്ങളുടെയും ജാതിവ്യത്യാസങ്ങളുടെയും ബാഹ്യരൂപങ്ങളെയും അവയുടെ പ്രകാശനവിധങ്ങളെയും അദ്ദേഹം അംഗീകരിച്ചില്ല. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും പശ്ചിമേഷ്യയിലെ ഇസ്ലാമികരാജ്യങ്ങളിലുമായി 25 വർഷക്കാലം കാൽനടയായി പര്യടനം നടത്തുകയും മനുഷ്യസൗഭ്രാത്രത്തെയും ഹൃദയശുദ്ധിയെയും പറ്റി പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തു.

ലഹോറിൽനിന്ന് 64 കി.മീറ്റർ അകലെയുള്ള തൽവണ്ഡി ഗ്രാമത്തിലെ ഒരു 'ഖത്രി'കുടുംബത്തിൽ മേത്താ കല്യാണദാസ് എന്ന കർഷകൻെറ പുത്രനായി നാനക് 1469 ഏപ്രിൽ 25-നു ജനിച്ചു. മാതൃഭാഷയായ പഞ്ചാബിക്കു് പുറമെ സംസ്കൃതത്തിലും പാഴ്സിഭാഷയിലും ചെറുപ്പത്തിലേതന്നെ നല്ല പാണ്ഡിത്യം നേടി. അക്കാലം മുതൽ തന്നെ സന്യാസിമാരോടും ഭക്തജനങ്ങളോടും വലിയ ആദരവു തോന്നിയിരുന്നു. ഓരോ ആവശ്യത്തിനും പിതാവ് ഏല്പിക്കുന്ന പണം ഭിക്ഷുക്കൾക്കും നിരാശ്രയർക്കുമായി അദ്ദേഹം ദാനംചെയ്തു. ആധ്യാത്മികചിന്താപരതയിലും സന്യാസിപൂജയിലുംനിന്നു നാനക്കിനെ പിന്തിരിപ്പിക്കാൻ പിതാവു ഭരണാധികാരികളെ പ്രീണിപ്പിച്ചു സുൽത്താൻപൂരിലെ ഖജാനാസൂക്ഷിപ്പുകാരൻെറ ജോലി മകനു നേടിക്കൊടുത്തു. മാത്രമല്ല, നാനക്കിനെക്കൊണ്ടു വിവാഹംകഴിപ്പിക്കയും ചെയ്തു. അദ്ദേഹത്തിനു രണ്ടു പുത്രന്മാരും (1494, 1497) ജനിച്ചു.



എന്നിട്ടും ലൗകികജീവിതത്തിൽ വിരക്തിയാണു തോന്നിയത്. മഹത്തായ ചില ആധ്യാത്മികസന്ദേശങ്ങൾ പ്രചരിപ്പിക്കാൻ നിയുക്തനായ ഒരു അവധൂതനാണു താനെന്ന വിശ്വാസത്തോടെ അദ്ദേഹം കുടുംബജീവിതവും ഉദ്യോഗവും പരിത്യജിച്ചു തൻെറ ദീർഘപര്യടനങ്ങൾ ആരംഭിച്ചു. ഹിമാലയപർവതപംക്തികളും സിന്ധു-ഗംഗാസമതലപ്രദേശങ്ങളും മുഴുവൻ സഞ്ചരിച്ചശേഷം അദ്ദേഹം ശ്രീലങ്കയിലും ഏതാനും മാസം കഴിച്ചുകൂട്ടി. അദ്ദേഹത്തിൻെറ അവസാനത്തേതും ഏറ്റവും പ്രാധാന്യമർഹിക്കുന്നതുമായ യാത്ര മെക്കയിലേക്കുള്ളതായിരുന്നു. ഏതാനും മുസ്ലിംസിദ്ധന്മാരും ഈ യാത്രയിൽ അദ്ദേഹത്തെ പിന്തുടർന്നിരുന്നു. ബാഗ്ദാദിലെ പള്ളിയിൽവച്ച് അദ്ദേഹം അറബിയിലും പഞ്ചാബിയിലും സംസ്കൃതത്തിലും 'വാങ്ക്' വിളിച്ച് അനേകം പേരെ ആകർഷിച്ചതായും, അവർ നാനക്കിനെ 'ഹിന്ദു-ഫക്കീർ' എന്നു വിളിച്ചതായും പറയപ്പെടുന്നു.

കാബൂൾവഴിയുള്ള തിരിച്ചുവരവിൽ അവിടെവച്ച് ഇന്ത്യയിലെ ആദ്യത്തെ മുഗൾസമ്രാട്ടായ ബാബർ അദ്ദേഹത്തെ സന്ദർശിച്ചുവെന്നും പഠാൻസുൽത്താന്മാരുടെ ഭരണത്തിൻകീഴിൽ ഇന്ത്യൻജനത നേരിടുന്ന ദുരിതങ്ങളെപ്പറ്റി അദ്ദേഹം ബാബറെ ധരിപ്പിച്ചുവെന്നും തത്ഫലമായാണു ഇബ്രാഹിംലോദിയെ പാനിപ്പട്ട് യുദ്ധത്തിൽ തോല്പിച്ചശേഷം (1526 ഏപ്രിൽ 21) ബാബർ ദില്ലിയിൽ കടന്നു മുഗൾവംശം സ്ഥാപിച്ചതെന്നും പറയപ്പെടുന്നു. പ്രതികാരവാഞ്ഛയോടുകൂടി പില്ക്കാലത്തു ബാബർ നടത്തിയ ജനമർദനങ്ങൾ അവസാനിപ്പിക്കുന്നതിനു നാനക് നടത്തിയ അഭ്യർഥനകൾ സ്വീകരിക്കപ്പെട്ടു എന്നതിനു ചില തെളിവുകളുണ്ട്.

ഗുരു നാനക്കിൻെറ ജീവിതാവസാനരംഗം പഞ്ചാബിലെ കർത്താർപുരമായിരുന്നു. 'ബാബാ നാനക്കി'നെ നേരിട്ടു കാണാൻ പോയ നിരവധി ഭക്തന്മാർക്കു പാടത്തു പണിയെടുക്കുന്ന രീതിയിലോ ആതുരാലയങ്ങളിൽ ശുശ്രൂഷകൾ നല്കുന്നവിധത്തിലോ ഉള്ള ഒരു വൃദ്ധസാത്വികനെയാണു കാണാൻ കഴിഞ്ഞത്. 1539 ജൂൺ 22-ാംതീയതി ഗുരു നാനക് ചരമംപ്രാപിച്ചു.

ഗുരു നാനക് സ്ഥാപിച്ച അനാഥാലയങ്ങളും ആതുരശുശ്രൂഷാകേന്ദ്രങ്ങളും ജാതി-മതവ്യത്യാസങ്ങളെയൊന്നും വകവച്ചിരുന്നില്ല. വൈയക്തികജീവിതശുദ്ധിയെ എന്തിലും ഉപരിയായി കല്പിച്ച ഗുരു നാനക് ആചാരങ്ങളേയും മാമൂലുകളേയും നഖശിഖാന്തം എതിർത്തു. എല്ലാ മനുഷ്യരെയും തുല്യനിലയിൽ സൃഷ്ടിച്ച ഈശ്വരനെ 'സത്നാം' എന്ന സങ്കല്പത്തിലാണു ഗുരു നാനക് കണ്ടിരുന്നത്.

ഗുരുപാദസ്വാമി, എം.എസ്. (1922—   )

രാഷ്ട്രീയപ്രവർത്തകൻ. 1967 മുതൽ '69 വരെ കേന്ദ്രത്തിൽ ഭക്ഷ്യ-കൃഷി-പഞ്ചായത്ത്രാജ് വകുപ്പുകളുടെ മന്ത്രിയായിരുന്നു. 1983-ൽ കർണാടകത്തിൽ ജനതാ-ക്രാന്തിരംഗ-കമ്യൂണിസ്റ്റ് സഖ്യത്തിൻെറ സംവിധാതാവായിരുന്നു ഇദ്ദേഹം. 1922 ഓഗസ്റ്റ് 7-നു കർണാടക സംസ്ഥാനത്തിൽ മലംഗി എന്ന സ്ഥലത്തു ജനിച്ചു. നിയമബിരുദമെടുത്തശേഷം രാഷ്ട്രീയപ്രവർത്തനത്തിൽ ഏർപ്പെട്ടു. 1942-ൽ ക്വിറ്റിന്ത്യാപ്രക്ഷോഭത്തിൽ പങ്കെടുത്തു. 1952-'57 കാലത്തും 1967-'71 കാലത്തും പാർലിമെൻറംഗമായിരുന്നു. 1977 മുതൽ ജനതാപാർട്ടി പ്രവർത്തകനായി. ഇപ്പോൾ ജനതാപാർട്ടിയുടെ നാഷനൽഎക്സിക്യൂട്ടീവ്കമ്മിറ്റി മെമ്പറാണ്.

ഗുരുമുഖ് സിങ്, ഭായി (1849—1898)

സിഖ് നേതാവ്. കപൂർത്തലയിൽ ജാഠ് കുടുംബത്തിൽ ജനിച്ചു. മഹാരാജാവിൻെറ പാചകനായി ജോലിയിൽ പ്രവേശിച്ചെങ്കിലും തുടർന്നു പഠിച്ചതിൻെറ ഫലമായിലാഹോറിലെഓറിയൻറൽ കോളെജിൽ 1877-ൽ ആദ്യത്തെ പഞ്ചാബി പ്രൊഫസറായി നിയമിക്കപ്പെട്ടു. 1879-ൽ സിഖ്കാരുടെ ഉന്നമനത്തിനും പഞ്ചാബി ഭാഷയുടെ വികാസത്തിനും വേണ്ടി ലാഹോറിൽ സിങ്സഭ തുടങ്ങിയത് ഇദ്ദേഹമാണ്. ഗുരുമുഖി അക്ബർ, വിദ്യാരക് എന്നീ പഞ്ചാബിവാരികകൾ 1880-ൽ ആരംഭിച്ചതും ഇദ്ദേഹത്തിൻെറ ഉത്സാഹത്തിലായിരുന്നു. 1885-ൽ 'ഖൽസാ' എന്ന വർത്തമാനപ്പത്രം തുടങ്ങുന്നതിലും ഇദ്ദേഹത്തിൻെറ സഹായമുണ്ടായിരുന്നു. ഖൽസ ദിവാൻ എന്ന മതപരിഷ്കരണസമാജം സ്ഥാപിക്കാനും ഖൽസാ കോളെജുകൾ എന്ന പുതിയൊരു പദ്ധതി ജനങ്ങളെക്കൊണ്ടു അംഗീകരിപ്പിക്കാനും ആ പദ്ധതിയുടെ തുടക്കമായി 1892-ൽ ഖൽസാകോളെജിനു തറക്കല്ലിടുവാനും ഇദ്ദേഹത്തിനു കഴിഞ്ഞു.

ഗുരുമുഖി

പഞ്ചാബി ഭാഷയുടെ ലിപി. പഞ്ചാബിക്ക് ഒരു സ്വതന്ത്രഭാഷയുടെ പദവിലഭിച്ചത് 11,12 ശതകങ്ങളിലാണെന്നും മറ്റ് ആധുനിക ഇന്ത്യൻ ഭാഷകളുടെ ആവിർഭാവം അതിനു വളരെ മുമ്പ് ആരംഭിച്ചുവെന്നും കണക്കാക്കപ്പെടുന്നു വൈദികസംസ്കൃതത്തിൽനിന്നുണ്ടായ ഇന്തോ ആര്യൻ ഭാഷകളിൽപ്പെട്ടതാണ് പഞ്ചാബി. ഭാഷയുടെ ഉദയവും ഗുരുമുഖിലിപിയുടെ ആവിർഭാവവും ഏതാണ്ടു സമാന്തരമാണ്. സിഖ് ഗുരുക്കന്മാർ ഏർപ്പെടുത്തിയ ലിപിയാകകൊണ്ടാണു ഗുരുമുഖി എന്നു പറയുന്നത്. ബ്രാഹ്മി ലിപിയിൽനിന്നാണ് ഇതുണ്ടായത്. പഞ്ചാബി എഴുതുന്നതിനു പൂർവ പഞ്ചാബിൽ ഗുരുമുഖി ഉപയോഗിക്കുമ്പോൾ പാകിസ്താനിലെ മുസ്ലിം എഴുത്തുകാർ പേർഷ്യൻ ലിപിയാണ് ഉപയോഗിക്കുന്നത്.

ഗുരുവായൂർ

പ്രശസ്തമായ ശ്രീകൃഷ്ണ(വിഷ്ണു)ക്ഷേത്രത്താൽ ഭാരതമാകെ പ്രസിദ്ധിനേടിയ സ്ഥലം. മുമ്പ് ഒരു ഗ്രാമപ്രദേശമായിരുന്ന ഈ സ്ഥലം ജനബാഹുല്യത്താൽ ഒരു ടൗൺഷിപ്പായി തീർന്നു. 1962 ജനുവരി 26-ാംതീയതിയാണു ഗുരുവായൂർ ടൗൺഷിപ്പ് നിലവിൽ വന്നത്. വിസ്തൃതി 6.49 ച.കി.മീറ്റർ. ജനസംഖ്യ 17,858 (1981). തൃശൂർ ജില്ലാ കളക്റ്റർ ചെയർമാനായുള്ളതാണു ടൗൺഷിപ്പിൻെറ ഭരണനിർവഹണസമിതി. ടൗൺഷിപ്പ് കമ്മിറ്റിയിൽ ആകെ ഏഴംഗങ്ങളാണുള്ളത്. നാല് ഔദ്യോഗികാംഗങ്ങളും മൂന്ന് അനൗദ്യോഗികാംഗങ്ങളും. മൂന്ന് അനൗദ്യോഗികാംഗങ്ങളെ അതതുകാലത്തു ഗവൺമെൻറു നോമിനേറ്റു ചെയ്യുന്നു. ജില്ലാ കളക്റ്റർ, വാട്ടർ അഥോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർ (തൃശൂർ), പൊതുമരാമത്തു വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ (തൃശൂർ), ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ എന്നിവരാണ് ഔദ്യോഗികാംഗങ്ങൾ.

ചാവക്കാട് — കുന്നംകുളം മെയിൻറോഡ്, ചിറ്റാട്ടുകര റോഡ്, തൈക്കാട് പഞ്ചായത്ത് — ഇവയാണു ഗുരുവായൂർ ടൗൺഷിപ്പിൻെറ അതിർത്തികൾ. ഈ അതിർത്തിക്കകത്തു പ്രധാനപ്പെട്ട വ്യവസായശാലകളോ മറ്റു പൊതുസ്ഥാപനങ്ങളോ ഇല്ല. സഹകരണാടിസ്ഥാനത്തിലുള്ള ഒരു തീപ്പെട്ടിക്കമ്പനി, ടൗൺഷിപ്പിൻെറ അനാഥാലയം, മഹിളാസമാജത്തിൻെറ മേൽനോട്ടത്തിലുള്ള ബാലികാസദനം എന്നിവയാണ് എടുത്തുപറയത്തക്ക സ്ഥാപനങ്ങൾ.

തീർഥാടകർക്കു താമസിക്കാൻവേണ്ടി ദേവസ്വം സത്രമുണ്ട്. തൊട്ടടുത്തുള്ള മമ്മിയൂരിൽ കന്യാസ്ത്രീകൾ നടത്തുന്ന ലിറ്റിൽ ഫ്ളവർ വിമൻസ് കോളെജുണ്ട്.

ഗുരുവായൂർ ക്ഷേത്രം

കേരളത്തിലെ ഏറ്റവും പ്രശസ്തമായ ശ്രീകൃഷ്ണ ക്ഷേത്രം. ഈ ക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലത്തിൻെറ പഴയ പേര് 'കുരുവയൂര്' എന്നാണ് എന്നു കോകസന്ദേശത്തിൽനിന്നു വ്യക്തമാകുന്നു. ("കുരുവയൂരെന്നു പേരാം പ്രദേശം") മേൽപുത്തൂരിൻെറ നാരായണീയത്തിനു ശേഷമാകണം പേര് 'ഗുരുവായൂർ' സംസ്കൃതീകൃതമായത്. ഗുരുവും വായുവും ചേർന്നു വിഗ്രഹപ്രതിഷ്ഠ നടത്തി എന്ന ഐതി



ഗുരുവായൂർക്ഷേത്രത്തിലെ കൂത്തമ്പലം.

ഹ്യം ഭാവനാസ്പൃഷ്ടമാണ്. ആനക്കൊട്ടിലും സ്വർണക്കൊടിമരവും വാതിൽമാടവും കൂത്തമ്പലവും എല്ലാമുള്ള ലക്ഷണയുക്തമായ മഹാക്ഷേത്രമാണ് ഇത്. മാങ്കാവിൽതമ്പുരാൻ എന്നറിയപ്പെടുന്ന ഒരു സാമൂതിരിയാണ് ഇന്നു കാണുന്ന ശ്രീകോവിലും മണ്ഡപവും പണിയിച്ചു ചെമ്പു പലക തറപ്പിച്ചത്. ഇപ്പോൾ ചെമ്പു പലകകൾ സ്വർണം പൂശിയിരിക്കുന്നു. ക്ഷേത്രത്തിൽ കിഴക്കും പടിഞ്ഞാറും ഉള്ള ഗോപുരങ്ങൾ പണികഴിപ്പിച്ചിട്ട് ഏതാണ്ട് 100 വർഷമേ ആയിട്ടുള്ളു. 1949-ൽ ആണു സ്വർണധ്വജപ്രതിഷ്ഠ. സർ സി. ശങ്കരൻനായർ പണികഴിപ്പിച്ചു വഴിപാടായി സമർപ്പിച്ചതും, 8 മീറ്റർ ഉയരവും 13 തട്ടുകളും ഉള്ളതുമായ ഒരു പിച്ചള ദീപസ്തംഭം ഇവിടെ ഉണ്ട്. തനിക്കേരളീയ രീതിയിലുള്ള ക്ഷേത്രശില്പമാണു ഗുരുവായൂർ ക്ഷേത്രത്തിൻേറത്. അഞ്ജനക്കല്ലുകൊണ്ടു നിർമിച്ചിട്ടുള്ള വിഗ്രഹം, പൂർവദിങ്മുഖമായി പ്രതിഷ്ഠിച്ചിരിക്കുന്നു. തന്ത്രസമുച്ചയകർത്താവായ ചേന്നാസ്സു നമ്പൂതിരിയുടെ കുടുംബത്തിനാണ്, തന്ത്രം.

കേരളത്തിലെ ക്ഷേത്രങ്ങളിൽ ഏറ്റവും അധികം ഭക്തന്മാർ ദൈനന്ദിന ദർശനത്തിനെത്തുന്നതു ഗുരുവായൂരാണ്. ഗുരുവായൂർ ഏകാദശി ഇവിടത്തെ ആട്ടവിശേഷങ്ങളിൽ മുഖ്യമാണ്. നിർമാല്യദർശനം, തൈലാഭിഷേകം, വാകച്ചാർത്ത്, ശംഖാഭിഷേകം, ബാലാലങ്കാരം, പാൽപനിനീർ അഭിഷേകം, നവകാഭിഷേകം, ഉച്ചപ്പൂജ, സായംകാലപൂജ, ദീപാരാധന, അത്താഴപ്പൂജ, തൃപ്പുക എന്നിങ്ങനെയുള്ള പന്ത്രണ്ടു ചടങ്ങുകളിൽ ഓരോന്നും കണ്ടു തൊഴാൻ ആളുകൾ തിങ്ങിക്കൂടുന്നു. ചോറൂണ്, വിവാഹം, തുലാഭാരം മുതലായവ ക്ഷേത്രസന്നിധിയിൽ വച്ചു നടത്തുന്നതിനുവേണ്ടി വരുന്നവരും അനവധിയാണ്.

ശ്രീകൃഷ്ണഭക്തിക്കു ഗുരുവായൂരിൽ കൂടുതൽ പ്രചോദനവും പ്രശസ്തിയും നല്കിയവരിൽ അഗ്രഗണ്യൻ മേൽപുത്തൂർ നാരായണഭട്ടതിരിയാണ്. ഭട്ടതിരി, തന്നെ ബാധിച്ച വാതരോഗത്തിൻെറ ഉപശാന്തിക്കു ഗുരുവായൂർ ക്ഷേത്രത്തിൽ എത്തി. †നാരായണീയം നിർമിക്കുകയും രോഗത്തിൽനിന്നു നിശ്ശേഷം വിമുക്തനാവുകയും ചെയ്തുവെന്നാണ് ഐതിഹ്യം.

ഗുരുവായൂർ ക്ഷേത്രവുമായി ബന്ധപ്പെട്ട മറ്റൊരു മഹാകവിയാണ്, ഭട്ടതിരിയുടെ സമകാലികനും, പെരിന്തൽമണ്ണ താലൂക്കിൽ നെന്മേനി അംശക്കാരനുമായ †പൂന്താനം നമ്പൂതിരി.

ജയദേവരുടെ ഗീതഗോവിന്ദത്തെ ഉപജീവിച്ചു 1654-ൽ †കൃഷ്ണഗീതി (കൃഷ്ണനാട്ടം) നിർമിച്ച കോഴിക്കോട്ടു മാനവേദൻ സാമൂതിരിയും ഗുരുവായുപുരേശൻെറ ഒരു വലിയ ഭക്തനായിരുന്നു. ചെമ്പൈ വൈദ്യനാഥഭാഗവതർ സമീപകാലത്തു ഗുരുവായൂരപ്പൻെറ ഭക്തനെന്ന നിലയിൽ അറിയപ്പെട്ടു.


മഞ്ജുളാൽ

1970 നവംബറിൽ ഒരു രാത്രി ഉണ്ടായ അഗ്നിബാധയിൽ, ശ്രീകോവിലൊഴിച്ചു ഗുരുവായൂരമ്പലത്തിൻെറ മിക്ക ഭാഗങ്ങളും കത്തിപ്പോയി. പുനർനിർമാണപ്രവർത്തനങ്ങൾ 1971 ആദ്യത്തിൽത്തന്നെ ആരം


ഗുരുവായൂർക്ഷേത്രം - ഒരു വീക്ഷണം.

ഗുരുവായൂർ ക്ഷേത്രത്തിൻെറ നാലമ്പലത്തിനുള്ളിൽ.

ഭിച്ചു. 1971 മെയ് 1-ാംതീയതി കാഞ്ചികാമകോഠിപീഠം ശങ്കരാചാര്യർ പുനഃപ്രതിഷ്ഠ നടത്തി. നാലമ്പലത്തിൻെറ പുതുക്കിപ്പണി ചോള ശില്പസമ്പ്രദായത്തിലാണു നടത്തിയത്.

ഗുരുവായൂർ ദേവസ്വത്തിൻെറ ഭരണം നടത്തുന്നതു ഒൻപതംഗ സമിതിയാണ്. ഇവരിൽ അതതു കാലത്തെ സാമൂതിരിരാജാവും, മല്ലിശ്ശേരി മനയുടെയും, ചേന്നാസ് മനയുടെയും പ്രതിനിധികളും ഗവൺമെൻറ് നോമിനേറ്റ് ചെയ്യുന്ന അഞ്ച് അംഗങ്ങളും ദേവസ്വം അഡ്മിനിസ്ട്രേറ്ററും പെടുന്നു. ഭരണസമിതി ചെയർമാനെ സമിതി അംഗങ്ങളാണു തിരഞ്ഞെടുക്കുന്നത്.

ഗുരുവായൂർ ദൊരൈ (1935-)

മൃദംഗവാദകനും ലയവിദ്വാനും. സംഗീതകച്ചേരികൾക്ക് അകമ്പടി എന്ന നിലയ്ക്കും സ്വന്തം ലയവിന്യാസപ്രകടനങ്ങളിലൂടെയും ഇന്ത്യയ്ക്ക് അകത്തും വിദേശങ്ങളിലും പ്രതിഷ്ഠനേടിയ താളവാദ്യ വിദഗ്ധൻ.

1935 ജൂലായ് 2-ന് നെന്മാറയിൽ ജനിച്ചു. പാലക്കാട്ടു സുബ്ബയ്യരുടെയും പഴനി സുബ്രഹ്മണ്യപിള്ളയുടെയും കീഴിൽ മൃദംഗവായന പഠിച്ചു. എട്ടാം വയസ്സിൽ ചെമ്പൈ വൈദ്യനാഥഭാഗവതരുടെ സംഗീതക്കച്ചേരിക്കു മൃദംഗം വായിച്ചു. പില്ക്കാലത്ത് കർണാടകസംഗീതരംഗത്തെ ഒന്നാംകിടക്കാർക്കെല്ലാം അകമ്പടി ആയിട്ടുണ്ട്. ഫ്രാൻസ്, പശ്ചിമജർമനി, സോവിയറ്റ് യൂണിയൻ, മലേഷ്യ, സിങ്കപ്പൂർ, ഹങ്ഗറി, പോളണ്ട്, ഇങ്ഗ്ലണ്ട്, കാനഡ, യു.എസ്., ഓസ്ട്രേലിയ എന്നീ രാജ്യങ്ങളിൽ പര്യടനം നടത്തിയിട്ടുണ്ട്. സിയാറ്റിലെ വാഷിങ്ടൺ യൂണിവേഴ്സിറ്റിയിൽ വിസിറ്റിങ് പ്രൊഫസർ ആയി സേവനം അനുഷ്ഠിച്ചു. ലയജ്ഞാനസമ്രാട്ട്, സുനാദമൃദംഗവിശാരദ തുടങ്ങിയ ബഹുമതികൾ ഇദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്.

ഗുരുവായൂർ സത്യഗ്രഹം

അവർണർക്കു ക്ഷേത്രപ്രവേശനം നല്കാൻവേണ്ടി ഗുരുവായൂർ ക്ഷേത്രനടയിൽ കേരളപ്രദേശ് കോൺഗ്രസ് സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന സത്യഗ്രഹം. കേളപ്പനായിരുന്നു സത്യഗ്രഹത്തിനു നേതൃത്വം നല്കിയത്. 1931 നവംബർ ഒന്നിന് ആരംഭിച്ച സത്യഗ്രഹം പത്തുമാസം നീണ്ടുനിന്നു. മന്നത്തു പദ്മനാഭൻ അധ്യക്ഷനും കേളപ്പൻ സെക്രട്ടറിയുമായി രൂപവത്കൃതമായ സത്യഗ്രഹക്കമ്മിറ്റി വിപുലമായ പ്രചാരണ പ്രവർത്തനം നടത്തി. അയിത്തത്തിനെതിരെ നടന്ന ഈ സഹനസമരം ഭാരതത്തിൻെറ മുഴുവൻ ശ്രദ്ധ ആകർഷിച്ചു. കാസർഗോഡുനിന്നു വോളൻറിയർ കാപ്റ്റൻ എ.കെ. ഗോപാലൻെറയും സുബ്രഹ്മണ്യൻ തിരുമുമ്പിൻെറയും നേതൃത്വത്തിൽ പുറപ്പെട്ട ജാഥ 1931 നവംബർ ഒന്നിനു ഗുരുവായൂരിലെത്തി സത്യഗ്രഹം തുടങ്ങി. പടിഞ്ഞാറെ നടയിൽവച്ച് എ.കെ. ഗോപാലനെ ക്ഷേത്രം കാവൽക്കാർ മർദിച്ചു. ഇതു ജനങ്ങളെ ക്ഷുഭിതരാക്കി. അവർ ബലം പ്രയോഗിച്ചു ക്ഷേത്രത്തിൽ കടക്കാൻ ശ്രമിച്ചു. ഒരു മാസക്കാലം പൂജകൾ നിർത്തിവയ്ക്കേണ്ടിവന്നു. ക്ഷേത്രം അടച്ചിട്ടു. ഇതൊഴികെ സത്യഗ്രഹം സമാധാനപരമായിരുന്നു. ഇന്ത്യയുടെ നാനാഭാഗത്തുനിന്നും പൊതുപ്രവർത്തകർ സത്യഗ്രഹികൾക്കു പിന്തുണ നല്കാൻ ഗുരുവായൂരിലെത്തി.

ക്ഷേത്രത്തിൻെറ ട്രസ്റ്റി ആയിരുന്ന സാമൂതിരി ക്ഷേത്രപ്രവേശനത്തിനെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടു സ്വീകരിച്ചു. പാലിയത്ത് അച്ചൻെറ നേതൃത്വത്തിൽ ക്ഷേത്രപ്രവേശന വിരുദ്ധരായ 'സനാതനി'കൾ സംഘടിച്ചു. കിഴക്കെനടയുടെ കിഴക്കുഭാഗത്തു നീണ്ടുപോയ സത്യഗ്രഹം ഫലപ്രദമാകാതെ വന്നപ്പോൾ 1932 സെപ്റ്റംബർ 22-ന് കേളപ്പൻ ഉപവാസം ആരംഭിച്ചു. ഉപവാസം നീണ്ടപ്പോൾ ജനങ്ങൾ ഇളകി. സംഘട്ടനം ഉണ്ടാകുമെന്ന ഭയംകാരണം മഹാത്മജി ഉപദേശിച്ചതനുസരിച്ച് ഒക്റ്റോബർ 2-നു കേളപ്പൻ സത്യഗ്രഹം നിർത്തിവച്ചു. ക്ഷേത്രപ്രവേശനത്തെക്കുറിച്ചു കോൺഗ്രസ് ജനാഭിപ്രായം ആരാഞ്ഞു. ഹിന്ദുക്കളിലെ ഹിതപരിശോധനയിൽ 70% പേരും അതിന് അനുകൂലമാണെന്നു തെളിഞ്ഞു. ഇങ്ങനെ അയിത്തത്തിനെതിരെ ജനാഭിപ്രായം രൂപവത്കരിക്കുന്നതിൽ ഗുരുവായൂർ സത്യഗ്രഹം വിജയിച്ചു.

ഗുർജരന്മാർ

† ഗുജർ നോക്കുക

ഗുർജരപ്രതീഹാരവംശം

പശ്ചിമേന്ത്യയിലെ ഒരു രാജവംശം. 6-ാം ശതകം മുതൽ ഇന്ത്യാചരിത്രത്തിൽ പ്രത്യക്ഷപ്പെടുന്ന ഗുർജരവർഗത്തിൻെറ ഒരു ശാഖയാണ് ഇവരെന്നാണ് ആധുനികമതം. വിദേശീയരായ ഹൂണന്മാരുടെ പരമ്പരയിൽപ്പെട്ടവരാണു ഗുർജരന്മാരെന്നു കരുതപ്പെടുന്നു.

ഗുർജരന്മാർ പഞ്ചാബിലും മാർവാറിലും ബ്രോച്ചിലും ചെറിയ രാജ്യങ്ങൾ സ്ഥാപിച്ചു. ബാണന്റെ ഹർഷചരിതത്തിലും ഹ്യൂയൻ സാങ്ങിന്റെ കുറിപ്പുകളിലും പുലകേശൻ രണ്ടാമന്റെ ഐഹോളെ ശിലാശാസനത്തിലും ഇവരെപ്പറ്റി പരാമർശമുണ്ട്.

ഗുർജരപ്രതീഹാരന്മാർ രാജപുത്താനയിൽ സാമ്രാജ്യം സ്ഥാപിച്ചു. മൗണ്ട് ആബുവിൽനിന്ന് 80 കി. മീറ്റർ വടക്കുപടിഞ്ഞാറുള്ള ബിൽമാൾ അഥവാ ശ്രീമാൾ ആയിരുന്നു തലസ്ഥാനം. എ.ഡി. എട്ടാം ശതകത്തിൽ ജീവിച്ചിരുന്ന നാഗഭട്ടൻ ഒന്നാമൻ (725-740) ആയിരുന്നു സ്ഥാപകൻ എന്നുപറയുന്നു. ഡക്കാണിലെ ചാലൂക്യരുടെയും രാഷ്ട്രകൂടരുടെയും ഭീഷണിയിൽനിന്നു ഗുർജരശക്തിയെ രക്ഷിക്കാൻ അദ്ദേഹം ശ്രമിച്ചു. സിൻഡിൽനിന്ന് അറബികൾ അദ്ദേഹത്തെ എതിർത്തു. നാഗഭട്ടൻ അവരെ തോല്പിച്ചോടിച്ചു. ഗുജറാത്ത് മുതൽ ഗ്വാളിയർ വരെ നാഗഭട്ടൻ അധീനതയിൽ കൊണ്ടുവന്നു. ഗുജറാത്ത് കേന്ദ്രമാക്കി രൂപവത്കരിച്ച ഈ വംശത്തിലെ ഒരു പ്രശസ്തവ്യക്തിയായിരുന്നു വത്സരാജൻ (എ.ഡി. 775—800). ജൈനരേഖകളിൽ പരാമർശിക്കുന്ന റാണഹസ്തിൻ (വത്സരാജപ്രതീഹാരൻ) ഗുജറാത്ത്, മാൾവാ, രാജപുത്താന എന്നീ പ്രദേശങ്ങളിൽ ആധിപത്യം സ്ഥാപിച്ചിരുന്നു. അദ്ദേഹം കനൂജിലെ ഭരണാധികാരിയെ തോല്പിച്ചു. ഡക്കാണിലെ രാഷ്ട്രകൂട രാജാവായ ധ്രുവൻ അദ്ദേഹത്തെയും തോല്പിച്ചു.

അദ്ദേഹത്തിന്റെ പുത്രനായ നാഗഭട്ടൻ രണ്ടാമനാണു പിന്നീട് അധികാരത്തിൽവന്നത് (800-834). ആരംഭത്തിൽ പല വിജയങ്ങളും അദ്ദേഹം നേടി. വടക്കു സിന്ധ് മുതൽ തെക്ക് ആന്ധ്രവരെയും കിഴക്കു ബംഗാൾ മുതൽ പടിഞ്ഞാറു കാഠിയാവാഡ്‌വരെയും അദ്ദേഹത്തിന്റെ സാമ്രാജ്യത്തിലുൾപ്പെട്ടിരുന്നു. ബംഗാളിലെ ധർമപാലനെയും കനൂജിലെ ചക്രായുധനെയും തോല്പിച്ചതാണ് അദ്ദേഹത്തിന്റെ നേട്ടങ്ങൾ. തുടർന്നു നാഗഭട്ടൻ തലസ്ഥാനം കനൂജിലേക്കു മാറ്റി. അനേകശതാബ്ദക്കാലം കനൂജായിരുന്നു അദ്ദേഹത്തിന്റെയും പിൻഗാമികളുടെയും തലസ്ഥാനം. നാഗഭട്ടന്റെ കാലത്തും രാഷ്ട്ര കൂടരുമായുള്ള മത്സരം തുടർന്നു. രാമഭദ്രന്റെ പുത്രനാണു മിഹിരൻ ആദിവരാഹൻ. ഭോജൻ എന്ന പേരിലാണ് അദ്ദേഹം അറിയപ്പെടുന്നത്. അരശതാബ്ദക്കാലം അദ്ദേഹം ഭരണം നടത്തി (എ.ഡി. 840-890).

ഭോജന്റെ പുത്രനായ മഹേന്ദ്രപാലൻ (മഹേന്ദ്രായുധൻ 890-908) വിസ്തൃതമായ സാമ്രാജ്യം കേടുപാടുകളൊന്നും കൂടാതെ തുടർന്നു ഭരിച്ചു. പഞ്ചാബും സിന്ധുതീരങ്ങളും ഒഴികെ അറേബ്യൻതീരം മുതൽ ബീഹാർവരെയുള്ള ഉത്തരേന്ത്യൻ പ്രദേശങ്ങൾ മുഴുവൻ അദ്ദേഹത്തിന്റെ അധീനത്തിലായിരുന്നു. അദ്ദേഹത്തിന്റെ ശാസനങ്ങൾ ഗയയിൽനിന്നു കണ്ടുകിട്ടിയിട്ടുണ്ട്. അതിൽനിന്നു മഗധ കുറെക്കാലം പ്രതീഹാരസാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു എന്നു കരുതാം.

മഹേന്ദ്രപാലന്റെ മൂത്തപുത്രനായ ഭോജൻ രണ്ടാമൻ രണ്ടുമൂന്നു വർഷക്കാലം ഭരണം നടത്തിയശേഷം മരിച്ചു. സഹോദരനായ മഹീപാലൻ രാജാവായി (910-40) ഇദ്ദേഹത്തിന്റെ ഭരണകാലത്താണു കനൂജ്ശക്തി അധഃപതിക്കുവാൻ തുടങ്ങിയത്. എ.ഡി. 916-ൽ രാഷ്ട്രകൂടരാജാവായ ഇന്ദ്രൻ മൂന്നാമൻ കനൂജ് കീഴടക്കി. 914 വരെ മഹീപാലന്റെ അധീനതയിലായിരുന്ന സൗരാഷ്ട്രം അതോടുകൂടി കൈവിട്ടുപോയി. മറ്റു ചില പ്രവിശ്യകളും നഷ്ടപ്പെട്ടു. ഇന്ദ്രൻ കൈവശപ്പെടുത്തിയ കനൂജ് മഹീപാലൻ വീണ്ടെടുത്തു.

ദേവപാലന്റെ (940-'55) കീഴിൽ പ്രതീഹാരശക്തി പിന്നെയും ക്ഷയിച്ചു. ക്രമേണ യശോവർമ്മൻ കലിഞ്ജാർകോട്ട കൈവശപ്പെടുത്തി. കനൂജിന്റെ അധീശപദവി നിരാകരിച്ചു സ്വാതന്ത്ര്യം നേടി.

ദേവപാലന്റെ സഹോദരനായ വിജയപാലന്റെ ഭരണകാലത്ത് ഗ്വാളിയർ നഷ്ടപ്പെട്ടു. കച്ഛവാഹപ്രമാണിയായ വപ്രദാമൻ ഗ്വാളിയർകോട്ട പിടിച്ചെടുത്തു. എ.ഡി. 10-ാം ശതകത്തിന്റെ മധ്യത്തിൽ മൂലരാജൻ ഗുജറാത്തിൽ സോളങ്കി രാജ്യം (ചാലൂക്യശാഖ) സ്ഥാപിച്ചു. പശ്ചിമേന്ത്യയിൽ അക്കാലത്ത് കനൂജിന്റെ മേൽക്കോയ്മ നിലനിന്നിരുന്നില്ല.

കനൂജിൽ വിജയപാലനുശേഷം രാജ്യപാലൻ സിംഹാസനാരോഹണം ചെയ്തു. ചന്ദേലരാജാവായ ഗണ്ഡൻ, പഞ്ചാബിലെ രാജാവായ ജയപാലൻ, പ്രതീഹാരരാജാവായ രാജ്യപാലൻ എന്നിവർ ചേർന്ന് മുഹമ്മദീയർക്കെതിരായി ഒരു സഖ്യം ഉണ്ടാക്കി. എങ്കിലും ഹിന്ദുക്കളുടെ വിപുലമായ സൈന്യങ്ങളെ കുറാംതാഴ്‌വരയിൽവച്ച് ബുക്തിജിന്റെ നേതൃത്വത്തിലുള്ള മുസ്ലീംസൈന്യം നിശ്ശേഷം തോല്പിച്ചു. 991-ൽ പെഷവാർ കൈവശപ്പെടുത്തി.

ബുക്തിജിന്റെ പിൻഗാമിയായ മാമൂദ് 1019 ജനുവരിയിൽ കനൂജിയിലെത്തി. തലസ്ഥാനം സംരക്ഷിക്കാൻ കാര്യമായ ശ്രമമൊന്നും രാജ്യപാലൻ നടത്തിയില്ല. അതിനെ സംരക്ഷിച്ചിരുന്ന ഏഴു കോട്ടകളും ഒരൊറ്റദിവസംകൊണ്ട് മുസ്ലീംസൈന്യം കൈവശപ്പെടുത്തി. പട്ടണം മുഴുവൻ കൊള്ളയടിച്ചു. കൊള്ളമുതലുമായി മഹ്മൂദ് ഗസ്നിയിലേക്കു തിരിച്ചുപോയി. രാജ്യപാലൻ കനൂജ് ഉപേക്ഷിച്ച് ഗംഗാനദിയുടെ മറുകരയിലുള്ള ബാരിയിലേക്കു പിൻവാങ്ങി.

രാജ്യപാലന്റെ പൗരുഷഹീനമായ കീഴടക്കം ഹിന്ദുരാജാക്കന്മാരെ കുപിതരാക്കി. ചന്ദേലരാജാവായ ഗണ്ഡന്റെ അനന്തരാവകാശിയായ വിദ്യാധരന്റെ നേതൃത്വത്തിലുള്ള സൈന്യം 1019-ൽ കനൂജ് ആക്രമിച്ചു. രാജ്യപാലനെ വധിച്ചിട്ട് ത്രിലോചനപാലനെ രാജാവാക്കി. തന്റെ ആശ്രിതനായ രാജ്യപാലന്റെ ഈ ദുരന്തത്തെപ്പറ്റി കേട്ടിട്ടു കുപിതനായിത്തീർന്ന സുൽത്താൻ ഹിന്ദുരാജാക്കന്മാരോടു പകരംവീട്ടുന്നതിനു വീണ്ടും ഗസ്നിയിൽനിന്നും പുറപ്പെട്ടു. 1020-ൽ അദ്ദേഹം പുതിയ പ്രതീഹാരതലസ്ഥാനമായ ബാരി പിടിച്ചടക്കി, കൊള്ളയടിച്ചു. അതിനുശേഷം അദ്ദേഹം ചന്ദൽ അതിർത്തിയിലേക്കു നീങ്ങി. ഗണ്ഡൻ പലായനം ചെയ്തു. മഹ്മൂദ് കൊള്ളമുതലുമായി ഗസ്നിയിലേക്കു മടങ്ങി.

ഇന്ത്യാചരിത്രത്തിൽ ഗുർജരപ്രതീഹാരന്മാർക്കു സമുന്നതമായ ഒരു സ്ഥാനമുണ്ട്. അറബികളുടെ കിഴക്കോട്ടുള്ള മുന്നേറ്റത്തെ തടയുന്നതിലും അവരുടെ ശക്തി സിൻഡിൽ മാത്രം ഒതുക്കിനിർത്തുന്നതിലും ഗുർജരപ്രതീഹാരന്മാർ വളരെ യത്നിച്ചിട്ടുണ്ട്. ഈ വംശജർ ശൈവവൈഷ്ണവമതങ്ങളിൽ വിശ്വസിച്ചിരുന്നു.

ഗുല് ഗുലു

ബർസെറേസി കുലത്തിൽപ്പെട്ട കുറ്റിച്ചെടി. ഗുഗ്ഗുലു എന്നുപറയും. ശാസ്ത്രനാമം: *കൊമ്മി ഫൊമുകൾ* *(Commifora mughal)* കൊമ്മിഫൊറാ റോക്സ്ബർഗി എന്ന സ്പിഷീസും ഗുഗ്ഗുലു എന്ന പേരിൽ ഔഷധത്തിനുപയോഗിക്കുന്നു. രണ്ടരമീറ്റർവരെ പൊക്കംവരുന്ന പ്രധാനകാണ്ഡം വളവുകളുള്ളതായിരിക്കും. ഇളംശാഖകൾ വെളുത്ത രോമംകൊണ്ടു മൂടിയതും. ഓരോ ശാഖയുടെയും അഗ്രത്ത് ഒരു



ഗുല്ഗുലു
തണ്ടും ശാഖകളും.

കൂർത്ത മുളള് ഉണ്ടാവും. മാർച്ച്, ഏപ്രിലിൽ പൂക്കുന്നു. ഒരു ഞെട്ടിൽ രണ്ടോ മൂന്നോ പൂക്കൾ. ദളപുടത്തിന് അഞ്ചു ദളങ്ങൾ. ചെമപ്പുനിറം. ഫലത്തിനും പഴുക്കുമ്പോൾ ചെമപ്പുനിറമാകും. ഔഷധമായി ഉപയോഗിക്കുന്നത് തടിയിൽനിന്നെടുക്കുന്ന പശയാണ്. വാതരോഗത്തിനും വേദനകുറയ്ക്കാനും കഫം ഇല്ലാതാക്കാനും ഇത് ഉപയോഗിക്കുന്നു. ഗുഗ്ഗുലുവിൻെറ പുകയ്ക്ക് രോഗാണുനാശകശക്തിയുണ്ട്. വ്രണങ്ങൾ കരിയാൻ ഈ പുക തട്ടിക്കാറുണ്ട്. കറയ്ക്ക് കറുപ്പുനിറമാണ്; സ്വർണനിറമുളളത് ഔഷധത്തിന്നുത്തമം. ആഫ്രിക്കയിലാണ് ഇതു ധാരാളമായി കാണുന്നത്. ഇന്ത്യയിൽ രാജസ്ഥാൻ വനങ്ങളിൽ ഉണ്ടാകുന്നു. ഗുഗ്ഗുലുവിനെറ 165 ഇനങ്ങൾ ഇന്ത്യയിലും ആഫ്രിക്കയിലുമായി കാണാം.

ഗുലാം അഹമദ് മിർസ (1839-1908)

അഹമ്മദീയ എന്ന മുസ്ലിം വിഭാഗത്തിന് അടിസ്ഥാനമിട്ട ഇന്ത്യൻ മുസ്ലിം നേതാവ്. സമ്പന്നകുടുംബത്തിൽ ജനിച്ച ഇദ്ദേഹം പേർഷ്യൻ-അറബി ഭാഷകളിൽ പാണ്ഡിത്യം നേടി. ധ്യാനവും മതപഠനവും ജീവിതരീതിയാക്കി. ലോകാതീത സന്ദേശങ്ങൾ ശ്രവിക്കുന്നത് വ്യക്തിപരമായ ഒരനുഭവമായതോടെ 1889-ൽ പഞ്ചാബിലെ ക്വാദിയൻ എന്ന സ്ഥലത്ത് കുറെ ശിഷ്യരോട് തൻെറ തത്ത്വങ്ങൾ അരുളിച്ചെയ്തു. മതയാഥാസ്ഥിതികത്വത്തിൽനിന്നു വ്യക്തിയെ മോചിപ്പിക്കാൻ സഹായകമാവുന്ന ഈ പ്രവചനത്തിന് മുസ്ലിം മധ്യവർഗത്തിൻെറ പിന്തുണകിട്ടുകയും ധാരാളം അനുയായികളുണ്ടാവുകയും ചെയ്തു. എങ്കിലും യാഥാസ്ഥിതികരുടെ കടുത്ത എതിർപ്പുണ്ടായി. മുസ്ലിങ്ങളുടെ രക്ഷകനും പ്രവാചകനുമായ മുഹമ്മദിൻെറ പുനരവതാരമാണെന്നു മാത്രമല്ല, യേശുക്രിസ്തുവും കൃഷ്ണനും കൂടിച്ചേർന്നതാണു താൻ എന്ന് ഇദ്ദേഹം അരുളിച്ചെയ്തു. ഇതു യാഥാസ്ഥിതിക മുസ്ലിം വിശ്വാസത്തിനു നിരക്കുന്നതല്ല (ആ വിശ്വാസമനുസരിച്ച് അല്ലാഹു മാത്രമാണ് ദൈവം. മുഹമ്മദ്, ദൈവത്തിൻെറ അവസാനത്തെ പ്രവാചകനും ദൂതനുമായിരുന്നു; കൊറാൻ അല്ലാഹുവിൻെറ വാക്കുകളാണ്. ഇതിനെ ചോദ്യംചെയ്യുന്നയാൾ മുസ്ലിം അല്ല). സൂഫി മിസ്റ്റിക്കുകളുടെ അരുളപ്പാടുകളുമായിട്ടാണു മിർസക്കു പൊരുത്തം. ഇന്ത്യയിലും വിദേശത്തും പ്രചരിച്ച അഹമ്മദീയപ്രസ്ഥാനത്തിന് മിർസയുടെ മരണശേഷം കൂടുതൽ അനുയായികൾ ഉണ്ടായി.

ഗുലാം ഇസ്ഹാഖ്ഖാൻ (1915-)

പാകിസ്താൻെറ പ്രസിഡൻറ്. 1988 ഓഗസ്റ്റ് 17-ന് ജനറൽ സിയാവുൾഹഖ് വിമാനാപകടത്തിൽ അന്തരിച്ചതിനെത്തുടർന്ന് ആക്റ്റിങ് പ്രസിഡൻറായി ചുമതലയേറ്റ ഖാൻ, ബേനസീർ ഭൂട്ടോയുടെ നേതൃത്വത്തിൽ ജനാധിപത്യഭരണം നിലവിൽ വന്നതിനുശേഷം 1988 ഡിസംബർ 12-ന് പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു.

വടക്കുപടിഞ്ഞാറൻ അതിർത്തിപ്രവിശ്യയായ ഇസ്മയിൽ ഖൽ-ബന്നുവിൽ 1915 ജനുവരി 20-ന് ജനിച്ചു. 1940-ൽ പ്രവിശ്യാ സിവിൽ സർവീസിൽ ചേർന്നു. 1947-ൽ പാകിസ്താൻ രൂപവത്കരണത്തെ തുടർന്ന് പ്രവിശ്യാ മുഖ്യമന്ത്രിയുടെ സെക്രട്ടറിയും പിന്നീടു പ്രവിശ്യയുടെ ആഭ്യന്തര സെക്രട്ടറിയും സിവിൽ സപ്ലൈസ് സെക്രട്ടറിയുമായി. അയൂബ്ഖാൻെറ കാലത്ത് വൻകിട പൊതുമേഖലാ സംരംഭമായ ജല-ഊർജവികസന അതോറിറിയുടെ മേധാവിയായി. 1966-ൽ ധനകാര്യസെക്രട്ടറിയും 1970-ൽ ക്യാബിനറ്റ് സെക്രട്ടറിയും ആയിത്തീർന്നു. പ്രധാനമന്ത്രി ഭൂട്ടോ ഇദ്ദേഹത്തെ പാകിസ്താൻ സ്റ്റേറ്റ് ബാങ്ക് ഗവർണറാക്കി. 1975-ൽ പ്രതിരോധസെക്രട്ടറിയായ ഖാൻ, ഭൂട്ടോ ബഹിഷ്കൃതനാകുംവരെ ആ സ്ഥാനത്തു തുടർന്നു. പിന്നീട് സിയായുടെ ഭരണകാലത്ത് 1979-ൽ ധനകാര്യമന്ത്രിയായി. 1985-ൽ സെനറ്റിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. വൈസ് പ്രസിഡൻറിനു തുല്യമായ സെനറ്റ് ചെയർമാൻ പദവി നേടി. സിയായുടെ ചരമത്തെത്തുടർന്ന് ആക്റ്റിങ് പ്രസിഡൻറായി.

സമാധാനപരമായ തിരഞ്ഞെടുപ്പു പ്രക്രിയയിലൂടെ പാകിസ്താനിൽ ജനാധിപത്യം പുനഃസ്ഥാപിച്ചതിൻെറ ബഹുമതി ആക്റ്റിങ് പ്രസിഡൻറായിരുന്ന ഇസ്ഹാഖ്ഖാനുളളതാണ്. ഭരണപക്ഷത്തിൻെറയും പ്രധാന പ്രതിപക്ഷത്തിൻെറയും പിൻതുണയോടെയാണ് ഇദ്ദേഹം പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടത്.

ഗുലാം റസൂൽ

പതിനെട്ടാം നൂറ്റാണ്ടിലെ പേരുകേട്ട ഗായകൻ. ലക്നൗ നവാബായിരുന്ന ആസഫ്ദൗളയുടെ ആ്ഥാനവിദ്വാൻ, ധ്രുപദ്ഗായകനായിരുന്നുവെങ്കിലും ഖ്യാൽ കൈകാര്യംചെയ്യുന്നതിലും നിപുണനായിരുന്നു. സ്വന്തമായി ഗാനങ്ങൾ രചിച്ചു പ്രചരിപ്പിച്ചിട്ടുമുണ്ട്.

ഗുലാത്തി, ഡോ. ഐ.എസ്. (1924-)

സാമ്പത്തിക വിദഗ്ധൻ. 1924 മാർച്ച് 15-ന് ഇന്നത്തെ പാകിസ്താനിൽപ്പെടുന്ന ബന്നുവിൽ ജനിച്ചു. മുഴുവൻ പേര് ഇഖ്ബാൽസിങ് ഗുലാത്തി. വിദ്യാഭ്യാസം പഞ്ചാബ് സർവകലാശാലയിലായിരുന്നു. ലണ്ടനിൽനിന്നു പിഎച്ച്.ഡി. ബിരുദം നേടി. ബറോഡയിലെ എം. എസ്. സർവകലാശാലയിൽ റീഡറായും പിന്നെ പ്രൊഫസറായും സേവനം നടത്തി (1956-59). യു.എന്നിൻെറ കരീബിയനിലെ പ്രാദേശികോപദേഷ്ടാവ്, ഐ.എം.എഫിൻെറ മൊറീഷ്യസിലെ കൺസൾട്ടൻറ്, ആറാം സാമ്പത്തിക കമ്മീഷനിലെ അംഗം (1972-'73), ഏഷ്യൻ ബാങ്കിൻെറ കൺസൾട്ടൻറ് (1980), കർണാടക സംസ്ഥാന ടാക്സേഷൻ റിവ്യൂ കമ്മിറ്റി അംഗം എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇൻഡ്യൻ കൗൺസിൽ ഒഫ് സോഷ്യൽ സയൻസിലെയും സെൻറർ ഫോർ ഡിവലപ്പ്മെൻറ് സ്റ്റഡീസിലെയും വിശിഷ്ടാംഗമാണ് ഡോ. ഗുലാത്തി. നിരവധി ഗ്രന്ഥങ്ങളുടെയും ആധികാരിക പ്രബന്ധങ്ങളുടെയും കർത്താവായ ഇദ്ദേഹം ഇപ്പോൾ കേരള സംസ്ഥാന പ്ലാനിങ് ബോർഡ് ഉപാധ്യക്ഷനാണ്

ഗുലാബ്ദാസ് ബ്രോക്കർ (1909-)

ഗുജറാത്തി കഥാകൃത്ത്. വൻനഗരങ്ങളിലെ ഇടത്തരക്കാരായ യുവാക്കളുടെ ലൈംഗീകജീവിതത്തിൻെറ വിവിധ മണ്ഡലങ്ങളിലാണ് ഇദ്ദേഹം കഥകളുടെ ബീജം കണ്ടെടുക്കുന്നത്. മനുഷ്യമനസ്സുകളുടെ ഗതിവിഗതികളെ സൂക്ഷ്മമായി ആവിഷ്കരിക്കുന്നതിൽ പ്രത്യേക നൈപുണ്യമുണ്ട്. തൂലികാനാമം 'കഥക്'.



1909 സെപ്റ്റംബർ 20-ന് സൗരാഷ്ട്രത്തിലെ പോർബന്തറിൽ ജനിച്ചു. മെട്രിക്കുലേഷൻ വരെയുളള വിദ്യാഭ്യാസം. പോർബന്തറിലായിരുന്നു. ബോംബെയിലെ എൽഫിൻസ്റ്റൺ കോളെജിൽനിന്ന് ഇംഗ്ലീഷ് ഐച്ഛികവിഷയമായെടുത്ത് ബി.എ. ഓണേഴ്സ് പാസ്സായി. ഡിഗ്രി ലഭിക്കുന്നതിനു മുമ്പുതന്നെ ഗാന്ധിജിയുടെ നിയമലംഘന പ്രസ്ഥാനത്തിൽ പങ്കുകൊണ്ട് അറസ്റ്റുവരിച്ചു. പതിനാറുമാസം ജയിലിൽ കഴിഞ്ഞു. ജയിലിൽനിന്നു വിട്ടശേഷം നിയമബിരുദം നേടി. പിന്നീട് അച്ഛൻ നടത്തിവന്നിരുന്ന സ്റ്റോക്ക് എക്സ്ചേഞ്ച് ബിസിനസ്സിൽ ജ്യേഷ്ഠനോടൊപ്പം ചേർന്നു. 1964-നുശേഷം ബിസിനസ്സ് മകനെ ഏല്പിച്ച് എഴുത്തിൽത്തന്നെ മുഴുകി ബോംബെയിൽ കഴിയുന്നു.

ബ്രോക്കറുടെ 'ലത എന്തുപറയും' എന്ന കഥ 1938-ൽ 'പ്രസ്ഥാൻ' എന്ന പത്രത്തിലാണു പ്രസിദ്ധീകരിച്ചത്. 'പ്രസ്ഥാനി'ൻെറ പത്രാധിപരുടെ അഭ്യർത്ഥനയനുസരിച്ച് പലരും ബ്രോക്കർ നിറുത്തിയിടത്തുനിന്നു തുടർന്നെഴുതി ഈ കഥ വിപുലപ്പെടുത്തി. ഈ കൂട്ടുകൃതി ഉമാശങ്കർ ജോഷിയുടെ അവതാരികയോടുകൂടി പിന്നീട് പ്രസിദ്ധീകൃതമായി. ബ്രോക്കർക്ക് ഏറെ പ്രസിദ്ധിനേടിക്കൊടുത്ത കഥയാണ് ഇത്. പതിനൊന്നു കഥാസമാഹാരങ്ങൾ ഇദ്ദേഹം പ്രസിദ്ധീകരിച്ചി

ട്ടുണ്ട്. തിരഞ്ഞെടുത്ത പത്തൊമ്പതു കഥകൾ 'ഒഫ് ലൈഫ് ആൻഡ് ലൗ' എന്ന പേരിൽ ഇംഗ്ലീഷിൽ വിവർത്തനം ചെയ്ത് പ്രസിദ്ധപ്പെടുത്തിയത് ഭാരതീയ വിദ്യാഭവൻ ആണ്. കഥകൾക്കു പുറമെ കവിതകൾ, ഏകാങ്കനാടകങ്ങൾ (പ്രതിനിധീ ഏകാങ്കീ) നിരൂപണ പ്രബന്ധങ്ങൾ (സാഹിത്യ-തത്വ അത്തേ തന്ത്ര) എന്നീ ശാഖകളിലും ബ്രോക്കർ സംഭാവനകളർപ്പിച്ചിട്ടുണ്ട്. 1963-ൽ നല്ല ചെറുകഥയ്ക്കും 1970-ൽ നല്ല നാടകത്തിനും അവാർഡ് ലഭിച്ചു.

ഗുലാബ്സിങ് (19-ാംശതകം)

കശ്മീർ മഹാരാജാവ്. ആദ്യം ഇദ്ദേഹം മഹാരാജാ രഞ്ജിത്സിങ്ങിന്റെ കീഴിൽ അശ്വപാലകനായിരുന്നു. ഗുലാബ്സിങ്ങിന്റെ പ്രശസ്ത സേവനങ്ങളിൽ ആകൃഷ്ടനായി രഞ്ജിത്സിങ് ജമ്മു ഗുലാബ്സിങ്ങിനു വിട്ടുകൊടുത്തു. കാലക്രമത്തിൽ ഗുലാബ്സിങ് തന്റെ അതിർത്തി ലഡാക്കുവരെ വ്യാപിപ്പിച്ചു. 1839-ൽ രഞ്ജിത്സിങ് മരിച്ചപ്പോൾ ഗുലാബ്സിങ്ങിനെ 'ഖൽസ'യിലെ ഒരു മന്ത്രിയായി തിരഞ്ഞെടുത്തു. 1846-ലെ സൊബ്രോൺയുദ്ധത്തിനുശേഷം ബ്രിട്ടീഷുകാരുമായി വളരെ രമ്യതയിലായി. എന്നുതന്നെയല്ല ലാഹോർ സന്ധി(1846)യിൽ ഒരു സുപ്രധാന പങ്കുവഹിച്ചു. ഈ സന്ധിയിലെ വ്യവസ്ഥയനുസരിച്ചു കശ്മീർ ബ്രിട്ടീഷുകാരുടെ കൈവശമായി. ബ്രിട്ടീഷുകാർ ഈ സ്ഥലം ഗുലാബ്സിങ്ങിന് 75 ലക്ഷം രൂപക്കുവിറ്റു. ഗുലാബ്സിങ്ങിന് 'മഹാരാജാ' എന്ന പദവിയും കൊടുത്തു. 1857-ൽ ഗുലാബ്സിങ് മരിക്കുന്നതുവരെ ബ്രിട്ടീഷുകാരുമായി സൗഹാർദത്തിലും സമാധാനത്തിലുമാണ് കഴിഞ്ഞുകൂടിയത്. ഇന്ത്യൻ യൂണിയനുമായി സംയോജിപ്പിക്കുന്നതുവരെ കശ്മീരിലെ ഭരണാധികാരികൾ ഗുലാബ്സിങ്ങിന്റെ വംശജരായിരുന്നു.

ഗുലാബ്റായ് (1888-1963)

ഹിന്ദി സാഹിത്യകാരനും നിരൂപകനും. ഉത്തരപ്രദേശിലെ 'ഇറ്റാവാ' എന്ന സ്ഥലത്ത് 1888-ൽ ജനിച്ചു. എട്ടാംക്ലാസുവരെ പേർഷ്യൻഭാഷയും അതിനുശേഷം സംസ്കൃതവും പഠിച്ചു. എം.എ., എൽഎൽ.ബി., ഡി.ലിറ്റ്. എന്നീ ബിരുദങ്ങൾ നേടി. 'സാഹിത്യസന്ദേശ്' എന്ന മാസികയുടെ പ്രസാധകനായി വളരെക്കാലം സേവനം അനുഷ്ഠിച്ചു.

ആരംഭകാലത്ത് തത്ത്വശാസ്ത്രസംബന്ധമായ വിഷയങ്ങൾ എഴുതുന്നതിലാണ് കൂടുതൽ താത്പര്യം പ്രകടിപ്പിച്ചിരുന്നത്. എന്നാൽ ക്രമേണ സാഹിത്യവിഷയങ്ങൾ കൈകാര്യംചെയ്യാൻ തുടങ്ങി. ഹിന്ദി ഗദ്യത്തെ ശാസ്ത്രവിചാരങ്ങളുടെ ഗഹനമായ വിചിന്തനത്തിനായി ഉപയുക്തമാക്കാൻ ആധുനികയുഗത്തിൽ തീവ്രയത്നംചെയ്ത മഹാന്മാരിൽ ഇദ്ദേഹം ശ്രദ്ധേയനാണ്.

നിരൂപകൻ, നിബന്ധകാരൻ എന്നീ നിലകളിലാണ് ഇദ്ദേഹം സാഹിത്യലോകത്ത് അധികം അറിയപ്പെടുന്നത്. രാമചന്ദ്രശുക്ലജിക്കു ശേഷം സൈദ്ധാന്തികസമീക്ഷയെ പരിപുഷ്ടമാക്കിയവരിൽ ഇദ്ദേഹം അഗ്രഗണ്യനാണ്. ഇദ്ദേഹത്തിന്റെ പ്രതിഭയുടെ സവിശേഷത അതു പ്രാചീനതയുടെയും, നവീനതയുടെയും, പൗരസ്ത്യ-പാശ്ചാത്യരീതികളുടെയും സമന്വയമാണെന്നതാണ്.

രസസിദ്ധാന്തങ്ങളെക്കുറിച്ചു മനഃശ്ശാസ്ത്രപരമായി ഇദ്ദേഹം ചെയ്തിട്ടുള്ള പഠനങ്ങൾ ഈ വിഷയത്തിലേക്ക് അനേകം പണ്ഡിതന്മാരുടെ ശ്രദ്ധ ആകർഷിച്ചു. പൗരസ്ത്യവും പാശ്ചാത്യവുമായ കാവ്യശാസ്ത്രസിദ്ധാന്തങ്ങളെ സമന്വയിപ്പിച്ചു വ്യാഖ്യാനിക്കുന്ന ശൈലിയിൽ ഇദ്ദേഹത്തിന്റെ ഏറ്റവും ശ്രദ്ധേയമായ കൃതി 'സിദ്ധാന്ത് ഓർ അധ്യയൻ' ആണ്.

ഇദ്ദേഹത്തിന്റെ നിബന്ധങ്ങളിൽ വ്യംഗ്യഹാസ്യത്തിനു മികച്ച സ്ഥാനമുണ്ട്. മനശ്ശാസ്ത്രാപഗ്രഥനത്തിന്റെ നവീന സിദ്ധാന്തങ്ങളെ ആശ്രയിച്ചുവരച്ചിട്ടുള്ള ബോധമനസ്സിന്റെയും ഉപബോധമനസ്സിന്റെയും പ്രക്രിയകളുടെ ചിത്രങ്ങൾപോലും പരിഹാസത്തിന്റെ നേരിയ സ്പർശംകൊണ്ടു മനോഹരമായിരിക്കുന്നു.

ഗുലേരി, ചന്ദ്രധർശർമ (1880-1920)

ഹിന്ദി ചെറുകഥാകൃത്ത്. *ഉസ്നേ കഹാ ഥാ* എന്ന ഒരൊറ്റ ചെറുകഥകൊണ്ടു ലബ്ധപ്രതിഷ്ഠനായ അപൂർവപ്രതിഭാശാലി. 1915-ൽ ആണ് ഈ കഥ പ്രസിദ്ധീകൃതമായത്. ലളിതവും വ്യഞ്ജകവുമായ സംഭാഷണത്തിലൂടെ ചടുലമായ കഥാഗതി വ്യക്തമാക്കി ഹൃദയസംവാദം സാധിക്കുന്ന അദ്ഭുതപ്രതിഭാശാലിയാണു ഗുലേരി. ഇദ്ദേഹം ഏറെ എഴുതിയിട്ടില്ല ഉസ്നേ കഹാ ഥാ ചലച്ചിത്രമായിട്ടുണ്ട്.

ഗുല്ല

അമേരിക്കയിലെ ഒരു നീഗ്രോവിഭാഗം. അവരുടെ ഭാഷയുടെ പേരും ഗുല്ല എന്നുതന്നെ. പശ്ചിമാഫ്രിക്കയിൽനിന്നു കൊണ്ടുവന്ന നീഗ്രോകളുടെ വംശത്തിൽപ്പെട്ട ഇവർ തെക്കൻകരോലിന, ജോർജിയ, ഫ്ളോറിഡ എന്നിവിടങ്ങളിലാണ് ഉള്ളത്.

"ലോകത്തിലേക്കുവച്ച് ഏറ്റവും മോശപ്പെട്ട ഇംഗ്ലീഷ്" എന്നാണ് ഗുല്ലഭാഷയെ പറഞ്ഞുവരുന്നത്. ഇംഗ്ലീഷ്കങ്കാണിമാർ സംസാരിക്കുന്നതുകേട്ട് ഈ നീഗ്രോകളുടെയിടയിൽ രൂപംകൊണ്ട ഭാഷയാണിത്. ആഫ്രിക്കൻ ഭാഷാപദങ്ങൾ കലർന്ന നാടൻ ഇംഗ്ലീഷ് എന്ന് ഇതിനെ വിശേഷിപ്പിക്കാം.

ഗുൽബർഗ

കർണാടകത്തിലെ ഒരു ജില്ലയും അതിന്റെ തലസ്ഥാനവും. 1347 മുതൽ 1428 വരെ ഗുൽബർഗ നഗരം ബാഹ്മനി സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു. ഗുൽബർഗയിലെ പഴയ കോട്ട മിക്കവാറും തകർന്നിരിക്കുന്നു. എന്നാൽ ദർശനീയമായ അനേകം സൗധങ്ങൾ ഇപ്പോഴും ഇവിടെ ഉണ്ട്. ഇവിടത്തെ ജാമി മസ്ജിദ് എന്ന പള്ളി സ്പെയിനിലെ കൊർദോവയിലുള്ള പ്രശസ്തമായ ദേവാലയത്തെ അനുകരിച്ചു മൂർവർഗജനായ ഒരു ശില്പി നിർമിച്ചതാണ്. ഇത്തരത്തിൽ ഒരു മുസ്ലിംപള്ളി ഇന്ത്യയിൽ ഇതുമാത്രമേയുള്ളൂ. ഉപരിതലം മുഴുവൻ വ്യാപിച്ച അർധഗോളാകാരമായ ഒരു മകുടമുണ്ട് ഇതിന്. നാലു മൂലയ്ക്കും ചെറിയ നാലു മകുടങ്ങളും ചുറ്റുപാടുമായി 75 മകുടങ്ങളുമുണ്ട്. നഗരത്തിലെ ജനസംഖ്യ 1,60,000 (1981).



ഗുൽബർഗയിലെ ജാമി മസ്ജിദ് (1576).

ജില്ലയുടെ വിസ്തൃതി 16,224 ച.കി.മീറ്റർ. ജനസംഖ്യ 20,80,643 (1981) ഇപ്പോൾ ഗുൽബർഗയിൽ ഒരു സർവകലാശാലയുണ്ട്!

ഗുൽമർഗ്

ജമ്മു-കാശ്മീർ സംസ്ഥാനത്തെ ബാരമുള ജില്ലയിൽപ്പെട്ട വിനോദ-വിശ്രമസങ്കേതമായ പട്ടണം. സമുദ്രനിരപ്പിൽനിന്ന് 2730 മീറ്റർ

ഉയരത്തിലാണു സ്ഥാനം. 'പൂത്താലം' എന്നാണു വാക്കിൻെറ അർഥം. കശ്മീർ താഴ്വരയുടെയും നംഗപർബത് കൊടുമുടിയുടെയും വിശാലദൃശ്യം ഇവിടെനിന്നു ലഭിക്കും. ലോകത്തിലെ ഏറ്റവും ഉന്നതമായ പ്രദേശത്തു സ്ഥിതിചെയ്യുന്ന ഗോൾഫ് കളി സ്ഥലം ഇവിടെയാണ്.

ശ്രീനഗറിൽനിന്നു ഗുൽമർഗിലെത്താൻ ബസുകളുണ്ട്. 52 കി.മീറ്റർ ആണ് ദൂരം. ഉലാത്താനും കളിക്കാനും കുളിക്കാനും ആറ്റുമീൻ പിടിക്കാനും പ്രകൃതിദൃശ്യങ്ങൾ നോക്കി മാനസോല്ലാസമുണ്ടാക്കാനും പറ്റിയ സ്ഥാനങ്ങൾ ഇവിടെയുണ്ട്. പൈൻകാടുകളിലൂടെ 11 കി.മീറ്ററോളം ചുറ്റിവളഞ്ഞു കിടക്കുന്ന വഴികൾ ഉല്ലാസയാത്രയ്ക്ക് ഉതകും. ബസ്സ്റ്റേഷനിൽനിന്ന് ഏതാണ്ട് ആറു കി.മീ.മാറിയുള്ള സ്ഥാനമാണ് ഖിലൻമാർഗ്(Khilanmarg). ഇവിടത്തെ മലയടിവാരങ്ങൾ വസന്തത്തിൽ മലർപൊതിഞ്ഞ് മനോഹരമാകും. അവിടെനിന്നു പതിമ്മൂന്ന് കി.മീ.മാറിയാണ് അഫർവത്(Apharvat). കൊടുമുടിയുടെ നിഴലിൽ കഴിയുന്ന അൽപഥർ (Alpather) തടാകം ശിശിരം മുഴുവൻ മഞ്ഞു മൂടി കിടക്കും. തടാകത്തിലെയും കുന്നുകളിലെയും മഞ്ഞ് ഉരുകിയൊലിച്ചു രൂപംപ്രാപിക്കുന്നതാണു നിൻഗിൾനള്ള (Ningle Nalla). ഇത് സോപൂരിനടുത്ത് ഝലം നദിയിൽ ചേരുന്നു. ഗുൽമർഗിലെ മറ്റൊരു കാട്ടരുവിയാണു ഫിറോസ്പൂർ നള്ള(Ferozpore Nalla), ആറ്റുമീൻ പിടുത്തത്തിനു പറ്റിയ ഇടമാണ്.

ഗുൽമർഗിലെ ഒരു കുന്നിൽചരുവിലാണു 1480-ൽ അന്തരിച്ച ബാബ രെഷി (Baba Reshi) എന്ന മുസ്ലിംദിവ്യൻെറ ശവകുടീരം. സയിനുൽ അബ്ദീൻ (Zain-ul-Abdin) രാജാവിൻെറ സദസ്സിലെ അംഗമായിരുന്നു ഈ ദിവ്യൻ.

ഗുൽസാരിലാൽ നന്ദ (1898—)

സ്വാതന്ത്ര്യസമരനേതാവും രാജ്യതന്ത്രജ്ഞനും. ഇന്ത്യയിൽ ശാസ്ത്രീയാസൂത്രണം ആരംഭിച്ചപ്പോൾ മുതൽ ഒരു വ്യാഴവട്ടക്കാലം അതിൻെറ ചുമതലവഹിച്ച മന്ത്രിയും, പ്ലാനിങ് കമ്മീഷൻ ഡപ്യൂട്ടി ചെയർമാനും ആയിരുന്നു. ജവാഹർലാൽ നെഹ്റുവിൻെറ നിര്യാണത്തെത്തുടർന്ന് 1964 മെയ് 27 മുതൽ ജൂൺ 11 വരെയും ലാൽ ബഹാദൂർ ശാസ്ത്രിയുടെ നിര്യാണത്തെത്തുടർന്ന് 1966 ജനുവരി 11 മുതൽ 24 വരെയും താത്കാലിക പ്രധാനമന്ത്രിയുടെ ചുമതല വഹിച്ചു.

1898 ജൂലായ് 4-ന് സിയാൽകോട്ടിൽ (ഇപ്പോൾ പാകിസ്താൻെറ ഭാഗം) ജനിച്ചു. ലഹോർ, ആഗ്രാ, അലാഹാബാദ് എന്നിവിടങ്ങളിൽ പഠിച്ചു. ബോംബെ നാഷനൽ കോളെജിൽ ധനശാസ്ത്ര അധ്യാപകൻ ആയി. 1921-ൽ നിസ്സഹകരണപ്രസ്ഥാനത്തിൽ ചേർന്നു. അഹമ്മദബാദിലെ ടെക്സ്റ്റൈൽ ലേബർ അസോസിയേഷൻ നേതാവായിരുന്നു. ബോംബെ നിയമസഭാംഗവും, തൊഴിൽ എക്സൈസ് വകുപ്പുകൾക്കുള്ള പാർലമെൻററി സെക്രട്ടറിയും (1937-'39) ബോംബെ തൊഴിൽ മന്ത്രി (1946-'50), കേന്ദ്രഗവൺമെൻറിൻെറ പ്ലാനിങ് കമ്മീഷൻ ഡപ്യൂട്ടി ചെയർമാൻ (1950-'51) എന്നീ സ്ഥാനങ്ങൾ വഹിച്ചു. കേന്ദ്രമന്ത്രിസഭയിൽ പ്ലാനിങ്മന്ത്രി (1951-'63), ആഭ്യന്തര മന്ത്രി (1963-'66), റെയിൽവെമന്ത്രി (1970-'71) എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. ആഭ്യന്തരമന്ത്രിയായിരിക്കവെയാണു പാർലമെൻറിൽ മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിക്കെതിരായ ധവളപത്രം അവതരിപ്പിച്ചത്.

പൊതുജനസേവനത്തുറകളിലും സംഘടനാതലത്തിലും ഭരണനിർവഹണരംഗത്തും പല പരിവർത്തനങ്ങളും വരുത്താൻ ഇദ്ദേഹം ശ്രമിച്ചു. തൻെറ ആശയങ്ങളും കർമപദ്ധതികളും ഇദ്ദേഹം പ്രബന്ധരൂപത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. പ്രധാന കൃതികൾ: *സം ആസ്പെക്റ്റ്സ് ഒഫ് ഖാദി, ഗുരു തേജ് ബഹാദൂർ: സെയ്ൻറ് ആൻഡ് സേവിയർ, ഫോർ എ മോറൽ റവല്യൂഷൻ; അപ്രോച്ച് റ്റു ദ് സെക്കൻഡ് ഫൈവ് ഇയർ പ്ലാൻ—സം ബേസിക കൺസിഡറേഷൻസ്.*

ഗുൽസാർ (1936 —)

ഹിന്ദി ചലച്ചിത്രകാരൻ. നിർമാതാവ്, സംവിധായകൻ, കഥാകൃത്ത്, തിരനാടകരചയിതാവ്, ഗാനരചയിതാവ് എന്നീ നിലകളിൽ ചലച്ചിത്രരംഗത്തു ശ്രദ്ധേയമായ നേട്ടങ്ങൾ ആർജിച്ചു.

1936 ഓഗസ്റ്റ് 18-നു പശ്ചിമ പഞ്ചാബിൽ (ഇപ്പോൾ പാകിസ്താനിൽ ഉൾപ്പെട്ടിരിക്കുന്നു) ദീന എന്ന സ്ഥലത്തു ജനിച്ചു. എഴുത്തുകാരൻ എന്ന നിലയിൽ ചലച്ചിത്രരംഗത്തെത്തി. പിന്നീടു സംവിധായകൻ എന്ന നിലയ്ക്കു ശ്രദ്ധേയനായി. *അചാനക്, പരിചയ്, ആന്ധി, മീര, നമ്കീൻ, അങ്ഗൂർ, മൗസം* തുടങ്ങിയവയാണു ഗുൽസാർ സംവിധാനം ചെയ്ത പ്രസിദ്ധ ചിത്രങ്ങൾ. *കിനാരാ, കിതാബ്* എന്നീ ചിത്രങ്ങൾ നിർമിച്ചു. *കോശിശ്* എന്ന ചിത്രത്തിൻെറ തിരനാടകരചനയ്ക്ക് 1972-ലും മൗസം എന്ന ചിത്രത്തിൻെറ സംവിധാനത്തിന് 1975-ലും ദേശീയ അവാർഡു ലഭിച്ചു. 1971-'80 കാലത്ത് ഏഴു തവണ ഫിലിം ഫെയർ അവാർഡു നേടി. ബംഗാൾ ഫിലിം ജേർണലിസ്റ്റ് അവാർഡു തുടങ്ങി വേറെയും അവാർഡുകൾ ലഭിച്ചിട്ടുണ്ട്. കഥകളുടെയും കവിതകളുടെയും സമാഹാരങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

പ്രസിദ്ധ ചലച്ചിത്രനടി രാഖി ആയിരുന്നു ഗുൽസാറിൻെറ പത്നി. ഇവർക്ക് ഒരു മകൾ ഉണ്ട്. പിന്നീട് അവർ വേർപിരിഞ്ഞു.

ഗുവാനോ (guano)

ഒരു ജൈവവളം. തെക്കെ അമേരിക്കയിലെ പെറുവിന് സമീപത്തുള്ള പസഫിക്ദ്വീപുകളിൽ വ്യാപകമായി വസിക്കുന്ന അനേകായിരം കടൽപക്ഷികളുടെ (കോർമൊറാൻറ്, പെലിക്കൻ, ബൂബി തുടങ്ങിയവ) വിസർജ്യങ്ങളാണ് ഗുവാനോ ആയിത്തീരുന്നത്. ഇതിൽ നൈട്രജൻ, ഫോസ്ഫേറ്റുകൾ തുടങ്ങിയവ ധാരാളമായി അടങ്ങിയിട്ടുണ്ട്. ലോകത്തിൻെറ വിവിധഭാഗങ്ങളിലേക്കു ഗുവാനോ കയറ്റുമതി ചെയ്യുന്നുണ്ട്. പെറുവിൻെറ ദേശീയവരുമാനത്തിൻെറ സിംഹഭാഗവും ഗുവാനോ വ്യാപാരത്തിൽനിന്നാണു കിട്ടുന്നത്.

പസഫിക്സമുദ്രത്തിൽ ചിലി, പെറു എന്നീ രാജ്യങ്ങളുടെ തീരത്തുകൂടി ഒഴുകുന്ന ശീതജലപ്രവാഹമാണു ഹംബോൾട്ട് പ്രവാഹം *(Humbold current)* ഇതു കണ്ടെത്തിയ അലക്സാൻഡർ ഫോൺ ഹംബോൾട്ട് പര്യവേക്ഷകൻ തന്നെയാണു ഗുവാനോവിൻെറ ഉപയോഗം ആദ്യമായി ലോകശ്രദ്ധയിൽ കൊണ്ടുവന്നത്. ഈ ദ്വീപുകളുടെ സമീപത്തു ഹംബോൾട്ട് പ്രവാഹത്തിൽ ധാരാളം പോഷകങ്ങൾ അടിഞ്ഞിട്ടുണ്ട്. ഇതിൽ വളരെ സമൃദ്ധമായൊരു പ്ലവജീവിസമൂഹമുണ്ടായി. അൻകോവി എന്ന ഇനം മത്സ്യത്തിൻെറ ഭക്ഷണമാണ് ഈ പ്ലവജീവികൾ. കോർമൊറാൻറുകൾ തുടങ്ങിയ പക്ഷികൾ ഈ മത്സ്യങ്ങളെ ഭക്ഷണമാക്കുന്നു. ഈ പക്ഷികളുടെ വിസർജ്യവും പോഷകപദാർഥങ്ങൾകൊണ്ട് സമ്പന്നമാണ്. അതുകൊണ്ടാണു മറ്റു സ്ഥലങ്ങളിലെ പക്ഷികളുടെ വിസർജ്യത്തിനില്ലാത്ത വൈശിഷ്ട്യം ഗുവാനോയ്ക്ക് കിട്ടിയത്. ഇവിടത്തെ ഒരു ദ്വീപിൽതന്നെ 50 ലക്ഷം കോർമൊറാൻറുകൾ ഉണ്ടത്രേ. അവയുടെ ഒരുദിവസത്തെ ഭക്ഷണത്തിനു 1,000 ടൺ അൻകോവികൾ വേണമെന്നാണു കണക്ക്.

പെറുവിൽ ആധുനിക മത്സ്യബന്ധനസമ്പ്രദായങ്ങൾ നടപ്പിലായപ്പോൾ വൻതോതിൽ അൻകോവികളെ പിടിക്കാനും കയറ്റി അയയ്ക്കാനും തുടങ്ങി. അതുകൊണ്ട് ഈ മത്സ്യങ്ങളെ ആശ്രയിച്ചിരുന്ന പക്ഷികളുടെ എണ്ണം വളരെയധികം കുറഞ്ഞുപോയി. ഇതോടെ ഗുവാനോയുടെ ലഭ്യതയും കയറ്റുമതിയും വളരെ കുറഞ്ഞു. ഇതിനെത്തുടർന്നു പെറുഗവൺമെൻറ് അൻകോവി മത്സ്യബന്ധനത്തിനു കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. അതിനുശേഷം ഗുവാനോ ഉത്പാദനം മെച്ചപ്പെട്ടിട്ടുണ്ട്.

ഗുവാഹതി

അസമിലെ കാമരൂപജില്ലയുടെ തലസ്ഥാനം. ബ്രഹ്മപുത്രാനദിയുടെ തീരത്തു സ്ഥിതിചെയ്യുന്നു. ഇവിടത്തെ കാമാഖ്യക്ഷേത്രവും ഉമാനന്ദാക്ഷേത്രവും മുഖ്യ തീർഥാടനകേന്ദ്രമാണ്. ശുക്ലേശ്വരത്തുള്ള കുന്നിൻെറ അടിഭാഗത്തു വലിയ തടാകങ്ങളും ധാരാളം ചിത്രസ്മാരകങ്ങളുമുണ്ട്.

അസമിലെ നദീവ്യാപാരത്തിൻെറയും വ്യവസായത്തിൻെറയും കേന്ദ്രമാണു ഗുവാഹതി എണ്ണശുദ്ധീകരണശാല, സർവകലാശാല (1948), ഹൈക്കോടതി, സ്റ്റേറ്റ്ഫാം, മ്യൂസിയം, മൃഗശാല എന്നിവ



ബ്രഹ്മപുത്രാനദി ഗുവാഹതിയിൽ

ഇവിടെയുണ്ട്. വിമാനമാർഗം ഇതു കൽക്കത്തയുമായും റെയിൽവേ മാർഗമായി കൽക്കത്ത, ചിറ്റഗോങ്, എന്നിവിടങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു.

എ.ഡി. 400-നടുത്ത് ഇതു കാമരൂപരാജവംശത്തിന്റെ ആസ്ഥാനമായിരുന്നു. പതിനേഴാം നൂറ്റാണ്ടിൽ 50 വർഷത്തിനിടയ്ക്കു മുസ്ലിങ്ങളും അഹോമികളും എട്ടുപ്രാവശ്യം ഗുവാഹതി മാറിമാറി കൈയടക്കിയിട്ടുണ്ട്. 1786-ൽ ഇത് അഹോമീരാജാവിന്റെ തലസ്ഥാനമായിരുന്നു. 1816—1829 വരെ ഇതു ബർമക്കാരുടെ അധീനതയിലായിരുന്നു. 1826—1874 വരെ അസമിലെ ബ്രിട്ടീഷ്ഭരണവിഭാഗത്തിന്റെ ആസ്ഥാനമായിരുന്നു ഇത്. ജനസംഖ്യ 1,40,000 (1981).

ഗുവേര, ചെ (1928-1967)

ലാറ്റിനമേരിക്കൻ വിപ്ലവകാരി., 1928 ജൂൺ 14-ാം തീയതി അർജെന്റിനയിലെ റൊസ്സാരിയോയിൽ ഒരു ശില്പിയുടെ കുടുംബത്തിൽ ജനിച്ചു. മാതാവ് സെലിയഡിലാസെർമാ ഒരു കമ്യൂണിസ്റ്റാദർശക്കാരിയായിരുന്നു. ബ്യൂണോസ് അയേഴ്സ് സർവകലാശാലയിൽനിന്നു വൈദ്യശാസ്ത്രത്തിൽ ബിരുദം നേടി. സർവകലാശാലയിൽ പഠിക്കുന്ന കാലത്തുതന്നെ ഇദ്ദേഹം വിദ്യാർഥികളുടെ വിപ്ലവപ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്തു. നാട്ടിൻപുറത്തെ പട്ടിണിപ്പാവങ്ങളുടെയിടയിൽ അവരെ സഹായിക്കുന്നതിന് തന്റെ വൈദ്യശാസ്ത്രവിജ്ഞാനം ഉപയോഗിക്കാനാണ് ഏണസ്റ്റോ ഗുവേര ഇഷ്ടപ്പെട്ടത്. മറ്റു ലാറ്റിനമേരിക്കൻ രാജ്യങ്ങളിലും ഇദ്ദേഹം ഡോക്ടറായി ജോലിചെയ്തു. നഗരങ്ങളിലെ ചേരി നിവാസികളുടെയും ആൻഡീസ് പർവതങ്ങളിലും ആമസോൺ വനങ്ങളിലും നിവസിക്കുന്ന അമേരിന്ത്യൻ വംശ (ആദിവാസികൾ)ക്കാരുടെയും പട്ടിണിയുടെ ആഴം നേരിട്ടുകണ്ടു.



മെക്സിക്കോവിൽവച്ചു ഗുവേര ഫിഡൽ കാസ്ട്രോയുമായി പരിചയപ്പെട്ടു. കാസ്ട്രോയുടെ ജൂലൈ 26 വിപ്ലവപ്രസ്ഥാനത്തിൽ ഇദ്ദേഹവും ചേർന്നു. ബാതിസ്താ സർവാധിപത്യത്തിനെതിരായി പോരാടാൻ 1956-ൽ ക്യൂബയിൽ വന്നിറങ്ങിയ വീരസാഹസികരായ കുറെ യുവാക്കളുടെ കൂട്ടത്തിൽ കാസ്ട്രോയോടൊപ്പം ഗുവേരയുമുണ്ടായിരുന്നു. അതിവേഗത്തിൽ ഇദ്ദേഹംസീയേറാമേയ്സ്ത്രാ കുന്നുകളിലെ ഒളിപ്പോരുകാരുടെ പ്രിയങ്കരനായ നേതാവായിത്തീർന്നു. 1955-ൽ ക്യൂബയുടെ ഹൃദയത്തിലുള്ള ലാസ്വില്ലാസ് സംസ്ഥാനത്തിലേക്കു ഗുവേര ധീരമായ ഒരു ആക്രമണത്തിന് 'താടിക്കാരായ' ഒളിപ്പോരുകാരുടെ വിഭാഗത്തെ നയിച്ചു. ബാതിസ്തയുടെ പതനത്തിനുശേഷം ആദ്യമായി തലസ്ഥാനനഗരമായ ഹാവനയിൽ പ്രവേശിച്ചതു ഗുവേരയുടെ നേതൃത്വത്തിലുള്ള സേനാവിഭാഗമായിരുന്നു.

ക്യൂബൻ വിപ്ലവത്തിന്റെ വിജയത്തിനുശേഷം ആദ്യവർഷങ്ങളിൽ ക്യൂബയിലെ പുതിയ വിപ്ലവസൈന്യത്തെ സംഘടിപ്പിക്കുന്നതിലാണു ഗുവേര ഏർപ്പെട്ടത്. 1961-ൽ അദ്ദേഹം ക്യൂബൻ നാഷനൽ ബാങ്കിന്റെ ചെയർമാനായും തുടർന്നു വ്യവസായവകുപ്പുമന്ത്രിയായും നിയമിതനായി. ഈ സ്ഥാനങ്ങളിൽ ക്യൂബയിൽ പുതിയ സോഷ്യലിസ്റ്റ് സാമ്പത്തികവ്യവസ്ഥ പടുത്തുയർത്താൻ അദ്ദേഹം സഹായിച്ചു. സോഷ്യലിസ്റ്റ് ക്യൂബയുടെ പ്രതിനിധിയായി പല രാജ്യങ്ങളിലും അദ്ദേഹം സഞ്ചരിച്ചു. ന്യൂയോർക്കിൽ ഐക്യരാഷ്ട്ര സംഘടനയുടെ സമ്മേളനത്തിലും ജനീവയിൽ ഐക്യരാഷ്ട്ര സംഘടന വിളിച്ചുകൂട്ടിയ വ്യാപാര-വികസനസമ്മേളനത്തിലും ഗുവേര പങ്കെടുത്തു.

1965-ൽ ഗുവേര ക്യൂബ വിട്ടു. 'ലോകത്തിന്റെ മറ്റു ഭാഗങ്ങൾ എന്റെ എളിയ സേവനം ഇപ്പോൾ ആവശ്യപ്പെടുന്നു' എന്നാണ് ഫിഡൽ കാസ്ട്രോയ്ക്ക് അയച്ച സന്ദേശത്തിൽ തന്റെ തീരുമാനത്തിനു കാരണമായി അദ്ദേഹം പറഞ്ഞത്, ഇദ്ദേഹത്തിന്റെ ഭാര്യയും രണ്ടു കുട്ടികളും ഹാവനയിൽത്തന്നെ താമസിച്ചു.

1967 മാർച്ച് മാസത്തിൽ ബോളീവിയയിൽ ഒരു ഒളിപ്പോർ പ്രസ്ഥാനം ആരംഭിച്ചു. ഒളിപ്പോരുകാരെ നയിച്ചുകൊണ്ട് ഗുവേര അവിടെയുണ്ടായിരുന്നു. 1967-ൽ വേനൽക്കാലത്തിന്റെ ഒടുവിൽ ബൊളീവിയൻ ഭരണാധികാരികൾ, ഗുവേരയെയും മറ്റ് ഒളിപ്പോരുകാരെയും പിടിക്കുന്നതിനുവേണ്ടി വിപുലമായ ഒരു സൈനികാക്രമണം ആരംഭിച്ചു. സെപ്റ്റംബർ അവസാനത്തിൽ, ശത്രുവലയത്തിൽനിന്നു രക്ഷപ്പെടാൻവേണ്ടിയുള്ള തുടർച്ചയായ ഓട്ടംകാരണം ക്ഷീണിതരായി. 16 ഒളിപ്പോരുകാർ ഹിഗുവേരാസ് എന്ന ചെറുപട്ടണത്തിനടുത്തുള്ള ഒരു മലയിടുക്കിൽ അഭയംതേടി. അവരുടെ കൈവശം വേണ്ടത്ര ഭക്ഷണമോ ആയുധങ്ങളോ ഉണ്ടായിരുന്നില്ല. ഗുവേര ആസ്ത്മയും വാതവും പിടിപെട്ട് കിടപ്പിലായിരുന്നു. 1500 പട്ടാളക്കാർ അങ്ങോട്ടു പാഞ്ഞെത്തി അവരെ വളഞ്ഞു. ഒക്റ്റോബർ 8-ാം തീയതി രണ്ടുമണിക്കൂർ നേരത്തെ പോരാട്ടത്തിനുശേഷം ഗുവേര മുറിവേറ്റ് അബോധാവസ്ഥയിൽ തടവുകാരനായി.

ഏറ്റുമുട്ടലിൽ പറ്റിയ മുറിവുകൾ കാരണം ഒക്റ്റോബർ 9-ാം തീയതി ഗുവേര മരിച്ചുവെന്നാണ് ബൊളീവിയൻ സൈനികാധികാരികൾ പ്രസ്താവിച്ചത്. പക്ഷേ, 'ന്യൂയോർക്ക് ടൈംസ്' പത്രത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു റിപ്പോർട്ട് പറയുന്നത് തടവുകാരനായി പിടിക്കപ്പെട്ടതിൽപിന്നെ 26 മണിക്കൂറിനുശേഷം പട്ടാളക്കാർ അദ്ദേഹത്തെ വെടിവച്ചുകൊന്നതായി മൃതദേഹപരിശോധനയിൽനിന്നു തെളിയുകയുണ്ടായെന്നാണ്. ഏതായാലും ബൊളീവിയൻ ഭരണാധികാരികൾ തങ്ങളുടെ ക്രൂരകൃത്യത്തിന്റെ എല്ലാ തെളിവുകളും മറച്ചുകളയാൻ ചെ ഗുവേരയുടെ മൃതദേഹം ദഹിപ്പിച്ചുകളഞ്ഞു.

ക്യൂബൻ വിപ്ലവാനുഭവങ്ങളെ ആധാരമാക്കി ഗുവേര എഴുതിയ 'ഗെറില്ലാ യുദ്ധം' എന്ന ഗ്രന്ഥവും 'ബൊളീവിയൻ ഡയറി'യും ഇന്നു ലോകത്തിന്റെ എല്ലാ ഭാഗത്തും പ്രചുരപ്രചാരം നേടിയിട്ടുണ്ട്.

സി.ഉണ്ണിരാജ

ഗുസ്തി

പുരാതനവും സാർവത്രികവുമായ ഒരു കായികവിനോദം. ക്രിസ്തുവിനു മൂവായിരം വർഷം മുമ്പുതന്നെ മൽപിടുത്തം ഒരു കായികകല ആയിരുന്നു. നൈൽ നദീതീരത്തുള്ള ബേനിഹസ്സനിലെ ദേവാലയഭിത്തികളിൽ മൽപ്പിടുത്തങ്ങളുടെ ചിത്രങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്. ഇന്നറിയപ്പെടുന്ന മിക്കവാറും എല്ലാ മൽപ്പിടുത്തസമ്പ്രദായങ്ങളുടെയും ചിത്രങ്ങൾ ഈ ഭിത്തികളിൽ കാണാം. ഈജിപ്തിൽനിന്നോ ഏഷ്യയിൽനിന്നോ ആയിരിക്കാം മൽപ്പിടുത്തം ഗ്രീസിലേക്കു



ഗുസ്തിയിലെ വിവിധനിലകൾ

കടന്നത്. 18-ാം ഒളിമ്പിക് മത്സരങ്ങളിൽ (എ.ഡി.704) മൽപ്പിടുത്തം ഉൾപ്പെടുത്തിയിരുന്നു.

ആധുനികവിനോദങ്ങളുടെ ആക്രമണത്തെ അതിജീവിക്കുവാൻ ഗുസ്തിക്കു കഴിഞ്ഞിട്ടുണ്ട്- പ്രത്യേകിച്ചും ഏഷ്യൻ രാഷ്ട്രങ്ങളിൽ. ബി.സി.323-നു മുമ്പാണു ജപ്പാനിൽ ആദ്യത്തെ മൽപ്പിടുത്തമത്സരം നടന്നത്. ഈ മത്സരത്തിൽ വിജയിച്ച സുകുനേ എന്ന കായികാഭ്യാസിയെ ജപ്പാനിലെ ആധുനിക മൽപ്പിടുത്തക്കാർ ആരാധിച്ചുവരുന്നു. 858-ൽ ജപ്പാനിലെ ചക്രവർത്തിപദത്തിനുവേണ്ടി രണ്ടു ചക്രവർത്തികുമാരന്മാർ തമ്മിൽ മൽപ്പിടുത്തം നടത്തി വിജയിച്ചയാളെ ചക്രവർത്തിയായി അവരോധിച്ചെന്നു രേഖയുണ്ട്. ജപ്പാനിൽ ഇന്നു രണ്ടു മൽപ്പിടുത്ത സമ്പ്രദായങ്ങൾ നിലവിലുണ്ട്; 'സുമോ' എന്നറിയപ്പെടുന്ന ദേശീയസമ്പ്രദായവും 'ജു-ജിറ്റ്സു' എന്ന സങ്കരസമ്പ്രദായവും.

ഇന്ത്യയിലെ ഗുസ്തിക്കു ജപ്പാനിലെതുമായി വളരെയേറെ സാദൃശ്യമുണ്ട്. സങ്കീർണവും സുസൂക്ഷ്മവുമായ പിടുത്ത രീതികളാണ് ജപ്പാനിലെന്നപോലെ ഇന്ത്യയിലും ഉള്ളത്.

വിവിധ സംസ്കാരങ്ങളിൽ മൽപ്പിടുത്തം സ്വതന്ത്രമായി വികസിച്ചു. വിവിധ രാഷ്ട്രങ്ങളിൽ വിവിധ സമ്പ്രദായങ്ങൾ ആവിഷ്കൃതമാവുകയും അവ ഏറ്റക്കുറച്ചിലോടെയാണെങ്കിലും ഇന്നും നിലനില്ക്കുകയും ചെയ്യുന്നു. ഒരു രാഷ്ട്രത്തിനുള്ളിൽതന്നെ വ്യത്യസ്തരീതിയിലുള്ള ഗുസ്തികൾ നിലനില്ക്കുന്നുണ്ട്.

ആധുനികഗുസ്തി-ആധുനിക ഗുസ്തിക്കു പ്രധാനമായും രണ്ടു വിഭാഗങ്ങളാണുള്ളത്. 1. ഫ്രീസ്റ്റൈൽ റെസ്ലിങ്. 2. ഗ്രീക്കോ-റോമൻ റെസ്ലിങ്. ഓരോ വിഭാഗത്തിലും മൽപ്പിടുത്തക്കാരുടെ ശരീരത്തിന്റെ തൂക്കം അടിസ്ഥാനപ്പെടുത്തി എട്ട് ഉപവിഭാഗങ്ങളുണ്ട്: ഫ്ളൈവെയിറ്റ്, ബാൻറംവെയിറ്റ്, ഫെതർവെയിറ്റ്, ലൈറ്റ് വെയിറ്റ്, വെൽട്ടർ വെയിറ്റ്, മിഡിൽ വെയിറ്റ്, ലൈറ്റ് ഹെവിവെയ്റ്റ്, ഹെവിവെയിറ്റ്.

ഫ്രീസ്റ്റൈൽ: മത്സരം 5 മിനിട്ടു വീതമുള്ള രണ്ടു ഘട്ടങ്ങളിലായി 10 മിനിട്ടുനേരം നീണ്ടുനില്ക്കും. 6 മീ. മുതൽ 7.5 മീ. വരെ നീളവും

അത്രതന്നെ വീതിയും 10 സെ. മീ. കനവുമുള്ള ഒരു ചവിട്ടുപായയുടെ പുറത്താണു മത്സരം നടക്കുക. ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലും പിടിക്കാവുന്നതാണ്. ഏതെങ്കിലും ഒരു മൽപ്പിടുത്തക്കാരന്റെ ഇരുതോളുകളും ഒരേസമയം പായയിൽ തട്ടുമ്പോൾ അയാൾ മത്സരത്തിൽ പരാജയപ്പെട്ടതായി പ്രഖ്യാപിക്കപ്പെടുന്നു. മത്സരത്തിൽ ആരും അടിപെടുന്നില്ലെങ്കിൽ വിജയി ആരെന്നു നിർണയിക്കാനായി 'പോയിൻറ്' സമ്പ്രദായം നിലവിലുണ്ട്. മത്സരത്തിനിടയിൽ പ്രയോഗിച്ച പിടുത്തരീതികളും അവയുണ്ടാക്കിയ ഫലങ്ങളും കണക്കിലെടുത്താണു പോയിൻറ് നല്കുന്നത്.

തലമുടി, മാംസം, ചെവി, ഗുഹ്യഭാഗങ്ങൾ, വസ്ത്രങ്ങൾ എന്നിവയിൽ പിടിക്കാൻ പാടില്ല. വിരലുകൾ പിടിച്ചു വളയ്ക്കരുത്. അടിക്കുക, ഇടിക്കുക, ചവിട്ടുക തുടങ്ങിയ പ്രയോഗങ്ങളും പാടില്ല.

ഗ്രീക്കോ-റോമൻ സ്റ്റൈൽ: ഈ സമ്പ്രദായത്തിനു പ്രധാനമായി യൂറോപ്പിലാണു പ്രചാരം. കഴിഞ്ഞ ശതാബ്ദത്തിൽ ഫ്രെഞ്ചുകാരാണ് ഈ സമ്പ്രദായത്തിനു പ്രചാരം നല്കിയത്. കാലിൽ പിടിക്കാൻ അനുവദിച്ചിട്ടില്ലാത്ത ഗ്രീക്കോ-റോമൻ സ്റ്റൈൽ ഫ്രീസ്റ്റൈലുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ പരിമിതമായ ഒരു സമ്പ്രദായമാണ്. ഈ സമ്പ്രദായത്തിൽ അരക്കെട്ടിനു മുകളിലുള്ള പിടുത്തങ്ങൾ മാത്രമേ അനുവദിച്ചിട്ടുള്ളു. എതിരാളിയെ അടിപ്പെടുത്താനായി കാലുകൾ ഉപയോഗിക്കാൻ പാടില്ല. ബ്രിട്ടീഷ് ദ്വീപസമൂഹങ്ങളിൽ പണ്ട് നിലവിലിരുന്ന കംബർലണ്ട്, വെസ്റ്റ് മോർലണ്ട്, കോൺവാൾ, ഡെമോൺ സമ്പ്രദായങ്ങൾ പരിഷ്കരിച്ചാണു ഗ്രീക്കോ-റോമൻ സമ്പ്രദായം ആവിഷ്കരിച്ചിട്ടുള്ളത്.

ഗ്രീക്കോ-റോമൻ സമ്പ്രദായത്തിലുള്ള ഒരു മത്സരത്തിന്റെ ദൈർഘ്യം ഇരുപതു മിനിട്ടാണ്.

ഗുസ്റ്റാവ് I (1496—1560)

1523 മുതൽ സ്വീഡൻ ഭരിച്ചുവരുന്ന വാസാവംശത്തിൽപ്പെട്ട രാജാവ്. ഗുസ്റ്റാവ് ഒന്നാമനാണു വാസാവംശം സ്ഥാപിച്ചത്. സ്വീഡനിലെ ഒരു പ്രഭുവായിരുന്ന ജോഹാൻസന്റെ മകനായി ലിൻഡ്ഹോമിൽ ജനിച്ചു. ഡെന്മാർക്കിലെ ക്രിസ്ത്യൻ രണ്ടാമനെ 1518-ലെ ബ്രാൻകിർക്കായുദ്ധത്തിൽ തോല്പിച്ച സ്വീഡിഷ് സൈന്യങ്ങളിലൊന്നിനെ നയിച്ചത് ഇദ്ദേഹമായിരുന്നു. സന്ധിസംഭാഷണങ്ങൾക്കിടയ്ക്കു സ്പെയിൻകാർ ഇദ്ദേഹത്തെ ചതിയിൽ പിടിച്ചുകൊണ്ടുപോയി തടവിൽ പാർപ്പിച്ചു. എങ്കിലും 1520-ൽ ഇദ്ദേഹം രക്ഷപ്പെട്ടു. 1523-ൽ സ്വീഡിഷ് പാർലമെൻറിന്റെ നിശ്ചയമനുസരിച്ച് ഇദ്ദേഹം രാജാവായി. അടുത്തവർഷം മാൻമോവിൽവച്ച് ഇദ്ദേഹം ഡെയിൻകാരുമായി സന്ധിചെയ്തു രാഷ്ട്രത്തിന്റെ പുനർനിർമാണം ആരംഭിച്ചു. സാമ്പത്തികമായി വളരെ പിന്നോക്കം നിന്നിരുന്ന സ്വീഡനിൽ ഗുസ്റ്റാവ് ഒന്നാമന്റെ കാലത്തു നാലു കർഷക ലഹളകളുണ്ടായിട്ടുണ്ട്. കലഹങ്ങളൊതുക്കി രാജാധികാരം സുരക്ഷിതമാകുന്നതിൽ ഇദ്ദേഹം വിജയിച്ചു. സ്വീഡനും റോമുമായുള്ള ബന്ധം വിടർത്തി പ്രൊട്ടസ്റ്റൻറ്സമ്പ്രദായം നടപ്പിലാക്കിയതും ഇദ്ദേഹത്തിന്റെ കാലത്താണ്. സ്വീഡന്റെ സ്വാതന്ത്ര്യം വീണ്ടെടുത്തതാണു ഭരണകാലത്തെ ഏറ്റവും വലിയ നേട്ടം.

ഗുസ്റ്റാവ് II (അഡോൾഫസ്, 1594—1632)

സ്വീഡനിലെ വാസാരാജവംശത്തിലെ ഏറ്റവും പ്രശസ്തനായ രാജാവ്. ഇദ്ദേഹത്തെ 'വടക്കൻസിംഹ'മെന്നാണു സമകാലികർ വിളിച്ചിരുന്നത്. പാശ്ചാത്യഭാഷകൾ, രാഷ്ട്രമീമാംസ, സൈനികതന്ത്രം തുടങ്ങിയ വിഷയങ്ങളിൽ ഇദ്ദേഹത്തിനു നല്ല പ്രാവീണ്യമുണ്ടായിരുന്നു. 1611-ൽ സ്വീഡനിലെ രാജാവായി. 1617-ൽ റഷ്യയുമായുണ്ടായ സ്റ്റോൾബോവാ സന്ധിയനുസരിച്ചു കറീലിയായും ഇൻഗ്രിയായും സ്വീഡനും ലഭിച്ചു. 1621-ൽ ഗുസ്റ്റാവ് പോളണ്ടാക്രമിച്ചു. ലിത്വേനിയാ, ലിവോണിയാ, എർമെലാണ്ട് എന്നിവ സ്വീഡിഷ് കരസൈന്യങ്ങൾ കീഴടക്കി. 1626-ൽ ഡാൻസിഗ് ഉപരോധിച്ചുവെങ്കിലും 1629-ൽ കോണിക് പോൾസ്കിയുടെ നേതൃത്വത്തിൽവന്ന ഒരു പോളിഷ്സൈന്യം സ്റ്റം എന്ന സ്ഥലത്തുവച്ചു ഗുസ്റ്റാവിനെ പാടേ പരാജയപ്പെടുത്തി. ആൾട്മാർക്ക് വെടിനിറുത്തൽ കരാറനുസരിച്ച് ഇരുകൂട്ടരും യുദ്ധത്തിൽനിന്നു വിരമിച്ചു. ഇതിനിടെ അഡോൾഫസ്സിന്റെ സൈനികപ്രശസ്തി യൂറോപ്പ് ഒട്ടുക്കും പരന്നു. പ്രൊട്ടസ്റ്റൻറുകാർ ഒരു അലക്സാണ്ടറായി ആരാധിച്ചിരുന്ന ഇദ്ദേഹം മുപ്പതാണ്ടു യുദ്ധത്തിൽ ടില്ലി, വാല്ലൻ സ്റ്റീൽ എന്നീ വിഖ്യാതരായ സൈനികവീരന്മാരെ തോല്പിച്ച് ജെർമനിയുടെ ഒട്ടുമുക്കാലും ഭാഗം കീഴടക്കി. ബ്രൈട്ടൽ ഫെൽഡ്യുദ്ധം 'വടക്കൻ സിംഹം' അജയ്യനാണെന്നു കത്തോലിക്കാശക്തികളെ മനസ്സിലാക്കിക്കൊടുത്തു. 1632 നവംബർ 6-ാം തീയതി നടന്ന ലൂട്സെൻയുദ്ധത്തിൽ കൊല്ലപ്പെട്ടു. ജനസമ്മതിയാർജിച്ച ഗുസ്റ്റാവ് അഡോൾഫസ് നാട്ടിൽ പല പരിഷ്കാരങ്ങളും നടപ്പാക്കി. ജനക്ഷേമം നിലനിന്ന കാലമായിരുന്നു ഇദ്ദേഹത്തിന്റേത്. ബ്രാൻഡൻബർഗിലെ നാടുവാഴിയുടെ സഹോദരി മേരി എലിയോ നാരെയെയാണ് ഗുസ്റ്റാവ് വിവാഹം കഴിച്ചത്. ഇവരുടെ പുത്രി ക്രിസ്തീനാ രാജകുമാരി അച്ഛനെ പിന്തുടർന്ന് അധികാരമേറ്റു.

ഗുസ്റ്റാവ് III (1746—1792)

1771 മുതൽ സ്വീഡനിലെ രാജാവ്. 1746 ജനുവരി 24-ന് അഡോൾഫസ് ഫ്രെഡറിക്കിന്റെയും ലൂയിസായുടെയും പുത്രനായി സ്റ്റോക്ക്ഹോമിൽ ജനിച്ചു. ഗുസ്റ്റാവിന്റെ വിദ്യാഭ്യാസം നടന്നതു

രാജ്യതന്ത്രജ്ഞന്മാരായ കാൾ ഗസ്റ്റാഫ് ടെസ്സിൽ, കാൾ ഷെഫര എന്നിവരുടെ മേൽനോട്ടത്തിലാണ്. ഗ്രന്ഥകാരനായിരുന്ന ഇദ്ദേഹത്തിനു സാഹിത്യരംഗത്തു ഗണനാർഹമായ സ്ഥാനം ലഭിച്ചിരുന്നു. 1766-ൽ സോഫിയാ മഗ്ദലനയെ വിവാഹം കഴിച്ചു.

ഇദ്ദേഹം രാജ്യത്തിന് ഒരു പുതിയ ഭരണഘടനയുണ്ടാക്കി അധികാരവും സൈനികശക്തിയും വർധിപ്പിച്ചു. 1788-ൽ റഷ്യയുമായുണ്ടായ യുദ്ധത്തിൽ ഇദ്ദേഹത്തിനു കഷ്ടതകൾ സഹിക്കേണ്ടിവന്നു. 1790-ൽ വരാല (Varala) സന്ധിയനുസരിച്ച് ഈ യുദ്ധം അവസാനിപ്പിച്ചു. എതിരാളികളായ പ്രഭുക്കന്മാർ 1792 മാർച്ച് 29-ന് ഇദ്ദേഹത്തെ ഗൂഢമായി വധിച്ചു.

ഗുസ്റ്റാവ് IV (1778—1837)

ഗുസ്റ്റാവ് മൂന്നാമന്റെ പുത്രൻ. 1778 നവംബർ 1-ന് സ്റ്റോക്ഹോമിൽ ജനിച്ചു. ഇദ്ദേഹത്തിനു ഫ്രെഞ്ചുവിപ്ലവതത്വങ്ങളോടു വെറുപ്പുണ്ടായിരുന്നു. 1803-ൽ നെപ്പോളിയനെതിരായിട്ട് ജെർമൻ രാജാക്കന്മാർക്കിടയിൽ ഐക്യം സ്ഥാപിക്കുന്നതിനായി ഗുസ്റ്റാവ് ജെർമനിയിലേക്കു പുറപ്പെട്ടു. ഗുസ്റ്റാവ് കാൾസ്റൂവിലായിരുന്നപ്പോൾ അവിടെയുണ്ടായ വിപ്ലവത്തെ അമർത്താൻ ഇദ്ദേഹം സഹായിച്ചു. 1807-ലെ ടിൽസിത് (Tilsit) സന്ധിക്കുശേഷം ഫ്രാൻസുമായി യുദ്ധം നടത്തിക്കൊണ്ടിരിക്കുമ്പോൾത്തന്നെ ഇദ്ദേഹം റഷ്യയുമായി യുദ്ധം പ്രഖ്യാപിച്ചു.

ഇദ്ദേഹത്തിന്റെ ഭരണകാലത്ത് ജനങ്ങൾ നികുതിഭാരത്താൽ കഷ്ടപ്പെട്ടു. ഗുസ്റ്റാവിനെതിരായി ഗൂഢാലോചനകൾ നടന്നു. 1809 മേയിൽ ഇദ്ദേഹവും ഇദ്ദേഹത്തിന്റെ കുടുംബവും മേലിൽ സ്വീഡനിലെ കിരീടാവകാശികളായിരിക്കാൻ യോഗ്യരല്ല എന്നു പ്രഖ്യാപിക്കപ്പെട്ടു. പിന്നീടു ചാൾസ് XIII-ാമൻ എന്ന പേരിൽ ഇദ്ദേഹത്തിന്റെ മാതുലൻ രാജാവായി.

ഗുസ്റ്റാവ് V (1858—1950)

സ്വീഡനിലെ രാജാവ്. 1858 ജൂൺ 16-നു ജനിച്ചു. ഉപ്സലായിൽ വിദ്യാഭ്യാസം ചെയ്തശേഷം 1875-ൽ സൈന്യത്തിൽ ചേർന്നു. 1892-ൽ ലഫ്റ്റനൻറ് ജനറലായി. പിന്നീടു 1892-ൽ സ്വീഡനിലെയും നോർവേയിലെയും സേനയുടെ ജനറലായി 1881-ൽ ഫ്രഡറിക് വിൽഹം ലുഡ്വിഗിന്റെ ഏകപുത്രിയായ സോഫിയായെ വിവാഹം കഴിച്ചു. 1907-ൽ രാജാവായി. 43 കൊല്ലത്തെ വാഴ്ചയ്ക്കുശേഷം 1950-ൽ മരണമടഞ്ഞു. ഗുസ്റ്റാവ് ഒന്നാന്തരമൊരു ടെന്നീസ് കളിക്കാരൻ കൂടിയായിരുന്നു.

ഗുസ്റ്റാവ് VI (അഡോൾഫസ്, 1882—1973)

1882 നവംബർ 11-നു ജനിച്ചു. സ്വീഡനിലെ രാജാവ് ഗുസ്റ്റാവ് അഞ്ചാമന്റെ മകനായ ഇദ്ദേഹം 1950-ൽ അച്ഛനെ പിന്തുടർന്നു രാജാവായി. 1905-ൽ മാർഗരറ്റ് വിക്റ്റോറിയായെ വിവാഹം കഴിച്ചു. 1920-ൽ അവർ മരിച്ചു. ലൂയിസെ മൗണ്ട് ബാറ്റനെ 1923-ൽ വിവാഹം കഴിച്ചു. ഗുസ്റ്റാവിന്റെ മൂത്തമകൻ 1947-ൽ ഒരു വിമാനാപകടത്തിൽ മരിച്ചു. അതിനാൽ 1973-ൽ സെപ്റ്റംബർ 15-നു ഹാൻസിൻബർഗിൽവച്ച് ഇദ്ദേഹം അന്തരിച്ചപ്പോൾ പൗത്രനായ ചാൾസ് ഗുസ്റ്റാവ് ആണ് അധികാരമേറ്റത്.

ഗുഹ (Cave)

ഭൂമിക്കടിയിലുള്ള പ്രകൃതിദത്തമായ അറകൾ. മനുഷ്യനിർമിതമായ ഗുഹ ഉണ്ടെങ്കിലും ഭൂവിജ്ഞാനത്തിൽ 'ഗുഹ' എന്ന പദംകൊണ്ടു വിവക്ഷിക്കുന്നത് പ്രകൃതിദത്തമായ ഭൂഗർഭഅറകൾ മാത്രമാണ്.

ഗുഹകളെ അതിന്റെ രൂപവത്കരണരീതി അനുസരിച്ചു രണ്ടായി തിരിക്കാം; പ്രാഥമികം (Primary), ദ്വിതീയകം (Secondary). പ്രാഥമിക ഗുഹകൾ പാറകൾ ഘനീഭവിക്കുമ്പോൾ രൂപംകൊള്ളുന്നവയാണ്. ദ്വിതീയഗുഹകൾ ലക്ഷക്കണക്കിനു വർഷങ്ങളിലെ അപക്ഷയം (weathering) കൊണ്ടു രൂപപ്പെടുന്നു. മിക്കവാറും ഗുഹകൾ ഈ ഇനത്തിൽപ്പെടുന്നു. ചിലയിടങ്ങളിൽ പ്രാഥമികഗുഹകൾ ദ്വിതീയപ്രവർത്തനംകൊണ്ടു കൂടുതൽ വലിയ ഗുഹകളായി മാറാറുണ്ട്.

പ്രാഥമികം. ഈ വിഭാഗത്തിൽപ്പെട്ട ഗുഹകളുടെ ഏറ്റവും സാധാരണമായ ഉദാഹരണം ലാവ ഒഴുകിയ ഭൂഭാഗങ്ങളിൽ കാണുന്ന ലാവാടണൽ (ലാവാട്യൂബ്) ആണ്. ലാവ ഒഴുകുമ്പോൾ അതിന്റെ പുറംപാളികൾ പെട്ടെന്നു ഘനീഭവിക്കുകയും ഉൾഭാഗത്തുള്ള ലാവ ഒഴുകിപ്പോകുകയും ചെയ്യുന്നു. ഇങ്ങനെയാണ് ഇത്തരം ഗുഹകൾ രൂപംകൊള്ളുന്നത്. പ്രാഥമിക വിഭാഗത്തിൽപ്പെട്ട മറ്റൊരു പ്രധാന ഇനമാണു പവിഴപ്പുറ്റുഗുഹകൾ.

ദ്വിതീയകം. അനേകവർഷങ്ങളിലെ അപക്ഷയം പാറകൾക്കിടയിലുള്ള ചുണ്ണാമ്പുകല്ല് പൂർണമായും അലിഞ്ഞുപോകാനിടയാക്കുന്നു. കാർബൺ ഡയോക്സൈഡ് ലയിച്ച മഴവെള്ളം തുടർച്ചയായി ചുണ്ണാമ്പുപാറയിൽ വീഴുമ്പോൾ ആ പാറ കാൽസിയം ബൈകാർബണേറ്റായി മാറി വെള്ളത്തിൽ അലിയുന്നു.

പാറകൾക്കിടയിലെ പാളികളിലുള്ള വിള്ളലുകളിൽ കാണപ്പെടുന്ന ചുണ്ണാമ്പുകല്ലുകളാണ് ഇങ്ങിനെ വേഗം അലിയുന്നത്. ഈ ലായനി ഒലിച്ചുപോയി ഗുഹകളും മറ്റു വലിയ ദ്വാരങ്ങും (sinkholes) ഉണ്ടാകുന്നു. കാൽസിയം ബൈ കാർബണേറ്റ് ലായനി, ഗുഹകളിലെ ചുണ്ണാമ്പു ചുമരുകളിലും മേൽത്തട്ടുകളിലും കൂടി ഒലിച്ചിറങ്ങുന്നു. അപ്പോൾ ഈ ലായനി ബാഷ്പീകരിക്കപ്പെടുകയും വീണ്ടും കാൽസിയം കാർബണേറ്റ് (ചുണ്ണാമ്പ്) ഉണ്ടാകുകയും ചെയ്യുന്നു. ഇങ്ങനെ ഒലിച്ചിറങ്ങുമ്പോൾ ഉണ്ടാകുന്ന, ആലിന്റെ



നിരകളായി രൂപപ്പെട്ട ശിലാഖണ്ഡങ്ങൾ
നിറഞ്ഞ ഗുഹാമുഖം (യൂറോപ്പ്).

ഊന്നുവേരുകൾപോലെ തൂങ്ങിക്കിടക്കുന്ന, പാറകൾക്കു സ്റ്റാലക്റ്റൈറ്റ് എന്നാണു പേര്. നിലത്തുനിന്ന് ഉയർന്നു നില്ക്കുന്ന കുറെക്കൂടി കട്ടികൂടിയ ചുണ്ണാമ്പുപാറകൾ സ്റ്റാലഗ്മൈറ്റ് എന്ന പേരിലാണ് അറിയപ്പെടുന്നത്.

ഗുഹകളിൽവച്ചു കാൽസിയം ബൈ-കാർബണേറ്റു ലായനി ബാഷ്പീകരിക്കുമ്പോൾ കാൽസിയം കാർബണേറ്റും കാർബൺ ഡയോക്സൈഡും ഉണ്ടാകുന്നു. കനം കൂടിയ വാതകമായതിനാൽ വളരെ നീണ്ട ഗുഹകളിൽ കാർബൺ ഡയോക്സൈഡ് തങ്ങിനില്ക്കും. ഇത്തരം ഗുഹകളിൽ പെട്ടുപോകുന്ന ജീവികൾ ചത്തുപോകും. ജീവികളുടെ അസ്ഥികൂടങ്ങൾ ഗുഹകളിൽ കാണപ്പെടുന്നത് ഇപ്രകാരമാണ്.

ലോകത്തിലെ പ്രധാന ഗുഹകൾ

ഗുഹയുടെ പേര്, സ്ഥലം	ഏറ്റവും ഉയരത്തിലുള്ള പ്രവേശന കവാടത്തിന് ഭൂനിരപ്പിൽ നിന്നുള്ള താഴ്ച. (മീ.)	നീളം (കി.മീ)
ആഫ്രിക്ക:		
കെഫ് തുഹോബിറ്റ്, മോറോക്ക	700	¶
അനോയൂ ബുസുലി, അൾജീരിയ	505	¶
ഏഷ്യ		
ഫയോദാർ ദാര, ലെബനോൺ	620	¶
ബൈകുറിൻ-ഡു, ജപ്പാൻ	450	
തെക്കെ അമേരിക്ക		
മിൽപ്പു, പെറു	407	2.1
വടക്കെ അമേരിക്ക		
മാമത്ത്, യു.എസ്.	110	492.4
ജ്വവൽ, യു.എസ്.	102	117.4
പ്യൂരിഫിക്കസൈൻ, മെക്സിക്കോ	914	20.1
ഹുവാത്തുല, മെക്സിക്കോ	1,240	¶
സാൻ അഗസ്റ്റിൻ	859	¶
അഗ്വാ ലിക്കാരിസോ, മെക്സിക്കോ	848	¶
യൂറോപ്പ്		
ബാഡലോണ, സ്പെയിൻ	1,130	¶
ബാറ്റ്മാൻ ഹോഹേൽ, ഓസ്ട്രിയ	1,105	¶
ബർഗീർ, ഫ്രാൻസ്	1,248	¶
ഡക്സ്റ്റെയിൻ-മാവുത്തോഹേൽ, ഓസ്ട്രിയ	1,174	¶
ഗോലോച്ച്, സ്വിറ്റ്സർലൻഡ്	82.7	133
ഓപ്റ്റിമിസ്റ്റിചിസഖ്യ, സോവിയറ്റ് യൂണിയൻ	¶	153
പിയറി സെയിൻറ്-മാർട്ടിൻ, ഫ്രാൻസ്, സ്പെയിൻ	1,342	35.5
പ്യൂരിടാസ് ഡി ഇല്ലാമിന, സ്പെയിൻ	1,338	¶
സെൻ സെനായ, സോവിയറ്റ് യൂണിയൻ	1,470	¶

¶ വിവരം ലഭ്യമല്ല

അജന്താഗുഹ (അഞ്ചാം ശതകം)

ഇന്ത്യയിലെ പ്രധാന ഗുഹകൾ

അജന്ത, മഹാരാഷ്ട്ര
എല്ലോറ, മഹാരാഷ്ട്ര
എലിഫെൻറാ, മഹാരാഷ്ട്ര
കർല, മഹാരാഷ്ട്ര
കാൻഹരി, മഹാരാഷ്ട്ര
ബ്രാഹ്മണിക്കൽ, ആന്ധ്രപ്രദേശം
ബ്രാഹ്മീശ്വര-വിഷ്ണു-ലക്ഷിതായതനം, തമിഴ്നാട്
നാരായൺ ഖൊരി, ജമ്മു-കശ്മീർ
പിർ ഖുഷ്, ജമ്മു-കശ്മീർ
വിശേശ്വര, ജമ്മു-കശ്മീർ

കേരളത്തിൽ കാണപ്പെടുന്ന പലതരം ഗുഹകൾ †നന്നങ്ങാടികൾ, †കുടക്കല്ലുകൾ, †തൊപ്പിക്കല്ലുകൾ എന്നിവപോലെയുള്ള ശവക്കല്ലറകൾ ഇവയിൽപെടും. പുരാവസ്തുസ്മാരകങ്ങളിൽ ഗുഹകൾക്കു പ്രമുഖസ്ഥാനമുണ്ട്. സ്മാരകങ്ങളിൽ ഗുഹകളും ഗുഹാക്ഷേത്രങ്ങളും ഉൾപ്പെടുന്നു. അഞ്ചനാട്ടു താഴ്വര, തൃശൂർ, പോർക്കളം. എയ്യാൽ ചേരമാനങ്ങാട്, കാട്ടകമ്പാൽ, തളിപ്പറമ്പ്, എടയ്ക്കൽ മുതലായ സ്ഥലങ്ങളിൽ ഇത്തരം ഗുഹകൾ കണ്ടെടുത്തിട്ടുണ്ട്. അവ കേരളത്തിൻെറ ചരിത്രാതീത സംസ്കാരത്തിലേക്കു വെളിച്ചം വീശുന്നു. മഹാശിലാസ്മാരകങ്ങളായ ഗുഹകൾ കേരളത്തിൽ വളരെയുണ്ട്. തൃശൂർ ജില്ലയിലെ ചോവണ്ണൂർ, കണ്ടാനശ്ശേരി, കക്കാട്.

പോർക്കളം, എയ്യാൽ കാട്ടകമ്പാൽ എന്നിവിടങ്ങളിലെ ഗുഹകളാണു പ്രധാനപ്പെട്ടവ. ഇവയ്ക്കു പൊതുവായ ചില സവിശേഷതകൾ കാണാം. ആദ്യം ചെങ്കൽപാറയിൽ ദീർഘചതുരമായ ഒരു കുഴിയുണ്ടാക്കും. ഈ തുറന്ന അറയുടെ വീതിവാക്കിനു തറനിരപ്പിന് അല്പം മുകളിലായി, ദീർഘചതുരത്തിൽ ചെറിയ ഒരു ദ്വാരമുണ്ടാക്കി അതുവഴി തുരന്നാണ് ഗുഹ രൂപപ്പെടുത്തുന്നത്. വെളിയിലുള്ള തുറന്ന അറയിലേക്കു പടവുകൾ വെട്ടിയിട്ടുണ്ടാവും. അകത്തെ ഗുഹയുടെ തറനിരപ്പ്, തുറന്ന അറയിൽനിന്നു 30 മുതൽ 60 വരെ സെ.മീ. താഴ്ചയിലായിരിക്കും. ചില ഗുഹകളുടെ വശങ്ങളിൽ 16 മുതൽ 62 വരെ സെ.മീ. ഉയരത്തിൽ ചെങ്കല്ലിൽത്തന്നെ വെട്ടിയെടുത്ത ബെഞ്ചുകൾ കാണാം. ചിലതിൽ ഒരു ബെഞ്ചേ ഉണ്ടായിരിക്കൂ. ഒന്നുമില്ലാത്ത ഗുഹകളുമുണ്ട്. തറ വൃത്താകൃതിയിലോ ദീർഘാകൃതിയിലോ ആയിരിക്കും. ദീർഘചതുരമായിട്ടും ഇല്ലാതില്ല. മേൽഭാഗം അർധവൃത്താകൃതിയിലാണ് അധികം ഗുഹകളിലും. ചില ഗുഹകളിൽ സമചതുരമോ ദീർഘചതുരമോ വർത്തുളമോ ആയ ഒരു തൂണു മധ്യത്തിൽ ഊന്നായി കാണാം. ചിലതിൽ മേൽഭാഗത്തു നടുക്ക്, വൃത്തത്തിൽ ഒരു ദ്വാരം കാണും. പോർക്കളത്തെ ഗുഹകളിലും, എയ്യാലിലെ ഇരട്ടഗുഹകളിൽ ഒന്നിലും മേൽഭാഗത്തു മധ്യത്തിലെത്തുന്ന ഒരു തൂണ് തറയുടെ ഒത്തനടുക്കുണ്ട്. ചോവണ്ണൂരിലെ ഗുഹകളിൽ തൂണില്ല. കണ്ടാനശ്ശേരിയിലെയും കക്കാട്ടെയും ഗുഹകളുടെ മേൽഭാഗത്തു ദ്വാരമുണ്ട്. കാട്ടകമ്പാലിലുള്ള ഗുഹയ്ക്ക് ഒരറ മാത്രമല്ല ഉള്ളത്. പുറത്തെ തുറന്ന അറയുടെ മുൻവശത്തെന്നപോലെ ഇരുവശങ്ങളിലും ഗുഹകൾ തുരന്നുണ്ടാക്കിയിട്ടുണ്ട്. എയ്യാലിൽ പുറത്തെ അറ മുൻവശത്തുള്ള പ്രധാന ഗുഹയ്ക്കും, വലത്തുവശത്തുള്ള ചെറിയ ഗുഹയ്ക്കും പൊതുവാണ്. ഈ ഭൂഗർഭഗുഹകളിൽ കാണുന്ന മൺപാത്രങ്ങളും ഇരുമ്പായുധങ്ങളും ഇവ ശവകുടീരങ്ങളാണെന്നു തെളിയിക്കുന്നു.

മലബാറിലെ ചില ഗുഹകൾ മലബാർ മാനുവൽ കർത്താവായ ലോഗൻ കണ്ടുപിടിക്കുകയുണ്ടായി. (അവയിൽനിന്നു ലഭിച്ച മൺപാത്രങ്ങളും മറ്റും മദിരാശി കാഴ്ചബംഗ്ലാവിൽ സൂക്ഷിച്ചിട്ടുണ്ട്.) പ്രധാനപ്പെട്ട അറയുടെ നടുവിൽ തൂണുള്ള ഒരു ഗുഹ കോഴിക്കോടുതാലൂക്കിലെ ചേവായൂർദേശത്തുണ്ട്. ഫറോക്കിനടുത്തുള്ള ചാത്തമ്പറമ്പിൽ അനവധി ശവക്കല്ലറകളുള്ള ഒരു ചെങ്കൽ കുന്നുണ്ട്. അവിടത്തെ ചില ഗുഹകളിൽ മനോഹരമായ പളുങ്കുമണികൾ ഉണ്ടായിരുന്നു എന്നും, വിവിധതരത്തിലുള്ള ധാരാളം മൺപാത്രങ്ങൾ ഈ ഗുഹകളിൽനിന്നും കണ്ടുകിട്ടിയിട്ടുണ്ടെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. തെക്കെവയനാട്ടിലെ സുൽത്താൻബത്തേരിക്കു സമീപമുള്ള എടക്കൽമലയുടെ പടിഞ്ഞാറെ ചരിവിലെ ഗുഹയിൽ കൊത്തുപണികളും ലിഖിതങ്ങളും, മനുഷ്യരുടെയും മൃഗങ്ങളുടെയും ഉപകരണങ്ങളുടെയും രൂപങ്ങളും പലതരം സ്വസ്തികകളും, വൃത്താകൃതിയിലുള്ള സൂര്യപ്രതീകവും ഉൾപ്പെടുന്ന ചിഹ്നങ്ങൾ ഉണ്ട്. കൊത്തുപണികളുടെ കൂട്ടത്തിൽ വിശേഷപ്പെട്ട തലപ്പാവു ധരിച്ച ഒരു മനുഷ്യരൂപവുമുണ്ട്. എടയ്ക്കൽഗുഹകളിലെ ചെങ്കൽ കൊത്തുപണികളെക്കുറിച്ചു പഠനം നടത്തിയ ഫാസെറ്റ് അതു പ്രാചീനകാലത്തെ കുറുമ്പരുടെ സൃഷ്ടിയാണെന്ന് അഭിപ്രായപ്പെടുന്നു. കേരളത്തിലെ മഹാശിലാസ്മാരകങ്ങളുടെ കാലത്തെപ്പറ്റി അഭിപ്രായഭിന്നതയുണ്ട്. പുരാവസ്തുഗവേഷകനായ സർ മോർട്ടിമർ വീലറുടെ അഭിപ്രായത്തിൽ ബി.സി. 300-നും എ.ഡി. 1-ാം നൂറ്റാണ്ടിനും ഇടയ്ക്കാണ് ഈ സംസ്കാരത്തിന്റെ കാലം. മറ്റുചിലർ കുറെക്കൂടി പഴക്കം അതിനു കല്പിക്കുന്നുണ്ട്. ഒരു വ്യവസ്ഥാപിത ജീവിതമായിരുന്നു ആ കാലഘട്ടത്തിൽ നിലനിന്നിരുന്നതെന്ന് ഈ സ്മാരകങ്ങളിൽനിന്നും ചിലർ അനുമാനിക്കുന്നു.

എൻ. പി. ചെല്ലപ്പൻനായർ

ഗുഹൻ

രാമായണത്തിൽ പരാമൃഷ്ടനായ കാട്ടാളരാജാവ്. ഇദ്ദേഹം രാമന്റെ വലിയ ഭക്തൻ ആയിരുന്നു. വനവാസത്തിനു നിയുക്തരായ രാമൻ, സീത, ലക്ഷ്മണൻ ഇവരെ ഗംഗാനദി കടത്തിയത് ഇദ്ദേഹം ആണ്. ശൃംഗിവേരപുരം എന്ന രാജ്യത്തെ രാജാവായ ഇദ്ദേഹം രാത്രി മുഴുവൻ ഉറങ്ങുന്ന രാമനു കാവൽനിന്നു. ഭരതൻ രാമനെ അന്വേഷിച്ചു കാട്ടിൽ എത്തിയപ്പോൾ അദ്ദേഹത്തിന്റെ ഉദ്ദേശ്യം രാമനെ ദ്രോഹിക്കലല്ല എന്ന് ഉറപ്പുവരുത്തിയശേഷമേ ഗംഗ കടക്കാൻ അനുവദിച്ചുളളൂ.

ഗുഹാക്ഷേത്രങ്ങൾ, കേരളത്തിൽ



തിരുനന്തിക്കര ഗുഹാക്ഷേത്രം

പാറയിൽ തുരന്നുണ്ടാക്കിയ കേരളക്ഷേത്രങ്ങൾ. പൂർണമായ ഒരു ഗുഹാക്ഷേത്രത്തിൽ പുറംഭിത്തിയോടുചേർന്ന് ആരാധനാസ്ഥലവും അതിനോടടുത്ത് അർധമണ്ഡപവും പിന്നീടു മഹാമണ്ഡപവും ഉണ്ടായിരിക്കും. ആരാധനാസ്ഥലം ക്യൂബ് ആകൃതിയിലായിരിക്കും. മുൻവശത്തെ തൂണുകളുടെ നിര മുഖമണ്ഡപത്തിന്റെ സവിശേഷതയാണ്. കുന്നിൻചരിവിന്റെ അടിഭാഗത്തുനിന്നു വെട്ടിയുണ്ടാക്കിയ, മുകളിലുള്ള ഉന്തിനില്ക്കുന്ന ഭാഗവും പൂമുഖത്തെ തൂണുകളും ചേർന്നുണ്ടാകുന്ന നടപ്പന്തലാണു മുഖമണ്ഡപം. സാധാരണ ശൈവഗുഹകളിലെ ശ്രീകോവിലിൽ ഒറ്റക്കല്ലിലുള്ള ലിംഗവും, പീഠവും, പ്രതിഷ്ഠിച്ചിരിക്കും. ഇത്തരം ലിംഗപീഠങ്ങൾ സമചതുരങ്ങളാണ്. ചാലുക്യന്മാരുടെയും കദംബന്മാരുടെയും കൊങ്കണന്മാരുടെയും പാണ്ഡ്യന്മാരുടെയും ക്ഷേത്രമാതൃകകളോട് ഇവയ്ക്കു സാമ്യമുണ്ട്. പുറത്തും, മുമ്പിലുള്ള മണ്ഡപത്തിന്റെ വശങ്ങളിലെ ഭിത്തിയിലുമാണു ദേവചിത്രങ്ങൾ കൊത്താറുള്ളത്. എന്നാൽ ചെറിയ ഒറ്റ മുറിമാത്രമുള്ള ദേവാലയങ്ങളിൽ കതകിന്റെ പുറത്തോ അകത്തോ ചിത്രങ്ങൾ. കാണും.

ദ്വാരപാലന്മാരെയും നന്ദിയെയും ഒഴിവാക്കിയാൽ ഗുഹകളിൽകാണുന്ന ശില്പങ്ങൾ ഗണേശൻ, വിഷ്ണു, ദക്ഷിണാമൂർത്തി, ഋഷികൾ, പാശുപതദാനമൂർത്തിരൂപത്തിലുള്ള ശിവൻ, ഭൂതഗണങ്ങൾ മുതലായവയാണ്. എന്നാൽ ദുർഗയുടെ ഒറ്റച്ചിത്രംപോലുമില്ല.

പ്രധാനഗുഹാക്ഷേത്രങ്ങൾ. കേരളത്തിൽ മിക്ക സ്ഥലങ്ങളിലും ഗുഹാക്ഷേത്രങ്ങളുണ്ട്. തെക്കു വിഴിഞ്ഞത്തും തിരുനന്തിക്കരയിലുമാണു ഗുഹാക്ഷേത്രങ്ങളുള്ളത്. അയലൂർപാറ, കവിയൂർ എന്നിവിടങ്ങളിലാണു മധ്യകേരളത്തിലെ ഗുഹാക്ഷേത്രങ്ങൾ. ഉത്തരഭാഗത്തുള്ളവ ഇരുനിലംകോട്, തൃക്കൂർ (Trikkur), ഷൊർണ്ണൂറിനപ്പുറമുള്ള ഭ്രാന്തൻകൽ എന്നിവിടങ്ങളിലാണ്. തൃക്കൂറിലെ ഗുഹാക്ഷേത്രങ്ങളും കോട്ടയ്ക്കലെ ഇരട്ടദേവാലയങ്ങളും വലിയ ഗുഹാക്ഷേത്രങ്ങൾക്ക് ഉദാഹരണങ്ങളാണ്. തിരുനന്തിക്കരയിലുള്ളതുപോലെ ജൈനമതത്തിൽനിന്നു ഹിന്ദുമതത്തിലേക്കു മാറ്റിയതാണെന്നു തോന്നിക്കുന്നതരം ഗുഹാക്ഷേത്രങ്ങളുമുണ്ട്. കൂടാതെ വിഴിഞ്ഞത്തതുപോലെ ശ്രീകോവിലിൽ ഒരു പ്രതിഷ്ഠയുമില്ലാത്ത ഗുഹാക്ഷേത്രങ്ങളുമുണ്ട്. പ്രതിമാനിർമാണകലയുടെ ഏറ്റവും നല്ല രൂപങ്ങൾ കാണുന്നത് വിഴിഞ്ഞം, തൃക്കൂർ, ഇരുനിലംകോട് എന്നിവിടങ്ങളിലെ ക്ഷേത്രങ്ങളിലാണ്. ആർഷലിംഗം ഉള്ളത് അയ്ലൂർപാറയിലാണ്. കോട്ടയ്ക്കലെ ദ്വാരപാലകനായുള്ള ഹനുമാന്റെ പ്രതിമയും തമിഴ്നാട്ടിലെ ഗുഹാക്ഷേത്രങ്ങളോടുള്ള അടുത്തബന്ധം സൂചിപ്പിക്കുന്നു. ഇരുനിലംകോട്ടിലെപ്പോലെ ത്രിമൂർത്തികളെ ഒന്നിച്ചു കൊത്തിവച്ചിരിക്കുന്ന തൃക്കൂർ വടക്കോട്ടു ദർശനമായിരിക്കുന്ന ഗുഹാക്ഷേത്രത്തിന്റെ ശ്രീകോവിലിൽ കിഴക്കോട്ടു ദർശനമായി ശിവലിംഗവും അതിനുചുറ്റും ദ്വാരപാലന്മാരെയും പ്രതിഷ്ഠിച്ചിരിക്കുന്നു.

ഭ്രാന്തൻകല്ലിൽ പൂർത്തീകരിക്കപ്പെടാത്ത ഗുഹാക്ഷേത്രങ്ങൾ കാണാം. അയ്ലൂർപാറയിലെ ക്ഷേത്രത്തിൻെറ മേൽപ്പുരയിലും അസാധാരണമായ രീതിലുള്ള ചിത്രപ്പണികളുണ്ട്. എ.ഡി. 700-നും 850-നുമിടയ്ക്കാണു ഇവ ഉണ്ടായതെന്നൂഹിക്കാം.

വിഴിഞ്ഞത്തു പാറ തുരന്നുണ്ടാക്കിയ ഒറ്റ മുറി·മാത്രമുള്ള അസാധാരണമായ ഒരു ഗുഹാക്ഷേത്രമുണ്ട്. ഇതിൽ ബാഹ്യഭാഗത്തു പാശുപതമൂർത്തിരൂപത്തിലുള്ള ശിവനെ പ്രതിഷ്ഠിച്ചിരിക്കുന്നു. ആകൃതിയിൽനിന്ന് എ.ഡി. ഏഴാം നൂറ്റാണ്ടിലേതാണു പ്രതിമ എന്നൂഹിക്കാം. പ്രതിമകളുടെ അഭാവവും കൊത്തുപണികളുമാണ് ഇതിൻെറ പ്രത്യേകതകൾ. ഇതു തമിഴ്നാട്ടിലെ പ്രാചീന ഗുഹാക്ഷേത്രങ്ങൾക്കു പൊതുവെയുള്ള സവിശേഷതയാണ്.

തിരുവനന്തപുരത്തിനു വടക്കുള്ള അയ്രൂർപാറയിൽ കുന്നിൻ ചരിവിനു പകുതി മുകളിലായി നിർമിച്ച ഒരു ഗുഹാക്ഷേത്രമുണ്ട്. ദേവാലയനിർമാണത്തിനു കുന്നിൻെറ ചരിവുഭാഗം അധികം തുരന്നിട്ടില്ല. ഇതിൽ ലളിതമായ രീതിയിലുള്ള ശ്രീകോവിലും അതോടനുബന്ധിച്ച് അർക്കമണ്ഡപവുമുണ്ട്. ശ്രീകോവിലിൻെറ വശങ്ങളിലായി ദ്വാരപാലന്മാരുടെയും മണ്ഡപത്തിൻെറ വശത്തുള്ള ഭിത്തികളിൽ വിഷ്ണു, ഗണപതി എന്നിവരുടെയും രൂപം കൊത്തിയിട്ടുണ്ട്. ഇതു കൂടാതെ ആർഷരീതിയിൽ ത്രികോണാകൃതിയിലുള്ള ലിംഗവും, ഉപരിഭാഗത്തുള്ള ലക്ഷ്മിയും ആകർഷകമായി തടിയിൽ കൊത്തിയുണ്ടാക്കിയിട്ടുള്ളവയാണ്.

തിരുവല്ലായ്ക്കടുത്തുള്ള കവിയൂരിലെ ഗുഹയും അയ്രൂർ പാറയിലേതിനോടു സമാനമാണ്. പൂമുഖത്തു പല്ലവശില്പരീതിയിലുള്ള കനത്ത തൂണുകളും, ശ്രീകോവിലും തള്ളിനില്ക്കുന്ന മണ്ഡപങ്ങളുമുണ്ട് ഒരു വശത്തുള്ള ഭിത്തിയിൽ ദീക്ഷയുള്ള സന്യാസിയുടെയും മറുവശത്തു ഗണപതിയുടെയും ചിത്രങ്ങളാണ്. ഇതു തെങ്കാശിയിലെ 'വരശിഖാമണി'യിലെപ്പോലുള്ള പ്രാചീന പാണ്ഡ്യൻ ഗുഹാക്ഷേത്രങ്ങളെയാണ് അനുസ്മരിപ്പിക്കുന്നത്. ശ്രീകോവിലിനുള്ളിൽ വേർപെടുത്താവുന്ന 'ലിംഗ'വും പീഠവും ഉണ്ട്. പാറയിലുള്ള ലിംഗവും പീഠവും പോലെതന്നെ ഇത്തരം ലിംഗപീഠങ്ങളും കേരളത്തിലുണ്ടായിരുന്നു.

തൃക്കൂർ ഗുഹാക്ഷേത്രത്തിൻെറ ദർശനം വടക്കോട്ടാണ്. അതിൻെറ പൂമുഖത്തുള്ള തൂണുകളിൽ തരംഗരൂപത്തിൽ പുറത്തേക്കുന്തിനില്ക്കുന്ന ഭാഗങ്ങളുണ്ട്. ദ്വാരപാലരുടെയും ഗണപതിയുടെയും ചിത്രങ്ങളുള്ള ഒരു വലിയ അറയാണു ശ്രീകോവിൽ. ഇതിൻെറ മധ്യത്തായി പാറയിൽ കൊത്തിയ പീഠവും ലിംഗവുമുണ്ട്. ഇതു കിഴക്കോട്ടു ദർശനമായിരിക്കുന്നു. ഇട്ടിമാ അഥവാ കോട്ടുകാൽ വയലിലുള്ള പാറയിൽ ഒരുകൂട്ടം ഗുഹകളുണ്ട്. ഇവയുടെ ആരാധനാമണ്ഡപത്തിൽ വൃത്താകൃതിയിലുള്ള ലിംഗവും പീഠങ്ങളുമാണുള്ളത്. ബാഹ്യഭാഗത്തെ മുഖമണ്ഡപത്തിൻെറ ഭിത്തിയിൽ ദ്വാരപാലനായ ഹനുമാനെയും നന്ദിയെയും ചിത്രീകരിച്ചിരിക്കുന്നു. തൊട്ടടുത്തായി നന്ദി, ഹനുമാൻ, ശിവൻ എന്നിവരുടെ യോഗജീവിതവും ചിത്രണംചെയ്തിട്ടുണ്ട്. ഇതെല്ലാം മധുരയിലെ പാണ്ഡ്യൻ ഗുഹാക്ഷേത്രവുമായി ഇതിനുള്ള ബന്ധം കാണിക്കുന്നു. ഗുഹയുടെ ഒരുവശത്തു ഗണപതിയുടെ ശില്പവുമുണ്ട്. ഇരുനിലംകോട്ടുള്ള ഗുഹാക്ഷേത്രം വിഴിഞ്ഞത്തുള്ളതുപോലെ ചെറുതാണെങ്കിലും തെക്കോട്ടുള്ള ദർശനം ഇതിനെ ശ്രദ്ധേയമാക്കുന്നു. ഇതിലെ പ്രധാന പ്രതിഷ്ഠയായ ലിംഗം പടിഞ്ഞാറോട്ടു ദർശനമായിട്ടാണ്. ലിംഗത്തിന് എതിർവശത്തായി വിഷ്ണുവിൻെറ ശില്പമുണ്ട്. ഇവിടത്തെ മികച്ച ശില്പം പുറകുവശത്തുള്ള ഭിത്തിയിലെ ദക്ഷിണാമൂർത്തിയുടെതാണ്. ഭ്രാന്തൻകല്ലിലുള്ള പൂർത്തീകരിക്കപ്പെടാത്ത ഗുഹാക്ഷേത്രം തമിഴ്നാട്ടിലെ വാസ്തുവിദ്യയോടുള്ള അടുത്ത ബന്ധം സൂചിപ്പിക്കുന്നു. തിരുനന്തിക്കരയിലെ ഗുഹാക്ഷേത്രം ആദ്യം ജൈനന്മാരുടേതായിരുന്നു. തന്മൂലം അതിലെ ശ്രീകോവിലിൽ ചിത്രങ്ങളൊന്നുമില്ല. തമിഴ്നാട്ടിലെ പല്ലവന്മാരുടെയും പാണ്ഡ്യന്മാരുടെയും കാലത്തെ ഗുഹാക്ഷേത്രങ്ങളെപ്പോലെതന്നെ ഇവിടെയും ഗുഹ വടക്കോട്ടും അതിലെ ശ്രീകോവിൽ കിഴക്കോട്ടും ദർശനമായിരിക്കുന്നു. പില്ക്കാലത്ത് ഇതു ഹിന്ദുക്ഷേത്രമാക്കുകയും ലിംഗവും പീഠവും പ്രതിഷ്ഠിക്കയും ചെയ്തു. ചുവരെഴുത്തുകളും പെയിൻറു ചെയ്ത ഭിത്തികളും മറ്റും ഈ ഗുഹയിലുണ്ട്.

വേറെയും രണ്ടു ഗുഹാക്ഷേത്രങ്ങൾകൂടിയുണ്ട്. അവയിൽ ഒന്ന് പെരുമ്പാവൂരിനടുത്തു കല്ലിലും മറ്റത് ചിതറാലിലുമാണ്. ചിതറാലിലുള്ളതു ജൈനക്ഷേത്രമായിരുന്നു. ഇപ്പോൾ ഭഗവതീക്ഷേത്രമാണ്. ഇപ്പോൾ ജൈനന്മാരോടും ജൈനസ്ഥലങ്ങളോടുമുള്ള ബന്ധം സൂചിപ്പിക്കുന്ന ചുവരെഴുത്തുകളുണ്ട്. പ്രാചീനകേരളത്തിലെ ഗുഹാനിർമാണകലയ്ക്കു തമിഴ്നാട്ടിലെ സംസ്കാരവുമായി ബന്ധമുണ്ടായിരുന്നു. എന്നാൽ പിന്നീടു മധ്യകാലഘട്ടമായപ്പോഴേക്കും കേരളം തമിഴ്നാടൻ രീതികളിൽനിന്നും വ്യതിചലിക്കുകയും കൊങ്കണരീതികളവലംബിച്ചു മോന്തായത്തോടുകൂടിയ (gabled roof) ക്ഷേത്രങ്ങൾ നിർമിക്കുകയും ചെയ്തു.

കെ.വി. സൗന്ദരരാജൻ

ഗുഹ്യകന്മാർ

ദേവന്മാരിൽ ഒരു വിഭാഗം. 'ഒളിച്ചിരിക്കുന്നവർ' എന്നർഥമുള്ള ഈ പദം യക്ഷകിന്നരന്മാരുടെ സുഹൃത്തുക്കളായ ഒരു ദിവ്യപുരുഷ വിഭാഗത്തിൻെറ പേരാണ്. ഇവരുടെ നാഥൻ കുബേരനാണ്. കുബേരൻെറ നിധിശേഖരങ്ങളുടെ കാവൽക്കാർ ഗുഹ്യകന്മാരാണ്.

ഗുഹ്യരോഗങ്ങൾ (Venereal diseases)

ലൈംഗികാവയവങ്ങളെ ബാധിക്കുന്ന രോഗങ്ങൾ. സിഫിലിസ്, ഗൊണോറിയ, ഷാൻക്രോയ്ഡ്, ലിംഫോഗ്രാനുലോമ വെനീറിയം തുടങ്ങിയ രോഗങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നു. സ്ത്രീപുരുഷസംഭോഗത്തിലൂടെയാണ് ഈ രോഗം പകരുന്നത്. സംഭോഗം വഴി തന്നെ പകരുന്ന മറ്റു ചില രോഗങ്ങളും (സ്കാബീസ്, മൊളസ്കം, ഹെർപ്പിസ്, ട്രൈക്കോമോണിയാസിസ് തുടങ്ങിയവ) ഉണ്ട്. ഇവയെല്ലാം ഉൾപ്പെടുത്തി †ലൈംഗികരോഗങ്ങൾ അഥവാ സെക്ഷ്വലി ട്രാൻസ്മിറ്റഡ് ഡിസീസസ് (STD) എന്ന പൊതുസംജ്ഞയിൽ അറിയപ്പെടുന്നു. ലൈംഗികരോഗങ്ങളിലെ ഒരു ഉപവിഭാഗമാണു ഗുഹ്യരോഗങ്ങൾ.

രോഗലക്ഷണം കണ്ടുതുടങ്ങുമ്പോൾ തന്നെ ശരിയായ ചികിത്സ ലഭിച്ചാൽ പകർച്ച തടയാം. വിവിധ ആൻറിബയോട്ടിക്കുകൾ രോഗം ഭേദമാക്കാൻ ഉപയോഗിക്കുന്നു. †സിഫിലിസ്, †ഗൊണോറിയ, †ഷാൻക്രോയ്ഡ്, †ലിംഫോഗ്രാനുലോമ വെനീറിയം നോക്കുക.

ഗുളികൻ

ജ്യോതിഷക്കാരുടെ സങ്കല്പത്തിലുള്ള ഒരു പാപഗ്രഹം. ശനിയുടെ (മന്ദൻെറ) പുത്രനാണു ഗുളികൻ എന്ന വിശ്വാസംകൊണ്ടു ഗുളികനെ മാന്ദി (മന്ദൻെറ പുത്രൻ) എന്നു പറയുന്നു. ദിവസവും രാത്രിയും പകലും ഗുളികൻ ഭൂമിക്കുനേരേ പ്രത്യക്ഷപ്പെടുന്ന സമയത്തെ ഗുളികോദയം എന്നു പറയുന്നു. ഗുളികോദയരാശി മുഹൂർത്തങ്ങൾക്കെല്ലാം വർജ്യമാണ്. ഞായറാഴ്ച പകൽ 26 നാഴികയ്ക്കു (ഉദയം കഴിഞ്ഞു 10 മണിക്കൂറും 24 മിനിറ്റും കഴിയുമ്പോൾ) ഗുളികൻ ഉദിക്കുന്നു. തിങ്കൾ മുതൽ ശനിവരെയുള്ള ആഴ്ചകളിൽ നാലുനാഴിക (ഒരുമണിക്കൂർ 36 മിനിറ്റ്) വീതം നേരത്തെ ആണു ഗുളികോദയം. തിങ്കളാഴ്ച 22 നാഴികയ്ക്ക്, ചൊവ്വാഴ്ച 18 നാഴികയ്ക്ക്, ബുധൻ 14, വ്യാഴം 10, വെള്ളി 6, ശനി 2 എന്നിങ്ങനെ. രാത്രിയിൽ ഞായറാഴ്ച 10 നാഴികയ്ക്ക്, തിങ്കൾ 4, ചൊവ്വ 2, ബുധൻ 28, വ്യാഴം 24, വെള്ളി 20, ശനി 16 എന്നാണു കണക്ക്.

ഗുൽമോഹർ

ലെഗുമിനോസേ കുലത്തിൽ സീസാൽപിനിയേസി ഉപകുലത്തിൽപ്പെട്ട വൃക്ഷം. ശാസ്ത്രനാമം: *ഡിലോണിക്സ് റീജിയ (Dilonyx regia)* മഡഗാസ്കറിൽനിന്ന് ഇന്ത്യയിൽ കൊണ്ടുവന്ന ഈ വൃക്ഷം ഇന്ന് ഇന്ത്യയിൽ എല്ലായിടത്തും ഉണ്ട്. വേനൽക്കാലത്തു പൂക്കുന്നു. ആകർഷകമായ ചുവന്ന പൂക്കൾ. ശാഖോപശാഖകളായി വിരിഞ്ഞ് തൂവൽ പോലെയുള്ള ഇല ഇതിൻെറ ഭംഗി വർധിപ്പിക്കുന്നു.

അനേകം പിച്ഛകങ്ങളുള്ള ഏകാന്തര സംയുക്തപത്രം. പത്രത്തിന് അര സെ.മീ. നീളം. പൂക്കൾ കുലകുലയായി ശാഖാഗ്രങ്ങളിൽ ഉണ്ടാകുന്നു. ഏകവ്യാസസമമിത(Zygomorphic) വും ദ്വിലിംഗവും ആയ പുഷ്പങ്ങൾ. അഞ്ചു കർണങ്ങളുള്ള ബാഹ്യദളപുടം. പൂവു വിടരുമ്പോൾ ബാഹ്യദളം പുറകോട്ടു വളയുന്നു. ദളങ്ങൾ അഞ്ച്. ദളങ്ങൾക്കു സ്പൂണിൻെറ ആകൃതിയാണ്. പുറകിലുള്ള ദളമാണ് ഏറ്റവും വലുത്. പത്തു സ്വതന്ത്രകേസരങ്ങൾ വർത്തികയ്ക്കു ചുറ്റുമായി കാണുന്നു. ഒരു അറയുള്ള ഊർധ്വവർത്തിയായ അണ്ഡാശയം. കായ് വളർന്നു കഴിയുമ്പോൾ 50 സെ.മീ നീളമുള്ള 'പോഡ്' ആയിരിക്കും- (അമരയിലെപ്പോലെ). കായ് നാലഞ്ചുമാസംകൊണ്ട് വിളഞ്ഞു പൊഴിയുന്നു.



ഗുൾമോഹർ
ഇലയും പൂവും

പന്ത്രണ്ടു മീറ്റർവരെ പൊക്കത്തിൽ പടർന്നു പന്തലിക്കുന്ന ഗുൾമോഹർ നല്ലൊരു ചോലവൃക്ഷമാണ്.

ഗുൾസ്ട്രാൻഡ് അൾവർ (1862–1930)

സ്വീഡിഷ് നേത്രശാസ്ത്രജ്ഞൻ. 1862 ജൂൺ 5-ന് ലാൻഡ്സ്ക്രോണ എന്ന സ്ഥലത്തു ജനിച്ചു. ഉപ്സല, വിയന്ന, സ്റ്റോക്ഹോം എന്നീ യൂണിവേഴ്സിറ്റികളിൽ പഠിച്ചു. ഉപ്സല യൂണിവേഴ്സിറ്റിയിൽ പ്രൊഫസർ ആയിരുന്നു. കണ്ണിൻെറ കാചപടലത്തെക്കുറിച്ചു നടത്തിയ ഗവേഷണത്തിൻെറ പേരിൽ ഇദ്ദേഹത്തിന് 1911-ൽ നൊബേൽ സമ്മാനം ലഭിച്ചു. കണ്ണിനെപ്പറ്റി വിശദമായി പഠിക്കുന്നതിന് ഉപകരിക്കുന്ന ഗുൾസ്ട്രാൻഡ് സ്ലിറ്റ്ലാംപ് ഇദ്ദേഹമാണ് സംവിധാനം ചെയ്തത്. 1930 ജൂലൈ, 28-ന് സ്റ്റോക്ഹോമിൽവച്ചു നിര്യാതനായി.

ഗൂ

ഗൂഡല്ലൂർ

തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലെ ഒരു താലൂക്ക്. വിസ്തൃതി: 722 ച.മീ. ജനസംഖ്യ: 1,80,514 (1981). ഇതിൽ 80 ശതമാനത്തോളം മലയാളികളായ കുടിയേറ്റക്കാരാണ്.

സംഘകാലകേരളത്തിലെ 'കർക്കാനാട്' ഗൂഡല്ലൂരും വയനാടും ചേർന്നതായിരുന്നു. കുലശേഖരസാമ്രാജ്യത്തിലെ 'പുറൈക്കിഴാനാട്' (10-14 ശതകം) ഈ സ്ഥലമാണ്. പഴയ ബോംബെ പ്രവിശ്യയിലെ മലബാർ ജില്ലയിലാണു ഗൂഡല്ലൂർ ഉൾപെപ്പട്ടിരുന്നത്. 1800-നു ശേഷം മദിരാശി പ്രവിശ്യ രൂപീകൃതമായപ്പോഴും ഈ സ്ഥലം മലബാർ ജില്ലയിൽ തന്നെ തുടർന്നു. 1956-ൽ നീലഗിരി ജില്ലയിൽ ഉൾപ്പെടുത്തി.

ഭൂമിശാസ്ത്രപരമായി ഗൂഡല്ലൂരിനു വയനാട്ജില്ലയോടു സാമ്യമുണ്ട്. കൃഷിയാണു മുഖ്യതൊഴിൽ. അന്യസംസ്ഥാനങ്ങളിൽനിന്നു വന്ന കുടിയേറ്റ കർഷകരെ കുടിയൊഴിപ്പിക്കാൻ പലപ്പോഴും ശ്രമങ്ങൾ നടന്നിട്ടുണ്ട്.

ഗൂഢതന്ത്രം (Occultism)

അധ്യാദ്മശക്തി വർധിപ്പിക്കുന്നതിനുള്ള രഹസ്യജ്ഞാനം. പശ്ചാത്യർക്ക് ഇത് ബ്ലാക്ക്മാജിക്, വൈറ്റ്മാജിക് എന്നുരണ്ടുതരം. വശീകരണം, ആകർഷണം, ഉച്ചാടനം, മാരണം മുതലായ ആഭിചാരപ്രയോഗങ്ങളും കാപാലികരുടെയും ശാക്തേയരുടെയും ആചാരങ്ങളും ഇതിൽപെടും. ഹിപ്നോട്ടിസം ഒരുകാലത്തു ഗൂഢതന്ത്രമായിരുന്നു. ഇന്ന് അതിൻെറ സ്ഥാനം മനഃശാസ്ത്രത്തിൻെറ മണ്ഡലത്തിലാണ്. ഗൂഢതന്ത്രത്തിൽപ്പെടുന്ന പലതും 'പാരാസൈക്കോളജി' എന്ന ഒരു ശാഖയായി രൂപം കൊണ്ടുവരികയുമാണ്. ദിവ്യദൃഷടി, ഭാവി കണ്ടറിയുക, മുൻകൂട്ടി കാര്യങ്ങൾ കാണുക, പരഹൃദയജ്ഞാനം എന്നിവ സാധാരണ ബോധേന്ദ്രിയങ്ങളുടെ പ്രവർത്തനത്തിൽപ്പെടുന്നതല്ല. ഇവയും മനസ്സിനാണു വസ്തുവിനെക്കാൾ കഴിവെന്ന സൈക്കോകൈനെസിസ് വാദവും പാരാസൈക്കോളജിയിൽപ്പെടും.

ഇതിനോടു ബന്ധപ്പെട്ടതാണ മരിച്ചവരോടു സംഭാഷണംചെയ്യലും മഷിനോട്ടവും ഹസ്തരേഖാശാസ്ത്രവും ന്യൂമറോളജിയും മറ്റും ഇതിനൊക്കെ അടിസ്ഥാനമായ ചില സിദ്ധാന്തങ്ങളുണ്ട്. ഇവയിൽ ചിലതിൽ വസ്തുനിഷ്ഠമായ യാഥാർഥ്യത്തിൻെറ ഒരു കണിക ഉണ്ടാവുകയും ചെയ്യും. ചില സൂചനകളിൽനിന്നു പലതും മനസ്സിലാക്കാൻ നല്ലൊരു നിരീക്ഷകനു കഴിയും.

മതവിശ്വാസവും ഗൂഢതന്ത്രവും തമ്മിൽ വളരെ അടുത്തബന്ധമുണ്ട്. അമാനുഷമായ എല്ലാ മതചിന്തകളും നിഗൂഢതന്ത്രവുമായി ഒരു നിലയ്ക്കല്ലെങ്കിൽ മറ്റൊരു നിലയ്ക്ക് ബന്ധപ്പെട്ടിട്ടുണ്ട്. അമ്പലത്തിലോ പള്ളിയിലോ പോയി വഴിപാടുകഴിക്കുമ്പോൾ മനസ്സിൽ ഉദ്ദേശിച്ച കാര്യം നേടുമെന്നാണു വിശ്വാസം. പാരമ്പര്യമായുള്ള ഈ വിശ്വാസം സംസ്കാരത്തിൻെറ ഒരു ഭാഗമാണ്.

ഗൂഢലേഖനശാസ്ത്രം

ക്രിപ്റ്റോളജി നോക്കുക.

ഗൂഢാലോചന(Criminal Conspiracy)

ഒരു കുറ്റകൃത്യം ചെയ്യുന്നതിനോ, കുറ്റകരമല്ലാത്ത ഒരു കൃത്യം കുറ്റകരമായ രീതിയിൽ ചെയ്യുന്നതിനോ ഒന്നിലധികം ആളുകൾ ചേർന്നുണ്ടാക്കുന്നധാരണ. രഹസ്യമായ ഏത് ആലോചനയും ശബ്ദാർഥം നോക്കുമ്പോൾ ഗൂഢാലോചന ആണെങ്കിലും ഇന്ത്യൻ ശിക്ഷാനിയമം നിർവചിക്കുന്ന ഗൂഢാലോചന (Criminal conspiracy) മേൽപറഞ്ഞതു മാത്രമാണ്. ധാരണമാത്രം കുറ്റകരമല്ല. ധാരണയുടെ ഫലമായി കുറ്റകരമായ എന്തെങ്കിലും നടപടി ആരംഭിച്ചുകഴിഞ്ഞശേഷമേ ഗൂഢാലോചന കുറ്റകരമാകുന്നുള്ളൂ. കുറ്റകൃത്യം പരസ്പരധാരണയുടെ ആത്യന്തികലക്ഷ്യമോ ആനുഷംഗികഭാഗമോ എന്നത് അപ്രസക്തമാണ്.

1. രണ്ടോ അധികമോ ആളുകൾ പങ്കെടുക്കണം, 2. പരസ്പരം ധാരണ ഉണ്ടാകണം, 3. ചെയ്യാനുറച്ച പ്രവൃത്തിയോ അതുചെയ്യുന്ന രീതിയോ രണ്ടിലൊന്നു കുറ്റകരമാകണം, 4. നിശ്ചയം അനുസരിച്ച് എന്തെങ്കിലും പ്രവൃത്തി നടന്നിരിക്കണം. ഈ നാല് അംശവും ചേരുമ്പോഴേ പ്രവൃത്തി ശിക്ഷാർഹമായ ഗൂഢാലോചന ആകൂ. ഇന്ത്യൻ ശിക്ഷാനിയമം 120 A വകുപ്പാണ് കുറ്റം നിർവചിക്കുന്നത്. 120 B ശിക്ഷ വിധിക്കുന്നു. വധശിക്ഷയോ രണ്ടുകൊല്ലമോ അധികമോ കാലത്തെ കഠിനതടവോ വിധിക്കാവുന്ന കുറ്റകൃത്യം ആണു ഗൂഢാലോചനാ വിഷയമെങ്കിൽ അതേകുറ്റങ്ങൾക്കു പ്രേരണ നല്കുന്ന ആൾക്കു വിധിക്കാവുന്ന ശിക്ഷതന്നെ ഗൂഢാലോചനയ്ക്കും വിധിക്കാം. ഗൂഢാലോചനാവിഷയമായ കുറ്റം മുൻ പറഞ്ഞതിലും ഗൗരവം കുറഞ്ഞതാണെങ്കിൽ ആറുമാസം വരെ തടവും പിഴയും രണ്ടും ചേർത്തും ശിക്ഷനല്കാം.

ഗൂർഖകൾ

ഹിമാലയപ്രാന്തങ്ങളിലെ സൈനിക പാരമ്പര്യമുള്ള ഒരു ജനവിഭാഗം. സംസ്കൃതജന്യമായ നേപ്പാളി ഭാഷയാണ് ഇവർ സംസാരിക്കുന്നത്. മുസ്ലീം ആക്രമണത്തെത്തുടർന്ന് രാജപുത്താനയിൽനിന്നു രക്ഷപ്പെട്ട ഇവർ 1767-'68 കാലത്ത് ഹിമാലയത്തിനപ്പുറത്തേക്ക് ഓടിപ്പോയി. കുമയോൺ പ്രദേശത്തുള്ള കുന്നിൻപുറങ്ങളിൽ അവർ താമസമാക്കി. അവിടെനിന്നു കിഴക്കോട്ട് ലാംജൂംഗ്, നയക്കോട്, ഗോർഖ എന്നീ പ്രദേശങ്ങളിലേക്കു വ്യാപിച്ചു. ഗോർഖാപ്രദേശത്ത് അവർ ഭരണാധികാരികളായി. കാഠ്മണ്ഡുവിൽനിന്ന് ഏകദേശം 80 കി.മീ. വടക്കുപടിഞ്ഞാറാണ് ഈ സ്ഥലം. ഗോർഖയിലെ ജനങ്ങളാണു ഗൂർഖകൾ. ഇവർ നേപ്പാൾ ആക്രമിച്ചു കൈവശപ്പെടുത്തി. 1814-ൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിക്കാരും ഗൂർഖകളും തമ്മിൽ സംഘട്ട

ഗൂർഖകൾ (ഡാർജിലിങ്)

നമുണ്ടാവുകയും നേപ്പാളൊഴികെയുള്ള ഹിമാലയപ്രാന്തങ്ങൾ പലതും ഇംഗ്ലീഷുകാർ കൈവശപ്പെടുത്തുകയും ചെയ്തു.

യോദ്ധാക്കളെന്ന നിലയിൽ ഗൂർഖകളെ ബ്രിട്ടീഷുകാർ പല സ്ഥലത്തും ഉപയോഗിച്ചു. ഒന്നാം ലോകയുദ്ധകാലത്ത് ഗൂർഖാസൈന്യത്തിലുൾപ്പെട്ടിരുന്ന പത്തു റെജിമെൻറുകൾ ഫ്രാൻസ്, .ഫ്ളാൻഡേഴ്സ്; ഗാലിപ്പൊളി, മെസൊപ്പൊട്ടേമിയ, പേർഷ്യ, ബലൂചിസ്ഥാൻ, ഈജിപ്ത്, പലസ്തീൻ, വടക്കുപടിഞ്ഞാറൻ പ്രവിശ്യ എന്നിവിടങ്ങളിലെ യുദ്ധരംഗങ്ങളിൽ പങ്കെടുത്തു. അഫ്ഗാൻയുദ്ധങ്ങളിലും, ബർമ്മാ ആക്രമണത്തിലും 1857-ലെ ഇന്ത്യൻ സൈനികകലാപത്തെ നേരിടുന്നതിലും ഗൂർഖകൾ ബ്രിട്ടീഷുകാരെ സഹായിച്ചു. 1900-ത്തിൽ ചൈനയിലേക്കും ഇവരെ കൊണ്ടുപോയിരുന്നു. 1921-ലെ മലബാർകലാപം അമർച്ചചെയ്യാൻ ഗൂർഖാപട്ടാളത്തെ ബ്രിട്ടീഷുകാർ നിയോഗിച്ചിരുന്നു. രണ്ടാം ലോകയുദ്ധത്തിൽ ജനറൽ വേവലിൻെറ കീഴിൽ ഇറ്റലിക്കെതിരായും ഇവർ യുദ്ധംചെയ്തു. സാമ്രാജ്യത്വത്തിൻെറ 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന തന്ത്രം നടപ്പാക്കാൻ ഗൂർഖകളെ ഏഷ്യയിൽ പല രാജ്യങ്ങളിലും ഇന്ത്യയിലും ബ്രിട്ടീഷുകാർ പല പ്രാവശ്യം ഉപയോഗിച്ചു. ഓരോ വർഷവും ആവശ്യമായത്ര ഗൂർഖകളെ അയച്ചുകൊടുക്കാമെന്നു നേപ്പാൾ രാജാവുമായി ഒരു കരാറുതന്നെ നിലവിലുണ്ടായിരുന്നു. ഇന്നും പല ഇന്ത്യൻ നഗരങ്ങളിലും വലിയ ഫാക്ടറികൾ, ഓഫീസുകൾ, പണക്കാരുടെ ബംഗ്ലാവുകൾ എന്നിവയുടെ കാവൽപ്പണി ഗൂർഖകളാണു നടത്തുന്നത്. വളഞ്ഞ ഒരു കത്തി(കുക്രി)യാണ് അവരുടെ ആയുധം. പൊക്കം കുറഞ്ഞവരും മംഗോളിയൻ ആകൃതിയുള്ളവരുമായ ഇവർ ഹിന്ദുക്കളാണ്. ഗൂർഖകൾക്കിടയിൽ രാഷ്ട്രീയബോധവും സ്വാതന്ത്ര്യബോധവും പതുക്കെപ്പതുക്കെ വളർന്നുവരുന്നു. ഭൂട്ടാനിലും, ഇന്ത്യയിൽ സിക്കിമിലും പശ്ചിമബംഗാളിൽ ഡാർജിലിങ് ഭാഗത്തും ധാരാളം ഗൂർഖകൾ താമസിക്കുന്നുണ്ട്. ഡാർജിലിങ് കേന്ദ്രമാക്കിക്കൊണ്ട് സുഭാഷ് ഗീസിങ്ങിൻെറ നേതൃത്വത്തിൽ ജി.എൻ.എൽ.എഫ്. (ഗൂർഖാ നാഷനൽ ലിബറേഷൻ ഫ്രണ്ട്) സമീപകാലത്ത് ഗൂർഖാലാൻഡിനുവേണ്ടി നടത്തിയ സമരം പൂർണ്ണമായി വിജയിച്ചില്ലെങ്കിലും പശ്ചിമബംഗാളിനകത്ത് ഗൂർഖകൾ അധികമായി അധിവസിക്കുന്ന പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് ഒരു ഹിൽ ഡെവലപ്മെൻറ് കൗൺസിൽ രൂപവത്കരിക്കുന്നതിന് അതു കാരണമായി·†ഗൂർഖായുദ്ധം,†നേപ്പാൾ നോക്കുക.

ഗൂർഖായുദ്ധം

ബ്രിട്ടീഷുകാരും ഗൂർഖാകളും തമ്മിൽ നടന്ന യുദ്ധം. ഇന്ത്യയിൽ ആധിപത്യം നേടിയ ബ്രിട്ടീഷുകാർക്ക് പലപ്പോഴും ഗൂർഖകളുമായി ഏറ്റുമുട്ടേണ്ടിവന്നു. 1814 മെയ്മാസത്തിൽ ബട്ട്വാളിലുള്ള മൂന്നു പോലീസ് സ്റ്റേഷനുകളെ ഗൂർഖകൾ ആക്രമിച്ചുവെന്നു പറഞ്ഞ് ബ്രിട്ടീഷ് ഗവർണ്ണർ ജനറലായ ഹേസ്റ്റിങ്സ് പ്രഭു ഗൂർഖകൾക്കെതിരായി യുദ്ധം പ്രഖ്യാപിച്ചു. ഗൂർഖകളെ പരാജയപ്പെടുത്താൻ എളുപ്പമായിരുന്നില്ല. ആ സ്ഥലത്തെപ്പറ്റി ബ്രിട്ടീഷുകാർക്കു വേണ്ടത്ര അറിവോ, അവരെ എതിരിടാനുള്ള അടവുകളോ ഉണ്ടായിരുന്നില്ല. ഒക്ടലോണിയ ആയിരുന്നു പ്രധാന ബ്രിട്ടീഷ് ജനറൽ. 1814-ൽ ബ്രിട്ടീഷുകാർ യുദ്ധത്തിൽ തോറ്റു. മേജർ ജനറൽമാരായ മോർലിക്കും ജോൺ സള്ളിവൻ വുഡിനും പട്നയിൽനിന്നും ഗോരഖ്പൂരിൽനിന്നും നേപ്പാൾ തലസ്ഥാനത്തേക്കു നീങ്ങാൻ കല്പന ലഭിച്ചു. മുന്നേറാനുള്ള വിഫലശ്രമങ്ങൾക്കുശേഷം അവരും പിൻവാങ്ങി. ബ്രിട്ടീഷ് ജനറൽ ഗില്ലെസ്പി കലംഗയിലെ ഗിരിദുർഗ്ഗം കൈവശപ്പെടുത്താനുള്ള ബുദ്ധിഹീനമായ ശ്രമത്തിൽ മരിച്ചു. ജയ്താക്ക് എന്ന ഗൂർഖാശക്തികേന്ദ്രം കൈവശപ്പെടുത്താനുള്ള മേജർ ജനറൽ മാർട്ടിൻ ഡെല്ലിൻെറ ശ്രമവും ഫലിച്ചില്ല. 1815-ൽ നിക്കോൾഡ്, ഗാർഡനർ എന്നീ കേണൽമാർ അൽമോറ പിടിച്ചു.

1815 മെയ്മാസത്തിൽ ജനറൽ ഒക്ടർലോണി, മലാവോൺ കോട്ടയുടെ അധികാരം ഗൂർഖാനേതാവായ അമർസിങ് ഥാപ്പായെക്കൊണ്ട് അടിയറവയ്പിച്ചു. ഈ നേട്ടങ്ങൾമൂലം നേരത്തെ നേരിട്ട പരാജയങ്ങൾക്കു പരിഹാരം കണ്ടെത്താൻ ബ്രിട്ടീഷുകാർക്കു കഴിഞ്ഞു. വീണ്ടും എതിർത്തു നില്ക്കുന്നത് ആശാസ്യമല്ലെന്നു തോന്നുകയാൽ 1815 നവംബർ 28-ാം തിയതി ഗൂർഖകൾ സഗൗളിയിൽവച്ചു സന്ധിചെയ്യാൻ സന്നദ്ധരായി. എന്നാൽ സന്ധിയുടെ വ്യവസ്ഥകൾ അംഗീകരിക്കാൻ ഗവൺമെൻറ് വിസമ്മതിച്ചു. യുദ്ധം വീണ്ടും തുടർന്നു. ബ്രിട്ടീഷ് സൈന്യത്തിൻെറ സർവ്വസൈന്യാധിപനായ ഒക്ടർലോണി, നേപ്പാൾ തലസ്ഥാനത്തുനിന്ന് 80 കി.മീ. അടുത്തുവരെ എത്തുകയും മക്വാൻപൂർ യുദ്ധത്തിൽ (1816 ഫെബ്രുവരി 28) ഗൂർഖകളെ തോല്പിക്കുകയും ചെയ്തു. ഉടൻതന്നെ നേപ്പാൾ ഗവൺമെൻറ് സഗൗളി വ്യവസ്ഥകൾ അംഗീകരിച്ചു. ഇതനുസരിച്ച് തെക്കേ അതിർത്തിയിലെ സ്ഥലങ്ങളുടെ അവകാശവും പടിഞ്ഞാറുഭാഗത്തുള്ള ഗഢ്വാൾ, കുമായോൺ എന്നീ പ്രവിശ്യകളും ബ്രിട്ടീഷുകാർക്കു കൊടുത്തു. സിക്കിമിൽനിന്ന് അവർ പിൻവാങ്ങുകയും ഒരു ബ്രിട്ടീഷ് റസിഡൻറിനെ കാഠ്മണ്ഡുവിൽ സ്വീകരിക്കാമെന്നു സമ്മതിക്കുകയും ചെയ്തു. ഈ വ്യവസ്ഥകൾ ബ്രിട്ടീഷുകാർക്കു വലിയ നേട്ടമായിരുന്നു. ബ്രിട്ടീഷ്ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ അതിർത്തി വിശാലമായി. സിംല, മുസ്സൂറി, അൽമോറ, റാണിഘട്ട്, ലാൻഡർ, നൈനീയാൽ തുടങ്ങിയ സുഖവാസകേന്ദ്രങ്ങൾ അവർക്കു ലഭിച്ചതുകൂടാതെ മദ്ധ്യേഷ്യയുമായി സമ്പർക്കം പുലർത്താനുള്ള സൗകര്യങ്ങളും ലഭിച്ചു.

ഗൃ

ഗൃത്സമദൻ

ഋഗ്വേദത്തിൻെറ രണ്ടാമത്തെ മണ്ഡലത്തിലെ പല സൂക്തങ്ങളിലും സ്തുതിക്കപ്പെടുന്ന ഒരു ഋഷി. ചന്ദ്രവംശത്തിൽ പുരൂരവസ്സിൻെറ അനന്തരഗാമികളിൽ ഒരാളായ ശുനഹോത്രൻെറ മകനായി ജനിച്ച ഇദ്ദേഹം ക്ഷത്രിയനായിരുന്നു എന്നു വിഷ്ണുപുരാണത്തിൽ പറയുന്നു. ചാതുർവർണ്യത്തിൻെറ ജനയിതാവെന്നു കരുതപ്പെടുന്ന ശൗനകൻ ഇദ്ദേഹത്തിൻെറ പുത്രനാണ്. അംഗിരസ്സിൻെറ കുലത്തിലെ പ്രഥമാംഗമായിരുന്നു ഗൃത്സമദൻ എന്നു സായണൻ പറയുന്നു. ഇദ്ദേഹം ഹേഹയരാജാവായിരുന്ന വീതഹവ്യൻെറ പുത്രനാണെന്നു മഹാഭാരതം. ഒരിക്കൽ ഇന്ദ്രനെ അപഹരിക്കാൻ വന്ന അസുരന്മാരെ ഇദ്ദേഹം ഇന്ദ്രൻെറ വേഷംകെട്ടി വഞ്ചിച്ചുവെന്നും ഒരു കഥയുണ്ട്.

ഗൃഹപ്രവേശം

വിവാഹാനന്തരം വരൻ വധൂസമേതനായി സ്വഗൃഹത്തിൽ പ്രവേശിക്കുന്ന ചടങ്ങ്. പുതിയ വീട്ടിൽ താമസം തുടങ്ങുക എന്ന അർഥത്തിലും ഈ പദം പ്രയോഗിക്കുന്നു. ഈ അർഥത്തിൽ 'പാലുകാച്ചൽ' എന്നാണു സാധാരണ ഉപയോഗിക്കുന്ന പദം.

ഗൃഹവിജ്ഞാനം (Home science)

ഗൃഹത്തെയും ഗൃഹജീവിതത്തെയും കുറിച്ചുള്ള ശാസ്ത്രീയപഠനം. ആഹാരം, വസ്ത്രം, പാർപ്പിട സൗകര്യം എന്നിവയുടെ സാമ്പത്തികവും ശുചിത്വപരവും കലാപരവുമായ വിവിധവശങ്ങളെപ്പറ്റിയുള്ള പഠനത്തോടൊപ്പം ഈ വിഷയങ്ങളെക്കുറിച്ചു കുടുംബങ്ങളും സമുദായങ്ങളും അറിഞ്ഞിരിക്കേണ്ട കാര്യങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ പഠനശാഖ ആധുനിക ശാസ്ത്രവിജ്ഞാനത്തെ പുരാതനകാലത്തെ സാംസ്കാരിക പാരമ്പര്യത്തോടു സംയോജിപ്പിച്ചു കുടുംബജീവിതത്തെ സന്തുഷ്ടവും ശക്തിമത്തും ആക്കുന്നു.

ഇന്ത്യയിൽ. ഇന്ത്യയിൽ ഗൃഹവിജ്ഞാനപഠനം ആരംഭിച്ചത് 1932-ൽ ന്യൂദെൽഹിയിലെ ലേഡി ഇൻവിൻ കോളെജിലാണ്. വളരെക്കാലത്തേക്ക് ഇവിടെ മാത്രമേ ഗൃഹവിജ്ഞാനം പഠിപ്പിച്ചിരുന്നുള്ളു. ബിരുദപഠനത്തിന് ഇത് ഒരു പാഠ്യവിഷയമായി അംഗീകരിച്ച ആദ്യത്തെ സർവകലാശാല മദിരാശി ആണ്. ഇന്നു മിക്ക കലാശാലകളിലും സ്കൂളുകളിലും അതിനും പുറമെ വികസന സർവീസ് സംഘടനകളിലും ഈ പഠനത്തിനുവേണ്ട സൗകര്യങ്ങൾ ഉണ്ട് പല യൂണിവേഴ്സിറ്റികളിലും ബിരുദാനന്തരപഠനത്തിനുള്ള സൗകര്യങ്ങളും ഗവേഷണസൗകര്യങ്ങളും ലഭ്യമാണ്.

ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും ഒരു വർഷം മുതൽ മൂന്നു വർഷംവരെ പരിശീലനം നല്കി ഗൃഹവിജ്ഞാനത്തിൽ ഡിപ്ലോമ നല്കുന്ന പല സ്ഥാപനങ്ങളുമുണ്ട്.

സ്കൂളുകളിൽ ഗൃഹവിജ്ഞാനം പഠിപ്പിക്കുന്നത് ആരോഗ്യശാസ്ത്രത്തിൻെറയും ശരീരശാസ്ത്രത്തിൻെറയും ഭാഗമെന്ന നിലയിലാണെങ്കിൽ മറ്റു ചിലേടത്തു പോഷകാഹാരശാസ്ത്രം, ശുചീകരണശാസ്ത്രം, പാചകകല മുതലായവയുടെ ഭാഗമായിട്ടാണ്.

കുടുംബജീവിതത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ മുൻകൂട്ടി മനസ്സിലാക്കി അവയെ വിജയകരമായി നേരിട്ട് ജീവിതം സുഗമവും സുന്ദരവുമാക്കിത്തീർക്കാനുപകരിക്കുന്ന പ്രായോഗികപരിശീലനമാണു കോളെജ് നിലവാരത്തിൽ നല്കപ്പെടുന്നത്.

പ്രധാനലക്ഷ്യങ്ങൾ. 1. പാചകം, തുന്നൽ തുടങ്ങിയ ഗൃഹജോലികളിലും കൈത്തൊഴിലുകളിലും ഉള്ള അഭിരുചിയും കഴിവും വികസിപ്പിക്കുക. 2. ശിശുസംരക്ഷണം, സമയവിനിയോഗം, പണമിടപാടുകൾ മുതലായവയിൽ നൈപുണ്യം വളർത്തുക. 3. ഉപജീവനത്തിനുതകുന്ന ഏതെങ്കിലും തൊഴിലിൽ പരിശീലനം നല്കുക.

വ്യവസായം, സ്ത്രീവിദ്യാഭ്യാസം, സയൻസ്, ടെക്നോളജി എന്നിവയിലുള്ള പുരോഗതിയും ഗൃഹവിജ്ഞാനം സ്ത്രീകൾക്ക് അത്യന്താപേക്ഷിതമാക്കിത്തീർത്തു. ഗൃഹജീവിതം സുഗമമാക്കുന്നതിനും വീട്ടുജോലികൾ കുറഞ്ഞ സമയത്തിനുള്ളിൽ ബദ്ധപ്പാടുകൂടാതെ ചെയ്തീർക്കുന്നതിനും മറ്റും സഹായിക്കുന്ന നിരവധി ഗാർഹികോപകരണങ്ങൾ ഇപ്പോൾ ലഭ്യമാണ്. അവ യഥായോഗ്യം ഉപയോഗിക്കുന്നതിനുള്ള പരിശീലനം സ്ത്രീകൾക്ക് കൂടിയേതീരു. ഇതിലേക്കെല്ലാം വേണ്ടിയാണു ഗൃഹവിജ്ഞാനപഠനം ആരംഭിച്ചത്.

പോഷകാഹാരങ്ങൾ, വസ്ത്രം, വസ്ത്രനിർമാണം, ഗൃഹഭരണം, ഗാർഹികസാമ്പത്തികപ്രശ്നങ്ങൾ, ആരോഗ്യം, ശിശുപരിപാലനം, ഗൃഹാലങ്കാരം, സമുദായസേവനം എന്നിവയിൽ പരിശീലനം നല്കുകയാണു ഗൃഹവിജ്ഞാനപഠനം കൊണ്ടുദ്ദേശിക്കുന്നത്. ഗൃഹജീവിതത്തിൻെറ വിവിധ വശങ്ങൾ ശരിക്കു ഗ്രഹിക്കണമെങ്കിൽ ശാസ്ത്രവിജ്ഞാനപഠനം ആവശ്യമാണ്. അതിനാൽ ഊർജതന്ത്രം, രസതന്ത്രം, സസ്യശാസ്ത്രം, മൃഗശാസ്ത്രം, ശരീരശാസ്ത്രം, മനഃശാസ്ത്രം, ധനശാസ്ത്രം, സാമൂഹികശാസ്ത്രം മുതലായവയിലെ അത്യാവശ്യഭാഗങ്ങളും പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കേരളത്തിൽ. കേരളത്തിൽ, 1958-ൽ എറണാകുളം സെൻറ് തെരീസാസ് കോളെജിലാണു ഗൃഹവിജ്ഞാനപഠനം കോളെജ് നിലവാരത്തിൽ ആദ്യമായി ആരംഭിച്ചത്. ഇപ്പോൾ ഒട്ടേറെ കോളെജുകളിൽ ബിരുദതലത്തിലും ബിരുദാനന്തരതലത്തിലും ഗൃഹവിജ്ഞാനം പാഠ്യവിഷയമാണ്.

ഗൃഹവിജ്ഞാനപഠനം പൂർത്തിയാക്കിയവർ വിവിധ സേവനരംഗങ്ങളിൽ പ്രവർത്തിക്കുന്നു. ബാലവാടി അധ്യാപനം, സാമൂഹികവികസനം, വികസനപ്രവർത്തനങ്ങൾ, അധ്യാപനം, ഗവേഷണം തുടങ്ങിയവയാണു പ്രധാനം.

ഗൃഹോപകരണങ്ങൾ

ഗൃഹജീവിതത്തിനു സാധാരണമായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ. ആഹാരം പാകപ്പെടുത്തുന്നതിനുള്ള †അടുക്കള ഉപകരണങ്ങൾ ഈ കൂട്ടത്തിൽ പ്രധാനമാണ്. †അരകല്ല്, †ആട്ടുകല്ല്, †ഉരൽ, †ഉലക്ക, †കത്തി എന്നിവ ആണു മറ്റു ചില ഉപകരണങ്ങൾ. മിക്സി, ഗ്രൈൻഡർ, വാട്ടർഹീറ്റർ, †റെഫ്രിജിറേറ്റർ, ഇസ്തിരിപ്പെട്ടി, തവി, ചട്ടുകം, മുറം, ചൂൽ, കുട്ട, വാക്വംക്ലീനർ, കിണ്ടി, കിണ്ണം, പലതരം പാത്രങ്ങൾ മുതലായവയും ഗൃഹോപകരണങ്ങളിൽ പെടും.



അലക്കുപകരണങ്ങൾ ഇക്കാലത്താണു ഗൃഹോപകരണങ്ങളുടെ കൂട്ടത്തിൽ സ്ഥാനം പിടിച്ചത്. പലതരം വാഷിങ് മെഷീനുകൾ ഇന്ന് ഉപയോഗത്തിലുണ്ട്. അലക്കുന്നതിനോടൊപ്പം പിഴിയുകയും ഉണക്കുകയും ചെയ്യുന്നതിനുള്ള സംവിധാനങ്ങളും ചിലതരം വാഷിങ് മെഷീനിലുണ്ട്. ഇലക്ട്രിക് മോട്ടോറിൻെറ പ്രവർത്തനംകൊണ്ടു കറങ്ങുന്ന ഒരു ഇലവട്ട് ആണു വസ്ത്രങ്ങളെ സോപ്പുവെള്ളത്തിൽ ഉലച്ചു ചെളി കളയുന്നത്. അർധവൃത്താകൃതിയിലോ പൂർണവൃത്താകൃതിയിലോ തിരിയുന്ന ഇലവട്ടകളുണ്ട്.

ശാസ്ത്രപുരോഗതി ഗൃഹോപകരണങ്ങളുടെ പെരുപ്പത്തിനു കാരണമായിട്ടുണ്ട്.

ഗൃഹ്യസൂത്രങ്ങൾ

കല്പസൂത്രത്തിൻെറ ഒരു ശാഖ. മനുഷ്യൻെറ ഗാർഹികജീവിതത്തിൽ അനുഷ്ഠിക്കേണ്ട കർമങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഗ്രന്ഥപരമ്പരയാണ് ഇത്. സ്മൃതികളുമായി ഇവ ബന്ധപ്പെട്ടിരിക്കയാൽ സ്മാർത്തഗ്രന്ഥങ്ങളെന്നും പറയുന്നു. വിവാഹത്തിൻെറ വിധികളോടെയാണ് ഇവയിൽ മിക്കവയും ആരംഭിക്കുന്നത്. തുടർന്ന് ഗർഭാധാനം, അന്നപ്രാശം, ഉപനയനം തുടങ്ങിയ എല്ലാ കാര്യങ്ങളെപ്പറ്റിയും പ്രതിപാദിക്കുന്നു. ഗാർഹികാചാരനുഷ്ഠാനാദികളെപ്പറ്റി വിവരിക്കനിമിത്തം പ്രാചീനസാമൂഹികചരിത്രപഠനത്തിൽ ഇവയ്ക്കു വളരെ പ്രാധാന്യമുണ്ട്. ഇവയിൽ വിവരിക്കുന്നതിനു സമാനമായ അനുഷ്ഠാനങ്ങൾ മറ്റ് ഇന്തോ-യൂറോപ്യൻ ജനസമൂഹങ്ങൾക്കിടയ്ക്കും കാണാമെന്ന് പണ്ഡിതന്മാർ പറയുന്നു. ഗോഭിലഗൃഹ്യസൂത്രം, ആപസ്തംബീയഗൃഹ്യസൂത്രം, കാഠകഗൃഹ്യസൂത്രം, ആശ്വലായനഗൃഹ്യസൂത്രം, സാംഖ്യായനഗൃഹ്യസൂത്രം, ബൗധായനഗൃഹ്യസൂത്രം തുടങ്ങിയവയാണു മുഖ്യഗൃഹ്യസൂത്രങ്ങൾ. ആശ്വലായനൻ, ആപസ്തംബൻ തുടങ്ങിയവരുടെ സൂത്രങ്ങൾ ബി.സി. 800-നും 400-നും ഇടയ്ക്കാണ് എഴുതിയതെന്നു കരുതപ്പെടുന്നു. † കല്പസൂത്രങ്ങൾ, † ഷോഡശക്രിയകൾ നോക്കുക.

ഗൈ

ഗെഞ്ചിയുടെ കഥ

പതിനൊന്നാം നൂറ്റാണ്ടിൽ ജാപ്പനീസ് ഭാഷയിലുണ്ടായ കൃതി. വിശ്വസാഹിത്യത്തിലെ ആദ്യത്തെ നോവൽ ഇതാണെന്നു പല ആധുനിക സാഹിത്യചരിത്രകാരന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. മുറാസാകി ഷിക്കിബു എന്ന രാജകുമാരിയാണ് ഇതെഴുതിയത്.

പതിനൊന്നാം നൂറ്റാണ്ടിൽ 'ഹെയ്യാൻ' (Heian) കാലഘട്ടത്തിലാണ് ഇതെഴുതപ്പെട്ടത്. അമ്പത്തിനാലു വാല്യങ്ങളുള്ള ഈ കൃതിയിലെ അമ്പത്തിയൊന്നു വാല്യങ്ങളിലെയും പ്രതിപാദ്യം ഹിക്കാരാഗഞ്ചി എന്ന സുന്ദരനും സംസ്കാരസമ്പന്നനും ആയ വീരപുരുഷന്റെ പ്രേമലീലകളാണ്. തുടർന്നുള്ള മൂന്നു വാല്യങ്ങൾ ഹിക്കാരുവിനുശേഷമുള്ള കവോരു പ്രഭുകുമാരന്റെ ജീവിതകഥയാണ്. ഇവിടെ എത്തുമ്പോഴേക്കും കഥാകർത്രിയുടെ വീക്ഷണം ഇരുളുന്നു. ബുദ്ധമതത്തിന്റെ സ്വാധീനം പ്രകടമാകുന്നു. ലോകത്തിന്റെ നശ്വരതയ്ക്കുംക്ഷണഭംഗുരതയ്ക്കുംആണ് ഈ ഭാഗങ്ങളിൽ കൂടുതൽ പ്രാധാന്യം.

ഈ നോവലിൽ നാനൂറോളം കഥാപാത്രങ്ങളുണ്ട്. നായിക മുറാസകി രാജകുമാരി തന്നെയാണ്. നാലായിരത്തിലധികം പേജുവരുന്ന ഗ്രന്ഥമാണിത്. 'ഗെഞ്ചി മൊണൊഗത്രി' (Genji Monogatri) എന്നാണിതിന്റെ മുഴുവൻ പേർ. ഈ കൃതിയുടെ സംഗ്രഹം പി.കെ. ഈപ്പൻ മലയാളത്തിൽ തയാറാക്കിയതു കേന്ദ്രസാഹിത്യ അക്കാദമി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ഗെയ്സർ

ഒരിനം ചുടുനീരുറവകൾ. ഇതിൽനിന്നു ചൂടുപിടിച്ച ഭൂഗർഭജലം ഇടവിട്ടു പുറത്തേക്കു തള്ളിവരുന്നു. ഇതോടൊപ്പം ചൂടുള്ള വാതകങ്ങളും ഉണ്ടാകും. ഒരു ജലധാരയിൽനിന്ന് എന്ന വണ്ണം വളരെ ശക്തിയോടെ പുറംതള്ളപ്പെടുന്ന ചൂടുവെള്ളം 70 മീറ്റർ വരെ ഭൂമിക്കു മുകളിലേക്കു ചീറ്റാറുണ്ട്. 20 മീറ്ററോളം വ്യാസമുള്ള വലിയ ജലസ്തംഭമായി ആണ് ചില ഗെയ്സറിന്റെ നിർഗമനം.

അഗ്നിപർവതപ്രവർത്തനമുള്ള പ്രദേശങ്ങളിലാണു ഗെയ്സർ കണ്ടുവരുന്നത്. ഭൂമിക്കടിയിലെ ഉരുകിയ പാറകളിൽ നിന്നുള്ള വാതകങ്ങൾ മൂലം ചൂടാകുന്ന ജലം ഭൂതലത്തിലേക്കു പൊട്ടിയൊഴുകുന്നതാണ് ഇത് എന്ന് ഒരു സിദ്ധാന്തമുണ്ട്. അതല്ല, അഗ്നിപർവതപ്രവർത്തനങ്ങളിൽനിന്നുള്ള താപം പുറത്തുകളയുന്ന നിർഗമനദ്വാരങ്ങളാണു ഗെയ്സർ എന്നു കരുതുന്ന ഭൂവിജ്ഞാനികളുമുണ്ട് ഇതെന്തായാലും, ഭൂമിക്കടിയിലുള്ള അറകളിലോ വിള്ളലുകളിലോ നിറയുന്ന ചൂടുവെള്ളവും വാതകങ്ങളും ഉന്നതമർദം മൂലം പുറത്താക്കപ്പെടുകയാണു ഗെയ്സറിൽ നടക്കുന്നത്. ഈ അറകൾ വീണ്ടും നിറയുകയും, ഇതു പുറത്തേക്കു ചീറ്റുകയും ചെയ്യും. ഇതുകൊണ്ടാണു ഗെയ്സറിൽനിന്ന് ഇടവിട്ട് ഇടവിട്ട് വെള്ളം പുറത്തുവരുന്നത്.

ഇളം ചൂടുമുതൽ 300°C വരെ താപനിലയുള്ള ഗെയ്സറുകൾ ഉണ്ട്. ഭൂഗർഭ ജലത്തിലെ ധാതുക്കൾ ചൂടാകുമ്പോൾ അവ സൾഫേറ്റുകളും കാർബണേറ്റുകളും ആയി മാറുന്നു. ഇതിനുപുറമെ സിലിക്കയും ധാരാളമായി കലർന്നിരിക്കും. ഐസ്‌ലൻഡിലാണ് ഏറ്റവും കൂടുതൽ ഗെയ്സറുകൾ കാണപ്പെടുന്നത്. † നീരുറവകൾ നോക്കുക.

**ന്യൂസിലൻഡിലെ
പൊഹുഡു ഗെയ്സർ**

ഗെയ്സർ (ഗൃഹോപകരണം)

കുളിക്കുവാനുള്ള കുഴൽവെള്ളം വൈദ്യുതി ഉപയോഗിച്ചു ചൂടുപിടിപ്പിക്കുന്ന ഉപകരണം. സിലിൻഡർ ആകൃതിയിലുള്ളതും ഈയം പൊതിഞ്ഞ ഉരുക്കുകൊണ്ടു നിർമിച്ചതും ആയ ഒരു പാത്രമാണ് ഇതിന്റെ ബാഹ്യകവചം. ഇതിനുള്ളിലെ ഈയം പൊതിഞ്ഞ ചെ

മ്പുപാത്രത്തിലാണു വെള്ളം ശേഖരിക്കുന്നത്. ഈ രണ്ടു പാത്രങ്ങൾക്കുമിടയിൽ കോർക്ക്, തെർമോകോൾ തുടങ്ങിയ ഏതെങ്കിലും പദാർഥം ഉപയോഗിച്ചു താപനഷ്ടം ഒഴിവാക്കിയിരിക്കും. ഉള്ളിലെ പാത്രത്തിൻെറ മധ്യഭാഗത്തായി ചൂട് ഉത്പാദിപ്പിക്കുന്ന കമ്പിച്ചുരുൾ (coil) പിടിപ്പിച്ചിരിക്കും. പാത്രത്തിനു ചുവട്ടിൽ ഘടിപ്പിച്ചിരിക്കുന്ന കുഴലിലൂടെ തണുത്ത വെള്ളം വരുന്നു. ചൂടായ വെള്ളം സ്വാഭാവികമായും മുകളിലേക്ക് ഉയരുന്നതുകൊണ്ടു ചൂടുവെള്ളം പുറത്തേക്കു വഹിക്കുന്ന കുഴൽ മുകളിലാണു ഘടിപ്പിക്കുക. ജലപ്രവാഹം നിയന്ത്രിക്കാനുള്ള സംവിധാനങ്ങളും ഇതിൽ ഉണ്ട്. പല തരത്തിലുള്ള ‘വാട്ടർ ഹീറ്ററുകൾ’ ഉണ്ടെങ്കിലും ഏറ്റവും പ്രചാരമുള്ളതു ഗെയ്സറിനാണ്.

ഗെയസ്

ഒരു റോമൻ നിയമജ്ഞൻ. ഇദ്ദേഹത്തിൻെറ ഏറ്റവും മഹത്തായ കൃതിയെന്ന് ആദരിക്കപ്പെടുന്ന ‘ശാസനങ്ങ’ളുടെ (Institutions) കൈയെഴുത്തുപ്രതി നീ ബൂഹ്ർ എന്ന ഒരു ജെർമൻഗവേഷകൻ കണ്ടെടുത്തത് 1816-ലാണ്. വെറോണാഗ്രന്ഥശേഖരത്തിൽ അതുവരെ ആരും കാണാതെകിടന്ന ഈ അമൂല്യപ്രബന്ധമാണു പിൽക്കാലത്തു ജസ്റ്റീനിയൻെറ നിയമശാസ്ത്രസംഹിതകൾക്ക് (Jurisprudence) ആവശ്യമായ അടിത്തറ പാകിയത്.

ഗെയിൻസ്ബറോ, തോമസ് (1727—1788)

ഇംഗ്ലീഷ്ചിത്രകാരൻ. ഒരു കമ്പിളിനിർമാതാവിൻെറ മകൻ. സ്വദേശം സഫോക്കിലെ സുഡ്ബറി. 1740-ൽ ചിത്രകല അഭ്യസിച്ചുതുടങ്ങി. ഗ്രാവ്ലോട്ടിൻെറ സ്റ്റുഡിയോയിൽ ജോലിനോക്കി. 1746-ൽ മാർഗരറ്റ്ബർ എന്ന സത്രീയെ വിവാഹംചെയ്തു. 1768-ൽ റോയൽ അക്കാദമിയുടെ സ്ഥാപകാംഗമായി. 1788 ഓഗസ്റ്റ് 2-ാംതീയതി അന്തരിച്ചു.



പ്രഭാത
സവാരി.
ഗെയിൻസ്
ബറോയുടെ
പ്രസിദ്ധ
ചിത്രം.
(ലണ്ടൻ
നാഷനൽ
ഗാലറി)

ഛായാചിത്രങ്ങളും, പ്രകൃതിദൃശ്യരചനകളും, കൗതുകകരങ്ങളായ മറ്റു ചിത്രങ്ങളുംകൊണ്ട് ഇദ്ദേഹം പ്രസിദ്ധനായി. ഡച്ച്ഛായാചിത്രകാരനായ വാൻഡൈക്കിൻെറ സ്വാധീനം ഇദ്ദേഹത്തിൽ പ്രകടമായിരുന്നു. ‘മിസ്സിസ് ഷെരിഡൻ’, ജോർജ് മൂന്നാമൻെറയും, ഷാർലറ്റ് രാജ്ഞിയുടെയും ഛായാചിത്രങ്ങൾ, ‘മൂന്ന് മുതിർന്ന രാജകുമാരിമാർ’ (Three Elder Princesses) തുടങ്ങിയ ഛായാചിത്രങ്ങൾ പ്രസിദ്ധമാണ്. പ്രകൃതിദൃശ്യങ്ങളും ചിത്രീകരിച്ചിട്ടുണ്ട്.

കലയുടെ ഭാഷ പഠിക്കാൻ ഫ്ളെമിഷ്-ഡച്ച് ചിത്രകാരന്മാരെ ഇദ്ദേഹം ആശ്രയിച്ചു. പ്രകൃതിദൃശ്യങ്ങൾ പകർത്തുന്നതിലായിരുന്നു താത്പര്യം; എന്നാൽ ഛായാചിത്രങ്ങൾ വരയ്ക്കാൻ പലപ്പോഴും നിർബന്ധിതനായി. എങ്കിലും എല്ലാ രചനകളും നൈസർഗികസ്വഭാവം കാണിക്കുന്നവയാണ്.

ഗെയിഷ

നൃത്തസംഗീതാദികലാപ്രകടനത്താൽ അതിഥികളെ പ്രീണിപ്പിക്കുന്ന ജാപ്പനീസ് തരുണി. ഗെയിഷാവൃത്തി അടുത്തകാലംവരെ ജപ്പാനിൽ വികസിച്ചിരുന്നു. ‘ഗെയിഷാഗൃഹ’ങ്ങളും ‘തേയിലമുറി’കളും (Tea-rooms) ജപ്പാനിൽ ധാരാളമുണ്ട്. പരിശീലനകേന്ദ്രങ്ങളിൽ പെൺകുട്ടികളോടു നല്ലവണ്ണം പെരുമാറുകയും അവരുടെ ആവശ്യങ്ങളെല്ലാം സാധിച്ചുകൊടുക്കുകയുമാണു പതിവ്. ഇവരുടെ കലാപ്രകടനങ്ങൾ സന്ദർശകരുടെ മുന്നിൽ അവതരിപ്പിക്കുന്നതിനു പരിശീലകർ നല്ല പ്രതിഫലം വാങ്ങാറുണ്ട്. ജപ്പാനിലെത്തുന്ന വിദേശസഞ്ചാരികൾക്കുള്ള ഒരു ആകർഷണമാണു ഗെയിഷകളുടെ പ്രകടനം.

ക്രമേണ ‘ഗെയിഷാ’വൃത്തി അധഃപതിച്ചു. ടോക്യോവിലെ ‘പുഷ്പപ്രദേശ’ത്തു പരിശീലനംകഴിഞ്ഞ വേശ്യകൾ വർണശബളമായ വസ്ത്രം ധരിച്ച് ആടാനും പാടാനും, പുരുഷന്മാരെ തൃപ്തിപ്പെടുത്താനും തയ്യാറുണ്ടാവും. ഇവരിൽ വിദ്യാഭ്യാസവും കലാബോധവും തികഞ്ഞവരെ മാത്രം ‘ഗെയിഷ’ എന്നു വിളിച്ചുതുടങ്ങി (കലാകാരികൾ എന്ന് ഇതിന് അർഥം പറയാം). 1822-ൽ ഇയെനാരി (1787—1836) എന്ന ചക്രവർത്തി അവിഹിതപെരുമാറ്റങ്ങൾ നിരോധിക്കയും ഗെയിഷകളെ വ്യഭിചാരിണികളായി കണക്കാക്കുമെന്ന് പ്രഖ്യാപിക്കയും ചെയ്തു. എന്നിട്ടും സത്കാരങ്ങളിലും വിരുന്നുകളിലും ഗെയിഷകളെക്കൊണ്ട് പാട്ടുപാടിക്കലും നൃത്തംചെയ്യിക്കലും സാധാരണമായിരുന്നു. പഴയ ഗെയിഷകൾ പുതിയ ഗെയിഷകൾക്കു പരിശീലനം നല്കുന്ന വിദ്യാലയങ്ങളും സ്ഥാപിതങ്ങളായി. പെൺമക്കളെ പോറ്റാനാവാത്ത അച്ഛനമ്മമാർ പലപ്പോഴും അവരെ ഗെയിഷാപരിശീലനവിദ്യാലയങ്ങളിൽ ചേർത്തിരുന്നു.

ജപ്പാനിലെത്തുന്ന വിദേശസഞ്ചാരികളെ വളരെയധികം ആകർഷിക്കുന്ന ഒന്നാണു ഗെയിഷകൾ നടത്തുന്ന കലാപരിപാടികൾ. രണ്ടാം ലോകയുദ്ധത്തിനുശേഷം ജപ്പാൻ അമേരിക്കൻനിയന്ത്രണത്തിലായതോടെ, ഗെയിഷാവൃത്തി ഏറെക്കുറെ നിഷിദ്ധമായി കരുതപ്പെട്ടുതുടങ്ങി.

ഗെയിറ്റ്സ്കെൽ, ഹ്യൂ (1906—’63)

ബ്രിട്ടീഷ് തൊഴിലാളികക്ഷിനേതാവ്. പല മണ്ഡലങ്ങളിലും പ്രശസ്തസേവനമനുഷ്ഠിച്ചിട്ടുള്ള ഒരു ലണ്ടൻകുടുംബത്തിൽ ജനിച്ച ഗെയിറ്റ്സ്കെൽ ഓക്സ്ഫെഡിൽ വിദ്യാഭ്യാസം നടത്തിയതിനുശേഷം പൊതുജീവിതത്തിൽ പ്രവേശിച്ചു. വിദ്യാഭ്യാസം, രാഷ്ട്രീയം, ഭരണം എന്നീ മേഖലകളിലെല്ലാം സ്വന്തം വ്യക്തിമുദ്രപതിപ്പിക്കാൻ ഇദ്ദേഹത്തിനു വളരെവേഗം കഴിഞ്ഞു. 1939-ൽ രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ ഗെയിറ്റ്സ്കെൽ ലണ്ടൻ സർവകലാശാലയിൽ രാഷ്ട്രമീമാംസയിലെ റീഡർ ആയിരുന്നു. അവിടെനിന്ന് ഇദ്ദേഹം സാമ്പത്തികകാര്യങ്ങളെ സംബന്ധിച്ച മന്ത്രാലയത്തിൽ ഉദ്യോഗസ്ഥനായി. അതു രാജിവച്ച് ഇദ്ദേഹം സജീവരാഷ്ട്രീയത്തിൽ പ്രവേശിക്കുകയും 1945-ൽ പാർലമെൻറിലേക്കു തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 1947-ൽ മന്ത്രിയായി. പടിപടിയായുയർന്ന് 1950-ൽ സർ സ്റ്റാഫോർഡ് ക്രിപ്സിൻെറ പിൻഗാമിയായി ധനമന്ത്രി (Chancellor of the Exchequer) പദത്തിൽ എത്തി.

1955-ൽ ആറ്റ്ലിയെ തുടർന്നു ഗെയ്റ്റ്സ്കെൽ പ്രതിപക്ഷനേതാവായി. അന്നുമുതൽ 1963 ജനുവരി 18-ാം തീയതി പെട്ടെന്നു മരിക്കുംവരെ ഗെയിറ്റ്സ്കെൽ ആയിരുന്നു തൊഴിലാളികക്ഷിത്തലവൻ.

ഗെയ്ക്ക്വാദ്

പേർഷ്വയായിരുന്ന ബാജിറാവു ഒന്നാമൻെറ (1720—’40) കാലത്തു

ശക്തിപ്രാപിച്ച മഹാരാഷ്ട്രരാജകുടുംബം. ഇദ്ദേഹത്തിന്റെ മരുമകനായ പിലാജി (1721—'32) 1720-ൽ സൂററ്റിന് 80 കി.മീ. കിഴക്കുള്ള സോൾകറിൽ വലിയൊരു കോട്ട കെട്ടിച്ചു. ബിൽഹാപ്പൂർയുദ്ധത്തിൽ (1731) ഇദ്ദേഹം ത്ര്യംബക്ക് റാവു ധബേഢയെ സഹായിച്ചതിനാൽ ഗുജറാത്തിലെ മഹാരാഷ്ട്രതാത്പര്യങ്ങളുടെ രക്ഷകനായി. അതുകൊണ്ടു ഗെയ്ക്ക്‌വാദിന്റെ ആസ്ഥാനം ബറോഡയിലേക്കു മാറ്റി. 1732-ൽ പിലാജി വധിക്കപ്പെട്ടപ്പോൾ മകനായ ദാമാജി II നേതാവായി. 1761-ലെ പാനിപ്പത്ത്‌യുദ്ധത്തിൽ പങ്കെടുത്ത ദാമാജി II രക്ഷപ്പെട്ടെങ്കിലും 1768-ൽ മരിച്ചു. ദാമാജി രണ്ടാമന്റെ മരണത്തെത്തുടർന്നു മക്കൾ തമ്മിൽ ലഹള (1768—1800) ഉണ്ടായി. ദാമാജി രണ്ടാമന്റെ പൗത്രനായ ആനന്ദറാവു രാജാവായി. 1800 മുതൽ 1819 വരെ അദ്ദേഹം രാജ്യം ഭരിച്ചു. ഇതിനിടയിൽ ബ്രിട്ടീഷുകാരുമായി സൗഹൃദത്തിലായി. 1805-ൽ 'സബ്സിഡിയറി അലയൻസിൽ' ചേർന്നു. പിന്നീടുള്ള സമയം മുഴുവൻ ഇംഗ്ലീഷുകാരോടു മമതയിൽ കഴിഞ്ഞുകൂടിയകാരണം രണ്ടും മൂന്നും ആംഗ്ലോ-മഹാരാഷ്ട്ര യുദ്ധങ്ങളിൽ ഗെയ്ക്ക്‌വാദ്മാർക്കു നഷ്ടം സംഭവിച്ചില്ല. ആനന്ദറാവുവിനെത്തുടർന്നു സഹോദരനായ സയാജി II രാജാവായി. അദ്ദേഹത്തിനുശേഷം പുത്രന്മാരായ ഗണപത്റാവു (1847—'56), ഖാണ്ഡെറാവു (1856—'70), മൽഹർ റാവു (1870—'75) മുതലായവർ രാജാക്കന്മാരായി. മൽഹർ റാവുവിന്റെ ഭരണം ദുർഭരണമാണെന്ന് ഇംഗ്ലീഷുകാർ വിധി എഴുതി. അതുപോലെ ബ്രിട്ടീഷ് റസിഡൻറായിരുന്ന കേണൽ ഫെയറെ വിഷംകൊടുത്തു കൊല്ലാൻ അദ്ദേഹം ശ്രമിച്ചുവെന്നു കുറ്റാരോപണം നടത്തി. നോർത്ത് ബ്രൂക്ക് പ്രഭു ഒരു കമ്മിഷനെ നിയമിച്ചു. അവരുടെ റിപ്പോർട്ടനുസരിച്ചു മൽഹർ റാവു കുറ്റക്കാരനല്ലെന്നു തെളിഞ്ഞു. എന്നാലും ദുർഭരണമെന്ന വ്യാജമുന്നയിച്ച് അദ്ദേഹത്തെ മാറ്റി. മൽഹർ റാവുവിനു പുത്രന്മാരുണ്ടായിരുന്നില്ല. അതിനാൽ ഗെയിക്ക്‌വാദ് കുടുംബത്തിലെ അകന്ന ഒരു മൈനറായ കുട്ടിയെ രാജാവാക്കി. ഭരണം മുഴുവൻ സർ. ടി. മാധവറാവുവാണു നടത്തിയിരുന്നത്. 1875-ൽ അങ്ങനെ ഗയിക്ക്‌വാദായിത്തീർന്ന സയാജി റാവു III 1939 വരെ ജീവിച്ചിരുന്നു. ഇദ്ദേഹം ഇന്ത്യയിലെ ഏറ്റവും പ്രാമാണികന്മാരായ നാട്ടുരാജാക്കന്മാരിലൊരാളായി. ബറോഡ ഇന്ത്യയിലെ ഏറ്റവും സാമ്പത്തികപുരോഗതി നേടിയ നാട്ടുരാജ്യവുമായി.

ഗെയ്റ്റ്‌വേ ഓഫ് ഇന്ത്യ

ബോംബെനഗരത്തിൽ കടൽത്തീരത്തു സ്ഥിതിചെയ്യുന്ന ഒരു സ്മാരകശില്പം. ബ്രിട്ടീഷ് ചക്രവർത്തി ജോർജ് അഞ്ചാമനും പത്നിയും ഇന്ത്യ സന്ദർശിച്ചതിന്റെ സ്മാരകമായാണു ഗെയ്റ്റ്‌വേ ഓഫ് ഇന്ത്യ നിർമിക്കപ്പെട്ടത്. ചക്രവർത്തിയുടെ സന്ദർശനം നടന്നത് 1911-ലാണെങ്കിലും ഗെയ്റ്റ്‌വേ ഓഫ് ഇന്ത്യ എന്ന സ്മാരകശില്പം പണിപൂർത്തിയാക്കി ഉദ്ഘാടനം ചെയ്തത് 1924-ലാണ്. ഇന്ത്യയിലെ അന്നത്തെ വൈസ്രോയി ആയ റീഡിങ് പ്രഭുവായിരുന്നു ഉദ്ഘാടകൻ. ബോംബെയിലേക്ക് ഇംഗ്ലീഷുകാർ ആദ്യമായി പ്രവേശിച്ചത് ഇപ്പോൾ ഗെയ്റ്റ്‌വേ സ്ഥിതിചെയ്യുന്ന സ്ഥലത്തുകൂടെയാണ് എന്ന വസ്തുതയുടെ അടിസ്ഥാനത്തിലാണ് ഈ സ്ഥലം സ്മാരകനിർമിതിയ്ക്കു തിരഞ്ഞെടുത്തത്.



ഗെയ്റ്റ്‌വേ ഓഫ് ഇന്ത്യ

ഗെർബച്ചേവ്, മിഖായേൽ സെർഗിയേവിച്ച്

(1931-   )



സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറിയും യു.എസ്.എസ്.ആറിന്റെ പ്രസിഡണ്ടും. 1931 മാർച്ച് 2-ന് ഉത്തര കാക്കസസ്സിലെ സ്താവ്റൊപോൾ മേഖലയിൽപെടുന്ന പ്രവോൾനൊയെ ഗ്രാമത്തിൽ ഒരു കർഷക കുടുംബത്തിൽ ജനിച്ചു. പഠിച്ചുകൊണ്ടിരിക്കുമ്പോൾ കൗമാരത്തിൽ തന്നെ ഒരു മെഷിൻ ട്രാക്ടർ സ്റ്റേഷനിൽ കൊയ്ത്തുയന്ത്രം ഓപ്പറേറ്ററായി പ്രവർത്തിച്ചു. പിന്നീടു മോസ്കോ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ ചേർന്നു നിയമബിരുദമെടുത്തു (1955). തുടർന്ന് സ്താവ്റൊപോൾ കാർഷിക ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു കൃഷിശാസ്ത്രത്തിലും ബിരുദമെടുക്കുകയുണ്ടായി. ചെറുപ്പത്തിലെ യുവകമ്യൂണിസ്റ്റ് പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചു. 1966-ൽ സ്താവ്റൊപോൾ നഗരത്തിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ ഒന്നാം സെക്രട്ടറിയായി നിയമിക്കപ്പെട്ടു. 1970-ൽ സ്താവ്റൊപോൾ മേഖലാ കമ്യൂണിസ്റ്റ് പാർട്ടിയുടെ ഒന്നാം സെക്രട്ടറിയായി. 1971-ൽ 24-ാം പാർട്ടി കോൺഗ്രസ്സിൽവെച്ചു സി.പി.എസ്.യു. കേന്ദ്ര കമ്മിറ്റി അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. അതേ അവസരത്തിൽ ലേഖലാ കമ്മിറ്റിയുടെ ഒന്നാം സെക്രട്ടറി സ്ഥാനത്തും തുടർന്നു. 1978-ൽ സി.പി.എസ്.യു. കേന്ദ്ര കമ്മിറ്റി സെക്രട്ടറിമാരിൽ ഒരാളായി തിരഞ്ഞെടുക്കുന്നതുവരെയും ഈ സ്ഥാനത്തു തുടർന്നു. കേന്ദ്ര കമ്മിറ്റി സെക്രട്ടറി എന്ന നിലയിൽ കൃഷികാര്യങ്ങളുടെ മേൽനോട്ടമായിരുന്നു ഇദ്ദേഹത്തിനുണ്ടായിരുന്നത്. 1979-ൽ സി.പി.എസ്.യു. കേന്ദ്ര കമ്മിറ്റിയുടെ പോളിറ്റ് ബ്യൂറോയിൽ വോട്ടധികാരമില്ലാത്ത മെമ്പറായി. 1980-ൽ പോളിറ്റ് ബ്യൂറോയിൽ പൂർണാംഗത്വം ലഭിച്ചു.

യൂറി ആന്ദ്രെപ്പോവ് സി.പി.എസ്.യു. ജനറൽ സെക്രട്ടറിയായിരുന്നപ്പോൾ (1982-'84) ഗെർബച്ചേവിന് പാർട്ടിക്കുള്ളിൽ വിപുലമായ ചുമതലകൾ നല്കി; വിശേഷിച്ച് വിദേശകാര്യങ്ങൾ, പാർട്ടി സംഘടന എന്നിവയുടെ കാര്യത്തിൽ. ആന്ദ്രെപ്പോവിനെത്തുടർന്നു കൊൺസ്റ്റാൻറിൻ യു.ഷെർണങ്കൊ ജനറൽ സെക്രട്ടറി ആയപ്പോഴും ഗെർബച്ചേവ് പാർട്ടിക്കുള്ളിൽ പ്രധാന ചുമതലകൾ പലതും വഹിച്ചിരുന്നു. 1985 മാർച്ച് 10-ന് ഷെർണങ്കൊ അന്തരിച്ചതിനെത്തുടർന്നു ഗെർബച്ചേവിനെ സോവിയറ്റ് യൂണിയനിലെ അത്യുന്നത പദവിയായ ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് സി.പി.എസ്.യു. കേന്ദ്ര കമ്മിറ്റി തിരഞ്ഞെടുത്തു. 1988 സെപ്തംബർ 30 മുതൽ ഒക്റ്റോബർ 1 വരെ ചേർന്ന സുപ്രീം സോവിയറ്റിന്റെ വിപുലീകൃത സമ്മേളനം ഗെർബച്ചേവിനെ സോവിയറ്റ് യൂണിയന്റെ പ്രസിഡണ്ടായിക്കൂടി തിരഞ്ഞെടുത്തു (1988 ഒക്റ്റോബർ 1).

പാർട്ടി ജനറൽ സെക്രട്ടറി എന്ന നിലയിൽ സോവിയറ്റ് യൂണിയനിൽ വിപുലമായ പരിഷ്കാരങ്ങൾ ഗെർബച്ചേവ് വരുത്തിയിട്ടുണ്ട്

എൽ.ഐ.ബ്രഷ്നേവ് ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന കാലത്ത് സോവിയറ്റ് യൂണിയന്റെ വിദേശനയത്തിലും ആഭ്യന്തരനയത്തിലും ഉണ്ടായ പാളിച്ചകളെ അദ്ദേഹം തുറന്നുകാട്ടി. ലോകസമാധാനത്തിനുവേണ്ടി ഒട്ടേറെ നടപടികൾ ഇദ്ദേഹം കൈക്കൊണ്ടു. ഇടത്തരം ആണവായുധങ്ങൾ പൂർണമായും ഒഴിവാക്കുന്നതിന് അമേരിക്കൻ പ്രസിഡണ്ടുമായി ഉണ്ടാക്കിയ കരാറ് ആണവായുധ ന്യൂനീകരണത്തിന്റെ കാര്യത്തിൽ എടുത്തുപറയാവുന്ന പുരോഗതി ഉളവാക്കി. അഫ്ഘാനിസ്താനിൽനിന്നു സമയബന്ധിതമായി സോവിയറ്റ് സേനയെ പിൻവലിക്കാനുള്ള തീരുമാനമായിരുന്നു സമാധാനസ്ഥാപനത്തിന് അദ്ദേഹം കൈക്കൊണ്ട മറ്റൊരു നടപടി (1988 ഏപ്രിൽ 15). ഐക്യരാഷ്ട്രസഭയിൽ ചെയ്ത പ്രസംഗത്തിൽ (1988 ഡിസംബർ 7) സോവിയറ്റ് യൂണിയന്റെ സൈനികശക്തി ഗണ്യമായി കുറയ്ക്കാനുള്ള ഏകപക്ഷീയമായ അദ്ദേഹത്തിന്റെ പ്രഖ്യാപനം ലോകസമാധാനത്തിനുള്ള മറ്റൊരു മഹത്തായ സംഭാവനയായിരുന്നു. വിദേശരാജ്യങ്ങളുമായുള്ള സോവിയറ്റ് യൂണിയന്റെ ബന്ധങ്ങൾ ഗെർബച്ചേവ് ജനറൽ സെക്രട്ടറിയായശേഷം വളരെയേറെ അഭിവൃദ്ധിപ്പെട്ടു. തത്ഫലമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘർഷം ലഘൂകരിച്ചിട്ടുണ്ട്. ചൈനയും സോവിയറ്റ് യൂണിയനുമായി ചിരകാലമായുണ്ടായിരുന്ന അകൽച്ച കുറച്ചു സൗഹൃദം പുനഃസ്ഥാപിക്കുവാനും അദ്ദേഹം മൂർത്തമായ നടപടികളെടുത്തു.

സോവിയറ്റ് യൂണിയനകത്ത് അദ്ദേഹം സോവിയറ്റുകളുടെ അധികാരം പുനഃസ്ഥാപിക്കുവാനും ജനങ്ങൾക്ക് ഭരണത്തിൽ സജീവ പങ്കാളിത്തം നല്കുവാനും കമ്യൂണിസ്റ്റ് പാർട്ടിക്ക് ഭരണത്തിന്മേലുള്ള അമിതമായ ആധിപത്യം ഇല്ലാതാക്കുവാനും പാർട്ടിക്കുള്ളിൽ ജനാധിപത്യപരമായ മാറ്റങ്ങൾ വരുത്തുവാനും സോവിയറ്റ് സമ്പദ്‌വ്യവസ്ഥയ്ക്ക് ഇടക്കാലത്തുണ്ടായ സ്തംഭനം നീക്കാനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുവാനുമുള്ള ഒട്ടേറെ നടപടികൾക്ക് ആരംഭം കുറിച്ചിട്ടുണ്ട്. 'ഗ്ലസ്നൊസ്ത്' † (തുറന്ന ചർച്ച), 'പെരിസ്ത്രോയിക്ക' † (അഴിച്ചുപണി) എന്നീ പദങ്ങളാൽ ഈ പുതിയ ഉദ്യമങ്ങൾ ഇപ്പോൾ പ്രസിദ്ധിനേടിയിട്ടുണ്ട്. സി.പി.എസ്.യു.വിന്റെയും സോവിയറ്റ് ഗവൺമെന്റിന്റെയും പ്രവർത്തനത്തിൽ ദൂരവ്യാപകമായ മാറ്റങ്ങളുളവാക്കുംവിധം പുതിയ ആശയങ്ങൾക്ക് ഭരണഘടനാപരമായ സാധൂകരണം നല്കുന്ന നടപടികൾ കൈക്കൊണ്ടു. സോവിയറ്റ് യൂണിയൻ സോഷ്യലിസ്റ്റാദർശങ്ങളിൽനിന്ന് ഒരിക്കലും പിൻതിരിയുകയില്ലെന്നും സോഷ്യലിസത്തിന്റെ മാനവികഭാവത്തിന് മാറ്റുകൂട്ടുക മാത്രമാണ് താൻ ചെയ്യുന്നതെന്നും ഗെർബച്ചെവ് വ്യക്തമാക്കിയിട്ടുണ്ട്. സാർവദേശീയരംഗത്ത് സംഘർഷം കുറയ്ക്കുന്നതിനും സമാധാനം സ്ഥാപിക്കുന്നതിനും വേണ്ടി ഗെർബച്ചെവിനു ലഭിച്ച അനേകം പുരസ്കാരങ്ങളിൽ 1988-ൽ ഇന്ത്യ നല്കിയ ഇന്ദിരാഗാന്ധി അവാർഡും പെടുന്നു.

ഗെർസപ്പ വെള്ളച്ചാട്ടം

മൈസൂരിൽ, ശരാവതിനദിയിലെ വെള്ളച്ചാട്ടം. മലകളിൽനിന്നു സമതലത്തിലേക്കു പ്രവഹിക്കുന്ന ശരാവതി 275 മീറ്റർ കീഴ്പ്പോട്ടു പതിക്കുന്നു.

ഗെൽമൻ, മുറെ (1929—)

സബ്-അറ്റോമിക് പാർട്ടിക്കിളുകളെപ്പറ്റിയുള്ളഅറിവിനെ ക്രമവത്കരിച്ചതിന് 1969-ൽ ഭൗതികത്തിനുള്ള നൊബേൽസമ്മാനം നേടിയ ശാസ്ത്രജ്ഞൻ. ന്യൂയോർക്ക്നഗരത്തിൽ ജനിച്ചു. യേൽ സർവകലാശാലയിൽ പഠിച്ചു. മസാച്ചുസെറ്റിലെ സാങ്കേതികവിദ്യാലയത്തിൽനിന്നു 1948-ൽ ഡോക്ടറേറ്റു നേടി. 1952-ൽ ചിക്കാഗോയിൽ ആണവപഠനസ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചു. ന്യൂക്ലിയർ പാർട്ടിക്കിളുകളുടെഅജ്ഞേയമായ ക്ഷയമാതൃകകൾക്കു കാരണം വൈചിത്ര്യം (Strangeness) ആണെന്ന് ഇദ്ദേഹം കണ്ടെത്തി. ഈ വൈചിത്ര്യത്തിന് ഒരു സൂചകസംഖ്യയും സംരക്ഷണനിയമവും കണ്ടെത്തിയപ്പോൾ ക്ഷയമാതൃകകൾക്കു ക്രമം നല്കാൻ കഴിഞ്ഞു. 1955-ൽ കാലിഫോർണിയാ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലിക്കു ചേർന്നു. ആറു വർഷം കഴിഞ്ഞ് 'അഷ്ടാംഗമാർഗം' പ്രഖ്യാപിച്ചു. ഒരു സാമ്പിളിലെ കണങ്ങളെ സ്വഭാവം അനുസരിച്ചു വിഭജിക്കുന്നതിനുള്ള മാർഗമാണ് ഇത്. പഴയ ആവർത്തനപ്പട്ടികയിലെപ്പോലെ ഇതിലും വിടവുകളുണ്ട്. വിടവുകളിൽ ചേർക്കേണ്ട കണങ്ങളുടെ ഗുണങ്ങൾ ഇദ്ദേഹം പ്രവചിച്ചിട്ടുണ്ട്. മൂന്നു വർഷം കഴിഞ്ഞു "ഒമേഗാ മൈനസ്" കണം കണ്ടെത്തി. അതോടെ 'അഷ്ടാംഗമാർഗ'ത്തിന് ആഗോളാംഗീകാരം ലഭിച്ചു.

ഗെഷ്ടാൾട്ട് മനഃശാസ്ത്രം (Gestalt Psychology)

ഭാഗികാപഗ്രഥനത്തെ എതിർത്തുകൊണ്ടും 'പൂർണ'ങ്ങളിൽ ഊന്നിക്കൊണ്ടും ജെർമൻമനഃശാസ്ത്രജ്ഞന്മാർ രൂപം നൽകിയ മനഃശാസ്ത്രശാഖ. പൂർണതാധിഷ്ഠിത രൂപകല്പന എന്നാണ് ഈ ജെർമൻപദത്തിന്റെ അർഥം. 1912-ൽ ആണു ഗെഷ്ടാൾട്ട്മനഃശാസ്ത്രത്തിന്റെ ഉദ്ഭവം. മാക്സ് വർതൈമർ (Max Wertheimer), കെർട്ട് കോഫ്ക്ക (Kurt Koffka), വുൾഫ്ഗാങ് കോഹ്ലർ (Wolfgang Kohler) എന്നീ മൂന്നു ജെർമൻ യുവ മനഃശാസ്ത്രജ്ഞന്മാരാണ് ഈ പ്രസ്ഥാനത്തിന്റെ വിധാതാക്കൾ. ഊൺടി(Wundt)ന്റെ മനഃശാസ്ത്രത്തിൽ ബോധതലത്തിലെ അനുഭവങ്ങൾക്കു സങ്കീർണതയുണ്ട്. സങ്കീർണതയ്ക്കു പുറമെ അർഥപുഷ്ടി കൂടിയുണ്ടെന്നു ഗെഷ്ടാൾട്ടുകാർ പറയും. അന്തർമുഖമായ അപഗ്രഥനം (introspective analysis) ആണ് ഇന്ദ്രിയാനുഭവങ്ങളെക്കുറിച്ചു പഠിക്കാൻ ഊൺട് സ്വീകരിച്ച മാർഗം. ഈ രീതിയാകട്ടെ നഗ്നമായ ഇന്ദ്രിയാനുഭവങ്ങളിൽ എത്തിച്ചേരാൻ വേണ്ടി അർഥപുഷ്ടി ബലികഴിക്കുന്നു. പ്രത്യക്ഷാനുഭവങ്ങളിലൂടെ വളരെയേറെ സാധുതയുള്ള മനഃശാസ്ത്രവസ്തുതകൾ ശേഖരിക്കാമെന്നും പെരുമാറ്റ(behaviour)ത്തിനാധാരമായ ശക്തികൾ ബാഹ്യനിരീക്ഷണങ്ങളിലെതിനെക്കാൾ പ്രത്യക്ഷാനുഭവങ്ങളിലാണു വെളിവാകുന്നതെന്നും അവർ വിശ്വസിച്ചു. അപഗ്രഥനം ആവശ്യമാണ്. എന്നാൽ അതു പെരുമാറ്റത്തിന്റെയോ അനുഭവത്തിന്റെയോ മൂല്യങ്ങളെ നശിപ്പിക്കരുത്. ചുവട്ടിൽനിന്നു മുകളിലോട്ടു പോകാനാണു ശാസ്ത്രജ്ഞൻ ഇഷ്ടപ്പെടുന്നത്. മുകളിൽനിന്നു കീഴ്പ്പോട്ടു പോകാനല്ല. ഇതാണു ശാസ്ത്രത്തിന്റെ തകരാറ്. കാരണത്തെയും ഫലത്തെയും വെവ്വേറെയുള്ള സംഭവങ്ങളായിട്ടല്ല കാണേണ്ടത്. 'മുഴുവന്റെ' അർഥപൂർണമായ ഭാഗങ്ങളായിട്ട് അവയെ വിലയിരുത്തേണ്ടിയിരിക്കുന്നു. ഇത്രയുമായപ്പോൾ മനഃശാസ്ത്രപ്രശ്നങ്ങളെ നേരിടാനായി പുതിയതും വിപ്ലവകരവുമായ ഒരു രീതി കണ്ടെത്തിയതായി വർതൈമറും സഹപ്രവർത്തകരും വിശ്വസിച്ചു.

ചലിക്കുന്ന വസ്തുക്കളെ കാണുന്നതുസംബന്ധിച്ചു ഗെഷ്ടാൾട്ട് മനഃശാസ്ത്രജ്ഞൻമാർ നിരവധി പരീക്ഷണങ്ങൾ നടത്തി. സിനിമാശാലയിലെ തിരശ്ശീലയിൽ യഥാർഥത്തിൽ ഒറ്റപ്പെട്ട ചിത്രങ്ങളാണു പ്രദർശിപ്പിക്കുന്നതെങ്കിലും അവ ചലിക്കുന്നതായിട്ടാണു നമുക്ക് അനുഭവപ്പെടുന്നത്. രണ്ട് ഒറ്റപ്പെട്ട ചിത്രങ്ങൾക്കിടയിൽ യഥാർഥത്തിൽ കാലവിടവും (time gap), സ്ഥലവിട(space gap)വുമുണ്ട്. ഇതിൽ കാലവിടവു നികത്തുന്നതു നേത്രഘടനയാണ്. വസ്തു പ്രതിഫലിപ്പിക്കുന്ന പ്രകാശരശ്മി നേത്രകാചത്തിലൂടെ കടന്നു നേത്രപുട(retina)ത്തിൽ പതിക്കുകയും ഇവിടെ വസ്തുവിന്റെ പ്രതിബിംബം പതിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ നേത്രം വസ്തുവിൽനിന്നു മാറിയാലും പ്രതിബിംബം അല്പസമയം (1/16 സെക്കൻഡ്) നേത്രപുടത്തിൽ തങ്ങിനില്ക്കുന്നതിനാൽ ഒരു നിശ്ചിതസമയത്തിനുള്ളിൽ രണ്ടുചിത്രങ്ങൾ പ്രദർശിപ്പിച്ചാൽ അവയ്ക്കിടയിലുള്ള കാലവിടവു നികത്താൻ സാധിക്കും. എന്നാൽ സ്ഥലവിടവ് എങ്ങനെ നികത്താം? ഈ ചോദ്യത്തിനുത്തരം കാണാൻ ചലനങ്ങൾ കാണുന്നതിനാവശ്യമായ ചുറ്റുപാടുകൾ ഏതെല്ലാമെന്ന് അറിയണം.

ഒരു പ്രത്യേക പരീക്ഷണത്തിൽ ഉപകരണങ്ങളുടെ സഹായത്തോടെ ഒരു ഊർധ്വരേഖ (vertical line) പ്രദർശിപ്പിച്ചു. അല്പം കഴിഞ്ഞ് ആദ്യത്തെ സ്ഥാനത്തുനിന്ന് അല്പം മാറി മറ്റൊരു ഊർധ്വരേഖ പ്രദർശിപ്പിച്ചു. ഈ രണ്ടു പ്രദർശനങ്ങൾക്കുമിടയ്ക്കു ചെറിയൊരു കാലവിടവാണുള്ളത്. കാലവിടവിന്റെ ദൈർഘ്യം ഏതാണ്ട് ഒരു സെക്കൻഡോളമായാൽ യഥാർഥത്തിൽ ഭൗതികമായി സംഭവിക്കുന്നതു പോലെ ആദ്യം ഒരു രേഖയും പിന്നീടു മറ്റൊരു രേഖയുമായിരിക്കും ദർശിക്കുക. സമയദൈർഘ്യം 1/16 സെക്കൻഡാകുമ്പോൾ നിരീക്ഷകൻ രണ്ടു നിയതരേഖകൾക്കുപകരം ഒരു രേഖ ഒരു സ്ഥാനത്തുനിന്നു മറ്റൊരു സ്ഥാനത്തേക്കു ചലിക്കുന്നതായി കാണുന്നു. സമയദൈർഘ്യം വീണ്ടും കുറച്ച് 1/30 സെക്കൻഡാകുമ്പോൾ രണ്ടു രേഖകൾ പാർശ്വങ്ങളിലായി നില്ക്കുന്നതാണു കാണുക. ഇതെങ്ങനെ സംഭവിക്കുന്നു? കാലവിടവ് ഒരു നിശ്ചിതദൈർഘ്യത്തിലായിരിക്കുമ്പോൾ ആദ്യസ്ഥാനത്തോടുള്ള മസ്തിഷ്കപ്രതികരണം ഒരു തുടർച്ചയുടെ ഫലമായി രണ്ടാം സ്ഥാനത്തോടുള്ള മസ്തിഷ്കപ്രതികരണവുമായി ഒന്നുചേരുകയും അങ്ങനെ യഥാർഥത്തിൽ മസ്തിഷ്കത്തിൽ ചലനമുണ്ടാക്കുകയും ചെയ്യുന്നു.

ഒരു ഗാനത്തിന്റെ ട്യൂണിൽ വിവിധ താളലയങ്ങൾ നാം ശ്രവിക്കുന്നതു വെവ്വേറെയായിട്ടല്ല. ഒരു സമഗ്രാനുഭൂതിയാണു നമുക്കുണ്ടാവുന്നത്. ഇതിനെ ട്യൂണിന്റെ രൂപഗുണമെന്നു പറയാം. മറ്റൊരുദാഹരണം നോക്കാം. ചതുരമെന്നു പറയുന്നത്, നാല് മട്ടകോണങ്ങൾ (right angles) ഒപ്പിച്ചു വരച്ച നാലു നേർവരകളുടെ ആകത്തുകയല്ല, ഒരു പൂർണതയാണ്. വർണം, രാഗം, പ്രാഥമിക ഇന്ദ്രിയാനുഭൂതികൾ എന്നിവ രൂപനിർമിതിക്കാവശ്യമായ അസംസ്കൃതവസ്തുക്കളാണ്. വിവിധ താളലയങ്ങൾ ഒരു സവിശേഷക്രമത്തിലുപയോഗിച്ച് ഒരു രാഗം സംഗീതസംവിധായകൻ തയ്യാറാക്കുമ്പോൾ ക്രമം തെറ്റിയ താളലയങ്ങൾക്കുപകരം ഒരു സമ്മിളിതരാഗം കേൾക്കാനായി ശ്രോതാവ് അയാളുടെ സർഗാത്മകമായ കഴിവ് ഉപയോഗപ്പെടുത്തണം. ഓസ്റ്റ്രിയൻ ഗെഷ്ടാൾട്ട്പ്രസ്ഥാനത്തിന്റെ ഈ സിദ്ധാന്തം ബെർലിൻ ഗെഷ്ടാൾട്ട്പ്രസ്ഥാനം പാടെ തിരസ്കരിച്ചു. ഈ പ്രസ്ഥാനമാണ് ഗെഷ്ടാൾട്ട് സ്കൂൾ എന്ന പേരിൽ ഇന്ന് അറിയപ്പെടുന്നത്. കാഴ്ച, കേൾവി എന്നിവയുടെ ലഘുരൂപങ്ങളെ സംബന്ധിച്ചിടത്തോളം കൂട്ടിച്ചേർക്കാനും നിർമിക്കാനും ഉയർന്നതരം മാനസിക പ്രക്രിയ ആവശ്യമില്ലെന്നു ഗെഷ്ടാൾട്ട് സ്കൂൾ കരുതുന്നു. ഈ സന്ദർഭത്തിൽ ഇന്ദ്രിയപ്രക്രിയതന്നെ ഒരു രൂപകല്പനയാണെന്ന് ഓർക്കണം. ഇന്ദ്രിയാവയവങ്ങളിൽ എത്തിച്ചേരുന്ന പ്രേരകങ്ങൾ (stimuli) അസംഘടിതവും വിഘടിതവുമായ അസംസ്കൃതവസ്തുക്കളാണെങ്കിലും ഇന്ദ്രിയാനുഭവങ്ങൾ അസംസ്കൃതവസ്തുക്കളല്ല. ഇന്ദ്രിയാവയവങ്ങളിൽ നിന്നുദ്ഭവിക്കുന്ന നാഡിആവേഗങ്ങൾ (nerve impulses) മസ്തിഷ്കത്തിലെത്തിയ ഉടൻ പരസ്പരം ആകർഷണവികർഷണങ്ങളിൽ ഏർപ്പെടുന്നു. സ്വയം വിവിധരൂപങ്ങളായി സംഘടിക്കുന്നതാണ് ഇതിനു കാരണം. ഗെഷ്ടാൾട്ടുകാരുടെ അഭിപ്രായത്തിൽ സ്വയംരൂപവത്കൃതമാണ് ഇന്ദ്രിയാനുഭവങ്ങൾ.

ഗെഷ്ടാൾട്ടിന്റെ അടയ്ക്കൽ പ്രവണത (closure tendency): ചുമർ നിറഞ്ഞു നില്ക്കുന്ന ഒരു വലിയ ചിത്രം കാണുമ്പോൾ നാം അതിലെ അവശ്യഭാഗങ്ങൾ മാത്രം ശ്രദ്ധിക്കുകയും മറ്റുള്ളവ വിട്ടുകളയുകയുമാണു ചെയ്യുക. മറ്റുള്ള ഭാഗങ്ങളെ ചിത്രത്തിന്റെ വിടവുകളായി കണക്കാക്കാം. നമ്മുടെ മസ്തിഷ്കത്തിന്റെ 'അടയ്ക്കൽ പ്രവണത'കൊണ്ടു ക്രമക്കേടുകളെ അവഗണിച്ച് അതിനെ പൂർണതയായി ഉൾക്കൊള്ളാൻ കഴിയുന്നു. ഈ പ്രവണതയെപ്പറ്റി അമേരിക്കനായ കെർട് കോഫ്ക ഗവേഷണം നടത്തി. കാർട്ടൂൺചിത്രം വരയ്ക്കുന്നവൻ അവശ്യം ചില വരകൾകൊണ്ട് ഒരുവന്റെ ചിത്രം രചിക്കുന്നു. ആ ചിത്രത്തിന്റെ ആസ്വാദനം ഗെഷ്ടാൾട്ടിന്റെ അടയ്ക്കൽ പ്രവണതയിലൂടെ സാധിക്കുന്നതാണ്. ആർക്കിമെദിസ് അനവധി പരീക്ഷണങ്ങൾക്കുശേഷം ഘനതത്വത്തിന്റെ തത്വം കണ്ടുപിടിച്ചതും ഇത്തരം ഒരു അനുഭൂതിയുടെ ഫലമാണ്. ഇതിനെ 'യുറീക്കാ അനുഭൂതി' എന്നു വിളിക്കാം. അംശങ്ങൾ പൊടുന്നനെ ഒന്നിച്ചു സാകല്യം പ്രാപിക്കുന്നത് ഒരു ഗെഷ്ടാൾട്ട് അനുഭൂതിയാണ്.

ഗെഷ്ടാൾട്ട് സിദ്ധാന്തം അംഗീകരിക്കുന്ന മറ്റു രണ്ടു തത്വങ്ങൾ പരിചയത്വ(familiarity)വും മനോഭാവ(attitude)വുമാണ്. ചില ബിന്ദുക്കൾ ചേർന്നു മുഖത്തിന്റെയോ, അക്ഷരത്തിന്റെയോ അല്ലെങ്കിൽ മറ്റു പരിചിതവസ്തുക്കളുടെയോ രൂപം കൈക്കൊണ്ടെന്നു വരാം. ഇത്തരം സന്ദർഭങ്ങളിലും നിരീക്ഷകൻ കൂടുതൽ ഊർജസ്വലതയോടെ ചിത്രത്തിനുവേണ്ടി തിരയുമ്പോഴാണു ചിത്രം കാണാനെളുപ്പം. വർത്തൈമറുടെ അഭിപ്രായത്തിൽ രൂപവത്കരണഘടകങ്ങളെ പ്രാന്തഘടകങ്ങൾ (peripheral factors), കേന്ദ്രഘടകങ്ങൾ (central factors), പരിപോഷണഘടകങ്ങൾ (reinforced factors) എന്നിങ്ങനെ മൂന്നായി തരംതിരിക്കാം. സാമീപ്യം, സാമ്യം, തുടർച്ച, അടയ്ക്കൽ എന്നിവ ആദ്യത്തെതിനും; പരിചയം, മനോഭാവം തുടങ്ങിയവ രണ്ടാമത്തെതിനും; നല്ലത്, അർഥപൂർണത എന്നിവ മൂന്നാമത്തെതിനുമുള്ള ഉദാഹരണങ്ങളാണ്.

ഗെസ് രാജവംശം

16-ാംശതകത്തിൽ ഫ്രാൻസിൽ ശക്തിപ്രാപിച്ച ഒരു രാജവംശം. ഈ വംശത്തിന്റെ സ്ഥാപകൻ ക്ലോഡ് ദേ ലോറൈൻ (1496—1550) ആണ്. വടക്കൻ ഫ്രാൻസിലെ തൈറാച്ചി ജില്ലയുടെ തലസ്ഥാനമായിരുന്ന ഗെസ് എന്ന നഗരത്തെ കേന്ദ്രീകരിച്ചാണ് ഈ രാജവംശം അധികാരം നടത്തിയത്. ഹാബ്സ്ബർഗുകളെയും സഹായികളെയും തുരത്തുന്നതിൽ പ്രധാന പങ്കുവഹിച്ച സൈന്യനായകൻ എന്ന നിലയിൽ ക്ലോഡ് ദേ ലോറൈന്നു ഫ്രാൻസിസ് ഒന്നാമൻ രാജപദവി നൽകുകയാണുണ്ടായത്. ഇദ്ദേഹത്തിന്റെ മകൻ ഫ്രാൻകോയ്സ് (1519 — 1563) ഫ്രാൻകോയ്സിന്റെ മകൻ ഹെന്റി മൂന്നാമൻ (1564 — 1588) എന്നിവരാണ് ഈ വംശത്തിലെ പ്രധാന രാജാക്കന്മാർ. ഫ്രാൻകോയ്സ് കടുത്ത പ്രൊട്ടസ്റ്റൻഡ് വിരോധിയായിരുന്നു. ഇദ്ദേഹത്തെ ഴാങ് പോൾട്രോട്ട് ദെമിയ എന്ന ഒരു ഹ്യൂജ്നോട്ട് അനുയായി വധിച്ചു. തന്റെ പിതാവിനെ വധിച്ചവരോടു പ്രതികാരം ചെയ്യാൻ ഹെന്റി രാജകീയസൈന്യത്തിൽ ചേർന്നു. ഹ്യൂഗ്നോട്ടുകളുടെ നേതാവായ ഗാസ്പാർഡ് ദേ കോലിഗ്നിയടക്കം വളരെ പേരെ കൊല്ലുന്നതിൽ ഇദ്ദേഹം നേതൃത്വംവഹിച്ചു. പാരീസ് പട്ടണം ഹ്യൂഗ്നോട്ടുകളിൽനിന്നു ഹെന്റി മോചിപ്പിച്ചപ്പോൾ ഇനി തനിക്കെതിരെ തിരിഞ്ഞേക്കുമോ എന്ന് സംശയിച്ചു രാജാവ് അദ്ദേഹത്തെയും അദ്ദേഹത്തിന്റെ സഹോദരൻ ലൂയിയെയും വധിക്കാൻ കല്പിച്ചു. 1588 ഡിസംബർ 23-നും 24-നുമായി ഇവർ വധിക്കപ്പെട്ടു.

ഗെസ്റ്റാപ്പോ (Gestapo)

ജെർമനിയിലെ നാസി ഭരണകാലത്തെ രഹസ്യപ്പോലീസ്. 1933 മുതൽ 1945-ൽ നാസിഭരണം അവസാനിക്കുന്നതുവരെയുണ്ടായിരുന്ന ഒരു നാസി രഹസ്യപ്പോലീസ് സംഘടനയെക്കുറിക്കുന്ന Ge(heime) Sta(ats) Po(lizei) എന്ന ജർമൻപദങ്ങളുടെ ചുരുക്കെഴുത്തുരൂപം. ജെർമനിയിൽ നാഷനൽ സോഷ്യലിസ്റ്റ് പ്രസ്ഥാനം ആരംഭിച്ചതോടുകൂടി ഷുറ്റ്സ് സ്റ്റാഫെൽ (SS) എന്ന ഹിറ്റ്ലറുടെ അംഗരക്ഷാസൈന്യത്തിന്റെ വികസിതരൂപം എന്ന നിലയ്ക്ക് ഇതാരംഭിക്കുകയും ജെർമനിയിലെ പല സംസ്ഥാനങ്ങളിലും ക്രമേണ വ്യാപിക്കുകയും ചെയ്തു. ഹൈൻറീക് ഹിംലറുടെ കീഴിൽ, ഗെസ്റ്റാപ്പോ മർദനത്തിന് പ്രസിദ്ധിയാർജിച്ചു. ജൂതന്മാരെയും കമ്യൂണിസ്റ്റ് അഭിപ്രായക്കാരെയും ഗെസ്റ്റാപ്പോ നിർദയം അടിച്ചമർത്തുകയുണ്ടായി.

ഗെറില്ലാ യുദ്ധം (Guerilla Warfare)

ഒളിപ്പോർ. 'ഗെറില്ല' എന്ന സ്പാനിഷ് വാക്കിന് 'ചെറുയുദ്ധം' എന്നാണർഥം. റഷ്യൻ ഭാഷയിൽ ഈ യുദ്ധമുറയെ 'പാർട്ടി സാർ' എന്നു പറയുന്നു. † ഒളിപ്പോര് നോക്കുക.

ഗെറ്റിസ്ബെർഗ്

യു.എസ്സിലെ ഒരു പട്ടണം. ഇതു പെൻസിൽവാനിയ സംസ്ഥാനത്താണ്.

1781-ൽ ജനറൽ ജയിംസ് ഗെറ്റിസ് കീഴടക്കിയ ഈ സ്ഥലം 1806-ലാണ് ഒരു ബറോ (പട്ടണം) ആയത്. ഈ ബറോ ലോകചരിത്രത്തിലെ അവിസ്മരണീയസ്ഥാനങ്ങളിലൊന്നായിത്തീർന്നത് 1863 നവംബർ 19-ാംതീയതി പ്രസിഡൻറ് എബ്രഹാംലിങ്കൺ ചെയ്ത സുപ്രസിദ്ധമായ പ്രസംഗംനിമിത്തമാണ്. ആ വർഷം ജൂലായ് 1, 2, 3 തീയതികളിൽ അമേരിക്കയിലെ ആഭ്യന്തരസമരത്തിലെ നിർണായകമായ ഒരു ഭാഗം അവിടെവച്ചു നടന്നു. ആ യുദ്ധത്തിൽ കൊല്ലപ്പെട്ട രാജ്യഭക്തന്മാരുടെ അനുസ്മരണച്ചടങ്ങിലാണു ലിങ്കൺ പ്രസംഗിച്ചത്. രണഭൂമി ഒരു ദേശീയശ്മശാനമായി അദ്ദേഹം പ്രഖ്യാപിച്ചു. വിശ്രുത വാഗ്മിയായ എഡ്വേഡ് എവററ്റ് ചെയ്ത രണ്ടു മണിക്കൂർ പ്രസംഗിച്ചു. തുടർന്നു ലിങ്കൺ ഒരു ചെറു പ്രസംഗം ചെയ്തു. അച്ചടിച്ചുവന്നപ്പോഴാണു ലോകം അതിന്റെ മഹിമ മനസ്സിലാക്കിയത്. യുദ്ധത്തിൽ വീരചരമം പ്രാപിച്ച ഭടന്മാർ രാജ്യത്തിനുവേണ്ടി ചെയ്ത

ഗെറ്റിസ്ബെർഗിലെ യുദ്ധസ്മാരകം.

വിലതീരാത്ത സേവനങ്ങളെ അദ്ദേഹം അനുസ്മരിച്ചു. ജനാധിപത്യഭരണത്തിന്റെ സുപ്രസിദ്ധമായ നിർവചനം അദ്ദേഹം പ്രസംഗത്തിൽ കൊള്ളിച്ചു. അന്നത്തെ യുദ്ധത്തിന്റെ മുഴുവൻ ഗതി രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റു പല യുദ്ധസ്മാരകങ്ങളും ഇവിടെ ഉണ്ടാക്കിയിട്ടുള്ളതിൽ 909 കി.ഗ്രാം ഉള്ള ഓട്ടുകലശത്തിൽ സദാ ജ്വലിക്കുന്ന പ്രകൃതിവാതകദീപശിഖയും ഉൾപ്പെടുന്നു. ഗെറ്റിസ്ബർഗ്‌യുദ്ധത്തിലെ സേനാനായകനായ ജനറൽ റോബർട്ട് ഈ ലിയുടെ കുതിരപ്പുറത്തിരിക്കുന്നതരത്തിലുള്ള പ്രതിമയും ഇവിടെയുണ്ട്. യു.എസ്സിലെ ടൂറിസ്റ്റുകേന്ദ്രങ്ങളിൽ ഒന്നാണു ഗെറ്റിസ്ബർഗ്.

ഗെറ്റൊ (Ghetto)

യൂറോപ്യൻനഗരങ്ങളിൽ യഹൂദന്മാർക്കു താമസിക്കാൻ നിയമപ്രകാരം വേർതിരിച്ചിട്ടിരിക്കുന്ന മേഖല. യഹൂദന്മാർ സ്വമേധയാ താമസിക്കുന്ന പ്രദേശത്തിനും ഗെറ്റൊ എന്നു പറയാറുണ്ട്. കാലക്രമേണ ഈ പദം മറ്റുള്ളവരുമായി കൂടിക്കലരാതെ ഒഴിഞ്ഞുമാറി താമസിക്കുന്ന മറ്റു സമൂഹങ്ങളെ കുറിക്കുന്നതിനും ഉപയോഗിച്ചുതുടങ്ങി. അമേരിക്കൻ നഗരങ്ങളിൽ നീഗ്രോതെരുവുകളും ഏഷ്യൻനഗരങ്ങളിൽ യൂറോപ്യൻ തെരുവുകളും ഉണ്ട്.

അവിശ്വാസികളുമായി സമ്പർക്കത്തിലേർപ്പെട്ടാൽ ക്രിസ്ത്യാനികൾ വഴിതെറ്റിപ്പോകുമോ എന്നു ഭയന്നു റോമൻ കത്തോലിക്കാമതാധികാരികൾ 1179-ലെയും 1215-ലെയും ലാറ്ററാൻ കൗൺസിലുകളിൽ ക്രിസ്ത്യാനികൾ യഹൂദന്മാരുടെ ഇടയ്ക്കു താമസിച്ചുകൂടാ എന്നു തീരുമാനിച്ചു. സ്പെയിനിൽ യഹൂദന്മാർ ഗെറ്റൊകളിൽ താമസിച്ചുകൊള്ളണമെന്ന് 13-ാംശതാബ്ദത്തിൽത്തന്നെ അനുശാസിക്കപ്പെട്ടിരുന്നെങ്കിലും മതനവീകരണവിരുദ്ധപ്രസ്ഥാനം ശക്തിപ്പെട്ടതോടുകൂടിയാണു ഗെറ്റൊസമ്പ്രദായം പ്രാബല്യത്തിൽ വന്നത്. പേപ്പൽ രാഷ്ട്രങ്ങളിൽ യഹൂദന്മാർ പ്രത്യേക മേഖലകളിൽ താമസിച്ചുകൊള്ളണമെന്ന് 1555-ൽ പോപ്പ് പോൾ നാലാമൻ അനുശാസിച്ചു. അങ്ങനെ റോമിലും, ഇറ്റലിയിലെ മറ്റു നഗരങ്ങളിലും ഗെറ്റൊകൾ നിലവിൽവന്നു. ഈ സമ്പ്രദായം യഹൂദവിരുദ്ധമനസ്ഥിതിക്കു വഴിതെളിച്ചു. യഹൂദന്മാർ പലപ്പോഴും പരസ്യമായി പീഡിപ്പിക്കപ്പെടുന്നതിനും കൊലചെയ്യപ്പെടുന്നതിനും ഇടയായി. ഫ്രെഞ്ചുവിപ്ലവത്തിന്റെ ഫലമായി പശ്ചിമയൂറോപ്പിൽ ഗെറ്റൊ സമ്പ്രദായം തകർന്നുതുടങ്ങിയെങ്കിലും അതു പൂർണമായി നിർത്തലാക്കിയത് പത്തൊമ്പതാം ശതാബ്ദത്തിന്റെ ഉത്തരാർധത്തിൽ മാത്രമാണ്. ചില പൂർവയൂറോപ്യൻനഗരങ്ങളിലും മിക്ക ഇസ്ലാമികരാഷ്ട്രങ്ങളിലും ഈ സമ്പ്രദായം ഇരുപതാംശതാബ്ദത്തിന്റെ ആരംഭംവരെ നീണ്ടുനിന്നു.

ജെർമനിയിലും രണ്ടാം ലോകയുദ്ധത്തിന്റെ ഫലമായി ജെർമനിയുടെ അധീനത്തിൽ വന്ന രാജ്യങ്ങളിലും ഹിറ്റ്ലർ പടുത്തുയർത്തിയ ഗെറ്റൊകൾ കുപ്രസിദ്ധങ്ങളാണ്.

മാർസെയിൽസിലുള്ള ഏതാനും തെരുവുകൾ അറബികൾക്കു മാത്രമുള്ളതാണ്. ലണ്ടനിലെ സോഹോയിൽ ഇറ്റലിക്കാർ മാത്രം താമസിക്കുന്നു. സാൻഫ്രാൻസിസ്കോയിൽ ചൈനാ ടൗൺ ഇപ്പോഴും നിലവിലുണ്ട്. ഇന്ത്യൻ നഗരങ്ങളിലും ഈ വിധത്തിലുള്ള ഒറ്റപ്പെട്ട സങ്കേതങ്ങളുണ്ട്.

യു.എസ്സിൽ ഈ വാക്ക് ഉപയോഗിക്കുന്നതു താരതമ്യേന ദരിദ്രരായ ന്യൂനപക്ഷങ്ങൾ പാർക്കുന്ന സങ്കേതങ്ങളെ സൂചിപ്പിക്കാനാണ്. ഇറ്റാലിയൻ ഭാഷയിൽ ചെറിയ സങ്കേതം എന്ന അർഥമുള്ള ബോർഗെറ്റോ (Borghetto) എന്ന പദത്തിൽനിന്നാണ് ഇതിന്റെ നിഷ്പത്തി.

ഗേ

ഗേൺസി (Guernsey)

ഒരു കന്നുകാലിവർഗം. ചാനൽദ്വീപുകളിലൊന്നായ ഗേൺസിയിലാണ് ഇതു ജന്മംകൊണ്ടത്. എ.ഡി. 960-നും 1060-നും ഇടയ്ക്കു ഗേൺസിദ്വീപിൽ ഇറക്കുമതി ചെയ്യപ്പെട്ട നോർമൻസി, ബ്രിട്ടാനി വർഗങ്ങളുടെ സങ്കരമാണു ഗേൺസി.



ഗേൺസിപശു

നല്ല വലിപ്പമുള്ള അകിട്, ലക്ഷണമൊത്ത മുലക്കണ്ണുകൾ, ഊർജസ്വലമായ നടപ്പ് ഇവ ഗേൺസിയുടെ പ്രത്യേകതകളാണ്.

പ്രായപൂർത്തിവന്ന പശുവിന് 500 കി.ഗ്രാമിനടുത്തും വിത്തുകാളയ്ക്ക് 750 കി.ഗ്രാമിനടുത്തും തൂക്കം കാണും. ജനിച്ചുവീണ പശുക്കുട്ടിക്ക് 30 - 38 കി. ഗ്രാം തൂക്കം ഉണ്ടാകും.

അമേരിക്കയിൽ ഹോൾസ്റ്റെയിൽ കഴിഞ്ഞാൽ പിന്നെ പ്രചാരം ഗേൺസിക്കാണ്. പോഷകമൂല്യമുറ്റ സ്വർണനിറം കലർന്ന ഗേൺസി പാലിന് അമേരിക്കയിൽ പ്രിയം കൂടുതലാണ്. ഗേൺസിപാൽ ഉപയോഗിക്കുക ഒരു വലിയ മേന്മയാണെന്ന വിശ്വാസംകൂടി അവിടെ നിലവിലുണ്ട്. ഒരു കറവക്കാലത്ത് 4090 കി.ഗ്രാം പാൽ എന്നതാണു ഗേൺസികളുടെ ശരാശരി കണക്ക്.

ഗേബിൾ (വില്യം) ക്ളാർക്ക് (1901–'60)

അമേരിക്കൻ ചലച്ചിത്രനടൻ. കാൽ ശതകക്കാലം ഹോളിവുഡ്ഡിലെ ഏറ്റവും പ്രമുഖനടനായി നിലകൊണ്ടു. ഒരു ചലച്ചിത്ര ക്ലാസിക് ആയി കരുതപ്പെടുന്ന *ഗോൺ വിത്ത് ദ് വിൻഡി* (1939)ലെ റെഡ് ബട്‌ലർ എന്ന കഥാപാത്രത്തിലൂടെ അനശ്വരയശസ്സാർജിച്ചു.

1901 ഫെബ്രുവരി ഒന്നിന് ഒഹായോയിലെ കാഡിസിൽ ജനിച്ചു. ചെറുപ്പത്തിൽ സ്റ്റോക്ക് കമ്പനിയിലും മറ്റും ജോലിചെയ്തിരുന്നു. തന്നെക്കാൾ 17 വയസ്സിനു മൂപ്പുള്ള ജോസഫൈൻ ഡില്ലൻ എന്ന മുൻനടിയെ വിവാഹം ചെയ്തു. പത്നിയുടെ പ്രേരണയും പരിശീലനവും മൂലം നടനായിത്തീർന്നു. 1928-ൽ ന്യൂയോർക്കിലെ ബ്രോഡ്‌വേ തിയേറ്ററിൽ 'മാക്കിനൽ' (Machinal) എന്ന നാടകത്തിലെ നായകനായി പ്രത്യക്ഷപ്പെട്ടതോടുകൂടിയാണ് ഗേബിളിൻെറ അഭിനയജീവിതം ആരംഭിച്ചത്. തുടർന്ന് ഇദ്ദേഹം പല മൂകചിത്രങ്ങളിലും അഭിനയിക്കുകയും ശബ്ദചിത്രങ്ങളുടെ ആവിർഭാവത്തോടെ (1930) ഹോളിവുഡ്ഡിലേക്കു പോവുകയും ചെയ്തു. 1931 മുതൽ 1954 വരെ ഇദ്ദേഹം മെട്രോ ഗോൾഡ്വിൻ മെയർ കമ്പനിയിലെ സ്ഥിരം നായകനടനായിരുന്നു. *ദ് പെയ്ൻറഡ് ഡസർട്ട്* (1931), *റെഡ് ഡസ്റ്റ്* (1932), *ഇറ്റ് ഹാപ്പൻഡ് ഒൺ നൈറ്റ്* (1934), *മ്യൂട്ടിണി ഓൺ ദി ബൗണ്ടി* (1935), *വൈഫ് വെഴ്സസ് സെക്രട്ടറി* (1936), *സാൻഫ്രാൻസിസ്കൊ* (1936), *ടെസ്റ്റ് പൈലട്ട്* (1938), *ഇഡിയറ്റ്സ് ഡിലൈറ്റ് (1939)*, *ദ് മിസ്ഫിറ്റ്സ്* (1960) തുടങ്ങിയവയാണു ഗേബിളിൻെറ പ്രസിദ്ധ ചിത്രങ്ങൾ.

ഇറ്റ് ഹാപ്പൻഡ് ഒൺ നൈറ്റിലെ അഭിനയത്തിന് ഓസ്കർ സമ്മാനം ലഭിച്ചു. പിന്നീടു രണ്ടുപ്രാവശ്യം ഓസ്കറിനു ശുപാർശചെയ്യപ്പെട്ടു. അവസാനത്തെ ചിത്രത്തിൻെറ നിർമാണം കഴിഞ്ഞ് രണ്ടാഴ്ചയ്ക്കുള്ളിൽ 1960 നവംബർ 16-ാം തീയതി ഇദ്ദേഹം ഹോളിവുഡ്ഡിൽ വച്ച് അന്തരിച്ചു. ഗേബിൾ അഞ്ചുതവണ വിവാഹിതനായി. അഞ്ചാമത്തെ ഭാര്യയായ കേവില്യംസ് സ്പ്രെക്കിൾസിൽ ഒരു മകൻ ജനിച്ചു- ജോൺ ക്ളാർക്ക്. ഗേബിൾ അന്തരിച്ച് നാലുമാസം കഴിഞ്ഞശേഷം



ലോങ് ലിവ് ദ് കിങ് എന്ന പേരിൽ ലിൻ ടോർണബീൻ രചിച്ച ജീവചരിത്രം 1977-ൽ പ്രസിദ്ധീകരിക്കപ്പെട്ടു.

ഗേബ്രിയൽ താലിമൈഡ് സംശ്ലേഷണം

പ്രൈമറി അമീനുകൾ ഉണ്ടാക്കാനുള്ള ഒരു പൊതുരീതി. ഥാലിമൈഡിനെ എഥനോളിക പൊട്ടാസിയം ഹൈഡ്രോക്സൈഡുമായി പ്രവർത്തിപ്പിച്ചു പൊട്ടാസിയം ലവണമാക്കി മാറ്റുന്നു. തുടർന്ന് ആൽക്കൈൽ ഹാലൈഡുമായി ചൂടാക്കി N ആൽക്കൈൽ ഥാലിമൈഡുണ്ടാക്കുന്നു. അതിനെ ജലവിശ്ലേഷണം നടത്തി ഥാലിക് അമ്ലവും പ്രൈമറി അമീനുമാക്കി മാറ്റുന്നു. ജലവിശ്ലേഷണത്തിനായി 20% ഹൈഡ്രോക്ലോറിക് അമ്ലവുമായി മർദത്തിൽ ചൂടാക്കുകയോ പൊട്ടാസിയം ഹൈഡ്രോക്സൈഡുമായി റിഫ്ളക്സ് ചെയ്യുകയോ ആണ് മാർഗം.

1887-ൽ ഗേബ്രിയൽ കണ്ടുപിടിച്ച ഈ രീതിയിൽ ശുദ്ധമായ പ്രൈമറി അമീൻ ഉണ്ടാക്കാം.

ഗേയ്, ജോൺ (1685–1732)

ഇംഗ്ലീഷ് കവിയും നാടകകൃത്തും (John Gay). ഏറ്റവും പ്രസിദ്ധമായ കൃതി 'ബെഗേഴ്സ് ഓപെറ ആണ്.

ഇംഗ്ലണ്ടിലെ ബാൺസ്റ്റേപിൾ എന്ന സ്ഥലത്ത് 1685 ജൂൺ 30-നു ജനിച്ചു. പ്രാഥമികവിദ്യാഭ്യാസം അവിടെത്തന്നെ നിർവഹിച്ചശേഷം ലണ്ടനിലേക്കു പോയി. ഒരു പട്ടുവ്യാപാരക്കടയിൽ ഉദ്യോഗസ്ഥനായിട്ടാണ് ലണ്ടനിൽ ജീവിതം ആരംഭിച്ചത്. പിന്നീട് മോൺമൗത്ത്പ്രഭ്വിയുടെ സെക്രട്ടറിയായിത്തീർന്നു. 1715 മുതൽ ഒരു എഴുത്തുകാരനായി ജീവിതം നയിച്ചു. അലക്സാണ്ടർ പോപ്, ജൊനാഥൻ സ്വിഫ്റ്റ്, തോമസ് പാർനൽ തുടങ്ങിയ സാഹിത്യകാരന്മാരുടെ സംഘത്തിലായിരുന്നു ഗേയും. പത്രപ്രവർത്തനത്തിലായിരുന്നു ആദ്യദശയിൽ താത്പര്യം. 'ബ്രിട്ടീഷ് അപ്പോളോ'- എന്ന ചോദ്യോത്തരമാസികയുടെ പ്രസിദ്ധീകരണത്തിൽ സഹകരിച്ചു. അദ്ദേഹത്തിൻെറ ആദ്യത്തെ പ്രധാന കവിത (Rural Sports–1713) പ്രബോധനപ്രധാനവും വർണനാപരവും ആണ്. *'ട്രിവ്യാ- ഓർ ദി ആർട്ട് ഒഫ് വാക്കിങ്ങ് ദ് സ്ട്രീറ്റ്സ് ഒഫ് ലണ്ടൻ'* (*Trivia– or The Art of Walking the Streets of London*) തനതായ ശൈലിയും താളവും ഉൾക്കൊള്ളുന്നു. പ്രാചീനകവിതകളെ പരിഹസിക്കുന്നതാണ്. *'ദ ഷെപ്പെർഡ്സ് വീക്ക്'* (*The Shepherd's Week* – 1714) എന്ന സമാഹാരത്തിലെ കവിതകൾ.

അലക്സാണ്ടർ പോപ്, ജോൺ ആർബത്നോട് എന്നിവരുമായി സഹകരിച്ചു രചിച്ച വിനോദ നാടകമാണ് *'ത്രീ അവേഴ്സ് ആഫ്റ്റർ മാര്യേജ്'* (*Three Hours After Marriage* – 1717) ഏറ്റവും പ്രസിദ്ധമായ *'ബെഗേഴ്സ് ഒപെറ'* (*The Beggar's Opera*) ലണ്ടനിൽ 1728 ജനുവരി 29-ാം തീയതി അരങ്ങേറി. സമൂഹത്തിൻെറ ധാർമികാധഃപതനം എടുത്തുകാട്ടാനും, അന്നത്തെ പ്രധാനമന്ത്രിയായ സർ. റോബർട്ട് വാൽപ്പോളിനെ വിലക്ഷണസൂചനകളിലൂടെ അപഹസിക്കാനുമായിരുന്നു ഇതിൽ ശ്രമിച്ചത്. ഈ ഗാനനാടകം അസാമാന്യമായ അവതരണവിജയം കൈവരിച്ചു. ഇതിൻെറ അനന്തരകഥയായ 'പോളി' (Polly) എന്ന നാടകത്തിൻെറ അവതരണം രാഷ്ട്രീയ കാരണങ്ങളാൽ നിരോധിക്കപ്പെട്ടു. ആ നിരോധനം പുസ്തകം ചെലവാകാൻ അനുകൂലമായ സാഹചര്യം സൃഷ്ടിച്ചു. പുസ്തകത്തിൻെറ റോയൽട്ടിയായി നാടകകൃത്തിന് ആയിരം പവനോളം കിട്ടി. 1732 ഡിസംബർ 4-ാം തീയതി ലണ്ടനിൽ അന്തരിച്ചു. വെസ്റ്റ്മിനിസ്റ്റർ ദേവാലയത്തിൽ ചോസറിൻെറ ശവകുടീരത്തിനു സമീപത്താണ് ഇദ്ദേഹത്തെ അടക്കം ചെയ്തത്. അലക്സാൺഡർ പോപ്പ് ആണ് ചരമക്കുറിപ്പു രചിച്ചത്.

ഗേലിക്ഭാഷ

കെൽറ്റിക്ഭാഷാഗോത്രത്തിലുൾപ്പെടുന്ന ഒരു ഭാഷ. ഗേലിക്കും ഐറിഷും മാൻക്സുമാണ് 'മാൻ'ദ്വീപിലെ (Isle of Man) മുഖ്യഭാഷകൾ. എ.ഡി. 5-ാംനൂറ്റാണ്ടിൽ സ്കോട്ട്ലൻഡിൽ കുടിയേറിപ്പാർത്ത ഐർലൻഡുകാരാണ് ഈ ഭാഷ ആദ്യം അവിടെ കൊണ്ടുവന്നത്. 11-ാംനൂറ്റാണ്ടിൽ സാക്സൺ രാജകുമാരിയായ മാർഗററ്റ് ഇംഗ്ലീഷ്ഭാഷയും ആചാരങ്ങളും സ്കോട്ട്ലൻഡിൽ നടപ്പാക്കിയതോടുകൂടി ഗേലിക്ക് അവിടെനിന്നു അപ്രത്യക്ഷമാകാൻ തുടങ്ങി. ഇന്ന് ഈ ഭാഷസംസാരിക്കുന്നവരുടെ എണ്ണം ഒരു ലക്ഷത്തോടടുത്തുവരും. ആശയവിനിമയത്തിന് ഇംഗ്ലീഷും സ്വച്ഛന്ദം കൈകാര്യംചെയ്യാൻ ഇവർ സമർഥരാണ്. †കെൽറ്റിക്ഭാഷകളും സാഹിത്യവും നോക്കുക.

ഗേ ലുസാക്, ജോസഫ് ലൂയിസ്

(1778—1350)

ഫ്രെഞ്ച് രസതന്ത്രജ്ഞനും, ഭൗതികജ്ഞനും. വാതകങ്ങളെ സംബന്ധിച്ച പഠനങ്ങൾമൂലം പ്രസിദ്ധനായി. 1778 ഡിസംബർ 6-നു സെൻറ്ലിയോനാർഡിൽ ജനിച്ചു. 1797-ൽ എക്കോളെ പോളിടെക്നിക്കിൽ വിദ്യാഭ്യാസംചെയ്തു. ദീർഘകാലം രസതന്ത്രപ്രൊഫസറായിരുന്നു.

താപനില ഉയരുമ്പോഴുള്ള വാതകത്തിൻെറ വികാസം എല്ലാ വാതകങ്ങളുടെ കാര്യത്തിലും തുല്യമാത്രയിലാണെന്ന് ഇദ്ദേഹം കണ്ടെത്തി. ഈ വികാസമാത്ര കാണിക്കുന്ന ഗുണാങ്കത്തിൻെറ കണ്ടെത്തൽ താപഗതികത്തിൽ വളരെ പ്രയോജനകരമായി.

1804 ഓഗസ്റ്റ് 14-നു ഷാൻ ബാപ്റ്റിസ്റ്റേയോടൊപ്പം ഗേ ലുസാക് ബലൂണിൽ 4000 മീ. ഉയരത്തിലെത്തി. ഉയരവും ഭൂമിയുടെ കാന്തിക തീവ്രതയും തമ്മിലുള്ള ബന്ധം പഠനവിഷയമാക്കി. രണ്ടാംതവണ 7016 മീ. ഉയരത്തിലെത്തി. അന്തരീക്ഷത്തിൻെറ മർദം, താപനില, കാന്തികതീവ്രത ഇവയെപ്പറ്റി കൂലങ്കഷമായി പഠിച്ചു. അന്തരീക്ഷത്തിൻെറ രാസഘടനയും പഠനവിഷയമാക്കി.

ജലസൃഷ്ടിക്ക് ആവശ്യമായ ഹൈഡ്രജൻ, ഓക്സിജൻ ഇവയുടെ അനുപാതങ്ങൾ സൂക്ഷ്മമായി ഗണിച്ചു.

വാതകസംയോഗത്തിൽ ഘടക വാതകങ്ങളുടെ അനുപാതം നിർണയിക്കുന്ന നിയമം കണ്ടെത്തിയതാണു ശാസ്ത്രരംഗത്തെ ഇദ്ദേഹത്തിൻെറ ഏറ്റവും വലിയ സംഭാവന. †'ഗേ ലുസാക്കിൻെറ നിയമം' എന്ന പേരിൽ ഈ നിയമം പ്രശസ്തമാണ്.

ഡേവിയുടെ രീതി ഉപയോഗിച്ചു തെനാർഡിനോടൊപ്പം വൈദ്യുതി പ്രവാഹം സൃഷ്ടിക്കുന്ന രാസഫലങ്ങൾ മനസ്സിലാക്കി. പൊട്ടാസ്യത്തിൻെറയും അയഡിൻെറയും ഗുണങ്ങൾ കണ്ടെത്തി. ഹൈഡ്രജൻ സംയുക്തങ്ങളെപ്പറ്റിയുള്ള പഠനം അമ്ലങ്ങളെക്കുറിച്ചു പുതിയ അറിവുകൾ നല്കി. അമ്ലങ്ങളുടെ അവശ്യഘടകമാണു ഹൈഡ്രജൻ എന്ന് ഇദ്ദേഹം കണ്ടെത്തി. CN (ഒരു കാർബൺ ആറ്റവും ഒരു നൈട്രജൻ ആറ്റവും) ഒരു സംയുക്തറാഡിക്കലായി പ്രവർത്തിക്കുന്നു എന്നും മനസ്സിലാക്കി. ഈ കണ്ടുപിടിത്തങ്ങൾ ഇദ്ദേഹത്തിനു നിയമസഭാസാമാജികത്വവും പ്രഭുസ്ഥാനവും നേടിക്കൊടുത്തു.

ഗേ-ലു സാക് നിയമം

'വാതകങ്ങൾ ലഘുവായ അനുപാതങ്ങളിൽ സംയോജിക്കുന്നു' എന്നു ഗേ ലു സാക് കണ്ടെത്തിയ നിയമം. 'വാതകങ്ങൾ സംയോജി

ക്കുമ്പോഴുണ്ടാകുന്ന പ്രത്യക്ഷനഷ്ടം സംയോജിക്കുന്ന വാതകങ്ങളുടെ വ്യാപ്തത്തോട്, കുറഞ്ഞപക്ഷം അതിലൊന്നിന്റെയെങ്കിലും വ്യാപ്തത്തോട്, ഒരു നിശ്ചിത അനുപാതത്തിൽ ബന്ധപ്പെട്ടിരിക്കും' എന്ന് അദ്ദേഹം പറഞ്ഞു. ഈ അനുപാതബന്ധത്തെ ആണു *'ഗേ-ലു സാക് നിയമം'* എന്നു പറയുന്നത്.

ഈ നിയമത്തിനു ദൃഷ്ടാന്തമായി ഹൈഡ്രജൻ ക്ലോറൈഡും അമോണിയയും തുല്യ അളവിലും, കാർബൺ മേണോക്സൈഡും ഓക്സിജനും 2:1 എന്ന അനുപാതത്തിലും ചേരുന്നു എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഗേൾ ഗൈഡ്സ്

ബോയ്സ്കൗട്സിനുള്ള അതേ പരിശീലനം തന്നെ നേടുന്ന പെൺകുട്ടികൾ. സ്കൗട്ട്പ്രസ്ഥാനത്തിന്റെ സ്ഥാപകനായ ബാഡൻ പൗവൽ പ്രഭു(1857—1941)വാണ് പെൺകുട്ടികൾക്കുള്ള പരിശീലന പ്രസ്ഥാനവും ആവിഷ്കരിച്ചത്. സ്വഭാവരൂപവത്കരണംവഴി ബാലികമാരിൽ ശരിയായ പൗരബോധം വളർത്തുക, നിരീക്ഷണം, അച്ചടക്കം, സ്വാശ്രയത്വം എന്നിവയിൽ അവർക്കു പരിശീലനം നല്കുക, അന്യരോടു കൂറും സഹാനുഭൂതിയും വളർത്തുക, സമൂഹത്തിനും അവർക്കുതന്നെയും പ്രയോജനകരങ്ങളായ സേവനങ്ങളും കൈത്തൊഴിലുകളും പഠിപ്പിക്കുക, പൊതുവിൽ, കായികവും, മാനസികവുമായ ക്ഷേമം കൈവരുത്തി നല്ല കുടുംബിനികളാകാൻ അവരെ സഹായിക്കുക എന്നിവയാണ് ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങൾ. ഇവരെ ബ്രിട്ടനിലും മറ്റുചില രാജ്യങ്ങളിലും മാത്രം ഗേൾ ഗൈഡ്സ് എന്നും പൊതുവേ ഗേൾ സ്കൗട്സ് എന്നും പറയുന്നു.

സംഘടന: ലോകത്തെമ്പാടുമുള്ള അംഗീകൃത ദേശീയ ഗേൾ ഗൈഡ് ഗേൾസ്കൗട്ട് സംഘടനകളെ ഏകോപിപ്പിക്കുന്നതിനു വേൾഡ് അസോസിയേഷൻ ഒഫ് ഗേൾ ഗൈഡ്സ് ആൻഡ് ഗേൾ സ്കൗട്ട്സ് എന്ന പേരിൽ സംഘടനയുണ്ട്. ഇതു സ്ഥാപിതമായത് 1928-ലാണ്. എല്ലാ രാജ്യങ്ങളിലെയും ബാലികമാർ തമ്മിൽ സൗഹാർദം വളർത്തുകയും പ്രസ്ഥാനത്തിന്റെ മൗലികമായ ലക്ഷ്യങ്ങളെ സംബന്ധിച്ചിടത്തോളം പൊതുധാരണയും ഐക്യബോധവും ഉണ്ടാക്കുകയുമാണ് ഈ സംഘടനയുടെ ഉദ്ദേശ്യം.

ഗേറാൻ, കമീൽ (1872—1961)

ആൽബെർട്ട് കാൽമെറ്റോയോടൊപ്പം ബാസില്ലസ് കാൽമെറ്റേ ഗേറാൻ (ബി.സി.ജി.) വികസിപ്പിച്ച് എടുത്തയാൾ. ക്ഷയത്തിനെതിരെ ഉള്ള പ്രതിരോധൗഷധമാണ് ഈ വാക്സിൻ.

1897-ൽ പാസ്ചർ ഇൻസ്റ്റിറ്റ്യൂട്ടിൽ ഗേറാൻ കാൽമെറ്റോയോടൊപ്പം പ്രവർത്തനം ആരംഭിച്ചു. അന്നു മുതൽ വാക്സിൻ ഗവേഷണത്തിൽ ഇവർ മുഴുകി. ശരീരത്തിലെ ഒരുതരം ബാസില്ലസ്കളുടെ പ്രവർത്തനമാണു ക്ഷയരോഗത്തെ തടയുന്നതെന്ന് 1906-ൽ ഇവർ കണ്ടെത്തി. അതിനെ കൾച്ചർചെയ്തു വീര്യം കുറഞ്ഞ ക്ഷയരോഗാണുക്കളെ ഉത്പാദിപ്പിച്ചു. തങ്ങൾ കണ്ടെത്തിയ ക്ഷയരോഗാണുക്കൾ മനുഷ്യശരീരത്തിൽ ക്ഷയം സൃഷ്ടിക്കയില്ലെന്നും പ്രതിവസ്തുക്കൾ സൃഷ്ടിച്ചു ക്ഷയത്തെ തടയുമെന്നും അവർ മനസ്സിലാക്കി. ഇന്ന് ഈ ഔഷധം പരിഷ്കൃതരാജ്യങ്ങളിലെല്ലാം ഉപയോഗിക്കുന്നു.

ഗൈ

ഗൈഗർ കൗണ്ടർ

റേഡിയോ ആക്ടീവതയുള്ള ഒരു വസ്തുവിൽനിന്ന് ഉദ്ഗമിക്കുന്ന കണങ്ങളുടെ എണ്ണം കണ്ടുപിടിക്കുന്നതിനുള്ള ഉപകരണം. ഹാൻസ്ഗൈഗർ (1888—1945) എന്ന ശാസ്ത്രജ്ഞനാണ് ഇത് ആവിഷ്കരിച്ചത് (1908—1915). 1928-ൽ ഇദ്ദേഹവും എ. മുള്ളറും കൂടി ഇതു പരിഷ്കരിച്ചു. അങ്ങനെ ഗൈഗർ—മുള്ളർ കൗണ്ടർ എന്നും ഇതിനു പേരുവന്നു. കോസ്മിക്രശ്മികൾ, ദുർബലമായ ഗാമാരശ്മികൾ എന്നിവ കണ്ടുപിടിക്കുന്നതിനും ഇതുപയോഗിക്കുന്നു.

മൈക്കയോ, അലൂമിനിയമോകൊണ്ടു നിർമിച്ച നേരിയ ജനലോടു കൂടിയ ഒരു ലോഹസിലിൻഡറും അതിൻെറ അക്ഷത്തിനു സമാന്തരമായി ഘടിപ്പിച്ചിരിക്കുന്ന നേരിയ കമ്പിയുമാണ് ഇതിൻെറ മുഖ്യഭാഗങ്ങൾ. സിലിൻഡറിൽനിന്നു കമ്പിയെ വിദ്യുത്രോധനം നടത്തിയിരിക്കും. സിലിൻഡറിൽ താണമർദത്തിൽ ഒരു വാതകം നിറച്ചിരിക്കും. വാതകത്തിനു കുറുകെ സിലിൻഡറിനും കമ്പിക്കുമിടയ്ക്ക് ഒരു വിദ്യുതപൊട്ടൻഷ്യൽ ഉണ്ട്. ആൽഫാകണങ്ങളെ ഉദ്ഗമിപ്പിക്കുന്ന റേഡിയോ ആക്ടീവതയുള്ള ഒരു വസ്തു ജനലിൻെറ മുമ്പിൽ വച്ചിരുന്നാൽ അയണീകരണപേടകത്തിലേക്ക് ഒരു ആൽഫാകണം പ്രവേശിക്കുകയും പരിപഥത്തിലൂടെ വിദ്യുത്സഞ്ചാരം ഉണ്ടാകുകയും ചെയ്യും. ഓരോ ആൽഫാകണം കടക്കുമ്പോഴും നൈമിഷികമായി വൈദ്യുതി ഉത്പാദിപ്പിക്കപ്പെടുന്നു. കൗണ്ടർ പ്രവർത്തിപ്പിച്ചു കണങ്ങളുടെ എണ്ണം കണ്ടുപിടിക്കുന്നു.

റേഡിയോ വികിരണം ഉപയോഗിക്കുന്ന എല്ലാ പരീക്ഷണശാലകളിലും ചികിത്സാകേന്ദ്രങ്ങളിലും ഉപകരണങ്ങളിലും ഇതുപയോഗിക്കുന്നു.

ഗൈഡ്

വഴികാട്ടി. അപരിചിതരായ സഞ്ചാരികൾക്കു സ്ഥലങ്ങളും പുരാവസ്തുക്കളും കാട്ടിക്കൊടുത്ത് അവയുടെ പ്രാധാന്യവും സവിശേഷതകളും പൂർവകഥകളും മറ്റും വിവരിച്ചുകൊടുക്കുകയാണ് ഗൈഡിൻെറ പ്രവൃത്തി. നല്ലൊരു ഗൈഡ് ചരിത്രം, സംസ്കാരം, കലകൾ, ഐതിഹ്യങ്ങൾ എന്നിവയിൽ നല്ല അറിവും പല ഭാഷകളും നല്ലവണ്ണം കൈകാര്യം ചെയ്യാൻ കഴിവും ഉള്ള ആൾ ആയിരിക്കും. വിനോദസഞ്ചാരവികസനം ഒരളവുവരെ ഗൈഡുകളെക്കൂടെ ആശ്രയിച്ചിരിക്കുന്നു.

പരീക്ഷാവിജയത്തിനുള്ള മാർഗം കാട്ടിത്തരുന്ന ഗ്രന്ഥങ്ങൾക്കും ഗൈഡുകൾ എന്നുപറയും. ആദ്യം പറഞ്ഞ ഗൈഡുകളുടെയും ഇവയുടെയും ലക്ഷ്യം ഒന്നുതന്നെ. അതുകൊണ്ടാണ് ഒരു പേരു രണ്ടിനും ഉപയോഗിക്കുന്നത്.

ഗൈഡൻസ്

†മാർഗദർശനം നോക്കുക.

ഗൈനക്കോമാസ്റ്റിയ

ഹോർമോൺ ക്രമക്കേടുകൊണ്ടു പുരുഷന്മാർക്ക് ഉണ്ടാകുന്ന സ്തനവൃദ്ധി. സാധാരണഗതിയിൽ പ്രായപൂർത്തി(puberty)യോടെ അണ്ഡങ്ങൾ പുരുഷഹോർമോണുകൾ വിസർജിച്ചുതുടങ്ങും. അപ്പോൾ സ്തനങ്ങളുടെ വളർച്ച നിലയ്ക്കും. ഏതു പ്രായത്തിലും ഇതുണ്ടാകാം. സംബദ്ധകലകളുടെ വളർച്ചയാണ് ഇതിനു കാരണം. കലകളിൽ പാഴ്പ്പാലറകൾ (false milk cavity) ഉണ്ടായിവരാം. ശരീരത്തിൽ കൊഴുപ്പു കൂടുന്നത് ഇതിന് ഒരു മുഖ്യകാരണമാണ്. വീക്കവും കാരണമാകാം. മധ്യപ്രായത്തിലാണ് ഈ വൈരൂപ്യത്തിനു കൂടുതൽ സാധ്യത.

ഗൈനക്കോളജി

ഒരു വൈദ്യശാസ്ത്രശാഖ. സ്ത്രീകളുടെ പ്രജനനാവയവങ്ങളുമായി ബന്ധപ്പെട്ട രോഗങ്ങളെയും വൈകല്യങ്ങളെയും പറ്റിയുള്ള പഠനവും ചികിത്സയും ഇതിൽ ഉൾപ്പെടുന്നു. അണ്ഡാശയം (ovary), അണ്ഡവാഹിനി (oviduct), ഗർഭാശയം (uterus), ഗർഭാശയഗ്രീവ (cervix), യോനി (vagina), ഭഗം (vulva), സ്തനം എന്നീ അവയവങ്ങളുടെ വൈകല്യങ്ങളെയും രോഗങ്ങളെയും പറ്റിയാണു ഗൈനക്കോളജിയിൽ പ്രതിപാദിക്കുന്നത്.

ജന്മജാതവൈകല്യങ്ങൾ (congenital defects), നീർവീക്കം, അർബുദം, രോഗാണുബാധ, ഹോർമോൺ തകരാറുകൾ എന്നിവയ്ക്കുള്ള ചികിത്സ ഗൈനക്കോളജിയിൽ ഉൾപ്പെടുന്നു. വന്ധ്യത, ആർത്തവത്തകരാറുകൾ, ഗർഭത്തകരാറുകൾ, ഗർഭനിരോധനമാർഗങ്ങൾ എന്നിവയും ഗൈനക്കോളജിസ്റ്റിൻെറ പഠനവിഷയങ്ങൾ തന്നെ. ഗർഭപാത്രത്തിനു പുറത്തുവച്ച് അണ്ഡവും പുംബീജവും സംയോജിപ്പിച്ചു ഭ്രൂണത്തെ വളർത്തുന്ന (ടെസ്റ്റ് ട്യൂബ് ശിശു) സാങ്കേതികവിദ്യ ഗൈനക്കോളജിയുടെ സംഭാവനയാണ്.

ഗൈനക്കോളജിയുടെ ഭാഗമാണ് ഒബ്സ്റ്റെട്രിക്സ് (പ്രസൂതികാശാസ്ത്രം). പ്രസവത്തെപ്പറ്റിയും അതിനു മുമ്പും പിമ്പുമുള്ള ചികിത്സാശുശ്രൂഷാകാര്യങ്ങളെപ്പറ്റിയും മാത്രമേ ഒബ്സ്റ്റെട്രിക്സിൽ പ്രതിപാദിക്കുന്നുള്ളു. †ഒബ്സ്റ്റെട്രിക്സ് നോക്കുക.

ഗൈനീഷ്യം

†ജനി നോക്കുക.

ഗൈറോ കോംപസ്സ്

ഗൈറോ സ്കോപ്പ് തത്ത്വമുപയോഗിച്ച്, യഥാർഥ ഉത്തരദിശ കാണുന്നതിനു സഹായിക്കുന്ന ഉപകരണം. സാധാരണ കാന്തസൂചി ഉപയോഗിക്കുമ്പോൾ ആവശ്യമായി വരുന്ന തിരുത്തലുകൾ ഒഴിവാക്കുവാൻ ഇതു സഹായിക്കുന്നു. ആദ്യത്തെ ഉപയോഗയോഗ്യമായ ഗൈറോ കോംപസ്സ് 1908-ൽ ജെർമൻ ശാസ്ത്രജ്ഞനായ ഹെർമൻ അൻപുറ്റ്സ് ആണ് നിർമിച്ചത്. മറ്റു പലരുടെയും പരിശ്രമഫലമായി ഒന്നാം ലോകയുദ്ധകാലമായപ്പോഴേക്കും കോംപസ്സ് പരിപൂർണപരിഷ്കാരങ്ങൾക്കു വിധേയമായി.

ഭൂമിയുടെ ഭ്രമണാക്ഷത്തിനു സമാന്തരമായ ഒരു അക്ഷത്തെ കേന്ദ്രമാക്കി ചുറ്റുന്ന ഒരു വട്ടത്തകിടാണ് ഇതിലെ പ്രധാന ഘടകം. അത് എപ്പോഴും യഥാർഥ ഉത്തരദിശ സൂചിപ്പിക്കുന്നു.

സാധാരണ കാന്തസൂചിയെ അപേക്ഷിച്ച് ഇത്തരം കോംപസ്സ് സമീപസ്ഥവസ്തുക്കളുടെ സ്വാധീനത്തിൽനിന്നു വിമുക്തമാണ്. വിദ്യുച്ഛക്തി, അയിരുനിക്ഷേപങ്ങൾ, ഇരുമ്പുരുക്കുനിർമിതികൾ എന്നിവയാണ് കാന്തസൂചിയെ ബാധിക്കുന്ന ബാഹ്യഘടകങ്ങൾ.

ഗൈറോകോംപസ്സിന്റെ പ്രധാന ഉപയോഗം കപ്പലുകളിലാണ്. ഏതെങ്കിലും കാരണവശാൽ ദിശ മാറിയാൽത്തന്നെ അതിനെ തിരിച്ച് ഉത്തരദിശയിലേക്കു കൊണ്ടുവരുന്നതിനുവേണ്ട സജ്ജീകരണങ്ങളും (Damping arrangements) ഗൈറോ കോംപസ്സിലുണ്ട്.

ഗൈറോസ്കോപ്പ് (Gyroscope)

ഒരു നിർദിഷ്ട കോണീയ ആധാരദിശ നിലനിർത്തുന്നതിനുള്ള ഉപകരണം. കപ്പൽ, വിമാനങ്ങൾ തുടങ്ങിയവയിൽ ഉപയോഗിക്കുന്നു. ദിശ നിർണയിക്കാനും സന്തുലിതാവസ്ഥ നിലനിർത്താനും വ്യത്യസ്ത രൂപങ്ങളിലുള്ള ഗൈറോസ്കോപ്പുകൾ ഉപയോഗിക്കുന്നുണ്ട്.

ലിയോൺ ഫൗക്കാൾട് എന്ന് ഫ്രെഞ്ചു ഭൗതികജ്ഞനാണ് ഇത് ആദ്യമായി നിർമിച്ച് ഉപയോഗിച്ചത് (1852). ഭൂമിയുടെ ഭ്രമണം വിശദീകരിക്കുവാനാണ് ഇതു നിർമിച്ചത്. 'ഭ്രമണം' എന്നർഥമുള്ള 'ഗൈറോസ്', 'വീക്ഷണം' എന്നർഥമുള്ള 'സ്കോപ്പിൻ' എന്നീ ഗ്രീക്കുപദങ്ങളിൽനിന്നാണു ഗൈറോസ്കോപ്പ് എന്ന പദത്തിന്റെ നിഷ്പത്തി.

ഏത് അക്ഷത്തെയും ആധാരമാക്കി സ്വതന്ത്രമായി തിരിയത്തക്കവണ്ണം ഘടിപ്പിച്ചിട്ടുള്ള ഒരു ഫ്ളൈവീൽ ആണു ഗൈറോസ്കോപ്പിന്റെ മുഖ്യഭാഗം. ഗിംബലുകൾ (gimbals) എന്നു വിളിക്കുന്ന കീലകിത (pivoted) ചട്ടങ്ങളിൽ ഫ്ളൈവീൽ ഉറപ്പിച്ചിരിക്കുന്നു. ഇതിന്റെ ഫലമായി, ഫ്ളൈവീൽ ഘടിപ്പിച്ചിട്ടുള്ള അക്ഷം ഏതു ദിശയിലേക്കും തിരിയും. ഈ ക്രമീകരണത്തിൽ ഫ്ളൈവീൽ എങ്ങോട്ടുതിരിഞ്ഞാലും അതു പൂർവനില(സ്ഥിരനില)യിൽ വരാൻ ശ്രമിക്കും. ഫ്ളൈവീലിന്റെ ജഡത്വം (inertia) അതിനെ സ്ഥിരനിലയിൽനിന്നു മാറ്റുന്നതിനെതിരെ ശക്തി പ്രയോഗിക്കുകയും ചെയ്യും. അക്ഷത്തെ ഒരു പ്രത്യേക ദിശയിൽ തിരിക്കുവാൻ ശ്രമിച്ചാൽ അത് ആ ദിശയിൽ തിരിയുന്നതിനു പകരം, ഫ്ളൈവീലിന്റെ കറക്കവുമായി നേർരേഖയിൽ വരത്തക്കവിധം തിരിയും. ഈ രീതിയിലുള്ള കറക്കത്തിന് 'പുരസ്സരണം' (precession) എന്നാണു പേര്.



ഗൈറോസ്കോപ്പ്:
ഏറ്റവും മുകളിൽ: ഏറ്റവും സാധാരണമായ മോഡൽ
മുകളിൽ: കപ്പലിൽ ഉപയോഗിക്കുന്ന ഭീമാകാരമായ ഗൈറോസ്റ്റെബിലൈസർ.

ഫ്ളൈവീലിന്റെ ഉയർന്ന ജഡത്വാഘൂർണവും (moment of inertia) അക്ഷത്തിന്റെ പുരസ്സരണവുമാണു ഗൈറോസ്കോപ്പിന്റെ പ്രവർത്തനത്തിന് ആധാരം. ഗൈറോസ്കോപ്പിന്റെ തത്വം ഉപയോഗിച്ചു പല ഉപകരണങ്ങളും നിർമിച്ചിട്ടുണ്ട്. കറക്കത്തിന്റെ നിരക്കു സൂചിപ്പിക്കുന്ന റേറ്റ് ഗൈറോ, ദിക്കു കാണിക്കുന്ന †ഗൈറോ കോംപസ്, സന്തുലനസ്ഥിതി അറിയാനുള്ള ഗൈറോസ്റ്റെബിലൈസർ തുടങ്ങിയവ അത്തരത്തിൽപ്പെട്ട ഉപകരണങ്ങളാണ്. വിമാനവേധത്തോക്കുകൾ, മിസൈൽ നിയന്ത്രിണികൾ തുടങ്ങിയ യുദ്ധോപകരണങ്ങളിലും ഗൈറോസ്കോപ്പിനു പ്രമുഖസ്ഥാനമുണ്ട്.

ഗൊ

ഗൊഗേൻ, പോൾ (1848–1903)

ഫ്രെഞ്ച് ചിത്രകാരൻ. ആധുനികചിത്രകലയുടെ സ്ഥാപകന്മാരിൽ ഒരാളായി അംഗീകരിക്കപ്പെട്ടിട്ടുള്ള ചിത്രകാരനാണ് ഗൊഗേൻ (Paul Eugene Henri Gauguin). ക്ലോവി ഗൊഗേൻ എന്ന പത്രപ്രവർത്തകന്റെയും പെറുവിൽ കുടിയേറിപ്പാർത്തിരുന്ന ഒരു സ്പാനിഷ് വനിതയുടെയും മകനായി 1848 ജൂൺ 7-നു പാരീസിൽ ജനിച്ചു. 1851-ൽ ഗൊഗേൻ കുടുംബം പെറുവിലേക്കു കപ്പൽ കയറി. യാത്രയ്ക്കിടയിൽ ക്ലോവി മരിച്ചു. കുടുംബം പെറുവിലെത്തി ലീമ(Lima)യിൽ താമസമുറപ്പിച്ചു. ഏഴുവയസ്സുവരെയുള്ള പെറൂവിയൻ ജീവിതം ഗൊഗേന്റെ മനസ്സിൽ സാഹസികത്വവാസനയുടെ ബീജങ്ങൾ വിതച്ചിരിക്കാം. 1865-ൽ ഗൊഗേൻ മെർച്ചന്റ് നേവിയിലും തുടർന്ന് 1868-ൽ ഫ്രെഞ്ചുനേവിയിലും ചേർന്നു. 1871-ൽ പാരീസ് സ്റ്റോക്ക് എക്സ്ചെയ്ഞ്ചിൽ ക്ലാർക്കായി. 1873-ൽ മെതേ സോഫി ഗഡ് എന്ന പിയാനോ വായനക്കാരിയെ വിവാഹം കഴിച്ചു. അഞ്ചു കുട്ടികളോടുകൂടി സുഖകരമായ കുടുംബജീവിതം നയിച്ചുകൊണ്ട് കുറെനാൾ ജീവിച്ചു. ഫ്രെഞ്ച് ഇമ്പ്രഷനിസ്റ്റുകളുടെ ചിത്രങ്ങളാണ് അദ്ദേഹത്തെ അക്കാലത്ത് സ്വാധീനിച്ചത്. അമെചർ ചിത്രകാരൻ എന്ന നിലയിൽ പ്രശസ്തനായി. 1879 മുതൽ ചിത്രപ്രദർശനങ്ങൾ നടത്താൻ തുടങ്ങിയെങ്കിലും ചിത്രങ്ങൾക്കു തീരെ വില്പന കിട്ടാതെ കഷ്ടപ്പെട്ടു. താമസിയാതെ ഭാര്യയും കുട്ടികളും കോപ്പൻഹേഗനിലേക്കു വാസം മാറ്റി. അതുമുതൽ ദാരിദ്ര്യത്തിലും നൈരാശ്യത്തിലും പെട്ട് ജീവിതം മുന്നോട്ടു തള്ളിനീക്കിക്കൊണ്ടിരുന്നു. 1886 മുതൽ ബ്രിട്ടനിലെ ദരിദ്രസങ്കേതങ്ങളിൽ താമസിച്ചുകൊണ്ട് ചിത്രങ്ങൾ വരച്ചു. 1888-ൽ അദ്ദേഹം ചിത്രകാരനായ വിൻസന്റ് വാൻ ഗൗ(Van Gogh)ന്റെ കൂടെ താമസിച്ചു. ക്രമേണ ഇമ്പ്രഷനിസ്റ്റിക് ശൈലിയിൽ നിന്നകലുകയും നാച്ചുറലിസത്തിനു വിരുദ്ധമായ ഒരു സാങ്കേതികരീതി സ്വീകരിക്കുകയും ചെയ്തു. കണ്ണാടിഫലകങ്ങളിലെ പ്രശസ്ത ചിത്രങ്ങളുടെയും ജാപ്പനീസ് ചിത്രങ്ങളുടെയും സ്വാധീനം ഇക്കാലത്തെ ചിത്രങ്ങളിൽ കാണാം. 'ദി യെല്ലോ ക്രൈസ്റ്റ്' (1889), 'മാലാഖയുമായി മല്ലിടുന്ന യാക്കൂബ്' (1890) മുതലായവ ഉദാഹരണം.



ഗൊഗേൻ
രചിച്ച
സ്വച്ഛായാചിത്രം.
വാഷിങ്ടനിലെ
നാഷനൽ
ആർട്ഗാലറി.

1891 മുതൽ മരണംവരെ സൗത്ത് സീ ദ്വീപുകളിലാണ് ഗൊഗേൻ ജീവിച്ചത്. പോളിനേഷ്യൻ ജീവിതവുമായി ഇഴുകിച്ചേർന്നുകൊണ്ട് അവിടത്തുകാരനിൽ ഒരുവനെപ്പോലെ അവരുടെ ഭാഷയും (മ ഓറി) സംസാരിച്ച് ജീവിച്ചു. തന്റെ 30 പഴയ ചിത്രങ്ങൾ ലേലത്തിൽ വിറ്റു പണമുണ്ടാക്കിക്കൊണ്ടാണ് ഫ്രെഞ്ച് അധീനപ്രദേശമായിരുന്ന സൗത്ത് സീ ദ്വിപുകളിലെത്തിയത്. ആദ്യം താഹിതിയിലും (Tahiti) പിന്നെ അതോഅന (Atoana)യിലും താമസിച്ചു. ദാരിദ്ര്യവും സിഫിലിസും കാർന്നുതിന്ന ആ ജീവിതം 1903 മേയ് ഒമ്പതിന് അവസാനിച്ചു.

പ്രാകൃതസ്വഭാമുള്ള (പ്രിമിറ്റിവിസം) കലാരൂപങ്ങളുടെ ഭാവനാപരമായ സൃഷ്ടിയിൽ ഗൊഗേൻ കാണിച്ചുകൊടുത്ത മാർഗം യൂറോപ്യൻ കലയിൽ വലിയ സ്വാധീനം ചെലുത്തി. അന്ത്യകാലചിത്രങ്ങൾക്ക് മഓറി ഭാഷയിൽ കാവ്യാത്മകമായ പേരുകളാണ് നല്കിയിരുന്നത്. ബോസ്റ്റൺ മ്യൂസിയത്തിൽ വച്ചിട്ടുള്ള *നാം എവിടെനിന്നു വരുന്നു, നാം ആര്, നാം എങ്ങോട്ടു പോകുന്നു?* എന്ന ചിത്രം (1898) നല്ലൊരു മാതൃകയാണ്.

ഗൊഗോൾ, നിക്കോളേ വാസിലിവിച്ച് (1809—’52)

റഷ്യൻ സാഹിത്യകാരൻ. യൂക്രെയിനിൽപ്പെട്ട സൊറോക്കിൻസ്ക് എന്ന സ്ഥലത്ത് 1809 മാർച്ച് 31-ാംതീയതി ജനിച്ചു. ചെറുകഥാകൃത്ത്, നോവലെഴുത്തുകാരൻ, നാടകരചയിതാവ് എന്നീ നിലകളിലെല്ലാം ഗൊഗോളിനു റഷ്യൻ സാഹിത്യത്തിൽ സമുന്നതസ്ഥാനമാണുള്ളത്. *ഡെഡ് സോൾസ് (Dead souls)* എന്ന നോവലിലൂടെയും *ദ ഓവർ കോട് (The Overcoat), നെവസ്കി തെരുവ്, രണ്ട് ഇവാന്മാരുടെ ശണ്ഠ, ഒരു ഭ്രാന്തന്റെ ഡയറി* തുടങ്ങിയ ചെറുകഥകളിലൂടെയും ഗൊഗോൾ ഉദ്ഘാടനം ചെയ്ത റിയലിസപ്രസ്ഥാനമാണ്, പില്ക്കാലത്തു തുർഗനേവ്, ടോൾസ്റ്റോയ്, ദസ്തയേവ്സ്കി, ഗോർക്കി,

ഷോളഖോവ് തുടങ്ങിയവരുടെ കൃതികളിലൂടെ പൂർണസാഫല്യം നേടിയത്. ആധുനിക ചെറുകഥയുടെ വളർച്ചയിൽ മുഖ്യമായ പങ്കു വഹിച്ച ഒരാളാണു ഗൊഗോൾ.

റഷ്യൻസാഹിത്യത്തിൽ റിയലിസ്റ്റ്പ്രസ്ഥാനത്തിന് അടിസ്ഥാന മുറപ്പിച്ച ഗൊഗോൾ, തൻെറ ആദ്യകാല കഥകളിൽ ഒരു ശുദ്ധകാല്പനികനായിരുന്നു. 'ഡികാൻകയ്ക്കടുത്തുള്ള ഒരു കൃഷിസ്ഥലത്തെ സായാഹ്നങ്ങൾ' (1831) ആണ് ഇദ്ദേഹത്തിൻെറ ആദ്യകഥാസമാഹാരം. കൊസാക്കുകളുടെ വീരസാഹസികജീവിതത്തിൻെറ ചിത്രീകരണമാണ്, 'തെരസ് ബൾബ' എന്ന ചരിത്രനോവൽ. ശക്തിയായ ആക്ഷേപഹാസ്യം ഉപയോഗിച്ചു ഗൊഗോൾ രചിച്ച 'ഇൻസ്പെക്ടർ ജനറൽ' എന്ന നാടകം, റഷ്യയിലെ ഉദ്യോഗസ്ഥവൃന്ദത്തെ അത്യധികം ക്ഷോഭിപ്പിച്ചു. പന്ത്രണ്ടുവർഷത്തോളം ഗൊഗോൾ റോമിൽ കഴിച്ചുകൂട്ടി. സാഹിത്യരചന പാപമാണെന്ന ധാരണ അദ്ദേഹത്തിൽ രൂഢമൂലമാവുകയും 1852 ഫെബ്രുവരി 24-ാംതീയതി ഫാദർ മാത്യു എന്ന വൈദികൻെറ നിർദേശമനുസരിച്ച് തൻെറ 'മരിച്ച ആത്മാക്കളു'ടെ രണ്ടാംഭാഗം ചുട്ടെരിക്കുകയും ചെയ്തു. 1852 മാർച്ച് 4-ന് അന്തരിച്ചു.

ഗൊണോറിയ (Gonorrhoea)

ഒരിനം ഗുഹ്യരോഗം. ഇതു പകർച്ചവ്യാധിയാണ്. ഉഷ്ണസ്രാവം എന്നും പേരുണ്ട്. ഗോണോകോക്കസ് എന്നു പേരുള്ള ബാക്റ്റീരിയയാണു രോഗത്തിനു കാരണം. ശാസ്ത്രനാമം: *നൈസീറിയ (Neisseria gonorrhoeae).* മനുഷ്യനിൽ മാത്രമേ രോഗം ഉണ്ടാക്കുന്നുള്ളു. പ്രജനനാവയവങ്ങളിലെ മ്യൂക്കസ് സ്തരത്തെയാണു രോഗാണുക്കൾ ബാധിക്കുന്നത്.

1879-ൽ ജെർമൻ ബാക്റ്റീരിയോളജിസ്റ്റായ ആൽബർട്ട് നൈസർ ഗോണോകോക്കസിനെ കണ്ടെത്തി. രോഗാണു പ്രവേശിച്ചു രണ്ടു മുതൽ പത്തു വരെ ദിവസം കഴിഞ്ഞേ രോഗലക്ഷണം പ്രകടമാവൂ. മൂത്രം വിസർജിക്കുമ്പോഴുള്ള വേദന, മൂത്രദ്വാരത്തിൽക്കൂടിയുള്ള പഴുപ്പ് എന്നിവയാണു പുരുഷന്മാരിലെ രോഗലക്ഷണങ്ങൾ. മൂത്രത്തിൽ രക്തമയവും ഉണ്ടാകാറുണ്ട്.

സ്ത്രീകളിലും മൂത്രദ്വാരത്തിൽക്കൂടിയുള്ള പഴുപ്പ്, വേദന എന്നിവ രോഗലക്ഷണങ്ങളാണ്. സെർവിക്സിൽനിന്നു രോഗാണു ഗർഭാശയത്തിലേക്കും അണ്ഡവാഹിയിലേക്കും അണ്ഡാശയത്തിലേക്കും കടക്കുന്നു. ഇതോടെ പനി, വയറുവേദന എന്നിവ ഉണ്ടാകും.

രോഗത്തിൻെറ ആരംഭത്തിൽ ലക്ഷണങ്ങൾ രൂക്ഷമാകാറില്ല. പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോകുന്നു. വളരെപ്പതുക്കയേ രോഗം ശമിക്കൂ. മലാശയം, ഹൃദയം, വായ്, സന്ധികൾ മുതലായ ഭാഗങ്ങളെയും ഗോണോകോക്കസ് ബാധിക്കാം. പക്ഷേ, ആരംഭത്തിൽ തന്നെ ആൻറിബയോട്ടിക് ഔഷധങ്ങൾ ഉപയോഗിച്ചാൽ മറ്റു ഭാഗങ്ങളിലേക്കു വ്യാപിക്കുന്നതു തടയാം. മരണം അപൂർവമാണ്. പക്ഷേ, വന്ധ്യതയ്ക്കു കാരണമാകാം.

രക്തപരിശോധനയിലൂടെ രോഗം കണ്ടെത്താം. പെനിസിലിൻ ആണ് ഔഷധം. പക്ഷേ, ഗോണോകോക്കസിന് ഇപ്പോൾ പെനിസിലിനെ നേരിടാനുള്ള കഴിവ് ഉണ്ടായിട്ടുണ്ട്. ടെട്രാസൈക്ലിൻ, എറിത്രോമൈസിൻ, ക്ലോറാംഫെനിക്കോൾ, സ്ട്രെപ്റ്റോമൈസിൻ എന്നിവയും രോഗശമനത്തിനായി ഉപയോഗിക്കുന്നു. എന്നാൽ ഈ ഔഷധപ്രയോഗം സിഫിലിസ് രോഗാണുക്കളെ മറയ്ക്കും. അതുകൊണ്ടു മരുന്ന് ഉപയോഗിക്കുമ്പോഴും തുടർന്ന്, മാസത്തിൽ ഒരിക്കൽ എങ്കിലും, നാലുമാസത്തേയ്ക്കു സിഫിലിസ് രോഗാണുക്കളുണ്ടോ എന്നറിയാൻ രക്തപരിശോധന നടത്തണം.

ഗൊണ്ഡോള

വെനീസ്നഗരത്തിലെ ജലമാർഗങ്ങളിൽക്കൂടെ സഞ്ചരിക്കുന്ന വഞ്ചികൾ. ഇന്ന് ആവിബോട്ടുകളും മോട്ടോർബോട്ടുകളും സർവസാധാരണമായിട്ടുണ്ടെങ്കിലും ഗൊണ്ഡോളകൾ വെനീസിൽനിന്ന് അപ്രത്യക്ഷമായിട്ടില്ല. വർണചിത്രങ്ങൾകൊണ്ട് അലംകൃതമായ ഗൊണ്ഡോളകൾ സ്വന്തമുണ്ടായിരിക്കുക എന്നതു വെനീഷ്യൻ പ്രഭുകുടുംബങ്ങളുടെ ഒരു ആഭിജാത്യചിഹ്നമായി കരുതിവരുന്നു. 9 മീറ്റർ നീളവും 1.5 മീറ്റർ വീതിയുമുള്ള ഗൊണ്ഡോളകൾ മധ്യകാലങ്ങളിൽ വെനീഷ്യൻ തോടുകളിൽ സർവസാധാരണമായിരുന്നു. തോടു 'കവല'കളിൽവച്ചു മറ്റു വഞ്ചിക്കാരെ തൻെറ സാന്നിധ്യം അറിയിച്ചു വഴിയുണ്ടാക്കാൻ ഗൊണ്ഡോളക്കാർ ഒരു പ്രത്യേകതരം ശബ്ദം പുറപ്പെടുവിച്ചിരുന്നു. വിദേശസന്ദർശകരുടെ ഒരു വിനോദമാധ്യമം എന്ന നിലയിൽ ഗൊണ്ഡോളകൾക്കു വെനീസിൽ ഇന്നും പ്രചാരമുണ്ട്.

ഗൊദാർ, ഷാൻ-ലക് (1930—)

ഫ്രെഞ്ച് ചലച്ചിത്രസംവിധായകൻ. നവതരംഗ ചിത്രനിർമാതാക്കളിൽ പ്രമുഖൻ.



1930 ഡിസംബർ 3-നു പാരീസിൽ ജനിച്ചു. പത്രപ്രവർത്തകനും ചലച്ചിത്രനിരൂപകനുമായി ജീവിതം ആരംഭിച്ചു. 1959-ൽ *ബ്രെത്ലസ്* എന്ന ചിത്രം സംവിധാനം ചെയ്തതോടുകൂടി ശ്രദ്ധേയനായി. 1960-കളിൽ ഫ്രാൻസിലെ നവതരംഗ ചലച്ചിത്രരംഗത്തിനു നേതൃത്വം നല്കി. പിന്നീടു മാവോയിസ്റ്റ് ആശയഗതികളും മറ്റും അദ്ദേഹത്തിൻെറ ചിത്രങ്ങളെ സ്വാധീനിച്ചു. കലാസൃഷ്ടികൾ എന്നതിനെക്കാൾ രാഷ്ട്രീയ ചർച്ചാ വേദികൾ എന്ന നിലയ്ക്ക് അവ പരിഗണിക്കപ്പെട്ടു. പ്രധാന ചിത്രങ്ങൾ. *ല് പെറ്റി സോൾ ദാ* (1960) *വിവ്റ് സാവി* (1962) *ലെ കരാബിനീ* (1963) *ല് മേപ്റി* (1963) *ബന്ദ് അ പാർ* (1964) *അൽഫാവില്ല* (1965) *മാസ്കുലിൻ ഫെമിനിൻ* (1965) *മേഡ് ഇൻ യു.എസ്.എ.* (1966) *ല ഷി നോസ്* (1967) *വീക്കെൻഡ്* (1967) *വൺ പ്ലസ് വൺ* (1968).

ഗൊറില്ല (gorilla)

ഒരിനം ആൾക്കുരങ്ങ്. ശാസ്ത്രനാമം: *ഗൊറില്ല ഗൊറില്ല (Gorilla gorilla).* പ്രൈമെറ്റ് ക്ലാസ്സിലെ പോൻജിഡെ കുലത്തിൽപ്പെടുന്നു.



ഗൊറില്ല

(മനുഷ്യൻ ഉൾപ്പെടുന്നത് പ്രൈമെറ്റ് ക്ലാസിലെ *ഹോമിനിഡെ കുലത്തിലാണ്)*. ആൾക്കുരങ്ങാണ് (ape) ഇത്. ആഫ്രിക്കയിൽ മാത്രമേ ഗൊറില്ലയെ കണ്ടുവരുന്നുള്ളൂ.

ആൺഗൊറില്ലയ്ക്ക് രണ്ടു മീറ്ററോളം പൊക്കം ഉണ്ട്. ഭാരം ഏകദേശ൦ 200 കി.ഗ്രാം. ഉന്തിയ നെറ്റി, മുന്നോട്ടു തള്ളി നില്ക്കുന്ന പുരികം, പതിഞ്ഞ മൂക്ക്, കുറിയ കഴുത്ത് എന്നിവ ശാരീരിക പ്രത്യേകതകളാണ്.

†ചിമ്പൻസിയെപ്പോലെ ഗൊറില്ലയുടെ ശരീരവും നീണ്ടു കറുത്ത് രോമാവൃതമാണ്. അപൂർവമായേ നിവർന്നു നടക്കൂ. മിക്കപ്പോഴും തറയിൽതന്നെയാണ് കഴിച്ചുകൂട്ടുന്നത്. പഴങ്ങൾ തിന്നാനും ഉറങ്ങാനും മാത്രമേ മരത്തിൽ കയറൂ.

ഗൊറില്ല സസ്യഭുക്കാണ്. സസ്യങ്ങളുടെ വേര്, ഇല, പഴം, മരത്തൊലി എന്നിവ ഭക്ഷിക്കുന്നു.

ഗൊറില്ല സമൂഹജീവിയാണ്. അഞ്ചുമുതൽ ഇരുപതുവരെ അംഗങ്ങൾ ഒരു സമൂഹത്തിൽ ഉണ്ടായിരിക്കും. ഇതിൽ പ്രായമായ ഒരു ഗൊറില്ലയും, ധാരാളം പെൺ ഗൊറില്ലകളും വിവിധ പ്രായത്തിലുള്ള കുഞ്ഞുങ്ങളും ഉണ്ടാകും.

ഗർഭകാലം ഏകദേശം ഒമ്പതു മാസം. നാലു വർഷത്തിലൊരിക്കലേ പ്രസവിക്കൂ. ഒരു പ്രാവശ്യം ഒരു കുഞ്ഞേ ഉണ്ടാകൂ. മൃഗശാലയിൽ 35 വർഷം വരെ ഗൊറില്ല ജീവിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഗോ

ഗോംഗോള

1976-ൽ സൃഷ്ടിക്കപ്പെട്ട നൈജീരിയൻ സംസ്ഥാനം. വടക്കും വടക്കുകിഴക്കും ബോർണോ ബൗച്ചി സംസ്ഥാനങ്ങൾ. പടിഞ്ഞാറും തെക്കുപടിഞ്ഞാറും പ്ലേറ്റോ ബെന്യൂ സംസ്ഥാനങ്ങൾ. തെക്കും കിഴക്കും കാമറൂൺ റിപ്പബ്ലിക്ക്. വിസ്താരം 91,390 ച.കി.മീറ്റർ ജനസംഖ്യ 42,59,700 (1983).

സംസ്ഥാനത്തിൻെറ ഉത്തരഭാഗം ഉഷ്ണമേഖലാപുൽപ്രദേശം (സാവന്ന) ആണ്. നിലക്കടല, പരുത്തി, ചോളം, നെല്ല്, കരിമ്പ് മുതലായവ കൃഷിചെയ്യുന്നു. ആടുമാടുകളെ വളർത്തുന്നവരും ധാരാളമുണ്ട്. പഞ്ഞി, നിലക്കടല, കന്നുകാലികൾ ഇവ ആണു പ്രധാന കയറ്റുമതിച്ചരക്കുകൾ. തെക്കുഭാഗത്ത് എണ്ണപ്പനയും റബറും കൃഷി ചെയ്യുന്നു. ഏറ്റവും തെക്കു കാപ്പി, തേയിലത്തോട്ടങ്ങളും കാലിവളർത്തലുമാണു ജനങ്ങൾക്കു ജോലി നല്കുന്നത്.

മാർഗ, ബാറ്റ, കനൂരി, ഫുൾനായ്, ജൂകും, വെരെ, മംബില്ല മുതലായ വർഗങ്ങളിൽപ്പെട്ട ജനങ്ങളാണ് ഇവിടെയുള്ളത്. ഇരുമ്പ്, കറുത്തീയം, നാകം ഇവ ഖനനം ചെയ്യുന്നു. തുകൽപ്പണി, പായ് നെയ്ത്ത്, മൺപാത്ര നിർമാണം, ലോഹപ്പണി, തുണികളുടെ ചായം മുക്കൽ ഇവയാണു മുഖ്യതൊഴിലുകൾ.

ഗോംബർഗ് റിയാക്ഷൻ (Gomberg reaction)

ബൈ അരൈൽ സംയുക്തങ്ങൾ ഉണ്ടാക്കാനുള്ള ഒരു പൊതുരീതി. ഉദാഹരണമായി പാരാബ്രോമൊ ബെൻസീൻ ഡയസോണിയം ക്ലോറൈഡും ബെൻസീനുമായി ആൽക്കലിയുടെ സാന്നിധ്യത്തിൽ പ്രവർത്തിച്ചു പാരാബ്രോമൊ ബൈഫിനൈൽ ഉണ്ടാകുന്നു.



ഗോകക്, വി.കെ. (1909-   )

കന്നട സാഹിത്യകാരനും കവിയും. മുഴുവൻ പേർ വിനായക കൃഷ്ണ ഗോകക്. ഇംഗ്ലീഷിലും ഇദ്ദേഹം ഏതാനും കൃതികൾ രചിച്ചിട്ടുണ്ട്. ബോംബെയിലും ഓക്സ്ഫെഡിലും വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ഇദ്ദേഹം ധാർവാറിലെ കർണാടകകോളെജിൽ 1959 വരെ പ്രിൻസിപ്പൽ ആയി സേവനമനുഷ്ഠിച്ചു. 1966 മുതൽ '69 വരെ ബാംഗ്ലൂർ സർവകലാശാലയുടെ വൈസ് ചാൻസലറായിരുന്നു. ഇദ്ദേഹത്തിൻെറ വകയായ 20-ലേറെ കൃതികളിൽ *കലോപാസക* (ഭാവഗാനങ്ങൾ, 1934), *ജനനായക* (നാടകം, 1939), *സമുദ്രഗീതകലു* (1940), *ബാദേഗു ലദല്ലി* (1953) (രണ്ടും കവിതാസമാഹാരങ്ങൾ), *സമരസാവേ ജീവന* (നോവൽ, 1954) എന്നീ കന്നഡ ഭാഷാകൃതികളും, *ജീവിതസംഗീതം (The Song of Life*, 1948), *ഭാഷയോടുള്ള കാവ്യമയമായ സമീപനം (The Poetic Approach to Language*, 1952) എന്നീ ഇംഗ്ലീഷ് പുസ്തകങ്ങളും ഉൾപ്പെടുന്നു. 1960-ൽ *ദ്യാവാപൃഥിവി* എന്ന കവിതാസമാഹാരത്തിന് കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. അക്കൊല്ലം തന്നെ പദ്മശ്രീ ബഹുമതിയും ലഭിച്ചു.

പിൽക്കാലത്ത് ഇദ്ദേഹം ഹൈദരാബാദിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇംഗ്ലീഷിൻെറ ഡയറക്ടറും പിന്നീട് സിംലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് അഡ്വാൻസ്ഡ് സ്റ്റഡീസിൻെറ ഡയറക്ടറും ആയി.

1982 മുതൽ '87 വരെ കേന്ദ്രസാഹിത്യ അക്കാദമിയുടെ അധ്യക്ഷനായിരുന്നു. ആ കാലത്ത് അദ്ദേഹം സത്യസായിബാബ ബംഗ്ളൂരിൽ (വേക്ഫീൽഡ്) സ്ഥാപിച്ച സർവകലാശാലയുടെ വൈസ് ചാൻസലറുമായിരുന്നു.

ഗോകർണം

കേരളത്തിൻെറ വടക്കേ അതിർത്തിയായി ഐതിഹ്യങ്ങളിൽ പറയുന്ന പുണ്യസ്ഥലം. ഇപ്പോൾ ഗോകർണം കർണാടക സംസ്ഥാനത്തിലാണ്. ഗോകർണത്ത് ഒരു ശിവക്ഷേത്രമുണ്ട്. ഗോകർണനാഥൻ ആണ് അവിടത്തെ പ്രതിഷ്ഠ. ഗോകർണൻ എന്ന മുനി തപസ്സുചെയ്തിരുന്ന സ്ഥലമായതുകൊണ്ടാണ് ആ പേരു സിദ്ധിച്ചത് എന്നാണു വിശ്വാസം. രാവണൻ കൈലാസത്തിൽനിന്നു കൊണ്ടുവന്ന ശിവലിംഗമാണ് ഗോകർണക്ഷേത്രത്തിലുള്ളതെന്നു പറയപ്പെടുന്നു. ഗോകർണം മുതൽ കന്യാകുമാരിവരെയുള്ള പ്രദേശം പരശുരാമൻ സമുദ്രത്തിൽനിന്നു ഉയർത്തി എടുത്തതാണ് എന്നു പുരാണകഥ പറയുന്നു.

ഗോകുലം

ശ്രീകൃഷ്ണൻെറ വളർത്തച്ഛനായ നന്ദഗോപൻ വാസദേശം. സംസ്കൃതത്തിലെ ഗോകുലം, വ്രജം എന്നീ പേരുകൾക്കു പകരം മലയാളത്തിൽ 'ആമ്പാടി' എന്നാണു പറയുന്നത്. 'ഗോകുലം' എന്ന പദത്തിൻെറ അർഥം പശുക്കൂട്ടം എന്നോ ഗോക്കളുടെ ഗൃഹം എന്നോ ആണ്. ഗോക്കളുടെ വാസദേശം ഗോപ(ഗോപാലക)രടെയും വാസദേശം ആകും. അങ്ങനെയാണ് ഇടയക്കുടി എന്ന അർഥത്തിൽ ഗോകുലം, വ്രജം എന്നീ ശബ്ദങ്ങൾ പ്രചാരത്തിൽ വന്നത്. 'ആ' തമിഴിൽ 'പശു' ആണ്. 'ആയൻ' ഗോപനും. ആയൻപാടി ഗോപഗൃഹം ആണ്.

'ആയൻപാടി' ചുരുങ്ങി ആമ്പാടി ആയി.

നന്ദഗോപരും ശ്രീകൃഷ്ണനും വസിച്ചിരുന്നത് ആദ്യം 'ബൃഹദ്വന'ത്തിലാണ്. പൂതന, ശകടാസുരൻ, തൃണാവർത്തൻ മുതലായവരുടെ ഉപദ്രവം കാരണം നന്ദൻ ബന്ധുമിത്രങ്ങളോടൊപ്പം ബൃഹദ്വനത്തിൽനിന്നു വൃന്ദാവനത്തിലേക്കു മാറി താമസിച്ചു. ഈ രണ്ടു സ്ഥലങ്ങളെയും സൂചിപ്പിക്കാൻ സംസ്കൃതത്തിൽ പ്രജഗോകുലാദി പദങ്ങളും മലയാളത്തിൽ 'ആമ്പാടി' എന്ന പദവും ഉപയോഗിക്കുന്നു.

ഗോകുൽനാഥ് (1621–1640)

വല്ലഭഭക്തി പ്രസ്ഥാനത്തിന്റെ പ്രചാരകൻ. വൈഷ്ണവഭക്തന്മാരെ ഒന്നിപ്പിക്കാൻ പ്രഭാഷണങ്ങളിലൂടെയും ഗ്രന്ഥരചനയിലൂടെയും നിരന്തരം പരിശ്രമിച്ച പണ്ഡിതനാണു ഗോകുൽനാഥ്.

1621-ൽ പ്രയാഗയിൽ ജനിച്ചു. ഹിന്ദിയിലും സംസ്കൃതത്തിലും പാണ്ഡിത്യംനേടിയശേഷം വൈഷ്ണവഭക്തിപ്രചാരകനായി രാജ്യസഞ്ചാരം ചെയ്തു. *വാർത്താസാഹിത്യം* എന്ന ഗ്രന്ഥം ഇദ്ദേഹത്തിന്റെ പ്രഭാഷണങ്ങളുടെ സമാഹാരമാണ്. *ചൗരാസീവൈഷ്ണവോം കീ വാർത്താ, ദോ സൗവൈഷ്ണവോം കീ വാർത്താ* എന്നിവയാണ് ഇദ്ദേഹത്തിന്റെ പ്രധാന കൃതികൾ.

ഗോഖലേ, അരവിന്ദ വിഷ്ണു (1919—)

മറാഠി ചെറുകഥാകൃത്ത്. സത്താറാജില്ലയിലെ ഇസ്ലാംപൂരിൽ 1919 ഫെബ്രു. 19-നു ജനിച്ചു. വിസ്കോൺസിൻ സർവകാലാശാലയിൽനിന്ന് പത്രപ്രവർത്തനത്തിൽ മാസ്റ്റർ ബിരുദം നേടി. ചെറുകഥാരചനയ്ക്ക് മഹാരാഷ്ട്ര സംസ്ഥാന അവാർഡും എൻകൗണ്ടർ മാസികയുടെ സമ്മാനവും ലഭിച്ചു. നവീന ചെറുകഥാപ്രസ്ഥാനത്തിലാണ് ഇദ്ദേഹത്തിനു സ്ഥാനം. വൈവിധ്യമാർന്ന ചുറ്റുപാടുകളും കഥാപാത്രങ്ങളും കൈകാര്യം ചെയ്യുക, അതിസാധാരണത്വത്തിലും അദ്ഭുതം കണ്ടെത്തുക, സാമൂഹികബോധം കൈവെടിയാതെ ശില്പഭംഗി കൈവരിക്കുക എന്നിവയൊക്കെ സവിശേഷതയാണ്. തീരെ ചെറിയവരായ സാധാരണ മനുഷ്യരിൽ മഹത്വം കണ്ടെത്തുന്ന സന്ദർഭങ്ങൾ ധാരാളമുണ്ട്. *നജ്‌രംഗ്, മേഹർ, മിഥില, രിക്ത, നകോഹി* എന്നീ ചെറുകഥാസമാഹാരങ്ങളും *സമാന്തർ* എന്ന ഉപന്യാസ സമാഹാരവും ആണ് പ്രധാന കൃതികൾ. നാല്പതു ഗ്രന്ഥങ്ങളായി സമാഹരിച്ച എണ്ണൂറോളം കഥകൾ എഴുതി. കേന്ദ്ര സാംസ്കാരികവകുപ്പിന്റെ ഫെലോഷിപ്പ് ലഭിച്ചിട്ടുണ്ട്.

ഗോഖലേ, ഡി.എൻ. ഡോ. (1922–)

മറാഠി സാഹിത്യകാരൻ. 1922 സെപ്റ്റംബർ 20-നു മഹാരാഷ്ട്രയിലെ കൊളാബജില്ലയിൽ ജനിച്ചു. മുഴുവൻ പേര് ദത്താത്രേയ നരസിംഹ ഗോഖലേ. 1944-ൽ ബോംബെ സർവകലാശാലയിൽനിന്ന് ബി.എ. ഓണേഴ്സും 52-ൽ പി.എച്ച്ഡിയും നേടി. 1969-ൽ അധ്യാപകർക്കുള്ള ദേശീയ അവാർഡ് ലഭിച്ചു. *ജ്ഞാനകോശകാർ കേത്കർ* (1959), *ക്രാന്തിവീർ ബാബാറാവു സവർക്കർ* (1947) എന്നീ ജീവചരിത്രങ്ങളാണ് മുഖ്യകൃതികൾ. ഇംഗ്ലീഷിൽ *റിഫോം ഒഫ് എക്സാമിനേഷൻസ് (Reform of Examinations*–1970) എന്ന പുസ്തകമെഴുതിയിട്ടുണ്ട്.

ഗോഗുണ്ട യുദ്ധം (1576)

ഗോഗുണ്ടയ്ക്കടുത്തു ഹൽദിഘട്ട് ചുരത്തിൽവച്ച് 1576-ൽ മുഗൾചക്രവർത്തി അക്ബറും മേവാഡിലെ റാണാപ്രതാപസിംഹും തമ്മിലുണ്ടായ യുദ്ധം. മുഗൾപട്ടാളത്തെ നയിച്ചിരുന്നത് അംബരിലെ കുൻവർ മാൻസിംഹ് ആയിരുന്നു. പ്രതാപസിംഹ് ധീരമായി പോരാടിയെങ്കിലും അവസാനം തോറ്റോടി രക്ഷപ്പെട്ടു. 1597-ൽ മരിക്കുന്നതുവരെ പ്രതാപസിംഹ് അക്ബറെ എതിർത്തിരുന്നു. അതിനുശേഷം മേവാഡ് മുഗൾ സാമ്രാജ്യത്തോടു ചേർക്കപ്പെട്ടു.

ഗോഗ്രാനദി

ഗംഗയുടെ ഇടതുകരയിലെ പ്രധാന പോഷകനദി. തിബത്തിലെ രാകാസ് തടാകത്തിന്റെ പടിഞ്ഞാറുവശത്തുനിന്ന് ഉദ്ഭവിക്കുന്നു. ഉദ്ഭവസ്ഥാനത്തുനിന്നു തെക്കുകിഴക്കായി ഒഴുകി നേപ്പാളിൽ പ്രവേശിച്ച് ആദ്യം തെക്കുപടിഞ്ഞാറോട്ടും, പിന്നെ പടിഞ്ഞാറോട്ടും അതിനുശേഷം തെക്കുകിഴക്കോട്ടും ഒഴുകുന്നു. ഈ ഗതിയിൽ ശിവാലിക് പർവതനിരയിൽ ആഴമേറിയ ഒരു ഗഹ്വരം ഉണ്ടാക്കിക്കൊണ്ട് രണ്ടു കൈവഴികളായി ഇന്ത്യയിൽ പ്രവേശിക്കുന്നു. ഈ കൈവഴികളിൽ വലതിനു കൗറിയാല എന്നും, ഇടതിനു ഗിർവ എന്നുമാണു പേർ. 12.8 കി. മീറ്റർ ഈവിധം ഒഴുകി കൗറിയാലഘട്ടിൽവച്ചു രണ്ടു കൈവഴികളും ഒന്നുചേർന്നു ഗോഗ്രാനദിയായി തെക്കുകിഴക്കോട്ട് ഒഴുകുന്നു. ഫൈസാബാദ്, അയോധ്യ, താണ്ട, ബർഹാജ് എന്നിവയ്ക്കു സമീപംകൂടിയാണ് നദിയുടെ ഗതി. ചാപ്രയ്ക്കു കീഴ്‌വശംവച്ച് ഗംഗയിൽ ചേരുന്നു. ഉദ്ദേശം 1024 കി. മീ. നീളമുണ്ട്. നേപാളിൽവച്ചു കർണാലി എന്നറിയപ്പെടുന്ന ഈ നദിയിൽ വലതുഭാഗത്തു സേഥിയും ഇടതുഭാഗത്തു ഭേരിയും പോഷകനദികളായി വന്നുചേരുന്നു. ഇന്ത്യയിൽ എത്തിയതിൽപ്പിന്നെ വലതുഭാഗത്തു ശാരദാനദിയും ഇടതുഭാഗത്തു താപ്തിനദിയും വന്നുചേരുന്നുണ്ട്. ഈ നദിയിലൂടെ ചരക്കുഗതാഗതമുണ്ട്.

ഗോട്ട്‌ലൻഡ് (Gotland)

തെക്കൻ ബാൾട്ടിക്ക് കടലിൽ സ്വീഡന്റെ വകയായ ഒരു ദ്വീപ്. ഫറൂ, സാൻേറാ മുതലായ ചെറുദ്വീപുകളുമായി കൂടിച്ചേർന്ന് ഒരു പ്രവിശ്യയായി കിടക്കുന്നു. 3140 ച. കി. മീറ്ററാണു വിസ്തൃതി. ജനസംഖ്യ 56,200 (1981). സഞ്ചാരികളെ ആകർഷിക്കുന്ന ഒരു ഭൂഭാഗമാണിത്.

പണ്ടു മുതലേ ഈ ദ്വീപ് വാണിജ്യ-നാവികകേന്ദ്രമായിരുന്നു. തുടർന്നുള്ള കാലങ്ങളിലും സ്വീഡൻ, ഡെന്മാർക്ക്, ജെർമനി, പൂർവയൂറോപ്പ് മുതലായ പ്രദേശങ്ങളുമായി ഗോട്ട്‌ലൻഡ് വാണിജ്യം നടത്തിപ്പോന്നു. എ.ഡി. ഒമ്പതാം നൂറ്റാണ്ടു മുതല്ക്കേ ഗോട്ട്‌ലൻഡ് സ്വീഡന്റെ ഭാഗമാണ്. അക്കാലങ്ങളിൽത്തന്നെ അവിടെ നിരവധി പള്ളികൾ സ്ഥാപിക്കപ്പെട്ടിരുന്നു. ഇന്നും ഈ പുരാതനദേവാലയങ്ങളുടെ അവശിഷ്ടങ്ങൾ മുഖ്യനഗരമായ വിസ്ബിയിൽ കാണാം.

ഈ ദ്വീപ് സമനിരപ്പായ പീഠഭൂമികളായി നിലകൊള്ളുന്നു. കാലാവസ്ഥ മിതോഷ്ണമാണ്. പൊതുവെ ഫലഭൂയിഷ്ഠമാണു മണ്ണ്. ഗോതമ്പ്, ഓട്സ്, ബാർലി എന്നിവ കൃഷിചെയ്യുന്നു. ബാർലി സമീപപ്രദേശങ്ങളിലുള്ള വാറ്റുശാലകളുടെ ആവശ്യത്തിനായി കയറ്റി അയയ്ക്കുന്നു. മധുരക്കിഴങ്ങ് ഈ ദ്വീപിൽ വളരുന്നു. ഇതിൽനിന്നു പഞ്ചസാരയെടുക്കുന്ന തൊഴിൽശാലകൾ ദ്വീപിൽ അങ്ങിങ്ങായുണ്ട്.

കന്നുകാലിവളർത്തലാണു ജനങ്ങളുടെ മറ്റൊരു ആദായമാർഗം. റോമാ എന്ന സ്ഥലത്തു ഗവൺമെന്റുവക കന്നുകാലിവളർത്തൽ കേന്ദ്രമുണ്ട്. ചുണ്ണാമ്പ്, കുമ്മായം, സിമന്റ് എന്നിവ ചെറിയ തോതിൽ ഉത്പാദിപ്പിക്കുന്നു.

റോമാ, ഹെംസാ എന്നിവിടങ്ങളിലെ ദേവാലയങ്ങളിൽ കലാസുന്ദരമായ ചുവർചിത്രങ്ങൾ കാണാം. ഗോട്ട്‌ലാൻഡിലെ ജനങ്ങൾ സ്വീഡനിലെങ്ങുമില്ലാത്ത ഒരു പ്രത്യേക ഭാഷ സംസാരിക്കുന്നു. ജനസാന്ദ്രത ച. കി. മീറ്ററിന് 17.4.

ഗോട്ട്‌വാൾഡ്, ക്ലെമെന്റ് (1896–1953)

ചെക്കസ്ലവാക്യയിലെ കമ്യൂണിസ്റ്റ് നേതാവ്. ചെക്കസ്ലവാക്യൻ ജനകീയ ജനാധിപത്യറിപ്പബ്ലിക്കിന്റെ ആദ്യത്തെ കമ്യൂണിസ്റ്റ് പ്രസിഡന്റായിരുന്ന ഇദ്ദേഹം മൊറേവിയയിൽ ഒരു ചെറുകർഷകകുടുംബത്തിലാണു ജനിച്ചത് (1896 നവംബർ 23). 12-ാമത്തെ വയസ്സിൽ ക്ലെമെന്റ് പണിക്കുപോകാൻ തുടങ്ങി. 1912-ൽ സോഷ്യൽ ഡെമോക്രാറ്റിക് യുവജനപ്രസ്ഥാനത്തിൽ ചേർന്നു.

1918-ലാണ് ചെക്കസ്ലവാക്യൻ റിപ്പബ്ലിക് സ്ഥാപിക്കപ്പെട്ടത്. ഗോട്ട്‌വാൾഡ് സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയിലെ ഇടതുപക്ഷത്തിന്റെ നേതാക്കളിൽ ഒരാളായിരുന്നു. ആ ഇടതുപക്ഷമാണ് 1921-ൽ ചെക്കസ്ലവാക്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപനത്തിന് അടിത്തറപാകിയത്. 1922–'25-ൽ ഗോട്ട്‌വാൾഡ് സ്ലോവാക്ക് കമ്യൂണിസ്റ്റ് പാർട്ടിപത്രങ്ങളുടെ എഡിറ്ററായിരുന്നു; 1926–'29 കാലത്ത് പാർട്ടി കേന്ദ്രക്കമ്മിറ്റി പ്രചാരണവകുപ്പിന്റെ തലവനായി പ്രവർത്തിച്ചു.

1929-ൽ ചേർന്ന ചെക്കസ്ലവാക്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ അഞ്ചാം കോൺഗ്രസ്, പാർട്ടിയുടെ ചരിത്രത്തിൽ ഒരു നാഴികക്കല്ലായിരുന്നു. പാർട്ടിക്കുള്ളിൽ വളർന്നുവന്നിരുന്ന തെറ്റായ ചിന്താഗതികൾക്കെതിരായ സമരത്തിനു നേതൃത്വം കൊടുത്തതു ക്ലെമെന്റ് ഗോട്ട്‌വാൾഡ് ആണ്. ഗോട്ട്‌വാൾഡ് പാർട്ടിയുടെ ജനറൽ സെക്രട്ടറിയായി. അക്കൊല്ലംതന്നെ പാർലമെന്റ് മെമ്പറുമായി.

ആ ഘട്ടത്തിലുണ്ടായ ലോകസാമ്പത്തികക്കുഴപ്പം കാരണമാക്കി കൂലി കുറച്ചപ്പോൾ തൊഴിലാളികളുടെ സമരങ്ങൾ സംഘടിപ്പിക്കുന്നതിൽ ചെക്കസ്ലവാക്യയിലെ കമ്യൂണിസ്റ്റ് പാർട്ടി നേതൃത്വം നല്കി.

ഹിറ്റ്ലറുടെ കയ്യേറ്റശ്രമം ചെക്കസ്ലവാക് റിപ്പബ്ലിക്കിന്റെ സ്വാതന്ത്ര്യം അപകടത്തിലാക്കി. ഈ ആപത്തിനെതിരായി രാഷ്ട്രീയാഭിപ്രായവ്യത്യാസം കൂടാതെ എല്ലാ തൊഴിലാളികളെയും ഐക്യമുന്നണിയിൽ കൊണ്ടുവരുന്നതിനു ഗോട്ട്‌വാൾഡിന്റെ നേതൃത്വത്തിൽ കമ്യൂണിസ്റ്റ് പാർട്ടി മുൻകൈയെടുത്തു.

രണ്ടാം ലോകമഹായുദ്ധകാലത്തു ഫാസിസ്റ്റ് ആക്രമണകാരികൾക്കെതിരായി ജനങ്ങളുടെ സായുധചെറുത്തുനില്പ് പ്രസ്ഥാനം സംഘടിപ്പിക്കുന്നതിൽ ചെക്കസ്ലവാക്യയിലെ കമ്യൂണിസ്റ്റ് പാർട്ടിയെ ഗോട്ട്‌വാൾഡ് നയിച്ചു. ചെക്ക്-സ്ലവാക്കുജനതകളെ ഒരൊറ്റ ദേശീയ വിമോചനമുന്നണിയിൽ യോജിപ്പിക്കാനുള്ള കമ്യൂണിസ്റ്റ് പാർട്ടിയുടെ ശ്രമം വിജയിച്ചു. നാടുവിട്ടുപോയ പഴയ ഭരണാധികാരികളുടെ അനുയായികളും ഈ മുന്നണിയിൽ ചേർന്നു. ഭാവിയിലെ ജനകീയഭരണത്തിന്റെ പ്രാഗ്‌രൂപങ്ങളായ ദേശീയക്കമ്മിറ്റികൾ എല്ലാ സ്ഥലത്തും ഉയർന്നുവന്നു. 1944-ൽ നടന്ന കലാപത്തോടെ സമരം ആദ്യത്തെ വിജയം നേടി. സോവിയറ്റു സൈന്യത്തിന്റെ സഹായത്തോടെ രാജ്യം മോചിപ്പിക്കപ്പെട്ടു. 1945 ആദ്യം കോഷിറ്റ്സേ എന്ന സ്ഥലത്തു താത്കാലിക ചെക്കസ്ലവാക്യൻ ദേശീയ മുന്നണിഗവൺമെന്റു രൂപം കൊണ്ടു. ആ ഗവൺമെന്റിൽ ഉപപ്രധാനമന്ത്രിയായിരുന്നു ഗോട്ട്‌വാൾഡ്.

1945 മെയ്മാസത്തിൽ സോവിയറ്റു സൈന്യം ചെക്കസ്ലവാക്യയെ പൂർണമായി മോചിപ്പിച്ചു. വിമോചനത്തിനുശേഷം നടന്ന ആദ്യത്തെ പൊതുതിരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് പാർട്ടി ഏറ്റവും കൂടുതൽ സീറ്റുകൾ നേടി. ഗോട്ട്‌വാൾഡ് പ്രധാനമന്ത്രിയായി ദേശീയ മുന്നണിയുടെ കൂട്ടുഗവൺമെന്റ് രൂപവത്കരിച്ചു. ചെക്കസ്ലവാക്യ ജനകീയ-ജനാധിപത്യ റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെട്ടു.

പുതിയ ഭരണഘടന തയ്യാറാക്കുന്നതിൽ ഗോട്ട്‌വാൾഡ് പ്രധാന പങ്കുവഹിച്ചു. ആ ഭരണഘടനപ്രകാരം ആദ്യത്തെ പ്രസിഡന്റായി ഗോട്ട്‌വാൾഡ് തിരഞ്ഞെടുക്കപ്പെട്ടു.

അതേവർഷംതന്നെ ചെക്കസ്ലവാക്യയിലെ സോഷ്യലിസ്റ്റ് പാർട്ടി കമ്യൂണിസ്റ്റ് പാർട്ടിയിൽ ലയിച്ചു. പാർട്ടിയുടെ 9-ാം കോൺഗ്രസ്സ് (1949 മെയ്) കരുപ്പിടിച്ച പരിപാടി നടപ്പിൽവരുത്തുന്നതിനു നേതൃത്വം കൊടുത്തുകൊണ്ടിരിക്കവെ 1953 മാർച്ച്മാസത്തിൽ ഗോട്ട്‌വാൾഡ് അന്തരിച്ചു.

ഗോട്ട്‌വാൾഡ് ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ എണ്ണപ്പെട്ട നേതാക്കന്മാരിലൊരാൾ കൂടിയായിരുന്നു. 1928-ൽ അദ്ദേഹം കമ്യൂണിസ്റ്റ് ഇന്റർനാഷനലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. 1935 മുതൽ 1943 വരെ അദ്ദേഹം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സെക്രട്ടറിമാരിലൊരാളുമായിരുന്നു.

ഗോട്ടുവാദ്യം

കർണാടകസംഗീതത്തിന്റെ അധിഷ്ഠാനവാദ്യമായ വീണയുടെ പ്രകാരാന്തരമായ വാദ്യവിശേഷം. മഹാനാടകവീണ എന്നും പേരുണ്ട്. ഇതു പ്രധാന വാദ്യമായിവച്ചു കച്ചേരികൾ നടത്തിവരുന്നു. വളരെ പഴക്കമുള്ളതല്ല ഈ വാദ്യം. ഗവേഷകന്മാർ സരസ്വതിവീണയ്ക്ക് അറുനൂറിലധികം കൊല്ലത്തെ പഴക്കമുണ്ടെന്നു പറയുന്നു. എന്നാൽ മഹാനാടകവീണയ്ക്ക് അതിൽ പകുതിയോളം കാലത്തെ പഴക്കം മാത്രമേ ഉള്ളൂ.

ആകൃതിയിലും കുറെയൊക്കെ പ്രകൃതിയിലും സരസ്വതിവീണപോലെയുള്ള ഗോട്ടുവാദ്യം, വായിക്കുന്നയാളുടെ മുമ്പിൽ വയ്ക്കുന്നു. മൊട്ടുകളിൽ കട്ടയുപയോഗിച്ച് ഉരസിയമർത്തിയാണു വായിക്കുന്നത്. 'ജാരു' മുതലായ ചില ഗമകങ്ങളും ശബ്ദവൈചിത്ര്യങ്ങളും മറ്റും വളരെ വ്യക്തമായി വായിക്കാം. ആകയാൽ രാഗങ്ങളുടെ പ്രവാഹം കർണാനന്ദകരമായിരിക്കും. രാഗരൂപങ്ങളുടെ വൈകാരികഭാവങ്ങൾ ആവിഷ്കരിക്കാനുള്ള കെല്പ് വാദ്യത്തിനുണ്ട്. ഇങ്ങനെ പല സവിശേഷതകളും ഉണ്ടെങ്കിലും ഇതു പ്രധാന വാദ്യമായി ഉപയോഗിച്ചു നടത്തുന്ന കച്ചേരികൾക്കു ഏറെ പഴക്കമില്ല. മുമ്പ് ഉപയോഗപ്പെടുത്തിയിരുന്നതു ഗേയനാടകങ്ങളിൽ മാത്രമാണ്. സരസ്വതിവീണയുടെ രൂപത്തിൽ ഇന്നുള്ളപോലെ ഗോട്ടുവാദ്യം ആദ്യമായി രൂപപ്പെടുത്തിയിട്ട് നൂറ്റമ്പതിലധികം കൊല്ലമായിട്ടില്ലെന്നറിയുന്നു.



ഗോട്ടുവാദ്യം

ദ്രുതകാലം സുഗമമായ ഇതിൽ വായിക്കുവാൻ സാധ്യമല്ല. മധ്യമകാലം വായിക്കുവാൻതന്നെ നല്ലതുപോലെ ശ്രമിക്കണം. അങ്ങനെ അതിസാധകം വേണ്ടിവരുന്നതുകൊണ്ടാവാം, ഈ വാദ്യത്തിൽ അധികം പ്രയോക്താക്കൾ ഉണ്ടാവാത്തത്.

ദേവക്കോട്ട നാരായണയ്യങ്കാർ, സഖാരാമറാവു, രവികിരൺ തുടങ്ങിയവരാണു പ്രസിദ്ധ ഗോട്ടുവാദ്യക്കാർ.

ഗോഡാർഡ്, റോബർട്ട് ഹച്ചിങ്സ്

(1882–1945)

യു.എസ്. ഭൗതികശാസ്ത്രജ്ഞനും റോക്കറ്റ്റിയുടെ ഉപജ്ഞാതാവും (Robert Hutchings Goddard). മസച്ചുസെറ്റ്സിലെ വഴ്സെസ്റ്ററ്റിൽ 1882 ഒക്റ്റോബർ 5-ാം തീയതി ജനിച്ചു. പതിനാറുവയസ്സ് തികയുന്നതിനുമുമ്പുതന്നെ ബഹിരാകാശസഞ്ചാര വിഷയങ്ങളിൽ തത്പരനായിത്തീർന്നു. ജന്മസ്ഥലത്തെ പോളിടെക്നിക്ക് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് 1908-ൽ ആദ്യബിരുദം നേടി. ബഹിരാകാശസഞ്ചാരയാത്രകൾക്കാവശ്യമായ യാനപാത്രങ്ങളെപ്പറ്റിയും, സംരക്ഷണനടപടികളെ സംബന്ധിച്ചും ദീർഘദർശനം ചെയ്യുന്ന കാര്യങ്ങൾ കുറിപ്പുകളായി രേഖപ്പെടുത്തിയിരുന്നു. 114-ൽ ക്ലാർക്ക് സർവകലാശാലയിലെ ഫാക്കൽറ്റിയിൽ ചേർന്നു. 1919-1943 വരെ അവിടെ പ്രൊഫസറായി സേവനമനുഷ്ഠിച്ചു.



റോക്കറ്റ് സിദ്ധാന്തത്തെപ്പറ്റിയുള്ള മൗലികവസ്തുതകൾ 1914-'16 കാലത്ത് സ്വരൂപിക്കുകയും പ്രസക്തങ്ങളായ ചില പരീക്ഷണങ്ങൾ നടത്തുകയും ചെയ്തു. അവയുടെ റിപ്പോർട്ടുകൾ (Method of Reaching Extreme Altitudes) സ്മിത്‌സോനിയൻ ഇൻസ്റ്റിറ്റ്യൂഷനിൽനിന്ന് ധനസഹായം സിദ്ധിക്കുവാൻ സാഹചര്യമുണ്ടാക്കി. ലോകത്ത് ആദ്യമായി ദ്രാവക ഇന്ധനമുപയോഗിച്ചുള്ള ഒരു റോക്കറ്റ് വിക്ഷേപിക്കുന്ന കാര്യത്തിൽ 1926-ൽ ഗോഡാർഡ് വിജയിച്ചു. 1930-നു ശേഷം കൂടുതൽ ഗഹനവും സാങ്കേതികവും ആയ വിഷയങ്ങളിലാണ് വ്യാപൃതനായത്. രണ്ടാം ലോകയുദ്ധകാലത്ത് യു.എസ്. നാവികവകുപ്പിൽ സേവനം നടത്തി. 1945 ആഗസ്റ്റ് 10-നു ബാൾടിമോറിൽ അന്തരിച്ചു.

മുഖ്യ പ്രബന്ധങ്ങൾ: Liquid– Propellant Rocket Development (1936); Rocket Development (1929–'41); Papers of Robert H. Goddard. (1970).

ഗോഡ്‌വിൻ-ഓസ്റ്റെൻ (1834–1923)

ഹിമാലയപംക്തികളിൽ പഠനപര്യടനങ്ങൾ നടത്തിയ ബ്രിട്ടീഷ് ശാസ്ത്രജ്ഞൻ. 1851-ൽ സൈനികസേവനത്തിനായി ഇന്ത്യയിലെത്തിയ ഇദ്ദേഹം 1857-ൽ ഇന്ത്യയിലെ ട്രിഗണോമെട്രിക്കൽ സർവേയിൽ അംഗമായിച്ചേർന്നു. ഹിമാലയപർവതപംക്തികളിൽ ഇദ്ദേഹം പര്യടനം നടത്തി. കാരക്കോറ മലയിലെ ബാൾടോറോപ്രദേശങ്ങൾ ആദ്യമായി സർവേ ചെയ്തു. ഈ പ്രദേശങ്ങളുടെ ആദ്യത്തെ ഭൂപടങ്ങൾ തയാറാക്കിയതും ഗോഡ്‌വിൻ-ഓസ്റ്റെനായിരുന്നു. ലോകത്തിലെ ഏറ്റവും ഉയരംകൂടിയ രണ്ടാമത്തെ കൊടുമുടിയായ 'കെ 2' (K 2, 8628 മീറ്റർ) ഇദ്ദേഹം കണ്ടെത്തിയതോടുകൂടി അതിന് ഗോഡ്‌വിൻ ഓസ്റ്റെൻമൗണ്ട്എന്ന പേരു നല്കി (1888). (പക്ഷെ, ഈ പേർ പിൽക്കാലത്ത് ഉപയോഗിക്കാതെയായി) *ഓൺ ലാൻഡ് ആൻഡ് ഫ്രെഷ്‌വാട്ടർ മൊളസ്ക ഒഫ് ഇന്ത്യ* (1882) *ദി ഫോണ ഒഫ് ബ്രിട്ടീഷ് ഇന്ത്യ* (1908) എന്ന ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

ഗോഡ്‌വിൻ-ഓസ്റ്റെൻ കൊടുമുടി

ലോകത്തിലെ എറ്റവും പൊക്കംകൂടിയ കൊടുമുടികളിൽ രണ്ടാമത്തേത്. അതു കണ്ടുപിടിച്ച †ഗോഡ്‌വിൻ-ഓസ്റ്റെന്റെ പേരുതന്നെ അതിനു നല്കി. 'K 2' എന്ന പേരും ഇതിനു പറയാറുണ്ട്. ഉയരം 8,611 മീറ്റർ (28,250 അടി). ആദ്യം മോണ്ട് ഗോമറി ദൂരെനിന്ന് ഇതുകണ്ടെങ്കിലും പൊക്കം കൃത്യമായി തിട്ടപ്പെടുത്തിയത് ഗോഡ്‌വിൻ-ഓസ്റ്റെൻ ആണ്.

ഗോഡ്‌വിൻ, വില്യം (1756–1836)

ഇംഗ്ലീഷ് സാഹിത്യകാരനും തത്ത്വചിന്തകനും. 1756 മാർച്ച് 3-ന്, കേംബ്രിജ്ഷയറിലെ വിസ്ബെക്കിൽ ജനിച്ചു. ഗോഡ്‌വിന്റെ ചിന്താഗതി യുക്തിപ്രധാനവും അരാജകത്വപരവുമാണ്. *ഇംഗ്ലീഷ് കോമൺവെൽത്തിന്റെ ചരിത്രം* (1828) ആണ് ഇദ്ദേഹത്തിന്റെ പ്രധാന കൃതികളിലൊന്ന്. *രാഷ്ട്രീയനീതി* (1793)യാണ് മറ്റൊരു പുസ്തകം. യാഥാസ്ഥിതികനായ എഡ്മണ്ട് ബർക്കിന് ചിന്താമണ്ഡലത്തിലുണ്ടായിരുന്ന ഏറ്റവും വലിയ പ്രതിയോഗി ഗോഡ്‌വിനായിരുന്നു. 'ദൈവത്തിനുപോലുമില്ല സ്വേച്ഛാധിപതിയാകാനാവകാശം' എന്നദ്ദേഹം 1785-ൽ പ്രഖ്യാപിച്ചു.

1796-ൽ ഗോഡ്‌വിൻ സ്വതന്ത്രചിന്താഗതിക്കാരിയായ മേരി വോൾസ്റ്റോൺക്രാഫ്റ്റിനെ വിവാഹം കഴിച്ചു. ഇവരുടെ പുത്രിയായ മേരിയാണു ഷെല്ലിയുടെ രണ്ടാമത്തെ ഭാര്യ.

ഗോഡ്‌വിന്റെ *കാലെബ വില്യംസ്* (1794) എന്ന രാഷ്ട്രീയനോവൽ ഇന്നും നല്ലൊരുവിഭാഗം വായനക്കാരെ ആകർഷിക്കുന്നുണ്ട്.

ഗോണിയോമീറ്റർ

ക്രിസ്റ്റൽവിജ്ഞാനീയത്തിലെ ഒരുപകരണം. ക്രിസ്റ്റലുകളുടെ കോണുകൾ കണക്കാക്കുന്നതിന് ഉപയോഗിക്കുന്നു. സംസ്പർശഗോണിയോമീറ്റർ, പ്രതിഫലനഗോണിയോമീറ്റർ, എക്സ്-റേ ഗോണിയോമീറ്റർ എന്നിങ്ങനെ മൂന്നുതരമുണ്ട്. അങ്കനം ചെയ്യപ്പെട്ടിട്ടുള്ള അർധവൃത്തവും അതിന്റെ മധ്യഭാഗത്ത് ഉറപ്പിച്ചിട്ടുള്ള രണ്ടു ലോഹദണ്ഡുകളുമാണ് ആദ്യത്തതിന്റെ മുഖ്യഭാഗങ്ങൾ. ക്രിസ്റ്റലിന്റെ രണ്ടു പാർശ്വങ്ങൾക്കിടയിലുള്ള അരികിനു ലംബമായി വരത്തക്കവണ്ണം ഉപകരണംവച്ചു ദണ്ഡുകളെ പാർശ്വങ്ങളുമായി മുട്ടിക്കുന്നു. ദണ്ഡുകൾക്കിടയ്ക്കുള്ള കോൺ അർധവൃത്തത്തിൽനിന്നും അറിയാം. ഇതുപയോഗിച്ചാൽ വലിയ ക്രിസ്റ്റലുകളുടെ കോൺ ഏകദേശമായി കണക്കാക്കാമെന്നേയുള്ളു. വളരെ സൂക്ഷ്മതയുള്ള ഉപകരണമാണു പ്രതിഫലനഗോണിയോമീറ്റർ. മിനുസമായ വശങ്ങളുള്ള ചെറിയ ക്രിസ്റ്റലുകളുടെ കോൺ അളക്കുന്നതിനാണ് ഇത് ഉപയോഗിക്കുന്നത്. അങ്കനംചെയ്യപ്പെട്ട വൃത്തമാണ് ഈ ഉപകരണത്തിന്റെയും മുഖ്യഭാഗം. ക്രിസ്റ്റലിനെ വൃത്തത്തിലുറപ്പിച്ച് അതിന്റെ പാർശ്വങ്ങൾക്കിടയ്ക്കുള്ള അരികിനോടു സമാന്തരമായ അക്ഷത്തെ കേന്ദ്രമാക്കി തിരിക്കുന്നു. അപ്പോൾ ഒരു പാർശ്വത്തിൽനിന്നും പ്രതിഫലിച്ചുണ്ടായ പ്രതിബിംബം ആദ്യത്തെ പാർശ്വത്തിൽനിന്നും പ്രതിഫലിച്ചുണ്ടായ പ്രതിബിംബത്തിന്റെ അതേസ്ഥാനത്തുതന്നെ വരുന്നു. ക്രിസ്റ്റൽ തിരിഞ്ഞ കോൺതന്നെയാണ് ഇരുപാർശ്വങ്ങളിൽനിന്നുമുള്ള ലംബങ്ങളുടെയിടയ്ക്കുള്ള കോൺ. ഈ തത്ത്വത്തെ ആധാരമാക്കി പലതരം പ്രതിഫലനഗോണിയോമീറ്ററുകളും ഉപയോഗത്തിലുണ്ട്. ക്രിസ്റ്റൽ മാതൃദ്രാവകത്തിൽ വളർന്നുകൊണ്ടിരിക്കുമ്പോൾ കോൺ അളക്കുന്നതിനുള്ള ഗോണിയോമീറ്ററിന്റെ മുഖ്യഭാഗങ്ങൾ അങ്കനംചെയ്തിട്ടുള്ള കറങ്ങുന്ന തട്ടും 'ക്രോസ്‌വയർ' ഉറപ്പിച്ചിട്ടുള്ള സാധാരണ മൈക്രോസ്കോപ്പുമാണ്. ക്രിസ്റ്റലുകളിൽനിന്നുമുള്ള എക്സ്-റേ പ്രതിഫലനങ്ങൾ രേഖപ്പെടുത്തുന്നതിനാണ് എക്സ്-റേഗോണിയോമീറ്റർ ഉപയോഗിക്കുന്നത്.



ഗോണിയോമീറ്റർ

ഗോണ്ടുകൾ

മധ്യഭാരതത്തിലെ മുഖ്യ ആദിവാസികൾ. ഇന്ത്യയിലെ ദ്രാവിഡവംശജരായ ആദിവാസികളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന വർഗമാണു ഗോണ്ടുകൾ. ഇവരുടെ ജനസംഖ്യ മുപ്പതുലക്ഷത്തോളം വരും (1981). ഭൂരിപക്ഷവും മധ്യപ്രദേശിലാണ്. മഹാരാഷ്ട്രം, ആന്ധ്രപ്രദേശം, ഒറീസ്സ എന്നീ സംസ്ഥാനങ്ങളിലും ഇവരെ കാണാം. ഗോണ്ഡി എന്ന ദ്രാവിഡഭാഷയാണു ഭൂരിപക്ഷവും സംസാരിക്കുന്നതെങ്കിലും (ഈ ഭാഷയ്ക്കു ലിപിയില്ല) മറാഠി, തെലുങ്ക് എന്നിവയുടെ ദേശ്യഭേദങ്ങളും അതതുദേശത്തെ ഗോണ്ടുകൾ സംസാരിക്കുന്നുണ്ട്. ഇവരിൽ ഒരു വിഭാഗമാണ് †ഖോന്ദുകൾ.

18-ാംനൂറ്റാണ്ടുവരെ ഇവർ ഏതാനും സ്വതന്ത്രരാജവംശങ്ങളുടെ കീഴിൽ കഴിഞ്ഞു. 18-ാംനൂറ്റാണ്ടിൽ ഭോൺസ്ലെമാർ ഇവരെ കീഴടക്കി. 1818-'53 കാലത്തു മഹാരാഷ്ട്രരെ തോല്പിച്ച ബ്രിട്ടീഷുകാർ ഈ ഭൂഭാഗം പിടിച്ചെടുത്തു. 1947 വരെ ഛത്തിസ്ഗഢിലെ രാജാക്കന്മാർ ഗോണ്ടുവർഗക്കാരായിരുന്നു.

ഗോണ്ടുകൾ തമ്മിൽ സാംസ്കാരികമായ സമാനതയൊന്നുമില്ല. ഫ്യൂഡൽ അടിസ്ഥാനത്തിൽ വളർന്നവരാണു രാജഗോണ്ടന്മാർ. പ്രധാൻ വിഭാഗത്തിൽപ്പെട്ട ഗായകന്മാർ നാടോടിപ്പാട്ടുകളിൽക്കൂടി ഗിരിവർഗത്തിന്റെ പാരമ്പര്യങ്ങളാകെ നിലനിർത്തുന്നു. രാജാക്കന്മാരുടെ കോട്ടകൊത്തളങ്ങൾ പല സ്ഥലത്തും കാണാം. ഭൂനിയമം വന്നതോടെ മാത്രമേ കുറച്ചെങ്കിലും സ്ഥിരാവകാശം ലഭിച്ചുള്ളു. രാജഗോണ്ടുകൾ ബ്രാഹ്മണമേധാവിത്വം അംഗീകരിക്കുന്നില്ല. ബസ്തർ പീഠഭൂമിയിൽ മൂന്നു മുഖ്യഗോണ്ട് ഗിരിവർഗങ്ങളുണ്ട്: മറിയാ, ബൈസൻ ഹോൺ മറിയാ, ഹിൽ മറിയാ. അബുജ്മാൻ കുന്നുകളിൽ കഴിയുന്ന ഹിൽമറിയാക്കാരാണ് ഏറ്റവും പ്രാകൃതർ. അവർ കാടുവെട്ടിത്തെളിച്ചു കത്തിച്ച് അവിടെ കൃഷി നടത്തുന്നു.

കലപ്പകളെക്കാളധികം കൈക്കോട്ടും കോലുമാണ് അവർ ഉപയോഗിക്കുന്ന കാർഷികായുധങ്ങൾ. ഇടയ്ക്കിടെ വാസംമാറും. ഓരോ ഗോത്രത്തിന്റെയും കൂട്ടായ്മയിൽ അനവധി ഗ്രാമങ്ങളുണ്ട്. ഇവ മാറിമാറി ഉപയോഗിക്കുന്നു. നൃത്തം ചെയ്യുമ്പോൾ കാട്ടുപോത്തി

ന്റെ കൊമ്പു തലയിൽ വയ്ക്കുന്ന മറിയാവിഭാഗക്കാർക്കു ഭൂമിയിൽ സ്ഥിരാവകാശമുണ്ട്. അവർ ഭൂമി ഉഴുന്നുണ്ട്. യുവാക്കളുടെ ആലയങ്ങളായ ഹോട്ടലുകളിൽ ചെറുപ്പക്കാർ കൂട്ടായി ജീവിക്കുന്നു. ലൈംഗികമായിപ്പോലും തമ്മിൽ ഇടപഴകാനുള്ള സ്വാതന്ത്ര്യം അവർക്കുണ്ട്. പശുക്കളെയും കാളകളെയും അവർ ബലികൊടുക്കുന്നു. ഗ്രാമീണ ഗോത്രദേവതമാരെ ആരാധിക്കുന്നു, പിതൃപൂജ നടത്തുന്നു. മരണാനന്തരം നിഴൽ, മൺമറഞ്ഞ കാരണവന്മാരുടെ അടുത്തേക്കും, ആത്മാവു പരമേശ്വരനായ ഭഗവാന്റെ അടുത്തേക്കും പോകുന്നുവെന്ന് ഇവർ കരുതുന്നു. മരിച്ചയാളുടെ വീട്ടിൽത്തന്നെ ഈ ആത്മാവിനു പുനർജന്മമുണ്ടാവാമെന്നും അവർ വിശ്വസിക്കുന്നു. പൂർവികരെ മാനിക്കാൻ ബസ്തറിലെ ഗോണ്ടുകൾ കൊത്തുവേല ചെയ്ത മരത്തൂണുകളും പരുക്കൻ കല്ലുകളും സ്ഥാപിക്കാറുണ്ട്.

ഗോണ്ഡ് (ദണ്ഡാരിയാ) നൃത്തം

ആന്ധ്രപ്രദേശിലെ ഗോണ്ഡ്‌വർഗക്കാരുടെ കോലടിനൃത്തം. 'പഞ്ചസോദര'വംശത്തിലെ 'ദണ്ഡാരിയാ' എന്നൊരു നർത്തകൻ ആവിഷ്കരിച്ച ഒരു നൃത്തരൂപമാണ് ഇതെന്ന് ആന്ധ്രക്കാർ വിശ്വസിക്കുന്നു. ഗ്രാമാന്തരങ്ങളിൽ അലഞ്ഞുനടക്കുന്ന നർത്തകസംഘങ്ങളാണ് ഇത് അവതരിപ്പിക്കുന്നത്. ഗായകരായ ഇതിലെ യുവാക്കൾ ഒരു ഗ്രാമത്തിൽനിന്നു മറ്റൊരു ഗ്രാമത്തിൽ എത്തി പുറകെ വരുന്ന നർത്തകസംഘങ്ങളുടെ പ്രകടനത്തിനുള്ള സജ്ജീകരണങ്ങൾ ചെയ്യുന്നു. ആതിഥേയഗ്രാമങ്ങളുടെ പങ്കും ഇതിൽ പ്രധാനപ്പെട്ടതാണ്. കോലടിച്ചുകൊണ്ടുള്ള പാട്ടുപാടിക്കളിയാണ് ഇതിലെ മുഖ്യമായ ഭാഗം.

പ്രധാനമായും പുരുഷന്മാരുടെ നൃത്തമാണ് ഇത്. സ്ത്രീവേഷങ്ങളണിയുന്നതു പുരുഷന്മാർ തന്നെയാണ്. പലവിധത്തിലുള്ള വാദ്യോപകരണങ്ങളും ഗാനങ്ങളും ഇതിന്റെ പശ്ചാത്തലമൊരുക്കുന്നു. നർത്തകർ പല ഇനം ചിലങ്കകളും ആഭരണങ്ങളുമണിയുന്നു.

ഗോണ്ഡ

ഉത്തരപ്രദേശിലെ ഒരു ജില്ല. വിസ്തൃതി 7352 ച.കി.മീറ്റർ. ജനസംഖ്യ 28,34,562 (1981). തലസ്ഥാനം ഗോണ്ഡ.

ഗോഗ്രാനദീതീരംമുതൽ നേപ്പാളിന്റെ അതിർത്തിവരെ നീണ്ടുകിടക്കുന്ന സ്ഥലമാണു ഗോണ്ഡ ജില്ല. ഇതിന്റെ ഒരു ഭാഗത്തു മിക്കവാറും വെള്ളപ്പൊക്കമുണ്ടാകാറുണ്ട്. പഞ്ചസാര, ആൽക്കഹോൾ, എണ്ണയാട്ടൽ എന്നിവയാണു മുഖ്യ വ്യവസായങ്ങൾ. ഗോണ്ഡ പട്ടണത്തിൽനിന്നും 28 കി.മീറ്റർ വടക്കുകിഴക്കായുള്ള ബലരാമപുരത്താണു ഗോരഖ്പൂർ സർവകലാശാലയുടെ കീഴിലുള്ള കോളെജ് സ്ഥിതിചെയ്യുന്നത്. ബലരാമപുരത്തിനു 16 കി.മീറ്റർ വടക്കുപടിഞ്ഞാറായി കിടക്കുന്ന പ്രദേശമാണു പ്രാചീന ശ്രാവസ്തി. എ.ഡി. നാലം നൂറ്റാണ്ടുവരെ ഇതൊരു ബുദ്ധമതകേന്ദ്രവും പ്രാദേശിക തലസ്ഥാനവുമായിരുന്നു. പുരാവസ്തുപഠനത്തിൽനിന്നും പത്തു ക്ഷേത്രങ്ങളുടെ സ്ഥാനങ്ങളും അഞ്ചു സ്തൂപങ്ങളും കണ്ടെത്തിയിട്ടുണ്ട്.

ഗോണ്ഡി

ഒരു ദ്രാവിഡ ഭാഷ. പൂർവമധ്യദ്രാവിഡത്തിൽനിന്നാണ് ഇതിന്റെ ഉത്പത്തി. ആന്ധ്രപ്രദേശ്, മധ്യപ്രദേശ്, ഒറീസ്സ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ ഉള്ള ഗിരിവർഗക്കാരാണ് അധികമായി ഈ ഭാഷ സംസാരിക്കുന്നത്. സാഹിത്യകൃതികളൊന്നും ഈ ഭാഷയിലില്ല. ഈ ഭാഷ സംസാരിക്കുന്നവർ എല്ലാവരും രണ്ടു ഭാഷ സംസാരിക്കുന്നു, സ്വവർഗജരോടു ഗോണ്ഡിയും അന്യഭാഷക്കാരോടു ഹിന്ദി, മറാഠി, ഛത്തീസ്ഗഢി ഈ ഭാഷകളിൽ ഏതെങ്കിലും ഒന്നും. ഇതിന്റെ ദേശ്യഭേദങ്ങളിൽ ഒന്നാണു ഖോന്ദ് (കു).

ഗോൺകൂർ സഹോദരന്മാർ

സഹോദരന്മാരും സഹപ്രവർത്തകരുമായിരുന്ന രണ്ടു ഫ്രെഞ്ചു സാഹിത്യകാരന്മാർ. എഡ്മൺഡ് ലൂയി അന്ത്വാനെ ഗോൺകൂർ (1822—1896) ഷൂൾ ആൽഫ്രെഡ് ഗോൺകൂർ (Gon court, 1830—1870)എന്നിങ്ങനെയാണ് അവരുടെ പൂർണമായ പേര്. സാഹിത്യത്തെ സംബന്ധിച്ച് അവർക്ക് ഒറ്റ ജീവിതമേ ഉണ്ടായിരുന്നുള്ളു എന്നു പറയാം. ഫ്രെഞ്ചു റിയലിസത്തിന്റെ മുന്നണിയിൽനിന്നുകൊണ്ടു കലാചരിത്രഗ്രന്ഥങ്ങളും നോവലുകളും എഴുതി ഫ്രെഞ്ചു സാഹിത്യത്തെ പുഷ്ടിപ്പെടുത്തി.



എഡ്മൺഡ് 1822- മേയ് 26-നു നാൻസിയിലും, ഷൂൾ 1830 ഡിസംബർ 17-നു പാരീസിലും ആണു ജനിച്ചത്. ചെറുപ്പത്തിൽ തന്നെ മാതാപിതാക്കന്മാർ മരിച്ചു. സമ്പന്നർ ആയിരുന്നതിനാൽ ജീവിതവൃത്തിക്കു ക്ലേശിക്കേണ്ടിവന്നില്ല. സഹോദരന്മാർ ഒരുമിച്ചു ചിത്രകല അഭ്യസിച്ചു; കലാവസ്തുക്കൾ ശേഖരിച്ചു; സഞ്ചാരപരിപാടികളിലൂടെ അനുഭവങ്ങൾ ആർജിച്ചു; സാഹിത്യരചനയിൽ ഏർപ്പെട്ടു. *ജേണൽ* ആണു ശ്രദ്ധേയമായ സൃഷ്ടി. 1851-ൽ ഇതിന്റെ രചന ആരംഭിച്ചു. 1887-നും 1895-നും മധ്യേ പ്രസിദ്ധപ്പെടുത്തി. എങ്കിലും പൂർണരൂപത്തിൽ പ്രത്യക്ഷപ്പെട്ടത് 1956-'59 കാലത്താണ്. *ഹിസ്റ്റയർ ഡി ലാ സൊസൈറ്റെ ഫ്രാൻകൈ പെൻഡൻഡ് ലാ റെവല്യൂഷൻ* (1854), *ല ആർട്ട് ഡു ഡിക്സ് - ന്യൂയിറ്റേം സീകിൾ* (1859-1875), *ലാ ഫെമെ ഓ ഡിക്സ് ന്യൂയിറ്റേം* (1862) എന്നിവയാണ് ഇവർ രചിച്ച മുഖ്യ സാമൂഹിക ചരിത്രപഠനങ്ങൾ. നോവലുകളിൽ *ചാൾസ് ഡി മേയ്‌ലി* (1860), *സോർ ഫി ലോമിനെ* (1861), *മാനെറ്റ് സോളമൻ* (1867) എന്നിവയാണു പ്രധാനം. സാഹിത്യത്തിലൂടെ സത്യാന്വേഷണം നടത്തുകയും, 18-ാംനൂറ്റാണ്ടിലെ കലയെ പുനരുജ്ജീവിപ്പിക്കുകയും ചെയ്തവർ എന്ന് ഈ സഹോദരന്മാർ സ്വയം അഭിമാനിച്ചിരുന്നു. 1870 ജൂൺ 20-നു ഷൂൾ പാരീസിലും, 1896 ജൂലായ് 16-ന് എഡ്മൺഡ് പാരീസിനു സമീപമുള്ള ഷാം പ്രോസെയിലും അന്തരിച്ചു. എഡ്മൺഡിന്റെ ഒസ്യത്ത് അനുസരിച്ച് ഏർപ്പെടുത്തിയിട്ടുള്ള അക്കാദമീ ഗോൺകൂർ, ഫ്രെഞ്ചുസാഹിത്യത്തിലെ ഏറ്റവും മികച്ച ഗ്രന്ഥത്തിനു വർഷംതോറും അവാർഡു നല്കിവരുന്നു.

ഗോൺഡൈറ്റ് (Gondite)

ആർക്കിയൻ മഹാകല്പകാലത്ത് മാൻഗനീസ് ഓക്സൈഡ് അടങ്ങിയ അവസാദശിലകളുടെ കായാന്തരണഫലമായി രൂപംകൊണ്ട ശിലാസ്തരങ്ങൾ. ഇന്ത്യയിൽ മധ്യപ്രദേശിലാണ് ഇത് പ്രധാനമായി കണ്ടുവരുന്നത്. ക്വാർട്ട്സ് (Quartz), സ്പെസാർടൈറ്റ് ഗാർണറ്റ് (Spessartite garnet) എന്നീ ധാതുക്കൾ അവശ്യഘടകങ്ങളായുള്ള ഈ ശിലകളിൽ ഒട്ടനവധി മാൻഗനീസ് ധാതുക്കളും അയിരുകളും ഉൾക്കൊണ്ടിട്ടുണ്ട്. ഭാരതഭൂവിജ്ഞാനവിഭാഗത്തിലെ (Geological Survey of India) സർ ലൂയി ഫെർമർ (Sir Louis Fermer) ആണ് മധ്യപ്രദേശിലെ ഗോൺഡ് നാട്ടുരാജ്യത്തിൽ ഇവയെ ആദ്യമായി പഠനവിധേയമാക്കിയതും പേരു നിർദേശിച്ചതും. ബൃഹത്തായ മാൻഗനീസ് അയിരുനിക്ഷേപങ്ങൾ ഇവയുടെ സവിശേഷതയാണ്. ഭാരതത്തിൽ ഇപ്പോൾ ഖനനംചെയ്തുവരുന്ന മാൻഗനീസ്അയിരിന്റെ ഒരു വലിയ ഭാഗം ഈ ശിലകളിൽനിന്നാണു ലഭ്യമാകുന്നത്.

ഗോൺഡ്വാനാലാൻഡ്

ഇരുപതുകോടി വർഷങ്ങൾക്കുമുമ്പ് ദക്ഷിണാർധഗോളത്തിൽ ഓസ്ട്രേലിയ, ഇന്ത്യൻ ഉപഭൂഖണ്ഡം, ആഫ്രിക്ക, മഡഗാസ്കർ, അറേബ്യ, തെക്കേ അമേരിക്ക, അന്റാർട്ടിക്ക എന്നീ ഭൂപ്രദേശങ്ങൾ ചേർന്നുകിടന്നിരുന്ന മഹാഭൂഖണ്ഡം. ഈ നാടുകളുടെ ഭൂഗർഭഘടനകളിലും സസ്യജന്തുസവിശേഷതകളിലും പല സാധർമ്യങ്ങളും കാണാനുണ്ട്. ഈ മഹാഭൂഖണ്ഡത്തിലെ വിദൂരഭാഗങ്ങളിൽ കിടക്കുന്ന ശിലകളു

ടെ കാന്തികസ്വഭാവങ്ങളെ താരതമ്യപ്പെടുത്തിക്കൊണ്ടുള്ള പഠനഗവേഷണങ്ങൾ ഇന്നും നടക്കുന്നു. ഇവയെല്ലാം ചേർന്ന് ഒരു വ്യാപകഭൂവിഭാഗമുണ്ടായിരുന്നു എന്ന വാദത്തിന് ഏതാണ്ട് അംഗീകാരം ലഭിച്ചിരിക്കയാണ്.

കാലിഫോർണിയ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. എ.ഗിൽബർട്ടും, ഓക്സ്ഫെഡ് യൂണിവേഴ്സിറ്റി മിനറലോളജി വകുപ്പിലെ ഡോ. എ.ഹല്ലാമുംകൂടി, കംപ്യൂട്ടർ പ്രോഗ്രാം ഉപയോഗിച്ച് ഈ നാലു ഭൂഖണ്ഡങ്ങളുടെയും അതിർത്തി ഏറെക്കുറെ നിർണയിച്ചു. 1970-ലെ 'നേച്ചർ' മാസികയിൽ തങ്ങളുടെ ഗവേഷണഫലങ്ങൾ പ്രസിദ്ധീകരിച്ചു. ഇവരുടെ അതിർത്തി നിർണയമനുസരിച്ചു ഗുഡ്ഹോപ്പ് മുനമ്പ് അൻറാർട്ടിക്കയുടെ അറ്റവുമായി തൊട്ടുകിടന്നിരുന്നു. ആഫ്രിക്കയുടെ കിഴക്കൻ കടലോരം വെഡൽ ഉൾക്കടലിനെ മൂടിയിരുന്നു. ഓസ്ട്രേലിയ, അൻറാർട്ടിക്കയുടെ മറുവശത്താണ് കിടന്നത്- റോസ് കടലിന്നെതിരായിരുന്നു ടാസ്മേനിയ. തെക്കുകിഴക്കൻ ഇന്ത്യ വടക്കൻ അൻറാർട്ടിക്കയുടെ തുടർച്ചയായിരുന്നു. പശ്ചിമേന്ത്യാതീരവും (കച്ചിനു വടക്കുള്ള ഭാഗം) ആഫ്രിക്കയും അറേബിയയെ തൊട്ടുതൊട്ടില്ല എന്ന മട്ടിലായിരുന്നു. ആഫ്രിക്കയ്ക്കും ഓസ്ട്രേലിയയ്ക്കുമിടയിലുള്ള വിടവിൽ, ഇന്ത്യ അമർന്നിരുന്നു. ഇന്ത്യ പശ്ചിമ ഓസ്ട്രേലിയയുമായാണ്, മുമ്പു കരുതിയിരുന്നതുപോലെ വടക്കൻ ഓസ്ട്രേലിയയുമായല്ല അടുത്തിരുന്നത്. ഇപ്രകാരമാണെങ്കിൽ, ഇന്ത്യ, ഓസ്ട്രേലിയ, ആൻറാർട്ടിക്ക എന്നിവയെ ആഫ്രിക്കയുമായി, വലിയ വിടവൊന്നും കൂടാതെ ബന്ധിക്കാൻ കഴിയുമെന്നു ഇവർ പറയുന്നു. സിലോൺ ഇന്ത്യയുമായല്ല, മഡഗാസ്കറുമായാണു ബന്ധപ്പെട്ടിരുന്നത്. മഡഗാസ്കർ തെക്കുപടിഞ്ഞാറൻ ഇന്ത്യയ്ക്കും ആഫ്രിക്കയ്ക്കും ഇടയിലായിരുന്നു.

ജിയോളജി, ജിയോഫിസിക്സ് എന്നിവ ഈ നിഗമനത്തെ പിൻതാങ്ങുന്നുണ്ട്. പശ്ചിമാഫ്രിക്കയിലെ ശിലാവരണം വടക്കുകിഴക്കൻ ബ്രസീലിലും തുടർന്നു കാണുന്നു.

ഗോൺഡ്വാനാലാൻഡ്, അതിൻെറ ഖണ്ഡങ്ങളായി പിരിഞ്ഞത് 15 മുതൽ 18 കോടി വരെ വർഷങ്ങൾക്കുമുമ്പാണ്. പ്രാചീനകാന്തിക ധ്രുവപരിശോധനയും (Palaeo magnetic wandering) കടൽത്തറയുടെ പരിശോധനയുമാണ്, ഈ ഖണ്ഡങ്ങൾ എങ്ങനെ നീങ്ങിപ്പോയി എന്നതിനു സൂചനകൾ നല്കുന്നത്. ഗോൺഡ്വാന തികച്ചും ഖണ്ഡങ്ങളായിത്തീർന്നത് 10 കോടി വർഷം മുമ്പാണെന്ന് കണക്കാക്കപ്പെടുന്നു. † പ്ലേറ്റ് ടെക്റ്റോണിക്സ് നോക്കുക.

ഗോതമ്പ്

ഒരു പ്രധാന ഭക്ഷ്യധാന്യം. ഗോതമ്പുചെടി ഗ്രാമിനെകുലത്തിൽപ്പെടുന്നു. ലോകമൊട്ടുക്കും വിപുലമായ തോതിൽ കൃഷിചെയ്യുന്ന സ്പീഷീസാണ്: *ട്രിറ്റിക്കം ഏസ്റ്റൈവം (Triticum aestivum)*. മിതശീതോഷ്ണമേഖലകളിലും ഉഷ്ണമേഖലയിൽ സമുദ്രവിതാനത്തിൽ നിന്ന് 1000—3000 മീ. ഉയരമുള്ള മലമ്പ്രദേശങ്ങളിലും കൃഷിചെയ്തുവരുന്നുണ്ട്.

അതിപുരാതനകാലത്തുണ്ടായിരുന്ന ഗോതമ്പുമണികൾ കണ്ടെത്തിയിട്ടുണ്ട്. 'മൊഹഞ്ജോദരോ'വിലെ ഖനനങ്ങളിൽനിന്നു ലഭിച്ച ഗോതമ്പുമണികൾ പുരാതനകാലംമുതൽക്കുതന്നെ ഗോതമ്പുകൃഷി ഉണ്ടായിരുന്നതിനു തെളിവാണ്. പതിനാറാംനൂറ്റാണ്ടിൽ സ്പെയിനിൽനിന്നു മെക്സിക്കോവിലേക്കും പിന്നീടു പല അമേരിക്കൻ പ്രദേശങ്ങളിലേക്കും ഗോതമ്പുകൃഷി വ്യാപിച്ചു.



ഗോതമ്പുകതിരുകൾ

ചെടിക്കു നീണ്ടു വീതികുറഞ്ഞ ഇലകളും പൊള്ളയായ തണ്ടും ഉണ്ട്. സ്പൈക്കുകൾ ചേർന്നതാണു പൂങ്കുല.

ഇനങ്ങൾ. കൃഷിയുടെ പുരാതനത്വവും പരിസരവൈവിധ്യവും കാരണം ട്രിറ്റിക്കം (Triticum) എന്ന ഗോതമ്പിൻെറ ജീനസ്സിൽ വന്യജാതികൾ ഉൾപ്പെടെ അനേകം സ്പീഷീസും എണ്ണമറ്റ ഇനങ്ങളും ഉണ്ടായിട്ടുണ്ട്. ക്രോമസോം ജോഡികളുടെ എണ്ണത്തിലും മറ്റുമുള്ള വ്യത്യാസമനുസരിച്ചു വിവിധ സ്പീഷീസുകളെ അയിൻകോൺ (Einkorn), എമ്മർ (Emmer), ദിൻകൽ (Dinkel) എന്നിങ്ങനെ വേർതിരിച്ചിട്ടുണ്ട്. *ട്രിറ്റിക്കം ഏസ്റ്റൈവം, ട്രി. കംപാക്റ്റം, ട്രി. ഡ്യൂറം, ട്രി. ഡൈക്കോക്കം* എന്നീ നാലു സ്പീഷീസാണ് ഏറ്റവും പ്രാധാന്യമർഹിക്കുന്നവ. ഇവയിൽ ഡ്യൂറം, ഡൈക്കോക്കം എന്നിവ എമ്മർ പരമ്പരയിലും ഏസ്റ്റൈവം, കംപാക്റ്റം എന്നിവ ദിൻകൽ പരമ്പരയിലും ഉൾപ്പെടുന്നു.

ഏസ്റ്റൈവം: റൊട്ടിയുണ്ടാക്കാൻ ഏറ്റവും പ്രധാനമായി ഉപയോഗിച്ചുവരുന്ന ഏസ്റ്റൈവം എന്ന സ്പീഷീസിൽപ്പെട്ട ഇനങ്ങളാണു ലോകമൊട്ടുക്കും ഏറ്റവും വിപുലമായ തോതിൽ കൃഷിചെയ്തുവരുന്നത്. റൊട്ടിഗോതമ്പ് നിരവധി ഇനങ്ങൾ ഉണ്ട്. മണികൾ വെളുത്തതോ ചെമന്നതോ കട്ടിയുള്ളതോ പതമുള്ളതോ ആകാം. കട്ടിയുള്ളവയിൽ മാംസ്യം കൂടിയിരിക്കും; പതമുള്ളവയിൽ അന്നജവും. ചില ഇനങ്ങൾ ശൈത്യകാലങ്ങളിൽ മാത്രമല്ല വസന്തത്തിലും കൃഷിചെയ്യാം.

ഡ്യൂറം: ഏസ്റ്റൈവം കഴിഞ്ഞാൽ പ്രധാന ഇനം. ഇതിനെ മക്കറോണിഗോതമ്പ് എന്നും വിളിച്ചുവരുന്നു. മാംസ്യാംശമായ ഗ്ലൂട്ടൻ ഇതിൽ കൂടുതലുള്ളതുകാരണം മക്കറോണി, സെമോലീനാ എന്നീ പശമാവുകളും മറ്റുമുണ്ടാക്കാനാണ് ഇത് ഉപയോഗിച്ചുവരുന്നത്.

ഡൈക്കോക്കം: മാംസ്യം കുറവും അന്നജം കൂടുതലുമായതുകൊണ്ട് ഇത് അരി-ഗോതമ്പ് എന്ന് അറിയപ്പെടുന്നു. പ്രധാനമായും പലഹാരങ്ങളും മറ്റും ഉണ്ടാക്കാൻ ഉപയോഗിച്ചു വരുന്ന ഇത് 'ഉപ്പുമാവി'നു വിശേഷപ്പെട്ടതായതുകൊണ്ടു തെക്കെ ഇന്ത്യയിൽ പലയിടങ്ങളിലും ഇതു കൃഷിചെയ്തുവരുന്നു.

കംപാക്റ്റം: കംപാക്റ്റം എന്ന ജാതി, ക്ലബ്ബ്‌വീറ്റ് എന്നും ഡ്വാർഫ് വീറ്റ് എന്നും അറിയപ്പെടുന്നു. മാംസ്യം കുറവായതുകാരണം ഇതു റൊട്ടിയുണ്ടാക്കാൻ പറ്റിയതല്ല. മധ്യയൂറോപ്പ്, തുർക്കി, അബിസീനിയ, അമേരിക്ക മുതലായ രാജ്യങ്ങളിലാണ് ഇതു കൃഷിചെയ്യുന്നത്.

ഭാരതത്തിൽ പ്രചാരത്തിലുള്ളത് ഏസ്റ്റൈവം സ്പീഷീസിനു പുറമെ ഡ്യൂറം, ഡൈക്കോക്കം എന്നിവയാണ്. ഡ്യൂറം കൃഷി ചെയ്യുന്നത് ഉത്തർപ്രദേശ്, രാജസ്ഥാൻ, മധ്യപ്രദേശ്, ഗുജറാത്ത്, മഹാരാഷ്ട്രം, കർണാടകം എന്നീ സംസ്ഥാനങ്ങളിലാണ്. ഇത് ആകെയുള്ള ഗോതമ്പുകൃഷിയുടെ 10 ശതമാനം വരും.

മനുഷ്യൻെറ ഭക്ഷ്യവസ്തു എന്ന നിലയിൽ ഗോതമ്പ് ഊർജത്തിൻെറ ഒരു പ്രധാന പ്രഭവമാകാൻ കാരണം ഇതിൽ ധാരാളമായി അടങ്ങുന്ന കാർബോഹൈഡ്രേറ്റും (70%), പ്രോട്ടീനും (12%) ആണ്. കൂടാതെ ധാതുക്കളും (1.8%), കൊഴുപ്പും (2%), നാരുകളും (2.2%) ഇതിലുണ്ട്.

ഉത്പാദനം. വ്യാവസായികമായി ഉത്പാദിപ്പിക്കുന്നതിൽ ഏറിയ പങ്കും സങ്കരവർഗഗോതമ്പുകളാണ്. 1984-ൽ ലോകത്തെ മൊത്തം ഗോതമ്പുത്പാദനം 5,217 ലക്ഷം ടൺ ആയിരുന്നു. ഇതിൽ 1000 ലക്ഷം ടൺ ഉത്പാദിപ്പിച്ച സോവിയറ്റ് യൂണിയനാണ് ഒന്നാം സ്ഥാനത്ത്. യു.എസ്. 706 ലക്ഷം ടണ്ണും, ഇന്ത്യ 451 ലക്ഷം ടണ്ണും ഉത്പാദിപ്പിച്ചു. യു.എസ്സും കാനഡയും ഫ്രാൻസും ഓസ്ട്രേലിയയുമാണു ഗോതമ്പുകയറ്റുമതിയിൽ മുന്നിട്ടു നില്കുന്നത്. സോവിയറ്റ് യൂണിയനും ചൈനയും ഈജിപ്തും ജപ്പാനും ആണു കൂടുതൽ ഇറക്കുമതി ചെയ്യുന്ന രാഷ്ട്രങ്ങൾ.

ഇന്ത്യയിൽ, ഗോതമ്പ് ഉത്പാദനം 1986-ൽ 469 ലക്ഷം ടൺ ആയിട്ടുണ്ട്. ഒരു ഹെക്റ്റാറിലെ ശരാശരി ഉത്പാദനം ഇന്ന് 2032 കി.ഗ്രാം ആണ്. ആകെ കൃഷിയിടം 230 ലക്ഷം ഹെക്റ്റാർ.

കേരളം, മണിപ്പൂർ, നാഗാലാൻറ് ഇവിടങ്ങളിലൊഴികെ എല്ലാ സംസ്ഥാനങ്ങളിലും ഗോതമ്പുകൃഷിയുണ്ടെങ്കിലും വടക്കൻ മേഖലയിലാണു ഗണ്യമായ ഉത്പാദനം. 84-85-ൽ ഏറ്റവും കൂടുതൽ ഉത്പാദനം പഞ്ചാബിലായിരുന്നു; 102 ലക്ഷം ടൺ. ഹരിയാന 44; മധ്യപ്രദേശ് 37; ബിഹാർ 31; ഗുജറാത്ത് 13 എന്നിങ്ങനെയാണു മറ്റു പ്രധാന സംസ്ഥാനങ്ങളിലെ ഉത്പാദനത്തിൻെറ കണക്ക്.

ധാന്യവിളകളിൽ ഗോതമ്പിൻെറ ഉത്പാദനം ആകെയുള്ള ധാ



ഗോതമ്പിൻെറ
രണ്ടുസ്പീഷീസ്.
ഇടത്ത്: ഡൂറം
വലത്ത്: സ്പെൽറ്റ്

ന്യോത്പാദനത്തിൻെറ മുപ്പതുശതമാനം വരും.

കൃഷി. സാമാന്യം ഫലപുഷ്ടിയുള്ള ഏതുതരം മണ്ണിലും ഗോതമ്പു കൃഷിചെയ്യാമെങ്കിലും നല്ല നീർവാർച്ചയുള്ള എക്കൽമണ്ണ് (പശിമരാശി മണ്ണ്) ആണ് ഏറ്റവും പറ്റിയത്. നദീതടപ്രദേശങ്ങളിലെ ആറ്റുമണ്ണിലും കറുത്തമണ്ണിലും ജൈവാംശം അധികമുള്ള കാട്ടുമണ്ണിലും നന്നായി വളരും. വളങ്ങൾ ചേർക്കുകയും പാകത്തിൽ പരുവപ്പെടുത്തി ഈർപ്പം നിർത്തുകയുമാണെങ്കിൽ നല്ല വിളവു പ്രതീക്ഷിക്കാം. ജലസേചനസൗകര്യമുള്ള കൃഷിയിടങ്ങളിൽ ഉത്പാദനം കൂടും. ഗോതമ്പിനുമാത്രം 1.97 കോടി ഹെക്റ്റാർ സ്ഥലത്ത് അത്യുത്പാദനശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിക്കുന്നു. 'മിനി കിറ്റ് ഡെമോൺസ്ട്രേഷൻ പ്രോഗ്രം'വഴി ഈ ഇനം വിത്തുകൾ പ്രചരിപ്പിക്കുന്നുണ്ട്.

ഇന്ത്യയിൽ പൊതുവെ ഒക്റ്റോബർ മുതൽ ജൂൺമാസം വരെയുള്ള 'ശൈത്യ'കാലവിളയെന്ന നിലയിലാണു ഗോതമ്പുകൃഷി നടന്നുവരുന്നത്. വടക്കെ ഇന്ത്യയിൽ 180 ദിവസംകൊണ്ടും, വടക്കു പടിഞ്ഞാറൻ പ്രദേശങ്ങളിൽ 160 ദിവസംകൊണ്ടും ബീഹാറിൽ 120-140 ദിവസംകൊണ്ടും, തെക്കെ ഇന്ത്യയിൽ 100-120 ദിവസംകൊണ്ടും ഗോതമ്പു മൂപ്പെത്തുന്നു.

പ്രതിവർഷം 37 സെ.മീ. മുതൽ 111 സെ.മീ. വരെ മഴ ലഭിക്കുന്ന പ്രദേശങ്ങളിലാണു ഗോതമ്പ് വ്യാപകമായി കൃഷിചെയ്തുവരുന്നത്. ജലസേചനമില്ലാതെയും കൃഷി നടന്നുവരുന്നുണ്ട്. പഞ്ചാബിലെ ഭൂരിപക്ഷം നിലങ്ങളിലും മധ്യപ്രദേശ്, രാജസ്ഥാൻ, മഹാരാഷ്ട്രം എന്നീ സംസ്ഥാനങ്ങളിലെ ചില ഭാഗങ്ങളിലും ജലസേചനസൗകര്യങ്ങൾ ഉണ്ട്. സാധാരണനിലയിൽ മഴ പിഴയ്ക്കാതിരിക്കയാണെങ്കിൽ ഗോതമ്പിനു രണ്ടോ മൂന്നോ നന മതിയാകും. മുളകൾ പൊട്ടിക്കഴിയുമ്പോഴും കതിരിടുന്ന സമയത്തുമാണ് ജലസേചനം ഏറ്റവും ആവശ്യമായിവരുന്നത്.

കീടങ്ങളും രോഗങ്ങളും. ആറേഴുജാതി കീടങ്ങൾ ഗോതമ്പിനെ ബാധിക്കാറുണ്ട്. ഇവയിൽ രണ്ടുജാതി ചിതലുകൾ (termites), ഒരു ജാതി തുള്ളൻ അല്ലെങ്കിൽ പുൽപൊന്ത (grass hopper), രണ്ടു ജാതി പേൻ (wheat aphids), തണ്ടു തുരപ്പൻ (stem borer), പച്ചച്ചാഴി (palegreen bug)എന്നിവ ഉൾപ്പെടുന്നു. ഒരു ജാതി ഈൽ കൃമിയും (eel worm) ഗോതമ്പിനെ ആക്രമിക്കാറുണ്ട്. ഇവ കൂടാതെ അറകളിൽ ഗ്രെയിൻ വീവിൾ, ഗ്രെയിൻ ബോറർ എന്നിവയും നാശനഷ്ടങ്ങൾ വരുത്താറുണ്ട്. ആൽഡ്രിൻ, ഡയാൽഡ്രിൻ, ബി.എച്ച്.സി., ഡി. ഡി. ടി. എന്നീ സാധാരണ കീടനാശിനികൾ ഉപയോഗിച്ച് ഇവയെ എളുപ്പത്തിൽ നിയന്ത്രിക്കാം.

റസ്റ്റ് എന്ന കുമിൾരോഗവും പല പ്രദേശങ്ങളിലായി കണ്ടുവരുന്നു. സ്മട്ട്സ്, ബൺട്സ് എന്നിങ്ങനെ അറിയപ്പെടുന്ന കുമിൾരോഗങ്ങളിൽ ലൂസ്സ്മട്ട് പ്രാധാന്യമർഹിക്കുന്നു. സ്റ്റിങ്കിങ്സ്മട്ട്, കാർബൺ ബൺട്, ഫ്ളാഗ്സ്മട്ട്, കരിമ്പായൽ എന്നീ ചെറുകിടരോഗങ്ങളും ഗോതമ്പിനെ ബാധിക്കാറുണ്ട്. ഓരോ ജാതി രോഗത്തിനും കാരണമായ കുമിളിൽ പല വർഗങ്ങളും തരങ്ങളും ഉള്ളതുകാരണം അവയുടെ നിയന്ത്രണം വിഷമംപിടിച്ചതാണ്. ശാസ്ത്രീയമായ പ്രജനനമാർഗം (Breeding) മുഖേന രോഗപ്രതിരോധശക്തിയുള്ള മേൽത്തരം വിത്തിനങ്ങൾ ഉത്പാദിപ്പിക്കുകയാണ് ഒരേ ഒരു പോംവഴി. ഇക്കാര്യത്തിൽ ഇന്നു വിജയിച്ചിട്ടുമുണ്ട്.

ആട്ട , മൈദ എന്നീ പൊടികളും സെമൊലീന എന്നു പൊതുവെ അറിയപ്പെടുന്ന റവ, സൂജി (പരുക്കൻ റവ) എന്നീ തരികളും ഉണ്ടാക്കുവാനാണു ഗോതമ്പു പ്രധാനമായും ഉപയോഗിച്ചുവരുന്നത്. ഗോതമ്പുമണികൾ അതേപടി പൊടിച്ചുണ്ടാക്കുന്ന ആട്ടയിൽ തവിടും ഉൾപ്പെടുന്നു. പൂരി, ചപ്പാത്തി എന്നിവ ഉണ്ടാക്കുവാനാണു ഇത് ഉപയോഗിക്കുന്നത്. റൊട്ടി ഉണ്ടാക്കാൻ ഉപയോഗിക്കുന്ന മൈദ , തവിടില്ലാത്ത ഏറ്റവും നേരിയ പൊടിയാണ്. റോളർമില്ലുകളിൽ പൊടിച്ചെടുക്കുന്ന ഗോതമ്പ് പലതരം അരിപ്പകൾ (sieves) ഉപയോഗിച്ചാണ് ആട്ട , മൈദ , സെമൊലീന , തവിട് എന്നിവ വേർതിരിക്കുന്നത്.

ഉപ്പുമാവ്, മക്കറോണി, ബിസ്കറ്റ്, സ്ഫാഗറ്റി, ന്യൂഡിൽ മുതലായവ ഉണ്ടാക്കുവാനും ഗോതമ്പ് ഉപയോഗിച്ചുവരുന്നു. വൈക്കോൽ കാലിത്തീറ്റയായും കയറ്, പായ്, തൊപ്പി എന്നിവ ഉണ്ടാക്കാനും ഉപയോഗിക്കുന്നുണ്ട്. ഇതിനു പുറമെ തുണിത്തരങ്ങൾക്കു കഞ്ഞിമുക്കാനും ബിയർ മുതലായ ലഹരിപാനീയങ്ങൾ ഉണ്ടാക്കാനും ഗോതമ്പ് ഉപയോഗിക്കുന്നു.

ഗവേഷണം. വടക്കൻ ബീഹാറിൽ പുസാ എന്ന സ്ഥലത്തു സ്ഥാപിതമായ കേന്ദ്ര കാർഷികഗവേഷണകേന്ദ്രത്തിൽ 1906-ലാണു ഗോതമ്പുഗവേഷണം ആരംഭിച്ചത്. സർ ആൽബർട്ട് ഹോവേഡും അദ്ദേഹത്തിൻെറ പത്നി ജി.എൽ.സി. ഹോവേഡും ആണു ഗോതമ്പുഗവേഷണത്തിന് അടിത്തറ പാകിയത്. അതുപോലെ റ്റി. മിൽനി പഞ്ചാബിലും, എച്ച്.എം.ലീക്ക്, രാംപ്രസാദ് എന്നിവർ ഉത്തർപ്രദേശിലും ജ്യോഫ്രി ഇവാൻസ് മധ്യപ്രദേശിലും നടത്തിയ ഗവേഷണങ്ങൾ, ആദ്യകാല ഗവേഷണചരിത്രത്തിൽ പ്രമുഖസ്ഥാനം കൈവരിച്ചിട്ടുണ്ട്.

ഉത്പാദനശേഷിയും രോഗപ്രതിരോധശക്തിയും ഒത്തിണങ്ങി ഓരേ ഭൂപ്രദേശത്തേക്കും പറ്റിയ മേത്തരം ഗോതമ്പുവിത്തുകൾ ഉത്പാദിപ്പിക്കുക, വിളവെന്നപോലെ മണികളുടെ ആഹാരഗുണം, പാചകഗുണം എന്നിവ മെച്ചപ്പെടുത്തുക, ജൈവരാസവസ്തുക്കളുടെ അളവും അനുപാതവും നിർണയിക്കുക എന്നിങ്ങനെ ഗോതമ്പുകൃഷിയുടെ നാനാമുഖമായ പരിഷ്കരണത്തിനുതകുന്ന മൗലികവും പ്രായോഗികവുമായ നിരവധി ഗവേഷണപരിപാടികൾ ഇന്നും നടന്നുവരികയാണ്. വെല്ലിങ്ടൺ (തമിഴ്നാട്), ഇൻഡോർ (മധ്യപ്രദേശ്), പൂസാ (ബീഹാർ), ദില്ലി, കർണാൽ (പഞ്ചാബ്), ബൊവ്വാലി (ഉത്തർപ്രദേശ്), സിംല എന്നീ 7 കേന്ദ്ര ഗവേഷണകേന്ദ്രങ്ങൾക്കു പുറമെ വിവിധ സംസ്ഥാനങ്ങളിലായി ധാരാളം ഗവേഷണകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഡോക്ടർ എം.എസ്. സ്വാമിനാഥൻ തുടങ്ങിയ ശാസ്ത്രജ്ഞന്മാരുടെ നേതൃത്വം ഈ ഗവേഷണങ്ങൾക്കുണ്ടായിരുന്നു.

ഇത്തരം ഗവേഷണങ്ങളുടെ ഫലമായി ധാരാളം മേൽത്തരം വിത്തിനങ്ങൾ ഉത്പാദിപ്പിക്കപ്പെട്ടു. അവയിൽ എൻ.പി., സി. എന്നീ പരമ്പരകളും ഹൈ (Hy) എന്ന പരമ്പരയും പലയിനം സങ്കരവിത്തുകളെ സൃഷ്ടിച്ചു. അവ ഇന്നു വൻതോതിൽ കൃഷിചെയ്തുവരുന്നു. മെക്സിക്കോവിൽനിന്നു വരുത്തിയ ലെർമ റോജോ (Lerma Rojo 64A), സൊനോറാ 63, സൊനോറാ 64, മേയോ 64 എന്നീ വിത്തുകൾ പരീക്ഷണങ്ങൾക്കുശേഷം കർഷകരുടെ ഇടയിൽ പ്രചരിപ്പിച്ചു. അത്യുത്പാദനശേഷിയുള്ള മറുനാടൻ വിത്തിനങ്ങളും നാടൻവിത്തിനങ്ങളും തമ്മിൽ ബീജസങ്കലനം ചെയ്തുണ്ടാക്കിയ അനേകായിരം സങ്കരജാതികളും ഇപ്പോൾ ഉണ്ട്.

ഗോത്രം

ഒരേ മാതാപിതാക്കളുടെ സന്തതിപരമ്പര. മക്കത്തായം സ്വീകരിച്ച ജനവർഗങ്ങളുടെ ഇടയിലായിരുന്നു ഗോത്രത്തിനു പ്രാധാന്യം. ശതാബ്ദങ്ങൾക്കുശേഷം കുടുംബബന്ധം എത്ര അകന്നുപോയാ

ലും സഗോത്രന്മാർ തമ്മിലുള്ള വിവാഹം ബ്രാഹ്മണരുടെ ഇടയിൽ അടുത്തകാലംവരെ നിഷിദ്ധമായി ഗണിച്ചിരുന്നു. ഇന്ന് ഈ വിലക്ക് അവഗണിക്കുന്നവർ ധാരാളം ഉണ്ടെങ്കിലും ഈ വിലക്കിനു പിന്നിൽ ശരീരശാസ്ത്രപരമായ പ്രബലകാരണങ്ങൾ ഉണ്ടെന്ന കാര്യം ശാസ്ത്രജ്ഞന്മാർ അംഗീകരിക്കുന്നു.

രക്തബന്ധം മാത്രമല്ല ഗോത്രത്തിന് അടിസ്ഥാനം. വിവാഹത്തോടെ സ്ത്രീ മറ്റൊരു ഗോത്രത്തിൽ പെടുന്നതായി ഗണിക്കുന്നു. ബന്ധു എന്ന പദം ആദ്യകാലത്തു സ്വന്തം ഗോത്രത്തിൽ പെടാത്ത ബന്ധുക്കളെ മാത്രമേ കുറിച്ചിരുന്നുള്ളു. പിതാവും പിതാമഹനും സഗോത്രരാണ്. എന്നാൽ ബന്ധുക്കൾ മാത്രമാണു മാതുലനും മാതാവും.

“അവിപ്ലുത ബ്രഹ്മചര്യോ
ലക്ഷണ്യാം സ്ത്രിയമുദ്വ ഹേത്
....
അരോഗിണീം ഭ്രാതുമതീം
അസമാനാർ ഷ ഗോത്രജാം.”

എന്നിങ്ങനെ യാജ്ഞവല്ക്യസ്മൃതി സഗോത്രവിവാഹത്തെ വിലക്കുന്നു.

വസിഷ്ഠവാമദേവാദികളായ ഋഷിമാരെയാണു ഗോത്രപിതാക്കളായി ഗണിച്ചിരുന്നത്. യുഗങ്ങൾക്കു ശേഷം ഇന്നും താൻ ഇന്ന ഗോത്രത്തിൽ ജനിച്ചു എന്നു മിക്ക ബ്രാഹ്മണരും ഓർത്തുവയ്ക്കുന്നു.

പ്രാചീന ജനവർഗങ്ങൾ ഗോത്രത്തലവൻെറ ഭരണം അംഗീകരിക്കുന്നു. കാണിക്കാർ, മലങ്കുറവർ മുതലായവരുടെ ഇടയിൽ പ്രാചീനഗോത്രഭരണത്തിൻെറ അംശങ്ങൾ കാണാം.

ഗോഥാം

വികലവും വികൃതവുമായ പെരുമാറ്റങ്ങൾക്കും പ്രവൃത്തികൾക്കും കുപ്രസിദ്ധി ആർജിച്ചിട്ടുള്ള വിഡ്ഢികളായ ഒരുകൂട്ടം ജനങ്ങൾ താമസിക്കുന്നതെന്നു പരമ്പരയാ വിശ്വസിക്കപ്പെട്ടുപോരുന്ന ഒരു ഭൂപ്രദേശം. ഇംഗ്ലണ്ടിൽ നോട്ടിങാംഷയറിലുൾപ്പെട്ട ഒരു പ്രദേശവും ഗ്രീസിൽ ത്രേസിനടുത്തുള്ള മറ്റൊരു സ്ഥലവും ഇതാണെന്നു പ്രചരിപ്പിക്കാനുള്ള ചില ശ്രമങ്ങൾ ആ രാജ്യങ്ങളിൽ നടന്നു. ഈ സാങ്കല്പിക ജനപദത്തിലെ ഋജുബുദ്ധികളോ പമ്പരവിഡ്ഢികളോ ആയ ആളുകളുടെ ചെയ്തികളെ ക്രോഡീകരിച്ചുകൊണ്ടുള്ള ഐതിഹ്യങ്ങളും കഥകളും അവിടങ്ങളിൽ സുലഭമാണ്. ഇത്തരം കഥകളുടെ ആദ്യകാലസമാഹാരങ്ങളിലൊന്നിൻെറ കർതൃത്വം 5-ാംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന അലക്സാണ്ഡ്രിയൻ തത്ത്വജ്ഞാനിയായ ഹിക്രോക്ലിസിൽ ആരോപിച്ചിരിക്കുന്നു. ഇവയിൽ ചിലത് 1550-നടുത്ത് എ, ബി. എന്ന രണ്ടക്ഷരങ്ങളിൽ മാത്രം അറിയപ്പെടുന്ന ഒരെഴുത്തുകാരൻ, *‘മെറി റ്റെയ്ല്സ് ഒഫ് ദ മാഡ് മെൻ ഒഫ് ഗോഥാം’* (Merrie Tales of the Mad Men of Gotham) എന്ന പേരിൽ ഇംഗ്ലണ്ടിൽ അച്ചടിപ്പിച്ചിട്ടുണ്ട്. കുയിലിനെ പിടിക്കാൻ അതിൻെറ ചുറ്റും മതിലുകൾ കെട്ടിയടച്ച ഒരുകൂട്ടം ആളുകളുടെ കഥയാണ് അവയിലൊന്ന്.

‘സാൽമാഗുണ്ടി’ (Salmagundi) എന്ന തൻെറ കഥയിൽ വാഷിങ്ടൺ ഏർവിങ് എന്ന അമേരിക്കൻ എഴുത്തുകാരൻ ന്യൂയോർക്ക് നഗരത്തെ ഗോഥാമിനു തുല്യമെന്നു വിശേഷിപ്പിച്ചിട്ടുണ്ട്. †കോത്താഴം നോക്കുക.

ഗോഥിക് ഭാഷ

ജെർമൻഭാഷകളിൽ ഏറ്റവും പ്രാചീനമായ ഭാഷ. എ.ഡി. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബിഷപ്പ് ഉൾഫിലാസ് ഗോഥിക് ഭാഷയിലേക്കു തർജമചെയ്ത ബൈബിളാണ് ഇതിൻെറ പഴമയ്ക്കുള്ള പ്രബലമായ തെളിവ്. വർണശബളമായ 187 പാർച്ച്മെൻറുകളിൽ രേഖപ്പെടുത്തപ്പെട്ട പുതിയനിയമത്തിൻെറ തർജമ കണ്ടുകിട്ടിയിട്ടുണ്ട്.

നാലും അഞ്ചും നൂറ്റാണ്ടുകളിൽ ദക്ഷിണയൂറോപ്പിൻെറ വിവിധഭാഗങ്ങളിൽ ഈ ഭാഷ പ്രചരിച്ചിരുന്നു എന്ന് ഊഹിക്കുന്നു. ഇതിന് 27 ലിപികൾ ഉണ്ടായിരുന്നു. ഗോഥിക് ഭാഷയിലെ വർണവിപര്യയത്തെക്കുറിച്ചു ജെർമൻ ഭാഷാശാസ്ത്രജ്ഞനായ ഗ്രിം (Grimm) പറയുന്നുണ്ട്.

ഗോഥിക് ശില്പം

12-ാംനൂറ്റാണ്ടോടുകൂടി ആൽപ്സ് പർവതനിരയ്ക്കു വടക്കോട്ടു കെട്ടിടങ്ങളുടെ നിർമാണത്തിൽ സ്വീകരിച്ച ഒരു ശില്പസമ്പ്രദായം. ഗോത്തിക്ക് വർഗവുമായി ഈ ശില്പസമ്പ്രദായത്തിനു യാതൊരു ബന്ധവുമില്ല. ഗോഥിക് ശില്പ സമ്പ്രദായത്തിനു മുമ്പു റോമൻ ശില്പ സമ്പ്രദായമാണു പൊതുവെ യൂറോപ്പിൽ നടപ്പിലിരുന്നത്. കനംകൂടിയ ഭിത്തികളും ചെറിയ ജനലും വാതിലുമുണ്ടായിരുന്ന ആ സമ്പ്രദായം അക്കാലത്ത് ആവശ്യമായിരുന്നു. യുദ്ധകാലത്തു സംരക്ഷണം ആവശ്യമെന്നു കരുതിയാണു കനത്ത ഭിത്തികളും ഇടുങ്ങിയ വാതിലുകളുമുള്ള റോമൻ വീടുകൾ നിർമിക്കപ്പെട്ടത്. ഒന്നാം കുരിശുയുദ്ധം കഴിഞ്ഞതോടുകൂടി യൂറോപ്പിലെല്ലായിടത്തും ഒരു സുരക്ഷിതത്വബോധം വന്നുകൂടി. അതു കെട്ടിടനിർമാണത്തിലും പ്രതിഫലിച്ചു. അതാണു ഗോഥിക് ശില്പമാതൃകകൾ ഉണ്ടാവാൻ കാരണവും. കനം കുറഞ്ഞ ഭിത്തികളിൽ ഉയർന്ന കൂരകൾ തൂണുകളുടെ സഹായത്തോടുകൂടി ഉറപ്പിച്ചുനിർത്തുക ഈ ശില്പസമ്പ്രദായത്തിൻെറ സവിശേഷതയാണ്. ഭിത്തികളെക്കാൾ പ്രാധാന്യം, അകത്തെ കൂടി


പാർശ്വവീക്ഷണം


മുൻഭാഗത്തെ ശില്പഭംഗി


തറയുടെ രൂപമാതൃത.

ഗോഥിക് ശില്പമാതൃക.
പാരീസിലെ നോത്രെദാംപള്ളി



ഫ്രാൻസിലെ റീംസ് ദേവാലയം (1240)
ഗോഥിക്ശില്പത്തിന്റെ ഉത്തമമാതൃക.

നും ജനലിനും, പുറത്തുള്ള ജനലുകൾ, ഗോപുരങ്ങൾ, സ്തൂപങ്ങൾ എന്നിവയ്ക്കും ആയിരുന്നു. അർധവൃത്താകാരമായ ജനലുകൾക്കു കൂർത്തുനില്ക്കുന്ന ആകൃതി നല്കി. ആർച്ചുകൾ കൂർപ്പിച്ചെടുത്താൽ അവ ഏതു കോണിലും തമ്മിൽ ബന്ധിക്കാം. ഗോഥിക് ശില്പ സമ്പ്രദായത്തിന്റെ വേറൊരു സവിശേഷത ജനലുകൾക്കെല്ലാം വർണച്ചില്ലുകൾ ഉണ്ടായിരുന്നതാണ്. വളരെ സരളവും ഒഴുക്കനും തൂക്കുമായ ഈ നിർമാണസമ്പ്രദായം എല്ലായിടത്തും ഒരുപോലെയല്ലായിരുന്നു സ്വീകരിച്ചത്. വിവിധ രാജ്യക്കാരുടെ ഭാവനയ്ക്കു യോജിച്ച പരിഷ്കാരങ്ങൾ ഉണ്ടായിട്ടുണ്ട്. 12-ാംനൂറ്റാണ്ടിലെയും 13-ാം നൂറ്റാണ്ടിലെയും ഗോഥിക് ശില്പങ്ങൾക്ക് *'അന്തരാളരീതി'*, *'ലാൻകോളെ രീതി'* എന്നിങ്ങനെയായിരുന്നു പേര്. ഫ്രെഞ്ചുകാർക്കിഷ്ടം കുന്തമുനപോലെ കൂർത്ത ആർച്ചുകളും സ്തൂപങ്ങളുമായിരുന്നു. പാരീസ്, റെയിം, നോത്രെദാം എന്നിവിടങ്ങളിലെ ഗോഥിക് ശില്പമാതൃകയിലുള്ള പള്ളികളും അരമനകളും ഇതിനു ദൃഷ്ടാന്തങ്ങളാണ്. 1250-1350 കാലത്ത് അലങ്കാരരീതിയും 1350-1450 കാലത്ത് ഒഴുക്കൻരീതിയുമാണ് ഇംഗ്ലണ്ടിലെ നിർമാതാക്കൾ സ്വീകരിച്ചത്. യൂറോപ്പാകമാനം വ്യാപിച്ച ഈ വാസ്തുശില്പസമ്പ്രദായം കേരളത്തിൽപ്പോലും അവലംബിച്ചിട്ടുണ്ട്. ഇവിടുത്തെ ചില പള്ളികളും സെമിനാരികളും ഗോഥിക് ശില്പമാതൃകയിലുള്ളതാണ്.

ഗോഥുകൾ (Goths)

ഒരു ജെർമൻജനവിഭാഗം. ഡാന്യൂബ്നദീമുഖത്തും പരിസരങ്ങളിലുമാണ് ഇവർ ആദ്യകാലങ്ങളിൽ കഴിഞ്ഞുകൂടിയിരുന്നത്. എ.ഡി. മൂന്നാംനൂറ്റാണ്ടിൽ ഹൂണ(Huns)ന്മാരുടെ ആക്രമണഫലമായി ഇവർ രണ്ടു സംഘങ്ങളായി പശ്ചിമയൂറോപ്യൻ പ്രദേശങ്ങളിലേക്കു നീങ്ങാൻ തുടങ്ങി. ഇവരുടെ പ്രയാണപഥങ്ങളെ അടിസ്ഥാനമാക്കി ഇതിൽ ഒരു സംഘത്തെ 'കിഴക്കൻഗോഥു'(Ostrogoths)കളെന്നും മറ്റുള്ളവരെ 'പടിഞ്ഞാറൻഗോഥു'(Visigoths)കളെന്നും വിളിച്ചുവരുന്നു. ഒരിടത്തും സ്ഥിരമായുറയ്ക്കാതെ പല പ്രദേശങ്ങളിലും നാടോടികളായി നടന്നതിനുശേഷം പടിഞ്ഞാറൻവിഭാഗക്കാർ സ്പെയിനിലും ദക്ഷിണഫ്രാൻസിലും, കിഴക്കൻവിഭാഗക്കാർ ഇറ്റലിയിലും കുടിയേറിപ്പാർത്തു.

കിഴക്കനും പടിഞ്ഞാറനുമായ റോമാസാമ്രാജ്യങ്ങളുമായി മാറിമാറി യുദ്ധത്തിലും സന്ധിയിലും കഴിഞ്ഞുകൂടിയിരുന്ന ഇവർ ഒരു പ്രത്യേക വിഭാഗം ക്രിസ്തുമതാവലംബികളായിരുന്നു. 'ഏറിയൻ' (Arian) എന്നു വിളിച്ചുവന്നിരുന്ന ഈ ക്രൈസ്തവവിശ്വാസത്തെ റോമൻസഭ അംഗീകരിച്ചിരുന്നില്ല. പടിഞ്ഞാറൻഗോഥുകളുടെ രാജാവായ അലാറിക് എ.ഡി. 410-ൽ റോം ആക്രമിച്ചു കൈവശപ്പെടുത്തി. ഇതോടുകൂടി പശ്ചിമറോമൻസാമ്രാജ്യത്തിന്റെ വിഘടനം തുടങ്ങിയെന്നു പറയാം. അഞ്ചാംനൂറ്റാണ്ടിന്റെ അവസാനത്തിൽ ഓസ്ട്രോഗോഥുകളുടെ രാജാവായ തിയോഡെറിക് (455—526) ഇറ്റലി മുഴുവനും ആധിപത്യം ചെലുത്തിയിരുന്നു. പക്ഷെ, അദ്ദേഹത്തിന്റെ മരണ(526)ത്തോടുകൂടി ഇറ്റലിയുടെമേലുള്ള അവരുടെ ആധിപത്യം അസ്തമിച്ചു.

സ്പെയിനിലെ വിസിഗോഥുകളുടെ ഭരണം പിന്നെയും കുറെക്കാലത്തേക്കു തുടർന്നു. റോമൻസംസ്കാരവും ജീവിതരീതിയുമാണ് ഇവരുടെമേൽ സ്വാധീനം ചെലുത്തിയിരുന്നത്. 713-ൽ പടിഞ്ഞാറൻ ഗോഥുരാജാവായ റോഡറിക്കിനെ അറബിമുസ്ലീങ്ങൾ പരാജയപ്പെടുത്തിയതോടെ അവരുടെ നിലനില്പും അവസാനിച്ചു.

മൂന്നുനൂറ്റാണ്ടുകാലം യൂറോപ്യൻ ചരിത്രത്തിൽ സുപ്രധാനമായ പങ്കുവഹിച്ചിരുന്ന ഈ ജനവിഭാഗം അവരുടെ അവശിഷ്ടമൊന്നും ബാക്കി ഇട്ടിട്ടില്ല. മറ്റു പ്രാചീന യൂറോപ്യൻജനവർഗങ്ങളായ ഫ്രാങ്കുകൾ, ആംഗിളുകൾ, സാക്സൻമാർ തുടങ്ങിയവരെപ്പോലെ ഗോഥുകളെ അനുസ്മരിപ്പിക്കുന്ന ഒരു നാമപദംപോലും യൂറോപ്യൻഭാഷകളിലെങ്ങുമില്ല. ഒരു പ്രത്യേകകലാപ്രസ്ഥാനത്തിന് അവർ അവശേഷിപ്പിച്ച 'ഗോഥിക്' എന്ന പദം മാത്രമാണ് ഇവരെക്കുറിച്ച് ഇന്നു ജനങ്ങളെ ഓർമിപ്പിക്കാൻ ബാക്കിനില്ക്കുന്നത്. ഗോഥിക് കല, അല്ലെങ്കിൽ ഗോഥിക് വാസ്തുവിദ്യ എന്നു പറയുന്നതുപോലും ഗോഥുകളുടെ കലാസൃഷ്ടികൾക്കുവേണ്ടി പ്രയോഗിക്കപ്പെടാറുള്ള പദങ്ങളല്ല എന്നാണു ഗവേഷകരുടെ അഭിപ്രായം. ഗ്രീക്ക് - റോമൻ സമ്പ്രദായങ്ങളുടെ അനുകരണമല്ലാതെ മധ്യയുഗങ്ങളിൽ യൂറോപ്പിൽ രൂപംകൊണ്ട ഒരു കലാശൈലിയെക്കുറിക്കാനാണു ഗോഥിക് എന്ന പദം ഉപയോഗിക്കുന്നത്. നവോത്ഥാനത്തിന്റെ കാലമായപ്പോഴേക്കും ഗോഥിക് എന്നത് 'പ്രാകൃതം', 'ഗ്രാമ്യം' എന്നെല്ലാമുള്ളതിന്റെ പര്യായമായിത്തീർന്നു. ഗ്രീക്ക് - റോമൻ സംസ്കാരങ്ങളിൽനിന്ന് ഉത്തേജനം ലഭിക്കാത്ത ഒന്നിനെയും നാഗരികമെന്നു നവോത്ഥാനനേതാക്കൾ ഗണിച്ചിരുന്നില്ല.

ഗോദരവിവർമ

മഹോദയപുരം തലസ്ഥാനമാക്കി കേരളം ഭരിച്ച ചേരചക്രവർത്തിമാരിൽ അഞ്ചാമത്തെ ആൾ. ഭരണകാലം എ.ഡി. 917 മുതൽ 944 വരെ. രാമവർമകുലശേഖരന്റെ അനന്തരഗാമിയായിട്ടാണ് ഗോദരവിവർമ കുലശേഖരൻ ഭരണം തുടങ്ങിയത്. ചോക്കൂർ, നെടുംപുറംതളി, അവിട്ടത്തൂർ, തൃപ്പൂണിത്തുറ, ഉദയംപേരൂർ എന്നിവിടങ്ങളിൽനിന്നു ഗോദരവിയുടെ ശാസനങ്ങൾ കിട്ടിയിട്ടുണ്ട്. കേരളം മിക്കവാറും മുഴുവനും തന്നെ ഗോദരവിയുടെ ഭരണത്തിൽ അമർന്നിരുന്നു. ചേരന്മാർ അന്നു ദക്ഷിണേന്ത്യയിലെ പ്രധാനപ്പെട്ട ഒരു സൈനികശക്തിയായിരുന്നു. കുറേക്കാലമായി പുലർന്നുപോന്ന ചേര-ചോളസൗഹാർദം ഗോദരവിയുടെ കാലത്തു ശിഥിലമായി. അതിനെത്തുടർന്നു സ്ഥിതിഗതികൾ വഷളായി. ഒരു ചേര-ചോളയുദ്ധം ഏതു സമയത്തും ഉണ്ടാകാമെന്ന സ്ഥിതി സംജാതമായി. അപ്പോൾ ഗോദരവി തെക്കൻപ്രദേശങ്ങളിലെ പ്രതിരോധസജ്ജീകരണങ്ങൾ ശക്തിപ്പെടുത്തി. വിഴിഞ്ഞത്തും കാന്തളൂരും മറ്റും ഉണ്ടായിരുന്ന വിദ്യാശാലകളെ സൈനികത്താവളങ്ങളായി മാറ്റിയത് അക്കാലത്താണ്. ഒരവസരത്തിൽ ചോളന്മാർ ദക്ഷിണകേരളം ആക്രമിക്കുകയും ചെയ്തു.

കേരളത്തിൽ ദേവദാസീസമ്പ്രദായം നിലനിന്നിരുന്നുവെന്നുള്ളതിന് ആദ്യമായി ലഭിച്ച തെളിവു ഗോദരവിയുടെ ചോക്കൂർശാസനമാണ്. ഊരാളന്മാരുടെ അഴിമതിയും അധികാരദുർവിനിയോഗവും നിയന്ത്രിക്കാനായി 'കടംകാട്ടുകച്ചം' എന്നൊരു നിയമം നിർമിച്ചതായി അവിട്ടത്തൂർശാസനത്തിൽനിന്നു മനസ്സിലാക്കാം.

ഗോദവർമ, ഡോക്ടർ കെ. (1902—1952)

ഭാഷാഗവേഷകനും പണ്ഡിതനും. കിളിമാനൂർ രോഹിണിത്തമ്പു

രാട്ടിയുടെ നാലാമത്തെ പുത്രൻ. പിതാവു വൈക്കം വടയാർ വേലമാങ്കോൽ ഇല്ലത്തു പരമേശ്വരൻ നമ്പൂതിരി. ബാല്യത്തിൽ മാതുലനായ കിളിമാനൂർ മൂത്തകോയിത്തമ്പുരാനിൽനിന്നു സംസ്കൃതഭാഷയിലെ അടിസ്ഥാനഗ്രന്ഥങ്ങൾ പഠിച്ചു. പിന്നീട് ഇംഗ്ലീഷ്വിദ്യാഭ്യാസം ആരംഭിച്ചു.

1920-ൽ തിരുവനന്തപുരം ആർട്സ് കോളെജിൽനിന്ന് ഇൻറർമീഡിയറ്റുപരീക്ഷയും മദിരാശി പ്രസിഡൻസി കോളെജിൽനിന്നു സംസ്കൃതം ഐച്ഛികവിഷയമായെടുത്ത് 1923-ൽ ബി.എ. ഓണേഴ്സും പാസ്സായി. പ്രസിദ്ധ പണ്ഡിതനായ കുപ്പുസ്വാമിശാസ്ത്രികളുടെ ശിഷ്യത്വംകൊണ്ടു ഗവേഷണത്തിൽ അഭിരുചിയുണ്ടായി.

തിരുവനന്തപുരം ആർട്സ് കോളെജിൽ ലക്ചററായി ഉദ്യോഗജീവിതം ആരംഭിച്ചു. 1932-ൽ ഉപരിപഠനത്തിന് ഇംഗ്ലണ്ടിൽ പോയി ലണ്ടൻ യൂണിവേഴ്സിറ്റിയിൽ ഡോക്ടർ ടേണറുടെ കീഴിൽ ഗവേഷണം നടത്തി. 'ഇൻഡോ ആര്യൻ ലോൺ വേഡ്സ്' (Indo Aryan Loan words) എന്ന പ്രബന്ധം തയ്യാറാക്കി ഡോക്ടറേറ്റു നേടി. അധികം താമസിയാതെ സംസ്കൃതകോളെജിൽ പ്രിൻസിപ്പലായി. പിന്നീട് ആർട്സ്കോളെജിൽ സംസ്കൃതവകുപ്പിൻെറ സൂപ്രണ്ടായി നിയമിക്കപ്പെട്ടു. 1942 മുതൽ ആർട്സ് കോളെജിൽ മലയാളം പ്രൊഫസറായി. 1952-ൽ ചരമംവരെ, ആ ഉദ്യോഗത്തിൽ തുടർന്നു. എ.ആറിനുശേഷം 'പ്രഫസർ' സ്ഥാനം ലഭിച്ച ആദ്യത്തെ വകുപ്പധ്യക്ഷൻ ഗോദവർമയാണ്.

ഭാഷാഗവേഷണവും ശബ്ദശാസ്ത്രവുമായിരുന്നു ഇദ്ദേഹത്തിനു പ്രിയപ്പെട്ട വിഷയങ്ങൾ. അനേകം പ്രബന്ധങ്ങളും ഏതാനും നിരൂപണങ്ങളും *കേരളഭാഷാവിജ്ഞാനീയ*മെന്ന പ്രാമാണികഗ്രന്ഥവുമാണു ഡോക്ടർ ഗോദവർമയിൽനിന്നും കൈരളിക്കു ലഭിച്ച സംഭാവന. *വിചാരവീചി, പ്രബന്ധലതിക, കൈരളീദർപ്പണം, പ്രബന്ധകൗമുദി, പ്രബന്ധസമാഹാരം* എന്നീ ഗ്രന്ഥങ്ങൾ ഉപന്യാസസമാഹാരങ്ങളാണ്. *കാദംബരി* സംസ്കൃതനാടകത്തിൽ നിന്നുള്ള പരിഭാഷയാണ്. *വാസവദത്ത, പ്രണയവൈചിത്ര്യം* എന്നീ നാടകങ്ങൾ കോളെജിൽ വിദ്യാർഥികൾക്ക് അഭിനയിക്കുന്നതിനുവേണ്ടി രചിച്ചവയാണ്. 'എ സർവേ ഒഫ് മലയാളം ലിറ്ററേച്ചർ' എന്ന പേരിൽ മലയാളത്തിൻെറ സംക്ഷിപ്തസാഹിത്യചരിത്രവും എഴുതിയിട്ടുണ്ട്.

ശബ്ദശാസ്ത്രത്തിലും തുലനാത്മകഭാഷാപഠനത്തിലുമാണു ഡോക്ടർ ഗോദവർമയുടെ മികച്ച കഴിവുകൾ പ്രകടമായത്. ആധുനികരീതിയിലുള്ള മലയാളവ്യാകരണത്തിൻെറ പ്രവേശിക എന്ന നിലയ്ക്കാണ് *കേരളഭാഷാവിജ്ഞാനീയം* രചിച്ചത്. ഭാഷാശാസ്ത്രസംബന്ധമായി മലയാളത്തിലുണ്ടായ ശ്രേഷ്ഠമായ ഒരു ഗ്രന്ഥമാണ് ഇത്.

ദ്രാവിഡകുടുംബത്തിൽപ്പെട്ട കൂർഗ്ഭാഷ പഠിക്കുന്നതിനുവേണ്ടി കൂർഗിൽ ഏതാനും നാൾ താമസിച്ചു. വനാന്തരങ്ങളിൽ വസിക്കുന്ന അപരിഷ്കൃതവർഗക്കാരുടെ എരവ, കുറുമ്പ എന്നീ ഭാഷകളും പഠിച്ചു. കേരള സർവകലാശാലയിലെയും മദിരാശി സർവകലാശാലയിലെയും പാഠപുസ്തകസമിതിയിലും സെനറ്റിലും അംഗമായിരുന്നു. ഇന്ത്യൻ ഭരണഘടന വിവർത്തനംചെയ്യുന്നതിനുള്ള വിദഗ്ധസമിതിയിലും അംഗമായിരുന്നു.

കേരളപാണിനിയെന്നു വിഖ്യാതനായ എ.ആർ. രാജരാജവർമയുടെ പുത്രി സാവിത്രിയെയാണു ഗോദവർമ വിവാഹംകഴിച്ചത്. മൂത്ത പുത്രൻ ജി. രവീന്ദ്രവർമ കേന്ദ്രത്തിലെ ജനതാമന്ത്രിസഭയിൽ തൊഴിൽമന്ത്രി ആയിരുന്നു.

ഗോദവർമതമ്പുരാൻ, കൊടുങ്ങല്ലൂർ

(1800—1851)

കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാൻ എന്ന പേരിലറിയപ്പെടുന്ന മഹാപണ്ഡിതനും സാഹിത്യാചാര്യനും. കൊടുങ്ങല്ലൂർ രാജകുടുംബത്തിലെ കുഞ്ഞിക്കുട്ടിത്തമ്പുരാട്ടിയുടെ പുത്രൻ. വെള്ളാങ്ങല്ലൂർ ഇളങ്കുറിശ്ശി മാതൃദത്തൻനമ്പൂതിരിപ്പാടാണ് അച്ഛൻ. ബാല്യകാലത്തു വളപ്പിൽആശാൻ, ഒരു ശാസ്ത്രി, മനോരമത്തമ്പുരാട്ടിയുടെ ശിഷ്യനും പണ്ഡിതനുമായ ആരൂർ അടിതിരി എന്നിവർ സംസ്കൃതം പഠിപ്പിച്ചു. അടിതിരി വ്യാകരണമാണു പഠിപ്പിച്ചത്. തർക്കശാസ്ത്രവും പിന്നീടു ജ്യോതിഷവും പഠിച്ചു. ഇദ്ദേഹത്തിൽനിന്നു വ്യാകരണം പഠിച്ചവരാണു കുംഭകോണം കൃഷ്ണശാസ്ത്രിയും വൈക്കത്തു പാച്ചുമൂത്തതും. വളരെയധികം കവികളും പണ്ഡിതന്മാരും ഇദ്ദേഹത്തിൻെറ ശിഷ്യരായിരുന്നു. പിന്നീടു കൊടുങ്ങല്ലൂർ ഗുരുകുലമെന്നും കളരിയെന്നും പേരുകൊണ്ടു വിഖ്യാതമായിത്തീർന്ന വിദ്യാകേന്ദ്രം അദ്ദേഹത്തിൻെറ പാരമ്പര്യത്തെ നിലനിർത്തി.

ഇളയതമ്പുരാൻ സംസ്കൃതത്തിലും മലയാളത്തിലുമുള്ള അനേകം കൃതികളുടെ കർത്താവാണ്. മാഘംപോലെ ഗഹനമായ'ശ്രീരാമചരിതം എന്ന സംസ്കൃതമഹാകാവ്യമാണു തമ്പുരാൻെറ പ്രധാന കൃതി. (ഇതു പന്ത്രണ്ടു സർഗമേ അദ്ദേഹം എഴുതിയിട്ടുള്ളു.) *രസസദനം ഭാണം, ത്രിപുരദഹനം* എന്നീ സാഹിത്യകൃതികളും സ്തോത്രങ്ങളും *ഹേത്വാഭാസനവകം* എന്ന തർക്കശാസ്ത്രഗ്രന്ഥവും *ഭാസ്കരീയഗണിതവ്യാഖ്യാനം, ഗോളാധ്യായവ്യാഖ്യാനം* എന്നീ ജ്യോതിഷഗ്രന്ഥങ്ങളും സ്മൃതിയിൽ ചില ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. മലയാളത്തിൽ അഹല്യാമോക്ഷം കൈകൊട്ടിക്കളിപ്പാട്ട്, കാലകേയവധം ശീതങ്കൻതുള്ളൽ ഇവയാണു പ്രധാന കൃതികൾ.

തമ്പുരാൻ ഭാഷയിലും സംസ്കൃതത്തിലും ധാരാളം മുക്തകങ്ങൾ (ഒറ്റശ്ലോകങ്ങൾ) എഴുതിയിട്ടുണ്ട്.

ഗോദവർമരാജ, കേണൽ (1908—1971)

കായിക കലാവിനോദങ്ങളുടെ വികസനത്തിനായി നിരന്തരം പരിശ്രമിച്ച പൂഞ്ഞാർ രാജകുടുംബാംഗം. 'ജീവിതം കളിയും, കളി ജീവിതവുമാക്കിയ വ്യക്തി' എന്നാണിദ്ദേഹത്തെ വിശേഷിപ്പിച്ചിരുന്നത്.



1908 ഒക്റ്റോബർ 8-ാംതീയതി പൂഞ്ഞാർ കാഞ്ഞിരമിറ്റത്തു കൊട്ടാരത്തിൽ ജനിച്ചു. പാലാ, കോട്ടയം എന്നിവിടങ്ങളിൽ വിദ്യാഭ്യാസം നടത്തി. മദിരാശി മെഡിക്കൽകോളെജിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ തിരുവിതാംകൂർ രാജകുടുംബത്തിലെ കാർത്തികതിരുനാൾ തമ്പുരാട്ടിയെ പള്ളിക്കെട്ടുകഴിച്ചതിനെത്തുടർന്നു പഠിത്തം അവസാനിപ്പിച്ചു (1934).

വിവാഹാനന്തരം തിരുവനന്തപുരത്തു സ്ഥിരതാമസമുറപ്പിക്കുകയും കായിക കലാവിനോദപ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയുംചെയ്തു. തിരുവനന്തപുരത്തെ സ്റ്റേഡിയങ്ങൾ, ടെന്നീസ്ക്ലബ്ബുകൾ, നീന്തൽകുളങ്ങൾ തുടങ്ങിയവയുടെ നിർമാണവും സുപ്രധാന മത്സരക്കളികളുടെ നടത്തിപ്പും ഇദ്ദേഹത്തിൻെറ മേൽനോട്ടത്തിൽ നടന്നു. ഗുസ്തി, കബഡി, കട്ടമരംവലി എന്നീ നാടൻകളികളിലും തത്പരനായിരുന്ന ഇദ്ദേഹം സ്പോർട്സ്രംഗത്തു വളരുന്ന തലമുറയെ പ്രോത്സാഹിപ്പിച്ചു.

മദിരാശിയിൽ പഠിച്ചിരുന്ന ,കാലത്തു വിദ്യാർഥിയൂണിയന്റെ പ്രസിഡന്റായിരുന്നു. തിരുവിതാംകൂർ സ്റ്റേറ്റ് ഫോഴ്സസിന്റെ ഓണററി കേണൽ; തിരുവിതാംകൂർ സർവകലാശാലാ ലേബർകോറിന്റെ കമൻഡാന്റ്; അഖിലേന്ത്യാ ലോൺ ടെന്നീസ് അസോസിയേഷന്റെ പ്രസിഡന്റ്; ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റിയുടെ ചെയർമാൻ; ഇന്റർനാഷനൽ എയ്റോക്ലബ്ബ് ഫെഡറേഷന്റെയും അഖിലേന്ത്യാ സ്വിമ്മിങ് ഫെഡറേഷന്റെയും വൈസ്പ്രസിഡന്റ്; ഇന്ത്യൻ ടൂറിസ്റ്റ് വികസനകൗൺസിലിന്റെ ഡയറക്റ്റർ; കേരള ഹാൻഡിക്രാഫ്റ്റ്-ടൂറിസ്റ്റ്‌വികസനകൗൺസിലിന്റെ അധ്യക്ഷൻ; അഖിലേന്ത്യാ ക്രിക്കറ്റ് കൺട്രോൾ ബോർഡിന്റെ അധ്യക്ഷൻ; കേരള അഗ്രോഹോർട്ടിക്കൾച്ചറൽ സൊസൈറ്റി, കെന്നൽ ക്ലബ്ബ്, കേരള ഫ്ളൈയിങ്ക്ലബ്ബ്, ഫുട്ബോൾ അസോസിയേഷൻ, കേരള ക്രിക്കറ്റ് സംഘടന എന്നിവയുടെ അധ്യക്ഷൻ ഇങ്ങിനെ പല നിലയിലും വിശിഷ്ടസേവനം അനുഷ്ഠിച്ചു. മരണംവരെ കേരള സ്പോർട്ട്സ് കൗൺസിൽ അധ്യക്ഷനുമായിരുന്നു.

ഇദ്ദേഹത്തിന്റെ ഉത്സാഹത്തിൽ പണികഴിപ്പിച്ചിട്ടുള്ള തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിന്റെ ജി.വി. രാജാ പവിലിയൻ ഗോദവർമയെ അനുസ്മരിപ്പിക്കുന്നു.

1970 ഡിസംബറിൽ ദില്ലിയിൽ നടന്ന അന്താരാഷ്ട്ര എയ്റോ റാലിയുടെ ഓർഗനൈസിങ് കമ്മിറ്റി ചെയർമാനും ഗോദവർമയായിരുന്നു.

കോവളം ഒരു അന്താരാഷ്ട്രവിനോദസഞ്ചാരകേന്ദ്രമായി വികസിപ്പിക്കാൻ നേതൃത്വം നല്കി.

ദിവാൻ സി. പി. രാമസ്വാമിഅയ്യരുടെ ഇടപെടലിൽ പ്രതിഷേധിച്ചു ലേബർ കോർ മേധാവിയെന്ന സ്ഥാനം രാജിവെച്ചതും, തിരുവനന്തപുരം വിമാനത്താവളം വികസിപ്പിച്ച് അന്താരാഷ്ട്രവിമാനത്താവളമാക്കുന്നതിനു തടസ്സമായിനിന്ന ഗവൺമെന്റ്നയത്തിനെതിരെ വേണ്ടിവന്നാൽ സത്യഗ്രഹസമരം തുടങ്ങുമെന്നു പ്രഖ്യാപിച്ചതും ഇദ്ദേഹത്തിന്റെ ധീരത വെളിവാക്കുന്നു.

1971 ഏപ്രിൽ അവസാനത്തിൽ മദിരാശിയിൽവച്ചു നടന്ന സന്തോഷ്ട്രോഫി ഫുട്ബാൾ മത്സരം കണ്ടതിനുശേഷം സ്പോർട്സ്കൗൺസിൽ ചെയർമാൻമാരുടെ സമ്മേളനത്തിനായി ഗോദവർമ ദില്ലിയിൽപോയി. ദില്ലിയിൽനിന്നു കുളു താഴ്വരയിൽ വിശ്രമിക്കാൻ രണ്ടു സുഹൃത്തുക്കളുമായി ഹെലികോപ്ടറിൽ പറക്കുമ്പോൾ (1971 ഏപ്രിൽ 30-ാംതീയതി) വിമാനം തകർന്നു മരിച്ചു.

ഗോദവർമ(വലിയ)തമ്പുരാൻ, കൊടുങ്ങല്ലൂർ

(1859—1934)

സംസ്കൃതപണ്ഡിതനായ ഗ്രന്ഥകാരൻ. ഇളങ്കുറുശ്ശി നാരായണൻ നമ്പൂതിരിപ്പാട്ടിലെയും കുഞ്ഞിക്കുട്ടിത്തമ്പുരാട്ടിയുടെയും പുത്രൻ. മഹാമഹോപാധ്യായൻ കുംഭകോണം ശഠകോപാചാര്യൻ തുടങ്ങിയ അക്കാലത്തെ പ്രശസ്ത ദാക്ഷിണാത്യപണ്ഡിതന്മാരിൽനിന്നു സംസ്കൃതത്തിലും തർക്കവ്യാകരണാദികളിലും ഇദ്ദേഹം വൈദുഷ്യം ആർജിച്ചു. ബ്രഹ്മാനന്ദീയം, സിദ്ധാന്തബിന്ദു തുടങ്ങിയ അപൂർവ വേദാന്തഗ്രന്ഥങ്ങളിലെ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഗോദവർമയുടെത് അക്കാലത്ത് അവസാനവാക്കായിരുന്നു. ബ്രിട്ടീഷ്ഗവൺമെന്റ് ഇദ്ദേഹത്തിനു മഹാമഹോപാധ്യായൻ എന്നും, കേരളീയവിദ്വാന്മാർ 'ഭട്ടൻ' എന്നും ഉള്ള ബിരുദങ്ങൾ നല്കി ബഹുമാനിച്ചു. *പ്രമാണവാദവ്യാഖ്യാനം, സ്മാർത്തപ്രായശ്ചിത്തവ്യാഖ്യാനം, ഉപകാരപ്രവേശികാവ്യാഖ്യാനം, ഭാഗവതപ്രഥമശ്ലോകവ്യാഖ്യാനം, ന്യായരത്നാവലീവ്യാഖ്യാനം, ശക്തിതത്വപ്രകാശിക, വ്യുത്പത്തിവേദകാരിക* തുടങ്ങി അനവധി പ്രമാണഗ്രന്ഥങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്.

ഗോദാനം

പശുവിനെ ദാനം ചെയ്യുന്ന കർമം. ഇത് ഒരു വലിയ പുണ്യകർമമായി കരുതി വന്നിരുന്നു. ദാനങ്ങളിൽ ശ്രേഷ്ഠമായവ ഗോദാനം, ഭൂദാനം, കന്യാദാനം ഇവ ആണെന്നു സ്മൃതികൾ പറയുന്നു. ജീവനുള്ള പശുവിനെയും കിടാവിനെയും കൊമ്പിലും കുളമ്പിലും വെള്ളിയോ സ്വർണമോ കെട്ടിച്ചാണു ദാനം ചെയ്യേണ്ടത്. ഇത്തരം ദാനത്തിനു കഴിവില്ലാത്തവർ പതിനൊന്നേകാൽ പണം (ഇന്നത്തെ കണക്കിൽ ഒരു രൂപ 60 പൈസ) ഒരു വസ്ത്രത്തോടൊപ്പം (ഇണമുണ്ട്) ഗോദാനം എന്നു സങ്കല്പിച്ചു ദാനം ചെയ്യുന്ന പതിവുണ്ട്. ഷഷ്ട്യബ്ദപൂർത്തി, ശതാഭിഷേകം മുതലായ സന്ദർഭങ്ങളിൽ പ്രായം കുറഞ്ഞ ബന്ധുക്കൾ ജന്മദിനം ആഘോഷിക്കുന്നയാൾക്കുവേണ്ടി പണവും വസ്ത്രവും നല്കി 'പശുദ്ദാനം' നടത്തിക്കുന്ന പതിവ് ഇന്നും ബ്രാഹ്മണരുടെ ഇടയിൽ തുടർന്നു വരുന്നു.

ഗോദാനം

ഷോഡശസംസ്കാരങ്ങളിൽ ഒന്ന് ബ്രഹ്മചര്യവ്രതാവസാനത്തിൽ സമാവർത്തനത്തിനു മുന്നോടിയായി നടത്തുന്ന കർമം. ഇതിനു 'കേശാന്തം' എന്നും പറയാറുണ്ട്. ബ്രഹ്മചാരി തലമുടി വളർത്തുന്നു. അതു മുറിക്കുന്ന കർമമാണു കേശാന്തം അഥവാ ഗോദാനം. ഈ സംസ്കാരത്തോടൊപ്പം †ഗോദാനം കുടി നടത്തിയിരുന്നതു കൊണ്ടാണു സംസ്കാരത്തിന് ഈ സംജ്ഞ ലഭിച്ചത്.

ഗോദാൻ

പ്രേംചന്ദ് എഴുതിയ നോവൽ. ധൻപത്റായ് ആണു മുൻഷി പ്രേംചന്ദ് എന്ന പേരിൽ ചെറുകഥകളും നോവലുകളും എഴുതിയിരിക്കുന്നത്. ഉപന്യാസചക്രവർത്തി (ഉപന്യാസ്-നോവൽ) എന്നു വിഖ്യാതനായ ഇദ്ദേഹത്തിന്റെ അത്യുത്തമകൃതി എന്നു ഗോദാനിനെ വിശേഷിപ്പിക്കാറുണ്ട്. ഉത്തര ഇന്ത്യയിലെ കർഷകന്റെ ശോച്യാവസ്ഥയും വ്യവസായ പ്രഭുക്കന്മാരുടെ ചൂഷകമനോഭാവവും പരിഷ്കൃതയുവതികളുടെ പൊങ്ങച്ചവും നോവലിസ്റ്റ് ഹൃദയംഗമമായി വരച്ചുകാട്ടുന്നു. മൂർച്ചയുള്ള ആക്ഷേപഹാസ്യത്തിന്റെ ശക്തി ഈ നോവലിനെ ചൂഷണത്തിന് എതിരെയുള്ള ശക്തമായ ആയുധമാക്കുന്നു.

ഗോദാവരി

ദക്ഷിണേന്ത്യയിലെ ഏറ്റവും നീളംകൂടിയ നദി. പശ്ചിമഘട്ടത്തിൽ ത്ര്യംബകത്തിനു സമീപമുള്ള പർവതത്തിൽനിന്നാണ് ഉദ്ഭവം. 483 കി.മീറ്റർ നീളത്തിൽ ഒഴുകി ബംഗാൾ ഉൾക്കടലിൽ പതിക്കുന്നു. ഒട്ടനേകം ദ്വീപുകൾ ഈ നദിയിലുണ്ട്. വനവാസകാലത്തു രാമലക്ഷ്മണന്മാർ സീതയോടുകൂടി ഈ നദിയുടെ തീരത്താണ് ഏറെക്കാലം കഴിച്ചുകൂട്ടിയത് എന്നു രാമായണം പറയുന്നു. ഗംഗാതീരത്തിൽ കാശീനഗരമെന്നപോലെയാണു ഗോദാവരീതീരത്തെ പ്രതിഷ്ഠാനനഗരം. മഹാരാഷ്ട്ര സംസ്കാരകേന്ദ്രമായ നാസിക്കും ഇതിന്റെ തീരത്താണ്.

ഗോദാവരി ജില്ലകൾ

ആന്ധ്രപ്രദേശത്തെ രണ്ടു ജില്ലകൾ. മദിരാശി പ്രെസിഡെൻസിയുടെ ഭാഗമായിരുന്നപ്പോൾ ഇത് ഒറ്റ ജില്ല ആയിരുന്നു. ആന്ധ്രസംസ്ഥാന രൂപവത്കരണത്തിനുശേഷമാണു രണ്ടു ജില്ലകൾ-പൂർവഗോദാവരി, പശ്ചിമഗോദാവരി ആക്കിയത്. ഗോദാവരിനദിയുടെ മുഖത്തോടു ചേർന്നഡെൽറ്റാ പ്രദേശമാണു കിഴക്കൻ ഗോദാവരി ജില്ല. പടിഞ്ഞാറൻ ഗോദാവരി ജില്ലയുടെ തെക്കെ അറ്റം സമുദ്രത്തെ സ്പർശിക്കുന്നുണ്ടെങ്കിലും ജില്ലയുടെ പടിഞ്ഞാറുഭാഗം പൂർവഘട്ടപർവതനിരയുടെ തുടർച്ചയായ കുന്നുകൾ നിറഞ്ഞതാണ്. കൃഷ്ണ, ഖമ്മം ജില്ലകളാണു പടിഞ്ഞാറൻ ഗോദാവരിയുടെ തെക്കും പടിഞ്ഞാറും അതിരുകൾ. ഗോദാവരിയുടെ പോഷകനദിയായ ശബരി ഈ ജില്ലകളിൽക്കൂടി ഒഴുകുന്നു. കാക്കിനദ (കോകനദ) ആണ് ഈ പ്രദേശത്തെ മുഖ്യതുറമുഖം.

ഈ ജില്ലകളിലെ ജനങ്ങളുടെ മുഖ്യതൊഴിൽ കൃഷിയാണ്. നെല്ലും കരിമ്പുമാണു പ്രധാന കൃഷികൾ. മത്സ്യബന്ധസംസ്കരണങ്ങൾ, പഞ്ചസാരനിർമാണം ഇവ ആണു പ്രധാന വ്യവസായങ്ങൾ. പൂർവഗോദാവരി ജില്ലയുടെ വിസ്തൃതി 10,807 ച.കി.മീ. ജനസംഖ്യ 37,01,040 (1981). തലസ്ഥാനം കാകിനദ. പശ്ചിമഗോദാവരി ജില്ലയുടെ വിസ്തൃതി 7,742 ച.കി.മീ. ജനസംഖ്യ 28,73,958 (1981). തലസ്ഥാനം എല്ലൂരു.

ഗോദാവരി പരുലേൽക്കർ (1908—)

മറാഠി എഴുത്തുകാരിയും കമ്യൂണിസ്റ്റ് നേതാവും. 'മനുഷ്യരുണരുമ്പോൾ' എന്ന കൃതിക്കു കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് (1972) ലഭിച്ചു.

1908 ഓഗസ്റ്റ് 1-ന് പൂണെയിൽ ജനിച്ചു. ചെറുപ്പകാലത്തുതന്നെ ദേശീയപ്രസ്ഥാനത്തിലൂടെ രാഷ്ട്രീയ രംഗത്തു പ്രവേശിച്ചു. എഴുത്തുകാരനും രാഷ്ട്രീയപ്രവർത്തകനുമായ ഭർത്താവ് ശ്യാം റാവു പരുലേൽക്കറോടൊപ്പം ആദിവാസികളുടെ ഇടയിൽ ത്യാഗപൂർണമായ പ്രവർത്തനങ്ങൾ നടത്തി. ആദിവാസികൾ അവകാശബോധം

നേടി മനുഷ്യരാകുന്നതിന്റെ ആഖ്യാനമാണു 'മനുഷ്യരുണരുമ്പോൾ' എന്ന കൃതി. അക്കാദമി അവാർഡിനു പുറമെ മഹാരാഷ്ട്ര ഗവൺമെന്റ് അവാർഡും ആചാര്യ ആത്രേ ഫൗണ്ടേഷൻ അവാർഡും നേടിയ ഈ കൃതി ഗുജറാത്തി, ഹിന്ദി, കന്നഡ, മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. കർഷകരുടെയും ആദിവാസികളുടെയും അനേകം സമരങ്ങൾക്കു നേതൃത്വം നൽകിയിട്ടുള്ള ഗോദാവരി ഇപ്പോൾ സി.പി.ഐ (എം) കേന്ദ്ര കമ്മിറ്റി അംഗമാണ്.

ഗോഡ്സെ, നഥുറാം വിനായക് (1910–'49)

ഹിന്ദുരാഷ്ട്രവാദിയും മഹാത്മാഗാന്ധിയുടെ ഘാതകനും. ദില്ലിയിലെ ചുവപ്പുകോട്ടയിൽവച്ച് 1948 മെയ് 27-ാം തീയതി ഗൂഢാലോചനക്കുറ്റം ആരോപിക്കപ്പെട്ട ഏഴുപേരെയും വിചാരണചെയ്യുവാൻ ആരംഭിച്ചു. ആത്മചരൺ ആയിരുന്നു ജഡ്ജി. ഏറ്റവും നീണ്ടുനിന്ന വിചാരണകളിലൊന്നാണിത്. പ്രോസിക്യൂഷൻ ഭാഗത്തേക്ക് 149 സാക്ഷികളെ വിസ്തരിച്ചു. 1948 നവംബർ 8-ാം തീയതി ഇദ്ദേഹം കുറ്റം സമ്മതിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റ് വായിച്ചു. ഇംഗ്ലീഷിൽ 92 പേജുകളിലായി തയാറാക്കിയിരുന്ന സ്റ്റേറ്റുമെന്റിൽ ഗാന്ധിജിയുടെ വധത്തിനുള്ള മുഴുവൻ ഉത്തരവാദിത്വവും ഏല്ക്കുകയും ഈ പ്രവൃത്തിയെ സാധൂകരിക്കുകയും ചെയ്തു. 1949 ഫെബ്രുവരി 10-നു ഗോഡ്സെയ്ക്കും നാരായണ ആപ്തെയ്ക്കും വധശിക്ഷ വിധിച്ചു. സവർക്കറെ വെറുതെ വിട്ടു. മറ്റു പ്രതികളെ നാടുകടത്തി. സിംലയിൽ കൂടിയ അപ്പീൽ കോടതി വിധി ശരിവച്ചു. 1949 നവംബർ 15-ാം തീയതി ഗോഡ്സെയെയും ആപ്തെയെയും തൂക്കിക്കൊന്നു. ഹിന്ദുമതത്തിനും ഇന്ത്യയുടെ അഖണ്ഡതയ്ക്കും ഗാന്ധിജിയുടെ ജീവിതവും പ്രവർത്തനങ്ങളും തടസ്സമായി നില്ക്കുന്നു എന്ന വിശ്വാസമാണ് വധത്തിനു തന്നെ പ്രേരിപ്പിച്ചതെന്നു ഗോഡ്സെ കുറ്റസമ്മതത്തിൽ പറഞ്ഞിട്ടുണ്ട്.

ഗോഡ്റെജ്, ഡോക്ടർ ബർജോർ പിരോജ്ഷാ (1915–)

ഇന്ത്യൻ വ്യവസായി. ബോംബെയിലെ ഗോഡ്റെജ് സോപ്പ്സ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്റ്റർ. 1915 ജൂൺ 23-നു ബോംബെയിൽ ജനിച്ചു. ബെർലിൻ സർവകലാശാലയിൽ പഠിച്ച് എൻജിനിയറിങ്ങിൽ ഡോക്ടർബിരുദം നേടി. ഗോഡ്റെജ് ആൻറ് ബോയിസ് മാനുഫാക്ചറിങ് കമ്പനിയുടെ ഡയറക്റ്റർ, ജെ.സി.കാനേ മെമോറിയൽ ട്രസ്റ്റിന്റെ അധ്യക്ഷൻ, സി.എസ്.ഐ.ആർ-ന്റെ വെജിറ്റബ്ൾ ഓയ്ൽ റിസർച്ച് കമ്മിറ്റിയുടെ അധ്യക്ഷൻ എന്നിങ്ങനെ പല നിലകളിൽ സേവനമനുഷ്ഠിച്ചു. ഇന്ത്യൻ സ്റ്റാൻേറഡ് ഇൻസ്റ്റിറ്റ്യൂട്ട്, മഹാരാഷ്ട്ര അക്കാദമി ഒഫ് സയൻസ് എന്നിവയിൽ ഫെലോ ആണ്. സാങ്കേതിക-വ്യവസായിക വിഷയങ്ങളിൽ ഇദ്ദേഹം പല പ്രബന്ധങ്ങളും രചിച്ചിട്ടുണ്ട്. 1974-79-ൽ ഓസ്ട്രിയയുടെ ഓണററി കോൺസൽ ജനറൽ ആയി പ്രവർത്തിച്ചു.

ഗോപഥബ്രാഹ്മണം

അഥർവവേദത്തിന്റെ അനുബന്ധമായ ഗദ്യനിബന്ധം. ഇതിനു രണ്ടു ഭാഗമുണ്ട്. ആദ്യത്തേതിൽ അഞ്ചും രണ്ടാമത്തതിൽ ആറും അധ്യായങ്ങൾ. ഇതു സംഹിതയുടെ ഭാഗമല്ല. ആദ്യഭാഗം മൗലികമാണ്. രണ്ടാംഭാഗം ശതപഥബ്രാഹ്മണത്തിലെ പതിനൊന്നും പന്ത്രണ്ടും അധ്യായങ്ങളിൽനിന്ന് എടുത്ത ഭാഗങ്ങൾ ഉൾക്കൊള്ളുന്നതും. ശിവനെക്കുറിച്ചുള്ള പ്രസ്താവങ്ങൾ കാണിക്കുന്നത് ഇതു വൈദികകാലഘട്ടത്തിനുശേഷം വിരചിതമാണെന്നാണ്. വൈതാനസൂത്രമാണ് ഇതിന്റെ അടിസ്ഥാനഗ്രന്ഥം. † അഥർവവേദം നോക്കുക.

ഗോപാലകൃഷ്ണ അഡിഗ, എം.

അഡിഗ, ഗോപാലകൃഷ്ണ നോക്കുക.

ഗോപാലകൃഷ്ണ ഗോഖലേ (1866—1915)

സെർവൻറ്സ് ഒഫ് ഇന്ത്യാ സൊസൈറ്റിയുടെ സ്ഥാപകനും ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിലെ മിതവാദി നേതാക്കളിൽ ഒരാളും. ഗാന്ധിജി തന്റെ രാഷ്ട്രീയഗുരു എന്നു ഗോഖലെയെ അംഗീകരിച്ചിരുന്നു. പഴയ ബോംബെ സംസ്ഥാനത്തിലെ രത്നഗിരി ജില്ലയിൽപ്പെട്ട കോട്ലക്ക് ഗ്രാമത്തിലെ ഒരു ബ്രാഹ്മണകുടുംബത്തിൽ 1866 മെയ് 9-ാം തീയതി ജനിച്ചു. ദാരിദ്ര്യത്തിന്റെ കെടുതികൾ അനുഭവിച്ചറിഞ്ഞാണു വളർന്നത്. പിതാവിന്റെ മരണശേഷം വളരെ കഷ്ടപ്പെട്ടു പഠിച്ച് ബോംബെയിലെ എൽഫിൻസ്റ്റൺ കോളെജിൽനിന്ന് 1884-ൽ ബിരുദം നേടി. അമ്മയെയും ജ്യേഷ്ഠനെയും സംരക്ഷിക്കുവാനുള്ള വ്യഗ്രതകൊണ്ട് 75 രൂപ ശമ്പളത്തിൽ അധ്യാപകനായി. പിന്നീടു പൂണെയിലെ ഫെർഗുസൻ കോളെജിൽ ചരിത്രത്തിന്റെ പ്രൊഫസറായി. 1902-ൽ ആ ഉദ്യോഗം രാജിവച്ചു പൊതുപ്രവർത്തനത്തിൽ മുഴുകി.

പൊതുക്കാര്യപ്രവർത്തനത്തിൽ ഉത്തേജനം നല്കിയത് മഹാദേവഗോവിന്ദ റാനഡേ ആണ്. റാനഡേയുടെ ഡക്കാൺ എഡ്യൂക്കേഷനൽ സൊസൈറ്റിയിലും സാർവജനിക് സഭയിലും ഗോഖലേ അംഗമായിരുന്നു. പ്രൊഫസറായിരിക്കുമ്പോൾത്തന്നെ ശ്രദ്ധ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളിലേക്കു തിരിഞ്ഞു. പൂണെയിൽവച്ചു 1895-ൽ നടന്ന കോൺഗ്രസ്സ് സമ്മേളനത്തിന്റെ സ്വാഗതസംഘത്തിൽ ഗോഖലേ സജീവാംഗമായിരുന്നു. കോൺഗ്രസ്സിന്റെ ബോംബെ സർക്കിൾകമ്മിറ്റിയുടെ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. 1904-ൽ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ ജോയിൻറ് ജനറൽ സെക്രട്ടറിയായി. 1905-ൽ കോൺഗ്രസ്സിന്റെ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ്സിനകത്ത് അന്നു ലോകമാന്യതിലകന്റെ നേതൃത്വത്തിലുള്ള തീവ്രവാദികളും റാനഡേയുടെ നേതൃത്വത്തിലുള്ള മിതവാദികളും ഉണ്ടായിരുന്നു. മിതവാദി വിഭാഗത്തിലായിരുന്നു ഗോഖലേ.

1899-ൽ ഗോഖലേ ബോംബെ നിയമസഭയിൽ അംഗമായി. 1902-ൽ സംസ്ഥാനനിയമസഭയിലെ അനൗദ്യോഗികാംഗങ്ങളുടെ പ്രതിനിധിയായി കേന്ദ്രനിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. 1905-ൽ ഇദ്ദേഹം സെർവൻറ്സ് ഒഫ് ഇന്ത്യാസൊസൈറ്റി സ്ഥാപിച്ചു. ധനം സമ്പാദിക്കുകയില്ലെന്നും ജീവിതകാലം മുഴുവൻ രാജ്യ

ത്തെ സേവിച്ചുകൊള്ളാമെന്നും സൊസൈറ്റിയിലെ എല്ലാ അംഗങ്ങളും പ്രതിജ്ഞയെടുത്തു. അധഃകൃതരോടുള്ള സവർണഹിന്ദുക്കളുടെ ക്രൂരമായ പെരുമാറ്റത്തെ ഗോഖലേ ശക്തിയായി എതിർത്തിരുന്നു. മഹാത്മാഗാന്ധിയുടെ ക്ഷണമനുസരിച്ച് ഇദ്ദേഹം ദക്ഷിണാഫ്രിക്കാ സന്ദർശിക്കുകയും അവിടത്തെ ഇന്ത്യക്കാരുടെ അവശതാപരിഹാരത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തു. രണ്ടുമൂന്നു തവണ അദ്ദേഹം ഇംഗ്ലണ്ട് സന്ദർശിക്കുകയും ഇന്ത്യക്കാരുടെ പ്രശ്നങ്ങളും അവശതകളും ഇംഗ്ലീഷുകാരെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയിലെ പബ്ലിക് സർവീസുകളെക്കുറിച്ച് അന്വേഷിക്കാൻ 1912-ൽ നിയമിതനായ ഇസ്ലാങ്ടൺ കമ്മീഷനിൽ ഗോഖലെയും അംഗമായിരുന്നു. യൗവനാരംഭത്തിൽത്തന്നെ ഗോഖലെ പ്രമേഹ ബാധിതനായിത്തീർന്നിരുന്നു. 1915 ഫെബ്രുവരി 19-ാം തീയതി പൂണെയിൽ അന്തരിച്ചു.

ഗോപാലകൃഷ്ണൻ, അടൂർ (1941—)

കേരളീയ ചലച്ചിത്രകാരൻ. സ്വന്തമായി കഥയും തിരനാടകവും രചിച്ച് ഇദ്ദേഹം സംവിധാനം ചെയ്തിട്ടുള്ള എല്ലാ ചിത്രങ്ങളും അവാർഡുകൾക്കർഹമായിട്ടുണ്ട്. സാർവദേശീയ പ്രശസ്തിയും അംഗീകാരവും നേടിയിട്ടുള്ള ഇന്ത്യൻ ചലച്ചിത്രസംവിധായകരിൽ ഒരാൾ ആണ് അടൂർ.

1941 ജൂലൈ 3-നു ജനിച്ചു. പൂണെയിലെ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു തിരനാടക രചനയിൽ ബിരുദാനന്തര ഡിപ്ലോമ നേടി.

1965-ൽ ഇദ്ദേഹത്തിന്റെയും മറ്റും നേതൃത്വത്തിൽ തിരുവനന്തപുരത്തു സ്ഥാപിതമായ ചിത്രലേഖാ ഫിലിം സൊസൈറ്റിയാണു കേരളത്തിൽ ഫിലിം സൊസൈറ്റിപ്രസ്ഥാനത്തിനു തുടക്കം കുറിച്ചത്. ഫിലിം ആൻഡ് ടി.വി. ഇൻസ്റ്റിറ്റ്യൂട്ട് ഗവേണിങ് കൗൺസിൽ (1976-78), ദേശീയ ഫിലിം ആൻകൈവ്സ് ഉപദേശകസമിതി (1978-80), ദേശീയ ഫിലിം ഫെസ്റ്റിവൽ ജൂറി (1974), ന്യൂദെൽഹിയിലെ ഇൻറർനാഷനൽ ഫിലിം ഫെസ്റ്റിവൽ ജൂറി (1983) തുടങ്ങിയവയിൽ അംഗമായിരുന്നു. ദേശീയ ഫിലിം ഡിവല്മെൻറ് കോർപ്പറേഷൻ ഡയറക്റ്റർ ആയി സേവനം അനുഷ്ഠിച്ചു (1980-83). *സ്വയംവരം* (1972), *കൊടിയേറ്റം* (1977), *എലിപ്പത്തായം* (1981), *മുഖാമുഖം* (1984), *അനന്തരം* (1987) എന്നിവയാണ് ഇദ്ദേഹം സംവിധാനം ചെയ്ത പ്രധാന ചിത്രങ്ങൾ. കേന്ദ്ര സംസ്ഥാനഅവാർഡുകൾക്കുപുറമെ, എലിപ്പത്തായത്തിന് 1982-ൽ ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് അവാർഡും മുഖാമുഖത്തിന് 1984-ൽ 'ഫിപ്രെസി' (FEPRESCI) അവാർഡും ലഭിച്ചു. ഗോപാലകൃഷ്ണന്റെ ചിത്രങ്ങളുടെ ഒരു പ്രദർശനാവലോകനം (Retrospective) പാരിസിൽ നടന്നു.

ചലച്ചിത്രചിന്തകൻ, ലേഖകൻ എന്നീ നിലകളിലും ഇദ്ദേഹം അറിയപ്പെടുന്നു. ഇദ്ദേഹത്തിന്റെ *സിനിമയുടെ ലോകം* എന്ന ഗ്രന്ഥത്തിന് 1983-ൽ ദേശീയ അവാർഡു ലഭിച്ചു. രണ്ടു നാടകവും നാടകത്തെക്കുറിച്ചുള്ള ലേഖനങ്ങളും എഴുതിയിട്ടുണ്ട്. 1984-ൽ പദ്മശ്രീ ബഹുമതി ലഭിച്ചു.

ഗോപാലകൃഷ്ണൻ, എം.എസ്. (1931—)

വയലിനിസ്റ്റും സംഗീതവിദ്വാനും. മദിരാശിയിൽ 1931 ജൂൺ 10-ാം തീയതി വയലിനിസ്റ്റായ പറവൂർ സുന്ദരയ്യരുടെ മകനായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം ജന്മസ്ഥലത്തുതന്നെയായിരുന്നു. അച്ഛനിൽനിന്നു സംഗീതവും വയലിൻവായനയും അഭ്യസിച്ചു. കർണാടകസംഗീതത്തിലും ഹിന്ദുസ്ഥാനി സംഗീതത്തിലും ഒരുപോലെ പ്രാവീണ്യം നേടി. പക്കമേളത്തിലും തനിയായവാദനത്തിലും പ്രശംസനീയമായ വൈദഗ്ധ്യമുണ്ട്. ഭാരതത്തിന്റെ നാനാഭാഗങ്ങളിൽ മാത്രമല്ല വിദേശങ്ങളിലും ഒട്ടേറെ പരിപാടികൾ നടത്തിയിട്ടുണ്ട്. മദിരാശി മ്യൂസിക് അക്കാദമിയിലെ എക്സ്പേർട്ട് കമ്മിറ്റി അംഗമാണ്. 'പറവൂർശൈലി' എന്നറിയപ്പെടുന്ന തനതായ ഒരു സംഗീതശൈലിയുടെ ഉടമയായ ഗോപാലകൃഷ്ണനെ കേരള (1979) തമിഴ്നാട് (1981) സംഗീതനാടകഅക്കാദമികൾ അവാർഡുകൾ നല്കി ബഹുമാനിച്ചിട്ടുണ്ട്. കൂടാതെ 1983-ൽ കേന്ദ്ര സംഗീതനാടക അക്കാദമിയുടെ അവാർഡും ലഭിച്ചു. സഹോദരനായ എം.എസ്. അനന്തരാമനും ചേർന്നുള്ള യുഗ്മവാദനവും കൊണ്ടാടപ്പെട്ടിട്ടുണ്ട്. ധാരാളം ഗ്രാമഫോൺ റെക്കാർഡുകളും കാസറ്റുകളും ഇദ്ദേഹത്തിന്റേതായുണ്ട്. സ്ഥിരതാമസം മദിരാശി നഗരത്തിലാണ്.

ഗോപാലകൃഷ്ണൻ, ടി.വി. (1932—)

മൃദംഗവായനക്കാരനും, സംഗീതജ്ഞനും. തൃപ്പൂണിത്തുറ വിശ്വനാഥഭാഗവതരുടെ മകനായി 1932 ജൂൺ 2-ാം തീയതി തൃപ്പൂണിത്തുറയിൽ ജനിച്ചു. ആദ്യകാല വിദ്യാഭ്യാസം കഴിഞ്ഞ്, ചെമ്പൈ വൈദ്യനാഥയ്യരുടെ ശിഷ്യനായി കർണാടകസംഗീതവും കൃഷ്ണാനന്ദിന്റെ ശിഷ്യനായി ഹിന്ദുസ്ഥാനി സംഗീതവും അഭ്യസിച്ചു. ബി.കോം ബിരുദധാരിയാണ്. ജി. നാരായണസ്വാമി അയ്യരിൽനിന്നാണു മൃദംഗം പഠിച്ചത്. ഭാരതത്തിലും പുറത്തും ധാരാളം പരിപാടികൾ നടത്തി പ്രസിദ്ധി നേടിയിട്ടുണ്ട്. കച്ചേരിയോടൊപ്പം, യൂറോപ്പിലും അമേരിക്കയിലും മറ്റും പ്രകടന-വിശദീകരണ-സംഗീതപരിപാടികൾ നടത്തിയിട്ടുണ്ട്. വായ്പാട്ടുകാരുടെയും മൃദംഗവാദകരുടെയും മുൻപന്തിയിൽ ഒന്നുപോലെ സ്ഥാനം നേടിയിട്ടുള്ള ചുരു



ക്കം ചിലരിൽ ഒരാളാണു ഗോപാലകൃഷ്ണൻ. 1985-ൽ കേരളസംഗീത നാടക അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. ചെമ്പൈ സ്മാരക സംഗീതകേന്ദ്രത്തിന്റെ സ്ഥാപക ഡയറക്ടറും, തഞ്ചാവൂരിലെ ത്യാഗബ്രഹ്മസഭയിലെ അംഗവുമാണ്. മദിരാശി നഗരത്തിലാണു സ്ഥിരതാമസം.

ഗോപാലകൃഷ്ണൻ, വി.ഡി. (1932—)

തമിഴ്സാഹിത്യകാരൻ. വളരെ അധികം നോവലുകൾ രചിച്ചിട്ടുണ്ട്. 'പൂവണ്ണൻ' എന്ന തൂലികാനാമത്തിലാണ് ഇദ്ദേഹം എഴുതുന്നത്. അധ്യാപകൻ ആയിരുന്നു. ബാലസാഹിത്യ രചനയ്ക്കും ചലച്ചിത്ര കഥയ്ക്കും അവാർഡ് നേടിയിട്ടുണ്ട്. ചില കവിതകളും എഴുതിയിട്ടുണ്ട്. *പുലവർ മകൻ, കാവേരിയിൻ അൻപ്* എന്നിവയാണു മുഖ്യ കൃതികൾ. പല പാരിതോഷികങ്ങളും സ്വർണമെഡലും ലഭിച്ചിട്ടുണ്ട്.

ഗോപാലകൃഷ്ണൻ, സർദാർ (1914—1950)

കമ്യൂണിസ്റ്റ് നേതാവ്. 1914-ൽ തൃശൂർ ജില്ലയിലെ എടത്തുരുത്തി വില്ലേജിൽ കുമ്പളപ്പറമ്പു വീട്ടിൽ ജനിച്ചു. എസ്.എസ്.എൽ.സി. പാസ്സായശേഷം ടീച്ചേഴ്സ് ട്രെയിനിങ് കഴിഞ്ഞ് അധ്യാപകനായി. കുറച്ചുകാലം സൈനികസേവനത്തിലേർപ്പെട്ടു. സർദാർ എന്ന വിശേഷണം ഈ സൈനികസേവനം സംഭാവനചെയ്തതാണ്. 1935-ൽ പട്ടാളത്തിൽനിന്നു പിരിഞ്ഞു നാട്ടിലെത്തി വീണ്ടും അധ്യാപനവൃത്തി സ്വീകരിച്ചു. ഗാന്ധിജിയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യ സമരം ശക്തമായപ്പോൾ ഗോപാലകൃഷ്ണൻ കോൺഗ്രസ്സിന്റെ പ്രവർത്തകനായി. 1942-ൽ കമ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി. 1948-ൽ കമ്യൂണിസ്റ്റ് പ്രവർത്തനത്തിന്റെ പേരിൽ ടീച്ചേഴ്സ് ട്രെയിനിങ് സർട്ടിഫിക്കറ്റ് റദ്ദാക്കപ്പെട്ടു. പിന്നീടു മുഴുവൻസമയ രാഷ്ട്രീയ പ്രവർത്തകനായി. 1950 ജനുവരി 26-ന് നാട്ടികയിലെ മതിലകത്ത് ഇദ്ദേഹം നയിച്ചിരുന്ന പൗരസ്വാതന്ത്ര്യ ജാഥയെ എം.എസ്.പി.ക്കാർ ആക്രമിക്കുകയും ഇദ്ദേഹത്തെ അറസ്റ്റുചെയ്യുകയും ചെയ്തു. പിറ്റേന്നു ലോക്കപ്പിൽ ഇദ്ദേഹം മരിച്ചുകിടക്കുന്നതാണ് കണ്ടത്.

ഗോപാലകൃഷ്ണപിള്ള, കിടങ്ങൂർ (1929—)

സാമൂഹിക രാഷ്ട്രീയപ്രവർത്തകനും 1984-86 കാലത്ത് സിങ്കപ്പൂരിലെ ഇന്ത്യൻ ഹൈക്കമ്മീഷണറും.

പാലായിൽ ജനിച്ചു. പാലാ ഗവൺമെന്റ് സ്കൂളിലും, കിടങ്ങൂർ എൻ.എസ്.എസ്. സ്കൂളിലും, ചങ്ങനാശ്ശേരി എസ്.ബി. കോളെജിലും പഠിച്ചു ബി.എസ്സിയും, എറണാകുളം ലോ കോളെജിൽനിന്ന് ബി.എൽ. ബിരുദവും നേടി. 1959-ൽ അഭിഭാഷകനായി ജീവിതം ആരംഭിച്ചു. പിന്നീടു ഖാദികമ്മീഷൻ ഓർഗനൈസർ ആയി ജോലി സ്വീകരിച്ചു. പ്രസ്തുത വകുപ്പിൽ സൗത്ത് ഇന്ത്യൻ ഡവലപ്മെന്റ് ഓഫീസർ ആയിരിക്കെ ഉദ്യോഗം ഉപേക്ഷിച്ചു നായർ സർവീസ് സൊസൈറ്റി പ്രവർത്തകനായി. 1962-ൽ എൻ.എസ്.എസ്. അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറിയും, 1967-ൽ ജനറൽ സെക്രട്ടറിയും ആയി. നാഷനൽ ഡെമോക്രാറ്റിക് പാർട്ടിയുടെ ചെയർമാൻ ആയിരുന്നു 1984 ജനുവരിയിൽ സിങ്കപ്പൂരിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ ആയി ചുമതലയേറ്റു. രണ്ടുവർഷങ്ങൾക്കുശേഷം ആ സ്ഥാനത്തുനിന്നു വിരമിച്ചു. ഇപ്പോൾ കോൺഗ്രസ് (ഐ) പ്രവർത്തകൻ ആണ്.

ഗോപാലകൃഷ്ണപ്പണിക്കർ, അമ്പലപ്പുഴ (1915—1976)

നാഗസ്വരവിദ്വാന്മാരായ അമ്പലപ്പുഴ സഹോദരന്മാരിൽ ഒരാൾ. ശങ്കരനാരായണപ്പണിക്കർ, ഗോപാലകൃഷ്ണപ്പണിക്കർ, രാമകൃഷ്ണപ്പണിക്കർ എന്നിവരാണ് ഈ സഹോദരന്മാർ. ഇവരിൽ ആദ്യത്തെ രണ്ടുപേരും ചേർന്നാണു നാഗസ്വരരംഗത്തു പ്രസിദ്ധിനേടിയത്. 1967-ൽ മൂത്ത സഹോദരനായ †ശങ്കരനാരായണപ്പണിക്കർ അന്തരിച്ചതിനുശേഷം ഇളയവർ രണ്ടുപേരും ചേർന്നു നാഗസ്വരക്കച്ചേരികൾ നടത്തിവന്നു.

1915 നവംബറിൽ ജനിച്ചു. പിതാവ് വൈക്കം കുട്ടപ്പപ്പണിക്കർ പ്രസിദ്ധനായ നാഗസ്വര വിദ്വാൻ ആയിരുന്നു. മാന്നാർ രാമപ്പണിക്കർ ആണ് ആദ്യത്തെ ഗുരു. പിന്നീടു ജ്യേഷ്ഠനോടൊപ്പം തിരുവിടമരതൂർ വീരസ്വാമിപ്പിള്ളയുടെ കീഴിൽ പഠിച്ചു. ഇക്കാലത്തുതന്നെ അമ്പലപ്പുഴ സഹോദരന്മാർ എന്ന് അറിയപ്പെട്ടു. ക്രമേണ കേരളീയരായ നാഗസ്വരവിദ്വാന്മാരിൽ അഗ്രഗണ്യനായിത്തീർന്നു. രാഗാലാപനത്തിലും താളബോധത്തിലും സ്വരപ്രസ്താരത്തിലും ഈ സഹോദരന്മാർ ഉന്നത നിലവാരം പുലർത്തി. 1946-ൽ ബോംബെയിൽ ചേർന്ന അഖിലഭാരത സംഗീതസമ്മേളനം ഈ സഹോദരന്മാരുടെ സംഗീതപ്രാവീണ്യത്തെ അഭിനന്ദിച്ചു കീർത്തിമുദ്ര നല്കി. തിരുവിതാംകൂർ മഹാരാജാവും രാമനാഥപുരം രാജാവും ഇവർക്കു ബഹുമതിമുദ്രകൾ നല്കിയിട്ടുണ്ട്. 1963-ൽ കേരളസംഗീത നാടക അക്കാദമി അവാർഡ് ലഭിച്ചു. ചെമ്പകശ്ശേരി നടനകലാമണ്ഡലം എന്ന സ്ഥാപനം ഇവർ ഏർപ്പെടുത്തിയതാണ്. കഥകളിയും മറ്റു നൃത്തങ്ങളും അഭ്യസിക്കുന്നതിനുള്ള കളരി ആയിരുന്നു ഇത്. 1977-ൽ അന്തരിച്ചു.

ഗോപാലകൃഷ്ണ ഭാഗവതർ, കാവശ്ശേരി (1834—1911)

കഥകളി ഗായകൻ. ചോലയിൽ കൃഷ്ണൻകുട്ടി ഭാഗതവരുടെ ശിഷ്യസമൂഹത്തിൽ പ്രസിദ്ധനായ കാവശ്ശേരിത്രയത്തിലെ ഏറ്റവും ഇളയ ആൾ. താളാധിഷ്ഠിതത്വം, ശ്രുതിലയം, ഭാവപൂർത്തി, രാഗവ്യക്തി എന്നിങ്ങനെ സംഗീതത്തിനുവേണ്ട ഗുണങ്ങൾ സകല്യേന സമ്മേളിച്ചതാണു ഭാഗവതരുടെ ഗാനം. വേഷക്കാരെ ചൊല്ലിയാടിക്കുന്നതിനുള്ള നിഷ്കർഷയും നൈപുണിയും പ്രശംസനീയമായിരുന്നു.

ഗോപാലകൃഷ്ണഭാരതി (1810—1896)

തമിഴ്ഗാനരചയിതാവ്. തഞ്ചാവൂരിൽ തിരുവാരൂരിനു സമീപമുള്ള നരിമണം എന്ന ഗ്രാമത്തിൽ ഒരു ബ്രാഹ്മണ കുടുംബത്തിൽ ജനിച്ചു. തമിഴിലും സംസ്കൃതത്തിലും സാമാന്യ വിദ്യാഭ്യാസവും കുലസമ്പ്രദായമനുസരിച്ചുള്ള വേദാധ്യയനവും നടത്തി. ഗോവിന്ദയതി എന്ന ഗുരുവിൽനിന്നു യോഗാഭ്യാസം പരിശീലിച്ചു. വൈണികനായ പിതാവ് ശിവരാമഭാരതിയിൽനിന്നു സംഗീതം അഭ്യസിച്ചു. ഹിന്ദുസ്ഥാനിസംഗീതനിപുണനായ രാമദാസിൽ നിന്നാണു ഹിന്ദുസ്ഥാനിസംഗീതം പഠിച്ചത്. ബ്രഹ്മചാരിയായി ജീവിച്ചുകൊണ്ടു പാട്ടുകൾ എഴുതിയും കഥാകാലക്ഷേപം ചെയ്തും കിട്ടിയ ധനമെല്ലാം ധർമസ്ഥാപനങ്ങൾക്കു നല്കുകയായിരുന്നു പതിവ്. *നന്തൻ ചരിത്രം* എന്ന സംഗീതനാടകമാണ് ഇദ്ദേഹത്തിന്റെ ഏറ്റവും പ്രസിദ്ധമായ കൃതി. ഇതിലെ ഗാനങ്ങൾ ഇന്നും ആലപിക്കപ്പെടുന്നു. ശിവദർശനത്തിനു തടസ്സം സൃഷ്ടിച്ച വൃഷഭത്തെക്കണ്ട് ''വഴിമറൈന്തിരുക്കുതേ , മലൈ പോലെ ഒരുമാടു പടുത്തിരുക്കുതേ'' എന്ന് നന്തനാര പാടിയതായും അതുകേട്ടു വൃഷഭം മാറിനിന്നതായുമുള്ള രംഗം ഹൃദയസ്പൃക്കായി വർണിച്ചിട്ടുണ്ട്. *ഇയർ പാകൈ നായനാർ ചരിത്രം, തിരുനീലകണ്ഠനായനാർ ചരിത്രം, കാരൈക്കൽ അമ്മയാർ ചരിത്രം* എന്നീ നാടകങ്ങളും *ജ്ഞാനച്ചിന്ത്, ജ്ഞാനക്കുമ്മി* എന്നീ സംഗീത കൃതികളും ശിവസ്തുതിപരമായ അനവധി കീർത്തനങ്ങളും രചിച്ചിട്ടുണ്ട്. *ഗോപാലകൃഷ്ണ* എന്നാണ് ഇദ്ദേഹത്തിന്റെ കൃതികളിലെ മുദ്ര.

ഗോപാലകൃഷ്ണമേനോൻ, ഇ (1919—)

കേരളത്തിലെ കമ്യൂണിസ്റ്റ് നേതാവ്. 1919 ജനുവരി 16-നു കൊടുങ്ങല്ലൂരിൽ ജനിച്ചു. വിദ്യാർഥി ആയിരിക്കെത്തന്നെ സ്വാതന്ത്ര്യസമരത്തിന്റെ ആവേശത്തിൽപ്പെട്ടു. 1931-32 കൊടുങ്ങല്ലൂരിൽ മദ്യനിരോധനപ്രവർത്തനത്തിലും വിദേശവസ്ത്രബഹിഷ്കരണപരിപാടിയിലും പങ്കെടുത്തു. 1939-ൽ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ കൊടുങ്ങല്ലൂർ താലൂക്ക് കമ്മിറ്റി രൂപവത്കരിച്ച് അതിന്റെ സെക്രട്ടറിയും 1941-ൽ കൊച്ചി രാജ്യപ്രജാമണ്ഡലം നിലവിൽവന്നപ്പോൾ അതിന്റെ സംഘടനാസെക്രട്ടറിയും ആയി. ഇരിങ്ങാലക്കുടയിൽ നിരോധനം ലംഘിച്ചു ത്രിവർണപതാക ഉയർത്തിയതിന് അറസ്റ്റു ചെയ്യപ്പെട്ടു (1942). അക്കൊല്ലം ഇന്ത്യൻ കമ്യൂണിസ്റ്റുപാർട്ടിയിൽ ചേർന്നു. കർഷക പ്രസ്ഥാനത്തിന്റെ ദീർഘകാലത്തെ നേതാവായിരുന്നു. 1943-ൽ കൊച്ചി കർഷകസഭയുടെയും 1952-ൽ തിരു-കൊച്ചി കർഷകസംഘത്തിന്റെയും 1956-ൽ കേരള കർഷകസംഘത്തിന്റെയും സെക്രട്ടറി ആയി. 1948 മുതൽ ഒളിവിൽ പ്രവർത്തിച്ചു. 1950-51-ൽ ഒരു വർഷം തടവിൽകഴിഞ്ഞു. 1949-ൽ കൊച്ചി നിയമസഭയിലേക്കും, 1952-ൽ തിരു-കൊച്ചി നിയമസഭയിലേക്കും,

1957-ലും 1971-ലും കേരളനിയമസഭയിലേക്കും തിരഞ്ഞെടുക്കപ്പെട്ടു. സോവിയറ്റ് യൂണിയൻ സന്ദർശിച്ചിട്ടുണ്ട്.

ഗോപാലക്കുറുപ്പ്, വെണ്ണിക്കുളം (1902—1980)

മലയാളകവി. തിരുവല്ലാ താലൂക്കിലെ വെണ്ണിക്കുളത്ത് 1912 മേയ് 10-നു ജനിച്ചു. ബാല്യത്തിൽ പിതാവിൽനിന്നു സംസ്കൃതം പഠിച്ചു. വെണ്ണിക്കുളം സ്കൂളിൽനിന്നു മലയാളം മുഖ്യപരീക്ഷയും മദിരാശി സർവകലാശാലയുടെ വിദ്വാൻപരീക്ഷയും പാസായി. കുറച്ചുനാൾ 'ഭാഷാചന്ദ്രിക' എന്ന പേരിൽ ഒരു സാഹിത്യമാസിക നടത്തി. 'കേരളകാഹളം' , എന്ന പ്രസിദ്ധീകരണത്തിലും ജോലിനോക്കിയിട്ടുണ്ട്. തിരുവല്ലാ എം.ജി.എം. ഹൈസ്കൂളിൽ 25 വർഷക്കാലം അധ്യാപകനായി ജോലിനോക്കി. പിന്നീടു കേരള സർവകലാശാലയുടെ ഹസ്തലിഖിത ഗ്രന്ഥാലയത്തിലും മലയാളം ലെക്സിക്കൺ വിഭാഗത്തിലും ഒരു വ്യാഴവട്ടക്കാലത്തോളം സേവനമനുഷ്ഠിച്ചു. 25-ൽപരം കൃതികളുടെ കർത്താവായ വെണ്ണിക്കുളത്തിന് 1949-ൽ കൊച്ചിമഹാരാജാവിൽനിന്നും 'സാഹിത്യനിപുണ'ബിരുദം ലഭിച്ചിട്ടുണ്ട്. മാണിക്യവീണ എന്ന കവിതാസമാഹാരത്തിന് 1967-ൽ കേരള സാഹിത്യഅക്കാദമി അവാർഡും ഓടക്കുഴൽ അവാർഡും ലഭിച്ചു.



സരോവരം, മാനസപുത്രി, പുഷ്പവൃഷ്ടി, സൗന്ദര്യപൂജ, കേരളശ്രീ, കലയുടെ കണ്ണിൽ, വെള്ളിത്താലം, വസന്തോത്സവം, ജഗത്സമക്ഷം (ഖണ്ഡകാവ്യം), *അമൃതാഭിഷേകം* തുടങ്ങിയവയാണു വെണ്ണിക്കുളത്തിന്റെ പ്രധാനകൃതികൾ. *കഥാനക്ഷത്രങ്ങൾ* (ബാലസാഹിത്യം), *കൈരളീകോശം* (നിഘണ്ടു), *തിരുക്കുറൾ പരിഭാഷ* തുടങ്ങിയവ മറ്റു മുഖ്യ സംഭാവനകളാണ്. ഷഷ്ടിപൂർത്തിപ്രമാണിച്ചു പ്രസിദ്ധീകരിക്കപ്പെട്ടതാണ്, 131 കവിതകൾ സമാഹരിച്ച *കദളീവനം*. വിദ്യാർഥിയായിരിക്കുന്നകാലത്തുതന്നെ കവിതകൾ എഴുതിത്തുടങ്ങിയിരുന്നു. സംഗീതാത്മകത്വം കലർന്ന പദാവലിയും ലാളിത്യവുമാണ് ഇദ്ദേഹത്തിന്റെ കവിതകളുടെ സവിശേഷത. വള്ളത്തോളിന്റെ കാവ്യശൈലിയോടാണു വെണ്ണിക്കുളംകൃതികൾക്കു കൂടുതൽ അടുപ്പം. ഉത്കടവികാരങ്ങൾ ആർത്തിരമ്പുന്നവയല്ല ഇദ്ദേഹത്തിന്റെ കവിതകൾ. പ്രായേണ സൗമ്യവും മധുരവുമായ വികാരങ്ങളാണു വെണ്ണിക്കുളത്തിന്റെ കവിതകൾ പകരുന്നത്. അക്ലിഷ്ടസുന്ദരമാണു പ്രതിപാദനം. ദാരിദ്ര്യം (പൂക്കണി), പ്രേമം (രാഗരഹസ്യം), ഭാരതഭൂമി (അന്നത്തെ ഭാരതത്ത്), കേരളം (കേരളഗാനം), നക്ഷത്രം (താരകയോട്), കവി, കർഷകൻ (കലാവിജയം), ആത്മജ്ഞാനം (ജ്ഞാനദേവത) തുടങ്ങിയ വിഷയങ്ങളാണു കൂടുതലും കൈകാര്യം ചെയ്തിട്ടുള്ളത്. ഗാന്ധിജി, ജവാഹർലാൽ നെഹ്റു തുടങ്ങിയ നേതാക്കളെക്കുറിച്ചു കവിതകൾ എഴുതിയിട്ടുണ്ട്.

വെണ്ണിക്കുളത്തിനു ഹിന്ദി, തമിഴ് എന്നീ ഭാഷകളും വശമായിരുന്നു. ഹിന്ദിയിൽനിന്നു രാമചരിതമാനസവും തമിഴിൽനിന്നു തിരുക്കുറളും സുബ്രഹ്മണ്യഭാരതിയുടെ കൃതികളും ഭാഷാന്തരംചെയ്തിട്ടുണ്ട്. തിരുക്കുറൾ പരിഭാഷയെ പുരസ്കരിച്ചു തമിഴ്നാട്ടിലെ വിദ്വത് സംഘം ഇദ്ദേഹത്തിനു പൊന്നാട നൽകുകയുണ്ടായി.

ഗോപാലൻ, അയ്യത്താൻ, ഡോക്ടർ (1861—1948)

പ്രശസ്തനായ ഭിഷഗ്വരനും ബ്രഹ്മസമാജപ്രവർത്തകനും. കോഴിക്കോട്ടെ ബ്രഹ്മസമാജപ്രവർത്തനങ്ങളുടെ നേതൃത്വം വഹിച്ചത് ഇദ്ദേഹമായിരുന്നു. ഇദ്ദേഹത്തിന്റെ പ്രവർത്തനഫലമായിത്തന്നെയാണു പാലക്കാട്ടും തലശ്ശേരിയിലും ബ്രഹ്മസമാജത്തിന്റെ ശാഖകളുണ്ടായത്.

1861 മാർച്ച് 3-നു തലശ്ശേരിക്കടുത്തുള്ള ചേറ്റംകുന്നിൽ ജനിച്ചു. ഈസ്റ്റ്ഇന്ത്യാ കമ്പനിയുടെ കീഴിൽ ഒരു വിഭാഗം സൈന്യത്തിന്റെ നായകനായിരുന്ന ചന്തോമൻ ജമേദാരുടെ മരുമകനായ കണ്ണൻവൈദ്യരാണു ഗോപാലന്റെ പിതാവ്. പരിഷ്കൃതാശയരായ രക്ഷിതാക്കൾ ഗോപാലനെ മദിരാശി മെഡിക്കൽ കോളെജിൽ ചേർത്തു പഠിപ്പിച്ചു. 1888-ൽ എം.ബി.ബി.എം. പരീക്ഷ പാസ്സായി. ആദ്യം കർണാടക ജില്ലയിൽ ധർമസ്ഥലത്തിനടുത്തുള്ള ബെൽത്തങ്ങാടിയിലും മദിരാശി, സേലം തുടങ്ങിയ സ്ഥലങ്ങളിലും ഗവൺമെന്റ് ഡോക്ടറായി സേവനമനുഷ്ഠിച്ചു. 1897 നവമ്പറിലാണു കോഴിക്കോട്ടെ ചിത്തരോഗാശുപത്രിയിലേക്ക് ഇദ്ദേഹത്തിനു മാറ്റം കിട്ടിയത്. കുറച്ചുകാലത്തിനു ശേഷം മദിരാശി, ബാംഗ്ലൂർ എന്നിവിടങ്ങളിലേക്കു മാറ്റി. 1907-ൽ വീണ്ടും കോഴിക്കോട്ടേയ്ക്കു മാറ്റം കിട്ടിയതിനുശേഷമാണു സാമൂഹികപരിഷ്കരണപ്രസ്ഥാനത്തിലും ബ്രഹ്മസമാജപ്രവർത്തനങ്ങളിലും മുഴുകിയത്. മദിരാശിയിൽ പഠിക്കുന്നകാലത്തുതന്നെ ബ്രഹ്മസമാജപ്രവർത്തനങ്ങളിൽ ആകൃഷ്ടനായിരുന്നു. ആദ്യം കോഴിക്കോട്ടേയ്ക്കു മാറ്റം കിട്ടിയ കാലത്തു തന്നെ 1898-ൽ, ബ്രഹ്മസമാജത്തിന്റെ ശാഖ കോഴിക്കോട്ട് ഇദ്ദേഹം സ്ഥാപിക്കുകയുണ്ടായി.

1917-ൽ ഇന്ത്യാഗവൺമെന്റ് റാവു സാഹിബ് എന്ന ബഹുമതിബിരുദം ഇദ്ദേഹത്തിനു നല്കി. ഉപനിഷത്സാരമെന്നു വിശേഷിപ്പിക്കപ്പെട്ടതും ദേവേന്ദ്രനാഥ ടാഗൂർ ക്രോഡീകരിച്ചതുമായ ബ്രഹ്മശാസ്ത്രം ഗോപാലൻ മലയാളത്തിൽ അവതരിപ്പിച്ചു. രാജാറാം മോഹൻറായിയുടെ ജീവിതകഥ കഥാപ്രസംഗരൂപത്തിൽ എഴുതുകയും അവതരിപ്പിക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ മകനാണു കേരള നിയമസഭാംഗമായിരുന്ന എ. ബാലഗോപാൽ. ഇദ്ദേഹത്തിന്റെ സഹോദരിയായ ജാനകിയാണ് ആദ്യമായി ഗവൺമെന്റ് സർവീസിൽ ഡോക്ടറായി സേവനം അനുഷ്ഠിച്ച മലയാളി സ്ത്രീ.

1948 മെയ് 2-ാംതീയതി ഗോപാലൻ നിര്യാതനായി.

ഗോപാലൻ, എ.കെ. (1904—1977)

ഇന്ത്യയിലെ പ്രമുഖ കമ്യൂണിസ്റ്റ് നേതാവ്. ദേശീയപ്രസ്ഥാനത്തിനും കമ്യൂണിസ്റ്റ്പ്രസ്ഥാനത്തിനും കർഷകപ്രസ്ഥാനത്തിനും വേണ്ടി നിരന്തരവും ത്യാഗപൂർണവുമായ പോരാട്ടത്തിൽ ഏർപ്പെട്ട ഇദ്ദേഹം എ.കെ.ജി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്നു.



തലശ്ശേരിക്കടുത്തുള്ള പെരളശ്ശേരിയിൽ (മാവിലായി) 1904 ഒക്റ്റോബർ 1-ന് ആയില്യത്തു കുറ്റ്യേരി ഗോപാലൻ നമ്പ്യാർ ജനിച്ചു. അച്ഛൻ രൈരുനമ്പ്യാർ കണ്ണൂരുനിന്ന് 'സ്വദേശാഭിമാനി' എന്നൊരു പത്രം പ്രസിദ്ധീകരിച്ചിരുന്നു. തലശ്ശേരി മിഷൻ സ്കൂളിലായിരുന്നു ഗോപാലന്റെ വിദ്യാഭ്യാസം. ജയിൽ വിമുക്തരായ കോൺഗ്രസ് നേതാക്കളെ സ്വീകരിക്കാൻ വിദ്യാർഥികളെ സംഘടിപ്പിച്ച് ക്ലാസ് ഉപേക്ഷിച്ചുപോയതിന് അധ്യാപകനിൽനിന്നു കടുത്ത ശിക്ഷ കിട്ടി.

എസ്. എസ്. എൽ. സി. പരീക്ഷയും ട്രെയിനിങ്ങും കഴിഞ്ഞ് ഏഴുകൊല്ലം അധ്യാപകജോലി നോക്കി. 1927-ൽ കോൺഗ്രസ്സിൽ ചേർ

ന്നു. ഖാദിപ്രചാരണം, വയോജനവിദ്യാഭ്യാസം, അയിത്തോച്ചാടനം ഇവയിൽ സജീവമായി പങ്കെടുത്തു. 1930-ൽ ഉപ്പുസത്യഗ്രഹം തുടങ്ങിയപ്പോൾ അധ്യാപകജോലി ഉപേക്ഷിച്ചു. നിയമം ലംഘിച്ച് അറസ്റ്റു വരിച്ചു. ആറുമാസം കഠിനതടവിനു ശിക്ഷിക്കപ്പെട്ടു.

1931-ൽ ഗുരുവായൂർ ക്ഷേത്രപ്രവേശനസത്യഗ്രഹം ആരംഭിച്ചപ്പോൾ വോളന്റിയർ കാപ്റ്റൻ ഗോപാലനായിരുന്നു. 1932-ൽ അറസ്റ്റുചെയ്യപ്പെട്ടു, ശിക്ഷയും കിട്ടി. സിവിൽ നിയമലംഘനത്തിന് 1933-ൽ വീണ്ടും ശിക്ഷിക്കപ്പെട്ടു. ജയിലിൽവച്ചു പി.കൃഷ്ണപിള്ളയെ പരിചയപ്പെട്ടു.

കേരള പ്രവിശ്യാ കോൺഗ്രസ് കമ്മിറ്റി സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. 1934-ൽ കോൺഗ്രസ് സോഷ്യലിസ്റ്റു പാർട്ടിയിൽ ചേർന്നു. 1936-ൽ കണ്ണൂരിൽനിന്നു മദിരാശിയിലേക്ക് എ. കെ. ജി. നയിച്ച പട്ടിണിജാഥ വമ്പിച്ച കോളിളക്കം സൃഷ്ടിച്ചു. തിരുവിതാംകൂർ ഉത്തരവാദഭരണപ്രക്ഷോഭണത്തിന് അനുകൂലമായി കണ്ണൂരിൽനിന്നു തിരുവനന്തപുരത്തേക്കു ജാഥനയിച്ച് ആലുവായിൽവച്ച് അറസ്റ്റുചെയ്യപ്പെട്ടു (1938). 1939-ൽ കമ്യൂണിസ്റ്റ്പാർട്ടിയിൽ ചേർന്നു.

രണ്ടാം ലോകമഹായുദ്ധകാലത്ത് ഒളിവിൽ രാഷ്ട്രീയപ്രവർത്തനം തുടർന്ന എ.കെ.ജി.യെ 1941 മാർച്ചിൽ അറസ്റ്റുചെയ്തു. സെപ്റ്റംബറിൽ തടവുചാടി അഞ്ചുവർഷം ഒളിവിൽ പ്രവർത്തിച്ചു. ഇന്ത്യ സ്വതന്ത്രയായശേഷം 1947-ൽ കരുതൽതടങ്കൽ നിയമപ്രകാരം അറസ്റ്റുചെയ്യപ്പെട്ടതിനെതിരെ ഹേബിയസ് കോർപ്പസ് ഹർജി സമർപ്പിച്ചു. ഇന്ത്യൻ ഭരണഘടനാനിയമചരിത്രത്തിൽ അവിസ്മരണീയമായിത്തീർന്ന വിധിന്യായത്തിലൂടെ അറസ്റ്റ് നിയമവിരുദ്ധമാണെന്നു മദിരാശി ഹൈക്കോടതി പ്രഖ്യാപിച്ച് എ.കെ.ജി.യെ മോചിപ്പിച്ചു. രാഷ്ട്രീയസ്വാതന്ത്ര്യത്തിനും പൗരാവകാശങ്ങൾക്കും വേണ്ടി പിന്നീടും ഇദ്ദേഹം പല നിയമയുദ്ധങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്.

കമ്യൂണിസ്റ്റ്പാർട്ടി പിളർന്നപ്പോൾ സി.പി.ഐ.(എം) പക്ഷത്തായിരുന്ന എ.കെ.ജി. പിന്നീടു ജീവിതകാലം മുഴുവൻ പാർട്ടി പോളിറ്റ് ബ്യൂറോ അംഗമായിരുന്നു. അഖിലേന്ത്യാ കിസാൻസഭയുടെ സ്ഥാപകനേതാക്കളിലൊരാളായ ഇദ്ദേഹം ഏറെക്കാലം ആ സംഘടനയുടെ അധ്യക്ഷസ്ഥാനം വഹിച്ചിട്ടുണ്ട്.

1952-ലും 1957-ലും 1962-ലും 1967-ലും കാസറഗോഡുനിന്നും 1971-ൽ പാലക്കാട്ടുനിന്നും ലോക്സഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. ലോക്സഭയിൽ ദീർഘകാലം പ്രധാന പ്രതിപക്ഷഗ്രൂപ്പിന്റെ നേതാവായി പ്രവർത്തിച്ചു മികച്ച പാർലമെന്റേറിയൻ എന്ന പ്രശസ്തി നേടി. ഗാന്ധിജിയുടെ രാഷ്ട്രീയസിദ്ധാന്തങ്ങളോടു വിയോജിച്ചെങ്കിലും ഗാന്ധിയൻ ജീവിതാദർശങ്ങളും സമരരൂപങ്ങളും പിൻതുടർന്നു.

സോവിയറ്റ്യൂണിയൻ, ചൈന, പോളണ്ട്, ഹംഗറി, ചെക്കസ്ലവാക്യ എന്നീ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. റഷ്യൻ പര്യടനത്തെപ്പറ്റി *ഞാൻ ഒരു പുതിയ ലോകം കണ്ടു* എന്ന പുസ്തകം എഴുതി. *കൊടുങ്കാറ്റിന്റെ മാറ്റൊലി*, *മണ്ണിനുവേണ്ടി*, *എന്റെ ജീവിതകഥ* എന്നിവയാണ് എ.കെ.ജി. യുടെ മറ്റു കൃതികൾ.

കമ്യൂണിസ്റ്റ്പ്രവർത്തകയായ †സുശീലാഗോപാലൻ ആണു പത്നി. ഒരു പുത്രിയുണ്ട്.

1977 മാർച്ച് 21-ന് അന്തരിച്ചു.

ഗോപാലൻ, കെ.പി.(1908—1977)

കമ്യൂണിസ്റ്റ്നേതാവ്. 1957 മുതൽ 1959 വരെ, കേരളത്തിലെ ആദ്യത്തെ മന്ത്രിസഭയിൽ വ്യവസായവകുപ്പ്മന്ത്രിയായിരുന്നു. ഇദ്ദേഹം മന്ത്രിയായിരിക്കെയാണു കേരളത്തിൽ ബിർളായെക്കൊണ്ടു മാവൂരിലെ ഗ്വാളിയോർ റയോൺസ് എന്ന പൾപ്പ് വ്യവസായസ്ഥാപനം ആരംഭിപ്പിക്കാനുള്ള ശ്രമങ്ങളിൽ കേരളസർക്കാർ ഏർപ്പെട്ടത്.

1908-ൽ കണ്ണൂർജില്ലയിലെ പുതിയപറമ്പിൽ ജനിച്ചു. ചിറയ്ക്കൽ രാജാസ് ഹൈസ്കൂളിലാണു വിദ്യാഭ്യാസം നിർവഹിച്ചത്. 1930-ൽ കേളപ്പൻ നയിച്ച ഉപ്പുസത്യഗ്രഹത്തിൽ പങ്കുകൊണ്ടു. 1934 മുതൽ '40 വരെ കേരള പ്രോവിൻഷ്യൽ കോൺഗ്രസ്കമ്മിറ്റിയുടെ സെക്രട്ടറിയായിരുന്ന ഇദ്ദേഹം കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ ആദ്യകാലപ്രവർത്തകരിൽ ഒരാളായിരുന്നു. 1939-ൽ കമ്യൂണിസ്റ്റ്പാർട്ടിയിൽ ചേർന്നു. കണ്ണൂരിൽ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിലാണു പിന്നീടു ശ്രമിച്ചത്. പലതവണ ജയിൽശിക്ഷ അനുഭവിക്കുകയും ക്രൂരമായ മർദനത്തിനു വിധേയനാവുകയും ചെയ്തിട്ടുണ്ട്. 1964-ൽ കമ്യൂണിസ്റ്റ്പാർട്ടി പിളർന്നപ്പോൾ സി.പി.ഐ.യിലായിരുന്നു. പിന്നീടു സി.പി.എമ്മിലേയ്ക്കു മാറി.

1977 ഏപ്രിൽ 21-ന് അന്തരിച്ചു.

ഗോപാലൻ, കെ.പി.ആർ. (1909—   )

കമ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെയും കർഷകപ്രസ്ഥാനത്തിന്റെയും നേതാവ്. കണ്ണൂരിനടുത്തുള്ള കല്യാശേരി ഗ്രാമത്തിൽ 1909 ജൂണിൽ ജനിച്ചു. പിതാവ് ഇടത്തരം ജന്മിയും, അംശം അധികാരിയും ആയ ഏറമ്പാല രയരപ്പൻനമ്പ്യാർ. സ്കൂൾഫൈനൽ പാസായശേഷം 1927-ൽ പിതാവിന്റെ നിർബന്ധംമൂലം പാനൂർ സബ് രജിസ്റ്റ്രാറാഫീസിൽ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. സ്വാതന്ത്ര്യസമരകാലത്ത് അച്ഛന്റെ എതിർപ്പുണ്ടായിട്ടുകൂടി കോൺഗ്രസ്സിൽ ചേർന്നു പ്രവർത്തിച്ചു. 1930-ൽ ഉദ്യോഗം രാജിവച്ചു. കോഴിക്കോട്ടുവന്നു വിദേശവസ്ത്രാലയവും കള്ളുഷാപ്പും പിക്കറ്റുചെയ്തു. പലതവണ ജയിൽശിക്ഷ അനുഭവിച്ചു.

മലബാറിലെ കോൺഗ്രസ് ഇടതുപക്ഷം കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയായും, പിന്നീടു കമ്യൂണിസ്റ്റ് പാർട്ടിയായും ഉരുത്തിരിഞ്ഞപ്പോൾ കെ.പി.ആറും ഈ പ്രസ്ഥാനങ്ങളിൽ ഉണ്ടായിരുന്നു. ബക്കളം കോൺഗ്രസ് സമ്മേളനത്തിന്റെ സ്വാഗതസംഘം സെക്രട്ടറി കെ.പി.ആർ. ആയിരുന്നു. 1937 മുതൽ 1940 വരെ ഇദ്ദേഹം കെ.പി.സി.സി. മെമ്പർ ആയും പ്രവർത്തിച്ചിട്ടുണ്ട്. 1937-ലും 1940-ലും മലബാർ ഡിസ്റ്റ്രിക്ട് ബോർഡ് അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. മലബാറിൽനിന്നു മദിരാശിക്കു പുറപ്പെട്ട പട്ടിണിജാഥയിൽ എ.കെ. ജിയോടൊപ്പം കെ.പി.ആറും ഉണ്ടായിരുന്നു.

1940-ൽ പാപ്പിനിശ്ശേരിയിൽവച്ചു നടത്താൻ തീരുമാനിച്ച കിസാൻ സമ്മേളനത്തിന്റെ പ്രധാന സംഘാടകൻ കെ.പി.ആർ. ആയിരുന്നു. കണ്ണൂർ മജിസ്റ്റ്രേട്ട് 144 പ്രഖ്യാപിച്ചതോടെ സമ്മേളനം 'മൊറാഴ'യിലേക്കു മാറ്റി. ഈ നടപടി ഭരണാധിപന്മാരെ ശുണ്ഠിപിടിപ്പിക്കുകയും, അവർ ഒരു പോലീസ് സേനയെ മൊറാഴ യിലേക്ക് അയയ്ക്കുകയും ചെയ്തു. ആ സംഘത്തിൽ ഉണ്ടായിരുന്ന വളപട്ടണം സബ് ഇൻസ്പെക്റ്റർ കുട്ടികൃഷ്ണമേനോൻ മൊറാഴയിൽ നടന്ന സംഘട്ടനത്തിൽ ജനങ്ങളുടെ കല്ലേറുകൊണ്ടു തളർന്നുവീണു. അപ്പോൾ അവിടെ എത്തിയ കെ.പി.ആർ. ഗോപാലൻ ആസന്നമരണനായിക്കിടന്ന കുട്ടികൃഷ്ണമേനോനെ താങ്ങിയെടുത്തു പീടികക്കോലായിൽ കിടത്തി. പക്ഷേ, കുട്ടികൃഷ്ണമേനോൻ അന്ത്യശ്വാസം വലിച്ചു. കെ.പി.ആർ. ഒളിവിലുമായി.

കെ.പി.ആർ. ഒന്നാംപ്രതിയായി പോലീസ് കേസ് രജിസ്റ്റർ ചെയ്തു. കെ.പി.ആറിനെ പിടിച്ചുകൊടുക്കുന്നവർക്ക് 500 ക. ഇനാം പരസ്യംചെയ്തു. പത്തുമാസക്കാലം കെ.പി.ആർ. പല ഷെൽട്ടറുകളിലും മാറിമാറി താമസിച്ചു. ഒടുവിൽ കഠിനമായ മലമ്പനി പിടിപെട്ട് ഒരു വീട്ടിൽ അഭയംതേടി. അവിടെനിന്നു പോലീസ് കെ.പി.ആറിനെ അറസ്റ്റുചെയ്തു. പോലീസിന്റെ ക്രൂരമായ പീഡനങ്ങൾക്കു വിധേയനായി.

ഹൈക്കോടതി കെ.പി.ആറിനു വധശിക്ഷ വിധിച്ചു. ഇതിനെതിരെ ദേശവ്യാപകമായ പ്രതിഷേധം ഉയർന്നു. വധശിക്ഷയ്ക്കെതിരായി ഗാന്ധിജിയും നെഹ്റുവും പ്രസ്താവനയിറക്കി. ബഹുജനഹർജികൾ ഗവൺമെന്റിനു സമർപ്പിക്കപ്പെട്ടു. ഇതിന്റെയൊക്കെ ഫലമായി മദിരാശി ഗവർണർ വധശിക്ഷ ജീവപര്യന്തം തടവുശിക്ഷയാക്കി കുറച്ചു.

1947-ൽ കോൺഗ്രസ് മന്ത്രിസഭ കെ.പി.ആറിനെ മോചിപ്പിച്ചു. തുടർന്ന് ഇന്ത്യൻ കമ്യൂണിസ്റ്റ്പാർട്ടിയുടെ കേരളസംസ്ഥാനകമ്മിറ്റിയംഗമായി തിരഞ്ഞെടുക്കപ്പെട്ടു.

1957-ൽ മാടായി നിയോജകമണ്ഡലത്തിൽനിന്നു കേരള നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. കമ്യൂണിസ്റ്റ്പാർട്ടിയിൽ പിളർപ്പുണ്ടായപ്പോൾ സി.പി.ഐ(എം)-ൻെറ ഭാഗത്തായിരുന്നു കെ.പി.ആർ. 1964 മുതൽ '67 വരെ ദേശാഭിമാനിയുടെ മാനേജിങ് എഡിറ്ററായിരുന്നു.

1965-ൽ മാടായിയിൽനിന്നും, 1967-ൽ തലശ്ശേരിയിൽനിന്നും കേരള നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. 1968-ൽ അഭിപ്രായഭിന്നതകൾമൂലം പാർട്ടിയിൽനിന്നു രാജിവച്ചു. 1970-ൽ മാടായി, ഇരിക്കൂർ എന്നീ മണ്ഡലങ്ങളിൽ തൊഴിലാളിവർഗവിപ്ലവപ്പാർട്ടിയുടെ സ്ഥാനാർഥിയായി മത്സരിച്ചുവെങ്കിലും പരാജയപ്പെട്ടു. പിന്നീടു കമ്യൂണിസ്റ്റ് യൂണിറ്റി സെൻററിലും തുടർന്നു കമ്യൂണിസ്റ്റ് ബോൾഷെവിക് പാർട്ടിയിലും ചേർന്നു പ്രവർത്തിച്ചു.

ഗോപാലൻ നായർ, ചേർത്തല (1924—)

കർണാടക സംഗീതജ്ഞൻ. 1924(കൊ.വ. 1100-കന്നി)-ൽ ചേർത്തല വടക്കുംമുറിയിൽ ജനിച്ചു. സംഗീതപാരമ്പര്യമുള്ളതാണു കുടുംബം. നാഗസ്വരവിദ്വാൻ ചേർത്തല കുട്ടപ്പപ്പണിക്കർ, അനന്തപ്പണിക്കർ എന്നിവരിൽനിന്നു സംഗീതത്തിൻെറ ആദ്യപാഠങ്ങൾ അഭ്യസിച്ചു. ഹൈസ്കൂൾവിദ്യാഭ്യാസകാലത്തു തന്നെ സംഗീതത്തിൽ ലോവർ, ഹയർ പരീക്ഷകൾ ജയിച്ചു. പിന്നീടു തിരുവനന്തപുരം സ്വാതിതിരുനാൾ സംഗീത കോളെജിൽനിന്നു ഗാനഭൂഷണം ഒന്നാംക്ലാസിൽ പാസായി. ഇക്കാലത്തു ശെമ്മാങ്കുടി ശ്രീനിവാസയ്യരുടെ ശിഷ്യത്വം ഇദ്ദേഹത്തിൻെറ സംഗീതസിദ്ധികളെ പരിപോഷിപ്പിച്ചു. 1950-ൽ ആകാശവാണിയുടെ തിരുവനന്തപുരം നിലയത്തിൽ ചേർന്നു. 1956-ൽ സംഗീതവിഭാഗം പ്രൊഡ്യൂസർ ആയി. 1982 ഡിസംബറിൽ ഉദ്യോഗത്തിൽനിന്നും വിരമിച്ചു.

കേരളത്തിനകത്തും പുറത്തും ധാരാളം സംഗീതക്കച്ചേരികൾ നടത്തിയിട്ടുണ്ട്. ഇരയിമ്മൻതമ്പി, കുട്ടിക്കുഞ്ഞുതങ്കച്ചി, കെ.സി. കേശവപിള്ള തുടങ്ങിയവരുടെ മലയാള കീർത്തനങ്ങൾക്കു സ്വരശില്പം നല്കി. 1976-ൽ കേരള സംഗീതനാടക അക്കാദമി അവാർഡു ലഭിച്ചു. പത്നി ലളിതാഗോപാലൻ നായരും സംഗീതജ്ഞയാണ്.

ഗോപാലൻനായർ, പള്ളിപ്പുറം (1912—1981)

കഥകളി നടൻ. ചേർത്തലയിൽ പള്ളിപ്പുറം ഗ്രാമത്തിൽ ജനിച്ചു. വയലാർ ഉണ്ണിപ്പിള്ള, കുറുന്തോടത്തു രാഘവൻ തിരുമുല്പാട്, കട്ടൂപ്പാടി കേശവൻനായർ, മാത്തൂർ കുഞ്ഞുപിള്ളപ്പണിക്കർ, ഗുരുകുഞ്ചുക്കുറുപ്പ് എന്നിവരിൽനിന്നു കഥകളി അഭ്യസിച്ചു. സ്ത്രീവേഷമൊഴികെ മിക്കവേഷങ്ങളും അഭിനയിച്ചിരുന്നു. കത്തി, കരി, വട്ടമുടി എന്നീ വേഷങ്ങൾക്കാണു കൂടുതൽ ജനപ്രീതി വേഷപ്പകർച്ച, അഭ്യാസബലം എന്നീ കാര്യങ്ങളിൽ അദ്ദേഹം മുന്നിലായിരുന്നു. നല്ലൊരധ്യാപകനായിരുന്ന ഇദ്ദേഹം ഇരിങ്ങാലക്കുട ഉണ്ണായിവാര്യർ സ്മാരക കലാനിലയത്തിൻെറ പ്രിൻസിപ്പൽ എന്ന നിലയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1955-ൽ അമേരിക്കയിൽ കഥകളി അവതരിപ്പിച്ചു. പിന്നീടു റഷ്യ, അമേരിക്ക തുടങ്ങി പല രാജ്യങ്ങളിലും പര്യടനം നടത്തി. കേരള സംഗീത-നാടക അക്കാദമിയുടെ അവാർഡിന് അർഹനായി. 1981-ൽ ആലപ്പുഴയിലെ ഒരു അരങ്ങിൽ കിർമീരൻെറ വേഷം ആടി അണിയറയിൽ എത്തിയപ്പോൾ നെഞ്ചുവേദന അനുഭവപ്പെടുകയും പെട്ടെന്നു മരിക്കുകയും ചെയ്തു.

ഗോപാലൻനായർ പി., പണ്ഡിറ്റ്

(1869—1967)

പുരാണങ്ങളിലും ഉപനിഷത്തുകളിലും പാണ്ഡിത്യം നേടിയ ഗ്രന്ഥകാരനും വ്യാഖ്യാതാവും. കൊച്ചിരാജാവു 'സാഹിത്യകുശലൻ' ബിരുദം നല്കി. ഭക്തിസാഹിത്യത്തിലാണ് ഏറ്റവും വലിയ സംഭാവന നല്കിയത്. ധാരാളം കവിതകളും എഴുതിയിട്ടുണ്ട്.

1869 ഏപ്രിൽ 18-ാംതീയതി കൊല്ലങ്കോട്ടു പുത്തൻവീട്ടിൽ ജനിച്ചു. എട്ടാമത്തെ വയസ്സിൽ എഴുത്തുപള്ളിയിൽ ചേർന്നു. നാലാംക്ലാസ്സിൽവച്ചു പഠിത്തം നിർത്തി. തുടർന്നു തറവാട്ടിൽപ്പെട്ട ഒരമ്മാവൻെറ കൂടെ മരക്കച്ചവടം പഠിക്കുവാൻ പോയി. ഇതോടൊപ്പം സംസ്കൃതവിദ്യാഭ്യാസവും തുടർന്നു.

സ്വന്തം സ്യാലൻ ഒരു പാഠശാല ആരംഭിച്ചപ്പോൾ ഗോപാലൻനായർ അതിൽ അധ്യാപകനായി. പിന്നീടു കൊല്ലങ്കോട്ട് ഒരു സ്കൂൾ തുടങ്ങുകയും അതിൻെറ ഉടമസ്ഥനും മാനേജരും പ്രധാന അധ്യാപകനുമായി ഏതാനും കാലം കഴിയുകയും ചെയ്തു. ഇക്കാലത്ത് ഇംഗ്ലീഷും സംസ്കൃതവും പഠിച്ചുവന്നു. പിന്നീടു കൊല്ലങ്കോടു രാജാസ് ഹൈസ്കൂളിൽ നിയമിതനായ ഗോപാലൻനായർ 28 വർഷം അവിടെ മലയാളം പണ്ഡിതരായി ജോലിനോക്കി.

കണിയൂർ പാച്ചുഅയ്യർ എന്ന വിദ്വാൻെറ ശിഷ്യത്വം സ്വീകരിച്ചാണു ഗോപാലൻനായർ വേദാന്തമാർഗത്തിൽ ചരിക്കുവാൻ തുടങ്ങിയത്. വേദാന്തപ്രക്രിയകളുടെ രഹസ്യാർഥം ഗ്രഹിക്കാൻ ശീലിച്ചതു ചിദംബരത്തിലെ നാരായണശാസ്ത്രികളിൽനിന്നാണ്.

ഗഹനങ്ങളായ അനേകം ഉത്തമഗ്രന്ഥങ്ങളുടെ വ്യാഖ്യാതാവ് എന്ന നിലയ്ക്കാണ് ഇദ്ദേഹം മുഖ്യമായും അറിയപ്പെടുന്നത്. 1909-ൽ ഭാഗവതവ്യാഖ്യാനം ആരംഭിച്ചു. ഈ ജോലി പൂർത്തിയാക്കുവാൻ 15 വർഷം വേണ്ടിവന്നു. പിന്നീടു ജ്ഞാനയോഗപ്രധാനമായ ഉപരിഗ്രന്ഥമെന്നു കരുതപ്പെടുന്ന പഞ്ചദശിയുടെ വ്യാഖ്യാനവും രണ്ടു കൊല്ലംകൊണ്ടു തീർത്തു. ഭഗവദ്ഗീതാവ്യാഖ്യാനം 1949-ൽ പുറത്തുവന്നു.

മറ്റ് അനേകം ഗ്രന്ഥങ്ങളും, വ്യാഖ്യാനങ്ങളും, പരിഭാഷകളും പണ്ഡിതർ നിർവഹിച്ചിട്ടുണ്ട്. ഇവയിൽ ശതശ്ലോകി അഥവാ വേദാന്തകേസരി വ്യാഖ്യാനം പ്രധാനമാണ്.

കിളിപ്പാട്ടുരീതിയിലുള്ള തർജമകളും ഉണ്ട്. ശിവഗീതയുടെ കേരളഭാഷാഗാനം ഇവയിൽ പ്രധാനമാകുന്നു. നാരദീയപുരാണത്തിലുൾപ്പെട്ട *ഹരിഭക്തിസുധോദയം*, *ശുദ്ധാദ്വൈതമായ അവധൂതഗീത*, സ്ഥലപുരാണത്തിൽപ്പെട്ട *ശ്രീകാശ്യപക്ഷേത്രമാഹാത്മ്യം* എന്നീ കിളിപ്പാട്ടുകൃതികളും രചിച്ചിട്ടുണ്ട്.

വിദ്യാർഥികൾക്കുവേണ്ടി എഴുതിയതാണു *ശാശ്വതധർമം*, *അഹിംസാപരമോധർമ*, *ധർമസ്വരൂപനിരൂപണം* ഇവയാണു മറ്റു ഗ്രന്ഥങ്ങൾ.

സുബ്രഹ്മണ്യസ്തുതിയായ 'സുന്ദരദണ്ഡപാണിസ്തുതി'യും ശിവഗീതയും, ശ്രീവിവേകാനന്ദവിജയവും, സുധോദയവും സ്വതന്ത്രകൃതികളാണ്.

ബ്രഹ്മസൂത്രഭാഷ്യത്തിൻെറ വ്യാഖ്യാനമാണു പണ്ഡിറ്റ് ഗോപാലൻനായർ ഏറ്റവും ഒടുവിൽ രചിച്ച കൃതി. വിവാഹംകഴിച്ചെങ്കിലും ഭാര്യ നേരത്തെ മരണമടഞ്ഞു. പിന്നീടുള്ള കാലമത്രയും ഗൃഹസ്ഥസന്യാസിയെന്നപോലെ ജീവിച്ചു.

ഗോപാലൻനായരുടെ സാഹിത്യസേവനങ്ങളെ അഭിനന്ദിച്ചു കേരള സാഹിത്യ അക്കാദമി 2500 രൂപാ സമ്മാനമായി നല്കി. കേന്ദ്രഗവൺമെൻറ് ഇദ്ദേഹത്തിന് 75 രൂപാവീതം പ്രതിമാസവേതനം നല്കിവന്നു. കൊച്ചീമഹാരാജാ 'സാഹിത്യകുശലൻ' എന്ന ബഹുമതി നല്കി ബഹുമാനിച്ചു. പ്രഗല്ഭനായ പ്രഭാഷകൻ കൂടിയായിരുന്നു ഇദ്ദേഹം.

ഇന്ത്യാഗവൺമെൻറ് സംസ്കൃതപണ്ഡിതന്മാർക്കായി അവാർഡ് ഏർപ്പെടുത്തിയപ്പോൾ കേരളത്തിൽനിന്ന് ആദ്യമായി തിരഞ്ഞെടുക്കപ്പെട്ടതു ഗോപാലൻനായരാണ്. 1967 മേയ് 8-നു ദിവംഗതനായി.

ഗോപാലൻനായർ, മലബാർ (1898—1976)

സംഗീതജ്ഞൻ. ഹരിപ്പാട്ടു ജനിച്ച ഗോപാലൻനായർ അമ്പലപ്പുഴയിലും ഹരിപ്പാട്ടുമായി ബാല്യകാലത്തുതന്നെ സംഗീതം പഠിച്ചു. അമ്പലപ്പുഴ നാണുവാശാൻ എന്ന ഭാഗവതർ ഇദ്ദേഹത്തിൻെറ ആദ്യ

ഗുരുവാണ്. ചെറുപ്പത്തിൽത്തന്നെ സംഗീതം പഠിക്കാൻ, മദിരാശിയിലെത്തിയ ഇദ്ദേഹം അവിടെ അന്നു കീർത്തികേട്ട പല ഭാഗവതർമാരുടെയും അടുക്കൽനിന്നു സംഗീതം അഭ്യസിച്ചു. മദിരാശിയിൽവച്ചു ലഭിച്ച പേരാണ് 'മലബാർ ഗോപാലൻനായർ'.

നാട്ടിൽ മടങ്ങിയെത്തിയ ഗോപാലൻനായർക്കു ഹാർമോണിസ്റ്റ് എന്ന നിലയിലാണു കൂടുതൽ പ്രശസ്തിയുണ്ടായത്. പൊതുവെ അവഗണിക്കപ്പെട്ടിരുന്ന ഹാർമോണിയം, ശിക്ഷണത്തോടെ പ്രയോഗിച്ചാൽ ശ്രുതിമധുരമാവുമെന്ന് ഇദ്ദേഹം തെളിയിച്ചു.

1930-കളിൽ തിരുവിതാംകൂറിലെ സംഗീതനാടകവേദിയിൽ ഭാഗവതർ, ഹാർമോണിസ്റ്റ് എന്നീ നിലകളിൽ ഇദ്ദേഹത്തിനു നല്ല സ്ഥാനമുണ്ടായിരുന്നു. ഹരിപ്പാട്ട് ഒരു സംഗീതവിദ്യാലയം നടത്തി. സംഗീതജ്ഞയും കഥാപ്രസംഗകയുമായ കമലാക്ഷിയമ്മയാണ് ഇദ്ദേഹത്തിൻെറ ഭാര്യ. ഇവർക്കു തിരുവനന്തപുരം ആകാശവാണിയിൽ ജോലി ലഭിച്ചതെത്തുടർന്നു കുടുംബം തിരുവനന്തപുരത്തേക്കു മാറി. മക്കളായ എം.ജി. രാധാകൃഷ്ണൻ, എം.ജി. ശ്രീകുമാർ, ഓമനക്കുട്ടി എന്നിവർ സംഗീതജ്ഞരാണ്.

ഗോപാലൻ, പി.സി.

† നന്തനാർ നോക്കുക

ഗോപാലപിള്ള, എൻ. (1901—1968)

പണ്ഡിതനും കവിയും പ്രഭാഷകനും. പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഗ്രന്ഥങ്ങളിൽനിന്ന് അനുമാനിക്കാവുന്നതിൽ കവിഞ്ഞതാണ് എൻ. ഗോപാലപിള്ളയുടെ പാണ്ഡിത്യവും പ്രതിഭാവിലാസവും. തിരുവനന്തപുരത്തെ സാംസ്കാരികജീവിതത്തിൽ കാൽനൂറ്റാണ്ടുകാലത്തോളം പ്രഭാവംചെലുത്തിയതാണ് ആ വ്യക്തിത്വം.

കൊല്ലം ജില്ലയിൽ ഉമയനല്ലൂരിനടുത്തുള്ള തെക്കുംകരയിൽ അയ്യൻറഴികത്തുവീട്ടിൽ ജനിച്ചു. പിതാവു പ്രശസ്ത സിദ്ധവൈദ്യനായിരുന്ന അയ്യൻറഴികത്തു ശങ്കുപ്പിള്ള. കൊല്ലം ഇംഗ്ലീഷ് ഹൈസ്കൂളിൽനിന്നു മെട്രിക്കുലേഷൻ പാസായശേഷം തിരുവനന്തപുരം മഹാരാജാസ് കോളെജിൽനിന്നു സംസ്കൃതം ഐച്ഛികമായെടുത്തു ബി.എ. പാസായി. 1924-ൽ അവിടെത്തന്നെ ട്യൂട്ടറായി. പിന്നീട് എം.എ. പാസാകുകയും ലക്ചററായി കയറ്റം കിട്ടുകയും ചെയ്തു. 1934-'39 കാലത്ത് ആർട്സ് കോളെജിലായിരുന്നു. 1939 മുതൽ '57 വരെ തിരുവനന്തപുരം സംസ്കൃത കോളെജ് പ്രിൻസിപ്പാളായിരുന്നു. അക്കാലത്താണ് അവിടെ 'മഹോപാധ്യായ'നുപകരം ബി.എ.ഡിഗ്രിക്കു വിദ്യാർഥികളെ പഠിപ്പിച്ചു തുടങ്ങിയത്. 1932-ൽ വിവാഹിതനായി. അഞ്ച് ആൺമക്കൾ. ഇളയമകൻ ജി. കൃഷ്ണൻ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസിലാണ്. 1961 മുതൽ '68 വരെ സർവവിജ്ഞാനകോശത്തിൻെറ ആദ്യത്തെ ചീഫ് എഡിറ്ററായിരുന്നു. തുടക്കം മുതൽ ദീർഘകാലം കേരള സാഹിത്യഅക്കാദമിയിൽ അംഗമായിരുന്നു.

കവിയായി രംഗപ്രവേശം ചെയ്ത എൻ. ഗോപാലപിള്ള *പ്രേമസുഷമ, നവമുകുളം* മുതലായ കവിതാഗ്രന്ഥങ്ങൾ പ്രകാശനംചെയ്തു. പിന്നീട് ഉള്ളൂരിൻെറ പ്രേമസംഗീതം (1935) ആശാൻെറ ചിന്താവിഷ്ടയായ സീത (സീതാ വിചാരലഹരി എന്ന പേരിൽ 1941) ടാഗൂറിൻെറ ഗീതാഞ്ജലി ഇവ സംസ്കൃതത്തിലേക്കു തർജമ ചെയ്തു. മലയാളത്തിൽനിന്നുള്ള കാവ്യപരിഭാഷകൾ *കേരളപ്രതിഭ* (1965) എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

പ്രിയ രാഘവ തേ നമോ ഭവദ്
ഭുജ ശാഖാ ശ്രയണാദുദേമ്യഹം
അഭയം പുനരുഡ്ഡയേ സ്വയം
വിശദേ/സ്മിൻ ഗഗനേ വിനാ/ക്ഷയം

എന്നിങ്ങനെ ആദ്യന്തം സുന്ദരമായ ഒരു രചന ഇതിൽ കാണാം.

സാഹിത്യത്തിനു പുറമെ വ്യാകരണം, ജ്യോതിഷം മുതലായ വിഷയങ്ങളിലും ഗോപാലപിള്ളയ്ക്കു സുസമ്മതമായ പാണ്ഡിത്യമുണ്ടായിരുന്നു.

ഗോപാലപിള്ള, കെ.എൻ. (1902—)

ആട്ടക്കഥാകൃത്തും ഗദ്യകാരനും. 1902-ൽ ജനിച്ചു. മഹാകവി കെ.സി. കേശവപിള്ളയുടെ ദ്വിതീയപുത്രൻ. തിരുവനന്തപുരം മോഡൽ സ്കൂളിലും മഹാരാജാസ് കോളെജിലും ആയി വിദ്യാഭ്യാസം പൂർത്തിയാക്കി. 1924-ൽ ബി.എ. പാസായതിനുശേഷം രണ്ടരക്കൊല്ലം പരവൂർ ഹൈസ്കൂൾ അധ്യാപകനായി ജോലി നോക്കി. 1931-ൽ മധുര അമേരിക്കൻ കോളെജ് ലക്ചറർ ആയി. 1936-ലാണ് എം.എ. ജയിച്ചത്. 1954 വരെ പ്രൊഫസറായിരുന്നു. പിന്നീടു മൂന്നു വർഷക്കാലം ചങ്ങനാശ്ശേരി എൻ.എസ്.എസ്. കോളെജിൽ നാട്ടുഭാഷാവകുപ്പധ്യക്ഷനായി സേവന മനുഷ്ഠിച്ചു.

ആട്ടക്കഥാസാഹിത്യത്തിലാണ് ഇദ്ദേഹത്തിൻെറ പ്രമുഖ സംഭാവനകൾ. *ഭാമാപരിണയം, ഹരിശ്ചന്ദ്രവിജയം, കരുണ, ഭക്തിദീപിക, ഉമ്മിണിത്തങ്ക, വീരാഹുതി, ശ്രീസുബ്രഹ്മണ്യവിജയം* എന്നീ ആട്ടക്കഥകളും രണ്ടു സംഗീതകൃതികളും രചിച്ചു. നാടകങ്ങളും കഥകളും നോവലും തുള്ളലും ബാലസാഹിത്യകൃതികളും രചിച്ചിട്ടുണ്ട്. 'രഹസ്യവാദപ്രസ്ഥാന'(1957)വും 'കേശവീയം ആസ്വാദന'വും 'മലയാളസാഹിത്യചരിത്ര'വും വിമർശനാത്മക പഠനങ്ങളാണ്. മഹാകവി കെ.സി.യുടെ കുറിപ്പുകൾ കൂടി ഉപയോഗപ്പെടുത്തി രചിച്ച 'അപശബ്ദശോധിനി' (1950) വിലപ്പെട്ട മറ്റൊരു സംഭാവനയാണ്.

പ്രാമാണികനായ ഹോമിയോചികിത്സകൻ കൂടിയായ ഗോപാലപിള്ള ഏതാനും ഹോമിയോഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്.

ഗോപാലപിള്ള, സി.എസ്. (1904—1961)

കേരളത്തിലെ കമ്യൂണിസ്റ്റ് നേതാവ്. സ്ഥാനമാനങ്ങൾക്കുവേണ്ടി ഒരിക്കലും മത്സരിക്കാത്ത ത്യാഗധനനായ പൊതു പ്രവർത്തകൻ.

1904 ഫെബ്രുവരി 12-ാംതീയതി കോട്ടയത്തു ജനിച്ചു. അച്ഛൻ മുട്ടമ്പലത്തു കളത്തിൽ കുഞ്ഞിപ്പിള്ള. അമ്മ അറയ്ക്കൽ വീട്ടിൽ പാറുക്കുട്ടി അമ്മ. ഹൈസ്കൂൾ കോളെജ് വിദ്യാഭ്യാസം കോട്ടയത്തു നിർവഹിച്ചു. ഇൻറർമീഡിയറ്റു ക്ലാസിൽവച്ചു വിദ്യാഭ്യാസം നിർത്തി. എൻ.എസ്.എസ്. പ്രവർത്തകനായിരിക്കെ, നിവർത്തനപ്രക്ഷോഭത്തിൽ സജീവമായി പങ്കെടുത്തു. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപംകൊണ്ടപ്പോൾ സി.എസ്. ആ സംഘടനയുടെ പ്രവർത്തകനായി. 1938-ലും 1939-ലും അറസ്റ്റ് ചെയ്യപ്പെട്ടു. തിരുവിതാംകൂറിലെ ആദ്യകാല കമ്യൂണിസ്റ്റ് നേതാക്കളിൽ ഒരാളായ സി.എസ്. കോട്ടയം ജില്ലയിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനം വളർത്തുന്നതിൽ നിർണായകപങ്കു വഹിച്ചു. കർഷകസംഘവും തൊഴിലാളിസംഘടനകളും മറ്റും രൂപവത്കരിക്കുന്നതിനു നേതൃത്വം നല്കി. നിരോധനം ലംഘിച്ചു പ്രകടനം നടത്തിയതിന് 1946 മേയ് മാസത്തിൽ വീണ്ടും അറസ്റ്റുചെയ്യപ്പെട്ടു. 1947 ഓഗസ്റ്റിൽ സ്വാതന്ത്ര്യപ്രാപ്തിയെത്തുടർന്നു മോചിതനായി. 1948 മുതൽ നാലു വർഷക്കാലം ഒളിവിൽ പ്രവർത്തിച്ചു. 1952—'57 കാലത്ത് ഒട്ടേറെ പ്രക്ഷോഭങ്ങൾക്കും പണിമുടക്കങ്ങൾക്കും പ്രകടനങ്ങൾക്കും നേതൃത്വം നല്കി. കമ്യൂണിസ്റ്റ്പാർട്ടി കോട്ടയം ജില്ലാ കമ്മിറ്റി സെക്രട്ടറിയായും സംസ്ഥാന സമിതി അംഗമായും ദീർഘകാലം സേവനം അനുഷ്ഠിച്ചു. 1959 മുതൽ കോട്ടയം ചെത്തുതൊഴിലാളി സഹകരണസംഘത്തിൻെറ പ്രസിഡൻറ് ആയിരുന്നു.

1961 ഓഗസ്റ്റ് 2-ാംതീയതി ഒരു ശസ്ത്രക്രിയയെത്തുടർന്നു വെല്ലൂർ ആശുപത്രിയിൽവച്ച് അന്തരിച്ചു.

ഗോപാലപിള്ള, സി.ഐ. വിദ്വാൻ (1888—1976)

അധ്യാപകനും സാഹിത്യകാരനും സംഗീതജ്ഞനും. ഒരു നീണ്ടകാലഘട്ടത്തിൽ കോളെജ് വിദ്യാർഥികളുടെ കാവ്യാസ്വാദനകൗതുക

ത്തെ പുഷ്ടിപ്പെടുത്തിയ പ്രശസ്തനായ അധ്യാപകനെന്ന നിലയ്ക്കാണു സി.ഐ. ഗോപാലപിള്ള സ്മരിക്കപ്പെടുന്നത്.

ഏറ്റുമാനൂരിൽ പരമേശ്വരപ്പണിക്ക(അനിയൻ പണിക്കർ)രുടെ മകനായി ആലുവാപ്പുഴയുടെ തീരത്തുള്ള ചിത്തക്കൂടത്തു ഭവനത്തിൽ 1888-ൽ ജനിച്ചു (കൊ. വ. 1063 മേടം). പ്രശസ്ത നടൻ സി.ഐ. പരമേശ്വരൻപിള്ളയും പ്രഗല്ഭവിമർശകൻ സി.ഐ. രാമൻനായരും ഇളയസഹോദരന്മാരായിരുന്നു. വടക്കൻ പറവൂർ ഇം. ഹൈസ്കൂളിൽനിന്നു മെട്രിക്കുലേഷൻ പാസായി. ഹൈസ്കൂൾ അധ്യാപകനായി ചെങ്ങന്നൂരിൽ നിയമനം ലഭിച്ചു. അക്കാലത്താണു വിദ്വാൻ പരീക്ഷ ജയിച്ചത്. പിന്നീടു ബി.എ.യും എം.എ.യും പാസായെങ്കിലും 'വിദ്വാൻ സി.ഐ.' എന്ന പേരു സ്ഥിരമായി പതിഞ്ഞു. ഒരു വേള തിരുവിതാംകൂർ ഭാഗത്തുനിന്ന് ആദ്യത്തെ വിദ്വാൻപരീക്ഷക്കാരനാകാം. അക്കാലത്ത് (1920—'30) വിദ്വാൻ സി.ഐ. ആണു യഥാർഥ 'ഹരികഥകൾ' സംഗീതസഹിതം ആദ്യമായി പറഞ്ഞുതുടങ്ങിയത്. പിന്നീട് ആർട്ട്സ് കോളെജിൽ ട്യൂട്ടറും ലക്ചററും ആയി പ്രവർത്തിച്ചു. പെൻഷൻപറ്റിയശേഷം മഹാത്മാഗാന്ധി കോളെജിലെ ആദ്യത്തെ മലയാളം പ്രൊഫസറായി ജോലിനോക്കി. കുറെക്കാലം ശ്രീചിത്രാഹിന്ദുമതഗ്രന്ഥശാലയിലെ ക്യൂറേറ്ററും *ചൈത്രപ്രഭ*യുടെ എഡിറ്ററും ആയിരുന്നു. *മണിമേഖല* (ഗദ്യം), *ഹോമർ* (ജീവചരിത്രം), *പൂങ്കാവനം* (കവിതകൾ), *ഏകദന്തചരിതം* (ആട്ടക്കഥ) ഇവയാണു കൃതികൾ.

ഗോപാലപ്പണിക്കർ, സി.എസ്. (1872—1931)

കേരളത്തിലെ ആദ്യകാല ചെറുകഥാകൃത്തുകളിൽ ഒരാൾ. പാലക്കാട്ടു തച്ചങ്ങാട്ട്ദേശത്തു ജനിച്ചു. മലബാറിലെ വിവിധവിദ്യാലയങ്ങളിലും, എറണാകുളം മഹാരാജാസ് കോളെജ്, മദിരാശി പ്രസിഡൻസി കോളെജ് എന്നിവിടങ്ങളിലും പഠിച്ചു ബി.എ. ബിരുദം നേടി. സർക്കാർസർവീസിൽ പല ഉദ്യോഗങ്ങളും വഹിച്ച് ഒടുവിൽ ആക്ടിങ് ദേവസ്വം കമ്മീഷണറായി പെൻഷൻപറ്റിപ്പിരിഞ്ഞു. അതിനുശേഷം നിലമ്പൂർ കോവിലകത്തിൻെറ മാനേജിങ് ഏജൻെറന്നനിലയിലും ജോലിനോക്കിയിട്ടുണ്ട്. സാഹിത്യപ്രവർത്തനങ്ങൾക്കു പുറമേ, ചിറ്റൂരിൽ തുഞ്ചത്താചാര്യൻ സ്ഥാപിച്ച ഗുരുകുലത്തിൻെറ പുനരുദ്ധാരണം സംബന്ധിച്ച പല സേവനങ്ങളും ഇദ്ദേഹം അനുഷ്ഠിച്ചിട്ടുണ്ട്. ആദ്യകാലങ്ങളിൽ കവിതാരചനയിൽ ഏർപ്പെട്ട പണിക്കർക്കു ഭാഷാപോഷിണി സഭയുടെ തൃശൂർ സമ്മേളനത്തിലെ കവിതാമത്സരപരീക്ഷയിൽ ഒന്നാം സ്ഥാനം ലഭിച്ചു. *മേൽവിലാസം മാറി, നീളംകുറഞ്ഞ കത്ത്, ഒരു മുതലനായാട്ട്* തുടങ്ങിയ പ്രസിദ്ധമായ ചെറുകഥകളും *സ്വയം പ്രകാശമുള്ള ചില ജന്തുക്കൾ, പക്ഷികളുടെ ആസ്പത്രി, മൊണാക്കോ, ജപ്പാൻകാരും അവരുടെ ചക്രവർത്തിയും* മുതലായ വിജ്ഞാനപ്രദമായ ലേഖനങ്ങളും എഴുതിയിട്ടുണ്ട്.

ഗോപാലമേനോൻ, എ. (1889—1954)

വിദ്യാഭ്യാസവിചക്ഷണനും ഗ്രന്ഥകാരനും. പറവൂർ ജില്ലാ കോടതി വക്കീലായിരുന്ന പിണ്ടിയത്ത് അച്യുതമേനോൻെറയും ഇടപ്പള്ളി കൃഷ്ണത്ത് കുഞ്ഞിപ്പിള്ള അമ്മയുടെയും പുത്രൻ. 1889 ജൂലൈ 27-നു പറവൂരിൽ ജനിച്ചു.

പറവൂർ ഇംഗ്ലീഷ്ഹൈസ്കൂളിൽനിന്നു മെട്രിക്കുലേഷൻ പരീക്ഷയിൽ ഒന്നാംക്ലാസിൽ വിജയം നേടി. അതിനുശേഷം പഠനം തിരുവനന്തപുരത്തായിരുന്നു.

അച്ഛൻെറ അകാലമരണംകൊണ്ടു വിദ്യാർഥിജീവിതകാലത്തു വലിയ സാമ്പത്തിക്ലേശം അനുഭവിച്ചു. 1909-ൽ ചരിത്രത്തിനു സംസ്ഥാനത്ത് ഒന്നാമനായി ബി.എ. ജയിച്ചു. ഇംഗ്ലീഷിനും മലയാളത്തിനും ഏറ്റവും കൂടുതൽ മാർക്കു വാങ്ങി രണ്ടു സ്വർണമെഡലുകൾ നേടി.

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ ക്ലാർക്കായി ഔദ്യോഗികജീവിതം ആരംഭിച്ചു. അധികം താമസിയാതെ ആ ജോലി രാജിവച്ചു. 1910-ൽ ആർട്ട്സ്കോളെജിൽ ട്യൂട്ടറായി ജോലിയിൽ പ്രവേശിച്ചു. പിന്നീട് എം.എ. ബിരുദം നേടി അസിസ്റ്റൻറ് പ്രൊഫസറായി. 1945-ൽ പെൻഷൻപറ്റുന്നതുവരെ വിദ്യാഭ്യാസവകുപ്പിൽ (എട്ടുവർഷം ഡയറക്റ്ററായും മൂന്നു വർഷം കോളെജ് പ്രിൻസിപ്പലായും) സേവനമനുഷ്ഠിച്ചു.

1921-ൽ ഗവൺമെൻറ്സ്കോളർഷിപ്പോടുകൂടി ഇംഗ്ലണ്ടിൽ പഠിച്ചു ബി.കോം. ഡിഗ്രി നേടി.

1922-ൽ യൂറോപ്പിലെ പ്രധാന രാജ്യങ്ങൾ സന്ദർശിച്ചു. 1945-ൽ പെൻഷൻപറ്റി പിരിഞ്ഞതിനുശേഷം 1948 വരെ ആലപ്പുഴ സനാതനധർമ കോളെജിൽ പ്രിൻസിപ്പലായി ജോലിചെയ്തു. 1952 മുതൽ ഗുരുവായൂരപ്പൻ കോളെജിലും. അവിടെ പ്രിൻസിപ്പലായിരിക്കുമ്പോൾ 1954 ഫെബ്രുവരി 11-നു നിര്യാതനായി.

വിദ്യാഭ്യാസരംഗത്താണ് ഇദ്ദേഹത്തിൻെറ വ്യക്തിമുദ്ര കൂടുതൽ പതിഞ്ഞത്. അധ്യേതാക്കൾക്കു പ്രിയംകരനായ ആചാര്യനായിരുന്നു ഇദ്ദേഹം. ഗ്രന്ഥകാരനെന്ന നിലയിലും പ്രശസ്തനാണ്.

മലയാളത്തിൽ *പാശ്ചാത്യചരിത്രകഥകൾ, ജീവിതക്രമം, പുരാണകഥകൾ, സാമ്രാജ്യപരമ്പര, ജീവിതമഹത്വം, കഥാപ്രദീപം, നീതികഥകൾ, ഇന്ത്യാചരിത്രകഥകൾ* തുടങ്ങി ഒന്നരഡസൻ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. മദിരാശി, തിരുവിതാംകൂർ എന്നീ സർവകലാശാലകളിൽ ദീർഘകാലം പരീക്ഷകനായും അക്കാദമിക്ക് കൗൺസിൽ അധ്യക്ഷനായും സെനറ്റ് സിൻഡിക്കേറ്റ് അംഗമായും ഇലക്ഷൻകമ്മീഷണറുടെ ഉപദേഷ്ടാവായും പ്രശസ്തസേവനം നിർവഹിച്ചു.

ഗോപാലമേനോൻ, മാണിക്കത്ത് (1901—1967)

സ്വാതന്ത്ര്യസമരനേതാവും നയതന്ത്രജ്ഞനും. 1901 ഡിസംബർ 20-നു പാലക്കാട്ടു താലൂക്കിലെ മാണിക്കത്തു കുടുംബത്തിൽ ജനിച്ചു. കോഴിക്കോട്ടു ഹൈസ്കൂളിലും, സാമൂതിരി കോളെജിലും മദിരാശി പച്ചയ്യപ്പാസ് കോളെജിലും പഠിച്ചു. മദിരാശിയിൽ ബി.എ.യ്ക്കു പഠിക്കുമ്പോൾ നിസ്സഹകരണപ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റിലായി. മദിരാശിയിൽ അല്പകാലം പ്രവർത്തിച്ചശേഷം 1921 ഏപ്രിലിൽ മലബാറിൽ എത്തി. മലബാർ കലാപകാലത്തു കേരള പ്രവിശ്യാ കോൺഗ്രസ് കമ്മിറ്റിയുടെ സന്ദേശവുമായി കോയമ്പത്തൂരിൽ പോയി ഗാന്ധിജിയെ കണ്ടു. ഒറ്റപ്പാലത്തു വിദ്യാർഥി സമ്മേളനം വിളിച്ചുകൂട്ടിയതിനെത്തുടർന്നു രാജ്യദ്രോഹക്കുറ്റം ചുമത്തി അറസ്റ്റുചെയ്തു. 1922-ൽ മലബാർ ജില്ലാ കോൺഗ്രസ് സമിതി സെക്രട്ടറി ആയി. 1923-ൽ ഒളിവിൽ പോയി വിപ്ലവപ്രവർത്തനങ്ങളിൽ പങ്കുചേർന്നു. ചൗരിചൗരാ ' സംഭവത്തെത്തുടർന്നു നിസ്സഹകരണപ്രസ്ഥാനം നിർത്തിവയ്ക്കാൻ ഗാന്ധിജി തീരുമാനിച്ചതിൽ നിരാശരായ യുവപ്രവർത്തകരിൽ ഒരാൾ ആയിരുന്നു ഗോപാലമേനോൻ. പിന്നീട് അദ്ദേഹം മംഗലാപുരം സെൻറ് അലോഷ്യസ് കോളെജിൽ ചേർന്നു ബി.എ.യും തിരുവനന്തപുരം ലോ കോളെജിൽനിന്നു ബി.എൽ.ബിരുദവും നേടി. ചില കമ്പനികളിലും കോഫിബോർഡിലും ഉദ്യോഗം സ്വീകരിച്ചു. 1946-ൽ കേന്ദ്ര ഭക്ഷ്യപകുപ്പിലും കൃഷിവകുപ്പിലും ജോലിനോക്കി. പിന്നീടു വിദേശവകുപ്പിൽ ചേർന്നു. 1947-ൽ ഐക്യരാഷ്ട്രസഭയിലേക്കുള്ള ഇന്ത്യൻ പ്രതിനിധിസംഘത്തിൻെറ സെക്രട്ടറി ആയി. 1951-ൽ മലയയിലെ ഇന്ത്യൻ പ്രതിനിധിയും, 1954-ൽ ബ്രിട്ടീഷ് ഈസ്റ്റ് ആഫ്രിക്കയിലെയും സെൻട്രൽ ആഫ്രിക്കയിലെയും കമ്മീഷണറും, ബെൽജിയൻ കോങ്ഗോവിലെ കോൺസൽജനറലും ആയി നിയമിക്കപ്പെട്ടു. 1956-ൽ ന്യൂയോർക്കിലെ ഇന്ത്യൻ കോൺസൽ ജനറലും, 1960-ൽ വിയറ്റ്നാമിലെ ഇൻറർനാഷണൽ കൺട്രോൾ കമ്മീഷൻ ചെയർമാനും ആയി. 1961-ൽ സർവീസിൽനിന്നു വിരമിച്ചശേഷം ന്യൂയോർക്കിലെ ഇന്ത്യാ ഇൻവെസ്റ്റ്മെൻറ് സെൻറർ ഡയറക്റ്റർ ആയി നിയോഗിക്കപ്പെട്ടു.

1967 ജൂൺ 11-നു ന്യൂയോർക്കിൽ അന്തരിച്ചു.

ഗോപാലമേനോൻ, യു. (1883—1964)

സ്വാതന്ത്ര്യസമരസേനാനിയും അഭിഭാഷകനും. 1920-ൽ നിസ്സഹകരണപ്രക്ഷോഭണത്തിൽ പങ്കെടുക്കുകയും ആറുമാസത്തെ തടവിനു ശിക്ഷിക്കപ്പെടുകയും ചെയ്തു. 1921-ൽ നടന്ന മലബാർലഹളയിൽ പീഡിതരായ അഭയാർഥികളെ സഹായിക്കാനായി ക്യാമ്പുകൾ സംഘടിപ്പിച്ചു. വിദേശവസ്ത്രബഹിഷ്കരണം, അയിത്തോച്ചാടനം ഹരിജനോദ്ധാരണം, ക്ഷേത്രപ്രവേശനസമരം എന്നിവയിൽ സജീവമായി പങ്കെടുത്ത ഗാന്ധിയനായിരുന്നു ഗോപാലമേനോൻ.

1883-ൽ കോഴിക്കോടിനടുത്തുള്ള തിരുവണ്ണൂരിൽ ഉള്ളാട്ടിൽ വീട്ടിൽ ജനിച്ചു. മദിരാശി ലോക്കോളെജിൽനിന്നു നിയമബിരുദമെടുത്തശേഷം കോഴിക്കോട്ട് അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടു. മലബാർ കോൺഗ്രസ് കമ്മിറ്റിയുടെ സെക്രട്ടറിയായും പ്രസിഡൻറായും പ്രവർത്തിച്ചിട്ടുണ്ട്. 1919-ൽ കോഴിക്കോട്ട് കേരള ലൈബ്രറി സൊസൈറ്റി സ്ഥാപിച്ചു. 1921—'22 കാലത്തു മദിരാശിയിൽ ടി. പ്രകാശം സ്ഥാപിച്ച 'സ്വരാജ്യ'യുടെ പത്രാധിപസമിതിയിൽ പ്രവർത്തിച്ചു. 1923-ൽ 'നവീനകേരളം' എന്ന ഒരു മലയാളവാരിക മദിരാശിയിൽനിന്ന് ആരംഭിക്കുകയും പിന്നീടു കോഴിക്കോട്ടേക്കു മാറ്റി കുറെക്കാലംകൂടി നടത്തുകയും ചെയ്തു. 1930-ൽ ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുത്തു ജയിൽശിക്ഷ അനുഭവിച്ചു. 1931-ൽ നടന്ന ഗുരുവായൂർ സത്യ

ഗ്രഹത്തെ തുടർന്നു ഗുരുവായൂരിലെയും പരിസരത്തിലെയും ഹിന്ദുക്കളുടെ ഹിതപരിശോധന നടത്താൻ മുൻകയ്യെടുത്തു. കോൺഗ്രസ് ഗവൺമെന്റിന്റെ കീഴിൽ പ്ലീഡറായും പബ്ലിക് പ്രോസിക്യൂട്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കോഴിക്കോട് മുനിസിപ്പാലിറ്റിയുടെ ചെയർമാനായിരുന്നു.

1964 ജൂൺ 30-നു നിര്യാതനായി.

ഗോപാലമേനോൻ, വള്ളത്തോൾ (1883—1940)

മലയാളകവി. മഹാകവി വള്ളത്തോളിന്റെ ഒരകന്ന സഹോദരൻ. കുറ്റിപ്പുറം സഹോദരന്മാരോടൊപ്പം വള്ളത്തോൾ രാമുണ്ണിമേനോന്റെയും വള്ളത്തോളിന്റെയും കീഴിൽത്തന്നെയായിരുന്നു വിദ്യാഭ്യാസം. ചെറുപ്പകാലം മുതൽ കവിതകൾ എഴുതിയിരുന്നെങ്കിലും മിക്കവയും നഷ്ടപ്പെട്ടു. കുറെ കവിതകൾ സമാഹരിച്ചു *മധുമഞ്ജരി* എന്ന പേരിൽ ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി. *ഗോപാലകൃഷ്ണൻ* എന്ന ഒരു ലഘുപുസ്തകവും ഇദ്ദേഹത്തിന്റേതായിട്ടുണ്ട്. പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്താവുന്ന കുറെ കവിതകൾ പത്രമാസികകളിൽ കിടപ്പുണ്ട്.

വള്ളത്തോളിന്റെ പത്നിയുടെ സഹോദരിയെ വിവാഹംചെയ്തു. അവർ ഒരത്യാഹിതത്തിൽ മരിച്ചതിനെപ്പറ്റിയാണ് *പൊയ്പോയ പ്രാണൻ* എന്ന വിലാപകൃതി രചിച്ചിട്ടുള്ളത്. 1940-ൽ അന്തരിച്ചു.

ഗോപാലസ്വാമി അയ്യങ്കാർ, എൻ. (1882—1953)

ഭാരതത്തിലെ ഒരു ഭരണതന്ത്രജ്ഞൻ. 1882 മാർച്ച് 31-ാം തീയതി ജനിച്ചു. മദിരാശി പ്രസിഡൻസി കോളെജിൽനിന്നു ബി.എ.യും, അവിടത്തെ ലാക്കോളെജിൽനിന്നു ബി.എൽ.-ഉം പാസായി. കുറച്ചുകാലം മദിരാശിയിലെ പച്ചയ്യപ്പാസ് കോളെജിൽ അധ്യാപകനായിരുന്നു. തുടർന്നു മത്സരപ്പരീക്ഷയിൽ ജയിച്ചു മദിരാശി സിവിൽ സർവീസിൽ പ്രവേശിച്ചു. റവന്യൂബോർഡ് മെംബർ പദവി വരെ ഉദ്യോഗത്തിൽ ഉയർന്നു. 1937 മുതൽ '43 വരെ കശ്മീർ സ്റ്റേറ്റിലെ ദിവാൻ ആയിരുന്നു. ഇന്ത്യ സ്വതന്ത്രയായതിനുശേഷം അല്പകാലം കൗൺസിൽ ഒഫ് സ്റ്റേറ്റ്സിന്റെ ചെയർമാനായി പ്രവർത്തിച്ചിട്ടുണ്ട്. 1950-ൽ കേന്ദ്രമന്ത്രിസഭയിൽ റെയിൽവേ-ട്രാൻസ്പോർട്ട് വകുപ്പുകളുടെ മന്ത്രിയായി. 1952-'53-ൽ രാജ്യരക്ഷാവകുപ്പുമന്ത്രി ആയിരുന്നു. കശ്മീർപ്രശ്നം ഐക്യരാഷ്ട്രരക്ഷാസമിതിയുടെ പരിഗണനയ്ക്ക് ആദ്യമായി വന്നപ്പോൾ അവിടെ ഇന്ത്യയുടെ ഭാഗം വാദിച്ചു. 1953-ൽ നിര്യാതനായി.

നയതന്ത്രജ്ഞനായ ജി. പാർഥസാരഥി ഇദ്ദേഹത്തിന്റെ പുത്രനാണ്.

ഗോപാലറെഡ്ഡി, ബി. ഡോ. (1907—)

ആന്ധ്രപ്രദേശത്തിലെ രാഷ്ട്രീയരംഗത്തും തെലുങ്കുസാഹിത്യത്തിലും വ്യക്തിമുദ്ര പതിപ്പിച്ച സാംസ്കാരിക നായകൻ. 1907 ഓഗസ്റ്റ് 5-നു നെല്ലൂർ ജില്ലയിലെ ബുച്ചിറെഡ്ഡിപ്പാളയത്തിൽ ജനിച്ചു. ടാഗൂറിന്റെ വിശ്വഭാരതിയിൽ ഉന്നത വിദ്യാഭ്യാസം നിർവഹിച്ചു. 1937-ൽ മദിരാശി അസംബ്ലിയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. 1937—'39-ൽ മദിരാശിയിൽ രാജാജിയുടെ നേതൃത്വത്തിലുണ്ടായ ആദ്യത്തെ കോൺഗ്രസ്, മന്ത്രിസഭയിൽ തദ്ദേശസ്വയംഭരണ മന്ത്രിയായി. ആ മന്ത്രിസഭയിലെ ഏറ്റവും പ്രായം കുറഞ്ഞ മന്ത്രി റെഡ്ഡിയായിരുന്നു. പിന്നീട് ആന്ധ്ര സംസ്ഥാനം മദിരാശിയിൽനിന്നു വേർപെട്ടപ്പോൾ ആന്ധ്രപ്രദേശിലെ കോൺഗ്രസ് നേതാവും 1955—'56-ൽ അവിടത്തെ മുഖ്യമന്ത്രിയുമായി. 1958—'63 കാലത്തു കേന്ദ്രമന്ത്രിസഭയിൽ യഥാക്രമം റെവന്യൂ, ഹൗസിങ്, പ്രക്ഷേപണം ഇവയുടെ മന്ത്രിയായി പ്രവർത്തിച്ചു. 1967—'72 കാലത്ത് ഉത്തരപ്രദേശ് ഗവർണറായിരുന്നു. തെലുങ്കിൽ ഗദ്യത്തിലും പദ്യത്തിലും മൗലികകൃതികൾക്കു പുറമെ ടാഗൂർ കൃതികളുടെ ഏതാനും വിവർത്തനങ്ങളും റെഡ്ഡി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. *വിസർജന* (1943), *ചിത്രാംഗദ* (1945), *മാലിനി* (1954), *പ്രകൃതി-പ്രകൃതികാരമു* (1954), ഇവ ടാഗൂർ നാടകങ്ങളുടെ വിവർത്തനങ്ങളാണ്. *കാലവാഹിനി* (1979), *ആമേ ജഡലു* (1981), *പ്രസൂനമഞ്ജരി* (1981), *പരിമളമഞ്ജരി* (1982) ഇവ സ്വതന്ത്രകൃതികളാണ്. ആന്ധ്രസാഹിത്യ അക്കാദമിയുടെ ആരംഭം മുതൽ കാൽനൂറ്റാണ്ടുകാലം ഇദ്ദേഹം അധ്യക്ഷസ്ഥാനം വഹിച്ചു. കേന്ദ്ര സാഹിത്യഅക്കാദമിയിലും ദീർഘകാലം അംഗമായിരുന്നു.

ഗോപാൽ, ഡോക്ടർ സർവേപ്പള്ളി (1923—)

ചരിത്രകാരൻ. 1923 ഏപ്രിൽ 23-ാം തീയതി ഡോക്ടർ എസ്. രാധാകൃഷ്ണന്റെ പുത്രനായി മദിരാശിയിൽ ജനിച്ചു. ഓക്സ്ഫെഡ് സർവകലാശാലയിൽനിന്നു ബിരുദം നേടി. ദില്ലിയിലെ ജവാഹർലാൽ നെഹ്റു സർവകലാശാലയിൽ സമകാലിക ചരിത്രത്തിന്റെ പ്രൊഫസർ എമരിട്ടസ് ആണ് ഇപ്പോൾ. ശ്രീ വെങ്കടേശ്വര സർവകലാശാലയുടെ ഓണററി പ്രൊഫസർ, ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസിന്റെ അധ്യക്ഷൻ, ജവാഹർലാൽ നെഹ്റുവിന്റെ തിരഞ്ഞെടുത്ത കൃതികളുടെ സമാഹർത്താവ് എന്നീ പദവികളും ഇദ്ദേഹത്തിനുണ്ട്. ആന്ധ്ര, തിരുപ്പതി, ബനാറസ് സർവകലാശാലകൾ ഡി.ലിറ്റ് ബിരുദം നല്കി. 1976-ൽ സാഹിത്യ അക്കാദമി അവാർഡു ലഭിച്ചു. നാഷനൽ ബുക് ട്രസ്റ്റിന്റെ അധ്യക്ഷനായും (1973—'76) വിദേശകാര്യമന്ത്രാലയത്തിലെ ചരിത്രവിഭാഗത്തിൽ ഡയറക്ടറായും (1954—'66) ഓക്സ്ഫെഡ് സർവകലാശാലയിൽ പൗരസ്ത്യചരിത്രത്തിൽ റീഡറായും (1966—'71) യൂനിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മിഷൻ അംഗമായും (1973—'79) യുനെസ്കോയുടെ എക്സിക്യൂട്ടീവ് അംഗമായും (1976—'80) സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഗോപാൽ ലാൽ

താൻസേനിന്റെയും ബൈജുവിന്റെയും ശിഷ്യനായ ഒരു പ്രശസ്ത ഗായകൻ. 'സുനോമീയാൻ താൻസേൻ', 'ബൈജു ബാവരെ കഹതാ ഗോപാൽ ലാൽ' തുടങ്ങി പല ധ്രുപദുക്കളും രചിച്ചു. ഇവയിൽ പലതും പ്രചാരത്തിലുണ്ട്.

ജീവിതകാലത്തുതന്നെ കീർത്തിയുടെ പരകോടിയിൽ എത്തിയിരുന്ന ഗോപാൽലാൽ കശ്മീരിലെ ആസ്ഥാനവിദ്വാനും കൂടിയായിരുന്നു.

ഗോപാൽലാലിന്റെ സംസ്കാരം ഹൈന്ദവാചാരപ്രകാരം സിന്ധുനദീതടത്തിൽവച്ചു നടത്തി. എന്നാൽ ഭർത്താവിന്റെ അസ്ഥിപൂജ ക്രമപ്രകാരം നടത്താൻ കൊതിച്ച്, ഭാര്യയായ പ്രഭാദേവി നദീതീരത്തെത്തിയപ്പോൾ, ഗോപാൽലാലിന്റെ ആചാര്യനായ ബൈജു 'മീരാ കീ മൽ ഹാർ' എന്നൊരു പുതിയ രാഗം മീരയെ പഠിപ്പിച്ചുപാടിച്ച്, ഗോപാൽ ലാലിന്റെ അസ്ഥികൾ നദീജലത്തിനു മുകളിൽ വരുത്തി, ശിഷ്യപത്നിയുടെ ആഗ്രഹം നിറവേറ്റിയതായും ഒരദ്ഭുതകഥ പ്രചരിച്ചുവരുന്നുണ്ട്.

ഗോപാൽസിങ്, ഡോക്ടർ (1917—)

ഇന്ത്യൻ രാഷ്ട്രതന്ത്രജ്ഞനും പഞ്ചാബി-ഇംഗ്ലീഷ് ഗ്രന്ഥകാരനും. 1917 നവംബർ 29-നു ജനിച്ചു. 1938-ൽ എം.എയും '43-ൽ പി.എച്ച്ഡി.യും നേടി. പഞ്ചാബിയിൽ ഏതാനും കവിതാസമാഹാരങ്ങളും കഥാസമാഹാരവും മറ്റും രചിച്ചിട്ടുണ്ട്. ഇംഗ്ലീഷ് ഗ്രന്ഥങ്ങൾ പലതും പ്രാമാണിക സ്വഭാവമുള്ളതാണ്. സിഖ്മതഗ്രന്ഥമായ ഗുരുഗ്രന്ഥസാഹെബ് ആദ്യമായി ഇംഗ്ലീഷിലേക്കു വിവർത്തനംചെയ്തത് ഇദ്ദേഹമാണ്. നാലു വാല്യമുള്ള ഈ വിവർത്തനം ഛന്ദോമുക്തകവിതയായിട്ടാണ്. 1962-ലാണ് ഇതു പ്രസിദ്ധീകരിച്ചത്. സിഖുകാരുടെ പ്രാമാണികമായ ഒരു ചരിത്രം *എ ഹിസ്റ്ററി ഒഫ് ദ് സിഖ് പീപ്പിൾ* (1469—1988) എന്ന പേരിൽ രചിച്ചു. *ദ് റിലിജ്യൻ ഒഫ് ദ് സിഖ്സ്, എ ഹിസ്റ്ററി ഒഫ് പഞ്ചാബി ലിറ്ററേച്ചർ, ദി അൺസ്റ്റ്രക്ക് മെലഡി, ദ് മാൻ ഹു നെവർ ഡൈഡ്* തുടങ്ങിയവയാണു മറ്റു പ്രധാന കൃതികൾ. വിശിഷ്ട സാഹിത്യകാരൻ എന്ന നിലയിൽ രാജ്യസഭയിലേക്കു നോമിനേറ്റു ചെയ്യപ്പെട്ടു (1962-'68). 1970-'72-ൽ ബൾഗേറിയയിലും തുടർന്നു ഗിയാനയിലും സ്ഥാനപതിയായിരുന്നു. പിന്നീടു ഗോവ ഗവർണർ ആയി. 1964-'68-ൽ ഇദ്ദേഹം ദില്ലി സർവകലാശാലയിലെ വിസിറ്റിങ് പ്രൊഫസർ ആയി സേവനം അനുഷ്ഠിച്ചു. യു.കെ., യു.എസ്.എ., യുഗോസ്ലാവിയ, പശ്ചിമ ജെർമനി, ഫ്രാൻസ്, കെനിയ, താൻസാനിയ, മലേഷ്യ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ സാംസ്കാരിക സമ്മേളനങ്ങളിലും സർവമതസമ്മേളനങ്ങളിലും സംബന്ധിച്ചിട്ടുണ്ട്. മതസൗഹാർദത്തിനും ദേശീയ ഐക്യത്തിനും വേണ്ടി വാദിക്കുന്ന പ്രമുഖ ചിന്തകനും എഴുത്തുകാരനുമാണ് ഇദ്ദേഹം.

1980-'84-ൽ മൈനോറിട്ടീസ് കമ്മിഷന്റെ (ന്യൂനപക്ഷക്കമ്മിഷൻ) അധ്യക്ഷനായിരുന്നു.

ഗോപി (1937—)

നാടക-ചലച്ചിത്രനടൻ, നാടകകൃത്ത്, സംവിധായകൻ. 1937-(കൊ.വ. 1113 തുലാം 16)ൽ ചിറയിൻകീഴ് വടശ്ശേരി വീട്ടിൽ വേലായുധൻപിള്ളയുടെയും പാർവതി അമ്മയുടെയും മകനായി ജനിച്ചു. ഗോപിനാഥൻനായർ എന്നാണു മുഴുവൻപേര്. ചിറയിൻകീഴ് ശ്രീചി



ത്തിരവിലാസം ഹൈസ്കൂളിലും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളെജിലും പഠിച്ചു. ബി.എസ്സി. ബിരുദം നേടി. സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ ഉദ്യോഗസ്ഥനായി.

1960 മുതൽ ചിറയിൻകീഴ് പ്രസാധനാ ലിറ്റിൽ തിയേറ്ററിൻെറ സെക്രട്ടറിയും നടനും ആയി. 1965 മുതൽ ഫിലിംസൊസൈറ്റി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു. 1971 മുതൽ ചലച്ചിത്രങ്ങളിൽ അഭിനയിച്ചു. അടൂർ ഗോപാലകൃഷ്ണൻെറ സ്വയംവരം ആയിരുന്നു ആദ്യചിത്രം. ഗോപാലകൃഷ്ണൻെറ അടുത്ത ചിത്രമായ കൊടിയേറ്റത്തിലെ ശങ്കരൻകുട്ടിയായി അഭിനയിച്ച് കേരള സംസ്ഥാന അവാർഡും, ഭരത് അവാർഡും നേടി. 1973 മുതൽ തിരുവനന്തപുരത്ത് 'തിരുവരങ്ങ്' നാടകസംഘത്തിൻെറ പ്രവർത്തനങ്ങളിൽ പങ്കെടുത്തു. 1988 ഫെബ്രുവരിയിൽ രോഗബാധിതനാകുന്നതുവരെ 65 ചിത്രങ്ങളിൽ അഭിനയിച്ചു. ഇവയിൽ രണ്ടെണ്ണം ഹിന്ദിയിലാണ്. മണികൗൾ സംവിധാനം ചെയ്ത 'സതഹ് സേ ഉഠ്നാ ആദ്മി'യും ഗോവിന്ദ്നിഹലാനിയുടെ 'ആഘാത'ും.

കൊടിയേറ്റത്തിനുശേഷം 1982-ൽ ഓർമയ്ക്കായി എന്ന ചിത്രത്തിലെയും, 1983-ൽ രചന, കാറ്റത്തെ കിളിക്കൂട് എന്നീ ചിത്രങ്ങളിലെയും, 1985-ൽ ചിദംബരത്തിലെയും അഭിനയത്തിനു സംസ്ഥാന അവാർഡു ലഭിച്ചു. 1985-ൽ ടോക്കിയോവിൽ നടന്ന 30-ാമത് ഏഷ്യാ പസഫിക് ഫിലിംഫെസ്റ്റിവലിൽ 'കാറ്റത്തെ കിളിക്കൂടി'ലെ അഭിനയത്തിനു പ്രത്യേകസമ്മാനം ലഭിച്ചു.

അഞ്ചു നാടകങ്ങൾ രചിച്ചു രംഗത്ത് അവതരിപ്പിച്ചിട്ടുണ്ട്. 'ഞാറ്റടി' എന്ന ചിത്രം സംവിധാനംചെയ്തു. പക്ഷെ ആ ചിത്രം തിയേറ്ററുകളിൽ എത്തിയില്ല. 1988-ൽ ഉത്സവപ്പിറ്റേന്ന്' എന്ന ചിത്രം സംവിധാനം ചെയ്തു.

ഗോപി, കലാമണ്ഡലം (1938—)

കഥകളി നടൻ. പച്ച, കത്തി വേഷങ്ങളിൽ സവിശേഷമായ പ്രാഗല്ഭ്യമുണ്ട്. ഇപ്പോൾ കലാമണ്ഡലം പ്രിൻസിപ്പൽ.

1938 ജൂൺ 30-നു പാലക്കാട് ജില്ലയിലെ കോതചിറയിൽ ജനിച്ചു. ആദ്യം ഓട്ടൻതുള്ളലാണ് അഭ്യസിച്ചത്. പിന്നീട് തേക്കിൻകാട്ടിൽ രാവുണ്ണിനായരുടെ കീഴിൽ കഥകളി അഭ്യസിച്ചു. തുടർന്നു കലാമണ്ഡലത്തിൽ ചേർന്നു പഠിച്ചു. അവിടെത്തന്നെ അധ്യാപകനായി ചേർന്നു. നളൻ, ബാഹുകൻ, രുഗ്മാംഗദൻ, അർജുനൻ, ധർമ പുത്രർ, ബലഭദ്രൻ, ഭീമസേനൻ എന്നിങ്ങനെ പലവേഷങ്ങൾ ആടാറുണ്ട്. നളൻെറ വേഷം പ്രസിദ്ധമാണ്. കന്നിവേഷങ്ങളിൽ കീചകൻ, രംഭാപ്രവേശത്തിലെ രാവണൻ തുടങ്ങിയവയാണ് മെച്ചം.

1983-ൽ കേരളകലാമണ്ഡലം അവാർഡും 1987-ൽ കേന്ദ്രസംഗീതനാടക അക്കാദമി അവാർഡും ലഭിച്ചു.

ഗോപി, കാലടി (1932—)

മലയാള നാടകകൃത്ത്. അധഃസ്ഥിതരുടെ ജീവിതത്തെ പ്രമേയമായി സ്വീകരിച്ചവയാണു ഗോപിയുടെ നാടകങ്ങൾ. മിക്കവയും രംഗപ്രയോഗസൗഭാഗ്യം ലഭിച്ചവയാണ്. 1932 മെയ് 5-ന് കാലടിക്കടുത്തുള്ള വേങ്ങൂരിൽ ജനിച്ചു. വിദ്യാഭ്യാസാനന്തരം പുല്ലുവഴി ഹൈസ്കൂളിൽ അധ്യാപകനായി. *ഏഴുരാത്രികൾ, തിളയ്ക്കുന്ന കടൽ, മുകളിലാകാശം താഴെ ഭൂമി, കാറ്റും തിരകളും, മാനിഷാദ, കനൽ, ജലരേഖ, ശുഭം* തുടങ്ങിയവയാണു ഗോപിയുടെ പ്രധാന നാടകങ്ങൾ.

ഗോപികാവസന്തം

ഒരു രാഗം. കർണാടകസംഗീതത്തിലെ 20-ാം മേളകർത്താരാഗമായ നഠഭൈരവിയുടെ ജന്യം.

ആരോഹണം: സമപനിധനിധസ
അവരോഹണം: സനിധപമഗസ

ഇതൊരു സമ്പൂർണരാഗമാണ്. *ധന്യോയമേവഖലു* എന്നാരംഭിക്കുന്ന സ്വാതിതിരുനാൾ കീർത്തനം ഈ രാഗത്തിലാണ്. കരുണരസദ്യോതകമായ ഈ രാഗത്തിനു കഥകളിസംഗീതത്തിലും സ്ഥാനമുണ്ട്. കീചകവധത്തിലെ,

കാന്ത, കൃപാലോ, കാത്തുകൊൾക കാന്തകൃപാലോ
കാന്താരാന്തരംതന്നിൽ വാണീടുമ്പോൾ

എന്ന, സൈരന്ധ്രിയുടെ പദം ഈ രാഗത്തിലുള്ളതാണ്.

ഗോപിനാഥ്, ഗുരു (1908—1987)

കേരളീയനർത്തകൻ. കുട്ടനാട്ടിൽ ചമ്പക്കുളത്ത് ജനിച്ചു. ജ്യേഷ്ഠനായ പാച്ചുപിള്ളയുമൊരുമിച്ചു ചമ്പക്കുകളം പരമുപിള്ള, മാത്തൂർ കുഞ്ഞുപിള്ളപ്പണിക്കർ, തകഴി കേശവപ്പണിക്കർ തുടങ്ങിയ ആചാര്യന്മാരുടെ കീഴിൽ ചെറുപ്പത്തിലേ കഥകളി അഭ്യസിക്കുകയും അതിൽ നൈപുണ്യം നേടുകയും ചെയ്തു. കേരള കലാമണ്ഡലത്തിൽ ചേർന്നു കവളപ്പാറ നാരായണൻനായർ, ഗുരു കുഞ്ചുക്കുറുപ്പ് എന്നിവരുടെ ശിക്ഷണത്തിൽ തൻെറ കഴിവുകൾ കൂടുതൽ വികസിപ്പിച്ചു.

രാഗിണീദേവിയായിരുന്നു ഗോപിനാഥിൻെറ ആദ്യത്തെ സഹനർത്തകി. ഇവർ ഒരുമിച്ച് ഇന്ത്യയിലും വിദേശങ്ങളിലും നൃത്തപ്രകടനം നടത്തിയിട്ടുണ്ട്. കലാമണ്ഡലത്തിൽ സഹപാഠിനിയായിരുന്ന തങ്കമണിയെ വിവാഹംകഴിച്ചു. തിരുവിതാംകൂറിൽ കൊട്ടാരനർത്തകനായിരുന്നു. മലയാളചലച്ചത്രങ്ങളിൽ ഒന്നായ 'ഭക്തപ്രഹ്ലാദ'യിൽ അഭിനയിച്ചിട്ടുണ്ട്.

നൃത്തപ്രകടനത്തിൽ പല അന്താരാഷ്ട്രാംഗീകാരങ്ങളും ബഹുമതികളും പാരിതോഷികങ്ങളും ഗോപിനാഥിനു കിട്ടിയിട്ടുണ്ട്. ഇന്ത്യയിലെ പല നാട്ടുരാജാക്കന്മാരും രവീന്ദ്രനാഥ ടാഗൂർ, വള്ളത്തോൾ നാരായണമേനോൻ തുടങ്ങിയവരും ഇദ്ദേഹത്തിൻെറ ഉയർച്ചക്കു സഹായിച്ചിട്ടുണ്ട്. കഥകളിനടന്മാരിൽ ആദ്യമായി വിദേശപര്യടനം നടത്തിയതു ഗോപിനാഥനാണ്. സോവിയറ്റ് റഷ്യയിൽ നൃത്തസംഘത്തെ നയിച്ചുകൊണ്ടു പല നഗരങ്ങളിലും പ്രദർശനങ്ങൾ നടത്തി. 1961-ൽ ഹെൽസിങ്കിയിൽ നടന്ന അന്താരാഷ്ട്രയുവജനോത്സവപരിപാടിയിൽ ജഡ്ജിയായും സേവനമനുഷ്ഠിച്ചു. 1965-ൽ കേരള സംഗീതനാടകഅക്കാദമിയും കേന്ദ്ര സംഗീതനാടകഅക്കാദമിയും കഥകളിനൃത്തത്തിനുള്ള കീർത്തിമുദ്ര നല്കി. ഈ രണ്ടു സ്ഥാപനങ്ങളിലും തമിഴ്നാട് സംഗീതനാടകഅക്കാദമിയിലും നിർവാഹകസമിതി അംഗമായിരുന്നു. ദില്ലിയിലും കൊച്ചിയിലും ഓരോ നൃത്തകേന്ദ്രം നടത്തിയതിനുശേഷം തിരുവനന്തപുരം നഗരപ്രാന്തത്തിലുള്ള വട്ടിയൂർക്കാവിൽ വിശ്വകലാകേന്ദ്രം എന്ന ഒരു നൃത്തപരിശീലന സ്ഥാപനം ആരംഭിച്ചു. രാമായണം ബാലേ രൂപപ്പെടുത്തി. ഈ ബാലേയിൽ ദശരഥൻെറ വേഷമാണു ഗുരു ഗോപിനാഥ് സ്വീകരിച്ചിരുന്നത്.

അഭിനയാങ്കുരം, അഭിനയപ്രകാശിക, കഥകളിനടനം എന്നീ മലയാളപുസ്തകങ്ങളും ഭാരതീയനൃത്തത്തെക്കുറിച്ചുള്ള ഒരു ഇംഗ്ലീഷ് കൃതിയും (Classical Dance Poses of India) രചിച്ചിട്ടുണ്ട്.

1987 ഒക്റ്റോബർ 9-ന് എറണാകുളത്ത് ഒരു നൃത്തപരിപാടി അവതരിപ്പിക്കുന്നതിനിടയ്ക്കു ഹൃദ്രോഗംമൂലം മരിച്ചു.

ഗോപീനാഥകവിരാജ (1887— ?)

സംസ്കൃതപണ്ഡിതനും ഗ്രന്ഥകർത്താവും. ധാക്കാ ഡിസ്ട്രിക്ടിൽ ജനിച്ചു. വാരാണസിയിലുള്ള ക്യൂൻസ് കോളെജിൽനിന്നു 1934-ൽ മഹാമഹോപാധ്യായ ബിരുദം നേടിയശേഷം സരസ്വതിഭവൻ ലൈബ്രറിയിലെ പ്രധാന ലൈബ്രേറിയനായും അലാഹാബാദ് സർവകലാശാലയിലെ വേദാനന്തര പഠന(Post-vedic Studies)ത്തിൻെറ റീഡറായും നിയമിക്കപ്പെട്ടു. 1937 വരെ ഗവൺമെൻറ് സംസ്കൃതകോളെജിൻെറ പ്രിൻസിപ്പലായിരുന്നു. ഒന്നിലധികം ഡി. ലിറ്റ് ബിരുദങ്ങളും പദ്മവിഭൂഷൻപദവിയും ലഭിച്ചിട്ടുണ്ട്.

പുസ്തകരൂപത്തിൽ ഇദംപ്രഥമമായി പ്രസിദ്ധീകരിച്ച 'താന്ത്രിക് വാങ്മയ മേം ശാക്തദൃഷ്ടി' എന്ന ഹിന്ദിഗ്രന്ഥം, പ്രൗഢലേഖനങ്ങളുടെ ഒരു സമാഹാരമാണ്. ഈ കൃതിയ്ക്കു ഭാരതസർക്കാറിൻെറ അവാർഡു ലഭിച്ചു. ഇന്ത്യൻ തത്ത്വശാസ്ത്ര ശാഖയായ 'തന്ത്ര'ത്തിൻെറ വിശദാംശങ്ങളെക്കുറിച്ചുള്ള പഠനം ഇദ്ദേഹത്തിൻെറ 40 വർഷക്കാലത്തെ ശ്രമത്തിൻെറ ഫലമാണ്. സംസ്കൃതഭാഷാഗവേഷണത്തിന് അമൂല്യമായ ഒരു സംഭാവനയാണ് ഇത്. *ഭാരതീയ സംസ്കൃതി ഓർ സാധന, അഖണ്ഡമഹായോഗ്* എന്നിവയാണ് ഇദ്ദേഹത്തിൻെറ മറ്റു പ്രസിദ്ധകൃതികൾ.

ഗോപിനാഥൻനായർ, ടി.എൻ. (1918—)

നാടകകൃത്തും നടനും കവിയും. 1918 ഏപ്രിൽ 24-നു ജനിച്ചു. പിതാവു സാഹിത്യപഞ്ചാനൻ പി.കെ. നാരായണപിള്ള. തിരുവനന്തപുരം ആർട്സ് കോളെജിൽനിന്ന് 1942-ൽ ബി.എ. പാസായി. നിയമവിദ്യാഭ്യാസം പൂർത്തിയാക്കിയില്ല. അച്ഛൻെറ സ്മാരകമായി പി.കെ. മെമ്മോറിയൽ പ്രസ്സ് സ്ഥാപിച്ചു. കുറേനാൾ *വീരകേസരി* എന്ന പത്രവും *സഖി* എന്ന വാരികയും നടത്തി. 1950-ൽ കുറ്റിപ്പുറത്തു കേശവൻനായരുടെ മകൾ സൗദാമിനിയെ വിവാഹംകഴിച്ചു. വിദ്യാർഥിയായിരുന്നപ്പോൾതന്നെ നാടകകൃത്തെന്ന നിലയിൽ പ്രശസ്തിനേടി. *വിധിയേ വിധി, നിലാവും നിഴലും, പൂക്കാരി* മുതലായവ ആദ്യകാലനാടകങ്ങളാണ്. അക്കാലത്തെഴുതിയ കവിതകൾ *മുകുളാഞ്ജലി* എന്ന പേരിൽ സമാഹരിച്ചിട്ടുണ്ട്. 1958 മുതൽ തിരുവനന്തപുരം റേഡിയോനിലയത്തിൽ നാടകങ്ങളുടെ പ്രൊഡ്യൂസർ ആയി പ്രവർത്തിച്ചു. 1978 വരെ ആ ജോലിയിൽ തുടർന്നുകൊണ്ട് അനേകം റേഡിയോ നാടകങ്ങൾ സംവിധാനംചെയ്തു. റിട്ടയർമെൻറിനുശേഷം കുറച്ചുകാലം ദൂരദർശൻെറ എമിരറ്റസ് പ്രൊഡ്യൂസർ ആയിരുന്നു. *പരീക്ഷ* എന്ന നാടകത്തിനു പി.കെ. വിക്രമൻനായർ ട്രോഫി ലഭിച്ചു. *അകവും പുറവും, പ്രതിധ്വനി* (1948), *പരിവർത്തനം, പിൻതിരിപ്പൻ പ്രസ്ഥാനം* (1954), *അനാച്ഛാദനം, സമം സമം* (1966), *ജനദ്രോഹി* മുതലായവയാണു ടി.എൻ. എഴുതിയ ചില പ്രസിദ്ധ നാടകങ്ങൾ. *ദശപുഷ്പം* എന്ന പേരിൽ ഇദ്ദേഹത്തിൻെറ തിരഞ്ഞെടുത്ത പത്തു നാടകങ്ങൾ ഒറ്റപ്പുസ്തകമായി സമാഹരിച്ചിട്ടുണ്ട്. *സുധ* (1943) വളരെ പ്രചാരം നേടിയ ഒരു നോവലാണ്. എല്ലാതരം റോളുകളും അഭിനയിക്കുന്ന ഒരു അമെച്വർ നടനെന്നനിലയിലും ടി.എൻ. പ്രശസ്തനാണ്.

ഗോപിനാഥപിള്ള, ഡോ. എൻ.ആർ.

(1941—)

ഭാഷാശാസ്ത്രജ്ഞനും ഗ്രന്ഥകാരനും. കേരള സർവകലാശാലയുടെ മലയാളവിഭാഗത്തിൽ റീഡറായി സേവനം അനുഷ്ഠിക്കുന്നു.

ചെങ്ങന്നൂർ താലൂക്കിൽ പുലിയൂരിൽ മഠത്തിലേത്തുവീട്ടിൽ 1941-ൽ ജനിച്ചു. 1963-ൽ എം.എ. പാസായശേഷം ശ്രീനാരായണ കോളെജിൽ അധ്യാപകനായി ചേർന്നു. എഴുത്തച്ഛൻെറ അധ്യാത്മരാമായണത്തിൻെറ ഭാഷാപഗ്രഥനത്തെപ്പറ്റിയുള്ള ഗവേഷണത്തിനു ഡോക്റ്ററേറ്റ് ലഭിച്ചു.

കൃതികൾ: *ഭാഷാനിരീക്ഷണം* (1970), *രാമചരിതവും പ്രാചീനമണിപ്രവാളവും* (1972), *അന്വേഷണം* (1974), *അനുബന്ധം* (1980), *സമീക്ഷ* (1982), *അധ്യാഹാരം* (1987).

ഗോപീചന്ദ്, ത്രിപുരനേനി (1910—1962)

തെലുഗുനോവലിസ്റ്റ്. ജീവിതത്തെ സൂക്ഷ്മമായി നിരീക്ഷിച്ച് എഴുതിയവയാണു ഗോപീചന്ദിൻെറ നോവലുകൾ.

ഒരു ഡസനിലധികം നോവലുകളുടെ കർത്താവാണു ഗോപീചന്ദ്. 1963-ൽ ഇദ്ദേഹത്തിൻെറ *'പണ്ഡിതപരമേശ്വര ശാസ്ത്രിവ്വുല്ലുനാമ'* എന്ന നോവലിനു സാഹിത്യഅക്കാദമിഅവാർഡു ലഭിച്ചു. സമകാലികജീവിതത്തെ അതിൻെറ വൈവിധ്യത്തോടെയും വർണപ്പൊലിമയോടെയും ഈ നോവലിൽ അവതരിപ്പിച്ചിട്ടുണ്ട്. *അസമർഥുനീ ജീവയാത്രാ* (അസമർഥൻെറ ജീവിതം, 1951) ആണു ഗോപീചന്ദിൻെറ മറ്റൊരു പ്രസിദ്ധ നോവൽ. ധാരാളം ചെറുകഥകളും ഇദ്ദേഹം എഴുതീട്ടുണ്ട്.

ഗോപിനാഥ് മൊഹന്തി (1914—)

ഒറിയാ നോവലിസ്റ്റ്. ഒറീസ്സയിലെ ആദിവാസിവർഗത്തിൻെറ കഥാകാരൻ. *അമൃതരസന്താന* (അമൃതസുതന്മാർ, 1949) ആദിവാസിജീവിതത്തെ ഉൾക്കാഴ്ചയോടെ അവതരിപ്പിച്ച നോവലാണ്. ഇതിനു കേന്ദ്ര സാഹിത്യഅക്കാദമി അവാർഡു ലഭിച്ചു. ഇദ്ദേഹത്തിൻെറ *മാടിമടല* (വളക്കൂറുള്ള മണ്ണ്, 1964) എന്ന നോവൽ ജ്ഞാനപീഠപുരസ്കാരം നേടി.

1914 ഏപ്രിൽ 20-നു കട്ടക്കിനടുത്തുള്ള നാഗബലി എന്ന സ്ഥലത്തു ജനിച്ചു. വിദ്യാഭ്യാസാനന്തരം 1938-ൽ ഒറീസ്സാ അഡ്മിനിസ്ട്രേറ്റിവ് സർവീസിൽ ഉദ്യോഗസ്ഥനായി. 1969-ൽ സർവീസിൽനിന്നു വിരമിക്കുമ്പോൾ ട്രൈബൽ ഡിവലപ്മെൻറ് പ്രൊജക്റ്റിൻെറ സ്പെഷ്യൽ ഓഫീസറായിരുന്നു. കോണ്ടർ, പരജർ എന്നീ പട്ടികവർഗക്കാരുടെ ഇടയിൽ പ്രചാരത്തിലുള്ള നാടൻ പാട്ടുകൾ ശേഖരിക്കുകയും കോണ്ടവർഗക്കാരുടെ ഭാഷയ്ക്ക് ഒരു വ്യാകരണം തയ്യാറാക്കുകയും ചെയ്തു. ടോൾസ്റ്റോയിയുടെ *'യുദ്ധവും സമാധാനവും'* ഒറിയയിലേക്കു വിർത്തനംചെയ്തിട്ടുണ്ട്.

1970-ൽ സോവ്യറ്റ്ലാൻഡ് നെഹ്റു അവാർഡും 1981-ൽ പദ്മഭൂഷൺ ബഹുമതിയും ലഭിച്ചു.

ഗോപുരം

ശില്പാലംകൃതകവാടസൗധം. രാജകൊട്ടാരങ്ങൾ, കോട്ടകൾ, ക്ഷേത്രങ്ങൾ, പള്ളികൾ, ആധുനികസൗധങ്ങൾ എന്നിവയുടെ ഭാഗമായി കാണപ്പെടുന്നു. വിജയങ്ങളുടെ ശാശ്വതസ്മരണയ്ക്കും ശില്പചാതുരിയുടെ പ്രദർശനത്തിനും വേണ്ടി പണിത സ്തംഭഗോപുരങ്ങളും (towers) ഉണ്ട്. സൈനികവും മതപരവുമായ പ്രാധാന്യം ഉള്ള ഗോപുരങ്ങളും ഉണ്ടായിരുന്നു. സുരക്ഷിതമായ ഉയർന്ന സ്ഥാനത്തു നിന്നുകൊണ്ടു ശത്രുക്കളുടെ നേരെ ആയുധപ്രയോഗം നടത്തുന്നതിനു ഗോപുരങ്ങൾ സഹായകമാണ്. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയുടെ ആരാധനയുമായി ബന്ധപ്പെട്ട ഗോപുരങ്ങളും ഉണ്ടായിരുന്നു.

ഇതിഹാസപുരാണാദികളിലെല്ലാം കോട്ടഗോപുരങ്ങളെപ്പറ്റിയും അതിൻെറ രക്ഷാസംവിധാനത്തെപ്പറ്റിയും പരാമർശങ്ങളുണ്ട്. ഭംഗി



ചിദംബരശിവക്ഷേത്ര ഗോപുരം



ചാർമിനാർ (ഹൈദരാബാദ്)

ക്കുവേണ്ടി ദേവാലയകവാടങ്ങളിൽ ശില്പചാതുരിയോടുകൂടി ഗോപുരം പണിയാറുണ്ടെങ്കിലും അവയ്ക്കു പാശ്ചാത്യരാജ്യങ്ങളിലുള്ളതുമാതിരിയുള്ള മതപരമായ പ്രാധാന്യം ഇല്ലെന്നുതന്നെ പറയാം. ദക്ഷിണഭാരതത്തിലെ ക്ഷേത്രഗോപുരങ്ങൾ കലാപരമായ മൂല്യത്തിനു പ്രശസ്തിയുള്ളതുമാണ്. മധുരമീനാക്ഷീക്ഷേത്രം, കാഞ്ചീപുരം, തിരുവനന്തപുരത്തെ പദ്മനാഭസ്വാമി ക്ഷേത്രം, ശുചീന്ദ്രം ക്ഷേത്രം തുടങ്ങിയവ ഉദാഹരണങ്ങളാണ്. ആധുനികകാലത്തു മതപരമോ സൈനികമോ അല്ലാത്ത ആവശ്യങ്ങൾക്കും ഗോപുരങ്ങൾ നിർമിക്കപ്പെട്ടുവരുന്നു. ഹാളുകളിലും ഓഫീസുകളിലും മറ്റും നിർമിക്കുന്ന ഘടികാരഗോപുരങ്ങൾ (Clock towers) ഇക്കൂട്ടത്തിൽ പെടും. കൂടാതെ പാശ്ചാത്യരാജ്യങ്ങളിലും മറ്റും ചില വലിയ ഹോട്ടലുകളിലും ഇത്തരം ഗോപുരങ്ങൾ നിർമിക്കാറുണ്ട്.

വിവിധരാജ്യങ്ങളിൽ. ശിലാഗോപുരങ്ങളോടുകൂടിയ കോട്ടകൾ ആദ്യമായി നിർമിച്ചതു മെസപ്പൊട്ടേമിയക്കാരാണെന്നു കരുതപ്പെടുന്നു. പ്രാചീന ഈജിപ്തിലെ ക്ഷേത്രകവാടങ്ങളിലും ഗോപുരങ്ങൾ സാധാരണമായിരുന്നു. ഫറോസ് ഗോപുരമാണു ഗ്രീക്കുഗോപുരങ്ങളിൽ പ്രധാനം. സൈനികാവശ്യങ്ങൾക്കായി ഗോപുരങ്ങൾ ആദ്യമായി ഉപയോഗിച്ചുതുടങ്ങിയതു റോമാക്കാരായിരുന്നു. പിന്നീടു ബൈസൻറയിൻമാരും ഇവരെ അനുകരിക്കുവാൻ തുടങ്ങി. റോമാക്കാരുടെ ഇരട്ടഗോപുരങ്ങളോടുകൂടിയ (Twin towered) കവാടം മധ്യകാലത്തെ ഒരു ചിഹ്നമായിത്തീർന്നു. സ്വർഗകവാടത്തെയായിരുന്നു ഇതു സൂചിപ്പിച്ചിരുന്നത്. സൈനികപ്രാധാന്യമുള്ള ഗോപുരങ്ങൾക്ക് ഏറ്റവും കൂടുതൽ പ്രചാരമുണ്ടായതും മധ്യകാലത്തുതന്നെ.

മതപരമായ പ്രാധാന്യമുള്ള ഗോപുരങ്ങളും ആദ്യമായി നിർമിച്ചതു മെസപ്പൊട്ടേമിയയിലാണ്. പിരമിഡുകളും ഗോപുരങ്ങളുടെ ഒരു മാതൃകതന്നെ. പ്രാചീനലോകത്തിൽ പ്രസിദ്ധമായ ഗോപുരങ്ങൾക്കൊന്നും പതിനെട്ടാംനൂറ്റാണ്ടുവരെയും അത്രതന്നെ മതപരമായ പ്രാധാന്യം ഉണ്ടായിരുന്നതായി തോന്നുന്നില്ല. എന്നാൽ പേർഷ്യയിലും മറ്റും അഗ്ന്യാരാധനയ്ക്കായി ഗോപുരങ്ങളിൽ ഉയർന്ന സ്ഥലത്തു വേദികൾ നിർമിച്ചിരുന്നു. മണികളുടെ ഉപയോഗം സാർവത്രികമായതോടുകൂടിയാണു ക്രിസ്തീയദേവാലയങ്ങളിൽ ഗോപുരത്തിനു പ്രാധാന്യം സിദ്ധിച്ചത്. ഗോപുരങ്ങളുടെ ഏറ്റവും ഉയർന്ന ഭാഗത്താണു മണികൾ സ്ഥാപിച്ചിരുന്നത്. ഇസ്ലാം ശില്പികളായിരുന്നു പ്രാചീനലോകത്തിലെ പ്രമുഖന്മാരായ ഗോപുരനിർമാതാക്കൾ. പതിന്നാലാംനൂറ്റാണ്ടിൽ സ്പെയിനിലും മറ്റും ഇവർ നിർമിച്ച ഗോപുരങ്ങൾ പ്രസിദ്ധമാണ്. ഇവയ്ക്കു മതപരമായും കൂടുതൽ പ്രാധാന്യമുണ്ടായിരുന്നു. ദില്ലിയിൽ സ്ഥാപിതമായിരിക്കുന്ന കുത്തബ്മിനാറാണ് (13-ാംനൂറ്റാണ്ട്) ഇന്ത്യയിലെ ഇസ്ലാം ഗോപുരങ്ങൾക്കുള്ള മുഖ്യോദാഹരണം.

പല നിലകളുള്ള ഗോപുരങ്ങളായ പഗോഡകളാണു ചൈനയിലും ജപ്പാനിലും ഉണ്ടായിരുന്നത്. ചൈനയിലെ ഓരോ നഗരകവാടത്തിലും ഇത്തരത്തിലുള്ള ഗോപുരങ്ങളുണ്ടായിരുന്നു. ചൈനയിലെ വന്മതിൽക്കെട്ടിലുള്ള ഗോപുരങ്ങൾക്കു പാശ്ചാത്യച്ഛായയുണ്ട്.

കേരളീയക്ഷേത്രങ്ങൾക്കു സാധാരണമായി ഒന്നോ അതിലധികമോ ഗോപുരങ്ങളുണ്ടായിരിക്കും. മതിൽക്കെട്ടിനുള്ളിലേക്ക് ആളുകളെ പ്രവേശിപ്പിക്കുന്ന കവാടങ്ങളാണ് ഇവ. ആനകളെയും മറ്റും പ്രവേശിപ്പിക്കത്തക്കവണ്ണം വിശാലമാണ് ഇവ. ചില ഗോപുരങ്ങൾ വിശേഷദിവസങ്ങളിൽ മാത്രമേ തുറക്കാറുള്ളു.

ഗോപുരം താങ്ങി

†നിലവേപ്പ് നോക്കുക.

ഗോബർ ഗ്യാസ്

†പാചക വാതകങ്ങൾ നോക്കുക.

ഗോബാട്, ചാൾസ് അൽബേർ (1834—1914)

സ്വിറ്റ്സർലൻഡിലെ രാഷ്ട്രീയനേതാവും ഗ്രന്ഥകാരനും. അഭിഭാഷകവൃത്തിയിൽ പ്രവേശിച്ച ഇദ്ദേഹം ദേശീയപ്രശ്നങ്ങളിലും പൊതുഭരണത്തിലും തത്പരനായി. സ്വിസ്ഫെഡറൽ കൗൺസിലിലേക്ക് 1890-ൽ നിയമിതനായി. 1888-ൽ സ്ഥാപിതമായ ഇൻറർ-പാരലമെൻററി യൂണിയനുവേണ്ടി ആദ്യം മുതൽ പ്രവർത്തിച്ച ഇദ്ദേഹം 1892-ൽ യൂണിയൻെറ നാലാം കോൺഫറൻസിൻെറ അധ്യക്ഷനായിരുന്നു. ഈ കോൺഫറൻസിൽ രൂപവത്കൃതമായ ഇൻറർ-പാർലമെൻററി ബ്യൂറോ ലോകസമാധാനപ്രവർത്തനങ്ങൾക്കും ലോകരാഷ്ട്രങ്ങളിലെ പാർലമെൻറുകളുമായുള്ള ആശയവിനിമയത്തിനും വേണ്ടി പ്രവർത്തിച്ചു. ഗോബാട് ബ്യൂറോയുടെ ജനറൽസെക്രട്ടറിയായി. 1902-ൽ സമാധാനത്തിനുള്ള നൊബേൽ സമ്മാനം എലീ ഡകോമുണുമായി പങ്കിട്ടു. 1906-ൽ ഡകോമുണിൻെറ മരണത്തെത്തുടർന്നാണു ഗോബാട്, ഇൻറർ പാർലമെൻററി ബ്യൂറോയുടെ ഡയറക്റ്റർ ആയത്. ഈ ബ്യൂറോയ്ക്ക് 1910-ൽ സമാധാനത്തിനു നൊബേൽ സമ്മാനം ലഭിച്ചു.

അന്തർദേശീയ ബന്ധങ്ങളെയും ചരിത്രത്തെയും കുറിച്ചു ഗോബാട് എഴുതിയ ഗ്രന്ഥങ്ങളിൽ പ്രധാനം 1911-ൽ പ്രസിദ്ധം ചെയ്ത "യൂറോപ്പിൻെറ പേടിസ്വപ്നം" ആണ്.

ഗോബി

മധ്യേഷ്യയിലെ മരുഭൂമിയും അർധമരുഭൂമിയുമായ പ്രദേശം. ശിശിരത്തിലെ താപനില -40°C-ഉം ഗ്രീഷ്മത്തിലേതു 45°C-ഉം ആണ്. മംഗോളിയ ജനകീയ റിപ്പബ്ലിക്ക്, ഇന്നർ മംഗോളിയൻ സ്വയംഭരണ പ്രദേശം എന്നിവിടങ്ങളിലായി വ്യാപിച്ചുകിടക്കുന്നു. വിസ്താരം 13 ലക്ഷം ച.കി.മീ. നീളം 1,600 കി.മീ. വീതി 480-965 കി.മീ.

ഇവിടെ ചോക്ക്കല്ലുകൾ നിറഞ്ഞ നഗ്നപീഠഭൂമികളും മണൽക്കാടുകളുമുണ്ട്. 69 മുതൽ 200 വരെ മി.മീ. മഴലഭിക്കുന്നതിനാൽ പുല്ലുമുളയ്ക്കുന്ന അർധമരുഭൂമിപ്രദേശങ്ങളായ സമതലങ്ങളും ഇവിടെ ഉണ്ട്. ഈ സ്ഥലങ്ങളിൽ കാട്ട്ഒട്ടകം, കാട്ടുകഴുത, കാട്ടുകുതിര, മാൻ ഇവ ഉണ്ട്.



ഗോബി മരുഭൂമിയിലൂടെ
നീങ്ങുന്ന സാർത്ഥവാഹകസംഘം

ഭൂഗർഭജലം പലെടത്തുമുള്ളതുകൊണ്ട് ആടുമാടുവളർത്തലിനു വേണ്ട പുല്ലുകൾ ധാരാളം വളരുന്നു. ദേശാടനക്കാരായ മൃഗപാലകരെ അവിടവിടെ കാണാം. ഇവർ ഇരട്ടപൂഞ്ഞയുള്ള ഒട്ടകങ്ങളെയും വളർത്തുന്നു. പെട്രോളിയം , ലോഹ അയിരുകൾ ഇവയുടെ ചൂഷണം കുറഞ്ഞതോതിലെങ്കിലും നടക്കുന്നു. ച.കി.മീറ്ററിനു ശരാശരി ഒരാൾ ഇവിടെ വസിക്കുന്നതായി കണക്കാക്കിയിരിക്കുന്നു.

ഗോമടേശ്വര

മൈസൂറിൽ ശ്രവണബളഗൊളയിലുള്ള ജൈനപ്രതിമ. 983 എ.ഡി.യിലാണിതു സ്ഥാപിച്ചത്. 17 മീറ്റർ പൊക്കമുള്ള ഈ ഒറ്റക്കൽപ്രതിമ ബാഹുബലി എന്ന ജൈനസന്യാസിയുടെതാണ്. ഗാംഗരാജാവായ രാച്ചമല്ലൻെറ കാലത്താണു ഗോമടേശ്വര പ്രതിമ നിർമിക്കപ്പെട്ടത്. എ.ഡി. 981-ൽ ആണ് ഇതെന്നു കരുതപ്പെടുന്നു. അരിഷ്ടനേമി എന്ന പ്രതിമാശില്പിയാണ് ഇതിൻെറ നിർമാതാവ്.ഹാസൻ പട്ടണത്തിൽ നിന്ന് 52 കി.മീറ്റർ ദൂരത്താണ് ഇത്. കാലാകാലങ്ങളിൽ പല ഉത്സവങ്ങളും ഇവിടെ നടക്കുന്നു.



ഗോമടേശ്വരപ്രതിമ

ഗോമുൽക്ക വ്ളാഡിസ്ലാവ് (1905—1982)

പോളൻഡിലെ കമ്യൂണിസ്റ്റ്നേതാവ്. 1905 ഫെബ്രുവരി 6-ാംതീയതി ക്രോസ്നോ എന്ന സ്ഥലത്തു ജനിച്ചു. ചെറുപ്പത്തിൽത്തന്നെ വിപ്ലവപ്രസ്ഥാനത്തിൽ ചേർന്നു പ്രവർത്തിക്കാൻ തുടങ്ങി. 1926-ൽ പോളൻഡിലെ കമ്യൂണിസ്റ്റ്പാർട്ടിയിൽ അംഗമായി. അക്കൊല്ലംതന്നെ ക്രോഗേ ബിച്ച് എന്ന പ്രദേശത്തെ ട്രേഡ്യൂണിയൻ സംഘടനയുടെ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. എണ്ണശുദ്ധീകരണതൊഴിലാളികളുടെ പണിമുടക്കിനു നേതൃത്വം വഹിച്ചു. 1927 മുതൽ 1931 വരെ പോളൻഡിലെ ട്രേഡ്യൂണിയൻപ്രസ്ഥാനത്തിൻെറ പ്രമുഖനേതാക്കളിലൊരാളായിരുന്നു. ട്രേഡ്യൂണിയൻപ്രസ്ഥാനത്തിൽ ഇടതുപക്ഷത്തായിരുന്നു ഗോമുൽക്ക. കെമിക്കൽ വർക്കേഴ്സ് യൂണിയൻെറയും ട്രേഡ്യൂണിയൻ ഇടതുപക്ഷത്തിൻെറ സംഘടനാക്കമ്മിറ്റിയുടെയും സെക്രട്ടറി ആയി. സൈലേഷ്യയിലെ ഖനി-ലോഹവ്യവസായത്തൊഴിലാളിവിഭാഗങ്ങളുടെയും ലോഡ്സിലെ പരുത്തി മിൽ തൊഴിലാളികളുടെയും ഇടയിൽ പ്രവർത്തിച്ചു. കമ്യൂണിസ്റ്റ്പാർട്ടി കേന്ദ്രക്കമ്മിറ്റിയുടെ ട്രേഡ്യൂണിയൻ ഡിപ്പാർട്ടുമെൻറിലെ മെമ്പറായിരുന്നു.

1932-ൽ ഇദ്ദേഹത്തെ പോളിഷ് ഭരണാധികാരികൾ അറസ്റ്റ്ചെയ്തു നാലു കൊല്ലത്തേക്കു ശിക്ഷിച്ചു. 1936-ൽ വീണ്ടും അറസ്റ്റ്ചെയ്യപ്പെട്ടു. രണ്ടാം ലോകയുദ്ധത്തിൽ ഹിറ്റ്ലർ പോളൻഡിനെ ആക്രമിച്ചപ്പോഴാണു ഗോമുൽക്കയെ ജയിലിൽനിന്നു വിട്ടയച്ചത്. തലസ്ഥാനനഗരമായ വാർസയെ രക്ഷിക്കാൻ തൊഴിലാളികൾ സംഘടിപ്പിച്ച സേനാവിഭാഗങ്ങളിൽ ചേർന്ന് ഇദ്ദേഹം യുദ്ധംചെയ്തു.

പോളൻഡ് ഹിറ്റ്ലരുടെ പട്ടാളഭരണത്തിൻകീഴിലായിരുന്ന കാലത്ത്, പോളിഷ് വർക്കേഴ്സ്(കമ്യൂണിസ്റ്റ്)പാർട്ടി പുനഃസംഘടിപ്പിക്കാൻ ഗോമുൽക്ക സഹായിച്ചു. 1942-ൽ വാർസാപാർട്ടി സംഘടനയുടെ സെക്രട്ടറിയും കേന്ദ്രക്കമ്മിറ്റി മെമ്പറും ആയി. 1944-ൽ പാർട്ടിയുടെ ജനറൽസെക്രട്ടറിയായി. ജനകീയസൈന്യത്തിൻെറയും ദേശീയവിമോചനക്കമ്മിറ്റിയുടെയും സംഘാടകന്മാരിൽ ഒരാളായിരുന്നു.

നാസികളിൽനിന്നു പോളൻഡ് വിമോചിപ്പിച്ചശേഷം പാർട്ടി ജനറൽസെക്രട്ടറിയുടെ ജോലിക്കു പുറമെ, പുതുതായി രൂപവത്കരിക്കപ്പെട്ട ദേശീയ കൂട്ടുഗവൺമെൻറിൽ ഉപപ്രധാനമന്ത്രിയായും പോളൻഡിനോടു പുതുതായി ചേർക്കപ്പെട്ട പ്രദേശങ്ങളുടെ ചുമതല വഹിക്കുന്ന മന്ത്രിയായും പ്രവർത്തിച്ചു. പക്ഷെ, 1948-ൽ ഗോൽമുൽക്കയെ പാർട്ടി കേന്ദ്രക്കമ്മിറ്റിയിൽനിന്നു പുറത്താക്കി. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ചുമത്തി ജയിലിലടച്ചു.

1956-ൽ പോളൻഡിൽ പല സ്ഥലങ്ങളിലും തൊഴിലാളികളുടെയും ജനങ്ങളുടെയും പണിമുടക്കങ്ങളും പ്രകടനങ്ങളും നടന്നു. ആ സന്ദർഭത്തിൽ ഗോമുൽക്ക വീണ്ടും നേതൃത്വത്തിലേക്കു വന്നു. 1956 ഒക്റ്റോബറിൽ ചേർന്ന പാർട്ടി കേന്ദ്രക്കമ്മിറ്റിയോഗം ഇദ്ദേഹത്തെ കേന്ദ്രക്കമ്മിറ്റി അംഗമായും ജനറൽസെക്രട്ടറിയായും തിരഞ്ഞെടുത്തു. കൃഷിക്കാർക്ക് അവരുടെ ഭൂമി തിരിച്ചുകൊടുത്ത്, കൂട്ടുകൃഷി സമ്പ്രദായം അവസാനിപ്പിച്ച്, സർവീസ്-മാർക്കറ്റിങ് സഹകരണ സംഘങ്ങളിലൂടെ കൃഷിയെ സോഷ്യലിസ്റ്റ് സമ്പദ്ഘടനയുടെ ഭാഗമാക്കുകയെന്ന പരിപാടി ഗോമുൽക്കയുടെ നേതൃത്വത്തിൽ പാർട്ടി നടപ്പിൽവരുത്തി.

1970 ഡിസംബറിൽ പോളൻഡിൽ ബാൾട്ടിക് തുറമുഖങ്ങളിൽ വീണ്ടും അസ്വാസ്ഥ്യങ്ങളുണ്ടായി. പോളൻഡിനു നേരിട്ട സാമ്പത്തിക വിഷമതകളിൽനിന്നു രക്ഷനേടാനുള്ള ശ്രമത്തിൽ ഭക്ഷണസാധനങ്ങൾക്കും മറ്റും വില കൂട്ടിയതായിരുന്നു അസ്വാസ്ഥ്യങ്ങൾക്കു കാരണം. ഗോമുൽക്ക, അനാരോഗ്യംമൂലം സ്ഥാനമൊഴിഞ്ഞു.

പോളിഷ് ഐക്യ തൊഴിലാളിപാർട്ടിയുടെ ജനറൽസെക്രട്ടറിയായിരുന്ന കാലത്തു കമ്യൂണിസ്റ്റ്പാർട്ടികളുടെ സർവേദേശീയസമ്മേളനങ്ങളുടെയും കമ്യൂണിസ്റ്റ്പാർട്ടികളുടെയും ഐക്യത്തിനും പരസ്പര സൗഹാർദത്തിനുംവേണ്ടി ഉറച്ചുനിന്നു വാദിച്ചു. 1971 വരെ കൗൺസിൽ ഒഫ് സ്റ്റേറ്റിലും 1970 മുതൽ സെജം (Sejm) എന്ന ദേശീയനിയമസഭയിലും അംഗമായി തുടർന്നുവെങ്കിലും പൊതുജീവിതത്തിൽനിന്നു പിൻവാങ്ങിയ മട്ടിലായിരുന്നു. 1980-ൽ എഴുപത്തഞ്ചാം ജന്മദിനത്തിൽ, ഗോമുൽക്കയുടെ സേവനത്തെ അഭിനന്ദിച്ചു

കൊണ്ടു പോളിഷ് കമ്യൂണിസ്റ്റ്പാർട്ടി ഇദ്ദേഹത്തിന് അംഗീകാരം നല്കി.

ഗോയങ്ക, രാമ്നാഥ് (1902 -)

ഇന്ത്യൻ പത്ര ഉടമയും വ്യവസായിയും. ഇന്ത്യൻ എക്സ്പ്രസ് പത്രശൃംഖലയുടെ സ്ഥാപകൻ. ഇപ്പോൾ അതിൻെറ ചെയർമാൻ. ട്രേയ്ഡേഴ്സ് (ബോംബെ), ബിൽഡിംഗ് സർവീസസ് ആൻഡ് ട്രേഡിംഗ് (മദിരാശി) തുടങ്ങിയ കമ്പനികുടെ ഡയറക്ടർ. അടിയന്തരാവസ്ഥക്കാലത്തും അതിനുമുൻപും പിൻപും പത്രസ്വാതന്ത്ര്യത്തിനു വേണ്ടി അധികാരകേന്ദ്രങ്ങളോട് ഏറ്റുമുട്ടുന്നതിൽ പ്രദർശിപ്പിച്ച ധീരതയാണ് ഇദ്ദേഹത്തിൻെറ പ്രശസ്തിക്ക് അടിസ്ഥാനം.

1902 മേയ് 10-നു ജനിച്ചു. കല്ക്കട്ടയിൽ ആയിരുന്നു വിദ്യാഭ്യാസം. 1919-ൽ ഗാന്ധിജിയുമായി സന്ധിച്ചു. നിയമലംഘനപ്രസ്ഥാനത്തിൽ പങ്കെടുത്തതിനെത്തുടർന്ന് 1921-ൽ അറസ്റ്റുചെയ്യപ്പെട്ടു. പിന്നീട് മദിരാശി പ്രവർത്തനകേന്ദ്രമാക്കി. 1926-30 കാലത്ത് മദിരാശി ലെജിസ്ലേറ്റീവ് കൗൺസിൽ അംഗമായിരുന്നു. 1932-ൽ മദിരാശിയിൽ നിന്ന് ഇന്ത്യൻ എക്സ്പ്രസ് പത്രം ആരംഭിച്ചു. ഇന്ത്യൻ കോൺസ്റ്റിറ്റ്യുവൻറ് അസംബ്ലിയിലും ലോക്സഭയിലും അംഗമയിരുന്നു.

ഇന്ത്യൻ എക്സ്പ്രസ് ഇന്ന് ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രചാരമുള്ള ഇംഗ്ലീഷ് ദിനപ്പത്രമാണ്. അഹമ്മദാബാദ്, ബാംഗ്ളൂർ, ബോംബെ, ചണ്ഡീഗഢ് കൊച്ചി, ദില്ലി, ഹൈദരാബാദ്, മദിരാശി, മധുര, പൂണെ, വിജയവാഡ, വിജയനഗരം എന്നീ 12 കേന്ദ്രങ്ങളിൽനിന്നു പ്രസിദ്ധപ്പെടുത്തുന്നുണ്ട്. പ്രചാരത്തിൽ മത്രമല്ല സ്വാധീനത്തിലും ഇന്ത്യൻ പത്രങ്ങള്ളുടെ മുൻനിരയിൽ ഇന്ത്യൻ എക്സ്പ്രസ് നിലകൊള്ളുന്നു. ഫ്രാങ്ക് മൊറേയ്സ്, കുൽദീപ് നയ്യാർ, ബി.ജി.വർഗീസ്, വി.കെ.നരസിംഹൻ, സുമൻ ദുബേ തുടങ്ങിയവർ ഇതിൻെറ പത്രാധിപത്യം വഹിച്ചിട്ടുണ്ട്. പ്രഗല്ഭ പത്രപ്രവർത്തകനായ അരുൺ ശൗരിയാണ് ഇപ്പോഴത്തെ പത്രാധിപർ. ഫിനാൻഷ്യൽ എക്സ്പ്രസ്, സ്ക്രീൻ (ഇംഗ്ലീഷ്), ലോക്സത്ത (മറാത്തി), ജനസത്ത (ഗുജറാത്തി), ആന്ധ്രപ്രഭ (തെലുഗു), കന്നടപ്രഭ (കന്നട), ദിനമണി (തമിഴ്) എന്നിവയും ഇന്ത്യൻ എക്സ്പ്രസ് ഗ്രൂപ്പ് പത്രശൃംഖലയിൽപ്പെടുന്നു. കേന്ദ്ര ഗവൺമെൻറിൻെറ നയപരിപാടികളെ പലപ്പോഴും രൂക്ഷമായി വിമർശിക്കുന്നവയാണ് ഗോയങ്കയുടെ പത്രങ്ങൾ. ഗവൺമെൻറിനെതിരെ ഗൗരവമുള്ള ആക്ഷേപങ്ങളും ആരോപണങ്ങളും ഉന്നയിക്കാനുള്ള അവസരങ്ങൾ ഇവർ വേണ്ടവണ്ണം ഉപയോഗിക്കുന്നു. അതിൻെറ പ്രത്യാഘാതങ്ങൾ നേരിടാനുള്ള സന്നദ്ധതയും ഈ പത്രശൃംഖലയ്ക്കുണ്ട്.

ഗോയാ, ഫ്രാൻസിസ്കോ

സ്പാനിഷ് ചിത്രകാരൻ. 1746 മാർച്ച് 30-ന് ആരഗൺ എന്ന സ്ഥലത്ത് ജനിച്ചു. 1766-ൽ മാഡ്രിഡിൽ എത്തി. ടീപോളോ (Tiepolo) എന്ന ഇറ്റാലിയൻ ചിത്രകാരൻെറ കൂടെ ജോലി നോക്കി. 1780-ൽ റോയൽ അക്കാദമിയിലെ അംഗമായി. 1733-ൽ ഫ്രാൻസിസ്കോബെയോ എന്ന ചിത്രകാരൻെറ സഹോദരിയെ വിവാഹം ചെയ്തു.



ഗോയ രചിച്ച
സ്വന്തം
ഛായാചിത്രം

'സ്പെയിനിലെ രാജ്ഞിയായ മേരിയാ ലൂസിയായുടെ ഛായാപടം', 'യുദ്ധത്തിൻെറ അത്യാഹിതങ്ങൾ', 'മാഡ്രിഡിലെ പൗരന്മാരുടെ വധം' തുടങ്ങിയവയാണ് ചിത്രങ്ങൾ. ചുവർചിത്രങ്ങളും രചിച്ചിട്ടുണ്ട്. 'കുരിശിൽ കയറ്റൽ', 'നായാട്ടുകാരനായ ചാൾസ് മൂന്നാമൻ' (Charles III as Huntsman), 'ഭ്രാന്താലയം' (Mad House) തുടങ്ങിയ ചിത്രങ്ങളും ഇദ്ദേഹത്തിൻേറതാണ്.

ഗോയയുടെ ആരാധ്യഗുരു പ്രകൃതിതന്നെയായിരുന്നു. യുദ്ധാനന്തരഫലങ്ങൾ ഇദ്ദേഹത്തിൽ വരുത്തിയ മാറ്റങ്ങളും അവയുടെ നേർക്കുള്ള പ്രതികരണങ്ങളും ചിത്രരചനകളിൽ വ്യക്തമായി പ്രതിഫലിക്കുന്നു. ലിത്തോഗ്രഫിയിൽ നൂതനമായ ടെക്നിക്കുകൾ പ്രയോഗിച്ചിരുന്നു. ഗ്രാമീണഭംഗിയെക്കുറിച്ച് ചിത്രരചന നടത്തിയ ഇദ്ദേഹം ഡി ലാ ക്രോയ്ക്സ് തുടങ്ങിയ ചിത്രകാരന്മാരെ കൂടുതലായി സ്വാധീനിച്ചിട്ടുണ്ട്.

ഗോയ്റ്റർ

കഴുത്തിലുള്ള തൈറോയ്ഡ് ഗ്രന്ഥിയുടെ വീക്കംമൂലമുണ്ടാകുന്ന ഒരു രോഗം. ഗ്രന്ഥി മുഴുവനുമോ ഏതെങ്കിലും ഭാഗം മാത്രമേ ഈ രോഗത്തിനു വിധേയമാകാം. ഇത്തരത്തിൽപ്പെട്ട പത്തോളം രോഗ



ഒരു ഗോയ്റ്റർ രോഗി

ങ്ങൾ അറിയപ്പെട്ടിട്ടുണ്ട്. അവയിൽ ചിലവ ചുവടെ ചേർക്കുന്നു. 1. എൻഡമിക് ഗോയ്റ്റർ (Endemic goiter): അയഡിന്റെ കുറവുമൂലമുണ്ടാകുന്നത്. ഹൃദയത്തുടിപ്പിനു വേഗം കൂടുതൽ, നാഡിസംബന്ധമായ ക്രമക്കേടുകൾ തുടങ്ങിയ ലക്ഷണങ്ങൾ ഇതിനില്ലാത്തതിനാൽ ലഘുഗോയ്റ്റർ (simple goitre) എന്നും പറയുന്നു. 2. എക്സോഫ്താൽമിക് ഗോയ്റ്റർ: ഗ്രേവ്രോഗം, ബാസഡോവ്രോഗം, പാരിരോഗം, പ്രൈമറിഹൈപ്പർ തൈറോയ്ഡിസം എന്നെല്ലാം ഇതിനു പേരുണ്ട്. തൈറോയ്ഡ് ഗ്രന്ഥിയിൽനിനുള്ള ഹോർമോണായ തൈറോക്സിന്റെ അമിതോത്പാദനം മൂലമാണ് ഉണ്ടാകുന്ത്. തൈറോയ്ഡ് ഗ്രന്ഥിയുടെ വീക്കം, ഹൃദയമിടിപ്പിന്റെ വേഗവർദ്ധന, കണ്ണുകൾ ഉന്തുക, ഭാരക്കുറവ് എന്നിവയാണു ലക്ഷണങ്ങൾ. 3. ഹൈപ്പോതൈറോയ്ഡ് അവസ്ഥകൾ: തൈറോയ്ഡ് ഗ്രന്ഥിയുടെ ജന്മനാ ഉള്ള പ്രവർത്തനവൈകല്യംകൊണ്ടു ശരീരത്തിനും മനസ്സിനും വരുന്ന മുരടിപ്പ് (ക്രെട്ടിനിസം) ആണ് ഇതിന്റെ മുഖ്യലക്ഷണം. വേറെയും ചില ഗോയ്റ്ററുകളുണ്ട്.

സാധാരണ തൈറോയ്ഡ് ഗ്രന്ഥികൾക്ക് 20-30 ഗ്രാം വരെയേ ഭാരമുണ്ടായിരിക്കൂ. എന്നാൽ ഗോയ്റ്റർ ബാധിക്കുമ്പോൾ തൈറോയ്ഡ് ഗ്രന്ഥിയുടെ ഭാരം ഒരു കിലോഗ്രാം വരെയാകുന്നതായി കണ്ടിരിക്കുന്നു. സാധാരണമായി കഴുത്തുവരെ മാത്രമേ ഗ്രന്ഥിവീക്കം ദൃശ്യമാകാറുള്ളു. എന്നാൽ അപൂർവമായി വീക്കം നെഞ്ചിലേക്കും ബാധിക്കുന്നതായി കണ്ടിട്ടുണ്ട്. ചെറുമുഴകളായി വരുന്ന ഗോയ്റ്റർ മറ്റ് അവയവങ്ങളേയും ബാധിക്കുന്നതിനുമുമ്പ് ശസ്ത്രക്രിയമൂലം നീക്കംചെയ്യണം. അതല്ലെങ്കിൽ ശ്വാസോച്ഛാസം ചെയ്യുന്നതിനും ആഹാരം കഴിക്കുന്നതിനും ബുദ്ധിമുട്ടുണ്ടാകും. എൻഡെമിക്ഗോയ്റ്ററിന് അയഡൈഡ് ചികിത്സ മതി.

ഗോരഖ്നാഥ് (ഗോരക്ഷനാഥ്)

നാഥസമ്പ്രദായത്തിന്റെ പ്രധാന പ്രവർത്തകൻ. നാഥസമ്പ്രദായത്തിന്റെ ആദികാലപ്രവർത്തകരായി നാലു മഹായോഗികളെ ആദരിച്ചുപോരുന്നു. ആദി'നാഥൻ' സാക്ഷാൽ ശിവൻതന്നെ. ജാലന്ധർനാഥും മത്സ്യേന്ദ്രനാഥും ശിവന്റെ ശിഷ്യന്മാരാണ്. ജാലന്ധർനാഥിന്റെ ശിഷ്യൻ കൃഷ്ണപാദൻ. മത്സ്യേന്ദ്രനാഥിന്റെ ശിഷ്യൻ ഗോരഖ്നാഥ്. ഇവരിൽ ജാലന്ധർനാഥും കൃഷ്ണപാദനും കാപാലികമതവുമായി ബന്ധപ്പെട്ടവരാണ്.

ഇവർ നാലുപേരും സമകാലികരാണ്. ഈ സിദ്ധന്മാരെപ്പറ്റി പ്രചരിച്ചിട്ടുള്ള കിംവദന്തികളിൽനിന്നും ഐതിഹ്യങ്ങളിൽനിന്നും താഴെ പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേരാം. 1. മത്സ്യേന്ദ്രനാഥും ജാലന്ധർനാഥും സമകാലികരും സഹപാഠികളും ആയിരുന്നു; ഗോരഖ്നാഥും കൃഷ്ണപാദനും യഥാക്രമം ഇവരുടെ ശിഷ്യരും. 2. മത്സ്യേന്ദ്രനാഥ് ഒരു പ്രത്യേകതരം യോഗമാർഗത്തിന്റെ പ്രവർത്തകനായിരുന്നു. പക്ഷേ, അദ്ദേഹം പിന്നീടു കൗലമതത്തിന്റെ വലയിൽ കുരുങ്ങി സ്ത്രീകളുമായുള്ള സമ്പർക്കത്തിലേർപ്പെടാനിടയായി. ഗോരഖ്നാഥ് ഗുരുവിനെ ഈ വൈതരണിയിൽനിന്നു വിമോചിപ്പിച്ചു. 3. ആദ്യം മുതല്ക്കുതന്നെ മത്സ്യേന്ദ്രനാഥിന്റെയും ഗോരഖ്നാഥിന്റെയും സാധനമാർഗം ജാലന്ധർ നാഥിന്റെയും കൃഷ്ണപാദന്റെയും മാർഗത്തിൽനിന്നു തികച്ചും വിഭിന്നമായിരുന്നു.

ഗോരഖ്നാഥിന്റെ ജീവിതകാലം എ.ഡി. പത്താം നൂറ്റാണ്ടാണെന്നാണ് വിശ്വസിക്കപ്പെടുന്നത്. സംസ്കൃതത്തിലും ആധുനികഭാരതീയ ആര്യഭാഷകളിലും ഗോരഖ്നാഥ് അനേകം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ഗ്രന്ഥങ്ങൾ അധികവും ഗോരഖ്സമ്പ്രദായത്തിന്റെ സിദ്ധാന്തങ്ങൾ പ്രതിപാദിക്കുന്നവയാണ്. ഗോരഖ് നാഥൻതന്നെയാണോ പുസ്തകരൂപത്തിൽ ഇവയെല്ലാം എഴുതിയതെന്ന കാര്യം ഉറപ്പില്ല. ബംഗാളി, മറാഠി, ഗുജറാത്തി, പഞ്ചാബി തുടങ്ങിയ ഭാഷകളിലും ഇത്തരം കൃതികൾ രചിക്കപ്പെട്ടതായി കാണാം.

ഗോരഖ്സമ്പ്രദായം. ഗോരഖ്നാഥിന്റെ യോഗമാർഗം പ്രധാനമായും പന്ത്രണ്ടു ശാഖകളിലായി വിഭജിക്കപ്പെട്ടിരിക്കുന്നു. തന്മൂലം അതിനെ 'ബാരഹ്പന്ഥി' (ദ്വാദശമാർഗീ) എന്നും വിളിക്കുന്നു. ഗോരഖ് മതാനുയായികൾ കാതു തുളച്ച് ആഭരണം ധരിക്കുന്നതിനാൽ അവരെ 'മുറിച്ചെവിയന്മാർ' എന്നു വിളിച്ചിരുന്നു. പന്ത്രണ്ടു യോഗമാർഗങ്ങളിൽ ആറെണ്ണം പരമശിവനും ആറെണ്ണം ഗോരഖ്നാഥും നടപ്പിലാക്കിയതാണെന്നു കരുതപ്പെടുന്നു.

ഗോരഖ്മതത്തിലെ യോഗമാർഗത്തെ പതഞ്ജലിയുടെ 'അഷ്ടാംഗയോഗ'ത്തിൽനിന്ന് വേർതിരിച്ചറിയാൻ വേണ്ടി 'ഷഡംഗയോഗം' എന്നു പറയുന്നു. ഇതിൽ യോഗമാർഗത്തിലെ ആറ് അംശങ്ങൾക്കു മാത്രമേ സ്ഥാനം കല്പിച്ചിട്ടുള്ളു. യമം, നിയമം എന്ന രണ്ടംശങ്ങൾ ഇതിൽ അപ്രധാനമാണ്. ഇതിന്റെ സാധനാപക്ഷത്തിന് ഹഠയോഗമെന്നു പറയുന്നു. പിണ്ഡ(ശരീര)ത്തിൽ എന്തെല്ലാമുണ്ടോ അവ ബ്രഹ്മാണ്ഡത്തിലുമുണ്ട്. അതിനാൽ പിണ്ഡ(ശരീര)ത്തെ കേന്ദ്രമാക്കി ബ്രഹ്മാണ്ഡം മുഴുവൻ വ്യാപിച്ചിരിക്കുന്ന ശക്തിയെ സ്വാംശീകരിക്കാനുള്ള പ്രയത്നമാണ് ഹഠയോഗം. ഗോരഖ്നാഥിന്റെ ഗ്രന്ഥങ്ങളിലെ പ്രധാന പ്രതിപാദ്യം ഈ സാധനാമാർഗമാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സഹജസമാധിയാണ് യഥാർഥ മോക്ഷം. മനസ്സ് സ്വയം മനസ്സിനെ കണ്ടെത്തുകയാണ് സഹജസമാധി. ഗോരഖ്നാഥൻ സദാചാരത്തിനും ബ്രഹ്മചര്യത്തിനും വളരെയേറെ പ്രാധാന്യം നല്കി. ശങ്കരാചാര്യർക്കുശേഷം ഭക്തികാലത്തിനുമുമ്പ് ജനഹൃദയങ്ങളിൽ ഇത്രമാത്രം സ്വാധീനം ചെലുത്തിയ മറ്റൊരു മതാചാര്യൻ ഉണ്ടായിട്ടില്ല. നിർഗുണഭക്തി പ്രസ്ഥാനത്തിലും ഗോരഖ്നാഥിന്റെ സ്വാധീനം സ്പഷ്ടമാണ്.

ഗോരഖ്പൂർ

ഉത്തരപ്രദേശിലെ ഒരു ജില്ലയും അതിന്റെ തലസ്ഥാനനഗരവും. കാശിയിൽനിന്നു 240 കിലോമീറ്റർ വടക്ക് രപ്തി നദിയുടെ ഇടത്തെക്കരയിൽ ഇതു സ്ഥിതിചെയ്യുന്നു. വിസ്താരം- ജില്ല. 6276 ച.കി.മീ. ജനസംഖ്യ- 37,95,701 (1981) നഗരത്തിലെ ജനസംഖ്യ 2,50,000 (1981).

എ.ഡി. 1400-ൽ ഗോരഖ്നാഥ് ക്ഷേത്രത്തിനു ചുറ്റുമായിട്ടാണ് നഗരം സ്ഥാപിക്കപ്പെട്ടത്. ഇക്കാലത്താണ് ശ്രീനറ്റ് രാജപുത്രന്മാരിലൊരാളായ ശതാശി രാജാവ് ഇവിടെ ആധിപത്യമുറപ്പിച്ചത്. അക്ബർ ഈ സ്ഥലം സുശക്തമായ സൈനികനഗരവും ഔധിലെ സർക്കാരിന്റെ (ഡിവിഷൻ) തലസ്ഥാനവുമാക്കി. അറംഗസീബിന്റെ കാലത്ത് ഉർദു ബസാറിനോടനുബന്ധിച്ച് ജുമാമസ്ജിദ് നിർമിക്കപ്പെട്ടു. 1801-ൽ ഈസ്റ്റ് ഇന്ത്യാ കമ്പനി ഈ ജില്ല കൈവശപ്പെടുത്തിയതോടുകൂടിയാണ് നഗരത്തിന്റെ വളർച്ചയിൽ ബ്രിട്ടീഷ് സ്വാധീനമുണ്ടായിത്തുടങ്ങിയത്. ഈ നഗരത്തിന്റെ സൈനികപ്രാധാന്യം പിൽക്കാലത്തും അസ്തമിച്ചില്ല. ബ്രിട്ടീഷ് പട്ടാളത്തിലേക്ക് ഗൂർഖകളെ തിരഞ്ഞെടുക്കുന്നതിനുള്ള മുഖ്യകേന്ദ്രമായിരുന്നു ഗോരഖ്പൂർ.

1855-ൽ റെയിൽവേ വന്നതോടുകുടിയാണ് ഈ സ്ഥലത്തിന്റെ ആധുനികരീതിയിലുള്ള പുരോഗതി ആരംഭിച്ചത്. ഇപ്പോളിതു നോർത്ത് ഈസ്റ്റേൺ റെയിൽവേയുടെ തലസ്ഥാനമാണ്. 1947-ൽ ഈ നഗരം റോഡു ഗതാഗതകേന്ദ്രമായിത്തീർന്നു. 1956-ൽ ഗോരഖ്പൂർ സർവകലാശാല നിലവിൽവന്നു. ലോക്കൊമൊട്ടീവ് വർക്ക്ഷോപ്പുകൾ, വസ്ത്രവ്യവസായം, വിശേഷിച്ചും കൈത്തറി നിർമാണം, പേപ്പർ നിർമാണം, പ്രിൻറിംഗ്, പുകയില വ്യവസായം രാസവസ്തുനിർമാണം, ചായനിർമാണം തുടങ്ങിയവ ഇവിടെയുണ്ട്. 45% ആളുകളും വ്യവസായത്തിലും വാണിജ്യത്തിലും ഏർപ്പെട്ടിരിക്കുന്നു.

ഹിമാലയൻ ചരിവിൽ താഴെ തെക്കുഭാഗത്തായിട്ടാണ് ഗോരഖ്പൂർ ജില്ല സ്ഥിതിചെയ്യുന്നത്. ഉത്തരപ്രദേശിന്റെ വടക്കുകിഴക്കേ മൂലയിൽ സമതലവും മണൽക്കുന്നുകളും ഇവിടെയുണ്ട്. രപ്തി, അമി, ഗോഗ്രാ എന്നിവയാണ് മധ്യനദികൾ. അവിടെവിടെയായി ചതുപ്പുനിലങ്ങളും തടാകങ്ങളുമുണ്ട്. വടക്കുഭാഗത്തായി റിസർവ് വനങ്ങൾ കാണാം. ഹിമാലയത്തിന്റെ സാമിപ്യം നിമിത്തം വേനൽക്കാലത്ത് ചൂട് കുറവായിരിക്കും. ഫലപുഷ്ടിയുള്ള മണ്ണായതുമൂലം കൃഷിസൗകര്യമുണ്ട്. എന്നാൽ ഇടയ്ക്കിടെയുണ്ടാകുന്ന വെള്ളപ്പൊക്കം നാശങ്ങളുണ്ടാക്കുന്നു. നെല്ല്, ബാർളി, ഗോതമ്പ്, കരിമ്പ് എന്നിവയാണ് മുഖ്യ കൃഷിവിഭവങ്ങൾ. ഗോരഖ്പൂർ നഗരത്തിന് 50 കി.മീ. കിഴക്കായി കാമ്പിയായിൽ ബുദ്ധന്റെ സമാധിസ്ഥലം കാണാം. ഇവിടം ഒരു മുഖ്യ തീർഥാടനകേന്ദ്രവുമാണ്.

ഗോരോചനം

പശുവിന്റെ പിത്തനീരിൽനിന്നെടുക്കുന്ന ഒരു സുഗന്ധവസ്തു. ക്ഷിതി, രോചന, ഗോഭവം, ഗവ്യം എന്നിങ്ങനെ പല പേരുകളിലും അറിയപ്പെടുന്നു. മഞ്ഞനിറവും കയ്പുരസവുമുണ്ട്. ഗുരുവും രൂക്ഷവും ശീതവീര്യമുള്ളതുമാണെന്ന് ആയുർവേദഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്നു. ഉന്മാദം, കുഷ്ഠം, കൃമി, ക്ഷതം, ഗർഭസ്രാവം, രക്തദോഷം, നേത്രരോഗം, വിഷം എന്നിവയ്ക്ക് ഔഷധമാണ്. കൂടാതെ ദേഹകാന്തിയുണ്ടാക്കുന്നതിനും ഇത് ഉപയോഗിക്കുന്നു. പല ഔഷധങ്ങളിലും ഇത് മേൽമരുന്നായി ചേർക്കുന്നു.

ഗോർക്കി

റഷ്യയിൽ വോൾഗാതീരത്തുള്ള വളരെ വലിയ പട്ടണവും ജില്ലയും. മുമ്പ് നിഷ്നിനോവ് ഗൊറോഡ് എന്നായിരുന്നു പേർ. 1221-ലാണ് ഇത് സ്ഥാപിച്ചത്. പിന്നീട് പ്രസിദ്ധ വിപ്ലവസാഹിത്യകാരനായ മാക്സിംഗോർക്കി ജനിച്ച (1868) സ്ഥലമെന്ന നിലയ്ക്ക് പേര് ഗോർക്കി എന്നാക്കി (1932). വ്യാപാരപ്രാധാന്യമുള്ള പട്ടണമാണിത്. ധാരാളം വിദ്യാഭ്യാസസ്ഥാപനങ്ങളും മ്യൂസിയങ്ങളും നാടകശാലകളും ചരിത്രപ്രാധാന്യമുള്ള കെട്ടിടങ്ങളും ഇവിടെയുണ്ട്. ഗോർക്കി ജില്ലയെ വോൾഗ രണ്ടാക്കി മുറിക്കുന്നു. ജനുവരിയിൽ നല്ല തണുപ്പായിരിക്കും. (-11°C.). ജൂലായിലെ താപനില 20°C ആണ്. വാർഷികമഴ 50 സെ.മീറ്റർ.

റെയിൽവേ, റോഡ്, ജലം എന്നിവ വഴി ഗതാഗതസൗകര്യങ്ങൾ ധാരാളമുണ്ട്. കാർഷിക-വ്യാവസായിക പ്രാധാന്യമുള്ള പ്രദേശമാണിത്. ജനസംഖ്യ 1981-ൽ 13,67,000.

ഗോർക്കി, മാക്സിം (1868-1936)



റഷ്യൻ സാഹിത്യകാരൻ. 1868 മാർച്ച് 26-നു റഷ്യയിലെ നിഷ്നിനോവ്ഗൊറോഡ് (ഇന്നത്തെ ഗോർക്കി) എന്ന പട്ടണത്തിൽ ജനിച്ചു. അലെക്സേയ് മാക്സിമോവിച്ച് പെഷ്കോവ് എന്നാണു യഥാർഥനാമം. മാക്സിം ഗോർക്കിയെന്നതു തൂലികാനാമമാണ്. അഞ്ചുവയസ്സായപ്പോൾ പിതാവു മരിച്ച അലക്സേയ് വളർന്നതു വൃദ്ധനായ മാതാമഹൻെറ ഗൃഹത്തിലാണ്. പറയത്തക്ക വിദ്യാഭ്യാസമൊന്നും ഉണ്ടായിട്ടില്ല. മാതാമഹനായ കാഷിറിനു തൻെറ തൊഴിലായ ചായംമുക്കലിൽ നഷ്ടംപറ്റി ആ കുടുംബം നിർധനമായിത്തീർന്നപ്പോൾ ഒമ്പതാംവയസ്സിൽ ആ കുട്ടിക്ക് ഉപജീവനം സ്വയം സമ്പാദിക്കണമെന്ന നിലവന്നു.

പിന്നീടുള്ള പതിനഞ്ചുകൊല്ലം ഉപജീവനത്തിനായി പല തൊഴിലുകളിലും പ്രവേശിച്ച ആ ബാലൻ വളരെയേറെ പ്രദേശങ്ങളിൽ ചുറ്റിത്തിരിഞ്ഞു. കിഴക്കൻ റഷ്യയും തെക്കൻ റഷ്യയും നിഷ്നി മുതൽ ജോർജിയവരെ, ഡാന്യൂബിൻെറ തീരംവരെ- അങ്ങനെ യൂറോപ്യൻ റഷ്യ മുഴുവനും ഇദ്ദേഹം സഞ്ചരിച്ചു.

കപ്പലിലെ ജോലിക്കാരനായിരുന്നകാലത്ത് അതിലെ വെപ്പുപണിക്കാരനായ ഒരു സഹപ്രവർത്തകൻെറ സഹായംകൊണ്ട് ഏതാനും പുസ്തകങ്ങൾ വായിക്കാൻ കഴിഞ്ഞ അലെക്സേയ് അന്നത്തെ എഴുത്തുകാരിൽ ശ്രദ്ധേയനായിരുന്ന കൊറോലെങ്കോവിൻെറ ശ്രദ്ധയാകർഷിച്ചു. തൻെറ വിദ്യാഭ്യാസത്തിന് ഏറ്റവും അധികം സഹായിച്ചവരിൽ കൊറോലെങ്കോവിനെയും കപ്പലിലെ വെപ്പുപണിക്കാരനെയും ഇദ്ദേഹം കൃതജ്ഞതയോടെ എടുത്തുപറയുന്നുണ്ട് ആത്മകഥയിൽ.

പരപ്പേറിയ റഷ്യാരാജ്യത്തിലെ അശരണരും തെണ്ടികളും മനുഷ്യത്വത്തിൽനിന്ന് അധഃപതിച്ചവരും ഒരുമിച്ചുതാമസിച്ച സ്ഥലങ്ങളായിരുന്നു തൻെറ സർവകലാശാലകൾ എന്ന് ഇദ്ദേഹം ആത്മകഥയിൽ പറയുന്നു. ആ സ്ഥലങ്ങളിൽ മനുഷ്യസ്വഭാവം സൂക്ഷ്മമായി പഠിക്കുന്നതിൽ അലോകസാമാന്യമായ വൈദഗ്ധ്യം പ്രദർശിപ്പിച്ച അലെക്സേയ് എഴുത്തുകാരനായിത്തീർന്നു. ഒരു പത്രത്തിൽ എഴുതാൻ തുടങ്ങിയപ്പോൾ മാക്സിം ഗോർക്കി എന്ന തൂലികാനാമം സ്വീകരിച്ചു. തെക്കൻ റഷ്യയിൽ ജോലിചെയ്തിരുന്നകാലത്ത് സംഭാഷണം ചെയ്തു നടക്കാൻ ഒരു കൂട്ടുകാരനെ കിട്ടിയപ്പോൾ ഇദ്ദേഹം കാൽനടയായി ആയിരം നാഴിക ദൂരെയുള്ള പീറ്റേഴ്സ്ബർഗിലേക്കു പുറപ്പെട്ടു.

താൻ പരിശീലിച്ച ഓരോ തൊഴിലിലും ജോലിചെയ്തിരുന്നവർ അനുഭവിച്ചിരുന്ന കഷ്ടപ്പാടുകളും അവരുടെ സ്വഭാവവും ഇദ്ദേഹം സൂക്ഷ്മമായി മനസ്സിലാക്കി. പിന്നീട് എഴുതിയ അന്യാദൃശങ്ങളായ കഥകളുടെ നായകന്മാരും നായികമാരും അവർതന്നെയാണ്. *ചെൽക്കാഷ്, ദി ഓർലോവ്സ്, കൊനോവലോവ്, ദി കൺഫെഷൻ, ദി ലൈഫ് ഒഫ് മാട്വെയ്, കോസ് ഹെമ്യാകിം, മാൾവ* തുടങ്ങി ഒട്ടേറെ ചെറുകഥകൾ എഴുതിയിട്ടുണ്ട്.

പീറ്റേഴ്സ്ബർഗിലെ ഒരു കഥാമാസിക 'ചെൽക്കാഷ്' പ്രസിദ്ധപ്പെടുത്തിയതോടെയാണ് (1895) പ്രശസ്തനായത്. രണ്ടുകൊല്ലത്തിനുശേഷം ആദ്യത്തെ കഥാസമാഹാരം പ്രസിദ്ധപ്പെടുത്തി. വളരെവേഗം ലോകവിഖ്യാതരായ സാഹിത്യകാരന്മാരുടെ മുൻപന്തിയിൽത്തന്നെ ഇദ്ദേഹത്തിനു സ്ഥാനംലഭിച്ചു.

ആദ്യകാലത്തെ 'അടിത്തട്ടുകൾ' എന്ന നാടകം വളരെക്കാലം തുടർച്ചയായി യൂറോപ്പിലെ പല നാടകശാലകളിലും അവതരിപ്പിച്ചു. അതിനോടടുത്ത് എഴുതിയ 'അമ്മ' ലോകപ്രസിദ്ധിനേടി. അക്കാലത്താണു സാറിൻെറ ഭരണകൂടം ഇദ്ദേഹത്തെ ജയിലിലടച്ചത്. ലോകത്തിലെ ഉദ്ബുദ്ധജനങ്ങളുടെ പ്രതിഷേധങ്ങളുടെ ഫലമായി മോചിപ്പിക്കപ്പെട്ടു. ജയിലിൽനിന്നു പുറത്തുവന്ന ഉടനെ പശ്ചിമയൂറോപ്പിലേക്കു പോയി. ലെനിനുമായി അടുത്ത സമ്പർക്കം പുലർത്തി. സോഷ്യൽ ഡെമോക്രാറ്റിക് കക്ഷിയിൽ പിളർപ്പുവന്നപ്പോൾ ബോൾഷെവിക്കുകാരുടെകൂടെനിന്നു. ബോൾഷെവിക്ക് പാർട്ടിക്കു പണം പിരിക്കുവാൻ അമേരിക്കയിൽ ഒരു പ്രസംഗപരമ്പര നടത്തി.

റഷ്യൻ വിപ്ലവത്തിനുശേഷം അവിടത്തെ സാംസ്കാരികപ്രവർത്തനങ്ങളുടെ നേതൃത്വം ഏറ്റെടുത്തു. സാധാരണക്കാരെക്കൊണ്ട് അവർ ചെയ്തിരുന്ന തൊഴിലിനെപ്പറ്റിയും അവരുടെ അനുഭവങ്ങളെപ്പറ്റിയും എഴുതിക്കുവാൻ ശ്രമിച്ചതിൻെറ ഫലമാണ് 'ദി ഹിസ്റ്ററി ഒഫ് ബാൾട്ടിക്ക്' - കനാൽ എന്ന ഗ്രന്ഥം. വൈറ്റ്സീ കനാൽ പണി ചെയ്ത തൊഴിലാളികളെക്കൊണ്ടാണത ഇദ്ദേഹം എഴുതിച്ചത്. ആരോഗ്യം വീണ്ടുകിട്ടുവാനായി വീണ്ടും യൂറോപ്പിലേക്കു പോയ അവസരത്തിലാണു ലെനിൻ മരിച്ചത്. ലെനിൻെറ മരണാനന്തരം 'ലെനിൻ സ്മരണകൾ' എഴുതി. 1928-ൽ സോവിയറ്റ് യൂണിയനിലേക്കു തിരിച്ചുപോയി. വീണ്ടും സോവിയറ്റ് വിപ്ലവത്തിൻെറ നേട്ടങ്ങളെ വിലയിരുത്തുന്ന ഒരു നോവൽപരമ്പര എഴുതിത്തുടങ്ങി. അവയിൽ ക്ലിംസാൻഗ്വിൻ, സ്പെക്റ്റർ, മാഗ്നറ്റ് മുതലായവയാണുള്ളത്.

റഷ്യൻ ചരിത്രത്തിലെ ഏതെങ്കിലും ഒരു കാലഘട്ടത്തെ മുഴുവൻ ചിത്രീകരിക്കുന്നതാണ് ഗോർക്കിയുടെ ഓരോ നോവലും. 'അമ്മ'യിൽ 1900 മുതൽ 1904 വരെയുള്ള റഷ്യയുടെ വളർച്ചയാണ്. ക്ലിംസാൻഗ്വൻ പരമ്പര വിപ്ലവാനന്തര റഷ്യയിലെ വളർച്ച ചിത്രീകരിക്കുന്നു. അതിനുമുമ്പുള്ള നോവലുകളെല്ലാം വിപ്ലവംവരെയുള്ള റഷ്യയിലെ ജീവിതത്തെയാണ് അവതരിപ്പിക്കുന്നത്. ഗോർക്കിയുടെ മിക്ക നാടകങ്ങളും മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ട്. 'അമ്മ'യും 'മനുഷ്യപ്പുഴുക്കളും' 'ലെനിൻെറ കൂടെ'യും കുറെ ചെറുകഥകളും മലയാളത്തിൽ വന്നിട്ടുണ്ട്.

എ.മാധവൻ

ഗോർഡൺ, ചാൾസ് ജോർജ് (1833-1885)

ഇംഗ്ലീഷുകാരനായ പട്ടാള ഉദ്യോഗസ്ഥൻ. ചൈനീസ് ഗോർഡൻ, ഗോർഡൻപാഷ എന്നീ പേരുകളിലും അറിയപ്പെടുന്നു. ഇംഗ്ലണ്ടിലെ വൂൾവിച്ചിൽ ജനിച്ചു. 1848-ൽ മിലിറ്ററി അക്കാദമിയിൽചേർന്നു. ക്രിമിയൻ യുദ്ധത്തിൽ പ്രശസ്തമായ സേവനം അനുഷ്ഠിച്ചു. യുദ്ധം അവസാനിച്ചപ്പോൾ ബസ്സാറബിയാ, ആർമീനിയാ എന്നിവയുടെ അതിർത്തി നിർണയിക്കുന്നതിൻെറ ചുമതല വഹിച്ചു. മഞ്ചുഭരണത്തിൻെറ അഭ്യർഥന അനുസരിച്ച് തെയ്പിങ് ലഹള അമർത്തുന്നതിനായി 1860-ൽ ഗോർഡൻ നിയുക്തനായി. പീക്കിങ്ങിലെ ആംഗ്ലോ ഫ്രഞ്ച് അധിവേശത്തിൽ പങ്കെടുത്തിരുന്നു. തെയ്പിങ്ങിലെ ലഹള അമർത്തുന്നതിനായി ഷാങ്ഹെയിലെ സമ്പന്നരായ വ്യാപാരികൾ സംഘടിപ്പിച്ച സ്വകാര്യയൂറോപ്യൻസേനയുടെ നേതാവായിരുന്നു ഇദ്ദേഹം 1864-ൽ തെയ്പിങ് ലഹള അമർച്ചവരുത്തി. ഇതിനു നല്കിയ സാമ്പ

ത്തിക പാരിതോഷികം ഇദ്ദേഹം സ്വീകരിച്ചില്ല. ചൈനാഗവൺമെന്റ് പരമോന്നതമായ സൈനികബഹുമതി നല്കി. ബ്രിട്ടീഷ് ഗവൺമെന്റ് ഇദ്ദേഹത്തെ ലെഫ്ടനന്റ് കേണൽ ആയി ഉയർത്തുകയും ചെയ്തു. 1865-ൽ ഇംഗ്ലണ്ടിൽ മടങ്ങിയെത്തിയ ഗോർഡൻ 5 വർഷം തെംസ്നദിയുടെ സംരക്ഷണത്തിനുള്ള കോട്ടകളുടെ നിർമാണത്തിൽ ഏർപ്പെട്ടു കഴിഞ്ഞു. ഈജിപ്തിലെ ഇസ്മായിൽ പാഷാ, 1874-ൽ ഇദ്ദേഹത്തെ ആഫ്രിക്കയിലെ ഇക്വറ്റോറിയൽ പ്രോവിൻസുകളുടെ ഗവർണരായി നിയമിച്ചു. അടിമവ്യാപാരം തടയുന്നതിനുള്ള പ്രവർത്തനങ്ങളുടെ നേതൃത്വം വഹിച്ചത് ഗോർഡനായിരുന്നു. 1880-ൽ ഇന്ത്യയിലെ ഗവർണർ ജനറലായ റിപ്പൺപ്രഭുവിന്റെ പ്രൈവറ്റ് സെക്രട്ടറിയായി വന്നു. എന്നാൽ ഗവൺമെന്റുമായുള്ള അഭിപ്രായവ്യത്യാസങ്ങളാൽ ഒരാഴ്ചയ്ക്കുള്ളിൽ രാജിവച്ചു. പിന്നെ ചൈനയിൽ പോകുകയും അവിടത്തെ ഗവൺമെന്റിന്റെ ഉപദേഷ്ടാവായിത്തീരുകയുംചെയ്തു. റഷ്യയും ചൈനയും തമ്മിൽ ഉണ്ടാകുമായിരുന്ന യുദ്ധം ഒഴിവാക്കാൻ ഗോർഡനു സാധിച്ചു. കേപ് ഗവൺമെന്റും ബസ്സോട്ടാലാന്റും തമ്മിലുള്ള തർക്കം പറഞ്ഞുതീർക്കുന്നതിനായി 1882-ൽ ആഫ്രിക്കയിൽ എത്തി. എന്നാൽ കേപ് ഗവൺമെന്റുമായി ഭിന്നാഭിപ്രായം ഉണ്ടാകുകയാൽ ബ്രിട്ടൻ ഇദ്ദേഹത്തെ തിരിച്ചുവിളിച്ചു.

ഈജിപ്ഷ്യൻ സൈന്യത്തിന്റെ നേതൃത്വംവഹിച്ചിരുന്ന വില്യം ഹിക്സ് എന്ന ബ്രിട്ടീഷ് ജനറൽ 1883 നവംബറിൽ വധിക്കപ്പെടുകയും മഹമ്മദ് അഹമ്മദ് എന്ന ഈജിപ്തുകാരന്റെ നേതൃത്വത്തിലുള്ള ലഹളക്കാർ പട്ടാളത്തെ നശിപ്പിക്കുകയും ചെയ്തു. ഇത് ഇംഗ്ലണ്ടിൽ ഗ്ലാഡ്സ്റ്റൺ ഗവൺമെന്റിന് എതിരായുള്ള അഭിപ്രായരൂപവത്കരണത്തിനു കാരണമായി. ആ അവസരത്തിൽ ഈജിപ്തിലെ ബ്രിട്ടീഷ് പട്ടാളത്തെ ഒഴിവാക്കുവാനും ഭരണം പുനഃസംഘടിപ്പിക്കുവാനും നിയുക്തനായത് ഗോർഡനായിരുന്നു. സ്ത്രീകളും കുട്ടികളും മുറിവേറ്റവരും ഉൾപ്പെട്ട 2500 പേരെ വിടുവിച്ചുകൊണ്ടുപോരുവാൻ ഇദ്ദേഹത്തിനു കഴിഞ്ഞു. എന്നാൽ പട്ടണം ലഹളക്കാർ വളഞ്ഞു. പട്ടണം തിരിച്ചുപിടിക്കുന്നതിനുള്ള ബ്രിട്ടീഷ്പട്ടാളം വന്നെത്തിയപ്പോഴേക്കും ഗോർഡൻ ലഹളക്കാരാൽ വധിക്കപ്പെട്ടുക്കഴിഞ്ഞിരുന്നു (1885).

ഗോർഡൻ, ആദംലിൻസേ (1833–1870)

19-ാംനൂറ്റാണ്ടിലെ പ്രസിദ്ധനായ ഓസ്ട്രേലിയൻ കവി. അസോർസിൽ ഫായൽ എന്ന സ്ഥലത്ത് 1833 ഒക്റ്റോബർ 19-നു ജനിച്ചു. ഇംഗ്ലണ്ടിൽ കെൽട്ടൻഹാമിലും വോർസെസ്റ്റർ ഗ്രാമർ സ്കൂളിലുമായി വിദ്യാഭ്യാസം നടത്തി. 1853-ൽ തെക്കേ ഓസ്ട്രേലിയായിലെ അശ്വസേനയിൽ ചേർന്നു. ഏറ്റവും നല്ല കുതിരസവാരിക്കാരൻ ഇദ്ദേഹമായിരുന്നു.

1867-ൽ വിക്ടോറിയയിലേക്കു തിരിച്ചു. അവിടെവച്ച് *സ്പ്രേ ആൻഡ് സ്മോക്ക് ഡ്രിഫ്റ്റ്* (Spray and Smoke Drift), *ഏഷ്ടറോത്ത്* (Ashtaroth) എന്നീ കവിതകൾ പ്രസിദ്ധീകരിച്ചു. 1868-ൽ മെൽബോണിനടുത്തു ന്യൂബ്രൈറ്റൻ എന്ന സ്ഥലത്ത് വാസമുറപ്പിച്ചു. ഇവിടെവച്ചാണ് 1870-ൽ *ബുഷ് ബാലഡ്സ് ആൻഡ് ഗാലപ്പിങ് റൈംസ്* (Bush Ballads and Galloping Rhymes) എന്ന കവിത പ്രസിദ്ധീകരിച്ചത്. ഈ കൃതി പണത്തേക്കാളേറെ പ്രശസ്തിയാണ് നേടിക്കൊടുത്തത്. കുതിരപ്പുറത്തുനിന്നു വീണു പരിക്കേറ്റ് ശരീരസുഖമില്ലാതിരുന്ന ലിൻസേ 1978 ജൂൺ 24-നു ന്യൂബ്രൈറ്റണിൽ ആത്മഹത്യ ചെയ്തു.

ഗോർഡൻ, ജോർജ് പ്രഭു (1751–'93)

ഗോർഡൻ പ്രഭു മൂന്നാമന്റെ പുത്രനും ഇംഗ്ലണ്ടിലെ കത്തോലിക്കാവിരുദ്ധകക്ഷിയുടെ നേതാവും. കുറെക്കാലത്തെ നാവികജീവിതത്തിനുശേഷം 1774-ൽ ഇംഗ്ലീഷ് പാർലമെന്റിലെ അംഗമായി. റോമൻ കത്തോലിക്കരുടെമേലുണ്ടായിരുന്ന നിയമപരമായ ഏതാനും നിയന്ത്രണങ്ങൾ പിൻവലിച്ചതാണ് ഗോർഡൻ പ്രഭുവിന്റെ നേതൃത്വത്തിലുണ്ടായ ലഹളയ്ക്കു കാരണം. 1780-ൽ ഇദ്ദേഹം പുതിയ നിയമങ്ങൾക്കെതിരായി പ്രക്ഷോഭണം കൂട്ടുവാൻ അനുയായികളെ ആഹ്വാനംചെയ്തു. ലണ്ടൻനഗരം ഏതാണ്ട് രണ്ടാഴ്ചക്കാലം ലഹളക്കാരുടെ കൈയിലായിരുന്നു. നഗരത്തിൽ വമ്പിച്ച നാശനഷ്ടങ്ങൾ വരുത്തിവച്ച കലാപകാരികളെ കീഴടക്കാൻ പട്ടാളത്തിനു വളരെ ശ്രമിക്കേണ്ടിവന്നു. രാജദ്രോഹകുറ്റത്തിനു ഗോർഡൻപ്രഭുവിനെ ലണ്ടൻഗോപുരത്തിലടച്ചു. ഒരു വിചാരണയ്ക്കുശേഷം കുറ്റക്കാരനല്ലെന്നുകണ്ടു വിട്ടയച്ചുവെങ്കിലും, പിന്നീട് കോർട്ടലക്ഷ്യത്തിന് ന്യൂഗെയ്റ്റ് ജയിലിൽ പാർപ്പിച്ചു. ഒരു മുഴുഭ്രാന്തനായി 1793 നവംബർ 1-ാംതീയതി തടവിൽ കിടന്നുമരിച്ചു.



ഗോർഡിയൻ കുരുക്ക് (Gordian Knot)

ഗ്രീക്ക് കഥകൾ അനുസരിച്ച ഫ്രൈജിയയിലെ രാജാവായ ഗോർഡിയസ് കെട്ടിയ കുരുക്ക്. ഇത് അപരിഹാര്യമായ ഒരു പ്രശ്നത്തിന്റെ പ്രതീകമാണ്. കർഷകനായിരുന്ന ഗോർഡിയസ് പെട്ടെന്നു രാജാവാകാൻ ഇടയായി. ഒരു വണ്ടിയിൽ ആദ്യം സ്യൂസിന്റെ ക്ഷേത്രങ്ങളിൽ എത്തുന്നയാൾ രാജാവായാൽ കഷ്ടതകൾ പരിഹൃതമാകും എന്ന പ്രവചനമാണ് ഗോർഡിയസ്സിനു രാജസ്ഥാനം നേടിക്കൊടുത്തത്. തന്റെ വണ്ടി ഒരു കഴയോടു ചേർത്തുകെട്ടി അദ്ദേഹം ദേവനു സമർപ്പിച്ചു. ആ കുരുക്ക് അഴിക്കുന്നയാൾ ഏഷ്യ ഭരിക്കും എന്നൊരു വിശ്വാസം എങ്ങനെയോ പരന്നു. ആർക്കും കുരുക്ക് അഴിക്കാൻ കഴിഞ്ഞില്ല. മഹാനും ദിഗ്വിജയിയുമായ അലക്സാൻഡർ ആ കുരുക്ക് തന്റെ വാളുകൊണ്ടു വെട്ടിമുറിച്ചു എന്നാണു കഥ. ഗോർഡിയൻ കുരുക്ക് അഴിക്കുക(Cutting the Gordina Knot) എന്നതിനു ദുഷ്കരമായതു സാധിക്കുക എന്ന അർഥം വന്നുചേർന്നു.

ഗോലാൻകുന്നുകൾ

സിറിയയുടെ പടിഞ്ഞാറുഭാഗത്തുള്ള കുന്നുകൾ. 1967-ൽ ഇസ്രായേൽ ഈ കുന്നുകൾ ആക്രമിച്ചുകീഴടക്കി. 1981 മുതൽ ഇസ്രായേൽ രാഷ്ട്രത്തിന്റെ ഒരു ഭാഗമായി ഈ പ്രദേശം പ്രഖ്യാപിക്കപ്പെട്ടു. പടിഞ്ഞാറു ജോർദാൻ (യോർദാൻ)നദിയും ഗലീലിക്കടലും, വടക്കു ഹെർമൻ പർവതം, കിഴക്കു യാർമുഖ്നദിയുടെ ഒരു ശാഖ, തെക്കു യാർമുഖ്നദി എന്നിവയാണ് ഗോലാൻകുന്നുകളുടെ അതിർത്തികൾ. ഏതാണ്ടൊരു തോണിയുടെ ആകൃതിയിലുള്ള ഈ പ്രദേശത്തിന്റെ വിസ്താരം 1150 ച മീറ്ററാണ്. സമുദ്രവിതാനത്തിൽനിന്ന് 2224 മീറ്റർ ഉയരത്തിലാണ് ഗോലാൻകുന്നുകൾ.

1967-ലെ ആറുനാൾയുദ്ധത്തിൽ ഇസ്രായേൽ ഈജിപ്തിനെയും ജോർദാനെയും തോല്പിച്ച് സിറിയയുടെ നേരെ തിരിഞ്ഞു. സിറിയൻപട്ടാളം പരാജിതരായി പിൻവാങ്ങുകയും യുദ്ധവിരാമത്തിന് അഭ്യർഥിക്കുകയും ചെയ്തു. ജൂൺ 10നു യുദ്ധംനിർത്തി. പക്ഷേ ഗോലാൻകുന്നുകൾ സിറിയയ്ക്കു വിട്ടുകൊടുത്തില്ല. 1970-നടുത്ത് ഗോലാൻകുന്നുകളിൽ ജൂതന്മാരുടെ മുപ്പതോളം താവളങ്ങൾ ഉണ്ടായി. 1973-ൽ സിറിയയ്ക്കും ഇസ്രായേൽ അധീനത്തിലുള്ള ഗോലാൻ

കുന്നുകൾക്കും ഇടയിലായി ഐക്യരാഷ്ട്രസഭ ഒരു നിഷ്പക്ഷമേഖല സ്ഥാപിച്ചു. 1982-ൽ ഗോലാൻകുന്നുകളിൽ ആകെയുളള 18,200 പേരിൽ 5700 പേർ ഇസ്രായേൽക്കാരാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

ഗോലികളി

കുട്ടികളുടെ ഒരു വിനോദം. കേരളത്തിൽ ഗോട്ടിയെന്നോ വട്ടെന്നോ കച്ചിയെന്നോ ഒക്കെ വിളിക്കപ്പെടുന്നു. കളിമണ്ണ്, ഇരുമ്പ്, ഗ്ലാസ്സ് എന്നിവയിൽ ഏതെങ്കിലുംകൊണ്ട് ഉണ്ടാക്കിയതാവാം ഗോലി. പുന്നയ്ക്ക മുതലായ ഉരുണ്ട കായ്കളും ഇതിനുപയോഗിക്കാറുണ്ട്.

കളിക്കുന്ന രീതി. പല ദേശങ്ങളിൽ പലതരത്തിലുളള ഗോലികളി നിലവിലുണ്ട്. സാധാരണരീതിയിലുളള ഗോലികളിയെ സംബന്ധിച്ച ചില വിവരങ്ങൾ ചുവടെ ചേർക്കുന്നു: ഏകദേശം 5 സെ.മീറ്ററോളം വ്യാസവും 2-3.5 സെ.മീറ്ററോളം ആഴവുമുളള ഒരു കുഴിയുണ്ടാക്കുക. കുഴിയിൽനിന്നും 5 മീറ്ററോളം അകലത്തായി ഒരു വരവരയ്ക്കണം. ഈ വരയ്ക്കു പുറകിൽനിന്ന് കളിക്കാർ ഓരോരുത്തരായി കുഴിയുടെനേർക്ക് ഗോലി ഉരുട്ടണം. ഇടത്തെ കൈയുടെ ചൂണ്ടുവിരലിൻെറ അഗ്രത്ത് ഗോലിവച്ച് വലത്തെ കൈയുടെ ചൂണ്ടുവിരൽകൊണ്ട് ഈ വിരൽ പുറകോട്ടുവലിച്ച് ഗോലി 'എയ്തുവിടുക'യാണ് ചെയ്യുന്നത്. ഓരോ തവണയും ഗോലി കുഴിയിൽ വീഴുമ്പോൾ അതുരുട്ടുന്നയാൾക്ക് ഓരോ പോയിൻറുവീതം ലഭിക്കുന്നു. ആദ്യമായി പത്തുപോയിൻറ് നേടുന്നയാൾ കളിയിൽ ജയിക്കുന്നു. തൻെറ ഊഴം വരുമ്പോൾ ഒരു കളിക്കാരനു ഗോലി നേരേ കുഴിയിലേക്ക് ഉരുട്ടുന്നതിനുപകരം അതുരുട്ടി മറ്റുളളവരുടെ ഗോലി അടിച്ചകറ്റാൻ അനുവാദമുണ്ട്. മറ്റുളളവരുടെ ഗോലി അടിച്ചകറ്റുന്ന കളിക്കാരന് ഒരൂഴംകൂടി ലഭിക്കും. ഗോലി ഉരുട്ടി കുഴിയിൽ വീഴ്ത്തിയാലും ഒരൂഴംകൂടി ലഭിക്കും. കളിയുടെ ആരംഭത്തിൽത്തന്നെ ഗോലി ഉരുട്ടി കുഴിയിലാക്കിയാൽ അപ്രകാരം ചെയ്യുന്നയാൾക്ക് ആദ്യംതന്നെ മൂന്നു പോയിൻറ് ലഭിക്കും.

ഗോലികളിയുടെ അടിസ്ഥാനസ്വഭാവം മേൽപ്പറഞ്ഞതാണെങ്കിലും മൂന്നു കുഴികളുളള കളി വളരെയേറെ പ്രചാരത്തിൽ വന്നിട്ടുണ്ട്. ഒരു വരിയിൽ മൂന്നു കുഴികളുണ്ടാക്കുക. കുഴികൾ തമ്മിൽ 1 മീറ്റർവീതം അകലമുണ്ടായിരിക്കണം. ആദ്യത്തെ കുഴിയിലേക്ക് ഗോലി ഉരുട്ടിക്കൊണ്ടു കളി ആരംഭിക്കുന്നു. ഓരോ കുഴിയിലും മൂന്നു പ്രാവശ്യംവീതം ഗോലി വീഴ്ത്തി ആദ്യത്തെ കുഴിയിലേക്കു വീണ്ടുമെത്തുന്നതുവരെ കളി തുടരുന്നു. ഇത്രയും നേടുന്ന കളിക്കാരന് പത്തു പോയിൻറാണ് ലഭിക്കുന്നത്. ആദ്യമായി പത്തുപോയിൻറ് നേടുന്ന കളിക്കാരൻ ജയിക്കുന്നു. കുഴികളുടെ സമീപത്തുനിന്ന് മറ്റു കളിക്കാരുടെ ഗോലികൾ അടിച്ചകറ്റേണ്ടതുണ്ട്. ഗോലി ശരിയായ കുഴിയിൽ വീഴ്ത്തുകയോ വേറൊരു കളിക്കാരൻെറ ഗോലി അടിച്ചകറ്റുകയോ ചെയ്യുന്ന കളിക്കാരന് വീണ്ടും കളിക്കാൻ അവസരം ലഭിക്കുന്നു.

കളിയിൽ തോല്ക്കുന്ന കളിക്കാരൻ തൻെറ മുഷ്ടി ചുരുട്ടി ഒരു കുഴിയുടെ വക്കത്ത് വച്ചുകൊടുക്കുന്നു. ജയിച്ചയാൾ അടുത്ത കുഴിവക്കിൽനിന്നു പരാജിതൻെറ മുഷ്ടിയെ ലക്ഷ്യമാക്കി ഗോലി ബലമായി എയ്തുവിടുന്നു.

ഗോലിയാത്ത്

ബൈബിളിൽ ദാവീദ് വധിച്ചതായി പറയുന്ന ഫിലിസ്തീൻ ഭീമൻ. സോളിനെതിരെ യുദ്ധത്തിന് ഫിലിസ്തീൻകാർ എത്തി. ഗോലിയാത്ത് തനിച്ച് എല്ലാവരെയും വെല്ലുവിളിച്ചു. തെറ്റാലിയും ചെറുകല്ലുകളുമായി അയാളെ നേരിട്ടു ദാവീദ് വിജയംകൈവരിച്ചു. നായകൻ വീണപ്പോൾ അനുയായികൾ പിൻതിരിഞ്ഞ് ഓടി. ദാവീദ് ഗോലിയാത്തിൻെറ വാളും തട്ടി എടുത്തുകൊണ്ടാണു സോൾ വിട്ടുപോയത്.

മറ്റൊരിടത്തു പറയുന്നത് ഗാത്തിലെ ഗോലിയാത്തിനെ ബേത്‌ലഹേമിലെ എൽഹന്നാൻ വധിച്ചു എന്നാണ്. ഇതു പകർത്തിഎഴുത്തിൽ പറ്റിയ തെറ്റ് ആകാൻ ഇടയുണ്ട്. എൽഹന്നാൻ കൊന്നതു ലെഹ്മിയെ ആണെന്നു മറ്റൊരിടത്തു പറയുന്നുണ്ട്.

ഗോലോകം

വൈഷ്ണവദാർശനികരുടെ സങ്കല്പത്തിലുളള ഒരു ലോകം. ശ്രീകൃഷ്ണനും രാധയും നിത്യയൗവനയുക്തരായി ഇവിടെ വസിക്കുന്നു എന്നാണു വിശ്വാസം. ഇതു ഭാഗവതാദികളിൽ പറയുന്ന വൈകുണ്ഠമല്ല. വൈഷ്ണവദർശനങ്ങളല്ലാതെ പുരാണങ്ങൾ ഈ ലോകത്തെപ്പറ്റി പറയുന്നില്ല.

വൈഷ്ണവദർശനങ്ങൾ അനുസരിച്ചു മോക്ഷം നാലുവിധമാണ്: സാലോക്യം (ഗോലോകത്ത് എത്തിച്ചേരൽ), സാമീപ്യം (രാധാകൃഷ്ണന്മാരുടെ സമീപത്തുളള വാസം), സാരൂപ്യം (ശ്രീകൃഷ്ണൻെറ രൂപം ലഭിക്കൽ), സായൂജ്യം (ശ്രീകൃഷ്ണനിൽ ലയിച്ചുചേരൽ).

ഗോല്ലൻ, ജോൺ (1911—)

ബ്രിട്ടീഷ് കമ്യൂണിസ്റ്റ്നേതാവും പാർട്ടി ജനറൽസെക്രട്ടറിയും. 1911-ൽ എഡിൻബറോയിൽ ജനിച്ചു. 13-ാം വയസ്സിൽ ഒരു പെയിൻററുടെ സഹായിയായും പിന്നീടു കെട്ടിടപ്പണിക്കാരനായും ജോലിനോക്കി. ബ്രിട്ടനിലെ പൊതുപണിമുടക്കം (1926) ജോൺ ഗോല്ലൻെറ ജീവിതത്തിൽ ഒരു വഴിത്തിരിവായിരുന്നു. തൊഴിലാളി പ്രസ്ഥാനത്തിൽ സജീവമായി പ്രവർത്തിച്ചു. 1927-ൽ കമ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നു.

1931-ൽ വിപ്ലവപ്രവർത്തനത്തിന് ഇദ്ദേഹത്തെ അറസ്റ്റ്ചെയ്തു. ആറു മാസത്തേക്കു ശിക്ഷിച്ചു. ജയിൽ വിമുക്തനായശേഷം ബ്രിട്ടീഷ് യുവജനപ്രസ്ഥാനത്തിൻെറ നേതാക്കന്മാരിലൊരാളായി. യുവ കമ്യൂണിസ്റ്റ് ലീഗിൽ ബഹുജനപ്രവർത്തനത്തിൻെറ ചുമതല വഹിച്ചുകൊണ്ടും ലീഗിൻെറ മുഖപത്രമായ 'യുവ തൊഴിലാളി'(പിന്നീട് 'ചാലഞ്ച്')യുടെ എഡിറ്ററായും അദ്ദേഹം പ്രവർത്തിച്ചു. 1935-ൽ യുവ കമ്യൂണിസ്റ്റ് ലീഗിൻെറ ദേശീയ സെക്രട്ടറിയായും ബ്രിട്ടീഷ് കമ്യൂണിസ്റ്റ്പാർട്ടിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിമെമ്പറായും തിരഞ്ഞെടുക്കപ്പെട്ടു. അക്കൊല്ലം കമ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ ഏഴാം കോൺഗ്രസ്സിലും യുവ കമ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ ആറാം കോൺഗ്രസ്സിലും പങ്കെടുക്കുകയുണ്ടായി.

1940-ൽ ജോൺ ഗോല്ലനെ ബ്രിട്ടീഷ് കമ്യൂണിസ്റ്റ്പാർട്ടിയുടെ പോളിറ്റ്ബ്യൂറോ മെമ്പറായി തിരഞ്ഞെടുത്തു. 1941—'47 കാലത്തു പാർട്ടിയുടെ വടക്കു-കിഴക്കൻ ജില്ലാസംഘടനയുടെയും സ്കോട്‌ലൻഡ് ജില്ലാക്കമ്മിറ്റിയുടെയും സെക്രട്ടറിയായി പ്രവർത്തിച്ചു. 1947-ൽ പാർട്ടിയുടെ അസിസ്റ്റൻറ് ജനറൽ സെക്രട്ടറിയായി. 1949—'54 കാലത്തു പാർട്ടിയുടെ മുഖപത്രമായ 'ഡെയ്‌ലി സർക്കുലറി'ൻെറ ഉപപത്രാധിപരും 1954—'56-ൽ പാർട്ടിയുടെ ദേശീയ സംഘാടകനുമായിരുന്നു.

1956-ൽ പാർട്ടി ജനറൽ സെക്രട്ടറിയായി. സോഷ്യലിസത്തെപ്പറ്റിയും ബ്രിട്ടീഷ് തൊഴിലാളി പ്രസ്ഥാനത്തെപ്പറ്റിയും ധാരാളം ലേഖനങ്ങൾ എഴുതിയിട്ടുണ്ട്.

ഗോൽക്കൊണ്ട

ഗോദാവരിക്കും കൃഷ്ണാനദിക്കും താഴെ ബംഗാൾ ഉൾക്കടൽവരെ വ്യാപിച്ചുകിടന്നിരുന്ന ഒരു രാജവംശത്തിൻെറ ആസ്ഥാനം. ഹൈദരാബാദ് നഗരത്തിൽനിന്ന് 11 കിലോമീറ്റർ പടിഞ്ഞാറുഭാഗത്തായി സ്ഥിതിചെയ്യുന്നു. വാറങ്കലിലെ കാകതീയരാജ്യത്തിൻെറ ഒരു ഭാഗമായിരുന്ന ഇതിനെ 1310-ൽ അല്ലാവുദീൻ ഖിൽജി കീഴടക്കിയെങ്കിലും 1424 മുതൽ '25 വരെ സ്വതന്ത്രരാജ്യമായി നിലനിന്നു. പിന്നീട് ബാഹ്മിനിരാജാക്കന്മാർ ഈ രാജ്യം ആക്രമിച്ചു കീഴടക്കി. കിഴക്കൻ സംസ്ഥാനങ്ങളുടെ ഗവർണറായിരുന്ന ഒരു തുർക്കി ഓഫീസറായ ഖുലി കുത്തബ്ഷാ സുൽത്താൻ 1518-ൽ സ്വതന്ത്രസുൽത്താനാവുകയും തലസ്ഥാനം ഗോൽക്കൊണ്ടയിലേക്കു മാററുകയും ചെയ്തു. പണ്ടുമുതൽക്കേ രത്നങ്ങൾക്കു പ്രസിദ്ധികേട്ട സ്ഥലമാണിത്. കുത്തബ്ഷാഹിസുൽത്താന്മാർ പണികഴിപ്പിച്ച പളളികളുടെയും ശവകു



കുത്തബ്ഷാഹിരാജവംശത്തിൻെറ
ശവകുടീരം (ഗോൽക്കൊണ്ട).

ഗോൽക്കൊണ്ട കോട്ട

ടീങ്ങളുടെയും അവശിഷ്ടങ്ങൾ ഇപ്പോഴും കാണാം. 1687-ൽ അറംഗസീബ്ചക്രവർത്തി അക്രമിക്കുന്നതുവരെ ഈ രാജ്യം സ്വതന്ത്രമായിരുന്നു. പിന്നീടു മുഗൾസാമ്രാജ്യത്തിന്റെ ഭാഗമായിത്തീർന്നു. പ്രസിദ്ധമായ †ഗോൾക്കൊണ്ട കോട്ട ഇവിടെയാണ്.

ഗോൽക്കൊണ്ട കോട്ട

ആന്ധ്രപ്രദേശിൽ ഹൈദരാബാദ് നഗരത്തിനടുത്തുള്ള കൂറ്റൻകോട്ട. ഹൈദരാബാദിൽനിന്ന് 11 കി.മീറ്റർ പടിഞ്ഞാറുമാറിയാണ് ഈ കോട്ട. ബാഹ്മിനിസാമ്രാജ്യത്തിന്റെ കീഴിൽ തെലുങ്കാനയിലെ ഗവർണർ ആയിരുന്ന ഖുലി കുത്തബ്ഷാസുൽത്താൻ 1512-ൽ തലസ്ഥാനമാക്കിയതോടെയാണ് ഗോൽക്കൊണ്ട പ്രസിദ്ധമായത്. പക്ഷേ, ഗോൽക്കൊണ്ടയിലെ കോട്ട കുത്തബ്ഷായ്ക്കും വളരെമുമ്പ് യാദവന്മാരുടെയും കാകതീയന്മാരുടെയും കാലത്തുതന്നെ ഭാഗികമായെങ്കിലും നിർമിച്ചു എന്നാണ് വിശ്വസിക്കപ്പെടുന്നത്. പിന്നീട് കുത്തബ്ഷായുടെയും പിൻഗാമികളുടെയും കാലത്ത് ഈ കോട്ടയിൽ പലതും കൂട്ടിച്ചേർത്തിരിക്കാം. കോട്ടയിൽനിന്ന് ഏതാണ്ട് ഒരു കി.മീറ്റർ അകലത്തിലാണ് കുത്തബ്ഷായുടെയും മറ്റും ശവകുടീരങ്ങളുള്ളത്.

കരിങ്കല്ലിൽ പണിതുയർത്തിയ ഈ കോട്ടയ്ക്ക് 120 മീറ്റർ ഉയരമുണ്ട്. കൂർത്തമുനകളുള്ള ഇരുമ്പഴികളോടുകൂടിയവയാണ് വാതിലുകൾ. ഏറ്റവും മുകളിലത്തെ നിലയിൽനിന്നു ഹൈദരാബാദ്-സിക്കന്ദരാബാദ് നഗരങ്ങൾ വീക്ഷിക്കാം. എണ്ണൂറു പടികൾ കയറിവേണം കോട്ടയുടെ മുകളിലെത്താൻ. താഴെനിന്നു കൈകൊട്ടി ശബ്ദമുണ്ടാക്കിയാൽ മുകളിലത്തെ ദർബാർഹാളിൽ കേൾക്കത്തക്കവിധം സവിശേഷരീതിയിൽ സംവിധാനം ചെയ്തതാണ് ഈ കോട്ട. 1685-ൽ അറംഗസീബ് ഒരു കാവൽക്കാരനെ വശത്താക്കി ഈ കോട്ടയിൽ പ്രവേശിച്ച് സുൽത്താനായ അബ്ദുൾഹസ്സനെ തടവുകാരനാക്കി കോട്ടയിൽ ആധിപത്യം ഉറപ്പിച്ചു. അറംഗസീബിന്റെ മരണത്തിനുശേഷം ഹൈദരാബാദ് തലസ്ഥാനമായതോടെ ഗോൽക്കൊണ്ടയുടെ പ്രാധാന്യം നഷ്ടപ്പെട്ടു. ഇപ്പോൾ ഈ കോട്ടയിൽ ശുദ്ധശൂന്യമായികിടക്കുന്ന കുറെ കരിങ്കല്ലറകൾ മാത്രമാണുള്ളത്.

ഗോൽഗോഥ

ക്രിസ്തുവിനെ കുരിശിൽ തറച്ച കുന്നിൻപ്രദേശത്തിന്റെ പേര്. പഴയ യറുശലേം നഗരഭിത്തിയുടെ വടക്കുഭാഗത്താണ് ഗോൽഗോഥ. യറുശലേമിലെ നിയമത്തിന്നെതിരായി കുറ്റംചെയ്തവരെ വധശിക്ഷയ്ക്കു വിധിച്ചാൽ ഈ കുന്നിൽ കൊണ്ടുപോയാണു വധിച്ചിരുന്നത്. അങ്ങനെ വധിക്കപ്പെട്ടവരുടെ തലയോടുകൾ കൂടിക്കിടന്നിരുന്നതുകൊണ്ട് തലയോടിടം എന്നർഥമുള്ള 'കാൽവരി'യെന്ന പേരും ഇതിനുണ്ടായി. തലയോടിന്റെ ആകൃതിയിലുള്ള കുന്നായതുകൊണ്ടാണ് കാൽവരി എന്ന പേരുണ്ടായതെന്ന മറ്റൊരഭിപ്രായവുമുണ്ട്. യഹൂദനിയമങ്ങളെ ചോദ്യംചെയ്തു എന്ന കുറ്റംചുമത്തി യേശുക്രിസ്തുവിനെ മറ്റു രണ്ടു കുറ്റവാളികളോടൊപ്പം ഈ കുന്നിൻപുറത്തുവച്ചാണ് ക്രൂശിച്ചത്. † കാൽവരി നോക്കുക.

ഗോവ

പശ്ചിമതീരപ്രദേശത്തു കിടക്കുന്ന ഒരു ഇന്ത്യൻ സംസ്ഥാനം. പണ്ട് ഗോമന്തകം എന്നറിയപ്പെട്ടിരുന്നു. കർണാടക-മഹാരാഷ്ട്ര സംസ്ഥാനങ്ങളുടെ ഇടയിലാണ് സ്ഥിതിചെയ്യുന്നത്. 1987 ഓഗസ്റ്റ് 12 വരെ കേന്ദ്രഭരണപ്രദേശമായിരുന്നു ദമൻ, ദ്യൂ എന്നീ പ്രദേശങ്ങളും ഭരണപരമായി ഗോവയോടൊപ്പം ചേർത്തിരുന്നു. 1987 ഓഗസ്റ്റ് 12-ാം തീയതി പാർലമെന്റ് നിർമിച്ച നിയമപ്രകാരം ഗോവ ഇന്ത്യയിലെ 25-ാമത്തെ സംസ്ഥാനമായി. ദമൻ, ദ്യൂ പ്രദേശങ്ങൾ കേന്ദ്രഭരണപ്രദേശം എന്ന നിലയിൽ തുടരുന്നു. വിസ്തൃതി 3702 ച. കിലോമീറ്റർ. ജനസംഖ്യ 10,07,749 (1981). തലസ്ഥാനം പനാജി.

ഭൂസ്ഥിതി. വടക്ക് തെരക്കോൾ നദി, പടിഞ്ഞാറ് അറബിക്കടൽ, കിഴക്ക് കർണാടക അതിർത്തിയിൽ സഹ്യപർവതഭാഗങ്ങൾ. മന്ദോവി, സുവാരി, തെരക്കോൾ, ചറപ്പാറ, ബത്തൂൽ എന്നീ നദികൾ കിഴക്കുഭാഗത്തെ മലകളിൽനിന്ന് ഉദ്ഭവിച്ചു പടിഞ്ഞാറോട്ട് ഒഴുകി അറബിക്കടലിൽ പതിക്കുന്നു. മർമഗാവോ തുറമുഖത്തേയ്ക്കു ചരക്കുൾ കൊണ്ടുപോകാനുള്ള ഗതാഗതസൗകര്യം ഈ നദികൾ നല്കുന്നു. മന്ദോവി, സുവാരി നദികളുടെ സംഗമത്തിലാണ് തുറമുഖം സ്ഥിതിചെയ്യുന്നത്.

കാലാവസ്ഥ. മിതമായ ചൂടും നീരാവിയുമുള്ള അന്തരീക്ഷ സ്ഥിതിയാണ് ഗോവയിലേത്. സമുദ്രതീരസ്ഥിതി കാരണം കാലാവസ്ഥയിൽ വലിയ മാറ്റം ഒരിക്കലും ഉണ്ടാകുന്നില്ല. വർഷപാതം 2,800–3,500 മി. മീറ്ററാണ്. പൊതുവെ കാലാവസ്ഥ സുഖകരമാണ്.



സസ്യജാലവും ജന്തുജാലവും. കാലാവസ്ഥയിലും ഭൂമിശാസ്ത്രപരമായ പരിതസ്ഥിതികളിലും കേരളത്തിനു സമാനമായ ഈ പ്രദേശത്തെ സസ്യങ്ങളും മൃഗങ്ങളും കേരളത്തിൽ ഉള്ളവതന്നെയാണ്.

ജനങ്ങൾ. ഇവിടത്തെ ജനങ്ങളിൽ പാശ്ചാത്യ-പൗരസ്ത്യസംസ്കാരങ്ങൾ സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നു. ദീർഘകാലത്തെ വിദേശാധിപത്യമാണ് ഇതിനു കാരണം. ഗൗഡസാരസ്വത സമുദായത്തിന്റെ കേന്ദ്രമായിരുന്നു ഇവിടം. പോർത്തുഗീസുകാരുടെ മതപീഡനത്തെ ഭയന്ന് വളരെപേർ സ്ഥലംവിട്ടു. കൊങ്കണിയും മറാഠിയുമാണ് ഇവിടത്തെ ഭാഷകൾ. സാക്ഷരത 57 ശതമാനമേ ഉള്ളു. കൊങ്കണിയും മറാഠിയും ദേവനാഗരി ലിപിയിലാണ് എഴുതുന്നത്. ഇവിടത്തെ ജനസാന്ദ്രത ച.കി.മീറ്ററിന് 272 മാത്രമാണ്.

ജനസംഖ്യയിൽ ഇന്തോ-പോർത്തുഗീസ് സങ്കരവർഗജർ ധാരാളമുണ്ട്. വിദ്യാഭ്യാസപരമായി പിന്നോക്കമാണെങ്കിലും ഇവിടെ രണ്ടു ദിനപത്രങ്ങളുണ്ട്. 'ഗോമന്തക്' എന്ന മറാഠി പത്രവും 'ദ നവഹിന്ദ് ടൈംസ്' എന്ന ഇംഗ്ലീഷ് പത്രവും.

ചരിത്രം. ഗോവയ്ക്ക് മൗര്യസാമ്രാജ്യകാലത്തോളം നീണ്ട ഒരു ചരിത്രമുണ്ട്. ബി.സി.രണ്ടാം നൂറ്റാണ്ടിൽ സാതവാഹനരാജവംശത്തിലെ കൃഷ്ണസാതകർണിയുടെ ആധിപത്യം ഇവിടെ വ്യാപിച്ചിരുന്നു. ഗോവകപട്ടൺ എന്നും ഗോമന്തക് എന്നും ഈ പ്രദേശത്തിനു പേരുണ്ടായിരുന്നു. ഗോവാപുരി എന്ന പേരും പണ്ടേ ഉണ്ടായിരുന്നു. എ.ഡി. നാലു മുതൽ ആറു വരെ നൂറ്റാണ്ടുകളിൽ ഭോജന്മാരും മൗര്യരും ഇവിടെ അധികാരം സ്ഥാപിച്ചിരുന്നതായി ചില ചരിത്രകാരന്മാർ പറയുന്നു. 578-ൽ ചാലൂക്യർ മൗര്യരെ തുരത്തി. 973 വരെ അവർ അവിടെ ഭരിച്ചു. പിന്നീടു കദംബന്മാർ വന്ന് 1020 വരെ ആധിപത്യം നിലനിർത്തി. ഇക്കാലത്തു ഗോവ സാംസ്കാരികമായും വാണിജ്യപരമായും വളരെ പുരോഗമിച്ചു. ചന്ദ്രപുരവും ഗോവപുരിയും അന്ന് പ്രശസ്ത നഗരങ്ങളായിരുന്നു.

14-ാം നൂറ്റാണ്ടിൽ ഗ്രോവ മാലിക് കാഫറുടെ ആക്രമണത്തിനു വിധേയമായി. എന്നാൽ മുസ്ലീം ആധിപത്യം ഹ്രസ്വമായിരുന്നു. വിജയനഗരസാമ്രാജ്യത്തിന്റെ ഭാഗമായിത്തീർന്നു ഗോവ. മുസ്ലീങ്ങൾ നശിപ്പിച്ച ശതകോടേശ്വര ക്ഷേത്രം (നരോവാ-ദിവാർ പ്രദേശത്ത്) ഇക്കാലത്തു പുതുക്കിപ്പണിതു. പിന്നീട് ബാഹ്മനി ഭരണത്തിന്റെ ഊഴമായി. ബീജപ്പൂരിലെ ആദിൽഷാ ഈ പ്രദേശം തന്റെ രാജ്യത്തോടു ചേർത്തു. അദ്ദഹത്തിൽനിന്നാണ് പോർത്തുഗീസ് നാവികനായ അൽഫോൻസോ ദെ അൽബുക്കർക്ക് 1510 നവംബർ 25-ാം തീയതി ഈ സ്ഥലം പിടിച്ചെടുത്തത്. 1535-ൽ അവർ 'ദ്യൂ' പിടിച്ചടക്കി. മതപ്രചാരണത്തിന് മിഷനറിമാരെ അവർ നിയോഗിച്ചു. അന്നുമുതൽ 1961 ഡിസംബർ 19 വരെ ഗോവ പോർത്തുഗീസ് ഭരണത്തിൽ കഴിഞ്ഞു. പോർത്തുഗീസ് ഭാഷയും സംസ്കാരവും അവിടെ ആഴത്തിൽ വേരൂന്നി.

1557-ൽ ഗോവ ഒരു ആർച്ചുബിഷപ്പിന്റെ ആസ്ഥാനമായി. 1542-ൽ ഇവിടെ എത്തിയ ഫ്രാൻസിസ് സേവിയർ (ശൗരിയാർ) എന്ന ഉപദേശിയുടെ പ്രയത്നത്തിൽ വമ്പിച്ച മതപരിവർത്തനം നടന്നു. സേവിയരുടെ മൃതദേഹം ബോംയേശു ബസിലിക്കയിൽ സൂക്ഷിച്ചിട്ടുണ്ട് 1552-ൽ ഇവിടെ ആദ്യത്തെ അച്ചുകൂടം സ്ഥാപിച്ചു. ഫ്രാൻസിസ് സേവിയർ എഴുതിയ ഒരു മതഗ്രന്ഥമാണ് ആദ്യം അച്ചടിച്ചത്. മറാഠിയിൽ *ക്രിസ്തപുരാണ*, കൊങ്കണിയിൽ *ഡോക്ട്രിനാ ക്രിസ്ത* എന്നീ ഗ്രന്ഥങ്ങളും അവിടെ അച്ചടിച്ചു പുറത്തിറക്കി.

ശിവജിയും മകൻ സാംബജിയും ഗോവ പിടിച്ചടക്കാൻ വിഫലശ്രമം നടത്തി. പലപ്പോഴും സർക്കാരിനെതിരെ നാട്ടിൽ പ്രക്ഷോഭണങ്ങൾ ഉയർന്നു. അപ്പോഴൊക്കെ ഗോവൻസർക്കാർ പിടിച്ചുനിന്നു. പോർത്തുഗീസ് പാർലമെന്റിലേക്ക് മൂന്നു ഗോവൻ ദേശീയ പ്രതിനിധികളെ സ്വീകരിക്കാൻ കേന്ദ്ര പോർത്തുഗീസ് ഗവൺമെന്റ് തയാറായിട്ടും



പഴമയുടെ ഭംഗി തികഞ്ഞ പനാജി.



വിനോദസഞ്ചാരികൾ
അഞ്ജുന കടൽത്തീരത്ത്

ഗോവാ അധികാരികൾ അതിനെ എതിർത്തു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തോടൊപ്പം ഗോവയുടെ മോചനത്തിനുവേണ്ടിയും പ്രദേശിക സമരം നടന്നു. 1946-ൽ ഡോ. റാം മനോഹർ ലോഹിയ ഗോവയിൽ പ്രവേശിച്ചു. സ്വാതന്ത്ര്യസമരത്തിനു നേതൃത്വം കൊടുത്തു. ഗോവയിലും നാഷനൽ കോൺഗ്രസ് സ്ഥാപിതമായി. സായുധസമരം നടന്നതു പരാജയത്തിൽ കലാശിച്ചു. നേതാക്കൾ നാടുകടത്തപ്പെട്ടു.

സമരം വീണ്ടും നടന്നു. 1954-ൽ ദാദ്ര, നാഗർ ഹവേലി പ്രദേശങ്ങൾ സ്വതന്ത്രമാക്കി. സലാസർ ഭരണത്തിനെതിരേ ഐക്യരാഷ്ട്രസഭയിൽ പ്രതിഷേധങ്ങൾ ഉയർന്നു. ഒടുവിൽ 1961-ൽ പാകിസ്താൻ പ്രതിനിധിയും പോർത്തുഗീസ് ഗവർണർ ജനറലുമായി പനാജിയിൽ ആലോചന നടന്നപ്പോൾ ഇന്ത്യ ഇടപെട്ടു. മലയാളിയായ മേജർ ജനറൽ കാൻഡെത്തിൻെറ നേതൃത്വത്തിലുള്ള 'ഓപ്പറേഷൻ വിജയ്' ഡിസംബർ 18-ാം തീയതി രാത്രിയിൽ ആരംഭിച്ചു. പിറ്റേന്നുതന്നെ 1961 ഡിസംബർ 19 ഗോവ ഇന്ത്യയുടെ ഭാഗമാക്കപ്പെട്ടു. 20-ാം തീയതി കാൻഡെത്ത് ലെഫ്റ്റനൻറ് ഗവർണറായി ഗോവയുടെ ഭരണം ഏറ്റെടുത്തു. ദമൻ, ദ്യൂ പ്രദേശങ്ങളും ഗോവയോടു ചേർത്തു. 1962-ൽ ഗോവ, ദമൻ, ദ്യൂ ഇവ ഒറ്റ ഘടകമായി കേന്ദ്ര ഭരണപ്രദേശമായി. അതേവർഷംതന്നെ 29 അംഗസമിതി- നിയമസഭയുടെ പൂർവരൂപം- നിലവിൽവന്നു. ഡിസംബറിൽ തിരഞ്ഞെടുപ്പു നടന്നു. ദയാനന്ദ ബന്ദോദ്കറുടെ നേതൃത്വത്തിലുള്ള മഹാരാഷ്ട്രവാദി ഗോമന്തക് കക്ഷി വമ്പിച്ച ഭൂരിപക്ഷത്തോടെ അധികാരത്തിൽ വന്നു. 1987-ൽ ഗോവ സ്വതന്ത്ര സംസ്ഥാനമായി.

കൃഷി. നെല്ല്, റാഗി, കശുമാവ്, തെങ്ങ് ഇവ ആണ് ഇവിടത്തെ മുഖ്യ കൃഷികൾ. അരിയാണ് ജനങ്ങളുടെ മുഖ്യഭക്ഷണം. സ്വാതന്ത്ര്യസമ്പാദനകാലത്തുള്ള അരി ഉത്പാദനം 52,000 ടൺ ആയിരുന്നു. 1985-ൽ അത് 1.62 ലക്ഷം ടണ്ണായി.

മത്സ്യബന്ധനം. മീൻ ആഹാരത്തിലെ പ്രധാന ഘടകങ്ങളിൽ ഒന്നാണ്. 105 കിലോമീറ്റർ നീണ്ട കടൽത്തീരം ഗോവയ്ക്കുണ്ട്. 4,000 ഹെക്ടർ ചതുപ്പുനിലവും. 12,000 ഹെക്ടർ നെല്പാടങ്ങളും 100 ഹെക്ടർ ശുദ്ധജലാശയങ്ങളുമുണ്ട്. മീൻപിടിത്തം വളരെ പുരോഗമിച്ചിട്ടുണ്ട്. പ്രതിവർഷം 56,000 ടൺ മത്സ്യം പിടിക്കുന്നു. 1551 ട്രോളറുകളും 2450 നാടൻ വള്ളങ്ങളും മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നു. മൊത്തം 40,000 ആളുകൾ മത്സ്യബന്ധനവ്യവസായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ധാതുവിഭവങ്ങൾ. ഇരുമ്പും മാൻഗനീസുമാണ് ഇവിടത്തെ പ്രധാന ധാതുവിഭവങ്ങൾ. ഇതു രണ്ടും ഖനനസംസ്കരണങ്ങൾക്കുശേഷം കയറ്റുമതി ചെയ്യുന്നു. 1985-ലെ കയറ്റുമതി 12.08 ദശലക്ഷം ടൺ ഇരുമ്പാണ്.

വ്യവസായം. ഇവിടെ 12 വലിയ വ്യവസായ യൂണിറ്റുകൾ ഉണ്ട്. 11 ഇടത്തരവും 3,500 ചെറുകിടയും യൂണിറ്റുകൾ വേറെയുണ്ട്. വാർഷിക വ്യവസായ പുരോഗതി ആറു ശതമാനമാണ്. പ്രതിശീർഷ വരുമാനം 3,811 രൂപ. പഞ്ചാബിൽ മാത്രമാണ് ഇന്ത്യയിൽ ഇതിലും ഉയർന്ന പ്രതിശീർഷ വരുമാനമുള്ളത്.

വിദ്യാഭ്യാസം. സാക്ഷരത 1961-ൽ 37% മാത്രമായിരുന്നത് 1985-ൽ 57% ആയി ഉയർന്നു. ഇവിടെ 439 പ്രാഥമിക വിദ്യാലയങ്ങളും 297 ഹൈസ്കൂളുകളും 23 ഹയർ സെക്കൻഡറി സ്കൂളുകളും 18 കോളെജുകളും ഉണ്ട്. 1985 ജൂണിൽ ഒരു സർവകലാശാല സ്ഥാപിതമായി.

ആരോഗ്യകാര്യങ്ങൾ. ഇവിടെ 33 സർക്കാർ ആശുപത്രികളും 69 സ്വകാര്യ ആശുപത്രികളും ഉണ്ട്. ഗ്രാമീണ ഡിസ്പെൻസറികൾ 31. ഏഷ്യയിലെ ഏറ്റവും പഴക്കമുള്ള ഗോവാ മെഡിക്കൽ സ്കൂൾ സ്വാതന്ത്ര്യസമ്പാദനശേഷം മെഡിക്കൽ കോളെജായി ഉയർത്തിയിട്ടുണ്ട്.

ടൂറിസം. ഗോവയിലെ ഏറ്റവും പ്രമുഖ വ്യവസായം ടൂറിസം ആണെന്നു പറയാം. ഒന്നേകാൽ ലക്ഷം വിദേശികൾ ഉൾപ്പെടെ പത്തു ലക്ഷം സഞ്ചാരികൾ പ്രതിവർഷം ഇവിടെ എത്തുന്നുണ്ട്. വാസ്കോ ദ ഗാമാ പട്ടണത്തിനു സമീപമുള്ള ദാബോലിൻ വിമാനത്താവളം സുസജ്ജമാണ്. കലംഗുഡെ, കോൾവാ, വാഗഡോർ മുതലായ കടൽത്തീര പ്രദേശങ്ങൾ അത്യാകർഷങ്ങളാണ്. വിശുദ്ധ ഫ്രാൻസിസ് സേവ്യറുടെ ജഡം അടക്കം ചെയ്ത ബോംയേശു ബസ്ലിക്ക, സേ കത്തീഡ്രൽ, അസീസി പള്ളി, മംഗേശി ശിവക്ഷേത്രം, ശാന്തദുർഗാക്ഷേത്രം, ആരവേലം വെള്ളച്ചാട്ടം, മായെം തടാകം, ദുദ്സാഗർ വെള്ളച്ചാട്ടം, ബേൺഡ്ലാ സാങ്ചറി, മർമു ഗാവോ തുറമുഖം അഗുവാദാ കോട്ട ഇവ ആണ് സന്ദർശകരെ ആകർഷിക്കുന്ന മുഖ്യകാഴ്ചകൾ.

ഗോവർധനം

വൃന്ദാവനത്തിലെ ഒരു പർവതം. തന്നെ പൂജിക്കാതെ ശ്രീകൃഷ്ണൻെറ വാക്കുകേട്ടു ഗോപന്മാർ ഈ പർവതത്തെ പൂജിക്കയാൽ ഇന്ദ്രൻ കല്പാന്തമേഘങ്ങളെ വിട്ടു മഴപെയ്യിച്ചു ഗോപന്മാരെയും

ഗോക്കളെയും നശിപ്പിക്കാൻ ശ്രമിച്ചു. അപ്പോൾ ശ്രീകൃഷ്ണൻ ഈ പർവതം എടുത്തു കുടപോലെ ഉയർത്തിപ്പിടിച്ചു ഗോപന്മാരെയും ഗോക്കളെയും അതിനുകീഴിലാക്കി രക്ഷിച്ചു എന്നു ഭാഗവതത്തിൽ പറയുന്നു. ഏഴു ദിവസം മഴ കോരിച്ചൊരിഞ്ഞിട്ടും ഫലമില്ലെന്നു കണ്ട് ഇന്ദ്രൻ പിൻവാങ്ങി. വൈദിക (ആര്യ) ദേവന്മാരിൽ അഗ്രഗണ്യനായ ഇന്ദ്രൻെറ നിഷ്കാസനവും, തത്സ്ഥാനത്തു ശ്രീകൃഷ്ണൻെറ പ്രതിഷ്ഠയുമാണ് ഈ കഥ പ്രതീകാത്മകരീതിയിൽ അവതരിപ്പിക്കുന്നത്.

ഗോവർധനമാർത്താണ്ഡൻ (950—1050?)

†'ജൂതശാസന'ത്തിലെ ഒന്നാം സാക്ഷി. കേരളചക്രവർത്തി ഭാസ്കര രവിവർമ, ജൂതപ്രമാണിയായ ജോസഫ് റമ്പാനു ചില അവകാശങ്ങളും സ്ഥാനമാനങ്ങളും കല്പിച്ചുകൊടുക്കുന്ന ഒരു ചെപ്പേടാധാരമാണ് അത്. മാർത്താണ്ഡനെ 'വേണാട്ടുടയ'യെന്നാണു ശാസനം വിശേഷിപ്പിക്കുന്നത്. കൊല്ലം തലസ്ഥാനമാക്കി നാലുപേർ വേണാടു വാണിരുന്നെന്നു ചരിത്രഗവേഷകർ പറയുന്നു. അവരിൽ ഒടുവിലത്തെ ആളാണു ഗോവർധനമാർത്താണ്ഡൻ.

തൃക്കൊടിത്താനം, പെരുന്ന എന്നീ ക്ഷേത്രശാസനങ്ങളിലും ഗോവർധനമാർത്താണ്ഡൻെറ പേരു കാണാം. ഭാസ്കരരവിയുടെ 14-ാമതു ഭരണവർഷത്തിൽ 'നൻറുഴൈനാട്' വാഴാനുള്ള അധികാരവും ഇദ്ദേഹത്തിനു ലഭിച്ചിരുന്നു. വേണാടിൻെറ ഒരു അയൽരാജ്യമായിരുന്നു അത്. ഇന്നത്തെ ചങ്ങനാശ്ശേരിയുൾപ്പെട്ട പ്രദേശം.

ഭാസ്കരരവിവർമയുടെ സാമന്തനും, സമകാലികനുമായിരുന്നു മാർത്താണ്ഡൻ. കാലം എ.ഡി. 950-നും 1100-നും ഇടയ്ക്കാണെന്നു ഇളംകുളം പറയുന്നു. ചോളന്മാരുടെ ആക്രമണത്തിനെതിരായ യുദ്ധത്തിൽ ഭാസ്കരരവിവർമയെ ഇദ്ദേഹം സഹായിച്ചു. ആ യുദ്ധത്തിൽ ഇദ്ദേഹം കൊല്ലപ്പെട്ടു.

ഗോവർധൻ (17-ാം ശതകം)

മുഗൾകാലഘട്ടത്തിലെ ഒരു ചിത്രകാരൻ. അക്ബർ, ജഹാംഗീർ, ഷാജഹാൻ എന്നിവരുടെകാലത്ത് ഗോവർധൻ വരച്ച ചിത്രങ്ങൾ അമേരിക്കയിലെയും യൂറോപ്പിലെയും ചില മ്യൂസിയങ്ങളിൽ ഉള്ള ജഹാംഗീർ ആൽബങ്ങളിൽ കാണാം. ബ്രിട്ടീഷ് മ്യൂസിയത്തിലെ 'ബാബൂർനാമെ' ചിത്രണംചെയ്തവരിൽ ഒരാൾ ഗോവർധനാണ്. രാംപൂരിലെ രേസാലൈബ്രറിയിൽ ഇദ്ദേഹം വരച്ച 'ഗുലാബ്പാഗിയുടെ സദസ്' എന്ന ചിത്രം പ്രദർശിപ്പിച്ചിട്ടുണ്ട്. ഇന്ദ്രിയമോഹകമായ വർണപ്പകിട്ടുള്ളവയാണ് ഗോവർധൻെറ ചിത്രങ്ങൾ.

ഗോവസൂരിപ്രയോഗം.

വസൂരിരോഗത്തിനുള്ള പ്രതിരോധനടപടി. നിരവധിപേരെ കൊന്നൊടുക്കിയ ഈ രോഗം തടയാൻ 18-ാംനൂറ്റാണ്ടിൽ യൂറോപ്പിൽ സ്വീകരിച്ചിരുന്ന സമ്പ്രദായം 'വാരിയോലേഷൻ' ആയിരുന്നു. രോഗിയുടെ ശരീരത്തിലെ പഴുത്തുനില്ക്കുന്ന കുരു പൊട്ടിച്ചു ചലമെടുത്തു രോഗമില്ലാത്ത ശരീരത്തിൽ പുരട്ടിയാൽ താല്കാലികമായ ചില്ലറ അസുഖമുണ്ടാകുമെന്നല്ലാതെ അയാളെ വസൂരി ബാധിക്കുകയില്ല. ഇങ്ങനെ ചെയ്യുന്നതിനാണു വാരിയോലേഷൻ എന്നു പറയുന്നത്. ചൈനയിൽ വസൂരിക്കുരുക്കളുടെ ചലം ഉണക്കിപ്പൊടിയായി ശരീരത്തിൽ പുരട്ടുന്ന ചികിത്സാരീതിയും, വടക്കേ ഇന്ത്യയിൽ രോഗിയെ പുതപ്പിച്ച തുണികൊണ്ടു രോഗമില്ലാത്തവരെ പുതപ്പിക്കുന്ന രീതിയുമാണു നിലവിലിരുന്നത്.

അശാസ്ത്രീയമായ ഈ രീതി പരിഷ്കരിച്ച് ആധുനികരീതി സ്വീകരിച്ചത് എഡ്വേർഡ് ജന്നർ എന്ന ഇംഗ്ലീഷ് ഭിഷഗ്വരനാണ്. രോഗം ബാധിച്ച പശുവിൻെറ അകിട്ടിലെ ചലമെടുത്ത് അദ്ദേഹം ഒരു കുട്ടിയിൽ കുത്തിവച്ചു പരീക്ഷണം നടത്തി. ആ കുട്ടിക്ക് താത്കാലികമായ ചില അസുഖം അനുഭവപ്പെട്ടതല്ലാതെ, പിന്നീടു വസൂരിബാധിക്കയുണ്ടായില്ല. 1796-ലെ ഈ വിജയകരമായ പരീക്ഷണം 1800 ആയപ്പോൾ യൂറോപ്പിൽ ആകമാനം സാർവത്രികമായി അംഗീകരിക്കപ്പെട്ടു. പൂർണമായ മുക്തി ഈ രീതിക്ക് അവകാശപ്പെടാൻ കഴിഞ്ഞിട്ടില്ല. ഫെർഡിനൻഡ് കോഹൻ, ലൂയി പാസ്ചർ തുടങ്ങിയവർ ജന്നറിൻെറ അടിസ്ഥാനപരമായ ചികിത്സയിൽ ചില പരിഷ്കാരങ്ങൾ വരുത്തി. ജന്നർ സ്വീകരിച്ച സമ്പ്രദായത്തിൻെറ പേര് 'വാരിയോളേ വാക്സിനേ' എന്നായിരുന്നു. പശു എന്നർഥമുള്ള (Vacca) എന്ന ലാറ്റിൻവാക്കിൽനിന്നുമുണ്ടായതാണു വാക്സിനേഷൻ എന്ന വാക്ക്. രോഗംപിടിച്ചു ക്ഷീണിച്ചതോ ചത്തതോ ആയ പശുവിൻെറ അംഗങ്ങളിൽനിന്നുമെടുക്കുന്ന ചലം സംസ്കരിച്ച് എടുക്കുന്നതാണു വാക്സിനേഷൻ മരുന്ന്.

ഗോവി, കെ.എം. (1930-)

ലൈബ്രേറിയനും ഗ്രന്ഥകാരനും. സ്വദേശം തലശ്ശേരി. 1952-'56 കാലത്തു കോഴിക്കോട് സെൻട്രൽ ലൈബ്രറിയുടെ ലൈബ്രേറിയൻ. 1956 മുതൽ കൽക്കത്തയിലെ ഇന്ത്യൻ നാഷനൽ ലൈബ്രറിയിൽ ബിബ്ലിയോഗ്രഫി വിഭാഗം അസിസ്റ്റൻറ് എഡിറ്റർ. മലബാർ ജില്ലാ എൻ.ജി.ഒ. അസോസ്യേഷൻ സെക്രട്ടറി, കൽക്കത്ത ശാസ്ത്രസാഹിത്യപരിഷത്ത് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമിയുടെ മലയാളഗ്രന്ഥസൂചി എഡിറ്റുചെയ്തു. കൃതികൾ: *ലൈബ്രറി സയൻസ്*, *കാറ്റലോഗ് നിർമാണം*, *നമ്മുടെ റെഫറൻസ് സാഹിത്യം* മുതലായവ. ചില ബംഗാളി ചെറുകഥകൾ വിവർത്തനം ചെയ്തിട്ടുണ്ട്. 1987-ൽ ഉദ്യോഗത്തിൽനിന്നു വിരമിച്ചു.

ഗോവിന്ദ് മാല്ഹി (1921-)

സിന്ധിനോവലിസ്റ്റും നാടകകൃത്തും. 23 നോവലുകളുടെയും 32 നാടകങ്ങളുടെയും കർത്താവാണ് ഗോവിന്ദ് മാല്ഹി. സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിൽ നടന്ന വർഗീയലഹളകളെത്തുടർന്ന് അഭയാർഥിക്യാമ്പിൽ കഴിയേണ്ടിവന്നവരുടെയും തകരുന്ന കൂട്ടുകുടുംബങ്ങളിലെ അംഗങ്ങളുടെയും സെമിന്ദാരി സമ്പ്രദായത്തിൽനിന്നു മാറി വ്യാപാരികളായിത്തീരുന്നവരുടെയും മറ്റും കഥകളാണ് ഇദ്ദേഹം തൻെറ നോവലുകളിൽ ചിത്രീകരിച്ചിട്ടുള്ളത്. *ആംസു* (കണ്ണീർ, 1952), *ജീവൻസാഥി* (ജീവിതപങ്കാളി, 1952), *ദേസീ സേണാകജൻ* (രക്തബന്ധംനോക്കി വേണോ വിവാഹം കഴിക്കാൻ! 1958) *പ്യാർ ജി പ്യാസ്* (ജീവിതത്തിൻെറ വിശപ്പ്, 1972) എന്നിവയാണ് മാല്ഹിയുടെ പ്രധാന നോവലുകൾ. *പ്യാർ ജി പ്യാസ്* എന്ന നോവലിന് 1974-ൽ സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. *കഫൻ* (ചരമാവരണം, 1958), *നിമ്മി* (1959), *ഗുസ്താക് കീ മാഫ്* (ധിക്കാരത്തിനു മാപ്പ്, 1959), *ഗോട്ട്കുൻവർ റേസീ* (സന്തുഷ്ടദമ്പതികൾ, 1960), *മേഹ്മേൻ* (അതിഥി, 1961), *ജൂഹുജെ കിനാരേ* (ജൂഹു കടൽത്തീരത്ത്, 1962), എന്നിവയാണ് ഇദ്ദേഹത്തിൻെറ പ്രധാന നാടകങ്ങൾ. സിന്ധിയിലെ പുരോഗമന സാഹിത്യപ്രസ്ഥാനത്തിൻെറ വളർച്ചയിൽ ഗോവിന്ദ് മാല്ഹി മുഖ്യമായ പങ്കുവഹിച്ചിട്ടുണ്ട്. കൊല്ലംതോറും രണ്ടും മൂന്നും കൃതികൾ രചിക്കുകമൂലം, ഇദ്ദേഹത്തിൻെറ കൃതികൾക്കു കലാപരമായ മികവു കുറയുന്നു എന്ന് നിരൂപകർക്കിടയിൽ അഭിപ്രായമുണ്ട്.

ഗോവിന്ദദാസ്, സേഠ് (1896-1974)

സ്വാതന്ത്ര്യഭടനും സാഹിത്യകാരനും. പാർലമെൻേററിയൻ എന്ന നിലയിലും പ്രശസ്തനായിരുന്നു. 24-ാംവയസ്സിൽ സ്വാതന്ത്ര്യപ്രക്ഷോഭണത്തിൽ പങ്കെടുത്തു. കേന്ദ്ര നിയമനിർമാണസഭയിലും ഭരണഘടനാനിർമാണസഭയിലും അംഗമായിരുന്നു. ലോക്സഭയിലും പലവട്ടം അംഗമായിട്ടുണ്ട്. നാടകങ്ങൾ, നോവലുകൾ, ജീവചരിത്രങ്ങൾ, പ്രബന്ധങ്ങൾ, ആത്മകഥ മുതലായി നൂറിലേറെ കൃതികൾ രചിച്ചു. ഗാന്ധിയൻ തത്വശാസ്ത്രത്തിൽ അടിയുറച്ചു വിശ്വസിച്ച ഇദ്ദേഹം അഞ്ചുതവണ ജെയിൽശിക്ഷ അനുഭവിച്ചിട്ടുണ്ട്. 20 വർഷം മഹാകോസല കോൺഗ്രസ് സമിതി അധ്യക്ഷനായിരുന്നു. കോൺഗ്രസ്സിൻെറ കാര്യനിർവഹണസമിതിയിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ലോക്സഭയിൽ അംഗമായിരുന്ന കാലമത്രയും ഹിന്ദിഭാഷയ്ക്കുവേണ്ടി തീവ്രമായി വാദിച്ചുപോന്നു.

1961-ൽ പദ്മഭൂഷൺ ബഹുമതി ലഭിച്ചു. ഹിന്ദിസാഹിത്യത്തിന് അമൂല്യസംഭാവനകൾ നല്കിയിട്ടുണ്ട്.

ഗോവിന്ദൻ, എം. (1919—1989)

മലയാള ഗദ്യകാരനും കവിയും സ്വതന്ത്രചിന്തകനും. 1919 ഒക്ടോബർ 15-നു ജനിച്ചു. വിദ്യാഭ്യാസാനന്തരം മദിരാശി ഗവൺമെൻറ് ഇൻഫർമേഷൻ വകുപ്പിൽ ഉദ്യോഗസ്ഥനായി. 1956-ൽ കേരളരൂപവത്കരണത്തോടെ തിരുവനന്തപുരത്തെത്തി. ഇക്കാലത്ത് 'ഗോപുര'ത്തിൻെറ പ്രസിദ്ധീകരണത്തിൽ ഏർപ്പെട്ടിരുന്നു. 1959-ൽ ഉദ്യോഗം രാജിവച്ചു മദിരാശിക്കു മടങ്ങി. അവിടെനിന്നു സമീക്ഷ തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ പ്രസാധനം ചെയ്തു. കുമാരൻ ആശാൻെറ ശതാബ്ദിയോടുബന്ധിച്ച് ഇന്ത്യയിലെ നവോത്ഥാനത്തിന് ഊന്നൽ കൊടുത്തുകൊണ്ട് ഇംഗ്ലീഷിൽ സമീക്ഷയുടെ വിശേഷാൽപ്രതി



(Sameeksha-Renaissance Number) പ്രസിദ്ധപ്പെടുത്തി (1972). *സമീക്ഷ - ആക്സൻറ് ഓൺ ദ് ന്യൂ* ആണു മറ്റൊരു ഇംഗ്ലീഷ്പതിപ്പ്.

റാണിയുടെ പട്ടി എന്ന കഥാസമാഹാരമാണ് ആദ്യകൃതി (1950). *മണിഓർഡറും മറ്റുകഥകളും* (ചെറുകഥ), *ഒസ്യത്ത്, ചെകുത്താനും മനുഷ്യനും, നീ മനുഷ്യനെ കൊല്ലരുത്* (നാടകം), *ജ്ഞാനസ്നാനം, ഒരു പൊന്നാനിക്കാരൻെറ മനോരാജ്യം, നാട്ടുവെളിച്ചം, നോക്കുകുത്തി* (കവിതകൾ), *അന്വേഷണത്തിൻെറ ആരംഭം, മാനുഷികമൂല്യങ്ങൾ, അറിവിൻെറ ഫലങ്ങൾ, സ്വല്പം ചിന്തിച്ചാലെന്ത്, കമ്യൂണിസത്തിൽനിന്നു മുന്നോട്ട്, സമസ്യകൾ സമീപനങ്ങൾ* (ഉപന്യാസസമാഹാരങ്ങൾ), *എം. ഗോവിന്ദൻെറ ഉപന്യാസങ്ങൾ* (1987) തുടങ്ങിയവയാണു മുഖ്യകൃതികൾ. ചെറുപ്പത്തിൽ എം.എൻ. റോയി നയിച്ച റാഡിക്കൽ ഡെമോക്രാറ്റിക് പാർട്ടിയുടെ പ്രവർത്തകനായിരുന്നു. പിന്നീടു രാഷ്ട്രീയപ്രവർത്തനം അവസാനിപ്പിച്ചുവെങ്കിലും റാഡിക്കൽ ഹ്യൂമനിസമായിരുന്നു ഗോവിന്ദൻെറ വിശ്വാസപ്രമാണം. മൗലികചിന്തയുടെ സജീവസാന്നിധ്യം അനുഭവപ്പെടുത്തുന്നവയാണു പ്രബന്ധങ്ങളിൽ പലതും. നോക്കുകുത്തി എന്ന കവിത ചലച്ചിത്രമായിട്ടുണ്ട്. പ്രസിദ്ധചിത്രകാരനായ കെ.സി.എസ്. പണിക്കരുടെ അനന്തരവൾ ഡോ. കെ.സി. പദ്മാവതി ആണു ഗോവിന്ദൻെറ പത്നി.

1989 ജനുവരി 23-നു ഗുരുവായൂരിൽ അന്തരിച്ചു.

ഗോവിന്ദൻകുട്ടിനായർ, ഉള്ളാട്ടിൽ (1906-1966)

മലയാള സാഹിത്യകാരനും പണ്ഡിതനും വിമർശകനും. പട്ടാമ്പിക്കടുത്തുള്ള പെരുമുടിയൂരിൽ ജനിച്ചു. പ്രൈമറി വിദ്യാഭ്യാസംകഴിഞ്ഞ് പുന്നശ്ശേരി നമ്പിനീലകണ്ഠ ശർമയുടെ സംസ്കൃത പാഠശാലയിൽ ചേർന്ന് സംസ്കൃതം പഠിച്ചു. വിദ്യാഭ്യാസാനന്തരം പാലക്കാട്ട് അധ്യാപകപരിശീലനം നടത്തി. പിന്നീട് പൊന്നാനി താലൂക്ക് ബോർഡിൽ പ്രൈമറി സ്കൂൾ അധ്യാപകനായി.

അധ്യാപകനായിരിക്കെ വിദ്വാൻപരീക്ഷ പാസ്സായി. പല വിദ്യാലയങ്ങളിലും ജോലിചെയ്തു. 1946 മുതൽ 1961 വരെ പട്ടാമ്പി സ്കൂളിൽ മലയാളപണ്ഡിതരായിരുന്നു.

പരിശ്രമംകൊണ്ട് സാഹിത്യവിമർശകനായി വളർന്നു. വിദ്വാൻ സി. എസ്.നായരായിരുന്നു സാഹിത്യഗുരു. മലയാളഭാഷാശാസ്ത്രവും സാഹിത്യവും പഠിച്ചു. ഭാരതീയമായ കാഴ്ചപ്പാടിൽ സാഹിത്യത്തെ വിലയിരുത്തി. *സാഹിത്യസഞ്ചാരം, ജീവിതനാടകം* (ഏകാങ്കങ്ങൾ), *ആധുനിക സാഹിത്യം, ഭാഷയും ഗവേഷണവും, വിചാരദീപ്തി, വിചാരധാര, ഘണ്ടാപഥം, കാവ്യാസ്വാദനം, രൂപരേഖ* എന്നിവയാണ് പ്രധാന ഗ്രന്ഥങ്ങൾ.

ജി.കെ.എൻ.എന്നതായിരുന്നു മുഖ്യ തൂലികാനാമം. ശാകല്യൻ, യാസ്കൻ, ഗോകുലനാരായണൻ, ശോഭന എന്നീ തൂലികാനാമങ്ങളും ഇദ്ദേഹം സ്വീകരിച്ചിരുന്നു. 1964-ൽ സമസ്തകേരള സാഹിത്യപരിഷത്തിൻെറ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. 1961-ൽ തൃപ്പൂണിത്തുറവച്ച് കൊച്ചി പരീക്ഷിത്ത് തമ്പുരാൻ സാഹിത്യനിപുണൻ എന്ന ബഹുമതി നൽകി. 1966 നവംബർ 17-ാം തീയതി ചരമമടഞ്ഞു.

ഗോവിന്ദൻകുട്ടിനായർ, സി.വി. (1930-)

അഭ്യാസിയും ഭിഷഗ്വരനും. ബാലൻനായരിൽനിന്നു പയറ്റുമുറകൾ പഠിച്ചു. മർമചികിത്സയിലും വൈദഗ്ധ്യംനേടി. തിരുവനന്തപുരത്തു സി.വി.എൻ. കളരിസംഘം സ്ഥാപിച്ചു. ഇവിടെ കളരിപ്പയറ്റും മർമചികിത്സയും പഠിപ്പിച്ചുവരുന്നു. വിദേശരാജ്യങ്ങളിൽ പ്രകടനപര്യടനങ്ങൾ നടത്തി. വിദേശികളെയും കേരളത്തിനുപുറത്തുള്ള ഭാരതീയരെയും പയറ്റുമുറകൾ പഠിപ്പിച്ചിട്ടുണ്ട്.

ഗോവിന്ദൻ, കെ.സി. (1907-1986)

കേരളത്തിൻെറ ആദ്യകാല തൊഴിലാളിനേതാവും സ്വാതന്ത്ര്യസമരപ്രവർത്തകനും. 1907 ഏപ്രിൽ 27-ന് അഞ്ചലിൽ(കൊല്ലം ജില്ല) ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം ലഭിച്ചില്ലെങ്കിലും സ്വന്തമായി പഠിച്ചു മലയാളത്തിൽ പ്രാവീണ്യവും ഇംഗ്ലീഷിൽ സാമാന്യപരിചയവും നേടി. 1922-ൽ ആലപ്പുഴ തൊഴിലാളികളെ സംഘടിപ്പിച്ചു. തിരുവിതാംകൂർ ലേബർ അസോസിയേഷൻ മാനേജിങ് കമ്മിറ്റി അംഗവും ജനറൽ സെക്രട്ടറിയും ആയി. അസോസിയേഷൻെറ മുഖപത്രമായ 'തൊഴിലാളി'യുടെ പത്രാധിപർ ആയിരുന്നു. വൈക്കം സത്യഗ്രഹത്തിൽ പങ്കെടുത്തു തിരുവനന്തപുരത്തേയ്ക്ക് ജാഥ നയിച്ചതിന് 1935-ൽ ആലപ്പുഴവച്ച് അറസ്റ്റ് ചെയ്യപ്പെട്ടു. പിന്നീട് ഒരുവർഷത്തെ നല്ലനടപ്പുജാമ്യത്തിൽ വിട്ടയച്ചു. 1937-ൽ പ്രവർത്തനം കൊല്ലത്തേയ്ക്കു മാറ്റി. കൊല്ലം ലേബർ യൂണിയൻ സെക്രട്ടറി ആയി. 1938-ൽ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപവത്കരിച്ചപ്പോൾ അതിൻെറ പ്രവർത്തകനായി. രണ്ടുപ്രാവശ്യമായി നാലുവർഷത്തോളം തടവുശിക്ഷ അനുഭവിച്ചു. സ്വാതന്ത്ര്യപ്രാപ്തിയുടെ ഘട്ടത്തിൽ പൊതുപ്രവർത്തനത്തിൽനിന്നും വിരമിച്ചു. 1986 നവംബർ 4-ന് അന്തരിച്ചു.

ഗോവിന്ദൻ നമ്പൂതിരി, കെ.പി.

† നമ്പൂതിരി കെ.പി.ജി. നോക്കുക.

ഗോവിന്ദൻ നായർ, ഇടശ്ശേരി

† ഇടശ്ശേരി ഗോവിന്ദൻ നായർ നോക്കുക.

ഗോവിന്ദൻനായർ എം.എൻ. (1910-1984)

കേരളത്തിലെ കമ്യൂണിസ്റ്റ്നേതാക്കളിൽ പ്രമുഖൻ. അവിഭക്ത കമ്യൂണിസ്റ്റ്പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയായും കേന്ദ്രസമിതികളിൽ അംഗമായും ദീർഘകാലം സേവനം അനുഷ്ഠിച്ചു. 1957-ൽ ആദ്യമായി കേരളത്തിൽ കമ്യൂണിസ്റ്റ് മന്ത്രിസഭ അധികാരമേറ്റപ്പോൾ എം.എൻ. ആയിരുന്നു സംസ്ഥാന പാർട്ടി സെക്രട്ടറി. 1967—'69 കാലത്തും 1971-'77 കാലത്തും സംസ്ഥാനത്തെ മന്ത്രി എന്ന നിലയിൽ എം.എൻ. ആവിഷ്കരിച്ചു നടപ്പാക്കിയ ഭാവനാപൂർണമായ ക്ഷേമ, നിർമാണപരിപാടികൾ ദേശീയശ്രദ്ധ ആകർഷിച്ചിരുന്നു. ലക്ഷംവീട് ആണ് കൂട്ടത്തിൽ പ്രധാനം. ലാളിത്യം, നയചാതുര്യം, സ്നേഹം, നിസ്സ്വാർഥത തുടങ്ങിയവ ഏകോപിച്ചുനിന്ന വ്യക്തിത്വം ആയിരുന്നു ഇദ്ദേഹത്തിൻെറത്.



1910 ഡിസംബർ 10-നു പന്തളത്തു ജനിച്ചു. ബി.എ.ബിരുദം നേടിയശേഷം ലോകോളെജിൽ ചേർന്നെങ്കിലും നിയമപഠനം പൂർ

ത്തിയാക്കിയില്ല. അല്പകാലം അധ്യാപകനായിരുന്നു. ഹരിജനക്ഷേമപ്രവർത്തനങ്ങളിൽ ചെറുപ്പംമുതൽ ഏർപ്പെട്ടു. ഒരുവർഷം വർദ്ധയിൽ ഗാന്ധി ആശ്രമത്തിലെ അന്തേവാസിയായി കഴിഞ്ഞു. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിൻെറ ആരംഭം മുതൽ അതിൻെറ പ്രവർത്തകനായി. സ്റ്റേറ്റ് കോൺഗ്രസ്സിലെ റാഡിക്കൽപാർട്ടിയുടെ സെക്രട്ടറി ആയിരുന്നു. 1940-ൽ കമ്യൂണിസ്റ്റ്പാർട്ടിയിൽ ചേർന്നു. കൊല്ലത്തും പരിസരങ്ങളിലും തൊഴിലാളിപ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. പലപ്രാവശ്യം ജയിൽവാസം അനുഭവിക്കയും, ഏറെക്കാലം ഒളിവിൽ കഴിയുകയും ചെയ്തു. 1948-ൽ തടവുകാരനെന്നനിലയ്ക്ക് നാഗർകോവിൽ ക്ഷയരോഗാശുപത്രിയിൽ ചികിത്സയിലിരിക്കെ തടവുചാടി ഒളിവിൽപോയി. ഒളിവിലിരിക്കെ 1952-ൽ തിരു-കൊച്ചി നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. 1956 മുതൽ 1967 വരെ രാജ്യസഭാംഗമായിരുന്നു. കമ്യൂണിസ്റ്റ്പാർട്ടിയുടെ പിളർപ്പിനുശേഷം കേരളത്തിൽ സി.പി.ഐ.യുടെ സംസ്ഥാന സെക്രട്ടറിയും ഏറ്റവും പ്രമുഖ നേതാവും ആയിരുന്നു. ദേശീയരംഗത്തും ഉന്നതസ്ഥാനങ്ങൾ വഹിച്ചു. 1977-ൽ ലോക്സഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് ലോക്സഭയിൽ സിപി.ഐ. ഗ്രൂപ്പിൻെറ നേതാവായി. 1984 നവംബർ മാസത്തിൽ അന്തരിച്ചു. സർദാർ കെ.എം.പണിക്കരുടെ പുത്രി ദേവകിയാണ് എം.എൻ-ൻെറ പത്നി.

ഗോവിന്ദൻനായർ, എം.എൻ. (1910—)

മലയാള ഹാസസാഹിത്യകാരൻ. 1910 ഡിസംബർ 24-ന് കോട്ടയത്തു ജനിച്ചു. തിരുവനന്തപുരം സയൻസ് കോളെജിൽനിന്ന് ബി.എ.യും തിരുവനന്തപുരം ലോകോളെജിൽ നിന്ന് ബി.എൽ-ം പാസ്സായി. കോട്ടയത്ത് അഭിഭാഷകനായി. കോട്ടയത്ത് ഓണററി മജിസ്ട്രേട്ടായും സേവനമനുഷ്ഠിച്ചു. ഹാസ്യലേഖനം, ചെറുകഥ, സിനിമാനിരൂപണം എന്നിവ എഴുതി. 'പ്രസന്നകേരളം', 'സിനിമാദീപം' എന്നിവയുടെ പത്രാധിപരായി ജോലിനോക്കി. സാഹിത്യപ്രവർത്തക സഹകരണസംഘത്തിൻെറ സ്ഥാപകാംഗമാണ്. കൃതികൾ: *ട്രാൻസ്പോർട്ട് പ്രണയം, അവൾ കാത്തിരുന്നു, ജന്മി-മുതലാളി-ഉത്തമർണൻ, നായരുടെ മൂക്ക്, ഗോപീവിലാസം.* 1988-ലെ കേരള സാഹിത്യ അക്കാദമി അവാർഡ് എം.എൻ.ഗോവിന്ദൻനായരുടെ ഹാസ്യകൃതികൾക്ക് ലഭിച്ചു. കാർട്ടൂണിസ്റ്റും ചലച്ചിത്രസംവിധായകനുമായ ജി.അരവിന്ദൻ മകനാണ്.

ഗോവിന്ദൻ നായർ, ജസ്റ്റീസ് പി.
(1916-1986)

നിയമജ്ഞനും ന്യായാധിപനും. കേരള ഹൈക്കോടതിയിലെയും മദിരാശി ഹൈക്കോടതിയിലെയും ചീഫ് ജസ്റ്റീസ്. ബാരിസ്റ്റർ കെ.ആർ.പദ്മനാഭപിള്ളയുടെയും മഹിളാമന്ദിരം സെക്രട്ടറിയായിരുന്ന പി.തങ്കമ്മയുടെയും മകൻ. 1916 മേയ് 29-ന് തിരുവനന്തപുരത്തു ജനിച്ചു. മോഡൽ ഹൈസ്കൂളിലും തിരുവനന്തപുരം സയൻസ് കോളെജിലും ആയിരുന്നു വിദ്യാഭ്യാസം. പഠിക്കുന്ന കാലത്ത് ടെന്നീസ് കളിക്കാരനായി പേരെടുക്കുകയും ഇൻറർ കൊളീജിയറ്റ് ചാമ്പ്യൻഷിപ്പ് നേടുകയും ചെയ്തു. ബി.എ. പാസായശേഷം (1937) തിരുവനന്തപുരം ലോ കോളെജിൽ ചേർന്ന് എഫ്.എൽ.,ബി.എൽ. പരീക്ഷകൾ ഒന്നാം റാങ്കോടെ പാസായി. 1940-ൽ തിരുവനന്തപുരം ഹൈക്കോടതിയിൽ പ്രാക്ടീസ് ആരംഭിച്ചു. 1949-ൽ പ്രാക്ടീസ് എറണാകുളത്തേക്കു മാറ്റി. 1962 ജനുവരി 29-ന് കേരള ഹൈക്കോടതി ജഡ്ജിയായി. 1973-ൽ കേരള ഹൈക്കോടതി ചീഫ് ജസ്റ്റീസ് ആയും 1977-ൽ മദിരാശി ഹൈക്കോടതി ചീഫ് ജസ്റ്റീസായും നിയമിക്കപ്പെട്ടു. 1978 മേയിൽ റിട്ടയർ ചെയ്തശേഷം സുപ്രീംകോടതിയിൽ പ്രാക്റ്റീസ് ആരംഭിച്ചു. 1986 മേയ് 26-ന് അന്തരിച്ചു. കെ.പി.എസ്. മേനോൻെറ പുത്രി മാലതിയാണ് ഗോവിന്ദൻനായരുടെ പത്നി. ജസ്റ്റീസ് എസ്.വേലുപിള്ള മാതുലനും ജസ്റ്റീസ് ജി.ശങ്കരപ്പിള്ള മാതാമഹനും ജസ്റ്റീസ് ഏ.ഗോവിന്ദപ്പിള്ള പ്രമാതാമഹനും ആണ്.

ഗോവിന്ദൻ നായർ, വി.കെ. (1903-1978)

മലയാള കവി. കൃഷ്ണലീലകളെക്കുറിച്ച് നർമബോധസുന്ദരവും സരസകോമളശബ്ദഘടിതവുമായ ശ്ലോകങ്ങൾ രചിച്ചു.

1903-ൽ ഒറ്റപ്പാലത്തിനടത്തുള്ള തൃക്കാടീരിയിൻ വടക്കേകിഴക്കേതിൽ വീട്ടിൽ ജനിച്ചു. ബി.എ. ബിരുദം നേടിയശേഷം 1927-ൽ മദിരാശി ഗവൺമെൻറ് പ്രസ്സിൽ ക്ലാർക്കായി. കേരള സംസ്ഥാനപ്പിറവിയോടെ തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിലേയ്ക്ക് മാറി. 1958-ൽ ഉദ്യോഗത്തിൽ നിന്നു വിരമിച്ചു.

അവിൽപ്പൊതി, ഭദ്രദീപം, മുത്തുകൾ എന്നിവയാണ് പ്രധാന കൃതികൾ. അവിൽപ്പൊതിക്കു 1964-ൽ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. *വി.കെ. ഗോവിന്ദൻ നായരുടെ കവിതകൾ* എന്ന പേരിൽ 1974-ൽ ഇദ്ദേഹത്തിൻെറ സമ്പൂർണകൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഗോവിന്ദൻ നായർ, സി.കെ. (1897-1964)

കേരളത്തിലെ പ്രമുഖ കോൺഗ്രസ് നേതാവ്. സ്വാതന്ത്ര്യപ്രാപ്തിക്കു മുൻപും പിൻപും ഇദ്ദേഹത്തിൻെറ പൊതു പ്രവർത്തനത്തിന് ഒരേ സ്വഭാവമായിരുന്നു. ജനസേവനത്തിനു ജീവിതം വിനിയോഗിച്ച സി.കെ. അധികാരസ്ഥാനം അതിലേക്കുള്ള മാർഗമായിക്കണ്ടില്ല. കഴിവും ആത്മാർഥതയും മൂലം ഇദ്ദേഹം നേതൃത്വത്തിലേക്കുയർന്നു. കെ.പി.സി.സി. പ്രസിഡൻറായും, കോൺഗ്രസ് പ്രവർത്തകസമിതി അംഗമായും സി.കെ.ജി. സേവനം അനുഷ്ഠിച്ചു. വർഗീയകക്ഷികളുമായി കോൺഗ്രസ് കൂട്ടുചേരുന്നതിനെ ഇദ്ദേഹം എതിർത്തിരുന്നു.

1897 ജൂലൈയിൽ തലശേരിയിൽ ജനിച്ചു. കോഴിക്കോട്ടും തലശേരിയിലുമായി സ്കൂൾ വിദ്യാഭ്യാസം നിർവഹിച്ചു. തലശേരി ബ്രണ്ണൻ കോളെജിലും മദിരാശി പച്ചയ്യപ്പാസ് കോളെജിലും, ലോ കൊളെജിലും പഠിച്ചു. ബി.എ., ബി.എൽ. ബിരുദങ്ങൾ നേടി. 1922-ൽ അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടു. കൊയിലാണ്ടിയിലെയും തലശേരിയിലെയും കോടതികളിൽ പ്രാക്റ്റീസ് ചെയ്തെങ്കിലും പൊതുപ്രവർത്തനത്തിൽ ആയിരുന്നു ആദ്യം മുതൽ താത്പര്യം. നിയമലംഘനപ്രസ്ഥാനത്തിൽ പങ്കെടുത്തതിനെത്തുടർന്ന് 1932-ൽ അറസ്റ്റു ചെയ്യപ്പെട്ടു. ആറുമാസത്തെ ജയിൽശിക്ഷ അനുഭവിച്ചു. ഗുരുവായൂർ സത്യഗ്രഹത്തിൽ പങ്കെടുത്തു. 1933-ൽ കൽക്കട്ടയിൽ വച്ച് വീണ്ടും അറസ്റ്റു ചെയ്യപ്പെട്ടു. 1942-ൽ ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്തതിനെത്തുടർന്ന് അറസ്റ്റ് ചെയ്ത് മൂന്നുവർഷം തടവിൽ പാർപ്പിച്ചു. 1945 ജൂൺ 30-നു വിട്ടയച്ചു. 1946-ൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നിന്നു മദിരാശി നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. 1933-ലും 1947-ലും കെ.പി.സി.സി. സെക്രട്ടറി ആയിരുന്നു. 1951-ൽ കോഴിക്കോട്ടുനിന്നു ജനവാണി എന്ന പത്രം ആരംഭിച്ചുവെങ്കിലും അടുത്ത കൊല്ലം സാമ്പത്തിക കാരണങ്ങളാൽ പ്രസിദ്ധീകരണം നിർത്തി. 1960-ൽ കെ.പി.സി.സി. പ്രസിഡൻറായി. തുടർന്ന് കോൺഗ്രസ് പ്രവർത്തകസമിതി അംഗമായി നാമനിർദേശം ചെയ്യപ്പെട്ടു. 1964-ൽ രാജ്യസഭാംഗമായി.

1964 ജൂൺ 27-ന് അന്തരിച്ചു.

ഗോവിന്ദപ്പൈ മഞ്ചേശ്വരം (1883-1963)

കന്നടസാഹിത്യകാരൻ. കവി, ഗവേഷകൻ, വിമർശകൻ, ബഹുഭാഷാപണ്ഡിതൻ, ചരിത്രകാരൻ എന്നീ നിലകളിൽ പ്രസിദ്ധൻ. കൊങ്കണി ഭാഷ സംസാരിക്കുന്ന ഗൗഡസാരസ്വതകുടുംബത്തിൽ ജനിച്ചു.

17-ാംവയസ്സിൽ കവിതകൾ എഴുതുവാൻ തുടങ്ങി. ഒന്നാമത്തെ കവിതാസമാഹാരം 'ഗിളിവിംഡ്' (കിളിക്കൂട്ടം) 1930-ൽ പുറത്തുവന്നു. ഉമർഖയ്യാമിൻെറ പദ്യങ്ങളും തർജമചെയ്തിട്ടുണ്ട്. 'ഗോമടജിനസ്തുതി' (1928), ക്രിസ്തുമതത്തെ പ്രകീർത്തിച്ചുകൊണ്ട് 'ഗൊൽഗോഫ്' (1937), ബുദ്ധമതത്തെ പുകഴ്ത്തിക്കൊണ്ട് 'വൈശാഖി' (1946) തുടങ്ങിയ കാവ്യങ്ങളും രചിച്ചു. ഇതിനു പുറമെ ഏകലവ്യൻെറ കഥയെ ആസ്പദമാക്കി 'ഹെബ്ബാറുളു' (പെരുവിരൽ, 1946) എന്ന ഒരു നാടകവും ഭാര്യ മരിച്ചപ്പോൾ നംദാദീപം എന്നൊരു വിലാപകാവ്യവും എഴുതി. ഇംഗ്ലീഷിലെ 'ഗീതകം' (Sonnet) പോലുള്ള കവിതകൾ കന്നടഭാഷയിൽ ആദ്യമായി എഴുതിയത് ഇദ്ദേഹമാണ്.

ഗോവിന്ദപ്പൈ ബാഹുഭാഷാപണ്ഡിതനായിരുന്നു. 1949-ൽ മദ്രാസ് ഗവൺമെൻറിൽനിന്നു 'രാഷ്ട്രകവി' ബിരുദം ലഭിച്ചു. മുപ്പത്തിനാലാമത്തെ കന്നട സാഹിത്യസമ്മേളനത്തിൻെറ അധ്യക്ഷൻ ഇദ്ദേഹമായിരുന്നു.

ഗോവിന്ദപ്പിഷാരോടി, ചെറുകാട്.

†ചെറുകാട് നോക്കുക.

ഗോവിന്ദപ്പിള്ള, എ; ദിവാൻ ബഹാദുർ
(1849—1925)

നിയമജ്ഞനും ഗ്രന്ഥകാരനും കൊട്ടാരം സമ്പ്രതി ശങ്കരൻ പണ്ടാല

യുടെയും ആറ്റുകാൽ ചെറുകരവീട്ടിൽ കല്യാണിഅമ്മയുടെയുടെ പുത്രൻ. തിരുവനന്തപുരത്തെ സ്കൂൾവിദ്യാഭ്യാസത്തിനുശേഷം മദ്രാസ് പ്രസിഡൻസി കോളജിൽ നിന്ന് ബി.എ.യും തിരുവനന്തപുരം ലോ കോളെജിൽ നിന്ന് ബി.എൽ-ം പാസായി. ഡിസ്ട്രിക്ട് ജഡ്ജി,ലോ കോളെജ് പ്രൊഫസ്സർ, ഹൈക്കോടതിയിലെ പ്യൂണിജഡ്ജി എന്നീ തുടങ്ങി പല ഉയർന്ന ഉദ്യോഗങ്ങളും വഹിച്ചിട്ടുണ്ട്. 1911-ൽ ഇദ്ദേഹത്തിന് ദിവാൻ ബഹാദൂർ എന്ന ബഹുമതി നല്കപ്പെട്ടു. പെൻഷൻപറ്റിയശേഷം മരുമക്കത്തായ കമ്മിറ്റി, നാട്ടുഭാഷാ വിദ്യാഭ്യാസ കമ്മിറ്റി തുടങ്ങിയ പല ഗവൺമെൻറ് കമ്മിറ്റികളിലും സേവനമുഷ്ഠിച്ചു.

ഇദ്ദേഹം പുലയബാലന്മാർക്കുവേണ്ടി ഒരു പാഠശാല സ്ഥാപിക്കുകയും ചിലപ്പോൾ താൻതന്നെ പോയി പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മലയാളം, സംസ്കൃതം, തമിഴ്, ബംഗാളി എന്നീ ഭാഷകൾ വശമായിരുന്നു. ഭഗവദ്ഗീത, മനുസ്മൃതിയിലെയും യാജ്ഞവത്ക്യസ്മൃതിയിലെയും വ്യവഹാരവിഷയശ്ലോകങ്ങൾ, *സനൽസുജാതീയം, അനുഗീത, അഭിജ്ഞാനശാകുന്തളം, തിരുക്കുറൾ, കിങ്ലീയർ മക്ബത്ത്, ഹാംലെറ്റ്, ഒഥെല്ലോ, മർച്ചൻറ്ഒഫ് വെനീസ്,ഈഡിപ്പസ്, നീതിശതകം ഗീതാഞ്ജലി, പ്രാഥമികവേദാന്തശാസ്ത്രം ഹിതോപദേശം* തുടങ്ങിയ കൃതികൾ വിവർത്തനം ചെയ്തിട്ടുണ്ട്. *നവരത്നമാലിക, മരുമക്കത്തായസംഗ്രഹം, മാധവീനാടകം* എന്നിവ സ്വതന്ത്ര കൃതികളിൽപ്പെടും.

ഗോവിന്ദപ്പിള്ള കെ., കുമ്മനം (1876-1942)

അധ്യാപകനും ഗ്രന്ഥകാരനും പത്രാധിപരും. കോട്ടയം സി.എം.എസ്. ഹൈസ്കൂളിൽ പഠിച്ചശേഷം ഒളശ്ശ മൂസ്സിൽനിന്നു സംസ്കൃതവും ആയുർവേദവും പഠിച്ചു. കോട്ടയം ഡിവിഷൻ കച്ചേരി, സ്കൂൾ ഇൻസ്പെക്ടറാഫീസ് എന്നിവിടങ്ങളിൽ ജോലിനോക്കിയശേഷം മലയാളം മിഡിൽസ്കൂൾ ഹെഡ്മാസ്റ്ററായി. ഉദ്യോഗത്തിൽനിന്നു വിരമിച്ചശേഷം ഏറ്റുമാനൂർ മജിസ്ട്രേട്ട് കോടതി വക്കീലായും മാന്നാനത്തുനിന്നു പ്രസിദ്ധീരിച്ചുവന്ന നസ്രാണിദീപികയുടെ പത്രാധിപരായും സേവനം അനുഷ്ഠിച്ചു. പ്രാദേശികമായ പൊതുക്കാര്യങ്ങളിലെല്ലാം ഉൾപ്പെട്ട് നേതൃത്വം കൊടുക്കുകയും പുന്നത്തുറ പഞ്ചസാരക്കമ്പനി ആരംഭിക്കുകയും ചെയ്തു. ഇദ്ദേഹത്തിൻെറ പ്രധാന കൃതി 33 സർഗ്ഗങ്ങളുള്ള *ശ്രീചിത്രോദയം* മഹാകാവ്യമാണ്. അതുകൂടാതെ *അനർഘരാഘവം നാടകം* (തർജമ), *നാഗാനന്ദം കാവ്യം ശ്രീമൂലരാജവിജയം, അഷ്ടോത്തരശതകം, കുമാരനല്ലൂർ ദേവീസ്തോത്രം, ഹരിണപുരേശ്വര* (ഏറ്റുമാനൂർ)*സ്തോത്രം* എന്നിവയും ഇദ്ദേഹം രചിച്ചിട്ടുണ്ട്.

ഗോവിന്ദപ്പിള്ള, പി. (1849-'97)

മലയാളത്തിലെ ആദ്യത്തെ സാഹിത്യചരിത്രകാരൻ. തിരുവനന്തപുരത്തു ശ്രീകണ്ഠേശ്വരത്ത് ജനിച്ചു. അച്ഛൻ പുന്നപുരത്ത് പപ്പുപിള്ള മുൻസീഫ്. ഗോവിന്ദപ്പിള്ള ഇരുപത്തിനാലാം വയസ്സിൽ സർവകലാശാലാബിരുദംനേടി ചാല സ്കൂളിൽ പ്രഥമാധ്യാപകനായി കുറെക്കാലം ജോലിനോക്കി. ആയില്യം തിരുനാൾമഹാരാജാവ്.ഗോവിന്ദപ്പിള്ളയെ വലിയകൊട്ടാരം സമ്പ്രതിയായി നിയമിച്ചു. ക്രമേണ സർവാധികാര്യക്കാർ എന്ന പദവിയിലേക്കു പ്രമോഷൻ ലഭിച്ചു. ഈ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞശേഷം വക്കീൽ ആയി ജോലി ചെയ്തു. ശബ്ദതാരാവലിയുടെ കർത്താവ് ശ്രീകണ്ഠേശ്വരം പത്മനാഭപ്പിള്ള ഇദ്ദേഹത്തിൻെറ ഭാഗിനേയനാണ്.

മലയാളഭാഷാചരിത്രം 1881-ലാണു പ്രസിദ്ധം ചെയ്തത്. "-വിസ്മരണസാഗരത്തിൽ മഗ്നങ്ങളായിപ്പോയ കവിതകളെ ഉദ്ധാരണം ചെയ്യുന്നതിനും ഇപ്പോഴുള്ളവതന്നെ മറവിയിൽ അകപ്പെട്ടുപോകാതിരിക്കുന്നതിനും-" (മുഖവുര) ആണു ഈ കൃതി രചിച്ചത്. ഭാഷാചരിത്രമെന്നാണ് പേരെങ്കിലും സാഹിത്യചരിത്രമാണ് വിഷയം. എട്ടുകൊല്ലത്തിനുശേഷം പരിഷ്കരിച്ചു വിപുലമാക്കിയ പതിപ്പ് പ്രസിദ്ധം ചെയ്തു. മലയാളസാഹിത്യത്തെപ്പറ്റിയുള്ള ആദ്യത്തെ പ്രാമാണിക രേഖയാണ് ഈ ഗ്രന്ഥം.

മലയാളകൃതികൾ അച്ചടിക്കാൻ ചില പ്രസ്സുകൾ സ്ഥാപിക്കുകയും ഭാഷാനൈഷധംചമ്പു ആദ്യമായി അച്ചടിപ്പിക്കുകയും ചെയ്തു. ഗോവിന്ദപ്പിള്ളതന്നെ എഴുതിയ ഒരു റോമാചരിത്രവും ആയില്യംതിരുനാളിൻെറ ജീവചരിത്രവും *എ ഹാൻഡ് ബുക്ക് ഒഫ് ട്രാവൻകോർ* എന്ന ഇംഗ്ലീഷ് ഗ്രന്ഥവും അച്ചടിച്ചു പ്രസിദ്ധംചെയ്തു. ഹൈക്കോർട്ടുവിധികൾ, റെഗുലേഷനുകൾ തുടങ്ങിയ നിയമഗ്രന്ഥങ്ങളും, ബീജഗണിതം തുടങ്ങിയ ശാസ്ത്രഗ്രന്ഥങ്ങളും അച്ചടിപ്പിക്കാൻ ഇദ്ദേഹത്തിനു കഴിഞ്ഞു.

ഗോവിന്ദപ്പിള്ള. പി. (1926-)

രാഷ്ട്രീയ നേതാവും പത്രപ്രവർത്തകനും മാർക്സിസ്റ്റ് സാഹിത്യ ചിന്തകനും.

1926 മാർച്ച് 25-ന് പെരുമ്പാവൂരിനടുത്തുള്ള പുല്ലുവഴിക്കരയിൽ ജനിച്ചു. ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളെജിൽനിന്ന് ബി.എ. ബിരുദം നേടി. 1942-ൽ ക്വിറ്റിന്ത്യാ സമരത്തിൽ പങ്കെടുത്തു. പിന്നീടു കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനായി. 1946 വരെ ഒളിവിൽ പ്രവർത്തിച്ചു. 1951-ൽ തിരു-കൊച്ചി നിയമസഭയിലും 1967 മുതൽ '70 വരെ കേരള നിയമസഭയിലും അംഗമായിരുന്നു. 1964-നുശേഷം കുറച്ചുകാലം 'ദേശാഭിമാനി'യുടെ പത്രാധിപരായിരുന്നു. ഇപ്പോൾ കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെൻറ് കോർപറേഷൻെറ ചെയർമാനാണ്. *ഇസങ്ങൾക്കിപ്പുറം, സാഹിത്യവും രാഷ്ട്രീയവും, വിപ്ലവപ്രതിഭ* എന്നിവയാണ് പ്രധാനകൃതികൾ. *ഭൂതകാലവും മുൻ വിധിയും, കാട്ടുകടന്നൽ* എന്നിവ വിവർത്തനങ്ങളാണ്.



ഗോവിന്ദപ്പിള്ള, മള്ളൂർ, (1878-1969)

പ്രശസ്ത നിയമജ്ഞനും അഭിഭാഷകനും. കൊല്ലവർഷം 1053-ലെ ചിത്രാപൗർണമിദിവസം(1878 മെയ്) കോട്ടയത്തു ജനിച്ചു. കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിൽ വിദ്യാഭ്യാസംചെയ്തു. അധ്യാപകനായും ഗുമസ്തനായും ജോലിചെയ്തു. പിന്നീട് അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടു. ലോ കോളജിൽ പാർട്ട് ടൈം പ്രൊഫസ്സറുദ്യോഗവും നോക്കിയിരുന്നു. പിന്നീടു ലോ കോളജിലെ പ്രിൻസിപ്പാളായി. ഈ ഉദ്യോഗത്തിൽനിന്നു വിരമിച്ചശേഷം വീണ്ടും അഭിഭാഷകവൃത്തിയിൽ ഏർപ്പെടുകയും ഏതാണ്ടു ജീവിതാവസാനംവരെ ആ തൊഴിലിൽ തുടരുകയും ചെയ്തു.

തൻെറ കാലത്തെ ഏറ്റവും പ്രശസ്തനായ ക്രിമിനൽ വക്കീലായിരുന്നു മള്ളൂർ. സാഹിത്യ-വിദ്യാഭ്യാസ-സാംസ്കാരികരംഗങ്ങളിലും ഇദ്ദേഹം താല്പര്യം പ്രദർശപ്പിച്ചു. സംഗീതം, നാടകം തുടങ്ങിയ കലകളുടെ ഉപാസകനായിരുന്നു. നല്ല നടനുമായിരുന്നു. രാഷ്ട്രീയ രംഗത്തു താരതമ്യേന ചുരുക്കമായി മാത്രമേ മള്ളൂർ പ്രവർത്തിച്ചിട്ടുള്ളു. ഇന്ത്യയിലെ ആദ്യത്തെ ജനപ്രതിനിധിസഭയായിരുന്ന ശ്രീമൂലം പ്രജാസഭയിൽ പല തവണ തിരുവനന്തപുരത്തുനിന്നുള്ള പ്രതിനിധിയായിരുന്നിട്ടുണ്ട്. 1930-ൽ തിരുവനന്തപുരത്തുവച്ചു നടത്തിയ സാഹിത്യപരിഷത്തിൻെറ മുഖ്യസംഘാടകനായിരുന്നു. ആ സമ്മേളനത്തിലെ പ്രസംഗങ്ങളും നടപടികളും പുസ്തകമായി പ്രസിദ്ധീകരിച്ചു. തിരുവിതാംകൂർ സർവകലാശാലയുടെ തുടക്കത്തിനുവേണ്ടി ഉത്സാഹിച്ചവരുടെ കൂട്ടത്തിൽ മള്ളൂരിന് സ്ഥാനമുണ്ട്. കുറേക്കാലം പൗരസ്ത്യഭാഷകളുടെ ഡീൻ ആയിരുന്നു. 1969 ജൂൺ 20-ാം തീയതി നിര്യാതനായി.

ഗോവിന്ദപ്പിള്ള, സി.പി. (1877-1939)

ഗ്രന്ഥകാരനും പത്രപ്രവർത്തകനും. ചിറയിൻകീഴിൽ കരിങ്ങാടത്ത് കല്യാണിക്കുട്ടിഅമ്മയുടെയും വർക്കല കുടവറുത്തൂർ പരമേശ്വരൻ

പിള്ളയുടെയും പുത്രൻ. സ്കൂളിൽ മലയാളപണ്ഡിതരായി ജോലി നോക്കി. കേരളപഞ്ചികയുടെയും കെ. രാമകൃഷ്ണപിള്ളയ്ക്കു മുൻപ് സ്വദേശാഭിമാനിയുടെയും പത്രാധിപരായിരുന്നു. മലയാളത്തിൽ ഗദ്യപദ്യങ്ങൾ രചിക്കാനറിയാമായിരുന്ന ഗോവിന്ദപ്പിള്ള *കൃഷ്ണകാന്തൻെറ പത്രിക, മാലതി, സാഹിത്യസുധാകരം, നാടകചതുഷ്ടയം, കാളിദാസചരിത്രം, ക്രിസ്റ്റഫർ കൊളംബസ്, വാസ്കോ ഡഗാമ, ചന്ദ്രസേനൻ, ആര്യഭൂഷണം, പുരാണപ്രഭാവം, ജാതകഫലബോധം* എന്നീ കൃതികൾ രചിച്ചു. മലയാളത്തിലുള്ള ഗ്രാമീണഗാനങ്ങൾ ശേഖരിച്ച് *മലയാളത്തിലെ പഴയപാട്ടുകൾ(ഒന്നാംഭാഗം)* എന്ന പേരിൽ പ്രസിദ്ധീകരിച്ചു.

ഗോവിന്ദപ്പൊതുവാൾ (? — 1903)

ചെണ്ടകൊട്ടു വിദഗ്ധൻ. ഞെരളത്ത് കുടുംബത്തിൽ ജനിച്ചു. ചെണ്ട വാദ്യത്തിൽ ചൂടുവാലത്തൂർ പാരമ്പര്യക്കാരനാണ്. മികച്ച തായമ്പക വിദഗ്ധൻ ആയിരുന്നു. മൂത്തേടത്ത് വാസുദേവൻ നമ്പൂതിരിയിൽനിന്ന് കളിക്കൊട്ടു പഠിച്ചു. ഒളപ്പമണ്ണ മനക്കാരുടെ ആശ്രിതൻ ആയിരുന്നു. ഇട്ടിരാരിച്ചമേനോൻെറ ചിട്ടയൊത്ത ചൊല്ലിയാട്ടത്തിനു ചെണ്ടമേളം നടത്തി ചന്തവും ഗാംഭീര്യവും വരുത്താൻ പൊതുവാൾക്കു പ്രത്യേക പാടവം ഉണ്ടായിരുന്നു. മധ്യകേരളത്തിലെ കളിയരങ്ങുകളിൽ അംഗീകരിക്കപ്പെട്ട ചെണ്ടവിദഗ്ധനായി നാലു ദശകത്തോളം പൊതുവാൾ തിളങ്ങിനിന്നു. 1903-ൽ അന്തരിച്ചു.

ഗോവിന്ദമാരാർ, ഷട്കാല

†ഷട്കാല ഗോവിന്ദമാരാർ നോക്കുക.

ഗോവിന്ദമേനോൻ, എം.പി. (1895—1962)

കേരളത്തിലെ സ്വാതന്ത്ര്യസമര നേതാവ്. 1895 ജൂൺ 15-ന് പാലക്കാടു ജില്ലയിലെ അങ്ങാടിപ്പുറത്ത് ജനിച്ചു. ബി.എ.യും എൽ.റ്റി.യും ജയിച്ചു (1923). പിന്നീട് പ്ലീഡർഷിപ്പ് പരീക്ഷ പാസായി (1929). 1930-ൽ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിൽ ചേർന്നു. വള്ളുവനാട് താലൂക്ക് കോൺഗ്രസ് കമ്മിററി പ്രസിഡൻറ് ആയി. 1939-ൽ കെ.പി. സി.സി. പിരിച്ചുവിട്ടശേഷം രൂപവത്കരിച്ച അഡ്ഹോക് കമ്മിറ്റിയിൽ അംഗമായിരുന്നു. വ്യക്തിസത്യഗ്രഹത്തിൽ പങ്കെടുത്തതിന് 1941-ൽ ആറുമാസത്തെ തടവുശിക്ഷ കിട്ടി. ക്വിറ്റ് ഇന്ത്യാ സമരത്തോടനുബന്ധിച്ചു 1942 ഓഗസ്റ്റ് 9-ന് അറസ്റ്റു ചെയ്യപ്പെട്ടു. 1945 ജൂൺവരെ തടങ്കലിൽ പാർപ്പിച്ചു. മലബാർ ഡിസ്ട്രിക്ട് ബോർഡിലും മദിരാശി നിയമസഭയിലും അംഗമായിരുന്നു.

ഗോവിന്ദമേനോൻ, പനമ്പിള്ളി (1908–1970)

കേരളത്തിലും ദേശീയരംഗത്തും വ്യക്തിമുദ്രപതിച്ച രാഷ്ട്രീയനേതാവ്. അന്യാദൃശമായ വാഗ്മിത, സംഘടനാപാടവം, കർമശേഷി, ഭരണനൈപുണി തുടങ്ങിയവ ഒത്തിണങ്ങിയതായിരുന്നു പനമ്പിള്ളിയുടെ വ്യക്തിത്വം.



ചാലക്കുടിക്കടുത്തുള്ള കക്കാട്ഗ്രാമത്തിൽ സെപ്റ്റംബറിൽ ജനിച്ചു. ചേന്ദമംഗലത്തും എറണാകുളത്തുമായി സ്കൂൾ വിദ്യാഭ്യാസം നടത്തി. തൃശൂർ സെൻറ് തോമസ് കോളെജിലും, തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ് കോളെജിലും പഠിച്ച് ഫിസിക്സിൽ ഓണേഴ്സ് ബിരുദം നേടി. മദിരാശി ലോ കോളെജിൽനിന്നും ബി.എൽ. ബിരുദം സമ്പാദിച്ചശേഷം ഇരിങ്ങാലക്കുട കോടതിയിൽ പ്രാക്റ്റീസ് തുടങ്ങി. അക്കാലത്താണു പൊതുപ്രവർത്തനം ആരംഭിച്ചത്. 1938-ൽ പ്രാക്റ്റീസ് എറണാകുളത്തേക്കു മാറ്റി.

വിദ്യാർഥി ആയിരിക്കെ നിസ്സഹകരണപ്രസ്ഥാനത്തിലും വിദേശവസ്ത്ര ബഹിഷ്കരണത്തിലും പങ്കെടുത്തു. 1935-ൽ കൊച്ചി നിയമസഭയിലേക്ക് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. 1938-ൽ മുളങ്കുന്നത്തുകാവിൽ നിന്നു വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. ക്വിറ്റ് ഇന്ത്യാസമരകാലത്ത് പോലീസ് മർദനത്തിൽ പ്രതിഷേധിച്ച് നിയമസഭാംഗത്വം രാജിവച്ചു. തുടർന്ന് അറസ്റ്റുചെയ്യപ്പെട്ടു. കൊച്ചിരാജ്യപ്രജാമണ്ഡലം രൂപവത്കരിച്ചപ്പോൾ അതിൻെറ പ്രവർത്തകനായി. 1945-ൽ എറണാകുളത്തുനിന്നു പ്രജാമണ്ഡലത്തിൻെറ സ്ഥാനാർഥിയായി തിരഞ്ഞെടുക്കപ്പെട്ടു. നിയമസഭയിൽ പ്രജാമണ്ഡലത്തിൻെറ നേതാവായി. 1947-ൽ മന്ത്രിസഭയിൽ അംഗവും, 1948-ൽ മുഖ്യമന്ത്രിയുമായി. ഇന്ത്യൻ ഭരണഘടനാ നിർമാണസഭയിലും പനമ്പിള്ളി അംഗമായിരുന്നു. തിരു-കൊച്ചി സംയോജനത്തിനു ശേഷവും പനമ്പിള്ളി കുറെക്കാലം മന്ത്രിയായിത്തുടർന്നു.

1952-ലെ തിരഞ്ഞെടുപ്പിൽ വീണ്ടും വിജയിച്ചു ധനകാര്യമന്ത്രിയായി. 1953-ൽ ജനീവയിൽ ചേർന്ന ഐ.എൽ.ഒ. കോൺഫറൻസിൽ ഇന്ത്യാ ഗവൺമെൻറിൻെറ പ്രതിനിധിയായി പങ്കെടുത്തു. 1954-ലെ തിരഞ്ഞെടുപ്പിനെത്തുടർന്നു തിരു-കൊച്ചി നിയമസഭയിൽ കോൺഗ്രസ് കക്ഷി നേതാവായി. 1955-ൽ തിരു-കൊച്ചി മുഖ്യമന്ത്രിയായി. 1962-ൽ മുകുന്ദപുരം നിയോജകമണ്ഡലത്തിൽനിന്നു പാർലമെൻറിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. കേന്ദ്രത്തിൽ ഭക്ഷ്യവകുപ്പിലെ മന്ത്രിയായി (മിനിസ്റ്റർ ഒഫ് സ്റ്റേറ്റ്). 1967-ലെ പൊതുതിരഞ്ഞെടുപ്പിൽ കേരളത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട പനമ്പിള്ളി കേന്ദ്ര നിയമവകുപ്പുമന്ത്രിയായി. സാമൂഹിക ക്ഷേമവകുപ്പും, അല്പകാലം റെയിൽവെ വകുപ്പും അദ്ദേഹത്തിൻെറ ചുമതലയിലായിരുന്നു.

1963-ൽ ബൽഗ്രേഡ് സന്ദർശിച്ച പാർലമെൻറ് ഡെലിഗേഷനംഗമായും പൊതുമേഖലാ വ്യവസായ സ്ഥാനപങ്ങൾക്കുള്ള പാർലമെൻററിക്കമ്മറ്റിയുടെ ചെയർമാനായും 1966-ൽ സിയോളിൽ ചേർന്ന എഫ്.എ.ഒ. സമ്മേളനത്തിലെ ഇന്ത്യൻ പ്രതിനിധിസംഘനേതാവായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

കേന്ദ്രമന്ത്രിസഭയിൽ അംഗം ആയിരിക്കെ 1970 മെയ് 23-നു ദില്ലിയിൽ അന്തരിച്ചു.

ഗോവിന്ദമേനോൻ, രായിരങ്കണ്ടത്ത് (1860–1930)

അഭിഭാഷകനും സാഹിത്യകാരനും. നെന്മാറ രായിരങ്കണ്ടത്തു വീട്ടിൽ ലക്ഷ്മി അമ്മയുടെയും പാലക്കാട്ട് മാഞ്ഞാളൂർ ഏറത്ത് കരുണാകരൻനായരുടെയും പുത്രൻ. സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകളും ജ്യോതിശ്ശാസ്ത്രവും നിയമവും പഠിച്ച് സ്വദേശത്തെ കോടതികളിൽ ക്രിമിനൽ വക്കീലായി. *കേരളീയ കുവലയാനന്ദം (അലങ്കാരശാസ്ത്രഗ്രന്ഥം), ദത്താത്രേയതന്ത്രം (ജാലവിദ്യാവിഷയകമായ ഗ്രന്ഥം)*എന്നീ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

ഗോവിന്ദവല്ലഭപന്ത്, പണ്ഡിത് (1887–1961)

ഇന്ത്യൻ സ്വാതന്ത്ര്യസമരസേനാനിയും 1956-'61 കാലത്തെ കേന്ദ്ര-ആഭ്യന്തരമന്ത്രിയും. 1887 സെപ്റ്റംബർ 10-ന് യു.പി.യിലെ അൽമോറയിൽ ജനിച്ചു. അൽമോറയിലും അലാഹാബാദിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി.

1909-ൽ അലാഹാബാദിൽ അഭിഭാഷകനായി പൊതുജീവിതം ആരംഭിച്ചു. പിന്നീട് നൈനിറ്റാളിലേക്കു പ്രാക്ടീസ് മാറ്റി. അക്കാലത്താണു രാഷ്ട്രീയപ്രവർത്തനം ആരംഭിച്ചത്. ഗ്രാമോദ്ധാരണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. സൗത്ത്ബൊറോ കമ്മിറ്റിയുടെ മുമ്പിൽ തെളിവുകൾ കൊടുത്തു. 1923-ൽ യു.പി.ലജിസ്ലേറ്റീവ് കൗൺസിലിലേക്ക് സ്വരാജ് പാർട്ടിയുടെ പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടു. യു.പി.യിലെ സ്വരാജ് പാർട്ടിയുടെ ലീഡറായി. 1927-ൽ യു.പി.കോൺഗ്രസ് കമ്മിറ്റിയുടെ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. അലിഗഢ് സമ്മേളനത്തിൽ ആധ്യക്ഷ്യം വഹിച്ചിട്ടുണ്ട്. സൈമൺ കമ്മീഷൻ

വിരുദ്ധ പ്രകടനത്തിൽ പങ്കെടുക്കുകയും രണ്ടുതവണ ജയിൽശിക്ഷ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. യു.പി.യിലെ കർഷകബന്ധ കമ്മിറ്റിയുടെ അധ്യക്ഷനായും ഇരുന്നിട്ടുണ്ട്.

1931-ൽ പണ്ഡിത് പന്ത് കോൺഗ്രസ് പ്രവർത്തകസമിതി അംഗമായി. 1934-ൽ കോൺഗ്രസ് ജനറൽ സെക്രട്ടറിയായി. 1937-ൽ യു.പി.അസംബ്ലിയിൽ കോൺഗ്രസ് പാർട്ടിയുടെ നേതാവായി. 1937 മുതൽ '39 വരെ യു.പി.യിലെ മുഖ്യമന്ത്രിയായിരുന്നു. രണ്ടാംലോകയുദ്ധാരംഭത്തിൽ കോൺഗ്രസ് മന്ത്രിസഭകൾ രാജിവച്ചപ്പോൾ പന്തും സ്ഥാനം രാജിവച്ചു. 1940-ൽ സത്യഗ്രഹത്തിൽ പങ്കെടുത്ത് ഒരുവർഷത്തെ തടവുശിക്ഷ അനുഭവിച്ച് അഹമ്മദ്നഗർകോട്ടയിൽ കഴിഞ്ഞു. 1945-ൽ സിംലാ കോൺഫറൻസിൽ പങ്കെടുത്തു. മഹമ്മദാലി ജിന്നയുമായി കൂടിയാലോചനകളിൽ ഏർപ്പെട്ടു. സെൻട്രൽ പാർലമെൻററി ബോർഡിൽ അംഗമായി. യു.പി.പാർലമെൻററി ബോർഡ് ചെയർമാനായി. യു.പി.യിലെ മുഖ്യമന്ത്രിയായി 1955 വരെ സേവനം അനുഷ്ഠിച്ചു. പിന്നീട് കേന്ദ്രമന്ത്രിസഭയിൽ അംഗമായി. 1958-ൽ കോൺഗ്രസ് പാർലമെൻററി പാർട്ടി ഡെപ്യൂട്ടി ലീഡറായി.

ഗോവിന്ദറാവു, എൻ.എസ്. (1907—)

ഇന്ത്യൻ ഹൈഡ്രോളജിസ്റ്റ്. 1907 ഫെബ്രുവരി 6-നു ജനിച്ചു. സിവിൽ എൻജിനീയറിങ്ങിൽ ഹൈഡ്രോളിക്സ് പ്രധാനവിഷയമായി എടുത്തു ഡിഗ്രി നേടി. ബംഗ്ളൂർ യൂനിവേഴ്സിറ്റിയിൽ സിവിൽ എൻജിനീയറിങ്-ഹൈഡ്രോളിക് എൻജിനീയറിങ് വകുപ്പിൽ പ്രൊഫസറായി. സെൻട്രൽ ബോർഡ് ഒഫ് ഇറിഗേഷനിൽ ഉപദേഷ്ടാവ്, ഇൻസ്റ്റിറ്റ്യൂഷൻ ഒഫ് എൻജിനീയേഴ്സ് എന്ന സ്ഥാപനത്തിൻെറ പ്രസിഡൻറ്, ഇന്ത്യൻ നാഷനൽ സയൻസ് അക്കാദമിയുടെ ഫെല്ലോ, ഇൻറനാഷനൽ അസോസിയേഷൻ ഒഫ് ഹൈഡ്രോളിക് റിസർച്ച് കൗൺസിൽ അംഗം, കർണാടക ഗവൺമെൻറിൻെറ മേജർ ഇറിഗേഷൻ പ്രൊജക്റ്റ് ബോർഡിലെ അംഗം എന്നിങ്ങനെ പല സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്.

ഗോവിന്ദറാവു, ടി.കെ. (1928—)

കേരളീയനായ കർണാടക സംഗീതജ്ഞൻ. സംഗീതത്തിൻെറ ഭാവശുദ്ധിക്കും സാമ്പ്രദായിക സൗന്ദര്യത്തിനും പ്രാധാന്യം നല്കുന്ന ഗായകൻ. മുസിരി സുബ്രഹ്മണ്യയ്യരുടെ മുഖ്യശിഷ്യനായ ഗോവിന്ദറാവു മുസിരി ശൈലിയുടെ ഏറ്റവും മികച്ച വക്താവാണ്.

തൃപ്പൂണിത്തുറയിൽ ജനിച്ചു. പിതാവു പള്ളിശ്ശേരിയിൽ കൃഷ്ണൻ എമ്പ്രാന്തിരി. തൃപ്പൂണിത്തുറ മണിഭാഗവതർ ആണ് ആദ്യ ഗുരു. പിന്നീടു മദിരാശിയിലെത്തി ചെമ്പൈ വൈദ്യനാഥഭാഗവതരുടെ കീഴിൽ മൂന്നു വർഷം സംഗീതം അഭ്യസിച്ചു. 1948-ൽ മദിരാശിയിൽ സെൻട്രൽ കോളെജ് ഒഫ് കർണാട്ടിക് മ്യൂസിക് പ്രവർത്തനം ആരംഭിച്ചപ്പോൾ അവിടെച്ചേർന്നു പഠനം തുടർന്നു. ആ സ്ഥാപനത്തിൻെറ പ്രിൻസിപ്പൽ ആയിരുന്ന മുസിരിയുടെ ശിഷ്യത്വത്തിൽ റാവുവിൻെറ സംഗീതസിദ്ധികൾ വികസിച്ചു. ഈ കോളെജിൽ മൂന്നു വർഷം ലക്ചറർ ആയിരുന്നു. 1976-ൽ ആകാശവാണിയുടെ മദിരാശി നിലയത്തിൽ മ്യൂസിക് പ്രൊഡ്യൂസർ ആയി. പിന്നീടു ദില്ലി നിലയത്തിലെ കർണാടകസംഗീതത്തിൻെറ ചീഫ് പ്രൊഡ്യൂസർ ആയി നിയമിക്കപ്പെട്ടു. *വർണമഞ്ജരി* എന്ന പേരിൽ 50 വർണങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആദ്യകാല മലയാള ചലച്ചിത്രമായ *നിർമല*യിലെ പിന്നണി ഗായകൻ ആയിരുന്നു.

ഗോഷർരോഗം (Gaucher's disease)

ഒരിനം സ്ഥായിരോഗം (Chronic disease. വിളർച്ച, കരളിനും പ്ലീഹയ്ക്കും ഉണ്ടാകുന്ന വീക്കം എന്നിവ ലക്ഷണങ്ങളിൽപെടുന്നു. ഫിലിപ്പ് ഗോഷർ എന്ന ഫ്രെഞ്ചു രോഗവിദഗ്ധനാണു രോഗം കണ്ടെത്തിയത്. അതുകൊണ്ട് ഈ പേർ വന്നു. കൊഴുപ്പിൻെറ ഉപാപചയത്തിലുള്ള തകരാറാണു രോഗകാരണം.

റെറ്റിക്കുലോ എൻഡോതീലിയൽ കോശങ്ങളിൽ കൊഴുപ്പ് അടിഞ്ഞുകൂടും. ഇവയെ ഗോഷർകോശങ്ങൾ എന്നു വിളിക്കുന്നു.

ഗോസ്, സർ എഡ്മണ്ട് വില്യം (1849–1928)

ഇംഗ്ലീഷ് സാഹിത്യവിമർശകൻ. ഏറെക്കാലം ഇംഗ്ലീഷിലെ ഏറ്റവും പ്രാമാണികനായ വമർശകനായി പരിഗണിക്കപ്പെട്ടു. ചെറുപ്പംമുതൽ സ്കാൻഡിനേവിയൻ ഭാഷാപഠനത്തിൽ താത്പര്യം പുലർത്തിയ

ഗോസിൻെറ പരിഭാഷകളും നിരൂപണങ്ങളുമാണ് നോർവീജിയൻ നാടകകൃത്തായ ഇബ്സനെ ഇംഗ്ലണ്ടിൽ പരിചയപ്പെടുത്തിയത്. ഫ്രെഞ്ചു സാഹിത്യത്തിലും ഇദ്ദേഹം ആധികാരിക പാണ്ഡിത്യം നേടി.

1849 സെപ്റ്റംബർ 21-ന് ലണ്ടനിൽ ജനിച്ചു. പിതാവ് ജന്തുശാസ്ത്രജ്ഞനും ദൈവസഭാ പ്രചാരകനുമായിരുന്നു. ബ്രിട്ടീഷ് മ്യൂസിയത്തിലും (1867–1875) പ്രഭുസഭയിലും (1904–1914) ലൈബ്രേറിയനായി ജോലി ചെയ്ത ഗോസ് ദീർഘകാലം പ്രശസ്തസാഹിത്യകാരന്മാരുമായി സുഹൃദ്ബന്ധം പുലർത്തി. നോർവീജയൻ (1901) ഇംഗ്ലീഷ് (1925) പ്രഭുപദവികൾ ഇദ്ദേഹത്തിനു ലഭിച്ചു. വിമർശനങ്ങളും സാഹിത്യചരിത്രങ്ങളും ജീവചരിത്രങ്ങളുമായി പതിനഞ്ചോളം പ്രമുഖകൃതികൾ രചിച്ചു. ഗോസിൻെറ ജവിതസ്മരണകളാണ് *ഫാദർ ആൻറ് സൺ* (1907) എന്ന പ്രശസ്തകൃതി. 1928 മെയ് 16-ന് ലണ്ടനിൽ അന്തരിച്ചു.

ഗോസായി

ശൈവസന്യാസി. 'ഗോസ്വാമി'യുടെ രൂപാന്തരം ആണു ഗോസായി. പശുപതി എന്നും ഇന്ദ്രിയ നിയന്ത്രണം നേടിയവർ എന്നും 'ഗോസ്വാമി'ക്ക് അർഥമുണ്ട്. ഇവർ ശങ്കരാചാര്യരുടെ പരമ്പരയിൽ പെട്ടവരാണ് എന്നു പറയുന്നു. ഗിരി, പുരി, പർവത്, സാഗർ, വാൻ, തീർഥ, ഭാരതി, സരസ്വതി, അരണി, ആശ്രമ് എന്നിങ്ങനെ ഇവരിൽ 10 വിഭാഗം ഉണ്ട്. കാഷായവസ്ത്രം, രുദ്രാക്ഷമാല, ഭസ്മത്രിപുണ്ഡ്രം എന്നിവ ധരിക്കുന്നു. ഭിക്ഷ എടുത്തു ഭക്ഷിച്ചിരുന്നു. ഇവർ അവധൂതർ (സമുദായത്തിൽനിന്ന് അകന്നുകഴിയുന്നവർ) ആയിരുന്നു. ഇന്നു സ്ഥിതി മാറിയിരിക്കുന്നു. ഗോസ്വാമിമാർ പലരും ഭൂസ്വാമിമാരായി; ചിലർ വ്യാപാരികളും. കാഷായവസ്ത്രവും സന്യാസവും ഇന്ന് ഇവർക്കില്ല.

ഗോളം (Sphere)

ഒരു ഘനരൂപം. വൃത്തത്തിൻെറ ത്രിമാനരൂപമാണ് ഇത്. ഒരു സ്ഥിരബിന്ദുവിൽനിന്നുള്ള ദൂരം സ്ഥിരമായിരിക്കുന്ന വിധത്തിൽ സഞ്ചരിക്കുന്ന ബിന്ദുവിൻെറ പഥ(locus)മോ, ആ പഥം ഉപരിതലമായി വരുന്ന ഘനരൂപമോ ആണു ഗോളം.

ഈ ബിന്ദുപഥത്തിന് ആധാരമായ സ്ഥിരബിന്ദുവാണു ഗോളത്തിൻെറ കേന്ദ്രം (centre). ഈ കേന്ദ്രത്തിൽനിന്നു ഗോളോപരിതലത്തിലേക്കുള്ള ദൂരം ആണ് അതിൻെറ ആരം (radius). ഗോളോപരിതലത്തിലെ രണ്ടു ബിന്ദുക്കൾ തമ്മിൽ കേന്ദ്രത്തിലൂടെ വരയ്ക്കുന്ന രേഖ

യുടെ നീളമാണ് വ്യാസം (diameter). ഇത് ആരത്തിന്റെ ഇരട്ടിയായിരിക്കും. ഗോളോപരിതലത്തിലുള്ളതും ഗോളത്തിന്റെ അതേ വ്യാസം ഉള്ളതുമായ വൃത്തങ്ങളാണ് ബൃഹദ്‌വൃത്തം(great circle). ബൃഹദ്‌വൃത്തംകൊണ്ടു ഛേദിക്കപ്പെടുന്ന ഗോളത്തിന്റെ ഓരോ ഭാഗവും അർധഗോളം (hemisphere) എന്നറിയപ്പെടുന്നു.

'r' ആരമായുള്ള ഗോളത്തിന്റെ ഉപരിതലവിസ്തൃതി $4\pi r^2$. വ്യാപ്തം $^4/_3\pi r^3$. ഗോളത്തെ $x^2 + y^2 + z^2 = r^2$ എന്ന കാർത്തീയ സമീകരണം (cartesian co-ordinate equation) കൊണ്ടു കുറിക്കാം. (x, y, z എന്നിവ കാർത്തീയ നിർദേശാങ്കങ്ങൾ.)

ഗോളക

അമ്പലങ്ങളിലെ ദേവപ്രതിഷ്ഠകളെ മൂടുമാറ് ലോഹംകൊണ്ടുണ്ടാക്കിവരുന്ന ഉറ. സ്വർണംകൊണ്ടും വെള്ളികൊണ്ടും ഉണ്ടാക്കാറുണ്ട്. ഒരു അലങ്കാരവസ്തു എന്നതിൽക്കവിഞ്ഞ മാഹാത്മ്യമൊന്നും ഇതിനില്ല. എന്നാൽ, കൊത്തുപണിയുടെ മികവ് കാട്ടുന്ന ഗോളകകൾ ധാരാളമുണ്ട്.

ഗോളബന്ധം

നവഗ്രഹങ്ങളെ പ്രതിനിധാനംചെയ്യാൻ ഉണങ്ങിയ മുളകൊണ്ടുള്ള ഗോളയന്ത്രനിർമാണം. കൃത്രിമഗോളം നിർമിച്ചു രാശിചക്രം ഉണ്ടാക്കി അതിൽ കെട്ടി ചലിപ്പിച്ചാണ് പ്രാചീനകാലത്ത് ശാസ്ത്രജ്ഞന്മാർ ഗണിതം നടത്തിവന്നത്. മഹോദയപുരത്ത് സ്ഥാണുരവിചക്രവർത്തി ഒരു ഗോളയന്ത്രം സ്ഥാപിച്ചതായി പറയപ്പെടുന്നു. പന്തളം കൊട്ടാരത്തിലെ കേളപ്പൻ തമ്പുരാൻ ഒരു ഗോളയന്ത്രം സ്ഥാപിച്ചു ഗണിതം നടത്തിയിരുന്നതു പ്രസിദ്ധമാണ്. എ.ഡി. 499-ൽ രചിച്ച 'ആര്യഭടീയ'ത്തിൽ ഗോളംകെട്ടലിനെക്കുറിച്ചു വിശദവിവരങ്ങൾ ഉണ്ട്. ആലത്തൂർ പരമേശ്വരൻ എഴുതിയ ഗോളദീപികയിലും ഗോളബന്ധത്തെപ്പറ്റിയുള്ള പരാമർശങ്ങൾ കാണാം. തിരുവിതാംകൂർ ഗവൺമെന്റ് ജ്യോത്സ്യൻ എസ്. താണുപിള്ള, ആര്യഭടീയത്തിന്റെ ഘടീഗോപവ്യാഖ്യാനത്തിന് ഗോളബന്ധം ഭാഷ എന്ന പേരിൽ മലയാളവിവർത്തനം തയാറാക്കിയിട്ടുണ്ട്.

ഗോളമാപി (Spherometer)

†സ്ഫെറോ മീറ്റർ നോക്കുക.

ഗോളാന്തരയാത്ര

മറ്റ് ഗ്രഹങ്ങളിലേക്കും ഉപഗ്രഹങ്ങളിലേക്കുമുള്ള യാത്ര. † ബഹിരാകാശ സഞ്ചാരം നോക്കുക.

ഗോളീയത്രികോണം

മൂന്ന് ബൃഹദ് വൃത്ത(great circle)ങ്ങളുടെ ഖണ്ഡങ്ങൾ ഭുജങ്ങളായി ഗോളതലത്തിന്മേൽ വരച്ചിട്ടുള്ള ത്രിഭുജം. ഇതിന്റെ മൂന്നു കോണങ്ങളും കൂട്ടിയാൽ 180°-യിൽ കൂടുതൽ ആകാം.ഒരു കോണം 90° ആയാൽ അതിന് 'സമകോണീയ (right) ഗോളീയ ത്രികോണം' എന്നാണു പേര്. രണ്ടുകോണം 90° വീതമായാൽ, 'ദ്വിസമകോണീയ (birectangular) ഗോളീയത്രികോണം എന്നും മൂന്നു കോണങ്ങളും 90° വീതമായാൽ, 'ത്രിസമകോണിയ(trirectangular) ഗോളീയത്രികോണം' എന്നും പറയുന്നു. ഒരു ഭുജം ഗോളകേന്ദ്രത്തിൽ 90° കോണം അന്തരിതമാക്കിയാൽ അതു ചതുർഥാംശക (quadrantal) ഗോളീയത്രികോണം എന്ന് അറിയപ്പെടുന്നു.

ഗോളീയ ദർപ്പണങ്ങൾ (Spherical mirrors)

ഒരുവിഭാഗം ദർപ്പണങ്ങൾ. സമതലദർപ്പണങ്ങൾ (plane mirrors) കഴിഞ്ഞാൽ പിന്നെ, ഏറ്റവും സാധാരണമായ ദർപ്പണങ്ങളാണ് ഇവ.

ഗോളീയ ദർപ്പണങ്ങൾ രണ്ടുതരത്തിലുണ്ട്. ഉത്തല ദർപ്പണം (convex mirror) അവതല ദർപ്പണം (concave mirror). ഇതിൽ ആദ്യത്തെ ഇനം നടുഭാഗം പൊന്തിയതും മറ്റേ ഇനം നടുഭാഗം കുഴിഞ്ഞതുമാണ്. † ദർപ്പണം നോക്കുക.

ഗോൾ (Gaul)

മധ്യധരണിക്കടലിന്റെയും റൈൻ (Rhine) നദിയുടെയും ആൽപ്സ് പർവതത്തിന്റെയും ഇടയിൽ ഉണ്ടായിരുന്ന ഒരു രാജ്യം. ഗോൾവർഗത്തിന്റെ വാസഭൂമി ആയിരുന്നു ഇത്. ഇന്ന് ഇവർ അധികവും ഫ്രാൻസിൽ ആണു വസിക്കുന്നത്.

ബി.സി. എട്ടാം നൂറ്റാണ്ടിൽത്തന്നെ അവർ ഫ്രാൻസിൽ സ്ഥിരവാസം ഉറപ്പിച്ചുകഴിഞ്ഞിരുന്നു. ഇവർ ഒരു മിശ്രവർഗമാണ്. ബി.സി. 121-ൽ അവർ ഒരു റോമൻ പ്രവിശ്യ സ്വന്തമാക്കി. ഗോളിന്റെ ദക്ഷിണഭാഗം 'പ്രൊവിൻഷ്യ' എന്നാണ് അറിയപ്പെട്ടിരുന്നത്. ഗോൾവർഗക്കാർ നല്ല കുതിരപ്പടയാളികളായിരുന്നു. റോമാസാമ്രാജ്യത്തിലെ സമ്പന്നമായ പ്രദേശമായിരുന്നു ഇത്. അഗസ്റ്റസ് ചക്രവർത്തിയുടെ കാലത്ത് മൂന്നു ഗോൾ പ്രവിശ്യകൾ രൂപവത്കൃതമായി: ഗോളിയ ബെൽ ജിക്കാ,ഗോളിയ ലുഗ്ഡുനെൻസിസ്, അകിറ്റാനിയ.

ഗോൾഗി കണിക (Golgi body)

ജീവകോശത്തിൽ കാണപ്പെടുന്ന ഒരു സൈറ്റോപ്ലാസ്മിക കോശികാംഗം (organelle). (ശരീരത്തിലെ അംശങ്ങൾക്കു സമാനമായി, കോശത്തിനുള്ളിലെ വിവിധ ധർമങ്ങൾ നിർവഹിക്കുന്ന സൂക്ഷ്മാംഗികയാണു കോശികാംഗം). സമാന്തരമായി വിന്യസിച്ചിരിക്കുന്ന പരന്ന സഞ്ചികളുടെയും ബന്ധപ്പെട്ട രിക്തിക (Vesicle)കളുടെയും സഞ്ചയമാണു ഗോൾഗികണികകൾ. ഇതിൽ എൻസൈമുകളും ഹോർമോണുകളും മറ്റും അടങ്ങിയിട്ടുണ്ട്. പുതിയതായി നിർമിക്കുന്ന മാംസ്യങ്ങളെ ശേഖരിക്കുകയാണു മുഖ്യധർമം. കോശത്തിന്റെ സംശ്ലേഷണപ്രക്രിയകളിൽ ഇതിനു സുപ്രധാനമായ പങ്കുണ്ട്.

1898-ൽ കാമില്ലോ ഗോർഗി എന്ന ശാസ്ത്രജ്ഞൻ ആണു ഗോർഗികണികകളെ കണ്ടെത്തിയത്. പൂച്ചയുടെ സാഡീകോശങ്ങളിൽനിന്നാണ് ആദ്യം ഇതു വേർതിരിച്ചത്. † കോശം നോക്കുക.

ഗോൾജി, കാമില്ലോ (1844-1926)

ഇറ്റലിക്കാരനായ കോശവിഞ്ജാനശാസ്ത്രജ്ഞനും (citologist) രോഗവിജ്ഞാനശാസ്ത്രജ്ഞനും (Camillo Golgi) 1906-ൽ നൊബേൽ സമ്മാനം നേടി. നാഡീവ്യൂഹത്തെ സംബന്ധിച്ച പഠനങ്ങൾക്കു നല്കിയ സംഭാവനകളുടെ അടിസ്ഥാനത്തിൽ ഇദ്ദേഹത്തിനും, സാൻറിയാഗോ റേമൺ, വൈ. കാജലിനും (Santiago Ramon Y. Cajal) സമമായിട്ടാണ് സമ്മാനത്തുക വീതിച്ചത്. കോശനിരീക്ഷണത്തിന് ആവശ്യമായ സാങ്കേതിക വിദ്യയെന്നനിലയൽ കോശത്തിൽ നിറംചേർത്ത് നിർദിഷ്ടഭാഗങ്ങൾ പഠിക്കന്നതിനു വഴിയുണ്ടാക്കിയതാണ് ഇദ്ദേഹത്തിന്റെ മികച്ച നേട്ടം. ഇദ്ദേഹത്തിന്റെ സിൽവർ ക്രോമേറ്റ് പദ്ധതി, നാഡികളുടെ പഠനത്തിന് വലിയ സഹായമായിത്തീർന്നു. അസാധാരണമായ വ്യക്തതയോടെ നാഡീതന്തുക്കളും മറ്റും ഭൂതക്കണ്ണാടിയിലൂടെ നോക്കി പഠിക്കാൻ അത് വഴി തെളിച്ചു. ആദ്യമായി ഇദ്ദേഹം നിരീക്ഷിച്ച പല ഭാഗങ്ങൾക്കും ഇദ്ദേഹത്തിന്റെ പേരുമായി ബന്ധിപ്പിച്ചാണ് നാമകരണം ചെയ്തിരിക്കുന്നത്. ഗോൾജി കോശങ്ങൾ, (Golgicells) ഗോൾജി വസ്തുക്കൾ (Golgi bodies) എന്നിങ്ങനെ.



ഇറ്റലിയിലെ കോർട്ടിനോയിൽ (Corteno) 1844-ജൂലൈ 7-ാം തീയതിയാണ് കാമില്ലോ ഗോൾജി ജനിച്ചത്. പാദുവാ സർവകലാശാലയിൽ പഠനം പൂർത്തിയാക്കി. കോശഗവേഷണങ്ങൾ മുഖ്യമായി

നടത്തിയത് പാവിയ സർവകലശാലയിലായിരുന്നു. 1879-ൽ സീനാ (Siena) സർവകലാശാലയിൽ ശരീരശാസ്ത്ര പ്രൊഫസറായി നിയമിതനായെങ്കിലും താമസിയാതെ ഗവേഷണങ്ങൾക്കായി പാവിയയിലേക്കു മടങ്ങി. 1926 ജനുവരി 21-ന് അന്തരിച്ചു.

ഗോൾട്സൈസെൻ, ബോറീസ് ബോറിസോവിച്ച് (1862–1916)

റഷ്യൻ ഭൗതികജ്ഞൻ. ഭൂകമ്പനിരീക്ഷണപദ്ധതികളെപ്പറ്റിയുള്ള പഠനവും, സീസ്മോഗ്രാഫുകളുടെ നിർമാണവും വഴി പ്രസിദ്ധനായി. 1862 ഫെബ്രുവരി 18-ാം തീയതി സെൻറ് പീറ്റേർസ് ബർഗിൽ ജനിച്ചു.



നേവൽ സ്കൂളിലും, നേവൽ അക്കാദമിയിലും വിദ്യാഭ്യാസംചെയ്തു. 1887-ൽ ശാസ്ത്രപഠനത്തിനായി സ്ട്രാസ്ബർഗിലേക്കുപോയി. 1891-ൽ മോസ്ക്കോ സർവകലാശാലയിൽ നിയമിതനായി. 1893-ൽ ഡോർപാട്ടിൽ ഭൗതികവിഭാഗത്തിൽ പ്രൊഫസറായി. 1910-ൽ മഞ്ചസ്റ്റർ സർവകലാശാലയിൽനിന്നും ഡോക്ടർ ബിരുദം ലഭിച്ചു. 1913-ൽ കേന്ദ്ര വാന നിരീക്ഷണാലയത്തിൻെറ (സെൻറ് പീറ്റേഴ്സ് ബർഗ്) ഡയറക്ടറായി. ഒന്നാം ലോകയുദ്ധകാലത്ത് റഷ്യയിലാകമാനം അന്തരീക്ഷശാസ്ത്രപരമായ പഠനങ്ങൾ നടത്തി.

ആദ്യകാലപഠനങ്ങൾ സ്പെക്ട്രോസ്കോപ്പി സംബന്ധിച്ചായിരുന്നു. പിന്നീടാണ് ശ്രദ്ധഭൂകമ്പശാസ്ത്ര(സീസ്മോളജി)ത്തിലേക്കു തിരിഞ്ഞത്. 1908-ൽ സെൻറ് പീറ്റേഴ്സ്ബർഗിലെ ശാസ്ത്ര അക്കാദമിയിൽ അംഗമായി. 1911-ൽ അന്തർദേശീയ ഭൂകമ്പശാസ്ത്രസംഘടന(International Scismological Association)യിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. *ലക്ച്ചേഴ്സ് ഓൺ സീസ്മോമെട്രി* (Lectues on Scismometry, 1912) എന്നതാണ് ഇദ്ദേഹത്തിൻെറ പ്രധാന ഗ്രന്ഥം.

1916 മെയ് 4-ാം തീയതി ന്യൂപെറ്റർ ഹോഫിൽ നിര്യാതനായി.

ഗോൾഡ് കോസ്റ്റ്

† ഘാന നോക്കുക.

ഗോൾഡ് ബെർഗ്, റൂബി (1883–1970)

യുണൈറ്റഡ് സ്റ്റേറ്റ്സിലെ കാർട്ടൂണിസ്റ്റ്. സങ്കീർണമായ രചനകൾക്കു പ്രസിദ്ധൻ.



1883 ജൂലൈ 4-ന് സാൻഫ്രാൻസിസ്കോയിൽ ജനിച്ചു. റൂബൻ ലൂഷ്യസ് ഗോൾഡ്ബെർഗ് എന്നാണ് പൂർണ നാമം. കാലിഫോർണിയ യൂണിവേഴ്സിറ്റിയിൽ നിന്നു ബിരുദം നേടിയശേഷം (1904) സാൻഫ്രാൻസിസ്കോയിലെ പത്രങ്ങളിൽ സ്പോർട്ട്സ് കാർട്ടൂണുകൾ വരച്ചു. 1907 മുതൽ 1921 വരെ ന്യൂയോർക്ക് ഈവനിങ് മെയിലിൻെറ കാർട്ടൂണിസ്റ്റ് ആയിരുന്നു. 1915-നുശേഷം *ബൂബ് മക്നട്ട്, ഫൂളിഷ് ക്വസ്റ്റ്യൻസ്, ക്രേസി ഇൻവെൻഷൻസ്* തുടങ്ങിയ ഫീച്ചറുകൾ സൃഷ്ടിച്ചു. 1938 മുതൽ ന്യൂയോർക്ക്സൺ, ജേണൽ അമേരിക്കൻ തുടങ്ങിയ പത്രങ്ങൾക്കുവേണ്ടി എഡിറ്റോറിയൽ കാർട്ടൂണുകൾ രചിച്ചു. 1964-നുശേഷം ശില്പനിർമാണത്തിലേക്കു തിരിഞ്ഞു. 1948-ൽ രാഷ്ട്രീയ കാർട്ടൂണുകൾക്ക് പുലിറ്റ്സർ സമ്മാനം നേടി. *റൂബിഗോൾഡ്ബെർഗ് വെർസസ് ദ് മെഷീൻ ഏജ്* (1968) തുടങ്ങിയ ഗ്രന്ഥങ്ങൾ രചിച്ചു. 1970 ഡിസംബർ 7-ന് ന്യൂയോർക്കിൽ നിര്യാതനായി.

ഗോൾഡ്ഷിമിറ്റ്, വിക്ടർ മോറിറ്റ്സ് (Goldschmidt, Victor Moritz; 1888–1947)

സ്വിറ്റ്സർലണ്ടിൽ ജനിച്ച്, നോർവേക്കാരനായിത്തീർന്ന ഖനിജ വിജ്ഞാനിയും, ആധുനിക ഭൂരസതന്ത്രത്തിൻെറ ഉപജ്ഞാതാവും.

1888 ജനുവരി 27-ന് സൂറിച്ചിൽ ജനിച്ചു. ജന്മനാടുവിട്ട്, നോർവേയിലെ ഓസ്ലോയ്ക്കു സമീപമുള്ള ക്രിസ്റ്റിയാനിയയിൽ (Kristiania) 1900 മുതൽ സ്ഥിരതാമസമാക്കി. അതിനുശേഷം പ്രമുഖ നോർവീജിയൻ ഭൂവിഞ്ജാനിയായിരുന്ന വാൾഡേമാർ സി. ബ്രോഗ്ഗറിൻെറ ശിഷ്യനായി. ക്രിസ്റ്റിയാനിയ സർവകലാശാലയിൽ പ്രൊഫസറായി ജോലി സ്വീകരിച്ചു. ആ ഭൂപ്രദേശത്തെ സംബന്ധിച്ച് വിപുലമായ ഭൂവിജ്ഞാനീയ ഗവേഷണങ്ങൾ നടത്തി. ഇദ്ദേഹത്തിൻെറ നിരീക്ഷണങ്ങളും നിഗമനങ്ങളും 'ക്രിസ്റ്റിയാനിയ പ്രദേശത്തിൻെറ കായാന്തരണം.' എന്ന പേരിൽ (Contact Metamorphism in the Kristinia Region.) 1911-ൽ പ്രസിദ്ധപ്പെടുത്തി. കായാന്തരിതശിലകളുടെ രാസപരവും ഖനിജ വിജ്ഞാനപരവുമായ കാര്യങ്ങളെ സംബന്ധിച്ച സഹബന്ധനപരമായ പഠനങ്ങളിൽ വളരെയധികം പുരോഗതി നേടുവാൻ ഇത് സഹായിച്ചു. ഇതുപോലെ പ്രാമാണികമായ മറ്റു പഠനങ്ങളുടെ ഫലം, പത്തുകൊല്ലത്തിനുശേഷം 1921-ൽ പ്രസിദ്ധപ്പെടുത്തി (Injection Metamorphism in the Stavanger Region).

ഒന്നാം ലോക യുദ്ധകാലത്ത് ഭൂരസതന്ത്രഗവേഷണങ്ങളിലേക്ക് തിരിഞ്ഞു. ഈ കാലത്തെ പഠനങ്ങളും നിരീക്ഷണങ്ങളുമാണ് ഭൂരസതന്ത്രത്തിൻെറ അടിസ്ഥാനം ഒരുക്കിയത്. എട്ടുവാല്യങ്ങളിൽ, പതിനഞ്ചു കൊല്ലംകൊണ്ടു പ്രസിദ്ധപ്പെടുത്തിയ വസ്തുതകൾ (The Geochemical. Laws of the Distribution of the Elements. 8

Vols. 1923-'38) അകാർബണിക പരൽരസതന്ത്രത്തിൻെറ (Inorganic Crystal Chemistry) അടിസ്ഥാനമിട്ടു.

1929-ൽ ഗോൾഡ് ഷിമിറ്റ് ജർമനിയിലെ ഗോട്ടിൻജൻ (Gottingen) സർവകലാശാലയിലെ ഫാക്കൽട്ടിയിൽ ചേർന്നു. ഏറെ താമസിയാതെ അവിടെനിന്നു രാജിവച്ച് നോർവേയിലേക്ക് മടങ്ങാൻ ഇദ്ദേഹം നിർബന്ധിതനായി. എന്നാൽ നോർവേരാജ്യം ജെർമനിയുടെ ആധിപത്യത്തിലായപ്പോൾ ഇദ്ദേഹം രണ്ടുതവണ അറസ്റ്റിനു വിധേയനായി. ഒടുവിൽ തടങ്കൽപാളയത്തിൽ കഴിയാനും ഇടവന്നു. 1942 അവസാനത്തിൽ, അവിടെനിന്നു സ്വീഡനിലേക്കു രക്ഷപ്പെട്ട് അതുവഴി ഇംഗ്ലണ്ടിലെത്തി. യുദ്ധകാലം മുഴുവൻ ഇംഗ്ലണ്ടിലെ ഗവേഷണസ്ഥാപനങ്ങളിൽ സേവനമനുഷ്ഠിച്ചാണു കഴിഞ്ഞത്. യുദ്ധാനന്തരം ഓസ്ലോയിലേക്ക് മടങ്ങി. 1947-മാർച്ച് 20-ന് അന്തരിച്ചു.

ഗോൾഡ്സ്മിത്ത്, ഒലിവർ (1728—1774)

ഇംഗ്ലീഷ് നാടകകൃത്തും നോവലിസ്റ്റും കവിയും ഉപന്യാസകാരനും. ഐർലണ്ടിലെ പല്ലാസ് എന്ന ചെറുഗ്രാമത്തിൽ പള്ളിവികാരിയുടെ മകനായി 1728 നവംബർ 10-നു ജനിച്ചു. അച്ഛൻ നിസ്സാരമായ സ്വത്തു മുഴുവൻ മകൾക്കു സ്ത്രീധനമായി കൊടുത്തതുനിമിത്തം ഒലിവറെ കോളെജിലയച്ചു പഠിപ്പിക്കുവാൻ വകയില്ലാതായി. ഡബ്ലിനിലെ ട്രിനിറ്റി കോളെജിൽനിന്നു നിർധനവിദ്യാർഥികൾക്കുള്ള സഹായം സ്വീകരിച്ചുകൊണ്ട് ഒലിവർ അവിടെച്ചേർന്നു.

ഈ ജീവിതം ഗോൾഡ് സ്മിത്തിനു തീരെ ഇഷ്ടമില്ലാത്തതായിരുന്നു. ഇതിനും പുറമെ, വളരെ ആകർഷകമല്ലാത്ത മുഖവും മുഖത്തു വസൂരിക്കലയുംകൂടി ആയാൽ ഉണ്ടാവുന്ന സ്വാപകർഷബോധം ഇദ്ദേഹത്തെ കൂടുതൽ വിഷമിപ്പിച്ചു. 1747-ൽ പിതാവു മരിച്ചു.

ഗോൾഡ്സ്മിത്ത്
നാഷനൽ പോർട്രെയ്റ്റ് ഗാലറി(ലണ്ടൻ)യിലെ
എണ്ണച്ഛായചിത്രം

1749-ൽ ബി.എ. പാസ്സായി. അതിനുശേഷം പല ജോലികളും നോക്കിയെങ്കിലും ഒന്നിനോടും ഇണങ്ങിച്ചേരുവാൻ കഴിഞ്ഞില്ല. അവസാനം 1752-ൽ വൈദ്യപഠനത്തിനായി താൻ സ്നേഹിക്കുന്ന എല്ലാറ്റിനെയും, സ്വന്തം നാടിനെയും എന്നെന്നേക്കുമായി ഉപേക്ഷിച്ച് എഡിൻബറോവിലേക്കുപോയി. എഡിൻബറോവിൽ രണ്ടു കൊല്ലവും ലെയ്ഡനിൽ ഒരു കൊല്ലവും വൈദ്യപഠനം നിർവഹിച്ചു. അവിടെനിന്നു പിന്നീടു യൂറോപ്പിലേക്കുപോയി. ആ അവസരത്തിൽ ഒരു ഷർട്ടും കീശയിൽ ഒരു ഗിനിയും കൈയിൽ ഒരു പുല്ലാങ്കുഴലും മാത്രമേ ഉണ്ടായിരുന്നുള്ളു. യൂറോപ്പിലൂടെ യാചിച്ചുകൊണ്ടു യാത്രചെയ്തു. 1756-ൽ ഇംഗ്ലണ്ടിൽ തിരിച്ചെത്തി. ഒരു കെമിസ്റ്റിൻെറ അസിസ്റ്റൻറായും പ്രൂഫ് റീഡറായും അധ്യാപകനായും പണിയെടുത്തു. ഈ സ്കൂളിൽവച്ചു പുസ്തകവ്യാപാരിയും പ്രസാധകനുമായ ഗ്രിഫിത്ത്സിനെ പരിചയപ്പെടുകയും അദ്ദേഹത്തിൻെറ 'മന്ത്ലി റിവ്യൂ' എന്ന പത്രത്തിൽ ജോലിനേടുകയും ചെയ്തു. പ്രതിഫലമായി ഭക്ഷണവും താമസസ്ഥലവും ചെറിയ വേതനവും ലഭിച്ചു. ആറുമാസത്തിനുള്ളിൽ ഗ്രിഫിത്ത്സുമായി പിണങ്ങി കുറച്ചുകാലം കവിതയെഴുതിയും ഒരു വൈദ്യൻെറ സഹപ്രവർത്തകനായും ജീവിച്ചു. കുറച്ചുകാലം കഴിഞ്ഞു വിൽക്കി എന്ന ഒരു പുസ്തകവ്യാപാരിയുടെ 'ബി' എന്ന മാസികയുടെ പത്രാധിപരായി. ഇതിലേക്കുള്ള മിക്ക ലേഖനങ്ങളും ഗോൾഡ്സ്മിത്ത്തന്നെയാണ് എഴുതിയിരുന്നതെന്നു പറയുന്നു.

1760-ൽ ഒലിവർ പല മാസികകൾക്കും ലേഖനങ്ങൾ എഴുതിക്കൊണ്ടിരുന്നു. ഇവയെല്ലാംതന്നെ പ്രസാധകന്മാരുടെ ചൊല്പടിക്ക്, തുച്ഛമായ പ്രതിഫലം പറ്റിക്കൊണ്ട് എഴുതിയവയാണ്. അവ പേരുവയ്ക്കാതെയാണു പ്രസിദ്ധീകരിച്ചിരുന്നത്. ഇത്തരം കൂലി എഴുത്തുകാർ (Hack writers) അന്ന് ഇംഗ്ലണ്ടിൽ ധാരാളം ഉണ്ടായിരുന്നു. ജോൺ ന്യൂബറിയെന്ന ഉദാരശീലനായ പ്രസിദ്ധീകരണശാലക്കാരൻെറ 'പബ്ലിക് ലെഡ്ജർ' എന്ന ദിനപത്രത്തിലേക്ക് 'ചൈനീസ് കത്തുകൾ' എന്ന പേരിൽ ഒരു പരമ്പര ഗോൾഡ്സ്മിത്ത് എഴുതുകയും ഇതുവഴി പൊതുജനശ്രദ്ധയാകർഷിക്കുകയും ചെയ്തു. ഈ കാലമായപ്പോഴേക്കും ദാരിദ്ര്യത്തിൽനിന്ന് ഇദ്ദേഹം ഏറെക്കുറെ വിമുക്തനായിക്കഴിഞ്ഞിരുന്നു. ഡോക്ടർ ജോൺസണുമായുള്ള സൗഹൃദം തുടങ്ങിയത് ഈ കാലത്താണ്. ഗോൾഡ്സ്മിത്തിനെ സാഹിത്യകാരന്മാരുടെ ലോകത്തിൽ അവതരിപ്പിച്ചതു ജോൺസണായിരുന്നു. ജോൺസണും റെയ്നോൾഡ്സുംകൂടി 1763-ൽ അവരുടെ 'ലിറ്റററി' ക്ലബ്ബ് തുടങ്ങിയപ്പോൾ അതിലെ അംഗങ്ങളായി ഒമ്പതാളുകളുടെ പേരുള്ള ഒരു പട്ടിക ഉണ്ടാക്കിയതിൽ സംഘാടകരുടെ പേരുകൾക്കു തൊട്ടുതാഴെ ഗോൾഡ്സ്മിത്തിൻെറ പേരാണ് എഴുതിയത്. ജോൺസൺ ഗോൾഡ്സ്മിത്തിൻെറ കഴിവുകളെ മനസ്സിലാക്കുക മാത്രമല്ല, അവയെ തികച്ചും ഉപയോഗിക്കുവാൻ മാർഗനിർദേശം നല്കുകയും ചെയ്തു. ഒരുദിവസം വാടകബാക്കിക്കു ഗോൾഡ്സ്മിത്തിനെ അറസ്റ്റുചെയ്തിരിക്കുന്നു എന്നുകേട്ട് ജോൺസൺ സ്ഥലത്തുചെന്നു. ഗോൾഡ്സ്മിത്ത് ഒരു നോവൽ എഴുതിത്തീർന്നിട്ടുണ്ടെന്ന് അറിയിക്കുകയും അതിലൂടെ ഒന്നു കണ്ണോടിച്ചുനോക്കിയ ജോൺസൺ അതിനെ ന്യൂബറിക്ക് വിറ്റ് അറുപതു പവൻ വാങ്ങിക്കൊടുക്കുകയും ചെയ്തു. ഈ നോവലാണു പ്രസിദ്ധമായ 'വിക്കാർ ഒഫ് വേക്ക് ഫീൽഡ്'. ഇതുമുതൽ ന്യൂബറിയുടെ സഹായത്തോടുകൂടി നല്ലൊരു താമസസ്ഥലവും അതിനുള്ള ഏർപ്പാടുകളും ഗോൾഡ്സ്മിത്തിനുകിട്ടി. സ്വന്തം പേരുവച്ച് ആദ്യം പ്രസിദ്ധീകരിച്ച കൃതി 'ട്രാവലർ' എന്ന കവിതയായിരുന്നു. തുടർന്ന് 'ഗുഡ് നേച്ചേഡ് മാൻ' എന്ന നാടകം, 'റോമൻ ഹിസ്റ്ററി', 'ഹിസ്റ്ററി ഒഫ് ഇംഗ്ലണ്ട്', 'ഡെസർട്ടഡ് വില്ലേജ്' എന്ന കവിത, 'ഷിസ്റ്റൂപ്സ് ടു കോൺകർ' എന്ന നാടകം മുതലായവ എഴുതി.

നാടകം, നോവൽ, കവിത, ഉപന്യാസങ്ങൾ ഈ ശാഖകളിലെല്ലാം പയറ്റുകയും തൊട്ടതിനെയൊക്കെ മനോഹരമാക്കുകയും ചെയ്യുവാൻ ഇദ്ദേഹത്തിനു കഴിഞ്ഞു. വിദൂഷകനെപ്പോലെ സംസാരിക്കുകയും മാലാഖയെപ്പോലെ എഴുതുകയും ചെയ്യുന്നു എന്നാണു സുഹൃത്തുക്കൾ ഇദ്ദേഹത്തെപ്പറ്റി പറഞ്ഞിരുന്നത്. എല്ലാ സാഹിത്യശാഖകളിലും ബഹുമാന്യസ്ഥാനം കൈവരിച്ചിട്ടുണ്ടെങ്കിലും ഗോൾഡ്സ്മിത്തിൻെറ കീർത്തിക്ക് സ്ഥിരപ്രതിഷ്ഠ നല്കുന്നത് ഇദ്ദേഹത്തിൻെറ ഉപന്യാസങ്ങളാണ്. വിശാലമായ മനുഷ്യത്വവും ഹൃദയം നിറഞ്ഞുകവിഞ്ഞൊഴുകുന്ന നർമബോധവും വായനക്കാരുടെ ഹൃദയംകവരുന്നതാണ്. 1774 മാർച്ച് 25-ാം തീയതി അന്തരിച്ചു.

ഗോൾഡൻഗെയ്റ്റ് പാലം

കാനഡയിൽ സാൻഫ്രാൻസിസ്കോ ഉൾക്കടലിൽ ഇരുവശങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള തൂക്കുപാലം. 1.6 കി. മീറ്ററാണു നീളം. ലോകത്തുള്ള തൂക്കുപാലങ്ങളിൽ നീളംകൊണ്ടു രണ്ടാമത്തെതാണിത്. ലോകത്തിലെ ഏറ്റവും വലിയ തൂക്കുപാലമുള്ളതു ന്യൂയോർക്ക് തുറമുഖത്താണ്. വെറാസനോനാറോസ് പാലം എന്നാണ് ഇതിൻെറ പേര്. നീളം 2.7 കി.മീ. ഗോൾഡൻ ഗെയ്റ്റ് ബ്രിഡ്ജിൻെറ നിർമാണം പൂർത്തിയായത് 1937-ലാണ്. 350 ലക്ഷം അമേരിക്കൻ ഡോളറായിരുന്നു ഇതിൻെറ ചെലവ്. ജോസഫ് ബിസ്ഗ്ലോസ് ആണ് ഇതിൻെറ നിർമാണച്ചുമതല വഹിച്ച എൻജിനീയർ. 227 മീറ്റർ ഉയരമുള്ള രണ്ട് ഉരുക്കുഗോപുരങ്ങൾ ഈ പാലത്തിലുണ്ട്. പതിനെട്ടുമീറ്റർ വീതിയുള്ള പാത പാലത്തിൽ വാഹനഗതാഗതത്തിനാ



ഗോൾഡൻ ഗെയ്റ്റ്പാലം

യുണ്ട്. വെള്ളത്തിൽനിന്ന് 76 മീറ്റർ ഉയരത്തിലുള്ള റോഡിൽനിന്നു താഴേക്കു നോക്കുമ്പോഴുള്ള കാഴ്ച അതീവ മനോഹരമാണ്.

ഗോൾഡാ മെയ്ർ

†മേയ്ർ, ഗോൾഡാ (1898–1978) നോക്കുക.

ഗോൾഡിങ്, വില്യം (1911–   )

ഇംഗ്ലീഷ് നോവലിസ്റ്റ്. 1911 സെപ്റ്റംബർ 19-ന് ഇംഗ്ലണ്ടിലെ കോൺവാളിൽ ജനിച്ചു. മാൾബൊറോ ഗ്രാമർ സ്കൂളിലും ബ്രേസിനോസ് കോളെജിലും (ഓക്സ്ഫെഡ്) പഠിച്ച് 1935-ൽ ബിരുദം നേടി. സാലിസ്ബറിയിലെ ഒരു സ്കൂളിൽ അധ്യാപകനായി. രണ്ടാം ലോകയുദ്ധകാലത്ത് റോയൽ നേവിയിൽ ചേർന്നു. ബിസ്മാർക് എന്ന ജെർമൻ കപ്പലിനെ മുക്കിയ ഏറ്റുമുട്ടലിലും ഫ്രാൻസിൻെറ നേർക്കുള്ള റോക്കറ്റ് ആക്രമണത്തിലും ഇദ്ദേഹം സൈനികനായിരുന്നു. യുദ്ധാനന്തരം 1960 വരെ അധ്യാപനവൃത്തിയിൽ തുടർന്നു. 1954-ൽ എഴുതിയ ആദ്യ നോവലായ 'ഈച്ചകളുടെ തമ്പുരാൻ' (Lord of the Flies) സിനിമയാക്കിയിട്ടുണ്ട്. ഒരു പവിഴപ്പുറ്റുദ്വീപിൽ അകപ്പെട്ട് കുറെ സകൂൾകുട്ടികൾ അവിടെ പ്രാകൃത ജീവിതചര്യയിലേക്കു മടങ്ങുന്നതും സാമൂഹികമര്യാദ അതിവേഗം നശിച്ചുപോകുന്നതും ഇതിൽ ചിത്രീകരിച്ചിരിക്കുന്നു. ദി ഇൻഹെരിറ്റേഴ്സ് (The Inheritors, 1955) എന്ന നോവൽ പ്രാകൃതമനുഷ്യൻെറ അന്ത്യദശ ചിത്രണംചെയ്യുന്നതിലൂടെ, മനുഷ്യസ്വഭാവത്തിലെ ആക്രമണപരതയും നിസ്സഹായതയും വ്യക്തമാക്കുന്നു. *പിഞ്ചർ മാർടിൻ* (1956), *ഫ്രീ ഫാൾ* (1959), *ദ് സ്പയർ* (1964), *ഡാർക്നെസ് വിസിബ്ൾ* (1979), *റൈറ്റ്സ് ഒഫ് പാസേജ്* (1980) *ദ് പേപ്പർമെൻ* (1983) എന്നിവയാണ് മറ്റു നോവലുകൾ. ആധുനിക സാഹിത്യവൃത്തിയുടെ നേർക്കുള്ള ആക്ഷേപഹാസ്യമാണ് *ദ് പേപ്പർ മെൻ*. 1983-ൽ സാഹിത്യത്തിനുള്ള നൊബേൽസമ്മാനം ലഭിച്ചു. ലോഡ് ഓഫ് ദ് ഫ്ളൈസ്, ദ് പേപ്പർ മെൻ എന്നീ നോവലുകൾ മലയാളത്തിൽ തർജമ ചെയ്തിട്ടുണ്ട്. 1987-ൽ ഇദ്ദേഹം ഇന്ത്യയിൽ പലേടവും സന്ദർശിച്ചു.



ഗോൾഫ്

ഒരു വാതിൽപ്പുറകളി. പ്രത്യേകമായി തയ്യാറാക്കിയ ഒരു ദണ്ഡുപയോഗിച്ച് ചെറുതെങ്കിലും കനമുള്ള ഒരു പന്തിനെ ഒരു നിർദിഷ്ട സ്ഥാനത്തുനിന്നു മറ്റൊരു നിർദിഷ്ടസ്ഥാനത്തേക്കു തട്ടിനീക്കുകയും പ്രത്യേകകുഴികളിൽ വീഴിക്കുകയുമാണ് ഈ കളിയുടെ അടിസ്ഥാനതത്ത്വം.

കളിയിടവും ഉപകരണങ്ങളും: ഗോൾഫ് കളിക്കുന്നതിനു വിസ്തൃതമായ പ്രദേശങ്ങളും വളരെ വിലപിടിപ്പുള്ള ഉപകരണങ്ങളും ആവശ്യമായതിനാൽ സമ്പന്നരാഷ്ട്രങ്ങളിൽ മാത്രമേ ഈ കളിക്കു പ്രചാരമുള്ളു.

ഗോൾഫ് കളിക്കാനുള്ള പ്രദേശം 'കോഴ്സ്' എന്നോ 'ലിങ്ക്സ്' എന്നോ ആണ് അറിയപ്പെടുന്നത്. 'ഹോളു'കളു ടെ ഒരു പരമ്പര (ഒൻപതോ പതിനെട്ടോ) അടങ്ങിയതാണ് ഒരു കോഴ്സ്. ഓരോ ഹോളിലും ഒരു 'റ്റീ'യും ഒരു 'കപ്പും' ഉൾപ്പെടുന്നു. കോഴ്സിലെ ഒരു വിഭാഗത്തിലേക്കുള്ള കളി ആരംഭിക്കുന്ന സ്ഥലമാണു റ്റീ. 11.25 സെ. മീറ്റർ വ്യാസമുള്ളതും 10 സെ. മീറ്ററിൽ കുറയാത്ത ആഴത്തിൽ പുല്ലിൽ സ്ഥാപിച്ചിട്ടുള്ളതുമായ ഒരു ലോഹപ്പാത്രമാണു കപ്പ്. പന്ത് ഈ കപ്പിനുള്ളിലേക്കു നയിച്ചാണു കളിക്കാരൻ ഹോൾ പൂർത്തിയാക്കുന്നത്. റ്റീക്കും കപ്പിനുമിടയിൽ പരന്നുകിടക്കുന്ന സ്ഥലത്തിനു ഫെയർ വേ എന്നുപറയുന്നു. പുല്ല് വച്ചുപിടിപ്പിച്ചു ക്രമത്തിനു ചെത്തിമിനുക്കിയാണു ഫെയർവേ തയ്യാറാക്കുന്നത്. കപ്പ് സ്ഥാപിച്ചിട്ടുള്ള സ്ഥലം കുറിക്കാനായി ഒരു കൊടി നാട്ടിയിരിക്കും. കൊടിക്കു ചുറ്റുമാണു പുട്ടിംഗ് ഗ്രീൻ. പുല്ല് വളരെ ഭംഗിയായി ചെത്തിമിനുക്കിയാണു ഗ്രീൻ തയ്യാറാക്കുന്നത്. ചുറ്റുമുള്ള പ്രദേശങ്ങളെക്കാളും കൂടുതൽ ഹരിതാഭമായിരിക്കും ഈ

തുടർച്ചയായി അഞ്ചുപ്രാവശ്യം (1920—1924) ഇംഗ്ലണ്ടിൽ വനിതകളുടെ ഗോൾഫ്മത്സരത്തിൽ വിജയിച്ച ജോയ്സ് വെതേഡ്.

ഗ്രീൻ. പന്തിനു സുഗമമായും നിർവിഘ്നമായും കപ്പിലേക്കു നീങ്ങുന്നതിനുവേണ്ടിയാണു ഗ്രീൻ ശ്രദ്ധാപൂർവം തയ്യാറാക്കുന്നത്. കളിയുടെ രസം വർധിപ്പിക്കാനായി, പ്രകൃതിദത്തമായ പ്രതിബന്ധങ്ങൾക്കു പുറമെ മണൽത്തിട്ടകൾ, കിടങ്ങുകൾ തുടങ്ങിയ കൃത്രിമപ്രതിബന്ധങ്ങൾ ഫെയർവേയിലുടനീളവും ഗ്രീനിനു ചുറ്റും നിർമിക്കാറുണ്ട്. പന്ത് അടിക്കാനുപയോഗപിക്കുന്ന ദണ്ഡ് 'ക്ലബ്ബ്' ആണ്. നീണ്ടുകുറുകിയ തണ്ടോടുകൂടിയ ക്ലബ്ബിന്റെ പന്തടിക്കാനുള്ള ഭാഗം തടികൊണ്ടോ ലോഹംകൊണ്ടോ നിർമിച്ചതായിരിക്കും. പന്ത് സഞ്ചരിക്കേണ്ട ദൂരവും അതു കടന്നുപോകേണ്ട പ്രതിബന്ധങ്ങളുടെ സ്വഭാവവും കണക്കിലെടുത്തു പലതരത്തിലുള്ള ക്ലബ്ബുകൾ ഉപയോഗിക്കാവുന്നതാണ്. കളിയുടെ ചട്ടങ്ങളനുസരിച്ചു പതിന്നാലു ക്ലബ്ബുകളിൽക്കൂടുതൽ ഉപയോഗിക്കുവാൻ പാടില്ല. അടിക്കാനുള്ള ഭാഗം തടികൊണ്ടു നിർമിച്ച നാലു ക്ലബ്ബുകളും ഇരുമ്പുകൊണ്ടു നിർമിച്ച പത്തു ക്ലബ്ബുകളുമായിരിക്കും സാധാരണമായി ഒരു കളിക്കാരന്റെ പക്കലുണ്ടായിരിക്കുക.

ഗോൾഫ് കളിക്കുള്ള പന്തിന്റെ വ്യാസം 4.12 സെ. മീറ്ററും ഭാരം 45.92 ഗ്രാമും ആണ്. അതിന്റെ ഉൾക്കാമ്പ് റബർകൊണ്ടും ഉപരിതലം ഗട്ടാപെർച്ചാകൊണ്ടും തയ്യാറാക്കുന്നു. പന്തിന്റെ സഞ്ചാരലക്ഷ്യം ഉറപ്പുവരുത്താനായി അതിന്റെ ഉപരിതലത്തിൽ വടുക്കളുണ്ടായിരിക്കും.

ആവശ്യമനുസരിച്ചു കളിക്കാരൻ ക്ലബ്ബുകൾ മാറിമാറി ഉപയോഗിക്കുകയും പന്തടിക്കേണ്ടത് ആവശ്യമായി വരുന്ന സന്ദർഭങ്ങളുടെ എണ്ണം കഴിയുന്നിടത്തോളം ചുരുക്കി നിർദിഷ്ടക്രമത്തിൽ ഒന്നിനു പുറകെ ഒന്നായി ഹോളുകൾ പൂർത്തിയാക്കുകയും ചെയ്യുന്നു. ഓരോ ഹോളും പൂർത്തിയാക്കുന്നതിന് എത്ര പ്രാവശ്യം പന്തടിക്കേണ്ടിവന്നുവെന്നു പ്രത്യേകം കണക്കുകൂട്ടുകയും പിന്നീട് അവയുടെ ആകെത്തുക നിർണയിക്കുകയും ചെയ്യുന്നു.

കളിസ്ഥലത്തിന്റെ വ്യാപ്തിയെ സംബന്ധിച്ചോ ഹോളുകളുടെ സംവിധാനത്തെ സംബന്ധിച്ചോ പ്രത്യേക ചട്ടമൊന്നുമില്ല. എങ്കിലും സാധാരണഗതിയിൽ ഒരു കോഴ്സിന്റെ ആകെ ദൈർഘ്യം 5460—5915 മീറ്ററായിരിക്കും.

ഗോൾവൽക്കർ, എം.എസ്. (1906–1973)

രാഷ്ട്രീയ സ്വയംസേവക് സംഘത്തിന്റെ പ്രമുഖ നേതാവ് 1940 മുതൽ 1973 വരെ സംഘത്തെ നയിച്ചു. സംഘത്തിന്റെ ചരിത്രത്തിലെ ഏറ്റവും പ്രയാസംനിറഞ്ഞ കാലമായിരുന്നു അത്. ഗാന്ധിവധക്കേസിലും മറ്റും സംഘം പ്രതിക്കൂട്ടിലായത് ഇക്കാലത്താണ്.

1906 ഫെബ്രുവരി 12-ന് നാഗ്പൂരിൽ ജനിച്ചു. മാധവ സദാശിവ ഗോൾവൽക്കർ എന്നാണു പൂർണനാമം. ബനാറസ് ഹിന്ദു സർവകലാശാലയിൽ വിദ്യാർഥിയായിരിക്കുമ്പോൾ ഗോൾവൽക്കർ രാഷ്ട്രീയ സ്വയം സേവക് സംഘത്തിന്റെ (ആർ.എസ്.എസ്.) സ്ഥാപകനായ ഡോ. ഹെഡ്ഗേവാറുമായി പരിചയപ്പെട്ടു. കുറെക്കാലം രാമകൃഷ്ണമിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിനുശേഷം ഗോൾവൽക്കർ ആർ.എസ്.എസ്സിൽ ചേർന്നു. ഡോ. ഹെഡ്ഗേവാറിന്റെ മരണശേഷം ആർ.എസ്.എസ്സിന്റെ നേതാവായി. ഹൈന്ദവ പാരമ്പര്യത്തിന്റെ മഹത്ത്വം ഉദ്ഘോഷിക്കുന്ന ചില പുസ്തകങ്ങൾ (ഇംഗ്ലീഷിലും ഹിന്ദിയിലും) ഇദ്ദേഹം രചിച്ചിട്ടുണ്ട്. *ബഞ്ച് ഒഫ് തോട്ട്സ്* ആണ് ഇവയിൽ പ്രധാനം. ഗുരുജി എന്നാണ് ഇദ്ദേഹത്തെ അനുയായികൾ വിളിച്ചിരുന്നത്. 1973 ജൂൺ 5-ന് അന്തരിച്ചു.



ഗോറി സുൽത്താന്മാർ

ഗസ്നിസുൽത്താന്മാർക്കു കീഴിലുണ്ടായിരുന്ന ഇടപ്രഭുക്കന്മാർ. ഗസ്നിസുൽത്താന്മാരുടെ പതനത്തിൽനിന്നു മുതലെടുത്ത് അവരുമായി ദീർഘസമരം നടത്തി അവസാനം 1151-ൽ അലാവുദ്ദീൻ ഹുസൈൻ ഗസ്നി നഗരം ചുട്ടെരിച്ച് അവരെ നശിപ്പിച്ചു. അങ്ങനെ അലാവുദ്ദീൻ ഹുസൈൻ സുൽത്താൻപദവി നേടി. അദ്ദേഹത്തിന്റെ മകനായ സയിഫുദ്ദീൻ മുഹമ്മദ്ഘാസ് ടർക്കമാൻസുമായുള്ള യുദ്ധത്തിൽ വധിക്കപ്പെട്ടെങ്കിലും അദ്ദേഹത്തിന്റെ പിൻഗാമി ഗിയാസുദ്ദീർ മുഹമ്മദ് സമർഥനായ ഭരണാധികാരിയായിരുന്നു. 1173-ൽ അദ്ദേഹം ഗസ്നി പിടിച്ചടക്കി. അവിടത്തെ ഗവർണരായി തന്റെ ഇളയ സഹോദരനായ ഷിഹാബുദ്ദീൻ (മുഹസുദ്ദീൻ മുഹമ്മദ് ബിൻ സാം എന്നും പേരുണ്ട്) മുഹമ്മദു ഗോറിയെ നിയമിച്ചു. ഗസ്നിയിൽനിന്നാണു മുഹമ്മദ്ഗോറി തന്റെ ഇന്ത്യൻ ആക്രമണങ്ങൾ തുടങ്ങിയത്. 1175-ൽ മുൾട്ടാൻ പിടിച്ചതിനുശേഷം 1192-ലെ സുപ്രസിദ്ധമായ ടരെയിൻ യുദ്ധത്തിൽ പൃഥിരാജിനെ തോല്പിച്ചു ദില്ലിയും

അജ്മീറും കീഴടക്കി. ഇദ്ദേഹമാണു വടക്കെ ഇന്ത്യ കീഴടക്കി ആദ്യം മുസ്ലീംഭരണം ഏർപ്പെടുത്തിയത്. 1203-ൽ സുൽത്താൻ ഗിയാസുദ്ദീൻ മുഹമ്മദ് മരിച്ചപ്പോൾ ഷിഹാബുദ്ദീൻ (മുഹമ്മദുഗോറി) ഗസ്നിയിലെ സുൽത്താനായി. 1206-ൽ ഖോക്കർ വിപ്ലവകാരികളാൽ ഗോറി വധിക്കപ്പെട്ടു. ചുരുങ്ങിയ കാലമേ മുഹമ്മദ് ഗോറിക്ക് ഭരിക്കാൻ കഴിറ്റുള്ളു. പുത്രന്മാർ ഇല്ലാതിരുന്നതുകൊണ്ട് ഇദ്ദേഹത്തിന്റെ മരണത്തോടുകൂടി ആ രാജവംശവും നശിച്ചു.

ഗോറേ, എൻ. ജി. (1907—)

ഭാരതസ്വാതന്ത്ര്യഭടൻ. 1907 ജൂൺ 15-നു മഹാരാഷ്ട്രത്തിൽ ജനിച്ചു. നാരായണഗണേശ്ഗോറെ എന്നാണ് പൂർണനാമം. 1930-ൽ കോൺഗ്രസ്സിന്റെ സത്യഗ്രഹപ്രസ്ഥാനത്തിൽ പങ്കെടുത്തു. 1934-ൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റുപാർട്ടിയുടെ നാഷനൽ എക്സിക്യൂട്ടീവ് അംഗമായിരുന്നു. പലപ്രാവശ്യം ജയിൽശിക്ഷ അനുഭവിച്ചിട്ടുണ്ട്. 1948-ൽ കോൺഗ്രസ്സിൽനിന്നുമാറി സോഷ്യലിസ്റ്റുപാർട്ടിയുടെ ജോയിന്റ് സെക്രട്ടറിയായി. 1953-'54-ൽ പ്രജാസോഷ്യലിസ്റ്റുപാർട്ടിയുടെ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചു. 1955-ൽ ഗോവ വിമോചനസമരത്തിൽ സത്യഗ്രഹികളെ നയിക്കുകയും പോർത്തുഗീസ് ഗവൺമെന്റ് ഇദ്ദേഹത്തെ പത്തുവർഷത്തെ തടവിനു ശിക്ഷിക്കുകയുംചെയ്തു. പക്ഷേ, 1957-ൽ ഇദ്ദേഹം ജയിൽവിമോചിതനായി. അക്കൊല്ലംതന്നെ പാർലമെൻറു തിരഞ്ഞെടുപ്പിൽ മത്സരിച്ചു ജയിച്ചു. 1967—'68 കാലത്തു പൂണെനഗരത്തിന്റെ മേയറായിരുന്നു. 1970—'76 കാലത്ത് രാജ്യസഭാംഗം. 1977—'79 കാലത്ത് ഇംഗ്ലണ്ടിൽ ഇന്ത്യയുടെ ഹൈക്കമ്മീഷണർ. നല്ലൊരു നിരൂപകനും ഉപന്യാസകർത്താവും കഥാസാഹിത്യകാരനും പരിഭാഷകനുമാണ്. *ഹിസ്റ്ററി ഒഫ് ദ യുണൈറ്റഡ് സ്റ്റേറ്റ്സ് ഒഫ് അമേരിക്ക* എന്ന ചരിത്രഗ്രന്ഥത്തിനു പുറമെ കഥകളുടെയും ഉപന്യാസങ്ങളുടെയും ചില സമാഹാരങ്ങളും ഇദ്ദേഹം രചിച്ചിട്ടുണ്ട്.

ഗൗ

ഗൗട്ട് (Gout)

അഗ്രസന്ധികളിൽ വേദന ഉണ്ടാകുന്ന രോഗം. രക്തത്തിൽ യൂറിക് അമ്ലത്തിന്റെ അളവ് അമിതമാകുന്നതാണുകാരണം. ഇതു സോഡിയം ബൈയൂറേറ്റായി സന്ധിക്കു ചുറ്റും അടിഞ്ഞുകൂടുമ്പോൾ വേദന അനുഭവപ്പെടുന്നു.

ഉപാപചയത്തിലുള്ള തകരാറുകളാണു യൂറിക് അമ്ലത്തിന്റെ അളവു വർധിപ്പിക്കുന്നത്. കാലിന്റെ പെരുവിരലിലെ സന്ധികളെയാണു കൂടുതൽ ബാധിക്കുക. പുരുഷന്മാരിലാണു കുടുതലായി കണ്ടുവരുന്നത്. ആർത്തവം നിന്ന സ്ത്രീകളെയും ബാധിക്കാറുണ്ട്.

രോഗംബാധിച്ച സന്ധിയിൽ ചെമപ്പുനിറവും ചൂടും കാണും. കഠിനമായ വേദനയും ഉണ്ടാവും. രോഗം മൂർഛിക്കുമ്പോൾ സന്ധിക്കു ചുറ്റിനും ചെവിയിലും തടിപ്പുകൾ കാണാം.

രക്തവാതം (arthritis) ഉള്ളവരിലാണ് അധികവും ഗൗട്ട് ഉണ്ടാകുന്നത്. ഇതോടനുബന്ധിച്ചു മൂത്രത്തിൽ കല്ലും ഉയർന്ന രക്തസമ്മർദവും ഉണ്ടാകും. വൃക്ക പ്രവർത്തനരഹിതമാവുകയും ചെയ്യും. കോൾക്കിസിൻ (Colchicine), അല്ലോപ്യൂറിനോൾ (Allopeorinol) എന്നിവയാണു മരുന്ന്. രോഗനില അനുസരിച്ചു മരുന്നു കഴിച്ചുകൊണ്ടിരിക്കണം. ധാരാളം വെള്ളം കുടിക്കുന്നതു യൂറിക്കാസിഡ് ഒഴിവാക്കുന്നതിനു സഹായിക്കും. പ്യൂറിൻ അടങ്ങിയ ആഹാരപദാർഥങ്ങൾ (വൃക്ക, കരൾ മുതലായവ) ഉപേക്ഷിക്കണം. മദ്യപാനം പാടില്ല.

ഗൗഡദേശം

പ്രാചീന അംഗദേശത്തിന്റെ ഭാഗം. പുരാണങ്ങളിലും പാണിനിസൂത്രങ്ങളിലും കൗടല്യന്റെ അർഥശാസ്ത്രത്തിലും ഇവിടത്തെ ജനതയെപ്പറ്റി പ്രസ്താവമുണ്ട്. ബംഗാളിലെ പടിഞ്ഞാറും വടക്കുപടിഞ്ഞാറും ഭാഗങ്ങൾ ഗൗഡദേശത്തിൽ ഉൾപ്പെടുന്നു. ഗുപ്തസാമ്രാജ്യത്തിന്റെ അധഃപതനത്തോടുകൂടിയാണു ഗൗഡരാജ്യം ഉദയം ചെയ്തതെന്നു പറയാം. എ.ഡി. ആറാംനൂറ്റാണ്ടിൽ ഗംഗാസമതലത്തിൽ ആധിപത്യം ചെലുത്തിയിരുന്ന മൗഖാരികൾ ഗൗഡന്മാരെ പലപ്പോഴും തോല്പിച്ചോടിച്ചിട്ടുള്ളതായി ചരിത്രത്തിൽ കാണുന്നു. കന്യാകുബ്ജത്തിലെ യശോവർമനും കശ്മീരിലെ ലളിതാദിത്യനും (എ.ഡി. 7-ാംനൂറ്റാണ്ട്) ഗൗഡന്മാരെ കീഴടക്കിയിരുന്നതായി കൽഹണൻ രാജതരംഗിണിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആദ്യകാലത്തെ നാട്ടുപ്രമാണിമാരായിരുന്ന ഗോപചന്ദ്രൻ, സമചരദേവൻ എന്നിവരാണ് ഒരു സൈനികശക്തിയായി ഈ രാജ്യത്തെ വളർത്തിയത്. 7-ാം നൂറ്റാണ്ടിലെ ഗൗഡരാജാവു ശശാങ്കൻ ആയിരുന്നു. അന്നു തലസ്ഥാനം കർണസുവർണ ആയിരുന്നു. ശശാങ്കൻ പുഷ്യഭൂതിരാജവംശവുമായി നീണ്ട ഒരു യുദ്ധം നടത്തുകയും ആ രാജവംശത്തിലെ രണ്ടാമത്തെ രാജാവായ രാജവർധനനെ വധിക്കുകയുംചെയ്തു. തുടർന്നു രാജവർധനന്റെ സഹോദരനായ ഹർഷവർധനനും കാമരൂപത്തിലെ (അസം) രാജാവായ കുമാരഭാസ്കരവർമനും തമ്മിൽ കൂട്ടുകൊട്ടുണ്ടാക്കി. ശശാങ്കന്റെ മരണത്തിനുശേഷം കർണസുവർണ കുറെക്കാലം ഭാസ്കരവർമന്റെ കീഴിലായിരുന്നു.

ഏഴാം നൂറ്റാണ്ടിന്റെ മധ്യംമുതൽ എട്ടാം നൂറ്റാണ്ടിന്റെ മധ്യം വരെയുള്ള 100 കൊല്ലക്കാലം ഗൗഡരാജ്യം അരാജകത്വത്തിലും അസമാധാനത്തിലുമായിരുന്നു. എന്നാൽ പാലരാജവംശത്തിന്റെ വരവോടുകൂടി സ്ഥിതി മെച്ചപ്പെട്ടു. അവർ ഗൗഡേശ്വര എന്ന സ്ഥാനപ്പേരു സ്വീകരിച്ചു. ഗൗഡയെ വടക്കെ ഇന്ത്യയിലെ ഏറ്റവും വലിയ ശക്തിയാക്കിയതു ധർമപാലനും ദേവപാലനുമാണ്. എ.ഡി. 11-ാം ശതകത്തിന്റെ അവസാനത്തോടുകൂടി സേനവംശജനായ വിജയസേനൻ ഗൗഡരാജാവിനെ തോല്പിച്ച് ആ പ്രദേശംകൂടി തന്റെ രാജ്യത്തോടുചേർത്തു. 12-ാം നൂറ്റാണ്ടവസാനം, ഭക്തിയാർ ഖിൽജിയുടെ മകനായ മാലിക്ക് ഉഖ്തി-യാറുദ്ദീൻ മുഹമ്മദ്, സേനവംശത്തെ തോല്പിച്ചു ഗൗഡദേശം കൈവശമാക്കി. മുസ്ലീം ആക്രമണത്തോടുകൂടി ഇതിനു രാജ്യമെന്ന പദവി നഷ്ടപ്പെട്ടു. എന്നാൽ അതേ പേരിലുള്ള സ്ഥലം ഇപ്പോഴും നിലനില്ക്കുന്നു.

ഗൗഡപാദകാരിക

ഗൗഡപാദാചാര്യൻ രചിച്ച ദർശനഗ്രന്ഥം. അദ്വൈതതത്വശാസ്ത്രത്തിന്റെ അടിസ്ഥാനമാണ് ഈ ഗ്രന്ഥമെന്നു പറയാം. മാണ്ഡൂക്യോപനിഷത്തിനെ അവലംബിച്ചാണ് ഇതു രചിച്ചിരിക്കുന്നത്. അതുകൊണ്ട് ഇതിനെ മാണ്ഡൂക്യകാരിക എന്നും പറയും. ആശയപ്രതിപാദനത്തോടൊപ്പം പരമതഖണ്ഡനം, സ്വമതസ്ഥാപനം എന്നിവയും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ആഗമപ്രകരണം; വൈതഥ്യപ്രകരണം, അദ്വൈതപ്രകരണം, അലാതശാന്തിപ്രകരണം എന്നിങ്ങനെ നാലു പ്രകരണങ്ങളും. നാലിലുംകൂടി 215 ശ്ലോകങ്ങളുമുണ്ട്.

ആഗമപ്രകരണത്തിൽ മാണ്ഡൂക്യോപനിഷത്തിന്റെ വ്യാഖ്യാനവും ഉൾപ്പെടുന്നു. ജീവന്റെ സംസാരാനുഭവവും ഓംകാരത്തിന്റെ മാത്രകളുമാണു മറ്റു പ്രതിപാദ്യങ്ങൾ. ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നീ അവസ്ഥകളിൽ ഒരേ ജീവൻതന്നെയാണുള്ളത്. ജീവൻ, ജാഗ്രദവസ്ഥയിൽ ബഹിഃപ്രജ്ഞനും, സ്വപ്നാവസ്ഥയിൽ അന്തഃപ്രജ്ഞനും, സുഷുപ്താവസ്ഥയിൽ ഘനപ്രജ്ഞനുമായിരിക്കും. ഓരോ അവസ്ഥയിലുമുള്ള ജീവനെ യഥാക്രമം വിശ്വൻ, തൈജസൻ, പ്രാജ്ഞൻ എന്നുപറയുന്നു. ഇതിൽ വിശ്വൻ സ്ഥൂലപ്രപഞ്ചത്തെയും തൈജസൻ സൂക്ഷ്മപ്രപഞ്ചത്തെയും പ്രാജ്ഞൻ ആനന്ദത്തെയും അനുഭവിപ്പിക്കുന്നു. ഈ രീതിയിൽ വിഭിന്നാവസ്ഥകളിലുള്ള ജീവന്റെ അനുഭവമാണു പ്രപഞ്ചം. യഥാർഥജീവനാകട്ടെ ഇതിൽനിന്നെല്ലാം ഭിന്നവുമാണ്. ഒരു നടൻ പല വേഷങ്ങളിട്ട് അഭിനയിക്കുമ്പോഴും അയാളുടെ യഥാർഥസ്വരൂപം അതിൽനിന്നും ഭിന്നമായിരിക്കുന്നതുപോലെയാണു വിശ്വതൈജ

സപ്രാജ്ഞരൂപത്തിൽ പ്രപഞ്ചത്തെ അനുഭവിപ്പിക്കുന്ന ജീവന്റെ നില. അവസ്ഥാത്രയബദ്ധനായ ജീവന്റെ ഭാവനകൾ എന്നതിൽക്കവിഞ്ഞ യാഥാർഥ്യമൊന്നും ഈ പ്രപഞ്ചത്തിനില്ല. ഇപ്രകാരം പ്രപഞ്ചം ഭ്രാന്തി മാത്രമാണെന്നു സ്ഥാപിച്ചുകൊണ്ടു പ്രപഞ്ചസൃഷ്ടിയെ നിരീക്ഷിക്കുന്നവരെ ഈ പ്രകരണത്തിൽ വിമർശിക്കുന്നു. ഇരുട്ടിൽ കയറുകണ്ടു പാമ്പാണെന്നു ധരിച്ച് ആ പാമ്പിന്റെ ഉത്പത്തി അന്വേഷിക്കുന്നതുപോലെയാണു പ്രപഞ്ചസൃഷ്ടിയെപ്പറ്റിയുള്ള അന്വേഷണം.

വിശ്വൻ കർമബദ്ധനും തൈജസൻ കർമവാസനാബദ്ധനുമാണ്. പ്രാജ്ഞനും അജ്ഞാനത്താൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നു. അതിനാൽ ഈ മൂന്നവസ്ഥകളിലും യഥാർഥ വസ്തുഗ്രഹണം സാധ്യമല്ല. എന്നാൽ നാലാമത്തെ അവസ്ഥയായ തുരീയാവസ്ഥയിൽ ജ്ഞാനം വിളങ്ങുന്നതിനാൽ യഥാർഥവസ്തുഗ്രഹണം സാധ്യമാണ്. ഈ രീതിയിൽ അവസ്ഥാത്രയത്തെ അറിഞ്ഞു തുരീയാവസ്ഥയെ പ്രാപിക്കുന്നതിനുള്ള മാർഗം പ്രണവോപാസനം ആണെന്നു സ്ഥാപിച്ചുകൊണ്ട് ഈ പ്രകരണം അവസാനിക്കുന്നു.

ജഗത്തിന്റെ മിഥ്യാത്വത്തെ സ്ഥാപിക്കുകയാണു വൈതഥ്യപ്രകരണത്തിൽ. സ്വപ്നാവസ്ഥയെയും ജാഗ്രദാവസ്ഥയെയും തമ്മിൽ തുലനംചെയ്ത് ഇവ രണ്ടും ഒരുപോലെ കല്പിതങ്ങൾ ആണെന്നു സ്ഥാപിക്കുന്നു. സങ്കല്പം തീരുന്നതുവരെ മാത്രമേ സ്വപ്നം ഉണ്ടാകുന്നുള്ളു. അതുപോലെ കല്പനകാലം കഴിയുന്നതുവരെമാത്രമേ ജാഗ്രദവസ്ഥയിലെ പ്രപഞ്ചം സ്ഥിതിചെയ്യുന്നുള്ളുവെന്നു പ്രസ്താവിച്ചിരിക്കുന്നു. ഈ വസ്തുത മനസ്സിലാക്കാതെ പ്രപഞ്ചത്തെക്കുറിച്ചു പ്രതിപാദിക്കുന്ന മറ്റു സകല മതവാദികളെയും വിമർശിച്ചിട്ടുണ്ട്.

അദ്വൈതാനുഭൂതിക്കുള്ള മാർഗങ്ങളാണ് അദ്വൈതപ്രകരണത്തിൽ. ഇവിടെ കർമമാർഗം, ഉപാസനമാർഗം എന്നിവ മന്ദാധികാരികൾക്കു മാത്രമുള്ളതെന്നു പറഞ്ഞുകൊണ്ടു ജ്ഞാനമാർഗം വിവരിക്കുന്നു. 'മനോദൃശ്യമിദം ദ്വൈതം' എന്നു മനസ്സിലാക്കി ശാസ്ത്രവിചാരണയിലൂടെ ആത്മസ്വരൂപത്തിൽ ദൃഢതവരുമ്പോൾ മനസ്സു നിരാലംബമാകയും അങ്ങനെ ലയംപ്രാപിക്കുകയും ചെയ്യും. അപ്പോൾ ദ്വൈതബോധം നശിക്കുന്നു.

അലാതശാന്തിപ്രകരണത്തിൽ നൈയായികന്മാർ, സാംഖ്യന്മാർ, വൈശേഷികന്മാർ, ദ്വൈതികൾ തുടങ്ങിയവരുടെ 'മിഥ്യാവാദ'ങ്ങൾക്കു മറുപടി നല്കുന്നു.

ഗൗഡപാദാചാര്യർ

എട്ടാം നൂറ്റാണ്ടിൽ ജീവിച്ച ദാർശനികൻ. അദ്വൈതസിദ്ധാന്തവും മായാവാദവും † മാണ്ഡൂക്യകാരികയിൽ വിശദീകരിച്ചു. † ഗൗഡപാദകാരിക എന്ന പേരിലും മാണ്ഡൂക്യകാരിക അറിയപ്പെടുന്നു. ഇദ്ദേഹം ശൂകശിഷ്യനും ശങ്കരന്റെ ഗുരുവായ ഗോവിന്ദന്റെ ഗുരുവും ആണെന്നു പറയപ്പെടുന്നു.

ഗൗഡസാരസ്വതബ്രാഹ്മണർ

† കൊങ്ങിണികൾ നോക്കുക.

ഗൗഡി, ഫ്രെഡറിക് വില്യം (1865—1947)

യു.എസ്. അച്ചടി വിദഗ്ധനും ടൈപ്പോഗ്രാഫറും (Typographer). രൂപഭംഗികൊണ്ടു പ്രചാരം നേടിയിട്ടുള്ള നൂറിലധികം ടൈപ്പ്ഫേസുകൾ (type faces) ഇദ്ദേഹം രൂപകല്പന ചെയ്തിട്ടുണ്ട്.

1865 മാർച്ച് 8-ാം തീയതി ബ്ലൂമിങ്ടണിൽ (ഇല്ലിനോയ്, യു.എസ്.) ജനിച്ചു. ഷിക്കാഗോയിൽ ഒരു പ്രസ്സിലെ ബുക്ക് കീപ്പറായി ജോലി ചെയ്യുമ്പോൾ ആണ് അച്ചടിയിലും ടൈപ്പോഗ്രാഫിയിലും താത്പര്യം ഉണ്ടായത്. 1895-ൽ സ്വന്തമായി ഒരു പ്രസ്സ് തുടങ്ങി. അക്കാലത്ത് ഇദ്ദേഹം താൻ ആദ്യമായി രൂപകല്പനചെയ്ത ടൈപ്പ്ഫേസ് (കലോട്ട് എന്നാണ് അതിനു പേരിട്ടിരുന്നത്) ബോസ്റ്റൺ പ്രിന്റേഴ്സിന് പത്തു ഡോളർ വിലയ്ക്കുവിറ്റു. 1903-ൽ പാർക്ക് റിഡ്ജിൽ ഒരു പ്രസ്സ് തുടങ്ങി. അടുത്തവർഷം ഇതു ഹിൻഗാം മാസിലേക്കും, 1906-ൽ ന്യൂയോർക്കിലേക്കും മാറ്റി. 1939-ൽ പ്രസ്സും അതോടൊന്നിച്ചുണ്ടായിരുന്ന ടൈപ്പ് ഫൗണ്ടറിയും കത്തിനശിച്ചു.

ആർട്ട് സ്റ്റുഡൻസ് ലീഗിലും (1916-24) ന്യൂയോർക്ക് സർവകലാശാലയിലും (1927-29) ഗൗഡി അധ്യാപകനായി ജോലിനോക്കി. 1920-'40കാലത്ത് ലാങ്സ്റ്റൺമോണോ ടൈപ്പ് മെഷീൻ കമ്പനിയുടെ ആർട്ട് ഡയറക്റ്റർ ആയിരുന്നു. ഇദ്ദേഹം തയ്യാറാക്കിയ ചില പ്രധാനപ്പെട്ട ടൈപ്പ്ഫേസുകൾ: കെന്നർലി, ഫോറം ടൈറ്റ്ലിങ്, ഗൗഡി ഓൾഡ്സ്റ്റൈൽ ഗൗഡിബോൾഡ്, ഗരാമോൺഡ്, ഹാഡ്രിയാനോ. മുഖ്യകൃതികൾ: *ദി ആൽഫബറ്റ്* (1918), *എലിമെന്റ്സ് ഒഫ് ലെറ്ററിങ്* (1921) *കാപിറ്റൽസ് ഫ്രം ദ ട്രാജൻ കോളം അറ്റ് റോം* (1936). *ടൈപോളജിയ* (1940). ഇദ്ദേഹത്തിന്റെ ആത്മകഥാപരമായ ഗ്രന്ഥമാണ് *എ ഹാഫ് സെൻചറി ഒഫ് ടൈപ്പ് ഡിസൈൻ ആൻഡ് ടൈപ്പോഗ്രഫി 1895-1945* (1946).

ഗൗഡി (വൈ കോർനറ്റ്), അന്റോണിയോ
(1852—1926)

സ്പാനിഷ് വാസ്തുശില്പവിദഗ്ധൻ. രൂപഭംഗിയും വർണവിന്യാസത്തിലുള്ള ധാരാളിത്തവുമാണു ഗൗഡിയുടെ വാസ്തുശില്പങ്ങളുടെ സവിശേഷതകൾ.

1852 ജൂൺ 25-ാം തീയതി, സ്പെയിനിന്റെ മെഡിറ്ററേനിയൻ തീരത്തുള്ള കാറ്റാലൻ (Catalan) എന്ന സ്ഥലത്തു ജനിച്ചു. ബാല്യംമുതൽ വാസ്തുവിദ്യയിൽ വലിയ താത്പര്യമായിരുന്നു. യൗവനാരംഭത്തിൽ ബാർസിലോണയിലേക്കു താമസംമാറ്റി. അവിടെയാണു പില്ക്കാലജീവിതം അധികവും ചെലവഴിച്ചത്. സ്പെയിനിലെ ആധുനിക പട്ടണം എന്ന പെരുമനേടിയ ബാർസിലോണതന്നെയായിരുന്നു കാറ്റലോനിയയുടെ രാഷ്ട്രീയവും ധിഷണാപരവുമായ തലസ്ഥാനം. ഇദ്ദേഹം വിദ്യാഭ്യാസം നിർവഹിച്ചത് ഇവിടെയാണ്.

സാഗ്രാഡാ ഫമിലിയ (Sagrada Familia) എന്ന പള്ളിയുടെ പണിയിലാണു സമയം അധികവും വിനിയോഗിച്ചതെങ്കിലും ഇദ്ദേഹം മരിക്കുമ്പോൾപ്പോലും അതു പൂർത്തിയായില്ല. രൂപരേഖചെയ്



ഗൗഡി രൂപകല്പനചെയ്ത
ഗൂൽ എസ്റ്റേറ്റ് ദേവാലയം

തതും പണിപൂർത്തിയാക്കിയതുമായ നിരവധി സ്ഥാപനങ്ങൾ ബാർസിലോണിയയിലും മറ്റും കാണാം. കാസാ വിസൻസ് (Casa Vicens), എൽകാപ്രികോ (El Capricho), ഗൂൽ എസ്റ്റേറ്റ് (Guell Estate) തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഗോഥിക് ശൈലിയുടെ സ്വാധീനമുള്ള പാലാസിയോ എപിസ്കോപ്പൽ (Palacio Episcopal), കാസാ ഡി ലോസ് ബോടിനെസ് (Casa delos Botines) എന്നിവയും, ബറോക്കിലുള്ള കാസാ കാൽവെറ്റും (Casa Calvet) മറ്റു മാതൃകകളായി ചൂണ്ടിക്കാണിക്കാം. ഇവയെല്ലാം 1901-നു മുമ്പുള്ള സൃഷ്ടികളാണ്. അതിനുശേഷമുള്ളവയുടെ രൂപകല്പനാശൈലി ഇന്നതെന്നു ഖണ്ഡിതമായി തീരുമാനിക്കാവുന്നതല്ല.

സാഗ്രാഡാ ഫമിലിയ എന്ന പള്ളിപണിയാൻ, 1883-ലാണു ഗൗഡി നിയുക്തനായത്. അതിന്റെ നിർമാണത്തിനുവേണ്ടി സ്വയം സമർപ്പിച്ച ഇദ്ദേഹം, 1910 ആയപ്പോഴേക്കു മറ്റു കർത്തവ്യങ്ങളൊന്നും ഏറ്റെടുക്കാതായി. പണിസ്ഥലത്തുതന്നെയാക്കി ജീവിതവും. ഒരു അപകടത്തിൽപ്പെട്ട് 1926 ജൂൺ 10-ാം തീയതി അന്തരിച്ചു.

വാസ്തുവിദ്യയിൽ രൂപം, ഘടന തുടങ്ങിയവയുടെ വ്യാപ്തിയിലും, സ്വാതന്ത്ര്യത്തിലും സംഗ്രഥിത സംവിധാനത്തിലും ഇദ്ദേഹം പ്രകടമാക്കുന്ന തനതായ ലാളിത്യവും അടക്കവും എടുത്തുപറയേണ്ട സവിശേഷതകളാണ്.

ഗൗതമൻ

ന്യായസൂത്രങ്ങൾ രചിച്ച ദാർശനികൻ. ഇദ്ദേഹത്തെ ഗോതമൻ എന്നും പറയുന്നുണ്ട്. ഇദ്ദേഹത്തിന്റെ കാലത്തെക്കുറിച്ചു വ്യക്തമായി പറയാൻ കഴിയില്ല. ന്യായസൂത്രകാരൻ അക്ഷപാദനാണ് എന്നും ഒരു മതമുണ്ട്. ഇതുരണ്ടും ഒരാളുടെ പേരാകാം.

വാദപ്രതിവാദത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണു ന്യായശാസ്ത്രത്തിൽ പറയുന്നത്. ന്യായവൈശേഷികദർശനങ്ങളെ ഒന്നായിച്ചേർത്താണു തർക്കശാസ്ത്രം എന്നുപറയുന്നത്. ഈ രണ്ടു ദർശനങ്ങളിലെയും പ്രതിപാദ്യം ഏറെക്കുറെ ഒന്നുതന്നെ ആണെങ്കിലും സമീപനരീതി വ്യത്യസ്തമാണ്.

ഇന്നു ലഭിച്ചിട്ടുള്ള ന്യായസൂത്രങ്ങൾ ആദ്യരൂപത്തിൽനിന്നു വളരെ മാറിപ്പോയിട്ടുണ്ട് എന്നാണു ഗവേഷകമതം.

ഗൗരാമി (Gouramy)

ഒരിനം മത്സ്യം. അക്വേറിയങ്ങളിൽ വളർത്താറുണ്ട്. ശാസ്ത്രനാമം: *ഓസ്ഫ്രോനിമസ് ഗോരാമി (Osphronemus goramy)*. അനാബാൻറിഡെ കുലത്തിൽപ്പെടുന്നു. ജാവായും മൊറീഷ്യസുമാണു ജന്മസ്ഥലം. ഇന്ത്യയിൽ ബംഗാൾ, തമിഴ്നാട്, മഹാരാഷ്ട്രം എന്നിവിടങ്ങളിലെ ശുദ്ധജലത്തിൽ വളരുന്നു. പൂർണവളർച്ചയെത്തിയ ഗൗരാമിക്ക് അഞ്ചര കിലോഗ്രാമോളം ഭാരവും 60 സെ.മീറ്റർ നീളവും ഉണ്ടാകും. പരന്ന ശരീരത്തിലെ ചിറകുകളിൽ മുള്ളുണ്ട്. ശ്രോണീപത്രത്തിന്റെ ആദ്യത്തെ ഇഴ വളരെ നീളമുള്ളതും നാരുപോലെ വളരെ നീളത്തിൽ ഇരുവശത്തും വാൽച്ചിറകുവരെ നീണ്ടു കിടക്കുന്നതുമാണ്. ചെറുപ്രായത്തിൽ വിലങ്ങനെ ചില വരകൾ കാണാം. ചെകിളകൾക്കു മുകളിലായി ഉള്ള പ്രത്യേക ശ്വസനാവയവങ്ങൾ വെള്ളമില്ലാത്ത സ്ഥലത്തും കുറെ സമയത്തേക്കെങ്കിലും ജീവിക്കുന്നതിനു സഹായിക്കുന്നു. ഗൗരാമിയുടെ പ്രധാന ആഹാരം ജലസസ്യങ്ങൾ, മുട്ട, ചെമ്മീൻ എന്നിവ ആണ്.



ഗൗരാമിയും കൂടും

മൂന്നുവർഷം പ്രായമെത്തുമ്പോൾ ഇവ ഇണചേരുന്നു. മുട്ടകൾ സൂക്ഷിക്കുന്നതിനും കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനുമായി കൂടു നിർമിക്കുന്ന സ്വഭാവമുണ്ട്. ആൺമത്സ്യങ്ങളാണു ജലസസ്യങ്ങൾകൊണ്ടു കൂടുകൂട്ടുന്നത്. കൂടിന്റെ ഒരു വശത്ത് ഒരു ചെറിയ കവാടമുണ്ട്. കൂടു നിർമിക്കാത്തവയും ഉണ്ട്. ഒരുതവണ 500 മുതൽ 3000 വരെ മുട്ട ഇടുന്നു. പത്തുദിവസത്തിനുള്ളിൽ മുട്ട വിരിയും. വിരിഞ്ഞു പുറത്തുവരുന്ന കുഞ്ഞുങ്ങൾ പൊട്ടുകൾപോലെയിരിക്കും. വീണ്ടും രണ്ടാഴ്ചകൂടി കഴിഞ്ഞേ ഇവയ്ക്കു ചിറകുകൾ പ്രത്യക്ഷപ്പെടു.

ഗൗരി, കെ.ആർ. (1919—)

കേരളത്തിലെ പ്രമുഖ കമ്യൂണിസ്റ്റ് നേതാവ്. ഇപ്പോൾ സംസ്ഥാന വ്യവസായമന്ത്രി. ചെറുപ്പത്തിൽത്തന്നെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതൃസ്ഥാനത്തെത്തിച്ചേർന്നു. കഴിഞ്ഞ നാലുദശകത്തിലേറെയായി ആ സ്ഥാനത്തുതുടരുന്നു. ഇക്കാലത്തു സാമൂഹികവും രാഷ്ട്രീയവും വ്യക്തിപരവുമായ പല അഗ്നിപരീക്ഷകളും നേരിട്ടു. നീണ്ട ജയിൽവാസങ്ങളുടെയും സഹനസമരങ്ങളുടെയും തിളക്കമുള്ള ചരിത്രമാണ് ഇവരുടെ ജീവിതം. കേരളത്തിലെ ഭൂപരിഷ്കരണത്തിനു തുടക്കമിട്ട 1958-ലെ കാർഷികബന്ധബില്ലിനു രൂപംനല്കിയതു ഗൗരിയാണ്. സമർഥയായ ഭരണകർത്രി, പ്രഗല്ഭയായ നിയമസഭാംഗം, തനതു വിശ്വാസങ്ങൾക്കും ആദർശങ്ങൾക്കും വേണ്ടി വിട്ടുവീഴ്ചകൂടാതെ വാദിക്കുന്ന രാഷ്ട്രീയപ്രവർത്തക എന്നീ നിലകളിലെല്ലാം ഇവർ വ്യക്തിത്വം ആർജിച്ചിട്ടുണ്ട്.

1919 ജൂലൈയിൽ ചേർത്തലയിൽ ജനിച്ചു. തുറവൂരിലും ചേർത്തലയിലുമായി സ്കൂൾ വിദ്യാഭ്യാസം നടത്തി. എറണാകുളം മഹാരാജാസ് കോളെജിൽനിന്നു ബി.എ.യും, തിരുവനന്തപുരം ലോ കൊളെജിൽനിന്നു ബി.എൽ.ഉം പാസ്സായി. ചേർത്തലയിൽ അഭിഭാഷകയായി പ്രവർത്തിച്ചു. താമസിയാതെ പൊതുപ്രവർത്തനത്തിൽ ഏർപ്പെട്ടു. തൊഴിലാളിസമരങ്ങളിലും രാഷ്ട്രീയ പ്രക്ഷോഭണങ്ങളിലും പങ്കെടുത്തു മുൻ തിരുവിതാംകൂർ സംസ്ഥാനത്തെ കമ്യൂണിസ്റ്റു നേതാക്കളുടെ മുൻനിരയിൽ എത്തിച്ചേർന്നു. 1952-ലും 1954-ലും തിരു-കൊച്ചി നിയമസഭയിലേക്കും, 1957, 1960, 1965, 1967, 1970, 1980, 1982, 1987 എന്നീ വർഷങ്ങളിൽ കേരള നിയമസഭയിലേക്കും തിരഞ്ഞെടുക്കപ്പെട്ടു. 1957-59-ൽ കേരളത്തിലെ ആദ്യത്തെ കമ്യൂണിസ്റ്റ് മന്ത്രിസഭയിലും 1967-69-ലെ ഐക്യമുന്നണിമന്ത്രിസഭയിലും റവന്യൂവകുപ്പുമന്ത്രി, 1980-81-ലെ ഇടതുപക്ഷ മുന്നണി മന്ത്രിസഭയിൽ കൃഷിവകുപ്പുമന്ത്രി എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. ദീർഘകാലം കേരളകർഷകസംഘത്തിന്റെ പ്രസിഡൻറായിരുന്നു.

1957-ൽ കമ്യൂണിസ്റ്റ് നേതാവ് ടി.വി. തോമസ്സിനെ വിവാഹം കഴിച്ചു. 1964-ൽ കമ്യൂണിസ്റ്റുപാർട്ടി പിളർന്നപ്പോൾ തോമസ് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയിലും, ഗൗരി കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയിലും ഉറച്ചുനിന്നു.

ഗൗരിഗാത്രത്തെങ്ങ്

ഒരിനം തെങ്ങ്. *കൊക്കോസ് ന്യൂസിഫെറ* എന്നു ശാസ്ത്രനാമമുള്ള †തെങ്ങിന് ഓരോ സ്ഥലത്തും പല പ്രരൂപങ്ങളും (biotypes) വിഭേദങ്ങളും (strains) കണ്ടുവരുന്നു. കേരളത്തിൽ ഈ വിഭാഗത്തിൽ മുപ്പതുതരം തെങ്ങ് ഉണ്ട്. അധികം പൊക്കംവയ്ക്കാറില്ല. കായ്കൾക്കു മഞ്ഞനിറമാണ്. മലയയിൽ കാണുന്ന നിയോർഗേഡിങ് എന്ന ഇനമാണിത്. സ്വപരാഗണം നടക്കുന്നതിനാൽ തൊണ്ണൂറുശതമാനം ജനിതകശുദ്ധി ഇതിനുണ്ട്. കേരളത്തിൽ കാണുന്ന ‘വെസ്റ്റ് കോസ്റ്റ് ടാൾ’ ഇനത്തിൽ മഞ്ഞരാശി, മഞ്ഞകലർന്ന ഓറഞ്ച് എന്നീ നിറത്തിൽ കായ്കളുള്ള ഇനവും ഗൗരിഗാത്രത്തെങ്ങാണ്. ഇതിനു കൊപ്രയും വെളിച്ചെണ്ണയും താരതമ്യേന കുറവാണ്.

ഗൗരിമനോഹരി

ഒരു രാഗം. കർണാടകസംഗീതത്തിലെ 23-ാമത്തെ മേളകർത്താരാഗമാണിത്. താരതമ്യേന മറ്റു പല രാഗങ്ങളെയുംപോലെ ഇതു പ്രചാരത്തിലില്ല. വേളാവലി എന്ന പേരിലും അറിയപ്പെടുന്നുണ്ട്. ആരോഹണാവരോഹണങ്ങൾ. സരിഗമപധനിസ; സനിധപമഗരിസ. ഈ രാഗത്തിൽ ഷഡ്ജപഞ്ചമസ്വരങ്ങൾക്കു പുറമെ തീവ്രഋഷഭം, കോമളഗാന്ധാരം, കോമളമധ്യമം, തീവ്രധൈവതം, തീവ്രനിഷാദം എന്നീ സ്വരങ്ങളും വരുന്നു.

ഗൗരിമനോഹരി ഒരു സമ്പൂർണരാഗമാണ്. രി, മ, ധ, നി എന്നിവ ഇതിലുള്ള രാഗച്ഛായാസ്വരങ്ങളാണ്. ഏതു സമയത്തും പാടാവുന്ന രാഗമാണിത്. ഇതിലെ രി മ പ എന്നീ സ്വരങ്ങൾ ഓരോന്നിനെയും ആധാരഷഡ്ജമാക്കി പാടുന്ന പക്ഷം, നാടകപ്രിയ, വാചസ്പതി, ചാരുകേശി എന്നീ രാഗങ്ങളുണ്ടാകും.

ഗൗരീമനോഹരിയിലുള്ള പ്രസിദ്ധ കൃതികളിൽ , ത്യാഗരാജസ്വാമിയുടെ “ഗുരുലോക”, സ്വാതിതിരുനാളിന്റെ “സാരസസമ”, പല്ലവിശേഷയ്യരുടെ “ഒക മാടഡ”, ഗർഭപുരി സുബ്ബരായരുടെ “ബ്രോവസമയ”, ഗോപാലകൃഷ്ണഭാരതിയുടെ “യെപ്പോ തൊളയും ഇന്തതുമ്പ” എന്നിവ ഉൾപ്പെടുന്നു.

ഗൗരീശങ്കരം

ഇരട്ടക്കാരുദ്രാക്ഷം. ഇതു കഴുത്തിൽ ധരിക്കുന്നതു വളരെ പുണ്യമായി ഭക്തന്മാർ കരുതുന്നു. ഇരട്ടക്കായിൽ ഒന്നു ശ്രീ പാർവതിയും മറ്റതു ശിവനുമാണെന്നാണു സങ്കല്പം. സ്വർണമോ വെള്ളിയോ കെട്ടി പൊൻനൂലിലോ പൊന്മാലയിലോ വെറുംചരടിലോ കോർത്തു കഴുത്തിൽ ധരിക്കുന്നു.

ഗൗരീശങ്കരം

ഹിമാലയത്തിന്റെ അത്യുന്നതമായ കൊടുമുടി. പാർവതീപരമേശ്വരന്മാരുടെ വാസസ്ഥലമായതുകൊണ്ടാണ് ഈ പേർ ഉണ്ടായത്. എവറസ്റ്റ് എന്ന പേരിലാണ് ഇത് ഇപ്പോൾ കൂടുതൽ അറിയപ്പെടുന്നത്. രജതാദ്രി എന്നും ഇതിനു പേരുണ്ട്. പുരാണങ്ങളിലെ കൈലാസവും ഇതുതന്നെയാണെന്നാണു വിശ്വസിക്കപ്പെടുന്നത്. †എവറസ്റ്റ് നോക്കുക.

ഗൗർ

ഒരിനം കാട്ടുകാള. കടമാൻ എന്നാണു പറയാറുള്ളത്. ഇന്ത്യ, ബർമ, മലയ എന്നിവിടങ്ങളിൽ കണ്ടുവരുന്നു. ശാസ്ത്രനാമം: *ബസ് ഗാറസ് (Bos gaurus)*. ബോവിഡെ കുലത്തിൽപെടുന്നു. കാലിവർഗങ്ങളിൽ ഏറ്റവും വലിപ്പം കൂടിയ ഇനങ്ങളിലൊന്നാണിത്. ഇരുവശങ്ങളിലേക്കും വളഞ്ഞുനില്ക്കുന്ന ഉരുണ്ട കൊമ്പുകളും നീലക്കണ്ണും ഇതിന്റെ പ്രത്യേകതകയാണ്.

വളർച്ച പ്രാപിച്ച ആൺജീവിക്കു ചുമലിന്റെ സ്ഥാനത്തു രണ്ടു മീറ്ററിനു മേൽ ഉയരവും 900-ത്തിനടുത്തു കിലോഗ്രാം തൂക്കവുമുണ്ടായിരിക്കും. തലയുൾപ്പെടെ ഉടലിന്റെ നീളം ഏകദേശം മൂന്നു മീറ്റർ. പെൺജീവിക്ക് ഉയരം ഒന്നരമീറ്ററിൽ കൂടില്ല. കൊമ്പിന് 76 സെ.മീ. നീളവും ചുവട്ടിൽ 50സെ.മീ. വണ്ണവുമുണ്ട്. പെണ്ണിനു ചെമപ്പുകലർന്ന തവിട്ടുനിറമാണ്. ആണിനു കറുപ്പും. രോമങ്ങൾ കുറെയൊക്കെ പൊഴിയുന്നതോടെ പ്രായംചെന്ന ആൺജന്തുക്കളുടെ നിറം ഇരുണ്ടതാകും.

ഗർഭകാലം ഒമ്പതു മാസം. ഒരു പ്രസവത്തിൽ ഒരു കുഞ്ഞേ ഉണ്ടാകൂ. ജനനസമയം കുട്ടിക്ക് ഇളം മഞ്ഞനിറമായിരിക്കും. വളർച്ചപ്രാപിക്കുന്നതോടെ ഇളം തവിട്ടുനിറമായും ഒടുവിൽ ഇരുണ്ട തവിട്ടുനിറമായും മാറുന്നു. കുട്ടിയും തള്ളയും ഏതാനും നാൾ പറ്റത്തിൽ നിന്നു വേർപെട്ടാണു കഴിയുക.



ഗൗർ

ഭീരുപ്രകൃതികളായ ഈ ജന്തുക്കൾ മനുഷ്യരുമായി ഏറ്റുമുട്ടാൻ മുതിരാറില്ല. എന്നാൽ ഒറ്റതിരിഞ്ഞതോ മുറിവേറ്റതോ ആയ ജന്തുക്കൾ അപകടകാരികളാണ്. വൻതോതിൽ വേട്ടക്കാരുടെ തോക്കിനിരയാവുകമൂലം ഇവയുടെ വംശം നശിച്ചുകൊണ്ടിരിക്കുന്നു. †കാട്ടുകാള നോക്കുക.

ഗൗസ്, കാൾ ഫ്രീഡ്രിക് (1777—1855)

ജെർമൻ ഗണിതജ്ഞൻ. ആധുനിക ഗണിതത്തിലെയും ഭൗതികത്തിലെയും പ്രധാനപ്പെട്ട അനേകം സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചു. ആകെ 155 ശാസ്ത്രപ്രബന്ധങ്ങൾ രചിച്ചിട്ടുണ്ട്. ശാസ്ത്രലോകം ഗൗസിനെ‘ഗണിതത്തിലെ യുവരാജാവ് എന്നാണു വിശേഷിപ്പിക്കാറ്. ഇദ്ദേഹത്തിന്റെ കണ്ടുപിടിത്തങ്ങളിൽ പലതിന്റെയും ഔന്നത്യവും പ്രാധാന്യവും സംബന്ധിച്ച പൂർണമായ ധാരണ ഉണ്ടായത് 20-ാംനൂറ്റാണ്ടിൽ മാത്രമാണ്.



1777 ഏപ്രിൽ 30-നു ബ്രൺസ്വിക്കിൽ ഒരു ദരിദ്രകുടുംബത്തിൽ ജനിച്ചു. മുഴുവൻ പേര്: യോഹാൻ കാൾ ഫ്രിഡ്രിക് ഗൗസ്. സ്കൂൾ വിദ്യാഭ്യാസകാലത്തുതന്നെ ഗണിതത്തിൽ അദ്ഭുതസിദ്ധികൾ പ്രകടിപ്പിച്ചിരുന്നു. 14-ാംവയസ്സിൽ ബ്രൺസ്വിക്കിലെ ഡ്യൂക്കിന്റെ മുന്നിൽ ഗൗസ് ഗണനക്രിയാപാടവം പ്രദർശിപ്പിച്ചു. അതിനുശേഷം കോളെജ് വിദ്യാഭ്യാസത്തിനും മറ്റും ഡ്യൂക്കിന്റെ സഹായം ലഭിച്ചു. 14—17 വയസ്സിനിടയ്ക്കാണു ഗൗസ് ഗണിതശാസ്ത്രത്തിലെ അടിസ്ഥാനപരമായ പല കണ്ടുപിടിത്തങ്ങളും നടത്തിയത്.

22-ാം വയസ്സിൽ ഗൗസ് ഡോക്റ്ററേറ്റു നേടി. ഡോക്റ്ററേറ്റു ലഭിച്ച പ്രബന്ധത്തിലൂടെ ആണു സമ്മിശ്രസംഖ്യ(Complex number)

കളെ സംബന്ധിച്ച ബീജഗണിതതത്ത്വങ്ങൾ വികസിപ്പിച്ചത് (1799). ബീജഗണിതത്തിലെ അടിസ്ഥാനപ്രമേയം (fundamental theorem of algebra) എന്നറിയപ്പെടുന്ന പ്രമേയത്തിന്റെ ഉപപത്തി (proof) ഈ പ്രബന്ധത്തിൽ ഉണ്ട്. ചരിത്രപരമായി വളരെ പ്രാധാന്യമുള്ള ഒന്നാണ് ഇത്.

1801-ൽ പുറത്തുവന്ന *ഡിസ് ക്വസ്റ്റ്യനിസ് അരിത്തമെറ്റിയ* (Disquistiones arithmeticae) എന്ന വിഖ്യാത ഗ്രന്ഥത്തിൽ ഗണിതചരിത്രത്തിലെ ഏറ്റവും പ്രാധാന്യമുള്ള കണ്ടുപിടിത്തങ്ങളിൽ ഒന്നായ സംഖ്യാസിദ്ധാന്തതത്ത്വങ്ങൾ ആവിഷ്കരിച്ചു. അങ്കഗണിതത്തിലെ അടിസ്ഥാനപ്രമേയം (fundamental theorem of arithmetics) എന്നറിയപ്പെടുന്ന പ്രമേയത്തിന്റെ ഉപപത്തി ഈ പുസ്തകത്തിലൂടെ ആണ് അവതരിപ്പിക്കപ്പെടുന്നത്.

1807 മുതൽ മരണം വരെ (48 വർഷം) ഗൗസ് ഗോറ്റിംഗൻ സർവകലാശാലയിലെ ജ്യോതിശ്ശാസ്ത്ര പ്രൊഫസറും വാനനിരീക്ഷണനിലയത്തിന്റെ ഡയറക്റ്ററുമായി സേവനം അനുഷ്ഠിച്ചു. ക്ഷുദ്രഗ്രഹങ്ങളുടെ (asteroids) ഭ്രമണപഥം കണക്കാക്കാനുള്ള രീതികളും വർഗസിദ്ധാന്തങ്ങളും ഗൗസ് അവതരിപ്പിച്ചു. ഭൂമിയുടെ വലിപ്പം ആകൃതി തുടങ്ങിയവയെപ്പറ്റിയുള്ള വിജ്ഞാനശാഖയായ ഭൂഗണിതത്തിൽ (geodesy) സിദ്ധാന്തപരമായ പഠനം നടത്തുകയും (1920) 'ഗൗസിയൻ എറർ കെർവ്' ആവിഷ്ക്കരിക്കുകയും ചെയ്തു.

യൂക്ലിഡേതര ജ്യാമിതി (Non-Enclidean Geometry) ഒരു ശാഖയായി വികസിക്കുന്നതിനു മുമ്പുതന്നെ യൂക്ലിഡിന്റെ സിദ്ധാന്തങ്ങളിൽ ഉള്ള ചില പോരായ്മകൾ ഗൗസിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. സ്കെയിലും കോമ്പസും മാത്രം ഉപയോഗിച്ച് എല്ലാ ബഹുഭുജങ്ങളും നിർമിക്കാനാകുകയില്ലെന്നു തെളിയിച്ചു (ഉദാ: ഏഴുവശങ്ങളുള്ള ക്രമബഹുഭുജം). സാംഖ്യികത്തിലും കലനത്തിലും 'റിയൽ അനാലിസി'സ്സിലും ഇദ്ദേഹത്തിന്റെ സംഭാവനകൾ ഉണ്ട്. സാംഖ്യികത്തിലെ 'നോർമൽ വിതരണം' (Normal distribution) 'ഗൗസിയ വിതരണം' (Gaussian distribution) എന്നും അറിയപ്പെടുന്നുണ്ട്.

ഗുരുത്വാകർഷണം, വൈദ്യുതി, കാന്തത തുടങ്ങിയ ഭൗതികപ്രതിഭാസങ്ങളെ സംബന്ധിച്ച പഠനങ്ങളിൽ ഗണിതം പ്രയോഗിച്ചു സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചവരിൽ അഗ്രഗാമിയാണു ഗൗസ്. വിദ്യുത്കാന്തികപ്രതിഭാസങ്ങൾ നിർണയിക്കുന്നതിനു യുക്തിസഹമായ ചില ഏകകങ്ങൾ കൊണ്ടുവന്നു. വിദ്യുത്കാന്തിക ഏകകവ്യവസ്ഥക്കുതന്നെ ഇന്ന് 'ഗൗസിയൻ ഏകകവ്യവസ്ഥ' (Gaussian System of Units) എന്നാണു പേർ. വിദ്യുത്കാന്തികപ്രേരണത്തിന്റെ ഏകകം ആയ അബ്റ്റിസ്ല (abtesla) 'ഗൗസ്' എന്ന പേരിലാണു കൂടുതൽ അറിയപ്പെടുന്നത് (ഈ ഏകകം ആവിഷ്കരിച്ചതും ഗൗസ് തന്നെയാണ്). വിദ്യുത്കാന്തികതയിൽ പ്രാധാന്യമുള്ള †ഗൗസ്നിയമം ഇദ്ദേഹം ആവിഷ്കരിച്ചതാണ്.

1949-ൽ തന്റെ ഡോക്റ്ററേറ്റിന്റെ സുവർണജൂബിലിയോട് അനുബന്ധിച്ച് അതിന് അടിസ്ഥാനമായ ഗവേഷണപ്രബന്ധത്തിലെ പ്രമേയങ്ങളുടെ ഉപപത്തി പരിഷ്കരിച്ചു പുതിയപതിപ്പു പ്രസിദ്ധീകരിച്ചു. ഇത് അവസാനത്തെ പ്രസിദ്ധീകരണമായിരുന്നു. 1855 ഫെബ്രുവരി 23-നു ഗൗസ് അന്തരിച്ചു. മരണാനന്തരം ഇദ്ദേഹത്തിന്റെ രൂപം മുദ്രണം ചെയ്ത നാണയം ഇറക്കി ജെർമനി ഈ ശാസ്ത്രജ്ഞനെ ആദരിച്ചു.

ഗൗസ് നിയമം

വൈദ്യുതക്ഷേത്രത്തെയും കാന്തികക്ഷേത്രത്തെയും സംബന്ധിച്ചു സ്മാനസ്വഭാവമുള്ള ഓരോ നിയമം. ഇവ ഗൗസ് പ്രമേയം (Gauss' theorem) എന്നും അറിയപ്പെടുന്നു. ജെർമൻ ഗണിത-ഭൗതികജ്ഞനായ †ഗൗസ് (1777—1855) ആണ് ഈ നിയമങ്ങളുടെ ആവിഷ്കർത്താവ്

ഒരു വൈദ്യുതക്ഷേത്രത്തിലുള്ള ഒരു സംവൃതപ്രതലത്തിന് (closed surface) ലംബമായുള്ള വൈദ്യുത ഫ്ളെക്സ്. ആ പ്രതലത്തിനുള്ളിലുള്ള സ്വതന്ത്ര വൈദ്യുത ചാർജുകളുടെ ബീജീയത്തുകയ്ക്ക് (algebraic sum) ആനുപാതികമാണ്.

കാന്തികക്ഷേത്രത്തെ സംബന്ധിച്ച ഗൗസ് നിയമം ഇതാണ്: ഒരു സംവൃതപ്രതലത്തിലെ കാന്തിക ഫ്ളെക്സുകളുടെ ബീജീയത്തുക പൂജ്യമാകും. ഈ നിയമത്തിൽനിന്നു സ്വതന്ത്രമാക്കപ്പെട്ട കാന്തികധ്രുവങ്ങൾക്കു നിലനില്ക്കാനാകില്ല എന്ന കാര്യം കൂടി മനസ്സിലാക്കാം.

ആംപിയറിന്റെ നിയമം, ഫാരഡെയുടെ നിയമം എന്നിവയുടെ കൂടെ ഗൗസിന്റെ ഈ രണ്ടു നിയമങ്ങൾകൂടി സംയോജിപ്പിച്ചാണു മാക്സ്‌വെല്ലിന്റെ 'ഏകീകൃത വിദ്യുത്കാന്തിക സിദ്ധാന്തം' (Unified electromagnetic theory) ആവിഷ്ക്കരിച്ചിരിക്കുന്നത്.

ഗൗള

ഒരു രാഗം. കർണാടകസംഗീതത്തിലെ 15-ാം മേളകർത്താരാഗമായ മായാമാളവഗൗളയുടെ ജന്യം.

ആരോഹണാവരോഹണങ്ങൾ:

സ രി മ പ നി സ
സ നി പ മ രി ഗ മ രി സ

രി, മ, നി എന്നിവയാണു ജീവസ്വരങ്ങൾ. ശുദ്ധഋഷഭം, അന്തരഗാന്ധാരം, ശുദ്ധമധ്യമം, കാകളിനിഷാദം എന്നിവ വികൃതിസ്വരങ്ങൾ. ഘനപഞ്ചകം എന്നറിയപ്പെടുന്ന രാഗങ്ങളിൽ രണ്ടാമത്തതാണു ഗൗള. ദീർഘമായ ആലാപനത്തിനു സാധ്യതകുറയും. എന്നാൽ 'താനം' പാടുവാൻ വളരെ നല്ല രാഗമാണിത്. സമയഭേദം കൂടാതെ പാടുകയും ചെയ്യാം.

പലുമാരുനാതോ (വീണക്കുപ്പയ്യർ), *ദുഡുകുഗല* (ത്യാഗരാജസ്വാമികൾ), *ശ്രീമഹാഗണപതി* (മുത്തുസ്വാമിദീക്ഷിതർ), *കാമജനക* (സ്വാതിതിരുനാൾ) പ്രണമാമ്യഹം (മൈസൂർ വാസുദേവാചാർ) എന്നിവയാണ് ഈ രാഗത്തിലുള്ള പ്രസിദ്ധകൃതികൾ.

ഗൗളി (Gecko)

ഗെക്കോനിഡേ (gekkonidae) കുലത്തിൽപ്പെടുന്ന ഉരഗം. ഈ കുലത്തിൽ 80 ജീനസുകളിലായി ആകെ, 750-ൽപരം സ്പീഷീസ് ഉണ്ട്. ഇതിൽ 150 സ്പീഷീസ് ഇന്ത്യയിൽ കാണുന്നു.

ഗൗളിയെ 'പല്ലി' (House Lizard) എന്നും വിളിക്കാറുണ്ട്. 'പല്ലിവർഗ ജീവികൾ' (Lizard) എന്ന പദം ഗൗളി, ഓന്ത്, അരണ, ചീങ്കണ്ണി, മുതല തുടങ്ങിയ ജന്തുക്കൾ ഉൾപ്പെടുന്ന ലാസെർടീലിയ (Lacertilia) ഓർഡറിലെ ജന്തുക്കൾക്കു പൊതുവെയുള്ള പേരാണ്.

മനുഷ്യരുടെ വാസസ്ഥലങ്ങളിലാണ് ഗൗളിയെ സാധാരണമായി കണ്ടുവരുന്നത്. ശരാശരി 15 സെ.മീ നീളമുണ്ടു ചില സ്പീഷീസിന്. (ഉദാ: *ജെക്കോ ജീക്കോ (Gekko geeko)* 35 സെ.മീ. വരെ നീളം വയ്ക്കും.



A. ഗൗളി
B. പറ്റിപ്പിടിച്ചിരിക്കാൻ സഹായിക്കുന്ന പാദം.

മിനുസമുള്ള ത്വക്കുകൊണ്ടു ശരീരം ആവരണം ചെയ്തിരിക്കുന്നു. കണ്ണുകൾ വലുതാണ്. ഇതു സുതാര്യമായചർമംകൊണ്ടു മൂടിയിരിക്കും. ഭിത്തികളിലും മറ്റും പറ്റിപ്പിടിച്ചു കയറുവാൻ യോജിച്ചതരത്തിലുള്ളതാണു പാദങ്ങൾ. വാൽ നീളമുള്ളവയും സ്വയം മുറിച്ചിടാവുന്നതുമാണ്. ആപച്ചരങ്കയുണ്ടാകുമ്പോൾ പ്രാണരക്ഷാർഥം വാൽ മുറിച്ചിട്ട്, ശത്രുവിന്റെ ശ്രദ്ധമാറ്റുന്നതു ഗൗളിയുടെ പ്രതിരോധ വിദ്യയാണ്. മുറിച്ചിട്ട വാൽ കുറെനേരം പിടയും. മുറിഞ്ഞു പോയതിന്റെ സ്ഥാനത്തു പുതിയ വാൽ വളരും.

കീടങ്ങളും ചെറുപ്രാണികളുമാണു ഗൗളിയുടെ ആഹാരം. രാത്രിയിലാണ് ഇരതേടിയിറങ്ങുന്നത്. പാദങ്ങൾ ഏതെങ്കിലും പ്രതലത്തിൽ വയ്ക്കുമ്പോൾ ചെറുരോമങ്ങൾക്ക് ഇടയിലൂടെ വായു പുറത്തേക്ക് പ്രവഹിക്കുന്നു. അപ്പോൾ പാദത്തിനും പ്രതലത്തിനും ഇടയ്ക്കുള്ള ഭാഗം നിർവാതം ആകുകയും, പാദം ബലമായി പറ്റിപ്പിടിച്ചിരിക്കാൻ ഇതു സഹായിക്കുകയും ചെയ്യുന്നു. ഇതുകൊണ്ടു കണ്ണാടിപോലെ മിനുസമേറിയ ഭാഗങ്ങളിൽക്കൂടി സഞ്ചരിക്കാനും ഗൗളിക്കു കഴിയും. തെക്കുപടിഞ്ഞാറെ ആഫ്രിക്കയിൽ കാണപ്പെടുന്ന *പാമാറ്റോ ജെക്കോ (Paimato Jecko)* എന്നയിനം ഗൗളിക്ക് ഇത്തരം പാദങ്ങളില്ല; പകരം പ്രത്യേകതരം പാദജാലം ആണുള്ളത്. ഇതുപയോഗിച്ചു മണ്ണിൽ പോതുണ്ടാക്കുവാനും മരത്തിൽ കയറുവാനും സാധിക്കുന്നു.

അടിയന്തിരഘട്ടങ്ങളിൽ ഉപയോഗിക്കാനായി വാലിനുള്ളിൽ പോഷകം ശേഖരിച്ചു വയ്ക്കുന്ന ചിലയിനം ഗൗളികളുണ്ട്.

ഗൗളിയുടെ മുട്ടകൾ വെളുത്തതും, ചെറുതും കട്ടിയേറിയ തോടോടുള്ളതുമാണ്. ഇലകൾക്കിടയിലോ മരത്തിന്റെ വിടവുകളിലോ ആണു മുട്ടയിടുന്നത്.

ഗൗളി തികച്ചും നിരുപദ്രവകാരിയാണ്. ഇതിനെ ചിലർ വിഷജീവിയായി തെറ്റിദ്ധരിക്കാറുണ്ട്.

†പല്ലിവർഗ ജീവികൾ നോക്കുക.

ഗൗളിക്കിളി (Velvetfronted Nuthatch)

കാട്ടിൽ കണ്ടുവരുന്ന ഒരിനം പക്ഷി. ശാസ്ത്രനാമം: *സിറ്റാ ഫ്രോൺടാലിസ് (Sitta frontalis)*. പത്തു സെന്റീമീറ്ററോളം നീളമുണ്ട്. ശരീരത്തിന്റെ അടിഭാഗത്തിനു തവിട്ടുനിറമാണ്; ഉപരിഭാഗത്തിനു നീലയും. ആൺപക്ഷിക്കു കണ്ണിനു പുറമെ കറുത്ത പട്ട (വര) കാണും.


ഗൗളിക്കിളി

ഗൗളിക്കിളിക്കു സ്വഭാവത്തിൽ മരംകൊത്തിയോടു വളരെ സാമ്യമുണ്ട്. മരംകൊത്തിയെപ്പോലെ മരത്തടിയിൽ ചാടിനടക്കുന്നതു കാണാം. മരത്തടിയിലുള്ള പുഴു, പാറ്റ എന്നിവയാണു ഗൗളിക്കിളിയുടെ ആഹാരം. ഇര തേടുമ്പോൾ നേരിയ സ്വരത്തിൽ ശബ്ദിക്കാറുണ്ട്.

പ്രജനനകാലം ജനുവരിമുതൽ ഏപ്രിൽവരെയാണ്. മരത്തടികളിലെ മാളങ്ങളിൽ കൂടുകൂട്ടുന്നു. നാര്, രോമം, പൂപ്പ്, തൂവൽ എന്നിവ കൊണ്ടാണു കൂട് ഉണ്ടാക്കുന്നത്. ചെമപ്പോ ഇളം ഊതനിറത്തിലോ ഉള്ള പുള്ളികൾ മുട്ടത്തോടിൽ ഉണ്ട്.

ഗൗളിപന്തു

ഒരു രാഗം. 15-ാം മേളകർത്താരാഗമായ മായാമാളവഗൗളയുടെ ജന്യം.

ആരോഹണാവരോഹണങ്ങൾ:

സരിമപനിസ
സനിധപമപധമഗരിസ.

ഷഡ്ജപഞ്ചമ സ്വരങ്ങൾക്കു പുറമെ ശുദ്ധഋഷഭം, അന്തരഗാന്ധാരം, ശുദ്ധമധ്യമം, ശുദ്ധധൈവതം, കാകളിനിഷാദം എന്നിവയും ഈ രാഗത്തിൽ വരുന്ന സ്വരങ്ങളാണ്. രി, മ, നി എന്നിവയാണു ജീവസ്വരങ്ങൾ. ഇതിലെ മധ്യമം ശുദ്ധമധ്യമത്തെക്കാൾ അല്പം ശ്രുതി കൂടിയതാണ്. നിഷാദവും ചില സ്ഥലങ്ങളിൽ അല്പം കൂടിയതായിരിക്കും. കരുണരസപ്രധാനമാണ് ഈ രാഗം.

മോസബോക, തെരദീയ ഗരാദ (ത്യാഗരാജസ്വാമികൾ), *കൃഷ്ണാനന്ദു* (ദീക്ഷിതർ), *തരുണം ഈദമ്മ* (ശ്യാമശാസ്ത്രി), *ഏവതേ ഗുഡിന* (ക്ഷേത്രജ്ഞർ) തുടങ്ങിയ കൃതികൾ ഈ രാഗത്തിലുള്ളവയാണ്.

ഗൗളിശാസ്ത്രം

ഗൗളി ശബ്ദിക്കുന്നതും ദേഹത്തു വീഴുന്നതും അനുസരിച്ചു ഭാവിഫലം പ്രവചിക്കുന്ന രീതി. ഞായർ, തിങ്കൾ, മുതലായ ആഴ്ചകളും കിഴക്ക്, തെക്കുകിഴക്ക്, തെക്ക്, തെക്കുപടിഞ്ഞാറ് മുതലായ ദിക്കുകളും കണക്കിൽ എടുത്താണു ഫലം. തലയിൽ വീണാൽ അമ്മയുടെയോ സഹോദരന്മാരുടെയോ മരണം, നെറ്റിയിൽ വീണാൽ നിധികണ്ടെത്തൽ എന്നിങ്ങനെ പോകുന്നു ഫലങ്ങൾ. പഞ്ചാംഗങ്ങളിൽ പലപ്പോഴും ഈ ഫലങ്ങൾ ചേർത്തുകാണാം.

ഗ്ര

ഗ്രനഡ

ദക്ഷിണസ്പെയിനിലെ ഒരു പ്രവിശ്യയും അതിൻെറ തലസ്ഥാനവും. പ്രവിശ്യയുടെ ഏതാണ്ടു മധ്യത്തിലാണു നഗരത്തിൻെറ സ്ഥാനം. സമുദ്രനിരപ്പിൽനിന്ന് 669 കി.മി. പൊക്കമുണ്ട്. സുഖകരമായ കാലാവസ്ഥയാണ്. പഴയകാലത്ത് ഈ നഗരത്തിനു സമീപം ഒരു റോമൻ നഗരം സ്ഥിതിചെയ്തിരുന്നതിനു തെളിവുണ്ട്. കോർഡോബായിലെ ഖലീഫിൻെറ പതനത്തിനുശേഷം അറബികൾ ഈ നഗരം കൈവശപ്പെടുത്തി. 12-ാം നൂറ്റാണ്ടിൽ നസ്റിദ്‌വംശം ഇവിടെ ആധിപത്യം സ്ഥാപിച്ചു. 1492-ൽ സ്പെയിനിൻെറ അധീനതയിലായി. ക്രിസ്ത്യൻ ഭരണകാലത്തുണ്ടായ പല കലാപങ്ങളും അടിച്ചമർത്തപ്പെട്ടു. മൂറുകളുടെ ഭരണകാലത്തു ഗ്രനഡ അഭിവൃദ്ധിപ്രാപിച്ചു. 19-ാം നൂറ്റാണ്ടിൽ വ്യവസായങ്ങളും റയിൽവേയും ഗ്രനഡയുടെ അഭിവൃദ്ധിക്കു കാരണമായി. സ്പെയിനിൽ 1936-'39 കാലത്തു നടന്ന ആഭ്യന്തരസമരകാലത്ത് കടുത്ത പോരാട്ടത്തിനുശേഷം ഗ്രനഡ ഫ്രാങ്കോയുടെ അധീനതയിൽ വന്നു. പ്രസിദ്ധങ്ങളായ അനേകം ദേവാലയങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രതിമാശില്പങ്ങളും മ്യൂസിയങ്ങളും ഗ്രനഡയിലുണ്ട്. ആധുനിക ഗ്രനഡയുടെ വളർച്ചയ്ക്കു പ്രധാനകാരണം പഞ്ചസാരവ്യവസായമാണ്. ജനസംഖ്യ: സംസ്ഥാനത്തിലെത് 7,24,299; നഗരത്തിലെത് 2,44,995(1982).



ഗ്രനഡ(സ്പെയിൻ)യിലെ
പ്രസിദ്ധമായ ഹാൾ ഒഫ് റ്റു സിസ്റ്റേഴ്സ്

ഗ്രനഡ

നിക്കരാഗ്വയിലെ ഒരു പ്രവിശ്യയും അതിൻെറ തലസ്ഥാനവും. 1524-ൽ സ്ഥാപിക്കപ്പെട്ട ഗ്രനഡ മധ്യഅമേരിക്കയിലെഏറ്റവും പഴക്കമുള്ള നഗരമാണ്. നിക്കരാഗ്വ തടാകത്തിൻെറ കരയിലുള്ള ഈ നഗരത്തിലേക്ക് സാൻജുവാൻ നദി വഴി കരീബിയൻ കടലിൽനിന്നു കടക്കാം. നിക്കരാഗ്വയുടെ തലസ്ഥാനമായ മനാഗുവയിലേക്ക് ഇവിടെനിന്ന് റെയിൽവഴിയായും റോഡ്‌വഴിയായും എത്തിച്ചേരാം (44 കി.മീ. ദൂരം). ഗ്രനഡയ്ക്കു സമീപമുള്ള അഗ്നിപർവതദൃശ്യങ്ങളും നിക്കരാഗ്വ തടാകത്തിലെ പ്രകൃതിസുന്ദരങ്ങളായ ചെറുദ്വീപുകളും ഗ്രനഡയെ ഒരു വലിയ വിനോദസഞ്ചാര കേന്ദ്രമാക്കിയിരിക്കുന്നു. ജനസംഖ്യ 1,36,068 (1985).

ഗ്രനേഡ് (Grenade)

കൈകൊണ്ടും തോക്കുപയോഗിച്ചും വിക്ഷേപിക്കാവുന്ന ഒരുതരം ചെറുബോംബ്.

കൈബോംബ് (Hand grenade). കൈകൊണ്ടെറിയാനുള്ള ചെറുബോംബാണ് ഇത്. കൈയിൽ ഒതുങ്ങത്തക്കവിധം നിർമിക്കുന്നു. ബോംബിനോടുചേർന്ന് ഒരു വശത്തായി ഒരു ലിവർ ഘടിപ്പിച്ചിരിക്കും. താഴെ അറ്റത്തുള്ള കൊതയിൽ ലിവറിൻെറ അറ്റത്ത് ഒരു ഹാമറുമുണ്ട്. ഇതു സ്ഫോടകവസ്തുക്കൾ നിറച്ച അറയിൽ (പ്രൈമർ) ശക്തിയോടെ ചെന്നു മുട്ടുമ്പോൾ പ്രൈമർ ജ്വലിക്കുന്നു. വിളംബഘടകത്തിൽക്കൂടി (Delay elements) പ്രൈമറിൽനിന്നുള്ള ജ്വാല ഏകദേശം നാലു സെക്കൻഡ് സമയംകൊണ്ടു ഡെറ്റണേററിൽ (Detonator—മുഴക്കത്തോടെ സ്ഫോടനം ഉണ്ടാക്കുന്ന ഉപാ



ഗ്രനേഡിൻെറ
പരിഛേദം



ആൻറിടാങ്ക്
റൈഫിൾ ഗ്രനേഡ്
(പരിച്ഛേദം)

യം) എത്തും. ഡെറ്റണേറ്റർ പൊട്ടുകയും അതിനുചുറ്റും ബോംബിൽ നിറച്ചിരിക്കുന്ന ശിഥിലീകരണചാർജിനു (Blasting charge) സ്ഫോടനം സംഭവിക്കുകയും ചെയ്യുന്നു. ശിഥിലീകരണചാർജ് പൊട്ടുന്നതോടെ ഗ്രനേഡിൻെറ പുറന്തോട് അനേകം കഷണങ്ങളായി പൊട്ടിത്തെറിക്കും. പുറന്തോടിൽ നെടുകെയും കുറുകെയും ചാലുകൾ കീറുന്നത് കഷണങ്ങൾ വളരെ ചെറുതാകാതിരിക്കാൻ വേണ്ടിയാണ്.

റൈഫിൾ ഗ്രനേഡ്. (Rifle Grenade). കൈകൊണ്ടെറിയാനുള്ള ഗ്രനേഡിനു പുറമെ റൈഫിൾകൊണ്ടു വിക്ഷേപിക്കാവുന്നവയുമുണ്ട്. റൈഫിൾഗ്രനേഡിൻെറ വിളംബഘടകം ഏഴുസെക്കൻഡാണ്.

കൈകൊണ്ടെറിയുന്ന ഗ്രനേഡു പ്രവർത്തിപ്പിക്കുവാൻ വൈദഗ്ധ്യം വേണം. ആണി ഊരി രണ്ടു സെക്കൻഡുകഴിഞ്ഞു ശത്രുസ്ഥാനത്തേക്കെറിഞ്ഞാൽ അത് അവിടെ വീണു പൊട്ടുന്നതാണ്.

ലക്ഷ്യത്തിൽ ചെന്നു കൊള്ളുമ്പോൾ മാത്രം പൊട്ടിത്തെറിക്കുന്ന ഗ്രനേഡിനെ കോൺടാക്ട് ഗ്രനേഡ് (Contact Grenade) എന്നുപറയുന്നു. ഇതു സാധാരണ ഗ്രനേഡിനോളം ഫലപ്രദമല്ല. കൈകാര്യം ചെയ്യുമ്പോൾത്തന്നെ അപകടം ഉണ്ടാകുവാൻ സാധ്യതയുണ്ട്.

റൈഫിൾ ഗ്രനേഡ് ആണി ഊരിയശേഷം റൈഫിളിൻെറ അറ്റത്തുവച്ചു വെടിവച്ചു ശത്രുസങ്കേതത്തിൽ എത്തിക്കുന്നു. ഏഴു സെക്കൻഡാണു വിളംബഘടകം. ഇതു 91 മീറ്റർ മുതൽ 180 മീറ്റർവരെ ദൂരം പോകും.

കണ്ണീർവാതകഗ്രനേഡ് (Tear gas Grenade). അക്രമാസക്തമായ ജനക്കൂട്ടത്തെ പിരിച്ചുവിടേണ്ട സന്ദർഭങ്ങളിൽ പോലീസുകാർ ഉപയോഗിക്കുന്ന ഈ ഗ്രനേഡിൽ കണ്ണീർവാതകം അടക്കംചെയ്തിരിക്കും. റൈഫിൾകൊണ്ടാണു വിക്ഷേപണം. അല്പം ശ്വാസംമുട്ടലും ധാരാളം കണ്ണുനീരും ഉണ്ടാകുമെന്നല്ലാതെ മറ്റു കേടുകളൊന്നും ഇതുണ്ടാക്കുന്നില്ല. ഗുഹകളിലും പാറയിടുക്കുകളിലും മറ്റും ഒളിച്ചിരിക്കുന്നവർക്കെതിരായും ഈ ഗ്രനേഡ് ഉപയോഗിക്കാറുണ്ട്.

ആൻറിടാങ്ക് റൈഫിൾ ഗ്രനേഡ് (Anti tank rifle Grenade). ടാങ്കുകൾക്കെതിരായി പ്രയോഗിക്കാവുന്ന ആൻറി ടാങ്ക് റൈഫിൾ ഗ്രനേഡിൽ മേൽത്തരം പൊട്ടിത്തെറി ചാർജുകളാണ് അടക്കംചെയ്തിരിക്കുക. സ്ഫോടനവസ്തു ഒരു പ്രത്യേകാകൃതിയിൽ നിറച്ചിരിക്കും. അങ്ങനെ നിറച്ചിരിക്കുന്ന സ്ഫോടനവസ്തുവിനെ ഷേപ്ഡ് ചാർജ് (Shaped charge) എന്നുപറയുന്നു. വിക്ഷേപിച്ചാൽ ചെന്നു കൊള്ളുന്നത്ര ദൂരത്തിൽ ടാങ്കിനെ സമീപിക്കുന്ന എതിരാളിക്ക് ഈ ഗ്രനേഡുകൊണ്ടു ടാങ്കിനെ നശിപ്പിക്കാം. മുമ്പോട്ടുള്ള സഞ്ചാരപഥത്തിൽനിന്നു ഗ്രനേഡ് വ്യതിചലിച്ചുപോകാതിരിക്കുന്നതിന് സ്റ്റെബിലൈസർ ട്യൂബും ചെറിയ വാൽചിറകുകളും അതിൽ ഘടിപ്പിച്ചിരിക്കും.

ധൂമപടലമുണ്ടാക്കുവാൻ ധൂമഗ്രനേഡും (Smoke Grenade) രാത്രിയിൽ ആയുധങ്ങൾ ഉപയോഗിക്കുന്നതു മനസ്സിലാക്കുവാൻ പ്രകാശം വീശുന്ന പ്രകാശഗ്രനേഡും (Incandiary Grenade) ഉപയോഗത്തിലുണ്ട്.

പി.വി. ദേവദാസ്

ഗ്രന്ഥ് സാഹിബ്

സിഖ് മതക്കാരുടെ വിശുദ്ധഗ്രന്ഥം. അഞ്ചാമത്തെ ഗുരുവായ അർജുൻസിങ് സമാഹരിച്ച ആദിഗ്രന്ഥം തന്നെയാണു ഗ്രന്ഥ് സാഹിബ്. 1604-ൽ ആണ് ആദ്യത്തെ അഞ്ചു ഗുരുക്കന്മാർ രചിച്ച 6,000 മന്ത്രങ്ങൾ സമാഹൃതമായത്. നാനക്ക്, അംഗദ്, അമർദാസ്, രാംദാസ്, അർജുൻ ഇവരാണ് ആദിഗുരുക്കന്മാർ. ഗോവിന്ദസിങ് പിതാവിൻെറ 115 മന്ത്രങ്ങൾകൂടി ഇതിൽ പെടുത്തി. ഗുരുക്കന്മാരുടെ രചനകൾക്കുപുറമെ മുസ്ലിം സൂഫികളുടെ (ഫരീദ്, കബീർ മുതലായവരുടെ) രചനകളും ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പത്താമത്തെ ഗ്രന്ഥം എന്ന് അർഥമുള്ള *'ദശമ്ഗ്രന്ഥ്'* ഗുരുഗോവിന്ദസിങ്ങിൻെറതായി ഗണിക്കപ്പെടുന്നു. അതിനു പലരും പ്രാമാണികത കല്പിക്കുന്നില്ല. ആദിഗ്രന്ഥത്തിൻെറ വിശുദ്ധി അതിനുള്ളതായി എല്ലാവരും അംഗീകരിക്കുന്നില്ല.

ഗുരുഗോവിന്ദസിങ് അന്തരിച്ചപ്പോൾ പില്ക്കാലത്തേക്ക് ഒരു ഗുരുവിനെ അദ്ദേഹം നാമനിർദേശം ചെയ്തില്ല. ഗ്രന്ഥത്തെ ഗുരുവായി ഗണിക്കാൻ പറഞ്ഞു എന്നും അതുകൊണ്ടു 'ഗുരുഗ്രന്ഥ്സാഹിബ്' എന്നു ഗ്രന്ഥത്തെ വിളിച്ചുതുടങ്ങി എന്നുമാണു പറയുന്നത്.

ഗ്രന്ഥശാല

വായനയ്ക്കുവേണ്ടി പുസ്തകങ്ങൾ ശേഖരിച്ചു സൂക്ഷിക്കുന്ന സ്ഥാനം. അയ്യായിരത്തോളം വർഷം മുമ്പാണ് †ഗ്രന്ഥശാലാചരിത്രം

ആരംഭിക്കുന്നത്. എന്നാൽ ഇന്നത്തെ രീതിയിലുള്ള ഗ്രന്ഥശാലകളുടെ ആവിർഭാവം 15-ാംനൂറ്റാണ്ടിൽ ഗുട്ടൻബർഗ് അച്ചടിയന്ത്രം കണ്ടുപിടിച്ചതിനുശേഷമാണ്. ഇന്നു ലോകരാഷ്ട്രങ്ങളിലെല്ലാം, നഗരങ്ങളിലും ഗ്രാമങ്ങളിലും, ഗ്രന്ഥശാലകളുണ്ട്.

പലതരം ഗ്രന്ഥശാലകൾ. വായനക്കാരുടെ അഭിരുചിയും ഉപയോഗവും അനുസരിച്ചു ഗ്രന്ഥശാലകളുടെ രൂപഭാവങ്ങൾക്കും ഭേദമുണ്ട്. പബ്ലിക് ലൈബ്രറികൾ, നാഷനൽ ലൈബ്രറികൾ, സ്കൂൾ ലൈബ്രറികൾ, കോളെജ് ലൈബ്രറികൾ, ഗവേഷണ ലൈബ്രറികൾ, കുട്ടികൾക്കുള്ള ലൈബ്രറികൾ, സ്വകാര്യലൈബ്രറികൾ എന്നിങ്ങനെ ഗ്രന്ഥശാലകൾക്കു പല ഭേദങ്ങളുണ്ട്. സാധാരണഗതിയിൽ ദേശീയഗ്രന്ഥശാലകളിലും പൊതുഗ്രന്ഥശാലകളിലും എല്ലാത്തരം ഗ്രന്ഥങ്ങളും ഉണ്ടാകും. കുട്ടികളുടെ ഗ്രന്ഥശാലകളിൽ കഥാപുസ്തകങ്ങൾ, ലഘു ശാസ്ത്രഗ്രന്ഥങ്ങൾ, ചിത്രഗ്രന്ഥങ്ങൾ മുതലായവയ്ക്കാണു പ്രാധാന്യം. കോളെജ് ഗ്രന്ഥാലയങ്ങളിൽ പൊതുതാത്പര്യമുള്ള ഗ്രന്ഥങ്ങൾക്കു പുറമെ അതതുകോളെജിലെ പാഠ്യവിഷയങ്ങൾ സംബന്ധിച്ച ഗ്രന്ഥങ്ങൾക്കാണു പ്രാമുഖ്യം. ഗവേഷണഗ്രന്ഥാലയങ്ങളിൽ ഗവേഷകർക്കു റെഫറൻസിന് ഉതകുന്ന ഗ്രന്ഥങ്ങളാണു ശേഖരിച്ചുവയ്ക്കുന്നത്. ഇത്തരം ഗ്രന്ഥങ്ങൾ സാധാരണ ഗ്രന്ഥാലയങ്ങളിൽ ഉണ്ടാകാറില്ല.

ലെൻഡിങ്ലൈബ്രറികളും റെഫറൻസ്ലൈബ്രറികളും. സാധാരണ ഗ്രന്ഥശാലകൾ വായനക്കാർക്കു പുസ്തകം വീട്ടിൽ കൊണ്ടുപോയി വായിക്കാൻ കടം കൊടുക്കുന്നു. ഒരു നിക്ഷേപവും മാസവരിയും കൊടുക്കുന്ന ആർക്കും നിശ്ചിത എണ്ണം പുസ്തകങ്ങൾ കടം കിട്ടും. എന്നാൽ അവിടെയും റെഫറൻസു ഗ്രന്ഥങ്ങൾ ഗ്രന്ഥാലയത്തിൽ ഇരുന്നു വായിച്ചു പഠിക്കാനേ അനുവദിക്കാറുള്ളു. ഗവേഷണലൈബ്രറികൾ റെഫറൻസ് ലൈബ്രറികളാണ്. സർവകലാശാലാ കാമ്പസുകളിലും റെഫറൻസ് ലൈബ്രറികളുണ്ട്. ഇവിടെ വായിച്ചു രസിക്കുവാനുള്ള പുസ്തകങ്ങൾ ഉണ്ടാവില്ല. സാങ്കേതികതയുള്ള ശാസ്ത്രഗ്രന്ഥങ്ങൾ മാത്രമേ ഉണ്ടാകാറുള്ളൂ. ഗവേഷണങ്ങളിൽ ഏർപ്പെടുന്നവരെ ഉദ്ദേശിച്ചാണ് ഇത്തരം ഗ്രന്ഥാലയങ്ങൾ സജ്ജമാക്കുന്നത്.

സഞ്ചരിക്കുന്ന ഗ്രന്ഥശാലകൾ. വാഹനങ്ങളിൽ വായനക്കാരുടെ ഭവനങ്ങളിൽ പുസ്തകം എത്തിക്കുന്ന ഗ്രന്ഥശാലകളുണ്ട്. പരിമിതമായിരിക്കും വാഹനത്തിൽ എത്തുന്ന ഗ്രന്ഥങ്ങളുടെ സംഖ്യ. നേരത്തേകൂട്ടി നിർദേശം കൊടുത്താലേ ആവശ്യപ്പെടുന്ന പുസ്തകങ്ങൾ ഗ്രന്ഥാലയത്തിലുണ്ടെങ്കിലും വാഹനത്തിൽനിന്നു ലഭിക്കൂ. വീട്ടമ്മമാർക്കും ശാരീരിക അവശതകൾ ഉള്ളവർക്കും ഈ രീതി പ്രയോജനം ചെയ്യുന്നു.

ഗ്രാമീണ ഗ്രന്ഥാലയങ്ങൾ. അഭ്യസ്തവിദ്യരുടെ സംഖ്യ ചുരുങ്ങിയ നാട്ടിൻപുറങ്ങളിൽ ഉള്ള ഗ്രന്ഥശാലകളിൽ നവസാക്ഷരർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ ഗ്രന്ഥങ്ങളാണ് അധികം കാണുന്നത്. സാധാരണക്കാർക്കു സുഗ്രഹമായ, ലളിതഭാഷയിലുള്ള സാഹിത്യഗ്രന്ഥങ്ങളും ഇവിടെ ഉണ്ടാവും. സാക്ഷരതാ പ്രചാരണത്തിൻെറ ഭാഗമായി ഇത്തരം ഗ്രന്ഥശാലകൾ ധാരാളം ഉണ്ടായിട്ടുണ്ട്.

ഹസ്തലിഖിതഗ്രന്ഥശാലകൾ. അച്ചടിച്ച ഗ്രന്ഥങ്ങൾ ഇന്നു സുലഭമാണെങ്കിലും പഴയ ഗ്രന്ഥങ്ങൾ (താളിയോലയിൽ പകർത്തിയവ) ശേഖരിച്ചുവച്ച ഗ്രന്ഥശാലകളുണ്ട്. പണ്ഡിതന്മാർ പ്രാചീന ഗ്രന്ഥങ്ങളും രേഖകളും എഴുതിയരൂപത്തിൽതന്നെ കാണുന്നതു ഗവേഷണസൗകര്യം വർധിപ്പിക്കുന്നു. അച്ചടിച്ച ഗ്രന്ഥങ്ങളുടെ പല കയ്യെഴുത്തുപ്രതികൾ കിട്ടുന്നതു ശുദ്ധപാഠം കണ്ടെത്താൻ സഹായിക്കുന്നു. പഴയലിപിയെപ്പറ്റി ഗവേഷണം നടത്തുന്നവർക്കും കയ്യെഴുത്തു ഗ്രന്ഥങ്ങൾ സഹായകമാണ്. വട്ടെഴുത്തിലും കോഴെഴുത്തിലും മറ്റുമുള്ള ഗ്രന്ഥങ്ങൾ ആ രീതിയിൽ അച്ചടിക്കുന്നതു ക്ലേശകരമാണ്, നിഷ്പ്രയോജനവുമാണ്. അത്തരം ഗ്രന്ഥങ്ങളും രേഖകളും വളരെ ചെറിയൊരു ന്യൂനപക്ഷത്തിനേ ആവശ്യം വരൂ. അച്ചടിച്ചു പ്രസിദ്ധീകരിക്കാൻ വേണ്ടിയും പഴമയോടുള്ള കൗതുകം കാരണവും പഴയ ഗ്രന്ഥങ്ങൾ സൂക്ഷിക്കേണ്ടിയിരിക്കുന്നു. തിരുവനന്തപുരത്ത് ഒരു ഹസ്തലിഖിതഗ്രന്ഥശാലയുണ്ട്. വീടുകളിൽ കിടന്നു നശിച്ചുപോകാനിടയുള്ള ഗ്രന്ഥങ്ങൾ വാങ്ങി സംരക്ഷിക്കാനുള്ള ശ്രമം ഇവിടെ നടത്തുന്നു. കേരളസർവകലാശാലയുടെ കീഴിലുള്ള കൈയെഴുത്തു ഗ്രന്ഥശാല, തഞ്ചാവൂർ സരസ്വതീ മഹൽ ഗ്രന്ഥശാല, തിരുപ്പതി ശ്രീ വെങ്കടേശ്വര സർവകലാശാലയിലെ ഗ്രന്ഥശാല, പുണെയിലെ ഭണ്ഡാർകർ ഇൻസ്റ്റിറ്റ്യൂട്ട്, ബോംബെയിലെയും കൽക്കത്തയിലെയും റോയൽ ഏഷ്യാറ്റിക് ഗ്രന്ഥശാലകൾ എന്നിവ ഏറ്റവും പ്രശസ്തങ്ങളായ ചില താളിയോല ഗ്രന്ഥശേഖരങ്ങളാണ്.

ഗ്രന്ഥശാലകൾ ഇന്ത്യയിൽ

ഇന്ത്യയിലെ ഗ്രന്ഥശാലകളുടെ ഉദ്ഭവവും വളർച്ചയും. ഇന്ത്യയുടെ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക ചരിത്രം പ്രാരംഭഘട്ടങ്ങളിൽ അവ്യക്തമാണ്. അതുകൊണ്ട് ഇന്ത്യയിൽ ഗ്രന്ഥശാലകൾ എന്നുണ്ടായി എന്നു വ്യക്തമല്ല. ക്രിസ്തുവിൻെറ ജനനത്തിനു ശതാബ്ദങ്ങൾക്കു മുമ്പാണു വേദങ്ങളുടെ രചന എന്നത് അംഗീകൃതവസ്തുതയാണ്. ഭാരതരാമായണങ്ങളും ബ്രാഹ്മണങ്ങളും ആരണ്യകങ്ങളും ഉപനിഷത്തുകളും ഭരതൻ, പാണിനി മുതലായവരുടെ ഗ്രന്ഥങ്ങളും, സ്മൃതികളും ശ്രൗതഗൃഹ്യസൂത്രങ്ങളും എല്ലാം ശതാബ്ദങ്ങളുടെ പഴക്കം ഉള്ളവ ആണ്. അപ്പോൾ ഗ്രന്ഥങ്ങളുടെ നിർമിതി, ശേഖരണം, സംരക്ഷണം ഇവയ്ക്കും അത്രതന്നെ പഴക്കം ഉണ്ടാകണം.

എ.ഡി. അഞ്ചാംനൂറ്റാണ്ടിൽ ഭാരതം സന്ദർശിച്ച ഫാഹിയൻ എന്ന ചീനസഞ്ചാരി നാഗാർജുനവിദ്യാപീഠത്തിലെ ഗ്രന്ഥശാലയെപ്പറ്റി പറയുന്നുണ്ട്. ബുദ്ധമതപ്രചാരകാലത്തു നളന്ദയിലും തക്ഷശിലയിലും പാടലീപുത്രത്തിലും ഗ്രന്ഥശാലകൾ ഉണ്ടായിരുന്നതായി മറ്റൊരു ചീനസഞ്ചാരിയായ ഹ്യൂയൻസാങ് പറയുന്നു. മുസ്ലീം ഭരണാധിപന്മാരും ഗ്രന്ഥരചനയെയും സംരക്ഷണത്തെയും പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. അക്ബർക്കു സുസജ്ജമായ ഒരു കൊട്ടാരംഗ്രന്ഥശാല ഉണ്ടായിരുന്നു. ചോളരാജാക്കന്മാർക്കും ഗ്രന്ഥശാലകൾ ഉണ്ടായിരുന്നു. പാണ്ഡ്യചേരരാജാക്കന്മാരും കവികളെ പ്രോത്സാഹിപ്പിച്ചിരുന്നതിനു തെളിവുകൾ ഉള്ളതുകൊണ്ടു പുസ്തകപ്രിയരായിരുന്നു എന്നും പുസ്തകസംരക്ഷണതത്പരരായിരുന്നു എന്നും അനുമാനിക്കാം. ഈ ഗ്രന്ഥശാലകൾ പണ്ഡിതന്മാർക്കുമാത്രമാണു പ്രയോജനപ്പെട്ടിരുന്നത്.

1808-ൽ ഗ്രന്ഥശാലകൾ രജിസ്റ്റർ ചെയ്യാനും രജിസ്റ്റർ ചെയ്യുന്നവയ്ക്കു പ്രോത്സാഹനനിധി നല്കാനും തീരുമാനിച്ചു. സാധാരണ ജനങ്ങളുടെ തലത്തിലേക്കു ഗ്രന്ഥശാലകൾ വരുന്നതിൻെറ തുടക്കം ഇതാണെന്നു പറയാം. 19-ാംനൂറ്റാണ്ടിൻെറ ആരംഭത്തിൽ സ്വാതിതിരുനാൾ മഹാരാജാവു തിരുവനന്തപുരത്ത് ഒരു ഗ്രന്ഥശാല സ്ഥാപിച്ചു. മദിരാശിയിലും കൽക്കത്തയിലും ഇംഗ്ലീഷുകാരുടെ ഉത്സാഹത്തിലാണു ഗ്രന്ഥശാലകൾ സ്ഥാപിച്ചത്. കൽക്കത്തായിലെ ആ ഗ്രന്ഥശാലയാണ് ഇന്നു ദേശീയഗ്രന്ഥശാലയായി രൂപംപ്രാപിച്ചിരിക്കുന്നത്. 1836 മാർച്ച് ഒന്നിനാണ് അതു സ്ഥാപിതമായത്. 1812-ൽ മദിരാശിയിൽ ഒരു ഗ്രന്ഥശാലാസമിതി രൂപവത്കരിച്ചു. 1857-ൽ സർവകലാശാലാഗ്രന്ഥശാലകൾ ബോംബെ, മദിരാശി, കൽക്കത്ത എന്നിവിടങ്ങളിൽ നിലവിൽവന്നു. 1867-ൽ പത്രപുസ്തകരജിസ്ട്രേഷൻ നിയമം നടപ്പായി. പ്രവിശ്യാ, ജില്ലാ തലസ്ഥാനങ്ങളിൽ ഇതിൻെറ ഫലമായി ക്രമേണ ഗ്രന്ഥശാലകൾ രൂപംകൊണ്ടു.

ഇരുപതാം നൂറ്റാണ്ടിലാണ് അഭ്യസ്തവിദ്യർ ഗ്രന്ഥശാലാപ്രസ്ഥാനത്തിൽ തത്പരരായത്. ആന്ധ്രസംസ്ഥാനഗ്രന്ഥശാലാ സംഘമു (1914), ഓൾ ഇന്ത്യാ പബ്ലിക് ലൈബ്രറി സംഘം (1920), മദിരാശി ഗ്രന്ഥാലയ സംഘം (1925), വംഗീയ ഗ്രന്ഥഗാർ പരിഷത് (1927), കർണാടക ഗ്രന്ഥശാലാ സംഘ (1929), പഞ്ചാബ് ലൈബ്രറി അസോസ്യേഷൻ (1929), ഇന്ത്യൻ ലൈബ്രറി അസോസ്യേഷൻ (1933) എന്നിവ സ്ഥാപിതമായതോടെ ഒരു നൂതനയുഗം ആരംഭിച്ചു.

1937-ൽ സംസ്ഥാനങ്ങളിൽ ജനകീയ ഭരണകൂടങ്ങൾ നിലവിൽവന്നപ്പോൾ ഗ്രന്ഥശാലാവികസനം ഗ്രാമങ്ങളെ സ്പർശിച്ചു. 1942-ൽ ഇന്ത്യയിൽ 13,000 ഗ്രാമീണ ഗ്രന്ഥശാലകൾ ഉണ്ടായിരുന്നു. സ്വാതന്ത്ര്യസമ്പാദനാനന്തരം പഞ്ചവത്സരപദ്ധതികൾ ഗ്രന്ഥശാലാപ്രസ്ഥാനത്തെ പോഷിപ്പിച്ചു. സംസ്ഥാനങ്ങളിൽ സംസ്ഥാനകേന്ദ്രഗ്രന്ഥശാലകളും, ജില്ലാ കേന്ദ്രഗ്രന്ഥശാലകളും ഉണ്ടായി. 1954-ൽ ഇന്ത്യയിൽ 32,000 ഗ്രന്ഥശാലകളും അവയിൽ 71 ലക്ഷം ഗ്രന്ഥങ്ങളും ഉണ്ടായിരുന്നു. 1985-ൽ ഇന്ത്യയിൽ ഗ്രന്ഥശാലകളുടെ എണ്ണം അറുപതിനായിരത്തിൽ എത്തി.

1951-ൽ യുനെസ്കോയുടെ ധനസഹായത്തോടെ ദില്ലി പബ്ലിക് ലൈബ്രറി സ്ഥാപിതമായി. ഇതിനു 23 ശാഖകളും ഒട്ടേറെ ഉപശാഖകളുമുണ്ട്. ഒരു ബ്രെയിൽഗ്രന്ഥശാല അന്ധന്മാർക്കുവേണ്ടി തയ്യാറാക്കിയിട്ടുണ്ട്. ഇതിന് 12 മൊബീൽ സർവീസ് പോയിൻറുകളും ഏഴ് ഡിപ്പോസിറ്റ് സ്റ്റേഷനുകളും ഉണ്ട്.

കൽക്കത്തായിലെ റോയൽ ഏഷ്യാറ്റിക് സൊസൈറ്റി 1784-ൽ വില്യം ജോൺസ് ആണു സ്ഥാപിച്ചത്. ഇവിടെ ഒന്നേമുക്കാൽ ലക്ഷം ഗ്രന്ഥങ്ങൾ സംഭരിച്ചിരിക്കുന്നു. 40 ലിപികളിലുള്ള ഗ്രന്ഥങ്ങൾ ഇവിടെ ഉണ്ട്. 42,000 ഖരോഷ്ഠിലിഖിതങ്ങളും ബ്രാഹ്മിയിലുള്ള ഒരു അശോകശാസനവും ഇവിടെ ഉണ്ട്.

പട്നയിലെ ഖുദാബക്ഷ് ഓറിയൻറൽ പബ്ലിക് ലൈബ്രറി (1891) അറബി, പേഴ്സ്യൻ ഹസ്തലിഖിത ഗ്രന്ഥങ്ങളുടെയും രേഖകളുടെയും ചിത്രങ്ങളുടെയും സമ്പന്നമായ ഒരു ശേഖരം സൂക്ഷിക്കുന്നു. 1969-ൽ ഇതൊരു ദേശീയസ്ഥാപനമായി പ്രഖ്യാപിച്ചു.

ഇന്ത്യയിലെ മറ്റു ശ്രദ്ധേയമായ ചില ഗ്രന്ഥശാലകൾ: ഇന്ത്യ കൗൺസിൽ ഒഫ് വേൾഡ് അഫയേഴ്സ്, ദില്ലി; ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, കൽക്കത്ത; ഗോഖലേ ഇൻസ്റ്റിറ്റ്യൂട്ട്, പുണെ; തിയോസഫിക്കൽ സൊസൈറ്റി, മദിരാശി; നാഷനൽ കൗൺസിൽ ഒഫ് അപ്ലൈഡ് ഇക്കണോമിക്കൽ റിസർച്ച്; ദി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ; ദി സെൻട്രൽ സെക്രട്ടേറിയറ്റ് ലൈബ്രറി, ദില്ലി.

ഗ്രന്ഥശാലകൾ, കേരളത്തിൽ

ഗ്രന്ഥശാലാ പ്രസ്ഥാനം നോക്കുക.

ഗ്രന്ഥശാലകൾ, ലോകരാഷ്ട്രങ്ങളിൽ

ലോകത്തിലെ പ്രധാന രാഷ്ട്രങ്ങളിൽ ഗ്രന്ഥശാലാപ്രസ്ഥാനത്തിനുണ്ടായ വികസനം. രണ്ടാം ലോകയുദ്ധത്തിനുശേഷമുള്ള സ്ഥിതിയാണ് ഇവിടെ വിവരിക്കുന്നത്. ഇന്നു ലോകരാഷ്ട്രങ്ങൾ സ്വന്തം ദേശീയ അതിരുകൾക്കു പുറത്തുനിന്നുള്ള ഗ്രന്ഥങ്ങളിലും ആനുകാലികങ്ങളിലും വർധിച്ചതോതിൽ താത്പര്യം പ്രദർശിപ്പിക്കുന്നു. ഗ്രന്ഥശാലാപ്രസ്ഥാനത്തിലെ രണ്ടു മുഖ്യ അന്തർദേശീയസംഘടനകൾ ഇൻറർനാഷനൽ ഫെഡറേഷൻ ഒഫ് ലൈബ്രറി അസോസ്യേഷൻസ് (I.F.L.A), ഇൻറർനാഷനൽ ഫെഡറേഷൻ ഫോർ ഡോക്കുമെൻറേഷൻ (I.F.D) എന്നിവ ആണ്. അമേരിക്കൻ ലൈബ്രറി അസോസ്യേഷനും അന്തർദേശീയരംഗത്ത് ഊർജസ്വലമായി പ്രവർത്തിച്ചിട്ടുണ്ട്. കാർണീഗി, ഫോർഡ്, റോക്ഫെല്ലർ ഫൗണ്ടേഷനുകളും അന്തർദേശീയ വിദ്യാഭ്യാസപ്രചാരണത്തിൻെറ ഭാഗമായി ഗ്രന്ഥശാലാപ്രസ്ഥാനത്തിൻെറ പുരോഗതിക്കു വൻതോതിൽ സാമ്പത്തികസഹായം നല്കിവരുന്നു.

യുനെസ്കോ (United Nations Educational Scientific and Cultural Organisation) പലതരത്തിൽ ഗ്രന്ഥശാലാപ്രസ്ഥാനത്തെ സഹായിച്ചിട്ടുണ്ട്. ഗ്രന്ഥങ്ങളും മറ്റു പ്രസിദ്ധീകരണങ്ങളും പരസ്പരം കൈമാറാനും ഗ്രന്ഥശാലകൾക്കു സാമ്പത്തികസഹായം നല്കാനും യുനെസ്കോയ്ക്കു പരിപാടികളുണ്ട്. ഡോക്കുമെൻറേഷൻ, ഗ്രന്ഥശാലകൾ, ആർക്കൈവ്സ് എന്നിവയ്ക്കുവേണ്ടി പത്തുലക്ഷത്തിലധികം ഡോളർ യുനെസ്കോ ചെലവുചെയ്യുന്നു. യുനെസ്കോയുടെ 'ബുള്ളറ്റിൻ ഫോർ ലൈബ്രറീസ്' ഗ്രന്ഥശാലകൾക്ക് അവശ്യം വേണ്ട അനേകം വിവരങ്ങൾ നല്കുന്നു.

യുനെസ്കോ ശാസ്ത്രലേഖനങ്ങളുടെ സാരാംശം ഉദ്ധരിക്കുന്ന ലേഖനങ്ങളും ലേഖകന്മാരുടെ ജീവചരിത്രസംഗ്രഹവും പ്രസിദ്ധീകരിക്കുന്നതു വായനക്കാർക്കും ഗ്രന്ഥശാലകൾക്കും വളരെ പ്രയോജനകരമാണ്. ശാസ്ത്രവിഷയങ്ങൾ പ്രസിദ്ധീകരിക്കുന്ന ഏതെല്ലാം ഗ്രന്ഥങ്ങൾ എവിടെയെല്ലാം ലഭിക്കുമെന്ന വിവരവും ഇതോടൊപ്പം ചേർക്കുന്നുണ്ട്. ഇതേവിധമുള്ള പ്രസിദ്ധീകരണങ്ങൾ നടത്താൻ അംഗരാഷ്ട്രങ്ങളെയെല്ലാം യുനെസ്കോ സഹായിക്കുന്നു. മെക്സിക്കോ നഗരം, കെയ്റോ, കറാച്ചി, ദില്ലി എന്നിവിടങ്ങളിൽ യുനെസ്കോയ്ക്കു പ്രാദേശികകേന്ദ്രങ്ങളുണ്ട്.

യുനെസ്കോയും ഇൻറർനാഷനൽ കൗൺസിൽ ഒഫ് സയൻറിഫിക് യൂനിയൻസും ചേർന്ന് ഒരു ആഗോളവിജ്ഞാനവിതരണപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. 20 ലക്ഷം ആനുകാലിക ലേഖനങ്ങൾ ശാസ്ത്രസാങ്കേതികവിഷയങ്ങളിൽ പ്രസിദ്ധീകരിക്കയാണു ലക്ഷ്യം.

ഗ്രന്ഥങ്ങളെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകളുടെ പ്രസിദ്ധീകരണത്തിലും യുനെസ്കോ തത്പരമാണ്. ഗ്രന്ഥശാലകൾ, മ്യൂസിയങ്ങൾ, ഗ്രന്ഥനിർമിതി, വിവർത്തനം, പത്രങ്ങൾ, ആനുകാലികങ്ങൾ, അച്ചടിക്കടലാസ്, റേഡിയോ, ടെലിവിഷൻ, ചലച്ചിത്രങ്ങൾ ഇവയെ സംബന്ധിച്ച വിവരങ്ങളും യുനെസ്കോയുടെ സ്റ്റാറ്റിസ്റ്റിക്കൽ ഈയർ ബുക്കിൽ പ്രസിദ്ധീകരിക്കുന്നു.

ഗ്രന്ഥശാലാപ്രവർത്തകർക്കു പരിശീലനം നല്കാനും യുനെസ്കോയ്ക്കു പരിപാടി ഉണ്ട്. പ്രതിവർഷം പുറത്തുപോയി പരിശീലനം നേടാൻ 25 ഫെലോഷിപ്പുകൾ നല്കുന്നു. വിദ്യാഭ്യാസമൂല്യമുള്ള ഗ്രന്ഥങ്ങളുടെ ഇറക്കുമതിക്കും ആനുകാലികങ്ങൾ തപാൽവഴി അയയ്ക്കുന്നതിനും പ്രത്യേക സൗജന്യനിരക്കുകൾ നടപ്പാക്കാൻ അംഗരാജ്യങ്ങളെ സമ്മതിപ്പിച്ചിരിക്കുന്നു. മൃദുനാണ്യവ്യവസ്ഥയും കഠിനനാണ്യവ്യവസ്ഥയുമുള്ള രാഷ്ട്രങ്ങൾ തമ്മിൽ പുസ്തകവില്പനയുടെ കാര്യത്തിൽ സഹായകമായ വ്യവസ്ഥകൾ നടപ്പാക്കിയിട്ടുമുണ്ട്.

ഗ്രന്ഥശാലാചരിത്രം

ഗ്രന്ഥശാലകളുടെ ഉദ്ഭവവും വളർച്ചയും. ബി.സി. മൂന്നാം സഹസ്രാബ്ദം മുതൽ ചിത്രലിപിയിൽ എഴുതിയ കളിമൺ പലകകൾ അടങ്ങിയ ഗ്രന്ഥാലയങ്ങൾ ഉണ്ടായിരുന്നു. ബി.സി. 625-ൽ അസീറിയ ഭരിച്ചിരുന്ന അസുർബാനിപാലിൻെറ ഗ്രന്ഥാലയത്തിൽ ഉണ്ടായിരുന്നതു ക്യൂണിഫോം ലിപിയിൽ എഴുതിയ 30,000 കളിമൺ പലകകൾ ആണ്. മെസപ്പൊട്ടേമിയയിലും ഈജിപ്തിലും ഇതുപോലെയുള്ള ഗ്രന്ഥശാലകൾ നിലവിലിരുന്നു. സ്വന്തമായി ഒരു ഗ്രന്ഥശാല ഉണ്ടായിരുന്ന ആളാണു ചീനയിലെ ഷൂൺ ചക്രവർത്തി. ഗ്രീക്കു ദേവാലയങ്ങളോട് അനുബന്ധിച്ചും ഗ്രന്ഥശാലകൾ ഉണ്ടായിരുന്നു. ബി.സി. നാലാംനൂറ്റാണ്ടിൽ നല്ലൊരു ഗ്രന്ഥാലയത്തിൻെറ ഉടമയായിരുന്നു അരിസ്റ്റോട്ടിൽ. അലക്സാണ്ട്രിയയിലുള്ള ഗ്രന്ഥാലയത്തിൽ പാപ്പിറസ് ചുരുളുകൾ ആയിരുന്നു ഗ്രന്ഥങ്ങളുടെ സ്ഥാനത്ത്. റോമിലും ബൈസാന്ത്യത്തിലും (കോൺസ്റ്റാൻറിനോപ്പിൾ) ഇതേവിധം പാപ്പിറസ് ചുരുളുകളാണ് ഉണ്ടായിരുന്നത്.

ഗ്രന്ഥശാലകളുടെ ആദ്യരൂപം പ്രാമാണിക രേഖാശേഖരം (archives) ആണ്. ഭരണകൂടങ്ങൾ വിലപ്പെട്ട രേഖകൾ സൂക്ഷിക്കുന്ന രീതി വളരെക്കാലം മുമ്പുതന്നെ തുടങ്ങി. അടുത്തഘട്ടം ഗാർഹിക ഗ്രന്ഥശാലകളുടെതാണ്. പണ്ഡിതന്മാർ അധ്യാപനത്തിനും സ്വന്തം ഉപയോഗത്തിനും ഗ്രന്ഥങ്ങൾ ശേഖരിച്ചു സൂക്ഷിച്ചു; ധനികന്മാർ സ്വന്തം ജ്ഞാനതൃഷ്ണാഗർവു പ്രദർശിപ്പിക്കാനും. റോമിൽ പ്ലിനിയും സിസറോവും സ്വന്തം ഗ്രന്ഥശാലകൾ ഉണ്ടാക്കിയിരുന്നു. അടുത്തഘട്ടം ആശ്രമ ഗ്രന്ഥശാലകളുടെതാണ് (monastic libraries) ബെനഡിക്റ്റൻ സന്യാസിമഠങ്ങളിൽ അന്തേവാസികൾ ഗ്രന്ഥങ്ങൾ പകർത്തി സൂക്ഷിക്കുന്നതിൽ വ്യാപൃതരായിരുന്നു. കോൺസ്റ്റാൻറയിൻെറ ഗ്രന്ഥശാലയിലും മതഗ്രന്ഥങ്ങൾക്കായിരുന്നു മുൻതൂക്കം.

സാമുവൽ പെപിസിൻെറ
ഗാർഹികഗ്രന്ഥശാല (17-ാംശതകം).
കേംബ്രിജ് യൂണിവേഴ്സിറ്റി.

നവോത്ഥാനത്തോടെ ജനങ്ങളിൽ ജ്ഞാനതൃഷ്ണ വർധിച്ചു. ഗ്രന്ഥശേഖരണത്തിൽ ജനങ്ങൾ തത്പരരായി. ധനികരും രാജാക്കന്മാരും പുസ്തകശേഖരണത്തിൽ അഭിമാനംകൊണ്ടു. അച്ചടിയന്ത്രത്തിൻെറ ആവിർഭാവത്തോടെ പുസ്തകങ്ങൾ സാധാരണക്കാർക്കും വാങ്ങി സൂക്ഷിക്കാൻ കഴിഞ്ഞു. ആഭ്യന്തരയുദ്ധങ്ങളും മതകലഹങ്ങളും ഗ്രന്ഥശാലാവികസനത്തിൽ വിഘാതങ്ങൾ സൃഷ്ടിച്ചെങ്കിലും ഗ്രന്ഥശാലകളുടെ വലിപ്പവും എണ്ണവും കാലക്രമേണ കൂടി. 16-17 നൂറ്റാണ്ടുകളിൽ യൂറോപ്പിലെ സാംസ്കാരികകേന്ദ്രങ്ങളായ പാരീസ്, വിയന്ന, സ്റ്റോക്ക്ഹോം, കോപ്പൻഹേഗൻ, ഉപ്സാല മുതലായ നഗരങ്ങളിൽ രാജകീയഗ്രന്ഥാലയങ്ങൾ നിലവിൽവന്നു. രാജ്യത്ത് അച്ച



മോസ്കോ ലെനിൻലൈബ്രറിയുടെ
പ്രധാന വായനശാല

ടിക്കുന്ന പുസ്തകങ്ങളുടെയെല്ലാം ഒന്നിൽക്കൂടുതൽ പ്രതികൾ രാജകീയഗ്രന്ഥാലയത്തിനു കൊടുക്കണം എന്നു ഫ്രെഞ്ചു രാജാവായ ഫ്രാൻസിസ് ഒന്നാമൻ നിയമം നിർമിച്ചു. ഇത്തരം നിയമങ്ങൾ ഇന്നു മിക്ക രാജ്യങ്ങളിലും (ഇന്ത്യയുൾപ്പെടെ) നിലവിലുണ്ട്. ദേശീയ ഗ്രന്ഥശാലകളുടെ പ്രാധാന്യം ഇതോടെ വളരെ വർധിച്ചു. രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും ഗ്രന്ഥശേഖരങ്ങൾ ദേശീയ ഗ്രന്ഥശാലകൾക്കു വിട്ടുകൊടുത്തതോടെ അവയുടെ പുസ്തകശേഖരം അമൂല്യമായി. ഇന്ത്യ മുതലായ രാജ്യങ്ങളിൽ ദേശീയഗ്രന്ഥശാലകൾതന്നെ പലതുണ്ട്.

17, 18 നൂറ്റാണ്ടുകളിൽ സ്വകാര്യഗ്രന്ഥശാലകളുടെ എണ്ണം വളരെ വർധിച്ചു. ദേശീയഗ്രന്ഥശാലകളുടെ ആവിർഭാവത്തിനുതന്നെ വഴി തെളിച്ചത് ഇതാണ്. ഫ്രാൻസിലെ *'ബിബ്ലിയോ തീക് നാഷനാൽ'*, *ബ്രിട്ടീഷ് മ്യൂസിയം ലൈബ്രറി, യു.എസ്. ലൈബ്രറി ഒഫ് കോൺഗ്രസ്* മോസ്കോയിലെ *ലെനിൻ ലൈബ്രറി* ഇവ ഈ കൂട്ടത്തിൽ എടുത്തുപറയേണ്ടവ ആണ്.

19-ാംനൂറ്റാണ്ടിൽ ഗ്രന്ഥശാലകൾ ഗ്രന്ഥങ്ങളെ ഭാഷകളുടെയും വിഷയങ്ങളുടെയും അടിസ്ഥാനത്തിൽ തരംതിരിച്ച് 'കാറ്റലോഗിങ്' നടത്താൻ തുടങ്ങി. ഒപ്പം പൊതുഗ്രന്ഥാലയങ്ങൾ സ്ഥാപിതമാകയും വരിക്കാർക്കു പുസ്തകങ്ങൾ കടംകൊടുത്തു തുടങ്ങുകയും ചെയ്തു. ഗ്രന്ഥാലയ നടത്തിപ്പിനും സംഘടനകൾ ഉണ്ടായി. ഈ സംഘടനകളെ നിയന്ത്രിക്കുന്ന കേന്ദ്രസംഘടനകളും പല രാജ്യങ്ങളിലും നിലവിൽവന്നു. ഗ്രന്ഥശാലകളോടൊപ്പം വായനശാലകളും രൂപംകൊണ്ടു. ഇരുന്നുവായിക്കാനും കുറിപ്പുകൾ എടുക്കാനുമുള്ള സൗകര്യങ്ങൾ ഇന്നു നല്ല വായനശാലകളിൽ ലഭ്യമാണ്. പത്രങ്ങൾ, വാരികകൾ, മാസികകൾ മുതലായവ ഇന്നു ഗ്രന്ഥാലയങ്ങൾ സ്ഥിരമായി വരുത്താറും വായിക്കാൻ സൗകര്യപ്പെടുത്താറുമുണ്ട്. ഗ്രന്ഥശാലകൾക്കു ഭരണകൂടങ്ങൾ പല രാജ്യങ്ങളിലും ധനസഹായം നല്കിവരുന്നു.



15-ാം നൂറ്റാണ്ടിൽ സ്ഥാപിച്ച
വത്തിക്കാൻ ഗ്രന്ഥശാലയുടെ ഉൾഭാഗം.

വിദഗ്ധപരിശീലനം സിദ്ധിച്ച ഗ്രന്ഥശാലാപ്രവർത്തകരാണ് ഇന്നു ഗ്രന്ഥശാലകളുടെ ചുമതല വഹിക്കുന്നത്. ഗ്രന്ഥശാലാശാസ്ത്രം (ലൈബ്രറി സയൻസ്) ഇന്നു വികസിച്ചിരിക്കുന്നു. പല സർവകലാശാലകളിലും ഇതു പാഠ്യവിഷയമാണ്.

ഗ്രന്ഥശാലാശാസ്ത്രം (Library Science)

ഗ്രന്ഥശാലാപ്രവർത്തനത്തിലെ എല്ലാ പ്രക്രിയകളും ചിട്ടപ്പെടുത്തുന്ന ശാസ്ത്രം. 19-ാംനൂറ്റാണ്ടിൻെറ ഉത്തരാർധം വരെ ഗ്രന്ഥശാലയുടെ നടത്തിപ്പ് ഒരു സേവനത്തുറയായി ഗണിക്കയോ അതിനു പരിശീലനം വേണമെന്ന് അംഗീകരിക്കയോ ചെയ്തിരുന്നില്ല. പ്രാചീന കാലം മുതൽ ഗ്രന്ഥശാലകൾ ഉണ്ടായിരുന്നെങ്കിലും പരിശീലനം സിദ്ധിച്ച വിദഗ്ധരായ ലൈബ്രേറിയന്മാർ ഇല്ലായിരുന്നു.

ഗബ്രിയേൽ നൗഡെയുടെ ഗ്രന്ഥം (Advis pour dresser une bibliotheque - 1627) ആണു ഗ്രന്ഥശാലാപ്രവർത്തനത്തിന് അടുക്കും ചിട്ടയും നല്കിയത്. 'ലൈബ്രറി എക്കോണമി' എന്ന പദമാണ് ആദ്യകാലത്തു പ്രചാരത്തിൽ വന്നത്. ഡോക്കുമെൻേറഷൻ, ഇൻഫർമേഷൻ സയൻസ് ഇവ രണ്ടും ഗ്രന്ഥശാലാശാസ്ത്രത്തിൻെറ ആധുനിക ശാഖകളാണ്. ഗ്രന്ഥങ്ങളുടെ നിർമിതി, പുനഃസംസ്കരണം, അപഗ്രഥനം, പുനഃപ്രാപ്തി (retrieval) എന്നീ കാര്യങ്ങളാണു ഡോക്കുമെൻേറഷനിൽ വരുന്നത്. ഇൻഫർമേഷൻ സയൻസ് വിജ്ഞാന വിനിമയമണ്ഡലം മുഴുവൻ ഉൾക്കൊള്ളുന്നു.

ലൈബ്രേറിയൻെറ പ്രവൃത്തി ഗ്രന്ഥങ്ങളുടെ സംഭരണം ക്രമവത്കരണം, സംരക്ഷണം, വിതരണം, പുനഃപ്രാപ്തി മുതലായവ ആണ്. വിഷയം, താത്പര്യം, പ്രായം, ഭൂമിശാസ്ത്രപരമായ അതിരുകൾ ഇവയുടെ അടിസ്ഥാനത്തിൽ ഗ്രന്ഥങ്ങളെ തരംതിരിച്ചിരുന്നു. പുസ്തകങ്ങൾ, ഫിലിമുകൾ, ചിത്രങ്ങൾ, ടേപ്പുകൾ, മോഡലുകൾ മുതലായവയെല്ലാം അക്കങ്ങളുടെ രൂപത്തിൽ ക്രമപ്പെടുത്താം. ഗ്രന്ഥങ്ങളാണു ഗ്രന്ഥശാലകളിൽ എണ്ണത്തിൽ അധികം എന്നു പറയാമെങ്കിലും ആ സ്ഥിതിക്കു ക്രമത്തിൽ മാറ്റം വന്നുകൊണ്ടിരിക്കയാണ്. ഗ്രന്ഥശാലകൾക്ക് ഉപയോക്താക്കളുമായുള്ള സമ്പർക്കത്തിൻെറ തോതു ദശലക്ഷക്കണക്കിലേക്ക് ഉയർന്നുകൊണ്ടിരിക്കുന്നു. ഓരോ ഗ്രന്ഥവായ്പയും ഗ്രന്ഥാന്വേഷണവും വ്യക്തികളുടെ അഭിരുചികളും അഭിലാഷങ്ങളും അനുസരിച്ചാണ്. ഓരോ തിരഞ്ഞെടുപ്പും വ്യക്തിക്ക് അങ്ങേയറ്റത്തെ സംതൃപ്തി നല്കണം.

പുസ്തകസംഭരണം. വായനക്കാരുടെ അഭിരുചിയാണു പുസ്തകസംഭരണത്തിലെ വഴികാട്ടി. ക്രമവത്കരണത്തിലും വിതരണത്തിലും അഭിരുചിക്കു സ്ഥാനമുണ്ട്. പ്രസിദ്ധീകരിക്കുന്നതെല്ലാം വാങ്ങാൻ മുതൽമുടക്കിന്റെയും സംരക്ഷണസൗകര്യത്തിന്റെയും പരിമിതി അനുവദിക്കുന്നില്ല. മുൻകാലങ്ങളിൽ വെളിപ്പെട്ട അഭിരുചികളാണു പില്ക്കാലത്തെ പുസ്തകങ്ങളുടെ തിരഞ്ഞെടുപ്പിനെ നിയന്ത്രിക്കുന്നത്.

നിയന്ത്രണം. വ്യക്തികളും സമൂഹവും മതവും രാഷ്ട്രീയചായ്‌വുകളും പുസ്തകസംഭരണത്തിലും വിതരണനിയന്ത്രണത്തിലും പങ്കുവഹിക്കുന്നു. ഭരണസമിതി അംഗങ്ങളുടെ അഭിരുചികളും അഭിമതങ്ങളും നിയന്ത്രണത്തിന്റെ സ്വഭാവം നിശ്ചയിക്കുന്നു.

മൂല്യനിർണയനം. ആനുകാലികങ്ങളിലെ ഗ്രന്ഥവിമർശങ്ങൾ പുസ്തകങ്ങളുടെ തിരഞ്ഞെടുപ്പിനെ സ്വാധീനിക്കുന്നു. ഈ രീതിക്കു പല പരിമിതികളുമുണ്ട്. റിവ്യു പ്രത്യക്ഷപ്പെടാൻ ഗ്രന്ഥപ്രസിദ്ധീകരണത്തിനുശേഷം കുറച്ചു സമയം എടുക്കും. റിവ്യൂ എഴുതുന്നയാളുടെ അഭിരുചിയ്ക്കും അയാളുടെമേൽ ഉണ്ടാകാവുന്ന സ്വാധീനശക്തിക്കും റിവ്യൂവിൽ പങ്കുണ്ടാകാം. പല പുസ്തകത്തെക്കുറിച്ചും റിവ്യൂ വന്നു എന്നും വരില്ല. ഗ്രന്ഥകാരന്റെ പ്രസിദ്ധിയാകാം ചിലപ്പോൾ തിരഞ്ഞെടുപ്പിന്റെ മാനദണ്ഡം. ഒരു നല്ല ഗ്രന്ഥകാരൻ മോശപ്പെട്ട ഗ്രന്ഥം എഴുതിയെന്നുവന്നുകൂടായ്കയില്ല.

ലഭ്യത. ഗ്രന്ഥശാലകൾ വൻകിട-ചെറുകിട ബുക്കു ഡിപ്പോകളിൽ കൂടിയോ ഏജൻറുമാർ വഴിയോ പ്രസാധകരിൽനിന്നു പുസ്തകങ്ങൾ വാങ്ങുന്നു. ആനുകാലികഗ്രന്ഥലബ്ധിക്കു പ്രസാധകരെയോ ഇടനിലക്കാരെയോ ആശ്രയിക്കാം. എന്നാൽ വിദേശഗ്രന്ഥങ്ങൾ ഒരിക്കലും പ്രസാധകരിൽനിന്നു നേരിട്ടു വാങ്ങാറില്ല. ഗ്രന്ഥങ്ങളുടെ ഇറക്കുമതിയിൽ സവിശേഷ വൈദഗ്ധ്യം നേടിയവരിലൂടെയാണു ഗ്രന്ഥശാല വിദേശഗ്രന്ഥങ്ങൾ വാങ്ങുന്നത്. കാൽ നൂറ്റാണ്ടായി അക്കാദമിക ഗ്രന്ഥശാലകൾ അംഗീകൃതഗ്രന്ഥലിസ്റ്റുകൾ തയ്യാറാക്കി പുസ്തകവിനിമയം നടത്താറുണ്ട്. കാലികാവശ്യങ്ങൾക്കു പുസ്തകങ്ങൾ പുറത്തുനിന്നും സ്വീകരിക്കാനും നിശ്ചിത സമയപരിധിക്കുള്ളിൽ മടക്കി അയയ്ക്കാനുമുള്ള മാർഗങ്ങളും നിലവിലുണ്ട്.

ഗ്രന്ഥശാലകൾക്കു പഴയ ഗ്രന്ഥങ്ങളും വാങ്ങേണ്ടിവരും. പ്രസാധകരിൽനിന്നോ ഡിപ്പോകളിൽനിന്നോ ഇവ കിട്ടുകയില്ല. യഥാസമയം വാങ്ങാതിരുന്നതോ വാങ്ങിയിട്ടു നഷ്ടപ്പെട്ടതോ ആയ ഗ്രന്ഥങ്ങളുടെ കാര്യത്തിലാണ് ഇങ്ങനെ വേണ്ടിവരുന്നത്. പഴക്കമുള്ള ഗ്രന്ഥങ്ങളുടെ വില്പന ഇന്നു മിക്ക രാജ്യങ്ങളിലും വ്യവസ്ഥാപിത മാർഗങ്ങളിൽക്കൂടി നടക്കുന്നുണ്ട്. പലപ്പോഴും പരസ്യം ചെയ്തു വേണ്ടിയിരിക്കും പഴയ പുസ്തകങ്ങൾ വാങ്ങുക.

സംഭാവന, പരസ്പരവിനിമയം എന്നീ മാർഗങ്ങളിലൂടെയും ഗ്രന്ഥശാലകൾ പുസ്തകങ്ങൾ നേടാറുണ്ട്. പല പണ്ഡിതന്മാരുടെയും ഗ്രന്ഥശേഖരങ്ങൾ ഇങ്ങനെ ഗ്രന്ഥശാലകൾക്കു ലഭിക്കുന്നു.

കാറ്റലോഗിങ് (സൂചീകരണം). സൂചീകരണവും തരംതിരിക്കലും ഏതു ഗ്രന്ഥാലയത്തിലും ആവശ്യമാണ്. പുസ്തകരൂപത്തിലായിരുന്നു ആദ്യകാല സൂചികകൾ. ഗ്രന്ഥകാരന്റെ പേര്, ഗ്രന്ഥനാമം, വിഷയം, ഭാഷ ഇവയൊക്കെ രേഖപ്പെടുത്തണം കോൾ നമ്പർ ഒരു വിഭാഗത്തെ സൂചിപ്പിക്കുന്നു. അതോടൊപ്പം ഒരു പ്രത്യേക ഗ്രന്ഥം തിരഞ്ഞെടുക്കാൻ സഹായിക്കുന്ന മറ്റ് അടയാളങ്ങളോ അക്കങ്ങളോ ഉണ്ടാകും. നമ്പർ അനുസരിച്ചു പുസ്തകങ്ങളെ ഷെൽഫിൽ അടുക്കിവയ്ക്കുന്നു. കാർഡ്കാറ്റലോഗുകൾ താരതമ്യേന അടുത്തകാലത്താണു നടപ്പിൽ വന്നത്. വിഷയവിഭാഗം അനുസരിച്ചുള്ള സൂചീകരണവും നടത്താറുണ്ട്. 1967-ൽ ഉണ്ടായ ആംഗ്ലോ-അമേരിക്കൻ നിയമസംഹിത ഇന്ന് എല്ലാ വലിയ ഗ്രന്ഥശാലകളിലും സ്വീകരിച്ചിരിക്കുന്നു.

തരംതിരിക്കൽ. എന്യൂമറേറ്റീവ്, ഫേസറ്റെഡ് എന്നു രണ്ടുവിധം വിഭാഗീകരണ സമ്പ്രദായമുണ്ട്. രണ്ടാമത്തതിൽ ഒന്നിലധികം ബന്ധങ്ങൾ സൂചിപ്പിക്കാൻ മാർഗമുണ്ട്. സാർവത്രികദശാംശവിഭാഗീകരണം (Universal Decimal Classification) ആണ് ഏറ്റവും പ്രശസ്തമായ രീതി. മെൽവിൽ ഡ്യൂയിയുടെ രീതിയുടെ നവീകൃതരൂപമാണ് ഇത്. 999 മേജർ നമ്പരുകൾ ആണ് ഇതിൽ സ്വീകരിക്കുന്നത്. കൂടുതൽ വിഭാഗങ്ങൾ ദശാംശചിഹ്നം ചേർത്തു സ്വീകരിക്കാം. ഉദാഹരണത്തിന് 540 രസതന്ത്രവും ബന്ധപ്പെട്ട ശാസ്ത്രങ്ങളും ആണെങ്കിൽ 541 ഭൗതിക-സൈദ്ധാന്തിക രസതന്ത്രം 541.2 സൈദ്ധാന്തികരസതന്ത്രം 541.3 ഭൗതികരസതന്ത്രം 541.34 ലായനികൾ എന്നിങ്ങനെ വിഭാഗീകരിക്കാം. †എസ്.ആർ. രംഗനാഥൻ കോളൻ സമ്പ്രദായം (Colon Classification) ആവിഷ്കരിച്ചു ലോകശ്രദ്ധ പിടിച്ചെടുത്തിട്ടുണ്ട്.

ഉപയോക്താക്കൾക്കു നല്കുന്ന സേവനം. റെഫറൻസിനുള്ള സഹായം നല്കാൻ പ്രത്യേക പരിശീലനം സിദ്ധിച്ച ഗ്രന്ഥശാലാപ്രവർത്തകർക്കേ കഴിയൂ. ഗവേഷണപഠനങ്ങൾക്കേ ഇത്തരം സഹായം സാധാരണഗതിയിൽ ആവശ്യമായി വരൂ. ഗ്രന്ഥശാലകൾ എങ്ങനെ ഉപയോഗിക്കണം എന്നു വിദ്യാർഥികളെ പറഞ്ഞു മനസ്സിലാക്കാൻ വിദ്യാലയ-കലാലയങ്ങളിലെ വിദ്യാർഥികൾക്കു ക്ലാസ്മുറികളിൽവച്ചുതന്നെ പരിഷ്കൃതരാജ്യങ്ങളിൽ ലൈബ്രേറിയന്മാർ ശിക്ഷണം നല്കാറുണ്ട്.

ഗ്രന്ഥവിതരണം. പുസ്തകവിതരണം ശ്രമകരമായ ജോലി ആണ്. പുസ്തകസംഖ്യയും വായനക്കാരുടെ സംഖ്യയും ഏറുംതോറും വിവരങ്ങൾ രേഖപ്പെടുത്തുന്നതു ക്ലേശകരമാണ്. ഇതു രണ്ടു സമ്പ്രദായത്തിൽ നടത്തുന്നു. ഒന്നു നേവാർക്കു(Newark)സമ്പ്രദായം. പുസ്തകത്തിലെ കവറിൽ സൂക്ഷിക്കുന്ന കാർഡ് കാൾ നമ്പർ ഗ്രന്ഥനാമം, കർതൃനാമം എന്നിവ ഉൾക്കൊള്ളുന്നു. പുസ്തകം വരിക്കാർക്കു നല്കുമ്പോൾ പേരും മറ്റു വിവരങ്ങളും രേഖപ്പെടുത്തി ഇതു ഗ്രന്ഥശാലയിൽ സൂക്ഷിക്കും. തീയതിക്രമത്തിൽ ഇവ ക്രമപ്പെടുത്തുന്നു. കൊടുക്കുന്ന ഗ്രന്ഥത്തിലും തീയതി രേഖപ്പെടുത്തും. ഇതു പിഴ ഈടാക്കാൻ സഹായകമാണ്. മറ്റേ സമ്പ്രദായത്തിൽ രണ്ടു കാർഡ് ഉപയോഗിക്കുന്നു.

ഗ്രന്ഥശാലാവികസനം. വൻനഗരങ്ങളിലെ ഗ്രന്ഥശാലകൾ ശാഖകൾ വഴിയും വാഹനങ്ങൾ വഴിയും വായനക്കാർക്കു പുസ്തകങ്ങൾ എടുക്കാനും കൊടുക്കാനും സൗകര്യം നല്കുന്നു. ഏറ്റവും അധികം വായനക്കാരുള്ള ഗ്രന്ഥങ്ങളാണു ശാഖകളിൽ സൂക്ഷിക്കുന്നത്.

ഗ്രന്ഥശാലാസഹകരണം. നിശ്ചിതവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഗ്രന്ഥശാലകൾ പുസ്തകങ്ങൾ കൈമാറി വായനക്കാർക്ക് എത്തിക്കുന്നു. 1926-ൽ ആണു യു.എസിൽ ഈ രീതി നടപ്പിൽ വന്നത്. ഈ രീതിക്ക് ഇപ്പോൾ രാഷ്ട്രാന്തരവ്യാപ്തിതന്നെ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഡോക്കുമെൻേറഷൻ. വിജ്ഞാനവിതരണത്തിനുള്ള പ്രസിദ്ധീകരണങ്ങൾ ഗ്രന്ഥശാലകൾ നടത്തുന്നു. വായനക്കാരനു വേണ്ട വിവരങ്ങൾ ഇവയിൽനിന്നു ലഭിക്കും. 1957-ൽ ടോക്കിയോയിൽ ആരംഭിച്ച ഡോക്കുമെൻേറഷൻ കേന്ദ്രം ജാപ്പനീസ്ഭാഷയിലും വിദേശഭാഷകളിലുമുള്ള ഗ്രന്ഥങ്ങളുടെ ഉള്ളടക്കത്തെപ്പറ്റിയുള്ള വിവരങ്ങൾ, വിശേഷിച്ചും ശാസ്ത്രസാങ്കേതികവിഷയങ്ങളിൽ, നല്കുന്നുണ്ട്. കിട്ടുന്ന വിവരങ്ങൾ തരംതിരിച്ചു ക്രമവത്കരിക്കൽ വിദഗ്ധന്മാരുടെ ജോലിയാണ്. ഗ്രന്ഥശാലകളുടെ ഭാഗമല്ലാതെയും ഇത്തരം കേന്ദ്രങ്ങൾ പല രാജ്യങ്ങളിലും സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്നു.

മൈക്രോഫോട്ടോഗ്രഫി. മറ്റുവിധത്തിൽ ലഭ്യമല്ലാത്ത വിശിഷ്ടഗ്രന്ഥങ്ങളും പത്രമാസികകളും സൂക്ഷ്മച്ഛായാഗ്രഹണരീതി ഉപയോഗിച്ചു രേഖപ്പെടുത്തി സൂക്ഷിക്കുന്നു. ഇവ പിന്നീടു ഡെവലപ്പ് ചെയ്ത് ഉപയോഗിക്കാം.

ഓട്ടോമേഷൻ. ഡാറ്റാ പ്രോസസിങ്, ഇൻഫർമേഷൻ റിട്രീവൽ, വിഭാഗീകരണം മുതലായവയിലെല്ലാം ഇന്നു കമ്പ്യൂട്ടർ സഹായത്തിന് എത്തിയിരിക്കുന്നു. ഗ്രന്ഥശാലാസംബന്ധമായ പല പ്രക്രിയകളും ഇന്നു കമ്പ്യൂട്ടറുകളാണു നിർവഹിക്കുന്നത്.

ഗ്രന്ഥസൂചി (Bibliography)

ഗ്രന്ഥങ്ങളെപ്പറ്റി ശാസ്ത്രീയമായി പ്രതിപാദിക്കുന്ന പട്ടിക. വെറും കാറ്റലോഗുകൾ ഗ്രന്ഥസൂചികളല്ല. പല ഗ്രന്ഥങ്ങളുടെയും ഒടുവിൽ ഈ പേരിൽ കൊടുക്കുന്ന അവലംബഗ്രന്ഥങ്ങളുടെ പട്ടികയും ഈ പേരിന് അർഹമല്ല. ഗ്രന്ഥകാരന്റെ പേര്, ജീവിതകാലം, പുസ്തകശീർഷകം, ഗ്രന്ഥരചനയിലെ കടപ്പാടുകൾ, പതിപ്പു നമ്പർ, പ്രകാശനത്തിന്റെ സ്ഥലകാലങ്ങൾ, ഗ്രന്ഥത്തിന്റെ വലിപ്പം, അച്ചടിച്ച പ്രസ്, പകർപ്പവകാശവിവരങ്ങൾ ഇത്രയും വിവരങ്ങളെങ്കിലും ഗ്രന്ഥസൂചിയിൽ ഉണ്ടാവണം.

ഗ്രന്ഥങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഗ്രന്ഥശീർഷകങ്ങളുടെയോ ഗ്രന്ഥകാരന്മാരുടെ പേരിന്റെയോ അക്ഷരമാലാക്രമത്തിൽ രേഖപ്പെടുത്തണം. പ്രതിപാദ്യവിഷയങ്ങൾ വേർതിരിച്ചശേഷം ഓരോന്നിലും മേൽപറഞ്ഞ രീതിയിൽ വിവരങ്ങൾ നല്കാം. പല ഭാഷകളിലുള്ള ഗ്രന്ഥങ്ങൾ ഉള്ളപ്പോൾ ഭാഷ തിരിച്ചും മേൽപറഞ്ഞ വിവരങ്ങൾ നല്കാം.

ഉദ്ദേശ്യം. 1. ഒരു ഗ്രന്ഥകാരന്റെ കൃതികൾ ഏവ എന്ന് അറിയുക.
2. ഒരു വിജ്ഞാനശാഖയിൽ ഏതെല്ലാം ഗ്രന്ഥങ്ങളുണ്ട് എന്നറിയുക.
3. ഒരേ ശീർഷകമുള്ള ഗ്രന്ഥങ്ങളെപ്പറ്റി അറിയുക.
4. ഒരു കാലഘട്ടത്തിലെ പ്രസാധനങ്ങളുടെ വിവരം ഗ്രഹിക്കുക.

ഗ്രന്ഥസൂചി, ഭാരതത്തിൽ. ഇംഗ്ലീഷ് ബുദ്ധിജീവികളുടെ ശ്രമം ആണ് ഇവിടെ ഗ്രന്ഥസംരക്ഷണത്തിലും ഗ്രന്ഥസൂചിനിർമാണത്തിലും ജനശ്രദ്ധതിരിച്ചുവിട്ടത്. ഏഷ്യാറ്റിക് സൊസൈറ്റി ഈ രംഗത്തു വലിയ സംഭാവനകൾ നല്കിയിട്ടുണ്ട്. നാഷനൽ ലൈബ്രറികൾക്കു മുദ്രിതപുസ്തകങ്ങളുടെ പ്രതികൾ നല്കണമെന്നു നിയമമുണ്ട്. ഇതു ഗ്രന്ഥപ്രസിദ്ധീകരണത്തെപ്പറ്റി അറിവു നല്കാൻ സഹായിക്കുന്നു. ഇന്നു ത്രൈമാസിക കാറ്റലോഗുകൾ പ്രസിദ്ധീകൃതമാകുന്നു. നാഷനൽ ഗ്രന്ഥശാലകളിൽ ലഭിക്കുന്ന ഗ്രന്ഥങ്ങളുടെ വിവരങ്ങൾ ശേഖരിച്ചു ദേശീയ ഗ്രന്ഥസൂചികൾ പ്രസിദ്ധീകൃതമാകുന്നുണ്ട്.

ഗ്രന്ഥാക്ഷരം

ഒരു പുരാതന ലിപി. തെക്കെ ഇന്ത്യയിൽനിന്നു കിട്ടിയിട്ടുള്ള പല ശിലാരേഖകളും ചെപ്പേടുകളും ഗ്രന്ഥലിപിയിലാണു രചിച്ചിരിക്കുന്നത്. സംസ്കൃതരേഖകളും തമിഴ്രേഖകളിൽവരുന്ന സംസ്കൃതപദങ്ങളും എഴുതാൻ ഗ്രന്ഥലിപിയാണ് ഉപയോഗിച്ചിരുന്നത്. തമിഴിലും മലയാളത്തിലുമുള്ള രേഖകൾ തമിഴിലോ വട്ടെഴുത്തിലോ എഴുതിവന്നു. ഗ്രന്ഥലിപിയിലും തമിഴിലും ഉള്ള ശാസനങ്ങൾ എ.ഡി. ഒന്നാം ശതാബ്ദംമുതൽക്കാണു കണ്ടിട്ടുള്ളത്. സംസ്കൃതം എഴുതുന്നതിനായി തെക്കെ ഇന്ത്യക്കാർ പണ്ടേ ഉപയോഗിച്ചിരുന്നതു ഗ്രന്ഥലിപിയാണ്. 'ഗ്രന്ഥ'പദത്തിന്റെ അർഥം പുസ്തകം എന്നാണ്. സംസ്കൃതഗ്രന്ഥങ്ങൾ എഴുതാനുപയോഗിച്ച ലിപിയെയും തെക്കെ ഇന്ത്യക്കാർ അതേപേരിൽ (ഗ്രന്ഥം) വിളിച്ചുവന്നു. ഒരു കാലത്ത് ആ ലിപിമാല ദക്ഷിണേന്ത്യ മുഴുവൻ പ്രചരിച്ചിരുന്നു. ഇതു തന്നെയാണു പില്ക്കാലത്ത് ആര്യ എഴുത്ത് (ഇന്നത്തെ മലയാളം) ആയിത്തീർന്നത്. തുളുവിനും ഈ ലിപി ഉപയോഗിച്ചിരുന്നു. മലയാളവും തുളുവും വിഭിന്ന ലിപി ഉപയോഗിച്ചുതുടങ്ങിയപ്പോൾ ഗ്രന്ഥലിപി തമിഴ്നാട്ടിൽ മാത്രം പ്രചരിച്ചുവന്നു. സംസ്കൃതം എഴുതാൻ ഇപ്പോൾ ഉപയോഗിച്ചുവരുന്ന നാഗരലിപി വിജയനഗരരാജാക്കന്മാരുടെ കാലംമുതൽക്കാണു തെക്കെ ഇന്ത്യയിൽ പ്രചരിച്ചുതുടങ്ങിയത്. എങ്കിലും ഗ്രന്ഥലിപിയുടെ പ്രചാരം നശിച്ചില്ല. ദക്ഷിണേന്ത്യയുടെ ദക്ഷിണഭാഗത്ത് ഗ്രന്ഥലിപിക്കായിരുന്നു കൂടുതൽ പ്രാബല്യം. വിജയനഗരവുമായി അധികം ബന്ധപ്പെട്ട ഉത്തരഭാഗങ്ങളിലാണു നാഗരലിപിയിൽ താമ്രശാസനങ്ങൾ മുതലായവ എഴുതപ്പെട്ടത്. മഹാരാഷ്ട്രന്മാർ തമിഴ്നാട്ടിൽ വന്നശേഷം അവർ നാഗരലിപിയാണു കൂടുതൽ പ്രചരിപ്പിച്ചത്. ഗ്രന്ഥലിപിയുടെ പ്രചാരം കുറഞ്ഞുകൊണ്ടിരിക്കയാണ്. തെക്കെ ഇന്ത്യയിൽ കാണപ്പെടുന്ന ഗ്രന്ഥലിപികളെ പ്രാചീനകാലം, രൂപഭേദകാലം, മധ്യകാലം, ആധുനികകാലം എന്നിങ്ങനെ നാലായി തരംതിരിക്കാം. പ്രാചീനകാലമെന്നു പറഞ്ഞിട്ടുള്ളത് എ.ഡി. 700-നു മുമ്പുള്ളവയെയാണ്. ഇവ വേങ്ങിനാട്ടിൽനിന്നു കിട്ടിയ ശാസനങ്ങളിൽ കാണപ്പെടുന്നു. ചിത്രവേലകളടങ്ങിയ ഇത്തരം ലിപികൾ ശിലാശാസനങ്ങൾ കൊത്തുന്നതിനു മാത്രമേ ഉപയോഗിച്ചിരിക്കാനിടയുള്ളു. എ.ഡി. 650 മുതൽ 950 വരെയാണു രൂപഭേദകാലം. നന്ദിവർമപല്ലവന്റെ വംശക്കാർ, പാണ്ഡ്യന്മാരുടെ ഒന്നാം പരമ്പരയിൽപ്പെട്ടവർ, സുന്ദരചോഴന്റെ മുൻഗാമികളായ ചോഴരാജാക്കന്മാർ മുതലായവരുടെ ശാസനങ്ങളിൽ ഇവ കാണാം. 950 മുതൽ 1250 വരെ ഉള്ളവയാണു മധ്യകാലലിപികൾ. തഞ്ചാവൂരിലെ ചോഴരാജാക്കന്മാരുടെ ശാസനങ്ങൾ ഇതിൽ ഉൾപ്പെടും. എ.ഡി. 1250-നു ശേഷമുള്ളവയെ ആധുനികകാലലിപികൾ എന്നു പറയാം.



ദക്ഷിണേന്ത്യയിലെ
ഗ്രന്ഥാക്ഷരത്തിന്റെ പരിണാമം
കാണിക്കുന്ന ഒരു ചിത്രം.

ഗ്രന്ഥാലോകം

കേരളഗ്രന്ഥശാലാസംഘത്തിന്റെ മുഖപത്രമായ മാസിക. സാംസ്കാരികകാര്യങ്ങൾക്കു പൊതുവെയും, പുസ്തകനിരൂപണത്തിനു പ്രത്യേകിച്ചും പ്രാധാന്യം നല്കുന്നതാണ് ഉള്ളടക്കം. ഗ്രന്ഥാലയവാർത്തകൾക്കും പ്രത്യേകസ്ഥാനം നല്കുന്നു. 1948 ഓഗസ്റ്റ്-സെപ്റ്റംബറിൽ ദ്വൈമാസികമായി പ്രസിദ്ധീകരണം ആരംഭിച്ചു. രണ്ടുവർഷത്തിനുശേഷം മാസികയാക്കി. നാല്പതിൽപരം വർഷങ്ങളായി മുടക്കം കൂടാതെ പ്രസിദ്ധീകരിക്കുന്നു. എസ്. ഗുപ്തൻനായർ ആയിരുന്നു ആദ്യത്തെ പത്രാധിപർ. പി. ശ്രീധരൻപിള്ള (സീതാരാമൻ), സി. നാരായണപിള്ള, വെണ്ണിക്കുളം ഗോപാലക്കുറുപ്പ് തുടങ്ങിയവർ ഇതിന്റെ പത്രാധിപത്യം വഹിച്ചിട്ടുണ്ട്.

ഗ്രന്ഥികൾ

ശരീരത്തിൽ സ്രവം (secretion) ഉത്പാദിപ്പിക്കുന്ന അവയവം. ദ്രവങ്ങളെ നാളിവഴി പുറത്തുവിടുന്നവയാണു മിക്ക ഗ്രന്ഥികളും. ഇവയെ നാളീഗ്രന്ഥികൾ (duct glands) എന്നു പറയുന്നു. ബഹിഃസ്രാവി ഗ്രന്ഥി (exocrine gland) എന്നും പേരുണ്ട്. നാളി ഇല്ലാത്ത ഗ്രന്ഥികളാണ് അന്തഃസ്രാവഗ്രന്ഥികൾ (endocrine glands). വിനാളീഗ്രന്ഥി (ductless gland) എന്നും പേരുണ്ട്. രക്തംവഴിയാണ് അവ ശരീരത്തിന്റെ എല്ലാ ഭാഗത്തും എത്തുന്നത്.

മനുഷ്യശരീരത്തിൽ ഏറ്റവും വലിയ ഗ്രന്ഥി കരൾ ആണ്. ശരീരത്തിലെ ലിംഫ് ചംക്രമണത്തിന്റെ കേന്ദ്രങ്ങളാണു താടിയെല്ലിന്റെ അടിയിലും, കക്ഷത്തിലും, ഒടിയിലും ഉള്ള ലിംഫാറ്റിക് ഗ്രന്ഥികൾ. ഇവ ലിംഫ് ദ്രവത്തെ അരിക്കാൻ സഹായിക്കുന്ന 'നോഡു'(node)കളാണ്. വെളുത്ത രക്താണുക്കളെപ്പോലുള്ള കണങ്ങളും (Lymph corpuscles) ഇതിൽനിന്നുണ്ടാവുന്നു. രോഗാണുസംക്രമണം ഉണ്ടാകുമ്പോൾ ലിംഫ്ഗ്രന്ഥികൾ വീങ്ങാനിടയാകും. അന്തഃസ്രാവിഗ്രന്ഥികൾ ഹോർമോണുകളെ സ്രവിക്കുന്നു. ത്വക്കിൽ വിയർപ്പുണ്ടാക്കുന്ന സ്വേദഗ്രന്ഥികളും (Sweat glands) ശരീരത്തിനു തിളക്കമുണ്ടാക്കാൻ എണ്ണയുണ്ടാക്കുന്ന വസാഗ്രന്ഥികളും (Sebaceous glands) ഉണ്ട്. വായിൽ ഉമിനീരുത്പാദിപ്പിക്കുന്ന മൂന്നു ജോടി ഗ്രന്ഥികളാണ് ഉള്ളത്: പരോടിഡ്, സബ്മാക്സല്ലറി, സബ്ലിൻഗ്വൽ എന്നിങ്ങനെ. പരോടിഡ്ഗ്ലാൻഡിന്റെ വീക്കം മുണ്ടിനീര് (mumps) എന്ന പേരിൽ അറിയപ്പെടുന്നു.

ശ്ലേഷ്മസ്തരത്തിൽ ശ്ലേഷ്മം (mucus) ഉണ്ടാക്കുന്ന ചെറുഗ്രന്ഥികളുണ്ട്. ആമാശയത്തിലെയും കുടലിലെയും ദഹനഗ്രന്ഥികൾ (digestive glands) ദഹനരസം (digestive juice) പുറപ്പെടുവിക്കുന്നു. സ്തനങ്ങളിൽ പാലു സ്രവിപ്പിക്കുന്ന ഗ്രന്ഥികൾ (mammary glands) ഉണ്ട്. കണ്ണിന്റെ മേല്പോളയിലെ കണ്ണുനീർഗ്രന്ഥി(lacrimal gland)യാണു കണ്ണുനീര് ഉത്പാദിപ്പിക്കുന്നത്. പല വൈറസും ഗ്രന്ഥികളെ ബാധിച്ചു രോഗം ഉണ്ടാക്കാറുണ്ട്. †എൻഡോക്രൈനോളജി നോക്കുക.

ഗ്രഷം നിയമം (Gresham's Law)

'ചീത്തനാണയം നല്ലനാണയത്തെ പുറംതള്ളുന്നു' എന്ന ധനശാസ്ത്രനിയമം. ഹെന്റി ഡി. മക്ലിയോഡ് ഈ നിയമം സർ തോമസ് ഗ്രഷമിന്റെ പേരിനോടു ബന്ധിച്ചു. ഗ്രഷം ജനിക്കുന്നതിനു വളരെ മുമ്പ് 1360-ൽ നിക്കോൾ ഓഴ്സ്മെ (Nicole Oresme) ഇക്കാര്യം പറഞ്ഞിട്ടുണ്ട്. ഒരു സിദ്ധാന്തം എന്ന നിലയിൽ ഇതിനു വ്യക്തമായ,ആവിഷ്കാരം നല്കിയതു നിക്കോളാസ് കോപ്പർനിക്കസ് (1526) ആണ്.

'നല്ലനാണയം' തൂക്കത്തിലും ശുദ്ധിയിലും മികവുള്ളതും 'ചീത്തനാണയം' തൂക്കവും ശുദ്ധിയും കുറഞ്ഞതുമാണ്. ലോഹവില കൂടിയതും കുറഞ്ഞതുമായ നാണയം ഒരേ നാണയവിലയ്ക്ക് ഒരേ സമയം പ്രചാരത്തിൽ ഇരുന്നാൽ ക്രമേണ നല്ലനാണയം പ്രചാരത്തിൽ

നിന്ന് അപ്രത്യക്ഷമാകും. നല്ലനാണയം സൂക്ഷിച്ചുവച്ചു ലോഹവിലയ്ക്കു വില്ക്കുന്നതും കയറ്റുമതി ചെയ്യുന്നതും കൂടുതൽ ആദായകരമായതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

ദ്വിലോഹനാണയവ്യവസ്ഥ നിലനില്ക്കുന്നിടത്താണ് ഈ പ്രവണത വേഗം പ്രകടമാകുന്നത്. 1792-ൽ 247.50 ഗ്രെയിൻ തൂക്കമുള്ള 10 ഡോളർ സ്വർണനാണയവും 371.25 ഗ്രെയിൻ തൂക്കമുള്ള ഒരു ഡോളർ വെള്ളിനാണയവും ഒരേ സമയം പ്രചാരത്തിലിരുന്നു. സ്വർണത്തിൻെറ വില ഔൺസിനു 19.39 ഡോളറും വെള്ളിയുടെത് ഔൺസിന് 1.29 ഡോളറുമായിരുന്നു. 1799 ആയപ്പോൾ സ്വർണവില 20.30 ഡോളർ ആയി ഉയർന്നു. ലോഹവിലയ്ക്കു നാണയത്തിന് ഒരു ഡോളറോളം അധികം വില കിട്ടുമെന്നുവന്നതുകൊണ്ടു സ്വർണനാണയം അപ്രത്യക്ഷമായി. വെള്ളിനാണയം മാത്രം പ്രചാരത്തിലിരുന്നു.

ഗ്രഹങ്ങൾ. (Planets)

നക്ഷത്രത്തെ പ്രദക്ഷിണംചെയ്യുന്ന വലിപ്പമേറിയ ഖഗോളപിണ്ഡങ്ങൾ. ജ്യോതിശ്ശാസ്ത്രനിർവചനത്തിൽ ഗ്രഹങ്ങളുടെ ഏറ്റവും കുറഞ്ഞ പിണ്ഡം എത്രയെന്ന് നിശ്ചയിക്കപ്പെട്ടിട്ടില്ല. എങ്കിലും, ക്ഷുദ്രഗ്രഹങ്ങൾ (asteroids) ഉപഗ്രഹങ്ങൾ തുടങ്ങിയ താരതമ്യേന ചെറിയ ഖഗോളപിണ്ഡങ്ങളും നക്ഷത്രത്തെ പ്രദക്ഷിണംചെയ്യുന്നുണ്ടെങ്കിലും അവയൊന്നും ഗ്രഹങ്ങളല്ല. ഗ്രഹങ്ങൾ സ്വയം പ്രകാശിക്കുകയില്ല.

സൂര്യൻ എന്ന നക്ഷത്രവും അതിനെ ചുറ്റുന്ന ഗ്രഹങ്ങളും ഉൾപ്പെട്ടതാണ് സൗരയൂഥം. സൂര്യനിൽനിന്നുള്ള അകലത്തിൻെറ ക്രമത്തിൽ ഗ്രഹങ്ങൾ ഇവയാണ്: † ബുധൻ (Mercurry), † ശുക്രൻ (Venus), † ഭൂമി (earth), † ചൊവ്വ (Mars), † വ്യാഴം (Jupiter), † ശനി (Saturn), † യുറാനസ് (Uranus), † നെപ്റ്റ്യൂൺ Neptune), † പ്ലൂട്ടോ (Pluto). ഇതിൽ അവസാനത്തെ മൂന്നെണ്ണം ഒഴികെയുള്ളവ പ്രാചീനകാലം മുതലേ കണ്ടെത്തിയിരുന്നു. യുറാനസ് (1781), നെപ്റ്റ്യൂൺ (1846), പ്ലൂട്ടോ (1930) എന്നിവ ടെലസ്കോപ്പിൻെറ സഹായത്തോടെ കണ്ടെത്തിയ ഗ്രഹങ്ങളാണ്. ഇനിയും കണ്ടെത്തിയിട്ടില്ലാത്ത ഗ്രഹങ്ങളും സൗരയൂഥത്തിൽ ഉണ്ടാകാം എന്ന് ശാസ്ത്രജ്ഞന്മാർ കരുതുന്നു.

പ്രാചീന ജ്യോതിശ്ശാസ്ത്രത്തിൽ ഗ്രഹം എന്ന വാക്ക് നക്ഷത്രങ്ങളിൽനിന്ന് വിഭിന്നമായ ജ്യോതിർഗോളങ്ങൾ എന്ന അർഥത്തിലാണ് ഉപയോഗിച്ചിരുന്നത്. ടോളമി ആവിഷ്കരിച്ച ഭൂകേന്ദ്രിത ജ്യോതിശ്ശാസ്ത്രം (Geocentric Astronomy) അനുസരിച്ച് ഗ്രഹങ്ങൾ ഏഴെണ്ണമാണ്: ബുധൻ, ശുക്രൻ, ചൊവ്വ, വ്യാഴം, ശനി എന്നീ യഥാർഥ ഗ്രഹങ്ങളും സൂര്യൻ, ചന്ദ്രൻ എന്നിവയുമാണ് അന്ന് ഗ്രഹങ്ങളായി എണ്ണിയിരുന്നത്. ഈ ഗ്രഹങ്ങളെ അടിസ്ഥാനമാക്കിയാണ് ആഴ്ചകളുടെ പേരു വന്നത്. ഞായർ (സൂര്യൻ) തിങ്കൾ (ചന്ദ്രൻ), ചൊവ്വ (ചൊവ്വ), ബുധൻ (ബുധൻ) വ്യാഴം (വ്യാഴം), വെള്ളി (ശുക്രൻ), ശനി (ശനി) 12 രാശികളിലെ (zodiac) നക്ഷത്രസമൂഹങ്ങളിലൂടെ ഉള്ള ഈ ഗ്രഹങ്ങളുടെ ചലനത്തിന് ജ്യോതിഷത്തിൽ വളരെ പ്രാധാന്യം ഉണ്ട്. † ജ്യോതിഷം നോക്കുക

ഗ്രഹങ്ങൾ സൗരയൂഥത്തിന് പുറത്ത്. സൗരയൂഥത്തിനപ്പുറം നക്ഷത്രങ്ങളെ ചുറ്റുന്ന ഗ്രഹങ്ങളുടെ സമൂഹങ്ങൾ ഉണ്ടെന്ന് ആണ് ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ അനുമാനം. എന്നാൽ, ഇതുവരെ ഇത്തരം ഗ്രഹങ്ങൾ വ്യക്തമായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. സൗരയൂഥത്തിന് പുറത്തുള്ള ഇത്തരം ഗ്രഹങ്ങളിൽ ചിലതിൽ ജീവൻെറയും വളർച്ചപ്രാപിച്ച നാഗരികതയുടെയും സാന്നിധ്യമുണ്ടാകാം എന്ന് ചില ശാസ്ത്രജ്ഞന്മാർ കരുതുന്നു. റേഡിയോതരംഗങ്ങൾ വഴി ഇത്തരം ജീവസമൂഹങ്ങളെ കണ്ടെത്താൻ കഴിയും എന്നാണ് പ്രതീക്ഷ. ഇത്തരം റേഡിയോതരംഗങ്ങൾ കണ്ടെത്താനായി പ്യൂർട്ടോറിക്കയിലെ അറിസിബോയിൽ ഭീമാകാരമായ ഒരു റേഡിയോടെലസ്കോപ്പ് സ്ഥാപിച്ചിട്ടുണ്ട്. ഇത് 65,000 പ്രകാശവർഷം അകലെ നിന്നുവരുന്ന റേഡിയോതരംഗങ്ങൾ പോലും പിടിച്ചെടുക്കുവാൻ ശക്തിയുള്ളതാണ്. ജീവൻെറ സൂചന നല്കുന്ന റേഡിയോ തരംഗങ്ങൾ ഒന്നുംതന്നെ ഇതുവരെ ഇതിൽ നിന്നും ലഭിച്ചിട്ടില്ല.

ഗ്രഹചാരഫലം

ജ്യോതിഷപ്രകാരം ജന്മാദിഭാവങ്ങളിൽ ഗ്രഹങ്ങളുടെ ചാരം(സഞ്ചാരം)കൊണ്ടുള്ള ഫലങ്ങൾ. ഇതുപ്രകാരം ഗ്രഹങ്ങൾ അനുകൂലമായാലും വിപരീതമായാലും 'വേധം' (നാളുകൾ തമ്മിലുള്ള പൊരുത്തമില്ലായ്മ) നിമിത്തം അവയുടെ ഗുണവും ദോഷവും മുഴുവൻ



സൗരയൂഥം

ഫലിക്കുകയില്ല. അതിനാൽ ചാരഫലങ്ങൾ നോക്കുമ്പോൾ ഗ്രഹങ്ങളുടെ വേധസ്ഥാനങ്ങളിൽ മറ്റു ഗ്രഹങ്ങൾ നില്ക്കുന്നുണ്ടോ എന്നുകൂടി നോക്കണം. ഒരു ഗ്രഹം ചാരവശാൽ ഇഷ്ടസ്ഥാനത്ത് ആയാലും അതിൻെറ വേധസ്ഥാനത്തു മറ്റു ഗ്രഹങ്ങളുണ്ടെങ്കിൽ ആ ഫലം അപ്പോൾ അനുഭവപ്പെടുകയില്ല. സൂര്യനും ശനിയും തമ്മിലും ചന്ദ്രനും ബുധനും തമ്മിലും വേധിക്കുകയില്ല.

ഗ്രഹചാരഫലം നിരൂപണംചെയ്യുമ്പോൾ ഗോചരവും വേധവും മനസ്സിലാക്കുന്നതിനു പുറമെ, ഗ്രഹം നില്ക്കുന്ന രാശിയിൽ ജാതകവശാൽ ആ ഗ്രഹത്തിനുള്ള 'അഷ്ടകവർഗബിന്ദു'കൂടി നോക്കേണ്ടതാണ്. നാലിൽ അധികം ബിന്ദുക്കളുള്ള രാശിയിൽ ഗ്രഹം ചരിക്കുമ്പോൾ ഗുണഫലമുണ്ടാകും. ഗ്രഹങ്ങൾക്ക് അതിചാരം കൊണ്ടോ വക്രം. കൊണ്ടോ രാശിമാറ്റം വരുന്നുണ്ടെങ്കിൽ പൂർവരാശിയിലെ ഫലമാണ് അനുഭവപ്പെടുക.

ഗ്രഹചാരഫലങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം: ജന്മരാശിയിൽനിന്നു സൂര്യൻ 3,6,10,11; ചന്ദ്രൻ-1,3,6,7,10,11; കുജൻ (ചൊവ്വ)-3,6,11; ബുധൻ-2,4,6,8,10,11; വ്യാഴം-2,5,7,9,11; ശുക്രൻ-1,2,3,4,5,8,9,11,12; ശനി-3,6,11 എന്നീ ഭാവങ്ങളിൽ വരുമ്പോൾ ശുഭവും മറ്റുള്ളിടത്ത് അശുഭവുമായിരിക്കും ഫലം. രാഹുവിനു ശനിയുടെയും, കേതുവിനു ചൊവ്വയുടെയും ഫലമാണ്.

ഗ്രഹണം (eclipse)

ഒരു ഖഗോളവസ്തു മറ്റൊന്നിൻെറ നിഴലിൽ വരുന്നതുമൂലം, ഭാഗികമായോ പൂർണമായോ മറയുന്ന ജ്യോതിശ്ശാസ്ത്ര പ്രതിഭാസം. പ്രാചീനകാലംമുതല്ക്കേ മനുഷ്യന് പരിചിതമായിട്ടുള്ളത് † സൂര്യഗ്രഹണവും † ചന്ദ്രഗ്രഹണവും ആണ്. എല്ലാ ഗ്രഹങ്ങളും ഉപഗ്രഹങ്ങളും കൃത്രിമ ഉപഗ്രഹങ്ങളും ആധാരനക്ഷത്രങ്ങളുടെയോ ഗ്രഹങ്ങളുടെയോ നിഴലിൽ വരുമ്പോഴൊക്കെ ഗ്രഹണം സംഭവിക്കുന്നുണ്ട്. നക്ഷത്രദ്വയ(binary star)ങ്ങളുടെ ഭ്രമണതലം (orbital plane) ഭൂമിയുടെതിനോട് വളരെ അടുത്ത് ഉള്ളതാണെങ്കിൽ അവയിൽ ഓരോന്നിനും സംഭവിക്കുന്ന ഗ്രഹണം ഭൂമിയിൽനിന്ന് കാണാവുന്നതാണ്. ഉപഗൂഹനം (occultation), സംക്രമണം (transit) എന്നീ ജ്യോതിശ്ശാസ്ത്ര പ്രതിഭാസങ്ങളും ഗ്രഹണത്തോട് ബന്ധപ്പെട്ടവയാണ്.

ഗ്രഹണം രണ്ടുതരത്തിലുണ്ട്: 1. സൂര്യൻ മറ്റ് നക്ഷത്രങ്ങൾ തുടങ്ങിയ സ്വയം പ്രകാശമുള്ളവയുടെത്. 2. ചന്ദ്രൻ മുതലായ സ്വയം പ്രകാശമില്ലാത്തവയുടെത്. ആദ്യത്തതിൽ ഗ്രഹിതവസ്തുവിനും നിരീക്ഷകനുമിടയ്ക്ക് ഏതെങ്കിലും ഖഗോളവസ്തു തടസ്സമായിവന്നെത്തുകയും തത്ഫലമായി അതു മറയുകയും ചെയ്യുന്നു. ഉദാഹരണമായി, സൂര്യനും നിരീക്ഷകനും (ഭൂമിക്കും) ഇടയ്ക്ക് ചന്ദ്രൻ ഒരു മറയായി വരുമ്പോൾ † സൂര്യഗ്രഹണം ഉണ്ടാകുന്നു. രണ്ടാമത്തതിലാകട്ടെ, ഗ്രഹിത വസ്തുവിനും അതിന് പ്രകാശം നല്കുന്ന വസ്തുവിനുമിടയ്ക്കാണ് തടസ്സം വരുന്നത്. വസ്തു നിരീക്ഷകന് അഭിമുഖമായിരിക്കുമെങ്കിലും അതിന് ലഭിക്കുന്ന പ്രകാശം തടയപ്പെടുന്നതുകൊണ്ട് അത് അദൃശ്യമായിരിക്കും. ഉദാഹരണമായി, സൂര്യനിൽനിന്ന് ചന്ദ്രനിലേക്കു പ്രസരിക്കുന്ന പ്രകാശത്തെ ഭൂമി ഇടയ്ക്കുവച്ച് മറയ്ക്കുമ്പോഴാണ് ചന്ദ്രഗ്രഹണം ഉണ്ടാകുന്നത്.



പൂർണസൂര്യഗ്രഹണം
(വിവിധ ഘട്ടങ്ങളിൽ)

ഉപഗൂഹനം. പ്രത്യക്ഷത്തിൽ വലിപ്പമേറിയ ഖഗോളവസ്തു ചെറിയതിനെ മറയ്ക്കുന്നതിനാണ് (ഉദാ: വ്യാഴം കൊണ്ട് വ്യാഴത്തിൻെറ ഉപഗ്രഹം മറയുന്നത്) ഉപഗൂഹനം Occultation എന്നു പറയുന്നത്. † ചന്ദ്രഗ്രഹണം നോക്കുക.

സംക്രമണം. ഉപഗ്രഹത്തിൻെറ നിഴൽ ഗ്രഹത്തിലൂടെ കടന്നുപോകുന്നതിനും വലിയ ഖഗോളവസ്തുവിൻെറ മുന്നിലൂടെ (നിരീക്ഷിക്കുന്ന ദിശയെ ആധാരമാക്കി) ചെറിയ ഖഗോളവസ്തു കടന്നുപോകുന്നതിനും ആണ് † സംക്രമണം (transit) എന്നു പറയുന്നത്. ബുധൻ, ശുക്രൻ എന്നിവയുടെ നിഴൽ ഭൂമിയിൽ പതിക്കുമ്പോൾ ഉണ്ടാകുന്ന 'സംക്രമണം' ഭൂമിയിൽനിന്ന് ദർശിക്കാവുന്നതാണ്.

മറ്റ് ഗ്രഹണങ്ങൾ. വ്യാഴത്തിൻെറ ഉപഗ്രഹങ്ങളുടെ ഗ്രഹണത്തിന് ശാസ്ത്രലോകത്ത് ചരിത്രപരമായ പ്രാധാന്യമുണ്ട്. പ്രകാശത്തിൻെറ പ്രവേഗനിർണയത്തിനുവേണ്ടി ഡാനിഷ് ശാസ്ത്രജ്ഞായ ഒൾ റോമർ (Ole Remer-1675) ഈ ഗ്രഹണത്തെയാണ് ആശ്രയിച്ചത്.

ചന്ദ്രഗ്രഹണം



സൂര്യഗ്രഹണം



നിശ്ചിത കാലയളവുകളിൽ ക്രമമായി ശോഭ മങ്ങുകയും വീണ്ടും പ്രകാശിക്കുകയും ചെയ്യുന്ന ചില നക്ഷത്രങ്ങളെ ദൂരദർശിനിയിലൂടെ കാണാം. ഇവ വാസ്തവത്തിൽ പരസ്പരം ഗ്രഹണങ്ങൾക്കു വിധേയമാകുന്ന നക്ഷത്രദ്വയ(binary stars)ങ്ങളാണ്. ചില അവസരങ്ങളിൽ ഒരെണ്ണം മറ്റതിന്റെ പിന്നിലകപ്പെട്ട് ഗ്രഹണമുണ്ടാകുമ്പോൾ, ഭൂമിയിൽനിന്നുള്ള നിരീക്ഷകന് ശോഭമങ്ങുന്നതായി അനുഭവപ്പെടുന്നത്. ഇതിന്റെ ഭ്രമണതലം ഭൂമിയുടെതിനോട് വളരെ അടുത്തുവരുന്ന നക്ഷത്രദ്വയങ്ങളുടെ കാര്യത്തിൽ മാത്രമെ ഇങ്ങനെ സംഭവിക്കൂ. ഈ ഗ്രഹണം നിശ്ചിതകാലയളവുകളിൽ ആവർത്തിക്കപ്പെടും. അതുകൊണ്ട് ഇത്തരം നക്ഷത്രദ്വയങ്ങളെ 'ഗ്രഹിതദ്വയങ്ങൾ' (Eclipsing Binaries) എന്നു വിളിക്കാറുണ്ട്.

ശാസ്ത്രപരമായ പ്രാധാന്യം. ഭാഗികഗ്രഹണങ്ങൾക്കും ഉപഗ്രഹനത്തിനും സംക്രമണത്തിനും ഉള്ളതിൽ ഏറെ ജ്യോതിശ്ശാസ്ത്രപരമായ പ്രാധാന്യം പൂർണഗ്രഹണത്തിന് ഉണ്ട്. പ്രത്യേകിച്ചും പൂർണസൂര്യഗ്രഹണത്തിന് വളരെ പ്രാധാന്യമുണ്ട്. സൂര്യോപരിതലം പൂർണമായി മറയ്ക്കപ്പെടുന്ന ഈ വേളയിൽ സൂര്യന്റെ രാസഘടന, അന്തരീക്ഷം തുടങ്ങിയവയെപ്പറ്റി പലതും പഠിക്കാൻ സാധിക്കും. ഐൻസ്റ്റൈന്റെ സിദ്ധാന്തപ്രകാരം, സൂര്യന്റെ ഗുരുത്വാകർഷണംമൂലം പ്രകാശത്തിന് ഗതിഭംഗം (deflection) സംഭവിക്കുമെന്ന വസ്തുത, ഗ്രഹണസമയത്ത് കൂടുതൽ വ്യക്തമായി നിരീക്ഷിക്കാവുന്നതാണ്. ഐൻസ്റ്റൈന്റെ സിദ്ധാന്തം പ്രയോഗികമായി തെളിഞ്ഞത് 1919-ലെ സൂര്യഗ്രഹണനിരീക്ഷണങ്ങൾ വഴിയാണ്.

സൂര്യചന്ദ്രന്മാരുടെ ഉപരിതലം തികച്ചും മിനുസമുള്ളതാണെങ്കിൽ ഗ്രഹണം ആരംഭിക്കുന്നതും അവസാനിക്കുന്നതും പെട്ടെന്നായിരിക്കും. പക്ഷേ, ഉപരിതലം നിമ്നോന്നതമായതിനാൽ, ഗ്രഹണം കഴിഞ്ഞും 'ബെയ്‌ലി ബീഡ്സ്' എന്ന് അറിയപ്പെടുന്ന ഒരിനം പ്രഭാകിരണങ്ങൾ അല്പസമയംകൂടി നിലനില്ക്കും.

പ്രാചീന സങ്കല്പം. ഗ്രഹണം പ്രാചീന മനുഷ്യന്റെ ശ്രദ്ധയെ വളരെ അധികം ആകർഷിച്ചിട്ടുള്ള ഒരു പ്രകൃതിപ്രതിഭാസമാണ്. ഇതിനെ സംബന്ധിച്ച പല 'മിത്തുകൾ' വിവിധ ജനവിഭാഗങ്ങളുടെ ഇടയിൽ പ്രചാരത്തിലുണ്ട്. ഭാരതീയരുടെ സങ്കല്പം ഇതാണ്. രാഹു എന്ന അസുരൻ ദേവന്മാരോടൊരുമിച്ചിരുന്ന് അമൃത് പാനം ചെയ്തു. സൂര്യചന്ദ്രന്മാർ ഈ വിവരം മനസ്സിലാക്കി മഹാവിഷ്ണുവിനെ അറിയിച്ചു. വിഷ്ണു രാഹുവിന്റെ ശിരസ്സ് ഛേദിച്ചു. പക്ഷേ. അമൃതിന്റെ മഹിമമൂലം രണ്ടുഖണ്ഡവും അമരത്വത്തെ പ്രാപിച്ചു. രഹസ്യം ചോർത്തിക്കൊടുത്ത വൈരത്താൽ രാഹു സൂര്യചന്ദ്രന്മാരെ ഇടയ്ക്കിടെ ആക്രമിക്കുന്നു. രാഹു ചന്ദ്രനെ വിഴുങ്ങുമ്പോൾ ചന്ദ്രഗ്രഹണവും സൂര്യനെ വിഴുങ്ങുമ്പോൾ സൂര്യഗ്രഹണവും ഉണ്ടാകുന്നു എന്നാണ് സങ്കല്പം. സൂര്യചന്ദ്രന്മാരെ ഡ്രാഗൺ വിഴുങ്ങുന്നു എന്നാണു ചൈനാക്കാരുടെ ഇടയിലുള്ള പ്രാചീനസങ്കല്പം.

ചരിത്രം. ഗ്രഹണത്തിന്റെ ശാസ്ത്രീയവശത്തെക്കുറിച്ച് ഭാരതീയർക്ക് രണ്ടായിരം വർഷങ്ങൾക്കു മുമ്പുതന്നെ അറിയാമായിരുന്നു. വരാഹമിഹിരന്റെ ബൃഹദ്സംഹിത (എ.ഡി. 505) പോലുള്ള ഗ്രന്ഥങ്ങളിൽ ഇതിനെപ്പറ്റി ചർച്ചചെയ്യുന്നുണ്ട്.

ബാബിലോണിയയിൽ ശാസ്ത്രീയ ധാരണയോടെ ആദ്യമായി ഗ്രഹണം വീക്ഷിച്ചത് ബി.സി. 721-ൽ ആണെന്ന് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ചൈനാക്കാരും മായന്മാരും പ്രാചീന കാലത്തുതന്നെ ഗ്രഹണങ്ങൾ രേഖപ്പെടുത്തിയിരുന്നു. ഗ്രഹണങ്ങളുടെ പ്രാചീനരേഖകൾ സൗര-ചാന്ദ്ര ചലനങ്ങളുടെ കണക്കുകൂട്ടലുകൾക്ക് ഇന്നും വളരെയധികം ഉപകരിക്കുന്നുണ്ട്.

പ്രാചീന ഗ്രീസ് ആണ് ഗ്രഹണത്തെക്കുറിച്ച് ശാസ്ത്രീയ പഠനങ്ങൾ നടത്തിയ ഒരു മുഖ്യകേന്ദ്രം. ഹിപ്പാർക്കസിന്റെ പഠനങ്ങളാണ് ഏറ്റവും പ്രാചീനമായിട്ടുള്ളത്. അലക്സാണ്ട്രിയയിലെ ടോളമി (എ.ഡി. രണ്ടാം ശതകം)യുടെ പഠനങ്ങൾ ആണ് ഏറ്റവും പ്രധാനപ്പെട്ടത്. ഇദ്ദേഹത്തിന്റെ *അൽമജസ്റ്റ്* നൂറ്റാണ്ടുകളോളം ജ്യോതിശ്ശാസ്ത്രത്തിന്റെ അടിസ്ഥാനഗ്രന്ഥമായി നിലനിന്നിരുന്നു. ഇതിൽ ഗ്രഹണങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നുണ്ട്. 9-ാം നൂറ്റാണ്ടിൽ അറബി ജ്യോതിശ്ശാസ്ത്രകാരന്മാർ ഇത് പരിഷ്ക്കരിച്ചു.

16-ഉം 17-ഉം നൂറ്റാണ്ടിൽ 'ബലതന്ത്രം' എന്ന ശാസ്ത്രശാഖ വളർന്നതോടെ ഗ്രഹത്തെ സംബന്ധിച്ച വസ്തുതകൾ സിദ്ധാന്തപരമായി തെളിയിക്കാൻ കഴിഞ്ഞു. കെപ്ലർ, ഗലീലിയോ, ന്യൂട്ടൻ എന്നിവരാണ് ഈ പഠനങ്ങൾ നടത്തിയവരിൽ പ്രമുഖർ. †ജ്യോതിശ്ശാസ്ത്രത്തിന്റെ ചരിത്രം, †ചന്ദ്രഗ്രഹണം, †സൂര്യഗ്രഹണം, †സംക്രമണം നോക്കുക.

ഗ്രഹണി

†കണ, †കണശൂല നോക്കുക.

ഗ്രഹനില

രാശിചക്രത്തിൽ ഗ്രഹങ്ങളുടെ സ്ഥിതി. ജനനസമയത്തെ സൂര്യാദി നവഗ്രഹങ്ങളുടെ സ്ഥിതി ഓരോരുത്തരുടെയും ജീവിതത്തെ മുഴുവൻ ബാധിക്കുന്നു എന്നു ജ്യോതിഷ(astrology)ഗ്രന്ഥങ്ങൾ പറയുന്നു. സൂര്യൻ (രവി), ചന്ദ്രൻ, കുജൻ (ചൊവ്വ), ബുധൻ, വ്യാഴം (ഗുരു), ശുക്രൻ, ശനി (മന്ദൻ), രാഹു (സർപ്പം), കേതു (ശിഖി) ഇവ ആണു നവഗ്രഹങ്ങൾ. സൂര്യൻ നക്ഷത്രവും ചന്ദ്രൻ ഉപഗ്രഹവും രാഹുകേതുക്കൾ ഭൂമിയുടെ ചുറ്റുമുള്ള ചന്ദ്രന്റെ ഭ്രമണവൃത്തത്തിലെ സ്ഥാനങ്ങളും ആണെങ്കിലും ഇവയെയും ഫലപ്രവചനക്കാർ ഗ്രഹങ്ങൾ എന്നു ഗണിക്കുന്നു. ഭൂമിയുടെ ചുറ്റുമുള്ള വൃത്തത്തെ 360 ഡിഗ്രികളായി വിഭജിക്കുമ്പോൾ ഓരോ 30° ഉൾപ്പെട്ട ഭാഗത്തെയും ഒരു രാശി എന്നു ഗണിക്കുന്നു. മേടം, ഇടവം, മിഥുനം, കർക്കിടകം, ചിങ്ങം, കന്നി, തുലാം വൃശ്ചികം, ധനു, മകരം, കുംഭം മീനം ഇവ ആണു 12 രാശികൾ. ഭൂമിയിൽനിന്നു നോക്കുന്നയാൾ കാണുന്ന രീതിയിൽ ഈ ഗോളങ്ങളെയും സ്ഥാനങ്ങളെയും രാശികളിൽ ഉൾപ്പെടുത്തിയാണു ഗ്രഹനില രേഖപ്പെടുത്തുന്നത്. ജനനസമയത്തെ ഉഭയരാശിയെ ലഗ്നം എന്നു പറയുന്നു. †ഗുളികൻ നില്ക്കുന്ന രാശിയും ജാതകത്തിൽ രേഖപ്പെടുത്തും.

	കു ച	മാ	ഗു ശി
ബു ശു	ഗ്രഹനില		ല
• •			• •
സ	• •	മ	• •

മേടമാസം ഒന്നാംതീയതി സൂര്യൻ ഉദിക്കുന്നതു മേടം രാശിയുടെ ആദ്യഭാഗത്താണ്. ദിവസവും ഓരോ ഡിഗ്രി മാറി ഉദിക്കുന്നു. ദിവസത്തെയും 12 രാശികളായി ഗണിക്കാം. രാശികളുടെ അളവു തുല്യമാണെങ്കിലും പ്രയോഗത്തിൽ അല്പാല്പം ഏറ്റക്കുറവുണ്ട്. മേടം ഒന്നാംതീയതി ആദ്യത്തെ അഞ്ചുനാഴിക (2 മണിക്കൂർ) മേടം, അടുത്ത അഞ്ചുനാഴിക ഇടവം എന്നു മുറയ്ക്കു കണക്കാക്കാം. രണ്ടാം തീയതി മേടത്തിലെ അഞ്ചുനാഴികയുടെ 1/30 ഭാഗം ഉദയത്തിനുമുമ്പു കഴിഞ്ഞിരിക്കും. 30-ാം തീയതി ഉദയത്തിനുശേഷം അഞ്ചുനാഴികയുടെ 1/30 ഭാഗമേ ഉണ്ടായിരിക്കൂ. ഇടവം ഒന്നാംതീയതി ഉദയാത്പരം അഞ്ചുനാഴിക ഇടവം, പിന്നെ മിഥുനം എന്നിങ്ങനെ ഗണിക്കുന്നു.

ഗ്രഹസ്ഥിതിയും ലഗ്നവും രേഖപ്പെടുത്തിയ രാശിചക്രത്തെ തലക്കുറി എന്നു പറയുന്നു. മാതൃക താഴെ കൊടുക്കുന്നു.

രാശിയുടെ കൃത്യമായ അളവുകൾ

	നാഴിക	വിനാഴിക		നാഴിക	വിനാഴിക
മേടം	4	38	തുലാം	5	8
ഇടവം	5	10	വൃശ്ചികം	5	26
മിഥുനം	5	28	ധനു	5	21
കർക്കിടകം	5	17	മകരം	4	53
ചിങ്ങം	4	59	കുംഭം	4	26
കന്നി	4	55	മീനം	4	19

ഗ്രഹപരിവൃത്തിചക്രം

90 വർഷം ദൈർഘ്യമുള്ള കാലഗണനചക്രം. കലിവർഷം 3076-ൽ (ബി.സി. 24) ഇത് ആരംഭിച്ചു എന്നു വിശ്വസിക്കപ്പെടുന്നു. 90 വർഷം

കഴിയുമ്പോൾ വീണ്ടും ഒന്നെന്നു തുടങ്ങുന്നു. തമിഴ്നാട്ടിലെ മധുരയിൽ ഈ വർഷഗണനരീതി നിലവിൽ ഇരുന്നു. ഓരോ 90 വർഷം കഴിയുമ്പോഴും വ്യാഴം ഒഴികെയുള്ള ഗ്രഹങ്ങൾ ഈ കാലചക്രത്തിന്റെ ആരംഭത്തിൽ ഉണ്ടായിരുന്ന സ്ഥാനങ്ങളിൽ തന്നെ വരുന്നു. അതുകൊണ്ടാകാം ഈ കാലചക്രത്തിനു ഗ്രഹപരിവൃത്തിചക്രം എന്നു പേരുവന്നത്. ഓരോ നൂറു വർഷം കഴിയുമ്പോഴും ആരംഭിക്കുന്ന സപ്തർഷിവർഷത്തോട് ഇതിനു സാദൃശ്യമുണ്ട്.

ഗ്രഹാം, തോമസ് (1805—1869)

ബ്രിട്ടീഷ് രസതന്ത്രജ്ഞൻ. കൊളോയിഡ് കെമിസ്ട്രിയുടെ പിതാവെന്നറിയപ്പെടുന്നു. 1805 ഡിസംബർ 20-ാംതീയതി ഗ്ലാസ്ഗോയിൽ ജനിച്ചു. ഗ്ലാസ്ഗോ സർവകലാശാലയിലും, എഡിൻബറോവിലും വിദ്യാഭ്യാസം ചെയ്തു. എഡിൻബറോവിലും ലണ്ടനിലും രസതന്ത്രത്തിന്റെ പ്രൊഫസറായി സേവനമനുഷ്ഠിച്ചു. 1836-ൽ റോയൽ സൊസൈറ്റിയിൽ അംഗമായി. ലണ്ടൻ കെമിക്കൽ സൊസൈറ്റി, കാവെൻഡിഷ് സൊസൈറ്റി എന്നിവയുടെ സ്ഥാപകരിലൊരാളാണ്. ലണ്ടൻ കെമിക്കൽ സൊസൈറ്റിയുടെ ആദ്യത്തെ പ്രസിഡന്റ് (1841) ഇദ്ദേഹമായിരുന്നു. 1846-ൽ കാവെൻഡിഷ് സൊസൈറ്റിയുടെ പ്രസിഡന്റായി. 1869 സെപ്തംബർ 11-ാംതീയതി ലണ്ടനിൽവച്ചു നിര്യാതനായി.



ദ്രാവകങ്ങൾ വാതകങ്ങളെ ആഗിരണംചെയ്യുന്നതും വിസരണം (diffusion)ചെയ്യുന്നതും സംബന്ധിച്ച് ഇദ്ദേഹം പഠനം നടത്തി. വസ്തുക്കളെ ക്രിസ്റ്റലോയിഡുകളെന്നും കൊളോയിഡുകളെന്നും രണ്ടായി വേർതിരിച്ചു. ആദ്യത്തേതിനു വിസരണം നടത്തുന്നതിനുള്ള കഴിവു കൂടുതലും, രണ്ടാമത്തേതിനു കഴിവു കുറവും ആയിരിക്കും. ഫോസ്ഫോറിക് ആസിഡിന്റെ ഓർതോ, മെറ്റാ, പാരാ എന്നീ രൂപങ്ങളെപ്പറ്റി പഠനംനടത്തി. 1835-ൽ ക്രിസ്റ്റൽജലത്തെപ്പറ്റിയുള്ള പഠനങ്ങൾ പ്രബന്ധരൂപത്തിൽ പ്രസിദ്ധീകരിച്ചു. ലവണങ്ങൾ ജലവുമായി ചേർന്നുണ്ടാകുന്ന ഹൈഡ്രേറ്റുകളെപ്പോലെ, ആൽക്കഹോളുമായിച്ചേർന്നുണ്ടാകുന്ന ആൽക്കഹോളേറ്റുകളെപ്പറ്റിയും ഇദ്ദേഹം വിവരിച്ചിട്ടുണ്ട്. പലേഡിയം ഹൈഡ്രൈഡിനെപ്പറ്റിയുള്ളതാണ് അവസാനത്തെ പ്രബന്ധം. വാതകവും ലോഹവും ചേർന്നുണ്ടായ ആദ്യത്തെ ഖരസംയുക്തമായിരുന്നു ഇത്. 'ഹൈഡ്രജനിയം' എന്ന ഒരു ലോഹമുണ്ടെന്ന വിശ്വാസത്തിനും ഇതു കാരണമായി.

ഗ്രഹാം, ബില്ലി (1918—)

യുണൈറ്റഡ് സ്റ്റേറ്റ്സിലെ വൈദികനേതാവും സുവിശേഷപ്രബോധകനും. സുദീർഘവും സാഹസികവുമായ പ്രസംഗപര്യടനങ്ങളും യു.എസ്. പ്രസിഡന്റുമാരുമായുള്ള സൗഹൃദവും ഇദ്ദേഹത്തെ സാർവദേശീയ പ്രശസ്തനാക്കി.

1918 നവംബർ 7-നു നോർത്ത് കരോലിനയിലെ ചാർലൊട്ടിൽ ജനിച്ചു. പിതാവു സമ്പന്നനായ ഒരു ക്ഷീരവ്യവസായി ആയിരുന്നു. 16-ാം വയസ്സിൽ സുവിശേഷവൃത്തിയിൽ ആഗ്രഹം പ്രകടിപ്പിച്ചു. ക്ലീവ്ലൻഡ് ബോബ്ജോൺസ് കോളെജിലും, ഫ്ളോറിഡ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലും മതവിദ്യാഭ്യാസം നടത്തി. പിന്നീട് ഇല്ലിനോയ്ഡിലെ വീറ്റൻ കോളെജിൽനിന്നു നരവംശശാസ്ത്രത്തിൽ ബിരുദം നേടി. 1938-ൽ സുവിശേഷ പ്രസംഗം ആരംഭിച്ചു. 1939-ൽ സതേൺ ബാപ്റ്റിസ്റ്റ് ചർച്ചിലെ പുരോഹിതനായി. 1944-ൽ യൂത്ത് ഫോർ ക്രൈസ്റ്റ് ഇന്റർനാഷനൽ എന്ന സംഘടനയുടെ പ്രവർത്തകനായി. രണ്ടാം ലോകയുദ്ധകാലത്തു ഗ്രഹാം അതിവേഗം പ്രശസ്തിയിലേക്കുയർന്നു. മൗലികവാദത്തിന്റെ പ്രമുഖവക്താവായി ഇദ്ദേഹം അംഗീകരിക്കപ്പെട്ടു. 1950-ൽ 'ബില്ലിഗ്രഹാം ഇവാഞ്ജലിസ്റ്റ് അസോസിയേഷൻ' രൂപവത്കരിച്ചു. റേഡിയോ, ടി.വി. തുടങ്ങിയ മാധ്യമങ്ങൾ ഇദ്ദേഹം സമർഥമായി ഉപയോഗപ്പെടുത്തി. ട്രൂമാൻ, ഐസനോവർ, ലിൻഡൻ ജോൺസൺ, നിക്സൺ എന്നീ പ്രസിഡന്റുമാർ ഗ്രഹാമിനെ വൈറ്റ് ഹൗസിലേക്കു ക്ഷണിച്ചുവരുത്തി ബഹുമാനിച്ചരുന്നു. *പീസ് വിത് ഗോഡ്* (1953), *വേൾഡ് അഫ്ളെയിം* (1965) എന്നിവയാണു ഗ്രഹാമിന്റെ പ്രമുഖകൃതികൾ.

ഗ്രഹാം ബെൽ

† ബെൽ, അലക്സാണ്ടർ ഗ്രഹാം നോക്കുക

ഗ്രഹാം, മാർത്താ (1893—)

നർത്തകി, നൃത്തശില്പകാരി, അധ്യാപിക എന്നീ നിലകളിൽ പ്രശസ്തയായ യു.എസ്. വനിത. ആധുനിക പാശ്ചാത്യനൃത്തത്തെ ഗണ്യമായി സ്വാധീനിച്ചിട്ടുള്ള വ്യക്തിയെന്ന നിലയിലും ഇവർക്ക് അംഗീകാരമുണ്ട്. സാർവലൗകികമായി മനുഷ്യർക്ക് അനുഭവപ്പെടുന്ന ഭാവങ്ങളെയും വികാരങ്ങളെയും അങ്ങേയറ്റം പ്രയോജനപ്പെടുത്തി അനുവാചകരിൽ പുതിയ അനുഭൂതി വരുത്തുവാൻ ഉതകുന്ന ഒരു ശൈലിയാണ് ഇവർ സ്വീകരിച്ചിട്ടുള്ളത്. പാരമ്പര്യമായി ബാലേയിൽ സ്വീകരിക്കാറുള്ള വേഷവിധാനങ്ങളെക്കാൾ, മാനസികഭാവങ്ങളുണർത്തുന്ന, പുതിയ ചലനരൂപങ്ങളും വികാരതീവ്രതയുളവാക്കുന്ന, രംഗങ്ങളുംകൊണ്ട്, ലക്ഷ്യം നേടാനാണ് ഇവർ ശ്രമിക്കുന്നത്. "ഏതു നൃത്തവും സംക്ഷോഭത്തിന്റെ പ്രകടനമാണ്; ഹൃദയത്തിന്റെ രേഖാചിത്രം" — ഇതായിരുന്നു ഇവരുടെ സമീപനം.

1893 മേയ് 11-ാംതീയതി പിറ്റ്സ്ബർഗിൽ ജനിച്ചു; ഒരു വൈദ്യശാസ്ത്രവിദഗ്ധന്റെ മൂന്നാമത്തെ മകളാണ്. മനുഷ്യസ്വഭാവം അംഗവിക്ഷേപങ്ങളിലൂടെയും മറ്റു ശാരീരികചലനങ്ങളിലൂടെയും പ്രകടീഭൂതമാകുന്നതിനെ കൂലങ്കഷമായി പഠിക്കുവാൻ താത്പര്യമുള്ള വ്യക്തിയായിരുന്നു പിതാവ്. മാർത്തയുടെ തൊഴിൽപരമായ ജീവിതം ഡെനിഷാനിലെ (Denishawn)നൃത്തവിദ്യാലയത്തിൽ പ്രവേശിച്ചതോടെ ആരംഭിച്ചെന്നു പറയാം. റൂത് സെന്റ് ഡെനിസും, ടെഡ്ഷാനും സ്ഥാപിച്ച ആ നൃത്തപാഠശാലയിൽവച്ച് 1916—'23 കാലത്താണു പാശ്ചാത്യവും പൗരസ്ത്യവും ആയ നൃത്തരൂപങ്ങളും പരീക്ഷണപ്രയത്നങ്ങളും മറ്റുമായി മാർത്തക്ക് ആദ്യ സമ്പർക്കമുണ്ടായത്. തന്നിൽ നിഗൂഢമായി വർത്തിക്കുന്ന നാടകീയവും നർത്തനപരവുമായ കഴിവുകളെക്കുറിച്ചു സ്വയം ബോധവതിയാകാൻ ഇവർക്കു സാധിച്ചതും ഇവിടെവച്ചായിരുന്നു. 1926-ൽ ന്യൂയോർക്ക്പട്ടണത്തിൽ ഒരു സ്വതന്ത്രനർത്തകിയായി ഇവർ രംഗപ്രവേശം ചെയ്തു.

റിവോൾട് (1927), ഹെരിറ്റിക് (1929), ലമെന്റേഷൻ (1930), പ്രിമിറ്റീവ് മിസ്റ്ററീസ് (1930) തുടങ്ങിയവയാണു മുഖ്യസൃഷ്ടികൾ. 1938-നുശേഷം മാർത്തയുടെ സൃഷ്ടികൾ, കൂടുതൽ വിശദാംശങ്ങൾ കലർത്തി ചമച്ചവയായിത്തീർന്നെന്നുപറയാം. എ ലെറ്റർ റ്റു ദ വേൾഡ് (1940), ഡെത്ത് അൻഡ് എൻട്രെൻസസ് (1943) എന്നിവ ഇക്കൂട്ടത്തിൽ പെടും. ഇവരുടെ പ്രധാനപ്പെട്ട കൃതികളുടെയെല്ലാം വേരുകൾ, ഗ്രീക്ക്നാടകങ്ങളിലും 'മിത്തിലും' — ആണ്. നൈറ്റ് ജേണി (1948), കേവ്സ് ഒഫ് ദി ഹാർട്ട് (1946) തുടങ്ങിയവ ഇക്കാര്യം ഉദാഹരിക്കുന്നു. ഇവരുടെ പില്ക്കാലകൃതികൾ, പാശ്ചാത്യ നൃത്തരംഗത്തെ മുഖ്യശക്തിയായിത്തീർന്നു. അവയിൽ പലതും ലോകത്തിന്റെ വിവിധഭാഗങ്ങളിൽ അരങ്ങേറിയിട്ടുണ്ട്. 1970-ൽ മാർത്താ നൃത്തരംഗത്തുനിന്നു വിരമിച്ചു.

ഗ്രാം

സി.ജി. എസ്. സമ്പ്രദായത്തിലെ ദ്രവ്യമാനത്തിന്റെ ഏകകം. എസ്. ഐ. സമ്പ്രദായത്തിലെ ഏകകമായ കിലോഗ്രാമിന്റെ ആയിരത്തിലൊരു ഭാഗമാണു ഗ്രാം. ബ്രിട്ടീഷ് സമ്പ്രദായത്തിലെ ഒരു അവോയർഡുപ്പോയിസ് ഔൺസിന്റെ 28.35-ൽ ഒരു ഭാഗത്തോളമുണ്ട് ഒരു ഗ്രാം. പ്രതീകം g. ഏറ്റവും കൂടുതൽ സാന്ദ്രതയുള്ള ഒരു ഘനസെന്റീമീറ്റർ ശുദ്ധജലത്തിനു നിർവാതസ്ഥലത്തു (vacuum) ഉള്ള ഭാരം എന്നതായിരുന്നു ഗ്രാമിനു മുമ്പു നല്കിയിരുന്ന നിർവചനം. പിന്നീട് അന്താരാഷ്ട്ര അംഗീകാരമുള്ള പുതിയ ഒരു ശാസ്ത്രീയ നിർവചനം സ്വീകരിച്ചു. അന്താരാഷ്ട്ര മാതൃകാകിലോഗ്രാമിനുള്ള പിണ്ഡത്തിന്റെ ആയിരത്തിൽ ഒരു അംശം എന്നതാണു പുതിയ നിർവചനം. പ്ലാറ്റിനം-ഇറിഡിയം സങ്കരത്തിൽ നിർമിച്ചു ഫ്രാൻസിൽ സെവേഴ്സിലുള്ള അളവുകളും ഭാരങ്ങളും സംബന്ധിച്ച അന്താരാഷ്ട്ര ബ്യൂറോയിൽ ശ്രദ്ധാപൂർവം സൂക്ഷിച്ചിരിക്കുന്ന ലോഹഖണ്ഡമാണു മാതൃകാ കിലോഗ്രാം.

ഗ്രാംഷ്ചി, അന്തോണിയോ (1891—1937)

ഇറ്റലിയിലെ കമ്യൂണിസ്റ്റ് നേതാവ്. 1891 ജനുവരി 21-ാംതീയതി സാർഡീനിയയിൽ ജനിച്ചു. പിതാവു ഗുമസ്തനും അമ്മ തുന്നൽക്കാരിയുമായിരുന്നു. അന്തോണിയോയുടെ ബാല്യകാലം ക്ലേശപൂർണമായിരുന്നു. പഠിപ്പിനു മുടക്കംവന്നു. തന്റെയും പാവപ്പെട്ട കൃഷിക്കാരുടെയും ജീവിതദുരിതം ആ ബാലന്റെ മനസ്സിനെ അലട്ടി. വളരെ വിഷമിച്ച് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം, അന്തോണിയോ, തൂറിൻ സർവകലാശാലയിൽ ചേർന്നു. സ്കോളർഷിപ്പും സമ്പാദിച്ചു. 1912-'14 കാലത്ത്, തൂറിനിലെ സോഷ്യലിസ്റ്റ് യുവജനഫെഡറേഷനിൽ ചേർന്നു. തൊഴിലാളികൾക്കു രാഷ്ട്രീയ വിദ്യാഭ്യാസംനല്കി.

പത്രലേഖകനായിരിക്കെ തൊഴിലാളി പ്രവർത്തനവും നടത്തി. ഒന്നാം ലോകമഹായുദ്ധത്തിൽ ഇറ്റലി യുദ്ധത്തിൽചേർന്നതോടുകൂടി തൊഴിലാളികളുടെ സ്ഥിതി വളരെ മോശമായി. പല പണിമുടക്കങ്ങളും സായുധസംഘട്ടനങ്ങളും നടന്നു. യുദ്ധവിരോധികളായ സോഷ്യലിസ്റ്റുകാരുടെകൂടെ ഗ്രാംഷ്ചിയും ചേർന്നു. റഷ്യൻ വിപ്ലവാനന്തരം ഇറ്റലിയിലെ തൊഴിലാളികളും ഗ്രാംഷ്ചിയും ലെനിന്റെ സിദ്ധാന്തങ്ങൾ പഠിക്കുകയും ഇറ്റലിയിൽ ഇതെങ്ങനെ പ്രായോഗികമാക്കാമെന്നു ചിന്തിക്കുകയും ചെയ്തു.

1919 മെയ്മാസത്തിൽ ഗ്രാംഷ്പി മറ്റു മൂന്നു നേതാക്കന്മാരോടൊപ്പം (തോലിയാത്തി, ടാസ്ക, ഉംബർട്ടോ ടെറാചിനി) 'ഓർറ്റിനേ നൂവോ' (നവീനക്രമം) എന്ന പത്രം ആരംഭിച്ചു. റഷ്യയിലെ സോവിയറ്റുകളുടെ മാതൃകയിൽ ഇറ്റലിയിൽ ഫാക്റ്ററിതോറും തൊഴിലാളികളുടെ തിരഞ്ഞെടുത്ത കൗൺസിലുകൾ രൂപവത്കരിക്കണമെന്നും ആ കൗൺസിലുകളുടെ അഖില ഇറ്റാലിയൻ സംഘടന സ്ഥാപിക്കണമെന്നും വാദിച്ചു. അവികസിതമായ ദക്ഷിണ ഇറ്റലിയിലെ കാർഷികപ്രശ്നം മൗലികമായ സാമൂഹികപരിവർത്തനങ്ങൾ വരുത്തുന്നതിന്റെ മർമമാണെന്നു സമർഥിച്ചു.

1921 ജനുവരിയിൽ ചേർന്ന ഇറ്റാലിയൻ സോഷ്യലിസ്റ്റ്പാർട്ടി സമ്മേളനത്തിൽനിന്നു ഗ്രാംഷ്ചിയും സഖാക്കളും ഇറങ്ങിപ്പോയി. അവർ പ്രത്യേകം യോഗംചേർന്ന് ഇറ്റാലിയൻ കമ്യൂണിസ്റ്റുപാർട്ടി സ്ഥാപിച്ചു. ഗ്രാംഷ്ചി സോവിയറ്റ് യൂണിയനിൽച്ചെന്നു ലെനിനുമായി ഇറ്റാലിയൻ വിപ്ലവത്തിന്റെ പ്രശ്നങ്ങൾ ചർച്ചചെയ്യുകയും കമ്യൂണിസ്റ്റ് ഇന്റർനാഷനലിന്റെ നാലാം കോൺഗ്രസ്സിൽ പങ്കെടുക്കുകയും ചെയ്തു (1922-1923). കമ്യൂണിസ്റ്റ് ഇന്റർനാഷനൽ ആദ്യമായി ഐക്യമുന്നണിനയം ആവിഷ്കരിച്ചത് അവിടെവച്ചാണ്. ഗ്രാംഷ്ചി ജൂലിയ ഷുക്ക്ടിനെ വിവാഹംകഴിച്ചതും അക്കാലത്താണ്.

ഫാസിസം ഇറ്റലിയിൽ അധികാരത്തിൽ വന്നു. കമ്യൂണിസ്റ്റ്പാർട്ടി ഫലത്തിൽ നിയമവിരുദ്ധമായിത്തീർന്നു. കമ്യൂണിസ്റ്റ്പാർട്ടി ഇടതുപക്ഷ സോഷ്യലിസ്റ്റുകാരുമായി യോജിച്ചു പൊതുതിരഞ്ഞെടുപ്പിൽ മത്സരിച്ചു (1923 ഏപ്രിൽ). ഗ്രാംഷ്ചി ഉൾപ്പെടെ 15 കമ്യൂണിസ്റ്റുകാർ ഇറ്റാലിയൻ പാർലമെന്റിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. 1926 അവസാനത്തിൽ മുസ്സോളിനി പാസാക്കിയ അടിയന്തിരാധികാരനിയമങ്ങൾ അനുസരിച്ചു ഗ്രാംഷ്ചിയെ അറസ്റ്റുചെയ്തു. അദ്ദേഹത്തെ ഫാസിസ്റ്റ് കോടതി വിചാരണചെയ്ത് 20 കൊല്ലത്തേക്കു ശിക്ഷിച്ചു. 1937-ൽ ഗ്രാംഷ്ചി ജയിലിൽനിന്നിറങ്ങി. ആരോഗ്യം അപ്പാടെ തകർന്നിരുന്നു. നാല്പത്താറാമത്തെ വയസ്സിൽ അദ്ദേഹം മരിച്ചു.

ഗ്രാംഷ്ചിയുടെ 'തടവറക്കുറിപ്പുകൾ' എന്ന കൃതി ഇറ്റാലിയൻ സംസ്കാരത്തിന്റെയും സാർവദേശീയ തൊഴിലാളിപ്രസ്ഥാനത്തിന്റെയും മൗലികരേഖയാണ്. മാർക്സിസ്റ്റ്ദർശനത്തിന്റെ മൗലികപ്രശ്നങ്ങളും മുതലാളിത്തവ്യവസ്ഥ വളർന്നു വേരൂന്നിയിട്ടുള്ള രാജ്യങ്ങളിൽ സോഷ്യലിസത്തിനുവേണ്ടി നടത്തുന്ന വിപ്ലവകരമായ സമരത്തിന്റെ സ്വഭാവവിശേഷങ്ങളും ഇതിൽ അദ്ദേഹം ചർച്ചചെയ്യുന്നു. 1947-ൽ ഈ 'തടവറക്കുറിപ്പു'കൾക്ക് ഇറ്റലിയിലെ ഏറ്റവും ഉയർന്ന സാഹിത്യസമ്മാനം ലഭിച്ചു.

ഗ്രാനിറ്റ്, റാഗ്നാർ ആർതർ (1900—)

സ്വീഡിഷ് ശരീരശാസ്ത്രജ്ഞൻ. വൈദ്യശാസ്ത്രത്തിനും ശരീരശാസ്ത്രത്തിനുമുള്ള 1967-ലെ നൊബേൽ സമ്മാനം ജോർജ് വാൾഡ്, ഹാർട്ട്ലൈൻ എന്നിവരോടൊപ്പം പങ്കിട്ടു.



1900 ഒക്റ്റോബർ 30-നു ഹെൽസിങ്കിയിൽ ജനിച്ചു. 1927-ൽ ഹെൽസിങ്കി സർവകലാശാലയിൽനിന്നു വൈദ്യശാസ്ത്രത്തിൽ മാസ്റ്റർ ബിരുദം നേടി. ഇതിനുശേഷം പെൻസിൽവാനിയാ സർവകലാശാലയിലും ഓക്സ്ഫെഡിലുള്ള സർ ചാൾസ് സ്കോട്ട് ഷെരിങ്ടൺ പരീക്ഷണശാലയിലും വൈദ്യശാസ്ത്രസംബന്ധമായ പരീക്ഷണങ്ങൾ നടത്തി. 1937-ൽ ഹെൽസിങ്കി സർവകലാശാലയിലെ ശരീരശാസ്ത്രവിഭാഗത്തിൽ പ്രൊഫസർ ആയി. വീണ്ടും 1940-ൽ സ്റ്റോക്ക്ഹോമിലുള്ള കാരോലിൻ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന ഗ്രാനിറ്റ് 1946-ൽ അവിടെയുള്ള സിരാവിജ്ഞാനീയവിഭാഗത്തിന്റെ ചെയർമാനായി. ഇതിനു മുൻപുതന്നെ (1945) ഗ്രാനിറ്റ് നൊബേൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സിരാവ്യൂഹ-ശരീരശാസ്ത്രത്തിന്റെ ഡയറക്റ്ററായി നിയമിക്കപ്പെട്ടിരുന്നു. കൂടാതെ 1956 മുതൽ 1976 വരെ വിവിധ സ്ഥാപനങ്ങളിൽ വിസിറ്റിങ് പ്രൊഫസറായും ഗവേഷകനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. നിറം തിരിച്ചറിയാൻ സഹായിക്കുന്ന 'കോൺ' കോശങ്ങളെക്കുറിച്ച് നടത്തിയ ഗവേഷണപരമ്പരയാണ് ഇദ്ദേഹത്തിന്റെ കണ്ടുപിടുത്തങ്ങളിൽ പ്രമുഖം. ഗ്രാനിറ്റ് രചിച്ച '*സെൻസറി മെക്കാനിസംസ് ഒഫ് ദ റെറ്റിന*' (1947) എന്ന കൃതി നേത്രപടലത്തെക്കുറിച്ചുള്ള ഒരു ക്ലാസിക്ക് ഗ്രന്ഥമാണ്.

ഗ്രാനൈറ്റ്

†കരിങ്കല്ല് നോക്കുക.

ഗ്രാൻചക്കോ (Granchaco)

തെക്കെ അമേരിക്കയുടെ മധ്യഭാഗത്ത്, ദക്ഷിണ അക്ഷാംശങ്ങളിൽ 20°ക്കും 29°ക്കും ഇടയ്ക്ക് അർജെൻടിന, ബൊളീവിയ, ബ്രസീൽ, പരാഗ്വേ എന്നീ രാജ്യങ്ങളിലായി വ്യാപിച്ചുകിടക്കുന്ന അതിവിശാലമായ പുൽപ്രദേശം. മൊത്തം വിസ്തൃതി 7 ലക്ഷം ച.കി.മീറ്റർ. സമുദ്രനിരപ്പിൽനിന്ന് 136 മീറ്റർ ശരാശരി ഉയരമുള്ള സമതലമാണിത്. ഗ്രാൻചക്കോയുടെ കിഴക്കുവശത്തു പരാഗ്വേ, പരാനാ എന്നീ നദികളും, പടിഞ്ഞാറുവശത്ത് ആൻഡീസ് പർവതത്തിൻെറ അടിവാരമലകളുമാണ്. വടക്കുവശത്തു ബൊളീവിയയിലെ ഉഷ്ണമേഖലാവനങ്ങളും തെക്കുവശത്ത് അർജെൻടിനയിലെ വൃക്ഷരഹിതസമതലവുമാണ്. സമശീതോഷ്ണവനങ്ങൾ, വലിയ ചതുപ്പുപ്രദേശങ്ങൾ, വിശാലമായ സമതലങ്ങൾ, പനകളും മരുഭൂസസ്യങ്ങളും മാത്രമുള്ള പ്രദേശങ്ങൾ എന്നിത്തരം സ്ഥലങ്ങളാണു ഗ്രാൻചക്കോയിലുള്ളത്. വരൾച്ചയും വെള്ളപ്പൊക്കവും ഉണ്ടാകാറുണ്ട്.

തെക്കുകിഴക്കോട്ട് ഒഴുകി പരാഗ്വേനദിയിൽ ചേരുന്ന പിൽക്കോമയോ, ബെർമജോ എന്നീ നദികൾ ഗ്രാൻചക്കോയെ മൂന്നായി വിഭജിക്കുന്നു. പരാഗ്വേയും, ബൊളീവിയയും തമ്മിൽ 1930-ൽ നടന്ന †ചക്കോയുദ്ധം ഈ പ്രദേശത്തിനുവേണ്ടി ആയിരുന്നു. ചക്കോബോറിയലിൻെറ വിസ്തൃതി 2.6 ലക്ഷം ച.കി.മീ. ആണ്. പിൽക്കോമയോയ്ക്കും ബെർമജോയ്ക്കും ഇടയ്ക്കുകിടക്കുന്ന പ്രദേശമാണു ചക്കോസെൻട്രൽ. ഇതു ചക്കോബോറിയലിൻെറ പകുതിയോളം വരും. ചക്കോസെൻട്രൽപ്രദേശം ബൊളീവിയയുടെ അധീനതയിലായിരുന്നു. 1889-ൽ അത് അർജെൻടിനയ്ക്കു വിട്ടുകൊടുത്തു. ബർമജോനദിയ്ക്കു തെക്കുള്ള ഭാഗത്തിനു ചക്കോ ആസ്ട്രൽ എന്നാണു പേര്. ചക്കോബോറിയലിനോളം തന്നെ വലുപ്പമുള്ള ഈ പ്രദേശം അർജെൻടിനയിലെ †ചക്കോ പ്രവിശ്യയിലാണ്.

ഗ്രാൻചക്കോയിൽ ധാരാളമായി വളരുന്ന ക്വെബ്രാക്കോ വൃക്ഷത്തിൻെറ പട്ടയിൽനിന്നു ടാനിൻ എന്ന രാസവസ്തു ഉത്പാദിപ്പിക്കുന്നു. പരുത്തി ഇവിടെ ധാരാളമായി കൃഷിചെയ്യുന്നു. പെട്രോളിയമാണു മറ്റൊരു പ്രധാന ഉത്പന്നം. കിഴക്കുഭാഗത്തു യൂറോപ്യന്മാർ കുടിയേറിപ്പാർത്തെങ്കിലും ഗ്രാൻചക്കോയിലെ ജനങ്ങളിൽ ബഹുഭൂരിപക്ഷവും അമേരിന്ത്യന്മാരാണ്. കന്നുകാലിവളർത്തലാണ് അവരുടെ മുഖ്യതൊഴിൽ. ജനസാന്ദ്രത വളരെ കുറവാണ്.

ഗ്രാൻഡ് അലയൻസ്

ഫ്രാൻസിലെ രാജാവായ ലൂയി പതിനാലാമൻെറ സാമ്രാജ്യവികസനശ്രമങ്ങൾക്കെതിരെ ഇംഗ്ലണ്ട്, യുണൈറ്റഡ് പ്രോവിൻസുകൾ, സ്പെയിൻ, സ്വീഡൻ, ബവേറിയ, ഹോളൻഡ്, സാവോയ് തുടങ്ങിയ രാജ്യങ്ങൾ ചേർന്നുണ്ടാക്കിയ സഖ്യം. 1689-ലാണ് ഈ സഖ്യം രൂപം കൊണ്ടത്. ഇംഗ്ലണ്ടിലെ രാജാവായ വില്യം മൂന്നാമനാണ് ഈ സഖ്യത്തിനു മുൻകയ്യെടുത്തത്. 1688-ൽ പലാറ്റിനേയ്റ്റ് ആക്രമിച്ചുകൊണ്ടു ലൂയി തൻെറ സാമ്രാജ്യവികസനപരിപാടി ആരംഭിച്ചു. ലൂയിയുടെ ഭാര്യാസഹോദരിയായ എലിസബത്ത് ചാർലറ്റ് പലാറ്റിനേയ്റ്റ് സിംഹാസനത്തിന്മേൽ അവകാശവാദമുന്നയിച്ചിരുന്നു. ഈ അവകാശവാദത്തിൻെറ പേരിലാണു ലൂയി പലാറ്റിനേയ്റ്റ് ആക്രമിച്ചത്. ഇതിനെതിരെ സഖ്യകക്ഷികൾ അണിനിരന്നു. ഫ്രാൻസിനെതിരെ ആഫ്രിക്കയിലെ ഗിനീകോസ്റ്റിലും ഇന്ത്യയിലും എല്ലാം യുദ്ധം നടന്നു. ഒമ്പതു കൊല്ലം നീണ്ടുനിന്ന ഈ യുദ്ധത്തെപ്പറ്റി ഗ്രാൻഡ് അലയൻസ് യുദ്ധം എന്നു പറയാറുണ്ട്. 1697-ൽ റിസ്വിക്ക് സന്ധിയോടെയാണ് ഈ യുദ്ധം അവസാനിച്ചത്. ആക്രമിച്ചുകൈവശപ്പെടുത്തിയ രാജ്യവിഭാഗങ്ങൾ അതതു രാജ്യക്കാർക്കുതന്നെ തിരിച്ചുകൊടുക്കാൻ ഈ സന്ധിയനുസരിച്ചു തീരുമാനിച്ചു.

ഗ്രാൻഡ് കനാൽ

വടക്കൻ ചൈനയിലെ ഒരു കനാൽ. ചെക്കിയാങ്-പ്രോവിൻസിലെ ഹാങ്ഷൂവുംപീക്കിങ്ങുമായി ഇതു സന്ധിപ്പിക്കുന്നു. ലോകത്തിലെ മനുഷ്യനിർമിതമായ കനാലുകളിൽ ഏറ്റവും നീളംകൂടിയതാണ് ഇത്. ഏതാണ്ട് 1700 കി.മീറ്റർ നീളം ഇതിനുണ്ട്. യാങ്സി, ഹ്വാങ്ഹോ നദീതടങ്ങളിൽനിന്നു ധാന്യവും മറ്റ് അത്യാവശ്യസാധനങ്ങളും പ്രധാനപട്ടണങ്ങളിൽ എത്തിക്കുന്നതിനുവേണ്ടിയാണു പ്രധാനമായും ഈ കനാൽ പണികഴിപ്പിച്ചത്. പരമ്പരാഗതമായി 'ഷാൻ-യാങ് കനാൽ' എന്നറിയപ്പെട്ടിരുന്ന ഈ കൈത്തോട് കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളായി 'സതേൺ ഗ്രാൻഡ് കനാൽ' എന്ന പേരിൽ അറിയപ്പെടുന്നു.



ചൈനയിലെ ഗ്രാൻഡ്കനാൽ

ബി.സി. 4-ാംനൂറ്റാണ്ടിനു മുൻപു പണികഴിപ്പിച്ച ഗ്രാൻഡ് കനാൽ എ.ഡി. 607-ൽ വീണ്ടും നിർമിച്ചു. ചൈനയിൽ മാറിമാറി വന്ന രാജവംശങ്ങൾ — സ്വി, യൂആൻ, മിങ് — അവരുടെ ഗതാഗതസൗകര്യങ്ങൾക്ക് അനുരൂപമായ തരത്തിൽ പല മാറ്റങ്ങളും ഈ കനാലിൽ വരുത്തി. 1934-നുശേഷം ചൈനയിലെ നാഷനലിസ്റ്റ് ഗവൺമെൻറ് ചിങ്-മിയാങ്ങിനുംയാങ്സിക്കും ഇടയ്ക്കുള്ള കനാൽപ്രദേശം പലവിധത്തിൽ പുതുക്കി പണിതു. കനാലിൽ ജലപ്രവാഹനിയന്ത്രണത്തിനുള്ള ക്രമീകരണങ്ങൾ ഉണ്ടായതും ഇടത്തരം സ്റ്റീമറുകൾ ഗതാഗതത്തിന് ഉപയോഗിക്കാൻ തുടങ്ങിയതും ഈ അവസരത്തിലാണ്. 1958-നുശേഷം കമ്യൂണിസ്റ്റ്ചൈനയുടെ നേതൃത്വത്തിൽ വിപുലമായ പുനർനിർമാണം ഇവിടെ നടന്നു. കനാലിൻെറ വളഞ്ഞ ഗതി നിയന്ത്രിച്ചു നേരെയാക്കിയതും ആഴം കൂട്ടിയതും 65 കിലോമീറ്റർ നീളമുള്ള മറ്റൊരു പുതിയ കൈത്തോടു നിർമിച്ചു കനാലിലെ ഗതാഗതസൗകര്യം വർധിപ്പിച്ചതും ഇവരാണ്. ഇപ്പോൾ ഇടത്തരം പത്തേമാരികൾ ഗതാഗതത്തിനുവേണ്ടി ഇവിടെ ഉപയോഗിക്കാൻ കഴിയുന്നു. കിയാങ്ഷു പ്രോവിൻസിലെ ഇപ്പോഴുള്ള വർധിച്ച ജലസേചനസൗകര്യം ഗ്രാൻഡ് കനാലിൻെറ പുനർനിർമാണത്തിൽനിന്ന് ഉണ്ടായിട്ടുള്ളതാണ്.

ഗ്രാൻഡ് കാനറി

സ്പെയിൻകാരുടെ വകയായ കാനറി ദ്വീപമാലയിലെ ഒരു ദ്വീപ്. ഗ്രാൻ കനാറിയാ എന്നും പറയും. വിസ്തൃതി 1540 ച.കി.മീറ്റർ. ജനസംഖ്യ 6,72,716 (1981). ദ്വീപസമൂഹത്തിലെ ഏറ്റവും ഫലപുഷ്ടിയുള്ള ദ്വീപാണിത്. വൃത്താകൃതിയാണിതിന്. ദ്വീപിലെ ഏറ്റവും ഉയരമുള്ള പർവതം ലസ്പെക്കോസ് (1951 മീറ്റർ) ആണ്. തലസ്ഥാനം ലാസ് പാൽമാസ് (Las Palmas).

ഗ്രാൻഡ് കാന്യൻ (Grand Canyon)

യു.എസ്സിലെ ഉത്തരപശ്ചിമ അരിസോണയിൽ കൊളറാഡോ നദി സൃഷ്ടിച്ച അത്യഗാധഗർത്തം. ഇതിനുള്ളിൽ ശിലാകൂടങ്ങളും പാറപ്പിളർപ്പുകളും വളരെ ഉണ്ട്. ഇതിൻെറ വീതി പലെടത്തും പലവി



ഗ്രാൻഡ് കാന്യൻ. കൊളൊറാഡോ നദിയിലെ ലാബ്രിൻത് കാന്യന്റെ കവാടം.

ധമാണ്; 200 മീറ്റർ മുതൽ 29 കി.മീ. വരെ. പാരിയനദീമുഖം മുതൽ ഗ്രാൻഡ് വാഷ് കൊടുമുടികൾ വരെ നീണ്ടുവളഞ്ഞു 553 കി.മീ. നീളത്തിൽ കിടക്കുന്നു. ഏറ്റവുമധികം ആഴമുള്ള ഭാഗത്തിന്റെ നീളം 89 കി.മീ. ആണ്.

1540-ൽ ആണ് ഇതു കണ്ടെത്തിയത്. 1870-കളിൽ വെസ്‌ലിപവലും കൂട്ടരും ചേർന്നു നടത്തിയ അന്വേഷണപഠനങ്ങളിൽനിന്നാണ് ഈ ഭാഗത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ ലഭിച്ചത്.

ഗ്രാൻഡ് കാന്യൻ നാഷനൽ പാർക്ക് 1975-ൽ വികസിപ്പിച്ചപ്പോൾ വിസ്തൃതി 4,93,076 ഹെക്റ്റാർ ആയി. ഗ്രാൻഡ് കാന്യൻ ദേശീയ സ്മാരകം, മാർബ്ൾ കാന്യൻ ദേശീയസ്മാരകം, ഗ്ലെൻകാന്യൻ റിക്രിയേഷൻ ഏരിയ ഇവ കൂട്ടിച്ചേർത്താണു വിസ്തൃതി വർധിപ്പിച്ചത്.

ജിയോളജീയ ചരിത്രം. ഇത്രയേറെ ജിയോളജീയ സംഭവങ്ങൾക്കു രംഗമായ ഭൂപ്രദേശം വേറെ ഇല്ലെന്നു പറയാം. ഈ സംഭവങ്ങൾ ലക്ഷക്കണക്കിനു വർഷങ്ങൾ ഇടവിട്ടാണു നടന്നത്. ചുണ്ണാമ്പുകല്ലുകൾ, ശുദ്ധജലഷെയിലുകൾ, പാറക്കല്ലുകൾ ഇവ ചേർന്ന അടരുകളാണ് ഈ ഗർത്തത്തിന്റെ ഭിത്തികളിൽ കാണുന്നത്. ഊറലും ചെളിയും മണ്ണും വെള്ളത്തിലെത്തി മുകളിലെ ഭാരംകൊണ്ടു കട്ടിയായി ഉണ്ടായതാണു അടർപ്പാറകൾ. ഉള്ളിലെ ക്രിസ്റ്റലീകൃതവും വളഞ്ഞുപിരിഞ്ഞതുമായ കന്ദരശിലകൾ നാനൂറുകോടിവർഷം പഴക്കമുള്ള കരിങ്കല്ലും ഷിസ്റ്റുമാണ്. ഇവ പർവതപാദങ്ങളാണ്. മുടികൾ തേഞ്ഞുമാഞ്ഞുപോയി. മെസോസോയിക്‌യുഗത്തിലെ ($6\frac{1}{2}$ മുതൽ $22\frac{1}{2}$ കോടി വർഷം മുമ്പ്) ഭൂഗർഭ പ്രവർത്തനങ്ങളുടെ അവശിഷ്ടങ്ങൾ ഇവിടെ കാണാം.

ഒന്നര കിലോമീറ്റർ വരെ ആഴമുള്ള ഗർത്തങ്ങൾ കൊളറാഡോ നദി സൃഷ്ടിച്ചു. ഒഴുക്കിന്റെ ശക്തി, വെള്ളത്തിന്റെ അളവ്, അടിത്തട്ടിന്റെ ചരിവ്, ഛേദനോപകരണങ്ങൾ (ചെളി, മണൽത്തരി, ഗ്രാവൽ) എല്ലാം ചേർന്നാണ് അവിശ്വസനീയമായ ആഴം സൃഷ്ടിച്ചത്. ദിനംപ്രതി കൊളറാഡോനദി ഒഴുക്കിക്കൊണ്ടുപോകുന്ന എക്കൽ അഞ്ചുലക്ഷം ടൺ ആണ്. പരിസരനിർജലത ആണ് ഈ ഗർത്തസൃഷ്ടിയുടെ മുഖ്യശില്പി. ഈർപ്പം ഉണ്ടായിരുന്നെങ്കിൽ ഇരുവശത്തെയും 'ചുമരുകൾ' തൂക്കായി നിലനില്ക്കുമായിരുന്നില്ല. ബഹുവർണാങ്കിതമായ പാറകളും എറിച്ചു നില്ക്കുന്ന 'പടി'കളും മഴ ഉണ്ടായിരുന്നെങ്കിൽ അപരദനത്തിനു വിധേയമാകുമായിരുന്നു.

ജീവജാലങ്ങൾ. താഴെയുള്ള പാറ അടരുകളിൽ ആൽഗകളും മുകളിലുള്ളവയിൽ മരങ്ങളും ശിലീഭൂതങ്ങളായി കാണുന്നുണ്ട്. ദിനോസാറുകൾ, ഒട്ടകങ്ങൾ, കുതിരകൾ, ആനകൾ മുതലായവയുടെ ഫോസിലുകളും പലേ അടരുകളിലായി കണ്ടെത്തിയിട്ടുണ്ട്.

ഇന്നു മാൻ, കുറുക്കൻ, മുയൽ മുതലായ ജന്തുക്കളും പലതരം സസ്യങ്ങളും ഇവിടെ ഉണ്ട്.

ഗ്രാൻഡ്, കാരി (1904—1986)

ചലച്ചിത്രനടൻ. വിനോദകഥാനായകൻ മുതൽ കുറ്റാന്വേഷകൻ വരെ വൈവിധ്യം തികഞ്ഞ കഥാപാത്രങ്ങളെ അവതരിപ്പിച്ചു. മോഷൻ പിക്ചർ അക്കാദമി സ്പെഷ്യൽ അവാർഡു നല്കി ബഹുമാനിച്ചു (1970).

1904 ജനുവരി 18-ന് ഇംഗ്ലണ്ടിലെ ബ്രിസ്റ്റളിൽ ജനിച്ചു. യഥാർഥ നാമം ആർച്ചിബാൾഡ് അലക്സാണ്ടർ ലീച്ച്. ഞാണിന്മേൽ കളിക്കാരുടെ ഒരു സംഘത്തിൽ ചേർന്നാണ് അഭിനയിച്ചു തുടങ്ങിയത്. പിന്നീടു യു.എസ്സിലേക്കു പോയി. അവിടെ നാടകാഭിനയത്തിന് അവസരം ലഭിച്ചു. *ദിസ് ഈസ് ദ് നൈറ്റ്* ആണ് കാരി ആദ്യമായി അഭിനയിച്ച ചലച്ചിത്രം (1932). അടുത്തവർഷം മേ വെസ്റ്റിന്റെ നായകനായി *ഷീ ഡൺ ഹിം റോങ്* എന്ന ചിത്രത്തിൽ അഭിനയിച്ചതോടുകൂടി നടനായി അംഗീകരിക്കപ്പെട്ടു. *ദി ആഫുൾ ട്രൂത്* (1937) *ബ്രിങ്ങിങ് അപ് ബേബി* (1938), *ഹോളിഡേ* (1938), *ഹിസ് ഗേൾ ഫ്രൈഡേ* (1940), *ദ് ഫിലാഡെൽഫിയാ സ്റ്റോറി* (1940), *മങ്കി ബിസിനസ്* (1952), *ചരേഡ്* (1963), തുടങ്ങിയവയാണ് ഇദ്ദേഹത്തിന്റെ പ്രസിദ്ധചിത്രങ്ങൾ. പ്രസിദ്ധ കുറ്റാന്വേഷണ ചിത്രനിർമാതാവായ ആൽഫ്രഡ് ഹിച്ച്കോക്ക് കാരി ഗ്രാൻഡിനെ നായകനാക്കി നിർമിച്ച ചിത്രങ്ങളാണു *സസ്പിഷൻ* (1941), *നൊട്ടോറിയസ്* (1948), *ടു കാച്ച് എ തിഫ്* (1955), *നോർത്ത് ബൈ നോർത്ത് വെസ്റ്റ്* (1959) എന്നിവ. 1966-ൽ *വാക്ക്, ഡോൺട് റൺ* എന്ന ചിത്രത്തിൽ അഭിനയിച്ചശേഷം കാരി ചലച്ചിത്രരംഗത്തുനിന്നു വിരമിച്ചു. ഒരു കമ്പനി എക്സിക്യൂട്ടീവ് ആയി.

1986 നവംബർ 29-ന് അയൊവയിലെ ഡാവൻ പോർട്ടിൽ അന്തരിച്ചു.

ഗ്രാൻഡ് കൂളി അണക്കെട്ട്

യു.എസ്സിൽ വാഷിങ്ടൺ സ്റ്റേറ്റിലെ വലിയ അണക്കെട്ട്. 1942-ൽ പൂർത്തിയാക്കി. അമേരിക്കൻ ഐക്യനാടുകളിലെ ഏറ്റവും വലിയ ഭാരാശ്രിത അണക്കെട്ട് (gravity dam) ആണ് ഇത്. കൊളംബിയനദിക്കു വിലങ്ങനെ 1.6 കി.മീ. നീളത്തിൽ വ്യാപിച്ചുകിടക്കുന്ന ഈ അണക്കെട്ടിന് 168 മീറ്റർ ഉയരമുണ്ട്. മൊത്തം വ്യാപ്തം 80,93,000 ഘ. മീ. ജലസംഭരണശേഷി 11,795 ലക്ഷം ഘ. മീ. വിദ്യുച്ഛക്തി ഉപയോഗിച്ചാണ് ഉണ്ടാക്കിയത്. 4,05,000 ഹെക്റ്റാർ സ്ഥലം ജലസേചനം നടത്തുകയും, 6,170 മെഗാവാട്ട് വിദ്യുച്ഛക്തി ഉത്പാദിപ്പിക്കുകയും, നദീജലം നിയന്ത്രിക്കുകയും ചെയ്യുന്ന ഗ്രാൻഡ് കൂളി അണക്കെട്ട് ഒരു വിനോദകേന്ദ്രം കൂടിയാണ്. അനേകം വ്യവസായങ്ങളുടെയും നഗരങ്ങളുടെയും വളർച്ചയ്ക്ക് ഈ അണക്കെട്ട് ഉതകുന്നു.

ഗ്രാൻഡ്, യുളിസസ് സിംപ്സൺ (1822—'85)

യു.എസ്സിലെ പതിനെട്ടാമത്തെ പ്രസിഡന്റ്. ഒഹായോവിലെ



പോയിൻറ് പ്ലെസൻറ് എന്ന സ്ഥലത്ത് 1822 ഏപ്രിൽ 27-ാംതീയതി ജനിച്ചു. വെസ്റ്റ് പോയിൻറ് സൈനിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കി. മെക്സിക്കൻ യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ട്. മദ്യപനായിരുന്നതുകൊണ്ടു സൈനികമേലധികാരികളിൽനിന്നു പലപ്പോഴും താക്കീതു കിട്ടിയിരുന്നു. 1854-ൽ പട്ടാളത്തിൽനിന്നു പിരിഞ്ഞു. അടുത്ത ആറുവർഷം പല തൊഴിലുകളും നോക്കി മിസ്സോറിയിൽ കഴിച്ചുകൂട്ടി. ആഭ്യന്തരയുദ്ധം തുടങ്ങിയപ്പോൾ ഗ്രാൻഡ് വടക്കൻ സൈന്യത്തിൽ ചേർന്നു. ദേശീയനേതാവായിത്തീർന്ന യൂളിസസ് ഗ്രാൻഡിനെ പ്രസിഡൻറ് ലിങ്കൺ വടക്കൻ സൈന്യങ്ങളുടെ തലവനാക്കി. ചട്ടാനൂഗാ, കോൾസ് ഹാർബർ എന്നീ യുദ്ധങ്ങളിൽ കോൺഫെഡറേറ്റ് സൈന്യങ്ങളെ പരാജയപ്പെടുത്തിയ ഇദ്ദേഹമായിരുന്നു ലിങ്കൺ തിരഞ്ഞെടുത്തവരിൽ ഏറ്റവും സമർഥനായ പടനായകൻ. 1865 ഏപ്രിൽ 9-നു തെക്കൻ സൈന്യങ്ങളുടെ തലവനായ ജനറൽ ലീ, ഗ്രാൻഡിനു കീഴടങ്ങിയതോടെ ആഭ്യന്തരയുദ്ധം അവസാനിച്ചു. യു.എസ്സിൽ സർവസൈന്യാധിപനായ പ്രസിഡൻറ് ഒരു ജനറലിൻെറ പരമാധികാരങ്ങൾ ആദ്യമായി കൊടുത്തതു ഗ്രാൻഡിനായിരുന്നു.

1868-ൽ ഗ്രാൻഡ്, റിപ്പബ്ലിക്കൻ കക്ഷി സ്ഥാനാർഥിയായി പ്രസിഡൻറ് പദത്തിനു മത്സരിച്ചു ജയിച്ചു. സൈനിക മേലധികാരിയെന്ന നിലയിൽ പ്രശോഭിച്ച ഇദ്ദേഹം പ്രസിഡൻറ് എന്ന നിലയിൽ പരാജയപ്പെട്ടു. അഴിമതിയില്ലാത്ത വകുപ്പുകൾ കുറവായിരുന്നു. അലബാമാപ്രശ്നത്തിന് ഒരു പരിഹാരം കണ്ടുവെന്നതാണ് ഗ്രാൻഡിൻെറ നേട്ടം. 1872-ൽ ഗ്രാൻഡ് വീണ്ടും തിരഞ്ഞെടുപ്പിൽനിന്നു വിജയിയായി. അടുത്ത വർഷത്തെ സാമ്പത്തികത്തകർച്ച അമേരിക്കയെ വല്ലാതെ വിഷമിപ്പിച്ചു.

പ്രസിഡൻറുപദത്തിൽനിന്നു വിരമിച്ചതിനുശേഷം ഗ്രാൻഡ് ഏതാനും കൂട്ടുകാരും ചേർന്ന് ഒരു ബാങ്കു നടത്തി. പങ്കാളികൾ ചതിച്ചതുകൊണ്ട് ഇദ്ദേഹം പാപ്പരായി. ആത്മകഥയെഴുതി ജീവിക്കാനുള്ള ശ്രമവും പരാജയപ്പെട്ടു.

ഗ്രാപ്റ്റോലൈറ്റ്

കാംബ്രിയൻയുഗത്തിൽ ജീവിച്ചിരുന്ന ചെറിയ ജലജീവികൾക്കു പൊതുവെയുള്ള പേര്. സംഘമായി ജലത്തിൽ കഴിഞ്ഞിരുന്നവയിൽ പലതും കാംബ്രിയൻയുഗം (500,000,000 — 570,000,000 കൊല്ലം) കഴിഞ്ഞ്, മിസ്സിസ്സിപ്പി കാലഘട്ടത്തിലും (325,000,000 — 345,000,000) ഉണ്ടായിരുന്നതിനു തെളിവുകളുണ്ട്. വെള്ളത്തിൽ പൊങ്ങിക്കിടന്നിരുന്ന ഇവയുടെ രൂപം കാർബോണിഫെറസ് കാലഘട്ടത്തിലെ ശിലാപാളികളിൽ ധാരാളം പതിഞ്ഞിട്ടുണ്ട്. നമ്മുടെ നഖത്തോടു സാദൃശ്യമുള്ള ഒരു പാളികൊണ്ട് ഇവയിൽ പലതിനും കവചമുണ്ടായിരുന്നു.



ഗ്രാഫ്റ്റൊലൈറ്റ്സ്. ന്യൂയോർക്കിലെ ലോക്പോർട്ടിൽനിന്നു ശേഖരിച്ചത്.

ഗ്രാഫ് (graph)

ഗണിത ശാസ്ത്രപരമായ ഒരു ചിത്രീകരണസമ്പ്രദായം. ' ആരേഖം' എന്നും ഇതിനുപേരുണ്ട്. ഗണിതത്തിലും സാംഖ്യികത്തിലുമാണ് ഈ ചിത്രീകരണസമ്പ്രദായം ഉപയോഗിക്കുന്നത്.

ഒരു ചരവും അതിനെ ആശ്രയിക്കുന്ന ഒരു ഫലനവും (function) തമ്മിലുള്ള ബന്ധം കാണിക്കുന്ന വക്രമോ ഒരു സാംഖ്യിക-ദത്ത (Statistical data)ത്തിൻെറ ചിത്രീകരണമോ ആണ് ഗ്രാഫ്. x ഒരു സ്വതന്ത്രചരവും $f(x)$ ഒരു ഫലനവുമായാൽ x-ൻെറ ഓരോ മൂല്യത്തിനുമുള്ള $f(x)$ൻെറ മൂല്യം അടയാളപ്പെടുത്തി ആ ബിന്ദുക്കൾ കൂട്ടിയോജിപ്പിച്ചു ഗ്രാഫ് വരയ്ക്കാം. പരസ്പരം ആപേക്ഷികമായി വ്യതിയാനം സംഭവിക്കുന്ന ഏതു രണ്ടു രാശികളുടെയും വ്യതിയാനം ഗ്രാഫിലൂടെ ചിത്രീകരിക്കാൻ കഴിയും. അങ്ങനെ രാശിയുടെ പൊതുവായ മാറ്റത്തിൻെറ പ്രവണതയെക്കുറിച്ച് ഒരു ധാരണ ലഭിക്കുന്നു; അതിൽനിന്നു ഭാവിയിലെ മാറ്റങ്ങളെക്കുറിച്ചു പ്രവചിക്കാനും കഴിയും. ഉദാഹരണമായി ഒരു ടൈഫോയ്ഡ് രോഗിയുടെ ശരീരതാപനിലയും സമയവും വ്യതിയാനം സംഭവിക്കുന്ന രണ്ടു രാശികളാണ്. ഇവ ഉപയോഗിച്ച് ഒരു ഗ്രാഫ് വരച്ചാൽ പനി കുറയുകയോണോ കൂടുകയാണോ എന്ന് ഒറ്റനോട്ടത്തിൽത്തന്നെ മനസ്സിലാക്കാം. സാംഖ്യികദത്തങ്ങൾ വേഗം മനസ്സിലാക്കാൻ ഗ്രാഫായി ചിത്രീകരിക്കാറുണ്ട്. ഇതിന് ഉദാഹരണമാണ്, ഒരു രാജ്യത്തെ കഴിഞ്ഞ പത്തുവർഷത്തെ കയറ്റുമതിയുടെ വിവരം ഉൾക്കൊള്ളുന്ന ഗ്രാഫ്.



ഹൃദയാഭം

ഗ്രാഫ് വരയ്ക്കുന്നതിന് ആദ്യമായി x, yഎന്നീ അക്ഷങ്ങൾ രേഖപ്പെടുത്തുന്നു. $x\,x^1$ എന്ന ക്ഷൈതിജരേഖ (horizontal line) ആണ് x-അക്ഷം. ഇതിനെ O എന്ന ബിന്ദുവിൽ ഖണ്ഡിക്കത്തക്കവണ്ണം ലംബമായി വരയ്ക്കുന്ന $y\,y^1$ ആണ്. y-അക്ഷം. x-ഉം y-യ്ക്കും ഋണമൂല്യങ്ങൾ വരുന്നില്ലെങ്കിൽ ox, oy എന്നീ രേഖാഖണ്ഡങ്ങൾ മാത്രം അക്ഷമായി വരച്ചാൽമതി. x-അക്ഷത്തിൽ സ്വതന്ത്ര ചരങ്ങൾ രേഖപ്പെടുത്തുന്നു. അതിനെ ആശ്രയിക്കുന്ന ചരത്തിൻെറയോ ഫലനത്തിൻെറയൊ മൂല്യങ്ങളെ ആണ് y-അക്ഷത്തിൽ രേഖപ്പെടുത്തുന്നത്.

†വിശ്ലേഷക ജ്യാമിതിയിലെ (analytic geometry)കാർത്തീയ നിർദേശാങ്ക വ്യവസ്ഥയിൽ (carterian coordinate system) ഫലനങ്ങളെ ചിത്രീകരിക്കാൻ ഗ്രാഫുകൾ ഉപയോഗിക്കുന്നു. ഉദാഹരണമായി $r=a(1+\cos\theta)$ എന്ന സമവാക്യത്തിൽ θ യുടെ വ്യത്യസ്ത മൂല്യങ്ങളും ആനുപാതികമായ r-ൻെറ മൂല്യങ്ങളും ചേർത്ത് ഗ്രാഫ് വരച്ചാൽ ഹൃദയാഭം (cardioid) എന്ന വക്രം കിട്ടും. † ഗ്രാഫിക ചിത്രീകരണം നോക്കുക.

ഗ്രാഫ്, സ്റ്റെഫി (1969—)

പശ്ചിമജെർമൻകാരിയായ ടെന്നീസ് കളിക്കാരി. 1987 ഓഗസ്റ്റു മുതൽ ലോകവനിതാ ടെന്നീസ് കളിക്കാരിൽ ഒന്നാംസ്ഥാനത്തു നിലകൊള്ളുന്നു. 1988-ൽ ഗ്രാൻഡ് സ്ലാമും (യു.എസ്, ഓസ്ട്രേലിയൻ, ഫ്രെഞ്ച്, വിംബിൾഡൻ ചാമ്പ്യൻഷിപ്പുകൾ) സോൾ ഒളിമ്പിക്സിലെ സ്വർണമെഡലും നേടി.

1969 ജൂൺ 14-ന് പശ്ചിമജെർമനിയിലെ ബ്രൂഹി(Bruchi) യിൽ ജനിച്ചു. പിതാവ് പീറ്റർഗ്രാഫ്. നാലുവയസ്സുള്ളപ്പോൾ വീട്ടിൽ ടെന്നീസ് കളിച്ചുതുടങ്ങി. ആറാംവയസ്സിൽ ആദ്യമത്സരം ജയിച്ചു. ഇക്കാലത്തു ബോറിസ് ബെക്കറും (പില്ക്കാലത്തെ വിംബിൾഡൻ ചാമ്പ്യൻ) ഒത്തുകളിച്ചു പരിശീലനംനേടി. ചെക്കസ്ലവാക് ഡേവിസ് കപ്പുകളിക്കാരനായ പാവേൽ സ്പോസിൽ ആയിരുന്നു സ്റ്റെഫിയുടെ പ്രധാന പരിശീലകൻ. ദിവസം മൂന്നു മണിക്കൂറിൽ കുറയാതെ പതിവായി പരിശീലനംനേടി. 1982-ൽ 13-ാം വയസ്സിൽ ലോകടെന്നീസ് കളിക്കാരുടെ നിരയിൽ സ്ഥാനംപിടിച്ചു. 1985-ൽ ആറാം സ്ഥാനത്തെത്തി. 1986-ൽ എട്ടു സിങ്ഗിൾസ് മത്സരങ്ങളിൽ വിജയിച്ചു. ഒന്നും രണ്ടും റാങ്കുകാരായ മാർട്ടിന നവ്രത്തിലോവയെയും ക്രിസ് എവർട്ടിനെയും തോല്പിക്കയുംചെയ്തു. 1987-ൽ പ്രധാനപ്പെട്ട 13 ചാമ്പ്യൻഷിപ്പ് മത്സരങ്ങളിൽ 11-ഉം ജയിച്ചു. 1988-ൽ മൗറീൻ കൊണോലി, മാർഗരറ്റ് കോട്ട്, നവ്രത്തിലോവ എന്നിവർക്കൊപ്പം വനിതാ ടെന്നീസിലെ ഇതിഹാസമായി ഉയർന്നു.

ഗ്രാഫിക് കല

ഒരു വിഭാഗം പ്രയുക്ത കലകൾ(applied art)ക്ക് പൊതുവെ പറയുന്ന പേര്. 'എഴുത്തിന് യോജിക്കുന്ന' എന്നർഥം വരുന്ന 'ഗ്രാഫിക്കോസ്' എന്ന ഗ്രീക്ക് പദത്തിൽനിന്ന് ആണ് 'ഗ്രാഫിക്' എന്ന പദം നിഷ്പന്നമായിട്ടുള്ളത്. † എൻഗ്രേവിങ് (engraving), † എച്ചിങ് (etching) എന്നീ ആലേഖനസങ്കേതങ്ങൾ ഉപയോഗിച്ച് തയ്യാറാക്കുന്ന കലാരൂപങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. തടിയിൽ ചിത്രങ്ങളും അക്ഷരങ്ങളും കൊത്തിയുണ്ടാക്കി അവയുടെ പകർപ്പുകൾ തയ്യാറാക്കുന്ന വുഡ്കട്ട് (ദാരുചിത്രം-wood cut) സമ്പ്രദായവും ഗ്രാഫിക്കലയിലെ ഒരു വിഭാഗമാണ്.



ഫ്രാൻസിസ്കോ ഡി കൊളോഞ്ഞയുടെ 'ദി ഡ്രീം ഓഫ് പോളിഫിലോ'യിൽനിന്നുള്ള ദാരുചിത്രം

വിവിധ അച്ചടിസമ്പ്രദായങ്ങളിൽ (ഉദാ: ലിത്തോഗ്രഫി) ഗ്രാഫിക് കലാസങ്കേതങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. ഫോട്ടോഗ്രാഫിക് സമ്പ്രദായത്തിൽ എച്ചുചെയ്ത പ്ലേറ്റുകളാണ് ഓഫ്സെറ്റ്, ഗ്രേവ്യൂർ അച്ചടികളിൽ ഉപയോഗിക്കുന്നത്. ഓട്, പിച്ചള തുടങ്ങിയ ലോഹങ്ങളിൽ ചിത്രങ്ങളും അക്ഷരങ്ങളും ആലേഖനം ചെയ്യുവാനും ഗ്രാഫിക് സമ്പ്രദായങ്ങളാണ് സ്വീകരിക്കാറ്.

പ്രാചീന കാലത്ത് ഗ്രാഫിക്കലകൾ മുഖ്യമായും ആശ്രയിച്ചിരുന്നത് കലാകാരന്മാരുടെ കരവിവരുതിനെയാണ്. ആധുനിക യന്ത്രസംവിധാനങ്ങളുടെ വളർച്ചയോടുകൂടി ഗ്രാഫിക്കല കൂടുതലും യന്ത്രസങ്കേതങ്ങളെ ആശ്രയിച്ചുള്ളതായി മാറി. കമ്പ്യൂട്ടർ ഉപയോഗിച്ചും ഗ്രാഫിക്ചിത്രങ്ങൾ ആലേഖനം ചെയ്യുവാൻ കഴിയും. ഇന്ന് വിവിധ വ്യവസായങ്ങളിൽ ഗ്രാഫിക് കലാ സമ്പ്രദായങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

† എച്ചിങ്, † എൻഗ്രേവിങ്, † ലിത്തോഗ്രഫി, † വുഡ്കട്ട് (ദാരുചിത്രം), † ഓഫ്സെറ്റ് അച്ചടി, † ഗ്രേവ്യൂർ അച്ചടി നോക്കുക.

ഗ്രാഫികചിത്രണം (Graphical Representation)

സാംഖ്യികത്തിലെ ദത്ത (data)കൾ † ഗ്രാഫും ചിത്രങ്ങളും ഉപയോഗിച്ചു ചിത്രീകരിക്കുന്ന രീതികൾ. സങ്കീർണമായ വസ്തുതകൾ ലഘുവായി മനസ്സിലാക്കുവാനും താരതമ്യം ചെയ്യുവാനും ഇത്തരം ചിത്രീകരണങ്ങൾ സഹായിക്കുന്നു. എന്നാൽ ഗ്രാഫുകൾക്കും ചിത്രങ്ങൾക്കും ഒരു ദത്തത്തെ പ്രതിനിധാനം ചെയ്യുന്നതിനു ചില പരിമിതികൾ ഉണ്ട്. അതുകൊണ്ടു കൂടുതൽ സൂക്ഷ്മമായ വിശകലനങ്ങൾക്ക് ഈ രീതി യോജിച്ചതല്ല. എങ്കിലും, ഒറ്റ നോട്ടത്തിൽത്തന്നെ ദത്തത്തിൻെറ പൊതുസ്വഭാവവും പ്രവണതയും മനസ്സിലാക്കുവാനും അതിലെ വ്യത്യസ്തമൂല്യങ്ങൾ തമ്മിൽ താരതമ്യം ചെയ്യുവാനും ഗ്രാഫികചിത്രണം പറ്റിയ രീതിയാണ്.

വിവിധതരത്തിലുള്ള ചിത്രണസമ്പ്രദായങ്ങൾ ഉണ്ട്. ദത്തത്തിൻെറ വിവിധപ്രത്യേകതകളും ചിത്രണത്തിൻെറ ആവശ്യവും പരിഗണിച്ചശേഷമാണ് ഏതു സമ്പ്രണദായമാണു യോജിക്കുന്നതെന്നു കണ്ടെത്തേണ്ടത്. ചിത്രസമ്പ്രദായങ്ങളിൽ മുഖ്യമായിട്ടുള്ളത് ഇവയാണ്: വക്രങ്ങൾ (curves), ബാർ-ആരേഖങ്ങൾ, വൃത്താരേഖങ്ങൾ, ഘനആരേഖങ്ങൾ, ചിത്ര-ആരേഖങ്ങൾ (Pictograms), കാർട്ടോഗ്രാമുകൾ (Cartograms), ഹിസ്റ്റോഗ്രാമുകൾ (Histograms).

വക്രങ്ങൾ. വളരെ ലളിതമായ ഒരു ഗ്രാഫ് (ആരേഖം) ആണിത്. തന്നിട്ടുള്ള മൂല്യങ്ങൾ ഒരു ഗ്രാഫ് കടലാസിൽ രേഖപ്പെടുത്തി ഈ ബിന്ദുക്കളെ ക്രമപ്രകാരം യോജിപ്പിച്ചുകൊണ്ട് ഒരു വക്രം വരയ്ക്കു



വക്രആരേഖത്തിൻെറ മാതൃകയിലുള്ള ഒരു ഗ്രാഫികചിത്രണം.



ബഹുബാർ ആരേഖി

ന്നു. ഇതിൽ നിന്നു ദത്തം പ്രതിനിധാനംചെയ്യുന്ന പ്രതിഭാസത്തിൻെറ സ്വഭാവത്തെപ്പറ്റി ഏകദേശധാരണ രൂപവത്കരിക്കുവാൻ സാധിക്കും. ഒരേ പ്രതിഭാസത്തിൻെറ വ്യത്യസ്തവശങ്ങൾ തമ്മിൽ താരതമ്യപ്പെടുത്തണമെങ്കിൽ (ഉദാ: കഴിഞ്ഞ പത്തുവർഷത്തെ ഏലത്തിൻെറയും കുരുമുളകിൻെറയും കയറ്റുമതി) അവയോടുബന്ധപ്പെട്ട ദത്തങ്ങളുടെ ഗ്രാഫുകൾ ഒരേ തോത് (scale) ഉപയോഗിച്ച് ഒരേ കടലാസിൽ വരച്ചാൽമതി.

ഹിസ്റ്റോഗ്രാം, രേഖ-ആരേഖി, ആവൃത്തി ബഹുഭുജം. കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യത്തിനുവേണ്ടി ഏതു പഠനത്തോടും ബന്ധപ്പെട്ട സാംഖ്യികദത്തങ്ങളെ ആവൃത്തി-പട്ടിക (Frequency table)യാക്കി പ്രദർശിപ്പിക്കുക പതിവാണ്. ദത്തത്തിലെ എല്ലാ മൂല്യങ്ങളുമുൾക്കൊള്ളുന്ന സൗകര്യപ്രദമായ ഒരു സീമയെ (Range) ആവശ്യമുള്ളത്ര ഇടവേളകളാക്കി വിഭജിച്ച് ഓരോ ഇടവേളയിലും ദത്തത്തിലെ എത്രയെണ്ണംവീതമുണ്ടെന്നു കാണിക്കുന്ന പട്ടികയെയാണ് ആവൃത്തി-പട്ടിക എന്നുപറയുന്നത്. ഇതിലെ ഇടവേളകളെ ക്ലാസ്സുകൾ എന്നും അവയിലുള്ള ദത്തത്തിലെ എണ്ണത്തെ ആവൃത്തികൾ എന്നും പറയുന്നു. സാധാരണമായി ക്ലാസ്സുകളെല്ലാം തുല്യവലിപ്പമുള്ളവയായിരിക്കും. തമ്മിൽ ഇടവേളകളില്ലാതെ ക്ലാസ്സുകളെ ക്രമപ്രകാരം x അക്ഷത്തിലൂടെയും ആവൃത്തികളെ y അക്ഷത്തിലൂടെയും അളന്ന് ഓരോ ക്ലാസ്സിനെയും ആധാരമാക്കി അതിലെ ആവൃത്തിക്ക് ആനുപാതികമായ ദീർഘചതുരങ്ങൾ നിർമിച്ചാൽ കിട്ടുന്ന ചിത്രമാണു ഹിസ്റ്റോഗ്രാം (Histogram). x അക്ഷത്തിന്മേൽ ക്രമപ്രകാരം ക്ലാസ്സ് മധ്യങ്ങളെ രേഖപ്പെടുത്തി അവയിൽ ആവൃത്തികൾക്ക് ആനുപാതികമായ നേർരേഖകൾ കുത്തനെ വരയ്ക്കുമ്പോൾ കിട്ടുന്നതാണു രേഖ-ആരേഖി (line- diagram). ഈ രണ്ടുതരത്തിൽപ്പെട്ട ചിത്രങ്ങളും ക്ലാസ്സുകളിലെ ആവൃത്തികൾ തമ്മിലുള്ള വ്യത്യാസത്തെ ഒറ്റനോട്ടത്തിൽ മനസ്സിലാക്കുന്നതിനു സഹായകമാകുന്നു.

x-അക്ഷം ക്ലാസ്സ്മധ്യവും y അക്ഷമൂല്യം താദൃശക്ലാസ്സിലെ ആവൃത്തിയുമായിട്ടുള്ള ബിന്ദുക്കളെ ക്രമപ്രകാരം നേർരേഖകളെക്കൊണ്ടു യോജിപ്പിച്ചാൽ കിട്ടുന്ന ചിത്രമാണു ആവൃത്തി ബഹുഭുജം (Frequency polygon). ഇതേ ബിന്ദുക്കളിൽക്കൂടി വരയ്ക്കുന്ന സൗമ്യവക്രത്തെ (Smooth curve)യാണു ആവൃത്തി-വക്രം എന്നുപറയുന്നത്.

സരളബാർ-ആരേഖി. ഒരു പ്രതിഭാസത്തിൻെറ വ്യത്യസ്ത രംഗങ്ങളിലെ മൂല്യങ്ങളെ താരതമ്യപ്പെടുത്തി വരുമ്പോഴാണു സരളബാർ ആരേഖി (Simple bar diagram) ഉപയോഗിക്കുന്നത്. വ്യത്യസ്ത രാജ്യങ്ങളിൽ ഓരോന്നിലെയും ഓരോ ഹെക്ടാറിൽനിന്നുള്ള ശരാശരിനെല്ല് ഉത്പാദനത്തെ താരതമ്യം ചെയ്യുന്നതിനോ വ്യത്യസ്തരാജ്യങ്ങളിലോരോന്നിലെയും ഓരോ പൗരൻെറയും ശരാശരി വരുമാനത്തെ ഒരേ നാണയത്തിലാക്കി താരതമ്യപ്പെടുത്തുന്നതിനൊ ഇതുപോലുള്ള മറ്റു സന്ദർഭങ്ങളിലോ ഇത് ഉപയോഗിക്കാം. ഒരു ക്ഷൈതിജ (horizontal)രേഖയിലോ കുത്തനെയുള്ള ഒരു നേർരേഖയിലോ തുല്യ അകലത്തിൽ സ്ഥിതിചെയ്യുന്നവയും തുല്യ ആധാരങ്ങളിന്മേൽ ഓരോന്നിൻെറയും നീളം അതു പ്രതിനിധാനം ചെയ്യുന്ന പ്രതിഭാസത്തിൻെറ മൂല്യത്തിന് ആനുപാതികവുമായി നിർമിച്ചിട്ടുള്ള ദീർഘചതുരങ്ങളുടെ (ബാറുകളുടെ) സമാഹാരത്തിനാണു സരളബാർ-ആരേഖിഎന്നു പറഞ്ഞുവരുന്നത്. ഈ ബാറുകളെ ആരോഹണക്രമത്തിലോ അവരോഹണക്രമത്തിലോ ക്രമീകരിക്കുന്നത് താരതമ്യപഠനത്തെ കൂടുതൽ സുഗമമാക്കുന്നതാകുന്നു.

സരളബാർ-ആരേഖി ഉപയോഗിച്ചുള്ള താരതമ്യപഠനം രേഖ-ആരേഖിയുപയോഗിച്ചും സാധിക്കാവുന്നതാകുന്നു.

ബഹുബാർ ആരേഖികൾ. വിവിധ തലങ്ങളിലെ ഒരേ പ്രതിഭാസത്തിൻെറയും ഒന്നിലധികം സവിശേഷതകളെ താരതമ്യം ചെയ്യേണ്ടിവരുമ്പോൾ ബഹു(Multiple)ബാർ ആരേഖി ഉപയോഗിക്കുന്നു. വിവിധ തലങ്ങളിലുള്ള ഒരേ ഇനത്തിൽപ്പെട്ട സവിശേഷതയുടെ പരിമാണങ്ങളെ താരതമ്യപ്പെടുത്തുന്നതിനോടൊപ്പം ഓരോ തലത്തിലുമുള്ള എല്ലാ ഇനത്തിൽപ്പെട്ട സവിശേഷതകളെയും താരതമ്യംചെയ്യുകകൂടി ബഹുബാർ ആരേഖികൾ നിർവഹിക്കുന്നു. ഓരോ തലത്തിലുമുള്ള വ്യത്യസ്ത സവിശേഷതകളുടെ സരളബാർ ആരേഖികളെ ഒരുമിച്ചെടുക്കുമ്പോൾ ലഭിക്കുന്ന ചിത്രമാണു ബഹുബാർ ആരേഖി. ഇവ ഓരോന്നും നിർമിക്കുന്നതിന് എടുത്തിട്ടുള്ള തോത് ഒന്നുതന്നെയായിരിക്കയും ബാറുകളുടെ ആധാരങ്ങൾ തുല്യവും ഒരേ നേർരേഖയിൽ ആയിരിക്കുകയും വേണം. കൂടാതെ വ്യത്യസ്തതലങ്ങളെ പ്രതിനിധാനംചെയ്യുന്ന സരളബാർ ആരേഖികളെ തുല്യഇടവേളവിട്ട് ക്രമീകരിച്ചിരിക്കയും വേണം. വ്യത്യസ്തസവിശേഷതകളെ പ്രതിനിധാനം ചെയ്യുന്ന ബാറുകൾക്കു വ്യത്യസ്ത നിറം കൊടുക്കുന്നതു താരതമ്യപഠനത്തെ സുഗമമാക്കുന്നതാണ്. വിവിധ രാജ്യങ്ങളിലെ കയറ്റിറക്കുമതികളെ താരതമ്യം ചെയ്യുക, അവയിലെ ധാന്യോത്പാദനങ്ങളെ താരതമ്യംചെയ്യുക മുതലായവയ്ക്കായി ബഹുബാർ ആരേഖികളെ ഉപയോഗിക്കാം.

വിഭജിതബാർ ആരേഖി. ബഹുബാർ ആരേഖി വിവിധ തലങ്ങളിലുള്ള സവിശേഷതകളുടെ ആകെത്തുകകളെ താരതമ്യപ്പെടുത്തുന്നില്ല. ഈ ന്യൂനതയെ പരിഹരിക്കുന്ന ഒന്നാണു വിഭജിത (divided) ബാർ ആരേഖി. ബഹുബാർ ആരേഖിയെ പ്രയോഗിക്കുന്ന അതേ സന്ദർഭങ്ങളിൽ ഓരോ തലത്തിലുള്ള ത്രിഭാസത്തിൻെറ മൊത്തമൂല്യങ്ങളെ പ്രതിനിധാനംചെയ്യുന്ന സരളബാർ ആരേഖിയിലെ ഓരോ ബാറിനെയും അതിൻെറ സവിശേഷ തകളുടെ പരിമാണത്തിന് ആനുപാതികമായ ഖണ്ഡങ്ങളായി വിഭജിച്ചാൽ

ലഭിക്കുന്നതാണു വിഭജിതബാർ ആരേഖി. ഈ ഖണ്ഡങ്ങൾക്കു വ്യത്യസ്ത നിറങ്ങൾ നല്കുന്നതു താരതമ്യപഠനത്തെ കൂടുതൽ സൗകര്യപ്രദമാക്കും. ഒരേ സവിശേഷതയെ കുറിക്കുന്ന ഖണ്ഡങ്ങൾക്ക് ഒരേനിറം നല്കേണ്ടതും ഓരോ ബാറിലും വിവിധ സവിശേഷതകളെ ഒരേ ക്രമത്തിൽ ക്രമപ്പെടുത്തിയിരിക്കേണ്ടതും ആകുന്നു.

വൃത്ത-ആരേഖികൾ. ദീർഘചതുരങ്ങൾ-ബാറുകൾ-നേർരേഖകൾ എന്നിവയെപ്പോലെ താരതമ്യപഠനത്തിനു വൃത്തങ്ങളെയും ഉപയോഗിക്കാം. അങ്ങനെ ചെയ്യുമ്പോൾ ലഭിക്കുന്ന ചിത്രങ്ങളെയാണു വൃത്ത-ആരേഖികൾ (Pie diagrams) എന്നു പറയുന്നത്. ഒരു പ്രതിഭാസത്തിൻെറ വിവിധതലങ്ങളിലുള്ള മൂല്യങ്ങളെ താരതമ്യം ചെയ്യുന്നതിന് ഈ മൂല്യങ്ങൾക്ക് ആനുപാതികമായ ക്ഷേത്രഫലങ്ങളുള്ള വൃത്തങ്ങൾ നിർമിച്ചാൽ വൃത്തങ്ങൾക്കുപകരം മൂല്യങ്ങൾക്ക് ആനുപാതികമായ ക്ഷേത്രഫലങ്ങളുള്ള ചതുരങ്ങളേയോ, അല്ലെങ്കിൽ അവയോട് ആനുപാതികമായ വ്യാപ്തങ്ങളുള്ള ഘനരൂപങ്ങ(Cube)ളെയോ ഉപയോഗിച്ചും ഈ താരതമ്യം സാധിക്കാവുന്നതാകുന്നു.

ഒരു പ്രത്യേക മണ്ഡലത്തിലെ ഒരു പ്രതിഭാസത്തിൻെറ വിവിധ ഘടകങ്ങളെ താരതമ്യം ചെയ്യുക എന്നതാണു നിരീക്ഷകൻെറ ആവശ്യമെങ്കിൽ, വേണ്ടത്ര വലിപ്പത്തിൽ ഒരു വൃത്തം വരച്ച് അതിൻെറ ആനുപാതിക വലിപ്പമുള്ള സെക്റ്ററുകൾ ഉപയോഗിച്ചു വ്യത്യസ്തഘടകങ്ങളെ അടയാളപ്പെടുത്തുന്നു. ഒന്നിലധികം മണ്ഡലങ്ങളിലുള്ളതും ഒന്നിലധികം ഘടകങ്ങളുള്ളതുമായ ഒരു പ്രതിഭാസത്തിൻെറ മൂല്യങ്ങളെ താരതമ്യം ചെയ്യേണ്ടിവരുമ്പോൾ പ്രതിഭാസത്തിൻെറ മൊത്തം മൂല്യത്തോട് ആനുപാതികമായ ക്ഷേത്രഫലങ്ങളുള്ള വൃത്തത്തെ ഓരോ മണ്ഡലത്തോട് അനുബന്ധിച്ചും എടുക്കേണ്ടിവരും എന്ന പ്രത്യേകത മാത്രമേയുള്ളു. ഈ അവസാനത്തെ ഇനത്തിൽപ്പെട്ട വൃത്ത-ആരേഖികൾ വിഭജിത ബാർ ആരേഖികൾ ചെയ്യുന്ന തരത്തിൽപ്പെട്ട ക്രിയകളാണു ചെയ്യുന്നത്.

ചിത്രഗ്രാഫ് (Pictogram). സ്ഥാപനങ്ങളുടെ വളർച്ച, ജനസംഖ്യയിലെ മാറ്റം, ദൈനംദിന ജീവിതത്തിലെ ചെലവിൽ വന്നിട്ടുള്ള വർധനവ് മുതലായവയെ ഇവ ഓരോന്നിനോടും ബന്ധപ്പെട്ട ചിത്രങ്ങളുടെ സഹായത്തോടെ ചിത്രീകരിക്കാവുന്നതാണ്. യന്ത്രങ്ങൾ നിർമിക്കുന്ന ഒരു ഫാക്ടറിയുടെ വളർച്ചയെ അതുത്പാദിപ്പിക്കുന്ന യന്ത്രത്തിൻെറ ചിത്രങ്ങളെക്കൊണ്ടുതന്നെ സൂചിപ്പിക്കാം. വ്യതിയാനത്തെ മനസ്സിലാക്കാൻ ചിത്രങ്ങളെക്കൊണ്ടു പ്രതിനിധാനം ചെയ്യുന്ന സമ്പ്രദായമാണു ചിത്രഗ്രാഫ്. ആരെയും എളുപ്പത്തിൽ ആകർഷിക്കുകയും കാര്യം മനസ്സിലാക്കുന്നതിനു സഹായിക്കുകയും ചെയ്യുന്ന ഒന്നാണ് ഈ സമ്പ്രദായം.

ഉദാ: ഒരു രാജ്യത്തിലെ 5 ജില്ലയിലെ സാക്ഷരത്വം നേടിയവരുടെ എണ്ണം താഴെ കൊടുക്കുന്നു.

ജില്ല	ശ	ജ	സ	ദ	ബ
സാക്ഷരത്വം നേടിയവർ	8,000	10,000	14,000	18,000	20,000

ഇതിനെ ചിത്രഗ്രാഫുകൊണ്ടു പ്രതിനിധാനം ചെയ്യാം:

ചിത്രഗ്രാഫ്



ഒരാൾ 2,000 ആളെ പ്രതിനിധാനം ചെയ്യുന്നു.

പിരമിഡുകൾ. ഒരു രാജ്യത്തിലെ ജനങ്ങളുടെ പ്രായത്തിൻെറ വിതരണത്തെ (Age distribution) പ്രദർശിപ്പിക്കുന്നതിനാണ് ഇതു സാധാരണമായി ഉപയോഗിച്ചുവരുന്നത്. ഈ വിതരണം സാമാന്യമായി ഒരു ആവൃത്തി-പട്ടികയുടെ രൂപത്തിൽ ആയിരിക്കുന്നതാണ്. ഇതിലെ ഓരോ ക്ലാസ്സിലെയും ആവൃത്തിയെ, നീളം അതിനു (ആവൃത്തിക്ക്) ആനുപാതികവും സൗകര്യമുള്ളത്ര ഉയരവും (ഇത് എല്ലാ ക്ലാസ്സിനും ഒന്നുതന്നെ ആയിരിക്കണം) ഉള്ള ദീർഘചതുരത്തെക്കൊണ്ടു പ്രതിനിധാനം ചെയ്യാവുന്നതാകുന്നു. ഈ ദീർഘചതുരങ്ങളെ ഏറ്റവും കുറഞ്ഞ വയസ്സു ക്ലാസ്സുമുതൽ, അവയുടെയെല്ലാം മധ്യം കുത്തനെയുള്ള ഒരേ നേർരേഖയിൽ ആയിരിക്കത്തക്കവണ്ണം ക്രമപ്രകാരം ഒന്നിനുമുകളിൽ ഒന്നായി അവസാനത്തെ ക്ലാസ്സിനെ പ്രതിനിധാനം ചെയ്യുന്ന ദീർഘചതുരം വരെ വച്ചാൽ ലഭിക്കുന്ന ചിത്രമാണു വയസ്സ് പിരമിഡ്. ഒരു രാഷ്ട്രത്തിലെ ജനതയിലെ സ്ത്രീകൾക്കും പുരുഷന്മാർക്കും വയസ്സു വിതരണങ്ങളെ ഇപ്രകാരത്തിലുള്ള പിരമിഡുകളെക്കൊണ്ടു പ്രതിനിധാനം ചെയ്തതിനുശേഷം ഒന്നിനുമുകളിൽ മറ്റെതുവച്ചാൽ കിട്ടുന്ന ചിത്രത്തെയും നിർമിച്ചാൽ വിതരണത്തിൻെറ ലിംഗവ്യത്യാസം വരുത്തുന്ന വ്യതിയാനത്തെ മനസ്സിലാക്കാൻ എളുപ്പമാകുന്നു.

കാർട്ടോഗ്രാം (Cartogram). ഒരു രാജ്യത്തിൻെറ പ്രത്യേകതകളെ അതിൻെറ ഭൂപടത്തിൽ അതതു ഭാഗങ്ങളിൽത്തന്നെ അടയാളപ്പെടുത്തുമ്പോൾ കിട്ടുന്ന ചിത്രം. ഉദാഹരണമായി ഒരു രാജ്യത്തിലെ വിവിധ പ്രവിശ്യകളിലുള്ള ജനതയെ സൂചിപ്പിക്കുന്നതിന്, 5 ലക്ഷത്തിന് ഒരു ബിന്ദു എന്നോ മറ്റോ ഉള്ള ഒരു തോതുവച്ച്, പ്രവിശ്യ

വൃത്ത ആരേഖികൾ

മൊത്തം 82,161 കോടി രൂപ.





ധനമൂല്യങ്ങളുള്ള
ബാർ ആരേഖി



ഋണമൂല്യങ്ങളുള്ള
ബാർ ആരേഖി

കളെ ഭൂപടത്തിൽ അടയാളപ്പെടുത്തി അവ ഓരോന്നിലും ആവശ്യമായത്ര കുത്തുകൾ ഇട്ടാൽ മതിയാകും. ഇതുപോലെതന്നെ രാജ്യത്തിൻെറ വിവിധഭാഗങ്ങളിലെ മഴയുടെ വിതരണം, കല്ക്കരി, രാസവസ്തുക്കൾ, പെട്രോൾ മുതലായവ ലഭിക്കുന്ന സ്ഥലങ്ങൾ എന്നിവയെ ഭൂപടത്തിൽ അടയാളപ്പെടുത്താൻ കഴിയും.

ലോറൻസിൻെറ വക്രം (Lorenz Curve). ഒരു ജനതയുടെ വരുമാനത്തെ പ്രദർശിപ്പിച്ച് അതിൻെറ വിതരണത്തിൽ അന്തർലീനമായിരിക്കുന്ന അസമത്വത്തെ വ്യക്തമാക്കുന്നതിനാണു ലോറൻസിൻെറ വക്രം സാമാന്യമായി ഉപയോഗിച്ചുവരുന്നത്. രണ്ടോ അതിലധികമോ രാജ്യങ്ങളിലെ ജനങ്ങളുടെ വരുമാനത്തിൻെറ വിതരണം താരതമ്യം ചെയ്യുന്നതിനും രണ്ടോ അതിലധികമോ കാലഘട്ടങ്ങളെ താരതമ്യപ്പെടുത്തുന്നതിനും ഈ വക്രത്തെ ഉപയോഗിക്കാം. ഒരു ജനതയുടെ വരുമാനത്തിൻെറ വിതരണത്തിൻെറ ആവൃത്തി-പട്ടികയിൽനിന്നാണു ബന്ധപ്പെട്ട ലോറൻസിൻെറ വക്രം നിർമിക്കുന്നതിനുവേണ്ട മൂല്യങ്ങൾ കണക്കാക്കി എടുക്കുന്നത്. ഈ ആവൃത്തി-പട്ടികയിൽനിന്ന് ഏറ്റവും കുറഞ്ഞ വരുമാനമുള്ള ഗ്രൂപ്പുമുതൽ മേല്പോട്ടുള്ള ക്ലാസ്സുകളിലെ സഞ്ചിത ആവൃത്തി(cumulative frequency)കളുടെ ശതമാനം നിർണയിച്ചതിനുശേഷം ഇവയോരോന്നും X അക്ഷമായും താദൃശക്ലാസ്സിൻെറ ഉന്നതപരിധിവരെയുള്ള സഞ്ചിതവരുമാനത്തിൻെറ ശതമാനം Y അക്ഷമായുള്ള ബിന്ദുക്കളെ അടയാളപ്പെടുത്തി ഒരു സൗമ്യവക്രംകൊണ്ടു യോജിപ്പിച്ചാൽ കിട്ടുന്നതാണു ലോറൻസിൻെറ വക്രം. വരുമാനവിതരണംകിട്ടുന്ന എല്ലാ തലത്തിലും ഒരുപോലെയാണെങ്കിൽ ഈ ചിത്രം X അക്ഷത്തിനു നാല്പത്തിയഞ്ചു ഡിഗ്രി ചരിഞ്ഞ നേർരേഖയായിരിക്കും; അല്ലാത്ത അവസരങ്ങളിൽ ഈ നേർരേഖയുടെ രണ്ടറ്റങ്ങളിലും ബന്ധിച്ചതും കീഴ്പ്പോട്ട് അയഞ്ഞുകിടക്കുന്നതുമായ ഒരു ചരടുപോലെയിരിക്കുകയും ചെയ്യും. രണ്ടു രാജ്യങ്ങളെ തമ്മിൽ താരതമ്യം ചെയ്യുമ്പോൾ അവ രണ്ടിനോടും ബന്ധപ്പെട്ട ലോറൻസിൻെറ വക്രം ഒരേ അക്ഷങ്ങളുപയോഗിച്ചു വരയ്ക്കേണ്ടതാണ്. ഇതിൽ താഴെയുള്ള ലോറൻസിൻെറ വക്രത്തിൻെറ പ്രതിനിധാനംചെയ്യുന്ന രാജ്യത്തെ വരുമാനത്തിൻെറ വിതരണം കൂടുതൽ അസമത്വമുള്ളതാണെന്നും മനസ്സിലാക്കുന്നു.

ഡോ. പി.യു. സുരേന്ദ്രൻ

ഗ്രാഫെമിക്സ്

† ലിപി വിജ്ഞാനം നോക്കുക.

ഗ്രാഫൈറ്റ് (Graphite)

കാർബൺ ധാതു. Graphein (എഴുതുക) എന്ന ഗ്രീക്കുപദത്തിൽനിന്നാണു ഗ്രാഫൈറ്റ് എന്ന വാക്ക് നിഷ്പന്നമായിട്ടുള്ളത്. കാർബൺ മാത്രം അടങ്ങിയിട്ടുള്ള ഈ ധാതു ഹെക്സഗൊണൽവ്യൂഹത്തിൽ ക്രിസ്റ്റലീകരിക്കുന്നു. സാധാരണമായി കനംകുറഞ്ഞ പാളികൾ ചേർന്ന് അട്ടിയായോ, സൂക്ഷ്മതരികളായോ കാണപ്പെടുന്നു. ബേസൽ, വിദളനം, നമ്യത (flexibility), കറുപ്പുനിറം, അല്പലോഹദ്യുതി (sub-metalic lustre), കുറഞ്ഞ കടുപ്പം, കുറഞ്ഞ ആപേക്ഷികഘനത്വം (2.1 — 2.2 വരെ) എന്നിവ ഗ്രാഫൈറ്റിൻെറ പ്രധാന ഭൗതികഗുണങ്ങളാണ്. പ്രാകാശികമായി സമദൈശികം (isotropic).

സിരാനിക്ഷേപങ്ങളായും (Vein deposits) കായാന്തരിത ശിലകളിലെ ലെൻസ് (lens) രൂപത്തിലുള്ള നിക്ഷേപങ്ങളായും ആഗ്നേയ ശിലകളിൽ അപ്പാടെ വികീർണനം(disseminated)ചെയ്ത രീതിയിലും ഇതു കാണുന്നു.

ഗ്രാഫൈറ്റ്, കാർബണിൻെറ ഒരുഅപര(allotropic)രൂപമാണ്. പെട്രോളിയം കോക്ക് 'ഇലക്ട്രിക് റെസിസ്റ്റൻസ്' ചൂളയിൽ 3,000°C വരെ ചൂടാക്കിയാൽ കൃത്രിമ ഗ്രാഫൈറ്റു കിട്ടും. അമേരിക്കയിൽ ഉപയോഗിക്കുന്ന ഗ്രാഫൈറ്റിൻെറ 70 ശതമാനവും ഇങ്ങനെ കൃത്രിമമായി ഉണ്ടാക്കുന്നതാണ്. ഗ്രാഫൈറ്റ് ഒരു വിദ്യുത്ചാലകമാണ്. അതുകൊണ്ടു വൈദ്യുതതാപഘടനം നടത്തുന്നതിന് ഒരു ഇലക്ട്രോഡ് ആയി ഉപയോഗിക്കാറുണ്ട്.

ശ്രീലങ്ക, കൊറിയ, ഓസ്ട്രിയ, ചെക്കസ്ലോവാക്യ, അമേരിക്കൻ ഐക്യനാടുകൾ, മഡഗാസ്കർ, മെക്സിക്കോ, ഇറ്റലി എന്നിവയാണു ഗ്രാഫൈററ് ഉത്പാദനം നടത്തുന്ന പ്രമുഖരാഷ്ട്രങ്ങൾ.

ക്രൂസിബിളുകൾ, ഫൗണ്ഡ്രി ഫേസിങ്ങുകൾ, ലൂബ്രിക്കൻറുകൾ, പെൻസിൽമുനകൾ, ബാറ്ററികൾ എന്നിവയുടെ നിർമാണത്തിനു ഗ്രാഫൈറ്റ് ആവശ്യമാണ്.

ഭാരതത്തിലെ പ്രധാന നിക്ഷേപങ്ങൾ ആന്ധ്രാപ്രദേശ്, മൈസൂർ, ഒറീസ്സ എന്നീ സംസ്ഥാനങ്ങളിലാണ്. കേരളത്തിൽ സാധാരണമായി കണ്ടുവരുന്ന നൈസുകളിലെ ഒരു ഉപധാതുവാണു ഗ്രാഫൈറ്റ്. വെള്ളനാട്, തൊടുപുഴ, പത്തനാപുരം, പുനലൂർ എന്നിവിടങ്ങളിൽ ഗ്രാഫൈറ്റ് ഉണ്ട്. വെള്ളനാട്ട് ഈ നൂറ്റാണ്ടിൻെറ ആദ്യഘട്ടത്തിൽ രണ്ടു ഗ്രാഫൈറ്റ്ഖനികൾ മോർഗൻ ക്രൂസിബിൾ കമ്പനി നടത്തിയിരുന്നു.

ഗ്രാഫോളജി

†കയ്യെഴുത്ത് നോക്കുക.

ഗ്രാമം

ദേശാടകമനുഷ്യസമൂഹത്തിന്റെ ആദ്യത്തെ സ്ഥിരവാസകേന്ദ്രം. നഗരനിർമിതിക്കു ശേഷവും നാട്ടിൻപുറങ്ങളിൽ ഗ്രാമങ്ങൾ നിലനില്ക്കുന്നുണ്ട്.

ലോകത്തിന്റെ എല്ലാഭാഗത്തും ഗ്രാമസമുദായങ്ങൾ ഉണ്ട്. സാൻഡേഴ്സൺ ഗ്രാമസമുദായങ്ങളെ മൊത്തത്തിൽ മൂന്നായി തിരിച്ചിട്ടുണ്ട്: 1. ദേശാടനം ചെയ്യുന്ന ഗ്രാമസമുദായങ്ങൾ. ഇവ ശരിക്കും ഗ്രാമസമുദായങ്ങളല്ല. കുറച്ചു മാസം മാത്രമേ ഇവർ ഒരിടത്തു താമസിക്കുന്നുള്ളു. മലായിലെ ചില ആദിവാസികളെയും ആമസോൺ പ്രദേശത്തെ ചില ഗോത്രവർഗക്കാരെയും സാൻഡേഴ്സൺ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2. മാറിമാറി താമസിക്കുന്നവരെങ്കിലും വർഷങ്ങളോളം ഒരു പ്രത്യേക പ്രദേശത്തു വാസമുറപ്പിക്കുന്നവരുൾപ്പെട്ടതാണു രണ്ടാമത്തെ വിഭാഗം. കൃഷിക്കാരായ ഇവർ ആവർത്തിച്ചു വിളയിറക്കുന്നതിനാൽ മണ്ണിന്റെ ഫലപുഷ്ടി കുറയുന്നു. അപ്പോൾ നല്ല ഭൂമി അന്വേഷിച്ച് അവർ അവിടെനിന്നു മാറിത്താമസിക്കുന്നു. ഇത്തരം അർധസ്ഥിരക്കാരുടെ സമുദായങ്ങൾ ഇന്നും ഏഷ്യയുടെ തെക്കുകിഴക്കുഭാഗത്തും മെലനേഷ്യയിലും ആഫ്രിക്കയിലും ഉണ്ട്. 3. മൂന്നാമത്തെ രീതിയിലുള്ളവർ സ്ഥിരമായി ഗ്രാമത്തിൽ താമസക്കാരും കൃഷിപ്പണിയിൽ ഏർപ്പെട്ടവരുമാണ്. ഇവരാണു ശരിയായ ഗ്രാമീണർ. ഇത്തരത്തിലുള്ള ഗ്രാമങ്ങൾ ഇന്ത്യ, ചൈന, അമേരിക്ക, റഷ്യ, ഇറ്റലി, ജെർമനി തുടങ്ങി മിക്ക രാജ്യങ്ങളിലും ഉണ്ട്.

ഭാരതത്തിൽ വേദകാലം മുതൽ തന്നെ ഗ്രാമങ്ങൾ നിലവിലുണ്ടായിരുന്നു. ഋഗ്വേദം ഒന്നാം മണ്ഡലത്തിൽ ഗ്രാമങ്ങളെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. കരം വസൂലാക്കുന്നതിനും മറ്റുമായി ഓരോ ഗ്രാമത്തിനും അധിപതികളെ നിയമിക്കുന്നതിനെപ്പറ്റി മനുസ്മൃതിയിൽ പ്രസ്താവിക്കുന്നുണ്ട്. പത്തു ഗ്രാമാധിപതികൾക്ക് ഒരു ദശഗ്രാമപതിയും, അത്തരം ഇരുപതു ഗ്രാമപതികൾക്ക് അധിപനായി വിംശതിപതിയും, നൂറു വിംശതിപതികൾക്ക് അധിപനായി ശതപതിയും, ആയിരം ശതപതികൾക്ക് അധിപനായി സഹസ്രപതിയും വേണമെന്നു മനു അനുശാസിക്കുന്നു. ഓരോ ഗ്രാമത്തിലുമുണ്ടാകുന്ന വ്യവഹാരങ്ങളെ അതതു ഗ്രാമാധിപന്മാർതന്നെ തീർക്കേണ്ടിയിരുന്നു. സംഗതിയുടെ ഗൗരവമനുസരിച്ചു വ്യവഹാരത്തെക്കുറിച്ചു വിംശതിപതി, ശതപതി, സഹസ്രപതി എന്നിവർക്കു നിവേദനം നടത്തുകയും ചെയ്തിരുന്നു.

'ശുക്രനീതി' എന്ന ഗ്രന്ഥത്തിലും ഗ്രാമങ്ങളെക്കുറിച്ചും ഗ്രാമപ്പഞ്ചായത്തുകളെക്കുറിച്ചും പരാമർശമുണ്ട്. ഇതനുസരിച്ചു ഗ്രാമത്തിൽ തിരഞ്ഞെടുക്കപ്പെട്ട സമിതിയായ പഞ്ചായത്തിനു ഭരണനിർവഹണാധികാരത്തിനു പുറമെ ന്യായശാസനാധികാരവുമുണ്ടായിരുന്നു. നികുതിപിരിച്ച് അതതു ഗ്രാമത്തിന്റെ പങ്കു രാജാവിനെ ഏല്പിക്കുന്നത് ഈ പഞ്ചായത്തായിരുന്നു. ഓരോ പഞ്ചായത്തിനെയും നിയന്ത്രിക്കുകയും വേണ്ടിവന്നാൽ കാര്യങ്ങളിൽ ഇടപെടുകയും ചെയ്യുന്നതിനായി പഞ്ചായത്തുകൾക്കു മുകളിൽ ഒരു വലിയ പഞ്ചായത്തും ഉണ്ടായിരുന്നു.

പലവിധസ്വാതന്ത്ര്യങ്ങളും ഗ്രാമപ്പഞ്ചായത്തുകൾക്കുണ്ടായിരുന്നു. രാജകീയാനുമതിയോടുകൂടി മാത്രമേ ഒരു ഭടൻ ഗ്രാമത്തിനുള്ളിൽ പ്രവേശിക്കാവൂ. ജനങ്ങൾ ഒരു ഉദ്യോഗസ്ഥനെക്കുറിച്ചു പരാതിപ്പെട്ടാൽ രാജാവു ജനങ്ങളുടെ പക്ഷത്തായിരിക്കണമെന്നാണു ശുക്രനീതി അഭിപ്രായപ്പെടുന്നത്. രാജാവു ഭൂരിപക്ഷം ആൾക്കാരുടെയും അഭിപ്രായമനുസരിച്ചു പ്രവർത്തിക്കണം. ദക്ഷിണേന്ത്യയിൽ ചോളരാജാക്കന്മാരുടെ കാലത്താണു പഞ്ചായത്തുകൾ ഉണ്ടായതെന്നു പറയപ്പെടുന്നു. കേരളത്തിലുടനീളമുള്ള ഊരാൺമകളും നാട്ടുകൂട്ടങ്ങളും ഇതിന്റെ പ്രാഥമികരൂപങ്ങളായിരുന്നു.

ഇന്ത്യൻ സാമൂഹിക-സാമ്പത്തികവ്യവസ്ഥിതിയുടെ പ്രാഥമികഘടകം ഗ്രാമങ്ങളാണ്. ഭൂരിപക്ഷം ജനങ്ങൾ അഞ്ചരലക്ഷത്തിൽപ്പരം ഗ്രാമങ്ങളിലാണു വസിക്കുന്നത്. സാമ്പത്തികസ്വയംപര്യാപ്തതയിലും, സ്വയംഭരണാധികാരത്തിലും അധിഷ്ഠിതമായിരുന്നു പ്രാചീന ഗ്രാമങ്ങൾ. പക്ഷെ, വിദേശഭരണത്തിൻകീഴിൽ നിഷ്ക്രിയമായിത്തീർന്ന ഗ്രാമങ്ങൾ അജ്ഞത, ജനപ്പെരുപ്പം, ഋണബാധ്യത തൊഴിലില്ലായ്മ എന്നിവയുടെ ദൂഷിതവലയം സൃഷ്ടിച്ചു സാമ്പത്തികാസൂത്രണത്തെയും ഉത്പാദനപ്രക്രിയയെയും കുഴക്കുന്നു.

ഗ്രാമക്ഷേത്രം

ഗ്രാമത്തിലെ മുഖ്യ ദേവാലയം. ഗോകർണം മുതൽ കന്യാകുമാരിവരെയുള്ള കേരളത്തെ 64 ഗ്രാമങ്ങളായി വിഭജിച്ചിരുന്നു. അതിൽ 32 എണ്ണം മലയാളത്തിലും 32 എണ്ണം തുളുനാട്ടിലുമാണ്. സ്വയംപരാപ്തങ്ങളായ ദേശങ്ങൾ വർധിച്ചതോടെ പല ദേശങ്ങൾ തമ്മിലും അഭിപ്രായൈക്യമില്ലാതെവന്നു. അതിന്റെ ഫലമായി അത്തരം അഭിപ്രായഭേദങ്ങൾ ചർച്ചചെയ്തു തീരുമാനിക്കാനായി കുറെ ദേശങ്ങൾ ചേർത്ത് ഒരു പൊതുസ്ഥാപനം ഉണ്ടാക്കുകയാണ് അന്നത്തെ ഭരണകർത്താക്കളായ നമ്പൂതിരിമാർ ചെയ്തത്. ആ പൊതുസ്ഥാപനമാണു ഗ്രാമമായിത്തീർന്നത്. കാലാന്തരത്തിൽ ആ ഭരണസ്ഥാപനം ക്ഷേത്രമായി മാറുകയുംചെയ്തു.

ഓരോ ഗ്രാമത്തിനും ഒരു പ്രത്യേക പരദേവതയുടെ ക്ഷേത്രമുണ്ട്. അതാണു ഗ്രാമക്ഷേത്രം. പയ്യന്നൂർ, പെരിഞ്ചെല്ലൂർ, ഈശാനമംഗലം, തൃപ്പനഞ്ചി, കരിക്കാട്, ആലത്തൂർ, പന്നിയൂർ, ശുകപുരം തൃശൂർ, പെരുവനം, ചെമ്മണ്ട, ഇരിങ്ങാലക്കുട, അവിട്ടത്തൂർ, അഡൂർ, കുഴൂർ, ഐരാണിക്കുളം, മൂഴിക്കുളം, ചെങ്ങമനാട്, തഴുതനാട്, പറവൂർ, ഉളിയന്നൂർ, ഇളിഭ്യം, കാടമുറി (വേന്നനാട്), ഏറ്റുമാനൂർ, കിടങ്ങൂർ, കുമാരനല്ലൂർ, തിരുവല്ല, കവിയൂർ, ചെങ്ങന്നൂർ, ആറന്മുള, വെൺമണി, നീർമണ്ണ എന്നിവയാണു മലയാളത്തിലുള്ള 32 ഗ്രാമക്ഷേത്രങ്ങൾ. ഇതിൽ വടക്കുനിന്നു മൂന്നാമത്തെതായ ഈശാനമംഗലം ഗ്രാമക്ഷേത്രവും തെക്കെയറ്റത്തുള്ള നീർമണ്ണ ഗ്രാമക്ഷേത്രവും എവിടെയാണെന്നറിവായിട്ടില്ല.

അതതു ഗ്രാമത്തിലുള്ളവർ ഗ്രാമക്ഷേത്രത്തിൽ തൊഴുകയും വഴിപാടുകഴിക്കുകയും വേണം. ഉപനയനം, സമാവർത്തനം, വിവാഹം മുതലായവയ്ക്കു മുമ്പു ഗ്രാമക്ഷേത്രങ്ങളിൽ പോയി തൊഴണമെന്നതു നിർബന്ധമാണ്. കർമികൾക്കു താന്താങ്ങളുടെ ഗ്രാമക്ഷേത്രത്തിൽ കൊല്ലത്തിൽ നിശ്ചിതമായ മൂന്നു ദിവസങ്ങളിൽ ഏതെങ്കിലും ഒരുനാൾ തൊഴുതില്ലെങ്കിൽ 'പഴുതി' അധികാരമില്ല. കർമികൾക്ക് എപ്പോൾ വന്നാലും തൊഴാൻ സൗകര്യപ്പെടുമാറ് ഈ നിശ്ചിത ദിവസങ്ങളിൽ ഗ്രാമക്ഷേത്രങ്ങൾ രാത്രിപോലും അടയ്ക്കാതെ നട തുറന്നുവച്ചിരുന്നു.

ഗ്രാമങ്ങളിലെ ആചാരസമ്പ്രദായങ്ങൾ

ഗ്രാമങ്ങളിൽ ഭിന്ന ജാതിക്കാർ പുലർത്തിയ വ്യത്യസ്തങ്ങളായ ആചാരങ്ങൾ. ആഹാരക്രമം, വസ്ത്രധാരണം എന്നിവയിൽ സമുദായങ്ങൾ തമ്മിൽ ഭിന്നതപുലർത്തിയിരുന്നു. ഉയർന്ന ജാതിക്കാർ മാംസവും ലഹരിപദാർഥങ്ങളും വർജിച്ചു. ആഹാരപദാർഥങ്ങളും, വെള്ളവും സമജാതിയിൽനിന്നോ ഉയർന്നവരിൽനിന്നോ മാത്രമേ സ്വീകരിച്ചിരുന്നുള്ളു. താണസമുദായത്തിൽപ്പെട്ടവരെ തൊടുന്നതും ചിലരെ കാണുന്നതുതന്നെയും അശുദ്ധമായി കരുതപ്പെട്ടിരുന്നു. നല്ല വസ്ത്രങ്ങളും സ്വർണാഭരണങ്ങളും ധരിച്ച് 'അന്തസ്സ്' പാലിക്കാൻ ഉയർന്ന സമുദായത്തിനേ അർഹതയുണ്ടായിരുന്നുള്ളു. മേൽജാതിക്കാരുപയോഗിക്കുന്ന പല സാധനങ്ങളും ഉപയോഗിക്കാൻ മറ്റുള്ളവരെ അനുവദിച്ചിരുന്നില്ല. പൗരോഹിത്യം ബ്രാഹ്മണരുടെ കുത്തകയായിരുന്നു. ക്ഷേത്രപ്രവേശനം താണജാതിക്കാർക്കു നിഷേധിക്കപ്പെട്ടിരുന്നു. താണജാതിക്കാരുടെ തൊഴിൽ സ്വീകരിക്കുന്നതു മാന്യതയ്ക്കു നിരക്കാത്തതായിരുന്നു.

കുലദൈവങ്ങളെ ആരാധിക്കുന്ന സമ്പ്രദായം കേരളത്തിൽ പണ്ടു മുതല്ക്കേ നിലവിലുണ്ട്. മിക്ക അബ്രാഹ്മണഗൃഹങ്ങളിലും കുലദേവതയായ ഭഗവതിയെ കുടിയിരുത്തിയിട്ടുണ്ടാവും. വർഷത്തിൽ ഒരിക്കൽ ഭഗവതിസേവയോ, കുരുതിയും കോഴിവെട്ടുമുൾപ്പെടെയുള്ള മറ്റു ചടങ്ങുകളോ ഉണ്ടായിരിക്കും. ഭഗവതിക്ഷേത്രങ്ങൾക്കു കാവുകൾ എന്നു പറയുന്നു. കാവ് എന്നതിന്റെ ശബ്ദാർഥം വൃക്ഷനിബിഡമായ സ്ഥലം എന്നാണ്. ആദ്യകാലങ്ങളിൽ ക്ഷേത്രങ്ങളുണ്ടായിരുന്നില്ല. ആൽമരത്തിന്റെ ചുവട്ടിൽ അല്ലെങ്കിൽ ചെറിയൊരു മരക്കൂട്ടത്തിന്റെ നടുക്കു കല്ലുകൊണ്ടുള്ള ബിംബംവച്ചു പൂജിക്കുകയായിരുന്നു പതിവ്. ഇവയാണു പിന്നീടു ക്ഷേത്രങ്ങളായി വളർന്നത്. സർപ്പസേവയാണു കേരളീയ ജീവിതത്തിന്റെ മറ്റൊരു സവിശേഷത. സമൃദ്ധിയുടെ ദേവ്നായാണു പാമ്പിനെ പൂജിച്ചിരുന്നത്. ഭഗവതിയെ പ്രീണിപ്പിക്കാൻ തെയ്യാട്ടവും തിറയും നടത്തുന്ന സമ്പ്രദായം ഉത്തരകേരളത്തിൽ സാധാരണമാണ്. തുളുസംസ്കാരത്തിന്റെ സംഭാവനയാണു തെയ്യവും തിറയും. ഇതിനുപുറമെ ക്ഷേത്രങ്ങളിൽ നിത്യപൂജയും വഴിപാടും ദൈനംദിന ആരാധനയുടെ ഭാഗമായി അനുഷ്ഠിക്കുന്നു. ഷഷ്ഠി, ഏകാദശി, ആയില്യം, വാവ്, ശിവരാത്രി, സംക്രമം എന്നീ പുണ്യദിവസങ്ങളിൽ വ്രതമെടുത്തിരുന്നു. അഷ്ടമിരോഹിണി, സരസ്വതീപൂജയും വിദ്യാരംഭവും കുറിക്കുന്ന നവരാത്രി, പ്രകാശത്തിന്റെ ഉത്സവമായ ദീപാവലി — ഇവ ഹിന്ദുക്കളുടെ പ്രധാന ആഘോഷങ്ങളാണ്. വർഷപ്പിറവിയായ വിഷുവും, കൊയ്ത്തുത്സ

വമായ ഓണവും സാധാരണയിൽക്കവിഞ്ഞ പ്രാധാന്യത്തോടെ കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റംവരെ സാഘോഷം കൊണ്ടാടുന്നു.

ദിവസേനയുള്ള അഞ്ചുനേരത്തെ പ്രാർഥനയും, റംസാൻമാസം (ഹിജറാവർഷത്തിലെ ഒമ്പതാംമാസം) മുഴുവനും നീണ്ടുനില്ക്കുന്ന വ്രതാനുഷ്ഠാനവുമാണു മുസ്ലീങ്ങളുടെ മതചടങ്ങുകളിൽ പ്രധാനം. വെള്ളിയാഴ്ചതോറുമുള്ള കൂട്ടപ്രാർഥനയിലും, ഖുത്തുബ(ഉപദേശ പ്രസംഗം)യിലും മുസ്ലീങ്ങൾ സന്നിഹിതരാകുന്നു. വരുമാനത്തിൽ നിന്നും ഉത്പന്നങ്ങളിൽനിന്നും ഒരു നിശ്ചിതശതമാനം നിർബന്ധദാനത്തിനു (സക്കാത്ത്) വിധേയമാക്കുകയും ചെയ്യുന്നു. റംസാൻമാസത്തിന്റെ അന്ത്യം കുറിക്കുന്ന ഈദുൽ ഫിത്തറും, പ്രവാചകനായ ഇബ്രാഹിമിന്റെ ത്യാഗമനസ്കത അനുസ്മരിപ്പിക്കുന്ന ഈദുൽ അസ്ഹായും മുഹമ്മദ് നബിയുടെ ജന്മദിനമായ മിലാദുശ്ശരീഫുമാണു മുസ്ലീങ്ങളുടെ പുണ്യദിനങ്ങൾ.

നിത്യേനയുള്ള കുർബാനയിലും, ഞായറാഴ്ചതോറുമുള്ള കൂട്ടപ്രാർഥനയിലും ക്രിസ്ത്യാനികൾ പങ്കുകൊള്ളുന്നു. ക്രിസ്തുവിന്റെ ജനനം കുറിക്കുന്ന ക്രിസ്മസ്സും, മരണവും ഉയിർത്തെഴുന്നേല്പും അനുസ്മരിപ്പിക്കുന്ന ഈസ്റ്ററുമാണു ക്രിസ്തീയ പുണ്യദിനങ്ങൾ.

ജനനം, മരണം, വിവാഹം എന്നിവയുമായി ബന്ധപ്പെട്ട ചടങ്ങുകൾക്ക് എല്ലാ സമുദായങ്ങളും പ്രാധാന്യം കല്പിക്കുന്നു. പാണിഗ്രഹണമാണു നമ്പൂതിരിമാരുടെ വിവാഹസമ്പ്രദായമെങ്കിൽ നായന്മാരുടെതുംമറ്റും 'പുടമുറി' കൊടുക്കലാണ്. മുസ്ലീങ്ങളുടെ വിവാഹം രണ്ടുപേർതമ്മിലുള്ള ഒരു കരാറാണ്. ക്രിസ്ത്യാനികൾ താലികെട്ടു സമ്പ്രദായം പിന്തുടരുന്നു. നമ്പൂതിരിമാരും ക്രിസ്ത്യാനികളുമൊഴികെ മറ്റെല്ലാ സമുദായക്കാരും വിവാഹമോചനവും പുനർവിവാഹവും അനുവദിക്കുന്നുണ്ട്. നമ്പൂതിരികുടുംബത്തിലെ മൂത്ത പുത്രനു മാത്രമേ സ്വജാതിയിൽനിന്നു വിവാഹം നടത്താമായിരുന്നുള്ളു. ഒന്നിലധികം സംബന്ധവുംസാധാരണമായിരുന്നു. മുസ്ലീങ്ങൾ ബഹുഭാര്യത്വം അനുവദിക്കുന്നു. നാലുവരെ ഭാര്യമാരാകാമെന്നാണു നിയമം. ബഹുഭർത്തൃത്വവും കേരളത്തിൽ 'തറവാടിത്ത'ത്തിന്റെ ഭാഗമായി നിലനിന്നിരുന്നു. സഹോദരന്മാരൊത്തുചേർന്ന് ഒരു സ്ത്രീയെ വിവാഹംകഴിക്കുന്ന സംഘവിവാഹസമ്പ്രദായം അടുത്തകാലംവരെ കേരളത്തിലെ പല സമുദായങ്ങൾക്കിടയിലും തുടർന്നുവന്നിരുന്നു. തിരണ്ടുകല്യാണം, നമ്പൂതിരിമാരുടെ ഉപനയനം, മുസ്ലീങ്ങളുടെ ചേലാകർമം എന്നിവ വിവാഹത്തോളംതന്നെ പ്രധാനപ്പെട്ട ആഘോഷങ്ങളായിരുന്നു.

ജനനം സംബന്ധിച്ച ആചാരങ്ങൾ ഗർഭധാരണംതൊട്ടാരംഭിക്കുന്നു. ഗർഭധാരണത്തിന്റെ നാല്, അഞ്ച്, എഴ് എന്നീ മാസങ്ങൾ പ്രധാനമാണ്. പ്രസവാവസരത്തിൽ വിശേഷപൂജകളും മറ്റും നടത്തുക പതിവുണ്ട്. ജനനത്തിനുശേഷം ഇരുപത്തെട്ടാംനാൾ പേരിടൽ, ചോറൂണ് എന്നിവ പ്രധാന ചടങ്ങുകളാണ്. ക്രിസ്ത്യാനികൾ മാമോദീസ എന്ന കർമം ആചരിക്കുന്നു. മരണാനന്തരചടങ്ങുകൾ അനേകമുണ്ട്. പുലയും വർഷംപ്രതിയുള്ളള ശ്രാദ്ധവും അവയിൽ എടുത്തുപറയത്തക്കതാണ്. പരേതരായ പിതൃക്കൾക്കു കർക്കടകവാവുപോലുള്ള ദിവസങ്ങളിൽ ബലിയിടുന്നു.

സ്ത്രീകളെ സമുദായത്തിൽ പൊതുവെ രണ്ടാംതരക്കാരായാണു പരിഗണിച്ചുവന്നിരുന്നത്. മരുമക്കത്തായികളിൽ സ്ത്രീകൾക്കായിരുന്നു പ്രാധാന്യം. നമ്പൂതിരിസ്ത്രീകളും, മുസ്ലീംസ്ത്രീകളും ഘോഷ അനുവർത്തിച്ചിരുന്നു. സ്ത്രീകളും പുരുഷന്മാരും സാമൂഹികാഘോഷവേളകളിൽ ഇടകലർന്നു പങ്കെടുത്തിരുന്നില്ല. മുതിർന്നവരെയും കാരണവന്മാരെയും വന്ദിക്കുന്നത് ആചാരമര്യാദയാണ്. പ്രധാന കാര്യങ്ങളിൽ ഏർപ്പെടുന്നതിനു മുമ്പു ഗുരുനാഥന്മാരുടെയും മാതാപിതാക്കന്മാരുടെയും കാലു തൊട്ടു നമസ്കരിക്കുകയും അവരിൽനിന്ന് അനുഗ്രഹാശിസ്സുകൾ വാങ്ങുകയും ചെയ്തിരുന്നു.

ഗ്രാമങ്ങളുടെ പരിവർത്തനം.

കാലംകൊണ്ടു കേരളഗ്രാമങ്ങൾക്കുവന്ന മാറ്റങ്ങൾ. ബ്രിട്ടീഷാധിപത്യത്തോടെ സ്വയംപര്യാപ്തതയും സ്വയംഭരണാധികാരവും നഷ്ടപ്പെട്ട ഗ്രാമീണർക്കു പുറംലോകവുമായി സമ്പർക്കംപുലർത്തേണ്ടത് ആവശ്യമായിവന്നു. യുദ്ധത്തിന്റെ ഫലമായി നടപ്പിലാക്കിയ റേഷൻ, ലെവി, നേരിട്ടുള്ള നികുതിപിരിവ് എന്നിവ ജനങ്ങളെ സർക്കാരുമായി ബന്ധപ്പെടുത്തി. സ്വാതന്ത്ര്യബോധം ഗ്രാമങ്ങളിൽ ഉണർന്നു. ദേശീയാവേശം ഗ്രാമീണരെ ഉയർത്തി. ദേശീയനിർമാണപ്രവർത്തനത്തിൽ നേരിട്ടുള്ള പങ്കാളിത്തം സ്വതന്ത്രേന്ത്യയിലെ ഗ്രാമീണജനതയിൽ എടുത്തുപറയത്തക്ക മാറ്റങ്ങൾ സൃഷ്ടിച്ചു.

ജാതിവ്യവസ്ഥിതിയിൽ അധിഷ്ഠിതമായ സമുദായത്തിന് ഉലച്ചിൽ തട്ടി. ശ്രീനാരായണഗുരുവിന്റെയും മഹാത്മാഗാന്ധിയുടെയും ഉദ്ബോധനങ്ങൾ ആ വഴിക്ക് ആളുകളെ ചിന്തിപ്പിച്ചു. തിരുവിതാംകൂറിലെ †ക്ഷേത്രപ്രവേശനവിളംബരവും അയിത്തോച്ചാടനത്തെ സംബന്ധിച്ച നിയമനിർമാണവും ഈ മാറ്റത്തിനു വേഗതകൂട്ടി. സാമുദായികസംഘടനയുടെ സ്ഥാനത്തു പുതിയ വീക്ഷണത്തോടുകൂടിയ സേവനസമിതികൾ നിലവിൽവന്നു. നായർ സർവീസ് സൊസൈറ്റി, ശ്രീനാരായണധർമപരിപാലനയോഗം, മുസ്ലീം എഡ്യുക്കേഷനൽ സൊസൈറ്റികൾ, കത്തോലിക്ക കോൺഗ്രസ്സ് എന്നിവ അതാതു സമുദായങ്ങളുടെ സാമൂഹ്യ-വിദ്യാഭ്യാസപ്രശ്നങ്ങളിൽ താത്പര്യം പ്രദർശിപ്പിച്ചു. ഇത്തരം സാമുദായികസമിതികൾ പ്രാബല്യം നേടിയിട്ടില്ലാത്ത ഉത്തരകേരളത്തിലെ ഗ്രാമാന്തരങ്ങളിൽ 'ജാതിക്കുറി' എന്നൊരു സമ്പ്രദായംചില സമുദായങ്ങളുടെയിടയിൽനിലനില്ക്കുന്നു. പ്രത്യേകസമുദായത്തിൽപ്പെട്ട അംഗങ്ങൾ വരിസംഖ്യ പിരിച്ചെടുത്തു നടത്തുന്നതാണ് ഇത്തരം കുറികൾ. മാസംപ്രതി അംഗങ്ങളുടെ വീടുതോറും മാറിമാറി സമ്മേളിക്കുകയാണിവർ ചെയ്യുന്നത്. സാമൂഹികസദ്യയ്ക്കാവശ്യമായ ചെലവുകഴിച്ചു ബാക്കിയുള്ള സംഖ്യ സാമുദായികാവശ്യത്തിനു സംഭരിച്ചുവയ്ക്കുന്നു.

സാമ്പത്തികരംഗമാണ് ഏറ്റവുമധികം പരിണാമത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നത്. ജന്മിസമ്പ്രദായം പൂർണമായും അവസാനിച്ചു. കേരളപ്പിറവിക്കുമുമ്പു കൈക്കൊണ്ട നിയമനിർമാണങ്ങൾ കുടിയാന്റെ താത്പര്യം രക്ഷിക്കുവാനുള്ള വ്യവസ്ഥകൾ ചെയ്തിരുന്നു. എന്നാൽ 1958-ലും 1960-ലും കേരളം പാസാക്കിയ കാർഷികബന്ധ(ഭൂ)നിയമം കുടിയാന്മാർക്കു സ്ഥിരാവകാശം നല്കുകയും, ജന്മിസമ്പ്രദായം അവസാനിപ്പിക്കുകയും ചെയ്തു. കൃഷിയുടെ സ്വഭാവത്തിലും മാറ്റം വന്നുതുടങ്ങിയിരിക്കുന്നു. ശാസ്ത്രീയരീതികൾ പകർത്താനും നല്ലയിനം വിത്തുകളും കീടനാശിനികളും ധാരാളമായി ഉപയോഗിക്കുവാനും തുടങ്ങിയിരിക്കുകയാണ്. കാർഷികാവശ്യത്തിനു യന്ത്രക്കലപ്പകളും പമ്പുസെറ്റുകളും ഉപയോഗിച്ചുവരുന്നു. ഐതിഹാസികകാലംതൊട്ടു കൃഷിചെയ്തിരുന്ന മലഞ്ചരക്കുകൾക്കും സുഗന്ധദ്രവ്യങ്ങൾക്കും പുറമെ കാപ്പി, തേയില, റബർ എന്നിവയും കൃഷിചെയ്തു തുടങ്ങിയിരിക്കുന്നു. ഋണാശ്വാസത്തെ സംബന്ധിച്ച നിയമങ്ങളും നാണ്യക്കച്ചവടക്കാരെ നിയന്ത്രിച്ചുകൊണ്ടുള്ള നടപടികളും ഗ്രാമീണരുടെ കടബാധ്യതയ്ക്ക് ആശ്വാസം നല്കി. സഹകരണസ്ഥാപനങ്ങൾ കൃഷിക്കാവശ്യമായ ഹ്രസ്വകാലവായ്പകളും ദീർഘകാലവായ്പകളും നല്കുന്നു. നമ്മുടെ നാടിന്റെ നാനാഭാഗങ്ങളിലും രൂപവത്കൃതമായിക്കൊണ്ടിരിക്കുന്ന സേവന സഹകരണസംഘങ്ങൾ കൃഷിക്കാരന്റെ ഉത്പാദനം, ഉപഭോഗം, മാർക്കറ്റ് എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാര്യക്ഷമമായി കൈകാര്യംചെയ്യുന്നതോടൊപ്പം ബാങ്കിങ്സമ്പ്രദായം ഗ്രാമീണർക്കു പരിചയപ്പെടുത്തിക്കൊടുക്കുകയും സമ്പാദ്യമനസ്ഥിതി വളർത്തുകയും ചെയ്യുന്നു. സാമൂഹികക്ഷേമബ്ലോക്കുകളും അതിന്റെ ഉദ്യോഗസ്ഥന്മാരും കൃഷിക്കാർക്കു നേതൃത്വം നല്കിവരുന്നു. കടുംകൃഷിസമ്പ്രദായം ഉത്പാദനവും 'കീവില്ലേജ് സ്കീം' കന്നുകാലിസമ്പത്തും വർധിപ്പിക്കാൻ ഗ്രാമീണരെ സഹായിക്കുന്നുണ്ട്.

കൂട്ടുകുടുംബങ്ങൾ അസ്തമിച്ചു. അതിന്റെ സ്ഥാനത്തു ചെറുകുടുംബങ്ങൾ വളർന്നുവരുന്നു. നാലുകെട്ടുകൾ ചരിത്രാവശിഷ്ടങ്ങളായിത്തീർന്നുകൊണ്ടിരിക്കുന്നു. ഗൃഹനിർമാണത്തിന് ആധുനികരീതി അവലംബിച്ചുവരുന്നു. വസ്ത്രധാരണസമ്പ്രദായത്തിനും മാറ്റം വന്നുചേർന്നിരിക്കുന്നു. പുരുഷന്മാർ മുടി മുറിച്ചു ദോത്തിയും ഷർട്ടും ധരിക്കുന്നു. സ്ത്രീകളുടെ വസ്ത്രം സാരിയും ബ്ലൗസുമാണ്. വിവാഹച്ചടങ്ങുകൾ ലളിതമായിവരികയാണ്. വ്യത്യസ്തസമുദായങ്ങൾ തമ്മിലുള്ള മിശ്രവിവാഹവും ഗ്രാമങ്ങളിൽ അപൂർവമല്ല. 'ജോലിയുടെ മാന്യത'' ഗ്രാമീണർ മനസ്സിലാക്കിയതുകൊണ്ട് ഉപജീവനത്തിനുവേണ്ടി ഏതു ജോലി സ്വീകരിക്കുന്നതിനും മടിയില്ല. ജോലിക്കു പട്ടണങ്ങളിലേക്കുള്ള പ്രയാണം ഗ്രാമസമൂഹത്തിൽ പുതിയ പ്രവണത വളർത്താൻ സഹായിച്ചു. കയറുപിരിയും ബീഡിതെറുപ്പും കേരളത്തിലെ മിക്ക ഗ്രാമങ്ങളിലും നല്ലൊരു കുടിൽവ്യവസായമായി വളർന്നുവരുന്നു.

വിനോദങ്ങളുടെ സ്വഭാവത്തിനും വളരെ മാറ്റം വന്നിട്ടുണ്ട്. സുകുമാരകലകളുടെ സ്ഥാനം കഥാപ്രസംഗവും നാടകവും കൈക്കലാക്കി. സിനിമകാണുന്ന ഗ്രാമീണരുടെ എണ്ണം കൂടിവരുന്നു. ശാസ്ത്രീയസംഗീതത്തിന്റെയും മറ്റു നാടൻപാട്ടുകളുടെയും സ്ഥാനം സിനിമാപ്പാട്ടുകൾക്കു ലഭിച്ചിരിക്കുകയാണ്. റേഡിയോവിനോദമണ്ഡല

ത്തിന്റെ വിസ്തൃതി വർധിച്ചിരിക്കുന്നു. സ്കൂൾവാർഷികോത്സവങ്ങളും, ദേശീയാഘോഷങ്ങളായ സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ക്ദിനം, ഗാന്ധിജയന്തി എന്നിവയും ഗ്രാമങ്ങളിലെ ആഘോഷങ്ങളായിത്തീർന്നിരിക്കുന്നു. ഗ്രാമീണകലാവേദികളും സ്പോർട്സ്സംഘടനകളും, വാർഷികാഘോഷങ്ങളും, സ്പോർട്സ്ടൂർണമെന്റും സംഘടിപ്പിച്ചു വിനോദാവസരങ്ങൾ സൃഷ്ടിക്കുന്നു. വോളിബോൾ, ഫുട്ബോൾ മുതലായ ആധുനികകളികളിൽ ഗ്രാമീണർ താത്പര്യമെടുത്തുവരികയാണ്. സ്ഥലം ചുറ്റിക്കാണാനുള്ള ആഗ്രഹവും ഗ്രാമീണരുടെ ഇടയിൽ വളർന്നുവരുന്നുണ്ട്. അണക്കെട്ടുകളും മറ്റു നിർമാണപ്രവർത്തനങ്ങളും ഗ്രാമീണസന്ദർശകരെ ആകർഷിക്കുന്നു.

വിദ്യാഭ്യാസമണ്ഡലം വികസിച്ചുവരികയാണ്. പൊതുവിദ്യാഭ്യാസസൗകര്യം അക്ഷരാഭ്യാസം ലഭിച്ച ഗ്രാമീണരുടെ അംഗസംഖ്യ വർധിപ്പിച്ചു. വർത്തമാനപ്പത്രങ്ങളും കേരളത്തിലെ ഗ്രന്ഥശാലാപ്രസ്ഥാനവും ഗ്രാമീണർക്കു വിജ്ഞാനം പകർന്നുകൊടുത്തതിൽ മഹത്തായ നേതൃത്വം നല്കുന്നു. ഭരണഘടനാപരമായ നിയമനിർമാണങ്ങൾ ഗ്രാമീണരുടെ ചിന്താസരണിയെ പുതിയ വഴിത്തിരിവിലേക്കു നയിച്ചു. പൊതുതിരഞ്ഞെടുപ്പ്, രാഷ്ട്രീയപാർട്ടികളുടെ പ്രവർത്തനം എന്നിവ ഭരണത്തിന്റെ പങ്കാളിത്തത്തെക്കുറിച്ചുള്ള ബോധം വളർത്തിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തും സഹകരണസ്ഥാപനവുമാണു ഗ്രാമത്തിന്റെ ഭരണപരവും സാമ്പത്തികവുമായ ഉപകരണങ്ങൾ. സാമ്പത്തികാസൂത്രണം, കുടുംബസംവിധാനം, ചെറുകിടസമ്പാദ്യം, മിതവ്യയം, ദേശീയോദ്ഗ്രഥനം എന്നീ ദേശീയ ആശയങ്ങളുമായി ഗ്രാമീണർ പതുക്കെ പൊരുത്തപ്പെട്ടുവരികയാണ്. അങ്ങനെ ഭൗതികവും പുരോഗമനപരവുമായ വീക്ഷണഗതിയിൽ അധിഷ്ഠിതമായ ഒരു പുതിയ സമുദായമാണ് ഇന്ത്യൻഗ്രാമങ്ങളിൽ ഉടലെടുത്തുവരുന്നത്. മാറിവരുന്ന പരിതഃസ്ഥിതിയുമായി താദാത്മ്യംപ്രാപിക്കാൻ കഴിയാത്തതിന്റെ പ്രയാസങ്ങളും വളരെ പ്രകടമാണ്. സാമൂഹികമായ അസ്വസ്ഥതയ്ക്കു ഇതാണു കാരണം. ഈ അസ്വസ്ഥത മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുന്ന സമൂഹത്തിന്റെ സൂചനയാണ്.

ഗ്രാമങ്ങളുടെ സാമൂഹികഘടന

ജാതിയുടെ അടിസ്ഥാനത്തിലുള്ള കേരളീയ ഗ്രാമങ്ങളുടെ ഘടന. സമുദായത്തിന്റെ ഉന്നതതലത്തിലുള്ള ബ്രാഹ്മണൻ മുതൽ മ്ലേച്ഛതകല്പിച്ചിരിക്കുന്ന പുലയൻവരെ സമുദായത്തെ വ്യത്യസ്തജാതികളായി തരംതിരിച്ചിരുന്നു. അവരവർ ഏർപ്പെട്ടിരിക്കുന്ന തൊഴിലിന്റെ സ്വഭാവമാണു വിവേചനത്തിന് അടിസ്ഥാനം.

നമ്പൂതിരിബ്രാഹ്മണരായിരുന്നു പൗരാണികകേരളത്തിലെ പ്രബലസമുദായം. പൗരോഹിത്യമേധാവിത്വവും അതുവഴി കൈവന്ന സമ്പന്നതയും സാമൂഹ്യരാഷ്ട്രീയരംഗത്ത് അവർക്കു പ്രാമുഖ്യം നേടിക്കൊടുത്തു. സംസ്കൃതവും വേദപാഠവും അബ്രാഹ്മണർക്കു നിഷിദ്ധമായിരുന്നതിനാൽ അഭ്യസ്തവിദ്യരുടെ തൊഴിൽകുത്തകയും നമ്പൂതിരിമാർക്കായിരുന്നു. കാലക്രമത്തിൽ കേരളത്തിലെ നമ്പൂതിരിമാർ ഭൂവുടമകളും ക്ഷേത്രങ്ങളുടെ ഊരാൺമക്കാരുമായിത്തീർന്നു. നമ്പൂതിരിമാരാണു കേരളത്തിലെ പ്രധാനപ്പെട്ട ക്ഷേത്രങ്ങളധികവും പണികഴിപ്പിച്ചത്. ക്ഷേത്രങ്ങൾക്കു രാജാക്കന്മാരും നാടുവാഴികളും മറ്റും സംഭാവനകൾ നല്കിവന്നു. അതിനാൽ ഭൂസ്വത്തുക്കളുടെ നടത്തിപ്പിനുംമറ്റും കാര്യക്ഷമമായ ഭരണകൂടത്തിന്റെ ആവശ്യം വന്നുചേർന്നു. അങ്ങനെ രാജാക്കന്മാരുടെ രക്ഷാധികാരത്തിൻകീഴിൽ സ്വയംഭരണാധികാരമുള്ള നമ്പൂതിരി ഊരാൺമസമിതികൾ രൂപംകൊണ്ടു. സഭയുടെ 'മേല്ക്കോയ്മ' രാജാവിനായിരുന്നുവെങ്കിലും ഊരാളന്മാരുടെ 'അകക്കോയ്മ'(നിർവാഹകസമിതി)യാണു ഭരണം നയിച്ചിരുന്നത്. ക്ഷേത്രങ്ങളുടെ 'സങ്കേത'(അധികാരപരിധി)ത്തിനകത്തു പ്രസ്തുത യോഗങ്ങൾക്കു പരമാധികാരമുണ്ടായിരുന്നു. ഭരണാധികാരികളുടെ സ്വേച്ഛാപ്രവണതകൾ ശക്തിപൂർവം നേരിടുകയും ശിക്ഷാർഹമാക്കുകയും ചെയ്തിരുന്നു. ക്ഷത്രിയഭരണാധികാരികളുടെ പിതൃസ്ഥാനീയരും പുരോഹിതരുമായിരുന്ന നമ്പൂതിരിമാർക്കു രാജാക്കന്മാരുടെ അധികാരശാസനങ്ങളെ നിരാകരിക്കുവാനും നിയന്ത്രിക്കുവാനും സാധിച്ചിരുന്നു. ക്ഷേത്രങ്ങൾ ഗ്രാമജീവിതത്തിന്റെ കേന്ദ്രമായിരുന്നതിനാൽ സാമൂഹികമായ ഒട്ടനവധി കാര്യങ്ങൾ നിർവഹിച്ചിരുന്നത് ഈ യോഗങ്ങളാണ്. ശിരശ്ഛേദം ഉൾപ്പെടെയുള്ള ശിക്ഷകൾ നടപ്പിലാക്കാനും നികുതി, കരം മുതലായവ പിരിച്ചെടുക്കാനും സാമൂഹികക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കാനും ഈ സഭകൾക്ക് അധികാരമുണ്ടായിരുന്നു. †എട്ടരയോഗം, †ഊരാൺമ നോക്കുക.

സമൂഹത്തിൽ രണ്ടാംസ്ഥാനം നായന്മാർക്കായിരുന്നു. പരമ്പരാഗതമായി സൈനികവൃത്തിയിൽ ഏർപ്പെട്ടിരുന്ന നായന്മാർ കുട്ടിക്കാലംതൊട്ടുതന്നെ ആയുധാഭ്യാസത്തിൽ ശ്രദ്ധിച്ചുപോന്നു. കളരികളിലാണ് ആയുധപരിശീലനം നല്കിയിരുന്നത്. വിജ്ഞാനവും ആയുധാഭ്യാസവും പകർന്നിരുന്ന ഗ്രാമപ്പള്ളിക്കൂടങ്ങളായിരുന്നു പ്രാചീനകളരികൾ. പക്ഷേ, നമ്പൂതിരിമാരുടെ ആധിപത്യത്തിനുശേഷം വിദ്യാഭ്യാസമെന്നതു സംസ്കൃതപഠനമായി. കാലക്രമേണ കളരികളുടെ പ്രവർത്തനമണ്ഡലം ആയുധാഭ്യാസത്തിൽ മാത്രമായി ചുരുങ്ങിവന്നു. ഗ്രാമത്തിലെ ഭഗവതിക്ഷേത്രത്തോടനുബന്ധിച്ചു പ്രവർത്തിച്ചുവന്ന കളരി നാല്പതുമുതൽ അൻപതുവരെ നായർകുടുംബങ്ങളെ സേവിച്ചിരുന്നു. കുടുംബങ്ങളും വ്യക്തികളും തമ്മിലുള്ള തർക്കങ്ങൾ, ചേകവന്മാർതമ്മിൽ അങ്കംവെട്ടിയാണു കലാശിപ്പിച്ചിരുന്നത് എന്നതിനു വടക്കൻപാട്ടുകൾ തെളിവാണ്. നായന്മാരുടെ സാഹസികത പ്രകടമാക്കുന്ന മറ്റൊരു സമ്പ്രദായമാണ് †കുടിപ്പക.

രാഷ്ട്രീയ സാമുദായികപ്രശ്നങ്ങൾ കൈകാര്യംചെയ്തിരുന്ന നായന്മാരുടെ സംഘടനയായിരുന്നു കൂട്ടങ്ങൾ. കൂട്ടങ്ങളുടെ പ്രാഥമികഘടകം 'തറ'കളാണ്. തറകൾ ഒന്നിച്ചുചേർന്നതാണു നാടുകൾ. ഗ്രാമത്തിലെ കാരണവന്മാരാണു കൂട്ടങ്ങളുടെ നേതൃത്വം വഹിച്ചിരുന്നത്. അവരെ തറവാഴികളെന്നും നാടുവാഴികളെന്നും വിളിച്ചിരുന്നു. നാട്ടുകൂട്ടങ്ങളെ പ്രതിനിധാനം ചെയ്യുന്നതാണു കേരളത്തിന്റെ ദേശീയസഭ. സാധാരണഗതിയിൽ അതു പന്ത്രണ്ടു വർഷത്തിലൊരിക്കൽ തിരുനാവായിൽ സമ്മേളിക്കുന്ന മാമങ്കാവസരത്തിലാണു കൂടാറുള്ളത്. രാജാക്കന്മാരെ പ്രതിഷ്ഠിക്കുകയും പുറന്തള്ളുകയും ചെയ്യുന്നതിൽ കൂട്ടങ്ങൾ അനല്പമായ പങ്കുവഹിച്ചിരുന്നു. മധ്യകേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിൽ കൂട്ടങ്ങൾ പ്രബലമായൊരു ദേശീയശക്തിയായിരുന്നു. †തറ, †മാമാങ്കം നോക്കുക.

ഗ്രാമണി

ഗ്രാമത്തിന്റെ ഭരണകർത്താവ്. പ്രാചീന ഭാരതീയസമുദായത്തിൽ ഓരോ ഗ്രാമത്തിനും ഒരു ഗ്രാമാധിപൻ ഉണ്ടായിരുന്നു. ഒരു ഗ്രാമത്തിൽ കുറ്റകൃത്യങ്ങൾ നടന്നാൽ കുറ്റവാളിയെ ന്യായാധിപന്റെ മുമ്പിൽ ഹാജരാക്കേണ്ട ചുമതല ഗ്രാമണിക്ക് ആയിരുന്നു. മോഷണം നടന്നതായി തെളിയുകയും മോഷ്ടിച്ചയാളും മോഷണവസ്തുവും പിടിയിൽ പെടാതെ വരുകയും ചെയ്താൽ ഗ്രാമാധിപൻ വസ്തുവിന്റെ ഉടമസ്ഥനു നഷ്ടപരിഹാരം നല്കണം എന്നാണു സ്മൃതിവ്യവസ്ഥ.

പ്രാചീനകാലത്ത് ഓരോ ജാതിക്കാർക്കും വെവ്വേറെ ഗ്രാമങ്ങൾ ആയിരുന്നു. ഒരു ബ്രാഹ്മണഗ്രാമത്തിലെ മുഖ്യൻ വേദാധികാരി അല്ലെന്നു വരാം. യാഗാദിക്രിയകൾ നടത്താൻ അധികാരം ഇല്ലാത്ത ബ്രാഹ്മണരും ഉണ്ടായിരുന്നു. സ്വത്തുകൊണ്ടു മാന്യതനേടിയ അത്തരക്കാരായിരുന്നു കേരളത്തിലെ ഗ്രാമണി ആഢ്യന്മാർ. കേരളത്തിലെ ഗ്രാമണികൾ പഴയ ഗ്രാമാധിപന്മാരുടെ പരമ്പരക്കാരായിരിക്കണം. എന്നാൽ ഇവർക്കു പില്കാലത്തു ഭരണാധികാരം ഒന്നും ഇല്ലായിരുന്നു.

ഗ്രാമദേവതമാർ

ഗ്രാമത്തിന്റെ മുഴുവൻ രക്ഷകരെന്നു വിശ്വസിക്കപ്പെട്ട ദേവതമാർ. ഗ്രാമത്തെ കാത്തുരക്ഷിക്കുവാൻ ഒരു ഗ്രാമദേവത അഥവാ ഒന്നിലധികം ഗ്രാമദേവതമാർ ഉണ്ടെന്നായിരുന്നു ഗ്രാമീണരുടെ ധാരണ.

തമിഴ്നാട്ടിൽ ഉൾനാടൻ നിരത്തുകളുടെ വക്കത്ത് തീക്ഷ്ണമായ നിറങ്ങളുള്ള ചുട്ട കളിമണ്ണുകൊണ്ടു നിർമിച്ച കൂറ്റൻ പ്രതിമകൾ കാണാം. വലിയ താടിയും കൊമ്പൻമീശയുമുള്ള ഈ പ്രതിമകൾ ദേവന്മാരുടെയും അസുരന്മാരുടെയുമാണ്. ഇവരെ ഗ്രാമീണർ പൂജിക്കുന്നു. ഇൻഡൊനേഷ്യയുടെ ഭാഗമായ ബാലി ദ്വീപിലും ഇത്തരം ഗ്രാമദേവതാപ്രതിഷ്ഠകൾ കാണാം.

ഈ പ്രതിമകൾക്കു ചുറ്റും മതിൽക്കെട്ടില്ല. ചിലപ്പോൾ ക്ഷേത്രമുണ്ടാക്കി ഗ്രാമദേവതയുടെ ലോഹപ്രതിമ അതിൽ പ്രതിഷ്ഠിക്കുന്നു.

ശത്രുക്കളിൽനിന്നും പകർച്ചവ്യാധികളിൽനിന്നും ഗ്രാമദേവതമാരാണ് ഗ്രാമത്തെ സംരക്ഷിക്കുന്നതെന്ന് വിശ്വസിച്ചിരുന്നു. അധികവും പുരുഷദൈവങ്ങളാണ്. ചിലർക്കു ഭൃത്യഗണങ്ങളും കുതിര, ആന, ആട്, നായ് മുതലായ വാഹനങ്ങളുമുണ്ട്. ഇവയുടെ രൂപങ്ങൾ അടുത്തൊരിടത്തു നിരയായി വച്ചിരിക്കും. അയ്യനാർ, മുനിയാണ്ടി, ശാങ്കിളി കറുപ്പൻ, വാഴ്മുനി, മധുരവീരൻ എന്നിവരാണു തമിഴ്നാട്ടിലെ ദേവതമാർ. അയ്യനാർ ആണ് പുഴക്കരകളിലും ഏരികളിലും



ഗ്രാമദേവത
കുതിരകൾ - ടെറക്കോട്ട.

ദേവതമാർ. ജനവാസമില്ലാത്ത സ്ഥലത്ത് കറപ്പണ്ണനും മുനിയാണ്ടിയും ആണ്. ഗ്രാമീണദേവിമാർക്കും ക്ഷേത്രങ്ങളുണ്ട്. സ്ത്രീകളാണ് ദേവിമാരെ ആരാധിക്കുന്നത്. ദേവീപ്രതിമയ്ക്കു കടുത്ത വർണ്ണങ്ങളാണ്. ഗ്രാമദേവതമാർക്ക് മൃഗബലി നടത്തിയിരുന്നു. ഇപ്പോൾ ചുവന്ന ചോറാണ് പകരം നിവേദ്യം. തലമുടി മുറിച്ച് വഴിപാടായി കൊടുക്കാറുണ്ട്. മാരിയമ്മൻ വസൂരിയുമായി ബന്ധപ്പെട്ട ദേവിയാണ്. വേനൽക്കാലത്താണ് മാരിയമ്മൻകോവിലിൽ ഉത്സവം. മഴ കിട്ടാനായി ഗ്രാമദേവതമാരെ ഊരുചുറ്റി കൊണ്ടുപോകാറുണ്ട്.

സിംഹം, നരി, മൂർഖൻപാമ്പ്, ആന, കുതിര എന്നീ രൂപങ്ങൾക്കും ഭംഗിയായി നിറംകൊടുത്തിരിക്കും. അധികവും തടികൊണ്ടുണ്ടാക്കിയവയാണ്. കേരളത്തിലെ ഗ്രാമങ്ങളിലും തറവാടുകളിലും ‘പരദേവത്’മാരുണ്ട്. ഓരോ നാട്ടിലും ഓരോ ദേവനോ ദേവിയോ ഉണ്ടാകും. ഓരോ ദേവിക്കും തട്ടകങ്ങളുണ്ടായിരുന്നു. ആ തട്ടകത്തിൽപ്പെട്ടവർ ദേവിയെ ഇടയ്ക്കിടെ ചെന്ന് ആരാധിച്ചിരുന്നു.

കേരളത്തിലെ നൂറുകണക്കിനു ദുർഗാക്ഷേത്രങ്ങളാണ് ഒരുകാലത്ത് ഇവിടെ ഗ്രാമങ്ങളിൽ പ്രാധാന്യം ആർജിച്ചിരുന്നത്. പിന്നീട് ശാസ്താക്ഷേത്രങ്ങളുമുണ്ടായി. ദുർഗാക്ഷേത്രങ്ങളിൽ അടുത്തകാലംവരെ മൃഗബലി ഉണ്ടായിരുന്നു. വെളിച്ചപ്പാട് തുള്ളി ‘കല്പിക്കുക’യും ആ കല്പന നാട്ടുകാർ ശ്രദ്ധാപൂർവംകേട്ട് അനുസരിക്കുകയും ചെയ്തിരുന്നു.

ഗ്രാമനീതിനിർവഹണം, കേരളത്തിൽ

പുരാതന കേരളീയഗ്രാമങ്ങളിൽ നിലവിലിരുന്ന നീതിനിർവഹണരീതി. കേരളത്തിൽ നീതിന്യായനിർവഹണം നടത്തിയിരുന്നതു കൂട്ടങ്ങൾപോലുള്ള പൊതുജനസഭകളാണ്. കീഴ്വഴക്കങ്ങളും നാട്ടുനടപ്പും മര്യാദയുമനുസരിച്ചാണ് കുറ്റവിചാരണ നടത്തിയിരുന്നത്. ഈ സമിതികളുടെ വിധിക്ക് രാജകീയാംഗീകാരം ലഭിച്ചിരുന്നു. ജാതിഭ്രഷ്ട്, പിഴ, സ്വത്തുകണ്ടുകെട്ടൽ, നാടുകടത്തൽ എന്നിവയായിരുന്നു ശിക്ഷയുടെ രൂപങ്ങൾ. തിളച്ച നെയ്യിൽ കൈമുക്കി നിരപരാധിത്വം തെളിയിക്കൽ പല ക്ഷേത്രങ്ങളിലും നിലവിലുണ്ടായിരുന്നു. (ഉദാ: ശുചീന്ദ്രം). നമ്പൂതിരിമാർ വ്യഭിചാരദോഷത്തെ കർശനമായി ശിക്ഷിച്ചിരുന്നു. ഏതെങ്കിലും അന്തർജനത്തിൻെറ പാതിവ്രത്യം സംശയിക്കപ്പെട്ടാൽ അവരെ സ്മാർത്തവിചാരം നടത്തി കുറ്റം ഏറ്റു പറയിപ്പിച്ചുകൊണ്ട് ജാതിഭ്രഷ്ടുകല്പിക്കുകയും കുടുംബത്തിൽനിന്നു പുറന്തള്ളുകയും ചെയ്തിരുന്നു. കോലത്തിരി രാജാവ് ഇത്തരക്കാർക്കുവേണ്ടി ചിറയ്ക്കൽപ്രദേശത്ത് ഒരു മഠം സ്ഥാപിക്കുകയുണ്ടായി. പ്രസ്തുത മന്ദിരത്തിലെ അന്തേവാസികളെ ‘മച്ചിയാർ’ എന്നും അവരുടെ ആൺസന്താനങ്ങളെ ‘മന്ദനാർ’ എന്നും വിളിച്ചിരുന്നു.

ഈഴവരുടെ ഇടയിൽ യോഗങ്ങളാണ് നീതിന്യായം നിർവഹിച്ചിരുന്നത്. ചേരികൾ എന്നായിരുന്നു ഈ യോഗങ്ങളുടെ പേര്. ‘അച്ച’ന്മാരാണ് ഈ സമിതികളുടെ അധ്യക്ഷന്മാർ. ചേരികൾ പ്രായേണ വടക്കെമലബാറിലും തീരപ്രദേശങ്ങളിലുമാണ് കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നത്. മുസ്ലീങ്ങളുടെ സാമൂഹികപ്രശ്നങ്ങൾ കൈകാര്യം ചെയ്തിരുന്നത് ‘മഹല്ലുകൾ’ എന്നറിയപ്പെട്ടിരുന്ന പ്രാദേശികസമിതികളാണ്. ഖാസിമാരാണ് മഹല്ലുകളെ നിയന്ത്രിച്ചിരുന്നത്.

ഗ്രാമപ്പഞ്ചായത്ത്

ഭാരതീയഗ്രാമങ്ങളിൽ നിലവിലിരുന്ന പ്രാദേശിക സ്വയംഭരണസ്ഥാപനം. അഞ്ച് അംഗങ്ങൾ ഉള്ള സമിതി ആയിരുന്നതുകൊണ്ടാണ് ഗ്രാമഭരണസമിതിയെ പഞ്ചായത്ത് എന്നു പറഞ്ഞുവന്നത്. സിവിൽ, ക്രിമിനൽ വ്യവഹാരങ്ങൾ ഉൾപ്പെടെ ഗ്രാമത്തിലെ ഏതു പ്രശ്നവും കൈകാര്യം ചെയ്തു തീർപ്പുകല്പിച്ചിരുന്നതു ഗ്രാമപ്പഞ്ചായത്ത് ആണ്.

പഞ്ചായത്തിൻെറ തീരുമാനം ദൈവനിശ്ചയംപോലെ ചോദ്യംചെയ്യാൻ ആവാത്തതാണ് എന്നു കരുതപ്പെട്ടിരുന്നു. പഞ്ചായത്തിൻെറ തീരുമാനങ്ങൾക്കും നടപടികൾക്കും ഔപചാരികത ഉണ്ടായിരുന്നില്ല. സർക്കാരിൻെറ ഓഫീസുകളും കോടതികളും വന്നപ്പോൾ പഞ്ചായത്തിൻെറ തീരുമാനങ്ങൾക്കും നടപടികൾക്കും വിലയില്ലാതെവന്നു. അഭ്യസ്തവിദ്യരുടെ അവഗണനാഫലമായി പഞ്ചായത്തു നിഷ്ക്രിയമാകുകയും തിരോഭവിക്കുകയും ചെയ്തു.

ഉത്തരേന്ത്യയിലാണു പഞ്ചായത്തുകൾ നിലവിൽ ഇരുന്നത്. കേരളത്തിൽ ‘തറക്കൂട്ടങ്ങൾ’ ആണ് ഈ സ്ഥാനത്ത് ഉണ്ടായിരുന്നത്.

ഗ്രാമഫോൺ

രേഖപ്പെടുത്തിയ ശബ്ദത്തെ പുനരവതരണംചെയ്യുന്നതിനുള്ള ഉപകരണം. റെക്കോർഡിൽ പൊഴികളുടെ രൂപത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ശബ്ദത്തെയാണ് ഒരു സൂചിയുടെ ചലനംകൊണ്ടു പുനരുത്പാദിപ്പിക്കുന്നത്. ആദ്യകാലത്ത് ഉണ്ടായിരുന്ന ചിലവ ശബ്ദപുനരുത്പാദനവും ശബ്ദലേഖനവും നടത്തിയിരുന്നു. ഇപ്പോൾ ശബ്ദലേഖനം വേറെതന്നെയാണു നടത്തുന്നത്.

ചരിത്രം. 1877-ൽ തോമസ് ആൽവാ എഡിസനാണു ഗ്രാമഫോൺ കണ്ടുപിടിച്ചത്. ഇദ്ദേഹം ഇതിനു ഫോണോഗ്രാഫ് എന്നു പേരിട്ടു. 1877-ൽ ഇതു നിർമിച്ചത് എഡിസൻെറ അസിസ്റ്റൻറായ ജോൺ ക്രൂസിയായിരുന്നു. ഇതിലേക്ക് എഡിസൻതന്നെ ‘Mary had a little lamb’ എന്നു തുടങ്ങുന്ന കവിത ചൊല്ലിക്കൊടുത്തു. 1878-ൽ ഇദ്ദേഹം പരീക്ഷണപരമായ ഒരു ഡിസ്ക് ഫോണോഗ്രാഫ് നിർമിച്ചു.

ഈ സന്ദർഭത്തിൽ നിയമപരമായ കാരണങ്ങൾമൂലം എഡിസനു ഗ്രാമഫോൺ സംബന്ധിച്ച ജോലികൾ തുടരുവാൻ സാധിച്ചില്ല. അപ്പോൾ മറ്റുചിലർ ഇത് ഏറ്റെടുത്തു. ടെലിഫോൺ കണ്ടുപിടിച്ച അലക്സാണ്ടർ ഗ്രഹാംബെൽ, അദ്ദേഹത്തിൻെറ സഹോദരനായ ചിചെസ്റ്റർ എ. ബെൽ, ചാൾസ് സമ്നെർ, ടെയ്ൻറർ എന്നിവരാണ് ഇതിൽ പ്രധാനികൾ. വോൾടാ ലാബറട്ടറിയിലെ പ്രവർത്തകരായിരുന്ന ഇവർ ഒരു ഗ്രാമഫോണുണ്ടാക്കി. പൊഴികളിൽ മെഴുകു പിടിപ്പിച്ചിരുന്ന എഡിസൻ-ടിൻ-ചുരുൾ ഫോണോഗ്രാഫായിരുന്നു ആദ്യത്തെ ഇവരുടെ മാതൃക. 1886-ൽ ഇവർക്കു പേറ്റൻറ് ലഭിച്ചു. ഏറെത്താമസിയാതെ വീണ്ടും എഡിസൻ രംഗത്തുവന്നു. ആദ്യത്തെ മാതൃകയിൽ മെഴുക് ആവരണം, ചരിഞ്ഞ മാൻഡ്രേൽ, കല്ലുവച്ച സൂചി (രത്നിതസൂചി) എന്നിങ്ങനെയുള്ള പരിഷ്കാരങ്ങൾ വരുത്തി. ഇവയെല്ലാം ബെൽടെയ്ൻറർ പേറ്റൻറ്സി(1888)നു കീഴിലുണ്ടായിരുന്ന അമേരിക്കൻ ഗ്രാമഫോൺ കമ്പനി നടപ്പാക്കുകയും ചെയ്തു.

1887-ൽ വാഷിങ്ടണിൽ എമിലിബർലിനെർ പാർശ്വികലേഖന സമ്പ്രദായം ആവിഷ്കരിച്ചു. റെക്കോർഡിനു കോപ്പികളെടുക്കുന്ന സമ്പ്രദായം ആദ്യമായി കണ്ടുപിടിച്ചത് ഇദ്ദേഹമായിരുന്നു. 1896-ലാണ് ആദ്യമായി ബർലിനെർ റെക്കോർഡുകൾ കടുപ്പമുള്ള റബ്ബറിൽ അമർത്തിയത്. അദ്ദേഹത്തിൻെറ യന്ത്രം ശബ്ദം പുനരുത്പാദിപ്പിക്കുവാൻമാത്രമേ പ്രയോജനപ്പെട്ടുള്ളു. ഗ്രാമഫോൺ എന്നത് ഇദ്ദേഹം ഇതിനു നല്കിയ പേരാണ്.

1900 വരെയും സംഗീതറെക്കോർഡുകൾ ഉണ്ടാക്കിയിരുന്നില്ല. ആ വർഷമാണു ഷിക്കാഗോയിലെ തോമസ് ബി. ലാംബർട്ട് സെല്ലുലോയിഡിൽ ഇത്തരം റെക്കോർഡുകൾ നിർമിച്ചത്. 1901 വരെയും എഡിസനോ ഗ്രാമഫോൺ കമ്പനിക്കാർക്കോ മെഴുകുകൊണ്ടുള്ള സംഗീതറെക്കോഡുകളുണ്ടാക്കുവാൻ സാധിച്ചിരുന്നില്ല. ഈ സമയം എൽഡ്രിജ് ആർ. ജോൺസൺ ‘വിക്ടർ കോക്കിങ്’ മെഷീൻ കമ്പനി സ്ഥാപിക്കുകയും അദ്ദേഹംതന്നെ പരിഷ്കരിച്ച ഗ്രാമഫോൺ റെക്കാർഡുകൾ വൻതോതിൽ നിർമിക്കുകയുംചെയ്തു. കൂടാതെ അമേരിക്കൻ ഗ്രാമഫോൺ കമ്പനിയും പാർശ്വിക-ഡിസ്ക് യന്ത്രങ്ങളും റെക്കോർഡുകളും വൻതോതിൽ നിർമിക്കുവാൻ തുടങ്ങി. 1912-ൽ എഡിസൺ വജ്രത്തട്ട് (Diamond disc) ഫോണോഗ്രാഫുകൾ നിർമിച്ചുതുടങ്ങി. വേറെയും പല പരിഷ്കാ



ഗ്രാമഫോണിൻെറ മുൻഗാമിയായ ഫോണോഗ്രാഫ്.

രങ്ങളും ഈ മണ്ഡലത്തിൽ പിന്നീടു പലരും വരുത്തി.

പൊഴികളുടെയും സൂചികളുടെയും വലിപ്പം കുറയ്ക്കുന്നതിനുള്ള ശ്രമമാണു പിന്നീടു നടന്നത്. എഡിസൻനിർമിച്ച ആദ്യകാലസിലിണ്ടറുകളിൽ 1 സെ. മീറ്ററിൽ 40 പൊഴിവരെയാണുണ്ടായിരുന്നത്. പിന്നീട് അത് 80 ആയി ഉയർന്നു. 1927-ൽ എഡിസൺ 1 സെ. മീറ്ററിൽ 177 പൊഴികളുള്ള തകിടുകൾ നിർമിക്കുവാൻ ശ്രമിച്ചു. വിജയിച്ചില്ല. 1948-ൽ കൊളംബിയ റെക്കാർഡ്സ്, സെ. മീറ്ററിന് 79 പൊഴികളുള്ള മൈക്രോഗ്രൂവ് റിക്കാർഡുകൾ നിർമിച്ചു. 1958-ൽ സെ. മീറ്ററിൽ 118 പൊഴികളുള്ള റിക്കാർഡുകൾ നിർമിക്കുവാൻ തുടങ്ങി. ഇതിൽ ഒരു പൊഴിയിൽത്തന്നെ രണ്ടു ചാനലുകൾ ഉണ്ടായിരിക്കും.

പ്രവർത്തനം: ഗ്രാമഫോണിനു പ്രധാനമായി നാലു ഭാഗങ്ങളാണുള്ളത്. കറങ്ങുന്ന തട്ട് (Turn table), പിക്-അപ്, സംവർധനി (Amplifier), ഉച്ചഭാഷിണി എന്നിവയാണവ.

പിക്-അപ്പിൽ ഒരു സൂചിയുണ്ട് (സ്റ്റൈലസ്). റെക്കാർഡ് കറങ്ങുന്ന തട്ടിൽ വച്ചിട്ട് പിക്-അപ്പിലെ സൂചി അതിന്മേൽ വയ്ക്കുന്നു. തട്ടു കറങ്ങുമ്പോൾ സൂചി ചലിക്കുകയും തത്ഫലമായി പിക്-അപ്പിൽ വിദ്യുത്സ്പന്ദനങ്ങളുണ്ടാകുകയും ചെയ്യുന്നു. ഈ സ്പന്ദനങ്ങൾ ആദ്യം മൈക്രോഫോണുപയോഗിച്ചു രേഖപ്പെടുത്തിയ ശബ്ദതരംഗങ്ങളോടു തുല്യമായവയായിരിക്കും. ഗ്രാമഫോണിലെ സംവർധനി വിദ്യുത്തരംഗങ്ങളെ ശക്തിപ്പെടുത്തി ഉച്ചഭാഷിണിയെ പ്രവർത്തിപ്പിക്കുവാൻ കഴിവുള്ളതാക്കിത്തീർക്കുന്നു. പിന്നീടു ഈ സ്പന്ദനങ്ങളെ ഉച്ചഭാഷിണിയിലേക്കു നയിക്കപ്പെടുന്നു. ഇവിടെ വിദ്യുത്സ്പന്ദനങ്ങൾ ശബ്ദതരംഗങ്ങളായി മാറ്റപ്പെടുന്നു.



ഇന്നത്തെ ഗ്രാമഫോൺ

പലതരത്തിലുള്ള പരിഷ്കരണങ്ങളും ആധുനിക ഗ്രാമഫോണുകളിലുണ്ട്. പല റെക്കോർഡുകൾ ഒരുമിച്ചുവച്ചു തുടർച്ചയായി മനുഷ്യപ്രയത്നം കൂടാതെ പ്രവർത്തിപ്പിക്കുന്ന മാർഗമാണ് ഒന്ന്. ഉച്ചഭാഷണിയിൽനിന്നു നേരിട്ടല്ലാതെ മറ്റു പലയിടത്തുനിന്നുമായി ശബ്ദം കേൾക്കുന്ന രീതിയാണു മറ്റൊന്ന്. ഉച്ചഭാഷിണിയുടെ പല രീതിയിലുള്ള ക്രമീകരണംകൊണ്ടാണിതു സാധിക്കുന്നത്. † എഡിസൻ † ശബ്ദലേഖനം നോക്കുക.

ഗ്രാമർ സ്കൂൾ

ഇംഗ്ലണ്ടിൽ നിലവിലിരുന്ന സെക്കൻഡറി സ്കൂൾ. കോളെജ് വിദ്യാഭ്യാസത്തിനും പ്രൊഫെഷണൽ വിദ്യാഭ്യാസത്തിനും വിദ്യാർഥികളെ തയാറാക്കിയിരുന്നത് ഈ വിദ്യാലയങ്ങളാണ്. 12-ാം വയസ്സിലാണ് ഇവയിൽ കുട്ടികളെ ചേർത്തിരുന്നത്. മെട്രിക്കുലേഷൻ പരീക്ഷയ്ക്കുവേണ്ടിയാണു കുട്ടികൾ ഈ വിദ്യാലയങ്ങളിൽ പഠിച്ചിരുന്നത്. ഇവ നടത്തിയിരുന്നതു സ്വകാര്യസ്ഥാപനങ്ങളോ വ്യക്തികളോ ആണ്.

'പബ്ലിക് സ്കൂളുകൾ' എന്നു പറഞ്ഞിരുന്നവയും ഇവയും തമ്മിൽ വ്യത്യാസമൊന്നുമില്ല. മിക്ക പബ്ലിക് സ്കൂളുകൾക്കും കൂടുതൽ പ്രാചീനതയും പേരും പെരുമയും ഉണ്ടായിരുന്നു എന്നുമാത്രം. പൊതുസഞ്ചിതനിധി (Public fund) അല്ല പബ്ലിക് സ്കൂളുകളുടെ ചെലവുവഹിച്ചിരുന്നത്.

1902-ൽ വിദ്യാഭ്യാസനിയമം പാസായപ്പോൾ സ്കൂളുകൾക്കു സഹായധനം ലഭിക്കാൻ തുടങ്ങി. രണ്ടു മഹായുദ്ധങ്ങളുടെ ഇടയിലുള്ള കാലത്ത് വിദ്യാഭ്യാസരംഗം പൊതുഉടമയിലായി.

ഗ്രാമസ്വയംഭരണം

ഗ്രാമങ്ങളിൽ നിലവിലിരുന്ന ഭരണരീതി. വേദങ്ങളിലെയും ഉപനിഷത്തുകളിലെയും ഗ്രാമസമൂഹങ്ങൾ ജനാധിപത്യസ്വഭാവം പുലർത്തിയിരുന്നു. ഇവയ്ക്കു സർവവ്യാപകമായ അധികാരങ്ങളും ചുമതലക

ളും ഉണ്ടായിരുന്നതായി മഹാഭാരതം, രാമായണം, മനുസ്മൃതി, അർഥശാസ്ത്രം മുതലായ ഗ്രന്ഥങ്ങൾ സൂചന നല്കുന്നുണ്ട്. പൗരാണികകേരളത്തിലെ യോഗങ്ങളും തറകളും ജനപ്രതിനിധിസഭകളായിരുന്നു. നമ്പൂതിരിമാരുടെ കീഴിൽ പ്രവർത്തിച്ചിരുന്ന 'കഴകങ്ങ'ളിലെ പ്രതിനിധികളെ മൂന്നു വർഷത്തിലൊരിക്കൽ തിരഞ്ഞെടുത്തിരുന്നു. പിന്നീടു ജനസംഖ്യാപ്രാബല്യം നേടിയ നായന്മാർ കഴകങ്ങളുടെ സ്ഥാനത്ത് കൂട്ടങ്ങൾ സ്ഥാപിച്ചു.

ഇന്ത്യയിലെ ഗ്രാമസ്വയംഭരണത്തിൻെറ പ്രവർത്തനം മുസ്ലിംരാജാക്കന്മാരുടെ ആക്രമണത്തോടെ ക്ഷയോന്മുഖമാകുകയും ബ്രിട്ടീഷ് മേൽക്കോയ്മയുടെ കീഴിൽ നിർജീവമായിത്തീരുകയും ചെയ്തു. പക്ഷേ, സ്വയംഭരണത്തിനുവേണ്ടിയുള്ള ജനങ്ങളുടെ മുറവിളിയുടെ ഫലമായി 1882-ൽ റിപ്പൺ പ്രഭു ഗ്രാമസഭകൾ പുനഃസംഘടിപ്പിക്കാൻ ശ്രമിച്ചു. 1919-ലെ ഇന്ത്യാ ആക്ട് പഞ്ചായത്തുകൾക്ക് സാമ്പത്തിക ഭദ്രത വാഗ്ദാനം നല്കി. മഹാത്മാഗാന്ധിയുടെ ഗ്രാമോദ്ധാരണപ്രവർത്തനം പഞ്ചായത്തുകളുടെ വളർച്ചയ്ക്കു നവചൈതന്യം നല്കി. കേരളത്തെ സംബന്ധിച്ചിടത്തോളം 1884-ൽ മദിരാശി പ്രവിശ്യയിൽപ്പെട്ട മലബാർ പ്രദേശത്ത് യൂണിയനുകൾ സ്ഥാപിതമായതോടുകൂടിയാണ് പഞ്ചായത്തുകൾ വളരാൻ തുടങ്ങിയത്. 1914-ൽ കൊച്ചിയും 1920-ൽ തിരുവിതാംകൂറും പഞ്ചായത്തുനിയമങ്ങൾ പാസാക്കി. കേരളപ്പിറവിക്കുശേഷം ഈ നിയമങ്ങൾ ഏകീകരിച്ചുകൊണ്ട് സമഗ്രമായ ഒരു പഞ്ചായത്തുനിയമം 1960-ൽ കേരളനിയമസഭ കൈക്കൊണ്ടു. പഞ്ചായത്തുരാജിനെപ്പറ്റി പുതിയ ഒരു നിയമം ഇനിയും പാസാക്കിയിട്ടില്ല

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ പഞ്ചായത്തിൻെറ ഘടനയിൽ വ്യത്യാസമുണ്ട്. ആയിരത്തിൽതാഴെ ആളുകൾ തിങ്ങിപ്പാർക്കുന്ന ചെറിയ പ്രദേശത്തിനാണ് ഇന്ത്യയുടെ മറ്റുഭാഗങ്ങളിൽ ഗ്രാമമെന്നു പറയുന്നത്. ഗ്രാമസമൂഹങ്ങൾക്കിടയിൽ ആൾപാർപ്പില്ലാത്ത വിശാലമായ സ്ഥലംതന്നെ ഒഴിഞ്ഞുകിടക്കുന്നുമുണ്ടാകും. എന്നാൽ, കേരളത്തിൽ ജനവാസയോഗ്യമായ സ്ഥലങ്ങളിൽ മുഴുവനും തുടർച്ചയായി ആളുകൾ താമസിക്കുന്നു. അതിനാൽ പഞ്ചായത്തുകളെ സാമ്പത്തികഭദ്രതയുള്ള ഭരണഘടകമാക്കി വിഭജിക്കുന്നത് എളുപ്പമാണ്. കേരളത്തിൽ പഞ്ചായത്തുകളിലേക്ക് ഏറ്റവും ഒടുവിൽ തിരഞ്ഞെടുപ്പു നടന്നത് 1988 ജനുവരിയിലാണ്.

ഗ്രാമസ്വരാജ്

ഗ്രാമത്തിൻെറ ആഭ്യന്തരഭരണം ഗ്രാമീണർതന്നെ നടത്തുന്ന സമ്പ്രദായം. ഭാരതത്തിലെ പ്രാചീന ഗ്രാമങ്ങളിൽ ഗ്രാമസമിതികൾ (ഉത്തരേന്ത്യയിൽ പഞ്ചായത്തുകളും ദക്ഷിണേന്ത്യയിൽ തറക്കൂട്ടം, മൻറം മുതലായവയും) നിലവിലിരുന്നു. ഗ്രാമീണർ ഈ സമിതികളിൽ പരാതിബോധിപ്പിക്കയും സമിതികൾ തീരുമാനം എടുത്തു നടപ്പാക്കുകയും ആണു പതിവ്. വിവിധ ജാതികൾക്കും തൊഴിലുകൾക്കും ഈ സമിതികളിൽ പ്രാതിനിധ്യം ഉണ്ടായിരുന്നു.

കാലക്രമത്തിൽ ഇംഗ്ലീഷുകാരുടെ നീതിന്യായനിർവഹണം ശക്തിപ്പെട്ടതോടെ ഗ്രാമസമിതികൾ ഇല്ലാതെ ആയി. ജനകീയ ഭരണത്തിൻെറ അടിത്തറ ആയ ഈ സമിതികളെ മാതൃകാപരമായ രീതിയിൽ പുനരുജ്ജീവിപ്പിക്കുന്ന കാര്യം ഗാന്ധിജി വിഭാവനചെയ്തിരുന്നു. ഈ ആദർശത്തിൻെറ പേരിലാണ് ഇന്നു പഞ്ചായത്തുകൾ ഏർപ്പെടുത്തിയിട്ടുള്ളത്. ഗാന്ധിജി സ്വപ്നംകണ്ട 'രാമരാജ്യ'ത്തിലെപ്പോലെ സിവിൽ ക്രിമിനൽ വ്യവഹാരങ്ങളിൽ ഇടപെടാൻ ഇന്നു പഞ്ചായത്തുകൾക്ക് അധികാരമില്ല. ഭാരതസ്വാതന്ത്ര്യത്തിൻെറ അവിഭാജ്യഘടകമായിട്ടാണു ഗാന്ധിജി 'ഗ്രാമസ്വരാജ്' വിഭാവനചെയ്തിരുന്നത്.

ഗ്രാമിനെ (Gramineae)

പുൽച്ചെടികളുടെ കുലം. നെല്ല്, ചാമ, ഗോതമ്പ്, ബാർലി, ഓട്സ്, ചോളം, കരിമ്പ്, മുള എന്നിവയെല്ലാം ഈ വംശത്തിൽ പെട്ടവയാണ്. ഭൂമുഖത്ത് മുപ്പതുശതമാനം സ്ഥലത്തും പുൽച്ചെടികളാണെന്ന് കണക്കാക്കിയിട്ടുണ്ട്. തുറസ്സായ സ്ഥലങ്ങളിലേ വളരുകയുള്ളു. ഉഷ്ണമേഖലയിലും സമശീതോഷ്ണമേഖലയിലും ശീതമേഖലയിലും ചതുപ്പുനിലങ്ങളിലും വളരുന്ന അനേകായിരം ജാതി പുല്ലുകളുണ്ട്. മിക്കവയും വാർഷികങ്ങളോ ചിരങ്ങളോ ആയ ഓഷധികളാണ്; ചിലതു കുറ്റിച്ചെടികളും.

വേര്: നാരുപോലുള്ള അനേകം വേരുകൾ നാലുപാടും പടർന്നു വളർന്നു പുൽച്ചെടിയെ മണ്ണിൽ ഉറപ്പിച്ചുനിർത്തുന്നു. ഈ വേരുകൾ മണ്ണ് ഒലിച്ചുപോകാതിരിക്കാൻ സഹായിക്കുന്നുമുണ്ട്.

കാണ്ഡം: ചിരങ്ങളായ പുൽച്ചെടികളുടെ ഭൂകാണ്ഡങ്ങൾ പുഷ്ടിപ്രാപിച്ചവയാണ്. ഇവ നെടുനീളെ പടരും (ഉദാ: അഗ്രോ പൈറോൺ). മൂലകാണ്ഡത്തിൽ മുട്ടുകളും പോളപോലുള്ള ശല്കപത്രങ്ങളും കാണുന്നതുകൊണ്ട് ഇവ വേരല്ല, കാണ്ഡംതന്നെയാണ് എന്നു നിശ്ചയിക്കാം. പൊള്ളയല്ലാത്ത മൂലകാണ്ഡം ഉറപ്പുള്ളതും ഒറ്റപ്പരിപ്പൻചെടിയുടെ കാണ്ഡത്തിൻെറ ഘടനയുള്ളതും ആണ്.

ചിലയിനം പുല്ലുകൾക്കു ഭൂതലത്തിന്നു സമാന്തരമായി ഭൂമിയുടെ ഉപരിതലത്തിൽക്കൂടി പടരുന്ന കാണ്ഡങ്ങൾ ഉണ്ട്. ഇവയ്ക്കു സ്റ്റോളൻ എന്നു പറയുന്നു.

മൂലകാണ്ഡങ്ങളുടെയും സ്റ്റോളനുകളുടെയും മുകളിൽനിന്നു ശാഖകളും അസ്ഥാനമൂലങ്ങളും പുറപ്പെടും. ഓരോ മുട്ടും പുതിയ ചെടികളെ ഉത്പാദിപ്പിക്കാൻ സമർഥമാണ്. വായുവിൽ നെടുകെ വളരുന്ന പുൽത്തണ്ട് ഉരുണ്ടതും ചിലപ്പോൾ പരന്നതും മിനുസമുള്ള



വിവിധയിനം
പുല്ലുകൾ



ഒരിനം ചോളം



ബാർലി



ഓട്സ്

തുമാണ്. മുട്ടുകൾ കട്ടിയുള്ളതാണ്. മുട്ടുകൾക്കിടയ്ക്കുള്ള കാണ്ഡ ഭാഗം പൊള്ളയോ (മുള, ഈറ) ചോറു നിറഞ്ഞതോ (കരിമ്പ്, ചോളം) ആയിരിക്കും. ഇതിന് അടിവശത്തായി പെട്ടെന്നു വളരുന്ന ഒരു ഭാഗമുണ്ട്. ഈ ഭാഗത്തുള്ള കോശങ്ങൾ വേഗത്തിൽ വളരുകയും വിഭജിക്കുകയും എണ്ണം കൂടുകയും ചെയ്യുന്നതിനാലാണ് പുൽത്തണ്ടിനു നീളം വർധിക്കുന്നത്.

പലയിനം മുളകളുടെയും മുട്ടിൽ സിലിക്കാമയമായ ഒരു വെളുത്ത പദാർഥം ഉണ്ട്. ചിലജാതി പുല്ലുകളുടെ അടിഭാഗത്തുള്ള മുട്ടുകൾ ഉരുണ്ടുതടിച്ച് ആഹാരം സംഭരിക്കുന്ന ഭാഗമായിത്തീരുന്നുണ്ട്. (ഉദാ: കന്നുകാലിത്തീറ്റയായ റ്റിമോത്തിപ്പുല്ല്).

ഇല: ഒരു മുട്ടിൽ ഒരില മാത്രം സ്ഥിതിചെയ്യുന്നു. ഏകാന്തരന്യാസമാണു ക്രമീകരണരീതി.

ഇലയ്ക്കു സാധാരണമായി പോള, പത്രം എന്നിങ്ങനെ രണ്ടു ഭാഗങ്ങളുണ്ട്. പോള കാണ്ഡത്തെ പൊതിഞ്ഞു നില്ക്കുന്നു. എന്നാൽ, പോളയുടെ രണ്ടരികും തമ്മിൽ യോജിക്കുന്നില്ല. ചിലജാതി പുല്ലുകളിൽ പോളയുടെ രണ്ടരികും തമ്മിൽ യോജിച്ച് ഒരു കുഴലായിത്തീരുന്നു. (ഉദാ: പോവ-Poa). പോവയും പത്രവും സന്ധിക്കുന്ന സ്ഥലത്ത് നേർത്ത കടലാസുപോലുള്ള ജിഹ്വിക(Ligule) കാണുന്നു. ചിലയിനം പുല്ലിൽ ജിഹ്വികയുടെ സ്ഥാനത്ത് ഏതാനും രോമങ്ങളാണ് കാണുന്നത്. മറ്റുചില ജാതികളിൽ ജിഹ്വികയ്ക്കും പുറമെ പോളയുടെ ഓരോ അരികിൽനിന്നും പച്ചനിറവും നാക്കിന്റെ ആകൃതിയും ഉള്ള ഒരു ഭാഗം ഉന്തിനില്ക്കും. ഇലകൾ സാധാരണ രേഖാകാരങ്ങൾ (Linear) ആണ്. സമാന്തരസിരകളുണ്ട്. ഇലയുടെ ഉപരിവൃതിയിൽ രോമങ്ങൾ കാണാം. വരണ്ട സ്ഥലങ്ങളിൽ വളരുന്ന പുൽച്ചെടികളുടെ ഇല ചുരുണ്ടിരിക്കും.

പുൽച്ചെടികളിൽ പൂവ് കുലകളായിട്ടാണു കാണുന്നത്. പല സ്പൈകികങ്ങൾ ഏകോപിച്ച് ഒരു മഞ്ജരിയായിത്തീരുന്നു. പുഷ്പവൃന്തങ്ങളുള്ള നിരവധി സ്പൈകികങ്ങളോടുകൂടിയ ബഹുശാഖാമഞ്ജരിയാണു പുൽച്ചെടികളിൽ പരക്കെ കാണുന്നത്. ഗോതമ്പുകതിര് സ്പൈക് ആണ്. ഇതിലെ സ്പൈകികത്തിനു പുഷ്പവൃന്തമില്ല.

സ്പൈകികം: സ്പൈകികത്തിനു ചെറിയ ഒരു തണ്ടും രൂപാന്തരം പ്രാപിച്ച അനേകം പത്രങ്ങളും ഉണ്ട്. ഈ പത്രങ്ങളെ തുഷങ്ങൾ (Glumes) എന്നു പറയുന്നു. തുഷങ്ങൾ ചെറുതണ്ടിൽ ഏകാന്തരന്യാസരീതിയിലാണു ക്രമീകരിച്ചിട്ടുള്ളത്. തുഷങ്ങളുടെ കക്ഷ്യങ്ങളിലാണ് ചെറുപൂക്കൾ വളരുന്നത്. ഒരു സ്പൈകികത്തിൽ ഒന്നുമുതൽ നാലുവരെ ചെറുപുഷ്പങ്ങളാണ് സാധാരണ കാണാറുള്ളത്. ഒരു സ്പൈകികത്തിൽ ഏറ്റവും അടിയിലുള്ള രണ്ടു തുഷങ്ങൾ ശൂന്യമാണ്. അവയ്ക്കു മുകളിലുള്ള തുഷങ്ങൾ ചെറുപുഷ്പങ്ങളെ വഹിക്കുന്നു. പുഷ്പങ്ങൾ ഉൾക്കൊള്ളുന്ന തുഷങ്ങളിൽ വലുത് ചെറുതിനെ ഭാഗികമായി പൊതിയുന്നു. വലിയ തുഷത്തെ ലെമ്മ എന്നും ചെറുതിനെ പാലിയ എന്നും പറയും. ലെമ്മയുടെ അറ്റത്ത് ഓവുണ്ട്.

പുഷ്പങ്ങൾ: മിക്ക ചെടികളും പരപരാഗണത്തെ സഹായിക്കുന്ന തരത്തിൽ വിരിഞ്ഞു വികസിച്ചു പൂക്കളുള്ളവയാണ്. പൂക്കൾ സാധാരണമായി ദ്വിലിംഗങ്ങളായിരിക്കും. ചോളത്തിന്റെ പൂവ് ഏകലിംഗം ആണ്. പുഷ്പപുടത്തിൽ രൂപഭേദം വന്ന തണ്ടിൽ തടിച്ച ശല്ക്കങ്ങൾ മാത്രമേ കാണുന്നുള്ളു. ഇവ പുഷ്പത്തിന്റെ അടിഭാഗത്തു ലെമ്മ നില്ക്കുന്ന വശത്തായി സ്ഥിതിചെയ്യുന്നു.

സാധാരണമായി മൂന്നു കേസരങ്ങളുണ്ട്. മുളയുടെ പൂവിലും നെൽപ്പൂവിലും ആറ് കേസരങ്ങൾവീതം കാണും. തന്തുകവും പരാഗിയും വളരെ നീളമുള്ളവയാണ്. കാറ്റടിച്ചാൽ പൂമ്പൊടിവിതരണം നടക്കത്തക്കവിധം കേസരങ്ങൾ വെളിയിലേക്കു നില്ക്കുന്നു. അണ്ഡാശയം മുകളിൽ. അണ്ഡപർണം ഒന്നേയുള്ളു. ഒരറ മാത്രമുള്ള അണ്ഡാശയത്തിൽ ഒറ്റ അണ്ഡം മാത്രം കാണുന്നു. കീലങ്ങൾ രണ്ടുണ്ട്. കീലാഗ്രം തൂവലു പോലിരിക്കും. ഫലത്തിൽ ഒരു അറയും ഒരു വിത്തും മാത്രമേയുള്ളു. ചിലയിനം മുളകളുടെ ഫലങ്ങൾ കട്ടിയേറിയ പുറംതോടുള്ള കായ്കളാണ്. വിത്തിലെ ഭ്രൂണം ചെറുതാണ്. വിത്തിൽ സ്റ്റാർച്ച് അടങ്ങിയ ബീജാന്നം ധാരാളം ഉണ്ട്.

വിത്തുവിതരണം: ധാന്യത്തിന്റെ ഓവ് വിതരണത്തെ സഹായിക്കുന്നു. മൃഗങ്ങളുടെ രോമത്തിനിടയിലോ പക്ഷികളുടെ തൂവലുകളിലോ ഓവ് പറ്റിപ്പിടിച്ച് ധാന്യങ്ങൾ ദൂരദിക്കിൽ ചെന്നെത്തും. ധാന്യങ്ങൾ മനുഷ്യന് ആവശ്യമുള്ളതുകൊണ്ട് അവർ അറിഞ്ഞുകൊണ്ടു വിതരണം ചെയ്യുന്നുമുണ്ട്.

വിഭജനം: 500 ജീനസിലായി അയ്യായിരത്തിലേറെ സ്പീഷിസുണ്ട്. വർഷംതോറും പുതിയ ഇനങ്ങൾ കണ്ടുപിടിക്കുന്നുമുണ്ട്. തൃണവംശത്തെ പാനികോയ്ഡിയേ, ഫെസ്റ്റുവോയ്ഡിയേ എന്നു രണ്ട് ഉപവംശങ്ങളായി തിരിച്ചിട്ടുണ്ട്.

പ്രധാന ചെടികൾ: വളരെയധികം സാമ്പത്തികപ്രാധാന്യമുള്ള സസ്യങ്ങളാണ് തൃണവംശത്തിലുള്ളത്. ഈ വംശത്തിലുള്ള ചെടികളിൽ ഉണ്ടാകുന്ന ധാന്യങ്ങൾ മനുഷ്യന്റെ ആഹാരത്തിനും കച്ചി കന്നുകാലിത്തീറ്റയ്ക്കും ഉപയോഗിക്കുന്നു.

പ്രാധാന്യമുള്ള മറ്റു ചില സ്പീഷീസ് ആണ് ഇഞ്ചിപ്പുല്ലും (സിംബോ പോഗൺ സിട്രേറ്റസ്) ഈറയും (ഓക്ക്ലാൻഡ്രാവൻ കോറിക്ക) മുളയും (ബാംബൂസ്യ അരുൻ ഡിനേസേ) ദർഭപ്പുല്ലും (ഇംപെരാറ്റ അരുൺ ഡിനേസേ).

ഗ്രാമീണഭവനങ്ങൾ

കേരളത്തിലെ ഗ്രാമീണഗൃഹങ്ങളുടെ സംവിധാനരീതി. കേരളീയഗ്രാമങ്ങളിൽ വീടുകൾ വിട്ടുവിട്ടാണു നിർമിച്ചിട്ടുള്ളത്. വേലിയോ മതിലോ ഉള്ള വിശാലമായ പറമ്പും പടിപ്പുരയും പല ഗൃഹങ്ങൾക്കുമുണ്ട്. നാലുകെട്ട് എന്നറിയപ്പെടുന്ന പഴയ വീടുകൾ മിക്കതും കൂട്ടുകുടുംബാവശ്യാർഥം പണികഴിപ്പിച്ചവയാണ്. നമ്പൂതിരിമാരുടെ വാസസ്ഥലത്തെ ഇല്ലമെന്നും നായന്മാരുടെതിനെ തറവാടെന്നും വിളിച്ചുവന്നു. ഓരോ നാലുകെട്ടിനും സ്വന്തമായ കാവും ശവപ്പറമ്പുമുണ്ട്. ചതുരാകൃതിയിലുള്ള നാലുകെട്ടിനകത്ത് സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകസ്ഥലവും, കാരണവർക്ക് പ്രത്യേകമുറിയും

സൗകര്യപ്പെടുത്തിയിരുന്നു. പടിഞ്ഞാറുഭാഗത്താണ് കലവറയും കിടപ്പുമുറിയും. വടക്കുഭാഗത്താവും അടുക്കളയും ഭക്ഷണമുറിയും. തെക്കും കിഴക്കും ഭാഗങ്ങൾ സന്ദർശകരെ സ്വീകരിക്കാനുള്ള വലിയ അകങ്ങളാണ്. ഭൂരിഭാഗംപേരും കൃഷിക്കാരായതിനാൽ നെല്ലുമെതിക്കാനും ഉണക്കുവാനും സൂക്ഷിക്കുവാനുമുള്ള സൗകര്യങ്ങളും നാലുകെട്ടിന്നകത്തുണ്ടായിരിക്കും. വീടിനുചുറ്റും വിശാലമായ വരാന്തകളുണ്ടായിരിക്കും - പുറമേ വിസ്താരമേറിയ മുറ്റവും. ദിവസവും അടിച്ചുവാരി, ചാണകം മെഴുകി മുറ്റങ്ങൾ ആകർഷകമായി സൂക്ഷിക്കും. മുറ്റത്ത് ഉയർത്തിക്കെട്ടിയ തുളസിത്തറയുണ്ടാവും. പ്രമാണിമാരുടെ വീടുകൾ കല്ലുകൊണ്ടു കെട്ടി ഓടുമേഞ്ഞ് കുമ്മായം തേച്ചിരിക്കും. രണ്ടുനിലയും അപൂർവമല്ല. മറ്റുള്ളവ മണ്ണുകൊണ്ടു കെട്ടി ഓലമേഞ്ഞതായിരിക്കും. പാവപ്പെട്ടവരുടെ വീട് ഓലമേഞ്ഞ ചെറ്റപ്പുരകളാണ്. കൃഷിയാവശ്യത്തിന് താമസിക്കാനും, നെല്ലും മറ്റും സൂക്ഷിക്കാനും കൃഷിപ്പാടത്തോടനുബന്ധിച്ച് 'കള'ങ്ങൾ നിർമിക്കുക സാധാരണമായിരുന്നു. പാടങ്ങൾ വീടുകളിൽനിന്നു വിട്ടുമാറി കിടക്കുന്നതിനാൽ കൃഷികാര്യങ്ങൾ നിർവഹിക്കാൻ കളങ്ങൾ ഉപയോഗിച്ചുവന്നു.

മരസാമാനങ്ങൾ വീടുകളിൽ ദുർലഭമായിരുന്നു. പലക, മെത്ത, പായ എന്നിവയാണ് പണ്ടുകാലങ്ങളിൽ സന്ദർശകരെ സ്വീകരിക്കാനുപയോഗിച്ചിരുന്നത്. ചിലയിടങ്ങളിൽ കട്ടിലുകളുമുണ്ടായിരുന്നു. എന്നാൽ കസേര, മേശ മുതലായവ സർവസാധാരണമായിത്തീർന്നത് വിദേശീയരുമായുള്ള സമ്പർക്കത്തിന്റെ ഫലമായാണ്.

ഗ്രാമീണവിനോദങ്ങൾ, കേരളത്തിൽ

പ്രാചീനകാലം മുതൽ കേരളഗ്രാമങ്ങളിൽ നിലനിന്ന വിനോദങ്ങൾ. മതപരമായ ചടങ്ങുകളോട് അനുബന്ധിച്ചാണ് വിനോദങ്ങൾ വളർന്നുവന്നത്. സുകുമാരകലകളായ കഥകളി, പാഠകം, ഹരികഥ, ഓട്ടംതുള്ളൽ, ചാക്യാർകൂത്ത്, മോഹിനിയാട്ടം, കൃഷ്ണനാട്ടം എന്നിവ ക്ഷേത്രകലകളാണ്. ഇവ മതപരമായ ഇതിവൃത്തമാണ് അവതരിപ്പിച്ചിരുന്നതെങ്കിലും ഗ്രാമീണരുടെ വിനോദത്തിനുള്ള പ്രധാന മാർഗങ്ങളായിരുന്നു. കോൽക്കളി, വള്ളംകളി, കാളപൂട്ട്, കോഴിക്കെട്ട്, ദപ്പുകൊട്ട്, ഓണത്തല്ല് എന്നിവയാണ് മറ്റു വിനോദങ്ങൾ. പൂരക്കളി, തിരുവാതിരകളി, കൈകൊട്ടിക്കളി, ഊഞ്ഞാലാട്ടം എന്നിവയാണു സ്ത്രീകളുടെ വിനോദങ്ങൾ. †വടക്കൻപാട്ട്, †തെക്കൻപാട്ട് †വില്ലടിച്ചാൻപാട്ട്, †കുറത്തിപ്പാട്ട്, †മാപ്പിളപ്പാട്ട് എന്നീ †നാടൻപാട്ടുകൾ സാമൂഹികവിനോദത്തിനുള്ള വകനല്കിയിരുന്നു.

കേരളത്തിലെ എല്ലാ ക്ഷേത്രങ്ങളിലും വർഷത്തിലൊരിക്കൽ ഉത്സവങ്ങൾ സംഘടിപ്പിച്ചിരുന്നു. തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ ആറാട്ട്, തൃശൂർ പൂരം, കൊടുങ്ങല്ലൂർ ഭരണി, ആലുവാ ശിവരാത്രി എന്നിവ ധാരാളം സന്ദർശകരെ ആകർഷിക്കുന്നു. മലപ്പുറം, മമ്പുറം, കൊണ്ടോട്ടി, കാഞ്ഞിരമറ്റം, ഭീമാപള്ളി എന്നിവിടങ്ങളിലെ മഖാംനേർച്ചയാണ് മുസ്ലീങ്ങളുടെയിടയിലെ ആഘോഷങ്ങൾ. മയ്യഴിയിലെയും മലയാറ്റൂരിലെയും പെരുന്നാളുകൾ ക്രിസ്ത്യൻഭക്തജനങ്ങൾക്ക് പ്രധാനമാണ്. ഇവയ്ക്കുപുറമെ അതതു പ്രദേശത്തെ കാവുകളിലും ക്ഷേത്രങ്ങളിലും നടത്തുന്ന പൂരം, പാന, അയ്യപ്പൻവിളക്ക്, പാട്ട്, ആറാട്ട്, തെയ്യാട്ടം എന്നിവ സാമൂഹികാഘോഷങ്ങൾതന്നെയായിരുന്നു.

ഗ്രാമീണ വേഷവിധാനം, കേരളത്തിൽ

കേരളത്തിലെ പ്രാചീനഗ്രാമങ്ങളിൽ നിലവിലിരുന്ന വേഷവിധാനങ്ങൾ. കേരളീയർ ശുഭ്രവസ്തങ്ങളാണ് പൊതുവെ ഇഷ്ടപ്പെടുന്നത്. ആണുങ്ങൾ മുൻകുടുമ വളർത്തുകയും നെറ്റിയിലും മാറിലും ചന്ദനക്കുറി തൊടുകയും ചെയ്തിരുന്നു. ഒറ്റമുണ്ടാണ് സാധാരണവസ്ത്രം. പുറത്തുപോകുമ്പോൾ മേൽ(രണ്ടാം)മുണ്ട് ചുമലിലിടും. ഈ വേഷവിധാനം കാലക്രമേണ ഷർട്ടും ജുബ്ബയും മുണ്ടും മേൽമുണ്ടുമായി പരിഷ്കരിച്ചു. മുസ്ലീങ്ങൾ മുടി വടിക്കുകയും, താടി വളർത്തുകയും ചെയ്തിരുന്നു. അവർ കുപ്പായം, മുണ്ട്, മേൽമുണ്ട് എന്നിവയ്ക്കു പുറമെ കറുത്ത വാലുള്ള ചെമന്ന തുർക്കിത്തൊപ്പിയോ, രോമത്തൊപ്പിയോ, വെളുത്ത മാപ്പിളത്തൊപ്പിയോ ധരിച്ചിരുന്നു. ചിലർ തലപ്പാവും ധരിക്കാറുണ്ട്. ക്രിസ്ത്യാനികളിൽ ചില വിഭാഗക്കാർ വെളുത്ത കുപ്പായത്തിനും മുണ്ടിനും പുറമെ കഴുത്തിൽ വെന്തിങ്ങയും കുരിശും അണിയാറുണ്ട്. സ്ത്രീകൾ ഒറ്റമുണ്ടാണ് ഉപയോഗിച്ചിരുന്നത്. അഭിജാതരായ, ഹിന്ദുസ്ത്രീകൾ മുലക്കച്ചകൾ ധരിക്കാറുണ്ട്. മറ്റു സമുദായക്കാരെ മാറുമറയ്ക്കാനനുവദിച്ചിരുന്നില്ല. കാലക്രമേണ എല്ലാ സ്ത്രീകളുടെയും വസ്ത്രം പുടവയും റൗക്കയുമായിത്തീർന്നു. മുസ്ലീംസ്ത്രീകൾ വർണനൂലുകൊണ്ടുള്ള കൈവേലകളാൽ തീർത്ത മുഴുക്കൈയൻ കുപ്പായവും കാച്ചിമുണ്ടും തലയിൽ 'മക്കന'യും ധരിക്കുന്നു. ക്രിസ്ത്യൻസ്ത്രീകളുടെ വസ്ത്രം വെളുത്ത ചട്ടയും മുണ്ടുമാണ്. മുണ്ടിന്റെ ഒരുതുണ്ട് പിൻഭാഗത്ത് വിശറിയുടെ രൂപത്തിൽ ഞൊറിഞ്ഞിരിക്കും.

ആഭരണക്കാര്യത്തിൽ കേരളീയസ്ത്രീകൾ പ്രത്യേക പ്രതിപത്തിയുള്ളവരാണ്. കൈ, കാൽ, കണ്ഠം, ചെവി, മൂക്ക്, അര എന്നീ ഭാഗങ്ങളിൽ ആഭരണങ്ങളണിഞ്ഞിരുന്നു. പവൻമാല, മുത്തുമാല, കാപ്പ്, തോട, പൂത്താലി, അരഞ്ഞാണം, പാദസരം, മൂക്കുത്തി എന്നിവയാണ് സാധാരണ ധരിക്കാറുള്ള ആഭരണങ്ങൾ. ഹിന്ദുക്കളിൽ ആണുങ്ങളും കാതിൽ ആഭരണം അണിഞ്ഞിരുന്നു. കടുക്കൻ എന്നാണ് ഇതിന്റെ പേര്. മുസ്ലീംസ്ത്രീകൾ മേൽക്കാതിന്റെ അറ്റത്ത് അഞ്ചോ, ആറോ തുളകൾ ഉണ്ടാക്കി അലിക്കത്തും താഴത്തെ തുളയിൽ അഞ്ചോ ആറോ കാതിലയും ധരിക്കുന്നു. ക്രിസ്ത്യാനികൾ കുണുക്കും വാളികയും ധരിച്ചിരുന്നു.

ഗ്രാമീണ സമ്പദ്വ്യവസ്ഥ

പ്രാചീനഗ്രാമങ്ങളിൽ നിലവിലിരുന്ന സാമ്പത്തികസ്ഥിതി. കൃഷിയായിരുന്നു പ്രാചീന ഗ്രാമസമ്പദ്വ്യവസ്ഥയുടെ ജീവൻ. ജന്മിസമ്പ്രദായമാണ് ഭൂവ്യവസ്ഥയെ നിയന്ത്രിച്ചിരുന്നത്. കേരളത്തിലെ പ്രമുഖരായ ജന്മിമാർ നമ്പൂതിരിമാരായിരുന്നു. നായന്മാർ ഭൂമിയുടെ കാണാവകാശികളും. കൃഷിചെയ്യാത്ത ഈ ജന്മിമാർക്കുവേണ്ടി വേലചെയ്തിരുന്നത് തീണ്ടൽജാതിക്കാരായ ചെറുമക്കളും പുലയരുമാണ്. മണ്ണിനോടു ബന്ധിക്കപ്പെട്ടിരുന്ന ഭൂരഹിതരായ ഈ പാവപ്പെട്ട തൊഴിലാളിവർഗം ജന്മിമാരോടു കടപ്പെട്ടാണ് കഴിഞ്ഞുപോന്നത്.

ജന്മിമാർ തങ്ങളുടെ സ്ഥലം കൃഷിചെയ്യിക്കുന്നതിന് വിവിധ കുടിയായ്മസമ്പ്രദായങ്ങൾ സ്വീകരിച്ചിരുന്നു. അവയിൽ പ്രധാനം കാണമായിരുന്നു. കാണം എന്നത് പാട്ടവും പണയവും അടങ്ങുന്ന ഒരുതരം കരാറാണ്. പാട്ടം ജന്മിക്കു വാരവും പണയം കുടിയാന് താൻ നല്കുന്ന പണത്തിന്റെ പലിശയും നല്കാൻ വ്യവസ്ഥചെയ്യുന്നു.

കൃഷിയിലെ ഒഴിവുസമയങ്ങൾ ഉപയോഗപ്പെടുത്തി വളർത്തിക്കൊണ്ടുവന്ന കുടിൽവ്യവസായങ്ങൾ എല്ലാ ഗ്രാമങ്ങളുടെയും ഐശ്വര്യം നിലനിർത്തിയിരുന്നു. പക്ഷേ, വൈയവസായികവിപ്ലവപ്രക്രിയകൾ അവയെ തളർത്തിക്കളഞ്ഞു. എന്നാൽനെയ്ത്തും എണ്ണയാട്ടും കള്ളെടുപ്പും മൺപാത്രനിർമാണവും പായനെയ്ത്തും ഒരളവുവരെ ഗ്രാമങ്ങളിൽ .നിലനില്ക്കുന്നു. കൃഷിയാണു സാധാരണക്കാരന്റെ പ്രധാന ഉപജീവനമാർഗം. ആവശ്യത്തിലധികമാളുകൾ കൃഷിജോലിയിൽ ഏർപ്പെട്ടു ജീവിക്കുന്നതിനാൽ നമ്മുടെ മിക്കഗ്രാമങ്ങളും തൊഴിലില്ലായ്മയുടെ രംഗമായിത്തീർന്നിരിക്കുന്നു. പ്രാചീനരൂപത്തിലുള്ള കൃഷി, വളങ്ങളും മറ്റും സമയത്തു ചേർക്കാനുള്ള കൃഷിക്കാരന്റെ കഴിവില്ലായ്മ, കാര്യക്ഷമമായ വായ്പാസൗകര്യത്തിന്റെ അഭാവം, ശാസ്ത്രീയരീതികളുടെനേരെയുള്ള കൃഷിക്കാരന്റെ വിമുഖത, ജലസേചനത്തിനുള്ള സൗകര്യക്കുറവ് തുടങ്ങിയവയാണ് നമ്മുടെ കാർഷികോത്പാദനക്കുറവിനുള്ള പ്രധാന കാരണങ്ങൾ.

കൂട്ടുകുടുംബവും ജാതിവ്യവസ്ഥയുമാണ് ഗ്രാമീണസമ്പദ്ഘടനയെ നിയന്ത്രിച്ചിരുന്നത്. നമ്പൂതിരിമാരുടെ പൂർവികസ്വത്തു ഭാഗിക്കാൻ അനുവദിച്ചിരുന്നില്ല. നായർത്തറവാടുകളും മരുമക്കത്തായ ദായക്രമമനുസരിച്ച് കൂട്ടുസ്വത്തുക്കളായിത്തന്നെ നിലനിന്നുപോന്നു. ഈഴവരിലും മലബാർ മുസ്ലീങ്ങളിലും ഒരുവിഭാഗം മരുമക്കത്തായക്കാരാണ്. നമ്പൂതിരിമാരും മറ്റു സമുദായക്കാരും മക്കത്തായികളും.

വെച്ചുമാറ്റമാണു വിനിമയത്തിനുപയോഗിച്ചിരുന്ന മാർഗം. നാണയങ്ങളുടെ വരവിനുശേഷവും പദാർഥങ്ങൾ വിനിമയത്തിനുപയോഗിച്ചുവന്നു. വിപണികളുടെ സ്ഥാനം ഗ്രാമങ്ങളിലെ ആഴ്ചച്ചന്തകളാണു നിർവഹിച്ചിരുന്നത്. കാലിച്ചന്ത, തുണിച്ചന്ത മുതലായ വിശേഷചന്തകളും ഏർപ്പാടുചെയ്തിരുന്നു. ആഴ്ചച്ചന്തകൾ ഗ്രാമീണസമ്പദ്വ്യവസ്ഥയിൽനിന്ന് അസ്തമിച്ചുകഴിഞ്ഞിട്ടില്ലെങ്കിലും 'അങ്ങാടി'കൾ അതിന്റെ സ്ഥാനം മിക്കവാറും ഏറ്റെടുത്തുകഴിഞ്ഞിരിക്കയാണ്. ഗ്രാമങ്ങളിലെ ഉത്സവാഘോഷങ്ങൾ കച്ചവടത്തിനും വ്യാപാരത്തിനും കൂടുതൽ സൗകര്യങ്ങൾ സൃഷ്ടിച്ചു. കൃഷിപ്രവൃത്തികൾക്കും മറ്റും വേതനം നല്കിയിരുന്നത് ധാന്യമായിട്ടാണ്. ക്ഷൗരം, അലക്ക് മുതലായ സേവനങ്ങൾക്ക് വർഷത്തിൽ ഒരിക്കൽ കൊയ്ത്തുകാലത്ത് ഒന്നിച്ചു പ്രതിഫലം നല്കുന്ന സമ്പ്രദായമാണു ഗ്രാമങ്ങളിലുണ്ടായിരുന്നത്. കടംവായ്പ, സമ്പാദ്യം എന്നിവയ്ക്കുള്ള

സൗകര്യം വളരെ പരിമിതമായിരുന്നു. എന്നാൽ പരസ്പരസഹായാടിസ്ഥാനത്തിൽ പ്രവർത്തിച്ചുവന്നിരുന്ന കുറി(ചിട്ടി) ഒരു പരിധിവരെ മുട്ടുകൾതീർക്കാൻ ഉതകിയിരുന്നു. ജന്മിമാരും നാണ്യക്കച്ചവടക്കാരു (Usurers) മാണ് വായ്പ നല്കിയിരുന്ന മറ്റുള്ളവർ. അവരുടെ ഉയർന്ന പലിശനിരക്കും മറ്റു നിബന്ധനകളും കൃഷിക്കാരുടെ താത്പര്യത്തെ ഹനിക്കുന്നവയായിരുന്നു. നിക്ഷേപം പ്രധാനമായും ഭൂസ്വത്തുക്കളിൽമാത്രം പരിമിതമായിരുന്നു. സമ്പാദ്യങ്ങൾ സ്വർണമായും മറ്റു വിലപിടിച്ച ലോഹങ്ങളുടെ രൂപത്തിലുമാണ് സൂക്ഷിച്ചിരുന്നത്. അവ 'നിധി'കളാക്കി കുഴിച്ചിടുന്ന സമ്പ്രദായവും ഉണ്ടായിരുന്നു.

ഗ്രാമ്പ്

മിർട്ടേസേ കുലത്തിൽപ്പെട്ട കുറ്റിച്ചെടി. ശാസ്ത്രനാമം: *യൂജിനിയ കാരിയോഫില്ലേറ്റാ (Eugenia Caryophyllata).*



ഗ്രാമ്പ് : ഒരു ശാഖ

മൊളുക്കസ് അഥവാ സ്പൈസ് ഐലണ്ട് ആണ് ഗ്രാമ്പിന്റെ ആദിമജന്മദേശം. ഡച്ചുകാർ ആദ്യം കൈവശപ്പെടുത്തിയ ഈ സ്ഥലം പോർത്തുഗീസുകാർ പിടിച്ചെടുത്തു. 1770-ൽ മൊറീഷ്യസിൽ ഫ്രഞ്ചുകാർ ഈ കൃഷി നടപ്പാക്കി. ക്രമേണ ഗയാന, ബ്രസീൽ, വെസ്റ്റ് ഇൻഡീസ്, സാൻസിബാർ തുടങ്ങിയ പ്രദേശങ്ങളിലേക്കും ഗ്രാമ്പ്കൃഷി വ്യാപിച്ചു. ആഫ്രിക്കയുടെ കിഴക്കൻ തീരപ്രദേശങ്ങളിലെയും ദ്വീപുകളിലെയും മുഖ്യവരുമാനം ഗ്രാമ്പിൽനിന്നായിരുന്നു. പത്തുമീറ്ററോളം പൊക്കത്തിൽ വളരും. ഇലകളിൽ ഗ്രന്ഥികളുണ്ട്. ചെറിയ ഇല. കർണങ്ങളില്ല. അവ എതിരെ വിന്യസിച്ചിരിക്കും. സാധാരണമായി തണലിൽ വിത്തുകൾ നട്ടാണ് മുളപ്പിക്കുന്നത്. അഞ്ചുകൊല്ലത്തെ വളർച്ചയായാൽ പൂത്തുതുടങ്ങും. ഒരു ചെടിയിൽ നിന്ന് 34 കിലോഗ്രാംവരെ ഗ്രാമ്പൂ ശേഖരിക്കാം.

കേരളത്തിലെ മലയിൽ നീർവാർച്ചയുള്ള ചിലയിടത്തുമാത്രം ഗ്രാമ്പ് കൃഷിചെയ്യുന്നുണ്ട്. കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്ര(കാസറഗോഡ്)വും സുഗന്ധദ്രവ്യഗവേഷണ പ്രാദേശികകേന്ദ്ര(കോഴിക്കോട്)വും ഇതുസംബന്ധിച്ച പഠനം നടത്തുന്നുണ്ട്.

ഗ്രാമ്പൂ

ഒരു സുഗന്ധവ്യഞ്ജനം. കരയാമ്പൂ എന്നും ഇതിനു പറയും. വെറ്റില മുറുക്കുമ്പോഴും കറികൾക്കു മസാലയായും ഇത് ഉപയോഗിക്കുന്നു. വിലപ്പെട്ട ഔഷധമാണ്. കടുംതവിട്ടുനിറവും ശക്തിയേറിയ സുഗന്ധവുമുണ്ട്. രൂപഭേദം വരുത്താതെ ഉണക്കിയെടുത്ത പൂമൊട്ടാണ് ഗ്രാമ്പൂ. കുലകളായാണ് ഇവ പുഷ്പിക്കുന്നത്. പുഷ്പത്തിനു നല്ല ചെമപ്പുനിറമാണ്. കരിമൊട്ടായിരിക്കുമ്പോൾ വിളറിയ നിറമാണ്. ക്രമേണ ഇവയ്ക്കു പച്ചനിറം കിട്ടുന്നു. മൊട്ടിന് ഇളംചെമപ്പാകുമ്പോൾ പറിച്ചെടുക്കാം. 0.75 സെ.മീറ്റർ നീളമേ ഇവയ്ക്കു കാണുകയുള്ളു. പുഷ്പത്തിന്റെ ഞെട്ട് നീണ്ടുരുണ്ടതാണ്. വെയിലത്തു വച്ചുണക്കി സൂക്ഷിക്കുന്നു.



ഗ്രാമ്പൂ.

ഗ്രാമ്പൂ വാറ്റി എണ്ണയെടുക്കാം. ഇതിന് ഔഷധമൂല്യമുണ്ട്. 'യൂജനോൾ' എന്ന ഈ ഔഷധം ഗ്രാമ്പുവിൽ 82 ശതമാനം ഉണ്ട്. രോഗാണു സംഹാരിയായും സുഗന്ധവസ്തുവായും ദന്തചികിത്സയിൽ വായ മരവിപ്പിക്കുന്നതിനും ഗ്രാമ്പൂ ഉപയോഗിക്കുന്നു.

ഗ്രാവിറ്റി

†ഗുരുത്വം നോക്കുക.

ഗ്രാവിറ്റിമീറ്റർ

†ഗുരുത്വമാപിനി നോക്കുക.

ഗ്രാവിറ്റേഷൻ

†ഗുരുത്വാകർഷണം നോക്കുക.

ഗ്രാസ്, ഗുന്തർ വിൽഹെം (Grass, Gunter Wilhelm; 1927–)

കവി, നോവലിസ്റ്റ്, നാടകകൃത്ത്, പ്രതിമാശില്പി എന്നീ നിലകളിൽ പ്രശസ്തനായ ജെർമൻകാരൻ. 1927 ഒക്റ്റോബർ 16-ാം തീയതി ഡാൻസിഗ്ഗിൽ ജനിച്ചു. ഇത് ഇന്നത്തെ പോളണ്ടിലെ ഗ്ഡാൻസ്ക്(Gdansk) ആണ്. പതിനാറാമത്തെ വയസ്സിൽ ഹിറ്റ്ലറുടെ യുവജനസംഘടനയിലെ അംഗമെന്നനിലയിൽ യുദ്ധത്തിൽ പങ്കെടുത്തു. ജെർമൻവിമാനസേനയിൽ സേവനമനുഷ്ഠിക്കുമ്പോൾ മുറിവേറ്റ് യുദ്ധത്തടവുകാരനായിത്തീർന്നു. യുദ്ധംകഴിഞ്ഞശേഷം ഡ്യുസൽഡോർഫിൽ (Dusseldorf) ലളിതകലകൾ അഭ്യസിച്ചു. കള

ളക്കച്ചവടം, ശവക്കുഴിക്കല്ലുനിർമാണം, ജാസ് സംഗീതസംഘത്തിലെ വാദ്യവാദനം തുടങ്ങി പലവിധ ജോലികൾ ചെയ്തു.

എഴുത്തുകാരുടെ സംഘടനയിൽനിന്നുകിട്ടിയ പ്രോത്സാഹനം കൊണ്ട് കവിതയും നാടകവും രചിക്കാൻ തുടങ്ങി. ആദ്യകാലരചനകൾ ആളുകളെ കാര്യമായി ആകർഷിച്ചില്ല. എന്നാൽ ആദ്യത്തെ നോവലുതന്നെ ഇദ്ദേഹത്തെ പ്രസിദ്ധനാക്കി. 1956-ൽ പാരീസിലേക്ക് മാറിയപ്പോൾ അവിടെവച്ചാണ് അത് രചിച്ചത് [Tin Drum 1962(Eng.)]. 1979-ൽ അത് ചലച്ചിത്രവുമായി. സ്വാനുഭവങ്ങളെ വിവിധ രൂപങ്ങളിൽ വ്യത്യാസപ്പെടുത്തിയും വിചിത്രമാക്കിയും കൗതുകമുളവാക്കുന്നവിധത്തിൽ ആവിഷ്കരിച്ചിരിക്കുകയാണ് ഇതിൽ. അരാജകത്വംനിറഞ്ഞ സാങ്കല്പികസൃഷ്ടിയുടെ പിന്നിൽ തീവ്രമായ ധാർമികാസക്തിയാണ് നിറഞ്ഞുനില്ക്കുന്നത്. അതുകൊണ്ട് രണ്ടാംലോകയുദ്ധാനന്തരമുള്ള തലമുറയുടെ വക്താവെന്ന സ്ഥാനം ഗ്രാസിന് അനായാസമായി കിട്ടി. പ്രതിബദ്ധതയുള്ള ഈ ഗ്രന്ഥകാരൻ സോഷ്യൽ ഡിമോക്രാറ്റിക് പാർട്ടിയുടെ പ്രവർത്തനങ്ങളിൽ ഗൗരവമായി ഏർപ്പെട്ടിട്ടുണ്ട്. നാടകങ്ങളിൽ [അങ്കിൾ അങ്കിൾ (1958), പിക്കെഡ് കുക്ക്സ് (1961)] അസംബന്ധനാടകപ്രസ്ഥാനത്തിൻെറ സ്വാധീനം നല്ലപോലെ കാണാം.

ഗ്രാസ്മൻ, ഹെർമൻ ഗുൻതർ (1809–1877)

ജെർമൻ ഗണിതശാസ്ത്രജ്ഞൻ. 1809 ഏപ്രിൽ 15-ാംതീയതി ജനിച്ചു. സദിശവിശ്ലേഷണ(Vector Analysis)ത്തിന് അടിത്തറപാകിയത് ഇദ്ദേഹമാണെങ്കിലും അന്ന് അതിനു വേണ്ടത്ര അംഗീകാരം ലഭിച്ചില്ല. അനാലിസിസ്, ആധുനികബീജഗണിതം, ജ്യാമിതി എന്നിവയിലും ഗ്രാസ്മർ ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്. 1877 സെപ്റ്റംബർ 26-ാം തീയതി അന്തരിച്ചു.

ഗ്രിം നിയമം (Grimm's Law)

പൂർവ ഇന്തോ-യൂറോപ്യൻ ഭാഷാഗോത്രത്തിലെ ഭാഷകളിൽ സംഭവിച്ച ധ്വനിവിപര്യാസം. ജെർമൻഭാഷയും മറ്റ് ഇന്തോ-യൂറോപ്യൻഭാഷകളും തമ്മിലുള്ള ബന്ധം ജേക്കബ് ഗ്രിം തൻെറ ഗ്രന്ഥത്തിൽ (Grammalik Deutsche) വശദീകരിച്ചു. ഇവയിലെ ധ്വനിമാറ്റങ്ങൾ യാദൃച്ഛികമല്ല, വ്യക്തമായ ചില നിയമങ്ങൾ അനുസരിച്ചുള്ളവ ആണ് എന്ന് ഗ്രിം വ്യക്തമാക്കി.

ഒമ്പതു വ്യഞ്ജനങ്ങളുടെ മാറ്റമാണു ഗ്രിം വിശദമാക്കാൻ ശ്രമിച്ചത്. ഇംഗ്ലീഷ്, ഡച്ച്, മറ്റു ലോ ജെർമൻഭാഷകൾ ഇവയിൽ ചില നൂറ്റാണ്ടുകൾക്കുമുമ്പ് ഒരു ധ്വനിമാറ്റം സംഭവിച്ചു. അതിനുമുമ്പ്, ഏറെക്കുറെ ആറാംനൂറ്റാണ്ടിനടുത്തു മറ്റൊരു മാറ്റം സംഭവിച്ചിരുന്നു. ഇവ ജെർമൻ ഭാഷയുടെ വ്യഞ്ജനങ്ങളെ ആണു ബാധിച്ചത്. ഗ്രിം നിയമപ്രകാരം p, t, k (പ്, ത്, ക്) എന്നീ ശ്വാസികൾ ഇംഗ്ലീഷിൽ f, th, h (ഫ്, ഥ്, ഖ്/ഹ) എന്നീ മഹാപ്രാണങ്ങളായിമാറി. ഹൈജെർമനിൽ ഇവ f, d, h കളായും മാറി. നാദികളായ b, d, g (ബ്, ഡ്, ഗ്) ഇംഗ്ലീഷിൽ ശ്വാസികളായ p, t, k (പ്, ത്, ഗ്) ആയും മാറി. ജെർമനിൽ ഇവ f, th, kh(ഫ്, ഥ്, ഖ്)കളുമായി.


(മഹാപ്രാണം) ഇംഗ്ലീഷ് (ഫ, ഥ, ഖ/ഹ)
(നാദിമൃദു) ജർമൻ (ഗ, ദ, ബ)
(ക്, ത്, പ്) സംസ്കൃതം (അല്പപ്രാണശ്വാസി)

മാറ്റങ്ങൾ ഈ ത്രികോണം വ്യക്തമാക്കുന്നു. സംസ്കൃതത്തിലെ പിതൃ ഇംഗ്ലീഷിൽ ഫാദർ-ം ഭ്രാതൃ ബ്രദർ-ം ആകുമ്പോൾ ശ്വാസി മാഹാപ്രാണവും മഹാപ്രാണം അതിൻെറ മൃദുവും ആകുന്നു. ഗൗ Cow ആകുമ്പോൾ നാദിയായ മൃദു അല്പപ്രാണശ്വാസിയാകുന്നു. പാദ ഫുട് ആകുമ്പോൾ അല്പപ്രാണശ്വാസി മാഹാപ്രാണമാകുന്നു. ഗ്രിംനിയമം പിന്നീട് വെർണറും ഗ്രാസ്മനും പരിഷ്കരിച്ചിട്ടുണ്ട്.

ഗ്രിംസഹോദരന്മാർ

ജെർമൻ നാടോടിക്കഥകളെ 'ഗ്രിം യക്ഷിക്കഥകൾ' എന്നപേരിൽ പ്രസാധനംചെയ്ത സഹോദരന്മാർ. ജേക്കബ് ഗ്രിമ്മും(1785-1863) വില്ഹം ഗ്രിമ്മും(1786-1859) ആണ് ഇവർ. കുട്ടിക്കാലംമുതൽ ഒന്നിച്ചു കഴിച്ചുകൂട്ടി. വിദ്യാർഥികളായിരിക്കുമ്പോഴും അവർ ഒന്നിച്ചായിരുന്നു. മരണാനന്തരം അവരെ സംസ്കരിച്ചതും ബർലിനിൽ, അടുത്തടുത്താണ്. ജെർമൻ വ്യാകരണത്തിലും നിരുക്തത്തിലും മറ്റുമായിരുന്നു ജേക്കബ് ഗ്രിമ്മിൻെറ പഠനം. വിൽഹമും ഭാഷാശാസ്ത്രപരമായ പഠനങ്ങളിൽ പങ്കെടുത്തു. ജെർമനിയിലെ പല യക്ഷിക്കഥകളും ഇൻഡോ-യൂറോപ്യൻ മിത്തു(Myths)കളുടെ രൂപഭേദങ്ങളാണെന്ന് അവർ പറഞ്ഞു. ഈ കഥകളധികവും ഇന്ത്യയിലുണ്ടായതാണെന്നു ജെർമൻ സംസ്കൃതപണ്ഡിതന്മാർ വാദിച്ചു. ഇതിനോടു പൊതുവെ യോജിക്കുകയാണു ഗ്രിംസഹോദരന്മാർ ചെയ്തത്. ചരിത്രപരമായും പുരാണപരമായും നിയമം, സാഹിത്യം എന്നിവയുടെ അടിസ്ഥാനത്തിലും ജെർമൻഭാഷയുടെയും സംസ്കാരത്തിൻെറയും വളർച്ചയ്ക്കു പരിശ്രമിച്ചതാണ് ഇവരുടെ നേട്ടം.

ഗ്രിഗറി I, സെയിൻറ് (540?–604)

മഹാനായ ഗ്രിഗറി എന്നറിയപ്പെടുന്ന മാർപാപ്പയും പുണ്യവാളനും. ഇദ്ദേഹത്തിൻെറ ആശയങ്ങളും അഭിപ്രായങ്ങളുമാണ് മധ്യയുഗത്തിൽ ചിട്ടപ്പെടുത്തിയ ക്രിസ്ത്യൻ സമൂഹഘടനയ്ക്ക് ആധാരമായത്.

ഗോർഡിയാസിൻെറയും സിൽവിയയുടെയും പുത്രനാണ് ഗ്രിഗറി. വ്യക്തമായ രേഖയില്ലെങ്കിലും ജനനവർഷം 540 ആണെന്ന് വിശ്വസിക്കപ്പെടുന്നു. മതപരമായ അന്തരീക്ഷത്തിൽ വളർന്ന ഗ്രിഗറി മുപ്പത്തിരണ്ടാമത്തെ വയസ്സിൽ റോമിലെ ഭരണച്ചുമതലയുള്ള പ്രസിഡൻറായി നിയമിക്കപ്പെട്ടു. എന്നാൽ പ്രതികൂല സാമൂഹിക-രാഷ്ട്രീയപരിതഃസ്ഥിതികളാൽ ആ സ്ഥാനത്തു രണ്ടുകൊല്ലമേ തുടരാൻ സാധിച്ചുള്ളൂ. ആശ്രമജീവിതത്തോടുള്ള താത്പര്യംമൂലം പൈതൃകമായി കിട്ടിയ ഭാരിച്ച സമ്പാദ്യത്തിൻെറ നല്ലൊരുഭാഗം സെയിൻറ് ആൻഡ്രൂസ് ആശ്രമത്തിന് നല്കുകയും മറ്റ് ആറ് ആശ്രമങ്ങൾ സ്ഥാപിക്കുകയും ചെയ്തു.

മാർപാപ്പയായിരുന്ന പെലാജിയസ് രണ്ടാമൻ ഇദ്ദേഹത്തെ റോമിലെ ഏഴു ഡീക്കൻമാരിൽ ഒരാളാക്കി. 579-ൽ ബൈസാന്തിയൻ സാമ്രാജ്യതലസ്ഥാനമായിരുന്ന കോൺസ്റ്റാൻറിനോപ്പിളിൽ മാർപാപ്പയുടെ നയതന്ത്രപ്രതിനിധിയായി. 589-ൽ പെലാജിയസ് രണ്ടാമൻ അന്തരിച്ചതിനെതുടർന്ന് മാർപാപ്പയായി വാഴിക്കപ്പെട്ടു. ക്ഷാമംകൊണ്ട് ദുരിതമനുഭവിക്കുന്നവർക്കും ആക്രമണഭീഷണി കാരണം അഭയംതേടി

വന്ന മൂവായിരത്തിലധികം സന്യാസിനിമാർക്കും സംരക്ഷണവും സഹായവും നല്കുന്നതിലാണ് ഇദ്ദേഹം ആദ്യം ശ്രദ്ധിച്ചത്. സഭാഭരണവ്യവസ്ഥയെ ഗ്രിഗറി പൂർണമായും കേന്ദ്രീകൃതമാക്കി. അനാസ്ഥയും അശ്രദ്ധയും അഴിമതിയും കർശനമായി തടഞ്ഞ് സഭാഭരണം കാര്യക്ഷമമാക്കി. സാമൂഹികകടമകളുടെ പ്രാധാന്യത്തിന് ഊന്നൽനല്കിയ ആദ്യത്തെ മാർപാപ്പ ഇദ്ദേഹമാണ്. താനുൾപ്പെടെ ഒരു സഭാധിപനും 'സാർവലൗകികമായ പരമാധിപത്യ' പദവിക്ക് അവകാശമില്ലെന്ന ഇദ്ദേഹത്തിന്റെ നിലപാട് വിവാദത്തിനു വഴിയൊരുക്കി. ഗ്രിഗോറിയൻ കൂദാശയുടെ ഉപജ്ഞാതാവ് ഇദ്ദേഹമാണെന്നു കരുതപ്പെടുന്നു. 'സെയിന്റ് പീറ്ററിന്റെ പൈതൃകധനം' എന്നറിയപ്പെടുന്ന ഇറ്റലിയിലെ വിപുലമായ ഭൂസ്വത്തിൽനിന്നുള്ള വരുമാനം ചിട്ടപ്പെടുത്തിയതാണ് ഗ്രിഗറിയുടെ മറ്റൊരു നേട്ടം. ബഹുജനങ്ങൾക്ക് സഭയിലുള്ള വിശ്വാസം വളർത്താനും അവരുടെ പൂർണസഹകരണം നേടാനും ഇദ്ദേഹത്തിന്റെ നടപടികൾ സഹായകമായി.

മാർപാപ്പയായിരുന്ന കാലത്ത് ഗ്രിഗറി എഴുതിയ 854 കത്തുകളുടെ സമാഹാരം (Register) ജീവചരിത്രരചയിതാക്കൾക്ക് പ്രധാനാവലംബമാണ്. 'ജോബിന്റെ പുസ്തക'(Book of Job)ത്തിന്റെ ഭാഷ്യമാണ് ഇദ്ദേഹത്തിന്റെ ആദ്യകൃതി. ഒരു മാതൃകാസുവിശേഷപ്രവർത്തകന്റെ ഗുണഗണങ്ങൾ പ്രതിപാദിക്കുന്ന *പാസ്റ്ററൽ കെയർ* മറ്റൊരു പ്രധാന കൃതിയാണ്. *ഡയലോഗ്സ്* എന്ന കൃതി മധ്യയുഗത്തിലെ ക്രിസ്തീയജീവിതത്തിൽ വളരെ സ്വാധീനംചെലുത്തുകയും വമ്പിച്ച ജനപ്രീതി ആർജിക്കുകയും ചെയ്തു. സുവിശേഷസംബന്ധമായ അനേകം കൃതികൾ ഇദ്ദേഹത്തിന്റെ സംഭാവനയായുണ്ട്.

604 മാർച്ച് 12-ന് ഗ്രിഗറി മാർപാപ്പ അന്തരിച്ചു. തന്റെ മൃതദേഹത്തെ ആരാധിക്കുന്നത് നിഷിദ്ധമാണെന്നും അങ്ങനെ ചെയ്യുന്നവരെ മതഭ്രഷ്ടരാക്കണമെന്നും ഇദ്ദേഹം അനുശാസിച്ചിരുന്നു. തുടർന്ന് പുണ്യവാളപദവിയിൽ അവരോധിക്കപ്പെട്ടു.

ഗ്രിഗറി VII, സെയിന്റ്

മധ്യയുഗത്തിലെ പരിഷ്കർത്താവായ മാർപാപ്പയും പുണ്യവാളനും. ഇദ്ദേഹം നടപ്പാക്കിയ പരിഷ്കാരങ്ങൾ ക്രിസ്തീയസഭാചരിത്രത്തിൽ വഴിത്തിരിവായിത്തീർന്നു.



റോമിൽനിന്നു
ബഹിഷ്കൃതനായ ഗ്രിഗറി VII

ഇറ്റലിയിലെ സൊയാനായ്ക്കടുത്ത് ഒരു സാധാരണ കുടുംബത്തിൽ ജനിച്ചു. പേര് ഹിൽഡേ ബ്രാൻഡ് എന്നായിരുന്നു. ചെറുപ്പത്തിൽതന്നെ റോമിലെത്തി സന്യാസിമഠത്തിൽ ചേർന്നു. സന്യാസിയായശേഷവും വിദ്യാഭ്യാസം തുടർന്നു. ഗ്രിഗറി ആറാമൻ മാർപാപ്പയുടെ സഹായിയായി സേവനമനുഷ്ഠിച്ചു. ഹെന്റി മൂന്നാമൻ ചക്രവർത്തി മാർപാപ്പയെ സ്ഥാനഭ്രഷ്ടനാക്കിയപ്പോൾ അദ്ദേഹത്തോടൊപ്പം ജെർമനിയിൽ കഴിഞ്ഞു. ലിയോ ഒമ്പതാമൻ മാർപാപ്പയുടെ കാലത്ത് മടക്കിവിളിച്ചു. അന്നും അലക്സാണ്ടർ രണ്ടാമൻ മാർപാപ്പയുടെ കാലത്തും സഭാഭരണത്തിൽ സ്വാധീനശക്തിയായി വർത്തിച്ചു. മാർപാപ്പയെ തിരഞ്ഞെടുക്കാനുള്ള അവകാശം റോമിലെ പൗരന്മാരിൽനിന്ന് കർദിനാൾമാരിലേക്കു മാറ്റുകയും നോർമൻമാരുമായി സഖ്യം സ്ഥാപിക്കുകയുംചെയ്തു.

1073-ൽ മാർപാപ്പയായി അഭിഷിക്തനായശേഷം പരിഷ്കരണനടപടികളുമായി മുന്നോട്ടുപോയി. സഭയെ അഴിമതിയിൽനിന്നും ശൈഥില്യത്തിൽനിന്നും മോചിപ്പിക്കുകയായിരുന്നു ലക്ഷ്യം. വൈദികവിവാഹത്തെയും മതോദ്യോഗകൈമാറ്റത്തെയും വേദജ്ഞാനമില്ലാത്തവരുടെ പൗരോഹിത്യാഭിഷേകത്തെയും ഇദ്ദേഹം കുറ്റകരമാക്കി. സ്വാഭാവികമായും എതിർപ്പ് ശക്തിപ്പെട്ടു. ജെർമനിയിലെ ചക്രവർത്തി ഹെന്റി നാലാമൻ മാർപാപ്പയെ പുറത്താക്കുന്നതായി പ്രഖ്യാപിച്ചു(1076). മാർപാപ്പ ചക്രവർത്തിയെ മതഭ്രഷ്ടനാക്കിക്കൊണ്ട് തിരിച്ചടിച്ചു. വൈകാതെ മാർപാപ്പയുടെ പരിഷ്കാരങ്ങൾ അംഗീകരിക്കാൻ നിർബന്ധിതനായി(1077). റാവെന്നായിലെ ആർച്ച് ബിഷപ് വിൽബെർട്ടിനെ ചക്രവർത്തി എതിർ മാർപാപ്പ(Antipope)യായി നിയമിച്ചതോടെ(1080) വീണ്ടും സംഘർഷം മൂർധന്യത്തിലെത്തി. ക്രൈസ്തവലോകത്തോട് ഗ്രിഗറി നടത്തിയ ആഹ്വാനം വിഫലമായി. ചക്രവർത്തി ഇറ്റലിയെ ആക്രമിക്കുകയും റോം കൈവശപ്പെടുത്തുകയും ചെയ്തു(1083). നോർമൻ സൈന്യമാണ് മാർപാപ്പയെ രക്ഷിച്ചത്. പ്രവാസജീവിതം നയിക്കെ 1085-ൽ സലെർണോയിൽവച്ച് അന്തരിച്ചു. 1606-ൽ പുണ്യവാളനായി പ്രഖ്യാപിക്കപ്പെട്ടു.

ഗ്രിഗറി, ജയിംസ് (1638–1708)

സ്കോട്ട്ലണ്ടുകാരനായ ഖഗോളവിജ്ഞാനിയും ഗണിതപണ്ഡിതനും. കലനത്തിന്റെ (Calculus) മൗലികസിദ്ധാന്തത്തിനുള്ള തെളിവ് ആദ്യമായി അവതരിപ്പിച്ച ഗണിതപണ്ഡിതനെന്ന നിലയിലും കലനത്തിന്റെ കണ്ടെത്തലിന് സംഭാവനകൾ നല്കിയ വ്യക്തിയെന്ന നിലയിലും ഇദ്ദേഹം സ്മരണീയനാണ്.

ഒരുപ്രെസ്ബിറ്റേറിയൻവൈദികന്റെ മകനായി 1638 നവംബറിൽ, അബർഡീനു സമീപമുള്ള ഒരു സ്ഥലത്താണ് ഗ്രിഗറി ജനിച്ചത്. അവിടെയുള്ള മരിഷാൽ കോളെജിൽ (Marischal College) വിദ്യാഭ്യാസം നടത്തി.

1663-ൽ, ആദ്യത്തെ പുസ്തകം (Optica Promota) പ്രസിദ്ധീകരിച്ചു. കണ്ണാടിയും കാചവുംകൊണ്ടു രൂപമാതൃകചെയ്ത്, നിർമിക്കാവുന്ന പ്രതിഫലന ദൂർദർശിനിയുടെ ആദ്യത്തെ അവതരണമായിരുന്നു ഇതിൽ അടങ്ങിയിരുന്നത്. ഗ്രിഗോറിയൻ പ്രതിഫലകം (Gregorian reflector) എന്നാണ് അത് പിൽക്കാലങ്ങളിൽ അറിയപ്പെട്ടത്.

ജ്യാമിതി പഠിക്കുന്നതിനായി 1664-'68 വരെ ഗ്രിഗറി ഇറ്റലിയിലെ പാദുവയിൽ ചെലവഴിച്ചു. അവിടെ താമസിക്കുമ്പോഴാണ് രണ്ടു സുപ്രധാന കൃതികൾ പ്രസിദ്ധീകരിച്ചത്. *വെരാ സർക്കുലി എറ്റ് ഹൈപർബൊളേ ക്വാഡ്രാറ്റം* (1667), *ജ്യോമെട്രിയേ പാഴ്സ് യൂനിവേഴ്സലിസ്*(1668) എന്നിവയാണ്. ഇവയുടെ പ്രസിദ്ധീകരണം ഇദ്ദേഹത്തെ റോയൽ സൊസൈറ്റിയിലെ അംഗമായി തിരഞ്ഞെടുക്കാൻ കാരണമായി.

സെയിന്റ് ആൻഡ്രൂസ് സർവകലാശാലയിലും (1669-'74) എഡിൻബറോ സർവകലാശാലയിലും (1674-'75) ഗ്രിഗറി ഗണിതവിഭാഗത്തിൽ പ്രൊഫസറായി സേവനമനുഷ്ഠിച്ചു. ഇംഗ്ലണ്ടിൽ ബെർക്കൻഷയറിലുള്ള മെയിഡൻഹെഡിൽവച്ച് 1708 ഒക്ടോബർ 10-ാംതീയതി ഇദ്ദേഹം അന്തരിച്ചു.

ഗ്രിഗറി പെക്ക്

† പെക്ക്, ഗ്രിഗറി നോക്കുക.

ഗ്രിഗോറാസ്, നൈസിഫോറസ് (1295–1360)

വിജ്ഞാന നവോത്ഥാനകാലഘട്ടത്തിലെ തത്വചിന്തകനും ദൈവശാസ്ത്രപണ്ഡിതനുമായ ബൈസാന്തിയൻ ചരിത്രകാരൻ. ഇദ്ദേഹത്തിൻെറ 37 വാല്യങ്ങളിലുള്ള ബൈസാന്തിയൻ ചരിത്രം പതിനാലാം നൂറ്റാണ്ടിലെ മുഖ്യമായ ഒരു മൗലികഗ്രന്ഥപരമ്പരയാണ്. ചക്രവർത്തിയായ ആൻഡ്രോനിക്കസ് രണ്ടാമൻെറ(1282-1328) പ്രീതിനേടിയ ഗ്രിഗോറാസ്, അദ്ദേഹത്തിൻെറ പ്രതിപുരുഷനായി സേവനമനുഷ്ഠിച്ചിരുന്നു. സെർബിയൻ രാജാവായ സ്റ്റീഫൻ ഉറോസ് മൂന്നാമൻെറ രാജസദസ്സിലാണ് ഇദ്ദേഹം പ്രശംസനീയമായ രീതിയിൽ പ്രവർത്തിച്ചത്. എന്നാൽ തൻെറ പുരസ്കർത്താവിൻെറ പതനത്തോടെ പ്രതാപത്തിൽ വർത്തിക്കുവാൻ സാധ്യമല്ലാതായി. ഒടുവിൽ പൊതുജീവിതത്തിൽനിന്നു വിരമിക്കുകയും ചെയ്തു.

നാലാം കുരിശുയുദ്ധകാലംമുതൽ(1204) സ്ഥാനഭ്രഷ്ടനായ പാലിയോലോഗസ് ഭരണകർത്താവിൻെറ തിരിച്ചുവരവുവരെ(1354)യുള്ള സംഭവങ്ങളാണ് ബൈസാന്തിയൻ ചരിത്രത്തിൽ ക്രോഡീകരിച്ചിട്ടുള്ളത്. ഇദ്ദേഹം ഏർപ്പെട്ടിട്ടുള്ള മതസംബന്ധമായ വാദപ്രതിവാദങ്ങൾ കൂടുതൽ വിപുലമാക്കിയിട്ടുണ്ട്. ആ കാലഘട്ടത്തിലെ രാഷ്ട്രീയവും മതപരവുമായ രംഗങ്ങളിലെ പ്രമുഖരായ വ്യക്തികളെ സംബന്ധിച്ച് വിലപ്പെട്ട വിവരങ്ങളടങ്ങുന്ന 160 എഴുത്തുകളും ഇദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ഗ്രിഗോറിയൻ കലണ്ടർ

† കലണ്ടർ നോക്കുക.

ഗ്രിഗോറിയസ്, മാർ (1848–1902)

മലങ്കരയിലെ സിദ്ധന്മാരിൽ പ്രമുഖൻ. പരുമലതിരുമേനി എന്ന പേരിലും അറിയപ്പെടുന്നു. സെൻറ് തോമസ് സ്ഥാപിച്ചു എന്ന് വിശ്വസിക്കപ്പെടുന്ന നിരണം ഭദ്രാസന ഇടവകയുടെ ഭരണമേധാവിയായിരുന്ന ഇദ്ദേഹത്തിൻെറ ആസ്ഥാനം പരുമലയായിരുന്നു. അതുകൊണ്ടാവാം പരുമലതിരുമേനി എന്നു പേരുവരാൻ ഇടയായത്. വിശുദ്ധനാട് സന്ദർശിച്ച ആദ്യത്തെ മലങ്കര മെത്രാപ്പൊലീത്ത ഇദ്ദേഹമാണ്.



1848 ജൂൺ 15-ന് മുളന്തുരുത്തിയിൽ ജനിച്ചു. ഗീവറുഗീസ് എന്നാണു ചെറുപ്പത്തിലെ പേർ. സാമാന്യവിദ്യാഭ്യാസത്തിനുശേഷം ഗീവറുഗീസ് മല്പാൻെറ കീഴിൽ സുറിയാനി പഠിച്ചു. അദ്ദേഹത്തിൽനിന്നുതന്നെ വൈദികവിദ്യാഭ്യാസം നേടി ശെമ്മാശനായി. മാർ കൂറിലോസ് മെത്രാപ്പൊലീത്തയുടെ ദ്വിഭാഷിയായി പ്രവർത്തിച്ചു. 1872-ൽ റമ്പാൻസ്ഥാനവും 1876-ൽ മെത്രാൻസ്ഥാനവും ലഭിച്ചു. മാർ ഗ്രിഗോറിയോസ് എന്ന പേർ മെത്രാൻസ്ഥാനലബ്ധിയെത്തുടർന്ന് നല്കപ്പെട്ടതാണ്. ഇദ്ദേഹമാണ് പരുമലയിലെ പള്ളിയും സെമിനാരിയും പൊതുപിരിവെടുത്ത് പണിയിപ്പിച്ചത്. 1947-ൽ മലങ്കരസഭാ സുനഹദോസ് ഇദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു. 1902 നവംബർ 15-ന് നിര്യാതനായി.

ഗ്രിഗോറിയസ് മാർ പൗലോസ് (1922–)

ദില്ലി മെത്രാപ്പൊലീത്തയായി സേവനമനുഷ്ഠിക്കുന്ന കേരളീയ പണ്ഡിതൻ. ലോകക്രൈസ്തവസഭയുടെ പ്രസിഡൻറുമാരിൽ ഒരാൾ. എത്യോപ്യൻഭാഷയായ അംഹാറികിൻെറ വ്യാകരണത്തെപ്പറ്റി ഗ്രന്ഥം രചിച്ച മലയാളി എന്ന ബഹുമതിയും ഇദ്ദേഹത്തിനുണ്ട്.

1922 ഓഗസ്റ്റ് 9-ന് തൃപ്പൂണിത്തുറയിൽ ജനിച്ചു. ചെറുപ്പത്തിലെ പേർ വർഗീസ് എന്നാണ്. മെട്രിക്കുലേഷൻ പരീക്ഷ പാസായി പത്രലേഖകൻ, ട്രാൻസ്പോർട്ട് കമ്പനി ഗുമസ്തൻ, പോസ്റ്റ്മാസ്റ്റർ, എത്യോപ്യയിൽ സർക്കാർ സ്കൂൾ അധ്യാപകൻ എന്നിങ്ങനെ പല രീതിയിൽ സേവനത്തിലേർപ്പെട്ടശേഷമാണ് വൈദികവൃത്തി സ്വീകരിച്ചത്. 1950 മുതൽ '54 വരെ ഉന്നതപഠനത്തിനായി അമേരിക്കയിൽ പോയി. പിന്നീട് ഓക്സ്ഫെഡിൽ ഗവേഷണത്തിലേർപ്പെട്ടു. ക്രൈസ്തവസഭയുടെ ലോകകൗൺസിലിൻെറ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. കൗൺസിൽ സോവ്യറ്റ് യൂണിയനിലേയ്ക്കും യുനെസ്കോയിലേയ്ക്കും അയച്ച ഡെലിഗേഷനിൽ അംഗമായിരുന്നു. 1967-ൽ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയുടെ പ്രിൻസിപ്പലായി. 1975-ൽ മലങ്കര ഓർത്തഡോക്സ് സഭയുടെ മെത്രാപ്പൊലീത്തയായും പിന്നീട് ദില്ലി മെത്രാപ്പൊലീത്തയായും നിയമിക്കപ്പെട്ടു. *ജോയ് ഓഫ് ഫ്രീഡം, ഫ്രീഡം ഓഫ് മാൻ, കോസ്മിക് മാൻ* തുടങ്ങിയ ഇംഗ്ലീഷ് ഗ്രന്ഥങ്ങൾ ഇദ്ദേഹത്തിൻെറ സംഭാവനയാണ്.

ഗ്രിന്യാർ ഫ്രാങ്സ്വാ ഓഗസ്തെ വിക്തോർ (Grignard, Francois-Auguste Victor, 1871–1935)

രസതന്ത്രത്തിൽ 1912-ൽ പാൾസാബിറ്റിയറുമായി നൊബേൽസമ്മാനം പങ്കിട്ട ഫ്രെഞ്ച് രസതന്ത്രജ്ഞൻ. ഗ്രിന്യാർ പ്രതിപ്രവർത്തനം (Grignard reaction) എന്നാണ് സമ്മാനാർഹമായ നേട്ടത്തിൻെറ പേര്. മഗ്നീഷ്യത്തിൻെറ നിരവധി ഓർഗാനോ മിശ്രങ്ങൾ സംശ്ലേഷണം ചെയ്തുണ്ടാക്കുന്നതിന് ഇത് വഴിതെളിച്ചു. ഗ്രിന്യാർ മരിക്കുന്ന കാലത്ത്, ഈ പ്രതിപ്രവർത്തനത്തിൻെറ പ്രയോഗപദ്ധതി വ്യക്തമാക്കുന്ന പ്രയോജനകരങ്ങളായ ആറായിരത്തോളം ആധികാരിക ഗവേഷണ പ്രബന്ധങ്ങൾ പലരും പ്രസിദ്ധപ്പെടുത്തിയിരുന്നു എന്ന കാര്യം ഈ കണ്ടുപിടിത്തത്തിൻെറ പ്രാധാന്യം വ്യക്തമാക്കുന്നുണ്ട്.

1871 മേയ് 6-ാംതീയതി ചെർബോർഗിൽ ജനിച്ചു. നാൻസിയിലും(1910) ലിയണിലും(1919) രസതന്ത്രപ്രൊഫസറായി സേവനം നടത്തിയിട്ടുണ്ട്. 1935 ഡിസംബർ 13-ാംതീയതി ലിയണിൽവച്ച് അന്തരിച്ചു.

ഗ്രിന്യാർ റീയേജൻറുകൾ (Grignard Reagents)

ആൽക്കൈൽ മഗ്നീഷ്യം ഹാലൈഡുകൾ. പൊതുഫോർമുല RMgX. വിക്റ്റർ †ഗ്രിന്യാർ (1887-1935) എന്ന ഫ്രെഞ്ചു രസതന്ത്രജ്ഞൻ 1900-ൽ കണ്ടുപിടിച്ച് അവതരിപ്പിച്ചതുകൊണ്ടാണ് ഈ പേരു ലഭിച്ചത്. ഇതൊരു ഓർഗാനോ മെറ്റാലിക് യൗഗികം അഥവാ ജൈവലോഹസംയുക്തം ആണ്.

മഗ്നീഷ്യം, ആൽക്കൈൽഹാലൈഡ് എന്നിവയെ നേരിട്ടു പരസ്പരം പ്രവർത്തിപ്പിക്കുകയാണു ഗ്രിന്യാർ റീയേജൻറുണ്ടാക്കാനുള്ള സാധാരണ മാർഗം. ഈർപ്പം, ആൽക്കഹോൾ ഇവ ഒട്ടും അടങ്ങിയിട്ടില്ലാത്ത ശുദ്ധമായ ഈഥറിലാണു രാസപ്രവർത്തനം നടത്തേണ്ടത്. ഉപയോഗിക്കുന്ന ആൽക്കൈൽഹാലൈഡും പൂർണമായും ഈർപ്പരഹിതമായിരിക്കണം. രാസപ്രവർത്തനം തുടങ്ങാൻ അല്പം താപം നല്കേണ്ടി വരും; പിന്നീടു പ്രവർത്തനം ശക്തമായി നടക്കുന്നു. കാരണം രാസപ്രവർത്തനം താപമോചകമാണ്.

$RX + Mg \rightarrow RMgX.$

രാസസംശ്ലേഷണങ്ങൾക്കു ഗ്രിന്യാർ റീയേജൻറിൻെറ ഈഥർലായനിയാണു സാധാരണ ഉപയോഗിക്കുക. ഈഥറിനുപകരം ടെർഷ്യറി അമീനുകൾ, ടെട്രാഹൈഡ്രൊഫ്യൂറാൻ, എഥിലീൻ ഗ്ലൈക്കോളിൻെറ ഡൈമെഥിൽ ഈഥർ ഇവയും ലായകമായി ഉപയോഗിക്കാം.

ഈഥർലായനിയിൽ ഗ്രിന്യാർ റീയേജൻറിൻെറ ഘടനയെപ്പറ്റി വളരെയേറെ ഗവേഷണങ്ങൾ നടന്നിട്ടുണ്ട്. ഈഥർ തന്മാത്രകൾ ഇതിൻെറ തന്മാത്രയുമായി കോഓർഡിനേഷൻ കോംപ്ലക്സുകൾ ആയിട്ടാണു യഥാർഥത്തിൽ നിലനില്ക്കുന്നതെന്നു കരുതുന്നു. അതായത് ഈഥർ വെറും ലായകമല്ല. ഗ്രിന്യാർ റീയേജൻറിൻെറ കൃത്യമായ ഘടന ഇപ്പോഴും വ്യക്തമല്ല.

സംശ്ലേഷണരസതന്ത്രത്തിൽ അതിപ്രധാനമായ ഒരു സ്ഥാനമാ

ണു ഗ്രിന്യാർ റീയേജൻറുകൾക്കുള്ളത്. ഇതുപയോഗിച്ച് അനേകതരം ഓർഗാനിക് സംയുക്തങ്ങൾ ഉണ്ടാക്കാൻ കഴിയുന്നു എന്നതാണിതിനു കാരണം. ചില ഉദാഹരണങ്ങൾ നോക്കുക.

1. സജീവഹൈഡ്രജൻ അടങ്ങുന്ന ഏതു സംയുക്തവുമായി പ്രവർത്തിപ്പിച്ചാലും ഗ്രിന്യാർ റീയേജൻറ് ഹൈഡ്രോകാർബൺ തരുന്നു.

2. ഈർപ്പരഹിത ഓക്സിജനുമായി ഗ്രിന്യാർ റീയേജൻറ് പ്രവർത്തിക്കുമ്പോഴുണ്ടാകുന്ന ഉത്പന്നത്തെ അമ്ലം ഉപയോഗിച്ചു വിഘടിപ്പിക്കുമ്പോൾ ആൽക്കഹോൾ ലഭിക്കുന്നു.

3. ഫോർമാൽഡിഹൈഡ്, ആൽഡിഹൈഡ്, കീറ്റോൺ എന്നിവ ഗ്രിന്യാർ റീയേജൻറുമായി പ്രവർത്തിച്ചുണ്ടാകുന്ന ഉത്പന്നത്തെ അമ്ലം ഉപയോഗിച്ചു വിഘടിപ്പിക്കുമ്പോൾ യഥാക്രമം പ്രൈമറി, സെക്കൻഡറി, ടെർഷ്യറി ആൽക്കഹോളുകൾ ലഭിക്കുന്നു. ഇവ ചില ഉദാഹരണങ്ങൾ മാത്രം. ആൽഡിഹൈഡുകൾ, കീറ്റോണുകൾ, ആസിഡുകൾ, ആമീനുകൾ തുടങ്ങി മറ്റ് അനേകം ഓർഗാനിക് സംയുക്തങ്ങൾ ഉണ്ടാക്കാനും ഗ്രിന്യാർ റീയേജൻറ് ഉപയോഗിക്കാം. ഇത്രയേറെ പ്രായോഗിക പ്രാധാന്യമുള്ളതിനാലാണ് ഈ റീയേജൻറിൻെറ കണ്ടുപിടുത്തത്തിന് ഗ്രിന്യാറിനു നൊബേൽ സമ്മാനം ലഭിച്ചത് (1912).

ഗ്രിഫിത്, ഡേവിഡ് വാർക്ക് (1875—1948)

യു.എസ്. ചലച്ചിത്രസംവിധായകൻ. 'ദൃശ്യഭാഷ'യിൽ കഥകൾ ചമച്ചു കാവ്യാത്മകമാക്കുവാൻ സാധിക്കുമെന്ന് ആദ്യം കാണിച്ചുകൊടുത്ത ആൾ. ഇദ്ദേഹത്തിൻെറ ചിത്രങ്ങൾ നൂതനമേഖലതേടുന്ന സാങ്കേതികസിദ്ധികളുടെ മുന്നേറ്റം കുറിച്ചു. ക്രോസ് കട്ടിങ്, ക്ലോസ് അപ്, ലോങ് ഷോട്ട്, മൂവിങ് ക്യാമറാഷോട്ട് തുടങ്ങിയവ ചലച്ചിത്രനിർമാണത്തിൽ ഫലപ്രദമായി ഉപയോഗപ്പെടുത്തി.

കെൻറക്കിയിലെ ഫ്ളോയ്ഡ്സ് ഫോർകിൽ 1875 ജനുവരി 22-ാം തീയതി ജനിച്ചു. പട്ടാളോദ്യോഗസ്ഥനായ പിതാവു പറഞ്ഞുകേൾപ്പിച്ച കഥകൾ ഗ്രിഫിത്തിനെ സ്വാധീനിച്ചു. പിതാവ് അന്തരിച്ചതിനെത്തുടർന്നു പഠിത്തം നിർത്തേണ്ടിവന്നു. പല ജോലികൾ ചെയ്തു ജീവിക്കുന്നതിനിടയിൽ ലൂയിസ് വില്ലിയിലെ നാടകക്കമ്പനിയുമായി ബന്ധപ്പെട്ടു. പിന്നീടു നാടകകൃത്താകണമെന്നായി ലക്ഷ്യം. പല അമച്വർ നാടകസംഘങ്ങളിലും സഞ്ചരിക്കുന്ന കമ്പനികളിലും നടനാകാൻ കഴിഞ്ഞെങ്കിലും ഗ്രിഫിത് അസംതൃപ്തനായിരുന്നു.

സ്വാനുഭവങ്ങളെ ആസ്പദമാക്കി രചിച്ച *എ ഫൂൾ ആൻഡ് എ ഗേൾ* എന്ന നാടകം 1907-ൽ ന്യൂയോർക്കിൽ അരങ്ങേറിയെങ്കിലും വിജയിച്ചില്ല. നാടകസംഘത്തിലെ ഒരു സഹപ്രവർത്തകൻെറ ഉപദേശാനുസരണം ചില ഹ്രസ്വചലച്ചിത്രകഥകൾ എഴുതി; പിന്നീടു ചലച്ചിത്രങ്ങളിൽ അഭിനയിച്ചു. ബയോഗ്രാഫ് കമ്പനിയിൽ സംവിധായകൻെറ ഒഴിവുവന്നപ്പോൾ ഗ്രിഫിത്തിനെ നിയമിച്ചു (1908). നാനൂറോളം ഹ്രസ്വചിത്രങ്ങൾ ഇദ്ദേഹത്തിൻെറ മേൽനോട്ടത്തിൽ ആ കമ്പനി നിർമിച്ചു. തൻെറ പല ആശയങ്ങളും സാങ്കേതികരീതികളും പരീക്ഷിച്ചുനോക്കുവാൻ ഇവയിലെല്ലാം അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. *ദി അഡ്വെഞ്ചേഴ്സ് ഓഫ് ഡോളി*(1908)യാണു ഗ്രിഫിത്തിൻെറ ആദ്യത്തെ പൂർണചിത്രം. *ജൂഡിത്ത് ഓഫ് ബഥൂലിയ* (1913) ആണ് അടുത്തത്.

ഗ്രിഫിത്തിനു മഹാനായ ചലച്ചിത്രസംവിധായകൻ എന്ന പദവി നേടിക്കൊടുത്തത് *ദ് ബർത്ത് ഓഫ് എ നേഷൻ* (1915), *ഇൻറ്റോളറൻസ്* (1916) എന്നീ ചിത്രങ്ങളാണ്. യു.എസ്. പ്രസിഡൻറായിരുന്ന വുഡ്റോ വിൽസൻ — "പ്രകാശംകൊണ്ടു രചിച്ച ചരിത്രം" — എന്നാണ് ആദ്യചിത്രത്തെ വിശേഷിപ്പിച്ചിട്ടുള്ളത്. ഈ ചിത്രത്തെപ്പോലെ 'ഇൻറ്റോളറൻസ്' സാമ്പത്തികമായി വിജയിച്ചില്ല. എങ്കിലും നിശ്ശബ്ദ ചലച്ചിത്രയുഗത്തിലെ ഏറ്റവും മഹത്തായ നേട്ടമെന്നു നിരൂപകന്മാർ ആ ചിത്രത്തെ വിലയിരുത്തി. ഉന്നതമാനദണ്ഡം പുലർത്തുന്ന മറ്റു പല ചിത്രങ്ങളും ഗ്രിഫിത് സംവിധാനം ചെയ്തിട്ടുണ്ട്. സ്വന്തമായ സിനിമാനിർമാണസ്റ്റുഡിയോ ന്യൂയോർക്കിൽ സ്ഥാപിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ബ്രോക്കൺ ബ്ലോസംസ് (1919), *ഓർഫൻസ് ഓഫ് ദ സ്റ്റോം* (1921), *വേ ഡൗൺ ഈസ്റ്റ്* (1920) തുടങ്ങിയവ ഇക്കാലത്തെ പ്രസിദ്ധചിത്രങ്ങളാണ്. *അമേരിക്ക* (1924), *എബ്രഹാംലിങ്കൺ* (1930), *ദ് സ്റ്റ്രഗിൾ* (1931) എന്നിവയാണ് ഒടുവിലത്തെ ചിത്രങ്ങൾ.

1948 ജുലായ് 23-നു ഹോളിവുഡ്ഡിൽ വച്ച് അന്തരിച്ചു.

ഗ്രിമാൾഡി, ജോസഫ് (1779–1837)

ഇംഗ്ലീഷുകാരനായ വിദൂഷകൻ. 1779-ൽ ലണ്ടനിൽ ജനിച്ചു. ഇറ്റലിക്കാരനായ പിതാവ് നല്ലൊരു നടനായിരുന്നു. പിതാവിൻെറ ശിക്ഷണത്തിൽ അഭിനയമഭ്യസിച്ച ഗ്രിമാൾഡി ശിശുവായിരിക്കുമ്പോൾത്തന്നെ പ്രസിദ്ധ ഡ്രൂ റിലെയിൻ നാടകശാലയിൽ അരങ്ങേറിയതായി പറയുന്നു. 9 വയസ്സുമുതൽ 45 വയസ്സുവരെ നാടകവേദിയിലെ ഏറ്റവും ഉജ്വല താരമായി പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. 'മദർ ഗൂസ്' എന്ന നാടകത്തിലാണ് ഇദ്ദേഹം ഏറ്റവും തന്മയത്വത്തോടെ അഭിനയിച്ചിട്ടുള്ളത്. ചിരിപ്പിക്കുന്നവയാണ് ഗ്രിമാൾഡിയുടെ അഭിനയത്തിലെ ഹാസ്യഭാഗങ്ങൾ, പ്രശസ്തിയുടെ അത്യുച്ചാവസ്ഥയിലാണ് ആരോഗ്യം മോശമായി ഇദ്ദേഹം മുടന്തനായത്. ഇദ്ദേഹത്തിൻെറ പില്ക്കാലജീവിതം പരാശ്രയത്തിലായിരുന്നു. ഇദ്ദേഹത്തിൻെറ ആദ്യഭാര്യ പത്തൊമ്പതാമത്തെ വയസ്സിൽ മരിച്ചു. പിന്നീട് ഒരു നടിയെയാണ് വിവാഹം കഴിച്ചത്.

ഗ്രിമാൾഡി, ഫ്രാൻസെസ്കൊ മരിയാ (1619–'63)

ഇറ്റലിക്കാരനായ ജെസ്യൂട്ട് പാതിരിയും ഊർജതന്ത്രഗവേഷകനും. ഇദ്ദേഹം പ്രസിദ്ധപ്പെടുത്തിയ പ്രബന്ധങ്ങൾ രശ്മികളെക്കുറിച്ചുള്ള ഗവേഷണഫലങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ഗ്രിമാൾഡിയുടെ പല നിഗമനങ്ങളും പിന്നീട് ഐസക്ക് ന്യൂട്ടൻ തിരുത്തുകയുണ്ടായി.

ഗ്രിയർ ഗാർസൻ (1908—)

അയർലൻഡുകാരിയായ ചലച്ചിത്രനടി. കൗണ്ടിഡൗണിൽ ജനിച്ചു. (ജനനം 1914-ൽ ആണെന്നും അഭിപ്രായമുണ്ട്). ലണ്ടൻ നാടകവേദിയിലെ അഭിനയത്തിനുശേഷം ഹോളിവുഡിൽ എത്തി. *ഗുഡ്ബൈ മിസ്റ്റർ ചിപ്സ്* (1939) എന്ന ആദ്യചിത്രത്തിലെ അഭിനയത്തിനു തന്നെ ഓസ്കർ സമ്മാനം ശുപാർശ ചെയ്യപ്പെട്ടു. പ്രസിദ്ധ സംവിധായ കനായ വില്യം ലൈവറുടെ *മിസ്സിസ് മിനിവർ* (1942) എന്ന ചിത്രത്തിലെ അഭിനയം ഗാർസന് ഓസ്കർ നേടിക്കൊടുത്തു. അമേരിക്കയിലും ബ്രിട്ടനിലും വമ്പിച്ച പ്രദർശനവിജയം നേടിയ ഈ ചിത്രം ഇവരെ ഒന്നാം നിരയിലേക്കുയർത്തി. പില്ക്കാലത്തു അഞ്ചു പ്രാവശ്യംകൂടി ഇവർക്കു ഓസ്കർ സമ്മാനം ശുപാർശചെയ്യപ്പെട്ടു. ബ്രിട്ടിഷ് പിക്ചർ ഗോയർ മെഡൽ തുടർച്ചയായി മൂന്നു പ്രാവശ്യം നേടുകയും ചെയ്തു. ലോകത്തെ ഏറ്റവും മികച്ച 10 നടികളിൽ ഒരാൾ ആയി ഗാർസൻ പരിഗണിക്കപ്പെട്ടു. *റാൻഡം ഹാർവെസ്റ്റ്* (1942), *മിസ്സിസ്. പാർക്കിങ്ടൻ* (1944), *ദ വാലി ഓഫ് ഡിസിഷൻ* (1945), *ദ് യംഗസ്റ്റ് പ്രൊഫഷൻ* (1943), *മാഡംക്യൂറി* (1943), *അഡ്വഞ്ചർ* (1945), *ജൂലി മിസ്ബിഹേവ്* (1948), *ജൂലിയസ് സീസർ* (1953), *സൺ റൈസ് അറ്റ് കാമ്പോബെല്ലോ* (1960), *ദ ഹാപ്പിയസ്റ്റ് മില്ലിനെയർ* (1967) തുടങ്ങിയവയാണ് ഗാർസൻെറ പ്രസിദ്ധ ചിത്രങ്ങൾ.

ഗ്രിയേഴ്സൺ, സർ ജോർജ് ഏബ്രഹാം (1851–1941)

അയർലൻഡുകാരനായ ഭാഷാപണ്ഡിതൻ. ഇന്ത്യയിൽ ഉദ്യോഗ

ത്തിൽ ഇരുന്നപ്പോൾ ഇവിടെ ഭാഷാസർവേ നടത്തി(1898-1928). 364 ഭാഷാഭേദങ്ങളെപ്പറ്റി വിവരം ശേഖരിച്ചു.

ട്രിനിറ്റി കോളെജിൽ ഗണിതശാസ്ത്രവിദ്യാർഥി ആയിരിക്കെ സംസ്കൃതത്തിലും ഹിന്ദിയിലുമുള്ള പാണ്ഡിത്യത്തിനു സമ്മാനം നേടി. 1873-ൽ ബ്രിട്ടീഷ്ഗവൺമെൻറ് ഉദ്യോഗസ്ഥനായി ബംഗാളിൽ എത്തി. ഔദ്യോഗിക കൃത്യങ്ങളോടൊപ്പം ഭാഷാപരമായ അന്വേഷണങ്ങളും നടത്തിക്കൊണ്ടിരുന്നു. 1877-ൽ ചില ഗ്രന്ഥങ്ങളും ലേഖനങ്ങളും. പ്രസിദ്ധീകരിച്ചു. *സെവൻ ഗ്രാമേഴ്സ് ഒഫ് ദി ഡയലക്റ്റ്സ് ആൻഡ് സബ് ഡയലക്റ്റ്സ് ഒഫ് ദി ബിഹാരി ലാങ്ഗ്വെജ്, ബിഹാർ പെസൻറ് ലൈഫ്* ഇവയാണ് ഇദ്ദേഹത്തിൻെറ മുഖ്യഗ്രന്ഥങ്ങൾ.

1898 മുതൽ 30 വർഷം നടത്തിയ ഭാഷാഗവേഷണഫലമായി 8000 പേജുള്ള 19 വാല്യങ്ങൾ ഇദ്ദേഹം പ്രസാധനംചെയ്തു. *ലിങ്ഗ്വിസ്റ്റിക് സർവേ ഒഫ് ഇന്ത്യ* എന്ന പേരിൽ ഈ വാല്യങ്ങൾ പ്രസിദ്ധിനേടിയിട്ടുണ്ട്. ഈ പരമ്പരയിലെ അഞ്ചു വാല്യങ്ങൾ - ദ്രാവിഡം, ചൈനീസ്, ഓസ്ട്രോഏഷ്യാറ്റിക്, ചൈനീസ് എന്നീ ഭാഷകൾ ഉൾക്കൊള്ളുന്നവ - സ്റ്റെൻകൊനോവ് ആണ് പ്രസാധനംചെയ്തത്. 1903-ൽ ഗ്രിയേഴ്സൺ ഒരു കശ്മീരി നിഘണ്ടുവും പ്രസിദ്ധപ്പെടുത്തി.

ഗ്രിൽ പാർസർ, ഫ്രൻസ് (1791-1872)

ഓസ്ട്രിയൻ നാടകകൃത്ത്, ഗ്രീക്ക്മിഥോളജി മുതൽ ആധുനിക മനുഷ്യൻെറ പ്രേമദുരന്തംവരെ വൈവിധ്യമാർന്ന വിഷയം തൻെറ നാടകങ്ങളിൽ സ്വീകരിച്ചു. (Franz Grill parzer).

1791 ജനുവരി 15 നു വിയന്നയിൽ ജനിച്ചു. കടത്തിൽമുങ്ങി വിഷമിച്ചുമരിച്ച അഭിഭാഷകനായ അച്ഛൻ, ആത്മഹത്യചെയ്ത സംഗീതവിദുഷിയായ അമ്മ - ഇവർ വിട്ടേച്ചുപോയ ദുഃഖഭൂയിഷ്ഠമായ സാഹചര്യത്തിലാണ് ഗ്രിൽ പാർസർ വളർന്നത്. വിദ്യാഭ്യാസാനന്തരം റെവന്യൂവകുപ്പിൽ ഗുമസ്തനായി ജോലിചെയ്തു. ഒടുവിൽ സർക്കാർ ഗ്രന്ഥശേഖരത്തിലെ ഡയറക്ടർ ആയെങ്കിലും തൻെറ കഴിവിനൊത്ത ജോലി ലഭിച്ചില്ല എന്ന ദുഃഖം ഗ്രിൽ പാർസറെ എന്നും അസ്വസ്ഥനാക്കിയിരുന്നു. തൻെറ നാടകങ്ങൾക്കു വേണ്ടത്ര അംഗീകാരം കിട്ടുന്നില്ല എന്ന് ആദ്യകാലത്ത് വേവലാതിപ്പെട്ടു. സഫലമാകാത്ത പ്രേമബന്ധങ്ങൾ ഇദ്ദേഹത്തെ നിരാശനാക്കി. അങ്ങനെയാണ് ശോകാന്തനാടകരചനയിൽ അഭയംതേടിയത്. ദസ് ഗോൾഡൻ വ്ളീസ്(ഗോൾഡൻ ഫ്ളീസ്) എന്ന നാടകത്രയം ജാസണും ഗോൾഡൻ ഫ്ളീസും എന്ന ഗ്രീക്കുകഥ ഉൾക്കൊള്ളുന്നു. പന്ത്രണ്ടു ദുരന്തനാടകങ്ങളും ഒരു ശുഭാന്തനാടകവുമാണ് ഗ്രിൽ പാർസറുടെ പ്രധാനസംഭാവനകൾ. *ദ് വെയ്വ്സ് ഒഫ് സീ ആൻഡ് ലൗ, എ ഡ്രീം ഈസ് ലൈഫ്* എന്നിവയാണ് ഗ്രിൽ പാർസറുടെ പ്രകൃഷ്ട കൃതികളായി കണക്കാക്കപ്പെടുന്നത്.

ഗ്രീക്ക് ആടയാഭരണങ്ങൾ

ഗ്രീക്കുകാർ ഉപയോഗിച്ചിരുന്ന വസ്ത്രങ്ങളും ആഭരണങ്ങളും. അതിപുരാതന കാലത്തു വലിയൊരു മേലങ്കിയാണ് പുരുഷന്മാരുടെ അവശ്യവസ്ത്രമായി ഗ്രീക്കുകാരും റോമാക്കാരും കണക്കാക്കിയിരുന്നത്. ഭംഗിപിടിപ്പിച്ച അടിയുടുപ്പുകളിൽ റോമാക്കാർക്കു വലിയ കമ്പമായിരുന്നു. തോളിൽ നേർത്ത ശകലങ്ങൾ തുന്നിപ്പിടിപ്പിച്ച കുപ്പായങ്ങളാണ് മാടമ്പിമാർ (Knights) ധരിച്ചിരുന്നത്. പാളിയം എന്നാണു റോമാക്കാരുടെ മേലങ്കിക്കു പറഞ്ഞുവന്ന പേര്; ഗ്രീക്കുകാരുടെതിനു റ്റോഗ എന്നും. ജോലിസമയത്തു റ്റോഗ അഴിച്ചുവയ്ക്കുകയായിരുന്നു ഗ്രീക്കുകാരുടെ പതിവ്. പില്ക്കാലത്തു റ്റോഗ ഔദ്യോഗിക പദവിയുടെ ചിഹ്നമായിരുന്നിട്ടുണ്ട്.



A
പിത്തള-
പ്പിടിയുള്ള
തൂവൽവിശറി.

B
പുരാതന ഗ്രീക്ക്
മയിൽപീലിവിശറി

C
ചായമിട്ട
കൈപിടിയുള്ള
ഗ്രീക്കുവിശിറി

വേഷം-റ്റോഗയ്ക്കു പകരം സ്റ്റോള എന്ന വലിപ്പംകൂടിയ മേലങ്കിയാണു സ്ത്രീകൾ ധരിച്ചിരുന്നത്. മരംകൊണ്ടോ തുകൽകൊണ്ടോ ഉള്ള പാദരക്ഷകളും ഇവർ ഉപയോഗിച്ചിരുന്നു. കുടയും വിശറിയും കൊണ്ടുനടക്കുക ഗ്രീക്ക് വനിതകളുടെ പതിവായിരുന്നു. മുടി കെട്ടിവയ്ക്കുന്നതിനുള്ള വലകളും ബ്രൂച്ചുകളും ഇവർക്ക് അപരിചിതമായിരുന്നില്ല.

ഗ്രീസിലെ ജനങ്ങൾ വെങ്കലയുഗം മുതൽ ധരിച്ചുപോന്നിട്ടുള്ള വേഷഭൂഷകളെപ്പറ്റി ശരിയായ വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. പുരുഷന്മാരുടെ വസ്ത്രം വീതികുറഞ്ഞതും അരയ്ക്കുചുറ്റും എത്തുന്നതും അരപ്പട്ടയോടു സാമ്യമുള്ളതുമായിരുന്നു. ക്രീറ്റിലെ ആൺകുട്ടികൾ മധ്യഭാഗം കൃശമാക്കുന്നതിനുവേണ്ടി ഒരു ലോഹപ്പട്ട ചുറ്റിയിരുന്നതായി വിശ്വസിച്ചുവരുന്നു. മധ്യകാലയുഗത്തിൽ കടിപ്രദേശംവരെ ഇറക്കമുള്ള കുപ്പായത്തിൻെറ അടിഭാഗത്തായി തൊങ്ങലുകൾ തുന്നിപ്പിടിപ്പിച്ച അരപ്പട്ട, വാള്, മുട്ടു കവിഞ്ഞുകിടക്കുന്ന പാവാട ഇവയായിരുന്നു ഗ്രീസിലെ രാജകീയ വേഷത്തിൽ ഉൾപ്പെട്ടിരുന്നത്. തണുപ്പുകാലത്ത് വൃദ്ധജനങ്ങൾ മേലങ്കി ധരിച്ചിരുന്നു. ഗ്രീസിൽ കൈയിറക്കം കുറഞ്ഞ കുപ്പായങ്ങൾ ഉണ്ടായിരുന്നെങ്കിലും ക്രീറ്റിൽ ഇതു സാധാരണമായിരുന്നില്ല. ക്രീറ്റിലെ മുൾപ്രദേശങ്ങളിലെ ജനങ്ങൾ ഇപ്പോഴും ധരിക്കുന്നതുപോലെ, പാദങ്ങളോടു ബന്ധിച്ച മെതിയടികളാണ് മുൻകാലത്തു ഗ്രീസിൽ ഉണ്ടായിരുന്നത്. കൈത്തണ്ടയിലും കഴുത്തിലും സ്വർണം, വെള്ളി, രത്നം ഇവകൊണ്ടുള്ള ആഭരണങ്ങൾ ധരിച്ചിരുന്നു.



ഗ്രീക്കു ഫെൽറ്റു തൊപ്പി
ബി.സി. അഞ്ചാംനൂറ്റാണ്ട്.

ഗ്രീക്കു വൈക്കോൽ തൊപ്പി.
ബി.സി. 250-ലെ പെറ്റാസോസ് രീതി.





△
പുരാതനഗ്രീസിലെ
കല്ലുപതിച്ച
സ്വർണകർണാഭരണങ്ങൾ

ഗ്രീക്കുവേഷം
◁ ബി.സി. 300-200 കാലത്തെ
ടെറാക്കോട്ടപ്രതിമ

കേശാലങ്കാരം.പുരുഷന്മാരും സ്ത്രീകളുമായ പുരോഹിതർ ഇടുപ്പുഭാഗത്തുറപ്പിച്ചതും ഇറക്കമുള്ളതുമായ വസ്ത്രങ്ങൾ ധരിച്ചു. പുരുഷന്മാർ മുടി നീട്ടി വളർത്തി നിറുകയിൽ വിചിത്രമായ ഒരു ബന്ധനത്തിനുശേഷം മുടിയുടെ അറ്റം പുറകോട്ടിട്ടിരുന്നു. ഭടന്മാർ മുടി കെട്ടിവച്ചിരുന്നു. ആഷ്മോളിയൻ കാഴ്ചബംഗ്ലാവിലെ ഒരു ചുവർചിത്രത്തിൽ നെറ്റിയിലും നിറുകയിലും കഴുത്തിന്റെ പിറകിലുമായി മുടികെട്ടിവച്ചിട്ടുള്ള ഗ്രീക്ക് പുരുഷന്മാരെയാണ് കാണുന്നത്. ശിരോവേഷ്ടനം ഇവരുടെയിടയിൽ സാധാരണമായിരുന്നില്ലെങ്കിലും ലെയ്ഡൻ കാഴ്ചബംഗ്ലാവിലെ ചിത്രങ്ങളിൽ പലതരത്തിലുള്ള തലപ്പാവുകൾ ധരിച്ചിരിക്കുന്നത് കാണാം. ദൈവങ്ങൾക്ക് ഉഷ്ണീഷ(Tiara)മോ മയിൽപ്പീലികൊണ്ടലങ്കരിച്ച കിരീടമോ ആണ് ചാർത്തിയിരുന്നത്. മകുടമുള്ളതും കർണ്ണരക്ഷയോടുകൂടിയതുമായ ലോഹത്തൊപ്പികളും ഗ്രീക്ക് ഭടന്മാർ ഉപയോഗിച്ചിരുന്നു. ചിത്രപ്പണികളുള്ള കൈപ്പിടിയോടുകൂടിയ നേർത്ത വാളായിരുന്നു ഇവരുടെ ആയുധം. എന്നാൽ വെങ്കലയുഗത്തിന്റെ അന്ത്യഘട്ടത്തിൽ ഗ്രീക്കുകാർ പ്രത്യേകശൈലിയിലുള്ള തൊപ്പികളും തലപ്പാവുകളും ഞൊറിവച്ച പാവാടകളുമാണ് ഉപയോഗിച്ചിരുന്നത്.

അഞ്ചാംനൂറ്റാണ്ടിന്റെ ഉത്തരാർധംവരെ ഗ്രീസിലെ ജനങ്ങൾ മുടി വെട്ടിച്ചിരുന്നില്ല. മിനോവൻ വനിതകൾ കട്ടിയുള്ളതും മുട്ടറ്റം ഇറക്കമുള്ളതുമായ ഒരുതരം പാവാടയും ജാക്കറ്റും ധരിച്ചിരുന്നു. കോളറോടുകൂടിയ മേലങ്കിയും തലപ്പാവും ധരിച്ച സ്ത്രീകളെപ്പറ്റിയും അറിയാൻ കഴിഞ്ഞിട്ടുണ്ട്. ബി.സി.1500 വരെ മിനോവൻ വനിതകൾ തല മറയ്ക്കാതിരുന്നിട്ടില്ല. സ്വർണ്ണനിർമിതമായ പതക്കങ്ങൾ, കർണ്ണാഭരണങ്ങൾ, കേശാഭരണങ്ങൾ എന്നിവ അവിടത്തെ പുരുഷന്മാരും സ്ത്രീകളും ഉപയോഗിച്ചിരുന്നു. മതപരമായ വിനോദങ്ങളിൽ പങ്കെടുക്കുന്ന പെൺകുട്ടികൾ ആൺകുട്ടികളെപ്പോലെതന്നെ അരപ്പട്ടയോടുകൂടിയ വേഷമാണ് അണിഞ്ഞിരുന്നത്. ക്ലാസിക്കൽ യുഗത്തിലെ സ്ത്രീകളുടെയും പുരുഷന്മാരുടെയും വേഷവിധാനങ്ങൾ തമ്മിൽ വലിയ അന്തരമുണ്ടായിരുന്നില്ലെങ്കിലും അയോയുഗത്തിന്റെ ആദ്യദശയിൽ ഗ്രീക്ക് വനിതകൾ മിനോവൻ പുരുഷന്മാരുടെതുപോലെ ഇറക്കമുള്ള പാവാടയാണ് ധരിച്ചിരുന്നത്.

ഗ്രീക്ക്കല

പ്രാചീനഗ്രീസിൽ പ്രചാരത്തിലുണ്ടായിരുന്ന കലകൾ. ഗ്രീക്ക്സംസ്കാരം ഏറ്റവും സത്യസന്ധമായി പ്രതിബിംബിച്ചുകാണുന്നതു കലയിലാണ്. ഗ്രീക്കു ചിന്താഗതി മൗലികമായി മാനുഷികമൂല്യങ്ങൾക്കു വിലകല്പിച്ചുകൊണ്ടുള്ളതായിരുന്നു. ഗ്രീക്ക്ശില്പകല ദേവന്മാരെയും ദേവിമാരെയും ചിത്രീകരിച്ചു എന്നുള്ളതു ശരിതന്നെ. എന്നാൽ. ഗ്രീക്കുദൈവങ്ങൾ മാനുഷികസ്വഭാവമുള്ളവരാണ്. അതിനാൽ കലയിൽക്കൂടി ദൈവങ്ങളെ പ്രകീർത്തിക്കുന്നതു വാസ്തവത്തിൽ ഗ്രീക്കുകാരുടെ ആത്മപ്രകീർത്തനപ്രക്രിയതന്നെയായിരുന്നു. സമഞ്ജസത്വവും സന്തുലിതത്വവുമായിരുന്നു ഗ്രീക്കുകലയുടെ വിശേഷഗുണങ്ങൾ. ഗ്രീക്കുകലയുടെ ലക്ഷ്യം രസിപ്പിക്കൽ മാത്രമല്ല, സന്മാർഗോദ്ബോധനവും രാഷ്ട്രീയശിക്ഷണവുമായിരുന്നു. കല ദേശീയജീവിതത്തിന്റെ പ്രതിരൂപവും പ്രകടനവുമായിരിക്കണമെന്നുള്ളതായിരുന്നു ഗ്രീക്കുകാരുടെ ആദർശം. അഥീനിയൻകലാകാരന്മാരുടെ വീക്ഷണത്തിൽ സൗന്ദര്യവും നന്മയും ഒന്നുതന്നെയാണ്. സൗന്ദര്യമുള്ളതെല്ലാം നന്മയുള്ളതാണെന്നായിരുന്നു അവരുടെ സിദ്ധാന്തം. കല സാർവജനീനത്വത്തിന്റെ പ്രതിഫലനമായിരിക്കണമെന്നു ഗ്രീക്കുകലാകാരന്മാർക്കു നിർബന്ധമുണ്ടായിരുന്നു.

ഗ്രീക്കുകലയുടെ ചരിത്രത്തിൽ മൂന്നു സുവ്യക്തഘട്ടങ്ങളുണ്ട്. ആദ്യഘട്ടം ബി.സി. ഏഴും ആറും ശതാബ്ദങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഈ ഘട്ടത്തിലെ ശില്പകലയിൽ ഈജിപ്തിലെ കലയുടെ വ്യക്തമായ സ്വാധീനം ദർശിക്കാവുന്നതാണ്. രണ്ടാംഘട്ടം ബി.സി. അഞ്ചാംനൂറ്റാണ്ടാണ്. ഈ ഘട്ടത്തിലാണു ഗ്രീക്കുകാരുടെ ശില്പകലയും വാസ്തുശില്പകലയും ഏറ്റവും പരിപുഷ്ടമായത്. ആദർശപരത്വമായിരുന്നു ഈ ഘട്ടത്തിലെ ഗ്രീക്കുകലയുടെ സവിശേഷത. മൂന്നാംഘട്ടമായ ബി.സി. നാലാംനൂറ്റാണ്ടിൽ വാസ്തുശില്പകല അധഃപതിക്കുകയും പ്രതിമാനിർമാണകലയിൽ ചില പുത്തൻപ്രവണതകൾ വളരുകയും ചെയ്തു. ഈ ഘട്ടത്തിൽ ആദർശദീക്ഷയെക്കാൾ യഥാതഥചിത്രീകരണത്തിനുള്ള വ്യഗ്രതയാണു ഗ്രീക്കുകലയിൽ പ്രതിബിംബിച്ചുകാണുന്നത്.

വാസ്തുശില്പകലയുടെ ഏറ്റവും മനോഹരസൃഷ്ടികൾ ദേവാലയങ്ങളായിരുന്നു. വലിപ്പമില്ലാതെ ലളിതമായ ഭാവനയിൽ രൂപപ്പെടുത്തിയവയായിരുന്നു ആദ്യത്തെ ദേവാലയങ്ങൾ. പിന്നീടങ്ങോട്ടു വലിപ്പം കൂടിയവയും അലങ്കാരപ്രധാനങ്ങളുമായ ദേവാലയങ്ങൾ പണിയാൻ തുടങ്ങി. ഗ്രീക്കുദേവാലയങ്ങളിൽ ഏറ്റവും മനോഹരം പെരിക്ലിയൻ യുഗത്തിൽ ഏഥൻസിന്റെ മുകൾഭാഗത്തുള്ള അക്രോപ്പോളിസ് എന്ന സ്ഥലത്തു നിർമിച്ച 'പാർത്തിനൺ' (Parthenon) ക്ഷേത്രമാണ്. ഈ ക്ഷേത്രത്തിന്റെ വിശാലമായ ശാലയിൽ 'അഥീന' (Athena) എന്ന ദേവകന്യകയുടെ പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. സ്വർണ്ണംകൊണ്ടുള്ള വസ്ത്രങ്ങളും ദന്തംകൊണ്ടുള്ള മാംസപേശികളും

അഥീന
വിലാപവേഷത്തിൽ
ബി.സി. 470-ലെ
അഥീനിയൻ പ്രതിമ

ശവസംസ്കാരഘോഷയാത്ര
കൊത്തിയപാത്രം ബി.സി. എട്ടാംനൂറ്റാണ്ട്.

ശ്മശാനയാത്രയും സിംഹങ്ങളും
ബി.സി. 700-ാമാണ്ടിടയ്ക്കുള്ള അഥീനിയൻപാത്രം



ഒഡീസിയൂസ് പോളിഫെമസിൻെറ
കണ്ണുപൊട്ടിക്കുന്നതു ചിത്രീകരിച്ചപാത്രം
(ബി.സി. 700-ാമാണ്ട്)

9 മീറ്റർ ഉയരവുമുള്ള ഈ പ്രതിമ ശില്പകലയ്ക്കു സൗന്ദര്യാവിഷ്കരണത്തിൽ എത്രവലിയ അദ്ഭുതങ്ങൾ സൃഷ്ടിക്കാമെന്നുള്ളതിൻെറ ഉത്തമോദാഹരണമാണ്.

പ്രതിമാനിർമാണകലയിൽ പ്രഥമസ്ഥാനം ഫിദിയാസ് (Phidias, ബി.സി. 500-432) എന്ന കലാകാരനായിരുന്നു. അദ്ദേഹം പെരിക്ലിയൻ യുഗത്തിൻെറ സന്താനമാണ്. പാർഥിനോൺ ക്ഷേത്രത്തിലെ അഥീനാദേവതയുടെ ക്ഷേത്രത്തിൽ അദ്ദേഹം നിർമിച്ച പ്രസ്തുത ദേവതയുടെ പ്രതിമ ലോകത്തിലെ സപ്താദ്ഭുതങ്ങളിലൊന്നായി കണക്കാക്കപ്പെടുന്നു. കൂടാതെ പാർഥിനോൺ ക്ഷേത്രനിർമാണം സംവിധാനംചെയ്ത്, നിർമാണപ്രവർത്തനത്തിൻെറ മേൽനോട്ടം വഹിക്കുകയും ക്ഷേത്രത്തിനകത്തു സ്ഥാപിക്കപ്പെട്ട നിരവധി പ്രതിമകളുടെ നിർമാണത്തിനു തൻെറ ശിഷ്യന്മാർക്കു നിർദേശം നല്കുകയും ചെയ്തു. ഗ്രീസിലെ അഞ്ചു നൂറ്റാണ്ടുകളിലെ ശില്പകലാചതുരതയുടെ ഏറ്റവും സുന്ദരമായ സഫലീകരണമാണു ഫിദിയാസിൻെറ കലാശില്പങ്ങളിൽ പ്രത്യക്ഷമായിട്ടുള്ളത്. ഫിദിയാസ് കഴിഞ്ഞാൽ ബി.സി. അഞ്ചാംനൂറ്റാണ്ടിലെ ഏറ്റവും പ്രമുഖനായ ശില്പകലാകാരൻ മിറോൺ (Myron) ആയിരുന്നു.



ഡിസ്കസ് ഏറ്.
റോമിലെ വെങ്കലപ്രതിമ (മിറോണിൻെറ സൃഷ്ടി).

'ലുഡോവിസി സിംഹാസനം'. ബി.സി. 5-ാംനൂറ്റാണ്ട്
റോമിലെ കാഴ്ചബംഗ്ലാവിൽനിന്ന്

ചിത്രകലയിൽ ഗ്രീക്കുകാർ തങ്ങളുടെ മുൻഗാമികളെ അധഃകരിക്കത്തക്ക നൈപുണ്യമുള്ളവരായിരുന്നു. പെരിക്ലിസിൻെറ കാലത്തെ ഏഥൻസ് നഗരം ആർട് ഗാലറി (art gallary) ആയിരുന്നു എന്നു പറയാം. ബി.സി. അഞ്ചാംനൂറ്റാണ്ടിലെ ഏറ്റവും പ്രഗല്ഭരായ ചിത്രകാരന്മാർ പോളിക്നോത്തസ് (Polygnotus), അഗത്താർക്കസ് (Agatharchus), അപ്പോളോഡൊറസ് (Appollodorus), സ്യൂസിസ് (Zeuxis) എന്നിവരാണ്. അപ്പോളോഡൊറസിൻെറ ശിഷ്യനായ സ്യൂസിസ് വരച്ച മുന്തിരിപ്പഴക്കുല കണ്ടു ചില പക്ഷികൾ സാക്ഷാൽ മുന്തിരിപ്പഴമാണെന്നു തെറ്റിദ്ധരിച്ച് അതു കൊത്തിത്തിന്നാൻ പറന്നെത്തിയത്രേ!

ഗ്രീക്കുകലയുടെ തനിമ ഒരുകാലത്തും മങ്ങിപ്പോകാത്തതാണ്. ആധുനികകലയ്ക്ക് ഉത്തേജനവും മാർഗനിർദേശവും നല്കിക്കൊണ്ട് അതു നിത്യഭാസുരമായി നിലനില്ക്കുന്നു. ഗ്രീക്കുകലയുടെ ഏറ്റവും മഹനീയമായ നേട്ടം അതിലെ ക്ലാസിക്ശൈലി (classic style) ആണ്. ക്രമം, രൂപഭദ്രത, സംവിധാനത്തിലും ബാഹ്യപ്രകടനത്തിലും അലങ്കരണങ്ങളിലും മിതത്വം, അവയവപ്പൊരുത്വം, ചതുരശ്രശോഭിത്വം, ലാളിത്യത്തിൽ അധിഷ്ഠിതമായ ശാന്തത, സുന്ദരമായ

പൂർണത, ശാസ്ത്രത്തോടു കടപ്പാടില്ലാത്ത ഉദാത്തത ഇവയാണു ക്ലാസിക് ശൈലിയുടെ സവിശേഷതകൾ.

ഗ്രീക്ക് കലൻഡർ

†കലൻഡർ നോക്കുക.

ഗ്രീക്ക്തത്വചിന്ത

ഗ്രീസിലെ ദാർശനികന്മാരുടെ സിദ്ധാന്തങ്ങൾ.

ഗ്രീക്കുതത്വചിന്തയുടെ ഉദ്ഭവം ബി.സി. ആറാംനൂറ്റാണ്ടിലാണ്. മൈലീഷ്യൻ പ്രസ്ഥാനക്കാർ (Milisian School) എന്ന പേരിൽ അറിയപ്പെടുന്ന ദാർശനികന്മാരാണ് ആദ്യത്തെ തത്വചിന്തകന്മാർ. ഏഷ്യാമൈനറിന്റെ സമീപത്തുള്ള മൈലിറ്റസ് എന്ന നഗരമായിരുന്നു അവരുടെ നാട്. അതുകൊണ്ടാണു മൈലീഷ്യൻ പ്രസ്ഥാനം എന്ന പേരുവന്നത്. അതിന്റെ സ്ഥാപകൻ ഥെയിൽസ് (Thales) എന്നു പേരായ ദാർശനികൻ ആണ്. ഈ പ്രസ്ഥാനത്തിലെ തത്വചിന്തകന്മാർ ഭൗതികവാദികളാണ്. അവർ ഗ്രീക്കുകാരുടെ ഇടയിലുണ്ടായിരുന്ന കെട്ടുകഥകളെ നിഷേധിക്കുകയും പ്രപഞ്ചത്തിന്റെ ഉത്പത്തിയെക്കുറിച്ചു യുക്തിക്കു നിരക്കുന്ന സിദ്ധാന്തം ഉന്നയിക്കുകയും ചെയ്തു. ബി.സി. ആറാംനൂറ്റാണ്ടിൽ പൈത്തഗോറിയന്മാർ (Pythagorians) എന്നു പേരായ മറ്റൊരു വിഭാഗം ഉണ്ടായി. ഇതിന്റെ സ്ഥാപകൻ പൈത്തഗോറസ് (Pythagorus) ആണ്. സാമോസ് എന്നു പേരായ ദ്വീപായിരുന്നു അദ്ദേഹത്തിന്റെ സ്വദേശം. അവിടെ നിന്ന് അദ്ദേഹം തെക്കേ ഇറ്റലിയിൽ എത്തി. അവിടെ ഒരു മതസംഘം സ്ഥാപിച്ചു. പൈത്തഗോറിയൻ പ്രസ്ഥാനമാണു ഗ്രീക്കുതത്വചിന്തയെ ആധ്യാത്മികപഥത്തിലേക്കു തിരിച്ചത്.

പൈത്തഗോറസ് വലിയ ഗണിതശാസ്ത്രജ്ഞനുമാണ്. പ്രപഞ്ചത്തിന്റെ മൂലഘടകം പദാർഥമല്ല, സംഖ്യയാണെന്നായിരുന്നു പൈത്തഗോറിയൻ സിദ്ധാന്തം. പൈത്തഗോറിയന്മാരെക്കൂടാതെ പാർമെനീദിസ് (Parmenedes), ഹെറാക്ലീത്തസ് (Heracleetus) എന്നീ രണ്ടു മഹാചിന്തകന്മാരുണ്ടായിരുന്നു. പ്രപഞ്ചവസ്തുക്കൾക്കു മാറ്റമില്ലെന്നും മാറ്റമുള്ളതായി തോന്നുന്നതു മനുഷ്യേന്ദ്രിയങ്ങൾ സൃഷ്ടിക്കുന്ന ക്രമം ആണെന്നുമായിരുന്നു പാർമെനീദിസിന്റെ വാദം. നേരെ മറിച്ചായിരുന്നു ഹെറാക്ലീത്തസിന്റെ സിദ്ധാന്തം. പ്രപഞ്ചത്തിലുള്ള സകലതും അസ്ഥിരമാണെന്ന് അദ്ദേഹം വാദിച്ചു. ഈ രണ്ടു വാദങ്ങളും കൂട്ടിയിണക്കുന്നു അണുസിദ്ധാന്തം (Atomic theory). ഈ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാക്കൾ ബി.സി. അഞ്ചാംനൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ ജീവിച്ചിരുന്ന ഡെമോക്രീത്തസ് (Democritus) എന്ന ചിന്തകനും അനുയായികളുമാണ്. ഭഞ്ജനത്തിനും നശീകരണത്തിനും വിധേയമല്ലാത്ത പരമാണുക്കളാണു പ്രപഞ്ചത്തിന്റെ മൗലികഘടകങ്ങളെന്നും പ്രപഞ്ചത്തിലെ സർവചരാചരങ്ങളും പരമാണുക്കളുടെ സംയോജനംകൊണ്ടുദ്ഭവിക്കുന്നവയാണെന്നുമായിരുന്നു ആണവസിദ്ധാന്തത്തിന്റെ സാരം. ഗ്രീക്ക്ഭൗതികവാദത്തിന്റെ പരമകോടിയായിരുന്നു ഈ സിദ്ധാന്തം. ഡെമോക്രീത്തസ് തികച്ചും അനാത്മവാദിയായിരുന്നെങ്കിലും സാന്മാർഗികമായി വലിയ ആദർശവാദിയായിരുന്നു.

ബി.സി. അഞ്ചാംനൂറ്റാണ്ടിൽ ഗ്രീസിലാരംഭിച്ച ചിന്താവിപ്ലവത്തെ പ്രതിനിധാനംചെയ്തിരുന്ന ഒരു സുപ്രധാന തത്വചിന്താപ്രസ്ഥാനമായിരുന്നു സോഫിസ്റ്റുപ്രസ്ഥാനം. സോഫിസ്റ്റുകൾ ഭൗതികപ്രപഞ്ചത്തെപ്പറ്റിയുള്ള പഠനം അപ്രധാനമായിത്തള്ളി. മനുഷ്യനെപ്പറ്റിയുള്ള വിജ്ഞാനത്തിന്റെ വിവിധശാഖകൾക്കു പ്രാധാന്യം നല്കി. വിവേകജ്ഞാനമെന്ന് അർഥം വരുന്ന ഗ്രീക്കുപദമാണ് 'സോഫിയ'. സോഫിയയുടെ ആചാര്യന്മാർ എന്ന അർഥത്തിലാണ് ഈ തത്വചിന്തകന്മാർക്കു സോഫിസ്റ്റുകൾ എന്ന പേരു വന്നത്. അവരിൽ പ്രഥമഗണനീയൻ പ്രോത്തഗോറസ് (Protagoras) ആണ്. ആത്യന്തികമായ സദാചാരമെന്നൊന്നില്ല, സദാചാരത്തിന്റെ മാനദണ്ഡം സ്ഥലകാലഭേദമനുസരിച്ചു മാറിക്കൊണ്ടിരിക്കും. ഇതാണ് അദ്ദേഹത്തിന്റെ സിദ്ധാന്തം. യൂറോപ്യൻഭാഷകളുടെ വ്യാകരണത്തിനും ഭാഷാശാസ്ത്രത്തിനും അടിസ്ഥാനമിട്ടത് ഇദ്ദേഹമാണ്. സോഫിസ്റ്റുചിന്തകന്മാരിൽ പ്രമുഖനായ മറ്റൊരാൾ 'ജോർജിയാസ്' ആണ്. ശൂന്യവാദിയായിരുന്ന അദ്ദേഹം നഗരജീവിതത്തിന്റെ കൃത്രിമത്വത്തെയും, ധാർമികാധഃപതനത്തെയും നിന്ദിക്കയും നിയമം പ്രകൃതിവിരുദ്ധമായ മർദനോപാധിയാണെന്നു വാദിക്കുകയും ചെയ്തു.

സോഫിസ്റ്റുകളുടെ തത്വോപദേശങ്ങൾ പലതും വിലയേറിയവയാണ്. യൂറോപ്പിനു തർക്കവും വ്യാകരണവും സംഭാവനചെയ്ത അവർ അവ്യക്തചിന്തയെ പൊറുത്തില്ല. ആശയസ്ഫുടത എന്ന തത്വം അവരുടെ നിഷ്കൃഷ്ടമായ നിബന്ധനയായിരുന്നു. അവർ അടിമത്തത്തെയും ഗ്രീക്കുകാരുടെ വർഗവിവേചനത്തെയും കർക്കശമായി അധിക്ഷേപിച്ചു. അവർ സ്വതന്ത്രചിന്തയുടെയും സാമൂഹികശാസ്ത്രപഠനത്തിന്റെയും ആചാര്യന്മാരായിരുന്നു. സോഫിസ്റ്റുകൾ ഇല്ലായിരുന്നുവെങ്കിൽ സോക്രട്ടീസും പ്ലേറ്റോവും അരിസ്റ്റോട്ടിലുമുണ്ടാകുമായിരുന്നില്ല എന്നുപോലും അഭിപ്രായമുള്ളവരുണ്ട്. എന്നാൽ കാലക്രമത്തിൽ സോഫിസ്റ്റുകൾക്കു ധാർമികമായ അധഃപതനം സംഭവിച്ചു. ഗ്രീക്കുകാരുടെ സദാചാരബോധത്തിന് ഇടിവുതട്ടാൻ ഇതു കാരണമായിത്തീർന്നു. സോഫിസ്റ്റുകൾ പഴമയെയും പാരമ്പര്യത്തെയും തകർത്തുവെങ്കിലും അതിനുപകരം ഒരു പുതിയ വ്യവസ്ഥിതി പടുത്തുയർത്താൻ അവർക്കു കഴിഞ്ഞില്ല.

സോഫിസത്തോടുള്ള പ്രതിഷേധമായി ഒരു പുതിയ തത്വചിന്ത ഉടലെടുത്തു. ഭൗതികസത്ത മിഥ്യ അല്ലെന്നും ആത്യന്തികമാനദണ്ഡങ്ങൾ സാങ്കല്പികമല്ലെന്നുമാണ് ഈ പ്രസ്ഥാനത്തിന്റെ അടിസ്ഥാനതത്വം. ഈ പ്രസ്ഥാനത്തിന്റെ നേതാക്കന്മാർ †സോക്രട്ടീസും, †പ്ലേറ്റോയും, †അരിസ്റ്റോട്ടിലുമായിരുന്നു.

ഗ്രീക്ക്നഗരരാഷ്ട്രങ്ങൾ

പ്രാചീനഗ്രീസിൽ സ്വതന്ത്രരാഷ്ട്രങ്ങളായി പ്രവർത്തിച്ച നഗരങ്ങൾ.

ഒരു പട്ടണവും അതിനു ചുറ്റുമുള്ള ഏതാനും ഗ്രാമങ്ങളും ചേർന്ന പ്രദേശമാണു നഗരരാഷ്ട്രം (City state). ഗ്രീസ് അന്യാധീനപ്പെടുന്നതുവരെ അനേകം സ്വതന്ത്രനഗരരാഷ്ട്രങ്ങളുടെ നാടായിരുന്നു. ചില പ്രത്യേക സാഹചര്യങ്ങൾനിമിത്തമാണ് ഇങ്ങനെ സംഭവിച്ചത്. ഒരു വൻകരയും അതിന്റെ സമീപത്തു മെഡിറ്ററേനിയൻ കടലിലെ നിരവധി ദ്വീപുകളും കൂടിച്ചേർന്ന ഒരു ദേശമായിരുന്നു ഗ്രീസ്. ഒരു ഉപദ്വീപായ വൻകര പർവതനിരകളാൽ നിബിഡമായ ഭൂപ്രദേശമായിരുന്നു. ഈ പർവതനിരകളുടെ ഇടയിലുള്ള താഴ്വരകളിലാണു നഗരരാഷ്ട്രങ്ങൾ ഉദ്ഭവിച്ചത്. ഓരോ നഗരരാഷ്ട്രവും ഇതര നഗരരാഷ്ട്രങ്ങളുമായി പർവതഭിത്തികളാൽ വേർതിരിക്കപ്പെട്ടിരുന്നു. അതിനാൽ അവ പ്രായേണ പരസ്പരസമ്പർക്കമില്ലാതെ വർത്തിച്ചു. ദ്വീപുകളിൽ വളർന്നുവന്ന നഗരരാഷ്ട്രങ്ങളാകട്ടെ സമുദ്രജലപ്പരപ്പിനാൽ പരസ്പരം വേർതിരിക്കപ്പെട്ടതുകൊണ്ടു മിക്കവാറും ഒറ്റപ്പെട്ടു നിലകൊണ്ടു. തന്മൂലം രാഷ്ട്രങ്ങളെല്ലാം കൂട്ടിച്ചേർത്ത് ഒരു ഒറ്റരാഷ്ട്രം സൃഷ്ടിക്കുക സാധ്യമായിരുന്നില്ല. ഈ നഗരരാഷ്ട്രങ്ങളിൽ പലതും ഏതാനും ച.കി.മീറ്റർ മാത്രം വിസ്തൃതിയുള്ള ചെറുരാജ്യങ്ങളായിരുന്നു.

ഗ്രീക്കുകാർ ആദ്യം ഗ്രാമങ്ങളിലാണു ജീവിച്ചിരുന്നത്. ശത്രുക്കളുടെ ആക്രമണസമയത്ത് അഭയംപ്രാപിക്കുന്നതിനുവേണ്ടി മാത്രമേ നഗരങ്ങൾ ഉപയോഗിച്ചിരുന്നുള്ളു. കാലമ്രത്തിൽ പല ഗ്രാമങ്ങളിലെയും ജനങ്ങൾ ഒന്നിച്ചുചേർന്നു പൊതുസംരക്ഷണത്തിനും ഭരണത്തിനുംവേണ്ടി ഒരു സമുദായമായി സംഘടിച്ചു. ഇങ്ങനെ സംഘടിച്ച സമുദായത്തിനും ഗ്രീക്കുഭാഷയിൽ 'പോളിസ്' (Polis) എന്നു പറയുന്നു. പോളിസാണു നഗരരാഷ്ട്രം. ഒരു പോളിസിന്റെ കേന്ദ്രസ്ഥാനം താഴ്വരയുടെ മധ്യത്തിൽ സ്ഥിതിചെയ്യുന്ന കുന്നിന്റെ മുകൾഭാഗമായിരിക്കും. ഇതു ശത്രുക്കളുടെ ആക്രമണം തടയാനുള്ള കോട്ടയായും ഉപകരിച്ചിരുന്നു.

പൗരന്മാർ നഗരരാഷ്ട്രവുമായി താദാത്മ്യംപ്രാപിച്ചുകൊണ്ടാണു ജീവിച്ചിരുന്നത്. നഗരരാഷ്ട്രങ്ങൾ തമ്മിൽ കൂട്ടിയിണക്കാനുള്ള സാഹചര്യങ്ങളുമുണ്ടായിരുന്നു. ഗ്രീസിലെ ദേവാലയങ്ങളെ നിയന്ത്രിച്ചിരുന്ന മതസമിതികളിൽ എല്ലാ നഗരരാഷ്ട്രങ്ങളും പ്രതിനിധികളെ അയച്ചിരുന്നു. ഗ്രീക്കുകാരുടെ ദേശീയവിനോദമായ ഒളിമ്പിക്സ് മറ്റൊരു ദേശീയോദ്ഗ്രഥന ഘടകമായിരുന്നു. ഹോമറുടെ കാവ്യങ്ങൾ എല്ലാ ഗ്രീക്കുകാരുടെയും പൈതൃകമായി ഗണിക്കപ്പെട്ടിരുന്നു. ഗ്രീക്കുകാർ വിദേശികളെ പൊതുശത്രുക്കളായും തങ്ങളെക്കാൾ താണവരായും വീക്ഷിച്ചിരുന്നതിനാൽ അവരെ നേരിടുന്നതിൽ സ്വാഭാവികമായി ഒത്തൊരുമയുണ്ടായിരുന്നു. എങ്കിലും ഗ്രീസിലെ നഗരരാഷ്ട്രങ്ങൾ തമ്മിൽ സ്ഥായിയായ യോജിപ്പ് ഒരുകാലത്തുമുണ്ടായിട്ടില്ല.

എല്ലാ നഗരരാഷ്ട്രങ്ങളുടെയും ഭരണസംവിധാനത്തിന്റെ പരിണാമദശകൾ മിക്കവാറും ഒരേവിധത്തിലായിരുന്നു. ആദ്യം രാജാധികാരവും അതിനെത്തുടർന്നു പ്രഭുക്കന്മാരുടെ ഭരണവുമായിരുന്നു. പ്രഭുഭരണം അധഃപതിച്ചപ്പോൾ സമർഥന്മാരായ വ്യക്തികൾ അധികാരം പിടിച്ചെടുക്കുകയും അങ്ങനെ ഏകാധിപത്യം (Dictatorship) സ്ഥാപിതമാകുകയും ചെയ്തു. ഏകാധിപതികളിൽ ചിലർ ജനകീയതാത്പര്യങ്ങളിൽ ശ്രദ്ധാലുക്കളായിരുന്നു. എന്നാൽ അവരിൽ പലരും സ്വാർഥതത്പരരായിരുന്നതിനാൽ ഏകാധിപത്യഭരണം അധികകാലം നിലനിന്നില്ല. അങ്ങനെ ഏകാധിപത്യം പ്രജാപ്രഭുത്വത്തിനു വഴിമാറിക്കൊടുക്കേണ്ടിവന്നു. ഈ ഭരണസമ്പ്രദായത്തിനു ഗ്രീക്കു

കാർ നല്കിയ പേര് 'ഡെമോക്രസി' (Democracy) എന്നാണ്. 'ഡെമോസ്' (Demos) എന്ന വാക്കിൻെറ അർഥം 'ജനങ്ങൾ' എന്നാണ്. ജനങ്ങളുടെ ഭരണമാണു ഡെമോക്രസി. ഗ്രീക്കു ഡെമോക്രസിയിൽ ഭരണാധികാരത്തിൽ പങ്കുകൊള്ളാൻ അർഹരായ പൗരന്മാർ ജനങ്ങളിൽ ഒരു ചെറിയ വിഭാഗം മാത്രമായിരുന്നു. എന്തെന്നാൽ നഗരത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും അടിമകളായിരുന്നു. അവർക്കും സ്ത്രീകൾക്കും പൗരാവകാശമുണ്ടായിരുന്നില്ല. അതിനാൽ ഗ്രീക്കു ജനാധിപത്യം, പ്രഭുത്വഭരണത്തിൻെറ ഒരു വിസ്തരിച്ച പതിപ്പുമാത്രമായിരുന്നു. കാലക്രമത്തിൽ ഗ്രീക്ക്ഡെമോക്രസി അധഃപതിക്കുകയും ഒടുവിൽ സ്വയം നശിക്കുകയും ചെയ്തു.

ഗ്രീസിലെ നഗരരാഷ്ട്രങ്ങളിൽ ഏറ്റവും വലിയതായിരുന്നു †ഏഥൻസ്. 2,600 ച.കി.മീറ്റർ ആയിരുന്നു ഈ നഗരരാഷ്ട്രത്തിൻെറ വിസ്താരം. യൂറോട്ടസ് നദീതീരത്ത് അഞ്ചു ഗ്രാമങ്ങൾ സംയോജിച്ചുണ്ടായ †സ്പാർട്ടയായിരുന്നു മറ്റൊരു നഗരരാഷ്ട്രം. കേവലം 160 ച.കി.മീറ്റർ വിസ്താരമുള്ള സിയോസ് ദ്വീപ് നാലു നഗരരാഷ്ട്രങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. ചെറിയ ഭൂവിഭാഗങ്ങളിലെ സംസ്കാരം പുഷ്ടിപ്പെടൂ എന്നായിരുന്നു ഗ്രീക്കുകാരുടെ വിശ്വാസം.

ഗ്രീക്ക്നാടകവേദി

ലോകത്തിൽവച്ച് ഏറ്റവും പഴക്കമുള്ളതെന്നു കരുതപ്പെടുന്നതും ഗ്രീസിൽ ബി.സി. അഞ്ചും നാലും നൂറ്റാണ്ടുകളിൽ നിലനിന്നതുമായ നാടകവേദി. ബി.സി. 534-ൽ തെസ്പിസ് അഗോറ(അങ്ങാടി)യിൽ ആണു നാടകം അവതരിപ്പിച്ചത്. പക്ഷേ, തെസ്പിസിൻെറ നാടകം ആദ്യത്തെ ഗ്രീക്കുനാടകമാണെങ്കിലും രചനയിലോ അവതരണത്തിലോ പില്ക്കാലത്തു രൂപപ്പെട്ട ഗ്രീക്കുനാടകത്തിൻെറ പ്രാതിനിധ്യമുള്ള കൃതി അല്ല. ബി.സി. 534-ൽ പിസിസ്ഗ്രാറ്റസ് എന്ന രാജാവു ഗ്രെയ്റ്റ് ഡയനീഷ്യ എന്ന ഉത്സവത്തിൻെറ ഭാഗമായി ട്രാജഡിക്ക് ഒരു വാർഷിക മത്സരം ഏർപ്പെടുത്തിയതിനു ശേഷമാണു ഗ്രീക്കു നാടകാവതരണത്തിൻെറ ചരിത്രം ശരിക്കും തുടങ്ങുന്നത്. എല്ലാക്കൊല്ലവും മാർച്ച് അവസാനത്തിൽ ഗ്രെയ്റ്റ് ഡയനീഷ്യ എന്ന ഉത്സവം ഏഥൻസിൽ ആഘോഷിച്ചുവന്നിരുന്നു. മദ്യദേവനായ ഡയനീഷസ് ഏഥൻസിൽ പ്രവേശിച്ചതിനെ അനുസ്മരിച്ചു നടത്തുന്ന ഉത്സവമായിരുന്നു ഗ്രെയ്റ്റ് ഡയനീഷ്യ. ഈ ഉത്സവത്തോടനുബന്ധിച്ചു നടന്ന മൂന്നു ദിവസത്തെ നീണ്ടുനിന്ന നാടകമത്സരം ധാരാളം ട്രാജഡികൾ ഉണ്ടാവാൻ കാരണമായി. ഏഥൻസിൽ കൊല്ലംതോറും ജനുവരിയിൽ ആഘോഷിച്ചിരുന്ന ലീന്യാ എന്ന ഉത്സവത്തോടനുബന്ധിച്ചു ട്രാജഡികളിലും കോമഡികളിലും മത്സരം നടന്നു. എങ്കിലും പ്രാധാന്യം കോമഡികൾക്കായിരുന്നു. നാടകങ്ങൾ അവതരിപ്പിക്കപ്പെട്ടത് അക്രോപോളീസ് കുന്നിൻെറ തെക്കെ ചെരിവിലുള്ള തുറന്ന പ്രദേശത്തെ വേദിയിലായിരുന്നു. ഈ നാടകവേദി മൂന്നു പ്രധാന ഭാഗങ്ങൾ ഉൾക്കൊണ്ടിരുന്നു. ഒന്ന്: തിയട്രോൺ (കാണികൾ ഇരിക്കുന്ന സ്ഥലം) രണ്ട് : ഓർക്കെസ്ത്രാ (നൃത്തവും അഭിനയവും നടത്താനുള്ള വേദി) മൂന്ന്: തൈമിലി (നൃത്തവേദിയുടെ മധ്യത്തിൽ ഡയനിഷസ്സിൻെറ പ്രതിമവച്ച് ആരാധിക്കുന്ന സ്ഥലം). ഓർക്കെസ്ത്രയുടെ പിന്നിലായി നടന്മാർക്കു ചമയലിന് 'സ്ക്രീൻ' എന്ന പേരിൽ ഒരു അണിയറയുമുണ്ടായിരുന്നു. ആദ്യകാലത്ത് ഓർക്കെസ്ത്ര കെട്ടിയുയർത്തിയിരുന്നില്ല. ഓർക്കെസ്ത്രയിൽ നടന്മാരുടെ സ്ഥാനം സമതലത്തിലും കാണികളുടെ സ്ഥാനം ഉയർന്ന സ്ഥലത്തും ആയിരുന്നു. മരത്തടിവച്ചുകെട്ടിയുണ്ടാക്കിയ ഇരിപ്പിടങ്ങളായിരുന്നു കാണികൾക്ക്. ബി.സി. 498-ൽ ഇരിപ്പിടങ്ങൾ പൊട്ടിവീണതിൻെറ ഫലമായി ഏറെപ്പേർ മരിച്ചു. അതിനുശേഷമാണു തട്ട്തട്ടായുള്ള ഇരിപ്പിടങ്ങൾ ഉണ്ടാക്കാൻ ശ്രമം നടന്നത്. ബി.സി. 330-ൽ കല്ലുകൊണ്ടു കെട്ടി തട്ടുകളായി തിരിച്ചു, പന്തീരായിരത്തിലധികം പേർക്കിരിക്കാവുന്ന ഡയോണിഷസിൻെറ തിയേറ്റർ ലൈസർക്കസ് എന്ന രാജാവു നിർമിച്ചു.

ബി.സി. അഞ്ചാംനൂറ്റാണ്ടിൻെറ മധ്യകാലത്താണു ഗ്രീക്കുനാടകം പരമോന്നതാവസ്ഥയിൽ എത്തിയത്. പെരിക്ലിസ് എന്ന പ്രസിദ്ധനായ രാജാവിൻെറ ഭരണകാലം ഗ്രീസ്സിലെ സുവർണകാലമായിരുന്നു. ഈ കാലത്താണ് ഈസ്കലിസ് (ബി.സി. 524—456), സൊഫോക്ലീസ് (ബി.സി. 496—406), യൂറിപ്പിദീസ്(ബി.സി. 484—406) എന്നീ പ്രശസ്ത ഗ്രീക്കുനാടകകൃത്തുക്കൾ തങ്ങളുടെ സംഭാവനകൾകൊണ്ടു ഗ്രീക്കുനാടകസാഹിത്യത്തെ സമ്പന്നമാക്കിയത്. ഇവരുടെ നാടകങ്ങൾ അക്രോപോളിസ് കുന്നിൻെറ താഴ്വരയിലുള്ള വേദിയിലാണ് അവതരിപ്പിച്ചിരുന്നത്. നടന്മാർ വേദിയിൽ പ്രത്യക്ഷപ്പെട്ടിരുന്നതുമുഖംമൂടിയും പൊയ്ക്കാലും ധരിച്ചുകൊണ്ടാണ്. രംഗവിരാമം കാട്ടാൻ യവനിക ഉപയോഗിച്ചിരുന്നില്ല. നടീനടന്മാരോടൊപ്പം ഗായകസംഘം (കോറസ്) രംഗത്തു വരികയും വിവരണാത്മകവും പ്രവചനാത്മകവും പ്രതികരണാത്മകവുമായ സംഭാഷണങ്ങൾ ഗാനരൂപത്തിൽ അവതരിപ്പിക്കുകയും ചെയ്തിരുന്നു. ദേവന്മാരെ രംഗത്ത് അവതരിപ്പിക്കാനും അന്തർധാനം ചെയ്യിക്കാനും ക്രെയിൻപോലുള്ള ഒരു യന്ത്രം —'ദ്യു എക്സ് മെഷീന' (യന്ത്രത്തിൽനിന്നു ദേവൻ)— ഉപയോഗിച്ചിരുന്നു. പശ്ചാത്തലചിത്രണം ആദ്യകാലത്തു കൈക്കൊണ്ടിരുന്നില്ല. പിന്നീടു മൃഗത്തോലുകളിൽ ചായംതേച്ചു പശ്ചാത്തലദൃശ്യമൊരുക്കാൻ തുടങ്ങി. ബി.സി. 458-ൽ ഈസ്കിലസ് അവതരിപ്പിച്ച "ഒറസ്തിയ" എന്ന നാടകത്തിലാണ് ആദ്യമായി കാൻവാസിൽ പശ്ചാത്തലദൃശ്യം ചായംകൊണ്ടു ചിത്രണം ചെയ്ത് അവതരിപ്പിക്കുന്ന രീതി കൈക്കൊണ്ടത്.

ഗ്രീക്കുനാടകവേദിയിൽ ഭാവാഭിനയത്തിനു സ്ഥാനം കല്പിച്ചിരുന്നില്ല. കഥാപാത്രങ്ങൾ മുഖംമൂടിയണിഞ്ഞു രംഗത്തു പ്രത്യക്ഷപ്പെടുന്നതിനാൽ മുഖത്തു ഭാവങ്ങൾ പ്രകടിപ്പിച്ചിട്ടു കാര്യമില്ലല്ലോ. ഭാവാഭിനയമില്ലെങ്കിലും സംഘർഷാത്മകങ്ങളായ രംഗങ്ങൾ അവതരി



ഏഥൻസിലെ
നാടകവേദി (അഞ്ചാംനൂറ്റാണ്ട്).
വൃത്തത്തിലുള്ള ഓർക്കസ്ത്രയും
മാർബിൾ ഇരിപ്പിടങ്ങളും
സാധാരണ ഇരിപ്പിടങ്ങളും
കാണാം

പ്പിച്ചു കാണികളിൽ വികാരവിരേചനം സാധിക്കുക എന്ന ലക്ഷ്യം ഈ നാടകങ്ങൾ നിർവഹിച്ചു.

ചതുരാകൃതിയിലായിരുന്നു ആദ്യകാലത്തു പ്രേക്ഷകരുടെ ഇരിപ്പിടങ്ങൾ ഒരുക്കിയിരുന്നത്. പിന്നീട് അതു വൃത്താകൃതിയിൽ ആക്കി. അഭിനയിക്കുന്നവർക്ക് ഉയർന്ന വേദിയുണ്ടായതും കോറസിന് വേദിയുടെ പിന്നിൽ 'ഓർക്കെസ്ത്രാ' എന്ന ഭാഗത്ത് അല്പം താണതലത്തിൽ സ്ഥാനം നല്കിയതും പിന്നീടാണ്. ഹെലനിസ്റ്റിക്കാലഘട്ടത്തിൽ ഗ്രീസിലെ മിക്ക നഗരങ്ങളിലും വൃത്താകൃതിയിൽ കാണികൾക്കിരിക്കാൻ സജ്ജീകരണങ്ങളുള്ള നാടകവേദികളുണ്ടായി.

ഗ്രീക്ക് പുരാണം

പ്രചീന ഗ്രീക്കുജനതയുടെ പുരാവൃത്തങ്ങൾ. പുരാണകഥകളുടെ കാര്യത്തിൽ പ്രാചീന ഗ്രീസിനെ അതിശയിക്കുന്ന ഒരു ജനസമുദായം പാശ്ചാത്യലോകത്തിലില്ല. റോമക്കാരുടെ ആദികഥകൾ (Myths) മിക്കതും ഗ്രീസിൽനിന്നും കടംകൊണ്ടവയാണ്. ലോകത്തിലെ പൗരാണിക കഥാശാഖ (Mythology) മുഴുവൻതന്നെ എടുത്താൽ, ഗ്രീക്കുകാരുടെതിനോടൊപ്പം നില്ക്കുന്നത് ഭാരതീയരുടേതു മാത്രമാണ്. പുരാണങ്ങൾ, ഇതിഹാസങ്ങൾ, ഐതിഹ്യങ്ങൾ, വീരപുരഷന്മാരുടെ അപദാനങ്ങൾ, നാടോടിക്കഥകൾ, സാരോപദേശകഥകൾ എന്നിങ്ങനെ പൗരാണികകഥാശാഖയുടെ എല്ലാ മണ്ഡലങ്ങളും ഗ്രീക്കുകാർ വികസിപ്പിച്ചു. അവരുടെ ദേവീദേവന്മാരുടെ പ്രതിമകളും ദേവാലയങ്ങളുടെ നഷ്ടശിഷ്ടങ്ങളും ഇന്നുമുണ്ട്. ഗ്രീക്ക് ദേവീദേവന്മാരെക്കുറിച്ചുള്ള ആദ്യത്തെ സമ്പൂർണവിവരങ്ങൾ ഹോമറുടെ †ഇലിയദിലാണുള്ളത്.

ഗ്രീക്ക് മിഥോളജി ജനിച്ചതും വളർന്നതും ഗ്രീക്കുകാർ ഗ്രീസിൽ കുടിയേറ്റം നടത്തിയതിനുശേഷമത്രേ - അതായത് ഉദ്ദേശം ബി. സി.2000-ത്തോടടുത്ത്. മിഥോളജിയിൽ പ്രാധാന്യമുള്ള പല സ്ഥലങ്ങളിലും, മൈസീനിയൻ കാലഘട്ടത്തിലെ അവശിഷ്ടങ്ങൾ ഖനനം ചെയ്തെടുത്തിട്ടുണ്ടെന്നും ഗ്രീക്ക് മിഥോളജിയിലെ മിക്ക അംശങ്ങളും മെസീനിയൻ കാലഘട്ടത്തിൽ (ബി.സി.1600-നും 1100-നും ഇടയ്ക്ക്) ഉടലെടുത്തതാണെന്നും പ്രൊഫസർ മാർട്ടിൻ നിൽസൺ (Martin Nilson) അഭിപ്രായപ്പെടുന്നു.



സെന്ററാർ-ലപിഥ്യുദ്ധം



അഥീനാദേവിയുടെ
വെങ്കലപ്രതിമ
(ഭീഷണരൂപങ്ങൾ).

പ്രപഞ്ചോത്പത്തി. ഹീസിയഡിന്റെ 'തിയോഗണി' (Theogony) എന്ന കൃതിയിൽനിന്നു പ്രപഞ്ചോത്പത്തിയെക്കുറിച്ചുള്ള ഗ്രീക്കുകഥ നമുക്കു കിട്ടുന്നു. ആദ്യം എങ്ങും ശൂന്യത(Chaos)യും അന്ധകാരവുമേ ഉണ്ടായിരുന്നുള്ളു. ആ ശൂന്യതയിൽനിന്നും ഭൂമി(Gae) ഉണ്ടായി. ഭൂമി ആകാശത്തെ - യുറാനസി(Uranus)നെ - സൃഷ്ടിച്ചു. അവർ തമ്മിലുണ്ടായ ദാമ്പത്യത്തിൽനിന്നും പന്ത്രണ്ട് 'ടൈറ്റന്മാർ' (Titans) ഉണ്ടായി. അസാമാന്യബലവും വലിപ്പവും ഉണ്ടായിരുന്ന രാക്ഷസന്മാർ ആയിരുന്നു ടൈറ്റന്മാർ. അവരിൽ പ്രധാനി 'ഓഷ്യാനസ്' (Oceanus) ആയിരുന്നു. നെറ്റിയിൽ ഒരു കണ്ണു മാത്രമുള്ള 'സൈക്ലോപ്സ്' (Cyclopes) എന്ന ഭീമാകാരന്മാരും യുറാനസ്സിന്റെയും ഭൂമിയുടെയും മക്കളായിരുന്നു. ടൈറ്റന്മാരിൽ ആറുപേർ പുരുഷന്മാരും ആറുപേർ സ്ത്രീകളുമാണ്. 'ക്രോണോസ്' Kronoss ആയിരുന്നു ഇളയവൻ. യുറാനസ്സിന് ഈ മക്കളെ ഇഷ്ടപ്പെടായ്കയാൽ, അവരെ ഭൂമിക്കടിയിലുള്ള 'ടാർട്ടാറസ്' എന്ന ഗർത്തത്തിൽ തള്ളിയിട്ടു. അമ്മയായ ഭൂമിയുടെ പ്രേരണയാൽ, ടൈറ്റന്മാർ, അവരിൽ ഏററവും ബുദ്ധിമാനും വിവേകശാലിയുമായ ക്രോണോസിന്റെ നേതൃത്വത്തിൽ യുറാനസ്സിനെ യുദ്ധത്തിൽ തോല്പിച്ചു. അനന്തരം ക്രോണോസ് പ്രപഞ്ചത്തിന്റെ അധിപനായി. അദ്ദേഹം 'റീ' (Rhea) എന്ന തന്റെ സഹോദരിയെ വിവാഹം ചെയ്യുകയും അതിൽനിന്ന് (ദേവന്മാരുടെ) ഒരു പുതിയ തലമുറ ജനിക്കയും ഉണ്ടായി. ഉദാ: ഹെസ്റ്റിയാ (Goddess of Hearth - അടുക്കളയുടെ ദൈവം), ഡെമിറ്റർ (Demeter - ധാന്യദേവത), ഹേര (Hera, സ്ത്രീകളുടെ ദേവത), ഹെയിഡിസ് (Hades, പാതാളത്തിന്റെ ദൈവം), പോസിഡോൺ (Poseidon - ഭൂകമ്പത്തിന്റെ ദൈവം), അവസാനമായി †സിയൂസ്(Zeus).

മനുഷ്യോത്പത്തി. 'ഇയാപെറ്റസി'ന്റെ നാലുമക്കളിൽ രണ്ടു പേരെ സിയൂസ് ശിക്ഷിച്ചു. ഒരാളായ 'ആറ്റ്ലസ്' (Atlas) ആകാശം തോളിൽ ചുമക്കണം. മറ്റേ ആളായ †'പ്രൊമിത്തിയൂസ്' (Prometheus) ബുദ്ധിമാനും സൂത്രശാലിയുമായിരുന്നു. മനുഷ്യനെ സൃഷ്ടിച്ചതു പ്രൊമിത്തിയൂസാണ്. മണ്ണും വെള്ളവുംകൊണ്ട് അയാൾ ആദ്യമനുഷ്യനെ സൃഷ്ടിച്ചു. അഥീനാ എന്ന ദേവത ജീവൻ കൊടുത്തു. മനുഷ്യരോടു പ്രൊമിത്തിയൂസ് വളരെ സ്നേഹവും ദയയും



ഇടത്ത്: **സിയൂസിന്റെ പത്നി**
ഹെരാദേവി.
വലത്ത്: **മിനോട്ടോർ.**
ക്രീറ്റൻ വൃഷഭദേവൻ.

കാണിച്ചു. അയാൾ ഒരിക്കൽ സ്വർഗത്തിൽനിന്ന് ഒരു പൊള്ളക്കുഴലിൽ തീ കൊണ്ടുവന്നു മനുഷ്യർക്കു സമ്മാനിച്ചു.

പ്രളയത്തിന്റെ കഥ. മനുഷ്യർ പാപികളും അധർമിഷ്ഠരുമായിത്തീരുകയാൽ സിയൂസ് അവരെ ശിക്ഷിക്കാൻ (നശിപ്പിക്കാൻ) തീരുമാനിച്ചു. രഹസ്യമായി ഈ വിവരം പ്രൊമിത്തിയൂസ് തന്റെ പുത്രനായ 'ഡുക്കാലിയനെ'യും (Deucalion) അവന്റെ ഭാര്യയായ പിഹായെയും (Pyrrha) ധരിപ്പിച്ചു. പ്രളയം വരുംമുമ്പ്, അവർ ഒരു പെട്ടകം (Ark) ഉണ്ടാക്കി. നോഹയെപ്പോലെ അതിൽ കയറി രക്ഷ പ്രാപിച്ചു. ഒമ്പതുദിവസം പേമാരിയും പ്രളയവും നീണ്ടുനിന്നു. സകല ജീവജാലങ്ങളും നശിച്ചു - ഡുക്കാലിയനും ഭാര്യയുമൊഴിച്ച്. പത്താംദിവസം വെള്ളം താണപ്പോൾ അവർ 'പാർനസസ്' (Mt. Parnassasu) പർവതത്തിൽ ചെന്നടുത്തു. അയാൾ മനുഷ്യവർഗത്തിന്റെ പുനരുദ്ഭവത്തിനു സിയൂസ്സിനോടു പ്രാർഥിക്കുകയും അദ്ദേഹം അത് അനുവദിക്കുകയും ചെയ്തു. ഇപ്രകാരം ഡുക്കാലിയൻ മനുഷ്യവർഗത്തിന്റെ പിതാവായി. മനുഷ്യരുടെ ആദ്യത്തെ രാജാവും, നഗരങ്ങളുടെയും ക്ഷേത്രങ്ങളുടെയും സ്രഷ്ടാവും ഡുക്കാലിയനാണ്.

വീരപുരുഷന്മാരെക്കുറിച്ചുള്ള മിത്തുകൾ: മൈസീനിയൻ രാജാക്കന്മാരുടെ ആരാധനയിൽനിന്നാണു ഗ്രീക്കുകാർക്കിടയിൽ വീരാരാധനയും വീരപുരുഷന്മാരിൽ വിശ്വാസവും ജനിച്ചതെന്നു കരുതപ്പെടുന്നു. ഈ വീരപുരുഷന്മാരെല്ലാം യഥാർഥത്തിൽ ജീവിച്ചിരുന്നവരാണോ എന്നറിയാൻ വഴിയില്ല. ദേവപദവിയും നല്കിയിട്ടുണ്ട് ഇവരിൽ ചിലർക്ക്. പല സംഭവങ്ങളും കല്പിതമായിരിക്കാം. ഭാരതീയർക്കു മഹാഭാരതവും രാമായണവുംപോലെ ഗ്രീക്കുകാർക്കു വിശ്വോത്തരങ്ങളായ രണ്ട് ഇതിഹാസങ്ങളുണ്ട് - ഇലിയഡും (Iliad) ഒഡീസ്സി(Odyssey)യും. †ഇലിയഡ്, ഒഡീസ്സി നോക്കുക.

ഹെറാക്ലീസ് അഥവാ ഹെർക്യുലീസ് ആകുന്നു ഗ്രീക്കുകാരുടെ ഏറ്റവും വലിയ വീരപുരുഷൻ (Hero). †ഹെർക്കുലീസ് നോക്കുക.

ഏഥൻസിലെ രാജാവായ ഈജിയാസിന്റെയും (Aegeas) ട്രോസനിലെ (Troezen) രാജാവിന്റെ മകളായ 'ഈത്രാ'(Aethra)-യുടെയും പുത്രനായ തെസ്യൂസ് (Theseus) മറ്റൊരു പ്രധാന പുരാണ കഥാപാത്രമാണ്. ഏഥൻസിലായിരുന്നു ജീവിതത്തിലധികവും കഴിച്ചത്. ഈജിയാസിന്റെ മരണശേഷം അവിടത്തെ രാജാവായി. മിനോട്ടോർ (Minotaur) എന്ന വിചിത്രജീവിയെ (പകുതി കാളയും പകുതി മനുഷ്യനും) വധിച്ചതാണു തെസ്യൂസിന്റെ ഏറ്റവും വലിയ വീരകൃത്യം. പകുതി മനുഷ്യന്റെയും പകുതി കുതിരയുടെയും ആകൃതിയുള്ള 'സെൻറാർസി'(Centaurs)നെയും അയാൾ തോല്പിച്ചു.

സിയൂസിന്റെയും, ആറഗൈവ് രാജകുമാരിയായ ഡാനെയുടെയും പുത്രനാണ് പെർസ്യൂസ്(Perseus). മകളുടെ മകൻ തന്നെ വധിക്കുമെന്ന പ്രവചനം വിശ്വസിച്ചു രാജാവ് മകളായ ഡാനെയെ പിത്തളകൊണ്ടുണ്ടാക്കിയ ഒരു തടവറയിലിട്ടു. സ്വർണമഴയുടെ രൂപത്തിൽ സിയൂസ് തടവിൽ രഹസ്യമായി കടന്ന് അവളെ പ്രാപിച്ചു. അങ്ങനെ പെർസ്യൂസ് ജനിച്ചു. ഇതറിഞ്ഞു രാജാവ് മകളെയും ശിശുവിനെയും ഒരു പേടകത്തിലടച്ചു, കടലിൽ തള്ളി. അവർ 'സെറിഫോസ്' (Seriphos) എന്ന ദ്വീപിലെത്തി. അവിടത്തെ രാജാവ് ഡാനെയെ ഭാര്യയായി കിട്ടാൻ മോഹിച്ചു. ഗോർഗൻ (Gorgon) എന്ന രാക്ഷസിയുടെ തല കൊണ്ടുവരുന്നതിന് അയാൾ പെർസ്യൂസിനെ നിയോഗിച്ചു. ദേവതകളായ അഥീനയുടെയും ഹെർമിസ്സിന്റെയും സഹായത്തോടെ പെർസ്യൂസ് ഗോർഗന്റെ ശിരസ്സ് അറുത്തുകൊണ്ടുപോന്നു. പിന്നീടു മുത്തച്ഛന്റെ രാജ്യത്തിലേക്ക് അമ്മയുമായി തിരിച്ചു. മുത്തച്ഛനുമായി രമ്യതയിലെത്തി. ചക്രാകൃതിയിലുള്ള ഒരു ആയുധമെറിഞ്ഞുള്ള കളിയിൽ പെർസ്യൂസിന്റെ കൈയിൽനിന്നും കരുതെറ്റി തെറിച്ചുവീണ് മുത്തച്ഛൻ മരിച്ചു. അങ്ങനെ പ്രവചനം ഫലിച്ചു. പിന്നെ പെർസ്യൂസ് എത്തിയോപ്പിയൻ രാജാവിന്റെ മകളായ 'ആൻഡ്രോമീഡ' Andromeda)യെ ഒരു കടൽസത്വത്തിൽനിന്നും (Sea Monster) രക്ഷിച്ചു വിവാഹം കഴിച്ചു.

'ലിഡാ'യുടെ കുട്ടികളെ ഒന്നിച്ചു വ്യവഹരിക്കാൻ ഉപയോഗിക്കുന്ന പദമാണു ഡയോസ്കൂറി. സ്പാർട്ടയിലെ രാജാവായ 'റ്റിൻഡാറിയസ്സി' (Tyndarius)ന്റെ ഭാര്യയാണു ലിഡാ. അവളിൽ റ്റിൻഡാറിയസ്സിനു ജനിച്ച പുത്രനാണു കാസ്റ്റർ എന്നും സിയൂസ്സിനു ജനിച്ച പുത്രനാണു പോളിഡ്യൂക്കസ് എന്നുമാണ് ഒരു പാഠം. രണ്ടുപേരും സിയൂസ്സിന്റെ മക്കളാണ് എന്നും പാഠമുണ്ട്. ഏതായാലും കാസ്റ്റർ വധിക്കപ്പെട്ടപ്പോൾ 'പോളിഡ്യൂക്കസ്' (Polydeukes) സഹോദരനു ജീവൻ കൊടുക്കണമെന്നു പ്രാർഥിച്ചു. അതിൻപ്രകാരം ഒന്നിടവിട്ട ദിവസം ഓരോരുത്തർ ജീവിക്കുമെന്നു സിയൂസ് വരംനല്കി.

ആർട്ടിസ്(Artes) രാജാവിന്റെ മകളായ 'മീഡിയ'യ്ക്കു ജേസൺ എന്ന വീരപുരുഷനിൽ അനുരാഗമുണ്ടായി. അവളുടെ അച്ഛൻ ജേസനെ കൊല്ലുന്നതിന് ഒരു ഭയാനകസർപ്പം കാത്തുസൂക്ഷിക്കുന്ന സ്വർണരോമം കൊണ്ടുവരാൻ ആവശ്യപ്പെട്ടു. മീഡിയയുടെ സഹായത്തോടെ സർപ്പത്തെ കൊന്നു ജേസൺ സ്വർണരോമം കൊണ്ടുവന്നു. പിന്നീട് അവർ രണ്ടുപേരും രാജ്യംവിട്ടു. ഗ്രീക്ക്പുരാണത്തിലെ ഏറ്റവും പ്രസിദ്ധ കഥാപാത്രമാണ് ഈഡിപ്പസ്. †ഈഡിപ്പസ് നോക്കുക.

സമാധാനകലകൾക്കും, ഗ്രീക്കുകാർക്ക് അധിഷ്ഠാനദൈവങ്ങളുണ്ടായിരുന്നു. അക്ലിപ്പിയോസ്(Aklepios) ആയിരുന്നു വൈദ്യശാസ്ത്രത്തിന്റെ ദേവത. സംഗീതത്തിന്റേത് ഓർഫിയസും (Orpheus). †ഈഡിപ്പസ് നോക്കുക.

നാലാങ്കൽ കൃഷ്ണപിള്ള

ഗ്രീക്ക്ഭാഷ

ഗ്രീസിലെ ജനങ്ങളുടെ ഭാഷ. ചരിത്രാതീതകാലത്തിനുമുൻപു ഗ്രേക്കർ എന്ന പേർ പ്രചാരത്തിലിരുന്നതിനാലാണു ഗ്രീക്ക്ഭാഷ എന്ന പേർ വന്നത്. ഗ്രന്ഥങ്ങളിലും മറ്റും 'ഹെല്ലെനർ' (Hellenes) എന്നാണ് അവരെ നാമകരണം ചെയ്തിരിക്കുന്നത്. ക്രിസ്ത്വബ്ദത്തിനു നാലു നൂറ്റാണ്ടുകൾക്കു മുൻപു ജീവിച്ചിരുന്ന സോഫോക്ലിസ് (Sophocles) ഗ്രേക്കർ എന്ന പേർ വീണ്ടും നടപ്പിൽവരുത്തി. ഈ പേർ ഇതരജാതിക്കാർ അവർക്കു കൊടുത്തതായിരിക്കണം. അവർ 'സ്വയം അംഗീകരിച്ച പേരുകൾ', നാടിന് 'ഹെല്ലാസ്' എന്നും നാട്ടുകാർക്കു ഹെല്ലെനർ (Hellenes) എന്നും ഭാഷയ്ക്ക് 'ഹെല്ലെനിസ്റ്റിസ് (Hellinistis) എന്നും ആയിരുന്നു. ഗ്രേക്കരെ 'യവനർ' എന്നും

V-VI F18

അവരുടെ ഭാഷയെ യവനഭാഷ എന്നും പറയാറുണ്ട്. യവന (Ionia) എന്ന വാക്ക് ഒരു ദേശനാമം മാത്രമായിരുന്നു. ഐയോണിയ (യവന) എന്ന ഭാഷ ഗ്രീക്ക്ഭാഷയുടെ ഒരു വകഭേദം മാത്രമായിരുന്നു. പിന്നീട് അതു ഭാഷയ്ക്കു പൊതുവെയുള്ള പേരായിത്തീർന്നു.

ഗ്രേക്കർ ആര്യന്മാരുടെ ഒരു ശാഖയാണ്. മധ്യേഷ്യയിൽനിന്ന് ആര്യന്മാർ യൂറോപ്പിലേക്കും ഇന്ത്യയിലേക്കും നീങ്ങി. യൂറോപ്പിലെത്തിയവർ ചില നൂറ്റാണ്ടുകൾക്കുള്ളിൽ ആദിമനിവാസികളെ കീഴടക്കി തങ്ങളുടെ ആധിപത്യം സ്ഥാപിച്ചു എന്നാണു ശാസ്ത്രജ്ഞന്മാർ പറയുന്നത്. അതിന് ഇന്തോ-ആര്യൻ (Indo-Aryan) ഭാഷകളിൽ ധാരാളം തെളിവുകളുമുണ്ട്. ഗ്രീക്ക് ഒറ്റതിരിഞ്ഞ ഒരു ഭാഷയല്ല; ആര്യഭാഷകളുടെ വലിയൊരു കുടുംബത്തിൽപെട്ടതാണ്. സംസ്കൃതം, ഗ്രീക്ക്, ലത്തീൻ ഇവയാണു പുരാതന ആര്യഭാഷകൾ. അൽബേനിയ (Albania), കെൽട്ടിക്ക് (Celtic), ജെർമൻ (German) തുടങ്ങി യൂറോപ്പിലെ മിക്ക ഭാഷകൾക്കും ഇന്ത്യയിലെ ആധുനികഭാഷകളിൽ പലതിനും സംസ്കൃതത്തോടുള്ളതുപോലെ ഗ്രീക്കിനോടു ബന്ധമുണ്ട്. ഇന്തോ-ആര്യൻ ഭാഷകളിൽ സംസ്കൃതം ഒരു മുഖ്യസ്ഥാനം അർഹിക്കുന്നു. ഗ്രീക്ക്, സംസ്കൃതത്തിന്റെ കനിഷ്ഠ സഹോദരിയാണെന്നു പറയാം. കൃഷി, സാധാരണ ഭക്ഷ്യവസ്തുക്കൾ, പ്രകൃതിവിഭവങ്ങൾ, കുടുംബച്ചാർച്ച, സംഖ്യ മുതലായവയെ കുറിക്കുന്ന പദങ്ങൾക്കു തമ്മിൽ ഈ ഭാഷകളിൽ വളരെ സാമ്യമുണ്ട്. വിഭക്തികൾ, നിപാതങ്ങൾ, കാലപ്രകാരങ്ങൾ മുതലായ വ്യാകരണനിയമങ്ങളുടെ കാര്യത്തിൽ ഗ്രീക്കിനും സംസ്കൃതത്തിനും വളരെ അടുപ്പമുണ്ട്. മൂവായിരം വർഷത്തോളം പഴക്കമുള്ള ഗ്രീക്ക് ഇപ്പോഴും ഒരു ജീവദ്ഭാഷതന്നെ.

സംസ്കൃതം, ഗ്രീക്ക്, ലത്തീൻ എന്നീ മൂന്നു ഭാഷകൾക്കു പൊതുവായി ഒരു മൂലഭാഷ ഉണ്ടായിരുന്നു എന്നാണു ഭാഷാശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ഇതു വെറും സംസാരഭാഷ ആയിരുന്നിരിക്കാം. ആര്യന്മാർ പലയിടങ്ങളിൽ പാർപ്പുറപ്പിച്ചതോടെ പരിസരങ്ങൾക്കനുസരിച്ച് അവരുടെ സംസാരഭാഷയ്ക്കും മാറ്റങ്ങളുണ്ടായി. വാക്കുകളുടെ ധാതുക്കൾ ഒന്നുതന്നെയായിരുന്നാലും ഉച്ചാരണരീതിയും ശൈലിയും പ്രയോഗവുമെല്ലാം ഭേദപ്പെട്ടു. മറ്റു ജനവിഭാഗങ്ങളുമായുള്ള സമ്പർക്കംമൂലം പുതിയ വാക്കുകളും ഭാഷയിൽ കടന്നുകൂടി. ഇങ്ങനെയാണ് ആര്യഭാഷ വിവിധശാഖകളായിപിരിഞ്ഞത്.

ആദ്യകാലങ്ങളിൽ ഗ്രീക്കുഭാഷതന്നെ വിവിധ ദേശഭാഷകളായിരുന്നു. ഗ്രന്ഥങ്ങൾ ഭാഷയ്ക്ക് ഐകരൂപ്യം നല്കുന്നതിനു മുമ്പാണ് ഈ വ്യത്യാസങ്ങൾ ഉണ്ടായത്. ഗ്രന്ഥഭാഷയിൽപ്പോലും ഈ വ്യത്യാസങ്ങൾ കാണുന്നുണ്ട്. ദേശഭാഷകളിൽ എഴുതിയ കൃതികൾ ഇപ്പോഴും ഭാഷാസാഹിത്യത്തിന്റെ മൂലധനമായി കരുതിപ്പോരുന്നു. സേഫൊ എന്ന കവി എയോളിക്ക് (Aeolic) എന്ന ദേശഭാഷയിലും, പിൻഡാർ എന്ന കവി ഡോറിക് (Doric) എന്ന ദേശഭാഷയിലുമാണ് എഴുതിയത്. ഒരു ദേശഭാഷ മറ്റൊന്നിനെക്കാൾ മെച്ചം എന്നു പറഞ്ഞുകൂടാ.

അക്കാലത്തെ നാടോടിഭാഷകളിൽ ആറ്റിക്ക് (Attic) എന്ന വിഭാഗത്തിനാണു സാഹിത്യത്തിൽ പ്രാധാന്യം കല്പിച്ചിട്ടുള്ളത്. ഇപ്പോൾ വിദ്യാലയങ്ങളിൽ ആറ്റിക്ക് ഭാഷയുടെ വ്യാകരണമാണു പഠിപ്പിക്കുന്നത്. എന്നാൽ മറ്റു ദേശ്യരൂപങ്ങളെ വികല്പങ്ങളായി കരുതിപ്പോരുന്നത് അബദ്ധമാണ്. എല്ലാ രൂപങ്ങളും ഒരുപോലെ ഗ്രീക്ക്ഭാഷയ്ക്കു ചേർന്നതാണ്. പ്ലേറ്റോ, അരിസ്റ്റോട്ടിൽ മുതലായ തത്വജ്ഞാനികളും ഏസ്ക്കിലസ് (Aeschiles), സോഫോക്ലിസ് (Sophocles), യൂറിപ്പിഡീസ് (Euripides) എന്നീ നാടകകൃത്തുക്കളും ആറ്റിക്ക് ദേശഭാഷയിൽ എഴുതിയതുകൊണ്ടായിരിക്കണം പില്ക്കാലങ്ങളിലെ ഗ്രന്ഥകാരന്മാർ ഈ ഭാഷാരീതിയെ ആദരിച്ചുപോന്നത്.

ഇന്നത്തെ സംസാരഭാഷയ്ക്കും പണ്ടത്തെ ദേശഭാഷകൾക്കും തമ്മിൽ വളരെ സാമ്യമുണ്ട്. ഹോമറുടെ പുരാണങ്ങൾ; സേഫോ, പിൻഡാർ എന്നിവരുടെ കവിതകൾ; ഹെറോഡോട്ടസ്, സെനോഫൊൺ (Xenophon) മുതലായവർ എഴുതിയ ചരിത്രങ്ങൾ; പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നിവരുടെ തത്വനിരൂപണങ്ങൾ; ഏസ്ക്കിലസ്, സോഫോക്ലീസ് എന്നിവരുടെ നാടകങ്ങൾ; യൂദരുടെയും ക്രൈസ്തവരുടെയും മതഗ്രന്ഥങ്ങൾ; വൈദികന്മാരുടെ ഭാഷ്യങ്ങൾ, ത്രികൂപീസ് (Tricoupis) വ്ളാഖൊ (Vlacho) എന്നിവരുടെ കൃതികൾ, പ്ലൂട്ടാർക്ക് എഴുതിയ ജീവചരിത്രങ്ങൾ (Plutarch's Lives); ഹെറ്റ്സിഡാകിസിന്റെ (Hetzidakis) വ്യാകരണം ഇങ്ങനെ പഴയതും പുതിയതുമായ ഗ്രന്ഥങ്ങളിൽ അനേകശതാബ്ദങ്ങളിലെ ചരിത്രവും ചിന്തനങ്ങളും സ്വരൂപിച്ചിരിക്കുന്നു.

ഭാഷ എല്ലാം ഒന്നുതന്നെ. ഒരുകാലത്തുനിന്നു മറ്റൊന്നിലേക്ക് എളുപ്പം സഞ്ചരിക്കാം. കോയ്നിയിൽ എഴുതിയ 'പുതിയനിയമം' ആധുനികഗ്രീക്കിലേക്കു വിവർത്തനംചെയ്യുന്നതിനു പണ്ഡിതന്മാർക്കോ സാധാരണക്കാർക്കോ യാതൊരു ആവശ്യകതയും തോന്നിയിട്ടില്ല. അതു ഷേക്സ്പിയർ കൃതികൾ ഇപ്പോഴത്തെ ഇംഗ്ലീഷിലേക്കു തർജമചെയ്യുന്നതുപോലിരിക്കും എന്നതാണ് അവരുടെ അഭിപ്രായം. പഴയത് എത്രയും നന്ന് എന്നു 'സുവിശേഷ'ത്തിലും പറഞ്ഞിട്ടുണ്ട്.

ഗ്രീക്ക്ഭാഷയ്ക്ക് ഇരുപത്തിനാലു വർണങ്ങളുണ്ട്. വലുത്, ചെറുത് എന്നിങ്ങനെ ലിപി രണ്ടുവിധം. വലിയ ലിപികൾ വാക്യത്തിന്റെ ആരംഭത്തിലും സംജ്ഞാനാമങ്ങളിലും, ചെറിയ ലിപികൾ മറ്റെല്ലാ ഇടങ്ങളിലും ഉപയോഗിക്കുന്നു. മുൻകാലങ്ങളിൽ വലിയ ലി

പേർ	വലിയ ലിപികൾ	ചെറിയ ലിപികൾ	മലയാള ലിപികൾ
ആൽഫ	Α	α	അ; ആ
ബീറ്റ	Β	β	ബ്
ഗാമ	Γ	γ	ഗ്
ഡെൽറ്റ	Δ	δ	ഡ്
എപ്സിലോൺ	Ε	ϵ	എ
സീറ്റ	Ζ	ζ	ട്സ്
ഈറ്റ	Η	η	ഏ
തീറ്റ	Θ	θ	ത്
അയോട്ട	Ι	ι	ഇ
കാപ്പ	Κ	κ	ക്
ലാംഡ	Λ	λ	ല്
മ്യൂ	Μ	μ	മ്
ന്യൂ	Ν	ν	ൻ
ക്സൈ	Ξ	ξ	ക്സ്
ഓമിക്രോൻ	Ο	ο	ഒ
പൈ	Π	π	പ്
റൊ	Ρ	ρ	ർ
സിഗ്മ	Σ	σ ς	സ്
ടോ	Τ	τ	റ്റ്
അപ്സിലൊൺ	Υ	υ	ഉ, ഊ
ഫൈ	Φ	φ	ഫ്
ഖൈ	Χ	χ	ഖ്, ഷ്
പ്സൈ	Ψ	ψ	പ്സ്
ഒമേഗ	Ω	ω	ഓ



ഗ്രീക്ക് അക്കങ്ങൾ-
ഗ്രീക്ക് ഭാഷാലിപികളിൽ
നിന്ന്
ഉണ്ടായതാണ്.
(നക്ഷത്രചിഹ്നമിട്ട
മൂന്നെണ്ണമൊഴികെ.)

പി മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. ക്രിസ്ത്വാബ്ദം ഏഴാംനൂറ്റാണ്ടിനുശേഷം ചെറിയ ലിപികളും പ്രചാരത്തിൽവന്നു. എഴുതുന്നതിനുള്ള സൗകര്യത്തിനും വേഗതയ്ക്കും വേണ്ടിയായിരിക്കണം ഇവയെ നിർമിച്ചത്. ഇവ വലിയ ലിപികളുടെ ഹ്രസ്വലിപിയാണെന്നു കാഴ്ചയിൽത്തന്നെ പ്രത്യക്ഷമാകുന്നുണ്ട്. വർണങ്ങളെ ലിപികൾകൊണ്ടു താഴെ എഴുതിയിരിക്കുന്നു:

സംസ്കൃതത്തിലുള്ളതുപോലെ ഗ്രീക്കിലും നാമങ്ങൾക്കു ലിംഗവിഭക്തികളും ഏകദ്വിബഹുവചനങ്ങളുമുണ്ട്. അചേതനങ്ങളോ അലിംഗങ്ങളോ ആയ വസ്തുക്കൾക്കുപോലും ലിംഗഭേദം കല്പിച്ചിട്ടുണ്ട്. ഉദാ: സൂര്യൻ, നക്ഷത്രം ഇവ പുല്ലിംഗങ്ങളും ഭൂമി, ചന്ദ്രൻ, കടൽ എന്നിവ സ്ത്രീലിംഗങ്ങളുമാകുന്നു. ശരീരത്തിലെ അവയവങ്ങൾ ചിലതു പുല്ലിംഗവും ചിലതു സ്ത്രീലിംഗവും മറ്റുചിലതു നപുംസകലിംഗവുമാണ്. ഉദാഹരണം: കൈ സ്ത്രീലിംഗം, കാൽ പുല്ലിംഗം, ചെവി നപുംസകം.

വിഭക്തികൾ. നിർദേശിക (Nomintive), കർത്താവ്, പ്രതിഗ്രാഹിക (Accusative), കർമം, സംബന്ധിക (Genitive), ഉദ്ദേശിക (Dative), സംബോധന (Vocative) എന്നിവയാണ്. വേറെ ആകാംക്ഷകളെ കുറിക്കുന്നതിനും വിഭക്തിയുടെ അർഥം വ്യക്തമാക്കുന്നതിനും വിഭക്തികളോടുകൂടെ അവ്യയങ്ങളും ഉപയോഗിക്കും.

പ്രകൃതിയിൽ ഇരട്ടകളായി കാണുന്ന വസ്തുക്കളെ കുറിക്കുന്നതിനു പണ്ടത്തെ ഗ്രന്ഥഭാഷയിൽ ദ്വിവചനം ഉപയോഗിച്ചിരുന്നു. ഇപ്പോഴത്തെ സംസാരഭാഷയിൽ ദ്വിവചനം ഉപയോഗിക്കുന്നില്ല. നാമം പരിച്ഛിന്നമോ (definite) അല്ലയോ എന്നു കാണിക്കുവാൻ ഒരു ആർട്ടിക്കിൾ ഉപയോഗിക്കുന്നു. ഗ്രീക്കിൽ അത് ഒരു ശബ്ദവിഭാഗം തന്നെയാണ്. നാമങ്ങൾക്കും ഭേദകങ്ങൾക്കും ഉള്ളതുപോലെതന്നെ അതിനും ലിംഗവചനവിഭക്തിരൂപങ്ങളുണ്ട്. ഈ പദം സർവനാമജന്യമായിരിക്കണം എന്നാണു വൈയാകരണന്മാരുടെ അഭിപ്രായം.

ഗ്രീക്കിൽ കൃതിയുടെ ഉപാധികൾ, കാലം, പ്രകാരം, പ്രയോഗം, പുരുഷൻ, വചനം എന്നിവയാണ്. ക്രിയയ്ക്കു ലിംഗമില്ല. മറ്റു ഭാഷകളിലെന്നപോലെ ഗ്രീക്കിലും വർത്തമാനം, ഭൂതം, ഭാവി എന്നു മൂന്നു കാലങ്ങളുണ്ടെങ്കിലും, കൃതിയുടെ വിവിധ രൂപങ്ങൾ പ്രഥമമായി കുറിക്കുന്നതു കാലത്തെയല്ല, സ്ഥിതിയെയാണ്. ക്രിയ പരിച്ഛിന്നമോ അപരിച്ഛിന്നമോ (indefinite) എന്നതാണ് ഒന്നാമത്തെ സൂചന. ക്രിയയെ ഒരു ബിന്ദുപോലെയോ അല്ലെങ്കിൽ നീണ്ടുപോകുന്ന വരപോലെയോ വീക്ഷിക്കാം. ക്രിയയ്ക്കു വാസ്തവത്തിൽ കാലോപാധിയില്ല. കാലത്തെ കാണിക്കുന്നതിനു ചില പ്രത്യയങ്ങൾ ധാതുവോടു ചേർത്താൽ മതിയാകും. ക്രിയ തുടർന്നുപോകുന്നതോ (അസമാപ്തം) അല്ല പൂർത്തിയായതോ (സമാപ്തം) എന്നാണു സിദ്ധാന്തത്തിൽ മുഖ്യമായ നിരൂപണം. അതിനാൽ ചില ക്രിയാധാതുക്കൾക്ക് അപരിച്ഛിന്നരൂപവും മറ്റു ചിലതിനു പരിച്ഛിന്നരൂപവും മാത്രമേയുള്ളൂ.

കൃതികൾക്കു നിർദേശകം (Indication), നിയോജകം (Imperative), അനിശ്ചിതം (Subjunctive), കേവലം-ക്രിയാനാമം (Infinitive), ആശംസകം (Optative), ക്രിയാംഗം (Participle) എന്ന ആറു പ്രകാരങ്ങ(Moods)ളുണ്ട്. ഇവയിൽ അനിശ്ചിതം എന്നതു ചെയ്യുന്നതോ ചെയ്തതോ ആയ ഒരു ക്രിയയെയല്ല, ചെയ്യാവുന്നതോ ചെയ്യാൻ ഭാവിക്കുന്നതോ ആയതിനെയാണു കുറിക്കുന്നത്. അതിനു പുറമെ ആജ്ഞ, സംശയം, ചോദ്യം, നിഷേധം, നിരോധനം, ഉദ്ദേശ്യം, പ്രബോധനം, പ്രാർഥന, ആണ മുതലായവയെ കുറിക്കുവാൻ ഈ പ്രകാരമാണുപയോഗിക്കുന്നത്. ക്രിയാംഗം വിശേഷണമാണ്. പേരെച്ചം വിനയെച്ചം എന്നിങ്ങനെ അതു രണ്ടുവിധം. രൂപം ഒന്നാണെങ്കിലും പ്രയോഗത്തിന് അവയ്ക്കു തമ്മിൽ വ്യത്യാസമുണ്ട്. പേരെച്ചം നാമങ്ങളെയും വിനയെച്ചം കൃതികളെയും വിശേഷിപ്പിക്കുന്നു. ക്രിയാംഗത്തിനു ക്രിയയ്ക്കുള്ളതുപോലെ കാലവും പ്രയോഗവും, നാമത്തിനും ഭേദകത്തിനുമുള്ളതുപോലെ ലിംഗവചനവിഭക്തികളുമുണ്ട്.

കൃതികൾ അകർമകങ്ങളോ സകർമകങ്ങളോ ആകാം. സകർമകകൃതികൾക്കു സാധാരണ കർത്തരി, കർമണി എന്ന രണ്ടു പ്രയോഗങ്ങളുണ്ട്. ഗ്രീക്കിലാണെങ്കിൽ ഇവയ്ക്കു പുറമെ മൂന്നാമത് ഒരു പ്രയോഗവുമുണ്ട്. 'മധ്യമം' (Middle voice) എന്നാണ് ഇംഗ്ലീഷിൽ അതിനു പേർ കൊടുത്തിരിക്കുന്നത്. കർത്താവിനു വല്ലവിധത്തിലും ക്രിയയുടെ ഫലം അനുഭവപ്പെടുന്നു എന്നാണ് ഈ പ്രയോഗത്താൽ കാണിക്കുന്നത്. നിഗീർണകർത്തൃകപ്രയോഗമെന്നോ അകാരകപ്രയോഗമെന്നോ അതിനെ വിളിക്കാം. ഭാവങ്ങളെയോ ഗുണങ്ങളെയോ കുറിക്കുന്ന ചില ക്രിയകൾക്ക് ഈ രൂപം മാത്രമേ ഉള്ളൂ.

തുടർന്നുണ്ടാകുന്ന ഒരു ഖണ്ഡികയിൽ അർഥവ്യക്തിക്കുവേണ്ടി ഓരോ വാക്യത്തെയും ഒരു ദ്യോതകശബ്ദംകൊണ്ട് ആരംഭിക്കുക എന്നതു ഗ്രീക്കു ഗദ്യത്തിന്റെ ഒരു രീതിയാണ്. വാക്യങ്ങൾ സാധാരണ സങ്കീർണങ്ങളാണ്. ദ്രാവിഡഭാഷകളിലെപ്പോലെ ലളിതമല്ല. അതുകൊണ്ടു വാക്യത്തിന്റെ ആരംഭത്തിൽ ഒരു ഘടകപദം പലപ്പോഴും കാണാം.

ഗ്രീക്കിലെ പദ്യരീതി, ലത്തീനും എല്ലാ പാശ്ചാത്യഭാഷകളും അനുകരിച്ചിരുന്നു. നാലു വൃത്തങ്ങളിലാണു ഗ്രീക്കിൽ പദ്യമെഴുതുക. 1. ഒരു ലഘു ഒരു ഗുരു (˘ –) എന്ന ക്രമത്തിൽ പോകുന്ന വൃത്തത്തിന് ഇയാംബിക്ക് (Iambic) എന്നു പേർ. ഈ വാക്കിന്റെ ധാത്വർഥം ആക്രമിക്കുക എന്നാണ്. ഹാസ്യരസം കലർന്ന പദ്യങ്ങളിലാണ് ഈ വൃത്തം ഉപയോഗിക്കുക പതിവ്. 2. ഡക്ടിലിക്ക് (Dactylic) എന്ന വൃത്തത്തിൽ ഒരു ഗുരുവിനെ തുടർന്നു രണ്ടു ലഘു ഉണ്ടായിരിക്കും (– ˘˘). വിരലുകൊണ്ടു താളംപിടിക്കുന്നതുകൊണ്ടായിരിക്കണം ഈ പേർ അതിനു കൊടുത്തത്. ഡക്റ്റൂലോസ് എന്ന ഗ്രീക്കുപദത്തിനു കൈവിരൽ എന്നർഥം. 3. നേരെമറിച്ച് അനപീസ്റ്റ് (Anapaest) എന്ന വൃത്തത്തിൽ രണ്ടു ലഘുവിനെ തുടർന്നുകൊണ്ട് ഒരു ഗുരുവരും (˘˘ –). 4. ട്രൊക്കായിക്ക് (Trochaic) എന്നത് ഓട്ടംതുള്ളൽ പോലെയുള്ള ഒരു നൃത്തമാണ്. ഒരു ഗുരു ഒരു ലഘു (– ˘) എന്നാണ് അതിന്റെ ക്രമം. ട്രൊക്കൊസ് (ചക്രം) എന്ന വാക്കിന്റെ ധാതു ട്രെക്കോ (ഓടുന്നു) എന്ന ക്രിയയാകുന്നു. ശബ്ദവിഭാഗങ്ങളും നിരുക്തവും വാക്കുകളുടെ പരസ്പര ആകാംക്ഷയുമെല്ലാം സംസ്കൃതത്തോടു സാമ്യമുള്ളതാണ്.

ഡോ. എഫ്. മൂളിയിൽ

ഗ്രീക്ക്മതം

പ്രാചീനഗ്രീക്കുകാരുടെ മതവിശ്വാസവും ആചാരങ്ങളും. ഗ്രീക്കുകാർ ബഹുദൈവവിശ്വാസികളായിരുന്നു. മനുഷ്യരോടു സൗഹാർദവും ശത്രുതയും പുലർത്തുന്ന മനുഷ്യാതീതശക്തികളായാണു ഗ്രീക്കുകാർ ദൈവങ്ങളെ കണ്ടത്. ഒളിമ്പസ് പർവതത്തിൽ വസിക്കുന്ന സിയൂസായിരുന്നു ഗ്രീക്കുകാരുടെ പ്രധാന ദൈവം. പ്രകാശം, സംഗീതം, യുവത്വം എന്നിവയുടെ ദേവനായ അപ്പോളോ, വീഞ്ഞിന്റെ ദേവനായ ഡയോണീഷ്യസ്, അഗ്നിദേവനായ ഹെഫായേസ്റ്റസ്, സമുദ്രദേവനായ പോസിഡോൺ എന്നിവർക്കു പുറമേ ജനനം, വിവാഹം എന്നിവയുടെ ദേവിയായ ഹേര, പ്രേമത്തിന്റെയും സൗന്ദര്യത്തിന്റെയും ദേവിയായ അഫ്രോഡൈറ്റ്, നായാട്ടിന്റെ ദേവിയായ ആർത്തെമിസ് എന്നിവരെയും ഗ്രീക്കുകാർ ആരാധിച്ചിരുന്നു. ദേവീദേവന്മാരെ പ്രസാദിപ്പിക്കാൻ ഉത്സവങ്ങളും ബലികളും നടത്തിപ്പോന്നു. പുണ്യാത്മാക്കൾ ദേവലോകത്തേക്കും പാപിഷ്ഠർ അധോലോകത്തേക്കും പോകും എന്നായിരുന്നു അവരുടെ വിശ്വാസം. വെളിച്ചപ്പാടുകൾ മുഖേന ഈശ്വരന്മാർ മനുഷ്യർക്കു നിർദേശം നല്കുന്നു എന്നും ഗ്രീക്കുകാർ വിശ്വസിച്ചു.

ഗ്രീക്കുമതത്തിൽ പ്രാകൃതവും നാഗരികവുമായ ഘടകങ്ങളുണ്ടായിരുന്നു. ബൈബിൾ, ഖുർആൻ മുതലായവയെപ്പോലെ ഏതെങ്കിലും പ്രമാണഗ്രന്ഥത്തെ ആസ്പദമാക്കിയല്ല ഗ്രീക്കുമതത്തിന്റെ വളർച്ച. പരലോകത്തിനെക്കാൾ ഇഹലോകത്തിനാണു ഗ്രീക്കുമതം പ്രാധാന്യം നല്കിയത്. അതു ശ്രദ്ധകേന്ദ്രീകരിച്ചിരുന്നതു ദൈനന്ദിന ജീവിതത്തിൽ ലഭ്യമാകേണ്ട ഭൗതികസൗഭാഗ്യങ്ങളിലായിരുന്നു.

ഹെലീൻവർഗക്കാർ ഗ്രീസിൽ പ്രവേശിച്ച അവസരത്തിൽ അവിടെയുണ്ടായിരുന്നവർക്കു സമ്മിശ്രസ്വഭാവവും നാഗരികത്വവുമുള്ളതായി കണ്ടു. അതിനാൽ പൂർവനിവാസികളിൽനിന്നു ചില കാര്യങ്ങൾ അവർ സ്വീകരിക്കയും തങ്ങളുടെ ചില പ്രത്യേകതകൾ അവരെക്കൊണ്ടു സ്വീകരിപ്പിക്കയും ചെയ്തു. പൂർവനിവാസികൾക്ക് ഒരു മതമുണ്ടായിരുന്നു. പല ദേവതകളെയും അവർ പൂജിച്ചു.

പല ദേവന്മാരും പ്രകൃതിശക്തികളുടെ പ്രതീകങ്ങളാണ്. അനന്തശക്തിയും മാന്ത്രികശക്തിയും ആരോപിച്ചു കലാസുന്ദരങ്ങളായ പ്രതിമകളെ ആരാധിക്കുന്ന അന്ധവിശ്വാസജടിലമായ സ്വഭാവം പുരാതന ഗ്രീക്കുകാരിലും റോമൻകാരിലും ഉണ്ട്. ഗ്രീക്കുചരിത്രത്തിൽ വളരെക്കാലത്തോളം ഇതു നിലനിന്നു. ഗ്രീക്കുമതത്തിൽ നരബലി നടന്നിരുന്നതിനു തെളിവുകൾ ഉണ്ട്. സിദ്ധാന്തപരമായ കാര്യങ്ങളെ അപേക്ഷിച്ച് അന്നത്തെ ഗ്രീക്കുമതം കൂടുതൽ വിലമതിച്ചിരുന്നത് ആചാരങ്ങളെയാണ്.

സമൂഹാരാധന പ്രധാനമായിരുന്ന ഗ്രീക്കുമതം ബി.സി. അഞ്ചാംശതാബ്ദത്തോടുകൂടി വ്യക്തിഗതമായ ആരാധനാസമ്പ്രദായവും സ്വീകരിച്ചു. ഓർഫിസത്തെപ്പോലുള്ള പ്രസ്ഥാനങ്ങൾ വ്യക്തികളുടെ മരണാനന്തരജീവിതത്തെപ്പറ്റി കാര്യമായി ചിന്തിച്ചു. ചില യോഗാത്മക സമ്പ്രദായങ്ങളും ഗ്രീക്കുമതത്തിൽ കാണപ്പെട്ടിരുന്നു. മോക്ഷപ്രാപ്തിക്കുള്ള ഉത്ക്കടമായ ആഗ്രഹമാണ് അതിൽ നാം കാണുന്നത്. ഈ മാർഗത്തിന്റെ അനുയായികൾ ഈശ്വരനുമായി താദാത്മ്യം പ്രാപിക്കാൻ ശ്രമിച്ചു. കാലക്രമേണ ഗ്രീക്കുമതത്തിൽ പൗരസ്ത്യങ്ങളായ ആദർശങ്ങളും ആരാധനാസമ്പ്രദായങ്ങളും കടന്നുകൂടുവാൻ തുടങ്ങി. തത്ഫലമായി ഏകദൈവവിശ്വാസത്തിലേക്ക് അതു നീങ്ങി. പിന്നീടു ക്രിസ്തുമതതത്വങ്ങളും ജീവിതാദർശങ്ങളും പ്രസ്ഥാനങ്ങളും ഗ്രീക്കുമതത്തെ സ്വാധീനിച്ചു.

ഈസ്റ്റേൺ ഓർത്തൊഡോക്സ് ക്രിസ്തുമതമാണു ഗ്രീസിലെ ഇപ്പോഴത്തെ സ്ഥാപിതമതം. 98 ശതമാനം ജനങ്ങളും ഈ മതമാണ് അനുസരിക്കുന്നത്. ശേഷിക്കുന്ന രണ്ടു ശതമാനം ജനങ്ങൾ, റോമൻ കത്തോലിക്കർ, ജൂതന്മാർ, ഗ്രിഗോറിയൻ അർമീനിയർ എന്നിവരാണ്. മതസ്വാതന്ത്ര്യവും ആരാധനാസ്വാതന്ത്ര്യവും ഭരണഘടനയിൽ ഉറപ്പുചെയ്യപ്പെട്ടിരിക്കുന്നു. എന്നാൽ മതപരിവർത്തനം അനുവദിക്കുന്നില്ല.

ഗ്രീക്കുശാസ്ത്രം

ശാസ്ത്രശാഖയിൽ പ്രാചീന ഗ്രീക്കുകാരുടെ സംഭാവനകൾ. ഗ്രീക്ക് സംസ്കാരവും പൗരസ്ത്യസംസ്കാരവും തമ്മിൽ സങ്കലനമുണ്ടായ കാലഘട്ടത്തിലാണ് ഗ്രീക്ക് ശാസ്ത്രത്തിന് അദ്ഭുതകരമായ പുരോഗതിയുണ്ടായത്. എന്നിരുന്നാലും പെരിക്ലിയൻ യുഗത്തിൽ ഉണ്ടായ നേട്ടങ്ങൾ നിസ്സാരമായിരുന്നില്ല. ഗണിതശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, വൈദ്യശാസ്ത്രം എന്നിവയിൽ ഗണനീയമായ പുരോഗതിയുണ്ടായി. ഗ്രീക്ക് ഗണിതശാസ്ത്രത്തിന്റെ പിതാവ് മെലിറ്റസിലെ തെയ്ലീസ് (Thales) ആയിരുന്നു എന്നാണ് വിശ്വാസം. അദ്ദേഹത്തിന്റെ പല സിദ്ധാന്തങ്ങളും യൂക്ലിഡിന്റെ ക്ഷേത്രഗണിതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്നു ക്ഷേത്രഗണിതത്തിന്റെ പ്രഥമ പാഠങ്ങളിലടങ്ങിയിരിക്കുന്ന പല വസ്തുതകളും പൈത്തഗോറസ് (Pythagoras) എന്ന ഗ്രീക്ക് ഗണിതശാസ്ത്രജ്ഞൻ കണ്ടുപിടിച്ചതാണ്.


തെയ്ലിസ്

അങ്കഗണിതത്തിൽ ഗ്രീക്കുകാർ പിന്നിലായിരുന്നെങ്കിലും ക്ഷേത്രഗണിതത്തിൽ അവർ വളരെ പുരോഗമിച്ചിരുന്നു. ഏറ്റവും വലിയ ക്ഷേത്രഗണിതശാസ്ത്രജ്ഞൻ ബി.സി. അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അനക്സഗോറസ് (Anaxagoras) ആയിരുന്നു. കാലാവസ്ഥാനിരീക്ഷണ ശാസ്ത്രത്തിന്റെ ജനയിതാവ് ഇദ്ദേഹമാണെന്നു വിശ്വസിച്ചുപോരുന്നു. ഗ്രഹണം, ചന്ദ്രന്റെ പ്രകാശപ്രതിഫലനം ഇവയെപ്പറ്റി ഇദ്ദേഹം ശാസ്ത്രീയമായ വിശദീകരണങ്ങൾ നല്കി. മനുഷ്യർ ഉൾപ്പെടെയുള്ള ജന്തുക്കളുടെ ജീവിതത്തെപ്പറ്റിയുള്ള പരിണാമസിദ്ധാന്തവും അദ്ദേഹത്തിന്റെ കണ്ടുപിടിത്തമാണ്. ഗ്രീക്ക് ശാസ്ത്രജ്ഞന്മാരിൽ ആദ്യമായി ജീവശാസ്ത്രത്തിൽ ശ്രദ്ധതിരിച്ചത് അനക്സിമാൻഡർ (Anaximandar) എന്ന തത്ത്വചിന്തകനാണ്. അദ്ദേഹവും ജന്തുക്കളുടെ കാര്യത്തിൽ പരിണാമവാദിയായിരുന്നു. എന്നാൽ ജീവശാസ്ത്ര(Biology)ത്തിന്റെ യഥാർഥ സൃഷ്ടികർത്താവ് അരിസ്റ്റോട്ടിലായിരുന്നു. അദ്ദേഹം ജന്തുക്കളുടെ അവയവഘടന, വളർച്ച, സ്വഭാവങ്ങൾ എന്നിവയെപ്പറ്റി പഠനം നടത്താൻ ഒട്ടേറെ വർഷങ്ങൾ ചെലവഴിച്ചു. വൈദ്യശാസ്ത്രത്തിൽ ഗ്രീക്കുകാർ നല്കിയിട്ടുള്ള സംഭാവന അപാരമാണ്.


പൈത്തഗോറസ്

യുക്തിപൂർവമായ വൈദ്യശാസ്ത്രത്തിന്റെ ഉദ്ഭവം പെരിക്ലിയൻ യുഗത്തിലാണ്. മതത്തിന്റെയും അന്ധവിശ്വാസത്തിന്റെയും കെട്ടുപാടിൽനിന്നു വൈദ്യശാസ്ത്രത്തിനു മോചനം ലഭിച്ചത് അപ്പോഴാണ്. എംപിഡോക്കിൾസ് (Empedocles), ആൽക്ക്മിയോൺ (Alcmeon), ഹിപ്പോക്രാറ്റിസ് (Hippocrates) എന്നിവരാണ് ഗ്രീക്ക് വൈദ്യശാസ്ത്രത്തിലെ മാർഗദർശികൾ. ബി.സി. 460 മുതൽ 377 വരെ ജീവിച്ചിരുന്ന ഹിപ്പോക്രാറ്റിസ് 'വൈദ്യശാസ്ത്രത്തിന്റെ പിതാവ്' എന്നാണ് അറിയപ്പെടുന്നത്. മാസിഡോണിയയിലെയും പേർഷ്യയിലെയും രാജാക്കന്മാർ ചികിത്സയ്ക്ക് അദ്ദേഹത്തെ സമീപിച്ചിട്ടുണ്ട്. എല്ലാ രോഗങ്ങളും പ്രകൃതിജന്യമായ കാരണങ്ങളാലുണ്ടാകുന്നതാണെന്നായിരുന്നു അദ്ദേഹത്തിന്റെ സിദ്ധാന്തം. സാങ്കേതികമായും സാമൂഹികമായും ഹിപ്പോക്രാറ്റിസിന്റെ ആഭിമുഖ്യത്തിൽ വൈദ്യശാസ്ത്രം വമ്പിച്ച പുരോഗതി നേടി. അദ്ദേഹത്തിന്റെ കാലത്ത് പുരുഷന്മാരെപ്പോലെ സ്ത്രീകളും വൈദ്യവൃത്തിയിലേർപ്പെട്ടിരുന്നു. വൈദ്യവൃത്തി സ്വീകരിക്കുന്നതിനുമുമ്പ് ഒരു അംഗീകൃതവൈദ്യന്റെ കീഴിൽ പരിശീലനം ലഭിച്ചതായി തൃപ്തികരമായ തെളിവ് ഹാജരാക്കണമെന്ന് ഗവൺമെൻറ് നിർബന്ധിച്ചിരുന്നു.

ഹിപ്പോക്രാറ്റിസ്

ജ്യോതിശ്ശാസ്ത്രത്തിൽ ബി.സി. ആറാം നൂറ്റാണ്ടുമുതൽതന്നെ ഗ്രീക്കുകാരുടെ വിലപ്പെട്ട സംഭാവനകൾ ഉണ്ടായി. ഭൂമി ഒരു ഗോളമാണെന്ന് പൈത്തഗോറസ് അഭിപ്രായപ്പെട്ടത് ബി.സി. ആറാം നൂറ്റാണ്ടിലാണ്. എ.ഡി. രണ്ടാം ശതകത്തിൽ ജീവിച്ച ടോളമി, ഭൂമിയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു സൗരയൂഥസങ്കല്പത്തിന് രൂപം നല്കി. പിൽക്കാലത്ത് ഈ സങ്കല്പം ശരിയല്ലെന്ന് സ്ഥാപിക്കപ്പെട്ടുവെങ്കിലും വളരെ മുമ്പേതന്നെ ഗ്രീക്കുകാർ ജ്യോതിശ്ശാസ്ത്രത്തിൽ ശ്രദ്ധിച്ചിരുന്നു എന്നതിനു തെളിവാണ് ഇത്.

ഗ്രീക്ക്സംസ്കാരം

ഗ്രീസിലെ പ്രാചീനജനതയുടെ സംസ്കാരം. ആധുനിക പാശ്ചാത്യ സംസ്കാരത്തിന്റെ അടിത്തറ പാകിയതു ഗ്രീസിലാണെന്നു പറയപ്പെടുന്നു. ശൈലനിബിഡമായ ഗ്രീസിൽ കുന്നുകളെ പരസ്പരം വേർതിരിക്കുന്ന താഴ്വരകളിലാണു ജനങ്ങളധികവും തിങ്ങിപ്പാർ

ക്കുന്നത്. നയനാഭിരാമമായ പ്രകൃതിസൗന്ദര്യവും സുഖകരമായ ശീതോഷ്ണാവസ്ഥയും കടലും മലയുമായി മല്ലിടേണ്ടിവന്ന സാഹചര്യവുംമൂലം ഗ്രീക്കുജനതയിൽ വളർന്നുവന്ന സ്വതന്ത്രമനോഭാവവും ഗ്രീക്ക്ചരിത്രത്തിൽ നിർണായകഘടകങ്ങളായി പ്രവർത്തിച്ചിട്ടുണ്ട്.

മൈസീനിയൻയുഗം. ബി.സി. 1400 മുതൽ 1200 വരെയുള്ള കാലഘട്ടത്തിൽ ഗ്രീക്ക് ഉപദ്വീപിൽ മൈസീനിയൻ ആധിപത്യമാണു നിലനിന്നിരുന്നത്. അതിനാൽ ഈ കാലഘട്ടത്തെ മൈസീനിയൻയുഗം എന്നു പറയാറുണ്ട്. ഈ യുഗത്തിലെ ഗ്രീക്ക്സംസ്കാരം മൈസീനിയൻസംസ്കാരം എന്ന പേരിൽ അറിയപ്പെടുന്നു. ഗ്രീക്ക്വൻകരയിൽ പെലൊപ്പൊനേഷ്യൻ ഉപദ്വീപിൻെറ വടക്കുകിഴക്കേ കോണിലുള്ള ഒരു നഗരമാണു മൈസീനി. അതിവിദൂരകാലത്തു ത്രെയിസ്, തെസ്സാലി എന്നീ പ്രദേശങ്ങളിൽനിന്നും പെലൊപ്പൊനേസിൽ വന്നുചേർന്ന ജനങ്ങളാണു മൈസീനിയന്മാർ എന്നു ഗ്രീക്ക് ഐതിഹ്യം പറയുന്നു. മിനോവന്മാരുമായുള്ള സാംസ്കാരിക വാണിജ്യസമ്പർക്കമാണ് അവരെ പരിഷ്കാരികളാക്കിയത്. മൈസീനിയ സ്വർണത്തിൻെറ സങ്കേതമായിരുന്നതിനാൽ അതിനു 'സുവർണനഗരം' എന്ന പേർ ലഭിച്ചു. ബി.സി. പതിനാലാംനൂറ്റാണ്ടിൻെറ ആരംഭത്തിൽ നോസസ് (Cnossos) നഗരത്തിൻെറ പതനംനിമിത്തം ഈജിയൻ ദ്വീപസമൂഹത്തിലെ പ്രധാന സാംസ്കാരികകേന്ദ്രമെന്നുള്ള സ്ഥാനം മൈസീനിയ നേടി.

ചിത്രകലയിൽ മൈസീനിയന്മാർ അതിവിദഗ്ധരായിരുന്നു. എന്നാൽ ലോഹശില്പങ്ങളിലാണ് അവർ ഏറ്റവുമധികം പ്രാവീണ്യം പ്രദർശിപ്പിച്ചിരുന്നത്. അവർ നിർമിച്ച വിവിധതരം ആഭരണങ്ങളും അതിമനോഹരങ്ങളായ ബട്ടണുകളും കമനീയമായ കൊത്തുവേലകളോടുകൂടിയ കഠാരികളും ഇതിനു സാക്ഷ്യംവഹിക്കുന്നു. മൈസീനിയൻ രാജാക്കന്മാരുടെ ശവകുടീരങ്ങൾ മൈസീനിയൻ കലാവിരുതിൻെറ വിലാസരംഗങ്ങളായിരുന്നു. ബി.സി. 1400-ൽ അജ്ഞാതനായ ഒരു രാജാവു നിർമിച്ച ഒരു കൊട്ടാരം ലോകത്തിലെ അദ്ഭുതങ്ങളിൽ ഒന്നാണ്. മൈസീനിയന്മാർ മരണാനന്തരജീവിതത്തിൽ വിശ്വസിച്ചിരുന്നുവെന്ന് അവർ മൃതദേഹത്തിൻെറകൂടെ സംസ്കരിച്ചിരുന്ന ഉപകരണങ്ങളിൽനിന്ന് അനുമാനിക്കാം. സർപ്പദേവതകളാൽ പരിസേവിതയായ മാതൃദേവിയായിരുന്നു അവരുടെ ആരാധനാമൂർത്തി.

ബി.സി. പന്ത്രണ്ടാംനൂറ്റാണ്ടിൽ മൈസീനിയൻ രാജാക്കന്മാരുടെ ആധിപത്യത്തിൽ ഗ്രീക്കു ജനസമൂഹങ്ങൾ ഒരു ഫെഡറൽഘടനയിൽ ഒരുമിച്ചുചേർന്നു. ഈ രാജാക്കന്മാരിൽ ഏറ്റവും വിഖ്യാതൻ അഗമെമ്നോൺ (Agamemnon) ആയിരുന്നു. അദ്ദേഹത്തിൻെറ നേതൃത്വത്തിലാണു ഗ്രീക്കുകാർ ട്രോയിരാജാവുമായി യുദ്ധംചെയ്തത്.

ഹോമർയുഗം. †ഹോമർ അന്ധനായിരുന്നു. അദ്ദേഹത്തിൻെറ മഹാകാവ്യങ്ങളാണ് †'ഇലിയഡ്', †'ഒഡീസ്സി' എന്നീ സുപ്രസിദ്ധ കൃതികൾ. ഹോമർകൃതികളിലെ ചിത്രീകരണങ്ങളിൽ കവിസഹജമായ അതിശയോക്തി കലർന്നിട്ടുണ്ടെങ്കിലും അവ ഹോമർയുഗമെന്നറിയപ്പെടുന്ന ബി.സി. പന്ത്രണ്ടാംശതകം മുതൽ ഒമ്പതാംശതകം വരെയുള്ള കാലഘട്ടത്തിലെ ഗ്രീക്കുജീവിതത്തെക്കുറിച്ച് അറിവുതരുന്ന അമൂല്യമായ ചരിത്രരേഖകളാണ്. ഗ്രീക്കുകാർ വെളുത്തനിറവും ഉയരംകൂടിയ ശരീരവുമുള്ളവരായിരുന്നുവെന്നു ഹോമർകൃതികളിൽനിന്നു മനസ്സിലാക്കാം. അക്കാലത്തു ഗ്രീക്കുകാർ ഗ്രീക്ക് ഉപദ്വീപിൽനിന്നു സമീപദേശമായ ഏഷ്യാമൈനറിൽ ട്രോയിയിലും ഇതരദിക്കുകളിലും കുടിയേറിപ്പാർത്തു. പിന്നീടു ഗ്രീക്കുകാർ വടക്കു കരിങ്കടൽത്തീരങ്ങളിലും തെക്ക് ആഫ്രിക്കയിൽ മധ്യധരണ്യാഴിയുടെ തീരത്തും പടിഞ്ഞാറ് ഇറ്റലി, ഫ്രാൻസ്, സ്പെയിൻ എന്നീ രാജ്യങ്ങളിലും നഗരങ്ങൾ സ്ഥാപിച്ചു. ഗ്രീക്ക്കോളനിയായ ദക്ഷിണ ഇറ്റലി 'മാഗ്നാഗ്രീസ്യ' എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ഇതെല്ലാം സംഭവിച്ചത് ചരിത്രകാലഘട്ടത്തിനു മുമ്പാണ്. ബി.സി. ഏഴാംനൂറ്റാണ്ടോടുകൂടി ഗ്രീക്കുകാർ ഗ്രീക്ക് ഉപദ്വീപിലും പരിസരപ്രദേശങ്ങളിലും സ്ഥിരതാമസമുറപ്പിച്ചുകഴിഞ്ഞിരുന്നു. ഏഥൻസ്, സ്പാർട്ട, കോറിന്ത്, തീബ്സ്, സാമോസ്, മൈലിറ്റസ് എന്നീ നഗരങ്ങൾ ഈ കാലഘട്ടത്തിൽ ഉണ്ടായവയാണ്.



ഹോമറുടേതെന്നു സങ്കല്പിക്കപ്പെടുന്ന ചിത്രം

ഹോമർയുഗത്തിലെ ഗ്രീക്ക്സംസ്കാരം: ആദിമഗ്രീക്കുകാർ ഗ്രാമവാസികളായിരുന്നു. ഓരോ ഗ്രാമത്തിലെയും ജനസമൂഹം പുറംലോകവുമായി വലിയ സമ്പർക്കമില്ലാതെയാണു ജീവിച്ചിരുന്നത്. ബി.സി. പന്ത്രണ്ടാംനൂറ്റാണ്ടിൽ ഗ്രീസ് അനേകം ചെറുരാജ്യങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. ഓരോ രാജ്യവും രാജഭരണത്തിൻകീഴിലായിരുന്നു. മതപുരോഹിതനും ന്യായാധിപനും അദ്ദേഹംതന്നെയായിരുന്നു. എന്നാൽ നിയമത്തിൻെറ സ്ഥാനത്ത് ആചാരങ്ങളായിരുന്നു. അവ അനുസരിക്കേണ്ടതു രാജാവിൻെറയും ധർമമായിരുന്നു. പ്രധാന ഭരണകാര്യങ്ങൾ തീരുമാനിക്കാൻ പ്രഭുക്കന്മാരുടെ ആലോചനാസമിതിയുമായി ആലോചിക്കാൻ അദ്ദേഹം ബാധ്യസ്ഥനായിരുന്നു. ഭരണസംവിധാനത്തിൽ ജനകീയമെന്നു പറയാവുന്നതായി ഗ്രാമസഭമാത്രമേ ഉണ്ടായിരുന്നുള്ളു.

ദേഹാധ്വാനം അപമാനകരമായി ഗണിക്കപ്പെട്ടിരുന്നില്ല. പ്രഭുക്കന്മാരായ ജന്മിമാരുടെ ഭൂമിയിൽ ആശ്രിതന്മാരായി വേലചെയ്തിരുന്ന കൃഷിത്തൊഴിലാളികളുണ്ടായിരുന്നെങ്കിലും അക്കാലത്ത് അടിമത്തസമ്പ്രദായം ഒരു സ്ഥാപനമെന്ന നിലയിൽ വളർന്നിട്ടില്ലായിരുന്നു. ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയും കാലിവളർത്തലുമായിരുന്നു. കൂടാതെ പൊൻപണിക്കാർ, കുലാലന്മാർ, ഖഡ്ഗനിർമാതാക്കൾ, വണ്ടിപ്പണിക്കാർ എന്നിങ്ങനെ ഏതാനും വിദഗ്ധതൊഴിലാളികളുമുണ്ടായിരുന്നു. ഓരോ കുടുംബവും മിക്കവാറും സ്വയംപര്യാപ്തമായിരുന്നു. ഈ ഘട്ടത്തിൽ കച്ചവടം കാര്യമായതോതിൽ വളർന്നിട്ടുണ്ടായിരുന്നില്ല. 'കച്ചവടക്കാരൻ' എന്നർഥംവരുന്ന വാക്കുതന്നെ അക്കാലത്തു ഗ്രീക്കുഭാഷയിലുണ്ടായിരുന്നില്ല.

ഹോമർയുഗത്തിലെ ഗ്രീക്കുകാർ ബഹുദേവതാരാധകരായിരുന്നു. അവരുടെ ദൈവങ്ങൾ മനുഷ്യരെപ്പോലെ ദൗർബല്യങ്ങളും ആഗ്രഹങ്ങളും ആവശ്യങ്ങളുമുള്ളവരായിരുന്നു. അന്നത്തെ ഗ്രീക്കുകാർ മരണാനന്തരജീവിതത്തെപ്പറ്റി ചിന്തിച്ചിരുന്നില്ല. അതുകൊണ്ട് അവർ മൃതദേഹത്തെ ദഹിപ്പിക്കുകയാണു ചെയ്തിരുന്നത്. മതകർമങ്ങൾ ഏതു സാധാരണക്കാരനുമനുഷ്ഠിക്കാവുന്നവിധത്തിൽ ലളിതമായിരുന്നതുകൊണ്ടു പുരോഹിതവർഗം അക്കാലത്തുണ്ടായിരുന്നില്ല. ഡെൽഫി എന്ന സ്ഥലത്ത് അപ്പോളോദേവത വെളിച്ചപ്പാടന്മാർവഴി പ്രത്യക്ഷപ്പെട്ട് 'വെളിപാടാകു'മെന്നായിരുന്നു വിശ്വാസം. അങ്ങനെ വെളിപാടാകുന്ന സ്ഥലത്തിന് 'ഓറക്കിൾ' (Oracle) എന്നായിരുന്നു പേർ. ദേവതകളുടെ വെളിപാടിനും 'ഓറക്കിൾ' എന്ന പേർ ഉപയോഗിച്ചിരുന്നു. ധൈര്യം, ആത്മനിയന്ത്രണം, സ്വദേശസ്നേഹം, വിവേകം, സുഹൃത്തുക്കളോടു സൗഹാർദം, ശത്രുക്കളോടു വിദ്വേഷം, അന്യനോടു ആതിഥേയത്വം എന്നിവയാണു പ്രധാന സൽഗുണങ്ങളായി അംഗീകരിക്കപ്പെട്ടിരുന്നത്.

ഹോമർയുഗത്തിൽ ഗ്രീക്കുകാർക്ക് അക്ഷരജ്ഞാനമുണ്ടായിരുന്നതായി കാണുന്നില്ല. ചിത്രകല, കൊത്തുപണി എന്നീ സുകുമാരകലകളും അവരുടെ ഇടയിൽ അഭിവൃദ്ധിപ്പെട്ടിരുന്നില്ല. എന്നാൽ വാസ്തുശില്പകലയിൽ അവർ ഗണ്യമായ പുരോഗതി നേടിയിരുന്നു. മനോഹരങ്ങളായ കൊട്ടാരങ്ങൾ ഇക്കാലത്തു നിർമിക്കപ്പെട്ടു. ലോഹങ്ങൾ തല്ലിപ്പരത്തി വിവിധ രൂപങ്ങൾ നിർമിക്കുന്ന കലയിൽ അന്നത്തെഗ്രീക്കുകാർ വിരുതന്മാരായിരുന്നു.

ഹോമർ കഴിഞ്ഞാൽ പിന്നത്തെ മഹാകവി ബി.സി. ഏഴാംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഹീസിയഡ് (Hesiod) ആയിരുന്നു. അദ്ദേഹത്തിൻെറ കാവ്യങ്ങളിൽ ദരിദ്രന്മാരുടെ കഷ്ടതകൾ വിവരിച്ചു സമ്പന്നന്മാരുടെ ധനതൃഷ്ണയെയും സ്വേച്ഛാധിപത്യത്തെയും അതിശക്

തിയായി അപലപിച്ചിരുന്നു. പ്രവൃത്തിമാഹാത്മ്യത്തെ അദ്ദേഹത്തിന്റെ കൃതികളിൽ ഉടനീളം പ്രകീർത്തിച്ചിരുന്നു. ഹോമറിന്റെയും ഹീസിയദിന്റെയും മറ്റും കാവ്യങ്ങൾ അനന്തരതലമുറകൾക്കു പകർന്നുകൊടുത്തതു വാമൊഴിമാർഗമാണ്.

ഗ്രീക്കു നഗരരാഷ്ട്രങ്ങളുടെ സംസ്കാരം ക്ലാസ്സിക്കൽ (Classical) സംസ്കാരമെന്ന പേരിലാണു ചരിത്രത്തിലറിയപ്പെടുന്നത്. 'ക്ലാസ്സിക്' എന്ന വാക്കിന് ഒന്നാംതരമെന്നാണർഥം. സാഹിത്യം, കല, തത്വജ്ഞാനം എന്നീ മണ്ഡലങ്ങളിൽ ഗ്രീക്കുകാരുടെ നേട്ടം 'ക്ലാസ്സിക്കൽ' എന്ന പേരിനർഹമാകത്തക്കവിധം അത്രയധികം ഉജ്ജ്വലമായിരുന്നു.

ഗ്രീക്ക് സാഹിത്യം

ഗ്രീക്കുഭാഷയിലെ ലിഖിതസാഹിത്യരൂപങ്ങൾ. പാശ്ചാത്യസംസ്കാരത്തിന്റെ ജന്മഭൂമി ഗ്രീസ് ആണ്. ഭാരതീയസാഹിത്യസംസ്കാരരംഗങ്ങളിൽ സംസ്കൃതത്തിനുള്ള സ്ഥാനമാണ്, യൂറോപ്പിൽ പ്രസ്തുത രംഗങ്ങളിൽ 'ഗ്രീക്കി'നുള്ളത്.

ഗ്രീക്ക്സാഹിത്യത്തെ കാലത്തെ ആസ്പദമാക്കി മൂന്നായി തിരിക്കാം: പൗരാണികസാഹിത്യം, മധ്യകാലസാഹിത്യം, ആധുനികസാഹിത്യം.

പൗരാണികസാഹിത്യം. ആരംഭകാലം മുതൽ ജസ്റ്റീനിയൻ കാലം (എ.ഡി. 529) വരെ. ഇതിഹാസങ്ങളും അവയ്ക്കു മുൻപുണ്ടായ പല കൃതികളും ഈ കാലഘട്ടത്തിൽ പെടുന്നു. നാടുതോറും പാടിനടന്ന ഗായകകവികളാണു ഗ്രീസിൽ ഇതിഹാസകാവ്യങ്ങൾക്കു ബീജാവാപംചെയ്തത്. അത്തരം ഗ്രീക്കു ഗായകമഹാകവികളിൽ പ്രഥമഗണനീയനായിരുന്നു ഹോമർ. വിശ്വസാഹിത്യവേദിയിൽ വ്യാസ-വാല്മീകിമാർക്കൊപ്പം ആരാധ്യനാണു ഹോമർ. ഗ്രീസിൽ അക്കാലത്തു നിലവിലിരുന്ന ജീവിതസമ്പ്രദായവും ആചാരവിശ്വാസങ്ങളും വീരകഥകളും അനശ്വരങ്ങളായ ഇതിഹാസകാവ്യങ്ങളിൽ *†'ഇലിയഡ്', †'ഒഡീസി'* ഹോമർ ആവിഷ്കരിച്ചിരിക്കുന്നു. ഹോമറുടെ കാലം, ജന്മദേശം, ജീവിതം എന്നിവയെപ്പറ്റി വ്യക്തമായ ചരിത്രരേഖകളില്ല. ഹെറോഡോട്ടസ്സിന്റെയും പ്ലൂട്ടാർക്കിന്റെയും ഹോമർചരിതങ്ങൾ പോലും പ്രാമാണികരേഖകളല്ല. ബി.സി. 1000-ത്തിനും 925-നുമിടയ്ക്ക് അദ്ദേഹം ജീവിച്ചിരുന്നു എന്നാണു ഭൂരിപക്ഷാഭിപ്രായം. ഇലിയഡ് ഒഡീസ്സി എന്നീ മഹാകാവ്യങ്ങൾ വിഭിന്നസംസ്കാരങ്ങളുടെയും വ്യത്യസ്തകാലഘട്ടങ്ങളുടെയും പ്രതിബിംബങ്ങളാകയാൽ അവ വിഭിന്നകർത്തൃകങ്ങളാണെന്ന അനുമാനം അംഗീകൃതമായിട്ടില്ല. 'ഒഡീസി'ജീവിതത്തിന്റെ പ്രസന്നവും സങ്കല്പസുന്ദരവും ധീരസാഹസികവുമായ വശവും, ഇലിയഡ് മനുഷ്യജീവിതത്തിന്റെ ദുരന്തസ്വഭാവവുമാണു ചിത്രീകരിക്കുന്നത്.

ഒഡീസ്സിയിലെ സംഭവങ്ങൾക്കുശേഷം, 'സെഴ്സ'യിൽ ഒഡീസിയസ്സിനുണ്ടായ പുത്രൻ 'ടെലിഗോണസ്' അദ്ദേഹത്തെ വധിക്കുന്നതുവരെയുള്ള ഒഡീസ്സിയസ്സിന്റെ അന്ത്യകാലചരിതം 'സിറീനിലെ യുഗാമൺ' (Eugammon of Cyrine) എന്ന കവിയും, ആഖ്യാനംചെയ്തിരിക്കുന്നു. അതുപോലെ ഇലിയഡ്ഡിലെ സംഭവങ്ങളുടെ മുന്നോടികളായ കഥകൾ സൈപ്രസ്സിലെ 'സ്റ്റാസിനസ്സ്' എന്ന കവിയും സമാഹരിച്ചിട്ടുണ്ട്. മൈലത്തെസ്സിലെ 'ആർക്ത്തിനസ്സ്' രചിച്ച *'എത്തിയോപ്പിയരും ട്രോയ്നഗരനിരോധവും'* എന്ന കൃതിയും 'മിറ്റലീനിലെ ലെസ്ക്കസ്സ്' (Lesches of Mytilene) എഴുതിയ *'ഇലിയഡ് സംഗ്രഹ'*വും ഹോമർകൃതികൾക്ക്, പിൽക്കാലകവികൾ രചിച്ച അനുബന്ധങ്ങളത്രേ.

അയോണിയയിലെ ഇതിഹാസകാവ്യങ്ങളും പൗരാണികവീരന്മാരുടെ ഉജ്ജ്വലാപദാനങ്ങൾ കീർത്തിക്കുന്നവയാണ്. ഇതേ കാലഘട്ടത്തിൽത്തന്നെ ഉൾനാടൻ ഗ്രീസിൽ മറ്റൊരു മഹാകാവ്യപ്രസ്ഥാനം രൂപംകൊണ്ടു. ഭക്തിപ്രദങ്ങളായ കഥകളും ഗ്രാമീണജീവിതാനുഭവങ്ങളും, ജീവിതധർമങ്ങളും വിവരിക്കുന്ന ഒരു നൂതനകാവ്യസമ്പ്രദായം. ഈ പ്രസ്ഥാനത്തിന്റെ പ്രണേതാവാണു വിഖ്യാതനായ 'ഹിസിയോഡ്' (Hesiod). 'യുബോയ'യിൽ 'കാൽക്കിസ്' എന്ന സ്ഥലത്തു നടന്ന ഒരു കാവ്യരചനാമത്സരത്തിൽ ഇദ്ദേഹം ഹോമറെപ്പോലും തോല്പിച്ചതായി പറയുന്നു. ബി.സി. 850-നും 800-നും ഇടയ്ക്കാകാം ഹിസിയോഡു ജീവിച്ചിരുന്നത്. ഹിസിയോഡിന്റെ 'ജോലികളും ദിവസങ്ങളും' (Works and Days) എന്ന കൃതിയാണു ഗ്രീക്ക്ഭാഷയിലെ ലക്ഷണയുക്തമായ ആദ്യത്തെ പ്രബോധനകാവ്യം (Didactic Poem).

ഉത്കൃഷ്ടവും, പ്രാമാണികവുമായ ഒരു മതഗ്രന്ഥത്തിന്റെ സ്വഭാവം ഇതിനില്ലെങ്കിലും ദേവവംശോത്പത്തിയെ സംബന്ധിച്ച ഒരു മാതൃകാരേഖയായി ഗ്രീക്കുകാർ ഇതിനെ പരിഗണിച്ചിരുന്നു. നാടോടിപ്പാട്ടുകളിൽ ജീവിച്ചിരുന്ന ഐതിഹ്യങ്ങളും ക്ഷേത്രങ്ങളിൽ കൊട്ടിപ്പാടിയിരുന്ന സ്തോത്രശകലങ്ങളും ക്രോഡീകരിച്ചതാണ് ഈ കാവ്യം. ഹിസിയോഡിക്പ്രസ്ഥാനം എന്ന ഒരു സാഹിത്യശാഖതന്നെ പില്ക്കാലത്തുണ്ടായി. ഈജിപ്തിൽനിന്നു കണ്ടുകിട്ടിയ 'ഹെലന്റെ കാമുകന്മാർ', 'ഹെറാക്ലിസ്സിന്റെ പരിച' തുടങ്ങിയ കാവ്യങ്ങൾ ഇതിൽപ്പെട്ടതാണ്.



ഹിസിയോഡ്

അയോണിയൻ മാതൃകയിൽ കലയുടെ ആദർശവത്കരണത്തിനുള്ള വിഷയങ്ങൾ എന്നതിനെക്കാൾ ആധ്യാത്മികാനുഭൂതികളുടെ അവശിഷ്ടങ്ങൾ എന്ന നിലയ്ക്കാണ്, ഐതിഹ്യങ്ങളെയും ദേവകഥകളെയും ഹിസിയോഡിക്ക്പ്രസ്ഥാനകവികൾ പരിഗണിച്ചത്. *'കെയ്റോണിന്റെ നീതിവാക്യങ്ങൾ' (The Maxims of Cheiron)*, *'മെലാമ്പസ്സി'ന്റെ ഗീതകങ്ങൾ* മുതലായവ ഈ പ്രസ്ഥാനത്തിന്റെ ധാർമികവും യോഗാത്മകവുമായ സ്വഭാവത്തിനു ദൃഷ്ടാന്തങ്ങളാണ്.

ഹോമറിക് സ്തോത്രങ്ങൾ ഹോമറുടേതല്ല. അജ്ഞാതകർതൃകങ്ങളായ ഈ സ്തോത്രങ്ങളുടെ നിർമാണകാലം ബി.സി. 750 മുതൽ 550 വരെയാണ്. ഇവയിലെ ഭാഷാരീതി ഹോമറുടേതിനേക്കാൾ നവീനമാണ്. 'അപ്പോളോ' (സൂര്യദേവൻ), 'ഹെർമിസ്' (ദൗത്യദേവൻ), 'അഫ്റൊഡൈറ്റ്', 'ഡെമീറ്റർ' (പ്രകൃതിദേവി) മുതലായ ദേവീദേവന്മാരെയാണ് ഈ സ്തോത്രങ്ങളിൽ കീർത്തിക്കുന്നത്. ഇവയിൽ സാഹിത്യമഹിമകൊണ്ട് ഏറ്റവും മുന്തിനില്ക്കുന്നത് അപ്പോളോസ്തുതിതന്നെ.

വിലാപകാവ്യങ്ങൾ (Elegiac poetry): വീരേതിഹാസങ്ങളെ ഉദാത്തശൈലിയിൽ ആവിഷ്കരിക്കാൻ ഹോമറും അദ്ദേഹത്തിന്റെ അയോണിയൻ അനുയായികളും 'ഷട്പദി' (hexameter) ആണുപയോഗിച്ചത്. ഹിസിയോഡും അനുചരരും ഈ വൃത്തം തന്നെ ഗൗരവസ്വഭാവമുള്ള സാരോപദേശകാവ്യങ്ങൾക്കും സ്വീകരിക്കുകയുണ്ടായി. പക്ഷേ, ഗ്രീസിൽ അക്കാലത്തുണ്ടായ രാഷ്ട്രീയസാമൂഹികപരിവർത്തനങ്ങൾ ചില പുത്തൻ കാവ്യരചനാസമ്പ്രദായങ്ങൾക്കു വഴിവച്ചു. ബി.സി. 6-ാംശതകത്തിൽ ജീവിച്ചിരുന്ന മെഗാറയിലെ 'തിയോഗ്നീസ്' വൈയക്തികവും ധാർമികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളെ പ്രതിപാദിക്കുന്ന ആലോചനാമൃതങ്ങളായ അനേകം കാവ്യങ്ങൾ ഈ നൂതനരീതിയിൽ രചിച്ചിട്ടുണ്ട്. സോളൺ (ബി.സി. 639-559), സ്പാർട്ടയിലെ 'ടൈറാറ്റാക്കസ്' (ബി.സി. 7-ാംശതകം) മുതലായവരാണു വിലാപകാവ്യപ്രസ്ഥാനത്തിലെ പ്രമുഖർ. ഇവർക്കു ശേഷം ഈ പ്രസ്ഥാനം മന്ദീഭവിച്ചെങ്കിലും 'അലക്സാണ്ഡ്രിയൻ' കാലഘട്ടത്തിൽ വീണ്ടും ശക്തമായി.

അയാംബിക് (പരിഹാസ) കവിതകൾ: ഗ്രീക്കു കവിതയിലെ സവിശേഷശാഖയാണ് ഇത്. ഉള്ളടക്കത്തിലും ഇതിഹാസകാവ്യങ്ങളിൽനിന്ന് ഈ ശാഖ തികച്ചും ഭിന്നമാണ്. ഹാസ്യമാണ് ഇതിലെ പ്രധാനഭാവം. യഥാതഥവർണനകൾക്ക് ഈ രീതി ഉപയുക്തമായി. പറോസിലെ ആർക്ക്ലോക്കസും (ബി.സി. 650), എഫേസസ്സിലെ ഹിപ്പോമാക്സും (ബി.സി. 550), പുരാതനഗ്രീസിലെ ഹാസ്യസാഹിത്യവിദഗ്ധരായി കരുതപ്പെടുന്നു. അമോർഗസ്സിലെ 'സെമണൈഡ്സ്' സ്ത്രീവംശോത്പത്തിയെക്കുറിച്ചു രചിച്ച പരിഹാസകവനവും സ്മരണീയമാണ്. ഇതേ കാലഘട്ടത്തിലാണു ഫ്രിജിയാക്കാരനായ *'ഈസോപ്പിന്റെ സാരോപദേശകഥകൾ'* (Aesop Fables) സമാഹരിക്കപ്പെട്ടത്. അവയിൽ പല കഥകളും ബി.സി. 7-ാംശതകത്തിനപ്പുറംതന്നെ

അയോണിയയിലും മറ്റു ഗ്രീക്കുപ്രദേശങ്ങളിലും പ്രചരിച്ചിരുന്നതാണ്.

ഭാവഗീതങ്ങൾ: (Lyrics): ഈ കാലഘട്ടം വരെ യവനസാഹിത്യത്തിന്റെ കേന്ദ്രം അയോണിയയായിരുന്നു. എന്നാൽ അതിനുശേഷം അയോണിയയുടെ അയൽപ്രദേശമായ 'അയോളിയ'യിൽ ഒരു നൂതനസാഹിത്യസരണി സഞ്ജാതമായി. ഭാവഗീതപ്രസ്ഥാനമാണ് അയോളിയയുടെ സംഭാവന. തികച്ചും വൈയക്തികങ്ങളായ തീവ്രാനുഭൂതികളോ സംഭവങ്ങളോ ഹ്രസ്വവും ഏകാഗ്രവും വികാരോജ്ജ്വലവുമായ ലഘുകവിതകളിൽ ആവിഷ്കരിക്കുന്ന നൂതനകാവ്യശാഖയാണ് ഇത്. ഗാനോപകരണങ്ങളിൽ മുഖ്യമായ 'ലയർ' (Lyre) അഥവാ വീണ ഉപയോഗിച്ച് ഈ ഗീതങ്ങൾ ആലപിച്ചുവന്നതിനാൽ പില്ക്കാലത്ത് ഇതിന് 'ലിറിക്' എന്ന പേർ ലഭിച്ചു.

ഈ ഭാവഗാനപ്രസ്ഥാനത്തിന്റെ ഉദ്ഘാടകൻ 'അൽക്കേയസ്സ്' എന്ന കവിയാണെന്നു കരുതപ്പെടുന്നു. അക്കാലത്തെ രാഷ്ട്രീയകലാപങ്ങളിൽപ്പെട്ടു സർവസ്വവും നശിച്ചു തെരുവുതെണ്ടികളായിത്തീർന്ന ലെസ്ബോസിലെ പ്രഭുകുടുംബങ്ങളുടെ വേദനയാണ് അൽക്കേയസ്സിന്റെ ലിറിക്കവിതകളിലെ പ്രതിപാദ്യം. 'സാഫോ' (ബി.സി. 600) ആണ് അയോളിയൻ ആത്മഗീതപ്രപഞ്ചത്തിലെ മുഖ്യകവയിത്രി. ഈജിപ്തിൽനിന്നു കണ്ടെടുക്കപ്പെട്ട അവരുടെ ഭാവഗീതങ്ങളിൽ മൃദുലഭാവങ്ങളുടെ നേരിയ കിരണങ്ങൾ മുതൽ തീവ്രവികാരങ്ങളുടെ തീക്ഷ്ണജ്വാലകൾ വരെ പ്രതിബിംബിക്കുന്നു. പ്രേമഗാനങ്ങളുടെ പ്രണേതാവായ അനാക്രിയോണും മറ്റു ചില ഭാവഗായകന്മാരും സ്മരണീയരാണ്.

സമൂഹഭാവഗാനം (Choral lyrics): വ്യക്തിപരങ്ങളായ ഭാവവികാരങ്ങൾക്കു പകരം ഒരു ജനസമൂഹത്തിന്റെ പൊതുവായ ഭാവം ആവിഷ്കരിക്കുന്ന ഭാവഗീതങ്ങളാണ് ഇവ. 'ഡോറിയൻ' വർഗക്കാരാണ് ഈ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കൾ. സ്പാർട്ടയിലെ അൽക്മാൻ (Alkman) ആയിരുന്നു ആദ്യകാലസമൂഹഭാവഗായകരിൽ അഗ്രഗണ്യൻ. ഒരു മഹിളാഗായകവൃന്ദത്തിനു പാടുവാൻ ചോദ്യോത്തരരൂപത്തിൽ ഇദ്ദേഹം രചിച്ച സമൂഹഭാവഗാനം സുപ്രസിദ്ധമാണ്. സിസിലിയിൽ ഇദ്ദേഹത്തിനുണ്ടായ അനുയായിയാണ് 'സ്റ്റെസിക്കോറസ്സ്'. ബൊയീഷ്യയിലെ കവയിത്രിയായ കൊറീന(Corinna)യും (ബി.സി. 5-ാംശതകം) അൽക്മാന്റെ കാവ്യസരണിയിൽ സഞ്ചരിച്ചു വിജയംവരിച്ചു. ഡോയയിലെ പ്രാദേശികഗ്രീക്ക്ശൈലിയിൽ ബി.സി. 5-ാംശതകത്തിൽ ഭാവഗാനങ്ങൾ രചിച്ചു വിജയശ്രീലാളിതരായ മൂന്നു മഹാകവികളുണ്ട്: അയോണിയക്കാരായ 'സിമോണൈഡ്സ്', ' ബാക്കിലൈഡ്സ്', ഗ്രീക്ക്ഭാവഗായകചക്രവർത്തിയായ തീബ്സിലെ 'പിൻഡാർ' (ബി.സി 518-442). പിൻഡാറിന്റെ 'എപ്പിനീക്കിയൻ' (Epinikian) ഗീതങ്ങൾ അതായതു മഹത്തായ ഗ്രീക്ക് ഒളിമ്പിക്ക്കായികമത്സരങ്ങളെ പ്രകീർത്തിച്ചുകൊണ്ടുള്ള ഗീതങ്ങൾ, മറ്റു സ്തോത്രങ്ങൾ, ഹാസ്യഗീതകങ്ങൾ മുതലായവ വിഖ്യാതമാണ്.

ആറ്റിക്ക് (അഥീനിയൻ) കാലഘട്ടം: ഈ കാലഘട്ടത്തിൽ സംഭാഷണരീതിയുള്ള കാവ്യങ്ങളും സംഘഗീതങ്ങളും കൂട്ടിയിണക്കി ഒരു നൂതന കാവ്യരീതി നടപ്പിൽവന്നു. അതാണു ദുരന്തനാടകം. വിശ്വസാഹിത്യഭണ്ഡാരത്തിലേക്ക് ഏഥൻസിന്റെ - സമസ്തഗ്രീസിന്റെയും മഹത്തായ സംഭാവന. മനുഷ്യജീവിതത്തെ അർഹിക്കുന്ന്ത്ര മുഴുവൻ ഗൗരവത്തോടെ ആവിഷ്കരിക്കുന്ന നാടകമെന്നേ അവർ ട്രാജഡിക്ക് അർഥം കല്പിച്ചിരുന്നുള്ളു. 'ട്രാജഡി'ക്കു നേർവിപരീതമായ 'കോമഡി' ജീവിതത്തെ ഉപരിപ്ലവമായും ഹാസ്യാത്മകമായും ചിത്രീകരിക്കുന്ന നാടകമായിരുന്നു. നായികാനായകന്മാരുടെ മരണമല്ല, മരണത്തേക്കാൾ അസഹ്യമായ അവരുടെ മാനസികസംഘട്ടനങ്ങളും ആത്മപീഡകളുമാണു ഗ്രീക്കു ദുരന്തനാടകങ്ങളിൽ സർവപ്രധാനം.

പൂജയിൽനിന്നാണു യവനനാടകത്തിന്റെ ഉദ്ഭവമെന്നു പറയാം. വസന്തകാലത്തെ പൂജോത്സവങ്ങളിൽ സംഘഗാനങ്ങളും സമൂഹനൃത്തങ്ങളും പതിവുണ്ടായിരുന്നു. ഡയണിഷ്യസ്സിന്റെയോ, മറ്റു ദേവന്മാരുടെയോ അപദാനങ്ങളെയും അദ്ഭുതകഥകളെയും വിവരിക്കുന്ന ആഖ്യാനകാവ്യങ്ങൾ, 'കോറസ്സ്' എന്നറിയപ്പെട്ടിരുന്ന · ഗായകസംഘങ്ങൾ ഈ 'വസന്തമേള'കളിൽ വാദ്യമേളങ്ങളോടെ ആലപിച്ചിരുന്നു.

'ഫ്രിമിക്കസ്', 'പ്രാറ്റിനസ്', 'കോറിലസ്' എന്നീ നാടകകൃത്തുകൾക്കു ശേഷം ഈ നൂതനദൃശ്യകലാരൂപം 'ഈസ്കിലസ്സ്' (ബി.സി. 524-456) കൂടുതൽ ശ്രദ്ധേയമാക്കി. ലോകപ്രസിദ്ധരായ മൂന്നു യവനനാടകകൃത്തുകളിൽ ആദ്യത്തെയാളാണ് ഈസ്കിലസ്. സംഘട്ടനാത്മകമായ നാടകകലയുടെ വിജയത്തിനു ചുരുങ്ങിയതു രണ്ടു നടന്മാരെങ്കിലും രംഗത്തു വേണം. ഒഴിച്ചുകൂടാത്ത ഈ ആവശ്യം ശരിക്കും മനസ്സിലാക്കിയ ഈസ്കിലസ്സ്, ഗ്രീക്ക്നാടകരംഗത്ത് ആദ്യമായി ഒരു രണ്ടാം നടനെ പ്രവേശിപ്പിച്ച് അഭിനയസംഭാഷണങ്ങൾ ഈ നടന്മാർതമ്മിൽ മാത്രമാക്കി. നടന്മാരുമായി നേരിട്ടിടപെടാൻ ഗായകസംഘത്തെ അനുവദിക്കാതെ അവരെ പശ്ചാത്തലഗായകരാക്കി. അങ്ങനെ ഈസ്കിലസ്സിന്റെ കാലത്തു ഗ്രീസിൽ നാടകകല പക്വാവസ്ഥയെ പ്രാപിച്ചു. നടന്മാരുടെ വേഷവിധാനങ്ങളിലും അദ്ദേഹം പല പരിഷ്കാരങ്ങൾ വരുത്തി.

പരസ്പര കഥാബന്ധമുള്ള മൂന്നു ദുരന്തനാടകങ്ങളുടെ ഒരു സമുച്ചയമോ മൂന്നു ദുരന്തനാടകങ്ങളും ഒരു ഹാസ്യനാടകവും ചേർന്ന ചതുഷ്ടയമോ ഒരുമിച്ചെഴുതി തുടർച്ചയായി അരങ്ങേറുക എന്ന ഗ്രീക്കുസമ്പ്രദായത്തിന്റെ പ്രണേതാവും ഈസ്കിലസ് തന്നെ. ഈസ്കിലസ്സിന്റെ '*അഗമെമ്നൺ*', '*കൊഫോറി*', '*യൂമിനൈഡ്സ്*' എന്നീ മൂന്നു ദുരന്തനാടകങ്ങൾ ഒരൊറ്റ കഥയുടെ (ഓറസ്റ്റിസ്സിന്റെ കഥ) ആദിമധ്യാന്ത ഭാഗങ്ങളാണ്. എന്നാൽ നാലാം ഘടകമായ പഴയ കോമഡികളിൽ അപൂർവം ചിലതേ ഇപ്പോൾ ലഭ്യമായിട്ടുള്ളു. സോഫോക്ലിസ്സിന്റെ 'ഇക്ന്യൂട്ടേ'യും യൂറിപ്പിഡിസിന്റെ 'സൈക്ലോപ്സും' മാത്രമേ 'ചതുഷ്ടയ'ങ്ങളിലെ ഹാസ്യനാടകങ്ങളായി അവശേഷിച്ചിട്ടുള്ളു.

†ഈസ്കിലസ്സ് രചിച്ചതായി പറയുന്ന 90 നാടകങ്ങളിൽ 7 എണ്ണമേ പൂർണരൂപത്തിൽ ലഭിച്ചിട്ടുള്ളു.

ഇവകൂടാതെ '*പ്രോട്ടിയൂസ്*' എന്ന വിനോദനാടകവും 'സെപ്റ്റം' എന്ന അനുബന്ധവും സ്മരണീയമാണ്. ഈസ്കിലസ്സിന്റെ ഭാഷാശൈലി ഇടയ്ക്കു പരുപരുത്തതും ചിലപ്പോൾ അവ്യക്തവുമാണെങ്കിലും പൊതുവേ ഉദാത്തവും ധർമചിന്താബന്ധുരവുമാണ്. ഈസ്കിലസ്സിന്റെ പിൻഗാമിയായ 'സോഫോക്ലിസ്' (ബി.സി. 496—406) ആണു യവനനാടകപ്രസ്ഥാനത്തിലെ ഏറ്റവും മികച്ച കലാകാരൻ. ഗ്രീക്കുനാടകകലയെ ആദർശസൗന്ദര്യത്തിന്റെ പരകോടിയിലെത്തിച്ചതു സോഫോക്ലിസ്സാണ്. സോഫോക്ലിസു രചിച്ച നാടകങ്ങളിൽ 8 എണ്ണമേ പൂർണരൂപത്തിൽ കിട്ടിയിട്ടുള്ളു. '*ഈഡിപ്പസ് രാജാവ്*', '*ഈഡിപ്പസ് കൊളോണസ്സിൽ*', '*ആൻറിഗണി*', '*ഇലക്ട്രാ*', '*ട്രക്കീനിയാ*', '*അജാക്സ്*', '*ഫിലോക്ടിറ്റസ്*' എന്നീ ദുരന്തനാടകങ്ങളും ഒരു വിനോദനാടകവുമാണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത്. ഇവയിൽ ഏറ്റവും പ്രസിദ്ധങ്ങൾ '*ഈഡിപ്പസ്* നാടകങ്ങ'ളാണ്.

ഹൃദയാവർജകമായ കാവ്യശൈലി, അഗാധമായ പ്രകൃതിപ്രേമം, സൂക്ഷ്മമായ മനുഷ്യജീവിതനിരീക്ഷണം, മനുഷ്യപ്രകൃതിയും ദൈവവിധിയും കലർത്തിക്കൊണ്ടുള്ള പാത്രസൃഷ്ടി, ഭാവസംഘട്ടനങ്ങളുടെ തീവ്രത, ദുഃഖത്തിന്റെ അഗ്നിപരീക്ഷകളെ ജയിച്ചു മനുഷ്യാത്മാവു പൂർവാധികശോഭയോടെ ഉയിർത്തെഴുന്നേല്ക്കുമെന്ന ശുഭാപ്തിവിശ്വാസം—ഇവയത്രേ 'സോഫോക്ലിയൻ' നാടകങ്ങളുടെ സവിശേഷതകൾ.

യവനനാടകകവിത്രയത്തിൽ മൂന്നാമനായ 'യൂറിപ്പിദിസ്' (ബി.സി. 485—405) എഴുതിയ നാടകങ്ങളിൽ 18 എണ്ണമേ പൂർണരൂപത്തിൽ കിട്ടിയിട്ടുള്ളു. '*ആൽസെസ്റ്റിസ്*', '*മീഡിയാ*', '*ഹിപ്പോളിറ്റസ്*', '*ട്രോജൻ സ്ത്രീകൾ*', '*ഹെക്യൂബാ*', '*ആൻഡ്രോമാക്കി*', '*ഹെലൻ*', '*ടിയോൺ*' '*ഓറെസ്റ്റിസ്*', '*ഇഫിജീനിയാ*', '*ബാക്കേ*' എന്നിവയത്രേ അവയിൽ ഏറ്റവും പ്രമുഖങ്ങൾ.

വിനോദ-ഹാസ്യനാടകങ്ങൾ: സംഭാഷണരൂപത്തിൽ ദേവന്മാരെക്കുറിച്ചുള്ള ഹാസ്യഗാനങ്ങൾ ആലപിക്കുന്ന ഗായകവൃന്ദത്തെ ആദ്യം സംഘടിപ്പിച്ചതു ഡോറിയാനിവാസികളായ ഗ്രീക്കുകാരാണ്. ബി.സി. 580-ൽ മെഗാറാക്കാരനായ 'സുസേറിയോൺ', 'മെഗാറിയൻ പ്രഹസനങ്ങൾ' എന്ന പേരിൽ ചില വിനോദനാടകങ്ങൾ അവതരിപ്പിച്ചു. 'സൈരാക്യൂസി'ൽ താമസിച്ചിരുന്ന 'എപ്പിക്കാർമസ്' ദേവന്മാരുടെയും യുദ്ധവീരരുടെയും കഥകൾക്കു സംഭാഷണരീതിയും സാഹിത്യഭംഗിയും പരിഹാസരസികതയുമുള്ള പ്രഹസനങ്ങളുടെ രൂപം നല്കി അവതരിപ്പിച്ചു. അദ്ദേഹത്തിന്റെ നാട്ടുകാരനും സമകാലികനുമായ 'സോഫോൺ' ജീവിതത്തെ ഹാസ്യാത്മകമായി വിമർശിക്കുന്ന പല നാടകങ്ങളും രചിച്ചു. 'അരിസ്റ്റോഫെനസ്' (ബി.സി. 450—385) എന്ന ഹാസ്യനാടകസാമ്രാട്ടിനു മുമ്പുള്ളവരിൽ ശ്രദ്ധേയർ ക്രാറ്റിനസ്സും യുപ്പോളിസ്സും ആണ്. ഇവർക്കുശേഷം ബി.സി. നാലാംശതകത്തിൽ ഹാസ്യനാടകകൃത്തുക്കളുടെ ഒരു നീണ്ട ശൃംഖല തന്നെ കാണപ്പെടുന്നുണ്ട്. രാഷ്ട്രീയ-സാമൂഹികപ്രശ്നങ്ങളെ അധികരിച്ചുള്ള ഹാസ്യനാടകങ്ങളുടെ രചയിതാവാണു പ്ലേറ്റോ കോമിക്കസ്സ്. †അരിസ്റ്റോഫെനസ് 40 കൊല്ലക്കാലം ജനസമ്മതനായ കവിയും നാടകകൃത്തുമായി പരിലസിച്ചു. നിരങ്കുശഭാവന, മൂർച്ചയേറിയ

പരിഹാസം, കൂർമയുള്ള വിമർശനബുദ്ധി, വശ്യമായ ഗാനാത്മകത എന്നീ ഗുണങ്ങൾ അരിസ്റ്റോഫെനസിനുണ്ടായിരുന്നു.

മനുഷ്യരുടെ അസാധാരചേഷ്ടകളെയും സ്വഭാവദൗർബല്യങ്ങളെയും പരിഹസിക്കുന്ന ആധുനികപ്രഹസനങ്ങളുടെ രീതിയിലുള്ള ഗ്രീക്കുനാടകങ്ങളുടെ ഉപജ്ഞാതാവാണ് 'മെനാൻഡർ' (ബി.സി. 342—291). *'മുടി പറ്റെ ക്രോപ്പ്ചെയ്ത യുവതി'*, *'മധ്യസ്ഥത'*, *'സാമോസിലെ പെൺകുട്ടി'* മുതലായവയാണു മെനാൻഡറുടെ പ്രസിദ്ധനാടകങ്ങൾ. സ്മർത്തവ്യരായ മറ്റു ഹാസ്യനാടകകൃത്തുക്കൾ 'ഡിഫീലസ്സ്', 'ഫിൽമൺ', 'പോസിഡിപ്പസ്സ്', 'അപ്പോളോഡറസ്', 'റിന്തോൺ' മുതലായവരാണ്.

ഗദ്യം: ഗദ്യസാഹിത്യം അയോണിയയിലാണ് ആരംഭിച്ചത്. ഗ്രീസിലെ ആദ്യത്തെ പ്രമുഖചരിത്രകാരനാണ് 'ഹാലിക്കാർണസസ്സി'ലെ †'ഹെറോഡോട്ടസ്' (ബി.സി. 485-425). 'ചരിത്രത്തിന്റെ പിതാവ്' എന്ന ഉന്നതബഹുമതി, ലോകം അദ്ദേഹത്തിനു നല്കിയിട്ടുണ്ട്.



സോഫോക്ലിസ്-വെങ്കലപ്രതിമ

ത്യൂസിഡിഡിസ്സും (ബി.സി. 471—400) ഹെറോഡോട്ടസ്സും സമകാലികരാണ്. രാഷ്ട്രതന്ത്രങ്ങളുടെയും സൈനികപ്രവർത്തനങ്ങളുടെയും ആന്തരമായ കാര്യങ്ങളിലേക്കു ചുഴിഞ്ഞുനോക്കാൻ ഹെറോഡോട്ടസ്സിനു കഴിഞ്ഞിരുന്നില്ല. ഇദ്ദേഹത്തിന്റെ ബലവും ബലഹീനതയും തികച്ചും വ്യക്തമാകുന്നതു ത്യൂസിഡിഡിസ്സുമായി താരതമ്യപ്പെടുത്തുമ്പോഴാണ്. എങ്കിലും രണ്ടു വിഭിന്ന യുഗങ്ങളിൽ പിറന്നവരാണെന്നു തോന്നത്തക്കവിധം അത്ര വലുതായിരുന്നു അവർ തമ്മിലുണ്ടായിരുന്ന വീക്ഷണപരമായ അകൽച്ച. മനുഷ്യസ്വഭാവവും ഈശ്വരേച്ഛയും ചരിത്രഗതിയെ നിയന്ത്രിക്കുന്നു എന്നതാണു ഹെറോഡോട്ടസ്സിന്റെ വിശ്വാസപ്രമാണം. എന്നാൽ ത്യൂസിഡിഡിസ്സാകട്ടെ, ദൈവനീതിയെ നിരാകരിക്കാതെതന്നെ മാനവചരിത്രനിർമിതിയിൽ മനുഷ്യൻതന്നെയാണു നിർണായകഘടകം എന്നു സ്ഥാപിച്ചു. ഹെറോഡോട്ടസ്സിന്റെ 'പേഴ്സ്യൻ യുദ്ധചരിതം' ഗദ്യരൂപത്തിലുള്ള ഒരു ഇതിഹാസകാവ്യമാണ്.

ഏഥൻസിലെ സെനോഫൺ (ബി.സി. 430—354) ഏഴു വാല്യങ്ങളിൽ രചിച്ച 'ഹെലനിക്ക' എന്ന ചരിത്രം ത്യൂസിഡിഡിസ്സിന്റെ ഗ്രന്ഥത്തിന് ഒരനുബന്ധമാണ്. പക്ഷേ, ഈ കൃതിക്കു ശാസ്ത്രത്തിന്റെ സൂക്ഷ്മതയോ, കലയുടെ സൗകുമാര്യമോ ഉണ്ടെന്നു പറയാനില്ല. ഒരു ചരിത്രകാരന്റെ നിഷ്പക്ഷതയും പ്രതിപക്ഷബഹുമാനവും അദ്ദേഹത്തിനില്ലെന്നും പറയേണ്ടിയിരിക്കുന്നു. സ്പാർട്ടക്കാരോടുള്ള പക്ഷപാതം ഏഥൻസിനോടുള്ള വെറുപ്പ് എന്നിവ ഈ കൃതിയിൽ പ്രകടമായി കാണാം. ഏപ്പാമിനോൻഡാസ്, പെലപ്പിഡാസ് തുടങ്ങിയ പ്രസിദ്ധരായ സേനാധിപന്മാരുടെ സേവനങ്ങളെപ്പോലും പാടെ അവഗണിച്ചിരിക്കുന്നു. ക്സെനോഫോൺ രചിച്ച *'സൈറസ്സിന്റെ വിദ്യാഭ്യാസം'* എന്ന കൃതിയാണ് ആദ്യത്തെ ഗ്രീക്കു ചരിത്രാഖ്യായിക.

പ്രഭാഷണകല: രാജ്യഭരണങ്ങളിൽ പങ്കുകൊള്ളുവാനോ, ഒരു നിയമക്കോടതിയിൽ സ്വന്തം നില ന്യായീകരിക്കാനോ ആഗ്രഹിക്കുന്ന ഏഥൻസിലെ ഓരോ പൗരനും പൊതുപ്രസംഗകലയിൽ ഒരളവോളം പാടവം നേടേണ്ടിയിരുന്നു. ഏഥൻസിൽ വളർന്നുവന്ന പ്രഭാഷണകല ഗ്രീക്ക്ഗദ്യസാഹിത്യത്തിന്റെ വളർച്ചയ്ക്കും മഹത്തായ സംഭാവന ചെയ്തിട്ടുണ്ട്. പ്രഭാഷണം ഒരു കലയായി ആദ്യം രൂപംകൊണ്ടതു സിസിലിയിലാണ്. ബി.സി. കൊറാക്സ് എന്ന പണ്ഡിതൻ കോടതികളിൽ പ്രഭാഷണം ചെയ്യുന്ന അഭിഭാഷകന്മാർക്കുവേണ്ടി *'വാക്കുകളുടെ കല'* എന്നൊരു ഗ്രന്ഥം നിർമിച്ചു.

അഥീനിയൻഗദ്യത്തിൽ പ്രൗഢരീതിയുടെ പ്രണേതാവ് ആൻറിഫോണും, ലളിതമായ ശൈലിയുടെ ഉപജ്ഞാതാവ് 'ലിഷ്യസും' ആണ്. ഗ്രീക്ക്വാഗ്മികളിൽ അഗ്രേസരൻ പ്രഭാഷണകലയെ പൂർണതയിലെത്തിച്ച വിഖ്യാതനായ 'ഡെമോസ്തനീസ്' (ബി.സി. 385—322) ആണ്. ഓജസ്സും, ഭാവവൈചിത്ര്യവും ശബ്ദഭംഗിയും പരിഹാസവും അലതല്ലുന്ന അദ്ദേഹത്തിന്റെ രാഷ്ട്രീയപ്രഭാഷണങ്ങൾ, ഭാഷയുടെ മുഴുവൻ വിഭവശേഷിയും അദ്ദേഹത്തിന്റെ 'ചൊൽപ്പടിയിൽ' ഒതുങ്ങിയിരുന്നുവെന്നു വിളംബരം ചെയ്യുന്നവയാണ്.

ദാർശനികഗദ്യം: ദാർശനികഗദ്യലേഖകരിൽ പ്രമുഖനാണു 'പ്ലേറ്റോ' (ബി.സി. 427—347). അദ്ദേഹത്തിന്റെ വിശ്വവിശ്രുതമായ 'ദാർശനികസംവാദങ്ങൾ' പ്രദർശിപ്പിക്കുന്ന സാഹിത്യപ്രതിഭാസമ്പത്തു ബഹുമുഖമാണ്. തന്റെ ആചാര്യവര്യനും പാശ്ചാത്യതത്ത്വശാസ്ത്രത്തിന്റെ കുലപതിയുമായ 'സോക്രട്ടീസും' (469—399) താനുമായും, അദ്ദേഹവും മറ്റു ശിഷ്യന്മാരുമായും നിത്യേന നടത്താറുണ്ടായിരുന്ന ദാർശനികസംവാദങ്ങൾ സംഭാഷണരീതിയിൽത്തന്നെ പ്ലേറ്റോ അന്നന്നു രേഖപ്പെടുത്തി. *'ഫെയിഡോ'*, *'സിംപോസിയം'*, *'റിപ്പബ്ലിക്ക് ഫേയ്ഡ്രസ്സ്'* എന്നീ ലോകപ്രസിദ്ധങ്ങളായ കൃതികളെല്ലാം ഇത്തരം സംഭാഷണസമാഹാരങ്ങളാണ്.

സത്യസന്ധത, നാടകീയത, നർമബോധം, ആദർശാത്മകത, ഉദാത്തത, കാവ്യാത്മകത, രൂക്ഷത, ആത്മാർഥത എന്നിവ പ്ലേറ്റോണിയൻ കൃതികളുടെ പ്രത്യേകതകളാണ്. അന്നു നിലവിലിരുന്ന ശാസ്ത്രങ്ങളുടെയും സാഹിത്യാദികലകളുടെയും. സർവമണ്ഡലങ്ങളിലും അരിസ്റ്റോട്ടിലിന്റെ ഉജ്ജ്വലപ്രതിഭ വെളിച്ചംവീശുകയും സുസൂക്ഷ്മമായ അപഗ്രഥനപാടവത്തോടെ അവയെ വ്യാഖ്യാനിക്കുകയും ചെയ്തിട്ടുണ്ട്. തർക്കം, വ്യാകരണം, അലങ്കാരശാസ്ത്രം, കാവ്യമീമാംസ, സാഹിത്യനിരൂപണം, പില്ക്കാലപാശ്ചാത്യസാഹിത്യനിരൂപണം എന്നീ മണ്ഡലങ്ങളിൽ അരിസ്റ്റോട്ടിലിനുള്ള സ്വാധീനം അഭംഗുരമായി നിലനില്ക്കുന്നു.

ഹെലനിസ്റ്റിക്ക് (മറുനാടൻ ഗ്രീക്ക്) സാഹിത്യം: സ്വതന്ത്രങ്ങളായ ഗ്രീക്ക് നഗരരാഷ്ട്രങ്ങളിലെ സജീവവും ചലനാത്മകവുമായ ജീവിതവ്യവസ്ഥിതി അവിടത്തെ സാഹിത്യാദികലകളുടെ വളർച്ചയിൽ ഒരു പ്രധാന ഘടകമായിരുന്നു. അതിനാൽ മാസിഡോണിയൻ ആക്രമണത്തിനുശേഷം വളരെക്കാലത്തേക്ക് ഒന്നാംകിടയിൽപ്പെടുത്താവുന്ന സാഹിത്യസൃഷ്ടികൾ ഒന്നുംതന്നെ ഗ്രീസിൽ ഉണ്ടായില്ല.

വിദേശീയർ സ്വീകരിച്ചു വളർത്തിയെടുത്ത ഗ്രീക്കുസംസ്കാരത്തിനു യഥാർഥ ഗ്രീക്കുസംസ്കാരത്തിന്റെ എല്ലാ ബാഹ്യരൂപവുമുണ്ട്. പക്ഷേ, അതിന്റെ ആത്മാവുമാത്രം നഷ്ടപ്പെട്ടു. തങ്ങളുടേതല്ലാത്ത ഒരു സാമ്രാജ്യത്തിലെ അസ്വതന്ത്രപ്രജകൾ എന്ന നിലയ്ക്ക് ഒരു പ്രത്യേകജനസമൂഹത്തിന്റെയും സംസ്കാരപ്രതീകങ്ങളാകുവാൻ ഹെലനിസ്റ്റിക് സാഹിത്യകാരന്മാർക്കു സാധിച്ചിരുന്നില്ല. എങ്കിലും ഒട്ടുവളരെ ഗ്രീക്ക്കൃതികൾ ആക്രമണങ്ങളിലൂടെ ഗ്രീക്കുസംസ്കാരം വ്യാപിച്ച പ്രദേശങ്ങളിൽ ഉണ്ടായിട്ടുണ്ട്.

കവിത: അലക്സാണ്ഡ്രിയയിലാണ് ഈ പുതിയ സാഹിത്യപ്രസ്ഥാനത്തിന്റെ ഉറവ് ആദ്യമായി കാണപ്പെട്ടത്. 'കാലിമാക്കസും' അനുചരന്മാരും ശുദ്ധമായ ഗ്രാമീണ സന്മാർഗപ്രബോധകകാവ്യങ്ങൾ രചിച്ചു. ഈ കാവ്യപ്രസ്ഥാനം അവരുടെ റോമൻ ശിഷ്യന്മാരിൽ വലിയ സ്വാധീനം ചെലുത്തി. 'തിയോക്രിറ്റസ്സി'ന്റെ (ബി.സി. 320-300) ഗ്രാമാന്തരീക്ഷഗന്ധിയായ കാവ്യങ്ങൾ ഇതിനു ദൃഷ്ടാന്തമാണ്.

മധ്യകാലസാഹിത്യം. *1. ബൈസാന്തിയൻ സാഹിത്യം:* എ.ഡി. 529-ൽ ജസ്റ്റീനിയൻ ഗ്രീക്ക്തത്വശാസ്ത്രാഭ്യസനം നിരോധിച്ചതു മുതൽ തുർക്കികൾ കോൺസ്റ്റാൻറിനോപ്പിൾ പിടിച്ചടക്കി,



യൂറിപ്പിഡീസ്

ബൈസാന്തിയൻ പൂർവറോമാസാമ്രാജ്യം തകർത്ത 1453 വരെ ഗ്രീക്ക്ഭാഷയിൽ രചിക്കപ്പെട്ട കൃതികളാണു ബൈസാന്തിയൻ സാഹിത്യമെന്ന പേരിലറിയപ്പെടുന്നത്. ബൈസാന്തിയൻസാമ്രാജ്യത്തിൽപ്പെട്ട സിറിയൻ, ആർമീനിയൻ, ജോർജിയൻ, സെർബ്, ബൾഗേറിയൻ, അൽബേനിയൻ തുടങ്ങിയ ഓരോ വർഗവും ഗ്രീക്കുസംസ്കാരം ഏറെക്കുറെ ഉൾക്കൊണ്ടിട്ടും തങ്ങളുടെ പ്രാദേശികഭാഷയോ, ദേശീയസംസ്കാരമോ പാടേ ഉപേക്ഷിക്കുവാൻ കൂട്ടാക്കിയില്ല. ‘സ്ലാവ്’വർഗക്കാർ മാത്രമേ ഗ്രീക്കുസംസ്കാരം സ്വീകരിച്ചുള്ളു.

ബൈസാന്തിയൻ സാഹിത്യകാരന്മാരുടെ ഭാഷ പഴയ ക്ലാസിക്കൽ ഗ്രീക്കുതന്നെയായിരുന്നു. പഴയ ഗ്രന്ഥങ്ങൾ പഠിച്ച് ഇവർ കൃത്രിമമായി നേടിയതാണ് ഈ ക്ലാസ്സിക്ഭാഷാശൈലി. അങ്ങനെ സാഹിത്യരംഗത്തു ക്ലാസ്സിക്കൽഗ്രീക്കിൻെറ കൃത്രിമമായ ഈ പ്രത്യാഗമനം പണ്ഡിതഭാഷയും ജനസാമാന്യഭാഷയും തമ്മിൽ നികത്താനാവാത്ത വിടവു സൃഷ്ടിച്ചു. മധ്യശതകങ്ങളിൽ നിർമിതമായ ഗ്രീക്ക്സാഹിത്യകൃതികളിൽ പത്തിൽ ഒൻപതും ഏഷ്യനാഫ്രിക്കൻ പ്രദേശങ്ങളിലും, പത്തിലൊന്നു യൂറോപ്യൻപ്രദേശങ്ങളിലുമാണുദ്ഭവിച്ചത്. ഇക്കാലത്തു ബുദ്ധിജീവികളെ കൂടുതൽ ആകർഷിച്ചതു ക്രൈസ്തവവേദാന്തമായിരുന്നു. രാജ്യചരിത്രമാണ് അവർക്കു പിന്നെ താത്പര്യമുള്ള വിഷയം. അലക്സാണ്ഡ്രിയയിലെ ‘അത്തനേഷ്യസ്സ്’ ക്രൈസ്തവാദർശങ്ങളെപ്പറ്റിയും മതപണ്ഡിതനായ ‘യൂബിയസ്സ്’ ക്രിസ്ത്യൻപള്ളിസംഘടനയുടെ ചരിത്രത്തെക്കുറിച്ചും പ്രൗഢസുന്ദരങ്ങളായ ഗ്രന്ഥങ്ങൾ രചിച്ചു.

അജ്ഞാതകർതൃകങ്ങളായ രക്തസാക്ഷിക്കഥകൾ ശേഖരിച്ചു പ്രസിദ്ധപ്പെടുത്തിയവരിൽ അഗ്രഗണ്യനാണ് ‘സയിമിയോൺ മെറ്റാഫ്രാസ്റ്റസ്’. കാവ്യമണ്ഡലത്തിൽ ക്രൈസ്തവഭക്തിഗീതങ്ങളും, ബൈബിൾക്കഥകളെ ആസ്പദിച്ചുള്ള കാവ്യങ്ങളും ധാരാളമുണ്ടായി. അലക്സാണ്ഡ്രിയയിലെ ക്ലെമൻറ് (എ.ഡി. 215), സെർഗിയസ്സ് എന്ന പാത്രിയാർക്കീസ്, ക്രീറ്റിലെ ആർച്ച്ബിഷപ്പായ ആൻഡ്രിയസ്സ് (650-720) എന്നിവരാണ് ഇത്തരം ആധ്യാത്മികകവികളിൽ പ്രമുഖർ. ചരിത്രകാരന്മാരിൽ ജസ്റ്റസ്ടൈബീരിയസ്സ് (എ.ഡി. 2-ാംശതകം), യുമാപ്പിയസ് (400), ബോസിമസ് (510) എന്നിവരും ശ്രദ്ധേയരാണ്. ജസ്റ്റീനിയൻയുഗത്തിലെ സംഭവപരമ്പരകൾ സമാഹരിച്ച പ്രൊക്കോപ്പിയസ്, അഗാത്തിയസ്സ് എന്നിവരും സ്മരണീയരത്രേ.

കിഴക്കൻറോമാസാമ്രാജ്യവും പ്രബലമായ ‘ഓട്ടോമൻ’ (തുർക്കി) സാമ്രാജ്യവും തമ്മിലുണ്ടായ ദീർഘകാലസംഘട്ടനങ്ങൾ ‘ല്യൂണിക്കസ്’, ‘ഡ്യൂക്കസ്’, ‘ജോർജിയസ്’ എന്നിവർ വിവരിച്ചിട്ടുണ്ട്. ഇവ കൂടാതെ ക്രിസ്ത്യൻപാതിരിമാർ പലകാലത്തായി രചിച്ച കാലികലോകസംഭവക്കുറിപ്പുകൾ അഥവാ ‘ക്രോണിക്കിൾസ്’ എന്ന പേരിൽ അറിയപ്പെടുന്ന പല കൃതികളുമുണ്ട്. ക്രൈസ്തവസങ്കല്പപ്രകാരമുള്ള ലോകോത്പത്തി മുതൽ തങ്ങളുടെ കാലംവരെയുള്ള ലോകചരിത്രത്തിൻെറ പല ഘട്ടങ്ങളും ഇവരുടെ ‘ചരിത്ര’രചനയ്ക്കു വിഷയമായിട്ടുണ്ട്. മതാന്ധതകൊണ്ടു പല അബദ്ധങ്ങളും കടന്നുകൂടിയിട്ടുണ്ടെങ്കിലും ലോകചരിത്രത്തിൻെറ ഇരുളടഞ്ഞ ഏടുകളിലേക്ക് ഒട്ടൊക്കെ വെളിച്ചംവീശുന്നവയാണിവ.

നാടൻസാഹിത്യം: ഗ്രീക്കുഭാഷയിലുള്ള പണ്ഡിതോചിതമായ ക്ലാസ്സിക്കൽ കൃതികളെല്ലാം എഴുതപ്പെട്ട കാലത്തുതന്നെ ബൈസാന്തിയൻ സാമ്രാജ്യത്തിലെ വിവിധ ദേശങ്ങളിൽ ജനസാമാന്യത്തിൻെറ വ്യവഹാരമാധ്യമമായ നാടൻ ഗ്രീക്കുഭാഷയിലും വൻതോതിൽ സാഹിത്യരചന നടന്നുകൊണ്ടിരുന്നു. ക്ലാസ്സിക്കൽഭാഷയിലെഴുതപ്പെട്ട ‘കൃത്രിമ’സാഹിത്യത്തിൽ ഗദ്യകൃതികൾക്കാണു മുൻതൂക്കം. എന്നാൽ നാടൻഗ്രീക്കിലെഴുതപ്പെട്ട നൈസർഗികസാഹിത്യത്തിൽ ഗുണത്തിലും എണ്ണത്തിലും കവിതകൾ മുന്നിട്ടുനിന്നു. ആദ്യകാലങ്ങളിൽ പഴഞ്ചൊല്ലുകളും മുത്തശ്ശിക്കഥകളും വീരകഥകളുമാണ് ഈ ജനകീയഭാഷയിൽ ഗാനങ്ങളായി ആവിഷ്കരിക്കപ്പെട്ടത്. പിന്നെ ശൃംഗാരകവിതകളുടെ യുഗം പുലർന്നു. 10-ാംശതകമായപ്പോഴേക്കും ഗൗരവമുള്ള വിഷയങ്ങളെ സമഗ്രമായി പ്രതിപാദിക്കുന്ന മഹാകാവ്യങ്ങളുമുണ്ടായി. ട്രോജൻ യുദ്ധകഥകൾ, അലക്സാണ്ടറുടെ ആക്രമണകഥകൾ തുടങ്ങിയവ മഹാകാവ്യങ്ങൾക്ക് ഇതിവൃത്തങ്ങളായി.

ഗ്രീക്കു പുരാണകഥകളെ ഉപജീവിച്ചുകൊണ്ടുള്ള ആഖ്യായികകളും, പക്ഷിമൃഗാദികളെ കഥാപാത്രങ്ങളാക്കിക്കൊണ്ടുള്ള നീതികഥകളും, ഹാസ്യകവനങ്ങളും തുർക്കികളുടെ മുമ്പിൽ കോൺസ്റ്റാൻറിനോപ്പിളിൻെറ കീഴടങ്ങൽ, ഏഥൻസിൻെറയും ട്രിബിസോണ്ടിൻെറയും പതനം, തൈമൂറിൻെറ ആക്രമണങ്ങൾ എന്നിവയെ പ്രതിപാദിക്കുന്ന ചരിത്രകാവ്യങ്ങളും നാടൻ ഗ്രീക്കുഭാഷയിലെ അമൂല്യകൃതികളാണ്. ജനസാമാന്യത്തിനു ക്ലാസ്സിക്കൽ ഗ്രീക്കുകൃതികളെക്കാൾ ഇത്തരം കൃതികളായിരുന്നു കൂടുതൽ രസകരവും.

ആധുനിക സാഹിത്യം. 1453-ൽ തുർക്കികൾ ‘കോൺസ്റ്റാൻറിനോപ്പിൾ’ (ബൈസാന്തിയൻ സാമ്രാജ്യകേന്ദ്രം) കീഴടക്കുകയും ഗ്രീക്കുദേശീയജീവിതവും, ഗ്രീക്കുസംസ്കാരവും നശിക്കയും ചെയ്തതോടെ മധ്യകാല-ബൈസാന്തിയൻ ഗ്രീക്കുസാഹിത്യനിർമാണം അസ്തമിച്ചു. 10-ാംശതകത്തിലെ ഡൈജനസ് അകൃത്താസിൻെറ മഹാകാവ്യത്തിൽത്തന്നെ ആധുനികഗ്രീക്കുസാഹിത്യത്തിൻെറ ആദ്യാങ്കുരങ്ങൾ കാണാം. ‘*ബെൽത്താൻദ്രോസ്*’ ക്രിസാൻസാ മുതലായ 13, 14 ശതകങ്ങളിലെ കാല്പനികകാവ്യങ്ങളും മറ്റനേകം പ്രേമഗാനങ്ങളും ആധുനികയുഗത്തിൻെറ ഔപചാരികമായ ഉദ്ഘാടനം കുറിച്ചു. വ്യത്യസ്തങ്ങളായ രണ്ടു സാഹിത്യശൈലികൾ ആധുനിക ഗ്രീക്കുസാഹിത്യത്തിൽ ഉണ്ട്. 1. ബൈസാന്തിയൻ എന്നു വിളിക്കപ്പെടാവുന്നതും ബോധപൂർവം പ്രത്യുദ്ധരിക്കപ്പെടുന്നതുമായ പഴയ ഗ്രീക്കുമഹാകാവ്യശൈലി. 2. ജനസാമാന്യത്തിൻെറ സംസാരഭാഷാശൈലി.

ക്രീറ്റൻസാഹിത്യം: ഗ്രീസിൻെറ തെക്കുഭാഗത്തുള്ള ക്രീറ്റുദ്വീപിൽ 16, 17 നൂറ്റാണ്ടുകളിലെ ഗ്രീക്കുസാഹിത്യം സമ്പന്നമായിരുന്നു. 1669-ൽ തുർക്കികൾ ക്രീറ്റ് കീഴടക്കിയതോടെ സാഹിത്യം ക്ഷയിച്ചു. വിൻസൻസോ കോർണറോ രചിച്ച ‘*എറോറ്റോ ക്രിറ്റോസ്*’ എന്ന പ്രേമകഥാകാവ്യം ശ്രദ്ധേയമാണ്. ക്രീറ്റൻ നാടകത്തിൻെറ യഥാർഥമാതൃകകൾ *ജിഫാറിസ്* പോലുള്ള ഗ്രാമീണവിനോദനാടകങ്ങളും, ‘*അബ്രഹാമിൻെറ ബലി*’ മുതലായ ഗൂഢാർഥനാടകങ്ങളുമാണ്.

ക്രീറ്റൻ നാടോടിപ്പാട്ടുകളിലെ പ്രമേയങ്ങൾ കുടുംബസ്നേഹം, പ്രേമം, മരണഭീതി മുതലായവയാണ്. ക്ലെഫ്റ്റിക്പാട്ടുകൾ എന്നൊരു പ്രത്യേക വീരഗാനശാഖയും ഇവിടെയുണ്ട്. തുർക്കികൾക്കു കീഴടങ്ങാൻ വിസമ്മതിച്ച ഗ്രീക്കുവിപ്ലവകാരികളുടെ (ഇവർ ക്ലെഫ്റ്റ്സ് എന്ന പേരിലറിയപ്പെടുന്നു) വീരാപദാനങ്ങളാണ് ഈ പടപ്പാട്ടുകളിലെ പ്രമേയം. നൈസർഗികവും ഭാവാത്മകവുമായ കവിതയുടെ ഉത്തമദൃഷ്ടാന്തങ്ങളാണിവ. ആധുനികഗ്രീക്കുസാഹിത്യത്തിന്, ക്രൈസ്തവപുരോഹിതന്മാരോടും സഹൃദയരും ധനികരുമായ ഗ്രീക്കുവ്യാപാരികളോടുമുള്ള കടപ്പാടു നിസ്സീമമാണ്. ഗ്രീക്കുപുരോഹിതർ മഹത്തായ ഗ്രന്ഥങ്ങൾ നിർമിച്ചപ്പോൾ, വ്യാപാരിവർഗം വെനീസ്, ട്രീസ്റ്റ്, വിയന്ന, പാരീസ് മുതലായ കേന്ദ്രങ്ങളിൽ ചെന്ന് അവയെ വൻതോതിൽ അച്ചടിപ്പിച്ചു യൂറോപ്പാസകലം വിതരണം ചെയ്തു.

ബോധപൂർവം പ്രത്യുദ്ധരിക്കപ്പെട്ട പഴയ ക്ലാസ്സിക്ശൈലിയിൽ ഇക്കാലത്തുണ്ടായ കൃതികളിൽ ഏറ്റവും പ്രധാനമായവ ചുവടെ ചേർക്കുന്നു. 1. ‘കോൺസ്റ്റൻറയിൻ റൈഗാസ്’ (1760-1798) എഴുതിയ ദേശാഭിമാനോദ്ദീപകങ്ങളായ കവിതകൾ. 2. ക്രിസ്റ്റോപൗലോസ് (1772-1847) രചിച്ച പ്രസിദ്ധങ്ങളായ പ്രേമമദിരോത്സവഗാനങ്ങൾ. 3. ജേക്കബ് റിസേഴ്സ് (1778-1750) നിർമിച്ച ദുരന്തനാടകങ്ങൾ, വിനോദനാടകങ്ങൾ, ഭാവഗീതങ്ങൾ.

ജനകീയഭാഷാസാഹിത്യം: കാവ്യരംഗത്തു ജനകീയ ഗ്രീക്കുഭാഷാകൃതികൾക്കാണു പ്രാമുഖ്യം. ഈ കാവ്യശൈലിയുടെ ഉദ്ധാരകൻ ‘ഡയണിഷസ് സൊലോമോസ്’ (1798-1857) ആണ്. അദ്ദേഹത്തിൻെറ ‘*സ്വാതന്ത്ര്യഗീതം*’, ‘*ലാംബ്രോസ്*’ അഥവാ ‘*മുറിവേറ്റ മനസ്സാക്ഷി*’ എന്നിവ സുപ്രസിദ്ധങ്ങളാണ്.

ജനകീയ ഗ്രീക്കുഭാഷയ്ക്കു ക്ലാസ്സിക്കൽഗ്രീക്കിൻെറ മേലുണ്ടായ പ്രഥമവിജയത്തെക്കുറിച്ചുകൊണ്ടാണ് 20-ാംനൂറ്റാണ്ട് ഉദയംകൊണ്ടത്. അക്കാലത്തെ ഗ്രീക്കുഭാവഗായകന്മാരുടെ നേട്ടവുമാണത്.

'കോസ്റ്റിസ്പലാം' (1859-1943) രചിച്ച *'രാജാവിൻെറ ഓടക്കുഴൽ'* 'ജോർജിയോസ് ഡ്രോസിനസ്സി'ൻെറ വിഷാദചിന്താബന്ധുരമാണ്. 'ജോർജിയോസ് ഡ്രോസിനസ്സി'ൻെറ പ്രഭാവഗാനങ്ങളിൽ പ്രകൃതിലാവണ്യം, പ്രേമം, മരണചിന്ത എന്നീ പ്രമേയങ്ങളാണു മുഖ്യങ്ങൾ. സമകാലികജീവിതം ആവിഷ്കൃതമായിട്ടുള്ള ആധുനികഗ്രീക്ക് നാടകങ്ങൾ സഹൃദയചേതനയ്ക്കു നവോന്മേഷം നല്കുന്നു. ജോൺ സിക്കാരി(1854-1929)യാണ് ഈ നവീന നാടകപ്രസ്ഥാനത്തിൻെറ പ്രോദ്ഘാടകൻ. സംസാരഭാഷയിലുള്ള തനി നാടൻഗദ്യസാഹിത്യത്തിൻെറ പ്രണേതാവും അദ്ദേഹംതന്നെ. *'ഗ്രീസിലൂടെയുള്ള എൻെറ പര്യടനം'* എന്ന സിക്കാരിയുടെ ഹാസ്യാത്മക യാത്രാവിവരണം ചിരിക്കും ചിന്തയ്ക്കും വക നല്കുന്നു. ഗ്രാമീണജീവിതത്തെും സമുദ്രജീവിതത്തെയും കുറിച്ചുള്ള ആധുനികനോവലുകൾ ജനതാഹൃദയത്തിൽ പ്രതിഷ്ഠനേടിക്കഴിഞ്ഞു. നാടൻഭാഷയിലുള്ള ആധുനിക ചരിത്രാഖ്യായികകളുടെ ഉപജ്ഞാതാക്കൾ 'വിക്ലാസ്' (1835-1908), 'റോയ്ഡിസ്' (1835-1904) എന്നിവരാണ്.

ഗ്രീക്കുസ്വാതന്ത്ര്യസമരത്തിനുശേഷം ഗൗരവസ്വഭാവമുള്ള വിഷയങ്ങളും ശാസ്ത്രങ്ങളും സാഹിത്യഭാഷയിൽത്തന്നെ പിന്നെയും എഴുതപ്പെട്ടുകൊണ്ടിരുന്നു. ഇവയിൽ ചരിത്രഗ്രന്ഥങ്ങളാണ് എണ്ണത്തിലധികം. ഗ്രീസിൽ 1910 മുതൽ 1928 വരെ നീണ്ടുനിന്ന ആഭ്യന്തരകലാപം, പണ്ഡിതഭാഷയുടെമേൽ സംസാരഭാഷയ്ക്കുണ്ടായ അന്തിമവും ശാശ്വതവുമായ വിജയം പ്രഖ്യാപിച്ചുകൊണ്ടാണ് അവസാനിച്ചത്. ഫ്രാൻസിലെ ബുദ്ധിജീവികളുടെ നൂതനസാഹിത്യസിദ്ധാന്തങ്ങളാൽ സ്വാധീനിക്കപ്പെട്ട കോസ്റ്റിസ് പലാമസ്, ഗ്രീക്കുസാഹിത്യസരണിയിൽ നൂതനപരീക്ഷണങ്ങൾ ധീരമായി നടത്തി വിജയം കൈവരിച്ചു. *'മാറ്റാനാവാത്ത മനുഷ്യൻ'* മുതലായ സുപ്രസിദ്ധകൃതികളാൽ അദ്ദേഹം വിശ്വവിഖ്യാതനായി. അനശ്വരമായ പൗരാണികസംസ്കാരത്തിൻെറയും മധ്യകാല-ആധുനികസംസ്കാരങ്ങളുടെയും സമന്വയം പലാമസിൽ കാണാം. അദ്ദേഹത്തിൻെറ കൃതികളിൽ പാശ്ചാത്യപ്രതിരൂപാത്മകസാഹിത്യത്തിൻെറ സ്വാധീനം കാണാം. അവയിലെ ഉജ്ജ്വലങ്ങളായ കല്പനാചിത്രങ്ങളും, സംഗീതഭംഗിയും ഏറ്റവും ഹൃദ്യമാണ്. *'ശവക്കുഴി'*, *'രാഗവൈചിത്ര്യങ്ങൾ'* എന്നീ കൃതികളിൽ പലാമസ് ഏറ്റവും അഗാധമായ മാനുഷികഭാവങ്ങളെ നിപുണമായി ചിത്രീകരിച്ചിട്ടുണ്ട്. ശൈലീവല്ലഭന്മാരായ ഗ്രിപ്പാരിസ്, ലോറൻസ്, മാവ്ലിസ എന്നിവരും *'നിഴലുകൾ'* എന്ന വിഖ്യാതകൃതിയുടെ കർത്താവായ ലാംബ്രോസ് പോർഫീറിയാസ്', *'അപ്പോളോ'* (സൂര്യദേവൻ), *'അനറ്റോളിയയിൽനിന്നുള്ള അഭയാർഥികൾ'* തുടങ്ങിയ ദേശാഭിമാനോജ്ജ്വലങ്ങളായ കാവ്യങ്ങളുടെ രചയിതാവായ സോട്ടറിസ്, സ്കിപ്പ് എന്നിവരും സ്മരിക്കപ്പെടേണ്ടവർ തന്നെ.

ആധുനികഗദ്യസാഹിത്യത്തിൻെറ സിംഹഭാഗവും നോവലും ചെറുകഥയും കൈയടക്കിയിരിക്കുകയാണ്. ഈ ശാഖയിൽ, 1908-ൽ അപ്രത്യക്ഷനായ 'പപ്പാഡിയാ മാൻറീസ്' നിസ്തുലനാണ്. തൊഴിലാളികളുടെ ജീവിതമാണു വൗട്ടിറാസിൻെറ കഥകളിലെ പ്രതിപാദ്യം. 'ബന്ധനസ്ഥരായ അടിമകൾ' തുടങ്ങിയ നോവലുകളുടെ കർത്താവായ 'തിയോട്ടോക്കിസ്' സാമൂഹികവിമർശകനും സമഷ്ടിവാദിയുമാണ്. *'ചെമ്മുട്ടനാടി'*ൻെറ കർത്താവായ 'പരോറിറ്റിസ്സി'നു ശക്തവും ഊർജസ്വലവുമായ ഒരു ശൈലിയാണുള്ളത്. 'മദാം ഡെൻഡ്രിനാസ്' എന്ന കാഥികയാകട്ടെ വികാരപ്രപഞ്ചത്തിലെ വിവിധ മണ്ഡലങ്ങളും വർണോജ്ജ്വലമായി ചിത്രീകരിച്ചിരിക്കുന്നു. നാടകം, നോവൽ, എന്നീ ശാഖകളിൽ സർവഥാ പ്രഥമഗണനീയൻ സെനോപൗലോസ് തന്നെ. അദ്ദേഹത്തിൻെറ *'സാൻെറയും ഏഥൻസും'*, *'ഇസബെൽ'*, *'സ്ത്രീകൾ, മൂന്നു വിഭിന്ന വീക്ഷണങ്ങളിൽ'* എന്നീ കൃതികൾ അനശ്വരങ്ങളാണ്. ഗ്രീക്കുസാഹിത്യത്തിൽ ഇബ്സൻ പ്രസ്ഥാനത്തിൻെറ ഉദ്ഘാടകനാണ് 'പൗലോസ് നിർവാനസ്സ്'. സാഹിത്യനിരൂപണത്തിൽ നിർവാനസ്, കംബാനിസ്സ്, ഡ്രഗൗമിസ് എന്നിവർ മികച്ചുനില്ക്കുന്നു. പ്രചോദനം, പ്രതിപാദ്യം, പ്രതിപാദനം എന്നീ മൂന്നു അംശങ്ങളിലും അത്യാധുനിക ഗ്രീക്കുസാഹിത്യം എല്ലാ പഴയ ഗ്രീക്കുപരമ്പരകളെയും പുറന്തള്ളിക്കൊണ്ടിരിക്കയാണ്.

1950-നുശേഷം ലോകപ്രശസ്തിയാർജിച്ച ഗ്രീക്കുസാഹിത്യകാരന്മാരിൽ പ്രമുഖൻ †കസൻസാക്കീസ് ആണ്. ഒഡീസ്സി എന്ന ഇതിഹാസ്യകാവ്യം, ഫ്രീഡം ഓർ ഡെത്ത്, ദ ഗ്രീക്ക് പാഷൻ, ദ ലാസ്റ്റ് ടെംപ്റ്റേഷൻ ഒഫ് ക്രൈസ്റ്റ് എന്നീ നോവലുകൾ എന്നിവയാണു കസൻസാക്കീസിൻെറ പ്രധാനകൃതികൾ. വാസിലിസ് വാസിലിക്കോസ്, റോഡിസ് പ്രോവെലിൻജ്യോസ്, നിക്കോസ് കസ്ദാഗ്ലിസ്, കോസ്താസ് ടാച്ച്സിസ് എന്നിവരാണ് ആധുനിക ഗ്രീക്കുസാഹിത്യത്തിലെ മറ്റു ചില പ്രമുഖവ്യക്തികൾ.

പി.ജി. പുരുഷോത്തമൻപിള്ള.

ഗ്രീനിച്ച്

തെംസ് നദീതീരത്തു ലണ്ടൻ നഗരപ്രാന്തത്തിലുള്ള ഒരു ബറോ (പാർലമെൻറ് നിയോജകമണ്ഡലം). വിസ്തൃതി 46 ച.കി.മീ. വടക്കെ കരയിലേക്കു കടക്കാൻ നടപ്പാതകളുള്ള രണ്ടു തുരങ്കങ്ങൾ (ഗ്രീനിച്ച് തുരങ്കം, ബ്ലാക്വാൾ തുരങ്കം) ഉണ്ട്. രാജകീയവാനനിരീക്ഷണാലയം ഇവിടെ ആയിരുന്നു. 0° രേഖാംശം ഇതിൻെറ സ്ഥാനത്തൂടെ പോകുന്നതായി ഗണിച്ചു. 1950-കളിൽ ഈ വാനനിരീക്ഷണാലയം കിഴക്കൻ സസെക്സിലേക്കു മാറ്റി. എന്നാൽ 0° രേഖാംശരേഖയുടെ സ്ഥാനം പഴയതുതന്നെ.

ട്യൂഡർരാജാക്കന്മാരുടെ കൊട്ടാരം ഇവിടെ സ്ഥിതിചെയ്തിരുന്നു. ഹെൻറി എട്ടാമൻ ഇവിടെയാണു ജനിച്ചത്. 1937 മുതൽ രാജ്ഞിയുടെ മന്ദിരം (Queen's House) നാവിക കാഴ്ചബംഗ്ലാവിൻെറ ഭാഗമാണ്. ഇവിടെ ഒരു നാവികകോളെജും നാവികാശുപത്രിയും ഉണ്ട്.

ഗ്രീനിച്ച് രേഖ (Greenwich meridian)

ധ്രുവങ്ങളെ യോജിപ്പിച്ചുകൊണ്ടു ലണ്ടനിലെ ഗ്രീനിച്ച്പ്രദേശത്തൂടെ കടന്നുപോകുന്ന, പൂജ്യം ഡിഗ്രി രേഖാംശത്തെ കുറിക്കുന്ന, സാങ്കല്പികരേഖ. 1884-ൽ വാഷിങ്ടണിൽ സമ്മേളിച്ച അന്തർദേശീയസമിതി ഗ്രീനിച്ചിലെവാനനിരീക്ഷണാലയത്തിൽകൂടി 0° രേഖാംശരേഖ കടന്നുപോകുന്നതായി അംഗീകരിച്ചു. ഇന്ന് ആ വാനനിരീക്ഷണാലയം കിഴക്കൻ സസെക്സിലാണെങ്കിലും പഴയ സ്ഥാനം തന്നെ 0° രേഖ കടന്നുപോകുന്ന സ്ഥാനമായി ഗണിക്കുന്നു.



ഗ്രീനിച്ച് രേഖ

ഗ്രീനിച്ച് ഉച്ചരേഖയുടെ (meridian) നേരെ എതിർവശത്തുള്ള 180° രേഖാംശരേഖയെ അന്തർദേശീയദിനരേഖ (International date line) എന്നു പറയുന്നു.

അന്തർദേശീയ സമയമേഖലകൾ കണക്കാക്കുന്നതു ഗ്രീനിച്ച്രേഖയുടെ അടിസ്ഥാനത്തിലാണ്. ഓരോ15 ഡിഗ്രിക്കും സമയത്തിൽ ഒരു മണിക്കൂർ വ്യത്യാസം വരും.

†സ്റ്റാൻഡേഡ് സമയം, †ഗ്രീനിച്ച് സമയം നോക്കുക.

ഗ്രീനിച്ച് സമയം (Greenwich Mean Time)

0° രേഖാംശത്തെഅടിസ്ഥാനമാക്കി നിർണയിക്കുന്ന സമയം. ഓരോ സ്ഥലത്തെയും സമയം ഭിന്നമായിരിക്കയാൽ ഏതെങ്കിലും ഒരു സ്ഥലത്തെ സമയത്തെ അടിസ്ഥാനമായി ഗണിച്ചില്ലെങ്കിൽ അന്തർദേശീയ സമയഗണനയിലും തീയതിയിലും വ്യത്യാസംവരും. അതുകൊണ്ടു ഗ്രീനിച്ചു സമയത്തെ അടിസ്ഥാനമാക്കി സമയഗണന നടത്തുന്നു. ഇന്ത്യൻ സമയം ഗ്രീനിച്ചു സമയത്തിന് അഞ്ചരമണിക്കൂർ മുമ്പിലാണ്.

അന്തർദേശീയ ദിനരേഖ തീയതിയുടെ അടിസ്ഥാനമാണ്. കപ്പലുകളും വിമാനങ്ങളും പടിഞ്ഞാറുനിന്നു കിഴക്കോട്ട് ആ രേഖ കടന്നുപോയാൽ തീയതി ഒന്നു പുറകോട്ടു മാറ്റുന്നു. കിഴക്കുനിന്നും പടിഞ്ഞാട്ടു കടന്നാൽ ഒരു തീയതി മുന്നോട്ടു മാറ്റുന്നു.

ഗ്രീനൊ, ഹൊറേഷ്യോ (1805—1852)

യു.എസ്സിലെ പ്രമുഖ ശില്പിയും കലാചിന്തകനും. 1805 സെപ്റ്റംബർ 6-നു ബോസ്റ്റണിൽ ജനിച്ചു. ഹാർവെഡ് സർവകലാശാലയിൽനിന്നു ബിരുദം നേടി. ഇറ്റലിയിൽ പാർപ്പുറപ്പിച്ചു. നിയോക്ലാസ്സിക്കൽ ശില്പകലയുടെ പ്രയോക്താവായും കലയെ സംബന്ധിച്ച പ്രാമാണിക എഴുത്തുകാരനായും ഇദ്ദേഹത്തെ കരുതുന്നു. റോമിൽ ജീവി



ഹെറോഷ്യാഗ്രീനോ മാർബിളിൽ നിർമിച്ച ജോർജ്‌വാഷിങ്ടൻെറ പ്രതിമ.

ച്ച അമേരിക്കൻ കലാകാരന്മാരുടെ നേതാവും ഇദ്ദേഹമായിരുന്നു. ഗ്രീനോയുടെ ശില്പങ്ങളിൽ പ്രസിദ്ധമായതു വാഷിങ്ടൺ നഗരത്തിലെ സ്മിതോണിയൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചിരിക്കുന്ന ജോർജ് വാഷിങ്ടൻെറ പ്രതിമയാണ്. ഫിദിയാസ് എന്ന പുരാതന ഗ്രീക്കുശില്പി പണിഞ്ഞ സിയൂസ്സിൻെറ പ്രതിമയെ അടിസ്ഥാനമാക്കിയാണ് ഇതു നിർമിച്ചത്. ശില്പകലയും അലങ്കരണവിദ്യയും ബന്ധപ്പെടുത്തി ഇദ്ദേഹമെഴുതിയ ലേഖനങ്ങൾ ആധുനികശില്പകലയെ സ്വാധീനിച്ചിട്ടുണ്ട്. *ഫോം ആൻഡ് ഫങ്ഷൻ* എന്ന പേരിലാണ് ഈ ലേഖനങ്ങൾ ഇപ്പോൾ പ്രസിദ്ധംചെയ്തിരിക്കുന്നത്.

1852-ൽ മാസച്സെറ്റ്സിലെ സോമർവെല്ലിൽ അന്തരിച്ചു.

ഗ്രീൻ, ഗ്രെയാം (Graham Green, 1904—)

ഈ നൂറ്റാണ്ടിലെ പ്രമുഖ ഇംഗ്ലീഷു നോവലെഴുത്തുകാരിൽ ഒരാൾ. ഗ്രീനിൻെറ ഗൗരവസ്വഭാവമുള്ള നോവലുകൾ ഏറെയും മതപരവും ധാർമികവുമായ പ്രശ്നങ്ങളെപ്പറ്റിയാണ്. ലാഘവസ്വഭാവമുള്ളവയും 'എൻറർടെയ്ൻമെൻറ്സ്' എന്നു ഗ്രീൻ തന്നെ വിളിക്കുന്നവയുമായ മറ്റു നോവലുകളും ഉണ്ട്.

ഹെർട്ഫഡ്ഷയറിലുള്ള ബർക്കാംസ്റ്റെഡിൽ 1904 ഒക്റ്റോബർ 2-നു ജനിച്ചു. അച്ഛൻ ഒരു ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്നു. ബാലിയൽ കോളെജിലായിരുന്നു ഉന്നതവിദ്യാഭ്യാസം. വിദ്യാലയജീവിതത്തിൻെറ അസ്വാതന്ത്ര്യത്തിൽ പ്രതിഷേധിച്ച് ഒരിക്കൽ ഒളിച്ചോടുകയുണ്ടായി. പിന്നീടു മാനസിക ചികിത്സകൾ വേണ്ടിവന്നു.

30-ാംവയസ്സിൽ (1926) ഗ്രീൻ റോമൻ കത്തോലിക്കാ മതവിഭാഗത്തിൽ ചേർന്നു. ഒരു കത്തോലിക്കാ യുവതിയായ വിവിയൻ ഡാരിയെലിനെ വിവാഹംകഴിച്ചു. കുറച്ചുകാലം ലണ്ടൻ ടൈംസിൽ ജോലിനോക്കിയശേഷം പടിഞ്ഞാറെ ആഫ്രിക്കയിൽ ബ്രിട്ടീഷു വിദേശകാര്യാലയത്തിനുവേണ്ടി ജോലിചെയ്തു (1941-'46). 1938-ൽ പ്രസിദ്ധീകരിച്ച *ബ്രൈട്ടൺ റോക്ക്*, ഗ്രീനിനു സാഹിത്യലോകത്തു പ്രതിഷ്ഠനേടിക്കൊടുത്തു. 1930-'38 കാലത്തെ സാമ്പത്തികാധഃപതനത്തിൻെറ കഷ്ടപ്പാടുകൾ ഈ നോവലിൽ പ്രതിഫലിക്കുന്നു. *ദ് ക്വയെറ്റ് അമേരിക്കൻ* (1955) ഇൻഡോ-ചൈനയുടെ (വിയെറ്റ്നാം) പശ്ചാത്തലത്തിലെഴുതിയാണ്. *ഔർ മാൻ ഇൻ ഹാവെന* (1958) കാസ്ട്രോക്കു മുമ്പുള്ള ക്യൂബയുടെ പശ്ചാത്തലത്തിൽ എഴുതപ്പെട്ടതാണ്.

ഗ്രീൻ ധാരാളം ചെറുകഥകളും നാടകങ്ങളും എഴുതിയിട്ടുണ്ട്. നോവലുകളിൽ ചിലതു സിനിമയാക്കാൻ അദ്ദേഹം സ്ക്രിപ്റ്റുകൾ എഴുതി.

ഗ്രീൻ, തോമ്മസ് ഹിൽ (1836—'82)

യു.എസ്. ദാർശനികനും വിദ്യാഭ്യാസപ്രവർത്തകനും. നിയോകാൻറിയൻ ചിന്താഗതിയെയാണ് അദ്ദേഹം പ്രതിനിധാനം ചെയ്തത്. 1836 ഏപ്രിൽ ഏഴിന് ഇംഗ്ലണ്ടിലെ യോക്ക്ഷെയറിൽ ജനിച്ചു. റഗ്ബിയിലെയും ഓക്സ്ഫെഡിലെയും വിദ്യാഭ്യാസത്തിനുശേഷം 1862-ൽ ബാലിയൽ കോളെജിൽ ഫെല്ലോ ആയി. 1878 മുതൽ മരണം വരെ ഓക്സ്ഫെഡ് സർവകലാശാലയിൽ മോറൽ ഫിലോസഫിയുടെ പ്രൊഫസറായിരുന്നു. അവിടെ അദ്ദേഹം നടത്തിയ പ്രഭാഷണങ്ങളാണ് *പ്രോളിഗോമെന റ്റു എത്തിക്സ്, ലെക്ചേഴ്സ് ഓൺ ദ് പ്രിൻസിപ്പിൾസ് ഒഫ് പൊളിറ്റിക്കൽ ഒബ്ലിഗേഷൻ* എന്നീ കൃതികളുടെ ഉള്ളടക്കം.

സാന്മാർഗികതത്വശാസ്ത്രത്തിൻെറ ലക്ഷ്യം മനുഷ്യപ്രകൃതിയെപ്പറ്റിയുള്ള അധ്യാത്മതത്വശാസ്ത്രജ്ഞൻെറ അന്വേഷണങ്ങളുടെ ഫലം സാമൂഹികജീവിതമണ്ഡലത്തിൽ പ്രാവർത്തികമാക്കുകയാണെന്നായിരുന്നു ഗ്രീനിൻെറ അഭിപ്രായം. ഗ്രീനിൻെറ രാഷ്ട്രീയതത്വശാസ്ത്രം ഈ ആശയത്തിൻെറ പ്രതിഫലനമായിരുന്നു. സാന്മാർഗിക നന്മ അവനവൻെറ ധർമാചരണത്തിൽ മാത്രം ഒതുക്കിനിർത്താവുന്ന ഒന്നല്ല. മറിച്ചു സമാദരണീയമായ ആദർശമെന്ന് ആത്മവിശകലനത്താൽ നമുക്കു ബോധ്യപ്പെട്ട കാര്യം പ്രായോഗികജീവിതത്തിൽ നടപ്പിൽവരുത്താനുള്ള നമ്മുടെ ശ്രമത്തിലാണ് അതടങ്ങിയിരിക്കുന്നത്. രാഷ്ട്രീയസ്ഥാപനങ്ങൾ നമ്മുടെ സാന്മാർഗിക ആദർശത്തിൻെറ മൂർത്തിമദ്ഭാവമായിരിക്കണമെന്നു ഗ്രീൻ പറഞ്ഞത് ഇക്കാരണത്താലാണ്. ഓരോ പൗരൻെറയും സാന്മാർഗിക വളർച്ചയ്ക്കു സഹായകമാണോ എന്നതിനെ ആശ്രയിച്ചിരിക്കും ഈ സ്ഥാപനങ്ങളുടെ മൂല്യം. നിലവിലിരിക്കുന്ന സ്ഥാപനങ്ങൾ ലക്ഷ്യപ്രാപ്തിക്കു സഹായകമല്ലെന്നു വരാം. നിയമം ഏതെല്ലാം അവകാശങ്ങൾക്കും ചുമതലകൾക്കും സംരക്ഷണം കൊടുക്കണം എന്നുള്ള പ്രശ്നം ഇങ്ങനെയാണ് ഉദിക്കുന്നത്. രാഷ്ട്രത്തിൻെറ താത്പര്യത്തെ മുൻനിർത്തിത്തന്നെ രാഷ്ട്രത്തിൻെറ അനുശാസനങ്ങൾക്കെതിരായി ചിലപ്പോൾ ശബ്ദമുയർത്തേണ്ടിവരുംഎന്നത് ഇതിൽ അന്തർലീനമാണ്. രാഷ്ട്രം പ്രതിനിധാനംചെയ്യുന്നതു പൊതുനന്മയ്ക്കുള്ള അഭിലാഷം എന്ന 'പൊതുഹിത'ത്തെയാണ്. രാഷ്ട്രത്തിൻെറ അടിസ്ഥാനം പുറമേനിന്നുള്ള ബലപ്രയോഗമല്ല. മറിച്ചു പൊതുജനങ്ങളുടെ ബോധപൂർവമായ മാനസിക അംഗീകാരമാണ്. രാഷ്ട്രത്തിൻെറ അടിത്തറ ബലപ്രയോഗമല്ല, ഇച്ഛയാണ് എന്നായിരുന്നു ഗ്രീനിൻെറ നിഗമനം. 1882 മാർച്ച് 26-നു ഓക്സ്ഫെഡിൽ അന്തരിച്ചു.

ഗ്രീൻലൻഡ്

ഓസ്ട്രേലിയ കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും വലിയ ദ്വീപ്. വടക്കെ അമേരിക്കൻകരയിൽനിന്നു വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ഈ ദ്വീപു ഡെൻമാർക്കിൻെറ അധീനത്തിലാണ്. അക്ഷാംശം 59°46′-ക്കും 83°39′-ക്കും വടക്കും രേഖാംശം 11°39′-ക്കും 73°08′-ക്കും പടിഞ്ഞാറും ആയിട്ടാണു ഗ്രീൻലൻഡിൻെറ സ്ഥാനം. അക്ഷാംശം 70° വടക്കുനിന്നും തെക്കോട്ടു പോകുംതോറും വീതി കുറഞ്ഞ് 59°50′ വടക്കുള്ള ഫോർവൽ മുനമ്പിൽ അവസാനിക്കുന്നു. മിക്കവാറും ഉത്തരധ്രുവസമുദ്രത്തിൽ കിടക്കുന്ന ഈ ദ്വീപിൽ അനവധി അർധദ്വീപുകൾ ഉണ്ട്. 70° വടക്കുതെക്കുള്ള ഭാഗം മുഴുവൻ വലിയ അർധദ്വീപാണ്.

കടൽത്തീരം അനേകം പ്രവേശനദ്വാരങ്ങളുള്ളതാണ്. ഏറ്റവും അടുത്തുള്ള എല്ലസ്മീർദ്വീപ് 16 കി.മീറ്റർ മാത്രം പടിഞ്ഞാറായിട്ടാണു സ്ഥിതിചെയ്യുന്നത്. കെന്നഡി ചാനലും സ്മിത്ത് കടലിടുക്കും ഗ്രീൻലൻഡിനെ എല്ലസ്മീറിൽനിന്നു വേർപെടുത്തുന്നു. ബാഫിൻ ഉൾക്കടലും ഡേവിസ് കടലിടുക്കും പടിഞ്ഞാറൻ ഗ്രീൻലൻഡിനെ



വടക്കെ അമേരിക്കൻ കരയിൽനിന്നു വേർപെടുത്തുന്നു. തെക്കുകിഴക്കു ഡെൻമാർക്ക്കടലിടുക്കിനക്കരെ (320 കി.മീറ്റർ) ഐസ്‌ലൻഡ് ദ്വീപു സ്ഥിതിചെയ്യുന്നു. ഗ്രീൻലൻഡിന്റെ ആകെ വിസ്തൃതി 21,74,757 ച.കി.മീറ്ററാണ്. ഗ്രീൻലൻഡിന്റെ 85% പ്രദേശം എന്നും മഞ്ഞുമൂടിക്കിടക്കുന്നു. തീരപ്രദേശങ്ങൾ മാത്രമേ മനുഷ്യവാസയോഗ്യമായുള്ളു. ഗ്രീൻലൻഡിൽ സമതലപ്രദേശം ഇല്ലെന്നുതന്നെ പറയാം. അല്പം ഉള്ളതു വടക്കുപടിഞ്ഞാറും വടക്കുകിഴക്കും പ്രദേശങ്ങളിൽ ചിലയിടത്തും കിഴക്കൻതീരത്തുള്ള ചില ചെറിയ ദ്വീപുകളിലും മാത്രമാണ്.

കടലോരം മുതല്ക്കേ പീഠഭൂമി തുടങ്ങുന്നു. അധികപ്രദേശവും ഉന്നത പീഠഭൂമിയാണ്. 3,000 മീറ്ററിലധികം ഉയരം പലയിടങ്ങളിലുമുണ്ട്. കിഴക്കൻ തീരപ്രദേശങ്ങൾ ഡെൻമാർക്കിലെ രാജാക്കന്മാരുടെ പേരുകളിലാണ് അറിയുന്നത്. 1,16,505 ച.കി.മീറ്റർ മാത്രമാണു മഞ്ഞുമൂടാത്ത സ്ഥലം. ചില സ്ഥലങ്ങളിൽ മഞ്ഞുകട്ടിക്ക് 2,400 മീറ്റർ വരെ കനം ഉണ്ട്. മഞ്ഞുകട്ടികൾ കടൽത്തീരത്തേക്കു ചെരിഞ്ഞുകിടക്കുന്നു. ഇതുകാരണം വലിയ ഹിമവാഹിനികൾ ഉണ്ടാകുന്നു. കിഴക്കും പടിഞ്ഞാറും തീരങ്ങളിൽ പർവതനിരകളുണ്ട്. കിഴക്കെ തീരത്ത് ഏറ്റവും വലിയ കൊടുമുടിയായ ഫോറൽപർവതത്തിന് 3,300 മീറ്റർ ഉയരമുണ്ട്. തെക്കുകിഴക്കുവശമുള്ള വാട്കിൽപർവതമാണ് ഏറ്റവും പൊക്കമുള്ളത്. ഇതിന് 3,660 മീറ്റർ ഉയരമുണ്ട്.

മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥയാണു തീരപ്രദേശത്ത്. ഇവിടത്തെ ഏറ്റവും താണ താപനില -42.2°C ആണ്. മഞ്ഞുശിഖരത്തിന്റെ മീതെ താപനില ഒരിക്കലും 0°C-ൽ അധികം ഉയരാറില്ല. തെക്കൻപ്രദേശത്തു താരതമ്യേന കൂടുതൽ മഴ ഉണ്ടാകുന്നു. പ്രതിവർഷം 112.5 സെ.മീറ്റർ മഴ കിട്ടുന്ന സ്ഥലങ്ങളുണ്ട്. വേനൽക്കാലത്തും തീരപ്രദേശങ്ങളിൽ മൂടൽമഞ്ഞ് ഉണ്ടാകുന്നു.

ജനങ്ങൾ. ഗ്രീൻലൻഡിലെ ജനസംഖ്യ 54,000 (1986). ഇവരിൽ 82.5 ശതമാനം പേരും ഇവിടെത്തന്നെ ജനിച്ചുവളർന്നവരാണ്. പശ്ചിമഗ്രീൻലൻഡിലാണ് അധികംപേരുടെയും വാസം.

മണ്ണുകൊണ്ടോ കല്ലുകൊണ്ടോ ഉണ്ടാക്കിയ കുടിലുകളിലാണ് അധികം ജനങ്ങളും വസിക്കുന്നത്. പട്ടണങ്ങളിൽ അല്പം വലിയ വീടുകൾ ഉണ്ട്. നാട്ടുകാർക്കു രോഗം പെട്ടെന്നു പകരുമെന്ന ഭയം കൊണ്ടു പുറത്തുനിന്നുള്ളവർ ഗ്രീൻലൻഡിൽ ഇറങ്ങുന്നതിനെ ഡാനിഷ് ഗവൺമെന്റ് നിരുത്സാഹപ്പെടുത്തിയിരുന്നു. ജനങ്ങൾക്കു സൗജന്യ വൈദ്യസഹായം ലഭിക്കുന്നു. ഗ്രീൻലൻഡിക്കാണു നാട്ടുഭാഷ. അതിലാണു വിദ്യാഭ്യാസം നല്കുന്നത്. ഡാനിഷ് ഭാഷയും പ്രചാരത്തിലുണ്ട്.

പല തരത്തിലുള്ള സീലുകൾ (seal), മത്സ്യം, വെളുത്ത തിമിംഗലം തുടങ്ങിയവയാണു നാട്ടുകാരുടെ പ്രധാന ഭക്ഷണം. കരയിലെ പ്രധാന ജന്തുക്കൾ കാരിബോ, ധ്രുവക്കരടി, വെള്ളക്കുറുക്കൻ, ധ്രുവച്ചെന്നായ്, വിസൽ, ധ്രുവമുയൽ, ലെമ്മിംഗ് എന്നിവയാണ്. കസ്തൂരിക്കാള ഇപ്പോൾ ഇവിടെ ചുരുക്കമാണ്. പലതരം കടൽപ്പക്ഷികളുമുണ്ട്.

കയറ്റുമതി കുറവാണ്. എന്നാൽ, ലോകത്തിലെങ്ങുമുള്ള അലൂമിനിയംവ്യവസായത്തിന് ആവശ്യമായ ക്രയോലൈറ്റ് അധികവും കയറ്റുമതി ചെയ്യുന്നത് ഇവിടെനിന്നാണ്. 1948-ൽ വലിയൊരു ഈയശേഖരം കണ്ടുപിടിക്കപ്പെട്ടു. ഉപ്പിട്ടുണക്കിയ കോഡുമത്സ്യം പല തുറമുഖങ്ങളിൽനിന്നും കയറ്റുമതി ചെയ്യുന്നു. കുറേശ്ശെ കല്ക്കരിയും മാർബിളും ഇവിടെനിന്നു ലഭിക്കുന്നുണ്ട്.

ചരിത്രം. പത്താംശതകത്തിൽ നോഴ്സ്സഞ്ചാരികളാണു ഗ്രീൻലൻഡ് കണ്ടുപിടിച്ചത്. അവരുടെ നേതാവായ 'എറിക്ക് ദി റെഡ്' 986-ൽ തെക്കുപടിഞ്ഞാറൻ തീരത്തുള്ള ഝുലിയാനെഹാബിനു സമീപമായി രണ്ടു കോളനികൾ സ്ഥാപിച്ചു. 14-ാംശതകത്തിൽ അത് എസ്കിമോകൾ നശിപ്പിച്ചു എന്നു വിശ്വസിക്കപ്പെടുന്നു. പിന്നത്തെ രണ്ടു ശതകങ്ങളിൽ ഗ്രീൻലൻഡിനെപ്പറ്റി കൂടുതൽ അറിവൊന്നുമില്ല. ഇംഗ്ലീഷ് കപ്പലോട്ടക്കാരനായ സർ മാർട്ടിൻ ഫ്രോബിഷർ, 1578-ൽ ഈ ദ്വീപിന്റെ തെക്കുപടിഞ്ഞാറെ തീരത്തിറങ്ങി. അതിനുശേഷം ഈ ദ്വീപിൽ പഠനസഞ്ചാരം നടത്തിയ ഇംഗ്ലീഷ് നാവികനായ ഡേവിസിനെ അനുസ്മരിച്ചാണു ഗ്രീൻലൻഡിന്റെ പടിഞ്ഞാറുവശം സ്ഥിതിചെയ്യുന്ന ഡേവിസ് കടലിടുക്കിന് ആ പേർ നല്കപ്പെട്ടിട്ടുള്ളത്. പതിനേഴാംശതകത്തിൽ ഡച്ചുവ്യാപാരികൾ എസ്കിമോകളുമായി കച്ചവടത്തിനുവേണ്ടി ഗ്രീൻലൻഡിൽ ചെന്നിരുന്നു.

1721-ൽ ഒരു നോർവീജിയൻ മിഷനറി പശ്ചിമതീരത്ത് ഒരു കോളനി സ്ഥാപിച്ചു. 1729-ൽ ഡാനിഷ്‌രാജാവ് ദ്വീപിന്റെ ഭരണം



ജക്കോബ് ഷാവ്ൻ തുറമുഖം. ഇതു ഗ്രീൻലൻഡിലെ ഒരു മത്സ്യബന്ധന തുറമുഖമാണ്.

ഒരു ഗ്രീൻലൻഡുകാരൻ നാടൻ വേഷത്തിൽ. ഒരു കായാക്കിന്റെ കേടുപോക്കൽ നടക്കുന്നു.



ഹിമയന്ത്രം നിലം കുഴിക്കുന്നു. ▷

നേരിട്ട് ഏറ്റെടുത്തു. 1776-നുശേഷം ഗ്രീൻലൻഡുമായുള്ള വ്യാപാരത്തിന്റെ റോയൽറ്റി രാജാവിന്റെ വകയായിത്തീർന്നു. 1825-ൽ ഒരു ഗ്രീൻലൻഡ് കമ്മിഷൻ നിയമിക്കപ്പെട്ടു. 1908-ൽ ഭരണകാര്യങ്ങളും വ്യാപാരകാര്യങ്ങളും വേർതിരിക്കപ്പെട്ടുവെങ്കിലും 1912-ൽ വീണ്ടും ഒന്നിച്ചുചേർത്തു. ഡാനിഷ്കപ്പലുകളല്ലാതെ മറ്റൊന്നും ഗ്രീൻലൻഡ് തീരത്ത് അടുത്തുപോകരുതെന്ന് 1921 മെയ്മാസത്തിൽ ആജ്ഞ പുറപ്പെടുവിച്ചു. ചില പ്രദേശങ്ങൾക്കു നോർവേ അവകാശവാദം ഉന്നയിച്ചെങ്കിലും ഹേഗിലെ ലോകകോടതി അതു തള്ളിക്കളഞ്ഞു.

പതിനെട്ടാംനൂറ്റാണ്ടിന്റെ ആരംഭത്തിലാണു യു.എസ്സിനു ഗ്രീൻലൻഡിൽ താത്പര്യം ഉണ്ടായിത്തുടങ്ങിയത്. അവർ തിമിംഗലവേട്ടയ്ക്കാണ് അവിടെ ചെന്നത്. എന്നാൽ ഫ്രെഞ്ചുകാരും സ്പെയിൻകാരുമായ തിമിംഗലവേട്ടക്കാരുടെ ഇടപെടൽ കാരണം അമേരിക്കക്കാർ തങ്ങളുടെ പ്രവർത്തനം ഉപേക്ഷിച്ചു. മാത്രമല്ല, പെട്രോളിയം ധാരാളമായി ലഭിക്കുവാൻ തുടങ്ങിയതോടെ തിമിംഗലത്തിൽനിന്ന് എടുത്തിരുന്ന എണ്ണയ്ക്കു പ്രിയവും കുറഞ്ഞുതുടങ്ങി. അതിൽപ്പിന്നെ ശാസ്ത്രീയഗവേഷണത്തിനും സൈനികാവശ്യത്തിനും മാത്രമേ യു.എസ്സിനു ഗ്രീൻലൻഡ് ആവശ്യമായിരുന്നുള്ളു. 1881-ൽ ഒരു അമേരിക്കൻ സൈനികോദ്യോഗസ്ഥനായ അഡോൾഫസ് വാഷിങ്ടൺ ഗ്രീലി പുതിയ പ്രദേശങ്ങൾ കണ്ടുപിടിക്കുകയും ആദ്യമായി ഗ്രീൻലൻഡിന്റെ വടക്കെ അറ്റത്തു ചെന്നെത്തുകയുംചെയ്തു.

1886-ൽ അമേരിക്കക്കാരനായ റിയർ അഡ്മിറൽ റോബർട്ട് ഇ. പിയറി ഗ്രീൻലൻഡിന്റെ ഉൾപ്രദേശത്തു പഠനസഞ്ചാരം നടത്തുകയും ഉത്തരധ്രുവത്തിൽ ചെന്നെത്താനുള്ള അടിസ്ഥാനതാവളമായി അവിടം ഉപയോഗപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. ഈ പരിശ്രമത്തിനിടയിലാണു ഗ്രീൻലൻഡ് ദ്വീപാണെന്നു മനസ്സിലായത്. 1909 ഏപ്രിൽ ആറാംതീയതി പിയറി ധ്രുവത്തിൽ ചെന്നെത്തി. ഗ്രീൻലൻഡിന്റെ വടക്കെ അറ്റത്തിനു പിയറിലൻഡ് എന്നു പേരു നല്കിയിട്ടുള്ളത് അദ്ദേഹത്തെ അനുസ്മരിച്ചാണ്. അതിനുശേഷവും അനേകം ശാസ്ത്രജ്ഞന്മാരും അന്വേഷകരും ഗ്രീൻലൻഡിനെപ്പറ്റി പഠിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. കാലാവസ്ഥയെയും ഹിമവാഹിനികളെയും പറ്റി മനസ്സിലാക്കാനായി 1939-ൽ അഞ്ചുപേരടങ്ങിയ ഒരു ബ്രിട്ടീഷ് അന്വേഷകസംഘം 3,048 മീറ്റർ ഉയരമുള്ള ഹിമശിഖരം കയറി.

അന്തർവാഹിനി, വിമാനം, റേഡിയോ, റഡാർ എന്നിവ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാനത്താവളം എന്ന നിലയിൽ ഗ്രീൻലൻഡിന്റെ പ്രാധാന്യം ഇപ്പോൾ വളരെ വർധിച്ചിരിക്കുന്നു.

രണ്ടാം ലോകയുദ്ധകാലത്ത് 1941 ഏപ്രിൽമാസത്തിൽ ഗ്രീൻലൻഡിന്റെ സംരക്ഷണച്ചുമതല യു.എസ്. ഏറ്റെടുത്തു. ഇതു സംബന്ധിച്ച കരാറിൽ അമേരിക്കയുടെ സൈനികത്താവളങ്ങൾ സ്ഥാപിക്കുന്നതിനുള്ള അവകാശം നല്കപ്പെട്ടിരുന്നു.

ഭരണം. ഡെന്മാർക്കിന്റെ ഒരു അവിഭാജ്യഘടകമായിട്ടാണു ഗ്രീൻലൻഡ് ഭരിക്കപ്പെടുന്നത്. കേന്ദ്രഗവൺമെൻറിന്റെ മന്ത്രാലയം ഗ്രീൻലൻഡിന്റെ ഭരണച്ചുമതല വഹിക്കുന്നു. ഡാനിഷ് പാർലമെൻറിൽ ഗ്രീൻലൻഡിനു രണ്ടു പ്രതിനിധികളെ അയയ്ക്കാൻ വ്യവസ്ഥയുണ്ട്. ഭരണസൗകര്യത്തിനായി, ദ്വീപിനെ രണ്ടു ജില്ലകളായി ഭാഗിക്കുകയും 21 മെമ്പർമാരുള്ള പാർലമെൻറ് പരമാധികാരസഭയായി അംഗീകരിക്കുകയും ചെയ്തിരിക്കുന്നു. നാലു കൊല്ലമാണു പാർലമെൻറിന്റെ കാലാവധി. ഗ്രീൻലൻഡിലെ വ്യാപാരം ഇപ്പോഴും രാഷ്ട്രത്തിന്റെ കുത്തകയാണ്. മരവിപ്പിച്ച മത്സ്യം, സംസ്കരിച്ച ധാതുഅയിരുകൾ എന്നിവയാണ് ഇവിടത്തെ കയറ്റുമതികൾ. ഗ്രീൻലൻഡിലെ ആകെ ഭൂമിയുടെ ഒരു ശതമാനത്തിൽ മാത്രമേ കൃഷിയുള്ളു. ഗോഡിതാബ് ആസ്ഥാനമായുള്ള ലൂതറൻ — ആർച്ച് ഡീക്കൻ വിദ്യാഭ്യാസം, മതം എന്നീ കാര്യങ്ങൾ ശ്രദ്ധിക്കുന്നു. ഒമ്പതുവയസ്സുവരെയുള്ള കുട്ടികൾക്കു വിദ്യാഭ്യാസം നിർബന്ധമാണ്. പകുതിയിലധികം വിദ്യാർഥികളും ഗ്രീൻലൻഡിക് ഭാഷയിൽ വൈദഗ്ധ്യം നേടാത്തവരാണ്. ഡാനിഷ് ഭാഷയ്ക്കാണു പൊതുവെ പ്രാമാണ്യം. ഡ്രാംഡാൻസിങ് എന്ന ഒരുതരം നൃത്തം, സോപ്പുകല്ലിലുള്ള കൊത്തുപണി എന്നിവയാണു ഗ്രീൻലൻഡുകാരുടെ ദേശീയകലകൾ. തലസ്ഥാനം ഗോഡിതാബ്. തലസ്ഥാനത്തെ ജനസംഖ്യ 9,400.

കെ.എൻ. ദാമോദരൻ നായർ

ഗ്രീൻലൻഡ് കടൽ

ഗ്രീൻലൻഡിന്റെ കിഴക്കുവശത്തു സ്ഥിതിയ്യുന്ന ആർട്ടിക് സമുദ്രഭാഗം. ഈ കടലിന്റെ അടി മുഴുവൻ നീലനിറത്തിലുള്ള ചെളിയാണ്. ശരാശരി ആഴം 600 മീറ്ററും കൂടിയ ആഴം 2000 മീറ്ററും ആകുന്നു. കൊല്ലത്തിൽ മിക്കവാറും സമയം മഞ്ഞുമൂടിക്കിടക്കും. ജൂൺ-ജുലായ് മാസങ്ങളിൽ മഞ്ഞു പടിഞ്ഞാറോട്ടു നീങ്ങുന്നു. കിഴക്കേ തീരത്തിനപ്പുറമുള്ള ഭാഗത്തിന്റെ വീതി വർഷംതോറും മാറിക്കൊണ്ടിരിക്കും.

ഗ്രീൻഹൗസ് പ്രഭാവം (Greenhouse Effect)

അന്തരീക്ഷത്തിലെ ചില ഘടകങ്ങളുടെ വർധനമൂലം ചൂടുകൂടുന്ന പ്രതിഭാസം. ഭൂമിയിലും മറ്റു ഗ്രഹങ്ങളിലും ഇത് അനുഭവപ്പെടാം. ഗ്രഹോപരിതലത്തിൽ സൂര്യകിരണങ്ങൾ അവശോഷിതമാകുകയും

അവയിൽ വലിയൊരു ഭാഗം ഇൻഫ്രാറെഡ് വികിരണമായി മുകളിലേക്കു തിരിച്ചുപോകുകയും ചെയ്യുന്നു. അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡും ജലബാഷ്പവും ഓസോണും മറ്റും ഇത് ആഗിരണം ചെയ്യുന്നു. സൗരഥയൂഥത്തിൽ ഗ്രീൻഹൗസ്പ്രഭാവം ഏറ്റവും കൂടുതലുള്ളത് ശുക്രനിലാണ്. ഗ്രീൻഹൗസ് പ്രഭാവം കാരണം ഭൗമാന്തരീക്ഷത്തിൽ ഉണ്ടാകുന്ന താപനിലവർധന 22°C ആണെന്നു കണക്കാക്കുന്നു.

ഭൂമിയിൽ ഈ പ്രഭാവത്തിന്റെ വർധനയ്ക്കുകാരണം അന്തരീക്ഷമലിനീകരണമാണ്. ഫോസിൽ ഇന്ധനങ്ങൾ കത്തിക്കുകവഴി ഇന്നു മനുഷ്യൻ പ്രതിവർഷം സുമാർ 1,500 കോടി ടൺ കാർബൺ ഡയോക്സൈഡ് അന്തരീക്ഷത്തിലേക്കു വിടുന്നുണ്ട്. വൻതോതിലുള്ള വനനശീകരണം മൂലം വൃക്ഷങ്ങളിൽ സംഭരിച്ചിരിക്കുന്ന കാർബണിക യൗഗികങ്ങളും കാർബൺഡയോക്സൈഡായി അന്തരീക്ഷത്തിൽ എത്തുന്നു. കഴിഞ്ഞ 100 വർഷംകൊണ്ട് 25% കാർബൺ ഡയോക്സൈഡ് അന്തരീക്ഷത്തിൽ വർധിച്ചതായിട്ടാണു കണക്ക്. കാർബൺ ഡയോക്സൈഡിന്റെ അളവു കൂടുന്നതനുസരിച്ചു ഭൗമാന്തരീക്ഷത്തിലെ ചൂടും വർധിക്കുന്നു. ഈ രീതിയിൽ വർധന തുടർന്നാൽ എ.ഡി. 2100 ആകുമ്പോഴേക്കു താപനില ഇന്നത്തെതിനെക്കാൾ 5 °C കൂടുമെന്നാണു കണക്ക്.

ഇളം സസ്യങ്ങളും കാലാവസ്ഥ പ്രതികൂലമായി ബാധിക്കുന്ന ഇനം സസ്യങ്ങളും മറ്റും സംരക്ഷിച്ചു വളർത്തുവാനായി നാലുവശവും മേൽവിതാനവും സ്ഫടികംകൊണ്ടു നിർമിച്ചിട്ടുള്ള പന്തലുകളുടെ പേരാണു ഗ്രീൻഹൗസ് (Greenhouse) എന്നത്. ഇത്തരം സ്ഫടികപ്പന്തലുകളുടെ ഉള്ളിൽ കടക്കുന്ന സൂര്യപ്രകാശത്തെ ഉള്ളിലുള്ള വസ്തുക്കൾ ആഗിരണം ചെയ്യും. തുടർന്ന് ഇൻഫ്രാറെഡ് വികിരണത്തിന്റെ രൂപത്തിൽ പുനർവികിരണം ചെയ്യും. ഈ വികിരണത്തിന്റെ സിംഹഭാഗവും ഗ്രീൻഹൗസിൽതന്നെ തങ്ങുന്നതിനാൽ അവിടത്തെ താപനില വർധിക്കുന്നു. ഈ പ്രതിഭാസത്തോടു പ്രത്യക്ഷത്തിലുള്ള സാമ്യം നിമിത്തമാണ് അന്തരീക്ഷത്തിൽ ഉണ്ടാകുന്ന പ്രഭാവത്തിനു ഗ്രീൻഹൗസ് പ്രഭാവം എന്നു പേർവന്നത്.

അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡിന്റെ വർധന തടയുകയാണു ഗ്രീൻഹൗസ്പ്രഭാവംകൊണ്ടുള്ള ദോഷങ്ങൾ പരിഹരിക്കാനുള്ളമാർഗം. ക്രിസ്തുവിനു പതിനായിരം വർഷംമുമ്പു ഭൗമാന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡിന്റെ അളവ് 200 പി.പി.എം. ആയിരുന്നു എന്നു കണക്കാക്കപ്പെട്ടിട്ടുണ്ട്. എ.ഡി. 1800-ൽ അത് 275 പി.പി.എം.ആയി; 1900 ആയപ്പോൾ കാർബൺ ഡൈയോക്സൈഡിന്റെ അളവ് 345 പി.പി.എം.ആയി വർധിച്ചു. അതായതു പതിനെണ്ണായിരം വർഷംകൊണ്ട് ഉണ്ടായ വർധന ഇക്കഴിഞ്ഞ നൂറുവർഷങ്ങളിൽ ഉണ്ടായി. കഴിഞ്ഞ നൂറുവർഷങ്ങളിൽ ഭൂമിയിലെ താപനിലയിൽ അര ഡിഗ്രി സെൽഷിയസ് വർധിച്ചു. ഫോസിൽ ഇന്ധനത്തിന്റെ ഉപഭോഗം കുറയ്ക്കുകയും കൂടുതൽ മരങ്ങൾ നട്ടുപിടിപ്പിക്കുകയുമാണ് ഈ വർധന തടയാനായി നിർദേശിക്കപ്പെട്ടിട്ടുള്ള മാർഗങ്ങൾ.

ഗ്രീൻ, റോബർട്ട് (1558—1592)

ഇംഗ്ലീഷു നാടകകൃത്തും ലഘുലേഖയെഴുത്തുകാരനും. ഇംഗ്ലീഷ് നാടകപ്രസ്ഥാനത്തിന് അടിത്തറപാകിയവരിൽ ഒരാളായും യൂനിവേഴ്സിറ്റി പ്രതിഭ എന്ന നിലയിലും ആദരിക്കപ്പെടുന്നു. ബ്ലാങ്ക് വേഴ്സ് ഉപയോഗിച്ചുകൊണ്ടു റൊമാൻറിക് കോമഡികളും ഇദ്ദേഹം എഴുതിയിരുന്നു. ഷേക്സ്പിയർക്കു മാതൃകാഭൂതനായിരുന്നു ഗ്രീൻ എന്നു പറയപ്പെടുന്നു. അനിയന്ത്രിതമായ ജീവിതമാണു നയിച്ചത്. 1580-നും 1592-നും ഇടയിൽ 35 കൃതികൾ ഗ്രീൻ എഴുതി. അക്കൂട്ടത്തിൽ ഏതാനും ഗദ്യറൊമാൻസുകളും ഉണ്ട്. എലിസബീഥൻ കാലത്തു നോവലുകളോട് ഏറ്റവും അടുത്തുനില്ക്കുന്ന കൃതികൾ എന്നു പറയാം. പൻഡോസ്റ്റോ (Pandosto - 1588) ഇവയിൽ മുഖ്യമാണ്. ഷേക്സ്പിയറുടെ വിൻേറഴ്സ് ടെയ്ലിന് ഈ കൃതിയിലെ കഥയോടു കടപ്പാടുണ്ട്. ധൂർത്തപുത്രന്റെ കഥപോലുള്ള സാരോപദേശകഥകളെഴുതുന്നതിൽ 1590 മുതൽ ഗ്രീൻ താത്പര്യം പ്രകടിപ്പിച്ചു. *'ദ് ഓണറബിൾ ഹിസ്റ്ററി ഓഫ് ഫ്രയർ ബേക്കൺ ആൻഡ് ഫ്രയർ ബംഗേ'*, *'ദ് സ്കോട്ടിഷ് ഹിസ്റ്ററി ഓഫ് ജെയിംസ് ദ് ഫോർത്ത്'* എന്നിവയാണു ഗ്രീൻ എഴുതിയ റൊമാൻറിക് കോമഡികളിൽ പ്രധാനപ്പെട്ടവ. എലിസബീഥൻ കാലഘട്ടത്തിലെ ലണ്ടന്റെ അധോലോകത്തെ അനാവരണംചെയ്യുന്ന കഥകളാണ് അവസാനകാലത്ത് ഇദ്ദേഹം എഴുതിയത്. *'എ ഡിസ്പ്യൂട്ടേഷൻ ബിറ്റ്വീൻ എ ഹീ കോണികാച്ചർ ആൻഡ് എ ഷീ കോണികാച്ചർ'* (1592) എന്ന കൃതി ഈ വിഭാഗത്തിൽപെടുന്നു. കോണി (Cony) എന്ന വാക്കു മണ്ടൻ (ശുദ്ധഗതിക്കാരൻ) എന്ന അർഥത്തിലുള്ള ഒരു പഴയ പ്രയോഗമാണ്.

ഗ്രീസ്

തെക്കുകിഴക്കൻ യൂറോപ്പിലെ ഒരു രാജ്യം. ബാൾക്കൻ ഉപദ്വീപിലെ ഏറ്റവും തെക്കുഭാഗത്തുള്ള രാഷ്ട്രമാണിത്. 34° 48′ 62″, 41° 44′ 59″ എന്നീ ഉത്തര അക്ഷാംശരേഖകൾക്കും, 19° 22′ 41″, 26° 38′ 27″ എന്നീ പൂർവരേഖാംശരേഖകൾക്കും മധ്യേ സ്ഥിതിചെയ്യുന്നു. ഇതിന്റെ കിഴക്കുവശം ഈജിയൻ കടലും തെക്കു ക്രീറ്റൻ കടലും പടിഞ്ഞാറ് അയോണിയൻ കടലും വടക്ക് അൽബേനിയ, ബൾഗേറിയ, യുഗോസ്ലാവിയ എന്നീ രാഷ്ട്രങ്ങളും സ്ഥിതിചെയ്യുന്നു. രാജ്യത്തിന്റെ ആകെ വിസ്തൃതി 1,31,990 ച.കി.മീറ്റർ ആകുന്നു. തലസ്ഥാനം ഏഥൻസ്.

ഭൂപ്രകൃതി. വളരെ ഉപഅർധദ്വീപുകൾ ഉൾക്കൊള്ളുന്ന ഒരു അർധദ്വീപാണു ഗ്രീസ്. കൂടുതലും മലമ്പ്രദേശമാണ്. നിരപ്പായ ഭൂമി വളരെക്കുറച്ചേ ഉള്ളു. സമുദ്രനിരപ്പിൽനിന്ന് 182 മീറ്ററിലധികം ഉയരമില്ലാത്ത പ്രദേശങ്ങൾ വളരെ കുറവാണ്.

നദികളധികവും വടക്കൻപ്രദേശത്താണ്. ഇവ (വർഡർ, സ്ട്രൈമൺ) അയൽരാജ്യങ്ങളിൽനിന്ന് ഉദ്ഭവിച്ചു ഗ്രീസിൽക്കൂടെ ഒഴുകി റടക്കൻ ഈജിയൻ കടലിൽ പതിക്കുന്നു. ഒന്നും ഗതാഗതത്തിന് ഉതകുന്നതല്ല.

വലിയ ദ്വീപായ ക്രീറ്റ് ഉൾപ്പെടെ ദ്വീപുകളുടെ എണ്ണം 437 ആണ്. ഇവയ്ക്കെല്ലാംകൂടി 24,856 ച.കി.മീറ്റർ വിസ്താരമുണ്ട്. പലതും ചെറിയ ദ്വീപുകളാണ്. ദ്വീപുകളിൽ ആൾപ്പാർപ്പുണ്ട്. അവ വളരെ അടുത്തടുത്തായിട്ടാണു സ്ഥിതിചെയ്യുന്നത്. ഗ്രീസിനും ഏഷ്യാമൈനറിനും ഇടയിൽ ഈജിയൻ കടലിലുള്ള എണ്ണത്തിൽ ഏറെയുള്ള ദ്വീപുകൾ അടുത്തടുത്തു സ്ഥിതിചെയ്യുന്നതിനാൽ അവ ഗ്രീക്കുകാരെ ഏഷ്യാമൈനറിലേക്ക് ആകർഷിക്കുവാൻ വളരെ സഹായിച്ചിട്ടുണ്ട്.

വിസ്തൃതിയെ ആസ്പദിച്ചു നോക്കുമ്പോൾ ഗ്രീസിന് അസാധാരണമായ നീളമുള്ള കടൽത്തീരമുണ്ട് (15,021 കി.മീറ്റർ). വാണിജ്യത്തിനു ധാരാളം സൗകര്യമുള്ള രാജ്യമാണു ഗ്രീസ്. ഈ രാജ്യം അനാദികാലം മുതലേ കപ്പൽയാത്രക്കാരുടെ രാജ്യമായിത്തീരാൻ ഇതാണ് ഒരു കാരണം.

കാലാവസ്ഥ: വൈവിധ്യമുള്ള കാലാവസ്ഥയാണു ഗ്രീസിനുള്ളത്. വേനൽക്കാലത്തു നല്ല ചൂടായിരിക്കും. ഹേമന്തം നീണ്ടതും സൗമ്യവുമാണ്. ഇക്കാലത്തു സുഖകരമാംവിധം ധാരാളം മഴ പെയ്യുന്നു. വസന്തം ഹ്രസ്വമാണ്. കടലോരത്തിലും ദ്വീപുകളിലും കാലാവസ്ഥ പ്രത്യേകിച്ചും മിതമാണ്. ഉൾപ്രദേശങ്ങളിൽ കടലോരത്തിൽനിന്നും ദൂരം കൂടുന്തോറും കാഠിന്യം ക്രമേണ വർധിക്കുന്നു.





കടൽത്തീരനഗരമായ തിറയിലെ
സായാഹ്നസൂര്യപ്രഭയിൽ മുങ്ങിയ മന്ദിരങ്ങൾ

സസ്യങ്ങളും ജന്തുക്കളും: ഇലകൊഴിയുന്നവയും നിത്യഹരിതങ്ങളും ആയ മരങ്ങളും കുറ്റിക്കാടുകളും അവിടവിടെ ഉണ്ട്. ലാക്ക്, ചെസ്റ്റ്നട്ട്, സിൽവർ ഓക്ക്, ഫർ എന്നിവ വനങ്ങളിൽ വളരുന്നു. അയ്യായിരം ഇനം ചെടികൾ ഗ്രീസിൽ ഉണ്ട്. മറ്റു രാജ്യങ്ങളിൽ കാണാത്ത 569 ഇനം ചെടികളും ഉണ്ട്. തവിട്ടുകരടി, ഷാമോയ് മാൻ, ചെമപ്പു മാൻ എന്നീ മൃഗങ്ങളും കാണപ്പെടുന്നു. അനേകം ഇനം പക്ഷികളും ഇഴജന്തുക്കളും എവിടെയും കാണാം. രണ്ടിനം വിഷപ്പാമ്പുകളേ ഉള്ളൂ.

ഗോതമ്പ്, ബാർലി, റൈ, ഓട്സ്, ചോളം, നെല്ല്, പരുത്തി, പുകയില, ഒലീവ്, നാരങ്ങകൾ, അത്തിപ്പഴം, പരിപ്പുകൾ മുതലായവയാണു കാർഷികോത്പന്നങ്ങൾ. കന്നുകാലിവളർത്തലിൽ ചെമ്മരിയാടിനാണു മുൻഗണന. ഭക്ഷ്യധാന്യങ്ങൾ വേണ്ടത്ര ഉത്പാദിപ്പിക്കുന്നില്ല. പെലപ്പൊനിസിൽ ഉയർന്നയിനം ആർക്കേഡിയൻ പുകയില ഉത്പാദനം ലാഭകരമായ അളവിൽ നടക്കുന്നു. കുരുവില്ലാ മുന്തിരിങ്ങ വൻതോതിൽ കൃഷിചെയ്തുവരുന്നു.

ധാതുവർഗങ്ങൾ: ലിഗ്നൈറ്റ്, ബോക്സൈറ്റ്, മാഗ്നെറ്റൈറ്റ്, ഇരുമ്പ്, ക്രോമിയം, ചെമ്പ്, നാകം, ഈയം എന്നിവ കുഴിച്ചെടുക്കുന്നു.

കച്ചവടം: ഗ്രീക്കുകാർ പണ്ടേ കച്ചവടത്തിൽ താത്പര്യമുള്ളവരാണ്. ഫിനീഷ്യരിൽനിന്നാണ് അവർ ഈ തൊഴിൽ പഠിച്ചത്. പുകയില, തോൽസാമാനങ്ങൾ, ഒലീവ് എണ്ണ, അത്തിപ്പഴം, കുരുവില്ലാ മുന്തിരിങ്ങ, മദ്യം, നാരങ്ങ, വീഞ്ഞ്, പരുത്തിനൂൽ എന്നിവയാണു പ്രധാന കയറ്റുമതികൾ. യന്ത്രങ്ങൾ, യന്ത്രോപകരണങ്ങൾ, വാഹനങ്ങൾ, ഭക്ഷണസാധനങ്ങൾ മുതലായവ ഇറക്കുമതികളിൽ പെടും.

ജനസംഖ്യ 1,00,08,000 (1986). പുരുഷന്മാർക്ക് 72.2-ഉം സ്ത്രീകൾക്ക് 76.4-ഉം വർഷം ആണു ശരാശരി ആയുർദൈർഘ്യം.

ഭാഷ: ഭൂരിഭാഗം ജനങ്ങളും ഗ്രീക്ക്ഭാഷ സംസാരിക്കുന്നു. ഏറ്റവും കൂടുതലായി കൈകാര്യംചെയ്യപ്പെടുന്ന വിദേശഭാഷ തുർക്കിയാണ്. ജനങ്ങളിൽ ഭൂരിഭാഗവും കൃഷിക്കാരാണ്.

മിതമെങ്കിലും സുഖഭക്ഷണശീലക്കാരാണു ഗ്രീക്കുകാർ. സസ്യക്കറികളും ഇറച്ചിക്കറികളും മീൻകറിയും മധുരപദാർഥങ്ങളും അവർ വളരെ ഇഷ്ടപ്പെടുന്നു. 'ടർക്കിഷ് ഡിലൈറ്റ്' എന്ന പേരിൽ വിശ്രുതമായ അവരുടെ ഭക്ഷണപദാർഥം കാപ്പിക്കും മദ്യത്തിനും പകരമായും ഉപയോഗിക്കാറുണ്ട്. വീഞ്ഞും ഗ്രീക്കുകാർക്ക് ഇഷ്ടമാണ്.

വിദ്യാഭ്യാസം: വിദ്യാഭ്യാസം എല്ലാ നിലവാരത്തിലും സൗജന്യമാണ്. ആറു മുതൽ പന്ത്രണ്ടുവരെയുള്ളവർക്കു പ്രൈമറിവിദ്യാഭ്യാസം നിർബന്ധിതമാക്കിയിരിക്കുന്നു. സെക്കൻററി വിദ്യാഭ്യാസം മൂന്നു വർഷംവീതമുള്ള രണ്ടുഘട്ടങ്ങളിലായിട്ടാണ്: പതിമൂന്നു മുതൽ പതിനഞ്ചുവരെ കായികവിദ്യാഭ്യാസവും, അതിനുശേഷം സാഹിത്യവിദ്യാഭ്യാസവും.

വാർത്താവിനിമയം: 1983-ലെ കണക്കനുസരിച്ചു ഗ്രീസിൽ 124 ദിനപത്രങ്ങളുണ്ട്. 2.5 പേർക്ക് ഒന്ന് എന്ന തോതിൽ റേഡിയോ സെറ്റുകളും 5.8 പേർക്ക് ഒന്ന് എന്ന തോതിൽ ടെലിവിഷനും 3.2 പേർക്ക് ഒന്ന് എന്ന തോതിൽ ടെലിഫോണും ഇവിടെ ഉപയോഗത്തിലുണ്ട്. അവ പാർട്ടി അടിസ്ഥാനത്തിൽ നടത്തുന്നു.

ഗവൺമെൻറിൻെറ ആഭിമുഖ്യത്തിലാണു റേഡിയോ പ്രക്ഷേപണം. ടെലിവിഷൻ യൂണിറ്റ് ഏഥൻസ് കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്നു.

ഗതാഗതം: ഗതാഗതസൗകര്യം ധാരാളമുണ്ട്. 2479 കി.മീറ്റർ റെയിൽപ്പാത ഗ്രീസിലുണ്ട്. റോഡുകളുടെ നീളം 1,06,306 കിലോമീറ്റർ വരും.

1986-ൽ ഗ്രീസിലുണ്ടായിരുന്നത് അഞ്ചര കോടി ടൺ കേവുഭാരമുള്ള 2,599 കപ്പലുകളാണ്. രാജ്യത്തിൻെറ വലിപ്പവും ജനസംഖ്യയും ആസ്പദിച്ചു നോക്കിയാൽ ഗ്രീസിൻെറ വാണിജ്യക്കപ്പലുകളുടെ എണ്ണവും കഴിവും സ്തുത്യർഹമാണ്. പുറംരാജ്യങ്ങളുമായുള്ള കപ്പൽഗതാഗതം ഗവൺമെൻറു കമ്പനികളും ഗ്രീസിലെ ദ്വീപുകൾ തമ്മിലുള്ള കപ്പൽഗതാഗതം പ്രൈവറ്റു കമ്പനികളുമാണു നടത്തുന്നത്. ഒളിമ്പിക് എയർവേസ് ലോകത്തിലെ മിക്ക പ്രധാന തലസ്ഥാനങ്ങളുമായും വിമാനസർവീസ് നടത്തുന്നുണ്ട്.

ചരിത്രം. ഗ്രീക്കുരാജ്യങ്ങളുടെ ഭരണഘടനകളെപ്പറ്റി ഗ്രന്ഥം രചിച്ച അരിസ്റ്റോട്ടിലിന് 158 രാഷ്ട്രങ്ങളെപ്പറ്റി എഴുതേണ്ടിവന്നു. പുരാതന ഗ്രീക്കുചരിത്രമെന്നത് 150-ൽപരം സ്വതന്ത്രവും വ്യത്യസ്തവുമായ നഗരരാഷ്ട്രങ്ങളുടെ ചരിത്രമാണ്.

എന്നുമുതൽക്കാണു ഗ്രീക്കുചരിത്രം ആരംഭിക്കുന്നത് എന്നതിനെ സംബന്ധിച്ചു ഭിന്നാഭിപ്രായങ്ങളുണ്ട്. ഒളിമ്പിയാഡ് ആരംഭിച്ച ബി.സി. 776 മുതല്ക്കാണ് അത് എന്നു ചിലർ വാദിക്കുന്നു. എന്നാൽ പിന്നീടു നടത്തിയ ഖനനങ്ങളുടെ ഫലമായി ബി.സി. 3000-ത്തോടു സമീപിച്ചു പ്രാചീന ഗ്രീക്കുചരിത്രം ആരംഭിച്ചു എന്ന നിഗമനത്തിനാണു പ്രാബല്യം സിദ്ധിച്ചിരിക്കുന്നത്. ബി.സി. 6000 മുതൽ ബി.സി. 3000 വരെയുള്ള കാലത്തെ നവീനശിലായുഗം എന്നാണു പുരാവസ്തുഗവേഷകർ വിളിക്കുന്നത്. ബി.സി. 3000 മുതൽ 1000 വരെയുള്ള കാലത്തെ വെങ്കലയുഗമെന്നും പറയുന്നു.

ഹോമറിക്യുഗത്തിൽ ഗ്രീസിൽ അനവധി ചെറിയ രാഷ്ട്രങ്ങളാണുണ്ടായിരുന്നത്. ഭരണാധിപതികൾ പലപ്പോഴും തിരഞ്ഞെടുക്കപ്പെടുന്നവർ ആയിരുന്നു. ജനഹിതം മാനിച്ചു മാത്രം അവർ ഭരണം നടത്തി. ബി.സി. 700 മുതൽ ഗ്രീക്കുജനത ഇന്നത്തെ ഗ്രീസ് ഉപദ്വീപിൽ മാത്രം ഒതുങ്ങിനിന്നിരുന്നില്ല. ഹെല്ലനീസ് എന്ന പൊതുപ്പേരിൽ അറിയപ്പെട്ടിരുന്ന ഗ്രീക്ക്ജനത ഡോറിയൻ അയോണിയൻ,

ഏഥൻസിലെ സയൻസ് അക്കാദമി.



ഏഥൻസിൽ സോക്രട്ടീസ് കിടന്നുമരിച്ച തടവറ.

അക്കയൻ എന്നീ മൂന്നു ശാഖകളായി വേർതിരിക്കപ്പെട്ടിരുന്നു. കങ്കരയിലെ ദ്വീപുകളിലും ഇവർ നഗരരാഷ്ട്രങ്ങൾ കെട്ടിപ്പടുത്തു.

ബി.സി. 6-ാംനൂറ്റാണ്ടിൽ പല രാഷ്ട്രങ്ങളിലും സ്വേച്ഛാപ്രഭുത്വം നിലവിൽവന്നു. അവർ അധികാരത്തിൽ വന്നതു സാഹസം പ്രയോഗിച്ചും നിയമം ലംഘിച്ചുമായിരുന്നെങ്കിലും അവരുടെ കാലത്തു രാഷ്ട്രങ്ങൾ പലവിധത്തിലും പുരോഗമിച്ചു. ക്രമേണ അവരുടെ ഭരണവും ദുഷിച്ചുവന്നു.

ബി.സി. 6-ാംനൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ പേഴ്സ്യ ഉയർന്നുവന്നതു ഗ്രീക്കുചരിത്രത്തിലെ ഒരു വഴിത്തിരിവാണ്. പൗരസ്ത്യദേശങ്ങളിൽ ഗ്രീസിന് ഉണ്ടായിരുന്ന സ്വാധീനത്തിന് ഇതോടെ ഇടിവുതട്ടി. ഗ്രീക്കുകാരുടെ പ്രത്യേകസ്വഭാവങ്ങൾക്കു വിരുദ്ധമായതൊക്കെയാണു പേഴ്സ്യയിലുണ്ടായിരുന്നത്. വൈരുധ്യമുള്ള ഈ രണ്ടു ജനതകൾ തമ്മിൽ സഹാനുഭൂതിയോ ധാരണയോ ഉണ്ടാകുക അസാധ്യമായിരുന്നു. ഗ്രീസിന്റെ നല്ല കാലത്തു ഗ്രീക്കുകാർ പേഴ്സ്യക്കാരെ പുച്ഛിച്ചിരുന്നു. ബി.സി. അഞ്ചാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ പേഴ്സ്യക്കാർ ഗ്രീസിൽ കടന്നാക്രമണം നടത്തിയപ്പോൾ ഏകോപിച്ചു ചെറുക്കുവാൻ ഗ്രീക്കുജനതയ്ക്കു കഴിഞ്ഞു.

കിഴക്കും പടിഞ്ഞാറുമായി ഉഗ്രമായ സംഘട്ടനങ്ങൾ നടന്ന ബി.സി. അഞ്ചാംനൂറ്റാണ്ടു ഗ്രീക്കുചരിത്രത്തിലെ സ്മരണീയമായ കാലഘട്ടത്തെ കുറിക്കുന്നു. പശ്ചിമേഷ്യയ്ക്ക് അധിപതിയായിരുന്ന പേഴ്സ്യൻ ചക്രവർത്തി ദരിയസ്സിനെതിരായി ഏഷ്യാമൈനറിലെ അയോണിയൻ ഗ്രീക്കുകാർ തുടങ്ങിയ വിമോചനസമരമായിരുന്നു ഈ ഏറ്റുമുട്ടലിനു പെട്ടെന്നുണ്ടായ കാരണം. യവനകോളനിയായ മൈലീറ്റസ്നഗരരാഷ്ട്രത്തിന്റെ നാശത്തോടെ അവസാനിച്ച ഈ വിപ്ലവത്തിൽ അയോണിയക്കാർ തോറ്റു. പേഴ്സ്യൻ ആധിപത്യം ഏഷ്യാമൈനറിൽ പുനഃസ്ഥാപിക്കപ്പെട്ടു.

ദരിയസ് ചക്രവർത്തിയുടെ മകൻ സെർസസ്സ് പേഴ്സ്യൻസാമ്രാജ്യത്തിലെ ഇരുപതു സംസ്ഥാനങ്ങളിൽനിന്നും ഭടന്മാരെ വരുത്തി വലിയൊരു സൈന്യം രൂപവത്കരിച്ചു. തെസ്സാലി, ലോക്രിബൊയേഷ്യ മുതലായ വൻനഗരരാഷ്ട്രങ്ങൾ പേഴ്സ്യയ്ക്കു കീഴടങ്ങി. എന്നാൽ, സ്പാർട്ടയും, ഏഥൻസും എന്തു ത്യാഗം സഹിച്ചും സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കുവാൻതന്നെ തീരുമാനിച്ചിരുന്നു. അടുത്ത വർഷം പേഴ്സ്യക്കാർ ഏഥൻസിൽ കടന്നു വലിയ നാശനഷ്ടങ്ങൾ വരുത്തി. അക്കൊല്ലംതന്നെ സ്പാർട്ടയുടെയും ഏഥൻസിന്റെയും സംയുക്ത കപ്പൽപ്പട പേഴ്സ്യൻ നാവികസേനയിൽ ശേഷിച്ച യുദ്ധക്കപ്പലുകളെ മൈലീറ്റസ്സിനടുത്തുവച്ചു നശിപ്പിച്ചു. പേഴ്സ്യക്കാർ തോറ്റു. പിന്നീടു കൈമൺ, അരിസ്റ്റൈഡീസ് എന്നിവരാൽ നയിക്കപ്പെട്ട യവനർ കടലിലും കരയിലുംവച്ചു പേഴ്സ്യക്കാരെ പരാജയപ്പെടുത്തി.

മാരത്തോൺ, സലാമീസ് എന്നീ പോർക്കളങ്ങളിൽ ഗ്രീക്കുകാർ വിജയിച്ചു. തേർമോപ്പിലയിൽ ധാർമികവിജയംനേടി. പേഴ്സ്യയിൽനിന്നുള്ള ഭീഷണിയും അരക്ഷിതത്വവും ശമിച്ചശേഷം ഗ്രീക്കുരാഷ്ട്രങ്ങൾ രണ്ടു ചേരികളായിത്തിരിഞ്ഞു നീണ്ടകാലം ആഭ്യന്തരകലഹം നടത്തി. കരസൈന്യശക്തിയാർജിച്ച സ്പാർട്ട ഡോറിയൻ രാഷ്ട്രങ്ങളെയും നാവികസേനയിൽ പ്രാബല്യംനേടിയ ഏഥൻസ് അയോണിയൻ രാഷ്ട്രങ്ങളെയും നയിച്ചു. പെലപ്പൊനീഷ്യൻ യുദ്ധമെന്നാണ് ഈ യുദ്ധത്തിന്റെ പേർ. സാംസ്കാരികമായും വൈജ്ഞാനികമായും ഗ്രീക്കുകാർ പിന്നെയും വളരെക്കാലം തലയുയർത്തിനിന്നുവെങ്കിലും രാഷ്ട്രീയരംഗത്ത് അവരുടെ സ്വാധീനം കുറയ്ക്കുവാൻ ഈ ആഭ്യന്തരകലഹം കാരണമായി.

അഥീനിയൻ സാമ്രാജ്യം: ബി.സി. 4-ാംശതാബ്ദത്തിന്റെ ഉത്തരാർധം. രാഷ്ട്രീയപരിണാമഗതിയിലെ നിർണായകമായ ഒരു കാലഘട്ടമാണ്. അഥീനിയൻ സാമ്രാജ്യത്വകാലം രാഷ്ട്രീയമായ ഒരു പരീക്ഷണമായിരുന്നു. സാമ്രാജ്യത്വത്തിന്റെയും നഗരരാഷ്ട്ര ജനാധിപത്യത്തിന്റെയും സിദ്ധാന്തങ്ങൾ സമന്വയിപ്പിക്കുന്നതിനുള്ള ഒരു ശ്രമമാണ് അവിടെ നടന്നത്. തങ്ങളുടെ അധീനത്തിലുള്ള ജനങ്ങൾക്കിടയിൽ ജനാധിപത്യസ്ഥാപനങ്ങൾ ആദ്യമായി ഏർപ്പെടുത്തിയത് ഏഥൻസാണ്. ഈ പരീക്ഷണം പരാജയപ്പെടാനുള്ള ഒരു കാരണം പെരിക്ലിസിന്റെ കാലത്തെ ഒരു നിയമമാണ്. അച്ഛൻ വഴിക്കും അമ്മവഴിക്കും ഗ്രീക്കു പൗരത്വം തെളിയിക്കുന്നവർക്കു മാത്രമേ വോട്ടവകാശം ഉണ്ടായിരിക്കൂ എന്നദ്ദേഹം വ്യവസ്ഥചെയ്തു. പൊതുവായ മതമോ, പൊതുവായ വിദ്യാഭ്യാസസമ്പ്രദായമോ പൊതുവായ പൗരത്വമോ ഏഥൻസിൽ ഉണ്ടായിരുന്നില്ല. എന്നാൽ പൊതുവായ രാഷ്



ഗ്രീസിൻെറ വടക്കുപടിഞ്ഞാറെതീരത്തു
നിന്നുള്ള കാഴ്ച. ഗ്രീസിൽ ഉൾപ്പെട്ട
ചില ദ്വീപുകളാണ് കടലിൽ കാണുന്നത്.

ട്രീയസ്ഥാപനങ്ങളും നാണയങ്ങളും അളവുകളും തൂക്കങ്ങളും ഉണ്ടായിരുന്നു. ഭാഷ പൊതുവിൽ എല്ലാ ഗ്രീക്ക്രാഷ്ട്രങ്ങളിലും ഒന്നുതന്നെയായിരുന്നു.

ജനാധിപത്യപുരോഗതി: പെലപ്പൊനീഷ്യൻ യുദ്ധാരംഭത്തോടുകൂടി (ബി.സി. 431-404) ജനാധിപത്യഭരണസമ്പ്രദായത്തിനു ഗ്രീസിൽ പ്രചാരം സിദ്ധിച്ചു. മിക്ക നഗരരാഷ്ട്രങ്ങളും ജനാധിപത്യസമ്പ്രദായം സ്വീകരിച്ചിരുന്നു. ആദ്യഘട്ടത്തിൽ അഭിജാതന്മാരാണു ജനാധിപത്യഭരണത്തിലെ ഉത്തരവാദിത്വമുള്ള സ്ഥാനങ്ങൾ വഹിച്ചിരുന്നത്. ഇതിൽനിന്നു വ്യത്യസ്തമായി തെമിസ്തോക്ലിസിൻെറ പേർ മാത്രമേ പറയുവാൻ കഴിയുന്നുള്ളു. എന്നാൽ പെലപ്പൊനീഷ്യൻ യുദ്ധത്തിനു ശേഷം വിവിധ വർഗങ്ങളിൽപ്പെട്ടവർ ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലേക്കു തിരഞ്ഞെടുക്കപ്പെടുവാൻ തുടങ്ങി. ക്രമേണ നിയന്ത്രണാതീതമായ സ്വാർഥതത്പരത കളിയാടുവാൻ തുടങ്ങി.

സുവർണയുഗം. ബി.സി. 700 മുതൽ 250 വരെയുള്ള കാലം ഗ്രീസിൻെറ സുവർണകാലമെന്ന് അറിയപ്പെടുന്നു. പരിഷ്കൃതമെന്ന് ഇന്നറിയപ്പെടുന്ന യൂറോപ്യൻരാജ്യങ്ങളിലെ ജനങ്ങൾ കാടന്മാരായി ഗുഹകളിൽ കഴിഞ്ഞിരുന്ന ആ കാലത്ത്, ജനാധിപത്യഭരണസമ്പ്രദായം നിലവിലിരുന്ന ഗ്രീസ്, സാംസ്കാരികമായി സർവതോമുഖമായ അഭിവൃദ്ധി പ്രാപിച്ചിരുന്നു.

പൗരജീവിതം വിവിധ തുറകളിൽക്കൂടിയുള്ള പ്രവർത്തനമാണ്. പുരാതന ഗ്രീക്കുകാർ രാഷ്ട്രീയത്തിനായിരുന്നു ഏറ്റവും പ്രാധാന്യം നല്കിയിരുന്നത്. അഥീനിയൻപൗരൻ നാനാമുഖമായ ബുദ്ധിസാമർഥ്യത്തിൻെറയും വിവിധ തുറകളിലുള്ള രാഷ്ട്രീയ പ്രവർത്തനത്തിൻെറയും മാതൃക ആയിരിക്കണമെന്നായിരുന്നു പെരിക്ലിസിൻെറ ലക്ഷ്യം. അദ്ദേഹത്തിൻെറ കാലത്ത് ഏഥൻസിൽ നാനാമുഖമായുണ്ടായ പുരോഗമനവും ഈ ലക്ഷ്യസിദ്ധിക്കു കാരണമായിരുന്നു.

ശൈശവത്തിൽ കുഞ്ഞുങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുവാൻ ഗ്രീക്കുകാർ ശ്രദ്ധിച്ചിരുന്നു. സൗന്ദര്യത്തെ അംഗീകരിക്കുവാനും വൈരൂപ്യത്തെ തിരസ്കരിക്കുവാനും അവർ കുട്ടികളെ പഠിപ്പിച്ചു. വ്യായാമംകൊണ്ടു ശരീരസൗന്ദര്യം വർധിപ്പിക്കാൻ ഉതകുമാറു ജിംനേഷ്യങ്ങൾ സ്ഥാപിച്ചു. പ്രസംഗകലയിൽ അവർ നിപുണരായിരുന്നു. ബഹുജനസദസ്സിനെ സ്വാധീനിക്കുവാൻ കഴിഞ്ഞാൽ മാത്രമേ പൊതുപ്രവർത്തനത്തിൽ വിജയിക്കു എന്ന് അവർ ദൃഢമായി വിശ്വസിച്ചു. നിത്യാധ്വാനംചെയ്തു ദമോസ്തെനീസ് മുതലായവർ വിശ്വവിശ്രുത വാഗ്മികളായിത്തീർന്നു. ജനാധിപത്യത്തിൽ വാഗ്മിത്വത്തിനുള്ള സ്ഥാനം ആദ്യം തെളിയിച്ചതു പുരാതന അഥീനിയന്മാരാണ്.

ബൈസാന്തിയൻസാമ്രാജ്യം: ബി.സി. നാലാംനൂറ്റാണ്ടിൻെറ ഉത്തരാർധത്തിൽ മാസിദോണിയയിലെ മഹാനായ അലക്സാണ്ടർ ഗ്രീസിലെ നഗരരാഷ്ട്രങ്ങൾ കീഴടക്കുകയും വലിയൊരു സാമ്രാജ്യം സ്ഥാപിക്കുകയും ചെയ്തു. അതുവഴിക്കു വിശാലമായ ഒരു പ്രദേശത്ത് (തെക്കുകിഴക്കൻ മെഡിറ്ററേനിയൻ പ്രദേശവും പടിഞ്ഞാറൻ ഏഷ്യയും) ഗ്രീക്കു സംസ്കാരം പ്രചരിക്കുവാൻ ഇടയായി. രണ്ടു ശതാബ്ദത്തിനുശേഷം ഗ്രീസു കീഴടക്കിയ റോമക്കാർ ഗ്രീക്കു സംസ്കാരത്തിൻെറ സ്വാധീനത്തിനു വശംവദമായി. ഗ്രീക്കുകാർ ക്രിസ്തുമതത്തിലേക്കു പരിവർത്തനംചെയ്യപ്പെട്ടതു റോമൻ രാഷ്ട്രീയാധിപത്യക്കാലത്തായിരുന്നു.

ഗ്രീസിലെ പല പ്രദേശങ്ങളിലും സെൻറ് പോൾ സുവിശേഷപ്രസംഗങ്ങൾ നടത്തിയിരുന്നു. എ.ഡി. 4-ാംനൂറ്റാണ്ടിൽ ക്രിസ്തുമതത്തിലേക്കു പരിവർത്തനംചെയ്യപ്പെട്ട കോൺസ്റ്റൻറീൻ ചക്രവർത്തി, പൂർവറോമാസാമ്രാജ്യത്തിനു തലസ്ഥാനം പണിയാൻ നിശ്ചയിച്ചപ്പോൾ പണ്ട് ഒരു ഗ്രീക്കുനഗരമായിരുന്ന ബൈസാന്തിയമാണ് അതിനു തിരഞ്ഞെടുത്തത്. തൻെറ പേരിനെ അനുസ്മരിപ്പിക്കുവാൻ ചക്രവർത്തി ഈ നഗരത്തിനു കോൺസ്റ്റാൻറിനോപ്പിൾ എന്നു പേരിട്ടു.

പശ്ചിമറോമാസാമ്രാജ്യം നശിപ്പിക്കപ്പെട്ടപ്പോഴും കോൺസ്റ്റാൻറിനോപ്പിളിലെ ചക്രവർത്തിമാരുടെ നേതൃത്വത്തിൽ ഗ്രീസ് ഉൾപ്പെട്ട പൂർവറോമാസാമ്രാജ്യം അഭിവൃദ്ധിയിൽ കഴിഞ്ഞു. ഒരു നവസംസ്കാരം ഇവിടെ ശക്തിപ്രാപിച്ചുവന്നു. ബൈസാന്തിയൻ സാമ്രാജ്യത്തിൻെറ സഹസ്രാബ്ദത്തിലധികം നീണ്ടുകിടക്കുന്ന ചരിത്രത്തിൽ ആ സാമ്രാജ്യത്തിൻെറ ഘടകങ്ങളിൽ ഒന്നെന്നനിലയ്ക്കു ഗ്രീസിനു സ്ഥാനമുണ്ടായിരുന്നു. ഗ്രീക്കുസാഹിത്യം നശിക്കാതെ നിന്നു. 14-ാംനൂറ്റാണ്ടിൻെറ ഉത്തരാർധത്തിൽ തുർക്കികൾ സാമ്രാജ്യം ആക്രമിച്ചപ്പോൾ ഗ്രീസിനു വിഷമങ്ങൾ ഉണ്ടാകുവാൻ തുടങ്ങി. ശല്യം വർധിച്ചപ്പോൾ പല ഗ്രീക്കുപണ്ഡിതന്മാരും ഇറ്റലിയിലേക്കു പോയി. അങ്ങനെ അവിടെയും യൂറോപ്പിലും അവർ നവോത്ഥാനത്തെ പ്രോത്സാഹിപ്പിച്ചു.

തുർക്കിസാമ്രാജ്യം: ഇസ്ലാംമതത്തിൻെറ മുന്നേറ്റം ബൈസാന്തിയൻ സാമ്രാജ്യത്തെ സാരമായി ബാധിച്ചു. കുരിശുയുദ്ധകാലത്തു ബൈസാന്തിയൻ സാമ്രാജ്യം തകരാൻ തുടങ്ങി. കോൺസ്റ്റാൻറിനോപ്പിളും ചുറ്റുമുള്ള ഏതാനും സ്ഥലങ്ങളുമായി സാമ്രാജ്യം ചുരുങ്ങി. ചക്രവർത്തിമാരുടെ കൊട്ടാരങ്ങൾ നശിച്ചു. അവയിലെ വിലപ്പെട്ട വസ്തുക്കൾ കൊള്ളചെയ്യപ്പെട്ടു. എ.ഡി. 1300-നുശേഷം തുർക്കിസാമ്രാജ്യം വേഗം വളർന്നുവന്നു. 1453-ൽ അവർ കോൺസ്റ്റാൻറിനോപ്പിൾ ആക്രമിച്ചു കൊള്ളയടിച്ചു. ഇതോടെ ബൈസാന്തിയൻസാമ്രാജ്യം തകർന്നു. നാലു നൂറ്റാണ്ടുകളോളം ഗ്രീസ് ഓട്ടോമൻസാമ്രാജ്യത്തിലെ ഒരു പ്രവിശ്യയായിരുന്നു.

ഓട്ടോമൻ സാമ്രാജ്യത്തിനുകീഴിൽ ഗ്രീക്കുകാർ വളരെ ദുരിതമനുഭവിച്ചു. നികുതിഭാരം അസഹനീയമായിരുന്നു. ഗ്രീക്കുകാരുടെ ഇടയിൽ ഇസ്ലാമിക പഠനം പ്രചരിപ്പിക്കുവാനും അവരെ മതപരിവർത്തനം നടത്തുവാനും തുർക്കികൾ ശ്രമിച്ചു. തുർക്കിസാമ്രാജ്യത്തിനു ക്ഷീണം സംഭവിച്ചുതുടങ്ങിയപ്പോൾ ഗ്രീക്കുകാർക്കു കൂടുതൽ സ്വാതന്ത്ര്യം ലഭിച്ചു. ഇതിനകം പ്രശസ്തമായിരുന്ന ഏഥൻസ്നഗരം അറിയപ്പെടാത്ത ഒരു ഗ്രാമമായി. വ്യാപാരം, കപ്പലോട്ടം എന്നിവയിൽ ഗ്രീക്കുകാർ നിപുണരായിരുന്നതിനാൽ പത്തൊമ്പതാംനൂറ്റാണ്ടിൻെറ ആരംഭത്തോടെ മറ്റു രാജ്യങ്ങളെ അപേക്ഷിച്ചു ഗ്രീസു വീണ്ടും അഭിവൃദ്ധിപ്രാപിച്ചു.

ആധുനികചരിത്രം. *സ്വാതന്ത്ര്യസമരം:* തുർക്കിയുടെ ആധിപത്യത്തിൽനിന്നു മോചനം കിട്ടുവാൻവേണ്ടി 1821-ൽ സ്വാതന്ത്ര്യസമരം ആരംഭിച്ചതുമുതൽക്കാണ് ആധുനികഗ്രീക്കുചരിത്രം തുടങ്ങുന്നത്. പാശ്ചാത്യരാഷ്ട്രങ്ങളും റഷ്യയും ഗ്രീക്കുസ്വാതന്ത്ര്യസമരത്തോട് ആനുകൂല്യം പ്രദർശിപ്പിച്ചു — വിവിധോദ്ദേശ്യങ്ങളോടെയാണെങ്കിലും. ഒരു ബ്രിട്ടീഷ് നാവികസേന നവാറിനൊ ഉൾക്കടലിൽ നങ്കൂരമിട്ടു. ഗ്രീസിനു സ്വാതന്ത്ര്യം കൊടുക്കുവാൻ 1830-ൽ തുർക്കി നിർബന്ധിതമായി. ഗ്രേറ്റ്ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ എന്നീ രാജ്യങ്ങൾ ഗ്രീസി

ൻെറ സ്വാതന്ത്ര്യം അംഗീകരിക്കുകയും സംരക്ഷണം ഉറപ്പുനല്കുകയും ചെയ്തു. ആദ്യം ഗ്രീസിലെ ലാമിയായ്ക്കു തെക്കോട്ടുള്ള ഭാഗം മാത്രമേ അന്നു ഗ്രീസിൻെറ വകയായി ഉണ്ടായിരുന്നുള്ളു. 1864-ൽ ബ്രിട്ടനിൽനിന്ന് അയോണിയൻദ്വീപുകളും 1881-ൽ തുർക്കിയിൽനിന്നു തെസലിയും 20-ാംനൂറ്റാണ്ടിലെ ബാൾക്കൻ യുദ്ധങ്ങളുടെ ഫലമായി പശ്ചിമമാസിദോണിയ, എപ്പൈറസ്, ക്രീറ്റ്, ഈജിയൻദ്വീപുകൾ എന്നിവയും ഗ്രീസിനു വീണ്ടുകിട്ടി.

ലോകയുദ്ധങ്ങൾ: രണ്ടു ലോകയുദ്ധങ്ങളിലും ഗ്രീസ് പാശ്ചാത്യശക്തികളുടെ പക്ഷത്തുനിന്നു ജെർമനിക്കും ജെർമനിയുടെ സഖ്യരാഷ്ട്രങ്ങൾക്കും എതിരായി സമരംചെയ്തു. ഒന്നാം ലോകയുദ്ധത്തിനുശേഷം ബൾഗേറിയയിൽനിന്നു പശ്ചിമത്രേസ് ഗ്രീസിനു ലഭിച്ചു. പശ്ചിമഏഷ്യാമൈനറും കിഴക്കൻ ത്രേസും താത്കാലികമായി കൈവശംവയ്ക്കുവാനുള്ള അധികാരം ഗ്രീസിനു ലഭിച്ചെങ്കിലും 1922-ൽ തുർക്കിയിലെ മുസ്തഫാ കമാൽ അത്താതുർക്കിൻെറ നേതൃത്വത്തിലുള്ള ആക്രമണത്തെത്തുടർന്ന് അവിടം വിട്ടൊഴിയേണ്ടി വന്നു. തുർക്കിയിലും ഗ്രീസിലുമുള്ള ന്യൂനപക്ഷങ്ങളുടെ സാന്നിധ്യം കാരണം രണ്ടു രാഷ്ട്രങ്ങളും തമ്മിൽ സംഘർഷം നിലവിലിരുന്നു. ഇതിൻെറ പരിഹാരത്തിനായി 1923-ലെ ലോസെയിൻസന്ധി അനുസരിച്ചു ഗ്രീസിൽനിന്നു നാലുലക്ഷം തുർക്കികളും തുർക്കിയിൽനിന്നു പത്തുലക്ഷം ഗ്രീക്കുകാരും അന്യോന്യം മാറ്റപ്പെട്ടു.

1940 ഒക്റ്റോബർ 28-ാംതീയതി ഇറ്റലി അൽബേനിയാവഴി ഗ്രീസിനെ ആക്രമിച്ചപ്പോൾ ഗ്രീസിനു രണ്ടാം ലോകയുദ്ധത്തിൽ ചേരേണ്ടി വന്നു. ഗ്രീക്കുകാർ ആക്രമണത്തെ തുരത്തി എന്നുമാത്രമല്ല അൽബേനിയയുടെ നാലിലൊന്നോളം കൈവശപ്പെടുത്തുകയുംചെയ്തു. എന്നാൽ 1941 ഏപ്രിലിൽ ജെർമനി, ബൾഗേറിയ, യുഗോസ്ലാവിയ എന്നീ രാജ്യങ്ങൾവഴി ഗ്രീസിൽ കടന്നു രാജ്യമാകെ പടയോട്ടം നടത്തി. ജെർമനി, ഇറ്റലി, ബൾഗേറിയ എന്നിവയുടെ അധിനിവേശം 1944 ഒക്റ്റോബർ വരെ ഗ്രീസിൽ തുടർന്നു. ഇക്കാലത്തു ഗ്രീക്കുകാർ വളരെയേറെ യാതന അനുഭവിച്ചു. 1945-ൽ സ്വാതന്ത്ര്യം തിരിച്ചുകിട്ടിയതോടുകൂടി 1911 മുതൽ ഇറ്റലിയുടെ കൈവശത്തിലായിരുന്ന ഡോഡക്കനീസ് ദ്വീപുകളും ഗ്രീസിനു തിരിച്ചുകിട്ടി.

1944-ലും, 1946-'49 കാലഘട്ടത്തിലും ഗ്രീസിലെ കമ്യൂണിസ്റ്റു കക്ഷി അധികാരം പിടിച്ചെടുക്കുവാൻ ശ്രമിച്ചു. ഈ ഘട്ടത്തിൽ നടന്ന ആഭ്യന്തരയുദ്ധത്തിൻെറ ഫലമായി അനേകം പട്ടാളക്കാരും ജനങ്ങളും മരിച്ചു.

ഗ്രീസ് ആദ്യംമുതല്ക്കുതന്നെ ഐക്യരാഷ്ട്രസംഘടനയിൽ അംഗമാണ്. കൊറിയൻയുദ്ധത്തിൽ ഗ്രീസ് സ്വന്തം സേനയെ അയച്ചിരുന്നു. 1952-ൽ ഉത്തരഅത്‌ലാന്തിക് സന്ധിസംഘടനയിൽ ഗ്രീസ് 'നേറ്റോ'(NATO)യിൽ ചേർന്നു. 1962-ൽ യൂറോപ്യൻ സാമ്പത്തിക സമൂഹത്തിൽ (EEC) അസോഷ്യേറ്റ്അംഗമായി.

1967-'74 കാലഘട്ടത്തിൽ ഗ്രീസു പട്ടാളഭരണത്തിലായിരുന്നു. 1974-ൽ ജനാധിപത്യസമ്പ്രദായം പുനഃസ്ഥാപിക്കപ്പെട്ടു. കോൺസ്റ്റാൻറിനോസ് കാരമാൻ ലിസിയുടെ ന്യൂ ഡെമോക്രസി പാർട്ടി 54 ശതമാനം വോട്ടുനേടി അധികാരത്തിൽ വന്നു. 1975-ൽ ഗ്രീസിൽ ഒരു പുതിയ ഭരണഘടന നിലവിൽവരികയും 300 അംഗങ്ങളുള്ള ചെയിംബർ പരമാധികാരസഭയായി അംഗീകരിക്കപ്പെടുകയും ചെയ്തു. രാഷ്ട്രത്തലവൻ 'പ്രസിഡൻറ്' ആയി. ഇപ്പോൾ ഗ്രീസിലെ പ്രസിഡൻറ് ക്രിസ്റ്റോ ബാർത് സെറ്റാക്കിസ് ആണ്. പ്രധാനമന്ത്രി ആൻഡ്രിയാസ് പാപ്പൻഡ്രുവും. വിസ്തൃതി: 1,31,990 ച.കി.മീ. ജനസംഖ്യ: 1,00,08,000 (1986).

ഒരു ചെറുരാഷ്ട്രമെങ്കിലും ലോകഗതിയിൽ ഗ്രീസു ചെലുത്തിയിട്ടുള്ള സ്വാധീനം വമ്പിച്ചതാണ്. സാഹിത്യം, സുകുമാരകലകൾ, സംസ്കാരം, തത്വശാസ്ത്രം, രാജ്യഭരണശാസ്ത്രം, നിയമം, സയൻസ്, മതം എന്നിങ്ങനെ നാനാരംഗങ്ങളിലും ഈ സ്വാധീനം നിഴലിച്ചുകാണാം. ഇംഗ്ലീഷ്ഭാഷയിലും മറ്റു പല പാശ്ചാത്യഭാഷകളിലും കാണുന്ന പല പദങ്ങളും ഗ്രീക്കിൽനിന്നുള്ളതാണ്.

രാഷ്ട്രീയകാര്യങ്ങളിൽ യോജിപ്പില്ലാതിരുന്ന പൗരാണിക ഗ്രീക്കുകാർ സംസ്കാരത്തിലും കായികരംഗത്തും സാഹോദര്യം പുലർത്തുവാൻ നടത്തിയിരുന്ന ഒളിമ്പിക് കായികമത്സരങ്ങൾ, 1500 കൊല്ലത്തെ ഇടവേളയ്ക്കുശേഷം ഇപ്പോഴും നടന്നുവരുന്നു. അന്നുണ്ടായിരുന്ന പല മത്സരങ്ങളും ഇന്നുമുണ്ട്. മാരത്തോൺ ഓട്ടം അന്നില്ലായിരുന്നു. ഇന്ന് അതുള്ളതു ബി.സി. 490-ൽ നടന്ന ഒരു സംഭവത്തിൽ ഒരു വീരയോദ്ധാവു കാണിച്ച ധൈര്യവും സ്ഥൈര്യവും രാജ്യസ്നേഹവും ഓർമിപ്പിക്കുവാനാണ്.

കെ.എൻ. ദാമോദരൻനായർ

ഗ്രൂപ്പ് സിദ്ധാന്തം (Group Theory)

ആധുനിക ഗണിതശാഖ. ചില പ്രത്യേക സ്വഭാവങ്ങളുള്ള ഗണിതീയ രാശികളുടെ ഗണങ്ങൾ ആണു ഗ്രൂപ്പുകൾ. ഗ്രൂപ്പ്സിദ്ധാന്തത്തോടു ബന്ധപ്പെടുത്താവുന്ന പല ആശയങ്ങളും പല കാലത്തും രൂപമെടുത്തിട്ടുണ്ടെങ്കിലും ഇതൊരു ഗണിതസിദ്ധാന്തമെന്ന നിലയിലുള്ള പഠനം നടക്കുന്നത് 18-ാംനൂറ്റാണ്ടിൽ മാത്രമാണ്. ഗ്രൂപ്പ്പഠനം അത്യുച്ചകോടിയിലെത്തിയതു ഗാൽവ(Galois, 1811-'32)യുടെ കാലത്താണ്. ഇരുപതാംനൂറ്റാണ്ടിൻെറ ആദ്യത്തോടെ ഗ്രൂപ്പ്സിദ്ധാന്തം ഗണിതശാസ്ത്രത്തിൻെറ ഒരു മുഖ്യശാഖയായി മാറി.

നിർവചനം. ഒരു ബൈനറി സംക്രിയ (binary operation) നിർവചിക്കപ്പെട്ടിട്ടുള്ളതും താഴെ പറയുന്ന അഭിഗൃഹീതങ്ങളെ തൃപ്തിപ്പെടുത്തുന്നതുമായ ഗണിതീയരാശികളുടെ ഗണത്തിന് [ഈ ഗണം ശൂന്യഗണം (empty set) ആകാൻ പാടില്ല.] ഗ്രൂപ്പ് എന്നു പറയുന്നു. സൗകര്യത്തിനുവേണ്ടി പരിഗണിക്കപ്പെടുന്ന ബൈനറിസംക്രിയയയെ 'ഗുണനം' എന്നു വ്യവഹരിക്കാം.

അഭിഗൃഹീതങ്ങൾ: G ഒരു ഗ്രൂപ്പും a, b, c എന്നിവ അതിലെ അംഗങ്ങളും ആണെന്നിരിക്കട്ടെ.

1.G-യിലെ ഏതെങ്കിലും രണ്ട് അംഗങ്ങളുടെ ഗുണനഫലം, G-യിലെത്തന്നെ അദ്വിതീയമായ ഒരു അംഗമായിരിക്കും. അതായത് a-യും b-യും G-യിലെ അംഗങ്ങളാണെങ്കിൽ അവയുടെ ഗുണനഫലമായ c -യും അതിലെ അദ്വിതീയമായ അംഗമായിരിക്കും.

2.G-യിലെ അംഗങ്ങളെ സംബന്ധിച്ചിടത്തോളം ഗുണനം, സാഹചര്യനിയമം (associative law) അനുസരിക്കും. അതായത് $a(b.c) = (a.b)c = a.b.c.$ ആയിരിക്കും.

3.G-യിൽ തൽസമകാംഗം (identity elements) ഉണ്ട്. I ഒരു തൽസമകാംഗമാണെങ്കിൽ, $a.I = I.a = a$ ആയിരിക്കും.

4.G-യിലെ ഓരോ അംഗത്തിനും ഓരോ വ്യുൽക്രമം(reciprocal) ഉണ്ട്.

a എന്ന അംഗത്തിൻെറ വ്യുൽക്രമം a^{-1} എന്ന ചിഹ്നം കൊണ്ടു സൂചിപ്പിക്കുന്നു. $a.a^{-1} = a^{-1}\ a = I$ ആയിരിക്കും.

ഇനങ്ങൾ. ഗ്രൂപ്പിലെ അംഗസംഖ്യ പരിമിതം(finite) ആയിരുന്നാൽ ആ ഗ്രൂപ്പിനെ പരിമിതഗ്രൂപ്പ് എന്നും അങ്ങനെ അല്ലാത്ത ഗ്രൂപ്പുകളെ അനന്തഗ്രൂപ്പ് (infinite group) എന്നും വിളിക്കുന്നു. പരിമിതഗ്രൂപ്പുകളിൽ എത്ര അംഗങ്ങൾ ഉണ്ടോ, ആ സംഖ്യയായിരിക്കും ആ ഗ്രൂപ്പിൻെറ ഘാതം (order). അനന്തഗ്രൂപ്പുകളുടെ കാര്യത്തിൽ അതിൻെറ ഘാതം കണക്കാക്കാനാകില്ല.

ഒരു ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും ഗുണക്രമവിനിമേയനിയമം (communicative law of multiplication) അനുസരിക്കുന്നുണ്ടെങ്കിൽ (ഉദാ: $a.b. = b.a$) അത്തരം ഗ്രൂപ്പുകളെ ക്രമവിനിമേയഗ്രൂപ്പ് എന്നു വിളിക്കുന്നു. ഇവയെ ആബെലിയൻ (Abelian) ഗ്രൂപ്പ് എന്നും പറയും. നോർവീജിയൻ ഗണിതജ്ഞനായ നീൽസ് ഹെൻറിക് ആബെലിൻെറ സംഭാവനകളെ ആദരിച്ചാണ് ഈ നാമം നല്കിയിരിക്കുന്നത്.

ഒരു ഗ്രൂപ്പിലെ അംഗങ്ങളുടെ ഉപഗണ(sub set)ങ്ങളും ഒരു ഗ്രൂപ്പാകുന്നുവെങ്കിൽ അതിനെ ഉപഗ്രൂപ്പ് (sub group) എന്നു വിളിക്കുന്നു.

ക്വാണ്ടം ബലതന്ത്രം, ക്രിസ്റ്റൽ വിജ്ഞാനം തുടങ്ങിയ ശാസ്ത്രശാഖകളിലാണു ഗ്രൂപ്പ്സിദ്ധാന്തത്തിലെ ആശയങ്ങൾക്കു പ്രയോഗം ഉള്ളത്.

ഗ്രൂപ്പുകൾ (Groups)

പരസ്പരബദ്ധരായ വ്യക്തികളുടെ കൂട്ടായ്മകൾ. മനഃശാസ്ത്രജ്ഞന്മാരും സാമൂഹികശാസ്ത്രജ്ഞന്മാരും ഈ പദത്തിനു പലതരത്തിലുള്ള അർഥം കല്പിക്കാറുണ്ട്. മനുഷ്യൻെറ പെരുമാറ്റത്തെപ്പറ്റി പഠിക്കുന്നതിനുള്ള പ്രാഥമികസങ്കല്പമാണു ഗ്രൂപ്പ് എന്നു ചിലർ പറയും. ഒരു ഗ്രൂപ്പിൻെറ അംഗമെന്ന നിലയിലല്ലാതെ അവർക്കു വ്യക്തിയെ കാണാൻ സാധ്യമല്ല. മറ്റുചിലർക്കാകട്ടെ വ്യക്തിയാണു പരമപ്രധാനമായ ഘടകം. വ്യക്തികളുടെ പരസ്പരസമ്പർക്കത്തിൽനിന്നുണ്ടാകുന്ന ഒരു പ്രതിഭാസമായി ഗ്രൂപ്പിനെ അവർ കരുതുന്നു.

പല കാരണങ്ങളാലും പണ്ടുതൊട്ടേ ഗ്രൂപ്പുകൾ നിലനിന്നിരുന്നു. ശത്രുക്കളെ നേരിടുന്നതിനും, വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നതിനും ഒക്കെയാണ് ആദികാലങ്ങളിൽ മാനുഷികഗ്രൂപ്പുകളും സംഘടനകളും ആവിർഭവിച്ചത്.

തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണാനോ വ്യക്തികളുടെ വിവിധാവശ്യങ്ങൾ നിറവേറ്റാനോ

വേണ്ടി ഉണ്ടാവുന്ന സംഘങ്ങൾക്കു കുറെയൊക്കെ ഭദ്രതയും പ്രത്യേകമായ ഘടനയുമുണ്ടായിരിക്കും. ഗ്രൂപ്പംഗങ്ങളെ സംബന്ധിച്ചിടത്തോളം, വ്യത്യസ്തപദവികളും കടമകളുമാണു ഗ്രൂപ്പ് ഘടന(group structure)യുടെ നിർവചനംകൊണ്ട് ഉദ്ദേശിക്കുന്നത്. കൂടാതെ കടമകളെ നിയന്ത്രിക്കുന്നതിനുള്ള നിരവധി വ്യവസ്ഥകളും ഗ്രൂപ്പിന്റെ ഘടനയിൽ ഉൾപ്പെടുന്നു.

പല ഗ്രൂപ്പുകൾക്കും ദീർഘമായ ചരിത്രവും ഒരുവിധം പഴക്കവുമുണ്ടാകും. പുതിയ ആൾക്കാർ അംഗങ്ങളായി ചേരുന്നതിനു മുമ്പേതന്നെ അവരുടെ കടമകളെയുംമറ്റും കുറിച്ചു വ്യക്തമായ വ്യവസ്ഥകളുണ്ടായിരിക്കും. ഗ്രൂപ്പംഗങ്ങൾ തമ്മിൽ പരസ്പരം ആശയവിനിയമം നടത്തുകയും യോജിച്ചു പ്രവർത്തികളിലേർപ്പെടുകയും ചെയ്യുന്നു.

ഗ്രൂപ്പിലുള്ള ഓരോ അംഗത്തിനും, അതു തന്റെ സംഘമാണെന്നും താൻ അതിലെ അംഗമാണെന്നുമുള്ള ബോധം ഉണ്ടായിരിക്കും. എല്ലാ അംഗങ്ങൾക്കും പൊതുവായ ലക്ഷ്യമുണ്ടെന്ന ബോധവും യോജിച്ചു പ്രവർത്തിക്കാൻ സന്നദ്ധതയും വേണം. ശത്രുരാജ്യത്തിനു ഭീഷണിയുണ്ടാകുമ്പോൾ, ഒരു രാജ്യത്തെ ജനങ്ങൾ ആകമാനം ഒറ്റക്കെട്ടായി നിലകൊള്ളാറുള്ളത് ഉദാഹരണമാണ്.

ഗ്രൂപ്പുകൾ പലവിധം: ഗ്രൂപ്പുകൾ പലവിധത്തിൽ വേർതിരിക്കപ്പെട്ടിരിക്കുന്നു. മനുഷ്യരാശി ആകമാനം അതിബൃഹത്തായ ഒരു ഗ്രൂപ്പാണ്. ഒരു രാജ്യ(രാഷ്ട്ര)ത്തെപ്പോലുള്ള വലിയ ഗ്രൂപ്പിന്റെ കീഴിൽ അനേകം ചെറിയ ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു.

പ്രാഥമികഗ്രൂപ്പുകളും ദ്വിതീയഗ്രൂപ്പുകളും. സംഘങ്ങളെ ആദ്യമായി പ്രാഥമികമെന്നും ദ്വിതീയമെന്നും തരംതിരിച്ചു വിശദീകരിച്ചതു സി.എച്ച്. കൂളിയാണ്. ആത്മാർഥതയും നേരിട്ടുള്ള ബന്ധവും സഹകരണവുമാണു പ്രാഥമികഗ്രൂപ്പിലെ അംഗങ്ങൾക്ക് ഉണ്ടാവേണ്ടതെന്ന് അദ്ദേഹം അനുശാസിച്ചു. ഇത്തരം ഗ്രൂപ്പുകൾ, എല്ലാംകൊണ്ടും പ്രാഥമികമാണ്. പ്രത്യേകിച്ചു വ്യക്തിയുടെ സാമൂഹികപ്രകൃത(Social nature)വും ആദർശങ്ങളും രൂപവത്കരിക്കുന്നതിൽ അടിസ്ഥാനപരമായ സ്ഥാനം പ്രാഥമികഗ്രൂപ്പുകൾക്കുണ്ട്. ആത്മാർഥമായ സംയോഗത്തിന്റെ ഫലമായി വിവിധ വ്യക്തിത്വങ്ങൾ ഒന്നുചേർന്നു പൊതുവായ ഒരു പൂർണത(സാകല്യം)കരുപ്പിടിക്കുകയും, 'നമ്മൾ', 'ഞങ്ങൾ' എന്ന രീതിയിൽ ഈ പൂർണതയെ ഓരോ അംഗവും കാണുകയും ചെയ്യുന്നു. 'നമ്മുടെത്' എന്ന തോന്നലായിരിക്കും അംഗങ്ങൾക്കു ഗ്രൂപ്പിനെപ്പറ്റി ഉണ്ടാവുക. പ്രാഥമികഗ്രൂപ്പിന്റെ സാർവലൗകികമായ ഉത്തമോദാഹരണമാണു കുടുംബം. കുട്ടികളുടെ കളിക്കൂട്ടങ്ങളും പ്രാഥമിക ഗ്രൂപ്പുതന്നെ. ഇത്തരം ഗ്രൂപ്പിൽ അംഗങ്ങൾ താരതമ്യേന കുറവായിരിക്കും.

ദ്വിതീയഗ്രൂപ്പിലെ അംഗങ്ങൾ തമ്മിൽ അത്ര ആത്മാർഥതയോ അഭിമുഖബന്ധമോ ഉണ്ടാവില്ല. ഭാഗികവും പ്രത്യേകവുമായ ആവശ്യങ്ങളുടെ താത്പര്യങ്ങളാണു ദ്വിതീയഗ്രൂപ്പുകൾ പ്രതിനിധാനം ചെയ്യുന്നത്. ഇവിടെ സാധാരണയായി അംഗങ്ങൾ തമ്മിലുള്ളത്, ബൗദ്ധികവും കേവലവുമായ ബന്ധമാണ്. അംഗങ്ങൾ തമ്മിലുള്ള വ്യക്തിപരമായ അടുപ്പം, പ്രാഥമികഗ്രൂപ്പിലുള്ളത്ര ഉണ്ടാവില്ല. ദ്വിതീയ ഗ്രൂപ്പിൽ അംഗങ്ങൾ താരതമ്യേന കൂടുതലുണ്ടായിരിക്കും. രാഷ്ട്രം, രാഷ്ട്രീയപാർട്ടികൾ, ട്രെയ്ഡ് യൂണിയൻ, എംപ്ലോയീസ് അസോസിയേഷൻ, സാംസ്കാരിക സംഘടനകൾ, ശാസ്ത്രീയ സംഘടനകൾ, സ്കൂൾ എന്നിവ ഉദാഹരണമാണ്.

സ്വന്തംഗ്രൂപ്പും അന്യഗ്രൂപ്പും. ഗ്രൂപ്പുകൾ തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിവാണ് ഇത്. സ്വന്തംഗ്രൂപ്പി(in-group)നോട് അംഗങ്ങൾ കൂടുതൽ വിശ്വസ്തതയോടും ആത്മാർഥതയോടും സ്നേഹത്തോടും പെരുമാറുന്നു. ഗ്രൂപ്പിന്റെ പേരിനോടും ലക്ഷ്യങ്ങളോടും മാർഗങ്ങളോടും അംഗങ്ങൾ താദാത്മ്യം പ്രാപിക്കുന്നു. 'നാം ചെയ്യണം', 'നമുക്കു തോന്നണം' എന്നിങ്ങനെ 'നമ്മൾ' എന്ന കൂട്ടായ ചിന്തയോടെയാണു സ്വന്തംഗ്രൂപ്പംഗങ്ങളുടെ പെരുമാറ്റം. ഏതെങ്കിലും വിഷമസന്ധിയുണ്ടായാൽ അംഗങ്ങൾക്കു സ്വന്തംഗ്രൂപ്പിനോടുള്ള കടപ്പാടു കൂടുന്നു. സ്വന്തംഗ്രൂപ്പുകൾ പ്രാഥമികമോ ദ്വിതീയമോ ആവാം. കുടുംബമാണ് ഏറ്റവും അടുപ്പമുള്ള സ്വന്തംഗ്രൂപ്പ്.

സ്വന്തംഗ്രൂപ്പിന്റെ നേരെ മറുപുറമാണ് അന്യഗ്രൂപ്പ്. അനിഷ്ടമോ അവഗണനയോ ആണു സാധാരണമായി അന്യഗ്രൂപ്പിനോടു തോന്നാവുന്നത്. വിശ്വസ്തതയോ അനുകമ്പയോ സഹകരണമോ അല്ല. രാഷ്ട്രമോ വർഗമോ അല്ലെങ്കിൽ അയൽപക്കമോ അന്യഗ്രൂപ്പിന് (out-group) ഉദാഹരണങ്ങളാണ്.

ഔപചാരിക-അനൗപചാരിക ഗ്രൂപ്പുകൾ. ഗ്രൂപ്പുകളുടെ ഘടനയും അംഗങ്ങൾ തമ്മിലുള്ള ബന്ധവുമനുസരിച്ചാണ് ഈ തരംതിരിവ്. ഔപചാരികഗ്രൂപ്പുകൾക്കു വിശാലമായ നിയമങ്ങളും വ്യവസ്ഥകളുമുണ്ടായിരിക്കുമെന്നു മാത്രമല്ല, അംഗങ്ങളുടെ പദവി ശരിക്കും നിർവചിച്ചിരിക്കയും നിശ്ചിതമായ കടമകൾ അവർക്കുണ്ടായിരിക്കയും ചെയ്യുന്നു. വ്യാവസായികഗ്രൂപ്പുകൾ, സിവിൽസർവീസ്, മിലിട്ടറി എന്നിവ ഔപചാരികഗ്രൂപ്പിന് ഉദാഹരണങ്ങളാണ്. അച്ചടക്കവും നിയമവിധേയത്വവും ഈ ഗ്രൂപ്പുകളിലെ അംഗങ്ങൾക്കാവശ്യമാണ്. പക്ഷേ, കാര്യങ്ങൾ ശരിയായും ആത്മാർഥമായും നിർവഹിക്കപ്പെടുന്നതിനു തലപ്പത്തുള്ളവർ കൂടുതൽ അനൗപചാരികതയോടെ, താഴെയുള്ളവരോടു പെരുമാറേണ്ടതായി വരുന്നു. ഇവിടെയാണ് അനൗപചാരികഗ്രൂപ്പുകൾ ഉരുത്തിരിയുന്നത്. ഇത്തരം ഗ്രൂപ്പുകളിൽ, കടമകൾ സ്വയം സൃഷ്ടമാണ്. വിട്ടുവീഴ്ചയില്ലാത്ത നിയമങ്ങൾ ഇവിടെ കാണുകയില്ല. അംഗങ്ങൾക്കു ചിന്തിക്കാനും പ്രവർത്തിക്കാനും കൂടുതൽ സ്വാതന്ത്ര്യമുണ്ടായിരിക്കയും ചെയ്യും.

ഗ്രൂപ്പു രൂപവത്കരണത്തിനു പ്രേരകമായി ഭവിക്കുന്ന താത്പര്യങ്ങൾ സാമ്പത്തികം, രാഷ്ട്രീയം, തൊഴിൽപരം, പ്രചാരണപരം പ്രാദേശികം, വർഗീയം, മതപരം എന്നിങ്ങനെ പലതാകാം. ഒരു വ്യക്തി തന്നെ പല ഗ്രൂപ്പുകളിൽ അംഗമായിരിക്കും. ഗ്രൂപ്പുകളെപ്പറ്റിയുള്ള മനഃശാസ്ത്രപരമായ പഠനം ഒരു സാമൂഹികശാസ്ത്രജ്ഞന് അനുപേക്ഷണീയമാണ്.

അശമന്നൂർ ഹരിഹരൻ

ഗ്രെക്കോ, എൽ (EL Greco 1541—1614)

സ്പാനിഷ് . ചിത്രകാരൻ. ഡൊമനിക്കോസ് തിയോടോകോപൗലോസ് എന്നായിരുന്നു ശരിയായ പേര്.

ക്രീറ്റിൽ ജനിച്ച എൽഗ്രെക്കോ, പഠിക്കാൻ ഇറ്റലിയിൽ ചെന്നപ്പോൾ, തന്റെ പേര് പരിഷ്കരിച്ചു. ടിഷ്യന്റെ (Titian) ശിഷ്യനായിരുന്ന ഇദ്ദേഹത്തിന്റെ ചിത്രങ്ങളിൽ ടിൻേറാറെറ്റോ, മൈക്കലാഞ്ചലോ തുടങ്ങിയവരുടെ സ്വാധീനം പ്രകടമാണ്.



കോന്ദേ ദെ ഓർഗസിന്റെ
ശവസംസ്കാരം - എൽ. ഗ്രെക്കോ വരച്ചത്.

1575-ൽ റ്റോളിഡോയിലെ സാന്റോ ഡൊമിൻഗോ എൽആന്റിഗോ ദേവാലയം പുതുക്കിപ്പണിയുന്നതിൽ എൽഗ്രെക്കോ സഹായിച്ചു. ഈ ദേവാലയത്തിന്റെ ശില്പമാതൃക, കൊത്തുപണികൾ, ചായപ്പണികൾ എന്നിവയ്ക്കു രൂപം നല്കി. ഇവിടെ അദ്ദേഹം രചിച്ച 'കന്യാമറിയത്തിന്റെ സ്വർഗാരോഹണം' എന്ന ചിത്രം ടിഷ്യന്റെ മാതൃകയെ അനുകരിച്ച്, അദ്ദേഹം സ്വതന്ത്രമായി രചിച്ചതാണ്. 'ഇടയന്മാരുടെ അർച്ചന', 'ഉയിർത്തെഴുന്നേല്പ്', 'ത്രിമൂർത്തികൾ' ഇവയും റ്റോളിഡോയിലെ ദേവാലയത്തിനുവേണ്ടി അദ്ദേഹം രചിച്ച ചിത്രങ്ങളാണ്. വർണങ്ങളുടെ സാന്ദ്രത, സമൃദ്ധി എന്നിവകൊണ്ടു ഉജ്ജ്വലങ്ങളായ ഈ ചിത്രങ്ങൾ വെനീഷ്യൻശൈലിയിൽ രചിക്കപ്പെട്ടിരിക്കുന്നു. എന്നാൽ റ്റോളിഡോയിലെ ഒരു പുരോഹിതസഭയ്ക്കുവേണ്ടി അദ്ദേഹം 1579-ൽ രചിച്ച, 'ക്രിസ്തുവിന്റെ വസ്ത്രാക്ഷേപം' (കുരിശിലേറ്റുന്നതിനുമുമ്പ്) എന്ന ചിത്രം തികച്ചും പ്രശാന്തവും സ്പാനിഷ് മാതൃകയിലുള്ളതുമാണ്.

'സെൻറ് മോറീസും അദ്ദേഹത്തിന്റെ സൈന്യവും' എന്ന ചിത്രത്തിൽ, താൻ തേടിക്കൊണ്ടിരുന്ന നൂതനമായൊരാവിഷ്കാരരീതി

അദ്ദേഹം കണ്ടെത്തി. അദ്ദേഹത്തിന്റെ മറ്റൊരു പ്രസിദ്ധചിത്രമാണ് 'ഓർഗാസ് പ്രഭുവിന്റെ ശവസംസ്കാരം'. തുടർന്ന് അദ്ദേഹം രചിച്ച ചിത്രങ്ങൾ മിക്കവാറും ഭാവനാപരങ്ങളായിരുന്നു. ചിത്രങ്ങളിൽ ലയം സാധിക്കുന്നതിനുവേണ്ടി മറ്റെല്ലാ സംഗതികളെയും വിസ്മരിക്കുന്നതിന് എൽഗ്രെക്കോ മടിച്ചില്ല. മാഡ്രിഡിലെ ഒരു ദേവാലയത്തിനുവേണ്ടി അദ്ദേഹം രചിച്ച ചിത്രങ്ങളിൽ, നാടകീയാവിഷ്കാരത്തിന്റെ മികവിനുള്ള ഉപാധികൾ മാത്രമായാണു വർണങ്ങളും രൂപരേഖകളും ഉപയോഗപ്പെടുത്തിയിട്ടുള്ളത്. പ്രകൃതിയെ അപ്പാടെ പകർത്തുന്നതിനു പകരം, തന്റെ ലക്ഷ്യത്തിനനുകൂലമാംവിധം അവതരിപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. 1597-ൽ റ്റോളിഡോയിലെ സാൻജോസ് ദേവാലയത്തിനുവേണ്ടി എൽഗ്രെക്കോ രചിച്ച ചിത്രങ്ങൾ വർണങ്ങളും ലളിതവും തരളവുമായ രീതികളും കൊണ്ടു ശ്രദ്ധേയങ്ങളാണ്. 'സ്വർഗാരോഹണം' എന്ന ചിത്രം ഭാവനാശക്തിയുടെ മികവുകൊണ്ടു തെളിവുറ്റതാണ്. 1613-ൽ പൂർത്തിയാക്കിയ ഈ ചിത്രം റ്റോളിഡോയിലെ സെന്റ് വിൻസെന്റ് ദേവാലയത്തിലിരിക്കുന്നു. 'സെന്റ് ബർണാർഡ്', 'ബാപ്ടിസം', 'പെൻറികൊസ്റ്റ്' തുടങ്ങിയവ അദ്ദേഹത്തിന്റെ അന്ത്യകാലത്തു രചിച്ച ചിത്രങ്ങളാണ്.

എൽഗ്രെക്കോയുടെ ശിഷ്യന്മാർക്ക്, അദ്ദേഹത്തിന്റെ ഉജ്ജ്വലമായ രീതികൾ തുടരാൻ സാധിച്ചില്ല. അദ്ദേഹത്തിന്റെ മകനായ ജോർജ്മാനുവൽ ആണു പിതാവു മുഴുവനാക്കാതിരുന്ന ചിത്രങ്ങൾ പൂർത്തിയാക്കിയത്. 1614 ഏപ്രിൽ 7-നു സ്പെയിനിലെ തോലെദോയിൽ വച്ച് ഗ്രെക്കോ അന്തരിച്ചു.

ഗ്രെഗ്ഗ്, ജോൺ റോബർട്ട് (1867—1948)

ഗ്രെഗ്ഗ് ചുരുക്കെഴുത്തുസമ്പ്രദായത്തിന്റെ ആവിഷ്കർത്താവ്. അയർലൻഡിൽ റോക്കോറിയെന്ന സ്ഥലത്ത് (Rockcorry) 1867 ജൂൺ 17-ാംതീയതി ജനിച്ചു. വേഗത്തിൽ ഏഴുതാനുള്ള വിദ്യയിൽ പത്തു വയസ്സായപ്പോൾ മുതൽ അതീവതാത്പര്യം പ്രദർശിപ്പിച്ചു. ഇതു സംബന്ധിച്ച് ഇദ്ദേഹം 21-ാമത്തെ വയസ്സിൽ 28 പുറങ്ങളുള്ള ഒരു ലഘുഗ്രന്ഥം പ്രസിദ്ധപ്പെടുത്തി (1888). അതിൽ ഉച്ചാരണം ആസ്പദമാക്കിയുള്ള ഒരു ചുരുക്കെഴുത്തുസമ്പ്രദായത്തിനുതകുന്ന 'അക്ഷരമാല' ചേർത്തിരുന്നു. ഈ സമ്പ്രദായം പില്ക്കാലത്തു പതിമൂന്നു ഭാഷകളിൽ പ്രയോഗക്ഷമമായി സ്വീകരിക്കുകയുണ്ടായി (Light - line Phonography).

1893-ൽ ഗ്രെഗ്ഗ്, യു.എസ്സിലേക്കു താമസം മാറ്റി. 1900 മുതൽ അവിടെനിന്ന് 'ഗ്രെഗ്ഗ് റൈറ്റർ' (Gregg Writer) പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങി. ന്യൂയോർക്ക് ആസ്ഥാനമാക്കിയുള്ള ഗ്രെഗ്ഗ് പ്രസിദ്ധീകരണക്കമ്പനിയുടെ സ്ഥാപകാധ്യക്ഷനായിരുന്നു അദ്ദേഹം. 1948 ഫെബ്രുവരി 23-ാംതീയതി ന്യൂയോർക്കിൽവച്ച് അന്തരിച്ചു.

ഗ്രെയ്ഫ്, അൽബ്രെഷ്ട് (1828—1870)

ജെർമൻകാരനായ നേത്രശസ്ത്രക്രിയാവിദഗ്ധൻ. കണ്ണുകൾക്കുണ്ടാകുന്ന വിവിധ രോഗങ്ങൾക്കു ഫലപ്രദമായ ശസ്ത്രക്രിയ പ്രായോഗികമാക്കിയത് ഇദ്ദേഹമാണ്. ഇറിഡെക്റ്റമി(മിഴിമണ്ഡലത്തിന്റെ ഭാഗം ശസ്ത്രക്രിയചെയ്തു മാറ്റൽ)യുടെ ഉപജ്ഞാതാവായിട്ടാണ് ഇദ്ദേഹം അറിയപ്പെടുന്നത്.

1828 മെയ് 22-നു ബർളിനിൽ ജനിച്ചു. 1853 മുതൽ 1870 വരെ ബെർളിൻ യൂനിവേഴ്സിറ്റിയിലെ പ്രൊഫസർ ആയിരുന്നു. ഏഴുവാല്യങ്ങളിലായി ഇദ്ദേഹം രചിച്ച *മാനുവൽ ഓഫ് കോംപ്രഹെൻസീവ് ഒഫ്താൽമോളജി* നേത്രരോഗചികിത്സകരുടെ ആധികാരിക ഗ്രന്ഥമാണ്.

1870 ജുലായ് 20-നു ബെർലിനിൽ അന്തരിച്ചു.

ഗ്രേ, എലീഷാ (1835 — 1901)

യു.എസ്. ശാസ്ത്രജ്ഞൻ. കമ്പിസന്ദേശപ്രസരണത്തിനുള്ള നൂതന സമ്പ്രദായത്തിന്റെ, പേറ്റൻറിനുള്ള തന്റെ അവകാശത്തെ സംബന്ധിച്ച് അലക്സാണ്ടർ ഗ്രഹാം ബെല്ലുമായി നിയമയുദ്ധം നടത്തി പരാജയപ്പെട്ടു.

ഒഹായോവിലുള്ള ബാർനെസ്വില്ലിയിൽ 1835 ഓഗസ്റ്റ് 2-ാംതീയതി ജനിച്ചു. ഓബർലിൻ കോളെജിൽ വിദ്യാർഥിയായിരുന്ന കാലത്തു മരപ്പണിയിലുള്ള സാമർഥ്യം ഉപയോഗിച്ചു നിർമിച്ച ഉത്പന്നങ്ങൾ വിറ്റാണ്, സ്വന്തം ചെലവു നടത്തിയിരുന്നത്. കോളെജിലെ പഠിത്തം പൂർത്തിയാക്കാൻ കൂട്ടാക്കാതെ, അതുപേക്ഷിച്ച്, വൈദ്യുതോപകരണങ്ങൾ പരിഷ്കരിക്കാനും മെച്ചമാക്കാനുമുള്ള ഉദ്യമങ്ങളിൽ ഏർപ്പെട്ടു. കമ്പിസന്ദേശപ്രസരണത്തിനുപയോഗിക്കുന്ന ഒരു നൂതനസമ്പ്രദായത്തിന് 1867-ൽ തന്റെ ആദ്യത്തെ പേറ്റൻറ് നേടി. ഇതുസംബന്ധിച്ച ആധികാരികപ്രബന്ധം 1878-ൽ പ്രസിദ്ധപ്പെടുത്തി. കമ്പിസന്ദേശപ്രസരണത്തിനുള്ള പല സാങ്കേതികോപകരണങ്ങളും ഗ്രേ കണ്ടുപിടിച്ചു നിർമിച്ചിട്ടുണ്ട്. വെസ്റ്റേൺ ഇലക്ട്രിക് കമ്പനിയുടെ (1869) സ്ഥാപകരായ രണ്ടു പേരിൽ ഒരാളായിരുന്നു അദ്ദേഹം.



അലക്സാണ്ടർ ഗ്രഹാം ബെൽ, ടെലിഫോൺ നിർമാണസംബന്ധമായ പേറ്റൻറ് 1876 ഫെബ്രുവരി 14-ന് അപേക്ഷിച്ച ദിവസം തന്നെ അത്തരം കുത്തകാവകാശദാനത്തിനുള്ള നടപടി നിർത്തിവയ്ക്കുന്നതിനു ഗ്രേ കോടതിയിൽ നിവേദനം നടത്തി. അപേക്ഷയിൽ അതേ പേറ്റൻറിനുള്ള തന്റെ അവകാശവും വ്യക്തമാക്കിയിരുന്നു. മൂന്നു മാസത്തിനുള്ളിൽ അതേ പേറ്റൻറിനുവേണ്ടി താൻ നടപടിയെടുക്കുന്നുണ്ടെന്നും വ്യക്തമാക്കിയിരുന്നു. ആദ്യമായി മനുഷ്യശബ്ദം ഒരു കമ്പിയിലൂടെ കടന്നുപോകുന്നതിനുള്ള സംവിധാനം ഗ്രഹാം ബെൽ സാധിച്ചത്, ഗ്രേ എത്രയോ മുമ്പു നിർമിച്ച ദ്രാവകമുപയോഗപ്പെടുത്തുന്ന മൈക്രോഫോൺ പ്രയോജനപ്പെടുത്തിയായിരുന്നു. ബെല്ലിന്റെ പേറ്റൻറിനുള്ള അപേക്ഷയിൽ ഈ വസ്തുത സൂചിപ്പിച്ചിരുന്നില്ല. മറ്റൊരു 'മെറ്റൽ ഡയഫ്രം' മൈക്രോഫോണും ഗ്രേ എത്രയോ മാസം മുമ്പ് നിർമിച്ചിരുന്നു. യാഥാർഥ്യം ഇങ്ങനെയെല്ലാമായിരുന്നെങ്കിലും വിവാദത്തിൽ ഗ്രഹാം ബെല്ലിന് അനുകൂലമായിട്ടാണു കോടതി തീർപ്പുകല്പിച്ചത്. അതുകൊണ്ടു ബെല്ലിനു പേറ്റൻറ് കിട്ടി.

1880-ൽ ഓബർലിൻ കോളെജിൽ ഗ്രേ പ്രൊഫസറായി. 1901 ജനുവരി 21-ാംതീയതി മാസച്ചുസെറ്റിലെ ന്യൂട്ടൻ വില്ലിയിൽ അന്തരിച്ചു.

ഗ്രേ ഓക്ക്

ഉരുണ്ട തലവാരത്തോടും വലിയ കൊമ്പുകളോടുംകൂടിയ വലിയ പച്ചിലമരം. ശാസ്ത്രീയനാമം : *ക്വാർക്കസ് ഇൻകാന.* സാധാരണയായി 1.2 മീ. മുതൽ 1.8 മീറ്റർ വരെ ചുറ്റളവും 12 മുതൽ 18 മീറ്റർ വരെ ഉയരവും ഉണ്ടാവും. ഇലകൾക്കു പച്ചനിറമാണ്. അടിവശം വെളുത്തിരിക്കും. തൊലി ചാരനിറമോ ചാരംകലർന്ന തവിട്ടുനിറമോ ആയിരിക്കും. നെടുകെയും കുറുകെയും തൊലി വിണ്ടു നീണ്ടതോ ചതുരത്തിലോ ഉള്ള ശല്ക്കങ്ങളായിഅടർന്നുപോകുന്നു. ഹിമാലയത്തിൽ കാണപ്പെടുന്ന ഓക്കുമരമാണിത്. പടിഞ്ഞാറൻ ഹിമാലയത്തിൽ നേപ്പാൾവരെ, സമുദ്രനിരപ്പിൽനിന്ന് 1219 മീ. മുതൽ 2438 മീ. വരെ ഉയരത്തിൽ കണ്ടുവരുന്നു. ഡെറാഡൂണിലെ മോത്രൺവാല ചതുപ്പുനിലങ്ങളിലും (ഉയരം 679 മീ.) ഇതു കാണാം. കുന്നിന്റെ എല്ലാ ചരിവുകളിലും വളരുമെങ്കിലും ഏറ്റവും നല്ല മരങ്ങൾ കാണുന്നതു തണുപ്പുള്ള വടക്കൻ ചരിവുകളിലാണ്. ഒറ്റയ്ക്കും കൂട്ടായും ഇവ വളരുന്നു.

തളിർക്കുന്നത് ഏപ്രിൽ-ജൂൺ മാസങ്ങളിലാണ്. തളിരിന്റെ നിറം ഇളംചെമപ്പാണ്. ഏപ്രിൽ-ജൂലൈ മാസങ്ങളിൽ ഇല കൊഴിയുന്നു. ആൺ 'കാറ്റ്കിനു'കളും (Catkins) പെൺ 'സ്പൈക്കു'കളും (Spikes) പുതിയ കൊമ്പുകളിലാണുണ്ടാവുക. മാർച്ച്-ജൂൺ മാസങ്ങളിൽ പരാഗപതനം നടക്കുന്നു. 'അകോൺ' (Acorn) എന്ന തരത്തിൽപ്പെട്ട കായ്കൾ അടുത്തകൊല്ലം ഡിസംബർ-ജനുവരിയിൽ പഴുക്കുന്നു. ഫെബ്രുവരി-മെയ് മാസങ്ങളിൽ വിത്തു കൊഴിയുന്നു. ഒരു കിലോയിൽ 440 മുതൽ 550 വരെ വിത്തുകളുണ്ടാവും. കരടി, കുരങ്ങ്, വവ്വാൽ, എലി, പക്ഷികൾ മുതലായവയുടെ ഭക്ഷണമാണ് കായ്കൾ.

മുളയ്ക്കലും പ്രാരംഭവളർച്ചയും: ജൂൺ-ജുലായ് മാസങ്ങളിൽ വിത്തു മുളയ്ക്കുന്നു. അതിവർഷം ഉള്ളപ്പോൾ മുളയ്ക്കുകയില്ല. ആവശ്യമായത്ര ചൂടില്ലാത്തതായിരിക്കാം കാരണം. വരൾച്ചയിൽനി



ഗ്രേ ഓക്ക്മരം

ന്നു സംരക്ഷണം ആവശ്യമാണ്. നേരിട്ടു വിത്തു വിതയ്ക്കുകയോ, തൈകൾ പറിച്ചു നടുകയോ ചെയ്യാം. മൂന്നുനാലു കൊല്ലം പ്രായമായ തൈകളാണു നടുന്നത്. തടി വളരെ കടുപ്പമുള്ളതാണ്. പ്രധാനമായും കെട്ടിടനിർമാണത്തിനും വിറകിനും ഉപയോഗിക്കുന്നു.

ഗ്രേഡിയന്റ് (Gradient)

†ചെരിവുമാനം നോക്കുക.

ഗ്രേൻജർ, സ്റ്റ്യൂവർട്ട് (1913—)

ഇംഗ്ലീഷുകാരനായ ചലച്ചിത്രനടൻ. ലണ്ടനിൽ ജനിച്ചു. ഓൾഡ്‌വിക് തിയേറ്റർ നാടകങ്ങളിലാണ് ആദ്യമായി അഭിനയിച്ചത്. പിന്നീടു ചലച്ചിത്ര രംഗത്തെത്തി. *സോ ദിസ് ഇസ് ലണ്ടൻ* (1938) ആണ് ആദ്യത്തെ ചലച്ചിത്രം. താമസിയാതെ ബ്രിട്ടനിലെ അംഗീകൃതനടനായി. എന്നാൽ *കിങ് സോളമൻസ് മൈൻസ്* (1950) എന്ന ചലച്ചിത്രമാണു ഗ്രേൻജറെ ഹോളിവുഡ് നടനാക്കിയത്. ധീരസാഹസികത്വം തികഞ്ഞ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതിലാണ് ഇദ്ദേഹം കൂടുതൽ വിജയിച്ചത്. അഭിനയിച്ച ചിത്രങ്ങളുടെ സംഖ്യ വലുതല്ല. പക്ഷേ തന്റെ എല്ലാ ചിത്രങ്ങളിലും ഗ്രേൻജർ മികച്ച ഭാവാഭിനയം കാഴ്ചവച്ചു. *ദ് മാജിക് ബോ* (1947), *ബ്യൂ ബ്രമ്മൽ* (1954) *നോർത്ത് ടു അലാസ്ക* (1960), *ദ് ലാസ്റ്റ് സഫാരി* (1967) തുടങ്ങിയവയാണു ഗ്രേൻജർ അഭിനയിച്ച മികച്ച ചിത്രങ്ങൾ.

ഗ്രേയ്, തോമസ് (1716—1771)

വിലാപകാവ്യകൃത്തായി പ്രശസ്തിനേടിയ ഇംഗ്ലീഷ്കവി. 1716 ഡിസംബർ 26-നു ജനിച്ചു. ഈറ്റണിൽ വിദ്യാഭ്യാസം നടത്തിയെങ്കിലും ഡിഗ്രി സമ്പാദിക്കാതെ അവിടെനിന്നും പോകേണ്ടിവന്നു. ലാറ്റിൻകവിതകൾ രചിക്കുന്നതിൽ ഇദ്ദേഹം ചെറുപ്പംമുതല്ക്കെ തത്പരനായിരുന്നു. പുരാതനവും ആധുനികവുമായ പല കലാസങ്കേതങ്ങളെയും ഇദ്ദേഹം സ്വായത്തമാക്കി. *'ഓഡ് ഓൺ ദി സ്പ്രിങ്', 'ഓഡ് ഓൺ എ ഡിസ്റ്റന്റ് പ്രോസ്പെക്ട് ഒഫ് ഈറ്റൺ കോളെജ്', 'ഹിമ് ടു അഡ്വേഴ്സിറ്റി'*, തുടങ്ങിയവ ഇദ്ദേഹം രചിച്ചവയാണ്. പക്ഷേ, *'എലിജി റിട്ടൺ ഇൻ എ കൺട്രി ചർച്ച്യാർഡ്'* ആണു ഗ്രേയെ ഏറ്റവും പ്രശസ്തനാക്കിയത്. പിൻഡാരിക് രീതി അവലംബിച്ചുകൊണ്ടാണു പല രചനകളും നടത്തിയത്. വെയിൽഷ് ഭാഷയിൽനിന്നു പല കൃതികളും പരിഭാഷപ്പെടുത്തിയിട്ടുണ്ട്. 1771 ജൂലായ് 30-നു ഗ്രേ അന്തരിച്ചു.

ഇംഗ്ലീഷു കാൽപ്പനികത്വത്തിന്റെ ആദ്യഘട്ടത്തിലെ കവികളിൽ പ്രമുഖനെന്ന നിലയ്ക്ക് ഗ്രേയുടെ കാവ്യസംഭാവനകൾ ഇന്നും ബഹുമാനിക്കപ്പെടുന്നു. സാധാരണ റൊമാന്റിക് കവികളുടെ അതിവൈകാരികത്വത്തെ ഗ്രേയ് തന്റെ മാനസികശിക്ഷണംകൊണ്ടു നിയന്ത്രിച്ചിരുന്നു. "പള്ളിമുറ്റത്തെ വിലാപകാവ്യ"ത്തിന്റെ സ്വാധീനത്തിൽപ്പെടാത്ത വിലാപകാവ്യങ്ങൾ കുറേക്കാലത്തേക്ക് ആരും രചിച്ചിരുന്നില്ല എന്നു പറയാം. മലയാളകവികളെയും ഈ കൃതി സ്വാധീനിച്ചിട്ടുണ്ട്.

ഗ്രേവ്യൂർ അച്ചടി (Gravure printing)

അച്ചടിയിലെ ഒരു നവീന സാങ്കേതികരീതി. റൊട്ടോഗ്രേവ്യൂർ എന്നും ഫോട്ടോഗ്രേവ്യൂർ എന്നുംപറയും. അച്ചടിയിലെ മൗലികമായ നാലുപ്രധാന സാങ്കേതങ്ങളിൽ ഒന്നാണിത്. † ലറ്റർപ്രസ്സ്, †ഓഫ്സെറ്റ്, †സിൽക്ക് സ്ക്രീൻ എന്നിവയാണു മറ്റു സങ്കേതങ്ങൾ.

സാമ്പ്രദായിക അച്ചടിയിൽ (ലറ്റർ പ്രസ്സ്) അച്ചടി നടക്കുന്നതു പൊന്തിനില്ക്കുന്ന അച്ചുകളിൽ ആണ്. ഗ്രേവ്യൂർ രീതിയിൽ അച്ചടി പ്രതലത്തിൽനിന്നു കുഴിഞ്ഞാണ് അച്ചുകൾ വരുന്നത്. ഫോട്ടോഗ്രഫിക് സങ്കേതം ഉപയോഗിച്ചാണ് ഇപ്രകാരം ഗ്രേവ്യൂർ അച്ചടിക്കുവേണ്ട പ്ലേറ്റുകൾ തയ്യാറാക്കുന്നത് (engraving).

ചെമ്പ് പൂശിയതോ, പൊതിഞ്ഞതോ ആയ സിലിൻഡർ പ്ലേറ്റുകളാണു ഗ്രേവ്യൂറിൽ ഉപയോഗിക്കുന്നത്. അച്ചടിക്കേണ്ട 'ആർട്ട്‌വർക്കി'ന്റെ (ലിപികളും ചിത്രങ്ങളും) ഫോട്ടോ പോസിറ്റിവുകൾ, പ്രകാശ സംവേദനക്ഷമമായ (light-sensitized) ഒരു ജലാറ്റിൻ ഷീറ്റിന്റെ (ഇതിനെ 'കാർബൺ ടിഷ്യു' എന്നാണു വിളിക്കുന്നത്) സഹായത്തോടെ പ്ലേറ്റിലേക്കു പകർത്തുന്നു. ആർട്ട്‌വർക്കിലെ'റ്റോണി'ന് ആനുപാതികമായി, പ്ലേറ്റിന്റെ പ്രതലത്തിലുണ്ടാകുന്ന സൂക്ഷ്മകോശങ്ങളുടെ വലിപ്പത്തിലും വ്യത്യാസം ഉണ്ടായിരിക്കും. ഇതനുസരിച്ച് ഈ ഭാഗങ്ങൾ ഉൾക്കൊള്ളുന്ന മഷിയുടെ അളവിലും വ്യത്യാസം വരും. ഇതു സാധ്യമാകുന്നതുകൊണ്ടാണ്, ആർട്ട് വർക്കിലെ 'റ്റോൺവ്യത്യാസങ്ങൾ' അച്ചടിച്ച കടലാസിലും അതേ അനുപാതത്തിൽ പതിയുന്നത്.

ഗ്രേവ്യൂർ അച്ചടിയന്ത്രത്തിൽ പ്ലേറ്റ് സിലിൻഡർ (ഗ്രേവ്യൂർ സിലിൻഡർ) കറങ്ങുമ്പോൾ, അതിൽ മഷി പുരളുന്നു. 'ഡോക്റ്റർ ബ്ലേഡ്' എന്ന പേരുള്ള ഒരു വഴങ്ങുന്ന (flexible) കത്തികൊണ്ടു പ്ലേറ്റിൽ പുരണ്ട മഷി വടിച്ചു നീക്കുമ്പോൾ, അതിലുള്ള സൂക്ഷ്മകോശങ്ങളിൽ മാത്രം മഷി അവശേഷിക്കും. ഗ്രേവ്യൂർ സിലിൻഡറിനോടുചേർന്ന് എതിർദിശയിൽ കറക്കുന്ന ഇമ്പ്രഷൻ സിലിൻഡർ, പ്രത്യേകതരം ബ്ലാങ്കറ്റ് (blanket) കൊണ്ടു പൊതിഞ്ഞിരിക്കും. ഈ രണ്ടു സിലിൻഡറുകൾക്കിടയിലൂടെ കടലാസ് കടന്നുപോകുമ്പോൾ ഇമ്പ്രഷൻ സിലിണ്ടറിലെ ബ്ലാങ്കറ്റ് കടലാസിനെ ഗ്രേവ്യൂർ സിലിൻഡറിലേക്കു മൃദുവായി അമർത്തുകയും പ്ലേറ്റിലെ സൂക്ഷ്മകോശങ്ങളിൽ തങ്ങിനില്ക്കുന്ന മഷി പേപ്പറിൽ പതിയുകയും ചെയ്യുന്നു.

അച്ചടി ഏറ്റവും ആകർഷകമാക്കാൻ സ്വീകരിക്കുന്ന സങ്കേതമാണു ഗ്രേവ്യൂർ രീതി. തരംതാഴ്ന്ന പേപ്പറിലാണ് അടിക്കുന്നതെങ്കിൽപ്പോലും ഈ സങ്കേതമുപയോഗിച്ചാൽ വളരെ മികച്ച നിലവാരത്തിലുള്ള ബഹുവർണ മുദ്രണം സാധ്യമാകും. പ്ലേറ്റ് നിർമാണത്തിലും അച്ചടിയിലും മറ്റു സങ്കേതങ്ങളിൽ ആവശ്യമുള്ളതിനെക്കാൾ ഏറെ ശ്രദ്ധയും സൂക്ഷ്മതയും ഇതിൽ ആവശ്യമാണ്. ഉയർന്നനിലവാരമുള്ള വർണചിത്രങ്ങൾ, കറൻസി തുടങ്ങിയവയുടെ മുദ്രണത്തിനാണു ഗ്രേവ്യൂർ സാങ്കേതികവിദ്യ ഉപയോഗിക്കുന്നത്. ഇല്ലസ്റ്റ്രേറ്റഡ് വീക്കിലി ഒഫ് ഇന്ത്യ ഗ്രേവ്യൂർ സമ്പ്രദായത്തിൽ അച്ചടിക്കുന്ന പ്രസിദ്ധീകരണം ആണ്.

ഗ്രേവ്സ്, റോബർട്ട് (1895—1985)



പണ്ഡിതനും കവിയും നോവലിസ്റ്റും ഗദ്യകാരനും. വിംബിൾഡണിൽ 1895 ജുലായ് 26-ാംതീയതി ജനിച്ചു. ഒന്നാം ലോകമഹായുദ്ധത്തിൽ പങ്കെടുത്തു. 'ഗുഡ്ബൈ ടു ഓൾ ദാറ്റ്' എന്ന പേരിൽ ആത്മകഥ രചിച്ചിട്ടുണ്ട്. യുദ്ധാനന്തരം ഓക്സ്ഫെഡിലെ സെൻറ് ജോൺസ് കോളെജിൽ പഠിച്ചു ഡിഗ്രി നേടി. ദുഃഖാത്മകമായ കവിതകൾ ഇദ്ദേഹത്തിന്റെ പ്രത്യേകതകളാണ്. *'ഐ, ക്ലോഡിയസ്സ്', 'കിങ്ങ് ജീസസ്'* തുടങ്ങിയ ചരിത്രനോവലുകളും അദ്ദേഹത്തിന്റെ വകയായിട്ടുണ്ട്. കവിതകളുടെ ഒരു സമാഹാരവും അദ്ദേഹം രചിച്ചിട്ടുണ്ട്. 1961-ൽ ഓക്സ്ഫെഡിൽ കവിതയുടെ പീഠം (ചെയർ ഒഫ് പോയട്രി) അലങ്കരിക്കാൻ ക്ഷണിക്കപ്പെട്ടു. 1966 വരെ ആ ജോലിയിൽ തുടർന്നു. 1967-ൽ റുബായിയാത്തിന്റെ പരിഭാഷ പ്രസിദ്ധീകരിച്ചു. ഈ പരിഭാഷ ഏറെ വിവാദങ്ങൾക്കു വഴിവച്ചു.

1985 ഡിസംബർ 7-നു ഗ്രേവ്സ് നിര്യാതനായി. ഗ്രേവ്സ് സ്വജീവിതത്തിന്റെ നല്ലൊരു കാലം സ്പെയിനിന്റെ വകയായ മജോർക (Majorca) എന്ന ദ്വീപിലാണു താമസിച്ചിരുന്നത്. നോവലും കവിതയും വിമർശവും ആത്മകഥയും പരിഭാഷയും ഒക്കെക്കൂടി 140-ഓളം വൈവിധ്യമാർന്ന കൃതികൾ രചിച്ചു. ഗ്രേവ്സ് തന്നെ ത്തുന്ന യുവസാഹിത്യകാരന്മാർക്ക് ഉപദേശങ്ങൾ നല്കുന്നതിൽ വളരെ ജാഗരൂകനായിരുന്നു. 90-ാമത്തെ വയസ്സിൽ മരിക്കുമ്പോൾ ആധുനിക ഇംഗ്ലീഷ്സാഹിത്യത്തിന്റെ ആചാര്യന്മാരിലൊരാളായി ബഹുമാനിക്കപ്പെട്ടു.

ഗ്രേഹൗണ്ട് (Greyhound)

വേഗത്തിൽ ഓടാൻ കഴിവുള്ള ഒരിനം നായ്. മണിക്കൂറിൽ 60 കിലോമീറ്റർ വേഗം ഉണ്ട്. ക്രിസ്തുവിന് 3000 വർഷം മുമ്പു പഴക്കമുള്ള ഈജിപ്ഷ്യൻ കൊത്തുപണികളിൽ ഗ്രേഹൗണ്ടിനെ ചിത്രീകരിച്ചിട്ടുണ്ട്.

മെലിഞ്ഞ ശരീരവും നീണ്ട കഴുത്തും തലയും പ്രത്യേകതകളിൽപ്പെടുന്നു. പെൺനായയ്ക്ക് ആൺനായയേക്കാൾ പൊക്കവും ഭാരവും കുറവാണ്. ആൺനായയ്ക്ക് 34 കിലോഗ്രാമോളം ഭാരവും തോൾഭാഗത്ത് 75 സെൻറീമീറ്ററോളം ഉയരവും ഉണ്ട്. പെൺനായയ്ക്കു തോൾഭാഗത്ത് 70 സെൻറീമീറ്ററോളം ഉയരമേ ഉള്ളൂ. ഭാരം 30 കിലോഗ്രാമും. രോമം വളരെച്ചെറുതാണ്. കറുപ്പ്, വെളുപ്പ്, നീല, ചെമപ്പ് എന്നീ നിറങ്ങളിലോ ഇവയുടെ മിശ്രിതരൂപത്തിലോ കണ്ടുവരുന്നു.

നല്ല കാഴ്ചശേഷി ഉള്ളതിനാൽ നൂറ്റാണ്ടുകളായി ഓസ്ട്രേലിയ, അയർലൻഡ്, ഇംഗ്ലണ്ട്, യു.എസ്. എന്നിവിടങ്ങളിൽ നായാട്ടിന് ഉപയോഗിക്കുന്നു. ഓട്ടമത്സരവും നടത്തുന്നുണ്ട്.

ഗ്രേറ്റ് ട്രെക് (Great trek)

ദക്ഷിണാഫ്രിക്കയിലെ കേപ്കോളനിയിൽനിന്ന് 1835-'40 കാലത്ത് ബ്രിട്ടീഷ് അധീശ ഗവൺമെൻറിന്റെ നയങ്ങൾക്കെതിരെ കലാപം ഉയർത്തിക്കൊണ്ട് 12000-ത്തിനും 14000-ത്തിനും മധ്യേ ആഫ്രിക്കാനീർമാർ (യുറോപ്യൻ വംശജരായ ആഫ്രിക്കക്കാർ) പുതിയ വാസസ്ഥലങ്ങൾ തേടി നടത്തിയ ദേശാന്തരയാത്ര. ആഫ്രിക്കൻ ദേശീയതയുടെ തുടക്കം കുറിച്ച ചരിത്രസംഭവമാണിത്. ഈ കുടിയേറ്റക്കാർ രണ്ടായിത്തിരിഞ്ഞു. ഭൂരിപക്ഷം നാറ്റളിലും കുറേപ്പേർ ഹൈവെൻഡിലും പാർപ്പുറപ്പിച്ചു. ദേശവാസികളുടെ സൈനികശക്തിയെ കുതിരകളും തോക്കുകളും ഉപയോഗിച്ച് അവർ നേരിട്ടു. 1838-ൽ നാറ്റളിൻ അവർ സ്ഥാപിച്ച റിപ്പബ്ലിക് അല്പകാലം നിലനിന്നു. 1843-ൽ ബ്രിട്ടീഷുകാർ നാറ്റൾ കൈശവപ്പെടുത്തി. തുടർന്ന് കൂടുതൽ പേർ ഹൈവെൻഡിൽ കുടിയേറിപ്പാർത്തു. ബ്രിട്ടൻ അല്പകാലം ഈ കുടിയേറ്റം ചെറുത്തുവെങ്കിലും 1854-ൽ അവർ ഇവിടത്തെ നിയന്ത്രണം വിട്ടുകൊടുത്തു. വുർട്രെക്കർമാർ എന്നറിയപ്പെട്ടിരുന്ന ഈ ദേശാന്തരയാത്രികർ സ്ഥാപിച്ച സ്വതന്ത്ര റിപ്പബ്ലിക്കുകളായ ഓറഞ്ച് ഫ്രീസ്റ്റേറ്റ് 1854-ലും ദക്ഷിണാഫ്രിക്ക 1860-ലും നിലവിൽവന്നു. ഈ റിപ്പബ്ലിക്കുകളിലെ ദ്വിവർഗസമൂഹത്തിൽ (bi-racial society) അവർ ഭരണാധികാരികളായിത്തീർന്നു.

ഗ്രേറ്റ് ബ്രിട്ടൻ

ഇംഗ്ലണ്ട്, സ്കോട്ട്ലൻഡ്, വെയിൽസ് എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ട ഭൂവിഭാഗം. ഗ്രെയ്റ്റ് ബ്രിട്ടനും ഉത്തര അയർലൻഡും കൂട്ടിച്ചേർത്ത് രൂപവത്കരിച്ച രാഷ്ട്രമാണ് 'യുണൈറ്റഡ് കിങ്ഡം ഒഫ് ഗ്രെയ്റ്റ് ബ്രിട്ടൻ ആൻഡ് നോർത്തേൺ അയർലൻഡ്'. ചുരുക്കപ്പേരായി 'യുണൈറ്റഡ് കിങ്ഡം' (യു.കെ.) എന്നു സ്വീകരിച്ചിരിക്കുന്നു. †യുണൈറ്റഡ് കിങ്ഡം നോക്കുക.

ഗ്രേറ്റ് ലേക്

കമ്പൂച്ചിയയിലെ ടോൺ ലാസപ്പ് എന്ന തടാകത്തിന്റെ ഇംഗ്ലീഷിലുള്ള പേര്. ലോവർ മെക്കാങ്ങിൽ ഉള്ള ഒരു ജലാശയമാണ് ഇത്. മെക്കാങ്ങ് നദിയുമായി 112 കി.മീ. നീളമുള്ള ടോൺ ലാസാപ്പ്നദി മുഖേന ഇതു ബന്ധിക്കപ്പെട്ടിരിക്കുന്നു. ജൂൺ മുതൽ നവംബർ വരെ നീണ്ടുനില്ക്കുന്ന മഴക്കാലത്തു മെക്കാങ്ങ്നദിയിലെ വെള്ളം ഈ ജലാശയത്തിലേക്കു തള്ളിവരും. തന്മൂലം ചുറ്റുപാടുമുള്ള വനപ്രദേശങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാകുന്നു. വേനൽക്കാലത്ത് ഒരു മീറ്റർ മുതൽ മൂന്നു മീറ്റർവരെ ആഴമുള്ള ജലാശയത്തിലെ ജലനിരപ്പു മഴക്കാലത്ത് 9 മീറ്റർ മുതൽ 12 മീറ്റർ·വരെ ഉയരും. വെള്ളം കുറവുള്ള കാലത്ത് ഈ തടാകത്തിലെ വെള്ളം മെക്കാങ് നദിയിലേക്കു വാർന്നുപോകുന്നതുകൊണ്ട് അതു കേവലം ചതുപ്പുപ്രദേശമായി മാറിപ്പോകുന്നു. മഴക്കാലത്ത് ഈ തടാകം ഗതാഗതത്തിനു വളരെ പ്രയോജനപ്പെടുന്നു. വെള്ളം കയറുന്ന വനങ്ങളിൽ ധാരാളം മത്സ്യം വളരുന്നു. വെള്ളം കുറവുള്ള കാലത്തു കമ്പൂച്ചിയയിലെ ഒരു പ്രധാന വരുമാനമാർഗമാണിത്.

ഗ്രേറ്റ് ലേക്സ് (Great Lakes)

അമേരിക്കയുടെയും കാനഡയുടെയും അതിർത്തിപ്രദേശത്തു സ്ഥിതിചെയ്യുന്ന തടാകങ്ങൾ. ലോകത്തിലെ ഏറ്റവും വലിയ ശുദ്ധജലതടാകസമൂഹം. സുപ്പീരിയർ, ഹുറോൺ, മിഷിഗൺ, ഈറി, ഒൺടേറിയോ എന്നീ തടാകങ്ങൾ ഈ സമൂഹത്തിൽപ്പെടുന്നു. സുപ്പീരിയർതടാകം, കാസ്പിയൻ കടൽ കഴിഞ്ഞാൽ കരപ്രദേശത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന ജലാശയങ്ങളിൽ വലിപ്പംകൊണ്ടു രണ്ടാമത്തതാണ്. മിഷിഗൺതടാകം മുഴുവൻ അമേരിക്കൻ പ്രദേശത്താണു സ്ഥിതിചെയ്യുന്നത്. ആകെ 2,46,246 ചതുരശ്രകിലോമീറ്റർ വിസ്തീർണമുള്ളതിൽ 87,607 ച.കി.മീ. കാനഡയിലാണ്. സുപ്പീരിയർതടാകത്തിന്റെ പടിഞ്ഞാറെ അറ്റത്തു സ്ഥിതിചെയ്യുന്ന ഡ്യൂളുത്ത് മുതൽ ഒൺടേറിയോതടാകത്തിന്റെ കിഴക്കെ അറ്റംവരെ 1,856 കി.മീ. തുടർച്ചയായി യാത്രചെയ്യാം.

ഇവിടെനിന്നു സെൻറ്ലോറൻസ് നദിമുഖേന അത്‌ലാന്തിക് സമുദ്രത്തിലേക്കു പോകാവുന്നതാണ്. ഈ തടാകങ്ങളെ തോടുകൾമുഖേന ബന്ധിപ്പിച്ചിരിക്കുന്നു. വർഷത്തിൽ ഏഴെട്ടുമാസക്കാലം വൻതോതിൽ കപ്പൽഗതാഗതം നടക്കുന്നു. കടൽത്തീരത്തുനിന്നും വിട്ടാൽ ഇത്രയും ഉള്ളിലോട്ടു മറ്റെങ്ങും കപ്പൽ പ്രവേശിക്കയില്ല. ശേഷിച്ച കാലത്തു കൊടുങ്കാറ്റ് ഉണ്ടാകുന്നതിനാൽ ഗതാഗതം കുറവാണ്. ഇരുമ്പയിർ, ധാന്യം, ഉരുക്ക്, നിർമിതവസ്തുക്കൾ തുടങ്ങിയവയാണു കയറ്റിറക്കു നടത്തുന്നവ.

17-ാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ ഫ്രെഞ്ചുവ്യാപാരികളാണ് ഈ വൻതടാകങ്ങൾ ആദ്യമായി കണ്ടുപിടിച്ചത്. ഈ പ്രദേശത്തെ രോമം സമ്പാദിക്കുന്നതിനുവേണ്ടി ഇംഗ്ലീഷുകാരും ഫ്രെഞ്ചുകാരും തമ്മിലുള്ള സമരങ്ങൾ ഏറെക്കാലം നീണ്ടുനിന്നു. 1812-ലാണ് ഒത്തുതീർപ്പുണ്ടായത്. ഈ തടാകങ്ങൾ സ്ഥിതിചെയ്യുന്ന പ്രദേശത്തു പലതരത്തിലുള്ള വ്യവസായങ്ങൾ വൻതോതിൽ നടക്കുന്നു.

ഗ്രോട്ട്‌വോൾ, ഓട്ടോ (1894—1964)

ജെർമൻ ജനാധിപത്യറിപ്പബ്ലിക്കിലെ ആദ്യത്തെ പ്രധാനമന്ത്രി. 1894 മാർച്ച് 14-ാം തീയതി ജനിച്ചു. പ്രസ്സ് തൊഴിലാളിയായിരിക്കവെ 1908-ൽ സോഷ്യലിസ്റ്റു യുവജനസംഘടനയിലും 1912-ൽ സോഷ്യൽ ഡെമോക്രാറ്റിക്ക് പാർട്ടിയിലും ചേർന്നു. ഒന്നാം ലോകയുദ്ധത്തിലെ പരാജയത്തിനുശേഷം 1918 നവംബറിൽ ജെർമനിയിൽ നടന്ന വിപ്ലവത്തിൽ ഗ്രോട്ട്‌വോൾ പ്രധാന പങ്കുവഹിച്ചു. ജന്മസ്ഥലമായ ബ്രോൺസ്ഷ്വീഗിൽ തൊഴിലാളികളുടെയും പട്ടാളക്കാരുടെയും പ്രതിനിധികളുടെ കൗൺസിൽ രൂപവത്കരിക്കുന്നതിൽ ഇദ്ദേഹം മുൻകൈയെടുത്തു.

1920-ൽ ഇദ്ദേഹത്തെ ബ്രോൺസ്ഷ്വീഗിലെ പ്രാദേശിക നിയമസഭയിലേക്കും പിന്നീടു ജെർമൻ പാർലമെൻറിലേക്കും തിരഞ്ഞെടുത്തു. 1923-ൽ ഗ്രോട്ട്‌വോൾ ബ്രോൺസ്ഷ്വീഗിലെ സോഷ്യൽ-ഡെമോക്രാറ്റിക് ഗവൺമെൻറിലെ ആഭ്യന്തര-വിദ്യാഭ്യാസ-നീതിന്യായകാര്യങ്ങളുടെ ചുമതല വഹിക്കുന്ന മന്ത്രിയായി. 1925-ൽ ജന്മസ്ഥലത്തെ സോഷ്യൽ ഡെമോക്രാറ്റിക് സംഘടനയുടെ നേതാവായി തിരഞ്ഞെടുക്കപ്പെട്ടു.

നാസിസർവാധിപത്യത്തിൻെറ ഇരുണ്ടകാലത്തു പലതവണ ഹിറ്റ്‌ലറുടെ രഹസ്യപ്പോലീസ് ഗ്രോട്ട്‌വോളിനെ അറസ്റ്റുചെയ്ത് 'രാജ്യദ്രോഹ'ക്കുറ്റം ചുമത്തി ശിക്ഷിച്ചു. ഓരോ തവണ ജയിൽവിമുക്തനായപ്പോഴും അദ്ദേഹം നാസിവിരുദ്ധരഹസ്യപ്രവർത്തനങ്ങൾ തുടർന്നുനടത്തി. 1944-ൽ നാസികളുടെ പിടിയിൽ നിന്നു കഷ്ടിച്ചു രക്ഷപ്പെടുകയാണുണ്ടായത്.

1945-ൽ ചെമപ്പുസേന ബർലിൻ മോചിപ്പിച്ചു. അതോടുകൂടി ജെർമനിക്കു പുതിയ ചരിത്രമുണ്ടായി. കഴിഞ്ഞകാലത്തെ ആപത്തുകൾ ആവർത്തിക്കാൻ പാടില്ലെന്നുവാദിച്ച തൊഴിലാളിനേതാക്കന്മാരിൽ ഒരാളായിരുന്നു ഗ്രോട്ട്‌വോൾ. 1946 ഏപ്രിൽ മാസത്തിൽ കമ്യൂണിസ്റ്റ്-സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികൾ ഒന്നായിച്ചേർന്നു സോഷ്യലിസ്റ്റു യൂണിറ്റി പാർട്ടി എന്ന പുതിയ പാർട്ടി രൂപവത്കരിച്ചു. പാർട്ടിയുടെ ആദ്യത്തെ രണ്ട് അധ്യക്ഷന്മാരിലൊരാളായിരുന്നു ഗ്രോട്ട്‌വോൾ.

1949 ഒക്റ്റോബറിൽ രൂപംകൊണ്ട ജെർമൻ ജനാധിപത്യ റിപ്പബ്ലിക്കിലെ ഒന്നാമത്തെ പ്രധാനമന്ത്രിയായി ഗ്രോട്ട്‌വോൾ. 70-ാമത്തെ വയസ്സിൽ 1964 സെപ്റ്റംബർ 21-ാം തീയതി മരിക്കുന്നതുവരെ ആ സ്ഥാനത്തു തുടർന്നു.

ഗ്രോമിക്കോ, ആന്ദ്രേ ആന്ദ്രയേവിച്ച്
(1909-   )

സോവിയറ്റ് നയതന്ത്രവിദഗ്ധനും രാജ്യതന്ത്രജ്ഞനും. 1909 ജൂലൈ 6-ന് റഷ്യയിൽ ജനിച്ചു. കാർഷിക-ധനശാസ്ത്രസംബന്ധമായ ഉപരിപഠനങ്ങൾക്കും ഗവേഷണങ്ങൾക്കും ശേഷം 1939-ൽ വിദേശകാര്യാലയത്തിലെ അമേരിക്കൻ വിഭാഗത്തിൻെറ തലവനായി. അതേവർഷംതന്നെ വാഷിംഗ്ടണി (ഡി.സി.)ലെ എംബസിയിൽ ലിത്വിനോവിൻെറ കീഴിൽ കൗൺസിലറായും നിയമിക്കപ്പെട്ടു. 1943 മുതൽ '46 വരെ അമേരിക്കയിലെ സോവിയറ്റ് അംബാസിഡറായും ക്യൂബയിലെ മിനിസ്റ്റർ ആയും സേവനമനുഷ്ഠിച്ചു. 1946 മുതൽ '48 വരെ ഐക്യരാഷ്ട്രസഭയുടെ സെക്യൂരിറ്റി കൗൺസിലിലെ സ്ഥിരം സോവിയറ്റ് പ്രതിനിധിയായിരുന്നു.

ഇവിടെവച്ച് തുടർച്ചയായ വീറ്റോപ്രയോഗവും സെക്യൂരിറ്റി കൗൺസിലിൽ ഇറാനെ സംബന്ധിച്ച നിർണായകമായ ചർച്ചകൾ നടന്നിരുന്നപ്പോഴത്തെ (1946) നാടകീയമായ യോഗബഹിഷ്കരണവും മറ്റും മൂലം ഗ്രോമിക്കോ ലോകത്തിൻെറ ശ്രദ്ധയാകർഷിച്ചു. 1949-ൽ ആദ്യത്തെ ഡെപ്യൂട്ടി വിദേശകാര്യമന്ത്രിയായി നിയമിതനായി. 1952-ൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രകമ്മിറ്റിയിൽ അംഗത്വം ലഭിച്ചു. 1952 മുതൽ '53 വരെ ഗ്രേറ്റ് ബ്രിട്ടനിലെ സോവിയറ്റ് അംബാസിഡറായിരുന്നു. 1953-ൽ ചീഫ് ഡെപ്യൂട്ടി വിദേശകാര്യമന്ത്രിയും 1957-ൽ സോവിയറ്റ് വിദേശകാര്യമന്ത്രിയും ആയി. പോളിറ്റ്ബ്യൂറോയിൽ ഫുൾ മെമ്പറായത് 1973-ലാണ്. 1983-ൽ കൗൺസിൽ ഒഫ് മിനിസ്റ്റേഴ്സിലെ ഒന്നാം ഡെപ്യൂട്ടി ചെയർമാനായി. 1985-ൽ ഗെർബച്ചേവ് സോവ്യറ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ തലവനായപ്പോൾ ഗ്രോമിക്കോ പ്രസിഡൻറ് സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. സോവിയറ്റ് വിദേശനയത്തിൻെറ വിവിധ ഘട്ടങ്ങളിലൂടെ നിരപായമായി കടന്നുപോന്ന ഒരു നേതാവെന്ന നിലയിൽ ഗ്രോമിക്കോവിൻെറ വ്യക്തിപരമായ വിജയവും നയതന്ത്രവൈദഗ്ധ്യവും പ്രശംസിക്കപ്പെട്ടിരുന്നു. 1988-ൽ ഗെർബച്ചേവ് പ്രസിഡൻറായപ്പോൾ ഗ്രോമിക്കോവ് ഉദ്യോഗത്തിൽനിന്നു വിരമിച്ചു.

ഗ്രോവ്, സർ വില്യം റോബർട്ട് (1811–1896)

ഇംഗ്ലീഷ് ഭൗതികശാസ്ത്രജ്ഞനും ന്യായാധിപനും. 1811 ജൂലായ് 11-ാം തീയതി ഗ്ലാമോർഗനിലെ സ്വാൻസി എന്ന സ്ഥലത്ത് ജനിച്ചു. ബാല്യകാലവിദ്യാഭ്യാസം സ്വകാര്യാധ്യാപകരിൽ നിന്നായിരുന്നു. പിന്നീട് ഓക്സ്ഫെഡിലെ ബ്രാസെനോസ് കോളെജിലെ വിദ്യാഭ്യാസത്തിനുശേഷം 'ലിങ്കൺസ് ഇന്നി'ൽചേർന്നു നിയമപഠനം നടത്തി. 1835-ൽ അഭിഭാഷകനായി പ്രാക്റ്റീസ് ആരംഭിച്ചു. അനാരോഗ്യംമൂലം നിയമരംഗത്തുനിന്നു വിട്ട ഗ്രോവ് പിന്നീടു ശാസ്ത്രരംഗത്തേക്കു തിരിഞ്ഞു. ലണ്ടൻ ഇൻസ്റ്റിറ്റ്യൂട്ടിൽ ഭൗതികശാസ്ത്രത്തിൽ പ്രൊഫസറായിരിക്കുമ്പോൾ (1840–'47) ഒരു പ്രസംഗസമയത്ത് വൈദ്യുതപ്രകാശത്തിനുവേണ്ടി ഇദ്ദേഹം സ്വയംനിർമിച്ച പ്ലാറ്റിനം സിങ്ക് ബാറ്ററി ഉപയോഗിക്കുകയുണ്ടായി. ശാസ്ത്രത്തിലേക്കുള്ള ഗ്രോവിൻെറ വരവ് കണ്ടുപിടുത്തത്തിൻെറ കുത്തകാവകാശങ്ങളെക്കുറിച്ചുള്ള പല നിയമങ്ങളും പ്രയോഗത്തിൽകൊണ്ടുവരുന്നതിനു സഹായിച്ചിട്ടുണ്ട്. 1871-ൽ 'കോർട്ട് ഒഫ് കോമൺ പ്ലീസി'ലെ ജഡ്ജിയായി നിയമിക്കപ്പെട്ടു. 1872-ൽ ബ്രിട്ടീഷ്ഗവൺമെൻറ് 'സർ' സ്ഥാനം നല്കി ബഹുമാനിച്ചു. 1887-ൽ ഉദ്യോഗത്തിൽനിന്നു വിരമിച്ചശേഷം വീണ്ടും ശാസ്ത്രപഠനത്തിലേക്കു ശ്രദ്ധതിരിച്ചു.

ഊർജസംരക്ഷണതത്വത്തെ പ്രാമാണികമായി പ്രസ്താവിക്കുന്ന ഇദ്ദേഹത്തിൻെറ *ഓൺ ദ കോറിലേഷൻ ഒഫ് ഫിസിക്കൽ ഫോഴ്സസ്* (1846) ഊർജത്തെ സംബന്ധിക്കുന്ന അമൂല്യഗ്രന്ഥമാണ്. ഒരു തന്മാത്രയിൽ അണുവിന് സംഭവിക്കുന്ന താപവിഷയകമായ വിഘടനത്തെക്കുറിച്ചു നടത്തിയ പരീക്ഷണം ഇദ്ദേഹത്തിൻെറ മറ്റൊരു പ്രധാനനേട്ടമാണ്.

ഗ്രോഷസ്, ഹ്യൂഗോ (1583–1645)

നിയമപണ്ഡിതൻ, രാജ്യതന്ത്രജ്ഞൻ, കവി, ദൈവശാസ്ത്രജ്ഞൻ, ചരിത്രകാരൻ, ഭാഷാശാസ്ത്രപണ്ഡിതൻ എന്നീ നിലകളിലെല്ലാം പ്രസിദ്ധിനേടിയ ഡച്ചുകാരൻ. പതിന്നാലുവയസ്സു മാത്രം പ്രായമുള്ളപ്പോൾ ഓർലിൻസ് സർവകലാശാലയിൽനിന്ന് നിയമബിരുദം സമ്പാദിച്ചുകൊണ്ട് അഭിഭാഷകവൃത്തി ആരംഭിച്ചു. ഫ്രാൻസിലെ രാജാവായിരുന്ന ഹെന്റി നാലാമൻ ഗ്രോഷസിൻെറ സിദ്ധികൾകണ്ട് അദ്ഭുതപ്പെട്ട് 'ഹോളണ്ടിൻെറ മിറക്കിൾ' എന്നു വിളിച്ചു. 1613-ൽ രാഷ്ട്രീയത്തിൽ പ്രവേശിച്ചു. 1615-ലെ മതപരവും രാഷ്ട്രീയവുമായ വിപ്ലവത്തിനിടയ്ക്ക് ബന്ധനസ്ഥനാക്കപ്പെട്ടു. 1621-ൽ തടവുചാടി പാരീസിലേക്ക് പലായനം ചെയ്തു.

ഫ്രാൻസിൽ കഴിച്ചുകൂട്ടിയ ദശവത്സരകാലഘട്ടത്തിലാണ് 'ഡി ജൂറെ ബെല്ലൈ അൽ പസീസ്' (യുദ്ധത്തിൻെറയും സമാധാനത്തിൻെറയും നിയമം) എന്ന സുപ്രസിദ്ധ ഗ്രന്ഥം എഴുതിയത്. മനുഷ്യവർഗത്തിൻെറ എല്ലാ നിയമവും (സ്വകാര്യനിയമം, ശിക്ഷാനിയമം, വ്യവസ്ഥാപിതനിയമം, സാർവലൗകികനിയമം) നാലു പ്രാഥമികതത്ത്വങ്ങളിൽ അധിഷ്ഠിതമാണെന്ന് അദ്ദേഹം സമർഥിച്ചു. 1. രാഷ്ട്രങ്ങളും വ്യക്തികളും അന്യോന്യം ആക്രമിക്കരുത്. 2. രാഷ്ട്രങ്ങളും വ്യക്തികളും മറ്റു രാഷ്ട്രങ്ങളുടെയോ വ്യക്തികളുടെയോ ആയ ഒന്നുംതന്നെ കൈവശപ്പെടുത്തരുത്. 3. രാഷ്ട്രങ്ങളും വ്യക്തികളും ഉടമ്പടികളെയോ സന്ധികളെയോ അവഗണിച്ചു പ്രവർത്തിക്കരുത്. 4. രാഷ്ട്രങ്ങളും വ്യക്തികളും കുറ്റം ചെയ്യരുത്. ഈശ്വരഹിതത്തിൽനിന്ന് ഉദ്ഭൂ

തമായ പ്രകൃതിനിയമത്തിൽ ഈ നാലു തത്ത്വങ്ങളും അടങ്ങിയിട്ടുണ്ട് എന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.

1631-ൽ ഗ്രോഷസ് ഹോളണ്ടിലേക്കു തിരിച്ചുപോയി. ഈസ്റ്റിൻഡീസിലെ ഗവർണർ ജനറൽ പദം വാഗ്ദാനം ചെയ്യപ്പെട്ടെങ്കിലും അദ്ദേഹം അതു നിരസിച്ചു. ഹോളണ്ടിൽ തുടർന്നു താമസിക്കുന്നതിന് അനുവാദം നിഷേധിക്കപ്പെട്ടതിനാൽ 1632-ൽ ഹാംബൂർഗിലേക്കു പോയി. 1634-ൽ സ്വീഡന്റെ ഫ്രാൻസിലെ സ്ഥാനപതി എന്ന ഉദ്യോഗം സ്വീകരിച്ചു പത്തുവർഷത്തിനുശേഷം സ്വീഡൻ സന്ദർശിച്ചു മടങ്ങവെ സഞ്ചരിച്ചിരുന്ന കപ്പൽ കാറ്റിൽപ്പെട്ട് കരയ്ക്കുറയ്ക്കുകയും റോസ്റ്റോക്കിൽവച്ച് ഗ്രോഷസ് മരണമടയുകയും ചെയ്തു.

ജീവിതത്തിന്റെ അവസാനത്തെ പത്തുവർഷം ഭാഷാശാസ്ത്രം, ദൈവശാസ്ത്രം, ചരിത്രം എന്നിങ്ങനെ വിവിധ ശാഖകകളിൽ ഗ്രന്ഥങ്ങൾ രചിക്കന്നതിൽ വ്യാപൃതനായിരുന്നു. അതോടൊപ്പംതന്നെ വിവിധ ക്രിസ്തുമതവിഭാഗങ്ങളെ ഏകോപിപ്പിക്കുന്നതിനും വളരെയേറെ ശ്രമിച്ചു.

ബോദാൻ പറഞ്ഞതരത്തിലുള്ള സർവാധിപത്യത്തിന് അനുകൂലിയല്ലായിരുന്നു ഗ്രോഷസ്. ഭരണകർത്താവിന്റെ പരമാധികാരത്തിന് ഈശ്വരനിയമത്തോടും അന്താരാഷ്ട്രനിയമങ്ങളോടും മാത്രമല്ല വിധേയത്വമുള്ളതെന്നും ഭരണാധികാരിയും ഭരണീയരും തമ്മിലുള്ള ഉടമ്പടികൾകൂടി മാനിക്കപ്പെടണമെന്നും ഇദ്ദേഹം പറഞ്ഞു. സ്വേച്ഛാധികാരമുള്ള രാജവാഴ്ചയെ ഗ്രോഷസ് അനുകൂലിച്ചില്ലെങ്കിലും ക്രമസമാധാനങ്ങൾ പാലിക്കുന്നതിന് ജനായത്ത ഭരണസമ്പ്രദായം സമർഥമാകുമോ എന്ന് ഇദ്ദേഹത്തിന് സന്ദേഹമുണ്ടായിരുന്നു. എപ്രകാരമുള്ള ഭരണം വേണമെന്ന് നിശ്ചയിക്കാൻ ജനങ്ങൾക്ക് അധികാരമുണ്ട്. പക്ഷേ, ഒരിക്കൽ നിശ്ചയിച്ചുകഴിഞ്ഞാൽ ആ ഗവൺമെന്റിന്റെ ആജ്ഞകൾ അനുസരിക്കാൻ അവർ ചുമതലപ്പെട്ടവരാണ് എന്നായിരുന്നു ഇദ്ദേഹത്തിന്റെ പക്ഷം.

ഗ്രൗൺട്, ജോൺ (1620—1674)

ഇംഗ്ലീഷ് സാംഖ്യികജ്ഞൻ. ജനസംഖ്യാശാസ്ത്ര(demography)ത്തിന്റെ ഉപജ്ഞാതാവ് എന്ന് ഇദ്ദേഹത്തെ വിശേഷിപ്പിക്കാറുണ്ട്. ലണ്ടൻ നഗരത്തിലെ ജനസംഖ്യയെ അപഗ്രഥിച്ചുകൊണ്ട് ഇദ്ദേഹം എഴുതിയ ഗ്രന്ഥം സർ വില്യം പെറ്റിക്കും, എഡ്മണ്ഡ് ഹാലിക്കും പ്രയോജനകരമായിട്ടുണ്ട്.

ഒരു ചെറുകിടക്കച്ചവടക്കാരനായിരുന്ന ഗ്രൗൺടിന്റെ വ്യാപാരം 1666-ലെ തീപിടിത്തത്തിൽ നശിച്ചുപോയി. പിന്നീടു നഗരസഭയിലും സൈന്യത്തിലും സേവനം അനുഷ്ഠിച്ചു. മരണനിരക്കിനെപ്പറ്റിയാണ് ആദ്യം ഇദ്ദേഹം എഴുതിയത്. മരണകാരണങ്ങൾ അനുസരിച്ച് ഇദ്ദേഹം മരണനിരക്കിനെ വിശദീകരിച്ചപ്പോൾ ജനസംഖ്യയുടെ അമിതത്വം മരണകാരണങ്ങളിൽ ഒന്നായി ഗണിച്ചു. നഗരത്തിൽ മരണനിരക്കു ഗ്രാമങ്ങളിലെക്കാൾ കൂടുതലാണെന്ന് കണ്ടെത്തി. പുരുഷജനന നിരക്കു സ്ത്രീജനനനിരക്കിനെക്കാൾ ഉയർന്നതാണെന്നും പറഞ്ഞു. എന്നാൽ പുരുഷമരണനിരക്കിലുള്ള വർധന കാരണം ഈ അസന്തുലിതത്വം പരിഹരിക്കപ്പെടുന്നു. ആയുർദൈർഘ്യത്തെക്കുറിച്ചും വിലപ്പെട്ട നിരീക്ഷണങ്ങൾ ഇദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

ഗ്വാ

ഗ്വാം

ഉത്തരശാന്തസമുദ്രത്തിൽ മറിയാന കിടങ്ങിനു പടിഞ്ഞാറു കിടക്കുന്ന മറിയാന (അഥവാ ലാഡ്രോൺസ്) ദ്വീപസമൂഹത്തിലെ ഏറ്റവും വലിയതും ഏറ്റവും തെക്കേതുമായ ദ്വീപ്. (13° 20' വ: 144° 35' കി.). യു.എസിൻെറ കൈവശമാണ്. വിസ്തൃതി 541 ച. കി. മീറ്റർ. ജനസംഖ്യ 1,09,000 (1984). അഗാനയാണു തലസ്ഥാനം. മലമ്പ്രദേശമാണ് അധികവും. തീരപ്രദേശങ്ങൾ മിക്കവാറും സമതലങ്ങളാണ്. ഇടയ്ക്കിടെ കൊടുങ്കാറ്റുണ്ടാകും. ഭൂകമ്പം സാധാരണമാണ്. ഉൾപ്രദേശത്ത് ഇടതിങ്ങിയ വനങ്ങളുണ്ട്. ഷാമോറോ എന്ന മൈക്രോനേഷ്യൻ ഭാഷയാണ് കൂടുതൽ പ്രചാരത്തിലിരിക്കുന്നതെങ്കിലും ചിലരൊക്കെ ഇംഗ്ലീഷും സ്പാനിഷും സംസാരിക്കുന്നു. സമതലങ്ങളിൽ സാമാന്യം നല്ല കൃഷിയുണ്ട്. ചോളം, നെല്ല്, മധുരക്കിഴങ്ങ്, കൊക്കോ, പപ്പായ, വാഴ, കൈതച്ചക്ക, കാപ്പി, നാരകം, മാവ്, ശീമപ്ലാവ്, കരിമ്പ്, പുകയില എന്നിവയാണ് പ്രധാന വിളകൾ.


1521-ൽ മെഗല്ലൻ ഗ്വാംദ്വീപിൽ കപ്പലിറങ്ങിയ സ്ഥലം.

പ്രസിഡൻറ് നിയമിക്കുന്ന സൈനികഗവർണറാണ് ഭരണം നടത്തുന്നത്. 1521-ൽ ഫേഡിനൻഡ് മഗെല്ലനാണ് ഈ ദ്വീപുകൾ കണ്ടുപിടിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. കുറച്ചുകാലം സ്പെയിനിൻെറ കൈവശമായിരുന്നുഇത്.രണ്ടാം ലോകയുദ്ധത്തിനുശേഷമാണ് യു.എസ്. പിടിച്ചെടുത്തത്. അതിനുശേഷം ഉത്തരശാന്തസമുദ്രത്തിലെ ഒരു പ്രധാന പ്രതിരോധ താവളമായി യു.എസ്. ഇതിനെ കരുതിവരുന്നു. അഗാനയ്ക്കടുത്ത് ഒരു അന്തർദേശീയ വിമാനത്താവളമുണ്ട്.

ഗ്വാഡിലൂപ്പ്

വെസ്റ്റ് ഇൻഡീസിൽ ചേർന്ന ലീവേർഡ് ദ്വീപസമൂഹത്തിലുള്ള ഫ്രെഞ്ച് ഓവർസീസ് പ്രവിശ്യ. ഡൊമിനിക്കദ്വീപിൽനിന്നു 40 കി.മീറ്റർ വടക്കായും മോൺട്സെറാത്തിൽനിന്നു 50 കി.മീറ്റർ തെക്കുകിഴക്കായും (16° 15' വടക്കും 61° 35' പടിഞ്ഞാറും) സ്ഥിതിചെയ്യുന്നു.

വിസ്തൃതി 1779 ച.കി.മീറ്റർ. ബാസെടെറെ, ഗ്രാൻഡിടെറേ എന്നിങ്ങനെ ജനനിബിഡമായ രണ്ടു ദ്വീപുകൾ ഉൾപ്പെട്ടതാണു ഗ്വാഡിലൂപ്പ്. പുറമെ 297 ച.കി.മീറ്റർ വരുന്ന ഏതാനും ദ്വീപുകൾ ഇതിൻെറ ആശ്രിതപ്രദേശങ്ങളായുണ്ട്.

1493-ൽ തൻെറ രണ്ടാമത്തെ യാത്രയ്ക്കിടയിൽ കൊളംബസ് ആണ് ഗ്വാഡിലൂപ്പ് കണ്ടുപിടിച്ചത്. എന്നാൽ, 1635-ൽ മാത്രമേ യൂറോപ്യന്മാർ വാസം ആരംഭിച്ചുള്ളു. അന്ന് 550 ഫ്രെഞ്ചുകാർ അവിടെ താമസമാക്കി. 1664-ൽ ഫ്രെഞ്ച് വെസ്റ്റ് ഇന്ത്യാ കമ്പനി സ്ഥാപിക്കപ്പെട്ടു. 18-ാം നൂറ്റാണ്ടിൻെറ ഉത്തരാർധത്തിലും 19-ാം നൂറ്റാണ്ടിൻെറ ആദ്യത്തിലും ഉണ്ടായ ആംഗ്ലോ-ഫ്രെഞ്ച് യുദ്ധങ്ങളിൽ പലപ്പോഴും ഗ്വാഡിലൂപ്പ് ബ്രിട്ടീഷുകാർ ആക്രമിക്കുകയും പിടിക്കുകയും ചെയ്തിട്ടുണ്ട്. 1815-ൽ ബ്രിട്ടൺ ഫ്രെഞ്ചുകാർക്ക് ഈ സ്ഥലം തിരിച്ചുകൊടുത്തു. കരിമ്പ്, കാപ്പി, നേന്ത്രവാഴ എന്നിവ ഇവിടെ കൃഷിചെയ്യുന്നു. 6 മുതൽ 16വരെ പ്രായത്തിലുള്ളവർക്കു വിദ്യാഭ്യാസം നിർബന്ധമാണ്. 90 ശതമാനമാണ് ഇവിടത്തെ സാക്ഷരത.

ബാസെടെറെ ആണു തലസ്ഥാനം. ഫ്രെഞ്ച് ഗവൺമെൻറിൻെറ കീഴിലുള്ള ഒരു ജില്ലയായിത്തന്നെയാണ് ഇപ്പോൾ ഈ വിദൂരദ്വീപ് കരുതപ്പെടുന്നത്. ഫ്രെഞ്ച് സെനറ്റിൽ ഗ്വാഡിലൂപ്പിന് രണ്ടു പ്രതിനിധികളുണ്ട്; നാഷനൽ അസംബ്ലിയിൽ മൂന്നു പ്രതിനിധകളും. ജനസംഖ്യ 3,26,000 (1984).

ഗ്വാത്തെമാലെ

ഒരു മധ്യ അമേരിക്കൻ രാജ്യം. മധ്യ അമേരിക്കയിലെ ആറു റിപ്പബ്ലിക്കുകളിൽ ഏറ്റവും വടക്കെ അറ്റത്തുള്ള ഗ്വാത്തെമാലെ വലിപ്പത്തിൽ മൂന്നാമത്തെതും ജനസംഖ്യയിൽ ഒന്നാമത്തെതും ആണ്. മധ്യ അമേരിക്കൻ രാജ്യങ്ങളിൽവച്ചു പ്രാചീന ജനവർഗം ഏറ്റവും കൂടുതൽ ശതമാനം (45%) വസിക്കുന്നത് ഇവിടെയാണ് മായാസംസ്കാരത്തിൻെറ സംരക്ഷകരാണ് ഇവർ. വിസ്തൃതി 108899 ച. കി മീറ്റർ. ജനസംഖ്യ 81,95,000 (1986).

ഭൂപ്രകൃതി. മൂന്നിൽ രണ്ടു ഭാഗവും മലകളാണ്. അഗ്നിപർവതങ്ങൾ ധാരാളമുണ്ട്. ഇവയിൽ പ്രധാനം 33 എണ്ണമാണ്. രണ്ടെണ്ണം ഇപ്പോഴും സജീവമാണ്. സിയേറാ മാഡ്രെ പർവതനിരകൾക്കു 2438 മുതൽ 3048 മീ. വരെ മിക്കയിടത്തും ഉയരമുണ്ട്. രണ്ടു തടാകങ്ങളും മൊട്ടാഗുവ, പോളോചിക്ക്, സാർസ്റ്റൂൺ എന്നീ മൂന്നു പ്രധാന നദികളുമുണ്ട്. പസഫിക്ക് തീരത്തോടടുത്ത് 320 കി.മീറ്റർ നീളത്തിലും 48 കി. മീ. വീതിയിലും സമതലപ്രദേശങ്ങളുണ്ട്.

കാലാവസ്ഥ. ഉഷ്ണമേഖലയിൽ സ്ഥിതിചെയ്യുന്ന ഈ രാജ്യത്തിലെ കാലാവസ്ഥയ്ക്കു വളരെ വൈവിധ്യമുണ്ട്. മെയ് മുതൽ ഒക്റ്റോബർ വരെ മഴക്കാലവും നവംബർ മുതൽ ഏപ്രിൽ വരെ വേനൽക്കാലവും ആണ്.

ജനങ്ങൾ. ജനസംഖ്യയിൽ 45 ശതമാനം അമേരിന്ത്യാക്കാരാണ്. ലാഡിനോകൾ എന്നറിയപ്പെടുന്ന സങ്കരവർഗക്കാർ അമ്പതു ശതമാനത്തിലധികം വരും. നീഗ്രോകളും വെള്ളക്കാരും വളരെ കുറച്ചേയുള്ളൂ. തദ്ദേശവാസികൾ ആറ് മുഖ്യ ഗ്രൂപ്പുകളിൽപ്പെട്ട 20 ഭാഷകൾ സംസാരിക്കുന്നു. ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 75.3 ആണ്.

പ്രകൃതിവിഭവങ്ങൾ. ഗ്വാത്തെമാലെയുടെ ആകെ വിസ്തൃതിയിൽ 65 ശതമാനവും വനങ്ങളാണ്. കടുപ്പമുള്ള മരങ്ങൾ ഇവിടെ വളരുന്നു. ഇവയിൽനിന്നു മരസാമാനങ്ങളും പശയും ഔഷധങ്ങളും ചായങ്ങളും മറ്റും നിർമിക്കുന്നു. വിറകിനും കരിക്കും ഈ മരങ്ങൾ ധാരാളമായി ഉപയോഗിക്കുന്നുണ്ട്.

സ്വർണം, വെള്ളി, ഈയം, നാകം, ചെമ്പ്, ക്രോമിയം, ബിസ്മത്ത് എന്നിവയാണ് ഖനിജങ്ങൾ. ആൻറിമണി, ഇരുമ്പ്, കൽക്കരി തുടങ്ങിയവ കുഴിച്ചെടുക്കാൻ ആവുമെന്നു തെളിഞ്ഞിട്ടുണ്ട്.

വിവിധതരത്തിലുള്ള പൂക്കളുണ്ടാവുന്ന അനേകം ചെടികൾ ഇവിടെയുണ്ട്. ധാരാളം മൃഗങ്ങളെയും കണ്ടുവരുന്നു. പ്യൂമ, ജാഗ്വാർ, കുരങ്ങ്, തപ്പിർ, പെക്കുറി, കാട്ടുപന്നി, കുറുക്കൻ, ആർമെഡില്ലോ, ചെറുകരടി, മാൻ, മുയൽ എന്നിവയാണു സാധാരണ കണ്ടുവരുന്ന ജന്തുക്കൾ. 900-ത്തിലധികം ജാതി പക്ഷികളും ഗ്വാത്തെമാലെയിൽ ഉണ്ട്. പാമ്പുകളും ചിത്രശലഭങ്ങളും ധാരാളമുണ്ട്.



ഗ്വാത്തെമാലെയിലെ
ഗവൺമെൻറ് മന്ദിരം.



കൃഷിയും വ്യവസായവും. 3/4 ഭാഗം ജനങ്ങളുടെയും ഉപജീവനമാർഗം കൃഷിയാണ്. കാർഷികോത്പന്നങ്ങളാണ് കയറ്റുമതിയുടെ 95 ശതമാനവും. വ്യവസായങ്ങൾക്ക് ആവശ്യമുള്ള അസംസ്കൃത പദാർഥങ്ങളിൽ നല്ലൊരു പങ്ക് കൃഷിയിൽനിന്നു ലഭിക്കുന്നു. പ്രധാന കാർഷികോത്പന്നങ്ങൾ കാപ്പിയും ധാന്യവും പയറുവർഗങ്ങളുമാണ്. പഞ്ചസാര, കിഴങ്ങ്, പഴങ്ങൾ, പച്ചക്കറികൾ, പുകയില എന്നിവയും കൃഷിചെയ്യപ്പെടുന്നു. വാഴപ്പഴം, കാപ്പി, കൊക്കോ എന്നിവയാണു കയറ്റുമതികളിൽ മുഖ്യം. കാലിവളർത്തലും അഭിവൃദ്ധിപ്പെട്ടുവരുന്നു. രോമവ്യവസായത്തിന് ആടുകളെയും വളർത്തുന്നുണ്ട്.

ഗവൺമെൻറ്. 1945 മാർച്ച് 11-നുണ്ടാക്കിയ ഭരണഘടന അനുസരിച്ച് ഗ്വാത്തെമാലെയിൽ ആറുവർഷത്തേക്കു പ്രസിഡൻറിനെ തിരഞ്ഞെടുക്കുന്നു. ഒരിക്കൽ തിരഞ്ഞെടുത്ത ആളിനു 12 വർഷത്തിനു

ഗ്വാത്തെമാലെയിലെ
ഒരു ഗ്രാമീണവാദ്യോപകരണം

ശേഷമേ വീണ്ടും പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെടുന്നതിന് അർഹതയുള്ളൂ. നാഷനൽ കോൺഗ്രസിനാണു നിയമനിർമാണാധികാരം. ഈ സഭയിലേക്കുള്ള പ്രതിനിധികളെ നാലുവർഷത്തേക്കു തിരഞ്ഞെടുക്കുന്നു. അരലക്ഷം ജനങ്ങൾക്ക് ഒരു പ്രതിനിധി എന്നാണ് കണക്ക്. ഭരണത്തിൽ പ്രസിഡൻറിനെ സഹായിക്കുവാൻ ഒരു മന്ത്രിസഭ ഉണ്ട്.

കോൺഗ്രസാണ് സുപ്രീംകോടതിയെയും മറ്റ് അപ്പീൽ കോടതികളെയും നിയമിക്കുന്നത്. കീഴ്ക്കോടതികളെ സുപ്രീംകോടതി നിശ്ചയിക്കുന്നു. ഡിപ്പാർട്ടുമെൻറ് എന്നറിയപ്പെടുന്ന പ്രവിശ്യകളുടെ ഭരണത്തിനു ഗവർണർമാരെ പ്രസിഡൻറ് നിയമിക്കുന്നു. മേയർമാരെയും മറ്റും ജനങ്ങൾ തിരഞ്ഞെടുക്കുന്നു. 18 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീക്കും പുരുഷനും വോട്ടവകാശമുണ്ട്. 1982-ൽ പട്ടാളവിപ്ലവത്തിലൂടെ ബ്രിഗേഡിയർ ജനറൽ ഓസ്കർ വിക്ടോറസ് അധികാരത്തിൽ വന്നു. 1984-ൽ തിരഞ്ഞെടുപ്പ് നടന്നു.

വിദ്യാഭ്യാസം. 6-നും 14-നും മധ്യേ പ്രായമുള്ളവർക്കു വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാണ്. 1981-ലെ കണക്കനുസരിച്ച് 49 ശതമാനം പേരും നിരക്ഷരരാണ്. നിരക്ഷരത്വം നീക്കം ചെയ്യുവാനും മായൻസംസ്കാരം പ്രത്യുദ്ധരിക്കുവാനും പ്രത്യേകശ്രമങ്ങൾ നടന്നുവരുന്നു. പതിനെട്ടിനും അമ്പതിനും ഇടയ്ക്കു പ്രായമുള്ളവർക്ക് രണ്ടു കൊല്ലത്തെ സൈനികസേവനം നിർബന്ധമാണ്.

നഗരങ്ങൾ. ഏഴരലക്ഷം ജനങ്ങൾ വസിക്കുന്ന (1981-ലെ സെൻസസ്) തലസ്ഥാനമായ ഗ്വാത്തെമാലെയാണ് മധ്യഅമേരിക്കയിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള നഗരം. 1483 മീറ്റർ ഉയരത്തിലായി ഈ പട്ടണം സ്ഥിതിചെയ്യുന്നു. ക്വസാൽടെനാൻഗോ, ആൻറിഗ്വാ എന്നിവയാണ് മറ്റു പട്ടണങ്ങൾ.

ഗതാഗതം. 480 കി. മീറ്റർ നീളമുള്ള ഇൻറർ അമേരിക്കൻ ഹൈവേയുണ്ട്. വിമാനസർവീസുകളും ധാരാളമുണ്ട്. ഏതു വലിയ വിമാനത്തിനും ഇറങ്ങുവാൻ കഴിയുന്നതാണ് ലാ അറോറ വിമാനത്താവളം. 603 കി.മീ.നീളത്തിൽ തീവണ്ടിപ്പാതയും 18000 കി.മീ.നീളത്തിൽ റോഡും ഇവിടെയുണ്ട്.

ഗ്വാനിഡീൻ (Guanidine)

ഒരു ഓർഗാനിക് സംയുക്തം.

ഘടന



അമിനൊമെഥനമീഡിൻ (aminomethanamidine), ഇമിനൊയൂറിയ (imino urea) എന്നിവ രാസിക നാമങ്ങൾ. ബീറ്റ്റൂട്ട് പഞ്ചസാരയിലും ചില പയർവർഗച്ചെടികളുടെ വിത്തുകളിലും കാണപ്പെടുന്നു. ഗ്വാനിൻ എന്ന സംയുക്തത്തിൻറെ ഓക്സീകരണം മൂലമാണ് ആദ്യം ഉണ്ടാക്കിയത്. അതാണ് ഗ്വാനിഡീൻ എന്ന പേര് ലഭിച്ചത്.

സയനമൈഡും അമോണിയം ക്ലോറൈഡുമായി ചൂടാക്കി ഇതുണ്ടാക്കാം.

$$NH_2\ CN + NH_4Cl \rightarrow (NH_2)_2\ C{=}NH.HCl$$

ആർദ്രീഭാവസ്വഭാവമുള്ള പരലുകളായി കാണപ്പെടുന്നു. ഉരുകൽനില 50°C. ശക്തിയേറിയ ഒരു ക്ഷാരമാണിത്. ഗ്വാനിഡീൻ ഘടനയുടെ അനുനാദമാണിതിനു കാരണം. വായുവിൽ തുറന്നുവച്ചിരുന്നാൽ സ്വതന്ത്രബേസ് അതിൻറെ ഹൈഡ്രജൻ കാർബണേറ്റായി മാറുന്നു. നൈട്രോഗ്വാനിഡീൻ സ്ഫോടകസ്വഭാവം കാണിക്കുന്നു. ഗ്വാനിഡീനിൻറെ ഒരു വ്യുത്പന്നമായ ആർജിനിൻ എന്ന അമിനൊ അമ്ലം ഒരു ഗ്വാനിഡീൻ വ്യുത്പന്നമാണ്. സൾഫാഗ്വാനിഡീൻ ഒരു സൾഫാ മരുന്നാണ്.

ഗ്വായാക്കോൾ (Guaiacol)

ഓർഗാനിക് സംയുക്തം. ഒരു കാറ്റിക്കോൾ ഈഥർ. ഓർഥൊഹൈഡ്രോക്സിഅനിസോൾ (O-hydroxyanisole) എന്ന് രാസനാമം.

ഘടന



ബീച്ച് മരത്തിൻറെ ടാറിലടങ്ങിയിരിക്കുന്നു. അതിൽനിന്നും ആംശികസ്വേദനം വഴി വേർതിരിച്ചെടുക്കാം. ഓർഥൊഅനിസീഡിനിൽനിന്നും താഴെ കൊടുക്കുന്ന രാസപ്രവർത്തനം വഴി സംശ്ലേഷണം നടത്താം.



സുഗന്ധമുള്ള ഖരമാണിത്. ഉരുകൽനില 32° C. തിളനില 205°C. ഗ്വായാക്കോളിൽനിന്നും വ്യാവസായികമായി വാനിലിൻ എന്ന സുഗന്ധവസ്തു ഉണ്ടാക്കുന്നു.

ഗ്വാളിയർ

മധ്യപ്രദേശിലെ ഒരു ജില്ലയും ആ ജില്ലയുടെ തലസ്ഥാന നഗരവും. ഇതൊരു നാട്ടുരാജ്യമായിരുന്നു. ഇപ്പോൾ മധ്യപ്രദേശ് സംസ്ഥാനത്തെ ശീതകാലകേന്ദ്രം. ഇവിടത്തെ പ്രസിദ്ധമായ കോട്ട എ.ഡി.525-ന് മുമ്പ് സൂരജ് എന്നയാൾ ഗ്വാളിപ എന്ന മഹർഷിയുടെ നാമധേയത്തിൽ പണികഴിപ്പിച്ചതാണെന്ന് വിശ്വസിക്കപ്പെടുന്നു. ശിലാരേഖകളനുസരിച്ച് ഈ കോട്ട 'ഗോപഗിരി' അല്ലെങ്കിൽ ഗോപാദ്രി എന്ന വാക്കിൽനിന്നുണ്ടായതാണ്. പില്ക്കാലത്ത് ഇത് ഗ്വാളിയറായി മാറി. ഈ കോട്ടയെ ആദ്യമായി കീഴടക്കിയത് 6-ാം നൂറ്റാണ്ടിൽ ഹൂണരുടെ തലവനായിരുന്ന 'തൊരമാനനും' അദ്ദേഹത്തിൻറെ പുത്രനായ മിഹിരകുലനും ആണ്. ഒമ്പതാം നൂറ്റാണ്ടിൽ അതു കനൂജിലെ ഗുർജരപ്രതീഹാര രാജാവായ ഭോജൻറെ കൈവശത്തിലായി. പിന്നീട് രാജപുത്രരുടെതായിത്തീർന്ന ഈ രാജ്യം 1196-ൽ കുത്തബുദ്ദീൻ പിടിച്ചെടുത്തെങ്കിലും 1210-ൽ തിരിച്ചുകിട്ടി. പക്ഷേ, 1232-ൽ സുൽത്താൻ ഇൽതുമിഷ് തിരിച്ചുപിടിച്ചു. വീണ്ടും രാജപുത്രർ 1398-ൽ പിടിച്ചെടുത്തു. 1518വരെ അവരുടെ കൈയിലായിരുന്നു.



ഗ്വാളിയറിലെ
മാൻസിങ്കൊട്ടാരം

1518-ൽ ഇബ്രാഹിം ലോദിയും 1526-ൽ ബേബറും ഈ രാജ്യം കൈവശപ്പെടുത്തി. 1542-ൽ അതു ഷേർഷയ്ക്കു കിട്ടി. 1558-ൽ അക്ബർ തിരിച്ചെടുത്തു. 1751-ൽ അത് മഹാരാഷ്ട്രന്മാർ പിടിച്ചെടുത്തു. 1771-ൽ ആ നഗരത്തെ സിന്ധ്യാരാജവംശം തലസ്ഥാനമാക്കി മാറ്റി. 1781-ൽ ബ്രിട്ടീഷ് പട്ടാളം കീഴടക്കിയെങ്കിലും തിരിച്ച് അവർക്കു തന്നെ കൊടുത്തു. 1857-ൽ അത് സ്വാതന്ത്ര്യസമരയോദ്ധാക്കളുടെ കൈയിലായെങ്കിലും സർ ഹ്യൂറോസ് തിരിച്ചുപിടിച്ചു. ഝാൻസി ഡിസ്ട്രിക്റ്റിനു പകരം ബ്രിട്ടീഷുകാർ ഈ രാജ്യം സിന്ധ്യാരാജവംശത്തിനു വീണ്ടും കൊടുത്തു. ഇന്ത്യ റിപ്പബ്ലിക്കാകുന്നതുവരെ ഇതു സിന്ധ്യയുടെ അധീനത്തിലായിരുന്നു. 1956 നവംബർ ഒന്നാം തീയതിയാണ് മധ്യപ്രദേശിൽ ലയിച്ചത്.

ഗ്വാളിയർ ഡിസ്ട്രിക്റ്റിന്റെ വിസ്തൃതി 5214 ച.കി.മീറ്റർ. ജനസംഖ്യ 11,07,879 (1981). 1966-ൽ സ്ഥാപിതമായ ജിവാജി യൂണിവേഴ്സിറ്റിയുടെ കീഴിൽ മെഡിക്കൽ കോളെജുകളും എൻജിനിയറിംഗ് കോളെജുകളും കാർഷികകോളെജും ഉൾപ്പെടെ അനേകം കോളെജുകളുണ്ട്.

ഗ്വാളിയർ നഗരത്തിൽ പ്രശസ്തമായ പല കൊട്ടാരങ്ങളുമുണ്ട്. മാൻസിങ് കൊട്ടാരം, കരൻ കൊട്ടാരം, ജഹാംഗിരി കൊട്ടാരം, ഷാജഹാൻ കൊട്ടാരം, ജയ് വിലാസ് കൊട്ടാരം എന്നിവ ശില്പഭംഗിയിൽ മികച്ചുനില്ക്കുന്നു. മാൻസിങ് കൊട്ടാരത്തിലെ രണ്ടു നിലകൾ ഭൂമിയുടെ വിതാനത്തിൽനിന്നു താഴെയാണ്. ചൂടുള്ള കാലത്തും ഇവിടെ തണുപ്പനുഭവപ്പെടുന്നു.

ഗ്വാളിയർ റയോൺസ്, മാവൂർ

റയോൺഗ്രേഡ് പൾപ്പുണ്ടാക്കുന്ന ഒരു സ്വകാര്യ ഫാക്ടറി. ബിർളാ ഗ്രൂപ്പ് നടത്തുന്ന ഗ്വാളിയർ റയോൺസ് എന്ന കമ്പനിയുടെ ഒരു ഘടകമാണിത്. 1963-ൽ ഇവിടെ ഉത്പാദനം ആരംഭിച്ചു. 72000 ടൺ പൾപ്പാണ് ഈ ഫാക്ടറിയുടെ വാർഷികോത്പാദനശേഷി. പൾപ്പ് നിർമാണത്തിന് ആവശ്യമായ മുളയും യൂക്കാലിപ്റ്റസും കേരള ഗവൺമെന്റ് ഈ ഫാക്ടറിക്കു ചുരുങ്ങിയവിലയ്ക്കു നൽകിപ്പോന്നു.

29 കോടി രൂപയാണ് ഈ ഫാക്ടറിയുടെ മുതൽമുടക്ക്. 1984-ൽ 3200 ജീവനക്കാർ ഈ ഫാക്ടറിയിലുണ്ടായിരുന്നു. 84-85-ൽ ഗ്വാളിയർ റയോൺസ്, മാവൂർ 21 കോടി രൂപയുടെ പൾപ്പ് വിറ്റഴിച്ചു.

1985 മുതൽ തൊഴിൽത്തർക്കത്തെത്തുടർന്ന് ഈ ഫാക്ടറി പൂട്ടിയിട്ടു. ദീർഘകാലത്തെ പ്രക്ഷോഭത്തിനും സമ്മർദങ്ങൾക്കുംശേഷം 1988 നവംബറിൽ വീണ്ടും തുറന്നു പ്രവർത്തനമാരംഭിച്ചു.

ഗ്വില്ലമിൻ റോജർ (1924-)

അമേരിക്കൻ ശരീരശാസ്ത്രജ്ഞൻ. ശരീരശാസ്ത്രത്തിനും വൈദ്യത്തിനും ഉള്ള 1977-ലെ നൊബേൽസമ്മാനം ആൻഡ്രൂ ഷാലി, റോസലിൻ യാലോ എന്നിവരോടൊപ്പം പങ്കിട്ടു.

1924 ജനുവരി 11-ാം തീയതി ഫ്രാൻസിലുള്ള ഡിജോണിൽ ജനിച്ചു. ഡിജോൺ, ലൈമൺ, മോൺറിയൽ എന്നീ സർവകലാശാലകളിൽ പഠനം പൂർത്തിയാക്കി. 1953 മുതൽ 1970 വരെ ഹൂസ്റ്റണിലും ടെക്സാസിലും വൈദ്യശാസ്ത്രം പഠിപ്പിച്ചു. 1970 മുതൽ 'സാൽക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബയോളജിക്കൽ സ്റ്റഡീസി'ൽ ഗവേഷണ പ്രൊഫസറായി. 1963-ൽ അമേരിക്കൻ പൗരത്വം സ്വീകരിച്ചു. നൊബേൽസമ്മാനത്തിനുപുറമെ 'ആൽബർട്ട് ലാസ്ക്കർ' അവാർഡും (1975), 'നാഷനൽ മെഡൽ ഒഫ് സയൻസ്' അവാർഡും (1977) ഇദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്.

പ്രമേഹം, കുടൽവ്രണം മുതലായ രോഗങ്ങൾക്കു ചികിത്സിക്കാനുപയോഗിക്കുന്ന ഒരു പ്രത്യേകതരം ഹോർമോൺ (Somatostation) കണ്ടുപിടിച്ചതാണു ശാസ്ത്രലോകത്ത് ഇദ്ദേഹത്തിന്റെ മഹത്തായ നേട്ടം.

ഗ്വെഥെ (1749-1832)

ജെർമൻ ഭാഷയിലെ ഏറ്റവും പ്രമുഖകവിയും സാഹിത്യകാരനും ദാർശനികനും. മുഴുവൻപേര് യോഹൻ വോൾഫ്ഗാങ് ഫോൺ ഗ്വെഥെ. ഇദ്ദേഹത്തിന്റെ കൃതികൾ ജെർമൻ പതിപ്പിൽ 143 വാല്യമുണ്ട് (1887). ആദ്യത്തെ അമേരിക്കൻ പതിപ്പ് 14 വാല്യം (1902) ആയിരുന്നു (ബോസ്റ്റൺ). വിശ്വസാഹിത്യരംഗത്തെ ഒരു അനശ്വര പ്രതിഭയായി ഗ്വെഥെ പരിഗണിക്കപ്പെടുന്നു. 1749 ഓഗസ്റ്റ് 28-ാം തീയതി ജെർമനിയിലെ ഫ്രാങ്ക്ഫുർട്ട് നഗരത്തിൽ ജനിച്ചു. പിതാവു യോഹൻ കാസ്പർ ഗ്വെഥെ പ്രഗല്ഭനായ അഭിഭാഷകനും ഇംപീരിയൽ കൗൺസിലിലെ അംഗവുമായിരുന്നു. ഫ്രാങ്ക് ഫുർട്ടിലെ ന്യായാധിപന്റെ മകൾ കാതറൈൻ എലിസബത്ത് ടെക്സ്റ്റോറാണു മാതാവ്.

സർവകലാശാലയിൽ ചേരുന്നതുവരെ വീട്ടിൽവച്ചുതന്നെയായിരുന്നു വിദ്യാഭ്യാസം. വളരെ ചെറുപ്പത്തിൽത്തന്നെ ജെർമൻ, ലാറ്റിൻ, ഗ്രീക്ക്, ഇറ്റാലിയൻ എന്നീ ഭാഷകളിൽ ഗ്വെഥെ പ്രാവീണ്യം നേടി. ഏഴാമത്തെ വയസ്സിൽ കവിതയെഴുത്തു തുടങ്ങി. 1759-ൽ ഫ്രാങ്ക്ഫുർട്ട് കീഴടക്കിയ ഫ്രെഞ്ച് സേനാനായകൻ തോറേൺപ്രഭു ഗ്വെഥെയുടെ ഗൃഹത്തിൽ താമസമാക്കാനിടയായി. ഇക്കാലത്തു ഫ്രെഞ്ചു നാടകകലയും ചിത്രമെഴുത്തുമായി പരിചയപ്പെടാൻ ഗ്വെഥെയ്ക്ക് അവസരം ലഭിച്ചു. നാടകരചനയിലേക്ക് ശ്രദ്ധ തിരിച്ചുവിട്ടത് ഈ സംഭവമാണ്. 1765-ൽ ലീപ്സീഗ് സർവകലാശാലയിൽ നിയമവിദ്യാർഥിയായി ചേർന്നു. പക്ഷെ, നിയമപഠനത്തിലല്ല, കലാസപര്യയിലാണു മുഖ്യമായും ഗ്വെഥെ സമയം ചെലവിട്ടത്. ധാരാളം കവിതകളും നാടകങ്ങളും ഇക്കാലത്ത് എഴുതി. സംഗീതം, നൃത്തം, വാൾപ്പയറ്റ് എന്നീ കലകളിലെല്ലാം പരിശീലനം നേടി.



ഇക്കാലത്തു നേരിട്ട ഒരു പ്രണയനൈരാശ്യം ഇദ്ദേഹത്തെ വ്രണിതഹൃദയനും രോഗഗ്രസ്തനുമാക്കി. വിദ്യാഭ്യാസം പൂർത്തിയാക്കാതെ ഫ്രാങ്ക്ഫുർട്ടിലേക്കു തിരിച്ചുപോന്നു. കുറെക്കാലം മിസ്റ്റിസിസത്തിന്റെയും ഇന്ദ്രജാലത്തിന്റെയും ഉപാസകനായി കഴിഞ്ഞുകൂടി. 1770-ൽ സ്ട്രാസ്ബുർഗ് സർവകലാശാലയിൽ ചേർന്നു നിയമപഠനം പുനരാരംഭിച്ചു. മതചിന്തകനും, ദാർശനികനും വാഗ്മിയും സാഹിത്യകാരനുമായ ഹേർഡറെ ഇവിടെവച്ചു കണ്ടുമുട്ടി. ഷേക്സ്പിയർകൃതികളുമായും ശാകുന്തളം, ഹിതോപദേശം തുടങ്ങിയ ഭാരതീയ കൃതികളുമായും പരിചയപ്പെടുവാനുള്ള അവസരം ഹെർഡറാണുണ്ടാക്കിക്കൊടുത്തത്. 1771-ൽ സ്ട്രാസ്ബുർഗിൽനിന്നു ഗ്വെഥെ ഡോക്ടറേറ്റ് നേടി. നാലുകൊല്ലത്തിലേറെ ഫ്രാങ്ക്ഫുർ

ട്ടിൽ അഭിഭാഷകനായിരുന്നു ചാർലോട്ടി ബഫ് എന്ന ഭർതൃമതിയായ യുവതി ഗ്വെഥെയുടെ ജീവിതത്തിലേക്കു കടന്നുവന്നത് ഇക്കാലത്താണ്. ആ പ്രണയബന്ധത്തിന്റെ ഫലമാണു 'യുവാവായ വെർതറുടെ ദുഃഖങ്ങൾ' (The sorrows of young Werther) എന്ന വിഖ്യാതനോവൽ.

1775-ൽ വൈമാറിലെ രാജാവായ 'കാൾ ഓഗസ്റ്റി'ന്റെ മന്ത്രിസഭയിൽ അംഗമായി. പ്രഗല്ഭനായ ഭരണകർത്താവ് എന്ന ബഹുമതിമുദ്രയും പ്രഭുപദവിയും സമ്പാദിച്ചു. 1786-ൽ ഇറ്റലി സന്ദർശിച്ചു. വൈമാറിൽവച്ചു പ്രായത്തിൽ ഏറെ മൂപ്പുള്ള വിവാഹിതയായ ചാർലോട്ടി ഫോൺ സ്റ്റെയ്ൻ പ്രഭ്വിയുമായുടലെടുത്ത പ്രേമബന്ധം വളരെ വർഷങ്ങൾ നിലനിന്നു. ഒട്ടേറെ കൃതികൾക്കു പ്രേരകമാവുകയുംചെയ്തു. ഇക്കാലത്തു കലകളിൽ ഉണ്ടായിരുന്നതിനെക്കാൾ താത്പര്യം ശാസ്ത്രവിഷയങ്ങളിലായിരുന്നു. ഊർജതന്ത്രം, രസതന്ത്രം, സസ്യശാസ്ത്രം, ശരീരഘടനാശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ ഗവേഷണങ്ങൾ നടത്തി. 39-ാമത്തെ വയസ്സിൽ 'ക്രിസ്റ്റ്യേൻ വാൾപ്പിയസ്' എന്ന ധനികയുവതിയുമായി ദാമ്പത്യബന്ധത്തിലേർപ്പെട്ടു. അവരിൽ അദ്ദേഹത്തിന് ഒരു മകൻ ജനിച്ചു-ഓഗസ്റ്റ് ഗ്വെഥെ. ക്രിസ്റ്റ്യേൻ വാൾപ്പിയസ്സിനെ നിയമപരമായി വിവാഹം കഴിക്കുന്നതു പിന്നെയും കുറെക്കാലം കഴിഞ്ഞിട്ടാണ്-1806-ൽ. ഫ്രെഞ്ചുവിപ്ലവകാലത്ത് ഗ്വെഥെ പടക്കളത്തിലിറങ്ങി. വിപ്ലവത്തെ ചെറുത്തുവെങ്കിലും അദ്ദേഹത്തിന്റെ അനുഭാവം വിപ്ലവസേനയോടായിരുന്നു. 1794-ൽ നാടകകൃത്തും നിരൂപകനുമായ ഷില്ലറെ പരിചയപ്പെട്ടു. ഷില്ലറുമായുള്ള സൗഹൃദം ഗ്വെഥെയുടെ സൗന്ദര്യസിദ്ധാന്തങ്ങൾക്കു തീക്ഷ്ണത നല്കാൻ സഹായിച്ചു. കാല്പനിക പ്രക്ഷോഭത്തെ പൂർണമായി അംഗീകരിച്ചില്ലെങ്കിലും കാല്പനികസാഹിത്യകാരന്മാരുടെ വിദേശസാഹിത്യാഭിമുഖ്യത്തെ ഇദ്ദേഹം പ്രോത്സാഹിപ്പിച്ചു. ആ സൗഹൃദം ഷില്ലറുടെ മരണംവരെ നീണ്ടുനിന്നു. 1808-ൽ നെപ്പോളിയൻ ചക്രവർത്തിയുമായും 1812-ൽ പ്രസിദ്ധ സംഗീതജ്ഞനായ ബിഥോവനുമായും പരിചയപ്പെട്ടു. 1824-ൽ തോമസ് കാർലൈലുമായി സൗഹൃദം സ്ഥാപിച്ചു. 1832 മാർച്ച് 22-ാം തീയതി 82-ാമത്തെ വയസ്സിൽ ഗ്വെഥേ അന്തരിച്ചു.

കൃതികൾ. *പാപത്തിലെ പങ്കാളികൾ, ഗോഡ്സ് ഫോൺ ബർലിഷിംഗൻ, ക്ലാവിഗോ സ്റ്റെല്ലാ, ഇഫിജീനിയ, ടാസ്സോ, എഗ്മോണ്ട്, ഡോക്ടർ ഫൗസ്റ്റ്, ഹെലീന* ഇവയാണു ഗ്വെഥെയുടെ നാടകങ്ങളിൽ പ്രധാനപ്പെട്ടവ. *ദ് സോറോസ് ഓഫ് യങ് വെർതർ, വിൽഹെം മെയ്സ്റ്റർ, വിൽഹെം മെയ്സ്റ്ററുടെ യാത്രകൾ* തുടങ്ങിയവയാണു പ്രധാനപ്പെട്ട നോവലുകൾ. ഇവയ്ക്കു പുറമെ ഏതാനും ഗാനനാടകങ്ങളും പ്രഹസനങ്ങളും ദാർശനികഗ്രന്ഥങ്ങളും കാവ്യകൃതികളും രചിച്ചിട്ടുണ്ട്. *ഹെർമനും ഡൊറോത്തിയും* എന്നതാണു കാവ്യകൃതികളിൽ മുൻപന്തിയിൽ നില്ക്കുന്നത്. ഷില്ലറുമായി കൂട്ടുചേർന്ന് ഒരു മുക്തകസമാഹാരവും കുറെ വീരാപദാനകവിതകളും രചിച്ചിട്ടുണ്ട്. സാഹിത്യസൃഷ്ടികൾക്കു പുറമെ വർണസിദ്ധാന്തത്തെപ്പറ്റിയും മനുഷ്യന്റെ ശരീരഘടനയെപ്പറ്റിയും മറ്റും ശാസ്ത്രഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഗ്വെഥെയുടെ ജീവിതത്തിന്റെ ആകെത്തുകയാണു † ഡോക്ടർ ഫൗസ്റ്റ് എന്ന നാടകം. വിശ്വസാഹിത്യത്തിലെ അനർഘരത്നങ്ങളിൽ ഒന്നാണ് ഈ കൃതി. തീവ്രവികാരങ്ങളുടെയും കരകാണാത്ത ആശയങ്ങളുടെയും ഒരു അലകടലാണു ഫൗസ്റ്റ്. വിശകലനങ്ങൾക്കും നിർവചനങ്ങൾക്കും അതീതമാണ് ഈ നാടകത്തിന്റെ അന്തസ്സത്ത. ഒരു കണ്ണാടിയിലെന്നപോലെ ഈ നാടകത്തിൽ മനുഷ്യന്റെ ആന്തരികജീവിതമെന്ന ശാശ്വതപ്രശ്നത്തെ പൂർണമായി പ്രതിഫലിപ്പിച്ചിരിക്കുന്നു.

ഗ്വെഥെ വൈരുധ്യങ്ങളുടെ ഒരു സമാഹാരമാണ്. ഇന്ദ്രിയവിധേയത്വം ഒരു വശത്ത്; അതീന്ദ്രിയജീവിതത്തിലേക്കു പറന്നുചെല്ലാനുള്ള വ്യഗ്രത മറുവശത്ത്. സന്മാർഗനിയമങ്ങളോടുള്ള പുച്ഛം ഒരുവശത്ത്; അവയെ പാലിക്കുവാനുള്ള ആവേശം മറുവശത്ത്; സാധാരണക്കാരന്റെ ജീവിതനിലവാരം ഉയർത്തുവാനുള്ള ആഗ്രഹം ഉള്ളിന്റെയുള്ളിൽ; യാഥാസ്ഥിതികത്വം പുറത്ത്. ഇന്നു മതത്തിൽ വിശ്വസിക്കും; നാളെ സംശയാലു ആയിരിക്കും. വിശാലമായ മനുഷ്യസ്നേഹം ഒരുവശത്ത്; മാനുഷികബന്ധങ്ങളിൽനിന്നു പലായനംചെയ്യാനുള്ള വാസന മറുവശത്ത്. ചിന്തകനും അപഗ്രഥനപടുവുമായ ശാസ്ത്രജ്ഞനാണ്. പക്ഷെ, വികാരജീവിയായ കലാകാരനുമാണ്. ദ്വന്ദ്വങ്ങൾ തമ്മിലുള്ള അവിരാമമായ ഈ സംഘട്ടനമാണ് ഇദ്ദേഹത്തിന്റെ കൃതികൾക്കു ശാശ്വതികത്വം നല്കുന്നത്. നരവംശം നിലനില്ക്കുന്ന കാലത്തോളം ഇത്തരം സംഘട്ടനവും നിലനില്ക്കും. ദ്വന്ദ്വങ്ങളുടെ സംഘട്ടനത്തിലൂടെ ശാശ്വതശാന്തി (മോചനം) നേടുക-അതാണ് ഓരോ മനുഷ്യന്റെയും ലക്ഷ്യം. കലാകാരനായ ഗ്വെഥെ ആ ലക്ഷ്യത്തിലെത്തുന്നുണ്ടെന്നു 'ഡോക്ടർ ഫൗസ്റ്റ്' തെളിയിക്കുന്നു.

ഗ്വെർണിക്ക

സ്പെയിനിന്റെ വടക്കൻ മേഖലയിൽപെടുന്ന ബാസ്ക് സ്വയംഭരണദേശത്ത് ബിൽബാവോ (Bilbao) യ്ക്ക് വടക്കുകിഴക്ക് സ്ഥിതിചെയ്യുന്ന ഒരു ചെറിയ പട്ടണം. ഗ്വെർണിക്ക വൈ ലൂനോ (Guernica Y Luno) എന്നാണ് പൂർണനാമം. ബിസ്കോ ഉൾക്കടൽ തീരത്തുള്ള റിയോ ഡിപ്ലെൻസിയ (Rio de Plencia) ബാസ്കു പുരോഹിതപ്രമാണിമാരുടെ പവിത്രസങ്കേതത്തിന്റെ പുരാതന തലസ്ഥാനമായിരുന്നു. പിറണീസ് മലകളിൽ, ഫ്രെഞ്ച്-സ്പാനിഷ് അതിർത്തിയുടെ ഇരുവശങ്ങളിൽ വസിക്കുന്ന ഇവരുടെ പൂർവികർ ക്രിസ്തുവിന് രണ്ടായിരം വർഷംമുമ്പ് ഏഷ്യാമൈനറിൽനിന്നു കുടിയേറിപ്പാർത്തവരായിരിക്കണമെന്നു കരുതപ്പെടുന്നു. അവരുടെ പ്രതീകം ഓക്കുമരമാണ്. ഈ മരത്തിന്റെ തണലിലായിരുന്നു, ബാസ്കുകളുടെ പാരമ്പര്യനാട്ടുകൂട്ടങ്ങൾ(batzarraks) കൂടിയിരുന്നത്. സ്വകീയങ്ങളായ ആചാരമര്യാദകളും വിശ്വാസപ്രമാണങ്ങളും ഇവർക്കുണ്ടായിരുന്നു. ഏറ്റവും വലിയ സവിശേഷത അവരുടെ †'യൂസ്കാര' (Euskara)-എന്ന ഭാഷ ആണ്. 1366-ൽ ടെല്ലോ പ്രഭു (Count Tello) ഗ്വെർണിക്കയെ ഒരു സ്വതന്ത്ര സ്വയംഭരണകേന്ദ്രമാക്കി. ആ നില, 1882 വരെ തുടരുകയും ചെയ്തു. ഒരു ജനതയെന്ന നിലയിൽ തങ്ങളുടെ തനിമ പുലർത്തുവാനും സമൂഹാഭിമാനം നിലനിർത്താനും ഭാഷ പുനരുദ്ധരിക്കാനും ബാസ്ക് ദേശാഭിമാനികൾ തീവ്രമായി ആഗ്രഹിച്ചു. 19-ാം നൂറ്റാണ്ടിലെ യുദ്ധങ്ങൾ അതിജീവിച്ചില്ലെങ്കിലും 1932-ൽ സ്വതന്ത്രബാസ്ക്രാഷ്ട്രത്തിനുവേണ്ടി നടന്ന പ്രക്ഷോഭണം വിജയിച്ചില്ല. 1937-ൽ അവിടം ഉഗ്രമായ ബോംബാക്രമണത്തിനു വിധേയമായി.



പിക്കാസോയുടെ
'ഗ്വെർണിക്ക' എന്ന ചിത്രം.

ചിത്രകാരനായ †പാബ്ലോ പിക്കാസോ, സുപ്രസിദ്ധമായിത്തീർന്ന ഒരു ചിത്രത്തിലൂടെ ഈ ആക്രമണത്തിന്റെ സ്മരണ അനശ്വരമാക്കിത്തീർത്തിട്ടുണ്ട്. 'ഗ്വെർണിക്ക' എന്നാണ് ചിത്രത്തിനിട്ടിരിക്കുന്ന പേര്.

സ്പെയിൻ ഒരു ജനാധിപത്യ രാഷ്ട്രമായപ്പോൾ, 1980-ൽ ആ രാജ്യത്തിന്റെ ഭരണഘടനാപരിധിയിൽ ബാസ്ക്സംസ്ഥാനങ്ങൾക്കു നിയന്ത്രിത സ്വയംഭരണം കൊടുത്തു. തിരഞ്ഞെടുക്കപ്പെടുന്ന ഒരു ബാസ്ക് പാർലമെൻറ് രൂപവത്കൃതമായി. ആഭ്യന്തരാധികാരം പൂർണമായും ഈ പാർലമെൻറിന്റെ പരിധിയിൽ പെടും.

വാസ്തുശില്പമഹിമയുള്ള ചില കെട്ടിടങ്ങൾ ഗ്വെർണിക്കയിലുണ്ട്. 1981-ലെ ജനസംഖ്യ 17,836 ആയിരുന്നു. ബാസ്ക് ദേശീയതയുടെ ഒരു പ്രതീകമാണ് ഈ ചെറിയ പട്ടണം.

ഗ്വെറിങ്, ഹെർമൻ വിൽഹെം

(1893–1946)

രണ്ടാം ലോകയുദ്ധകാലത്ത് ജെർമനിയിലെ സൈന്യത്തലവനും രാഷ്ട്രീയനേതാവും. ബവേറിയയിലെ റോസൻഹൈമിൽ ജനിച്ച

ഗ്വെറിങ് ഒന്നാം ലോകയുദ്ധത്തിൽ പൈലട്ടും സ്ക്വാഡ്രൺലീഡറും ഒടുവിൽ 'റീക്റ്റോഫൻ ആകാശസർക്കസ്' എന്നു പ്രസിദ്ധമായ വ്യോമാക്രമണസേനയുടെ കമാൻഡറും ആയിരുന്നു. അതിനുശേഷം കുറെക്കാലം സ്വീഡനിലെ വ്യോമഗതാഗതവകുപ്പിന്റെ നേതൃത്വം വഹിച്ചശേഷം 1922-ൽ ജെർമനിയിൽ തിരിച്ചെത്തി. നാസികക്ഷിയിൽ ഹിറ്റ്ലറുടെ വലംകൈയായിത്തീർന്നു. പല ഉപജാപങ്ങളുടെയും താക്കോൽസ്ഥാനം വഹിച്ചതിനുശേഷം 1933-ൽ പ്രഷ്യയിലെ പ്രധാനമന്ത്രിപദത്തിലേക്കുയർന്നു. അതിനടുത്തവർഷം റൈക്സ്റ്റാഗിന്റെ പ്രധാനമന്ത്രിയായി ജനറൽ എന്ന സൈനികപദവിയിൽ നിയമിതനായതോടുകൂടി ജെർമനിയുടെ വ്യോമശക്തി പുനഃസംഘടിപ്പിക്കുന്നതിൽ ഗ്വെറിങ് മർമപ്രധാനമായ ഒരു പങ്കുവഹിച്ചു. ജെർമനിയുടെ ചതുർവത്സര പദ്ധതിയിൽ കമ്മീഷണറായി ആ രാജ്യത്തിന്റെ വികസനത്തിലും ഇദ്ദേഹം പല സേവനങ്ങളും അനുഷ്ഠിച്ചിട്ടുണ്ട്. 1938-ൽ ഇദ്ദേഹം ഫീൽഡ് മാർഷൽ പദവിയിലേക്ക് ഉയർത്തപ്പെടുകയും ഹിറ്റ്ലറുടെ അനന്തരാവകാശിയായി പ്രഖ്യാപിതനാവുകയും ചെയ്തു.

1937-ൽ ഗ്വെറിങ് റൈക്കിലെ സാമ്പത്തികകാര്യങ്ങളുടെ ചുമതല ഏറ്റു. ദൈനംദിനോപഭോഗാവശ്യങ്ങളെക്കാൾ പുനരായുധീകരണത്തിനു കൂടുതൽ പ്രാധാന്യം നല്കാൻ ജെർമൻജനതയെ ഉദ്ബോധിപ്പിച്ചുകൊണ്ട് ഇദ്ദേഹം സൃഷ്ടിച്ച മുദ്രാവാക്യമാണ് 'വെണ്ണയ്ക്കു മുമ്പേ തോക്കുകൾ' (Guns Before Butter) എന്നത്. ന്യൂറംബുർഗ് വിചാരണവേളയിൽ വെളിച്ചത്തുവന്ന രേഖകൾ ആഗോളയുദ്ധം കരുപ്പിടിക്കുന്നതിലും എന്തു മാർഗമുപയോഗിച്ചും അതിൽ വിജയം നേടുന്നതിലും ഗ്വെറിങ് അവലംബിച്ച നിഷ്ഠുരമായ പല നടപടികളെക്കുറിച്ചും പ്രഖ്യാപിക്കുന്നുണ്ട്. വാഴ്സാ, റോട്ടർഡാം, കവൻട്രി തുടങ്ങിയ നഗരങ്ങൾ ബോംബിട്ടു തകർക്കുന്നതിൽ ഏറ്റവും പ്രധാന പങ്കുവഹിച്ചത് ഗ്വെറിങ്ങാണ്. ഒരു ജെർമൻ ജെയിലിൽനിന്ന് ഒളിച്ചു രക്ഷപ്പെട്ട 50 ബ്രിട്ടീഷ് വൈമാനികരെ നിരത്തിനിർത്തി ഇദ്ദേഹം വെടിവെച്ചു വധിച്ചു. 'ജീവനും മരണവും തമ്മിലുള്ള മൽപിടുത്തത്തിൽ ന്യായാന്യായങ്ങൾക്കു സ്ഥാനമില്ല' എന്ന് ന്യൂറംബർഗ് വിചാരണയിൽ ഗ്വെറിങ് പറഞ്ഞ വാക്കുകൾ സ്വന്തം വിശ്വാസപ്രമാണങ്ങളെ പ്രതിധ്വനിപ്പിക്കുന്നു. ആ വിചാരണവേളയിൽ സശ്രദ്ധം കാവൽനിന്നിരുന്ന പട്ടാളക്കാരുടെ കണ്ണിൽപ്പെടാതെ ഗ്വെറിങ് വിഷം കഴിച്ചു മരിച്ചു.

ഗ്ല

ഗ്ലക്ക്, ക്രിസ്റ്റോഫ് വില്ലിബാൾഡ്
(1714–'87)

പ്രസിദ്ധ ഓസ്റ്റ്രിയൻ സംഗീതജ്ഞനും ഓപ്പറ രചയിതാവും. ബൊഹിമിയയിൽ (ചെക്കസ്ലവാക്യ) 1714-ൽ ജനിച്ചു. ആദ്യകാലവിദ്യാഭ്യാസവും അവിടെത്തന്നെയായിരുന്നു. വിയന്നായിലും ഇറ്റലിയിലുമാണ് ജീവിതത്തിൻെറ പ്രധാനഭാഗം ചെലവഴിച്ചത്. മരണവും വിയന്നായിൽതന്നെ. സുദീർഘമായ യൂറോപ്യൻ പര്യടനങ്ങൾ നടത്തി ഹാൻസൽ, ഹെയ്ഡൻ, മൊത്സാർട് തുടങ്ങിയ ഗാനസമ്രാട്ടുകളും റൂസ്സോ, വോൾത്തേർ തുടങ്ങിയ രാഷ്ട്രീയ-സാംസ്കാരികനേതാക്കളുമായി ഉറ്റസൗഹൃദം സ്ഥാപിച്ചു.



തൻെറ ആദ്യത്തെ ഓപ്പറ ഇദ്ദേഹം അവതരിപ്പിച്ചത് ഇറ്റലിയിലെ മിലാനിലാണ്. 'ഓർഫ്യൂസും യൂറിഡൈസും' (1762), 'ആൽസെസ്റ്റിസ്' (1767), 'പാരീസും ഹെലനും' (1770), 'ഇഫിജീനിയ', ഔലിസിൽ' (1774) എന്നിവയാണ് ഇദ്ദേഹത്തിൻെറ പ്രധാന ഓപ്പറകൾ, ഇതിനു പുറമേ 'ഡോൺ ജുവാൻ' തുടങ്ങിയ ബാലേകൾക്ക് ഗാനങ്ങളും രചിച്ചിട്ടുണ്ട്(1761).

ഗ്ലസ്നോസ്ത്

തുറന്ന സമീപനം എന്ന് അർഥം വരുന്ന റഷ്യൻ പദം. മിഖായേൽ ഗെർബച്ചോവ് സി.പി.എസ്.യു. ജനറൽ സെക്രട്ടറിയായതിനെത്തുടർന്ന് (1985) പാർട്ടിയുടെ നയത്തിൽവന്ന മാറ്റത്തെ കുറിക്കുന്ന രണ്ടു പദങ്ങളിൽ ഒന്നാണിത്. † പെരിസ്ത്രോയിക്ക എന്നതാണ് മറ്റെ പദം. ഇപ്പോൾ ഈ രണ്ടു പദങ്ങളും ലോകത്തിലെ മിക്കവാറും എല്ലാ ഭാഷകളിലും പ്രചാരത്തിലായിട്ടുണ്ട്.

1917-ലെ ഒക്റ്റോബർ വിപ്ലവത്തിനുശേഷം ആദ്യത്തെ ഏഴെട്ടു വർഷക്കാലം പാർട്ടിയെയും ജനങ്ങളെയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെപ്പറ്റി തുറന്ന സമീപനവും വിപുലമായ ചർച്ചയും നടത്തിയിരുന്നു. 1925-ൽ ലെനിൻ മരിച്ചതിനെതുടർന്നുണ്ടായ അധികാരവടംവലിയിൽ സ്റ്റാലിനാണു ജയിച്ചത്. സ്റ്റാലിൻ അധികാരത്തിൽ വന്ന ആദ്യകാലത്തും താത്വികവും പ്രായോഗികവുമായ കാര്യങ്ങളെക്കുറിച്ചു തുറന്ന ചർച്ച നടന്നിരുന്നു. വാദപ്രതിവാദങ്ങളിൽ അവസാനവിജയംനേടി സ്റ്റാലിൻ പിന്നീട് അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തെ കുറേശ്ശെ കുറേശ്ശെയായി നിഹനിച്ചുകൊണ്ടിരുന്നു. സ്റ്റാലിനുമായി പലകാര്യങ്ങളിലും അഭിപ്രായവ്യത്യാസമുണ്ടായിരുന്ന ലിയൊൺ ട്രോട്സ്കി, ബുഖാറിൻ, സിനോവീവ്, കമനേവ്, കാരോവ് തുടങ്ങിയ ഉന്നത നേതാക്കന്മാരെയൊക്കെ സ്റ്റാലിൻ നാടുകടത്തുകയോ തൂക്കിലേറ്റുകയോ മറ്റുതരത്തിൽ നശിപ്പിക്കുകയോ ജയിലിലടയ്ക്കുകയോ ചെയ്തു. ഒക്റ്റോബർവിപ്ലവത്തിൻെറ അനിഷേധ്യ നേതാവും ചെമ്പടയുടെ നിർമാതാവുമായ ട്രോട്സ്കിയെ രാജ്യദ്രോഹിയായി മുദ്രയടിച്ചു നാടുകടത്തിയത് അന്നേ ലോകത്തെ അമ്പരിപ്പിച്ച ഒരു സംഭവമായിരുന്നു. മെക്സിക്കോയിൽ അഭയംപ്രാപിച്ച ട്രോട്സ്കിയെ പിന്നീട് ഒരു ഘാതകൻ കൊലചെയ്തു. കൊലയ്ക്കു പിന്നിൽ സ്റ്റാലിൻെറ കൈയുണ്ടെന്ന് ആരോപണമുണ്ടായിരുന്നു. നേതാക്കന്മാരെ മാത്രമല്ല, സ്റ്റാലിൻെറ ഹിതാനുവർത്തികളല്ലെന്നു സംശയിക്കപ്പെട്ട സാധാരണ പാർട്ടി മെമ്പർമാരെപ്പോലും അദ്ദേഹത്തിൻെറ ആളുകൾ കൊലചെയ്യുകയോ ജയിലിലിടുകയോ നാടുകടത്തുകയോ മറ്റുതരത്തിൽ ദ്രോഹിക്കുകയോ ചെയ്തിരുന്നു. ഇവരിൽ അധികംപേരും വിപ്ലവത്തിൽ പങ്കെടുത്തവരായിരുന്നു. ക്രമേണ ഈ വിദ്രോഹനടപടികൾ രാജ്യവ്യാപകമാവുകയും ലക്ഷക്കണക്കിന് ആളുകൾ അതിന് ഇരയാവുകയും ചെയ്തു.

ഇതെപ്പറ്റി സോവിയറ്റ്യൂണിയനിൽ പ്രതിഷേധം ഉയർത്തുവാൻ അന്ന് ആരും സന്നദ്ധരായില്ല. ഭയം സാർവത്രികമായിരുന്നു. സ്റ്റാലിൻെറ ഭീകരഭരണം അത്രമാത്രം ശക്തവുമായിരുന്നു. ഒക്റ്റോബർ വിപ്ലവത്തെയും സോഷ്യലിസ്റ്റ് സമ്പ്രദായത്തെയും ആദ്യം അനുകൂലിച്ച ഒട്ടേറെ ബുദ്ധിജീവികളെ ഇതു നിരാശപ്പെടുത്തി. പ്രസിദ്ധ

ഫ്രെഞ്ച് എഴുത്തുകാരനായ ആന്ദ്രെ ഷീദും ഓസ്ട്രിയൻ എഴുത്തുകാരനായ ആർതർ കെസ്‌ലറും മറ്റും ഇക്കൂട്ടത്തിൽ പെടുന്നു. കെസ്‌ലറുടെ ഡാർക്നെസ് അറ്റ് നൂൺ (നട്ടുച്ചയ്ക്ക് ഇരുട്ട്) എന്ന ഗ്രന്ഥം ഭീകരമായ ഈ അവസ്ഥയെ സൂചിപ്പിച്ചുകൊണ്ട് എഴുതിയതാണ്.

ഇങ്ങനെ ഒരു അവസ്ഥ സോവിയറ്റ് യൂണിയനിൽ എങ്ങനെ ഉണ്ടായി എന്നതിനെപ്പറ്റി വ്യക്തമായ ഒരു അഭിപ്രായം പ്രകടിപ്പിക്കുക പ്രയാസമാണ്. എങ്കിലും ചില വസ്തുതകൾ ഉണ്ട്. മുൻചൊന്ന ക്രൂരകൃത്യങ്ങൾ കാണിക്കുന്നതിനിടയിലും സോവിയറ്റ് യൂണിയനെ വ്യവസായവത്കരിക്കുന്നതിലും ഉത്പാദനം വർധിപ്പിക്കുന്നതിലും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിലും മറ്റും സ്റ്റാലിൻ നല്കിയ നേതൃത്വം നിസ്തുലമായിരുന്നു.

യൂറോപ്പിൽ സാമ്പത്തികമായും വ്യാവസായികമായും ഏറ്റവും പിന്നണിയിൽ കിടന്ന റഷ്യയെ രണ്ടു പഞ്ചവത്സര വികസനപദ്ധതിയിലൂടെ മുന്നണി രാജ്യമാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. രണ്ടാം ലോകയുദ്ധത്തിൽ ഹിറ്റ്ലറുടെ ആക്രമണത്തെ ആദ്യം തടഞ്ഞുനിർത്തുവാനും പിന്നീടു തിരിച്ചടിക്കുവാനും സോവിയറ്റ് യൂണിയന് കഴിവുണ്ടാക്കിയത് ഈ വ്യാവസായിക വളർച്ച കൂടിയാണ്. സ്റ്റാലിന്റെ പ്രശസ്തി ഉയർത്തുന്നതിന് ഇത് ഒട്ടൊന്നുമല്ല കാരണമായത്.

സ്റ്റാലിന്റെ ക്രൂരമായ ഭരണത്തെയും ഏകാധിപത്യ ശാസനയെയും സോവിയറ്റ് യൂണിയനിൽ നിലനിർത്തുവാൻ സഹായിച്ച മറ്റൊരു ഘടകം മുതലാളിത്തരാജ്യങ്ങൾ സോവിയറ്റ് യൂണിയനുനേരെ എടുത്ത നിലപാടാണ്. രണ്ടാംലോകയുദ്ധത്തിന്റെ അന്ത്യംവരെയും ഒറ്റപ്പെട്ട്, മുതലാളിത്തരാജ്യങ്ങളാൽ വളയപ്പെട്ടായിരുന്നു സോവിയറ്റ് യൂണിയന്റെ സ്ഥിതി. അതുകൊണ്ട് ഏതവസരത്തിലും ഈ രാജ്യങ്ങൾ സോവിയറ്റ് യൂണിയനെ ആക്രമിക്കുവാനും സോഷ്യലിസ്റ്റ് വ്യവസ്ഥയെ തകർക്കുവാനും തുനിഞ്ഞേക്കുമെന്ന ഭയം സോവിയറ്റ് ജനതയ്ക്ക് ഉണ്ടായിരുന്നു. ഇത്തരം ഒരു വിപത്തിൽനിന്നു രക്ഷപ്പെടണമെങ്കിൽ രാജ്യത്തിന്റെ ഐക്യം പരമാവധി കാത്തുസൂക്ഷിക്കണമെന്ന് അവർ കരുതി. പ്രതിഷേധങ്ങൾ ഉയരാതിരിക്കാൻ ഇതും കാരണമായിട്ടുണ്ടാവാം.

രാഷ്ട്രീയരംഗത്തിനു മാത്രമല്ല, സാഹിത്യ-സാംസ്കാരികരംഗങ്ങൾക്കും സ്റ്റാലിന്റെ കാലത്തെ ഭീകരത പ്രതികൂലമായി ഭവിച്ചു. പല എഴുത്തുകാർക്കും നാടുവിട്ടുപോകേണ്ടിവന്നു. പല കലാസൃഷ്ടികളും സാഹിത്യസൃഷ്ടികളും നിരോധിക്കപ്പെട്ടു. പ്രതിഭാശാലികളായ ചില എഴുത്തുകാർ രചിച്ച റഷ്യൻ കൃതികൾ ലോകത്തിന്റെ മറ്റുഭാഗങ്ങളിൽ മറ്റു ഭാഷകളിൽ പ്രസിദ്ധപ്പെടുത്തിയിട്ടും റഷ്യനിൽ പ്രസിദ്ധപ്പെടുത്തുവാൻ കഴിഞ്ഞില്ല. താർക്കോവ്സ്കിയെ പോലുള്ള പ്രതിഭാശാലിയായ ഫിലിം നിർമാതാവിനു തന്റെ അനശ്വരചിത്രങ്ങൾ സൃഷ്ടിക്കാൻ ഇറ്റലിയിലേക്കു പോകേണ്ടിവന്നു.

ഈ സമ്പ്രദായത്തിനു ചെറിയ രീതിയിൽ ഒരു അയവുവന്നത് †ക്രുഷ്ചേവിന്റെകാലത്തായിരുന്നു. 1956-ൽ നടന്ന 20-ാം പാർട്ടി കോൺഗ്രസ്സിൽ സ്റ്റാലിന്റെ ക്രൂരതകളെക്കുറിച്ചും പാർട്ടിക്കുള്ളിൽ വ്യക്ത്യാരാധന ആധിപത്യം ചെലുത്തുന്നതിനെക്കുറിച്ചും മറ്റും ക്രുഷ്ചേവ് സമർപ്പിച്ച സുദീർഘമായ റിപ്പോർട്ട് സോവിയറ്റ് യൂണിയനെ ഞെട്ടിക്കുകയും ലോകത്താകെതന്നെ ചർച്ചാവിഷയമാവുകയും ചെയ്തു. ക്രുഷ്ചേവ് ഭരണരംഗത്തും പാർട്ടിക്കുള്ളിലും ചില മാറ്റങ്ങൾ വരുത്തിയെങ്കിലും സ്ഥായിയായ മാറ്റങ്ങൾക്ക് ആവശ്യമായ നിയമങ്ങളുണ്ടാക്കുകയോ പുനഃസംവിധാനത്തിനായി ആഴത്തിൽ പോകുന്ന ചർച്ചകൾ നടത്തുകയോ ചെയ്തില്ല.

ഗെർബച്ചോവ് ഇപ്പോൾ വരുത്തിയ മാറ്റം അടിയോളം പോകുന്നതാണ്. സോവിയറ്റ് യൂണിയന്റെ നിയമങ്ങളിലും ഭരണഘടനയിൽ തന്നെയും അദ്ദേഹം മാറ്റങ്ങൾ വരുത്തി. പാർട്ടിയുടെയും സ്റ്റേറ്റിന്റെയും പ്രവർത്തനസമ്പ്രദായത്തിലും വ്യത്യാസംവരുത്തിയിട്ടുണ്ട്. സോവിയറ്റ് പൗരന് ഇന്നു പൂർണമായ അഭിപ്രായസ്വാതന്ത്ര്യമുണ്ട്. ഏതുകാര്യത്തെക്കുറിച്ചും പരസ്യമായി ചർച്ചചെയ്യാം. പാർട്ടിയുടെയൊ സ്റ്റേറ്റിന്റെയോ തെറ്റായ നടപടികളെ വിമർശിക്കാം. സോവിയറ്റ് യൂണിയനിലെ പത്രപ്രവർത്തനത്തിലും ഇതു പ്രതിഫലിച്ചിട്ടുണ്ട്. പ്രശ്നങ്ങളെക്കുറിച്ചു വ്യത്യസ്ത അഭിപ്രായങ്ങളും വിമർശനങ്ങളും അവ ധാരാളമായി പ്രസിദ്ധപ്പെടുത്തുന്നു. സി.പി.എസ്.യു.വിന്റെ 19-ാം പാർട്ടി കോൺഫറൻസ് 1988-ൽ നടന്നപ്പോൾ അതിന്റെ നടപടികൾ ലോകത്തിനു മുഴുവൻ കാണത്തക്കവണ്ണം ടി.വി.യിൽ സംപ്രേഷണംചെയ്യുകയുണ്ടായി. കമ്യൂണിസ്റ്റ് പാർട്ടികളുടെ ചരിത്രത്തിൽ ഇതിനുമുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു സംഭവമാണ് ഇത്. പാർട്ടി നേതൃത്വത്തിനെതിരേ പാർട്ടി അണികളിൽനിന്നുണ്ടാകുന്ന വിമർശനവും അതുസംബന്ധിച്ചുണ്ടാകുന്ന വാദപ്രതിവാദവും പാർട്ടി പത്രങ്ങളിൽതന്നെ പ്രസിദ്ധപ്പെടുത്തുന്നത് ഇപ്പോൾ സാധാരണമായിരിക്കുന്നു. പ്രതിഷേധപ്രകടനങ്ങൾ നടത്തുന്നതിനും യോഗങ്ങൾ ചേരുന്നതിനും സംഘടിക്കുന്നതിനുമൊക്കെയുള്ള സോവിയറ്റ് പൗരന്റെ അവകാശങ്ങൾക്ക് ഇപ്പോൾ പ്രായോഗിക രൂപം കൈവന്നിരിക്കുന്നു. ഈ അഭിപ്രായസ്വാതന്ത്ര്യത്തെയാണ് ഗ്ലസ്നോസ്ത് എന്നു വിശേഷിപ്പിക്കുന്നത്.

സി.അച്യുതമേനോൻ.

ഗ്ലാഗോലിത്തിക് ലിപി

സ്ലാവിക് ദേവാലയങ്ങളിൽ കാണുന്ന ഏറ്റവും പ്രാചീനമായ ലിപി. ഇതിൽസിറിലിക് ലിപിയും †(ലിപി വിജ്ഞാനം നോക്കുക.) ധാരാളം ഉപയോഗിച്ചിരിക്കുന്നു. ഒമ്പതാം നൂറ്റാണ്ടിൽ തെസ്സലോണിക്കയിലെ സെൻറ് സിറിൽ മൊറേവിയയിലേക്ക് മതപ്രചരണാർഥം പോയപ്പോൾ അത്യാവശ്യമുള്ള മതഗ്രന്ഥങ്ങൾക്ക് തയ്യാറാക്കിയ സ്ലാവോണിക് തർജമകൾ എഴുതാൻ അദ്ദേഹംതന്നെ കണ്ടുപിടിച്ച ലിപിയാണ് ഇതെന്ന് ഐതിഹ്യം. 'അവൻ പറഞ്ഞു' എന്ന് അർഥമുള്ള സ്ലാവോണിക് പദമായ 'ഗ്ലഗോല'യിൽ നിന്നാണ് ഈ നാമം ഉദ്ഭവിച്ചതെന്ന് ഗവേഷകന്മാർ കരുതുന്നു.

സ്ലാവിക് കുർബാനക്രമങ്ങൾ പാലിക്കുന്ന ചില റോമൻ കത്തോലിക്കാദേവാലയങ്ങളിൽ മാത്രം മതകാര്യങ്ങൾക്ക് ലിപി ഇന്നും ഉപയോഗിക്കുന്നു.

ഗ്ലാഡിയേറ്റർ (Gladiator)

പ്രാചീന റോമൻ ലോകത്തിൽ പൊതുജനങ്ങൾക്ക് കണ്ടു രസിക്കാൻ വേണ്ടി പ്രത്യേകം പരിശീലനം നല്കി പുലർത്തിപ്പോന്ന സ്ഥിരം മല്ലയുദ്ധവിദഗ്ധൻ. ഇവർക്ക് ആവശ്യമായ അഭ്യാസശിക്ഷണങ്ങൾ നല്കുന്നതിന് സർക്കാർവകയും അല്ലാത്തതുമായ കളരികളുണ്ടായിരുന്നു. ചുറ്റും പടിപടിയായി ഉയർന്നുപോകുന്ന ഇരിപ്പിടങ്ങളോടുകൂടിയുള്ള വിശാലമായ അരങ്ങു(Arena)കളിലാണ് മല്ലപ്രദർശനം നടത്തപ്പെട്ടുവന്നത്. ഇത്തരത്തിലുള്ള ആദ്യത്തെ 'യുദ്ധം' നടന്നത് ബി.സി. 264-ൽ റോമിൽവച്ചാണെന്ന് ചില ചരിത്രരേഖകകളിൽനിന്നു മനസ്സിലാക്കാം. അധികം താമസിയാതെ റോമിന്റെ പരിസരങ്ങളിലെല്ലാം ഇതു പ്രചരിച്ചു, ഗ്രീസിലൊഴികെ.

ആദ്യകാലങ്ങളിൽ യുദ്ധത്തടവുകാരിലും സ്ഥിരം കുറ്റവാളികളിലും നിന്നാണ് ഗ്ലാഡിയേറ്റർമാരെ തിരഞ്ഞെടുത്തിരുന്നത്. ക്രമേണ മറ്റു പൗരജനങ്ങളും ഇതിലേക്ക് ആകൃഷ്ടരാകാൻ തുടങ്ങി. സ്ത്രീകൾപോലും ഇതിന് സന്നദ്ധരായി മുന്നോട്ടുവന്നിരുന്നു. എ.ഡി. 90-നടുപ്പിച്ച് ഡൊമീഷ്യൻ ചക്രവർത്തി നടത്തിയ ഗ്ലാഡിയേറ്റർ പ്രദർശനത്തിലെ ഒരു മുഖ്യ ഇനം സ്ത്രീകൾ തമ്മിലുള്ള ഒരു മല്ലയുദ്ധമായിരുന്നത്രേ.

ചടങ്ങുകൾ: ഗ്ലാഡിയേറ്റർമാർ അണിനിരന്ന് അരീനയിൽ പ്രവേശിക്കുന്നതോടെയാണ് ഇത് ആരംഭിക്കുന്നത്. അവർ ഓരോരുത്തരായി ചക്രവർത്തി ഇരിക്കുന്ന സിംഹാസനത്തിനു താഴെ വന്ന് അദ്ദേഹത്തെ വന്ദിക്കുന്നു. 'മരിക്കാൻ ഒരുങ്ങിവന്നിരിക്കുന്ന ഞങ്ങൾ അങ്ങയെ നമിക്കുന്നു' എന്ന് അർഥം വരുന്ന ഒരു വാക്യം അവർ അപ്പോൾ ഉരുവിടുന്ന പതിവുണ്ട്. പിന്നീട് ഈരണ്ടുപേരായി തിരിഞ്ഞ് യുദ്ധം ആരംഭിക്കുകയായി. ഓരോരുത്തരം അവരവരുടെ ദേശീയായുധങ്ങളാണ് പ്രയോഗിക്കുക. ത്രേസിലുള്ളവരുടെത് വളഞ്ഞ കഠാരിയും സാമ്നൈറ്റുകളുടെത് ചെറിയ വാളും പരിചയുമായിരുന്നു. എതിരാളികൾ ഒരുതരം വല വീശി പരസ്പരം കുടുക്കാനും ശ്രമിക്കുന്നു. ഒരാളിനെ വലവീശി പിടിച്ചുകഴിഞ്ഞാൽ ജേതാവ് തന്റെ അരപ്പട്ടയിൽ സൂക്ഷിച്ചുവച്ചിരുന്ന ഒരു ത്രിശൂലംകൊണ്ട് പ്രതിയോഗിയെ വധിക്കുന്നു. പക്ഷേ, കീഴടങ്ങിയവന് കാണികളുടെ കൃപയ്ക്ക് യാചിക്കാൻ ഒരവസരം നല്കപ്പെട്ടിരുന്നു. കാണികൾ തത്സമയം അവരുടെ തള്ളവിരൽ മടക്കിയാൽ അതിന്റെ അർഥം അവനെ കൊല്ലാം എന്നായിരുന്നു; അവർ കൈലേസുകൾ വീശിയാൽ അവനെ മോചിപ്പിക്കണമെന്നും.

മനുഷ്യൻ മാത്രമല്ല മൃഗങ്ങളും- പ്രധാനമായും ആനകളും സിംഹങ്ങളും - ഈ ഗ്ലാഡിയേറ്റർ 'വിനോദ'ത്തിൽ പങ്കുകൊണ്ടിരുന്നു. ബി.സി. ഒന്നാം നൂറ്റാണ്ടിൽ മൃഗപ്രദർശനമാണ് കൂടുതൽ പ്രചാരത്തിലിരുന്നത്. എന്നാൽ മല്ലയുദ്ധവിനോദത്തിലുൾക്കൊണ്ട ക്രൂരമായ നരഹത്യ ജനങ്ങൾ വെറുത്തുതുടങ്ങിയപ്പോൾ ക്രമേണ പ്രചാരലുപ്തമാവുകയും ചെയ്തു.

എ.ഡി. 325-ൽ കോൺസ്റ്റൻറയിൻ ചക്രവർത്തി എല്ലാവിധ ഗ്ലാഡിയേറ്റർ പ്രദർശനങ്ങളും നിരോധിച്ചു. 404-ാമാണ്ടിലാണ് ഇത് എന്നെന്നേക്കുമായി അവസാനിച്ചത്. അന്ന് രണ്ടു ഗ്ലാഡിയേറ്റർമാർ തമ്മിൽ അരീനായിൽ നടത്തുന്ന പരസ്പരപീഡനം കണ്ട് ടെൽമാക്കസ് എന്ന ഒരു സന്യാസി! അവിടെ ചാടി അവരെ വേർപെടുത്തി. ഈ കാഴ്ച പ്രേക്ഷകരെ ക്ഷോഭിപ്പിക്കുകയും അവർ സന്യാസിയെ എറിഞ്ഞു കൊല്ലുകയും ചെയ്തു. പക്ഷേ, ഹൊണോറിയസ് ചക്രവർത്തി ടെൽമാക്കസിനെ രക്തസാക്ഷിയായി പ്രഖ്യാപിച്ചുകൊണ്ട് ഈ ക്രൂരവിനോദങ്ങൾക്ക് ശാശ്വതനിരോധനം ഏർപ്പെടുത്തി.

ഗ്ലാഡ്സ്റ്റൺ, വില്യം എവാർട്ട് (1809–1898)

പത്തൊൻപതാം നൂറ്റാണ്ടിലെ പ്രശസ്തനായ ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞൻ. നാലുപ്രാവശ്യം ഇദ്ദേഹം ബ്രിട്ടീഷ് പ്രധാനമന്ത്രിപദം വഹിച്ചിട്ടുണ്ട്. 1809 ഡിസംബർ 29-ാം തീയതി ലിവർപൂളിൽ ജനിച്ചു. സ്കോട്ടിഷ് വംശത്തിൽപ്പെട്ട കുടുംബമായിരുന്നു ഇദ്ദേഹത്തിൻെറത്. ലിവർപൂളിലെ ജോണിന് രണ്ടാംഭാര്യയായ ആനിയിൽ ജനിച്ച നാലാമത്തെ പുത്രനാണ് ഗ്ലാഡ്സ്റ്റൺ.

ഈറ്റണിലും ഓക്സ്ഫെഡിലും പഠിച്ചു. 1821 മുതൽ 1827 വരെ ഈറ്റണിൽ കഴിഞ്ഞ ആറു വർഷക്കാലത്തിനിടയിൽ തൻെറ രാഷ്ട്രീയാഭിരുചികളെ പോഷിപ്പിക്കുവാൻ ഇദ്ദേഹത്തിനു കഴിഞ്ഞു.

1833-ൽ യാഥാസ്ഥിതികകക്ഷിയിൽ അംഗമായി കോമൺസ് സഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ട ഗ്ലാഡ്സ്റ്റൺ സർ റോബർട്ട് പീലിൻെറ അനുയായി ആയിത്തീർന്നു. ധാന്യനിയമത്തിൻെറ (Corn Law) നിരസനം സംബന്ധിച്ച് 1846-ൽ നടന്ന വിവാദത്തെ തുടർന്ന് ഇദ്ദേഹം ലിബറൽ പാർട്ടിയിലേക്കു മാറി. ക്രമേണ ലിബറൽ മന്ത്രിസഭയിൽ ധനകാര്യമന്ത്രിയായി.

1865 ആയപ്പോഴേക്കും ഒരു നല്ല വാഗ്മി, ധനകാര്യവിദഗ്ധൻ, ഒരു ഉത്പതിഷ്ണു എന്നീ നിലകളിലെല്ലാം ഗ്ലാഡ്സ്റ്റൺ പ്രസിദ്ധനായിക്കഴിഞ്ഞിരുന്നു. അതേ വർഷത്തിൽത്തന്നെ കോമൺസ് സഭയിൽ ലിബറൽ പാർട്ടിയുടെ നേതാവായി ഉയർന്നു. 1867-ലെ യാഥാസ്ഥിതിക ഗവൺമെൻറിൻെറ റിഫോം ബിൽ (Reform Bill) ഭേദഗതി ചെയ്യുവാൻ ഇദ്ദേഹം സഹായിച്ചു. ഈ ഭേദഗതിമൂലം കോമൺസ് സഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻ കഴിയുന്നവരുടെ സംഖ്യ ഇരട്ടിയായി. 1868-ൽ ഗ്ലാഡ്സ്റ്റൺ പ്രധാനമന്ത്രിയായി.

1868 മുതൽ '74 വരെ പ്രധാനമന്ത്രിയായിരുന്ന കാലത്ത് അതിപ്രധാനമായ നിരവധി നിയമങ്ങൾ നിർമിച്ചു. അയർലൻഡിൻെറ ഭരണകാര്യങ്ങളിലെ ക്രമക്കേടുകൾ തിരുത്താൻ തീരുമാനിച്ചു. അവിടത്തെ ക്രൈസ്തവമതസംഘത്തെ ഒരു അനൗദ്യോഗികസംഘമാക്കിത്തീർത്തു. അതിൻെറ അധീനത്തിലുണ്ടായിരുന്ന വമ്പിച്ച സ്വത്തിൽ ഏതാണ്ടു പകുതിയോളം പിടിച്ചെടുക്കുകയും ചെയ്തു. അയർലൻഡുകാരായ കുടികിടപ്പുകാരെ അവരുടെ പാട്ടവസ്തുക്കളിൽനിന്നു കുടിയിറക്കാൻ പാടില്ലെന്നുള്ള നിയമവും ഇക്കാലത്താണു നിർമിക്കപ്പെട്ടത്.

1874-ൽ ബെൻജമിൻ ഡിസ്രേലിയുടെ നേതൃത്വത്തിൽ യാഥാസ്ഥിതികകക്ഷി വീണ്ടും അധികാരത്തിൽ വന്നപ്പോൾ ലിബറൽകക്ഷിയുടെ നേതൃസ്ഥാനം ഗ്ലാഡ്സ്റ്റൺ രാജിവച്ചു. പക്ഷേ, യാഥാസ്ഥിതികകക്ഷിയുടെ കോളനികളെ സംബന്ധിച്ച നയവും വിദേശനയവും തൻെറ ധാർമികബോധത്തെ നൊമ്പരപ്പെടുത്തിയപ്പോൾ വീണ്ടും അദ്ദേഹം സജീവരാഷ്ട്രീയത്തിലേക്കു മടങ്ങി. അന്താരാഷ്ട്രീയമായ തർക്കവിഷയങ്ങളിൽ സമരത്തെക്കാൾ സന്ധിസംഭാഷണത്തെയാണ് ഗ്ലാഡ്സ്റ്റൺ കൂടുതൽ ഇഷ്ടപ്പെട്ടിരുന്നത്.

1880-ൽ ഗ്ലാഡ്സ്റ്റൺ വീണ്ടും പ്രധാനമന്ത്രിയായി. ഇത്തവണ ആദ്യത്തെതുപോലെ പ്രാധാന്യമേറിയ നിയമങ്ങളൊന്നും നിർമിക്കപ്പെടുകയുണ്ടായില്ല. 1884-ൽ മറ്റൊരു റിഫോംബിൽ പ്രതിനിധിസഭ പാസാക്കി. ഈ ബിൽ ബ്രിട്ടനെ സാർവത്രികമായ പ്രായപൂർത്തിവോട്ടവകാശത്തിലേക്കു നയിച്ചു. 1886-ൽ മൂന്നാമതുതവണയും പ്രധാനമന്ത്രിയായപ്പോൾ അയർലൻഡിനു കൂടുതൽ സ്വയംഭരണാവകാശം നല്കുന്നതിനുള്ള വിപുലമായ നടപടികൾ കൈക്കൊണ്ടു. തന്മൂലം കാലാവധി മുഴുവൻ ഭരണം തുടർന്നുകൊണ്ടുപോകുവാൻ സാധിക്കാതെവന്നു. ഇദ്ദേഹത്തിൻെറ ഹോംറൂൾ ബിൽ, കോമൺസ് സഭയിൽ പരാജയപ്പെട്ടു. ലിബറൽ പാർട്ടി അതോടുകൂടി രണ്ടായി പിളരുകയും ചെയ്തു.



1892-ൽ തൻെറ 83-ാമത്തെ വയസ്സിൽ ഗ്ലാഡ്സ്റ്റൺ നാലാമതും പ്രധാനമന്ത്രിയായി. അയർലൻഡിനു സ്വയംഭരണം നല്കുന്നതിനുവേണ്ടിയുള്ള അന്തിമശ്രമം അദ്ദേഹം നടത്തി. ഇത്തവണ ഹോംറൂൾ ബിൽ കോമൺസ്സഭയിൽ പാസായെങ്കിലും പ്രഭുസഭയിൽ അതു ദയനീയമായി പരാജയപ്പെട്ടു. ദീർഘകാലത്തെ രാജ്യസേവനംമൂലം ക്ഷീണിതനായിത്തീർന്ന അദ്ദേഹം 1894-ൽ ഉദ്യോഗത്തിൽനിന്നു വിരമിച്ചു.

ഉദ്യോഗത്തിൽനിന്നു വിരമിച്ചശേഷം മരിക്കുന്നതുവരെ ഇതിഹാസങ്ങളുടെ പഠനത്തിൽ മുഴുകി ശാന്തമായ ഒരു ജീവിതം നയിച്ചു. വെയിൽസിൽ ഫ്ളിൻറ്ഷെയറിൽവച്ച് 1898 മെയ് 19-ാം തീയതി ഗ്ലാഡ്സ്റ്റൺ അന്തരിച്ചു.

ഗ്ലാൻഡുകൾ

† ഗ്രന്ഥികൾ നോക്കുക.

ഗ്ലാൻഡേഴ്സ് (Glanders)

ഒറ്റക്കുളമ്പുള്ളമൃഗങ്ങളെ ബാധിക്കുന്ന രോഗം. ഫാഴ്സി, ക്ഷയഥു എന്നെല്ലാം പേരുണ്ട്. കുതിര, കഴുത, കോവർകഴുത എന്നിവയ്ക്കാണ് ഈ രോഗം ഉണ്ടാകുന്നത്. *പൈഫറില്ല മാലി (Pfeifferella mallei)* എന്നു ശാസ്ത്രനാമമുള്ള ബാക്റ്റീരിയയാണു രോഗത്തിനു കാരണം. രോഗമുള്ള മൃഗങ്ങളെ കൈകാര്യം ചെയ്യുന്നവർക്കും രോഗം ഉണ്ടാകാം.

ബി.സി. 330-ൽ അരിസ്റ്റോട്ടിൽ ഈ രോഗത്തെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. സാംക്രമികരോഗമാണെന്ന് 1787-ൽ വൂൾസ്റ്റേയ്ൻ മനസ്സിലാക്കി. 1812-ലാണു ലോറിനും സഹപ്രവർത്തകരും ഗ്ലാൻഡേഴ്സ് മനുഷ്യർക്കും പകരുമെന്നു കണ്ടുപിടിച്ചത്. ലോഫ്ലറും ഷുട്സും 1882-ൽ രോഗാണുവിനെ വേർതിരിച്ചു.

ത്വക്കിൽ ഉണ്ടാകുന്ന നീർക്കുമിളയാണു രോഗലക്ഷണം. മൂക്കിൽ നീരൊലിപ്പ് ഉണ്ടാകും. രോഗാണു ശ്വാസകോശത്തെയും ബാധിക്കും. ശ്വസിക്കുമ്പോൾ പ്രത്യേകസ്വരം ഉണ്ടാകുന്നു. മൂക്കിൽ നിന്ന് ഒലിക്കുന്ന ദ്രാവകത്തിനു മഞ്ഞ കലർന്ന പച്ചനിറമോ രക്തവർണമോ ആയിരിക്കും. ചിലപ്പോൾ ഒരു നാസാദ്വാരത്തിലൂടെമാത്രമെ മൂക്കൊലിപ്പ് ഉണ്ടാകൂ. വയറിളക്കം സാധാരണമാണ്.

ദീർഘസ്ഥായിയായ (chronic) രോഗമാകുമ്പോൾ ലക്ഷണങ്ങൾ മുഴുവൻ പ്രകടമാകുന്നതിനു കുറെനാൾ വേണ്ടിവരും. ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്ന പനിയും ചുമയുമാണ് ആദ്യലക്ഷണം. ക്രമേണ മറ്റു ലക്ഷണങ്ങളും കണ്ടുവരുന്നു.

ശരീരത്തിലാകെ പൊള്ളൽ പോലെ പൊന്തിവരുന്ന ഒരിനം ഗ്ലാൻഡേഴ്സ് ഉണ്ട്. കുമിള പൊട്ടി മഞ്ഞനിറമുള്ള ചലം പുറത്തുവരുന്നു. ഇതു പിന്നീടു വ്രണമായി തീരും. വ്രണത്തിനു ചുറ്റും നീരു വന്നു തടിക്കുന്നു. തൊടുമ്പോൾ ചോര തെറിക്കും.

ചികിത്സയ്ക്കു മനുഷ്യനിൽ ആൻറിബയോട്ടിക്കുകൾ ഉപയോഗിക്കുന്നു. മൃഗങ്ങളിൽ പ്രതിരോധകുത്തിവയ്പ് നടത്താറുണ്ട്.

ഗ്ലാഷോ, ഷെൽഡൻ ലീ (1932–)

നൊബേൽസമ്മാനം(1979) നേടിയ, യു.എസ്. സൈദ്ധാന്തിക ഭൗതികജ്ഞൻ. സ്റ്റീവെൻ വീൻബർഗും, അബ്ദുസലാമും ഇദ്ദേഹത്തോടൊപ്പം സമ്മാനം പങ്കിട്ടു. വൈദ്യുതകാന്തികമായ അന്യോന്യക്രിയയെ സംബന്ധിച്ച് ഒരു സിദ്ധാന്തം അവതരിപ്പിക്കാനുള്ള പ്രയത്നത്തിൽ ഇവരുടെ നിഗമനങ്ങൾ നല്കിയ സംഭാവനകളാണ് സമ്മാനത്തിന് ആസ്പദം.

1932 ഡിസംബർ 5-ാം തീയതി ന്യൂയോർക്കു പട്ടണത്തിൽ ജനിച്ചു. ഇദ്ദേഹത്തോടൊപ്പം നൊബേൽസമ്മാനം പങ്കുവച്ച വീൻബർഗ്, 1950-ൽ ബ്രോൺസ്ക് ഹൈസ്കൂളിലും (Bronx High School-Newyork) 1954-ൽ കോർനൽ സർവകലാശാലയിലും സഹപാഠിയായിരുന്നു. ഹാർവെഡ് സർവകലാശാലയിൽനിന്നാണു പി.എച്ച്.ഡി.ബിരുദം നേടിയത്. തുടർന്നു കുറെനാൾ കോപ്പൻഹേഗനിലെ നോർഡിക് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ തീയട്രിക്കൽ അറ്റോമിക് ഫിസിക്സ് എന്ന സ്ഥാപനത്തിലുണ്ടായിരുന്നു. പിന്നീട് കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജി, സ്റ്റാൻഫോർഡ് സർവകലാശാല, കാലിഫോർണിയ സർവകലാശാല എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചശേഷം 1967-ൽ ഹാർവെഡ് സർവകലാശാലയിൽ ജോലി സ്വീകരിച്ചു.



ഗ്ലാസ്കൊണ്ടുള്ള ഒരു കുഴൽ മിനുസപ്പെടുത്തുന്നു.

ഗ്ലാസ്

സാധാരണഗതിയിൽ സുതാര്യമോ അർധതാര്യമോ ആയതും കാഠിന്യമുള്ളതും ആയ ഒരു അകാർബണിക (inorganic) പദാർഥം. സ്ഫടികം, ചില്ല് എന്നിങ്ങനെയും പേരുണ്ട്. ഇത് അക്രിസ്റ്റലീയ (amorphous) ഖരപദാർഥമാണ്. ഉന്നതശ്യാനത(viscosity)യുള്ള ദ്രവത്തിന്റെ സവിശേഷതകൾ പലതും ഇതു കാണിക്കുന്നുണ്ട്, വിശേഷിച്ചും സുതാര്യത എന്ന ഗുണധർമം. 'അതിശീതളനം (super cooling) നടത്തിയ ദ്രാവകം' എന്നു ഗ്ലാസിനെ വിശേഷിപ്പിക്കാറുണ്ട്.

ഭൗതിക-പ്രാകാശിക ഗുണങ്ങളുടെ രാസഘടകങ്ങളുടെയും കാര്യത്തിൽ വൈവിധ്യം പുലർത്തുന്ന പലതരം ഗ്ലാസുകളുണ്ട്. എങ്കിലും മിക്കവാറും എല്ലാ ഇനങ്ങൾക്കും പൊതുവെ പറയാവുന്ന ചില പ്രത്യേകതകൾ ഉണ്ട്: i) വൈദ്യുതിയുടെയും താപത്തിന്റെയും നല്ല ചാലകങ്ങൾ ആയിരിക്കുകയില്ല. ii)ചെറിയ ആഘാതമേറ്റാൽ പോലും ശംഖാഭമായ പൊട്ടൽ (conchoidal fracture) ഉണ്ടാകും. iii) ദ്രവാവസ്ഥയിൽ ചില ലോഹ ഓക്സൈഡുകളുമായി ചേർന്നു വർണവ്യത്യാസം ഉണ്ടാക്കുന്നു.

ചരിത്രം. പ്രാചീനകാലം മുതല്ക്കേ (ബി.സി. 2500) ഗ്ലാസുകൾ നിർമിക്കാൻ മനുഷ്യന് അറിയാമായിരുന്നു. പ്രാചീനമായ ഇജിപ്ഷ്യൻ ഗ്ലാസുകളിൽ നിന്ന് ഇന്നത്തെ നിലയിലുള്ള ഗ്ലാസിലേക്കുള്ള വികാസത്തിനു നീണ്ട ചരിത്രമുണ്ട്. †ഗ്ലാസുകളുടെ ചരിത്രം നോക്കുക.

നിർമാണം. ക്ഷാരഗുണമുള്ള ചില ഓക്സൈഡുകൾ ഫ്ളക്സായി (flux) ചേർത്തു സിലിക്കേറ്റുകൾ ഉരുക്കി, ക്രിസ്റ്റലീകരിക്കാൻ ഇടനല്കാതെ പെട്ടെന്നു തണുപ്പിച്ചാണു ഗ്ലാസു നിർമിക്കുന്നത്. ബോറേറ്റുകളോ ഫോസ്ഫേറ്റുകളോ ഉരുക്കിയും ഗ്ലാസു നിർമിക്കാം. †ഗ്ലാസു നിർമാണം നോക്കുക.

തരങ്ങൾ. ഘടക പദാർഥങ്ങൾ, നിർമാണരീതി എന്നിവയിൽ ഉള്ള മാറ്റം അനുസരിച്ചു വ്യത്യസ്ത തരത്തിലുള്ള ഗ്ലാസുകൾ നിർമിക്കപ്പെടുന്നു.

1. *ദൃഢീകരിച്ച സിലിക്കാഗ്ലാസുകൾ:* സിലിക്കയെ 1710° C-ൽ ഉരുക്കിയാണ് ഇവയുണ്ടാക്കുന്നത്. സാധാരണ ഗ്ലാസു നിർമാണഫർണസുകളിൽ ഉരുക്കാൻ സാധ്യമല്ല. അന്തരീക്ഷത്തിൽ ഉരുക്കിയ സിലിക്കയിൽ വലിയ കുമിളകൾ ഉണ്ടാവും. വിദ്യുത് ഫർണസിൽ നിർവാതാന്തരീക്ഷത്തിലാണ് ഉരുക്കുന്നത്. ഇവ പ്രകാശത്തിനും അൾട്രാവയലറ്റു വികിരണങ്ങൾക്കും പാരദർശകമാണ്. വളരെ വിലകൂടിയതിനാൽ വളരെ കുറവായേ ഉപയോഗിക്കാറുള്ളു.

2. *ക്ഷാരസിലിക്കേറ്റ് ഗ്ലാസുകൾ:* സിലിക്കയിൽ 25 ശതമാനം സോഡാ ചേർത്താൽ ദ്രവീകരണോഷ്മാവ് 1710° C-ൽ നിന്നും 793° C ആയിച്ചുരുങ്ങുന്നു. അത്തരം ഗ്ലാസുകളാണ് ഇത്.

3. *സോഡാ-ലൈം-ഗ്ലാസുകൾ:* ക്ഷാരസിലിക്കേറ്റു ഗ്ലാസുകൾ വെള്ളത്തിൽ ലയിക്കുന്നു. ഈ സ്വഭാവം മാറ്റാൻ 10 ശതമാനത്തോളം ചുണ്ണാമ്പു ചേർക്കുന്നു. ലോകത്തിലുണ്ടാക്കുന്ന ഗ്ലാസുകളിൽ 90 ശതമാനവും ഈ തരത്തിൽ പെടുന്നു. കാചദൃഢീകരണം ചുരുക്കുവാൻ മഗ്നീഷ്യം ഓക്സൈഡ്, അലൂമിനബോറോൺ ട്രയോക്സൈഡ് ഇവയും ചേർക്കുന്നു. ഏകദേശം 725° C-ൽ ഇവ ഉണ്ടാകും.

4. *ലെഡ്ഗ്ലാസുകൾ:* ലെഡ് ഓക്സൈഡോ, ലെഡ് സിലിക്കേറ്റോ, ക്ഷാരങ്ങളും, സിലിക്കയും ചേർത്തുരുക്കിയാണു ലെഡ് ഗ്ലാസുകൾ ഉണ്ടാക്കുന്നത്. വളരെ ഉയർന്ന വൈദ്യുതരോധവും പ്രത്യേക പ്രാകാശിക ഗുണങ്ങളും ഇവയ്ക്കുണ്ട്. 92 ശതമാനം ലെഡ് ഓക്സൈഡുള്ള ഗ്ലാസിനു കാരിരുമ്പിനോളം ഘനത്വമുണ്ട്. അലങ്കാരവസ്തുക്കളുണ്ടാക്കാനും പരീക്ഷണോപകരണങ്ങൾക്കും ഇവ ഉപയോഗിച്ചുവരുന്നു. ലെഡ്ഗ്ലാസുകൾക്ക് 1.507 മുതൽ 2.179 വരെ അപവർത്തനാങ്കം (refractive index) ഉണ്ടാകാം.

5. *ഗ്രൗണ്ട്ഗ്ലാസുകൾ:* ഇവ എമറിചക്രങ്ങളോ കാർബൊറണ്ടംചക്രങ്ങളോ ഉപയോഗിച്ച് അർധതാര്യം (transluscent) ആക്കിയ ലെഡ് ഗ്ലാസുകളാണ്.

6. *ബൊഹീമിയൻ ഗ്ലാസ്:* ഇതു പൊട്ടാഷും ചുണ്ണാമ്പും ചേർത്ത ഗ്ലാസുകളാണ്. വളരെ കാഠിന്യമുള്ള ഇവ താപരോധികളാണ്. ബോയ്‌ലറുകളിലെ മീറ്ററുകളിലും മറ്റും ഉപയോഗിക്കുന്നു.

7. *ബോറോസിലിക്കേറ്റ്ഗ്ലാസുകൾ:* മൈക്കൽ ഫാരെഡേയാണ് ആദ്യമായി ബോറിക് ഓക്സൈഡു ഗ്ലാസിലുപയോഗിക്കാമെന്നതു പ്രായോഗികമാക്കിയത്. മൗണ്ട് പാലോമറിലെ 200 ഇഞ്ച് ടെലിസ്കോപ്പ്, അടുക്കളയിലെ ഉപകരണങ്ങൾ, പരീക്ഷണശാലകളിലെ ഉപകരണങ്ങൾ, വൈദ്യുതനിരോധിനികൾ, ഗ്ലാസ്പൈപ്പുകൾ ഇവയ്ക്കെല്ലാം ഇത്തരം ഗ്ലാസുകൾ ഉപയോഗിച്ചുവരുന്നു. ഗ്ലാസിനെക്കുറിച്ചുള്ള അടിസ്ഥാനപരമായ അഭിപ്രായം തന്നെ ഇത്തരം ഗ്ലാസുകൾ മാറ്റി. ഇത്തരം ഗ്ലാസുകൾക്കു ചുണ്ണാമ്പുഗ്ലാസിന്റെ മൂന്നിലൊന്നേ വികാസമുള്ളുവെന്നു മാത്രമല്ല രാസവസ്തുക്കളോടു പ്രവർത്തിക്കായ്ക, വൈദ്യുതിനിരോധനശേഷി, താപസഹനശേഷി എന്നിവയും ഉണ്ടായിരിക്കും. പക്ഷേ, ഇത്തരം ഗ്ലാസുകൾക്കു മറ്റുതരം ഗ്ലാസുകളേക്കാൾ വില കൂടുതലാണ്.

8. *വർണഗ്ലാസുകൾ:* പുരാതന ഈജിപ്ത്കാർ പോലും നിറമുള്ള ഗ്ലാസുകൾ ഉണ്ടാക്കിയിരുന്നു. ബി.സി. 1400-ലേതെന്നു വിശ്വസിക്കപ്പെടുന്ന, കോബാൾട്ട് ചേർത്ത ഒരു ഗ്ലാസു കണ്ടെടുത്തിട്ടുണ്ട്. ഗ്ലാസിനു നിറം നല്കുന്നത് അണുസംഖ്യ 22 മുതൽ 29 വരെയുള്ള മൂലകങ്ങളാണ് (ടൈറ്റാനിയം, വനേഡിയം, ക്രോമിയം, മാംഗനീസ്, ഇരുമ്പ്, കോബാൾട്ട്. നിക്കൽ, കോപ്പർ). അവയ്ക്കു സപ്തവർണങ്ങളും ഉണ്ടാക്കാൻ കഴിയും.

9. *ജീനാഗ്ലാസ്:* ഇതു പരീക്ഷണശാലകളിൽ ഗ്ലാസുപകരണങ്ങൾക്കു കൂടുതലായി ഉപയോഗിക്കുന്നു. ഇവയിൽ സാധാരണ ഗ്ലാസിലുള്ളതിനെക്കാൾ അലുമിനിയം, പൊട്ടാസ്യം, ചുണ്ണാമ്പ് എന്നിവ അടങ്ങിയിരിക്കുന്നു. പക്ഷേ, സിലിക്ക കുറവാണ്.

10. *ക്രൂക്സ് ഗ്ലാസ്:* ഇവയ്ക്ക് അൾട്രാവയലറ്റു രശ്മികളെ നിരോധിക്കാൻ കഴിവുണ്ട്. ഇവയിൽ സിറിയം ഓക്സൈഡ് അടങ്ങിയിരിക്കുന്നു.

11. *പ്രാകാശിക ഗ്ലാസുകൾ:* പ്രധാനമായും ഇവ ക്രൗൺ ഗ്ലാസ്, ഫ്ളിൻട് ഗ്ലാസ് എന്നു രണ്ടുതരമാണ്. ഫ്ളിൻട് ഗ്ലാസിൽ ലെഡ് അടങ്ങിയിരിക്കുന്നു. ഇവയിൽ പൊതുവായി ഫ്ളൂറൈഡുകൾ, ബോറിക് അൻഹൈഡ്രസ്, സിങ്ക് ഓക്സൈഡ്, ബേരിയം ഓക്സൈഡ് ഇവ വ്യത്യസ്ത തോതിലടങ്ങിയിരിക്കുന്നു. ലെൻസുകൾ മഗ്നീഷ്യം ഫ്ളൂ



ഗ്ലാസുപകരണങ്ങളുടെ
നിർമാണത്തിൻെറ അവസാനഘട്ടം.

റൈഡുകൊണ്ടു പൂശിയിരിക്കുന്നു. ഇതു പ്രതിഫലനം കുറയ്ക്കുകയും പ്രേഷണം (transmission) കൂട്ടുകയും ചെയ്യുന്നു. പ്രതിഫലനം കൂട്ടി ഏകപക്ഷദർശന ഗ്ലാസുകളും (one-way vision glass) ഉണ്ടാക്കുന്നു.

മൈക്രോസ്കോപ്പുകൾ, ടെലിസ്കോപ്പുകൾ, കാമറകൾ, സ്പെക്ട്രോസ്കോപ്പുകൾ, കളറിമീറ്ററുകൾ, ആവിലത (turbidity) അളക്കുന്ന സ്കോപ്പോമീറ്ററുകൾ, രക്തം പരിശോധിക്കുന്ന ഹേമസൈറ്റോമീറ്ററുകൾ, സക്കാറിമീറ്ററുകൾ, കടലാസുകളുടെ ഗുണം നിർണയിക്കുന്ന ഒപ്പാറിമീറ്ററുകൾ, റിഫ്രാക്ടോ മീറ്ററുകൾ, ഗ്ലാസുകളിലെ ആയാസങ്ങൾ മനസ്സിലാക്കാനുള്ള പോളാരിസ്കോപ്പുകൾ, മോണോക്രോമറ്ററുകൾ ഇവയിലെല്ലാം ഗ്ലാസ് ഒരു പ്രധാന ഭാഗമാണ്.

12. *96% സിലിക്കാഗ്ലാസുകൾ (വൈക്കോർ):* ഇവയിൽ 96% സിലിക്കയും 4% ബോറോൺ ട്രയോക്സൈഡുമാണ്. ഗ്ലാസുകൾ തണുപ്പിച്ചശേഷം വീണ്ടും ചൂടാക്കുമ്പോൾ അവ രണ്ടു ഫേസുകളായി വേർതിരിയുന്നു. ഇതിൽ പുറത്തേ ഫേസ് ഗാഢ ആസിഡിൽ ലയിപ്പിക്കുന്നു. ബാക്കിയാകുന്ന സിലിക്കാഭാഗത്തെ ചൂടാക്കി ജലം നിർമാർജനംചെയ്യുമ്പോൾ സിലിക്കാഗ്ലാസു ലഭിക്കുന്നു. ഇത്തരം ഗ്ലാസുകളെ ചൂടാക്കി അരുണവർണമാക്കി വെള്ളത്തിൽ മുക്കിയാൽപ്പോലും അവ പൊട്ടുകയില്ല.

ഇതാദ്യമായുണ്ടാക്കിയതു കോർണിങ് കമ്പിനിയിലെ എച്ച് പി. ഹൂഡും, എം. ഇ. നോർഡ് ബർഗുമാണ്.

13. *രക്ഷാഗ്ലാസുകൾ:* മൂന്നു തരത്തിലുള്ള രക്ഷാഗ്ലാസുകളുണ്ട്. രണ്ടു ഗ്ലാസുപ്ലേറ്റുകൾ പ്ലാസ്റ്റിക് ഉപയോഗിച്ചു ചേർത്തുണ്ടാക്കുന്ന സുതാര്യശല്ക്ക (laminated) ഗ്ലാസുകളാണ് അവയിൽ ഒന്ന്. വെടിയുണ്ടകൾ ഇത്തരം ഗ്ലാസ്സുകളെ ഛിന്നഭിന്നമാക്കാതെ അവയിലൂടെ കടന്നുപോകുന്നു. ഇത്തരം ഗ്ലാസുകളുടെ ഇടയിലുള്ള പ്ലാസ്റ്റിക് പോളിവിനൈൽ അസിറ്റൽ പ്ലാസ്റ്റിക്കാണ്.

സാധാരണഗ്ലാസുകളെ ഉയർന്ന താപത്തിലെത്തിച്ചു പെട്ടെന്നു തണുപ്പിച്ചു കിട്ടുന്ന വേറൊരു തരവും.

നീരാവിയും താപവും കടക്കാത്ത ഗ്ലാസുകൾ രണ്ടു ഗ്ലാസ്പ്ലേറ്റുകൾ തമ്മിൽ കുറച്ച് അകലംവച്ചു ചേർത്ത മറ്റൊരുതരവും രക്ഷാഗ്ലാസുകളായി ഉപയോഗിക്കാറുണ്ട്.

14. *ഫൈബർഗ്ലാസ് (ഗ്ലാസ്നാരുകൾ):* രോമത്തിനോടും സില്ക്കിനോടും സാദൃശ്യമുള്ള ഇവ അലങ്കാരമാർഗങ്ങൾക്ക് ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു. കാലക്രമേണ ഇതു പരുത്തി, രോമം, സില്ക്ക് ഇവയെ സ്ഥാനഭ്രഷ്ടമാക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം. †ഫൈബർഗ്ലാസ് നോക്കുക.

15. *ഫോട്ടോ-സംവേദനഗ്ലാസുകൾ (Photo-sensitive glasses):* ഫോട്ടോ സംവേദനഗ്ലാസുകൾ ബ്ലാക്ക് & വൈറ്റ് ഫോട്ടോനിർമാണത്തിന് ഉപയോഗിക്കുന്നു. അൾട്രാവയലറ്റു പ്രകാശമാണു നെഗറ്റീവു ഫിലിമിൽനിന്നു ഗ്ലാസിലേക്കു ഫോട്ടോ പതിപ്പിക്കാൻ ഉപയോഗിക്കുന്നത്. ഇതിനു പ്രയോഗിക്കുന്നത് അധികം സോഡയുള്ള അലൂമിനിയം-ചുണ്ണാമ്പ്-സിലിക്കേറ്റു ഗ്ലാസ്സാണ്. ഏകദേശം 0.05% കുപ്രസ് ഓക്സൈഡ് അതിലുണ്ടായിരിക്കും. നിരോക്സീകാരിയായി അതിനു പുറമെ സോഡിയം സയനൈഡ് അബീറ്റിക് ആസിഡോ ഉപയോഗിക്കാറുണ്ട്. ഇതു ഫോട്ടോകൾക്ക് ഒരു ത്രിമാനപ്രഭാവം (three dimensional effect) നല്കുന്നു. അബീറ്റിക് ആസിഡിനോടൊപ്പം ടിൻ ഓക്സൈഡ് ഉപയോഗിച്ചാൽ ചെമപ്പുകലർന്ന പ്രതിച്ഛായകൾ ലഭ്യമാണ്. ഇതിൻെറ തത്ത്വം നിരോക്സീകരണംകൊണ്ടു വർണമുണ്ടാക്കുക എന്നതാണ്. ഇത്തരം ഗ്ലാസുകൾ സാധാരണ നിർമലമായിരിക്കും. അൾട്രാവയലറ്റു പ്രകാശമോ, എക്സ്റേയോ അതിൽ പതിക്കുമ്പോൾ അവയിലെ ലോഹലവണങ്ങൾ നിരോക്സീകരണംകൊണ്ടു ലോഹത്തെ അവക്ഷേപിക്കുന്നു. ഫോട്ടോലൈറ്റ് എന്നറിയപ്പെടുന്ന ഇത്തരമൊരു ഗ്ലാസിൽ സിൽവർ അടങ്ങിയ സോഡിയം ഫ്ളൂറൈഡാണുള്ളത്.

16. *കോശമയഗ്ലാസുകൾ (cellular glasses):* സ്പോഞ്ചുപോലുള്ള ഇവ ഗ്ലാസു നിർമാണമിശ്രണത്തിൽ കാർബൺ ചേർത്താണുണ്ടാക്കുന്നത്.

17. *ഗ്ലാസ്കൊണ്ടു പുഷ്ടീകരിച്ച പ്ലാസ്റ്റിക്കുകൾ (Glass Reinforced Plastics):* പോളി എസ്റ്റർ റസീനുകൾ പല അടുക്കുകളായി വച്ചിരിക്കുന്ന ഗ്ലാസുകൾക്കിടയിൽ ഒഴിച്ചാൽ കിട്ടുന്ന വസ്തു കെട്ടിടനിർമാണത്തിനു ഇരുമ്പിനെയും ഉരുക്കിനെയുംപോലെ ബലമുള്ളതാണ്. പോളി എസ്റ്റർ റസിനുകൾ ഉണ്ടാക്കാനുള്ള മിശ്രിതം ഉത്പ്രേരകങ്ങൾ വേണ്ടതുപോലെ ചേർത്ത ഗ്ലാസിന്നിടയിൽ ഒഴിക്കുന്നു. ഈ മിശ്രിതം സാധാരണ ഊഷ്മാവിൽ ദ്രവമാണ്. അതിനാൽ ഉയർന്ന ഊഷ്മാവുകൾ ആവശ്യമില്ല . ഇത്തരം വസ്തുകൊണ്ടുള്ള സാമഗ്രികൾ രാസവസ്തുക്കളുമായി പ്രവർത്തിക്കുന്നില്ല. ഏതുതരത്തിലു

യന്ത്രമുപയോഗിച്ച് ഉരച്ച്
അർധതാര്യമായ ഗ്ലാസ് തയ്യാറാക്കുന്നു.

ള്ള വസ്തുക്കളുണ്ടാക്കാനും ഇതുപയോഗിക്കാം. പക്ഷേ, വളരെ വിലപിടിച്ചതാണിവ. നിർമാണപ്രക്രിയ വളരെ സാവധാനമാണു നടക്കുന്നത്. തുല്യം വ്യാപ്തമെടുത്താൽ ഉരുക്കിൻെറ തുല്യബലം ഇവയ്ക്കുണ്ട്. തുല്യം ഭാരമെടുത്താൽ ഉരുക്കിൻെറ 13 ഇരട്ടി ബലമുണ്ടിവയ്ക്ക്. പക്ഷേ, ഉരുക്കിനേക്കാൾ കാഠിന്യം കുറവാണ്.

18. *പ്രകാശസംവേദനഗ്ലാസുകൾ (light sensitive glasses):* 1964-ൽ കോർണിങ് കമ്പനിക്കാരാണ് ഇത്തരം ഗ്ലാസുകൾ നിർമിച്ചത്. അവയിൽ പ്രകാശം പതിക്കുമ്പോൾ കറുത്ത നിറമാവുന്നു. പ്രകാശ ഉദ്ഗമം നീക്കുമ്പോൾ അവയ്ക്കു പഴയ നിറം തിരിച്ചുകിട്ടുന്നു. ഇത്തരം ഉത്ക്രമണീയഗ്ലാസുകൾ തുടർച്ചയായി ഉപയോഗിക്കാൻ പറ്റും. ജനാലഗ്ലാസുകൾ, വാഹനങ്ങളിലെ ഗ്ലാസുകൾ ഇവയ്ക്കെല്ലാം ഇതുപയോഗിക്കാം. സിൽവർ ക്ലോറൈഡാണ് ഇത്തരം ഗ്ലാസുകളിലുപയോഗിക്കുന്നത്. 40 ആങ്സ്ട്രോം വലിപ്പമുള്ള സിൽവർ ക്ലോറൈഡു ക്രിസ്റ്റലുകൾ ഗ്ലാസിൻെറ 10 ലക്ഷത്തിൽ 500 അംശം മാത്രമാണിതിന് ആവശ്യം. വളരെ ഉറപ്പുള്ള ഇവ രാസവസ്തുക്കളുമായി പ്രതിപ്രവർത്തിക്കുന്നില്ല.

19. *ഗ്ലാസ് സിറാമിക്കുകൾ (glass ceramics):* ഗ്ലാസു വ്യവസായത്തിൽ ഇവ ഒരു പുതിയ അധ്യായം തന്നെ തുറന്നു. 50% ക്രിസ്റ്റലുകൾ അടങ്ങിയ ഗ്ലാസുകളാണിവ. അസമാന(heterogeneous)ന്യൂക്ലീകരണം(nucleation)മൂലമാണിവയുണ്ടാകുന്നത്. ഇതു കണ്ടുപിടിച്ചതു സ്റ്റോക്കി എന്ന ശാസ്ത്രജ്ഞനാണ്. ന്യൂക്ലീകരണത്തിന് ഒരു സഹായി ചേർക്കുകയാണ് അദ്ദേഹം ചെയ്തത്. ഒരു ഘനമില്ലീമിറ്ററിൽ 10^{15} ക്രിസ്റ്റൽ ന്യൂക്ലിയസുകൾ ആവശ്യമാണ്. ന്യൂക്ലീകരണസഹായികളായി ഫോസ്ഫറസ് പെൻേറാക്സൈഡ്, സിർക്കോണിയം ഓക്സൈഡ്, സിങ്ക് സൾഫൈഡ്, സിങ്ക് ഫ്ളൂറൈഡ്, ടൈറ്റാനിയം ഡയോക്സൈഡ്, ക്രോമിക് ഓക്സൈഡ് ഇവയിൽ ഏതെങ്കിലുമൊന്ന് ഉപയോഗിക്കുന്നു. പ്രത്യേക ഗുണങ്ങളുള്ളതാണിവ. ടൈറ്റാനിയം ഡയോക്സൈഡ് ആണു ന്യൂക്ലീകരണസഹായി. ഇവ മിസ്സൈലുകളുടെ അഗ്രങ്ങളുണ്ടാക്കാനുപയോഗിക്കുന്നു. മൈക്രോവേവ് പ്രക്ഷേപിണികൾക്കും ഇവ ഉപയോഗിച്ചുവരുന്നു. ഫെറോ ഇലക്ട്രിക് ഗ്ലാസു സിറാമിക്കിൽ ബേരിയം ടൈറ്റാനേറ്റ് അടങ്ങിയിരിക്കുന്നു.

ഘടന. ഗ്ലാസിൻെറ ഘടനയെക്കുറിച്ചു മൂന്നു സിദ്ധാന്തങ്ങളാണ് ഉള്ളത്. 1. സക്കറിയാസണിൻെറ അവ്യവസ്ഥിത ജാല (Random net- work) സിദ്ധാന്തം. 2. പോറായ്-കോസ് ഹിട്സ്സിൻെറ സിദ്ധാന്തം. 3. ഹഗ്ഗിൻസിൻെറ സിദ്ധാന്തം.

1932-ലാണു സക്കറിയാസൺ തൻെറ സിദ്ധാന്തം പ്രസിദ്ധീകരിച്ചത്. 'സമമിതി' (symmetry) ഇല്ലാത്തതും അവ്യവസ്ഥിതവുമായ ഒരു ത്രിമാന (three dimensional) വസ്തുവാണു ഗ്ലാസ് എന്നു ഇതു സിദ്ധാന്തിക്കുന്നു. സാധാരണ ക്രിസ്റ്റലുകളുമായുള്ള താരതമ്യത്തിലൂടെയാണു സക്കറിയാസൺ ഇതു സ്ഥാപിച്ചിട്ടുള്ളത്.

ഡോ. ബി. ഇ. വാറൻടി എന്ന ശാസ്ത്രജ്ഞൻെറ എക്സ്-റേ വിഭംഗനപഠനങ്ങൾ സക്കറിയാസണിൻെറ നിഗമനങ്ങൾ ശരിയാണെന്നു കാണിച്ചു. ഗ്ലാസുകളുടെ എക്സ്-റേ ചിത്രങ്ങൾ ദ്രവ(fluid)ങ്ങളുടെ ചിത്രങ്ങളുമായി സാദൃശ്യമുള്ളവയാണ്. ക്രിസ്റ്റലുകളുടെ എക്സ്-റേയ്ക്ക് ഇതുമായി സാമ്യമൊന്നുമില്ല. ഇക്കാരണം കൊണ്ടാണു ഗ്ലാസിനെ 'ഉന്നതശ്യാനതയുള്ള ദ്രാവകം' എന്നു വിളിക്കുന്നത്.

പോറായ്-കോസ്ഹിട്സ് സിദ്ധാന്തം എക്സ്-റേ വിഭംഗനപഠനങ്ങളിൽ നിന്നാണ് ആവിഷ്കരിച്ചത്. ഇവരുടെ അഭിപ്രായത്തിൽ ഗ്ലാസിൽ മൂന്നു വ്യത്യസ്ത ഘടകങ്ങളാണുള്ളത്. 1. ദൃഢീകരിച്ച സിലിക്ക. 2. സോഡിയം സിലിക്കേറ്റ്. 3. ഒന്നിനെയും രണ്ടിനെയും ചേർക്കുന്ന ഒരു അവ്യവസ്ഥിത ഘടകം. ഈ ഘടനയ്ക്കു പല ഗുണങ്ങളും വിശദീകരിക്കാൻ സാധ്യമല്ല.

ഹഗ്ഗിൻസ്, സൺ, സിൽവർമാൻ ഇവർ പ്രസിദ്ധീകരിച്ച ഈ സിദ്ധാന്തപ്രകാരം മൈക്ക, പൈറോക്സിൻ, വോള്ളസ്റ്റോണൈറ്റ്, സിലിക്കേറ്റ് ക്രിസ്റ്റലുകൾ ഇവയെല്ലാംപോലെ ഗ്ലാസും സിലിക്കൺ-ഓക്സിജൻ അയൺ ഏകകങ്ങളുടെ ഒരു ആവർത്തിതരൂപമാണ്.

വേറൊരു സംഘത്തിൻെറ സിദ്ധാന്തം ഉയർന്ന താപപരീക്ഷണങ്ങളിൽനിന്നാണ്. ഗ്ലാസിൻെറ ഘടന ഏത് ഊഷ്മാവിലും അതുണ്ടായ ദ്രവത്തിൽനിന്നു വളരെ വ്യത്യസ്തമല്ലെന്നു പറയുന്നു. 10—20% വരെ ലോഹ ഓക്സൈഡുകൾ ചേർക്കുമ്പോൾ മാത്രമേ ലോഹസിലിക്കേറ്റുകളുടെ ഭൗതികഗുണങ്ങൾ മാറുന്നുള്ളു. ബോക്റീസിൻെറ അഭിപ്രായത്തിൽ ആദ്യം ഓക്സൈഡുകൾ ചേർക്കാതിരിക്കുമ്പോൾ ത്രിമാന ബോണ്ടുകൾ ഗ്ലാസിലുണ്ടാവും. ഓക്സൈഡുകൾ അവയെ ദ്വിവിമീയ ബോണ്ടുകളാക്കുന്ന പ്രക്രിയ പൂർത്തിയാക്കുന്നു. അതിനു ശേഷമുള്ള ഗ്ലാസിൽ സിലിക്കൺ ആനയണിൻെറ വളയങ്ങളും ദീർഘചങ്ങലകളും മാത്രമാണുള്ളത്.

പൊതുവായ നിർമാണഘടകങ്ങൾ അവ്യവസ്ഥിതിമായി ചേർന്നതാണു ഗ്ലാസുകളെന്നു മറ്റു ചില സിദ്ധാന്തക്കാർ വിശ്വസിക്കുന്നു. ടിൽടൺ എന്ന ശാസ്ത്രജ്ഞൻ വിട്രോൺ എന്ന ഡോഡെക്കാഹെഡ്രൺ (ദ്വാദശഡെക്കാഹെഡ്രൺ) കൊണ്ടുള്ളവയാണു ഗ്ലാസ് എന്നാണ് അഭിപ്രായപ്പെടുന്നത്.

ഗ്ലാസിൻെറ പല ഗുണങ്ങളും വിശദീകരിക്കാൻ ഈ സിദ്ധാന്തങ്ങൾക്കു കഴിഞ്ഞിട്ടില്ല. എക്സ്-റേ പഠനം ദ്വിമാനഘടനാപഠനത്തിനേ സഹായിച്ചിട്ടുള്ളു. ഘനത്വം, ശ്യാനത, വികാസം, ഇലാസ്തിക ഗുണങ്ങൾ, രാമൻസ്പെക്ട്രം, ഇൻഫ്രാറെഡ്സ്പെക്ട്രം, ഡൈ-ഇലക്ട്രിക് സ്ഥിരാങ്കം, വർണം ഇവയെല്ലാംകൂടി ചേർന്നുള്ള ഒരു ബൃഹത്പഠനം വഴിയേ ശരിയായ ഘടന മനസ്സിലാക്കാൻ പറ്റുകയുള്ളു.

ഭൗതികഗുണങ്ങൾ. യാന്ത്രിക ശക്തി (mechanical strength), ഉറപ്പ്, ഭംഗുരത, താപസഹനം തുടങ്ങിയ ഭൗതിക ഗുണധർമങ്ങളാണു ഗ്ലാസിനെ അതിൻെറ വൈവിധ്യമാർന്ന ഉപയോഗത്തിനുള്ള യോഗ്യത നേടിക്കൊടുത്തത്.

ഗ്ലാസിനു വളരെയധികം മർദം സഹിക്കാൻ കഴിയും. പ്രഷർഗേജുകൾ, സോഡാക്കുപ്പികൾ ഇവയെല്ലാം സാധാരണമാണ്. ഗ്ലാസിൻെറ ഇലാസ്തിക(elastic)ഗുണങ്ങളാണു താഴെ പറയുന്നവ. ഗ്ലാസു ഘനസ്ഥിതിയിൽ ഒരിക്കലും പ്ലാസ്റ്റിക്കു വൈരൂപ്യം (plastic deformation) കാണിക്കാത്ത ഒരു വസ്തുവാണ്. ഗ്ലാസുകളുടെ യങ്സ്മാപാങ്കം (Youngs modulus — ഇലാസ്തികതാമാപാങ്കം) ഏകദേശം ച. മി. മീറ്ററിന് 7050 കി. ഗ്രാമാണ്. സാധാരണയായി ഗ്ലാസു വളരെ ഭംഗുര(brittle)മാണ്.

ഗ്ലാസിൻെറ ഉപരിതലത്തിൽ പോറലുണ്ടാക്കുവാനുള്ള കഴിവു പോറുവാൻ ഉപയോഗിക്കുന്ന ഗ്ലാസിനനുസരിച്ചിരിക്കും. കാഠിന്യം അളക്കാനുള്ള മോഹയുടെ സ്കെയിലിൽ (Moh's hardness scale) ഗ്ലാസിൻെറ മൂല്യം 5-നും 7-നും ഇടയ്ക്കാണ്. ഗ്ലാസിൻെറ തേയ്മാനത്തെക്കുറിച്ചു പഠിച്ചതു പ്രധാനമായും മില്ലിഗനാണ്. $B_2 O_3$ അധികമുള്ള പൈറക്സ് പോലത്തെ ഗ്ലാസുകൾക്കു വളരെ സാവധാനത്തിലെ തേയ്മാനം സംഭവിക്കൂ. സാധാരണ സോഡാഗ്ലാസുകൾക്ക് എളുപ്പത്തിൽ തേയ്മാനം സംഭവിക്കും.

താപസഹനത (thermal endurance) ചില ഗ്ലാസുകൾക്കുള്ള പ്രധാന ഗുണമാണ്. താപാഘാതം (thermal shock) സഹിക്കുന്ന ഗ്ലാസുകൾക്ക് എൻജിനിയറിങ്ങിൽ വളരെയധികം ഉപയോഗങ്ങളുണ്ട്. പരീക്ഷണശാലയിൽ ഉപയോഗിക്കുന്ന ടെസ്റ്റ്ട്യൂബുകൾ, ബീക്കറുകൾ ഇവ താപാഘാതം വളരെയധികം സഹിക്കുന്നവയാവും. വികാസഗുണാങ്കം (coefficient of expansion) കുറവാണെങ്കിൽ താപസഹനത കൂടുതലായിരിക്കും. 32×10^{-7} (സെ. മീറ്റർ/സെ. മീറ്റർ C°) വികസനാങ്കമുള്ള പൈറക്സ് ഗ്ലാസുകൾ 96×10^{-7} (സെ. മീറ്റർ/സെ. മീറ്റർ C°)വികസനാങ്കമുള്ള സോഡാഗ്ലാസുകളുടെ മൂന്നിരട്ടി താപസഹനതയുള്ളതായിരിക്കും. ഗ്ലാസുകൾക്കു വണ്ണം കൂടുമ്പോൾ താപസഹനത കുറഞ്ഞുവരുന്നു. പെട്ടെന്നു ചൂടാക്കുമ്പോഴുണ്ടാകുന്ന താപാഘാതം പെട്ടെന്നു തണുപ്പിക്കുമ്പോഴുണ്ടാകുന്നതിനെക്കാൾ ചുരുക്കമാണ്. ഗ്ലാസുകളുടെ ആപേക്ഷികഘനത്വം 2-നും 8-നും ഇടയിലായിരിക്കും. പൈറക്സ് ഗ്ലാസുകളുടെ ആപേക്ഷികഘനത്വം 2.25 ആണ്. ബേറിയം ഓക്സൈഡും ലെഡ് ഓക്സൈഡും ചേർത്ത ഗ്ലാസുകൾക്ക് ഇരുമ്പിനു തുല്യമായ ഘനത്വം ഉണ്ട്. ഇലാസ്തികതാമാപാങ്കം (modulus of elasticity), അപവർത്തനാങ്കം, വികാസഗുണാഗുണാങ്കം ഇവ അവയുടെ ഘടകങ്ങളുടെ മൂല്യങ്ങളിൽ നിന്നു ഗണിക്കാം.

താപസഹനത കൂടുതൽ വേണമെങ്കിൽ ആ ഗ്ലാസിൻെറ വികാസഗുണാങ്കം ചെറുതാകണം. രണ്ടു ഗ്ലാസുകൾ തമ്മിൽ ചേർക്കണമെങ്കിൽ അവയുടെ വികാസഗുണാങ്കം ഏകദേശം സമമായിരിക്കണം. ലോഹങ്ങളോടോ മറ്റു വസ്തുക്കളോടോ ചേർക്കണമെങ്കിലും ഇതു സമമായിരിക്കണം. ഒരു ഗ്ലാസിൻെറ രാസരചനയറിയാൻ അതിൻെറ വികസനാങ്കമറിഞ്ഞാലും മതി. ഗ്ലാസുകളുടെ വികാസഗുണാങ്കം താപാനുശീതന ഊഷ്മാവിനു മുകളിൽ വളരെ വേഗം വർധിക്കുന്നു. താഴ്ന്ന താപങ്ങൾക്കുള്ള മൂല്യം ആ സമയത്ത് ഉപയോഗപ്രദമല്ല. സോഡാഗ്ലാസുകളിൽ പ്ലാറ്റിനം ചേർക്കാൻ സാധ്യമാണ്. അതുപോലെ പൈറക്സ് ഗ്ലാസുകളിൽ മോളിബ്ഡിനവും ടങ്സ്റ്റണും ചേർക്കാനും സാധ്യമാണ്. സിലിക്ക വികാസഗുണാങ്കം ചുരുക്കാനുപകരിക്കുന്നു. 15% വരെ ബോറിക് ഓക്സൈഡ് ($B_2 O_3$) ഇതേ ഫലമാണു നല്കുന്നത്. സോഡിയം ഓക്സൈഡ് (Na_2O), പൊട്ടാസ്യം ഓക്സൈഡ് (K_2O) ഇവ വികാസഗുണാങ്കം വർധിക്കുന്നതിന് ഉപകരിക്കുന്നു. അതിനാൽ പൈറക്സുപോലുള്ള ഗ്ലാസുകളിൽ സി

ലിക്ക കൂടുതലും സോഡിയംഓക്സൈഡും പൊട്ടാസിയംഓക്സൈഡും കുറവുമായിരിക്കും.

ഗ്ലാസിൻെറ ശ്യാനത 500°C-ൽ, 1300°C-യിലുള്ള ശ്യാനതയുടെ 100000,00,00,000 മടങ്ങ് അധികമാകുന്നു. രൂപീകരണതാപനിലയ്ക്കടുത്തു ഓരോ 100 ഡിഗ്രിക്കും ശ്യാനത ആയിരം മടങ്ങു മാറുന്നു. ശ്യാനതയിലുള്ള ഈ അത്യധികമാറ്റവും സിലിക്കയുടെ ഇതേഗുണങ്ങളുമാണു ഗ്ലാസു നിർമാണം സാധ്യമാക്കുന്നത്. ഉണ്ടാകുന്ന കുമിളകൾ പോകുന്ന സമയം മുഴുവനും ദ്രവാവസ്ഥയിൽത്തന്നെ ഗ്ലാസിനെ നിർത്തേണ്ടത് ആവശ്യമാണ്. ദ്രവീകരണസമയം കുമിളകൾ പുറത്തുപോകുന്ന സമയത്തിന് അനുസരിച്ചിരിക്കുന്നു. 1500°C-ൽ കുമിളകൾ പുറത്തുപോകുന്നത് 1400°C-ൽ പോകുന്നതിൻെറ മൂന്നിരട്ടി വേഗത്തിലാണ്. കുമിളകൾ പോയശേഷമേ ഗ്ലാസു നിർമാണം സാധ്യമാകൂ.

ഗ്ലാസുകൾക്കു കൃത്യമായ ദ്രവീകരണതാപനില ഇല്ല. അതുപോലെതന്നെയാണു ശ്യാനതയും. ഗ്ലാസ് ദ്രവീകരിക്കാനാരംഭിക്കുമ്പോൾ, അതായതു മൃദുലീകരണ താപനിലയിൽ (softening temperature) അതിൻെറ ശ്യാനത 4.5×10^7 പോയ്സ് ആണ്. താപാനുശീതീകരണ താപനില ദ്രവീകരണതാപമാനത്തിന് ഏകദേശം 150 മുതൽ 275 വരെ ഡിഗ്രി സെൽഷ്യസിനു താഴെയാണ്.

ഗ്ലാസുകൾ ഏകഭാവതയുള്ളതും (homogeneous) രന്ധ്രങ്ങളില്ലാത്തതുമാണ്. ഗ്ലാസുകൾക്കു താണ ഊർജനഷ്ടവും (low power loss) ഉയർന്ന ഡൈ ഇലക്ട്രിക് ശക്തിയും (dielectric strength) ഉയർന്ന വ്യാപ്തരോധവുമുണ്ട്.

ഗ്ലാസിൻെറ വൈദ്യുതഗുണങ്ങൾ വളരെ സങ്കീർണങ്ങളാണ്. വൈദ്യുത ഉപകരണങ്ങളിലുപയോഗിക്കുന്ന ഗ്ലാസുകൾ ക്ഷാരഓക്സൈഡുകൾ ഇല്ലാത്തവയാണ്. നിരാവി തീരെ ഇല്ലെങ്കിൽ വൈദ്യുതിയെത്തടുക്കുവാൻ ആസ്ബസ്റ്റോസ്, പഞ്ഞി എന്നിവയെക്കാൾ കഴിവു ഗ്ലാസിനുണ്ട്. ഗ്ലാസുനാരുകൾ ഉണ്ടാക്കിയശേഷം ഉരുക്കിയ പ്ലാസ്റ്റിക്കുകളിൽ മുക്കുകയാണെങ്കിൽ വളരെയധികം വൈദ്യുതരോധം അവയ്ക്കുണ്ടാവുകയും ചെയ്യുന്നു.

പ്രാകാശികഗുണങ്ങൾ. ഗ്ലാസിൻെറ ഏറ്റവും പ്രധാനഗുണങ്ങൾ ഒപ്ടിക്കൽ ഗുണങ്ങളാണ്. പ്രകൃതിയെ സംബന്ധിച്ച അറിവുകളെല്ലാം പ്രകാശത്തിലൂടെ കിട്ടിയതാണ്. ഗ്ലാസിൻെറ സുതാര്യത (transparency), അർധതാര്യത, അപഭംഗം (defraction) എന്നിവ പലതിനും ഉപയോഗിക്കുന്നുണ്ട്. വൈദ്യുതബൾബുകൾ, പ്രകാശനിരോധിനികൾ, പ്രകാശപ്രതിഫലനികൾ, ലെൻസുകൾ, ജനാലകൾ ഇവയെല്ലാം ഇന്നു നിത്യോപയോഗവസ്തുക്കളാണ്. ഗ്ലാസിനു പ്രതിഫലനശക്തി വർധിക്കുവാൻ മഗ്നീഷ്യം ഫ്ളൂറൈഡ് ഉപരിതലത്തിൽ പൂശുകയാണുപതിവ്. ഘനത്വം കൂടുംതോറും അപവർത്തനാങ്കവും (refractive index) കൂടുന്നു. ബോറിക് ഓക്സൈഡ്, അപവർത്തനാങ്കം കുറയ്ക്കുന്നു. ബേരിയം ഓക്സൈഡിനു നേരെ വിപരീതഫലമാണുള്ളത്. ഫ്ളൂറിൻ അപഭംഗം കൂടാനുപകരിക്കുന്നു. സിലിക്കയ്ക്കു പകരം ടൈറ്റാനിയം, ടാൻടാലം, ലന്താനം ഇവ ചേർക്കുമ്പോൾ ഉയർന്ന അപവർത്തനാങ്കവും ചുരുങ്ങിയ പ്രകീർണനവും (dispersion) ലഭിക്കുന്നു. സിലിക്കാഗ്ലാസുകൊണ്ടുള്ള ലെൻസുകൾ ഫോട്ടോഗ്രാഫിക്പ്ലെയിറ്റിനു വേണ്ട എല്ലാ പ്രധാന തരംഗങ്ങളെയും കടത്തിവിടുന്നു.

രാസഗുണങ്ങൾ. സാധാരണതാപനിലയിൽ വളരെയധികം രാസപ്രവർത്തനങ്ങൾ ഉള്ള ഒരു പദാർഥമല്ല ഗ്ലാസ്. അതുകൊണ്ടു രാസപദാർഥങ്ങൾ സൂക്ഷിക്കാൻ ഗ്ലാസ് ഭരണികൾ ഉപയോഗിക്കുന്നു. ഗ്ലാസുമായി പ്രതിപ്രവർത്തിക്കുന്ന ഒരു പ്രധാന വസ്തു ഹൈഡ്രജൻ ഫ്ളൂറൈഡാണ്.

അലങ്കരണമാർഗങ്ങൾ. പ്രധാന അലങ്കാരമാർഗങ്ങൾ താഴെ കൊടുക്കുന്നു. ഛേദനം (cutting), എച്ചിങ് (etching), സൂചികൊണ്ടുള്ള എച്ചിങ് (needle etching), പ്ലേറ്റുകൊണ്ടുള്ള എച്ചിങ്(plate etching), മണൽ വിസ്ഫോടനം (sand blasting), പൂശുന്ന അലങ്കാരങ്ങൾ (Fired decoration), സിൽവറിങ് (silvering). ചില അലങ്കാരപ്രവൃത്തികൾ ഉപരിതല സുതാര്യത ഇല്ലാതാക്കുന്നു.

ഛേദനം: ഗ്ലാസിൻെറ ഉപരിതലത്തെ ഛേദിച്ചു പ്രതിഫലനശക്തിയും തേജസ്സും വർധിപ്പിക്കുന്നു. വളരെ പുരാതനമായി ഉപയോഗിച്ചുവന്ന മാർഗമാണിത്. ഗ്ലാസിൻെറ ഉപരിതലം ചാണ ഉപയോഗിച്ചോ, മറ്റു മിനുക്കുസാധനങ്ങളുപയോഗിച്ചോ ശരിയാക്കുന്നു. പൊട്ടാഷുള്ള ലെഡ് ഗ്ലാസുകളിലാണ് ഈ മാർഗം ഉപയോഗിക്കുന്നത്. ക്രിസ്റ്റൽഗ്ലാസുകളിൽ ഈ മാർഗം ആകർഷണീയമായ ആകാരങ്ങൾ നല്കുന്നു.

എച്ചിങ്: മുകളിൽ പറഞ്ഞ ഛേദനമാർഗം ഇന്ന് അധികവും ഉപയോഗിച്ചുവരുന്നില്ല. വേണ്ട ആകാരങ്ങൾ വരച്ച് അവയിലൊഴികെ മറ്റെല്ലാ ഭാഗത്തും ഉരുകിയ മെഴുകു പൂശുന്നു. അതിനുശേഷം ആ പാത്രത്തെ ഹൈഡ്രോഫ്ളൂറിക് ആസിഡും സൽഫ്യൂറിക് ആസിഡും ചേർന്ന മിശ്രിതത്തിൽ മുക്കുന്നു. ആസിഡു കഴുകിക്കളയുമ്പോൾ മെഴുകില്ലാതിരുന്ന ഭാഗങ്ങൾ മിന്നുന്ന ആകൃതിയോടുകൂടിയതാവുന്നു. ഗ്ലാസുമായി ഹൈഡ്രോഫ്ളൂറിക് ആസിഡു പ്രതിപ്രവർത്തിക്കുന്നു. ആസിഡു പ്രതിപ്രവർത്തിക്കുന്ന ഭാഗം പ്രകാശനിരോധകവും പരുപരുപ്പുള്ളതുമാണ്. ചുണ്ണാമ്പു കൂടുതലുള്ള ഗ്ലാസുകളിൽ പ്രതിപ്രവർത്തിച്ച ഭാഗം പ്രകാശം പ്രതിഫലിപ്പിക്കുന്നതാകുന്നു. സൽഫ്യൂറിക് ആസിഡും ഹൈഡ്രോഫ്ളൂറിക് ആസിഡും ചേർത്താൽ പ്രതിപ്രവർത്തനശേഷം ഗ്ലാസിൻെറ ഉപരിതലം പ്രകാശനിരോധകമാവും. പക്ഷേ, നല്ല മിനുസമുള്ളതായിരിക്കും. ഹൈഡ്രോഫ്ളൂറിക് ആസിഡിൽ അമോണിയം ഫ്ളൂറൈഡു ചേർത്താൽ പ്രതിപ്രവർത്തിക്കുന്ന ഉപരിതലങ്ങൾ സാറ്റിൻതുണിപോലുള്ള ഒരു മാർദവച്ഛായ നല്കുന്നു. ഇതേ മാർഗംതന്നെയാണു കച്ചവടപ്പേരുകളും കമ്പനിയുടെ പേരുകളും ഗ്ലാസിൽ എഴുതാനുപയോഗിക്കുന്നത്.

സൂചികൊണ്ടുള്ള എച്ചിങ്: ഗ്ലാസ്‌വസ്തു മുഴുവൻ മെഴുകുകൊണ്ടു മൂടിയിരിക്കും. അതിനുശേഷം സൂചികൊണ്ടു കുത്തി, വേണ്ട ആകൃതി അവയിലുണ്ടാക്കുന്നു. എന്നിട്ടു ഗാഢ ഹൈഡ്രോഫ്ളൂറിക് ആസിഡുമായി പ്രതിപ്രവർത്തിപ്പിക്കുന്നു. ആദ്യമായി ഗ്ലാസ് സാമഗ്രികൾ ആവരണംചെയ്യാൻ മെഴുക്, പാരഫിൻ, റോസിൻ, ടാർ ഇവയിൽ ഏതെങ്കിലും ഉപയോഗിക്കുന്നു. ഗ്ലാസ് സാമഗ്രിയെ ചുറ്റിക്കൊണ്ടിരിക്കുന്നു. സൂചികൊണ്ടു വേണ്ട ആകാരങ്ങൾ ഉണ്ടാക്കിയശേഷം 10 മിനിട്ടു ഗാഢ ഹൈഡ്രോഫ്ളൂറിക് അമ്ലത്തിൽ മുക്കുന്നു. മെഴുകും മറ്റും തിളയ്ക്കുന്ന വെള്ളത്തിൽ മുക്കിക്കളയുന്നു. ആസിഡ് ലെഡ് പാത്രങ്ങളിലാണെടുക്കുന്നത്.

പ്ലേറ്റുകൊണ്ടുള്ള എച്ചിങ്: ഈ രീതിയിൽ വേണ്ട ആകൃതിയിലുള്ള രൂപങ്ങൾ 1 മില്ലിമീറ്റർ ആഴത്തിലുണ്ടാക്കുന്നു. അവയിൽ ഹൈഡ്രോഫ്ളൂറിക് ആസിഡു ചേർക്കുന്നു. ഇത്തരം ഇരുമ്പു പ്ലേറ്റുകൾ അലങ്കാരങ്ങൾ കൊത്തേണ്ട ഗ്ലാസുമായി ചേർത്തു വെക്കുന്നു. ഇങ്ങനെ ചെയ്യുന്നതിനുമുമ്പ് ഇരുമ്പുപ്ലേറ്റിൽ മറ്റെല്ലാ ഭാഗങ്ങളിലും മെഴുകു ചേർക്കുന്നുണ്ട്.

മണൽ വിസ്ഫോടനം: വളരെ ചെലവുകുറഞ്ഞതും ജനാലഗ്ലാസുകൾക്ക് എളുപ്പത്തിൽ ഉപയോഗിക്കാൻ പറ്റുന്നതുമാണീരീതി. അത്യധികം മർദത്തിലുള്ള വായുവും മണലും കൂടി ഗ്ലാസിൻെറ തലത്തിലേക്ക് അടിക്കുന്നു. വേണ്ട ആകൃതിയൊഴിച്ചുള്ള ഭാഗങ്ങൾ റബർകൊണ്ടു മൂടുന്നു.

പൂശൽ: പലപ്പോഴും അലങ്കാരങ്ങൾ പൂശിയാണുണ്ടാക്കുന്നത്. അലങ്കാരവർണങ്ങൾ ഒരു കാർബണികലായകത്തിൽ ലയിപ്പിച്ചു ഗ്ലാസിൽ വേണ്ട ആകൃതിയിൽ പൂശുന്നു. ചൂടാക്കുമ്പോൾ ലായനി ബാഷ്പീകരിക്കുകയും വർണങ്ങൾ അതേമാതിരി നില്ക്കുകയും ചെയ്യുന്നു. സ്വർണം, വെള്ളി, പ്ലാറ്റിനം ഇവ പൂശുന്നത് ഒരു പ്രത്യേക രീതിയിലാണ്. ഗ്ലാസിൽ പൂശേണ്ടവസ്തു വളരെ വേഗം ഉരുകുന്ന ബോറേറ്റിൽ ചേർത്തു ഗ്ലാസിൽ വേണ്ട ആകൃതിയിൽ പൂശുന്നു. വെള്ളി ആദ്യം കനംകുറച്ചു പൂശി, ഇലക്ട്രോപ്ലേറ്റിങ് വഴി കൂടുതൽകനംകൂട്ടുകയാണു പതിവ്. ക്രോമിയവും സ്ഥിരമായ നിറം നല്കുന്നു.

സിൽവറിങ്: റോഷല്ലേ ലായനിയിൽ പഞ്ചസാരയും അമോണിയാലായനിയും ചേർത്തശേഷം അവയിൽ മുക്കുന്ന ഉപരിതലങ്ങളിൽ വെള്ളി വളരെ കൃത്യമായ തോതിൽ പൂശപ്പെടുന്നു. അതിനുശേഷം അവയെ പുറത്തെടുക്കുന്നു. അടുത്തകാലത്തു ടെലിസ്കോപ്പുകൾക്കും മറ്റും വേറൊരു മാർഗമാണുപയോഗിച്ചുവരുന്നത്. രാസപരമായി വൃത്തിയാക്കിയ ഗ്ലാസ് ഉപരിതലങ്ങളിൽ അലൂമിനിയം നിർവാതഅന്തരീക്ഷത്തിൽവെച്ചു പൂശുന്നു. അലൂമിനിയം തലങ്ങൾ ഓക്സീകരിച്ചാലും അതേ നിറംതന്നെയാണുള്ളത്. അലൂമിനിയം ഹ്രസ്വതരംഗങ്ങളും(short wave) അൾട്രാവയലറ്റും സിൽവറിനെക്കാൾ നന്നായി പ്രതിഫലിപ്പി ക്കുന്നു. ഈ ഗുണങ്ങൾ ടെലിസ്കോപ്പിലെ കണ്ണാടികളുണ്ടാക്കാൻ ഈ മാർഗം അവലംബിക്കാൻ സഹായകമാക്കുന്നു. ഇവയിൽ പ്രതിഫലനം ലോഹതലങ്ങളിൽനിന്നും സംഭവിക്കുന്നു.

ഗ്ലാസ്ഗൊ

സ്കോട്ട്ലൻഡിൽ ക്ലൈഡ് നദീമുഖത്തിൽനിന്നു 16 കി. മീറ്റർ ഉള്ളിലോട്ടു തള്ളി ആ നദിയുടെ ഇരുകരയിലും വളർന്നുവന്ന ഒരു പുരാതനനഗരം. (55° 51' വടക്ക് 4° 16' പടിഞ്ഞാറ്). എഡിൻബറോ നഗരത്തിൽ

നിന്ന് 62 കി. മീറ്റർ പടിഞ്ഞാറു സ്ഥിതിചെയ്യുന്നു. ക്ലൈഡ് നദീമുഖത്തിന്റെ രണ്ടു കരകളിൽ നിന്നുമുള്ള റെയിൽവേപാത നദിയുടെ ഇരുഭാഗത്തിൽക്കൂടെയും ഗ്ലാസ്ഗൊ വഴി സ്കോട്ട്ലൻഡിലെ നാനാഭാഗങ്ങളിലേക്കും പോകുന്നു. ഇത് ഒരു വ്യോമയാത്രാകേന്ദ്രവുമാണ്. പക്ഷേ, ഏറ്റവും പ്രശസ്തിയാർജിച്ചത് ഒരു നാവികതുറമുഖമായിട്ടാണ്. ആഴമുള്ള ക്ലൈഡിൽക്കൂടെ ഏതുകാലത്തും വലിയ കപ്പലുകൾക്ക് ഗ്ലാസ്ഗൊവിലേക്കു പ്രവേശനം ഉണ്ട്. സ്കോട്ട്ലൻഡിലെ പടിഞ്ഞാറെ കരയിലാകകൊണ്ട് അക്ഷാംശം എന്തുതന്നെയായാലും നദീമുഖം മഞ്ഞുകൊണ്ടു മൂടപ്പെടാറില്ല. ഗ്ലാസ്ഗൊ സ്ഥിതിചെയ്യുന്ന ലാനാക്ക്ഷയർ പ്രമുഖ കൽക്കരി ഉത്പാദനകേന്ദ്രവുമാണ്.

1636-ൽ ബ്രിട്ടീഷ് രാജാവ് ചാൾസ് ഒന്നാമൻ ഒരു ചാർട്ടർപ്രകാരം ഗ്ലാസ്ഗൊവിനെ നഗരമായി ഉയർത്തി. 1847 വരെ നദീമുഖത്തുള്ള ഗ്രീനക് തുറമുഖത്തോടു മത്സരിക്കുന്ന തുറമുഖമായി ഇതു തുടർന്നു. ആ വർഷത്തിൽ ലാനാക്ക്ഷയറിൽ കൽക്കരിപ്പാടം കണ്ടുപിടിച്ചതോടെ ഗ്ലാസ്ഗൊവിന്റെ വികസനസാധ്യതകൾ വർധിച്ചു. നഗരം വേഗത്തിൽ പുഷ്ടിപ്പെടുവാൻ തുടങ്ങി. നദീതീരത്തുള്ള ഈ തുറമുഖത്തിൽ രണ്ടു കരയിലുമായി 20 കി. മീറ്റർ ദൂരം ഡോക്കുകൾ ഉണ്ട്. ഇതിനു താഴെ നദീമുഖത്തിന്റെ ഇരുഭാഗങ്ങളിലുമായുള്ള നിരവധി ചെറിയ തുറമുഖങ്ങൾ ഗ്ലാസ്ഗൊവിന്റെ അയൽപ്രദേശങ്ങൾ എന്ന നിലയ്ക്കു പുഷ്ടിപ്പെട്ടു.

വലിയ തുറമുഖമെന്ന നിലയ്ക്ക് ഗ്ലാസ്ഗൊവിന്റെ പ്രാധാന്യം പരിഗണനീയമാണ്. ഉത്തരബ്രിട്ടനിലെ ഏറ്റവും വലിയ തുറമുഖമാണിത് ഇതിന്റെ പശ്ചാത്തലപ്രദേശം സമ്പന്നമാണ്; വിശേഷിച്ചു കൽക്കരിയുടെ സാന്നിധ്യംകൊണ്ട്. ഇരുമ്പ്, ഉരുക്ക് മുതലായവ സ്പെയിനിൽ നിന്നും മറ്റും എളുപ്പത്തിൽ ഇറക്കുമതി ചെയ്യുവാനുള്ള സൗകര്യങ്ങൾ ഉണ്ട്. ഉൾപ്രദേശങ്ങളുമായി റെയിൽവേ മുഖേനയും ഫോർത്ത-ക്ലൈഡ് തോടു മുഖേനയും ഘടിപ്പിച്ചിരിക്കുന്നു. കപ്പൽനിർമാണത്തിന്റെയും മറ്റു ഹെവി എൻജിനിയറിങ് നിർമാണങ്ങളുടെയും കേന്ദ്രമാണ്. ലോകത്തിലെ മികച്ച കപ്പൽനിർമാണകേന്ദ്രങ്ങളിൽ ഒന്നാണ് ഗ്ലാസ്ഗൊ. മറ്റു കയറ്റുമതി സാധനങ്ങളിൽ തുണിത്തരങ്ങൾ, യന്ത്രങ്ങൾ മുതലായവയ്ക്കു പ്രാധാന്യമുണ്ട്.

മധ്യയുഗത്തിൽ പണിചെയ്യിച്ച മനോഹരമായ ഒരു കത്തീഡ്രൽ ഇവിടെയുണ്ട്. 1450-ൽ സ്ഥാപിച്ച ഒരു സർവകലാശാല ഗ്ലാസ്ഗൊവിന്റെ വിജ്ഞാനപാരമ്പര്യം നിലനിർത്തിപ്പോരുന്നു. സ്കോട്ടിഷ് കവികളിൽ ഏറ്റവും പ്രസിദ്ധനായ റോബർട്ട് ബേൺസിന്റെ സ്മാരകമായി പല സ്ഥാപനങ്ങളും ഗ്ലാസ്ഗൊവിൽ ഉണ്ട്.

വിസ്തൃതി 155.8 ച. കി. മീറ്റർ. ജനസംഖ്യ 763162 (1981). ബ്രിട്ടനിൽ മൂന്നാമത്തെ ഏറ്റവും വലിയ നഗരമാണ് ഗ്ലാസ്ഗൊ.

അമേരിക്കയിൽ മിഷിഗൻസ്റ്റേറ്റിലും കെൻടക്കിസ്റ്റേറ്റിലുമുള്ള രണ്ടു പട്ടണങ്ങൾക്കും ഇതേ പേരുണ്ട്. ഇവയിൽ രണ്ടാമത്തത് അല്ലിഗനിപർവതത്തിന്റെ തെക്കുപടിഞ്ഞാറേ ഭാഗത്ത് കംബർലണ്ടുനിരയുടെ സമീപത്തുള്ള ഒഹായോ നദീതീരസമതലത്തിനടുത്തു സ്ഥിതി ചെയ്യുന്നു.

ഗ്ലാസ് നാരുകൾ

† ഫൈബർ ഗ്ലാസ് നോക്കുക.

ഗ്ലാസ് നിർമാണം

വിവിധ തരത്തിലുള്ള ഗ്ലാസുകൾ നിർമിക്കാനുള്ള സാങ്കേതിക രീതികളും അവയുടെ പ്രയോഗവും. ഗ്ലാസ് നിർമാണത്തിന്റെ ഏറ്റവും മൗലികമായ സങ്കേതം, അസംസ്കൃതപദാർഥങ്ങളെ ഉയർന്ന താപത്തിൽ ഉരുക്കി ഐകരൂപ്യമുള്ള ഒരു മിശ്രം ഉണ്ടാക്കി അതുപയോഗിച്ച് സാധനങ്ങൾ നിർമിക്കുക എന്നതാണ്. വിവിധ തരത്തിലുള്ള ഗ്ലാസുകൾ († ഗ്ലാസ് നോക്കുക) നിർമിക്കാനാവശ്യമായ അസംസ്കൃതപദാർഥങ്ങൾ വ്യത്യസ്തങ്ങളാണ്.

നിർമാണവസ്തുക്കൾ. നാലുതരത്തിലുള്ള വസ്തുക്കളാണു ഗ്ലാസിന്റെ മുഖ്യഘടകങ്ങൾ. അടിസ്ഥാന ദ്രവീകരണികൾ, ഓക്സീകരണികൾ, നിരോക്സീകരണികൾ (ദ്രവീകരണസഹായികൾ), വർണവസ്തുക്കൾ, സഹായികൾ എന്നിവയാണ് ആ ഘടകങ്ങൾ.

ഗ്ലാസ് നിർമാണത്തിൽ മാനദണ്ഡമായി സ്വീകരിക്കുന്നത് മൂന്നു പ്രത്യേകതകളാണ്: 1. ചെലവുകുറവ്, 2. ഉരുക്കാനുള്ള എളുപ്പം, 3. വാർത്തെടുക്കുവാനുള്ള സൗകര്യം.

മണൽ, സോഡാക്കാരം, ഫെൽസ്പാർ, ഫ്ളോർസ്പാർ, ക്രയോലൈറ്റ്, ബോറാക്സ്, ബോറിക് ആസിഡ്, വെടിമരുന്ന്, സോഡിയം, നൈട്രേറ്റ്, ചുണ്ണാമ്പുകല്ല്, വർണവസ്തുക്കൾ എന്നിവയാണു ഗ്ലാസ് നിർമാണത്തിനുപയോഗിക്കുന്ന പ്രധാനപ്പെട്ട പദാർഥങ്ങൾ.

സിലിക്ക, ബോറിക് ഓക്സൈഡ്, ഫോസ്ഫറസ് പെൻഡോക്സൈഡ്, ആർസീനിയസ് ഓക്സൈഡ്, സോഡാ ആഷ്, പൊട്ടാഷ്, കാൽസിയം ഓക്സൈഡ്, ബേറിയം ഓക്സൈഡ്, ലെഡ് ഓക്സൈഡ് അലുമിന (Al_2O_3 സിങ്ക്ഓക്സൈഡ് മഗ്നീഷ്യം ഓക്സൈഡ്, ഫൈറോലുസൈറ്റ്, ലിഥിയം എന്നീ രാസവസ്തുക്കളാണു ഗ്ലാസിൽ അടങ്ങിയിട്ടുള്ളത്. ഗ്ലാസിനു നിറം പകരാനായി ക്രോമിയം, മാൻഗനീസ്, കോബാൾട്ട്, നിക്കൽ, കോപ്പർ, ഇരുമ്പ്, സിറിയം, നിയോഡൈമിയം, പ്രേസിയോഡൈമിയം തുടങ്ങിയവയുടെ ഓക്സൈഡുകളാണു വർണവസ്തുക്കളായി ഉപയോഗിക്കുന്നത്. വർണരഹിതമായ ഗ്ലാസ് നിർമിക്കുമ്പോൾ അതിൽ മാലിന്യമായി കടന്നുകൂടിയിട്ടുള്ള ഇരുമ്പിന്റെയും മറ്റും അംശം നീക്കംചെയ്യേണ്ടതുണ്ട്. ഇതിനു രാസവർണനിയന്ത്രണവും ഭൗതികവർണനിയന്ത്രണവും മൂലം മാറ്റാവുന്നതാണ്.

നിർമാണരീതി. സോഡ-ചുണ്ണാമ്പുഗ്ലാസിന്റെ നിർമാണ രീതിയാണ് ഇവിടെ വിശദീകരിക്കുന്നത്. മറ്റെല്ലാ ഗ്ലാസുകളും ഇതേ രീതിയിൽത്തന്നെയാണ് ഉണ്ടാക്കുന്നത്. വികാസം കുറവുള്ള ഗ്ലാസുകൾക്ക് ഇതിൽ കൊടുത്തതിനെക്കാൾ ഉയർന്ന താപം വേണമെന്നു മാത്രം.

അസംസ്കൃതസാധനങ്ങൾ വേണ്ടതുപോലെ പൊടിച്ചു ചൂളയിൽ ഇട്ട് ഉരുക്കുന്നു. ഉരുകിയ പദാർഥം ഉപയോഗിച്ചു ഗ്ലാസ് നിർമിക്കാൻ പല രീതികൾ അവലംബിക്കാറുണ്ട്: സമ്മർദനം (pressing), സ്ഫുടനം (blowing), വാർക്കൽ casting), പരിഭ്രമണം (rolling), വലിച്ചെടുക്കൽ (drawing), നാരുനിർമാണം (fibre forming).

സമ്മർദനം: അച്ചിന് ഉള്ളിൽ ഉരുക്കിയ ഗ്ലാസ് ഒഴിച്ചു മർദം ചെലുത്തുന്നു. വ്യാസം ഉയരത്തിന്റെ പകുതിയിൽ കൂടാത്ത സാധനങ്ങൾ മാത്രമേ ഈ വിധത്തിൽ നിർമിക്കാൻ പറ്റൂ. ഗ്ലാസിന്റെ കനവും നിർമിക്കപ്പെടേണ്ട സാധനത്തിന്റെ (ഉദാ: ഗ്ലാസ്ഭരണി) വ്യാസവും തമ്മിലുള്ള അനുപാതം 1:100-ൽ കൂടുകയുമരുത്. 30 സെ. മീറ്ററിൽ കൂടുതൽ ഉയരമുള്ളതും 10 സെ. മീറ്ററിൽ ചുരുങ്ങിയതുമായ സാധനങ്ങൾ ഈ വിധത്തിൽ ഉണ്ടാക്കുന്നില്ല.

സ്ഫുടനം: ഒരു ഇരുമ്പുനാളിയുടെ അറ്റത്ത് ഉരുകിയ ഗ്ലാസ് എടുത്ത് അതിനെ അച്ചിലിട്ട് വായു ഉപയോഗിച്ച് മർദിക്കുന്നു. 250 ഗ്രാം മുതൽ 15 കി. ഗ്രാം വരെയുള്ള സാധനങ്ങൾ ഈ വിധത്തിൽ ഉണ്ടാക്കാം. ഇങ്ങനെ ഉണ്ടാക്കിയ ഏറ്റവും വലിയ ഗ്ലാസ് വസ്തുവിന്റെ നീളം 2.8 മീറ്ററും വ്യാസം 76 സെ.മീറ്ററും ആണ്.

വാർക്കൽ: അച്ചുകളിൽ ഒഴിച്ച് ഗ്ലാസ് വാർത്തെടുക്കുന്നു.

പരിഭ്രമണം: പരന്ന സാധനങ്ങൾ ഉണ്ടാക്കുന്നതിന് ഈ രീതി അവലംബിക്കുന്നു. വലിയ ഇരുമ്പു മേശമേൽ ഒഴിച്ച് ഇരുമ്പിന്റെ വലിയ റോളുകൾകൊണ്ടു വേണ്ട കനത്തിൽ പരത്തുന്നു.

വലിച്ചെടുക്കൽ: ട്യൂബ്, ദണ്ഡ് ഇവയെല്ലാം ഈ രീതി ഉപയോഗിച്ചാണ് ഉണ്ടാക്കുന്നത്. പ്രത്യേക യന്ത്രങ്ങളുടെ സഹായത്തോടെ ഈ രീതിയിൽ ഗ്ലാസ്നിർമാണം നടത്തുന്നു.

നാരുനിർമാണം: സാധാരണ ക്ഷാരങ്ങൾ കുറവുള്ളതും ചുണ്ണാമ്പ്, അലൂമിന ഇവയുള്ളതുമായ ബോറോസിലിക്കേറ്റ് ഗ്ലാസുകളാണ് ഉപയോഗിച്ചുവരുന്നത്. തുണിവ്യവസായങ്ങൾ, ഇലക്ട്രിക് വ്യവസായങ്ങൾ, പായകൾ ഇവയ്ക്ക് ഉപയോഗിക്കുന്നു. ചിലപ്പോൾ ഇത്തരം നാരുകളെ പ്ലാസ്റ്റിക്കൊണ്ടു പൊതിയാറുണ്ട്. ലെഡ് സിലിക്കേറ്റ് ഗ്ലാസ്നാരുകൾ എക്സ്റേകളിൽ സംരക്ഷണത്തിനും, 96% സിലിക്ക ഗ്ലാസ് നാരുകൾ ഉയർന്ന താപത്തിൽനിന്നു രക്ഷകിട്ടാനും ഉപയോഗിക്കുന്നു.

താപാനുശീതനം (Annealing). ഗ്ലാസ് സാധനങ്ങൾ അച്ചിൽ നിന്നെടുത്തശേഷം ഗ്ലാസ്സിന്റെ ഭാഗങ്ങൾക്കുള്ള ആയാസം (strain) നീക്കുവാൻ താപാനുശീതനം നടത്തുന്നു. നാരുകളിലും ട്യൂബുകളിലും ആയാസം വളരെ കുറവാണ്. ആയാസമുള്ള ഗ്ലാസുകൾ തണുക്കുമ്പോൾ പൊട്ടുന്നു. ആയാസം മാറ്റുവാൻ ദ്രവീകരണ താപനിലയ്ക്ക് 150 °C താഴെയുള്ള ഒരു താപനിലയിൽ ഗ്ലാസ് വച്ചശേഷം പതുക്കെപ്പതുക്കെ പല ഘട്ടങ്ങളിലായി അന്തരീക്ഷ ഊഷ്മാവിലെത്തിക്കുന്നു. താപാനുശീതനസമയത്ത് അണുക്കൾ തമ്മിൽ സമീകരണങ്ങൾ നടക്കുകയും ആയാസം അവസാനിക്കുകയും ചെയ്യുന്നു. അതുപോലെ ആയാസകേന്ദ്രങ്ങളിലേക്ക് ആയാസരഹിതസ്ഥലങ്ങളിൽനിന്നു ദ്രവ്യം സഞ്ചരിക്കുകയും ചെയ്യുന്നു. വിവിധ ഊഷ്മാവുള്ള അനേകം ഘട്ടങ്ങളിലൂടെ ഓരോന്നിലും

കുറെസമയംവച്ചശേഷമാണു ഗ്ലാസ് പുറത്തെടുക്കുന്നത്.

ഫർണസുകൾ. രണ്ടുതരത്തിലുള്ള ഫർണസുകളാണു പ്രധാനമായും ഉപയോഗിച്ചുവരുന്നത്. വളരെ ഉയർന്ന ഊഷ്മാവ് എത്തുകയെന്നതും, ആ താപം താങ്ങാൻ കഴിവുള്ള പാത്രമുണ്ടാക്കുകയെന്നതും രണ്ടു പ്രധാന പ്രശ്നങ്ങളായിരുന്നു. റിഫ്രാക്ടറിസാധനങ്ങൾ പാത്രത്തിൻെറ പ്രശ്നം പരിഹരിച്ചിരിക്കുന്നു. ഊഷ്മാവിൻെറ പ്രശ്നം പുതിയ രാസവസ്തുക്കളുടെ ആവിർഭാവത്തോടെ പരിഹൃതമായി. 1600 °C വരെ എത്തുന്ന ഫർണസുകൾ ഇന്ന് ഉപയോഗത്തിലുണ്ട്. അവയിൽ പ്രധാനപ്പെട്ടവയാണു പാത്രഫർണസുകളും ടാങ്ക് ഫർണസുകളും.

ദോഷങ്ങൾ. വളരെ ശ്രദ്ധിച്ചാൽപ്പോലും ചില ഗ്ലാസുകൾ ചീത്തയാകും. ഗ്ലാസിൻെറതന്നെ കേട്, പണിക്കാരൻെറ അശ്രദ്ധ എന്നിവയാണു പ്രധാനം. ഗ്ലാസ്സിൽ അർധതാര്യമായ കല്ലുകൾ, പോറലുകൾ ആവശ്യമില്ലാത്ത നിറങ്ങൾ ഇവയുമുണ്ടാകും. പണിക്കാരൻെറ അശ്രദ്ധമൂലം ചുളിവുകൾ, ആയാസരേഖകൾ, ആകൃതിവൈരൂപ്യം ഇവയുണ്ടാകും.

പരുക്കൻ മണൽ ഉപയോഗിച്ചാൽ ഗ്ലാസിൽ കല്ലുകൾ ഉണ്ടാകാം. അതുപോലെ ദ്രവീകരണസമയം ചുരുങ്ങുമ്പോൾ ചില ഭാഗങ്ങൾ നല്ലവണ്ണം ഉരുകുന്നില്ല. ഇത്തരം ഭാഗങ്ങൾ ഗ്ലാസ് സാമഗ്രികളിൽ പ്രകാശനിരോധകങ്ങളായി പ്രത്യക്ഷപ്പെടുന്നു. ഇവ ഒഴിവാക്കാൻ വളരെ എളുപ്പമാണ്. നല്ലതരം റിഫ്രാക്റ്ററികൾ ഉപയോഗിച്ചില്ലെങ്കിലും ഇത്തരം കല്ലുകൾ ഗ്ലാസിൽ കാണുന്നുണ്ട്. കല്ലുകളുടെ മൂന്നാമത്തെ ഉത്പത്തിസ്ഥാനം കാചദൃഢീകരണമാണ്. വളരെ ശ്രദ്ധയോടെ ചെയ്തില്ലെങ്കിൽ ഈവിധത്തിൽ വലിയ ക്രിസ്റ്റലുകൾ ചില ഭാഗങ്ങളിലുണ്ടാകും. ഗ്ലാസ് നിർമാണമിശ്രത്തിലെ ഘടകങ്ങൾ നല്ലവണ്ണം ചേർന്നിട്ടില്ലെങ്കിലും ഇതുണ്ടാകാം. അലൂമിനിയവും മഗ്നീഷ്യവും ചേർന്ന സോഡാഗ്ലാസുകളിൽ ദ്രവീകരണം നടന്ന് അവ നല്ലതുപോലെചേരണം.

എല്ലാ അസംസ്കൃതവസ്തുക്കളും നന്നായി പൊടിക്കുക, മിശ്രിതത്തിൻെറ രചന നല്ലവണ്ണം ഇളക്കുക, താപം അധികസമയത്തേക്ക് ഉയർന്നതോതിൽത്തന്നെ നിർത്തുക ഇവയാണു കല്ലുകൾ ഉണ്ടാകാതിരിക്കാനുള്ള ചില മാർഗങ്ങൾ. പാത്രങ്ങളും ടാങ്കുകളും ഗ്ലാസുണ്ടാക്കുന്നതിനുമുമ്പ് ഉയർന്ന താപത്തിലെത്തിച്ചു തണുപ്പിച്ചാൽ അവയിൽനിന്നുള്ള കല്ലുകൾ ചുരുക്കാം. കല്ലുകൾ ഗ്ലാസുകളുടെ ഭംഗി നശിപ്പിക്കുക മാത്രമല്ല ബലം കുറയ്ക്കുകയും ചെയ്യുന്നു. ഗ്ലാസുകൾക്കും കല്ലുകൾക്കും വ്യത്യസ്തവികസനത്തോതാണ് ഉള്ളത്. ഇതു ഗ്ലാസുകളിൽ വിടവുകളും പൊട്ടലുകളും ഉണ്ടാക്കുന്നു.

മറ്റൊരു പ്രധാനദോഷം കാചദൃഢീകരണ(Divitrification)മാണ്. ഗ്ലാസിൽ ക്രിസ്റ്റലുകൾ ഉണ്ടാക്കുന്ന ഈ ദോഷം ഏതെങ്കിലും വിധത്തിൽ ഒഴിവാക്കേണ്ടതാണ്. ഗ്ലാസ് നിർമാണാവസരത്തിൽ അതിൻെറ ഏതെങ്കിലും ഭാഗത്തെ ഊഷ്മാവ് താഴാനിടകൊടുക്കുന്നതു ദൃഢീകരണത്തിനിടയാക്കും. ഉയർന്ന ദ്രവീകരണതാപമാനമുള്ള ഗ്ലാസുകൾ എളുപ്പത്തിൽ ദൃഢീകരിക്കുന്നില്ല. ഇത്തരം ഭാഗങ്ങൾ ചെറിയവയാണെങ്കിലും രാസരചനയിൽ മാറ്റമുള്ളതിനാൽ ചൂടാക്കുമ്പോൾ ആ ഭാഗം പൊട്ടാനിടയാകുന്നു. അലൂമിനിയം ഓക്സൈഡ് (Al_2O_3), ബേരിയം ഓക്സൈഡ് (BaO) ഇവ ദൃഢീകരണത്തിനുള്ള പ്രവണത ചുരുക്കുന്നു.

പോറലുകൾ, കുമിളകൾ ഇവയും സാധാരണ കണ്ടുവരുന്നു. കുമിളകൾ വലുതും ചെറുതും ഉണ്ടാവാറുണ്ട്. നിർമാണപദാർഥങ്ങൾ ദ്രവീകരണത്തിനുശേഷം കുറച്ചുനേരം വച്ചിരുന്നാലേ കുമിളകളെല്ലാം പുറത്തുപോകൂ. 0.1 മീ.മീറ്റർ വ്യാസമുള്ള കുമിളകളും കാണാറുണ്ട്. ചെറിയ കുമിളകൾ ടാങ്ക് ഫർണസിൽ പതിവാണ്. ഊഷ്മാവ് കഴിയുന്നതും ഉയർത്തുന്നതു കുമിളകൾ എളുപ്പത്തിൽ പോകാൻ ഉപകരിക്കുന്നു.

ഗ്ലാസിന് ഉപയോഗിക്കുന്ന അസംസ്കൃതസാമഗ്രികൾ അശുദ്ധമാണെങ്കിൽ ആവശ്യമില്ലാത്ത നിറങ്ങൾ ഗ്ലാസിനു വന്നുചേരും. അതുപോലെ വർണകാരികളും വർണനിയന്ത്രണികളും ആവശ്യത്തിലധികമായാലും ഗ്ലാസ് ഉപയോഗശൂന്യമാവും. ഓപ്ടിക് ഗ്ലാസുകൾക്ക് അനാവശ്യവർണങ്ങൾ തീരെ പാടില്ല.

ഗ്ലാസ്‌വിളക്ക്

സസ്യഎണ്ണ ഉപയോഗിച്ചു കത്തിച്ചിരുന്ന ഒരുതരം പഴയ വിളക്ക്. വായ്‌വട്ടം കൂടിയും ചുവട്ടിൽ വട്ടംകുറഞ്ഞും ഉള്ള ഒരു സ്ഫടികപ്പാത്രം (വെട്ടുകളില്ലാത്തത്) മുകൾഭാഗം തുറക്കാനും അടയ്ക്കാനും പറ്റുന്ന വിധത്തിൽ പിച്ചള കെട്ടിച്ചതാണു ഗ്ലാസ്‌വിളക്ക്. വെളിച്ചെണ്ണയാണ് ഇതിൽ ഉപയോഗിക്കുക. എണ്ണയിൽ തിരിയിടാൻ ദ്വാരമുളളതും എടുക്കാനും വെക്കാനും സൗകര്യമുള്ള ഒരു വാൽ മുകളിലോട്ടു നീണ്ടുനില്ക്കുന്നതും ആയ ഒരു മുക്കാലി- ഇതിനു 'ഞണ്ടുകാൽ' എന്നും പേരുണ്ട്- ഗ്ലാസിൻെറ അടിയിൽ വെച്ചിരിക്കും. തൂക്കിപ്പിടിക്കാൻ ഒരു ചങ്ങലയും കൊളുത്തുമുണ്ട്. ഈ വിളക്കിനുളള പ്രധാന ഗുണം നേരെ ചുവട്ടിലും - കാലടികൾക്കിടയിലും - വെളിച്ചം കിട്ടുമെന്നുളളതാണ്. മണ്ണെണ്ണ വിളക്കുകൾ വന്നതോടെ ഇതിനു പ്രചാരമില്ലാതായി.

14-ാംശതകത്തിലെ ഗ്ലാസ്‌വിളക്ക്.
(ബ്രിട്ടീഷ് മ്യൂസിയം)

ഗ്ലാസിൻെറ ചരിത്രം

ഗ്ലാസിൻെറ ഉദ്ഭവ വികാസങ്ങളുടെ ചരിത്രം. വളരെ പ്രാചീനമായതും ബഹുമുഖ ഉപയോഗമുള്ളതുമായ ഒരു വസ്തുവാണ് ഗ്ലാസ്. ശിലായുഗത്തിൽ ഒബ്സീഡിയൻ എന്നയിനം സ്ഫടികം അമ്പിൻമുനകൾ, കത്തികൾ, കുന്തമുനകൾ എന്നിവ ഉണ്ടാക്കുവാൻ ഉപയോഗിച്ചിരുന്നു. ബി.സി. 12-ാം ശതകത്തിൽ ഗ്ലാസു മണികൊണ്ടുള്ള മാലകളുണ്ടാക്കിയിരുന്നു. ഗ്ലാസിൻെറ ചരിത്രത്തെ മൂന്ന് ഘട്ടങ്ങളായി തിരിക്കാം.

ഒന്നാംഘട്ടം. ഗ്ലാസ്‌നിർമാണത്തെക്കുറിച്ച് എ.ഡി. ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്ലിനി സൂചിപ്പിച്ചിട്ടുണ്ട്. ഫിനീഷ്യൻ മണൽ വളരെക്കാലത്തേക്ക് ഗ്ലാസ് നിർമാണത്തിന് മറ്റു രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുകയും ചെയ്തിരുന്നു. ഫിനീഷ്യക്കാർ മണലും ക്ഷാരവും മാംഗനീസ് ലാപിസും (ഒരുതരം ഡോളമെറ്റ്) ചേർത്തു നല്ല ഗ്ലാസുകളുണ്ടാക്കിയിരുന്നുവെന്നും പ്ലിനി രേഖപ്പെടുത്തിക്കാണുന്നു. ഫിനീഷ്യൻ സംസ്കാരത്തെക്കാളും പഴക്കമേറിയ ഗ്ലാസുകൾ ഇന്നു കണ്ടുകിട്ടിയിട്ടുണ്ട്.

ഗ്ലാസിൻെറ ഉദ്ഭവസ്ഥാനം ഏഷ്യാമൈനറിലെ മെസപ്പൊട്ടേമിയ ആണെന്നു സർ ഡബ്ലിയു. എം. പ്ലീൻഡേർസ് പീട്രി പറയുന്നു. കല്ലുമണികൾ മിനുസപ്പെടുത്തിബി.സി. 12000-ത്തിൽ ബഡാരിയന്മാർ ഉപയോഗിച്ചിരുന്നവയ്ക്കു പച്ച നിറമായിരുന്നു. മെസപ്പൊട്ടേമിയയിൽനിന്നാണ് ഇത് ഈജിപ്തിലെത്തിയതെന്ന് ചരിത്രകാരന്മാർ സൂചിപ്പിക്കുന്നു. ബി.സി. നാലായിരത്തിൽ പ്രകൃതിദത്തമായ ഗ്ലാസുകൾ മാത്രമാണുപയോഗിച്ചിരുന്നതെന്നും ബി.സി. 9000 അടുത്താണ് മനുഷ്യൻ ഗ്ലാസുനിർമാണം തുടങ്ങിയതെന്നും അവർ രേഖപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും പുരാതനമായ ഗ്ലാസ് ബി.സി. ഏഴായിരത്തിൽ ആകാരങ്ങൾ ശരിപ്പെടുത്തിയെടുത്ത ലാപിസ് ലാസുലി എന്ന ധാതുവിൽനിന്നുണ്ടാക്കിയതാണ്.

ഈജിപ്തിലെ ഒന്നാം രാജവംശം ബി.സി. അയ്യായിരത്തിൽ സുതാര്യമായ പച്ച ഗ്ലാസുകൾ ഉപയോഗിച്ചിരുന്നു. 11-ാം രാജവം

ഗ്ലാസിൽ നിർമിച്ച
പലതരം പാനപാത്രങ്ങൾ.

ശമാകട്ടെ കറുപ്പും വെളുപ്പും ഇടകലർന്ന സ്ഫടികങ്ങൾ ഉപയോഗിച്ചുതുടങ്ങി (ബി.സി. 3800). ഗ്ലാസുകൊണ്ടുള്ള ആഭരണം ഡാഹ്ഷൂറിൽ നിന്നു കണ്ടെടുത്തിട്ടുണ്ട്. അത് ബി.സി 3300-ൽ ഉണ്ടാക്കിയതാണ്. അർധതാര്യമായ നീലമണികൾ 1570-ൽ ഉപയോഗിച്ചിരുന്നു. ഇവയെല്ലാം ഏഷ്യമൈനറിൽനിന്ന് അവിടേക്കു കൊണ്ടുപോയതാണെന്ന് ചില ചരിത്രകാരന്മാർ വിശ്വസിക്കുന്നു.

ബി.സി. 2700-നും 2600-നു ഇടയ്ക്കു നിർമിച്ചതെന്നു വിശ്വസിക്കപ്പെടുന്ന ഒരു സ്തംഭം, എച്ച്. ഫ്രാങ്ക് ഫോർട്ട് എന്ന ചരിത്രകാരൻ ബാഗ്ദാദിനു വടക്കുപടിഞ്ഞാറുള്ള ടെൽ അസ്മാറിൽനിന്നു കണ്ടെടുത്തു. അവിടുത്തെ ഒരു ശ്മശാനത്തിൽ ബി.സി. 2450-ൽ ഉണ്ടാക്കപ്പെട്ട പളുങ്കുമണികൾ ഉണ്ടായിരുന്നു. ഈ കാലങ്ങളെക്കുറിച്ച് അഭിപ്രായഭേദങ്ങളുണ്ടെങ്കിലും വളരെ പുരാതനമാണിവയെന്നു തെളിഞ്ഞിട്ടുണ്ട്.

പുരാതന ഈജിപ്തിൽ 15-ാം രാജവംശഭരണകാലത്താണ് ശരിയായ ഗ്ലാസ്വ്യവസായം തുടങ്ങിയത്. ഇംഹോട്ടെപിന്റെ (ബി.സി. 1551-1527) കാലത്തെ പല ഗ്ലാസ് വസ്തുക്കളും കണ്ടെടുത്തിട്ടുണ്ട്. തോത്മെസ് രാജാവിന്റെ ഭാര്യ (ബി.സി. 1527-1475) ഗ്ലാസ്മണികൾ ആഭരണമായി ഉപയോഗിച്ചിരുന്നു. ഈജിപ്തിൽ ഗ്ലാസ് വ്യവസായത്തോടൊപ്പം മറ്റു ശാസ്ത്രങ്ങളും പുരോഗമിച്ചു. അവർ ടിൻ ഓക്സൈഡ്, കോപ്പർ ഓക്സൈഡ് എന്നിവയുപയോഗിച്ച് വെളുപ്പും നീലയും നിറമുള്ള ഗ്ലാസുകളുണ്ടാക്കിയിരുന്നു. സുതാര്യമായ ഗ്ലാസുകൾ അക്കാലത്ത് ഉണ്ടാക്കിയിരുന്നില്ല. അക്കാലത്ത് അധികവും ഗ്ലാസ് ആഭരണങ്ങളായി മാത്രമാണ് ഉപയോഗിച്ചുവന്നത്.

കുറച്ചുകാലത്തിനുശേഷം കുപ്പികളും ഭരണികളും പൊള്ളയായ മറ്റുസാമഗ്രികളും ഉണ്ടാക്കിത്തുടങ്ങി. അവ ഉണ്ടാക്കിയത് ഇന്നത്തെപ്പോലെ ഊതിവീർപ്പിച്ചല്ല. മണൽകൊണ്ടുള്ള ഒരു മൂശയിലിട്ടാണ്. ബി.സി. 1200-ൽ ഈജിപ്തുകാർ അച്ചുപയോഗിച്ച് സാമഗ്രികളുണ്ടാക്കിത്തുടങ്ങി. ഗ്ലാസുകൊണ്ടുള്ള നാരുകൾ ഉപയോഗിച്ച് അവയെ ആകർഷകമാക്കി. അവർ അലങ്കാരവസ്തുക്കൾ മാത്രമേ അപ്പോഴും ഉണ്ടാക്കിയിരുന്നുള്ളു. ബി.സി. 1550 മുതൽ ക്രിസ്ത്യൻ യുഗത്തിന്റെ തുടക്കംവരെയും ഈജിപ്തുതന്നെയാണ് മുൻപന്തിയിലുണ്ടായിരുന്നത്. ഗ്ലാസ് വ്യവസായം അലക്സാണ്ഡ്രിയയിൽനിന്നും മറ്റു ഭാഗങ്ങളിലേക്കു വ്യാപിച്ചു.

രണ്ടാം ഘട്ടം. ഊതിവീർപ്പിച്ച് പൊള്ളയായ ഗ്ലാസ് ഉപകരണങ്ങൾ ഉണ്ടാക്കാനുള്ള നാളികയുടെ കണ്ടുപിടുത്തം ഗ്ലാസിനെ ആഭരണവസ്തു എന്ന നിലയിൽനിന്നും ഉപയോഗവസ്തു എന്ന നിലയിലെത്തിച്ചു. ബി.സി. 300-നും 200-നും ഇടയ്ക്കു ഫിനീഷ്യക്കാരാണ് ഇതു കണ്ടുപിടിച്ചതെന്നു പ്രബലമായ ഒരുപക്ഷമുണ്ട്. അനേകം പൊള്ളയായ വസ്തുക്കൾ എളുപ്പത്തിലുണ്ടാക്കാൻ ഇതു സഹായകമായി. ക്രിസ്ത്വബ്ദത്തിന്റെ ആരംഭത്തിൽ പ്രകാശനിരോധകമായ ഗ്ലാസുകൾ ഉണ്ടാക്കിത്തുടങ്ങി. ആദ്യത്തെ നാലു ശതാബ്ദം ഗ്ലാസിന്റെ ചരിത്രത്തിലെ ഒന്നാം സുവർണകാലമായിരുന്നു. റോമൻ ഭരണകൂടത്തിന്റെ സ്ഥിരത ഗ്ലാസ്വ്യവസായത്തെ പോഷിപ്പിച്ചു. റോമിൽ മാത്രമല്ല റോമക്കാർ കീഴടക്കിയ ഈജിപ്ത്, സിറിയ, ഗ്രീസ്, ഇറ്റലി എന്നിവിടങ്ങളിലും ഗ്ലാസ്വ്യവസായം പുരോഗമിച്ചു.

റോമാചക്രവർത്തിയായ അലക്സാണ്ടർ സെവീറസ് എ.ഡി. 220-ൽ ഗ്ലാസിനു നികുതി ഏർപ്പെടുത്തുകയുണ്ടായി. എ.ഡി. 306-നും 337-നുമിടയ്ക്കു ഭരിച്ച കോൺസ്റ്റന്റൈൻ രാജാവ് ആ നികുതി പിൻവലിച്ചു. അക്കാലത്തുണ്ടാക്കിയിരുന്ന ഭംഗിയുള്ള ഗ്ലാസ്വസ്തുക്കൾക്ക് സ്വർണംകൊണ്ടുള്ളവയെക്കാൾ വിലയുണ്ടായിരുന്നു. 3-ാംശതാബ്ദത്തിൽ ഗ്ലാസ്ജനലുകൾ ഉപയോഗത്തിൽവന്നു. ലകഗ്റ്റനേഷ്യസ് (എ.ഡി. 290), ജെറോം (എ.ഡി. 331) എന്നീ എഴുത്തുകാർ ഗ്ലാസ്ജനലുകളെക്കുറിച്ചു പറയുന്നുണ്ട്. 15 ശതാബ്ദങ്ങൾ പഴക്കമുള്ള പാത്രങ്ങൾ, കിണ്ണങ്ങൾ, കോണിക്കൽ വിളക്കുകൾ, കപ്പുകൾ, ഫ്ളാസ്കുകൾ, സുഗന്ധദ്രവ്യങ്ങൾ നിറയ്ക്കുന്ന കുപ്പികൾ, ലെൻസുകൾ, സ്പൂണുകൾ, വടികൾ, മോതിരങ്ങൾ, മാലകൾ എന്നിവ ഈജിപ്തിൽനിന്നു കണ്ടെടുത്തിട്ടുണ്ട്.

കുരിശുയുദ്ധത്തിനുശേഷം ഗ്ലാസ്വ്യവസായം വെനീസിൽ വളർന്നുവന്നു. വ്യവസായരഹസ്യങ്ങൾ മറ്റുള്ളവർ മനസ്സിലാക്കാതിരിക്കാൻ 1291-ൽ അവർ ഗ്ലാസ്വ്യവസായം മുരാനോദ്വീപിലേക്കു മാറ്റി. രഹസ്യങ്ങൾ പുറത്താക്കിയവർക്കു മരണശിക്ഷ വിധിച്ചിരുന്നു. സുന്ദരമായ വലിയ കണ്ണാടികൾ അവർ കയറ്റുമതിചെയ്തു. ഫ്രെഞ്ചുമന്ത്രിയുടെ കൈയിൽ 110 സെ.മീ. നീളവും 65 സെ.മീ. വീതിയുമുള്ള ഒരു കണ്ണാടിയുണ്ടായിരുന്നു. റാഫേലിന്റെ ചിത്രങ്ങൾക്കുപോലും 3000 ലിവേർസായിരുന്നു വില. മന്ത്രിയുടെ കണ്ണാടിക്ക് 8016 ലിവേർസും. 'ക്രിസ്റ്റാലോ' എന്ന വളരെ കനംകുറഞ്ഞ ശുദ്ധമായ ഗ്ലാസുകളും അവരുണ്ടാക്കി. രഹസ്യങ്ങൾ മറ്റുപലരും ഉപയോഗിക്കുകയും വെനീഷ്യൻ വ്യവസായം നാമാവശേഷമാവുകയും ചെയ്തു.

15-ം 16-ം ശതകങ്ങളിൽ സിറിയൻ മുസ്ലീം പള്ളിയിൽ വളരെ സുന്ദരമായ കണ്ണാടികൾ ഉപയോഗിച്ചുവന്നു. വളരെ ഭംഗിയുള്ള ഗ്ലാസ്വിളക്കുകൾ അവർ ഉണ്ടാക്കി. ഏകദേശം ഇതേ സമയത്ത് ബൊഹീമിയക്കാർ ഉറപ്പുള്ള ഗ്ലാസുകൾ ഉണ്ടാക്കിത്തുടങ്ങി. 16-ാം ശതകത്തിന്റെ അവസാനത്തോടെ യൂറോപ്പിലെങ്ങും ഗ്ലാസ്വ്യവസായം പുഷ്ടിപ്പെട്ടു.

മൂന്നാംഘട്ടം. 1612-ൽ പ്രസിദ്ധീകരിച്ച എ. നേരിയുടെ 'എൽ ആർട്ടേവെട്രാറിയ' എന്ന പുസ്തകം ഗ്ലാസിൻെറ നവീന യുഗത്തിന് ആരംഭംകുറിച്ചു. ആദ്യമായി എ. നേരിയുടെ പുസ്തകം ഇറ്റലിയിലെ ഫ്ളോറൻസിലാണ് പ്രസിദ്ധീകരിച്ചത്. ആ പുസ്തകത്തിൻെറ പ്രസിദ്ധീകരണം കഴിഞ്ഞ് ഗ്ലാസിൻെറ ചരിത്രത്തിൽ നാലു പ്രധാന സംഭവങ്ങളുണ്ടായി. 17-ാംശതകത്തിൻെറ ആദ്യത്തിൽ ഗ്ലാസ് മുറിക്കാനുള്ള സാങ്കേതികവിദ്യ കാസ്പർലെഹ്മാനും ഷ്വാൻഷാർഡുംകൂടി വികസിപ്പിച്ചെടുത്തു. 1675-ൽ ജോർജ് രേവൻസ് ക്രോഫ്ട് എന്ന ഒരു ബ്രിട്ടീഷുകാരൻ ഫ്ളിൻറ്ഗ്ലാസ് കണ്ടുപിടിച്ചതാണ് മറ്റൊരു പ്രധാന സംഭവം. ലെഡ്ഓക്സൈഡ് ഉപയോഗിച്ചുണ്ടാക്കിയ ഇവ വളരെ തെളിഞ്ഞതും വളരെ ഉയർന്ന അപവർത്തനാങ്കമുള്ളതും ആണ്. 1688-ൽ ഗ്ലാസ് വാർത്തെടുക്കാനുള്ള മാർഗം ഫ്രാൻസിലെ ലൂയിലൂക്കാസ് കണ്ടുപിടിച്ചു. അങ്ങനെ ഗ്ലാസ്പലകകൾ ഉണ്ടാക്കുന്നതിൽ ഫ്രാൻസ് ആധിപത്യം നേടി.

1796-ഓടുകൂടി ഓപ്റ്റിക് ഗ്ലാസുകൾ എളുപ്പത്തിൽ ഉണ്ടാക്കാനുള്ള മാർഗം പരിപൂർണ്ണമാക്കപ്പെട്ടു. സൂക്ഷ്മദർശിനിയുടെയും ദൂരദർശിനിയുടെയും ലെൻസുകൾ, സ്പെക്ട്രോസ്കോപ്പിൻെറ പ്രിസങ്ങൾ തുടങ്ങിയവ ഉണ്ടാക്കിത്തുടങ്ങി. വ്യത്യസ്ത അപവർത്തനാങ്കങ്ങളുള്ള ഗ്ലാസുകൾ വ്യത്യസ്ത രാസരചന ഉപയോഗിച്ച് ഉണ്ടാക്കാനും അവർക്കു കഴിഞ്ഞു. ഉരുക്കിയ ഗ്ലാസ് ഇളക്കി അവയുടെ അസമാനത മാറ്റാനും അവർക്കു സാധിച്ചു. 1880 വരെ നാലുതരം ഗ്ലാസുകൾ മാത്രമെ അറിയപ്പെട്ടിരുന്നുള്ളു: ക്രൗൺഗ്ലാസ്, ഫ്ളിൻറ് ഗ്ലാസ്, ഓക്സൈഡുഗ്ലാസ്, ചുണ്ണാമ്പുഗ്ലാസ്. ഇവയുടെ മിശ്രിതങ്ങൾ ഉപയോഗിച്ചു നിർമിച്ച ലെൻസുകൾക്കു പല പോരായ്മകളുമുണ്ടായിരുന്നു.

ആയിരത്തിത്തൊള്ളായിരത്തിലെ ഗ്ലാസ് നിർമാണം 1800-ലെ നിർമാണ പദ്ധതികളിൽനിന്ന് വളരെ വ്യത്യസ്തമല്ലായിരുന്നു. പക്ഷേ, ഈ നൂറ്റാണ്ടിൽ ഗ്ലാസ്നിർമാണത്തിൻെറ സാങ്കേതികവിദ്യയിൽ വമ്പിച്ച കുതിച്ചുചാട്ടം ഉണ്ടായി.

ഇന്ത്യയിൽ. 16-ാം ശതകം വരെയ്ക്ക് , ഇന്ത്യയിലെ ഗ്ലാസിൻെറ ചരിത്രം വ്യക്തമല്ല. അസ്സീറയന്മാരായിരിക്കണം ഗ്ലാസ്നിർമാണം ഇന്ത്യയിൽ കൊണ്ടുവന്നത് എന്നാണു വിശ്വസിക്കപ്പെടുന്നത്. പതിനാറാംനൂറ്റാണ്ടിൽ ഇന്ത്യയിൽനിന്നു ഗ്ലാസ്സാമഗ്രികൾ ഇറ്റലിയിലേക്കും മറ്റു യൂറോപ്യൻ രാജ്യങ്ങളിലേക്കും കയറ്റുമതി ചെയ്തിരുന്നുവെന്ന് *മേണോഗ്രാഫ് ഒഫ് പൗൾട്രി ആൻഡ് ഗ്ലാസ് ഇൻഡസ്ട്രീസ് ഒഫ് നോർത്ത് വെസ്റ്റ് പ്രൊവിൻസസ് ആൻഡ് ഔഢ്* (1895) എന്ന ഗ്രന്ഥത്തിൽ ഡോബ്സ് പ്രസ്താവിച്ചിട്ടുണ്ട്. ഇക്കാലത്തു ഗ്ലാസുണ്ടാക്കാനുള്ള സാമഗ്രികൾ വെനീഷ്യർ ഇന്ത്യയിൽനിന്നു കൊണ്ടുപോയിരുന്നു.

ഇരുപതാംനൂറ്റാണ്ടിനു മുമ്പുതന്നെ വ്യവസായാടിസ്ഥാനത്തിൽ ഗ്ലാസ്നിർമാണം ആരംഭിച്ചു. ആദ്യത്തെ ഫാക്ടറി ഝലം എന്ന സ്ഥലത്തു സ്ഥാപിച്ചപഞ്ചാബ് ഗ്ലാസ് വർക്സ് ആണ് (1870). ജെർമൻ വിദഗ്ധന്മാരാണ് ഇവിടെ പ്രധാനമായി പ്രവർത്തിച്ചിരുന്നത്. മുഖ്യഉത്പന്നം കുപ്പികളായിരുന്നു. ഒന്നാം ലോകയുദ്ധകാലത്ത് ഇന്ത്യയിലെ ഗ്ലാസ് വ്യവസായം അഭിവൃദ്ധിപ്രാപിച്ചു. ഇപ്പോൾ കേരളത്തിൽ മാവേലിക്കരയിലും, ആലപ്പുഴയിലും ഓരോ ഗ്ലാസ് ഫാക്ടറി ഉണ്ട്. രണ്ടും സ്വകാര്യ മേഖലയിലാണ്.

ഗ്ലിസറാൽഡിഹൈഡ്

ഓർഗാനിക് സംയുക്തം. ഗ്ലിസറോളിൻെറ മൃദുഓക്സീകരണം മൂലം ഉണ്ടാകുന്ന ആൽഡിഹൈഡ്. ഘടന

$CH_2\ (OH)\ CH(OH)\ CHO.$

സ്റ്റീരിയോ കെമിസ്ട്രിയിൽ ഓപ്ടിക്കൽ ഐസൊമറുകളുടെ വിന്യാസം വിശദമാക്കാൻ ഗ്ലിസറാൽഡിഹൈഡിൻെറ രണ്ടു ഒപ്ടിക്കൽ ഐസൊമറുകളും ആണ് സ്റ്റാൻഡേർഡുകൾ ആയി സ്വീകരിച്ചിരിക്കുന്നത്. (റോസനോഫ്, 1906). ഇവയുടെ വിന്യാസം താഴെ കൊടുക്കുന്നു.



D(+) ഗ്ലിസറാൽഡിഹൈഡ്   L(−) ഗ്ലിസറാൽ ഡിഹൈഡ്

ഗ്ലിസറൈഡുകൾ

ഓർഗാനിക് സംയുക്തങ്ങൾ. ഗ്ലിസറോളിൻെറ എസ്തറുകൾ അഥവാ ഗ്ലിസറൈൻ എസ്തറുകൾ ആണ് ഗ്ലിസറൈഡുകൾ. കൊഴുപ്പുകൾ, എണ്ണകൾ എന്നിവ പ്രകൃതിയിൽ കാണപ്പെടുന്ന ഗ്ലിസറൈഡുകൾ ആണ്. ഗ്ലിസറോളിൽ ഉള്ള മൂന്നു ഹൈഡ്രോക്സിഗ്രൂപ്പുകളും ഒരേ ആസിഡ് കൊണ്ടാണ് എസ്തറീകരിക്കുന്നതെങ്കിൽ ഒരു ലഘു ഗ്ലിസറൈഡ് ലഭിക്കുന്നു. ഗ്ലിസറൈഡിലെ ആസിഡ് അവശിഷ്ടം വ്യത്യസ്തമെങ്കിൽ ഒരു മിശ്രിത എസ്തറും ലഭിക്കുന്നു. ഉദാഹരണങ്ങൾ നോക്കുക.



$$\begin{array}{l} CH_2O\ COC_{17}\ H_{35} \\ | \\ CHOCOC_{17}\ H_{35} \\ | \\ CH_2OCOC_{17}\ H_{35} \end{array}$$

ട്രൈസ്റ്റിയറിൻ (ലഘുഗ്ലിസറൈഡ്)



$$\begin{array}{l} CH_2OCOC_{15}\ H_{31} \\ | \\ CHOCOC_{17}\ H_{33} \\ | \\ CH_2OCO\ C_{17}\ H_{33} \end{array}$$

∝-പാൽമിറ്റൊ-∝, ß-ഡൈഒലിൻ
(മിശ്രിതഗ്ലിസറൈഡ്)

ഗ്ലിസറോളിനെ അധികം അസൈൽ ക്ലോറൈഡ് ഉപയോഗിച്ച് ലഘു ഗ്ലിസറൈഡാക്കി മാറ്റാം. ലഘു ഗ്ലിസറൈഡുകൾ പ്രകൃതിയിൽ കാണപ്പെടുന്നുണ്ടോ എന്നു ഇന്നും തീർച്ചയില്ല. † കൊഴുപ്പുകൾ നോക്കുക.

ഗ്ലിസറോൾ

ഓർഗാനിക് സംയുക്തം. ഗ്ലിസറിൻ എന്നും പേരുണ്ട്. ഇത് ഒരു ട്രൈഹൈഡ്രിക് ആൽക്കഹോൾ ആണ്. അതായത് തന്മാത്രയിൽ മൂന്നു ഹൈഡ്രോക്സി ഗ്രൂപ്പുകൾ. (OH) ഉള്ളസംയുക്തം. IUPAC നാമം

പ്രൊപേൻ - 1, 2, 3 - ട്രയോൾ
(propane - 1, 2, 3 - triol)

ഘടന $HOCH_2\ CHOH\ CH_2\ OH$

ഏറ്റവും പ്രധാനമായ പ്രകൃതിജന്യസ്രോതസ്സ് സസ്യജന്തുകൊഴുപ്പുകളും എണ്ണകളുമാണ്. ഇവ ഗ്ലിസറോളിൻെറ എസ്തറുകൾ അഥവാ ഗ്ലിസറൈഡുകൾ ആണ്. ഫോസ്ഫോലിപിഡുകളായും പ്രകൃതിയിൽ കാണപ്പെടുന്നു. വളരെ ചെറിയ അളവിൽ മനുഷ്യശരീരത്തിലും (തലച്ചോർ, ഹൃദയം, കരൾ മുതലായ ഭാഗങ്ങളിൽ) കാണപ്പെടുന്നു.

വ്യാവസായികമായി ഗ്ലിസറോൾ ഉത്പാദിപ്പിക്കുന്നതിന് പല മാർഗങ്ങൾ ഉണ്ട്. സോപ്പുത്പാദനത്തിൽ ലഭിക്കുന്ന ഒരു ഉപഉത്പന്നമാണ് ഗ്ലിസറോൾ. † സോപ്പ് നോക്കുക

കൊഴുപ്പുകളെയും എണ്ണകളെയും ജലവുമായി മർദത്തിൽ 220°C വരെ ചൂടാക്കുമ്പോൾ അവ ജലവിശ്ലേഷണത്തിനു വിധേയമാകുന്നു. ഗ്ലിസറോളും ഫാറ്റി അമ്ലവുമാണ് ഉത്പന്നങ്ങൾ. ജലീയ ലായനിയിൽ നിന്നും ഗ്ലിസറോളിനെ വീണ്ടെടുക്കുന്നു. സ്വതന്ത്ര ഫാറ്റി അമ്ലഉത്പന്നം മെഴുകുതിരി നിർമാണത്തിന് ഉപയോഗിക്കുന്നു.



$$\begin{array}{lllll} CH_2O\ COR & & & CH_2OH & \\ | & & & | & \\ CHOCOR & +\ 3H_2O & \rightarrow & CHOH & +\ 3RCO_2H \\ | & & & | & \\ CH_2O\ COR & & & CH_2OH & \end{array}$$

അനേകം സംശ്ലേഷണമാർഗങ്ങളിലൂടെയും ഗ്ലിസറോൾ ഉത്പാദിപ്പിക്കാം.

സ്വഭാവങ്ങൾ. നിറമില്ലാത്ത, മണമില്ലാത്ത, മധുരമുള്ള കൊഴുകൊഴുത്ത ദ്രാവകം. തിളനില 290°C. ജലത്തെക്കാൾ ഭാരമുണ്ട്. ആപേക്ഷികസാന്ദ്രത (ഘനത്വം) 1.265. ഉയർന്ന ആർദ്രതാഗ്രാഹി. ജലവും ആൽക്കഹോളുമായി എല്ലാ അനുപാതത്തിലും ചേരുന്നു.

ഗ്ലിസറോൾ തന്മാത്രയുടെ ഘടന പരിശോധിച്ചാൽ രണ്ട് അഗ്രകാർബണിലും ഓരോ പ്രൈമറി ആൽക്കഹോൾ ഗ്രൂപ്പും മധ്യ കാർബണിൽ സെക്കൻഡറി ആൽക്കഹോൾ ഗ്രൂപ്പും ഉള്ളതായി കാണാം. തന്മൂലം ഗ്ലിസറോൾ ഈ രണ്ടുതരം യൗഗികങ്ങളുടെയും രാസപ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുന്നു.

ഗ്ലിസറോൾ ഗാഢനൈട്രിക്, സൾഫ്യൂരിക് അമ്ലമിശ്രിതവുമായി പ്രവർത്തിക്കുമ്പോൾ ലഭിക്കുന്ന ഗ്ലിസറൈൽട്രൈനൈട്രേറ്റ് അഥവാ നൈട്രോഗ്ലിസറിൻ ഒരു സ്ഫോടക പദാർഥമായി ഉപയോഗിക്കുന്നു.

വളരെയേറെ വ്യാവസായിക പ്രാധാന്യമുള്ള ഒരു രാസവസ്തുവാണ് ഗ്ലിസറോൾ. ഹിമനിരോധി (antifreeze) യായും സ്ഫോടകവസ്തുക്കൾ ഉണ്ടാക്കാനും ആൽക്കയ്ഡ് റെസിനുകൾ നിർമിക്കാനും ഇതുപയോഗിക്കുന്നു. ആർദ്രതാഗ്രാഹിയായതിനാൽ പുകയില, ഷേവിങ്സോപ്പ് മുതലായ ഉത്പന്നങ്ങളിൽ ജലമയം നിലനിർത്താൻ ഇതുപയോഗിക്കുന്നു. സെല്ലോഫേൻ മരുന്നുകൾ, റ്റോയ്ലെറ്റ് (toilet) വസ്തുക്കൾ, ടൂത്ത്പേസ്റ്റ്, ആഹാരപദാർഥങ്ങൾ, പാനീയങ്ങൾ, അച്ചടിമഷി, സുതാര്യസോപ്പ് എന്നിങ്ങനെ അനേകം ഉത്പന്നങ്ങൾ നിർമിക്കുന്നതിനും ഇത് പ്രയോജനപ്പെടുന്നു.

പ്രൊഫ. എസ്. ശിവദാസ്

ഗ്ലൂക്കോണിക് ആസിഡ്

ഒരു കാർബണിക ആസിഡ്. ഫോർമുല: $C_6H_{12}0_7$. ഗ്ലൂക്കോസിനെ ഓക്സീകരിച്ചാണു ഗ്ലൂക്കോണിക് ആസിഡു വ്യാവസായികമായി ഉത്പാദിപ്പിക്കുന്നത്.

ഗ്ലൂക്കോസിൽ ബ്രോമിൻ അടങ്ങിയ ജലം ചേർത്തു ഗ്ലുക്കോസ് ഓക്സിഡേസ് എന്ന എൻസൈമിന്റെ സഹായത്തോടെ ഗ്ലൂക്കോണിക് ആസിഡു നിർമിക്കുന്നു. ഔഷധവ്യവസായത്തിലാണ് ഇതിന്റെ ഉപയോഗം.

ഗ്ലൂക്കോസ്

കാർബോ ഹൈഡ്രേറ്റ് വിഭാഗത്തിൽപ്പെടുന്ന ഒരു ഓർഗാനിക് സംയുക്തം. മുന്തിരിപ്പഞ്ചസാര, ഡെക്സ്ട്രോസ് (dextrose) എന്നീ പേരുകളിലും അറിയപ്പെടുന്നു. ഒരു മോണൊസാക്കറൈഡാണ് ഗ്ലൂക്കോസ്. † കാർബോഹൈഡ്രേറ്റുകൾ നോക്കുക. ഫോർമുല $C_6H_{12}O_6$.

ഘടന OHC-CHOH-CHOH-CHOH-CHOH-CH_2OH.

സ്വതന്ത്രാവസ്ഥയിലും സംയോജിതാവസ്ഥയിലും പ്രകൃതിയിൽ കാണപ്പെടുന്നു. പഴുത്തു പാകമായ മുന്തിരിയിൽ ഇത് 20-30 ശതമാനം ഉണ്ട്. തേൻ, മിക്ക പഴുത്ത പഴങ്ങൾ ഇവയിലും ഗ്ലൂക്കോസുണ്ട്. ഗ്ലൂക്കോസും ഫ്രക്റ്റോസും (glucuse & fructose) യോജിച്ചുണ്ടായിരിക്കുന്ന ഡൈസാക്കറൈഡ് ആണ് പഞ്ചസാര. സ്റ്റാർച്ചും സെല്ലുലോസും ഗ്ലൂക്കോസ് യൂണിറ്റുകൾ യോജിച്ചുണ്ടായിരിക്കുന്ന പോളിസാക്കറൈഡാണ്. മാൾടോസ്, ലാക്റ്റോസ് തുടങ്ങിയ ഡൈസാക്കറൈഡുകളിലും ഗ്ലൂക്കോസ് ഘടകമുണ്ട്. എല്ലാ ഗ്ലൂക്കൊസൈഡുകളിലും ഗ്ലൂക്കോസ് ഘടകമുണ്ട് (ഉദാ: ആന്തൊസയനിനുകൾ). മനുഷ്യരക്തത്തിലും ഗ്ലൂക്കോസ് അടങ്ങിയിരിക്കുന്നു.

സ്റ്റാർച്ച് നേർത്ത ഹൈഡ്രോക്ലോറിക് അമ്ലവുമായി മർദത്തിൽ ചൂടാക്കുമ്പോൾ ജലവിശ്ലേഷണം നടന്ന് ഗ്ലൂക്കോസ് ലഭിക്കുന്നു.

$(C_6H_{10}O_5)n + nH_2O \xrightarrow{Hcl} n\ C_6H_{12}O_6$ ഇതാണ് ഗ്ലൂക്കോസിന്റെ വ്യാവസായിക നിർമാണരീതി.

ഗ്ലൂക്കോസ് മധുരമുള്ള വെളുത്ത ഖരപദാർഥമാണ്. ഉരുകൽനില 146°C. ശക്തിയേറിയ നിരോക്സീകാരിയാണിത്. ഫെല്ലിങ് ലായനിയെയും അമോണിയാക്കൽ സിൽവർ നൈട്രേറ്റിനെയും നിരോക്സീകരിക്കുന്നു. ഗ്ലൂക്കോസ് ഹൈഡ്രോജൻ സയനൈഡുമായി പ്രവർത്തിച്ച് സയാനൊഹൈഡ്രിനും ഹൈഡ്രോക്സിൽ അമീനുമായി പ്രവർത്തിച്ച് ഓക്സൈഡും തരുന്നു (തന്മാത്രയിലെ ആൽഡിഹൈഡിക് ഗ്രൂപ്പിന്റെ സാന്നിധ്യം മൂലം). ബ്രോമിൻ ജലം ഗ്ലൂക്കോസിനെ ഗ്ലൂക്കോണിക് ആസിഡാക്കി മാറ്റുന്നു. തന്മാത്രയിൽ അഞ്ചു ഹൈഡ്രോക്സിൽ ഗ്രൂപ്പുള്ളതിനാൽ അസറ്റലീകരണം മൂലം ഗ്ലൂക്കോസിനെ അതിന്റെ പെൻറാ അസറ്റേറ്റ് ആക്കി മാറ്റാം.

ഗ്ലൂക്കോസിന്റെ വിന്യാസം വ്യക്തമാക്കുന്ന തുറന്നഘടന ആണ് സാധാരണ വിശദീകരണങ്ങൾക്ക് ഉപയോഗിക്കുന്നതെങ്കിലും അതിന് വാസ്തവത്തിൽ ഒരു വലയഘടനയാണ് ഉള്ളത്. അത് സമതലീയ ഘടന ആയിട്ടാണ് സൗകര്യത്തിനായി എഴുതാറുള്ളത് എങ്കിലും യഥാർഥത്തിൽ അതു ഷഡ്ഭുജീയ വലയമാണ്. വലയഘടന ഗ്ലൂക്കോസ് ആൽഫാ, ബീറ്റാ രൂപങ്ങളിൽ നിലനില്ക്കുന്നതിന് വിശദീകരണം നൽകുന്നു. വലയരൂപത്തിൽ ഒന്നാം കാർബണിന്റെ അസമമിത സ്വഭാവം മൂലം അതിന് ആൽഫാ, ബീറ്റാ രൂപം സാധ്യമാകുന്നതാണ് ഈ ഐസൊമെറിസത്തിനുകാരണം. ഇതാണ് ഗ്ലൂക്കോസ് പ്രദർശിപ്പിക്കുന്ന മ്യൂട്ടാറൊട്ടേഷനുകാരണം. † മ്യൂട്ടാറൊട്ടേഷൻ നോക്കുക.

ഉപയോഗങ്ങൾ. ഗ്ലൂക്കോസ് ഒരു ആഹാര ഘടകമാണ്. ഭക്ഷണപദാർഥങ്ങൾക്കു മധുരം നൽകുന്ന ഒരു കാർബോഹൈഡ്രേറ്റാണിത്. രോഗികൾക്ക് സ്റ്റാർച്ചിനുപകരം ഗ്ലൂക്കോസ് നേരിട്ടു നൽകുന്നു. ഗ്ലൂക്കോസിൽനിന്നുമാണ് അസ്കോർബിക് ആസിഡ് അഥവാ വിറ്റാമിൻസി ഉണ്ടാകുന്നത്.

ഗ്ലൂക്കോസ് ടോളറൻസ് ടെസ്റ്റ്

നിശ്ചിതമായ മാത്രയിൽ ഗ്ലൂക്കോസ് വായിലൂടെ കഴിച്ചോ സിരകളിൽ കുത്തിവച്ചോ രോഗനിർണയം നടത്തുന്ന പദ്ധതി. ജി.ടി.ടി. എന്ന ചുരുക്കപ്പേരിലാണ് ഈ പരിശോധന സാധാരണമായി അറിയപ്പെടുന്നത്. ഈ വിധത്തിൽ രക്തത്തിൽ കലരുന്ന ഗ്ലൂക്കോസിന്റെ അളവ് രക്തപരിശോധനയിലൂടെ നിശ്ചിതസമയങ്ങളിൽ നിർണയിക്കുന്നു. ഒരു വ്യക്തിക്ക് ഗ്ലൂക്കോസ് എത്രമാത്രം പചന പ്രക്രിയയിലൂടെ സ്വാംശീകരിക്കാൻ സാധിക്കുമെന്നും അതിൽ എത്ര പങ്ക് രക്തത്തിൽ സ്വതന്ത്രമായി തുടരുമെന്നും അറിയാൻ സാധിക്കും. ഈ പരിശോധനകൊണ്ട് രോഗിയുടെ കഴിവും കഴിവുകേടും അറിയാൻ വിഷമമില്ല. വിദഗ്ധനായ പരിശോധകന് പ്രമേഹരോഗ നിർണയം വിഷമമില്ലാതെ സാധിക്കുന്നതിനുള്ള അംഗീകൃത മാർഗമാണിത്.

ഗ്ലൂട്ടാതയോൺ

പെപ്ടൈഡ് വിഭാഗത്തിൽപ്പെട്ട ഒരു കാർബണികസംയുക്തം. ഗ്ലൂട്ടാമിക്കമ്ലം, സിസ്റ്റീൻ, ഗ്ലൈസിൻ എന്നീ അമിനോ അമ്ലങ്ങൾ ചേർന്നതാണ്. ജീവനുള്ളവയുടെ കോശങ്ങളിൽ കാണപ്പെടുന്നു.

ഓക്സീകരണം, നിരോക്സീകരണം എന്നിവ നടത്തുന്നതിനുള്ള കഴിവുമൂലം ഇതൊരു എൻസൈം ആയി പ്രവർത്തിക്കുന്നു.

മീതൈൽ ഗ്ലയോക്സൽ $\xrightarrow{\text{ഗ്ലൈക്കോക്സിലേസ്}}$ ലാക്ടിക്കമ്ലം.

ഫോർമാൽഡിഹൈഡ് $\xrightarrow{\text{ഡിഹൈഡ്രജനേസ്}}$ ഫോർമേറ്റ്.

എന്നീ രാസപ്രവർത്തനങ്ങളിൽ ഗ്ലൂട്ടാതയോൺ ഒരു എൻസൈം ആയി വർത്തിക്കുന്നു.

ഗ്ലെൻഡോവർ, ഓവൻ (1354-1416)

വെയില്സിലെ ദേശീയ നേതാവ്. ഇദ്ദേഹം ഇംഗ്ലണ്ടിലെ രാജാവിനെതിരായി നടത്തിയ കലാപങ്ങൾ 'ഹെൻറി IV, ഒന്നാംഭാഗ'ത്തിൽ ഷേക്സ്പിയർ ചിത്രീകരിച്ചിട്ടുണ്ട്. ഇംഗ്ലീഷ്ഭരണത്തിൽ അസംതൃപ്തരായ വെൽഷ്ജനത ലഹളയ്ക്കൊരുങ്ങുകയും അവർക്ക് ആദ്യം ചില വിജയങ്ങൾ കൈവരുകയും ചെയ്തു. വെയിൽസ് രാജകുമാരൻ എന്ന ബിരുദം സ്വയം ഏറ്റെടുത്ത ഗ്ലെൻഡോവർ ഒരു ദേശീയ പാർലമെൻറ് വിളിച്ചുകൂട്ടാനും ഒരു വെൽഷ് ക്രൈസ്തവസഭ, സർവകലാശാല എന്നിവ സംഘടിപ്പിക്കാനും മുൻകൈയെടുത്തു (1400). ഈ സംരംഭങ്ങളുടെ വിജയത്തിനു സ്കോട്ട്ലൻഡിലെയും ഫ്രാൻസിലെയും രാജാക്കന്മാരുമായും ഇംഗ്ലീഷ് രാജാവിന്റെ ഗൂഢശത്രുക്കളുമായും ഇദ്ദേഹം ഉടമ്പടികളുണ്ടാക്കി. പക്ഷേ, 1406-ന് ശേഷം ഇംഗ്ലീഷുകാർ തങ്ങളുടെ മേൽക്കോയ്മ· വെയില്സിൽ പുനഃസ്ഥാപിച്ചു. പിന്നെയും 4 കൊല്ലംകൂടി ജീവിച്ചിരുന്നതായി ചില ചരിത്ര പരാമർശങ്ങളുണ്ടെങ്കിലും 1412-നുശേഷം ഗ്ലെൻഡോവർ സജീവമായി രംഗത്തുണ്ടായിരുന്നതായി രേഖയില്ല.

തന്റെ പ്രദേശത്തിനു സ്വാതന്ത്ര്യം നേടിയെടുക്കുന്നതിൽ ഗ്ലെൻഡോവർ പരാജയപ്പെട്ടെങ്കിലും അദ്ദേഹത്തിന്റെ വംശത്തിൽ പിറന്ന ഹെൻറി ഏഴാമൻ ഇംഗ്ലണ്ടിലെ ആദ്യത്തെ ട്യൂഡർ രാജാവായിത്തീർന്നു (1457-1509).

ഗ്ലേസർ, ഡൊനാൾഡ് ആർതർ (1926 –)

നൊബേൽ സമ്മാനം (1960) നേടിയ യു.എസ്.ഭൗതികജ്ഞൻ. അവാണുക(subatomic) കണങ്ങളുടെ സ്വഭാവ സവിശേഷതകളും പെരുമാറ്റങ്ങളും തനതായ പ്രത്യേകതകളും നിരീക്ഷിക്കാനുതകുന്ന 'ബബിൾ ചേംബർ' (bubble-chamber) എന്ന പ്രധാനപ്പെട്ട ഗവേഷണോപകരണം കണ്ടുപിടിച്ചു വികസിപ്പിച്ചതിനാലാണ് സമ്മാനാർഹനായത്.

യു.എസിലെ ക്ലീവ്‌ലൻഡിൽ 1926, സെപ്റ്റംബർ 21-ാം തീയതിയാണു ജനനം. ആ സ്ഥലത്തെ കേസ് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നാണ് ആദ്യബിരുദം നേടിയത്. തുടർന്ന് കാലിഫോർനിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽനിന്ന് പിഎച്ച്.ഡി. നേടി (1949). മിച്ചിഗൻ സർവകലാശാലയിൽ അധ്യാപകനായി 1959 വരെ സേവനമനുഷ്ഠിച്ചു. തുടർന്നു കാലിഫോർണിയ സർവകലാശാലയിൽ ചേർന്നു. അവിടെ ഭൗതികം, തന്മാത്രാ ജീവശാസ്ത്രം എന്നീ വിഷയങ്ങളിലെ പ്രൊഫസറായി 1964-ൽ നിയമിതനായി.

നൊബേൽസമ്മാനം നേടിയിട്ടുള്ള മഹാന്മാരിൽ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയെന്ന പ്രശസ്തി ഗ്ലേസർക്കുണ്ട്. മുപ്പത്തിനാലാമത്തെ വയസ്സിലാണ് ഇദ്ദേഹത്തിന് ഈ സമ്മാനം ലഭിച്ചത്.

ഗ്ലേസിയർ

† ഹിമാനി നോക്കുക.

ഗ്ലേസിയോളജി

ഹിമാനീവിജ്ഞാനം, ഹിമനദവിജ്ഞാനം എന്നിങ്ങനെയുള്ള ഹിമസംബന്ധമായ പഠനങ്ങൾ ഉൾക്കൊള്ളുന്ന ശാസ്ത്രം. പ്രകൃതിയിൽ എല്ലാ നിലകളിലും കാണപ്പെടുന്ന ഹിമത്തിന്റെ സവിശേഷതകൾ ഇതിൽ പ്രസക്തമാണ്. ഹിമാനിയെപ്പറ്റിയുള്ള (glacier) പഠനങ്ങൾ മാത്രമായി ഇതു ചുരുങ്ങുന്നില്ല. ഹിമത്തിന്റെ രാസ, ഭൗതിക സ്വഭാവസവിശേഷതകളും തനതായ മറ്റു പൊതുസംഗതികളും മാത്രമല്ല, ഹിമോദ്ഭവം, വിതരണം, ഹിമനദ രൂപവത്കരണം, പ്രവാഹം, കാലാവസ്ഥയും ഹിമവും തമ്മിലുള്ള ബന്ധം തുടങ്ങിയവയും ഈ ശാസ്ത്രവിഭാഗത്തിന്റെ പരിധിയിൽ പെടുന്നു. ഈ ഗവേഷണയത്നങ്ങളിൽ ഭൂവിജ്ഞാനി, ഭൗതികശാസ്ത്രജ്ഞൻ, ഗണിതശാസ്ത്രപണ്ഡിതൻ, ക്രിസ്റ്റൽ വിദഗ്ധൻ– തുടങ്ങി വിവിധ ശാസ്ത്ര പണ്ഡിതന്മാർ സഹകരിച്ചു പ്രവർത്തിക്കുന്നുണ്ട്.

ഗ്ലൈക്കോജെൻ

$(C_6 H_{10} O_5)n$ സ്റ്റാർച്ചിനോടു സാമ്യമുള്ള ഒരു കാർബോഹൈഡ്രേറ്റ്. ജന്തുശരീരത്തിൽ ഗ്ലൂക്കോസ് സൂക്ഷിക്കപ്പെടുന്നത് ഈ രൂപത്തിലാണ്. കരൾ, പേശികൾ, ശ്വേത രക്താണുക്കൾ എന്നിവയിൽ ഇതു കാണപ്പെടുന്നു. ദഹനവ്യൂഹത്തിനു ദഹിപ്പിക്കാൻ സാധിക്കുന്ന ഏതു കാർബോഹൈഡ്രേറ്റിനെയും ഗ്ലൈക്കോജനായി മാറ്റാൻ സാധിക്കും. കൂടാതെ പ്രോട്ടീനിനെയും ഗ്ലൈക്കോജൻ ആക്കി മാറ്റാം.

സാധാരണ സ്റ്റാർച്ചിനെപ്പോലെ ഇതു രുചിയും ഗന്ധവുമില്ലാത്ത ഒരു പൊടിയാണ്. അയഡിനുമായി കലർത്തുമ്പോൾ കടുംചുവപ്പുനിറമുണ്ടാകുന്നു.

നാം കഴിക്കുന്ന ആഹാരത്തിനു ദഹനം സംഭവിക്കുമ്പോൾ ഉണ്ടാകുന്ന പഞ്ചസാരയും അമിനോ ആസിഡും കരളിൽ എത്തുന്നു. ഇതിലെ അമിനോ ആസിഡും യഥാവസരം ആവശ്യമുള്ള പഞ്ചസാരയും കരൾ വീണ്ടും രക്തത്തിൽ കലർത്തുന്നു. ശേഷിച്ച പഞ്ചസാരയെ ജലത്തിൽ ലയിക്കാത്ത ഗ്ലൈക്കോജനായി മാറ്റി കരളിലും മാംസപേശികളിലെ സെല്ലിലും സംഭരിച്ചുവയ്ക്കുന്നു. ശരീരാധ്വാനം ചെയ്യുമ്പോൾ ഈ ഗ്ലൈക്കോജൻ കൂടുതലായി ഉപയോഗിക്കപ്പെടുന്നു. സെല്ലുകളിൽ ഗ്ലൂക്കോസിന്റെ ശതമാനം കുറയുമ്പോൾ എൻസൈമുകളുടെ പ്രവർത്തനത്താൽ ഗ്ലൈക്കോജൻ വിഘടിച്ച് ഗ്ലൂക്കോസ് യൂണിറ്റുകളായി മാറുന്നു. ഇതിന് സങ്കീർണമായ പല രാസപ്രവർത്തനവും ഉണ്ടാകുന്നു. അതിന്റെഫലമായി താപം ഉദ്ഭവിക്കുന്നു. ഈ താപം ശരീരത്തിൽ ഊർജമായി അനുഭവപ്പെടുന്നു. † ഉപാപചയം നോക്കുക.

ഗ്ലൈക്കോപ്രോട്ടീനുകൾ

മാംസ്യം (protein) അന്നജ(carbohydrate)വുമായി ചേർന്ന് ഉണ്ടാകുന്ന കാർബണികസംയുക്തങ്ങൾ. കോശസ്തര(cell membrane)ത്തിൽ സയാലിക് അമ്ലം എന്ന അന്നജവുമായാണു മാംസ്യം സംയോജിച്ചിരിക്കുന്നത്. രക്തത്തിലും ഗ്ലൈക്കോപ്രോട്ടീനുകൾ ഉണ്ട്. ചില ഹോർമോണുകളും എൻസൈമുകളും ആൻറിജനുകളും ഗ്ലൈക്കോപ്രോട്ടീനുകളാണ്.

ഗ്ലൈക്കോലിസിസ്

സ്റ്റാർച്ചും പഞ്ചസാരയും ശരീരത്തിന്റെ ഉപാപചയക്രിയയിൽ ചെറിയ സംയുക്തങ്ങളായി വിഘടിച്ച് ഊർജത്തെ പുറപ്പെടുവിക്കുന്ന പ്രക്രിയ. സസ്യങ്ങളുടെയും ജന്തുക്കളുടെയും സെല്ലിലും സൂക്ഷ്മജീവികളിലും ഇതു സംഭവിക്കുന്നുണ്ട്. ആദ്യഘട്ടത്തിലെ രാസപ്രവർത്തനങ്ങൾ കിണ്വനത്തിന്റേതു തന്നെയാണ്.

പഞ്ചസാരയുടെ പോളിമറുകളാണ് ഗ്ലൂക്കോസും ഗ്ലൈക്കോജെനും. ആവശ്യമുള്ളതിനെക്കാൾ കൂടുതൽ സ്റ്റാർച്ച്, കൊഴുപ്പ്, പ്രോട്ടീൻ ഇവ അടങ്ങിയ ഭക്ഷണം ശരീരത്തിനു ലഭിക്കാറുണ്ട്. പിന്നീട് ഊർജം ലഭിക്കാൻവേണ്ടി ഇവയെ കരുതിവയ്ക്കുന്നു. ഗ്ലൈക്കോജെൻ ആയിട്ടു മാറ്റി കരളിലും മാംസപേശി സെല്ലിലും ആണ് കരുതിവയ്ക്കുന്നത്. സെല്ലുകൾക്കു താങ്ങാനാവുന്നത്ര ഗ്ലൈക്കോജെൻ ഉത്പാദിപ്പിച്ചുകഴിഞ്ഞ് വീണ്ടും ഭക്ഷണം ഉണ്ടെങ്കിൽ അതിനെ കൊഴുപ്പായിട്ടു മാറ്റും. എൻസൈമുകളുടെ പ്രവർത്തനത്താൽ താപരൂപത്തിലുള്ള ഊർജമായിട്ടാണ് ഇവയെല്ലാം അന്തിമമായി മാറുന്നത്. ഈ ഊർജത്തെ എ.ടി.പി. എന്നു പറയുന്നു.

ഒരു ഗ്ലൂക്കോസ് യൂണിറ്റ് രണ്ട് ലാക്ടിക്കാസിഡായി മാറുന്ന പ്രക്രിയയിൽ 3 ATP തന്മാത്രകൾ ഉത്പാദിപ്പിക്കപ്പെടുന്നു. ഈ ATP, ക്രിയാറ്റൈൻ ഫോസ്ഫേറ്റ് എന്ന മറ്റൊരു ഊർജ്ജസമ്പന്ന സംയുക്തത്തെ ഉത്പാദിപ്പിക്കുകയും വേണ്ടപ്പോൾ തിരിച്ച് ATP ഉത്പാദനത്തിനായി അതിനെ സംഭരിച്ചുവയ്ക്കുകയും ചെയ്യുന്നു.

ഗ്ലൈക്കോസൈഡുകൾ

ചെടികളിൽ കണ്ടുവരുന്ന ഒരു അസറ്റാൾ മിശ്രിതം. ഇതിന്റെ ജീവശാസ്ത്രപരമായ പ്രയോജനം പൂർണമായും സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. വിഷദ്രവ്യങ്ങളും മറ്റു വസ്തുക്കളും അപായകരമല്ലാത്ത രീതിയിൽ സംഭരിക്കുന്നതിനും ആവശ്യമുള്ളപ്പോൾ എൻസൈമുകളുടെ സഹായത്താൽ അവയെ വേർപെടുത്തുന്നതിനും ഇവ സഹായിക്കുന്നുവെന്ന് കരുതപ്പെടുന്നു.

ചെടികളിൽ പല രൂപത്തിൽ ഇവ കണ്ടുവരുന്നു. ഔഷധത്തിലും ചായത്തിലും ഇവ.അടങ്ങിയിരിക്കും. ഇന്നു മിക്ക ഗ്ലൈക്കോസൈഡുകളും കൃത്രിമമായി നിർമിക്കുന്നുണ്ട്. ഗ്ലൈക്കോസൈഡുകൾ മിക്കവാറും പരലാകൃതിയിലുള്ള ഖരവസ്തുക്കളാണ്. മിക്കവയ്ക്കും കയ്പുണ്ട്. ജലത്തിൽ അല്പമായി ലയിക്കുന്നു. ആസിഡ് ലായനികളുടെ സാന്നിധ്യത്തിൽ ജലവിശ്ലേഷണം ചെയ്യപ്പെട്ട് ഒന്നോ അതിലധികമോ ഷുഗറുകളും അഗ്ലിക്കോൺ എന്ന വസ്തുവുമുണ്ടാകുന്നു. ചെടികളിലെ സെല്ലുകളിലുള്ള എൻസൈമുകളുടെ പ്രവർത്തനംമൂലവും ഇത്തരം വിശ്ലേഷണം സംഭവിക്കും. ഓരോതരം ഗ്ലൈക്കോസൈഡിലുമുള്ള അഗ്ലിക്കോണുകൾ വ്യത്യസ്തങ്ങളാണെങ്കിലും എല്ലാത്തിലും ഹൈഡ്രോക്സിൽ ഗ്രൂപ്പ് (–OH) ഉണ്ട്. ഇത് ഉപയോഗിച്ചാണ് ഇവ ഷുഗറുകളുമായി യോജിക്കുന്നത്.

പ്രകൃതിയിലെ ഗ്ലൈക്കോസൈഡുകൾക്ക് അവ ലഭിക്കുന്ന ചെടിയുടെ സസ്യശാസ്ത്രപരമായ പേരുമായി ബന്ധപ്പെട്ട പേരാണ് നല്കിയിരിക്കുന്നത്. ഉദാ: അർബുറ്റസ് ഉവാ-ഉർസി (Arbutus uva-ursi) എന്ന ചെടിയിൽനിന്നു ലഭിക്കുന്ന ഗ്ലൈക്കോസൈഡിന് അർബുട്ടിൻ (Arbutin) എന്ന പേരു നല്കിയിരിക്കുന്നു.

സസ്യജങ്ങളായ ചായങ്ങളെല്ലാംതന്നെ ഗ്ലൈക്കോസൈഡുകളാണ്. മാഡർ (Rubia tinctorum) ചെടിയുടെ വേരിൽനിന്നു ലഭിക്കുന്ന ചായമാണിവയിൽ മുഖ്യം.

ഗ്ലൈക്കോൾ

ആൽക്കഹോളിൻെറ ഇനത്തിലുള്ള ഒരു കാർബണിക സംയുക്തം. ഗ്ലൈക്കോളിൻെറ ഒരു തന്മാത്രയിൽ കാർബൺ അണുക്കളോടു ചേർന്ന് ഈരണ്ടു ഹൈഡ്രോക്സിൽ (OH) ഗ്രൂപ്പുകൾ ഉണ്ടായിരിക്കും. ഗ്ലൈക്കോളുകളിൽ ഏറ്റവും ലളിതമായ ഘടന എഥ്ലീൻ ഗ്ലൈക്കോളിൻെറതാണ്. ഇതു മണവും മധുരവും ഉള്ള സ്നിഗ്ധ ദ്രാവകമാണ്. എഥ്ലീനിൽനിന്നാണ് ഇതുണ്ടാക്കുന്നത്. സ്വയംചാലക യന്ത്രങ്ങൾ തണുപ്പിക്കാനും വസ്ത്രനിർമാണത്തിനും ഇതുപയോഗിക്കുന്നു. ഇതുമായി പലതുകൊണ്ടും സാമ്യമുള്ളതാണ് പ്രോപിലിൻ ഗ്ലൈക്കോൾ. വിഷാംശമില്ലാത്തതിനാൽ ഭക്ഷ്യവസ്തുക്കളിലും സൗന്ദര്യലേപന വസ്തുക്കളിലും ഇതുപയോഗിക്കുന്നു. മറ്റൊരു പ്രധാനപ്പെട്ട ഗ്ലൈക്കോൾ ആണ് ബൂടാനിഡിയോൾ. യന്ത്രങ്ങളിൽ ബ്രേക്ക് ഫ്ളൂയ്ഡ് ആയിട്ടും പോളിഎസ്റ്റർ തുണിത്തരങ്ങൾക്കു കോട്ടിങ് ആയിട്ടും ഇതുപയോഗിക്കുന്നു.

ഗ്ലൈഡർ

പറക്കുന്ന അണ്ണാൻ · ഓസ്ട്രേലിയയിലും ആഫ്രിക്കയിൽ ചിലേടത്തും മരങ്ങളിൽ പറന്നുകയറി സഞ്ചരിക്കുന്ന ചെറിയ സ്തനി.



ഗ്ലൈഡർ (*പെറ്റാറസ് ബ്രവിസെപ്സ്*)

കൈകാലുകൾ നിവർത്തുമ്പോൾ പാളികളായ തൊലി പരന്ന് ചിറകുപോലെയാകും. തേൻ, പുഴു, കായ്കൾ എന്നിവ ഭക്ഷിച്ചു ജീവിക്കുന്നു. നീണ്ട രോമമുള്ള വാലുണ്ട്. 25 സെ.മീ.മുതൽ 100 സെ.മീ.വരെ നീളമുള്ള ഈ ജീവി *പെറ്റാറസ് (Petaurus)*, *ഷോയ്നൊബേറ്റ്സ് (Schoinobates)*, *ഡിസ്റ്റോക്കുറസ്(Distoechurus)* എന്നീ ജീനസുകളിൽപ്പെടുന്നു.

ഗ്ലൈഡർ

ഇന്ധനോർജം ഇല്ലാത്ത വായുവിമാനം. ഗ്ലൈഡർ കണ്ടുപിടിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചത് ഓട്ടോലിലിയന്താൾ (1848-96) എന്ന ജെർമൻ ശാസ്ത്രജ്ഞനാണ്. സഹോദരനായ ഗുസ്താഫിനോടൊപ്പം 1867-ൽ ഇദ്ദേഹം വായുവിൻെറ രോധശക്തിയെപ്പറ്റി പരീക്ഷണം നടത്തി. വായുവിൽ നിശ്ചലമായി നില്ക്കത്തക്കവണ്ണം വാൽകൊണ്ട് അമരം പിടിക്കാൻ ഗ്ലൈഡറിനു കഴിയണം. ഈ പരീക്ഷണമാണ് ലിലിയന്താൾ കൂടുതലായും നടത്തിയത്. 1891-ൽ അദ്ദേഹം കാറ്റിൽ പൊന്തിനിൽക്കുന്ന ആദ്യത്തെ വിമാനം ഉണ്ടാക്കി. 1896-ൽ ഫ്രെഞ്ചുകാരനായ ഒക്റ്റേവ് ചാനൂറ്റ് പുതിയതരം ഗ്ലൈഡർ നിർമിച്ചു. ഉറപ്പിച്ച അമരംകൊണ്ട് നിയന്ത്രിക്കുന്ന പഴയരീതിമാറ്റി ചിറകുകളും വാലും പരിഷ്കരിച്ചു. അപകടംകൂടാതെ രണ്ടായിരം തവണവരെ ഈ ഗ്ലൈഡർ പറന്നു. 1902-ൽ ഓർവിലും വിൽബർ റൈറ്റും ഗ്ലൈഡർ കൂടുതൽ മെച്ചപ്പെടുത്തി.



ആധുനിക ഗ്ലൈഡർ

ഭൂഗുരുത്വാകർഷണശക്തിയെ ചെറുത്തുനില്ക്കാൻ ഗ്ലൈഡറിനു സാധിക്കുന്നത് അതിൻെറ ചിറകുകളുടെ നിലയും വേഗവും നിമിത്തമാണ്. ആവശ്യമായ വേഗം അതിനുകിട്ടണം. ആദ്യകാല ഗ്ലൈഡറുകൾക്ക് വേഗത കുറവായിരുന്നു. ഇന്ന് ആന്തരഊർജംകൊണ്ടു ചലിപ്പിച്ച് ആവശ്യമുള്ള വേഗം വരുത്താൻകഴിയും.



ഹാങ് ഗ്ലൈഡർ

1935-നുശേഷം ഗ്ലൈഡറുകൾക്ക് കാലാവസ്ഥാശാസ്ത്രത്തിലും ആകാശ സഞ്ചാരത്തിലും വലിയ സ്ഥാനമുണ്ടായി. മേഘങ്ങളുടെ വിവരം ശേഖരിക്കാൻ ആവശ്യമായ റേഡിയോ ഉപകരണങ്ങൾ ഉറപ്പിച്ച ഗ്ലൈഡർ ഇന്നു പരക്കെ ഉപയോഗിക്കപ്പെടുന്നു. യുദ്ധകാലത്ത് ഇവ വേണ്ടിവന്നു. വിനോദത്തിനും കളികൾക്കും ഇന്ന് ഗ്ലൈഡർ ഉപയോഗിക്കുന്നു.

ഗ്ലൈഡിങ് (Gliding)

പക്ഷികൾക്കു സമാനമായ പറക്കൽ. മനുഷ്യൻ ഇതു സാധിക്കുന്നതു ചില പ്രത്യേകയിനം വ്യോമനൗകകൾ മുഖേനയാണ്. വായുവിനെക്കാൾ കനംകൂടിയ പറക്കൽയന്ത്രങ്ങളിൽ ആദ്യമായി വിജയിച്ചത് † ഗ്ലൈഡർ എന്നറിയപ്പെടുന്ന ഉപകരണമാണ്. ചലിക്കാനാവാത്ത ചിറകുകളോടുകൂടിയതും എൻജിൻ ഇല്ലാത്തതുമായ ഒരു വ്യോമനൗകയെന്ന് ഗ്ലൈഡറിനെ വിശേഷിപ്പിക്കാം.

ഒന്നാം ലോകയുദ്ധത്തെത്തുടർന്നുണ്ടായ സമാധാനക്കരാറിൽ വിമാനങ്ങൾ നിർമിക്കുന്നതും വികസിപ്പിക്കുന്നതും സംബന്ധിച്ച് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നതിനാൽ പക്ഷികൾക്കു സമാനമായ പറക്കൽ സാധ്യമാവുമോ എന്നു പരീക്ഷിക്കാൻതന്നെ നിരവധി ജെർമൻകാർ നിർബന്ധിതരായി. ശ്രദ്ധേയമായ വിജയമാണ് അവർക്ക് ഈ രംഗത്ത് ലഭിച്ചത്. 1922 ഓഗസ്റ്റ് 24-ന് മധ്യജെർമനിയിലെ വാസർ-കുപ്പേമലകളിൽ നടത്തിയ ഒരു പരീക്ഷണത്തിൽ, ഹെൻറ്സെൻ എന്ന ജെർമൻകാരന് തൻെറ ഗ്ലൈഡർ മൂന്നു മണിക്കൂർ നേരം ഉയർത്തിനിർത്താനും മേലോട്ടുയർന്ന സ്ഥലത്തുതന്നെ തിരിച്ചിറങ്ങാനും കഴിഞ്ഞു. ഗ്ലൈഡിംഗിൻെറ വളർച്ചയിൽ ഒരു വഴിത്തിരിവു കുറിച്ച വിജയമായിരുന്നു അത്.

ഗ്ലോക്കൊനൈറ്റ് (Glauconite)

സമുദ്രത്തിൻെറ അടിത്തട്ടിൽ കണ്ടുവരുന്ന ഒരിനം ധാതു. നിറം പച്ചയാണ്. ഇരുമ്പിൻെറയും (ഫെറിക്) പൊട്ടാസ്യത്തിൻെറയും ഹൈഡ്രസ് സിലിക്കേറ്റാണ് ഈ ധാതു. ഇതിനു ക്രിസ്റ്റൽ രൂപമുണ്ട്.



ആരജെൻറീനയിൽ
കണ്ടെടുത്ത ഗ്ലോക്കൊനൈറ്റ്

സാധാരണമായി മണലിൻെറ വലിപ്പമുള്ള തരികളായി ഇതു കാണപ്പെടുന്നു. ജലനിരപ്പിൽനിന്നു 30 മുതൽ 1,000 മീ. വരെ ആഴമുള്ള കടൽത്തട്ടുകളിലാണു ഗ്ലോക്കൊനൈറ്റ് ഉള്ളത്. പായൽ (alga), പവിഴം (coral), ബ്രയോസോവൻ അവശിഷ്ടങ്ങൾ എന്നിവ അധികമുള്ള സ്ഥലത്ത് ഇതു കാണാറില്ല. എക്കൽ അടിയുന്ന പ്രദേശങ്ങളിലാണു കൂടുതൽ ഉള്ളത്. വെള്ളത്തിൻെറ കാഠിന്യം നീക്കംചെയ്യുവാനും മറ്റും ഗ്ലോക്കൊനൈറ്റ് ഉപയോഗിക്കാറുണ്ട്.

ഗ്ലോക്കഫേൻ(Glaucophane)

ഒരു ശിലാധാതു. ഗ്രീക്കിലെ 'Glaukos'(നീലകലർന്ന പച്ച), Phainesthai എന്നീ വാക്കുകളിൽനിന്നാണ് പേരിൻെറ ഉദ്ഭവം. മോണോക്ലിനിക്ക് വ്യൂഹത്തിൽ ക്രിസ്റ്റലീകരിക്കുന്നു. റീബക്കൈറ്റ്, ക്രോസൈറ്റ് എന്നീ മോണോക്ലിനിക് ആംഫിബോളുകളുമായി അഭേദ്യമായ ബന്ധമുണ്ട്. സോഡിയം, അലുമിനിയം, ഇരുമ്പ് എന്നിവയുടെ സിലിക്കേറ്റായ [Na (A1, Fe) $(Si\ O_3)_2$] ഈ ധാതുവിൽ (Mg, Fe) SiO_3 വിവിധ അനുപാതത്തിലാണ് അടങ്ങിയിട്ടുള്ളത്.

നിറം അഷ്വർ അഥവാ ലവൻഡർ നീലം, ചിലപ്പോൾ നീലകലർന്ന കറുപ്പ്, ചാരനിറം കലർന്ന നീലവർണരേഖ. സ്പടികമാനമോ പവിഴമാനമോ ആയ ദ്യുതി. കടുപ്പം 6-6.5. ആപേക്ഷിക ഘനത്വം 3-3.1. പ്രകാശികമായി അസമദൈശികം (Anisotropie).

ഗ്ലോക്കോമ (Glaucoma)

† കണ്ണുരോഗങ്ങൾ നോക്കുക.

ഗ്ലോബ് തിയേറ്റർ

ലണ്ടനിലെ പ്രസിദ്ധമായ നാടകശാല. 1599-നുശേഷം എല്ലാ ഷേക്സ്പിയർ നാടകങ്ങളും അവതരിപ്പിച്ചിരുന്നത് ഇവിടെയാണ്. റിച്ചേഡ്, കത്ബെർട് ബർബേജ് എന്നീ സഹോദരന്മാരുടെ വകയാണ് ഇത്. വാസ്തവത്തിൽ 'ദ തിയേറ്റർ' എന്ന നാടകശാലയുടെ പുനർജന്മമാണു 'ഗ്ലോബ് തിയേറ്റർ'.

1598 അവസാനമോ '99 ആദ്യമോ ആണ് 'ദ തിയേറ്റർ' പൊളിച്ച്, അതിൽനിന്നുകിട്ടിയ തടിയും മറ്റു വസ്തുക്കളും ഉപയോഗിച്ചു തെംസ്നദിയുടെ തെക്കെ കരയിൽ 1599-ൽ 'ഗ്ലോബ്' നിർമിച്ചത്. 'സ്വാൻ', 'റോസ്' എന്നീ തീയേറ്ററുകളുടെ കിഴക്കുഭാഗത്തു ലണ്ടൻ ബ്രിജിൽനിന്ന് ഏകദേശം ഒരു കിലോമീറ്റർ അകലെയായിരുന്നു ഇതിൻെറ സ്ഥാനം.

ഗ്ലോബ് തിയേറ്ററിൻെറ രൂപത്തെക്കുറിച്ചു കൃത്യമായി ഒന്നും പറയാൻവയ്യ. സിലിൻഡർ ആകൃതിയിൽ, പുല്ലുമേഞ്ഞ മേൽക്കൂരയോടുകൂടിയതാണെന്നു പൊതുവെ കരുതിപ്പോരുന്നു.

1613-ൽ *ഹെൻറി VIII* അരങ്ങേറുമ്പോൾ തിയേറ്ററിനു തീപിടിച്ചു. ഒരു മണിക്കൂറിനുള്ളിൽ തിയേറ്റർ പൂർണമായും നശിച്ചു. 1614 ജൂണിൽ പുതുക്കിപ്പണിതു. ഇത്തവണ തിയേറ്റർ വൃത്താകൃതിയിൽ ആയിരുന്നു; ഓടുമേഞ്ഞതും. പ്യൂരിറ്റന്മാർ എല്ലാ തീയേറ്ററുകളും അടച്ചുപൂട്ടി രണ്ടുകൊല്ലം കഴിഞ്ഞ് 1644-ൽ ഗ്ലോബ് തിയേറ്ററും പൊളിച്ചു. ഇപ്പോൾ ലണ്ടനിൽ ഉള്ള ഗ്ലോബ് തിയേറ്റർ 1906-ൽ സ്ഥാപിച്ചതാണ് ഷാഫ്റ്റ്സ്ബറി അവന്യൂവിൽ. ആധുനികകാലത്തെ പല പ്രസിദ്ധനാടകങ്ങളും ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. ഇതിൽ 900 പേർക്ക് ഇരിപ്പിടസൗകര്യമുണ്ട്.

ഗ്ലോബുകൾ (Globes)

കറങ്ങാൻ പറ്റുംവിധം ഒരു അച്ചുതണ്ടിൽ ഘടിപ്പിച്ചിരിക്കുന്നതും ഉപരിതലത്തിൽ ഭൂമിയുടെ ചിത്രമുള്ളതുമായ ഗോളം. പരന്ന ഒരു ഭൂപടത്തിൽനിന്നു ലഭിക്കുന്നതിനെക്കാൾ വിവിധ സ്ഥലങ്ങൾ തമ്മിലുള്ള അകലങ്ങളെയും കരയും ജലാശയങ്ങളും തമ്മിലുള്ള ആപേക്ഷികവിസ്തൃതികളെയും കുറിച്ചുള്ള വിവരങ്ങൾ നല്കാൻ ഗ്ലോബുകൾക്ക് കഴിയുന്നു. ധ്രുവപ്രദേശങ്ങളിലെ പരപ്പേറിയ ഭൂവിതാനത്തെ ഒഴിച്ചുനിർത്തിയാൽ ഗ്ലോബുകൾ ആകൃതിയിലും സ്വരൂപത്തിലും ഭൂഗോളത്തിൻെറ ഒരു ചെറിയ മാതൃകയാണെന്നുതന്നെ പറയാം. ചില പ്രത്യേകതരം ഗ്ലോബുകളിൽ ഭൂതലത്തിലെ നിമ്നോന്നതത്വങ്ങൾ അതേ മാതൃകയിൽ 'റിലീഫ് (Relief) ആയി കാണിക്കുന്ന പതിവും ഉണ്ട്.

വിയന്മണ്ഡലത്തിൻെറ ഗ്ലോബുകളും നിർമിക്കാറുണ്ട്. ഭൂമിയിൽനിന്നു മേലേട്ടു നോക്കിയാൽ ഇരിക്കുന്ന പ്രകാരം നക്ഷത്രാദികളെ അടയാളപ്പെടുത്തിക്കൊണ്ട് സാധാരണയായി സ്ഫടികത്തിലാണ് ഇവ സംവിധാനംചെയ്യുക. എറ്റവും പഴക്കമേറിയതെന്നു വിശ്വസിക്കുന്ന 'ആകാശഗ്ലോബ്' നിർമിച്ചത് അറബിശാസ്ത്രജ്ഞരാണ്. അതിലൊന്ന് ഇപ്പോഴും ഫ്ളോറൻസിലെ (ഇറ്റലി) കാഴ്ചബംഗ്ലാവിൽ ഉണ്ട്. ബി.സി. 450-നോടടുപ്പിച്ച് ഹോ-ഷിങ്-തീൻ എന്ന ഒരു ചൈനീസ് ശാസ്ത്രജ്ഞനും, ബി.സി. 150-ൽ ഹിപ്പാർക്കസ് എന്ന ഗ്രീക്ക് ഖഗോളവിജ്ഞാനിയും ഇത്തരം വ്യോമഗോളകങ്ങൾ നിർമിച്ചിട്ടുണ്ടെന്നു കരുതപ്പെടുന്നു. 15-ാം നൂറ്റാണ്ടിൻെറ അവസാനമായപ്പോഴേക്കും, അതായത് കൊളംബസ്സിൻെറ കാലത്ത് ഇത്തരം ഗ്ലോബുകൾ പാശ്ചാത്യലോകത്ത് സർവസാധാരണമായിത്തീർന്നു. അക്ഷാംശരേഖാംശങ്ങൾ അടയാളപ്പെടുത്തുന്ന പതിവും അക്കാലത്ത് ആരംഭിച്ചു തുടങ്ങി. ഒരു അച്ചുതണ്ടിൽനിന്ന് തിരിയുന്ന ഗ്ലോബുകൾ ഇന്ന് വിദ്യാഭ്യാസ-സാംസ്കാരിക സ്ഥാപനങ്ങളിൽ പ്രചാരത്തിലുണ്ട്. 35-45 സെ.മീ. വ്യാസംവരുന്ന ഗോളകങ്ങളാണിവ. 1889-ൽ പാരീസിൽ നടന്ന പ്രദർശനത്തിൽ ഉൾപ്പെടുത്തിയ ഒരു ഗ്ലോബ് ഭൂഗോളത്തിൻെറ വലിപ്പത്തിൽ പത്തുലക്ഷത്തിൽ ഒരു ഭാഗമെന്ന നിലയിലാണ് എല്ലാ അംശത്തിലും ആസൂത്രണം ചെയ്തിരുന്നത്. അതിൽ അടയാളപ്പെടുത്തിയ ഭൂമധ്യരേഖയുടെ ദൈർഘ്യം 40 മീറ്റർ ആയിരുന്നു.

19-ാം നൂറ്റാണ്ടിൻെറ അവസാനത്തിൽ കേരളീയ പണ്ഡിതനും ശാസ്ത്രജ്ഞനുമായിരുന്ന വൈക്കം പാച്ചുമൂത്തത് തടികൊണ്ട് ഒരു 'ഭൂഗോളം' നിർമിച്ച് തിരുവനന്തപുരത്തു പ്രദർശിപ്പിച്ചു.

ഗ്ലോബുലിൻ

ഒരിനം മാംസ്യം (Protein). ശുദ്ധജലത്തിൽ അലേയമാണ്. ഗാഢതയേറിയ അമ്ലലവണങ്ങളുടെ ലായനിയിൽ ലയിക്കുന്നു. സീറം ഗ്ലോബുലിൻ, ഫൈബ്രിനോജൻ, മയോസിനോജൻ, ലാക്റ്റോഗ്ലോബുലിൻ എന്നിവ ഉദാഹരണങ്ങളാണ്.

വിത്തുകളിലുള്ള സ്യൂഡോഗ്ലോബുലിൻ വെള്ളത്തിൽ ലയിക്കും. പാലിലുള്ള ഗ്ലോബുലിനാണ് β-ലാക്റ്റോഗ്ലോബുലിൻ. മുട്ടവെള്ളയിൽ ഓവോഗ്ലോബുലിൻ ഉണ്ട്. രക്തത്തിലെ സീറം, പ്ലാസ്മ എന്നിവയിലും പ്രത്യേകതരം ഗ്ലോബുലിനുകൾ അടങ്ങിയിരിക്കുന്നു. ആൽഫ, ബീറ്റ, ഗാമ എന്നീ പേരുകളിലാണു ഗ്ലോബുലിനുകൾ സാധാരണ അറിയുന്നത്.

ഗാമാഗ്ലോബുലിനുകൾ രോഗപ്രതിരോധത്തിനു സഹായിക്കുന്നു. അതിനാൽ, ഗാമാഗ്ലോബുലിൻ കുത്തിവച്ചാൽ ചില രോഗത്തിന് എതിരായി പ്രതിരോധശേഷി ലഭിക്കും.

ഗ്ലോമെറുലസ്

മൈക്രോസ്കോപ്പിലൂടെ മാത്രം കാണാൻ കഴിയുന്ന രക്തക്കുഴലുകളുടെ കൂട്ടം. ആർട്ടീരിയോൾ എന്നു പേരുള്ള ചെറുധമനികളാണ് ഈ രക്തക്കുഴലുകൾ. ബൗമാൻസ് കാപ്സ്യൂളിനുള്ളിൽ സ്ഥിതിചെയ്യുന്നു. വൃക്കയുടെ അടിസ്ഥാനഘടകമായ നെഫ്രോണിൻെറ ഫണൽ ആകൃതിയിലുള്ള ഭാഗമാണ് ബൗമാൻസ്കാപ്സ്യൂൾ.

ഗ്ലോമെറുലസ് അരിപ്പയായി വർത്തിക്കുന്നു. രക്തത്തിൽ അധികമായിട്ടുള്ളതും ആവശ്യമില്ലാത്തതുമായ ഘടകങ്ങൾ ഇതിലൂടെയാണ് ബൗമാൻസ്കാപ്സ്യൂളിലേക്കു കടക്കുന്നത്. ഈ ദ്രാവകത്തിന് ഗ്ലോമെറുലേറ്റ് എന്നു പറയുന്നു.

ഗ്ലോമെറുലൈറ്റിസ്, ഗ്ലോമെറുലോനെഫ്രൈറ്റിസ് എന്നിവ ഗ്ലോമെറുലസിനെ ബാധിക്കുന്ന രോഗങ്ങളാണ്. രോഗങ്ങൾക്കു പൊതുവെ ഗ്ലോമെറുലോപതി എന്നു പറയുന്നു.

ഗ്ലോസറി

പ്രത്യേകവകുപ്പിൽപ്പെട്ട പദങ്ങളുടെ അർഥത്തോടുകൂടിയ പട്ടിക. 'ഗ്ലോസ്' എന്ന ഗ്രീക്കുപദത്തിന് നാവ് എന്നാണ് അർഥം. പിന്നീടതിന് ഉപഭാഷ, ഭാഷ എന്നർഥം ലഭിച്ചു. പാഠങ്ങളുടെ മാർജിനിലും അടിയിലും കൊടുക്കുന്ന വാക്കിന് 'ഗ്ലോസ്' എന്നു പറഞ്ഞിരുന്നു. ഇത്തരം ഗ്ലോസുകളുടെ ശേഖരമാണ് ഗ്ലോസറി. വിദേശീയമോ സാങ്കേതികമോ ആയ പദങ്ങൾ അകാരാദിക്രമത്തിൽ അർഥത്തോടുകൂടി സഞ്ചയിച്ച പട്ടികയ്ക്കാണ് ഗ്ലോസറി എന്ന് ഇന്നു പറയുന്നത്.

പാശ്ചാത്യലോകത്തു പ്രാചീനകാലത്തുതന്നെ ഗ്ലോസറി നിർമാതാക്കളുണ്ടായിരുന്നു. ബി.സി. അഞ്ചാം നൂറ്റാണ്ടിൽ, അബ്ദിര(Abdera)യിൽനിന്നു ലഭിച്ച ലേഖനങ്ങളിൽ ഇതിനെപ്പറ്റി പറയുന്നുണ്ട്. പക്ഷേ, അലക്സാണ്ടറുടെ കാലത്താണ് ഗ്ലോസറീകാരന്മാർ (ഗ്ലോസോഗ്രാഫർ) ധാരാളമായുണ്ടായത്. ഇവരിൽ പലരുടെയും പേരുകൾ വിസ്മൃതമായിരിക്കുന്നു.

വൈയാകരണനായ അതീനിയസ് (എ.ഡി. 250) മുപ്പത്തഞ്ചു ഗ്ലോസറീകാരന്മാരെപ്പറ്റി പ്രസ്താവിക്കുന്നുണ്ട്. ഏറ്റവും പഴക്കം കോസിലെ ഫിലേറ്റസ്സിന്നാണ് (ബി.സി. 290). അദ്ദേഹത്തിൻെറ ശിഷ്യനായ എഫിസസ്സിലെ സെനോഡോട്ടസ് (ബി.സി. 3-ാം ശതകം) ഹോമറിൻെറ അസാധാരണപദങ്ങളുടെ ഒരു ഗ്ലോസറിയുണ്ടാക്കി. തുടർന്നു ബൈസാന്തിയനിലെ അരിസ്റ്റോഫെനസും (ബി.സി. 260-180) ശിഷ്യന്മാരും പലതരം ഗ്ലോസറികളും നിർമിച്ചു.

† ജസ്റ്റീനിയൻെറ നിയമപരമായ രചനകൾ പ്രത്യേകതരം ഗ്ലോസറികളാണ്. ഇതിനെപ്പറ്റി വ്യാഖ്യാനങ്ങളൊന്നും പാടില്ലെന്ന് അദ്ദേഹം ഉത്തരവിട്ടുവെങ്കിലും പലതരം ഇൻഡക്സുകൾ, റഫറൻസുകൾ, തർജമകൾ എന്നിവ ഇതിനെക്കുറിച്ചുണ്ടായി. ഇവയെ എല്ലാം ഉൾപ്പെടുത്തിക്കൊണ്ട്, 12-ാം നൂറ്റാണ്ടിൽ പല ഗ്ലോസറികളും രചിക്കപ്പെട്ടു.

ലാറ്റിൻഭാഷയിൽ രചിച്ച പല ഗ്ലോസറികൾ വിശേഷിച്ചും അധ്യാപകർക്കും വിദ്യാർഥികൾക്കുംവേണ്ടിയായിരുന്നു.

ഗ്രീക്ക്-ലാറ്റിൻ, ലാറ്റിൻ-ഗ്രീക്ക് എന്നിങ്ങനെയുള്ള ദ്വിഭാഷാഗ്ലോസറികൾ ആദ്യമായുണ്ടാക്കിയത് വൈയാകരണന്മാരാണ്. ഗ്രീക്കുമായി താരതമ്യപ്പെടുത്തുമ്പോൾ ലാറ്റിനുള്ള ഭാഷാപരമായ പ്രത്യേകതകൾ എന്തെന്നു മനസ്സിലാക്കാനും രണ്ടു ഭാഷകളും പഠിക്കാനും ഇവ സഹായിച്ചു. മധ്യകാലത്ത് പഴയ സാഹിത്യകൃതികൾ, ബൈബിൾ എന്നിങ്ങനെ പലതിൽനിന്നും എടുത്ത പദങ്ങൾകൊണ്ടുള്ള ഗ്ലോസറികൾ ഉണ്ടായി. അറബിവാക്കുകളെ അടിസ്ഥാനമാക്കിയ ഗ്ലോസറികളും ഇക്കാലത്താണ് ലാറ്റിൻഭാഷയിലുണ്ടായത്. വൈദ്യശാസ്ത്രം-സസ്യശാസ്ത്രം എന്നിവയെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളവയും (9-11 നൂറ്റാണ്ടുകളിൽ) ഉണ്ടായി.

സംസ്കൃതം, പേർഷ്യൻ, അറബി, ഉറുദു എന്നീ ഭാഷകളിൽ പ്രധാന പദങ്ങൾ ചേർത്തുകൊണ്ടുള്ള പല ഗ്ലോസറികളും ഇന്ത്യയിൽ കഴിഞ്ഞകാലത്ത് ഉണ്ടായിരുന്നു. വിദേശീയരുടെ ഉപയോഗത്തിനായിരുന്നു അധികവും.

കേരളത്തിൽ ആയുർവേദപദങ്ങളെ ആസ്പദമാക്കിയുള്ള ശബ്ദാവലികളാണ് ആദ്യമുണ്ടായത്. തരുവിതാംകൂർ സർവകലാശാലയിലുണ്ടാക്കിയ സങ്കേതികശബ്ദാവലികളും (1949-'50) പിന്നീടു കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുണ്ടാക്കിയ വിജ്ഞാന-മാനവിക ശബ്ദാവലികളും സയൻസിൻെറയും സാങ്കേതിക വിദ്യയുടെയും പദങ്ങൾക്കു തത്സമങ്ങളായ മലയാളപദങ്ങൾ ഉണ്ടാക്കുകയാണു ചെയ്തത്. ധാരാളം സാർവദേശീയപദങ്ങളും ഇംഗ്ലീഷുഭാഷയിൽനിന്നുള്ള പദങ്ങളും സംസ്കൃതം, ഹിന്ദി എന്നിവയെ ആശ്രയിച്ചുള്ള പദങ്ങളും മലയാളത്തിൽ പ്രത്യേകാർഥത്തിൽ ഉപയോഗിച്ചു ശീലിച്ച പദങ്ങളും ഉൾക്കൊള്ളുന്നവയാണ് ഈ ശബ്ദാവലികൾ.

ഗ്ലൗബർ, ജോഹൻ റുഡോൽഫ് (1604-1668)

ജെർമൻ രസതന്ത്രജ്ഞൻ. ബവേറിയായിൽ ജനിച്ചു. ജെർമൻ ബോയിൽ എന്നും ഇദ്ദേഹത്തിനു പേരുണ്ട്. ഹോളണ്ടിൽ താമസിച്ച് രഹസ്യരാസവസ്തുക്കളും ഔഷധങ്ങളും വിറ്റു ജീവിച്ചു. സാർവലൗകികലായകങ്ങളെയും ആൽക്കെമിസറ്റുകളുടെ പദ്ധതികളെയും പറ്റിയാണ് കൂടുതലായും എഴുതിയിരുന്നതെങ്കിലും രസതന്ത്രത്തിലേക്കും പല സംഭാവനകളും നല്കിയിട്ടുണ്ട്. സൽഫ്യൂറിക്കാസിഡും കറിയുപ്പും തമ്മിൽ പ്രവർത്തിപ്പിച്ച് ഹൈഡ്രോക്ലോറിക്കാസിഡുണ്ടാക്കുന്നതിനെപ്പറ്റി ഇദ്ദേഹം വിവരിക്കുന്നുണ്ട്.



സോഡിയം സൽഫേറ്റ് (ഗ്ലൗബർ ലവണം), ലെഡ്, ഇരുമ്പ്, ടിൻ, സിങ്ക്, ചെമ്പ്, ആൻറിമണി, ആർസെനിക് എന്നിവയുടെ പല ലവണങ്ങൾ, വിവിധതരം ആൽക്കലോയിഡുകൾ എന്നിവ ഇദ്ദേഹം നിർമിച്ചു. ചായങ്ങളെപ്പറ്റി-പ്രത്യേകിച്ചും ടാർ ടാർ എമറ്റിക്-ഇദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. ജെർമനിയിലെ പ്രാകൃതികവസ്തുക്കളെ എപ്രകാരം രാജ്യത്തിൻെറ സമ്പത്തു വർധിപ്പിക്കുന്നതിനുപകരിക്കാമെന്നു പ്രതിപാദിക്കുന്ന 'ട്യൂച്ച്ലൻഡ്സ്. വോൾഫാർത്ത' (Teutschlands Wolfarth) എന്ന ഇദ്ദേഹത്തൻെറ ഗ്രന്ഥം പ്രസിദ്ധമാണ്. 'ഓപ്പെറ ഓമ്നിയാ' (Opera Omnia) ആണ് വേറൊരു ഗ്രന്ഥം. ആർസെനിക്, രസം എന്നിവ ഉപയോഗിച്ചുള്ള പരീക്ഷണങ്ങൾ ഇദ്ദേഹത്തിൻെറ ആരോഗ്യം നശിപ്പിച്ചു. 1668 മാർച്ച് 10-ാം തീയതി ആംസ്റ്റർഡാമിൽ വച്ച് നിര്യാതനായി.

രാസവസ്തുക്കൾ യുദ്ധാവശ്യങ്ങൾക്കായി ഉപയോഗിക്കണമെന്ന് ഇദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു. യുദ്ധങ്ങൾ ഒഴിവക്കുന്നതിന് യുദ്ധരീതികൾ ഉഗ്രങ്ങളും ബീഭത്സങ്ങളും ആക്കണമെന്ന് ആൽഫ്രഡ്നൊബെലിനെപ്പോലെതന്നെ ഇദ്ദേഹവും വിശ്വസിച്ചിരുന്നു. മഹനീയ പാരമ്പര്യം ഒന്നും ഇല്ലാത്ത ഇദ്ദേഹം രസതന്ത്രത്തിൻെറ ലോകത്തിൽ അവിസ്മരണീയമായ സ്ഥാനം കൈവരിച്ചു.

ഗ്ലൗസ്

ഓരോ വിരലും പ്രത്യേകം കടക്കത്തക്കവിധത്തിൽ കൈപ്പടം മുഴുവൻ മൂടുന്ന ഉറ. വിരലുകൾ മുഴുവൻ മൂടാത്ത ഉറകളുമുണ്ട്. മിറ്റ്സ് (mitts) എന്നാണ് അവയുടെ പേര്.

പല ആവശ്യങ്ങൾക്കായി പലതരം കയ്യുറകളുണ്ട്. എങ്കിലും ഡോക്ടർമാർ ഉപയോഗിക്കുന്ന കയ്യുറയാണു പൊതുവെ പരിചിതമായ ഗ്ലൗസ്. ഗ്ലൗസിൻെറ ചരിത്രം പരിശോധിച്ചാൽ ഇപ്പറഞ്ഞ ഉപയോഗം താരതമ്യേന അധുനാതനമാണെന്നു വ്യക്തമാകും.

ഇതുവരെ കണ്ടെത്തിയിട്ടുള്ളതിൽവച്ച് ഏറ്റവും പഴക്കംചെന്ന ഗ്ലൗസ് ബി.സി. 1350-ലേതാണ്. ഈജിപ്തിലെ ഫറോ ആയിരുന്ന തൂത്തൻഖമേൻെറ ശവകുടീരത്തിൽനിന്നു കണ്ടുകിട്ടിയതാണ് ഇത്.

ഏറ്റവും മസൃണമായ ഗ്ലൗസ് കോലാട്ടിൻകുട്ടിയുടെ തുകൽകൊണ്ടുണ്ടാക്കിയതാണ്. ചെമ്മരിയാട്, പന്നി, കന്നിൻകുട്ടി തുടങ്ങിയ മൃഗങ്ങളുടെ തുകലാണു പണ്ടൊക്കെ ഗ്ലൗസിന് ഉപയോഗിച്ചിരുന്ന



പ്രാചീനമായ ഗ്ലൗസുകൾ :
ഇടത്ത്: ഈജിപ്ഷ്യൻ, വലത്ത്: ഇംഗ്ലീഷ്

മറ്റു വസ്തുക്കൾ. ഇന്ന് ഈ പറഞ്ഞ തുകൽവസ്തുക്കൾക്കു പുറമെ റബർ, പ്ലാസ്റ്റിക്, ആസ്ബെസ്റ്റോസ്, സിലക്ക്, നാരുകൾ, കമ്പിളി എന്നിവയും ഉപയോഗിക്കുന്നുണ്ട്.

മധ്യയുഗങ്ങളിൽ അന്തസ്സിൻെറയും ആഭിജാത്യത്തിൻെറയും അടയാളമായിരുന്നു ഗ്ലൗസ്. ചിത്രപ്പണികൾ ചെയ്തതും രത്നങ്ങൾ പതിച്ചതും ആയ കയ്യുറ അക്കാലത്തുണ്ടായിരുന്നു. കുർബാന നടത്തുമ്പോൾ മെത്രാന്മാർ ധരിച്ചിരുന്ന കയ്യുറകളിൽ ക്രൂശിതരൂപം തുന്നിപ്പിടിപ്പിച്ചിരുന്നു. ചിത്രപ്പണികളും ഉണ്ടായിരുന്നു. പ്രഭുക്കന്മാരുടെ ഗ്ലൗസ് നിയമപരമായ കാര്യങ്ങളിൽ സത്യവാചകത്തിൻെറ ചിഹ്നമായി അംഗീകരിച്ചിരുന്നു. ധീരസാഹസികരായ പ്രഭുക്കന്മാർ മത്സരങ്ങളിൽ പങ്കെടുക്കുമ്പോൾ സ്ത്രീകളുടെ ഗ്ലൗസ് തങ്ങളുടെ ഹെൽമെറ്റിൽ തൂക്കിയിടുന്നത് പ്രേമത്തിൻെറ അടയാളമായിട്ടാണു കണക്കാക്കിയിരുന്നത്.

തണുപ്പിൽനിന്നു രക്ഷനേടാനാണു ഗ്ലൗസ് ആദ്യകാലത്ത് ഉപയോഗിച്ചിരുന്നത്. എസ്കിമോകളുടെ കാര്യത്തിൽ ഇന്നും അങ്ങനെതന്നെ. റബർകൊണ്ടുള്ള ഗ്ലൗസിന് ഇൻസുലേറ്ററുകൾ എന്ന നിലയ്ക്കാണു പ്രാധാന്യം. വ്യവസായശാലകളിൽ രാസവസ്തുക്കൾ കൈകാര്യം ചെയ്യുന്നവർ നിർബന്ധമായും ഗ്ലൗസ് ധരിക്കണമെന്നു നിയമം അനുശാസിക്കുന്നുണ്ട്.

ക്രിക്കറ്റിൽ ബാറ്റുചെയ്യുമ്പോൾ ഗ്ലൗസ് ധരിക്കുന്നുണ്ട്. കൈവിരലുകൾ, മണിബന്ധം എന്നീ ഭാഗങ്ങൾ ക്രിക്കറ്റ് ബാളിൻെറ ആഘാതത്തിൽനിന്നു സംരക്ഷിക്കാനാണ് ഈ ഗ്ലൗസ്. വിക്കറ്റുകീപ്പർക്കുമുണ്ട് ഗ്ലൗസ്. ഇതു ബാറ്റ്സ്മാൻെറതിൽനിന്നു വ്യത്യസ്തമാണ്. ഒരു സാധാരണ ഗ്ലൗസിനു പുറമെ കട്ടിയുള്ളതും മണിബന്ധത്തിനു മുകളിൽ വരെ കയറിക്കിടക്കുന്നതുമായ മറ്റൊരു ഗ്ലൗസും കൂടിച്ചേർന്നതാണു വിക്കറ്റ്കീപ്പറുടെ ഗ്ലൗസ്. മോട്ടോർ സൈക്കിൾ, സ്ക്കൂട്ടർ മുതലായവ ഓടിക്കുന്നവർ ഗ്ലൗസ് ഉപയോഗിച്ചുകാണുന്നുണ്ട്.

പാശ്ചാത്യനാടുകളിൽ വിശേഷാവസരങ്ങളിൽ ചില പരിഷ്കൃത വനിതകൾ ഗ്ലൗസ് ധരിക്കുന്നു. വൈദേശികരീതികൾ പലതും ഭാരതം സ്വീകരിച്ചിട്ടുണ്ടെങ്കിലും, ഈ 'ഗ്ലൗസ് സംസ്കാരം' ഇങ്ങോട്ടു കടന്നു വന്നിട്ടില്ല. ഏതെങ്കിലും ആവശ്യത്തിനു മാത്രമേ ഇവിടെ ഗ്ലൗസ് ഉപയോഗിക്കുന്നുള്ളു.

ഘ

ഘ

വ്യഞ്ജനങ്ങളിലെ നാലാമത്തെ വർണം. ഇതു കണ്ഠ്യഘോഷമാണ്.

'ഘ' വിവിധ ഭാഷകളിൽ

മലയാളം ഘ

ഹിന്ദി സംസ്കൃതം	घ	അസമിയ	ঘ
തമിഴ്ഗ്രന്ഥം	𑌘	ബങ്കാളി	ঘ
കന്നടം	ಘ	ഒറിയ	ଘ
ബ്രാഹ്മി	𑀖	സിംഹളം	ඝ
തെലുഗു	ఘ	ബർമീസ്	ဃ
പഞ്ചാബി	ਘ	കശ്മീരി	𑆔
ഗുജറാത്തി	ઘ	ഉറുദു	غ

ഘടം

കളിമണ്ണുകൊണ്ട് നിർമിക്കുന്ന ഒരു **താളവാദ്യം**. മൃദംഗത്തിൻെറ ഒരു ഉപവാദ്യമായി കർണാടകസംഗീതക്കച്ചേരികളിൽ ഉപയോഗിക്കുന്നു.

വളരെ പ്രാചീനകാലംമുതൽ താളവാദ്യം എന്ന നിലയിൽ ഘടം സ്വീകരച്ചിട്ടുണ്ടെന്നു പറയാം. നാടോടിപ്പാട്ടുകാർ അവരുടെ കലാപ്രകടനങ്ങളിൽ താളത്തിനായി ഇത് അംഗീകരിച്ചിട്ടുണ്ട്. ഘടത്തിൻെറ ബലവും നാദവും മെച്ചപ്പെടുന്നതിനു മണ്ണിൽ ഇരുമ്പുപൊടി കലർത്തി കുഴയ്ക്കാറുണ്ട്. വായ്വിസ്താരം കൂടിയ കുടമായിട്ടാണു നിർമിക്കുക. ദക്ഷിണഭാരതത്തിൽ പൺറുത്തി, മാനാമധുര തുടങ്ങിയ സ്ഥലങ്ങളിലെ കുടങ്ങൾക്കു കൂടുതൽ പ്രിയമുണ്ട്.

ഘടം

ഘടത്തിൻെറ വായ് നെഞ്ചിനുനേരെവച്ചു വശങ്ങളിൽ രണ്ടു കൈകൊണ്ടും തട്ടിയാണ് സാധാരണമായി വായിക്കുന്നത്. കൈപ്പടം, വിരലുകൾ, മണിബന്ധം, നഖങ്ങൾ എന്നിവയൊക്കെ ഇതിനു സഹായിക്കുന്നു. ഏതു പ്രകാരത്തിൽവച്ചും വായിക്കാൻ സാധിക്കുന്ന ഒരു ഉപകരണമാണ് ഇത്.

ഘടകർപ്പരൻ

വിക്രമാദിത്യസദസ്സിലെ നവരത്നങ്ങളിൽ ഒരാൾ. ഘടകർപ്പരം എന്ന കാവ്യവും ഒരു നീതിസാരഗ്രന്ഥവും ഇദ്ദേഹം രചിച്ചിട്ടുണ്ട്. യമക

പ്രയോഗത്തിൽ വിദ്ഗ്ധനായിരുന്നു. ഘടകർപ്പരകാവ്യത്തിൽ 22 ശ്ലോകങ്ങളാണുള്ളത്. എല്ലാറ്റിലും യമകാലങ്കാര മുണ്ട്. കാളിദാസനും ഇദ്ദേഹവും തമ്മിൽ നടന്ന സൗന്ദര്യപ്പിണക്കങ്ങളുടെ പല കഥകളും പ്രചാരത്തിലുണ്ട്.

ഘടനാവാദം (Structuralism)

മനഃശാസ്ത്രത്തിലെ ഒരു പ്രസ്ഥാനം. ജെർമനിയിൽ വിൽഹെം വുണ്ഡ് (1832-1920) ആവിഷ്കരിക്കയും എഡ്വഡ് ബി.ടിക്നർ പരിനിഷ്ഠിതമാക്കുകയും ചെയ്തു. പ്രായപൂർത്തിയായ ഒരാളിന്റെ മനസ്സിനെ നിർവചിക്കാവുന്ന ഘടകങ്ങളായി അപഗ്രഥിച്ച് ഈ ഘടകങ്ങൾ എങ്ങനെ സങ്കീർണരൂപത്തിൽ യോജിച്ചിരിക്കുന്നു എന്നു കണ്ടെത്താനാണ് ഈ പ്രസ്ഥാനത്തിന്റെ ശ്രമം. ജനനംമുതലുള്ള അനുഭൂതികളുടെ ആകത്തുകയായി മനസ്സിനെ ഗണിക്കുന്നു.

ഘടനാവാദികളുടെ മുഖ്യ ഉപകരണം അന്തർനിരീക്ഷണം ആണ്. നല്ല പരിശീലനം സിദ്ധിച്ച നിരീക്ഷകർ നിയന്ത്രിത മാനസികാവസ്ഥയിൽ സുപരീക്ഷിത ശബ്ദാവലി ഉപയോഗിച്ചു നടത്തുന്ന ശ്രദ്ധാപൂർവമായ നിരീക്ഷണമാണ് ഇത്. നിരീക്ഷണഫലങ്ങൾ രേഖപ്പെടുത്തുന്നതിനു സവിശേഷശ്രദ്ധയോടെ തിരഞ്ഞെടുത്ത ശബ്ദാവലി ഇല്ലെങ്കിൽ വിവരണം സന്ദിഗ്ധമോ അവ്യക്തമോ ആകാം. അനുഭവത്തെ വസ്തുതയായി ഗണിച്ച് അപഗ്രഥിക്കണമെന്ന് ടിക്നർ നിഷ്കർഷിച്ചു. അനുഭവത്തിന്റെ പ്രാധാന്യമോ മൂല്യമോ കണക്കിലെടുക്കാതെ വേണം അപഗ്രഥനം. മനസ്സിന്റെ ഘടനയ്ക്ക് 'എങ്ങനെ', 'എന്തുകൊണ്ട്' ഇവയോടു വലിയ ബന്ധമില്ല. *'എ ടെക്സ്റ്റ് ബുക്ക് ഒഫ് സൈക്കോളജി* എന്ന ഗ്രന്ഥത്തിൽ ടിക്നർ പറയുന്നതു ബോധപൂർവമുള്ള അനുഭവത്തിന്റെ അംശങ്ങൾ സംവേദനവും പ്രതികരണവും മാത്രമാണെന്നാണ്. വിചാരപ്രക്രിയ പ്രാക്തനാനുഭവങ്ങളുടെ പ്രതികരണം സൃഷ്ടിക്കുന്ന സംവേദനപരമ്പരയാണ്.

ഘടനാവാദം ദാർശനിക മണ്ഡലത്തിൽനിന്നു മനഃശാസ്ത്രത്തെ ഒരു നൂതന മണ്ഡലത്തിലേക്ക് ആനയിച്ചു. ടിക്നറുടെ മരണം ഘടനാവാദത്തിന്റെ സ്വാധീനശക്തിക്ക് ഊനം തട്ടാൻ ഇടയാക്കി. ഘടനാവാദത്തിന്റെ പ്രതികരണം എന്ന നിലയിൽ വ്യവഹാരവാദവും (Behaviourism) ധർമനിർവഹണവാദവും (Functionalism) ഉയർന്നുവന്നു. പെരുമാറ്റവും വ്യക്തിത്വവും ഘടനാവാദത്തിന്റെ പരിധിയിൽ ഒതുങ്ങുന്നതായിരുന്നില്ല. അനുഭവത്തിന്റെ വസ്തുതകളിൽനിന്ന് അർഥത്തെ അകറ്റിനിർത്തുന്നതിൽ ഫ്രാൻസ് ബ്രെൻറാനോവിന്റെ കർമമനഃശാസ്ത്രത്തിന്റെയും (act psychology) ഗെസ്റ്റാൾട്ടിന്റെ മനഃശാസ്ത്രത്തിന്റെയും പ്രാതിഭാസിക പാരമ്പര്യത്തെ ഘടനാവാദം എതിർത്തു.

ഘട-പല്ലവ

ഒരു ഇന്ത്യൻ കലാരൂപം. ഇലകളും പൂക്കളും നിറച്ച കുടമാണ് ഇതിന്റെ മുഖ്യഭാഗം. ഇതു വൈദികസാഹിത്യത്തിൽ ജീവിതത്തിന്റെയും സസ്യസമൃദ്ധിയുടെയും പ്രതീകമാണ്. എല്ലാക്കാലത്തും ഈ പ്രതീകം ഉപയോഗിച്ചുവന്നു. അഞ്ചാം നൂറ്റാണ്ടിലാണ് ഇതിനു ദാരു-ശിലാസ്തംഭങ്ങളിൽ അധോഭാഗത്തും ഉപരിഭാഗത്തും സ്ഥാനം ലഭിച്ചുതുടങ്ങിയത്. 15-ാം നൂറ്റാണ്ടുവരെ ഇതു സാധാരണമായിരുന്നു. 'പൂർണകുംഭം' ഹിന്ദുജൈന-ബൗദ്ധ വിഭാഗങ്ങൾ വിഗ്രഹപ്രതിഷ്ഠകൾക്കു മുമ്പിലും വിശിഷ്ടവ്യക്തികളെ സ്വീകരിക്കുമ്പോഴും മംഗളസൂചകമായി അർപ്പിക്കുന്ന പതിവുണ്ട്. ശില്പമാതൃകയല്ലാതെ കുംഭംതന്നെ ഉപയോഗിക്കുമ്പോൾ അതു ജലം നിറച്ചിരിക്കും. സമൃദ്ധിയുടെ പ്രതീകമാണ് അത്. ധനദേവതയായ ലക്ഷ്മിയുടെ പ്രതിരൂപമായും പൂർണ ഘടം ഗണിക്കപ്പെടുന്നു. അതുകൊണ്ടാണു ശില്പമാതൃകയായി അത് ഉപയോഗപ്പെടുത്താൻ ഇടയായത്.

ഘടികാരം

ഭൂമിയുടെ ഭ്രമണകാലത്തെ തുല്യ ഇടവേളകളായി വിഭജിച്ച്, അതിന്റെ അടിസ്ഥാനത്തിൽ സമയം സൂചിപ്പിക്കുന്ന സംവിധാനം. ഭൂമിയുടെ ഭ്രമണകാലത്തെ-ദിവസത്തെ-24 മണിക്കൂറായും മണിക്കൂറിനെ 60 മിനിറ്റായും മിനിറ്റിനെ 60 സെക്കൻറായും വിഭജിച്ചിരിക്കുന്നു.

പഴയ ഘടികാരങ്ങൾ. ***ഈജിപ്തിൽ:*** **ബി.സി. 1500-ൽ നിലവിലിരുന്ന സൂര്യഘടികാരത്തിന്റെ മാതൃക ബർളിനിലെ കാഴ്ചബംഗ്ലാവിൽ ഉണ്ട്. ബി.സി. 1300-ന് അടുത്ത് ഉപയോഗിച്ചിരുന്ന ജലഘടികാരത്തിന്റെ മാതൃക കെയ്റോ കാഴ്ചബംഗ്ലാവിൽ കാ**ണാം. സൂര്യഘടികാരം പകലിനെ 12 സമഭാഗങ്ങളായി വിഭജിച്ചിരുന്നു, ജലഘടികാരം രാത്രിയെയും. അപ്പോൾ പകലും രാത്രിയിലുമുള്ള 'മണിക്കൂറുകൾ' തുല്യമായിരുന്നില്ല. വെള്ളം നിറച്ച ജലഘടികാരം ചെറിയൊരു ദ്വാരത്തിലൂടെ വെള്ളം പുറത്തോട്ടൊഴുകുമ്പോൾ ജലനിരപ്പു താഴുന്നതനുസരിച്ചാണു സമയം കാണിച്ചിരുന്നത്, സൂര്യഘടികാരം നിഴലിന്റെ നീളവും ദിശയും കൊണ്ടും.

ഗ്രീസിലും റോമിലും: സൂര്യഘടികാരവും ജലഘടികാരവും ബി.സി. രണ്ടും മൂന്നും നൂറ്റാണ്ടുകളിൽ ഉപയോഗത്തിൽ ഇരുന്നു. അവ താരതമ്യേന പരിഷ്കൃതവും സൂക്ഷ്മതരവും ആയിരുന്നു. സൂര്യഘടികാരത്തിന്റെ മുകളറ്റത്തു തിരശ്ചീനമായ ഒരു സൂചി ഉറപ്പിച്ചിരുന്നു. അതിന്റെ അറ്റത്തിന്റെ നിഴൽ താഴെയുള്ള സമയരേഖകളിൽ പതിയുന്നതു നോക്കി സമയം (ഹോരാ, hour) മനസ്സിലാക്കാമായിരുന്നു. ഗ്രീക്-റോമൻ ജലഘടികാരങ്ങൾ രിക്തവൃത്തസ്തംഭാകൃതിയുള്ളവ ആയിരുന്നു. അവയിലേക്ക് ഒഴുകുന്ന വെള്ളം സമയസൂചകമായ പ്ലവത്തെ ജലനിരപ്പനുസരിച്ച് ഉയർത്തി സമയം കാണിച്ചിരുന്നു.

ചൈനയിൽ: 8-11 നൂറ്റാണ്ടുകളിൽ ചൈനയിൽ ഉപയോഗിച്ചിരുന്ന ജലഘടികാരങ്ങൾക്കു ചലിക്കുന്ന അക്കങ്ങളോ രൂപങ്ങളോ ഉണ്ടായിരുന്നു. വായുവിൽ ഉയർന്നുനില്ക്കുന്ന ഗോളങ്ങൾ അവയിൽ തിരിയുകയും മണി മുഴക്കുകയും ചെയ്തിരുന്നു.

യൂറോപ്പിൽ: മണൽ ഗ്ലാസുകൾ യൂറോപ്പിൽ ആണു കണ്ടുപിടിച്ചത്. 14-ാം നൂറ്റാണ്ടിൽ നടപ്പിൽ വന്ന ഇവ നടുവിൽ കഴുത്തുള്ള രണ്ടു ബൾബുകളുടെ ആകൃതിയിൽ ആയിരുന്നു. ഒരു ബൾബിൽനിന്നു മറ്റതിലേക്കു കുറേശ്ശെയായി മണൽ പൊഴിഞ്ഞുവീഴാൻവേണ്ട സമയം നേരത്തെ ക്ലിപ്തപ്പെടുത്തിയിരിക്കും. ഒരു ബൾബിലെ മണൽ മുഴുവൻ മറ്റതിലേക്കു വീണു കഴിഞ്ഞാൽ താഴെയുള്ള മണൽ നിറഞ്ഞ ഗ്ലാസ് മുകളിൽ വരത്തക്കവണ്ണം ഉപകരണം തലതിരിച്ചു വയ്ക്കാം. എല്ലാം പഴയപടി ആവർത്തിക്കും.



മണൽഘടികാരം.
(പ്രാചീന മണൽഘടികാരത്തിന്റെ
മാതൃകയിൽ ആധുനികകാലത്തു
നിർമിച്ചത്.)

മെഴുകുതിരികളും എണ്ണവിളക്കുകളും ചുരുക്കമായി ഘടികാരമായി ഉപയോഗിച്ചിരുന്നു. മെഴുകുതിരിയും എണ്ണയും കത്തിത്തീരാൻ വേണ്ട സമയം നേരത്തെ ക്ലിപ്തപ്പെടുത്തിയിരിക്കും.

ഇന്ത്യയിൽ: ഇന്ത്യയിലും ചില പ്രത്യേകതരം ജലഘടികാരങ്ങൾ (നാഴിക വട്ടകകൾ) ഉണ്ടായിരുന്നു. വെള്ളം നിറച്ച പാത്രത്തിൽ ദ്വാരമുള്ള, പൊങ്ങിക്കിടക്കുന്ന ഒരു ചെറിയ ഒഴിഞ്ഞപാത്രം വെള്ളത്തിനു മുകളിൽ വയ്ക്കുന്നു. ക്രമേണ ദ്വാരത്തിൽകൂടി വെള്ളം കയറി അതു മുങ്ങുന്നു. മുങ്ങാൻ എടുക്കുന്ന സമയം ഒരു നാഴിക (ഘടി) ആയിരിക്കും. അതുകൊണ്ടാണു ഘടികാരം എന്നു സമയസൂചകയന്ത്രത്തിനു പേരു വന്നത്. ഘടി അഥവാ നാഴിക 24 മിനിറ്റ് ആണ്.

പുഷ്പഘടികാരം: ഇന്ത്യയിൽ ചില രാജാക്കന്മാർ പൂക്കൾകൊണ്ടു സമയസൂചന നല്കുന്ന സംവിധാനങ്ങൾ ഉപയോഗിച്ചിരുന്നു. കൃത്യസമയങ്ങളിൽ വിടരുന്ന പൂക്കളുണ്ട്. രാവിലെ ആറു മണിയോടെ വിടരുന്ന പൂക്കൾ സുലഭമാണ്. കൊടുവേലി (പാതിരപ്പൂവ്) രാത്രി 12 മണിക്കു വിടരുന്നു. പവിഴമല്ലി സന്ധ്യയ്ക്കും (വൈകിട്ട് ആറുമണി) പന്തീരടി (നാലുമണിപ്പൂവ്) വൈകിട്ട് നാലു മണിക്കും ആണു വിടരുന്നത്. ഉച്ചമലരി പകൽ 12 മണിക്കു വിടരുന്നു. ഇങ്ങനെ വിവിധസമയങ്ങളിൽ വിടരുന്ന പൂക്കൾ ഒരു ഉദ്യാനത്തിൽ നട്ടുപിടിപ്പിച്ചാണു പുഷ്പഘടികാരം സൃഷ്ടിക്കുന്നത്. ഘടികാരചരിത്രത്തിലെ കലാത്മകതയ്ക്കു മകുടംചാർത്തുന്ന സംവിധാനമാണ് ഇത്.

യാന്ത്രികഘടികാരങ്ങൾ. 1300-ാമാണ്ടിടയ്ക്കാണ് ആദ്യത്തെ യാന്ത്രികഘടികാരം നിർമിതമായത്. ചങ്ങലകളും ചക്രങ്ങളുമുള്ള ഭാരം കൊണ്ടു ചലിക്കുന്ന, ലോഹച്ചട്ടക്കൂട്ടിനുള്ളിൽ അടച്ചു, കറങ്ങുന്ന സൂചികൾകൊണ്ടു മിനിറ്റും മണിക്കൂറും ഡയലിലെ അക്കങ്ങളും വരകളും സ്പർശിച്ചു രേഖപ്പെടുത്തുന്ന സംരചന ആയിരുന്നു ഇത്. തൂങ്ങിക്കിടക്കുന്ന ഭാരത്തിന്റെ ചലനം പല ചക്രങ്ങളെ ചലിപ്പിച്ചാണു സൂചികളുടെ ചലനം സാധിക്കുന്നത്. ആദ്യം സമയത്തു മണി മുഴക്കുകയേ ക്ലോക്കുകൾ ചെയ്തിരുന്നുള്ളു. പിന്നീടാണു ഡയലിൽ സമയ സൂചന നല്കാൻ തുടങ്ങിയത്. സന്യാസിമഠങ്ങളിലാണ് ക്ലോക്കുകൾ ആദ്യകാലത്ത് കൂടുതലായി ഉപയോഗിച്ചിരുന്നത്.



1. ഫ്രെഞ്ച് മാന്റെറൽ ക്ലോക്ക് (1850). 2. ല്യൂയി XIV 19-ാം നൂറ്റാണ്ട്. 3. 'എയറ്റ്ഡേ കുക്കൂ ക്ലോക്ക്' (എട്ടുദിവസത്തിൽ ഒരിക്കൽ ചാവി കൊടുക്കേണ്ടത്) — സ്വിറ്റ്സർലൻഡിൽ നിർമിച്ചത്.
4. സങ്കീർണമായ ചിത്രവേലകളോടുകൂടിയ ബ്രായ്ക്കറ്റ് ക്ലോക്ക് — ഫ്രാൻസ് 18-ാം നൂറ്റാണ്ട്.



ടേബിൾ ക്ലോക്ക്-
ജപ്പാൻ ശൈലി - 1800

ചുരുട്ടിവച്ച സ്പ്രിങ് വലിവുകാരണം സ്വയം നിവരുന്നതനുസരിച്ചു പൽചക്രങ്ങളും സൂചികളും ചലിക്കുന്ന ക്ലോക്കുകൾ നടപ്പായപ്പോഴാണു സമയസൂചന സൂക്ഷ്മതരമായത്. അന്തരീക്ഷത്തിലെ താപനിലയിൽ ഋതുക്കൾതോറും വരുന്ന വ്യത്യാസം പെൻഡുലത്തിന്റെ ചലനത്തെയും സ്പ്രിങ്ങിന്റെ നിവരലിനെയും ബാധിച്ചിരുന്നു.

ഈ ദോഷം പരിഹരിച്ചുകൊണ്ട് 'വെതർ പ്രൂഫ് ക്ലോക്കുകൾ' നടപ്പിൽ വന്നു. പെൻഡുലവും വെർജ് എസ്കേപ്പുമെൻറും ചേർന്നു ക്ലോക്കുകൾക്കു കൂടുതൽ കൃത്യത നല്കി. 1670-ൽ റികോയിൽ (ആങ്കർ) എസ്കേപ്മെൻറ് സംവിധാനംചെയ്ത വില്യം ക്ലെമൻറ് ക്ലോക്കിന്റെ സൂക്ഷ്മത ഒന്നുകൂടി വർധിപ്പിച്ചു.

വാച്ചുകൾ. ആദ്യകാല ക്ലോക്കുകൾ വലുതായിരുന്നു. പിന്നീടു വലിപ്പം ക്രമേണ ചുരുക്കാൻ കഴിഞ്ഞു. ടൈമ്പീസുകൾ, പോക്കറ്റു വാച്ചുകൾ, റിസ്റ്റു വാച്ചുകൾ എന്നിവ ഘടികാരചരിത്രത്തിലെ ക്രമികപുരോഗതി കാണിക്കുന്നു.

വൈദ്യുത ഘടികാരങ്ങൾ. ഡെയിറ്റുകളും സ്പ്രിങ്ങുകളും ഒഴിവാക്കാൻ ഇലക്ട്രിക് ക്ലോക്കുകൾക്കു കഴിഞ്ഞു. ചലനം ക്രമികമാക്കാൻ വൈദ്യുത പ്രവാഹത്തിനു കഴിയും. ഒരു കേന്ദ്ര ഘടികാരംകൊണ്ടു പല ഘടികാരങ്ങളെ നിയന്ത്രിക്കുന്ന രീതിയും വൈദ്യുതഘടികാരത്തിന്റെ ആവിർഭാവത്തോടെ ആണു സാധാരണമായത്. പെൻഡുലംതന്നെ ഡൈനമോ ആയി ഉപയോഗിക്കുന്ന രീതി 1869-ൽ വീറ്റ്സ്റ്റൺ സംവിധാനംചെയ്തു. 1921-ൽ 'നായക ഘടികാരം' അടിമഘടികാരങ്ങളെ വൈദ്യുതികൊണ്ടു നിയന്ത്രിക്കുന്ന സംവിധാനം വില്യം ഹാമിൽടൺ ഷോർട്ട് ആവിഷ്കരിച്ചു.

ക്വാർട്സ് ക്രിസ്റ്റൽ അറ്റോമിക് ക്ലോക്കുകൾ. ഷോർട്ടിന്റെ 'സ്വതന്ത്രപെൻഡുലം ഘടികാരം' പെൻഡുലം ഉപയോഗിച്ചു നേടാവുന്ന സൂക്ഷ്മതയുടെ പരമകാഷ്ഠയിൽ എത്തി. ക്വാർട്സ് ക്രിസ്റ്റലിന്റെ സ്പന്ദം ഉപയോഗിച്ചു കൂടുതൽ സൂക്ഷ്മത വരുത്താമെന്നു പിന്നീടു കണ്ടെത്തി. ക്വാർട്സ് ഒരു പീസോ വൈദ്യുത ദ്രവ്യമാണ്. അതു മർദവിധേയമാകുമ്പോൾ ഉപരിതലത്തിൽ വൈദ്യുത ചാർജ് പ്രത്യക്ഷപ്പെടുന്നു. ഇതു പ്രവർധനംചെയ്തു ക്രിസ്റ്റലിലേക്കു പ്രത്യാ നയിച്ചാൽ അതിന്റെ ആന്ദോളനം നിലനിർത്താൻ കഴിയും. ക്വാർട്സ് സ്പന്ദത്തിന്റെ ആവൃത്തി വളരെ ഉയർന്നതാണ്. സെക്കൻഡിൽഒരുലക്ഷം. അതു ഗീയറിങ്കൊണ്ടു സെക്കൻഡിൽ 60 ആയി കുറയ്ക്കാൻ കഴിയും. ഈനിലയിൽ അതിനു ക്ലോക്കിന്റെ ചലനത്തെ ക്രമപ്പെടുത്താൻ സാധിക്കും.1922-ൽ വാൾട്ടർ ജി. കേഡി ആണു ക്വാർട്സ് ക്രിസ്റ്റൽ ആവൃത്തിയുടെ മാനകമായി ഉപയോഗിക്കാമെന്നു കണ്ടെത്തിയത്. ഡബ്ല്യു. എ. മാറിസൺ സമയസൂചന ക്രമപ്പെടുത്താൻ അത് എങ്ങനെ ഉപയോഗിക്കാം എന്നു കണ്ടെത്തി. 1929-ൽ അദ്ദേഹം റിങ് ക്രിസ്റ്റൽ ടൈം കീപ്പർ ആവിഷ്കരിച്ചു. ഒരു ദിവസത്തിൽ ഒരു സെക്കൻഡിന്റെ നൂറിലൊന്നിലധികം സമയത്തിനു വ്യത്യാസം വരുത്താൻ ഇതു സഹായിച്ചു.

ഏറ്റവുമധികം സൂക്ഷ്മതയുള്ള ക്ലോക്കുകളിൽ അണുക്കളുടെ ആന്ദോളനം ചലനത്തെ ക്രമപ്പെടുത്താൻ പ്രയോജനപ്പെടുന്നു. †അണുഘടികാരം. 3000 കൊല്ലത്തിൽ ഒരു സെക്കൻഡിന്റെ വ്യത്യാസത്തിലധികം വരുന്നില്ല.

ഘടോത്കചൻ

മഹാഭാരതത്തിലെ ഒരു കഥാപാത്രം. ഭീമനു ഹിഡുംബിയിൽ ജനിച്ച രാക്ഷസൻ. ഘടം പോലെ ഉയർന്നു നില്ക്കുന്ന തലമുടി ഉള്ളവൻ എന്ന വാഗർഥം.

'തുറുകണ്ണൻ പെരും വായൻ
കാതു കൂർത്തോൻ ഭയങ്കരൻ

എന്നാണു മഹാഭാരതത്തിൽഇദ്ദേഹത്തെ വർണിച്ചിരിക്കുന്നത്. വനവാസകാലത്ത് ഒരിക്കൽ ക്ഷീണിച്ച് അവശരായ പാണ്ഡവരെ മുഴുവൻ ഒന്നിച്ചു തോളിലേറ്റി നടന്നിട്ടുണ്ട്. സുന്ദരീസ്വയംവരത്തിൽ അഭിമന്യുവിനെ സഹായിച്ചു. കുരുക്ഷേത്രയുദ്ധത്തിൽ അദ്ഭുതകരമായ മായാപ്രയോഗം കൊണ്ടു കൗരവരെ അമ്പരപ്പിച്ചു. കൗരവപ്പടയിൽ നല്ല പങ്കും കൊന്നൊടുക്കി. ഒടുവിൽ ദുര്യോധനനെ ഹിംസിക്കാൻ അടുത്തപ്പോൾ അവിടെ പാഞ്ഞെത്തിയ കർണൻ അർജുനന്റെ നേരെ പ്രയോഗിക്കാൻ കരുതിവച്ചിരുന്ന ദിവ്യശക്തിയുള്ള വേൽ പ്രയോഗിച്ചു ഘടോത്കചനെ വധിച്ചു.

ഘണ്ടാകർണൻ

ശിവൻ സ്വന്തം ചെവിയിൽനിന്നു ജന്മം നല്കിയവൻ എന്നു കരുതപ്പെടുന്ന ഒരു രാക്ഷസൻ. ദാരികവധത്തെത്തുടർന്ന്, ദാരികന്റെ പത്നിയായ മനോദരിനിമിത്തം ഭദ്രകാളിയ്ക്കു മസൂരിബാധയുണ്ടാവുകയും ദേവി അവശയായിത്തീരുകയും ചെയ്തപ്പോൾ, രക്ഷയ്ക്കായി ശിവൻ ഘണ്ടാകർണനെ സൃഷ്ടിച്ചു എന്നാണു പുരാണകഥ. ഘണ്ടാകർണൻ ഭദ്രകാളിയുടെ ദേഹത്തിലെ മസൂരിക്കുരുക്കളെല്ലാം നക്കിയെടുത്തു എന്നു പറയപ്പെടുന്നു.

കർണത്തിൽനിന്നു ജനിച്ചതിനാൽ കർണനെന്ന പേരുണ്ടായി. വിഷ്ണുദ്വേഷം നിമിത്തം വിഷ്ണുനാമം കേൾക്കാതിരിക്കാൻ ചെവിയിൽ ഘണ്ടതൂക്കിയിട്ടിരുന്നതിനാൽ ഘണ്ടാകർണൻ എന്ന പേരുണ്ടായി എന്നുമറ്റൊരു കഥയുമുണ്ട്. ശിവനിൽനിന്നുവിഷ്ണുമാഹാത്മ്യം മനസ്സിലാക്കിയശേഷം ഘണ്ടാകർണൻ വിഷ്ണുഭക്തനായി. ഒരിക്കൽ ശ്രീകൃഷ്ണൻ ബദര്യാശ്രമത്തിൽ വന്നപ്പോൾ ഘണ്ടാകർണൻ അദ്ദേഹത്തെ സ്തുതിക്കുകയും മാംസം നിവേദ്യമായി നല്കുകയും ചെയ്തുവത്രെ. ശ്രീകൃഷ്ണൻ അതു സ്വീകരിച്ചില്ലെങ്കിലും ഘണ്ടാകർണന്റെ ഭക്തിയിൽ സന്തുഷ്ടനായി വൈകുണ്ഠത്തിൽ സ്ഥാനം നല്കി.

ഘണ്ടാകർണനെ പല ശിവക്ഷേത്രങ്ങളിലും പ്രതിഷ്ഠിച്ചിട്ടുണ്ട്. പതിനെട്ടു കൈകളോടുകൂടിയതാണു ഘണ്ടാകർണന്റെ രൂപം. ഘണ്ടാകർണൻ മസൂരിയെ സംഹരിക്കുമെന്നാണു വിശ്വാസം.

ഘണ്ടനെന്നും കർണനെന്നും പേരുള്ള രണ്ടു സഹോദരന്മാരാണു ഘണ്ടാകർണന്മാരെന്നും അവരുടെ ഇണപിരിയാത്ത അവസ്ഥ ദ്യോതിപ്പിക്കാൻ ഏകവചനം ഉപയോഗിച്ചതാണെന്നും ഭാഗവതം ദശമസ്കന്ധത്തിൽ പറയുന്നു. വിഷ്ണുഭക്തികൊണ്ട് ഇവർക്കു മോക്ഷം ലഭിച്ചതായും ഭാഗവതത്തിൽ പറയുന്നുണ്ട്.

ഘണ്ടാരം

സോപാനസംഗീതത്തിൽ പ്രയോഗമുള്ള ഒരു രാഗം. കേരളീയരാഗമായി കരുതപ്പെടുന്നു. കൂടിയാട്ടരാഗങ്ങളിൽ ഒന്നായ ദുഃഖഗാന്ധാരവുമായി ഇതിനു സാമ്യമുണ്ട്. കഥകളി സംഗീതത്തിൽ ധാരാളം പ്രയോഗിക്കപ്പെടുന്നു. ദുഃഖം, വീരം എന്നീ ഭാവങ്ങൾ പ്രകാശിപ്പിക്കാൻ ഉപയോഗിക്കുന്നു. ശോകാധിക്യം ധ്വനിപ്പിക്കുന്ന ഭാഗങ്ങളിൽ ദുഃഖഘണ്ടാരം എന്ന് ഈ രാഗത്തെ വിശേഷിപ്പിക്കാറുണ്ട്. നളചരിതം ഒന്നാം ദിവസത്തെ *ശിവ ശിവ എന്തു ചെയ്വൂ ഞാൻ*, സന്താനഗോപാലത്തിലെ *ഹാ ഹാ കരോമി കിമിഹാഹന്ത ദൈവമേ* എന്നീ പദങ്ങൾ ഈ രാഗത്തിലുള്ളതും ശോകപ്രധാനവുമാണ്. ഉത്തരാസ്വയംവരത്തിലെ *മേദിനീ പാലവീരന്മാരെ കേൾപ്പിൻ* , രാവണോദ്ഭവത്തിലെ *ഗംഭീര വിക്രമ വീരസഹോദര കുംഭകർണ* എന്നീ ഘണ്ടാരരാഗത്തിലുള്ള പദങ്ങൾ വീരരസപ്രധാനമാണ്.

ഘനം കൃഷ്ണയ്യർ (19-ാം നൂറ്റാണ്ട്)

കർണാടകസംഗീതജ്ഞനും ഗാനരചയിതാവും. തിരുച്ചിറപ്പള്ളിയിൽ ജനിച്ചു. പിതാവു രാമസ്വാമി അയ്യർ. പിച്ചിമിറിയം ആദിയപ്പയ്യയുടെ കീഴിൽ സംഗീതം അഭ്യസിച്ചു. ഘനശൈലിയിൽ ആലാപനം നടത്തുന്നതിനു പ്രത്യേക പാടവം പ്രദർശിപ്പിച്ചിരുന്നു. ഘനം കൃഷ്ണയ്യർ എന്ന പേർ ലഭിക്കാൻ ഇതാണു കാരണം. തഞ്ചാവൂരിലെ ആസ്ഥാനവിദ്വാനായി. പില്ക്കാലത്തു പദരചയിതാവെന്ന നിലയി

ലും അംഗീകരിക്കപ്പെട്ടു. കൃഷ്ണയ്യരുടെ തമിഴ് പദങ്ങൾ പ്രസിദ്ധമാണ്. പാടി അഭിനയിക്കുന്നതിനു യോജിച്ചതാണ് അവ. ധാരാളം ഭക്തിഗാനങ്ങളും ഇദ്ദേഹം രചിച്ചിട്ടുണ്ട്. ത്യാഗരാജസ്വാമികൾ, ഗോപാലകൃഷ്ണഭാരതി തുടങ്ങിയവരുമായി സമ്പർക്കമുണ്ടായിരുന്നു. *വേലവരേ* (ഭൈരവിരാഗം) *പാരെങ്കും പാർത്താലും* (കല്യാണി) *നിദ്രയിൽ സ്വപ്ന* (പന്തുവരാളി) തുടങ്ങിയ ഗാനങ്ങൾ പ്രസിദ്ധമാണ്. വേലവ, മുത്തുകുമാര തുടങ്ങിയ സുബ്രഹ്മണ്യപര്യായങ്ങളാണ് ഇദ്ദേഹം മുദ്രയായി ഉപയോഗിച്ചിരുന്നത്.

ഘനജലം (Heavy Water)

ഹൈഡ്രജന്റെ ഒരു ഐസോടോപ്പായ †ഡ്യൂറ്റീരിയം (D_2) ഘടകമായുള്ള ജലം. ഫോർമുല: D_2O. രാസനാമം: †ഡ്യൂറ്റീരിയം ഓക്സൈഡ്. സാധാരണജലത്തിന്റെ (H_2O) തന്മാത്രാഭാരത്തെക്കാൾ (18) കൂടുതലാണു ഘനജലത്തിന്റേത് (20: രണ്ട് ഡ്യൂറ്റീരിയത്തിന്റെ ഭാരം, 4. ഒരു ഓക്സിജന്റെ ഭാരം, 16).

സാധാരണജലത്തിലും വളരെക്കുറഞ്ഞ അളവിൽ ഡ്യൂറ്റീരിയം ഉണ്ട്. സാധാരണജലത്തെ വൈദ്യുത അപഘടനത്തിനു വിധേയമാക്കിയാണ് 1943 വരെ ഘനജലം വൻതോതിൽ നിർമിച്ചുകൊണ്ടിരുന്നത്. പിന്നീട് ആംശികസ്വേദനം (fractional distillation) എന്ന പുതിയ, ചെലവുകുറഞ്ഞ മാർഗം കണ്ടുപിടിച്ചു.

പരീക്ഷണശാലകളിൽ അനുജ്ഞാപനപഠനത്തിനും (traur study) ന്യൂട്രോണുകളുടെ മന്ദീകരണപ്രക്രിയയ്ക്കായി അണുശക്തി നിലയങ്ങളിലും ഇത് ഉപയോഗിക്കുന്നു.

ഘനജ്യാമിതി (Solid Geometry)

ഘനരൂപങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഗണിതശാഖ. ത്രിമാന (three dimensional) ജ്യാമിതിയാണ് ഇത്. സമതല ജ്യാമിതി (Plane geometry) കൊണ്ട് ദ്വിമാന ജ്യാമിതീയ രൂപങ്ങളെ (ഉദാ: ത്രികോണം, വൃത്തം) കുറിച്ചുള്ള പഠനം മാത്രമേ സാധ്യമാകൂ. എന്നാൽ ത്രിമാനരൂപങ്ങളെ (ഉദാ: പിരമിഡ്, ഗോളം, കോൺ)ക്കുറിച്ചുള്ള പഠനത്തിന് ഘനജ്യാമിതിയാണ് ഉപയോഗിക്കുന്നത്. സമതല ജ്യാമിതിയിൽ ബിന്ദുക്കളും രേഖകളുമാണ് അടിസ്ഥാനഘടകങ്ങൾ; ഘനജ്യാമിതിയിൽ ഇവയോടൊപ്പം തലങ്ങൾ (Planes) കൂടി അടിസ്ഥാനഘടകമായിവരുന്നു.

യൂക്ലിഡിന്റെ 11, 12, 13 എന്നീ പുസ്തകങ്ങളിൽ ഘനജ്യാമിതിയെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. രേഖകൾ, തലങ്ങൾ, പിരമിഡുകൾ, കോൺ സിലിൻഡർ തുടങ്ങിയവയെപ്പറ്റിയുള്ള പല ഉപപാദ്യ (theorem)ങ്ങൾ യൂക്ലിഡ് അവതരിപ്പിച്ചിട്ടുണ്ട്.

സമതലജ്യാമിതിയെക്കാൾ സങ്കീർണമാണ് ഘനജ്യാമിതി. ഇതിൽ, രണ്ടു നേർ വരകൾ സമാന്തരങ്ങളോ ബന്ധിക്കുന്നതോ വിഷമതലീയ (skew)ങ്ങളോ ആകാം. ഒരു രേഖയിലെ ഒരു ബിന്ദുവിൽനിന്ന് ആ രേഖയ്ക്ക് ഒന്നിലധികം ലംബങ്ങൾ വരയ്ക്കാം. (സമതല ജ്യാമിതിയിൽ ഇത് സാധ്യമല്ല) രണ്ടു തലങ്ങൾ കൂട്ടിമുട്ടുമ്പോൾ ഉണ്ടാകുന്ന ദ്വിതലകോണ(Dihedral angle)മാണ് ഘനജ്യാമിതിയിലെ ഏറ്റവും സരളമായ കോണം. മൂന്നു തലങ്ങൾ പരസ്പരം ഛേദിക്കുമ്പോൾ ത്രിതലീയകോണം കിട്ടുന്നു. മൂന്നിലധികം തലങ്ങൾ ഒരു ബിന്ദുവിൽ കൂട്ടിമുട്ടുമ്പോൾ കിട്ടുന്നത് ബഹുതലീയകോണം. ബഹുതലീയ കോണത്തിന്റെ മുഖകോണ (face angle)ങ്ങളുടെ തുക 360°-യിലും കുറവായിരിക്കും.

ഒരു തലത്തിൽ കിടക്കുന്ന വക്രത്തെ അതേ തലത്തിലെ ഒരു നേർരേഖ അക്ഷമാക്കി കറക്കുമ്പോൾ കിട്ടുന്ന ഘനരൂപങ്ങൾക്ക് 'പരിക്രമണ ഘനരൂപങ്ങൾ' (Solids of Revolution) എന്നാണ് പറയുന്നത്. ഗോളാഭം (spheroid), ഹൈപർബോളൊയ്ഡ്, പരാബലൊയ്ഡ്, ഗോളം തുടങ്ങിയവ ഇത്തരം ഘനരൂപങ്ങൾ ആണ്.

† കോൺ, † ഗോളം, † പിരമിഡ്, † പ്രിസം, † സിലിൻഡർ നോക്കുക.

ഘനവിശ്ലേഷക ജ്യാമിതി. നിർദേശാങ്ക ജ്യാമിതിയിലും (വിശ്ലേഷക ജ്യാമിതി) സമതല—ഘന വ്യത്യാസം ഉണ്ട്. സമതല വിശ്ലേഷക ജ്യാമിതിയിൽ രണ്ടു നിർദേശാങ്കങ്ങളെ ഉള്ളു. ഘന വിശ്ലേഷക ജ്യാമിതിയിൽ മൂന്നു നിർദേശാങ്കങ്ങൾ ഉണ്ട്. പരസ്പരം ലംബമായുള്ള മൂന്ന് രേഖകളാണ് x, y, z എന്നീ അക്ഷങ്ങൾ.

† വിശ്ലേഷകജ്യാമിതി നോക്കുക.

ഘനത്വം (density)

പദാർഥങ്ങളുടെ ഒരു ഭൗതികഗുണം. നിർദിഷ്ട പദാർഥത്തിന്റെ ഒരു ഏകകം വ്യാപ്തത്തിന്റെ ദ്രവ്യമാനമാണ് ഘനത്വം. എസ്.ഐ. സമ്പ്രദായത്തിൽ കി.ഗ്രാം./ഘനമീറ്റർ ആണ് ഘനത്വത്തിന്റെ ഏകകം. ദ്രവ്യമാനവും വ്യാപ്തവും തമ്മിലുള്ള അനുപാതമാണ് ഘനത്വം. അതായത്, ദ്രവ്യമാനം/വ്യാപ്തം. ഈ ബന്ധത്തിൽ നിന്ന് ഘനത്വം അറിയാവുന്ന ഒരു പദാർഥത്തിന്റെ ദ്രവ്യമാനം അറിയാമെങ്കിൽ വ്യാപ്തവും, നേരെമറിച്ച് വ്യാപ്തമറിയാമെങ്കിൽ ദ്രവ്യമാനവും കണക്കാക്കാൻ കഴിയും.

ജലത്തിന്റെ ഘനത്വം 1കി.ഗ്രാം/ഘനമീറ്റർ. നിർദിഷ്ട പദാർഥത്തിന്റെ ഘനത്വത്തിന് ഒരു പ്രമാണ പദാർഥത്തിന്റെ (ജലമാണ് പ്രമാണ പദാർഥമായി സ്വീകരിച്ചിട്ടുള്ളത്) ഘനത്വവുമായുള്ള അനുപാതമാണ് ആപേക്ഷികഘനത്വം. x ഘനത്വമുള്ള ഒരു പദാർഥത്തിന്റെ ആപേക്ഷിക ഘനത്വം $x/1 = x$ ആയിരിക്കും. അതായത് ഘനത്വവും ആപേക്ഷിക ഘനത്വവും സംഖ്യാപരമായി തുല്യമായിരിക്കും.

കണഘനത്വം(particle density) ഒരു ഏകകവ്യാപ്തം പദാർഥത്തിലുള്ള കണങ്ങളുടെ എണ്ണമാണ്; ഇത് ഒരു കണത്തിന്റെ ഘനത്വമായി തെറ്റിദ്ധരിക്കാറുണ്ട്.

ഘനരാഗം

ഒരു രാഗവിഭാഗം. മധ്യമകാലത്തിൽ പാടുമ്പോൾ തനതായ സ്വരൂപവും സവിശേഷതകളും വളരെ വ്യക്തമാക്കുവാൻ സാധിക്കുന്ന രാഗം. നാട്ട, ഗൗള, ആരഭി, ശ്രീ, വരാളി, കേദാരം, നാരായണഗൗളം, രീതിഗൗളം, സാരംഗനാട്ട, ബൗളി - എന്നിവയാണു പത്തു ഘനരാഗങ്ങൾ. ഇതിൽ ആദ്യത്തെ അഞ്ചെണ്ണം ഘനരാഗപഞ്ചകം എന്നു പ്രസിദ്ധമാണ്. ഈ രാഗങ്ങളിലാണു ത്യാഗരാജസ്വാമികളുടെ പഞ്ചരത്നകൃതികൾ രചിച്ചിരിക്കുന്നത്. സ്വാതിതിരുനാളിന്റെ ഘനരാഗകീർത്തനങ്ങളും വീണക്കുപ്പയ്യരുടെ ഘനരാഗമാലികാവർണവും പ്രസിദ്ധമാണ്.

ഘനവാദ്യങ്ങൾ

ഒരു വാദ്യവിഭാഗം. ലോഹംകൊണ്ടു നിർമിക്കുന്നവയാണ് ഘനവാദ്യങ്ങൾ. പരസ്പരം മുട്ടിച്ചോ മറ്റൊരു ഘനപദാർഥംകൊണ്ടു തട്ടിയോ ശബ്ദം പുറപ്പെടുവിക്കുന്നു. ജാലറ, ഇലത്താളം, ചേങ്ങല തുടങ്ങിയവ ഈ വിഭാഗത്തിൽ പെടുന്നു. ലോഹംകൊണ്ടു നിർമിക്കുന്നതല്ലെങ്കിലും ഘടത്തെയും ചില സംഗീതഗ്രന്ഥങ്ങൾ ഘനവാദ്യ വിഭാഗത്തിൽ പെടുത്തിയിട്ടുണ്ട്.



ജാലറ



ചേങ്ങില

ഘന ഹൈഡ്രജൻ

† ഡ്യൂറ്റീരിയം നോക്കുക.

ഘർഷണം (Friction)

ഒരു ഖരപദാർഥം മറ്റൊന്നിൻെറ പ്രതലത്തിലൂടെ നിരങ്ങുകയോ ഉരുളുകയോ ചെയ്യുമ്പോൾ ഈ ചലനത്തിന് വിപരീതദിശയിൽ അനുഭവപ്പെടുന്ന ബലം. ചലിക്കാത്ത വസ്തുക്കളിൽ സ്ഥിതിക ഘർഷണം (Static friction) എന്ന ഒരു ബലം അനുഭവപ്പെടുന്നുണ്ട്.

മണൽപ്പുറത്തുകൂടി ഒരു വള്ളം തള്ളുമ്പോൾ, പ്രയോഗിക്കപ്പെടുന്ന ബലത്തിന് അനുസരിച്ചുള്ള മുഴുവൻ ഫലം കിട്ടുകയില്ല. വള്ളത്തിൻെറ പ്രതലവും മണൽപ്പരപ്പും തമ്മിലുള്ള ഘർഷണത്തിൻെറ ഫലമായി ആണ് ഇങ്ങനെ സംഭവിക്കുന്നത്. നടക്കുമ്പോൾ തെന്നിവീഴാതെ നമ്മുടെ കാലിനെ പിടിച്ചു നിർത്തുന്നു എന്നതും വാഹനങ്ങൾ ബ്രേക്ക് ചെയ്തു നിർത്താൻ കഴിയുന്നു എന്നതും ഘർഷണബലം എന്ന പ്രതിഭാസത്തിൻെറ ഗുണകരമായ വശമാണ്. പ്രാചീന ജനത തീയുണ്ടാക്കാൻ ഘർഷണത്തെ ആണ് ആശ്രയിച്ചിരുന്നത്. രണ്ടു കല്ലുകൾ കൂട്ടി ഉരുമ്മുമ്പോൾ ഘർഷണബലം തരണം ചെയ്യുവാനുള്ള ഊർജം താപമായി മാറുകയും അതിൽനിന്ന് തീപ്പൊരികൾ പാറുകയും ചെയ്യുന്നു. എന്നാൽ, യന്ത്രങ്ങളിൽ ചലനഭാഗങ്ങളുടെ ഘർഷണം മറികടക്കാനായി വളരെയധികം ഊർജം ഉപയോഗിക്കേണ്ടതായിവരുന്നുണ്ട്. ഓട്ടൊമൊബീലിൽ യന്ത്രശക്തിയുടെ 20 ശതമാനം ഉപയോഗിക്കപ്പെടുന്നതു ചലനഭാഗങ്ങളുടെ ഘർഷണം മറികടക്കുവാനാണ്.

ഘർഷണബലത്തിൻെറ മുഖ്യ ഉറവിടം പദാർഥങ്ങൾ തമ്മിലുള്ള ആകർഷണബലം അഥവാ ആസംജനശീലം (adhesion) ആണ്.

ഘർഷണബലത്തിന് രണ്ട് സ്വഭാവസവിശേഷതകൾ ഉണ്ട്. 1. രണ്ടു വസ്തുക്കൾ തമ്മിലുള്ള ഘർഷണബലം അവ ബന്ധപ്പെട്ടിരിക്കുന്ന പ്രതലത്തിൻെറ വിസ്താരത്തിന് ആനുപാതികമായി മാറുന്നില്ല. ഉദാഹരണമായി, ഒരു മേശയിലൂടെ ഇഷ്ടിക വലിച്ചു നീക്കുമ്പോൾ ഉണ്ടാകുന്ന ഘർഷണത്തിൻെറ കാര്യമെടുക്കാം.ഇഷ്ടികയുടെ വിസ്താരം ഏറിയമുഖം മേശമേൽ പതിയത്തക്കവണ്ണം വലിച്ചാലും, കുത്തിനിർത്തി വലിച്ചാലും ഘർഷണബലത്തിനു വ്യത്യാസം ഉണ്ടാകില്ല. 2. വസ്തുവിൻെറ ഭാരത്തിന് ആനുപാതികമായി ഘർഷണം വ്യത്യാസപ്പെടുന്നു. നേരത്തെ പറഞ്ഞ ഉദാഹരണത്തിൽ, ഒരു ഇഷ്ടികയ്ക്കുമേൽ അതുപോലെയുള്ള മറ്റൊന്നുകൂടി വച്ചശേഷം വലിച്ചു നീക്കുകയാണെങ്കിൽ ഘർഷണം ഇരട്ടിയായി വർധിക്കുന്നു. ഘർഷണവും (F) ഭാരവും (L) തമ്മിലുള്ള അംശബന്ധം അചരം (constant) ആണ്. ഈ അചരത്തെ ഘർഷണ ഗുണാങ്കം (coefficient of friction) എന്നു വിളിക്കുന്നു. ഇതിൻെറ പ്രതീകം മ്യു (μ) എന്ന ഗ്രീക്ക് അക്ഷരമാണ്. $\mu = F/L$ ആയിരിക്കും. രണ്ടു വസ്തുക്കൾ തമ്മിലുള്ള ഘർഷണം എപ്പോഴും സ്ഥിരമായിരിക്കണമെന്നില്ല. അവയുടെ ഉപരിതലം മിനുസപ്പെടുത്തിയാൽ ഘർഷണ ഗുണാങ്കം കുറയുന്നു.

ആപേക്ഷികമായി ചലനത്തിലുള്ള രണ്ടു വസ്തുക്കൾക്കിടയിൽ, ചലനത്തിൻെറ എതിർദിശയിൽ അനുഭവപ്പെടുന്ന ബലത്തിന് ഗതികഘർഷണം (Kinetic friction) എന്നാണു പേർ. ഒരു പ്രതലത്തിൽ ഇരിക്കുന്ന വസ്തു ചലിക്കുന്നില്ലെങ്കിലും അതിന്മേൽ അനുഭവപ്പെടുന്ന ബലമാണു സ്ഥിതികഘർഷണം (static friction). ഇതു പ്രതലം വസ്തുവിൽ പ്രയോഗിക്കുന്ന പ്രതിബലത്തിന് ആനുപാതികമായിരിക്കും.

ഉരുളുന്ന വസ്തുക്കൾക്ക് അനുഭവപ്പെടുന്ന ഘർഷണമാണ് 'ഉരുളൽ ഘർഷണം' (rolling friction). ഇതു നിരങ്ങി നീങ്ങുമ്പോൾ ഉണ്ടാകുന്ന ഗതികഘർഷണത്തെക്കാൾ വളരെ കുറഞ്ഞിരിക്കും. ഇവ തമ്മിൽ 100 മുതൽ 1000 വരെ മടങ്ങ് വ്യത്യാസം ഉണ്ടാകാറുണ്ട്. അതുകൊണ്ടാണ് ഒരു മരത്തടി വലിച്ചുകൊണ്ടു പോകുന്നതിനെക്കാൾ ഉരുട്ടുന്നത് എളുപ്പമാകുന്നത്. സ്ലെജ്ജുകളിൽ നിന്നു ചക്രവാഹനങ്ങളിലേക്കുള്ള മാറ്റം, വാഹനങ്ങളുടെ പുരോഗതിയുടെ ചരിത്രത്തിലെ വലിയൊരു കുതിച്ചുചാട്ടമായി കണക്കാക്കപ്പെടുന്നത് ഇക്കാരണത്താലാണ്.

യന്ത്രങ്ങളിലെ ബാൾ-ബെയറിങ്ങുകൾ ഘർഷണം ലഘൂകരിക്കുന്നു. യന്ത്രങ്ങളുടെ പ്രധാന ഭാഗങ്ങൾക്കു ഘർഷണം മൂലം വലിയ തേയ്മാനം സംഭവിക്കാതിരിക്കാൻ സ്നേഹകങ്ങൾ (lubricants) ഉപയോഗിക്കുന്നു.

വാതകത്തിലെയും ദ്രാവകത്തിലെയും തന്മാത്രകളിൽ അനുഭവപ്പെടുന്ന ഘർഷണബലമാണ് അതിൻെറ ശ്യാനത (viscosity).

ഘാട്ടെ, എസ്. വി.(1896-1970)

ഇന്ത്യയിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ പ്രണേതാക്കളിൽ ഒരാൾ. തമിഴ്നാട്ടിലും ആന്ധ്രയിലും കേരളത്തിലും കമ്യൂണിസ്റ്റ് പാർട്ടി സംഘടിപ്പിക്കുന്നതിൽ ഇദ്ദേഹം മുഖ്യമായ പങ്കുവഹിച്ചു. മരണംവരെ കമ്യൂണിസ്റ്റ്പാർട്ടിയുടെ ഖജാൻജിയായിരുന്നു.

1896 സെപ്റ്റംബർ 14ന മംഗലാപുരത്ത് ജനിച്ചു. ബോംബെയിൽ ആയിരുന്നു വിദ്യാഭ്യാസം. 1919-20 കാലത്ത് ഗാന്ധിജി നയിച്ച നിസ്സഹകരണപ്രസ്ഥാനത്തിൽ പങ്കുകൊണ്ടു. സമരം നിർത്തിയപ്പോൾ സ്വാതന്ത്ര്യ സമ്പാദനത്തിനുള്ള പുതിയ പാതകൾ ആരായാൻ തുടങ്ങി. റഷ്യൻ വിപ്ലവത്തിൻെറ ആശയങ്ങളുംമാർഗവുംഘാട്ടെയെ ആകർഷിച്ചു. ബോംബെയിൽ എസ്. എ. ഡാങ്കെ രൂപവത്കരിച്ച ആദ്യത്തെ കമ്യൂണിസ്റ്റ് ഗ്രൂപ്പിൽ ചേർന്ന ആളാണ് ഘാട്ടെ.

1925 ഡിസംബറിൽ കോൺപൂരിൽ ചേർന്ന ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ ഒന്നാംസമ്മേളനത്തിൽ പാർട്ടിയുടെ ജനറൽ സെക്രട്ടറിമാരിൽ ഒരാളായി ഘാട്ടെ തിരഞ്ഞെടുക്കപ്പെട്ടു. 1927-ൽ ട്രെയ്ഡ് യൂണിയൻ കോൺഗ്രസ്സിൻെറ ഉപകാര്യദർശിയായി. ബോംബെയിൽ തൊഴിലാളി-കർഷകപ്പാർട്ടി സംഘടിപ്പിക്കുന്നതിൽ മുൻകയ്യെടുത്തു. ക്രമേണ ഘാട്ടെ ബോംബെതൊഴിലാളികളുടെ നേതാവും സുഹൃത്തുമായി.

1929-ൽ മീറത്ത് ഗൂഢാലോചനക്കേസ്സിൽ ഘാട്ടെയെ 12 കൊല്ലത്തെ കഠിനതടവിന് ശിക്ഷിച്ചു. ഹൈക്കോടതി എല്ലാ ശിക്ഷകളും ഇളവു ചെയ്തപ്പോൾ 1934-ൽ ജെയിലിൽനിന്നു മോചിപ്പിച്ചു. മദിരാശിയായിരുന്നു പിന്നീട് അദ്ദേഹത്തിൻെറ പ്രവർത്തനകേന്ദ്രം. ഈ കാലഘട്ടത്തിലാണ് ആന്ധ്രയിലും തമിഴ്നാട്ടിലും പാർട്ടി സംഘടിപ്പിക്കുന്ന ജോലിയിൽ ഏർപ്പെട്ടത്. 1948-50 കാലത്ത് കമ്യൂണിസ്റ്റ് പാർട്ടിയുടെ കൽക്കത്താ തീസിസിനെത്തുടർന്നു നടന്ന സമരങ്ങളോടു ബന്ധപ്പെട്ട് വീണ്ടും തടവിലായി. 1950-ൽ ജയിലിൽനിന്നു മുക്തനായശേഷം ഡാങ്കേ, അജയഘോഷ് എന്നിവരോടൊപ്പം വീസാഹസിക നയത്തിനെതിരെയുള്ള ആശയസമരത്തിൽ പങ്കാളിയായി. 1954-നു ശേഷം പാർട്ടി മെമ്പർമാരുടെ പരാതികൾ കേൾക്കുന്നതിനുള്ള കേന്ദ്ര കൺട്രോൾ കമ്മീഷൻെറ ചെയർമാനായിരുന്നു. 1970 നവംബർ 28-ന് അന്തരിച്ചു.

ഘാതാങ്കം (Exponent)

ബീജഗണിതത്തിൽ, ഒരു വ്യഞ്ജകം (expression) ഏത് ഘാതത്തിലേക്ക് ഉയർത്തപ്പെടുന്നു എന്നു കാണിക്കുന്ന മൂർധാങ്കം (Superscript). ഉദാഹരണമായി, x^5 എന്നതിൽ 5 ഘാതാങ്കം ആണ്. x-നെ ആധാരം എന്നു വിളിക്കുന്നു. $x^5 = x.x.x.x.x$ ഘാതാങ്കം എഴുതുന്ന ഈ സൂചനം (notation). ആദ്യമായി അച്ചടിച്ചുവന്നത് ദെക്കാർത്തെയുടെ *ല ജ്യോമട്രിയ* (1637)എന്ന ഗ്രന്ഥത്തിൽ ആണ്. ജോൺ വാലിസ് (1655) ആണ് ഋണാത്മകവും ഭിന്നിതവുമായ ഘാതാങ്കങ്ങളെക്കുറിച്ച് വിശദീകരിച്ചത്.

ധന, ഋണ ഘാതാങ്കങ്ങൾക്ക്, ശാസ്ത്രസൂചനങ്ങൾ (Scientific notation) എന്ന നിലയിൽ വലിയ ഉപയോഗമുണ്ട്. ഉദാഹരണമായി, 2,37,00,00,000 എന്ന സംഖ്യ 2.37×10^9 എന്നും .0000237 എന്ന ദശാംശസംഖ്യ 23.7×10^{-6} എന്നും എഴുതാം.

ഘാതാങ്കനിയമങ്ങൾ. ഘാതാങ്കം സംബന്ധിച്ച ചില അടിസ്ഥാന നിയമങ്ങൾ ഉണ്ട്. m, n എന്നിവ രണ്ട് ധനപൂർണ സംഖ്യകളും a ഏതെങ്കിലും ഒരു വാസ്തവിക സംഖ്യയും (real numbers) ആണെങ്കിൽ,

1. $a^m \; a^n = a^{(m+n)}$
2. $(a^m)^n = a^{mn}$
3. $(ab)^n = a^n . b^n$

ഈ മൂന്ന് അടിസ്ഥാനനിയമങ്ങളിൽ നിന്ന് താഴെപ്പറയുന്ന നിയമങ്ങൾ കൂടി പറയാം.

4. $\left(\frac{a}{b}\right)^n = \frac{a^n}{b^n} \quad (b \neq 0)$
5. $\frac{a^n}{a^m} = a^{n-m} \quad (a \neq 0)$

പ്രത്യേക മൂല്യങ്ങൾ . ഘാതാങ്കത്തിന് 0, 1/n, p/q, $-n$ തുടങ്ങിയ മൂല്യങ്ങളും വരാം. മുകളിൽ പറഞ്ഞിട്ടുള്ള നിയമങ്ങൾ ഉപയോഗിച്ച് ഇതിൻെറ മൂല്യം കണ്ടെത്താം.

1. $a^0 = 1$
2. $a^{1/2} = \sqrt{a}$ $a^{1/3} = 3\sqrt{a}$ $a^{1/n} = n\sqrt{a}$

3. $a^{p/q} = q\sqrt{a^p} \quad (q > 0)$

4. $a^{-n} = \frac{1}{a^n} \; (a \neq 0)$

ഫലനവും ശ്രേണിയും . ചരഘാതാങ്കി ഫലനങ്ങൾ (exponentional function) ചരഘാതാങ്കി ശ്രേണി (exponentional series) എന്നിവ ഘാതാങ്കങ്ങളെ അടിസ്ഥാനമാക്കിയുള്ള ഫലനങ്ങളും ശ്രേണിയുമാണ്.

ഒരു രാശിയുടെ ഘാത(Power)ത്തിനനുസരിച്ച് മാറുന്ന ഫലന മാണ് ചരഘാതാങ്കി ഫലനം.

$f(x) = e^x$ എന്നതാണ് ഇതിൻെറ പൊതുരൂപം. ഉദാ: $y = 4^x + 3$

അനന്തപദങ്ങളുള്ള ഒരു അഭിസാരിശ്രേണിയാണ് ചരഘാതാങ്ക ശ്രേണി:

$$e^x = e + x + \frac{x^2}{2!} + \frac{x^3}{3!} + \dots\dots$$

eയുടെ മൂല്യം 2.71828......ആയി കണക്കാക്കുന്നു.

† ലോഗരിതം നോക്കുക.

ഘാന

ഒരു പശ്ചിമാഫ്രിക്കൻ റിപ്പബ്ലിക്. മുമ്പ് ഗോൾഡ്കോസ്റ്റ് എന്ന പേരിൽ ആണ് ഈ രാജ്യം അറിയപ്പെട്ടിരുന്നത്. മുൻകാലങ്ങളിൽ സ്വർണം വൻതോതിൽ ഖനനം ചെയ്ത് ഇവിടെനിന്നു കയറ്റുമതി ചെയ്തിരുന്നതുകൊണ്ടാണ് ഇതിനു ഗോൾഡ്കോസ്റ്റ് എന്ന പേരു വന്നത്. ഇപ്പോഴും അഷാന്തി (Ashanti) സ്വർണഖനികളിൽ സ്വർണം ഖനനം ചെയ്യപ്പെടുന്നുണ്ട്. ബ്രിട്ടീഷ് ആധിപത്യത്തിൽനിന്നു മോചനം ലഭിച്ച ആദ്യത്തെ പശ്ചിമാഫ്രിക്കൻ കോളണിയായ ഗോൾഡ് കോസ്റ്റ് സ്വാതന്ത്ര്യപ്രാപ്തിയോടുകൂടി ഘാന എന്ന പേർ സ്വീകരിച്ചു. പശ്ചിമ സുഡാനിലെ മഹത്തായ പുരാതന സാമ്രാജ്യങ്ങളിൽ ആദ്യത്തേത് നൈജർ നദീതാഴ്വരയിലുണ്ടായിരുന്ന ഘാനയെന്ന പേരിലാണറിയപ്പെട്ടിരുന്നത്.

ഘാനയുടെ തെക്കെ അതിർത്തി തെക്കൻ അത്ലാന്തിക്കിൻെറ ഒരു ഭാഗമായ ഗിനി (Guinea) ഉൾക്കടലാണ്. പടിഞ്ഞാറുവശത്ത് ഐവറി കോസ്റ്റ്, വടക്കുപടിഞ്ഞാറും വടക്കും അപ്പർ വോൾട്ട, കിഴക്ക് ടോഗൊ എന്നിവയാൽ ചുറ്റപ്പെട്ടുകിടക്കുന്നു ഘാന. ഗ്രീനിച്ച് മെറിഡിയൻ ഘാനയുടെ സമുദ്രതീരം സ്പർശിക്കുന്നതു തലസ്ഥാനനഗരമായ അക്രായിൽനിന്ന് 32 കി.മീറ്റർ കിഴക്ക് സ്ഥിതിചെയ്യുന്ന ടെമാ (Tema) യിലാണ്. ടെമായിൽ സമുദ്രതീരത്തിൽനിന്നു മുകളിലോട്ടു തള്ളിനില്ക്കുന്ന ഒരു പാറയ്ക്ക് മെറിഡിയൻപാറ എന്നാണു പേര്.

2,38,533 ച.കി.മീറ്റർ വിസ്തൃതിയുള്ള ഘാനയുടെ കിഴക്കുപടിഞ്ഞാറ് ഏറ്റവും വീതി കൂടിയ ഭാഗം 536 കി.മീറ്റർ ആണ്. ജനസംഖ്യ 1,31,44,000 (1986). വർഷംപ്രതി മൂന്നു മുതൽ നാലുവരെ ശതമാനക്കണക്കിന് ജനസംഖ്യ വർധിക്കുന്നു. ജനസാന്ദ്രത ച.കി.മീറ്ററിന് 55.1 വരും.



നിരനിരയായി നില്ക്കുന്ന കേരവൃക്ഷങ്ങൾ, നേന്ത്ര(ഏത്ത)വാഴ, പിറുത്തി, പ്ലാവ്, മരച്ചീനി, കാച്ചിൽ (Yam) എന്നിവ ഘാനയിൽ ധാരാളമുണ്ട്. പ്രധാനപ്പെട്ട നാണ്യവിള കൊക്കോ ആണ്. ഘാനയിൽ റബ്ബർത്തോട്ടങ്ങളുണ്ട്. കറുത്തതൊലിയും ചുരുണ്ട മുടിയും കട്ടികൂടിയ ചുണ്ടുകളുമുള്ള തനി നീഗ്രോ ജനതയാണ് ഇവിടെയുള്ളത്. ഘാനയിൽ അറുപതോളം ഭാഷ സംസാരിച്ചുവരുന്നു. സുഡാനീസ് ഭാഷയ്ക്കാണ് പ്രാധാന്യം. പൊതുഭാഷ ഇംഗ്ലീഷാണ്. ജനങ്ങളിൽ 40 ശതമാനത്തോളം ക്രിസ്ത്യാനികളും 40 ശതമാനത്തോളം മുസ്ലിങ്ങളും ആണ്. ബാക്കി ജനങ്ങൾ പ്രാകൃതമായ ആചാരങ്ങളിൽ വിശ്വസിച്ച് ജീവിക്കുന്നു.

ശീതോഷ്ണസ്ഥിതി. ചൂടിൻെറയും സൂര്യപ്രകാശത്തിൻെറയും നാടായ ഘാനയിൽ ജനുവരി മുതൽ മാർച്ച് വരെ വടക്ക് സഹാറാ മരുഭൂമിയിൽനിന്ന് അടിക്കുന്ന വരണ്ട കാറ്റും മെയ്മാസം മുതൽ സെപ്റ്റംബർ വരെ തെക്ക് അത്ലാന്തിക്ക് സമുദ്രത്തിൽനിന്നു വരുന്ന മൺസൂൺ കാറ്റും ശീതോഷ്ണസ്ഥിതിയെ വളരെയേറെ സ്വാധീനിക്കുന്നു. കടൽക്കരയിൽനിന്ന് വടക്കോട്ടു പോകുന്തോറും ശരാശരി താപനില ക്രമേണ വർധിക്കുന്നു.

ഭൂസ്ഥിതി. 487 മീറ്ററിൽ അധികം പൊക്കമില്ലാത്ത പ്രദേശങ്ങളാണ് പലയിടവും. കടൽനിരപ്പിൽനിന്ന് ഏറ്റവും പൊക്കമുള്ളതു കിഴക്കൻ ഘാനയിലുള്ള ടോഗൊ കുന്നുകളാണ് (883 മീറ്റർ). തെക്കുപടിഞ്ഞാറൻ ഘാനയിൽ സാമാന്യം വിസ്താരമുള്ള സമതലപ്രദേശമുണ്ട്. അവിടെനിന്ന് കിഴക്കോട്ട് കടലോരത്തിൽ വീതികുറഞ്ഞ സമതലമുള്ളത. വോൾട്ടാനദീതാഴ്വരയിൽ കുറെ വടക്കോട്ട് വീതികൂടിക്കിടക്കുന്നു. വൈറ്റവോൾട്ട, ഒടി എന്നീ നദീതടങ്ങളുടെ തെക്കുഭാഗത്തിനു തൊട്ടുകിടക്കുന്നിടം നല്ല വിസ്തൃതിയുള്ള സമതലമാണ്. രണ്ടിനുമിടയ്ക്കുള്ള താണ പീഠഭൂമി വടക്കോട്ടു പോകുന്തോറും വീതി കൂടിവരുന്നു.

ഘാനയിലുടനീളം ധാരാളം തോടുകളും പുഴകളുമുണ്ട്. നദികൾ മിക്കവയും വടക്കുനിന്ന് തെക്കോട്ടൊഴുകുന്നവയാണ്.

ഏറ്റവും പ്രധാനപ്പെട്ട നദി വോൾട്ടയാണ്. ഇത് അപ്പർ വോൾട്ടയിൽനിന്ന് ഉദ്ഭവിക്കുന്നു. മറ്റു നദികളിൽ പ്രധാനമായവ ടാനോ, പ്രാ എന്നിവയാണ്. 1967-ൽ വോൾട്ടാനദിയിൽ അണ കെട്ടിയതിൻെറ ഫലമായി 9,065 ച.കി.മീറർ വിസ്തൃതിയുള്ള വോൾട്ടാതടാകം ഉണ്ടായി. കടലിനടുത്ത് വേറെ തടാകങ്ങളുമുണ്ട്.

ഘാനയിലെ പ്രധാനപ്പെട്ട രണ്ടു സസ്യമേഖലകൾ വനപ്രദേശവും ഉഷ്ണമേഖലാ പുൽപ്രദേശവുമാണ്. രാജ്യത്തിൻെറ മൂന്നിലൊന്നു ഭാഗത്ത് വിശേഷിച്ച് തെക്കുപടിഞ്ഞാറു ഭാഗത്ത് വനങ്ങളാണ്.

വർഗങ്ങൾ. ജനസംഖ്യയുടെ 40 ശതമാനം വരുന്ന അകാൻ വർഗത്തിൻെറ അധിവാസകേന്ദ്രമാണിവിടം. ഇവർ വടക്കുനിന്നു വന്നു എന്നാണ് പറയപ്പെടുന്നത്. അകാൻദേശത്തിനു കിഴക്ക് ഗാ, ഏവേ വർഗങ്ങളുടെ നാടാണ്. ഉത്തരദേശത്തെ പ്രധാന ഗ്രൂപ്പുകൾ ഡഗോമ്പാ, മാൻപ്രൺമോസി, കുസായി എന്നിവയാണ്.

യൂറോപ്യൻ സ്വാധീനം. 15-ാം ശതാബ്ദത്തിൻെറ അന്ത്യത്തോടുകൂടി പോർത്തുഗീസുകാരും അവരുടെ പുറകെ മറ്റു യൂറോപ്യൻ രാജ്യക്കാരും ഘാനയിൽ പ്രവേശിച്ചുതുടങ്ങി. പുത്തനായി കണ്ടുപിടിക്കപ്പെട്ട സ്വർണഖനികൾ ചൂഷണംചെയ്യുന്നതിന് പോർത്തുഗീസുകാർ ഘാനയുടെ തീരപ്രദേശത്ത് പല കോട്ടകളും പണിതു.

17-ാം ശതകത്തിലാണ് യൂറോപ്യൻ ശക്തികളുടെ തീവ്രമായ പ്രവർത്തനങ്ങളുടെ കാലഘട്ടം തുടങ്ങുന്നത്. അടിമക്കച്ചവടം ഈ പ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടിയ പുതിയ പ്രലോഭനമായിരുന്നു. പശ്ചിമാഫ്രിക്കൻ അടിമകൾക്കു പ്രിയം വർധിച്ചതോടെ ഡച്ച്, ഫ്രെഞ്ച്, ബ്രിട്ടീഷ് മുതലായ യൂറോപ്യൻ ശക്തികൾ ഘാനയിലേക്കു തിരിഞ്ഞു. ഇതു കടൽത്തീരപ്രദേശങ്ങൾക്കുവേണ്ടിയുള്ള ഒരു വടംവലിയിൽ കലാശിച്ചു. ഒരു ഘട്ടത്തിൽ 480 കി.മീ. ദൈർഘ്യംവരുന്ന സമുദ്രതീരത്ത് 32-ൽ കുറയാതെ യൂറോപ്യൻ കോട്ടകളു ഉണ്ടായിരുന്നു.

17-ാം നൂറ്റാണ്ടുമുതൽ 20-ാം നൂറ്റാണ്ടിൻെറ ആരംഭംവരെ ഘാനയിൽ അഷാന്തിരാഷ്ട്രം നിലവിലിരുന്നു. 1874-ൽ തന്നെ ബ്രിട്ടീഷുകാർ അധികാരം ചെലുത്തിത്തുടങ്ങി. 1901-ൽ ഘാനയിൽ മുഴുവൻ ബ്രിട്ടീഷ് അധികാരം വ്യാപിച്ചു.

ആധുനിക രാഷ്ട്രീയം. ഘാനയുടെ തീരപ്രദേശത്താണ് ആധുനികരാഷ്ട്രീയ പ്രവർത്തനങ്ങൾ ആരംഭിച്ചത്. അവിടത്തെ മിഷൻ സ്കൂളുകളിൽനിന്ന് പാശ്ചാത്യരീതിയിലുള്ള വിദ്യാഭ്യാസം സിദ്ധിച്ചു പുറത്തുവന്ന ചെറുപ്പക്കാർ ഒന്നിനൊന്ന് ഭഗ്നാശരായിത്തീർന്നു. അവരിൽ ചിലർ വർഗത്തലവന്മാരുമായി ചേർന്ന് ഫാൻററി കോൺഫെഡറസി എന്ന സംഘടന രൂപവത്കരിച്ചു (1860-'73).

19-ാം ശതാബ്ദത്തിന്റെ അന്ത്യഘട്ടത്തിൽ ഘാനയിൽ സാമ്പത്തികവികസനം ഉണ്ടായി. ഘാനയുടെ റബ്ബറിനും കൊക്കോയ്ക്കും ലോകകമ്പോളങ്ങളിൽ പ്രിയം വർധിച്ചു. ഒന്നാംലോകയുദ്ധത്തിന്റെ പരിസമാപ്തിയോടുകൂടി മറ്റു ലോകരാഷ്ട്രങ്ങളെ അപേക്ഷിച്ച് കൊക്കോ ഏറ്റവും കൂടുതൽ ഉത്പാദിപ്പിക്കുന്നത് ഘാനയാണെന്നുവന്നു. രണ്ടാം ലോകയുദ്ധം നടന്നുകൊണ്ടിരിക്കുമ്പോഴും അതിനുശേഷവും രാഷ്ട്രീയപ്രവർത്തനങ്ങൾ വളരെ പുരോഗമിച്ചു. ആയിരക്കണക്കിനു വിമുക്തഭടന്മാർ രാഷ്ട്രീയപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുതുടങ്ങി. അക്കാലത്തു (1947) ഡോക്ടർ ജെ.ബി.ഡാൻക്വായും കൂട്ടരും ചേർന്ന് യുണൈറ്റഡ് ഗോൾഡ് കോസ്റ്റ് കൺവൻഷൻ എന്ന സംഘടന രൂപവത്കരിച്ചു. ഈ രാഷ്ട്രീയകക്ഷിയുടെ സെക്രട്ടറിസ്ഥാനം ഏറ്റെടുക്കാൻ നേതാക്കന്മാർ അന്ന് ലണ്ടനിലായിരുന്ന ക്വാമെ എൻക്രൂമയെ ക്ഷണിച്ചു. എൻക്രൂമയുടെ സംഘടനാസാമർഥ്യത്തിന്റെ ഫലമായി വളരെവേഗം അദ്ദേഹം രാഷ്ട്രീയ നേതൃത്വത്തിന്റെ അഗ്രിമസ്ഥാനത്തെത്തി. 1949-ൽ ചില അഭിപ്രായവ്യത്യാസങ്ങൾ കാരണം എൻക്രൂമ കൺവൻഷൻ പീപ്പിൾസ് പാർട്ടി (സി.പി.പി.) എന്നൊരു പുതിയ സംഘടന സ്ഥാപിച്ചു.

സ്വയംഭരണം എന്ന മുദ്രാവാക്യം സ്വീകരിച്ച ഈ പുതിയ സംഘടന ഘാനയിൽ 1951-ൽ നടന്ന ഒന്നാമത്തെ തിരഞ്ഞെടുപ്പിൽ വിജയംവരിച്ചു. എൻക്രൂമ ആദ്യത്തെ പ്രധാനമന്ത്രിയായി. 1955-ൽ നടന്ന പൊതുതിരഞ്ഞെടുപ്പിലും സി.പി.പി. വിജയിച്ചു. ഘാന 1957 മാർച്ച് 6-ാം തീയതി സ്വതന്ത്രമായി. 1960 ജൂലായ് ഒന്നാംതീയതി ഘാന ഒരു പരമാധികാര യൂണിറ്ററി റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെട്ടു.

എൻക്രൂമയുടെ ഏകാധിപത്യപരവും തീവ്രവുമായ പ്രഖ്യാപനങ്ങളും അതിമോഹത്തോടുകൂടിയ വിദേശനയവും ദുർവ്യയവും പ്രത്യേകിച്ച് ഏകകക്ഷിരീതിയിലുള്ള ഭരണസംവിധാനവും രാജ്യത്ത് സാമ്പത്തികകുഴപ്പങ്ങൾക്ക് ഇടയാക്കി. ജനങ്ങളുടെ ബുദ്ധിമുട്ട് വർധിച്ചുവന്നതോടുകൂടി രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ അസംതൃപ്തി നാടെങ്ങും വ്യാപിച്ചു. 1966 ഫെബ്രുവരിയിൽ എൻക്രൂമയുടെ ഗവൺമെൻറ് ഒരു സൈനികവിപ്ലവത്തിന്റെ ഫലമായി നിലംപതിച്ചു. പട്ടാള ഉദ്യോഗസ്ഥന്മാരും പോലീസ് ഉദ്യോഗസ്ഥന്മാരും ഉൾപ്പെട്ട നാഷനൽ ലിബറേഷൻ കൗൺസിലാണ് പകരം അധികാരത്തിൽ വന്നത്. 1969 ഓഗസ്റ്റിൽ സ്വതന്ത്ര തിരഞ്ഞെടുപ്പ് നടന്നു തിരഞ്ഞെടുപ്പിൽ ഡോക്ടർ കോഫി എ. ബുസിയയുടെ നേതൃത്വത്തിലുള്ള പ്രോഗ്രസ്പാർട്ടി വിജയംവരിച്ചു.

1972 ജനുവരി 13-ന് കേണൽ ഇഗ്നേഷ്യസ് അച്ചീം പോങ്ങിന്റെ നേതൃത്വത്തിൽ പട്ടാളവിപ്ലവം നടക്കുകയും പുതുതായി സ്ഥാപിച്ച നാഷനൽ റിഡംപ്ഷൻ കൗൺസിലിന്റെ ചെയർമാനായി കേണൽ അച്ചീംപോങ് അവരോധിക്കപ്പെടുകയും ചെയ്തു. പാർലമെൻറ് പിരിച്ചുവിട്ടു. രാഷ്ട്രീയകക്ഷികളുടെ പ്രവർത്തനം നിരോധിച്ചു. 1975-ൽ അച്ചീംപോങ് ഗവൺമെൻറിന്റെ പരമാധികാരസ്ഥാപനമായി ഒരു സുപ്രീം മിലിട്ടറി കൗൺസിലുണ്ടാക്കി. 1978-ൽ അച്ചീംപോങ് ചെയർമാൻസ്ഥനം രാജിവയ്ക്കുകയും ലഫ്റ്റനൻറ് ജനറൽ ഫ്രെഡറിക് അക്കു ഫോ ചെയർമാനായി സ്ഥാനമേല്ക്കുകയും ചെയ്തു. 1979 ജൂൺ 4-ന് ഫ്ളൈറ്റ് ലഫ്റ്റനൻറ് ജെറി ജെറോലിങ്സ് അക്കൂഫോവിനെ സ്ഥാനഭ്രഷ്ടനാക്കി. അച്ചിംപോങ്ങും അക്കുഫോവും വധിക്കപ്പെട്ടു. ഹില്ല ലിമാൻ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. 1981-ൽ റോലിങ്സിന്റെ നേതൃത്വത്തിൽ നടന്ന പട്ടാളവിപ്ലവത്തിൽ ഹില്ല ലിമാൻ സ്ഥാനഭ്രഷ്ടനായി. പാർലമെൻറ് പിരിച്ചുവിടുകയും ഒരു പ്രൊവിഷനൽ നാഷനൽ ഡിഫൻസ് കൗൺസിൽ സ്ഥാപിക്കുകയും ചെയ്തു. ഈ കൗൺസിലിന്റെ ചെയർമാനാണ് ഇപ്പോൾ രാഷ്ട്രത്തലവൻ. റോലിങ്സ് കൗൺസിൽ ചെയർമാനായി തുടരുകയാണിപ്പോൾ.

സാമ്പത്തികസ്ഥിതി.*കൃഷി:* മൊത്തം ആഭ്യന്തര ഉത്പന്നത്തിന്റെ 60 ശതമാനവും മൊത്തം കയറ്റുമതിയുടെ 80 ശതമാനവും കൃഷിയിൽനിന്നുള്ളതാണ്. കൃഷിയുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണ് 65 ശതമാനവും.

കാച്ചിൽ, കപ്പ, വാഴ, ചോളം(Maize), നെല്ല് എന്നിവ വൻതോതിൽ കൃഷിചെയ്യുന്നു. ഒരു സാധാരണ ഘാനക്കാരന്റെ മുഖ്യ ഭക്ഷണസാധനങ്ങൾ കാച്ചിൽ, കപ്പ, ഏത്തക്കാ, മത്സ്യം എന്നിവയാണ്. അരിയും മാംസവും വിശിഷ്ടഭോജ്യങ്ങളാണ്.

ഘാനയുടെ മുഖ്യകയറ്റുമതി കൊക്കോ ആണ്. ഒരു നാണ്യവിള എന്ന നിലയിലാണ് അതു കൃഷിചെയ്യുന്നത്. കൊക്കോ കർഷകർ താരതമ്യേന ധനികരാണ്. ഘാന ഇപ്പോൾ ആധുനിക കൃഷിസമ്പ്രദായം സ്വീകരിച്ചിട്ടുണ്ട്.

വാണിജ്യം. ഘാനയുടെ സമ്പദ്വ്യവസ്ഥയിൽ വിദേശവാണിജ്യമേഖലയ്ക്ക് തന്ത്രപ്രധാനമായ സ്ഥാനമാണുള്ളത്. കേന്ദ്രഗവൺമെൻറിന്റെ വരവിനങ്ങളിൽ പ്രധാനം കയറ്റുമതി-ഇറക്കുമതി ചരക്കുകളുടെമേലുള്ള തീരുവയാണ്.

വിദ്യാഭ്യാസം. 1983-ൽ 8214 പ്രൈമറി സ്കൂളുകളും 4758 സെക്കൻഡറി സ്കൂളുകളും ഘാനയിലുണ്ട്. നഴ്സറി, കിൻറർഗാർട്ടൺ എന്നിവ സ്വകാര്യമേഖലയിലാണ്; ഫീസ് ചുമത്തുകയും ചെയ്യുന്നു. സെക്കൻഡറി സ്കൂൾവരെയുള്ള വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാണ്. ഉയർന്ന മാനദണ്ഡം പുലർത്തുന്ന മിക്ക സ്കൂളുകളും പബ്ലിക് സ്കൂളുകളാണ്. ഇവിടെ കൂടിയ തോതിലുള്ള ഫീസ് കൊടുക്കണം. ഘാനയിൽ മൂന്നു സർവകലാശാലകളുണ്ട് കൂടാതെ ഒരു മെഡിക്കൽ കോളെജും ഒരു എൻജിനിയറിംഗ് കോളെജും കുറെ സാങ്കേതിക പരിശീലന സ്ഥാപനങ്ങളുമുണ്ട്. 44.8 ശതമാനമാണ് ഘാനയിൽ 1983-ലെ സാക്ഷരത. നാല് ദിനപത്രങ്ങളേ ഘാനയിലുള്ളു. 1000 പേരിൽ 37 പേരേ പത്രം വായിക്കുന്നുള്ളു.

അക്രാതുറമുഖം:
കപ്പലിൽനിന്നു അലവഞ്ചികളിൽ (surf boats)
ചരക്ക് കരയ്ക്കിറക്കുന്നു.

ഗതാഗതം: തെക്കൻ പ്രദേശങ്ങളിൽ മാത്രമേ റെയിൽവേയുള്ളു. അക്രായിൽനിന്ന് കമാസിയിലേക്കും അവിടെനിന്നു കടൽക്കരയിലുള്ള തക്കൊറാഡിക്കും റെയിൽഗതാഗതസൗകര്യമുണ്ട്. കടൽത്തീരത്തിലുള്ള പട്ടണങ്ങളെ ഘടിപ്പിച്ചും അവയിൽനിന്നു വടക്കോട്ട് രാജ്യാതിർത്തിവരെയും റോഡുകളുണ്ട്. റോഡുകളുടെ ആകെ നീളം 13535 കിലോമീറ്ററാണ്. 953 കി.മീറ്റർ നീളത്തിലുള്ള തീവണ്ടിപ്പാതയും ഘാനയിലുണ്ട്. തലസ്ഥാനമായ അക്രായിൽനിന്ന് രാജ്യത്തിന്റെ വിവിധഭാഗങ്ങളിലേക്കും ലണ്ടൻ, ലഗോസ്, അഡിസ്അബാബ എന്നിവിടങ്ങളിലേക്കും വിമാനസർവീസുണ്ട്.

നഗരങ്ങൾ. തലസ്ഥാനനഗരമായ അക്രാ, തുറമുഖമായ തക്കൊറാഡി, റെയിൽവേ പ്രാധാന്യമുള്ള കുമാസി, സന്യാനി, ഹൊ, മധ്യഘാനയിലെ തമാലെ, ഉത്തരഘാനയിലെ നവ്രോൻഗൊ എന്നിവയാണ് പട്ടണങ്ങൾ.

ഡോ. വി.ജെ.ചാക്കോ.

ഘാസിപ്പൂർ

ഉത്തരപ്രദേശിലെ വാരാണസി ഡിവിഷനിൽപ്പെട്ട ജില്ലയും അതിന്റെ തലസ്ഥാനനഗരവും. പഴയ പട്ടണമായിരുന്ന ഗാധിപ്പൂരിന് എ.ഡി. 1330-ലാണ് അവിടത്തെ മുസ്ലിം ഭരണാധികാരിയുടെ സ്ഥാനത്തെ അടിസ്ഥാനമാക്കി ഘാസിപ്പൂർ എന്ന പേരു നല്കിയത്. ബ്രിട്ടീഷ് ഭരണകാലത്തിന്റെ ആദ്യഘട്ടങ്ങളിൽ ഈ പ്രദേശത്തിന് തന്ത്രപ്രാധാന്യമുണ്ടായിരുന്നു. ഇവിടെ ഒരു പട്ടാളത്താളവും സ്ഥാപിക്കപ്പെട്ടു. പാളയത്തിലാണ് ഇന്നു സിവിൽലൈൻ സ്ഥിതിചെയ്യുന്നത്. ഗോരാബസാർ, പള്ളി, ഇന്ത്യൻ വൈസ്റോയിയായിരുന്ന കോൺവാലീസ് പ്രഭുവിന്റെ ശവകുടീരം, ഗോരഖ്പൂർ സർവകലാശാലയുടെ കീഴിലുള്ള ഒരു കോളെജ് എന്നിവ ഇവിടെയുണ്ട്. ടൗൺ, ഗംഗയുടെ ഉന്നതതീരം വരെ വ്യാപിച്ചുകിടക്കുന്നു. നോർത്ത് ഈസ്റ്റേൺ റെയിൽവേസ്റ്റേഷനും ഈസ്റ്റേൺ റെയിൽവേസ്റ്റേഷനും ഇവിടെയുണ്ട്. വാരാണസിയിൽനിന്ന് ഇവിടേക്കു ബസ് സൗകര്യവുമുണ്ട്. ഇതൊരു ഭരണകേന്ദ്രവും വ്യാപാരകേന്ദ്രവുമാണ്. സുഗന്ധദ്രവ്യംവാറ്റൽ, മാവ്, എണ്ണ എന്നിവയുടെ നിർമാണം, കൈത്തറിവസ്ത്രനിർമാണം എന്നിവയാണ് പ്രാദേശികവ്യവസായങ്ങൾ. ഇവിടത്തെ കറുപ്പുവ്യവസായം ക്ഷയോന്മുഖമായിക്കൊണ്ടിരിക്കുന്നു.

ഗംഗാനദിയുടെ തീരപ്രദേശങ്ങൾ ആണ് ഘാസിപ്പൂർ ജില്ലയിൽ വലിയൊരുഭാഗം. ഗംഗ ഇതിനെ രണ്ടായി തിരിക്കുന്നു. നെല്ല്, ബാർലി, പയറുവർഗങ്ങൾ, തിന (ചാമ), കരിമ്പ്, കറുപ്പ് എന്നിവയാണ് മുഖ്യകൃഷിവിഭവങ്ങൾ. മിക്കവാറും വെള്ളപ്പൊക്കവും വരൾച്ചയും ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ ഇതൊരു ‘ക്ഷാമ’ജില്ലയാണ്. വിസ്താരം 3337 ച. കി. മീറ്റർ. ജനസംഖ്യ 19,44,669 (1981).

ഘാസിയ

മധ്യപ്രദേശിലും ഒറീസ്സയിലും ഉള്ള ഒരു ദ്രാവിഡവർഗം. ഇവരുടെ പ്രധാനതൊഴിലുകൾ പുല്ലരിയലും കുതിരമേയ്ക്കലും ആണ്. ഉത്സവാവസരങ്ങളിൽ നാടൻപാട്ടുപാടുക, നെയ്ത്തിനുള്ള തറികളുണ്ടാക്കുക എന്നിവയും ഇവർ ഏർപ്പെടാറുള്ള തൊഴിലുകളാണ്. വളരെ കുറച്ചുപേർ കൃഷിയിലും വ്യാപരിക്കുന്നുണ്ട്. വരന്മാരുടെ ദേവനായ ദുല്ലാദേവനെ ഇവർ ആരാധിക്കുന്നു. അടുപ്പിന്റെ അടുത്താണ് ഈ ദേവനെ പ്രതിഷ്ഠിക്കാറ്. മതപരമായ ചടങ്ങുകൾ നടത്താൻ ബ്രാഹ്മണപുരോഹിതരെയാണ് ഇവർ ഏർപ്പെടുത്തുന്നത്.

ഘിർലാൻഡയോ, റിഡോൾഫോ
(1483-1561)

ഫ്ളോറൻസിലെ ചിത്രകാരൻ. ഡോമിനിക്കോ ഘിർലാൻഡയോയുടെ പുത്രൻ. 1483 ജനുവരി 4-ന് ഫ്ളോറൻസിൽ ജനിച്ചു. 1494-ൽ പിതാവിന്റെ മരണത്തെത്തുടർന്ന് മാതുലനായ ഡേവിഡ് രക്ഷാകർതൃത്വം ഏറ്റെടുത്തു. ഇക്കാലത്ത് റിഡോൾഫോ റാഫേലുമായി പരിചയപ്പെട്ടു. 1504-1508 കാലത്തു റാഫേൽ ഫ്ളോറൻസിലുണ്ടായിരുന്നു. ഈസമയത്തിനുള്ളിൽ രണ്ടുപേരും ഉറ്റ സുഹൃത്തുക്കളാകുകയും ഫ്രാബർത്തലോമിയോയുമായി സമ്പർക്കം പുലർത്തുകയും ചെയ്തു. അങ്ങനെ അവർ മൂന്നുപേരും പരസ്പരം സ്വാധീനിച്ചു. എന്നാൽ റിഡോൾഫോ അധികനാൾ അവരുമായി ഒത്തുനിന്നില്ല.

പോപ്പ് ലിയോ X-ാമന്റെയും (1515) ചക്രവർത്തി ചാൾസ് V-ാമന്റെയും (1536) സ്ഥാനാരോഹണച്ചടങ്ങിൽ അലങ്കാരപ്രവർത്തനങ്ങൾ നടത്തിയത് റിഡോൾഫോയും അസിസ്റ്റന്റുമായിരുന്നു. ഇദ്ദേഹത്തിന്റെ ആദ്യകാലചിത്രങ്ങൾ ‘മഡോണാ ആൻഡ് സെയ്ന്റ്സ്’ (1503), ‘കൊറോണേഷൻ ഒഫ് ദി വെർജിൻ’ (1504) എന്നിവയാണ്. റിഡോൾഫോയുടെ മറ്റു രചനകൾ ലണ്ടൻ, ന്യൂയോർക്ക്, ഫിലാദൽഫിയ, ഫ്ളോറൻസ് എന്നിവിടങ്ങളിലെ മ്യൂസിയങ്ങളിൽ ഇന്നും കാണാം. 1561 ജനുവരി 6-ന് നിര്യാതനായി.

ഘിൽസാലുകൾ

അഫ്ഘാനിസ്താന്റെ കിഴക്കൻ ഭാഗങ്ങളിൽ കന്ദഹാറിനും കാബൂളിനുമിടയ്ക്കുള്ള പ്രദേശങ്ങളിൽ വസിക്കുന്ന യുദ്ധനിപുണരായ ഒരു പഠാണിവർഗം. ഇന്തോ-ആര്യൻ ഗോത്രത്തിലുള്ള ഒരു ഭാഷ സംസാരിക്കുന്ന ഇവർ തുർക്കിവംശജരാണെന്ന് നരവംശശാസ്ത്രജ്ഞന്മാർ കരുതുന്നു. 1842-ൽ ബ്രിട്ടീഷ് പട്ടാളം കാബൂളിൽനിന്ന് പിൻവാങ്ങിക്കൊണ്ടിരുന്നപ്പോൾ അവരിൽ പലരെയും ഇവർ നിഷ്കരുണം വധിച്ചു. ഇവരിൽ ബഹുഭൂരിപക്ഷവും മുസ്ലീങ്ങളാണ്.

ഘുമാർ നൃത്തം

രാജസ്ഥാനിലെ ഭീൽവർഗക്കാരുടെ ഒരു ഗ്രാമീണനൃത്തവിശേഷം. സ്ത്രീകളും പുരുഷന്മാരും വൃത്താകൃതിയിൽ അണിനിരന്നുകൊണ്ടാണ് നൃത്തം ആരംഭിക്കുന്നത്. ഇത്തരം ഒന്നിലധികം അണികൾ ഉണ്ടാകും. നൃത്തത്തിന്റെ പരമകാഷ്ഠയിൽ ഓരോ അണിയിൽനിന്നും ഒരു പുരുഷനും ഒരു സ്ത്രീയും മുന്നോട്ടുവന്ന് നൃത്തം ചെയ്യുന്നു. ഈ നർത്തകർ അദ്ഭുതാവഹമായ അംഗചലനവൈദഗ്ധ്യം പ്രദർശിപ്പിക്കാറുണ്ട്. വാദ്യോപകരണങ്ങളുടെ അകമ്പടിയോടുകൂടിയ നാടോടിഗാനങ്ങൾ ഈ നൃത്തപരിപാടിയുടെ അവതരണത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഹോളി ഉത്സവക്കാലത്തുള്ള ഗെർനൃത്തം, അജ്മീരിലെ സാൻസി വർഗക്കാരുടെയും മൗണ്ട് അബുവിലെ ഗരാസിയാ ഗോത്രക്കാരുടെയും സമൂഹനൃത്തങ്ങൾ തുടങ്ങിയവ ഘുമാറിന്റെ പ്രകടനഭേദങ്ങളാണ്.

ഘുമാർ നൃത്തം

ഘൃതാചി

ഒരു അപ്സരസ്സ്. വിലാസലാസ്യങ്ങൾകൊണ്ടു പലരെയും വശീകരിച്ചു. പുരൂരവസ്സിന്റെ വംശത്തിൽ ജനിച്ച രുദ്രാശ്വൻ എന്ന രാജാവിന് ഈ അപ്സരസ്ത്രീയിൽ പത്തുസന്താനങ്ങൾ ഉണ്ടായത്രേ. ദേവശില്പിയായ വിശ്വകർമാവിനു ഇവളിൽ ജനിച്ച സന്താനങ്ങൾ മുഖാന്തരമാണു ലോകത്തിൽ പല സങ്കരജാതികളുമുണ്ടായതെന്നു ബ്രഹ്മവൈവർത്തപുരാണത്തിൽ പറയുന്നു. കുശനാഭനിൽനിന്ന് ഇവൾക്കുണ്ടായ നൂറു പുത്രിമാരെ അപഹരിച്ചുകൊണ്ടുപോകാൻ ശ്രമിച്ചു ഫലിക്കായ്കയിൽ വായുദേവൻ ഈ നൂറു പേരെയും വിരൂപിണികളാക്കിയതായും ശാപമോക്ഷം ലഭിച്ച ഇവരെ കാംപിലരാജാവായ ബ്രഹ്മദത്തൻ വിവാഹം കഴിച്ചതായും ഹരിവംശത്തിൽ പറയുന്നു.

ഘെരാവോ

ഒരു സമരമുറ. തീരുമാനമെടുക്കേണ്ടവരെ തടഞ്ഞുനിർത്തി, ഉടൻ തന്നെ അനുകൂലമായ ഒരു തീരുമാനം സമ്പാദിക്കുകയാണ് ഈ സമരമുറ സ്വീകരിക്കുന്നവർ ചെയ്യുന്നത്. നിയമപ്രകാരം ഇത് ക്രിമിനൽ കുറ്റമാണെങ്കിലും, പലപ്പോഴും പോലീസിന് ഇത്തരം സമരരീതികൾ തടയാൻ കഴിയാറില്ല.

വളഞ്ഞുവയ്ക്കുക, നിരോധിക്കുക എന്നെല്ലാം അർഥം വരുന്നു. 'ഘേർസ' എന്ന ഹിന്ദി പദത്തിൽനിന്നാണ് ഘേരാവോയുടെ നിഷ്പത്തി. തൊഴിൽ സ്ഥാപനത്തിന്റെയോ വിദ്യാഭ്യാസസ്ഥാപനങ്ങളുടെയോ ഒക്കെ തലവന്മാരെ അവരുടെ ഓഫീസ് മുറിക്കകത്തുതന്നെ മണിക്കൂറുകളോളം തടഞ്ഞുവയ്ക്കുകയാണ് ഘെരാവോക്കാർ സാധാരണമായി ചെയ്യുന്നത്. പിലപ്പോൾ ടെലഫോൺ ബന്ധം ജലവിതരണം, വൈദ്യുതി തുടങ്ങിയവകൂടി വിച്ഛേദിച്ചും ഉറക്കെ മുദ്രാവാക്യങ്ങൾ മുഴക്കിയും ഘെരാവോയ്ക്ക് വിധേയരാക്കുന്നവരുടെ മേലുള്ള സമ്മർദം കൂടുതൽ കർക്കശമാക്കും.

1965 ന് ശേഷമാണ് ഇന്ത്യയിൽ ഈ സമരമുറ പ്രചാരത്തിൽ വന്നത്. എങ്കിലും, ഇതിനോട് സാമ്യമുള്ള സമരതന്ത്രങ്ങൾ ചരിത്രത്തിൽ ഉണ്ട്. 1215-ൽ ജോൺ രാജാവിനെക്കൊണ്ട് 'മാഗ്നാക്കാർട്ട' നിർബന്ധപൂർവം ഒപ്പിടീച്ചത്   ഇതിനൊരു ഉദാഹരണമായി പറയാവുന്നതാണ്.

വ്യക്തിപരമായ സുരക്ഷാസന്നാഹങ്ങൾ ഉള്ള പ്രമുഖ വ്യക്തികൾ (വി.ഐ.പി.) സാധാരണമായി ഘെരാവോക്ക് വിധേയരാകാറില്ല. സ്ഥാപനങ്ങളുടെ തലവന്മാർ, ഭരണസമിതി അംഗങ്ങൾ തുടങ്ങിയവർക്കെതിരെ ആണ് ഈ അടവ് സാധാരണമായി പ്രയോഗിക്കുന്നത്. അറുപതുകളുടെ അവസാനവും എഴുപതുകളുടെ ആദ്യവുമാണ് ഈ സമരരീതി ഏറ്റവുമധികം ഉപയോഗിക്കപ്പെട്ടത്. ഘെരാവോക്കെതിരായുള്ള നടപടികൾ കൂടുതൽ കർക്കശമാക്കിയതിനെ തുടർന്ന് ഇതിന്റെ പ്രയോഗവും കുറഞ്ഞു.

ഘോഷയാത്ര

അനേകം ആളുകൾ ഒരുമിച്ച് ആഡംബരപൂർവം നടത്തുന്ന യാത്ര. ദൃശ്യപ്രധാനമായ ഇത്തരം യാത്രകൾ മിക്കപ്പോഴും മതപരമായ ചടങ്ങുകളോട് അനുബന്ധിച്ചാണു നടത്താറുള്ളത്. ക്ഷേത്രങ്ങളിലെ ആറാട്ടു ഘോഷയാത്ര ഇതിനുദാഹരണമാണ്.

ഇന്ത്യൻ റിപ്പബ്ലിക്ദിനപരേഡ്

രാജാവിന്റെ ഭരണാധികാര പ്രതിഷ്ഠാപനം, മേയറെ വാഴിക്കൽ മുതലായ ഔപചാരിക ചടങ്ങുകളോട് അനുബന്ധിച്ചും ഘോഷയാത്രകൾ നടത്തുന്ന പതിവുണ്ട്. ആദ്യകാലത്ത് ആഹ്ളാദാഘോഷങ്ങളോടു ബന്ധപ്പെട്ടാണു ഘോഷയാത്രകൾ നടത്തിയിരുന്നത്. ശവസംസ്കാരത്തോട് അനുബന്ധിച്ചു ബാൻറുമേളത്തോടെ സ്വർണവെള്ളിക്കുരിശുകളും മുത്തുക്കുടകളും ഏന്തി നടത്തുന്ന ആർഭാടപൂർണമായ വിലാപയാത്രകൾ ഏറെക്കുറെ ഇതിനു സമാനമാണ്.

വാഹനഘോഷയാത്രകൾ, ജലഘോഷയാത്രകൾ എന്നിവയും ഇക്കാലത്തു സാധാരണമാണ്. ശ്രീകൃഷ്ണവിഗ്രഹപ്രതിഷ്ഠാദിനം അനുസ്മരിപ്പിക്കുന്ന ആറന്മുള ഉത്തൃട്ടാതി വള്ളംകളിയോട് അനുബന്ധിച്ച് ഒരു ജലഘോഷയാത്ര പതിവുണ്ട്. വിശിഷ്ട വ്യക്തികളുടെ സ്വീകരണാവസരത്തിൽ അവരെ വാഹനഘോഷയാത്രയുടെ അകമ്പടിയോടെ നഗരവീഥികളിലൂടെ കൊണ്ടുപോകാറുണ്ട്.

എല്ലാ രാജ്യങ്ങളിലും പണ്ടുമുതൽ ഘോഷയാത്രകൾ നിലവിലുണ്ടായിരുന്നു. മഹാഭാരതത്തിൽ വനവാസികളായ പാണ്ഡവരെ തന്റെ ഐശ്വര്യം ബോധ്യപ്പെടുത്താൻ സുയോധനൻ നടത്തിയ ഘോഷയാത്രയുടെ കഥയുണ്ട്. കുഞ്ചൻനമ്പിയാർ ഈ കഥ ഒരു തുള്ളൽകൃതിക്കു വിഷയമാക്കിയിട്ടുണ്ട്.

പാശ്ചാത്യരാജ്യങ്ങളിൽ പേജിയന്റ്(Pageant) എന്ന പേരിൽ ഒരാളെ ആദരിക്കാനോ നാഗരികജീവിതത്തിന്റെ ഒരു മുഖത്തെ ഉയർത്തിക്കാട്ടാനോ വേണ്ടി നടത്തുന്ന ചലിക്കുന്ന നാടകീയ ദൃശ്യപ്രദർശനങ്ങളും ഘോഷയാത്രയിൽ പെടുത്താം. രാജകീയ വിവാഹം, രാഷ്ട്രനാഥനെ(President) വാഴിക്കൽ, രാഷ്ട്ര സ്ഥാപനത്തിന്റെ അനുസ്മരണം മുതലായ സംഭവങ്ങളോടു ബന്ധപ്പെട്ടാണ് ഇത്തരം പ്രകടനപ്രധാനമായ യാത്രകൾ സംഘടിപ്പിക്കുന്നത്.

ഇംഗ്ലണ്ടിൽ എലിസബത്ത് രാജ്ഞിയുടെ സന്ദർശനങ്ങൾ നാടകീയ പ്രദർശനങ്ങളോടെ ആണു നടന്നിരുന്നത്. ഇന്നും ലണ്ടൻ മേയറുടെ സ്ഥാനാരോഹണം ഈ വിധം ആഘോഷിക്കപ്പെടുന്നു.

കത്തോലിക്കരുടെ തിരുവത്താഴം സംബന്ധിച്ച ദീപാലംകൃത ഘോഷയാത്ര (eucharistic procession) എല്ലാ രാജ്യങ്ങളിലും എല്ലാ വർഷവും നടന്നുവരുന്നു. 'ഓശാന' എന്ന പേരിൽ കുരുത്തോലകളേന്തി നടത്തുന്ന ഘോഷയാത്രയ്ക്കും സാർവലൗകികമായ പ്രാധാന്യമുണ്ട്.

ഉത്തരേന്ത്യയിൽ 'ബരാത്ത്' എന്ന പേരിൽ നടത്തുന്ന വിവാഹഘോഷയാത്രയിൽ വരൻ കുതിരപ്പുറത്തോ ആനപ്പുറത്തോ വാദ്യഘോഷങ്ങളോടെ എഴുന്നള്ളിക്കപ്പെടുന്നു. കേരളത്തിലും 'മാപ്പിളപുറപ്പാട്' ഘോഷയാത്രയായി നടന്നിരുന്നു. വള്ളപ്പാട്ടുപാടി വധൂഗൃഹക്കാർ ഘോഷയാത്രയായി ചെന്നു വരനെ സ്വീകരിക്കുന്ന രീതിയും അടുത്തകാലംവരെ ഉണ്ടായിരുന്നു.

മുസ്ലിങ്ങളുടെ ചന്ദനക്കുടം എഴുന്നള്ളിപ്പ് ഘോഷയാത്രയായി നടത്തപ്പെടുന്നു.

രാഷ്ട്ര-മത-സമുദായ ഭേദമില്ലാതെ ആഹ്ളാദാവസരങ്ങളെ വർണോജ്ജ്വലമാക്കാൻ ഘോഷയാത്രകൾ സംഘടിപ്പിക്കാറുണ്ട്.

ഇന്ത്യയിൽ റിപ്പബ്ലിക് ദിനത്തിലെ പരേഡ് ഏറ്റവും വർണോജ്ജ്വലവും ആഡംബരപൂർണവുമായ ഘോഷയാത്രയിൽ മുഖ്യമാണ്. ദേശീയ ഘോഷയാത്രയാണ് എന്നതാണ് ഇതിന്റെ പ്രാധാന്യം.

ഘോഷാ സമ്പ്രദായം

†പർദ നോക്കുക.

ഘ്രാണഭക്ഷണം

ശ്രാദ്ധക്രിയയിലെ ഒരു ചടങ്ങ്. പരേതാത്മാവിനുവേണ്ടി മരണവാർഷികങ്ങളിൽ ശ്രാദ്ധം ഊട്ടലും പിണ്ഡദാനവും നടത്തുന്ന സമ്പ്രദായം വൈദികക്രിയകളുടെ ഭാഗമാണ്. പിണ്ഡം (എള്ളും നെയ്യും ചേർത്തു കുഴച്ച ഉണക്കലരിച്ചോറ്) വിധിപ്രകാരം പരേതാത്മാവിന് അർപ്പിച്ചുകഴിഞ്ഞാൽ അതേവിധം ഉരുട്ടിയ ഒരു ചെറിയ ഉരുള കൈയിലെടുത്തു മണപ്പിച്ചശേഷം ശ്രാദ്ധമൂട്ടുന്നയാൾ മാറ്റിവയ്ക്കുന്നു. പരേതാത്മാവിനൊപ്പം താനും ഊണുകഴിക്കുന്നുവെന്നാണു ബലി ഇടുന്ന ആളുടെ സങ്കല്പം. ഘ്രാണിക്കൽകൊണ്ടു മാത്രം നടത്തുന്ന ഈ സാങ്കല്പിക ഭക്ഷണമാണു ഘ്രാണഭക്ഷണം.

ഘ്രാണവ്യൂഹം (Olfactory system)

മണത്തറിയുന്നതിനുള്ള അവയവങ്ങൾ ഉൾപ്പെടുന്ന അവയവവ്യവസ്ഥ (organ system). നാസാദ്വാരങ്ങൾ ശ്ലേഷ്മപടലം (mucus membrane) എന്നിവ ഇതിൽ ഉൾപ്പെടുന്നു.

താണതരം ജീവികളിൽ ഘ്രാണശേഷിയുള്ള സീലിയാമയ സുഷിരങ്ങൾ (ciliated pits) ഉണ്ട്. ആദ്യകാല ജീവികളിൽ ഒരു സുഷിരമേ ഉണ്ടായിരുന്നുള്ളു. പരിണാമത്തിൻെറ ഫലമായി രണ്ടു സുഷിരങ്ങളായി. ചില മത്സ്യങ്ങളിൽ (dipnoi) നാസാദ്വാരങ്ങൾ വായിലേക്കാണു തുറക്കുന്നത്. ഉഭയജീവികളിൽ നാസാദ്വാരങ്ങൾ തലയോടിനുള്ളിൽ സ്ഥിതിചെയ്യുന്നു. ശ്വസനത്തിനും ഘ്രാണത്തിനും പ്രത്യേകം അവയവങ്ങളാണ് ഉഭയജീവികൾക്ക് ഉള്ളത്. ഇഴജന്തുക്കളിൽ ഘ്രാണശ്വസന ഭാഗങ്ങൾ വ്യത്യസ്തമാണ്. മുതലകളിൽ ബാഹ്യനാസാദ്വാരവും (external nares) ആന്തരനാസാദ്വാരവും (internal nares) തമ്മിൽ വലിയ അകലമുണ്ട്. സ്തനികളിൽ ഘ്രാണപേടകം (olfactory chamber) സംയോജിച്ചിരിക്കുന്നു.





ഘ്രാണവ്യൂഹം

ഘ്രാണേന്ദ്രിയത്തിൽ നിന്ന് തലച്ചോറിലേക്കുള്ള നാഡികളെ ഘ്രാണഗ്രാഹികൾ (olfactory receptors) എന്നു പറയുന്നു. നാസികയിലുള്ള ശ്ലേഷ്മപടലത്തിലാണ് ഇവ സ്ഥിതി ചെയ്യുന്നത്. ഓരോ ഘ്രാണഗ്രാഹിക്കും രണ്ടു പ്രവർധം(process) ഉണ്ട്. ഘ്രാണലോമികകളുള്ള പ്രവർധത്തെ 'ഡെൻഡ്രൈറ്റ്' എന്നു പറയുന്നു. രണ്ടാമത്തെ പ്രവർധം നീണ്ടു മെലിഞ്ഞതാണ്. ഇതിനെ 'ആക്സോൺ' എന്നു പറയുന്നു. ആക്സോൺ മസ്തിഷ്കത്തിൽ എത്തിച്ചേരും.

ശ്ലേഷ്മപടലത്തിൻെറ മീതെയുള്ള ദ്രവത്തിൽ ചില വസ്തുക്കൾ അലിയുമ്പോൾ ഇവ ഘ്രാണലോമികളുമായി ബന്ധപ്പെടുന്നു. ഘ്രാണഗ്രാഹികളിൽ ഉണ്ടാകുന്ന രാസമാറ്റം ആവേഗങ്ങളായി(impulses) മസ്തിഷ്കത്തിലെ ഘ്രാണകേന്ദ്രത്തിൽ എത്തുമ്പോഴാണ് ഗന്ധം അനുഭവപ്പെടുന്നത്.

വസ്തുക്കളുടെ തന്മാത്രകൾ ശ്ലേഷ്മപടലത്തിലെ സ്രവത്തിൽ അലിഞ്ഞു ചേർന്നെങ്കിലെ ഗന്ധം അനുഭവപ്പെടൂ. അതുകൊണ്ടാണ് സ്രവം ഉണ്ടാകാത്ത സന്ദർഭത്തിൽ (കഠിനമായ ജലദോഷം ഉള്ളപ്പോൾ) ഘ്രാണശേഷി നഷ്ടപ്പെടുന്നത്.

ങ

ങ

അക്ഷരമാലയിലെ അഞ്ചാമത്തെ വ്യഞ്ജനം കണ്ഠ്യാനുനാസികം.

'ങ' വിവിധ ഭാഷകളിൽ

മലയാളം ങ

സംസ്കൃതം ഹിന്ദി കൊങ്കിണി	ङ	ഗ്രന്ഥാക്ഷരം	𑌙
തമിഴ്	ங	കന്നടം	ಙ
തെലുഗു	ఙ	ബ്രാഹ്മി	𑀗



	ബ്രാ ഹ്മി	ഭാഷ	പൂർവ രൂപം	വളർച്ച
ങ		വെ		
		ത		
		മ		
		തെ ക		

'ങ' എന്ന ലിപിയുടെ വികാസത്തെപ്പറ്റി ഡോ. എൽ.എ. രവിവർമയുടെ സിദ്ധാന്തം.
വെ—വെട്ടെഴുത്ത്, തെ—തെലുങ്ക്,
മ—മലയാളം, ക—കർണാടകം.


ഗുരുമുഖി
കാലഘട്ടം
ഒറിയ
തെലുങ്ക്
കന്നടം
തമിഴ്
മലയാളം
ങ

'ങ' എന്ന ലിപി ഭാരതീയഭാഷകളിൽ

ച

ച

അക്ഷരമാലയിലെ ആറാമത്തെ വ്യഞ്ജനം. താലവ്യഖരം. സംസ്കൃതത്തിലെ ജ,. ശ-കൾ മലയാളത്തിൽ ചകാരമായി മാറാറുണ്ട്. ജലം-ചലം, ശുഷ്കം-ചുക്ക്. തമിഴിൽ 'ച'കാരത്തിന് ഒറ്റയ്ക്കുനിന്നാൽ 'ശ'കാരത്തിൻെറ ധ്വനിയാണ്. ഇരട്ടിക്കുമ്പോൾ 'ച'കാരധ്വനി തന്നെ.

'ച' വിവിധഭാഷകളിൽ

മലയാളം	ച		
സംസ്കൃതം ഹിന്ദി	च	പഞ്ചാബി	ਚ
തമിഴ്	ச	ഗുജറാത്തി	ચ
ഗ്രന്ഥാക്ഷരം	𑌚	ബങ്കാളി	চ
ബ്രാഹ്മി	𑀘	അസമിയ	চ
തെലുഗു	చ	ഉറുദു	چ
കന്നടം	ಚ	ഒറിയ	ଚ
കശ്മീരി	𑆖	സിംഹളം	ච

ചംഗി

റനൻകുലേസി കുലത്തിൽപ്പെട്ട ഔഷധച്ചെടി. ശാസ്ത്രനാമം: *ഡെൽഫിനിയം ഡാസികോളൺ (Delphinium dasycaulon)*. ഇതിൻെറ അരി തിന്നാൽ വയറിളക്കവും ഛർദിയും ഉണ്ടാകും. വ്രണനാശിനിയാണു നീര്. തലയിലെ പേൻ നശിപ്പിക്കാൻ ഉപയോഗിക്കാറുണ്ട്. കൊഴുപ്പുകളും അജാക്കൊണിൻ, അജാസിൻ തുടങ്ങിയ ആൽക്കലോയിഡുകളും ആണ് ഇതിലെ വിഷാംശങ്ങൾ. ഈ ചെടിതിന്ന് ആട്, പശു മുതലായവയ്ക്കു വിഷബാധയേല്ക്കാറുണ്ട്.

ചംപ

പഴയ ഇന്തോ-ചൈനയിലെ ഭാരതീയരാജ്യം. ദക്ഷിണപൂർവേഷ്യൻ പ്രദേശങ്ങളിൽ എ.ഡി. ആദ്യശതകങ്ങളിൽ ഭാരതീയർ സ്ഥാപിച്ച രണ്ടു രാജ്യങ്ങളിലൊന്നാണ് ഇത്. (മറ്റേത് കാംബൂജാ-ഇന്നത്തെ കംബോദിയ-ആണ്). ആധുനികവിയറ്റ്നാമിൻെറ സ്ഥാനത്തു സ്ഥിതിചെയ്തിരുന്ന ഈ രാജ്യം 13-ാം നൂറ്റാണ്ടിൽ ആ പ്രദേശങ്ങളിൽ അനിഷേധ്യമായ അധികാരം ചെലുത്തിയിരുന്നു. ചംപാ രാജാക്കന്മാരിൽ ജയപരമേശ്വരവർമദേവ ഈശ്വരമൂർത്തി (1050—'60), രുദ്രവർമൻ (1061—'69), ഹരിവർമൻ (1070—'81), മഹാരാജാധിരാജ ശ്രീജയ ഇന്ദ്രവർമൻ (1167—1180), ജയസിംഹവർമൻ (1257—1287) തുടങ്ങിയ പലരെയുംകുറിച്ചുള്ള വീരകഥകൾ ആ രാജ്യത്തു ചരിത്രമായും ഐതിഹ്യമായും പ്രചാരത്തിലുണ്ട്. പല തവണയും തൊട്ട് അയൽനാട്ടുകാരായ കാംബൂജന്മാരെയും ഒരിക്കൽ മംഗോൾവീരനായ കുബ്ലായ്ഖാനെയും ഇവർ ചെറുത്ത് ഓടിച്ചിട്ടുണ്ട്. ഒടുവിൽ വടക്കുവശത്തുകിടക്കുന്ന അന്നാമിലെ രാജാക്കന്മാർ ചംപയിലെ ആധിപത്യത്തിന് അറുതിവരുത്തി. അന്നാംകാരെ തുരത്തിയത്(16-ാം നൂറ്റാണ്ട്) തുടരെയുണ്ടായ മംഗോളിയൻ ആക്രമണമായിരുന്നു. ചിത്രശില്പസമൃദ്ധമായ നിരവധി ഹിന്ദു-ബുദ്ധക്ഷേത്രങ്ങൾ ഈ രാജാക്കന്മാർ ചംപയിൽ പല നഗരങ്ങളിലും പണികഴിപ്പിച്ചിട്ടുണ്ട്.

ചംബ

ഹിമാചൽപ്രദേശത്തുള്ള ഒരു ജില്ലയും അതിൻെറ ആസ്ഥാനനഗരവും. ജില്ലയിലെ ജനസംഖ്യ 3,11,147 (1981). ജനസാന്ദ്രത ച.കി. മീറ്ററിനു 48. വിസ്തൃതി 6528 ച.കി.മീറ്റർ. പല പ്രാചീന ക്ഷേത്രങ്ങളും അവയുടെ നഷ്ടാവശിഷ്ടങ്ങളും ഭൂരിസിങ് കാഴ്ചബംഗ്ലാവും ഈ പട്ടണത്തിൻെറ ചരിത്രപ്രാധാന്യം വെളിപ്പെടുത്തുന്നു.

1948-ൽ ഹിമാചൽപ്രദേശിൽ ലയിക്കുന്നതുവരെ ചംബ ജില്ല അതേപേരിലുള്ള ഒരു നാട്ടുരാജ്യമായിരുന്നു. ജില്ലയുടെ വടക്കും കിഴക്കും ഭാഗങ്ങൾക്കു സമുദ്രനിരപ്പിൽനിന്ന് 5,181 മീറ്ററോളം പൊക്കമുണ്ട്. രവി, ചിനാബ് (ചന്ദ്രഭാഗാ) എന്നീ നദികൾ ജില്ലയിൽക്കൂടി ഒഴുകുന്നു. ഇവിടെ ദേവദാരുവൃക്ഷങ്ങൾ സമൃദ്ധിയായുണ്ട്. ചോളം, ബാർലി, ഗോതമ്പ് എന്നിവയാണു മുഖ്യ കാർഷികവിളകൾ.

ചംബൽ കൊള്ളക്കാർ

മധ്യപ്രദേശത്തു ചംബൽ നദീതടത്തിലെ കൊള്ളക്കാർ. ഇവരെ 'ബാഘികൾ' എന്നു പറയാറുണ്ട്. തോമര-ദാദുരിവർഗങ്ങളിൽപ്പെട്ട രജപുത്രന്മാർ മുസ്ലിം ഭരണാധികാരികളോട് ഏറ്റു തോറ്റ് വനത്തിൽ അഭയം പ്രാപിച്ചിരുന്നു. അവരുടെ പിന്മുറക്കാരാണു പില്ക്കാല ത്തു കൊള്ളക്കാരായിമാറിയത്. ഇവർ സാധുക്കളെ ഉപദ്രവിച്ചിരു ന്നില്ല. ധനികരെയും ഉദ്യോഗസ്ഥന്മാരെയും ദുരധികാര പ്രമത്തരെ യും കുടുംബശത്രുക്കളെയും മാത്രമെ ആക്രമിക്കുകയും വധിക്കയും കൊള്ളയടിക്കുകയും ചെയ്തിരുന്നുള്ളൂ.

പോലീസിൻെറയും ജന്മിമാരുടെയും അതിക്രമങ്ങൾ സഹിക്കേണ്ടിവന്നവരും വനത്തിലേക്കു പിന്മാറി ബാഘികളുടെ കൂട്ടത്തിൽ ചേർന്ന് അക്രമികളായി മാറിയിട്ടുണ്ട്. സാമുദായിക-സാമ്പത്തിക അനീതികൾക്ക് ഇരയായവരാണ് ഇവരിൽ 75% ആളുകളും. ഇവരുടെ വാസസ്ഥാപനങ്ങൾ ദുർഗമമാകയാൽ ഇവരെ അമർച്ച ചെയ്യാൻ പോലീസിനു കഴിഞ്ഞില്ല.

ചംബൽ കൊള്ളക്കാരുടെ
കീഴടങ്ങൽ

വിനോബാഭാവെയും ജയപ്രകാശ് നാരായണും ഇവരെ മനഃപരിവർത്തനം വരുത്തി നേർവഴിക്കു നടത്താൻ ശ്രമിച്ചത് മിക്കവാറും വിജയിച്ചു. വളരെ പേർ ആയുധംവച്ചു കീഴടങ്ങി. ജയപ്രകാശിൻെറ മുമ്പിൽ 400-ൽ ഏറെ കൊള്ളക്കാർ ആയുധം വച്ചു സമാധാനപരമായ ജീവിതത്തിലേക്കു മടങ്ങിവന്നു. 1972 മധ്യത്തിൽ ആണ് ഇതു നടന്നത്. ചമ്പൽതടം കൃഷിഭൂമിയായി മാറിക്കൊണ്ടിരിക്കുന്നു. പഴയ കൊള്ളക്കാർ പലരും ഇവിടെ കർഷകരായി മാറി. നദീതട പദ്ധതി ഈ പ്രദേശത്തെ ജലസേചനം കൊണ്ടു ഫലഭൂയിഷ്ഠമാക്കിയിരിക്കുന്നു.

ചംബൽനദി

യമുനയുടെ ഏറ്റവും വലിയ പോഷകനദി. വിന്ധ്യപർവതപ്രദേശത്തുള്ള മവു (Mhow) എന്ന സ്ഥലത്തുനിന്നാണു ചംബൽനദി ഉദ്ഭവിക്കുന്നത്. ഇന്ത്യയിൽ തെക്കുനിന്നു വടക്കോട്ട് ഒഴുകുന്ന ഏറ്റവും വലിയ നദി ഇതാണ്. നദിക്ക് 960 കി.മീറ്റർ നീളമുണ്ട്. ഏറ്റവും കൂടിയ വീതി (461 മീറ്റർ) യമുനയുമായി ചേരുന്നിടത്താണ്. മധ്യപ്രദേശ്, രാജസ്ഥാൻ, ഉത്തരപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽക്കൂടി ഒഴുകുന്നു. ഇട്ടാവയ്ക്കു തെക്ക് ഇതു യമുനയിൽ ചേരുന്നു. ഇതിൻെറ ഗതി അധികവും ചരിത്രപ്രാധാന്യമുള്ള ചാലുവാ പീഠഭൂമിയിൽക്കൂടിയാണ്. അവസാനത്തെ കുറെദൂരം മാത്രം യമുനാ-ഗംഗാ സമതലത്തിൽക്കൂടി ഒഴുകുന്നു. മദിരാശി-ദില്ലി റെയിൽവെ ഈ നദിയെ ധോൽപൂരിനു തെക്കുവച്ചു മുറിച്ചുകടക്കുന്നു. ഇതിൻെറ വലത്തെത്തീരത്തുള്ള പോഷകനദികളിൽ മുഖ്യമായവ കാളിസിന്ധു, പർബാന എന്നിവയും ഇടത്തെ തീരത്തു ബാണയുമാകുന്നു. ഇടത്തെ തീരത്തു പോഷകനദികളുടെ എണ്ണം വളരെ കുറവാണ്. ഭൂവിജ്ഞാനപരമായി ചംബൽനദിക്ക് 90 ലക്ഷം വർഷത്തെ പഴക്കമുണ്ട്. ഈ നദിയുടെ കരകളിൽ മണ്ണൊലിപ്പുമൂലം ഉണ്ടായ നീണ്ട ചാലുകൾ കൊള്ളക്കാരുടെ വാസകേന്ദ്രങ്ങളായിരുന്നു.

നദീതീരത്തു വലിയ പട്ടണങ്ങളൊന്നുമില്ല. ജനസാന്ദ്രത കുറവാണ്. നദീതടത്തിലാണ് ഇൻദോറും ഉജ്ജയിനിയും.

ചംബൽപദ്ധതി

ചംബൽനദിയിൽ അണകെട്ടി ജലസേചനത്തിനും വൈദ്യുതി ഉത്പാദനത്തിനും ഉള്ള പദ്ധതി. വിന്ധ്യപർവതനിരയിൽനിന്ന് ഉദ്ഭവിക്കുന്ന ചംബൽനദി യമുനയുടെ പോഷകനദികളിൽ ഒന്നാണ്. ഇതിലെ അണക്കെട്ടുകൊണ്ടു മധ്യപ്രദേശിലും രാജസ്ഥാനിലുമായി 14 ലക്ഷം ഏക്കർ(ആറു ലക്ഷത്തോളം ഹെക്റ്റാർ)ഭൂമിയിൽ ജലസേചനം നടത്താനും 2.1 ലക്ഷം കി.വാ. വൈദ്യുതി ഉത്പാദിപ്പിക്കാനുമാണുദ്ദേശ്യം . യു.എസ്സിൻെറ പൂർണമായ സാമ്പത്തികസഹായത്തോടെയാണു പദ്ധതി നടപ്പാക്കുന്നത്. ഇവിടത്തെ ജലസംഭരണി ഏഷ്യയിലെ ഏറ്റവും വലിയ മനുഷ്യനിർമിത ജലാശയമാണ്. 461 ച.കി.മീ. വിസ്തൃതി ഉണ്ട് ഇതിന്. ഗോവിന്ദ് വല്ലഭ് പന്ത സാഗർ എന്നാണ് ഇതിൻെറ പേര്. ഇവിടെനിന്നു കിട്ടുന്ന വൈദ്യുതി കൊണ്ടു സമീപപ്രദേശം മുഴുവൻ വൈദ്യുതീകരിക്കാനും അലൂമിനിയം, സിമൻറ്, സോഡാ ആഷ് പ്ലാൻറുകൾ സ്ഥാപിക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു.

ചംബൽ പ്രദേശം

മധ്യപ്രദേശിൽ ചംബൽനദിയുടെ തീരങ്ങൾ. ചംബൽ ഘാട്ടിയിലെ (നദീതടത്തിലെ) ബാഘികൾ കൊള്ളക്കാരായിരുന്നു. വനം നിറഞ്ഞ നദീതീരം പരാക്രമികളായ കൊള്ളക്കാരുടെ ആവാസഭൂമിയായി മാറി. അനീതിക്ക് ഇര ആയവരും കുറ്റവാളികളും ജന്മിമാരെയും സർക്കാരിനെയും വെല്ലുവിളിച്ചുകൊണ്ടു ഏറെക്കാലം വിളയാടിയ പ്രദേശമാണ് ഇത്. മുഗളന്മാരോടും സുൽത്താന്മാരോടും യുദ്ധത്തിൽ പരാജിതരായ രജപുത്രന്മാർ ആയിരുന്നു ഇവിടെ ആദ്യം വാസം ഉറപ്പി

ചംബൽത്താഴ്‌വര

ച്ചത്. മറാഠികളും ഇവരോടൊപ്പം ഉണ്ടായിരുന്നു. ഭൂപ്രകൃതിയുടെ ദുർഗമത ഇവിടത്തെ കൊള്ളക്കാരെ അജയ്യരാക്കി. സാമൂഹിക-സാമ്പത്തിക അനീതികളാണ് ഇവരിൽ 75%-ത്തെയും കൊള്ളക്കാരാക്കിയത്. നഗരങ്ങളിൽ കടന്നു കൊലയും കൊള്ളയും കൊള്ളിവയ്പും നടത്തിയിരുന്ന ഇവരെ ഏറെക്കാലം ശ്രമിച്ചിട്ടും സർക്കാരിനു കീഴ്പ്പെടുത്താൻ കഴിഞ്ഞില്ല.

ചകോരം

†ഉപ്പൻ നോക്കുക.

ചക്ക്

തേങ്ങ, എള്ള് മുതലായവ ആട്ടി എണ്ണ എടുക്കുന്നതിനുള്ള നാടൻ ഉപകരണം. കരിമ്പിൽനിന്നു നീരെടുക്കാൻ പറ്റിയ ഇരുമ്പു ചക്കുകളുമുണ്ട്. നടുവിൽ ഒരു കുഴിയോടുകൂടിയ വൃത്താകൃതിയുള്ള പാത്രവും കുഴിക്കുള്ളിൽ കറങ്ങിത്തിരിയുന്ന ഒരു നീണ്ട ദണ്ഡുമാണ് എണ്ണച്ചക്കിൻെറ പ്രധാനഭാഗങ്ങൾ. പാത്രത്തിൻെറ അടിയിൽ ഘടിപ്പിച്ചിട്ടുള്ള നീണ്ട പലകയുമായി ദണ്ഡിനെ കയറുമൂലം ഘടിപ്പിച്ചിരിക്കും. ഈ പലകയിൽ കാളയെക്കെട്ടി ചക്കിനുചുറ്റും വട്ടത്തിൽ നടത്തിയാണു സാധാരണമായി ദണ്ഡു തിരിക്കുന്നത്. ആട്ടി എണ്ണയെടുക്കേണ്ട സാധനം പാത്രത്തിൽ ഇടുന്നു. ഇതു കൂടെക്കൂടെ കുഴിയിലേക്കു തട്ടിയിട്ടുക്കൊണ്ടിരിക്കുകയും ചെയ്യും. ആട്ടുകല്ലിൻെറ പ്രവർത്തനത്തോടിതിനു സാമ്യമുണ്ട്. വളരെ കടുപ്പമുള്ള പ്രത്യേകതരം തടികളാണു ചക്കുനിർമാണത്തിനുപയോഗിക്കുന്നത്. എണ്ണയാട്ടുന്നതിനും മറ്റും യന്ത്രച്ചക്കുകൾ വന്നതോടെ നാടൻചക്കുകൾ ഇല്ലാതായിത്തുടങ്ങിയിരിക്കുന്നു.



മുകളിൽ: കാളയെ
കെട്ടിയ ചക്ക്

താഴെ: മനുഷ്യൻതന്നെ
തിരിയ്ക്കുന്നചക്ക്

ചക്ക

ഒരു സംയുക്തഫലം. (compound fruit) പ്ലാവിൻെറ കായ്ക്കാണു സാധാരണ ഈ പേർ പറയുന്നത്. പത്തുകിലോഗ്രാം വരെ തൂക്കമുള്ള ചക്ക സാധാരണമാണ്. ഒരു കിലോഗ്രാം പോലും ഇല്ലാത്തവയുമുണ്ട്. സംപുടമോ (capsule) ഗോളകമോ ആണ് ആകൃതി. മൂപ്പിൻെറ വ്യത്യാസമനുസരിച്ച് ഇടിച്ചക്ക, കൊത്തച്ചക്ക, കറിച്ചക്ക, ചക്കപ്പഴം എന്നൊക്കെ പേരുകളുണ്ട്.

മുള്ള്, മടൽ, കൂഞ്ഞ്, ചകിണി, ചുള, കുരു എന്നിവയാണു ഫലത്തിൻെറ ഘടകങ്ങൾ. കുരുവാണു വിത്ത്. ഇവയിൽ മുള്ള് ഒഴികെ ബാക്കി എല്ലാം ഭക്ഷണയോഗ്യമാണ്. എങ്കിലും ചുളയാണു സ്വാദിഷ്ടമായ ഭാഗം. പച്ചയ്ക്കും, വേവിച്ചും, പഴുപ്പിച്ചും ഇതു തിന്നാറുണ്ട്. വറുത്ത് ഉപ്പേരിയാക്കിയും പഴുപ്പിച്ചു വരട്ടിയും ഇതു സൂക്ഷിച്ചുവയ്ക്കാവുന്ന പലഹാരമാക്കാം. ചുള പുഴുങ്ങി ഉപ്പും മുളകും നാളികേരവും ചേർത്തു പ്രധാന ഭക്ഷണമായും, ഉപദംശമായും ഉപയോഗിക്കാറുണ്ട്.



ചക്ക

കൂഴ, വരിക്ക എന്നു പ്രധാനമായി രണ്ടിനം ചക്ക ഉണ്ട്. വരിക്കച്ചക്ക പഴുത്തുകഴിയുമ്പോഴും ചുളയ്ക്കു ദാർഢ്യമുണ്ടായിരിക്കും. കൂഴയുടെ ചുള പഴുത്താൽ ഏതാണ്ടു ജല്ലിരൂപത്തിലാകും. വറുക്കാനും കറിവയ്ക്കാനും കൂഴച്ചക്കയാണു നല്ലത്. പഴത്തിനു വരിക്കയും. വരിക്കയിൽത്തന്നെ തേൻവരിക്ക എന്ന വിഭാഗത്തിനു സവിശേഷമായ മേന്മയുണ്ട്. പഴുത്ത തേൻവരിക്കയുടെ ചുളയിൽ തേൻപോലെയുള്ള ദ്രാവകമുണ്ട്.

ചക്കയോട് ആകൃതിസാമ്യമുള്ള പല ഫലങ്ങളെയും ഈ പദംകൊണ്ടു സൂചിപ്പിക്കുന്നു. പ്ലാവിൻെറ കായ് അല്ലെന്നു കാണിക്കാൻ അതതു മരത്തിൻെറ (ചെടിയുടെ) പേരുകൂടി ചേർക്കും. ഉദാ: അയണിച്ചക്ക (ആഞ്ഞിലിച്ചക്ക), കൈതച്ചക്ക, ആത്തച്ചക്ക, കടച്ചക്ക.

† പ്ലാവു നോക്കുക.

ചക്കത്തേക്ക്

റൂബിയേസി കുലത്തിൽപ്പെട്ട ഇടത്തരം വൃക്ഷം. ശാസ്ത്രനാമം: *ഹൈമനോഡിക്റ്റിയോൺ എക്സെൽസം (Hymenodictiyon excelsum)*. കേരളത്തിലെ ഇലകൊഴിയും കാടുകളിൽ വളരുന്നു. ഉത്തരേന്ത്യയിലും ചിലയിടങ്ങളിലുണ്ട്. ലഘുവും സമ്മുഖവുമായ ഇല. 12-24 സെ.മീ. നീളവും 12-20 സെ.മീ. വീതിയും കാണും.



ചക്കത്തേക്ക്

ദീർഘവൃത്താകാരം. വക്കുകൾ അഖണ്ഡമാണ്. ഇലയ്ക്കു മഞ്ഞകലർന്ന പച്ചനിറം. മഞ്ഞുകാലത്ത് ഇല കൊഴിയുന്നു. ജൂൺ-ഓഗസ്റ്റിൽ ശാഖാഗ്രങ്ങളിൽ പൂക്കുല ഉണ്ടാകുന്നു. പൂവിനു പച്ചകലർന്ന വെള്ളനിറം. മണമുണ്ട്. പൂവ് സമമിതമാണ്. ബാഹ്യദളങ്ങളും ദളങ്ങളും അഞ്ചുവീതം. കേസരങ്ങളും അഞ്ച്. അണ്ഡാശയം അധോവർത്തിയാണ്. കായ്ക്ക് രണ്ടു സെ.മീ. നീളമുണ്ട്. മാർച്ച് ഏപ്രിലിൽ കായ്‌വിളയും. വിത്തിനു 'ചിറകു'ണ്ട്. തടിക്കു മങ്ങിയ മഞ്ഞനിറം. മൃദുവാണ്. ഈടും കുറവ്. തീപ്പെട്ടി, പാക്കിങ് പെട്ടി എന്നിവയ്ക്ക് ഉപയോഗിക്കുന്നു. ചക്കത്തേക്കുമായി വളരെ സാമ്യമുള്ള മരമാണ് കിലുങ്ങിമരം. *(ഹൈമനോ ഡിക്റ്റിയോൺ ഒബൊവേറ്റം)*.

ചക്കര

†കരിപ്പെട്ടി നോക്കുക.

ചക്കരക്കൊല്ലി

അസ്ക്ലിപ്പിഡേസി കുലത്തിൽപ്പെട്ട ആരോഹിലത. ശാസ്ത്രനാമം: *ജിംനീമ സിൽവെസ്റ്റർ (Gymnema sylvestre).* മധുരംകൊല്ലി എന്നും പേരുണ്ട്. ഇതിൽ ഒരുതരം ഗ്ലൂക്കോസൈഡ് ഉണ്ട്. ഇല ചവച്ചിട്ട് പഞ്ചസാര, സാക്കറിൻ മുതലായ മധുരസാധനങ്ങൾ വായിലിട്ടാൽ മധുരം ഉണ്ടാകില്ല. ഇതിന്റെ നീരുകുടിക്കുന്നതുകൊണ്ടു പ്രമേഹം ശമിക്കുമെന്നു നാട്ടുവൈദ്യന്മാർ കരുതുന്നു. പരീക്ഷണങ്ങളിൽ ഇതു തെളിഞ്ഞിട്ടില്ല.

ചക്കരച്ചെട്ടിയാർ (1878—1958)

ഇന്ത്യൻ സ്വാതന്ത്ര്യസമരഭടനും ഇന്ത്യയിലെ തൊഴിലാളി പ്രസ്ഥാനത്തിന്റെ ആദികാലസംഘാടകനും. ഇന്ത്യയിൽ ആദ്യമായി മെയ്ദിനാഘോഷം നടന്നത് 1923-ൽ ചക്കരച്ചെട്ടിയാരുടെ നേതൃത്വത്തിലാണ്. 1948 മുതൽ 1957 വരെ എ.ഐ.ടി.യു.സി.യുടെ പ്രസിഡന്റായിരുന്നു ഇദ്ദേഹം.

1878 ഡിസംബർ 12-നു മദിരാശിക്കടുത്തു തിരുവള്ളൂർ ഗ്രാമത്തിൽ ജനിച്ചു. മദിരാശി ക്രിസ്ത്യൻ കോളെജിൽനിന്നു ബി.എ. ബിരുദം നേടിയശേഷം നിയമപഠനം പൂർത്തിയാക്കി. മദിരാശിയിൽ അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കെ, 1904-ൽ സ്വാതന്ത്ര്യസമരപ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ തുടങ്ങി. ക്രമേണ അഭിഭാഷകവൃത്തി ഉപേക്ഷിച്ചു. മഹാകവി ഭാരതിയാർ ഇദ്ദേഹത്തിന്റെ സഹപ്രവർത്തകനായിരുന്നു. 1916-ൽ ആനിബസന്റ് നയിച്ച ഹോംറൂൾ പ്രസ്ഥാനത്തിലും 1920-ൽ മഹാത്മജി നയിച്ച നിസ്സഹകരണ പ്രസ്ഥാനത്തിലും പങ്കുകൊണ്ടു. റൌലത്ത് ആക്റ്റ്, ജാലിയൻവാലാബാഗ് കൂട്ടക്കൊല എന്നിവയ്ക്കെതിരെ നടന്ന പ്രതിഷേധപ്രവർത്തനങ്ങളിൽ സജീവ പങ്കാളിയായിരുന്നു. 1922-ൽ വെയ്ൽസിലെ രാജകുമാരൻ മദിരാശി സന്ദർശിച്ചപ്പോൾ, ബഹിഷ്കരണ പ്രകടനങ്ങൾക്കു നേതൃത്വം നല്കി. 1918-ൽ കല്യാണസുന്ദരം, ശെൽവപതി ചെട്ടിയാർ എന്നിവരൊത്തു മദിരാശി ലേബർ യൂണിയൻ സ്ഥാപിച്ചു. മദിരാശി നഗരത്തിന്റെ മേയർ, മദിരാശി സർവകലാശാലാ സെനറ്റ് അംഗം, മദിരാശി ലെജിസ്ലേറ്റീവ് കൗൺസിൽ അംഗം എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. 1941-ൽ മദിരാശിയിൽ "ഫ്രെൻഡ്സ് ഒഫ് സോവിയറ്റ് യൂണിയൻ" (എഫ്.എസ്.യു.) രൂപവത്കരിക്കുന്നതിനു നേതൃത്വം നല്കി. ഇന്തോ-സോവ്യറ്റ് സൗഹാർദം വളർത്തുന്നതിൽ പ്രമുഖപങ്കു വഹിച്ചു.

1958 ജൂൺ 14-ന് അന്തരിച്ചു.

ചക്കാലനായർ

നായന്മാരിലെ ഒരു വിഭാഗം. എണ്ണയാട്ടുക ആയിരുന്നു ഇവരുടെ കുലത്തൊഴിൽ. ഇന്ന് ഇവർ ഈ ജോലി ചെയ്യുന്നില്ല. ഇവരെ മറ്റു പിന്നോക്കജാതികളുടെ (Other backward communities - O.B.C.) കൂട്ടത്തിൽ പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ഉദ്യോഗനിയമനങ്ങളിൽ സംവരണം ലഭിക്കുന്നു. ഈ വിഭാഗം കേരളത്തിലേ ഉള്ളൂ. ഇവർ വളരെ ചെറിയ ഒരു ന്യൂനപക്ഷമാണ്.

ചക്കിപ്പരുന്ത്

†ചേരപ്പപരുന്ത് നോക്കുക

ചക്കിലിയർ

ഒരു വിഭാഗം ഹരിജനങ്ങൾ. 'അരുന്ധതീയർ' എന്നും പറയുന്നു. ആന്ധ്രയിൽനിന്നും കേരളത്തിൽ കുടിയേറിപ്പാർത്ത ഇവർ ഇപ്പോഴും മാതൃഭാഷയായ തെലുങ്കുതന്നെയാണ് ഇവിടെയും സംസാരിക്കുന്നത്. കേരളത്തിലെ 'ചെരുപ്പുകുത്തി'കൾ അധികവും ഈ വിഭാഗത്തിൽപ്പെടുന്നവരാണ്. ഗ്രാമത്തിലുള്ളവരാണു ചക്കിലിയർ; നഗരങ്ങളിൽ ഇവർ അരുന്ധതീയർ എന്ന പേരിലാണറിയപ്പെടുന്നത്.

പറയത്തക്ക വിദ്യാഭ്യാസമൊന്നും ഇവർക്കില്ല. പാലക്കാടും കോഴിക്കോടും ജില്ലകളിൽ വളരെ ചെറിയ ന്യൂനപക്ഷമായിക്കഴിയുന്ന ഇവർക്ക് അരുന്ധതീയസമാജം എന്നൊരു സംഘടനയുണ്ട്.

അരുന്ധതീയ വിഭാഗത്തിൽപ്പെട്ട ചിലർ തൂപ്പുപണിയിലും ഏർപ്പെടുന്നു. ഇവരുടെയിടയിൽ മക്കത്തായമാണു നടപ്പിലുള്ളത്. 'വീരവാസ്തി'യാണു കുലദൈവം. മരുതവീരനെയും പൂജിക്കുന്നു. പണ്ട് ഇവരുടെയിടയിൽ ശൈശവവിവാഹങ്ങൾ നിലനിന്നിരുന്നു. 'ആരംജോതിയെ' (അരുന്ധതിയെ) നോക്കിയാണു വിവാഹം. മാരിയമ്മൻ കോവിലിൽ 'തപ്പൊട്ട' കൊട്ടിയിരുന്നതും അരുന്ധതീയരാണ്.

ചക്കീചങ്കരം

മുൻഷി രാമക്കുറുപ്പ് എഴുതിയ ഒരു വിനോദനാടകം (1893). വലിയകോയിത്തമ്പുരാന്റെ ശാകുന്തളം, മന്നാടിയാരുടെ ജാനകീപരിണയം, ഉത്തരരാമചരിതം തുടങ്ങിയ നാടകങ്ങൾ ഭാഷയിൽ ആവിർഭവിച്ചതോടുകൂടി വളരെപ്പേർ നാടകമെഴുതാനും അരങ്ങത്ത് അവതരിപ്പിക്കാനും തുടങ്ങി. നാടകാനുകരണഭ്രമത്തിന്റെ ഉച്ഛൃംഖലമായ ആ പ്രവാഹത്തെ തടഞ്ഞുനിർത്താനും ക്ഷുദ്രകൃതികളെ പരിഹാസത്തിന്റെ അഗ്നിജ്വാലയിൽ മുളയിലെതന്നെ കരിച്ചുകളയാനും കൂടിയാണ് മുൻഷി വളരെ കർക്കശമായ രീതിയിൽ ഒരു ഹാസ്യനാടകം നിർമിച്ചത്. "വണ്ടിക്കാളകണക്കുവന്ന കവി മണ്ടന്മാർക്കു മണ്ടയ്ക്കടി" കൊടുക്കാൻ, ശിവകിങ്കരനെന്ന ഭാവത്തിൽ ഒരു കുംഭാണ്ഡൻ പ്രവേശിക്കുന്നതും, "വിദ്യാഭ്യാസംവിനാ നാടകമിനിയെഴുതിക്കൂട്ടുമോ നിങ്ങളെല്ലാം?" എന്നു ഗർജിച്ചുകൊണ്ട് "ഇല്ല" എന്ന് അവരെക്കൊണ്ടു സത്യം ചെയ്യിക്കുന്നതും ഈ കൃതിയിൽ സരസമായി വിവരിച്ചിരിക്കുന്നു.

ഇതേ ഉദ്ദേശ്യത്തോടുകൂടി ഏതാണ്ടിക്കാലത്തുതന്നെ (1894), ഇരുവനാട്ടു കെ.സി. നാരായണൻനമ്പ്യാർ എഴുതിയ മറ്റൊരു നാടകത്തിന്റെയും പേര് ഇതുതന്നെയാണ്. ഇതിനു 'വടക്കൻ ചക്കീചങ്കരം' എന്നു പറഞ്ഞുവരുന്നു. അദ്ദേഹം ഇതു പ്രസിദ്ധീകരിച്ചതു പുളിച്ചിങ്ങോത്ത് നാണിയമ്മ എന്ന പേരിലായിരുന്നു.

ചക്കോയുദ്ധം

1928-'35 കാലത്തു പരാഗ്വേയും ബൊളീവിയയും തമ്മിൽനടന്ന യുദ്ധം. തെക്കെ അമേരിക്കയുടെ ഏതാണ്ടു മധ്യഭാഗത്തുള്ള ഗ്രാൻ ചക്കോ എന്ന വിശാലമായ പുൽമൈതാനത്തിന്റെ ഭാഗവും ഉദ്ദേശം 2.6 ലക്ഷം ച.കി.മീ. വിസ്തീർണമുള്ളതുമായ ചക്കോബോറിയൽ പ്രദേശത്തിനുവേണ്ടിയാണു യുദ്ധം നടന്നത്. വമ്പിച്ച എണ്ണ നിക്ഷേപങ്ങളുണ്ടെന്ന കേൾവി, ഈ പ്രദേശത്തിനുവേണ്ടി രണ്ടുരാജ്യങ്ങളും ഉന്നയിച്ച അവകാശവാദത്തിനു മൂർച്ചകൂട്ടി. മറ്റു രാജ്യങ്ങളാൽ ചുറ്റപ്പെട്ട ബൊളീവിയയ്ക്ക് ഇവിടെയുള്ള പരാഗ്വേനദിയിൽ ഒരു തുറമുഖം കിട്ടിയാൽ അത്‌ലാന്തിക്കിലേക്കു സ്വതന്ത്രമായ പ്രവേശനം ലഭിക്കുമെന്ന ആശയും ഉണ്ടായിരുന്നു. ഈ പ്രദേശത്തിന്റെ രണ്ടു ഭാഗങ്ങളിലും രണ്ടു രാജ്യങ്ങളും സൈനികത്താവളങ്ങൾ സ്ഥാപിച്ചു. 1928 ഡിസംബർ 5-നു പരാഗ്വേ ഒരു ബൊളീവിയൻ താവളത്തെ ആക്രമിച്ചു. അതിനെത്തുടർന്ന് പല സംഘട്ടനങ്ങൾ ഉണ്ടായെങ്കിലും തുറന്ന യുദ്ധം ആരംഭിച്ചത് 1932-ലാണ്. ഇതിനിടയിൽ മറ്റ് അമേരിക്കൻരാജ്യങ്ങൾ നടത്തിയ അനുരഞ്ജനശ്രമങ്ങൾ പരാജയപ്പെട്ടു. യുദ്ധത്തിന്റെ ആദ്യഘട്ടത്തിൽ വിജയം ബൊളീവിയയ്ക്കായിരുന്നു. 1932 ഓഗസ്റ്റിൽ യൂസേബിയേ അയാല പരാഗ്വേയുടെ പ്രസിഡന്റായി. അതിനുശേഷം സംഘട്ടനങ്ങളിൽ പരാഗ്വേ ജയിക്കാൻ തുടങ്ങി. 1934 മാർച്ചു മുതൽ ജൂലായ് വരെയുള്ള അഞ്ചുമാസക്കാലം തീവ്രമായ യുദ്ധം നടന്നു. ബൊളീവിയയ്ക്കു തോൽവി സംഭവിച്ചുതുടങ്ങിയപ്പോൾ അവിടുത്തെ പ്രസിഡന്റുസ്ഥാനും രാജിവയ്ക്കാൻ സാലമാംഗ നിർബന്ധിതനായി. പരാഗ്വേയുടെ സൈന്യം ചക്കോബോറിയൽ കടന്നു ബൊളീവിയൻ പ്രദേശത്തേക്കു പ്രവേശിച്ചു. 1935 ജൂണിൽ ഇരുകൂട്ടരും തമ്മിൽ സന്ധിയുണ്ടായി. പിന്നീട് അർജെൻടിന, ബ്രസീൽ, ചിലി, പെറു, ഉറുഗ്വേ, യു.എസ്. എന്നീ അമേരിക്കൻ രാജ്യങ്ങൾചേർന്നു ചക്കോതർക്കത്തെക്കുറിച്ചു പുറപ്പെടുവിച്ച മധ്യസ്ഥതീരുമാനം ഇരുരാജ്യങ്ങളും സ്വീകരിച്ചു. അതനുസരിച്ചുള്ള ഉടമ്പടി 1938 ജൂലായ് 21-ന്

ഒപ്പുവച്ചു. തർക്കപ്രദേശത്തിൻെറ ബഹുഭൂരിഭാഗവും (2.3 ലക്ഷം ച.കി.മീ.) പരാഗ്വേയ്ക്കു ലഭിച്ചു. ബാക്കി ബൊളീവിയയ്ക്കും. എണ്ണ നിക്ഷേപങ്ങളുള്ള സ്ഥലമാണു ബൊളീവിയയ്ക്കു കിട്ടിയത്. പരാഗ്വേനദിയിലെ ഒരു തുറമുഖവും അവർക്കുകിട്ടി. ഈ യുദ്ധത്തിൽ ഒരു ലക്ഷത്തോളം പേർ മൃതിയടഞ്ഞു.

ചക്രം (Wheel)

ഒരു അക്ഷത്തെ ആധാരമാക്കി കറങ്ങാൻ പാകത്തിൽ ഘടിപ്പിച്ച വൃത്താകാരത്തിലുള്ള ചട്ടക്കൂട്. യന്ത്രാധിഷ്ഠിത നാഗരികതയുടെ അടിസ്ഥാനശിലകളിൽ ഒന്നായി ഇതു കരുതപ്പെടുന്നു. ചരിത്രാതീത കാലത്താണ് ഇതു കണ്ടുപിടിക്കപ്പെട്ടത്. ഇതിൻെറ പലതരത്തിലുള്ള രൂപഭേദങ്ങൾ വാഹനങ്ങളിലും യന്ത്രങ്ങളിലും ഉപയോഗിക്കുന്നു.

ചക്രത്തിൻെറ കണ്ടുപിടിത്തത്തിന് മുമ്പ് സാധനങ്ങൾ വലിച്ചു നീക്കുകയായിരുന്നു പതിവ്. ഇങ്ങനെ ചെയ്യുമ്പോൾ നേരിടേണ്ടിവരുന്നതിൻെറ ആയിരത്തിൽ ഒരംശം മുതൽ നൂറിൽ ഒരംശം വരെ † ഘർഷണ ബലത്തെ മാത്രമെ ഉരുട്ടിനീക്കുമ്പോൾ നേരിടേണ്ടിവരുന്നുള്ളു. ചക്രത്തിൻെറ കണ്ടുപിടിത്തം ഗതാഗത രംഗത്ത് വമ്പിച്ച ഒരു കുതിച്ചുചാട്ടത്തിന് ഇടവരുത്തിയത് ഈ സൗകര്യമാണ്.



റോമക്കാരുടെ
ചക്രം
(നാഷനൽ
ആൻറിക്വിറ്റി
മ്യൂസിയം,
എഡിൻബറോ)

പുരാവസ്തു അപഗ്രഥനങ്ങൾ. നൂറുശതാബ്ദക്കാലത്തെ പരിവർത്തന പ്രക്രിയയിലൂടെയാണ് ചക്രത്തിന് ഇന്നത്തെ രൂപമുണ്ടായതെന്നു പുരാവസ്തുഗവേഷണം തെളിയിക്കുന്നു. അമ്പത്തിയഞ്ചു നൂറ്റാണ്ടിനു മുമ്പു നിർമിച്ചതെന്നു കരുതപ്പെടുന്ന ഒരു ചക്രം മെസപ്പൊട്ടേമിയയിൽനിന്നു കണ്ടുകിട്ടിയിട്ടുണ്ട്. അതുതന്നെ വളരെയേറെ പരിവർത്തനങ്ങൾക്കു ശേഷമുള്ള രൂപമാണ്. കിഷ് (Kish), സൂസാ (Susa) എന്നിവിടങ്ങളിൽ അയ്യായിരം വർഷങ്ങൾ പഴക്കമുള്ള ശവകുടീരങ്ങളിൽ ആരക്കാലുകളും (Spokes) നാഭി (Hub)യുമുള്ള ചക്രങ്ങളുടെ അവശിഷ്ടങ്ങൾ കാണുകയുണ്ടായി. ഇതേ കാലഘട്ടത്തിൽത്തന്നെ ആരക്കാല്, നാഭി, ലോഹംകൊണ്ടുള്ള പട്ട (Tyre) തുടങ്ങിയ ഭാഗങ്ങളോടുകൂടിയ ചക്രങ്ങൾ മധ്യതുർക്കിയിലും പേർഷ്യയുടെ വടക്കുകിഴക്കു ഭാഗത്തും ഉപയോഗിച്ചിരുന്നതായി തെളിഞ്ഞിട്ടുണ്ട്. ഇവ അച്ചുതണ്ടിൽ ഉറപ്പിച്ചിരുന്നതായും അച്ചുതണ്ടിൽ ചക്രങ്ങൾ ഊരിപ്പോകാത്തവിധം ചാവി ഉപയോഗിച്ചിരുന്നതായും കാണുന്നു. ബി.സി. 15-ാം ശതകത്തിൽ സിറിയ, ഈജിപ്ത്, മെഡിറ്ററേനിയൻെറ പടിഞ്ഞാറൻ തീരങ്ങൾ എന്നീ സ്ഥലങ്ങളിൽ ആരക്കാലുകളും നാഭിയുമുള്ള ചക്രങ്ങൾ ഉപയോഗിച്ചിരുന്നതായി കണ്ടുപിടിച്ചിട്ടുണ്ട്. ബി.സി. 13-ാം ശതകത്തിൽ ചൈനയിലെ ഷാങ്വംശം രഥങ്ങളുപയോഗിച്ചിരുന്നതായും അവയിൽ ആരക്കാലുകളും നാഭിയും ഉണ്ടായിരുന്നതായും കണ്ടിരിക്കുന്നു.

ചക്രമാതൃകകൾ. മധ്യയൂറോപ്പിൽ 'ഇരുമ്പുയുഗം' എന്നറിയപ്പെട്ടിരുന്ന കാലഘട്ടത്തിൽ ഇരുമ്പ് ഉരുക്കാനുപയോഗിച്ചിരുന്ന വലിയ പാത്രങ്ങൾ നാല് ആരക്കാലുകളോടുകൂടിയ ചെറുചക്രങ്ങളിന്മേൽ ഘടിപ്പിച്ചിരുന്നതായി കാണുന്നു. സ്വീഡനിൽ 'കിവിക്' (Kivik) എന്ന സ്ഥലത്ത് 3000 വർഷം പഴക്കമുള്ള ഒരു ശവകുടീരത്തിൽ നാല് ആരക്കാലുകളോടുകൂടിയ ഒരു ചക്രത്തിൻെറ രൂപം കൊത്തിവച്ചിട്ടുണ്ട്. നാല്പത് ആരക്കാലുകളുള്ള ചക്രങ്ങൾ ചൈനയിലെ പല സ്ഥലങ്ങളിൽനിന്നും ഉത്ഖനനം ചെയ്തെടുത്തിട്ടുണ്ട്. ഭാരതത്തിൽ വേദകാലത്തു പരിഷ്കൃതരീതിയിലുള്ള ചക്രങ്ങൾ ഉപയോഗിച്ചിരുന്നു. അശോകൻെറ കാലത്ത് ചക്രത്തെ ധാർമികപുരോഗതിയുടെ പ്രതീകമായി കണക്കാക്കിയിരുന്നു. അക്കാലത്തെ ചക്രം അനേകായിരം വർഷത്തെ പരിവർത്തനങ്ങളുടെ ഫലമായിരുന്നുതാനും. പുരാവസ്തുഗവേഷകർക്കു ലഭിച്ചിട്ടുള്ള പുരാതനചക്രങ്ങളിൽ ഏറ്റവും പരിഷ്കൃതമായവ റോമിൽനിന്നാണു കിട്ടിയിട്ടുള്ളത്. 'കെൽറ്റ്സ്ൻ എന്ന വർഗക്കാർ താമസിച്ചിരുന്ന പ്രദേശത്തും 'ഗാൾ' എന്നറിയപ്പെട്ടിരുന്ന ഭൂവിഭാഗത്തിൻെറ തെക്കൻപ്രദേശങ്ങളിലും ആരക്കാലുകളും നാഭിയുമുള്ള ചക്രങ്ങൾ ഉപയോഗിച്ചിരുന്നതായി ഉത്ഖനനത്തിൽ കിട്ടിയ വസ്തുക്കൾ തെളിയിക്കുന്നു. ഈ സ്ഥലത്തുപയോഗിച്ചിരുന്ന ചക്രങ്ങളിൽ ചിലതിന് പതിന്നാല് ആരക്കാലുകളുള്ളതായി കാണുന്നു. ചില ചക്രങ്ങളുടെ നാഭിയുടെ വശങ്ങളിൽ തേയ്മാനം കുറയ്ക്കാനുതകത്തക്കവിധം പിച്ചളവളയങ്ങൾ ഉറപ്പിച്ചിരുന്നു. ഘർഷണം കുറയ്ക്കാനായി നാഭിക്കുള്ളിൽ അച്ചുതണ്ടിനെ ചുറ്റി മരംകൊണ്ടുള്ള ചെറിയ ഉരുളുകളും ഉപയോഗിച്ചിരുന്നു. റോമൻചക്രങ്ങളിൽനിന്നു വലിയ പരിവർത്തനമൊന്നും ചക്രത്തിനു വളരെക്കാലത്തേയ്ക്കുണ്ടായില്ല. റബർ ടയർ, ബെയറിങ്ങുകൾ (Bearings) തുടങ്ങിയവയുടെ കണ്ടുപിടിത്തത്തിനുശേഷം മാത്രമേ ചക്രത്തിൻെറ ഘടനയിൽ സാരമായ മാറ്റമുണ്ടായുള്ളു.



രണ്ടു ചക്രങ്ങളുള്ള വാഹനം
ശിലയിൽ കൊത്തിയത് (ബി. സി. 3500)

പരിണാമചരിത്രം. ഉരുണ്ട പാറകളോ തടികളോ കുന്നിൻ ചെരിവിലൂടെ ഉരുളുന്ന കാഴ്ചയായിരിക്കാം ആദിമമനുഷ്യന് ചക്രത്തിൻെറ നിർമിതിക്കാസ്പദമായ ആശയം പ്രദാനം ചെയ്തത്. പിൽക്കാലത്ത് വലിയ ഭാരം വലിച്ചു നീക്കാനായി ഉരുളൻ തടികൾ ഉപയോഗിക്കാൻ തുടങ്ങി. ഉരുളൻ തടികൾക്ക് മുകളിൽവച്ചു വലിയഭാരം ഉരുട്ടിനീക്കുന്നത് വലിച്ചുകൊണ്ടുപോകുന്നതിനെക്കാൾ വളരെ എളുപ്പമാണെന്നു ബോധ്യപ്പെട്ടു. ഏറ്റവും പ്രാഗ്രൂപത്തിലുള്ള ഈ 'ചക്രം' വളരെക്കാലത്തേയ്ക്കു മാറ്റമില്ലാതെ തുടർന്നു. ഈജിപ്റ്റിലെ പിരമിഡുകളും ഭീമാകാരമായ പ്രതിമകളും നിർമിക്കാനുപയോഗിച്ച ഭാരമേറിയ കല്ലുകൾ ഈ രീതി ഉപയോഗിച്ചാണ് യഥാസ്ഥാനങ്ങളിൽ എത്തിച്ചിരുന്നത്.

ഉരുളിൻെറ രൂപത്തിൽ ചില രൂപഭേദങ്ങൾ ഉണ്ടായതോടെ ഉരുൾ ഉപയോഗിച്ചുള്ള ചില 'വണ്ടികൾ' ആവിർഭവിച്ചു. ഉരുളുകളുടെ രണ്ടറ്റത്തും ചക്രത്തിൻെറ ആകൃതിയിൽ കുറെ ഭാഗം മാത്രം ശേഷിപ്പിച്ചിട്ടു ബാക്കി വെട്ടി കനംകുറച്ച് ഒരു അച്ചുതണ്ടുപോലാക്കി. ഉരുളിൻെറ ഭാരം കുറയുന്നതിനും വണ്ടി ഇരുവശത്തേക്കും



ചക്രത്തിൻെറ പരിണാമം
കാലാന്തരങ്ങളിലൂടെ



നിലത്ത് അമരുന്നതിന്
ഇരുമ്പാണികൾ തറച്ച ചക്രങ്ങൾ

വഴുതിപ്പോകാതിരിക്കുന്നതിനും ഇതു സഹായിച്ചു. ഉരുളുകൾ മാറ്റിയിടുകയെന്ന പ്രശ്നം പരിഹരിക്കാനായിരുന്നു അടുത്ത ശ്രമം. വണ്ടിക്കടിയിൽ മരംകൊണ്ടുള്ള ആണികൾ ഉറപ്പിച്ചു അവയ്ക്കിടയിൽ ഉരുളിലെ അച്ചുതണ്ടുപോലെ കനം കുറഞ്ഞ ഭാഗം കടത്തിയപ്പോൾ ഉരുൾ വണ്ടിവിട്ടു നീങ്ങാതായി. ആണികൾക്കിടയിൽ ഉരുൾ സുഗമമായി കറങ്ങത്തക്കവണ്ണം സ്നേഹകങ്ങൾ (Lubricants)) ഉപയോഗിച്ചിരുന്നു.

വളവു തിരിയുമ്പോൾ ഇത്തരം ഉരുളിലെ ഒരുവശം നിരങ്ങിനിങ്ങേണ്ടിവരുന്നു. ഓരോ വശവും സ്വതന്ത്രമായി കറങ്ങിയാൽ ഇതുണ്ടാവുകയില്ല. ഉരുളിൽനിന്നു രണ്ട് വൃത്താകാരമായ ഖണ്ഡങ്ങൾ മുറിച്ചെടുക്കുകയും അവയെ ഒരച്ചുതണ്ടിൽ ഇരുവശത്തും സ്വതന്ത്രമായി കറങ്ങത്തക്കവണ്ണം സജ്ജീകരിക്കുകയുമായിരുന്നു ഇതിനു കണ്ടപോംവഴി. ഇവ അച്ചുതണ്ടിൽനിന്നു ഊരിപ്പോകാതിരിക്കുന്നതിനു ചാവി ഉപയോഗിച്ചിരുന്നു. വാഹനഗതാഗതത്തിൽ ആദ്യമായുപയോഗിച്ച ഒരുജോടി ചക്രങ്ങൾ ഇത്തരത്തിലുള്ളവ ആയിരുന്നിരിക്കണം.

ചക്രങ്ങളുടെ ബലം വർധിപ്പിക്കുകയും ഭാരം കുറയ്ക്കുകയും ചെയ്യുന്നതിനുള്ള ശ്രമത്തിലാണ് ആരക്കാലുകളും നാഭിയും ഉണ്ടാക്കിയെടുത്തത്.

ഉരുളൻതടിയിൽനിന്നു ഛേദിച്ചുണ്ടാക്കിയ ചക്രങ്ങൾ എളുപ്പം പൊട്ടിപ്പോയിരുന്നു. ഇത് ഒഴിവാക്കാൻ ചക്രങ്ങളുടെ വശങ്ങളിൽ പരിധിവരെ എത്തത്തക്ക പലകകൾ കുറുകെ ഉറപ്പിച്ച് അവയുടെ ബലം വർധിപ്പിച്ചിരുന്നു. ഇതു ചക്രത്തിൻെറ ഭാരം അമിതമായി വർധിപ്പിച്ചു. അപ്പോൾ അത്യാവശ്യമില്ലാത്ത ഭാഗങ്ങൾ ചക്രത്തിൽനിന്നു കൊത്തിയെടുത്തുകളഞ്ഞ് അതിൻെറ ഭാരത്തിൽ കുറവു വരുത്തി. പിന്നീടു ആരക്കാലുകൾകൊണ്ട് അതിന് ഉറപ്പുവരുത്തുകയും ചെയ്തു. ചക്രങ്ങൾ വഴുതിപ്പോകാതെ നിലത്ത് അമർത്തിപ്പിടിക്കുന്നതിന് ചക്രത്തിൽ ആണി തറയ്ക്കുന്ന ഒരു സമ്പ്രദായം പിൽക്കാലത്തു നിലവിൽവന്നു.

വലിയ ചക്രങ്ങൾ. വലിയ ചക്രങ്ങൾ ആവശ്യമായി വന്നപ്പോൾ ചക്രത്തിൻെറ നിർമിതിയിൽ മാറ്റം വരുത്തേണ്ടിവന്നു. വലിയ ചക്രം മുറിച്ചെടുക്കത്തക്കവിധം വണ്ണംകൂടിയ തടി കിട്ടുക പ്രയാസമാണ്. പലഖണ്ഡങ്ങൾ കൂട്ടിയിണക്കി ചക്രം നിർമിക്കുകയായിരുന്നു ഇതിനൊരു പോംവഴി. ചക്രത്തിൻെറ പരിധിഭാഗം നിർമിക്കാനുതകുന്ന തരത്തിൽ പല തടിക്കഷണങ്ങൾ ചൂടുപിടിപ്പിച്ചോ, പണിചെയ്തോ വളച്ചെടുക്കുന്നു. ഇവയെ ഫെല്ലീസ് എന്നു പറയുന്നു. നാലോ അഞ്ചോ ഫെല്ലീസ് കൂട്ടിയിണക്കുമ്പോൾ ചക്രത്തിൻെറ പരിധിഭാഗമാകുന്നു. ഈ പരിധിഭാഗത്തെ കേന്ദ്രവുമായി യോജിപ്പിക്കുന്ന ശ്രമത്തിലാണ് ആരക്കാലുകളും നാഭിയും രൂപമെടുത്തത്. ഇങ്ങനെ നിർമിച്ച ചക്രത്തിന് ഏകദേശം ഇന്നത്തെ കാളവണ്ടിച്ചക്രത്തിൻെറ രൂപം ആയിരുന്നെന്നു പറയാം.

ഇരുമ്പിൻെറ കണ്ടുപിടിത്തത്തോടെ ഈടുനില്ക്കുന്നതും ബലമുള്ളതുമായ ചക്രങ്ങൾ നിർമിക്കാൻ കഴിഞ്ഞു. മരംകൊണ്ടുള്ള ചക്രത്തെ ചുറ്റി ഇരുമ്പുകൊണ്ടുള്ള പട്ട (Tyre) പിടിപ്പിച്ചു ബലമുള്ളതും തേയ്മാനം കുറഞ്ഞതുമായ ചക്രം നിർമിക്കാൻ കഴിഞ്ഞു.

ഇത്തരം ചക്രങ്ങളുടെ നിർമിതക്കുശേഷം പറയത്തക്ക പരിവർത്തനമൊന്നും വളരെക്കാലത്തേക്ക് ഉണ്ടായില്ല. റബറിൻെറ കണ്ടുപിടത്തമാണ് പിന്നീടുള്ള മാറ്റങ്ങൾക്കുകാരണം. ഇരുമ്പുപട്ടയുള്ള ചക്രങ്ങൾ ഘടിപ്പിച്ച വാഹനങ്ങളിലെ യാത്ര അതിൻെറ ഉലച്ചിൽകൊണ്ടു അസുഖകരമായിരുന്നു. ഈ ഉലച്ചിലും ആട്ടവും കുറയ്ക്കുന്നതിന്ഇരുമ്പുപട്ടയ്ക്കുപകരം റബർകൊണ്ടുള്ള പട്ട ഉപയോഗിച്ചുതുടങ്ങി. ആദ്യം കട്ടിറബർകൊണ്ടുള്ള ടയറാണുപയോഗിച്ചിരുന്നത്. പിന്നീടു ചെറിയ അറകളുള്ള ടയർ ഉപയോഗിച്ചുതുടങ്ങി. ഇവയെ 'കുഷൻ ടയർ' എന്നു വിളിച്ചിരുന്നു.

ചക്രങ്ങളുടെ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരിവർത്തനം വായു നിറയ്ക്കാവുന്ന ടയർ (Pneumatic tyre) കണ്ടുപിടിച്ചതാണ്. 1845-ൽ റോബർട്ട് തോംപ്സൺ എന്ന ഇംഗ്ലീഷുകാരനാണ് ഇതു കണ്ടുപിടിച്ചത്. പക്ഷേ, അക്കാലത്തു ഇത്തരം ടയറുകൾ വൻതോതിൽ നിർമിക്കാൻ കഴിയാത്തതുകൊണ്ട് പ്രചാരം സിദ്ധിച്ചില്ല. 1888-ൽ ജോൺ ബോയ്സ് ഡൺലപ് എന്ന സ്കോട്ട്ലണ്ടുകാരനാണ് ഇന്നു കാണുന്നതരത്തിലുള്ള ടയർ നിർമിച്ചുതുടങ്ങിയത്. ചക്രത്തെ ചുറ്റി പൊള്ളയായ ടയറുറപ്പിക്കുന്നു. ടയറിനുള്ളിൽ കാറ്റു നിറച്ച റബർകുഴലും അടക്കംചെയ്തിരിക്കും. ടയറിൽത്തന്നെ നേരിട്ട് കാറ്റു നിറയ്ക്കാവുന്നതരം ടയറുകളും ഇന്നു പ്രചാരത്തിലുണ്ട്. കാറ്റടക്കംചെയ്ത ടയറുകൾ വാഹനത്തിൻെറ ഉലച്ചിൽ വളരെയേറെ കുറയ്ക്കാൻ സഹായിച്ചു. † ടയർ നോക്കുക.



സൈനികവാഹനങ്ങളുടെ ചക്രങ്ങൾ: രണ്ടു
മീറ്ററിൽ കൂടുതൽ ഉയരമുണ്ട് ചിലതിന്

തീവണ്ടിയുഗം. പത്തൊൻപതാം ശതകത്തിൻെറ ആരംഭത്തിൽ തീവണ്ടികളുടെ ആവിർഭാവത്തോടെയാണ് ഇരുമ്പുകൊണ്ടുള്ള ചക്രങ്ങൾ വൻതോതിൽ നിർമിച്ചുതുടങ്ങിയത്. വാഹനങ്ങളിൽ ഉപയോഗിക്കുന്നതുകൂടാതെ ചക്രങ്ങൾക്ക് മറ്റ് അനേകം ഉപയോഗങ്ങൾ ഇന്നുണ്ട്. ആധുനികലോകത്തിലെ ആയിരക്കണക്കിനുള്ള ചെറുതും വലുതുമായ യന്ത്രസംവിധാനങ്ങളിൽ ചക്രങ്ങൾ അനിവാര്യഘടകങ്ങളാണ്. വാച്ച്, ക്ലോക്ക് തുടങ്ങിയ യന്ത്രങ്ങൾ പൽച്ചക്രങ്ങളുടെ പ്രവർത്തനത്തെ ആശ്രയിച്ചാണ് അവയുടെ കൃത്യം നിർവഹിക്കുന്നത്. കാറ്, ട്രക്ക് തുടങ്ങിയവയിലെ ഗിയറുകൾ പൽച്ചക്രങ്ങളുടെ സമാഹാരങ്ങളാണ്. വിവിധതരം യന്ത്രങ്ങളിലും, യന്ത്രശാലകളിലും പലതരം ചക്രങ്ങളുടെ അദ്ഭുതകരമായ പ്രവർത്തനങ്ങൾ കാണാൻ കഴിയും.

എൻ. രാമകൃഷ്ണൻ നായർ

ചക്രം

പഴയ തിരുവിതാംകൂർ രാജ്യത്തു നടപ്പിലിരുന്ന ഒരു ചെമ്പുനാണ



പഴയ
തിരുവിതാംകൂർ ചക്രം

യം. രണ്ടു സെ. മീറ്ററോളം വ്യാസമുള്ള ഒരു വൃത്തത്തകിടിന്റെ ഒരു വശത്തു തിരുവിതാംകൂർ ഗവൺമെന്റിന്റെ ചിഹ്നമായ ശംഖുമുദ്രയും മറുവശത്തു മഹാരാജാവിന്റെ പേര് ഇംഗ്ലീഷിലെഴുതുമ്പോഴുള്ള ആദ്യക്ഷരങ്ങളും മുദ്രണം ചെയ്തിരിക്കും. 28 ചക്രം കൂടുമ്പോൾ ഒരു സർക്കാർരൂപയാകും എന്നായിരുന്നു കണക്ക്. അരച്ചക്രം, കാൽച്ചക്രം എന്നീ നാണയങ്ങളും ഉണ്ടായിരുന്നു. ഒരു ചക്രത്തിന്റെ വില 16 കാശ് ആണ്. തിരുവിതാംകൂർ രാജ്യം ഇന്ത്യൻ യൂണിയനിൽ ലയിച്ചതിനെത്തുടർന്നു തിരുവിതാംകൂർ നാണയങ്ങൾക്കു പകരം ഇന്ത്യൻ നാണയങ്ങൾ നടപ്പിൽവന്നു.

ചക്രം

മഹാവിഷ്ണുവിന്റെ മുഖ്യായുധങ്ങളിലൊന്ന്. സുദർശനം എന്നാണിതിന്റെ പേർ. തന്റെ പുത്രിയായ സംജ്ഞയെ പരിണയിച്ച സൂര്യന്റെ തേജസ്സ് അല്പം ലഘൂകരിക്കാൻ, അവളുടെ അപേക്ഷയനുസരിച്ച്, വിശ്വകർമാവ് സൂര്യബിംബമെടുത്തു കടഞ്ഞുവെന്നും, അതിൽനിന്നു വിഘടിച്ച എട്ടിലൊന്ന് ഊഷ്മാവുകൊണ്ടു വിശ്വകർമാവ് വിഷ്ണുവിനു സുദർശനചക്രവും ശിവന് ത്രിശൂലവും കുബേരനു പുഷ്പകവിമാനവും ബ്രഹ്മാവിനു ശക്തി(വേൽപോലെയുള്ള ഒരായുധം)യും നിർമിച്ചുകൊടുത്തു എന്നും ആണു പുരാണങ്ങളിൽ കാണുന്നത്. സമുദ്രജലത്തിനുള്ളിൽ സൂക്ഷിച്ചുവച്ചിരുന്ന സുദർശനചക്രത്തെ ഖാണ്ഡവദാഹസമയത്തു അഗ്നിദേവനാണു ശ്രീകൃഷ്ണനെ ഏല്പിച്ചതെന്നും ഒരു കഥയുണ്ട്.

ചക്രത്തകര

ലെഗുമിനേസേ കുലത്തിൽപ്പെട്ട ഏകവർഷ ഓഷധി. ശാസ്ത്രനാമം: *കാഷിയ ടോറ (Cassia tora)*. ഇന്ത്യയിൽ സമതലപ്രദേശങ്ങളിൽ ധാരാളമുണ്ട്. വളരെ ഇലകളും ശാഖകളുമായി ഏതാണ്ടു 30-120 സെ.മീ. ഉയരത്തിൽ വളരുന്നു. ഏകാന്തരന്യാസത്തിൽ സംയുക്തപത്രങ്ങൾ. പത്രകങ്ങൾക്കു ശരാശരി മൂന്നു സെ.മീ. നീളവും രണ്ടു സെ.മീ. വീതിയുമുണ്ട്. മധ്യസിര വളരെ വ്യക്തം. ഇലയ്ക്കു ദുർഗന്ധമുണ്ട്. സന്ധ്യയോടെ ഇല രണ്ടായി മടങ്ങുന്നു. പുഷ്പങ്ങൾ മഞ്ഞനിറത്തിൽ ജോടികളായി കാണപ്പെടുന്നു. ബാഹ്യദളവും ദളവും അഞ്ചുവീതം. കേസരം പത്ത്. ഫലത്തിനു പത്തു സെ. മീറ്ററോളം നീളംവരും. ഓരോ ഫലത്തിലും 20-30 വിത്തുകൾ. വിത്ത് മൂപ്പെത്തുമ്പോൾ തവിട്ടുനിറമാണ്. ഇലയിലും വിത്തിലും ‘എമോഡിൻ’ എന്ന ഗ്ലൂക്കൊസൈഡ് അടങ്ങിയിട്ടുണ്ട്. വിത്തും ഇലയും ചർമരോഗങ്ങൾക്ക് ഔഷധമാണ്. കുഷ്ഠരോഗശമനത്തിന് ഇതിന്റെ ഇല നന്ന്. പുഴുക്കടിയുള്ള ഭാഗത്തു വിത്ത് അരച്ചുപുരട്ടാറുണ്ട്. ഇല കഷായംവച്ചു കുടിച്ചാൽ മലശോധന ഉണ്ടാകും.



ചക്രത്തകര

ചക്രപാണി വാരിയർ, എരുവയിൽ (1861—1952)

സംഗീത നാടകകൃത്തും പണ്ഡിതനും. കായംകുളത്തിനടുത്തുള്ള എരുവയിൽ, കായംകുളം രാജാവിന്റെ മന്ത്രിയായിരുന്ന എരുവയിൽ അച്യുതവാരിയരുടെ കുടുംബത്തിൽ ജനിച്ചു (1037 വൃശ്ചികം 25 ന്). ചെറുപ്പത്തിൽ സംസ്കൃതത്തിൽ ദൃഢമായ വ്യുത്പത്തി നേടി. സംഗീതത്തിൽ ജന്മവാസനയുണ്ടായിരുന്നതിനാൽ ഗാനരചനയിലും സംഗീതനാടകരചനയിലും തത്പരനായി. കേരളവർമയുടെ ശാകുന്തളം ആദ്യകാലത്ത് അഭിനയിക്കുമ്പോൾ ശ്ലോകങ്ങൾ വിരുത്തംപോലെ പാടുകയായിരുന്നു പതിവ്. ശ്ലോകങ്ങൾക്കുപകരം രാഗതാളങ്ങളോടുകൂടിയ സംഗീതം പ്രയോഗിക്കാമെന്ന് ‘സംഗീതസംഘടിതമായ’ ശാകുന്തളത്തിലൂടെ ചക്രപാണിവാരിയർ തെളിയിച്ചു. വാരിയരെ പ്രസിദ്ധനാക്കിയ സംഗീതനാടകം ഹരിശ്ചന്ദ്രചരിതമാണ് (1893). നാല്പതുകൊല്ലത്തിനുള്ളിൽ 12 പതിപ്പുകൾ ഈ നാടകത്തിനുണ്ടായി. ഹരിശ്ചന്ദ്രചരിതത്തെത്തുടർന്ന്, രുക്മാംഗദചരിതം സംഗീതശാകുന്തളം (1901), വള്ളീചരിതം, കൃഷ്ണാർജുനവിജയം, പാണ്ഡവാശ്വമേധം, പാരിജാതഹരണം മുതലായി ഏഴെട്ടുനാടകങ്ങൾ രചിച്ചു. നാടകക്കാർക്കു ‘സമയോചിതം’ പാടാൻ ‘ആപൽബന്ധു’ എന്നൊരു സംഗീതമാലികയും രചിക്കയുണ്ടായി.

വാരിയർ 1888-ൽ മജിസ്ട്രേട്ടുപരീക്ഷ പാസായി ക്രിമിനൽ കോടതികളിൽ വ്യവഹരിക്കാനുള്ള സന്നതെടുത്തു. 45 വർഷക്കാലം സാഹിത്യ സേവനവും വക്കീൽപ്പണിയും ഒന്നിച്ചുനടത്തി. സാത്വികനും നിത്യബ്രഹ്മചാരിയുമായി 90 വയസ്സുവരെ ജീവിച്ചിരുന്ന ചക്രപാണി വാരിയർ 1127 മകരം 11-നു മരിച്ചു.

ചക്രപൂജ

ശ്രീചക്രത്തിനു നടത്തുന്ന പൂജ. ‘ശക്തി’യുടെ പ്രതീകമാണു ശ്രീചക്രം. നവഗ്രഹങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഒമ്പതു ത്രികോണങ്ങളും മധ്യബിന്ദുവും ത്രിവലയങ്ങളും ഭൂപുരവും ചേർന്നതാണു ശ്രീചക്രം. ചതുരത്തിലുള്ള പഞ്ചലോഹത്തകിടിൽ വരകൾകൊണ്ടു ശ്രീചക്രം സൃഷ്ടിക്കാം. ഭൂപുരവും ത്രിവലയങ്ങളും ഓരോ ത്രികോണവും മേല്ക്കുമേൽ ഉയർത്തി ബിന്ദുവിൽ അവസാനിക്കുംവിധമുള്ള ചക്രത്തെ മേരുചക്രം എന്നു പറയുന്നു. ചക്രപൂജയിൽ ശാക്തേയന്മാർ പഞ്ചമകാരങ്ങൾ (മത്സ്യം, മാംസം, മദിര, മുദ്ര, മൈഥുനം) ഉപയോഗിച്ചിരുന്നു.

ചക്രവർത്തി

രാജാക്കന്മാരുടെ രാജാവ്. സാമ്രാജ്യത്തിന്റെ പരമോന്നതാധികാരി. പല സാമന്തരാജാക്കന്മാരുടെ പക്കൽനിന്നു കപ്പംവാങ്ങി അവരുടെയെല്ലാം നാടുകളിൽ അധീശാധികാരം നടത്തുന്ന പരമോന്നതാധികാരി ആണ് ഇദ്ദേഹം. കൈത്തലത്തിൽ വിഷ്ണുവിന്റെ സുദർശനചക്രത്തിന്റെ അടയാളം ചക്രവർത്തി ലക്ഷണമാണെന്ന് വിഷ്ണുപുരാണത്തിൽ പറയുന്നുണ്ട്. ഭൂ(ലോക)‘ചക്ര’ത്തിൽ ‘വർത്തി’ക്കുന്ന ആൾ എന്നും ചക്രവർത്തിപദത്തെ വ്യാകരിച്ചു വ്യാഖ്യാനിക്കുന്നുണ്ട്.

അലക്സാണ്ടർ, ചന്ദ്രഗുപ്തൻ, അശോകൻ, റോമൻ സാമ്രാജ്യാധിപതികൾ തുടങ്ങിയവർ മുൻകാലത്തെ പ്രബലന്മാരായ ചക്രവർത്തികളായിരുന്നു. ആധുനികചരിത്രത്തിൽ റഷ്യൻ-ഫ്രെഞ്ച്-ജെർമൻ-ബ്രിട്ടീഷ് സാമ്രാജ്യങ്ങളെയും അവയുടെ ചക്രവർത്തികളെയും കാണാൻ കഴിയുന്നു. രണ്ടാംലോകയുദ്ധത്തിനുശേഷം രാഷ്ട്രീയമായ സാമ്രാജ്യത്വസങ്കല്പങ്ങൾ അന്തർധാനംചെയ്തു കഴിഞ്ഞു.

† സാമ്രാജ്യത്വം നോക്കുക.

ചക്രവർത്തി, പി.സി. (1903—)

ബംഗാളി ഗ്രന്ഥകാരനും ചിത്രകാരനും. ഇദ്ദേഹത്തിന്റെ ഛോട്ടോദേർ രാമായൺ എന്ന ബാലസാഹിത്യകൃതിക്കു പ്രസിഡന്റിന്റെ അവാർഡു ലഭിച്ചു. ഛോട്ടോദേർ മഹാഭാരത്, ഛോട്ടോദേർ പഞ്ചതന്ത്ര് എന്നീ ബാലസാഹിത്യകൃതികളും സമ്മാനങ്ങൾ നേടിയിട്ടുണ്ട്. മനോഹരമായ ചിത്രങ്ങളാൽ അലംകൃതങ്ങളാണ് ഈ കൃതികൾ. അറബിക്കഥകൾ, മേഘദൂതം, കുമാരസംഭവം തുടങ്ങിയ സചിത്രകഥകളും കുട്ടികളുടെ ശ്രീരാമകൃഷ്ണൻ, കുട്ടികളുടെ വിവേകാനന്ദൻ, കുട്ടികളുടെ ചൈതന്യൻ എന്നീ ചിത്രജീവചരിത്രങ്ങളും വളരെയേറെ പ്രചാരം നേടിയിട്ടുണ്ട്. അക്കാദമി ഒഫ് ഫൈൻ ആർട്സ്, ശിശുസാഹിത്യ സമ്പത്ത് എന്നിവയിൽ അംഗമാണു ചക്രവർത്തി.

ചക്രവാകം

ഒരു രാഗം. കർണാടകസംഗീതത്തിലെ 16-ാം മേളകർത്താരാഗമാണിത്. ക്രമസമ്പൂർണമാണ് ആരോഹണാവരോഹണങ്ങൾ.

ആരോഹണം : സ രി ഗ മ പ ധ നി സ
അവരോഹണം : സ നി ധ പ മ ഗ രി സ

ഷഡ്ജപഞ്ചമസ്വരങ്ങൾക്കു പുറമെ കോമളഋഷഭം, തീവ്രഗാന്ധാരം, കോമളമധ്യമം, തീവ്രധൈവതം, കോമളനിഷാദം എന്നീ സ്വരങ്ങൾ ഈ രാഗത്തിൽ വരുന്നു. ഈ രാഗത്തിലെ മ, നി എന്നീ സ്വരങ്ങളെ ആധാരഷഡ്ജമാക്കി ശ്രുതിഭേദം ചെയ്യുന്നപക്ഷം സരസാംഗി, ധർമവതി എന്നീ രാഗങ്ങൾ ജനിക്കുന്നു. രി, നി എന്നിവയാണു രാഗച്ഛായാസ്വരങ്ങൾ. ഗ മ രി, പ മ ധ എന്നിവ വിശേഷപ്രയോഗങ്ങളാണ്. ഏതു കാലത്തും പാടാവുന്നതാണ് ഈ രാഗം. പ്രഭാതസമയത്തിനു കൂടുതൽ യോജിച്ചതാണെന്നും അഭിപ്രായമുണ്ട്. *എടുല ബ്രോതുവോ* (ത്യാഗരാജസ്വാമി) *യദുകുലതിലക* (കരൂർ ദേവുഡു അയ്യർ) *സരോജനാഭ* (സ്വാതിതിരുനാൾ) തുടങ്ങിയവ ഈ രാഗത്തിലുള്ള പ്രസിദ്ധ കീർത്തനങ്ങളാണ്.

ചക്രവാകം

ഭാരതീയകവികളുടെ വർണനവിഷയം എന്ന നിലയിൽ പ്രസിദ്ധിനേടിയ പക്ഷി. Ruddy goose എന്നും Brahmany goose എന്നും ഇംഗ്ലീഷിൽ പറയാറുണ്ട്. *അനാസ് കാസർക്ക* (Anas casarca) എന്നാണു ശാസ്ത്രനാമം. അനറ്റിഡേ (Anatidae) കുലത്തിൽ പെടുന്നു. കോകം, രഥാംഗം എന്നീ പര്യായങ്ങൾ കവികൾ ഉപയോഗിക്കുന്നു. ഡാബ്ലിങ് ഡക്ക്, ഫ്രെഷ് വാട്ടർ ഡക്ക് എന്നീ പേരുകളും ഇതിനുണ്ട്. ജലസസ്യങ്ങളാണു ഭക്ഷണം. തീരത്താണു മുട്ട ഇടുന്നത്. കൊക്കു പരന്നതും വീതിയേറിയതുമാണ്. ഇതു വെള്ളത്തിൽ നീന്തുകയും വളരെ വേഗം പറക്കുകയും ചെയ്യും. ഒരു സമയത്ത് 6 മുതൽ 12 വരെ മുട്ട ഇടുന്നു. 20-25 ദിവസം വേണം മുട്ട വിരിയാൻ.

ചക്രവാകഇണകൾ പകൽമുഴുവൻ വേർപിരിയാതെ താമരപ്പൊയ്കയിൽ കഴിയുന്നു എന്നും രാത്രി ഇരുട്ടുകൊണ്ടു പരസ്പരം കാണാതെ വിലപിച്ചു കഴിക്കുന്നു എന്നുമാണു കവിസങ്കല്പം. ചക്രവാകത്തെ കാണുന്നതു ശുഭസൂചകമാണ് എന്നൊരു വിശ്വാസമുണ്ട്. ചക്രവാകത്തെ സന്ദേശഹരനാക്കി മലയാളത്തിൽ ഒരു സന്ദേശകാവ്യം —ചക്രവാകസന്ദേശം— ഉണ്ടായിട്ടുണ്ട്.

ചക്രവാളം (Horizon)

ആകാശം ഭൂമിയെ സ്പർശിക്കുന്നതായി തോന്നുന്ന രേഖ.പ്ലംബസൂത്രത്തിനു (plumb line) ലംബമായ തലത്തിലെ ഖഗോളത്തിൻെറ പ്രതിച്ഛേദം (Intersection of the celestial sphere) എന്നാണു ജ്യോതിഃശാസ്ത്രം ചക്രവാളത്തെ നിർവചിക്കുന്നത്. നിരീക്ഷകൻെറ നില്പ് ഉയരുന്തോറും ചക്രവാളം താഴ്ന്നും വ്യക്തമായും വരുന്നു. ചക്രവാളതലത്തിൽനിന്ന് ഒന്നരമീറ്റർ ഉയർന്നാണു നിരീക്ഷകൻെറ കണ്ണെങ്കിൽ നാലര കി.മീറ്റർ അകലെയാണു ചക്രവാളം. 3048 മീ. ഉയരത്തിൽ അത് 203 കിലോമീറ്റർ അകലെയാണ്. ഭൂമി ഒഴികെയുള്ള ഗോളങ്ങളിൽനിന്നു നോക്കിയാൽ അവയുടെ വലിപ്പം അനുസരിച്ചു ചക്രവാളത്തിൻെറ അകലവും വ്യത്യസ്തമായിരിക്കും. ചന്ദ്രോപരിതലത്തിൽനിന്ന് ഒന്നര മീറ്റർ ഉയരത്തിലാണു നോക്കുന്നയാളുടെ കണ്ണെങ്കിൽ അകലം 2.3 കി.മീറ്ററേ വരൂ.

ചക്രവും അച്ചുതണ്ടും (Wheel and Axil)

ഒരു ലഘുയന്ത്രം (simple machine). ബലത്തിൻെറ പ്രവർധന (amplification)ത്തിനുള്ള സംവിധാനമാണിത്. സിലിൻഡറിൻെറ ആകൃതിയിലുള്ള ഒരു വീപ്പ(drum)യും അതിൽ ഘടിപ്പിച്ചിട്ടുള്ള ചക്രവും ചേർന്നതാണ് ഏറ്റവും സാധാരണമായി കണ്ടുവരുന്ന ചക്രവും അച്ചുതണ്ടും. വലിപ്പവ്യത്യാസമുള്ള രണ്ടു ചക്രങ്ങൾ ചേർത്തു ഘടിപ്പിച്ചും, ഒരു ചക്രവും ഒരു കൈപിടിയും ചേർത്തും ഇത് ഉണ്ടാക്കാം.

ഒന്നാംവർഗ ഉത്തോലകത്തിൻെറ ഒരു പരിഷ്കൃതരൂപമാണ് ചക്രവും അച്ചുതണ്ടും. കേന്ദ്രമാണ് ഇതിൻെറ ആലംബം (fulcrum). കേന്ദ്രത്തിൻെറ ഇരുവശത്തും ചക്രത്തിൻെറയും അച്ചുതണ്ടിൻെറയും ഓരോ വ്യാസാർധങ്ങൾ യഥാക്രമം യത്നഭുജമായും (effort arm) രോധഭുജമായും (resistance arm) പ്രവർത്തിക്കുന്നു.

പ്രാചീനകാലത്തു ഭാരം ഉയർത്തുന്നതിനു മാത്രമാണ് ഈ സംവിധാനം ഉപയോഗിച്ചിരുന്നത്. ആധുനികയന്ത്രങ്ങളിൽ, ഒരേ ഷാഫ്റ്റിൽനിന്ന് പല ഗിയർ നിലകൾ ലഭിക്കുവാനുള്ള സങ്കീർണ സംവിധാനങ്ങൾവരെ ചക്രവും അച്ചുതണ്ടും ഉപയോഗപ്പെടുത്തിയാണ് നിർമിച്ചിരിക്കുന്നത്. സൈക്കിളിലെ പെഡലും, ക്രാങ്കും, സ്റ്റിയറിങ് വീൽ തുടങ്ങിയവയും ഇതിൻെറ ഉദാഹരണങ്ങളാണ്.



Aഗിയർ - ചെറുതും വലുതും **B**കപ്പികളും കയറും

ചക്രവും അച്ചുതണ്ടും ചേർന്ന സംവിധാനത്തിൻെറ യന്ത്രലാഭം (mechanical advantage) കണക്കാക്കുന്നതിന് വീപ്പയുടെ (ചെറിയ ചക്രത്തിൻെറ) ആര(radius)ത്തെ ചക്രത്തിൻെറ (വലിയ ചക്രത്തിൻെറ) ആരം കൊണ്ടു ഹരിച്ചാൽ മതി. ബലത്തിൻെറ പ്രവർധനം കണക്കാക്കുവാൻ പ്രവേഗ അനുപാതം (velocity ratio) ആണ് ഉപയോഗിക്കുന്നത്. പ്രവേഗ അനുപാതത്തിൽ നിന്നു ലഭിക്കുന്ന അത്രയും യന്ത്രലാഭം പ്രായോഗികമായി ലഭിക്കാറില്ല; ഘർഷണം ആണ് ഇതിനു കാരണം.

ചക്രിരാജവംശം

സയാമിൽ (തായ്‌ലൻഡ്) ജനറൽ ചക്രി സ്ഥാപിച്ച രാജവംശം. ബർമയ്ക്കെതിരെയുള്ള യുദ്ധത്തിൽ വിജയംനേടിയ ജനറൽ ചക്രി 1782-ൽ തായ്‌ലൻഡിലെ രാജാവായി. 17 കൊല്ലം ഭരണാധിപനായി തുടർന്നു. പിൻഗാമികൾ 1932 വരെ തായ്‌ലൻഡിൻെറ പരമാധികാരികളായി വാണു. 1932-ൽ പ്രജാധിപക്‌രാജാവിൻെറ കാലത്ത് ഒരു വിപ്ലവം നടക്കുകയും രാജാവിൻെറ പരമാധികാരം കർശനമായി നിയന്ത്രിക്കപ്പെടുകയും ചെയ്തു. 1910 മുതൽ ഈ വംശത്തിൽപ്പെട്ട രാജാക്കന്മാരെ രാമൻ ഒന്നാമൻ, രാമൻ രണ്ടാമൻ എന്നിങ്ങനെ വ്യവഹരിക്കാൻ തുടങ്ങി. രാമൻ ഒമ്പതാമൻ എന്ന് അറിയപ്പെട്ട ഭൂമിപാൽ അതുല്യതേജ ആണ് ഈ വംശത്തിലെ അവസാനത്തെ രാജാവ്. രണ്ടാം ലോകയുദ്ധകാലത്തു സഖ്യകക്ഷികൾക്കെതിരെ ജപ്പാൻെറ കൂടെയാണ് ഇദ്ദേഹം നിലയുറപ്പിച്ചത്. യുദ്ധാനന്തരകാലഘട്ടത്തിൽ പല പട്ടാളവിപ്ലവങ്ങളും തായ്‌ലൻഡിൽ നടക്കുകയും ചക്രി രാജവംശം നാമാവശേഷമാകുകയും ചെയ്തു.

ചഗൽ, മാർക് (1887—1985)

റഷ്യൻ ചിത്രകാരൻ. 1887-ൽ ബൈലോറഷ്യയിലെ വീറ്റ്ബ്സ്കിൽ ജനിച്ച ചഗൽ ബാലേ നൃത്തസംഘത്തിലെ കലാകാരനായാണു ജീവിതം ആരംഭിച്ചത്. 1910-ൽ ഒരു നൃത്തസംഘവുമൊത്തു പാരീസിലെത്തിയതോടെ ചഗൽ ഫ്രെഞ്ച് ക്യൂബിസ്റ്റ് പ്രസ്ഥാനത്തിൽ ആകൃഷ്ടനായി. പക്ഷേ, ഒരു പ്രത്യേകസിദ്ധാന്തത്തിൽ ഉറച്ചുനില്ക്കാൻ ഇദ്ദേഹം ഇഷ്ടപ്പെട്ടില്ല. അതിഭൗതികവും അതിമാനുഷവുമായ കല്പനകളുടെ സങ്കലനമാണു ചഗലിൻെറ കലാസൃഷ്ടികൾ. ജെർമൻ എക്സപ്രഷണിസത്തിനും ഇറ്റാലിയൻ ഫ്യൂച്ചറിസത്തിനും വഴിതെളിച്ചതു ചഗലിൻെറ ചിത്രരചനാസങ്കല്പങ്ങളാണെന്നു പറയപ്പെടുന്നു.

ഒന്നാം ലോകയുദ്ധത്തിനുശേഷം സ്വദേശത്തു താമസമുറപ്പിക്കാൻ ശ്രമിച്ചു. 1923-ൽ പാരീസിലെത്തി ഫ്രെഞ്ചുപൗരത്വം നേടി. രണ്ടാം ലോകമഹായുദ്ധത്തിൽ ഫ്രാൻസിൻെറ പതനത്തെ(1940)ത്തു



ടർന്നു ചഗൽ അമേരിക്കയിലേക്കു കടന്ന് എട്ടു കൊല്ലം ന്യൂയോർക്കിൽ താമസിച്ചു. 1948-ൽ ഇദ്ദേഹം പാരീസിലെ റവൻസിലേക്കു മടങ്ങി. 1950-ൽ പാരീസിലെ ആധുനിക ചിത്രപ്രദർശനശാലയിൽ ചഗലിന്റെ കലാസൃഷ്ടികൾക്ക് ഒരു പ്രത്യേക വിഭാഗംതന്നെ ഉദ്ഘാടനം ചെയ്യപ്പെട്ടു. പല അന്താരാഷ്ട്രബഹുമതികളും ഇദ്ദേഹം നേടിയിട്ടുണ്ട്.

ചങ്ങനാശ്ശേരി

കേരളത്തിൽ, മധ്യതിരുവിതാംകൂറിലെ താലൂക്കും ആ താലൂക്കിന്റെ ആസ്ഥാനനഗരവും. ഇതൊരു മുനിസിപ്പൽ പട്ടണമാണ്. 1912-ൽ ടൗൺ ഇംപ്രൂവ്മെൻറ് കമ്മിറ്റിയായി ആരംഭിച്ച്, 1921-ൽ നഗരസഭയായി വളർന്നു. വിസ്തൃതി 262 ച.കി.മീ. ജനസംഖ്യ: 2,96,073 (1981). ചങ്ങനാശ്ശേരി ടൗണിന്റെ വിസ്തൃതി: 13.50 ച.കി.മീ. ജനസംഖ്യ: 51,955.

വിദ്യാഭ്യാസരംഗത്തു ചങ്ങനാശ്ശേരിക്കു ഗണനീയമായ സ്ഥാനമുണ്ട്. ഈ പട്ടണത്തിൽ മൂന്ന് ഒന്നാംഗ്രേഡ് കോളെജുകളും ഒരു ട്രെയിനിംഗ് കോളെജും 6 ഹൈസ്കൂളുകളും അനേകം പ്രൈമറിസ്കൂളുകളുമുണ്ട്. രണ്ടു പ്രബലസമുദായങ്ങളുടെ ആസ്ഥാനമാണ് ഈ പട്ടണം. കത്തോലിക്കാമെത്രപ്പോലീത്തയുടെ ആസ്ഥാനവും, നായർ സർവീസ് സൊസൈറ്റിയുടെ കേന്ദ്രവും ഇവിടെയാണ്.

ഇവിടത്തെ ചന്ത പ്രസിദ്ധമാണ്. കരമാർഗമായും ജലമാർഗമായും എല്ലാ വിഭവങ്ങളും ക്രയവിക്രയം ചെയ്യാൻ പറ്റിയ സ്ഥലത്താണു ചന്ത. വേലുത്തമ്പിദളവ സ്ഥാപിച്ചതാണ്. ആദ്യത്തെ വ്യാപാരവസ്തു ആനയായിരുന്നു. അതിനാൽ, ഈ ചന്തയിൽ ആനവരവും, ആനച്ചെലവും ഉണ്ടാകട്ടെയെന്നാശംസിച്ചുകൊണ്ടാണ് ഈ ചന്ത 1805-ൽ (കൊ.വ. 980 തുലാം 17) ദളവ ഉദ്ഘാടനം ചെയ്തത്. ചങ്ങനാശ്ശേരിയിലെ സസ്യച്ചന്തയും മത്സ്യച്ചന്തയുമാണ് ഏറ്റവും പ്രസിദ്ധം.

ചരിത്രം. ഭൂമിശാസ്ത്രപരമായ സവിശേഷതകൾനിമിത്തം ചങ്ങനാശ്ശേരി ഓരോ കാലഘട്ടങ്ങളിൽ ഓരോ രാജാക്കന്മാർ അവരവരുടെ രാജധാനിയാക്കിയിരുന്നു. പക്ഷേ, അന്നെങ്ങും സ്ഥലനാമം ചങ്ങനാശ്ശേരി എന്നായിരുന്നില്ല. ഇന്നത്തെ നഗരത്തിൽ കിഴക്കുള്ള വാകത്താനം, തൃക്കടിത്താനം, വടക്കുകിഴക്കുള്ള വാഴപ്പിള്ളി തുടങ്ങിയ പ്രദേശങ്ങളായിരുന്നു അന്നു പ്രസിദ്ധമായിരുന്നത്. ഉണ്ണുനീലിസന്ദേശത്തിൽ ഈ സ്ഥലങ്ങളെപ്പറ്റി പരാമർശിക്കുന്നുണ്ട്. പെരുന്ന, തൃക്കടിത്താനം എന്നീ ക്ഷേത്രങ്ങളിലെ പുരാതനമായ ചില ശാസനങ്ങളിൽനിന്നാണ് ഈ പ്രദേശങ്ങളെപ്പറ്റി ആദ്യമായി എന്തെങ്കിലും അറിവു കിട്ടുന്നത്. ചേരവംശരാജാവായിരുന്ന ഭാസ്കരവർമയുടെ കാലത്തുണ്ടായ ഈ ശാസനങ്ങളിൽനിന്ന് 'ഓടനാട്ടി'നും കോട്ടയത്തിനുമിടയ്ക്കു 'നൻറുഴൈനാട്' എന്നൊരു രാജ്യമുണ്ടായിരുന്നതായി വ്യക്തമാവുന്നുണ്ട്. ചേരചക്രവർത്തിയുടെ സാമന്തരാജ്യങ്ങളിലൊന്നായിരുന്നു നൻറുഴൈനാട്. ഇതിന്റെ തലസ്ഥാനം ചങ്ങനാശ്ശേരിയായിരുന്നു.

പിന്നീടു ചങ്ങനാശ്ശേരി തെക്കുംകൂർ രാജ്യത്തിന്റെ തലസ്ഥാനമായി. ആധുനിക ചങ്ങനാശ്ശേരിയുടെ അഭിവൃദ്ധി ആരംഭിക്കുന്നതു തെക്കുംകൂർരാജാക്കന്മാരുടെ കാലത്താണ്. ഇന്നത്തെ നഗരാതിർത്തിക്കുള്ളിലായിരുന്നു രാജധാനി. 'നീരാഴി'ക്കൊട്ടാരത്തിന്റെയും 'കോട്ട'യുടെയും അവശിഷ്ടങ്ങൾ പോലും മൺമറഞ്ഞുവെങ്കിലും 'നീരാഴി'യും 'കോട്ട'യും എല്ലാം അതതു സ്ഥലങ്ങളിൽ ഗൃഹനാമങ്ങളായി ഇന്നും അവശേഷിക്കുന്നു.

തെക്കുംകൂർ രാജാക്കന്മാർ മതസഹിഷ്ണുതയ്ക്കു പ്രസിദ്ധരായിരുന്നു. തെക്കുംകൂർ രാജധാനിക്കു സമീപം, ഒരു വിളിപാടു ദൂരത്തിൽ ഒരു ഹൈന്ദവക്ഷേത്രവും, ക്രിസ്ത്യൻപള്ളിയും, മുസ്ലീംപള്ളിയും കാണുന്നത് ഇതിനു തെളിവാണ്.

ചങ്ങനാശ്ശേരിയിൽ ഇന്നുള്ള ലക്ഷ്മീപുരം രാജവംശം ടിപ്പുവിന്റെ പടയോട്ടക്കാലത്ത് (165 മകരത്തിൽ) മലബാറിൽനിന്നു തിരുവിതാംകൂറിൽ അഭയംപ്രാപിച്ചതാണ്. ഇപ്പോഴുള്ള കൊട്ടാരം റാണി ലക്ഷ്മീഭായി പണിയിച്ചുകൊടുത്തതുകൊണ്ടാണ് അതിനു ലക്ഷ്മീപുരം എന്നു പേരുണ്ടായത്.

ചങ്ങനാശ്ശേരി നഗരത്തിലെ ഏറ്റവും പുരാതനമായ ക്ഷേത്രം പെരുന്ന സുബ്രഹ്മണ്യക്ഷേത്രമാണ്. എ.ഡി. 753-ലാണു ക്ഷേത്രത്തിലെ പ്രതിഷ്ഠ നടന്നത്. അഞ്ചു നമ്പൂതിരിയില്ലങ്ങളുടെ (ഊരാൺമക്കാരുടെ) വകയായിരുന്ന മേൽപറഞ്ഞ ക്ഷേത്രം ഇപ്പോൾ ഊരാൺമദേവസ്വം ബോർഡിന്റെ ഭരണത്തിലാണ്. കേരളത്തിൽ എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനമനുവദിച്ച ആദ്യത്തെ സ്വകാര്യദേവസ്വമാണത്.



എൻ. എസ്. എസ്. ആസ്ഥാനമന്ദിരം

ടൗണിന്റെ പടിഞ്ഞാറെ അറ്റത്തു പുഞ്ചപ്പാടത്തിന്റെ കരയിൽ കുമാരമംഗലസ്സ് മന വക വേട്ടിക്കാടു ഭഗവതീക്ഷേത്രം സ്ഥിതിചെയ്യുന്നു. ഈ ക്ഷേത്രമതിലിനു വെളിയിൽ ഒരു ചെറിയ കാവുണ്ട്. അവിടെ 'എട്ടുവീട്ടിൽ പിള്ള'മാരുടെ രക്ഷസ്സുകളെ ആവാഹിച്ചു കുടങ്ങളിലാക്കി സ്ഥാപിച്ചിട്ടുണ്ട്. ആ രക്ഷസ്സുകളുടെ ഉപദ്രവം സഹിക്കാനാവാതെ അന്നത്തെ തിരുവിതാംകൂർ രാജാവിന്റെ ആവശ്യപ്രകാരം കുമാരമംഗലസ്സു നമ്പൂതിരിപ്പാട് ഈ രക്ഷസ്സുകളെ അവിടെ സ്ഥാപിച്ചിരിക്കുകയാണെന്നു വിശ്വസിക്കപ്പെടുന്നു. തിരുവിതാംകൂർ മഹാരാജാക്കന്മാർ അതിനുശേഷം ചങ്ങനാശ്ശേരിയിൽ കാലുകുത്തിയിരുന്നില്ല. ഇത് ആദ്യമായി ലംഘിച്ചതു ശ്രീ ചിത്തിരതിരുനാളായിരുന്നു. എല്ലാ മീനമാസവും 11-ാംതീയതിതോറും ഇപ്പോഴും ക്ഷേത്രത്തിൽ നടക്കുന്ന കുരുതിസമയത്ത്, ഈ രക്ഷസ്സുകൾക്കും കുരുതി നടത്തിവരുന്നുണ്ട്.

കെ.ജി.എൻ. നമ്പൂതിരിപ്പാട്.

ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (1877-1940)

നിയമജ്ഞനും സമൂഹപരിഷ്കർത്താവും രാഷ്ട്രീയനേതാവും. 1877 മാർച്ച് 16നു ചങ്ങനാശ്ശേരിയിൽ ജനിച്ചു. ഏറ്റുമാനൂരിലും ചങ്ങനാശ്ശേരിയിലും തിരുവനന്തപുരത്തുമായി വിദ്യാഭ്യാസം നിർവഹിച്ചു. രസതന്ത്രത്തിൽ ഒന്നാം ക്ലാസ്സോടുകൂടി ബിരുദം നേടിയ ശേഷം അധ്യാപകനായി ജീവിതം ആരംഭിച്ചു. പിന്നീടു നിയമബിരുദം നേടി കൊല്ലത്ത് അഭിഭാഷകനായി. 1913-ൽ ബാരിസ്റ്റർ ബിരുദം നേടാൻ ഇംഗ്ലണ്ടിലേക്കു പോയെങ്കിലും പഠനം പൂർത്തിയാകാതെ തിരിച്ചുപോന്നു. അഭിഭാഷകവൃത്തിയിൽ തുടർന്നു. 1918-ൽ പ്രാക്ടീസ് തിരുവനന്തപുരത്തേക്കു മാറ്റി. 1907, 1913, 1916 എന്നീ വർഷങ്ങളിൽ ശ്രീമൂലം അസംബ്ലിയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു.

1922-ൽ എൻ.എസ്.എസ്. പ്രസിഡൻറായി. അഭിഭാഷകവൃത്തിയിൽ എന്നപോലെ സമൂഹപരിഷ്കരണരംഗങ്ങളിലും നിയമസഭാപ്രവർത്തനത്തിലും തിളങ്ങിനിന്നു. വൈക്കംസത്യഗ്രഹത്തിനു പരിപാടി തയ്യാറാക്കിയ സുപ്രധാന സംയുക്തസമ്മേളനത്തിൽ അധ്യക്ഷതവഹിക്കയും, സവർണജാഥയുടെ പ്രതിനിധിയായി തിരുവിതാംകൂറിലെ റീജൻറ് റാണിക്ക് നിവേദനം സമർപ്പിക്കയും ചെയ്തു (1924). 1927-ൽ ഇദ്ദേഹം തിരുവിതാംകൂർ ഹൈക്കോടതി ജഡ്ജി ആയി. 1933-ൽ ആ സ്ഥാനത്തുനിന്നു വിരമിച്ചു. തുടർന്ന് വീണ്ടും നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. ഹരിജനോന്നമനത്തിനും ക്ഷേത്രപ്രവേശനത്തിനും വേണ്ടി പരിശ്രമിച്ചു. ഗാന്ധിജി, രാജാജി, ജി.ഡി. ബിർല, ബുലാഭായിദേശായി. രാമേശ്വരി നെഹ്റു തുടങ്ങിയവയുടെ പ്രശംസ ആർജിച്ചിട്ടുള്ള പൊതുപ്രവർത്തകനാണ് ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിൽ ചേർന്ന് പ്രവർത്തിച്ചതിനെത്തുടർന്ന് ഇദ്ദേഹത്തിൻെറ പെൻഷൻ തടഞ്ഞു. 1940 ജൂലൈ ഒന്നിന് അന്തരിച്ചു. *ചങ്ങനാശ്ശേരി* എന്ന പേരിൽ ഇദ്ദേഹത്തിൻെറ ജീവചരിത്രം സി. നാരായണപിള്ള രചിച്ചിട്ടുണ്ട്.

ചങ്ങമ്പുഴ

†കൃഷ്ണപിള്ള, ചങ്ങമ്പുഴ നോക്കുക.

ചങ്ങരംകോത കൃഷ്ണൻ കർത്താവ്

(1881—1962)

സംസ്കൃതപണ്ഡിതനും മലയാള കവിയും. 1881 ഒക്ടോബർ 12-നു തൃശൂർജില്ലയിൽ തൊട്ടിപ്പാൾ എന്ന സ്ഥലത്തു ജനിച്ചു. സി. കൊച്ചുണ്ണിക്കർത്താവ്, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ എന്നിവരായിരുന്നു ഇദ്ദേഹത്തിൻെറ ആചാര്യന്മാർ. സംസ്കൃതത്തിൽ കാവ്യങ്ങളുടെ പഠനത്തിനുശേഷം വ്യാകരണം, തർക്കശാസ്ത്രം, ആയുർവേദം, ജ്യോതിശ്ശാസ്ത്രം എന്നിവയിലും നിഷ്ണാതനായി. 1930-ൽ കോട്ടയ്ക്കൽ സാഹിത്യ പരിഷത്സമ്മേളനത്തോട് അനുബന്ധിച്ചു നടത്തിയ കവിതാമത്സരത്തിൽ "ഭർതൃപരിത്യക്തയായ ശകുന്തള" എന്ന വിഷയത്തെക്കുറിച്ച് എഴുതിയ കാവ്യത്തിന് ഒന്നാം സമ്മാനം നേടി. കൊച്ചിമഹാരാജാവിൽനിന്നും കവിതിലകൻ എന്ന ബഹുമതിയും തൃപ്പൂണിത്തുറ ശാസ്ത്രസദസ്സിൽനിന്ന് 'സാഹിത്യനിപുണൻ' എന്ന ബഹുമതിയും ലഭിച്ചു. *രാമേശ്വരയാത്ര* (1909), *കലിംഗവധം* (1912), *ദേവദത്തകാവ്യം* (1914), *ചിത്രോത്സവം* (1933), *കുരുക്ഷേത്രത്തിലെ അഭിമന്യു* (1937), *മഹോത്സവം* (1948) എന്നിവയാണു കൃഷ്ണൻകർത്താവിൻെറ പ്രധാന കൃതികൾ. 1962 സെപ്റ്റംബർ 19-നു നിര്യാതനായി.

ചങ്ങലംപരണ്ട

അംബലിഡെ കുലത്തിൽപ്പെട്ട സസ്യം. ശാസ്ത്രനാമം: *വൈറ്റിസ് ക്വാഡ്രാൻഗുലാരിസ് (Vitis quadrangularis)*. സംസ്കൃതത്തിൽ വജ്രവല്ലി അസ്ഥിസംഹാരി എന്നെല്ലാം പേരുണ്ട്. ഇന്ത്യയിൽ മിക്കയിടത്തും ഇതു വളരുന്നു. നാൽകോണാകൃതിയുള്ളതും ദീർഘിച്ചതും മിനുമിനുത്തതും മാംസളവും വളഞ്ഞുപുളഞ്ഞതുമായ കാണ്ഡത്തിൽ പർവാന്തരങ്ങളെ അപേക്ഷിച്ചു പർവം സങ്കോചിച്ചിരിക്കുന്നു. ഇലയ്ക്കു ഹൃദയാകാരമാണ്.



ചങ്ങലംപരണ്ട

മിക്ക പർവങ്ങളിലും ഇലയ്ക്കു നേരെ എതിർവശത്തായി സ്പ്രിങ്ങുപോലുള്ള പ്രതാനങ്ങൾ (Tendrils) ഉണ്ട്. പൂക്കൾ വളരെ ചെറുതാണ്. പൂക്കളും ഇലയ്ക്കു സമ്മുഖമായിട്ടാണ് ഉണ്ടാകുന്നത്. ബാഹ്യദളവും ദളവും കേസരങ്ങളും നാലുവീതം. ബാഹ്യദളപുടം പൂവിനെ മുഴുവൻ മൂടിയിരിക്കത്തക്കവിധം വിസ്തൃതമാണ്.

ചങ്ങലംപരണ്ടയുടെ കാണ്ഡം ചിലർ ഉപ്പിലിട്ടു ഭക്ഷിക്കാറുണ്ട്. ഇതു ചമ്മന്തിപ്പൊടിയിൽ ചേർക്കാറുണ്ട്. ശ്രീലങ്കക്കാർ കാണ്ഡം ഭക്ഷണമായി ഉപയോഗിക്കുന്നു. ആയുർവേദപ്രകാരം വാതം, കൃമി, കഫം, നേത്രരോഗം, അർശസ്സ്, അഗ്നിമാന്ദ്യം, ഗുദകീലം, ഗുല്മം, ശൂല, പ്ലീഹ, മഹോദരം, വ്രണം എന്നിവശമിപ്പിക്കാൻ നല്ല ഔഷധമാണിത്. അസ്ഥിയെ കൂട്ടിപ്പിടിപ്പിക്കാനുള്ള ശക്തി ചങ്ങലംപരണ്ടയ്ക്ക് ഉണ്ടെന്നു കരുതുന്നു.

ചങ്ങല (measuring chain)

ഭമി അളക്കുന്നതിനുള്ള ഉപകരണം. ഇതിൻെറ നീളം 66 അടി (20.26 മീറ്റർ) ആണ്. പത്തു ചതുരശ്ര ചങ്ങല ആണ് ഒരു ഏക്കർ. ഒരു ചങ്ങലയിൽ 100 ലിങ്ക്സ് (കണ്ണികൾ) ഉണ്ട്. ഒരു ലക്ഷം ചതുരശ്ര ലിങ്ക്സ് ആണ് ഒരു ഏക്കർ. ഒരു ചതുരശ്ര ചങ്ങല 10 സെൻറാണ്. ഒരു സെൻറ് 1000.ച ലിങ്ക്സ് എന്നും പറയാം.

ഈ ചങ്ങല ആണു ഭൂമി അളക്കാൻ അടുത്തകാലം വരെ ഉപയോഗിച്ചിരുന്നത്. ഇപ്പോൾ ദശാംശ അളവുകൾ നടപ്പായതുകൊണ്ടു സർക്കാർ തലത്തിലുള്ള ഭൂമി അളവിനു മുമ്പുയോഗിച്ചിരുന്ന ചങ്ങല ഉപയോഗിക്കാറില്ല. ചങ്ങലയിൽ ഓരോ പത്തു ലിങ്ക്സ് കഴിയുമ്പോഴും ഓരോ 'താലി' ഉണ്ട്. ആദ്യത്തതിനു ഒരു മുന, രണ്ടാമത്തിനു രണ്ടു മുന, അങ്ങനെ കൂടി ഒമ്പതാമത്തതിന് ഒമ്പതു മുന ഉണ്ടാകും. എത്ര ലിങ്ക്സ് നീളം എന്നു വേഗത്തിൽ കണക്കാക്കാൻ ഇതു സഹായിക്കുന്നു. ഇരുമ്പുകൊണ്ടാണു ചങ്ങല ഉണ്ടാക്കുന്നത്.

എഡ്മൺഡ് ഗന്തർ എന്ന ഇംഗ്ലീഷ് ഗണിതജ്ഞനാണ് ഈ ചങ്ങല കണ്ടുപിടിച്ചത്. (†ഗന്തർ എഡ്മൺഡ് നോക്കുക.)

ചങ്ങല

പലതിനെയും ബലമായി ബന്ധിക്കാൻ ഉപകരിക്കുന്ന, ലോഹക്കണ്ണികൾ ചേർത്തുണ്ടാക്കുന്ന, ഉപകരണം. ഇതു ചുറ്റാനും കെട്ടാനും മറ്റും വഴങ്ങും. കപ്പൽ നങ്കൂരത്തോടു ബന്ധിക്കാനും സാധനങ്ങൾ വലിച്ചുയർത്താനും യാന്ത്രികോർജസംപ്രേഷണത്തിനും ചങ്ങല ഉപയോഗിക്കുന്നു. സൈക്കിളിൽ ക്രാങ്കിൻെറ കറക്കം ഫ്രീവീലിലേക്ക്



പലതരം
ചങ്ങലകൾ



വിവിധതരം
ചങ്ങലകൾ

എത്തിച്ച് അതിനെയും പിൻചക്രത്തെയും കറക്കുന്നതു ചങ്ങല ആണ്. മോട്ടോർ സൈക്കിളിലും സ്ക്കൂട്ടറിലും എൻജിൻെറ കറക്കം ചങ്ങലവഴിയാണു ചക്രത്തെ കറക്കുന്നത്.

ആനയെ തളയ്ക്കാൻ ഇരുമ്പുചങ്ങല ഉപയോഗിക്കുന്നു. ആനയുടെ പിൻകാലുകൾ പരസ്പരവും ശരീരത്തോടു ബന്ധിച്ചും ഗതി മന്ദമാക്കാൻ ചങ്ങല ഉപകരിക്കും. ഇതിന് 'ഇടയും മെയ്യും വയ്ക്കുക' എന്നാണു പറയുന്നത്. ചങ്ങലക്കിലുക്കം ആനയുടെ നടപ്പിനു ഗാംഭീര്യം നല്കുന്നു.

പൊൻചങ്ങല ആഭരണമായി കഴുത്തിലും കയ്യിലും അണിയാറുണ്ട്.

ചങ്ങലവട്ട

കേരളത്തിൽ പ്രചാരമുണ്ടായിരുന്ന ഓടുകൊണ്ടുള്ള ഒരുതരം വിളക്ക്. എണ്ണ ഒഴിച്ചുവയ്ക്കുന്ന ഒരു പാത്രം. മുകൾനിരപ്പിൽ ഒരു വശത്തു നീണ്ട തിരിയിട്ടു കൊളുത്തുന്ന തട്ട്. മറുവശത്തു കൈപ്പിടി. അതിനോടു ചങ്ങലകൊണ്ടു ബന്ധിച്ച, എണ്ണ പകർന്നൊഴിക്കുന്ന, ചെറു തവി. ഇതാണു വിളക്കിൻെറ ആകൃതി. പാവനമായി കരുതപ്പെടുന്ന ഈ വിളക്ക് എല്ലാ മംഗളകർമങ്ങളിലും ഉപയോഗിക്കാറുണ്ട്. പ്രഭുകുടുംബങ്ങളിൽ ആഭിജാത്യത്തിൻെറ ചിഹ്നമായും ഇത് ഉപയോഗിച്ചിരുന്നു.



ചങ്ങലവട്ട

ചങ്ങഴി

കേരളത്തിലെ ഒരു പഴയ അളവുപാത്രം. അടി നന്നായിപ്പരന്നു മുകളിലേക്കു വരുന്തോറും വിസ്താരം കുറഞ്ഞുവരുന്ന ആകൃതിയാണിതിനുള്ളത്. ചങ്ങഴിയിൽ കൊള്ളുന്നയളവിന് ഇടങ്ങഴിയെന്നു പറയും. ഇത് ഏകദേശം ഒന്നേകാൽ ലിറ്ററാണ്. ഇടങ്ങഴിയെന്ന പേരിൽ സിലിണ്ടറാകൃതിയുള്ള വേറൊരളവുപാത്രവുമുണ്ട്. ചങ്ങഴിക്ക്, പ്രാചീനതകൊണ്ടായിരിക്കണം പാവനത്വം കല്പിക്കപ്പെടുന്നുണ്ട്. ഇതിൻെറമേൽ പിത്തള (brass) കൊണ്ടു പല ചിത്രപ്പണികളും നടത്താറുണ്ട്.

ചങ്ങാടം

ചേർത്തുകെട്ടിയ തടികളുടെ കൂട്ടം. മുള, ഈറ്റ എന്നിവയും നദികളിൽ കൂടി ചങ്ങാടമാക്കി താഴേക്കു കൊണ്ടുപോകാറുണ്ട്. കൂട്ടം എന്നാണു ചങ്ങാടം എന്ന വാക്കിൻെറ അർഥം. സംഘാതം എന്ന സംസ്കൃതപദത്തിൻെറ തദ്ഭവം ആണ് ചങ്ങാടം. മലയിൽ നിന്നു വെട്ടി എടുക്കുന്ന തടിയും മുളയുംമറ്റും സമതലപ്രദേശങ്ങളിൽ കുറഞ്ഞ ചെലവിൽ എത്തിക്കാൻ പറ്റിയ മാർഗം, അവയെ ചങ്ങാടമായി ഒഴുക്കിക്കൊണ്ടു പോകുകയാണ്. ഇവ കഴുക്കോൽ കൊണ്ട് ഊന്നി തീരത്തെ കാടുകളിലും മറ്റും ഉടക്കാതെ കൊണ്ടുപോകാൻ പരചയസമ്പന്നർക്കേ കഴിയൂ. പൊതിക്കാത്ത നാളികേരവും ഇതുപോലെ ചങ്ങാടമാക്കി പുഴയിലൂടെ ഒഴുക്കി കൊണ്ടുപോകുന്ന പതിവും ഉണ്ട്. ഇവിടെയും കഴുക്കോൽകൊണ്ട് ഊന്നിയാണു ഗതി നിയന്ത്രിക്കുന്നത്.



യാത്രക്കാരും
വാഹനങ്ങളും ചങ്ങാടത്തിൽ

പാലങ്ങൾ സർവസാധാരണമാകുന്നതിനു മുമ്പ് പല നദികളിലും കടത്തുകൾ' ഉണ്ടായിരുന്നു. അന്ന് ആളുകളെ വള്ളങ്ങളിലും, വാഹനങ്ങൾ ചങ്ങാടങ്ങളിലും ആണ് മറുകരയിൽ എത്തിച്ചിരുന്നത്. രണ്ടു വലിയ വള്ളങ്ങൾ സമാന്തരമായി നിറുത്തി അതിനു മുകളിൽ വീതിയുള്ള മരപ്പലകകൾ തറച്ച് വാഹനങ്ങൾക്കു നിർത്താൻ പാകപ്പെടുത്തിയിട്ടുള്ള തട്ടിൽ വാഹനങ്ങൾ കയറ്റി മറുകരെ എത്തിക്കും. ഇവിടെയും ചങ്ങാടത്തിൻെറ ഗതിനിയന്ത്രണം സാധിക്കുന്നത് വള്ളങ്ങളുടെ അമരത്തും അണിയത്തും നിന്ന് കഴുക്കോൽ കൊണ്ട് ഊന്നിയാണ്.

ചജങ് യുൽസ (Chajang Yulsa)

ഏഴാംനൂറ്റാണ്ടിൽ കൊറിയയിൽ ജീവിച്ചിരുന്ന ബൗദ്ധപുരോഹിതനും ബുദ്ധമതപ്രചാരകനും. 636-ൽ ചൈനയിലെ താങ്വംശജരെ കാണാൻ പോയി. ഏഴുവർഷം അവിടെ താമസിച്ചു. തിരിച്ചു കൊറിയയിൽ എത്തിയപ്പോൾ ബുദ്ധൻെറ ശരീരാവശിഷ്ടങ്ങളുടെ ഒരംശം തൻെറ കയ്യിലുള്ളതായി അവകാശപ്പെട്ടു. സില്ല സംസ്ഥാനത്തെ മതാധ്യക്ഷനായി ഇദ്ദേഹം നിയമിതനായി. ഹ്വാങ്-യോങ്-സാ ക്ഷേത്രത്തിൽ ഒമ്പതുനില ഗോപുരം പണി ചെയ്യിച്ചു. താങ്വംശ ഭരണത്തിലിരുന്ന ചൈനയുമായി തൻെറ രാജ്യത്തിനു സുഹൃദ്ബന്ധം സൃഷ്ടിക്കാൻ മുൻകയ്യെടുത്തതും ഇദ്ദേഹമാണ്.

ചടച്ചി

†ഉന്നം നോക്കുക.

ചടയൻ

ഒരു ആയ്‌രാജാവ്. പാണ്ഡ്യരാജാവായ മാറൻചടയൻ (എ.ഡി. 765-815) പല തവണ ആയ്‌രാജ്യം ആക്രമിച്ചതായി കഴുകുമലശാസനത്തിൽനിന്നു മനസ്സിലാക്കാം. പാണ്ഡ്യർ അരുവിയൂർകോട്ട പിടിച്ചടക്കിയപ്പോൾ ആയ്‌രാജ്യം ഭരിച്ചിരുന്നതു ചടയൻ എന്ന രാജാവാണ്. 788 വരെ ചടയൻ രാജ്യം ഭരിച്ചു. ചടയന്റെ പുത്രനാണു കരുനന്തടക്കൻ.

ചട്ടന്മാർ

കേരളത്തിലെ ബ്രാഹ്മണപ്രഭാവകാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന ശാലകളിലെ ബ്രാഹ്മണവിദ്യാർഥികൾ. ഈ ബ്രാഹ്മണവിദ്യാർഥികൾ കാവ്യശാസ്ത്രാദികളോടൊപ്പം ആയുധവിദ്യയും പഠിച്ചിരുന്നു. ആയുധവിദ്യയ്ക്കു മറ്റു വിഷയങ്ങളെ അപേക്ഷിച്ചു പ്രാമാണ്യമുണ്ടായിരുന്നുവോ എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു — കുറഞ്ഞപക്ഷം ചേര-ചോള യുദ്ധങ്ങൾ നടന്ന കാലഘട്ടത്തിലെങ്കിലും ചോളന്മാരുമായുള്ള യുദ്ധത്തിൽ ആയുധധാരികളായ ബ്രാഹ്മണരും പങ്കെടുത്തിരുന്നതായി ഇളംകുളം കുഞ്ഞൻപിള്ള *'കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ'* എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ചാത്തിരന്മാർ, ഛത്രന്മാർ എന്നീ പേരുകളിലും ചട്ടന്മാർ അറിയപ്പെട്ടിരുന്നു. കരുനന്തടക്കൻ സ്ഥാപിച്ച മുഞ്ചിറപാർഥിവപുരം ശാലയിൽ (എ.ഡി. 9-ാംശതകം) 95 ചട്ടന്മാർ ഉണ്ടായിരുന്നതായി ഹജൂർശാസനത്തിൽനിന്നു തെളിയുന്നുണ്ട്. എന്നാൽ ഇവിടെയുള്ള ചട്ടന്മാർക്കു ആയുധാഭ്യാസം നൽകിയിരുന്നതായി സൂചനയില്ല. മാത്രമല്ല 95 പേരിൽ 45 പേർ 'പവിഴിയചരണ'വും 36 പേർ തൈത്തിരീയചരണവും 14 പേർ തലവകാരചരണവും പഠിച്ചിരുന്നതായി പ്രസ്താവിക്കുന്നുമുണ്ട്. കാന്തള്ളൂർ, തിരുവല്ലാ, മൂഴിക്കുളം എന്നീ ശാലകളിലെ ചട്ടന്മാരുടെ പാഠ്യവിഷയങ്ങളിൽ ആയുധാഭ്യാസവും പെട്ടിരിക്കാം.

ചട്ടമ്പിസ്വാമികൾ (1853—1925)

കേരളത്തിലെ ഒരു ആധ്യാത്മികനേതാവും സാമൂഹികപരിഷ്കർത്താവും. ബ്രാഹ്മണാധിപത്യം കാരണം അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിറഞ്ഞ കാലത്താണു ചട്ടമ്പിസ്വാമികൾ ജീവിച്ചത്.

ആദ്യകാലജീവിതം. കൊല്ലവർഷം 1029 ചിങ്ങമാസം 11-ാംതീയതി (1853 ആഗസ്റ്റ് 25) ഞായറാഴ്ച ഭരണിനക്ഷത്രത്തിൽ തിരുവനന്തപുരം പട്ടണത്തിൽനിന്ന് 4.8 കി.മീ. വടക്കുള്ള കൊല്ലൂർ ഗ്രാമത്തിലെ 'ഉള്ളൂർക്കോട്' എന്ന ഭവനത്തിൽ ജനിച്ചു. മാതാവു നങ്ങാദേവി (തിരുനങ്ക). പിതാവു വാസുദേവശർമ. 'അയ്യപ്പൻ' എന്നായിരുന്നു പേരെങ്കിലും ഓമനപ്പേരായി വിളിച്ചുവന്നത് 'കുഞ്ഞൻ' എന്നാണ്.

ദാരിദ്ര്യംമൂലം വിദ്യാഭ്യാസത്തിനുള്ള സൗകര്യം കുഞ്ഞനു ലഭിച്ചില്ല. എങ്കിലും വിദ്യാഭ്യാസത്തിൽ കുട്ടിക്ക് ഉത്കടമായ അഭിലാഷമുണ്ടായിരുന്നു. മറ്റു കുട്ടികളുടെ ഓല വാങ്ങി നോക്കിയും മറ്റുമാണു ബാല്യത്തിൽ അക്ഷരങ്ങളും കൂട്ടിവായനയും പഠിച്ചത്. പിന്നീടു വടിവീശ്വരം വേലുപ്പിള്ളയിൽനിന്നു കണക്കും വായനയും പഠിച്ചു. കുഞ്ഞന്റെ വീട്ടിനടുത്തുള്ള കൊല്ലൂർമഠത്തിൽ അക്കാലത്ത് ഒരു ശാസ്ത്രികൾ വന്നു കുട്ടികളെ സംസ്കൃതം പഠിപ്പിച്ചിരുന്നു. ശാസ്ത്രികളുടെ അധ്യാപനസമ്പ്രദായം കുഞ്ഞനെ ആകർഷിച്ചു. കുട്ടിയുടെ ബുദ്ധിശക്തി മനസ്സിലാക്കിയ ശാസ്ത്രികൾ കുഞ്ഞനെ ക്ലാസ്സിൽ ഇരുന്നു പഠിക്കുവാൻ അനുവദിച്ചു. അങ്ങനെ സംസ്കൃതത്തിലെ ആദ്യപാഠങ്ങളും ചില ലഘുകാവ്യങ്ങളും പഠിച്ചു.

ചട്ടമ്പി. പിന്നീടു പേട്ടയിൽ രാമൻപിള്ള ആശാന്റെ പാഠശാലയിൽ കുഞ്ഞൻ ചേർന്നു. പഠിപ്പും പ്രായവും (16 വയസ്സ്) ഉള്ള കുഞ്ഞൻ ആ പാഠശാലയിലെ ചട്ടമ്പി (മോണിട്ടർ) ആയി. അങ്ങനെ കുഞ്ഞൻപിള്ളച്ചട്ടമ്പി എന്ന് അറിയപ്പെടാൻ തുടങ്ങി.

സംഗീതം, ചിത്രമെഴുത്ത്, കണക്ക്, തമിഴ്, കിളിപ്പാട്ടുവായന മുതലായവയാണ് അവിടെനിന്ന് അഭ്യസിച്ചത്. ഹാസ്യചിത്രങ്ങൾ വരയ്ക്കുന്നതിൽ ഇദ്ദേഹം സമർഥനായിരുന്നു. സംഗീതവും പഠിച്ചു. വൈദ്യത്തിലും നൈപുണ്യം നേടി.

അന്നു രാമൻപിള്ളയാശാൻ 'ജ്ഞാനപ്രജാഗരം' എന്ന ഒരു സഭ നടത്തിയിരുന്നു. അതിൽ സുന്ദരംപിള്ള തുടങ്ങിയ പ്രൊഫസർമാരും തൈക്കാട്ട് അയ്യാസ്വാമികൾ എന്ന ഒരു ഹഠയോഗിയും സംബന്ധിക്കാറുണ്ടായിരുന്നു. കുഞ്ഞൻപിള്ള അയ്യാസ്വാമികളിൽനിന്നും ഹഠയോഗമുറകൾ ശീലിച്ചു സിദ്ധിവരുത്തിയതും കൊളെജ്പ്രൊഫസർമാരിൽനിലന്നു പാശ്ചാത്യതത്ത്വശാസ്ത്രം പഠിച്ചതും അവിടെവച്ചാണ്.



ഇക്കാലത്തു രാത്രികാലങ്ങളിൽ അടുത്തുള്ള ക്ഷേത്രസങ്കേതത്തിൽ പോയി ഒറ്റയ്ക്കു ധ്യാനനിരതനായിരിക്കുക പതിവായിരുന്നു. ജാതിമതഭേദബുദ്ധികളൊന്നും ഇദ്ദേഹത്തിനുണ്ടായിരുന്നില്ല.

തിരുവനന്തപുരത്തു നവരാത്രി സംബന്ധിച്ചുള്ള വിദ്വൽസദസ്സിൽ പങ്കുകൊള്ളുവാൻ എത്തിയിരുന്ന, ശാസ്ത്രപണ്ഡിതനും ബ്രഹ്മനിഷ്ഠനുമായിരുന്ന സുബ്ബാ ജടാപാഠികളുമായി പരിചയപ്പെട്ടു. ജടാപാഠികൾ കുഞ്ഞൻപിള്ളയെ സ്വദേശമായ കല്ലടൈക്കുറിച്ചിയിലേക്കു കൂട്ടിക്കൊണ്ടുപോയി സ്വഗൃഹത്തിൽ താമസിപ്പിച്ചു. അവിടെനിന്നാണു ചതുർവേദങ്ങൾ, ഉപനിഷത്തുകൾ, തർക്കം, വ്യാകരണം, അലങ്കാരം തുടങ്ങിയവ പഠിച്ചത്.

അതിനുശേഷം ഇന്ത്യയിൽ പല ഭാഗങ്ങളിലും ചുറ്റിസ്സഞ്ചരിച്ചു. ഒരു തങ്ങളിൽനിന്നു ഖുർആൻ പഠിച്ചു. കൂപക്കര പോറ്റിമാരുടെ ഗ്രന്ഥപ്പുരയിലുണ്ടായിരുന്ന അപൂർവഗ്രന്ഥങ്ങൾ വായിച്ചു ഗ്രഹിക്കുവാനും ഇദ്ദേഹത്തിന് അവസരം ലഭിച്ചു. മന്ത്രതന്ത്രാദികൾ, വൈദ്യം, ജ്യോതിഷം, മർമശാസ്ത്രം മുതലായ വിഷയങ്ങളിൽ പാണ്ഡിത്യം സമ്പാദിച്ചു. ദേവപൂജ, ഉത്സവബലി, ബിംബപ്രതിഷ്ഠ മുതലായവ സംബന്ധിച്ച മന്ത്രതന്ത്രാദികളും അന്നാണു പഠിച്ചത്. ചെണ്ട, മൃദംഗം, തിമില, ഗഞ്ചിറ തുടങ്ങിയ വാദ്യങ്ങളിൽ വൈദഗ്ധ്യം നേടിയതും ഇക്കാലത്താണ്.

ദേശസഞ്ചാരം ചെയ്യുന്നതിനിടയിലാണ് ആത്മാനന്ദസ്വാമികളിൽനിന്ന് അഗസ്ത്യസമ്പ്രദായത്തിലുള്ള യോഗമുറകൾ ശീലിച്ചത്. ഗുസ്തിമുറയിലും ചൂണ്ടുമർമം, നോക്കുമർമം മുതലായവയിൽപ്പോലും അദ്ദേഹം പ്രാവീണ്യംനേടി.

പേട്ടയിൽ രാമൻപിള്ളയാശാന്റെ പാഠശാലയിൽനിന്നു പിരിഞ്ഞശേഷം കുറച്ചുകാലം അമ്മയുടെ നിർബന്ധമനുസരിച്ചു ജ്യേഷ്ഠനായ കൃഷ്ണപിള്ളയോടുകൂടി നെയ്യാറ്റിൻകര രജിസ്റ്റർകച്ചേരിയിൽ ആധാരമെഴുതാൻ പോയി. കയ്യക്ഷരം മനോഹരമായിരുന്നതിനാൽ ധാരാളം പ്രതിഫലം കിട്ടിയിരുന്നു. ഒന്നും കിട്ടാത്ത എഴുത്തുകാർക്കു തന്റെ വരവിന്റെ ഒരംശം വീതിച്ചുകൊടുക്കുക പതിവായിരുന്നു. ഇതിനെ എതിർത്ത ജ്യേഷ്ഠനെ 'അവരുടെ പട്ടിണി നമ്മുടെ പട്ടിണി പോലെയല്ലേ?' എന്നു പറഞ്ഞു സമാധാനപ്പെടുത്തുമായിരുന്നു. ഭൂതപ്പാണ്ടിയിലും അല്പകാലം അദ്ദേഹം ആധാരമെഴുതാൻ പോയിരുന്നു.

സ്വാമികളുടെ ഇരുപത്തിയഞ്ചാംവയസ്സിൽ മാതാവു മരിച്ചു. മാതാവിന്റെ ശേഷക്രിയയിൽ സംബന്ധിച്ചശേഷം വീട്ടിൽ കയറിയിട്ടില്ല.

സന്ന്യാസത്തിലേക്ക്. വടിവീശ്വരം എന്ന സ്ഥലത്തു സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ കാഴ്ചയിൽ പ്രാകൃതനെങ്കിലും അവധൂതനായ ഒരു ദിവ്യപുരുഷനെ കുഞ്ഞൻപിള്ള കണ്ടുമുട്ടി. ആ ഗുരുവാണ് ഇദ്ദേഹത്തിനു ജ്ഞാനോപദേശം നല്കിയത്.

ചട്ടമ്പിസ്വാമികളുടെ സന്ന്യാസനാമം 'ഷൺമുഖദാസസ്വാമികൾ' എന്നായിരുന്നു. പൂർണനാമം 'പരമഹംസപരിവ്രാജകാചാര്യ ശ്രീവിദ്യാധിരാജപരമഭട്ടാരക ശ്രീ ചട്ടമ്പിസ്വാമികൾ' എന്നായിരുന്നു. 'വിദ്യാധിരാജൻ', 'ശ്രീ ഭട്ടാരകൻ', 'ശ്രീ ബാലഭട്ടാരകൻ' എന്നീ പേരുക

ളിലും സ്വാമികൾ പ്രസിദ്ധനാണ്. പന്മനയിൽ സമാധിപീഠത്തിൽ സ്ഥാപിച്ചിട്ടുള്ള ക്ഷേത്രത്തിനു ശ്രീ ബാലഭട്ടാരകേശ്വരക്ഷേത്രം എന്നും സ്വാമികളുടെ സ്മാരകമായിട്ടുള്ള പന്മന ഹൈസ്കൂളിനു ശ്രീ ഭട്ടാരകവിലാസം ഹൈസ്കൂൾ എന്നുമാണ് പേര്. വാഴൂരിലുള്ള വിദ്യാധിരാജഹൈസ്കൂളും സ്വാമികളുടെ സ്മാരകമാണ് ഇദ്ദേഹത്തിനു സന്യാസിമാരും ഗൃഹസ്ഥന്മാരുമായ അനേകം ശിഷ്യന്മാരുണ്ടായിരുന്നു.

പന്മനയിൽവച്ചാണു ചട്ടമ്പിസ്വാമികൾ സമാധിയടഞ്ഞത്. സ്വാമികൾ നേരത്തേ നിർദേശിച്ചിരുന്ന കാവിൽത്തന്നെയാണു സമാധിപീഠം പണിതതും സമാധിയിരുത്തിയതും. ആ സമാധിപീഠത്തിൽ പിന്നീടു കുമ്പളത്തു ശങ്കുപ്പിള്ള പണികഴിപ്പിച്ചതാണു ബാലഭട്ടാരകേശ്വരക്ഷേത്രം.

സ്വാമികൾ അന്ത്യകാലത്തു വിശ്രമിച്ചിരുന്നതും സമാധിയായതുമായ പന്മന സി.പി.പി. സ്മാരക വായനശാലയോടു ചേർന്നുള്ള സ്ഥലത്താണ് അദ്ദേഹത്തിൻെറ സ്മാരകമായ 'പന്മന ഭട്ടാരവിലാസം ഹൈസ്കൂൾ' സ്ഥിതിചെയ്യുന്നത്.

കൃതികൾ. 1. പ്രാചീന മലയാളം, 2. വേദാധികാരനിരൂപണം, 3. അദ്വൈതചിന്താപദ്ധതി, 4. ജന്തുകാരുണ്യനിരൂപണം, 5. ക്രിസ്തുമതഛേദനം, 6. സർവമതസാമരസ്യം, 7. അദ്വൈതപഞ്ജരം, 8. ബ്രഹ്മതത്വനിർഭാസം. ഇവ കൂടാതെ മറ്റു ചില കൃതികളും സ്വാമികളുടെതായുണ്ട്. അദ്ദേഹം എഴുതിയ പലതും നഷ്ടപ്പെട്ടുപോയി. ചിലത് പുനഃപ്രകാശനം ചെയ്തിട്ടില്ല. 'മനോനാശം', 'ശരീരതത്വസംഗ്രഹം', 'ഒഴുവിലൊടുക്കം', 'പ്രപഞ്ചത്തിൽ സ്ത്രീപുരുഷന്മാർക്കുള്ള സ്ഥാനം', 'തമിഴകം' തുടങ്ങി പല പ്രബന്ധങ്ങളും ഗ്രന്ഥങ്ങളും ഇനിയുമുണ്ട്.

ചട്ടവരിയോല

നിയമങ്ങൾ എഴുതിയ ഓല. മുൻകാലത്തു സർക്കാർ ഉത്തരവ് ഓലയിലാണ് എഴുതിയിരുന്നത്. ചട്ടം (ഉത്തരവ്) രേഖപ്പെടുത്തിയ വാർന്നു മുറിച്ച ഓലക്കീറ് ആണു ചട്ടവരിയോല.

†ബൈലോ (By-law) എന്ന അർഥത്തിലും ഈ പദം പ്രയോഗിക്കാറുണ്ട്.

ചട്ടിത്തലയൻ

പച്ചനിറമുള്ള ഒരുതരം പാമ്പ്. മലമ്പ്രദേശങ്ങളിൽ കാണുന്നു. പുറത്തെ ശല്ക്കങ്ങൾ വലിയവയാണ്. കണ്ണിനും നാസാദ്വാരത്തിനും ഇടയിലായി ഒരു ചെറുദ്വാരമുണ്ട്. കേരളത്തിൽ ഹൈറേഞ്ച് പ്രദേശങ്ങളിലെ തോട്ടങ്ങളിൽ ഇവയെ കണ്ടുവരുന്നു. എലിയാണു ഇതിൻെറ മുഖ്യഭക്ഷണം. ഓരോ അണയിലും ഈരണ്ടു വലിയ വിഷപ്പല്ലുണ്ട്. വിഷം മാരകമല്ല. ത്രികോണാകൃതിയിലുള്ള തല ചട്ടിപോലെ പരന്നിരിക്കുന്നതിനാലാണു ചട്ടിത്തലയൻ എന്ന പേരുകിട്ടിയത്. കുറിയ വാലുകൊണ്ടു ചുറ്റിപ്പിടിക്കാം. ചട്ടിത്തലയനു സാധാരണ 60 സെൻറീമീറ്റർ നീളമുണ്ടാവും. പ്രസവകാലം സെപ്റ്റംബർ മുതൽ നവംബർ വരെയാണ്. നാലു മുതൽ ഏഴുവരെ കുഞ്ഞുങ്ങളാണു ഒരിക്കൽ പിറക്കുക. കുഞ്ഞുങ്ങൾക്കു 15 സെൻറീമീറ്ററോളം നീളം ഉണ്ടാകും.

ചട്ട്ണി

ഒരുതരം ചമ്മന്തി. ചോറും, ഇഡ്ഡലി, ദോശ തുടങ്ങിയ പലഹാരങ്ങളും കഴിക്കുമ്പോൾ ഉപദംശമായി ഉപയോഗിക്കുന്നു. ചട്ട്ണി ഒരു ഹിന്ദി പദമാണ്. ഇതിൻെറ നിർമാണത്തിനും ഉപയോഗത്തിനും ഇന്ത്യയിൽ പ്രാദേശികമായ പല വ്യത്യാസങ്ങളുമുണ്ട്. നാളികേരം ചിരവിയതും മുളകും ഇഞ്ചിയും പുളിയും ചെറുനാരങ്ങാനീരും മറ്റും പലവിധത്തിൽ ചേർത്ത് ഇതു തയ്യാറാക്കുന്നു. വടക്കെ ഇന്ത്യയിൽ ശർക്കര, പഞ്ചസാര തുടങ്ങിയ മധുരദ്രവ്യങ്ങളും ഇതിൽ ചേർക്കാറുണ്ട്. ദക്ഷിണേന്ത്യയിൽ നാളികേരവും മുളകും ഇഞ്ചിയും ഉള്ളിയും പുളിയുംകൂടി അരച്ചോ, പുളികൂടാതെ അരച്ചു തൈരിൽ കലക്കിയോ, കടുകുവറുത്താണ് ഇതു സാധാരണമായി ദോശയ്ക്കും ഇഡ്ഡലിക്കും മറ്റും ഉപയോഗിക്കുന്നത്.

പാശ്ചാത്യരാജ്യങ്ങളിൽ, പ്രത്യേകിച്ച് ഇംഗ്ലണ്ടിൽ ഇതിനു പ്രചാരമുണ്ടായിക്കൊണ്ടിരിക്കുകയാണ്. 'ചട്ട്ണി' (Chutney) എന്ന പദം തന്നെ ഇംഗ്ലീഷുഭാഷ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. †ചമ്മന്തി നോക്കുക.

ചട്ട്ണിച്ചെടി (Spearmint)

ലാബിയേറ്റെ കുലത്തിൽപ്പെടുന്ന ഓഷധി. ശാസ്ത്രനാമം: മെന്താസ്പൈക്കേറ്റ (*Mentha spicata*). ഇത് സാധാരണ കൃഷിചെയ്യുന്നതു പലതരം ചട്ട്ണി ഉണ്ടാക്കാനാണ്. ഇതിൻെറ വേരൊഴിച്ചുള്ള ഭാഗങ്ങൾവാറ്റി ഒരുതരം കർപ്പൂര എണ്ണയെടുക്കുന്നു. സസ്യകുലത്തിലെ മറ്റൊരു ചെടിയായ കർപ്പൂരതുളസിയിൽ (Peppermint) നിന്നെടുക്കുന്ന മെന്തോളി (Menthol) നെക്കാൾ സ്വാദുണ്ട് ഈ തൈലത്തിന്. എന്നാൽ പെപ്പർമിൻറ് എണ്ണയ്ക്കു ശീതീകരണത്തിനുള്ള കഴിവ് (cooling action) കൂടുതലാണ്.

ചണം (Jute)

ടീലിയേസി കുലത്തിൽപ്പെടുന്ന ചെടി. ചാക്കുനിർമാണത്തിന് ആവശ്യമായ നാര് ഇതിൽ നിന്നാണു കിട്ടുന്നത്. ഇന്ത്യയും പാകിസ്താനുംകൂടി ലോകത്തിലെ ആകെ ഉത്പാദനത്തിൻെറ 90% ചണവും ഉത്പാദിപ്പിക്കുന്നു.

രണ്ടിനം ചെടികളിൽനിന്നു കിട്ടുന്ന നാര് ഇതിനായി ഉപയോഗിക്കുന്നു. *കോർക്കോറസ് കാപ്സുലാരിസും (Corchorus capsularis) കോർക്കോറസ് ഒളിറ്റോറിയസും (Corchorus olitorius)* ആണിവ. ഇവതമ്മിൽ കാഴ്ചയ്ക്കു ചെറിയ വ്യത്യാസങ്ങൾ മാത്രമേയുള്ളൂ. ആദ്യത്തെ ഇനത്തിൻെറ കായ്കൾ ഉരുണ്ടതും വിത്ത് അണ്ഡാകൃതിയിൽ നല്ല കടുംതവിട്ടുനിറത്തിലുള്ളതും ആണ്. ഇതിൽനിന്നു ലഭിക്കുന്ന നാരു വെളുത്തതും; ഈ നാരിന് ഒളിറ്റോറിയസിൻെറ നാരിനോളം ബലമില്ല. ഒളിറ്റോറിയസിൻെറ കായ് ഉരുണ്ടു നീണ്ടതും വിത്തു പിരമിഡ്രൂപത്തിൽ നീലനിറമുള്ളതുമാണ്. ഏതു പ്രതികൂലസാഹചര്യത്തിലും വളരാൻ കാപ്സുലാരിസിനു കഴിയും. അതിനാലാണു ഇന്ത്യയിൽ ഇവ കൂടുതലായി കൃഷിചെയ്യുന്നത്. ഇതിൻെറ ഇലയ്ക്കു ചവർപ്പുണ്ട്. ഒളിറ്റോറിയസ്സിൻെറ ഇലയ്ക്കു ചവർപ്പില്ല. അതിൻെറ ഇല കറിവയ്ക്കാൻ ഉപയോഗിക്കാറുണ്ട്.



ചണം - ഫലങ്ങളോടുകൂടിയ
ഒരു ശാഖ

ചണച്ചെടികൾ 2-4 മീറ്റർ പൊക്കം വയ്ക്കും. ഇളംപച്ചനിറത്തോടുകൂടിയ ഇലകൾക്കു 10-15 സെ. മീറ്റർ നീളവും അഞ്ചു സെ. മീറ്റർ വീതിയും ഉണ്ട്. ഇലകളുടെ അഗ്രം കൂർത്തതാണ്. ഇന്ത്യയിൽ ബംഗാൾ, ബീഹാർ, അസം, ഒറീസ്സ, ഉത്തരപ്രദേശ്, ത്രിപുര എന്നിവിടങ്ങളിൽ കൃഷിചെയ്യുന്നു.

ബംഗാളിലാണു ചണക്കൃഷി ഏറ്റവും കൂടുതൽ. മിതമായ ചൂടും ബാഷ്പസാന്ദ്രത കൂടിയ അന്തരീക്ഷവുമാണ് ചണത്തിനു യോജിച്ചത്. ഫലപുഷ്ടിയുള്ള മണൽ ചേർന്ന എക്കൽപ്രദേശങ്ങളിലാണ് കൃഷിചെയ്യുക. ഈ നിലങ്ങളിൽ വെള്ളപ്പൊക്കകാലത്തു ധാരാളമായി എക്കൽ അടിയുന്നു. വിത്തുവിതയ്ക്കുകയാണു പതിവ്. ഹെക്ടറിന് 12 കി. ഗ്രാം വിത്തു വേണ്ടിവരും. ചെടികൾക്ക് 10-15 സെ.മീറ്റർ വളർച്ചയാകുമ്പോൾ അവയുടെ ഇടയിളക്കുകയും രണ്ടു ചെടികൾക്കുതമ്മിൽ 1-15 സെ.മീറ്റർ അകലം വരത്തക്കവിധത്തിൽ ചെടികൾ നിർത്തിയിട്ട് ബാക്കി പറിച്ചുകളയുകയും വേണം. മാർ

ച്ചു മുതൽ മേയ് വരെയുള്ള കാലത്താണു വിത്തുവിതയ്ക്കുക. വിതച്ച് അഞ്ചാറുമാസം കഴിയുമ്പോൾ ചെടി മുറിച്ചെടുക്കാം. കായ്ക്കുന്ന സമയത്താണു ചെടി വെട്ടിയെടുക്കേണ്ടത്. വെട്ടിയെടുക്കുന്ന സമയമനുസരിച്ച് നാരിൻെറ ഗുണം വ്യത്യാസപ്പെട്ടിരിക്കും.

വെട്ടിയെടുത്ത ചെടികൾ ചെറുകെട്ടുകളായി കെട്ടി വെള്ളത്തിൽ താഴ്ത്തുന്നു. വെള്ളത്തിൻെറ ഗുണവും കാലാവസ്ഥയും അനുസരിച്ചു തണ്ട് അഴുകാനുള്ള സമയത്തിൽ വ്യത്യാസം വരും. സാധാരണ പത്തുദിവസം മുതൽ ഒരു മാസം വരെ വേണ്ടിവരും. അഴുകിക്കഴിയുമ്പോൾ തല്ലി നാര് വേർപെടുത്തുന്നു. നാര് നല്ല വെള്ളത്തിൽ കഴുകി ഉണക്കിയെടുക്കണം. എന്നിട്ടു ഗുണമനുസരിച്ചു വിവിധ ഗ്രേഡുകളാക്കി മില്ലിലേക്ക് അയയ്ക്കാം. അഴുകുന്നതിൽ വരുന്ന വ്യത്യാസം നാരിൻെറ ഗുണത്തെ വളരെയേറെ ബാധിക്കും. ഒരു ഹെക്റ്റാർ സ്ഥലത്തുനിന്നു ഏതാണ്ട് 1500-2000 കി. ഗ്രാം നാരു ലഭിക്കും. ചണനാര് ചാക്കുണ്ടാക്കുന്നതിനും കാർപ്പറ്റുകൾ, പിരിച്ചരട് (twine) മുതലായവ നിർമിക്കുന്നതിനും ഉപയോഗിക്കുന്നു.

മാക്രോഫോമഫാസിയോളൈ (Macrophoma phasioli) എന്ന കുമിൾമൂലം ഉണ്ടാകുന്ന വാടൽരോഗം ഈ ചെടിയെ ഏതു പ്രായത്തിലും ബാധിക്കാവുന്നതാണ്. വിത്തിൽക്കൂടി പകരുന്ന ഈ രോഗം തടയാനായി മരുന്നു പുരട്ടിയ വിത്തു ഉപയോഗിക്കുന്നു. കായും തണ്ടും തുരന്നു നശിപ്പിക്കുന്ന *ഏപിയോൺ കോർകോറൈ (Apion corchori)* എന്ന കീടത്തിൻെറ ബാധയും ഈ ചെടിക്കുണ്ടാകാം. ഇതിന് പ്രതിവിധിയായി ഗമാക്സിൻ പൊടി വിതറിയാൽ മതി. .

1985-86 ലെ കണക്കനുസരിച്ചു ഇന്ത്യയിൽ 11.48 ലക്ഷം ഹെക്റ്റാർ സ്ഥലത്തു ചണം കൃഷി ചെയ്തു. 109.52 ലക്ഷം ടണ്ണാണ് ഉത്പാദനം. ഹെക്റ്റാർ ഒന്നിനു ശരാശരി വിളവ് 1717 കി.ഗ്രാം. 1986-87 ൽ 265.04 കോടി രൂപയ്ക്കു ചണം കയറ്റുമതി ചെയ്തിട്ടുണ്ട്. ഇതു മുൻവർഷത്തെ അപേക്ഷിച്ച് 3.27 കോടി. രൂപയുടെ വർധന കാണിക്കുന്നു.

ചണ്ഡിക

രാജസസ്വഭാവയായ ഒരു ദേവി. പാർവതിയുടെ രാജസസ്വരൂപമാണു ചണ്ഡിക. ചണ്ഡി എന്നും പറയും. ബംഗാളിൽ ഏതാണ്ട് എല്ലാ ഗ്രാമങ്ങളിലും ചണ്ഡീമണ്ഡപങ്ങൾ ഉണ്ടായിരുന്നു. ഗ്രാമപ്പഞ്ചായത്തുകൾ ചണ്ഡികയുടെ മുന്നിൽ സമ്മേളിച്ചാണു സാമൂഹിക പ്രശ്നങ്ങളിൽ തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നത്. ഗ്രാമസംരക്ഷകയായി അവർ ചണ്ഡിയെ ആരാധിച്ചിരുന്നു.

ചണ്ഡീഗഢ്

പഞ്ചാബ്,ഹരിയാന സംസ്ഥാനങ്ങളുടെ തലസ്ഥാനം. ദില്ലിയിൽ നിന്നു തീവണ്ടിവഴി 243 കി.മീറ്റർ വടക്കുപടിഞ്ഞാറു സുഖ്നാ നദിക്കും പട്യാലാ നദിക്കും ഇടയിലുള്ള സമതലത്തിൽ സമുദ്രനിരപ്പിൽ നിന്ന് 396 മീറ്റർ ഉയരത്തിൽ (30° 42′ വ: 76 ° 50′ കി:) സ്ഥിതിചെയ്യുന്നു. സ്വതന്ത്രഭാരതത്തിൽ ആദ്യമായി ആസൂത്രണംചെയ്തു നിർമിച്ച നഗരമാണ് ഇത്. വിസ്തൃതി 114.48 കി.മീ. ജനസംഖ്യ: 3,73,789 (1981)



ചണ്ഡിഗഢിലെ
സെക്രട്ടേറിയറ്റ്മന്ദിരം



അവിഭക്തഭാരതത്തിലെ പഞ്ചാബ്പ്രവിശ്യയുടെ തലസ്ഥാനം ലാഹോർ ആയിരുന്നു. വിഭജനത്തിൻെറ ഫലമായി ലാഹോർ പാകിസ്താനു ലഭിച്ചു. ഇന്ത്യയിൽ ചേർന്ന പൂർവപഞ്ചാബിനു പുതിയൊരു തലസ്ഥാനം ആവശ്യമായിത്തീർന്നു. പുതിയ തലസ്ഥാനം നിർമിക്കാനുള്ള സ്ഥലം 1948-ൽ തിരഞ്ഞെടുത്തു. രണ്ടാം ലോകയുദ്ധത്തിനുശേഷം വാസ്തുവിദ്യയിലും മന്ദിരസംവിധാനകലയിലും ആഗോളപ്രശസ്തി നേടിയ ലേ കോർബുസ്യേ (Le Corbusier) ആണു ചണ്ഡീഗഢ് (ചണ്ഡിഗർ എന്നും പറയും) നഗരം സംവിധാനംചെയ്തത്. 1950-ൽ നിർമാണം തുടങ്ങി. 70 കോടി രൂപയായിരുന്നു എസ്റ്റിമേററ്. 100 ഹെക്റ്റാർ വിസ്തൃതിയും ദീർഘചതുരാകൃതിയുമുള്ള 30 ബ്ലോക്കുകളാണ് ഈ നഗരത്തിനുള്ളത്. 24 ബ്ലോക്കുകൾ ജനവാസത്തിനു വേണ്ടിയാണ്. ആധുനിക നഗരജീവിതത്തിനാവശ്യമുള്ള എല്ലാ സൗകര്യങ്ങളുമടങ്ങിയതാണ് ഓരോ ബ്ലോക്കും. ഒരു ബ്ലോക്കിൽ 15,000 പേർക്കു താമസിക്കാം. ദൂരസ്ഥലങ്ങളിലേക്കു കൂടുതൽ വേഗത്തിൽ പോകുന്ന വാഹനങ്ങൾക്കുവേണ്ടി റോഡുകളിൽ പ്രത്യേക പാതകൾ നിർമിച്ചിട്ടുണ്ട്. രാജ്ഭവൻ, ഗവൺമെൻറ് സെക്രട്ടേറിയറ്റ് (9 നിലകളുള്ള കെട്ടിടം), ഹൈക്കോടതിമന്ദിരം, നിയമസഭാമന്ദിരം എന്നിവ പട്ടണത്തിൻെറ വടക്കുഭാഗത്താണ്. വടക്കുകിഴക്കു വലിയൊരു കൃത്രിമ തടാകമുണ്ട്. തെക്കുകിഴക്കേഭാഗമാണു വ്യവസായമേഖല. 121.9 മീറ്റർ വീതിയുള്ള ഒരു പച്ചിലത്തോപ്പ് ഈ മേഖലയെ നഗരത്തിൻെറ ഇതരഭാഗങ്ങളിൽനിന്നു വേർതിരിക്കുന്നു. പഞ്ചാബ് സർവകലാശാലയും ചണ്ഡീഗഢിൽ സ്ഥാപിച്ചിരിക്കുന്നു. ദില്ലി, അംബാല, കൽക്കത്ത, സിംല എന്നീ പട്ടണങ്ങളുമായി ചണ്ഡീഗഢിനു റെയിൽവേ ബന്ധമുണ്ട്.

1966-ൽ പഞ്ചാബിനെ ഹരിയാന, പഞ്ചാബ് എന്നു രണ്ടായി വിഭജിച്ചപ്പോൾ ചണ്ഡീഗഢ് തങ്ങൾക്കു വേണമെന്നു രണ്ടു സ്റ്റേറ്റുകളും വാദിച്ചു. തർക്കം തീരുന്നതുവരെ രണ്ടു സ്റ്റേറ്റുകളുടെയും തലസ്ഥാനം ചണ്ഡീഗഢിൽ സ്ഥാപിക്കാനും നഗരത്തിൻെറ ഭരണം (1966 നവംബർ 1) കേന്ദ്രഗവൺമെൻറിൻെറ ചുമതലയിലാക്കാനും തീരുമാനിച്ചു. തർക്കം തീരാത്തതുകൊണ്ട് ഇപ്പോഴും ഇതു കേന്ദ്രഭരണപ്രദേശമായി തുടരുന്നു.

ചണ്ഡീദാസ്

വൈഷ്ണവകവി. പതിന്നാലാം നൂറ്റാണ്ടിൻെറ അന്ത്യത്തിൽ ജനിച്ചു. പശ്ചിമബംഗാളിലെ ബിർഭൂം ജില്ലയിലെ നന്തൂർ ഗ്രാമമാണു ജന്മസ്ഥലം. പൂർണമായ പേര് അനന്ത .ബഡു ചണ്ഡീദാസ്. ശ്രീകൃഷ്ണ കീർത്തൻ എന്ന ഗാനസമാഹാരമാണ് ഇദ്ദേഹത്തിൻെറ മുഖ്യകൃതി. രാധാകൃഷ്ണപ്രേമത്തെ പ്രകീർത്തിക്കുന്നവയാണ് ഇതിലെ ഗാനങ്ങൾ.

ചതകുപ്പ

വാതഹരമായ ഒരു ഔഷധസസ്യം. ശാസ്ത്രനാമം: *പ്യൂസിഡാനം ഗ്രാവിയോലെൻസ്*(Peucedanum graveolens) ശതകുപ്പ എന്നും പറയും. ചെറിയ കായും മഞ്ഞപ്പൂക്കളുമുണ്ട്. ചെറിയ ചെടി ആണ് നീരു കുറയ്ക്കാനും വിശപ്പു വർധിക്കാനും ഇത് മറ്റു മരുന്നുകളോടു ചേർത്ത് ഉപയോഗിക്കുന്നു.

ചതയം

ഇരുപത്തിനാലാമത്തെ നക്ഷത്രം. അവിട്ടത്തിന്റെ രണ്ടാം പകുതിയും ചതയവും പൂരുരുട്ടാതിയുടെ ആദ്യത്തെ മുക്കാൽ ഭാഗവും ചേർന്നതാണു കുംഭംരാശി. വരുണനാണു നക്ഷത്രദേവത. 'ശതഭിഷക്' എന്ന സംസ്കൃതസംജ്ഞയുടെ തദ്ഭവമാനു ചതയം. 100 നക്ഷത്രങ്ങൾ ഈ നക്ഷത്രസമൂഹത്തിൽ (constellation) കണുന്നു. അസുരഗണവും സ്ത്രീയോനിയുമാണ് ഈ നക്ഷത്രം. ഇതിന്റെ മൃഗം പെൺകുതിര, പക്ഷി മയിൽ, വൃക്ഷം കടമ്പ് ജ്യോതിഷപ്രകാരം, ഈ നക്ഷത്രത്തിൽ ജനിച്ചയാൾ വാഗ്മിയും ധൂർത്തനും ആകുമത്രേ.

ചതുപ്പ്

നീർവാർച്ച ഇല്ലാത്തതിനാൽ വെള്ളം കെട്ടിനില്ക്കുന്ന ചളിപ്രദേശം. ഡെൽറ്റകളുള്ള നദീമുഖങ്ങളോടടുത്തു പ്രധാനമായും പുല്ലുകൾ വളരുന്ന വിശാലസ്ഥലങ്ങൾ കാണാം. നദിയിൽ വെള്ളപ്പൊക്കം വരുമ്പോളൊക്കെ ഇവിടെ വെള്ളം മൂടും. വെള്ളം ഇറങ്ങുമ്പോൾ ഡെൽറ്റകളിൽ എക്കൽ അടിയുന്നതിനാൽ, ഡെൽറ്റയെ അപേക്ഷിച്ച് ഈ പുൽപ്രദേശം താണ സ്ഥലമായിരിക്കും. മഴക്കാലത്തു വെള്ളത്തിനടിയിൽ ആകുന്നതും ഉഷ്ണകാലത്ത് അങ്ങിങ്ങു വെള്ളം കെട്ടിനില്ക്കുന്നതുമായ ഇത്തരം ചതുപ്പുകൾ ലോകത്ത് എമ്പാടുമുണ്ട്. കേരളത്തിൽ വേമ്പനാട്ടു കായലിന്റെയും പെരിയാറിന്റെയും പമ്പാനദിയുടെയും തീരങ്ങളോടുചേർന്ന് ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലാണു ചതുപ്പ് ഉള്ളത്. ചിലെടം സമുദ്രനിരപ്പിലും താണതാണ്. പുല്ലുകൾ വളർന്നു നീരൊഴുക്കിനെ തടയുന്നതിനാൽ ഡെൽറ്റയുടെയും ചതുപ്പിന്റെയും വിസ്താരം വർധിച്ചുവരുന്നു. നൈൽ ഡെൽറ്റ, യൂഫ്രട്ടീസ്-ടൈഗ്രീസ് ഡെൽറ്റ എന്നിവയ്ക്കു ചരിത്രപ്രാധാന്യമുള്ള വിശാലമായ ചതുപ്പുകളുണ്ട്. ഹൂഗ്ലിയിലും കാവേരിഡെൽറ്റയിലും ഉണ്ട് ചതുപ്പുകൾ.

നദീതീരത്തല്ലാതെയും ചതുപ്പുണ്ടാകും; ഭൂമിയുടെ ഉപരിതലത്തിൽ വെള്ളം കെട്ടിനില്ക്കാനുള്ള പരിസ്ഥിതി ഉണ്ടായാൽ മതി. വളക്കൂറുള്ളതിനാൽ ചതുപ്പുകളെ കൃഷിഭൂമിയാക്കി മാറ്റുന്നുണ്ട്. കേരളത്തിൽ ചിലെടത്തു ചിറപിടിച്ചു തെങ്ങുകൃഷി നടത്തുന്നു. നീർവാർച്ചയ്ക്ക് ഇങ്ങനെസൗകര്യമുണ്ടാക്കി പരുത്തി, പയർവർഗം തുടങ്ങിയവ കൃഷിചെയ്യാം.

ചതുപ്പൻ കാടക്കൊക്ക്

†ചുണ്ടൻകാട നോക്കുക.

ചതുരം (Square)

ജ്യോമട്രിയിലെ ഒരു നേർരേഖാചിത്രം. ഇതിന്റെ നാലു വശങ്ങൾ തുല്യങ്ങളും നാലു കോണുകൾ 90° വീതവും ആണ്. ചതുരത്തിന്റെ നാലു വശങ്ങളും സമമിതാക്ഷങ്ങളാണ്. (axis of symmetry). ഭുജനീളം a ആയാൽ അതിന്റെ ക്ഷേത്രഫലം a^2. ഓരോ കർണവും (diagonal) ചതുരത്തെ രണ്ടു മട്ട(right)ത്രികോണങ്ങളാക്കി ഭാഗിക്കുന്നു. ചതുരത്തെ സമചതുരം എന്നും പറയാറുണ്ട്.

ചതുരംഗം

ബുദ്ധിക്കു വ്യായാമം നല്കാൻ ഉതകുന്ന ഒരു അകത്തളക്കളി. ഭാരതത്തിലെങ്ങും ഈ വിനോദം വളരെക്കാലം മുമ്പുമുതലേ നടപ്പിലിരുന്നു. രണ്ടു പേരാണ് ഇതിൽ പങ്കെടുക്കുന്നത്. രണ്ടു ഭാഗത്തും ഒരേ വിധം പതിനാറു കരുക്കൾ. ഒന്നു വലുതും മറ്റതു ചെറുതും. കരുക്കൾ നീക്കി ദേവന്റെ അടി അറുക്കുകയാണു വിജയിക്കാൻ വേണ്ടത്.

കളവും കരുക്കളും. ഒരു സമചതുരത്തെ 64 തുല്യസമചതുരങ്ങളായി ഭാഗിച്ചാൽ കളമായി. ചോക്കുകൊണ്ടോ മറ്റോ നിലത്തു വരയ്ക്കയോ ചതുരംഗപ്പലകയിൽ ഉളികൊണ്ടു വരഞ്ഞു കളം നിർമിക്കയോ ചെയ്യുന്നു. ഓരോ വശത്തും 16 കരുക്കൾ വീതമുണ്ട്: ദേവൻ ഒന്ന്, മന്ത്രി ഒന്ന്, ആനയും (ഗജം), കുതിരയും തേരും (രഥം) ഈരണ്ട്, ആൾ (പദാതി) എട്ട്.

ര	കു	ഗ	മ	ദേ	ഗ	കു	ര
പ	പ	പ	പ	പ	പ	പ	പ
പ	പ	പ	പ	പ	പ	പ	പ
ര	കു	ഗ	മ	ദേ	ഗ	കു	ര

കരുക്കൾ നിരത്തുന്ന രീതി.

ര = രഥം, കു = കുതിര, ഗ = ഗജം, ദേ = ദേവൻ, മ = മന്ത്രി, പ =പദാതി.

കരുക്കൾ വാഴത്തട മുറിച്ച് ഉണ്ടാക്കുന്നു. മരംകൊണ്ടും ആകാം. മുകളിലും താഴെയും നിരപ്പായി ഒരിഞ്ചു നീളത്തിൽ,മുറിച്ചെടുത്താൽ തേരായി. ചുവട്ടിലെ വണ്ണം കൂടിയ ഭാഗത്തുനിന്നു വൻ കരുക്കളും മുകളിലെ വണ്ണം കുറഞ്ഞ ഭാഗത്തുനിന്നു ചെറു കരുക്കളും മുറിക്കുന്നു. തേരിന്റെ ഇരട്ടി നീളത്തിൽ മുറിച്ചു കുഴിയുള്ള ഭാഗം അടിയിൽ വരത്തക്കവണ്ണം വയ്ക്കുന്നതാണ് ആന. വൻകുതിരയുടെ ഇരിപ്പു പിന്നിലേക്കു ചരിഞ്ഞാണ്. മുകൾഭാഗം നേരെയും അടിഭാഗം കുഴിഞ്ഞ ഭാഗത്തു നീളം കൂടുതലാക്കിയും മുറിച്ചാൽ മതി. ചെറുകുതിര ഇതിനു വിപരീതമായി മുന്നോട്ടു ചരിഞ്ഞിരിക്കുന്നു. വൻകുതിരയെ മുറിച്ചെടുത്താൽ മുൻഭാഗം അഞ്ചു സെ.മീറ്ററും പിൻഭാഗം ആറു സെ.മീറ്ററും തള്ളി നിരപ്പിനു മുറിച്ചാൽ മതി. വൻകുതിരയെപ്പോലെതന്നെ വാഴത്തട മുറിച്ചു നിരപ്പുള്ള ഭാഗം നിലത്തു ചേർത്തു വച്ചാൽ ദേവനായി. മന്ത്രി ദേവന്റെ ആകൃതിയിൽത്തന്നെ. അല്പം പൊക്കം കുറയും. ആനയുടെ ആകൃതി തന്നെ ആളിനും. വണ്ണവും നീളവും കുറയും. ചെറു കരുവിലെ ആൾ കമിഴ്ത്തി വയ്ക്കുന്നു. വാഴത്തടയുടെ പുറം (ഉരുണ്ടഭാഗം) അല്പം ചീന്തിക്കളഞ്ഞു മൂന്നു സെ.മീ. നീളത്തിൽ മുറിച്ചു മലർത്തിവച്ചാൽ വൻകരു ആളാണ്.

കാലുകളും കളിക്കുന്ന രീതിയും. രണ്ടുപേരും ഓരോ കരുക്കളെ ഒന്നിടവിട്ടു തള്ളുന്നു. വൻ കരു ആണു കളി തുടങ്ങുന്നത്. ആൾ നേരെ മുന്നിലുള്ള കളത്തിലേക്കേ മാറൂ. ദേവനു ചുറ്റുപാടുമുള്ള തൊട്ടടുത്ത എട്ടു കളത്തിൽ ഏതിലും മാറാം. തേരിനു മുന്നോട്ടും പിന്നോട്ടും ഇരുവശങ്ങളിലേക്കും തടസ്സമില്ലാത്തിടത്തോളം എത്ര ഖണ്ഡവും പോകാം. തേരാണ് ഏറ്റവും ശക്തമായ കരു. മന്ത്രി നില്ക്കുന്നതിന്റെ നാലു മൂലകളിലുമുള്ള ഏതെങ്കിലും കളത്തിലേക്കു മാറുന്നു. ആന കോണോടുകോൺ ആയി നില്ക്കുന്നതിന്റെ മൂന്നാം കളത്തിലേക്കു മാറും. കുതിര നേരെ മുന്നിലോ പിന്നിലോ ഇരുവശങ്ങളിലോ ഉള്ള മൂന്നാം കളത്തിന്റെ ഇരുവശവുമുള്ള ഖണ്ഡങ്ങളിൽ ഒന്നിൽ മാറുന്നു.

വെട്ടുന്ന രീതി. ആളൊഴികെയുള്ള ഏതു കരുവിനും അതിനു ചെല്ലാവുന്നിടത്തു നില്ക്കുന്ന കരുവിനെ വെട്ടി (കളിക്കളത്തിനു പുറത്തു തള്ളി) അവിടെ കയറി നില്ക്കാം. ദേവനെ വെട്ടാൻ ഒരുങ്ങുമ്പോൾ മുൻകൂട്ടി എതിരാളിയെ അറിയിക്കണം. അരശു പറയുക എന്നാണ് ഇതിന്റെ സാങ്കേതികസംജ്ഞ. 'വച്ചരശ്ശ്' തേരുകൊണ്ടും 'ഇഷ്ടരശ്' കുതിരകൊണ്ടും 'പോട്ടരശ്' ആനകൊണ്ടും 'കുത്തരശ്' മന്ത്രിയെക്കൊണ്ടും 'ഉന്തരശ്' ആളെക്കൊണ്ടും വെട്ടുന്നതിന്റെ സൂചന ആണ്. ആൾ വെട്ടുന്നതു നേരെ മുന്നിലുള്ള കളത്തിന്റെ വലതും ഇടതുമുള്ള കളങ്ങളിലെ കരുവിനെയാണ്. അപ്പോൾ വെട്ടുന്ന കളത്തിലേക്കുതന്നെ നീങ്ങുന്നു. ആൾ എട്ടാമത്തെ (ഒടുവിലത്തെ) കളത്തിൽ എത്തിയാൽ മന്ത്രിയാകും.

ജയാപജയങ്ങൾ. ദേവനു നില്ക്കാനോ നീങ്ങാനോ കഴിയാതെ വന്നാൽ (എവിടെനിന്നാലും വെട്ടാൻ ഇടയുണ്ടെങ്കിൽ) ആ കരു എടുത്തയാൾ തോല്ക്കുന്നു. ഇതിന് 'അടിയറവ്' എന്നു പറയുന്നു. നില്ക്കുന്നിടത്തു നില്ക്കാം, മാറാൻ മാത്രം കഴിയില്ല എന്ന സ്ഥിതിക്ക് 'ഈടറവ്' എന്നാണു പേര്. എതിരാളിക്ക് ഈടറവു നല്കുന്നതു കളിക്കാരന്റെ കഴിവുകേടാണ്.

ചതുരംഗസേന

†കരസേന നോക്കുക.

ചതുരക്കള്ളി

†കള്ളിച്ചെടികൾ നോക്കുക.

ചതുരാനനപണ്ഡിതൻ

വള്ളുവനാട്ടിൽ ജീവിച്ചിരുന്ന പണ്ഡിതസന്യാസി. പത്താംശതകത്തിൽ വള്ളുവനാടു വാണിരുന്ന രാജശേഖരന്റെ പുത്രനായ വല്ലഭനാണു പിന്നീടു സന്യാസിയായി ചതുരാനനപണ്ഡിതനായത്. വല്ലഭൻ വിദ്യാഭ്യാസവും ആയുധാഭ്യാസവും പൂർത്തിയാക്കിയശേഷം ചോളരാജ്യത്തു ചെന്നു രാജാദിത്യചോളന്റെ മിത്രമായി താമസമാക്കി. രാഷ്ട്രകൂടന്മാരും ചോളന്മാരും തമ്മിൽ തക്കോലത്തുവച്ചു നടന്ന യുദ്ധത്തിൽ (949) രാജാദിത്യൻ കൊല്ലപ്പെട്ടു. സ്നേഹിതനോടൊപ്പം രണാങ്കണത്തിലിറങ്ങി യുദ്ധംചെയ്യാനോ അദ്ദേഹത്തോടൊപ്പം വീരസ്വർഗം പ്രാപിക്കാനോ തനിക്കു സാധിക്കാതെ വന്നതു വല്ലഭനെ വല്ലാതെ വേദനിപ്പിച്ചു. ആ ദുഃഖമാണു സന്യാസം സ്വീകരിക്കാൻ ഇദ്ദേഹത്തെ പ്രേരിപ്പിച്ചത്. സന്യാസി ആയശേഷം ചതുരാനനൻ എന്ന പേരു സ്വീകരിച്ചു തിരുവൊട്ടിയൂർ മഠാധിപതിയായി ശേഷിച്ച ജീവിതകാലം നയിച്ചു. 960-ലെ തിരുവൊട്ടിയൂർശാസനത്തിൽനിന്നു ചതുരാനനപണ്ഡിതനെക്കുറിച്ചു ചില വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. തന്റെ കാലശേഷം സ്വന്തം ജന്മനക്ഷത്രമായ അവിട്ടംനാളിൽ തിരുവൊട്ടിയൂർക്ഷേത്രത്തിൽ ബലി തൂകുന്നതിനുവേണ്ട വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതാണ് ഈ ശാസനം.

ചതുരുപായങ്ങൾ

ജീവിതവിജയത്തിനുവേണ്ടി ഭാരതീയ ധർമമീമാംസ നിർദേശിച്ചിട്ടുള്ള നാലു തന്ത്രങ്ങൾ. സാമം, ദാനം, ഭേദം, ദണ്ഡം ഇവയാണു തന്ത്രങ്ങൾ. മറ്റു പേരുകളിലും വിവിധങ്ങളായ പ്രയോഗകൗശലങ്ങളിലും ഇവ എല്ലാക്കാലത്തും ലോകത്തിൽ നിലനില്ക്കുന്നു. ശത്രുസംഹാരത്തിനും മിത്രലാഭത്തിനും വേണ്ടി പ്രയോഗിക്കാൻ പ്രാചീനകാലത്തെ രാജാക്കന്മാർക്കു വിധിക്കപ്പെട്ടിട്ടുള്ള ഈ ഉപായങ്ങളുടെ കാലികപ്രാധാന്യത്തിന് ഒരിക്കലും ഇടിവു തട്ടിയിട്ടില്ല.

1. സ്നേഹവും സൗഹൃദവുംകൊണ്ട് അന്യരെ സ്വവശഗരാക്കുന്ന ഉപായമാണു സാമം.

2. നല്ലവാക്കും പെരുമാറ്റവുംകൊണ്ട് ആകർഷിക്കാൻ കഴിയാത്തവരെ ദാനംകൊണ്ടു പ്രീതിപ്പെടുത്തണം. സംശയാലുക്കളായ പൗരജനങ്ങളുടെയും സേനാപതിമാരുടെയും വിമതന്മാരുടെയും നേർക്കു പ്രയോഗിക്കാനുള്ളതാണ് ഈ ഉപായം.

3. ഇവ രണ്ടുംകൊണ്ടു സാധിക്കാതെവരുമ്പോഴാണു ഭേദോപായം പ്രയോഗിക്കുക. 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന ആധുനിക രാഷ്ട്രീയതന്ത്രംതന്നെയാണ് ഇത്. എതിരാളികളെ തമ്മിൽ തല്ലിക്കുകയും അങ്ങനെ എതിർപ്പിന്റെ അണി 'ഭേദി'ക്കുകയും ചെയ്യുന്നതുകൊണ്ടു വിജയം കൈവരുമെന്നുള്ളതാണ് ഈ തന്ത്രത്തിന്റെ പിന്നിലെ തത്വം.

4. അവസാനത്തെ കൈയാണു ദണ്ഡ(ന)ം. സമ്പത്തു കുത്തിക്കവരുന്നതുമുതൽ കൊലയ്ക്കു കൊടുക്കുകവരെ ഇതിലുൾപ്പെടും ശത്രുവിന്റെ പദവിയും അയാളെക്കുറിച്ചു മറ്റുള്ളവർക്കുള്ള അഭിപ്രായവും ഒക്കെ കണക്കിലെടുത്തുകൊണ്ടേ ഈ ഉപായം പ്രയോഗിക്കാവൂ. ദുഷ്ടനായ ഒരാളെ പരസ്യമായി പീഡിപ്പിക്കുകയോ വധിക്കുകയോ ചെയ്യാം; പക്ഷേ, ധാരാളം സുഹൃദ്ബലമുള്ള ഒരു ശത്രുവിനെ ഗൂഢമായേ വകവരുത്താവൂ.

ചതുര്യുഗങ്ങൾ

പുരാതന ഭാരതീയരുടെ കാലഗണനയിലെ ഒരു കാലവിഭാഗം. സൂര്യന്റെ സാങ്കല്പിക യാത്രാപഥത്തിൽപ്പെട്ട നക്ഷത്രങ്ങൾ വർഷത്തിൽ 1/54 സെക്കൻഡ് എന്ന ക്രമത്തിൽ മുൻപോട്ടു നീങ്ങുന്നുണ്ട്. ഇവ 24,000 വർഷംകൊണ്ടു ഭൂമധ്യബിന്ദുവിനെ ഒരു പ്രദക്ഷിണം വയ്ക്കുന്നു. ഇത്തരം ചലനത്തിന്റെ ഫലമായി ഭൂമിയുടെ ചരിവുകോണു വ്യത്യാസപ്പെട്ടുകൊണ്ടേയിരിക്കുന്നു. ഇതുമൂലം 5,40,000 വർഷംകൊണ്ട് ഉഷ്ണമേഖലാപ്രദേശം ഭൂമധ്യരേഖയിൽനിന്നു ധ്രുവങ്ങളിലേക്കു മാറുന്നു. ഇക്കാലത്തിനിടയിൽ രാശിചക്രം 22 1/2 പ്രദക്ഷിണം പൂർത്തിയാക്കിയിരിക്കും — അതായതു ക്രാന്തിവൃത്തത്തിന്റെ (ecliptic) ഉത്തരധ്രുവം ഭൂമിയുടെ ഉത്തരധ്രുവത്തിൽനിന്നു ഭൂമധ്യരേഖയിലേക്കെത്തിയിരിക്കും. അപ്പോൾ 10,80,000 വർഷങ്ങൾകൊണ്ടു ധ്രുവങ്ങൾക്കു വൈപരീത്യമുണ്ടാകുന്നു. ഇതാണു ഭാരതീയരുടെ ചതുർയുഗകാലം (മഹായുഗകാലം) എന്ന് എസ്.എ. മാക്കി എന്ന ഗണിതശാസ്ത്രജ്ഞൻ പ്രസ്താവിച്ചിട്ടുണ്ട്. ഇതിനെ നാലായി ഭാഗിച്ചു കൃതം, ത്രേതാ, ദ്വാപരം, കലി എന്നിങ്ങനെയുള്ള പേരുകൾ നല്കിയിരിക്കുന്നു.

യുഗങ്ങളും മറ്റും കണക്കാക്കുന്നതിനു ദിവ്യവത്സരവും മനുഷ്യവത്സരവും ഉപയോഗിക്കാറുണ്ട്. മനുഷ്യരുടെ ഒരു വർഷം ദേവകൾക്ക് ഒരു ദിവസമാണ്. അപ്രകാരമുള്ള 360 ദിവസങ്ങൾ കൂടുന്നതാണു ദിവ്യവത്സരം. അതനുസരിച്ചുള്ള ചതുര്യുഗങ്ങളുടെ കണക്കു ദിവ്യവത്സരങ്ങളിലും മനുഷ്യവത്സരങ്ങളിലും താഴെ ചേർക്കുന്നു:

യുഗം	ദിവ്യവത്സരം		മനുഷ്യവത്സരം
	വർഷങ്ങൾ	സന്ധ്യ	
കൃതയുഗം	4,000	400	17,28,000
ത്രേതായുഗം	3,000	300	12,96,000
ദ്വാപരയുഗം	2,000	200	8,64,000
കലിയുഗം	1,000	100	4,32,000

ഓരോ യുഗത്തിന്റെയും ആദിയിൽ ഒരു 'പ്രാതഃസന്ധ്യ'യും അവസാനത്തിൽ ഒരു 'സായം സന്ധ്യ'യുമുണ്ട്. രണ്ടിന്റെയും ദൈർഘ്യം തുല്യമാണ്. യുഗത്തിന്റെ പത്തിലൊന്നാണ് ഓരോ സന്ധ്യയുടെയും ദൈർഘ്യം. ഇപ്രകാരമുള്ള എഴുപത്തിയൊന്ന് (മാർക്കണ്ഡേയപുരാണത്തിൽ എഴുപത്തിരണ്ട് എന്നു കാണുന്നു.) ചതുർയുഗങ്ങൾ ചേർന്നാൽ ഒരു മന്വന്തരമായി. ഇവയിലെല്ലാംകൂടി മുപ്പതുകോടി അറുപത്തേഴുലക്ഷത്തി ഇരുപത്തോരായിരം (30,67,21,000) മനുഷ്യസംവത്സരങ്ങളുണ്ടായിരിക്കുമെന്നാണു മാർക്കണ്ഡേയപുരാണത്തിൽ പറയുന്നത്. ദിവ്യവത്സരപ്രകാരം എട്ടു ലക്ഷത്തി അമ്പത്തീരായിരം സംവത്സരമാണ് ഒരു മന്വന്തരം. ഇപ്രകാരമുള്ള പതിനാലു മന്വന്തരങ്ങളാണു ബ്രഹ്മാവിന്റെ ഒരു പകൽ. ഇതിന്റെ അവസാനത്തിൽ നൈമിത്തികപ്രളയമുണ്ടാകുന്നു. അതിൽ വൈവസ്വതമനുവിന്റെ മന്വന്തരത്തിലാണ് ഇപ്പോഴുള്ളവർ ജീവിക്കുന്നത്. ഓരോ ചതുർയുഗത്തിന്റെയും അവസാനത്തിൽ ഋഷികൾ ശ്രുതിധർമാദികളെ വീണ്ടെടുക്കുമെന്നും പറഞ്ഞിരിക്കുന്നു.

ഓരോ യുഗത്തെക്കുറിച്ചുമുള്ള വർണന മിക്കവാറും എല്ലാ പുരാണങ്ങളിലും ഉണ്ട്. ഇതനുസരിച്ചു കലിയുഗത്തിൽ മനുഷ്യായുസ്സ് 120 വർഷവും, ദ്വാപരത്തിൽ 240 വർഷവും, ത്രേതായുഗത്തിൽ 360 വർഷവും, കൃതയുഗത്തിൽ 480 വർഷവുമായിരിക്കും. ഇവയെല്ലാംതന്നെ കലിയുഗത്തിലുള്ളതിന്റെ 2, 3, 4, എന്നീ ഇരട്ടിപ്പുകളാണ്. കൂടാതെ ഈ യുഗങ്ങളിലെ വർഷസംഖ്യയും കലിയുഗത്തിലുള്ളതിന്റെ 2, 3, 4 എന്നീ ഇരട്ടികളാണ്.

ആളുകളുടെ ധർമനിഷ്ഠയിലുള്ള താത്പര്യത്തെ മുൻനിർത്തിയാണു യുഗങ്ങളെപ്പറ്റി പ്രതിപാദിക്കുന്നത്. കൃതയുഗത്തിൽ (സത്യയുഗം) ധർമത്തിന്റെ നാലു പാദവും ത്രേതായുഗത്തിൽ മൂന്നു പാദവും ദ്വാപരയുഗത്തിൽ രണ്ടു പാദവും കലിയുഗത്തിൽ ഒരു പാദം മാത്രവുമാണുള്ളത്. ദ്വാപരം സംശയത്തിന്റെ കാലമാണ്. ഓരോ ചതുർയുഗത്തിലെയും ദ്വാപരയുഗത്തിലാണു മഹാവിഷ്ണു വ്യാസനായി അവതരിച്ചു വേദങ്ങളെ പകുക്കുകയും, ഇതിഹാസപുരാണാദികൾ ചമയ്ക്കുകയും ചെയ്യുന്നത് എന്നു പുരാണം. കലിയുഗം അധർമത്തിന്റെ യുഗമാണ്. ഈ കാലത്ത് അധർമം അതിന്റെ അത്യുച്ചാവസ്ഥയിലെത്തുകയും ആളുകൾ വളരെയേറെ വിഷമിക്കുകയും ചെയ്യും. അങ്ങനെ ക്ലേശിച്ചു നിവൃത്തിയില്ലാതായിത്തീരുന്ന അവർ പിന്നീടു ധർമമാർഗത്തിലേക്കു വരികയും അങ്ങനെ വീണ്ടും കൃതയുഗം ആരംഭിക്കുകയും ചെയ്യുന്നു.

ചതുർഥി

†വിനായകചതുർഥി നോക്കുക.

ചതുർദണ്ഡിപ്രകാശിക

സംഗീത ശാസ്ത്രഗ്രന്ഥം. ആധുനിക കർണാടക സംഗീതത്തിന്റെ അടിസ്ഥാന ഗ്രന്ഥമാണ് ഇത്. വെങ്കിടമഖി (16-ാം നൂറ്റാണ്ട്) യാണ് ഗ്രന്ഥകാരൻ. ദക്ഷിണേന്ത്യൻ സംഗീതത്തിൽ സാർവത്രികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള 72 മേളകർത്താരാഗപദ്ധതി ഈ ഗ്രന്ഥത്തിൽ ആണ് വെങ്കിടമഖി അവതരിപ്പിച്ചത്. വീണ, ശ്രുതി, സ്വരം, മേളം, രാഗം, ആലാപം, റായം, ഗീതം, പ്രബന്ധം എന്നിവയെക്കുറിച്ചു പ്രതിപാദിക്കുന്ന ഒൻപതു പ്രകരണങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. താളത്തെക്കുറിച്ചുള്ള ഒരു പ്രകരണം കൂടി ചേർക്കുന്നതിനു

ഗ്രന്ഥകാരൻ ഉദ്ദേശിച്ചിരുന്നതായി ഗ്രന്ഥാരംഭത്തിൽ സൂചനയുണ്ട്. അതു കണ്ടെടുത്തിട്ടില്ല. അതിനാൽ ഗ്രന്ഥം അപൂർണമാണെന്നു പറയാം. എങ്കിലും കർണാടക സംഗീതത്തിലെ സുപ്രധാന ഘടകമായ രാഗപദ്ധതിയെപ്പറ്റി സംഗ്രഹരൂപത്തിൽ വ്യക്തമായി പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം സംഗീതശാസ്ത്രപുരോഗതിയിലെ ശ്രദ്ധേയമായ നാഴികക്കല്ലാണ്. † കർണ്ണാടക സംഗീതം നോക്കുക.

ചതുർഭുജം (Quadrilateral)

നാലു നേർവരകൾ അടക്കംചെയ്യുന്ന സമതലചിത്രം. ഇതിൽ 4 കോൺബിന്ദുക്കളുണ്ട്. ഇവയെ ശീർഷങ്ങൾ (Vertices) എന്നു പറയും. എതിർവശങ്ങളിലുള്ള ശീർഷങ്ങളെ യോജിപ്പിക്കുന്ന രേഖയാണു കർണം (Diagonal). ഒരു ചതുർഭുജത്തിനു രണ്ടു കർണങ്ങളുണ്ട്. ഓരോ കർണവും ചിത്രത്തെ രണ്ടു ത്രികോണങ്ങളാക്കി ഭാഗിക്കുന്നു. ഇതിൽനിന്നു ചതുർഭുജത്തിലെ 4 ആങ്ഗിളുകളുടെ തുക 360° എന്നു വരുന്നു. സൈദ്ധാന്തികമായി ചതുർഭുജത്തിനു പല രൂപങ്ങളുമുണ്ട്. †ചതുരം (square), † ദീർഘചതുരം (rectangle), †സമലംബം (trapezium) †സമചതുർഭുജം (rhombus) ഇവ ചതുർഭുജഭേദങ്ങളാണ്.



A, B, C, D ശീർഷകങ്ങൾ
D B വികർണം

ചതുർവിംശതിമുദ്രകൾ

† കൈമുദ്രകൾ നോക്കുക.

ചതുർവിഭവങ്ങൾ

ഭക്ഷ്യവസ്തുക്കളുടെ നാലു വിഭാഗം. ഖാദ്യം (കടിച്ചുതിന്നുന്നത്), ലേഹ്യം (നക്കിക്കഴിക്കുന്നത്), ഭോജ്യം (ഉരുട്ടി ഉണ്ണുന്നത്), പേയം (കുടിക്കുന്നത്) ഇവയാണു ശാസ്ത്രോക്തമായ ചതുർവിഭവങ്ങൾ. ഭോജ്യത്തിനുപകരം ചിലർ ചോഷ്യം (വലിച്ചു കുടിക്കുന്നത് - പഴുത്ത മാങ്ങാ) ഉൾപ്പെടുത്തുന്നു. ഉപ്പേരി ഖാദ്യവും, പായസം ലേഹ്യവും, പഴുത്തമാങ്ങ ചോഷ്യവും, പാൽ, കാപ്പി, ചായ മുതലായവ പേയവും ആണ്. മാങ്ങയുടെ നീരു ചുണ്ടുകൾ ചേർത്തു വലിച്ചു കുടിക്കുന്നു. പായസം കയ്യിൽ കോരിയെടുത്തു നക്കി വായിലാക്കുന്നു. ഈ അടിസ്ഥാനത്തിലാണ് അവയെ ഇവിടെ വിഭജിച്ചിരിക്കുന്നത്.

ചതുർവേദി

ഋക്, യജുസ്, സാമം, അഥർവ(ണ)ം എന്നീ നാലു വേദത്തിലും പാരംഗതനായ ആൾ. ഉത്തരേന്ത്യയിൽ മാത്രമേ ചതുർവേദികൾ ഉള്ളൂ. കാമ്യകർമങ്ങൾക്കു മാത്രമുള്ള അഥർവവേദം മറ്റു വേദങ്ങളെപ്പോലെ മാന്യമായി കരുതാത്തതുകൊണ്ടു കേരളത്തിൽ അതിനു വലിയ സ്ഥാനമില്ല. ഇന്നു 'ചതുർവേദി' പ്രാചീനമഹിമ സൂചിപ്പിക്കുന്ന ഒരു പനാമം മാത്രമാണ്. പേരിനോടു 'ചതുർവേദി' എന്നു ചേർക്കുന്ന പലരും വേദജ്ഞരേ അല്ല. †ദ്വിവേദിയും †ത്രിവേദിയും ഇതുപോലുള്ള സംജ്ഞകൾ ആണ്.

ചതുർസേൻ ശാസ്ത്രി (1891—1960)

ഹിന്ദികഥാകൃത്തും ഗദ്യലേഖകനും. ഉത്തരപ്രദേശത്തെ അനൂപിൽ ജനിച്ചു. 1906 മുതൽ ചെറുകഥകൾ എഴുതിത്തുടങ്ങി. 1914 വരെ ഒട്ടേറെ ചെറുകഥകൾ എഴുതി. ഉപന്യാസം (essay), നാടകം, ഗദ്യകാവ്യം ഇവയും എഴുതിയിട്ടുണ്ട്. ചരിത്രം, ചികിത്സ, കാമശാസ്ത്രം, രാഷ്ട്രമീമാംസ എന്നിവയെല്ലാം ഇദ്ദേഹം സമർഥമായി കൈകാര്യം ചെയ്തു. 186 കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 450 ചെറുകഥകൾ ഇദ്ദേഹത്തിന്റെ വകയായുണ്ട്. ബുദ്ധ-രാജപുത്ര-മുഗൾ കാലഘട്ടങ്ങളിലെ അന്തരീക്ഷമാണു കഥകളിൽ അധികമായി കാണുന്നത്. ആധുനികകാലത്തെ പ്രതിനിധാനം ചെയ്യുന്ന കഥകളുമുണ്ട്. കഥാസമാഹാരങ്ങൾ: 1. *ബാഹർ - ഭീതർ*, 2.*ദുഖ്‌വാ മേം കാസേ കഹൂം*, 3. *ധർത്തീ ഓർ ആസ്മാൻ*, 4. *സോയാ ഹുവാ ശഹർ*, 5. *കഹാനി ഖതം ഹോ ഗയീ.*

ചന്ത

ഉത്പന്നങ്ങൾ വിപണനംചെയ്യുന്നതിനുള്ള സ്ഥലം. ഓരോരുത്തർക്കും ആവശ്യമുള്ള സാധനങ്ങൾ മിക്കവാറും അവരവർതന്നെ നിർമിച്ചിരുന്ന പ്രാചീനകാലത്തു കച്ചവടം അത്ര വിപുലമായി വേണ്ടിയിരുന്നില്ല. ആവശ്യമുള്ളത്ര സാധനങ്ങൾ തനിയെ ഉത്പാദിപ്പിക്കുന്നതിനു സാധിക്കാത്ത പരിതസ്ഥിതിയിൽ സ്വയം നിർമിച്ച സാധനങ്ങൾ കൊടുത്തു പകരം സാധനങ്ങൾ വാങ്ങിയിരുന്നു. ഈ രീതിയിൽ സൗകര്യമായി കൊള്ളക്കൊടുക്കനടത്തുന്നതിന് ഒരു പ്രത്യേക സ്ഥലവും ദിവസവും സമയവും നിശ്ചയിച്ചിരുന്നു. മിക്കവാറും വൈകുന്നേരമായിരുന്നു ഇതിനു പറ്റിയ സമയം. നാടുവാഴികളുടെയോ പള്ളിമേധാവിയുടെയോ മേൽനോട്ടത്തിലായിരുന്നു അന്ന് ഇത്തരം വിപണനം നടത്തിയിരുന്നത്. ഇതായിരുന്നു മധ്യകാലഘട്ടത്തിലെ ചന്ത. ഇതുമൂലം വ്യാപാരികൾക്കും (പ്രാചീനകാലത്ത് ഉത്പാദകർതന്നെയായിരുന്നു വ്യാപാരികൾ) ഉപഭോക്താക്കൾക്കും ഒന്നിച്ചു കൂടുന്നതിനും ക്രയവിക്രയം നടത്തുന്നതിനും സാധിച്ചു. ഇന്നും മിക്കയിടങ്ങളിലും ചില പ്രത്യേകദിവസങ്ങളിൽ മാത്രം ചന്ത കൂടുന്നത് ഈ പ്രാചീനരീതിയെ അനുസ്മരിപ്പിക്കുന്നുണ്ട്. സഞ്ചാരത്തിനും മറ്റും വൈഷമ്യങ്ങളുണ്ടായിരുന്ന പ്രാചീനകാലത്തെ സംബന്ധിച്ചിടത്തോളം ഇത്തരം ചന്ത ആവശ്യമായിരുന്നു.

സ്വന്തം ആവശ്യത്തിനുള്ള സാധനങ്ങൾ അവരവർക്കുതന്നെ ഉത്പാദിപ്പിക്കുവാൻ സാധ്യമല്ലാതായിവന്നതോടുകൂടി സാധനങ്ങളുടെ ക്രയവിക്രയത്തിന്റെ ആവശ്യം വർധിച്ചുവന്നു. നാണയത്തിന്റെ ഉപയോഗം ക്രയവിക്രയത്തിനു സൗകര്യം കൂട്ടി. ക്രമേണ സ്ഥിരം ചന്തകൾ രൂപംകൊണ്ടു. ഇതോടുകൂടി ഉത്പാദകർക്കും ഉപഭോക്താക്കൾക്കുമിടയിൽ കച്ചവടക്കാർ ആവിർഭവിക്കുകയും ചെയ്തു. സ്ഥിരമായ ചന്തകളെ സാധാരണ അങ്ങാടി(ബസാർ)കളെന്നാണു പറയുന്നത്.



മറുനാടൻ
ഗ്രാമച്ചന്ത



കേരളത്തിലെ ചന്തകളിൽ ജലമാർഗം ചരക്കുകൾ എത്തുന്നു. എറണാകുളം ചന്തയുടെ ഒരു ദൃശ്യം

കേരളത്തിൽ പണ്ടുമുതലേ ചന്തകളും അങ്ങാടികളുമുണ്ടായിരുന്നു. കാർഷികവിഭവങ്ങൾ, മത്സ്യം തുടങ്ങിയ ദൈനന്ദിനോപയോഗത്തിനുള്ള സാധനങ്ങളാണു സാധാരണമായി ചന്തകളിൽ വില്ക്കാറുള്ളത്. ഔഷധങ്ങൾ, ജൗളികൾ, പാത്രങ്ങൾ തുടങ്ങിയവ അങ്ങാടികളിൽ വില്ക്കുന്നു. കോഴിക്കോട്ടങ്ങാടി, നാഗപുരത്തു നല്ലങ്ങാടി തുടങ്ങിയവ പ്രാചീനകേരളത്തിലെ കേൾവികേട്ട അങ്ങാടികളാണ്. അതുപോലെതന്നെ വാണിയംകുളം ചന്ത, ചങ്ങനാശ്ശേരിച്ചന്ത, തമിഴ്നാട്ടിലെ പൊള്ളാച്ചിച്ചന്ത തുടങ്ങിയവ ഇന്നും പ്രസിദ്ധമാണ്.

വർഷത്തിലൊരിക്കലും ചില ഉത്സവങ്ങളോടനുബന്ധിച്ചും മറ്റും ചന്തകൾ (ഉത്സവച്ചന്ത) നടത്താറുണ്ട്. സംക്രാന്തിവാണിഭം, ശിവരാത്രിച്ചന്ത തുടങ്ങിയവ ഉദാഹരണങ്ങളാണ്. ആഘോഷങ്ങളോടനുബന്ധിച്ചുവരുന്ന ചന്തകളെ അവയുടെ പേരുചേർത്തു വിളിച്ചുവരുന്നു. ഓണച്ചന്ത, വിഷുച്ചന്ത എന്നിവ ഉദാഹരണങ്ങൾ. വില്ക്കുന്ന സാധനങ്ങളുടെ പേരിലും ചന്തകൾ അറിയപ്പെടാറുണ്ട്. കാലിച്ചന്ത, മീൻചന്ത തുടങ്ങിയ പേരുകൾ ഉദാഹരണം.

ഏതു നാട്ടിലെയും ചന്തകൾ അവിടുത്തെ തിരക്കിനും അസഭ്യവാക്കുകൾക്കും കേൾവികേട്ടതാണ്. ഇംഗ്ലണ്ടിലെ ബില്ലിംഗ്സ് ഗേറ്റ് (Billings gate) ചന്തയിലെ അസഭ്യവർഷം 'ബില്ലിംഗ്സ് ഗേറ്റ് ഭാഷ'യെന്ന പേരുപോലും ദുഷിച്ച പദങ്ങൾക്കു സമ്പാദിച്ചുകൊടുത്തു. അലഞ്ഞുനടക്കുന്നവരെയും കൊള്ളരുതാത്തവരെയും ചന്തയുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പദപ്രയോഗങ്ങൾ ഭാഷയിൽ സർവസാധാരണമാണ്.

ചന്തുപ്പണിക്കർ (1875—1969)

പ്രസിദ്ധനായ കഥകളി ആചാര്യനും നടനും. ഗുരു ചന്തുപ്പണിക്കർ എന്നു പ്രസിദ്ധനായി. കാസർഗോഡിനടുത്തു തോട്ടോൻ കാരക്കാട് എന്ന വീട്ടിൽ ജനിച്ചു. 12 വയസ്സുള്ളപ്പോൾ താഴേക്കാട്ടുമനയ്ക്കലെ തുള്ളൽക്കളരിയിൽ ചേർന്ന് ഓട്ടൻതുള്ളലും കഥകളിയും അഭ്യസിച്ചു. വാഴക്കോടൻ കണ്ണനാണു തുള്ളലും കഥകളിയും പഠിപ്പിച്ചത്. പിന്നീട് അമ്പാട്ട് ഈച്ചരമേനോൻെറ ശിഷ്യനായി. 17 വയസ്സുള്ളപ്പോൾ അരങ്ങേറ്റം നടന്നു (സുഭദ്രാഹരണം കഥയിലെ അർജുനൻ). അരങ്ങേറ്റത്തിൽത്തന്നെ ആദ്യവസാനവേഷക്കാരനാകാൻ കഴിഞ്ഞു. താഴേക്കാട്ട്, വേങ്ങയിൽ എന്നിങ്ങനെ വടക്കെ മലബാറിലെ പല കളിയോഗങ്ങളിലും അംഗമായിരുന്നു.

വേഷസൗഭാഗ്യം, അഭ്യാസബലം, അഭിനയപാടവം എന്നിവ കൊണ്ട് ഇദ്ദേഹം ക്രമേണ പ്രശസ്തനായി. പച്ച, കത്തി, മിനുക്ക്, താടി എന്നീ വേഷങ്ങൾ വിദഗ്ധമായി അഭിനയിച്ചിരുന്നു. 68-ാമത്തെ വയസ്സിൽ ബംഗ്ലൂരിൽ പോയി പ്രസിദ്ധ നർത്തകനായ രാം ഗോപാലിനെ കഥകളി പഠിപ്പിച്ചു. പിന്നീടു മദിരാശിയിലെ അഡയാർ കലാക്ഷേത്രത്തിലെ കഥകളിആചാര്യനായി. ഇദ്ദേഹത്തിൻെറ 90-ാം ജന്മദിനം കേരളത്തിനകത്തും പുറത്തും കൊണ്ടാടി. കഥകളിക്കുള്ള രാഷ്ട്രപതിയുടെ അവാർഡ് ലഭിച്ചിട്ടുണ്ട്. 1969 ഏപ്രിൽ 4-ന് അന്തരിച്ചു. ഗുരു ചന്തുപ്പണിക്കർക്ക് അനേകം ശിഷ്യന്മാരുണ്ട്. അവരിൽ കഥകളിരംഗത്ത് ഏറ്റവും പ്രശസ്തൻ കലാമണ്ഡലം കൃഷ്ണൻ നായരാണ്.

ചന്തുമേനോൻ, ഒയ്യാരത്ത് (1847—1899)

മലയാളനോവലിസ്റ്റ്. ലക്ഷണയുക്തമായ ആദ്യത്തെ മലയാളനോവലിൻെറ കർത്താവ്. തലശ്ശേരിക്കടുത്തു പിണറായി അംശത്തിൽ കേളാലൂർ ദേശത്ത് ഇടപ്പാടി ചന്തുനായരുടെയും കൊടുങ്ങല്ലൂരിനു സമീപം ചിറ്റേഴത്തു ഭവനത്തിൽ പാർവതി അമ്മയുടെയും പുത്രൻ. തിരുവങ്ങാട്ടു കോരൻഗുരുക്കൾ എന്ന നാട്ടെഴുത്തച്ഛനാണു ചന്തുമേനോനെ ബാലപാഠങ്ങൾ അഭ്യസിപ്പിച്ചത്. പിന്നീടു കുഞ്ഞമ്പു നമ്പിയാർ എന്ന പണ്ഡിതനിൽനിന്നു സംസ്കൃതത്തിലെ പ്രാഥമികപഠനങ്ങൾ നടത്തി. ഇടയ്ക്ക് അച്ഛൻ കോവിൽപിണ്ടിയിൽ സ്ഥലംമാറിപ്പോയപ്പോൾ ചന്തുമേനോൻ അവിടത്തെ'ഇംഗ്ലീഷ് സ്കൂളിൽ ചേർന്നു. 1857-ൽ അച്ഛൻ മരിച്ചപ്പോൾ ഒയ്യാരത്തേക്കു തിരിയെ പോരുകയും അടുത്തുള്ള പാഴ്സി സ്കൂളിൽ ഇംഗ്ലീഷ് പഠിത്തം തുടരുകയും ചെയ്തു. അവിടെനിന്ന് 'അൺകവനൻറഡ് സിവിൽ സർവീസ്' എന്ന പേരിൽ അന്നു നിലവിലിരുന്ന പരീക്ഷയിൽ ജയിച്ചു മെട്രിക്കുലേഷനു പഠിച്ചുതുടങ്ങി. 1864-ൽ ഗുമസ്തപ്പണി കിട്ടിയെങ്കിലും ഇംഗ്ലീഷ് വിദ്യാഭ്യാസം തുടർന്നു. പുസ്തകപാരായണംമുഖേന ജ്ഞാനവും ഭാഷാപാണ്ഡിത്യവും പോഷിപ്പിച്ചു. അന്നത്തെ പ്രധാന ഉദ്യോഗസ്ഥന്മാരായിരുന്ന പല യൂറോപ്യന്മാരുടെയും പ്രീതിക്കു പാത്രമായി. മലബാർ കളക്റ്ററായിരുന്ന ലോഗൻ ചന്തുമേനോനെ 1867-ൽ സബ്കളക്റ്ററോഫീസിൽ ഗുമസ്തനായി നിയമിച്ചു. പിന്നീടു കിട്ടിയ ഉദ്യോഗക്കയറ്റങ്ങളുടെ ഫലമായി 1872-ൽ മുൻസിഫായി ഉയർന്നു. മുൻസിഫായി മലബാറിലെ പല കോടതികളിലും ഉദ്യോഗംവഹിച്ചു. 1892-ൽ കോഴിക്കോടു സബ്ജഡ്ജിയായി.

1889-ൽ 'ഇന്ദുലേഖ'യുടെ രചന ആഖ്യായികാരനെന്ന പ്രശസ്തി നേടിക്കൊടുത്തു. രണ്ടാമത്തെ നോവൽ — ശാരദ, ഒന്നാംഭാഗം — 1892-ൽ പ്രസിദ്ധീകരിച്ചു. അപൂർണമായിരുന്നു എങ്കിലും തീർന്നുവരുമ്പോൾ ഇന്ദുലേഖയെ അതിശയിക്കുമെന്നൊരു പ്രതീതി അത് അനുവാചകമണ്ഡലത്തിൽ ഉളവാക്കി. ജീവൽകഥാപാത്രങ്ങളെ സൃഷ്ടിക്കുന്നതിനും തികച്ചും കേരളീയസ്വഭാവം കലർന്ന പശ്ചാത്തലത്തിൽ സരസമായ സാമൂഹിക ഇതിവൃത്തങ്ങൾ മെനഞ്ഞെടുക്കുന്നതിനും കഥാപാത്രങ്ങളുടെ സംഭാഷണങ്ങളും പെരുമാറ്റങ്ങളും മുഖേന മനുഷ്യജീവിതത്തിൻെറയും മാനവസ്വഭാവത്തിൻെറയും വൈവിധ്യമിയന്ന വശങ്ങൾ ചിത്രീകരിക്കുന്നതിനും ചന്തുമേനോനുണ്ടായിരുന്ന അസാമാന്യമായ കഴിവുകൾ രണ്ടു നോവലുകളിലും തെളിഞ്ഞു കാണാം. ഇന്ദുലേഖ മലബാർ കളക്റ്ററായിരുന്ന ഡ്യൂമെർഗ് 1891-ൽ ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തി.



സാമൂഹ്യസേവനത്തിലും ചന്തുമേനോൻ ബദ്ധശ്രദ്ധനായിരുന്നു. മലബാർ വിവാഹബില്ലിനെക്കുറിച്ച് അന്വേഷിച്ചു റിപ്പോർട്ടുചെയ്യാൻ സർ ടി മുത്തുസ്വാമി അയ്യരുടെ അധ്യക്ഷതയിൽ നിയമിക്കപ്പെട്ട കമ്മറ്റിയിലെ അംഗമെന്ന നിലയിൽ ചന്തുമേനോൻ മരുമക്കത്തായ വിവാഹസമ്പ്രദായത്തെക്കുറിച്ച് എഴുതിയ പ്രത്യേകറിപ്പോർട്ട് സവിശേഷ ശ്രദ്ധ അർഹിക്കുന്നു. ബഹുമുഖമായ രാജ്യസേവനത്തെ ആദരിച്ച് 1898-ൽ ബ്രിട്ടീഷ്ഗവൺമെൻറ് അദ്ദേഹത്തിനു റാവു ബഹാദൂർ എന്ന ബഹുമതി നല്കി. ചന്തുമേനോൻെറ നീതിനിഷ്ഠമായ സത്യസന്ധതയും നിർഭയത്വവും സുവിദിതമായിരുന്നു. അന്യായത്തിൻെറയും അസത്യത്തിൻെറയും മിഥ്യാഭാവങ്ങളുടെയും നേരെ സംഭാഷണത്തിലും പെരുമാറ്റത്തിലും എഴുത്തിലും കൂരമ്പുകൾ തൊടുത്തുവിടുവാൻ ഇദ്ദേഹം ലേശംപോലും മടിച്ചിരുന്നില്ല. ഒരു യഥാർഥ കലാവല്ലഭനായിരുന്നു ചന്തുമേനോൻ. സംഗീതം, ചിത്രമെഴുത്ത്, കഥകളി, മോഹിനിയാട്ടം, ചെണ്ടകൊട്ട് മുതലായവയിൽ ആസ്വാദനബുദ്ധി മാത്രമല്ല, യഥാർഥ കലാജ്ഞാനം തന്നെയുണ്ടായിരുന്നു.

ചന്ദ് ബർദായി

ഹിന്ദിയിലെ ആദ്യത്തെ മഹാകാവ്യമായ 'പൃഥിരാജറാസോ'യുടെ കർത്താവ്. ദില്ലിരാജാവായ പൃഥിരാജൻെറ കഥയാണ് ഇതിലെ ഇതിവൃത്തം. ചന്ദ് ബർദായി, പൃഥിരാജൻെറ ബാല്യകാലംമുതലുള്ള സുഹൃത്തും മന്ത്രിയും സേനാനായകനും ആയിരുന്നുവെന്നു കഥയുണ്ട്. പക്ഷേ, പൃഥിരാജൻെറ കാലത്തിനു വളരെ പിമ്പു രചിക്കപ്പെട്ട ഒരു കാവ്യമാണു റാസോ എന്നാണു പണ്ഡിതമതം.

69 അധ്യായങ്ങളുള്ള പൃഥിരാജറാസോ ഹിന്ദിസാഹിത്യത്തിലെ വീരഗാഥാകാലത്തിൻെറ എല്ലാ സവിശേഷതകളും ഉൾക്കൊള്ളുന്ന ബൃഹത്കാവ്യമാണ്. ശൃംഗാരവീരരസങ്ങളുടെയും അലങ്കാരങ്ങളുടെയും കേളീരംഗമായ ഈ കാവ്യത്തിൻെറ പല കയ്യെഴുത്തുപ്രതികളും കണ്ടെടുത്തിട്ടുണ്ട്. 1905-ലാണ് ഈ ഗ്രന്ഥം ആദ്യമായി അച്ചടിച്ചു പ്രസിദ്ധീകരിച്ചത്. ഇതിലെ കഥാംശങ്ങൾ ചരിത്രവസ്തുതകൾക്കു വിരുദ്ധമാണെന്നു പല ചരിത്രപണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇപ്പോൾ പ്രചാരത്തിലുള്ള റാസോയിലെ പല ഭാഗങ്ങളും ചന്ദിൻെറതല്ലെന്നും പിന്നീട് ആരോ കൂട്ടിച്ചേർത്തതാണെന്നും പറയുന്നു.

ചന്ദ, എ.കെ. (1902—   )

ധനശാസ്ത്രജ്ഞൻ. അസമിലെ സിൽച്ചാറിൽ ജനിച്ചു. കല്ക്കത്ത സർവകലാശാലയിലും ലണ്ടൻ സ്കൂൾ ഒഫ് എക്കണോമിക്സിലും പഠിച്ചു. 1926-ൽ ഇന്ത്യൻ ഓഡിറ്റ് ആൻഡ് അക്കൗണ്ട്സ് സർവീസിൽ ചേർന്നു. 1947-ൽ പഞ്ചാബു വിഭജനസമിതിയിൽ അംഗമായി. 1947-'48 കാലത്തു പ്രതിരോധവകുപ്പു സെക്രട്ടറി. 1948-'49-ൽ യു.കെ. യിൽ ഡെപ്യൂട്ടി ഹൈക്കമ്മീഷണർ. 1949-'52-ൽ റെയിൽവേയിൽ ഫിനാൻഷ്യൽ കമ്മീഷണർ. 1952-'54-ൽ ഉത്പാദനമന്ത്രാലയത്തിൽ സെക്രട്ടറി. പിന്നെ സിൻദ്റി ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസിൽ ഡയറക്റ്റർ. ഹിന്ദുസ്താൻ മെഷീൻ ടൂൾസ്, ഹിന്ദുസ്താൻ സ്റ്റീൽ ഇവയിലും ഡയറക്റ്റർ ആയിരുന്നു. 1954-'60 കാലയളവിൽ ഓഡിറ്റർ ജനറൽ. 1961-ൽ മൂന്നാം ധനകാര്യകമ്മീഷൻെറ അധ്യക്ഷൻ. 1963-ൽ യൂണിയൻ എക്സൈസ് പുനഃസംഘടനാ കമ്മിറ്റി അധ്യക്ഷൻ.

ചന്ദനം (Sandalwood)

സൻറാലേസി കുലത്തിൽപ്പെട്ട സുഗന്ധവൃക്ഷം. ശാസ്ത്രനാമം: *സൻഡാലം ആൽബം (Sandalam album)*. 18 മീറ്ററോളം പൊക്കം വയ്ക്കും. മുഖ്യമായും കർണാടകത്തിൽ കണ്ടുവരുന്നു. തമിഴ്നാട്ടിലും കേരളത്തിലും വളരുന്നുണ്ട്. കേരളത്തിൽ ദേവികുളം, കാസറഗോഡ് എന്നിവിടങ്ങളിലെ ഇലപൊഴിയും വനങ്ങളിലാണ് ചന്ദനം വളരുന്നത്. ഇന്ത്യയ്ക്കു വെളിയിൽ ഇന്തൊനേഷ്യയിൽ മാത്രമേ കുറഞ്ഞ തോതിലെങ്കിലും കാണുന്നുള്ളു.

പണ്ടുമുതലേ ഭാരതീയർ സുഗന്ധദ്രവ്യമായും ഔഷധമായും ചന്ദനം ഉപയോഗിച്ചിരുന്നു. പേഴ്സ്യ, അറേബിയ, ഗ്രീസ്, റോം എന്നിവിടങ്ങളിലേക്ക് ചന്ദനം കയറ്റി അയയ്ക്കുകയും ചെയ്തിരുന്നു. പുരാണേതിഹാസങ്ങളിൽ ചന്ദനത്തെക്കുറിച്ചു ധാരാളം പരാമർശങ്ങൾ



ചന്ദനം : ഇലയും പൂവും

ഉണ്ട്. ചന്ദനമരം രാജകീയവൃക്ഷമാണെന്നും ജനങ്ങൾ അതു വെട്ടാൻ പാടില്ലെന്നും ആയിരുന്നു കൗടില്യന്റെ നിയമം.

ചന്ദനം മൂലപരാദം (root parasite) ആണ്. ഈ വൃക്ഷത്തിന്റെ വേരുകൾ മറ്റു മരങ്ങളുടെ വേരുകളിൽ നിന്നു വളം വലിച്ചെടുക്കും. ആതിഥേയവൃക്ഷത്തിന്റെ വേരിൽ നിന്നു കിട്ടുന്ന വളത്തിന്റെ തോത് അനുസരിച്ചാണു പരാദത്തിന്റെ വളർച്ച. യോജിച്ച ആതിഥേയവൃക്ഷം അക്കേഷ്യ ആണ്. കൊന്ന, വാക,ഇലവ്, ഇലഞ്ഞി, വേപ്പ്, എരിക്ക് തുടങ്ങിയ മരങ്ങളുടെയും വേരിൽനിന്നു വളം വലിച്ചെടുക്കാറുണ്ട്.

ഇലകൾ സമ്മുഖമായി വിന്യസിച്ചിരിക്കുന്നു. ദീർഘവൃത്താകൃതിയാണ്. ചിലപ്പോൾ ആണ്ടിൽ രണ്ടു തവണ പൂക്കാറുണ്ട്. പൂക്കാലം സ്ഥലഭേദമനുസരിച്ചിരിക്കും. കേരളത്തിൽ മാർച്ച്-മേയിലാണ് പൂക്കുന്നത്. പൂവിനു മണമോ ഭംഗിയോ ഇല്ല. ദ്വിലിംഗ സമമിതങ്ങളാണ്. അണ്ഡാശയം ഊർധ്വവർത്തി. നാലഞ്ചു മാസം കൊണ്ട് കായ് വിളയും. വിളഞ്ഞ കായ് കറുത്തതാണ്. ഒന്നേകാൽ സെന്റീമീറ്ററോളം വ്യാസം കാണും.

ചന്ദനത്തിന് 'സ്പൈക്ക്' എന്ന വൈറസ് രോഗം ബാധിക്കാറുണ്ട്. ഇല മഞ്ഞയാവുക, ചില്ല മുരടിക്കുക എന്നിവയാണു രോഗലക്ഷണങ്ങൾ. പെട്ടെന്നു പകരുന്ന രോഗമാണിത്. മഞ്ഞനിറത്തിലുള്ള ഇലകൾ ആണിപോലെയിരിക്കും. തടിയിൽ പോടുണ്ടാക്കി ആർസെനിക് ട്രൈക്ലോറൈഡിന്റെയോ സോഡിയം ആഴ്സനേറ്റിന്റെയോ ലായനിപുരട്ടിയാൽ ഈ രോഗം കുറച്ചൊക്കെ നിയന്ത്രിക്കാം. ബാംഗ്ലൂരിലെ വനഗവേഷണ പരീക്ഷണശാലയിൽ ഇതു സംബന്ധിച്ച ഗവേഷണം നടക്കുന്നു.

കൃഷി, മരംമുറിക്കൽ, സ്വേദനം, വിപണനം മുതലായ കാര്യങ്ങളിൽ ഗവൺമെന്റ് കർശനമായ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. മൂപ്പെത്തി മുറിക്കാറായതെന്നു ഗവൺമെന്റ് നിശ്ചയിക്കുന്ന വൃക്ഷങ്ങൾ മാത്രമേ മുറിക്കാവൂ. മുറിക്കുന്ന വൃക്ഷത്തിന്റെ വേരുകൾ നഷ്ടപ്പെടാതെ പ്രത്യേകം ശ്രദ്ധിക്കുന്നു. ചന്ദനത്തടി 18 ഗ്രേഡുകളായി തിരിച്ചാണു വിപണനം നടത്തുന്നത്.

തടിയും വേരും മുഖ്യമായും ചന്ദനത്തൈലം ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. ഇന്ത്യയിൽ ആദ്യത്തെ ചന്ദനത്തൈല ഫാക്റ്ററി കർണാടകത്തിലാണു സ്ഥാപിച്ചത്. സാന്റോൾ ചന്ദനത്തൈലത്തിലെ പ്രധാനഘടകമാണ്. അമേരിക്ക, ജപ്പാൻ, ഇംഗ്ലണ്ട്, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങൾ ഇന്ത്യയിൽനിന്നു തൈലം വാങ്ങുന്നുണ്ട്. വാസനസോപ്പ്, അത്തർ മുതലായവ ഉണ്ടാക്കാൻ ഇത് ഉപയോഗിക്കുന്നു.

ചന്ദനത്തൈലവും ചന്ദനമുട്ടി അരച്ചുണ്ടാക്കുന്ന കളഭവും ചില രോഗങ്ങൾ ശമിപ്പിക്കാനുള്ള ഔഷധവുമാണ്. ക്ഷേത്രങ്ങളിലും മറ്റും കളഭം പൂജാദ്രവ്യമായി ഉപയോഗിക്കുന്നു. ഹിന്ദുക്കളുടെ ശവദാഹത്തിനു ചന്ദനത്തടി ചിതയിൽ ഇടാറുണ്ട്. ചന്ദനത്തടിയിൽ കൊത്തി ഉണ്ടാക്കുന്ന വിഗ്രഹങ്ങളും മറ്റും വിലപിടിപ്പുള്ളവയാണ്.

ചന്ദനക്കുടം

കേരളത്തിലെ മുസ്ലിംപള്ളികളിൽ ആണ്ടുനേർച്ചാഘോഷങ്ങളിൽ എഴുന്നള്ളിക്കുന്ന കുംഭം. സുഗന്ധദ്രവ്യങ്ങൾകൊണ്ട് അലങ്കരിച്ച കുംഭങ്ങളിൽ തേനോ മധുരപലഹാരങ്ങളോ മറ്റോ അടക്കം ചെയ്തിരിക്കും. എഴുന്നള്ളിപ്പിനു ഗജവീരന്മാരും വാദ്യഘോഷങ്ങളുമുണ്ടാവും.

കുംഭങ്ങൾ എഴുന്നള്ളിക്കാത്ത ആണ്ട് നേർച്ചാഘോഷങ്ങളെയും ചന്ദനക്കുടം എന്നു വിളിച്ചുവരുന്നു. മൺമറഞ്ഞ സിദ്ധന്മാരുടെ സ്മരണയെ മുൻനിർത്തിയാണ് ഇത്തരം ആഘോഷപരിപാടികൾ. അവരുടെ ശവക്കല്ലറകൾ ജാറങ്ങ(ദർഗ:ദർബാർ)ൾ ആണ്. ക്ഷേത്രങ്ങളിലെ ഉത്സവങ്ങളോടു സാമ്യമുള്ളതാണ് ആഘോഷങ്ങളിലെ പല ചടങ്ങുകളും. ആരംഭത്തിൽ കൊടികയറ്റും. ജാറത്തിൽ ഓത്തു (വേദപാരായണം) നടത്തും. ഉത്സവത്തിന്റെ അറിയിപ്പുമായി മുട്ടുംവിളിക്കാർ (നാഗസ്വരം പോലെ) നാടുചുറ്റും. വെടിക്കെട്ടും കലാപ്രകടനങ്ങളും ആഘോഷപരിപാടികളിൽ ഉൾപ്പെടുന്നു.

ഭക്തനും അഭ്യാസിയുമായിരുന്ന ഹൈദ്രോസ്കുട്ടിമൂപ്പന്റെ സ്മരണ ഉണർത്തുന്നതാണു ഗുരുവായൂരിനടുത്തു മണത്തല ചന്ദനക്കുടം. ഹൈദ്രോസ്കുട്ടിമൂപ്പൻ മൈസൂർ സുൽത്താന്മാരുമായുണ്ടായ ഏറ്റുമുട്ടലിലാണു ദിവംഗതനായത്. മലപ്പുറം കലാപത്തിലെ രക്തസാക്ഷികളെ അനുസ്മരിപ്പിക്കുന്നതാണു മലപ്പുറം നേർച്ച. കൊണ്ടോട്ടി നേർച്ചയിൽ ചന്ദനക്കുടത്തിനുപകരം പെട്ടി വരവുകളാണ്. വള്ളുവനാട്ടിലെ വെള്ളാറക്കാരുടെതാണ് ആദ്യത്തെ വരവ്. കൊണ്ടോട്ടിയിലെ സ്വാമിമഠക്കാരുടെ തട്ടാൻ പെട്ടിയോടെ അവസാനിക്കുന്നു. കൊണ്ടോട്ടി തങ്ങളുടെ പ്രതിനിധി വർണാലംകൃതമായ വേഷഭൂഷാദികളോടെ വരവുകൾ എതിരേറ്റ് 'കുർബ്ബ'യിലേക്കാനയിക്കുന്നു. ശെയ്ഖ് പരീതിന്റെ (പരീത് ഔലിയ) ജാറമാണു കാഞ്ഞിരമിറ്റത്തുള്ളത്. എരുമേലിയിലെ വാവർ സന്യാസമാരംഭിച്ചത് അവിടെവച്ചാണത്രെ. കാഞ്ഞിരമിറ്റത്ത് ആഘോഷവേളയിൽ ചക്കരക്കഞ്ഞിവിതരണവും ഉണ്ടാവും. മമ്പുറം, ചങ്ങനാശ്ശേരി, ഈരാറ്റുപേട്ട, എരുമേലി, ഏനാത്ത്, ബീമാപള്ളി, പട്ടാമ്പി, തൃത്താല, പെരുമ്പടപ്പ്, തെരുവത്തുപള്ളി, മാഞ്ഞാലി, പെരുവന്താനം തുടങ്ങി കേരളത്തിൽ പലെടത്തും ജാറങ്ങളും ചന്ദനക്കുടംഎഴുന്നള്ളിപ്പുമുണ്ട്.

ചന്ദാ സാഹിബ്

കർണാടക നവാബുപദം കരസ്ഥമാക്കാൻ ഫ്രെഞ്ചുകാരുടെ സഹായത്തോടെ ഇംഗ്ലീഷുകാരോടു യുദ്ധംചെയ്തു പരാജയപ്പെട്ട രാജവംശജൻ. നവാബായിരുന്ന ദോസ്ത് അലിയുടെ ജാമാതാവാണു ചന്ദാ സാഹിബ്. 1741-ൽ മറാഠികൾ കർണാടകത്തെ ആക്രമിക്കുകയും ദോസ്ത് അലിയെ വധിക്കുകയും ചന്ദാ സാഹിബിനെ തടവിലാക്കുകയും ചെയ്തു. ഏഴുവർഷം കഴിഞ്ഞ് ഇദ്ദേഹത്തെ വിട്ടയയ്ക്കുന്നതിനിടയിൽ ഒന്നാം കർണാടകയുദ്ധം കഴിഞ്ഞിരുന്നു. ഈ യുദ്ധത്തിൽ ഡ്യൂപ്ലേയുടെ നേതൃത്വത്തിലുള്ള ഫ്രെഞ്ചുസൈന്യം അനുവർത്തിച്ച യുദ്ധതന്ത്രം ഇന്ത്യയിൽ ഫ്രെഞ്ചുകാരുടെ അന്തസ്സു വളരെ വർധിപ്പിച്ചു. കർണാടകം ഭരിച്ചിരുന്ന അൻവർ-ഉദ്-ദീനെ സ്ഥാനഭ്രഷ്ടനാക്കി നവാബുസ്ഥാനം കരസ്ഥമാക്കാൻ ആഗ്രഹിച്ച ചന്ദാ സാഹിബ് ഫ്രെഞ്ചുകാരുമായി സഖ്യമുണ്ടാക്കി. ചന്ദാ സാഹിബ് ശേഖരിച്ച സൈന്യവും ഫ്രെഞ്ചുസൈന്യവും ചേർന്ന് അൻവറിനെതിരായി യുദ്ധംചെയ്തു.

1749-ലെ ആംബൂർയുദ്ധത്തിൽ അൻവർ വധിക്കപ്പെട്ടു. പുത്രനായ മുഹമ്മദലി തിരുച്ചിറപ്പള്ളി കോട്ടയിൽ അഭയംപ്രാപിച്ചു. ചന്ദാ സാഹിബ് ആർക്കാട്ടു തലസ്ഥാനമാക്കിക്കൊണ്ടു കർണാടക നവാബായി. ഫ്രെഞ്ചുകാരുടെയും ചന്ദാ സാഹിബിന്റെയും സൈന്യം തിരുച്ചിറപ്പള്ളി കോട്ട വളഞ്ഞു. ഈ ഉപരോധം കുറച്ചുകാലം നീണ്ടുപോയി. ഇതിനിടയിൽ മുഹമ്മദലി മൈസൂർ തഞ്ചാവൂർ രാജാക്കന്മാരുടെയും ഇംഗ്ലീഷുകാരുടെയും പിന്തുണ സമ്പാദിച്ചു. റോബട്ട് ക്ലൈവ് അഞ്ഞൂറു ഭടന്മാരോടുകൂടി ചെന്ന് ആർക്കാട്ടുകോട്ട പിടിച്ചടക്കി. ചന്ദാ സാഹിബ് വലിയൊരു സൈന്യവുമായി ചെന്നു കോട്ട തിരിയെ പിടിക്കാൻ ശ്രമിച്ചു പരാജയപ്പെട്ടു കീഴടങ്ങി. തഞ്ചാവൂർ രാജാവിന്റെ ഉത്തരവനുസരിച്ച് 1752-ൽ ചന്ദാ സാഹിബിനെ വധിച്ചു.

ചന്ദേരി

ചരിത്രപ്രധാനമായ ഒരു ഇന്ത്യൻ നഗരം. മധ്യപ്രദേശിന്റെ വടക്കെയറ്റത്ത് 'ഗുണ' റെയിൽവേ സ്റ്റേഷന് അമ്പതുമൈൽ കിഴക്ക് സ്ഥിതിചെയ്യുന്ന ഈ നഗരത്തിന്റെ വടക്കുപടിഞ്ഞാറുഭാഗത്ത്, ചരിത്രാവശിഷ്ടമായ ചന്ദേരിക്കോട്ട കാണാം. ദില്ലി സുൽത്താൻ 1251-ലും മാൾവാരാജാവ് 1438-ലും രജപുത്രന്മാർ 1520-ലും മറാഠികൾ 1811-ലും ഇവിടം ആക്രമിച്ചുകീഴടക്കി. ഇവിടെ നിർമിക്കുന്ന സിൽക്ക്തുണിത്തരങ്ങളുടെയും കൈത്തറിയുടെയും പേരിലാണ് ഇന്ന് ചന്ദേരി കൂടുതൽ പ്രസിദ്ധമായത്.

ചന്ദേലവംശം

ഇന്ത്യയിൽ ബുന്ദേൽഖണ്ഡ് പ്രദേശത്ത് 9-ാംനൂറ്റാണ്ടിന്റെ ആദ്യപാദം മുതൽ 14-ാംനൂറ്റാണ്ടിന്റെ ആദ്യപാദംവരെ ഭരണം നടത്തിയിരുന്ന രാജവംശം. ഖജുരാഹോവിലെ ക്ഷേത്രങ്ങൾ നിർമിച്ചത് ഈ വംശത്തിലെ രാജാക്കന്മാരാണ്. ചന്ദ്രനിൽനിന്നു ജനിച്ച ചന്ദ്രാത്രേയൻ എന്ന മഹർഷിയുടെ പിൻഗാമികളാണു തങ്ങളെന്ന് ഇവർ അവകാശപ്പെട്ടിരുന്നു. രജപുത്രന്മാരുടെ 36 വിഭാഗങ്ങളിൽ ഒന്നെന്നു പഴയ നാടോടിപ്പാട്ടുകളിൽ പറയുന്നു. ഗോണ്ഡുകൾ, ഭാറുകൾ എന്നീ ആദിവാസികൾ സ്വന്തമായി രാജ്യവും ഭരണവും സ്ഥാപിച്ചപ്പോൾ അവർ രജപുത്രക്ഷത്രിയരായി അംഗീകരിക്കപ്പെട്ടുവെന്നും ആ കൂട്ടരാണു ചന്ദേലന്മാരെന്നും മറ്റൊരഭിപ്രായമുണ്ട്.

നന്നുകൻ എന്ന നേതാവ് ഒൻപതാംനൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ, ഇന്നു ഖജുരാഹോ എന്നു വിളിക്കുന്ന ഖർജുരവാഹക എന്ന സ്ഥലം കേന്ദ്രമാക്കിക്കൊണ്ട് ഒരു രാജ്യവും രാജവംശവും സ്ഥാപിച്ചു. 1315 വരെ 23 രാജാക്കന്മാർ ഈ രാജ്യം ഭരിച്ചു. ഇവരിൽ ധംഗൻവരെയുള്ള ചന്ദേലരാജാക്കന്മാർ പ്രതീഹാരരാജാക്കന്മാരുടെ സാമന്തന്മാരായിരുന്നു.

നന്നുകന്റെ പൗത്രനായ ജയശക്തിക്കു ജെജാകൻ എന്നുകൂടി പേരുണ്ടായിരുന്നു. ഈ രാജാവിന്റെ ഭരണകാലമായ ഒമ്പതാം

നൂറ്റാണ്ടിന്റെ മൂന്നാംപാദം മുതൽ രാജ്യത്തെ ജെജാകഭുക്തി എന്നു വിളിക്കാൻ തുടങ്ങി. ജയശക്തിയുടെ അനുജനായ വിജയശക്തി ഇന്ത്യയുടെ തെക്കേയറ്റംവരെ ജൈത്രയാത്ര നടത്തിയെന്നു ഖജുരാഹോവിലെ ഒരു ലിഖിതത്തിൽ പറഞ്ഞിരിക്കുന്നു. ഇദ്ദേഹത്തിന്റെ പുത്രനായ രാഹിലനാണ് ഉത്തരപ്രദേശിൽ ഹമീർപൂർ ജില്ലയിലുള്ള രാഹില്യ എന്ന ഗ്രാമവും അവിടുത്തെ രാഹില്യസാഗർ എന്ന തടാകവും നിർമിച്ചതെന്നു പറയപ്പെടുന്നു. രാഹിലപുത്രനായ ഹർഷൻ 900-925 വരെ ആയിരിക്കണം നാടുവാണത്. ഇന്ദ്രൻ III എന്ന രാഷ്ട്രകൂടരാജാവിൽനിന്നു തന്റെ രാജ്യം തിരിച്ചുപിടിക്കാൻ മഹീപാലൻ ഒന്നാമൻ എന്ന പ്രതീഹാരരാജാവിനെ ഹർഷൻ സഹായിച്ചുവെന്നു ഖജുരാഹോലിഖിതം സൂചിപ്പിക്കുന്നു. ഇതിനെത്തുടർന്നു ചന്ദേലവംശത്തിന്റെ അന്തസ്സും പദവിയും വർധിച്ചു.

ഹർഷപുത്രനായ യശോവർമൻ (ലക്ഷവർമൻ) സമർഥനായ യോദ്ധാവും ജേതാവുമായിരുന്നു. പ്രതീഹാരന്മാരുടെ നിയന്ത്രണത്തിലിരുന്ന കാലഞ്ജര എന്ന ദുർഗം ഇദ്ദേഹം പിടിച്ചടക്കി. ജെജാകഭുക്തിയെ വടക്കു യമുനാനദിവരെയും തെക്കു ചേദി, മാൾവ എന്നിവയുടെ അതിർത്തിവരെയും വികസിപ്പിച്ചു. ദക്ഷിണകോസലത്തിലെ സോമവംശരാജാവിനെ പരാജയപ്പെടുത്തി യശോവർമൻ കശ്മീർവരെ ജൈത്രയാത്ര നടത്തിയെന്ന ലിഖിതപ്രസ്താവം അതിശയോക്തിയാകാനാണു വഴി. ഖജുരാഹോവിലെ സുപ്രസിദ്ധമായ ചതുർഭുജക്ഷേത്രം നിർമിച്ചത് ഇദ്ദേഹമാണ്.

ധംഗൻ പ്രതീഹാരരാജാവിനെ തോല്പിക്കുകയും ആ രാജ്യത്തിന്റെ കിഴക്കുഭാഗത്തു യമുനയ്ക്കു വടക്കുള്ള പ്രദേശങ്ങൾ തന്റെ രാജ്യത്തോടു ചേർക്കുകയും ചെയ്തു. ദക്ഷിണകോസലം, ആന്ധ്ര, കുന്തളം, ബംഗാൾ എന്നിവിടങ്ങളിലെ രാജാക്കന്മാരെയും ധംഗൻ യുദ്ധത്തിൽ തോല്പിച്ചു. സബുക്തിജിൻ എന്ന മുസ്ലിം ആക്രമണകാരിക്കെതിരായി പഞ്ചാബിലെ ജയപാലരാജാവിനെ സഹായിക്കാൻ ധംഗൻ തയ്യാറായി. പക്ഷേ, സബുക്തിജിനുമായി നടന്ന യുദ്ധത്തിൽ ധംഗനു പരാജയമാണുണ്ടായത്. മഹാരാജാധിരാജൻ, കാലഞ്ജരാധിപൻ എന്നീ ബിരുദങ്ങൾ ധംഗൻ ഉപയോഗിച്ചിരുന്നു. ഖജുരാഹോവിൽ ധംഗനും ചില ക്ഷേത്രങ്ങൾ നിർമിച്ചു. ന്യായസിദ്ധാന്തത്തിന്റെ വ്യാഖ്യാതാവായ പ്രഭാസനായിരുന്നു ധംഗന്റെ പ്രധാനമന്ത്രി. ലഭിച്ചിട്ടുള്ള ധംഗലിഖിതങ്ങളിൽ ആദ്യത്തത് 954-ലെതും അവസാനത്തെത് 1002-ലെതുമാണ്.

ധംഗപൗത്രനായ വിദ്യാധരന്റെ ഭരണകാലത്ത് 1019-ലും 1022-ലും ഗസ്നിയിലെ കാലഞ്ജരയെ ആക്രമിച്ചു. വിദ്യാധരൻ മാമൂദിന് വലിയൊരു തുക സമ്മാനിച്ചുവെന്നും അതിനെത്തുടർന്ന് അവർ സുഹൃത്തുക്കളായെന്നും പറയപ്പെടുന്നു. വിദ്യാധരന്റെ പ്രപൗത്രനായ കീർത്തിവർമൻ 1073-ൽ രാജാവായി. ദിയോഗാറിൽ കീർത്തിഗിരി എന്ന കോട്ട നിർമിച്ചത് ഇദ്ദേഹമാണ്. അവിടെയുള്ള ഒരു പാറയിൽ കീർത്തിവർമന്റെ ഒരു ലിഖിതമുണ്ട്. ഇദ്ദേഹം പുറപ്പെടുവിച്ച ചില സ്വർണനാണയങ്ങൾ കണ്ടെടുത്തിട്ടുണ്ട്. കലചുരിവംശത്തിലെ കർണൻ എന്ന രാജാവ് ഒരിക്കൽ കീർത്തിവർമനെ തോല്പിച്ചു കുറെക്കാലത്തേക്കു രാജ്യം കൈയടക്കിവച്ചു. പക്ഷേ, കീർത്തിവർമന്റെ സാമന്തന്മാരിൽ പ്രമുഖനായിരുന്ന ഗോപാലൻ കർണനെ പരാജയപ്പെടുത്തി രാജ്യം തിരിച്ചുപിടിക്കുകയും കീർത്തിവർമനെ വീണ്ടും വാഴിക്കുകയും ചെയ്തു.

പ്രബോധചന്ദ്രോദയത്തിന്റെ കർത്താവായ കൃഷ്ണമിശ്രന്റെ പുരസ്കർത്താവ് കീർത്തിവർമനാണ്. മഹോബായിലെ ശിവക്ഷേത്രം ഇദ്ദേഹമാണു നിർമിച്ചത്. പൗത്രനായ ജയവർമൻ അല്പകാലത്തെ ഭരണത്തിനുശേഷം സിംഹാസനം പിതൃവ്യനായ പൃഥ്വിവർമന് ഒഴിഞ്ഞുകൊടുത്തു. പൃഥ്വിവർമന്റെ പ്രപൗത്രനായ പരമർദിയുടെതായി ലഭിച്ചിട്ടുള്ള ലിഖിതങ്ങളിൽ ആദ്യത്തെത് 1165-ലും ഒടുവിലത്തെത് 1201-ലും രചിച്ചതാണ്. ദീർഘമായ ഒരു കാലഘട്ടത്തിൽ രാജ്യത്തെ ആക്രമണകാരികളിൽനിന്നു രക്ഷിക്കാൻ പരമർദിക്കു കഴിഞ്ഞു. 1202-ൽ കുത്ബുദ്ദീൻ ജെജാകഭുക്തിയെ ആക്രമിച്ചു. പരമർദി ചെറുത്തുനിന്നെങ്കിലും ഉടമ്പടിയുണ്ടാക്കാൻ നിർബന്ധിതനായി. കപ്പം കൊടുക്കാമെന്നുള്ള ഉടമ്പടിവ്യവസ്ഥ രാജ്യത്തിന്റെ അഭിമാനത്തിനു യോജിച്ചതല്ലെന്നു കണ്ട പ്രധാനമന്ത്രി അജയദേവൻ, രാജാവായ പരമർദിയെ വധിച്ചശേഷം കുത്ബ്-ഉദ്-ദീനെതിരായി വീരോചിതമായ ഒരു യുദ്ധം നടത്തി. അവസാനം അജയദേവനും കീഴടങ്ങി. കാലഞ്ജര, മഹോബ എന്നീ കോട്ടകൾ കുത്ബ്-ഉദ്-ദീൻ കൊള്ളയടിച്ചു. കാലഞ്ജരയിലെ ഗവർണറായി ഹസൻ ആർണലിനെ നിയമിക്കുകയും ചെയ്തു.

പക്ഷേ, പരമർദിയുടെ പുത്രനായ ത്രൈലോക്യവർമൻ കാലഞ്ജര തിരിച്ചുപിടിച്ചു (1205). ലളിതപൂർ, ചട്ടർപൂർ, പന്ന, അജയഗർ, റീവ, ദാഹല എന്നീ പ്രദേശങ്ങൾ ത്രൈലോക്യവർമന്റെ രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. 1309-ൽ അലാവുദീൻ ഖിൽജി ദാമോഹ് ജില്ല പിടിച്ചടക്കിയതു ഹമ്മീരവർമൻ എന്ന ചന്ദലരാജാവിൽനിന്നാണത്രേ. ഹമ്മീരവർമനുശേഷം ബുന്ദേൽഖണ്ഡിലെ രാജാവായതു വീരവർമൻ II ആണ്. 1315-ൽ ഇദ്ദേഹമായിരുന്നു രാജാവ്. ഇദ്ദേഹത്തിന്റെ പിൻഗാമികളെക്കുറിച്ചു യാതൊരറിവും ഇതുവരെ ലഭിച്ചിട്ടില്ല.

† ഖജുരാഹൊ, മധ്യപ്രദേശ് നോക്കുക.

ചന്ദ്രകാന്തം

ചന്ദ്രരശ്മി തട്ടിയാൽ അലിഞ്ഞുപോകുമെന്നു കരുതപ്പെട്ടിരുന്ന രത്നം. ഈ സങ്കല്പം ഭാരതീയകവികൾ ധാരാളം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

പാലിന്റെ വെൺമയിൽ മനോഹരമായ ഇളം നീലനിറത്തിലുള്ള ഉജ്ജ്വലശോഭ കലർന്ന വർണത്തിൽ കാണപ്പെടുന്ന ഒരു ഓർതോക്ലേസ് ഫെൽസ്പാർ ആയ മൂൺസ്റ്റോണി(Moon stone)നെയും ചന്ദ്രകാന്തം എന്നുവിളിക്കാവുന്നതാണ്. മിനുക്കുമ്പോൾ ഈ പദാർഥത്തിന്റെ കാന്തി വളരെയധികം കൂടുന്നതിനാൽ ചന്ദ്രകാന്തം ആഭരണങ്ങളിൽ ധാരാളം ഉപയോഗിക്കപ്പെടുന്നുണ്ട്. ശ്രീലങ്കയിലെ ചില സ്ഥലങ്ങളിൽ ചന്ദ്രകാന്തം ലഭിക്കുന്നു. താരതമ്യേന വിലക്കുറവുള്ള ഒരു രത്നമാണിത്. മിക്കവാറും മോണോക്ലിനിക് സ്ഥിതിരൂപമുള്ള പരൽഘടനയിലെ ചില പ്രത്യേകതകളാണു ചന്ദ്രകാന്തത്തിൽ കാണപ്പെടുന്ന ശോഭയ്ക്കു കാരണം.

പൊട്ടാസ്യം സോഡിയം അലൂമിനിയം സിലിക്കേറ്റായ ഈ ധാതുവിലെ ക്രിസ്റ്റൽതലങ്ങൾ സോഡിയം അലൂമിനിയം സിലിക്കേറ്റും പൊട്ടാസ്യം അലൂമിനിയം സിലിക്കേറ്റും ആയി വേർതിരിയുന്നതിനാലാണ് ഇത്തരം പ്രത്യേകതകളുള്ളത്. കൊളറാഡോയിലും റഷ്യയിലും ചുരുക്കമായി കശ്മീരിലും കണ്ടുവരുന്ന 'ആമസോൺ കല്ല്' (Amazonite, amazon stone) ചന്ദ്രകാന്തം പോലെയുള്ള ഫെൽസ്പാർ ആണ്. മൈക്രോക്ലൈൻ തരത്തിലുള്ള ഈ ഫെൽസ്പാർധാതു പച്ചരത്നങ്ങൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. ബ്രസീലിലും ബർമയിലും കാണുന്ന ഒരുതരം ചന്ദ്രകാന്തമാണ് 'അഡുലാറിയ'.

ചന്ദ്രകേതു

ശ്രീരാമന്റെസഹോദരനായ ലക്ഷ്മണന്റെ പരാക്രമശാലിയായ പുത്രൻ. ശ്രീരാമന്റെ അശ്വമേധയാഗത്തിന് അശ്വരക്ഷകനായി സൈന്യസമേതം പോയ ചന്ദ്രകേതു വാല്മീകിയുടെ ആശ്രമപരിസരത്തുവച്ചു കുതിരയെ പിടിച്ചുകെട്ടിയ ലവനോടു യുദ്ധംചെയ്തശേഷം ആളറിഞ്ഞു യുദ്ധം നിർത്തി എന്നൊരു കഥ ഭവഭൂതിയുടെ ഉത്തരരാമചരിതം നാടകത്തിലുണ്ട്.

ചന്ദ്രഗിരി

ആന്ധ്രപ്രദേശിൽ ചിറ്റൂർ ജില്ലയിൽ ചന്ദ്രഗിരിത്താലൂക്കിൽ റെനിഗുണ്ട റെയിൽവേജങ്ഷനിൽനിന്ന് 22 കി.മീ. പടിഞ്ഞാറുള്ള (13° 40' വടക്ക്, 79° കിഴക്ക്) ഒരു പട്ടണം. വിജയനഗരസാമ്രാജ്യത്തിലെ ഒരു പ്രധാന ദുർഗമായിരുന്നു ചന്ദ്രഗിരി. ആ സാമ്രാജ്യം അധഃപതിച്ചപ്പോൾ ചന്ദ്രഗിരി സ്വതന്ത്രമായി. 1639-ൽ ചന്ദ്രഗിരിരാജാവിൽനിന്നാണ് ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനിയുടെ ഉദ്യോഗസ്ഥനായ ഫ്രാൻസിസ്ഡെ ഫോർട്ട് സെൻറ് ജോർജ് കോട്ട നില്ക്കുന്ന സ്ഥലം വിലയ്ക്കുവാങ്ങിയത്. തിരുപ്പതി പട്ടണവും തിരുമലയും ചന്ദ്രഗിരി താലൂക്കിൽപ്പെട്ടതാണ്.

ചന്ദ്രഗിരിപ്പുഴ

കണ്ണൂർ ജില്ലയിൽ, കാസറഗോഡ് താലൂക്കിലെ പ്രധാനനദി. ഇതിനു രണ്ടു പോഷകനദികളുണ്ട്-ഒന്ന്, പയസ്വിനി; മറ്റത്, ചന്ദ്രഗിരി ഹൊളെ (പുഴ കന്നടത്തിൽ ഹൊളെ ആണ്). കുടകിലെ റിസർവ്വനങ്ങളിൽനിന്നാണ് പയസ്വിനിയുടെ ഉദ്ഭവം (1372 മീറ്റർ ഉയരത്തിൽ). ചന്ദ്രഗിരിഹൊളെ കുടകിലെ സമ്പാജെനാട്ടിൽനിന്ന് (914 മീറ്റർ ഉയരം) ഉദ്ഭവിക്കുന്നു.

കോയനാട് ഹൊളെ, ബൽനാട ഹൊളെ, കടാട്കഹൊളെ എന്നിവ പയസ്വിനിയിൽച്ചേരുന്ന ചെറുപുഴകളാണ്. കാസറഗോഡുനിന്ന് 40 കി.മീറ്റർ അകലെയുള്ള പെരാജയിൽവെച്ച് ഈ നദി കേരളത്തിൽ പ്രവേശിക്കുന്നു. ചന്ദ്രഗിരി ഹൊളെ പയസ്വിനിയിൽ മച്ചിപ്പുരയിൽവെച്ചാണു ചേരുന്നത്. പട്ടികൊല്ലി, പുളികൊല്ലി, കുറുകൊല്ലി, ഉർടിക്കട്ടി

കൊല്ലി എന്നീ തോടുകൾ ഇതിന്റെ പോഷകനദികളാണ്. കാസറഗോഡിനെ U എന്ന ആകൃതിയിൽ ചുറ്റിയാണു പുഴ കടലിലേക്ക് ഒഴുകുന്നത്. ഇടത്തെ കൈവഴി ഒരു കായലിൽച്ചേരുന്നു. ഇതിന്റെ തീരത്താണു കാസറഗോഡ് തുറമുഖം.

നദീതടത്തിൽ നെൽക്കൃഷിയാണു പ്രധാനം. ഉയർന്നതലങ്ങളിൽ കാപ്പി, ഏലം എന്നീ തോട്ടങ്ങളുണ്ട്- കുടകിൽ. കശുമാവ്, കമുക്, തെങ്ങ് എന്നിവ ധാരാളമായും തൈലപ്പുല്ല്, റബ്ബർ, തേക്ക് എന്നിവ ചെറിയതോതിലും കൃഷിചെയ്യുന്നു. മഴയെ ആശ്രയിച്ചാണു നെൽക്കൃഷി.

പയസ്വിനിയിൽ സദാ വെള്ളമുള്ളതുകൊണ്ട് വളരെ ജലസേചന സൗകര്യമുണ്ട്. തൊട്ടടുത്തുള്ള മൊഗ്രാൽനദി, വേനല്ക്കാലത്ത് വരണ്ടുപോകുന്നു. പയസ്വിനിയിലെ വെള്ളം മൊഗ്രാൽതടത്തിലേക്കൊഴുക്കുവാനുള്ളൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഗതാഗതസൗകര്യമുള്ള പുഴയിൽനിന്നു കൽനാട്, ബേക്കൽ, ചിറ്റാരി, നീലേശ്വരം എന്നിവിടങ്ങളിലേക്ക് തോട് ഉണ്ടാക്കിയാൽ കാസറഗോഡുനിന്ന് തിരുവനന്തപുരംവരെ ജലമാർഗം സഞ്ചരിക്കാൻ കഴിയും.

കാസറഗോഡിലേക്കുള്ള ശുദ്ധജലവിതരണവും ഈ പുഴയെ ആശ്രയിച്ചിരിക്കുന്നു. പുഴയുടെ നീളം 105 കി. മീറ്റർ ആണ്.

പഴയ തുളുനാടിന്റെയും കോലത്തുനാടിന്റെയും അതിർത്തി ഈ പുഴയാണ്. 1956-ലെ സംസ്ഥാന പുനഃസംഘടനയെത്തുടർന്ന് ചന്ദ്രഗിരിപ്പുഴ കേരളത്തിൽ ആയി.

ചന്ദ്രഗുപ്തൻ I

ഇന്ത്യയിൽ ഗുപ്തസാമ്രാജ്യത്തിന്റെ വികാസത്തിനു തുടക്കമിട്ട രാജാവ്. ചന്ദ്രഗുപ്തന്റെ പിതാവു ഘടോത്കചഗുപ്തനും അദ്ദേഹത്തിന്റെ പിതാവ് ശ്രീഗുപ്തനുമാണെന്ന് ഗുപ്തവംശ രേഖകളിൽ കാണുന്നു. ശ്രീഗുപ്തനെയും ഘടോത്കചഗുപ്തനെയും മഹാരാജാവ് എന്ന് ഈ രേഖകൾ വിശേഷിപ്പിക്കുന്നു; ചന്ദ്രഗുപ്തനെക്കുറിച്ച് 'മഹാരാജാധിരാജൻ' എന്നും. മുൻഗാമികളുടെതിനെക്കാൾ വലിയൊരു രാജ്യം ചന്ദ്രഗുപ്തന്റെ അധീനതയിൽ വന്നു. വിവാഹമാണതിനു കാരണം. അയൽരാജ്യം ഭരിച്ചിരുന്ന ലിച്ഛവിരാജവംശത്തിലെ കുമാരദേവി എന്ന രാജകുമാരിയെ ചന്ദ്രഗുപ്തൻ വിവാഹം ചെയ്തു. ചന്ദ്രഗുപ്തന്റെ സ്വർണനാണയങ്ങളിൽ തന്റെതിനോടൊപ്പം കുമാരദേവിയുടെ ചിത്രവും പേരും ലിച്ഛവി എന്ന വംശനാമവും കാണുന്നു. വിവാഹബന്ധത്തെക്കുറിച്ച് ചന്ദ്രഗുപ്തൻ അഭിമാനംകൊണ്ടിരുന്നതായി ഇതിൽനിന്ന് ഊഹിക്കാം. ഇദ്ദേഹത്തിന്റെ പുത്രനും ഗുപ്തരാജ്യത്തെ ഒരു മഹാസാമ്രാജ്യമായി വികസിപ്പിച്ച മഹാനുമായ സമുദ്രഗുപ്തൻ താൻ ഒരു ലിച്ഛവി രാജകുമാരിയുടെ പുത്രനാണെന്ന് അഭിമാനപൂർവം അവകാശപ്പെട്ടിട്ടുണ്ട്. ഈ വിവാഹത്തിനുശേഷം ലിച്ഛവികളുടെ രാജ്യംകൂടി ചന്ദ്രഗുപ്തന്റെ അധീനതയിൽവന്നു. അതോടെ ഇന്നത്തെ ബീഹാറും ബംഗാളിന്റെയും ഉത്തർപ്രദേശിന്റെയും ഭാഗങ്ങളും ഉൾപ്പെട്ട സാമാന്യം വലിയൊരു രാജ്യമായി അത്.

എ.ഡി. 320 ഫെബ്രുവരി 26-ാം തീയതി തുടങ്ങിയ ഗുപ്താബ്ദം, ചന്ദ്രഗുപ്തൻ ഒന്നാമൻ ഇദ്ദേഹത്തിന്റെ സ്ഥാനാരോഹണം പ്രമാണിച്ച് ആരംഭിച്ചതാണെന്നു ചില ചരിത്രകാരന്മാർ കരുതുന്നു.

ചന്ദ്രഗുപ്തൻ II (376–413)

പ്രഗല്ഭനായ ഭാരതീയചക്രവർത്തി. ഗുപ്തസാമ്രാജ്യം ഭരിച്ചിരുന്ന സമുദ്രഗുപ്തനു ദത്താദേവിയിൽ ജനിച്ച ഈ പുത്രനു പിതാമഹന്റെ പേരിനെ മാനിച്ചാണ് ചന്ദ്രഗുപ്തൻ എന്ന പേരു നല്കിയത്. ദേവഗുപ്തൻ, ദേവരാജൻ, ദേവശ്രീ എന്നീ പേരുകളും ചന്ദ്രഗുപ്തൻ രണ്ടാമന് ഉണ്ടായിരുന്നു.

സമുദ്രഗുപ്തൻ അനേകം യുദ്ധങ്ങൾ നടത്തി അനേകം പ്രദേശങ്ങൾ പിടിച്ചടക്കി സംഘടിപ്പിച്ച വിപുലമായ ഒരു സാമ്രാജ്യമാണ് ചന്ദ്രഗുപ്തനു ഭരിക്കാൻ കിട്ടിയത്. പിതാവിനെപ്പോലെതന്നെ ചന്ദ്രഗുപ്തനും യുദ്ധവീരനായിരുന്നു. വീരസേനൻ എന്ന പ്രതിഭാശാലിയായ ഒരു പ്രധാനമന്ത്രിയുടെയും ആമ്രമാർദവൻ എന്ന സമർഥനായൊരു സേനാനായകന്റെയും സേവനങ്ങൾ അദ്ദേഹത്തിനു ലഭിച്ചു. ഇവർ മൂവരും ചേർന്നു ഗുപ്തസാമ്രാജ്യം കൂടുതൽ വികസിപ്പിച്ചു. ഗുജറാത്തും കാഠിയാവാഡും ഭരിച്ചിരുന്ന രുദ്രസിംഹൻ III എന്ന ശകരാജാവിനെതിരായി ചന്ദ്രഗുപ്തൻ അനേകം വർഷങ്ങൾ നീണ്ടുനിന്ന ഒരു യുദ്ധം നടത്തി. അഞ്ചാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ ചന്ദ്രഗുപ്തൻ ശകന്മാരെ പൂർണമായി തോല്പിച്ച് അവരുടെ രാജ്യം ഗുപ്തസാമ്രാജ്യത്തിൽ ചേർത്തു. അതോടെ അറേബ്യൻകടൽ ഗുപ്തസാമ്രാജ്യത്തിന്റെ പടിഞ്ഞാറെ അതിർത്തിയായി. സമുദ്രഗുപ്തനു കപ്പം കൊടുത്തുകൊണ്ടിരുന്ന വംഗരാജ്യത്ത് ഉണ്ടായ വിപ്ലവം ചന്ദ്രഗുപ്തൻ അടിച്ചമർത്തി. ആ രാജ്യം ഗുപ്തസാമ്രാജ്യത്തിൽ പൂർണമായി ലയിപ്പിച്ചു. വടക്കുപടിഞ്ഞാറ് ഹിന്ദുക്കുഷ് പർവതത്തിനപ്പുറമുള്ള ബാൾക്ക് (ബാൾക്ട്രിയ) ആണ് ചന്ദ്രഗുപ്തൻ പിടിച്ചടക്കിയ മറ്റൊരു പ്രദേശം. ദില്ലിയിൽ കുത്തബ്മീനാറിനു സമീപമുള്ള ആയസസ്തംഭത്തിലെ ലിഖിതത്തിൽ ചന്ദ്രരാജാവിന്റെ (ചന്ദ്രഗുപ്തന്റെ) ഈ വിജയങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.

പിതാമഹനായ ചന്ദ്രഗുപ്തൻ I ചെയ്തതുപോലെ ചന്ദ്രഗുപ്തൻ രണ്ടാമനും വിവാഹബന്ധങ്ങൾമൂലം രാഷ്ട്രീയശക്തി വികസിപ്പിക്കുവാനും ഉറപ്പിക്കുവാനും തയാറായി. അദ്ദേഹത്തിന്റെ നാഗവംശജയായ രാജ്ഞി(കവേരനാഗ)യിൽ ജനിച്ച പ്രഭാവതി എന്ന പുത്രിയെ വാകാടകരാജാവായ രുദ്രസേനൻ II-നു വിവാഹം ചെയ്തുകൊടുത്തു. രുദ്രസേനനുശേഷം പുത്രനായ പ്രവരസേനനുവേണ്ടി ആ രാജ്യം ഭരിച്ചതു പ്രഭാവതീഗുപ്ത ആയിരുന്നു. നാഗന്മാരുടെയും വാകാടകരുടെയും ബന്ധുത്വം ശകന്മാർക്കും കുഷാനന്മാർക്കുമെതിരായ യുദ്ധങ്ങളിൽ ചന്ദ്രഗുപ്തനു വളരെ സഹായകമായി.

ചന്ദ്രഗുപ്തൻ II-ന്റെ പിതാവും പിതാമഹനും സ്വർണനാണയങ്ങൾ മാത്രമേ പുറപ്പെടുവിച്ചുള്ളൂ. ചന്ദ്രഗുപ്തനാകട്ടെ സ്വർണത്തിലും വെള്ളിയിലും ചെമ്പിലും നാണയങ്ങൾ നിർമിച്ചു. ചക്രവർത്തി പുഷ്പവും പിടിച്ചുനില്ക്കുന്ന ചിത്രം സ്വർണനാണയങ്ങളിലുണ്ട്. ഏകച്ഛത്രാധിപതിയെന്ന പ്രശംസയെ സാധൂകരിക്കുമാറ്, വാളുമേന്തി നില്ക്കുന്ന ചന്ദ്രഗുപ്തന്റെ തലയ്ക്കുമീതേ ഒരു കുട പിടിച്ചിരിക്കുന്നതായുള്ള ചിത്രം വേറൊരുകൂട്ടം നാണയങ്ങളിലുണ്ട്. ചക്രവർത്തി ഒരു പടക്കുതിരയുടെ പുറത്ത് ഇരിക്കുന്ന ചിത്രമാണ് മറ്റൊരു വിഭാഗം നാണയങ്ങളിൽ. ആരാധനാമൂർത്തിയുടെ മുമ്പിൽ ചക്രവർത്തി പ്രസാദത്തിനുവേണ്ടി കൈനീട്ടി നില്ക്കുന്ന ചിത്രമുള്ള നാണയങ്ങളും ഉണ്ട്. ശകന്മാരിൽനിന്നു പിടിച്ചെടുത്ത രാജ്യത്ത് ശകമാതൃകയിലുള്ള പുതിയ നാണയങ്ങൾ പ്രചരിപ്പിച്ചു. അവയുടെ ഒരുവശത്ത് ചന്ദ്രഗുപ്തന്റെയും മറുവശത്ത് വിഷ്ണുവാഹനമായ ഗരുഡന്റെയും ചിത്രങ്ങളുണ്ട്.

ജനങ്ങൾ സന്തുഷ്ടരായി ജീവിക്കുന്നുവെന്നും രാജകീയഭൂമി കൃഷിചെയ്യുന്നവർ മാത്രം നികുതികൊടുത്താൽ മതിയെന്നും വധശിക്ഷയോ മറ്റു കായികശിക്ഷകളോ ഇല്ലാതെയാണു രാജാവു ഭരണം നടത്തുന്നതെന്നും മറ്റും ഫാഹിയൻ എന്ന ചീനസഞ്ചാരി തന്റെ കുറിപ്പുകളിൽ പറയുന്നു. ചന്ദ്രഗുപ്തന്റെ രാജ്യത്തു തികഞ്ഞ സമാധാനവും സമൃദ്ധിയും സംതൃപ്തിയും പുലർന്നിരുന്നുവെന്ന് ഈ കുറിപ്പുകൾ തെളിയിക്കുന്നു.

ഇന്ത്യാചരിത്രത്തിൽ സുവർണയുഗം എന്നറിയപ്പെടുന്ന ഗുപ്തകാലത്തുണ്ടായിരുന്ന സമൃദ്ധിക്കും സമാധാനത്തിനും സാംസ്കാരികോത്കർഷത്തിനും അടിസ്ഥാനമിട്ടത് സമുദ്രഗുപ്തനാണ്. കാളിദാസൻ മുതലായ പല കവികളും ശാസ്ത്രജ്ഞന്മാരും പണ്ഡിതന്മാരും ചന്ദ്രഗുപ്തന്റെ സദസ്യരായിരുന്നുവെന്നു കരുതപ്പെടുന്നു. വിക്രമാദിത്യൻ എന്ന നാമംകൂടി സ്വന്തം പേരിനോടുചേർത്ത് ചന്ദ്രഗുപ്തൻ ഉപയോഗിച്ചിരുന്നു.

ചന്ദ്രഗുപ്തമൗര്യൻ

മൗര്യവംശസ്ഥാപകനായ ഭാരതീയരാജാവ്. ബി.സി.നാലാംനൂറ്റാണ്ടിൽ ജീവിച്ച ഇദ്ദേഹത്തിന്റെ ജനനബാല്യങ്ങളെക്കുറിച്ച് വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല. ഭരണകാലം ബി.സി. 324-300.

പണ്ടു പിപ്പലിവനം എന്നു വിളിച്ചിരുന്ന ഒരു ഉത്തരേന്ത്യൻ രാജ്യം ഭരിച്ചിരുന്ന മോരിയ എന്ന ക്ഷത്രിയവംശമാണ് ചന്ദ്രഗുപ്തന്റെ കുടുംബമെന്നു മഹാവംശമെന്ന ബൗദ്ധഗ്രന്ഥത്തിൽ പറയുന്നു. മോരിയകുലത്തിൽ ജനിച്ചതുകൊണ്ട് ഇദ്ദേഹം സ്ഥാപിച്ച രാജവംശത്തിനു മൗര്യവംശം എന്നു പേരുണ്ടായി. ചന്ദ്രഗുപ്തന്റെ പിതാവ് ഒരു അതിർത്തിസംഘട്ടനത്തിൽ മൃതിയടഞ്ഞു. അദ്ദേഹത്തിന്റെ ഗർഭിണിയായ പത്നി പാടലീപുത്രത്തിൽ അഭയംതേടി. അവർ പ്രസവിച്ച കുട്ടി ചാണക്യൻ എന്ന ബുദ്ധിമാനായ ബ്രാഹ്മണന്റെ ദൃഷ്ടിയിൽപ്പെട്ടു. അദ്ദേഹം ഈ ബാലനെ കൂട്ടിക്കൊണ്ടുപോയി യുദ്ധമുറകളും വേദശാസ്ത്രങ്ങളുമെല്ലാം പഠിപ്പിച്ചു. അക്കാലത്തു മഗധരാജാവായ ധനനന്ദൻ ചാണക്യനെ അപമാനിച്ചുവെന്നും പകതീർക്കാൻ അദ്ദേഹം ചന്ദ്രഗുപ്തനെ മുൻനിർത്തിയെന്നും കഥയുണ്ട്. ചാണക്യൻ ധനനന്ദനെ തോല്പിച്ച് ചന്ദ്രഗുപ്തനെ രാജാവാക്കിയെന്നു വിഷ്ണു

പുരാണത്തിൽ പറയുന്നു. പക്ഷേ, വെറും പകപോക്കൽ എന്നതിൽ കവിഞ്ഞുള്ള രാഷ്ട്രീയലക്ഷ്യമാണ് ചാണക്യനും ചന്ദ്രഗുപ്തനുമുണ്ടായിരുന്നത്.

മഗധയിൽ ധനനന്ദൻെറ ദുർഭരണം നടക്കുകയായിരുന്നു. മഗധയ്ക്കു പടിഞ്ഞാറുള്ള ഇന്ത്യൻ പ്രദേശങ്ങളിൽ ഗ്രീക്കുകാരുടെ ഭരണമാണ് നിലനിന്നിരുന്നത്. ഇന്ത്യയിൽനിന്ന് അലക്സാണ്ടർ പോയപ്പോൾ പടിഞ്ഞാറൻ ദേശങ്ങളിൽ അവിടവിടെ ഗ്രീക്കുസൈന്യങ്ങളെ നിർത്തിയിരുന്നു. ആ പ്രദേശങ്ങളുടെ ഭരണത്തിനു ഗ്രീക്കു ഗവർണർമാരെയും നിയമിച്ചിരുന്നു. ഈ വിദേശാധിപത്യത്തിൽനിന്നു തങ്ങളുടെ രാജ്യത്തെ മോചിപ്പിക്കുന്നതിനുള്ള ആവേശമാകാം ചാണക്യനെയും ചന്ദ്രഗുപ്തനെയും മുന്നോട്ടുതള്ളിവിട്ടത്. അവർ വലിയൊരു സൈന്യം ശേഖരിച്ചു. ശകന്മാർ, കിരാതന്മാർ, കാംബോജന്മാർ മുതലായ വിവിധവിഭാഗങ്ങൾ അടങ്ങിയതായിരുന്നു ചന്ദ്രഗുപ്തൻെറ സൈന്യം. വേണ്ടത്ര സൈന്യശക്തി ഉണ്ടായപ്പോൾ അദ്ദേഹം സ്വയം രാജത്വം പ്രഖ്യാപിച്ചു. എന്നിട്ട് ഗ്രീക്ക് ഗവർണർമാരെ നേരിട്ടു.

അലക്സാണ്ടരുടെ മരണത്തെ തുടർന്ന് ഇന്ത്യയിലെ ഗ്രീക്ക് ഗവർണർമാർ തമ്മിൽ മത്സരമായി. ചാണക്യൻെറ നയതന്ത്രവും ചന്ദ്രഗുപ്തൻെറ യുദ്ധസാമർഥ്യവും ഈ അവസരം ശരിക്കും ചൂഷണം ചെയ്തു. പല ഗ്രീക്കു ഗവർണർമാരെയും യുദ്ധത്തിൽ തോല്പിക്കുകയും വധിക്കുകയും ചെയ്തു. ചിലർ പേടിച്ചു നാടുവിട്ടു. പശ്ചിമപഞ്ചാബിലെ ഗ്രീക്ക് സേനാനായകനായിരുന്ന യുഡിമസ് (ബി.സി. 317-ൽ) ഇന്ത്യവിട്ടുപോയി. ഗ്രീക്കുകാരിൽനിന്ന് ഇന്ത്യ പൂർണമായും മോചിപ്പിച്ചവരുടെ നേതാവ് 'സന്ദ്രകോട്ടോസ്' (Sandracottos) ആയിരുന്നുവെന്നു ജസ്റ്റിൻ എഴുതി. ഈ സന്ദ്രകോട്ടോസ്, ചന്ദ്രഗുപ്തമൗര്യൻ തന്നെയാണ്. ഗ്രീക്കുകാരുടെ ആധിപത്യം അവസാനിച്ചതോടെ പഞ്ചാബും സിന്ധും ചന്ദ്രഗുപ്തന് അധീനമായി. പിന്നീട് ഇദ്ദേഹം മഗധയെ ആക്രമിച്ചു. യുദ്ധത്തിൽ ധനനന്ദനെ വധിച്ചു മഗധ കീഴടക്കി.

സാമ്രാജ്യം ഏകോപിപ്പിച്ചു പുനഃസംഘടിപ്പിക്കുമ്പോഴാണു ഗ്രീക്കുരാജാവായ സെല്യൂക്കസ് ചന്ദ്രഗുപ്തൻെറ രാജ്യം ആക്രമിച്ചത്. അലക്സാണ്ടർ വെട്ടിപ്പിടിച്ച പൂർവസാമ്രാജ്യത്തിലെ രാജാവായിരുന്നു സെല്യൂക്കസ്. അദ്ദേഹം വലിയൊരു സൈന്യവുമായി ബി.സി. 305-ൽ സിന്ധുനദിവരെ വന്നു. അവിടെവച്ചു ചന്ദ്രഗുപ്തൻ സെല്യൂക്കസ്സിനെ നേരിട്ടു. യുദ്ധത്തിൽ ഗ്രീക്കുകാർ തോറ്റു. അവർ തമ്മിലുണ്ടാക്കിയ സന്ധിയനുസരിച്ച്, ഹെറാത്ത് തലസ്ഥാനമുള്ള ആരിയ, കന്ദഹാർ തലസ്ഥാനമായുള്ള അരക്കോസിയ, കാബൂൾ തലസ്ഥാനമായുള്ള പരോപനിസദേ, ബലൂചിസ്ഥാൻ എന്നീ പടിഞ്ഞാറൻ പ്രദേശങ്ങൾ ചന്ദ്രഗുപ്തനു ലഭിച്ചു. ചന്ദ്രഗുപ്തൻ സെല്യൂക്കസ്സിന് 500 രണഗജങ്ങളെ സമ്മാനിച്ചു. ഈ സന്ധിയെ തുടർന്ന് അവർ തമ്മിൽ സൗഹാർദം നിലനിന്നു. സെല്യൂക്കസ്സിൻെറ സ്ഥാനപതിയായ മെഗസ്തനീസ് ചന്ദ്രഗുപ്തൻെറ രാജധാനിയായ പാടലീപുത്രത്തിൽ വന്നു കുറേക്കാലം താമസിച്ചു. മെഗസ്തനീസ് ഇന്ത്യയെപ്പറ്റി രചിച്ച ഗ്രന്ഥം ലഭിച്ചിട്ടില്ലെങ്കിലും അതിലെ പല ഭാഗങ്ങളും മറ്റു ഗ്രന്ഥകാരന്മാർ ഉദ്ധരിച്ചിട്ടുള്ളതിൽനിന്ന് അക്കാലത്തെ ഇന്ത്യയെക്കുറിച്ചുള്ള പലവിവരങ്ങളും മനസ്സിലാക്കാം.

ചന്ദ്രഗുപ്തൻ അതിവിപുലമായ ഒരു സാമ്രാജ്യം പടുത്തുയർത്തി. അതു തെക്കു മൈസൂർവരെയും വടക്കുപടിഞ്ഞാറു പേർഷ്യയുടെ അതിർത്തിവരെയും വ്യാപിച്ചിരുന്നു. ചാണക്യൻെറ ബുദ്ധിയും ചന്ദ്രഗുപ്തൻെറ യുദ്ധസാമർഥ്യവും സംയോജിച്ചതിൻെറ ഫലമാണ് ഈ സാമ്രാജ്യത്തിൻെറ സ്ഥാപനവും സംരക്ഷണവും. ഭരണസൗകര്യത്തെ അടിസ്ഥാനമാക്കി രാജ്യത്തെ പ്രവിശ്യകളായി തിരിച്ച് ഓരോ പ്രവിശ്യയും ഓരോ ഗവർണറുടെ കീഴിലാക്കി. ഗവർണർമാർക്കു വിപുലമായ അധികാരങ്ങൾ നല്കി. സാമ്രാജ്യത്തിൻെറ മധ്യഭാഗവും പൂർവഭാഗവും ചക്രവർത്തി നേരിട്ടു ഭരിച്ചു. മറ്റു പ്രവിശ്യകളെ സംബന്ധിച്ചിടത്തോളം ഗവർണർമാരുടെ മേൽനോട്ടം വഹിക്കുകയെന്നതായിരുന്നു ചക്രവർത്തിയുടെ ചുമതല. തലമുടി ചീകുമ്പോൾപ്പോലും രാജ്യകാര്യങ്ങളിൽനിന്നു മുക്തനല്ലാത്തവണ്ണം വിശ്രമരഹിതമായ ഒരു ജീവിതമാണ് ചന്ദ്രഗുപ്തമൗര്യൻ നയിച്ചതെന്നു മെഗസ്തനീസ് രേഖപ്പെടുത്തുന്നു.

ചക്രവർത്തിയെ ഉപദേശിക്കാൻ ചെറിയൊരു സമിതി ഉണ്ടായിരുന്നു. ഗവർണർമാർ, ന്യായാധിപന്മാർ, കരസേനയുടെയും നാവികസേനയുടെയും നായകന്മാർ, കൃഷിവകുപ്പുമേധാവി മുതലായ ഉദ്യോഗ്ഥന്മാരെ തിരഞ്ഞെടുക്കുന്നത് ഈ സമിതിയാണ്. പ്രവിശ്യയിലെ ഓരോ ഗ്രാമവും അതതിൻെറ ഭരണകാര്യങ്ങൾ സ്വയംനടത്തി. ഒരു ജനകീയസംവിധാനത്തിലൂടെയാണു പ്രാദേശികഭരണകാര്യങ്ങൾ നടന്നത്. നഗരങ്ങളുടെ ഭരണത്തിനും ജനകീയസമിതികൾ ഏർപ്പെടുത്തിയിരുന്നു. അന്നത്തെ സമൂഹത്തിൽ ഏറ്റവും സുഖകരമായ ജീവിതം നയിച്ചതു സൈനികരാണ്. ആറുലക്ഷം ഭടന്മാരുള്ള ഒരു സൈന്യമാണ് ചന്ദ്രഗുപ്തനുണ്ടായിരുന്നത്. സൈനികർക്കു യുദ്ധകാലത്തു മാത്രമേ ജോലിയുള്ളൂ. മറ്റു സന്ദർഭങ്ങളിൽ ശമ്പളം പറ്റിക്കൊണ്ടു സുഖമായി ജീവിച്ചാൽ മതിയായിരുന്നു. യുദ്ധകാലത്ത്, യുദ്ധത്തിലെ എല്ലാ കക്ഷികളും കർഷകർക്കു സംരക്ഷണം നല്കിയിരുന്നു. ജലസേചനത്തിനുള്ള ഏർപ്പാടുകളും മറ്റു പ്രോത്സാഹനങ്ങളും ഗവൺമെൻറ് നല്കിയിരുന്നു. തന്മൂലം കൃഷി വിജയകരമായി നടക്കുകയും ഭക്ഷ്യധാന്യസമൃദ്ധി അനുഭവപ്പെടുകയും ചെയ്തു രാജ്യത്തെങ്ങും ക്രമസമാധാനങ്ങൾ പലുർന്നു. മോഷ്ടാക്കളിൽനിന്നുള്ള ശല്യം അനുഭവപ്പെട്ടിരുന്നില്ല.

അവസാനകാലത്തു ചന്ദ്രഗുപ്തൻ ലൗകികവ്യാപാരങ്ങളെല്ലാം ഉപേക്ഷിച്ചു സന്യാസം സ്വീകരിച്ചുവെന്നും ഭദ്രബാഹു എന്ന ജൈന സന്യാസിയോടൊപ്പം മൈസൂരിലെ ശ്രമണബെളഗൊളയിൽ പോയി താമസിച്ചുവെന്നുമാണ് ഐതിഹ്യം. അവിടെ ചന്ദ്രഗുപ്തൻ താമസിച്ച കുന്നിനു ചന്ദ്രഗിരിയെന്നും അദ്ദേഹം നിർമിച്ചുവെന്നു കരുതപ്പെടുന്ന ക്ഷേത്രത്തിനു ചന്ദ്രഗുപ്തബസ്തി എന്നുമാണു പേര്. ഒടുവിൽ ജൈനസമ്പ്രദായപ്രകാരം ചന്ദ്രഗുപ്തൻ പ്രായോപവേശം അനുഷ്ഠിച്ച് ഇഹലോകം വെടിഞ്ഞുവത്രെ. ചന്ദ്രഗുപ്തനുശേഷം മൗര്യസാമ്രാജ്യം ഭരിച്ചത് അദ്ദേഹത്തിൻെറ പുത്രനായ ബിന്ദുസാരനാണ്. *†കൗടല്യൻ,†മൗര്യസാമ്രാജ്യം നോക്കുക.*

ചന്ദ്രഗുപ്തവിദ്യാലങ്കാർ (1906-)

ഗ്രന്ഥകാരനും പത്രപ്രവർത്തകനും. 24-ൽ അധികം ഹിന്ദി ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. 'സാരിക' യുടെ പത്രാധിപരായിരുന്നു; കുറച്ചുകാലം 'ആജ്കലി' ൻെറയും. വിശ്വദർശൻ, ജന്മഭൂമി ഇവയിലും പത്രാധിപത്യം വഹിച്ചിട്ടുണ്ട്. വിശ്വസാഹിത്യഗ്രന്ഥമാലയുടെ മുഖ്യ പ്രസാധകനായിരുന്നു. 1977-ൽ സോവിയറ്റ് ലാൻഡ് നെഹ്രു അവാർഡ് നേടി. പഞ്ചാബ് ഗവൺമെൻറിൻെറ 'ഓതർ ഒഫ് ദി ഇയർ' അവാർഡും.

ചന്ദ്രഗ്രഹണം (lunar eclipse)

ഭൂമിയുടെ നിഴൽ ചന്ദ്രനിൽ വീഴുന്നതുമൂലം ചന്ദ്രൻ പൂർണമായോ ഭാഗികമായോ മറയുന്ന പ്രതിഭാസം. ഭൂമി, സൂര്യൻെറയും ചന്ദ്രൻെറയും ഇടയ്ക്കു വരുമ്പോഴാണു ഭൂമിയുടെ നിഴൽ ചന്ദ്രനിൽ വീഴുന്നത്. വെളുത്ത വാവുനാൾ മാത്രമേ ചന്ദ്രഗ്രഹണം ഉണ്ടാകൂ. എന്നാൽ ചന്ദ്രൻെറ ഭ്രമണപഥതലത്തിൽ (orbital plane) ഉള്ള വ്യതിയാനങ്ങൾ മൂലം എല്ലാ വെളുത്തവാവിനുംഗ്രഹണം സംഭവിക്കുകയില്ല.

ചന്ദ്രനിൽ പതിക്കുന്ന ഭൂമിയുടെ നിഴലിന് രണ്ട് ഭാഗങ്ങളുണ്ട്: നന്നായി ഇരുണ്ട ഛായ(umbra)യും മങ്ങിയ നിലയിൽ മാത്രമുള്ള ഉപഛായ(penumbra)യും. ഭ്രമണവേളയിൽ ചന്ദ്രൻ ഉപച്ഛായയിൽ എത്തുമ്പോൾ ഗ്രഹണമുണ്ടാകുമെങ്കിലും അത്ര ദൃശ്യമല്ല. എന്നാൽ ആ അവസരത്തിൽ ചന്ദ്രനിൽ ഭൂമിയുടെ നിഴൽ ഒരു വൃത്തഖണ്ഡമായി കാണാം. ഭൂമി ഉരുണ്ടതാണെന്നുള്ളതിന് തെളിവായി ചൂണ്ടിക്കാണിക്കപ്പെടുന്ന ഒരു കാര്യമാണിത്. ചന്ദ്രൻ ഛായയിലെത്തുമ്പോഴാണ് ഗ്രഹണം വ്യക്തമായി ദൃശ്യമാകുന്നത്. പൂർണഗ്രഹണമാണെങ്കിൽ ചന്ദ്രൻ ഛായയിലൂടെ കടന്നുപോകാൻ ഏകദേശം രണ്ടുമണിക്കൂർ എടുക്കും. ഈ സമയത്തും ചന്ദ്രൻ



ചന്ദ്രഗ്രഹണം



1989-ലെ പൂർണചന്ദ്രഗ്രഹണം - വിവിധ ഘട്ടങ്ങൾ

പൂർണമായി ഇരുളുന്നില്ല. ഭൗമാന്തരീക്ഷത്തിൽ നിന്നു അപഭംഗം സംഭവിച്ചെത്തുന്ന സൂര്യപ്രകാശമാണ് അതിനു കാരണം.

ചാന്ദ്രശിലകളുടെ സ്വഭാവത്തെപ്പറ്റി പഠിക്കാൻ ചന്ദ്രഗ്രഹണസമയം ഉപയോഗപ്പെടുത്താറുണ്ട്. സൂര്യപ്രകാശം തട്ടാതെ വരുമ്പോൾ ചന്ദ്രനിലെ മണ്ണു തണുക്കുന്നു. എന്നാൽ എല്ലാഭാഗത്തും ഈ ശീതളനം (cooling) ഒരേ വേഗതയിലല്ല നടക്കുന്നത്. ഏറ്റവും സാവധാനം ശീതളനം നടക്കുന്ന പ്രദേശങ്ങളെ 'ദ്യുതി സ്ഥാനങ്ങൾ' (bright spots) എന്നു വിളിക്കുന്നു.

ഉപഗൂഹനം (Occultation). ഗ്രഹണത്തിനു വിധേയമാകുന്ന ഖഗോള വസ്തുവിൻെറ പ്രത്യക്ഷ വലിപ്പം (apparent size) ഗ്രഹണം സൃഷ്ടിക്കുന്ന ഗോളത്തെക്കാൾ വളരെ കുറവാണെങ്കിൽ ആ ഗ്രഹണത്തിനു ഉപഗൂഹനം എന്നു പറയുന്നു. ചന്ദ്രൻെറ പൂർവാഭിമുഖപ്രയാണത്തിൽ നക്ഷത്രങ്ങളും മറ്റും മറയ്ക്കപ്പെടുന്നത് ചന്ദ്രൻ മൂലം ഉണ്ടാകുന്ന ഉപഗൂഹനമാണ്. ഉപഗൂഹനം നടക്കുമ്പോൾ നക്ഷത്രങ്ങൾ പെട്ടെന്ന് അദൃശ്യമാകുന്നു. ഒരുമണിക്കൂറിൽ ഏറെ ഇതു നീണ്ടുനില്ക്കാറില്ല. വ്യാഴം തുടങ്ങിയ ഗ്രഹങ്ങളെയും ചന്ദ്രൻ ഉപഗൂഹനം ചെയ്യാറുണ്ട്. † ഗ്രഹണം നോക്കുക.

ചന്ദ്രചൂഡ് വൈ. വി. (1920-)

1978-85 കാലത്ത് ഇന്ത്യയിലെ ചീഫ് ജസ്റ്റീസ്. 1920 ജൂലൈ 12-ാംനു ജനിച്ചു. നിയമബിരുദം നേടിയശേഷം 1943-ൽ ബോംബെ ഹൈക്കോടതിയിൽ അഭിഭാഷകനായി പ്രാക്റ്റീസ് തുടങ്ങി. 1949-52 കാലത്ത് ബോംബെയിലെ ഗവൺമെൻറ് ലോ കോളെജിൽ പാർട്ട് ടൈം പ്രൊഫസറായിരുന്നു. 1956-ൽ അസിസ്റ്റൻറ് ഗവൺമെൻറ് പ്ലീഡറും 1958-ൽ പ്ലീഡറും ആയി നിയമിതനായി. 1961-ൽ ബോംബെ ഹൈക്കോടതിയിൽ ജഡ്ജിയായി. അക്കൊല്ലംതന്നെ സുപ്രീം കോടതി ജഡ്ജിയായി നിയമിക്കപ്പെട്ടു. 1978 വരെ ഈ പദവിയിൽ തുടരുകയും പിന്നീട് ചീഫ് ജസ്റ്റീസായി ഉയരുകയും ചെയ്തു. യശ്വന്ത് വിഷ്ണുചന്ദ്രചൂഡ് എന്നാണ് മുഴുവൻ പേര്.



ചന്ദ്രജിത് യാദവ് (1930-)

ഇന്ത്യൻ ദേശീയനേതാവ്. 1930 ജനുവരി 1-ന് ഉത്തരപ്രദേശിലെ സരൂപഹ എന്ന സ്ഥലത്ത് ജനിച്ചു. നിയമത്തിൽ ഉന്നതബിരുദം നേടിയശേഷം കുറച്ചുകാലം അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടു. 1957-ൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാനാർഥിയായി നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിച്ചു ജയിച്ചു. 1962ൽ വീണ്ടും നിയമസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു. നിയമസഭയിൽ കമ്യൂണിസ്റ്റ്പാർട്ടി ഗ്രൂപ്പിൻെറ ഉപനേതാവായിരുന്നു. 1967 മുതൽ 1970 വരെ ലോകസഭാംഗമായിരുന്നു. 1971 മുതൽ കോൺഗ്രസ്സിൽ അംഗത്വം സ്വീകരിച്ചു. പിന്നീട് എ.ഐ.സി.സി. ജനറൽ സെക്രട്ടറിയായി. 1974 മുതൽ 1977 വരെ കേന്ദ്രമന്ത്രിസഭയിൽ ഇരുമ്പ്-ഖനിവകുപ്പുകളുടെ മന്ത്രിയായിരുന്നു. യാദവ് പിന്നീട് കോൺഗ്രസ്സിൽനിന്നുംവിട്ട് ജനതയിൽ അംഗമായി. ഓൾ ഇന്ത്യാ പീസ് ആൻഡ് സോളിഡാരിറ്റി ഓർഗനൈസേഷൻ, പാർലിമെൻറിലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി എന്നിവയുടെ ചെയർമാനായി. സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ചന്ദ്രദേവൻ

വിരാട് പുരുഷൻെറ മനസ്സിൽനിന്നു ജനിച്ച ദേവൻ. 'ചന്ദ്രമാമനസോജാതഃ' എന്ന് ഋഗ്വേദത്തിലെ പുരുഷസൂക്തത്തിൽ പറയുന്നു. മോഹിനി ദേവന്മാർക്ക് അമൃതു വിളമ്പുമ്പോൾ കൂട്ടത്തിൽ കടന്നിരുന്ന വിധുന്തുഭൻ (ചന്ദ്രനെ ദുഃഖിപ്പിക്കുന്നവൻ എന്നു വാച്യാർഥം) എന്ന അസുരനെ ശ്രദ്ധയിൽ പെടുത്തി വിഷ്ണുവിനെക്കൊണ്ടു (വിഷ്ണുതന്നെ ആയിരുന്നു മോഹിനി) കൊല്ലിച്ചു. അതുകൊണ്ടാണത്രെ വെളുത്ത വാവിൻനാൾ രാഹുഹേതുക്കൾ (അമൃതസേവ കൊണ്ട് മരിക്കാതെ രണ്ട് അസുരരായി തീർന്ന വിധുന്തുഭൻെറ ശരീരഭാഗങ്ങൾ) ചന്ദ്രനെ ഗ്രസിക്കുന്നത്. ഈ ഗ്രസനം (വിഴുങ്ങൽ) ആണു ഗ്രഹണം എന്നു പറയുന്നത്.

അഗ്നിയുടെ പത്നിയായ സ്വാഹയെ ചന്ദ്രൻ പ്രാപിച്ചതായി ഒരു കഥയുണ്ട്. അതുകൊണ്ടു ചന്ദ്രനെ സ്വാഹാജാരൻ എന്നു പറയുന്നു.

ചന്ദ്രനഗർ

ഫ്രെഞ്ചുകാരുടെ കീഴിലായിരുന്ന ബംഗാളിനഗരം. പശ്ചിമബംഗാളിലെ ഹുഗ്ലി ജില്ലയിൽ കൽക്കത്തയ്ക്ക് 54 കി.മീറ്റർ വടക്കു സ്ഥിതിചെയ്യുന്നു. 1673-ൽ ഫ്രെഞ്ചുകാർ ഇവിടം ഒരു വ്യാപാരകേന്ദ്രമായി തിരഞ്ഞെടുക്കുകയും 1688-ൽ ഔറംഗസീബ് ചക്രവർത്തി ഇത് അവർക്കു വിട്ടുകൊടുക്കുകയും ചെയ്തു. 1757-ലും 1794-ലും ബ്രിട്ടീഷുകാർ ഈ പട്ടണം കൈവശപ്പെടുത്തിയെങ്കിലും പിന്നീട് ഇതു ഫ്രെഞ്ചുകാർക്കുതന്നെ തിരികെ നല്കേണ്ടിവന്നു. 1949-ൽ നടന്ന ഹിതപരിശോധനയ്ക്കുശേഷം 1950-ൽ ഫ്രെഞ്ചുകാർ ഇത് ഇന്ത്യയ്ക്കു തിരിച്ചുനല്കി. നിയമപരമായി ഈ കൈമാറ്റം നടന്നത് 1952 ഏപ്രിൽ 12-ാം തീയതിയായിരുന്നു. ചണവ്യവസായം വളരെ വികസിച്ചിട്ടുള്ള പ്രദേശമാണു ചന്ദ്രനഗർ.

ചന്ദ്രൻ

ഭൂമിയുടെ പ്രകൃതിദത്തമായ ഒരേ ഒരു ഉപഗ്രഹം. മനുഷ്യൻ ചെന്നിറങ്ങിയിട്ടുള്ള ഏക ജ്യോതിർഗോളം ഇതാണ്. ഭൂമിയിൽ നിന്ന് ശരാശരി 3,84,400 കി.മീ. അകലത്തിൽ പടിഞ്ഞാറുനിന്ന് കിഴക്കോട്ട് ഭൂമിയെ പ്രദക്ഷിണം ചെയ്യുന്നു. ചന്ദ്രഗോളത്തിൻെറ വ്യാസം 3,476

കി.മീ. ആണ്. (ഭൂമിയുടെത് 12,740 കി.മീ.). ശരാശരി ഘനത്വം 3.34 ഗ്രാം/ഘന ഡെ.മീ. യും (ഭൂമിയുടെത് 5.52 ഗ്രാം ഘന/സെ. മീ.). ആകെ ഉപരിതല വിസ്താരം ഏകദേശം ആഫ്രിക്കൻ വൻകരയുടെ അത്രയും വരും. ദ്രവ്യമാനം ഭൂമിയുടെതിന്റെ 1/81 ഭാഗമെയുള്ളു; ഗുരുത്വം ഭൂമിയുടേതിന്റെ 1/6 മാത്രമാണ്. ഇക്കാരണത്താൽ ചന്ദ്രന് ഒരു അന്തരീക്ഷം വഹിക്കാൻ സാധ്യമല്ല. അന്തരീക്ഷമില്ലാത്തതു കൊണ്ട് ഉല്ക്കകൾ പോലുള്ള വസ്തുക്കൾ പതിച്ച് ചന്ദ്രന്റെ ഉപരിതലത്തിൽ വലിയ കുഴികളും മറ്റും ഉണ്ടാകുന്നു.

സ്വന്തം അക്ഷത്തിൽ ഒന്ന് ഭ്രമണം ചെയ്യുവാൻ ചന്ദ്രൻ 27 ദിവസം ഏഴു മണിക്കൂർ 43 മിനിറ്റ് എടുക്കുന്നു. ചന്ദ്രന് ഭൂമിയെ ഒന്ന് പ്രദക്ഷിണം ചെയ്യുവാനും ഇത്രയും സമയം തന്നെ വേണം. ഈ രണ്ട് ചലനങ്ങളുടെ സംയുക്തഫലമായി ഭൂമിയിൽനിന്നു നോക്കുമ്പോൾ ചന്ദ്രന്റെ ഒരു വശം മാത്രമാണ് എല്ലായ്പോഴും ദൃശ്യമാകുന്നത്.

ചരിത്രം: പ്രാചീന ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ചന്ദ്രനെക്കുറിച്ച് പല നിരീക്ഷണങ്ങളും നടത്തിയിട്ടുണ്ട്. എങ്കിലും, പാശ്ചാത്യലോകത്ത് ചന്ദ്രനെ ദൈവികമായ പരിവേഷത്തിൽ നിന്ന് മോചിപ്പിച്ചവരിൽ പ്രമുഖൻ അരിസ്റ്റോട്ടിൽ (ബി.സി. 384-322) ആണ്. പക്ഷേ, ഇദ്ദേഹം ചന്ദ്രനെ സ്വയം പ്രകാശിക്കുന്നതും കണ്ണാടിപോലെ മിന്നിതിളങ്ങുന്നതുമായ ഒരു വസ്തുവായിട്ടാണ് കരുതിയത്. പില്ക്കാലത്ത് ഈ ധാരണ മാറി.

ആദ്യമായി ചന്ദ്രനെ ദൂരദർശിനിയിലൂടെ വീക്ഷിക്കുകയും അതു ഭൂമിപോലുള്ള ഒരു ഗോളമാണെന്നു പ്രസ്താവിക്കുകയും ചെയ്തത് ഗലീലിയോ (1564-1642) ആണ്. ഗ്രഹചലനങ്ങൾക്കു നിദാനം ഗുരുത്വാകർഷണമാണെന്നു തെളിയിച്ച സർ ഐസക് ന്യൂട്ടൻ (1642-1727), ഭൂമിയും ചന്ദ്രനുമായുള്ള ആകർഷണത്തെപ്പറ്റി പഠനം നടത്തി. ഹാലി (1656-1742), ഓയ്‌ലർ (Euler, 1707-1783) ലാംബർട് (1728-1777), ലാപ്ലാസ് (1749-1827) തുടങ്ങിയവർ ഗലീലിയോവിന്റെയും ന്യൂട്ടന്റെയും പാത പിന്തുടർന്നു, ദൂരദർശിനിയുടെ സഹായത്തോടെ ചന്ദ്രോപരിതലത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തിയ ശാസ്ത്രജ്ഞന്മാരിൽ ചിലരാണ്. വില്യം ഗിൽബർട്ട് എന്ന ശാസ്ത്രജ്ഞനാണ് ആദ്യമായി ചന്ദ്രന്റെ ഒരു 'ചാർട്ട്' ഉണ്ടാക്കിയത്. പിന്നീടു റികോലി (Riccoli), വില്യം ഹെർഷൽ



ഏറ്റവും മുകളിൽ: കറുത്തപക്ഷത്തിലെ അർധചന്ദ്രൻ
മുകളിൽ: ചന്ദ്രന്റെ ദക്ഷിണ-മധ്യപ്രദേശം: പാലോമർ
വാനനിരീക്ഷണ കേന്ദ്രത്തിൽനിന്ന് എടുത്ത ചിത്രം.



ചന്ദ്രൻ ചിത്രകാരന്റെ
ഭാവനയിൽ

തുടങ്ങിയവരും പല ചാർട്ടുകൾ നിർമിച്ചു. ബീർ (Beer), മാഡ്ലർ (Madler) എന്നിവർ ചന്ദ്രൻ വായുരഹിതവും ജീവൻ നിലനില്ക്കത്തക്ക സാഹചര്യം ഇല്ലാത്തതും ആണെന്നു വെളിപ്പെടുത്തി. ഫോട്ടോഗ്രാഫിയും സ്പെക്ട്രോസ്കോപ്പിയും ചാന്ദ്രശാസ്ത്രത്തിൽ വഴിത്തിരിവുണ്ടാക്കി. ചന്ദ്രനെ കുറിച്ച് ആദ്യമായി സ്പെക്ട്രോഗ്രാഫിക് പഠനം നടത്തിയത് വില്യം ഹൈജീൻസും ചന്ദ്രന്റെ ഫോട്ടോ ആദ്യമായെടുത്തത് ജോൺ ഡബ്ലിയു. ഡ്രേപ്പറും (John W. Draper) ആണ്. റേഡിയോ-ദൂരദർശിനി, റഡാർ ഉപകരണങ്ങൾ എന്നിവയുടെ കണ്ടുപിടുത്തം ചാന്ദ്രവിജ്ഞാനത്തിന്റെ മണ്ഡലം കൂടുതൽ വിശാലമാക്കി. സ്പേസ്യുഗം പിറന്നതോടെ ഈ വിഷയത്തിൽ വമ്പിച്ച പുരോഗതി ഉണ്ടായി. അപ്പോളോ 11-ഉം 12-ം 14-ം മനുഷ്യനെ ചന്ദ്രനിലിറക്കുകയും അവിടുത്തെ മണ്ണും കല്ലും ഭൂമിയിൽ കൊണ്ടുവരികയും ചെയ്തിരിക്കുന്നു. † ചന്ദ്രപര്യവേക്ഷണം നോക്കുക.

വൃദ്ധിക്ഷയങ്ങൾ. ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ പ്രാചീനകാലം മുതൽ സുപരിചിതമാണ്. തനതായി പ്രകാശമില്ലാത്തതുകൊണ്ടാണ് ഇവയുണ്ടാകുന്നത്. ഭൂമിയിലോട്ടു തിരിഞ്ഞിരിക്കുന്ന പകുതിയുടെ പ്രകാശിതഭാഗം മാത്രമാണു നമുക്കു ദൃശ്യമാകുന്നത്. ചന്ദ്രൻ ഭൂമിയുടെയും സൂര്യന്റെയുമിടയിൽ ഒരു ഋജുരേഖയിൽ വരുമ്പോൾ ഒരു പകുതി മുഴുവൻ സൂര്യനും മറ്റേ പകുതി ഭൂമിക്കും അഭിമുഖമായി വരുന്നു. അപ്പോൾ ഭൂമിയിലോട്ടു തിരിഞ്ഞിരിക്കുന്ന ഭാഗം മുഴുവൻ സൂര്യനിൽനിന്നു മറഞ്ഞിരിക്കുന്നതിനാൽ അവിടെ പ്രകാശം വീഴുന്നില്ല. തന്മൂലം ചന്ദ്രൻ അദൃശ്യമായിത്തീരുന്നു. ഇങ്ങനെ വരുന്നതാണ് കറുത്തവാവ്. അതുകഴിഞ്ഞ് ചന്ദ്രൻ ഭ്രമണപഥത്തിലൂടെ നീങ്ങുമ്പോൾ ഭൂമിയിലോട്ടു തിരിഞ്ഞിരിക്കുന്ന ഭാഗത്ത് കൂടുതൽ കൂടുതൽ വിസ്താരത്തിൽ സൂര്യപ്രകാശം പതിയുകയും തന്മൂലം ചന്ദ്രൻ ക്രമേണ വളർന്നുവരുന്നതായി തോന്നുകയും ചെയ്യുന്നു. ഭ്രമണം പകുതിയാകുമ്പോൾ സൂര്യൻ, ഭൂമി, ചന്ദ്രൻ എന്നിവ ഒരിക്കൽകൂടി ഒരേ ഋജുരേഖയിൽ വരുന്നു. പക്ഷേ, ഇവിടെ ഭൂമിയാണ് മധ്യത്തിൽ അകപ്പെടുന്നത്. തദവസരത്തിൽ ചന്ദ്രന്റെ ഭൂമിക്കഭിമുഖമായ ഭാഗംതന്നെ സൂര്യനും അഭിമുഖമാകുകയും അതിനാൽ പൂർണചന്ദ്രൻ ദൃശ്യമാകുകയും ചെയ്യുന്നു. വെളുത്തവാവിൻനാളിലാണ് ഇതു സംഭവിക്കുന്നത്. പിന്നീടു ഭ്രമണം പുരോഗമിക്കുമ്പോൾ ചന്ദ്രന്റെ ഭൂമിയിലോട്ടു തിരിഞ്ഞിരിക്കുന്ന പ്രകാശിതഭാഗത്തിന്റെ വിസ്താരം കുറഞ്ഞുവരികയും ചന്ദ്രൻ ക്ഷയിച്ചുക്ഷയിച്ച് കറുത്തവാവാകുമ്പോഴേക്കും നിശ്ശേഷം അദൃശ്യമായിത്തീരുകയും ചെയ്യുന്നു. ഭൂമിക്കും സൂര്യനും മധ്യേ ഒരേ രേഖയിൽ ചന്ദ്രൻ വരുമ്പോൾ-കറുത്തവാവിൻനാളിലേ ഇതു സംഭവിക്കുകയുള്ളുവല്ലോ † സൂര്യഗ്രഹണം ഉണ്ടാകുന്നു. ഇത് എല്ലാ കറുത്തവാവിൻനാളിലും സംഭവിക്കാത്തത്, സാധാരണമായി ചന്ദ്രന്റെ പഥം അല്പം ചരിഞ്ഞിരിക്കുന്നതുകൊണ്ടാണ്,† ചന്ദ്രഗ്രഹണമാകട്ടെ സൂര്യൻ, ഭൂമി, ചന്ദ്രൻ എന്നിവ യഥാക്രമം ഒരേ രേഖയിൽ വരുമ്പോൾ -വെളുത്ത വാവിൻനാളിലെ ഇതുണ്ടാവുകയുള്ളൂ-ചന്ദ്രൻ ഭൂമിയുടെ നിഴലിൽപ്പെട്ട് അതിന്മേൽ സൂര്യപ്രകാശം പതിക്കാതെ വരുമ്പോഴാണു സംഭവിക്കുന്നത്.

ഉദ്ഭവം. ചന്ദ്രന്റെ ഉദ്ഭവത്തെപ്പറ്റി പ്രധാനമായി മൂന്നു സിദ്ധാന്തങ്ങളുണ്ട്: ഒന്ന്, സൗരയൂഥത്തിൽ സഞ്ചരിച്ചിരുന്ന ചന്ദ്രനെ ഭൂമി തന്റെ അടുത്തെത്തിയപ്പോൾ പിടിച്ചെടുത്തതാണ്. രണ്ട്, ഭൂമിയിൽനിന്നുണ്ടായതാണ്. മൂന്ന്, ഭൂമിയോടൊപ്പംതന്നെ ചന്ദ്രനും രൂപപ്പെട്ടതാണ്. ഇവയിൽ ഏതാണു യഥാർഥത്തിൽ സംഭവിച്ചതെന്ന് ഇപ്പോഴും തീർച്ചയില്ല.

'വേലാ-ഘർഷണം' (tidal friction)മൂലം ചന്ദ്രൻ ഭൂമിയിൽ നിന്ന് വർഷത്തിൽ 15 സെ.മീ. വീതം അകന്നുപോകുന്നുവെന്നതിന് തെളിവുകൾ ഉണ്ട്. ഈ വസ്തുതയാണ് ഭൂമിയിൽനിന്നാണ് ചന്ദ്രന്റെ ഉദ്ഭവമെന്ന പക്ഷക്കാർക്ക് ആധാരമായിട്ടുള്ളത്. ഇതുമൂലം പണ്ട് ചന്ദ്രൻ ഭൂമിയോട് ഇപ്പോഴത്തെതിനെക്കാളും അടുത്തായിരുന്നുവെന്ന് സിദ്ധിക്കുന്നുണ്ട്. ഇപ്പോഴത്തെ പസിഫിക് സമുദ്രത്തിന്റെ സ്ഥാനത്തുനിന്നു പൊട്ടിത്തെറിച്ചു പോയതാണ് ചന്ദ്രൻ എന്നും ഒരു അഭിപ്രായം ഉണ്ട്. ഇത് അംഗീകരിക്കപ്പെട്ടിട്ടില്ല.

പക്ഷേ, ഭൂമിയും ചന്ദ്രനും ഒരിക്കലും ഒരു വസ്തുവിന്റെ ഭാഗമായിരുന്നിട്ടില്ലെന്നു വിശ്വസിക്കുന്നവരാണ് ശാസ്ത്രജ്ഞന്മാരിൽ വലിയൊരു ഭാഗം. ഭൂമിയിലെയും ചന്ദ്രനിലെയും പാറകളും മണ്ണും ധാതുക്കളും യാതൊരു സാമ്യമില്ലാത്തവയാണ്. റിങ്വേഡ് (A.E. Ringword), എസ്സെൻ (E.E.Essene) എന്നീ ശാസ്ത്രജ്ഞന്മാരാണ് ഈ അഭിപ്രായം കൊണ്ടുവന്നിട്ടുള്ളത്. ഭൂമി, ചന്ദ്രനെ ആകർഷിച്ച് പിടിച്ചെടുത്തുവെന്ന അഭിപ്രായവും ഇവരിൽ പലർക്കുമുണ്ട്. ചന്ദ്രന്റെ നിസ്സാരമായ ഘനത്വം (density) ഇതിന് അനുകൂലമായ ഒരു സാഹചര്യമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഇതിൽനിന്നൊക്കെ വ്യത്യസ്തമായി മറ്റൊരു സിദ്ധാന്തം കൂടി ഉണ്ട്. ശനിയുടെ ചുറ്റുമുള്ള വലയങ്ങളെപ്പോലെ പണ്ട് ഭൂമിയുടെ ചുറ്റുമൊരു വാതകവലയമുണ്ടായിരുന്നെന്നും അതിന്റെ 'കൊയാഗുലീകരണം' (coagulation) മൂലം ഉരുത്തിരിഞ്ഞതാണു ചന്ദ്രനെന്നുമാണത്. റിങ്വേഡ്, എസ്സെൻ എന്നീ ശാസ്ത്രജ്ഞന്മാർ ഈ സിദ്ധാന്തത്തെ ശരിവെക്കുന്നു. ചന്ദ്രന്റെ 'ക്രേറ്റുകൾ' നിറഞ്ഞ ഉപരിതലസ്വഭാവവും മറ്റുചില സവിശേഷതകളും വിശദമാക്കാൻ ഈ സിദ്ധാന്തം സ്വീകരിക്കുന്നപക്ഷം സാധിക്കുമത്രേ.

ചന്ദ്രോപരിതലം. ചന്ദ്രോപരിതലം കുണ്ടും കുഴിയും നിറഞ്ഞു പരുപരുത്തതാണ്. ചന്ദ്രനിൽനിന്നു ഭൂമിയിലേക്കു കൊണ്ടുവന്ന മണ്ണിന്റെ പഠനം ഇതെപ്പറ്റി കൂടുതൽ അറിവ് നല്കി. ഏതാണ്ട് വൃത്താകാരമുള്ളതും അനവധി കി.മീ.വിസ്താരത്തിൽകിടക്കുന്നതുമായ 'ക്രേറ്ററുകൾ' (craters) ജലത്തിന്റെ അംശംപോലുമില്ലാത്ത 'സമുദ്രങ്ങൾ', ഉയർന്ന പർവതങ്ങൾ എന്നിങ്ങനെ പലതും നിറഞ്ഞതാണ് ചന്ദ്രോപരിതലം. ചാന്ദ്രസമുദ്രങ്ങളെ (maria) കേന്ദ്രമാക്കി കനമേറിയതും ഇടതിങ്ങിയതുമായ പദാർഥങ്ങൾ നിറഞ്ഞ 'മസ്കോണുകൾ'(mascons-'mass concentration' എന്നതിന്റെ ഹ്രസ്വരൂപം) എന്നറിയപ്പെടുന്ന പ്രദേശങ്ങൾ കണ്ടെത്തി (1968).

ഭൂമിയെക്കാൾ ഉറപ്പുള്ളതും എന്നാൽ അതിനെക്കാൾ ഘനത്വം കുറഞ്ഞതുമാണ് ചന്ദ്രൻ. അപ്പോളോ 12-ലെ ചന്ദ്രപേടകത്തിന്റെ പതനസമയത്ത് വളരെ നേരം നീണ്ടുനിന്ന കമ്പനം, ഉപരിതലത്തിന്റെ ഉറപ്പ് അസന്ദിഗ്ധമായി തെളിയിച്ചിട്ടുണ്ട്. ഏകദേശം 40 മിനിട്ടു നീണ്ടുനിന്നുവത്രെ ആ കമ്പനം. ആന്തരിക താപനില ഭൂമിയുടെതിനെക്കാൾ കുറവാണ്.

ഉയരംകൂടിയ ഭിത്തികൾകൊണ്ടു വലയിതമായി വൃത്താകാരത്തിൽ സ്ഥിതിചെയ്യുന്നവയാണ് മിക്ക ക്രേറ്ററുകളും. ഏതാനും സെ.മീ. മുതൽ 236 കി. മീ. വരെ ('ക്ലാവിയസ്' എന്ന ക്രേറ്റർ) വ്യാസമുണ്ട് അവയ്ക്ക്. വലിപ്പം കൂടിയ ക്രേറ്ററുകളുടെ മധ്യഭാഗത്തായി ഓരോ കൊടുമുടിയും കാണാം. ഈ കൊടുമുടികൾക്കും ഭിത്തികളുടെ വക്കിനും നേരിയ ചരിവുണ്ട്. ക്രേറ്ററുകൾക്കു പൊതു

വെ ആഴം കുറവാണ്. പല ക്രേറ്ററുകളുടെയും ഉൾഭാഗത്ത് ചാരനിറം വരുന്ന ഒരുതരം ധൂളി ഉണ്ട്. വലിപ്പം കുറഞ്ഞ കേറ്ററുകൾ ഭൂമിയിലെ ഉല്ക്കാഗർത്തങ്ങളെ(Meteorite craters)പ്പോലെ കാണപ്പെടുന്നു. ഇവ ഉൽക്കാ പതനംമൂലം തന്നെ ഉണ്ടായവയാണ്. അഗ്നിപർവത പ്രവർത്തനംമൂലമുണ്ടായവ അധികമില്ല.

ചന്ദ്രനിലെ 'സമുദ്രങ്ങൾ' ലാവയുടെ ഒഴുക്കുമൂലമുണ്ടായവയാണെന്ന അസാധാരണവലിപ്പമുള്ള വസ്തുക്കൾ വന്നു പതിക്കുമ്പോഴുണ്ടാകുന്ന 'താല്ക്കാലിക ദ്രവണം' മൂലമാണെന്നും രണ്ട് അഭിപ്രായം ഉണ്ട്. സമുദ്രങ്ങളെ കേന്ദ്രീകരിച്ചു സ്ഥിതിചെയ്യുന്ന 'മാസ്കോണുകൾ' 1968-ലേ കണ്ടുപിടിക്കപ്പെട്ടുള്ളൂ. ഓർബിറ്റർ-V നടത്തിയ 'ഗുരുത്വസർവേ'(Gravity survey)യിലാണ് ഇവ ആദ്യമായി കണ്ടെത്തിയത്. ചന്ദ്രന്റെ മധ്യഭാഗത്തായി ഒന്നും അഞ്ചു പ്രധാന സമുദ്രങ്ങളുടെ ചുറ്റുമായി അഞ്ചെണ്ണവും-അങ്ങനെ ആറു മാസ്കോണുകൾ ഉണ്ട്.

മണ്ണും പാറയും. അപ്പോളോ 11,12 എന്നീ വാഹനങ്ങൾ ഭൂമിയിലേക്കു കൊണ്ടുവന്ന മണ്ണും പാറയും ശാസ്ത്രജ്ഞന്മാരുടെ നിഷ്കർഷപഠനത്തിനു വിധേയമായി. അതിൽനിന്നു കിട്ടിയ പ്രധാന അറിവുകൾ താഴെ ചേർക്കുന്നു:

ചന്ദ്രനെ സംബന്ധിച്ചുള്ള പ്രധാന വസ്തുതകൾ

ദ്രവ്യമാനം	.. 73.49×10^{21} കി. ഗ്രാം
വ്യാപ്തം	.. 21.99×10^{9} ഘന കി.മീ.
ഘനത്വം	.. 3.34 ഗ്രാം/ഘന സെ.മീ.
ഗുരുത്വം	.. 1.62 മീ/സെക്കൻറ്^{2}
പലായന പ്രവേഗം (escape velocity)	.. 2.38 കി. മീ./സെക്കൻറ്
ഭ്രമണ വേഗം (orbital velocity)	.. 3,680 കി.മീ./മണിക്കൂർ
സംയുതി പ്രദക്ഷണ കാലം (synodic revolution)	.. 29 ദിവസം 12 മണിക്കൂർ 44 മിനിറ്റ്
ഭൂപ്രദക്ഷണ കാലം	.. 27 ദിവസം 7 മണിക്കൂർ 43 മിനിറ്റ്
സ്വയം ഭ്രമണകാലം	.. 27 ദിവസം 7 മണിക്കൂർ 42 മിനിറ്റ്
ശരാശരി അൽബിഡോ (albedo- വികിരണ പ്രതിഫലനശേഷി)	.. 10%
ഉപരിതല താപനില മധ്യരേഖയിൽ (പകൽ)	.. 127°C
ഉപരിതല താപനില മധ്യരേഖയിൽ (രാത്രി)	.. 173°C
ഭൂമിയിൽ നിന്നുള്ള ഏറ്റവും കൂടിയ ദൂരം	.. 4, 05,508 കി.മീ.
ഭൂമിയിൽ നിന്നുള്ള ഏറ്റവും കുറഞ്ഞ ദൂരം	.. 3,63,300 കി.മീ

യാതൊരുവിധത്തിലുള്ള ജീവിതമോ അതിന്നാധാരമായ ജൈവവസ്തുക്കളോ ജലമോ ചന്ദ്രനിൽ ഇല്ല. പകരം അവിടെയുള്ളത് കാർബൺ മോണോക്സൈഡ്, കാർബൺ ഡയോക്സൈഡ്, മീഥേൻ തുടങ്ങിയ 'കാർബണിക യൗഗികങ്ങളും'(Carbon compounds), ഗ്ലിസറിൻ, അലാമിൻ (Alamine), യൂറിയ (Urea) എന്നിവപോലെ തന്മാത്രാഭാരം (molecular weight) കൂടിയ വസ്തുക്കളുമാണ്. ആകെക്കൂടി ഒരു 'കാർബൺ കേന്ദ്രണം' (carbon concentration) ഉണ്ട്. ഇതിൽത്തന്നെ കാർബണിന്റെ അധികഭാഗവും കാർബൺ മോണോക്സൈഡിന്റെ രൂപത്തിലാണുതാനും.

ചന്ദ്രനിൽനിന്ന് ശേഖരിച്ച ക്രിസ്റ്റലൈൻ പാറകൾക്ക് 370 കോടി വർഷവും മണ്ണിന് 460 കോടി വർഷവും പഴക്കമുണ്ടെന്നു പരീക്ഷണങ്ങളിൽനിന്നു തെളിഞ്ഞു. അപ്പോളോ 12 കൊണ്ടുവന്നവയിൽ ചില പാറകൾക്ക് 170 മുതൽ 270 കോടിവരെ വർഷം പഴക്കമേ കാണപ്പെട്ടുള്ളൂ. മറ്റു ചില പാറകൾക്കാകട്ടെ, സൗരയൂഥത്തോളം തന്നെ-450 കോടി-പഴക്കമുണ്ടെന്നും കണ്ടു.

പാറ പൊടിഞ്ഞാണു ചന്ദ്രനിലെ മണ്ണുണ്ടായതെന്നായിരുന്നു അതുവരെ ശാസ്ത്രജ്ഞന്മാർക്കിടയിലുണ്ടായിരുന്ന അഭിപ്രായം. പക്ഷേ, മണ്ണിനു പാറകളെക്കാൾ പഴക്കം കൂടുതലുണ്ടെന്നു തെളിഞ്ഞതോടെ ആ അഭിപ്രായത്തിനു മാറ്റം വന്നു. പൊടിയും മണ്ണും ചന്ദ്രൻ ഉണ്ടായപ്പോൾത്തന്നെ രൂപം കൊണ്ടതാണെന്നും, പാറകൾ പിന്നീട് ക്രിസ്റ്റലാകാരം പൂണ്ടതാണെന്നുമാണ് ഇപ്പോഴത്തെ നിഗമനം.

ചന്ദ്രനിലും പാറയിലും മണ്ണിലും ഭൂമിയിലുള്ള 66 മൂലകങ്ങൾ അടങ്ങിയിട്ടുണ്ടെന്നു കണ്ടെത്തിയിരിക്കുന്നു. സിലിക്കൺ, അലൂമിനിയം, ടൈറ്റാനിയം, ഇരുമ്പ്, മഗ്നീഷ്യം, കാൽസിയം ഇവ കൂടുതലായും സോഡിയം, പൊട്ടാസ്യം, മാൻഗനീസ്, ക്രോമിയം, സിർകോണിയം, നിക്കൽ, വനേഡിയം, ഫോസ്ഫറസ് തുടങ്ങിയവ കുറഞ്ഞ അളവിലും ആണ്.

ചാന്ദ്രപദാർഥങ്ങൾക്കു ഭൗമവസ്തുക്കളുമായി ആകെക്കൂടി ഒരു സാമ്യമുണ്ടെങ്കിലും, ശരിക്കു പറഞ്ഞാൽ നമുക്കു പരിചിതമായ വസ്തുക്കളൊന്നും അവയ്ക്കു പകരം നില്ക്കുകയില്ല. ഭൂമിയിൽ ഉള്ള ഒരുതരം കല്ലിച്ച ഉല്കകൾ പോലുള്ള ബസാൾട്ടിക് അകോൺഡ്രൈറ്റുക(Basaltic achondrites)ളോടാണവയ്ക്കു കൂടുതൽ അടുപ്പം. അപൂർവമൂലകങ്ങളിൽ(rare elements) ഒന്നായ യൂറോപ്യത്തിന്റെ കുറവ് ചാന്ദ്രവസ്തുക്കളുടെ മറ്റൊരു സവിശേഷതയാണ്.

'ഖനിജക'(minerological) നിരീക്ഷണംമൂലം ചാന്ദ്രപദാർഥങ്ങളിൽ നാലു വസ്തുക്കളുണ്ടെന്നു കാണപ്പെട്ടു; പൈറോക്സിൻ (Pyroxene), പ്ലാഗിയോക്ലേസ് (Plagioclase), ഇൽമനൈറ്റ്, ഒലിവിൽ എന്നിവ. ഇവ നാലും ഭൂമിയിലെ ആഗ്നേയശിലകളി(Igneous rocks)ൽ സാധാരണ കണ്ടുവരുന്നവയാണ്. പൈറോസ് മാംഗനൈറ്റ്(Pyrox manganite), ഫെറോസ്യൂഡോ ബ്രൂക്കയ്റ്റ് (Ferro pseudo brookite), ക്രോമിയം-ടൈറ്റേനിയം-സ്പൈനൽ (Chromium-titanium-spinal) എന്നിങ്ങനെ മൂന്നു പുതിയ ഖനിജങ്ങളും ചാന്ദ്രശിലയിലുണ്ട്. ഭൂമിയിലെ ഖനിജങ്ങളിൽ കാണാത്ത പ്രാകൃത-ഇരുമ്പും (native iron) ഇവയിൽ അടങ്ങിയിരിക്കുന്നു. പാറകളിൽ ഗ്ലാസ് കണികകളും (Glassy beads) കണ്ടെത്തിയിട്ടുണ്ട്. ഇവയും പ്രാകൃതഇരുമ്പും തമ്മിൽ ബന്ധമുണ്ടെന്നു കരുതപ്പെടുന്നു.

ചാന്ദ്രശിലകളുടെ കാന്തികസ്വഭാവം എടുത്തുപറയത്തക്ക ഒരു വസ്തുതയാണ്. ഭൂമിയിലെ പാറകളിലെ കാന്തികവസ്തുക്കൾ ഇരുമ്പിന്റെ ഓക്സൈഡുകളാണ്. പക്ഷേ, ചന്ദ്രനിലെതാകട്ടെ പ്രാകൃത ഇരുമ്പുതന്നെയാകുന്നു. പ്രാചീന കാലത്ത് ചന്ദ്രനിൽ ഒരു കാന്തികമണ്ഡലമുണ്ടായിരുന്നുവെന്നു വിശ്വസിക്കാൻ ന്യായമുണ്ട്.

അന്തരീക്ഷം: ചന്ദ്രന് അന്തരീക്ഷമില്ല. എന്നാൽ ഭൂമിയുടെതിന്റെ 1/1014 മാത്രം ഘനത്വമുള്ള നേരിയ ഒരു വായുമണ്ഡലം ചന്ദ്രനെ ആവരണം ചെയ്യുന്നു. ഒരു ഘന സെ. മീറ്റർ ചാന്ദ്രാന്തരീക്ഷത്തിൽ അമ്പതിനായിരം തന്മാത്രകൾ അടങ്ങിയിട്ടുണ്ടെങ്കിലും ഭൗമാന്തരീക്ഷത്തോടു താരതമ്യപ്പെടുത്തുമ്പോൾ അത് അവഗണിക്കാനുള്ളതേയുള്ളൂ. ലബോറട്ടറികളിൽ സൃഷ്ടിക്കാൻ കഴിയുന്ന ഏറ്റവും മികച്ച നിർവാത (Vacuum) മണ്ഡലത്തെക്കാളും ശൂന്യമാണത്.

പര്യവേക്ഷണം. † ചന്ദ്രപര്യവേക്ഷണം നോക്കുക.

പ്രാചീന സങ്കല്പങ്ങൾ. † ചന്ദ്രദേവൻ, † ചന്ദ്രാരാധന നോക്കുക.

ചന്ദ്രൻ, പി.ആർ. (1929–)

മലയാള നാടകകൃത്ത്. മുഴുവൻ പേര് പി.രാമചന്ദ്രൻനായർ. കേരള റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലായിരുന്നു ഉദ്യോഗം. 1969-ൽ വിക്രമൻനായർ ട്രോഫി മത്സരത്തിൽ *അഹല്യ* എന്ന നാടകത്തിന് ഒന്നാംസമ്മാനം ലഭിച്ചു. 1972-ൽ ഇതേനാടകത്തിന് കേരള സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു. അഹല്യയ്ക്കു പുറമെ *അലഞ്ഞുതിരിയുന്ന ആത്മാവ്* (1960) *അവനെ ക്രൂശിക്ക* (1969) *മിഥ്യ* (1968) *അക്കൽദാമ* (1970) *ജ്വാല* (1974) എന്നിവയാണ് പ്രധാന നാടകങ്ങൾ.

'ഉണർന്ന ജീവിതം', 'കണ്ണാടി' എന്നിവ ലഘുനാടകങ്ങളുടെ സമാഹാരങ്ങളാണ്. നടൻ, സംവിധായകൻ എന്നീ നിലകളിലും ചന്ദ്രൻ നാടകരംഗത്തു പ്രവർത്തിച്ചിട്ടുണ്ട്.

ചന്ദ്രൻപിള്ള, ജി. കടവൂർ (1940–)

മലയാള നാടകകൃത്ത്. 1940 ഫെബ്രുവരി 26-ാം തീയതി കൊല്ലം ജില്ലയിൽ കടവൂരിൽ ജനിച്ചു. മലയാളരാജ്യം വാരികയുടെ പത്രാധിപസമിതിയിൽ അംഗമായിരുന്നു. പിന്നീട് കൊല്ലം പബ്ലിക് ലൈബ്രറിയുടെ സെക്രട്ടറിയായി. 1967-ൽ സാഹിത്യപരിഷത്ത് നടത്തിയ നാടകമത്സരത്തിൽ ഒന്നാംസമ്മാനംനേടി. *തുറക്കാത്ത വാതിൽ, കല്ലേറ്റ കടന്നൽക്കൂട്, വിഷക്കനി, പുത്രകാമേഷ്ടി, ദൈവം മരിച്ചു, അഗ്നിപ്ര*

ളയം, *ഉത്തരായനപ്പക്ഷി*, *നികുംഭില*, *യുഗേയുഗേ* എന്നിവയാണ് പ്രധാന നാടകങ്ങൾ.

ചന്ദ്രപര്യവേക്ഷണം (moon exploration)

ബഹിരാകാശവാഹനങ്ങൾ ഉപയോഗിച്ച് ചന്ദ്രനെപ്പറ്റി നടത്തിയിട്ടുള്ള ശാസ്ത്രീയപഠനങ്ങൾ. മനുഷ്യനെ വഹിക്കുന്നതും അല്ലാത്തതുമായ ബഹിരാകാശ വാഹനങ്ങൾ ഇതിനായി ഉപയോഗിച്ചിട്ടുണ്ട്. ചന്ദ്രനാണു ഭൂമിയോട് ഏറ്റവും അടുത്തു നില്ക്കുന്ന ഖഗോളം എന്നതുകൊണ്ട് സ്വാഭാവികമായിത്തന്നെ ബഹിരാകാശാന്വേഷണങ്ങളുടെ കേന്ദ്രബിന്ദു ചന്ദ്രൻ ആയി.

1959 സെപ്റ്റംബർ 12-ാം തീയതി സോവിയറ്റ് യൂണിയൻ ലൂണാ 2 ചന്ദ്രനെ ലക്ഷ്യമാക്കി ബഹിരാകാശത്തേക്കു വിക്ഷേപിച്ചു. അതേ വർഷം ഒക്റ്റോബർ നാലിന് അയച്ച ലൂണാ 3. ചന്ദ്രന്റെ മറുഭാഗം (ഭൂമിയിൽനിന്നു കാണാൻ കഴിയാത്തഭാഗം) 6880 കി.മീ. അകലെ നിന്നു ഛായാഗ്രഹണപേടകത്തിൽ പകർത്തി.

1964-68 കാലത്തു യു.എസ്. അയച്ച മൂന്നു ചന്ദ്രാന്വേഷണവാഹനങ്ങൾ ശേഖരിച്ച വളരെയധികം വിവരങ്ങൾ മനുഷ്യൻകയറിയ അപ്പോളോ വാഹനത്തിനു ചന്ദ്രനിൽ ഇറങ്ങാനുള്ള കളം ഒരുക്കി. 1964—65-ൽ മൂന്നു റേഞ്ജർ ബഹിരാകാശവാഹനങ്ങൾ ചന്ദ്രനിൽ ഇടിച്ചിറങ്ങുംമുമ്പെടുത്ത 17,000-ൽ അധികം ഛായാചിത്രങ്ങൾ ഭൂമിയിലേക്ക് അയച്ചു. അടുത്ത രണ്ടുവർഷങ്ങളിൽ ചന്ദ്രനെ വലംവച്ച അഞ്ചുവാഹനങ്ങൾ ചന്ദ്രോപരിതലത്തിന്റെ 98%ത്തിന്റെയും വിവരങ്ങൾ 2000 സൂക്ഷ്മചിത്രങ്ങളിലൂടെ ഭൂമിയിൽ എത്തിച്ചു. ഇതേ സമയം അഞ്ചു സർവേയർ വാഹനങ്ങൾ ചന്ദ്രോപരിതലത്തിൽ മന്ദഗതിയിൽ ചെന്നിറങ്ങി. അവ ചന്ദ്രോപരിതലത്തിന്റെ ഉയർച്ചതാഴ്ചകൾ, പരിസ്ഥിതിവിവരങ്ങൾ, ഭൗതികഗുണങ്ങൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്ന 8,000 സമീപചിത്രങ്ങൾ (close-up photographs) ഭൂമിയിലേക്ക് അയച്ചു. സോവിയറ്റു യൂണിയൻ മനുഷ്യൻ കയറിയ വാഹനങ്ങളൊന്നും ചന്ദ്രോപരിതലത്തിൽ എത്തിച്ചില്ലെങ്കിലും 1970-ലും 1972-ലും റൊബോട്ട് വാഹനങ്ങൾ ചന്ദ്രനിൽ എത്തിച്ചു. അവയും ചന്ദ്രോപരിതലത്തിലെ മണ്ണു പരിശോധിച്ചു വിവരം ഭൂമിയിൽ എത്തിച്ചു. 1972-ൽ അപ്പോളോ പരിപാടികളുടെ പൂർത്തീകരണത്തോടെ ഗ്രഹാന്തരയാത്രയിലേക്കായി ശ്രദ്ധ. 1974വരെ സോവിയറ്റ് യൂണിയൻ നിർജനവാഹനങ്ങൾ വഴിയുള്ള അന്വേഷണങ്ങൾ തുടർന്നു.



ആൽഡ്രിൻ
ചന്ദ്രോപരിതലത്തിൽ

മനുഷ്യൻ ചന്ദ്രനിൽ. 1969 ജൂലൈ 20-ാം തീയതി രണ്ടുമനുഷ്യർ ചന്ദ്രനിൽ ഇറങ്ങി നടന്നു. നീൽ എ. ആംസ്ട്രോങ്, എഡ്വിൻ ഇ. ആൽഡ്രിൻ. അവരോടൊപ്പം ഉണ്ടായിരുന്ന മൂന്നാമൻ, മൈക്കൽ കോളിൻസ്, ബഹിരാകാശവാഹനത്തിൽനിന്നു പുറത്തു കടന്നില്ല. അപ്പോളോ 11 എന്ന ബഹിരാകാശവാഹനമാണ് ഇവരെ ചന്ദ്രനിൽ എത്തിച്ചത്. ബഹിരാകാശവാഹനത്തിൽ നിന്നു ചാന്ദ്രപേടകത്തിൽ കയറി പര്യവേക്ഷകർ ചന്ദ്രോപരിതലത്തിൽ ഇറങ്ങി.

ചന്ദ്രോപരിതലത്തിൽനിന്ന്
അപ്പോളോ 11-ലെ പര്യവേക്ഷകർ
കണ്ട ഭൂമിയുടെ രൂപം





ചാന്ദ്രയാത്രികർ.
ഇടത്തുനിന്ന്: നീൽ ആംസ്ട്രോങ്ങ്,
മൈക്കേൽ കോളിൻസ്, എഡ്വിൻ ആൽഡ്രിൻ.

ചന്ദ്രോപരിതലത്തിലെ പ്രവർത്തനം. മൂന്നുകാര്യങ്ങളാണു ചാന്ദ്രയാത്രീകർ ചന്ദ്രനിൽവച്ചു നിർവഹിച്ചത്. ഈഗിൾ എന്ന പേടകത്തിൻെറ ഫോട്ടോ എടുത്തു, അതിന് ഇറക്കം കൊണ്ട് കേടുപറ്റിയോ എന്നറിയാൻ. രണ്ടാമത് അവർ ഓടിയും ചാടിയും ചന്ദ്രോപരിതലവുമായി പരിചയപ്പെട്ടു. പ്രവർത്തന സംബന്ധമായും ശാസ്ത്രസംബന്ധമായും ഉള്ള വിവരങ്ങളുടെ സമ്പാദനമാണു മൂന്നാമത്തെത്. 20 കിലോഗ്രാം പാറക്കഷണങ്ങൾ ആംസ്ട്രോങ്ങ് ശേഖരിച്ചു. മണ്ണും അതിൽപെട്ടിരുന്ന മൂന്ന് ഉപകരണങ്ങൾ അവിടെ സ്ഥാപിച്ചു, ഭാവിയിൽ വിവരം നല്കാൻ. ഇതിനുശേഷം അവർ മാതൃവാഹനത്തിലേക്കും അതുവഴി ഭൂമിയിലേക്കും മടങ്ങി.



അപ്പോളോ 11
ബഹിരാകാശത്തിലേക്ക്

ചന്ദ്രപ്പൂർ

മഹാരാഷ്ട്രത്തിലെ ഒരു ജില്ലയും അതിൻെറ ആസ്ഥാനനഗരവും. നാഗപ്പൂരിൽനിന്ന് 135 കി.മീറ്റർ തെക്കു സ്ഥിതിചെയ്യുന്ന ചന്ദ്രപ്പൂർ പട്ടണം വർധാ, ഇരാ എന്നീ നദികളുടെ സംഗമസ്ഥാനത്താണ്. 12 മുതൽ 18 വരെ നൂറ്റാണ്ടുകളിൽ ഇവിടം ഒരു ഗോണ്ഡ് നാടുവാഴിവംശത്തിൻെറ തലസ്ഥാനനഗരമായിരുന്നു. 9 കി.മീറ്റർ ചുറ്റളവുള്ള ഒരു കോട്ടയുടെ അവശിഷ്ടങ്ങൾ ഇവിടെയുണ്ട്. നാഗപ്പൂർ-ബോംബെ, മദിരാശി-ദില്ലി എന്നീ റെയിൽവേലൈനുകൾ ഇതുവഴി കടന്നുപോകുന്നു. സമീപമുള്ള ഭണ്ഡക്കിലാണ് വകടകരാജവംശം ആസ്ഥാനമുറപ്പിച്ചിരുന്നത് (എ.ഡി. 4-6 നൂറ്റാണ്ടുകൾ). ഇവിടത്തെ വാർഷിക വാണിജ്യമേള വളരെ ദൂരത്തിലുള്ള ആളുകളെ ആകർഷിക്കുന്നു. പട്ടുവസ്ത്രങ്ങളുടെ നിർമാണത്തിന് പ്രസിദ്ധികേട്ട കേന്ദ്രമാണ് ഇത്.

ജില്ലയുടെ വിസ്തൃതി 10,490 ച.കി.മീറ്റർ വരും. തേക്കുകളും മുളംകൂട്ടങ്ങളുമാണ് പ്രധാനമായി ഇവിടത്തെ വനങ്ങളിലുള്ളത്. കൽക്കരിയും ഇരുമ്പയിരും ആണ് മുഖ്യ ഖനിജങ്ങൾ. നെല്ല്, ചോളം, കരിമ്പ് എന്നിവയാണ് മുഖ്യ കാർഷികവിളകൾ. വടക്കുപടിഞ്ഞാറൻ ഭാഗങ്ങളിൽ പരുത്തിയും ഗോതമ്പും കൃഷിചെയ്തുവരുന്നു.

വടക്കുപടിഞ്ഞാറ് മറാഠിയും വടക്കുകിഴക്ക് ഹിന്ദിയും തെക്കു തെലുങ്കുമാണ് ജില്ലയിൽ പ്രചാരത്തിലുള്ള മുഖ്യ ഭാഷകൾ. ഭൂരിപക്ഷവും ഗിരിവർഗക്കാർ താമസിക്കുന്ന മറ്റു പ്രദേശങ്ങളിൽ ഗോണ്ഡിഭാഷയും അതിൻെറ പല ഉപഭാഷാഭേദങ്ങളും ഉപയോഗിക്കപ്പെട്ടുവരുന്നു. ജില്ലയിലെ മൊത്തം ജനസംഖ്യ 14,18,306 (1981).

ചന്ദ്രലേഖ

മദിരാശിയിലെ ജെമിനി പിക്ചേഴ്സ് 1948-ൽ നിർമിച്ച ബഹുഭാഷാചിത്രം. എസ്.എസ്.വാസൻ സംവിധാനംചെയ്ത ഈ ചിത്രം അന്ന് ഒരു ദൃശ്യാദ്ഭുതമെന്നു വിശേഷിപ്പിക്കപ്പെട്ടു. തമിഴ് ഭാഷയിലുള്ള ചിത്രം ദക്ഷിണേന്ത്യയിലും ഹിന്ദിരൂപം ഉത്തരേന്ത്യയിലും പ്രദർശനവിജയംനേടി. ഈ ചിത്രത്തിലെ സർക്കസ് രംഗങ്ങളും ഭേരീനൃത്തരംഗവും മറ്റും വൻപിച്ച ജനസമ്മതി നേടി. പില്ക്കാലത്തു കാഴ്ചക്കമ്പത്തിനു പ്രാധാന്യം നല്കുന്ന ചിത്രങ്ങളുടെ പിറവിക്ക് ഇതു കാരണമാവുകയും ചെയ്തു. എം.കെ.രാധ (നായകൻ), ടി.ആർ.രാജകുമാരി (നായിക), രഞ്ജൻ (വില്ലൻ) എന്നിവരായിരുന്നു മുഖ്യഅഭിനേതാക്കൾ. വിദേശചലച്ചിത്രോത്സവങ്ങളിൽ ഇന്ത്യൻ സിനിമയെ പ്രതിനിധാനംചെയ്ത് പലപ്രാവശ്യം ഈ ചിത്രം പ്രദർശിപ്പിച്ചിട്ടുണ്ട്.

ചന്ദ്രവംശം

പൗരാണികഭാരതത്തിലെ രാജവംശങ്ങളിലൊന്ന്. ഈ വംശത്തിലെ രാജാക്കന്മാരുടെ ഉത്പത്തി ചന്ദ്രനിൽനിന്നാണെന്നാണു സങ്കല്പം. ചന്ദ്രവംശത്തിലെ രണ്ടു മുഖ്യശാഖകളാണ് യാദവന്മാരും പൗരവന്മാരും. ചന്ദ്രൻെറ ഒരു പിൻതലമുറക്കാരനായ യദുവിൽനിന്ന് യാദവവംശമുണ്ടായി: അതിൽ ഏറ്റവും പ്രമുഖൻ കൃഷ്ണനായിരുന്നു. മറ്റൊരു പിൻമുറക്കാരനായ പുരുവിൻെറ സന്തതിപരമ്പരകളിൽ ദുഷ്ഷന്തനും കുരുവും പാണ്ഡുവും ഒടുവിൽ കൗരവപാണ്ഡവന്മാരും ഉൾപ്പെടുന്നു. ചന്ദ്രൻ, അത്രിമഹർഷിക്ക് അനസൂയ എന്ന ധർമപത്നിയിൽ ജനിച്ച പുത്രനാണ്. ചന്ദ്രൻെറ പുത്രൻ ബുധനും ബുധൻെറ പുത്രൻ പുരൂരവസ്സും പുരൂരവസ്സിൻെറ പുത്രൻ ആയുസ്സുമാണ്. ആയുസ്സിൻെറ പുത്രന്മാരാണ് നഹുഷനും യയാതിയുംമറ്റും. യയാതിക്കുണ്ടായ യദു, പുരു എന്നീ പുത്രന്മാരിൽനിന്ന് ചന്ദ്രവംശം രണ്ടായി പിരിയുന്നു. കൃഷ്ണൻെറ കാലത്തോടുകൂടി, അദ്ദേഹത്തിൻെറ പുത്രപൗത്രപ്രപൗത്രന്മാരുടെ കലഹഫലമായി യാദവവംശം കുറ്റിയറ്റു. പൗരവശാഖ പാണ്ഡവന്മാരുടെ കാലംകഴിഞ്ഞ് 28 തലമുറകൾകൂടിയുണ്ടായിരുന്നു. ഈ താവഴിയിലെ അവസാനത്തെ രാജാവ് ക്ഷേമകൻ ആണെന്നു കാണുന്നു.

ആയുസ്സിൻെറ മറ്റൊരു പുത്രനായ ക്ഷത്രവൃദ്ധൻ എന്ന രാജാവ് കാശി കേന്ദ്രമായി സ്ഥാപിച്ച രാജംവശവും ചന്ദ്രവംശത്തിൻെറ ഒരു ശാഖയാണ്. ഇവരെ പൊതുവെ കാശിരാജാക്കന്മാർ എന്നു പറഞ്ഞുവന്നു.

ചന്ദ്രവർക്കർ, എൻ.ജി. (1855-1923)

ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിൻെറ ആദ്യകാല നേതാക്കളിൽ ഒരാൾ. കോൺഗ്രസ്സിൻെറ പതിനാറാം വാർഷികസമ്മേളനത്തിൻെറ അധ്യക്ഷൻ.

1855-ൽ വടക്കൻ കർണാടകത്തിലെ ഹോനാവറിൽ ജനിച്ചു. ബോംബെയിലെ എൽഫിൻസ്റ്റൺ കോളെജിൽനിന്ന് 1881-ൽ നിയമബിരുദം നേടിയശേഷം അഭിഭാഷകവൃത്തിയിലേർപ്പെട്ടു. 1901-ൽ ബോംബെ ഹൈക്കോടതിയിൽ ജഡ്ജിയായി നിയമിക്കപ്പെട്ടു. ബ്രഹ്മസമാജപ്രവർത്തകനായ ഇദ്ദേഹം ജാതിചിന്തകൾക്കതീതനായി പ്രവർത്തിച്ചു.

ചന്ദ്രശേഖരൻ, എം.ആർ. (1929-)

മലയാള നിരൂപകൻ. 1929 ഫെബ്രുവരി 25-ന് തൃശൂരിൽ ജനിച്ചു. കേരളവർമ കോളെജിൽനിന്നു ബി.ഒ.എൽ. ബിരുദമെടുത്തശേഷം നവജീവൻ, മാതൃഭൂമി എന്നീ പത്രങ്ങളിൽ സഹപത്രാധിപരായി കുറച്ചുകാലം ജോലിചെയ്തു. 1956-ൽ മലബാർ ക്രിസ്ത്യൻ കോളെജിൽ മലയാളാധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. 1965-ൽ പയ്യന്നൂരിൽ ആരംഭിച്ച പയ്യന്നൂർ കോളെജിൽ സീനിയർ ലക്ചററായും തുടർന്നു പ്രൊഫസറായും ജോലിനോക്കി. 1961-ൽ സ്ഥാപിതമായ കേരള സാഹിത്യസമിതിയുടെ സെക്രട്ടറിയായിരുന്നു. കാലിക്കറ്റ് സർവകലാശാലയിൽ രണ്ടുതവണ (1975 മുതൽ '79 വരെയും 1984 മുതൽ '89 വരെയും) സിൻഡിക്കേറ്റ് മെമ്പറായി സേവനമനുഷ്ഠിച്ചു. 1969-ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ റിസർച്ച് ഓഫീസറായിച്ചേർന്നു. ഒരു കൊല്ലത്തിനുശേഷം പയ്യന്നൂർ കോളെജിലേക്കു തിരിച്ചുപോയി.

നിരൂപകൻെറ രാജ്യഭാരം (1965), *ലഘുനിരൂപണങ്ങൾ* (1964), *കവിതയും സത്യവും* (1979) എന്നിവയാണ് ചന്ദ്രശേഖരൻെറ നിരൂപണഗ്രന്ഥങ്ങൾ. *നാം ജീവിക്കുന്ന ലോകം* (1957), *ഉഴുതുമറിച്ച പുതുമണ്ണ്* (1963), *മാറ്റിവെച്ച തലകൾ* എന്നിവ വിവർത്തനങ്ങളാണ്.

1989 ഫെബ്രുവരിയിൽ ഉദ്യോഗത്തിൽനിന്നു വിരമിച്ചു. അല്പകാലം കണ്ണൂരിൽനിന്നു പുറപ്പെടുന്ന '*ചിന്തന*' ആഴ്ചപ്പതിപ്പിൻെറ പത്രാധിപരായിരുന്നു.

ചന്ദ്രശേഖരൻ, കുമരവേലു (1920-)

ഇന്ത്യൻ ഗണിതശാസ്ത്രജ്ഞൻ. 1920 നവംബർ 21-നു മസൂലിപട്ടണത്തിൽ ജനിച്ചു. മദ്രാസ് പ്രസിഡെൻസി കോളെജിലും പ്രിൻസ്ടണിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിലും വിദ്യാഭ്യാസം നടത്തി. സൂറിച്ചിൽ പ്രൊഫസറായും ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാത്തമാറ്റിക്കൽ യൂണിയൻെറ സെക്രട്ടറിയായും പ്രസിഡൻറായും, കൗൺസിൽ ഒഫ് സയൻറിഫിക്ക് യൂണിയൻെറ വൈസ് പ്രസിഡൻറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1961-'66 ൽ ഇന്ത്യാ ഗവൺമെൻറിൻെറ കാബിനറ്റ് ഉപദേശകസമിതിയിൽ അംഗമായിരുന്നു. നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സയൻസിൽ അംഗമായിട്ടുണ്ട്. 1959-ൽ 'പദ്മശ്രീ' ബഹുമതിയും 1963-ൽ ശാന്തിസ്വരൂപ് ഭട്നഗർ അവാർഡും ലഭിച്ചു.

ചന്ദ്രശേഖരൻ, കെ. (1921—)

ജനതാപാർട്ടിനേതാവും സംസ്ഥാന വിദ്യാഭ്യാസ വകുപ്പു മന്ത്രിയും. അഭിഭാഷകൻ, വാഗ്മി എന്നീ നിലകളിൽ പ്രശസ്തനാണ്.

രാമവർമത്തമ്പുരാൻെറ മകനായി തൃശൂർ കൊട്ടിൽ മാരാത്ത് ജനിച്ചു. എം.എ., എൽ.എൽ.ബി. ബിരുദങ്ങൾ നേടി അഭിഭാഷകനായി. വിദ്യാർഥി ആയിരിക്കെത്തന്നെ രാഷ്ട്രീയപ്രവർത്തനം ആരംഭിച്ചു. 1957-ലും 1960-ലും പി.എസ്.പി. ടിക്കറ്റിൽ ഹോസ്ദുർഗിൽനിന്നും നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. 1960-ൽ റെവന്യു-നിയമവകുപ്പുമന്ത്രി ആയി. പി.എസ്.പി., ഐ.എസ്.പി., എസ്.എസ്.പി. ഈ പാർട്ടികളുടെ സംസ്ഥാനാധ്യക്ഷനായിരുന്നു. കണ്ണൂർ ഡി.സി.സി. അംഗം, റബ്ബർ ബോർഡ് അംഗം, ഇന്ത്യൻ ബാർ അസോസിയേഷൻ അംഗം, അഡ്വക്കേറ്റ്സ് അസോസ്യേഷൻ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1967, 1970 എന്നീ വർഷങ്ങളിൽ രാജ്യസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു. 1977, '80, '82 വർഷങ്ങളിൽ വടകര നിന്നു നിയമസഭയിൽ എത്തി. ഇപ്പോൾ ജനതാപാർട്ടിയുടെ നിയമസഭാകക്ഷിനേതാവായും വിദ്യാഭ്യാസമന്ത്രിയായും തുടരുന്നു.

ചന്ദ്രശേഖരൻ നായർ, ഇ (1928—)

സി.പി.ഐ. നേതാവും സംസ്ഥാനമന്ത്രിയും. 1928 ഡിസംബർ 2-നു കൊട്ടാരക്കരയിൽ ജനിച്ചു. പൊതുക്കാര്യപ്രസക്തനും എം.എൽ.എ.യുമായിരുന്ന എ. ഈശ്വരപിള്ളയുടെ മകൻ.



നിയമബിരുദം എടുത്തശേഷം രാഷ്ട്രീയത്തിൽ പ്രവേശിച്ചു. 1948-ൽ ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേർന്നു.1952-ൽ കമ്യൂണിസ്റ്റ് പാർട്ടി ഒഫ് ഇന്ത്യയിലും അംഗമായി. 1957, '67, '77 എന്നീ വർഷങ്ങളിൽ നിയമസഭാതിരഞ്ഞെടുപ്പിൽ വിജയിച്ചു. ഏറെക്കാലം സംസ്ഥാന സഹകരണബാങ്ക് പ്രസിഡൻറ് ആയിരുന്നു. 1980-ൽ ചടയമംഗലത്തുനിന്നു തിരഞ്ഞെടുപ്പിൽ ജയിച്ചു നായനാർമന്ത്രിസഭയിൽ സിവിൽ സപ്ലൈസ് ഹൗസിങ് വകുപ്പുമന്ത്രിയായി. മാവേലിസ്റ്റോറുകളുടെ സ്ഥാപനം മൂലം നിത്യോപയോഗസാധനങ്ങളുടെ വില നിയന്ത്രിച്ചു ജനപ്രീതി നേടി.

ഇപ്പോൾ സംസ്ഥാന മന്ത്രിസഭയിൽ സിവിൾസപ്ലൈസ് മന്ത്രിയാണ്.

ചന്ദ്രശേഖരൻ നായർ, വൈക്കം (1920-)

നാടകകൃത്തും പത്രപ്രവർത്തകനും. മലയാളമനോരമ, കുങ്കുമം, ചിത്രകാർത്തിക എന്നീ വാരികകളുടെ പത്രാധിപത്യം വഹിച്ചിട്ടുണ്ട്. കേരള സംഗീതനാടക അക്കാദമിയുടെ ചെയർമാനായിരുന്നു (1977-'81). നോവൽ-നാടകവിഭാഗങ്ങളിൽ അനേകം കൃതികൾ രചിച്ചിട്ടുണ്ട്. *വീരബലി അഥവാ വൈക്കം പദ്മനാഭപിള്ള* (1936), *ഡോക്ടർ* (1962), *തണ്ണീർപ്പന്തൽ (1967)*, *കടന്നൽക്കൂട്* (1968), *ജാതുഗൃഹം* എന്നിവയാണ് പ്രധാന നാടകങ്ങൾ. *നീലക്കടമ്പ്* (1963), *അഗ്നിപരീക്ഷ* (1968), *തീയിൽനിന്ന്* (1969), *പഞ്ചവൻകാട്* (1970), *സ്വാതിതിരുനാൾ* എന്നിവ മുഖ്യനോവലുകളാണ്. നാടകത്തെപ്പറ്റി എഴുതിയ

ചരിത്രപരവും നിരൂപണപരവുമായ പഠനങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥമാണ് *രംഗപ്രവേശം*. ചരിത്രശാഖയിൽപ്പെട്ട കൃതിയാണ് *ഇന്ത്യയും ചൈനയും*. വൈക്കത്തിൻെറ ചില നാടകങ്ങൾ പ്രൊഫഷണൽ സംഘങ്ങൾ വിജയകരമായി അവതരിപ്പിച്ചിട്ടുണ്ട്.

ഇപ്പോൾ കുങ്കുമം ഗ്രൂപ്പ് പ്രസിദ്ധീകരണങ്ങളുടെ എഡിറ്റിങ് ചുമതല വഹിക്കുന്നു.

ചന്ദ്രശേഖർ (1927-)

ഇന്ത്യയിലെ പ്രമുഖ രാഷ്ട്രീയനേതാവ്. 1977-ൽ ജനതാപാർട്ടി രൂപം കൊണ്ടപ്പോൾ മുതൽ 1988 വരെ അതിൻെറ അധ്യക്ഷൻ ആയിരുന്നു. ഇപ്പോൾ ദേശീയരംഗത്ത് പ്രതിപക്ഷത്തെ പ്രധാന വക്താക്കളിൽ ഒരാൾ.

1927 ഏപ്രിൽ 17-ന് ഉത്തർപ്രദേശിലെ ബല്ലിയാ ജില്ലയിലെ ഇബ്രാഹിംപട്ടിയിൽ ജനിച്ചു. പിതാവ് സദാനന്ദ്സിങ്. എം.എ. ബിരുദം നേടി. പ്രജാസോഷ്യലിസ്റ്റ് പാർട്ടി പ്രവർത്തകനെന്ന നിലയിൽ രാഷ്ട്രീരംഗത്ത് ഉയർന്നു. ആ പാർട്ടിയുടെ യു.പി. ഘടകം ജനറൽ സെക്രട്ടറി ആയിരുന്നു (1955-57). പിന്നീട് കോൺഗ്രസ്സിൽ ചേർന്നു. കോൺഗ്രസ് പാർലമെൻററി പാർട്ടി സെക്രട്ടറി, കേന്ദ്ര ഇലക്ഷൻ കമ്മിറ്റി അംഗം, പ്രവർത്തകസമിതിയംഗം തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചു. കോൺഗ്രസ്സിൻെറ ഭരണവൈകല്യങ്ങളെ ഉള്ളിൽനിന്നു വിമർശിക്കുന്ന യുവവിഭാഗത്തിൻെറ നേതാവായി. 1975-ൽ ആഭ്യന്തര സുരക്ഷിതത്വനിയമപ്രകാരം അറസ്റ്റുചെയ്തു. 1977 മാർച്ചിൽ മോചിതനായി. 1962-'67 കാലത്ത് രാജ്യസഭാങ്ഗവും, 1977-'79, 80-84 കാലങ്ങളിൽ ലോക്സഭാങ്ഗവും ആയിരുന്നു. 1983 ജനുവരി മുതൽ ജൂൺവരെ നീണ്ടുനിന്ന പദയാത്ര നടത്തി. 4200 കിലോമീറ്റർ സഞ്ചരിച്ചു. കുറെക്കാലം *യങ് ഇന്ത്യൻ* എന്ന വാരിക നടത്തിയിരുന്നു. *മേരാ ജെയിൽ ഡയറി*, *ഡൈനാമിക്സ് ഒഫ് സോഷ്യൽ ചെയ്ഞ്ച്* എന്നീ കൃതികൾ രചിച്ചിട്ടുണ്ട്.

ചന്ദ്രശേഖർ, ആസാദ് (1905-1931)

ഭാരതത്തിലെ വിപ്ലവകാരിയും സ്വാതന്ത്ര്യസമരത്തിലെ രക്തസാക്ഷിയും. പഴയ ആലിരാജ്പൂർ സ്റ്റേറ്റിലെ ഒരു ദരിദ്രകുടുംബത്തിൽ ജനിച്ചു. പഠിക്കാനായി കാശിയിൽ താമസിക്കുന്ന കാലത്ത് (1921) നിസ്സഹകരണപ്രസ്ഥാനത്തിൽ ചേർന്നു. അന്നു ചന്ദ്രശേഖറെ അറസ്റ്റുചെയ്ത് മജിസ്ട്രേട്ടിൻെറ മുമ്പിൽ ഹാജരാക്കി. പേരെന്താണെന്നു മജിസ്ട്രേട്ട് ചോദിച്ചപ്പോൾ 'ആസാദ്' (സ്വാതന്ത്ര്യം) എന്നു മറുപടിപറഞ്ഞു. അച്ഛൻെറ പേരെന്താണെന്നു ചോദിച്ചപ്പോഴും 'ആസാദ്' എന്നുതന്നെ മറുപടി നല്കി. ഇതിനെത്തുടർന്നാണ് ജനങ്ങൾ ചന്ദ്രശേഖറെ, 'ആസാദ്' എന്ന പേരുകൂടി ചേർത്തു വിളിക്കാൻ തുടങ്ങിയത്. വീടെവിടെ എന്നു മജിസ്ട്രേട്ട് ചോദിച്ചതിന് 'ജയിൽ' എന്നായിരുന്നു ധീരനായ ആ ബാലൻെറ മറുപടി. ധിക്കാരമായി മറുപടിപറഞ്ഞതിന് മജിസ്ട്രേട്ട് ആ കുട്ടിക്ക് 12 അടികൊടുക്കാൻ കല്പിച്ചു. ചമ്മട്ടികൊണ്ടുള്ള ഓരോ അടിയും ശരീരത്ത് ഏല്ക്കുമ്പോൾ ആസാദ് "ഭാരത്മാതാ കീ ജേ" എന്നു വിളിച്ചു.

അക്കാലത്ത് ഇന്ത്യയിൽ യുവാക്കൾക്കിടയിൽ രൂപംകൊണ്ടുവന്ന ഭീകരപ്രസ്ഥാനം ചന്ദ്രശേഖറെ ആകർഷിച്ചു. ഇദ്ദേഹം അതിൽ ചേർന്നു. ആയുധം വാങ്ങാനും മറ്റും പണമുണ്ടാക്കുന്നതിനായി സർക്കാർമുതൽ കൊള്ളചെയ്യാൻ ഭീകരപ്രവർത്തകർ തീരുമാനിച്ചു. ചന്ദ്രശേഖർ അങ്ങനെയുള്ള ചില രാഷ്ട്രീയ ഭീകരപ്രവർത്തനങ്ങളിൽ പങ്കെടുത്തു. പക്ഷേ, ഭീകരപ്രവർത്തനത്തിനിടയിൽപ്പോലും അങ്ങേയറ്റത്തെ മനുഷ്യത്വം പ്രദർശിപ്പിച്ച പല കഥകളും ആസാദിനെപ്പറ്റിയുണ്ട്. 1925 ഓഗസ്റ്റ് 9-ന് ഉത്തരപ്രദേശിലെ കാക്കോറിയിൽനിന്ന് ആലംഗനഗറിലേക്ക് ഖജനാവുമായി പുറപ്പെട്ട തീവണ്ടി വഴിക്കുവച്ച് പത്തോളം തീവ്രവാദികൾ അപായച്ചങ്ങല വലിച്ചു പിടിച്ചുനിർത്തുകയും തീവണ്ടിയിലുണ്ടായിരുന്ന സേഫ് തകർത്ത് സർക്കാർപണം തട്ടിക്കൊണ്ടു പോവുകയും ചെയ്തു. ഇതിൽ ആസാദും പങ്കെടുത്തു. ഇതിനെത്തുടർന്നുണ്ടായ കാക്കോറി ഗൂഢാലോചനക്കേസിൽ മിക്ക പ്രതികളെയും അറസ്റ്റുചെയ്തെങ്കിലും ആസാദിനെ പിടികിട്ടിയില്ല. പ്രതികളിൽ നാലുപേർക്ക് വധശിക്ഷയും മറ്റുള്ളവർക്ക് നാടുകടത്തൽ, നീണ്ട ജയിൽവാസം മുതലായ ശിക്ഷകളും വിധിച്ചു. ആസാദ് ഒളിവിൽനടന്ന് വിപ്ലവപ്രസ്ഥാനം സംഘടിപ്പിച്ചുകൊണ്ടിരുന്നു. അക്കാലത്താണ് വിപ്ലവകാരികളുടെ സംഘടനയ്ക്ക് 'ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ' എന്നു പേരുനല്കിയത്. ഇന്ത്യയിൽ ഒരു സ്വതന്ത്ര സോഷ്യലിസ്റ്റ്രാഷ്ട്രം സ്ഥാപിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന് വിപ്ലവകാരികൾ പ്രഖ്യാപിച്ചു. ഭഗത്സിങ് മുതലായവർ ആസാദിൻെറ സഹപ്രവർത്തകരായിരുന്നു.

ഭീകരപ്രവർത്തനങ്ങളെത്തുടർന്ന് പല നിരപരാധികൾക്കും ക്രൂരമായ പോലീസ്മർദനം ഏല്ക്കേണ്ടിവന്നു. വിപ്ലവകാരികളിൽ ചിലർ സ്വമേധയാ മുന്നോട്ടുവന്ന് മർദനം സഹിക്കുകയും ത്യാഗങ്ങൾ അനുഷ്ഠിക്കുയും ചെയ്താൽ ജനങ്ങളുടെ മനോവീര്യം വർധിക്കുമെന്നു കരുതി അത്തരം ചില നീക്കങ്ങൾക്ക് അവർ തയാറായി. ന്യൂദെൽഹിയിലെ അസംബ്ലിചേംബറിൽ ബോംബിടാൻ ഭഗത്സിങ്ങും ബതുകേശ്വർദത്തും നിയുക്തരായി. ആർക്കും ജീവാപായം വരുത്താതെ അവർ ആ കൃത്യം നിർവഹിച്ചു. അവരെ ഉടൻതന്നെ പോലീസ് അറസ്റ്റുചെയ്തു. തുടർന്നു സഹരൻപൂരിൽ വലിയൊരു ബോംബുനിർമാണകേന്ദ്രം കണ്ടുപിടിക്കപ്പെട്ടു. അസോസിയേഷൻെറ അനേകം പ്രവർത്തകരെ പോലീസ് അറസ്റ്റുചെയ്തു.

ലാഹോർ ഗൂഢാലോചനക്കേസിൻെറ പേരിൽ ഉത്തരേന്ത്യയുടെ പല ഭാഗങ്ങളിലും ധാരാളം അറസ്റ്റുകളും മർദനങ്ങളും നടന്നു. ആസാദിനെ അന്നും പിടികിട്ടിയില്ല. അദ്ദേഹം ഒളിവിൽ നടന്ന് ഭീകരപ്രവർത്തകരെ സംഘടിപ്പിക്കുകയും നയിക്കുകയും ചെയ്തുകൊണ്ടിരുന്നു. 1929-ൽ ദില്ലിക്കു സമീപംവച്ച് വൈസ്റോയി സഞ്ചരിച്ചിരുന്ന ഒരു സ്പെഷൽട്രെയിനിൻെറ അടിയിൽ ബോംബുകൾപൊട്ടി. ട്രെയിൻ തകർന്നെങ്കിലും വൈസ്റോയി രക്ഷപ്പെട്ടു. വിപ്ലവപ്രവർത്തനങ്ങൾക്കാവശ്യമുള്ള പണത്തിനുവേണ്ടി 1930 ജൂലൈ 6-ന് ദില്ലിയിലെ ഒരു വ്യാപാരസ്ഥാപനം കൊള്ളയടിക്കപ്പെട്ടു. ഈ കേസിനെക്കുറിച്ച് അന്വേഷിക്കവേ, ഇന്ത്യയിൽ വ്യാപകമായ ഒരു വിപ്ലവം

നടത്തുന്നതിനുവേണ്ടി ആസാദ് തയാറാക്കിയിരുന്ന ഗൂഢാലോചനയെക്കുറിച്ച് പോലീസിന് അറിവുകിട്ടി. 6000 ബോംബുകൾ നിർമിക്കാൻവേണ്ട സ്ഫോടകവസ്തുക്കൾ ദില്ലിയിലെ ഒരു രഹസ്യബോംബുനിർമാണകേന്ദ്രത്തിൽനിന്നു പോലീസ് പിടിച്ചെടുത്തു. പോലീസ് അന്വേഷണം തുടങ്ങിയപ്പോൾ ആസാദ് പഞ്ചാബിലേക്കുപോയി. തുടർന്ന് അവിടവിടെ പല സ്ഥലങ്ങളിലും ബ്രിട്ടീഷുദ്യോഗസ്ഥന്മാരുടെ നേരെ ബോംബേറുകൾ നടന്നു.

പോലീസുകാർ ആസാദിനെതിരായി രണ്ടു ഗൂഢാലോചനക്കേസുകൾകൂടി എടുത്തു- രണ്ടാം ലാഹോർ ഗൂഢാലോചനക്കേസും, ന്യൂദെൽഹി ഗൂഢാലോചനക്കേസും. ആസാദിനെയും സഹപ്രവർത്തകരെയും പിടികൂടാനുള്ള ശ്രമങ്ങൾക്ക് ആക്കംവർധിച്ചു.

1931 ഫെബ്രുവരി 27-ന് അലാഹാബാദിലെ ആൽഫ്രഡ് പാർക്കിൽ വച്ച് വേഷപ്രച്ഛന്നരായ പോലീസുകാർ പെട്ടെന്ന് ആസാദിനെ വളഞ്ഞു. ആസാദ് തുരുതുരാ വെടിവച്ചു. പോലീസുകാർ തിരിച്ചും വെടിവച്ചു. രണ്ട് ഉയർന്ന പോലീസുദ്യോഗസ്ഥന്മാർക്ക് ഗുരുതരമായ പരിക്കേറ്റു. അവസാനം ആസ്ാദ് വെടിയേറ്റു മരിച്ചുവീണു.

ചന്ദ്രശേഖർ, ഡോ. എസ്. (1918-)

ഇന്ത്യയിലെ പ്രമുഖ ജനസംഖ്യാവിജ്ഞാനിയും സാമ്പത്തികശാസ്ത്രജ്ഞനും. ജനസംഖ്യാവിജ്ഞാനരംഗത്ത് അന്തർദേശീയാംഗീകാരം നേടിയ ചന്ദ്രശേഖർ ആദർശവ്യഗ്രതയോടുകൂടി ഈ രംഗത്തു പ്രവർത്തിച്ചു. 1966-'70 കാലത്ത് കേന്ദ്രഗവൺമെൻറിൽ ആരോഗ്യ -കുടുംബസംവിധാനകാര്യങ്ങൾക്കുള്ള മന്ത്രി ആയിരുന്നു.

1918 നവംബർ 22-ന് ആന്ധ്രപ്രദേശിലെ രാജമന്ദ്രിയിൽ ജനിച്ചു. പിതാവ് പ്രൊഫസർ ശാരങ്ഗപാണി; മാതാവ് ഭവനുളരാജമ്മ. ശ്രീപതി ചന്ദ്രശേഖർ എന്നു മുഴുവൻ പേര്. എം.എ., എം.ലിറ്റ്, പിഎച്ച്.ഡി. (ന്യൂയോർക്ക്) ബിരുദങ്ങൾ നേടി. അണ്ണാമല സർവകലശാലയിലെ സാമ്പത്തികശാസ്ത്ര പ്രൊഫസർ (1947-51), പാരീസിലെ യുനെസ്കോ ഡെമോഗ്രാഫിക് റിസർച്ച് സെൻറർ ഡയറക്ടർ (1948-49), ബറോഡാ യൂണിവേഴ്സിറ്റി പ്രൊഫസർ (1951-55), ലണ്ടൻ സ്കൂൾ ഒഫ് ഇക്കണോമിക്സ് ഫെലോ (1953-55), മദിരാശിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പോപ്പുലേഷൻ സ്റ്റഡീസിൻെറ ഡയറക്ടർ (1951-66) തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചു. ഇക്കാലത്ത് യു.എസ്സിലെ പെൻസിൽവാനിയ, മിസൗറി, പിറ്റ്സ്ബർഗ്, കാലിഫോർണിയ എന്നീ സർവകലാശാലകളിൽ വിസിറ്റിങ് പ്രൊഫസർ ആയിരുന്നു. കേന്ദ്രമന്ത്രി സ്ഥാനത്തുനിന്നു വിരമിച്ചശേഷം ദില്ലി സർവകലാശാല, യു.എസ്സിൽ സിയാറ്റിലെ ബാറ്റലെ റിസർച്ച്സെൻറർ, സാൻറിയാഗോവിലെ യു.എസ്. ഇൻറർനാഷനൽ യൂണിവേഴ്സിറ്റി, സ്റ്റേറ്റ് യൂണിവേഴ്സിറ്റി, കാലിഫോർണിയ യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഒഫ് പബ്ലിക് ഹെൽത്ത്, ഓക്ലൻഡിലെ മിൽസ് കോളെജ്, ഫെയർബാങ്ക്സിലെ അലാസ്കാ യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങളിൽ വിസിറ്റിങ് പ്രൊഫസർ ആയി സേവനം അനുഷ്ഠിച്ചു. 1974-80 കാലത്ത് അണ്ണാമല സർവകലാശാലാ വൈസ് ചാൻസലർ ആയിരുന്നു. ആഗോളജനസംഖ്യാ പ്രശ്നങ്ങളെക്കുറിച്ച് 22 പുസ്തകങ്ങളും 200-ൽപരം ഗവേഷണപ്രബന്ധങ്ങളും പ്രസിദ്ധീകരച്ചു. 140 രാജ്യങ്ങളിൽ സർവകലാശാലകളിലും ജനസംഖ്യാപ്രശ്നം ചർച്ചചെയ്യാൻ നടന്ന സമ്മേളനങ്ങളിലും പ്രഭാഷണം നടത്തി. ഒട്ടുവളരെ ബഹുമതികളും അവാർഡുകളും ഡോക്ടറേറ്റുകളും ഇദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്.

ചന്ദ്രഹാസം

രാവണന് ശിവൻ പാരിതോഷികമായി നല്കിയ വാൾ. ശിവനെ ഭജിക്കാൻ കൈലാസത്തിലെത്തിയ രാവണനെ ശിവപാർഷദനായ നന്ദികേശ്വരൻ തടഞ്ഞു. കുപിതനായ രാവണൻ തൻെറ ഇരുപതു കൈകളുംകൊണ്ട് ആ പർവതമെടുത്ത് അമ്മാനമാടിയത്രേ. സപത്നി(ഗംഗ)യുമായുള്ള കലഹം കാരണം കുപിതയായിരുന്ന പാർവതി, തൻെറ ആവാസം കുലുങ്ങുന്നതുകണ്ടു ഭയപ്പെട്ട് ഓടിച്ചെന്ന് ശിവനെ ആശ്ലേഷിച്ചെന്നും അതിൽ സന്തുഷ്ടനായ അദ്ദേഹം ഇതിനു കാരണക്കാരനായ രാവണന് ഈ വിശിഷ്ടഖഡ്ഗം സമ്മാനിച്ചുവെന്നുമാണ് ഒരു കഥ.

എന്നാൽ, കൈലാസം ഇളകുന്നതു കണ്ടപ്പോൾ അതിൻെറ കാരണം ഗ്രഹിച്ച പരമേശ്വരൻ ഒന്നമർത്തിച്ചവുട്ടിയെന്നും പർവതത്തിൻെറ അടിയിൽപ്പെട്ട് രാവണൻെറ വിരലുകൾ ചതഞ്ഞരഞ്ഞുപോയെന്നും അവ വലിച്ചെടുക്കാൻ നിവൃത്തിയില്ലാതെ അദ്ദേഹം ആയിരം സംവത്സരം ശിവനെ തപസ്സുചെയ്തെന്നും അതിൽ പ്രീതനായ ദേവൻ ഭക്തന് ചന്ദ്രഹാസം നൽകി അനുഗ്രഹിക്കുകയായിരുന്നെന്നും വേറൊരു കഥയുണ്ട്.

ചന്ദ്രാപീഡൻ (625?-670)

കശ്മീരരാജാവ്. പ്രതാപാദിത്യൻെറ മകൻ. പിതൃമരണശേഷം 661-ൽ രാജാവായി. ത്രിഭുവനസ്വാമി എന്ന പേരിൽ വിഷ്ണുവിനെ പ്രതിഷ്ഠിച്ചു. പ്രജാവത്സലനായിരുന്നു. സഹോദരൻ ഇദ്ദേഹത്തെ ഒരു ഐന്ദ്രജാലികനെക്കൊണ്ടു കൊല്ലിച്ചു. എട്ടു വർഷവും എട്ടു മാസവും ഇദ്ദേഹം ഭരിച്ചു.

ചന്ദ്രാരാധന

ചന്ദ്രദേവനെ പൂജിക്കൽ. ദേവദാസിമാർ കാമസമ്പൂർത്തിക്കുവേണ്ടി ചന്ദ്രനെ ആരാധിച്ചിരുന്നതായി 15-ാം നൂറ്റാണ്ടിൽ ഉണ്ടായ ചന്ദ്രോത്സവത്തിൽ നിന്നു മനസ്സിലാക്കാം. ചന്ദ്രനെ ദേവന്മാരുടെ കൂട്ടത്തിൽ കൂട്ടുന്നുണ്ടെങ്കിലും ഭാരതത്തിൽ ചന്ദ്രക്ഷേത്രങ്ങൾ സാധാരണമല്ല. കാളിദാസൻെറ വിക്രമോർവശീയത്തിലും ചന്ദ്രാരാധനയുടെ സൂചന ഉണ്ട്.

ചന്ദ്രനിൽ വസിക്കുന്ന ദേവതയെ ചിലർ ആരാധിച്ചിരുന്നു. ചന്ദ്രനെ പ്രതീകമായി ഗണിച്ചും ചിലർ ആരാധിച്ചുവന്നിരുന്നു. ചന്ദ്രൻെറ വൃദ്ധിക്ഷയങ്ങൾ പ്രപഞ്ചത്തിൻെറ വൃദ്ധിക്ഷയങ്ങളുടെ പ്രതീകമായി ചില പുരാതന ജനവർഗങ്ങൾ ഗണിച്ചുവന്നു. † ചാന്ദ്രായണവ്രതം നോക്കുക.

ചന്ദ്രാലോകം

സംസ്കൃതത്തിലെ ഒരു അലങ്കാരഗ്രന്ഥം. ജയദേവൻ എന്നൊരാളാണു കർത്താവ്. കാവ്യനിർവചനം കാവ്യഗുണങ്ങൾ, കാവ്യദോഷങ്ങൾ, ശബ്ദാലങ്കാരം അർഥാലങ്കാരം എന്നിവയെല്ലാം സംക്ഷിപ്തമായി പ്രതിപാദിച്ചിരിക്കുന്നു. ഇതിലെ അർഥാലങ്കാരഭാഗം മാത്രം എടുത്ത് അപ്പയ്യദീക്ഷിതർ അതിന് 'കുവലയാനന്ദം' എന്നൊരു വ്യാഖ്യാനം രചിച്ചു. മൂലശ്ലോകങ്ങളിൽ തന്നെ വ്യാഖ്യാതാവു പല മാറ്റവും വരുത്തിയിട്ടുണ്ട്. പുതിയ ലക്ഷ്യലക്ഷണശ്ലോകങ്ങൾ എഴുതിചേർത്തിട്ടുമുണ്ട്. ബാലന്മാരെ ലക്ഷ്യമാക്കി ലളിതഭാഷയിലാണു ഗ്രന്ഥം രചിച്ചിട്ടുള്ളത് എന്നു ഗ്രന്ഥകാരൻ പറയുന്നു:

"അലങ്കാരേഷു ബാലാനാം
അവഗാഹനസിദ്ധയേ
ലളിത: ക്രിയതേ തേഷാം
ലക്ഷ്യലക്ഷണ സംഗ്രഹ:"

ചന്ദ്രിക

കേരളത്തിലെ ഒരു ദിനപത്രം. 1934-ൽ തലശ്ശേരിയിൽനിന്നു വാരികയായി പ്രസിദ്ധീകരണം ആരംഭിച്ചു. ടി.മുഹമ്മദ്ഷാഫി ആയിരുന്നു ആദ്യത്തെ പത്രാധിപർ. 1939-ൽ അല്പകാലം ദിനപത്രമായി പ്രസിദ്ധീകരിച്ചെങ്കിലും രണ്ടാം ലോകയുദ്ധാരംഭത്തോടെ ത്രൈവാരികയാക്കി. ലോകയുദ്ധം തീർന്നപ്പോൾ ചന്ദ്രികയുടെ പ്രസിദ്ധീകരണം കോഴിക്കോട്ടേയ്ക്കു മാറ്റി. വീണ്ടും ദിനപത്രമാക്കി. ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗിൻെറ മുഖപത്രം എന്ന നിലയിൽ സ്വാതന്ത്ര്യാനന്തരകാലത്ത് ഈ പത്രം വളർന്ന് സ്വാധീനശക്തിയായിത്തീർന്നിട്ടുണ്ട്. സി.എച്ച്.മുഹമ്മദുകോയ ദീർഘകാലം ഇതിൻെറ പത്രാധിപർ ആയിരുന്നു. കെ.വി.അബ്ദുൾറഹ്മാൻ, വി.സി.അബൂബേക്കർ തുടങ്ങിയവരും ഇതിൻെറ പത്രാധിപത്യം വഹിച്ചിട്ടുണ്ട്. ഇപ്പോഴത്തെ പത്രാധിപർ സി.കുഞ്ഞുട്ടി ആണ്. മുസ്ലിം പ്രിൻറിങ് ആൻഡ് പബ്ലിഷിങ് കമ്പനിയാണ് പത്രത്തിൻെറ ഉടമ. ചന്ദ്രിക ഒരു ആഴ്ചപ്പതിപ്പും പ്രസിദ്ധപ്പെടുത്തുന്നുണ്ട്.

ചന്ദ്രോത്സവം

മണിപ്രവാളപ്രസ്ഥാനത്തിലെ ശ്രദ്ധേയവും സുന്ദരവുമായ ഒരു കൃതി. അഞ്ചു ഖണ്ഡങ്ങളിലായി അഞ്ഞൂറിലേറെ ശ്ലോകങ്ങൾ ഉൾ

ക്കൊള്ളുന്ന ഈ കൃതിയുടെ കർത്താവ് ആരെന്നു തീരുമാനിക്കപ്പെട്ടിട്ടില്ല. 15-ാം ശതകത്തിന്റെ ഉത്തരാർധത്തിൽ ജീവിച്ചിരുന്നു എന്ന് ഊഹിക്കപ്പെടുന്നു. തൃശൂരിനടുത്തുള്ള ചിറ്റിലപ്പിള്ളിനാട്ടിലെ മേദിനീവെണ്ണിലാവ് എന്ന വാരസുന്ദരി നടത്തുന്ന ചന്ദ്രോത്സവത്തെ വർണിക്കുന്ന ഈ കൃതിയിൽ അക്കാലത്തെ അനവധി വേശ്യാസ്തീകളെക്കുറിച്ചുള്ള വർണനകളും അടങ്ങിയിട്ടുണ്ട്.

ചന്ദ്രോത്സവത്തിലെ വർണനകൾ അന്നത്തെ സമുദായാചാരത്തിന്റെ യഥാർത്ഥമായ പ്രതിഫലനമല്ലെന്നും അത്യുക്തിചതുരനായ കവി തന്റെ കല്പനാശക്തികൊണ്ട് ഒരു നവ്യലോകം സൃഷ്ടിച്ചിരിക്കയാണെന്നും ഉള്ളൂർ പ്രസ്താവിക്കുന്നു. ഏതായാലും കവിതന്നെ പറയുന്നതുപോലെ, മധുരമധുരഭാഷാസംസ്കൃതാന്യോന്യസമ്മേളനസുരഭിലമായ ഭാഷാവൈശിഷ്ട്യംകൊണ്ട് ആപാദചൂഡം അനുഗൃഹീതമാണ് ഈ കൃതി.

ചൻ-ചൻ

തെക്കെ അമേരിക്കയിൽ വടക്കൻ പെറുവിന്റെ പസഫിക്ക് തീരത്തുണ്ടായിരുന്ന ഒരു പഴയ നഗരം. എ.ഡി. 1420-ൽ ഇതു 'ചീമു'കളുടെ രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു. ഈ നഗരത്തിന്റെ അവശിഷ്ടങ്ങൾ ഇപ്പോൾ 25 ച. കി. മീറ്റർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്നു. ഇവിടെ മഴ വളരെ കുറവായതിനാൽ പുരാവസ്തവശിഷ്ടങ്ങൾക്കു വലിയ കേടുപാടുകൾ വന്നിട്ടില്ല. നഗരത്തിനു ചുറ്റുമുണ്ടായിരുന്ന കോട്ടയുടെ ചില ഭാഗങ്ങൾ ഇപ്പോഴും 9 മീറ്റർ ഉയരത്തിൽ നിൽപ്പുണ്ട്. ദീർഘചതുരാകൃതിയിൽ പത്തു വാർഡുകളായി നഗരം വിഭജിക്കപ്പെട്ടിരുന്നു. ഓരോ വാർഡിലും ഋജുവും സമാന്തരവുമായ റോഡുകളും ചരിഞ്ഞ മേൽക്കൂരകളോടുകൂടിയ മന്ദിരനിരകളും പിരമിഡുപോലുള്ള ക്ഷേത്രങ്ങളും ഉദ്യാനങ്ങളും ശ്മശാനങ്ങളുമുണ്ടായിരുന്നു. ജലസേചനത്തിനു വിപുലവും ഭദ്രവുമായ ഏർപ്പാടുകളും ചെയ്തിരുന്നു. കല്ലുപാകിയ തടാകങ്ങളുടെ അവശിഷ്ടങ്ങളും കാണാം. ഇവിടെ താമസിച്ചിരുന്ന ചീമുകൾ എന്ന ജനത ഏറെക്കുറെ ഉയർന്ന ഒരു സംസ്കാരത്തിന്റെ ഉടമകളായിരുന്നു. 1450-നു മുമ്പുള്ള മൂന്നുനാലു നൂറ്റാണ്ടുകളിലാണ് ചീമുകൾ പ്രാബല്യത്തിൽ വർത്തിച്ചത്. 1465-നും 1470-നുമിടയ്ക്ക് ഇങ്കകൾ ചീമുകളെ കീഴടക്കി. പച്ചാക്യൂട്ടെക്ക്, അദ്ദേഹത്തിന്റെ പുത്രനായ തോപായുവാൻകി എന്നീ ഇങ്കാനേതാക്കളാണ് ചീമുകളെ കീഴടക്കിയത്. ചൻ-ചൻ നഗരവും അവർ പിടിച്ചടക്കി. പക്ഷേ, ആ നഗരം പിന്നീട് ഉപേക്ഷിക്കപ്പെട്ടു. അവിടത്തെ ജനങ്ങൾ രാജ്യത്തിന്റെ ഇതരഭാഗങ്ങളിലേക്കു മാറിത്താമസിച്ചിരിക്കണം.

ചപ്പിലക്കുരുവി

† പൂത്താങ്കീരി നോക്കുക.

ചഫേകർ സഹോദരന്മാർ

ഭാരതസ്വാതന്ത്ര്യസമരത്തിൽ ജീവാർപ്പണം ചെയ്ത, പൂണെക്കാരായ അപൂർവസഹോദരന്മാർ- ദാമോദർ ഹരി ചഫേകർ(1869-1898), ബാലകൃഷ്ണചഫേകർ (1873-1899), വാസുദേവ് ചഫേകർ (1879-1899). പൂണെ പ്ലേഗ് കമ്മീഷണർ ചാൾസ്റാൻസ്, ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ട് അയറസ്റ്റ് എന്നിവരെ വെടിവച്ചുകൊന്ന കുറ്റത്തിന് ഈ മൂന്നു സഹോദരന്മാരെയും യെർവാദാ ജെയിലിൽവച്ചു തൂക്കിക്കൊന്നു.

പൂണെയിലെ ചിഞ്ചാവാദിൽ ഒരു ചിത്പവൻ ബ്രാഹ്മണകുടുംബത്തിൽ ജനിച്ചു. ഭാരതത്തിലെ ആദ്യകാല വിപ്ലവകാരികളായ ഇവർ യുവാക്കന്മാരെ സംഘടിപ്പിച്ച് ദേശസ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിക്കാൻ സജ്ജരാക്കി. കായികാഭ്യാസവും സൈനികപരിശീലനവും നടത്തി. ബ്രിട്ടീഷ് ഭരണത്തിനെതിരെ ആയുധമെടുത്തു. ദാമോദർ 1898 ഏപ്രിൽ 18-നും വാസുദേവ് 1899 മേയ് 8-നും ബാലകൃഷ്ണ 1899 മേയ് 12-നും തൂക്കുമരത്തിലേറി.

ചബ്ബ് തോമസ് (Chubb Thomas 1679—1747)

ഇംഗ്ലീഷ് ദാർശനികൻ. പ്രത്യക്ഷനല്ലാത്ത ഈശ്വരനിലുള്ള വിശ്വാസം (Deism) ഉയർത്തിപ്പിടിച്ച ഇദ്ദേഹത്തിന്റെ ഉപപാദനം സയുക്തികമാണെന്നു വോൾതെയർ പറഞ്ഞു.

ധാന്യക്കച്ചവടക്കാരന്റെ മകൻ. കയ്യുറ നിർമാണരീതി പരിശീലിച്ചു. ധാരാളം വായിച്ചശേഷം †കാരണതാവാദം സംബന്ധിച്ച ഗ്രന്ഥങ്ങൾ എഴുതി. 1700-ൽ *'ദ സൂപ്പർമസി ഓഫ് ദ ഫാദർ അസെർട്ടഡ്'* എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. സർ ജോസഫ് ജെക്കിലിന്റെ ഭൃത്യനായി ലണ്ടനിൽ കഴിഞ്ഞു. സാലിസ്ബറിയിൽ മടങ്ങിയെത്തി വീണ്ടും ഗ്രന്ഥരചനയിൽ മുഴുകി.

'ഡിസ്കോഴ്സ് കൺസേണിങ് റീസൺ' (1731), *'ദ ട്രൂ ഗോസ്പെൽ ഓഫ് ജീസസ് ക്രൈസ്റ്റ് വിൻഡിക്കേറ്റഡ്', 'ഡിസ്കോഴ്സ് ഓൺ മിറക്ക്ൾസ്'* ഇവ ആണു മറ്റു ഗ്രന്ഥങ്ങൾ.

ചമത

ഹോമത്തിനുപയോഗിക്കുന്ന മരക്കൊമ്പ്. 'സമിധ' എന്ന പദത്തിൽനിന്നുണ്ടായതാവാം 'ചമത'. പലതരം ചമതകളും ഉണ്ട്. പ്രധാനം പ്ലാശിന്റെ കൊമ്പായതുകൊണ്ട് ചമത എന്നു പറഞ്ഞാൽ പ്ലാശെന്നാണു ധരിക്കുക. വഹ്നി, കടലാടി മുതലായവയും ചമതകൾതന്നെയാണ്. ബ്രഹ്മചാരികൾ കാലത്തും വൈകുന്നേരവും ആചരിക്കുന്ന ഹോമത്തിനും 'ചമത' എന്നു പറയാറുണ്ട്. ഈ ഹോമത്തിന്റെ ചടങ്ങുകളിലൊന്ന് പ്ലാശിൻചമത ഹോമിക്കലാണ്.

ചമയം (Improvement)

ഭൂമി കൂടുതൽ ആദായകരമാക്കുന്ന പരിശ്രമം. ഇതിനു ദക്ഷിണകേരളത്തിൽ 'ദേഹദണ്ഡം' എന്നു പറയുന്നു. പുരപണിയുക, ജലസേചനത്തിനു തോടുനിർമിക്കുക, താഴ്ന്ന നിലം മണ്ണിട്ട് ഉയർത്തുക, വേലി, കയ്യാല, പുറമതിൽ എന്നിവ നിർമിക്കുക, ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക ഇതെല്ലാം ചമയത്തിൽ പെടും. ഭൂമിയെ കൂടുതൽ ആദായം നല്കാൻ ഒരുക്കുക (യോഗ്യമാക്കുക) എന്നാണ് 'ചമയ'ത്തിന്റെ അർഥം. ഒറ്റിക്കാരനോ പാട്ടക്കാരനോ ചെയ്യുന്ന ചമയത്തിനു പ്രതിഫലം നല്കിമാത്രമേ ഉടമയ്ക്കു വസ്തു തിരിച്ചു വാങ്ങാൻ കഴിയൂ. അവകാശം ഒന്നുമില്ലാതെ ബലമായി വസ്തു കൈവശപ്പെടുത്തുന്നവനും (Trespasser) ചമയം നടത്തിയാൽ അതിന്റെ വില ലഭിക്കാൻ നിയമപ്രകാരം അവകാശമുണ്ട്.

ചമരി (Yak)

ഹിമാലയത്തിലുള്ള ഒരിനം മാൻ. ബോവിഡെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *ബോസ് ഗ്രണിയൻസ് (Bos grunniens)*. ചമരിക്ക് തോൾഭാഗത്തു രണ്ടു മീറ്ററോളം പൊക്കം ഉണ്ട്. നീളമുള്ള രോമങ്ങൾ വാലറ്റം വരെ കണ്ടുവരുന്നു. രോമം †വെൺചാമരം ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. മാംസത്തിനും പാലിനും വേണ്ടി ചമരിയെ വളർത്താറുണ്ട്. ഇതിനു വന്യ ഇനത്തെക്കാൾ ഉയരം കുറവാണ്. രോമത്തിനായി വേട്ടയാടുന്നതിനാൽ കാട്ടുചമരിയുടെ വംശം നശിച്ചുകൊണ്ടിരിക്കുന്നു. ശീതകാലമാണ് ഇവയുടെ പ്രജനന കാലം.

ചമരി

ചമർ

ഒരു ഇന്ത്യൻ ജനവർഗം. കൂടുതലായും ബിഹാറിലും ഉത്തരപ്രദേശിലും തുകൽപ്പണി, പാത്രപ്പണി തുടങ്ങിയ തൊഴിൽചെയ്തു ജീവിക്കുന്ന ഇവരുടെ കുലത്തൊഴിൽ ചെരിപ്പുനിർമാണമാണ്. ചമർ ഒരു ജാതിയാണെന്നു പറയാൻ വിഷമമുണ്ട്. തമ്മിൽ ബന്ധം പുലർത്താതെ പല ഉപവർഗങ്ങൾ അവർക്കിടയിൽ ഉണ്ട്. രജപുത്രപാരമ്പര്യം അവകാശപ്പെടുന്ന 'സൂരജ്വംശി' ഉപവർഗവും ഗോണ്ഡുകൾ എന്ന ഗോത്രവർഗത്തിൽപ്പെട്ട 'മറായ്' ഉപവർഗവും 'സത്നാമി' വിഭാഗക്കാർ എന്നുപറയുന്നവരും ഇതിലുണ്ട്. മതാനുഷ്ഠാനവും ആചാരവും എല്ലാം ശരിക്കും ഹിന്ദുക്കളുടെതുതന്നെ. ഹിന്ദുക്കളിൽ താണവിഭാഗമാണെന്ന് ഇവരെ പണ്ടു കരുതിപ്പോന്നിരുന്നു. സ്വാതന്ത്ര്യലബ്ധി

ക്കുശേഷം ഇവരുടെ അഭ്യുദയത്തിനുവേണ്ടി പല നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ചമ്പക്കുളം

ആലപ്പുഴ ജില്ലയിൽ കുട്ടനാടു താലൂക്കിലുള്ള ഒരു സ്ഥലം. നെല്ലും നാളികേരവുമാണു മുഖ്യഉത്പന്നങ്ങൾ. തോടുകളും കൈത്തോടുകളും ഇവിടെ ധാരാളമുണ്ട്. ചമ്പക്കുളം ബസാറിനു സമീപമുള്ള കല്ലൂർകാട്ടുപള്ളിയെന്ന ക്രിസ്തീയദേവാലയം ചെമ്പകശ്ശേരി രാജാവ് പണിയിപ്പിച്ചുകൊടുത്തതാണ് എന്നു കരുതപ്പെടുന്നു. ചമ്പക്കുളത്തുമഠം എന്ന ക്ഷേത്രം ഇതിനു സമീപമാണ്.

മിഥുനമാസത്തിലെ മൂലംനക്ഷത്രത്തിൽ നടത്തുന്ന വള്ളംകളിയാണ് ചമ്പക്കുളത്തെ പ്രധാന ആഘോഷം. അമ്പലപ്പുഴ പ്രതിഷ്ഠയ്ക്ക് ആദ്യം കരുതിയിരുന്ന വിഗ്രഹം ലക്ഷണമൊത്തതല്ലെന്നുവന്നപ്പോൾ ചെമ്പകശ്ശേരി രാജാവ് കുറിച്ചിക്കടുത്തുള്ള ക്ഷേത്രത്തിൽ നിന്ന് ഒരു വിഗ്രഹം ബലാൽക്കാരേണ കൊണ്ടുവന്ന് ഒരു രാത്രി ചമ്പക്കുളത്തുമഠത്തിൽ സൂക്ഷിക്കുകയും അടുത്തദിവസം കളിവള്ളങ്ങളുടെ അകമ്പടിയോടുകൂടി ഘോഷയാത്രയായി അമ്പലപ്പുഴയ്ക്കു കൊണ്ടുപോകുകയും ചെയ്തു. ഈ സംഭവത്തിന്റെ ഓർമയ്ക്കാണു ചമ്പക്കുളം വള്ളംകളി നടത്തുന്നത്. ഈ വള്ളംകളി ആരംഭിക്കുന്നത് ഒരു ക്രിസ്തീയ കുടുംബമായ മാപ്പിളശ്ശേരിക്കാരുടെ കടവിൽനിന്നാണ്. ജാതിമതഭേദമെന്യേ സകലരും ഈ ദേശീയോത്സവത്തിൽ പങ്കെടുക്കുന്നു. *†കുട്ടനാട് നോക്കുക.*

ചമ്പക്കുളം പാച്ചുപിള്ള (1906-)

കഥകളി നടൻ. ചുവന്നതാടി വേഷങ്ങൾ അവതരിപ്പിക്കുന്നതിൽ അദ്വിതീയൻ. ആകാരത്തിന്റെ ഔന്നത്യം, അഭിനയനൈപുണ്യം, നൃത്തത്തിന്റെ മികവ്, വിവിധഭാവങ്ങൾ പ്രകാശിപ്പിക്കുന്ന നേത്രങ്ങളുടെ ഔജ്ജ്വല്യം, അലർച്ചയുടെ ഗാംഭീര്യം തുടങ്ങിയവകൊണ്ട് ഇദ്ദേഹത്തിന്റെ താടിവേഷങ്ങൾ സഹൃദയപ്രീതി നേടി. ബാലി, ത്രിഗർത്തൻ, ബകൻ തുടങ്ങിയ ചുവന്നതാടി വേഷങ്ങൾക്കു പുറമെ നരസിംഹം, നക്രതുണ്ഡി, സിംഹിക, കലി, കാട്ടാളൻ തുടങ്ങിയ മറ്റു വേഷങ്ങളും പ്രസിദ്ധമാണ്.

1906-ൽ (കൊല്ലവർഷം 1082-കന്നി) ചമ്പക്കുളത്തു ജനിച്ചു. അനുജൻ ഗോപിനാഥും (പില്ക്കാലത്തെ പ്രശസ്ത നർത്തകനായ ഗുരു ഗോപിനാഥ്) ഒരുമിച്ച്, 14-ാം വയസ്സിൽ കഥകളി പഠനം ആരംഭിച്ചു. മാതുലൻ ചമ്പക്കുളം ശങ്കുപ്പിള്ളയാണ് ആദ്യഗുരു. പ്രസിദ്ധ കഥകളിനടൻ വെച്ചൂർ രാമൻപിള്ളയിൽ നിന്നും താടി വേഷാഭിനയത്തിൽ പ്രത്യേക പരിശീലനം നേടി. തകഴി, മാത്തൂർ കളിയോഗങ്ങളിൽ അംഗമായിരുന്നു. 1939-ൽ തിരുവനന്തപുരത്ത് കൊട്ടാരം കഥകളി നടനായി. ഇന്ത്യയിലെ എല്ലാ പ്രധാനനഗരങ്ങളിലും, യു. എസ്., ഇസ്രായേൽ തുടങ്ങിയ വിദേശരാജ്യങ്ങളിലും പര്യടനം നടത്തിയിട്ടുണ്ട്. 1969-ൽ കേരള സംഗീത നാടക അക്കാദമിയുടെയും, 1983-ൽ കേന്ദ്ര സംഗീത നാടക അക്കാദമിയുടെയും അവാർഡുകൾ ലഭിച്ചു. 1985-ൽ കേരള കലാമണ്ഡലം ഫെലോഷിപ്പ് നല്കി ആദരിച്ചു.

ചമ്പാരൻ ജില്ല

ബിഹാർ സംസ്ഥാനത്തിലെ മുമ്പത്തെ ഒരു ജില്ല. ഇപ്പോൾ പശ്ചിമ ചമ്പാരൻ, പൂർവചമ്പാരൻ എന്നിങ്ങനെ രണ്ടു ജില്ലകളുണ്ട്. പശ്ചിമ ചമ്പാരൻ ജില്ലയുടെ തലസ്ഥാനം ബേത്തിയയും പൂർവചമ്പാരൻ ജില്ലയുടെത് മോത്തിഹാരിയുമാണ്. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന സത്യഗ്രഹത്തെത്തുടർന്നാണ് ഈ ജില്ല അഖിലഭാരത പ്രസിദ്ധി നേടിയത്. ബേത്തിയയ്ക്കടുത്ത് അശോകചക്രവർത്തി സ്ഥാപിച്ച പ്രസിദ്ധമായ ശിലാസ്തംഭമുണ്ട്. നീലം കൃഷിക്കു പേരുകേട്ട പ്രദേശമാണ് ചമ്പാരൻ. ധാരാളം മാന്തോപ്പുകളും ഇവിടെയുണ്ട്. പൂർവമ്പാരൻ: വിസ്താരം 3968 ച.കി.മീ., ജനസംഖ്യ 24,25,501. പശ്ചിമചമ്പാരൻ: വിസ്താരം 5228 ച.കി.മീ., ജനസംഖ്യ 19,72,610 (1981).

ചമ്പാരൻ സമരം

ബീഹാർ ജില്ലയിലെ നീലംകൃഷിക്കാരുടെ പ്രശ്നങ്ങൾ അവസാനിപ്പിക്കാൻ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ 1917-ൽ നടന്ന സമരം. ചമ്പാരനിലെ കുടിയാൻ ജന്മിയിൽനിന്നു ചാർത്തിവാങ്ങിയ ഭൂമിയിൽ 20-ൽ മൂന്നു ഭാഗത്ത് ജന്മിക്കുവേണ്ടി നീലം കൃഷിചെയ്യാൻ നിർബന്ധിതനായിരുന്നു. ഇതിനു 'തീൻകഠിയാ' സമ്പ്രദായം എന്നാണു പറഞ്ഞിരുന്നത്. ഇരുപതു കഠിയ ഒരേക്കറാണ്. ഈ സമ്പ്രദായത്തെപ്പറ്റി പറഞ്ഞുകേട്ട ഗാന്ധിജി ചമ്പാരനിൽചെന്ന് നിജസ്ഥിതി അന്വേഷിച്ചറിയാൻ തീരുമാനിച്ചു.

1917 ആരംഭത്തിൽ മഹാത്മജി പട്നയിലെത്തി രാജേന്ദ്രപ്രസാദും വ്രജകിശോരബസുവുമായി ചമ്പാരനിലെ സ്ഥിതിഗതികളെക്കുറിച്ചു ചർച്ചചെയ്തു. കൃഷിക്കാരുടെ കഷ്ടപ്പാടുകളെപ്പറ്റി അന്വേഷണം ആരംഭിക്കുന്നതിനു മുമ്പ് ജന്മിമാരുടെ നിലപാടു മനസ്സിലാക്കുകയും ഡിവിഷണൽ കമ്മീഷണറെ കാണുകയും ചെയ്യണമെന്നു ഗാന്ധിജി തീരുമാനിച്ചു. അന്യനായ ഒരാൾ തങ്ങളുടെ കാര്യങ്ങളിൽ ഇടപെടേണ്ടതില്ല എന്ന നിലപാടാണു ജന്മിമാർ സ്വീകരിച്ചത്. ഡിവിഷണൽ കമ്മീഷണർ ഗാന്ധിജിയെ ഭീഷണിപ്പെടുത്തുകയും ചമ്പാരൻവിട്ടുപോവുകയാണു നല്ലതെന്നു പറയുകയുംചെയ്തു. പിറ്റേന്നുതന്നെ ഗാന്ധിജി ചമ്പാരൻ വിടണമെന്ന് പോലീസ് സൂപ്രണ്ടിന്റെ കല്പന വന്നു. കൃഷിക്കാരുടെ സ്ഥിതിയെക്കുറിച്ചുള്ള തന്റെ അന്വേഷണം പൂർത്തിയാവാതെ താൻ ചമ്പാരൻ വിടാൻ ഉദ്ദേശിക്കുന്നില്ലെന്നു ഗാന്ധിജി മറുപടികൊടുത്തു. ചമ്പാരൻ വിട്ടുപോവാനുള്ള ഉത്തരവു ലംഘിച്ച കുറ്റത്തിനു പിറ്റേന്ന് കോടതിയിൽ ഹാജരാകാൻ ഗാന്ധിജിക്ക് സമൻസ് ലഭിച്ചു. ഗാന്ധിജി കോടതിയിൽ ഹാജരായി. വിവരങ്ങൾ കേട്ടറിഞ്ഞ വലിയ ഒരുസംഘം കർഷകർ കോടതിപരിസരത്തു തടിച്ചുകൂടി. വിചാരണ നടന്നെങ്കിലും വിധിപറയൽ മറ്റൊരു ദിവസത്തേയ്ക്കു നീട്ടിവച്ചു. പക്ഷേ, വിധിപറയുന്നതിനു മുമ്പുതന്നെ ഗാന്ധിജിയുടെ പേരിലുള്ള കേസ് പിൻവലിക്കാൻ ലഫ്റ്റനന്റ് ഗവർണർ ആജ്ഞ പുറപ്പെടുവിക്കുകയും അന്വേഷണം നടത്താൻ ഗാന്ധിജിയെ അനുവദിക്കുകയും ചെയ്തു. കലക്ടർ ആ അന്വേഷണത്തിൽ സഹകരിക്കാമെന്നുകൂടി ഗാന്ധിജിയെ അറിയിച്ചപ്പോൾ, ഉദ്യോഗസ്ഥന്മാർക്കുവന്ന മനഃപരിവർത്തനത്തിൽ ഗാന്ധിജി സന്തോഷിച്ചു. കലക്റ്ററായിരുന്ന ഹെയ്കോക്കിനെ ഗാന്ധിജി നേരിട്ടുകണ്ടു. ഗാന്ധിജിക്ക് ഇഷ്ടമുള്ള രീതിയിൽ കർഷകരെക്കണ്ടു തെളിവെടുക്കാമെന്നും സർക്കാർ ഉദ്യോഗസ്ഥന്മാരിൽനിന്ന് ആവശ്യമുള്ള രേഖകൾ ലഭിക്കുമെന്നും കലക്റ്റർ പറഞ്ഞു. ഗാന്ധിജി കർഷകരിൽനിന്ന് തെളിവെടുപ്പും ആരംഭിച്ചു. കർഷകർ കൂട്ടംകൂട്ടമായി വന്ന് തങ്ങളുടെ യാതനകൾ വിവരിച്ചു. ഇങ്ങനെ തെളിവെടുപ്പുകൾ നടന്നുകൊണ്ടിരിക്കെ, ലഫ്റ്റനന്റ് ഗവർണർ ആയിരുന്ന സർ എഡ്വേർഡ് ഗെയ്റ്റ് ഗവൺമെന്റുതന്നെ വിശദമായ അന്വേഷണം നടത്താമെന്ന് അറിയിക്കുകയും ഗാന്ധിജി അന്വേഷണക്കമ്മിറ്റിയിൽ അംഗമായിരിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. അന്വേഷണം നടന്നുകൊണ്ടിരിക്കുമ്പോൾ സഹപ്രവർത്തകരുമായി ചർച്ചചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം തനിക്കുണ്ടായിരിക്കണമെന്നും അന്വേഷണത്തിന്റെ ഫലം തൃപ്തികരമാകുന്നില്ലെങ്കിൽ പ്രക്ഷോഭം സംഘടിപ്പിക്കാനുള്ള അവകാശത്തിനു കമ്മിറ്റി അംഗത്വം തടസ്സമാവരുത് എന്നും ഉള്ള വ്യവസ്ഥയിൽ ഗാന്ധിജി അന്വേഷണക്കമ്മീഷനിൽ അംഗമായിരിക്കാൻ സമ്മതിച്ചു.

കമ്മിറ്റിയുടെ അന്വേഷണഫലം കർഷകർക്ക് അനുകൂലമായിരുന്നു. തോട്ടമുടസ്ഥന്മാർ കർഷകരുടെ പക്കൽനിന്ന് ഈടാക്കിയ തുകയിൽ നിയമവിരുദ്ധമാണെന്ന് കമ്മിറ്റിക്കുതോന്നിയ അംശം

അവർക്കു മടക്കിക്കൊടുക്കേണ്ടതാണെന്നും തീൻകറിയാ സമ്പ്രദായം അവസാനിപ്പിക്കുന്നതിനു നിയമനിർമാണം വേണമെന്നും കമ്മിറ്റി ശുപാർശചെയ്തു. തോട്ടമുടമകൾ ഈ റിപ്പോർട്ടിനെ എതിർത്തുവെങ്കിലും ലഫ്റ്റനൻറ് ഗവർണർ കമ്മിറ്റിയുടെ ശുപാർശകളെല്ലാം നടപ്പിലാക്കി. അങ്ങനെ വളരെക്കാലമായി നിലനിന്ന തീൻകറിയാ സമ്പ്രദായം അവസാനിപ്പിക്കാൻ ഗാന്ധിജി നയിച്ച ചമ്പാരൻസമരം കൊണ്ടു സാധിച്ചു.

ചമ്പുക്കൾ

ഗദ്യവും പദ്യവും ഇടകലർത്തി രചിച്ച കൃതികൾ. ഭാഷയിലെ ചമ്പുക്കൾ സംസ്കൃതത്തിലെ പ്രസ്തുത പ്രസ്ഥാനത്തിലുള്ള കൃതികളെ അനുകരിച്ച് എഴുതപ്പെട്ടവയാണ്.

സംസ്കൃതചമ്പുക്കൾ. സംസ്കൃതാലങ്കാരികന്മാർ കാവ്യങ്ങളെ ദൃശ്യമെന്നും ശ്രവ്യമെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. അഭിനയിക്കുമ്പോൾ കണ്ടു രസിക്കാവുന്നത് ദൃശ്യകാവ്യം. വായിച്ചു (കേട്ടു) രസിക്കാവുന്നത് ശ്രവ്യകാവ്യം.

ശ്രവ്യകാവ്യത്തെ ഗദ്യം, പദ്യം, മിശ്രം എന്നിങ്ങനെ വീണ്ടും മൂന്നായി വിഭജിച്ചിരിക്കുന്നു. പാദവിഭാഗത്തോടുകൂടാത്ത പദസംഘാതമാണ് ഗദ്യം. പദ്യമാകട്ടെ, നാലു പാദങ്ങളോടുകൂടിയതും. രണ്ടും കൂടിച്ചേർന്നതാണ് മിശ്രം. ഇവയിൽ മിശ്രമാണ് ചമ്പു. ശമനാർഥകമായ 'ചപി' ധാതുവിൽ നിന്നത്രേ ചമ്പുസംജ്ഞ സംജാതമായത്.

കിട്ടിയിട്ടുള്ളതിൽ ഏറ്റവും പ്രാചീനമായ ചമ്പു എ.ഡി.പത്താംശതകത്തിന്റെ പൂർവാർധത്തിൽ ജീവിച്ചിരുന്ന ത്രിവിക്രമഭട്ടന്റെ നളചമ്പുവാണ്. സോമദേവസൂരിയുടെ യശസ്തിലകചമ്പു, ഭോജന്റെ രാമായണചമ്പു, അനന്തഭട്ടന്റെ ഭാരതചമ്പു, വേങ്കടാധ്വരിയുടെ വിശ്വഗുണാദർശചമ്പു മുതലായവയാണു സംസ്കൃതചമ്പൂ പ്രസ്ഥാനത്തിലെ പ്രധാന കൃതികൾ.

ഈ സാഹിത്യശാഖയിൽ വളരെയധികം സംസ്കൃതകൃതികൾ കേരളത്തിലുണ്ടായിട്ടുണ്ട്. അവയിൽ ആദ്യത്തേത് എ.ഡി.പതിമൂന്നാം ശതകത്തിൽ ജീവിച്ചിരുന്ന ദിവാകരകവിയുടെ അമോഘരാഘവമാകുന്നു. മേല്പുത്തൂർ നാരായണഭട്ടതിരി, കോഴിക്കോട്ടു മാനവേദരാജാവ്, രാമപാണിവാദൻ, ഇടവട്ടിക്കാട്ടു നാരായണൻ നമ്പൂതിരി, അശ്വതി തിരുനാൾ ഇളയതമ്പുരാൻ, കേരളവർമ വലിയകോയിത്തമ്പുരാൻ, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തുടങ്ങി വളരെയധികം കേരളീയസംസ്കൃതകവികൾ ഈ പ്രസ്ഥാനത്തെ പോഷിപ്പിച്ചിട്ടുണ്ട്. ഇവയിൽ ചിലതു ചാക്യാന്മാരുടെ കൂത്തിനും നമ്പ്യാന്മാരുടെ പാഠകപ്രവചനത്തിനുംവേണ്ടി നിർമിക്കപ്പെട്ടവയാണ്.

സംസ്കൃതചമ്പുക്കളും ഭാഷാചമ്പുക്കളും വ്യത്യാസങ്ങൾ. സംസ്കൃതചമ്പുക്കളെ അനുകരിച്ചാണ് ഭാഷാചമ്പുക്കൾ ജനിച്ചതെങ്കിലും അവയ്ക്കുതമ്മിൽ രൂപത്തിലും ഭാവത്തിലും ഗണ്യമായ അന്തരമുണ്ട്. അതാകട്ടെ, ഭാഷാചമ്പുക്കളുടെ ഉത്കൃഷ്ടതയ്ക്കു കാരണമായി നിലകൊള്ളുകയും ചെയ്യുന്നു.

ഭാഷാചമ്പുക്കളും സംസ്കൃതചമ്പുക്കളും തമ്മിലുള്ള പ്രധാനമായ വ്യത്യാസം അവയുടെ തുടക്കത്തെക്കുറിച്ചുള്ളതാണ്. സംസ്കൃത ചമ്പുക്കൾ മിക്കതും ആശിസ്സോ നമസ്ക്രിയയോ കൊണ്ടു തുടങ്ങുന്നു. ഭാഷാചമ്പുക്കളാകട്ടെ, കഥാസൂചന നല്കിക്കൊണ്ടാണ് ആരംഭിക്കുന്നത്. ഈ വിഷയത്തിൽ ഭാഷാചമ്പുക്കൾ സംസ്കൃത നാടകങ്ങളെയാണ് പിന്തുടരുന്നതെന്നു പറയാം. കഥാസൂചന ഇല്ലാത്ത ഭാഷാചമ്പുക്കളും ഉണ്ട്.

ഭാഷാചമ്പൂകാരന്മാർ സംസ്കൃതവൃത്തനിബദ്ധമായ പദ്യങ്ങൾക്കും സാധാരണരീതിയിലുള്ള സംസ്കൃത ഗദ്യങ്ങൾക്കും പുറമെ ദ്രാവിഡവൃത്തനിബദ്ധമായ ഒരുതരം ഭാഷാഗദ്യംകൂടി തങ്ങളുടെ കൃതികളിൽ നിബന്ധിച്ചിരിക്കുന്നു. ചില പഴയ പാട്ടുകളിൽ പ്രയോഗിച്ചിട്ടുള്ളതും തുള്ളലിലെ തരങ്ഗിണീ വൃത്തത്തോടു മിക്കവാറും സാദൃശ്യം വഹിക്കുന്നതുമായ ഒരു വൃത്തമാണ്, ഭാഷാഗദ്യങ്ങളിൽ അവർ ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ ഉണ്ണിയച്ചീചരിതം, ഉണ്ണിച്ചിരുതേവീചരിതം, ഉണ്ണിയാടിചരിതം എന്നീ പ്രാചീനചമ്പുക്കളിൽ ഭാഷാഗദ്യത്തിൽ പലതരം ദ്രാവിഡവൃത്തങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ഉണ്ണിയാടീചരിതത്തിൽ വൃത്തനിബദ്ധമല്ലാത്ത ഭാഷാഗദ്യംകൂടി കാണുന്നുണ്ടെന്നുള്ളതും വിസ്മരിക്കുക വയ്യ. ഈ സമ്പ്രദായമനുസരിച്ചായിരിക്കാം, ചില ആധുനികചമ്പുക്കളിൽ താളബന്ധത്തോടുകൂടിയ, വൃത്തബന്ധമില്ലാത്ത, ഒരുതരം ഗദ്യം അവയുടെ നിർമാതാക്കൾ നിവേശിപ്പിച്ചിരിക്കുന്നത്.

സംസ്കൃതത്തിലുള്ള ദണ്ഡകങ്ങൾ ചണ്ഡവൃഷ്ടിപ്രയാതം തുടങ്ങിയുള്ളവയാണ്. അവയ്ക്കു പുറമേ ഇക്ഷുദണ്ഡകാദി ഭാഷാദണ്ഡകങ്ങളും ധാരാളം പ്രയോഗിച്ചിട്ടുണ്ട് ഭാഷാചമ്പുക്കളിൽ. ഇതും അവയുടെ ഒരു പ്രത്യേകതയായി പരിഗണിക്കാം.

ഭാഷാചമ്പുക്കളിൽ തത്കർത്താക്കൾ പ്രയോഗിച്ചുകാണുന്ന മറ്റൊരു സവിശേഷത, സമകാല സമുദായ ജീവിതത്തിന്റെ വിമർശനം സാധിക്കുകയാകുന്നു. സംസ്കൃത ചമ്പൂകാരന്മാർ ഇതു ചെയ്യാറില്ല. കുഞ്ചൻനമ്പ്യാർക്ക് ഈ വിഷയത്തിൽ ഭാഷാചമ്പൂകാരന്മാർ മാർഗനിർദേശം ചെയ്തിട്ടുണ്ട്.

ചമ്പുക്കളിലെ ഭാഷാരീതി. ഭാഷാചമ്പുക്കളിലെ ഭാഷാരീതി പ്രായേണ മണിപ്രവാളമാണ്.

ഉണ്ണിയച്ചീചരിതം, ഉണ്ണിച്ചിരുതേവീചരിതം, ഉണ്ണിയാടിചരിതം എന്നീ പ്രാചീനചമ്പുക്കളിൽ പാണ്ഡ്യഭാഷാസരൂപങ്ങളായ പദങ്ങളും ഭാഷാപദങ്ങളും വിഭക്ത്യന്ത സംസ്കൃതപദങ്ങളും ചേർന്നുള്ള ഒരു ഭാഷാരീതിയാണ് കാണപ്പെടുന്നത്. മാത്രമല്ല, അവയുടെ മേളനത്തിൽ സാവത്രികമായ ഒരു നിയമരാഹിത്യമുണ്ടുതാനും.

മധ്യകാലചമ്പുക്കൾ തനി മണിപ്രവാളകൃതികളാണ്. രാമായണാദിചമ്പുക്കളിലെ ശ്ലോകങ്ങൾ മിക്കതും ഉത്തമമണിപ്രവാളത്തിൽപ്പെടുന്നു. എന്നാൽ, ചില പദ്യങ്ങൾ തൊണ്ണൂറ്റൊമ്പതു ശതമാനവും സംസ്കൃതപദങ്ങളും വല്ല മുക്കിലോ മൂലയിലോ ഒന്നുരണ്ടു ഭാഷാപദങ്ങളും ചേർത്ത് എഴുതപ്പെട്ടവയാണ്. തനി സംസ്കൃതത്തിലുള്ള പദ്യഗദ്യങ്ങളും സുലഭമാണ് അവയിൽ. ആധുനിക ചമ്പുക്കളിൽ സംസ്കൃതത്തെ അപേക്ഷിച്ച് മലയാളത്തിനു പ്രാധാന്യം കൊടുത്തിട്ടുണ്ടെന്നു സമ്മതിക്കാം. എന്നാൽ അവയിൽ പലതും രസഭാവങ്ങളുടെ കാര്യത്തിൽ പിന്നിലാണ്.

പ്രതിപാദനരീതി. പ്രാചീനമായി മൂന്നു ചമ്പുക്കളൊഴിച്ചാൽ മറ്റുള്ളവയിലെ ഇതിവൃത്തം മിക്കവാറും പുരാണപ്രസിദ്ധമാണ്. ക്ഷേത്രപ്രതിഷ്ഠയെ സംബന്ധിച്ച ഐതിഹ്യങ്ങൾ ഉൾക്കൊള്ളുന്ന ചില ചമ്പുക്കളും ഉണ്ട്. പ്രാചീനചമ്പുക്കളാകട്ടെ, നായികാവർണനത്തിനുവേണ്ടി നിർമിതങ്ങളാണ്. എങ്കിലും, അവയിൽ പലയിടത്തും ഭഗവദ്ഭക്തി യഥാവസരം നിവേശിപ്പിച്ചിട്ടുള്ളതായിക്കാണാം.

മിക്ക മധ്യകാലചമ്പുക്കളിലെയും ഇതിവൃത്തം രാമായാണം, ഭാരതം, ഭാഗവതം മുതലായ പുരാണഗ്രന്ഥങ്ങളിൽനിന്നു സ്വീകരിച്ചിട്ടുള്ളതാണ്. എന്നാൽ കഥയ്ക്കു വലിയ പ്രാധാന്യമൊന്നും ചമ്പൂകാരന്മാർ കല്പിച്ചിട്ടില്ല. ഒരു അയക്കോലിന്റെ സ്ഥാനം മാത്രമെ അതിനുള്ളു.

വർണനത്തിനാണ് ഭാഷാചമ്പൂകാരന്മാർ പ്രാധാന്യം കല്പിച്ചിട്ടുള്ളത്. മിക്ക ചമ്പുക്കളിലെയും നായകന്മാർ ധീരോദാത്തന്മാരായിരിക്കും. അവരുടെ അപദാനങ്ങളെ പ്രകീർത്തിക്കുമ്പോൾ അതിനനുരൂപമായ ശബ്ദങ്ങൾ തിരഞ്ഞെടുക്കുന്നതിൽ അവർ ശ്രദ്ധ പതിച്ചിരുന്നു. പ്രസന്നവും പ്രൗഢവുമാണു ചമ്പുക്കളിലെ പ്രതിപാദന രീതി.

വർണനത്തിലും അലങ്കാരപ്രയോഗത്തിലും ഭാഷാചമ്പൂകാരന്മാരെ അതിശയിക്കുന്ന കവികൾ വേറെയുണ്ടെന്നു തോന്നുന്നില്ല. അവരുടെ ഭാവന ഒരു അലങ്കാരപേടികതന്നെ.

ഭാഷാചമ്പൂപ്രസ്ഥാനത്തിലെ ആദ്യത്തെ കൃതി †ഉണ്ണിയച്ചീചരിതമാണ്. ഏതാണ്ട് അതിന്റെ കാലത്തുതന്നെയുണ്ടായതാവാം †ഉണ്ണിച്ചിരുതേവീചരിതവും †ഉണ്ണിയാടീചരിതവും. ഈ ചമ്പുക്കൾ സമുദായ വിമർശനവിഷയത്തിൽ പന്നീടുണ്ടായ ചമ്പുക്കൾക്ക് മാർഗദർശികളായി വർത്തിക്കുന്നു.

രാമായണവും നൈഷധവും. പുനത്തിന്റെ രാമായണചമ്പുവാണ് പിൽക്കാലഭാഷാചമ്പുക്കളിൽ പ്രഥമഗണനീയം. അതുതന്നെയാണ് പിന്നത്തെ ചമ്പുക്കൾക്ക് മാർഗദർശിയും. രാമായണചമ്പുവും സമകാല സമുദായവിമർശനത്തിൽ ഒട്ടും പിന്നോക്കമല്ല.

'ഓന്തും ചുണ്ടെലി ചേരത്തടിയൻ വാലുമെറുമ്പും മായൂരശിഖാ ഞാഞ്ഞൂലിത്തരമൊക്കത്തക്ക വറുത്തു പൊടിച്ചച്ചുടലബ്ഭസ്മം മേളിച്ചമ്പൊടു മഷിയുണ്ടാക്കി' നടക്കുന്ന മന്ത്രവാദികളെയും 'ഊശാന്താടി പെരുക്കാലെന്നിവപോലുമൊഴിപ്പാൻ' മരുന്നുകൾ വാങ്ങണമെന്നുപദേശിക്കുന്ന മുറിവൈദ്യന്മാരെയും 'പരലും പലകയുമഗ്രേവച്ചും ഗണപതിവച്ചും കലിദിനമൊത്തു വരുത്തിപ്പാർക്കുന്നപ്പോൾ വിപരീതത്തൊടു വരുന്നതുകണ്ടു മനസുംകെട്ടു ചിരങ്ങും നുള്ളി' നില്ക്കുന്ന ജ്യോത്സ്യന്മാരെയും നിശിതമായി പരിഹസിച്ചസന്ദർഭങ്ങൾ ധാരാളമുണ്ട്.

ശ്രീരാമചന്ദ്രന്റെ പട്ടാഭിഷേകോത്സവം വർണിക്കുന്ന സന്ദർഭത്തിലും കവി തന്റെ പരിഹാസചതുരത വാരിവിതറിയിട്ടുണ്ട്. "മറ്റൊ

രു പരിഷകൾ പിച്ചാങ്കത്തിയുമരയിൽത്തിരുകിച്ചാരു പറങ്കിത്തൊപ്പിയുമിട്ടാ"ണ് പട്ടാഭിഷേകത്തിനു വന്നിരിക്കുന്നതെന്നു പറയുമ്പോൾ ചമ്പൂകർത്താവ് കോഴിക്കോട്ടെ കിരീടധാരണോത്സവത്തേയോ മറ്റോ വർണിക്കയാണെന്നേ തോന്നൂ.

ചമ്പൂസാഹിത്യസാമ്രാജ്യത്തിലെ യൗവരാജ്യത്തിനവകാശിയായി വർത്തിക്കുന്നത് മഴമംഗലത്തിൻെറ ചമ്പുവാണ്. 'അമ്പത്തൊന്നക്ഷരാളി' എന്ന വന്ദന ശ്ലോകത്തോടെയാണ് ഭാഷാനൈഷധം ചമ്പുവിൻെറ തുടക്കം. തന്നെ ഏറ്റവും ആകർഷിച്ചിട്ടുള്ള മണിപ്രവാള പദ്യമെന്ന് ഉള്ളൂർ കൊണ്ടാടിയിട്ടുള്ള 'സങ്കല്പസംഗമ സുഖാനുഭവസ്യ' എന്നു തുടങ്ങുന്ന പദ്യവും മഴമംഗലത്തിൻെറതാണ്.

മറ്റു മധ്യകാലചമ്പുക്കൾ. ചെല്ലൂർനാഥോദയം, നാരായണീയം, തെങ്കൈലനാഥോദയം എന്നീ മൂന്നു ചമ്പുക്കൾ യഥാക്രമം പെരുഞ്ചെല്ലൂർ, തൃപ്പൂണിത്തുറ, തൃശൂർ എന്നീ ക്ഷേത്രങ്ങളിലെ പ്രതിഷ്ഠകളെ സംബന്ധിച്ചുള്ളവയാണ്. പ്രസ്തുത ക്ഷേത്രങ്ങളെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ പരന്നിട്ടുള്ള ഐതീഹ്യങ്ങളാണ് ഈ ചമ്പുക്കളിലെ ഇതിവൃത്തങ്ങൾക്കടിസ്ഥാനം. ഈ ഭാഷാചമ്പുക്കൾ മൂന്നും ഒരു നീലകണ്ഠൻെറ (കൊല്ലം 8-ാം ശതകം) കൃതികളാണെന്ന് തെങ്കൈലനാഥോദയത്തിൽ കവി തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

കംസവധവും നീലകണ്ഠൻെറ കൃതിയാണെന്നാണ് മഹാകവി ഉള്ളൂരിൻെറ അഭിപ്രായം. രുഗ്മിണീസ്വയംവരം, സ്യമന്തകം, പാരിജാതഹരണം, രാമാർജുനിയം, ശ്രീമതീ സ്വയംവരം, ദക്ഷയാഗം, കാമദഹനം, പാർവതീ സ്വയംവരം, ത്രിപുര ദഹനം, ഗൗരീചരിതം എന്നിവ സുപ്രധാനങ്ങളായ മറ്റുചില മധ്യകാല ചമ്പുക്കളാണ്.

ഇക്കൂട്ടത്തിൽ പെടാതെ ഗജേന്ദ്രമോക്ഷം, പ്രഹ്ലാദചരിതം, കുചേലവൃത്തം, ശര്യാതിചരിതം, ഉമാതപസ്സ്, മുതലായി ചില ചെറിയ ചമ്പുക്കളും കണ്ടുകിട്ടിയിട്ടുണ്ട്. ആകപ്പാടെ 15-ാം ശതകം മുതൽ 17-ാം ശതകം വരെയുള്ള കാലഘട്ടം മണിപ്രവാളസാഹിതിയുടെ യൗവനദശയായിരുന്നുവെന്ന് തീർത്തുപറയാം. 'മണിപ്രവാള പ്രസ്ഥാനമാകുന്ന മന്ദാരവൃക്ഷത്തിൻെറ മധുരനിഷ്യന്ദികളായ മനോജ്ഞഫലങ്ങൾ' എന്നാണ് ഉള്ളൂർ ഭാഷാചമ്പുക്കളെ വിശേഷിപ്പിച്ചിരിക്കുന്നത്. ഉള്ളൂർ പറഞ്ഞിട്ടുള്ളതിൽ അതിശയോക്തി സ്പർശമില്ല.

ആധുനികഭാഷാചമ്പുക്കൾ. 17-ാം നൂറ്റാണ്ടിനുശേഷം ഏതാണ്ട് ഒന്നര ശതാബ്ദത്തോളംകാലം ഭാഷാചമ്പൂശാഖയിൽ മേന്മയുള്ള കൃതികൾ വളരെ വിരളമായിട്ടേ ഉണ്ടായുള്ളു.

മീനകേതനചരിതവും മറ്റും. ഗ്രാമത്തിൽ രാമവർമ കോയിത്തമ്പുരാനാണ് ആധുനിക ചമ്പൂകാരന്മാരിൽ മുമ്പൻ. പല ഭാഷാകൃതികളുടെയും കർത്താവായ അദ്ദേഹം മീനകേതനചരിതം എന്നൊരു ചമ്പു നിർമിച്ചിട്ടുണ്ട്.

ഉഷാകല്യാണവും ഗൗരീപരിണയവും ചങ്ങനാശ്ശേരി രവിവർമ കോയിത്തമ്പുരാൻെറ കൃതികളാണ്. ഇവയിൽ രണ്ടാമത്തേത് അപൂർണമാണ്. ലളിതകോമളങ്ങളായ പദങ്ങൾ തിരഞ്ഞെടുത്തു പ്രയോഗിക്കുന്നതിൽ തമ്പുരാനു സവിശേഷമായ പാടവമുണ്ട്. ആശയത്തിൻെറ കാര്യത്തിൽ പ്രത്യേകിച്ചൊരു മേന്മയുമില്ല.

സുജാതോദ്വാഹം. സാമാന്യം ദീർഘമായ ഈ ചമ്പുവിൻെറ നിർമാതാവ് മഹാകവി ഉള്ളൂരാണ്. കാന്യകുബ്ജത്തിലെ രാജാവായ ജയചന്ദ്രൻെറ പുത്രി സുജാതയും ഇന്ദ്രപ്രസ്ഥത്തിൻെറ അധീശനായ പൃഥുവും തമ്മിലുള്ള വിവാഹമാണ് ഇതിലെ ഇതിവൃത്തം. ചരിത്രപ്രസിദ്ധമായ ഒന്നാണിത്.

പാലാഴിമഥനം. കവിതിലകൻ പി.ശങ്കരൻനമ്പ്യാരുടെ ചമ്പു. കഥ പുരാണപ്രസിദ്ധം. സർദാർ കെ.എം.പണിക്കർ ഹൈദർ നായ്ക്കൻ എന്നൊരു ചമ്പു എഴുതിയിട്ടുണ്ട്. കവിതയ്ക്കു വലിയ മെച്ചമൊന്നും പറയാനില്ല.

അപചയം. കേരളത്തിലെ ജനതയ്ക്ക് സംസ്കൃതവിദ്യാഭ്യാസത്തിൽ താത്പര്യം കുറഞ്ഞുവന്നതോടെ മണിപ്രവാളഭാഷയിൽ രചിക്കപ്പെട്ട ഭാഷാചമ്പുക്കൾ ആസ്വദിക്കുന്നതിനുള്ള കഴിവു കുറഞ്ഞുവന്നു. തത്ഫലമായി കവികൾ ആ പ്രസ്ഥാനത്തിൽ പ്രവർത്തിക്കാതെയുമായി. മാത്രമല്ല അക്കാലത്തു രചിക്കപ്പെട്ട ചമ്പുക്കൾക്കൊന്നിനും രാമായണാദി മധ്യകാലചമ്പുക്കളുടെ അടുത്തുനില്ക്കുന്നതിനുള്ള യോഗ്യത ഇല്ലായിരുന്നുതാനും. ചമ്പുക്കളുടെ അപചയത്തിനുള്ള പ്രധാന കാരണങ്ങളിൽ ഒന്ന് ഇതാണെന്നു പറയാം.

കൂത്തിനെയും ചമ്പുക്കളെയും അനുകരിച്ചുകൊണ്ടും സമകാലസമുദായവിമർശനത്തിലും മറ്റും കൂടുതൽ ജനകീയസ്വഭാവം കലർത്തിക്കൊണ്ടും കുഞ്ചൻനമ്പ്യാർ ആവിഷ്കരിച്ച തുള്ളൽപ്രസ്ഥാനം ചമ്പൂശാഖയുടെ തിരോധാനത്തിനു പ്രേരകമായിത്തീർന്നു. തുള്ളലിലെ അഭിനയാംശങ്ങളുടെ ആകർഷത്വവും സാഹിത്യാംശത്തിൻെറ ജനകീയത്വവും ഫലിതപരിഹാസങ്ങളുടെ മനോഹാരിത്വവും ജനഹൃദയങ്ങളെ അളവറ്റു വശീകരിച്ചു. തന്മൂലം ചമ്പുക്കൾ കേരളീയർക്കു പണ്ടത്തെപ്പോലെ ആസ്വാദ്യമായി അനുഭവപ്പെട്ടില്ല.

പി.വി.കൃഷ്ണൻനായർ

ചമ്പോലിയൻ, ഫിജിയറ്റ് (1778-1867)

ഫ്രെഞ്ചുകാരനായ പുരാലിഖിത ശാസ്ത്രജ്ഞൻ. ഫ്രെഞ്ച്-ഈജിപ്ഷ്യൻ ചരിത്രങ്ങളിൽ വെളിച്ചം വീശുന്ന പല ശിലാരേഖകളും വായിച്ചു വ്യാഖ്യാനിച്ചുകൊണ്ട് ഗ്രന്ഥങ്ങൾ രചിച്ചു.

1778 ഒക്റ്റോബർ 5 ന് ഫിജിയക്കിൽ ജനിച്ചു. 1809 ൽ ഫ്രെഞ്ചുഭാഷയുടെ ദേശ്യഭേദങ്ങളെപ്പറ്റിയും ശൈലികളെപറ്റിയും ഉള്ള പഠനം പ്രസിദ്ധീകൃതമായി. ഗ്രെനോബ്ൾ സർവകലാശാലയിലെ ഗ്രീക്കു പ്രൊഫസറായിരുന്നു ഇദ്ദേഹം. നെപ്പോളിയൻെറ നൂറു ദിവസത്തെ ഭരണകാലത്ത്, അതിനോടു ആനുകൂല്യം പ്രകടിപ്പിച്ചതിൻെറ പേരിൽ ജോലി നഷ്ടപ്പെട്ടു. പിന്നീട് പാരീസിലെ ബിബ്ലിയോത്തിക്ക് നാഷനൽ എന്ന സ്ഥാപനത്തിലെ ക്യുറേറ്റർ ആയും എക്കോളി ഡി പാർട്ടി (പുരാലിഖിത വിജ്ഞാന കേന്ദ്രം) യിൽ പ്രൊഫസറായും നിയമിതനായി. 1849-ൽ ഫോൺടെയ്ൻ കൊട്ടാരത്തിലെ ലൈബ്രേറിയനായി.

ഇദ്ദേഹത്തിൻെറ സഹോദരനാണ് ഈജിപ്ഷ്യൻ ശിലാരേഖകൾ വായിച്ച് അവിടത്തെ പ്രാചീന സമൂഹജീവിതത്തിൻെറ സവിശേഷതകൾ അനാവരണം ചെയ്തു പ്രസിദ്ധനായ ചമ്പോലിയൻ ജാക്വസ് ജോസഫ്.

ചമ്മന്തി (സമ്മന്തി)

സ്വാദിഷ്ഠമായ ഒരു ഉപദംശം. ദക്ഷിണേന്ത്യക്കാർക്ക്, വിശേഷിച്ചും കേരളീയർക്ക്, ഉണ്ണുമ്പോഴും ദോശ, ഇഡ്ഡലി മുതലായ പലഹാരങ്ങൾ കഴിക്കുമ്പോഴും ഇതു വളരെ പ്രധാനമാണ്. നാളികേരം, ഇഞ്ചി, മുളക് (വറ്റൽമുളകും പച്ചമുളകും), ചുവന്നുള്ളി, ഉപ്പ് എന്നിവയാണ് ഇതിൻെറ നിർമാണത്തിനുള്ള മുഖ്യപദാർഥങ്ങൾ. ഇവയെല്ലാം കൂട്ടി നല്ലവണ്ണം അരച്ചാൽ അതു മുഖ്യഭക്ഷണത്തിന് അത്യന്തം രുചിജനകമായിരിക്കും.

നാളികേരം ചിരവിയതും വറ്റൽമുളകുംകൂടി ചീനച്ചട്ടിയിലിട്ടു ചുമക്കെ വറുത്ത് പുളിയും ഉപ്പുമിട്ട് ഉരലിലിട്ടിടിച്ച് പൊടിയാക്കിയെടുക്കുന്ന ഇടിച്ചമ്മന്തിയും പ്രചാരത്തിലുണ്ട്.

നാളികേരം ചിരവിയതിൻെറകൂടെ പച്ചമാങ്ങ, തക്കാളി, വഴുതനങ്ങ, പച്ചക്കൊത്തമല്ലി, പട്ടാണിക്കടല, ചെമ്മീൻ, നത്തൊലി, ഉള്ളി മുതലായവയും ആവശ്യത്തിന് ഉപ്പും മുളകും ഇഞ്ചിയും മറ്റും ചേർത്ത് അരച്ചും സമ്മന്തി ഉണ്ടാക്കിവരുന്നു. ഏതാണോ അധികം, അതിൻെറ പേരാവും സമ്മന്തിക്ക്-ഉള്ളിസമ്മന്തി, മാങ്ങാച്ചമ്മന്തി, ചെമ്മീൻചമ്മന്തി എന്നിങ്ങനെ.

ചമ്രവട്ടം ക്ഷേത്രം

തിരൂരിൽനിന്ന് 13 കി.മീ. അകലെയുള്ള ശാസ്താക്ഷേത്രം. ഇതു ഭാരതപ്പുഴയുടെ രണ്ടു ശാഖകൾക്കിടയിൽ സ്ഥിതിചെയ്യുന്നു. പൂർണ, പുഷ്കല എന്നീ പത്നിമാരോടുകൂടിയ ശാസ്താവാണ് ഇവിടത്തെ പ്രതിഷ്ഠ. ഈ ചെറിയ ക്ഷേത്രത്തിൽ 2 മീറ്റർ ഉയരമുള്ള ഒരു കൽവിളക്കല്ലാതെ മറ്റൊന്നുമില്ല. വാതിൽ കഴിഞ്ഞാൽ നേരെ ശ്രീ

കോവിലിലേക്കാണു കയറുന്നത്. തെക്കെ മലബാറിലെ പ്രസിദ്ധമായ രണ്ട് അയ്യപ്പക്ഷേത്രങ്ങളിൽ ഒന്നാണിത്. മറ്റൊന്ന് ചെർപ്പുളശ്ശേരി അയ്യപ്പക്ഷേത്രമണ്.

ചരകൻ

അതിപ്രാചീനനായ ആയുർവേദാചാര്യൻ. ഇതുവരെ അറിഞ്ഞിട്ടുള്ളതിൽവച്ച് ഏറ്റവും പ്രാചീനമായ ആയുർവേദഗ്രന്ഥം ഇദ്ദേഹത്തിന്റെ 'ചരകം' ആണ്. സുശ്രുതത്തിൽ ശല്യചികിത്സയ്ക്കു പ്രാധാന്യം നല്കിയിട്ടുള്ളതുപോലെ, ചരകത്തിൽ കായചികിത്സയ്ക്കാണ് പ്രാധാന്യം. ആത്രേയൻ, അഗ്നിവേശൻ തുടങ്ങിയ ആറു ശിഷ്യന്മാർക്ക് ചരകൻ ശാസ്ത്രോപദേശം ചെയ്യുകയും ആ ശിഷ്യന്മാർ ഓരോരുത്തരും ഓരോ സംഹിത എഴുതുകയും ചെയ്തു. ആ സംഹിതകളൊന്നും ഇന്ന് കാണാനില്ല. ചരകസംഹിത അഗ്നിവേശന്റെ സംഹിതയുടെ സംഗ്രഹരൂപത്തിലുള്ള സംസ്കൃതഗ്രന്ഥമാണെന്ന് ചിലർ വിശ്വസിക്കുന്നു.

ചരകസംഹിത ആരംഭിക്കുന്നത് പുരാണേതിഹാസാദികളെപ്പോലെ ശാസ്ത്രാഗമത്തെക്കുറിച്ചുള്ള അവതാരികയോടുകൂടിയാണ്. ഗ്രന്ഥത്തിൽ അവിടവിടെ ഗദ്യവിഭാഗങ്ങളും ഉണ്ട്. സൂത്രം, നിദാനം, വിമാനം, ശാരീരികം, ഇന്ദ്രിയം, ചികിത്സിതം, കല്പം, സിദ്ധി - ഇങ്ങനെ എട്ടു സ്ഥാനങ്ങളായി ഗ്രന്ഥശരീരത്തെ വിഭജിച്ചിരിക്കുന്നു. ഗ്രന്ഥത്തിന്റെ പകുതിയോളം ചികിത്സാസ്ഥാനമാണ്. ഹരിചന്ദ്രൻ, ചക്രപാണിദത്തൻ, ശിവദാസൻ തുടങ്ങിയവരാണ് ചരകന്റെ വ്യാഖ്യാതക്കന്മാർ.

പാണിനി ചരകസംഹിതയ്ക്ക് ഭാഷ്യം എഴുതിയതായി ഐതിഹ്യമുണ്ട്. ബുദ്ധമതകാലത്തിന്നു മുൻപാണ് ചരകന്റെ ജീവിതകാലമെന്ന് അഭിപ്രായമുള്ള ചരിത്രകാരന്മാരുണ്ട്. എന്നാൽ കനിഷ്കന്റെ സദസ്യനായിരുന്നു ചരകനെന്ന് ചീനയിലെ ചില ബൗദ്ധഗ്രന്ഥങ്ങളിൽ കാണുന്നതായി മറ്റുചിലർ പറയുന്നു. അത് ശരിയാണെങ്കിൽ എ.ഡി.ഒന്നാം ശതകമാണ് ചരകന്റെ ജീവിതകാലം.

ചരക്ക് (Commodity)

വില്പനയ്ക്കുള്ള വസ്തു. ചരക്കിന്റെ ലഭ്യത വിലയുമായി സാധാരണഗതിയിൽ ബന്ധപ്പെട്ടിരിക്കുന്നു. മറ്റു കാര്യങ്ങൾ തുല്യമാണെങ്കിൽ ചരക്കിന്റെ ലഭ്യതയും വിലയും വിപരീതാനുപാതത്തിലാണ്. ചോദനം (demand) കൂടുന്തോറും ചരക്കിന്റെ ഉത്പാദനം കൂടാനുള്ള സാധ്യത ഉണ്ട്. ചോദനം കൂടുമ്പോൾ വില കൂടാൻ സാധ്യത ഉണ്ടെങ്കിലും എപ്പോഴും അങ്ങനെ സംഭവിക്കണം എന്നില്ല. സ്വാതന്ത്ര്യപ്രക്ഷോഭകാലത്തു കുറഞ്ഞ വിലയ്ക്കു കിട്ടിയിരുന്ന ഗുണമേന്മയുള്ള മിൽ വസ്ത്രം ഉപേക്ഷിച്ചു വളരെ ആളുകൾ കൂടുതൽ വില കൊടുത്തു ഖദർ വാങ്ങിയിരുന്നു. വിലയോടൊപ്പം പ്രിയവും (ചോദനം) ചരക്കിന്റെ ലഭ്യത നിയന്ത്രിക്കുന്ന ഘടകമാണ്.

ചരക്കൊന്ന

ലെഗുമിനേസേ കുലത്തിൽപ്പെട്ട വൃക്ഷം. ശാസ്ത്രനാമം: *പെൽറ്റോഫോറം ഇനേർമ (Peltophorum inerme)*. ശ്രീലങ്കയിൽനിന്ന് കൊണ്ടുവന്ന അർധനിത്യഹരിതമരം. തണൽവൃക്ഷമായി വളർത്തുന്നു. ഇല 20-30 സെ.മീ. നീളത്തിൽ 10-15 ജോടി ചേർന്ന് പിച്ഛകങ്ങളായി കാണുന്നു. പിച്ഛകങ്ങൾ സമ്മുഖമായി വിന്യസിച്ചിരിക്കുന്നു. മാർച്ച്-മെയ് മാസങ്ങളാണ് പൂക്കാലം. പൂക്കൾ കുലയായി കണ്ടുവരുന്നു. പൂവിന് മഞ്ഞനിറം. ബാഹ്യദളങ്ങളും ദളങ്ങളും അഞ്ചുവീതം. കേസരം പത്ത്. ദളങ്ങളുടെ പുറവും കേസരതന്തുക്കളുടെ ചുവടും ലോമിലമാണ്. ഒരറയുള്ള ഊർധ്വവർത്തിയായ അണ്ഡാശയം. അനേകം ബീജാണ്ഡങ്ങൾ. ജൂലായ്-ഓഗസ്റ്റിൽ കായ വിളയും. നെടുകെ ഇരുവശത്തും 'ചിറകു'ണ്ട്. ഇതിന് 5-10 സെ.മീ. നീളവും 2-3 സെ.മീ.വീതിയുമുണ്ട്. രണ്ടറ്റവും കൂർത്തിരിക്കും. വിത്തുമുളച്ചാണ് പ്രജനനം.

ചരൺ

ഗുജറാത്തിലെ ഒരു ജാതി. ഇവർ ഗായകരും രാജാവിന്റെ സ്തുതിപാഠകരുമാണ്. രാജപുത്ര-ബ്രാഹ്മണസങ്കരവർഗമാണത്രേ ഇവർ. ഭാട്ടുകളുടേതിനു തുല്യമാണ് ഇവരുടെ ആചാരങ്ങൾ. മരിക്കേണ്ടിവന്നാലും ഇവർ വാഗ്ദാനപാലനം നടത്തും എന്നാണു പറയുന്നത്. ദേവന്മാരുടെ കൂട്ടത്തിലെ സ്തുതിപാഠകരായ 'ചാരണ'ന്മാരിൽ നിന്നാകാം ഇവർ 'ചരൺ' എന്ന പേര് ഇവർക്കു വന്നത്.

ചരൺദാസ് (1703—1782)

ദാർശനികനും ഗ്രന്ഥകാരനും. രാജപുത്താനയിൽ ഡേഹരാഗ്രാമത്തിൽ ജനിച്ചു. പിതാവു മുരളീധർ. മാതാവു കുഞ്ജി. 21 കൃതികൾ രചിച്ചതായി പറയുന്നു. *'പ്രജചരിത്', 'അമർലോക് അഖണ്ഡചരിത് വർണൻ', 'ധർമ ജഹാസ് വർണൻ', 'അഷ്ടാംഗയോഗവർണൻ', 'യോഗസന്ദേഹ് സാഗർ', 'പഞ്ചോപനിഷത്', 'ഭക്തിപദാർഥവർണൻ', 'ശബ്ദ് ഓർ ഭക്തി സാഗർ', 'നാസകേത് ലീലാ'* മുതലായവയാണു ഗ്രന്ഥങ്ങൾ. യോഗം, ജ്ഞാനം, കർമം, ഭക്തി, കൃഷ്ണകഥ മുതലായവ ആണു കൃതികളിലെ പ്രതിപാദ്യം. യോഗനിഷ്ഠനായ ഒരാളുടെ രീതിയിലാണ് ഇദ്ദേഹം ജീവിച്ചത്.

ചരൺസിങ്ങ് (1902—1987)

ഇന്ത്യൻ ദേശീയ നേതാവ്. 1979 ഓഗസ്റ്റ് മുതൽ 1980 ജനുവരി വരെ പ്രധാനമന്ത്രി. ഉത്തരേന്ത്യൻ കർഷകരുടെ അനിഷേധ്യനേതാവെന്ന നിലയ്ക്കാണു പ്രസിദ്ധി.

1902 ഡിസംബർ 23-ന് ഉത്തരപ്രദേശിലെ മീററ്റ് ജില്ലയിൽ നൂർപൂർ എന്ന സ്ഥലത്തു ജനിച്ചു. എം.എ.,എൽ.എൽ.ബി. ബിരുദങ്ങൾ നേടിയശേഷം ഘാസിയബാദിൽ അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടു. 1929-ൽ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിൽ ചേർന്നു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു തടവുശിക്ഷ അനുഭവിച്ചു. 1937-ൽ അന്നത്തെ യുണൈറ്റഡ് പ്രോവിഡൻസ് അസംബ്ലിയിലേക്കും തിരഞ്ഞെടുക്കപ്പെട്ടു. 1946-ൽ ഗോവിന്ദ് വല്ലഭ് പന്തിന്റെ മന്ത്രിസഭയിൽ പാർലിമെന്ററി സെക്രട്ടറി. യു.പി.യിൽ പിന്നീടു പല പ്രാവശ്യം മന്ത്രി ആയിരുന്നു. കൃഷി, റവന്യു, ട്രാൻസ്പോർട്ട്, ആഭ്യന്തരം, വനം തുടങ്ങിയ വകുപ്പുകളുടെ ചുമതല വഹിച്ചു. 1967-'68-ലും 1970-ലും യു.പി. മുഖ്യമന്ത്രി ആയിരുന്നു.



1969-ൽ 'ഭാരതീയ ക്രാന്തിദൾ' രൂപവത്കരിച്ചു. പിന്നീട് ആ കക്ഷിയെ 'ഭാരതീയ ലോകദ'ളിൽ ലയിപ്പിച്ചു. അടിയന്തരാവസ്ഥകാലത്തു തടവിൽ കഴിഞ്ഞു. പിന്നീടു ജനതാപാർട്ടിയുടെ സ്ഥാപക നേതാക്കളിൽ ഒരാളായി. ബി.എൽ.ഡി-യെ അതിൽ ലയിപ്പിച്ചു. 1977-ൽ ലോകസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. ജനതാഗവൺമെന്റിൽ മൊറാർജിയുടെ മന്ത്രിസഭയിൽ ആഭ്യന്തരമന്ത്രി ആയി. 1978-ൽ രാജിവച്ചു. വീണ്ടും ഡെപ്യൂട്ടിപ്രധാനമന്ത്രി ആയി മന്ത്രിസഭയിൽ ചേർന്നു. വീണ്ടും രാജിവച്ചു. പിന്നീടു കൂട്ടുമന്ത്രിസഭയിൽ പ്രധാനമന്ത്രിയായി. കെയർടേക്കർ ഗവൺമെന്റിൽ അടുത്ത തിരഞ്ഞെടുപ്പുവരെ തുടർന്നു. 1987 മെയ് 29-നു നിര്യാതനായി.

ചരൽ (Gravel)

മണൽത്തരികളെക്കാൾ വലിപ്പംകൂടിയ പാറക്കഷണങ്ങളുടെ ചെറുതോ വലുതോ ആയ നിക്ഷേപം. ചരൽക്കല്ലുകൾക്ക് 2 മി.മീ.-ൽ അധികം വ്യാസമുണ്ടാകും. ചില സ്ഥലങ്ങളിലെ ചരൽതിട്ടകളിൽ (gravel beds) ധാരാളമായി ലോഹധാതുനിക്ഷേപങ്ങളും കണ്ടുവരുന്നു; പ്രത്യേകിച്ചും ടിന്നിന്റെ മുഖ്യ അയിർ ആയ കാസ്സിറ്ററൈറ്റിൽ. കോൺക്രീറ്റ് ഉണ്ടാക്കാനായി ചരൽ ഉപയോഗിക്കുന്നു.

ചരൽക്കല്ല്ലുകളുടെ വലിപ്പമനുസരിച്ച്, അവയ്ക്ക് പ്രത്യേക സാങ്കേതിക സംജ്ഞകളുണ്ട്. 2 മുതൽ 64 വരെ മി.മീ. വരെ വ്യാസമുള്ളവയെ പെബിൾസ് (pebbles) എന്നും 64—256 മി.മീ. വ്യാസത്തിൽ വരുന്നവയെ കൊബിൾസ് (cobbles) എന്നും അതിനെക്കാൾ വലിപ്പമുള്ളവയെ ബോൾഡേഴ്സ് (boulders) എന്നും വിളിക്കുന്നു.

പുഴയിൽക്കൂടി ഒലിക്കുമ്പോഴത്തെ ഉരസലാണു ചരൽത്തരികളെ മൃദുലപ്പെടുത്തുന്നത്. ഇതു വന്നു കടൽക്കരകളിലോ, പുഴവക്കത്തോ അടിയുന്നു. അവിടെയുള്ള വെള്ളത്തിൻെറ ഒഴുക്ക് മണലിനെ അവിടെ നിർത്താൻ പറ്റിയതാവില്ല. മണലിൻെറയും കളിമണ്ണിൻെറയും തരികൾ ഏറെക്കുറെ ഒരേ രൂപമുള്ളതാകും. ചരലിനു ധാരാളം രൂപവ്യത്യാസങ്ങളുണ്ടാവും.

പലസ്ഥലത്തും, വേലിയേറ്റവും ഇറക്കവും അനുഭവപ്പെടാത്തിടത്തുപോലും ചരൽ കാണാം. ഇതു കടൽച്ചരലാണ്. ഇത്തരം ചരൽത്തിട്ടുകൾ വളരെ ദൂരത്തേക്കുണ്ടാവും. ഒരുകാലത്തു സമുദ്രം അതുവരെയുണ്ടായിരുന്നു എന്നതിനു തെളിവാണത്. ചരലിൽ ചെറിയ തരിക്കല്ല്ലു മുതൽ വലിയ കല്ലുവരെയുണ്ടാവാം. പുഴകളുടെ ഒഴുക്കിൽ വന്നതിനാൽ ചിലത് ഉരുളൻകല്ലായി മാറിയിട്ടുണ്ട്. ഇവയും ചരലും ചളിയും ചേർന്നതാണു കൺഗ്ലോമരേറ്റ് (conglomerate) ആവുന്നത്.

ചരസ്

കഞ്ചാവിൽനിന്ന് ഉത്പാദിപ്പിക്കുന്ന ഒരു മാദകദ്രവ്യം. † കഞ്ചാവ്, † മാദകദ്രവ്യങ്ങൾ നോക്കുക.

ചരിത്രം

ഭൂതകാലത്തെ പുനഃസൃഷ്ടിക്കാനും വിവരിക്കാനും വ്യാഖ്യാനിക്കാനുമുള്ള മനുഷ്യൻെറ ശ്രമം ഉൾക്കൊള്ളുന്ന രേഖ. 'ചരിത്രം' എന്ന പദത്തിനു സംഭവിച്ചത് എന്നാണ് അർഥം. ഭൂതകാലജ്ഞാനം കൗതുകശമനത്തിനു മാത്രമല്ല ഭാവി രൂപപ്പെടുത്താനും സഹായിക്കും എന്ന വിശ്വാസമാണ് ഭൂതകാലത്തെപ്പറ്റി അന്വേഷിക്കാനും കണ്ടെത്താനും വ്യാഖ്യാനിക്കാനും നിഗമനങ്ങളിൽ എത്താനും മനുഷ്യനെ പ്രേരിപ്പിച്ചത്. 'ദൃഷ്ടാന്തങ്ങൾകൊണ്ടു പഠിപ്പിക്കുന്ന ദർശനം' എന്നാണ് ഡയനീഷ്യസ് ചരിത്രത്തെ നിർവഹിക്കുന്നത്. ഇംഗ്ലീഷിലെ 'ഹിസ്റ്ററി' എന്ന വാക്ക് 'ഇസ്തോറിയ' (അന്വേഷണം, ഗവേഷണം) എന്ന ഗ്രീക്ക് പദത്തിൽനിന്ന് ഉദ്ഭവിച്ചതാണ്. ഭൂമിയുടെയും സൗരയൂഥത്തിൻെറയും പ്രപഞ്ചത്തിൻെറയും ഉദ്ഭവമോ ഏകകോശജീവിയായ അമീബയിൽനിന്ന് ഭീമാകൃതിയായ ദിനോസറിലേക്കും കുരങ്ങിൽനിന്ന് മനുഷ്യനിലേക്കും ഉള്ള പരിണാമമോ സാധാരണഗതിയിൽ ചരിത്രകാരൻെറ അന്വേഷണവിഷയമല്ല. സമൂഹജീവിയായ മനുഷ്യനെക്കുറിച്ചുള്ള പഠനമാണ് ചരിത്രം. ദാർശനികർ, യോദ്ധാക്കൾ, സമ്രാട്ടുകൾ, ശാസ്ത്രജ്ഞന്മാർ, കവികൾ, കലാകാരന്മാർ എന്നിവർ സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ വഹിച്ച പങ്കുകാരണമാണ് ചരിത്രകാരൻെറ ശ്രദ്ധാകേന്ദ്രങ്ങൾ ആകുന്നത്.

ചരിത്രപഠന പ്രയോജനം. ചരിത്രപഠനം കൗതുകശമനത്തിനു മാത്രമുള്ളതാണ് എന്നു കരുതുന്നവരുണ്ട്. 'അഭിപ്രായൈക്യമുള്ള നുണ' എന്നു നെപ്പോളിയനും 'പല നുണകളിൽനിന്ന് തിരഞ്ഞെടുത്ത യാഥാർഥ്യപ്രതീതിയുള്ള നുണ' എന്ന് റൂസ്സോയും ചരിത്രത്തെ അപവദിച്ചിട്ടുണ്ട്. എന്നാൽ ചരിത്രം ശാസ്ത്രമാണ്. മറ്റ് ശാസ്ത്രങ്ങളിൽനിന്നു വ്യത്യസ്തമായി ചരിത്രത്തിൽ ആത്മനിഷ്ഠതയുടെ അംശം കൂടുതലുണ്ട് എന്നത് ശരിയാണ്. ചരിത്രം ചരിത്രകാരൻെറ ഭൂതകാല നിരീക്ഷണത്തെയും വ്യാഖ്യാനത്തെയും ആധാരമാക്കുന്നതുകൊണ്ട് കുറെയൊക്കെ ആത്മനിഷ്ഠമാകാതെ തരമില്ല. റാങ്കേ, നെയ്ബഹ്ർ മുതലായ ചരിത്രകാരന്മാരുടെ വീക്ഷണത്തിൽ ചരിത്രം പ്രഭവങ്ങളെ ആധാരമാക്കിയുള്ള വസ്തുനിഷ്ഠപഠനമാണ്. ശാസ്ത്രാനുസാരം പ്രഭവങ്ങളെപ്പറ്റി പഠിച്ചാൽ 'അവ സ്വയം സംസാരിക്കും' എന്ന് അവർ വിശ്വസിച്ചു. ആത്മനിഷ്ഠമായ വ്യാഖ്യാനം ആവശ്യമില്ല എന്ന് അവർ പറഞ്ഞു. എന്നാൽ ഒന്നും പരമ സത്യമല്ല. സത്യത സാപേക്ഷമാണ് എന്നു പറയാം. 20-ാം നൂറ്റാണ്ടിലെ മഹായുദ്ധങ്ങളുടെ കാലത്ത് ഈ വീക്ഷണത്തിനു മുൻതൂക്കം ലഭിച്ചു.

ചരിത്രസാമഗ്രികൾ. സന്ധികൾ, കത്തുകൾ, ഔദ്യോഗികരേഖകൾ, വിധികൾ, റിപ്പോർട്ടുകൾ, ചരിത്രാവശിഷ്ടങ്ങൾ തുടങ്ങി സാഹിത്യകൃതികൾ, ഐതിഹ്യങ്ങൾ, സ്ഥലനാമങ്ങൾ മുതലായവ വരെ പലതും ചരിത്രകാരനു ലഭിക്കുന്ന അസംസ്കൃത സാധനങ്ങളാണ്. ഇവയെല്ലാം മറ്റു തെളിവുകളുടെ വെളിച്ചത്തിൽ മാത്രം തള്ളുകയോ കൊള്ളുകയോ ചെയ്യേണ്ടവയാണ്. പരസ്പരവിരുദ്ധമായ രേഖകളും കൃത്രിമരേഖകളും ഉണ്ടാകാം. യാഥാർഥ്യം മനഃപൂർവം മറച്ചുവയക്കുന്നതോ, അന്യഥാകരിക്കുന്നതോ ആയ രേഖകൾ ഉണ്ടാകാം. ഗർവോ, ദുരധികാര പ്രമത്തതയോ, വൈകാരികതയോ കൊണ്ട് മലിനമാകാം ഇതിഹാസങ്ങളും ജീവചരിത്രങ്ങളും. ഏതു തെളിവും സ്ഥിരീകരണംകൊണ്ടേ വിശ്വാസ്യമാകൂ.



ഹെറോദോത്തസിൻെറ
ഊർധ്വകായപ്രതിമ

ചരിത്രലേഖനം. ചരിത്രലേഖനശാസ്ത്രം വളർച്ച പ്രാപിച്ചത് അടുത്തകാലത്തുമാത്രാണ്. എങ്ങനെ ചരിത്രം രേഖപ്പെടുത്തണം. ഏതെല്ലാം പ്രഭവങ്ങൾ സ്വീകാര്യമാണ്. ഓരോന്നിൻെറയും വിശ്വാസ്യത എങ്ങനെ പരിശോധിക്കണം മുതലായ കാര്യങ്ങൾ ചരിത്രകാരൻ അറിഞ്ഞിരിക്കണം. ചരിത്രം ശാസ്ത്രവും കലയുമാണെന്ന ബോധം ചരിത്രകാരന് ഉണ്ടായിരിക്കണം. പൂർണമായ വസ്തുനിഷ്ഠത ഒരിക്കലും സാധ്യമല്ല. ഭൂതകാല പുനഃസൃഷ്ടിക്കുള്ള പ്രഭവങ്ങൾ പ്രധാനമായും രേഖകൾ ആകണം. ശിലാശാസനങ്ങൾ, മെഡലുകൾ, നാണയങ്ങൾ, വിളംബരങ്ങൾ, വിധികൾ, സന്ധികൾ, സഞ്ചാരക്കുറിപ്പുകൾ, ഔദ്യോഗിക എഴുത്തുകുത്തുകൾ, സ്വകാര്യക്കത്തുകൾ, ഡയറികൾ, പത്രവാർത്തകൾ എന്നിങ്ങനെ അവയുടെ ലോകം വിശാലമാണ്. പരസ്പരം പൊരുത്തപ്പെടുന്നവയും സംഭവ്യമായ പരിതഃസ്ഥിതികളുമായി പൊരുത്തപ്പെടുന്നവയുമായ രേഖകൾ മാത്രമേ സ്വീകാര്യമാകൂ. രേഖകളുടെ സാധുത്വം ആദ്യംതന്നെ പരീക്ഷിച്ച് അറിയണം. ലിപികളും കയ്യെഴുത്തുകളും ശൈലികളും ഭാഷയും മറ്റും വ്യാജരേഖകൾ തിരിച്ചറിയാൻ സഹായകമാണ്. ഇത്തരം ആന്തരപരിശോധനകൾക്കു പുറമെ അക്കാലത്തെപരിതഃസ്ഥിതികൾ കണക്കിലെടുത്തുംകൊണ്ട് ബാഹ്യപരിശോധനകളും നടത്തിയിട്ടാണ് രേഖകൾ സ്വീകരിക്കുന്നത്.

ഗ്രീക്കോ-റോമൻ ചരിത്രലേഖനം. † ഹെറോദോത്തസ്, †തൂസിദിദേസ് എന്നിവരാണ് ആദ്യകാല ചരിത്രകാരന്മാർ. അയോണിയയിൽ ആണ് ആദ്യം ചരിത്രലേഖനം ആരംഭിച്ചത്. ഹെറോദോത്തസ് ബി.സി. അഞ്ചാംനൂറ്റാണ്ടിലാണ് എഴുതുന്നത്. സഞ്ചരിച്ച് അന്വേഷണം നടത്തിയാണ് അദ്ദേഹം ചരിത്രം രേഖപ്പെടുത്തിയത്. പെലപ്പൊനേഷ്യൻ യുദ്ധത്തിൻെറ ചരിത്രം എഴുതിയ തൂസിദിദേസ് കുറച്ചുകൂടി അർവാചീനനായിരുന്നു. ബി.സി.396-ൽ അദ്ദേഹം മരിച്ചു. അന്നത്തെ ജനതയുടെ ചരിത്രം, പിൻഗാമികൾ അറിയാൻ വേണ്ടിയാണ് താൻ എഴുതുന്നതെന്ന് ഹെറോദോത്തസ് പറയുന്നു. ആദ്യ ചരിത്ര

ആരനൾഡ് ടോയൻബി

കാരൻ ഹെറോദോത്തസ് ആണെങ്കിലും ചരിത്രത്തിനു വിശ്വാസ്യത നല്കിയ ആദ്യ ചരിത്രകാരൻ തൂസിദിദേസ് ആണ്. രണ്ടുപേരും നിഷ്പക്ഷത ദീക്ഷിച്ചു. എന്നാൽ തൂസിദിദേസ് കഥാപാത്രങ്ങളെക്കൊണ്ട് സംസാരിപ്പിച്ചത് തന്റെ ഭാവനാവിലാസവും വാഗ്മിത്വവും വ്യക്തമാക്കാനായിരുന്നു. ചരിത്രത്തിന്റെ ആദികർതൃത്വം ഹെറോദോത്തസിനുള്ളതാണ്.

ഗ്രീക്ക് ചരിത്രകാരന്മാരിൽ പ്രമുഖൻ പൊളീബിയസ് ആണ്. മധ്യധരണിക്കടൽത്തീരങ്ങളുടെ മുഴുവൻ കഥയാണ് അദ്ദേഹം എഴുതിയത്. റോമൻ സാമ്രാജ്യത്തിന്റെ വിസ്തൃത ചരിത്രം അദ്ദേഹത്തിൽനിന്നു ലഭിച്ചു. പഠനം, സഞ്ചാരം, അനുഭവം ഇവ മൂന്നും ചരിത്രരചനയിൽ അദ്ദേഹത്തെ അദ്വിതീയനാക്കി.

മധ്യയുഗം. ആദ്യകാല ക്രിസ്ത്യൻ ചരിത്രകാരന്മാർ ആധ്യാത്മിക ജീവിതത്തിനു നല്കിയ പ്രധാന്യം കാരണം ഭൗതികകാര്യങ്ങളെ പലപ്പോഴും അവഗണിച്ചു. ബേദെയുടെ(673-735) '*ഇംഗ്ലീഷ് ജനതയുടെ വൈദികചരിത്രം*' ഒരു ചരിത്രഗ്രന്ഥമായി ഗണിക്കാം. 12-ാം നൂറ്റാണ്ടിലാണ് ചരിത്രരചന, ഒരു സഹസ്രാബ്ദത്തിലധികംനീണ്ട അപചയത്തിനുശേഷം പുരോഗതിയുടെ പാതയിൽ എത്തുന്നത്. 1154-ൽ ഉണ്ടായ ആംഗ്ലോ-സാക്സൺ ക്രോണിക്ക്ൾ ചരിത്രത്തെ ചില മഹാസംഭവങ്ങളുടെ അടിസ്ഥാനത്തിൽ യുഗങ്ങളായി തിരിച്ചു പ്രതിപാദിക്കുന്നരീതി ആരംഭിച്ചതും മധ്യയുഗത്തിലാണ്. ഈശ്വരേച്ഛയാണ്, മനുഷ്യപ്രയത്നമല്ല ചരിത്രം രൂപപ്പെടുത്തുന്നത് എന്ന ധാരണയും ക്രമേണ മാറിവന്നു.

നവോത്ഥാനത്തിനുശേഷം. 14-ാം നൂറ്റാണ്ടിൽ യൂറോപ്യൻ ചിന്താധാര നൂതനസരണികളിലൂടെ പ്രവഹിക്കാൻ തുടങ്ങി. വിശ്വാസത്തിന്റെ സ്ഥാനത്ത് അന്വേഷണത്വര സ്ഥാനംപിടിച്ചു. ചരിത്രകാരന്മാർ മനുഷ്യനെ പ്രകൃതിയുടെ കേന്ദ്രമായി കണ്ടു. ദേശീയ രാഷ്ട്രങ്ങളുടെ ആവിർഭാവം ചരിത്രം രൂപപ്പെടുത്തുന്നതിൽ മനുഷ്യപ്രയത്നത്തിനുള്ള പ്രധാന്യം അംഗീകരിക്കാൻ ചരിത്രകാരന്മാരെ നിർബന്ധിതരാക്കി. 1440-ൽ ലോറൻസോ എഴുതിയ *കോൺസ്റ്റന്റയിന്റെ സംഭാവന* ചരിത്രത്തിൽ വിമർശനത്തിനുള്ള പ്രധാന്യം വ്യക്തമാക്കി.

ഫ്ളേവിയോ ബിയോൻഡോയുടെ '*ഹിസ്റ്ററി ഫ്രം ദ ഡിക്ലൈൻ ഓഫ് ദ റോമൻ എമ്പയർ*' മാക്കിയവല്ലിയുടെ *പ്രിൻസ്, ഹിസ്റ്ററി ഓഫ് ഫ്ളോറൻസ്* ഇവ ചരിത്ര-രാഷ്ട്രീയ വീക്ഷണങ്ങളിൽ വമ്പിച്ച മാറ്റം വരുത്തി. ചരിത്രരചനയിൽ ഒരു നൂതനാധ്യായം ഉദ്ഘാടിതമാകാൻ 'ഫ്ളോറൻസിന്റെ ചരിത്രം' വഴിതുറന്നു.

†ബേക്കൺ, ദെക്കാർത്ത് ഇവർ ശാസ്ത്രത്തെ സമൂഹസാത്കരിക്കുന്നതിൽ ബദ്ധശ്രദ്ധരായി. യുക്തിബോധം നിരീക്ഷണത്തിലും വ്യാഖ്യാനത്തിലും സ്വാധീനം ചെലുത്താൻ തുടങ്ങിയത് ഇവരുടെ ഗ്രന്ഥങ്ങളിലും ലേഖനങ്ങളിലും കൂടിയാണ്. ചരിത്രത്തെ സാംസ്കാരിക പുരോഗതിയായി വീക്ഷിക്കാൻ ഇത് ജനങ്ങളെ പ്രേരിപ്പിച്ചു. ഭൂതകാലപഠനം ഭാവിയെ രൂപപ്പെടുത്തുന്നതിൽ സഹായകം ആകാമെന്ന ചിന്ത ഇതോടെ ഉടലെടുത്തു. മുൻവിധികൾക്കും സിദ്ധാന്തങ്ങൾക്കും ശാസ്ത്രത്തിലെന്നപോലെ ചരിത്രത്തിലും സ്ഥാനമില്ലെന്നുവന്നു. ബേക്കണിന്റെ '*ഹിസ്റ്ററി ഓഫ് ദ റെയ്ൻ ഓഫ് ഹെൻറി VII*' ചരിത്രരചനയിൽ ഒരു പുതിയ കാൽവയ്പാണ്.

ചരിത്രദർശനം. ചരിത്രത്തിന്റെ മണ്ഡലം ക്രമേണ വ്യാപകമായിക്കൊണ്ടുവന്നു. 18-ഉം 19-ഉം നൂറ്റാണ്ടുകളിൽ ചരിത്രദർശനത്തിനു പുതിയ മാനങ്ങൾ കൈവന്നു. വോൾത്തേർ മുതലായവർ അവരുടെ നോട്ടം ഇന്ത്യ, ചൈന മുതലായ പൗരസ്ത്യരാജ്യങ്ങളിലേക്കുകൂടി തിരിച്ചു. അങ്ങനെ ആഗോളവീക്ഷണം ചരിത്രത്തിനു ഗാംഭീര്യം പ്രദാനംചെയ്തു. അക്ഷയമായ പ്രതിഭയും ഉജ്വലമായ വീക്ഷണവും കൊണ്ടു വോൾത്തേർ ഒരു നൂതന ബോധോദയത്തിനു കളമൊരുക്കി. കവിയും വിമർശകനും നാടകകൃത്തും നോവലിസ്റ്റും ചിന്തകനും രാഷ്ട്രമീമാംസകനും ദാർശനികനും ആയിരുന്നു അദ്ദേഹം. ഫ്രാൻസിൽ നവോത്ഥാനത്തിനും നവീകരണത്തിനും സാരഥി ആയതു വോൾത്തേർ ആണ്. *ദ ഹിസ്റ്ററി ഓഫ് ചാൾസ് XII, ദ കിങ് ഓഫ് സ്വീഡൻ* എന്ന കൃതിയിൽ ചാൾസിന്റെ പുതിയ മുഖം അദ്ദേഹം വരച്ചുകാട്ടി. ആ രാജാവു സ്വീഡനുചെയ്ത ദ്രോഹം വ്യക്തമാക്കി. ലൂയി പതിന്നാലാമന്റെ യുഗം ചരിത്രരചനയിൽ ഒരു നൂതനയുഗത്തിന്റെ പ്രാരംഭംകുറിച്ചു. തന്റെതു രാഷ്ട്രീയമോ സൈനികമോ ആയ ചരിത്രമല്ല കലയുടെയും വാണിജ്യത്തിന്റെയും നാഗരികതയുടെയും, ഒറ്റവാക്കിൽ മനുഷ്യമനസ്സിന്റെ ചരിത്രമാണ് എന്ന് അദ്ദേഹം പറഞ്ഞു. യോദ്ധാക്കളെക്കാൾ അധികം കവികളെയും ശാസ്ത്രജ്ഞരെയും ദാർശനികരെയും ചിത്രീകരിക്കുന്നതിൽ അദ്ദേഹം ശ്രദ്ധിച്ചു. അഖണ്ഡചരിത്രത്തിന്റെ ആദ്യദൃഷ്ടാന്തമാണ് ഈ കൃതി.

പരസ്പരസംബന്ധമല്ലാത്ത സംഭവങ്ങളുടെ വിവരണം ആയിരുന്നു അതുവരെയുള്ള ചരിത്രം. കൂട്ടക്കൊലകളുടെയും കുറ്റങ്ങളുടെയും അനന്തമായ പരമ്പരയല്ല ചരിത്രം. സങ്കീർണതകളിലും അസംബദ്ധതകളിലുംകൂടി ഉരുത്തിരിയുന്ന ഒരു വ്യക്തമായ സങ്കലിതരൂപം അതാണ് ചരിത്രം. *എസ്സേ ഓൺ ദ മോറൽസ് ആൻഡ് കാരക്ടർ ഓഫ് ദ നേഷൻസ്* ചാർലിമേന്റെ കാലംമുതൽ ലൂയിXIII -ന്റെ കാലംവരെയുള്ള മാനവസമൂഹത്തിന്റെ സാന്മാർഗിക-സാമൂഹിക-സാമ്പത്തിക-കലാപര-സാഹിതീയ പരിണാമത്തിന്റെ സമഗ്രചിത്രം വരച്ചുകാട്ടി. എങ്കിലും വിധികർത്താവിന്റെനിലയിൽ വ്യക്തികളുടെമേൽ തീർപ്പുകൾ കല്പിച്ചതിന് അദ്ദേഹത്തെ വിൽഡ്യൂറന്റ് വിമർശിച്ചിട്ടുണ്ട്.

†ഗിബൺ (1737-1794) റോമിന്റെ മഹത്വവും അധഃപതനവും തന്റെ കൃതിയിൽ ചിത്രീകരിച്ചതു വോൾത്തേറെ നേരിട്ടുകണ്ട് അദ്ദേഹത്തിന്റെ ആശയങ്ങൾ ഉൾക്കൊണ്ടശേഷമാണ്. *ഡിക്ലൈൻ ആൻഡ് ഫാൾ ഓഫ് ദ റോമൻ എംപയർ* വളരെ വേഗം ജനപ്രീതി ആർജിച്ചു. റോമിന്റെ അധഃപതനത്തിനു കാരണം ക്രിസ്തുമതം ആണെന്ന് പരോക്ഷമായി അദ്ദേഹം സൂചിപ്പിച്ചു. പ്രാർഥനയും യാചനയും ആദരണീയമെന്ന് പഠിപ്പിച്ച മതം സൃഷ്ടിച്ച അകർമണ്യത റോമിന്റെ മഹത്വത്തെ അധഃപതിപ്പിച്ചതായി അദ്ദേഹം കണ്ടു. വഞ്ചനകൊണ്ട് കെട്ടിപ്പടുത്ത സാമ്രാജ്യത്തെ ഹിംസകൊണ്ട് പള്ളിമതം സംരക്ഷിച്ചുവെന്ന് അദ്ദേഹം ആരോപിച്ചു. കോൺസ്റ്റാന്റിനോപ്പിളിന്റെ പതനംവരെയുള്ള ചരിത്രം ആറു പുസ്തകങ്ങളിലായി അദ്ദേഹം ചിത്രീകരിച്ചു. യുക്തിബോധവും ദാർശനികതയും ചരിത്രരചനയെ ഉജ്വലമാക്കുന്നതിനു ദൃഷ്ടാന്തമാണ് ഗിബണിന്റെ കൃതി. †*കാൾ മാർക്സും എംഗൽസും* മാർക്സിന്റെ ചരിത്രദർശനം ചരിത്രത്തെ വീക്ഷിക്കയും വ്യാഖ്യാനിക്കയും ചെയ്യുന്നതിൽ പുതിയ ഒരു ഉൾക്കാഴ്ച പ്രദാനം ചെയ്തു. മറ്റ് ഏതു ചരിത്രവ്യാഖ്യാതാവിനെക്കാളും മനുഷ്യനെ സ്വാധീനിക്കാൻ മാർക്സിനു കഴിഞ്ഞു. സ്വകാര്യസ്വത്തിന്റെ ഉദ്ഭവത്തോടെ ഉള്ളവരും ഇല്ലാത്തവരും തമ്മിൽ ആരംഭിച്ച വർഗസമരം ആണ് മനുഷ്യചരിത്രത്തിന്റെ പിന്നിൽ എന്നും വർത്തിച്ച മൗലികശക്തി എന്ന് അദ്ദേഹം പറഞ്ഞു. വൈരുദ്ധ്യാത്മക ഭൗതികവാദസിദ്ധാന്തം അനുസരിച്ച് ഏതു സാമൂഹികസംവിധാനത്തിലും അതിനോട് എതിർപ്പുള്ള മറ്റൊരു സാമൂഹികശക്തി ഉരുത്തിരിഞ്ഞുവരും. നിലവിലുള്ള സ്ഥിതി സംരക്ഷിക്കുന്ന ശക്തിയും അതിനെ എതിർക്കുന്ന ശക്തിയും തമ്മിലുള്ള സർഗാത്മക സംഘട്ടനത്തിൽനിന്ന് സംജാതമാകുന്ന കൂടുതൽ ഉത്കൃഷ്ടമായ സമന്വയമാണ് സാമൂഹികപുരോഗതിയുടെ അടിസ്ഥാനം. ചൂഷിത-ചൂഷക വർഗങ്ങളുടെ പരസ്പര കലഹത്തിന്റെ ചരിത്രംതന്നെയാണ് മനുഷ്യന്റെ സാംസ്കാരിക ചരിത്രം. *ദസ് കാപ്പിറ്റൽ* ആണ് മാർക്സിന്റെ പ്രശസ്ത കൃതി. എംഗൽസും ഇതേ കാഴ്ചപ്പാടുതന്നെ പ്രകടിപ്പിച്ചു.

† ആർനൾഡ് ടോയൻബി *എ സ്റ്റഡി ഓഫ് ഹിസ്റ്ററി* എന്ന തന്റെ ഗ്രന്ഥത്തിൽ ടോയൻബി ഇതുവരെ ലോകത്തിലുണ്ടായിട്ടുള്ള നാഗരികതകളുടെ ഉദ്ഭവപരിണാമങ്ങൾ പരിശോധിക്കുന്നു. 20-23 നാഗരികതകളെപ്പറ്റി അദ്ദേഹം പറയുന്നുണ്ട്. സമൂഹം അതിനെ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ ഫലപ്രദമായും രചനാത്മകമായും നേരിടുമ്പോൾ (Challenge and response) ഒരു പുതിയ നാഗരികത

ഉടലെടുക്കുന്നു എന്നാണ് അദ്ദേഹം പറയുന്നത്. സമൂഹത്തിനു മാർഗദർശനം നല്കേണ്ട നേതാക്കളും അഭിജ്ഞന്യൂനപക്ഷവും അകർമണ്യരാകുക, ബഹുജന ഭൂരിപക്ഷത്തിന് അവരോട് കൂറില്ലാതാകുക, സമൂഹത്തിൻെറ ഐക്യദാർഢ്യം നശിക്കുക- ഇതെല്ലാം ചേർന്ന് നാഗരികത ക്ഷയോന്മുഖമാകുന്നുവെന്നും അദ്ദേഹം പറയുന്നു. കാലപ്പഴക്കംകൊണ്ട് ദുർബലമായ സംഘടനയെ രക്ഷിക്കാനുള്ള ശ്രമം പൊട്ടിത്തെറിയിലും വിപ്ലവത്തിലും അവസാനിക്കുന്നു എന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്.

ചരിത്രരചനാരീതിയിലും ചരിത്രവീക്ഷണത്തിലും വന്നിട്ടുള്ള ഇത്തരം മാറ്റങ്ങൾ കണക്കിൽ എടുത്തുകൊണ്ടല്ല ഇന്നും നമ്മുടെ ചരിത്രഗ്രന്ഥങ്ങൾ വിരചിതമായിട്ടുള്ളത്. പഴയ മട്ടിൽ രാജ്യങ്ങളുടെയും സാമ്രാജ്യങ്ങളുടെയും ഉദ്ഭവപരിണാമങ്ങൾ വിവരിക്കുന്ന രാഷ്ട്രീയാതിപ്രസരമുള്ള ചരിത്രഗ്രന്ഥങ്ങൾ പുതിയ കാഴ്ചപ്പാടിൽ ഉടച്ചുവാർക്കാനുള്ള ശ്രമം ഇന്നും വിരളമായേ നടക്കുന്നുള്ളൂ.

ഭാരതത്തിൽ. ചരിത്രരചനയിൽ വിമുഖരായിരുന്നു ഭാരതീയർ എന്ന ആരോപണം പ്രബലമാണ്. സംസ്കൃതത്തിലെ പല ചരിത്രങ്ങളും രാജാക്കന്മാരുടെ വംശാവലിക്കും അപദാനങ്ങൾക്കുമാണ് പ്രാധാന്യം നല്കിക്കാണുന്നത്. ഇന്ത്യയിലെ ചരിത്രകാരന്മാർ കവികൾകൂടി ആയിപ്പോയതുകൊണ്ട് അവർ എന്തും പൊടിപ്പും തൊങ്ങലുംവച്ച് വർണിച്ചു. കശ്മീരുകാരനായ കല്ഹണൻെറ *രാജതരംഗിണി* ചരിത്രപരമായ വിവരം നല്കുന്ന പഴയ കൃതിയാണ്.

എ.ഡി. 1148-ലാണ് ഇതിൻെറ രചന എന്ന് തീർച്ചപ്പെടുത്തിയിട്ടുണ്ട്. ഇതിൽ എണ്ണായിരത്തോളം ശ്ലോകങ്ങളുണ്ട്. ആദ്യഭാഗങ്ങൾ പുരാണംപോലെയാണ് രചിക്കപ്പെട്ടിട്ടുള്ളത്. കവി ജീവിച്ചിരുന്ന കാലഘട്ടത്തിൽ എത്തുമ്പോൾ മാത്രമേ ചരിത്രത്തിൻെറ സ്വഭാവം കാട്ടുന്നുള്ളൂ. കേരളീയ സംസ്കൃതകൃതിയായ മൂഷികവംശം, ഏഴിമലയിലുണ്ടായിരുന്ന മൂഷികവംശരാജാക്കന്മാരുടെ കഥ, കെട്ടുകഥകളും ചരിത്രവും ഇടകലർത്തി പ്രതിപാദിക്കുന്നു.

പാശ്ചാത്യ സമ്പർക്കത്തിനുശേഷം ഭാരതീയ പണ്ഡിതന്മാർ ചരിത്രരചനയിൽ കൂടുതൽ തത്പരരായിത്തീർന്നു. വേദങ്ങളിലും പുരാണങ്ങളിലും ചിന്നിച്ചിതറിക്കിടക്കുന്ന ചരിത്രാംശങ്ങളെ കണ്ടെത്തുന്നതിൽ തിലകൻ, ഭണ്ഡാർക്കർ സുക്തംകർ, പുസേൽക്കർ മുതലായ പ്രശസ്ത മഹാരാഷ്ട്ര പണ്ഡിതന്മാർ വളരെ വിജയം വരിച്ചിട്ടുണ്ട്.

ഇന്ത്യയിലെ പുരാവസ്തുവകുപ്പിൻെറ നേതൃത്വത്തിൽ നടന്ന അന്വേഷണങ്ങളും കണ്ടുപിടിത്തങ്ങളും ചരിത്രത്തിൽ വിട്ടുപോയ അനേകം കണ്ണികളെ കൂട്ടിച്ചേർക്കുന്നതിനു സഹായിച്ചു. അലക്സാണ്ടർ കണ്ണിങ്ങാം, സർ ജോൺ മാർഷൽ, ആർ.ഡി.ബാനർജി, മോർട്ടിമർ വീലർ മുതലായവരുടെ സേവനങ്ങൾ ഈ വിഷയത്തിൽ വളരെ വിലപ്പെട്ടതാണ്. പേർസ്യൻ രേഖകളിലൂടെ മുഗൾചരിത്രം പഠിക്കുന്നതിൽ യുദുനാഥ സർക്കാർ, എ.എൽ.ശ്രീവാസ്തവ, താരാചന്ദ് മുതലായവർ ഗണ്യമായ സംഭാവനകൾ നല്കി. ഈ ചരിത്രകാരന്മാർക്ക് ആധാരഭൂതമായിരുന്ന അറബി-പെർസ്യൻ രേഖകൾ നിർമിച്ച സമകാലിക മുസ്ലിം ചരിത്രകാരന്മാർ മതപണ്ഡിതന്മാർകൂടി ആയിരുന്നതിനാൽ ഇസ്ലാംദർശനത്തിൻെറ കണ്ണിലൂടെയാണ് അവർ ചരിത്രസംഭവങ്ങളെ കണ്ടത് എന്ന കാര്യം വിസ്മരിച്ചുകൂടാ.

ആധുനികകാലത്തെ ഭാരതീയ ചരിത്രപണ്ഡിതന്മാരിൽ പ്രമുഖരായ എസ്.കൃഷ്ണസ്വാമി അയ്യങ്കാർ, കെ.എ.നീലകണ്ഠശാസ്ത്രി (ദക്ഷിണഭാരത ചരിത്രം), രാധാ കുമുദ് മുഖർജി, ആർ.സി.മജ്ഞുംദാർ(അഡ്വാൻസ്ഡ് ഹിസ്റ്ററി ഒഫ് ഇന്ത്യ), കെ.എം.പണിക്കർ(സർവേ ഒഫ് ഇന്ത്യൻ ഹിസ്റ്ററി, ഏഷ്യ ആൻഡ് വെസ്റ്റേൺ ഡോമിനെൻസ്), ജവാഹർലാൽ നെഹ്റു(ഡിസ്കവറി ഒഫ് ഇന്ത്യ, ഗ്ലിംപ്സെസ് ഒഫ് വേൾഡ് ഹിസ്റ്ററി) ഡി.ഡി.കോസാംബി എന്നിവർ ചരിത്രത്തെ പഴയ സാമ്രാജ്യത്വവീക്ഷണത്തിൽനിന്ന് മോചിപ്പിച്ച് ദേശീയവീക്ഷണത്തിൻെറ അടിസ്ഥാനത്തിൽ പുനഃപരിശോധിച്ച പ്രഗല്ഭന്മാരാണ്.

ചരിത്രനാടകങ്ങൾ

ചരിത്രത്തിൻെറ പശ്ചാത്തലത്തിൽ എഴുതപ്പെട്ട നാടകങ്ങൾ. ചരിത്രപുരുഷന്മാരെയും അവരുടെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന ആളുകളുടെ മാതൃകയിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള സാങ്കല്പിക കഥാപാത്രങ്ങളെയും ഉൾക്കൊള്ളിച്ചു രചിക്കപ്പെടുന്നു. നായകനോ നായികയോ മിക്കവാറും ചരിത്രപ്രഖ്യാതരായ കഥാപാത്രങ്ങളാവാറാണു പതിവ്. ഷെയ്ക്സ്പിയറുടെ *ഹെന്റി ആറാമൻ* (1589), *റിച്ചേഡ് മൂന്നാമൻ* (1592), *ഹെന്റി നാലാമൻ* (1596), *ജൂലിയസ് സീസർ* (1600) എന്നിവയാണ് ഇംഗ്ലീഷ് സാഹിത്യത്തിലെ പ്രസിദ്ധ ചരിത്രനാടകങ്ങൾ. ഇംഗ്ലീഷ് ചരിത്ര നാടകങ്ങളാണ് ഇന്ത്യയിൽ ചരിത്രനാടകങ്ങൾക്കു മാതൃകകളായിത്തീർന്നത്. ബംഗാളി സാഹിത്യകാരനായ ജ്യോതിരിന്ദ്ര ടാഗൂറാ(1848-1925)ണ് ഇന്ത്യയിലെ ആദ്യത്തെ ചരിത്ര നാടകകൃത്ത്. രാജപുത്രരുടെ ചരിത്രത്തെ ആധാരമാക്കി ഇദ്ദേഹം രചിച്ച *സരോജിനി* (1875), *അശ്രുമതി* (1879) എന്നിവയാണ് ആദ്യകാലത്തെ ചരിത്രനാടകങ്ങൾ. ബംഗാളിലെ ദ്വിജേന്ദ്രലാൽ റായിയാണ് (1863-1913) മറ്റൊരു പ്രമുഖ ചരിത്രനാടകകാരൻ. *നൂർജഹാൻ* (1907), *മേവാഡ്പതൻ* (1908), *ഷാജഹാൻ* (1910) എന്നിവയടക്കം ഒരു ഡസനോളം ചരിത്രനാടകങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്.

ദ്വിജേന്ദ്രലാലിൻെറ ചരിത്രനാടകങ്ങളുടെ വിവർത്തനം എന്ന നിലയിലാണ് മലയാളത്തിൽ ചരിത്രനാടകങ്ങളുടെ തുടക്കം. 1919-ൽ *ചന്ദ്രഗുപ്തൻ* എന്ന നാടകം കെ.മാമ്മൻ മലയാളഭാഷയിൽ വിവർത്തനം ചെയ്തു. 1925-ൽ ഇദ്ദേഹം തന്നെ ഷാജഹാൻ എന്ന നാടകവും പരിഭാഷപ്പെടുത്തി. 1926-ലാണ് മലയാളത്തിൽ ആദ്യത്തെ സ്വതന്ത്ര ചരിത്രനാടകമായ *സീതാലക്ഷ്മി* പ്രസിദ്ധീകരിക്കപ്പെടുന്നത്. ഈ.വി.കൃഷ്ണപിള്ളയാണ് നാടകകൃത്ത്. ഈ വി.യുടെതന്നെ *രാജാ കേശവദാസൻ* (1927), *ഇരവിക്കുട്ടിപ്പിള്ള* (1933) എന്നിവയും കൈനിക്കര പദ്മനാഭപിള്ളയുടെ *വേലുത്തമ്പി ദളവ* (1932), *സ്വാതി തിരുനാൾ* (1966) ജഗതി എൻ.കെ.ആചാരിയുടെ *ഇളയിടത്തു റാണി* (1924), *ഉമ്മിണിത്തങ്ക (1960)* കെ.പദ്മനാഭൻ നായരുടെ *കുഞ്ഞാലിമരയ്ക്കാർ* (1957)' സ്വാമി ബ്രഹ്മവ്രതൻെറ *അനാർക്കലി അഥവാ അശ്രുകുടീരം* (1941), *ചിതോരത്തിലെ ചിതാഭസ്മം* (1956), *പഴശ്ശിരാജാ* (1957) എന്നിവയാണ് മലയാളത്തിലെ പ്രസിദ്ധമായ ചില ചരിത്രനാടകങ്ങൾ.

ചരിത്രപേടകം (Time Capsule)

ഉരുക്കുപേടകത്തിൽ അടക്കം ചെയ്ത ഇന്ത്യാചരിത്രരേഖകൾ. 1973 ഓഗസ്റ്റ് 15-ന് ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗന്ധി സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ 25 വർഷത്തെ ചരിത്രം രേഖപ്പെടുത്തിയ ചെമ്പുതകിടുകളും മൈക്രോഫിലിമുകളും ഒരു പെട്ടിയിൽ അടക്കം ചെയ്തു ചെങ്കോട്ടയിലെ ലാഹോറി ഗേറ്റിനു പുറത്തു ഭൂമിക്കടിയിൽ ആഴത്തിൽ നിക്ഷേപിച്ചു. ഭരണഘടനാനിർമാണസഭയിലെ പ്രഭാഷണങ്ങളും ഭരണഘടനയുടെ മൈക്രോഫിലിമുകളും ഭക്രാഅണക്കെട്ടിൻെറ ചിത്രവും വിവരണങ്ങളും അതിൽ ഉണ്ടായിരുന്നു. 1947 മുതലുള്ള മുഖ്യചരിത്രസംഭവങ്ങൾ അതിൽ രേഖപ്പെടുത്തിയിരുന്നു. ജനതാഗവൺമെൻറിൻെറ കാലത്തു പുറത്തെടുത്തു പരിശോധിച്ചപ്പോൾ ഇതിൻെറ ഉള്ളടക്കം പക്ഷപാതപരമായി രചിച്ച ചരിത്രമാണെന്നു (സുഭാസ് ബോസിനെയും മറ്റും അവഗണിച്ചുകൊണ്ട്) കണ്ടു തിരുത്തലുകൾ വരുത്തി മന്ത്രിസഭയുടെ അംഗീകാരത്തോടെ പുനഃസ്ഥാപിച്ചു.

ചരിത്രാഖ്യായികകൾ

ചരിത്രസംഭവങ്ങളുടെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ആഖ്യായികകൾ. ചരിത്രപുരുഷന്മാരോടൊപ്പം അവർ ജീവിച്ച കാലഘട്ടത്തിൽ ജീവിച്ചിരുന്ന ആളുകളുടെ മാതൃകയിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള സാങ്കല്പിക കഥാപാത്രങ്ങളും ചരിത്രാഖ്യായികകളിൽ ഉണ്ടാവാറുണ്ട്. ഇംഗ്ലീഷ് സാഹിത്യത്തിലെ പ്രഖ്യാത ചരിത്രാഖ്യായികാകാരനായ സർ വാൾട്ടർ സ്കോട്ടിൻെറ അഭിപ്രായത്തിൽ ചരിത്രാഖ്യായികയിൽ കണക്കിലധികം ചരിത്രവസ്തുതകളുണ്ടാകുന്നതും പ്രധാന കഥാപാത്രങ്ങൾ ചരിത്രപുരുഷന്മാരാവുന്നതും ഒഴിവാക്കേണ്ടതാണ്. ചരിത്രം പറഞ്ഞുകഴിഞ്ഞ കഥയാണ്. ആ കഥയെ അതേ കഥാപാത്രങ്ങൾക്ക് പ്രാധാന്യം നല്കിക്കൊണ്ട് ആവിഷ്കരിക്കുന്നതിൽ കലാകാരൻെറ സർഗാത്മകതയ്ക്ക് വലിയ പങ്കൊന്നുമില്ല. വായിക്കുന്നവർക്ക് ജിജ്ഞാസയും ഉദ്വേഗവും ഉണ്ടാക്കാൻ ഇത്തരം കൃതികൾ അസമർഥങ്ങളാകും എന്നൊക്കെയാണ് ഇതിൻെറ നീതീകരണം. ചരിത്രത്തെ വ്യാപകമായ അടിസ്ഥാനത്തിൽ പശ്ചാത്തലമായി സ്വീകരിക്കുകയും ചരിത്രപുരുഷന്മാരെ സങ്കല്പ സൃഷ്ടികളായ പ്രധാന കഥാപാത്രങ്ങളോടു ബന്ധപ്പെടുത്തി അവതരിപ്പിക്കുകയും ചെയ്യുകയാണ് സർഗധനരായ ചരിത്രാഖ്യായികാകാരന്മാർ ചെയ്യാറുള്ളത്. സർ വാൾട്ടർ സ്കോട്ടിൻെറ പ്രമുഖ ചരിത്രാഖ്യായികകളായ *വേയ്‌വർലി* (Waverly), *കെനിൽവർത്ത്* (Kenilworth), *ഫോർച്യൂൺസ് ഒഫ് നൈജൽ* (Fortunes of Nigel), *ഐവന്നോ* Ivanhoe) എന്നിവയിൽ ക്രമത്തിൽ ചരിത്രപുരുഷന്മാരായ ചാർളി രാജകുമാ

രൻ, എലിസബത്ത് രാജ്ഞി, ജെയിംസ് ഒന്നാമൻ, റിച്ചാർഡ്, ജോൺ എന്നീ ചരിത്രപുരുഷന്മാർ നായകന്മാരല്ല. താക്കറേയുടെ *ഹെന്റി ഐഡ്മണ്ട്* (Henry Edmond) അലക്സാൻഡർ ദ്യൂമായുടെ *മൂന്നു പോരാളികൾ* (Three Musketeers) വിക്ടർ യൂഗോവിന്റെ *നോത്രദാമിലെ കൂനൻ* (Hunch back of Notredam) ടോൾസ്റ്റോയിയുടെ *യുദ്ധവും സമാധാനവും* (War and peace) എന്നീ ആഖ്യായികകളും സ്കോട്ടിന്റെ രീതിതന്നെയാണ് സ്വീകരിച്ചിട്ടുള്ളത്.

ചരിത്രപുരുഷന്മാരെ പ്രധാന കഥാപാത്രങ്ങളാക്കിക്കൊണ്ടുള്ള ആഖ്യായികകൾ പിന്നീട് ഇംഗ്ലീഷ് സാഹിത്യത്തിൽ വളർന്നുവന്നു. സ്കോട്ട്ലണ്ടിലെ രാജ്ഞിയായ മേരിയെ പ്രധാന കഥാപാത്രമാക്കി മോറിസ് ഹ്യൂലറ്റും (Mauries Heuolette) ജി.ജെ.വൈറ്റ്മെൽ വില്ലിയും (G.J.Whyte Mell ville) രചിച്ച ആഖ്യായികകളും *(ക്വീൻസ് ക്വയർ, ദ ക്വീൻ മേരി)* എലിസബത്ത് രാജ്ഞിയെ പ്രധാന കഥാപാത്രമാക്കി എച്ച്.സി.ബെയ്ലി (H.C.Bailey) രചിച്ച *ദ ലോൺലി ക്വീനും* (The lonely Queen) ഓറഞ്ചിലെ വില്യം രാജാവിനെ കേന്ദ്രമാക്കി മർജോറി ബോവൻ (Marjorea Bowen) രചിച്ച *ഐ വിൽ മെൻടെയ്ൻ* (I will maintain) *ഡിഫൻഡർ ഒഫ് ദ ഫെയ്ത്ത്* (Defender of the faith) *ഗോഡ് ആൻഡ് ദ് കിങ്* (God and the King) എന്നീ ആഖ്യായികാ ത്രയവും ഈ വിഭാഗത്തിൽപ്പെട്ടവയാണ്. ബുൾവെലിറ്റന്റെ (Bul ve litton)*ഹാരോൾഡ്, റീയെൻസി* എന്നീ ആഖ്യായികകളും ചരിത്രപുരുഷന്മാർക്ക് പ്രാധാന്യം കല്പിക്കുന്നവയാണ്.

ചരിത്രപുരുഷന്മാരെ നായികാനായകന്മാരുടെ സ്ഥാനത്ത് പ്രതിഷ്ഠിച്ചുവോ എന്നതല്ല, ചരിത്ര പശ്ചാത്തലം ഉണ്ടായിരിക്കണമെന്നതാണ് ചരിത്രാഖ്യായികയാവാൻ വേണ്ട മുഖ്യഗുണം. ഭാരതത്തിൽ ചരിത്രാഖ്യായികകളുണ്ടാവുന്നത് ഇംഗ്ലീഷ് സാഹിത്യവുമായി ഇവിടത്തെ എഴുത്തുകാർക്ക് ബന്ധമുണ്ടായതിനുശേഷമാണ്. ഇവിടെ ബംഗാളിയിലാണ് ഇത്തരം കൃതികൾ ആദ്യമായുണ്ടായത്. ബങ്കിം ചന്ദ്രചട്ടർജി (1838-'94) യുടെ ദുർഗേശനന്ദിനി(1865)യാണ് ബംഗാളിയിലെ ആദ്യത്തെ ചരിത്രാഖ്യായിക എന്ന് പരക്കെ അംഗീകരിക്കപ്പെടുന്നു. ഒറീസ്സയിലെ മുസ്ലിം ആക്രമണത്തിന്റെയും ചെറുത്തുനില്പിന്റെയും പശ്ചാത്തലമണ് ഈ നോവലിൽ. *മൃണാളിനി, ചന്ദ്രശേഖർ, ദേവി ചൗധുറാണി* എന്നിവയാണ് ബങ്കിം ചന്ദ്രന്റെ മറ്റുചില ചരിത്രാഖ്യായികകൾ. രമേശ്ചന്ദ്രദത്തിന്റെ *ബംഗവി ജേതാമാധവികങ്കൺ, രാജ്പുത്ജീവൻ സന്ധ്യ, മഹാരാഷ്ട്രജീവൻ പ്രഭാത്* എന്നിവ കുറെക്കൂടി മുഴുപ്പുറ്റ ചരിത്രാഖ്യായികകളാണു ഗുജറാത്തിലെ *ജയ്സോമനാഥ്,* (കെ.എം.മുൻഷി) ഉറുദുവിലെ *മലക്കുൽ അസീസ്* (അബ്ദുൾ ഹലിം ഷരാർ), മറാഠിയിലെ *ഉഷഃകാൻ* (ഹരിനാരായൺ ആപ്തെ) എന്നിവയാണ് ഇന്ത്യയിലെ പ്രാദേശിക ഭാഷകളിലെ ചില പ്രധാന ചരിത്രാഖ്യായികകൾ.

മലയാളത്തിലെ ചരിത്രാഖ്യായികകളുടെ ചരിത്രം 1891-ൽ സി.വി. രാമൻപിള്ള രചിച്ച *മാർത്താണ്ഡവർമ്മ*യോടുകൂടി ആരംഭിക്കുന്നു. ചരിത്രപുരുഷന്മാരുടെ പേരുകളാണ് ഗ്രന്ഥനാമമായി സ്വീകരിച്ചതെങ്കിലും നായകസ്ഥാനം സി.വി.യുടെ നോവലുകളിൽ അവർക്കല്ല. *ധർമരാജാ, രാമരാജാബഹദൂർ* എന്നിവയാണ് സി.വി. എഴുതിയ മറ്റ് ചരിത്രാഖ്യായികകൾ. അപ്പൻ തമ്പുരാന്റെ *ഭൂതരായരിൽ* നായകസ്ഥാനം ഭൂതരായർക്കു തന്നെയാണ്. അമ്പാടി നാരായണപ്പൊതുവാളുടെ *കേരളപുത്രൻ,* ടി.രാമൻ നമ്പീശന്റെ *കേരളേശ്വരൻ* കപ്പന കൃഷ്ണമേനോന്റെ *ചേരമാൻ പെരുമാൾ,* സർദാർ കെ.എം.പണിക്കരുടെ *കേരള സിംഹം, കല്യാണമൽ, പറങ്കിപ്പടയാളി, പുണർകോട്ടു സ്വരൂപം, ധൂമകേതുവിന്റെ ഉദയം* എന്നിവയും ചരിത്രാഖ്യായികകളാണ്. പിൽക്കാലത്ത് മലയാളത്തിലുണ്ടായ ചില ചരിത്രാഖ്യായികകളാണ് എൻ.കെ.കൃഷ്ണപിള്ളയുടെ *വീരമരർത്താണ്ഡൻ* (1930), *ബാലരാമവർമ* (1954), *വേലുത്തമ്പിദളവ* (1958), തിക്കൊടിയന്റെ *ചുവന്ന കടൽ* (1963), വൈക്കംചന്ദ്രശേഖരൻ നായരുടെ *പഞ്ചവൻകാട്* (1970) എന്നിവ.

ചർക്ക

നൂൽ നൂല്ക്കാനുള്ള ഉപകരണം. ഇന്ത്യയിൽ പണ്ടു സുലഭമായിരുന്ന ചർക്ക വിദേശവസ്ത്രങ്ങൾ സുലഭമായപ്പോൾ ഉപയോഗശൂന്യമായി. വിദേശവസ്ത്ര ബഹിഷ്കരണം സ്വാതന്ത്ര്യപ്രക്ഷോഭത്തിന്റെ ഭാഗമായി ഗാന്ധിജി സ്വീകരിച്ചപ്പോൾ അദ്ദേഹം ചർക്ക പ്രചരിപ്പിച്ചു. സാധാരണമായ ചർക്കയിൽ ഒരു സ്പിൻഡിലേ ഉള്ളു. മഗൻലാൽ ഒന്നിലധികം സ്പിൻഡിലുള്ള ചർക്ക സംവിധാനം ചെയ്തു. അംബർ ചർക്കയാണു പരിഷ്കരിച്ച ചർക്കകളിൽ കൂടുതൽ പ്രചരിച്ചിട്ടുള്ളത്. ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ പതാകയിൽ മധ്യഭാഗത്തു ചർക്കയുടെ ചിത്രമുണ്ട്. യന്ത്രയുഗത്തോടുള്ള എതിർപ്പിന്റെയും കൈത്തൊഴിലിന്റെ മാന്യതയുടെയും പ്രതീകമായി മഹാത്മജി ചർക്കയെ ഗണിച്ചിരുന്നു. ഖാദിഗ്രാമോദ്യോഗഭവനുകളിൽ ചർക്കയിൽ നൂൽ നൂല്ക്കാൻ പരിശീലനം നല്കിവരുന്നു.


ചർക്ക

ചർച്ച് ഒഫ് സൗത്ത് ഇന്ത്യ (സി.എസ്.ഐ.)

1947 സെപ്റ്റംബർ 27-ന് രൂപവത്കരിച്ച ദക്ഷിണേന്ത്യൻ ക്രൈസ്തവസഭ. ദക്ഷിണേന്ത്യയിൽ പ്രവർത്തിച്ചിരുന്ന പ്രെസ് ബിറ്റേറിയന്മാർ, കോൺഗ്രഗേഷനലസ്റ്റുകൾ, മെഥഡിസ്റ്റുകൾ, ആങ്ഗ്ലിക്കന്മാർ എന്നീ പ്രോട്ടസ്റ്റന്റ് മിഷനറി സഭക്കാർ, ബാസൽ മിഷൻകാരിൽ, ഒരു വിഭാഗവുമായി 25 വർഷക്കാലം നടത്തിയ കൂടിയാലോചനകളുടെ ഫലമായാണ് ഈ സഭ രൂപമെടുത്തത്. തിരുവിതാംകൂറിലും കൊച്ചിയിലും പ്രവർത്തിച്ചിരുന്ന സി.എം.എസ് ഇതിന്റെ ഭാഗമായിത്തീർന്നു. ഒടുവിലത്തെ ആങ്ഗ്ലിക്കൻ ബിഷപ്പ് റൈറ്റ് റെവറന്റ് സി.കെ. ജേക്കബ് ആയിരുന്നു ആദ്യത്തെ ഡി.എസ്.ഐ ബിഷപ്പ്. അടുത്ത ബിഷപ്പായ എം.എം. ജോൺ (1958-1974) വിദ്യാഭ്യാസ വികസനത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിച്ചു. മാവേലിക്കരയിലെ പീറ്റ് മെമ്മോറിൽ ട്രെയ്നിങ് കോളെജും, ബിഷപ്പ് മൂർ കോളെജും ഇദ്ദേഹത്തിന്റെ കാലത്താണ് സ്ഥാപിതമായത്. സമീപകാലത്ത് മേലുകാവ് ഹെന്റിബേക്കർ കോളെജും സ്ഥാപിക്കപ്പെട്ടു. മധ്യകേരള ഇടവക എന്ന് അറിയപ്പെട്ട ഈ സി.എസ്.ഐ ഘടകത്തിനുപുറമേ മലബാർ പ്രദേശത്തേയ്ക്കും വേണ്ടി ഉത്തരകേരള ഇടവകയും രൂപവത്കരിച്ചിരുന്നു. 1983-ഏപ്രിലിൽ മധ്യകേരള ഇടവക വിഭജിച്ച് പൂർവകേരള ഇടവകയും രൂപവത്കരിച്ചിരുന്നു. ഇപ്പോൾ സി.എസ്.ഐ. യുടെ കീഴിൽ 3 ആർട്സ് ആൻഡ് സയൻസ് കോളെജുകളും 22 ഹൈസ്കൂളുകളും 117 എൽ.പി. സ്കൂളുകളും 13 യു.പി സ്കൂളുകളും ഉണ്ട്.

ചർച്ച് മിഷനറി സൊസൈറ്റി (സി.എം.എസ്.)

1799-ൽ ചർച്ച് ഒഫ് ഇംഗ്ലണ്ടിലെ ഏതാനും അംഗങ്ങൾ ചേർന്ന് ലണ്ടനിൽ രൂപവത്കരിച്ച ക്രൈസ്തവ സഭ. ആഫ്രിക്കയിലും പൗരസ്ത്യദേശത്തും സുവിശേഷ പ്രചാരണം നടത്തുക ആയിരുന്നു ലക്ഷ്യം. 1812-ൽ ചർച്ച് മിഷനറി സൊസൈറ്റി ഫോർ ആഫ്രിക്ക ആൻഡ് ദി ഈസ്റ്റ് എന്ന് ഈ സഭയ്ക്കു പേർ നല്കി. ആദ്യവർഷങ്ങളിൽ പ്രവർത്തനം മന്ദഗതിയിലായിരുന്നു. എന്നാൽ പിന്നീട് പ്രവർത്തനം ഊർജ്ജസ്വലവും വ്യാപകവുമായി. കാനഡ, ഓസ്ട്രേലിയ, ന്യൂസിലൻഡ്, ദക്ഷിണാഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽ ഈ സഭയ്ക്കു ഘടകങ്ങൾ ഉണ്ടായി. 1814-ൽ സി.എം.എസ്. മിഷനിറിമാർ ഇന്ത്യയിലെത്തി. കല്ക്കത്തയിലും പിന്നീടു മദിരാശിയിലും സഭാസമിതികൾ രൂപമെടുത്തു. താമസിയാതെ ഉത്തരേന്ത്യയിൽ പഞ്ചാബ്, അലഹാബാദ്, ബോംബെ, ദക്ഷിണേന്ത്യയിൽ തഞ്ചാവൂർ, തിരുച്ചിറപ്പള്ളി തുടങ്ങിയ കേന്ദ്രങ്ങളിൽ സമിതികൾ ഉണ്ടായി. 1816-ൽ ആലപ്പുഴയിലും സി.എം.എസിന്റെ പ്രതിനിധി എത്തിച്ചേർന്നു. റെവറൻഡ് തോമസ് നോർട്ടൻ ആണ് കേരളത്തിൽ എത്തിയ ആദ്യത്തെ സി.എം.എസ് മിഷനറി. വിദ്യാഭ്യാസകാര്യങ്ങ

ളിലാണ് ഈ മിഷനറിമാർ കൂടുതൽ ശ്രദ്ധപതിപ്പിച്ചത് ഇക്കാര്യത്തിൽ അവർക്ക് തിരുവിതാംകൂറിലെയും കൊച്ചിയിലെയും ബ്രിട്ടീഷ് റെസിഡൻറ്മാരുടെ പിൻതുണയും പ്രോത്സാഹനവും ധാരാളമായി ലഭിച്ചു.

കോളിൻ മെക്കാളെ, ജോൺ മൺറോ എന്നീ റെസിഡൻറുമാർ സൊസൈറ്റിയുടെ ആദ്യകാല പ്രവർത്തനങ്ങളെ ഗണ്യമായി സഹായിച്ചു. 1817-ൽ ആലപ്പുഴയിൽ ആദ്യത്തെ സി.എം.എസ് സ്കൂൾ ആരംഭിച്ചു. 1816- നവംബറിൽ ആലപ്പുഴയിൽ എത്തിയ † ബെഞ്ചമിൻ ബെയ്‌ലി 1817- മാർച്ചിൽ കോട്ടയത്തു പാർപ്പുറപ്പിച്ചു. അദ്ദേഹത്തോടൊപ്പം എത്തിയ ഡോസൻ(Dowsan)പത്തൊൻപതാം നൂറ്റാണ്ടിൽ കൊച്ചിയിലും. കേരളത്തിലെ വിദ്യാഭ്യാസ പുരോഗതിക്കും, മലയാള ഭാഷയുടെ വികാസത്തിനും വേണ്ടി സി.എം.എസ് വിലപ്പെട്ട സംഭാവന നല്കി. അവർ സ്ഥാപിച്ച വിദ്യാകേന്ദ്രങ്ങളിൽ ഏറ്റവും പ്രധാനമാണ് കോട്ടയത്തെ സി.എം.എസ് കോളെജ്. 1817-ൽ ബെഞ്ചമിൻ ബെയിലിയാൽ സ്ഥാപിക്കപ്പെട്ട സ്കൂളാണ് 1838-ൽ കോളെജായത്. ജോസഫ് പീറ്ററായിരുനു, ആദ്യത്തെ പ്രിൻസിപ്പാൾ. കേരളത്തിലെ ആദ്യത്തെ പ്രസ് സ്ഥാപിച്ചതും സി.എം.എസ്. തന്നെ ഇംഗ്ലണ്ടിൽനിന്നയച്ച പ്രസ്സ് 1821 ഒക്ടോബർ 18-നു കോട്ടയത്ത് എത്തി. ആദ്യഘട്ടത്തിൽ കല്ക്കത്തയിലെ ആങ്ഗ്ലിക്കൻ ബിഷപ്പിൻെറ നിയന്ത്രണത്തിൽ പ്രവർത്തിച്ചിരുന്ന കേരള വിഭാഗം 1835-ൽ മദിരാശി ഇടവക രൂപവത്കരിച്ചപ്പോൾ അതിൻെറ നിയന്ത്രണത്തിലായി. 1816 മുതൽ 1836 വരെ സി.എം.എസ്സുകാരുമായി യോജിച്ചാണ് പ്രവർത്തിച്ചത്. പിന്നീടു ഭിന്നിച്ചു. 1879-ൽതിരുവിതാംകൂറിനും കൊച്ചിക്കും വേണ്ടി പ്രത്യേക ഇടവകയും നിലവിൽവന്നു.

1947-ൽ ചർച്ച് ഒഫ് സൗത്ത് ഇന്ത്യ (സി.എസ്.ഐ) രൂപം കൊണ്ടപ്പോൾ ഈ ഇടവക അതിൻെറ ഭാഗമായിത്തീർന്നു.

ഗ്രന്ഥസൂചി : Eapen K.V., Church Missionary Society and Education in Kerala 1985.

ചർച്ചിൽ, ലോഡ് റാൻഡോൾഫ്

(1849—1895)

ബ്രിട്ടീഷ് രാഷ്ട്രതന്ത്രജ്ഞൻ. നല്ല സ്വാധീനശക്തി ഉണ്ടായിരുന്ന യാഥാസ്ഥിതികകക്ഷിനേതാവ്. ഇദ്ദേഹം കോമൺസ് സഭയിലെ നേതാവും ധനമന്ത്രിയും (ചാൻസലർ ഒഫ് എക്സ്ചെക്കർ) ആയി (1886). ഇദ്ദേഹത്തിൻെറ മകനാണു ബ്രിട്ടീഷ് പ്രധാനമന്ത്രി ആയിരുന്ന വിൻസ്റ്റൺ ചർച്ചിൽ.

മാൾബറോ പ്രഭുവിൻെറ മൂന്നാമത്തെ മകനായ റാൻഡോൾഫ് ഓക്സ്ഫെഡ്ഷയറിലെ വുഡ്സ്റ്റോക്കിനടുത്തുള്ള ബ്ലെൻഹൈമിൽ ജനിച്ചു. ജാനെറ്റ് ജെറോം എന്ന സൗന്ദര്യധാമത്തെ വിവാഹം കഴിച്ചു. 1874 മുതൽ പാർലമെൻറ് അംഗമായിരുന്നു. പരിഹാസം പുരണ്ട പ്രഭാഷണങ്ങളാൽ പ്രശസ്തനായി. ബഞ്ചമിൻ ഡിസ്രേലിയെ ശക്തമായി എതിർത്തിരുന്നു. ഗ്ലാഡ്സ്റ്റണിൻെറ ഉത്പതിഷ്ണു മന്ത്രിസഭയുടെ കാലത്തു ഹെൻറി ഡ്രമണ്ട്, ആർതർ ജെയിംസ്, ജോൺ എൽഡൻ ഗോസ്റ്റ് എന്നിവരോടു ചേർന്ന് ഒരു 'നാലാം കക്ഷി' (Fourth Party) രൂപവത്കരിച്ചു. ഇവരുടെ കാഴ്ചപ്പാടുകളെ 'ടോറി ഡെമോക്രസി' എന്നു പറഞ്ഞിരുന്നു.

ഐറിഷ് പ്രശ്നത്തിൽ ചർച്ചിൽ ഗവൺമെൻറിനെ കഠിനമായി വിമർശിച്ചു. ഒരു പുതിയ യാഥാസ്ഥിതികകക്ഷിക്കുവേണ്ടി അദ്ദേഹം നിലകൊണ്ടു. ഒടുവിൽ അദ്ദേഹത്തിൻെറയും സാലിസ്ബറി പ്രഭുവിൻെറയും യാഥാസ്ഥിതികകക്ഷികൾ യോജിച്ചു തിരഞ്ഞെടുപ്പിൽ വിജയം നേടി. സാലിസ്ബറിയുടെ മന്ത്രിസഭയിൽ ചേർന്നു. മറ്റ് അംഗങ്ങളുമായി അദ്ദേഹം പിണങ്ങി. പ്രധാനമന്ത്രി പദമായിരുന്നു ലക്ഷ്യം. എന്നാൽ അത് അദ്ദേഹത്തിനു കൈവന്നില്ല. മകൻ വിൻസ്റ്റൺ ചർച്ചിൽ എഴുതിയ അച്ഛൻെറ ജീവചരിത്രം പ്രസിദ്ധമാണ്



ചർച്ചിൽ, വിൻസ്റ്റൺ (1871-1947)

അമേരിക്കൻ നോവലിസ്റ്റ്. 1871 നവംബർ 10-ന് സെൻറ് ലൂയിയിൽ ജനിച്ചു. ഗവേഷണം ചെയ്തെഴുതിയ ചരിത്രനോവലുകളിൽ പ്രസിദ്ധി നേടി. റിച്ചേഡ് കാർവെൽ (1899) ആണ് ആദ്യത്തെ നോവൽ. 1901-ൽ പ്രസിദ്ധപ്പെടുത്തിയ *ദ ക്രൈസിസ്* (The Crisis) എന്ന നോവലോടുകൂടി അമേരിക്കയിലെ നോവലെഴുത്തുകാരുടെ ഇടയിൽ പ്രമുഖനായി അംഗീകരിക്കപ്പെട്ടു. ഈ നോവലിൻെറ പത്തുലക്ഷം പ്രതികൾ പെട്ടെന്നു ചെലവായി. അമേരിക്കൻ ആഭ്യന്തരയുദ്ധമാണ് ഇതിലെ പ്രമേയം. 1903 മുതൽ 1905 വരെ ന്യൂഹാംപ്ഷയർ ലെജിസ്ലേച്ചറിലെ അംഗമായിരുന്നു. *ദ ഡ്വെല്ലിങ് പ്ലെയ്സ് ഒഫ് ലൈറ്റ്* (1917) എന്ന നോവലിൻെറ പ്രമേയം ഒരു ന്യൂ ഇംഗ്ലണ്ട് ടൗണിലെ ഫാക്ടറിയിൽ നടക്കുന്ന പണിമുടക്കാണ്.

ചർച്ചിൽ, സർ വിൻസ്റ്റൺ (1874-1965)

ഈ നൂറ്റാണ്ടിലെ ഏറ്റവും പ്രമുഖനായ ബ്രിട്ടീഷ് രാഷ്ട്രതന്ത്രജ്ഞൻ. റാൻഡോൾഫ് ചർച്ചിൽ പ്രഭുവിൻെറ മൂത്ത പുത്രൻ 1874 നവംബർ 30-നു ബ്ലെൻഹൈം കൊട്ടാരത്തിൽ ജനിച്ചു. മാതാവ് അമേരിക്കക്കാരിയായ ജെന്നിജറോം ആണ്. അസാധാരണവും അഭിജാതവുമായ ഒരു പാരമ്പര്യത്തിലൂടെ ലഭിച്ച അപൂർവ പ്രതിഭയും ഉത്സാഹവും വിൻസ്റ്റൺ ചർച്ചലിനെ ഇംഗ്ലീഷുകാരുടെ ആരാധനാവിഗ്രഹമാക്കി മാറ്റാൻ അധികകാലം വേണ്ടിവന്നില്ല. ആധുനിക ബ്രിട്ടീഷ് ചരിത്രത്തിൽ ചർച്ചിലിനു തുല്യം സ്വാധീനം ചെലുത്തിയ മറ്റൊരാൾ ഇല്ല. കുട്ടിക്കാലം അയർലൻഡിലെ വൈസ്റോയിയായിരുന്ന പിതാമഹൻെറ കൂടെ കഴിച്ചുകൂട്ടി. ഹാരോയിലും സാൻഡ്ഹേഴ്സ്റ്റിലും വിദ്യാഭ്യാസം ചെയ്തശേഷം 1895-ൽ സൈന്യത്തിൽ ചേർന്നു. ഒഴിവുകാലത്ത് ഡെയിലിഗ്രാഫിൻെറ ലേഖകനായി ക്യൂബയിലേക്കു പോയി. അതേസമയം അവിടത്തെ ലഹളയിൽ സ്പെയിനിൻെറ ഭാഗത്ത് ഒരു



സൈനിക നിരീക്ഷകനായി പ്രവർത്തിച്ചു. പിന്നീട് ഇന്ത്യയിൽ ബാംഗ്ളൂരിലും പഞ്ചാബ് കാലാൾപ്പടയിലും സേവനം അനുഷ്ഠിച്ചു. വടക്കു പടിഞ്ഞാറൻ അതിർത്തിയിലെ കലാപകാരികളായ പഠാണികളെ അമർച്ചചെയ്യുന്നതിൽ സഹായിച്ചു. അക്കാലത്തെ അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി *ദ സ്റ്റോറി ഒഫ് ദ മാൽക അൻഡ് ഫീൽഡ് ഫോഴ്സ്* എന്നൊരു ഗ്രന്ഥമെഴുതുകയും ചെയ്തു. ചെറുപ്പം മുതലേ വിശ്രമസമയം വായനയ്ക്കായി വിനിയോഗിച്ചിരുന്നു. 1898-ൽ ബ്രിട്ടീഷ് സൈന്യത്തിൽ ചേർന്ന് സുഡാനിലെ ഖാർത്തൂം യുദ്ധത്തിൽ പങ്കെടുത്തു.

ഇടയ്ക്കു സൈന്യത്തിൽനിന്നു രാജിവച്ച് പാർലമെൻറ് അംഗമാകാൻ ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല. ബൂവർയുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ 'മോർണിങ് പോസ്റ്റി'ൻെറ ലേഖകനായി തെക്കെ ആഫ്രിക്കയിലെത്തി. 1900 നവംബർ 15-ന് തടവുകാരനാക്കപ്പെട്ടു. വളരെ സാഹസികമായാണ് അവിടെനിന്നു രക്ഷപ്പെട്ട് മുന്നൂറു മൈൽ അകലെയുള്ള ബ്രിട്ടീഷ് താവളത്തിലെത്തിയത്. അക്കൊല്ലംതന്നെ ഓൾഡ്ഹാമിൽ കൺസർവേറ്റീവ് പാർട്ടി (യാഥാസ്ഥിതികകക്ഷി) സ്ഥാനാർഥിയായി മത്സരിച്ചു ജയിച്ചു. കോമൺസ് സഭയിൽ അംഗമായി.

1906-ൽ ലിബറൽ കക്ഷിക്കാരനായി മത്സരിച്ചുവെങ്കിലും യാഥാസ്ഥിതിക കക്ഷിക്കാരൻ എന്ന നിലയിലാണ് പിൽക്കാലത്ത് ഇദ്ദേഹം തൻെറ രാഷ്ട്രീയജീവിതം നയിച്ചത്. 1918 മുതൽ 1921 വരെ യുദ്ധ-വ്യോമകാര്യാലയങ്ങളുടെ മന്ത്രിയായിരുന്നു. 1922 ലെ പൊതുതിരഞ്ഞെടുപ്പിലും പിന്നീട് നടന്ന ഉപതിരഞ്ഞെടുപ്പിലും മത്സരിച്ചെങ്കിലും വിജയിച്ചില്ല. 1924 മുതൽ 1940 വരെ പലഘട്ടങ്ങളിൽ മന്ത്രിയായും 1940 മുതൽ 45 വരെ പ്രധാനമന്ത്രിയായും ഇംഗ്ലണ്ടിൻെറ ഭാഗധേയം നിർണയിക്കുന്നതിൽ മുഖ്യ പങ്കു വഹിച്ചു. രണ്ടാം ലോകയുദ്ധത്തിൽ സഖ്യകക്ഷികളുടെ വിജയത്തിൻെറ ശില്പി ചർച്ചിലായിരുന്നു. റൂസ്‌വെൽറ്റും സ്റ്റാലിനുമായി സഹകരിച്ചു പ്രവർത്തിച്ചു.

ചർച്ചിൽ തൻെറ പ്രസംഗങ്ങൾകൊണ്ടു ബ്രിട്ടീഷ് ജനതയുടെ മനോവീര്യത്തെ ഉണർത്തുകയും ഹിറ്റ്ലർക്കെതിരായ യുദ്ധത്തിൽ അവരുടെ സമ്പൂർണ സഹായം നേടുകും ചെയ്തു. യുദ്ധാനന്തരം നടന്ന തിരഞ്ഞെടുപ്പിൽ ചർച്ചിലിൻെറ യാഥാസ്ഥിതിക കക്ഷിക്ക് ഭൂരിപക്ഷം ലഭിച്ചില്ല ചർച്ചിൽ പ്രതിപക്ഷ നേതാവായി.

1945-ൽ ലേബർ പാർട്ടി ഇംഗ്ലണ്ടിൽ അധികാരത്തിൽ വന്നുവെങ്കിലും അത് ചർച്ചിലിനോടുള്ള പ്രതിഷേധമായിരുന്നില്ല. 20 കൊല്ലത്തെ യാഥാസ്ഥിതിക ഭരണത്തോടുള്ള മടുപ്പ് ഇംഗ്ലീഷുകാർ പ്രകടിപ്പിച്ചു എന്നേയുള്ളു. ചർച്ചലിനെ ഇംഗ്ലീഷുകാർ അപ്പോഴും ആരാധിച്ചു. 1951-ൽ 77-ാം വയസ്സിലാണ് ചർച്ചിൽ വീണ്ടും പ്രധാനമന്ത്രിയാകുന്നത്. അപ്പോഴേക്കും ഇന്ത്യ ഉൾപ്പെടെയുള്ള കോളനികളൊക്കെ സ്വതന്ത്രമായിക്കഴിഞ്ഞിരുന്നു. ചരിത്രത്തിൻെറ ഗതി തടയാൻ ചർച്ചലിനു കഴിഞ്ഞില്ല. ഇംഗ്ലണ്ട് സാമ്പത്തിക തകർച്ചയിലായെങ്കിലും ചർച്ചിലിൻെറ മനഃസാന്നിധ്യം അപ്പോഴും ഇംഗ്ലണ്ടിനെ തളർത്താതെ രക്ഷിച്ചു.

1955-ൽ ഇദ്ദേഹം പ്രധാനമന്ത്രിസ്ഥാനം രാജിവച്ചു. 1964 വരെ കോമൺസ് സഭയിൽ അംഗമായി തുടരുകയായിരുന്നു. കൂടുതൽ സമയം ഗ്രന്ഥരചനയ്ക്കുവേണ്ടി ചെലവഴിച്ചു. *ദ സെക്കൻഡ് വേൾഡ് വാർ* (ആറു വാല്യം) *എ ഹിസ്റ്ററി ഒഫ് ദി ഇംഗ്ലീഷ് സ്പീക്കിംഗ് പീപ്പിൾസ്* (നാലു വാല്യം 1956-'58) *ദ വേൾഡ് ക്രൈസിസ്* (5 വാല്യം) *മൈ ഏർലി ലൈഫ് ഗ്രെയ്റ്റ് കോൺ ടംപസ്റ്റീ* (1937)എന്നിവയാണ് ചർച്ചിലിൻെറ പ്രധാന ഗ്രന്ഥങ്ങൾ. 1953-ൽ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം ചർച്ചിലിനു ലഭിച്ചു.

ഒന്നാന്തരം എഴുത്തുകാരൻ, വാഗ്മി എന്നിവയ്ക്കു പുറമെ നല്ല ചിത്രകാരൻ കൂടിയായിരുന്നു ചർച്ചിൽ. കേവലം വിനോദത്തിനുവേണ്ടിയാണ് വരച്ചിരുന്നതെങ്കിലും ഉയർന്ന നിലവാരം പുലർത്തുന്ന പ്രകൃതിചിത്രങ്ങൾ ഇദ്ദേഹം വരച്ചു. തളർന്ന ജനതയെ ഉദ്ദീപിപ്പിച്ച "I have nothing to offer but blood, toil tears and, sweat" എന്നു തുടങ്ങുന്ന കോമൺസിലെ പ്രസംഗം ചരിത്രപ്രസിദ്ധമാണ്. ചരിത്രരചനയ്ക്കു പ്രത്യേകമായി ഒരു നൊബേൽ സമ്മാനമുണ്ടായിരുന്നുവെങ്കിൽ അതാണ് ചർച്ചിലിന് നല്കേണ്ടിയിരുന്നത്. അത്രയ്ക്കു പ്രാമാണികവും ആവേശകരവുമാണ് ചർച്ചലിൻെറ ചരിത്രരചനാ രീതി. 1963-ൽ യു.എസ്.കോൺഗ്രസ്സിൻെറ ഒരു പ്രത്യേക ആക്ട് അനുസരിച്ച് ചർച്ചിലിനെ ഓണററി അമേരിക്കൻ പൗരനായി ബഹുമാനിച്ചു. കോളനികളുടെ സ്വാതന്ത്ര്യം എന്ന ആശയം ചർച്ചിലിനു ദഹിച്ചിരുന്നില്ല. 90-ാമത്തെ വയസ്സിൽ മരിക്കുമ്പോൾ (1965 ഏപ്രിൽ 9) ചർച്ചിൽ ഒരു ലോക പൗരനായി വളർന്നു കഴിഞ്ഞിരുന്നു.

ചർമം

†ത്വക്ക് നോക്കുക.

ചർമണ്വതി

മഹാഭാരതപ്രസിദ്ധമായ ഒരു നദി. ഇന്നത്തെ ചമ്പൽനദി തന്നെയാണ് ഇതെന്നു ചിലർ പറയുന്നു. ചർമണ്വതിയുടെ ഉദ്ഭവത്തെക്കുറിച്ചു മഹാഭാരതം ശാന്തിപർവത്തിലെ പരാമർശം ഇങ്ങനെയാണ്:

"താനേപശുക്കൾ സേവിപ്പൂ സംശിതവ്രതനെസ്സദാ
ഗ്രാമ്യാരണ്യങ്ങൾ പുകഴും യോഗ്യനാം രന്തിദേവനെ
ചർമരാഗിനുലഞ്ഞിട്ടു മഹാനദിയൊലിക്കയാൽ
ചർമണ്വതീ മഹാഖ്യാനമിയന്നിതു മഹാനദി"

അതിഥിസത്കാരത്തിന് രന്തിദേവൻ കൊന്ന പശുക്കളുടെ ചോര ഒഴുകി ഉണ്ടായതുകൊണ്ട് ചർമണ്വതി എന്നു പേരുവന്നു എന്ന് ഈ പരാമർശനത്തിൽനിന്നു വ്യക്തമാകുന്നു.

ചർമരോഗങ്ങൾ (Skin diseases)

ത്വക്കിനുപുറത്ത് ഉണ്ടാകുന്ന രോഗങ്ങൾ. ത്വക്‌രോഗങ്ങൾ എന്നും പേരുണ്ട്. കേരളത്തിൽ സാധാരണ കണ്ടുവരുന്ന ചർമരോഗങ്ങൾ ഫംഗസ് മൂലമാണ് ഉണ്ടാകുന്നത്. വിര, വൈറസ് എന്നിവ മൂലവും ചർമരോഗം ഉണ്ടാകാം; ചിലത് അലർജികൊണ്ട് ഉണ്ടാകുന്നു.

അഞ്ചിനും പതിനഞ്ചിനും ഇടയ്ക്കു വയസ്സുള്ള കുട്ടികളുടെ തലയിലെ ചർമത്തെ ബാധിക്കുന്ന രോഗമാണ് ടിനിയ കാപിറ്റിസ് (tinea capitis). ഈ രോഗം പിടിപെട്ടാൽ തലയുടെ പല ഭാഗത്തായി വൃത്താകൃതിയിൽ തലമുടി കൊഴിഞ്ഞുപോകും. ചിലപ്പോൾ ഈ ഭാഗങ്ങൾ വിണ്ടുകീറി നീരൊലിപ്പ് ഉണ്ടാകും. കുട്ടികളെ ബാധിക്കുന്ന മറ്റൊരുതരം ചർമരോഗമാണ് † കരപ്പൻ.

സോറിയാസിസ്, കാൻഡിഡയാസിസ്, സ്റ്റോമറ്റൈറ്റിസ് (മുഖപാകം) എന്നിവയും ഫംഗസ്മൂലം ഉണ്ടാകുന്ന ചർമരോഗങ്ങൾ തന്നെ. നവജാതശിശുക്കളിൽ കണ്ടുവരുന്ന ചർമരോഗമാണ് 'കൊളോഡിയൻ.' 'എപ്പിലോയിയാ' എന്ന രോഗം ബാധിച്ചവർക്ക് മുഖത്ത് ചെറുതും വലുതുമായ മുഴകൾ ഉണ്ടാകുന്നു. അതോടൊപ്പം ബുദ്ധിക്ഷയവും ചുഴലിയും കണ്ടുവരാറുണ്ട്.

† അരിമ്പാറയ്ക്ക് വൈറസാണു കാരണം. സ്ത്രീകളിലും പുരുഷന്മാരിലും ഒരുപോലെ ഈ രോഗം കണ്ടുവരുന്നു.

അലർജിമൂലം ഉണ്ടാകുന്ന രോഗമാണ് 'അർട്ടിക്കേറിയ'. തൊലിപ്പുറത്ത് ഉണ്ടാകുന്ന തടിപ്പുകൾ, ചൊറിച്ചിലോടുകൂടിയ ചെമപ്പടയാളങ്ങൾ എന്നിവയാണു ലക്ഷണങ്ങൾ. ചികിത്സിക്കാതെതന്നെ ഇവ മാഞ്ഞുപോകും. പെനിസിലിൻ, ടെട്രാസൈക്ലിൻ, സാലിസിലേറ്റ്സ് എന്നീ ഔഷധങ്ങൾ, തണുപ്പ്, ബാക്റ്റീരിയ, ചൂട് എന്നിവ ർട്ടിക്കേറിയയ്ക്കു കാരണമായ അലർജി ഉണ്ടാക്കാം.

അർട്ടിക്കേറിയ പലവിധം ഉണ്ട്. 'കോൾഡ് അർട്ടിക്കേറിയ' തണുപ്പു മൂലവും 'ഹോട്ട് അർട്ടിക്കേറിയ' ചൂടു മൂലവും ഉണ്ടാകുന്നു. അടിവസ്ത്രങ്ങൾ, ബെൽറ്റ്, വാച്ച് സ്റ്റ്രാപ്പ് എന്നിവയുടെ മർദം മൂലം ഉണ്ടാകുന്നതാണ് 'പ്രഷർ അർട്ടിക്കേറിയ'. തൊലിപ്പുറത്ത് അമർത്തുമ്പോൾ ആ ഭാഗം തടിച്ചുപൊങ്ങുന്നതാണ് 'ഡെർമോഗ്രാഫിസം'. ആൻറിഹിസ്റ്റമീൻ ഔഷധങ്ങൾകൊണ്ട് അർട്ടിക്കേറിയ ശമിപ്പിക്കാം.

ചെരിപ്പ്, ആഭരണം, ലേപനവസ്തുക്കൾ തുടങ്ങിയവ തൊലിപ്പുറത്ത് ചൊറിച്ചിലിനു കാരണമാകാം. ഇതിന് 'കോൺടാക്റ്റ് ഡർമറ്റൈറ്റിസ്' എന്നു പറയുന്നു.

പാദങ്ങളിലെ വരട്ടുചൊറിക്ക് എക്സിമ എന്നാണു പേര്. ഇത് ദീർഘസ്ഥായി (chronic) രോഗമാണ്. ഡോക്ടർമാർ ഇതിനെ മറ്റു ചില രോഗങ്ങളുടെ ലക്ഷണമായി കരുതുന്നു. പ്രായഭേദമെന്യെ ആരെയും എക്സിമ ബാധിക്കാം. മൃദുവും വരണ്ടതുമായ ത്വക്കുള്ളവരിലാണ് മിക്കവാറും കണ്ടുവരുന്നത്. പകർച്ചവ്യാധി അല്ല. ബാഹ്യമായ കാരണങ്ങളും (അണുജീവികൾ, അലർജി, രാസപദാർഥങ്ങൾ എന്നിവ) പാരമ്പര്യവും എക്സിമയ്ക്ക് ഇടയാക്കുന്നു. കാര, † കുഴിനഖം എന്നിവയും ചർമരോഗങ്ങളാണ്.

ചലച്ചിത്രം

†സിനിമ നോക്കുക.

ചലച്ചിത്രം, മലയാളത്തിൽ

† മലയാള സിനിമ നോക്കുക.

ചലനം(Motion)

ഒരു വസ്തുവിന്റെ സ്ഥാനത്തിൽ ഉണ്ടാകുന്ന മാറ്റം. ഭൗതിക നിർവചന പ്രകാരം, ഒരു വസ്തുവിന്റെയോ കണത്തിന്റെയോ സ്ഥാനത്തിൽ മറ്റൊരു വസ്തുവിനോ ചട്ടക്കൂടിനോ നിർദേശാങ്ക സമ്പ്രദായത്തിനോ ആപേക്ഷികമായി ഉണ്ടാകുന്ന മാറ്റമാണു ചലനം.

എല്ലാ ചലനത്തിനും നിശ്ചിതമായ ഒരു പാത(definite path)യുണ്ടാകും. ഈ പാത ഏതു തരത്തിലുള്ളതാണെന്നതനുസരിച്ചാണു ചലനത്തിന്റെ സ്വഭാവം നിർണയിക്കുന്നത്. നേർരേഖയിലുള്ള ചലനത്തിനു രേഖീയചലനം എന്നും വൃത്താകാരപാതയിലൂടെയുള്ള ചലനത്തിനു വർത്തുളചലനം ·(circular motion) എന്നും പറയുന്നു.

എല്ലാ ചലനങ്ങളും ആപേക്ഷികമാണെങ്കിലും, ആപേക്ഷികചലനം (relative motion) എന്ന സംജ്ഞ ചലിക്കുന്ന ഒരു വസ്തുവിന് ആപേക്ഷികമായ ചലനത്തിനു മാത്രമാണ് ഉപയോഗിക്കുന്നത്.

ചരിത്രം. ചലനത്തെപ്പറ്റിയുള്ള പ്രാചീന മെഡിറ്ററേനിയൻ നിവാസികളുടെ ആശയങ്ങളെല്ലാം അരിസ്റ്റോട്ടിലിന്റെ (ബി.സി. 384-322) 'ഫിസിക്കാ' എന്ന ഗ്രന്ഥത്തിൽ ക്രോഡീകരിച്ചിട്ടുണ്ട്. ഭൂമിപോലുള്ള ഗോളങ്ങളുടെ ചലനത്തെ സ്വാഭാവികമെന്നും, മനുഷ്യനുണ്ടാക്കുന്ന ചലനത്തെ പ്രചണ്ഡചലനമെന്നും അതിൽ പറയുന്നു.

ചലിക്കുന്ന വസ്തുവിന്റെ പ്രവേഗം അതിന്മേൽ പ്രയോഗിക്കുന്ന ബലത്തിനു മാധ്യമം നല്കുന്ന രോധവുമായുള്ള അനുപാതമാണെന്ന് അരിസ്റ്റോട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. സൂക്ഷ്മപരിശോധനയിൽ ഇതു ശരിയല്ലെന്നു വ്യക്തമാകും. ഈ തത്വംകൊണ്ടു ചലനത്തെ വേണ്ടവിധം വിശദീകരിക്കാൻ കഴിഞ്ഞില്ല. ഒടുവിൽ, ചലനത്തിനുള്ള മാധ്യമം രോധം നല്കുന്നതോടൊപ്പം വസ്തുവിനെ തള്ളുക കൂടി ചെയ്യുന്നുണ്ടെന്ന് അദ്ദേഹത്തിനു പറയേണ്ടിവന്നു. അവസാനം ഒരേ മാധ്യമത്തിൽ (ഉദാ: വായുവിൽ) ഭാരം കൂടിയ വസ്തുക്കൾ ഭാരംകുറഞ്ഞവയെക്കാൾ വേഗത്തിൽ നിലംപതിക്കുന്നുവെന്ന നിഗമനത്തിൽ അദ്ദേഹം എത്തിച്ചേർന്നു.

മധ്യയുഗസിദ്ധാന്തങ്ങൾ. മധ്യയുഗത്തിൽ ചില പുതിയ സിദ്ധാന്തങ്ങളുണ്ടായി. പ്രവേഗ(velocity)ത്തെക്കുറിച്ചുണ്ടായിരുന്ന അരിസ്റ്റോട്ടിലിന്റെ ആശയം പാടേ മാറി. പിന്നീടു ജീൻബ്യൂറിഡൻ, ബ്രാഡ്വാർഡൈൻ, വില്യം ഹെയ്റ്റ്സ് ബറി, റിച്ചാർഡ് സ്വീനേഷെഡ്, നിക്കോൾ ഓർസം എന്നീ ശാസ്ത്രജ്ഞന്മാർ പല സിദ്ധാന്തങ്ങളും ഉന്നയിച്ചു. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് മെർട്ടൺ പ്രമേയമാണ്. ഒരു നിശ്ചിതസമയത്തിനുള്ളിൽ ഒരുപോലെ ത്വരിതപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു വസ്തു സഞ്ചരിക്കുന്ന ദൂരം ആ വസ്തു അതേ സമയത്തിന്റെ പകുതി സമവേഗത്തിൽ സഞ്ചരിക്കുമ്പോൾ പോകുന്ന ദൂരത്തോടു തുല്യമായിരിക്കും എന്നാണ് പ്രമേയം സിദ്ധാന്തിക്കുന്നത്.

അരിസ്റ്റോട്ടിലിന്റെ പ്രതിമ



ഐസക്ന്യൂട്ടൺ

ഗലീലിയോ. ചലനത്തെ സംബന്ധിച്ച് ആധുനികസിദ്ധാന്തങ്ങളുടെ ഉപജ്ഞാതാവ് ഇറ്റലിക്കാരനായ ഗലീലിയോ (1564—1642) ആണ്. അരിസ്റ്റോട്ടിലിന്റെ സിദ്ധാന്തങ്ങൾ ലഘുവായ പരീക്ഷണങ്ങളെപ്പോലും വ്യാഖ്യാനിക്കുവാൻ പര്യാപ്തമല്ലെന്നു വ്യക്തമായതോടു കൂടി ഗലീലിയോ ഇതെക്കുറിച്ചു പഠനങ്ങൾ ആരംഭിച്ചു. താഴേക്കു സ്വതന്ത്രമായി പതിക്കുന്ന വസ്തുക്കളെക്കുറിച്ചു ഗലീലിയോ ആവിഷ്കരിച്ച സിദ്ധാന്തങ്ങളാണ് ആധുനിക ബലതന്ത്രത്തിന്റെ അടിസ്ഥാനമിട്ടത്. പ്രവേഗമാറ്റത്തിന്റെ നിരക്ക് (ത്വരണം - acceleration) സ്ഥിരമാണെന്നു കരുതിയാൽ സ്ഥിരാവസ്ഥയിൽനിന്നു താഴേക്കു പതിക്കുന്ന വസ്തു സഞ്ചരിക്കുന്ന ദൂരം സഞ്ചരിക്കുന്നതിനെടുക്കുന്ന സമയത്തിന്റെ വർഗത്തോട് ആനുപാതികമാണെന്ന് അദ്ദേഹം പ്രസ്താവിച്ചു. ചരിവുപലകകളുപയോഗിച്ച് ഇതു ശരിയാണെന്നു തെളിയിക്കുകയും ചെയ്തു.

പ്രചണ്ഡചലനമെന്ന അരിസ്റ്റോട്ടിലിന്റെ ആശയത്തിനും ഗലീലിയോ മാറ്റം വരുത്തി. ഭൂമിയുടെ തലത്തിനു സമാന്തരമായുള്ള ചലനത്തെ ഭൂമി സ്വാധീനിക്കുന്നില്ലെന്നും, തന്മൂലം ആ ദിശയിൽ ഒരു പ്രവേഗം മാറ്റമില്ലാതിരിക്കുമെന്നും അദ്ദേഹം പ്രസ്താവിച്ചു. ചരിവുപലകകളുപയോഗിച്ചുള്ള പരീക്ഷണങ്ങൾമൂലം ഇതു ശരിയാണെന്നു സമർഥിക്കുകയും ചെയ്തു. ഒരു അസമീകൃത ബലത്തിന്റെ (ഉദാ: ആകർഷണബലം) സ്വാധീനത്തിൽപ്പെട്ടെങ്കിലല്ലാതെ ചലിച്ചുകൊണ്ടിരിക്കുന്ന വസ്തുവിന്റെ പ്രവേഗത്തിനു മാറ്റം വരികയില്ലെന്ന നിഗമനത്തിൽ അദ്ദേഹം എത്തിച്ചേർന്നു. ആധുനിക ചലനസിദ്ധാന്തത്തിന്റെ അടിസ്ഥാനമായ ജഡത്വനിയമം (law of inertia) ഇങ്ങനെയാണു കണ്ടുപിടിച്ചത്. ചലനത്തെ മാറ്റുവാൻ കഴിവുള്ള ഒന്ന് എന്ന അർഥത്തിൽ ബലം എന്ന ആശയം ഇതിൽ അന്തർഭവിച്ചിരിക്കുന്നു.

ന്യൂട്ടന്റെ സിദ്ധാന്തം. ഗലീലിയോയുടെ മരണത്തിനു ശേഷമുള്ള ഒരു നൂറ്റാണ്ടിൽ അദ്ദേഹം ആരംഭിച്ച മാർഗങ്ങളിലൂടെ ചലനനിയമങ്ങൾ സ്ഥിരീകരിക്കപ്പെടുവാൻ തുടങ്ങി. പല ശാസ്ത്രജ്ഞന്മാർക്കും ഇതിൽ പങ്കുണ്ടായിരുന്നുവെങ്കിലും അവരിൽ പ്രധാനി സർ ഐസക് ന്യൂട്ടൺ (1642—1727) ആണ്. മൗലികമായ മൂന്നു ചലനനിയമങ്ങൾ †'ന്യൂട്ടന്റെ ചലന നിയമങ്ങൾ' (Newton's laws of motion) എന്നറിയപ്പെടുന്നു.

ഈ നിയമങ്ങൾ എല്ലാം ചില നിഗമനങ്ങളായിരുന്നു. ഇവയിൽ ഒന്നാമത്തതും രണ്ടാമത്തതും ഗലീലിയോയുടെ നിയമങ്ങളുടെ പരിഷ്കൃതരൂപങ്ങളാണ്. മൂന്നാമത്തെ നിയമം ന്യൂട്ടൻ ആവിഷ്കരിച്ചതാണ്. ആദ്യത്തെ നിയമം ഉപയോഗിച്ചു ബലത്തെയും ജഡത്വത്തെ നിർവചിക്കുകയും, രണ്ടാമത്തതുപയോഗിച്ചു ബലത്തെ അളക്കുകയും ചെയ്തു. മൂന്നാമത്തെ നിയമം അയഥാർഥ ചലനങ്ങൾക്കു മാത്രമേ ബാധകമാകൂ.

†പ്രവേഗം, †ത്വരണം, †ജഡത്വം, †ബലം, †ന്യൂട്ടന്റെ ചലന നിയമങ്ങൾ, †വർത്തുളചലനം നോക്കുക.

ചലനരോഗം (Motion sickness)

വേഗത്തിൽ സഞ്ചരിക്കുമ്പോഴുണ്ടാവുന്ന അസ്വസ്ഥത. വേഗത്തിൽ വട്ടംചുറ്റിയാലും വാഹനങ്ങളിൽ സഞ്ചരിച്ചാലും തലചുറ്റലും ഛർദിയും ഉണ്ടാകും. ഇങ്ങനെയുണ്ടാകുന്ന തലകറക്കം, മനംപിരട്ടൽ, ഛർദി എന്നിവയെ മൊത്തത്തിൽ ചലനരോഗം എന്നുപറയുന്നു.

ശരീരത്തിൽ സന്തുലിതാവസ്ഥ പാലിക്കുന്ന ചെവിക്കുള്ളിലെ അവയവങ്ങളാണു ലാബ്രിന്ത്, ഓട്ടോലിത്ത്, സെമിസർക്കുലാർ കനാൽ എന്നിവ. ഇവയുടെ പ്രവർത്തനത്തിലുള്ള വൈകല്യമാണ് ഈ രോഗത്തിനു കാരണം.

ഈ അസ്വസ്ഥതയുള്ളവർ വാഹനങ്ങളിൽ യാത്ര ചെയ്യുമ്പോൾ കിടക്കുകയോ, കണ്ണടച്ചു ഇരിക്കുകയോ ചെയ്യുന്നതു നല്ലതാണ്. അസുഖം കുറയ്ക്കാൻ ചില മരുന്നുകളും ഉണ്ട്.

ചലപതിറാവു (1911—1983)

പ്രമുഖ പത്രപ്രവർത്തകനും ഗ്രന്ഥകാരനും. ആന്ധ്രപ്രദേശിലെ വോൾട്ടയറിൽ ജനിച്ചു. എം.ഏ.; ബിഎൽ ബിരുദങ്ങൾ നേടിയശേഷം രണ്ടു വർഷത്തോളം മദിരാശി ഹൈക്കോടതിയിൽ അഭിഭാഷകൻ ആയിരുന്നു. പിന്നീടു പത്രപ്രവർത്തകൻ ആയി. 1938 മുതൽ 1942 വരെ നാഷനൽ ഹെറാൾഡിൻെറ അസിസ്റ്റൻറ് എഡിറ്റർ ആയിരുന്നു. ആ പത്രത്തിൻെറ പ്രവർത്തനം താത്കാലികമായി നിർത്തിവച്ചപ്പോൾ ഹിന്ദുസ്ഥാൻ ടൈംസിൽ പ്രവർത്തിച്ചു. 1945-ൽ പ്രവർത്തനം പുനരാരംഭിച്ചപ്പോൾ തിരിച്ചുവന്നു. പിന്നീട് അതിൻെറ എഡിറ്റർ ആയി ദീർഘകാലം പ്രവർത്തിച്ചു. ഇന്ത്യൻ ഫെഡറേഷൻ ഒഫ് വർക്കിങ് ജേർണലിസ്റ്റ്സിൻെറ സ്ഥാപക പ്രസിഡൻറ് ആണ്. പ്രസ്സ് കമ്മിഷൻ, പത്രപ്രവർത്തക വേജ്ബോർഡ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാസ്സ് കമ്മ്യൂണിക്കേഷൻെറയും ജവാഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയുടെയും ഭരണസമിതികൾ തുടങ്ങിയവയിൽ അംഗമായിരുന്നു. 1956-ൽ ന്യൂദില്ലിയിലും, 1960-ൽ പാരിസിലും ചേർന്ന യുനെസ്കോ സമ്മേളനത്തിൽ ഇന്ത്യയുടെ പ്രതിനിധിയായി പങ്കെടുത്തു. 1968-ൽ പദ്മഭൂഷൺ ബഹുമതി ലഭിച്ചു. സ്വാതന്ത്ര്യത്തിനു വിലങ്ങാവുമെന്നു പറഞ്ഞ് അടുത്തവർഷം അതു തിരിച്ചു നല്കി. കൃതികളിൽ പ്രധാനമാണ് ജവഹർലാൽ നെഹ്റുവിൻെറ ജീവചരിത്രം. *ഫ്രാഗ്മെൻറ്സ് ഒഫ് റവല്യൂഷൻ, ഗാന്ധി ആൻഡ് നെഹ്റു, ദ് പ്രസ് ഇൻ ഇന്ത്യ, ആൾ ഇൻ ആൾ* തുടങ്ങിയവയാണ് മറ്റു കൃതികൾ.

1983 മാർച്ച് 26-നു ന്യൂദില്ലിയിൽ അന്തരിച്ചു.

ചലവ്

ഉറക്കം തൂങ്ങി മരത്തിൻെറ മറ്റൊരു പേര്. † ഉറക്കം തൂങ്ങി നോക്കുക.

ചലവീണ

†വീണ നോക്കുക.

ചവറ

കൊല്ലം പട്ടണത്തിൽനിന്നു വടക്കുപടിഞ്ഞാറായി നാഷനൽ ഹൈവേയിൽ നീണ്ടകരപ്പാലത്തിനപ്പുറമുള്ള ഗ്രാമം (8° 53' വടക്ക് 76° 37' കിഴക്ക്). ചവറ പഞ്ചായത്തിൻെറ ആസ്ഥാനം കൊറ്റൻകുളങ്ങരയാണ്. കൊറ്റൻകുളങ്ങര ദേവീക്ഷേത്രത്തിൽ മീനമാസത്തിലെ ചമയവിളക്കാണ് പ്രധാന ഉത്സവം. പല പ്രായത്തിലുള്ള പുരുഷന്മാർ സ്ത്രീവേഷം കെട്ടി ചമയവിളക്കുമായി അമ്പലമുറ്റത്ത് എതിരേല്പിനു നില്ക്കുന്ന നേർച്ചയാണത്. ലോഹമണൽ വ്യവസായമാണ് ചവറയുടെ മറ്റൊരു പ്രത്യേകത. മുൻകാലത്ത് ലോകമൊട്ടാകെ ആവശ്യമുള്ള ഇൽമനൈറ്റിൻെറ 90% ചവറയിൽനിന്നാണ് കയറ്റി അയച്ചുകൊണ്ടിരുന്നത്. വിലപിടിച്ച ധാതുക്കൾ കലർന്ന മണ്ണ് ഇവിടെ സുലഭമാണ്. ചവറപ്പാലം മുതൽ ശങ്കരമംഗലംവരെ നീണ്ട് അറേബ്യൻ കടലിൻെറയും അഷ്ടമുടിക്കായലിൻെറ ഒരു ശാഖയായ മുകുന്ദപുരം കായലിൻെറയും മധ്യേ സ്ഥിതിചെയ്യുന്ന ഗ്രാമപ്രദേശമാണിത്. പഞ്ചായത്തിന് 11.888 ച.കി. മീ. വിസ്തൃതിയുണ്ട്. ജനസംഖ്യ 33,388 (1981). ഇന്തോ-നോർവീജയൻ പ്രോജക്ട് 1952-ൽ സമാരംഭിച്ചു. യന്ത്രവത്കൃത ബോട്ടുകളുപയോഗിച്ച് മീൻ പിടിക്കാനും പിടിച്ചെടുക്കുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുവാനും വാഹനസൗകര്യങ്ങൾ മെച്ചപ്പെടുത്താനും അങ്ങനെ തീരദേശ വാസികളുടെ ജീവിതനിലവാരമുയർത്താനും സമാരംഭിച്ച ഈ പ്രോജക്ട് മീൻപിടുത്തക്കാർക്ക് വലിയ അനുഗ്രഹമാണ്. ശക്തികുളങ്ങരയിലെ ബോട്ട് നിർമാണശാലയും മീൻപിടുത്തക്കാർക്കുള്ള പരിശീലനകേന്ദ്രവും ഐസ് ഫാക്ടറിയും റെഫ്രജറേഷൻ പ്ലാൻറും ആശുപത്രിയുമെല്ലാം ഈ പ്രോജക്ടിൽ പെടും. ചവറയിലെ പ്രിമോ പൈപ്പ് ഫാക്ടറിയും കുറെപ്പേർക്ക് തൊഴിൽ നല്കുന്നു. ഇത്തരത്തിലുള്ള ഇന്ത്യയിലെ ഒന്നാമത്തെ ഫാക്ടറിയാണിത്.



ചവറ കടൽപ്പുറം

ചവറ മണൽകമ്പനികൾ

കൊല്ലം ജില്ലയിലെ ചവറ കടൽത്തീരത്തെ മണലിൽ അടങ്ങിയിട്ടുള്ള ധാതുക്കൾ ഉപയോഗിച്ചു പ്രവർത്തിച്ചുവരുന്ന വ്യവസായ ശൃംഖല. 1932-ൽ എഫ്.എക്സ്. പെരേരയാണു ചവറയിൽ ആദ്യത്തെ വ്യവസായ സ്ഥാപനം ആരംഭിച്ചത്: എഫ്.എക്സ്. പെരേര ആൻഡ് സൺസ് (ട്രാവൻകൂർ) പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ. താമസിയാതെ ട്രാവൻ മിനറൽ കമ്പനി ലിമിറ്റഡ്, അസോഷ്യേറ്റഡ് മിനറൽ കമ്പനി ലിമിറ്റഡ്, ഹോപ്കിൻ ആൻഡ് വില്യംസ് കമ്പനി ലിമിറ്റഡ് എന്നീ കമ്പനികളും നിലവിൽ വന്നു. ഈ സ്ഥാപനങ്ങളെ പൊതുവിൽ ചവറ മണൽകമ്പനികൾ എന്നു വിളിച്ചുപോന്നു. പില്ക്കാലത്ത് ഇവയുടെ പ്രവർത്തനം മന്ദീഭവിക്കയോ നിലയ്ക്കുകയോ ചെയ്തു. തത്സ്ഥാനത്തു പൊതുമേഖലാസ്ഥാപനമായ കേരള മിനറൽസ് ആൻഡ് മെറ്റൽസ് നിലവിൽ വന്നു (1972). †കേരള മിനറൽസ് ആൻഡ് മെറ്റൽസ് നോക്കുക.



ചവറയിലെ
കേരള മിനറൽസ് ആൻഡ് മെറ്റൽസ്

ചവാൻ, എസ്.ബി. (1920—)

രാഷ്ട്രീയനേതാവും കേന്ദ്രമന്ത്രിസഭാംഗവും. മുഴുവൻ പേര് ശങ്കർറാവ് ബാവു റാവ്. 1920 ജൂലൈ 14-ന് മഹാരാഷ്ട്രയിലെ ഔറങ്ഗബാദ് ജില്ലയിൽ പൈഠാനിൽ ജനിച്ചു. മദിരാശി സർവകലാശാലയിൽനിന്നു ബി.എ. ബിരുദവും ഉസ്മാനിയാ സർവകലാശാലയിൽനിന്നു നിയമബിരുദവും നേടി. 1945-ൽ നന്ദേദ് മുനിസിപ്പൽ ചെയർമാൻ ആയി പൊതുജീവിതം ആരംഭിച്ചു. 1956-ൽ നിയമനിർമാണ

സഭയുടെ ഉപരിമണ്ഡലത്തിൽ അംഗവും റെവന്യൂ വകുപ്പിൽ ഡെപ്യൂട്ടി മന്ത്രിയുമായി. ജലസേചനവും വിദ്യുച്ഛക്തിയും ഉൾപ്പെടെ പല വകുപ്പുകളിലും തുടർന്നു മന്ത്രിസ്ഥാനം വഹിച്ചശേഷം മഹാരാഷ്ട്ര മുഖ്യമന്ത്രിയായി (1975-77). 1980-ൽ കേന്ദ്രമന്ത്രിസഭയിൽ വിദ്യാഭ്യാസ സാമൂഹികക്ഷേമവകുപ്പ് മന്ത്രിയായി.തുടർന്ന് 1981-84 കാലത്ത് പ്ലാനിങ് മന്ത്രിയായി. 1984 ഓഗസ്റ്റ് മുതൽ അല്പകാലം പ്രതിരോധമന്ത്രിയായും പ്രവർത്തിച്ചു. 1984 ഡിസംബർ മുതൽ 1986 മാർച്ചുവരെ കേന്ദ്ര ആഭ്യന്തരമന്ത്രി സ്ഥാനം വഹിച്ചു. 1986-88 കാലത്ത് വീണ്ടും മഹാരാഷ്ട്ര മുഖ്യമന്ത്രിയായി. 1988 ജൂൺ മുതൽ കേന്ദ്ര ധനകാര്യമന്ത്രിയായി പ്രവർത്തിക്കുന്നു.

ചവാൻ, വൈ.ബി. (1913—'84)

കോൺഗ്രസ് നേതാവും ദീർഘകാലം കേന്ദ്രമന്ത്രിസഭയിലെ അംഗവും. യശ്വന്തറാവു ബലവന്തറാവു ചവാൻ (ചൗഹാൻ) മഹാരാഷ്ട്രയിലെ സാംഗ്ലി ജില്ലയിൽ 1913 മാർച്ച് 12-ന് ജനിച്ചു. കാരാട് തിലകഹൈസ്കൂളിലെ വിദ്യാഭ്യാസത്തിനുശേഷം കോൽഹാപൂരിലും (ബി.എ.) പൂണെയിലും (എൽ.എൽ.ബി.) പഠിച്ചു. കാരാട്ടിൽ പ്രാക്റ്റീസ് ആരംഭിച്ചു. ആദ്യം എം.എൻ. റോയിയുടെ പാർട്ടിയോടു ബന്ധപ്പെട്ടിരുന്നുവെങ്കിലും 1939-ൽ കോൺഗ്രസ്സിൽച്ചേർന്നു. 1941—'43 കാലത്തു സത്താറയിൽ കോൺഗ്രസ് സംഘടനയ്ക്കുവേണ്ടി ഒളിവിൽ പ്രവർത്തിച്ചു. 1944-ൽ അറസ്റ്റുചെയ്യപ്പെട്ടു. പിന്നീട് കോൺഗ്രസ്സിന്റെ മഹാരാഷ്ട്രാ സംസ്ഥാനക്കമ്മിറ്റിയുടെ സെക്രട്ടറിയായി. 1946-ൽ ബോംബെ അസംബ്ലിയിലേക്കു തിരഞ്ഞെടുക്കപ്പെടുകയും 1952-ൽ ബോംബെ സിവിൽ സപ്ലൈസ് മന്ത്രിയാവുകയുംചെയ്തു. 1956-ൽ ബോംബെ മുഖ്യമന്ത്രിയായി. വി.കെ. കൃഷ്ണമേനോന്റെ രാജിയെത്തുടർന്ന് ഇന്ത്യയുടെ രാജ്യരക്ഷാമന്ത്രിയായി. സൈനികസഹായത്തിനുവേണ്ടിയുള്ള കൂടിയാലോചനകൾക്കായി 1964-ൽ അമേരിക്ക, റഷ്യ, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ചു. 1966-ൽ താഷ്ക്കന്റ് കൂടിയാലോചനകളിൽ പങ്കെടുത്തു. പിന്നീട് ആഭ്യന്തരകാര്യമന്ത്രിയായി. 1971-ൽ വീണ്ടും പാർലമെന്റിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. ഇന്ദിരാഗാന്ധിയുടെ മന്ത്രിസഭയിൽ ധനകാര്യമന്ത്രിയായും ആഭ്യന്തരകാര്യമന്ത്രിയായും പ്രവർത്തിച്ചു. 1977-ൽ ജനതാഗവൺമെന്റ് അധികാരത്തിൽവന്നപ്പോൾ ചവാൻ പാർലമെന്റിലെ പ്രതിപക്ഷ നേതാവായി. 1979-ൽ ചൗധുരി ചരൺ സിങ്ങിന്റെ നേതൃത്വത്തിലുണ്ടായ കെയ്ർ ടെയ്ക്കർ ഗവൺമെന്റിൽ ഇദ്ദേഹം ഡെപ്യൂട്ടി പ്രൈംമിനിസ്റ്ററായി. 1982-84 കാലഘട്ടത്തിൽ ഫിനാൻസ് കമ്മീഷന്റെ ചെയർമാനായി പ്രവർത്തിച്ചു. 1984 നവംബർ 25-ന് അന്തരിച്ചു.

ചവിട്ടുനാടകം

ഒരു കേരളീയ ദൃശ്യകല. കഥകളിയിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് രൂപം നല്കപ്പെട്ടതാണ് ഈ കലാരൂപം. 17-ാം നൂറ്റാണ്ടിലാണ് ഇതു രൂപപ്പെട്ടത്. ചിന്നത്തമ്പിപ്പിള്ള, വേദനായകം പിള്ള എന്നിവരാണത്രേ ചവിട്ടുനാടകത്തിന്റെ ഉദ്ഭവത്തിനും പ്രചാരണത്തിനും കാരണക്കാർ. ഇവർ പല നാടകങ്ങൾ രചിക്കുകയും അവ ശിഷ്യരെ അഭ്യസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബ്രസീനാ നാടകം, കത്രീനാ നാടകം, ഔസേപ്പു നാടകം, അല്പേശു നാടകം ഇങ്ങനെ പല നാടകങ്ങളും ഇക്കൂട്ടത്തിൽ പെടും.



ചവിട്ടുനാടകം

കഥകളിയിൽ ഹസ്തമുദ്രയ്ക്കെന്നപോലെ, ചവിട്ടുനാടകത്തിൽ ചുവടുവയ്പിനാണ് പ്രാധാന്യം. പന്ത്രണ്ടുവിധം ചുവടുകളാണുള്ളത്. അധികം കനമില്ലാത്ത പലക നിരത്തി താളംതെറ്റാതെ ചവിട്ടിയാടുന്ന ഈ പ്രസ്ഥാനത്തിന് 'തട്ടുപൊളിപ്പ്'നെന്നും പേരുണ്ടായിരുന്നു. യുദ്ധവീരന്മാരുടെ ആയോധനപാടവം പ്രദർശിപ്പിക്കാൻ പറ്റിയ വീരരസപ്രധാനമായ കഥകളാണ് ചവിട്ടുനാടകങ്ങളിലേത്. അണ്ണാവി (ആശാൻ) കളരികെട്ടി ആയുധാഭ്യാസം ചെയ്യിച്ചശേഷമാണ് കഥ പഠിപ്പിക്കുന്നത്. ആദ്യകാലത്തെ അണ്ണാവിമാർ തമിഴ് പണ്ഡിതരായതുകൊണ്ടാവാം മിക്ക ചവിട്ടുനാടകങ്ങളുടെയും ഭാഷ തമിഴായത്. ഓലയിലോ കടലാസിലോ എഴുതി സൂക്ഷിച്ചിരിക്കുന്ന നാടകഗ്രന്ഥങ്ങൾക്ക് 'ചുവടി' എന്നു പറയും. പ്രാഥമിക പരിശീലനത്തിനു ചൊല്ലിയാട്ടമെന്നാണു പറയുക. ഏറ്റവും പ്രയാസം ചവിട്ടാണ്. താളത്തിനൊപ്പിച്ച് കൈയും കണ്ണും ചലിപ്പിച്ചുവേണം ചുവടുവയ്ക്കാൻ.

ചടങ്ങുകൾ: വേഷവിധാനങ്ങൾക്കു കടലാസും പട്ടും ഉപയോഗിച്ചിരുന്നു. പഠനം പൂർത്തിയായാൽ സജ്ജീകരിച്ചിരിക്കുന്ന തട്ടിൽ അരങ്ങേറ്റം നടത്തുകയായി. കളിദിവസം സന്ധ്യയ്ക്ക് ചെണ്ടക്കാർ തട്ടിൽനിന്ന് ഒന്നാംകേളി പെരുക്കുന്നു. എട്ടു മണിയോടുകൂടി രണ്ടാം കേളിയും. പത്തുമണിക്ക് മൂന്നാം കേളിയും പെരുക്കിക്കഴിഞ്ഞാൽ കളിയാരംഭിക്കും. ഈശ്വരസ്തോത്രം, ഗുരുവന്ദനം, മറ്റു പ്രാരംഭച്ചടങ്ങുകൾ ഇവയെ തുടർന്ന് 'കട്ടിയേൻ' (വിദൂഷകൻ) ആരെയും ചിരിപ്പിക്കുന്ന വേഷത്തിൽ പ്രത്യക്ഷപ്പെടുന്നു. ഇയാൾ പോകുന്നതോടെ കഥ തുടങ്ങുന്നു. സംഗീതം, അഭിനയം, നൃത്തം, സംഭാഷണം, താളമേളങ്ങൾ മുതലായവയെല്ലാം ഇതിൽ സമ്മേളിച്ചിട്ടുണ്ട്. ചവിട്ടുനാടകങ്ങളിൽ ഏറ്റവും പ്രസിദ്ധമായത് 'കാറൽമാൻ ചരിതം' ആണ്. ഇതിന്റെ കർത്താവ് പണ്ഡിതനും നടനവിദഗ്ധനുമായ കൊച്ചീക്കാരൻ വറീച്ചനണ്ണാവിയാണ്. ഈ ദൃശ്യകല ലുപ്തപ്രചാരമായി വരികയാണ്.

ചവോക്കുമരം

†കാറ്റാടിമരം നോക്കുക.

ചാ

ചാം

മധ്യവിയറ്റ്നാമിലും കമ്പുച്ചിയയിലും ഉള്ള ഒരു ജനവർഗം. കമ്പുച്ചിയയിൽ ഇവർ മലയൻ സങ്കരവർഗമാണ്. വിയറ്റ്നാമിൽ പതിനായിരത്തോളമേ ഇവരുടെ എണ്ണംവരൂ. കമ്പുച്ചിയയിൽ ഒരു ലക്ഷത്തിന് അടുത്തും. മരുമക്കത്തായികളാണ്. കൃഷിയാണു മുഖ്യതൊഴിൽ. ഗിരിവർഗക്കാരിൽനിന്നു വനവിഭവങ്ങൾ വാങ്ങി പരിഷ്കൃത വസ്തുക്കൾ അവർക്കുകൊടുത്ത് ഒരുതരം കച്ചവടം ഇവരുടെ ഉപതൊഴിലാണ്. വീരചരമമടഞ്ഞ പൂർവികരെ ദൈവമാക്കി കല്പിക്കുന്ന പതിവുണ്ട്. ഇങ്ങനെയുള്ളവരെ പ്രതിഷ്ഠിച്ചിരിക്കുന്ന ക്ഷേത്രങ്ങളിൽ സ്ത്രീകളാണു പൂജ നടത്തുന്നത്.

ചാംപോളിയൻ, ഷാൻ ഫ്രാങ്സ്വാ (1790—1832)

ഈജിപ്തിലെ പുരാതനസംസ്കാരങ്ങളെക്കുറിച്ചു ശാസ്ത്രീയ പഠനം നടത്തിയ ഫ്രെഞ്ചുകാരൻ. ഫിഗേയിൽ 1790 ഡിസംബർ 23-ാം തീയതി ജനിച്ചു. കോപ്ടിക്(Coptic) ആണ് ഈജിപ്തിലെ പുരാതന ഭാഷയെന്നു പറഞ്ഞ് 16-ാമത്തെ വയസ്സിൽത്തന്നെ ഒരു പ്രബന്ധമവതരിപ്പിച്ചു. പിന്നീടു പാരീസിലേക്കു പോയി. 1809-ൽ ചരിത്രാധ്യാപകനായിരിക്കവെ ചാൾസ് പത്താമൻ ചാംപോളിയനെ ഇറ്റലിയിലെ മ്യൂസിയങ്ങളിൽ ചെന്ന് ഈജിപ്തിലെ പുരാവസ്തുക്കൾ പരിശോധിച്ചു പഠിക്കുവാൻ അയച്ചു (1824).ഈജിപ്തിലെ പഴയ സംസ്കാരങ്ങളെ നേരിട്ടു പഠിച്ച് അപഗ്രഥിക്കുവാൻ ഇദ്ദേഹം 1828-ൽ ഈജിപ്തിലേക്കുപോയി. പഴയ ലിപികളെക്കുറിച്ചു പുതിയ സിദ്ധാന്തങ്ങൾ ആവിഷ്കരിക്കുന്നതിലാണു കൂടുതൽ ശ്രദ്ധ പതിപ്പിച്ചത്. അവിടെവച്ചു ഗവേഷണപ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിനിടയ്ക്ക് 1832 മാർച്ച് 4-ാം തീയതി അന്തരിച്ചു.



ചാംപോളിയന്റെ മൂ.ത്ത സഹോദരനായ ചാംപോളിയൻ ഫിഗേ ജാക്യൂസ് ജോസഫ് (1778-1867) പ്രസിദ്ധ ഫ്രെഞ്ച് പുരാവസ്തു ശാസ്ത്രജ്ഞനാണ്.

ചാകര

കേരളത്തിന്റെ തീരക്കടലിൽ തീരത്തോടു ചേർന്ന്, കാലവർഷക്കാലത്തു പ്രത്യക്ഷപ്പെടുന്ന ചെളികലങ്ങിയ ശാന്തജലപ്രദേശങ്ങൾ. കേരള കടലോരപ്രദേങ്ങളിലെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ഒരുപദം എന്ന നിലയിലാണ് ഈ പദത്തിനു പ്രസിദ്ധി. ഈ ഭാഗത്തെ കടൽ ചത്തതുപോലെ ശാന്തമായി കിടക്കുന്നതുകൊണ്ടാണ് ഈ പേര് എന്നും അതല്ല, ചാകരക്കാലത്തെ ചെളിവെള്ളത്തിൽ മീനുകൾ ശ്വാസംമുട്ടി ചത്തുപോകുന്നതിനാലാണ് ഈ പേരു വന്നതെന്നും രണ്ടഭിപ്രായമുണ്ട്.

കാലവർഷക്കാറ്റിൽ അറബിക്കടലിൽ ആകെ കൂറ്റൻതിരകൾ പ്രത്യക്ഷപ്പെടുമ്പോൾ ചാകരസ്ഥലങ്ങളിൽ മാത്രം കടൽ അതീവശാന്തമായി കാണപ്പെടുന്നു. തീരത്തോടുചേർന്ന് 5-9 കി.മീ. നീളത്തിൽ, കടലിലേക്ക് 5-6 കി.മീ. തള്ളി ഏതാണ്ട് അർധചന്ദ്രാകൃതിയിലാണ് ചാകര പ്രത്യക്ഷപ്പെടുന്നത്. ചാകരയ്ക്കു ചുറ്റുമായി ഏതാണ്ട് അര കിലോമീറ്റർ വീതിവരുന്ന ചാകരപ്രാന്തത്തിൽ തിരകളെല്ലാം അടങ്ങി ശാന്തമാകുന്നു.

ലോകത്തിൽ മറ്റൊരു സമുദ്രതീരത്തും ഇതിനോടു സമാനമായ ഒരു പ്രതിഭാസം ഇതുവരെ കണ്ടെത്തിയിട്ടില്ല. തെക്കെ ആഫ്രിക്കയുടെ പടിഞ്ഞാറെ തീരത്തുള്ള ബഗുളാ കടലൊഴുക്കു(Benguela current)മായി ബന്ധപ്പെട്ടുണ്ടാവുന്ന ചെളിത്തട്ടുകൾ ഏതാനും മണിക്കൂർ നേരത്തേക്കു മാത്രമെ കാണാറുള്ളു; ചാകരയാകട്ടെ രണ്ടുമൂന്നു മാസക്കാലം നിലനില്ക്കുന്നു.

സ്ഥാനങ്ങൾ. കേരള തീരത്തുപോലും എല്ലാദിക്കിലും ചാകര ഉണ്ടാകുന്നില്ല. കൊല്ലത്തിനും കണ്ണൂരിനുമിടയിലുള്ള സമുദ്രതീരത്തിൽ പ്രത്യേകസ്ഥാനങ്ങളിലാണു ചാകരവീഴ്ച കാണുന്നത്. കണ്ണൂർ, മാഹി, പന്തലായനി, കോഴിക്കോട്, ബേപ്പൂർ, വെളിയങ്ങാട്, ചേറ്റുവാ, നാട്ടിക, വാടാനപ്പള്ളി, കൊടുങ്ങല്ലൂർ, ഞാറയ്ക്കൽ, ചേർത്തല, ആലപ്പുഴ, പുറക്കാട്, തൃക്കുന്നപ്പുഴ എന്നിവിടങ്ങളിൽ പല വർഷങ്ങളിലും ചാകരകൾ ഉണ്ടായതായി റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ട്. ഇവയിൽ ഞാറയ്ക്കൽ, പുറക്കാട് ചാകരകൾ അനേക വർഷങ്ങളായി മിക്കവാറും ആണ്ടോടാണ്ട് നിലനില്ക്കുന്നു.

കാലം. പൊതുവെ കാലവർഷക്കാലമാണു ചാകരക്കാലം. ജൂൺ മാസത്തോടെ അവ പ്രത്യക്ഷപ്പെടുന്നു. സെപ്റ്റംബർ-ഒക്റ്റോബറിൽ അപ്രത്യക്ഷമാകുന്നു.

മത്സ്യബന്ധനം. ചാകരപ്രദേശങ്ങൾ പ്രസിദ്ധമായ മത്സ്യബന്ധനകേന്ദ്രങ്ങളാണ്. ചെമ്മീനും, നങ്ക്, മത്തി, അയില എന്നീ മത്സ്യങ്ങളുമാണ് ചാകരക്കൊയ്ത്തിൽ ലഭിക്കാറ്. മറ്റു തീരങ്ങൾ വൻതിരകൾമൂലം അപ്രാപ്യമായിരിക്കുമ്പോൾ ഈ ശാന്തജല മത്സ്യബന്ന സ്ഥലങ്ങൾ കേരളതീരത്തെ മീൻപിടുത്തക്കാർക്ക് അനുഗ്രഹമാണ്. അവരുടെ സാമൂഹിക-സാമ്പത്തിക ജീവിതം ചാകരവീഴ്ചയുമായി ബന്ധപ്പെട്ടുകിടക്കുന്നു. ചാകര കടലമ്മയുടെ അനുഗ്രഹമാണെന്നാണു പരമ്പരാഗതവിശ്വാസം.

ചരിത്രവും പഠനങ്ങളും. കേരളതീരത്തു ചാകര ആദ്യമായി പ്രത്യക്ഷപ്പെട്ടത് എന്ന് എന്നതിനെക്കുറിച്ച് രേഖകളൊന്നുമില്ല. ചാകരയെക്കുറിച്ചുള്ള ആദ്യത്തെ പരാമർശം 1678-ലാണു കാണുന്നത്. അന്ന് ഹാമിൽട്ടൺ എന്ന സഞ്ചാരി ഇങ്ങനെ എഴുതി: "ഈ ചെളിക്കടലുകൾക്കു തുല്യമായി മറ്റൊന്നില്ല. തെക്കുപടിഞ്ഞാറൻ കാലവർഷക്കാറ്റിൽ ആഞ്ഞടിക്കുന്ന തിരകൾ ഇവിടെ പൊടുന്നനെ അപ്രത്യക്ഷമാവുന്നു. ഈ നിശ്ചല ജലത്തിൽ കപ്പലുകൾക്ക് ഒരു നല്ല തുറമുഖത്തിലെന്നപോലെ സുരക്ഷിതമായി നങ്കൂരമിടാം."

ചാകരവീഴ്ചയെക്കുറിച്ച് ആദ്യമായി ശാസ്ത്രീയപഠനങ്ങൾ നടത്തിയത് കൊച്ചി തുറമുഖത്തിന്റെ ശില്പി ആയ സർ റോബർട്ട് ബ്രിസ്റ്റോയാണ് (1938). ഡുകാനെയും കൂട്ടരും ഞാറയ്ക്കൽ, പുറക്കാട് ചാകരകളുടെ സ്ഥാനചലനത്തെക്കുറിച്ചു പഠനം നടത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഞാറയ്ക്കലെ ചാകരസ്ഥാനം 100 വർഷത്തിനിടയിൽ 11.2 കി.മീ. തെക്കോട്ടു നീങ്ങിയിട്ടുള്ളതായി കണക്കാക്കുന്നു. കൊച്ചി സർവകലാശാലയിലെ മറൈൻ സയൻസസ് വിഭാഗം ചാകരയുടെ വിവിധ വശങ്ങളെക്കുറിച്ചു ധാരാളം പഠനം നടത്തിയിട്ടുണ്ട്.

മറ്റു സവിശേഷതകൾ. തിരകൾ സമ്പൂർണമായി അടങ്ങുന്നതുകൊണ്ടു ചാകരയുള്ളിടത്തു കടലാക്രമണം ഉണ്ടാകുന്നില്ല. തീരം മണലടിഞ്ഞ് വലുതാവുകയും ചെയ്യുന്നു. സ്വാഭാവിക തീരസംരക്ഷണമാണു ചാകരകൾ നടത്തുന്നത്. ചാകരകളും കേരളതീരത്തിന്റെ ഗതികവും പഠിക്കുകവഴി തരംഗ ഊർജ അവശോഷണം തീരസംരക്ഷണത്തിന് എങ്ങനെ ഉപയോഗപ്പെടുത്താം എന്നു മനസ്സിലാക്കാൻ കഴിയും.

ആകൃതിയിലും വലിപ്പത്തിലും ചാകരകൾക്കു തമ്മിൽ വ്യത്യാസങ്ങളുണ്ട്. ഒരു ചാകരവീഴ്ചയിൽത്തന്നെ അതിന്റെ ആകൃതിയിൽ പല വ്യതിയാനങ്ങളും ഉണ്ടാകും. കടൽത്തട്ടിൽ മുകൾഭാഗം പരന്ന ഒരു കുട കമഴ്ത്തിവച്ചപോലെ നിലംബിത ചെളി രൂപംകൊള്ളുന്നു. ജൂലായിലാണ് ഇതിന്റെ വിസ്തൃതി ഏറ്റവും ഏറിയിരിക്കുന്നത്.

തീരത്തുനിന്നു ചാകരയുടെ ഇരുവശത്തുകൂടിയും ചാകരയ്ക്കുള്ളിലേക്കു ചെളി നീക്കംചെയ്യപ്പെടുന്നുണ്ട്. എതിർദിശയിലേക്കൊഴുകുന്ന അനുതീരപ്രവാഹങ്ങൾ മൂലമാണ് ഈ ചെളിനീക്കം. തരംഗികാപ്രവാഹങ്ങൾ തീരത്തുനിന്നകത്തേയ്ക്കും ചെളി നീക്കം ചെയ്യുന്നു. ആഴത്തിൽ നിന്നു തീരത്തേക്കു തിരകൾ മൂലമുള്ള ചെളി നീക്കം തീരത്തുടനീളം നടക്കുന്നുണ്ട്. പ്രവാഹങ്ങൾ മൂലവും തിരകൾ മൂലവുമുള്ള ഈ ചെളിനീക്കങ്ങൾ ചാകരകേന്ദ്രത്തിൽ കൂടിച്ചേരുന്നു.

ചാകരത്തട്ടിലെ ചെളിയുടെ തരിതന്നെ ചെറുതാണ്. മുക്കാൽ ഭാഗവും 62 മൈക്രോണിൽ താഴെ മാത്രം വലിപ്പമുള്ളവയാണ്.

കാലവർഷത്തിനുശേഷം തരംഗശക്തി കുറയുന്നതോടെ ചെളിനീക്കങ്ങൾ ദുർബലപ്പെടുന്നു. അതോടൊപ്പം സമുദ്രജലത്തിലെ ലവണതയിലുണ്ടാകുന്ന വർധന തരികളുടെ അടിഞ്ഞുതാഴലിനെ ത്വരിതപ്പെടുത്തുകയും ചെയ്യുന്നു. ഈ രണ്ടു കാരണങ്ങൾകൊണ്ടാണു ചാകര അപ്രത്യക്ഷമാകുന്നത്. ഇതോടെ ആ ഭാഗത്തു നിലംബിത നിലയിലുള്ള തരികൾ വൻതോതിൽ അടിഞ്ഞുതാഴുന്നു.

ചാകരപ്രാന്തത്തിൽ തിരകൾ തട്ടിത്തകരുകയല്ല, അപ്രത്യക്ഷമാവുകയാണു ചെയ്യുന്നത്. ചാകരപ്രാന്തത്തിന്റെ അടിത്തട്ടിലെ ഇലാസ്തികത അധികമുള്ള ചെളിക്കുഴമ്പ് അടിത്തട്ടു തരംഗങ്ങൾ സൃഷ്ടിക്കും. ഈ അടിത്തട്ടുതരംഗങ്ങളാണ് ഉപരിതല തരംഗോർജം അവശോഷണം ചെയ്തു ചാകരപ്രദേശങ്ങളെ ശാന്തമായി നിലനിർത്തുന്നത്.

ചാക്കീരി അഹമ്മദുകുട്ടി (1914-)

ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് നേതാവ്. കേരളവിദ്യാഭ്യാസ മന്ത്രിയും (1973—'77) നിയമസഭാസ്പീക്കറും (1977—'80) ആയിരുന്നു.

പ്രസിദ്ധ മാപ്പിളക്കവിയായ ചാക്കീരി മൊയ്യീൻകുട്ടി സാഹിബിന്റെ മകൻ. മലപ്പുറം ജില്ലയിലെ വേങ്ങരയിലുള്ള ചേറൂരിൽ ജനിച്ചു. തിരൂർ ഹൈസ്കൂളിൽ പഠിച്ചെങ്കിലും പിതാവിന്റെ മരണത്തോടുകൂടി വിദ്യാഭ്യാസം മുടങ്ങി. ഏറനാടു താലൂക്ക് ബോർഡ് അംഗമായി പൊതുപ്രവർത്തനം ആരംഭിച്ചു (1932). 1934-ൽ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിൽ ചേരുകയും അബ്ദു റഹ്മാൻ സാഹിബിനോടൊത്തു പ്രവർത്തിക്കയുമുണ്ടായി. 1939-ൽ കോൺഗ്രസ്സുമായി അഭിപ്രായവ്യത്യാസമുണ്ടായതിനാൽ മുസ്ലീം ലീഗിൽ ചേർന്നു. 1952-ൽ മദിരാശി നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. കേരളപ്പിറവിയോടെ കേരള നിയമസഭാംഗമായി (1957). തുടർന്ന് ഇരുപതു കൊല്ലത്തിലേറെ അദ്ദേഹം നിയമസഭയിലുണ്ടായിരുന്നു. 1973 മാർച്ച് മുതൽ നാലുവർഷം കേരള വിദ്യാഭ്യാസമന്ത്രിയായിരുന്നു. 1977 മാർച്ചു മുതൽ 1980 ഫെബ്രുവരി വരെ നിയമസഭാ സ്പീക്കറും. അക്കാലത്ത് ഒട്ടവയിൽ നടന്ന കോമൺവെൽത്ത് കോൺഫറൻസിൽ പങ്കെടുക്കുകയും പല വിദേശരാജ്യങ്ങൾ സന്ദർശിക്കയും ചെയ്തു. പക്വതയുള്ള നേതാവെന്ന നിലയ്ക്കു ചാക്കീരി എല്ലാ കക്ഷികളാലും ബഹുമാനിക്കപ്പെട്ടിരുന്നു.

ചാക്കീരി മൊയ്തീൻകുട്ടി സാഹിബ് (?—1929)

അറബി മലയാളസാഹിത്യകാരൻ. കൂടുതൽ മലയാളം കലർത്തിക്കൊണ്ട് അറബിമലയാളസാഹിത്യത്തെ പരിഷ്കരിക്കുന്നതിൽ ഇദ്ദേഹം താത്പര്യം പ്രകടിപ്പിച്ചു. ഇദ്ദേഹം രചിച്ച ഭാഷാഭൂഷണം എന്ന പര്യായനിഘണ്ടു അറബി മലയാളത്തിലെ ആദ്യത്തെ നിഘണ്ടുവാണ്.

ഏറനാട്ടിലെ ചേറൂർ ഗ്രാമത്തിൽ ജനിച്ചു. ചെറുപ്പത്തിൽത്തന്നെ അറബി, തമിഴ്, മലയാളം എന്നീ ഭാഷകൾ പഠിച്ചു. പ്രാചീന മാപ്പിളക്കവികളുടെ രചനാരീതിയിൽനിന്നു വ്യതിചലിച്ചുകൊണ്ട് ഇദ്ദേഹം എഴുതിയ കൃതിയാണ് ''ചാക്കീരിസദർ'. മാപ്പിളപ്പാട്ടു വൃത്തങ്ങളിൽ പല നൂതനരീതികളും ആവിഷ്കരിച്ചു. ആചാരമംഗലം, പുതിയ തുള്ളൽ, പുതിയ കല്യാണി, ചെറിയ മാലിനി, ഇന്ദ്രവജ്റ, മോഹനം തുടങ്ങിയ പുതിയ പേരുകൾ ഇശലുകൾക്കു നല്കി. *ഗസ്വത്ത് ബദ്റീൽ കുബ്റാ, തുഹ്ഫത്തുൽ ഇഖ്വാൻ* എന്നിവയാണു ചാക്കീരിയുടെ മറ്റു ഗ്രന്ഥങ്ങൾ.

കേരളത്തിൽ വിദ്യാഭ്യാസമന്ത്രിയും സ്പീക്കറുമായിരുന്ന ചാക്കീരി അഹമ്മദ്കുട്ടി സാഹിബ് ഇദ്ദേഹത്തിന്റെ മകനാണ്.

ചാക്കോ, ഐ.സി. (1876—1966)

സംസ്കൃതപണ്ഡിതനും വൈയാകരണനും. തിരുവിതാംകൂറിലെ വ്യവസായ ഡയറക്റ്ററായിരുന്നു. ആലപ്പുഴ പുളിങ്കുന്നു ഗ്രാമത്തിൽ 1876 ഡിസംബർ 25-ാം തീയതി ജനിച്ചു. ആലപ്പുഴ, കോട്ടയം എന്നിവിടങ്ങളിൽ പഠിച്ചു. തിരുവനന്തപുരത്തുനിന്നു സംസ്കൃതം ഐച്ഛികവിഷയമായെടുത്തു ബി.എ. പാസ്സായി (1899). രണ്ടുവർ

ഷക്കാലം ആലപ്പുഴയിൽ മിഡിൽസ്കൂൾ ഹെഡ്മാസ്റ്ററായി ജോലിനോക്കി.

സ്കോളർഷിപ്പോടുകൂടി ഉപരിപഠനത്തിന് ഇംഗ്ലണ്ടിൽ പോയി (1901). നാലുവർഷം ഇമ്പീരിയൽ കോളെജിൽ പഠിച്ചു. ലണ്ടൻ സർവകലാശാലയിലെ ബി.എസ്സി. (ഫിസിക്സ്) ഓണേഴ്സ്, എ.ആർ.എസ്.എം.,എ.ആർ.സി.എസ്. എന്നീ ബിരുദങ്ങളും സമ്പാദിച്ചു. 1906-ൽ നാട്ടിൽ തിരിച്ചെത്തി. ഇന്ത്യൻ ജിയോളജിക്കൽ സർവേയിൽ പ്രായോഗികപരിശീലനം പൂർത്തിയാക്കി. തിരുവിതാംകൂറിൽ ഭൂഗർഭശാസ്ത്രവകുപ്പിൽ ജോലി സ്വീകരിച്ചു. പിന്നീടു വ്യവസായ വകുപ്പിൽ ചേർന്നു. ദീർഘകാലം ആ വകുപ്പിൻെറ ഡയറക്റ്ററായിരുന്നു.

കാൽനൂറ്റാണ്ടുകാലത്തെ ശ്രമംകൊണ്ട് അദ്ദേഹം രചിച്ച പാണിനീയപ്രദ്യോതമാണു മലയാളത്തിനു ലഭിച്ച ഉത്കൃഷ്ടമായ സംഭാവന. കേന്ദ്രസാഹിത്യഅക്കാദമിയുടെ അവാർഡുനേടിയ ഈ ബൃഹദ്ഗ്രന്ഥം പാണിനിമഹർഷിയുടെ അഷ്ടാധ്യായിയെ അടിസ്ഥാനമാക്കി നിർമിച്ച വ്യാകരണഗ്രന്ഥമാണ്. പുരാണകഥകളെ യുക്തിയുക്തമായി നിരൂപണം ചെയ്യുന്നതിൽ ഇദ്ദേഹം നിപുണനായിരുന്നു. സ്വന്തം ജീവിതസ്മരണകളും ഏതാനും നിരൂപണങ്ങളും ലേഖനങ്ങളും അദ്ദേഹത്തിൻെറതായിട്ടുണ്ട്.

കേരളത്തിൽ ലോഹമണൽവ്യവസായം, കളിമൺവ്യവസായം എന്നിവയുടെ അടിത്തറപാകിയത് ഇദ്ദേഹത്തിൻെറ ഉപദേശപ്രകാരമാണ്. ഭൗതികം, രസതന്ത്രം, ഭൂഗർഭശാസ്ത്രം, പ്രകൃതിശാസ്ത്രം എന്നീ വിഷയങ്ങൾ സർവകലാശാലകളിൽനിന്ന് അഭ്യസിച്ചു. ശബ്ദശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, അലങ്കാരം, ചരിത്രം എന്നീ വിഷയങ്ങളിലും പാണ്ഡിത്യം നേടി. സംസ്കൃതം, ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകൾക്കുപുറമെ ലാറ്റിൻ, ഗ്രീക്ക്, സുറിയാനി, ഫ്രെഞ്ച്, ജെർമൻ എന്നീ ഭാഷകളും വശമായിരുന്നു. 1966 മെയ് 27-ാം തീയതി അന്തരിച്ചു.

ചാക്കോ, കെ.സി. (1915-)

വിദ്യാഭ്യാസ പ്രവർത്തകനും ഗ്രന്ഥകാരനും. 1915-മേയ് 19-ന പാലായിൽ ജനിച്ചു. തിരുവനന്തപുരം സയൻസ് കോളെജ്, മദിരാശി എൻജിനീയറിങ് കോളെജ്, യു.എസ്സിലെ നോട്ടർ ഡാം യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ പഠിച്ച് എൻജിനീയറിങ്ങിൽ ഉന്നതബിരുദങ്ങൾ നേടി. 1929-ൽ തിരുവനന്തപുരം എൻജിനീയറിങ് കോളെജ് ലക്ചറർ ആയി. അവിടത്തന്നെ പ്രിൻസിപ്പൽ, വ്യവസായവകുപ്പ് ജോയിൻറ് ഡയറക്റ്റർ (1955), സാങ്കേതിക വിദ്യാഭ്യാസ ഡയറക്റ്റർ (1957) തുടങ്ങിയ പദവികൾ വഹിച്ചു. കാലിക്കറ്റ് സർവകലാശാലാ സ്പെഷ്യൽ ഓഫീസർ, പ്രോ വൈസ് ചാൻസലർ (1968), കൊച്ചി സർവകലാശാല സ്പെഷ്യൽ ഓഫീസർ, പ്രോ വൈസ് ചാൻസലർ (1971) തുടങ്ങിയ സ്ഥാനങ്ങളും അലങ്കരിച്ചു. 1969-ൽ മാർപാപ്പായിൽനിന്നു ഷെവലിയർ സ്ഥാനം ലഭിച്ചു. *ഇംഗ്ലണ്ടിലെ വിശേഷങ്ങൾ, ലോകയാത്രാസ്മരണകൾ, ഭിന്നസംസ്കാരങ്ങളിലൂടെ, ജലസേചനം, വിദ്യുച്ഛക്തി, സിവിൾ എൻജിനീയറിങ്, കുട്ടികളുടെ യേശു* തുടങ്ങി വിവിധവിഷയങ്ങളിൽ ഇംഗ്ലീഷിലും മലയാളത്തിലുമായി 90-ൽപ്പരം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

ചാക്കോ, പി.ടി. (1915—1964)

കേരളത്തിലെ കോൺഗ്രസ് നേതാവ്. കോട്ടയത്തു വാഴൂരിനടുത്തുള്ള പുതിയപറമ്പിൽ തോമസ്സിൻെറയും പുള്ളോലിൽ അന്നമ്മയുടെയും പുത്രൻ. ചിറക്കടവ്, പൊൻകുന്നം, കറുകച്ചാൽ, പാലാ (സ്കൂൾ), ചങ്ങനാശ്ശേരി (കോളെജ്), തിരുവനന്തപരും ലോ കോളെജ് എന്നിവിടങ്ങളിലായി വിദ്യാഭ്യാസം പൂർത്തിയാക്കി.

വിദ്യാർഥിയായിരുന്ന കാലത്തുതന്നെ പൊതുപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. അന്നത്തെ വിദ്യാഭ്യാസനയത്തിനെതിരായി പ്രക്ഷോഭണം നടത്തി. സർ. സി.പി.ക്ക് ഒരു തുറന്ന കത്ത് എഴുതി. കോൺഗ്രസ് സംഘടിപ്പിച്ച സമരങ്ങളിൽ പങ്കുവഹിച്ചു. അഞ്ചുപ്രാവശ്യം ജയിൽ ശിക്ഷ അനുഭവിച്ചു. സ്വാതന്ത്ര്യലബ്ധിക്കുശേഷം 1948-ൽ നടന്ന തിരഞ്ഞെടുപ്പിൽ നിയമസഭയിലേക്ക് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ്പാർട്ടിയുടെ ചീഫ് വിപ്പായും പിന്നീടു തിരു-കൊച്ചി നിയമസഭാകക്ഷിയുടെ സെക്രട്ടറിയായും പ്രവർത്തിച്ചു. 1949-ൽ കോൺസ്റ്റിറ്റുവൻറ് അസംബ്ലിയിൽ അംഗമായി. 1952-ൽ പാർലമെൻറ് തിരഞ്ഞെടുപ്പിൽ വിജയിച്ചു. 1953-ൽ എം.പി. സ്ഥാനം രാജിവച്ചു. 1954-ൽ അമേരിക്കയിൽ പര്യടനം നടത്തി. 1955-ൽ കോട്ടയം ഡി.സി.സി. സെക്രട്ടറിയായി. വാഴൂർനിന്നു ജയിച്ചു പ്രതിപക്ഷനേതാവായി (1957). 1957-ൽ അധികാരത്തിൽവന്ന കമ്യൂണിസ്റ്റുമന്ത്രിസഭയ്ക്ക് എതിരായി നടന്ന വിമോചന സമരത്തിൽ അതിപ്രധാനമായ പങ്കുവഹിച്ചു. അടുത്ത തിരഞ്ഞെടുപ്പിൽ ജയിച്ചു പട്ടം താണുപിള്ളയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ ആഭ്യന്തരമന്ത്രിയായി. അക്കാലത്തു ബ്രിട്ടൻ, ഫ്രാൻസ്, ഇറ്റലി തുടങ്ങിയ വിദേശരാജ്യങ്ങളിൽ പര്യടനം നടത്തി.

റവന്യൂവകുപ്പിൻെറ ചുമതല വഹിച്ചിരുന്നപ്പോൾ ഭൂപരിഷ്കരണനിയമത്തിൻെറ രൂപരേഖ തയ്യാറാക്കി. ഭരണാധികാരി എന്ന നിലയിൽ കാര്യക്ഷമത പ്രകടിപ്പിച്ചു. 1964-ൽ മുഖ്യമന്ത്രി ശങ്കറുമായുണ്ടായ അഭിപ്രായഭിന്നതമൂലം മന്ത്രിസഭയിൽനിന്നു രാജിവച്ചു. 1964 ഓഗസ്റ്റ് 1-നു കോഴിക്കോട്ടുവച്ചു ഹൃദ്രോഗംമൂലം നിര്യാതനായി.

നാഷനൽ ബുക്ക്സ്റ്റാളിൻെറ (എൻ.ബി.എസ്.) സ്ഥാപകാംഗങ്ങളിൽ ഒരാളായിരുന്ന ഇദ്ദേഹം വായനയിൽ തത്പരനായിരുന്നു.

ചാക്കോളാസ് സ്പിന്നിങ് ആൻഡ് വീവിങ് മിൽസ്

നൂൽ-തുണി വ്യവസായത്തിൽ ഏർപ്പെട്ട ഒരു പബ്ലിക് ലിമിറ്റഡ് കമ്പനി. സാസൂൺ ഗ്രൂപ്പ് 1940-കളിൽ ആരംഭിച്ച മിൽ പിന്നീടു ചാക്കോള ഗ്രൂപ്പ് ഏറ്റെടുത്തു. എറണാകുളം ജില്ലയിലെ കളമശ്ശേരിയിൽ ആണു മിൽ പ്രവർത്തിക്കുന്നത്. പരുത്തി നൂലും തുണിയും ആണ് ഉത്പന്നങ്ങൾ.

1985-ൽ 25,172 സ്പിൻഡിലുകളും 300 തറികളും സ്ഥാപിച്ചുകഴിഞ്ഞിരുന്നു. 1958-ൽ ആണ് ഉത്പാദനം ആരംഭിച്ചത്. 1984-85-ൽ 4.5 ലക്ഷം കി.ഗ്രാം നൂലും 38.5 ലക്ഷം മീറ്റർ തുണിയും ഉത്പാദിപ്പിച്ചു. അഞ്ചു കോടി രൂപയുടെ ഉത്പന്നങ്ങൾ അക്കൊല്ലം കമ്പനി വിറ്റഴിച്ചു.

കമ്പനിയുടെ അധികൃതമൂലധനം 100 ലക്ഷം രൂപ. 1985 ജൂൺ 30-ന് അടച്ചുതീർത്ത മൂലധനം 30 ലക്ഷം രൂപ. 230 ലക്ഷം രൂപയുടെ നിക്ഷേപം കമ്പനി മില്ലിൽ നടത്തിയിട്ടുണ്ട്. 885 തൊഴിലാളികൾ മില്ലിൽ പ്രവർത്തിക്കുന്നു.

സ്റ്റേപ്പിൾ ഫൈബർ ഇറക്കുമതിയും തുണി കയറ്റുമതിയും കമ്പനി നടത്തുന്നു. 1984-85-ൽ 14 ലക്ഷം രൂപയുടെ അസംസ്കൃത പദാർഥങ്ങൾ ഇറക്കുമതി ചെയ്തു. 88 ലക്ഷം രൂപയുടെ തുണി കയറ്റി അയച്ചു. ഈ മില്ലിൻെറ ഘടകമായ ശ്രീചിത്രാ മിൽസിൽ ഡൈയിങ് പ്രിൻറിങ് എന്നിവ നടത്തുന്നു.

ചാക്യാർ

ഒരു ക്ഷേത്രകലാകാരൻ. ചാക്യാർ നടത്തുന്ന 'കഥാപ്രസംഗ'ത്തിന് 'കൂത്ത്' എന്നു പറയുന്നു. ചില മഹാക്ഷേത്രങ്ങളിൽ (തൃശൂർ വടക്കുംനാഥക്ഷേത്രം, ഇരിങ്ങാലക്കുട കൂടൽമാണിക്യം, കിടങ്ങൂരും

ഹരിപ്പാട്ടുമുള്ള സുബ്രഹ്മണ്യ ക്ഷേത്രങ്ങൾ മുതലായവ) കൂത്തമ്പലം ഉണ്ട്. ഒരു അണിയറയും മുമ്പിൽ കൂത്തു പറയാനുള്ള മണ്ഡപവും അതിൻെറ മൂന്നുവശത്തും ശ്രോതാക്കൾക്ക് ഇരിക്കാൻവേണ്ട സ്ഥലവും ചേർന്നതാണു † കൂത്തമ്പലം.

സംസ്കൃത പ്രബന്ധങ്ങളിലെ പദ്യങ്ങളാണു ചാക്യാർ ചൊല്ലുന്നത്. ശ്ലോകം ചൊല്ലിക്കഴിഞ്ഞാൽ വിസ്തരിച്ചു നർമരസം കലർത്തി അർഥം പറയും. നമ്പിയാരുടെ മിഴാവും നങ്ങയാരുടെ കുഴിത്താളവും ശ്ലോകം ചൊല്ലുന്ന സമയത്തു ശബ്ദിക്കുന്നു. 'ശ്ലാഘ്യവാക്ക്' (സ്തുത്യർഹമായ വാക്ചാതുരിയുള്ളയാൾ) ആണത്രേ ചാക്യാർ ആയത്. ചാക്കൈ-ആർ ആണു ചാക്യാർ ആയതെന്ന് ഇളംകുളം കുഞ്ഞൻപിള്ള പറയുന്നു. ചാക്കൈ നൃത്തവിശേഷം ആണത്രേ. 'ആർ' ആദരസൂചക പ്രത്യയമാണ്.

† കൂടിയാട്ടം ചാക്യാന്മാരും നങ്ങയാർമാരും ചേർന്നാണു നടത്തുന്നത്. സംസ്കൃതനാടകാഭിനയമാണു കൂടിയാട്ടം. കൂടിയാട്ടത്തിലെ വിദൂഷകൻെറ വേഷമാണു കൂത്തുപറയുന്ന ചാക്യാരുടേത്.

സ്മാർത്തവിചാരത്തിൽ പതിതരാകുന്ന നമ്പൂതിരിമാർ പാപപരിഹാരാർഥം ഭഗവത്കഥകൾ പറഞ്ഞു മോക്ഷമാർഗം ഉപദേശിക്കുന്ന ചാക്യാന്മാരായി തീരുന്ന പതിവ് ഉണ്ടായിരുന്നു. ഇന്നു സ്മാർത്തവിചാരം നടക്കുന്നില്ല അതുകൊണ്ടു പാതിത്യഫലമായി ചാക്യാന്മാർ ഉണ്ടാകുന്നുമില്ല.

ചാക്യാർകൂത്ത്

കേരളത്തിലെ ഒരു ക്ഷേത്രകല. കൂത്തെന്നുമാത്രമായിരുന്നു ആദ്യത്തെ പേര്. കൂത്തുപറയുന്നതു † ചാക്യാർ ആയതുകൊണ്ടു ചാക്യാർകൂത്തെന്നും പേരുണ്ടായി. പ്രബന്ധകൂത്തെന്നും ഇതിനുപേരുണ്ട്. നൈമിശാരണ്യത്തിൽവച്ചു സൂതൻ നടത്തിയതെന്നു ഭാഗവതത്തിൽ പറയുന്ന 'കഥാപ്രസംഗ'ത്തെ അനുകരിച്ചു സൃഷ്ടിച്ചതാണു കൂത്തെന്നു പറയാറുണ്ട്. ജനങ്ങളിൽ ധർമബോധം വളർത്തുകയെന്ന ഉദ്ദേശ്യത്തോടെ ഒരാൾ രംഗത്തുനിന്നു പുരാണകഥകൾ രസപുഷ്ടിയോടെ പറഞ്ഞുകേൾപ്പിക്കുന്ന ഏർപ്പാടാണു കൂത്ത്. കാവ്യപ്രബന്ധങ്ങളിലെ ശ്ലോകങ്ങൾ ചൊല്ലിയും വ്യാഖ്യാനിച്ചും അഭിനയത്തോടുകൂടി കഥപറയുക എന്ന സമ്പ്രദായം ക്രമേണ നടപ്പിൽ വന്നു.

ചാക്യാർകൂത്ത്: പിന്നിൽ നമ്പ്യാർ മിഴാവു കൊട്ടുന്നു.

കഥാംശങ്ങളെ സന്ദർഭോചിതമായി ഉപയോഗപ്പെടുത്തി സമൂഹത്തിലെ ഉന്നതവ്യക്തികളുടെ കുറ്റങ്ങളും കുറവുകളും തുറന്നുകാട്ടി അവരെ മർമംനോക്കി പരിഹസിക്കുവാനുള്ള സ്വാതന്ത്ര്യവും ചാക്യാന്മാർക്കുണ്ടായിരുന്നു. സദസ്യരിൽ ആരെങ്കിലും എതിരുപറയുകയോ ഉറക്കെ ചിരിക്കുകയോ പ്രതിഷേധം കാണിക്കുകയോ ചെയ്യാറില്ല.

കേരളത്തിൽ 18 ചാക്യാർകുടുംബങ്ങളാണ് ആദ്യം ഉണ്ടായിരുന്നത്. അവയിൽ അമ്മന്നൂർ, കിടങ്ങൂർ, കയ്പ (പൈങ്കുളം), മാന്നിയൂർ, കുട്ടഞ്ചേരി, മേയ്ക്കാട്, പൊതിയിൽ എന്നിങ്ങനെ ഏഴു കുടുംബങ്ങൾ മാത്രമേ ഇപ്പോഴുള്ളു. കുട്ടഞ്ചേരി നാരായണച്ചാക്യാർ കൂത്തുപറയുന്നതിൽ അതിപ്രഗല്ഭനായിരുന്നു. പൈങ്കുളം രാമച്ചാക്യാർ, മാണിമാധവച്ചാക്യാർ എന്നിവർ പ്രബന്ധക്കൂത്തുകലാകാരന്മാരിൽ അഖിലേന്ത്യാപ്രശസ്തിനേടി.

ഉദ്ഭവം. † നാട്യശാസ്ത്രം അഥവാ ഭരതശാസ്ത്രം എന്ന ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്ന അഭിനയങ്ങളിൽ ഒരു സമ്പ്രദായവിശേഷമാണ് ചാക്യാർകൂത്ത്.

ഭരതശാസ്ത്രം രണ്ടാം അധ്യായത്തിലെ വിധിയനുസരിച്ചു നിർമിക്കപ്പെട്ട പഞ്ചപ്രാസാദങ്ങളിലൊന്നായ നാട്യപ്രാസാദമാണു കൂത്തമ്പലമെന്ന് പേരിൽ അറിയപ്പെടുന്നത്. ഈ പ്രാസാദത്തിൽവച്ചു മാത്രമേ കൂത്തു നടത്തിയിരുന്നുള്ളു.

ദൈവികത. ക്ഷേത്രങ്ങളിൽവച്ചു നടത്തുന്ന ഒരു കലാപ്രദർശനമായതുകൊണ്ടു ക്ഷേത്രകർമങ്ങളെപ്പോലെ തന്നെയുള്ള ദൈവികത ഈ കലയ്ക്കുമുണ്ടായി. കൂത്തമ്പലനിർമാണശേഷമുള്ള വൈദികകർമങ്ങൾ നടത്തുന്നതും ക്ഷേത്രത്തിലെ 'തന്ത്രി'മാർതന്നെയാണ്. ക്ഷേത്രത്തിലെ ഗർഭഗൃഹവും നാട്യമണ്ഡപവും ഒരുപോലെ പരിശുദ്ധമാണെന്നത്രേ സങ്കല്പം. നാട്യശാലയിൽ അശുദ്ധിവന്നാൽ ദേവനും ശുദ്ധിവരുത്തേണ്ടതുണ്ട്. ക്ഷേത്രത്തിൽനിന്നു ദേവനെ പുറത്തേക്ക് എഴുന്നള്ളിച്ചുപോയാൽ കൂത്തുനടത്താൻ പാടില്ല.

മിഴാവും കുഴിതാളവുമാണ് ഇതിനുള്ള വാദ്യങ്ങൾ. ഇവ ദേവവാദ്യങ്ങളായിട്ടു കരുതപ്പെടുന്നു.

ദേവപ്രീതികരം. കൂത്തുനൃത്യം ദേവപ്രീതികരവും ചൈതന്യസംവർധകവുമാണെന്നത്രേ സങ്കല്പം. ക്ഷേത്രത്തിൽ 'കലശ'ത്തിനു കൂത്ത് വേണമെന്നുണ്ട്. അതിനു 'കലശക്കൂത്ത്' എന്നാണു പറയുക. ഉത്സവാദിവിശേഷങ്ങളിലും കൂത്തു പതിവുണ്ട്. ഓരോ കാര്യസാധ്യങ്ങൾക്കായി ജനങ്ങൾ വഴിപാടുകൾ പ്രാർഥിക്കുന്നതുപോലെ കൂത്തു പ്രാർഥിച്ചും കാര്യസിദ്ധി വരുത്താറുണ്ട്. സന്താനലാഭാർഥം മത്തവിലാസം കൂത്താണു നടത്തുക. സർവകാര്യസാധ്യത്തിനു ചിലേടത്ത് അംഗുലീയാങ്കവും ബ്രഹ്മചാരിക്കൂത്തും സൂത്രധാരൻ കൂത്തും ഗ്രാമത്തിനും നാടിനും ക്ഷേത്രത്തിനും മറ്റും ക്ഷേമം വരുത്താനായി മന്ത്രാങ്കം കൂത്തും വഴിപാടായി കഴിപ്പിച്ചുവരാറുണ്ട്.

പ്രബന്ധക്കൂത്തിൽ ഹാസ്യരസത്തിനു കൂടുതൽ പ്രാധാന്യം നല്കിക്കൊണ്ടുള്ള പരിഷ്കാരങ്ങൾ ഏർപ്പെടുത്തി. അതോടുകൂടി കൂടുതൽ ജനങ്ങൾക്കു കൂത്തു രസിക്കാൻ കഴിഞ്ഞു. ഈ കലയ്ക്ക് ഒരു സർവജനീനത കൈവരികയും ചെയ്തു.

ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന പ്രബന്ധങ്ങൾ രാജസൂയം, ഭഗവദ്ദൂത്, സുഭദ്രാഹരണം, നൃഗമോക്ഷം, പാഞ്ചാലീസ്വയംവരം, വാമനാവതാരം, നിരനുനാസികം, അജാമിളമോക്ഷം, കുചേലവൃത്തം, ദക്ഷയാഗം, കിരാതം, അഷ്ടമീപ്രബന്ധം, സ്യമന്തകം, മത്സ്യാവതാരം, രാമായണം, കാളിയമർദനം, കംസവധം, രുഗ്മിണീസ്വയംവരം, രുഗ്മാംഗദചരിതം, വ്യാസോത്പത്തി, ത്രിപുരദഹനം, പാർവതീസ്വയംവരം, അംബരീഷ വിംശതി, സുകന്യാചരിതം, പ്രഹ്ലാദചരിതം, കാർത്തവീര്യാർജുനവിജയം, ഭൂതനാഥോദ്ഭവം എന്നിവയാണ്.

† കൂടിയാട്ടം നോക്കുക.

ചാക്ഷുഷൻ

പതിനാലു മനുക്കളിൽ ആറാമത്തെയാൾ. ധ്രുവൻെറ പുത്രനായ രിപുവിൻെറ പൗത്രനാണ് ചാക്ഷുഷൻ. അനാമിത്രൻെറ പുത്രനായ ആനന്ദൻ തപസ്സുചെയ്ത് ബ്രഹ്മാവിനെ പ്രീതിപ്പെടുത്തി വീണ്ടും ജനിച്ചതാണ് ചാക്ഷുഷമനുവെന്നും പറയുന്നു. ചാക്ഷുഷമനു ജീവിച്ചിരുന്നകാലത്ത് ബ്രഹ്മാവു ചന്ദ്രനായും വിഷ്ണു ദത്താത്രേയനായും ശിവൻ ദുർവാസാവായും അവതരിച്ചു എന്ന് ഭാഗവതത്തിൽ കാണുന്നു. † മനു നോക്കുക.

ചാക്ഷുഷീവിദ്യ

ഒരുതരം ദിവ്യദൃഷ്ടി. ചാക്ഷുഷീവിദ്യ സ്വാധീനമാക്കിയ ആൾക്കു ലോകത്തിൽ എവിടെയുമുള്ള എന്തും കാണാൻ കഴിയും എന്നാണു വിശ്വാസം. ഈ വിദ്യ മനു സോമനും സോമൻ വിശ്വാവസുവിനും വിശ്വാവസു അംഗാരപർണനും അംഗാരപർണൻ അർജുനനും നല്കിയതായി മഹാഭാരതത്തിൽ കാണുന്നു. ഭാരതയുദ്ധം തുടങ്ങുന്നതിനുമുമ്പു വ്യാസൻ നല്കിയ ചാക്ഷുഷീവിദ്യകൊണ്ടു കൊട്ടാരത്തിലിരുന്നുതന്നെ പടക്കളത്തിലെ രംഗങ്ങൾ കണ്ടു സഞ്ജയൻ എല്ലാം ധൃതരാഷ്ട്രരെ വർണിച്ചു കേൾപ്പിച്ചു എന്നാണു ഭാരതകഥ

ചാഗ്രെസ് നദി

പനാമയിലെ ഒരു നദി. പനാമയുടെ വടക്കുപടിഞ്ഞാറെഭാഗത്തുള്ള കോർഡിലേറ ഡിബ്ലാസിൽനിന്ന് ഉദ്ഭവിച്ച് തെക്കോട്ടും പിന്നീടു തെക്കുപടിഞ്ഞാറോട്ടുമായി ഒഴുകുന്നു. ഉദ്ഭവസ്ഥാനത്തുനിന്ന് 14 കി.മീ. അകലെയാണ് 1935-ൽ നിർമിച്ച മോഡൻ അണക്കെട്ട്.

ഇവിടെ ഈ നദി 57 ച.കി.മീ. അളവുള്ള മോഡൻ തടാകമായി രൂപാന്തരം പ്രാപിക്കുന്നു. അണക്കെട്ടിന് അപ്പുറത്തേക്ക് ഇതിന്റെ പ്രവാഹം തുടർന്ന് ഗാംബോയിൽവച്ച് പനാമ കനാലിൽ ചേരുന്നു. പിന്നീട് ഇതിന്റെ ഗതി വടക്കോട്ടാണ്. ഇടയ്ക്ക് ഗാട്ടൺ അണക്കെട്ട് പിന്നിട്ട്, ലിമോൺ ഉൾക്കടലിന് പടിഞ്ഞാറായി, ഈ നദി കരീബിയൻ കടലിൽ ചേരുന്നു.

ചാങ്-മി-തുങ് (1837-1909)

ചൈനീസ് ഭരണതന്ത്രജ്ഞനും സമുദായപരിഷ്കർത്താവും. 13-ാം വയസ്സിൽത്തന്നെ സിവിൽ സർവീസിലെ ആദ്യപരീക്ഷ പാസായി. 1862-82 കാലത്തു വിദ്യാഭ്യാസ ഡയറക്റ്റർ ആയിരുന്നു. സൂ-സി ചക്രവർത്തിനിയുടെ കാലത്ത് ഇദ്ദേഹത്തിനു വളരെയധികം പ്രോത്സാഹനം ലഭിച്ചു. 1882-87 കാലത്തു ദേശീയനേതാവായി ഉയർന്നു. ഷാൻസിയിലെ ഗവർണറും പിന്നീടു ക്വാങ്തുങ് ക്വാങ്സി പ്രവിശ്യകളിലെ ഗവർണർ ജനറലും ആയി. ഹുനാൻ-ഹുപെ പ്രവിശ്യകളിലേക്കുമാറി 18 വർഷം ഉദ്യോഗത്തിൽ തുടർന്നു.

1907-ൽ ഗ്രാൻസ് സെക്രട്ടറിയും കൗൺസിലറുമായി. ചൈനയുടെ നവീകരണത്തിനുവേണ്ടി ചാങ് പലതും ചെയ്തു. കറപ്പുയുദ്ധം മുതൽ 1911-ലെ വിപ്ലവം വരെയുള്ള കാലഘട്ടത്തിനിടയിലായിരുന്നു ഇദ്ദേഹത്തിന്റെ സേവനങ്ങൾ. ചൈനയിൽ ആദ്യത്തെ ഇരുമ്പ്-ഉരുക്കു വ്യവസായശാല ഇദ്ദേഹത്തിന്റെ പരിശ്രമഫലമാണ്.

1895-ൽ ജപ്പാനോടു യുദ്ധത്തിൽ തോറ്റ ചൈനയുടെ ദൗർബല്യം മനസ്സിലാക്കി ഇദ്ദേഹം വിദ്യാഭ്യാസപദ്ധതിയിൽ പരിഷ്കാരങ്ങൾ വരുത്തി. വിദ്യാലയനിയമങ്ങൾ പരിഷ്കരിക്കാൻ 1904-ൽ ചാങ് നിയുക്തനായി. വിദ്യാഭ്യാസപദ്ധതി സമൂലം പരിഷ്കരിക്കുന്നതിന് ഉതകുന്ന നിർദേശങ്ങൾ സമർപ്പിച്ചു. ഇതായിരുന്നു ഇദ്ദേഹത്തിന്റെ ഏറ്റവും വലിയ സേവനം.

ചാങ്-ചുങ്-ചിങ് (152—219)

ചൈനയിലെ പ്രാചീനവൈദ്യശാസ്ത്രജ്ഞൻ. ഇദ്ദേഹം രണ്ടു കൃതി എഴുതി. പലതരം ജ്വരങ്ങളെപ്പറ്റി പറയുന്ന *ഷാങ്ഹാൻലൂൻ* ആണ് ഒന്ന്. അന്നേവരെയുള്ള വൈദ്യശാസ്ത്രവിജ്ഞാനമെല്ലാം ക്രോഡീകരിച്ചു തയ്യാറാക്കിയ 'ചിൻ ക്യു യാവോ ലുവെ' ആണ് മറ്റേത്.

ചാങ്ലിങ് (34?—156?)

താവോമതസ്ഥാപനത്തിൽ മുൻകയ്യെടുത്ത ആദ്യപ്രവർത്തകൻ. മുഴുവൻപേര് 'ചാങ് താവോ-ലിങ്' പിൻയിൻ ഴാങ് ദാവോലിങ്. സെച്പാൻ പ്രദേശത്തു വസിച്ചുകൊണ്ടു 125-144 കാലത്തു 'താവോ' (മാർഗം) സിദ്ധാന്തങ്ങൾ പഠിച്ചു. പിന്നീടു ഒരു ഗ്രന്ഥമെഴുതി താവോമതപ്രചാരണത്തിനു ശ്രമിച്ചു. തീൻ-ഷി താവോ അഥവാ ദിവ്യഗുരുവിന്റെ താവോമതം ഇദ്ദേഹമാണ് ആവിഷ്കരിച്ചത്. 'അഞ്ചുപെക്ക് അരിയുടെ മാർഗം' എന്ന പേരിൽ ഈ മതം അറിയപ്പെട്ടിരുന്നു. സംഘടനയുടെ ചെലവിനുവേണ്ടി അംഗങ്ങൾ ആണ്ടുതോറും അഞ്ചുപെക്ക് (ഒരു ധാന്യ അളവ്) അരി നല്കേണ്ടിയിരുന്നതുകൊണ്ടാണ് ഈ പേര് വന്നത്. വിശ്വാസംകൊണ്ടു രോഗശമനം വരുത്തുന്ന രീതി ആണു സാധാരണക്കാർക്ക് ഈ മതം ആകർഷകമായി തോന്നാനുള്ള ഒരു കാരണം. മനസ്സിലെ പാപചിന്ത ആണു രോഗകാരണം എന്നു താവോമതക്കാർ വിശ്വസിച്ചു. അതുകൊണ്ടു മനഃശുദ്ധി ആരോഗ്യം നല്കമെന്നും അവർ കരുതി.

ചാങ്ലിങ്ങിനുശേഷം മകൻ ചാങ് ഹെങ്ങും അതിനുശേഷം പൗത്രൻ ചാങ് ഹൂവും മതാധ്യക്ഷരായി. ഇവരെ ഒരുമിച്ചു ചേർത്തു മൂന്നു ചാങ്ങുകൾ എന്നുപറയുന്നു.

ചാങ്ഹെങ് (എ.ഡി. 78—139)

ചൈനയിലെ പ്രാചീന ജ്യോതിശ്ശാസ്ത്രജ്ഞൻ. ലോകത്തിൽ ആദ്യമായി ഒരു സീസ്മോഗ്രാഫ് കണ്ടുപിടിച്ചത് ചാങ്ഹെങ് ആണ്. ഒരു വലിയ ചെമ്പുകുട്ടകം, അതിന്റെ നടുവിൽ ഒരു തണ്ട്. എട്ടു കുഴലുകൾ വഴി എട്ടു ഡ്രാഗൻപ്രതിമകൾ എട്ടു ദിക്കുകളിലേക്കു തിരിഞ്ഞുനില്ക്കുന്നു. ഓരോ ഡ്രാഗന്റെയും ചുവട്ടിൽ വായും പൊളിച്ചിരിക്കുന്ന ഓരോ തവളയുടെ രൂപമുണ്ട്. ഏതെങ്കിലും ഭാഗത്ത് ഭൂചലനം ഉണ്ടായാൽ ആ ദിക്കിലേക്കു തിരിഞ്ഞുനില്ക്കുന്ന ഡ്രാഗന്റെ വായിൽനിന്ന് ഒരു ഉണ്ട അതിന്റെ ചുവട്ടിലുള്ള തവളയുടെ വായിലേക്കു വീഴും എന്നാണു കഥ.

ചാട്ടനൂഗായുദ്ധം

അമേരിക്കൻ ആഭ്യന്തരയുദ്ധത്തിലെ ഒരു നിർണായകസംഭവം. ടെന്നസി സംസ്ഥാനത്തുള്ള ചാട്ടനൂഗയിൽവച്ച് 1863 നവംബറിലാണു യുദ്ധം നടന്നത്. നാലു പ്രധാന തീവണ്ടിപ്പാതകളുടെ ഒരു ജങ്ഷനായിരുന്നു ചാട്ടനൂഗ. 1863 സെപ്റ്റംബറിൽ ഫെഡറൽസൈന്യം ചാട്ടനൂഗയിൽ പ്രവേശിച്ചപ്പോൾ നഗരപ്രാന്തങ്ങളിൽവച്ചു സംഘട്ടനങ്ങൾ നടന്നു. കോൺഫെഡറേറ്റു സൈന്യം ചാട്ടനൂഗയെ വളയുകയും ഉപരോധം ഏർപ്പെടുത്തുകയുംചെയ്തു. ഒക്റ്റോബർ 26-ാം തീയതി രാത്രി 1,500 ഫെഡറൽഭടന്മാർ നഗരത്തിൽനിന്നു നദിയിലൂടെ പുറത്തുകടക്കുകയും പുറത്തുനിന്നുകൊണ്ടു കോൺഫെഡറേറ്റ് താവളങ്ങളെ ആക്രമിച്ചുതോല്പിക്കുകയുംചെയ്തു. നഗരത്തിനെതിരായ ഉപരോധം തകർന്നപ്പോൾ ഫെഡറൽസൈന്യത്തിനു കൂടുതൽ ഭടന്മാരും സാധനസാമഗ്രികളും വന്നുചേർന്നു. നവംബർ 23-25 തീയതികളിലാണ് ഏറ്റവും നിർണായകമായ സംഘട്ടനങ്ങൾ നടന്നത്. അവസാനവിജയം ഫെഡറലിസ്റ്റുകൾക്കായിരുന്നു. ഈ വിജയത്തെ തുടർന്ന് അവർ അത്‌ലാന്തയിലേക്കും സാവന്നയിലേക്കും നീങ്ങി.

ചാഡ്‌വിക്, ഫ്ളോറൻസ് (1918—____)

അമേരിക്കക്കാരിയായ നീന്തൽവിദഗ്ധ. ഇംഗ്ലീഷ് ചാനൽ ഇരുവശത്തേക്കും നീന്തിക്കടന്ന ആദ്യത്തെ വനിത. 1950 ഓഗസ്റ്റ് 8-നു ഫ്രാൻസിലെ ഗ്രിസ്നെസ് മുനമ്പിൽനിന്ന് ഇംഗ്ലണ്ടിലെ ഡോവറിലേക്കു നീന്തി. ലക്ഷ്യത്തിലെത്താൻ എടുത്ത സമയം 13 മണിക്കൂർ 20 മിനിറ്റ്. 1951, 53, 55 എന്നീ വർഷങ്ങളിൽ ഇംഗ്ലണ്ടിൽനിന്നു നീന്തി ഫ്രാൻസിൽ എത്തി. കാറ്റാലിന ദ്വീപിൽനിന്ന് കാലിഫോർണിയയിലേക്ക് 21 മൈൽ ദൂരം. 13 മണിക്കൂർ 47 മിനിറ്റുകൊണ്ടാണ് ഇവർ നീന്തിയത്. 1953-ൽ ജിബ്രാൾട്ടർ കടലിലേക്കും നീന്തിക്കടന്നു.

1918 നവംബർ 9-ന് കാലിഫോർണിയയിലെ സാൻഡീഗോവിൽ ജനിച്ചു. ആറാം വയസ്സുമുതൽ നീന്തൽ ശീലിച്ചു തുടങ്ങി. തണുപ്പിനെ പ്രതിരോധിക്കാനുള്ള അസാധാരണമായ കഴിവ് ചാഡ്‌വിക് ഫ്ളോറൻസിന്റെ സവിശേഷതയാണ്.

ചാഡ്‌വിക്, സർ എഡ്വിൻ (1800—1890)

ഇംഗ്ലണ്ടിലെ സാമൂഹികപരിഷ്കർത്താവും ശുചീകരണപ്രവർത്തകനും. 1800 ജനുവരി 24-ന് മാഞ്ചസ്റ്ററിനടുത്തുള്ള ലോങ്സെറ്റിൽ ജനിച്ചു. നിയമം പഠിച്ചു. കുറച്ചുകാലം ജറമിബന്താമിന്റെ ലിറ്റററി അസിസ്റ്റൻറായിരുന്നു. 1832—'46 വരെ 'പുവർ-ലോ കമ്മിഷനി'ൽ സേവനമനുഷ്ഠിച്ചു. ഫാക്ടറികളിലെ ശിശുക്കളുടെ സേവനത്തെക്കുറിച്ച് ഇദ്ദേഹം നല്കിയ റിപ്പോർട്ടുകളുടെ ഫലമായാണ് 'പത്തുമണിക്കൂർ ആക്റ്റ്', തൊഴിലാളികളുടെ 'ലയബിലിറ്റി ആക്റ്റ്' എന്നിവ നടപ്പിലായത്. ഇംഗ്ലണ്ടിൽ ആദ്യത്തെ സിവിൽ സർവീസ് കമ്മിഷൻ നിയമിക്കപ്പെട്ടതും (1855) ബോർഡ് ഒഫ് ഹെൽത്ത് സ്ഥാപിക്കപ്പെട്ടതും ഇദ്ദേഹത്തിന്റെ ശ്രമഫലമാണ്. ജലവിതരണം, ശുദ്ധീകരണം, അഴുക്കു നിർമാർജനം എന്നിവയായിരുന്നു അതിന്റെ പരിപാടികൾ. 1889-ൽ പ്രഭുസ്ഥാനം ലഭിച്ചു.

ചാഡ്‌വിക്, സർ ജെയിംസ് (1891—1974)

ബ്രിട്ടീഷ് ഭൗതികജ്ഞൻ. ന്യൂട്രോൺ കണ്ടുപിടിച്ച ഇദ്ദേഹത്തിന് 1935-ൽ ഫിസിക്സിനുള്ള നൊബേൽ സമ്മാനം ലഭിച്ചു.



1891 ഒക്ടോബർ 20-നു മാഞ്ചസ്റ്ററിൽ ജനിച്ചു. മാഞ്ചസ്റ്ററിലെ വിക്ടോറിയാ സർവകലാശാലയിൽനിന്ന് എം.എസ്സ്സിയും കേംബ്രിജിൽനിന്നു പിഎച്ച്.ഡി.യും നേടി. 1923-ൽ കേംബ്രിജിലെ കാവെൻഡിഷ് പരീക്ഷണശാലയിൽ റേഡിയോ ആക്റ്റീവത സംബന്ധിച്ച ഗവേഷണവിഭാഗത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറായി നിയമിതനായി. 1935-ൽ ലിവർപൂൾ സർവകലാശാലയിൽ ഭൗതികവിഭാഗത്തിൽ പ്രൊഫസറായി. ബ്രിട്ടനിലെ അണുശക്തി ഗവേഷണസ്ഥാപനത്തിന്റെ തലവനായും ഇദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1927-ൽ റോയൽ സൊസൈറ്റിയിൽ അംഗമായി. 1945-ൽ സർസ്ഥാനം ലഭിച്ചു. കോപ്ലേ മെഡൽ (1950), ഫ്രാങ്ക്ളിൻ മെഡൽ (1951) എന്നിവ ഇദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. റേഡിയോ ആക്റ്റീവതയെക്കുറിച്ചും ഇദ്ദേഹം പഠനങ്ങൾ നടത്തിയിട്ടുണ്ട്. റഥർഫോർഡ്, ചാൾസ് എല്ലിസ് എന്നിവരുമായി ചേർന്ന് റേഡിയേഷൻസ് ഫ്രം റേഡിയോ ആക്റ്റീവ് സബ്സ്റ്റൻസസ് (1930) എന്ന ഗ്രന്ഥം രചിച്ചു.

ചാണകക്കിളി

†പൂത്താങ്കീരി നോക്കുക.

ചാണകപ്പുഴു

കൊമ്പൻ ചെല്ലി (rhinoceros beetle) എന്ന ഷട്പദത്തിന്റെ ലാർവ. † കൊമ്പൻചെല്ലി നോക്കുക.

ചാണക്യൻ

†കൗടല്യൻ നോക്കുക.

ചാണക്യപുരി

ദില്ലിയിൽ നയതന്ത്രപ്രതിനിധികൾ കേന്ദ്രീകരിച്ചു വസിക്കുന്ന ഭാഗം. ചന്ദ്രഗുപ്തമൗര്യന്റെ മന്ത്രിപ്രധാനൻ ആയിരുന്ന ചാണക്യന്റെ (വിഷ്ണുഗുപ്തൻ, കൗടല്യൻ) പേര് അനുസ്മരിക്കുന്നതിനാണ് ഈ പ്രദേശത്തിന് ഈ പേരു നല്കിയിരിക്കുന്നത്. പുരാതനേന്ത്യയിലെ നയതന്ത്രജ്ഞരിൽ അഗ്രഗണ്യനായിരുന്നു ചാണക്യൻ.

ദില്ലിയുടെ തെക്കുഭാഗത്തു വിമാനത്താവളത്തിനും കൊണാട്പ്ലേസിനും ഇടയിൽ ആണു ചാണക്യപുരി. മിക്ക നയതന്ത്രാലയങ്ങളും ഇവിടെ കേന്ദ്രീകൃതമായിരിക്കുന്നു. ഉയർന്ന നിലയിലുള്ള ഹോട്ടലുകളും ഇവിടെ ഉണ്ട്.

ചാണ്ടി, കെ.എം. (1921-   )

കോൺഗ്രസ് നേതാവും കോളെജ് അധ്യാപകനും സംസ്ഥാന ഗവർണറും. 1921 ഓഗസ്റ്റ് 6-ന് പാലായിൽ ജനിച്ചു. വിദ്യാർഥി ആയിരുന്നപ്പോൾതന്നെ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ചങ്ങനാശ്ശേരിയിൽ പഠിക്കുമ്പോൾ വിദ്യാർഥി സമരം നയിച്ചതിനാൽ കോളെജിൽനിന്നു ബഹിഷ്കൃതനായി. പിന്നീട് തിരുവനന്തപുരം ആർട്സ് കോളെജിൽ ചേർന്ന് ബി.എ. ഓണേഴ്സ് ബിരുദം നേടി (1943). മീനച്ചിൽ താലൂക്കിലെ കോൺഗ്രസ് പ്രവർത്തനത്തിന്റെ ചുമതല വഹിച്ചു. നിരോധനാജ്ഞ ലംഘിച്ചതിന് അറസ്റ്റുചെയ്യപ്പെട്ടു. 1947-ൽ ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയതോടെ ജയിൽ മോചിതനായി. 1948-ൽ തിരുവിതാംകൂർ നിയമസഭയിൽ അംഗം ആയി തിരഞ്ഞെടുക്കപ്പെട്ടു.



1976-82 കാലത്ത് കെ.പി.സി.സി. (ഐ) പ്രസിഡന്റ് ആയിരുന്നു. കെ.പി.സി.സി. ട്രഷറർ ആയും ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. റബർബോർഡ് ചെയർമാൻ, സ്വകാര്യ കോളെജ് അധ്യാപക സംഘടനയായ എ.കെ.പി.സി.റ്റി.എ. യുടെ പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചു. 1952-ൽ തിരുവിതാംകൂർ-കൊച്ചി നിയമസഭാംഗമായിരുന്നു. പോണ്ടിച്ചേരിയിലെ ലെഫ്റ്റനന്റ് ഗവർണർ ആയിരുന്നു. പിന്നീട് ഗുജറാത്ത് ഗവർണറായി. 1989 വരെ മധ്യപ്രദേശ് ഗവർണരായിരുന്നു.

ചാണ്ടി, കെ.ടി (1913—   )

ആസൂത്രകനും വ്യവസായ മാനേജ്മെന്റ് കാര്യവിദഗ്ധനും വിദ്യാഭ്യാസവിചക്ഷണനും.

1913 ജനുവരി 13-നു ജനിച്ചു. കണിയാൻതറ തോമസ് ചാണ്ടി എന്നു പൂർണമായ പേര്. ലണ്ടനിൽനിന്ന് എം.എ. എൽ.എൽ.എം. ബിരുദങ്ങൾ നേടി. ഹിന്ദുസ്ഥാൻ ലിവറിന്റെ ഡയറക്റ്റർ (1956-61), ഹൈദരാബാദിലെ അഡ്മിനിസ്ട്രേറ്റിവ് സ്റ്റാഫ് കോളെജ് പ്രിൻസിപ്പൽ (1957), കൽക്കത്തയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാനേജ്മെന്റ് ഡയറക്റ്റർ (1962-67), ഫുഡ്കോർപറേഷൻ ഒഫ് ഇന്ത്യയുടെയും (1966-68), ഹിന്ദുസ്ഥാൻ സ്റ്റീലിന്റെയും (1968-72) ചെയർമാൻ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചു. 1972-78 കാലത്ത് കേരളസംസ്ഥാന പ്ലാനിങ്ങ്ബോർഡ് വൈസ് ചെയർമാനും, സംസ്ഥാനവ്യവസായ വികസന കോർപറേഷൻ ചെയർമാനും ആയിരുന്നു. മദിരാശിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജി, കേന്ദ്രവിദ്യാഭ്യാസവകുപ്പിലെ അപ്രൻറിസ്ഷിപ്പ് ട്രെയിനിങ് ബോർഡ്, നാഷണൽ പ്രൊഡക്റ്റിവിറ്റി കൗൺസിൽ, ടോക്കിയോ ആസ്ഥാനമായുള്ള ഏഷ്യൻ പ്രൊഡക്റ്റിവിറ്റി കൗൺസിൽ തുടങ്ങിയവയുടെ ചെയർമാൻ ആയും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ചാതകം

†വേഴാമ്പൽ നോക്കുക.

ചാതുർമാസ്യം

വൃശ്ചികം, മീനം, കർക്കിടകം ഈ മാസങ്ങളിൽ ആരംഭിച്ചു നാലു മാസത്തേക്കു നീണ്ടുനില്ക്കുന്ന ഒരു ഹൈന്ദവവ്രതം. ഹിമാലയത്തിലെ ഗുഹകളിലും പുണ്യാശ്രമങ്ങളിലും തപസ്സുചെയ്തുകൊണ്ടിരിക്കുന്ന ഋഷിമാർ ഗംഗാസ്നാനത്തിനായി ഹരിദ്വാരം, അലാഹാബാദ്, ഉജ്ജയിനി, നാസിക്ക് ഈ നാലു സ്ഥലങ്ങളിലും വന്നു താമസിക്കുന്നു. അവരെ കാണുന്നതിനായി വന്നുചേരുന്നവർക്ക് അധ്യാത്മജ്ഞാനോപയുക്തങ്ങളായ ഉപദേശങ്ങളും സ്തോത്രങ്ങളും കഥകളും വേദമന്ത്രങ്ങളും അവർ ഉപദേശിച്ചുകൊടുക്കുന്നു. അങ്ങനെ നാലു മാസം കഴിച്ചുകൂട്ടിയതിനുശേഷം അവർ മടങ്ങിപ്പോകുന്നു. ഇതിന് ചാതുർമാസ്യമിരിക്കുക എന്നാണു പറയുക. വനവാസകാലത്തു ശ്രീരാമൻ ലക്ഷ്മണനോടുകൂടി ബാലിവധാനന്തരം ഋശ്യമൂകാചലത്തിൽ നാലു മാസം വ്രതത്തോടുകൂടി ഇരുന്നു എന്നും അതിനുശേഷമാണ് സീതാന്വേഷണത്തിനായി വാനരസൈന്യത്തെ നാലു ദിക്കിലേക്കും അയച്ചതെന്നും രാമായണത്തിൽ പറഞ്ഞുകാണുന്നു. ഇതും ചാതുർമാസ്യമാണ്.

ചാതുർവർണ്യം

നാലു വർണങ്ങൾ. ഋഗ്വേദത്തിൽ പറഞ്ഞിരിക്കുന്നത് നാലുവർണങ്ങൾ വിരാട്പുരുഷൻെറ അംഗങ്ങളിൽനിന്ന് ഉണ്ടായി എന്നാണ്.

"ബ്രാഹ്മണോ/സ്യ മുഖമാസീൽ
ബാഹൂ രാജന്യഃ കൃതഃ
ഊരൂ തദസ്യയദ്വൈശ്യഃ
പദ്ഭ്യാം ശൂദ്രോ അജായത."

ബ്രാഹ്മണരുടെ ഉദ്ഭവം വിരാട്പുരുഷമുഖത്തിൽ നിന്നാണ്; ബാഹുക്കളിൽനിന്ന് ക്ഷത്രിയർ ഉദ്ഭവിച്ചു. തുടയിൽനിന്ന് വൈശ്യരും കാലടികളിൽനിന്ന് ശൂദ്രരും. ഗുണകർമങ്ങളെ ആധാരമാക്കിയാണ് ചാതുർവർണ്യത്തിൻെറ ആവിർഭാവമെന്നുള്ള ഗീതയിലെ പരാമർശം ഈ വിവിധജാതികളുടെ പ്രഭവസ്ഥാനങ്ങളുമായി ഏറെക്കുറെ പൊരുത്തപ്പെട്ടുപോകുന്നുണ്ട്. ഈ വർണചതുഷ്ടയങ്ങൾക്കുള്ള ജാതിധർമങ്ങളും സ്മൃതികളിൽ വിവരിച്ചിട്ടുണ്ട്.

ഈ നാലിലും ഉൾപ്പെടാത്തവരും ലോകത്തിലുണ്ട്: പഞ്ചമന്മാർ. ചണ്ഡാലൻ, പ്ലവൻ, മാതംഗൻ, ജനംഗമൻ, നിഷാദൻ, ശ്വപചൻ മുതലായി ചാതുർവർണ്യത്തിനു പുറത്തുള്ളവർ വളരെയുണ്ട്.

ചാത്തം

† ശ്രാദ്ധം നോക്കുക.

ചാത്തം ദ്വീപ്

ആൻഡമാൻ ദ്വീപസമൂഹങ്ങളിൽ ഉൾപ്പെടുന്ന ഒരു ചെറിയ ദ്വീപ്. ആൻഡമാൻ-നിക്കോബർ യൂണിയൻ പ്രദേശത്തിൻെറ ആസ്ഥാനമായ പോർട്ട് ബ്ലയർ സ്ഥിതിചെയ്യുന്ന തെക്കെ ആൻഡമാൻ എന്ന വലിയ ദ്വീപിൽ നിന്ന് കിഴക്കുമാറിയുള്ള ചാത്തംദ്വീപിനെ, ഒരു പാലം കെട്ടി, വലിയ ദ്വീപുമായി ബന്ധിപ്പിച്ചിരിക്കുന്നു. പോർട്ട്ബ്ലയർ തുറമുഖത്തെ മുഖ്യമായ ഒരു ജെട്ടി (കപ്പൽക്കടവ്) ഇവിടെയാണ്. ഏഷ്യയിലെ ഏറ്റവും വലിയ തടിമില്ലുകളിൽ ഒന്നാണ് ഇവിടെയുള്ളത്. മുൻകാലങ്ങളിൽ ബ്രിട്ടീഷുകാരുടെ ആസ്ഥാനമായിരുന്ന, റോസ്ദ്വീപ് തൊട്ടടുത്താണ്.

ഇതിൻെറ ആദ്യത്തെ പേര് മാർക്ക് ദ്വീപെന്നായിരുന്നു. കമ്പനിയുടെ നിർദേശമനുസരിച്ച് കാപ്റ്റൻ ആർച്ചി ബാൻഡ് ബ്ലെയ്ർ ഇവിടെയെത്തി. അന്നുമുതൽ ഈ സങ്കേതം ബാഹ്യലോകവുമായി സമ്പർക്കം സ്ഥാപിച്ചെന്നു പറയാം. 1791-ൽ ആണ് ആദ്യത്തെ കപ്പൽപ്പാലം-വാർഫ്-പൂർത്തിയായത്. വലിയ ചരക്കുകപ്പലുകൾക്ക് സൗകര്യമായി അടുക്കുവാനും ചരക്ക് ഇറക്കുവാനുമുതകുന്ന ജെട്ടിയും മറ്റു സജ്ജീകരണങ്ങളും ഇപ്പോഴുണ്ട്. ഇവിടെ ഇറങ്ങി ഹാസ്സ്ലോയിലേക്കു കടന്ന് അതുവഴിവേണം ടൗണിലേക്കും പോർട്ട് ബ്ലയറിലെ മറ്റു മുഖ്യസ്ഥാനങ്ങളിലേക്കും പോകാൻ. ക്യാപ്റ്റൻ ബ്ലെയറിൻെറ സ്മരണയിലാണ്, പോർട്ട്ബ്ലയർ എന്ന പേര് ഈ സങ്കേതത്തിന് നല്കിയത്.

ചാത്തനാർ

ചെന്തമിഴ്സാഹിത്യത്തിലെ പഞ്ചമഹാകാവ്യങ്ങളിലൊന്നായ മണിമേഖലയുടെ കർത്താവ്. മധുരൈകൂല വാണികൻ ചിത്തലൈ ചാത്തനാർ എന്നാണ് ഇദ്ദേഹത്തിൻെറ മുഴുവൻപേർ. കൂലവാണികൻ എന്നതിന് ധാന്യക്കച്ചവടക്കാരൻ എന്നർഥം. ചിത്തലൈ എന്നതു കവിയുടെ ജന്മദേശമാവാം. തണ്ടമിഴ് ചാത്തൻ, തണ്ടമിഴ് ആശാൻ ചാത്തൻ എന്ന ബഹുമതി പേരുകളാലും ഇദ്ദേഹം അറിയപ്പെടുന്നു. സംഘംസാഹിത്യസമാഹാരങ്ങളിൽ ചിത്തലൈ ചാത്തനാരുടെ പത്തു പാട്ടുകളുണ്ട്. അവ കുറുന്തൊക, നറ്റിണ, അകനാനൂറ്, പുറനാനൂറ് എന്നിവയിൽ കാണാം.

മണിമേഖലാകർത്താവും സംഘസാഹിത്യകവിയും ഒരാളല്ലെന്നു മിക്ക പണ്ഡിതന്മാരും പറയുന്നു. മണിമേഖലയിൽ ബൗദ്ധാദർശങ്ങൾ പ്രകടമായും കാണാം. അത് ഒരു ബുദ്ധസന്യാസിനിയുടെ കഥയാണ്. സംഘകാലകവിയായ ചാത്തനാർ ഒരു മതത്തിലും പ്രത്യേകതാത്പര്യം കാണിക്കുന്നില്ല. സംഘകാലത്തിന്നുശേഷമാണ് മണിമേഖലാകർത്താവു ജീവിച്ചിരുന്നതെന്നുള്ളതു മിക്കവാറും തീർച്ചയാണ്.

ചിലപ്പതികാരകർത്താവായ ഇളങ്കോവടികളുടെ സമകാലികനായിരുന്നു ചാത്തനാർ എന്ന് അതതു കാവ്യങ്ങളുടെ പതികങ്ങളിൽനിന്നു ഗ്രഹിക്കാം. പെരിയാറ്റിൻതീരത്തുവെച്ച് മലക്കുറവർ കണ്ണകിയുടെ സ്വർഗാരോഹണകഥ ചേരൻ ചെങ്കുട്ടവനെ അറിയിക്കുമ്പോൾ ചാത്തനാരും അവിടെ ഉണ്ടായിരുന്നു. ഇദ്ദേഹമാണ് കണ്ണകിയുടെ പൂർവചരിത്രം രാജാവിനെ അറിയിക്കുന്നത്. ചാത്തനാർ ചിലപ്പതികാരകഥാപാത്രങ്ങളുടെ അടുത്ത തലമുറയുടെ കഥ †മണിമേഖലകാവ്യമായി രചിച്ചുകഴിഞ്ഞതിനുശേഷമാണത്രേ ഇളങ്കോ ചിലപ്പതിക്കാരകാവ്യം രചിച്ചത്. ചാത്തനാർ ചെങ്കുട്ടുവസദസ്സിൽ തൻെറ കാവ്യം അവതരിപ്പിച്ചു.

ഇളങ്കോ ചാത്തനാരെ തണ്ടമിഴ് ആശാൻ ചാത്തൻ, തണ്ടമിഴ്ച്ചാത്തൻ എന്നെല്ലാം പ്രശംസിക്കുന്നതുകൊണ്ട് ചാത്തനാർ സ്വജീവിതകാലത്തുതന്നെ പ്രശസ്തനായിരുന്നുവെന്ന് ഊഹിക്കാം.

ഇദ്ദേഹം ചേരൻ ചെങ്കുട്ടുവൻെറ സദസ്യനായിരുന്നുവെന്നാണു പറയപ്പെടുന്നത്. മറ്റു ജീവചരിത്രാംശങ്ങളൊന്നും അറിഞ്ഞുകൂടാ. തമിഴ്സാഹിത്യത്തിലും സംസ്കൃതസാഹിത്യത്തിലും ചാത്തനാർ പാണ്ഡിത്യം നേടിയിരുന്നു. മൂവരശരുടെ തലസ്ഥാനങ്ങളും പുറമെ കാഞ്ചീനഗരവും ചാത്തനാർക്ക് പരിചിതമാണ്.

ചാത്തൻ

ഒരു ദുർദേവത. ശാസ്താവിൻെറ രൂപാന്തരമാണ് ചാത്തൻ എന്ന് ഒരു മതമുണ്ട്. ചാത്തനെ പൂജിക്കുന്നതു ശാസ്താവിൻെറ മന്ത്രങ്ങൾ കൊണ്ടുതന്നെയാണ്. † കുട്ടിച്ചാത്തൻ നോക്കുക.

ചാത്തൻ കോത

പഴയ കേരളത്തിൽ വള്ളുവനാടു രാജാവിനു പറഞ്ഞുവന്നിരുന്ന പേരുകളിൽ ഒന്ന്. മറ്റുള്ളവ വെള്ളാട്ടിരി, വള്ളുവക്കോനാതിരി, ആറങ്ങോട്ടുടയർ, രായിരൻ ചാത്തൻ എന്നിവയാണ്. ഭാസ്കരരവിവർമൻെറ ജൂതശാസനത്തിലെ സാക്ഷികളെ പരാമർശിക്കുന്ന അവസാനഭാഗത്ത് "....ഇപ്പടി അറിവേൻ എറളനാടുടയ ഇരായിരം ശാത്തൻ..." എന്നു കാണാം. തിരുനാവായ വള്ളുവനാടു രാജ്യത്തിൽ പെട്ടിരുന്നു. ആകയാൽ അവിടെവച്ചു 12 വർഷത്തിലൊരിക്കൽ നടന്നുവന്നിരുന്ന മാമാങ്കമഹോത്സവത്തിൽ അധ്യക്ഷനായിരിക്കാനുള്ള അവകാശവും അദ്ദേഹത്തിൽ നിക്ഷിപ്തമായിരുന്നു. 13-ാം ശതകത്തിൽ സാമൂതിരിയോടുള്ള യുദ്ധത്തിൽ തോറ്റതോടെ തിരുനാവായയും അവിടത്തെ മാമാങ്കാധ്യക്ഷപദവിയും നഷ്ടപ്പെട്ടു.

ചാത്തൻമാസ്റ്റർ, പി.കെ. (1920-'88)

രാഷ്ട്രീയ പ്രവർത്തകനും സി.പി.ഐ. നേതാവും. 1920-ൽ ഇരിങ്ങാലക്കുടയിൽ ജനിച്ചു. കോളെജിൽ പഠിക്കുന്ന കാലത്തുതന്നെ പൊതുപ്രവർത്തനങ്ങളിലേർപ്പെട്ടു. വിദ്യാഭ്യാസം പൂർത്തിയാക്കിയില്ല. കൂടൽമാണിക്കം ക്ഷേത്രവഴി തുറന്നുകിട്ടാനുള്ള പ്രക്ഷോഭണത്തിലും പാലിയം സത്യാഗ്രഹത്തിലും പങ്കെടുത്തു. 1948-ൽ കമ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നു. 1954-ൽ തിരുവിതാംകൂർ-കൊച്ചി നിയമസഭയിൽ അംഗമായി. 1957-'59 കാലത്ത് ഹരിജനക്ഷേമമന്ത്രി ആയിരുന്നു. ഖാദി ബോർഡ് വൈസ് ചെയർമാൻ ആയി സേവനം അനുഷ്ഠിച്ചു. കുറച്ചുകാലം പൊറത്തിശ്ശേരി പഞ്ചായത്ത് പ്രസിഡൻറും പുലയമഹാസഭയുടെ പ്രസിഡൻറും ആയിരുന്നു. 1988-ൽ മരിച്ചു.

ചാത്തിരാങ്കം

†യാത്രക്കളി നോക്കുക.

ചാത്തുക്കുട്ടിമന്നാടിയാർ, ചമ്പത്തിൽ (1857—1905)

സംസ്കൃതനാടകവിവർത്തകനും കവിയും. ചിറ്റൂർ താലൂക്കിൽ ചമ്പത്തിൽ കുടുംബത്തിൽ ജനിച്ചു. പിതാവു പാലക്കാട്ട് കേനാത്തു വീട്ടിൽ ചാമുമേനോൻ മാതാവ് അമ്മുമന്നാടിശ്യാർ.

സംസ്കൃതപണ്ഡിതനായ അപ്പു എഴുത്തച്ഛനായിരുന്നു ആദ്യത്തെ ഗുരുനാഥൻ. സംസ്കൃതത്തിൽ കാവ്യപരിചയം സമ്പാദിച്ചതിനുശേഷം ഉപരിപഠനത്തിനു തൃശിവപേരൂർ ചെന്ന് വെങ്കിടാദ്രിശാസ്ത്രികളുടെ ശിഷ്യത്വം സ്വീകരിച്ചു. തിരുവിതാംകൂറിൽ പുത്തനായി ഏർപ്പെടുത്തിയ വക്കീൽപരീക്ഷ ജയിച്ചു. 1880 മുതൽ രണ്ടു വർഷക്കാലം മൂവാറ്റുപുഴ മുൻസിഫ് കോടതിയിൽ വക്കീലായി ജോലി നോക്കി. പിന്നീടു കൊച്ചിയിലെ വക്കീൽപരീക്ഷ ജയിച്ചു. തൃശിവപേരൂർ അപ്പീൽക്കോടതിയിൽ വ്യവഹരിക്കുന്നതിന് അവിടെ താമസമുറപ്പിച്ചു. അക്കാലത്താണ് ഇദ്ദേഹത്തിൻെറ സാഹിത്യപ്രവർത്തനം പുഷ്കലമായത്. കുറെക്കാലം കേരളനന്ദിനി മാസികയുടെ പത്രാധിപത്യവും മന്നാടിയാർ വഹിച്ചിരുന്നു. കേരളത്തിലെ ആരോഗ്യമന്ത്രിയായിരുന്ന ഡോ. എ.ആർ. മേനോൻ (അമ്പാട്ട്) ഇദ്ദേഹത്തിൻെറ പുത്രനാണ്.

മന്നാടിയാരുടെ സാഹിത്യകൃതികളിൽ ശ്രദ്ധേയമായതു ഭവഭൂതിയുടെ ഉത്തരരാമചരിതം നാടകത്തിൻെറ വിവർത്തനമാണ്. ശാകുന്തളത്തിനുണ്ടായതുപോലെ ഒട്ടേറെ ഭാഷാന്തരങ്ങൾ ഉത്തരരാമചരിതത്തിനുണ്ടാകാതിരുന്നതുതന്നെ മന്നാടിയാരുടെ പരിഭാഷയുടെ സർവസമ്മതത്വത്തിനു തെളിവാണ്.

ഹാലാസ്യമാഹാത്മ്യം കിളിപ്പാട്ടും ജാനകീപരിണയം നാടകവും മന്നാടിയാർ വിവർത്തനംചെയ്തിട്ടുണ്ട്. തൃശിവപേരൂരടുത്തുള്ള പൂങ്കുന്നിലെ ദേവനെ സ്തുതിച്ചുകൊണ്ടെഴുതിയ സംസ്കൃതകൃതിയാണ് പുഷ്പഗിരീശസ്തോത്രം.

സംഗീതത്തിലും അഭിരുചിയുണ്ടായിരുന്നു. അക്കാലത്തെ സമുദായപരിഷ്കരണശ്രമങ്ങളിലും മന്നാടിയാർ പങ്കെടുത്തിരുന്നു.

ചാത്തുണ്ണിമാസ്റ്റർ, കെ. (1921—   )

കേരളത്തിലെ കമ്യൂണിസ്റ്റ് നേതാവും തൊഴിലാളി പ്രവർത്തകനും. മൂന്നുതവണ കേരള നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. 1979 മുതൽ 1985 വരെ രാജ്യസഭാംഗമായിരുന്നു. അഖിലേന്ത്യാ കിസാൻ സഭയുടെ സെക്രട്ടറി, ദേശാഭിമാനി ദിനപത്രത്തിൻെറ ചീഫ് എഡിറ്റർ എന്നീ പദവികൾ വഹിച്ചിട്ടുണ്ട്.

1921 ജൂൺ 23-ന് കോഴിക്കോട് താലൂക്കിൽ ചേളന്നൂർ പഞ്ചായത്തിലെ കണ്ണങ്കരയിൽ ജനിച്ചു. പിതാവ് കക്കാട്ടുമ്മൽ രായിക്കുട്ടി. മാതാവ് മാളു. ഇ.എസ്.എൽ.സി. പരീക്ഷ (എട്ടാം ക്ലാസ്) ജയിച്ച് കണ്ണങ്കരയിലെ ശ്രീനാരായണ വിലാസം പ്രാഥമിക വിദ്യാലയത്തിലെ അധ്യാപകനായി. ഹയർ ട്രെയിനിങ് കഴിച്ച് വീണ്ടും അധ്യാപകനായെങ്കിലും അധ്യാപകസമരനേതാവായി പ്രവർത്തിച്ചതിനാൽ ഗവൺമെൻറ് ഇദ്ദേഹത്തിൻെറ സർട്ടിഫിക്കറ്റ് തടഞ്ഞുവച്ചു. പിന്നീടു സജീവരാഷ്ട്രീയപ്രവർത്തനത്തിൽ മുഴുകി. 1939 മുതൽ കമ്യൂണിസ്റ്റുപാർട്ടിയുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചു. പാർട്ടി നിയമവിരുദ്ധമാക്കപ്പെട്ടപ്പോൾ അഞ്ചുകൊല്ലക്കാലം ഒളിവിൽ കഴിഞ്ഞു. പലതവണ അറസ്റ്റുചെയ്യപ്പെടുകയും ശിക്ഷിക്കപ്പെടുകയുംചെയ്തു. അഞ്ചുവർഷത്തിലധികംകാലം കോഴിക്കോട്, കണ്ണൂർ, കടലൂർ, തിരുവനന്തപുരം ജയിലുകളിൽ കഴിയുകയും ചെയ്തു.



കർഷകപ്രസ്ഥാനത്തിലും തൊഴിലാളി യൂണിയൻ രംഗത്തും ദീർഘകാലം പ്രവർത്തിച്ചു. 1939-ൽ കിസാൻസഭയുടെ കണ്ണങ്കര പ്രാദേശികസംഘം സെക്രട്ടറിയായി പ്രവർത്തനമാരംഭിച്ച ചാത്തുണ്ണിമാസ്റ്റർ 1970-ൽ അഖിലേന്ത്യാ കിസാൻ സഭാ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു.

സഹകരണപ്രസ്ഥാനം, ഗ്രന്ഥശാലാപ്രസ്ഥാനം, കലാസാഹിത്യ പ്രവർത്തനങ്ങൾ എന്നിവയിലും ചാത്തുണ്ണിമാസ്റ്റർ വ്യാപൃതനായിരുന്നു. ദേശാഭിമാനി സ്റ്റഡീസർക്കിളിൻെറ സംഘാടകനായും ജനശക്തി ഫിലിം കമ്പനിയുടെ ആദ്യകാല ഡയറക്ടറായും പ്രവർത്തിച്ചു. ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി പിളർന്നപ്പോൾ സി.പി.എമ്മിൻെറ കൂടെനിന്നു. 1985-ൽ പാർട്ടിയിൽനിന്നു പുറത്താക്കി. 1987 മുതൽ സി.എം.പി.യുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു.

ചാത്തുനായർ, സി. (1843-1927)

നോവലിസ്റ്റും അധ്യാപകനും. കൊയിലാണ്ടിക്കടുത്തു പള്ളിക്കര ചെറുവലത്തുവീട്ടിൽ ജനിച്ചു. കോഴിക്കോട്ടു കേരള വിദ്യാപീഠത്തിൽ പഠിച്ചു മെട്രിക്കുലേഷൻ പാസ്സായി. അവിടെ സംസ്കൃതാധ്യാപകനായി. റിട്ടയർ ചെയ്തശേഷം മലബാർ ക്രിസ്ത്യൻ (ബാസൽ മിഷൻ) കോളെജിൽ അധ്യാപകനായി പ്രവർത്തിച്ചു. 1890-ൽ പ്രസിദ്ധം ചെയ്ത *മീനാക്ഷി* എന്ന നോവലാണു മുഖ്യകൃതി. സമുദായ പരിഷ്കാരതത്പരനും ധാർമികവാദിയുമായിരുന്നു. ഇന്ദുലേഖയുടെ അനുകരണങ്ങളായി പ്രത്യക്ഷപ്പെട്ട സാമൂഹികനോവലുകളിൽ 'മീനാക്ഷി'ക്ക് പ്രമുഖസ്ഥാനമുണ്ട്.

ചാത്തുപ്പണിക്കർ, വെള്ളാട്ട് (17-ാം നൂറ്റാണ്ട്)

കഥകളിയിലെ കല്ലടിക്കോടൻ സമ്പ്രദായത്തിൻെറ പ്രതിഷ്ഠാപകനും പ്രഥമാചാര്യനും. † കോട്ടയത്തു തമ്പുരാൻ പെരുമ്പടപ്പു രാജാവിൻെറ രാമനാട്ടത്തിൽ ആശാനായിരുന്ന വെള്ളാട്ടു ചാത്തുപ്പണിക്കരെ വരുത്തി കോട്ടയത്ത് ഒരു പുതിയ കളിയോഗമുണ്ടാക്കി. ചാത്തുപ്പണിക്കരുടെ പൂർവഭവനം അങ്ങാടിപ്പുറത്തായിരുന്നു. കൊല്ലവർഷം എട്ടാം നൂറ്റാണ്ടിൻെറ ഒടുവിൽ ആ വീട്ടുകാരുടെ ഒരു ശാഖ നാടുപേക്ഷിച്ച് പെരുമ്പടപ്പു രാജാവിൻെറ ആശ്രിതരായി തൃപ്പൂണിത്തുറയിൽ ചെന്നുപാർത്തു. ആ തറവാട്ടിലെ ഒരു കാരണവരായിരുന്നു ഇദ്ദേഹം.

കോട്ടയത്ത് നാലഞ്ചുകൊല്ലം താമസിച്ച് തമ്പുരാൻെറ ആട്ടക്കഥകളുടെ അരങ്ങേറ്റം നിർവഹിച്ചശേഷം പണിക്കർ നാട്ടിൽ തിരിച്ചെത്തി. താമസിയാതെ കുതിരവട്ടത്തുനായരുടെ ക്ഷണമനുസരിച്ചു പുലാപ്പറ്റയിൽ എത്തി. കുതിരവട്ടത്തുനായർക്ക് കളിസംഘം ഏർപ്പെടുത്തുന്നതിൽ തമ്പുരാൻ കുപിതനായി. പണിക്കർ പെരുമ്പടപ്പു നാട്ടിൽ കാലു കുത്തരുതെന്നു തമ്പുരാൻ കല്പിച്ചു. പുലാപ്പറ്റയിൽ എത്തിയ കാലത്ത് പണിക്കർ വൃദ്ധനായിരുന്നു. അല്പകാലത്തിനുള്ളിൽ അവിടെവച്ച് അദ്ദേഹം അന്തരിച്ചു.

നാട്യത്തിന് അംഗിത്വവും നൃത്തനൃത്യമേളങ്ങൾക്ക് അംഗത്വവും ചാത്തുപ്പണിക്കർ കല്പിച്ചു. കോട്ടയത്തു തമ്പുരാൻെറ ആട്ടക്കഥകളുടെ രംഗാവിഷ്കാരത്തിലും അദ്ദേഹത്തിൻെറ പരിഷ്കാരനിർദേശങ്ങൾ നടപ്പാക്കുന്നതിലും പണിക്കർക്കു കൈയുണ്ടായിരുന്നു. കഥകളിയിലെ കൃഷ്ണൻ, ശ്രീരാമൻ തുടങ്ങിയ വേഷങ്ങൾക്ക് കൃഷ്ണനാട്ടത്തിലെ കൃഷ്ണമുടി സ്വീകരിച്ചത്, ചുകന്ന താടിയുടെ കുറ്റിച്ചാമരത്തിനു വ്യാസം കുട്ടിയത്, പട്ടുത്തരീയം ഇട്ടു തുടങ്ങിയത് ഇങ്ങനെ ആഹാര്യവശത്ത് പല പരിഷ്കാരങ്ങളും അക്കാലത്താണ് ഉണ്ടായത്. തോടയം, പുറപ്പാട് തുടങ്ങിയ പ്രാരംഭചടങ്ങുകളും, തോടയം കഴിഞ്ഞാൽ വന്ദനശ്ലോകം ചൊല്ലുന്ന രീതിയും പ്രാധാന്യംവഹിച്ചു തുടങ്ങിയത് ഇക്കാലത്താണ്. കല്ലടിക്കോടൻ സമ്പ്രദായക്കാർ ചാക്യാന്മാർ കൂടിയാട്ടത്തിലുപയോഗിച്ചുവരുന്ന കൈമുദ്രകൾതന്നെ കളിയരങ്ങിനു പറ്റിയവിധം പരിഷ്കരിച്ചു സ്വീകരിച്ചു. മലപ്പുറം ജില്ലയിൽ അങ്ങാടിപ്പുറത്തിനടുത്തുള്ള വെള്ളാട്ടുവീട്ടിലെ ചാത്തുപ്പണിക്കർ തിരുമാന്ധാംകുന്നു ഭഗവതിയുടെ ഉപാസകനായിരുന്നു.

ചാഥാംപ്രഭു

വില്യം പിറ്റ് ദി എൽഡറിൻെറ മറ്റൊരു പേര്. 'ദ് ഫസ്റ്റ് ഏൾ ഒഫ് ചാഥാം' എന്നും 'ദ് ഗ്രേറ്റ് കോമണർ' എന്നും അറിയപ്പെട്ട ഇദ്ദേഹം രണ്ടുവട്ടം ബ്രിട്ടിഷ് പ്രധാനമന്ത്രി ആയിരുന്നു. † പിറ്റ്, വില്യം നോക്കുക.

ചാനൽ ദ്വീപുകൾ

ഫ്രെഞ്ച് കണ്ടെൻഷൻ അർധദ്വീപിൻെറ പടിഞ്ഞാറുവശത്ത് ഇംഗ്ലീഷ് ചാനലിൽ സ്ഥിതിചെയ്യുന്ന ദ്വീപസമൂഹം (49° വടക്ക് 49°



ചാനൽ ദ്വീപുകളിൽ മുഖ്യമായ ജർസിദ്വീപ്



കല്ലിൽ
കൊത്തിയ
രതിശില്പങ്ങൾ
(†ഖജുരാഹൊ)

△
വാരാണസിയിലെ
സ്നാനഘട്ടം
(†ഗംഗാനദി)

സർപ്പിളഗാലക്സി
◁ (†ഗാലക്സികൾ)



ഗണേശ് ജയന്തി - ബോംബെ
◁ (†ഗണപതി)



ഗോവയിലെ
ശ്രീ മംഗേഷ്ക്ഷേത്രം.
◁ (†ഗോവ)



△
ഘാനയിലെ
ഒരു ഗ്രാമം
(†ഘാന)



ജന്തർമന്തർ-
ന്യൂദെൽഹി
(†ജന്തർമന്തർ) ▷



ചിദംബരം - ക്ഷേത്രഗോപുരം (†ചിദംബരം, †ഗോപുരം)



△
സ്കേറ്റിങ് - ഗുൽമർഗ് (†ഗുൽമർഗ്)





ഏറ്റവും മുകളിൽ വലത്ത്, മുകളിൽ : ശ്രമണബെളഗൊളയിലെ 17.5 മീറ്റർ ഉയരമുള്ള ഗോമടേശ്വരന്റെ ഒറ്റക്കൽ പ്രതിമ (†ഗോമടേശ്വര)







ഏറ്റവും മുകളിൽ: ഗോൾഡൻ ബീച്ച് - ഗോവ (†ഗോവ)

ഇടത്ത്: ഗൗർ (†ഗൗർ)

മുകളിൽ: യു.എസ്സിലെ അരിസോണയിലെ
ഗ്രാൻഡ് കാന്യൻ (†ഗ്രാൻഡ് കാന്യൻ)



മുകളിൽ ഇടത്ത്: പഴയ രീതിയിലുള്ള ഗ്രാമഫോൺ (†ഗ്രാമഫോൺ)

മുകളിൽ: ഗോഥിക് ശില്പം - ഫ്രാൻസിലെ ചാർട്ടേഴ്സ് കതീഡ്രലിലെ ചില്ലുജനാല (†ഗോഥിക് ശില്പം)

ഇടത്ത്: ഗ്ലൈഡിങ് (†ഗ്ലൈഡിങ്)



△
ഗുജറാത്തിലെ
ഗർബനൃത്തം
(†ഗുജറാത്ത്)



ഗ്വാത്തെമാലെയിലെ
ഒരു
ഗ്രാമച്ചന്ത
◁ (†ഗ്വാത്തെമാലെ)



△
ഖജൂരാഹൊയിലെ
ചിത്രഗുപ്തക്ഷേത്രം
11-ാംനൂറ്റാണ്ട്-
മധ്യപ്രദേശ്
(†ഖജൂരാഹൊ)

ഗിർവനത്തിലെ
◁ സിംഹങ്ങൾ (†ഗിർവനം)





ഏറ്റവും മുകളിൽ: ചങ്ങലവട്ട
(†ചങ്ങലവട്ട)

മുകളിൽ: ചീരച്ചെടികൾ
(†ചീര)

ഇടത്ത്: ചിത്തോർഗഢിലെ
വിജയസ്തംഭം
(†ചിത്തോർഗഢ്)



ഗ്ലാസ്സാധനങ്ങൾ ഊതിയുണ്ടാക്കുന്നു.
ഈ സാങ്കേതികവിദ്യ കണ്ടുപിടിച്ചത് റോമാക്കാരാണ്
(†ഗ്ലാസ് നിർമാണം)
▽



മുകളിൽ : ചാക്യാർകൂത്ത് - വേഷം
താഴെ : വേദിയും ചാക്യാരും, പിന്നിൽ മിഴാവ്
(†ചാക്യാർകൂത്ത്)







ഏറ്റവും മുകളിൽ : സാധാരണ ചുവന്ന ചെമ്പരുത്തി (†ചെമ്പരുത്തി)

മുകളിൽ : ചിറാപ്പുഞ്ചിയിലെ ഗിരിവർഗക്കാരുടെ പാർപ്പിടം (†ചിറാപ്പുഞ്ചി)

ഇടത്ത് : ചെത്തി - ചെടിയും പൂങ്കുലയും (†ചെത്തി)



നെബാമുന്നിൻെറ (തീബ്സ്, ഈജിപ്ത്)
ശവകുടീരത്തിൽനിന്ന് കിട്ടിയ
ഒരു ചുവർ ചിത്രം — ബി.സി. 1450
(†ചുവർചിത്രങ്ങൾ)



വലത്ത് : ഗവന്നാ ബാറ്റിസ്റ്റാതിയോപോളോ
വരച്ച ഫ്രെസ്കോചിത്രം — പശ്ചിമജെർമനി
(†ചിത്രകല)

താഴെ: 'ആദാമിൻെറ സൃഷ്ടി' —
സിസ്റ്റയിൻ ചാപ്പലിൻെറ സീലിങ്ങിൽ
മൈക്കൽ ആൻജെലോ വരച്ച
ഫ്രെസ്കോചിത്രം — 1508-'12 (†ചിത്രകല)







△
'മഹാജനകജാതക'ത്തിലെ
ഒരു അന്തഃപുരരംഗം
(അജന്ത — 700-800) (†ചിത്രകല)

ഇടത്ത് : 'കുപിഡ് എ കാപ്റ്റീവ്'-
ഫ്രാങ്ക്രോയ് ബുഷർ വരച്ച
എണ്ണച്ഛായച്ചിത്രം (വാലസ്കളക്ഷൻ, ലണ്ടൻ)
(†ചിത്രകല)

ദ് ഡേ ഒഫ് ദ ഗോഡ് ▷
പോൾ ഗോഗിന്റെ, 1894
എണ്ണച്ഛായച്ചിത്രം
(ഷിക്കാഗോയിലെ
ആർട് ഇൻസ്റ്റിറ്റ്യൂട്ട്)
(†ചിത്രകല)





◁ 'ബോയ് ഇൻ എ റെഡ് വെസ്റ്റ്' - 1890-'95
പോൾ സെസ്സെയിൻ വരച്ച ചിത്രം (എണ്ണച്ചായം)
(†ചിത്രകല)



മാർസെൽ ഡുചാംപിന്റെ
'ന്യൂഡ് ഡിസെൻഡിങ്
എ സ്റ്റെയർകെയ്സ്'
- 1912 (എണ്ണച്ചായം)
(ഫിലാഡൽഫിയാ
ആർട് മ്യൂസിയത്തിൽ
നിന്ന്)
(†ചിത്രകല)



"ഇംപ്രഷൻ : സൺറൈസ്" -
ചിത്രകാരൻ :
ക്ലോഡ് മോണെറ്റ്. 1872
ഇംപ്രഷണിസ്റ്റ് സമ്പ്രദായത്തിലെ
പ്രസിദ്ധമായ ഒരു ചിത്രം
(എണ്ണച്ചായം).
◁ (†ചിത്രകല)



പീയറ്റ് മോൺഡ്രിയൻെറ △
"കോംപൊസിഷൻ വിത്ത്
റെഡ്, ബ്ലൂ അൻഡ് യെല്ലോ"
- 1930' എണ്ണച്ചായച്ചിത്രം
(†ചിത്രകല)



മുകളിൽ : പോൾക്ലീയുടെ
'ലാബെലെ ജാർഡിനീറെ' -
1939 - (ടെമ്പെറയും എണ്ണച്ചായവും)
(†ചിത്രകല)



ഹെൻറി മാറ്റിസ്സെയുടെ
'വുമൺ വിത്ത് ദ ഹാറ്റ്'
1905 (എണ്ണച്ചായം)
◁ (†ചിത്രകല)



ക്ലാസിക് മിനിയേച്ചർ
◁ രാജപുട്ടാണസ്കൂൾ



△
അമൃതഷെർഗിൽ
വരച്ച ചിത്രം (എണ്ണച്ചായം)



മൻജീത് ബാവ വരച്ച ചിത്രം
◁ (†ചിത്രകല, ഇന്ത്യയിൽ)







മുകളിൽ ഇടത്ത് :
'ത്രീ മ്യൂസിഷ്യൻസ്'-
പിക്കാസോ വരച്ച
എണ്ണച്ഛായച്ചിത്രം-
(ഫിലാഡൽഫിയായിലെ
ആർട്ട്മ്യൂസിയത്തിൽ
നിന്ന്)
(†ചിത്രകല)

മുകളിൽ വലത്ത് :
'നൂഡ് ഇൻ സൺലൈറ്റ്'
അഗസ്റ്റെ റെനോയ്ർ
വരച്ച എണ്ണച്ഛായചിത്രം -
ലൂവ്ർ, പാരിസ്
(†ചിത്രകല)

ഇടത്ത് :
സാൽവഡോർഡാലി
വരച്ച
'അക്കോമൊഡേഷൻസ്
ഒഫ്
ഡിസയഴ്സ്' - 1929.
എണ്ണച്ഛായച്ചിത്രം
(†ചിത്രകല)

CC-0. In Pu tion, Haridwar

പാബ്ലോ പിക്കാസോയുടെ സ്വചരായാചിത്രം (1907). പിക്കാസോയുടെ അക്കാലത്തെ ഫോട്ടോയാണ് ഇൻസെറ്റിൽ (†ഛായാചിത്രം, †ചിത്രകല)





മുകളിൽ :
ന്യൂമെക്സിക്കോയിലെ
കാൾസ്ബാഡ്
കാവേൺസിലെ
അത്യാകർഷകമായ
ഒരു
ഭൂഗർഭഗുഹ
(†ഗുഹ)

ഇടത്ത് :
തിയൊഡോർ
ജെരി
കോൾട്ടിന്റെ
'ദ റാഫ്റ്റ്
ഒഫ് ദ
മെഡൂസ' - 1819
(എണ്ണച്ചായം)
ലൂവ്ര് - പാരിസ്)
(†ചിത്രകല)



ഹേമകുണ്ഡത്തിലെ (ഗഢ്വാൾ) ഗുരുദ്വാര (†ഗുരുദ്വാര, †ഗഢ്വാൾ)

കുട്ടനാട്ടിലെ
ജലഗതാഗതം
(†ജലഗതാഗതം)▷



സാൻഫ്രാൻസിസ്കോവിലെ
ഗോൾഡൻ ഗെയ്റ്റ് പാലം.
(†ഗോൾഡൻഗെയ്റ്റ്പാലം)
▽

വള്ളംകളി (†ചുണ്ടൻവള്ളം, †ജലോത്സവങ്ങൾ)







ഇടത്ത് : ഗ്രീൻലൻഡിൽ വ്യോമഗതാഗതമാണ് അധികവും
വലത്ത് : ഗ്രീൻലൻഡുതീരത്തുനിന്നും അകലെയുള്ള ഒരു ഹിമാനി
†ഗ്രീൻലൻഡ്

താഴെ : ഗംഗാനദി വാരാണസിയിൽ എത്തുമ്പോൾ (†ഗംഗാനദി)
†ഗ്രീൻലൻഡ്

അമാൽഫിയിലെ
(ഇറ്റലി)
സിസിലിയൻ - നോർമൻ
ഗോഥിക് കഥീഡ്രൽ
11-ാംനൂറ്റാണ്ട്
(†ഗോഥിക് ശില്പം) ▷





ഡെൽഫിയിലെ
പ്രാചീന
ഗ്രീക്ക് തിയേറ്ററിന്റെ
നഷ്ടാവശിഷ്ടങ്ങൾ
◁ (†ഗ്രീക്ക് നാടകവേദി)



റിപ്പബ്ലിക്ദിന ഘോഷയാത്രയിലെ ഒരു ദൃശ്യം († ഘോഷയാത്ര)



△
കോമൺടൈഗർ



△
റ്റെയ്ൽഡ് ജേ

ബ്ലൂടൈഗർ
▽



കോമൺ ജെസ്സബെൽ
▽



(†ചിത്രശലഭങ്ങൾ)



മുകളിൽ : ഈജിപ്തിലെ ഗീസായ്ക്കടുത്തുള്ള ഗ്രേറ്റ്പിരമിഡും സ്ഫിങ്സും (†ഗീസാപിരമിഡുകൾ)

താഴെ : കൊറ്റികളുടെ ഒരു പറ്റം (†ജലപക്ഷികൾ)





മുകളിൽ ഇടത്ത് : പുരാതന ക്യോട്ടോ
നഗരത്തിലെ ഡായ്-ഗോജി ക്ഷേത്രം

വൃക്ഷങ്ങൾ അലങ്കാരത്തിനു
വേണ്ടി ചെറിയ പാത്രങ്ങളിൽ
വച്ചുപിടിപ്പിക്കുന്ന
ജാപ്പനീസ് കലയാണു 'ബോൺസായ്'

മുകളിൽ വലത്ത് ബോൺസായ് വൃക്ഷസമൂഹം.

വലത്ത് : 'മേപ്പിൾ' - ബോൺസായ് രൂപത്തിൽ
(ജപ്പാൻ)



ഇടത്ത് : ക്യോട്ടോവിലെ
ഹീയൻ - ജിങ്ഗു ക്ഷേത്രം (†ജപ്പാൻ)



താഴെ : ബംഗ്ലാദേശിൽ
കർണ്ണഫുലീ നദീമുഖത്തെ
ചിറ്റഗോങ് തുറമുഖം
(†ചിറ്റഗോങ്)





മുകളിൽ : ദഹോമി(ഗിനി
ഉൾക്കടലിൻെറ തീരം)
യിലെ ഒരു
മത്സ്യബന്ധനഗ്രാമം
(†ഗിനി റിപ്പബ്ലിക്)



വലത്ത്: ചെമ്മരിയാടിൽനിന്നു
രോമം മുറിച്ചെടുക്കുന്നു (†ചെമ്മരിയാട്).

വലത്ത്: പുഷ്പാലങ്കരണ(ഇക്കുബാന)
ത്തിൽ ഏർപ്പെട്ടിരിക്കുന്ന
ജപ്പാൻ വനിത.

താഴെ :ഒരു
പുഷ്പാലങ്കാരമാതൃക
(†ജപ്പാൻ)









ഏറ്റവും മുകളിൽ :
വിവിധ രൂപത്തിലും നിറത്തിലും
വലിപ്പത്തിലും ഉള്ള
ഗാർനറ്റ്കല്ലുകൾ
(†ഗാർനറ്റ്)

മുകളിൽ : ഗിബ്ബൺ
(†ഗിബ്ബൺ)



ചാനൽ ദ്വീപുകൾ

42′ വടക്ക്, 2°, 4′ പടിഞ്ഞാറ്). ഇതിൽ 9 ദ്വീപുകളുണ്ട്. ആകെ വിസ്തൃതി 194 ച.കി.മീറ്റർ. ഇവയിൽ ഏറ്റവും വലുതിനു (ജർസി ദ്വീപ്) 139.8 ച.കി.മീറ്റർ വിസ്തൃതിയുണ്ട്. ജനസംഖ്യ 1,35,000 (1982). ബ്രിട്ടിഷ് ഭരണത്തിലാണു ദ്വീപുകൾ. പരിമിതമായ സ്വയം ഭരണമാണു നിലവിലുള്ളത്. ഫ്രെഞ്ച്, ഇംഗ്ലീഷ് ഇവയാണു മുഖ്യ ഭാഷകൾ. ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാണ്. ഈ ദ്വീപുകളിലെ ജേർസി, ഗ്വേൺസി എന്നീ പശുവർഗങ്ങൾ പ്രസിദ്ധമാണ്. രണ്ടാം ലോകയുദ്ധകാലത്ത് 1940-ൽ ജെർമൻകാർ ഈ ദ്വീപുകൾ പിടിച്ചെടുത്തു. അഞ്ചുവർഷത്തിനുശേഷം ജെർമൻകാർ കീഴടങ്ങി.

ചാനിങ്, വില്യം എല്ലെറി (1780-1842)

'യൂണിറ്റേറിയനിസത്തിൻെറ അപ്പോസ്തലൻ' എന്നു വിഖ്യാതനായ പുരോഹിതൻ. ന്യൂ ഇംഗ്ലണ്ടിലെ അതീന്ദ്രീയത്വ വികസനത്തിൽ മുഖ്യപങ്കുവഹിച്ചു. അടിമത്തം, മദ്യാസക്തി, ദാരിദ്ര്യം, യുദ്ധം ഇവയ്ക്കെതിരെ സുധീരം പൊരുതി. ബോസ്റ്റണിലെ ഫെഡറൽ സ്ട്രീറ്റ് പള്ളിയിൽ വികാരിയായി മരണം വരെ സേവനം അനുഷ്ഠിച്ചു.

ചാന്ത്

സ്ത്രീകൾ ഉപയോഗിക്കുന്ന ഒരുതരം കുറിക്കൂട്ട്. കേരളത്തിൽ പണ്ട് ചാന്തുണ്ടാക്കിയത് ഒരു സവിശേഷരീതിയിലാണ്. തെച്ചിപ്പൂവ് വെള്ളത്തിലിട്ട് മൂന്നുനാലുദിവസം കഴിഞ്ഞ് അഴുകുമ്പോൾ പൂവ് നീക്കി വെള്ളം എടുത്തുവെക്കുന്നു. ഉണക്കലരിവറുത്ത് കരിനിറമായാൽ അതിലേക്ക് ഈ വെള്ളം ഒഴിക്കുന്നു. വറുത്ത അരി വെള്ളത്തിൽ ഉടച്ചുചേർത്തു വെള്ളം വറ്റിച്ച് കുഴമ്പു പ്രായത്തിലാക്കുന്നു. ഈ ചാന്താണു കേരളത്തിലെ സ്ത്രീകൾ മുമ്പ് ഉപയോഗിച്ചിരുന്നത്. ചില മരങ്ങളുടെ എണ്ണയിൽ ചന്ദനം, കർപ്പൂരം, കസ്തൂരി, കുങ്കുമം എന്നിവ ചേർത്തു ചാന്തുണ്ടാക്കാറുണ്ട്. ഇപ്പോൾ പല വർണത്തിലുള്ള ചാന്തുകൾ വ്യാപാരാടിസ്ഥാനത്തിൽ ധാരാളമായി നിർമിച്ചുവരുന്നു.

കുമ്മായം, മണൽ എന്നിവ ചേർത്ത് ചുവരിൽ തേയ്ക്കാനായി ഉണ്ടാക്കുന്ന കൂട്ടിനും ചാന്ത് എന്നുപറയുന്നു. സിമൻറ് മാത്രമെടുത്ത് വെള്ളത്തിൽ കലക്കി കുഴമ്പ് പ്രായത്തിലാക്കി സിമൻറ് തേച്ച നിലം മിനുക്കാനും നിലത്തു പതിച്ച ഇഷ്ടികയുടെ വിടവിൽ ഒഴിക്കാനും ഉപയോഗിക്കുന്ന കൂട്ടിനും ചാന്ത് എന്ന വാക്ക് ഉപയോഗിക്കാറുണ്ട്.

ചാന്ദ്ഗി രാമ് (1938—   )

മല്ലയുദ്ധപ്രവീണൻ. ഹര്യാനയിലെ ഹിസ്സാർ ജില്ലയിലുള്ള സിസായിൽ ജനിച്ചു. 1961-ൽ 'ഹിന്ദ്കേസരി'യും 1968-ൽ 'ഭാരത് കേസരി'യും 1969-ൽ 'ഭാരത് ഭീമനും' ആയി. 1970 ബാങ്കോക്കിൽ നടന്ന ഏഷ്യൻ ഗെയിംസിൽ ഹെവിവെയ്റ്റ് ഗുസ്തിയിൽ സ്വർണമെഡൽ നേടി. 1972-ൽ 'മഹാഭാരതകേസരി' ആയി. 1963-ൽ അർജുൻ അവാർഡും 1971-ൽ 'പദ്മശ്രീ'യും നേടിയ ഇദ്ദേഹം ഹര്യാനയിലെ സ്പോർട്സ് ഡയറക്റ്റർ ആണ്.

ചാന്ദ് ബീബി (1555—1599)

അക്ബറുടെ കാലത്ത് ബീജാപ്പൂരിലെ റാണി. സുൽത്താൻ ഹുസ്സൈൻ നൈസാം ഷായുടെ പുത്രി. 1595-ൽ അക്ബറുടെ പുത്രനായ മുറാദിൻെറ നേതൃത്വത്തിൽ ഒരു മുഗൾ സൈന്യം അഹമ്മദ് നഗർ ആക്രമിച്ചപ്പോൾ, നഗരരക്ഷയ്ക്കുവേണ്ടി വീരോചിതമായി പോരാടിയത് അന്നു ബീജാപ്പൂരിലെ രാജമാതാവായ ചാന്ദ് ബീബിയായിരുന്നു. ഈ ചെറുത്തുനില്പിനെ തകർക്കാൻ അശക്തരായ ആക്രമണകാരികൾ ബീബിയുമായി സന്ധി ചെയ്തു. ഉടമ്പടിപ്രകാരം (1596) ബീറാർ അക്ബർക്കു വിട്ടുകൊടുക്കുകയും അക്ബറുടെ മേൽക്കോയ്മ സ്വീകരിച്ചുകൊണ്ട് അഹമ്മദ്നഗറിലെ രാജകുമാരനെ അവിടത്തെ സിംഹാസനത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. എന്നാൽ മുഗളന്മാർ പിന്മാറിയശേഷം ചാന്ദ്ബീബി ഈ ഉടമ്പടിയിൽ തനിക്ക് ഒരു പങ്കുമില്ലെന്നു പറഞ്ഞ് ഒഴിഞ്ഞുമാറി. അവരുടെ അഭിപ്രായത്തെ ധിക്കരിച്ചുകൊണ്ട് അഹമ്മദ് നഗറിലെ ഒരു വിഭാഗം ജനങ്ങൾ ബീറാർ വീണ്ടെടുക്കാനുള്ള യുദ്ധം ആരംഭിച്ചു. 1597 ഫെബ്രുവരിയിൽ മുഗളന്മാർ സുൽത്താന്മാരുടെ ആളുകളെ ഗോദാവരീതീരത്തുള്ള അഷ്ടി എന്ന സ്ഥലത്തുവച്ച് തോല്പിച്ചോടിച്ചു. അതോടുകൂടി അഹമ്മദ്നഗർ ആഭ്യന്തരകലാപങ്ങളുടെ രംഗമായിത്തീർന്നു. ചാന്ദ്ബീബിയെ എതിരാളികൾ വിധിച്ചതാണോ, വിഷം കഴിച്ച് ആത്മഹത്യ ചെയ്തതാണോ എന്നതു തർക്കവിഷയമാണ്.

ചാന്ദ്നീ ചൗക്ക്

പഴയദില്ലിയിലെ പ്രധാനപ്പെട്ട അങ്ങാടി. യമുനയുടെ തീരത്തുള്ള ചെങ്കോട്ടയെ അഭിമുഖീകരിക്കുന്ന ഈ അങ്ങാടി ഷാജഹാൻ ചക്രവർത്തിയുടെ കാലത്ത് ആരംഭിച്ചതാണ്. ഒരു കിലോമീറ്ററിലധികം നീളവും അൻപതു മീറ്റർ വീതിയുമുണ്ട് ഇവിടത്തെ പ്രധാന പാതയ്ക്ക്. ഭരണാധിപന്മാരുടെ ആവാസസ്ഥലമായിരുന്ന ചെങ്കോട്ടയ്ക്കു തൊട്ടുകിടക്കുന്നതു കൊണ്ട് അനേകം ചരിത്രസംഭവങ്ങൾക്കും യുദ്ധങ്ങൾക്കും കൂട്ടക്കൊലയ്ക്കും സാക്ഷ്യംവഹിച്ചിട്ടുണ്ട്. 1739-ലെ നാദിർഷായുടെ ആക്രമണത്തോടൊപ്പം നടന്ന കൂട്ടക്കൊലയും

ചാന്ദ്നീ ചൗക്ക്

1942-ലെ കിറ്റ് ഇന്ത്യ സമരത്തെത്തുടർന്ന് ബ്രിട്ടീഷ് പട്ടാളം നടത്തിയ കൂട്ടക്കൊലയും അതിൽ ചിലതാണ്. ഇന്ന് ഒരു ആധുനിക വിപണനകേന്ദ്രമായി മാറിയിരിക്കുന്നു. അടുത്ത് പഴയ ദില്ലി തീവണ്ടിസ്റ്റേഷൻ ഉണ്ട്. കൗതുകസാധനങ്ങൾ, അലങ്കരണ വസ്തുക്കൾ, വൈദ്യുത ഉപകരണങ്ങൾ, പിത്തള പാത്രങ്ങൾ, സിൽക്കുവസ്ത്രങ്ങൾ മറ്റു വസ്ത്രങ്ങൾ, കമ്പിളി തുടങ്ങിയവയ്ക്കു പ്രസിദ്ധമാണ് ഈ മാർക്കറ്റ്.

ചാന്ദ്രമാസം

ഒരു അമാവാസി മുതൽ അടുത്ത അമാവാസിവരെയുള്ള കാലം. അമാവാസിദിവസം സൂര്യചന്ദ്രന്മാർ ഒരേ രാശിയിൽ വരുന്നു. താരതമ്യേന ദ്രുതഗതിയിൽ സഞ്ചരിക്കുന്ന ചന്ദ്രൻ സൂര്യനെ പിന്നിട്ടു പോകുന്നു. അടുത്ത അമാവാസിയിൽ വീണ്ടും സൂര്യചന്ദ്രന്മാർ ഒന്നിച്ച് (ഒരേ ചൊവ്വിൽ) വരും. അതിനിടയ്ക്കുള്ള കാലമാണ് ചാന്ദ്രമാസം. ചിത്രനക്ഷത്രവും പൗർണമിയും ഒന്നിച്ചുവരുന്ന ചാന്ദ്രമാസം ചൈത്രം; വിശാഖം നക്ഷത്രവും പൗർണമിയും ഒന്നിച്ചുവരുന്നത് വൈശാഖം; തൃക്കേട്ട നക്ഷത്രവും പൗർണമിയും ഒന്നിച്ചുവരുന്നത് ആഷാഢം; തിരുവോണവും പൗർണമിയും ഒന്നിച്ചുവരുന്നത് ശ്രാവണം; പൂരുരുട്ടാതിയും പൗർണമിയും ഒന്നിച്ചുവരുന്നത് ഭാദ്രപദം; അശ്വതിയും പൗർണമിയും ഒന്നിച്ചുവരുന്നത് ആശ്വിനം; കാർത്തികയും പൗർണമിയും ഒന്നിച്ചുവരുന്നത് കാർത്തിക. മകയിരവും പൗർണമിയും ഒന്നിച്ചുവരുന്നത് മാർഗശീർഷം; പൂയവും പൗർണമിയും ഒന്നിച്ചുവരുന്നത് പൗഷം; മകവും പൗർണമിയും ഒന്നിച്ചു വരുന്നത് മാഘം; ഉത്രവും പൗർണമിയും ഒന്നിച്ചുവരുന്നത് ഫാൽഗുനം.

12 ചാന്ദ്രമാസങ്ങളുടെ വൈദികനാമങ്ങളും ആധുനിക നാമങ്ങളും താഴെ ചേർക്കുന്നു:

വൈദികനാമങ്ങൾ	ആധുനിക നാമങ്ങൾ	
	സംസ്കൃതം	തമിഴ്
1 മധു	ചൈത്ര	ചിത്തിരൈ
2 മാധവ	വൈശാഖ	വൈകാശി
3 ശുക്ര	ജ്യേഷ്ഠ	ആനി
4 ശുചി	ആഷാഢ	ആടി
5 നഭസ്സ്	ശ്രാവണ	ആവണി
6 നഭസ്യ	ഭാദ്രപദ	പൂരട്ടാശി
7 ഇഷ	ആശ്വിന	അല്പശി
8 ഊർജ	കാർത്തിക	കാർത്തികൈ
9 സഹസ്സ്	മാർഗശീർഷ	മാർകഴി
10 സഹസ്യ	പൗഷ	തൈ
11 തപസ്സ്	മാഘ	മാശി
12 തപസ്യ	ഫാൽഗുന	പൈങ്കുനി

അധിമാസം. ഒരു ചാന്ദ്രമാസത്തിന്റെ ദൈർഘ്യം 29.53 ദിവസവും സൗരമാസത്തിന്റെ ശരാശരി ദൈർഘ്യം 30.4 ദിവസവും ആകയാൽ ഒരു സൗരമാസത്തിൽ രണ്ട് അമാവാസികൾ ഉണ്ടായെന്നുവരാം. അടുത്തടുത്ത രണ്ടു സൂര്യസംക്രമങ്ങൾക്കിടയിൽ രണ്ടു ചാന്ദ്രമാസങ്ങൾ ആരംഭിക്കുന്നതായിട്ടാണ് ഇവിടെ കാണുന്നത്. ഈ രണ്ടു ചാന്ദ്രമാസങ്ങൾക്കും പേര് ഒന്നുതന്നെയായിരിക്കും. ആദ്യത്തത് അധികവും രണ്ടാമത്തത് നിജവും. സൂര്യസംക്രമത്തിനു തൊട്ടുമുമ്പെ ആരംഭിക്കുന്നതുകൊണ്ടാണ് രണ്ടാമത്തത് നിജമായത്. 12 സൗരമാസങ്ങളുടെ ആകത്തുക 12 ചാന്ദ്രമാസങ്ങളുടെ ആകത്തുകയെക്കാൾ ഏകദേശം 11 ദിവസം അധികമാകയാൽ മിക്കവാറും 3 കൊല്ലത്തിനിടയ്ക്ക് ഒരു ചാന്ദ്രാധിമാസം ഉണ്ടാവാം.

ക്ഷയമാസം. ഒരു ശതാബ്ദക്കാലത്തിനിടയ്ക്ക് ഒന്നോ രണ്ടോ പ്രാവശ്യം ഒരു ചാന്ദ്രമാസത്തിനിടയ്ക്കു സൂര്യസംക്രമം സംഭവിച്ചില്ല എന്നു വന്നേക്കാം. അങ്ങനെ ആണെങ്കിൽ ആ ചാന്ദ്രമാസം ക്ഷയിച്ചുപോകുന്നു. ഇതാണു ക്ഷയമാസം. ചാന്ദ്രവർഷങ്ങൾ മൂന്നു വിധത്തിലാവാം. 1. 12 ചാന്ദ്രമാസങ്ങൾ അടങ്ങിയത്. 2. ഒരു അധിവാസമുൾപ്പെടെ 13 ചാന്ദ്രമാസങ്ങൾ അടങ്ങിയത്. 3. രണ്ട് അധിമാസങ്ങളും ഒരു ക്ഷയമാസവും ഉൾപ്പടെ 13 ചാന്ദ്രമാസങ്ങൾ അടങ്ങിയത്.

ചാന്ദ്രയാത്ര

† ചന്ദ്രപര്യവേക്ഷണം നോക്കുക.

ചാന്നാന്മാർ

തെക്കൻ തിരുവിതാംകൂറിലെ നാടാന്മാരിൽ ഒരുവിഭാഗം. ഇവർ തമിഴ് സംസാരിക്കുന്നവരും മക്കത്തായികളുമാണ്. മുരുകനെ ആരാധിക്കുന്നവരാണ് ഇവർ. അഗസ്തീശ്വരം ആണ് ഇവരുടെ കേന്ദ്രം. തമിഴ്നാട്ടിലും ചാന്നാന്മാർ ഉണ്ട്. 825-ലെ ശ്രീപദ്മനാഭസ്വാമി ക്ഷേത്രരേഖയിൽ ഇവരെ പരാമർശിക്കുന്നുണ്ട്. സാമൂഹിക അവശത പരിഹരിക്കാൻ ഇവർ നടത്തിയ ലഹള പ്രസിദ്ധമാണ്. † ചാന്നാർലഹള് നോക്കുക.

മധ്യതിരുവിതാംകൂറിലെ ചില ഈഴവകുടുംബങ്ങൾക്ക് ഒരു സ്ഥാനപ്പേരാണു 'ചാന്നാൻ'. പൂജകബഹുവചനമായി 'ചാന്നാർ' എന്നു പ്രയോഗിക്കുന്നു. 'ആലുംമൂട്ടിൽ ചാന്നാർ' മധ്യതിരുവിതാംകൂറിൽ പ്രസിദ്ധിയുള്ള കുടുംബക്കാരാണ്.

ചാന്നാർ ലഹള

ഉയർന്ന ജാതിയിലുള്ള ഹിന്ദു സ്ത്രീകളെപ്പോലെ വസ്ത്രധാരണം ചെയ്യുന്നതിനുള്ള അവകാശം ചാന്നാർ (നാടാർ) സമുദായത്തിലുള്ള സ്ത്രീകൾക്കും ലഭിക്കുന്നതിനായി തെക്കൻ തിരുവിതാംകൂറിൽ നടന്ന സമരം. 1859-ലാണ് ഈ ലഹള. ക്രിസ്തുമതത്തിൽ ചേർന്ന നാടാർ സ്ത്രീകൾക്കു കുപ്പായം ധരിക്കുന്നതിനുള്ള അവകാശം കേണൽ മൺറോ നല്കി. എന്നാൽ നമ്പൂതിരിസ്ത്രീകളെപ്പോലെ ഉത്തരീയവുമണിഞ്ഞു പ്രത്യക്ഷപ്പെട്ട ചാന്നാർസ്ത്രീകളെ ഉയർന്ന ജാതിക്കാർ ആക്രമിച്ചു. ഇതോടുകൂടി ആക്രമണങ്ങളും പ്രത്യാക്രമണങ്ങളും ഗൗരവതരമായിത്തീർന്നു. സമാധാനസ്ഥാപനത്തിനായി പോലീസും പട്ടാളവും നിയോഗിക്കപ്പെട്ടു. ഒടുവിൽ 1859 ജൂലൈ 26-ാം തീയതി ചാന്നാർസ്ത്രീകൾക്കു മാറുമറയ്ക്കുന്നതിനുള്ള അവകാശം നല്കിക്കൊണ്ട് ഒരു രാജകീയ വിളംബരമുണ്ടായി. എന്നാൽ അവർ വേഷധാരണത്തിൽ ഉയർന്ന ജാതിക്കാരായ സ്ത്രീകളെ അനുകരിക്കരുതെന്നു പ്രത്യേകം നിഷ്കർഷിച്ചിരുന്നു. ബ്രിട്ടിഷ് ഗവൺമെൻറിന്റെ ഇടപെടൽമൂലം ഈ നിബന്ധനയും പിന്നീടു പിൻവലിക്കപ്പെട്ടു. ദക്ഷിണകേരളത്തിൽ സാമൂഹികവും സാംസ്കാരികവുമായ പല പുതിയ വ്യതിയാനങ്ങൾക്കും ഇതു കാരണമായി.

ചാൻഡ്‌ലർ, റെയ്മണ്ട്

(1888—1959)

അപസർപ്പകാഖ്യായികാകാരൻ. ഫിലിപ്പ് മാർലോ ഇദ്ദേഹത്തിന്റെ പ്രഖ്യാതകഥാപാത്രമാണ്. ആദർശധീരനായ ഒരു കുറ്റാന്വേഷകനായി മാർലോവിനെ ചിത്രീകരിച്ചിരിക്കുന്നു.

ഒന്നാം ലോകയുദ്ധത്തിൽ കനേഡിയൻ സേനയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 'ബ്ലാക് മാസ്ക്' ആണ് ആദ്യകഥ. 'ഡബ്ൾ ഇൻഡെമ്നിറ്റി', 'ദ് ബ്ലൂ ദാലിയ', 'ദ് ബിഗ് സ്ലീവ്' മുതലായവ ആണ് ഗ്രന്ഥങ്ങൾ.

ചാൻസലർ

പള്ളികൾ, രാഷ്ട്രങ്ങൾ, സർവകലാശാലകൾ എന്നിവയിൽ നേതൃസ്ഥാനം വഹിയ്ക്കുന്നവരെക്കുറിക്കുന്ന പദം. റോമൻ സാമ്രാജ്യത്തിൽ രാജകീയ തീട്ടുരങ്ങളോ ശാസനങ്ങളോ എഴുതുന്നവരെ കുറിയ്ക്കാനാണ് ഈ പദം ആദ്യമായി ഉപയോഗിച്ചിരുന്നത്. പിന്നീട് കൊട്ടാരങ്ങളിലും. മത കേന്ദ്രങ്ങളിലും എഴുത്തു വിഭാഗത്തിന്റെ മേലധ്യക്ഷനെ ഉദ്ദേശിച്ച് ഈ പദം പ്രയോഗിക്കാൻ തുടങ്ങി. ഫ്രാൻസിലെ ചാൾസ് രാജാക്കന്മാർ (8-ാം നൂറ്റാണ്ട്) തങ്ങളുടെ രാജകീയ മുദ്ര (തീട്ടുരങ്ങളിലും മറ്റും അടയാളപ്പെടുത്തുന്ന മുദ്ര) കൈവശം വയ്ക്കാനും ഉപയോഗിക്കാനും നിയോഗിച്ചിരുന്ന ഉദ്യോഗസ്ഥനെ ചാൻസലർ എന്നാണ് പരാമർശിച്ചിരുന്നത്. സ്പെയിൻ, ജെർമനി തുടങ്ങിയ പല രാജ്യങ്ങളിലും രാജകീയ മുദ്രയുടെ സൂക്ഷിപ്പുകാരനായ ചാൻസലർ പ്രാമാണികനാണ്. 1806-ൽ ഓസ്ട്രിയയിലും 1848-ൽ ഫ്രാൻസിലും 1873-ൽ സ്പെയിനിലും ചാൻസലർ സ്ഥാനം വേണ്ടെന്നുവച്ചു. പക്ഷേ ജെർമനിയിൽ 1871 മുതൽ പ്രധാനമന്ത്രിയെക്കുറിക്കുന്ന വാക്കായി ഇതുപയോഗിക്കാൻ തുടങ്ങി. 1918 മുതൽ ഓസ്റ്റ്രിയയിലും ഈ സമ്പ്രദായം അനുവർത്തിച്ചു. പല രാജ്യങ്ങളിലും ഇപ്പോൾ സർവകലാശാലകളുടെ തലവനെ കുറിക്കാനാണ് ഈ വാക്ക് ഉപയോഗിക്കുന്നത്. ഇംഗ്ലണ്ടിൽ ധനവകുപ്പ് കൈകാര്യംചെയ്യുന്ന മന്ത്രിയെ 'ചാൻസലർ ഒഫ് ദ് എക്സ്ചെക്കർ' എന്ന് പറയുന്നു. കേരളത്തിലെ എല്ലാ സർവകലാശാലകളുടെയും ചാൻസലർ ഗവർണർ ആണ്. പഴയ തിരുവിതാംകൂർ

സർവകലാശാലയുടെ ചാൻസലർ തിരുവിതാംകൂർ മഹാരാജാവായിരുന്നു.

ചാപെക്, കാറെൽ (1890-1938)

പ്രസിദ്ധ ചെക്ക് നോവലിസ്റ്റും നാടകകൃത്തും. താത്വികമായ അന്വേഷണവ്യഗ്രത മുറ്റിനില്ക്കുന്നവയാണ് ചാപെകിൻെറ കൃതികൾ എല്ലാംതന്നെ. ശാസ്ത്രവികാസത്തിൻെറ ഫലമായുള്ള കണ്ടുപിടിത്തങ്ങളും സാങ്കേതിക പുരോഗതികളും ഭാവിയിലുണ്ടാക്കാനിടയുള്ള മാറ്റങ്ങളെക്കുറിച്ചുള്ള ചിന്തയിൽനിന്ന് രൂപംകൊണ്ടതാണ് ഇദ്ദേഹത്തിൻെറ ആർ.യു.ആർ. (1920) എന്ന നാടകം. മനുഷ്യനെക്കാൾ കൃത്യമായും ചിട്ടയായും ജോലിചെയ്യുന്ന റൊബോട്ട് എന്ന യന്ത്രമനുഷ്യനെ ഈ നാടകത്തിലൂടെ അവതരിപ്പിച്ചു. ഇദ്ദേഹത്തിൻെറ 'ദി ഇൻസെക്റ്റ്പ്ലേ' 'കീടജന്മം' എന്ന പേരിൽ മലയാളത്തിൽ വിവർത്തനംചെയ്യപ്പെട്ടിട്ടുണ്ട്.

1890 ജനവരി 9-ന ബൊഹീമയിലെ മാലേസ്വാറ്റ് നോവിസിൽ ജനിച്ചു. ബെർലിനിലും പാരീസിലുമായി വിദ്യാഭ്യാസം നടത്തി. തത്വചിന്തയായിരുന്നു പഠനവിഷയം. പത്രപ്രവർത്തകനായി ജോലിയിൽ പ്രവേശിച്ചു. 'സാറീവേഹ്ജബിനി' (ജ്വലിക്കുന്ന അഗാധതകൾ) എന്ന ചെറുകഥാസമാഹാരമാണ് ആദ്യത്തെകൃതി. സഹോദരനായ ജോസഫ് ചാപെകിൻെറ ചിത്രങ്ങളോടുകൂടിയാണ് ഇദ്ദേഹത്തിൻെറ പലകൃതികളും പ്രസിദ്ധീകരിച്ചിട്ടുള്ളത്. ജ്ഞാനത്തിൻെറ മൂന്നു വശങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന *ഹോർഡുബൽ, പ്രൊവെത്രോൺ, മെറ്റിയോർ* എന്നീ മൂന്നു നോവലുകളാണ് ചാപെകിൻെറ മികച്ച കൃതികളായി കണക്കാക്കപ്പെടുന്നത്.

ചാപ്പ്

കർണാടക സംഗീതത്തിലെ ഒരു താളം. പൗരാണിക താളങ്ങളിൽ ഒന്നാണിത്. രണ്ട് അടി മാത്രമായി പിടിക്കുകയാണു സാധാരണ രീതി. സൗകര്യത്തിനുവേണ്ടി ചിലർ ഒരടിയും വിശലും ആയും ഈ താളം പിടിക്കാറുണ്ട്. ചാപ്പുതാളം മൂന്നു വിധമുണ്ട്. ഇവ തമ്മിലുള്ള വ്യത്യാസം അക്ഷരകാലത്തിലാണ്.

മിശ്രചാപ്പ്: രണ്ട് അടികളിലായി പ്രയോഗിക്കുന്നു. ആദ്യത്തെ അടിക്കു മൂന്നും രണ്ടാമത്തെ അടിക്ക് നാലും ഉൾപ്പെടെ ഏഴ് അക്ഷരങ്ങൾ. കൂടുതൽ സൗകര്യത്തിനുവേണ്ടി മൂന്ന്, രണ്ട് എന്നീ അക്ഷരകാലങ്ങളായി പിരിച്ചു മൂന്ന് അടികളിലായും ചിലർ ഈ താളം പിടിക്കാറുണ്ട്. തോടിരാഗത്തിലുള്ള *സരസിജനാഭമുരാരേ* എന്ന സ്വാതിതിരുനാൾ കൃതി, ആനന്ദഭൈരവി രാഗത്തിലുള്ള *മറിവേറേഗതി* എന്ന ശ്യാമാശാസ്ത്രികൃതി തുടങ്ങിയവ ഈ താളത്തിൽ രചിച്ചിട്ടുള്ളവയാണ്.

ഖണ്ഡചാപ്പ്: രണ്ട് അടികളിലായി പിടിക്കുന്നു. ആദ്യത്തെ അടിക്കു രണ്ടും രണ്ടാമത്തെ അടിക്കു മൂന്നും ഉൾപ്പെടെ അഞ്ച് അക്ഷരകാലങ്ങൾ. മൂന്ന് അടികളിലായി ഈ താളം പിടിക്കുമ്പോൾ ആദ്യത്തെയും മൂന്നാമത്തെയും അടികൾക്ക് രണ്ട് അക്ഷരകാലം വീതവും രണ്ടാമത്തെ അടിക്ക് ഒരു അക്ഷരകാലവും ആണ്. പട്ടണം സുബ്രഹ്മണ്യയ്യരുടെ *പരിതാനമിഞ്ചിതേ* (ബിലഹരിരാഗം), ത്യാഗരാജസ്വാമിയുടെ *നാദുപൈ* (മധ്യമാവതിരാഗം) തുടങ്ങിയവ ഈ താളത്തിലാണ് രചിച്ചിട്ടുള്ളത്.

തിസ്രചാപ്പ്: (ത്ര്യശ്രചാപ്പ് എന്നു രൂപഭേദം) രണ്ട് അടികൾ. ആദ്യത്തെ അടിക്ക് ഒന്നും രണ്ടാമത്തെ അടിക്കു രണ്ടും അക്ഷരകാലങ്ങൾ. നാടൻപാട്ടുകൾക്കും മറ്റും ഈ താളം പ്രയോഗിക്കുന്നു. ഇവയ്ക്കുപുറമെ സങ്കീർണ ചാപ്പ് എന്ന ഒരു വിഭാഗവും ചിലർ വ്യവസ്ഥചെയ്യുന്നു. ആദ്യത്തെ അടിക്കു നാലും രണ്ടാമത്തെ അടിയ്ക്ക് അഞ്ചും ഉൾപ്പെടെ ഒൻപത് അക്ഷരകാലങ്ങൾ. മൂന്ന് അടികളിലായി നാല്, രണ്ട്, മൂന്ന് എന്നീ ക്രമത്തിലുള്ള അക്ഷരകാലങ്ങളായും ചിലർ ഈ താളം പിടിക്കുന്നു. പല്ലവികളിലാണ് ഇതുപയോഗിക്കുക.

ചാപ്പകുത്തൽ

കുറ്റവാളികളുടെ ദേഹത്ത് ഒരു അടയാളം അഥവാ മുദ്ര കുത്തുന്ന സമ്പ്രദായം. മുൻകാലങ്ങളിൽ ഒരു കുറ്റവാളിയെ നാടുകടത്തുമ്പോൾ ചാപ്പകുത്തിയിരുന്നു. അന്യദേശത്തു പുതുതായി ചെല്ലുന്ന ആൾ കുറ്റവാളി ആണെന്നും അയാളെ ശ്രദ്ധിക്കണമെന്നും കാണുന്നവർ മനസ്സിലാക്കാൻ വേണ്ടിയാണ് എല്ലാവർക്കും കാണാൻ സൗകര്യം നല്കുന്ന സ്ഥലത്ത് അടയാളം കുത്തിവിടുന്നത്. പഴുപ്പിച്ച ലോഹംകൊണ്ട് ഏതെങ്കിലും പ്രത്യേക ആകൃതിവരത്തക്കവണ്ണം പൊള്ളിക്കയോ പച്ചകുത്തുംവിധം മായാത്ത അടയാളം സൃഷ്ടിക്കയോ ആണു ചെയ്തിരുന്നത്.

ചാപ്പൽ

ചെറിയ ക്രിസ്തീയ ദേവാലയം. കപ്പെല്ല (Cappella) എന്ന ലത്തീൻ പദത്തിൽനിന്നാണ് ഈ വാക്കിൻെറ ഉദ്ഭവം. ഫ്രെഞ്ചുരാജാക്കന്മാർ ആരാധനനടത്തിയിരുന്ന സെൻറ് മാർട്ടിൻ കേപ്പി (Cape) ന് ആണ് ആദ്യം ഈ പേരുപറഞ്ഞുവന്നത്. ആ ദേവാലയത്തിൽ സെൻറ് മാർട്ടിൻെറ കേപ്പ് (കുപ്പായം) സൂക്ഷിച്ചിരുന്നു. പില്ക്കാലത്തു കന്യാമറിയത്തിൻെറ രൂപം വച്ചിരുന്ന ആരാധനാലയങ്ങൾക്ക് ഈ പേരു പറഞ്ഞുതുടങ്ങി. സ്വകാര്യ ആരാധനാലയങ്ങളെ ചാപ്പൽ എന്നു പറയാൻ തുടങ്ങി പിന്നീട്. കത്തീഡ്രലുകളിൽനിന്നു ഭിന്നമായ എല്ലാ ചെറിയ ആരാധനാലയങ്ങളും പില്ക്കാലത്തു ചാപ്പൽ ആയി. 'കപ്പേള' എന്നാണു മലയാളികൾ ആദ്യകാലത്തു പറഞ്ഞിരുന്നത്.



ഹെൻറി VII നിർമിച്ച ചാപ്പൽ (1502—1512)
വെസ്റ്റ് മിനിസ്റ്റർ ആബി

ചാപ്മാൻ, ജോർജ് (1559—1634)

എലിസബഥൻ നാടകകൃത്തും 'ഇലിയഡ്ഡ്', 'ഒഡീസി' എന്നീ

ചാപ്മാൻെറ
ഛായാചിത്രം
(കൊത്തി എടുത്തത്.)

കൃതികളുടെ പരിഭാഷകനും. ബെൻ ജോൺസന്റെ സമകാലികനും സുഹൃത്തുമായിരുന്നു. ജോൺസനോടൊപ്പം പലവട്ടം ജയിൽവാസമനുഭവിച്ചിട്ടുണ്ട്.

ഷാഡോ ഒഫ് ദ് നൈറ്റ്, ഓവിഡ്സ് ബാൻക്വറ്റ് ഒഫ് സെൻസസ് എന്നീ കവിതകളും *ദ് വിഡോസ് ടിയേഴ്സ്* തുടങ്ങി നാലഞ്ചു നാടകങ്ങളും ചാപ്മാൻ രചിച്ചിട്ടുണ്ട്. നാടകകൃത്ത്, പരിഭാഷകൻ എന്നീ നിലകളിലാണ് ചാപ്മാൻ ഇന്നറിയപ്പെടുന്നതെങ്കിലും സമകാലികർക്ക് ഇദ്ദേഹം കവിയായിരുന്നു. നാടകങ്ങൾ തികഞ്ഞ പരാജയമായിരുന്നു. 1634-ൽ അന്തരിച്ചു.

ചാപ്ലിൻ, ചാർലി (1889—1977)

ഹാസ്യചലച്ചിത്രകാരൻ. ചാൾസ് സ്പെൻസർ ചാപ്ലിൻ എന്നാണു മുഴുവൻ പേര്. 1889 ഏപ്രിൽ 16-ന് ലണ്ടനിൽ ജനിച്ചു. പിതാവായ ചാൾസും മാതാവായ ഹന്നയും സംഗീതവും നൃത്തവും ഇടകലർന്ന ഒരുതരം വിനോദപരിപാടികളിൽ അഭിനയിച്ചു ജീവിതം നയിച്ചവരാണ്. മാതാപിതാക്കൾ പുത്രനെ ബാല്യത്തിൽത്തന്നെ സംഗീതവും നൃത്തവും അഭ്യസിപ്പിച്ചു. ഏഴാമത്തെ വയസ്സുമുതൽ ചാപ്ലിനും ഇത്തരം പരിപാടികളിൽ പങ്കെടുത്തുതുടങ്ങി. പിതാവു നേരത്തെ മരിക്കുകയും അമ്മയ്ക്കു കൂടെക്കൂടെ ചിത്തരോഗം ബാധിക്കുകയും ചെയ്തതിനാൽ ചാപ്ലിനു ബാല്യത്തിൽ ബോർഡിങ് സ്കൂളുകളിലും അനാഥാലയങ്ങളിലും താമസിക്കേണ്ടിവന്നിട്ടുണ്ട്. യാതൊരാശ്രയവുമില്ലാതെ തെരുവിൽ കഴിഞ്ഞുകൂടിയ ഘട്ടങ്ങളുമുണ്ട്. 17-ാമത്തെ വയസ്സിൽ ഫ്രെഡ്കാർണോ കമ്പനിയിൽ ഒരു ഹാസ്യനടനായി ചേർന്ന് അമേരിക്കയിലേക്കു പോയി. തിയേറ്ററുകളിൽ നൃത്ത-സംഗീത-വിനോദപരിപാടികൾ പ്രദർശിപ്പിച്ചു.

അമേരിക്കയിൽ ചുറ്റിസ്സഞ്ചരിക്കുന്നതിനിടയിൽ ന്യൂയോർക്കിൽ വച്ചു ചാപ്ലിൻ, മാക്ക് സെന്നറ്റ് എന്ന ചലച്ചിത്രനിർമാതാവിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇദ്ദേഹം 1913-ൽ തന്റെ ചലച്ചിത്രങ്ങളിൽ അഭിനയിക്കാൻ ചാപ്ലിനെ തിരഞ്ഞെടുത്തു. ഒരാഴ്ചയിൽ 150 ഡോളർ പ്രതിഫലത്തിൽ 1913 ഡിസംബറിൽ ചലച്ചിത്രാഭിനയം ആരംഭിച്ച ചാപ്ലിൻ പിന്നീട് നാടകവേദിയിലേക്കു മടങ്ങിയതേയില്ല. 1914-ൽ രണ്ടാമത്തെ ചലച്ചിത്രത്തിൽ അഭിനയിക്കുമ്പോഴാണ് ചാപ്ലിൻ സുപ്രസിദ്ധ ചലച്ചിത്രവേഷം ആവിഷ്കരിച്ചത്. ഒരു ഡെർബിഹാറ്റും, മുറിമീശയും, ഇറക്കം കുറഞ്ഞ് ഇറുകിയ കോട്ടും, അയഞ്ഞ സഞ്ചിപോലെ കിടക്കുന്ന ട്രൗസറും, കാലിനെക്കാൾ വളരെ വലിപ്പം കൂടിയ ഷൂസും, അറ്റം വളഞ്ഞതും വില കുറഞ്ഞതുമായ ഒരു ചൂരൽ വടിയുമാണ് ആ വേഷത്തിന്റെ പ്രത്യേകതകൾ. പിന്നീട് ഈ വേഷത്തിൽ ഊരു തെണ്ടി (Tramp) എന്നൊരു കഥാപാത്രത്തെത്തന്നെ ചാപ്ലിൻ ആവിഷ്കരിക്കയുണ്ടായി. ധനികരെ പശ്ചാത്തലമാക്കിക്കൊണ്ട് ദരിദ്രന്റെ വികൃതികളും ദുഃഖങ്ങളും ചാപ്ലിൻ ചിത്രീകരിച്ചു.

ചാപ്ലിൻ ഒരു
ആദ്യകാലചിത്രത്തിൽ



ഏറ്റവും മുകളിൽ: ചാപ്ലിന്റെ പ്രസിദ്ധ വേഷം. "ദ് ട്രാമ്പ്".
മുകളിൽ: ചാർലി ചാപ്ലിൻ (1975-ൽ)

1915-ൽ പ്രതിവാരം 1250 ഡോളറായിരുന്നു ചാപ്ലിൻെറ വേതനം. 1916-ൽ അത് 10,000 ഡോളറായി ഉയർന്നു. 1917-ൽ എട്ടു ചിത്രങ്ങൾക്ക് 10 ലക്ഷം ഡോളർ കിട്ടി. രണ്ടുവർഷം കൂടി കഴിഞ്ഞപ്പോൾ മറ്റു മൂന്നു പേരുമായി ചേർന്ന് ചാപ്ലിൻ യുണൈറ്റഡ് ആർട്ടിസ്റ്റ്സ് എന്ന സംഘടന സ്ഥാപിച്ചു. ഈ സംഘടനയിലെ ഓരോ അംഗത്തിനും സ്വന്തം ചിത്രങ്ങൾ നിർമിക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. 1923-നുശേഷം ചാപ്ലിൻ സ്വന്തം കമ്പനി നിർമിച്ച ചിത്രങ്ങളിലേ അഭിനയിച്ചിട്ടുള്ളു. മറ്റൊരു സ്റ്റുഡിയോയ്ക്കും വഹിക്കാനാവാത്ത മട്ടിൽ ഉയർന്നുപോയിരുന്നു ഇദ്ദേഹത്തിൻെറ വേതനനിരക്ക്. പ്രതിഫലനിരക്കിലുണ്ടായ അമിതവും അതിദ്രുതവുമായ ഈ വർധനവ്, ഇദ്ദേഹത്തിന് അഖിലലോകാടിസ്ഥാനത്തിൽ ലഭിച്ച ജനസമ്മതിക്കു തെളിവാണ്. താൻ നിർമിച്ച പല ചിത്രങ്ങളുടെയും കഥാകൃത്തും സംവിധായകനും താരവുംകൂടിയായിരുന്നു ചാപ്ലിൻ.1953-ലെ ലൈം ലൈറ്റ് എന്ന ചിത്രം ഒട്ടൊക്കെ ആത്മകഥാപരമാണ്.

ചാപ്ലിൻ നാലു വിവാഹം കഴിച്ചു. നാടകകൃത്തായ യൂജിൻ ഓനീലിൻെറ പുത്രിയായ ഊന ആണു നാലാമത്തെ ഭാര്യ. രാഷ്ട്രീയപ്രശ്നങ്ങളെപ്പറ്റി ചാപ്ലിൻ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ തുടങ്ങിയതോടെ അമേരിക്കയിൽ അദ്ദേഹത്തിനെതിരായ വിമർശനങ്ങൾ ഉയർന്നു. ചാപ്ലിനും ഭാര്യയും സ്വിറ്റ്സർലൻഡിലെ വെവി എന്ന സ്ഥലത്ത് താമസമാക്കി. അമേരിക്കൻ ജീവിതത്തിൻെറ പല വശങ്ങളെയും അമേരിക്കാവിരുദ്ധപ്രവർത്തനങ്ങളെക്കുറിച്ച് അമേരിക്കൻ കോൺഗ്രസ്സിൻെറ കമ്മിറ്റികൾ നടത്തുന്ന തെളിവെടുപ്പുകളെയും നിശിതമായി പരിഹസിച്ചുകൊണ്ട് ചാപ്ലിൻ 1957-ൽ ലണ്ടനിൽ വച്ച് ഒരു ചലച്ചിത്രം (A King of NewYork) നിർമിച്ചു. ചാപ്ലിൻ കമ്യൂണിസ്റ്റാണെന്നുള്ള ആരോപണം വീണ്ടും ഉയർന്നു. 1964-ൽ ഇദ്ദേഹം ആത്മകഥ (My Autobiography) പ്രസിദ്ധംചെയ്തു.

ചാഫിഞ്ച്

യൂറോപ്പിൽ കാണുന്ന ഒരിനം പക്ഷി. ഫ്രിഞ്ജിലിഡെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *ഫ്രിഞ്ജില്ല സിലബ്സ്* (Fringilla coelebs). നീളം 16 സെൻറീമീറ്ററോളം വരും.



ചാഫിഞ്ച്

ചിറകിലും വാലിലും വെളുത്ത വരകളുണ്ട്. ആൺപക്ഷിയുടെ നെഞ്ചിന് ഇരുണ്ട ഇളം ചെമപ്പും തലയിൽ നരച്ച നീലനിറത്തിലുള്ള മകുടവും ചിറകിനും വാലിനും കറുത്ത നിറവുമായിരിക്കും. ആൺപക്ഷിക്കാണ് ഭംഗി. കുറ്റിക്കാടുകളിലും വൃക്ഷശിഖരങ്ങളിലും കൂടുകെട്ടുന്നു. ദേശാടനം നടത്തുന്നില്ല.

ചാമ

വരണ്ടപ്രദേശങ്ങളിൽ കൃഷിചെയ്യുന്ന ധാന്യവിള. ഗ്രാമിനേ കുലത്തിൽപ്പെടുന്നു. ജൂലൈ മുതൽ ഒക്റ്റോബർവരെയാണ് സാധാരണ കൃഷിചെയ്യുന്നത്. വളരെ വേഗത്തിൽ വളരുന്നതും മൂന്നു മാസത്തിനകം വിളയുന്നതുമായ കൃഷിയാണ് ചാമ. 60 മുതൽ 120 വരെ സെൻറീമീറ്റർ പൊക്കം വയ്ക്കും. ഇന്ത്യയിൽ എല്ലായിടത്തും ചെറിയതോതിൽ കൃഷിചെയ്യുന്നു. മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ നിലം നല്ലപോലെ ഉഴുത് വിത്തു ചാലുകളിൽ വിതയ്ക്കുന്നു. ഹെക്റ്ററിന് എട്ടുമുതൽ പത്തുവരെ കി.ഗ്രാം വിത്ത് ആവശ്യമാണ്. ചാമ ഒറ്റക്കൃഷി(sole crop)യായിട്ടാണ് ചെയ്യാറ്. വിളവെടുത്തശേഷം അടുത്തവർഷത്തിൽ ആ സ്ഥലത്തു മുതിര കൃഷിചെയ്യാറുണ്ട്. പാകമായ ചെടികൾ പിഴുതെടുക്കുകയോ അറുത്തെടുക്കുകയോ ചെയ്യുന്നു. കാളകളെക്കൊണ്ടു മെതിപ്പിച്ച് വിത്തു വേർപെടുത്തും. വയ്ക്കോൽ വളരെ പതമുള്ളതാകയാൽ കന്നുകാലികൾക്കു കൊടുക്കാറുണ്ട്.

ഒരു ഹെക്റ്റാർ സ്ഥലത്തുനിന്ന് 300 മുതൽ 500 വരെ കി.ഗ്രാം ധാന്യം ലഭിക്കുന്നു. ചാമ ഏകവർഷിയാണ്. കാണ്ഡം നിറയെ ഇലയുണ്ട്. കാണ്ഡം വളരെ ലോലവും ധാരാളം മുളയുള്ളതുമാണ്. പൂങ്കുലകൾ ഏകദേശം 30 സെ.മീ. നീളം വയ്ക്കുന്നു. പൂങ്കുലകൾക്കു ധാരാളം വളഞ്ഞു തൂങ്ങിക്കിടക്കുന്ന ചെറു ശാഖകളുണ്ട്. പ്രകീലകത്തിൽ (spikelet) നാല് ഉമിയുള്ളതിൽ ആദ്യത്തെ രണ്ടെണ്ണം ശൂന്യമാണ്. മൂന്നാമത്തതിൽ ഒരു നപുംസകപുഷ്പകം (neutral floret)ഉണ്ട്. നാലാമത്തെ ഉമിക്കുള്ളിലുള്ള ദ്വിലിംഗപുഷ്പകമാണ് വിത്തായി വളരുന്നത്. ധാന്യങ്ങൾ വെളുത്തതോ പച്ച കലർന്ന വെളുപ്പുനിറത്തോടുകൂടിയതോ ആണ്.

ഉത്തർപ്രദേശ്, മധ്യപ്രദേശ്, ബിഹാർ, ഒറീസ, തമിഴ്നാട്, കർണാടകം എന്നീ പ്രദേശങ്ങളിൽ ചാമ ഖരീഫ് (Kharif) വിളയാണ്.

ചാമ (Millet)

ഇന്ത്യയിൽ കൃഷിചെയ്യുന്ന സ്പീഷീസിൻെറ ശാസ്ത്രനാമം: *പാനിക്കം മിലിയേസിയം (Panicum miliaceum)*. ചൈനയിലും റഷ്യയിലും ഇതേ സ്പീഷീസുതന്നെ കൃഷിചെയ്യുന്നു. റൊട്ടിയും ബിയറും ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. യു.എസിൻെറ തെക്കുകിഴക്കൻ ഭാഗങ്ങളിൽ കൃഷിചെയ്യുന്ന മറ്റൊരു സ്പീഷീസാണ് *പാനിക്കം റാമോസം (Panicum ramosum)*.



ചാമ

ചാമരം

കഥകളിയിലെ ഒരു ചമയം. കിരീടം ശിരസ്സിൽ 'വച്ചുമുറുക്കിയ'ശേഷം അതിനു പുറകിലായി തലമുടിക്കു പകരം, ഏതാണ്ട് ഒരു മീറ്ററോളം നീളം വരുന്ന നാരുകൾകൊണ്ടോ കനംകുറഞ്ഞ നൂലുകൾകൊണ്ടോ നിർമിച്ചിട്ടുള്ള 'ചാമരം' വച്ചുകെട്ടുന്നു. ചാമരത്തിൻെറ 'വർണം' എല്ലാ വേഷങ്ങൾക്കും ഒരുപോലെയല്ല. പച്ച, കത്തി വേഷങ്ങൾക്കു മാത്രമെ കറുപ്പുനിറത്തിലുള്ള ചാമരമുള്ളു. 'ചുവന്ന താടി'യുടെ ചാമരം ചെമ്പിച്ച നിറമായിരിക്കും. നേർമയും കുറയും. 'വെള്ളത്താടി'ക്കു വെളുത്ത നിറത്തിലുള്ള ചാമരം ഉപയോഗിക്കുന്നു. സ്ത്രീവേഷങ്ങൾക്കും ചാമരം ഉപയോഗിക്കാറുണ്ട്.

ചാമരം

†വെൺചാമരം നോക്കുക.

ചാമുണ്ഡേശ്വരീക്ഷേത്രം

മൈസൂർനഗരത്തിനു സമീപത്തുള്ള ചാമുണ്ഡിക്കുന്നിൽ സ്ഥിതി ചെയ്യുന്ന ദേവീക്ഷേത്രം. സുംഭനിസുംഭന്മാരുടെ അനുചരന്മാരായ ചണ്ഡമുണ്ഡന്മാരെ നിഗ്രഹിക്കാൻ ദുർഗയുടെ നെറ്റി പിളർന്നുണ്ടായി എന്ന് സങ്കല്പിക്കപ്പെടുന്ന ഉഗ്രരൂപിണിയായ ചാമുണ്ഡയാണ് ഈ ക്ഷേത്രത്തിലെ പ്രതിഷ്ഠ. ചാമുണ്ഡി എന്നും ചാമുണ്ഡേശ്വരി എന്നും പേരുണ്ട്. ചാമുണ്ഡിക്കുന്നിലേക്ക് മൈസൂർ നഗരത്തിൽനിന്നു 13 കി.മീ. ആണു ദൂരം. കുത്തനെ കുന്നുകയറുകയാണെങ്കിൽ 4 കി.മീ. മാത്രമേ ദൂരമുള്ളൂ. ഏഴു നിലകളുള്ളതും 40 മീറ്റർ ഉയരമുള്ളതുമായ ഒരു ഗോപുരത്തോടുകൂടിയതാണ് ഈ ക്ഷേത്രം. ഈ ക്ഷേത്രം നില്ക്കുന്നിടത്തുനിന്ന് 300 മീറ്റർ കൂടി മേലോട്ടുപോയാലേ കുന്നിന്റെ ഉച്ചിയിലെത്തൂ. ഇവിടെനിന്നു മൈസൂർനഗരത്തെ ആസകലം വീക്ഷിക്കാം. മൈസൂർരാജാക്കന്മാരുടെ പരദേവതയാണു ചാമുണ്ഡേശ്വരി.



ചാമുണ്ഡേശ്വരീക്ഷേത്രം

ചായം (dye)

മറ്റു പദാർഥങ്ങൾക്കു നിറം കൊടുക്കാൻ ഉപയോഗിക്കുന്ന ഒരു വിഭാഗം സങ്കീർണകാർബണിക വസ്തുക്കൾ (ഉദാ: ഇൻഡിഗോ). തുണിത്തരങ്ങൾ, കടലാസ്, തുകൽ തുടങ്ങിയ വസ്തുക്കൾക്കു ചായം കൊടുക്കാൻ ഇവ ഉപയോഗിക്കുന്നു. ജീവികളുടെ കലകളെയും കോശങ്ങളെയും മറ്റും സൂക്ഷ്മദർശിനിയിലൂടെ നിരീക്ഷിക്കേണ്ടിവരുമ്പോൾ ചില ഭാഗങ്ങൾ വ്യക്തമായി കാണാൻവേണ്ടിയും ചിലയിനം ചായങ്ങൾ ഉപയോഗിക്കാറുണ്ട്. ഇവയ്ക്കു ജൈവാഭിരഞ്ജകം (vital stain) എന്നുപറയുന്നു.

ഇത്തരം ചായങ്ങളിൽ അസോചായങ്ങൾ, ഥാലീൻ ചായങ്ങൾ എന്നിങ്ങനെ നിരവധി ഗ്രൂപ്പുകൾ ഉണ്ട്. എല്ലാത്തരം വർണവസ്തുക്കളും ഈ ഇനം ചായം ആകുന്നില്ല. ഉദാഹരണത്തിന്, ഇൻഡിഗോ ഒരു ചായം (dye) ആണ്; എന്നാൽ ചെമപ്പുനിറമുള്ള ഇരുമ്പ് ഓക്സൈഡ് (iron oxide) ചായമല്ല. † ചായം മുക്കൽ നോക്കുക.

ചായം മുക്കൽ (dyeing)

മറ്റു വസ്തുക്കളിൽ ചായം (dye) പിടിപ്പിക്കുന്ന പ്രക്രിയ. ചായം യോജിച്ച ലായകത്തിൽ ലയിപ്പിച്ചാണ് ഉപയോഗിക്കുന്നത്. തുണിത്തരങ്ങൾ, കടലാസ് തുടങ്ങിയവയെപ്പോലെ ആഗിരണശേഷിയുള്ള വസ്തുക്കൾ ചായം മുക്കാനാണ് ഈ ലായകം ഉപയോഗിക്കുന്നത്. ചിത്രമെഴുത്ത്, അച്ചടി, നിറം പൂശൽ മുതലായ പ്രവർത്തനങ്ങളിൽ ചായങ്ങളുടെ ഉപയോഗം ധാരാളം ഉണ്ടെങ്കിലും അവയൊന്നും ഈ പ്രക്രിയയിൽ ഉൾപ്പെടുന്നില്ല.



സങ്കീർണമായ ഒരു ബഹുവർണമാതൃകയുടെ അച്ചടിക്ക് ഇതുപോലെ വ്യത്യസ്തമായ ചായങ്ങൾ ഉപയോഗിക്കുന്ന 10 റോളറുകൾവരെ വേണ്ടിവരും.

പ്രകൃതിജന്യ ചായങ്ങളും (natural dyes), സംശ്ലിഷ്ട ചായങ്ങളും (synthetic dyes) ഉണ്ട്. ഇൻഡിഗോ പ്രകൃതിജന്യചായത്തിനും മോവീൻ (mauveine) സംശ്ലിഷ്ടചായത്തിനും ഉദാഹരണമാണ്. സംശ്ലിഷ്ടചായങ്ങളാണ് ഇന്ന് അധികവും ഉപയോഗിക്കുന്നത്.

ചരിത്രം. പ്രാചീന കാലത്തുതന്നെ വസ്ത്രങ്ങളും മറ്റും ചായം മുക്കുന്ന സാങ്കേതികവിദ്യ മനുഷ്യന് അറിയാമായിരുന്നു. എന്നാൽ അക്കാലത്ത് ഈ ജോലി, വളരെ ശ്രമകരവും ചെലവേറിയതും ആയതിനാൽ ഉന്നതന്മാർക്കു മാത്രമേ അത്തരം വസ്ത്രങ്ങൾ ഉപയോഗിക്കാൻ കഴിഞ്ഞിരുന്നുള്ളു. പുരാതന ഈജിപ്തിൽ സസ്യങ്ങളിൽ നിന്നു പിഴിഞ്ഞെടുത്ത ചാറുകൊണ്ട് ആണു ചായം മുക്കൽ നടത്തിയിരുന്നതെന്നു കരുതുന്നു. കല്ലറകളിലെ ചിത്രങ്ങളിൽ (ബി.സി. 2000) ചെമപ്പ്, പച്ച, മഞ്ഞ മുതലായ നിറങ്ങളുള്ള വസ്ത്രങ്ങൾ കാണുന്നുണ്ട്. ഇതുവരെ കണ്ടെത്തിയിടത്തോളം ഏറ്റവും പഴയ നിറംപിടിപ്പിച്ച തുണിത്തരങ്ങൾ, ഈജിപ്ഷ്യൻ മമ്മി (mummy)കളെ പൊതിഞ്ഞിരുന്ന നീലവരകളുള്ള വസ്ത്രങ്ങളാണ്. ഈ നീലനിറം ഇൻഡിഗോ ചായത്തിൽനിന്ന് ആയിരിക്കാനെ സാധ്യതയുള്ളു. നീല, ചെമപ്പ്, പച്ച എന്നീ നിറങ്ങളുള്ള രോമംകൊണ്ടു നിർമിച്ച തുണികൾ ബാബിലോണിയയിൽ കണ്ടെത്തിയിട്ടുണ്ട്.

ഇന്ത്യയിൽനിന്നു കണ്ടുപിടിച്ചതാണെന്നു കരുതപ്പെടുന്നവയാണ് ഇൻഡിഗോ, മഞ്ചെട്ടി (മാഡർ-റൂബിയ ടിൻക്റ്റോറം) മുതലായ ചായങ്ങൾ. ചായങ്ങളെപ്പറ്റി മാത്രമല്ല ചായം മുക്കൽ രീതികളെപ്പറ്റിയും മോർഡൻറു (mordant-വർണബന്ധകം)കളുടെ ഉപയോഗരീതികളെപ്പറ്റിയും പ്രാചീനഭാരതീയർക്ക് അറിയാമായിരുന്നു. മോർഡൻറുകൾ അക്കാലത്തെ പ്രകൃതിജന്യചായങ്ങൾ മുക്കുന്നതിന് ആവശ്യമായിരുന്നു. ഈ സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കി സുസ്ഥാപിതമായ വ്യവസായങ്ങൾപോലും അക്കാലത്ത് ഉണ്ടായിരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

സർ വില്യം ഹെൻറി പെർകിൻ എന്ന ബ്രിട്ടീഷ് ശാസ്ത്രജ്ഞൻ മോവീൻ എന്ന ചായം സംശ്ലേഷണം ചെയ്ത് എടുത്തതോടെ (1856) ആണു സംശ്ലിഷ്ടചായങ്ങളുടെ യുഗം ആരംഭിക്കുന്നത്. ഇത്തരം ചായങ്ങൾ പ്രകൃതിജന്യങ്ങളെക്കാൾ ഗുണമേന്മയിൽ മികച്ചതായതുകൊണ്ടു കാലക്രമേണ പ്രകൃതിജന്യചായങ്ങളുടെ ഉപയോഗം തീരെ നിലച്ചുപോയി.



18-ാം നൂറ്റാണ്ടിൽ പാരീസിൽ
കൈകൊണ്ടുചായം മുക്കുന്നു.
റോളറും കൈകൊണ്ടുതന്നെ ചലിപ്പിക്കുന്നു.

പ്രക്രിയ. ചായംമുക്കൽ സങ്കീർണമായ ഒരു പ്രക്രിയ ആണ്. ചായത്തിന്റെ തരവും നിറം പിടിപ്പിക്കേണ്ട വസ്തുവിന്റെ സ്വഭാവും അനുസരിച്ചാണു ചായം മുക്കലിനു സ്വീകരിക്കേണ്ട പ്രക്രിയ ഏതെന്നു നിശ്ചയിക്കുന്നത്. പ്രക്രിയകളെ അടിസ്ഥാനമാക്കി ചായങ്ങളെ വർഗീകരിക്കാം അടിസ്ഥാന ചായങ്ങൾ, മോർഡൻറ് ചായങ്ങൾ, വാറ്റ്(vat)ചായങ്ങൾ, ഇൻഗ്രേൻ ചായങ്ങൾ, ഡിസ്പേഴ്സ് ചായങ്ങൾ തുടങ്ങിയവയാണു മുഖ്യ വിഭവങ്ങൾ. ചായത്തിന്റെ ലായനിയിൽ നേരിട്ടു മുക്കി നിറംപിടിപ്പിക്കാൻ കഴിയുമെങ്കിൽ അവയാണ് അടിസ്ഥാനചായങ്ങൾ. മോർഡൻറിന്റെ (ചായം മുക്കാൻ ഉപയോഗിക്കുന്ന അകാർബണിക രാസ പദാർഥങ്ങൾ) സാന്നിധ്യത്തിൽ മാത്രം നിറം പിടിപ്പിക്കാൻ കഴിയുന്നവയാണു മോർഡൻറ് ചായങ്ങൾ. വാറ്റുചായങ്ങളും ഇൻഗ്രേൻ ചായങ്ങളും ഡിസ്പേഴ്സ് ചായങ്ങളും ഇതിൽനിന്നു വ്യത്യസ്തമായ പ്രക്രിയകളിലൂടെയാണ് ഉപയോഗിക്കുന്നത്.

രാസസ്വഭാവം അനുസരിച്ചും ചായങ്ങളെ വർഗീകരിക്കാറുണ്ട്. ആന്ത്രാ ക്വിനോൺ, ജൻഡിഗോയിഡ്, ക്സാന്തെൻ തുടങ്ങിയവ ഇത്തരത്തിലുള്ള വിഭാഗങ്ങളാണ്.

പരുത്തിനൂൽ, സെല്ലുലോസ് ഫിലിമുകൾ, പോളിയെസ്റ്റർ നൂലുകൾ (ടെറിലിൻ, ഡക്രോൺ തുടങ്ങിയവ ഉൾപ്പെടുന്ന വിഭാഗം), കടലാസ്, തുകൽ, രോമങ്ങൾ തുടങ്ങിയവ വിവിധ പ്രക്രിയകളിലൂടെ ചായം മുക്കാൻ കഴിയും. ചായവും നിറം പിടിപ്പിക്കേണ്ട വസ്തുവും തമ്മിലുള്ള വിവിധതരം ആകർഷണശക്തിമൂലമുള്ള ബന്ധുത(affinity) ആണു ചായം മുക്കലിന്റെ അടിസ്ഥാനം. വസ്ത്രത്തിൽ (അല്ലെങ്കിൽ ചായം പിടിപ്പിക്കേണ്ട വസ്തുവിൽ) വർണവസ്തുവിന്റെ ഖരവിലയനം മൂലം രൂപവത്കൃതമാകുന്ന ചാർജിതകണങ്ങൾ തമ്മിലുള്ള ആകർഷണമാണ് ഈ ബന്ധുതയ്ക്കു കാരണം. † ചായം (dye) നോക്കുക.

ചായ

ലോകത്തെമ്പാടും പ്രചാരമുള്ള ഒരു പാനീയം. † തേയിലച്ചെടിയുടെ (ശാസ്ത്രനാമം: *കാമെല്ലിയ സിനെൻസിസ്*) തളിരിലകളിൽനിന്ന് ഉത്പാദിപ്പിക്കുന്ന ചായപ്പൊടി ഉപയോഗിച്ചാണ് ഈ പാനീയം തയ്യാറാക്കുന്നത്. ചെടിയുടെ ഇലയിൽ അടങ്ങിയിട്ടുള്ള കഫൈൻ, ടാനിൻ തുടങ്ങിയ വസ്തുക്കളാണ് ചായയുടെ രുചി, മണം, ഉന്മേഷദായകമായ ശക്തി തുടങ്ങിയ ഗുണങ്ങൾക്ക് കാരണം.

ലോകത്തിലെ ഏകദേശം പകുതിയോളം ആളുകൾ നിത്യവും ചായ കുടിക്കുന്ന ശീലക്കാരാണ്. പാനീയമെന്ന നിലയിൽ ചായയുടെ ഉപയോഗം ആദ്യമായി കണ്ടെത്തിയത് ചൈനക്കാരാണെന്ന് വിശ്വസിക്കപ്പെടുന്നു. വടക്കെ ഇന്ത്യ, തിബത്ത്, പടിഞ്ഞാറെ ചൈന എന്നീ പ്രദേശങ്ങളിൽ പ്രാചീനകാലം മുതലേ തേയിലച്ചെടി വളർന്നിരുന്നു. ക്രിസ്തുവിനു മുമ്പ് 2737-ൽ 'ഷെൻ നുങ്' എന്ന ചൈനീസ് ചക്രവർത്തിക്ക് കുടിക്കാൻ വെള്ളം തിളപ്പിച്ചപ്പോൾ, യാദൃച്ഛികമായി ആ വെള്ളത്തിൽ ചെടിയുടെ ഇല വീണെന്നും ആ പാനീയത്തിന്റെ രുചി ഇഷ്ടപ്പെട്ട ചക്രവർത്തി പിന്നീട് ചായയേ കുടിക്കൂ എന്ന നിലയായി എന്നും ഒരു കഥയുണ്ട്. എങ്കിലും, ചായകുടിക്ക് ചൈനയിൽ പ്രചാരം ലഭിച്ചതു മൂവായിരം വർഷംകൂടി കഴിഞ്ഞ്, ബുദ്ധമതപ്രചാരകാലത്താണ്. എ.ഡി. 780-ൽ ലുയു എന്നൊരാൾ ചീനഭാഷയിൽ 'ചായയുടെ ഇതിഹാസം' (The classic of Tea) എന്നൊരു പുസ്തകം എഴുതി. അതിൽ തേയിലകൃഷി, ചായയുണ്ടാക്കേണ്ട രീതി തുടങ്ങിയ കാര്യങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്.

ചൈനയിൽനിന്നു ബുദ്ധമതത്തോടൊപ്പം ചായകുടിയും ജപ്പാനിൽ പ്രചരിച്ചു. അവിടെ 'ചാനോയു' എന്ന മതകർമത്തിലെ പ്രധാന ചടങ്ങ് ചായകുടിയാണ്. അവിടെനിന്ന് ഇന്തോനേഷ്യ തുടങ്ങിയ പ്രദേശങ്ങളിൽ ഈ പാനീയം പ്രചരിച്ചു.

ചൈനയിൽനിന്നും ഇന്ത്യയുടെ ചില ഭാഗത്തുനിന്നും ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ഈ പാനീയത്തെപ്പറ്റി മനസ്സിലാക്കി. അവർ ഇതു പാശ്ചാത്യനാടുകളിൽ പ്രചരിപ്പിച്ചു (എ.ഡി. 1600-1800

ശ്രീലങ്കയിൽ
തേയിലയുടെ
ഇലനുള്ളുന്നു.

കാലം). ഇന്ത്യയിൽ പ്രാചീനകാലം മുതൽ തേയിലച്ചെടി ഉണ്ടെങ്കിലും, ചായകുടി സാർവത്രികമായി പ്രചരിപ്പിച്ചത് ബ്രിട്ടീഷുകാരാണ്. രണ്ടു തലമുറമുൻപു കേരളത്തിൽ ചായ കുടിച്ചിരുന്നവർ വിരളമായിരുന്നു. പാലും പഞ്ചസാരയും ചേർത്തു ചായ കുടിക്കുന്ന സമ്പ്രദായവും ഇന്ത്യക്കാർക്കു കിട്ടിയത് ബ്രിട്ടീഷുകാരിൽനിന്നാണ്. പല നാട്ടുകാരും ചായയിൽ പാൽ ചേർക്കാറില്ല. പകരം ചെറുനാരങ്ങയും പഞ്ചസാരയും ചേർക്കുന്നു. ഉപ്പും വെണ്ണയും ചേർത്ത് ചായ കുടിക്കുന്നവരും ഉണ്ട്. ചൈനക്കാർ സാധാരണമായി പഞ്ചസാരയോ പാലോ ഒന്നും ചേർക്കാതെ കടുംചായയാണ് കുടിക്കുന്നത്. റഷ്യയിലെ സ്ഥിതിയും ഇതുതന്നെ.

ഏറ്റവും അധികം തേയില ഉത്പാദിപ്പിക്കുന്ന രാജ്യം ഇന്ത്യയാണ്. ലോകത്തിലെ മൊത്തം ഉത്പാദനത്തിൻെറ മൂന്നിൽ ഒരു ഭാഗമാണ് ഇത്. ഡാർജിലിങ് തേയില ആണ് ഏറ്റവും ശ്രേഷ്ഠം. ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന മേൽത്തരം തേയില മുഴുവനും കയറ്റുമതിചെയ്യുകയാണ്. ആഭ്യന്തര ഉപയോഗത്തിനു ലഭിക്കാറില്ല. അസം, പശ്ചിമബംഗാൾ, കേരളം, തമിഴ്നാട് എന്നിവിടങ്ങളിലാണ് തേയിലക്കൃഷിയുടെ മുഖ്യകേന്ദ്രങ്ങൾ.

ഇന്ത്യയിൽ വൈസ്റോയി ആയിരുന്ന ബെൻറിക് പ്രഭു നിയമിച്ച ഒരു കമ്മിറ്റിയുടെ ശുപാർശയനുസരിച്ചാണ് ഇവിടെ തോട്ടം അടിസ്ഥാനത്തിൽ തേയിലക്കൃഷി ആരംഭിച്ചത്. 1953-ലെ 'ടീ ആക്റ്റ്' അനുസരിച്ച് ഒരു 'ടീ ബോർഡ്' സംഘടിപ്പിച്ചു. ചെയർമാനു പുറമെ 30 അംഗങ്ങളാണ് ഈ ബോർഡിലുള്ളത്. തോട്ടം ഉടമസ്ഥർ, തേയിലത്തോട്ടം തൊഴിലാളികൾ, വ്യാപാരികൾ, ഉപഭോക്താക്കൾ, പാർലമെൻറംഗങ്ങൾ, തേയിലകൃഷി നടത്തുന്ന സംസ്ഥാന ഗവൺമെൻറുകൾ എന്നിവരുടെ പ്രതിനിധികൾ അടങ്ങിയതാണ് ഈ ബോർഡ്. 1971-ൽ ഒരു ടീ ട്രേഡിങ് കോർപ്പറേഷനും നിലവിൽവന്നു. പിന്നീട് ഇത് സ്റ്റേറ്റ് ട്രേഡിങ് കോർപ്പറേഷൻെറ ഘടകമായിത്തീർന്നു.

1986-ലെ കണക്കനുസരിച്ച് ഇന്ത്യ 62.1 കോടി കി.ഗ്രാം തേയില ഉത്പാദിപ്പിച്ചു. 1986-87-ൽ 549.65 കോടി രൂപ വിലയ്ക്കുള്ള 19.1 കോടി കി.ഗ്രാം തേയില കയറ്റുമതി ചെയ്തു.

'ചായ്' എന്ന പേര് ഇന്ത്യയിലും ബർമയിലും ചൈനയിലും ഒരുപോലെ പ്രചാരമുള്ളതാണ്. ചൈനയിലെ കാൻറൺ ഭാഷയിലും മറ്റു ചിലയിടങ്ങളിലും ഇത് 'താ', 'തേ', 'തായ്' എന്നൊക്കെ ആകും. ഇതിൻെറ രൂപാന്തരമാവാം യൂറോപ്യൻഭാഷകളിലെ 'തേയ്', 'ടീ' എന്നിവ. 'തേയ്'-ൽ നിന്നു നമ്മുടെ 'തേയില' ഉണ്ടായി എന്നു കരുതാം. † തേയില നോക്കുക.

ചായങ്ങൾ (Paints)

കട്ടിയുള്ള പ്രതലത്തിൽ സംരക്ഷണലേപമായും അലങ്കാരവസ്തുവായും ഉപയോഗിക്കുന്ന ദ്രവരൂപത്തിലുള്ള വർണപദാർഥം. ദ്രവമാധ്യമത്തിൽ വർണകങ്ങൾ (pigments) നിലംബിതമാക്കി (suspended) ആണ് ഇതു തയ്യാറാക്കുന്നത്. പ്രതലങ്ങളിൽ ലേപനം ചെയ്യുമ്പോൾ അതിലെ ദ്രാവകം ബാഷ്പീകരിച്ചുപോകുന്നതിൻെറ ഫലമായി വർണം പ്രതലത്തിൽ നേർത്ത പാടയായി അവശേഷിക്കും.

ചരിത്രം. പ്രാചീനഗുഹകളിൽ ചിത്രങ്ങൾ ആലേഖനംചെയ്യുന്നതിനു ചരിത്രാതീതകാലത്തുതന്നെ ചായങ്ങൾ ഉപയോഗിച്ചിരുന്നു. 16,000 വർഷം മുമ്പു ഫ്രാൻസിലും സ്പെയിനിലും ഉള്ള ചില ഗുഹകളിലാണ് ഏറ്റവും പ്രാഗ്രൂപത്തിലുള്ള ചായം ഉപയോഗിച്ചത് എന്നു കണക്കാക്കുന്നു. ഇരുമ്പിൻെറ പ്രകൃതിദത്തമായ ഓക്സൈഡ് ധാതുക്കളായിരുന്നു അക്കാലത്തെ വർണകങ്ങൾ. ബി.സി. 6000-ത്തോടെ മുട്ടവെള്ള, അറബിപ്പശ, ജലാറ്റിൻ, തേനീച്ചമെഴുക് എന്നിവയാണു ചായം നിർമിക്കാൻ ഉപയോഗിച്ചിരുന്നത്. ബി.സി. 1500 ആയപ്പൊഴേക്കും ഈജിപ്റ്റുകാർ 'ഇൻഡിഗോ' തുടങ്ങിയ പദാർഥങ്ങൾ ഉപയോഗിച്ചുള്ള ചായം ഉണ്ടാക്കിത്തുടങ്ങി. 18-ാം നൂറ്റാണ്ടിൽ, ലിൻസീഡ് എണ്ണ (linseed oil)യുടെയും സിങ്ക് ഓക്സൈഡിൻെറയും (വെളുത്ത വർണകം) വ്യാപകമായ ഉത്പാദനം ആരംഭിച്ചത് ചായനിർമാണരംഗത്തു വിപ്ലവം സൃഷ്ടിച്ചു. 20-ാം നൂറ്റാണ്ടിൽ ചായത്തിൻെറ സാങ്കേതികവിദ്യയിൽ വീണ്ടും ഒരു കുതിച്ചുചാട്ടം ഉണ്ടായി. സംശ്ലിഷ്ട (synthetic) പോളിമറുകളുടെയും സംശ്ലിഷ്ട വർണകങ്ങളുടെയും ഉപയോഗം ചായനിർമാണത്തിനു പ്രയോജനപ്പെടുത്തിയതിലൂടെ ആണ് ഇത് സാധ്യമായത്.

തരഭേദങ്ങൾ. ഉപയോഗിക്കുന്ന മാധ്യമത്തിൻെറ തരമനുസരിച്ചു ചായങ്ങളെ പല തരത്തിൽ തിരിക്കാം: 1. എണ്ണച്ചായങ്ങൾ, 2. എണ്ണയിൽ പാകപ്പെടുത്തിയ റെസിൻ ഉപയോഗിച്ചുള്ളവ. 3. യൂറിയ ഫോർമാൽഡിഹൈഡ്, കൃത്രിമ റബർ, ഇപോക്സി മുതലായ കൃത്രിമ റെസിനുകൾ മാധ്യമങ്ങളായുള്ളവ. 4. നൈട്രോ സെല്ലുലോസ് മാധ്യമായുള്ള ലാക്കറുകൾ. 5. ജലച്ചായങ്ങൾ. ഉപയോഗം അനുസരിച്ചു ചായങ്ങളെ ഇങ്ങനെ തരംതിരിക്കാം. 1. ഭംഗിക്കുവേണ്ടിയുള്ളവ. 2. ക്ഷാരണത്തിനും തുരുമ്പിനും എതിരായുള്ളവ. 3. രാസവസ്തു പ്രതിരോധകമായവ.

ഇതിനുപുറമെ, ഉപരിതലത്തിലുള്ള കുഴികളും മറ്റും അടച്ച് ഉപരിതലത്തെ നിരപ്പാക്കാൻ ഉപയോഗിക്കുന്ന കട്ടിയുള്ള 'ഫില്ലറു'കൾ, ഉപരിതലത്തെ മറയ്ക്കാനും ക്ഷാരണത്തെ തടയാനുംവേണ്ടി ഉപയോഗിക്കുന്ന 'പ്രൈമറുകൾ', 'അണ്ടർകോട്ടുകൾ' എന്നിവയും മുകളിൽ നല്ല തിളക്കവും നിറവും കൊടുക്കുന്ന 'ഇനാമലും', അവസാനമായി നല്ല തിളക്കം കൊടുക്കുന്ന സുതാര്യമായ ക്ലിയർ കോട്ട്, വാർണീഷ് മുതലായവയും ചായത്തിൽപ്പെടും.

ഇനാമലിൽത്തന്നെ പല തരങ്ങളുണ്ട്; തീരെ തിളക്കമില്ലാത്ത 'മാറ്റ് ഫിനിഷ്' ചായങ്ങൾ, അല്പം തിളക്കമുള്ള 'എഗ്ഷെൽ ഫിനിഷുകൾ' കുറച്ചുകൂടി തിളക്കമുള്ള 'സെമിഗ്ലോസ്സി ഇനാമലുകൾ', നല്ല തിളക്കമുള്ള 'ഫുൾഗ്ളോസ്സി ഇനാമലുകൾ' എന്നിങ്ങനെ.

ഭംഗിക്കായി ഉപയോഗിക്കുന്ന ചായങ്ങളിൽ, സവിശേഷ പ്രകാശങ്ങൾ ഉണ്ടാക്കുന്ന ഹാമെർടോൺ, മെറ്റാലിക്, റിങ്കിൾ, സ്റ്റിപ്പിൾ, ക്രാക്കിൾ, മൾട്ടികളർ എന്നീ ഫിനിഷുകളുമുണ്ട്.

ജലച്ചായങ്ങളിൽ പൊടിരൂപത്തിലുള്ളതും ചുമരിന്മേൽ ഉപയോഗിക്കുന്നതുമായ ഡ്രൈ ഡിസ്റ്റംബർ, ഒരു 'പേസ്റ്റ്' രൂപത്തിലുള്ള 'ഓയിൽ ബൗണ്ട് ഡിസ്റ്റംപർ' മുതലായവ വിലകുറഞ്ഞ തരത്തിൽപ്പെടുമ്പോൾ വിലകൂടിയവയാണ് 'ഇമൽഷൻ' മാധ്യമമായുള്ള 'പ്ലാസ്റ്റിക് ഇമൽഷൻ' ചായങ്ങൾ. രാസപ്രതിരോധകങ്ങളായവയിൽ അമ്ലം, ക്ഷാരം, ലായകങ്ങൾ തുടങ്ങിയവയെ ചെറുക്കുന്ന വെവ്വേറെ ചായങ്ങളുണ്ട്.

ഘടകങ്ങൾ. സങ്കീർണമായ രാസവസ്തുക്കളുടെ മിശ്രിതമാണു ചായം. അവയെ എളുപ്പത്തിൽ മറ്റു ഘടകങ്ങളുമായി വേർതിരി

ക്കുക സാധ്യമല്ല. ചായത്തിനു മൂന്നു ഘടകമുണ്ട്: വർണം നല്കുന്ന വർണകങ്ങൾ (pigments) 20-30%, വർണകങ്ങൾ അരഞ്ഞുചേർന്നിട്ടുള്ള മാധ്യമം (medium) 30-40%, ചായത്തെ നേർമയായി നിലനിർത്തുന്ന ലായനികൾ എന്നിങ്ങനെ. ചായത്തിന്റെ ശ്യാനത(viscosity)യെ നിയന്ത്രിക്കുന്ന ഘടകങ്ങൾകൂടിയാണ് ഇവ. ചായത്തെ എളുപ്പത്തിൽ നീക്കംചെയ്യുക സാധ്യമല്ല. അവ ലായനികളുടെയോ, യന്ത്രങ്ങളുടെയോ സഹായത്താലേ നീക്കം ചെയ്യാൻ കഴിയൂ.

ഉപയോഗിക്കുന്ന മാധ്യമങ്ങളനുസരിച്ചു ചായങ്ങളെ രണ്ടായി തരംതിരിക്കാം. വെള്ളംപ്രധാനഘടകമായിട്ടുള്ളമാധ്യമങ്ങൾ ഉപയോഗിച്ചിട്ടുള്ള ചായങ്ങൾ (water paints). ഉദാഹരണം: ഓയിൽ ബൗണ്ട് ഡിസ്റ്റംപർ; പ്ലാസ്റ്റിക് ഇമൽഷൻ. എണ്ണയും എണ്ണയിൽനിന്നുളവാകുന്ന രാസവസ്തുക്കളും മാധ്യമമായിട്ടുള്ളവ മറ്റൊന്ന്—എണ്ണച്ചായങ്ങൾ (oil paints). ഉദാഹരണം: സ്റ്റിഫ് ചായങ്ങൾ, സിൻതെറ്റിക് ഇനാമലുകൾ (synthetic enamels).

എണ്ണകൾ. ചായത്തിന്റെ മൗലികമായ ഘടകം എണ്ണയാണ്. ഇവയിൽ മുഖ്യമായവ ലിൻസീഡെണ്ണ (linseed oil), ആവണക്കെണ്ണ (castor oil), കർഡിസീഡ് ഓയിൽ (kardiseed oil), ടങ് ഓയിൽ (tung oil), വെളിച്ചെണ്ണ എന്നിവയാണ്. ഇന്ത്യയിലും അർജെൻടീനയിലും ഉത്പാദിപ്പിക്കപ്പെടുന്ന ലിൻസീഡെണ്ണയാണ് ഏറ്റവും പ്രധാനപ്പെട്ടത്.

റെസീനുകൾ. ലിൻസീഡ് എണ്ണകളോടൊപ്പം ചിലതരം റെസീനുകൾ (മരങ്ങളിൽനിന്നു ലഭിക്കുന്ന ഒരുതരം പശകൾ) കൂട്ടിച്ചേർത്താണു ചായം നിർമിക്കാനുള്ള മാധ്യമം തയ്യാറാക്കുന്നത്. ഈ റസീനുകൾ മിക്കവയും 320 °C-ൽ ഉരുകും. ഇതിൽ കുറേശ്ശെ എണ്ണചേർത്ത് ഇളക്കി യോജിപ്പിക്കുന്നു. മുഴുവൻ എണ്ണയും ചേർത്തശേഷം ഈ മിശ്രിതം നല്ലപോലെ വേവിക്കുന്നു. ആവശ്യമായ സ്നിഗ്ധത നേടുമ്പോൾ ഇതു തണുപ്പിക്കുന്നു. ഉണങ്ങാൻ സഹായിക്കുന്ന രാസവസ്തുക്കളും (driers) നേർമപ്പെടുത്താനുള്ള ലായനികളും ചേർത്തു മാധ്യമം തയ്യാറാക്കുന്നു. പൈൻമരങ്ങളുടെ റസീൻ ആണ് ഈ ആവശ്യത്തിന് ഏറ്റവുമധികം ഉപയോഗിക്കുന്നത്.

വർണകങ്ങൾ (Pigments). ചായത്തിൽ ഏറ്റവുമധികം പ്രാധാന്യമുള്ള ഘടകം വർണകങ്ങളാണ്. ഉപയോഗിക്കുന്ന വർണകം അനുസരിച്ചു ചായത്തിന്റെ ഗുണധർമങ്ങൾ വ്യത്യാസപ്പെട്ടിരിക്കും.

രാസപരമായി വർണകങ്ങളെ രണ്ടായി തിരിക്കാം. 1. കാർബണികം. 2. അകാർബണികം.

അകാർബണിക വർണകങ്ങൾക്കു ശക്തിയേറിയ നിറങ്ങൾ നല്കാൻ കഴിവില്ലാത്തതിനാൽ, അതിന്റെ ഉപയോഗം പരിമിതമാണ്. പക്ഷേ, ശക്തിയേറിയ ചൂടിനെ ചെറുക്കാനും പ്രകാശത്തെ അതിജീവിച്ചു മങ്ങാതെ നില്ക്കാനും ഉള്ള ശേഷിയുണ്ട്. പ്ലാസ്റ്റിക്, തുകൽ (leather cloth) തുടങ്ങിയവയിൽ ഇത്തരം ചായങ്ങളാണ് ഉപയോഗിക്കുന്നത്.

കാർബണിക നിറങ്ങൾ ശക്തിയേറിയതാണ്. പക്ഷേ, ചൂടിനെയും പ്രകാശത്തെയും അമ്ല-ക്ഷാരപദാർഥങ്ങളെയും ചെറുത്തുനില്ക്കാനുള്ള ശേഷികുറവാണ്.

ഡ്രൈയറുകൾ (Driers). ചായത്തിന്റെ ഉണങ്ങാനുള്ള കഴിവ് (drying) ഒരു പ്രധാനപ്രശ്നമാണ്. ഈ കഴിവു നല്കുന്നതു ഡ്രൈയറുകളാണ്. ഇവ ഒരു പരിമിതമായ തോതിൽ ചേർത്തുവരുന്നു. ഡ്രൈയറുകൾ ലെഡ്, മാൻഗനീസ്, കോബാൾട്ട്, സിങ്ക് എന്നിവയുടെ നാഫ്തനേറ്റ്, ഒക്റ്റേറ്റ് (octate) ലവണങ്ങളാണ്. സാധാരണനിലയിൽ ഉണങ്ങുന്ന ചായങ്ങൾക്കു ലെഡ്, കോബാൾട്ട് എന്നീ ലോഹങ്ങളുടെ നാഫ്തനേറ്റുകൾ ഉപയോഗിക്കുന്നു. വേവിച്ചെടുക്കുന്ന ചായങ്ങൾക്കു മാൻഗനീസ് നാഫ്തനേറ്റ് ഉപയോഗിക്കുന്നു. ഈ വസ്തുക്കൾ അമിതമായി ഉപയോഗിച്ചാൽ ചായം ഒരിക്കലും ഉണങ്ങുകയില്ല.

ലായകങ്ങൾ (Solvents). ചായത്തിന്റെ ശ്യാനത നിയന്ത്രിക്കുന്നതു ലായനികളാണ്. ലായനികൾ പരിമിതമായ തോതിൽ ഉപയോഗിച്ചാൽ ശ്യാനത കുറയും. ഇവയ്ക്കു പുറമെ ഫ്ളാഷ് പോയിന്റ് (flash point) എന്നൊരു ഗുണമുണ്ട്. എല്ലാ ലായനികളും തന്നത്താൻ ബാഷ്പീകരിച്ചുകൊണ്ടിരിക്കും. ഈ ബാഷ്പം ധാരാളം ഉണ്ടായി തീപിടിക്കുന്ന താപമാനമാണു ഫ്ളാഷ് പോയിന്റ്. ഇവ രണ്ടും കണക്കിലെടുത്തുകൊണ്ടാണു പ്രധാനപ്പെട്ട ലായനികൾ തിരഞ്ഞെടുക്കുന്നത്. മിനറൽ ടർപെന്റൈൻ, അരോമാറ്റിക് വൈറ്റ് സ്പിരിറ്റ്, സൈലോൾ, ബ്യൂട്ടനോൾ എന്നിവ പെട്രോളിയം വ്യവസായത്തിൽനിന്നു ലഭിക്കുന്നു. മണ്ണെണ്ണയ്ക്കു പരിമിതമായ ഉപയോഗമേയുള്ളു. ടർപെന്റൈൻ, ഡൈപെന്റൈൻ, പൈൻ എണ്ണ, സ്പിരിറ്റ് എന്നിവയാണു മറ്റു ലായനികൾ.

ചായനിർമാണ രീതി. ആവശ്യമായ ചായത്തിന്റെ ഗുണങ്ങൾ, അസംസ്കൃതപദാർഥങ്ങളുടെ ലഭ്യത ഇവ കണക്കിൽ എടുത്തുകൊണ്ടാണു ചായത്തിന്റെ ചേരുവ അഥവാ യോഗം ഉണ്ടാക്കുന്നത്. താഴെപ്പറയുന്ന വിവിധ ഘട്ടങ്ങളായി ചായമുണ്ടാക്കുന്ന ക്രിയയെ വിവരിക്കാം. മാധ്യമങ്ങൾ വേണ്ട പാകത്തിൽ ലഭ്യമായിരിക്കണം. പിഗ്മെന്റുകളും മറ്റു കൂട്ടുപദാർഥങ്ങളും വേണ്ട പാകത്തിൽ അളന്നുവച്ചിരിക്കണം.

1. ഗ്രൈൻഡിങ്: പിഗ്മെന്റുകൾ മാധ്യമവുമായി നല്ലവണ്ണം അരച്ചുയോജിപ്പിക്കൽ. 2. നേർപ്പിക്കൽ: ബാക്കിയുള്ള മാധ്യമം, ലായകങ്ങൾ, കൂട്ടുപദാർഥങ്ങൾ എന്നിവ ചേർത്ത് ഒരു നല്ല മിശ്രിതമാക്കൽ. 3. ടിന്റിങ്: ആവശ്യമായ വർണത്തിൽ ചായം പാകപ്പെടുത്തൽ. 4. ഗുണപരിശോധന: ചായം പരശോധിച്ച് അതിനുവേണ്ട ഗുണങ്ങളില്ലേ എന്നു നോക്കൽ. 5. പായ്ക്കിങ്: തക്ക പാത്രങ്ങളിൽ നിറച്ചു സൂക്ഷിക്കൽ.

പലതരം ചായങ്ങൾ. *ഡിസ്റ്റംപറുകൾ:* മുഖ്യമായ ഘടകം ചുണ്ണാമ്പാണ്. ഇതു വെള്ളത്തിൽ കലരുന്ന എണ്ണ പ്രധാന ഘടകമായ, ഡിസ്റ്റംപർ മാധ്യമവുമായി (distemper binder) കൂട്ടിക്കലർത്തിയാണു നിർമിക്കുന്നത്. ആദ്യമായി വെള്ളനിറത്തിലുള്ള ഡിസ്റ്റംപർ ഉണ്ടാക്കിയശേഷം, നിറക്കൂട്ടുകൾചേർത്തു ഇഷ്ടമുള്ള നിറം പാകപ്പെടുത്തിയെടുക്കുകയാണു പതിവ്. ഇവ കട്ടിയുള്ള കുഴമ്പുരൂപത്തിൽ ഇരിക്കും. വെള്ളം ചേർത്തു നേർമപ്പെടുത്തിയശേഷം ഏതുതരം ബ്രഷ്കൊണ്ടും തേയ്ക്കാം. ചുണ്ണാമ്പുപോലെ ശരീരത്തിൽ പറ്റുകയില്ല. എണ്ണയടങ്ങിയ മാധ്യമംകൊണ്ടു നിർമിച്ച ഡിസ്റ്റംപറുകൾ ചുണ്ണാമ്പിനു പകരം ഇപ്പോൾ ധാരാളമായി ഉപയോഗിച്ചുവരുന്നു. ഡിസ്റ്റംപർ പൗഡർരൂപത്തിലും ലഭിച്ചുവരുന്നു. വെറുതെ വെള്ളത്തിൽ കലക്കി തേച്ചാൽ മതി.

സിമന്റുചായങ്ങളിൽ മുഖ്യമായ ഘടകം വെള്ളസിമന്റാണ്. ഇതിനോടു ചുണ്ണാമ്പും വെള്ളവും വലിച്ചെടുക്കാൻ കഴിവുള്ള കാൽസിയം ലവണവും ചേർത്തിരിക്കും. കെട്ടിടങ്ങളുടെ പുറംഭാഗത്തു മഴ തട്ടുന്ന ഭാഗങ്ങളിൽ പ്രത്യേകിച്ചും ഇതു തേയ്ക്കുന്നു. വെള്ളംചേർത്തു നേർമയാക്കാം. ഇതു ഡിസ്റ്റംപർ വിഭാഗത്തിൽപ്പെടുന്നു.

പ്ലാസ്റ്റിക് ഇമൽഷൻ: പോളിവിനൈൽ അസറ്റേറ്റ്, അക്രിലിക് കോ പോളിമർ എന്നിവയിൽ ഒന്നാണു പ്രധാന ഘടകം. ഇതു പാൽപോലെ ധവളമായ ഒരു ലായനിയാണ്. 45—50% ബാഷ്പീകരിച്ചുപോവുന്ന ലായകങ്ങളാണ് ഇതിലുള്ളത്. വേഗം ഉണങ്ങുന്നു. ടൈറ്റാനിയം ഡൈയോക്സൈഡിന്റെ വർധിച്ച വില മൂലം, അതിനുപകരം പത്തു ശതമാനത്തോളം അലൂമിനിയം സിലിക്കേറ്റു ചേർത്തുവരുന്നു ഇപ്പോൾ. നിറമുള്ള പ്ലാസ്റ്റിക് ഇമൽഷൻ ചായം സൂക്ഷിച്ചുവച്ചാൽ, കാലക്രമത്തിൽ അതിന്റെ നിറം മങ്ങിപ്പോവുന്നു. അതിനാൽ അവയിൽ ചേർക്കുന്ന നിറക്കൂട്ടുകളും വെള്ളചായവും പ്രത്യേകമായിട്ടാണു വിതരണം ചെയ്യുന്നത്. ആവശ്യമുള്ള സമയത്തുമാത്രം രണ്ടുംകൂടി കലർത്തി ഉപയോഗിക്കാം. ഇത് ഒരു മണിക്കൂറിനകം ഉണങ്ങും. വളരെ കാലത്തോളം കേടുകൂടാതെ നില്ക്കും. വെള്ളംചേർത്തു നേർമയാക്കാൻ കഴിയും. നല്ല ജലപ്രതിരോധശക്തിയുമുണ്ട്. ചളി, മെഴുക് എന്നിവ പറ്റിപ്പിടിച്ചാൽ സോപ്പ് ഉപയോഗിച്ചു കഴുകിക്കളയാം. ഇതു ചുമരുകൾക്കു മാത്രമേ ഉപയോഗിക്കാൻ പാടുള്ളു.

എണ്ണച്ചായങ്ങൾ (oil paints), സ്റ്റിഫുകൾ (stiffs): ഇതു കട്ടികൂടിയ ചായംതന്നെയാണ്. വെണ്ണപോലെ മൃദുലമായിരിക്കും. വെളുത്ത സ്റ്റിഫ് ചായങ്ങളിൽ പ്രധാനപ്പെട്ട ഘടകം സിങ്ക് ഓക്സൈഡ് (zinc oxide) ആണ്. 15-20% അമ്ലംചേർത്തു ശുദ്ധീകരിച്ച ലിൻസീഡ് എണ്ണ ചേർത്തു പാകപ്പെടുത്തി, ട്രിപ്പിൾറോളറിൽ അരച്ചെടുക്കുന്നു. ഇതിനു ശുദ്ധമായ സിങ്ക്സ്റ്റിഫ് (genuine zinc stiff) എന്നു പറയുന്നു. ബെറൈറ്റിസ് ചേർത്താണു വിലകുറഞ്ഞ ചായങ്ങൾ ഉണ്ടാക്കുന്നത്.

വൈറ്റ്ലെഡ്, ബ്രൂൺഷ്വിക്ഗ്രീനുകൾ, ഓക്കറുകൾ, റെഡ് ഓക്സൈഡുകൾ മുതലായവയിൽനിന്നും സ്റ്റിഫ് ചായങ്ങൾ ഉണ്ടാക്കുന്നു.

ഈ സ്റ്റിഫ് ചായങ്ങളിൽ നാലുഭാഗം തിളപ്പിച്ച ലിൻസീഡ് എണ്ണയും (ഗോൾഡ് സൈസ് വാർണീഷടക്കം) ഒരുഭാഗം ടർപന്റൈനും കൂട്ടിക്കലർത്തി സാധാരണ ചായങ്ങൾ ഉണ്ടാക്കുന്നു.



ചായനിർമാണശാല

സാധാരണ ചായങ്ങൾ: പ്രധാനഘടകങ്ങൾ പിഗ്മെൻറുകൾ, എക്സ്ടൻഡറുകൾ, മാധ്യമലായനികൾ, ഡ്രൈയേർസ് എന്നിവയാണ്.

പൊതുവെ നേർമയായ എല്ലാ ചായങ്ങളും ഇതിൽപ്പെടുന്നു. പക്ഷേ, വിലയ്ക്കനുസരിച്ചു ഗുണങ്ങളും ഘടകങ്ങളും വ്യത്യാസപ്പെട്ടിരിക്കും. ബാൾമില്ലുകളിൽ ഉണ്ടാക്കുന്നു. മാധ്യമത്തിൻെറ ഒരു ഭാഗവും ലായനികളും പിഗ്മെൻറുകളും ബാൾമില്ലിൽ ഇട്ട് അരയ്ക്കുന്നു. അരച്ച ചായത്തിൽ ബാക്കിയുള്ള വാർണീഷും ലായനികളും ചേർത്ത് ഉപയോഗിക്കാനുള്ള വിധത്തിൽ പാകപ്പെടുത്തിയെടുക്കുന്നു. ഇങ്ങനെ നേർമയാക്കിയ ചായങ്ങൾ ഡ്രൈയർ ചേർത്ത് ഉപയോഗിക്കുന്നു.

പളപളപ്പുള്ള ചായങ്ങളുടെ (gloss paints) മാധ്യമം റോസിൻ ചേർന്ന റെസീനുകളും സ്റ്റേൻഡ് ഓയിലുകൾ ചേർത്തു നിർമിച്ച വാർണീഷുകളുമാണ്. ചിലപ്പോൾ വാർണീഷ് മിശ്രങ്ങളോ, തിളപ്പിച്ച ലിൻസീഡ് എണ്ണയോ ഉപയോഗിക്കാറുണ്ട്. പിഗ്മെൻറുകൾക്കു പുറമെ നല്ലൊരു ശതമാനം എക്സ്ടൻഡർ അടങ്ങിയിരിക്കും. ഇത്തരം ചായങ്ങൾക്കു നല്ല അരവ് ആവശ്യമാണ്. നാലഞ്ചു മണിക്കൂറിനുള്ളിൽ ഉണങ്ങും. ബ്രഷുകൊണ്ടു തേയ്ക്കാൻ പാകത്തിലുള്ളവയാണ്. വിപണിയിൽ ലഭിക്കുന്ന എല്ലാ ചായങ്ങളും വെട്ടിത്തിളങ്ങുന്നു. ഗൃഹാന്തർഭാഗത്തെ ആവശ്യങ്ങൾക്ക് ഇതാണ് ഉപയോഗിക്കുന്നത്.

വാർണീഷ് ചായങ്ങളിൽ റെസീനുകളുടെ ശതമാനം അധികവും എണ്ണയുടെതു കുറവുമായിരിക്കും. ഇത്തരം ചായം നിർമിക്കാൻ പ്രധാനമായും റോസിൻ വാർണീഷുകളാണ് ഉപയോഗിക്കുന്നത്. ഇവ വേഗത്തിൽ ഉണങ്ങും. പക്ഷേ, ഇവയുടെ ഫിലിമിനു തീരെ ഉറപ്പില്ല. മൂന്നുനാലു മാസത്തിനകം പൊടിഞ്ഞുപോവും എന്നു മാത്രമല്ല വേഗം തിളക്കം നഷ്ടപ്പെടുകയും ചെയ്യും.

സംശ്ലിഷ്ട ഇനാമലുകൾ (synthetic enamels): ഇവയുടെ മാധ്യമം ആൽക്കിഡ് റെസീനുകളാണ്. റെസീനുകളാണ് ഈ ചായത്തിൻെറ എല്ലാ ഗുണങ്ങൾക്കും കാരണം. പേരിനു മാത്രമേ എക്സ്ടൻഡറുകൾ ഉപയോഗിക്കുന്നുള്ളു. കാലാവസ്ഥയുടെ ആക്രമണത്തെ ചെറുക്കാനുള്ള ശക്തി, നല്ല തിളക്കം, കൂടുതൽ കാലം നിലനില്ക്കാനുള്ള കഴിവ് ഇവയെല്ലാമുള്ള ഈ ചായത്തിനു വില വളരെ കൂടുതലാണ്. വേഗത്തിൽ ഉണങ്ങും. അഞ്ചുകൊല്ലത്തോളം തിളക്കം നിലനില്ക്കും. ഇവ ബാൾമില്ലുകളിലാണു നിർമിക്കുന്നത്.

തിളക്കമില്ലാത്ത ചായങ്ങളെ മാറ്റ് ചായങ്ങൾ (matt paints) എന്നുപറയുന്നു. ഇവയിൽ ധാരാളം പിഗ്മെൻറുകൾ അടങ്ങിയിരിക്കും; മാധ്യമം കുറവും. വെളിച്ചം ഒരിക്കലും പ്രതിഫലിക്കുകയില്ല.

പ്രൈമറുകൾ-അണ്ടർകോട്ടുകൾ-ഫിനിഷുകൾ: പ്രൈമർ ചായത്തിനും തേയ്ക്കുന്ന പ്രതലത്തിനും ഇടയിലുള്ള മാധ്യമമായി പ്രവർത്തിക്കുന്നു. പ്രൈമർ ശരിയായവിധം തേച്ചിട്ടില്ലെങ്കിൽ ലോഹങ്ങൾ ദ്രവിച്ചുപോകും. മരങ്ങൾക്കു കേടുപറ്റും.

മരത്തിനും ലോഹത്തിനും വേറെ വേറെ പ്രൈമറുകൾ ഉണ്ട്. മരത്തിൽ തേയ്ക്കുന്ന പ്രൈമറിൽ ധാരാളം എക്സ്ടൻഡർ അടങ്ങിയിരിക്കും. കാരണം മരത്തിലെ വിള്ളലുകൾക്കും പോടുകൾക്കും ഇടയിൽ ഇവ കടന്നുകൂടി ചായം പിടിക്കാനുള്ള പരിതഃസ്ഥിതി ഉണ്ടാക്കുന്നു. ലോഹങ്ങൾക്കു തേയ്ക്കുന്ന പ്രൈമറുകൾ അവയുടെ ദ്രവിക്കൽ (corrosion) തടയാൻ പറ്റുന്നതാണ്. ചെമന്ന ഇരുമ്പയിരാണു മുഖ്യമായ ഘടകം.

പ്രൈമറിനുശേഷം കുറച്ചുകൂടി മെച്ചപ്പെട്ട ചായമായ അണ്ടർകോട്ട് തേയ്ക്കണം. ഇവയിൽ ധാരാളം പിഗ്മെൻറുകൾ അടങ്ങിയിരിക്കുന്നു. തീരെ തിളക്കമില്ല. ചായം അടിക്കുന്ന പ്രതലത്തിലുള്ള കുണ്ടുകുഴികൾ നിരപ്പാക്കുന്നതിനു സ്റ്റിഫ് വിഭാഗത്തിൽപ്പെട്ട കട്ടികൂടിയ ഒരുതരം ചായം ഉപയോഗിക്കുന്നു. ഇവയ്ക്കു പൊതുവെ ഫില്ലറുകൾ എന്നുപറയും.

പ്രൈമർ, അണ്ടർകോട്ട് എന്നിവയ്ക്കുശേഷം തേയ്ക്കുന്ന ചായമാണു ഫിനിഷ് (finish). ഇവ സംശ്ലിഷ്ടിഇനാമലുകളാണ്.

വ്യാവസായികചായങ്ങൾ. വ്യവസായങ്ങളിൽ ഉപയോഗിക്കുന്ന ചായങ്ങൾ (Industrial paints) മിക്കവയും വേവിച്ചെടുക്കുന്നതാണ്. ചായംതേച്ച വസ്തുക്കൾ വൈദ്യുത അടുപ്പുകളിലോ (electric ovens) മറ്റോ ഇട്ട് നിശ്ചിതമായ താപത്തിൽ, വേണ്ടസമയം വയ്ക്കുന്നതിനാണു വേവിക്കൽ (stoving)എന്നുപറയുന്നത്. ഈ ചായങ്ങളുടെ ഫിലിമിനു നല്ല ദാർഢ്യം ഉണ്ടാവും. ഇത്തരം ചായങ്ങൾ തളിക്കാവുന്നവയോ മുക്കാവുന്നവയോ (spraying or dipping) ആയിരിക്കും. ഇവയ്ക്കു ബ്രഷുകൊണ്ടു തേയ്ക്കുന്നവയെക്കാൾ നേർമയുണ്ട്. ഇവയിൽ ഉപയോഗിക്കുന്ന ലായനികളും മിശ്രിതങ്ങളും തീക്ഷ്ണതയുള്ളതാണ്. ഇവ വേഗത്തിൽ ബാഷ്പീകരിച്ചുപോവുന്നു.

ഇത്തരം ചായം ഇരുമ്പലമാരകൾ, ഇരുമ്പുകസാലകൾ, ശീതീകരണപ്പെട്ടികൾ, ടൈപ്പ്റൈറ്ററുകൾ, വൈദ്യുത ഉപകരണങ്ങൾ എന്നിവയ്ക്കാണ് ഉപയോഗിക്കുന്നത്.



ചായങ്ങൾ തകരപാത്രങ്ങളിൽ
നിറയ്ക്കുവാനുള്ള ഓട്ടോമാറ്റിക് സംവിധാനങ്ങൾ

അമ്ലങ്ങള്‍, ക്ഷാരങ്ങള്‍ തുടങ്ങിയ രാസപദാര്‍ഥങ്ങളുടെ ആക്രമണത്തെ തടുക്കാന്‍ കഴിവുള്ള ചായങ്ങള്‍ക്ക് എപോക്സി ചായങ്ങള്‍ (epoxy paints) എന്നുപറയുന്നു. ഇവ രണ്ടുഭാഗങ്ങളായിട്ടാണു ലഭിക്കുന്നത്. രണ്ടും ചേര്‍ത്തു (നിര്‍മാതാക്കള്‍ നിര്‍ദേശിക്കുന്ന വിധത്തില്‍) നല്ലപോലെ ഇളക്കി ഉപയോഗിക്കണം. ഇതിന്‍െറ ജീവന്‍ (pot-life) നാലു മണിക്കൂര്‍ നേരത്തേക്കു മാത്രമേ നിലനില്ക്കുകയുള്ളു. അതിനുശേഷം ഇതു കട്ടിയായി ഉപയോഗശൂന്യമാകുന്നു.

കപ്പലുകള്‍ക്ക് ഉപയോഗിക്കുന്ന ചായം ഉപ്പുവെള്ളത്തിന്‍െറ ആക്രമണത്തെ ചെറുക്കാന്‍ ശക്തിയുള്ളതാണ്. ഇവ മരം ദ്രവിച്ചു പോകാതിരിപ്പാന്‍ ഉപയോഗിക്കുന്നു. ഈ ചായങ്ങളുടെ ഘടകങ്ങള്‍ ഈ ഗുണം നല്കുന്നു. ഉപയോഗിക്കുന്ന പിഗ്മെന്‍റുകളില്‍ ആര്‍സെനിക് ഓക്സൈഡ് പ്രധാനഘടകമാണ്. ഇതിനു ഫങ്ഗസ്, ബാക്റ്റീരിയ എന്നിവയെ പ്രതിരോധിക്കാന്‍ ശക്തിയുണ്ട്. ഉപ്പുവെള്ളത്തിന്‍െറ നിരന്തരമായ സമ്പര്‍ക്കത്തില്‍ ചായം കേടുവരാതിരിക്കാന്‍ ഇവയില്‍ ഉപയോഗിക്കുന്ന പിഗ്മെന്‍റുകളില്‍ ഒന്നുംതന്നെ വെള്ളത്തില്‍ അലിഞ്ഞുപോവുന്ന വസ്തുക്കളുടെ സ്പര്‍ശംപോലും ഇല്ലാത്തത് ആയിരിക്കണം. ഇത്തരം ചായം ആന്‍റിഫൗളിങ് ആന്‍റികൊറോസീവ് വിഭാഗത്തില്‍പ്പെടുന്നു.

തീയുടെ ആക്രമണം ചെറുക്കാനുള്ള ചായങ്ങള്‍ക്ക് അഗ്നിപ്രതിരോധ ചായങ്ങള്‍ (fire retardant paints) എന്നുപറയുന്നു. ഇവ ലൈഫ്ബോയികള്‍ക്കും ലൈഫ് ബോട്ടുകള്‍ക്കും (lifebuoys and life boats) ഉപയോഗിക്കുന്നു. മുഖ്യമായ ഘടകം ആസ്ബസ്റ്റോസ് പള്‍പ്പ് ആണ്.

എല്ലാവിധ ചായങ്ങളും ശരിയായ നിറങ്ങളില്‍ ആദ്യമേ നിര്‍മിക്കുക സാധ്യമല്ല. ഈ നിറങ്ങളെല്ലാംതന്നെ പിഗ്മെന്‍റ് കൂടുതലുള്ള ലായനികള്‍ (stainers) ഉപയോഗിച്ചു പാകപ്പെടുത്തിയെടുക്കുകയേ നിര്‍വാഹമുള്ളു. പലതരത്തിലുള്ള നിറങ്ങള്‍ കൂട്ടിക്കലര്‍ത്തി, വളരെ വൈദഗ്ധ്യത്തോടെയാണ് ഇത്തരം നിറങ്ങള്‍ ഉണ്ടാക്കുന്നത്. ഇതിനു നിറം പാകപ്പെടുത്തിയെടുക്കല്‍ (tinting) എന്നു പറയുന്നു.

എന്‍. ജയപ്രസാദ്
കെ.വി.ആര്‍. നമ്പൂതിരിപ്പാട്

ചായമുണ്ടി (purple heron)

ഒരിനം കൊറ്റി. ആര്‍ഡിഡെ കുലത്തില്‍പ്പെടുന്നു. ശാസ്ത്രനാമം: *ആര്‍ഡിയ പര്‍പൂറിയ (Ardea purpurea)*. നൂറോളം സെ.മീറ്റര്‍ നീളം. ഇതിനു ചാരമുണ്ടിയോടു സാദൃശ്യമുണ്ട്. കേരളത്തില്‍ അപൂര്‍വമായേ കണ്ടുവരുന്നുള്ളു. ജലാശയത്തിനടുത്താണ് വാസം.



ചായമുണ്ടി

കഴുത്തു നീണ്ടുവളഞ്ഞു മെലിഞ്ഞതാണ്. തലയ്ക്കും കഴുത്തിനും ചെമ്പിച്ച തവിട്ടുനിറമാണ്. അടിഭാഗത്തിനു കറുപ്പും. കണ്ണു മഞ്ഞയും ചുറ്റുമുള്ള ചര്‍മം ഇളംപച്ചയുമാണ്. മത്സ്യം, തവള തുടങ്ങിയവയാണ് ആഹാരം. കേരളത്തില്‍ ഇതു കൂടുകൂട്ടാറില്ല.

ചായവേര്‍

റൂബിയേസി കുലത്തില്‍പ്പെട്ട വാര്‍ഷിക ഓഷധി. ശാസ്ത്രനാമം: *ഓള്‍ഡെന്‍ലാന്‍ഡിയ അംബലേറ്റ (Oldenlandia umbellata)*. അരമീറ്ററോളം പൊക്കം ഉണ്ട്. സമുദ്രതീരത്ത് കണ്ടുവരുന്നു.

പൂക്കള്‍ ചെറുതാണ്. നിറം വെള്ള. കുലയായി കണ്ടുവരുന്നു.

വേരിലെ തൊലിയില്‍നിന്ന് ചുവന്ന ചായം എടുക്കാം. ഇലയും വേരും ഔഷധയോഗ്യം. ഇല ആസ്മയും ചുമയും ഇല്ലാതാക്കാന്‍ നന്ന്.

ചാര്

അനാകാര്‍ഡിയേസി കുലത്തില്‍പ്പെട്ട വൃക്ഷം. ശാസ്ത്രനാമം: *ഹോളിഗാര്‍ന അര്‍നോട്ടിയാന (Holigarna arnottiana)*. ചേര്, കരിഞ്ചേര് എന്നെല്ലാം പേരുണ്ട്. നിത്യഹരിതവനങ്ങളില്‍ കണ്ടുവരുന്നു.

തടിക്കു മങ്ങിയ ചാരനിറം.



ചാര്‍
ഇലയും പൂവും

ഇലകള്‍ ഏകാന്തരന്യാസത്തിലാണ്. ഇവയ്ക്ക് 20 സെ.മീറ്ററോളം നീളവും അഞ്ചു മുതല്‍ എട്ടുവരെ സെ.മീറ്റര്‍ വീതിയും ഉണ്ട്.

ജനുവരി-ഫെബ്രുവരി മാസങ്ങളില്‍ പൂക്കുന്നു. പൂവിന് മഞ്ഞ കലര്‍ന്ന തവിട്ടുനിറമാണ്. ആണ്‍പൂവും പെണ്‍പൂവും വെവ്വേറെ ചെടികളില്‍ ഉണ്ടാകുന്നു. ബാഹ്യദളവും ദളവും കേസരവും അഞ്ചു വീതം. അണ്ഡാശയം അധോവര്‍ത്തി. ജൂണ്‍-ജൂലായ് മാസത്തില്‍ കായ് വിളയുന്നു.

ചാരിന്‍െറ കറ ശരീരത്തില്‍ പറ്റിയാല്‍ ചൊറിച്ചിലും നീരും ഉണ്ടാകും. ഒരാഴ്ചക്കാലത്തോളം ഇതു നീണ്ടുനില്ക്കാറുണ്ട്. താന്നി ഇതിനു പ്രതിവിധിയായി പറയുന്നു.

കാട്ടുചാര് വേറൊരു സ്പീഷീസാണ്. ശാസ്ത്രനാമം: ഹോളിഗാര്‍ന ബഡോമി (Holigarna beddomei) ഇതിന്‍െറ ഇലയ്ക്കു നാട്ടുചാരിന്‍െറതിനെക്കാള്‍ നീളം കൂടുതലാണ്. തളിരിലയുടെ പത്രസീമാന്തരത്തിലും മധ്യസിരയുടെ മുകള്‍ഭാഗത്തും ഉള്ള നീണ്ട ലോമങ്ങളാണു കാട്ടുചാരിന്‍െറ മറ്റൊരു പ്രത്യേകത.

തീപ്പെട്ടി, പാക്കിങ്പെട്ടി എന്നിവ ഉണ്ടാക്കാന്‍ തടി ഉപയോഗിക്കുന്നു. കടുവാതല്‍, മുള്ളന്‍പന്നി തുടങ്ങിയവയെ പിടിക്കാന്‍ ഗിരിവര്‍ഗക്കാര്‍ കായ് കെണിയില്‍ .വയ്ക്കാറുണ്ട്. ഇതിന്‍െറ കറ വഞ്ചി ജലനിബദ്ധമാക്കാനും അലക്കടയാളം ഇടാനും ഉപയോഗിക്കുന്നു.

ചാരക്കുട്ടൻ (Rufousbacked shrike)

മൈനയോളം വലിപ്പമുള്ള പക്ഷി. ലാനിഡെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *ലാനിയസ് ഷാക്ക് (Lanius schach).* കേരളം, ശ്രീലങ്ക, മധ്യേന്ത്യ, കച്ര് എന്നിവിടങ്ങളിൽ കണ്ടുവരുന്നു. കുറ്റിക്കാട്ടിലും തുറസ്സായ സ്ഥലത്തെ വൃക്ഷക്കൂട്ടത്തിലുമാണ് താവളം. 25 സെ.മീറ്ററോളം നീളം ഉണ്ട്.

തല താരതമ്യേന വലുതാണ്. നെറ്റിയിലും തലയുടെ ഇരുഭാഗത്തുമായി കറുത്ത പാടുണ്ട്. കൊക്ക് ബലമുള്ളതും വളഞ്ഞതുമാണ്. തലയ്ക്കും മുതുകിനും ചാരനിറം. വാല് നീളം കൂടിയതും കറുത്തതുമാണ്. ആൺ-പെൺ പക്ഷികൾ തമ്മിൽ കാഴ്ചയിൽ സാമ്യം ഉണ്ട്.



ചാരക്കുട്ടൻ

ഷട്പദങ്ങൾ, എലി, പല്ലി എന്നിവയാണ് ആഹാരം. ധാരാളം കിട്ടുമ്പോൾ ആഹാരം സൂക്ഷിച്ചു വയ്ക്കാറുണ്ട്. ഓരോന്നിനും അതിൻെറതായ അതിർത്തി ഉണ്ട്. ഇരിപ്പിടത്തിന് ഇരുപതോ മുപ്പതോ വാര സ്ഥലത്തിനുള്ളിൽ കടക്കുന്ന മറ്റൊരു ചാരക്കുട്ടനെ കൊത്തി ഓടിക്കും. മറ്റു പക്ഷികൾക്കു കടക്കാം.

മാർച്ചു മുതൽ ജൂൺ വരെയുള്ള കാലത്ത് കൂടുകൂട്ടുന്നു. നാലു മുട്ടയിടും. നിറം മങ്ങിയ വെള്ള. മുട്ടത്തോടിൽ തവിട്ടു നിറത്തിലുള്ള പുള്ളികളും കാണാം.

ചാരണ

† തഴുതാമ നോക്കുക

ചാരത്തത്ത (gray parrot)

ഒരിനം തത്ത. ആഫ്രിക്കയിലെ മഴക്കാടുകളിൽ കണ്ടുവരുന്നു. ശാസ്ത്രനാമം: *സിറ്റാക്കസ് എറിത്താക്കസ് (Psittacus erithacus).* സിറ്റാസിഡെ കുലത്തിൽപ്പെടുന്നു. സംഭാഷണം അനുകരിക്കാനുള്ള കഴിവ് ഏറ്റവും കൂടുതൽ ചാരത്തത്തയ്ക്കാണ്. 30 സെ.മീറ്ററോളം നീളം ഉണ്ട്. വാലിനു ചെമപ്പുനിറം. ശരീരത്തിൻെറ ബാക്കി ഭാഗത്തിനെല്ലാം ചാരനിറമാണ്. പഴങ്ങളും വിത്തുകളുമാണ് ആഹാരം.

ചാരത്തലക്കാളി (grey headed myna)

കേരളത്തിലെ ഒരിനം മൈന. ശാസ്ത്രനാമം: *സ്റ്റർനസ് മലബാറിക്കസ് (sturnus malabaricus).* ദേശാടനപ്പക്ഷി. കേരളത്തിൽ ഒക്റ്റോബറിനും ഏപ്രിലിനും ഇടയ്ക്കു കണ്ടുവരുന്നു. മുട്ടയിടുന്നതു വടക്കേ ഇന്ത്യയിലാണ്. പറ്റമായി ചേർന്നു വേഗത്തിൽ പറക്കുന്നു. എപ്പോഴും ചിലയ്ക്കുന്നു. കൊക്കിനു മൂന്നു നിറമുണ്ട്. അറ്റം മഞ്ഞ, മധ്യഭാഗത്ത് ഇളം പച്ച, നെറ്റിയ്ക്കടുത്ത് നീല. കണ്ണിൻെറ ഭാഗത്തു വെള്ളനിറം. നെറ്റിമുതൽ വാൽവരെ ഉപരിഭാഗത്തു നരച്ച തവിട്ടുനിറം. വാല് ചെമപ്പുകലർന്ന തവിട്ടുനിറം. അടിഭാഗത്തു ചെമ്പിച്ച തവിട്ടുനിറം. സാധാരണമായി മരങ്ങളിലും പൊന്തകളിലും കാണപ്പെടുന്നു. മുരിക്ക്, പഞ്ഞി എന്നിവ പൂക്കുമ്പോൾ തേൻ കുടിക്കാൻ ഇവ എത്തും. ആൽ, വട്ട എന്നിവയിൽ കായ് പഴുക്കുമ്പോഴും അതു ഭക്ഷിക്കാൻ ഇവയുണ്ടാവും.



ചാരത്തലക്കാളി

ചാരപ്പൂണ്ടൻ (large cuckoo-shrike)

പ്രാവിനോളം വലിപ്പമുള്ള ചാരനിറമുള്ള പക്ഷി. കാംപെഫാഗിഡെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *കൊറാസിന നോവെഹൊളാൻഡിയെ (Coracina novaehollandiae).* ദേശാടകനല്ല.

നീളം ഏകദേശം 28 സെ.മീറ്റർ. ശരീരത്തിൻെറ അടിഭാഗത്തു വിലങ്ങനെ അനേകം ചെറിയ കറുത്ത വരകളും കൺപട്ടയും ഉണ്ട്.

മൂന്നും നാലും അടങ്ങിയ ചെറുകൂട്ടമായി കണ്ടുവരുന്നു. മരച്ചില്ലയിലുള്ള പുഴുക്കളും കൃമികളുമാണ് ആഹാരം.



ചാരപ്പൂണ്ടൻ

മാർച്ചു മുതൽ സെപ്റ്റംബർ വരെയാണു പ്രജനനകാലം. കൂടു വളരെച്ചെറുതാണ്. ചെറുചുള്ളികൾ, പായൽ എന്നിവ കൊണ്ടാണു കൂടുണ്ടാക്കുന്നത്. ഒരു തവണ രണ്ടു മുട്ട ഇടുന്നു. പൂവനും പിടയും മാറിമാറി അടയിരിക്കും.

ചാരമണൽക്കോഴി (grey plover)

ഒരിനം ദേശാടനപ്പക്ഷി. ശാസ്ത്രനാമം: *പ്ലൂവിയാലിസ് സ്ക്വാടരോല (Pluvialis squatarola)* കരാഡ്രിഡെ കുലത്തിൽപ്പെടുന്നു. കടൽക്കരയിലും കായലോരത്തും ചതുപ്പുകളിലും ചെറുകൂട്ടങ്ങളായി കണ്ടുവരുന്നു. ശിശിരകാലത്തു പുറത്തും ചിറകുകളിലും നിറയെ കറുത്തതും വെളുത്തതുമായ പൊട്ടുകൾ കാണും. അടിവശവും വാലും വെള്ളനിറം. ചിറകുയർത്തുമ്പോൾ കാണുന്ന കറുത്ത 'കക്ഷം' ഇതിനെ തിരിച്ചറിയാൻ സഹായിക്കുന്നു. ചൂളംവിളിച്ചുകൊണ്ടു പറക്കും. പ്രജനനകാലത്ത് ഏഷ്യാഭൂഖണ്ഡത്തിൻെറ വടക്കെ അറ്റത്തു പറന്നെത്തും.



ചാരമണൽക്കോഴി .

ചാരമരപ്പൊട്ടൻ (gray tit)

പാരിഡെ കുലത്തിൽപ്പെടുന്ന പക്ഷി. ശാസ്ത്രനാമം: *പാരസ് മേജർ (Parus major).* മലമ്പ്രദേശങ്ങളിൽ കണ്ടുവരുന്നു.



ചാരമരപ്പൊട്ടൻ

13 സെ.മീറ്ററോളം നീളം ഉണ്ട്. ദേഹത്തിനു ചാരനിറമാണ്. പച്ചമരപ്പൊട്ടനോടു സാദൃശ്യമുണ്ട്. പച്ചമരപ്പൊട്ടൻെറ തലയിലെ ശിഖ ചാരമരപ്പൊട്ടനില്ല. തല, താടി, കഴുത്തിൻെറ പാർശ്വങ്ങൾ തുടങ്ങിയവ കറുത്തതാണ്. കണ്ണിനുതാഴെ വലിയ ഒരു വെളുത്ത പട്ടയുണ്ട്. ഇതിനെക്കാൾ വലുതാണ് ചിറകിനു താഴെയുള്ള പട്ട.

ഇണകളായും ചെറുകൂട്ടങ്ങളായും മറ്റു പക്ഷികളുടെ കൂടെയും ഇര തേടുന്നു. പാറ്റയും വണ്ടും പുഴുവും മറ്റുമാണു ഭക്ഷണം. ഇര തേടുമ്പോൾ ചിലയ്ക്കുന്ന പതിവുണ്ട്. മരങ്ങളിൽത്തന്നെയുള്ള ഇരയെയാണു ഭക്ഷിക്കുന്നത്.

ജൂൺ മുതൽ സെപ്റ്റംബർവരെയാണു പ്രജനനകാലം. അപ്പൂപ്പൻ താടി, തൂവൽ, രോമം തുടങ്ങിയവകൊണ്ടു കൂടുകൂട്ടുന്നു. മരങ്ങളിലും മൺതിട്ടകളിലും ഉള്ള മാളങ്ങളിലാണു കൂടുകൂട്ടുന്നത്. ഒരുതവണ നാലുമതൽ ആറുവരെ മുട്ടയിടും.

ചാരമുണ്ടി (grey heron)

ഒരിനം കൊക്ക്. കേരളത്തിലുള്ള കൊക്കുകളിൽ ഏറ്റവും വലുതാണു ചാരമുണ്ടി. ശാസ്ത്രനാമം: *ആർഡിയ സിനെറിയ(Ardea cinerea)*. ആർഡിഡെ കുലത്തിൽപ്പെടുന്നു. ഏതാണ്ടു കഴുകൻെറ വലുപ്പം ഉണ്ട്. നീണ്ട കാലുകളും മെലിഞ്ഞുനീണ്ട കഴുത്തും ഇതിൻെറ ശാരീരികമായ സവിശേഷതകളാണ്. ആഴം കുറഞ്ഞ ജലാശയങ്ങളിലും പാടങ്ങളിലും കാണുന്നു. ചാരയും വെള്ളയും കലർന്നനിറം. പറക്കുമ്പോൾ കഴുത്തു പുറകോട്ടു വലിച്ചുപിടിക്കും. കൂടെക്കൂടെ ശബ്ദിക്കാറുമുണ്ട്. ഒറ്റയ്ക്കോ ഇണകളായിട്ടോ, കാണപ്പെടുന്നു. പുറം ചാരനിറം. വയറും മാറിടവും കഴുത്തും എല്ലാം തൂവെള്ള. കണ്ണിൽനിന്നു തുടങ്ങി പുറകോട്ടു വളഞ്ഞുകിടക്കുന്ന കറുത്ത തൂവലുകൾ ഉണ്ട്. വെള്ളത്തിലിറങ്ങി നിശ്ചലനായിനിന്നു കഴുത്തു പുറകോട്ടു വലിക്കുന്നു. മീനോ മറ്റോ അടുത്തെത്തിയാൽ കഴുത്തു പെട്ടെന്നു നീട്ടി അതിനെ കൊക്കിലാക്കും. നീണ്ടു കൂർത്ത് ഒട്ടും വളവില്ലാത്ത കൊക്ക് ഇത്തരം ഇരപിടുത്തത്തിനു യോജിച്ചതാണ്. കേരളത്തിൽ ഇവ കൂടു കെട്ടുന്നതായി അറിവില്ല.



ചാരമുണ്ടി

ചാരവരിയൻ പ്രാവ്

ഒരിനം പ്രാവ്. ശാസ്ത്രനാമം: *ട്രെറോൺ പൊംപഡോറ (Treron pompadora)*. കാട്ടിലും നാട്ടിൻപുറത്തും ഏതുകാലത്തും കണ്ടുവരുന്നു. ചെറിയതല, തടിച്ച ദേഹം, കുറിയകാല്. ആൺ പ്രാവിൻെറ പുറം മറൂൺ നിറമാണ്, ചിറകുകൾ കറുത്തതും. തലയുടെ മുകൾ ഭാഗവും പിടലിയും ചാരനിറം. ഒതുക്കി വച്ചിരിക്കുമ്പോൾ ചിറകിൻെറ വക്കിൽ മഞ്ഞനിറം. അടിവശത്തു പച്ച കലർന്ന മഞ്ഞ. മാറത്തു നേരിയ ഓറഞ്ജു നിറമാണ്. മരങ്ങളുടെയിടക്ക് ഒളിഞ്ഞിരിക്കാൻ പറ്റിയ നിറമാണിത്. അത്തിവിഭാഗത്തിലെ വൃക്ഷങ്ങളിൽ പഴമുണ്ടാകുമ്പോൾ ആ മരങ്ങളിൽ ഒത്തുകൂടും. വളരെ വേഗം പറക്കുന്നു. ചെറിയ കൂട്ടങ്ങളായിട്ടാണു സഞ്ചാരം. ജനുവരി മുതൽ മാർച്ചുവരെയാണു പ്രജനനകാലം.



ചാരവരിയൻപ്രാവ്
ഇടത്ത്: പെൺപക്ഷി,
വലത്ത്: ആൺപക്ഷി

ചാരവൃത്തി

സൈനികവും രാഷ്ട്രീയവും വ്യാപാരപരവും മറ്റുമായ വിവരങ്ങൾ വിദഗ്ധ ദൂതന്മാർ വഴി ഗൂഢമായി ശേഖരിക്കുന്ന പ്രവൃത്തി. ഇത്തരം വിവരങ്ങൾ ശേഖരിക്കുന്നവരെ ചാരന്മാർ എന്നു പറയുന്നു.

ശത്രുവിൻെറ ദൗർബല്യങ്ങളും രാജ്യത്തെ പരിതഃസ്ഥിതികളും വേഷംമാറി നടന്നു നിരീക്ഷിക്കുക, എതിരാളിയുടെ ബന്ധുക്കളെ കൗശലത്തിൽ അകറ്റുക, ശത്രുക്കളെ പാട്ടിൽ പിടിക്കുക, ശത്രുരാജ്യത്തു ജനക്ഷോഭത്തെ പ്രോത്സാഹിപ്പിക്കുക മുതലായ പ്രവൃത്തികൾ രാജാവിൻെറ കർത്തവ്യത്തിൻെറയും രാജ്യതന്ത്രത്തിൻെറയും ഭാഗമായി ചാണക്യനീതിസൂത്രവും അർഥശാസ്ത്രവും പറയുന്നു. വിശാഖദത്തൻെറ 'മുദ്രാരാക്ഷസ'ത്തിൽ പലതരം ചാരപ്രവർത്തനങ്ങളെപ്പറ്റി പറയുന്നുണ്ട്. ശ്രീരാമൻ 'ദുർമുഖൻ' എന്ന ചാരനിൽനിന്നു സീതയെപ്പറ്റിയുള്ള അപവാദകഥ മനസ്സിലാക്കി സീതാനിർവാസനം നടത്തിയതായി വാല്മീകി വിവരിക്കുന്നു.

ഇൻറലിജെൻസ് (Intelligence) വകുപ്പിൻെറ പ്രവർത്തനവും ചാരവൃത്തിയുടെ ഭാഗമായി ഗണിച്ചിരുന്നെങ്കിലും ഇന്നു രണ്ടും തമ്മിൽ ഭേദമുണ്ട്. സി.ഐ.ഡി., സി.ബി.ഐ., ആർ.ഏ.ഡബ്ലിയു. മുതലായവയുടെ പ്രവർത്തനം തികച്ചും നിയമവിധേയമാണ്. വിദേശരാജ്യങ്ങളിൽ വിവരങ്ങൾ ചോർത്തി എടുക്കുന്ന പ്രവൃത്തി കുറ്റകരമാണ്. അതിനാണു ചാരവൃത്തി (espionage) എന്നു പറയുനത്.

ചാരവൃത്തി ഹീനമായ കുറ്റമായി എല്ലാ രാഷ്ട്രങ്ങളും ഗണിച്ചിരുന്നു. മുമ്പ് വിചാരണ കൂടാതെതന്നെ ചാരന്മാർക്കു വധശിക്ഷ നല്കിയിരുന്നു. എന്നാൽ ഇന്നു രാഷ്ട്രങ്ങൾ ചാരന്മാരെ നിർബന്ധപൂർവം മാതൃരാജ്യത്തേയ്ക്കു മടക്കി അയയ്ക്കയേ പതിവുള്ളു. കാരണം, നയതന്ത്രോദ്യോഗസ്ഥന്മാരാണ് അധികവും ചാരവൃത്തി നടത്താറുള്ളത്. അവർ തങ്ങൾ വസിക്കുന്ന വിദേശരാജ്യത്തെ നിയമത്തിനു വിധേയരല്ല. എന്നാൽ വിദേശചാരന്മാർക്കു കൂട്ടുനില്ക്കുന്ന സ്വദേശികളെ ശിക്ഷിക്കാറുണ്ട്. ഇന്ന് ഇതു സാധാരണമാണ്. അടുത്തകാലത്തു കുപ്രസിദ്ധി ആർജിച്ചതാണ് കൂമർ നാരാ

യണൻെറ കേസ്. ഇന്ന് ഇത്തരം പ്രവർത്തനം ഏതു രാജ്യത്തും നിരന്തരം നടന്നുകൊണ്ടേ ഇരിക്കുന്നു. ഉപഗ്രഹങ്ങൾ നടത്തുന്ന നിരീക്ഷണങ്ങൾ വഴിയും ഇന്നു രഹസ്യവിവരങ്ങൾ ശേഖരിക്കാൻ കഴിയുന്നു. ഇവിടെ കുറ്റവാളിയെ പിടിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

ചാരായം

ഒരു ലഹരിപാനീയം. ഈഥൈൽ ആൽക്കഹോൾ അഥവാ † എഥനോൾ (ഫോർമുല C_2H_5-OH) എന്ന കാർബണിക പദാർഥമാണു ചാരായത്തിൻെറ ലഹരിക്ക് ആധാരമായിട്ടുള്ളത്. മൊളാസസ്, സ്റ്റാർച്ച് എന്നിവ കിണ്വനവിധേയമാക്കിയാണ് എഥനോൾ നിർമിക്കുന്നത്. മദ്യശാലയിൽ വിതരണം ചെയ്യുവാനുള്ള ചാരായം കുപ്പികളിൽ നിറയ്ക്കുന്നത് ഇതു നേർപ്പിച്ചാണ്. മറ്റെല്ലാ മദ്യത്തിലും എഥനോൾ അടങ്ങിയിട്ടുണ്ടെങ്കിലും ഏറ്റവും കൂടിയ അളവിൽ അതുള്ളതു ചാരായത്തിലാണ്. ഇതിൽ മറ്റു മദ്യങ്ങളിലെതുപോലെ മണം, രുചി, നിറം എന്നിവയ്ക്കുവേണ്ടിയുള്ള പദാർഥങ്ങൾ ചേർക്കാറില്ല. എഥനോൾ എന്ന പദത്തിനു പകരമായും ചിലപ്പോൾ ചാരായം എന്ന വാക്ക് ഉപയോഗിക്കാറുണ്ട്.

ചാരുകേശി

ഒരു രാഗം. കർണാടകസംഗീതത്തിലെ 26-ാം മേളകർത്താരാഗമാണിത്.

ആരോഹണം: സരിഗമപധനിസ
അവരോഹണം: സനിധപമഗരിസ

ഷഡ്ജപഞ്ചമസ്വരങ്ങൾക്കു പുറമെ തീവ്രഋഷഭം, തീവ്രഗാന്ധാരം, കോമളമധ്യമം, കോമളധൈവതം, കോമളനിഷാദം എന്നീ സ്വരങ്ങളും ഈ രാഗത്തിൽ വരുന്നു. സമ്പൂർണരാഗമാണിത്. ഈ രാഗത്തിലെ മ, പ, നി എന്നീ സ്വരങ്ങളിൽ ഓരോന്നിനെയും ആധാരഷഡ്ജമാക്കിക്കൊണ്ട് ആലാപനം നടത്തിയാൽ യഥാക്രമം ഗൗരിമനോഹരി, നാടകപ്രിയ, വാചസ്പതി എന്നീ രാഗങ്ങൾ ജനിക്കും. ഇത് ഒരു രക്തിരാഗവും മൂർച്ഛനാകാരകരാഗവുമാണ്. ഏതു കാലത്തും പാടാം. ഈ രാഗത്തിൽ ഏറെ കീർത്തനങ്ങൾ ആലപിച്ചു കേൾക്കാറില്ല.

ആഡമോഡി ഗലദ (ത്യാഗരാജസ്വാമികൾ) കൃപയാ പാലയ ശൗരേ (സ്വാതിതിരുനാൾ) എന്നിവ ഈ രാഗത്തിലുള്ള പ്രസിദ്ധ കീർത്തനങ്ങളാണ്.

ചാരു ചന്ദ്രചക്രവർത്തി

† ജരാസന്ധൻ നോക്കുക.

ചാരുദത്തൻ

ശൂദ്രകൻെറ 'മൃച്ഛകടികം' (മൺവണ്ടി) എന്ന സാമൂഹിക നാടകത്തിലെ നായകൻ. രാജാക്കന്മാർ മാത്രമാണു സാധാരണമായി സംസ്കൃതനാടകങ്ങളിൽ നായകന്മാർ. വൈശ്യനായ കച്ചവടക്കാരനാണു ചാരുദത്തൻ. മാത്രമല്ല ഇദ്ദേഹം വസന്തസേന എന്ന വേശ്യയുടെ കാമുകനും അവളിൽ അനുരക്തനുമാണ്. ഇദ്ദേഹത്തിൻെറ ഔദാര്യം, സൗമ്യത, സ്നേഹാർഹത, ആത്മാർഥന, സത്യസന്ധത എന്നീ ഗുണങ്ങളാണു വസന്തസേനയെ വേശ്യാത്വം കൈവെടിഞ്ഞു ചാരുദത്തനെ സ്നേഹിക്കാൻ പ്രേരിപ്പിക്കുന്നത്. 'ന്യായവാസന്തസേനം', മൃച്ഛകടികം' എന്നീ സംസ്കൃതനാടകങ്ങളിലെ കഥകൾ യോജിപ്പിച്ച് ഒരൊറ്റ നാടകമാക്കി ഏ.ആർ. രാജരാജവർമ മലയാളത്തിൽ അവതരിപ്പിച്ച നാടകത്തിൻെറ പേര് ചാരുദത്തൻ എന്നാണ്.

ചാരുപടി

പഴയ കേരളീയ ഭവനങ്ങളിൽ മാളികമുകളിലെ മുറികളിലും താഴെ പുറത്തളങ്ങളിലും കാണുന്ന വാതിൽക്കട്ടിൽ. ജനൽ പ്രായേണ വീതി കൂടിയും ഉയരം കുറഞ്ഞുമിരിക്കും. വാസ്തവത്തിൽ ചാരുപടി ഒരു ജനലിൻെറ വാതിലാണ്. ജനൽ അടയ്ക്കത്തക്കവിധം ഒരു പലകയാണു ചാരുപടി. പലക മേല്പോട്ടു പൊക്കി അടച്ചാൽ തഴുതിടാനുള്ള സൗകര്യമുണ്ടായിരിക്കും. പലക (വാതിൽ) തുറന്നാൽ ഒരു കട്ടിലിൻെറ സ്ഥാനത്തുകിടക്കാൻ സൗകര്യപ്പെടുന്നതിനുവേണ്ടി രണ്ടു കാലുകൾ നിലത്ത് ഊന്നുന്നു. ജനൽ അടച്ചിട്ട രൂപത്തിലാവുമ്പോൾ ഈ രണ്ടു കാലുകളും മടങ്ങി പലകയോടു ചേർന്നിരിക്കയും ചെയ്യും. ഈ പലകയ്ക്കു 'ചാരുപടി' എന്നാണു പേര്. കൂടുതൽ കാറ്റും വെളിച്ചവും മുറിയിലേക്കു കടക്കാനും ആവശ്യമായാൽ കാറ്റുകൊണ്ടു കിടക്കാനും പറ്റിയൊരു ഉപകരണമാണിത്.

ചാരുമജുംദാർ (1915-1972)

നക്സലൈറ്റ് നേതാവായ കമ്യൂണിസ്റ്റ് തീവ്രവാദി. ആ പ്രസ്ഥാനത്തിൻെറ രാഷ്ട്രീയ സംഘടനയായ കമ്യൂണിസ്റ്റ് പാർട്ടി ഒഫ് ഇന്ത്യ (മാർക്സിസ്റ്റ് ലെനിനിസ്റ്റ്) രൂപവത്കരിക്കുന്നതിലും നേതൃത്വം വഹിച്ചു.

1915-ൽ ജനിച്ചു. സ്വാതന്ത്ര്യസമരകാലത്തുതന്നെ കമ്യൂണിസ്റ്റ് പ്രവർത്തകനായി രാഷ്ട്രീയജീവിതം ആരംഭിച്ചു. ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയിൽ ഭിന്നിപ്പുണ്ടായപ്പോൾ സി.പി.ഐ. (എം) പക്ഷത്തായിരുന്ന ചാരുമജുംദാർ 1967-ൽ ആ പാർട്ടിയുമായുള്ള ബന്ധം ഉപേക്ഷിച്ചു. ഭൂമിക്കും രാഷ്ട്രീയാധികാരത്തിനും വേണ്ടി 1967 മാർച്ചിൽ ഡാർജിലിങ് ജില്ലയിലെ (പശ്ചിമബംഗാൾ) നക്സൽബാരിയിൽ നടന്ന സായുധകലാപത്തിന് നേതൃത്വം നൽകി.

1969 ഏപ്രിൽ മാസത്തിൽ നേരത്തെ രൂപംകൊണ്ടിരുന്ന കമ്യൂണിസ്റ്റ് ഏകോപനസമിതിയുടെ സ്ഥാനത്ത് സി.പി.ഐ. (എം.എൽ) എന്ന പാർട്ടി രൂപവത്കരിച്ചു. അതിൻെറ സെക്രട്ടറി ജനറലായി. പാർട്ടിരൂപീകരിക്കുന്നതിലും തുടർന്നുള്ള പ്രവർത്തനങ്ങളിലും കൈക്കൊണ്ട കർക്കശ സമീപനംമൂലം ആദ്യകാലത്തെ സഹപ്രവർത്തകർ പലരും പിണങ്ങാനും പ്രത്യേക ഗ്രൂപ്പുകൾ ഉണ്ടാക്കാനും ഇടയായി.

1970-ൽ ഭരണകൂടത്തിനെതിരെ സായുധകലാപം സംഘടിപ്പിച്ചതിൻെറ പേരിൽ 'പിടികിട്ടേണ്ട' കുറ്റവാളിയായി പ്രഖ്യാപിക്കപ്പെട്ടു. 1972-ൽ അറസ്റ്റിലായി. ജയിലിൽ വച്ച് 1972 ജൂലൈ 28-ന് ഹൃദയസ്തംഭനം മൂലം അന്തരിച്ചു. †നക്സലൈറ്റ് പ്രസ്ഥാനം നോക്കുക

ചാർട്ടർ ആക്റ്റുകൾ

ഈസ്റ്റിന്ത്യാകമ്പനിയുടെ കീഴിലുണ്ടായിരുന്ന ബ്രിട്ടീഷിന്ത്യയിലെ ഭരണത്തെപ്പറ്റി ഉണ്ടായ നിയമങ്ങൾ. 1793, 1813, 1833, 1853 എന്നീ കൊല്ലങ്ങളിൽ ബ്രിട്ടീഷ് പാർലമെൻറ് പാസ്സാക്കിയ ചാർട്ടർ ആക്റ്റുകൾ എണ്ണപ്പെട്ടവയാണ്.

1793-ലെ ആക്റ്റ്. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനിക്കു നല്കിയിരുന്ന അധികാരപത്രത്തിൻെറ കാലാവധി 1793-ൽ അവസാനിച്ചതുകൊണ്ട് ആ കൊല്ലം അതു പുതുക്കേണ്ടിവന്നു. പ്രധാനമന്ത്രി പിറ്റും അദ്ദേഹത്തിൻെറ സുഹൃത്തും വാണിജ്യബോർഡ് അധ്യക്ഷനുമായ ഡൻഡാഡും കൂടിച്ചേർന്ന് 1793-ലെ ചാർട്ടർ ആക്റ്റ് തയ്യാറാക്കി.

ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനിയുടെ കുത്തകാവകാശം പൗരാവകാശത്തിന് ഊനം തട്ടാത്തവിധം 20 കൊല്ലത്തേക്കുകൂടി നീട്ടിക്കൊടുത്തു. ഓരോ പ്രവിശ്യയെയും ഓരോ ഗവർണറുടെ അധികാരപരിധിയിൽ കൊണ്ടുവന്നു. ബംഗാൾ ഗവർണർ ഇന്ത്യയുടെ ഗവർണർ ജനറൽ കൂടിയായി. ഗവർണറെ സഹായിക്കുവാൻ ഓരോ പ്രവിശ്യയിലും മുമ്മൂന്നു പേരടങ്ങുന്ന ഓരോ കൗൺസിൽ നിയുക്തമായി. ഡയറക്റ്റർബോർഡിൻെറ അംഗീകാരത്തോടെ മാത്രം ഇന്ത്യയിലെ സർവസൈന്യാധിപനു കേന്ദ്രനിർവാഹകസമിതിയിൽ അംഗമാകാമെന്നും വന്നു. നീതിന്യായം, നിയമനിർമാണം, നികുതിവ്യവസ്ഥ എന്നിവയൊഴികെ മറ്റു കാര്യങ്ങളിൽ കേന്ദ്രപ്രവിശ്യാനിർവാഹകസമിതികളുടെ തീരുമാനങ്ങളെ മറികടക്കുവാനുള്ള സ്വാതന്ത്ര്യം ഗവർണർ ജനറലിനും പ്രവിശ്യാ ഗവണർമാർക്കും നഷ്ടപ്പെട്ടു.

1813-ലെ ആക്റ്റ്. ചാർട്ടർ പുതുക്കുന്നതിനുമുമ്പുതന്നെ കമ്പനിയുടെ പ്രവൃത്തികളെ വിലയിരുത്താൻ 1808-ൽ ഒരു കമ്മിറ്റിയെ പാർലമെൻറ് നിയമിച്ചു. ഇന്ത്യയുമായുള്ള കച്ചവടം സ്വന്തം കുത്തകയാക്കിവയ്ക്കാൻ ഈസ്റ്റിന്ത്യാക്കമ്പനിയും അതിനെതിരെ മറ്റു ബ്രിട്ടീഷ് കച്ചവടക്കാരും പരിശ്രമിച്ചു.

എല്ലാ വാദഗതികളും കണക്കിലെടുത്തുകൊണ്ടു പാർലമെൻറ് 13 പ്രമേയങ്ങൾ പാസ്സാക്കുകയും അവയുടെ അടിസ്ഥാനത്തിൽ 1813-ലെ ചാർട്ടർ ആക്റ്റ് രൂപപ്പെടുത്തുകയും ചെയ്തു. ഇതനുസരിച്ചു കമ്പനിക്കു കീഴിലുള്ള പ്രദേശങ്ങളുടെയും അവയിൽനിന്നു ലഭിക്കുന്ന വരവിൻെറയും അവകാശം 20 കൊല്ലത്തേക്കുകൂടി കമ്പനിക്കുതന്നെ നല്കി.

ബ്രിട്ടീഷിന്ത്യയിലെ ജനങ്ങളുടെ ഇടയിൽ ശാസ്ത്രബോധം വളർത്തുന്നതിനും നാട്ടുകാരായ സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിച്ചു സാഹിത്യത്തിൻെറ പുരോഗതി ത്വരിതപ്പെടുത്തുന്നതിനും പ്രതിവർഷം ഒരു ലക്ഷം രൂപ കമ്പനി ചെലവിടേണ്ടതാണെന്നു ചാർട്ടർ ആക്റ്റ് നിർബന്ധിച്ചു. ഹെയ്‌ലിബറി കോളെജിൽ നാലു ടേമെങ്കിലും പഠിക്കാത്തവരെ കമ്പനിയുടെ ഗുമസ്തന്മാരാക്കരുതെന്നും നിർദേശിക്കപ്പെട്ടു. ഈ കോളെജും മദിരാശി, കല്ക്കത്ത എന്നിവിടങ്ങളിലെ കോളെജുകളും നിയന്ത്രണസമിതിയുടെ കീഴിൽ കൊണ്ടുവന്നു.

1833-ലെ ആക്റ്റ്. ബന്താം, മിൽ, മെക്കാളേ തുടങ്ങിയ രാഷ്ട്രമീമാംസകന്മാർ ജനാധിപത്യത്തെക്കുറിച്ച് ഉദാരമായ സങ്കല്പങ്ങൾ പ്രചരിപ്പിച്ചതിൻെറയും 1832-ലെ ബ്രിട്ടീഷ് ഭരണപരിഷ്കാര നിയമത്തിൻെറയും ഫലമായി ഈ ആക്റ്റ് ഈസ്റ്റിന്ത്യാക്കമ്പനിയുടെ കച്ചവടപ്രവർത്തനങ്ങൾ അവസാനിപ്പിക്കുകയും രാഷ്ട്രീയപ്രവർത്തനങ്ങൾക്ക് 20 കൊല്ലത്തെ കാലാവധി കൂടി അനുവദിക്കുകയും ചെയ്തു. പക്ഷേ, കമ്പനി അതിൻെറ പ്രദേശങ്ങളിൽ അധികാരം നിലനിർത്തുന്നതു ചക്രവർത്തിയുടെ ട്രസ്റ്റിയെന്ന നിലയിൽ ആയിരിക്കണം.

നിയന്ത്രണസമിതിയുടെ അധ്യക്ഷൻ ഇന്ത്യൻ കാര്യങ്ങൾ നോക്കുന്നതിനുള്ള ഒരു മന്ത്രിയായി. അദ്ദേഹത്തെ സഹായിക്കുന്നതിനു 2 അസിസ്റ്റൻറു കമ്മിഷണർമാർ നിയുക്തരായി.

ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ഭരണപരമായ ഉത്തരവാദിത്വം കൂടുതൽ കേന്ദ്രീകരിക്കപ്പെട്ടു. ബംഗാൾ ഗവർണർജനറൽ ഇന്ത്യയുടെ മുഴുവൻ ഗവർണർ ജനറലായി. കമ്പനിയുടെ ഇന്ത്യയിലെ സിവിൽസൈനികകാര്യങ്ങളുടെ സകല ഉത്തരവാദിത്വവും ഭരണപരമായ ചുമതലയും ഗവർണർ ജനറലിലും അദ്ദേഹത്തിൻെറ നിർവഹണസമിതിയിലും നിക്ഷിപ്തമായി. കേന്ദ്രഭരണം അംഗീകരിക്കുന്ന ചെലവിനങ്ങൾക്കു മാത്രമേ പ്രവിശ്യാ ഗവൺമെൻറുകൾക്ക് അവകാശമുണ്ടായിരുന്നുള്ളു. കേന്ദ്രത്തിൻെറ സമ്മതമില്ലാതെ പെൻഷന് അർഹതയുള്ള പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിക്കുവാൻ പ്രവിശ്യകൾക്ക് അധികാരമില്ലാതായി. പ്രവിശ്യകളിലെ ഉദ്യോഗസ്ഥന്മാരെ സസ്പെൻഡു ചെയ്യുവാനുള്ള അധികാരവും കേന്ദ്രത്തിനു ലഭിച്ചു.

ഇന്ത്യയിൽ കേന്ദ്രീകൃത നിയമനിർമാണവ്യവസ്ഥ നടപ്പിലാക്കുവാൻ ചാർട്ടർ ആക്റ്റ് സഹായകമായി. ഈ ചാർട്ടർ ആക്റ്റ് അനുസരിച്ചു പ്രവിശ്യകൾക്കുണ്ടായിരുന്ന നിയമനിർമാണാധികാരം പിൻവലിക്കുകയും ബ്രിട്ടീഷിന്ത്യയ്ക്കൊട്ടാകെ ബാധകമാകുംവിധം നിയമമുണ്ടാക്കാൻ ഗവർണർ ജനറലിന് അധികാരം ലഭിക്കുകയും ചെയ്തു. കമ്പനിയുടെ നിയമസംഹിതയേയൊ ചാർട്ടറിലെ വ്യവസ്ഥകളേയൊ മാറ്റിമറിക്കുവാൻ ഗവർണർജനറലിന് അധികാരമില്ലായിരുന്നു.

ഗവർണർ ജനറലിൻെറ നിർവഹണസമിതിയിൽ ലോമെംബർ എന്ന പുതിയൊരു തസ്തികയുണ്ടായി. വോട്ടവകാശമോ ക്ഷണിക്കാതെ സന്നിഹിതനാകുവാൻ അധികാരമോ ഇല്ലാതിരുന്ന ഈ അംഗത്തിൻെറ ചുമതല നിയമനിർമാണകാര്യങ്ങൾ മാത്രമായിരുന്നു.

പൊതുനിയമങ്ങളെ ക്രോഡീകരിക്കുന്നതിനായി ഒരു നിയമകമ്മീഷൻ രൂപീകരിക്കുന്നതിന് ചാർട്ടർ ആക്റ്റ് വ്യവസ്ഥചെയ്തു. മെക്കാളേയുടെ നേതൃത്വത്തിൽ നിയമിക്കപ്പെട്ട നിയമക്കമ്മിഷന് തന്മൂലം കഠിനപ്രയത്നമാണു വേണ്ടിവന്നത്. ഈ കമ്മിഷൻെറ ശുപാർശകളിൽ ഏറ്റവും പ്രധാനമായത് ഇന്ത്യൻ പീനൽകോഡ് ആണ്. ബ്രിട്ടീഷിന്ത്യൻ പൗരന്മാർക്ക് ജാതി-മത-വർഗ-വർണവ്യത്യാസത്തിൻെറ പേരിൽ ഔദ്യോഗികസ്ഥാനങ്ങൾ നിഷേധിച്ചുകൂടെന്നു ചാർട്ടർ ആക്റ്റ് വ്യവസ്ഥചെയ്തു.

1853-ലെ ആക്റ്റ്. ഇന്ത്യയിൽ ഈസ്റ്റിന്ത്യാക്കമ്പനിക്കുള്ള അവകാശങ്ങൾ 20 വർഷത്തേക്കു നീട്ടിക്കൊടുക്കുക എന്ന മുൻപതിവു മാറ്റി, പാർലമെൻറ് നിശ്ചയിക്കുന്ന കാലംവരെ ചക്രവർത്തിയുടെ ട്രസ്റ്റിയെന്ന നിലയിൽ ഇന്ത്യയിൽ പ്രവർത്തിക്കാനുള്ള അധികാരമേ കമ്പനിക്കു നല്കിയുള്ളു. പുതിയ ആക്റ്റനുസരിച്ചു ഗവർണർജനറലിൻെറ നിർവാഹകസമിതിയിൽ മുഴുവൻ സമയം പ്രവർത്തിക്കുന്ന അംഗമായിത്തീർന്നലോമെംബർ. പരിഗണനയ്ക്കു വരുന്ന ബില്ലുകൾ ചർച്ചചെയ്യുകയെന്ന സമ്പ്രദായവും അവ കൂടുതൽ പരിശോധനയ്ക്കു വിധേയമാക്കുന്നതിനുവേണ്ടി സെലക്റ്റ് കമ്മിറ്റിക്ക് അയയ്ക്കുകയെന്ന സമ്പ്രദായവും നടപ്പിൽവരുത്തി. ഗവർണർജനറലിൻെറ നിർവഹണസമിതി നിയമനിർമാണസമിതി കൂടിയായി പ്രവർത്തിക്കുമ്പോൾ 12 അംഗങ്ങളുള്ള ഒരു സമിതിയായി രൂപാന്തരപ്പെട്ടു. ഗവർണർജനറൽ, സർവസൈന്യാധിപൻ, നാലു നിർവാഹകസമിതിയംഗങ്ങൾ, 6 നിയമനിർമാണസഭാംഗങ്ങൾ എന്നിവരായിരുന്നു അവർ. നിയമനിർമാണസഭാംഗങ്ങളിൽ നാലു പേർ പ്രവിശ്യാപ്രതിനിധികളും ഒരാൾ ചീഫ് ജസ്റ്റിസും പന്ത്രണ്ടാമത്തെയാൾ ഒരു പ്യൂണി ജഡ്ജിയുമായിരുന്നു.

ഇന്ത്യാഗവൺമെൻറിലെ ഉയർന്ന ഉദ്യോഗങ്ങൾ വഹിക്കാനുള്ളവരെ തിരഞ്ഞെടുക്കേണ്ടത് ഒരു മത്സരപരീക്ഷയിൽക്കൂടി വേണമെന്നു തീരുമാനിച്ചു. മെക്കാളേപ്രഭുവിൻെറ അധ്യക്ഷതയിൽ 1854-ൽ ഇതിനായി ആദ്യത്തെ സമിതി നിയമിക്കപ്പെടുകയും ചെയ്തു.

ഇംഗ്ലണ്ടിൽ ഇന്ത്യയ്ക്കുവേണ്ടി ഒരു ലോക്കമ്മിഷനെ നിയമിക്കുന്നതിനും ആക്റ്റ് നിർദേശിച്ചു. ഇന്ത്യയിലെലോകമ്മിഷൻെറ നിർദേശങ്ങളെ കണക്കിലെടുത്ത് ഇന്ത്യയ്ക്ക് ആവശ്യമായ നിയമങ്ങൾ തയ്യാറാക്കുകയെന്നതായിരുന്നു ഇതിൻെറ ചുമതല. ഇന്ത്യയുടെ ഭരണം നടത്തുവാനാണ് 1853-ലെ ചാർട്ടർ ആക്റ്റ് കമ്പനിയെ ചുമതലപ്പെടുത്തിയത്.

എ.ജി. മേനോൻ

ചാർട്ടിസ്റ്റ് പ്രസ്ഥാനം

ഗ്രേറ്റ്ബ്രിട്ടനിലെ തൊഴിലാളികളുടെ ആദ്യത്തെ ദേശീയപ്രസ്ഥാനം. തൊഴിലാളി പ്രതിനിധികളും ചില പാർലമെൻറംഗങ്ങളും ഉൾപ്പെട്ട ഒരു സമിതി 1838-ൽ ഒരു അവകാശപ്രമാണം (ചാർട്ടർ) തയ്യാറാക്കി. ഈ ചാർട്ടറിൻെറ അടിസ്ഥാനത്തിൽ രൂപംകൊണ്ട പ്രസ്ഥാനമായതുകൊണ്ടാണു ചാർട്ടിസ്റ്റു പ്രസ്ഥാനം എന്നു പേരുണ്ടായത്.

21 വയസ്സിസുമേൽ പ്രായമുള്ള എല്ലാ പുരുഷന്മാർക്കും വോട്ടവകാശം അനുവദിക്കുക, തുല്യനിയോജകമണ്ഡലങ്ങൾ രൂപവത്കരിക്കുക, രഹസ്യവോട്ട് (ബാലട്ട്) സമ്പ്രദായം ഏർപ്പെടുത്തുക, കോമൺസ് സഭാംഗങ്ങൾ വസ്തുവകകൾ ഉള്ളവരായിരിക്കണമെന്ന വ്യവസ്ഥ റദ്ദാക്കുക, കോമൺസിലെ അംഗങ്ങൾക്കു ശമ്പളം കൊടുക്കുക, കോമൺസ്സഭയെ ആണ്ടുതോറും തിരഞ്ഞെടുക്കുക എന്നീ ആറ് ആവശ്യങ്ങളാണു ചാർട്ടറിൽ ഉണ്ടായിരുന്നത്. 1832-ലെ ഭരണപരിഷ്കാരങ്ങളുടെ അപര്യാപ്തതകൾ മൂലം ബഹുജനങ്ങൾക്കുണ്ടായ കടുത്ത നൈരാശ്യം, 1837-ലെ സാമ്പത്തികാധഃപതനത്തെ തുടർന്നുണ്ടായ വലിയ ദാരിദ്ര്യം, പുതിയൊരു സാമൂഹികവ്യവസ്ഥിതിയെക്കുറിച്ചുള്ള സ്വപ്നം, തൊഴിലാളികളുടെയിടയിൽ പുതുതായി ഉണ്ടായ വർഗബോധം ഇവയെല്ലാം ചാർട്ടിസത്തിനു ലഭിച്ച ബഹുജനപിന്തുണ നേടിക്കൊടുത്തു.

പാർലമെൻറിനു സമർപ്പിക്കാനുള്ള ഒരു ഭീമഹർജി തയ്യാറാക്കാൻ പ്രസ്ഥാനത്തിൻെറ നേതാക്കൾ ഒരുങ്ങി. ഹർജി തയ്യാറാക്കാനുള്ള ദേശീയ സമ്മേളനത്തിൻെറ പ്രതിനിധികളെ രാജ്യത്തിൻെറ വിവിധഭാഗങ്ങളിൽ നടത്തപ്പെട്ട വമ്പിച്ച പൊതുയോഗങ്ങളിൽവച്ചു തിരഞ്ഞെടുത്തു. 1839 ഫെബ്രുവരിയിൽ ലണ്ടനിൽവച്ചു സമ്മേളനം കൂടി. ഹർജി പാർലമെൻറു തള്ളിയാൽ വേണ്ട അനന്തരനടപടികളുടെ കാര്യത്തിൽ മിതവാദികളും തീവ്രവാദികളും തമ്മിൽ മതഭേദമുണ്ടായി. ലണ്ടൻ സമ്മേളനത്തിൻെറ നേതൃത്വം തീവ്രവാദികൾ പിടിച്ചെടുത്തു. ഇതിനിടയിൽ 15 ലക്ഷം പേർ ഒപ്പിട്ട ഒരു ഭീമഹർജി പാർലമെൻറിനു സമർപ്പിച്ചു.

1839 ജൂലായിൽ ഹർജി പാർലമെൻറ് ചർച്ചചെയ്തു. ഹർജി അനുവദിക്കണമെന്ന പ്രമേയം ജൂലായ് 12-ന് വോട്ടിനിട്ടപ്പോൾ ഭൂരിപക്ഷം ലഭിച്ചില്ല. കുപിതരായ ചാർട്ടിസ്റ്റുകൾ 'വിശുദ്ധമാസം' (Sacred Month) എന്നു വിളിക്കപ്പെടുന്ന പൊതുപണിമുടക്കിന് ആഹ്വാനം ചെയ്തതു വിജയിച്ചില്ല. എങ്കിലും അവിടവിടെ അക്രമാസക്തമായ പ്രകടനങ്ങളും ന്യൂപോർട്ടിൽ ലഹളയും നടന്നു. ന്യൂപോർട്ടിലെ ലഹളയെ പട്ടാളം അടിച്ചമർത്തി. ഈ ലഹളയ്ക്കു

നേതൃത്വം നല്കിയെന്ന കുറ്റം ചുമത്തി ജോൺ ഫ്രോസ്റ്റ് എന്ന നേതാവിനു വധശിക്ഷ വിധിക്കപ്പെട്ടു. മറ്റു പല ചാർട്ടിസ്റ്റു നേതാക്കളെയും രണ്ടും മൂന്നും വർഷത്തെ തടവിനും ശിക്ഷിച്ചു.

ചാർട്ടിസ്റ്റു പ്രസ്ഥാനത്തിലെ തീവ്രവാദികൾക്ക് ഇതു കനത്തൊരു പ്രഹരമായിരുന്നു. വീണ്ടും പാർലമെന്റിൽ സമർപ്പിക്കപ്പെട്ട ഹർജി പാർലമെന്റ് തള്ളിക്കളഞ്ഞു. അതിനെത്തുടർന്ന് ഇംഗ്ലണ്ടിന്റെ വടക്കൻ ഭാഗങ്ങളിൽ പണിമുടക്കങ്ങളും ലഹളകളും നടന്നു. ഗവൺമെന്റ് നിർദയമായി പ്രക്ഷോഭണത്തെ അടിച്ചമർത്തി.

പാർലമെന്റിനു മൂന്നാമതും ഒരു ഭീമഹർജി സമർപ്പിക്കുവാൻ ചാർട്ടിസ്റ്റുകൾ തീർച്ചയാക്കി. ഏപ്രിൽ 10-ന് കെന്നിങ്ടൺ മൈതാനത്ത് 50 ലക്ഷം പേർ സമ്മേളിച്ച് അവിടെനിന്നു വമ്പിച്ചൊരു ഘോഷയാത്രയായി കോമൺസ് സഭയിലേക്കു ചെന്നു. ഗവൺമെന്റ് ശക്തിയായ കരുതൽനടപടികൾ എടുത്തു. ഘോഷയാത്ര നടത്താതെതന്നെ ഹർജി സമർപ്പിക്കേണ്ടിവന്നു.

പാർലമെന്റ് ഈ ഹർജിയും തിരസ്കരിച്ചു. ഇങ്ങനെ ചാർട്ടിസ്റ്റ് പ്രസ്ഥാനം അന്നു പരാജയപ്പെട്ടെങ്കിലും ചാർട്ടിസ്റ്റുകൾ ഉന്നയിച്ച ആറ് ആവശ്യങ്ങളിൽ കോമൺസിലേക്കുള്ള തിരഞ്ഞെടുപ്പ് ആണ്ടുതോറും നടത്തണമെന്നുള്ളതൊഴിച്ചു ബാക്കിയെല്ലാം ബ്രിട്ടീഷ് ജനതയ്ക്കു പിന്നീടു അനുവദിച്ചുകിട്ടി.

ചാർട്ടേർഡ് കമ്പനി (Chartered Company)

ആധുനിക കാലഘട്ടത്തിന്റെ ആദ്യവർഷങ്ങളിൽ രൂപമെടുത്ത ഒരുതരം കോർപ്പറേഷൻ. അധീശാധികാരം നല്കുന്ന, സവിശേഷാവകാശങ്ങളും ബാധ്യതകളും നിർദേശിക്കുന്ന, ചാർട്ടർ (അധികാരപത്രം) ഇത്തരം സ്ഥാപനങ്ങൾക്കുണ്ട്. ഇവയുടെ പ്രവർത്തനപരിധിയും ചാർട്ടറിൽ വ്യക്തമാക്കിയിരിക്കും.

പഴയ വാണിജ്യസംഘങ്ങളുടെ മട്ടിൽ രൂപവത്കൃതമായയവ ആണ് ആദ്യത്തെ ഇംഗ്ലീഷ് ചാർട്ടേർഡ് കമ്പനികളായ മർച്ചന്റ് അഡ്വഞ്ചറേഴ്സ്, മർച്ചന്റ് സ്റ്റാപ്ലേഴ്സ് എന്നിവ. റെഗുലേറ്റഡ് കമ്പനികൾ സ്വന്തം ബാധ്യതയിൽ വ്യാപാരം നടത്തിയിരുന്ന വ്യക്തികളുടെ സംഘടനകൾ ആയിരുന്നു. എന്നാൽ അവരുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന കർക്കശനിയമങ്ങൾ ഉണ്ടായിരുന്നു.

16-ാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ ഇത്തരം കമ്പനികളുടെ എണ്ണം വളരെ വർധിച്ചു. കമ്പനികളുടെ പ്രവർത്തനങ്ങൾ അപരിചിതവും അസ്വസ്ഥവുമായ വിദേശരാജ്യങ്ങളിലേക്കു വ്യാപിച്ചപ്പോൾ ഫ്രഞ്ച്-ഇംഗ്ലീഷ്-ഡച്ചു കമ്പനികൾ ഗവൺമെന്റുകളുടെ പ്രോത്സാഹനത്തോടെ അംഗങ്ങളിൽനിന്നു മൂലധനം പിരിച്ചുണ്ടാക്കുന്നതും കൂട്ടുത്തരവാദിത്തം ഉള്ളതുമായ ജോയിന്റ് സ്റ്റോക്ക് കമ്പനികൾക്കു രൂപം നല്കി. കമ്പനിഭരണം കാര്യക്ഷമമായി നടക്കുന്നതിനുള്ള വ്യവസ്ഥകൾ എല്ലാ ചാർട്ടറുകളിലും ഉൾപ്പെടുത്തിയിരുന്നു.

1600-ൽ അധികാരപത്രം (Charter) നേടി സ്ഥാപിതമായ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി ഇന്ത്യയിൽ ഒരു സാമ്രാജ്യത്തിന് അടിസ്ഥാനമിട്ടു. പോർത്തുഗീസ്, ഡച്ച്, ഫ്രെഞ്ച് ഈസ്റ്റിന്ത്യാ കമ്പനികളും പൗരസ്ത്യദേശങ്ങളുമായുള്ള വ്യാപാരത്തിനുവേണ്ടി രൂപവത്കൃതമായവ ആണ്. ഇവയെല്ലാം കോളനികൾ സ്ഥാപിക്കുന്നതിൽ ഒരളവുവരെ വിജയം കൈവരിച്ചു. മാതൃരാജ്യത്തിനു പുറത്തുള്ള പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് ആദ്യകാലത്ത് ചാർട്ടേർഡ് കമ്പനികൾ എല്ലാംതന്നെ ഉണ്ടായത്.

ചാർണോക്, ജോബ്

† കൽക്കത്ത നോക്കുക.

ചാർമിനാർ

ഹൈദരാബാദ് നഗരത്തിലെ പ്രാചീന ശില്പങ്ങളിൽ ഒന്ന്. 1592-ൽ ഗോൽക്കൊണ്ട സുൽത്താൻ മുഹമ്മദ് ഖുലി കുത്തബ്ഷാ പണിയിച്ചതാണു നാലു ചെറുഗോപുരങ്ങളോടുകൂടിയ ഈ കൂറ്റൻ കവാടം. ഗോപുരങ്ങളുടെ ഉയരം 56.5 മീറ്റർ ആണ്. വട്ടക്കോണിയിലൂടെ ഓരോ മിനാറിന്റെയും മുകളിൽ എത്താം. മിനാറുകളുടെ മുകളിൽനിന്നു ഹൈദരാബാദ്, സിക്കന്ദരാബാദ് എന്നീ നഗരങ്ങളെ സാമാന്യമായി അവലോകനം ചെയ്യാം. ഹൈദരാബാദ് നഗരത്തിലെ തിരക്കുള്ള വ്യാപാരകേന്ദ്രമാണു ചാർമിനാർ പരിസരം. വളരെയേറെ പേരുടെ മരണത്തിനിടയാക്കിയ ഒരു മഹാമാരി ശമിച്ചതിന്റെ സ്മാരകമായി നിർമിച്ചതാണ് ഇത് എന്നു വിശ്വസിച്ചുപോരുന്നു. ചരിത്രപ്രസിദ്ധമായ മക്കാമസ്ജിദ് ചാർമിനാറിന്റെ തൊട്ടടുത്താണ്. പതിനായിരം പേർക്ക് ഇരുന്നു പ്രാർഥിക്കാൻ പറ്റുന്ന പള്ളിയാണു മക്കാമസ്ജിദ്. മക്കത്തെ പള്ളിയുടെ മാതൃകയിലാണു മക്കാമസ്ജിദ് നിർമിച്ചിരിക്കുന്നത്.


ചാർമിനാർ

ചാർവാകദർശനം

ഈശ്വരന്റെയും ആത്മാവിന്റെയും അസ്തിത്വം നിഷേധിക്കുന്ന ഭൗതികവാദം. ഈ ദർശനത്തെ ബാർഹസ്പത്യദർശനം, ലോകായതദർശനം എന്നിങ്ങനെയും പറയാറുണ്ട്.

ചാർവാകദർശനം ചാർവാകരുടെ, ചർവണശീലരുടെ, ദർശനം ആണെന്നു പറയുന്നു. ചർവണശീലർ, ഭക്ഷണത്തിനും വിഷയസുഖത്തിനും പ്രാധാന്യം നല്കുന്നവർ ആണ്. ലോകായതം ലോകത്തിൽ, ജനമധ്യത്തിൽ, പരന്നത്, പ്രചരിച്ചത് ആണ്. ജനങ്ങൾ പരക്കെ സ്വീകരിച്ച ഭൗതികവാദമാണു ചാർവാകദർശനം.

ബാർഹസ്പത്യ സൂത്രങ്ങളാണ് ഈ ദർശനത്തിന്റെ അടിസ്ഥാനം എന്നു കരുതുന്നു. ബാർഹസ്പത്യസൂത്രങ്ങൾ ഇന്നു ലഭ്യമല്ല. എന്നാൽ ബൃഹസ്പതിയുടെതെന്നും ചാർവാകരുടെതെന്നും ലോകായതവാദക്കാരുടെതെന്നും പറഞ്ഞു ചില സൂത്രങ്ങൾ, അവരെ ഖണ്ഡിക്കാൻവേണ്ടി മാത്രം ശ്രീശങ്കരപ്രഭൃതികൾ ഉദ്ധരിക്കുന്നു. അവർ വളച്ചൊടിച്ചതാകാം ഈ സൂത്രങ്ങൾ. എന്നാൽപ്പോലും ഈ സൂത്രങ്ങൾ ഉൾക്കൊള്ളുന്ന ചിന്തകൾ ശ്രദ്ധേയമാണ്.

ചാർവാകസിദ്ധാന്തങ്ങൾ. ആത്മാവിന്റെ അസ്തിത്വം ഈ ദർശനം നിഷേധിക്കുന്നു. ദേഹഭിന്നമായ ആത്മാവു ദേഹത്തിലുണ്ടെന്നു പറയുന്നതു യുക്തിയുക്തമല്ല. ബ്രഹ്മത്തിനുമാത്രം അസ്തിത്വം കല്പിക്കുന്ന വേദാന്തിയും ദ്രവ്യങ്ങളുടെ പരമാണുക്കൾക്കു നിത്യത കല്പിക്കുന്ന വൈശേഷികനും ലോകസ്രഷ്ടാവായ പരമാത്മാവിന്റെയും പരമാത്മഭിന്നരായ അനേകം ജീവാത്മാക്കളുടെയും അസ്തിത്വം നിഷേധിക്കാൻ കടപ്പെട്ടവരാണ്.

സ്വഭാവവാദം ചാർവാകർ ഉന്നയിക്കുന്നു. തീയുടെ ചൂടും കാറ്റിന്റെ ഗതിശീലവും വെള്ളത്തിന്റെ ദ്രവ്യത്വവും സഹജ സ്വഭാവങ്ങളാണ്. മണ്ണിൽ വീണ ബീജം വെള്ളവും വായുവും കിട്ടിയാൽ മുളച്ചുപൊന്തുന്നു. വെള്ളം സൂര്യോർജംകൊണ്ട് ആവിയായി ഉയരുന്നു. ഘനീഭവിച്ചു മഴത്തുള്ളികളായി ഭൂമിയിലേക്കു തിരിച്ചെത്തുന്നു. കുടത്തിന്റെയും മുണ്ടിന്റെയും നിർമാണത്തിലെപ്പോലെ ഈ ക്രിയകളുടെ പിന്നിൽ ഒരു ചേതനകാരണമില്ല. അപ്പോൾ ലോകസൃഷ്ടിയുടെ പിന്നിൽ ഒരു ചേതനകാരണം—ഈശ്വരൻ—വേണമെന്നില്ല.

ചൈതന്യം സ്വയം സൃഷ്ടമാണ്. പൃഥിവി, ജലം, തേജസ്സ്, വായു എന്നീ ഭൂതങ്ങൾ ചേരുമ്പോൾ ജീവശക്തി പ്രത്യക്ഷപ്പെടുന്നു. ഘടകങ്ങളിലില്ലാത്ത ലഹരി മദ്യത്തിലും വെറ്റില, പാക്ക്, ചുണ്ണാമ്പ് ഇവയിലില്ലാത്ത ചെമപ്പ് അവയുടെ സംയോഗത്തിലും ഉണ്ടാകുന്നതുപോലെ ആണ് ഇത്.

ആത്മാവ് ഇല്ലായ്കയാൽ പുനർജന്മമില്ല. പിറന്നു വീഴുന്ന ശിശു പരിശീലനം കൂടാതെ മുല കുടിക്കുന്നതു പൂർവജന്മവാസനകൊണ്ടാണെന്നു പുനർജന്മവാദികൾ പറയുന്നു. പക്ഷിയും ഇഴജന്തുവും ശലഭവുമായി ജന്മങ്ങൾ പിന്നിട്ട മനുഷ്യൻ പൂർവജന്മത്തിൽ മുല കുടിച്ചിരിക്കില്ല. ഗർഭസ്ഥശിശുവിൻെറ അനുഭവങ്ങൾ ഓർക്കാൻ കഴിയാത്ത മനുഷ്യൻ പൂർവജന്മ പരിശീലന സ്മരണ പുലർത്തുന്നു എന്നു പറയുന്നതു വിചിത്രമാണ്.

പരലോകത്തെ ചാർവാകർ നിഷേധിക്കുന്നു. വേദം നിരർഥകം എന്നു പറയുന്നു. യജ്ഞങ്ങൾ മദ്യമാംസപ്രിയരുടെ സൃഷ്ടിയെന്ന് അവർ ഉപഹസിക്കുന്നു. ദാനത്തിൻെറ മേന്മ, ഭസ്മധാരണം, തീർഥാടനം എല്ലാം തട്ടിപ്പുകളാണ്. ചാത്തക്കാരൻ ഉണ്ണുന്ന ചോറുകൊണ്ടു പരേതാത്മാവിനു വയർ നിറയുമെങ്കിൽ ദൂരയാത്രക്കാർ ഭാണ്ഡത്തിൽ ചോറു കരുതേണ്ട, വീട്ടിൽ ഇരുന്ന് ഒരാൾ ഉണ്ടാൽ മതിയല്ലോ എന്നൊക്കെ ചാർവാകർ പറയുന്നു എന്നു പറഞ്ഞ് എതിരാളികൾ പരിഹസിക്കുന്നു.

വാല്മീകിരാമായണത്തിൽ ജാബാലി ശ്രീരാമനു ചാർവാകദർശനം ഉപദേശിക്കുന്നു. ശ്രീരാമൻ പ്രകോപിതനാകുമ്പോൾ 'ജാബാലി അഭിജ്ഞനാണ്, അദ്ദേഹം പറയുന്നത് അസംബന്ധമല്ല' എന്നു വസിഷ്ഠൻ പറയുന്നു. പദ്മപുരാണത്തിലും വിഷ്ണുപുരാണത്തിലും ചാർവാകസിദ്ധാന്തങ്ങൾ വിവരിച്ചിട്ടുണ്ട്. ശ്രീശങ്കരൻെറ സർവസിദ്ധാന്തസംഗ്രഹം, ഹരിഭദ്രസൂരിയുടെ ഷഡ്ദർശന സമുച്ചയം, ശാന്തിരക്ഷിതൻെറ തത്ത്വസംഗ്രഹം, കൃഷ്ണമിശ്രൻെറ പ്രബോധചന്ദ്രോദയം, ശ്രീഹർഷൻെറ നൈഷധീയചരിതം മുതലായി അനേകം ഗ്രന്ഥങ്ങളിൽ ചാർവാകസിദ്ധാന്തങ്ങളെപ്പറ്റി പരാമർശങ്ങളുണ്ട്.

ചാർവാകൻ

ഭൗതികസുഖംതന്നെയാണു ജീവിതലക്ഷ്യം എന്നും, അതിനിടയിൽ ആധ്യാത്മിക കാര്യങ്ങൾക്കു യാതൊരു സ്ഥാനവുമില്ലെന്നും വാദിച്ച പ്രാചീനഭാരതീയദാർശനികൻ. 'ദേഹം തന്നെയാണ് ആത്മാവ്' എന്നു വാദിക്കുന്നവരുടെ പര്യായങ്ങളായി അമരകോശത്തിൽ ചാർവാകലൗകായതികശബ്ദങ്ങൾ പറഞ്ഞിരിക്കുന്നു. ഇദ്ദേഹം ജീവിച്ചിരുന്നതു രാമായണകാലത്തിനുമുമ്പായിരിക്കണമെന്നു ചിലർ വാദിക്കുന്നുണ്ട്. ചാർവാക സിദ്ധാന്തങ്ങളിൽ വിശ്വസിച്ച ജാബാലി ശ്രീരാമനെ വനവാസത്തിൽനിന്നു പിൻതിരിപ്പിക്കാൻ ശ്രമിച്ചതായി രാമായണത്തിലുണ്ട്.

ദുര്യോധനൻെറ സുഹൃത്തായ ഒരു ചാർവാകനെക്കുറിച്ചു മഹാഭാരതത്തിൽ പറയുന്നുണ്ട്. കുരുക്ഷേത്രയുദ്ധം കഴിഞ്ഞു പാണ്ഡവർ വിജയികളായി ഹസ്തിനപുരത്തിൽ പ്രവേശിച്ചപ്പോൾ അനവധി ബ്രാഹ്മണർ അവിടെയെത്തി ധർമപുത്രാദികളെ ആശീർവദിച്ചുവെന്നും, അക്കൂട്ടത്തിൽ ചാർവാകമതാവലംബിയായ ഒരു രാക്ഷസൻ ബ്രാഹ്മണവേഷം ധരിച്ച് അവിടെയെത്തിയെന്നും ധർമപുത്രരെ കുലദ്രോഹിയെന്നു മുദ്രകുത്തി ശകാരിക്കാൻ തുടങ്ങിയപ്പോൾ വാസ്തവം മനസ്സിലാക്കിയ ബ്രാഹ്മണർ അയാളെ തങ്ങളുടെ ഹുംകാരാഗ്നിയിൽ ഭസ്മമാക്കി എന്നും ആണ് മഹാഭാരത കഥ.

ചാലകത (conductivity)

ഒരു മാധ്യമത്തിനോ പരിപഥത്തിനോ വൈദ്യുതധാര വഹിക്കുവാനുള്ള കഴിവിനെ സൂചിപ്പിക്കുന്ന മാപനാങ്കം. ഖരപദാർഥങ്ങളിൽ ഇതു വൈദ്യുതപ്രവാഹത്തിൻെറയും വോൾട്ടതയുടെയും അനുപാതമായിരിക്കും. രോധ(resistance)ത്തിൻെറ വ്യുത്ക്രമം ആണു ചാലകത. എസ്.ഐ. സമ്പ്രദായത്തിലെ ഏകകം സീമെൻസ് (siemons) ആണ്. സി.ജി.എസ് സമ്പ്രദായത്തിൽ മോ(mho) ആയിരിക്കും. രോധത്തിൻെറ ഏകകമായ ഓം(ohm)ലെ ഇംഗ്ലീഷ് അക്ഷരങ്ങൾ തിരിച്ച് എഴുതിയതാണു മോ.

ചാലകങ്ങൾ (conductor—ഉദാ: ചെമ്പ്), അർധചാലകങ്ങൾ (semi conductor—ഉദാ: ജർമേനിയം), രോധി (insulator—ഉദാ: പി.വി.സി.) എന്നിങ്ങനെ ചാലകതയുടെ വ്യത്യാസം അനുസരിച്ചു ഖരവസ്തുക്കളെ മൂന്നായി തരംതിരിക്കാം. ലോഹങ്ങൾ എല്ലാം ചാലകങ്ങളാണ്. അവയ്ക്കു 10^{6} മുതൽ 18^{8} മോ ചാലകത (20°c താപനിലയിൽ) ഉണ്ടാകും. താപനില കൂടുന്തോറും ചാലകത കുറയും. അർധചാലകങ്ങൾക്കു 10^{-7} മുതൽ 10^{-5} മോ (mho) ചാലകത ഉണ്ടാകും. ഇവിടെ താപനില കൂടുന്നതനുസരിച്ചു ചാലകതയും കൂടും. കേവല പൂജ്യത്തോട് അടുത്ത താപനിലകളിൽ ഇവ വിദ്യുദ്രോധികളാണ്. 10^{-7}-യിൽ കുറഞ്ഞ ചാലകതയുള്ള പദാർഥങ്ങളാണു രോധികൾ. ഇവയുടെ താപനില കൂടുന്നതനുസരിച്ചു ചാലകതയും കൂടും.

ഒരു പദാർഥത്തിനു താപം വഹിക്കാനുള്ള കഴിവിനും ചാലകത എന്നു തന്നെയാണു പേർ. ഇവ തമ്മിൽ വേർതിരിക്കാനായി വിദ്യുദ് ചാലകത എന്നും താപചാലകത എന്നും വേർതിരിച്ചു പറയാറുണ്ട്.

ചാലക്കുടി

തൃശൂർ ജില്ലയിലെ ഒരു മുനിസിപ്പൽ പട്ടണം. വിസ്തൃതി 25.3 ച.കി.മീ. ജനസംഖ്യ 41,94 (1981). തൃശൂർ നഗരത്തിൽനിന്നു 30 കി.മീ. തെക്ക് നാഷനൽ ഹൈവേയിൽ സ്ഥിതിചെയ്യുന്നു. ടിപ്പുവിൻെറ സൈനികത്താവളമെന്ന നിലയിൽ ചരിത്രപ്രസിദ്ധമാണ്. വിനോദസഞ്ചാരകേന്ദ്രങ്ങളെന്ന നിലയിൽ അറിയപ്പെടുന്ന ആതിരപ്പള്ളിയും വാഴച്ചാലും ചാലക്കുടിക്കു സമീപമാണ്. സംസ്ഥാനത്തെ ആദ്യത്തെ സാമൂഹിക വികസനപദ്ധതികളിൽ ഒന്നായ കുന്നത്തുനാട്-ചാലക്കുടി കമ്മ്യൂണിറ്റി ഡിവലപ്പ്മെൻറ് പ്രോജക്റ്റിൻെറ ആസ്ഥാനം ചാലക്കുടി ആയിരുന്നു. ചെറുകിടവ്യവസായ കേന്ദ്രവും വ്യാപാരകേന്ദ്രവുമാണ് ഈ പട്ടണം. പിഗ്മെൻറ്സ് ഇന്ത്യ, എഡ്ഡി കറൻറ് കൺട്രോൾസ്, ടപ്പിയോക്കാപ്രോഡക്റ്റ്സ്, ചാലക്കുടി റിഫ്രാക്റീസ് തുടങ്ങിയ പ്രമുഖ വ്യവസായ സ്ഥാപനങ്ങളും ഒട്ടേറെ ഈർച്ചമില്ലുകളും, ഓടുഫാക്റ്ററികളും ഇവിടെ പ്രവർത്തിക്കുന്നു. മൂന്നു ദശകങ്ങൾക്കു മുൻപുവരെ പറമ്പിക്കുളത്തുനിന്നു ചാലക്കുടിക്ക്വരെ ട്രാംവേ സർവീസ് നിലവിലിരുന്നു. ഇവിടത്തെ തടിവ്യാപാരത്തിന് ഈ സർവീസ് ഉപയോഗപ്പെടുത്തിവന്നു. ഏതാനും ഹൈസ്കൂളുകൾക്കു പുറമെ പനമ്പിള്ളി മെമ്മോറിയൽ ഗവൺമെൻറ് കോളെജ്, സേക്രഡ് ഹാർട്ട് കോളെജ് ഫോർ വിമൻ എന്നിവയും ഇവിടെ ഉണ്ട്.



ചാലക്കുടി റെയിൽവേ സ്റ്റേഷൻ

ചാലക്കുടി നാരായണസ്വാമി (1925-)

തെക്കെഇന്ത്യയിലെ പ്രമുഖ വയലിൻ വാദകൻ. ചാലക്കുടിയിൽ സംഗീതത്തിനു പേർകേട്ട ഒരു കുടുംബത്തിൽ 1925 സെപ്റ്റംബർ 18-ാംന്ത ജനിച്ചു. സംഗീതത്തിൻെറ ബാലപാഠങ്ങൾ വലിയച്ഛനായ എൻ.കെ. അഖിലേശ്വരയ്യരിൽനിന്നു പഠിച്ചു പിന്നീടു ശെമ്മാംകുടി ശ്രീനിവാസയ്യരുടെ ശിക്ഷണത്തിൽ ഉപരിപാഠങ്ങൾ അഭ്യസിച്ചു. പൊതുരംഗത്തു വായ്പാട്ടു പാടാറില്ലെങ്കിലും അതിലും ഗണ്യമായ പ്രാവീണ്യമുണ്ട്. 1946-ൽ തിരുവിതാംകൂർ ബ്രോഡ്കാസ്റ്റിങ് കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിച്ചു. പിന്നീട് ആകാശവാണിയിൽ അതെ ജോലിയിൽ തുടർന്നു. 1956-ൽ ആകാശവാണിയിലെ ജോലി ഉപേക്ഷിച്ച് സ്വാതിതിരുനാൾ മ്യൂസിക് കോളെജിൽ വയലിൻ അധ്യാപകനായി ചേർന്നു. ക്രമേണ പ്രൊഫസറും പ്രിൻസിപ്പലുമായി. 1981-ൽ വിരമിച്ചു.

കേരള സംഗീതനാടക അക്കാദമി, കേന്ദ്രസംഗീത നാടക അക്കാദമി, മദിരാശി മ്യൂസിക് അക്കാദമി, അമേരിക്കയിലെ ഭൈരവി സാംസ്കാരിക സംഘടന തുടങ്ങിയ സ്ഥാപനങ്ങളുടെ ബഹുമതി നേടി. അരിയക്കുടി, ശെമ്മാംകുടി, മധുര മണിഅയ്യർ, ജി.എൻ.

ബാലസുബ്രഹ്മണ്യം, എം.എസ്. സുബ്ബലക്ഷ്മി തുടങ്ങിയ പ്രമുഖ ഗായകർക്ക് അകമ്പടിയായി വയലിൻ വായിച്ച് ഒന്നാംകിടയിലുള്ള ഒരു വയലിൻ വാദകൻ എന്ന കീർത്തി സമ്പാദിച്ചിട്ടുണ്ട്. യു.എസ്സിലും കാനഡയിലും സഞ്ചരിച്ചു കച്ചേരികൾ നടത്തിയിട്ടുണ്ട്. അനുജനും ശിഷ്യനുമായ ചാലക്കുടി എൻ.എസ്. ബാലകൃഷ്ണനോടൊന്നിച്ചും തനിച്ചും വയലിൻകച്ചേരികൾ നടത്താറുണ്ട്. തന്ത്രികളിൽ അഭ്യാസങ്ങളും മറ്റും കാണിച്ചു ശ്രോതാക്കളെ അമ്പരപ്പിക്കുന്നതിൽ വിമുഖനായ നാരായണസ്വാമി ശുദ്ധനാദോപാസകനും സാമ്പ്രദായികനുമാണ്.

ചാലക്കുടിപ്പുഴ

മധ്യകേരളത്തിലെ ഒരു നദി. നീളം 130 കി.മീറ്റർ ഷോളയാർ, പറമ്പിക്കുളം, തേക്കടി, കരപ്പാറ എന്നീ നാലു മുഖ്യ പോഷകനദികൾ ചേർന്നാണ് ഇതു രൂപം കൊള്ളുന്നത്. ആനമലയിൽനിന്നു ഷോളയാർ ഉദ്ഭവിക്കുന്നു. ഇതിന് 8 കി.മീ. വടക്കുകൂടി ഏകദേശം സമാന്തരമായി ഒഴുകിവരുന്ന പറമ്പിക്കുളം നദിയുമായി ഷോളയാർ കമ്പൻകുടിയിൽവച്ചാണു ചേരുന്നത്. ഷോളയാറിന്റെ നീർവാർച്ച വിസ്തൃതി (drainage area) 250 ച.കി.മീറ്റർ. പറമ്പിക്കുളത്തിന്റേത് 345 ച.കി.മീ. തേക്കടിപ്പുഴ (നീർവാർച്ചാ വിസ്തൃതി: 145 ച.കി.മീ.) കുരിയാങ്കുടിയിൽവച്ചു പറമ്പിക്കുളം പുഴയിൽ ചേരുന്നു. നെല്ലിയാംപതിയിൽനിന്ന് ഉദ്ഭവിക്കുന്ന കരപ്പാറ, (നീർവാർച്ചാ വിസ്തൃതി: 145 ച.കി.മീ.) ഷോളയാറും പറമ്പിക്കുളവും സംഗമിക്കുന്നതിന്റെ 1.6 കി.മീ. താഴെവച്ച് അതിനോടു ചേരുന്നു. അവിടം മുതലാണ് ഈ നദി ചാലക്കുടിപ്പുഴ എന്നറിയപ്പെടുന്നത്.



ചാലക്കുടിപ്പുഴ

ചാലക്കുടിപ്പുഴ കൊടുങ്ങല്ലൂരിന് 9.6 കി.മീ. കിഴക്കുള്ള എലന്തിക്കരയിൽ പെരിയാറിന്റെ വടക്കെ കൈവഴിയിൽ ചേരുന്നു. (ആ കൈവഴി കൊടുങ്ങല്ലൂർക്കായലിൽ പതിക്കുന്നു.) അതിനു മേൽഭാഗത്തായി ചപ്പാരത്തോട്, അരക്കയൻ, കുമ്പൻകുഴി, പിള്ളപ്പാറത്തോട്, അരൂർ മൊഴി എന്നീ പോഷകനദികൾകൂടി ഇതിൽച്ചേരുന്നുണ്ട്.

ചാലക്കുടിപ്പുഴയിൽ പല വെള്ളച്ചാട്ടങ്ങളുമുണ്ട്. ഏറ്റവും പ്രധാനം 30 മീറ്റർ ഉയരത്തിൽനിന്നു കുത്തനെ പതിക്കുന്ന അതിരപ്പിള്ളി വെള്ളച്ചാട്ടമാണ്. ഇതിന്റെ പോഷകനദികളിലാണ് ഷോളയാർ, പറമ്പിക്കുളം, പെരിങ്ങൽക്കുത്ത് എന്നീ അണക്കെട്ടുകൾ.

ചാലക്കുടി റിഫ്രാക്റ്ററീസ്

കേരളത്തിൽ സുലഭമായ കളിമണ്ണുപയോഗിച്ചു വ്യവസായങ്ങൾക്കാവശ്യമായ റിഫ്രാക്റ്ററീസ് ഉത്പാദിപ്പിക്കുന്നതിന് ചാലക്കുടി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായസ്ഥാപനം. 1969-മാർച്ച് 3-ാം ന രജിസ്റ്റർ ചെയ്തു. അധികൃത മൂലധനം 125-ലക്ഷം രൂപ. 150-ഓളം ജീവനക്കാരുള്ള ഈ സ്ഥാപനം നഷ്ടത്തിലാണു പ്രവർത്തിക്കുന്നത്.



ചാലക്കുടി റിഫ്രാക്റ്ററീസ്

പ്രവർത്തനരഹിതമായിരുന്ന കൊച്ചിൻ പോട്ടറീസ് സംസ്ഥാന ഗവൺമെൻറ് ഏറ്റെടുത്ത് 1969-ൽ ചാലക്കുടി പോട്ടറീസ് എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു. ഉയർന്നതരം ഇഷ്ടികകൾ ആണ് ആദ്യം നിർമിച്ചത്. പിന്നീട് റിഫ്രാക്റ്ററീസ് ഉത്പാദനം ആരംഭിക്കയും കമ്പനിക്ക് ഇപ്പോഴത്തെ പേർ നല്കുകയുംചെയ്തു. സംസ്ഥാന വ്യവസായ വികസന കോർപറേഷന്റെ സാങ്കേതിക സഹകരണത്തോടുകൂടി 1976-ൽ ഒരു നവീകരണ പരിപാടി നടപ്പാക്കി. വ്യവസായ മേഖലയിൽ റിഫ്രാക്റ്ററീസിന്റെ ആവശ്യം വർദ്ധിച്ചുവരികയാണ്. അതിനാൽ പുതിയ വികസനപരിപാടികൾ നടപ്പിൽ വരുത്തി ഈ സ്ഥാപനം ലാഭകരമാക്കാൻ കഴിയുമെന്നു കരുതുന്നു.

ചാലഞ്ചർ ഗവേഷകസംഘം

സമുദ്രഗവേഷണത്തിനായി ബ്രിട്ടീഷ് ഗവൺമെൻറ് അയച്ച സംഘം. ഇത്തരമൊരു ഉദ്യമം ലോകത്തിൽ ആദ്യമായിട്ടായിരുന്നു. പസിഫിക്, അത്ലാന്തിക്, അൻറാർട്ടിക് എന്നീ സമുദ്രങ്ങളിലാണു ഗവേഷണം നടത്തിയത്. 1872 മുതൽ 76 വരെ ഈ സംഘം പഠനം നടത്തി. ഈ പേരിനു കാരണം ആദ്യം പുറപ്പെട്ട കപ്പൽ 'എച്ച്.എം.എസ്. ചാലഞ്ചർ' ആയതാണ്. 'ലൈറ്റിനിങ്', പോർക്കുപ്പൈൻ



ചാലഞ്ചറിലെ
നാച്ചുറൽ ഹിസ്റ്ററി
ലബോറട്ടറി

എന്നീ കപ്പലുകളും പങ്കെടുക്കുകയുണ്ടായി. ഈ സംഘത്തിലെ നാവികാസേനാംഗങ്ങളുടെ കാപ്റ്റൻ ജി.എസ്. നരേസ് ആയിരുന്നു. ശാസ്ത്രജ്ഞന്മാരുടെ സംഘത്തെ പ്രൊഫ. വൈവിൽ തോംസൻ നയിച്ചു. കടലിന്റെ ആഴം മുതൽ ജലജീവികളുടെ ജീവിതരീതി വരെയുള്ള കാര്യങ്ങളെപ്പറ്റി സംഘം പഠനംനടത്തി. 362 താവളങ്ങളിൽവച്ചാണു ഗവേഷണങ്ങൾ നടത്തിയത്. അഡ്മിറാലിറ്റി ദ്വീപിനും ജപ്പാനും ഇടയിൽ കിടക്കുന്ന ഏതാനും ഭാഗങ്ങളാണു ലോകത്തിലെ ഏറ്റവും കൂടുതൽ ആഴമുള്ള സമുദ്രഭാഗങ്ങളെന്നു വെളിപ്പെടുത്തിയത് 'ചാലഞ്ചർ' റിപ്പോർട്ടാണ്. ശാസ്ത്രജ്ഞന്മാരുടെ വിവരണങ്ങൾ 50 വാല്യങ്ങളിലായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആഴിയുടെ അടിത്തട്ടിലെ ജീവജാലങ്ങൾ, ദൃശ്യങ്ങൾ എന്നിവയെക്കുറിച്ചുള്ള വിജ്ഞാനം വർധിപ്പിക്കുവാൻ ഈ ഗവേഷണം ഉപകരിച്ചു.

ചാലിയംകോട്ട

പഴയ വെട്ടത്തുനാട്ടിൽപെട്ട ചാലിയത്തുണ്ടായിരുന്ന കോട്ട. വെട്ടത്തുരാജാവിന്റെ അനുമതിയോടുകൂടി പോർത്തുഗീസുകാർ എ.ഡി. 1531-ൽ കെട്ടിയതാണ് ചാലിയംകോട്ട. സാമൂതിരി ഇക്കാലത്തു പോർച്ചുഗീസുകാരുമായി കലഹത്തിലായിരുന്നു. 1529 മുതൽ പോർത്തുഗീസ് ഗവർണറായി നിയമിതനായ നുനോദാ കുഞ്ഞയാണു ചാലിയത്തു കോട്ട കെട്ടിയത്. ചാലിയം കൈവശമായതുകൊണ്ടു പോർത്തുഗീസുകാർക്ക് എപ്പോൾ വേണമെങ്കിലും സാമൂതിരിയുടെ കടൽപ്പടയെ ആക്രമിക്കാമായിരുന്നു. 'സാമൂതിരിയുടെ കണ്ഠത്തിലേക്കുനീട്ടിയ പീരങ്കി' ആയിരുന്നു ചാലിയം കോട്ട.

1540-ൽ പോർത്തുഗീസുകാരുമായി സാമൂതിരി സന്ധിചെയ്തു. ഇതൊരു താല്ക്കാലിക ഉടമ്പടിമാത്രമായിരുന്നു. കൊച്ചീരാജാവും സാമൂതിരിയുടെ സുഹൃത്തായ വടക്കുംകൂറും തമ്മിലുള്ള തർക്കത്തിൽ പോർത്തുഗീസുകാർ ഇടപെട്ടതിനെത്തുടർന്ന് 1550-ൽ വീണ്ടും യുദ്ധം ഉണ്ടായി. 1572-ൽ സാമൂതിരിയുടെ സൈന്യം മൂറുകളുടെ സഹായത്തോടെ ചാലിയംകോട്ട വളഞ്ഞു. പോർത്തുഗീസുകാരെ വിട്ടയച്ചു. കോട്ട നിശ്ശേഷം നശിപ്പിച്ച് ചാലിയം പരപ്പനാട്ടുരാജാവിനു നല്കിയിട്ടാണു സാമൂതിരി മടങ്ങിയത്.

ചാലിയർ

കേരളത്തിലെ ഒരു ജനവിഭാഗം. വസ്ത്രംനെയ്ത്ത് കുലത്തൊഴിലായി സ്വീകരിച്ചവരെയാണു ചാലിയർ എന്നു പറഞ്ഞുവരുന്നത്. ജാലികൻ എന്ന സംസ്കൃതപദത്തിൽനിന്നാണു ചാലിയൻ എന്ന വാക്ക് ഉണ്ടായതെന്നു പറയപ്പെടുന്നു. ജാലം എന്ന പദത്തിനു വല എന്നാണു സംസ്കൃതത്തിൽ അർഥം. ജാലം നെയ്യുന്നവൻ എന്നർഥത്തിലുള്ള ജാലികൻ എന്ന വാക്ക് നെയ്ത്തുപണിയിലേർപ്പെടുന്നവർക്കു നല്കി. ജാലികൻ ചാലിയനായി രൂപാന്തരം പ്രാപിച്ചു. കേരളത്തിൽ ഇവർ പിന്നോക്കവിഭാഗക്കരാണ്.

ചാലിയാർ

വടക്കൻ കേരളത്തിലെ പ്രധാനപ്പെട്ട ഒരു പുഴ. പതനസ്ഥാനത്ത് ഇതിനു ബേപ്പൂർപ്പുഴ എന്നും പേരുണ്ട്. അനേകം ചെറുപുഴകളും തോടുകളും ചേർന്നാണ് ഈ നദി രൂപം കൊള്ളുന്നത്. പ്രധാനപ്പെട്ട പോഷകനദികളും അവയുടെ നീളവും നീർവാഴ്ചാവിസ്താര(drainage area)വും താഴെ പറയും പ്രകാരമാണ്:

	പോഷകനദി		നീളം (കി. മീ.)	നീർവാർച്ചാ വിസ്താരം (ച. കീ. മീ.)
1.	ചെറുപുഴ	..	37	210
2.	ഇരിങ്ങിപ്പുഴ	..	45	230
3.	കുറുമ്പൻ പുഴ	..	29	95
4.	കാഞ്ഞിരപ്പുഴ	..	18	82
5.	കരിമ്പുഴ	..	40	184
6.	പന്നപ്പുഴ	..	54	307
7.	വടപുറം പുഴ	..	38	256



ചാലിയാർ - ഒരുദൃശ്യം

സമുദ്രനിരപ്പിൽനിന്ന് 2,066 മീ. ഉയരമുള്ള എളംപരാലിമലയിൽനിന്നാണു ചാലിയാറിന്റെ ഉദ്ഭവം. മലപ്പുറം ജില്ലയിലെ ചേലമല, കാന്തപ്പാറ, കുറമ്പൻമല, മണ്ണാത്തിയമ്പലം, മമ്പാട്, എടവണ്ണ, അരീക്കോട് എന്നീ സ്ഥലങ്ങൾ കടന്നു വാഴക്കാട് എന്ന സ്ഥലത്തുവച്ച് ഈ നദി കോഴിക്കോട്ജില്ലയുടെ അതിർത്തിയിൽ (മാവൂർ) പ്രവേശിച്ചു ഫറോക്കിലൂടെ ഒഴുകി ബേപ്പൂരിൽവച്ചു കടലിൽ ചേരുന്നു. ആകെ നീളം 169 കി.മീറ്റർ. ഈ പുഴയുടെ മൊത്തം നീർവാർച്ചാവിസ്താരം 2,712 ച. കീ. മീറ്ററാണ്. ഇതിൽ 362 ച. കീ. മീ. സ്ഥലം തമിഴ്നാട്ടിലാണ്.

ഗതാഗതയോഗ്യമായ നദിയാണു ചാലിയാർ. വാഴക്കാടുവരെ വേലിയേറ്റം കാരണം ഉപ്പുവെള്ളം കയറും. നിലമ്പൂർ കാടുകളിൽനിന്നു തടി കോഴിക്കോട്ട് എത്തിക്കുന്നതു ചാലിയാർപുഴ വഴിയാണ്.

ചാലിയാറിന്റെ തീരത്തു പല വ്യവസായങ്ങളും കേന്ദ്രീകരിച്ചിട്ടുണ്ട്. മാവൂരിലെ ഗ്വാളിയർ റയോൺസ് ആണു പ്രമുഖ വ്യവസായസ്ഥാപനം; ഫറോക്കിൽ ഉള്ള ഓട്ടുകമ്പനികളും ചാലിയാർ തീരത്താണ്. ഗ്വാളിയാർ റയോൺസിൽനിന്നുള്ള നിർഗമം ശുദ്ധീകരിക്കാതെയും ഭാഗീയമായിമാത്രം ശുദ്ധീകരിച്ചും ചാലിയാറിലേക്ക് ഒഴുക്കുന്നതുമൂലം അതിലെ സമൃദ്ധമായ മത്സ്യസമ്പത്തു വൻതോതിൽ നശിച്ചിരിക്കുന്നു. റയോൺസ് ഫാക്റ്ററി കടന്ന് ഒഴുകുന്ന നദിയുടെ ഓരത്തു സ്ഥിതിചെയ്യുന്നതും ശുദ്ധജലം ആവശ്യമുള്ളതുമായ ഫാക്റ്ററികൾക്കു പ്രവർത്തിക്കാൻ കഴിയാത്ത ഒരു സാഹചര്യവും ഈ മലിനീകരണം മൂലമുണ്ടായി. വേലിയേറ്റസമയത്തു റയോൺസിന്റെ സ്ഥാനത്തിനു മേൽഭാഗത്തുള്ള കൂളിമാട് ശുദ്ധജലസംഭരണി(കോഴിക്കോട് നഗരത്തിൽ ശുദ്ധജലവിതരണം നടത്തുവാനുള്ള ജലസംഭരണി)യിൽ മലിനജലം കടക്കുമെന്ന ഭീഷണിയും ചില അവസരങ്ങളിൽ ഉണ്ടാകാറുണ്ട്. ചാലിയാർ മലിനീകരണത്തിനെതിരെ കേരള ശാസ്ത്രസാഹിത്യ പരിഷത്തു പോലുള്ള സംഘടനകളും വാഴക്കാട് പോലെയുള്ള നദീതീരഗ്രാമങ്ങളിലെ ജനങ്ങളും പ്രക്ഷോഭണം നടത്തിയതിന്റെ ഫലമായി നിർഗമനജലം കൂടുതൽ ശുദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു.

ചാലിസ് (Chalice)

† കാസ നോക്കുക.

ചാലൂക്യന്മാർ

ഡക്കാൺ (ദക്ഷിണാപഥം) ഭരിച്ച രാജാക്കന്മാർ. സാതവാഹനന്മാരുടെ അധഃപതനത്തിനുശേഷം ഡക്കാണിൽ അധികാരം സ്ഥാപിച്ചത് ചാലൂക്യരാണ്. ഇവർ കർണാടകക്കാരാണെന്നും ഉത്തരേന്ത്യയിൽനിന്നു വന്നവരാണെന്നും രണ്ട് അഭിപ്രായമുണ്ട്. ജയസിംഹൻ

ആണു ചാലൂക്യവംശത്തിലെ അറിയപ്പെടുന്ന ആദ്യരാജാവ്. ഇവരുടെ തലസ്ഥാനം വാതാപി (ബാദാമി) ആയിരുന്നു. അതുകൊണ്ട് ഇവരെ വാതാപിയിലെ ചാലൂക്യർ എന്നുപറയുന്നു. കല്യാണി തലസ്ഥാനമാക്കി ഭരിച്ച ചാലൂക്യരെ പില്ക്കാല ചാലൂക്യർ എന്നും കല്യാണിയിലെ ചാലൂക്യർ എന്നും പറയുന്നു. വെംഗി തലസ്ഥാനമാക്കി ഭരിച്ചവരാണ് ഒടുവിലത്തെ ചാലുക്യർ.

ചാലൂക്യന്മാർ, (കല്യാണി) (973—997)

കല്യാണി സ്ഥാനമാക്കി ഭരിച്ച ചാലൂക്യന്മാർ: 973-ൽ ആദി ചാലൂക്യവംശജനായ തൈലപ്പൻ II അവസാനത്തെ രാഷ്ട്രകൂട രാജാവായ കർക്കൻ രണ്ടാമനെ സ്ഥാനഭ്രഷ്ടനാക്കി. പൂർവികന്മാർ സ്ഥാപിച്ച തൻെറ വംശത്തെ അതിൻെറ പഴയ പ്രതാപത്തിലേക്കും പ്രശസ്തിയിലേക്കും ഉയർത്തി. ഇതോടുകൂടിയാണ് കല്യാണിയിലെ ചാലൂക്യർ എന്ന പേരിൽ അറിയപ്പെടുന്ന രാജവംശം ഉയർന്നത്. ഏകദേശം 225 വർഷം ഈ രാജവംശം നിലനിന്നു.

ഇരുപത്തിനാലു വർഷത്തെ ഭരണത്തിനിടയിൽ പഴയ ചാലൂക്യ രാജ്യത്തിലെ ഗുജറാത്തുപ്രവിശ്യ ഒഴികെയുള്ള പ്രദേശങ്ങളെല്ലാം തൈലപ്പൻ വീണ്ടെടുത്തു. ധാരയിലെ പരമാരരാജാവായ മുഞ്ജനെ തൈലൻ യുദ്ധത്തിൽ തോല്പിച്ചു തടവിലാക്കി. കുറച്ചുകാലം തൈലൻ മുഞ്ജനോടു ദയകാണിച്ചു; പക്ഷേ, തടവുചാടാനുള്ള ഒരു വിഫലശ്രമത്തെത്തുടർന്ന് മുഞ്ജനെ വധിച്ചു.

മാത്യഖേടയായിരുന്നു തലസ്ഥാനം. അവസാനത്തെ രാഷ്ട്രകൂടരാജാവിൻെറ പുത്രിയായ ജാകബ്ബ ആയിരുന്നു തൈലൻെറ പത്നി. സത്യാശ്രയനെന്നും ദാസവർമനെന്നും രണ്ടു പുത്രന്മാർ ഇവർക്കുണ്ടായിരുന്നു.

സത്യാശ്രയൻ (ഭ.കാ. 997-1008). സത്യാശ്രയൻ, പിതാവിനു ശേഷം രാജാവായി. രാജരാജചോളൻെറ ആക്രമണംമൂലം ചാലൂക്യ സാമ്രാജ്യത്തിനു പല നാശനഷ്ടങ്ങളും നേരിട്ടത് ഇക്കാലത്താണ്. രാജരാജൻ ഒരു വലിയ സൈന്യത്തോടുകൂടി രാജ്യം ആക്രമിച്ചു കൂട്ടക്കൊല നടത്തി. കിഴക്കൻ ചാലൂക്യരാജ്യമായ വെങ്കിയെയും രാജരാജൻ ആക്രമിച്ചു. കിഴക്കും പടിഞ്ഞാറും ഉള്ള ചാലൂക്യരെ തമ്മിൽ അകറ്റുവാൻ ഇദ്ദേഹത്തിനു കഴിഞ്ഞു. അങ്ങനെ ചെയ്തിരുന്നില്ലെങ്കിൽ വെങ്കിയിലെയും കല്യാണിയിലെയും ചാലൂക്യന്മാരുടെ യോജിച്ചുള്ള പ്രവർത്തനം ചോളശക്തിയെ ക്ഷീണിപ്പിക്കുവാനും അവരുടെ സാമ്രാജ്യവിസ്തൃതി തടയുവാനും ഇടയാക്കുമായിരുന്നു. 1007-നും 1008-നും ഇടയ്ക്കു ഡക്കാനിൽ രാജരാജൻ നടത്തിയ ആക്രമണത്തെ ചെറുക്കാനും തൻെറ ശക്തി നിലനിർത്താനും സത്യാശ്രയനു വളരെ ക്ലേശങ്ങൾ സഹിക്കേണ്ടിവന്നു. സത്യാശ്രയനു സന്താനങ്ങൾ ഇല്ലാതിരുന്നതിനാൽ അനുജൻ ദശവർമൻെറ പുത്രനായ വിക്രമാദിത്യനാണ് രാജാവായത്.

വിക്രമാദിത്യൻ V (ഭ. കാ. 1008-1014). വിക്രമാദിത്യൻെറ 6 വർഷത്തെ ഭരണത്തിനിടയ്ക്കു ചോളന്മാരുടെ ആക്രമണത്തെ നേരിടേണ്ടിവന്നു. നോലംബവാടിയിൽ ശക്തി ഉറപ്പിക്കുവാനാണ് ഇദ്ദേഹം ശ്രമിച്ചത്.

അയ്യണൻ (ഭ.കാ.1014-1015). വിക്രമാദിത്യൻെറ അനുജൻ. ഒരു വർഷം ഭരണം നടത്തിയുള്ളൂ.

ജയസിംഹൻ II (ഭ.കാ. 1015-1043). അയ്യണൻെറ അനുജനായ ജയസിംഹൻ പിന്നീടു രാജാവായി. ജഗദേകമല്ലൻ ഒന്നാമൻ എന്നും ഇദ്ദേഹത്തിനു പേരുണ്ട്. നോലംബവാടിയിൽനിന്ന് ഇദ്ദേഹത്തിൻെറ ശാസനങ്ങൾ കണ്ടുകിട്ടിയിട്ടുള്ളതുകൊണ്ട് ആ പ്രദേശത്തെ ചോളാധിപത്യം ഇദ്ദേഹം അവസാനിപ്പിച്ചു എന്നു കരുതാം.

സോമേശ്വരൻ I (ഭ.കാ. 1043-1068). ജയസിംഹൻെറ പുത്രൻ. തുടക്കത്തിലേ ചോളരാജാവുമായി യുദ്ധം ചെയ്യേണ്ടിവന്നു. 1052-ൽ ചോളരാജാവായ രാജാധിരാജനെ കൊപ്പത്തുവച്ചുള്ള യുദ്ധത്തിൽ വധിച്ചു.

ഇതിനുശേഷം ചാലൂക്യരും ചോളരുമായുള്ള മത്സരം തുടർന്നു. വിജയവാഡ യുദ്ധത്തിൽ സോമേശ്വരൻ തോറ്റു. 'കല്യാണി'യെ പ്രസിദ്ധമായ ഒരു പട്ടണമാക്കിയതും തൻെറ വംശത്തിൻെറ പേര് അതിനോട് അഭേദ്യമായി ബന്ധിച്ചതും ഇദ്ദേഹമാണ്.

ഇദ്ദേഹത്തെ അന്നത്തെ പല കവിതകളിലും കഥകളിലും നാടകങ്ങളിലും നായകനാക്കിയിട്ടുണ്ട്.

സോമേശ്വരൻ II (ഭ.കാ. 1068-1076). സോമേശ്വരൻ ഒന്നാമൻെറ മകൻ. ശൈവമതക്കാരൻ ആയിരുന്നു. പൊതുവെ ദുർബലനായിരുന്ന സോമേശ്വരൻ ജനങ്ങളെ മർദിക്കുകയും അവരുടെ വിദ്വേഷം സമ്പാദിക്കുകയും ചെയ്തു. പ്രാപ്തനായിരുന്ന അനുജൻ വിക്രമാദിത്യനെ വധിക്കുവാനും ശ്രമം നടത്തി. സോമേശ്വരനെ വിക്രമാദിത്യൻ 1076-ൽ സ്ഥാനഭ്രഷ്ടനാക്കി.

വിക്രമാദിത്യൻ VI (ഭ.കാ. 1076-1126). വിക്രമാദിത്യൻ ആറാമൻ സർവഥാ പ്രമുഖനായിരുന്നു. സിംഹാസനാരോഹണം മുതൽ ചാലൂക്യവിക്രമാബ്ദം ആരംഭിച്ചു. മരണത്തോടുകൂടി അതു അവസാനിച്ചു. സമാധാനപൂർണമായ അൻപതു വർഷക്കാലത്തിനിടയിൽ ഇടയ്ക്കിടെ സൈനിക നടപടികൾ വേണ്ടിവന്നിട്ടുണ്ട്. ബാണവാസിപ്രവിശ്യയുടെ ഭരണാധികാരിയായി അവരോധിക്കപ്പെട്ടിരുന്ന സഹോദരനായ ജയസിംഹൻ ലഹളയ്ക്കു പുറപ്പെട്ടപ്പോൾ അയാളെ അമർച്ച ചെയ്തു. കാഞ്ചിനഗരം കൈവശമാക്കി. 1117-ൽ ദ്വാരസമുദ്രത്തിലെ ഹോയ്സാലന്മാർ ചാലൂക്യരുമായി ശക്തിപരീക്ഷണത്തിന് ഒരുങ്ങി. പാണ്ഡ്യരാജ്യത്തിലെയും ഗോവയിലെയും കൊങ്കണത്തിലെയും രാജാക്കന്മാർ ഹോയ്സാലരാജാവുമായി സഖ്യത്തിലായിരുന്നു. വിക്രമാദിത്യൻ ആച്ചൻ എന്ന സാമന്തനെ ഈ സഖ്യത്തിനെതിരായ യുദ്ധത്തിനു നിയോഗിച്ചു. ആച്ചൻ ഹോയ്സാലന്മാരെ തോല്പിച്ചു.

കിട്ടിയിടത്തോളം തെളിവുകളിൽനിന്ന് പിൽക്കാല ചാലൂക്യവംശത്തിലെ ഏറ്റവും ഉന്നതനായ രാജാവ് വിക്രമാദിത്യനായിരുന്നുവെന്നു ഗ്രഹിക്കാം.

സോമേശ്വരൻ III (ഭ.കാ. 1126-1138). വിക്രമാദിത്യൻെറ പുത്രനായ സോമേശ്വരന് ഭൂലോകമല്ലൻ എന്നു പേരുണ്ടായിരുന്നു. പിതാവിനെപ്പോലെ ജ്ഞാനോപാസകനായ ഇദ്ദേഹം കവി ആയിരുന്നു. 'മാനസോല്ലാസം' ഇദ്ദേഹത്തിൻെറ കൃതിയാണ്. രാജനീതി, രാജകീയ വിനോദങ്ങൾ തുടങ്ങി വിവിധ വിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥമാണിത്.

ജഗദേകമല്ലൻ II (ഭ.കാ. 1138-1151). സോമേശ്വരൻ മൂന്നാമൻെറ പുത്രൻ. തെക്കൻ പ്രവിശ്യകളെ ആക്രമിച്ചു. ഹോയ്സാലന്മാരുടെ ആക്രമണത്തെ ചെറുത്തു. ചോളന്മാർ ഇദ്ദേഹത്തിൻെറ രാജ്യം ആക്രമിച്ചെങ്കിലും അവർ തോറ്റു പിൻവാങ്ങി.

തൈലൻ III (ഭ.കാ. 1151-1156). ജഗദേകമല്ലൻെറ സഹോദരൻ. ഇദ്ദേഹത്തിൻെറ ഭരണകാലത്ത് ചാലുക്യശക്തി ക്ഷയിക്കുവാൻ തുടങ്ങി. ചില സാമന്തന്മാർ ശക്തരും അക്രമാസക്തരുമായി. പ്രോളൻ ഒരിക്കൽ തൈലനെ തടവിലാക്കിയെങ്കിലും വിട്ടയച്ചു. വിജ്ജലൻ മുതലായ സാമന്തന്മാർ തൈലൻെറ മരണംവരെ ചാലൂക്യ മേൽക്കോയ്മ നാമമാത്രമായി അംഗീകരിച്ചു. പക്ഷേ, ചാലൂക്യരാജ്യത്തിൻെറ പ്രായോഗികമായ ഭരണാധികാരം വിജ്ജലൻ കൈയടക്കിയിരുന്നു.

സോമേശ്വരൻ (ഭ.കാ. 1181-1189). തൈലനു ശേഷമുള്ള 25 വർഷക്കാലം കല്യാണിയിൽ ആധിപത്യം നടത്തിയതു കലചുരി വംശക്കാരാണ്. 1181-ൽ സോമേശ്വരൻ ചാലൂക്യസിംഹാസനം വീണ്ടെടുത്തു. തുടർന്നുള്ള മൂന്നു വർഷത്തിനകം ആഹവമല്ലൻ, സിംഹണൻ എന്നീ കലചുരി രാജാക്കന്മാരെ സോമേശ്വരൻ തോല്പിച്ചു. വടക്കു ഗോദാവരിവരെയുള്ള ഡക്കാൺ പ്രദേശങ്ങളും ബല്ലാരി, ഷിമോഗപ്രദേശങ്ങളും അദ്ദേഹം ഭരിച്ചു. 1189-നോട് അടുപ്പിച്ചു യാദവഭില്ലമൻ എന്ന രാജാവ് ഡക്കാണിൻെറ ആധിപത്യം കൈയടക്കി.

കലയും മതവും. കിഴക്കൻ ചാലൂക്യർ 500-ൽ പരം വർഷം ഭരണംനടത്തി. അവർ കലയും സാഹിത്യവും പ്രോത്സാഹിപ്പിച്ചിരുന്നു. ഒരു പുതിയ ശില്പകലാസമ്പ്രദായം അവരുടെ കാലത്ത് രൂപമെടുത്തു—'ചാലൂക്യൻ ശില്പകല'. വിഷ്ണു, ശിവൻ തുടങ്ങിയ ദേവന്മാരുടെയും പുരുഷന്മാരുടെയും വലിയ ക്ഷേത്രങ്ങൾ പല സ്ഥലങ്ങളിലും പണികഴിപ്പിച്ചു. ഇന്നത്തെ ജീർണാവസ്ഥയിൽപ്പോലും അവ അന്നത്തെ രാജാക്കന്മാരുടെ പ്രതാപത്തിൻെറയും കലാവാസനയുടെയും ഉജ്വലസ്മാരകങ്ങളാണ്. 6-ാം ശതകത്തിൻെറ ഒടുവിൽ മംഗളേശചാലൂക്യൻ ബാദാമിയിൽ ഒരു ഗുഹാക്ഷേത്രം പണിയിച്ചു. ബൗദ്ധന്മാരുടെ ഗുഹാക്ഷേത്രങ്ങളുടെ മാതൃകയിലുള്ളതാണ് ഈ വിഷ്ണുക്ഷേത്രം. ചാലൂക്യരുടെ നാണയസമ്പ്രദായം കദംബന്മാരുടെ നാണയസമ്പ്രദായത്തെ ഒരതിർത്തിവരെ അനുകരിച്ചിരുന്നു.

ചാലൂക്യഭരണകാലത്ത് മതരംഗത്ത് പല വ്യതിയാനങ്ങളും സംഭവിച്ചു. വൈദികമതം മാത്രമല്ല ശൈവമതവും വൈഷ്ണവമതവും ജൈനമതവും പ്രാബല്യത്തിലിരുന്നു. ചിലെടത്ത്, വിശേഷിച്ച് അമരാവതിയിൽ, ബുദ്ധമതം നിലനിന്നിരുന്നതായി രേഖകളുണ്ട്. മഹാരാഷ്ട്രത്തിൻെറ തെക്കൻ ഭാഗങ്ങളിൽ ജൈനമതം പ്രചാരത്തിലിരുന്നു. സരതുഷ്ട്രമതം ചാലൂക്യരുടെ ഭരണകാലത്ത് എട്ടാം ശതക

ത്തോടുകൂടിയാണ് ഇന്ത്യയിലേക്കു കടന്നത്. 735-ൽ ഖുറാസാനിൽ നിന്നു വന്ന് ഇന്ത്യയിൽ താമസമുറപ്പിച്ച പാഴ്സികളുടെ ആദ്യത്തെ കുടിയേറ്റസംഘം ബോംബെയിൽ താനയിലെ സഞ്ജൻ എന്ന സ്ഥലത്തു താവളമുറപ്പിച്ചു. ഇതിൽനിന്നെല്ലാം മതസാഹോദര്യത്തിന്റെയും മതസഹിഷ്ണുതയുടെയും കാലമായിരുന്നു ചാലൂക്യരുടെതെന്ന് അനുമാനിക്കാം.

ചാലൂക്യന്മാർ (വാതാപി)

വാതാപി തലസ്ഥാനമാക്കി ഭരിച്ച ചാലൂക്യന്മാർ. മഹാരാഷ്ട്ര ദേശത്താണ് ചാലൂക്യന്മാർ അധികാരത്തിൽ വന്നത്. ആദ്യത്തെ തലസ്ഥാനം വാതാപിയായിരുന്നു. മഹാരാഷ്ട്ര സംസ്ഥാനത്തുള്ള ബീജപ്പൂർ ജില്ലയിലെ ബാദാമി (Badami) യാണ് ഇത്. ദക്ഷിണേന്ത്യയിൽ ചാലുക്യവംശത്തെ പ്രാബല്യത്തിലേക്കുയർത്തിയ രാജാവ് ജയസിംഹനാണ്. അദ്ദേഹം അയൽരാജ്യങ്ങളെല്ലാം കീഴടക്കി ആധിപത്യം സ്ഥാപിച്ചു. രണരാഗൻ ആയിരുന്നു ജയസിംഹന്റെ പിൻഗാമി.

പുലകേശി I (ഭ.കാ. 535-566). രണരാഗന്റെ പുത്രനാണ് പുലകേശി. ചാലുക്യവംശത്തിന്റെ യഥാർഥ സ്ഥാപകൻ. പുലകേശി സാമ്രാജ്യത്തിന്റെ വിസ്തൃതി വർധിപ്പിച്ചു. വാതാപി തലസ്ഥാനമാക്കി. തലസ്ഥാനനഗരിയിൽ ക്ഷേത്രങ്ങൾ പണിയിച്ചു. സത്യാശ്രയൻ, രണവിക്രമൻ, ശ്രീപൃഥ്വീവല്ലഭൻ മുതലായ ബിരുദങ്ങൾ ഇദ്ദേഹം ഉപയോഗിച്ചിരുന്നു.

കീർത്തിവർമൻ I (ഭ.കാ. 567-597). പുലകേശിയുടെ പുത്രൻ. ഉത്തരകൊങ്കണത്തിലെ മൗര്യന്മാരും ഉത്തരകാനറയിൽ ബാണവാസിയിലെ കദംബന്മാരും ഇദ്ദേഹത്തിനു കീഴടങ്ങി. തലസ്ഥാനനഗരി മോടിപിടിപ്പിച്ചു. മൂന്നുപുത്രന്മാർ ഉണ്ടായിരുന്നു. പിതാവു മരിക്കുമ്പോൾ അവർ കുട്ടികളായിരുന്നതുകൊണ്ട് സഹോദരനായ മംഗളേശൻ രാജ്യഭാരം ഏറ്റെടുത്തു.

മംഗളേശൻ (ഭ.കാ. 597-608). ചേദിരാജ്യത്തു ഭരണം നടത്തിയിരുന്ന കലചൂരിവംശത്തെ തോല്പിച്ചു. അവരുടെ തലസ്ഥാനം ജബൽപൂരിനടുത്തുള്ള തേവൂർ ആയിരുന്നു. പടിഞ്ഞാറെ തീരത്തുള്ള രേവതി ദ്വീപ് ആക്രമിച്ചു കീഴടക്കി. ബാദാമിയിലെ ഗുഹാക്ഷേത്രത്തിലെ ഒരു ലിഖിതത്തിൽനിന്നും രേവതിയിലെ വിഷ്ണുക്ഷേത്രം പണിയിച്ചതും മംഗളേശ്വരനാണെന്നു കാണുന്നു. കീർത്തിവർമന്റെ പുത്രനായ പുലകേശിക്കു സിംഹാസനം നല്കാതിരിക്കുവാനും സ്വപുത്രനെ സിംഹാസനാരോഹണം ചെയ്യിക്കുവാനും മംഗളേശൻ ഗൂഢാലോചന നടത്തി. എന്നാൽ ഇതിന്റെ ഫലമായി മംഗളേശനു രാജ്യവും ജീവനും നഷ്ടപ്പെട്ടു.

പുലകേശി II (ഭ.കാ. 610-642). ചാലൂക്യവംശത്തിലെ ഏറ്റവും പ്രസിദ്ധനായ രാജാവ്. മഹാനായ ഹർഷന്റെ സമകാലികനായിരുന്നു. എല്ലാ അയൽ രാജ്യങ്ങളെയും ഇദ്ദേഹം ആക്രമിച്ചു കീഴടക്കി. ഗുജറാത്ത്, മാൾവാ, കൊങ്കണം എന്നീ രാജ്യങ്ങൾ പിടിച്ചടക്കി. ഗോദാവരിയുടെയും, കൃഷ്ണയുടെയും ഡൽറ്റകൾക്കിടയിലുള്ള വെങ്കിദേശം ഇദ്ദേഹം കീഴടക്കി. ആ പ്രദേശത്തെ പല്ലവന്മാരുടെ മുന്നേറ്റം തടയാൻ അതിർത്തിപ്രവിശ്യയാക്കി. ഭരണകാര്യങ്ങൾ



വാതാപിയിലെ ശിവക്ഷേത്രം

സഹോദരനായ കുബ്ജവിഷ്ണുവർധനനു വിട്ടുകൊടുത്തു. അദ്ദേഹം 615-ൽ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ചാലൂക്യവംശത്തിന്റെ പുതിയ ശാഖ അവിടെ സ്ഥാപിച്ചു. വെങ്കിയിലെ കിഴക്കൻ ചാലൂക്യന്മാർ എന്ന് അവരെ വിളിക്കുന്നു. 1070-ൽ ചോളവംശത്തിൽ ലയിക്കുന്നതുവരെ ഈ ശാഖ നിലനിന്നു.

ചോളം, പാണ്ഡ്യം, കേരളം, പല്ലവം തുടങ്ങിയ തെക്കൻ രാജ്യങ്ങളെയും പുലകേശി ആക്രമിച്ചു. എന്നാൽ ഇദ്ദേഹത്തെ പ്രശസ്തിയുടെ കൊടുമുടിയിലെത്തിച്ചതു ഹർഷനെതിരായി നേടിയ വിജയമാണ്. 620-ൽ തന്റെ രാജ്യത്തിന്റെ നേർക്കു ഹർഷൻ നടത്തിയ ആക്രമണത്തെ പിൻതിരിപ്പിക്കുവാൻ ഇദ്ദേഹത്തിനു സാധിച്ചു. ഇങ്ങനെ ഇന്ത്യയുടെ മുഴുവൻ ആധിപത്യവും നേടാനുള്ള ഹർഷന്റെ ആഗ്രഹം തകർത്തു.

പേർഷ്യയിലെ രാജാവായ ഖുസ്രു II ഒരു പ്രതിപുരുഷനെ 625-ൽ പുലകേശിയുടെ സദസ്സിലേക്കയച്ചു. അക്കാലത്താണു പ്രസിദ്ധ ചീനസഞ്ചാരിയായ ഹ്യൂയൻസാങ് ചാലൂക്യസാമ്രാജ്യം സന്ദർശിച്ചത് (641). തലസ്ഥാനം നാസിക്ക് ആയിരുന്നു. പുലകേശിയുടെ സൈനിക ശക്തി ഹ്യൂയൻസാങ്ങിനെ ആകർഷിച്ചു. എല്ലാ പ്രജകളും രാജാവിന്റെ ആജ്ഞാനുവർത്തികളായിക്കഴിഞ്ഞിരുന്നു എന്നു ഹ്യൂയൻസാങ് രേഖപ്പെടുത്തി. ഈ നല്ലകാലം നീണ്ടുനിന്നില്ല. പല്ലവരാജാവായ നരസിംഹവർമൻ I ചാലൂക്യരാജ്യം ആക്രമിച്ചു വാതാപി പിടിച്ചടക്കി (642). യുദ്ധത്തിൽ പുലകേശി കൊല്ലപ്പെട്ടു.

വിക്രമാദിത്യൻ I (ഭ.കാ. 655-681). പുലകേശിയുടെ രണ്ടാമത്തെ പുത്രൻ. ഇദ്ദേഹത്തിന്റെ ഭരണകാലത്തു ചാലൂക്യവംശത്തിന്റെ ഒരു ശാഖ തെക്കെ ഗുജറാത്തിൽ സ്ഥാപിതമായി. ഈ സ്ഥലത്തിനു പണ്ടു ലാടം എന്നാണു പറഞ്ഞിരുന്നത്. ഇളയ സഹോദരനായ ജയസിംഹവർമനു വിക്രമാദിത്യൻ ഈ പ്രദേശം ദാനം ചെയ്തു.

വിനയാദിത്യൻ (ഭ.കാ. 681-696). വിക്രമാദിത്യന്റെ പുത്രൻ. തെക്കൻ രാജാക്കന്മാരുമായുള്ള യുദ്ധത്തിൽ വിനയാദിത്യൻ പിതാവിന്റെ പ്രീതി സമ്പാദിച്ചിരുന്നു. പല്ലവരാജാവിനെ നശിപ്പിക്കുവാനും രാജ്യത്തിൽ സമാധാനം സ്ഥാപിക്കുവാനും ഇദ്ദേഹം പിതാവിനെ സഹായിച്ചു. പല്ലവന്മാർ, കാളഭ്രന്മാർ, ഹേഹയന്മാർ, മാളവന്മാർ, ചോളന്മാർ, പാണ്ഡ്യന്മാർ എന്നിവരെ ചാലൂക്യന്മാരുമായി ശക്തമായൊരു സഖ്യത്തിൽ കൊണ്ടുവന്നു.

വിജയാദിത്യൻ (ഭ.കാ. 696-733). വിനയാദിത്യന്റെ പുത്രൻ. തെക്കൻ രാജാക്കന്മാരോടുള്ള യുദ്ധത്തിൽ പിതാമഹനെയും ഉത്തരേന്ത്യരുമായുള്ള യുദ്ധങ്ങളിൽ പിതാവിനെയും സഹായിച്ചിരുന്നു. രാജ്യത്തു സമാധാനവും സംതൃപ്തിയും നിലനിർത്തി. ഇദ്ദേഹത്തിന്റെ കാലത്ത് ത്രിമൂർത്തികളുടെ ബിംബങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടു.

വിക്രമാദിത്യൻ (ഭ.കാ. 733-745). വിജയാദിത്യന്റെ പുത്രൻ. മിന്നൽ ആക്രമണം നടത്തി പല്ലവരാജാവിനെ തോല്പിച്ചു. പല്ലവതലസ്ഥാനമായ കാഞ്ചിയിൽ പ്രവേശിച്ചു. തുടർന്നു ചോളന്മാർ, പാണ്ഡ്യന്മാർ, കേരളന്മാർ, കളഭ്രന്മാർ എന്നിവരെ യുദ്ധത്തിൽ പരാജയപ്പെടുത്തി. പട്ടാടയ്ക്കലെ വിരൂപാക്ഷക്ഷേത്രം വിക്രമാദിത്യന്റെ പട്ടമഹിഷിയായിരുന്ന ലോകമഹാദേവി പണിയിച്ചതാണ്.

കീർത്തിവർമൻ II (ഭ.കാ. 745-757). വിക്രമാദിത്യൻ II-ന്റെ പുത്രൻ. 753-നു ശേഷം സാമന്തനായിരുന്ന ദന്തിദുർഗൻ എന്ന രാഷ്ട്രകൂട രാജാവിനു കീഴടങ്ങേണ്ടിവന്നു. ഡക്കാണിന്റെ ആധിപത്യം രാഷ്ട്രകൂടന്മാരുടെ കൈകളിൽ അമർന്നു. ഏകദേശം രണ്ടേകാൽ ശതാബ്ദക്കാലം അവർ അവിടെ ആധിപത്യം വഹിച്ചു. ചാലൂക്യന്മാരുടെ പ്രധാന ശാഖ അതോടുകൂടി നാമാവശേഷമായി. എങ്കിലും നേരത്തെ ചില ശാഖകൾ സ്ഥാപിതമായിരുന്നു. അവയിൽ ഒന്നു തൈലപ്പന്റെ നേതൃത്വത്തിൽ ശക്തിപ്രാപിക്കുകയും ആധിപത്യം വീണ്ടെടുക്കുകയും ചെയ്തു (973).

ചാലൂക്യന്മാർ, (വെംഗി)

വെംഗി തലസ്ഥാനമാക്കി ഭരിച്ച ഒടുവിലത്തെ ചാലൂക്യന്മാർ. 624 മുതൽ 11-ാം നൂറ്റാണ്ടിന്റെ മധ്യംവരെ ഇവർ ഭരിച്ചു. പുലികേശി രണ്ടാമന്റെ സഹോദരൻ കുബ്ജ വിഷ്ണുവർധനൻ I ആയിരുന്നു ആദ്യ രാജാവ്. മകൻ ജയസിംഹൻ 641-ൽ അധികാരത്തിൽ വന്നു. ഇന്ദ്രഭട്ടാരകൻ, വിഷ്ണുവർധനൻ II, ജയസിംഹൻ മുതലായവർ തുടർന്നു ഭരിച്ചു. 1019-ൽ സ്ഥാനമേറ്റ രാജരാജനരേന്ദ്രനുശേഷം വിജയാദിത്യൻ VI അധികാരത്തിൽ വന്നെങ്കിലും അദ്ദേഹത്തിന്റെ കാലത്തോടെ ഈ വംശം അധികാരത്തിൽനിന്നു പുറംതള്ളപ്പെട്ടു.

ചാൽക്കോപൈറൈറ്റ്

ചെമ്പിന്റെ ഒരു അയിര്. ഫോർമുല. $CuFeS_2$. ഗ്രീക്ക് ഭാഷയിലെ 'Chalkos' = ചെമ്പ് 'Pyrites lithos' = തീയുണ്ടാക്കാവുന്ന കല്ല്. എന്നീ വാക്കുകളിൽനിന്നാണ് ചാൽക്കൊപൈറൈറ്റ് എന്ന പദം രൂപംകൊണ്ടിട്ടുള്ളത്. ഇതിന് കോപ്പർ പൈറൈറ്റ് (Copper pyrites) എന്നും പേരുണ്ട്.

ഭൗതികഗുണങ്ങൾ. ചതുർഭുജവ്യൂഹത്തിലാണ് ക്രിസ്റ്റലീകരണം. ചെമ്പിന്റെയും ഇരുമ്പിന്റെയും സൾഫൈഡായ $(Cu Fe S_2)$ ഈ ധാതുവിൽ ചെമ്പിന്റെ അംശം 34.5 ശതമാനം. ശുദ്ധമായ ഉപരിതലങ്ങളിൽ പിച്ചളമഞ്ഞനിറമാണ്. ഓക്സീകരണഫലമായി നിറത്തിനു മങ്ങൽ സംഭവിക്കുന്നു. കടുപ്പം 3.5-4, ആപേക്ഷിക ഘനത്വം 4.1-4.3. പ്രാകാശികമായി സമദൈശികം.

ഉപസ്ഥിതി: മുഖ്യ ചാൽക്കോപൈറൈറ്റ് നിക്ഷേപങ്ങൾ ജലതാപീയ (hydrothermal) വിഭാഗത്തിൽപ്പെടുന്നതാണ്. എന്നാൽ ലോകപ്രസിദ്ധമായ കൂപ്പ്ഹെർഷീഫർ (Kupferschiefer)ചെമ്പു നിക്ഷേപങ്ങളിലെ ചാൽക്കോപൈറൈറ്റ് കോപ്പർ സൾഫേറ്റിന്റെ നിരോക്സീകരണഫലമായി രൂപം കൊണ്ടിട്ടുള്ളതാണെന്നു കരുതപ്പെടുന്നു.

ചെമ്പുലോഹം പ്രധാനമായും ചാൽക്കോപൈറൈറ്റിൽനിന്നാണു ലഭിക്കുക. യു.എസ്, ചിലി, കാനഡ, സോവിയറ്റ് യൂണിയൻ, കോംഗോ തുടങ്ങിയ രാജ്യങ്ങളിലാണു ബഹുഭൂരിഭാഗം ചെമ്പും ഉത്പാദിപ്പിക്കുന്നത്. ഇന്ത്യയിലും ചാൽക്കോപൈറൈറ്റ് നിക്ഷേപങ്ങളുണ്ട്.

ചാൽക്കോസൈറ്റ് (Chalcocite)

ചെമ്പിന്റെ ഒരു പ്രധാന അയിര്. ഫോർമുല: Cu_2S. ചാൽക്കോസ് (ചെമ്പ്) എന്ന ഗ്രീക്കുപദമാണ് ഈ പേരിന് ആധാരം. കോപ്പർ ഗ്ലാൻസ് (Copper glance), വിട്രിയസ് കോപ്പർ (Vitreous copper) എന്നും വിളിക്കാറുണ്ട്. 78.8% ചെമ്പ് അടങ്ങിയ കോപ്പർ സൾഫൈഡാണ് (Cu_2S)ഇത്. ചിലപ്പോൾ ഇരുമ്പും ഉണ്ടാകും.

ഭൗതികഗുണങ്ങൾ. ഓർത്തോറോംബിക് വ്യൂഹത്തിൽ ക്രിസ്റ്റലീകരിക്കുന്ന അവ്യക്തമായ പ്രിസ്മീയവിദളനം, കറുപ്പുകലർന്ന ചാരനിറം, ഓക്സീകരണം സംഭവിച്ച ഉപരിതലങ്ങളിൽ പച്ച, നീല എന്നീ നിറങ്ങൾ, ലോഹധാവല്യം, കുറഞ്ഞ കടുപ്പം (2.5-3) കൂടിയ ആപേക്ഷിക ഘനത്വം (5.5-5.8) അതാര്യത എന്നിവയാണ് പ്രധാന ഭൗതികസവിശേഷതകൾ.

ഉപസ്ഥിതി: മറ്റ് ദ്വിതീയ ചെമ്പുധാതുക്കളോടൊപ്പം കണ്ടുവരുന്നു.

പ്രധാനപ്പെട്ട ചാൽക്കോസൈറ്റ് നിക്ഷേപങ്ങൾ സൈബീരിയ (സോവിയറ്റ് യൂണിയൻ) കോഗ്സ് ബെർഗ് (Kougsberg—നോർവെ) മോൺടേ കാൻറിനി, (Monte Cantini—ഇറ്റലി) മെക്സിക്കോ ചിലി, അമേരിക്കൻ ഐക്യനാടുകൾ, സാംബിയ എന്നിവിടങ്ങളിലാണ്.

ചാൽമൂഗ്ര (Chaulmoogra)

ഫ്ളക്കോർഷിയേസി കുലത്തിൽപ്പെട്ട മരം. † മരോട്ടിയുമായി സാമ്യം ഉണ്ട്. ശാസ്ത്രനാമം: *ഹിഡ്നോകാർപസ് കുർസെ (Hydnocarpus kurze)*. അസമിൽ കണ്ടുവരുന്നു.

ഇതിന്റെ കായിൽനിന്നു കിട്ടുന്ന എണ്ണ മരോട്ടിയെണ്ണ പോലെ കുഷ്ഠരോഗചികിത്സയ്ക്ക് ഉപയോഗിക്കുന്നു. അസമിൽത്തന്നെ ചതുപ്പുനിലങ്ങളിൽ വളരുന്ന *ഗൈനക്കോർഡിയ ഒഡറേറ്റ (Gynocordia odorata)* എന്നു ശാസ്ത്രനാമമുള്ള മരത്തിൽനിന്നും ചാൽമുഗ്രിക്എണ്ണ കിട്ടുന്നുണ്ട്. ചാൽമുഗ്രിക് അമ്ലത്തിന്റെയും ഹിഡ്നോകാർപിക് അമ്ലത്തിന്റെയും ഗ്ലിസറൈഡുകൾ ആണ് എണ്ണയുടെ ഔഷധഗുണത്തിനു കാരണം.

ചാവക്കാട്

ഗുരുവായൂർ ക്ഷേത്രപരിസരത്തിലെ ഒരു പട്ടണം `ശാവ(പ)ക്കാട്' ചാവക്കാടായെന്നാണ് ഐതിഹ്യം. ഒന്നാം ശതകത്തിൽ പൊന്നാനി താലൂക്കിലെ ബ്രാഹ്മണസങ്കേതമായിരുന്നു പാലയൂർ. ക്രിസ്തുമത പ്രചരണാർഥം ദിവ്യസിദ്ധികളുമായി ഇവിടെയെത്തിയ സെൻറ് തോമസ് പാലയൂരിലെ (ചാവക്കാട്ടെ) നമ്പൂതിരിമാരുമായി വാഗ്വാദത്തിൽ ഏർപ്പെടുകയും ദിവ്യശക്തികൊണ്ട് അവരെ പരാജയപ്പെടുത്തുകയും ചെയ്തു. സെൻറ് തോമസ്സിന്റെ അദ്ഭുതശക്തിയിൽ സ്തബ്ധരായ നമ്പൂതിരിമാർ പലരും ക്രിസ്തുമതത്തിൽ ചേർന്നു എന്നും ശേഷിച്ചവർ ആ സ്ഥലത്തെ ശപിച്ചുകൊണ്ട്



ചാവക്കാടുപട്ടണത്തിലെ ഒരുകവല

നാടുവിട്ടു എന്നുമാണ് ഐതിഹ്യം. പാലയൂർപള്ളി ചരിത്രപ്രസിദ്ധമാണ്. പള്ളിക്കു പിന്നിൽ കല്പടവുകളോടുകൂടിയ പഴയ ക്ഷേത്രക്കുളവും പള്ളിവളപ്പിനുള്ളിൽ അനേകം ശിലാവിഗ്രങ്ങളുമുണ്ട്. തോമാശ്ലീഹ സ്ഥാപിച്ച ചെറിയ പള്ളി പിൽക്കാലത്ത് (1780-'92) ടിപ്പു തകർത്തെങ്കിലും വീണ്ടും പുതുക്കിപ്പണിതു.

സ്വന്തം നാടിനെ രക്ഷിക്കാൻ ടിപ്പുസുൽത്താനോട് പടപൊരുതി വീരമൃത്യു വരിച്ച ധീരസേനാനിയായ 'ഹൈദ്രോസ്കുട്ടിമൂപ്പ'ന്റെ ഭൗതികാവശിഷ്ടങ്ങൾ ഉൾക്കൊള്ളുന്ന മണത്തല ജമാഅത്ത് പള്ളി മുസ്ലിം സമുദായത്തിന്റെ പ്രധാനപ്പെട്ട ആരാധനാകേന്ദ്രമാണ്. ചേറ്റുവാ നദീമുഖത്തിനു സ്വല്പം വടക്ക് കടൽത്തീരത്തു സ്ഥിതി ചെയ്യുന്നു.

1918 ഏപ്രിൽ മാസത്തിലാണ് ചാവക്കാടു പഞ്ചായത്തു രൂപം കൊണ്ടത്. 1962 ജനുവരി 26-ന് പഞ്ചായത്തിന്റെ വികസിതപ്രദേശമായ ഗുരുവായൂർ അമ്പലവും പരിസരപ്രദേശങ്ങളും ചേർത്ത് ഗുരുവായൂർ ടൗൺഷിപ്പ് രൂപവത്കരിച്ചു. ഇപ്പോൾ ചാവക്കാട് മുനിസിപ്പൽ പട്ടണമാണ്. പഴയ മലബാർ ജില്ലയിൽ പൊന്നാനി. താലൂക്കിലെ ഒരു ഫർക്കയുടെ ആസ്ഥാനമായിരുന്ന ചാവക്കാട് 1956-ൽ മലബാർ ജില്ല കേരള സ്റ്റേറ്റിൽ ലയിച്ചശേഷം തൃശൂർജില്ലയിലെ ഒരു താലൂക്കുതലസ്ഥാനമായി. പുതിയ താലൂക്കിനും അതേ പേർതന്നെ. താലൂക്കിന്റെ വിസ്തൃതി 234.3 ച.കി.മീ. ജനസംഖ്യ 3,76,666 (1981). ചാവക്കാടു ടൗണിന്റെ വിസ്തൃതി 12.41 ച.കി.മീ. ജനസംഖ്യ 34,344 (1981). കേരളത്തിന്റെ വടക്കെ അറ്റത്തുനിന്ന് തെക്കെ അറ്റത്തോളം ജലഗതാഗതത്തിനു പ്രയോജനപ്പെടുത്താവുന്ന കനോലിത്തോടു പട്ടണത്തിന്റെ മധ്യഭാഗത്തുകൂടി കടന്നുപോകുന്നു. തെങ്ങുകൃഷിയാണ് ഏറ്റവും പ്രധാനം. ചാവക്കാട്ടെ കൂടുതൽ എണ്ണമയമുള്ള മുഴുപ്പുള്ള തേങ്ങയ്ക്ക് അന്യസ്ഥലങ്ങളിൽ നല്ല വില കിട്ടും. മണൽ കലർന്ന മണ്ണാണെങ്കിലും വളം ചെയ്താൽ തെങ്ങ് സമൃദ്ധിയായി വളരുന്നു. തീരദേശത്തെ മുസ്ലിങ്ങൾ മീൻപിടിച്ച് നിത്യവൃത്തി കഴിക്കുന്നു. ബീഡിതെറുപ്പ് ചാവക്കാടിന്റെ പ്രത്യേകതയാണ്. ഇവിടെനിന്നു വളരെയധികം ആളുകൾ ഗൾഫ്നാടുകളിൽ പോയി ജോലിചെയ്യുന്നു.

ചാവടി

പൊതുവായ ആവശ്യങ്ങൾക്കുവേണ്ടിയുള്ള കെട്ടിടം. പാർവത്യകാരുടെ (Village officer) കച്ചേരിക്കും ചുങ്കപ്പുരയ്ക്കും ഈ പേരു പറഞ്ഞിരുന്നു. വീടിനടുത്തു വിശ്രമിക്കാനും സന്ദർശകരെ സ്വീകരിച്ചിരുത്തി സല്ലപിക്കാനുമുള്ള തുറന്ന പുരയും ചാവടിയാണ്. സത്രം, ഊട്ടുപുര, വീടിന്റെ മുമ്പിൽ കച്ചവടത്തിനുവേണ്ടി ചരക്കുകൾ നിരത്തിവച്ചു വില്പന നടത്തുന്ന മുറി, ഗ്രാമപ്പഞ്ചായത്തു സമ്മേളിച്ചിരുന്ന സ്ഥലം ഇവയ്ക്കും ചാവടി എന്നുപറഞ്ഞിരുന്നു. ചാവ്റി (Cavri) എന്ന ഉർദുപദത്തിന്റെ തദ്ഭവം ആണു ചാവടി.

ചാവണ്ടി

ബൊറാജിനേസി കുലത്തിൽപ്പെട്ട ഇലകൊഴിയുംമരം. ശാസ്ത്രനാമം: *എഹ്രീഷ്യ ലവിസ് (Ehretia Laevis)*, ഇന്ത്യയിലും ബർമയിലും 600 മീറ്റർ വരെ ഉയരമുള്ള മലകളിൽ വളരുന്നു. ഏകാന്തര വിന്യാസമുള്ള ലഘുപത്രം. പത്രത്തിന് 10-15 സെ.മീ. നീളവും 5-8 സെ.മീ. വീതിയും. സെപ്റ്റംബറിൽ പൂക്കും. വലിയ പൂക്കുലയാണ്. പൂവിനു വെള്ളനിറം. ചെറുതും ഗന്ധമുള്ളതുമാണ് ബാഹ്യദളപുടത്തിനും അഞ്ചു കർണങ്ങൾ വീതമുണ്ട്. കേസരങ്ങൾ അഞ്ച്. അണ്ഡാശയം ഊർധ്വവർത്തി. കായ് ഒക്റ്റോബറിൽ വിളഞ്ഞു ചെമപ്പു നിറമാകും. തടിയ്ക്ക് ഈടും ഉറപ്പുമുണ്ട്. കാർഷികോപകരണങ്ങൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്നു.



ചാവണ്ടിയുടെ
ശാഖയും പൂവും

ചാവറയച്ചൻ

†കുര്യാക്കോസ് ഏലിയാസ്, ചാവറ നോക്കുക.

ചാവികളും ചാവിച്ചാലുകളും (Keys and Keyways)

യന്ത്രഭാഗവും ഷാഫ്റ്റും തമ്മിൽ ആപേക്ഷികഭ്രമണം ഇല്ലാത്ത രീതിയിൽ ഘടിപ്പിക്കുവാനുള്ള സംവിധാനം. ഉദാഹരണമായി പൽച്ചക്രം, കപ്പി, ഫ്ളൈവീൽ, യുഗ്മനം (coupling), ഗിയർ മുതലായവ ഒരു ഷാഫ്റ്റുമായി ബന്ധിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന ഭാഗം. ചാവിയും (Key) ചാവിയിടുന്നതിന് യന്ത്രഭാഗത്തും ഷാഫ്റ്റിലും ഉണ്ടാകുന്ന പൊഴികൾ ചാവിച്ചാലുകളും



ഹബ്ഷാഫ്റ്റുമായി
ചാവി ഉപയോഗിച്ച് ബന്ധിപ്പിച്ചിരിക്കുന്നു



സൂചിച്ചാവി ഉപയോഗിച്ചുള്ള രണ്ടുതരം സംവിധാനങ്ങൾ

(Keyways) ആണ്. ചാവികൾ കൂടാതെ വെൽഡനം, ചുരുങ്ങൽ, ചേർപ്പ് (Shrink fit) എന്നീ രീതികളിലും യന്ത്രഭാഗങ്ങൾ യോജിപ്പിക്കാമെങ്കിലും അവ കേടുകൂടാതെ അഴിച്ചെടുക്കാനുള്ള സൗകര്യത്തിന് ചാവികൾ ഉപയോഗിച്ചുള്ള ചേർപ്പാണ് പൊതുവെ സ്വീകരിക്കുന്നത്. ഈ ഗുണമുണ്ടെങ്കിലും വളരെ കൂടുതൽ ശക്തി (power) പ്രേഷണം (transmission) ചെയ്യുവാൻ ഈ രീതി നല്ലതല്ല.

ഛേദതലത്തിൻെറ ആകൃതിയനുസരിച്ചാണ് ചാവികളെ തരംതിരിക്കുന്നത്. ഛേദതലം ചതുരാകൃതിയിലാണെങ്കിൽ അവ പരന്ന ചാവികൾ (flat keys) ആണ്; വൃത്താകാരത്തിലാണെങ്കിൽ സൂചിച്ചാവി (pin key) എന്നറിയപ്പെടുന്നു. ഇവ കൂടാതെ, ഗിബ്ശീർഷച്ചാവി (gib headed key) വുഡ്റഫ്റ്റ് ചാവി (wood ruft key) എന്നിങ്ങനെ ചാവികൾ വേറെയുമുണ്ട്.

ചാവുകടൽ (Dead Sea)

ഇസ്രയേലിൻെറയും ജോർദാൻെറയും അതിർത്തിയിൽ ജറുസലേം നഗരത്തിൽനിന്ന് 24 കി.മീ. കിഴക്കു മാറിയുള്ള പ്രദേശത്തിൽനിന്നു തെക്കോട്ടു നീണ്ടുകിടക്കുന്ന ഒരു തടാകം. വടക്കു നിന്നു ജോർദാൻ നദി ഈ തടാകത്തിലേക്കാണ് ഒഴുകിവീഴുന്നത്. ലോകത്തിലെ ഏറ്റവും താഴ്ന്ന പ്രദേശവും ജലനിരപ്പും ഇതാണ്. ഇതിലെ ജലനിരപ്പു മധ്യധരണിക്കടലിൻെറ ജലനിരപ്പിനെക്കാൾ 397 മീറ്റർ താണതാണ്.

ചാവുകടലിൻെറ കൂടിയ നീളം 81.6 കി. മീറ്ററും ഏറ്റവും കൂടിയ വീതി 17.6 കി. മീറ്ററും ശരാശരി ആഴം 329.2 മീറ്ററും ആണ്. ജലനിരപ്പിൻെറ മൊത്തം വിസ്തൃതി 1,048 ച.കി.മീ. മീറ്റർ. വടക്ക് ജോർദാൻ താഴ്വര, കിഴക്ക് മോജിബ്, മോബ് പീഠഭൂമി, തെക്ക് വാദി അൽ അരബാ മലയുടെ താഴ്വാരം, പടിഞ്ഞാറ് ജൂഡെ മലനിരകളും നെഗേവ് ഉന്നത തടവുമാണ് അതിർത്തികൾ.

ചാവുകടലിൻെറ വടക്കെ പകുതിയും തെക്കെ പകുതിയുടെ പകുതിയും ജോർദാനും ശേഷിച്ച ഭാഗം ഇസ്രയേലിനും അവകാശപ്പെട്ടതാണ്. 1967-ലെ അറബ്-ഇസ്രയേൽ യുദ്ധത്തിനു ശേഷം പടിഞ്ഞാറൻ തീരം മുഴുവനും ഇസ്രയേൽ സേനയുടെ നിയന്ത്രണത്തിലായി. ജോർദാൻ നദി കൂടാതെ, വാദിസ് ഹാസാ, മോജീബ്, സെർക്ക, ഉധെമി എന്നീ അരുവികളും പല ചെറുതോടുകളും തടാകത്തിൽ പതിക്കുന്നു. മിക്കവയും കിഴക്കുനിന്ന് ഒഴുകി തടാകത്തിൽ ചേരുന്നവയാണ്. ചാവുകടലിനു ജോർദാൻ നദി മൂലം ഗലീലി തടാകവുമായി ബന്ധമുണ്ട്. തടാകത്തിലെ ജലനിരപ്പിൻെറ നിയന്ത്രണം സാധിക്കുന്നതു ബാഷ്പീകരണം മൂലമാണ്. അതിനാൽ ശൈത്യകാലത്തെ അപേക്ഷിച്ച് വേനല്ക്കാലത്ത് തടാകത്തിലെ ജലനിരപ്പ് 3 മുതൽ 4.5 വരെ മീറ്റർ കുറവായിരിക്കും. ചാവുകടലിൻെറ തെക്കുകിഴക്കു ഭാഗത്ത് കടലിനുള്ളിലേക്കു തള്ളിനില്ക്കുന്ന ഒരു പ്രദേശമുണ്ട്. 9 കി.മീറ്റർ വീതിയും 82.8 ച.കി.മീറ്റർ വിസ്തൃതിയുമുള്ള ഈ ഉപദ്വീപിൻെറ പേര് അൽലിസാൻ എന്നാണ്. ഇതിൽ തെക്കുള്ള തടാകഭാഗം ഏതാണ്ട് ത്രികോണാകൃതിയിലുള്ളതും ആഴം കുറഞ്ഞതുമാണ്. ഉപദ്വീപിനു വടക്കുഭാഗത്ത് ഏറ്റവും കൂടിയ ആഴം 435 മീറ്റർ ആണ്. അതിന് തെക്കുഭാഗത്ത് ആഴം ഏതാണ്ട് 1 മുതൽ 9 വരെ മീറ്ററും.

ജലത്തിൻെറ പ്രത്യേകത. 1965-ൽ അൽലിസാനിൽ നടത്തിയ ഖനനഗവേഷണങ്ങളുടെ ഫലമായി ആ ഭാഗങ്ങളിൽ ഒരുകാലത്ത് സംസ്കാരസമ്പന്നമായ നഗരങ്ങളുണ്ടായിരുന്നു എന്നതിനു തെളിവുകൾ ലഭിച്ചിട്ടുണ്ട്. ഈ കടലിൻെറ ജലവും മറ്റു കടൽജലവും തമ്മിൽ ഗണ്യമായ വ്യത്യാസങ്ങൾ ഉണ്ട്. ചാവുകടൽ ജലത്തിനു സാധാരണ സമുദ്രജലത്തെക്കാൾ അഞ്ചിരട്ടി ഉപ്പുരസമുണ്ട്. കറിയുപ്പ്, ജിപ്സം, പൊട്ടാഷ് മുതലായവ ഈ വെള്ളത്തിൽ അടങ്ങിയിട്ടുണ്ട്. മറ്റു സമുദ്രങ്ങളിൽ ജലത്തിലെ ഖരവസ്തുക്കളുടെ തോത് 4-6 ശതമാനമായിരിക്കുമ്പോൾ ചാവുകടൽവെള്ളത്തിൽ അത് 25 ശതമാനമാണ്. ചാവുകടലിലെ വെള്ളത്തിൻെറ തൂക്കം ശുദ്ധജലത്തിൻെറ തൂക്കത്തെക്കാൾ 1/5 അധികമാണ്.

ചാവുകടൽ എന്ന പേര് അന്വർഥമാണ്. ഈ ജലാശയത്തിൽ ജീവികളില്ല. നദികളിൽ നിന്ന് ഇതിൽ പ്രവേശിക്കുന്ന ശുദ്ധജലജീവികൾ ഉടനടി ചത്തൊടുങ്ങുന്നു. ഉയർന്ന ഘനത്വം കാരണം ചാവുകടലിൽ മനുഷ്യശരീരം താണുപോകില്ല.

സോഡിയം, ക്ലോറിൻ, ഗന്ധകം, പൊട്ടാസ്യം, കാത്സിയം, മഗ്നീഷ്യം തുടങ്ങിയ നിരവധി വസ്തുക്കൾ ചാവുകടൽവെള്ളത്തിൽ ലയിച്ചുകിടക്കുന്നു. ഏതാണ്ട് 4,500 കോടി ടൺ ഖനിജവിഭവങ്ങൾ അതിനുള്ളിൽ ലയിച്ചുകിടക്കുന്നുണ്ട്. പൊട്ടാസ്യം ക്ലോറൈഡാണ് അവയിൽ പ്രധാനം.

ചാവുകടൽ ജലത്തിൽനിന്നു ധാതുദ്രവ്യങ്ങൾ വേർതിരിച്ചെടുക്കാൻ 1930-ൽ കല്യായിലും 1937-ൽ സോദോമിലും ഫാക്ടറികൾ സ്ഥാപിച്ചു. കല്യായിലെ പ്ലാൻറ് 1948-ലെ അറബി ഇസ്രയേൽ യുദ്ധത്തിൽ നശിപ്പിക്കപ്പെട്ടു. 1955-ൽ ഇസ്രയേൽ ഒരു പുതിയ പ്ലാൻറ് സോദോമിൽ സ്ഥാപിച്ചു. ബ്രോമിൻ, എതിലിൻ ഡൈബ്രോമൈഡ്, ടെട്രാബ്രോമോ ഈഥൈൻ, മഗ്നീഷ്യം ഓക്സൈഡ്, ഹൈഡ്രോക്ലോറിക് ആസിഡ്, കറിയുപ്പ്, അസ്ഫാൾട്ട് എന്നീ വസ്തുക്കൾ ചാവുകടൽ ജലത്തിൽനിന്നും ഉത്പാദിപ്പിക്കുന്നുണ്ട്. കൂടാതെ സോദോംപർവതത്തിൻെറ പടിഞ്ഞാറുഭാഗത്തും ഉപദ്വീപിലും എണ്ണഖനനവും ആരംഭിച്ചിട്ടുണ്ട്.

ചാവുകടൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നു

വിദേശ കമ്പനികളുടെ സഹായത്തോടുകൂടി ജോർദാനും തങ്ങളുടെ പ്രദേശത്തെ ചാവുകടലിൽനിന്ന് ലോഹശേഖരണം നടത്തുന്നുണ്ട്.

ചാവുകടൽതീരപ്രദേശം നാലുഭാഗങ്ങളിലും കടൽനിരപ്പിനു താഴെയാണ്. വടക്കും തെക്കും ഈ താണപ്രദേശം താരതമ്യേന വിസ്തൃതമാണ്. കിഴക്കും പടിഞ്ഞാറും തീരങ്ങൾ വീതികുറഞ്ഞതാണ്. ഒരുകാലത്ത് വെറുക്കപ്പെട്ട ഈ സ്ഥലം ഇന്ന് സുഖവാസകേന്ദ്രമായി മാറിയിട്ടുണ്ട്, വിശേഷിച്ചും ശൈത്യകാലങ്ങളിൽ. ജെറുസലേം തുടങ്ങിയ സ്ഥലങ്ങളിൽ അതിശൈത്യവും ഹിമപാതവും ആരംഭിക്കുമ്പോൾ ഈ കടൽക്കരയിൽ സുഖകരമായ കാലാവസ്ഥയായിരിക്കും.

ചാവുകടൽ ചുരുളുകൾ (Dead Sea Scrolls)

ചാവുകടൽത്തീരത്തെ ശിലാഗുഹകളിൽ നിന്നു കണ്ടെടുത്ത രേഖകൾ. പുരാതന ഗ്രന്ഥങ്ങളുടെ കൈയെഴുത്തു പ്രതികളാണ് ഇവ. പഴയ നിയമത്തിലെ എസ്തേറിൻെറ പുസ്തകമൊഴിച്ചു ശേഷിച്ച എല്ലാ പുസ്തകങ്ങളുടെയും കൈയെഴുത്തുപ്രതികൾ ഇവയിലുണ്ട്. ഓലയിലും തുകലിലും ചെമ്പുതകിടുകളിലും എഴുതപ്പെട്ട ഈ രേഖകൾ ഹീബ്രു ഭാഷയിലും അരാമിക്ക് ഭാഷയിലുമാണ്. ആദി



കുമ്രാനിൽ
നിന്നുലഭിച്ച
ചെമ്പുചുരുളുകൾ

കാല ക്രിസ്തുമതത്തോട് സാമ്യമുള്ള യഹൂദമതവിഭാഗത്തെക്കുറിച്ചുള്ള പുതിയ അറിവുകൾ ഈ ചുരുളുകളിൽ നിന്നുലഭിക്കുന്നു. 1950-'51-ൽ അമേരിക്കൻ സ്കൂൾ ഓഫ് ഓറിയൻറൽ റിസർച്ച് മൂന്നു ചുരുളുകളുടെ ഉള്ളടക്കം പ്രസിദ്ധീകരിച്ചു. തുടർന്ന് വേദ പണ്ഡ് [illegible] രും ഖനനസംഘങ്ങളും കുമ്രാനിലും ഖിർബത് കുമ്രാനിലും ഉണ്ടായിരുന്ന അനേകം ഗുഹകളിലും മലകളിലും നടത്തിയ ഗവേഷണങ്ങളുടെ ഫലമായി എബ്രായ, ഗ്രീക്ക്, അരാമിക്ക് എന്നീ ഭാഷകളിൽ എഴുതപ്പെട്ട അനവധി ചുരുളുകൾ കണ്ടെടുക്കപ്പെട്ടു. ജോർദാൻ ഗവൺമെൻറിൻെറ പുരാവസ്തുഗവേഷണവകുപ്പ്, ഫ്രെഞ്ച് സ്കൂൾ ഓഫ് ആർക്കിയോളജി, പാലസ്തീൻ ആർക്കിയോളജിക്കൽ മ്യൂസിയം തുടങ്ങിയ സ്ഥാപനങ്ങൾ ഈ ഗവേഷണത്തിൽ ഏർപ്പെട്ടു.

1952-നു ശേഷം ചുരുളുകളടങ്ങിയ പത്തു ഗുഹകൾകൂടി കണ്ടുപിടിച്ചു. അവയെല്ലാം വാദികുമ്രാൻ താഴ്വരയ്ക്കു സമീപം ആദ്യം ചുരുളു കണ്ടെടുത്ത ഗുഹയിൽനിന്ന് ഒന്നര കി. മീറ്ററിനുള്ളിൽ സ്ഥിതിചെയ്തിരുന്നു. ഇതിനകം കുമ്രാൻ ഭാഗത്തുള്ള 11 ഗുഹകളിൽ നിന്നായി മൊത്തം 600 കൈയെഴുത്തു പ്രതികളുടെ അവശിഷ്ടങ്ങൾ ലഭിച്ചു. കുമ്രാനു സമീപത്തുനിന്നു പില്ക്കാലത്ത് എഴുതപ്പെട്ട ചുരുളുകളും കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ മൂന്നിൽ ഒരു ഭാഗം ബൈബിളിലെ പഴയ നിയമത്തിൻെറ ഭാഗങ്ങളാണ്. ശേഷിച്ചവ പഴയ നിയമത്തെപ്പറ്റിയുള്ള വ്യാഖ്യാനങ്ങൾ, വിവരണങ്ങൾ, ഗീതങ്ങൾ, ആരാധനാക്രമങ്ങൾ, അഫോക്രിപ്പൽ പുസ്തകങ്ങൾ എന്നിവയുമാണ്.

ചാവുകടൽചുരുളുകൾ
പുന:സംയോജിപ്പിക്കുന്നു

മോശയുടെ ന്യായപ്രമാണപുസ്തകങ്ങളെന്നു കരുതിവരുന്ന ആദ്യത്തെ അഞ്ചു പുസ്തകങ്ങളുടെയും യശയ്യാപ്രവാചകൻെറ പുസ്തകത്തിൻെറയുമാണു ഏറ്റവും കൂടുതൽ പ്രതികൾ.

സ്വർണവും വെള്ളിയും സുഗന്ധദ്രവ്യങ്ങളും ഒളിച്ചുവച്ചിരുന്ന 60 സ്ഥാനങ്ങളുടെ വിവരണങ്ങളും അവയിൽ ഉണ്ടായിരുന്നു.

കുമ്രാൻഭാഗത്തുനിന്നു കണ്ടെടുക്കപ്പെട്ട ചുരുളുകൾ ബി.സി. മൂന്നാം ശതകംമുതൽ എ.ഡി. 68-ലെ റോമൻ ആക്രമണകാലം വരെയുള്ള കാലഘട്ടത്തിൽ എഴുതപ്പെട്ടവയാണ്. കുമ്രാൻെറ തെക്ക് മുറാബാത് താഴ്വരയിൽ നിന്നു ലഭിച്ചവ എ.ഡി. രണ്ടാം ശതകത്തിലും ഖിർബത്മിർഡ് എന്ന പടിഞ്ഞാറൻ ഭാഗത്തുനിന്നു ലഭിച്ചവ എ.ഡി. 6-8 ശതകങ്ങളിലും രചിക്കപ്പെട്ടവയാണ്.

ചാവേറ്റുപട

'കൊല്ലുക അല്ലെങ്കിൽ ചാവുക' എന്ന നിഷ്ഠയോടെ യുദ്ധത്തിനു പോകുന്ന ഭടന്മാരുടെ സംഘം. പ്രാചീന കേരളചരിത്രത്തിൽ ചാവേറ്റുപട (ചാവേർപ്പട) യെപ്പറ്റിയുള്ള വീരകഥകളുണ്ട്. എ.ഡി. പതിനൊന്നാം ശതകം മുഴുവൻ നീണ്ടുനിന്ന ചോള-ചേരയുദ്ധത്തിൽ ഇവർ മുഖ്യപങ്കുവഹിച്ചു.

ചോള-ചേരയുദ്ധകാലത്ത്, കേരളത്തിലുടനീളം നിർബന്ധിത സൈനിക സേവനം നടപ്പിലാക്കി. എങ്ങും കളരികൾ ഉണ്ടായി. ഈ കാലത്താണു 'ചാവേർപ്പട' എന്ന ഒരു പുതിയ സൈന്യവിഭാഗം സംഘടിപ്പിച്ചത്. ഇവർ 'ആത്മഹത്യാദളങ്ങൾ' (Suicide squads) തന്നെയായിരുന്നു. മഹോദയപുരത്തെ കുലശേഖര പരമ്പരയിൽ അവസാനത്തെ കണ്ണിയായ രാമവർമ കുലശേഖരൻ (എ.ഡി. 1090-1102) അണിനിരത്തിയ ചാവേറ്റുപടയുടെ തള്ളിക്കയറ്റംമൂലം ചോളന്മാർക്കു പിന്മാറേണ്ടിവന്നു.

കുലശേഖര സാമ്രാജ്യത്തിൻെറ അധഃപതനാനന്തരം അധികാരത്തിൽവന്നത് കോഴിക്കോടും വേണാടുമായിരുന്നു. കോലത്തിരിയുടെയും കൊച്ചിയുടെയും അധീശത്വം അടക്കിപ്പിടിച്ച കോഴിക്കോട്ടു സാമൂതിരിയുടെ ഭരണകാലത്തും ചാവേറ്റുപട പ്രവർത്തിച്ചു. അക്കാലത്തു ഓരോ പ്രഭുവിനുമുണ്ടായിരുന്നു ചാവേർപ്പട.

ഒരുകാലത്തു ദക്ഷിണമലബാർ അടക്കിഭരിച്ചിരുന്ന വള്ളുവക്കോനാതിരി, പതിമൂന്നാം ശതകത്തിൻെറ ഉത്തരാർധത്തിൽ സാമൂതിരി തിരുനാവായ പിടിച്ചടക്കുന്നതുവരെ, മാമാങ്ക മഹോത്സവത്തിൻെറ അധ്യക്ഷനായിരുന്നു. തിരുനാവായ കൈവിട്ടുപോയതോടെ വള്ളുവക്കോനാതിരിയുടെ ശക്തി ക്ഷയിച്ചു. തുടർന്ന് എല്ലാ മാമാങ്കങ്ങളിലും സാമൂതിരിയെ വധിക്കാനായി ചാവേർപ്പടകളെ അയച്ചുകൊണ്ടിരുന്നു. നഷ്ടപ്പെട്ട അധികാരം വീണ്ടെടുക്കാൻ ആവർത്തിച്ചു നടത്തിയ ഈ വിഫലശ്രമങ്ങളിൽ, ചാവേറ്റുപട അടിക്കടി ആഹുതിചെയ്യപ്പെട്ടു.

തിരുമാന്ധാംകുന്ന് ഭഗവതിയുടെ ആജ്ഞാനുവർത്തികൾ എന്ന സങ്കല്പത്തിലായിരുന്നു ചാവേർപ്പട. മാമാങ്കത്തിനു മണിത്തറയിൽ 'നിലപാടു നിൽക്കുന്ന' സാമൂതിരിയെ വധിക്കാൻ ആവേശത്തോടെ പാഞ്ഞുചെല്ലുക. ഓരോ തവണയും സാമൂതിരിയുടെ ഭടന്മാർ അവരെ വെട്ടിക്കൊന്നു.

പതിനാറാം നൂറ്റാണ്ടിൽ കേരളത്തിലെ ഹൈന്ദവജനവിഭാഗത്തിൽ നായന്മാരും തീയരുമായിരുന്നു പ്രബലശക്തികൾ. പടയാളിവർഗാംഗങ്ങളായിരുന്ന നായന്മാർ വാളുമേന്തി നടക്കുക പതിവായിരുന്നു. നിശ്ചയദാർഢ്യത്തിനും വിശ്വസ്തതയ്ക്കും പേരുകേട്ടവരായിരുന്നു അവർ. ജീവൻ വെടിഞ്ഞും ആളും അർഥവും സംരക്ഷിക്കാൻ പോർത്തുഗീസുകാർ നായന്മാരുടെ ചങ്ങാതങ്ങളെ (ചാവേറ്റുകളെ) ഏർപ്പെടുത്തിയിരുന്നു.

ഒരുകാലത്തു കേരളത്തിലെ പ്രമുഖക്ഷേത്രങ്ങളോടനുബന്ധിച്ചു ചാവേറുസംഘങ്ങളുണ്ടായിരുന്നു. പോർത്തുഗീസ് ഗവർണർ ഡിസൂസ തേവലക്കര ക്ഷേത്രത്തെ ആക്രമിച്ചപ്പോൾ ചാവേറുകൾ ക്ഷേത്രരക്ഷയ്ക്കു വേണ്ടി ധീരമായി പൊരുതി. ചാവേറ്റുപടയിൽ ചേർന്നു യുദ്ധത്തിൽ വീരസ്വർഗം പ്രാപിക്കുന്നവരുടെ കുടുംബഗ

ങ്ങൾക്കു അതാത് യജമാനന്മാർ പ്രത്യേകം ആനുകൂല്യങ്ങൾ നല്കിയിരുന്നു. 'ചാവേറ്റുവിരുത്തി' എന്നാണിതിനു പേർ. ഇത്തരം 'ആത്മഹത്യാ സംഘങ്ങൾ' മറ്റു രാജ്യങ്ങളിലും ഉണ്ടായിരുന്നു. ഈജിപ്തിൽ 'മാമെലുക്കുൾ' എന്നും തുർക്കിയിൽ 'ജാനിസറികൾ' എന്നും ആണ് ഇത്തരം ചാവേറുകൾ അറിയപ്പെട്ടിരുന്നത്. എന്നാൽ ഈ രണ്ടുകൂട്ടരും യുദ്ധത്തിൽ പിടിക്കപ്പെട്ട തടവുകാർ നിർബന്ധത്തിനു വഴങ്ങി ചാവേറുകൾ ആയതാണ്. അതേസമയം കേരളത്തിൽ ദേശാഭിമാനപ്രേരിതരായി സ്വയം ചാവേറുകൾ ആവുകയാണ്.

ചാസകൾ

ഒറീസയിലെ കർഷകരുടെ ഒരു ജാതി. ഇവർ ആര്യവംശജരല്ല എന്നു പറയുന്നു. 'ചാസ' എന്ന പദത്തിന്റെ അർഥം കർഷകൻ എന്നാണ്. ഓരോ കുടുംബത്തിനും ഒരു വർഗസംജ്ഞ ഉണ്ട്. പ്രദേശസൂചകമായ സംജ്ഞകളും പേരിനോടു ചേർത്ത് ഉപയോഗിക്കാറുണ്ട്. ബച്ഛാ (കിടാവ്), നാഗ (പാമ്പ്), ഹരിൺ (മാൻ), ഹസ്തി (ആന), മഹുമച്ഛി (തേനീച്ച), ദീപ (വിളക്ക്) മുതലായവ ഗോത്രസംജ്ഞകളാണ്. പിതുമണ്ഡിയ, ഹൽബൽ സിങ്ങിയ മുതലായവ വർഗസംജ്ഞകളും. 'ഗ്രാംസിരി' എന്ന ഗ്രാമീണ ദൈവത്തെയും ഹിന്ദു ദേവന്മാരെയും ഇവർ പൂജിക്കുന്നു. ബ്രാഹ്മണരാണു പുരോഹിതന്മാർ. കൃഷിത്തൊഴിലാളികളും കുടിയാന്മാരും കർഷകരുമാണ് ഇവർ. 1947-നു ശേഷം ഇവരെ ഉദ്ധരിക്കാൻ സർക്കാർ ചില നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ചാള

ഒരിനം മത്സ്യം. മത്തി എന്നും പേരുണ്ട്. ശാസ്ത്രനാമം: *സാർഡിനെല്ല ലോൻജിസെപ്സ് (Sardinella longiceps)*. ഇന്ത്യയുടെ പടിഞ്ഞാറൻതീരങ്ങളിൽ കാണുന്നു. 12 മുതൽ 15 വരെ സെൻറിമീറ്റർ നീളം ഉണ്ട്. വലിയ കൂട്ടമായി സഞ്ചരിക്കുന്നു.

ചാളയുടെ ശരീരം നീണ്ടതാണ്. തലയ്ക്ക് ആകെ നീളത്തിന്റെ നാലിൽ ഒന്നു വലിപ്പമുണ്ട്. കീഴ്ത്താടിയ്ക്കു മേൽത്താടിയെക്കാൾ നീളമുണ്ട്. തലയുടെ ഉപരി ഭാഗത്തു ശല്ക്കങ്ങളില്ല. പൃഷ്ഠപത്രത്തിന്റെ നേരെ താഴെയായി അധരപത്രം സ്ഥിതിചെയ്യുന്നു. വാൽച്ചിറകിന്നു വ്യത്യസ്തമായ രണ്ടു പിരിവുകളുണ്ട്. ശരീരത്തിന്റെ മേൽഭാഗം നീലയും പാർശ്വഭാഗവും അടിഭാഗവും വെള്ളയുമാണ്. രണ്ടു നിറത്തെയും വേർതിരിക്കുന്ന ഓരോ സുവർണരേഖ വശങ്ങളിലുണ്ട്. *ഫ്രാജിലേറിയ ഓഷ്യാനിക്ക (Fragilaria oceanica)* എന്നു ശാസ്ത്രനാമമുള്ള ദ്വിപുടമാണ് പ്രധാന ആഹാരം.

നാലുകൊല്ലമാണു ചാളയുടെ ജീവിതകാലം. മൂന്നു കൊല്ലം പ്രായമാകുമ്പോൾ ഇണചേരുന്നു. മുട്ട ഇടുന്നതിനും ആഹാരം തേടുന്നതിനും കരയ്ക്കടുത്തു വരാറുണ്ട്.



ചാള

വെള്ളത്തിന്റെ നിറവും കടൽകാക്കകളുടെയും സ്രാവുകളുടെയും കടൽപന്നികളുടെയും സാന്നിധ്യവും മറ്റും നിരീക്ഷിച്ചാണ് പകൽ ചാളവ്യൂഹങ്ങളുടെ വരവ് മനസ്സിലാക്കുന്നത്. രാത്രിയിൽ തിളക്കംകൊണ്ട് ഇവയെ തിരിച്ചറിയാം. ഇതനുസരിച്ചാണ് മീൻപിടുത്തത്തിനു പോകുന്നത്. ചാള ഏറ്റവും കൂടുതൽ കിട്ടുന്ന പ്രദേശം കേരളതീരമാണ്.

ചാള പച്ചയ്ക്കും ഉണക്കിയും ഉപയോഗിക്കും. തെങ്ങിനും മറ്റും വളമായും ഉപയോഗിക്കാറുണ്ട്. ചാളയുടെ ശരീരത്തിൽ 15 ശതമാനത്തോളം നെയ്യുണ്ട്. നെയ്യെടുക്കൽ കേരളതീരത്തെ വ്യവസായമാണ്.

ചാൾസ് I (1600—1649)

17-ാം നൂറ്റാണ്ടിന്റെ പൂർവാർധത്തിലുണ്ടായ ഇംഗ്ലീഷ് ആഭ്യന്തര സമരത്തിൽ പാർലമെന്റുപക്ഷത്തോട് ഏറ്റുമുട്ടി പരാജയമടഞ്ഞ് ശിരശ്ഛേദംചെയ്യപ്പെട്ട ബ്രിട്ടിഷ് രാജാവ്. സ്കോട്ട്ലണ്ടിലെ ജെയിംസ് ആറാമൻ രാജാവിന്റെയും ആനി രാജ്ഞിയുടെയും പുത്രൻ. 1616 നവംബർ 3-ന് ചാൾസിനെ പ്രിൻസ് ഒഫ് വെയിൽസ് (ബ്രിട്ടനിലെ കിരീടാവകാശി) ആക്കി.

സ്പെയിനിലെ ഒരു രാജകുമാരിയെ വിവാഹം ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ ചാൾസ് 1623-ൽ രഹസ്യമായി സ്പെയിൻ സന്ദർശിച്ചു. സ്പെയിനിലെ രാജാവ് വിവാഹത്തിനു സമ്മതിച്ചില്ല. തന്മൂലം ബ്രിട്ടനും സ്പെയിനുമായി യുദ്ധമുണ്ടായി. 1625-ൽ ജെയിംസ് I നിര്യാതനായപ്പോൾ ചാൾസ് ബ്രിട്ടനിലെ രാജാവായി.

പാർലമെന്റുമായുള്ള മത്സരം. ചാൾസ് രാജാവായശേഷം പാർലമെന്റ് ആദ്യം സമ്മേളിച്ചത് 1625 ജൂണിലാണ്. ടണ്ണേജ്, പൗണ്ടേജ് എന്നീ കസ്റ്റംസ് നികുതികൾ രാജാവു പിരിച്ചുകൂടെന്നു പാർലമെന്റ് തീരുമാനിച്ചപ്പോൾ രാജാവ് ആ സമ്മേളനം പിരിച്ചുവിട്ടു. 1626-ൽ വീണ്ടും സമ്മേളിച്ച പാർലമെന്റ് ബക്കിങ്ഹാം പ്രഭുവിന്റെ മേൽ കുറ്റവിചാരണ നടത്താൻ ശ്രമിച്ചു. രാജാവ് സമ്മേളനം പിരിച്ചുവിട്ടു. സ്പെയിനിനോടു മാത്രമല്ല ഫ്രാൻസിനോടും ബ്രിട്ടൻ യുദ്ധംചെയ്യേണ്ട പരിതഃസ്ഥിതി ഉണ്ടായപ്പോൾ ചാൾസ് ജനങ്ങളിൽനിന്ന് ഒരു നിർബന്ധിതവായ്പ പിരിക്കാൻ തുടങ്ങി. ഈ പിരിവു നിയമവിരുദ്ധമാണെന്നു വിധിച്ച ചീഫ്ജസ്റ്റീസിനെ രാജാവ് ഡിസ്മിസ്ചെയ്തു. വായ്പ കൊടുക്കാൻ വിസമ്മതിച്ച 70-ൽപരം പ്രമാണിമാരെ കാരണം കാണിക്കാതെതന്നെ അറസ്റ്റു ചെയ്യാൻ ഉത്തരവുകൊടുത്തു.



ചാൾസ് I - ആന്റണിവാൻഡൈക് വരച്ച ചിത്രം (മുഖത്തിന്റെ മൂന്നുവശങ്ങൾ)

1628 മാർച്ചിൽ സമ്മേളിച്ച പാർലമെന്റ് അന്യായത്തടങ്കലിനെയും യുദ്ധനികുതികളെയും അപലപിക്കുക മാത്രമല്ല, ഗവൺമെന്റിനെതിരായ പരാതികൾ ക്രോഡീകരിച്ചുകൊണ്ടുള്ള ഒരു അവകാശബിൽ തയ്യാറാക്കി രാജാവിനു സമർപ്പിക്കുകയുംചെയ്തു. രാജാവ് വീണ്ടും സമ്മേളനം പിരിച്ചുവിട്ടു. പിന്നീട് 1629 ജൂണിലാണു പാർലമെന്റ് സമ്മേളിച്ചത്. സഭയുടെ സമ്മതംകൂടാതെ രാജാവ് ടണ്ണേജും പൗണ്ടേജും പിരിക്കുന്നതിനെ പാർലമെന്റ് എതിർത്തു. ഉടനെ സമ്മേളനം പിരിച്ചുവിട്ടുകൊണ്ട് രാജാവ് ഉത്തരവു പുറപ്പെടുവിച്ചു. ആ ഉത്തരവു സഭയിൽ വായിക്കുന്നതിനുമുമ്പ് സഭാംഗങ്ങൾ സ്പീക്കറെ ബലംപ്രയോഗിച്ച് കസേരയിൽ പിടിച്ചിരുത്തിക്കൊണ്ട് രാജാവിനെതിരായി മൂന്നു പ്രമേയങ്ങൾ പാസാക്കി. ഇത്തരത്തിൽ അധികാരം ദുർവിനിയോഗംചെയ്ത പാർലമെന്റ് ഇനി വിളിച്ചുകൂട്ടുകയില്ലെന്ന് ചാൾസ് തീരുമാനിച്ചു. തുടർന്നുള്ള 11 വർഷക്കാലം പാർലമെന്റ് വിളിച്ചുകൂട്ടാതെയാണ് ചാൾസ് രാജ്യം ഭരിച്ചത്.

വീണ്ടും കലഹം. ലണ്ടൻ ബിഷപ്പായ ലൗഡിന്റെ പ്രേരണയ്ക്കു വഴങ്ങി ചർച്ച് ഒഫ് ഇംഗ്ലണ്ടിലെ ചില ആചാരാനുഷ്ഠാനങ്ങൾ സ്കോട്ലൻഡിൽ നടപ്പാക്കാൻ ചാൾസ് ശ്രമിച്ചതുമുതൽ പിന്നെയും കുഴപ്പങ്ങൾ ആരംഭിച്ചു. സ്കോട്ലൻഡുകാർ ഈ മതപരിഷ്കാരത്തെ എതിർത്തു. ഇംഗ്ലണ്ടുമായി യുദ്ധംചെയ്യുന്നതിന് അവർ സൈന്യശേഖരണം നടത്തി. 1639-ൽ ഇരുകക്ഷികളും തമ്മിൽ നടന്ന ആദ്യത്തെ സംഘട്ടനം രാജപക്ഷത്തിന്റെ പരാജയത്തിലാണ് കലാശിച്ചത്. യുദ്ധത്തിനു പണമുണ്ടാക്കുന്നതിനായി പുതിയ നികുതികൾ ചുമത്താമെന്ന പ്രതീക്ഷയോടുകൂടി 1640 ഏപ്രിലിൽ രാജാവ് പാർലമെന്റ് വിളിച്ചുകൂട്ടി. പക്ഷേ, പാർല

മെന്റ് സ്കോട്ട്ലൻഡിന് എതിരായ യുദ്ധത്തെ അനുകൂലിച്ചില്ല. ഭരണകൂടത്തിനെതിരായ പരാതികളെപ്പറ്റി വേണം സഭ ആദ്യം ചർച്ചചെയ്യേണ്ടതെന്ന് അഭിപ്രായമുണ്ടായി. ജോൺ പൈം, കോമൺസിൽ രാജാവിനോടുള്ള എതിർപ്പിനു നേതൃത്വംകൊടുത്തു. മെയ് 5-നു ചാൾസ് സമ്മേളനം പിരിച്ചുവിട്ടു. ഏതാനും ദിവസം മാത്രം നീണ്ടുനിന്ന ഈ സമ്മേളനത്തെയാണ് ബ്രിട്ടീഷ്ചരിത്രത്തിൽ ഹ്രസ്വകാല (Short) പാർലമെന്റ് എന്നു വിളിക്കുന്നത്.

പാർലമെന്റിന്റെ പിന്തുണ കൂടാതെ രാജാവ് യുദ്ധം പുനരാരംഭിച്ചു. നേരത്തെ നിർത്തലാക്കിയിരുന്ന ചില നികുതികൾ വീണ്ടും പിരിക്കാൻ തുടങ്ങി. ഓഗസ്റ്റിൽ സ്കോട്ട്ലൻഡ് സൈന്യം അതിർത്തി കടന്ന് ഇംഗ്ലണ്ടിൽ പ്രവേശിച്ചു. ന്യൂബേണിൽവച്ചുണ്ടായ സംഘട്ടനത്തിൽ രാജകീയസൈന്യം തോറ്റു പിന്മാറി. പരിഭ്രാന്തനായ രാജാവ് പ്രഭുക്കന്മാരുടെ യോഗം വിളിച്ചുകൂട്ടി. ആ യോഗത്തിന്റെ ഉപദേശമനുസരിച്ച് വീണ്ടും പാർലമെന്റ് സമ്മേളിച്ചു. 1640 നവംബറിൽ വെസ്റ്റ് മിൻസ്റ്ററിൽ ആരംഭിച്ച ഈ സമ്മേളനമാണ് 'ദീർഘകാലപാർലമെന്റ്' (Long parliament). സ്കോട്ടുകൾക്കെതിരായ യുദ്ധത്തിന്റെ ചെലവിനുവേണ്ടി പുതിയ നികുതികൾക്കു സമ്മതിക്കണമെന്ന് ചാൾസ് പാർലമെന്റിനോട് ആവശ്യപ്പെട്ടു. പാർലമെന്റാകട്ടെ രാജാവിനെതിരായ നിലപാടു തുടർന്നു. സ്ട്രാഫോർഡിനെ കുറ്റവിചാരണയ്ക്കു വിധേയനാക്കാൻ പാർലമെന്റ് തീരുമാനിച്ചു. മാർച്ചിൽ വിസ്താരം തുടങ്ങി. എങ്ങനെയും സ്ട്രാഫോർഡിനെ രക്ഷിക്കാമെന്ന് ചാൾസ് ഏറ്റിരുന്നു. സ്ട്രാഫോർഡിന്റെമേൽ രാജ്യദ്രോഹക്കുറ്റം ചുമത്തുന്ന ബില്ലിൽ രാജാവിന് ഒപ്പുവയ്ക്കേണ്ടിവന്നു.

1641 മെയ് 12-ന് സ്ട്രാഫോർഡിനെ ശിരശ്ഛേദംചെയ്തു. അതിനുശേഷവും പാർലമെന്റുമായി രഞ്ജിക്കാൻ ചാൾസ് ശ്രമിച്ചു. രാജാവ് ഏർപ്പെടുത്തിയ കോടതികൾ പിരിച്ചുവിട്ടുകൊണ്ടും നാവികസേനാനികുതി (Ship money) മുതലായ ചില നികുതികൾ നിർത്തലാക്കിക്കൊണ്ടും കഴിഞ്ഞ 11 വർഷത്തെ ഭരണത്തെ പൊതുവെ അപലപിച്ചുകൊണ്ടും പാർലമെന്റ് പാസ്സാക്കിയ പ്രമേയങ്ങൾക്ക് രാജാവ് അനുമതി നല്കി. പാർലമെന്റിന്റെ സമ്മതം കൂടാതെ പാർലമെന്റു പിരിച്ചുവിടുകയില്ലെന്നും രാജാവു സമ്മതിച്ചു. ഓഗസ്റ്റിൽ സ്കോട്ട്ലൻഡ് സന്ദർശിച്ച ചാൾസ് അവിടെ പാർലമെന്റിന് എതിരായ ഒരു പക്ഷം സംഘടിപ്പിക്കുവാൻ ശ്രമിച്ചു. പക്ഷേ, അന്ന് അതു ഫലിച്ചില്ല. രാജാവിന്റെ ഈ ഗൂഢതന്ത്രം പാർലമെന്റിനെ കൂടുതൽ ചൊടിപ്പിച്ചു.

ആഭ്യന്തരയുദ്ധം. ഏതാനും നാളത്തെ ഒഴിവിനുശേഷം നവംബറിൽ പാർലമെന്റ് കൂടിയപ്പോൾ ഭരണമേറ്റതുമുതൽ ചാൾസ് ചെയ്ത തെറ്റുകളുടെ ഒരു പട്ടിക തയ്യാറാക്കുകയും ആ തെറ്റുകൾക്ക് രാജാവിനെ അപലപിക്കുന്ന പ്രമേയം (Grand Remonstrance) പാസ്സാക്കുകയും ചെയ്തു. അതിനു വ്യക്തമായ മറുപടിയൊന്നും രാജാവു നല്കിയില്ല. തന്റെ ഭാര്യയെ കുറ്റവിചാരണയ്ക്കു വിധേയമാക്കാൻ പാർലമെന്റു തയ്യാറെടുക്കുന്നു എന്ന കേൾവി ചാൾസിനെ ക്ഷുഭിതനാക്കി. രാജ്ഞി രാജാവിനെ അവിഹിതമായി സ്വാധീനിക്കുന്നുവെന്ന് ആക്ഷേപം ഉണ്ടായിരുന്നു. പ്രഭുസഭയിലെ ഒരംഗത്തെയും കോമൺസിലെ നാല് അംഗങ്ങളെയും രാജദ്രോഹക്കുറ്റത്തിന് അറസ്റ്റ്ചെയ്യാൻ രാജാവു കല്പനനല്കി. ആ കല്പന നടപ്പാക്കാൻ രാജാവുതന്നെ 400 ഭടന്മാരോടുകൂടി കോമൺസിലേക്കു കടന്നുചെന്നു. പക്ഷേ, പിടിക്കേണ്ട അംഗങ്ങൾ അതിനുമുമ്പ് അവിടെനിന്നു രക്ഷപ്പെട്ടു. അവർ ലണ്ടൻപട്ടണത്തിൽതന്നെ ഒളിവിൽ പാർത്തു. രാജാവ് വടക്കൻ ഇംഗ്ലണ്ടിലേക്കു പോയി. കൊട്ടാരത്തിലെ രത്നങ്ങൾ വിറ്റു പണമുണ്ടാക്കി ഭർത്താവിന് എത്തിച്ചുകൊടുക്കാനായി രാജ്ഞി ഹെൻട്രീറ്റാ മേരിയാ ഹോളണ്ടിലേക്കും പോയി.

ചാൾസ്, സൈന്യശേഖരം നടത്തി. പാർലമെന്റ് നേതാക്കൾ ലണ്ടനിൽ താവളമുറപ്പിച്ചുകൊണ്ട് യുദ്ധത്തിനു തയ്യാറെടുത്തു. അവർ ഒരു അവകാശഹർജി തയ്യാറാക്കി രാജാവിന് അയച്ചുകൊടുത്തു. പാർലമെന്റിന്റെ അനുമതിയോടുകൂടി മാത്രം മന്ത്രിമാരെ നിയമിക്കുക, സൈന്യത്തിന്റെയും മതകാര്യങ്ങളുടെയും പരമമായ നിയന്ത്രണം പാർലമെന്റിനു വിടുക മുതലായ 19 നിർദേശങ്ങളാണ് ഹർജിയിലുണ്ടായിരുന്നത്. ഇത് അന്ത്യശാസനമാണെന്നു മനസ്സിലാക്കിയ രാജാവ് യുദ്ധത്തിനുള്ള ആഹ്വാനം നല്കി. രാജ്യത്തിന്റെ പല ഭാഗങ്ങളിലും രാജപക്ഷവും പാർലമെന്റ് പക്ഷവും തമ്മിൽ സംഘട്ടനങ്ങളുണ്ടായി. ചാൾസുതന്നെയാണ് രാജപക്ഷത്തെ നയിച്ചത്. യുദ്ധത്തിന്റെ ആദ്യഘട്ടങ്ങളിൽ വിജയം രാജപക്ഷത്തിനായിരുന്നു. 1645 ആയപ്പോഴേക്കും രാജപക്ഷം തോറ്റുതുടങ്ങി. ഒലിവർ ക്രോംവെൽ എന്ന നേതാവായിരുന്നു പാർലമെന്റുപക്ഷത്തിന്റെ വിജയത്തിനു പ്രധാന കാരണക്കാരൻ. ഇതിനിടയിൽ ലണ്ടൻ ബിഷപ്പായ ലൗഡിനെ പാർലമെന്റുപക്ഷക്കാർ രാജ്യദ്രോഹക്കുറ്റം ചുമത്തി ശിരശ്ഛേദംചെയ്തു.

സ്കോട്ട്ലൻഡും പാർലമെന്റുപക്ഷവും തമ്മിൽ രഞ്ജിപ്പുണ്ടായതിനെത്തുടർന്ന് സ്കോട്ട്ലൻഡുകാർ ചാൾസിനെ പിടികൂടി ശത്രുക്കൾക്കു വിട്ടുകൊടുത്തു. അവർ, നോർതാംപ്ടൺ ഷയറിലുള്ള ഹോംബി കൊട്ടാരത്തിൽ രാജാവിനെ തടവിൽ പാർപ്പിച്ചു. നവംബർ 10-ന് രാജാവു തടവിൽനിന്നു രക്ഷപ്പെട്ട് വൈറ്റ്ദ്വീപിലെത്തി. പക്ഷേ, അവിടത്തെ ഗവർണർ പാർലമെന്റുപക്ഷക്കാരനായിരുന്നു. അദ്ദേഹം ചാൾസിനെ തടവിൽ പാർപ്പിച്ചു. രക്ഷപ്പെടാൻ രാജാവു നടത്തിയ ശ്രമം വിഫലമായി.

1648 ഡിസംബറിൽ ചാൾസിനെ വിൻസർകൊട്ടാരത്തിലേക്കു മാറ്റി. 1649 ജനുവരി 20-ന് രാജാവിനെതിരായ കുറ്റവിചാരണ ആരംഭിച്ചു. ഈശ്വരനോടുമാത്രം ഉത്തരവാദപ്പെട്ട രാജാവിനെ കുറ്റവിചാരണചെയ്യാൻ ഭൂമിയിലെ ഒരു കോടതിക്കും അധികാരമില്ലെന്നും ഇംഗ്ലണ്ടിലെ ജനങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയാണ് താൻ എക്കാലവും നിലകൊണ്ടതെന്നും മറ്റും ചാൾസ് വാദിച്ചു. ചാൾസ് ക്രൂരനായ ഏകാധിപതിയും രാജ്യദ്രോഹിയും കൊലപാതകിയും ജനശത്രുവുമാണെന്ന കാരണം പറഞ്ഞ് കോടതി അദ്ദേഹത്തിനു വധശിക്ഷ വിധിച്ചു. 1649 ജനുവരി 30-ന് വൈറ്റ്ഹാൾ കൊട്ടാരത്തിലെ സല്ക്കാരമുറിക്കു പുറത്തുവച്ച് ചാൾസ് ഒന്നാമന്റെ ശിരച്ഛേദം നടന്നു.

ചാൾസ് II (1630—1685)

1660 മുതൽ 1685 വരെ ഗ്രേറ്റ് ബ്രിട്ടനും അയർലൻഡും ഭരിച്ച രാജാവ്. 1649-ൽ ശിരശ്ഛേദം ചെയ്യപ്പെട്ട ചാൾസ് I-ന്റെയും ഹെൻട്രീറ്റാ മേരിയായുടെയും രണ്ടാമത്തെ പുത്രൻ. ചാൾസ് രാജകുമാരന് 1640-ൽ പ്രഭുസഭയിൽ അംഗത്വം ലഭിച്ചു. ഇംഗ്ലീഷ് ആഭ്യന്തരസമരകാലത്ത് എഡ്ജ് ഹിൽ, ഓക്സ്ഫെഡ്, ബ്രിസ്റ്റൽ, നാസിബി എന്നിവിടങ്ങളിൽവച്ചു നടന്ന യുദ്ധങ്ങളിൽ ചാൾസ് രാജകുമാരൻ പിതാവിനോടൊപ്പമുണ്ടായിരുന്നു. 1645-ൽ രാജപക്ഷം പരാജയപ്പെടാൻ തുടങ്ങിയപ്പോൾ രാജകുമാരൻ പാരീസിൽചെന്ന് അമ്മയോടൊപ്പം അവിടെ താമസമാക്കി.

ഇംഗ്ലണ്ടിൽ ശത്രുക്കളുടെ പിടിയിൽ കഴിഞ്ഞിരുന്ന പിതാവിനെ രക്ഷിക്കാൻ നെതർലൻഡ്സിൽ താമസിച്ചുകൊണ്ട് ചാൾസ് ചില ശ്രമങ്ങൾ നടത്തി. 1648-ൽ ചാൾസ് ഒരു നാവികസേനയുമായി തെംസ് നദിയിൽ പ്രവേശിച്ച് പിതാവിനെ രക്ഷിക്കണമെന്നു ലണ്ടൻ നിവാസികളോട് അഭ്യർഥിച്ചു. അച്ഛന്റെ ജീവൻ രക്ഷിക്കുന്നതിനുള്ള ഏതു വ്യവസ്ഥയും ഉൾക്കൊള്ളിച്ചുകൊള്ളാനായി ചാൾസ് ഒന്നുമെഴുതാത്ത കടലാസിൽ ഒപ്പിട്ടുകൊടുക്കുകവരെചെയ്തു. പക്ഷേ, ശ്രമങ്ങളെല്ലാം വിഫലമായി.

1650 ജൂണിൽ ചാൾസ് സ്കോട്ട്ലൻഡിലെത്തി. സ്കോട്ട്ലൻഡ് ചാൾസിനെ രാജാവായി അംഗീകരിച്ചു. ഇതറിഞ്ഞ് ഇംഗ്ലണ്ടിൽനിന്ന് ഒലിവർ ക്രോംവെൽ സൈന്യവുമായി സ്കോട്ട്ലൻഡിൽ പ്രവേശിച്ചു. ഡൻബാറിലെ യുദ്ധത്തിൽ സ്കോട്ട്ലൻഡുകൾ തോറ്റു. എങ്കിലും 1651 ജനുവരി 1-ന് സ്കോട്ട്ലൻഡിൽവച്ച് അവർതന്നെ ചാൾസിന്റെ കിരീടധാരണം നടത്തി. ഇംഗ്ലണ്ടിലേക്കു കടന്ന ചാൾസിനെ ക്രോംവെൽ പിന്തുടർന്നു. ചാൾസ് ഫ്രാൻസിലേക്ക് ഒളിച്ചോടി.

1658-ൽ ക്രോംവെൽ മരിച്ചു. ഒരു വർഷത്തിനകം ഇംഗ്ലണ്ടിലെ സൈനികനേതാക്കൾ തമ്മിൽ മത്സരം തുടങ്ങി. ഈ മത്സരത്തിന്റെ ഫലമായി പ്രസ്ബിറ്റീരിയന്മാർക്കു നിർണായകമായ രാഷ്ട്രീയ സ്വാധീനം കൈവന്നു. അരാജകത്വം ഒഴിവാക്കാനുള്ള ഏകമാർഗം എന്ന നിലയിൽ അവർ രാജവാഴ്ചയുടെ പുനഃസ്ഥാപനത്തെ അനുകൂലിച്ചു. 1660-ൽ സമ്മേളിച്ച പാർലമെന്റ് ചാൾസുമായി കൂടിയാലോചനയ്ക്കു തയ്യാറായി. അവരവർക്കിഷ്ടമുള്ള ക്രിസ്തീയസഭയിൽ ചേരാനും തുടരാനുമുള്ള സ്വാതന്ത്ര്യം ഉറപ്പുചെയ്തുകൊണ്ടും ചാൾസ് I-ന്റെ വധത്തിൽ പ്രധാന പങ്കില്ലാത്ത രാഷ്ട്രീയ പ്രതിയോഗികൾക്കെല്ലാം മാപ്പുനല്കിക്കൊണ്ടും ചാൾസ് ഹോളണ്ടിലെ ബ്രെഡയിൽനിന്ന് ഒരു വിളംബരം പുറപ്പെടുവിച്ചു. പാർലമെന്റിന്റെ ക്ഷണപ്രകാരം 1660 മെയ് 25-നു ചാൾസ് ഡോവറിൽ എത്തി. മെയ് 29-ന് അദ്ദേഹം വൈറ്റ്ഹാൾ കൊട്ടാരത്തിൽ പ്രവേശിച്ചപ്പോൾ വമ്പിച്ച ഒരു ജനക്കൂട്ടം ജയാരവങ്ങൾ മുഴക്കി. അന്നുമുതൽ ചാൾസ്

ബ്രിട്ടീഷ് രാജാവായി പ്രവർത്തിച്ചുതുടങ്ങിയെങ്കിലും ഔപചാരിക
മായ കിരീടധാരണം 1661 ഏപ്രിൽ 23-ന് ആയിരുന്നു. ചാൾസ് I-നെ
ശിരശ്ഛേദംചെയ്ത കുറ്റം ആരോപിച്ച് പ്യൂരിട്ടൻ നേതാവായ സർ
ഹെൻറി വെയിൻ ഉൾപ്പടെ 14 പേർക്ക് 1662-ൽ വധശിക്ഷ നല്കി.
1662 മേയിൽ രാജാവ് പോർത്തുഗീസ് രാജകുമാരിയായ കാത
റൈനെ വിവാഹംചെയ്തു. സ്ത്രീധനമായി ഇന്ത്യയിലെ ബോംബെ
നഗരവും ആഫ്രിക്കയിലെ ടാൻജിയർ നഗരവും ചാൾസിനു കിട്ടി.
ലണ്ടനിൽ 1665-ൽ പ്ലേഗ് പടർന്നുപിടിച്ചതും പിറ്റേക്കൊല്ലം വമ്പി
ച്ചൊരു അഗ്നിബാധയുണ്ടായതും ഭീമമായ നാശനഷ്ടങ്ങൾക്കും
വളരെപ്പേർക്കു ക്ലേശങ്ങൾക്കും ഇടയാക്കി. ബ്രിട്ടനും നെതർലൻഡ്
സും തമ്മിലുള്ള മത്സരം വർധിച്ച് 1665-ൽ ഒരു യുദ്ധവും ആരം
ഭിച്ചു. ഫ്രാൻസും ഡെന്മാർക്കും ഡച്ചുകാരുടെ സഹായത്തിന്
എത്തിയപ്പോൾ ബ്രിട്ടൻ പരാജയപ്പെടാൻ തുടങ്ങി. 1667-ൽ നെതർ
ലൻഡ്സിലെ ബ്രെഡയിൽവച്ചുണ്ടായ സന്ധിയുടെ അടിസ്ഥാന
ത്തിൽ യുദ്ധം അവസാനിച്ചു. അതനുസരിച്ചാണ് അമേരിക്കയിലെ
ഡച്ചുകോളനികളായിരുന്ന ന്യൂയോർക്കും ന്യൂജെർസിയും ബ്രിട്ടനു
ലഭിച്ചത്. പക്ഷേ, ബ്രിട്ടനിൽ പൊതുജനാഭിപ്രായം ഗവൺമെൻറിനെ
തിരായി തിരിയാൻ തുടങ്ങി. ക്ലാരൻഡനെ ബലിയാടാക്കിക്കൊണ്ടു
പൊതുജനരോഷത്തിൽനിന്നു ചാൾസ് രക്ഷപ്പെട്ടു. ക്ലാരൻഡനെ
ലോർഡ് ചാൾസ്‌ലർ പദത്തിൽനിന്നു ഡിസ്മിസ്ചെയ്യുകയും നാടു
കടത്തുകയുംചെയ്തു. എന്നിട്ടും രാജാവു തികച്ചും സ്വതന്ത്രനാ
യില്ല. ക്ലിഫോർഡ് ആർലിങ്ടൺ, ബക്കിങ്ഹാംപ്രഭു, ആഷ്‌ലി,
ലൗഡർഡേലിലെ പ്രഭു എന്നീ അഞ്ചു പ്രഭുക്കന്മാരടങ്ങിയ ഒരു
ഗ്രൂപ്പിൻെറ നിയന്ത്രണത്തിലാണ് ഭരണകാര്യങ്ങൾ നടന്നത്. ഇവരു
ടെ പേരുകൾക്കുള്ള ആദ്യക്ഷരങ്ങൾ ചേർന്ന കാബൽ (CABAL)
എന്ന പേരിലാണ് ഈ ഗ്രൂപ്പ് ബ്രിട്ടീഷ് ചരിത്രത്തിൽ അറിയപ്പെടു
ന്നത്.

ഭരണത്തിൻെറ അന്ത്യഘട്ടം. യൂറോപ്പിൽ തനിക്കു കൂടുതൽ
പിന്തുണ ഉറപ്പുവരുത്താനും ധനപരമായ സഹായം സമ്പാദിക്കാനു
മായി ചാൾസ് 1670-ൽ ഫ്രാൻസിലെ ലൂയി XIV-മായി ഒരു
രഹസ്യക്കരാർ ഉണ്ടാക്കി. നെതർലൻഡ്സിനെതിരായ യുദ്ധത്തിൽ
ലൂയിയോടു ചേരാമെന്നും താൻ കത്തോലിക്കാമതം സ്വീകരിച്ചു
കൊള്ളാമെന്നും ചാൾസ് സമ്മതിച്ചു. ചാൾസിനു സൈന്യസഹായ
വും സാമ്പത്തികസഹായവും നൽകാമെന്നു ലൂയിയും ഏറ്റു. ഡച്ചു
കാരുമായുണ്ടായ യുദ്ധത്തിൻെറ ഫലം ബ്രിട്ടന് അനുകൂലമായിരു
ന്നില്ല. തുടർന്ന് 1673-ൽ കാബൽഗ്രൂപ്പിനെ പിരിച്ചുവിട്ടു. ഡച്ചുകാ
രുമായി ബ്രിട്ടൻ സന്ധിയുണ്ടാക്കുകയും ചെയ്തു. 1673-ൽ കൂടിയ
പാർലമെൻറ് കത്തോലിക്കർക്കെതിരായി കർശനനടപടികൾ ആവ
ശ്യപ്പെട്ടു. താൻ കത്തോലിക്കനായിക്കൊള്ളാമെന്നു രഹസ്യമായി
സമ്മതിച്ചിരുന്ന ചാൾസിന് കത്തോലിക്കർക്കെതിരായി മർദന
നടപടികൾ എടുക്കേണ്ടിവന്നു. ഗവൺമെൻറുദ്യോഗങ്ങളിൽനിന്നു
കത്തോലിക്കരെ നീക്കംചെയ്യാനുള്ള ടെസ്റ്റ് ആക്ട് 1673-ൽ നടപ്പാ
യി. യോർക്കിലെ ഡ്യൂക്കിൻെറ പുത്രിയെ ഓറഞ്ചിലെ വില്യമിനെ
ക്കൊണ്ടു വിവാഹംചെയ്യിക്കാനുള്ള ആലോചനയെ ചാൾസ് ആദ്യം
എതിർത്തെങ്കിലും പിന്നീട് അനുകൂലിക്കാൻ നിർബന്ധിതനായി.
1677-ൽ ആ വിവാഹം നടന്നു.

പാർലമെൻറംഗങ്ങളിൽ ഒരു വിഭാഗം രാജാവിനും അനുജൻ
ജെയിംസിനും അനുകൂലമായിരുന്നു; മറ്റൊരു വിഭാഗം അവർക്കെ
തിരും. രാജാനുകൂലികളെ ടോറികൾ എന്നും എതിരാളികളെ വി
ഗ്ഗുകൾ എന്നും വിളിച്ചിരുന്നു. ബ്രിട്ടീഷ് പാർലമെൻറിൽ ടോറികൾ,
വിഗ്ഗുകൾ എന്നീ കക്ഷികൾ ഉദ്ഭവിച്ചത് ഇങ്ങനെയാണ്. ജെയിം
സിനു കിരീടാവകാശം നിഷേധിക്കുന്ന ബില്ല് 1680-ൽ കോമൺസ്
പാസാക്കി. പക്ഷേ, പ്രഭുസഭ അതു തള്ളിക്കളഞ്ഞു. ചാൾസ് പാർ
ലമെൻറു പിരിച്ചുവിട്ടു. അടുത്തകൊല്ലത്തിൽത്തന്നെ ഓക്സ്ഫെ
ഡിൽവച്ചു പുതിയൊരു പാർലമെൻറ് വിളിച്ചുകൂട്ടി. അതും തനിക്ക്
എതിരായിരുന്നു എന്നു കണ്ടപ്പോൾ രാജാവ് ഒരാഴ്ചയ്ക്കകം
അതും പിരിച്ചുവിട്ടു. പാർലമെൻറ് ചെയ്ത തെറ്റുകൾ ചൂണ്ടിക്കാ
ണിച്ചുകൊണ്ടു ചാൾസ് അന്നു പുറപ്പെടുവിച്ച വിളംബരത്തിൽ
പ്രൊട്ടസ്റ്റൻറു മതത്തോടാണു തൻെറ കൂറെന്നു പ്രത്യേകം
പ്രസ്താവിച്ചിരുന്നു. ബറോകോർപ്പറേഷനുകളെ തൻെറ ഹിതാനു
വർത്തികളാക്കാൻ ചാൾസ് പല സാമ്പത്തിക സമ്മർദങ്ങളും പ്രയോ
ഗിക്കാൻ തുടങ്ങി. ആയിടയ്ക്കാണു പുതിയൊരു ഗൂഢാലോചന
കണ്ടുപിടിച്ചത്. 1683 ഏപ്രിലിൽ, ചാൾസും അനുജനായ ജെയിം
സും കൂടി ന്യൂമാർക്കറ്റിൽനിന്നു ലണ്ടനിലേക്കു വരുമ്പോൾ രണ്ടു
പേരെയും വധിക്കണമെന്നാണു ഗൂഢാലോചന. ഇതുസംബന്ധിച്ച്
എടുത്ത കേസുകളിൽ പല വിഗ്ഗുനേതാക്കളെയും കുടുക്കി. വില്യം
റസ്സൽ, ആർതർ ക്യാപ്പൽ, ആൽഗർ നോൺ സിഡ്നി എന്നിവരുടെ
മേൽ രാജദ്രോഹക്കുറ്റം ചുമത്തി. ക്യാപ്പൽ കാരാഗൃഹത്തിൽകിടന്നു
മരിച്ചു. ആത്മഹത്യയായിരുന്നു എന്നും പറയപ്പെടുന്നു. മറ്റുരണ്ടു
പേരെയും ശിരശ്ഛേദംചെയ്തു. ചാൾസിൻെറ പുത്രനെന്നു പറയ
പ്പെടുന്ന ജെയിംസ് സ്കോട്ട് ഇംഗ്ലണ്ടിൽനിന്നു നെതർലൻഡ്സിലേ
ക്കു താമസം മാറ്റാൻ നിർബന്ധിതനാവുകയുംചെയ്തു.

1685 ഫെബ്രുവരി 6-ന് ചാൾസ് II വൈറ്റ് ഹാൾ കൊട്ടാരത്തിൽ
വച്ചു മൃതിയടഞ്ഞു. മരിക്കുന്നതിന് അല്പം മുമ്പ് അദ്ദേഹം കത്തോ
ലിക്കാമതത്തിൽ തനിക്കുള്ള വിശ്വാസം പ്രസ്താവിക്കുകയും
കത്തോലിക്കാവിധിപ്രകാരമുള്ള അന്ത്യകൂദാശകൾ സ്വീകരിക്കു
കയുംചെയ്തു.

ചാൾസ് III (1716-1788)

സ്പെയിനിലെ രാജാവ്. സ്പെയിനിലെ ഫിലിപ്പ് V ൻെറ മകൻ.
മാഡ്രിഡിൽ ജനിച്ചു. 1733-ൽ സ്പെയിൻ ഇറ്റലിയിൽ നിന്നു നേ
പ്പിൾസും സിസിലിയും പിടിച്ചെടുത്തപ്പോൾ ചാൾസ് സിസിലിയി
ലെ രാജാവായി. തൻെറ വൈമാത്രേയ സഹോദരന്മാർ മരിച്ചപ്പോൾ
ഇദ്ദേഹം സ്പെയിനിലെയും രാജാവായി (1759).



ചാൾസ് III - ആൻറൺ റഫേൽ മെങ്ഗ്സ്
രചിച്ച ഛായാചിത്രം

അമേരിക്കയിലെ വ്യാപാരാവകാശങ്ങളുടെ കാര്യത്തിൽ എന്നും
ഇംഗ്ലീഷുകാരോട് ഇദ്ദേഹത്തിന് ഇടയേണ്ടിവന്നു. അതുകൊണ്ടു
ഫ്രഞ്ചുരാജാവുമായി സഖ്യം ആവശ്യമായി. 1763-ൽ ഇംഗ്ലീഷുകാ
രുമായുണ്ടായ യുദ്ധത്തിൽ പരാജയപ്പെട്ടു. ഫ്ളോറിഡ ബ്രിട്ടനു
വിട്ടുകൊടുക്കേണ്ടിവന്നു. എന്നാൽ ഫ്രാൻസിൽനിന്നു ഹാവനയും
മനിലയും നേടിയെടുക്കാൻ കഴിഞ്ഞു. അമേരിക്കൻ സ്വാതന്ത്ര്യസ
മരകാലത്തു മൊബൈലും മിനോർക്കയും പിടിച്ചെടുത്തു.

ആഭ്യന്തരരംഗത്ത് ചാൾസിൻെറ നയം കൂടുതൽ വിജയകരമായി
രുന്നു. നികുതികൾ കർശനമായി പിരിച്ചെടുത്തു വരവു വർധിപ്പി
ക്കാനും സമർഥമായ ഒരു വ്യവസായനയം പിന്തുടരാനും കഴിഞ്ഞു.
ഒരു മന്ത്രിക്കെതിരെ പൊട്ടിപ്പുറപ്പെട്ട കലാപം അടിച്ചമർത്തി.
ജെസ്യൂട്ടുകളെ നാട്ടിൽ നിന്നു ബഹിഷ്കരിച്ചു. ഭൂരഹിതർക്കു ഭൂമി
വിതരണംചെയ്തു. ഇൻക്വിസിഷൻെറ കാർക്കശ്യം കുറച്ചു.

ചാൾസ് IV (1316-1378)

വിശുദ്ധ റോമാസാമ്രാജ്യ ചക്രവർത്തിയും ജെർമൻ രാജാവും. പ്രാ
ഗിൽ ജനിച്ചു. ബൊഹീമിയൻ രാജാവായ ലക്സംബർഗിലെ ജോ
ണിൻെറ മൂത്തമകൻ. മാമോദീസയ്ക്കുശേഷം 1323-ൽ ചാൾസ്
എന്ന പേരു ലഭിച്ചു. പിന്നീടു ഫ്രഞ്ചു രാജാവായ ഫിലിപ്പ് VI
ൻെറ സഹോദരിയെ വിവാഹം കഴിച്ചു. ജെർമൻ രാജാക്കന്മാരുടെ
യും പോപ്പിൻെറയും ആനുകൂല്യം നേടി രാജ്യത്തെ ശക്തമാക്കി.
1346-ൽ പിതാവിൻെറ മരണശേഷം ബൊഹീമിയാ രാജാവായി.



ചാൾസ് IV - പീറ്റർ പാർളർ
വരച്ചചിത്രം - 14-ാം നൂറ്റാണ്ട്
സെൻറ്‌വീറ്റസ് കതീഡ്രൽ - പ്രാഗ്

1347-ൽ വിറ്റൽസ്ബാക്ക് ചക്രവർത്തി ലൂയി IV മരിച്ചപ്പോൾ സിംഹാസനത്തിന് അവകാശം പുറപ്പെടുവിച്ചു. ക്രമേണ കരുക്കൾ നീക്കി 1355-ൽ ചക്രവർത്തിപദം നേടി. റോമിൽ വച്ചു കിരീടധാരണം നടന്നു. അല്പമെങ്കിലും അധികാരം കയ്യാളിയിരുന്ന ഒടുവിലത്തെ വിശുദ്ധ റോമാസാമ്രാജ്യചക്രവർത്തിമാരിൽ ഒരാളായ ചാൾസ് ബൊഹീമിയയെ സ്വതന്ത്ര രാജ്യമാക്കുകയും രാജ്യവിസ്തൃതി വർധിപ്പിക്കയും ചെയ്തു. 1348-ൽ സൈലിഷ്യ രാജ്യത്തോടു ചേർത്തു. സന്ധികളും വിലയ്ക്കു വാങ്ങലുകളും കൊണ്ടു രാജ്യവിസ്തൃതി പിന്നെയും കൂട്ടി.

സംസ്കാരസമ്പന്നനായ ഇദ്ദേഹം സാഹിത്യത്തെയും കലകളെയും പോഷിപ്പിച്ചു. പോപ്പിനെ റോമിലേക്കു മടങ്ങിവരാൻ പ്രേരിപ്പിച്ചു. പെട്രാർക്കിനെ രാജധാനിയിലേക്കു ക്ഷണിച്ചുവരുത്തി. വൈറ്റസ് കത്തീഡ്രൽ ഫ്രെഞ്ച്-ജെർമൻ ശില്പികളെക്കൊണ്ടു പണിയിച്ചു. ഒരു സർവകലാശാല സ്ഥാപിച്ചതാണ് ഇദ്ദേഹത്തിൻെറ നേട്ടങ്ങളിൽ മുഖ്യം.

ചാൾസ് V (ഫ്രാൻസ്-1338-1380)

ഫ്രാൻസിലെ രാജാവ് (ഷാർൾ). ഫിലിപ്പ് നാലാമനും ലൂയി പതിനൊന്നാമനും ഇടയിൽ ഫ്രാൻസ് ഭരിച്ച രാജാക്കന്മാരിൽ ഏറ്റവും കാര്യക്ഷമതയുള്ള ആൾ. ബുദ്ധിസാമർഥ്യവും സമർപ്പണബുദ്ധിയും കൊണ്ട് 'വിജ്ഞൻ' എന്ന ഖ്യാതി നേടി. ഇംഗ്ലീഷ് ആക്രമണത്തെയും ആഭ്യന്തര കലാപത്തെയും ഒരേ സമയം നേരിടേണ്ടിവന്നു. ഇംഗ്ലീഷുകാരുമായി സമാധാനസന്ധി ഉണ്ടാക്കുകയും ആഭ്യന്തരകലാപം അടിച്ചമർത്തുകയും ചെയ്തു.

'ചാൾസ് V - ദവൈസ്
അജ്ഞാതകലാകാരൻ
നിർമിച്ച ശില്പം.
ലൂവ്ര് - പാരീസ്.

സ്റ്റേറ്റ്സ് ജനറലിൻെറ (ഫ്രെഞ്ച് പാർലമെൻറ്) നിയന്ത്രണങ്ങളെ അവഗണിച്ചു നികുതികൾ പിരിച്ചു. കൂലിപ്പട്ടാളത്തെ പരിശീലനവും സ്ഥിരശമ്പളവും കൊടുത്ത് ഒരു പ്രബല സൈന്യമാക്കി. ഭരണം കൂടുതൽ കാര്യക്ഷമമാക്കി. 1364 മുതൽ 1380 വരെ ഭരിച്ച ഇദ്ദേഹം ഫ്രാൻസിനെ ഒരു പ്രബല ശക്തിയാക്കി.

ചാൾസ് V (റോം-1500-1558)

1519-1556 കാലത്തെ വിശുദ്ധറോമാസാമ്രാജ്യ ചക്രവർത്തി. ചാൾസ് I എന്ന പേരിൽ 1516-56 കാലത്ത് ഇദ്ദേഹം സ്പെയിനിലെ രാജാവും ആയിരുന്നു. തൻെറ കാലം വരെ മറ്റ് ഏതു യൂറോപ്യൻ ചക്രവർത്തിയും ഭരിച്ചതിലേറെ വലുതായിരുന്നു ഇദ്ദേഹത്തിനു ലഭിച്ച സാമ്രാജ്യം. അതുകൊണ്ടുതന്നെ ഫ്രെഞ്ചുകാരോടും തുർക്കികളോടും പ്രൊട്ടസ്റ്റൻറുകളോടും നിരന്തരം മല്ലിടേണ്ടിവന്നു. ഹാപ്സ്ബർഗ് വംശത്തെയും കത്തോലിക്കാമതത്തെയും സംരക്ഷിക്കുന്നതിനുവേണ്ടി എന്നും യുദ്ധം ചെയ്യേണ്ടിയിരുന്നു. മത-രാഷ്ട്രവികസനത്തിനു വഴിമുടക്കിനിന്ന സാമ്രാജ്യശക്തി പതിനാറാം നൂറ്റാണ്ടിൽ ഒരധികപ്പറ്റായി അനുഭവപ്പെട്ടു.



ചാൾസ് V - തിത്തിയൻെറ ഒരു
എണ്ണച്ഛായചിത്രം - 1548 മ്യൂണിച്ച്.

ബർഗണ്ടിയിലെ പ്രഭുവിൻെറ മകനായ ചാൾസ് മാക്സ്മിലിയൻ ചക്രവർത്തിയുടെ പൗത്രനുമാണ്. പിതാവുമരിച്ചപ്പോൾ ബർഗണ്ടിക്ക് ഇദ്ദേഹം അവകാശിയായി. അരാഗൺ, കാസ്റ്റയിൽ രാജ്യങ്ങളും ഇദ്ദേഹത്തിൻെറ കയ്യിൽ വന്നുചേർന്നു. 1515-ൽ ബർഗണ്ടിയിലെ പ്രഭുവും 1516-ൽ സ്പെയിനിലെ രാജാവുമായി. 1519 ജൂണിൽ ചക്രവർത്തിയായി തിരഞ്ഞെടുക്കപ്പെട്ടു.

പ്രൊട്ടസ്റ്റൻറുശല്യം വർധിച്ചപ്പോൾ ചക്രവർത്തി അവരെ നാടുകടത്താൻ തുടങ്ങി. ഫ്രാൻസുമായി മിലാനുവേണ്ടിയുള്ള കലഹം തുടർന്നു. പോപ്പുമായും പിണങ്ങേണ്ടിവന്നു. ജെർമനിയെ സമാശ്വസിപ്പിക്കുംമുമ്പ് ഓട്ടോമാൻ തുർക്കികളെ തടഞ്ഞുനിർത്തി. ബെൽഗ്രേഡും റോഡ്സും പിടിച്ച തുർക്കികൾ ആൾജിയേഴ്സും ടൂണിസും കീഴടക്കി. ഫ്രാൻസും പ്രൊട്ടസ്റ്റൻറുകളും ചേർന്ന് എതിരിട്ടപ്പോൾ ചാൾസ് പരാജയപ്പെട്ടു. നിരാശനായ ചാൾസ് രാജ്യം അനുജനു നല്കി, നെതർലൻഡ്സ് മകൻ ഫിലിപ്പിനും. പിന്നെ സ്പെയിനും ചക്രവർത്തിപദവും ഉപേക്ഷിച്ചു മതനിഷ്ഠനായി സന്യാസം വരിച്ചു.

ചാൾസ് VI (1685-1740)

ഹംഗറിയിലെ രാജാവും വിശുദ്ധറോമാസാമ്രാജ്യ ചക്രവർത്തിയും. ലിയോപോൾസ് ചക്രവർത്തിയുടെ മകൻ. 1700-ൽ ലിയോപോൾ ചാൾസിനെ സ്പാനിഷ് രാജാവാക്കാൻ ശ്രമിച്ചു. ലൂയി XIV ഫിലിപ്പ് അഞ്ചാമനെ (തൻെറ പൗത്രനെ) തത്സ്ഥാനത്തു പ്രതിഷ്ഠിച്ചു. ഇംഗ്ലണ്ടും നെതർലൻഡ്സും ചക്രവർത്തിയുടെ പക്ഷം ചേർന്നു. 1714 വരെ യുദ്ധം നീണ്ടു. 1708-ൽ ബ്രൺസ് വിക്കിലെ എലിസബെത്ത് ക്രിസ്റ്റിനയെ ചാൾസ് വിവാഹം കഴിച്ചു. 1717-ൽ ജനിച്ച അവരുടെ മകൾ മരിയതെരേസ എന്ന പേരിൽ പില്ക്കാലത്തു ചക്രവർത്തിനി ആയി.

1711-ൽ ചാൾസിൻെറ മൂത്ത സഹോദരൻ ജോസഫ് I മരിച്ചപ്പോൾ (ഇദ്ദേഹം 1705 മുതൽ ചക്രവർത്തി ആയിരുന്നു). ചാൾസിനു ചക്രവർത്തിപദത്തിലേക്കു ക്ഷണം കിട്ടി. 1711-ൽ തിരഞ്ഞെടുക്ക

പ്പെട്ട ചാൾസ് 1722-ൽ കിരീടധാരണം നടത്തി. അപ്പോൾ ലൂയി 14-ാമനോടു ചേർന്നു ഇംഗ്ലണ്ടും നെതർലൻഡ്സും ഫിലിപ്പിനെ സ്പെയിൻരാജാവായി അംഗീകരിച്ചു. യുദ്ധം തുടർന്നെങ്കിലും ചാൾസ് പിന്നെ സന്ധിക്കു വഴിപ്പെട്ടു. ചാൾസിനു നേപ്പിൾസും സർഡീനിയയും മിലാനും ലഭിച്ചു. മകളുടെ ഉത്തരാധികാരിത്വം ചാൾസ് സാമ്രാജ്യഘടകശക്തികളെക്കൊണ്ട് അംഗീകരിപ്പിച്ചു. ഈ അംഗീകാരത്തെ 'പ്രാഗ്മാറ്റിക് സാങ്ക്ഷൻ' എന്നു പറയുന്നു. ഈ അംഗീകാരത്തിനുവേണ്ടി അവർക്കു പല സൗജന്യങ്ങൾ വകവച്ചു കൊടുക്കേണ്ടിവന്നു.

1716-ൽ തുർക്കിയുമായി യുദ്ധം വേണ്ടിവന്നു. വല്ലച്ചിയ, ബെൽഗ്രേഡ് വടക്കൻ സെർബിയയുടെ ഭാഗങ്ങശ ഇവ സന്ധിഫലമായി ചാൾസിനു ലഭിച്ചു.

ചാൾസ് XII (1682-1718)

വീരപരാക്രമങ്ങൾ കൊണ്ട് ഒരു കാല്പനികനായകനായിത്തീർന്ന സ്വീഡൻ രാജാവ്. സമർഥമായ സൈനികനേതൃത്വവും സഹിഷ്ണുതയും സമർഥരായ യോദ്ധാക്കളുടെ രാജഭക്തിയും ചേർന്ന് ഇദ്ദേഹത്തിൻെറ ഹ്രസ്വമായ ഭരണകാലത്തെ ഉജ്ജ്വലമാക്കി.

സ്റ്റോക്ഹോമിൽ ജനിച്ചു, സമുചിതമായ ശിക്ഷണം നേടി, നായാട്ടിലും ആയുധാഭ്യാസത്തിലും പ്രാവീണ്യം സമ്പാദിച്ചു. ജെർമൻ, ലത്തീൻ, ഫ്രെഞ്ചു ഭാഷകളിലും മതകാര്യങ്ങളിലും അഗാധജ്ഞാനം ഉണ്ടായിരുന്നു.



ചാൾസ് XII
ജെ.ഡി. സ്വാർട്സിനെ
തുടർന്നു
ഡേവിഡ് ഫൊൺക്രാഫ്റ്റ്
1706-ൽ വരച്ച
എണ്ണച്ഛായചിത്രം
സ്വീഡൻ

15-ാം വയസ്സിൽ രാജാവായി. റഷ്യയിലെ 'മഹാനായ' പീറ്ററും പോളിഷ് രാജാവായ സാക്സണിയിലെ അഗസ്റ്റസും ചേർന്നു സ്വീഡൻെറ ഭാഗങ്ങൾ തട്ടി എടുക്കാൻ ശ്രമം തുടങ്ങി. ഡെന്മാർക്കിനും ഇതേ സമയം ശത്രുക്കളെ നേരിടേണ്ടിവന്നു. ചാൾസ് ആംഗ്ലോഡച്ചു സഹായം നേടി ഡാനിഷ് സീലാൻഡിൽ സേനയെ ഇറക്കി. ഡെന്മാർക്കു കീഴടങ്ങി. നോർവെ വളഞ്ഞ റഷ്യൻസേനയെ തുരത്തി. 18 വയസ്സേ ഉണ്ടായിരുന്നുള്ളെങ്കിലും പക്വതയും സമരതന്ത്രപ്രാവീണ്യവും ചാൾസ് പ്രദർശിപ്പിച്ചു. പ്രശസ്തിയിൽ മത്തുപിടിച്ച ഇദ്ദേഹം 18 വർഷം തൻെറ ആക്രമണങ്ങൾ തുടർന്നു. പോളണ്ടിൽ പിടിമുറുക്കി, അഗസ്റ്റസിനെ സ്ഥാനഭ്രഷ്ടനാക്കി. എന്നാൽ റഷ്യയ്ക്കും തുർക്കിക്കും എതിരായ നീക്കങ്ങളിൽ പരാജയത്തിൻെറ രുചി അറിയേണ്ടിവന്നു. തുർക്കികളുടെ തടവുകാരനാകേണ്ടിവന്നെങ്കിലും വേഷപ്രച്ഛന്നനായി രക്ഷപ്പെട്ടു (1713). 80,000 ഭടന്മാരെ ശേഖരിച്ചു നോർവെ വളഞ്ഞു. പക്ഷെ, യുദ്ധത്തിൽ ഒരജ്ഞാതൻെറ വെടിയേറ്റു മരിച്ചു. അതോടെ സ്വീഡിഷ് സാമ്രാജ്യം തകർന്നു.

ചാൾസ്, ജാക്വിസ് അലക്സാൻഡർ സീസർ (1746-1823)

ഫ്രെഞ്ച് ഭൗതികജ്ഞൻ (ഷാർൾ ഷാക് അലക്സാന്ദ്ര് സീസർ എന്നു ഫ്രെഞ്ച് ഉച്ചാരണം). വാതകങ്ങളുടെ വ്യാപ്തവും താപനിലയും തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്ന നിയമം († ചാൾസ് നിയമം) കണ്ടുപിടിച്ചതിൻെറ പേരിൽ പ്രസിദ്ധനായി.



പലവിഷയങ്ങളും പഠിച്ചശേഷം സർക്കാർ ഉദ്യോഗസ്ഥനായി. ചെലവുകുറയ്ക്കൽ പരിപാടിയിൽ ജോലി നഷ്ടപ്പെട്ടു. മിന്നൽപിണരിനോടു ബന്ധപ്പെട്ട പരീക്ഷണങ്ങൾ നടത്തി. മരണംവരെ സർവകലാശാലയിൽ ഭൗതികത്തിൻെറ പ്രൊഫസറായി സേവനം അനുഷ്ഠിച്ചു.

പല വിഷയങ്ങളിലും ഗവേഷണം നടത്തി. ടാഫെറ്റാത്തുണികൊണ്ടുള്ള ഗോളബലൂൺ ഉണ്ടാക്കി. ടർപ്പൻറയിൻ ലയിപ്പിച്ച റബ്ബർലായനി അതിൽ തേച്ചുപിടിപ്പിച്ചു ഹൈഡ്രജൻ നിറച്ചു മേലോട്ടു വിട്ടു നിരീക്ഷണങ്ങൾ നടത്തി. ലൂയി XVI ഇദ്ദേഹത്തിനു സേവനങ്ങൾ പരിഗണിച്ചു പെൻഷൻ നല്കി. ഇൻറഗ്രൽ കാൽകുലസ്, വൈദ്യുതിപരീക്ഷണങ്ങൾ, കമ്പാരറ്റീവ് തെർമോമീറ്റർ സ്കെയിൽസ് എന്നിങ്ങനെ പലതിനെപ്പറ്റിയും ഗ്രന്ഥങ്ങൾ എഴുതി.

ഓക്സിജൻ, നൈട്രജൻ, ഹൈഡ്രജൻ, കാർബൺ ഡയോക്സൈഡ്, അന്തരീക്ഷവായു ഇവയുടെ 0°-100°C താപനിലകളിലെ വികാസം ഏകരൂപമാണെന്നു കണ്ടെത്തി. ഗേലുസാക് ആണ് ഈ ഗവേഷണഫലങ്ങൾ പ്രസിദ്ധീകരിച്ചത്. അതുകൊണ്ട് ഇവരുടെ രണ്ടാളുടെയുംകൂടി കണ്ടെത്തലായി ചാൾസ്നിയമത്തെ ഗണിച്ചുവരുന്നു. † ചാൾസ് നിയമം നോക്കുക.

ചാൾസ്ടൺ

യു.എസ്സിലെ സൗത്ത് കരൊലൈന പ്രവിശ്യയിലെ സാംസ്കാരിക പ്രാധാന്യമുള്ള നഗരവും അത്‌ലാന്തിക് തീരത്തുള്ള ഒരു അമേരിക്കൻ തുറമുഖവും. 1670-ൽ ഇംഗ്ലീഷുകാർ ഈ പ്രദേശത്ത് കുടിയേറിപാർത്തു. അൻബേമാൾ പോയിൻറ് എന്നായിരുന്ന അന്നത്തെ പേർ. 1722-ൽ ചാൾസ് ടൗൺ എന്ന് ഇതിന്നു പേരിട്ടു. 1783-ലാണ് ചാൾസ്ടൺ എന്നാക്കിയത് . അമേരിക്കൻ സ്വാതന്ത്ര്യസമരത്തിലെ ആദ്യത്തെ വെടിപൊട്ടിയ സ്ഥലമായ ഫോർട്ട്സംറ്റർ (Fort sumter) ഈ നഗരത്തിൽനിന്ന് 5 കി. മീ. തെക്കു കിഴക്കാണ് സ്ഥിതിചെയ്യുന്നത്. 1886-ൽ ഉണ്ടായ ഒരു ഭൂകമ്പം പഴയനഗരത്തിനു വലിയ നാശനഷ്ടങ്ങൾ ഉണ്ടാക്കിയെങ്കിലും താമസിയാതെ പുനർനിർമാണം നടന്നു. ഇപ്പോൾ സൗത്ത് കരൊലൈനയിലെ മുഖ്യ വ്യവസായകേന്ദ്രമായി ഈ നഗരം വികസിച്ചിരിക്കുന്നു കടലാസ് മില്ലുകൾ, എണ്ണശുദ്ധീകരണകേന്ദ്രങ്ങൾ, ആസ്ബസ്റ്റോസ് നിർമാണ ശാലകൾ, റബ്ബർ ഫാക്റ്ററികൾ, ഇപ്പോൾ വസ്ത്രനിർമാണ ശാലകൾ എന്നിവ ധാരാളമുള്ള നഗരമാണ് ഇത്. കോളെജ് ഒഫ് ചാൾസ്ടൺ, മെഡിക്കൽ യൂണിവേഴ്സിറ്റി ഒഫ് സൗത്ത് കരൊലൈന, മിലിട്ടറി കോളെജ്, ടിഡൻറ് ടെക്നിക്കൽ കോളെജ്, ബാപ്റ്റിസ്റ്റ് കോളെജ് എന്നിങ്ങനെ പല ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളും

പീരങ്കിപ്പടയുടെ പഴയകേന്ദ്രം
ചാൾസ്റ്റൺ. സൗത്ത് കരൊലൈന

ഇവിടെയുണ്ട്. യു.എസ്. നേവൽ ബെയ്സ്, ചാൾസ്ടൺ എയർ ഫോഴ്സ് സ്ബെയ്സ് എന്നിവ ഈ നഗരത്തിന്റെ പ്രാധാന്യം വർധിപ്പിക്കുന്നു. ജനസംഖ്യ മെട്രോ പോളിറ്റൻ ഏരിയയിൽ: 4,30,301 (1980)

ചാൾസ് നിയമം

ഭൗതികത്തിൽ വാതകങ്ങളുടെ മർദം, വ്യാപ്തം, താപനില എന്നിവയെ ബന്ധപ്പെടുത്തുന്ന ഒരു നിയമം. ഈ നിയമം ആദ്യമായി ആവിഷ്കരിച്ചത് ജേക്വസ് അലക്സാണ്ടർ സീസർ ചാൾസ് എന്ന ഫ്രഞ്ചു ശാസ്ത്രജ്ഞൻ ആയതുകൊണ്ടാണ് ഇതിനെ ചാൾസ് നിയമം എന്നു വിളിച്ചത്. പിന്നീട് ഇതേ നിയമംതന്നെ ഗേ ലുസാക്ക് എന്ന ശാസ്ത്രജ്ഞൻ കുറെക്കൂടി വ്യക്തമാക്കുകയാൽ ഗേ ലുസാക്ക് നിയമം എന്ന പേരും ഇതിനു സിദ്ധിച്ചു.

മർദം സ്ഥിരമായിരിക്കുമ്പോൾ ഒരു നിശ്ചിത ദ്രവ്യമാനം വാതകത്തിന്റെ വ്യാപ്തം താപനിലയിൽ ഓരോ ഡിഗ്രി സെൽഷ്യസ് കൂടുമ്പോഴും (കുറയുമ്പോഴും) 0°C-ലുള്ള വ്യാപ്തത്തിന്റെ 1/273 ഭാഗം വീതം കൂടുന്നു, (കുറയുന്നു) എന്നാണ് ചാൾസ് നിയമം. മറ്റൊരുതരത്തിൽ പറഞ്ഞാൽ, സ്ഥിരമർദത്തിൽ വാതകത്തിന്റെ വ്യാപ്തം, കേവല താപനിലയോട് നേർഅനുപാതത്തിലാണ്. V, വാതകത്തിന്റെ വ്യാപ്തവും T, കേവല താപനിലയും ആണെങ്കിൽ $V \propto T$. അതായത് $V=KT$. ഇവിടെ K ഒരു സ്ഥിരസംഖ്യയാണ്. അപ്പോൾ $V/T = K$ എന്നു കിട്ടുന്നു.

മാതൃകാവാതകങ്ങളുടെ കാര്യത്തിൽ മാത്രമേ ഈ നിയമം ശരിയാകയുള്ളു. യഥാർഥത്തിൽ ലഭ്യമായ വാതകങ്ങളൊന്നും ഈ നിയമം അനുസരിക്കുന്നില്ല. ദ്രാവകീകരണത്തോട് അടുത്ത സാഹചര്യങ്ങളിൽ (ഉന്നതമർദത്തിലും താണ താപനിലയിലും) ഈ നിയമത്തിൽനിന്നു വാതകങ്ങൾ വളരെയധികം വ്യതിചലിക്കുന്നു.

ചാഴി (rice bug)

ഒരിനം പ്രാണി. നെന്മണിയുടെ 'പാലാ'ണ് ആഹാരം. കൊറിഡെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *ലെപ്റ്റോകൊറൈസ വാരികോർണിസ് (Leptocorisa varicornis)* .

ഒന്നര സെന്റീമീറ്ററോളം നീളം ഉണ്ട്. ചാഴിക്കുഞ്ഞുങ്ങളുടെ നിറം പച്ചയാണ്. പൂർണ വളർച്ച പ്രാപിക്കുമ്പോൾ തവിട്ടുനിറമാകും. ചിറക് രണ്ടുജോടി ഉണ്ട്. മുൻചിറക് പിൻചിറകിനെക്കാൾ കനമുള്ളതാണ്. ശരീരത്തിന്റെ അടിഭാഗത്തുള്ള ഗ്രന്ഥി ഒരിനം ദ്രവം പുറപ്പെടുവിക്കുന്നു. ഇതിന് ദുർഗന്ധം ഉണ്ട്.

നെന്മണിയിലെ 'പാല്' വലിച്ചു കുടിക്കാൻ യോജിച്ചതാണ് ഇതിന്റെ വദനഭാഗങ്ങൾ. ചാഴിബാധ ഉണ്ടായാൽ നെന്മണി പതിരായി മാറും.



ചാഴി

ഇലയുടെ അടിവശത്ത് മുട്ട ഇടുന്നു. മുട്ടയ്ക്കു കറുപ്പുകലർന്ന തവിട്ടുനിറമാണ്. മുട്ട നിംഫ് (പുഴു) ആകുന്നതിന് ഒരാഴ്ചയോളം വേണം. നിംഫ് നെന്മണിയുടെ 'പാലു' കുടിച്ചു വളരുന്നു. രണ്ടു മുതൽ മൂന്നു വരെ ആഴ്ചകൊണ്ട് നിംഫ് പൂർണവളർച്ച പ്രാപിക്കും. നിംഫ് അങ്ങനെ ചാഴിയായി മാറുന്നു. അഞ്ചുശതമാനം വീര്യമുള്ള ബി.എച്ച്. സി. വിതറി ചാഴിയെ നിയന്ത്രിക്കാം.

ചാഴൂർ താവഴി

കൊച്ചി രാജവംശത്തിന്റെ ഒരു ശാഖ. പെരുമ്പടപ്പുസ്വരൂപം (കൊച്ചിരാജവംശം) മഹോദയപുരത്തെ കുലശേഖരന്മാരുടെ അനന്തരാവകാശികളെന്നാണ് ഐതിഹ്യം. അവസാനത്തെ ചക്രവർത്തിയായിരുന്ന രാമവർമകുലശേഖരന്റെ സഹോദരിയിൽ പെരുമ്പടപ്പുനമ്പൂതിരിക്ക് ഉണ്ടായ പുത്രനാണു പെരുമ്പടപ്പുസ്വരൂപത്തിലെ ആദ്യത്തെ രാജാവ്. 13-ാം ശതകത്തിന്റെ അവസാനംവരെ അവരുടെ ആസ്ഥാനം വന്നേരിയിലുള്ള പെരുമ്പടുപ്പുഗ്രാമമായിരുന്നു. 15-ാം ശതകമാകുമ്പോഴാണു കൊച്ചിയിലേക്കു മാറുന്നത്. ഇക്കാലമായപ്പോഴേക്ക് പെരുമ്പടപ്പുരാജവംശം മൂത്ത താവഴി, ഇളയ താവഴി, പള്ളുരുത്തി താവഴി, മാടത്തുങ്കൽ (മുരിങ്ങൂർ) താവഴി, ചാഴൂർ താവഴി എന്നിങ്ങനെ അഞ്ചു ശാഖകളായി പിരിഞ്ഞു. ഓരോ താവഴിക്കും പ്രത്യേകം കുടുംബസ്ഥാനവും സ്വന്തം വസ്തുവകകളും സൈന്യവും ഉണ്ടായിരുന്നു. അഞ്ചു താവഴികളിലുംവച്ചു പ്രായംകൂടിയ ആൾ രാജാവായിത്തീരും.

കാലംചെല്ലുന്തോറും താവഴിക്കാർ തമ്മിലുള്ള മത്സരം വർധിച്ചുവന്നു. നാട്ടിലെ പ്രമാണിമാരും പ്രഭുക്കന്മാരും ഓരോ ഭാഗംചേർന്നു. പോർത്തുഗീസുകാരുടെ സഹായത്തോടെ മൂത്ത താവഴിയിൽനിന്ന് ഇളയ താവഴിക്കാർ ബലമായി അധികാരം പിടിച്ചെടുത്തു. 1663-ൽ ഡച്ചുകാരുടെ സഹായത്തോടെ മൂത്ത താവഴിക്കാർ നഷ്ടപ്പെട്ട അവകാശം വീണ്ടെടുത്തു. 1673-ൽ ഡച്ചുകാരും മൂത്ത താവഴിക്കാരും പാലിയത്തച്ചനുമായി നടന്ന ഒരു ഉടമ്പടിപ്രകാരം രാജ്യാവകാശം മൂത്ത താവഴിക്കാർക്കും ചാഴൂർ താവഴിക്കാർക്കുമായി പരിമിതപ്പെടുത്തി. അതനുസരിച്ചു കൊച്ചി രാജവംശത്തിലേക്ക് എപ്പോഴെങ്കിലും ദത്തെടുക്കേണ്ട ആവശ്യമുണ്ടായാൽ ഈ രണ്ടു ശാഖളിൽനിന്നു മാത്രമേ സാധിക്കുമായിരുന്നുള്ളു. 18-ാം ശതകം പകുതി കഴിയുമ്പോൾ പെരുമ്പടപ്പുമൂപ്പിൽസ്ഥാനം പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു ചാഴൂർ താവഴിയിലെ അംഗങ്ങൾ പ്രക്ഷോഭണത്തിനൊരുങ്ങി. ചാഴൂർ തമ്പാന്മാരെ സഹായിക്കുവാൻ വേണാട്ടിലെ മാർത്താണ്ഡവർമമഹാരാജാവ് തയ്യാറായി. അതോടുകൂടി അന്നത്തെ രാമവർമരാജാവ് (1749-1760) മൂപ്പിൽസ്ഥാനം വീണ്ടും ഏർപ്പെടുത്തുകയും കരപ്പുറം പ്രദേശങ്ങൾ ചാഴൂർശാഖയ്ക്കു വിട്ടുകൊടുക്കുകയും ചെയ്തു. കൊച്ചീരാജകുടുംബത്തിന്റെ ആഭ്യന്തരസമരങ്ങളിലും ആ രാജ്യത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലും ചാഴൂർശാഖക്കാർക്കു പ്രധാന പങ്കുണ്ട്.

ചാറ്റർട്ടൺ, തോമസ് (1752-1770)

ഇംഗ്ലീഷ് കവി. 18-ാമത്തെ വയസ്സിൽ ആത്മഹത്യ ചെയ്തു. 1752 നവംബർ 20-ാം തീയതി ബ്രിസ്റ്റലിൽ ജനിച്ചു. സ്കൂൾ മാസ്റ്ററായിരുന്ന പിതാവിന്റെ മരണശേഷമാണു ചാറ്റർട്ടണിന്റെ ജനനം.

അമ്മ ചെറിയൊരു തയ്യൽ സ്കൂൾ നടത്തി കുടുംബം പുലർത്തി. ദാരിദ്ര്യത്തിനു പുറമെ സഹോദരിയുടെ ചിത്തരോഗവും കൂടിയായപ്പോൾ ചാറ്റർട്ടണിന്റെയും കുടുംബത്തിന്റെയും സ്ഥിതി കഷ്ടത്തിലായി. സ്വയം പഠിച്ച് ഇംഗ്ലീഷ് ഭാഷയിലും സാഹിത്യത്തിലും അദ്ഭുതകരമായ വൈഭവം നേടി. പഴയ ഒരു കുരിശു നശിപ്പിച്ച പള്ളിവികാരിയെ പരിഹസിച്ചുകൊണ്ടുള്ള ഒരു കവിത 1763-ൽ രചിച്ചു. 15-ാം നൂറ്റാണ്ടിലെ ഭാഷാശൈലിയിൽ ഒരു ഗ്രാമീണ കവിത. (Elinoure and juga) രചിച്ചപ്പോൾ അദ്ദേഹത്തിന് 11 വയസ്സേ ഉണ്ടായിരുന്നുള്ളു. അതിനുശേഷമാണ് 'റൗലി'കവിതകളുടെ രംഗപ്രവേശം. തോമസ് റൗലി എന്നൊരു സാങ്കല്പിക പുരോഹിതനെ കേന്ദ്രമാക്കിക്കൊണ്ട് നൂറ്റാണ്ടുകൾക്കു മുമ്പുള്ള ഭാഷാശൈലിയിൽ എഴുതപ്പെട്ടവയാണ് ഈ കവിതകൾ. ചാറ്റർട്ടണിന്റെ സ്വപ്നങ്ങളും അനുഭവങ്ങളും പ്രതിഭയും ഏറ്റവുമധികം പ്രതിബിംബിച്ചിട്ടുള്ളത് റൗലികവിതകളിലാണ്. ഇതു കൂടാതെ ചില വിലാപഗാനങ്ങളും ആഫ്രിക്കൻ രംഗങ്ങളെയും അടിമത്തത്തെയും കുറിച്ചുള്ള കൃതികളും കുറെ പരിഹാസലേഖനങ്ങളും ഇദ്ദേഹം രചിച്ചിട്ടുണ്ട്.

1770 ഓഗസ്റ്റ് 24-ാം തീയതി സാമ്പത്തിക ദുർദശകാരണം വിഷം കഴിച്ച ചാറ്റർട്ടൺ മരിച്ചു.

മരണത്തിനുശേഷമാണ് ഈ കവിയുടെ യശസ്സ് ഉയർന്നത്. കോൾറിഡ്ജ് ചാറ്റർട്ടണിനെക്കുറിച്ച് ഒരു കവിത എഴുതി. 'അദ്ഭുതബാലൻ' എന്ന് വേർഡ്സ്വർത്ത് പുകഴ്ത്തി. ശോകസങ്കുലമായ ഒരു കവിതയിലൂടെ ഷെല്ലിയും അദ്ദേഹത്തെ വാഴ്ത്തി. 'എൻഡിമിയൺ എന്ന കൃതി കീറ്റ്സ് സമർപ്പിച്ചത് ചാറ്റർട്ടണിന്റെ സ്മരണയ്ക്കായിട്ടാണ്. ക്രാബേ, ബൈറൺ, സ്കോട്ട്, റോസറ്റി എന്നിവരും ഇദ്ദേഹത്തെ മുക്തകണ്ഠം പ്രശംസിച്ചു. ഫ്രാൻസിലെ ആൽഫ്രഡ് ഡിവിഗ്നി, ചാറ്റർട്ടണിനെക്കുറിച്ച് ഒരു നാടകം എഴുതി.

ചാറ്റുപക്ഷികൾ

യൂറോപ്പിലെ ഒരിനം പക്ഷികൾ. സ്റ്റോൺ ചാറ്റ് (Stone chat), വിൻചാറ്റ് (Whin chat) എന്നിവ സർവസാധാരണമായ ചാറ്റുപക്ഷികളാണ്. റ്റർഡിഡെ കുലത്തിൽപ്പെടുന്നു. 13 സെൻറീമീറ്ററോളം നീളമുണ്ട്. ടെലിഗ്രാഫ് കമ്പികളിലും, റെയിൽവെ പാളത്തിനരികെക്കൂടിയുള്ള കമ്പികളിലും കുറ്റിച്ചെടികളിലുമാണ് സ്റ്റോൺ ചാറ്റ് പക്ഷികളെ കാണുന്നത്. ശാസ്ത്രനാമം: *സാക്സികോള റ്റോർക്വേറ്റ (Saxicola torquata)*. ആൺപക്ഷിക്ക് ചിറകിന് വെളുത്ത അടയാളമുണ്ട്. പെൺപക്ഷിക്ക്, ആൺപക്ഷിയുടെ തലയിലുള്ള കറുത്ത നിറവും കഴുത്തിൻെറ ഇരുവശങ്ങളിലമുള്ള വെളുത്തനിറവുമില്ല. കുറ്റിക്കാടുകളിലെ തറയിൽ കൂടുകൂട്ടുന്നു. കല്ലുകൾ തമ്മിൽ ഉരസുമ്പോഴത്തെ പോലുള്ളതാണ് ഇതിൻെറ ശബ്ദം. അതുകൊണ്ടാണ് സ്റ്റോൺ (കല്ല്) ചാറ്റ് എന്ന പേരുണ്ടായത്. ചില പ്രദേശങ്ങളിലെ സ്റ്റോൺ ചാറ്റുകൾ ദേശാടനം നടത്തുന്നു.

പുൽമേടുകളിലും ചതുപ്പുനിലങ്ങളിലും വെളിപ്രദേശങ്ങളിലും കാണുന്ന മറ്റൊരു ചാറ്റ്പക്ഷിയാണു വിൻചാറ്റ്. ശാസ്ത്രനാമം: *സാക്സികോള റൂബെട്ര (Saxicola rubetra)*. കുറ്റിക്കാടുകളിലെ തറയിൽ പുൽച്ചെടികൾകൊണ്ടു കൂടുണ്ടാക്കുന്നു. കണ്ണിനു താഴ്ഭാഗം കറുപ്പും മുകൾഭാഗം വെളുപ്പുമാണ്. ചിറകിലും വാലിലും ഓരോ വെളുത്ത വരയുണ്ട്. ദേശാടകരാണ്.



സ്റ്റോൺചാറ്റ്

ചി

ചികിത്സാശാസ്ത്രം (Therapeutics)

രോഗം, വേദന, മുറിവ് തുടങ്ങിയവയ്ക്കെതിരെ രോഗിക്കു നല്കുന്ന ചികിത്സയും പരിചരണവും പ്രതിപാദിക്കുന്ന ശാസ്ത്രം. രാസചികിത്സ, വിറ്റാമിൻ ചികിത്സ, ഹോർമോൺ ചികിത്സ തുടങ്ങിയവ വിവിധ ചികിത്സാ പദ്ധതികളാണ്. ഔഷധശാസ്ത്രം(pharmacology) രോഗപ്രതിവിധിക്കായി ഉപയോഗിക്കുമ്പോൾ അതിനു ഭേഷജചികിത്സാവിജ്ഞാനം (pharmacotherapeutics) എന്നു പറയുന്നു.

ചികിത്സയുടെ ഒരു അവിഭാജ്യഘടകമാണു രോഗനിർണയനം. രോഗം എങ്ങനെയുള്ളതാണെന്നും രോഗം ഏത് വ്യൂഹത്തെ ബാധിച്ചുവെന്നും മനസ്സിലാക്കണം. അതിനുശേഷം വേണം ചികിത്സയാരംഭിക്കാൻ. രോഗനിർണയനത്തിനുപല മാർഗങ്ങളുണ്ട്.

രോഗലക്ഷണങ്ങൾ. വസ്തുനിഷ്ഠം (objective) എന്നും ആത്മനിഷ്ഠം (subjective) എന്നും രണ്ടായി തിരിക്കാം.

വസ്തുനിഷ്ഠലക്ഷണങ്ങൾകൊണ്ട് അർഥമാകുന്നത് ബാഹ്യലക്ഷണങ്ങൾ എന്നാണ്. വയറ്റിളക്കം, തൊലിപ്പുറമെ വട്ടത്തിൽ തടിച്ചുപൊങ്ങുക എന്നിവ ഉദാഹരണങ്ങളാണ്. രോഗി സ്വയം അനുഭവിക്കുന്ന വേദന, തരിപ്പ്, കടച്ചിൽ, മാനസികാസ്വാസ്ഥ്യം തുടങ്ങിയവയെല്ലാം ആത്മനിഷ്ഠലക്ഷണങ്ങളാകുന്നു. സംസാരിക്കാൻ പ്രായമാകാത്ത കുട്ടികളിലും ഓർമ നശിച്ചവരിലും മൃഗങ്ങളിലും മറ്റും ആത്മനിഷ്ഠലക്ഷണങ്ങൾ രോഗനിർണയത്തിന് പലപ്പോഴും സഹായകമാകുന്നില്ല. പക്ഷേ, പരിചയസമ്പന്നനായ ചികിത്സകന് ആത്മനിഷ്ഠലക്ഷണങ്ങളുടെ പല വസ്തുനിഷ്ഠപ്രകടനങ്ങളും ഗ്രഹിക്കാൻ കഴിയും. ബാലചികിത്സകനും മൃഗഡോക്ടർക്കും എളുപ്പത്തിൽ രോഗിക്കു കഠിനമായ വയറുവേദനയുണ്ടോ എന്നു പറയാൻ കഴിയും. രോഗിയുടെ ആളുകൾ രോഗലക്ഷണങ്ങളെപ്പറ്റി നല്കുന്ന വിവരങ്ങൾ ഡോക്ടർ രോഗിയെ കാണാതെ വിശ്വസിക്കാറില്ല. കാരണം, രോഗിയുടെ വിവിധ ചേഷ്ടകൾ കണ്ട് ശീലിച്ചിട്ടില്ലാത്തവർ ഈ ലക്ഷണങ്ങളെ പെരുപ്പിച്ചു പറയുക സ്വാഭാവികമാണ്. രോഗനിർണയത്തിനായി ലക്ഷണങ്ങൾ സ്വയം കണ്ടുമനസ്സിലാക്കുകയും ചോദിച്ചു മനസ്സിലാക്കുകയും ചെയ്യുന്നതോടെ മറ്റു ചില കാര്യങ്ങളും ചോദിച്ചറിയുന്നു. കുടുംബചരിത്രമാണ് ഒന്ന്. പല രോഗങ്ങളും പാരമ്പര്യമായി ലഭിക്കാറുണ്ട്. പ്രമേഹം, അപസ്മാരം മുതലായവ ഉദാഹരണങ്ങളാണ്. അതിനാൽ രോഗിയുടെ മുൻതലമുറകളുടെയും അടുത്ത ബന്ധുക്കളുടെയും ആരോഗ്യസംബന്ധമായ ചരിത്രം ചികിത്സകൻ അറിയേണ്ടതുണ്ട്. ഉദാഹരണമായി മലത്തിൽ രക്തംപോകുന്ന രോഗിയുടെ രോഗനിർണയത്തിൽ രക്തംപോക്ക് എന്നു തുടങ്ങി എന്നും മുമ്പ് ഏതെല്ലാം അവസരങ്ങളിൽ ഉണ്ടായിട്ടുണ്ട് എന്നു അറിയണം. രോഗിയിൽ മുമ്പു നടത്തിയിട്ടുള്ള ചികിത്സയുടെ പൂർണവിവരവും ചികിത്സകൻ അറിഞ്ഞിരിക്കണം.

മൃഗചികിത്സയിൽ, പരിസരത്ത് രോഗം ഉണ്ടായിട്ടുണ്ടെങ്കിൽ അതും ആ മൃഗത്തിൻെറ തീറ്റിയെടുക്കൽ, അയവിറക്കുന്ന മൃഗമാണെങ്കിൽ അയവിറക്കൽ, മലമൂത്രവിസർജനത്തിലുള്ള പ്രത്യേകതകൾ എന്നിങ്ങനെ അനേകം കാര്യങ്ങൾ മനസ്സിലാക്കണം.

പരിശോധന. രോഗനില അറിയുന്നതു രണ്ടുവിധത്തിലാകാം. രോഗിയുടെ ശരീരാസ്വാസ്ഥ്യങ്ങളെ നോക്കി വിലയിരുത്തലാണ് ഒന്ന്. കൂടാതെ വിസർജനം, അതിൻെറ ഗന്ധം, ശ്വാസോച്ഛ്വാസത്തിൻെറ സ്ഥിതി, നില്ക്കുമ്പോഴും കിടക്കുമ്പോഴുമുള്ള പ്രത്യേകതകൾ എന്നിങ്ങനെ പല കാര്യങ്ങൾ ശ്രദ്ധിക്കണം. ചിലപ്പോൾ രോഗിയെ നിർത്തിയും കിടത്തിയും നടത്തിയും മറ്റും പരിശോധിക്കേണ്ടിവരും. മൃഗചികിത്സയിൽ ഒരു പറ്റത്തിൽപ്പെട്ട മൃഗത്തിൻെറ രോഗനിർണയനത്തിന് പലപ്പോഴും രോഗലക്ഷണങ്ങൾ കാണിച്ചു തുടങ്ങിയിട്ടില്ലാത്ത മറ്റു മൃഗങ്ങളെയും പരിശോധിക്കേണ്ടിവരും.

പരിസ്പർശനം (palpation): ശരീരത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള മാറ്റങ്ങളെ വിരലുകൾകൊണ്ടോ കൈയെത്താത്ത ഭാഗങ്ങളിൽ ഉപകരണങ്ങൾമൂലമോ സ്പർശിച്ചറിയുന്നു. ശരീരഭാഗങ്ങൾ കാറ്റുനിറഞ്ഞതാണോ മാവുകുഴച്ചപോലെ മയമുള്ളതാണോ അസ്ഥി പോലെ ഉറപ്പുള്ളതോ കട്ടിയായിട്ടുള്ളതോ മിനുസമുള്ളതോ ഉരുണ്ടതോ എന്നിങ്ങനെ നിരവധി കാര്യങ്ങൾ പരിസ്പർശനം കൊണ്ട് അറിയാം.

പരിതാഡനം (percussion): ശരീരത്തിലെ ഏതെങ്കിലും ഭാഗത്തു തട്ടി രോഗനിർണയത്തിനു സഹായകമായ ശബ്ദം ഉണർത്തുകയോ വേദനയെടുപ്പിക്കുകയോ ചെയ്യുന്ന രീതിയാണു പരിതാഡനം. ശരീരത്തിലെ വിവിധഭാഗങ്ങൾ കൊട്ടിനോക്കുമ്പോൾ സാധാരണ ഉണ്ടാക്കാവുന്ന ശബ്ദത്തെ പരീക്ഷകൻ വേർതിരിച്ചുനോക്കിയാൽ രോഗനിർണയനത്തിനു സഹായകമായവിധത്തിൽ അതിനെ വ്യാഖ്യാനിക്കാൻ സാധിക്കും.

പരിശ്രവണം (auscultation): അവയവങ്ങളുടെ ആരോഗ്യസ്ഥിതി നിർണയിക്കാനായി അവയിലെ ശബ്ദം ശ്രവിക്കുന്നതിനു പരിശ്രവണം എന്നു പറയാം. ശ്വാസകോശം, കുടൽ, ഹൃദയം എന്നീ അവയവങ്ങൾ സാധാരണ പരിശ്രവണത്തിന്നു വിധേയമാക്കുന്നത് സ്റ്റെതസ്കോപ്പ് (stethoscope) ഉപയോഗിച്ചാണ്.

മറ്റു പരിശോധനകൾ. മുൻപറഞ്ഞ പരിശോധനാസമ്പ്രദായങ്ങൾക്കു പുറമെ താഴെപറയുന്ന മാർഗങ്ങളും അവലംബിക്കാറുണ്ട്.

1. പരീക്ഷണവേധനം (test puncture): സാധാരണ കുത്തിവയ്ക്കാൻ ഉപയോഗിക്കുന്ന സൂചിയോ, പ്രത്യേക കുഴൽശസ്ത്രമോ ഇതിനായി ഉപയോഗിക്കാം. ഉദാഹരണമായി ഒരു വീക്കമുണ്ടെന്നിരിക്കട്ടെ, അതു നിറയെ എന്തെങ്കിലും ദ്രവവസ്തുവാണെന്ന് ഊഹിച്ചറിഞ്ഞാൽ വീക്കത്തിനകത്ത് ചോരയാണോ ചലമാണോ അതോ



ദന്തചികിത്സ - ശാസ്ത്രീയപരിശോധന

നീരുവെള്ളമാണോ എന്നു മനസ്സിലാക്കാൻ പരീക്ഷണവേധനം സഹായിച്ചേക്കും.

2. ബയോപ്സി (biopsy): ശരീരഭാഗങ്ങളിൽ ഉണ്ടാകുന്ന വീക്കം അർബുദമാണോ അല്ലയോ എന്നറിയുന്നതിനു ശരീരത്തിന്റെ അതതു ഭാഗങ്ങളിൽനിന്നു ഛേദങ്ങളെടുത്തു മൈക്രോസ്കോപ്പിൽവെച്ചു പരിശോധിക്കുന്നു.

3. എൻഡോസ്കോപ്പി (endoscopy): ശ്വസനേന്ദ്രിയം പോലുള്ള നാളികാവയവങ്ങളുടെ ആന്തരപരിശോധനയാണ് എൻഡോസ്കോപ്പി. ആന്തരപരിശോധനയിൽ ചെറിയ വൈദ്യുതബൾബ് ഉപയോഗിച്ച് അന്തർഭാഗഗഹ്വരങ്ങളിൽ പ്രകാശം പരത്താറുണ്ട്. വിവിധകോണുകളിൽ ഉറപ്പിച്ചിട്ടുള്ള ദർപ്പണങ്ങൾ ശരീരാന്തർഭാഗങ്ങളെ പുറമെനിന്നും കാണുകയും ചെയ്യുന്നു.

4. എക്സ്റേ പരിശോധന: ശ്വാസകോശം, കുടൽ, ഹൃദയം, മസ്തിഷ്കം മുതലായ അവയവങ്ങളിലെ അസാധാരണവളർച്ച ആന്തരാവയവങ്ങളിലെ അന്യവസ്തുക്കൾ, അസ്ഥിഭംഗം തുടങ്ങിയവ എക്സ്റേഫോട്ടോകൾ നോക്കി കണ്ടുപിടിക്കാം.

5.ക്ലിനിക്കൽ പാതോളജി: രോഗിയുടെ മലം, മൂത്രം, കഫം, രക്തം തുടങ്ങിയവ പരീക്ഷണശാലയിൽ പരിശോധിച്ചു വിദഗ്ധന്മാർ റിപ്പോർട്ടു തയ്യാറാക്കുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡോക്ടർ രോഗം നിർണയിക്കും.

സാമാന്യപരിശോധന. രോഗിയുടെ തരം, നിറം, പ്രായം, വലിപ്പം എന്നിവയോടൊപ്പം ലിംഗഭേദവും പ്രവൃത്തിയും പരിഗണിക്കണം. രോഗിയുടെ പൊതുവായ പ്രകൃതം, നില്ക്കുമ്പോഴും നടക്കുമ്പോഴും കിടക്കുമ്പോഴും മറ്റും രോഗി അവലംബിക്കുന്ന രീതികൾ, ശരീരഘടന, പെരുമാറ്റം എന്നിവയും രേഖപ്പെടുത്തണം: രോമത്തിന്റെ സ്ഥിതി, വിയർപ്പുണ്ടാകുന്നതിന്റെ പ്രകൃതി, നിറം, മണം, ദേഹത്തിലെ മുറിവുകൾ, വളർച്ചകൾ എന്നിവയും ശ്രദ്ധിക്കണം. ശ്ലേഷ്മപടലത്തിന്റെ നിറം, കണ്ണ്, മൂക്ക്, ജനനേന്ദ്രിയം എന്നിവ പരിശോധിക്കേണ്ടതാണ്. താപനില നോക്കുമ്പോൾ പ്രായം, ശരീരാധ്വാനം, അന്തരീക്ഷതാപനില എന്നിങ്ങനെയുള്ള ഘടകങ്ങളെല്ലാം കണക്കിലെടുക്കണം. രോഗാണുക്കളുടെ ആക്രമണത്തിന് എതിരായുള്ള ശരീരത്തിന്റെ പ്രതിരോധപ്രവർത്തനഫലമാണു പനി.

പ്രതിവ്യൂഹ(systematic)പരിശോധന. രോഗനിർണയം ഉറപ്പുവരുത്തുന്നതിനു ശരീരത്തിലെ വ്യൂഹംപ്രതിയുള്ള പരിശോധന ആവശ്യമായിവരും. ഓരോ വ്യൂഹവും പരിശോധിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ താഴെ പറയുന്നു.

1. രക്തസഞ്ചാരവ്യൂഹം: നാഡീസ്പന്ദത്തിന്റെ തോത്, രീതി, ശക്തി എന്നിവ വളരെ ശ്രദ്ധിക്കേണ്ടതാണ്. ഉപരിതലസിരകളും പരിശോധിക്കണം. ഹൃദയപ്രവർത്തനം ആകർണനംവഴി അറിയാം.

2. ശ്വസനവ്യൂഹം: ശ്വാസോച്ഛ്വാസത്തിന്റെ നില കണക്കിലെടുക്കുമ്പോൾ രീതി, ആഴം, എണ്ണം എന്നിവയും പ്രത്യേകം കണക്കിലെടുക്കണം. നാസാദ്വാരങ്ങളിൽക്കൂടിയുള്ള വിസർജ്യം പരിശോധിക്കണം.

3. ദഹനവ്യൂഹം: രോഗിയുടെ വിയർപ്പ്, ദാഹം ഇവയെക്കുറിച്ചു മനസ്സിലാക്കണം. വായ്, അന്നനാളം തുടങ്ങിയ അവയവങ്ങളും പരിശോധിക്കണം. ഉദരഭാഗത്തു സ്പർശനം, അംഗുല്യാഘാതം, ആകർണനം എന്നിവയും ചെയ്യാവുന്നതാണ്. വയറ്റിളക്കം, ഓക്കാനം, ഛർദി തുടങ്ങിയ ലക്ഷണങ്ങൾ പ്രധാനപ്പെട്ടവയാണ്.

4. വിസർജനവ്യൂഹം: മൂത്രം ഒഴിക്കുന്നതിൽ രോഗിക്കു വിഷമം നേരിടുന്നുണ്ടോ, മൂത്രത്തിന്റെ അളവ്, നിറം, മണം, ആപേക്ഷിക സാന്ദ്രത എന്നീ കാര്യങ്ങൾ അറിയണം. വൃക്കകൾ, മൂത്രാശയം എന്നിവയുടെ രോഗങ്ങളാണ് വിസർജനവ്യൂഹം പരിശോധിക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്.

5. പ്രജനനവ്യൂഹം: ലിംഗഭേദമനുസരിച്ചു ജനനേന്ദ്രിയങ്ങൾ, ലൈംഗികാസക്തി, ശുക്ലത്തിന്റെ ചലനശേഷി ഗർഭധാരണം എന്നീ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

6. നാഡീവ്യൂഹം: ശരീരത്തിന്റെ ബോധപരവും അല്ലാത്തതും ആയ എല്ലാ പ്രവർത്തനങ്ങളും നാഡീവ്യൂഹമാണു നിയന്ത്രിക്കുന്നത്. അതുകൊണ്ടു ബോധാവസ്ഥ, ചലനങ്ങൾ, മാംസപേശികളുടെ ദൃഢത, ഇന്ദ്രിയങ്ങളുടെ പ്രവർത്തനക്ഷമത ഇവയെല്ലാം പരിശോധിക്കുക.

പ്രത്യേക പരിശോധനകൾ. ക്ഷയരോഗമുണ്ടോ എന്നറിയാൻ ട്യൂബർക്കുലിൻ ടെസ്റ്റ് നടത്തുന്നു. ഇങ്ങനെ നിർദിഷ്ടരോഗങ്ങൾക്കുവേണ്ടിയുള്ള പ്രത്യേക രോഗനിർണയനപദ്ധതികളെ പ്രത്യേകം പരിശോധനയിൽ ഉൾപ്പെടുത്താം. മലം, മൂത്രം, ജനനേന്ദ്രിയസ്രവ

ങ്ങൾ തുടങ്ങിയവ ചിലപ്പോൾ മറ്റു ചെറുജീവികളിൽ കുത്തിവച്ചും ചർമരോഗങ്ങൾക്കു തൊലിയിൽനിന്നു ചുരണ്ടിയെടുത്തു പരിശോധിച്ചും വിഷംതീണ്ടിയതാണെന്നു സംശയമുണ്ടെങ്കിൽ അതിനുള്ള പരിശോധനകൾ നടത്തിയും ആണ് രോഗനിർണയനം ചെയ്യുന്നത്.

ചികിത്സാതത്ത്വങ്ങൾ. ഏതു വിധത്തിലുള്ള രോഗത്തിനും എന്തെങ്കിലും കാരണം കാണും. അപ്പോൾ രോഗഹേതുവിനെ ചികിത്സിക്കുക എന്നതാണു ചികിത്സയിലെ കാതലായ തത്ത്വം. ശക്തി മുറ്റിയ രോഗകാരണത്തെ നിർമാർജനം ചെയ്യാൻ ഉപയോഗിക്കുന്ന മരുന്ന് ശാരീരികബലഹീനതമൂലം രോഗിക്കു താങ്ങാൻ സാധിച്ചില്ലെന്നുവരും. ശരീരത്തിനു വേണ്ടത്ര ഓജസ്സ് കൈവന്നേ അത്തരം അവസരങ്ങളിൽ ചികിത്സ നടത്താവൂ. മൊത്തത്തിൽ ചികിത്സയെ നാലായി തിരിക്കാം.

1. *പഥ്യാഹാരവിധി:* ചില പ്രതേകതരത്തിലുള്ള ആഹാരങ്ങൾ വേണ്ടത്ര അളവിൽ കഴിക്കുകയും ചിലയിനം ആഹാരങ്ങൾ വിസർജിക്കുകയുംചെയ്യുന്നതിനെ പഥ്യാഹാരവിധി എന്നു പറയുന്നു.

2. *ആരോഗ്യരക്ഷ:* രോഗിയുടെ ആഹാരം ക്രമപ്പെടുത്തുന്നതിനോടൊപ്പം സുഖമായി നില്ക്കാനും കിടക്കാനും വിശ്രമിക്കാനും സൗകര്യംചെയ്യുക, പ്രതികൂല കാലാവസ്ഥയിൽനിന്നു രോഗിയെ സംരക്ഷിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

3. *ഔഷധീചികിത്സ:* ഇതിൽ രോഗത്തെ നശിപ്പിക്കുന്നവ, രോഗിക്ക് ആശ്വാസം നല്കുന്നവ, രോഗിയുടെ ശരീരത്തെ പോഷിപ്പിക്കുന്നവ എന്നിങ്ങനെ അനേകം വകുപ്പുകളുണ്ട്.

4. *ശസ്ത്രചികിത്സ:* രോഗശമനത്തിനു സഹായിക്കുന്ന ശസ്ത്രക്രിയാപ്രയോഗങ്ങൾ നടത്തുന്നതിനെ ശസ്ത്രചികിത്സ എന്നു പറയുന്നു. † മൃഗചികിത്സ നോക്കുക.

കെ.പി.ഡി. നായർ

ചിക്ക്മഗലൂർ

കർണാടക സംസ്ഥാനത്തിലെ ഒരു ജില്ലയും ജില്ലാ തലസ്ഥാനവും. കാപ്പി വ്യവസായത്തിനു പ്രസിദ്ധമാണ്. വിസ്തൃതി 7,201 ച.കി.മീ. ജനസംഖ്യ 9,11,769 (1981) ജില്ലയുടെ ഭൂരിഭാഗവും വനമാണ്. പടിഞ്ഞാറു പർവതനിരയും. കുൻദ്രേമുഖ് (1892 മീ.),മെറുതി ഗുഡ്ഡ (1659 മീ.) തുടങ്ങിയ പൊക്കമുള്ള കൊടുമുടികൾ ഈ പർവതനിരയിൽ ആണ്. കർണാടകത്തിലെ ഏറ്റവും പൊക്കമുള്ള കൊടുമുടിയായ മുലൈനാഗിരി (1925 മീ.) മധ്യഭാഗത്തെ പർവതനിരയിലാണ്. ഇതിൻെറ ചരിവിലായി ജലസേചനസൗകര്യമുള്ളതും പരുത്തികൃഷിക്ക് പറ്റിയ കരിമണ്ണോടുകൂടിയതുമായ ഒരു ഭൂഭാഗം ഉണ്ട്. ഈ പർവതനിരകളിൽനിന്നുദ്ഭവിക്കുന്ന തുംഗാനദിയും ഭദ്രാനദിയും യോജിച്ച് തുംഗഭദ്രയായിത്തീരുന്നു. കിഴക്കൻ പ്രദേശങ്ങൾക്ക് ജലം നല്കിക്കൊണ്ട് വേദവതീനദി (ഹഗരി) ഒഴുകുന്നു. നദീജലം കൃഷിക്ക് ഉപയോഗിക്കുന്നു. വനസമ്പത്തിൽ ജില്ലയ്ക്കു മികച്ച സ്ഥാനമുണ്ട്. തേക്ക് സുലഭമാണ്. പ്രധാന വിളവ് കാപ്പി. നെല്ല്, പരുത്തി, മരച്ചീനി, ചാമ ഇവയാണ് മറ്റു വിളകൾ. ഇരുമ്പയിരും, ബോക്സൈറ്റും ഖനനം ചെയ്യുന്നു. ജില്ലയുടെ പേര് ആദ്യം കാഡൂർ എന്നായിരുന്നു. ചിക്ക്മഗലൂരിന് 37 കി.മീ. വടക്കുകിഴക്കുള്ള കാഡൂർ പ്രാചീന നഗരമാണ്.

ചിക്ക്മഗലൂർ പട്ടണം കാവേരിനദിയുടെ പോഷകനദിയായ ഹേമാവതിയിൽ വടക്കുനിന്നും ചേരുന്ന ഒരു ചെറുനദിയുടെ കിഴക്കെ തീരത്തിൽ സ്ഥിതിചെയ്യുന്നു. മൈസൂർ നഗരത്തിൽനിന്ന് ഏതാണ്ട് 145 കി.മീ. വടക്കു പടിഞ്ഞാറായിട്ടാണ് ഇതിൻെറ കിടപ്പ്.

ചിക്കമെത്സു മോൺസേയ്മോൺ (1653-1725)

ജാപ്പനീസ് നാടകകൃത്ത്. ഏറ്റവും മഹാനായ നാടകകൃത്ത് എന്നറിയപ്പെടുന്ന സൂറിമോറി നോബുമോറിയുടെ തൂലികാനാമമാണ് ഇത്. ഇദ്ദേഹം രചിച്ചിട്ടുള്ള 160 നാടകങ്ങളിൽ മിക്കതും ജപ്പാനിലെ പാവക്കൂത്തിനുവേണ്ടിയുള്ളവയാണ്. ചിക്കമെത്സുവിൻെറ നാടകങ്ങളെ രണ്ടു വിഭാഗമായി തിരിക്കാം. ചരിത്രനാടകങ്ങളും ഗാർഹികദുരന്തനാടകങ്ങളും. ചരിത്രനാടകങ്ങളിൽ ആലങ്കാരിക ഭാഷയിലുള്ള സംഭാഷണങ്ങളും അതിശയോക്തികളും വളരെയധികമുണ്ട്. ഗാർഹികദുരന്തനാടകങ്ങൾ കുറെക്കൂടി യാഥാതഥമാണ്. ഇതിൽ പലതും യഥാർഥത്തിൽ സംഭവിച്ച ആത്മഹത്യകളെ ഉപജീവിച്ചാണ് രചിച്ചിട്ടുള്ളത്.

ചിക്കറി (Chicory)

ഒരിനം ഓഷധി. ആസ്റ്ററേസി കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *സിക്കോറിയം ഇൻറിബസ്. (Cichorium intybus)* ഒന്നര മീറ്ററോളം പൊക്കം ഉണ്ട്. യൂറോപ്പാണ് ജന്മദേശം.

ചിക്കറി

ചിക്കറി കൃഷിക്ക് ആയിരം കൊല്ലത്തോളം പഴക്കം ഉണ്ട്. ബൽജിയം, ഫ്രാൻസ്, ജെർമനി എന്നിവിടങ്ങളിലും ഇന്ത്യയിൽ പഞ്ചാബിലും ആന്ധ്രയിലും കൃഷി ചെയ്യുന്നു.

ധാരാളം ഇലയുണ്ട്. തായ്വേര് നീളമുള്ളതാണ്. ഇലയ്ക്ക് പിച്ഛരകാകൃതി. ഇലയും വേരും ഭക്ഷ്യയോഗ്യമാണ്. ഇല പച്ചക്കറിയായും വേര് കാപ്പിപ്പൊടിയിൽ കലർത്തിയും ഉപയോഗിക്കുന്നു.

ചിക്കാഗോ

†ഷിക്കാഗോ നോക്കുക.

ചിക്കാഗോ കേസ്

†ഷിക്കാഗോ കേസ് നോക്കുക.

ചിക്കാസൊ (Chickasaw)

മസ്കോജീൻസ്റ്റോക്കിൽ വസിക്കുന്ന ഒരു ചെറിയ അമേരിന്ത്യൻ വർഗം. ചോക്റ്റോവർഗവുമായി അടുത്ത ബന്ധമുണ്ട്. മിസ്സിസ്സിപ്പി, അലബാമാ, ടെന്നിസി എന്നീ സ്ഥലങ്ങളാണ് ചിക്കാസോവർഗക്കാരുടെ ജന്മസ്ഥലങ്ങൾ. യുദ്ധവീരന്മാരായ ഇവരുടെയിടയിൽ പരിഷ്കൃതമായ ആചാരനടപടികൾ നിലവിൽവരുവാൻ വളരെക്കാലം വേണ്ടിവന്നു. 1540-'41 കാലത്ത് ഡിസോട്ടോ പര്യടനവേളയിലാണ് ചിക്കാസൊ വർഗക്കാർ യൂറോപ്യന്മാരുമായി ആദ്യം ബന്ധപ്പെട്ടത്.

ചിക്കെൻപോക്സ്

ഒരു പകർച്ചവ്യാധി. ഇതിനു മലയാളത്തിൽ പൊക്കൻ, നീർപോളൻ എന്നും ഇംഗ്ലീഷിൽ വാരിസെല്ലാ എന്നും പേരുണ്ട്. വൈറസാണ് രോഗാണു. ഇതിനെ വാരിസെല്ലാ-സോസ്റ്റർ വൈറസ് എന്നു വിളിക്കാറുണ്ട്. നാഡികളെ ബാധിക്കുന്ന ഹെർപ്സ് സോസ്റ്റർ എന്ന രോഗത്തിനും കാരണം ഈ വൈറസാണെന്നു കരുതുന്നു.

ഹെർപ്സ് സോസ്റ്റർ രോഗമുള്ള മുതിർന്നവരുടെ കൂടെ താമസിക്കുന്ന കുട്ടികൾക്ക് ചിക്കെൻപോക്സ് ഉണ്ടാകുന്നതുകൊണ്ടാണ് ചിക്കെൻപോക്സ് രോഗാണുവിന് വാരിസെല്ലാ-സോസ്റ്റർ എന്നു പേരിടാൻ കാരണം. കുട്ടികളിലാണ് ചിക്കെൻപോക്സ് സാധാരണ കണ്ടുവരുന്നത്.

രോഗാണു ശരീരത്തിൽ കടന്ന് രണ്ടോ മൂന്നോ ആഴ്ചകൊണ്ട് രോഗലക്ഷണങ്ങൾ പ്രകടമാവും. ദേഹത്തു കുരുക്കൾ ഉണ്ടാകുന്നതാണ് പ്രധാനലക്ഷണം. കുരു ഉണ്ടായി 24 മണിക്കൂറിനകം ശരീരോഷ്മാവുകൂടും. ഏതാനും ദിവസത്തിനുള്ളിൽ കുരുപൊട്ടി ചൊറിച്ചിൽ അനുഭവപ്പെടുന്നു. കുരു പൊട്ടിയ കല രോഗം ഭേദമായാലും തൊലിപ്പുറത്ത് ഉണ്ടാകും. ഇതു സാവധാനത്തിലേ മായുകയുള്ളു.

പ്രത്യേക ചികിത്സ ഇല്ല. രോഗം പകരാതിരിക്കാൻ രോഗിയെ മാറ്റിപ്പാർപ്പിക്കണം. കലാമിൻ ലോഷൻ ഉപയോഗിച്ചു ചൊറിച്ചിലിൽനിന്ന് ആശ്വാസം നേടാം. കിടക്കവിരിപ്പും വസ്ത്രങ്ങളും വൃത്തിയായി സൂക്ഷിക്കണം.

ഒരിക്കൽ രോഗം വന്നാൽ വീണ്ടും ബാധിക്കില്ല. ആദ്യമായി രോഗം ബാധിക്കുമ്പോൾ രോഗാണുവിനെതിരെ രക്തത്തിൽ ഉണ്ടാകുന്ന പ്രതിവസ്തുക്കൾ (antibodies) ജീവിതകാലം മുഴുവൻ നിലനില്ക്കുന്നതിനാലാണ് ഇത്. 1984-ൽ യു.എസ്സിൽ നടത്തിയ പ്രാഥമികപരീക്ഷണങ്ങളിൽ വാക്സിന് രോഗപ്രതിരോധശേഷി ഉണ്ടാക്കാനുള്ള കഴിവ് ഉണ്ടെന്നുതെളിഞ്ഞു. പക്ഷേ, ദീർഘകാലത്തേക്കുള്ള ഇതിൻെറ പ്രയോഗക്ഷമത തെളിയിച്ചിട്ടില്ല.

ചിങ്വംശം

1644 മുതൽ 1912 വരെ † ചൈന ഭരിച്ചിരുന്ന രാജവംശം. മഞ്ചുവംശം എന്നും ഇതിനു പേരുണ്ട്. ഈ വംശത്തിൽ ആകെ 10 ചക്രവർത്തിമാരുണ്ടായിരുന്നു. അവരുടെ പേരുകളും ഓരോരുത്തരുടെയും ഭരണകാലവും താഴെ പറയുന്നു:

ഷൂൻ ചി (1644—'61), കാങ്ഷീ (1661—1722), യൂങ്ചെങ് (1723—'35), ചിയെൻലൂങ് (1736—'96), ചിയാചിങ് (1796—1820), താവോക്വാങ് (1821—'51), സിയെൻഫെങ് (1851—'62), തൂങ്ചീ (1862—'75), ക്വാങ്ഷൂ (1875—1908), സൂവാൻതൂങ് (1909—12). ജൂർച്ചെൻ വർഗത്തിൻെറ നേതാവായ നൂർഹാച്ചി മഞ്ചൂറിയിൽ പടുത്തുയർത്തിയതാണ് മഞ്ചുവംശം. 1636-ൽ അവർ തങ്ങളുടെ വംശത്തിനു ചിങ് എന്ന പേരു സ്വീകരിച്ചു.

ചിങ്കാരമൃഗം (Ravine deer)

ഒരിനം മാൻ. അരുവിമാനെന്നും പേരുണ്ട്. ശാസ്ത്രനാമം: *ഗസെല ഗസെല (Gazella gazella)* ബോവിഡെ കുലത്തിൽപ്പെടുന്നു. ഭയപ്പെടുമ്പോൾ തുമ്മൽ പോലുള്ള സ്വരം പുറപ്പെടുവിക്കും. ഈ സീൽക്കാരശബ്ദമാണ് 'ചിങ്കാരമൃഗ'മെന്ന പേരിനു കാരണം. വടക്കുപടിഞ്ഞാറൻ ഇന്ത്യയിലും മധ്യേന്ത്യയിലും ഉള്ള കുറ്റിക്കാട്ടിലും പുൽമേട്ടിലും കണ്ടുവരുന്നു.



ചിങ്കാരമൃഗം

ചെറിയ കൂട്ടമായി സഞ്ചരിക്കുന്നു. പുല്ലും ഇലയും ധാന്യങ്ങളുമാണ് ആഹാരം.

ഇണചേരുന്നതിന് പ്രത്യേക കാലമില്ല. ഒരു തവണ ഒന്നോ രണ്ടോ കുഞ്ഞുണ്ടാകും.

ചിങ്ങം

രാശിചക്രത്തിലെ അഞ്ചാമത്തെ രാശി. സൂര്യൻ ഈ രാശിയിൽ നില്ക്കുന്നകാലത്തെ ചിങ്ങമാസം എന്നു പറയുന്നു. ചിങ്ങം രാശിക്കു സിംഹത്തിൻെറ രൂപമാണ്. ലിയോ (Leo) എന്നാണ് ഈ രാശിയുടെ ഗ്രീക്കുസംജ്ഞ. അശ്വതി, ഭരണി, കാർത്തികയുടെ പൂർവപാദം ഇവ ചേർന്നതാണു ചിങ്ങം രാശി. ചിങ്ങത്തിനു 'ശ്രാവണികം' എന്നു സംസ്കൃതത്തിലും 'ആവണി' എന്നു തമിഴിലും പറയുന്നു. വിനായകചതുർഥിയും ശ്രീകൃഷ്ണജയന്തിയും വാമനജയന്തിയും മലയാളികളുടെ ഓണാഘോഷവും ചിങ്ങമാസത്തിലാണ്. കൊയ്ത്തുകാലമായ ചിങ്ങത്തിലാണ് 'ഇല്ലം നിറ' എന്ന ചടങ്ങു സാധാരണമായി നിർവഹിക്കാറുള്ളത്.



ചിങ്ങംരാശിയുടെ പാശ്ചാത്യചിഹ്നം

ചിങ്ങത്താന്മാർ

കണ്ണൂർ ജില്ലയിൽ ചില പ്രദേശങ്ങളിൽ മാത്രം കണ്ടുവരുന്ന ആദിവാസി സമുദായക്കാർ. ചിറയ്ക്കൽ രാജാവായിരുന്ന കോലത്തിരിയുടെ ആളുകളാണ് അവരെന്നും ചിങ്ങത്താന്മാരെന്ന് ഇവരെ പേരുവിളിച്ചതു കോലത്തിരി രാജാവായിരുന്നു എന്നും അവർ പറയുന്നു. മക്കത്തായം ആചരിക്കുന്നു.

ചുമർ ഇല്ലാത്തതും തറയിൽനിന്നും ഉയരാത്തതുമായ കുടിലുകളിലാണ് താമസിക്കുന്നത്. തേൻശേഖരണം ഇവരുടെ പ്രധാന തൊഴിലാണ്. സ്വന്തമായി ഭൂമിയില്ലാത്തതിനാൽ കൃഷിപ്പണിയിൽ ഏർപ്പെടാറില്ല. ഇവർ മന്ത്രവാദികൾകൂടിയാണ്. ഇവർക്കു മൂപ്പന്മാരോ തലവന്മാരോ ഇല്ല. ഓരോ കുടുംബത്തിനും തലവനായി ഒരു കാരണവരുണ്ടാകുമെന്നുമാത്രം. മരണത്തിനുശേഷം പന്ത്രണ്ടു ദിവസം പുല ആചരിക്കുന്നു. പുല അവസാനിക്കുമ്പോൾ സദ്യ നടത്തും.

ചിഞ്ചെസ്റ്റർ, സർ ഫ്രാൻസിസ് (1901—1972)

ബ്രിട്ടീഷ് സാഹസിക യാത്രികൻ.

16 മീ നീളമുള്ള മച്ചുപായിൽ (Yacht) തനിച്ചു ലോകം ചുറ്റിയ സഞ്ചാരി. 1966—67-ൽ ആയിരുന്നു ഈ സാഹസികയാത്ര. 'ജിപ്സി മോത്ത് IV' എന്നായിരുന്നു ഇദ്ദേഹം ഉപയോഗിച്ച നൗകയുടെ പേര്.

പ്ലിമത്തിൽ ജനിച്ചു ഖനിവേലക്കാരനായി ജീവിതം ആരംഭിച്ച ഇദ്ദേഹം വ്യാപാരിയായും ഏജൻറായും മറ്റും പ്രവർത്തിച്ചിട്ടുണ്ട്. രണ്ടുജോടി ചിറകുള്ള ഒരു വിമാനത്തിൽ 1929-ൽ ഇദ്ദേഹം ഇംഗ്ലണ്ടിൽനിന്നു ഓസ്ട്രേലിയയിലേക്ക് ഒറ്റയ്ക്കു പറന്നു. 1931-ൽ ഇരട്ടച്ചിറകുകളുള്ള വിമാനത്തിൽ പ്ലവങ്ങൾ (floats) ഘടിപ്പിച്ചു ന്യൂസിലൻഡിൽനിന്നു ഓസ്ട്രേലിയയിലേക്കു ടാസ്മൻ കടലിനു കുറുകെ പറന്നു. വായുവിൽ (അന്തരീക്ഷത്തിൽ) കൂടി ഭൂമി ചുറ്റാനുള്ള ശ്രമം യോക്കഹാമയിൽവച്ചു വിമാനം തകർന്നതുമൂലം മുടങ്ങി.



രണ്ടാം ലോകയുദ്ധത്തിൽ സേവനം അനുഷ്ഠിച്ചശേഷം ലണ്ടനിൽ ഭൂപടനിർമാണ പ്രസിദ്ധീകരണങ്ങളിൽ ഏർപ്പെട്ടു. 1953-ൽ സമുദ്രയാത്രയിൽ താത്പര്യം ജനിച്ചു. 1960-ൽ അത്ലാന്തിക് സമുദ്രത്തിനു കുറുകെ തനിച്ചു സഞ്ചരിച്ചു. ഇതു 'ജിപ്സി മോത്ത് III'ൽ ആണ്. ഇതിനു 40 ദിവസം എടുത്തു. ഭൂമി ചുറ്റാൻ പുറപ്പെട്ടപ്പോൾ (1966 ഓഗസ്റ്റ് 27) 22,560 കി.മീ. സഞ്ചരിച്ചു 107 ദിവസം കൊണ്ടു പ്ലിമത്തിൽനിന്നു സിഡ്നിയിലെത്തി. 1967 ജനുവരി 29-നു വീണ്ടും യാത്രതിരിച്ചു ഹോൺ മുനമ്പു (Cape Horn) ചുറ്റി 119 ദിവസംകൊണ്ടു 24,843 കി.മീ. സഞ്ചരിച്ച് പ്ലിമത്തിൽ മടങ്ങിയെത്തി. 1967-ൽ ഇദ്ദേഹത്തെ രാജ്ഞി പ്രഭുസ്ഥാനം നല്കി ആദരിച്ചു. 1971-ൽ പോർത്തുഗീസ് ഗിനിയയിൽ നിന്നു തനിച്ചു തിരിച്ച് 22 ദിവസം കൊണ്ട് 6400 കി.മീ. സഞ്ചരിച്ചു നിക്കരാഗ്വയിൽ എത്തി. അത്ലാന്തിക്കിനു കുറുകെ ഒരു നൗകാസഞ്ചരണമത്സരത്തിനു തയ്യാറെടുക്കുന്നതിനിടയിൽ 1972 ഓഗസ്റ്റ് 26-ന് പ്ലിമത്തിൽ വച്ച് അന്തരിച്ചു.

ചിട്ടൻ പട്ടർ (1850—1916)

പ്രസിദ്ധനായ മദ്ദളവിദ്വാൻ. പാലക്കാട്ടുജില്ലയിൽ എലപ്പുള്ളിക്കടുത്തുള്ള എണ്ണപ്പാടംഗ്രാമത്തിൽ ജനിച്ചു. ചെറുപ്പത്തിലേ പിതാവു മരിച്ചതിനാൽ മാതാമഹനായ തിരുവില്വാമല ശിവരാമഭാഗവതരുടെ രക്ഷയിൽ വളർന്നു. തന്മൂലം തിരുവില്വാമലച്ചിട്ടൻ എന്നു പേർവന്നു. മുത്തച്ഛൻ ആദ്യം ചിട്ടനെ കഥകളിനടനായി കച്ചകെട്ടിച്ചു. പക്ഷേ, വാസന വാദ്യത്തിലാണെന്നു കാണുകയാൽ അമ്മാവനായ അപ്പുക്കുട്ടൻ ഭാഗവതർ മദ്ദളം പഠിപ്പിച്ചു. തിരുവില്വാമല വാസു നമ്പീശൻ, കടത്തനാട്ടു നാരായണൻ നമ്പീശൻ എന്നിവരാണു മദ്ദളവാദനത്തിൽ ഗുരുക്കന്മാർ. മുത്തച്ഛന്റെ കഥകളിയോഗത്തിൽ മദ്ദളക്കാരനായി ചേർന്നു. ക്രമേണ നല്ല മദ്ദളവിദ്വാനെന്ന പേരു സമ്പാദിച്ചു. മദ്ദളവാദനത്തിലെ തിരുവില്വാമല പാരമ്പര്യത്തിനു തിളക്കം വർധിപ്പിക്കാൻ ചിട്ടൻ പട്ടർക്കു കഴിഞ്ഞു.

ചിട്ടസ്വരം

സംഗീതകൃതികളിൽ അവയുടെ രാഗതാളങ്ങളിൽ ചിട്ടപ്പെടുത്തി ചേർക്കുന്ന സ്വരസമൂഹം. ചില കൃതികളിൽ മാത്രമേ ഇവ കാണപ്പെടുന്നുള്ളു. രണ്ടോ, നാലോ, എട്ടോ ആവർത്തനങ്ങളിലായി രാഗത്തിന്റെ ഏറ്റവും മികച്ച ചില സഞ്ചാരങ്ങൾ ഇവ ഉൾക്കൊള്ളുന്നു. മിക്കവാറും മധ്യമകാലത്തിൽ, അനുപല്ലവിക്കും ചരണത്തിനും ശേഷമാണ് ഇതാലപിക്കുക. ഒന്നാം ചരണത്തിനും രണ്ടാം ചരണത്തിനും ശേഷം ചിട്ടസ്വരം ആകാം. കല്പനാസ്വരങ്ങൾ ഗായകന് മനോധർമ്മം അനുസരിച്ചു സ്വാതന്ത്ര്യത്തോടുകൂടി ആലപിക്കാം. എന്നാൽ ചിട്ടസ്വരം ഗാനരചയിതാവ് (അഥവാ മറ്റൊരു സംഗീതജ്ഞൻ) രചിച്ചു ചേർത്ത വിധം ആലപിക്കേണ്ടതുണ്ട്. ത്യാഗരാജ കീർത്തനങ്ങളിൽ ചിലതിന് മാനം ബുച്ചാവടി വെങ്കിടസുബ്ബയ്യരും, വലജപ്പേട്ട വെങ്കിട്ടരമണ ഭാഗവതരും ചിട്ടസ്വരങ്ങൾ നിർമ്മിച്ചു ചേർത്തിട്ടുണ്ട്. മുത്തുസ്വാമി ദീക്ഷിതരുടെ *സ്വാമിനാഥ പരിപാലയ* എന്ന നാട്ടരാഗകീർത്തനത്തിന് ജി.എൻ. ബാലസുബ്രഹ്മണ്യം രചിച്ച ചിട്ടസ്വരം പ്രസിദ്ധമാണ്. സ്വാതിതിരുനാളിന്റെ *നരസിംഹ മാമവ ഭഗവൻ, പാഹിപർവത നന്ദിനി* എന്നീ ആരഭിരാഗകീർത്തനങ്ങൾക്ക് ശെമ്മാങ്കുടി ശ്രീനിവാസയ്യർ ചിട്ടസ്വരങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

ചിട്ടി

ഒരു ധനവിനിമയപ്രസ്ഥാനം. മുന്നാൾ എന്നോ തലയാൾ (Foreman) എന്നോ ആണു ചിട്ടിനടത്തുന്ന ആളെ പറയുന്നത്. ചിറ്റാൾമാർ (Subscribers) 40 ഓ 50 ഓ അതിൽ കൂടുതലോ ആകാം. ഓരോരുത്തരും മാസംതോറും ഒരു ക്ലിപ്തതുക അടയ്ക്കണം. ചിട്ടിയുടെ സല 5000-വും കാലാവധി 50 മാസവും ആണെങ്കിൽ ഓരോ ചിറ്റാളും ഓരോ മാസവും 100 രൂപ വീതം അടയ്ക്കണം. ലേലം വിളിയിൽ ഏറ്റവും കൂടുതൽ തുക ഉപേക്ഷിക്കാൻ തയ്യാറാകുന്നയാളിന്റെ പേരിൽ ചിട്ടി ഉറപ്പിക്കുന്നു. 5% ചെലവുകഴിച്ചുള്ള തുക മതിയായ ഉറപ്പിന്മേൽ തലയാൾ ചിട്ടി പിടിക്കുന്ന ചിറ്റാൾക്കു കൊടുക്കുന്നു. വരിക്കാർക്കു വീതപ്പലിശ കുറച്ചു വരിയടച്ചാൽമതി. 500 രൂപ ഉപേക്ഷിച്ചു ചിട്ടി പിടിച്ചാൽ ആ 500 50 പേർക്കായി വീതിക്കുന്നു. ഓരോരുത്തരും 90 രൂപ വീതം അടച്ചാൽ മതി. അമ്പതു പേരുണ്ടെങ്കിൽ ഒന്നു മുന്നാൾ തന്നെയാകും, 49 വരിക്കാരും. ആദ്യത്തെയോ രണ്ടാമത്തെയോ ചിട്ടിയുടെ പണം മുഴുവൻ ലേലം കൂടാതെ മുന്നാൾ തന്നെ എടുക്കും. ഉപേക്ഷിക്കുന്ന തുക 30% ൽ കവിയരുത് എന്ന് ഇപ്പോൾ നിയമമുണ്ട്.

ചിട്ടി ലേലം ചെയ്യാതെ കുറിയിട്ടു കുറി ലഭിക്കുന്നയാൾക്കു നല്കുന്ന സമ്പ്രദായവും ഉണ്ട്. ലേലവും കുറിയും ഒന്നിടവിട്ടു നടത്തുന്ന സമ്പ്രദായവും ഉണ്ട്. പണയാധാരത്തിന്റെ ഉറപ്പിലാണു മുമ്പു മുന്നാൾ ചിറ്റാൾമാർക്കു പണം കൊടുത്തിരുന്നത്. ഇന്ന് ഉദ്യോഗസ്ഥന്മാരുടെ ആൾജാമ്യമാണു വാങ്ങാറുള്ളത്. കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് എന്ന പേരിൽ ഒരു സ്ഥാപനം രൂപവത്കരിച്ചു കേരളഗവൺമെന്റുതന്നെ ഈ രംഗത്തു പ്രവേശിച്ചിട്ടുണ്ട്.

ചിണ്ടൻ, വി.പി. (1918—1987)

തമിഴ്നാട്ടിൽ രാഷ്ട്രീയപ്രവർത്തനം നടത്തിയ മലയാളിയായ കമ്യൂണിസ്റ്റു നേതാവ്. തമിഴ്നാട്ടിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ സുപ്രധാനമായ പങ്കു വഹിച്ചു.

കണ്ണൂർ ജില്ലയിലെ എളയാവൂരിൽ വടക്കെ പുത്തൻ വീട്ടിൽ 1918 ഒക്റ്റോബർ 11-നു ജനിച്ചു. നന്നെ ചെറുപ്പത്തിൽ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചു. 1936 മുതൽ ദേശീയ സ്വാതന്ത്ര്യസമരരംഗത്തു മുൻ നിരയിൽ ഉണ്ടായിരുന്നു. 1939-ൽ കമ്യൂണിസ്റ്റു പാർട്ടിയിൽ ചേർന്നു. 1940-ൽ രാജ്യദ്രോഹകുറ്റം ചുമത്തി അറസ്റ്റു ചെയ്തു. 1941മുതൽ പാർട്ടിയുടെ നിർദേശപ്രകാരം പ്രവർത്തനരംഗം തമിഴ്നാട്ടിലേക്കു മാറ്റി. 1946-ലെ നാവിക കലാപത്തിനു പിന്തുണപ്രഖ്യാപിച്ചുകൊണ്ടു പ്രകടനം നടത്തി. ട്രേഡ് യൂണിയൻ രംഗത്താണു വി.പി. ചിണ്ടൻ അധികവും പ്രവർത്തിച്ചത്. തമിഴ്നാട്ടിൽ, വിശേഷിച്ചു മദിരാശിപട്ടണത്തിൽ ഒട്ടേറെ തൊഴിലാളിയൂണിയനുകളുടെ പ്രസിഡന്റ്, അല്ലെങ്കിൽ സെക്രട്ടറി ആയിരുന്നു. 1951-ൽ ഇന്ത്യൻ കമ്യൂണിസ്റ്റുപാർട്ടിയുടെ തമിഴ്നാട് സംസ്ഥാന കമ്മിറ്റി സെക്രട്ടേറിയറ്റ് അംഗമായി. 1954-ൽ പോണ്ടിച്ചേരിയുടെ വിമോചനസമരത്തിൽ പങ്കെടുത്തു. 1964-ൽ കമ്യൂണിസ്റ്റുപാർട്ടിയിൽ പിളർപ്പുണ്ടായപ്പോൾ അദ്ദേഹം സി.പി.ഐ.(എം)ൽ ചേർന്നു. 1984-ൽ വില്ലിവാക്കം നിയോജകമണ്ഡലത്തിൽനിന്നു തമിഴ്നാട് നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1987-ൽ സോവിയറ്റു യൂണിയനിലെ മെയ്ദിനാഘോഷത്തിൽ പങ്കെടുക്കുവാൻ മോസ്കോവിലേക്കു പോയി. അവിടെവച്ച് 1987 മെയ് 8-ന് അന്തരിച്ചു.

ചിതരി

മധ്യപ്രദേശിലെ ഒരു ജനവർഗം. മഹാരാഷ്ട്രക്കാർ. തെലുങ്കർ എന്നിവരുമായി വിവാഹബന്ധത്തിലേർപ്പെട്ട രാജപുത്രരുടെ സന്തതിപരമ്പരയാണ് ഈ വർഗത്തിലുള്ളവർ. ചുമരുകളിൽ ചിത്രം വരയ്ക്കുകയാണു പ്രധാനതൊഴിൽ പൂണൂൽ ധരിക്കുകയും മദ്യമാംസാദികൾ നിഷ്കൃഷ്ടമായി വർജിക്കയും ചെയ്യുന്ന ചില വിഭാഗങ്ങൾ ഈ വർഗത്തിലുണ്ട്. നീലച്ചെടിയിൽനിന്നുണ്ടാക്കുന്ന ചായം ഉപയോഗിച്ചു കടലാസിലും ചിത്രങ്ങൾ വരയ്ക്കാറുണ്ട്. കളിമണ്ണും കടലാസും ഉപയോഗിച്ച് ഇവർ മുഖംമൂടികൾ ഉണ്ടാക്കും. മുഹറം ആഘോഷിക്കുമ്പോൾ ഘോഷയാത്രയിൽ ഉപയോഗിക്കാൻ ഹുസൈന്റെ ശവപ്പെട്ടിയുടെ മാതൃകകളായ "ടാസിയകൾ' ഉണ്ടാക്കുകയാണ് മറ്റൊരു ജോലി. വിവാഹാഘോഷവേളയിൽ വധൂവരന്മാർ ധരിക്കുന്ന കിരീടങ്ങൾ ഉണ്ടാക്കുന്നതും ഇവരുടെ തൊഴിൽതന്നെ.

ചിതല

† പൂത്താങ്കീരി നോക്കുക.

ചിതൽ (termite)

ഒരിനം കീടം. സമൂഹമായി ജീവിക്കുന്നു. ഏകദേശം 1900 സ്പീഷീസുണ്ട്. വർഗീകരണത്തിൽ ഐസോപ്റ്റെറ ഓർഡറിലാണു സ്ഥാനം. പഴകിയ തടി, വയ്ക്കോൽ, ചാണകം എന്നിവയിൽ കണ്ടുവരുന്നു.

സെല്ലുലോസാണ് ആഹാരം. പ്രോട്ടോസോവ ഫൈലത്തിൽപ്പെടുന്ന ട്രൈക്കോനിംഫ എന്ന സഹജീവി (symbiont) അന്നപഥത്തിൽ സെല്ലുലോസിനെ ദഹിപ്പിക്കാൻ സഹായിക്കുന്നു. സഹജീവിക്ക് ചിതലിന്റെ അന്നപഥത്തിൽ കഴിയാം. അന്യോന്യം ഉപയോഗമുള്ള ഇത്തരം ബന്ധത്തിന് സഹജീവിത (symbiontism) എന്നു പറയുന്നു.

ഒരു കോളണിയിൽ ആയിരക്കണക്കിന് ജീവികളുണ്ട്. അടിസ്ഥാനമായി രണ്ടായിതിരിക്കാം: വന്ധ്യങ്ങളായവയും വന്ധ്യങ്ങളല്ലാത്തവയും. വന്ധ്യങ്ങളായവയിൽ രണ്ടിനം ഉണ്ട്: വേലക്കാരും (workers)പടയാളികളും (soldiers) ഇവയിൽത്തന്നെ ആണും

ചിതൽപ്പുറ്റ്

പെണ്ണും ഉണ്ട്. തേനീച്ചയിലെ മടിയന്മാർ (drones) എന്നയിനം ചിതലിൽ ഇല്ല.

മഴക്കാലത്ത് വന്ധ്യങ്ങളല്ലാത്ത ചിതലുകൾ ചിറകുവച്ച് പറന്നു പോയി പുതിയ കോളണി ഉണ്ടാക്കുന്നു. ഇവ പക്ഷികളുടെയും പല്ലികളുടെയും ഇരയാകാറുണ്ട്. ചിലതുമാത്രം രക്ഷപ്പെടും ഇവ ചിറകു കൊഴിഞ്ഞ് ജോഡിചേർന്ന് കൂടുണ്ടാക്കുന്നു. കാലാകാലങ്ങളിൽ മുട്ടയിടാറുണ്ട്. ഒരു ലക്ഷത്തോളം മുട്ടയുണ്ടാകും. മുട്ട വിരിഞ്ഞിറങ്ങുന്ന കുഞ്ഞുങ്ങൾ കൂടു വലുതാക്കുന്നു. ക്രമേണ റാണിയുടെ വലിപ്പവും കൂടിവരും. ആഫ്രിക്കയിൽ മാക്രോടെർമസ് ജീനസിൽപ്പെടുന്ന ചിതൽ ഉണ്ടാക്കുന്ന ചിതൽപ്പുറ്റിന് ഒമ്പതു മീറ്ററോളം ഉയരം ഉണ്ട്.



1. ത്രിപ്സ് എന്ന ചിതലുറുമ്പ്
2. റാണി 3. പടയാളി
4. ചിറകുള്ള ആൺചിതൽ
5. തൊഴിലാളി

വേലക്കാർക്കും പടയാളികൾക്കും ചിറകില്ല. മുട്ടയിൽ ആദ്യം വിരിഞ്ഞിറങ്ങുന്നവ ഇവയാണ്. വേലക്കാർ ചിതൽപ്പുറ്റുണ്ടാക്കാൻ സഹായിക്കുന്നു. പടയാളികൾ കോളണിസംരക്ഷണകരാണ്. ചില സ്പീഷീസിൽപ്പെട്ട പടയാളികൾക്ക് വിഷഗ്രന്ധികൾ ഉണ്ട്. ഉറുമ്പാണ് ഇവയുടെ ഏറ്റവും വലിയ ശത്രു.

ചിതറാൽ

കന്യകുമാരി ജില്ലയിലെ കുഴിത്തുറയ്ക്ക് 6 കി.മീ. വടക്കുകിഴക്കായുള്ള ഗ്രാമം. ഇതിനടുത്താണ് † തിരുച്ചാണത്തുമല. ഈ മലയുടെ മുകളിൽ കാണുന്ന ഗുഹയുടെ ജീർണാവശിഷ്ടങ്ങൾ ചരിത്രപ്രാധാന്യം ഉള്ളവയാണ്. കൊത്തുപണികളിൽനിന്ന് ഇതൊരു പഴയ ജൈനമതകേന്ദ്രമായിരുന്നുവെന്നാണ് ചരിത്രകാരന്മാർ കരുതുന്നത്. ഇന്നു ഭഗവതീക്ഷേത്രം എന്ന നിലയ്ക്ക് ഹിന്ദുക്കളാണ് ആരാധകർ. വിക്രമാദിത്യവരഗുണന്റെ 25-ാമതു വർഷത്തിലേതെന്നു പറയുന്ന വട്ടെഴുത്തിലുള്ള ഒരു ശിലാശാസനം ഇവിടെ ഉണ്ട്.

ചിത്ത്

ജീവാത്മാവ്. ജ്ഞാനം എന്ന അർഥത്തിലും 'ചിത്' ശബ്ദം പ്രയോഗിക്കാറുണ്ട് വിശിഷ്ടാദ്വൈതത്തിൽ രാമാനുജൻ ചിത്ത്, അജിത്ത്, ഈശ്വരൻ എന്നു മൂന്നു മൂലതത്വങ്ങളുണ്ട് എന്നു പറയുന്നു അതോടൊപ്പം ഈശ്വരൻ അംഗിയും ചിത്തും അജിത്തും അംഗങ്ങളും ആണെന്നും പറയുന്നു. ഈശ്വരൻ ചിദ്വിശിഷ്ടനാണ് എന്നാണ് അദ്ദേഹത്തിന്റെ മതം.

ചിത്ത് ജീവാത്മാവാണ്. ദേഹം, ഇന്ദ്രിയങ്ങൾ, ബുദ്ധി, മനസ്സ്, പ്രാണൻ ഇവ ചേർന്നതാണ് ജീവൻ. ജീവാത്മാവും സ്വപ്രകാശവും ആനന്ദരൂപവും നിത്യവും അണുവും അതീന്ദ്രിയവും, അചിന്ത്യവും നിരവയവവും നിർവികാരവും ജ്ഞാനാശ്രയവും ആണ്. ഈശ്വരൻ ജീവാത്മാക്കളുടെ നിയാമകനാണ്, സ്രഷ്ടാവല്ല. ഈശ്വരൻ സമുദ്രവും ജീവന്മാർ തരംഗങ്ങളുമാണ്.

ചിത്തിൽനിന്നു ഭിന്നമായ അജിത്ത് ജഡവും പരിണാമിയുമാണ്. ചിത്തും അജിത്തും ഈശ്വരാശ്രിതമാണ്.

ചിത്തഭ്രമപ്പക്ഷി (Brainfever bird)

ഒരിനം കുയിൽ. പേക്കുയിൽ എന്നും പേരുണ്ട്. ശാസ്ത്രനാമം: *കുക്കുലസ് വേരിയസ് (Cuculus varius)*. കാപ്പിറ്റോണിഡെ കുലത്തിൽപ്പെടുന്നു. മാർച്ച് മുതൽ ജൂൺവരെ 'പീപ്പീയാ' 'പീപ്പീയാ' എന്ന ശബ്ദത്തിൽ രാത്രി മുഴുവൻ ചിലയ്ക്കും. പുറം ചാരംപൂശിയ തവിട്ടു നിറവും അടിവശം മങ്ങിയ വെള്ളയും ആണ്. മാറിലും വയറ്റത്തും തവിട്ടുനിറത്തിലുള്ള പട്ട ഉണ്ട്. ശബ്ദംകൊണ്ട് ഇതിനെ തിരിച്ചറിയാം.

പൂത്താങ്കീരി, കരിയിലക്കിളി എന്നീ പക്ഷികളുടെ കൂട്ടിലാണ് മുട്ട ഇടുന്നത്.

ചിത്തരഞ്ജൻ, ജെ. (1927—)

കേരളത്തിലെ കമ്യൂണിസ്റ്റ് നേതാവ്. ട്രേഡ് യൂണിയൻരംഗത്തെ പ്രമുഖൻ. 1927-ഒക്റ്റോബർ 27-ന് കൊല്ലം പെരിനാട്ടു ജനിച്ചു. വിദ്യാർഥിയൂണിയന്റെയും അഖിലേന്ത്യാ വിദ്യാർഥി ഫെഡറേഷന്റെയും പ്രവർത്തകനായിരുന്നു. ബി.ഏ. കോഴ്സ് പൂർത്തിയാക്കി. 1949-മുതൽ മൂന്നുവർഷം ഒളിവിൽ പ്രവർത്തിച്ചു. എ.ഐ.ടി.യു.സി.യുടെ സജീവ പ്രവർത്തകനും ഒട്ടേറെ തൊഴിലാളി സംഘടനകളുടെ ഭാരവാഹിയും ആയി. ഏ.ഐ.ടി.യു.സി. വൈസ് പ്രസിഡന്റ് ആയിരുന്നു. 1977 ലും 1980 ലും 1987-ലും കേരള നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. 1977-78-ൽ സംസ്ഥാന ആരോഗ്യവകുപ്പു മന്ത്രി ആയിരുന്നു.

ചിത്തരഞ്ജൻ ദാസ്, ദേശബന്ധു

†ദാസ്, സി.ആർ. നോക്കുക.

ചിത്തരഞ്ജൻ ലോക്കമോട്ടീവ് വർക്ക്സ്

ഇന്ത്യാഗവൺമെൻറിന്റെ റെയിൽവേ മന്ത്രാലയത്തിനുകീഴിൽ പ്രവർത്തിക്കുന്ന തീവണ്ടിഎൻജിൻ നിർമാണശാല. കല്ക്കത്തയ്ക്കടുത്ത് ചിത്തരഞ്ജൻ എന്ന സ്ഥലത്താണ് ഇത് പ്രവർത്തിക്കുന്നത്. 1950-ൽ സ്ഥാപിതമായി. ഇന്ത്യയിലെ ഇത്തരത്തിലുള്ള ആദ്യത്തെ ഫാക്റ്ററിയാണ് ഇത്. ഇവിടെ പണി പൂർത്തിയാക്കി പുറത്തിറക്കിയ ആദ്യത്തെ എൻജിന്, ദേശബന്ധു ചിത്തരഞ്ജൻദാസിനോടുള്ള ആദരസൂചകമായി 'ദേശബന്ധു' എന്ന പേരു നല്കി.



ചിത്തരഞ്ജൻ ലോക്കോമോട്ടീവ് വർക്ക്സ്

1959-60 ആയപ്പോഴെക്കും ഈ ഫാക്റ്ററി പരമാവധി ഉത്പാദന ശേഷി കൈവരിച്ചു. ഒരു വർഷം 173 തീവണ്ടി എൻജിൻ എന്ന നിരക്ക്. 1971 ഡിസംബറിൽ ആണ് ഈ ഫാക്റ്ററി അവസാനമായി ആവി ഉപയോഗിച്ച് ഓടുന്ന തീവണ്ടി എൻജിൻ നിർമിച്ചത്. ഈ ഫാക്റ്ററി ആകെ 2,351 ആവി എൻജിൻ നിർമിച്ചു. അതിനുശേഷം ഇവിടെ വൈദ്യുതി, ഡീസൽ എന്നിവ ഉപയോഗിച്ച് ഓടുന്ന എൻജിനുകൾ മാത്രമാണു നിർമിക്കുന്നത്.

ചിത്തരഞ്ജിനി

ഒരുരാഗം. കർണാടകസംഗീതത്തിലെ 19-ാ മത്തെ മേളകർത്താരാഗമായ ഝംകാരഭ്രമരിയുടെ ജന്യരാഗമാണിത്.

ആരോഹണം: സരിഗരിഗമപധനി
അവരോഹണം: നിധപമരിഗരിസ

ഷഡ്ജപഞ്ചമസ്വരങ്ങൾക്കു പുറമെ തീവ്രഋഷഭം, കോമളഗാന്ധാരം, കോമളമധ്യമം, കോമളധൈവതം, കോമളനിഷാദം എന്നീ സ്വരങ്ങളും ഈ രാഗത്തിൽ വരുന്നു. ത്യാഗരാജസ്വാമികളുടെ *നാദതനുമനിശം ശങ്കരം* എന്ന കീർത്തനമാണ് ഈ രാഗത്തിൽ ഏറ്റവും പ്രസിദ്ധമായുള്ളത്.

ചിത്താനവാസൽ

†സിത്തണ്ണ വാസൽ നോക്കുക

ചിത്തിരതിരുനാൾ ബാലരാമവർമ (1912—)

തിരുവിതാംകൂർ രാജ്യം ഭരിച്ചവരിൽ ഒടുവിലത്തെ മഹാരാജാവ്. കിളിമാനൂർ രവിവർമ കൊച്ചുകോയിത്തമ്പുരാൻെറയും ജൂനിയർ റാണി സേതുപാർവതി ബായിയുടെയും മകനായി 1912 നവംബർ ഏഴിന് (1088 തുലാമാസത്തിലെ ചിത്തിര നക്ഷത്രത്തിൽ) ജനിച്ചു. 12-ാം വയസ്സിൽ രാജ്യാവകാശം ലഭിച്ചുവെങ്കിലും പ്രായപൂർത്തിയാകാതിരുന്നതിനാൽ അമ്മയുടെ ജ്യേഷ്ഠത്തിയായ റാണി ലക്ഷ്മീബായിയാണു റീജൻറായി രാജ്യം ഭരിച്ചത്. 1931-ൽ റീജൻറിൽനിന്നു രാജ്യഭാരം ഏറ്റെടുത്തു. ആറ്റൂർ കൃഷ്ണപ്പിഷാരടിയിൽനിന്നു സംസ്കൃതവും, എസ്.എൻ.യൂർ എന്ന യൂറോപ്യനിൽനിന്ന് ഇംഗ്ലീഷ്, ഫ്രെഞ്ച് തുടങ്ങിയ ഭാഷകളും പി.സി. ദത്ത് എന്ന ഐ.സി.എസ്. ഉദ്യോഗസ്ഥനിൽനിന്നു ഭരണക്രമങ്ങളും അഭ്യസിച്ചു. 1931 മുതൽ 1949 വരെ തിരുവിതാംകൂർ രാജാവും, പിന്നീട് 1956 വരെ തിരുവിതാംകൂർ-കൊച്ചി രാജപ്രമുഖനും ആയിരുന്നു. ചിത്തിര തിരുനാളിൻെറ ഭരണകാലത്തു വി.എസ്. സുബ്രഹ്മണ്യയ്യർ (1929-32), റ്റി. ഓസ്റ്റിൻ (1932-34), മുഹമ്മദ് ഹബീബുള്ള (1934-36), സി.പി. രാമസ്വാമി അയ്യർ (1936-47), പി.ജി.എൻ. ഉണ്ണിത്താൻ (1947-48) എന്നിവർ ദിവാൻജിമാരായിരുന്നു. 1948 മാർച്ച് 24-നു ദിവാൻഭരണം അവസാനിക്കുകയും ജനകീയഭരണം നിലവിൽവരുകയും ചെയ്തു.

ചിത്തിരതിരുനാളിൻെറ ഭരണകാലത്തെ ഏറ്റവും സ്മരണീയമാക്കുന്നത് 1936 നവംബർ 12-ലെ ക്ഷേത്രപ്രവേശനവിളംബരമാണ്. ഇന്ത്യയിലാദ്യമായിട്ടാണ് അന്നു ഹരിജനങ്ങൾക്കു ക്ഷേത്രങ്ങൾ തുറന്നുകൊടുത്തത്. എഫ്.എ.സി.റ്റി. അലിൻഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് തുടങ്ങിയ വ്യവസായസ്ഥാപനങ്ങൾ ഏർപ്പെടുത്തി. തിരുവിതാംകൂറിൻെറ വ്യവസായവത്കരണത്തിന് അടിത്തറപാകിയത് ഇദ്ദേഹത്തിൻെറ ഭരണകാലത്താണ്. ദാനശീലൻ എന്ന നിലയ്ക്കും ഇദ്ദേഹം പ്രശസ്തനാണ്. തിരുവനന്തപുരം ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിക്ക് മുക്കാൽ കോടിയോളം രൂപ ഇദ്ദേഹം സംഭാവന ചെയ്തു. ഇപ്പോൾ ക്ഷേത്രദർശനം മുതലായ കാര്യങ്ങളിൽ നിഷ്ഠ പുലർത്തിക്കൊണ്ട് സാത്വിക ജീവിതം നയിക്കുന്നു.

ചിത്തിരപ്പാവൈ

തമിഴ്സാഹിത്യകാരനായ അകിലൻെറ നോവൽ. 1976-ൽ ഇതിനു ജ്ഞാനപീഠം അവാർഡ് ലഭിച്ചു.

അണ്ണാമല എന്ന ചിത്രകാരനെ കേന്ദ്രീകരിച്ചുള്ളതാണ് ഈ നോവൽ. അണ്ണാമലയെ എൻജിനീയറാക്കണമെന്നായിരുന്നു അച്ഛനായ ചിതംബരം മേസ്ത്രിയുടെ ജീവിതാഭിലാഷം. പക്ഷെ ഇൻറർമീഡിയറ്റിൽ കണക്ക് എന്ന കടമ്പ കടക്കാൻ അണ്ണാമലയ്ക്കു കഴിഞ്ഞില്ല. ആയിടയ്ക്ക് കതിരേശൻ എന്ന ചിത്രകാരനുമായി പരിചയപ്പെട്ടു. അദ്ദേഹത്തിൻെറ പ്രോത്സാഹനവും പ്രേരണയുംവഴി ചിത്രകലാലയത്തിൽച്ചേർന്നു പഠിക്കാൻ അവസരം കിട്ടി. ചിത്രകാരൻ എന്ന നിലയിൽ അണ്ണാമലയ്ക്ക് അദ്ഭുതകരമായ സർഗവൈഭവമുണ്ടായിരുന്നു. പക്ഷെ അദ്ദേഹം സ്നേഹിക്കുകയും അദ്ദേഹത്തെ സ്നേഹിക്കുകയുംചെയ്ത ആനന്ദിയെ (കതിരേശൻെറ മകൾ) തൻെറ പിതാവിൻെറ സഹായി മാണിക്യം തട്ടിയെടുക്കുകയും സുന്ദരി എന്ന മറ്റൊരു പെൺകുട്ടി തൻെറ ഭാര്യയായിത്തീരുകയുംചെയ്തതോടെ, അണ്ണാമലയുടെ ജീവിതം തകരാൻ തുടങ്ങി. സൂത്രക്കാരനായ മാണിക്യം ഒരുക്കിയ വലകൾക്കുള്ളിൽ കുടുങ്ങി, ചിറകുമുറിഞ്ഞിട്ടും, എങ്ങനെയൊക്കെയോ രക്ഷപ്പെട്ട അണ്ണാമല, അതെ വലകളിൽനിന്നും രക്ഷപ്പെട്ടുപോന്ന ആനന്ദിയുമായി നാടുവിടുന്നതൊടെ നോവൽ അവസാനിക്കുന്നു.

ഒരു കലാകാരൻെറ ധർമസങ്കടത്തെ, വ്യാപാരകലയും യഥാർഥകലയും തമ്മിലുള്ള പൊരുത്തമില്ലായ്മയെ, ആർജവവും ധനസമ്പാദനവ്യഗ്രമായ കുടിലതയും തമ്മിലുള്ള സംഘർഷത്തെ, ഹൃദയസ്പൃക്കായി അവതരിപ്പിക്കുന്ന നോവലാണ് ചിത്തിരപ്പാവൈ.

ചിത്തോർഗഢ്

രാജസ്ഥാനിലെ ഒരു ജില്ലയും ജില്ലാതലസ്ഥാനവും. ഇത് ഉദയ്പൂർ ഡിവിഷനിൽപ്പെടുന്നു. മധ്യയുഗത്തിൽ രാജപുത്രന്മാരുടെ അധികാരകേന്ദ്രമായിരുന്നു. പല കോട്ടകൾ ഇവിടെയുണ്ട്. വിസ്തൃതി 10,856 ച.കി.മീ. ജനസംഖ്യ 12,32,494 (1981). ഈ പ്രദേശം മാൾവ പീഠഭൂമി യുടെ ഒരു ഭാഗമാണ്. സാമാന്യം വരണ്ട കാലാവസ്ഥ.

ചിത്തോർഗഢ് അഥവാ ചിത്തോർ നഗരം ഉദയ്പൂർ നഗരത്തിൽനിന്ന് ഏകദേശം 104 കി.മീ. കിഴക്കു ബാണാ നദിക്കരയിൽ സ്ഥിതിചെയ്യുന്നു (19° 36′ വ. 74° 35′ കി). എ.ഡി. 7-ാം നൂറ്റാണ്ടുൽ രാജപുത്രനേതാവായ ചിത്രാംഗദനാണു ചിത്തോർദുർഗം സ്ഥാപി

ച്ചത്. മേവാഡ് സ്വരൂപസ്ഥാപകനായ ബാപ്പാ റാവൽ ചിത്തോറിൽ കോട്ടയും കൊത്തളങ്ങളും കെട്ടി.

മുസ്ലീങ്ങളിൽനിന്നുള്ള ആക്രമണം ഇടയ്ക്കിടയ്ക്കുണ്ടായിരുന്നതിൽ പ്രധാനമായവ മൂന്നാണ്. 1303-ൽ ദില്ലിസുൽത്താൻ അലാവുദ്ദീൻ ഖിൽജി കോട്ട പിടിച്ചടക്കി. 15-ാം നൂറ്റാണ്ടിൽ റാണാ കുംഭൻ ചിത്തോർ വീണ്ടെടുത്തു. 16-ാം നൂറ്റാണ്ടിൽ ഗുജറാത്തിലെ സുൽത്താൻ ബഹദൂർഷാ ചിത്തോർ കീഴടക്കി. വീണ്ടും രാജപുത്രർസ്വതന്ത്രരായി. 1560-ൽ അക്ബറുടെ ആക്രമണത്തോടുകൂടി ചിത്തോർ രാജപുത്രർക്കു നഷ്ടപ്പെട്ടു. അവർ പിന്നെ ആസ്ഥാനം ഉദയ്പ്പൂരിലാക്കി. ഓരോ തവണയും ആക്രമണകാരികൾക്കു ജയം സിദ്ധിച്ചതു ദുർഗരക്ഷകന്മാരുടെ രക്തത്തിലൂടെയും അവരുടെ സ്ത്രീകളുടെ ചിതാഭസ്മത്തിലൂടെയും കടന്നുചെന്നിട്ടാണ്.

ചിത്തോർകോട്ടയിൽ അനേകം മാളികകൾ ഇന്നും നിലവിലുണ്ട്. ഇവയിൽ പ്രധാനപ്പെട്ട വൃജിക്ഷേത്രം, വിജയഗോപരും, കീർത്തിസ്തംഭം, റാണാകുംഭൻെറ കൊട്ടാരം എന്നിവ സന്ദർശകരെ ആകർഷിക്കുന്നു. വരാഹമൂർത്തിക്ഷേത്രം, ഗരുഡധ്വജം, മീരാഭായിയുടെ വിഷ്ണുക്ഷേത്രം മുതലായവ രാജസ്ഥാൻ വാസ്തുശില്പത്തിൻെറ നിദർശനങ്ങളാണ്.

ചിത്രകഥകൾ (comic strips)

അവശ്യം വേണ്ട കുറിപ്പുകൾ സഹിതം രേഖാചിത്രങ്ങളിലൂടെ അവതരിപ്പിക്കുന്ന കഥകൾ. ഇന്നു ദിനപ്പത്രങ്ങളിലും മറ്റ് ആനുകാലികപ്രസിദ്ധീകരണങ്ങളിലും ചിത്രകഥകൾ ഒരു പ്രധാന വിഭവമായി തീർന്നിട്ടുണ്ട്. അമേരിക്കയിലെ പത്രവായനക്കാരിൽ 56 ശതമാനംപേരും ചിത്രകഥകളിൽ തത്പരരാണ്. കുട്ടികളെ ഉദ്ദേശിച്ചുള്ള ചിത്രകഥകൾക്കാണു കൂടുതൽ പ്രചാരം. ചിത്രകഥകൾ മാത്രമുള്ള ആനുകാലികങ്ങളും ഇന്നുണ്ട്.

ജെയിംസ് സ്വിന്നർട്ടൺ ആണ് ആദ്യത്തെ ചിത്രകഥാകാരൻ. ഇദ്ദേഹത്തിൻെറ ചിത്രകഥ പ്രസിദ്ധീകരിച്ചത് *സാൻ ഫ്രാൻസിസ്കോ എക്സാമിനർ* എന്ന ദിനപ്പത്രത്തിലാണ്; 1892-ൽ. *ദ ലിറ്റിൽ ബെയേഴ്സ് ആൻഡ് ടൈഗേഴ്സ്* ആണു കഥ. ഇതിൽ കഥാപാത്രങ്ങളുടെ സംഭാഷണം ചേർത്തിരുന്നില്ല. 1894-ൽ റിച്ചാർഡ് ഔട്ട്കോൾട്ട് *ന്യൂയോർക്ക് വേൾഡ്* എന്ന പത്രത്തിൽ 'ഒറിജിൻ ഒഫ് എ ന്യൂ സ്പീഷീസ്' പ്രസിദ്ധീകരിക്കാൻ തുടങ്ങി. 1897-ൽ *ന്യൂയോർക്ക് സൺഡേ ജേർണലിൽ* പ്രസിദ്ധീകരിച്ച കട്സേൻ ജാമർ കിഡ്സ് എന്ന ചിത്രകഥയിലാണു കഥാപാത്രങ്ങളുടെ സംഭാഷണം ചേർക്കാൻ തുടങ്ങിയത്. റുഡോൾഫ് ഡെർക്സ് ആയിരുന്നു ചിത്രകാരൻ. 1898-ൽ ഔട്ട് കോൾട്ടിൻെറ *യെല്ലോ കിഡ്* എന്ന ചിത്രകഥയിൽ ഓരോ ചിത്രത്തിൻെറയും കൂടെ ഒരു 'ബലൂണി'നുള്ളിൽ (ചിത്രത്തിൽ സംഭാഷണങ്ങൾ ചേർക്കുന്ന അടഞ്ഞ വക്രം) കഥാപാത്രങ്ങളുടെ സംഭാഷണം ചേർത്തു. ഇതോടെ ചിത്രകഥ കൂടുതൽ ആളുകളെ ആകർഷിക്കാൻ തുടങ്ങി.



ഫ്ലാഷ് ഗോർഡർ **സൂപ്പർമാൻ.**



ഏറ്റവും മുകളിൽ: ജോർജ് മാക്നസ്. ഇദ്ദേഹത്തിൻെറ രചനകൾ രണ്ടാം ലോകയുദ്ധകാലത്ത് യുദ്ധവിമാനങ്ങളെ അലങ്കരിച്ചിരുന്നു.

മുകളിൽ ഇടത്ത്: ക്രെയ്സീക്യാറ്റ്
മുകളിൽ വലത്ത്: മാൻഡ്രേക്ക്

ദിവസവും ചിത്രകഥ പ്രസിദ്ധീകരിക്കുക എന്ന സമ്പ്രദായം 1904-ൽ *ചിക്കാഗോ അമേരിക്കൻ* എന്ന പത്രമാണു തുടങ്ങിയത്. ക്ലെയർ ബ്രിഗ്ഗിൻെറ 'എ പൈക്കർ ക്ലർക്ക്' എന്ന ചിത്രകഥയോടെയാണ് ഇതാരംഭിച്ചത്. 3 കൊല്ലം കഴിഞ്ഞ് *സാൻഫ്രാൻസിസ്കോ ക്രോണിക്കിൾ* ബഡ് ഫിഷർ *മട്ട് ആൻഡ് ജെഫ്* എന്ന ചിത്രകഥ ആരംഭിച്ചു. ഇതോടെ പത്രങ്ങളിൽ ചിത്രകഥയ്ക്കു മാന്യമായ സ്ഥാനം ലഭിക്കാൻ തുടങ്ങി. ജോർജ് മാക്നസ്, ഓപ്പർ, ഔട്ട് കോർട്ട്, ജോർജ് ഹെറിമാൻ തുടങ്ങി പ്രശസ്തരായ ചിത്രകാരന്മാരുടെ ചിത്രകഥകൾകൊണ്ടു പത്രങ്ങൾ അലംകൃതമായി. ജോർജ് ഹെറിമാൻെറ *ക്രെയ്സീ ക്യാറ്റ്* അമേരിക്കൻ പ്രസിഡൻറ് ആയിരുന്ന വുഡ്രോ വിൽസനെ അത്യധികം ആകർഷിച്ചിരുന്നതായും കാബിനെറ്റ് മീറ്റിങ് നടക്കുന്നതിനുമുമ്പ് എന്നും അദ്ദേഹം 'ക്രെയ്സീ ക്യാറ്റ്' വായിച്ചിരുന്നതായും പറയപ്പെടുന്നു.

വീരസാഹസിക കഥകൾ, ശാസ്ത്രകഥകൾ എന്നിവ ചിത്രരൂപത്തിൽ അവതരിപ്പിക്കാൻ തുടങ്ങിയത് 1920-നു ശേഷമാണ്. റോയ്


JUST THEN SIX CELESTIAL NYMPHS CALLED THE KRITTIKAS HAPPENED TO PASS BY.
NEWBORN BABIES! SIX OF THEM!
ONE FOR EACH OF US!

'അമർചിത്രകഥ'യുടെ സുബ്രഹ്മണ്യം
എന്ന ചിത്രകഥയിൽനിന്ന്.

ക്രെയിനിന്റെ *കാപ്റ്റൻ ഈസി* വീരസാഹസിക കഥയ്ക്ക് ഉദാഹരണമാണ് *സൂപ്പർമാൻ, ഫ്ളാഷ് ഗോർഡൺ, ബ്രിക്ക് ബാഡ്ഫോർഡ്* എന്നിവ പ്രശസ്തമായ ശാസ്ത്രകഥകളാണ്.

രണ്ടാം ലോകയുദ്ധാനന്തരം വീണ്ടും ഹാസ്യചിത്രകഥകൾക്കു പ്രിയം കൂടി. വാൾട്ട് കെല്ലിയുടെ *പോഗോ*(1949), ചാൾസ് ഷുൽസിന്റെ *പീനട്ട്സ്* (1950) എന്നിവ പ്രസിദ്ധി നേടിയ ഹാസ്യചിത്രകഥകളാണ്. 1956-62 കാലത്ത് അമേരിക്കയിൽ പ്രസിദ്ധീകൃതമായ 39 ചിത്രകഥകളിൽ 32ഉം ഹാസ്യപ്രധാനമായിരുന്നു. അടുത്തകാലത്ത് ഭീകരചിത്രകഥകൾക്കാണു കൂടുതൽ പ്രിയം. കുട്ടികളിൽ ഇത്തരം ഭീകരകഥകൾ അക്രമവാസന വളർത്തുന്നു എന്ന ആരോപണം വരാൻ ഇടയായതോടെ, 1954-ൽ കോമിക് ബുക്ക് പബ്ലിഷേർസ് അസോസിയേഷൻ രൂപവത്കൃതമാവുകയും ചിത്രകഥകൾ പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് ഈ അസോസിയേഷന്റെ ആഭിമുഖ്യത്തിലുള്ള കോമിക്കോഡ് അഥോറിറ്റിയുടെ പരിശോധനയ്ക്കു വിധേയമാക്കണമെന്നു തീരുമാനിക്കുകയും ചെയ്തു. പക്ഷെ, അസോസിയേഷനിൽ അംഗമല്ലാത്ത പ്രസിദ്ധീകരണശാലകൾ ഇപ്പോഴും ഭീകരചിത്രകഥകളുടെ പ്രസിദ്ധീകരണം തുടരുന്നുണ്ട്.

1884-ൽ ഒരു ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച *ദ നെവർ ഡുവെൽ ആലി സ്ലോപ്പർ* ആണ് ഇംഗ്ലണ്ടിലെ ആദ്യത്തെ ചിത്രകഥ. ലോർഡ് നോർത്ത് ക്ലിഫിന്റെ *കോമിക്കട്ട്സ്* (1890), *പക്ക്* (1910), *റെയിൻബോ*(1914) എന്നിവയാണ് ഇംഗ്ലണ്ടിൽ പിന്നീടു പ്രസിദ്ധീകൃതമായ പ്രശസ്ത ചിത്രകഥകൾ.

രണ്ടാം ലോകയുദ്ധത്തിനുശേഷം ഇംഗ്ലണ്ടിലും ചിത്രകഥകൾക്കു നല്ല പ്രചാരമുണ്ടായി. റെഗ്സമിത്തിന്റെ *ആൻഡി ക്യാപ്*(1957), *ഡെയ്ലി മിറർ* പത്രത്തിൽ വന്നതോടൊപ്പം 250 അമേരിക്കൻ പത്രങ്ങളടക്കം 500 പത്രങ്ങളിൽ ആവർത്തിച്ചു പ്രസിദ്ധീകരിച്ചു. 13 വ്യത്യസ്തഭാഷകളിൽ ഈ ചിത്രകഥ പ്രചരിച്ചു. ഹറ്റ് ടു ററ്റ് വരച്ച *ടിഫാനി ജോൺസ്* എന്ന ചിത്രകഥ 100 പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു. ചിത്രകഥകളുടെ ജനപ്രീതിയാണ് ഇതു തെളിയിക്കുന്നത്.

പരിഷ്കൃതരാജ്യങ്ങളിൽ എല്ലാം ആനുകാലികപ്രസിദ്ധീകരണങ്ങളിൽ ഒഴിവാക്കാൻ വയ്യാത്ത ഒരു ഘടകമായിത്തീർന്നിട്ടുണ്ട് ചിത്രകഥ. മനോഹരമായ കെട്ടും മട്ടുമുള്ള ചിത്രകഥാഗ്രന്ഥങ്ങളുടെ കാര്യത്തിൽ സോവിയറ്റ് യൂണിയനാണു മുൻപന്തിയിൽ.

ഇന്ത്യയിൽ. ഇന്ത്യയിലെ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങളാണ് ആദ്യകാലത്തു ചിത്രകഥകൾ അവതരിപ്പിച്ചത്. അവർ പ്രസിദ്ധീകരിച്ച ചിത്രകഥകൾ എല്ലാംതന്നെ പാശ്ചാത്യപ്രസിദ്ധീകരണശാലകളിൽനിന്നു പകർപ്പവകാശം വാങ്ങിയവ ആയിരുന്നു. ആദ്യകാലങ്ങളിൽ പ്രാദേശികപത്രങ്ങളും ഇതേ വഴിതന്നെ തുടർന്നു. ഇംഗ്ലീഷിൽ ഉള്ള ചിത്രകഥകളോടൊപ്പം താഴെ സംഭാഷണത്തിന്റെ ഭാഷാന്തരം അച്ചടിക്കുകയായിരുന്നു അന്നത്തെ രീതി. പിന്നീടു പരിഭാഷപ്പെടുത്തിയ സംഭാഷണങ്ങൾ 'ബലൂണി'നുള്ളിൽത്തന്നെ എഴുതുന്ന രീതി നടപ്പിലായി. *മാന്ത്രികനായ മാൻഡ്രേക്ക്, ടാർസൻ* തുടങ്ങിയ ചിത്രകഥകൾ മലയാളത്തിലും പ്രസിദ്ധീകരിക്കപ്പെട്ടു.

ഇന്ത്യൻപ്രമേയങ്ങൾ സ്വീകരിച്ചുകൊണ്ടുള്ള ചിത്രകഥ പ്രസിദ്ധീകരിക്കുന്നതിൽ ആദ്യകാലത്ത് ഏറ്റവും കൂടുതൽ സംഭാവനകൾ നല്കിയതു ബോംബെയിലെ 'ഇന്ത്യാ ബുക്ക് ഹൗസ്' ആണ്. അവർ 'അമർ ചിത്രകഥ' എന്ന പേരിൽ ഭാരതീയപുരാണങ്ങളിലെയും ചരിത്രത്തിലെയും കഥകൾ അവതരിപ്പിച്ചു. ഇതിനോടുള്ള വായനക്കാരുടെ പ്രതികരണം വളരെ ആവേശകരമായിരുന്നു. അത് ഇന്ത്യയിലെ 'കോമിക് ബൂമി'ന് (ചിത്രകഥകളുടെ തഴച്ചുവളരലിന്) വഴിവെച്ചു. അമർ ചിത്രകഥ മലയാളം ഉൾപ്പെടെ ഉള്ള ഭാഷകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ധാരാളം വായനക്കാർ ഉണ്ടെന്നു മനസ്സിലാക്കിയതോടെ പത്രമാസികകളിൽ ചിത്രകഥകൾ വലിയ പ്രാധാന്യം കൊടുത്തു പ്രസിദ്ധീകരിക്കാൻ തുടങ്ങി.

ചിത്രീകരണരീതി. ചിത്രകഥകൾ തയ്യാറാക്കുന്നത് ഇന്ന് ഒരു സംഘം കലാകാരന്മാരുടെ കൂട്ടായ ശ്രമത്തിലൂടെയാണ്. ആദ്യം കഥയും അതിന്റെ വിശദീകരണങ്ങളും അടങ്ങിയ 'സ്ക്രിപ്റ്റ്' തയാറാക്കുന്നു. അതിനുശേഷം പ്രധാനചിത്രകാരൻ ദൃശ്യങ്ങളുടെ (വിഷ്വലുകളുടെ) രൂപമാതൃക രേഖപ്പെടുത്തുന്നു. ഓരോ ഫ്രെയിമിലും ആവശ്യമായ പശ്ചാത്തലവിശദാംശങ്ങൾ (കെട്ടിടങ്ങളും മരങ്ങളും മറ്റും) വരയ്ക്കുന്നതു മറ്റൊരു ചിത്രകാരനാകാം; ബലൂണിലെ സംഭാഷണങ്ങളും മറ്റും എഴുതുന്നതു മൂന്നാമത് ഒരാളും. ചിത്രങ്ങൾക്കു നിറം കൊടുക്കുന്നതു മിക്കവാറും അച്ചടിക്കിടയിൽ ഉള്ള ഒരു പ്രക്രിയ മാത്രമാണ്.

ചിത്രകല

വർണങ്ങളും വരകളും ഉപയോഗിച്ചു യഥാർഥരൂപങ്ങളോ പ്രതീകങ്ങളോ സൃഷ്ടിച്ച് ആശയാവിഷ്കാരം നടത്തുന്ന കല. പലപ്പോഴും ചിത്രണത്തിനുമുമ്പു രൂപരേഖ വരയ്ക്കുന്നതുകൊണ്ടു ഇതിനു വരപ്പുമായി ബന്ധമുണ്ട്. ചിത്രകല പോലെതന്നെ മിഴിവുറ്റ വരപ്പുകൾ വേറെയും ധാരാളമുണ്ട്. അതുകൊണ്ടുതന്നെ വരപ്പും ചിത്രകലയും തമ്മിൽ ഉള്ള വ്യത്യാസം വ്യക്തമാക്കാൻ വിഷമമുണ്ട്. ഒരു പരിധി വരെ ലേഖനവിദ്യ(Calligraphy)യും ചിത്രകലയോടുബന്ധപ്പെട്ടതാണ്.

ശില്പകലയ്ക്കു മൂന്നുമാനങ്ങളുണ്ട്; ചിത്രകലയ്ക്കു രണ്ടേ ഉള്ളു. ഇതാണ് ഇവ തമ്മിൽ ഉള്ള പ്രധാന വ്യത്യാസം. എന്നാൽ പലപ്പോഴും, വിശേഷിച്ച് ഇരുപതാം നൂറ്റാണ്ടിൽ ഈ ഭേദം നിയ

തമല്ല. ത്രിമാനചിത്രങ്ങളും ദ്വിമാനശില്പങ്ങളും ഇന്നു കാണുന്നുണ്ട്.

വിവിധ രൂപമാതൃകകൾ. ചിത്രത്തിൻെറ രൂപമാതൃകകൾ ഒട്ടേറെയുണ്ട്. ഭിത്തിയിലും സീലിങ്ങിലും കുംഭഗോപുരങ്ങ(domes)ളുടെ അകവശത്തും മറ്റും വരയ്ക്കുന്ന ചിത്രങ്ങളെ 'ചുവർചിത്രങ്ങൾ' (Murals) എന്നുപറയും. ചട്ടത്തിൽ ഉറപ്പിച്ചിരിക്കുന്ന കാൻവാസിൽ വരയ്ക്കുന്നതാണ് മറ്റൊരിനം. ഭിത്തിയിൽ ഒട്ടിച്ചുവച്ച കാൻവാസിൽ വരയ്ക്കുന്നതാണു മൂന്നാമത്തെ വിഭാഗം. കൊണ്ടുനടക്കാവുന്ന ചിത്രങ്ങളുണ്ട്. പൗരസ്ത്യദേശങ്ങളിൽ ചുരുളുകളായിട്ടാണ് ഇവ സൂക്ഷിച്ചിരുന്നത്. ചുരുൾചിത്രങ്ങൾ എന്ന് ഇവയെ വിളിക്കാം. പാശ്ചാത്യരാജ്യങ്ങളിൽ പ്രത്യേകതരം ബോർഡിൽ വരച്ചു സൂക്ഷിക്കുന്ന ഇത്തരം ചിത്രങ്ങൾക്ക് ഈസൽചിത്രങ്ങൾ (Easel) എന്നാണു പറയുന്നത്. വിശറികൾ, ഫർണിച്ചർ, പാത്രങ്ങൾ തുടങ്ങിയ വസ്തുക്കളിൽ നടത്തുന്ന അലങ്കാരപ്പണികളും ഒരുതരം ചിത്രകലാരൂപമാണ്.

ചിത്രാലംകൃതമായ
ജഗ്ഗ്.



പൗരാണിക ഈജിപ്ഷ്യൻചിത്രങ്ങൾ
(ബ്രിട്ടീഷ് മ്യൂസിയം).



ബൈസാന്തിയൻ പെയിൻറിങ്.
(15-ാം നൂറ്റാണ്ട്).



റഫേലിൻെറ ഏഥൻസ് സ്കൂൾ
(വത്തിക്കാൻ കൊട്ടാരം)

പരസ്യങ്ങൾ, പുസ്തകങ്ങളിലെ ചിത്രണം എന്നിവയാണു മറ്റൊരു രൂപമാതൃക. മധ്യയുഗങ്ങളിലെ ഗ്രന്ഥങ്ങളുടെ കയ്യെഴുത്തുപ്രതികളിൽ ഇത്തരം ചിത്രണം കാണാം. അധ്യായങ്ങളുടെ ആരംഭത്തിലെ ആദ്യക്ഷരം അലങ്കാരപ്പണിയോടുകൂടിയതായിരിക്കും. ഇന്നത്തെ അച്ചടിച്ച ഗ്രന്ഥങ്ങളിൽപ്പോലും ഈ സവിശേഷത അപൂർവം കാണാം.



ഏജിയൻ
പെയിൻറിങ്

ഉദ്ദേശ്യലക്ഷ്യങ്ങൾ. എണ്ണത്തിൽ രൂപമാതൃകകളെക്കാൾ കൂടുതലാണു ചിത്രകലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. തന്നെയുമല്ല കാലദേശങ്ങൾക്കനുസരിച്ചു ലക്ഷ്യങ്ങൾ മാറുകയുംചെയ്യും.

പ്രാകൃതചിത്രകലയുടെ ലക്ഷ്യം മാന്ത്രികമോ അനുഷ്ഠാനപരമോ ആയിരുന്നു. ദ്രഷ്ടാവിലേയ്ക്ക് ആശയങ്ങൾ പകരുകയും, അവൻെറ വികാരങ്ങളെ തൊട്ടുണർത്തുകയും ചെയ്യുക എന്നതായി പില്ക്കാലത്തെലക്ഷ്യം. 'നിരക്ഷരൻെറ ബൈബിൾ' എന്നാണു പോപ്പ്ഗ്രിഗറി കലയെക്കുറിച്ചു പറഞ്ഞത്. ചിത്രകലയുടെ പ്രചാരണപരതയും മുഖ്യമാണ്.

ഛായാചിത്രം, യുദ്ധരംഗങ്ങളുടെ ചിത്രണം എന്നിവ സ്മരണികാവിഭാഗത്തിൽ പെടുന്നു. ചിത്രകലയിൽ കലാകാരൻെറ സ്വന്തം വികാരങ്ങൾ ആവിഷ്കരിക്കണമെന്നുള്ള വീക്ഷണം 19-ാം നൂറ്റാണ്ടിൻെറ അന്ത്യത്തോടെയാണ് ഉണ്ടായത്. ഈ വീക്ഷണത്തിന് അനുക്രമം പ്രാധാന്യം വർധിച്ചുവരികയാണ്.

വെറും ആർഭാടത്തിനൊ അലങ്കാരത്തിനൊ വേണ്ടി മാത്രമുള്ള ചിത്രണങ്ങളുമുണ്ട്. മൺപാത്രങ്ങൾ, വീട്ടുപകരണങ്ങൾ എന്നിവയിലെ ചിത്രണങ്ങൾതന്നെ ഉദാഹരണം. മുറികളുടെയും ഹാളുകളുടെയും പ്രൗഢി, സ്ഥലവിസ്തൃതി എന്നിവ കൂടുതലുള്ളതായി തോന്നിക്കുന്ന ഒരുതരം വിഭ്രാമകമായ അന്തരിക്ഷം സൃഷ്ടിക്കാനും ചിത്രകലയ്ക്കുകഴിയും.

സമീപനങ്ങൾ. അവനവനോടുതന്നെയൊ, ലോകത്തോടൊ ഉള്ള പ്രതികരണവുമായി ബന്ധപ്പെട്ടതാണു ചിത്രകല. ഈ പ്രതികരണം അഥവാ സമീപനം പ്രതിജനഭിന്നവുമാണ്. നവോത്ഥാനകാലഘട്ടം മുതൽ 20-ാം നൂറ്റാണ്ടുവരെ ചിത്രകല വസ്തുപ്രതീതി വരുത്തുകയല്ലാതെ വസ്തുവിനെ അങ്ങനെതന്നെ പകർത്തിയിരുന്നില്ല. അതേസമയം അടിസ്ഥാനപരമായി വസ്തു അവിടെത്തന്നെ ഉണ്ടായിരുന്നുതാനും. ഇരുപതാംനൂറ്റാണ്ടായപ്പോഴെക്കും ഈ സ്ഥിതിമാറി. വസ്തുക്കളുടെ അമൂർത്തചിത്രീകരണത്തിനുള്ള പ്രവണത ഈ കാലഘട്ടത്തിലെ പല ചിത്രങ്ങളിലും കാണാം. വസ്തുനിഷ്ഠമല്ലാത്ത രൂപകല്പനകൾക്കുവേണ്ടി വസ്തുരൂപത്തെ അവഗണിക്കുന്ന രീതി നിലവിൽവന്നു. ഇവിടെ രൂപവും വർണവും, വസ്തുനിരപേക്ഷമായിത്തന്നെ ദ്രഷ്ടാവിനെ നേരിട്ടു സ്വാധീനിക്കുന്നു; സംഗീതത്തിലെ നാദംപോലെ.

ബൈസാന്തിയൻ, ഈജിപ്ഷ്യൻ, ഗ്രീക്ക് തുടങ്ങിയ രാജ്യങ്ങളിലെ മധ്യകാലചിത്രങ്ങളിലും 'പ്രാകൃത'ചിത്രകലയിലും ഒരുതരം ഫോർമുല പ്രകടമാണ്; ഒരു ദൃശ്യഫോർമുല. അതായതു വസ്തുവിനെ പൂർണമായി അവതരിപ്പിക്കാതെതന്നെ വസ്തുബോധം ഉളവാക്കാൻ ആവശ്യമായ ഫോർമുല. ഫോർമുലാപരമായ ഈ സമ്പ്രദായം ഏറെക്കുറെ പാരമ്പര്യബദ്ധമാണ്. നൂറ്റാണ്ടുകളോളം, ഒരുവേള ഈജിപ്തിലെപ്പോലെ സഹസ്രാബ്ദങ്ങളോളം, മാറ്റമില്ലാതെ തുടരുകയും ചെയ്യും. കാര്യമായ നവീകരണത്തിനുള്ള ശ്രമങ്ങൾ ഒന്നും കാണുറുമില്ല. ഈ കാലഘട്ടത്തിലെ ചിത്രകാരന്മാരെക്കുറിച്ച് ഏറെയൊന്നും അറിവില്ല. പൗരസ്ത്യദേശത്ത് ആദികാലത്തെചിത്രങ്ങൾ അതേപടി പകർത്തി പഴയ രീതി തുടർന്നു പോരികയായിരുന്നു പതിവ്.

20-ാം നൂറ്റാണ്ടിൻെറ മുഖമുദ്രതന്നെ നവീകരണമാണ്. ഒരു പ്രത്യേകപാരമ്പര്യത്തിനുള്ളിൽ നിന്നുകൊണ്ടു മൗലികമായ സൃഷ്ടി നടത്തുകമാത്രമല്ല, ചിത്രകലയുടെ മൊത്തം സമ്പ്രദായത്തിൽ പുതിയ സങ്കേതങ്ങൾ കണ്ടെത്തുകയുംചെയ്തു.



നഖംമുറിയ്ക്കുന്ന വൃദ്ധ
(റെംബ്രാൻറ്).





ഏറ്റവും മുകളിൽ: വിവിധ ഋതുക്കളിലെ പക്ഷികളും പുഷ്പങ്ങളും ജാപ്പനീസ് ചിത്രകാരനായ സെഷുവിൻെറ കല്പനയിൽ

മുകളിൽ: ഓടും ഗ്ലാസും ചേർത്ത് നിർമിച്ചിട്ടുള്ള ചിത്രാലംകൃതമായ ദീപം.



ആധുനിക ചിത്രകല : കൂർട് സെലിഗ്മാൻ രചിച്ച 'സ്റ്റാർ ഈറ്റർ' (1947)

പ്രമേയങ്ങൾ. പ്രതിനിധാനപ്രധാനമായ ചിത്രകലയിൽ പ്രമേയത്തിനാണു പ്രാമുഖ്യം. പതിനേഴാം നൂറ്റാണ്ടുമുതൽ കലാകാരന്മാരും കലാസിദ്ധാന്തക്കാരും ചിത്രകലയിലെ പ്രമേയങ്ങളെ പ്രാധാന്യമനുസരിച്ചു പല വിഭാഗമായി തിരിച്ചിട്ടുണ്ട്. മാനുഷികചേഷ്ടകളുടെ അനുകരണമെന്ന് അവർ ചിത്രകലയെ നിർവചിച്ചു. അരിസ്റ്റോട്ടിൽ കാവ്യത്തിനുകൊടുത്ത അതേ നിർവചനംതന്നെ. ദ്രഷ്ടാവിൻെറ പ്രവൃത്തികളെ സ്വാധീനിക്കാൻ ചിത്രകലയ്ക്കുകഴിയുമെന്നും അവർ വിശ്വസിച്ചു. അതിൻെറ അടിസ്ഥാനത്തിൽ മതപരമോ പുരാണകഥാപരമോ ആയ 'ചരിത്രചിത്രണം' (history painting) സർവശ്രേഷ്ഠമായി ആദരിക്കപ്പെട്ടു. ഏറ്റവും കുലീനരായ മനുഷ്യരുടെ പ്രവൃത്തികളെയാണല്ലോ അവ പ്രതിനിധാനം ചെയ്തത്. നിത്യജീവിതവുമായി ബന്ധപ്പെട്ട രംഗങ്ങൾ ചിത്രീകരിക്കുന്ന 'ഗ്രാമീണചിത്രകല' (genre painting) ഇത്രത്തോളം ആദരണീയമായി അവർ കരുതിയില്ല. കാരണം, അവ കുലീനരല്ലാത്തവരുടെ പ്രവൃത്തികളെ പ്രതിനിധാനം ചെയ്യുന്നതും പലപ്പോഴും അപരിഷ്കൃതവും ആയിരുന്നു.

മനുഷ്യരുടെ ധാർമിക പ്രവൃത്തികൾ വ്യക്തമാക്കുന്നില്ലെങ്കിലും സ്വഭാവം വ്യക്തമാക്കുന്ന 'ഛായാചിത്രണ'(portraiture)ത്തിനു



ഹെൻറി മാറ്റിസെ രചിച്ച
സ്വന്തം ചിത്രം

'ജന്തുചിത്രണ' (animal painting) ത്തെക്കാൾ മാന്യത ഉണ്ട്. ഗ്രാമീണരംഗങ്ങൾ, കടലോരങ്ങൾ, നഗരഭാഗങ്ങൾ എന്നിവ അടങ്ങുന്ന 'ഭൂഭാഗചിത്രങ്ങൾ' (landscape painting) 'നിശ്ചലജീവിതചിത്രണ' (Still-life painting) ങ്ങളെക്കാൾ കുറച്ചുകൂടി മെച്ചപ്പെട്ടതായി കരുതപ്പെട്ടിരുന്നു. ഏറ്റവും താഴെക്കിടയിലാണു നിശ്ചലജീവിതചിത്രണം.

19-ാം നൂറ്റാണ്ടിന്റെ അന്ത്യപാദംമുതൽ ചിത്രകലയിൽ പ്രമേയത്തിന്റെ പ്രാധാന്യം കുറഞ്ഞുതുടങ്ങി. പലർക്കും പ്രമേയം പ്രശ്നമേ ആയിരുന്നില്ല. ചിത്രത്തിന്റെ രൂപം, വർണം, ഘടന എന്നിവ ഉണർത്തിവിടുന്ന വികാരംതന്നെയാണ് ഇവർക്കു ചിത്രത്തിന്റെ പ്രമേയം. തീവ്രമായ ആത്മബന്ധമുള്ളതും പലപ്പോഴും കലാകാരന്റെ ഉപബോധമനസ്സിൽ ഉറഞ്ഞുകൂടിയതുമായ ഒരു പുതിയതരം 'പ്രമേയം' ഒന്നാം ലോകയുദ്ധത്തെ തുടർന്നുള്ള കാലഘട്ടത്തിൽ രൂപംകൊണ്ടു. 'പുരോഗാമി കലാസംഘ'(Avant-garde)ത്തിന്റെ ഈ പുതിയ പ്രമേയത്തോടൊപ്പംതന്നെ പാരമ്പര്യമായി സ്വീകരിച്ചുപോന്ന പ്രമേയങ്ങളും ഇരുപതാം നൂറ്റാണ്ടിലെ ചിത്ര കലയിൽ കാണാം. 1970-കളിലും 80-കളിലും ഇത്തരം ചിത്രങ്ങൾക്കു പുനരുജ്ജീവനം ഉണ്ടായിട്ടുണ്ട്.

ചരിത്രം. ബി.സി. 3,000-ത്തിനും 10,000-ത്തിനുമിടയ്ക്കു സ്പെയിനിലുണ്ടായ അൾട്ടാമിറാ ഗുഹാചിത്രങ്ങളാണ് ഏറ്റവും പഴയ കലാശില്പങ്ങൾ. മുപ്പതോളം ദിക്കിൽ ഇത്തരം ചിത്രങ്ങൾ ഉണ്ട്. ഇവ പുരാതനശിലായുഗത്തിൽപ്പെട്ടതത്രെ. മനുഷ്യന്റെയും മൃഗങ്ങളുടെയും രൂപങ്ങളാണു അധികവും കാണുന്നത്. പിന്നീടു വന്ന തലമുറകൾ ചിത്രം മാറ്റി വരയ്ക്കുകയും ചെയ്തിട്ടുണ്ട്. ദക്ഷിണാഫ്രിക്കയിലെ ബുഷ്മൻ കലയ്ക്കും ഇത്രതന്നെ പഴക്കമുണ്ട്. മൃഗങ്ങൾ, പക്ഷികൾ, പാമ്പുകൾ, തവളകൾ, ആമകൾ, ഒറ്റയ്ക്കും കൂട്ടായും ഉള്ള മനുഷ്യരൂപങ്ങൾ എന്നിവയാണ് ആ ചിത്രങ്ങളിലുള്ളത്. യുദ്ധവും നൃത്തവും അവിടെ പകർത്തിയിരിക്കുന്നു. മനുഷ്യരൂപങ്ങളിൽ ചിലത് തോലുടുപ്പു ധരിച്ചവയും ചിലതു നഗ്നങ്ങളുമാണ്. പാറപ്പുറത്തുവരച്ച ഈ ചിത്രങ്ങളിൽ ചെമപ്പ്, മഞ്ഞ, തവിട്ട്, കറുപ്പ്, വെള്ള എന്നിവയാണു പ്രധാന വർണങ്ങൾ.



അൾട്ടാമിറാ ഗുഹാചിത്രം (സ്പെയിൻ)
ആക്രമണോന്മുഖനായ കാട്ടുപോത്ത്

ഈ പുരാതനചിത്രങ്ങൾ അതിവിദഗ്ധങ്ങളായി തോന്നാം. പക്ഷെ, ലളിതമായ രീതിയിൽ പ്രതിപാദ്യവസ്തുവിന്റെ സത്തപകർത്തുന്ന ആ പ്രാകൃതകലാശൈലി അദ്ഭുതകരമാണ്. നീഗ്രോകലയുടെ ലാളിത്യവും, ഒഴുക്കും, ശക്തിയും ആധുനിക കലയ്ക്കുപോലും പ്രചോദനം നല്കിവരുന്നുണ്ട്.

ബി.സി. അഞ്ചും നാലും ശതകങ്ങളിൽ ഗ്രീസിൽ കലയ്ക്കു വലിയ ഉത്കർഷമുണ്ടായിരുന്നു. അക്കാലത്തുണ്ടായ ഗ്രീക്ക് ടെറാക്കോട്ട(ചുട്ടെടുത്ത മൺപ്രതിമ)കളും മറ്റു ശില്പങ്ങളും നല്ല നിലവാരം പുലർത്തുന്നവയാണ്. ബി.സി. ഏഴും നാലും നൂറ്റാണ്ടുകൾക്കിടയിൽ നിർമിച്ചിട്ടുള്ള ടെറാക്കോട്ടകൾ ശ്മശാനങ്ങളിൽനിന്നും സ്വകാര്യവസതികളിൽനിന്നും ലഭിച്ചിട്ടുണ്ട്. ഈ പ്രതിമകൾ ദൈവ



നിശ്ചലജീവിതചിത്രണം
ജെ ബി എസ് ചാർഡിൻ (1699-1779)



ഭൂഭാഗചിത്രം - പോൾസെസാൻ

പൂജയ്ക്കും ചരമോപചാരത്തിനും മറ്റും വേണ്ടി ഉപയോഗിച്ചിരുന്നവയാണെന്നു കരുതപ്പെടുന്നു.

കോൺസ്റ്റാന്റിനേപ്പിൾ കേന്ദ്രമാക്കി വളർന്നതും എ.ഡി. 15-ാം നൂറ്റാണ്ടിൽ തുർക്കികൾ അതു പിടിച്ചടക്കുംവരെ നിലനിന്നതുമായ ഒന്നാണ് ബൈസാന്തിയൻ കല. മതപരിചര്യയാണ് ഈ കലയുടെ പ്രധാന സംഭവം.

ഗോഥിക് കല (1150-1500). റോമൻ ശൈലിയിൽ വടക്കുപടിഞ്ഞാറെ യൂറോപ്പിൽ ഉണ്ടായ കലാപ്രസ്ഥാനമാണിത്. കമാനപ്രധാനമായ ഈ കല വാസ്തുശില്പത്തിലാണ് ശ്രദ്ധവച്ചത്. വലിയ ജനലുകളുടെ ആധിക്യം കാരണം കെട്ടിടങ്ങൾക്കു വിസ്താരമേറിയ ചുവരുകൾ ഇല്ലാതാവുകയും ചുവർചിത്രകല താരതമ്യേന കുറയുകയുംചെയ്തു. ഇക്കാലത്താണ് ഗ്ലാസ് പെയിന്റിങ്ങിന്റെ ആരംഭം.

15-ാം നൂറ്റാണ്ടിന്റെ അവസാനംവരെ കലാകാരന്റെ വ്യക്തിവൈഭവത്തിന് പറയത്തക്ക സ്ഥാനമൊന്നും കല്പിച്ചിരുന്നില്ല.

നവോത്ഥാനം. നവോത്ഥാനത്തെത്തുടർന്നു ശാസ്ത്രീയവിജ്ഞാനം പരമാവധി ഉൾക്കൊള്ളാനും അതുവഴി കലാകാരന് സുന്ദരസൃഷ്ടികൾക്കുള്ള ഉപായങ്ങൾ വർധിപ്പിക്കാനും അടങ്ങാത്ത ആവേശമുണ്ടായി. 1400-1600 കാലത്ത് ഇറ്റലിയെ കേന്ദ്രീകരിച്ചുണ്ടാക്കിയ ഉദ്ബുദ്ധകലാസമ്പ്രദായമാണ് നവോത്ഥാനകല. അനാറ്റമി, പെർസ്പെക്ടീവ് (പര്യപ്രേക്ഷ്യം), ചലനം തുടങ്ങിയ സങ്കേതങ്ങൾ ഇക്കാലത്താണു പ്രതിഷ്ഠിതമായത്. പാവ്ലൊ ഉച്ചെല്ലൊ കലയിൽ പെർസ്പെക്ടീവ് പ്രയോജനപ്പെടുത്തി. ലിയോനാർഡോ ഡാവിഞ്ചി (1452-1519) ശവങ്ങളെ കീറി മുറിച്ചും നിരീക്ഷിച്ചും ശരീരത്തിന്റെ ഘടന സൂക്ഷ്മമായി പഠിച്ചു. ഇദ്ദേഹത്തിന്റെ പ്രസിദ്ധമായ ഒരു ചിത്രമാണ് 'മൊണാലിസ'. ആഭിജാത്യത്തിന്റെയും സൗന്ദര്യത്തിന്റെയും മൂർത്തിമദ്ഭാവമായ റാഫേലിന്റെ(1483-1520)'സ്റ്റാൻസും'



ലിയോനാർഡോ ഡാവിഞ്ചിയുടെ 'മൊണാലിസ'



△
'നർത്തകികളുടെ വിശ്രമവേള' - എഡ്ഗാർ ഡെഗാസ്

ശക്തിയുടെയും നാടകീയതയുടെയും മാതൃകയായ മൈക്കലേഞ്ചലോ (1475-1564)യുടെ 'സിസ്റ്റൈൻ ചാപ്പലും' ഈ കാലത്തുതന്നെയാണുണ്ടായത്. കുറ്റമറ്റ രചനാവൈഭവവും ലക്ഷണമൊത്ത രൂപങ്ങളുമാണ് ഈ ക്ലാസിക്ക് കലാകാരന്മാരുടെ ചിത്രങ്ങളിലുള്ളത്.

ജോർജിയോൺ, ടിഷ്യൻ, എൽഗ്രെക്കാ, റൂബൻസ്, വെലാസ്കൊ, ക്ലോദ്, പോസ്സിൽ തുടങ്ങിയ ഒട്ടനവധി പേരെ ഇക്കാലത്തു



സൗമ്യം ദീപ്തം മധുരം'
റാഫേൽ ചിത്രം



'വിശുദ്ധ കുടുംബം'
മൈക്കേൽ ആഞ്ജെലോ

പരിഗണിക്കേണ്ടതായുണ്ട്. പ്രഗല്ഭ വർണചിത്രകാരനായ റൂബെൻസിന്റെ സ്വാധീനം കലയിൽ രണ്ടു നൂറ്റാണ്ടോളം നീണ്ടുനിന്നു. വെളിച്ചവും നിഴലുംവച്ചു ചിത്രംവരയ്ക്കാൻ തുടങ്ങിയ ബ്രെണ്ടിന്റെ സ്വാധീനം ഇന്നും നിലനില്ക്കുന്നു. ഹ്യൂബർട്ട്, ജാൻ വാൻ, ഐക്ക് എന്നീ സഹോദരന്മാർ ചിത്രരചനയിൽ എണ്ണച്ചായത്തിന്റെ ഗുണങ്ങൾ തെളിയിച്ചു.

നിയമങ്ങളും ചട്ടങ്ങളും അടിസ്ഥാനമാക്കിയാണ് ക്ലാസ്സിക്കൽ കലയുടെ രചന. അതിന്റെ പ്രയോക്താക്കൾക്ക് സൗന്ദര്യം ഏറെക്കുറെ വസ്തുനിഷ്ഠമാണ്. സൗന്ദര്യം വസ്തുനിഷ്ഠമല്ല, വ്യക്തിനിഷ്ഠമാണെന്നു പിൽക്കാലത്തു തത്ത്വചിന്തകന്മാർ ഉദ്ഘോഷിച്ചു. അങ്ങനെ അതുവരെ ബഹിർമുഖമായിരുന്ന കലാകാരന്റെ ചിന്ത, റൊമാൻറിസിസത്തിന്റെ ആവിർഭാവത്തോടെ അന്തർമുഖമാവാൻ തുടങ്ങി. അവരവരുടെ വിശ്വാസത്തിനൊത്തു കലാകാരന്മാർ വികാരതീവ്രതയോടെ രചന നടത്താൻ തുടങ്ങി. † ഗോഥിക് കല നോക്കുക.



'വസന്തത്തിലെ പുൽത്തകിടികൾ'
ആൽഫ്രഡ് സിസിലിയുടെ ഇംപ്രഷണിസ്റ്റ് പെയിൻറിങ്

ഇംപ്രഷനിസം. ഫോട്ടോഗ്രാഫിയുടെ കണ്ടുപിടുത്തത്തോടെ പ്രകൃതിയെ സത്യസന്ധമായി പകർത്തുന്നതല്ല കലയെന്നു തീർച്ചയായി. 1874-ൽ പാരീസിൽ ക്ലാസിക്കൽ വാദക്കാർ പ്രദർശനത്തിനു കൊള്ളാത്തതായി തള്ളിയ കുറെ ചിത്രങ്ങൾ പ്രദർശിപ്പിക്കുകയുണ്ടായി. ഡീഗ, റിനോയർ, മോണെ, പിസ്സാറോ, സെസാൻ തുടങ്ങി മുപ്പതോളം പേരുടെ ചിത്രങ്ങൾ അതിലുണ്ടായിരുന്നു. അതിൽ മോണോയുടെ 'ഇംപ്രഷൻ സൺറൈസ് (Impression Sunrise) എന്ന ചിത്രത്തെ പരിഹസിച്ച് വിമർശകർ അക്കൂട്ടർക്ക് ഇംപ്രഷനിസ്റ്റുകൾ എന്നു പേരിടുകയുംചെയ്തു.

വർണങ്ങളെപ്പറ്റി സമഗ്രമായ പഠനങ്ങൾ നടന്നു. പ്രാഥമികവർണങ്ങൾക്കും അവയുടെ പൂരകവർണങ്ങൾക്കും വലിയപ്രാധാന്യം കൊടുത്തു.

വർണങ്ങൾക്ക് അമിതപ്രാധാന്യം നല്കിയതുകൊണ്ട് പെയിൻറിങ് എന്നത് ഏറെക്കുറെ ഒരു യാന്ത്രികപ്രവൃത്തിയായി മാറി. ഇക്കാലത്തുണ്ടായതാണു പോയൻറിലിസം അഥവാ ഡിവിഷനിസം. തുടർന്നു പോസ്റ്റ് ഇംപ്രഷനിസം, ഫോവിസം എന്നീ പ്രസ്ഥാനങ്ങളും വളർന്നുവന്നു.

ക്യൂബിസം. ഒരു വസ്തുവിന്റെ സത്യസന്ധമായ ആവിഷ്കരണം ഒരു ഭാഗം മാത്രം ചിത്രീകരിച്ചതുകൊണ്ടായില്ലെന്നും എല്ലാ പാർശ്വവീക്ഷണങ്ങളും അടങ്ങിയതാകണമെന്നും ചിലർ വാദിച്ചു. വർത്തുളം, ചതുരം, കോൺ എന്നീ ക്രിസ്റ്റൽരൂപങ്ങളെക്കൊണ്ടുള്ള വിവിധ പാർശ്വവീക്ഷണങ്ങളുടെ പുനഃസംവിധാനമാണ് ക്യൂബിസ്റ്റുചിത്രം. ഡിസൈനിനാണ് ഇതിൽ പ്രാധാന്യം. പിക്കാസോ, ബ്രാക്ക് എന്നിവരാണ് ഇതിലെ ആചാര്യന്മാർ. 'സത്യത്തെ ബോധ്യപ്പെടുത്താനുള്ള നുണയാണു കല' എന്നാണ് പിക്കാസോവിന്റെ പക്ഷം. 60 കൊല്ലത്തിലേറെ കലാലോകത്തിലെ ചക്രവർത്തിയായി വാഴാൻ കഴിഞ്ഞ പാബ്ലോ പിക്കാസോ ജീവിതകാലത്തുതന്നെ പ്രസിദ്ധിയും പ്രതിഷ്ഠയും നേടിയ കലാകാരനാണ്.

അമൂർത്തകല (Abstract Art). 1906-ൽ ജർമനിയിൽ സ്വതന്ത്രമായ രീതിയിൽ എക്സ്പ്രഷനിസം രൂപംകൊണ്ടു. രൂപത്തിനെക്കാളേറെ അനുഭൂതിക്കാണ് ഇവർ പ്രാധാന്യം നല്കിയത്. പിക്കാസോവിന്റെ സ്വാധീനവലയത്തിൽപ്പെട്ട കാണ്ടിൻസ്കി, ഫ്ളാൻസ് മാർക്ക്, പാൾക്ലീ എന്നിവർ ഒരു സംഘം രൂപവത്കരിച്ചത് ഇതിന്റെ നാന്ദിയായിരുന്നു.

അമൂർത്തകലയുടെ ജനയിതാവായി കണക്കാക്കപ്പെടുന്നത് കാണ്ടിൻസ്കിയെയാണ്. ചിത്രകലയും സംഗീതവും തമ്മിലുള്ള സാദൃശ്യം ഊന്നിപ്പറഞ്ഞതും ഇദ്ദേഹമാണ്. അമൂർത്തഭാവങ്ങൾക്ക് അവ ദ്യോതിപ്പിക്കുന്നതും തികച്ചും പുതിയതും ആയ രൂപങ്ങൾ കണ്ടുപിടിക്കാനുള്ള ശ്രമമാണു അമൂർത്തകലയിൽ കാണുന്നത്. ആധുനികവസ്തുക്കളുടെയും യന്ത്രങ്ങളുടെയും (ഉദാ: കാറുകൾ) രൂപം ഡിസൈൻ ചെയ്യുന്നതിൽ ഈ കലയുടെ സ്വാധീനം പ്രകടമായി കാണാം. †അമൂർത്തകല, †ആധുനികത, ചിത്രകലയിലും ശില്പകലയിലും, †ഇംപ്രഷനിസം, †ക്യൂബിസം നോക്കുക.



ക്യൂബിസസമ്പ്രദായം
പാബ്ലോ പിക്കാസോയുടെ 'ല് അർലേസിയേൻ'

ചിത്രകല, ഇന്ത്യയിൽ

ഇന്ത്യയിൽ ചിത്രകലയ്ക്കുണ്ടായ വികാസപരിണാമങ്ങൾ. ധർമാർഥകാമമോക്ഷങ്ങൾക്കു പ്രയോജനപ്പെടുന്നതാകണം കലയെന്നാണ് ഭാരതീയ തത്ത്വശാസ്ത്രം അഭിപ്രായപ്പെടുന്നത്. കലയ്ക്ക് അഭൗതികമായ ഒരു ലക്ഷ്യം വേണമെന്നും തത്ത്വചിന്ത നിർദേശി



ക്കുന്നുണ്ട്. വെറും ചിത്രണങ്ങൾ കലയുടെ അസംസ്കൃതരൂപമാണെന്നും അല്പബുദ്ധികൾക്കെ അതു രസിക്കൂ എന്നുമാണ് അഭിപ്രായം. കലാനിയമങ്ങളും നിർവഹണവിദ്യകളും പ്രതിപാദിക്കുന്ന നിരവധി സംസ്കൃതഗ്രന്ഥങ്ങളുണ്ട്. ശുക്രനീതിസാരം, സാഹിത്യദർപ്പണം, വിഷ്ണുധർമോത്തരം, പ്രതിമാലക്ഷണം എന്നിവ അവയിൽ പ്രധാനപ്പെട്ട ചിലതുമാത്രമാണ്.

ഒരു ഇന്ത്യൻ ചിത്രം (ശില്പവും) നമ്മുടെ ഉള്ളിൽ കുടികൊള്ളുന്ന രൂപങ്ങളെ ആകാശത്തു പ്രതിഫലിപ്പിച്ചപോലെയാണു പ്രത്യക്ഷപ്പെടുന്നത്. സാധന, മന്ത്രം, ധ്യാനം എന്നീ യോഗമുറകൾകൊണ്ടു ഉദ്ദിഷ്ടരൂപത്തെ കലാകാരൻെറ അന്തർഹൃദയത്തിൽ കാണുകയും അതിനെ അയാൾ ആവാഹിച്ചു പ്രതിബിംബിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടാണ് ഇതു സാധിക്കുന്നത്.

സാധാരണഗതിയിൽ അസഭ്യങ്ങളായി തോന്നാവുന്നവയ്ക്കുപോലും ആദർശവത്കൃതരൂപം നല്കി പ്രേക്ഷകൻെറ മൃഗീയവികാരത്തെ തട്ടിയുണർത്താതെ പ്രതിപാദിക്കുന്ന രീതിയാണു ഇന്ത്യൻ കലയ്ക്കുള്ളത്. ഗ്രീക്ക്-ഇറ്റാലിയൻ കലകൾ ദേവന്മാരെ ഭൂമിയിലേക്കു കൊണ്ടുവന്ന് അവരെ മനുഷ്യരിൽവച്ച് ഏറ്റവും ഭംഗിയുള്ളവരാക്കി കാണിക്കുമ്പോൾ ഇന്ത്യൻകല മനുഷ്യരെ സ്വർഗത്തിലേക്കുയർത്തി അവർക്കു ദൈവസമാനരൂപം നല്കുകയാണു ചെയ്യുന്നത്.

താരതമ്യേന അവ്യക്തമായ ഭാരതീയ കലാചരിത്രത്തിൽ പല വ്യത്യസ്തഘട്ടങ്ങൾ കാണാനുണ്ട് മോഹെഞ്ജോദരോവിലും ഹരപ്പയിലും നടത്തിയ ഉത്ഖനനഫലമായി ബി.സി. മൂവായിരത്തിലേറെ പഴക്കമുള്ള കുറെ രൂപങ്ങളും മുദ്രകളും കണ്ടെത്തി. അന്നത്തെ ശില്പകലാവൈദഗ്ധ്യത്തിനു ദൃഷ്ടാന്തമാണ് ഓടിൽവാർത്ത നർത്തകിയുടെ പ്രതിമ. പരമ്പരാഗതമായി ഉറച്ച ഒരു ശൈലിയിലാണു അന്നത്തെ ശില്പങ്ങൾ തീർത്തിട്ടുള്ളത്.

സിന്ധുതടസംസ്കാരശേഷം നിദ്രാധീനമായ ഇന്ത്യൻകല ഉണർന്നെണീറ്റതു ഗ്രീക്ക് ആക്രമണത്തെത്തുടർന്നുണ്ടായ ഗാന്ധാരശൈലിയിലാണ്. † ഗാന്ധാരകല നോക്കുക.

മുകളിൽ ഇടത്ത്: **'അവലോകിതേശ്വരൻ' - അജന്ത ഗുഹാചിത്രം**

ഇടത്ത്: **എം.എഫ് ഹുസൈൻ**
ഹോട്ടൽ കനിഷ്കയിൽ സ്ഥാപിക്കാനുള്ള
ഒരു മേൽവിധാന ചിത്രം തയ്യാറാക്കുന്നു.

താഴെ: **'ഗൗരിരാഗിണി' - രാജസ്ഥാനി രാഗമാലാചിത്രം.**
സംഗീതത്തിൻെറ ചിത്രാവിഷ്കാരമാണിത്. (എ.ഡി. 1700)



അടുത്ത സുപ്രധാനഘട്ടം ഗുപ്തകാലമാണ്. ഇക്കാലത്തു വികാസം പ്രാപിച്ച ചുവർചിത്രമെഴുത്ത് 13 ശതാബ്ദക്കാലം തുടരുകയുണ്ടായി.

അജന്ത. ബി.സി. 180-നും എ.ഡി. 800-നുമിടയ്ക്കു രചിക്കപ്പെട്ടവയാണു അജന്തയിലെ ചുവർചിത്രങ്ങൾ. 26 ഗുഹകളുള്ള അജന്തയിൽ ബുദ്ധസന്യാസിമാരാണു വസിച്ചിരുന്നത്. 16 ഗുഹകളിൽ ചിത്രങ്ങളുണ്ട്. † അജന്ത നോക്കുക.

ചെറുചിത്രങ്ങൾ (മിനിയേച്ചർ). ബുദ്ധിമുട്ടു തോന്നിക്കാതെ കൂസലില്ലാത്ത വരകൾകൊണ്ടു വരച്ച ചിത്രങ്ങളാണ് ഇവ. കൊക്കുപോലുള്ള വളഞ്ഞ മൂക്ക്, ഉന്തിയ കണ്ണ് എന്നീ ദേശീയ ശൈലിയിലുള്ള ഈ ചിത്രങ്ങൾ ഇവ പ്രതിനിധാനംചെയ്യുന്ന കഥകളുടെ രത്നച്ചുരുക്കമാണ്. മികവും തെളിവുമുള്ള നീല, ചെമപ്പ്, മഞ്ഞ, സ്വർണം എന്നീ വർണങ്ങളാണു സാധാരണമായി ഉപയോഗിച്ചുകാണുന്നത്.



രാജസ്ഥാൻ ശൈലി: 'വിപ്രലംഭനായിക'
പഹാരി, ഗർവാൾ, (18-ാംനൂറ്റാണ്ട്)

രാജസ്ഥാൻ ചിത്രങ്ങൾ. 16-ാം നൂറ്റാണ്ടോടെ ചുവർചിത്രത്തിന്റെ കാലം കഴിയുകയും അവയുടെ സ്ഥാനം ചെറുചിത്രങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. സാങ്കേതിക വൈദഗ്ധ്യം കുറവായി തോന്നാമെങ്കിലും ചൈതന്യപൂർണവും ഉദാത്തവും ആയ പ്രതിപാദനരീതിയും നല്ല വർണബോധവും ചേർന്നതാണു രാജസ്ഥാനിലെ ചെറുചിത്രങ്ങൾ. തിളങ്ങുന്നതും ഊഷ്മളവുമായ വർണങ്ങളാണ് അവയ്ക്കുള്ളത്. ഇവിടത്തെ ആദ്യകാലചിത്രങ്ങളെ രാഗമാലചിത്രങ്ങൾ എന്നാണു പറയുന്നത്. രാഗങ്ങളും രാഗിണികളും ചേർന്ന അവ സംഗീതത്തിൽ ചിത്രാവിഷ്കരണങ്ങളാണ്.

പഹാര ചിത്രങ്ങൾ. 17-ഠ 19-ഠ നൂറ്റാണ്ടിനിടയിലെ ചെറുചിത്രങ്ങൾക്കു പൊതുവിലുള്ള പേരാണിത്. ബസോളികാലം, കാംഗ്രാകാലം എന്നു രണ്ടാക്കി ഇതിനെ തിരിക്കാം. ബസോളിക്കാലത്തു ശാരീരികപ്രത്യേകതകൾ പ്രധാനമായി കാണുന്നു. പതിഞ്ഞനെറ്റി, ഉന്തിയകണ്ണ് എന്നിവ പ്രധാനമാണ്. കാഴ്ചയുടെ യുക്തിയെക്കാൾ ഏറെ താളത്തിലും അലങ്കാരത്തിലും, വർണരജ്ഞനത്തിലും ഡിസൈനിലുമാണു ശ്രദ്ധിച്ചിട്ടുള്ളത്. കാംഗ്രാ കാലത്താകട്ടെ ശാലീനത, ചാരുത, ഭാവഗീതിരസം എന്നിവയ്ക്കാണു പ്രാധാന്യം കൊടുത്തിട്ടുള്ളത്. വളവില്ലാത്ത മൂക്ക്, വളഞ്ഞ കണ്ണ്, സുഭഗവക്ത്രം, ഒതുങ്ങിയ ദേഹം, അന്തസ്സുള്ള വിന്യാസം, അടിവരെ ഞാന്നുകിടക്കുന്ന വസ്ത്രധാരണരീതി എന്നിവ ഈ ചിത്രങ്ങളുടെ പ്രത്യേകതയാണ്.

മുഗൾചിത്രങ്ങൾ. മുഗൾചിത്രങ്ങളിലെ ശാരീരികസമ്പ്രദായം, മരം, പാറ എന്നിവ് വരയ്ക്കുന്ന രീതി, രേഖകളുടെ മേന്മ എന്നിവയിലെല്ലാം പേർഷ്യൻ കലയുടെ സ്വാധീനം തെളിഞ്ഞുകാണാം. അക്ബറിന്റെയും ജഹാംഗീറിന്റെയും കാലത്തും ചിത്രകലയ്ക്കു



മുഗൾശൈലിയിലുള്ള ഒരു ചിത്രം



ടെറക്കോട്ടയിലെ
രൂപകല്പന - ജാമിനി റായ്

നല്ല പ്രോത്സാഹനം കിട്ടി. മുഗൾകലയുടെ മകുടോദാഹരണം ടാജ്മഹലാണെന്നു പറയാം. ഇക്കാലത്തു പാശ്ചാത്യസ്വാധീനം ഇന്ത്യയിലെ ചിത്രങ്ങളിൽ കണ്ടുതുടങ്ങി. സുഖലോലുപജീവിതം കാണിക്കുന്ന ചിത്രങ്ങൾ, മുഖച്ഛായാചിത്രങ്ങൾ എന്നിവയിലൂടെ മുഗൾകല പല കനപ്പെട്ട സംഭാവനകളും നല്കി. ആദ്യകാലത്തു അതിൽ തുടിച്ചുനിന്നിരുന്നതു പേർഷ്യൻ സ്വാധീനമായിരുന്നെങ്കിലും പില്ക്കാലത്തു കെട്ടിലും മട്ടിലും തികച്ചും ഭാരതീയമായി മാറി

മുഗൾകലയുടെ അവസാനത്തോടെ യൂറോപ്യൻ ചിത്രകല ഇവിടെ പ്രചരിച്ചു. അധികാരികൾ കരുതിക്കൂട്ടി അതിനെ വളർത്താനും ഇവിടത്തെതിനെ തളർത്താനും ശ്രമിച്ചു. ഇതെത്തുടർന്നു പാശ്ചാത്യരീതിയിൽ ഇന്ത്യൻ വിഷയങ്ങൾ ആലേഖനം ചെയ്തവരിൽ പ്രമുഖനാണു രാജാരവിവർമ.

ആനന്ദകുമാരസ്വാമി, ഇ.ബി. ഹാവൻ തുടങ്ങിയ മഹാന്മാർ ഭാരതീയ സംസ്കാരപൈതൃകത്തിന്റെ മഹിമ കണ്ടെത്തി അതിന്റെ പുനരുത്ഥാനത്തിനു രംഗമൊരുക്കി. ദേശീയ നവോത്ഥാനകാലത്തെ അവിസ്മരണീയ കലാകാരന്മാർ അബനീന്ദ്രനാഥടാഗൂർ, നന്ദലാൽ ബോസ്, ജാമിനിറോയ് എന്നിവരാണ്. ഈ ഉണർവിന്റെ ഫലമായി പല കനപ്പെട്ട സംഭാവനകളുമുണ്ടായെങ്കിലും ആധുനിക വിശ്വകലയുടെ സ്വാധീനത്തിൽനിന്നു ഇവിടുത്തെ കലാകാരന്മാരെ മാറ്റി നിർത്താൻ ആർക്കും കഴിഞ്ഞില്ല. ഇന്നു തനി ഭാരതീയമെന്നു പറയാവുന്ന പ്രസ്ഥാനം ഇവിടെ വിരളമാണ്. എന്നാൽ ഏതിലും ഭാരതത്തിന്റേതായ ഒരു അവ്യക്തമുദ്രയെങ്കിലും ഉണ്ടാവണമെന്നു നിഷ്കർഷിക്കുന്നവർ ധാരാളമുണ്ട്. ദേവീപ്രസാദ് റോയ് ചൗധരി, രാം കിങ്കർ, ഹുസൈൻ, അമൃതാഷെർഗിൽ, കെ.സി.എസ്. പണിക്കർ, ഹെബ്ബാർ തുടങ്ങിയവരാണു പ്രസിദ്ധരായ ഇന്ത്യൻ കലാകാരന്മാർ.

ഇന്നത്തെ നില. ഇംപ്രഷനിസത്തിന്റെ കാലംതൊട്ടു വിശ്വചിത്ര കലാമണ്ഡലത്തിന്റെ ചെങ്കോൽ പാരീസിന്റെ കൈയിലായി. എന്നാൽ പോളണ്ട് ഒഴിച്ചുള്ള കമ്യൂണിസ്റ്റുരാജ്യങ്ങളിൽ ആ സ്വാധീനത്തിലെ പ്രസ്ഥാനഭേദങ്ങൾ കരുതിക്കൂട്ടി തടയപ്പെടുകയാണുണ്ടായത്. പക്ഷേ, സമ്പർക്കസൗകര്യങ്ങളും ആശയവിനിമയോപാധികളും ദിനംപ്രതി വർധിച്ചു. ലോകത്തിന്റെ തന്നെ 'വലിപ്പം' നിത്യേന ചുരുങ്ങിവരുന്ന ഇക്കാലത്തു തമ്മിൽ അറിയാതെയും സ്വാധീനിക്കാതെയും ഒരു പ്രസ്ഥാനത്തിനും നിലനില്ക്കുവാൻ സാധിക്കയില്ലെന്ന വസ്തുതകൂടിയുണ്ട്.

ചിത്രകലയിൽ പല പുതിയ പ്രവണതകളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇവയിൽ ഏതെല്ലാം നന്ന്, ഏതെല്ലാം കൊള്ളാത്തത് എന്ന തീർപ്പ് കല്പിക്കാറായിട്ടില്ല.

ടി.എം. ജാതവേദൻ

ചിത്രകല, കേരളത്തിൽ

ചിത്രകലയ്ക്കു കേരളത്തിന്റെ സംഭാവനകൾ. കേരളത്തിന്റെ ചിത്രകലാപാരമ്പര്യം ഗുഹാചിത്രങ്ങളിൽ തുടങ്ങുന്നു. സുൽത്താൻ ബത്തേരിക്കടുത്തുള്ള എടയ്ക്കൽ, തെന്മലയിലെ ചെന്തുരുണി, പെരുങ്കടവിളയിലെ പാണ്ഡവൻപാറ, മറൈയൂരിലെ എഴുത്താലൈ, അഞ്ചുനാട്ടിലെ ആട്ടള എന്നീ ഗുഹകളിലാണ് പുരാതന കേരളീയ ചിത്രകലയുടെ മായാത്ത തെളിവുകൾ ലഭിക്കുന്നത്. ഈ ഗുഹാചിത്രങ്ങൾ രണ്ടുതരത്തിലുണ്ട്: കൊത്തു ചിത്രങ്ങളും ശിലാചിത്രങ്ങളും. ഗുഹയ്ക്കകത്തു പാറകളിൽ ശിലായുധംകൊണ്ട് കോറിവരച്ചതോ കൊത്തിയെടുത്തതോ ആണ്. കൊത്തുചിത്രങ്ങൾ, നിറമുള്ള വസ്തുക്കൾകൊണ്ടു ഗുഹാഭിത്തികളിൽ വരച്ചിരിക്കുന്നവ ശിലാചിത്രങ്ങളും.



എഴുത്താലൈ ഗുഹയിലെ ഒരു ചിത്രം

എടയ്ക്കൽഗുഹയുടെ ഭിത്തികളിൽ മനുഷ്യർ, സ്വസ്തികവൃത്തം, കുരിശ്, മൃഗങ്ങൾ തുടങ്ങി പല രൂപങ്ങളും കാണാം. ഇവ ഏറെക്കുറെ നിർജീവങ്ങളായിട്ടാണു തോന്നുക. സാങ്കേതികമേന്മ കുറയും. അതുകൊണ്ട് പഴമ ഏറുമെന്നു കരുതപ്പെടുന്നു. ഇതിന്റെ കാലം കൃത്യമായി പറയാൻ വയ്യ. എന്നാൽ ഇവിടെ കാണുന്ന ചിത്രലിപികൾ കൊത്തുചിത്രങ്ങൾക്കു ശേഷം 6000 വർഷം കഴിഞ്ഞാണു കൊത്തിയതെന്നു കണക്കാക്കിയിരിക്കുന്നു അവയ്ക്കാകട്ടെ മൊഹെഞ്ജോദരോവിലെ ലിപികളോടു സാമ്യമുണ്ട്. ഇതൊക്കെവെച്ചുകൊണ്ട് ഈ ചിത്രങ്ങളുടെ കാലം ബി.സി. പതിനായിരത്തിനും ഏഴായിരത്തിനും ഇടയ്ക്കായിരിക്കുമെന്ന് ഊഹിക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ പാണ്ഡവൻപാറയിലെ ഗുഹയിൽ തമിഴിനോടു സാമ്യമുള്ള ചില രേഖാരൂപങ്ങൾ കാണുന്നുണ്ട്. ഒരു



പരശുരാമൻ - മട്ടാഞ്ചേരി കൊട്ടാരത്തിലെ ചുവർ ചിത്രം

പുഷ്പാലങ്കരണ ചിത്രമാതൃകയും തൂവൽമാതൃകയിലുള്ള കൊത്തു ചിത്രങ്ങളും വേറെയുമുണ്ട്. ഏകദേശം 2 1/2 മീറ്റർ ഉയരത്തിലാണ് ഈ ചിത്രങ്ങൾ കൊത്തിയിരിക്കുന്നത്. ചിത്രത്തിലെ വക്രരേഖകൾ പോലും മിനുസപ്പെടുത്തിയിട്ടുണ്ട്. തെന്മലയിലെ ചെന്തുർണിയിൽ കാണുന്ന ചിത്രങ്ങൾക്കും ഇതേ സവിശേഷതകൾ കാണാം.

മറൈയൂരിലെ എഴുത്താലൈ ഗുഹാചിത്രത്തിനു മറ്റൊരു സവിശേഷതകൂടി ഉണ്ട്. ഈ ശിലാഗൃഹംതന്നെ നാഗഫണരൂപത്തിലാണ്. 18 മീറ്റർ ആണ് ഇതിൻെറ പൊക്കം. വീതി 13 മീറ്ററും. കഷ്ടിച്ചു കയ്യെത്തുന്നിടം മുതൽ മുകളിലേക്കാണു ചിത്രങ്ങൾ. ഒന്നിനു മീതെ മറ്റൊന്ന് എന്ന ക്രമത്തിൽ ആണ് ഇവിടത്തെ ചിത്രരചന. ഇങ്ങനെ ആറ് 'സൂപ്പർ ഇംപോസിഷൻ' കാണുന്നതുകൊണ്ട് ഇത് ആറുവ്യത്യസ്ത കാലഘട്ടത്തിലെ രചനകളായി കരുതാം. മനുഷ്യരൂപങ്ങളും കുതിര, ആന, മാൻ, കാട്ടുപോത്ത് തുടങ്ങിയ മൃഗരൂപങ്ങളും ചിത്രണംചെയ്തിരിക്കുന്നു. മൂന്നു വ്യത്യസ്ത ശൈലികൾ ഈ ചിത്രങ്ങളിൽ കാണാം.

അഞ്ചിനാട്ടിലെ 'ആട്ടള'യിൽ നാനൂറിലധികം ചിത്രങ്ങളുണ്ട്. ഗുഹയുടെ മച്ചിലെ ചിത്രങ്ങൾക്കു വെള്ളനിറമാണ്. മറൈയൂർ ശൈലിയോടു സാമ്യമുണ്ട്. നിത്യജീവിതവുമായി ബന്ധപ്പെട്ടതാണു ചിത്രങ്ങളുടെ പ്രമേയം. ജന്തുജാലങ്ങളുടെ ചിത്രണവും ധാരാളമുണ്ട്.

ഗുഹാചിത്രങ്ങൾ കഴിഞ്ഞാൽ പിന്നെ കേരളത്തിലെ ചിത്രകലാപാരമ്പര്യത്തെ പ്രതിനിധാനം ചെയ്യുന്നത് ചുവർചിത്രങ്ങളാണ്. മട്ടാഞ്ചേരിയിലെ ഡച്ച് പാലസ്, കൃഷ്ണപുരം കൊട്ടാരം, തൃശൂർ വടക്കുന്നാഥക്ഷേത്രം തുടങ്ങിയ സ്ഥലങ്ങളിലെ ചുവർചിത്രങ്ങൾ പ്രസിദ്ധമാണ്. കൃഷ്ണപുരം കൊട്ടാരത്തിലെ ഗജേന്ദ്രമോക്ഷമാണ് ഇക്കൂട്ടത്തിൽ സർവപ്രധാനം. വടക്കുന്നാഥ ക്ഷേത്രത്തിലെ ശ്രീരാമൻെറ ശ്രീകോവിലിനുചുറ്റുമുള്ള പുറംഭിത്തിയിലെ ചിത്രത്തിൽ



'അഭിസാരിക' - എ. രാമചന്ദ്രൻ



'കാക്കകൾ' :
കെ.സി.എസ്. പണിക്കർ



രാജാരവിവർമയുടെ 'ശകുന്തള'

ജീവൻ തുടിച്ചുനില്ക്കുന്നു. രാസക്രീഡയിലെ ചിലരംഗങ്ങളാണ് മട്ടാഞ്ചേരിപാലസിലെ ചുവർചിത്രങ്ങളിലെ പ്രമേയം. † കേരളത്തിലെ ചുവർചിത്രങ്ങൾ നോക്കുക. തിറ, പടയണി, മുടിയേറ്റ് തുടങ്ങിയവയിലെ വേഷസംവിധാനം, കൂടിയാട്ടം, കഥകളി, കൃഷ്ണനാട്ടം തുടങ്ങിയവയിലെ ചുട്ടികുത്ത്, കളമെഴുത്ത് മുതലായവ കേരളത്തനിമപുലർത്തുന്ന ചിത്രകലയുടെ ഉപശാഖകളാണ്.



'പക്ഷികൾ' - കെ. മാധവമേനോൻ



പെയിന്റിംഗ്' - എം.വി. ദേവൻ

തിരുവിതാംകൂറിലെ മഹാരാജാവായിരുന്ന ആയില്യം തിരുനാളിന്റെ കാലത്താണ് ചിത്രകലയുടെ ആധുനിക ഘട്ടത്തിന്റെ തുടക്കമെന്നു പറയാം. ജലച്ചായചിത്രങ്ങൾ ഈ രംഗത്തു സ്ഥാനം ഉറപ്പിച്ചത് ഇക്കാലത്താണ്. കിളിമാനൂർ കൊട്ടാരത്തിലെ രാജരാജവർമയാണ് ഇതിന്റെ പ്രോദ്ഘാടകൻ. ഈ രാജരാജവർമയാണ് പ്രസിദ്ധ ചിത്രകാരനായ † രവിവർമയുടെ ആദ്യത്തെ ഗുരുനാഥൻ.

കേരള ചിത്രകലയ്ക്കു സാർവദേശീയ പ്രശസ്തി ലഭിച്ചത് രവിവർമയിലൂടെയാണ്. എണ്ണച്ചായ ചിത്രങ്ങളുടെ അനന്യസാധ്യതകളെക്കുറിച്ച് ഇദ്ദേഹം ബോധവാനായത് ഇംഗ്ലീഷ് ചിത്രകാരനായ തിയോഡർ ജെൻസനുമായി പരിചയപ്പെട്ടതിന്റെ ഫലമാണ്. പ്രകൃതിചിത്രങ്ങൾ അതിന്റെ എല്ലാ വർണപ്പകിട്ടോടും കൂടി വരയ്ക്കാൻ ഇദ്ദേഹം ജെൻസന്റെ സാങ്കേതികപദ്ധതിയാണു മാതൃകയാക്കിയത്. 1873-ൽ ഇദ്ദേഹം വരച്ച പ്രഭുകുലജാതയായ നായർസ്ത്രീയുടെ ചിത്രം ഗവർണറുടെ കീർത്തിമുദ്രനേടി. അതോടെ രവിവർമകീർത്തി ഇന്ത്യയിലും വിദേശത്തും വ്യാപിച്ചു.

മഹാഭാരതം, ഭാഗവതം, രാമായണം തുടങ്ങിയവയിലെ രംഗങ്ങളും കാളിദാസകൃതികളിലെ കാവ്യസൗന്ദര്യവും നിറങ്ങളിൽ പകർത്തുന്നതിനുള്ള രവിവർമയുടെ പാടവം അദ്ഭുതകരമാണ്. ഭാരതീയ വിഷയങ്ങൾ പാശ്ചാത്യശൈലിയിൽ അവതരിപ്പിക്കാനാണ് രവിവർമ ശ്രമിച്ചത്.

രവിവർമയുടെ സഹോദരൻ സി. രാജരാജവർമയും സഹോദരി മംഗളാഭായിതമ്പുരാട്ടിയും രവിവർമയെ അനുകരിച്ചു ചിത്രരചന നടത്തിയവരാണ്. കേരളത്തിലെ ആദ്യത്തെ ചിത്രകാരിയാണു മംഗളാഭായിതമ്പുരാട്ടി. ഇവരുടെ പ്രസിദ്ധമായ രണ്ടു ചിത്രങ്ങൾ രവിവർമയുടെ ഛായാചിത്രം, ഭിക്ഷ എന്നിവയാണ്. ഇവ രണ്ടും തിരുവനന്തപുരം † ശ്രീചിത്രാ ആർട്ട് ഗ്യാലറിയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

രവിവർമയുടെ പുത്രൻ രാമവർമരാജ, എൻ.എൻ. നമ്പ്യാർ, പി. ഗംഗാധരൻ, രാമകൃഷ്ണനാശാരി, പി.ജെ. ചെറിയാൻ, ഇട്ടൂപ്പ് തുടങ്ങിയവർ രവിവർമയുടെ ശൈലിയിൽ ചിത്രംവരച്ച പ്രശസ്തരാണ്.

രുഗ്മിണിവർമ, രവിവർമയുടെ പൈതൃകം കാത്തുസൂക്ഷിക്കുന്ന ചിത്രകാരിയാണ്. മാത്രവുമല്ല, അമൂർത്തകലയിലും റിയലിസ്റ്റിക് ശൈലിയിലും ഇവർക്കു താത്പര്യമുണ്ട്.

അരനൂറ്റാണ്ടു മുമ്പുവരെ ഇവിടെ പറഞ്ഞതുപോലെ വളരെ കുറച്ചുമാത്രം ചിത്രകാരന്മാരേ ഉണ്ടായിരുന്നുള്ളു. കേരളത്തിനു വെളിയിൽപോയി ചിത്രകലാപഠനം നടത്തിയവരുടെ വരവോടെയാണ് ഈ സ്ഥിതിയ്ക്കു മാറ്റംവന്നത്. പുതിയ സങ്കേതങ്ങളും പുതിയ പ്രതിഭകളും ചിത്രകലാരംഗത്തു കടന്നുവരാൻ തുടങ്ങിയത് കെ.സി.എസ്. പണിക്കരോടുകൂടിയാണ്. മദ്രാസ് സ്കൂൾ എന്ന് ഈ പുതിയ പ്രവണതയെ നമുക്കുവിളിക്കാം ഇതു ബംഗാൾ ശൈലിയിൽനിന്നു വ്യത്യസ്തമാണ്. നിയന്ത്രിത വർണവിന്യാസമാണ് പണിക്കരുടെ സവിശേഷത. കേരളത്തിലെ ചിത്രകലയുടെ വളർച്ചയ്ക്കു വിലപ്പെട്ട സംഭാവന നല്കിയ മറ്റൊരാളാണ് സി.കെ.രാ. (സി.കെ. രാമകൃഷ്ണൻ നായർ). പ്രകൃത്യുപാസൻ എന്ന നിലയിൽ ദേശീയ പ്രശസ്തി നേടിയ ചിത്രകാരനാണ് കെ. മാധവമേനോൻ.

എം.വി. ദേവൻ, കെ. വി. ഹരിദാസൻ, ജയപാലപ്പണിക്കർ തുടങ്ങിയവരാണു സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള കേരള ചിത്രകലയ്ക്കു വഴിതെളിച്ചവരിൽ പ്രമുഖർ. ഇവർ മൂന്നുപേരും കെ.സി.എസ്. പണിക്കരുടെ ശിഷ്യന്മാരാണ്.

സി.എൻ. കരുണാകരൻ, ജി. രാജേന്ദ്രൻ, എം.ആർ.ഡി. ദത്തൻ, കെ. ദാമോദരൻ, ജാതവേദൻ, ബി.ഡി. ദത്തൻ, കെ.കെ. മാരാർ, എ.സി.കെ. രാജ, ചിറയിൻകീഴ് ശ്രീകണ്ഠൻനായർ തുടങ്ങിയവർ 1970-കളിൽ കേരളചിത്രകലയിൽ ആധുനികതയുടെ സ്വാധീനം കടത്തിവിട്ടവരാണ്.

ടി.പി രാധാമണി, ടി.കെ. പദ്മിനി, എച്ച്. ഗീത എന്നിവരുടെയും സംഭാവന വിലപ്പെട്ടതാണ്.

അന്തർദേശീയ നിലവാരത്തിലേക്കുയർന്ന കേരളീയ ചിത്രകാരന്മാരിൽ പെടുന്നവരാണ് വിശ്വനാഥൻ, എ. രാമചന്ദ്രൻ, അക്കിത്തം നാരായണൻ, ബാലൻ നമ്പ്യാർ തുടങ്ങിയവർ.

ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ കഥകളോടൊപ്പം ചേർക്കുന്ന ചിത്രീകരണങ്ങൾ ചിത്രകലയിൽ എടുത്തുപറയേണ്ട ഒരു വിഭാഗമാണ്. ഈ രംഗത്ത് ആദ്യം പറയേണ്ട പേർ എം.വി. ദേവന്റേതാണ്. എ.എസ്. നായരും (എ. ശിവരാമൻ നായർ), നമ്പൂതിരി (കെ.എം വാസുദേവൻ നമ്പൂതിരി)യും ഈ രംഗത്തു മികച്ച സംഭാവനകൾ നല്കിയവരാണ്. † കേരള ലളിതകലാ അക്കാദമിയുടെ അധ്യക്ഷനാണു വാസുദേവൻ നമ്പൂതിരി.

തിരുവനന്തപുരം കോളെജ് ഒഫ് ഫൈൻ ആർട്സ്, മാവേലിക്കര രവിവർമ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഫൈൻ ആർട്സ്, തൃപ്പൂണിത്തുറ ആർ.എൽ.വി. കോളെജ് ഒഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സ്, തൃശൂർ ഒക്കുപ്പേഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഫൈൻ ആർട്സ് എന്നിവയാണു ചിത്രകലാ വിദ്യാഭ്യാസത്തിനു സർക്കാർ ഉടമയിലുള്ള മുഖ്യസ്ഥാപനങ്ങൾ.

ചിത്രകലാസങ്കേതങ്ങൾ

ചിത്രകലയിൽ പൊതുവെ കാണുന്നതും സ്വീകരിച്ചിരി ക്കുന്നതുമായ സാങ്കേതികരീതികൾ. ചിത്രതലം (picture plane) പരന്നതായതുകൊണ്ടു സ്ഥൂലവസ്തുക്കളുടെ ത്രിമാനത്വം തോന്നിപ്പിക്കണമെങ്കിൽ ചിത്രകാരന് ചില പ്രത്യേക സങ്കേതങ്ങൾ പ്രയോഗിക്കേണ്ടിവരും. ഇവയിലുൾപ്പെട്ടവയാണു സമഗ്രദർശനം (perspective), വെളിച്ചവും നിഴലും തോന്നിപ്പിക്കൽ (chiaroscuro), നിറംകൊടുക്കൽ എന്നിവ. വസ്തുക്കൾ ദൃഷ്ടിയിൽനിന്നകലുംതോറും ചെറുതായി തോന്നുന്നതിനെ അതേരീതിയിൽ വരയ്ക്കുന്നതിനു രേഖീയസമഗ്രദർശനം (linear perspective) എന്നു പറയുന്നു. വിദൂരതയിൽ വസ്തുക്കളുടെ പരിധിയും വിശദാംശങ്ങളും ക്രമേണ മാഞ്ഞു മറയുന്ന തോന്നലിനെ യഥാതഥമായി ചിത്രണംചെയ്യുന്നതിന് അന്തരീക്ഷസമഗ്രദർശനം (atmospheric perspective) എന്നാണു പറയുക. ചെമപ്പും മഞ്ഞയുംപോലെ മുന്നോക്കമുള്ള ഊഷ്മളവർണങ്ങളും നീലയും പച്ചയുംപോലെ പിന്നോക്കമുള്ള ശീതവർണങ്ങളും സമർഥമായി പ്രയോഗിച്ച് അടുപ്പവും അകൽച്ചയും തോന്നിപ്പിക്കാം. ഈ സങ്കേതത്തിനു വർണീയസമഗ്രദർശനം (colour perspective) എന്നുപറയുന്നു. വസ്തുക്കൾ പ്രതിഫലിപ്പിക്കുന്ന വെളിച്ചവും നിഴലും അനുക്രമമായി ചിത്രണംചെയ്ത് അവയുടെ സ്ഥൂലഭാവം തോന്നിപ്പിക്കുന്നതാണു രൂപനിർമിതി (modelling).

ചിത്രതലത്തിന്റെ ആകൃതിക്കനുസരണമായി രൂപങ്ങൾ ചേർത്തിണക്കുന്നതിനു ചിത്രഘടന (composition) എന്നുപറയുന്നു. രേഖ, ദിശ (direction), ആകൃതി, വലിപ്പം, പുറമേനി, വർണം, വർണമൂല്യം (value) എന്നീ ഘടകങ്ങളെ അവലംബിച്ചാണ് ചിത്രകാരൻ രൂപസൃഷ്ടിചെയ്യുന്നത്. ഈ ഘടകങ്ങൾ തമ്മിലുള്ള ചേർച്ചയ്ക്കും ബന്ധത്തിനും മൊത്തത്തിൽ രൂപകല്പന (design) എന്നാണുപേര്.

ഉപകരണങ്ങൾ. ചിത്രമെഴുതുന്നതിനുവേണ്ട മുഖ്യഉപകരണങ്ങൾ മൂന്നാണ്. പ്രതലം (surface), ചായങ്ങൾ (pigments), ചായം തേക്കാനുള്ള കരുക്കൾ.

പ്രതലം. പരന്ന ഈടുള്ള പ്രതലങ്ങളാണു ചിത്രമെഴുതാൻ ഉപയോഗിക്കാറ്. കടലാസ്, കാർഡ്ബോർഡ്, മരപ്പലക, കണ്ണാടിപ്പാളി (sheet glass), ലോഹത്തകിട്, ഹാർഡ്ബോർഡ്, പട്ട്, തുണി, കാൻവാസ് എന്നിവയൊക്കെ യഥോചിതം ഉപയോഗിക്കാം. എന്നാൽ ഏതുമാധ്യമത്തിലാണോ (medium) ചിത്രമെഴുതാൻ പോകുന്നത്, അതിനു ചേർന്നതരത്തിലുള്ള തലം വേണം തിരഞ്ഞെടുക്കാൻ. പലപ്പോഴും ചായങ്ങൾ നന്നായി പിടിച്ച് ഉറയ്ക്കത്തക്കവണ്ണം പ്രതലം മുൻകൂട്ടി തയ്യാറാക്കേണ്ടിവരും. ലോലമായ കടലാസ്, പട്ട്, തുണി എന്നിവയിൽ ചിത്രമെഴുതുന്നതിന് ഇവ കട്ടിയുള്ള ബോർഡിലോ പലകയിലോ ഒട്ടിക്കേണ്ടതാണ്. കാൻവസ്സുപോലെ കട്ടിയും ബലവുമുള്ള തുണികൾ കനം കുറഞ്ഞതും എന്നാൽ ബലമുള്ളതുമായ ചട്ടങ്ങളിൽ ചുളിവില്ലാതെ വലിച്ചുറപ്പിച്ചാണ് ഉപയോഗിക്കുക.

ചായങ്ങൾ. ധാതുക്കൾ (minerals), സസ്യങ്ങൾ, ജന്തുക്കൾ ഇവയിൽനിന്നാണു ചായങ്ങളുണ്ടാക്കുന്നത്. ഉദാഹരണമായി പച്ചയും മഞ്ഞയും (terraverte, yellow ochre) ചിലതരം മണ്ണും ധാതുക്കളും നന്നായി പൊടിച്ചുണ്ടാക്കുന്നതാണ്. മാഡർ (madder) എന്ന കടുത്ത ഊതനിറത്തിലുള്ള ചായം ഒരുതരം ചെടിയുടെ വേരിൽനിന്നെടുക്കുന്നതാണ്. കറുപ്പുനിറം കരിയിൽനിന്നും, കാർമൈൻ (carmine) എന്ന ചുവപ്പ് ഒരുതരം പ്രാണി(cochineal insect)കാളിൽനിന്നുമാണ് എടുക്കുന്നത്. ചായങ്ങളെ ചില മാധ്യമങ്ങളുപയോഗിച്ച് പാകപ്പെടുത്തിയാണ് ഉപയോഗിക്കുക. വെള്ളം, ഉണങ്ങിപ്പിടിക്കുന്ന ചിലതരം എണ്ണകൾ, പശകൾ, മെഴുക്, കറകൾ (resins) എന്നീ പദാർഥങ്ങളാണ് സാധാരണ മാധ്യമങ്ങളായി ഉപയോഗിക്കുന്നത്. † *ചായം* നോക്കുക.

വർണലേപനവും അതിനുള്ള കരുക്കളും. താഴെപ്പറയുന്ന ഉപകരണങ്ങൾകൊണ്ടാണ് ചായം ചിത്രതലത്തിൽ തേച്ചുപിടിപ്പിക്കുന്നത്. i. പല വലിപ്പവും പലമാതിരി ഇഴഗുണവും (texture) ഉള്ള ബ്രഷുകൾ. ii. അയവുള്ള കൊലശ്ശേരികൾ (trowels). iii. പരന്ന കരണ്ടികൾ (spatulae or palette knives). iv. ചായം കലക്കുകയോ ചാലിക്കുകയോ ചെയ്യുന്നതിനുള്ള കിണ്ണങ്ങളും ഫലകങ്ങളും (palettes). ചിത്രത്തിൽ ചില പ്രത്യേക പ്രതീതികൾ (effects) ഉളവാക്കാൻ ചിത്രകാരൻ ബ്രഷുകളുടെ പിടിയും തന്റെ കൈവിരലുകളും ചിലപ്പോൾ ഉപയോഗിക്കും. ചില ചിത്രകാരന്മാർ ചായം കാൻവാസിന്മേൽ ഒഴിച്ചും തെറിപ്പിച്ചും രൂപങ്ങൾ ചിത്രണം ചെയ്യുന്നു. മറ്റുചിലർ വായുസമ്മർദംകൊണ്ടു പ്രവർത്തിക്കുന്ന ഒരുതരം യാന്ത്രികബ്രഷ്(air brush)കൊണ്ടു ചായം ശീകരരൂപത്തിൽ ചിത്രപ്രതലത്തിൽ വീഴ്ത്തിയും ചിത്രമെഴുതാറുണ്ട്.

ചിത്രമെഴുത്ത് ഒരു ദ്വിമാനകലയാണെങ്കിലും ചില ചിത്രകാരന്മാർ ചിത്രപ്രതലത്തിനുതന്നെ, ഏറെക്കുറെ യഥാർഥത്രിമാനത്വം കൊടുത്ത് ചിത്രരചനചെയ്യാറുണ്ട്. ചിത്രപ്രതലത്തിൽ മണ്ണ്, ചരൽ, ചെറിയ കല്ലുകൾ, മറ്റു പൊന്തിനില്ക്കുന്ന വസ്തുക്കൾ എന്നിവ പറ്റിച്ചു പരുക്കനാക്കി അതിന്മേൽ വർണപ്രയോഗം ചെയ്യുക; ചായം തന്നെ കൊലശ്ശേരിയോ കരണ്ടിയോകൊണ്ട് കട്ടിയിൽ വച്ചുപിടിപ്പിക്കുക (impasto); ഉണങ്ങിത്തുടങ്ങിയ ചായം ഒരു പരുക്കൻ ബ്രഷിലെടുത്ത് (dry brush) ചിത്രപ്രതലത്തിൽ ചികയുക; ഇതൊക്കെയാണു ചിത്രപ്രതലത്തിൽ ത്രിമാനത്വം ഉണ്ടാക്കാനുള്ള മുഖ്യോപായങ്ങൾ. ഇമ്മാതിരി സങ്കേതങ്ങൾക്കു പറ്റിയ മാധ്യമം എണ്ണച്ചായമാണ്.

പല നിറത്തിലുള്ള ലോലമായ കണ്ണാടിക്കടലാസുകൾ മീതേക്കുമീതെ വച്ചാലെന്നപോലെ വിവിധ വർണങ്ങൾ വളരെ നേരിയ പാളികളായി അനുക്രമം ബ്രഷ്കൊണ്ടു തേച്ചു മിനുസപ്പെടുത്തുന്ന ഒരു സമ്പ്രദായവുമുണ്ട്. ഇതിനു ഗ്ലേസിംഗ് (glazing) എന്നു പറയുന്നു. ഇങ്ങനെ എണ്ണച്ചായത്തിൽ ചെയ്തെടുക്കുന്ന ചിത്രങ്ങൾക്ക് സ്ഫടികതുല്യമായ വർണശോഭ ഉണ്ടായിരിക്കും.

വർണസങ്കരത്തിനും വർണഭേദത്തിനും (tones) പല നിറത്തിലുള്ള ചായങ്ങൾ വേണ്ടവിധം കൂട്ടിച്ചേർത്തു ചാലിച്ച് തേക്കുകയാണു സാധാരണ ചെയ്യുന്നത്. എന്നാൽ പ്രകാശശാസ്ത്രപരമായ (optical) മറ്റു സങ്കേതങ്ങൾകൊണ്ട് ഇതു സാധിക്കാം. ഒരു സങ്കരവർണമുൾക്കൊള്ളുന്ന തനിനിറങ്ങൾ പ്രത്യേകം ചെറിയ പൊട്ടുകളായി അടുപ്പിച്ചടുപ്പിച്ച് ചിത്രതലത്തിൽ പ്രയോഗിച്ചാൽ ഇവ ദൂരക്കാഴ്ചയിൽ സംയോജിച്ചതുപോലെ തോന്നും. ഈ വർണസംയോജനം അഥവാ സമ്മേളനം പ്രേക്ഷകന്റെ കാഴ്ചയിലാണു സംഭവിക്കുന്നത്; ചിത്രതലത്തിലല്ല. പോയിന്റിലിസം (pointillism) എന്നും ഇംപ്രഷനിസം (impressionism) എന്നും അറിയപ്പെടുന്ന ആധുനിക ചിത്രകലാപ്രസ്ഥാനങ്ങളിൽ ഇമ്മാതിരിയാണു വർണങ്ങൾ പ്രയോഗിക്കുന്നത്.

മാധ്യമങ്ങൾ. ഏറെക്കുറെ ചിത്രകലാശൈലികൾ മാറുന്നതനുസരിച്ചാണു സങ്കേതങ്ങളും മാറുന്നത്. തങ്ങൾ സൃഷ്ടിക്കുന്ന ചിത്രങ്ങളിൽ ഉദ്ദിഷ്ടപ്രതീതികൾ (effects) ഉളവാക്കാൻ ചിത്രകാരന്മാർ പരീക്ഷണങ്ങൾ നടത്താറുള്ളതുകൊണ്ടാണ് സങ്കേതങ്ങൾ കാലക്രമത്തിൽ മാറിവരുന്നത്. വിവിധ ചിത്രമെഴുത്തുസമ്പ്രദായങ്ങളെ തരംതിരിക്കുന്നതു ചായങ്ങൾ കലക്കാനും കലർത്താനും ഉപയോഗിക്കുന്ന മാധ്യമങ്ങളുടെ പേരിലാണ്. ജലം, മുട്ടപ്പശ, എണ്ണ, മെഴുക് മുതലായവയാണ് മാധ്യമങ്ങളായി ഉപയോഗിക്കപ്പെടുന്നത്. ഒരു പ്രധാനപ്പെട്ട ചിത്രമെഴുത്തു സമ്പ്രദായമാണ് എൻകാസ്റ്റിക് (Encaustic). ഗ്രീക്കുകാരും റോമക്കാരും ഉപയോഗിച്ചുകൊണ്ടിരുന്ന ഒരു സമ്പ്രദായമാണിത്. ചൂടുള്ള ഉരുക്കിയ മെഴുകിൽ ചായപ്പൊടി ചേർത്തു ലോഹക്കരണ്ടികൾകൊണ്ടു ചൂടോടെ തന്നെ ചിത്രതലത്തിൽ തേച്ചുപിടിപ്പിക്കുകയാണ് ഇതിലെ സങ്കേതം. ചിത്രങ്ങൾക്ക് നല്ല നിറക്കൊഴുപ്പുനല്കാൻ ഉതകുന്ന ഒരു സങ്കേതാണ് ഇതെന്നു നിലവിലുള്ള പുരാതന ചുവർചിത്രങ്ങളുടെ അവശിഷ്ടങ്ങൾ തെളിയിക്കുന്നു. ഈ സമ്പ്രദായം പുനരുദ്ധരിക്കുവാൻ അടുത്തകാലത്തു ശ്രമങ്ങൾ നടന്നിട്ടുണ്ടെങ്കിലും ഇത് ഒരു കൗതുകം മാത്രമായി അവശേഷിക്കുന്നേയുള്ളു.

ഉപകലാശാഖകൾ. അടിസ്ഥാന തത്ത്വങ്ങളിലും സങ്കേതങ്ങളിലും ചിത്രമെഴുത്തിനോടു സാദൃശ്യമുള്ള മറ്റു പല കലകളുമുണ്ട്. മച്ചിലും ചുവരിലും തറയിലും നിറമുള്ള വെണ്ണക്കല്ല്, പിഞ്ഞാണം, പളുങ്ക് മുതലായവയുടെ ചെറിയ പരന്ന കഷണങ്ങൾ പതിച്ചുചെയ്യുന്ന ചിത്രവേലകൾ (mosaic), ചിത്രക്കമ്പളം (carpet), ചിത്രയവനിക (tapestry) എന്നീ വചിത്രമായ നെയ്ത്തുപണികൾ, വസ്ത്രങ്ങളിൽ നാനാവർണത്തിലുള്ള നൂലുകൾകൊണ്ടുചെയ്യുന്ന തുന്നൽപ്പണികൾ (embroidery), വസ്ത്രങ്ങളിൽ മെഴുകുകൊണ്ടു രൂപങ്ങളെഴുതി ചായം കേറ്റി അവ മോടിപിടിപ്പിക്കുന്ന ബാത്തിക്ക് (Batik) സമ്പ്രദായങ്ങൾ ഇവയൊക്കെ ചിത്രമെഴുത്തിന്റെ ഉപശാഖകളാണ്.

നാട്യനൃത്ത്യനാടകവേദികളുടെ അലങ്കാരത്തിനും ചിത്രമെഴുത്തുമായി വളരെ ബന്ധമുണ്ട്. കഥകളി, തുള്ളൽ, കൃഷ്ണനാട്ടം, കൂടിയാട്ടം എന്നീ കേരളീയ ദൃശ്യകലകളിൽ നടന്റെ മുഖത്തു ചുട്ടികുത്തുന്നതും മറ്റും ഒരുതരം ചിത്രമെഴുത്തുതന്നെയാണ്.



മുകളിൽ: ചിത്രരചനയ്ക്കുള്ള
ഉപകരണങ്ങൾ

താഴെ: 1, 2 ചിത്രരചന

കേരളത്തിലെ നാട്ടിൻപുറങ്ങളിൽ ഇപ്പോഴും നടന്നുവരുന്ന സർപ്പംതുള്ളൽ, മുടിയിരുത്തിപ്പാട്ട് മുതലായ ചടങ്ങുകളോടുചേർന്ന് നടത്താറുള്ള കളമെഴുത്തും, അതിൻെറ വകഭേദമായി വടക്കെ ഇന്ത്യയിൽ പ്രചാരത്തിലുള്ള രംഗോളിയും അമേരിക്കയിലെ നവാഹോ ഇന്ത്യന്മാരുടെയിടയിലുള്ള മണൽചിത്രമെഴുത്തും ചിത്രമെഴുത്തിൻെറ ഉപശാഖകളായി പരിഗണിക്കാം. † എണ്ണച്ചായച്ചിത്രമെഴുത്ത്, † ചുമർ ചിത്രങ്ങൾ, † ജലച്ചായം, † ഫ്രെസ്കൊ, † രേഖാചിത്രങ്ങൾ, † ഓപ് കല നോക്കുക.

എം.എ.യു. മേനോൻ

ചിത്രകാവ്യം

രസത്തിനു പ്രാധാന്യം തീരെ ഇല്ലാത്ത കാവ്യം. രസം ആണു കാവ്യത്തെ ആസ്വാദ്യമാക്കുന്നത്. എന്നാൽ കവിതാവാസനയില്ലാത്ത കവികൾ വാച്യാർഥത്തിനുമാത്രം പ്രാധാന്യം നല്കി നിർമിക്കുന്ന 'നാല്കാലി'കളും വളരെ കാണുന്നുണ്ട്. ഇവയെ ആലങ്കാരികന്മാർ ചിത്രകാവ്യം എന്ന വിഭാഗത്തിൽപെടുത്തുന്നു. ഇതിനു വിപരീതമായി വ്യംഗ്യ പ്രധാനമായ കവിതയെ ധ്വനികാവ്യം എന്നു പറയുന്നു. പദ്മ-ചക്ര-മുസല-നാഗാദി ബന്ധങ്ങളും പ്രാസയമകാദി ശബ്ദാലങ്കാരങ്ങളും പ്രയോഗിച്ചു പാണ്ഡിത്യം പ്രകടിപ്പിക്കുക എന്ന ലക്ഷ്യം വച്ചു ചമയ്ക്കുന്ന കൃതികളാണു ചിത്രകാവ്യങ്ങൾ. ലീലാതിലകകാരൻ ഇത്തരം കൃതികൾക്കു 'അധമം' എന്ന പേരാണു നല്കുന്നത്. ഭാഷാപദങ്ങളെക്കാൾ സംസ്കൃതപദങ്ങൾ ഏറിയും രസത്തെക്കാൾ വാച്യം പ്രാധാന്യം നേടിയും കാണുന്ന കാവ്യം ആണ് 'അധമം' എന്ന പേരിൽ അദ്ദേഹം വിവരിക്കുന്നത്.

ചിത്രകൂടം

നാഗരാജപ്രതിഷ്ഠയുടെ ഒരു അനുബന്ധം. കരിങ്കല്ലുകൊണ്ടു നാഗരാജാവിൻെറ മനുഷ്യരൂപവും ശിരസ്സിനു മുകളിൽ മൂന്നോ അഞ്ചോ ഫണങ്ങളും ഉള്ള വിഗ്രഹമാണ് നാഗരാജപ്രതിമ. ചിത്രകൂടം സാധാരണമായി വെട്ടുകല്ലുകൊണ്ടുണ്ടാക്കുന്നു. അടിഭാഗം (തറ) ഒരു ചതുരക്കല്ലാണ്. തറയെക്കാൾ വിസ്താരം കുറഞ്ഞതും പൊക്കംകൂടിയതുമായ മറ്റൊരുകല്ലുകൊണ്ടു തറയ്ക്കു മുകളിൽ 'സ്തംഭം' ഉണ്ടാക്കിയിരിക്കും. തറയോളംതന്നെ ദീർഘവിസ്താരവും കനവുമുള്ള മറ്റൊരു കല്ല് സ്തംഭത്തിനു മുകളിൽ സ്ഥാപിച്ചിരിക്കും. അതിനു മേൽക്കൂട് എന്നുപറയും. സ്തംഭത്തോളം ദീർഘവിസ്താരവും, നാലുവിരലോളം മാത്രം ഉയരവുമുള്ള നാലാമതൊരു കല്ല് മേൽക്കൂടിൻെറ മുകളിൽ ഉണ്ട്. അതിൻെറ അഗ്രഭാഗം കുറഞ്ഞൊന്ന് കൂർത്തിരിക്കും. അതു സ്തൂപി. ചിത്രകൂടത്തിൻെറ മുൻവശത്ത് ഒരു ദ്വാരമുണ്ട്. പുറ്റും മുട്ടയും ഉള്ളിൽ ഉണ്ടെന്നാണു സങ്കല്പം. സർപ്പവിഗ്രഹത്തോടൊപ്പം ചിത്രകൂടത്തെയും ആരാധിക്കുന്നു. ഗൃഹത്തിനു സമീപമുള്ള കാവിലാണു നാഗരാജപ്രതിഷ്ഠയും ചിത്രകൂടവും.



ചിത്രകൂടം

ചിത്രകൂടൻ ശരപ്പക്ഷി (Edible Nest swiftlet)

കേരളത്തിലെ പർവതങ്ങളിലുള്ള ഒരു പക്ഷി. ശാസ്ത്രനാമം: കൊളക്കാലിയ യൂണികളർ (*Collocalia unicolor*). പനകളിൽ കൂടുകെട്ടുന്ന പനങ്കൂളൻ എന്ന പക്ഷിയെക്കാൾ അല്പം ചെറുതും കുറുകിയ വാലുള്ളതും ഒഴുകിപ്പറക്കുന്നതും ആയ പക്ഷിയാണ് ചിത്രകൂടൻ. പാറക്കെട്ടിലുള്ള ഗുഹയിൽ ചേക്കേറുന്നു. ഗുഹയിൽത്തന്നെയാണ് കൂടുകൂട്ടുന്നത്. പ്രജനനകാലം ഏപ്രിൽ-ജൂൺ. ചൈനയിലും ബോർണിയോവിലും മറ്റും ഈ പക്ഷിയുടെ കൂട് മനുഷ്യൻെറ വിശേഷപ്പെട്ട ഭക്ഷണപദാർഥമാണ്.



ചിത്രകൂടൻ ശരപ്പക്ഷി

ചിത്രകൂടപർവതം

രാമായണപ്രസിദ്ധമായ ഒരു പുണ്യസ്ഥലം. സീതയും ലക്ഷ്മണനുമൊരുമിച്ചു വനവാസക്കാലത്തു രാമൻ ആദ്യം ഇവിടെയാണു താമസിച്ചിരുന്നത്. ധാരാളം ക്ഷേത്രങ്ങളും ഗുഹാചൈത്യങ്ങളും പല രാമായണകഥകളെയും അനുസ്മരിപ്പിച്ചുകൊണ്ട് ഇവിടെ നിലനില്ക്കുന്നു. ഉത്തരപ്രദേശിൽ ബുന്ദേൽഖണ്ഡ് ജില്ലയിലെ ബന്ദാ പട്ടണത്തിൽനിന്ന് 80 കി.മീറ്റർ തെക്കുകിഴക്കു പിശുനീനദിയുടെ തീരത്തുള്ള 'ചിത്രകോടെ' ആണ് ചിത്രകൂടം എന്നുപറയുന്നു.

ചിത്ര, കെ.എസ്. (1963—   )

ഗായിക. ഏറ്റവും മികച്ച ചലച്ചിത്രപിന്നണി ഗായികയ്ക്കുള്ള ദേശീയ അവാർഡു മൂന്നു പ്രാവശ്യം നേടുക എന്ന അപൂർവബഹുമതിക്ക് ഉടമ.

തിരുവനന്തപുരത്ത് കരമനയിൽ സംഗീതപാരമ്പര്യമുള്ള ഒരു കുടുംബത്തിൽ ജനിച്ചു. ഒന്നാം ക്ലാസോടുകൂടി സംഗീതത്തിൽ ബിരുദം നേടി. *അട്ടഹാസം* എന്ന ചിത്രത്തിനുവേണ്ടിയാണ് ആദ്യമായി പാടിയത്. മലയാളം, തമിഴ്, തെലുങ്ക്, കന്നട എന്നീ ഭാഷകളിലായി നാനൂറിൽ ഏറെ ചിത്രങ്ങൾക്കുവേണ്ടി ഗാനം ആലപിച്ചിട്ടുണ്ട്. ഒട്ടാകെ ആയിരത്തോളം ഗാനങ്ങൾ. 1985, 1986, 1988 എന്നീ വർഷങ്ങളിൽ ദേശീയ അവാർഡുനേടി. 1985-മുതൽ തുടർച്ചയായി കേരള സംസ്ഥാന അവാർഡുനേടിക്കൊണ്ടിരിക്കുന്നു.

ചിത്രഗുപ്തൻ

ഭാരതീയ പുരാണങ്ങളിൽ യമൻെറ ഒരു മന്ത്രി. പ്രാണികളുടെ പുണ്യപാപങ്ങളെ സംബന്ധിച്ച കണക്കുകൾ തയാറാക്കി സൂക്ഷിക്കുകയാണ് പ്രധാന ജോലി.

സൃഷ്ടിയുടെ അവസാനത്തിൽ ബ്രഹ്മാവു ധ്യാനനിരതനായിരിക്കുമ്പോൾ ഓലയും നാരായവും ധരിച്ചുകൊണ്ട് ഒരു പുരുഷൻ ജനിച്ചു. താൻ എന്താണു ചെയ്യേണ്ടതെന്ന് അയാൾ ബ്രഹ്മാവിനോടു ചോദിച്ചു. പ്രാണിവർഗത്തിൻെറ പുണ്യപാപങ്ങൾ വേർതിരിച്ചു കണക്കെഴുതി സൂക്ഷിക്കുവാൻ ബ്രഹ്മാവു കല്പിച്ചു. വിചിത്രവും അത്യന്തം ഗുപ്തവുമായിരുന്നു അയാളുടെ കണക്കെഴുത്ത്. അതികൊണ്ടാണു ചിത്രഗുപ്തൻ എന്ന പേരു ലഭിച്ചത്. കർണാംബിക എന്ന പത്നിയിൽ ചിത്രഗുപ്തന് ഒമ്പതു പുത്രന്മാരുണ്ട്.

മറ്റൊരു കഥയുള്ളത് ഇപ്രകാരമാണ്: ശിവനും പാർവതിയുംകൂടി കൈലാസത്തിലിരുന്ന് ഒരിക്കൽ ഭൂമിയിലെ കാര്യങ്ങൾ നോക്കിക്കാണുകയായിരുന്നു. ഭൂമിയിൽ ഓരോരുത്തരും ചെയ്യുന്ന പുണ്യപാപങ്ങളെ വേർതിരിച്ചു കണക്കെഴുതി സൂക്ഷിക്കുവാൻ ഒരാൾ വേണമെന്നു ശിവനു തോന്നി. ഒരു പലക കൊണ്ടുവരാൻ പാർവതിയോടു പറഞ്ഞു. പാർവതി ഒരു തങ്കപ്പലക കൊണ്ടുവന്നു കൊടുത്തു. അതിൽ ഭഗവാൻ ഒരു രൂപം വരച്ചുണ്ടാക്കി. പിന്നീട് ആ രൂപത്തിനു ജീവൻ നല്കി. അതാണു ചിത്രഗുപ്തൻ.

കാർത്തികമാസത്തിലെ ശുക്ലപക്ഷദ്വിതീയയിൽ ഹിന്ദുക്കൾ ചിത്രഗുപ്തപൂജ നടത്താറുണ്ട്. തമിഴ്നാട്ടിലെ കാഞ്ചിയിൽ ചിത്രഗുപ്തക്ഷേത്രമുണ്ട്. കൈലാസനാഥക്ഷേത്രത്തിനും വൈകുണ്ഠസ്വാമി ക്ഷേത്രത്തിനും ഇടയിലായി സ്ഥിതിചെയ്യുന്ന ചിത്രഗുപ്തക്ഷേത്രം പണിയിച്ചത് 'തുലാഭാരമണ്ഡപം കനകരായർ' എന്നൊരാളാണ്.

ചിത്രദുർഗ

ഇന്ത്യയിൽ കർണാടക സംസ്ഥാനത്തിൽപ്പെട്ട ഒരു മുനിസിപ്പൽനഗരവും ജില്ലയും. ജില്ലയുടെ തലസ്ഥാനവും ഈ നഗരംതന്നെയാണ്.

ബാംഗ്ലൂരിൽനിന്നും 189 കി.മീറ്റർ വടക്കുപടിഞ്ഞാറാണു നഗരത്തിൻെറ സ്ഥാനം. റെയിൽവേവഴി ബാംഗ്ലൂരിൽനിന്നു 314 കി.മീറ്റർ വരും. അതു വേദവതീനദീതീരത്തിൽ (14° 14′വ.; 76° 26′ കി.) സ്ഥിതിചെയ്യുന്നു. പരുത്തിവ്യവസായമാണു പ്രധാനം. 18-ാം നൂറ്റാണ്ടിൽ ഹൈദർഅലിയും ടിപ്പുസുൽത്താനും നിർമിച്ച ഒട്ടേറെ കോട്ടകൾ ഇവിടെ ഉണ്ട്. പടിഞ്ഞാറുഭാഗത്തു രണ്ടാം നൂറ്റാണ്ടിലെ നഗരാവശിഷ്ടങ്ങൾ നിലനില്ക്കുന്നു. നഗരം ഒരു പ്രധാന റെയിൽവേകേന്ദ്രംകൂടിയാണ്. ജില്ലയുടെ വിസ്തൃതി 10,852 ച.കി.മീറ്റർ. ജനസംഖ്യ 17,77,499 (1981). വർഷപാതം നന്നേ കുറവാണ്. നദി ഉഷ്ണകാലത്തു വറ്റിവരളുന്നു. വാണീവിലാസസാഗരം അണക്കെട്ടിൻെറ നിർമാണശേഷം ജില്ലയുടെ കുറെഭാഗം കൃഷിക്ക് ഉപയുക്തമാക്കിയിട്ടുണ്ട്. നെല്ലും കരിമ്പുമാണ് അവിടങ്ങളിൽ പ്രധാന കൃഷി. വരണ്ട മേഖലകളിൽ പരുത്തി കൃഷിചെയ്യുന്നു. ചെമ്പ്, ഇരുമ്പ്, ഈയം, സ്വർണം എന്നിവ ജില്ലയിൽ കണ്ടെത്തിയിട്ടുണ്ട്. 1150 മീറ്റർവരെ ഉയരമുള്ള കുന്നുകൾ ജില്ലയിൽ ഉണ്ട്. പ്രധാന പട്ടണം ദാവൺഗരെയാണ്. മൈസൂർ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട കലാലയങ്ങൾ ജില്ലയിൽ സ്ഥിതിചെയ്യുന്നു.

ചിത്രമീമാംസ

രുയ്യകൻെറ 'അലങ്കാരസർവസ്വ'ത്തെ അവലംബിച്ച് അപ്പയ്യദീക്ഷിതർ എഴുതിയ ഗ്രന്ഥം. ധ്വനികാവ്യം, ഗുണീഭൂതവ്യംഗ്യം, ചിത്രം എന്നീ മൂന്നു തരത്തിലുള്ള കാവ്യങ്ങളുടെ വിവരണവും അതിനു ശേഷം ഉപമ, രൂപകം മുതലായ അലങ്കാരങ്ങളുടെ ലക്ഷണവും ലക്ഷണപരീക്ഷയും ദൃഷ്ടാന്തശ്ലോകങ്ങളുമാണു ഗ്രന്ഥത്തിലെ പ്രതിപാദ്യം.

ചിത്രയോഗം

വള്ളത്തോൾ നാരായണമേനോൻ എഴുതിയ മലയാള മഹാകാവ്യം. താരാവലീചന്ദ്രസേനന്മാരുടെ കഥ ആണു പ്രതിപാദ്യം. ചിത്രദർശനം ഇവരുടെ യോഗത്തിനു (പരസ്പര ചേർച്ചയ്ക്കു) വഴിവയ്ക്കുന്നു എന്ന അർഥത്തിലാണു ഗ്രന്ഥനാമം.

> ''ധരാതലത്തിൽ ധനപുഷ്ടിയൊത്തു-
> ണ്ടൊരാര്യദേശം നിഷധാഭിധാനം.
> ചിരാൽ വിളങ്ങുന്നു കുബേരദിക്കാം
> വരാംഗിയാൾ തൊട്ടൊരു പൊട്ടുപോലെ''

എന്ന ശ്ലോകം കൊണ്ടാണു കാവ്യാരംഭം. കുമാരനാശാൻെറ കർക്കശമായ നിരൂപണത്തിന് അക്കാലത്ത് ഈ കൃതി വിധേയമായി.

ചിത്രലിപി

ചിത്രങ്ങളുപയോഗിച്ച് ആശയങ്ങൾ വ്യക്തമാക്കുന്ന ലിപിസമ്പ്രദായം. ഈജിപ്ത്, മെസൊപ്പൊട്ടേമിയ, മോഹെഞ്ജോദരോ, ഹാരപ്പ, മായൻ, ഹിറൈറ്റ്, ക്രീറ്റൻ തുടങ്ങിയ പ്രാചീനനാഗരികതകളിലെല്ലാം നിലവിലുണ്ടായിരുന്നത് ഈ ലിപിസമ്പ്രദായത്തിൻെറ വിവിധരൂപങ്ങളാണ്. മനുഷ്യൻെറ ഭാവനാശക്തിയും ചിന്താശക്തിയും വളരുന്നതിനുമുമ്പ് യഥാതഥമായ രൂപചിത്രണത്തിൽക്കൂടി മാത്രമേ ആശയവിനിമയം സാധ്യമാകുമായിരുന്നുള്ളു. മനുഷ്യർ, മൃഗങ്ങൾ, ജന്തുക്കൾ, പാമ്പുകൾ, പക്ഷികൾ, വൃക്ഷങ്ങൾ, പുഷ്പങ്ങൾ, ലതകൾ, ജലം, തീയ് തുടങ്ങിയ പ്രകൃതിയിൽ ദൃശ്യമായ സകലതിനെയും അവർ ചിത്രങ്ങളോ രൂപരേഖകളോ ഉപയോഗിച്ചു ചിത്രീകരിച്ചു. പിന്നീടു ചിത്രങ്ങളുടെ സ്ഥാനത്തു പ്രതീകങ്ങൾ പ്രത്യക്ഷപ്പെട്ടു. ചില സന്ദർഭങ്ങളിൽ ചിത്രങ്ങൾതന്നെ അവയുടെ പ്രാതിനിധ്യസ്വഭാവംവിട്ടു വർണങ്ങളെ സൂചിപ്പിച്ചുതുടങ്ങി. ഇത്തരം ചിഹ്നങ്ങളിൽനിന്നുമാണ് ഇന്നുള്ള എല്ലാത്തരം ലിപികളും ഉണ്ടായിട്ടുള്ളത്.

ചില നാമങ്ങളും ശീർഷകങ്ങളും ഊഹിച്ചെടുക്കാമെന്നതൊഴിച്ചാൽ ഏറ്റവും പഴക്കമുള്ള ചിത്രലിപികൾ വായിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അവ ശബ്ദത്തെ പൂർണമായും പ്രതിനിധാനം ചെയ്തിരുന്നില്ലെന്നതാണ് ഇതിനു മുഖ്യകാരണം. വായിക്കുവാൻ സാധിക്കുന്നതരം ചിത്രലിപികളെ ഐഡിയോഗ്രാം അഥവാ ആശയലിപികളെന്നും ഫോണോഗ്രാം അഥവാ ശബ്ദലിപികളെന്നും രണ്ടായി തരംതിരിച്ചിട്ടുണ്ട്. പകൽ, വെളിച്ചം, സമയം, നിത്യത എന്നിവയെ സൂചിപ്പിക്കുന്ന സൂര്യൻ, 'ഭക്ഷിക്കുക' എന്നതിനെ സൂചിപ്പിക്കുന്ന കൈ വായിലേക്കു കൊണ്ടുവരുന്ന മനുഷ്യൻ, 'നിശ്ശബ്ദമായിരിക്കുക' എന്നതിനെ കുറിക്കുന്ന വായ് പൊത്തിയിരിക്കുന്ന മനുഷ്യൻ തുടങ്ങിയവയാണ് ആശയലിപികൾക്കുദാഹരണങ്ങൾ.

സ്വരങ്ങളെ കൂടാതെ വ്യഞ്ജനങ്ങളെ ചിത്രങ്ങളുപയോഗിച്ചു സൂചിപ്പിക്കുന്ന രീതിയാണു ഫോണോഗ്രാം. ഈജിപ്തിൽ ഈ രീതി സാർവത്രികമായുണ്ടായിരുന്നുവെന്നു കരുതപ്പെടുന്നു. വീടിൻെറ



സംഖ്യകൾ

ചിഹ്നം, പാർ, പുർ, പിൻ, പ്രാ, പ്രു, പ്രി, പ്റ് എന്നീ വ്യജ്ഞന ങ്ങളെ സൂചിപ്പിച്ചിരുന്നു. പുറത്തുപോകുക എന്നൊരർഥവും ഇതിനുണ്ടായിരുന്നു. ഇവയൊന്നുംതന്നെ സ്വരാക്ഷരങ്ങളെ സൂചിപ്പിച്ചിരുന്നില്ലെന്നതു ശ്രദ്ധേയമാണ്. കൊമ്പുള്ള അണലിപ്പാമ്പ്, 'ഫ'യേയും കൈപ്പത്തി 'ദ'യെയും അപ്പക്കഷണം 'ട'യെയും മൂങ്ങ 'മ'യെയും മൂർഖൻെറ ചിത്രം 'ഗ'യെയും സൂചിപ്പിച്ചിരുന്നു.

മതപരമായ പ്രാധാന്യവും ചിത്രലിപികൾക്കുണ്ടായിരുന്നു. ഇവയെഴുതിയ തകിടുകൾ 'രക്ഷ'യായി ധരിക്കാറുണ്ടായിരുന്നു. ജീവൻ, സ്ഥിരത, രക്ഷ തുടങ്ങിയവയെ കുറിക്കുന്ന ചിത്രങ്ങൾ ആഭരണങ്ങളിൽ ആലേഖനംചെയ്തു രക്ഷയായി ധരിച്ചിരുന്നു. ഹോറസ്ദേവൻെറ കണ്ണിൻെറ ചിത്രം പരിപൂർണതയെയും സ്വസ്ഥതയെയും സൂചിപ്പിക്കുന്ന രക്ഷയായിരുന്നു. ശവകുടീരങ്ങളിലും മറ്റും എഴുതിവച്ചിരുന്ന ചിത്രലിപികൾ വസ്തുക്കളെ പ്രതിനിധാനം ചെയ്യുകയും ചിത്രീകരിച്ച വസ്തുക്കളുടെ ഫലം ചെയ്കയും ചെയ്യുമെന്നു വിശ്വസിച്ചിരുന്നു. ഉദാഹരണമായി ശവകുടീരങ്ങളിലെ ഭക്ഷണത്തെ സൂചിപ്പിക്കുന്ന ചിത്രലിപി മരിച്ചവർക്കുവേണ്ടിയുള്ള ഭക്ഷണത്തിനു പകരമായിരുന്നു. ലിപികളിൽത്തന്നെയുള്ള മനുഷ്യരും മൃഗങ്ങളും മറ്റും അതു ഭക്ഷിക്കാതിരിക്കുന്നതിനായി ചില വിദ്യകളെടുത്തിരുന്നു. മരിച്ചവർക്കുള്ള ഭക്ഷണം കഴിക്കുന്നതിനു സാധ്യതയുള്ള മനുഷ്യരുടെയും മൃഗങ്ങളുടെയും മറ്റും രൂപങ്ങളെ മുറിച്ചു ഖണ്ഡങ്ങളായി ചിത്രീകരിച്ചിരുന്നു. കടിക്കുമെന്ന ഭയംനിമിത്തം പാമ്പിനെയും അപൂർണമായി ചിത്രീകരിച്ചിരുന്നു. ചില രൂപങ്ങൾക്കു നല്ലതോ ചീത്തയോ ആയ ഫലങ്ങൾ പ്രദാനംചെയ്യുവാൻ സാധിക്കുമെന്നുള്ള വിശ്വാസത്തിൻെറ മൂലം ഇതായിരിക്കണം. ഈ രീതിയിൽ ചിത്രങ്ങളെ മുറിച്ചുവരച്ചതിൽനിന്നാണു പില്ക്കാലത്തു സങ്കേതങ്ങളും ചിഹ്നങ്ങളും ഇന്നത്തെമാതിരിയുള്ള അക്ഷരങ്ങളും ഉണ്ടായതെന്ന് ഒരഭിപ്രായമുണ്ട്. പഞ്ചാംഗങ്ങളിലും മറ്റും ചിത്രലിപികൾ ഇന്നും രേഖപ്പെടുത്താറുണ്ട്.



ഈജിപ്തിലെ ചിത്രലിപികളിൽ അക്കങ്ങളും അടയാളപ്പെടുത്തിയിരുന്നു. ഒരു സ്തംഭത്തിലെ ചിത്രലിപികൾ



ഈജിപ്തിലെ ചിത്രലിപിയിൽ 527 എന്നെഴുതിയിരിക്കുന്നു.



ചിത്രലിപി - സുമേരിയൻ ചിത്രലിപിയുടെ പരിവർത്തനം സൂചിപ്പിക്കുന്നു. പക്ഷി, മീൻ, കഴുത, കാള എന്നിവയുടെ ചിത്രാത്മകസങ്കേതങ്ങൾ

ചിത്രലിപികൾക്ക് ആശയപരമായ പ്രാധാന്യത്തിനു പുറമെ കലാപരമായ പ്രാധാന്യവുമുണ്ട്. മനോഹരമായ പല ഡിസൈനുകളും ചിത്രലിപികൾക്കിടയിൽ കാണാം.

ചിത്രലേഖ

ഭാഗവതപുരാണപ്രകാരം, ദൈത്യരാജാവായ ബാണൻെറ പുത്രി ഉഷയുടെ സഖിയാണു ചിത്രലേഖ. ചിത്രലേഖനത്തിനുള്ള വൈദഗ്ധ്യമാണ് ഈ പേരിനു കാരണം. യാദവന്മാരുടെയെല്ലാം ചിത്രങ്ങൾ അവൾ ഉഷയെ വരച്ചു കാണിച്ചപ്പോൾ ഉഷ തന്നോടൊപ്പം സ്വപ്നത്തിൽ രമിച്ചയാൾ എന്നു കണ്ടറിഞ്ഞ ഉഷയുടെ ആവശ്യപ്രകാരം അനിരുദ്ധനെ ദ്വാരകയിൽനിന്ന് അപഹരിച്ചുകൊണ്ടുപോയി ഉഷയ്ക്കു സമ്മാനിച്ചതു ചിത്രലേഖയാണ്.

ചിത്രലേഖാ ഫിലിം സൊസൈറ്റി

കേരളത്തിലെ ആദ്യത്തെ ഫിലിം സൊസൈറ്റി. തിരുവനന്തപുരം ആസ്ഥാനമായി 1963-ൽ രജിസ്റ്റർ ചെയ്തു. പ്രസിദ്ധ ചലച്ചിത്ര സംവിധായകനായ അടൂർഗോപാലകൃഷ്ണൻ, കെ.പി. കുമാരൻ തുടങ്ങിയവർ ആയിരുന്നു ആദ്യകാല പ്രവർത്തകർ. തിരുവനന്തപുരം നഗരത്തിനു സമീപം അടുകുളത്ത് ചിത്രലേഖാ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു ഫിലിം സ്റ്റുഡിയോ സ്ഥാപിച്ചിട്ടുണ്ട്. മികച്ച ഒട്ടേറെ ഹ്രസ്വചിത്രങ്ങൾ നിർമിച്ച ചിത്രലേഖയുടെ സ്വയംവരം, കൊടിയേറ്റം എന്നീ കഥാചിത്രങ്ങൾ ദേശീയാംഗീകാരം നേടിയിട്ടുണ്ട്.

ചിത്രശലഭങ്ങൾ (Butterflies)

ലെപിഡോപ്ടെറാ ഓർഡറിൽപ്പെട്ട ഷഡ്പദങ്ങൾ. പൂമ്പാറ്റകൾ എന്നറിയപ്പെടുന്ന ഇവ പ്രകൃതിയിലെ ഏറ്റവും മനോഹരജീവികളിലൊരു വിഭാഗമാണ്. ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലും കണ്ടുവരുന്നു. കൂടുതൽ നിറപ്പകിട്ട് ഉഷ്ണമേഖലാപ്രദേശങ്ങളിൽ ഉള്ളവയ്ക്കാണ്.

ഇനങ്ങൾ. ചിത്രശലഭങ്ങളുടെ ആകൃതിയും ഘടനയുമനുസരിച്ച് ഒരുലക്ഷത്തിലേറെ ഇനങ്ങളായി തിരിച്ചിരിക്കുന്നു. ചിറകുകളുടെ ആകൃതിയിലും നിറത്തിലുമുള്ള വ്യത്യാസമാണു വൈവിധ്യത്തിനു കാരണം. ഓസ്ട്രേലിയ, ഫിലിപ്പിൻസ്, ഇന്തോനേഷ്യ തുടങ്ങിയ സ്ഥലങ്ങളിൽ കാണുന്ന ഒരിനം പക്ഷിച്ചിറകൻ ശലഭത്തിന് 25 സെൻറീമീറ്ററിലേറെ ചിറകുവിസ്താരം ഉണ്ട്. കണ്ടാൽ ചെറിയ പക്ഷിയാണെന്നേ തോന്നൂ. മിക്ക ചിത്രശലഭത്തിനും വലിപ്പം കുറവാണ്. മൂന്ന് മി.മീറ്റർ മാത്രം ചിറകു വിസ്താരമുള്ള പിഗ്മീ നീലശലഭങ്ങൾ (Pigmy Blues) ഏറ്റവും ചെറിയ ഇനമാണ്. കൂട്ടമായി പറന്നുയരുമ്പോൾ മാത്രമേ സാധാരണ കാണാറുള്ളൂ.

ചിറകിൻെറ പ്രത്യേകത. ചിത്രശലഭങ്ങളുടെ ആകർഷകത്വത്തിനും വൈവിധ്യത്തിനും കാരണം അവയുടെ നിറപ്പകിട്ടാർന്ന ചിറകുകളാണ്. രണ്ടുജോടി ചിറകുണ്ട്. ഓരോ വശത്തേയും ചിറകുകൾ ആകൃതിയിലും വലിപ്പത്തിലും നിറത്തിലും വ്യത്യാസപ്പെട്ടിരിക്കുന്നു. ചിത്രശലഭങ്ങളുടെ ചിറകുകളെല്ലാം നേരിയ ചർമങ്ങൾകൊണ്ടാണ് ഉണ്ടാക്കിയിരിക്കുന്നത്. ഇവയിൽ നിരനിരയായി ശല്ക്കങ്ങൾ പോലുള്ള വർണപ്പൊടികൾ അടുക്കിയിരിക്കുന്നു. ഈ വർണപ്പൊടികൾ സൂര്യകിരണങ്ങളെ വിവിധ വർണഘടകങ്ങളായി പ്രകീരണംചെയ്യുന്നതിനാൽ ചിറകുകൾ സൂര്യപ്രകാശത്തിൽ നിറപ്പകിട്ടോടെ തിളങ്ങും.







മുകളിൽ: പൂന്തേൻ കുടിക്കാനൊരുങ്ങുന്ന പൂമ്പാറ്റ
ഇടത്ത്: മൊണാർക്ക് ചിത്രശലഭം
താഴെ ഇടത്ത്: പ്യൂപ്പയിൽനിന്നു പുറത്തുവരുന്ന ചിത്രശലഭം

ശരീരഘടന. ചിത്രശലഭങ്ങളുടെ ശരീരത്തെ പൊതിഞ്ഞ് കൈറ്റിൻ (Chitin) എന്ന വസ്തുകൊണ്ട് നിർമിതമായ ബാഹ്യാവരണമുണ്ട്. ഈ ശരീരത്തിൽ ശിരസ്സ്, ഉരസ്സ്, ഉദരം എന്നീ വ്യക്തമായ ഭാഗങ്ങൾ കാണാം.

ശിരസ്സ്: ഇത് അർധഗോളാകൃതിയിലോ ത്രികോണാകൃതിയിൽ മുന്നോട്ടു കൂർത്തോ കാണപ്പെടുന്നു. രണ്ട് സംയുക്ത നേത്രവും, നീളമുള്ള രണ്ട് സ്പർശിനിയും തുമ്പിക്കൈപോലുള്ള വദനഭാഗങ്ങളും ഉണ്ട്. ഓരോ സംയുക്തനേത്രവും അനേകം ചെറുനേത്രകങ്ങൾ ചേർന്ന് ഉണ്ടായിരിക്കുന്നു. സ്പർശിനികൾ രണ്ടും നീണ്ട് അഗ്രം ഗദപോലെ തടിച്ചുരുണ്ടതാണ്. അനേകം ചെറുഖണ്ഡങ്ങൾ ചേർന്നുണ്ടായിട്ടുള്ള ഇവ മണം, രുചി എന്നിവ അറിയുന്നതിനു സഹായിക്കുന്നു. വായോടുചേർന്ന് നീണ്ട തുമ്പിക്കൈപോലുള്ള ഒരു ഭാഗമുണ്ട്. ചിത്രശലഭങ്ങൾ ഈ തുമ്പിക്കൈ തേൻ കുടിക്കാൻ ഉപയോഗിക്കുന്നു. തേൻ കുടിച്ചശേഷം തുമ്പിക്കൈ സ്പ്രിങ് പോലെ ചുരുട്ടിവയ്ക്കും.

തുമ്പിക്കൈ ഉപയോഗിച്ച് ദ്രാവകരൂപത്തിലുള്ള ആഹാരം മാത്രമേ ഉള്ളിലാക്കാൻ കഴിയൂ. പൂക്കളിലെ മാധുര്യമേറിയ മധുവാണ് മിക്ക ശലഭങ്ങളുടെയും ആഹാരം. അപൂർവം ചിലവ, പഴങ്ങളുടെ കട്ടിയുള്ള പുറന്തോട് കുത്തിത്തുരന്ന് അവയിൽനിന്നു ചാറു വലിച്ചുകുടിക്കുന്നു.

ഉരസ്സ്: മൂന്നു ഖണ്ഡങ്ങളുണ്ട്. നേർത്ത രോമംകൊണ്ട് ആവരണംചെയ്തിരിക്കുന്നു. ഓരോ ഖണ്ഡത്തിൻെറയും അടിഭാഗത്ത് ഓരോ ജോടി ചെറിയ കാല് ഉണ്ട്. ഓരോന്നും അനേകം ചെറുഖണ്ഡങ്ങൾ ചേർന്നുണ്ടായിട്ടുള്ളവയാണ്. ഈ ആറുചേർപ്പുകാലുകൾ ചിത്രശലഭങ്ങളുൾപ്പെടുന്ന 'ഷഡ്പദ'ജന്തുവിഭാഗത്തിൻെറ ഒരു പ്രധാന പൊതുലക്ഷണമത്രേ. ചിത്രശലഭങ്ങളുടെ കാലുകളിൽ ആദ്യത്തെ ജോടി പരിസരം സ്പർശിച്ചറിയുന്നതിനും മണം, രുചി







മുകളിൽ: പൂപ്പ
ഏറ്റവും ഇടത്ത്: ചിത്രശലഭത്തിന്റെ മുട്ട
(വലുതാക്കിയ ചിത്രം).
*ഇടത്ത്:*പുഴു

തുടങ്ങിയവയെക്കുറിച്ചു ഗ്രഹിക്കുന്നതിനും മറ്റുള്ളവയെല്ലാം പൂക്കളിൽ പറന്നിറങ്ങുവാനും ദളങ്ങളിലൂടെ നടക്കുവാനും സഹായിക്കുന്നു. പറക്കുമ്പോൾ അവ കാലുകൾ മടക്കി ശരീരത്തോട് ചേർത്തുവയ്ക്കും. ഉരസ്സിന്റെ രണ്ടും മൂന്നും ഖണ്ഡങ്ങളിൽനിന്നാണ് ചിറകുകൾ പുറപ്പെടുന്നത്.

ഉദരം: ഒമ്പത് ഖണ്ഡം ഉണ്ട്. പ്രജനനാവയവങ്ങളൊഴിച്ച് മറ്റു ബാഹ്യാവയവങ്ങളൊന്നുംതന്നെ ചിത്രശലഭങ്ങളുടെ ഉദരഭാഗത്തില്ല. ഉരസ്സിന്റെ രണ്ടും മൂന്നും ഖണ്ഡങ്ങളിലും ഉദരത്തിന്റെ ആദ്യത്തെ എട്ടു ഖണ്ഡങ്ങളിലുമായി പത്തുജോഡി ശ്വസനരന്ധ്രങ്ങളുണ്ട്. ഇവയിൽനിന്നു വ്യാപിച്ചിട്ടുള്ള നേരിയ കുഴലുകൾ ശരീരത്തിന്റെ എല്ലാ ഭാഗത്തേക്കും പ്രാണവായു എത്തിക്കുകയും ശരീരകലകളിൽനിന്നു കാർബൺഡയോക്സൈഡ് ഉൾക്കൊണ്ട് ബഹിഷ്കരിക്കുകയും ചെയ്യുന്നു. ചില ജാതി ശലഭങ്ങളിൽ ഈ വായുസ്വീകരണാവയവം അവയുടെ ഉദരത്തിന്റെ അഗ്രഭാഗത്താണുള്ളത്.

ജീവിതകാലം: ചിത്രശലഭങ്ങളുടെ ആയുസ്സ് രണ്ടുമൂന്നു മാസമേയുള്ളു. അപൂർവ്വം ചിലജാതി ചിത്രശലഭങ്ങൾക്ക് രണ്ടോ മൂന്നോ ദിവസത്തെ ആയുസ്സ് മാത്രമേയുള്ളു. പ്രജനനകൃത്യം പൂർത്തിയാക്കിയശേഷം മണ്ണടിയും. തണുപ്പുരാജ്യത്തെ ചില ചിത്രശലഭങ്ങളാണ് താരതമ്യേന കൂടുതൽ ആയുസ്സുള്ളവ. അവയിൽ ചിലത് ഒരു വർഷക്കാലത്തോളം ജീവിച്ചിരിക്കുന്നു. കാലാവസ്ഥ പ്രതികൂലമാവുമ്പോൾ മഹാസമുദ്രങ്ങൾ താണ്ടി വിദൂരദിക്കുകളിലേക്കു ദേശാന്തരഗമനം നടത്താറുണ്ട്.

ജീവിതദശകൾ. ചിത്രശലഭങ്ങളുടെ ജീവിതത്തിൽ മുട്ട (egg), പുഴു (larva), പൂപ്പ (pupa), ശലഭം (imago) എന്നീ വ്യക്തമായ ഘട്ടങ്ങളുണ്ട്. ഈ വിവിധ ദശകളിലൂടെ പൂർണവളർച്ചപ്രാപിക്കുന്ന പ്രജനനക്രമത്തെ രൂപാന്തരണം എന്നു പറയുന്നു.

മുട്ട: മുട്ടയാണ് ചിത്രശലഭങ്ങളുടെ ജീവിതത്തിലെ ആദ്യഘട്ടം. പെൺചിത്രശലഭം തളിരിലകളിലും ഇളം തണ്ടുകളിലും ഒരു തവണ ഒന്നിലേറെ മുട്ടയിടുന്നു. മിക്ക ചിത്രശലഭങ്ങളും ഈ മുട്ടകളെ ഇലപ്പരപ്പിനടിയിൽ ചേർത്തുറപ്പിക്കാറാണു പതിവ്. ചിലയിനം ശലഭങ്ങൾ മുട്ടക്കൂട്ടത്തിനു മുകളിലൂടെ ഒരുതരം പശയുള്ള ദ്രാവകം ഒഴുക്കി അവയെ പൊതിഞ്ഞു സൂക്ഷിക്കുന്നു. ഓരോയിനവും പ്രത്യേക ചെടിയിൽ മുട്ടയിടുന്നു. മുട്ടയിൽനിന്നു വിരിഞ്ഞുവരുന്ന പുഴുക്കൾ ആ ചെടിയുടെ ഇലയും ഇളം തണ്ടും മാത്രമേ ഭക്ഷിക്കൂ. ഇത്തരം ഇഷ്ടസസ്യങ്ങളെ തിരഞ്ഞെടുക്കുന്നതിൽ ചിത്രശലഭങ്ങൾ കാണിക്കുന്ന വിവേചനശക്തി അത്ഭുതാവഹമാണ്. വിവിധയിനം ചിത്രശലഭങ്ങളുടെ മുട്ടകൾക്കുതമ്മിൽ ആകൃതിയിലും നിറത്തിലും വളരെ വ്യത്യാസമുണ്ട്.

പുഴു (larva): ഒരാഴ്ചയ്ക്കുള്ളിൽ മുട്ടവിരിഞ്ഞ് പുഴു പുറത്തുവരുന്നു. ഇവയ്ക്കു ശരീരപ്രകൃതിയിലോ ജീവിതരീതിയിലോ പൂർണവളർച്ചയായ ശലഭവുമായി യാതൊരു സാദൃശ്യവുമില്ല. പച്ചിലകൾക്കിടയിലൂടെ ഇഴഞ്ഞുനീങ്ങുന്ന ചിത്രശലഭലാർവകളാണ് പച്ചിലപ്പുഴുക്കൾ. വിവിധ ആകൃതിയിലും രൂപത്തിലും നിറത്തിലുമുള്ള പുഴുക്കളെ പ്രകൃതിയിൽ കാണാം. ഇവയുടെയെല്ലാം ശരീരം താരതമ്യേന നീണ്ടുരുണ്ടതാണ്. മധ്യഭാഗം വണ്ണം കൂടിയിരിക്കും. തലയൊഴിച്ച് ശരീരത്തിൽ വ്യക്തമായ 13 ഖണ്ഡമുണ്ട്. ആദ്യത്തെ മൂന്നു ഖണ്ഡം ഉരസ്സായും ബാക്കിയുള്ള ഖണ്ഡം ഉദരമായും കണക്കാക്കപ്പെടുന്നു. പച്ചിലകളാണ് പ്രധാന ആഹാരം. മൂർച്ചയുള്ള മാന്റിബിളുകളുപയോഗിച്ച് പദാർഥങ്ങൾ കരണ്ട് ഭക്ഷിക്കുന്നു. തടിച്ചുവളരുന്ന പുഴുവിന്റെ ആന്തരഭാഗത്തിനനുസരിച്ച് അതിന്റെ പുറന്തോട് വളരാത്തതിനാൽ കൂടെക്കൂടെ പുറന്തോട് കൊഴിക്കുന്നു. പൂർണവളർച്ചയെത്തുംമുമ്പു പുഴുക്കൾ പല പ്രാവശ്യം പുറംതൊലി കൊഴിക്കുന്നു. പിന്നീട് അടുത്ത ഘട്ടമായ സമാധിയിലേക്കു പ്രവേശിക്കുന്നു.

സമാധി (Pupa): ഈ രൂപാന്തരണത്തെ നിയന്ത്രിക്കുന്നത് ചില അന്തഃസ്രാവി ഗ്രന്ഥികൾ ഉത്പാദിപ്പിക്കുന്ന ഹോർമോണുകളാണ്. വിവിധതരം ശലഭങ്ങളുടെ സമാധികൾ വിവിധ രൂപത്തിൽ കാണപ്പെടുന്നു. ഇവയെല്ലാം ഇലത്തണ്ടുകളിലും വൃക്ഷശിഖരങ്ങളിലുമൊക്കെ നേർത്ത പട്ടുനൂലുകൾകൊണ്ട് ഉറപ്പിക്കപ്പെട്ടിരിക്കും. ചില ശലഭങ്ങളുടെ സമാധിക്കൂടുകൾ സ്വർണംപോലെ തിളക്കമുള്ളതാണ്. അവയിൽ ആകർഷകമായ പാടുകളും ചിത്രപ്പണികളും കാണാം. ഉദ്ദേശം രണ്ടാഴ്ചകൊണ്ട് സമാധിക്കൂടിനകത്തുള്ള പുഴുവിന്റെ ശരീരാവയവങ്ങൾക്കെല്ലാം രൂപഭേദംവന്ന് അത് ചിറകുമുളച്ച ഒരു ചിത്രശലഭമായി രൂപമെടുക്കുന്നു. ഈ രൂപാന്തരണം പൂർണമായിക്കഴിയുമ്പോൾ സാവധാനം ശലഭം സമാധിക്കൂടു പൊട്ടിച്ച് പുറത്തുവരും. അല്പസമയം സമാധിക്കൂട്ടിൽ പറ്റിയിരുന്ന് ചിറകുണക്കിയതിനുശേഷം അതു മെല്ലെ പറന്നുപോകുന്നു.

നിശാശലഭങ്ങൾ (Moths). രാത്രിയിൽ പറക്കാറുള്ള ശലഭങ്ങളാണ് ഇവ. തടിച്ച രോമാവൃതമായ ശരീരവും ശാഖോപശാഖകളുമുള്ള സ്പർശിനികളും ശരീരം മുഴുവനും മൂടിയ ചിറകുകളുമുള്ള ഇവയെ സാധാരണ ചിത്രശലഭങ്ങളിൽനിന്നും തിരിച്ചറിയുവാൻ വലിയ വിഷമമില്ല. രാത്രിയിലെ സഞ്ചാരം മൂലം ഇവയുടെ ശരീരം താരതമ്യേന നിറം കുറഞ്ഞതുമായിരിക്കും. ഇവയുടെ സമാധിജീവികൾക്ക് തിളക്കമുള്ള സമാധിക്കൂടുകൾ ഇല്ല. പകരം പട്ടുനൂൽ നിർമിതമായ ആവരണമേ കാണൂ.

ചിത്രശലഭങ്ങൾ പൊതുവെ മനുഷ്യന്റെ മിത്രങ്ങളാണ്. കൃഷിഭൂമിയിലെ മിക്ക സസ്യങ്ങളെയും പരപരാഗണംമൂലം വിത്തുണ്ടാക്കുവാൻ സഹായിക്കുന്നത് ചിത്രശലഭങ്ങളാണ്. ലോകത്തിന്റെ പല ഭാഗങ്ങളിലുമുള്ള കാട്ടുജാതിക്കാർ വിവിധയിനം ചിത്രശലഭങ്ങളെയും അവയുടെ പുഴുക്കളെയും ആഹാരമായി ഉപയോഗിക്കുന്നു. മനോഹരങ്ങളായ ചിത്രശലഭങ്ങളും അവയുടെ വർണച്ചിറകുകളും കൗതുകകരമായ അലങ്കാരവസ്തുക്കളാണ്. ചിത്രശലഭങ്ങളെ

ഉണക്കി കേടുവരാതെ കണ്ണാടിപ്പെട്ടികൾക്കുള്ളിൽ പ്രദർശിപ്പിക്കുന്നത് പലരുടെയും വിനോദമാണ്. ഇത്തരത്തിലുള്ള ചിത്രശലഭശേഖരങ്ങൾ ലോകത്തിലെ പല രാജ്യങ്ങളിൽനിന്നും മററു രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നുമുണ്ട്. കൃഷിഭൂമികളിൽനിന്നും ചില പ്രത്യേകതരം പാഴ്ചെടികളെ നശിപ്പിക്കുവാനായി അവയെ കരണ്ടുതിന്നുന്ന പലതരം ചിത്രശലഭപ്പുഴുക്കളെ പലയിടത്തും ധാരാളമായി ഉപയോഗിക്കുന്നു. കൂടാതെ വിലയേറിയ പട്ടുനൂൽ ശേഖരിക്കുന്നത് ഒരിനം നിശാശലഭത്തിൻെറ പുഴുക്കൾ നിർമിക്കുന്ന സമാധിക്കൂട്ടിൽനിന്നാണ്.

എന്നാൽ കൃഷിഭൂമിയിലെ ഫലവൃക്ഷങ്ങളുടെ ഇലയും തണ്ടും കരണ്ടുതിന്ന് വമ്പിച്ച നാശനഷ്ടമുണ്ടാക്കുന്ന ക്ഷുദ്രജീവികളിൽ ഒരു പ്രധാന വിഭാഗം പലതരം ചിത്രശലഭങ്ങളുടെ പുഴുക്കളാണ്.

കുമാരപുരം ദേവദാസ്

ചിത്രശലഭമത്സ്യം (Butterfly fish)

ഒരിനം മത്സ്യം. കീറ്റോഡോണ്ടിഡെ കുലത്തിൽപ്പെടുന്നു. ഏകദേശം 150 സ്പീഷീസുണ്ട്. ഒരു സ്പീഷിസ് ഒഴിച്ചു ബാക്കിയെല്ലാം കടലിൽ കണ്ടുവരുന്നു. പശ്ചിമാഫ്രിക്കയിലെ ശുദ്ധജലത്തിൽ കണ്ടുവരുന്ന ഈയൊരു സ്പീഷീസിൻെറ ശാസ്ത്രനാമം *പാൻെറാഡൺ ബക്കോൾസി (Pantodon buchholzi)*.



ചിത്രശലഭമത്സ്യം.

20 സെ.മീറ്ററോളം നീളമുണ്ട്. ശരീരം പരന്നതാണ്. മേൽച്ചുണ്ടും കീഴ്ച്ചുണ്ടും ചേർന്നു മോന്ത(snout)യായി രൂപാന്തരപ്പെട്ടിരിക്കുന്നു. ശല്ക്കങ്ങൾ പല നിറത്തിലുള്ളതാണ്. ചിറകുകൾക്കു വലിയ വലിപ്പവും ആകർഷകമായ നിറവും ഉണ്ട്. ശരീരത്തിൽ കുറുകെയും നെടുകയുമുള്ള വരകളും ദ്രുതഗതിയും ആണു ചിത്രശലഭമത്സ്യം എന്ന പേരിനു കാരണം. വിഷം ഉള്ളതിനാൽ ഭക്ഷ്യയോഗ്യമല്ല.

ചിത്രസേനൻ

ദ്വൈതവനത്തിലെ ഒരു സരസ്സിൻെറ തീരത്തു വസിച്ചിരുന്ന ഗന്ധർവൻ. ഗന്ധർവന്മാരുടെ രാജാവ് ഇദ്ദേഹമാണത്രേ. 'ഗന്ധർവാണാം ചിത്രരഥഃ' എന്നു ചിത്രരഥൻെറ പ്രാധാന്യം ഗീതയിൽ ശ്രീകൃഷ്ണൻ എടുത്തുപറഞ്ഞിട്ടുണ്ട്.

രാജ്യഭ്രഷ്ടരായ പാണ്ഡവന്മാർ ദ്വൈതവനത്തിൽ വന്നു പാർത്തിരുന്നപ്പോൾ ദുര്യോധനമഹാരാജാവു തൻെറ പ്രാഭവം കാണിക്കുന്നതിനായി ബന്ധുക്കളോടും സൈന്യങ്ങളോടും അനുജന്മാരോടുമൊത്തു കാട്ടിലേക്കു പുറപ്പെട്ടു. ഘോഷയാത്രയായി മേല്പറഞ്ഞ സരസ്സിൻെറ തീരത്തിലെത്തിയ ദുര്യോധനൻ, ചിത്രസേനനോട് അവിടം വിട്ടു പോകാനാവശ്യപ്പെട്ടു. ചിത്രസേനൻ അനുസരിച്ചില്ല. തുടർന്നുണ്ടായ യുദ്ധത്തിൽ ദുര്യോധനാദികളെ ചിത്രസേനൻ പിടിച്ചുകൊണ്ടു നടന്നു. ഈ അവസരത്തിൽ ദുര്യോധനസേവകന്മാരിലൊരാൾ ഓടിച്ചെന്നു ധർമപുത്രരെ വസ്തുത അറിയിച്ചു. ദുര്യോധനൻെറ പരിതാപകരമായ അവസ്ഥ ധർമപുത്രരെ ദുഃഖിപ്പിച്ചു. യുധിഷ്ഠിരൻ ഭീമാർജുനന്മാരെ അയച്ചു ചിത്രരഥനെ തോല്പിച്ച് അവരെ മോചിപ്പിച്ചു.

ചിത്രാംഗദ

മണിപ്പൂർ രാജാവായ ചിത്രവാഹനൻെറ പുത്രി. അർജുനൻെറ പത്നി. ചൂതിൽ തോറ്റു വനത്തിൽ വസിക്കുമ്പോൾ ഒരു വർഷത്തെ തീർഥയാത്ര നടത്തിയതിനിടയ്ക്കാണ് അർജുനൻ ചിത്രാംഗദയെ കാണാനും അവളെ പരിണയിക്കാനും ഇടയായത്. ഈ ദാമ്പത്യത്തിൽനിന്നുണ്ടായ പുത്രനാണു ബഭ്രുവാഹനൻ. രവീന്ദ്രനാഥടാഗൂർ ഈ ഇതിവൃത്തം ഒരു കാവ്യനാടകത്തിനു വിഷയമാക്കിയിട്ടുണ്ട്.

ചിത്രാംഗദൻ

മഹാഭാരതത്തിൽ ശന്തനുവിനു സത്യവതിയിൽ ജനിച്ച പുത്രൻ. ശന്തനുവിൻെറ കാലശേഷം രാജാവായ ചിത്രാംഗദൻ ഒരിക്കൽ നായാട്ടിനുപോയ സമയത്തു തൻെറ പേരുള്ള ഒരു ഗന്ധർവനുമായി ഏറ്റുമുട്ടി. ചിത്രാംഗദൻ എന്നു പേരുള്ള ഒരാളേ ലോകത്തുണ്ടായിരിക്കാവൂ എന്ന വാശിയിൽ ആരംഭിച്ച ഈ പോരാട്ടം രാജകുമാരൻെറ മരണത്തിൽ കലാശിച്ചു.

ചിത്രാപൗർണമി

ചൈത്ര(ചിത്തിര)മാസത്തിലെ വെളുത്തവാവ്. 'ചിത്തിര' നക്ഷത്രത്തോടൊപ്പം വെളുത്തവാവു വരുന്ന മാസമാണു ചൈത്രം. 'പൗർണമി' പൂർണചന്ദ്രൻ ഉള്ളദിവസം വെളുത്തവാവ് ആണ്. വസന്തം ചൈത്രമാസത്തിലാണ് ആരംഭിക്കുന്നത്. വസന്തോത്സവം ആണു ചിത്രാപൗർണമി. ചൈത്രം ചാന്ദ്രമാസമാണ്. മിക്കവാറും മേടമാസത്തിലാണു ചിത്രാപൗർണമി.

ചിത്രാൾ

പശ്ചിമപാകിസ്താനിലെ വടക്കുപടിഞ്ഞാറൻ പ്രവിശ്യയിൽ ഉണ്ടായിരുന്ന ഒരു നാട്ടുരാജ്യം. 9,000 ച. കി. മീറ്റർ വിസ്തൃതി വരുന്ന ഈ രാജ്യത്തിലെ ജനസംഖ്യ 1947-ൽ ഒരു ലക്ഷത്തോളമായിരുന്നു. മഞ്ഞുമൂടിയ മലകളും കാടുകളും നിറഞ്ഞ നിമ്നോന്നതമായ ഭൂവിഭാഗമാണു ചിത്രാൾ. തലസ്ഥാനമായ ചിത്രാൾ പെഷവാറിൽ നിന്ന് 200 കി. മീറ്റർ വടക്കു ചിത്രാൾനദിയുടെ തീരത്തു സ്ഥിതിചെയ്യുന്നു.

17-ാം നൂറ്റാണ്ടിനുശേഷം 'മേഹ്താർ' എന്ന പേരുള്ള ഒരു മുസ്ലീം രാജവംശമാണ് ഇവിടെ ഭരണം നടത്തിയിരുന്നത്. 1895-ലുണ്ടായ ഒരു പിന്തുടർച്ചാവകാശത്തർക്കത്തെത്തുടർന്ന് ഈ രാജ്യം ബ്രിട്ടീഷ് അധീനതയിലായി. 1947-ൽ ചിത്രാൾ പാകിസ്താൻെറ ഭാഗമായി.

ചിത്രാൾനദി

ഹിന്ദുക്കുഷ് പർവതനിരകളിൽനിന്നുദ്ഭവിച്ചു വടക്കുപടിഞ്ഞാറോട്ടൊഴുകിഅഫ്ഘാനിസ്ഥാനിൽ ജലാലബാദിന് 8 കി. മീറ്റർ കിഴക്കുവച്ചു കാബൂൾനദിയിൽ പതിക്കുന്ന ഒരു നദി. ആകെ 480 കി. മീറ്റർ നീളമുള്ള ഈ നദിക്ക് അഫ്ഘാനിസ്ഥാനിൽ പറയുന്ന പേര് 'കുണാർ' എന്നാണ്. ചിത്രാൾ രാജ്യത്തിൻെറ തലസ്ഥാനമായിരുന്ന ചിത്രാൾനഗരം ഈ നദിയുടെ കരയ്ക്കു സമുദ്രനിരപ്പിൽനിന്നും 1524 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്നു.

ചിദ്ഭവാനന്ദസ്വാമി (1899— ?)

ശ്രീരാമകൃഷ്ണസംഘത്തിലെ സന്യാസിയും വിദ്യാഭ്യാസപ്രവർത്തകനും. മദിരാശി പ്രസിഡൻസി കോളെജിൽനിന്നു ഡിഗ്രി എടുത്തശേഷം സന്ന്യാസിയായി. തിരുച്ചിറപ്പിള്ളിക്കടുത്തുള്ള തിരുപ്പുറൈത്തുറൈ എന്ന സ്ഥലത്ത് ആശ്രമവും വിദ്യാലയങ്ങളും സ്ഥാപിച്ചു സ്തുത്യർഹമായി പ്രവർത്തിച്ചു. വിവേകാനന്ദസ്വാമിയുടെ വിദ്യാഭ്യാസാദർശങ്ങളെപ്രാവർത്തികമാക്കുന്നതിനുവേണ്ടി ജീവിതം സമർപ്പിച്ചു. തമിഴിലും ഇംഗ്ലീഷിലും അനേകം ഉത്തമ ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. *ശ്രീ ശാരദാദേവിയാർ* (1937), *കല്യഗിരിയാത്തിരൈ* (1939), *ശ്രീമദ്ഭഗവദ്ഗീത* (1951), *കടവുളിൻവടിവുകൾ* (1954), *ജ്ഞാനയോഗവിളക്കം* (1955), എന്നിവ തമിഴിലും *ഭഗവദ്ഗീതാവ്യാഖ്യാനം* (1965), *ശ്രീരാമകൃഷ്ണലിവ്സ് വേദാന്ത, ദി ഇൻഡ്യൻ നാഷനൽ എഡ്യൂക്കേഷൻ* എന്നിവ ഇംഗ്ലീഷിലും പ്രസിദ്ധീകരിച്ചു.

ചിദംബരം

തമിഴ്നാട്ടിലെ തെക്കൻ ആർക്കാട്ടു ജില്ലയിൽ ഉള്ള ഒരു താലൂക്കും അതിൻെറ ആസ്ഥാനവും. തെക്കെ ഇന്ത്യയിലെ ഏറ്റവും പ്രസിദ്ധക്ഷേത്രങ്ങളിലൊന്നു ചിദംബരത്താണ്. അണ്ണാമല സർവകലാശാലയുടെ ആസ്ഥാനവും ചിദംബരത്തിന് അടുത്തുതന്നെ.

കടൽത്തീരം തൊട്ടുകിടക്കുന്ന ചിദംബരം താലൂക്ക്, കടൽനിരപ്പിൽനിന്ന് അല്പംമാത്രം പൊങ്ങിക്കിടക്കുന്ന സമതലപ്രദേശമാണ്. നെല്ലും വാഴയും വെറ്റിലയും വെള്ളം വേണ്ടത്ര കിട്ടുന്ന കിഴക്കൻപ്രദേശങ്ങളിൽ കൃഷിചെയ്യുന്നു. ജലസൗകര്യം കുറഞ്ഞ പടിഞ്ഞാറൻ ഭാഗങ്ങളിൽ നിലക്കടലയാണു മുഖ്യവിള.



ചിദംബരം നടരാജക്ഷേത്രം

മദിരാശിയിൽനിന്ന് ഏകദേശം 200 കി. മീ. തെക്കായി കിടക്കുന്ന ചിദംബരം വെള്ളാർ നദിയുടെയും കാവേരി നദിയുടെയും വടക്കെ കൈവഴിയായ കൊളറൂൺ നദിയുടെയും മുഖങ്ങൾക്കു കിഴക്കു കടൽത്തീരത്തുനിന്നു സ്വല്പം വിട്ടു മദിരാശി — മായുരം റെയിൽ റോഡിൽ (11° 30′ വ: 79° 48′ കി.) സ്ഥിതിചെയ്യുന്നു.

1924-ൽ ഇവിടെ സ്ഥാപിച്ച മീനാക്ഷികോളെജാണ് അഞ്ചു വർഷംകൊണ്ട്, അണ്ണാമല സർവകലാശാലയായിത്തീർന്നത്.

ക്ഷേത്രം. ചിദംബരം ശൈവമതകേന്ദ്രമാണ്. ശൈവവേദങ്ങളായ തേവാരങ്ങളും പെരിയപുരാണവും ഇവിടെയാണുണ്ടായത്. ശൈവമതസ്ഥാപകരിൽ ഒരാളായ അപ്പർ, പാദസ്പർശംകൊണ്ട് അശുദ്ധമാക്കുവാൻ ഭയന്നു ശയനപ്രദക്ഷിണംചെയ്ത ക്ഷേത്രമാണ് ഇത്. തെരുവുകൾതോറും കീർത്തനങ്ങൾ പാടിനടന്നിരുന്ന അയിത്തക്കാരനായ നന്തനാർക്കു മുക്തികൊടുത്ത ക്ഷേത്രമാണു ചിദംബരം. പല്ലവ, ചോള, പാണ്ഡ്യ, ചേരരാജാക്കന്മാർ ഇവിടത്തെ ക്ഷേത്രനിർമാണത്തിൽ ഉത്സുകരായിരുന്നു. ജാതവർമൻ സുന്ദരപാണ്ഡ്യൻ നടരാജനു പൊന്നമ്പലം നിർമിച്ചു. കൃഷ്ണദേവരായർ വടക്കേ ഗോപുരം നിർമിച്ചു. കലാകാരന്മാർക്ക് ഒരു വിരുന്നായ കിഴക്കെ ഗോപുരം പണിതതു രണ്ടാം കുലോത്തുംഗചോളനാണ്. ശൈവമതാചാര്യന്മാരായ നാല്വരുടെയും ഭക്തിഗാനങ്ങൾ കേട്ട് ആനന്ദിച്ച് ഓലയിലെഴുതിയിരുന്ന അവരുടെ കൃതികളെ നടരാജൻ സൂക്ഷിച്ചുവെന്നും പത്താംനൂറ്റാണ്ടിൻെറ അവസാനത്തിൽ ചിതലിന്നരയായതു കഴിച്ചു ബാക്കിയുള്ള ഓലകളെ രാജരാജേന്ദ്രചോളനും നമ്പിയാണ്ടാർ നമ്പിക്കും കൊടുത്ത് അവരെയും എല്ലാ ശിവഭക്തന്മാരെയും അനുഗ്രഹിച്ചുവെന്നും ബഹുജനങ്ങൾ വിശ്വസിക്കുന്നു. പന്ത്രണ്ടാംനൂറ്റാണ്ടിൽ, പെരിയപുരാണത്തിൻെറ അരങ്ങേറ്റത്തിനു കുലോത്തുംഗചോളൻ മൂന്നാമൻ നിർമിച്ചതാണു ചിദംബരം നടരാജക്ഷേത്രത്തിലെ ആയിരംകാൽ മണ്ഡപം എന്നാണു കേൾവി. ഈ ക്ഷേത്രത്തിലെ ചിത്സഭാമണ്ഡപത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള ശില്പകലാവൈദഗ്ധ്യം അസാമാന്യമാണ്.

മൂന്നുമാതിരി ദർശനമുണ്ടു ചിദംബരം ക്ഷേത്രത്തിൽ — രൂപം, രൂപാരൂപം, അരൂപം. ആനന്ദതാണ്ഡവത്തിൽ മുഴുകിയ നടരാജൻ രൂപത്തോടുകൂടിയ മൂർത്തിയാണ്. രൂപാരൂപമൂർത്തിയാണു ലിംഗസ്വരൂപി; അരൂപനായിട്ടു 'ചിദംബരരഹസ്യ'ത്തിൽ സ്ഥിതിചെയ്യുന്നു. സഗുണബ്രഹ്മത്തിൽനിന്നു നിർഗുണബ്രഹ്മത്തിലേക്കു ഭക്തരുടെ മനസ്സിനെ അനുനയിക്കാനാണ് ഈ ദർശനം.

ധനുമാസത്തിലെ ആർദ്രാദർശനം (തിരുവാതിരനാൾ) ആണ് ഇവിടെ ഏറ്റവുമധികം ഭക്തജനങ്ങളെ ആകർഷിക്കുന്നത്.

ചിദംബരംപിള്ള, വി.ഒ. (1872—1936)

ഇന്ത്യൻ സ്വാതന്ത്ര്യസമരനേതാവ്. സ്വദേശിപ്രസ്ഥാനത്തിനു ദക്ഷിണേന്ത്യയിൽ നേതൃത്വം നല്കി. തമിഴ്നാട്ടിലെ തിരുനെൽവേലി ജില്ലയിൽ ഒറ്റപ്പിടാരൻ എന്ന സ്ഥലത്തു ജനിച്ചു. നിയമബിരുദം നേടി അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടു. പാവങ്ങൾക്കുവേണ്ടി കേസുകൾ വാദിക്കുന്നതിൽ ആയിരുന്നു താത്പര്യം. 1905-ൽ ബംഗാൾ വിഭജനത്തെത്തുടർന്നുണ്ടായ പ്രക്ഷോഭമാണു സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ ചേരാൻ പ്രേരിപ്പിച്ചത്. വിദേശവസ്തുക്കൾ ബഹിഷ്കരിക്കാൻ ആഹ്വാനം നല്കിയതോടൊപ്പം സഹകരണാടിസ്ഥാനത്തിൽ തുണിനെയ്ത്തുശാലകളും, ദേശീയോത്പന്നങ്ങൾക്കുവേണ്ടി സംഭരണകേന്ദ്രങ്ങളും സ്ഥാപിച്ചു. ഇന്ത്യൻ ജീവനക്കാരുടെ നേർക്കുള്ള ബ്രിട്ടീഷ് കപ്പൽ കമ്പനികളുടെ മോശമായ പെരുമാറ്റം ചിദംബരംപിള്ളയെ ക്ഷുഭിതനാക്കി. അവയ്ക്കു ബദലായി സ്വദേശി സ്റ്റീം നാവിഗേഷൻ കമ്പനിക്കു രൂപംനല്കി. ബ്രിട്ടീഷ് ഗവൺമെൻറിനെതിരെ പ്രസംഗിച്ചതിന് അറസ്റ്റുചെയ്തു ജീവപര്യന്തം തടവിനു ശിക്ഷിച്ചു. പിന്നീട് ശിക്ഷ ആറുവർഷമായി കുറച്ചു.

1911-ൽ മോചിതനായി. മെയ്യറിവ് (സത്യമായ അറിവ്), മെയ്യറം (സത്യമായ ധർമം) എന്നീ കൃതികൾ രചിച്ചു. സദാചാരപരമായ ആശയങ്ങൾ ഇവ ഉൾക്കൊള്ളുന്നു. ചിദംബരംപിള്ളയുടെ ആത്മകഥയിൽനിന്നു സ്വാതന്ത്ര്യസമരത്തിൻെറ അന്നത്തെ രൂപം മനസ്സിലാക്കാം.

1936 നവംബർ 18-ന് അന്തരിച്ചു. കപ്പലോട്ടിയ തമിഴൻ എന്ന പേരിലാണ് ഇദ്ദേഹത്തിനു പ്രസിദ്ധി.

ചിദംബരവാധ്യാർ, കെ. (1860—1940)

കേരളവർമകാലത്തെ പ്രമുഖഗദ്യകാരൻ. തിരുവനന്തപുരത്തു കരമനഗ്രാമത്തിൽ കൃഷ്ണവാധ്യാരുടെയും വള്ളിയമ്മാളുടെയും പുത്രൻ. സംസ്കൃതം ഐച്ഛികവിഷയമായെടുത്ത് 19-ാം വയസ്സിൽ ബി.എ. പരീക്ഷ ജയിച്ചു. വിദ്യാർഥിയായിരുന്നപ്പോൾത്തന്നെ ഷേക്സ്പിയരുടെ 'ആസ് യു ലൈക്ക് ഇറ്റ്' എന്ന നാടകം 'കാമാക്ഷീചരിതം' എന്ന പേരിൽ തർജമചെയ്തു. കേരളവർമ വലിയകോയിത്തമ്പുരാന്റെ അധ്യക്ഷതയിൽ രൂപവത്കൃതമായ പാഠ്യപുസ്തകക്കമ്മറ്റിയിൽ ഏതാനും കാലം അംഗമായിരുന്നശേഷം കോട്ടയത്തും കൊല്ലത്തും ഡിവിഷനൽ ശിരസ്തദാർ ആയി ജോലിനോക്കുകയും ഒടുവിൽ ഹെഡ്ട്രാൻസ്ലേറ്ററായിത്തീരുകയും ചെയ്തു. വിവിധ സാഹിത്യശാഖകളിൽ പല പുസ്തകങ്ങളും വിവർത്തനം ചെയ്യുകയും പ്രസാധനം ചെയ്യുകയും സ്വന്തമായി രചിക്കുകയും ചെയ്തു. വർഷകാലകഥ (വിന്റേഴ്സ് ടെയിൽ), സിംഹളനാദൻ (സിംബലിൻ), റിച്ചാർഡ് തൃതിയൻ, മാക്ബത്ത്, റോമിയോവും ജൂലിയറ്റും, ട്വൽഫ്ത് നൈറ്റ് തുടങ്ങിയ ഷേക്സ്പിയർകൃതികളും മറ്റും വിവർത്തനം ചെയ്തിട്ടുണ്ട്. ഇവ കൂടാതെ ക്ഷേത്രവ്യവഹാരം എന്നൊരു ശാസ്ത്രഗ്രന്ഥം രചിക്കുകയും ഇന്ത്യൻ ശിക്ഷാനിയമത്തിനു വ്യാഖ്യാനസഹിതമുള്ള വിവർത്തനം പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതിനു പുറമെ ഭാഷാരാമായണചമ്പുവിലെ രാവണോദ്ഭവം, രാമാവതാരം, താടകാവധം, അഹല്യാമോക്ഷം, സീതാവിവാഹം, വിച്ഛിന്നാഭിഷേകം, ബാലീവധം എന്നീ ഭാഗങ്ങളും, സ്വാതിതിരുനാൾ സംഗീതകൃതികളും ഇദ്ദേഹം പ്രസാധനംചെയ്തിട്ടുണ്ട്. കേരളവർമയുടെ അധ്യക്ഷതയിലുണ്ടായിരുന്ന പാഠപുസ്തകക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പല പാഠപുസ്തകങ്ങളും ചിദംബരവാധ്യാർ എഴുതി.

ചിദാനന്ദ ദാസ് ഗുപ്ത (1921—)

ചലച്ചിത്ര വിമർശകനും പത്രപ്രവർത്തകനും. പ്രമുഖ ഇംഗ്ലീഷ് ദിനപത്രങ്ങളിലെയും ആനുകാലികങ്ങളിലെയും കോളം എഴുത്തുകാരൻ എന്ന നിലയിൽ അഖിലേന്ത്യാപ്രശസ്തനാണ്.

1921 നവംബർ 21-ന് ഷില്ലോങ്ങിൽ ജനിച്ചു. യു.എസ്. ഇൻഫർമേഷൻ സർവീസിന്റെ പ്രസിദ്ധീകരണമായ സ്പാനിന്റെ മാനേജിങ് എഡിറ്ററായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഓഡിറ്റ് ബ്യൂറോ ഓഫ് സർക്കുലേഷൻസിന്റെ വൈസ് ചെയർമാൻ, (1964—67), ഫിലിം ഫിനാൻസ് കോർപറേഷൻ ഡയറക്ടർ (1968-'71) എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു. കൽക്കത്ത ഫിലിം സൊസൈറ്റിയുടെയും ഫിലിം സൊസൈറ്റികളുടെ ഫെഡറേഷന്റെയും സ്ഥാപകനാണ്. കലാമൂല്യമുള്ള ചലച്ചിത്രങ്ങളെ ദേശീയ ശ്രദ്ധയിലേക്കു കൊണ്ടുവരുന്നതിൽ ഇദ്ദേഹത്തിന്റെ വിമർശനങ്ങൾ പ്രധാന പങ്കു വഹിച്ചിട്ടുണ്ട്.

ചിദാനന്ദദാസ് ഗുപ്തയുടെ പുത്രിയാണു പ്രശസ്ത ചലച്ചിത്ര നടിയും സംവിധായികയുമായ അപർണാസെൻ.

ചിനപ്പോഡിയം

ഒരിനം കള. കിനപ്പോഡിയം എന്നാണു ശരിയായ പേര്. കിനപ്പോഡിയേസി കുലത്തിൽപ്പെടുന്നു. കിനപ്പോഡിയം ജീനസ്സിൽ പെട്ട ചെടികളെ പൊതുവെ 'ഗൂസ്ഫുട്ട്' എന്നാണു വിളിക്കുന്നത്. ഇലയ്ക്കു താറാവിന്റെ പാദത്തോടു സാമ്യം ഉണ്ട്. വടക്കെഅമേരിക്കയിലും യുറേഷ്യയിലും കണ്ടുവരുന്നു.

സാധാരണ കണ്ടുവരുന്ന സ്പീഷീസിന്റെ ശാസ്ത്രനാമം: *കിനപ്പോഡിയം ആൽബം (Chenopodium album)*. 'പിഗ്‌വീഡ്, 'ലാംബ്സ് ക്വാർട്ടേഴ്സ്' എന്നെല്ലാം പേരുണ്ട്. മൂന്നു മീറ്ററോളം പൊക്കം വയ്ക്കും. തളിരില പച്ചക്കറിയായി ഉപയോഗിക്കുന്നു.

കിനപ്പോഡിയം ആംബ്രോസിയോയിഡ്സ് (Chenopodium ambrosioides) എന്നു ശാസ്ത്രനാമമുള്ള ചെടിയുടെ വിത്തിൽ നിന്ന് എടുക്കുന്ന എണ്ണ കൃമിനാശിനിയാണ്.

ചി-നാൻ

ചൈനയിലെ ഷാൻതുങ് പ്രവിശ്യയുടെ തലസ്ഥാനം. ഇത് ഒരു സൈനികജില്ലയുടെ കേന്ദ്രസ്ഥാനം കൂടിയാണ്. തൈഷാൻ മലനിരയുടെ അടിവാരത്തിലാണു ചി-നാൻ. ഹുവാങ്ഹോ നദിയുടെ തെക്കെക്കരയിലുള്ള ഈ പ്രദേശത്തു ധാരാളം നീരുറവകളുണ്ട്. ബി.സി. എട്ടാംനൂറ്റാണ്ടുമുതൽതന്നെ ഇവിടെ ഒരു നഗരം ഉണ്ടായിരുന്നു. ചി നദിയുടെ ദക്ഷിണതീരം എന്നാണു 'ചി-നാൻ' എന്നതിന്റെ അർഥം.

1852-ൽ ആണു നഗരത്തിന്റെ വളർച്ച ദ്രുതഗതിയിൽ ആയത്. 1852-ൽ ഹുവാങ്ഹോയുടെ ഗതിമാറി അതു ചിനദിയുടെ പഴയമാർഗത്തിലൂടെ ഒഴുകിത്തുടങ്ങി. ഇതു ഗതാഗതസൗകര്യം വർധിപ്പിച്ചു. റെയിൽവേയുടെ നിർമാണത്തിന്റെ ഫലമായി 1904-ൽ ഗതാഗതസൗകര്യം വീണ്ടും വർധിച്ചു. കാർഷികോത്പന്നവിപണനകേന്ദ്രം എന്നനിലയിൽ ഇന്നു നഗരത്തിന്റെ പ്രാധാന്യം വളരെ കൂടിയിരിക്കുന്നു. ജപ്പാൻ ഒന്നാം ലോകയുദ്ധാനന്തരം ഇവിടെ ഒരു കോളനി സ്ഥാപിച്ചു. 1928-ൽ കൂമിന്താങ് സേനയുമായി ജപ്പാൻ ഇവിടെ വച്ച് ഏറ്റുമുട്ടി. 'സിനാൻ സംഭവം' എന്ന പേരിൽ പ്രസിദ്ധമാണ് ഈ ഏറ്റുമുട്ടൽ. 1937-45 കാലത്ത് ഈ പ്രദേശം ജപ്പാന്റെ കീഴിലായി. ഇവിടെ വലിയൊരു വെടിമരുന്നു സംഭരണശാല ഉണ്ടായിരുന്നു. 1948-ൽ കമ്യൂണിസ്റ്റുസേന ഈ പ്രദേശം കൈവശപ്പെടുത്തി. ഷാൻതുങ്ങിലെ ഏറ്റവും വലിയ സാംസ്കാരികകേന്ദ്രം ആണ് ഇന്ന് ഇവിടം. ജനസംഖ്യ: 13,20,000 (1983).

ചിനാബ്

പഞ്ചാബിൽ സിന്ധുനദിയുടെ കിഴക്കെക്കരയിലുള്ള 5 പ്രധാന പോഷകനദികളിൽ ഒന്ന്. ഹിമാലയ പർവതത്തിൽ 4,191 മീറ്റർ പൊക്കത്തിൽ കാൻഗ്രാപ്രദേശത്തുനിന്നുദ്ഭവിക്കുന്ന ചന്ദ്രനദിയും ഭാഗനദിയും കടൽനിരപ്പിൽനിന്നു 2,286 മീറ്റർ പൊക്കമുള്ള തന്തിയിൽ സമ്മേളിക്കുന്നു. ഇതു പിന്നീട് ചന്ദ്ര-ഭാഗ അഥവാ ചിനാബ് ആയിത്തീർന്നു. സംഗമത്തിൽനിന്നു വടക്കുപടിഞ്ഞാറോട്ട് ഹിമാചൽ പ്രദേശിൽക്കൂടി ഒഴുകി ധർവാസിനു സ്വല്പം തെക്കുവച്ച് കശ്മീരിൽ പ്രവേശിക്കുന്നു. 604 കി.മീ. ഒഴുകി പാകിസ്താനിൽ പ്രവേശിച്ച് സിയാൽക്കോട്ട് ജില്ലയിൽക്കൂടി രാംനഗർവഴി തെക്കുപടിഞ്ഞാറോട്ടൊഴുകുന്നു. ട്രിമ്മുവിൽവച്ച് ചിനാബും ഝലംനദിയുംകൂടി യോജിക്കുന്നു. സംഗമസ്ഥാനത്തുനിന്നു വീണ്ടും തെക്കുപടിഞ്ഞാറോട്ടുള്ള ഗതിയിൽ സാരായ്സിധുവിനു സമീപം റാവിനദിയുമായി സമ്മേളിക്കുന്നു. രാജ്ഘട്ട്, ഖാൻഗാർ, സഹർസുൽട്ടാൻ എന്നീ ചെറുപട്ടണങ്ങൾ കടന്ന് ജലാൽപ്പൂരിനു തെക്കുപടിഞ്ഞാറുള്ള മാഡ്‌വാലയിൽവച്ച് സത്‌ലെജ് നദിയും ചിനാബുംകൂടി ചേരുന്നു. ഈ പ്രധാന സംഗമത്തിനുശേഷം പഞ്ചനദി എന്ന പേരിൽ ഈ വലിയ നദി ഒഴുകി രാജൻപൂരിനു കിഴക്കുവച്ചു സിന്ധുനദിയിൽ പതിക്കുന്നു.

ഉദ്ഭവസ്ഥാനത്തുനിന്ന് സത്‌ലെജ് നദിയുമായി സമ്മേളിക്കുന്നതുവരെയുള്ള ചിനാബ്നദിയുടെ നീളം 1,040 കി. മീറ്റർ ആണ്. പാകിസ്താനിൽ പ്രവേശിച്ചശേഷം നദിക്കു സാമാന്യം വീതിയുണ്ട്. ചെറിയ ദ്വീപുകൾ അവിടവിടെയായി, വിശേഷിച്ചും ഝലവും റാവിയും ചേർന്നശേഷം ഈ നദിയിൽ ഉണ്ട്. കപ്പൽ ഗതാഗതയോഗ്യമല്ല ചിനാബ്. കൃഷിക്കു നദീജലം വിതരണംചെയ്യുന്നതിനു പാകിസ്താൻ പഞ്ചാബിൽ ധാരാളം തോടുകൾ ഉണ്ട്. അപ്പർ ചിനാബ്തോടും ലോവർചിനാബ്തോടും അവയുടെ കൈവഴികളും ഇവയിൽ പ്രധാനമാണ്.

ചി—നി

ചൈനീസ് ഇതിഹാസങ്ങളിൽ ലോകത്തിന്റെ മുഴുവൻ ആധിപത്യം വഹിക്കുന്ന ദേവന്റെ പുത്രി. തന്റെ പിതാവിനു വേണ്ട ആഡംബരവസ്തുക്കൾ തുന്നുന്നതിലാണത്രെ ഇവൾ എപ്പോഴും വ്യാപൃതയായിരുന്നത്. ഇവളിൽ കരുണതോന്നി പിതാവു മകളെ സ്വർഗത്തിലെ ആട്ടിടയനു വിവാഹംചെയ്തു കൊടുത്തു. പക്ഷേ, വിവാഹത്തിനു ശേഷം ദമ്പതികൾ കർത്തവ്യങ്ങളെല്ലാം മറന്ന് എപ്പോഴും പ്രേമലീലകളിലേർപ്പെട്ടു കഴിഞ്ഞതിനാൽ കുപിതനായ പിതാവു ഇവരെ രണ്ടാളെയും സ്വർഗത്തിലെ നദിയുടെ ഇരുവശങ്ങളിലുമാക്കി വേർപെടുത്തിക്കളഞ്ഞു. ആണ്ടിൽ ഒരുതവണ മാത്രമേ അടുത്തു ചെല്ലാൻ ഇവർക്ക് അനുവാദമുള്ളു.

ഈ ഐതിഹ്യം ചൈനയിൽ സാർവത്രികപ്രചാരമുള്ള ഒന്നാണ്. ഇതിനെ ആസ്പദമാക്കി അനവധി കഥകളും കവിതകളും ചൈനയിൽ രൂപം കൊണ്ടിട്ടുണ്ട്.

ചിനി

ഹിമാചലപ്രദേശിലെ ഒരു സ്ഥലം. ഇതിനു സമുദ്രനിരപ്പിൽനിന്നു 3000 മീറ്റർ ഉയരുമുണ്ട്. കിന്നർദേശ് എന്നും പറയും. ഇവിടെ മഞ്ഞുമൂടിയ ധാരാളം കൊടുമുടികളുണ്ട്. വേട്ടമൃഗങ്ങളുള്ള കാടുകൾ സുലഭമാണ്. ഇവിടെയുള്ള ബുദ്ധദേവാലയത്തിൽ പ്രാർഥനാചക്രം കറക്കിക്കൊണ്ട് എത്തുന്ന ബുദ്ധസന്യാസിമാരുടെ എണ്ണം ആയിരക്കണക്കിലാണ്. 'കിന്നരകൈലാസ'ദർശനത്തിനു എത്തുന്ന

ഹിന്ദുതീർഥാടകരും വളരെ ഉണ്ട്. കമ്പിളിയും ഉണക്കിയ കായ്കളുമാണു ഇവിടുത്തെ മുഖ്യ വിൽപനവസ്തുക്കൾ.

ചിനോയ്സെറി (Chinoiserie)

ഗൃഹാന്തർഭാഗസംവിധാനം, ഗൃഹോപകരണനിർമാണം, കളിമൺപാത്രനിർമാണം, വസ്ത്രനിർമാണം, ഉദ്യാനസംവിധാനം എന്നിവയിൽ 17, 18 നൂറ്റാണ്ടുകളിൽ പാശ്ചാത്യർ അനുകരിച്ച ചൈനീസ് ശൈലീവിശേഷം. ചൈനയിൽനിന്ന് ഇറക്കുമതിചെയ്ത കാബിനെറ്റ് കളിമൺപാത്രങ്ങൾ, തുന്നിയ വസ്ത്രങ്ങൾ എന്നിവയിലെ ശില്പകലയെ 17-ാംനൂറ്റാണ്ടിൻെറ പ്രാരംഭദശകങ്ങളിൽ ഇംഗ്ലീഷ്-ഇറ്റാലിയൻ കൈവേലക്കാർ അനുകരിക്കാൻ തുടങ്ങി. ലൂയി 14-ാമനുവേണ്ടി വെഴ്സയിൽസിൽ നിർമിച്ച കൊട്ടാരത്തിലാണു ഫ്രാൻസിൽ ആദ്യം ഗൃഹാന്തർഭാഗാലങ്കരണത്തിന് ഈ രീതി ഉപയോഗിച്ചത്. 19-ാംനൂറ്റാണ്ടിൽ ക്രമേണ ഈ രീതി അപ്രത്യക്ഷമായി.


ചിനോയ്സെറി (വിക്ടോറിയ ആൻഡ് ആൽബർട്ട് മ്യൂസിയം, ലണ്ടൻ)

ചിന്ത

ആന്തരമോ ബാഹ്യമോ ആയ ചോദനങ്ങളുടെ ഫലമായുള്ള പ്രതീകാത്മകമായ മസ്തിഷ്കപ്രതികരണം. ബാഹ്യവും ആന്തരവുമായ ചോദനങ്ങളുടെ തീക്ഷ്ണത അനുസരിച്ചു ചിന്ത യുക്തിയുക്തമോ ഭാവനാത്മകമോ ആകാം. സാധാരണഗതിയിൽ രണ്ടും കലർന്നു വരുന്നു.

വസ്തുനിഷ്ഠചിന്തനം (realistic thinking). ജ്ഞാനശകലങ്ങളെ സമാഹരിച്ചു ക്രമപ്പെടുത്തി ഒരു ബിന്ദുവിൽ സമന്വയിപ്പിച്ച് തീരുമാനങ്ങൾ എടുക്കുകയും വിവേചനം നടത്തുകയും പരിഹാരങ്ങൾ കണ്ടെത്തുകയും മറ്റും ചെയ്യുന്നതാണ് ഈ ചിന്തന പ്രക്രിയ നിർമാണാത്മകമായ ഏതു പ്രവൃത്തിയോടും ബന്ധപ്പെട്ടു കാണുന്നതും കാണേണ്ടതുമാണു വസ്തുനിഷ്ഠചിന്തനം.

ഭാവനാത്മകചിന്തനം (autistic thinking). ആന്തരിക ചോദനങ്ങളുടെ തീക്ഷ്ണതയും ആധിക്യവും ബാഹ്യചോദനങ്ങളുടെ അല്പമാത്രമായ അവസ്ഥിതിയുമാണു ഭാവാത്മകചിന്തനത്തിൻെറ പിന്നിലുള്ളത്. സഞ്ചിതസംസ്കാരം ഉണർത്തുന്ന പൂർവസ്മൃതികളുടെ സ്വാധീനമാണു ഭാവാത്മകചിന്തനത്തെ നിയന്ത്രിക്കുന്നത്. ഇതിൽ പരിസരബോധം നഷ്ടമാകുന്നു. ഇന്ദ്രിയങ്ങൾ പ്രവർത്തിക്കുന്നില്ലെങ്കിലും മനസ്സിൽ ഐന്ദ്രിയബിംബങ്ങൾ രൂപംകൊള്ളും. പൂർണമായ പരിസരവിസ്മൃതി മാനസികചിത്രങ്ങൾക്കു നിറവും മിഴിവും നല്കുന്നു. ഉറക്കത്തിൽ ഉണ്ടാകുന്ന സ്വപ്നവും മാദകദ്രവ്യം സൃഷ്ടിക്കുന്ന മതിഭ്രമവും ഭാവനാത്മകചിന്തനയുടെ വകഭേദമായി ഗണിക്കാം.

ചിന്തയെ സംബന്ധിച്ച സിദ്ധാന്തങ്ങൾ വസ്തുനിഷ്ഠചിന്തനത്തെ ആണു കണക്കിൽ എടുക്കുന്നത്. ചിന്തയുടെ മൗലികഘടകങ്ങളും അവയുടെ പുരോഗതിയുമാണു സിദ്ധാന്തങ്ങളുടെ ആധാരം. ചിന്ത സംഘടിപ്പിക്കുന്ന മൗലിക ഘടകങ്ങൾ ദുർബല നാഡീസ്പന്ദങ്ങളാണ് എന്ന് ഒരു മതമുണ്ട്. സ്പന്ദങ്ങൾ ശക്തമാണെങ്കിൽ അവ മാംസപേശികളെ പ്രവർത്തിപ്പിക്കും. ചിന്ത ശരീരത്തിലെങ്ങുമുള്ള മാംസപേശികളെ പ്രവർത്തനോന്മുഖമാക്കുന്നു. ജെസ്റ്റാൾട്ട് സൈദ്ധാന്തികരുടെ മതത്തിൽ ചിന്ത പെരുമാറ്റരൂപങ്ങൾ സൃഷ്ടിക്കുന്നു. വിജ്ഞാനശകലങ്ങളുടെ വിവിധരീതിയിലുള്ള കൂട്ടിക്കലർത്തലും ക്രമപ്പെടുത്തലും കമ്പ്യൂട്ടറുകളുടെ പ്രവർത്തനം നിരീക്ഷിച്ചതിൻെറ ഫലമായുണ്ടായ നൂതനമതം സമന്വയിപ്പിക്കലും ആണ് ചിന്ത

വ്യവഹാരവാദികളുടെ (**behaviourists**) മതത്തിൽ ചിന്താജ്ഞാനശകലങ്ങളെ കൂട്ടിച്ചേർക്കലാണ്. സാദൃശ്യവും പൗർവാപര്യ(നികടത്വ)വുമാണു കൂട്ടിച്ചേർക്കലിനു പ്രേരകം. വ്യത്യസ്താനുഭവങ്ങളുടെ പൊരുത്തപ്പെടുത്തലാണു ചിന്ത എന്നും ജെസ്റ്റാൾട്ടു സൈദ്ധാന്തികർ വാദിക്കുന്നു. പ്രശ്നങ്ങളുടെ സങ്കീർണതയിൽ ഉൾക്കാഴ്ച നേടി പരിഹാരം കണ്ടെത്തലായും അവർ ചിന്തയെ വ്യാഖ്യാനിച്ചു.

ചോദനങ്ങളുടെ ഇടയിലെ വിടവ് ആണു ചിന്തയ്ക്കു പ്രേരകം എന്നും † ജെസ്റ്റാൾട്ടു മനഃശാസ്ത്രം പറയുന്നു. വിജ്ഞാനശകലങ്ങളെ പരസ്പരം ബന്ധിച്ചു സമന്വയിപ്പിച്ചാലേ പൂർണചിത്രം കിട്ടൂ. അതുവരെ ചിന്തനപ്രക്രിയ തുടരും.

ചിന്ത മനസ്സിൻെറ പ്രവർത്തനം ആണെന്നു പൗരസ്ത്യർ കരുതുന്നു. മനസ്സ് ഉഭയേന്ദ്രിയം ആണ്: കണ്ണ്, കാത് ഇവപോലെ ജ്ഞാനം ഉൾക്കൊള്ളുന്ന ജ്ഞാനേന്ദ്രിയവും കൈ, കാൽ ഇവപോലെ ചിന്തനം എന്ന പ്രവൃത്തി ചെയ്യുന്ന കർമേന്ദ്രിയവും. അന്തഃകരണത്തെ ബുദ്ധി, അഹന്ത, മനസ്സ്, ചിത്തം എന്നു ദാർശനികർ നാലായി വിഭജിക്കുന്നു. തീരുമാനം എടുക്കുന്ന അന്തഃകരണഘടകത്തെ ബുദ്ധി എന്നും 'ഞാൻ കാണുന്നു', 'ഞാൻ എടുക്കുന്നു' എന്നീ തോന്നലുകളിലെ ആത്മബോധഘടകത്തെ അഹന്ത എന്നും ജ്ഞാനശകലങ്ങളെ പരസ്പരം പൊരുത്തപ്പെടുത്തുന്ന അന്തഃകരണഘടകത്തെ മനസ്സ് എന്നും സ്മൃതിക്ക് ആസ്പദമായ അനുഭവത്തിൻെറ 'രേഖപ്പെടുത്തൽ' നടത്തുന്ന ആന്തരഘടകത്തെ ചിത്തം എന്നും അവർ പറയുന്നു. ചിന്തനപ്രക്രിയ നടത്തുന്ന മനസ്സിൻെറ സൃഷ്ടി ആണു ദൃശ്യപ്രപഞ്ചം എന്നാണു സാംഖ്യമതം.

ചിന്താമണി, സി.വൈ.

ലിബറൽപാർട്ടിയുടെ നേതാവും പത്രപ്രവർത്തകനും. കോൺഗ്രസ്സുകാരനായിട്ടാണു രാഷ്ട്രീയപ്രവർത്തനം തുടങ്ങിയത്. മഹാത്മാഗാന്ധിയുടെ നിയമനിഷേധപ്രസ്ഥാനം കോൺഗ്രസ്സിൻെറ പരിപാടിയായി അംഗീകരിച്ചപ്പോൾ കോൺഗ്രസ്സുവിട്ടു. പണ്ഡിറ്റ് മദൻ മോഹൻ മാളവീയ 1909-ൽ ആരംഭിച്ച "ലീഡർ" എന്ന പ്രസിദ്ധീകരണത്തിൻെറ പത്രാധിപരായി. ലിബറൽപാർട്ടിയുടെ മുഖപത്രമായി ഈ പ്രസിദ്ധീകരണം വളർത്തിയതിൽ മുഖ്യപങ്കുവഹിച്ചതു ചിന്താമണിയായിരുന്നു. 'ലീഡർ' ജനശ്രദ്ധയാകർഷിക്കാൻ തുടങ്ങിയതു ചിന്താമണി അതിൻെറ പത്രാധിപരായതിനുശേഷമാണ്. ഗാന്ധിജിയുടെ നിയമനിഷേധപ്രസ്ഥാനത്തെ എതിർത്തുവെങ്കിലും നിസ്സഹകരണ പ്രസ്ഥാനത്തിനു പിന്തുണ നല്കിയിരുന്നു. 'ലീഡർ' എന്ന പത്രത്തിലൂടെ ഈ പ്രസ്ഥാനത്തിനു പ്രചാരവും പിന്തുണയുമുണ്ടാക്കാൻ ഇദ്ദേഹം പ്രവർത്തിച്ചപോലെ മറ്റാരും പ്രവർത്തിച്ചിട്ടില്ലെന്ന് ഗാന്ധിജി തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

ചിന്താവിഷ്ടയായ സീത

മഹാകവി കുമാരനാശാൻ രചിച്ച മലയാളഖണ്ഡകാവ്യം. 192 ശ്ലോകങ്ങളടങ്ങിയ ഈ കാവ്യം 1919-ൽ രചിക്കപ്പെട്ടു. സ്വപുത്രന്മാരായ കുശലവന്മാർ വാല്മീകി മഹർഷിയോടൊത്ത് അയോധ്യയിലേക്കു പോയ ദിവസം സീത ആശ്രമവാടിയിൽ ഏകയായിരുന്നു തൻെറ അനുഭവങ്ങളെപ്പറ്റി ചിന്തിക്കുന്നു. ആ സന്ദർഭത്തിൽ ആ സാധ്വിയുടെ ഹൃദയത്തിൽ പൊന്തിവന്ന വികാരങ്ങളും വിചാരങ്ങളുമാണ് ആശാൻ ഈ കൃതിയിൽ ആവിഷ്കരിച്ചിരിക്കുന്നത്. അടിസ്ഥാനരഹിതമായ അപവാദങ്ങളെ ഭയന്ന്, സുചരിതയായ തന്നെ ഗർഭകാലത്തു വനത്തിൽ തള്ളിയ രാമൻെറ പ്രവൃത്തിയെക്കുറിച്ച് ആശാൻെറ സീത പരുഷമായിത്തന്നെ ചിന്തിക്കുന്നു. വാല്മീകിയുടെ സീതയല്ല ആശാൻെറ സീതയെന്നു നിരൂപകർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആശാൻെറ സീത മനുഷ്യസ്ത്രീയാണ്. സാധ്വിയായ ഒരു സ്ത്രീക്കു ഭർത്താവിൻെറ സ്നേഹശൂന്യമായ പ്രവൃത്തിയെക്കുറിച്ചു തോന്നാവുന്ന ദുഃഖവും നിരാശതയും കോപവുമെല്ലാം ആശാൻെറ സീത പ്രകടിപ്പിക്കുന്നു. ഒടുവിൽ രാമനെക്കുറിച്ച് ഇത്തരം ചിന്തകൾ തൻെറ മനസ്സിലുദിച്ചല്ലോ എന്നോർത്തു സ്വയം ദുഃഖിക്കുകയും ചെയ്യുന്നു. ലളിതവും സുന്ദരവുമാണു കാവ്യശൈലി. മനുഷ്യമനസ്സിൻെറ സൂക്ഷ്മവ്യാപാരങ്ങളെക്കുറിച്ചു കവിക്കുള്ള ബോധവും ഈ കൃതിയിൽ വെട്ടിത്തിളങ്ങുന്നു.

ചിന്നകിൽ

മീലിയേസി കുലത്തിൽപ്പെട്ട മരം. ശാസ്ത്രനാമം : *അഗ്ലേയ അനമല്ലയാന (Aglaia anamallayana).* നിത്യഹരിതവനങ്ങളിൽ കണ്ടുവരുന്നു.

ഇലകൾ ഏകാന്തരന്യാസത്തിലാണ്. 20 സെൻറീമീറ്ററോളം നീളം

വയ്ക്കും. മാർച്ച്-ഏപ്രിലിൽ പൂക്കുന്നു. ഏകലിംഗപുഷ്പങ്ങളും ദ്വിലിംഗപുഷ്പങ്ങളും ഒരേ മരത്തിൽ ഉണ്ടാകുന്നു. ബാഹ്യദളവും ദളവും അഞ്ചുവീതം. കേസരം പത്ത്. അണ്ഡാശയം ഊർധ്വവർത്തിയാണ്. ജൂലായിൽ കായ് വിളയും. കായ്ക്ക് രണ്ടു സെൻറീമീറ്ററോളം നീളം ഉണ്ട്.

തടിക്കു മഞ്ഞ കലർന്ന തവിട്ടുനിറമാണ്. തൂണ്, വിളക്കുകാൽ എന്നിവ നിർമിക്കാൻ തടി ഉപയോഗിക്കുന്നു.

ചിന്നക്കുട്ടുറുവൻ (Small green barbet)

കാപ്പിറ്റോണിഡെ കുലത്തിൽപ്പെടുന്ന പക്ഷി. *മെഗാലയ്മാ വിരിഡിസ് (Megalaima viridis).* മൈനയുടെ വലിപ്പവും നല്ലപച്ച നിറവും ഉള്ള ഇത് എപ്പോഴും വൃക്ഷത്തിൽവസിക്കുന്നു. ഉച്ചത്തിൽ ശബ്ദമുണ്ടാക്കാറുണ്ട്. 'കുർ — കൊട്ടൂർ —' എന്ന ഈ ശബ്ദം ജനുവരി — ജൂൺ മാസങ്ങളിലാണു കൂടുതലായി കേൾക്കുന്നത്. രാവിലെ മുതൽ വൈകുന്നേരം വരെ ഈ ശബ്ദം കേൾക്കാം.


ചിന്നക്കുട്ടുറുവൻ

തലയും കഴുത്തും മുഖവും ഏതാണ്ടു തവിട്ടുനിറം. കണ്ണിനു പിന്നിലും മുകളിലും താഴെയും വെളുത്തപട്ടകൾ ഉണ്ട്. തടിച്ച കൊക്ക്, കുറിയ വാല്, തടിച്ചുരുണ്ട തല ഇവ പ്രത്യേകതകളാണ്.

മരങ്ങളിലും മറ്റും കൂടുണ്ടാക്കുന്നു. ഡിസംബർ മുതൽ ജൂൺ വരെയാണു പ്രജനനകാലം. മരക്കൊമ്പുകൾ തുളച്ചുണ്ടാക്കുന്ന പോടുകളിൽ മുട്ടയിടുന്നു.

ചിന്നക്കൊക്ക് (Little green heron)

കേരളത്തിലെ ഒരു പക്ഷി. ശാസ്ത്രനാമം: *ബ്യൂട്ടോറൈഡ്സ് സ്ട്രയാറ്റസ് (Butorides striatus).* ഞാറപ്പക്ഷികളുടെ ഇനമാണിത്. കേരളത്തിൽ എല്ലായിടത്തുമുണ്ട്. ജലാശയങ്ങളുടെ വക്കിൽ നിശ്ശബ്ദമായി ഇരുന്ന് ഇരയെ പിടിക്കും. പറക്കുമ്പോൾ ശബ്ദിക്കും. പച്ചത്തേപ്പുള്ള കരിമ്പിച്ച ചാരനിറമാണ് ഇതിനു പൊതുവെയുള്ളത്. കണ്ണിനു മീതെ തലമുഴുവനും കറുപ്പ്. ചിറകുകളിലെ നേരിയ പച്ചവര സൂക്ഷിച്ചു നോക്കിയാലേ കാണൂ. കഴുത്തു നീട്ടുന്നത് ഇരപിടിക്കാനും തൂവൽ വൃത്തിയാക്കാനും മാത്രമാണ്. മറ്റു സമയത്തു കഴുത്തു ചുമലിൽ അമർത്തിവച്ച് ഇരിക്കുന്നു. ഒറ്റയ്ക്കാണ് ഇതിൻെറ സഞ്ചാരവും ഇരതേടലും. മാർച്ച്-ഏപ്രിൽ മാസങ്ങളാണു പ്രജനനകാലം. ചുള്ളികൾകൊണ്ടു കൂടുണ്ടാക്കുന്നു.


ചിന്നക്കൊക്ക്

ചിന്നച്ചിലപ്പൻ (White throated babbler)

ഒരിനം ചിലപ്പൻകിളി. ശാസ്ത്രനാമം: *ഡുമേഷ്യ ഹൈപ്പറീത്ര (Dumetia hyperythra).* റ്റിമാലിനെ കുലത്തിൽപ്പെടുന്നു. കരിയിലക്കിളിയുടെ ആകൃതിതന്നെ. കടുത്തതും ചെമ്പിച്ചതും ആയ തവിട്ടുനിറം. താടിയും തൊണ്ടയും അടിവയറിൻെറ നടുഭാഗവും മാത്രം വെള്ളനിറം. പത്തും പന്ത്രണ്ടും ചേർന്നു പൊന്തകളിലും നിലത്തും ഇരതേടും. മലമ്പ്രദേശങ്ങളിലും തേയിലത്തോട്ടങ്ങളിലും മറ്റും ഇവ ധാരാളമുണ്ട്. കൂട്ടം കൂട്ടമായി പറക്കുന്നു.

ചിന്നമുണ്ടി (Little egret)

ഒരിനം കൊക്ക്. ശാസ്ത്രനാമം: *എഗ്രെറ്റ ഗാർസെറ്റ (Egretta garzetta).* കേരളത്തിൽ ഏറ്റവും കൂടുതലുള്ള കൊറ്റിയാണു ഇത്. ജലാശയങ്ങളുടെയും പാടങ്ങളുടെയും തോടുകളുടെയും സമീപസ്ഥലങ്ങളിൽ കണ്ടുവരുന്നു. തീരദേശത്തും കുട്ടനാടൻ പാടങ്ങളിലും എല്ലാക്കാലത്തും കാണാം. ചെറിയ കൂട്ടങ്ങളായി സഞ്ചരിക്കുന്നു. ചാരമുണ്ടി ഒരേ സ്ഥലത്തു നിന്നുകൊണ്ട് ഇരപിടിക്കുമ്പോൾ ചിന്നമുണ്ടി നടന്നു ഇരപിടിക്കുന്നു. മീനാണു പ്രധാനഭക്ഷണം. പ്രജനനകാലം അടുക്കുമ്പോൾ അലങ്കാരതൂവൽ മാറത്തും പുറത്തും മുളയ്ക്കും. കൊക്കിനും കാലിനും കറുത്തനിറം.


ചിന്നമുണ്ടി

ചിന്മയാനന്ദസ്വാമി (1915—)

ഗീതാജ്ഞാനയജ്ഞപരിപാടികളിലൂടെ വേദാന്തതത്ത്വം പ്രചരിപ്പിക്കുന്നതിൽ നിഷ്ണാതനായ കേരളീയസന്യാസി. ആധ്യാത്മികസിദ്ധാന്തങ്ങളെ ആധുനികശാസ്ത്രത്തിൻെറ വെളിച്ചത്തിൽ വ്യാഖ്യാനിച്ചു പ്രഭാഷണങ്ങൾ നടത്തുകയും വ്യാഖ്യാനങ്ങൾ രചിക്കുകയും ചെയ്തു പ്രശസ്തനായി. ഇദ്ദേഹത്തിൻെറ അനുയായികൾ 1954-ൽ മദിരാശയിൽ ആരംഭിച്ച 'ചിന്മയാമിഷൻ' ക്രമേണ ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ വ്യാപിച്ചു.

1915 ഫെബ്രുവരി 11-നു തൃശൂരിൽ ജനിച്ചു. അച്ഛൻ തൃശൂർ വടക്കേക്കുറുപ്പത്തു കുട്ടൻമേനോൻ, അമ്മ എറണാകുളത്തു പൂതാമ്പള്ളി മങ്കുഅമ്മ. ബാലകൃഷ്ണമേനോൻ എന്നാണ് യഥാർഥ നാമം. എറണാകുളത്തും ലഖ്നൗവിലും പഠിച്ചു ബി.എ.യും എൽ.എൽ. ബി. യും ജയിച്ചു. ബോംബെയിൽ അല്പകാലം പത്രപ്രവർത്തകനായിരുന്നു. സ്വാതന്ത്ര്യസമരത്തിൽ പങ്കുകൊണ്ടു ജയിൽശിക്ഷ

അനുഭവിച്ചു. പിന്നീട് സ്വാമി ശിവാനന്ദസരസ്വതിയുടെ ഗ്രന്ഥങ്ങളിൽ ആമഗ്നനാവുകയും ഹൃഷീകേശത്തേക്കുപോയി സ്വാമികളുടെ ശിഷ്യനാവുകയുംചെയ്തു. 26-ാം വയസ്സിൽ സന്യാസിയായി ചിന്മയാനന്ദൻ എന്ന പേർ സ്വീകരിച്ചു. പത്തുകൊല്ലം ഹിമാലയത്തിൽ സ്വാധ്യായനിരതനായും തപോവനസ്വാമികളുടെ ശിഷ്യനായും വേദോപനിഷത്തുകൾ പഠിച്ചു. പിന്നീട് അദ്വൈതതത്ത്വപ്രചാരണത്തിനായി ആയിരക്കണക്കിനാളുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഗീതാജ്ഞാനയജ്ഞങ്ങൾ ആരംഭിച്ചു. ലോകത്തിൻെറ വിവിധഭാഗങ്ങളിൽ പര്യടനം നടത്തി. പല ഉപനിഷത്തുകൾക്കും ശങ്കരാചാര്യരുടെ കൃതികൾക്കും ഇംഗ്ലീഷിൽ പഠനങ്ങളും വ്യാഖ്യാനങ്ങളും എഴുതി. ഏറ്റവും പ്രധാനം ആദ്യം നാലു വാല്യമായും പിന്നീടു ഒറ്റവാല്യമായും പ്രസിദ്ധപ്പെടുത്തിയ ഭഗവദ്ഗീതാപഠനമാണ്. ചിന്മയാമിഷൻെറ ആഭിമുഖ്യത്തിൽ കേരളത്തിനകത്തും പുറത്തുമായി അനേകം സ്ഥാപനങ്ങളുണ്ട്. അവയിൽ ഭൂരിഭാഗവും വിദ്യാലയങ്ങളാണ്. വേദാന്തതത്ത്വപ്രചാരണത്തിനു ഉത്തമയോഗ്യത നേടത്തക്കവിധം യുവാക്കന്മാരെ പരിശീലിപ്പിക്കുന്നതിനുവേണ്ടി ബോംബെ നഗരത്തിൽനിന്ന് അല്പം അകലെയായി 'സാന്ദീപനി' സാധനാലയം എന്ന പേരിൽ ഒരു സ്ഥാപനം ചിന്മയാനന്ദൻെറ നേതൃത്വത്തിൽ നടത്തുന്നുണ്ട്. അടുത്തകാലത്തായി ഉത്തരപ്രദേശിൽ മറ്റൊരു സ്ഥാപനവും ആരംഭിച്ചിട്ടുണ്ട്. ഇംഗ്ലീഷിൽ 'തപോവനപ്രസാദ്' എന്ന പേരിൽ ആനുകാലിക പ്രസിദ്ധീകരണം നടത്തുന്നുണ്ട്.

ചിൻ

ഇന്ത്യയെ ബർമയിൽനിന്നു വേർതിരിക്കുന്ന ഗിരിനിരയുടെ തെക്കുഭാഗത്തു കാണുന്ന മംഗോളിയൻ ആദിവാസിവർഗസമൂഹം. 17, 19 നൂറ്റാണ്ടുകളിൽ കലഹങ്ങളുടെ ഒരു പരമ്പരതന്നെ അവർക്കു നേരിടേണ്ടിവന്നു. 1889-ൽ ബ്രിട്ടീഷുകാർ അവിടെ കടന്നുചെന്നു സ്ഥലം കൈവശപ്പെടുത്തിയതു പരസ്പരകലഹത്തിനു വിരാമമിട്ടു.

ചിൻവംശക്കാരുടെ ഗ്രാമങ്ങൾ സ്വയം പര്യാപ്തമായിരുന്നു. മൂപ്പന്മാരോ കാരണവന്മാരുടെ സമിതികളോ ആണു ഗ്രാമം ഭരിച്ചിരുന്നത്. കർഷകരിൽനിന്നു കരം പിരിക്കയും വിപുലമായ പ്രദേശത്ത് അധികാരം സ്ഥാപിക്കുകയും ചെയ്ത ചില പരമ്പരാഗതഭരണാധികാരികളും ഇവരുടെ ഇടയിൽ ഉണ്ടായിരുന്നു. കർഷകരാണു ചിൻഗോത്രജർ എല്ലാം. നെല്ല്, ചോളം, ചാമ ഇവയാണു മുഖ്യവിളകൾ. ഇറച്ചിക്കുവേണ്ടി വളർത്തിയ മൃഗങ്ങൾ തന്നെ ഉഴാനും സഹായിക്കുന്നു. പരേതാത്മാക്കളിലും ദേവതമാരിലും ഇവർക്കു വിശ്വാസം ഉണ്ടായിരുന്നു.

ചിൻചില്ല

കരളുന്ന ഒരിനം ജീവി. കാഴ്ചയിൽ അണ്ണാനോടു സാമ്യമുണ്ട്. തെക്കെ അമേരിക്കയിൽ കണ്ടുവരുന്നു. 35 സെൻറീമീറ്ററോളം നീളമുണ്ട്. ചിൻചില്ലിഡെ കുലത്തിൽപ്പെടുന്നു.



ചിൻചില്ല

രണ്ടു സ്പീഷീസുണ്ട്. വാലിനു നീളം കൂടിയതും കുറഞ്ഞതും. ശാസ്ത്രനാമം യഥാക്രമം *ചിൻചില്ല ലാനിഗർ (Chinchilla laniger), ചിൻചില്ല ബ്രവികോഡേറ്റ (Chinchilla brevicaudata).*

നീളം കൂടിയ ചെവിയും രോമാവൃതമായ വാലും പ്രത്യേകതയാണ്. മാളങ്ങളിൽ വസിക്കുന്നു. വിത്ത്, പഴങ്ങൾ എന്നിവയാണ് ആഹാരം.

ഗർഭകാലം ഏകദേശം 110 ദിവസം. ഒരു തവണ രണ്ടു കുഞ്ഞ് ഉണ്ടാകും. രോമത്തിനു വേണ്ടി വേട്ടയാടുന്നതിനാൽ വംശം നശിച്ചുകൊണ്ടിരിക്കുന്നു.

ചിപ്കോപ്രസ്ഥാനം

വനനശീകരണത്തെ എതിർക്കുന്ന പ്രകൃതിസ്നേഹികളുടെ പ്രസ്ഥാനം. ചിപ്കോ എന്നതിനു പറ്റിപ്പിടിക്കുക എന്നർഥം. മരം വെട്ടുന്നവരെ തടയാൻ മരത്തോടു ചേർന്നു നില്ക്കയാണു വൃക്ഷസ്നേഹികൾ സ്വീകരിക്കുന്ന മാർഗം. സുന്ദർലാൽ ബഹുഗുണ ആണു മുൻകയ്യെടുത്ത് ഈ പ്രസ്ഥാനത്തെ പുരോഗമിപ്പിക്കുന്ന ഹിമാലയപ്രാന്തവാസിയായ നേതാവ്. അനേകം സ്ത്രീകൾ ഹിമാലയൻ സാനുക്കളിൽ മരത്തോട് ഒട്ടിനിന്നു മഴു ഏന്തിയ മരം വെട്ടുകാരെ പിൻതിരിപ്പിച്ചിട്ടുണ്ട്.

ഭാരതത്തിലെ പ്രാചീന മഹർഷിമാർ ആശ്രമങ്ങളിൽ വൃക്ഷത്തൈകൾ നട്ടുനനച്ചുവളർത്തിയിരുന്നു. കാളിദാസൻ അഭിജ്ഞാനശാകുന്തളത്തിലും രഘുവംശത്തിലും മുനികന്യകമാർ മരത്തൈകൾ നനയ്ക്കുന്ന കാര്യം സൂചിപ്പിക്കുന്നുണ്ട്. വൃക്ഷങ്ങളുടെ രോഗചികിത്സയ്ക്കുവേണ്ടി 'വൃക്ഷായുർവേദം' അവർ ആവിഷ്കരിച്ചിരുന്നു.

രാജസ്ഥാനിലെ 'ബിഷ്ണോയി'കൾ 1604-മാണ്ടു മുതൽ മരം വെട്ടുന്നതിനെതിരെ പ്രതിഷേധിച്ചിരുന്നതായി അറിയാം. 1820-ൽ മരം വെട്ടുന്നതിനെതിരെ മരം കെട്ടിപ്പിടിച്ചുനിന്നു 363 ബിഷ്ണോയികൾ



ചിപ്കോ: സെൻറർ ഫോർ സയൻസ് & എൻവയോൺമെൻറ് തയ്യാറാക്കിയ രേഖാചിത്രം

സുന്ദർലാൽ ബഹുഗുണ

വെട്ടുകാരുടെ മഴുവിന് ഇരയായി രക്തസാക്ഷിത്വംവരിച്ചു. ജംബേശ്വർജി സ്ഥാപിച്ച വൈഷ്ണവമതവിഭാഗത്തിൽ പെട്ടവരാണു ബിഷ്ണോയികൾ. ഖേജരി എന്ന മരം ഒരു കാരണവശാലും നശിക്കാതിരിക്കാൻ ഇവർ സവിശേഷം ശ്രദ്ധിക്കുന്നു. 1604-ൽ രാംസാദി ഗ്രാമത്തിലെ (രാജസ്ഥാനിലെ ജോധ്പൂരിൽ) കർമ, ഗോറാൻ എന്നീ സ്ത്രീകൾ മരംവെട്ടു തടയുന്നതിനുള്ള ശ്രമത്തിൽ ആത്മത്യാഗം ചെയ്തു. പിൽഹോജി എന്ന സിദ്ധൻ ഇവരെ വാഴ്ത്തി ഒരു കാവ്യം രചിച്ചിട്ടുണ്ട്.

കുൽഭൂഷൺ ഉപമന്യു, ധൽക്കു റാം, ഭുരു റാം എന്നീ മൂന്നു ചിപ്കോപ്രവർത്തകർ 1988 സെപ്റ്റംബർ 12-ാംതീയതി പൊതുസ്വത്തിന്റെ നാശത്തിനു കാരണക്കാരായി എന്ന പേരിൽ അറസ്റ്റുചെയ്യപ്പെട്ടു. വനത്തിൽ പരമ്പരാഗതവൃക്ഷങ്ങളുടെ സ്ഥാനത്തു യൂക്കാലിപ്റ്റ്സ് വച്ചുപിടിപ്പിക്കുന്നതിനെ എതിർത്ത ഇവർ യൂക്കാലിപ്റ്റ്സ് ചെടികൾ പിഴുതുമാറ്റി വിശാലപത്രവൃക്ഷങ്ങൾ പകരം വച്ചു എന്നതായിരുന്നു ഇവരുടെ 'കുറ്റം'. വനമഹോത്സവത്തിൽ ഇന്നു 'വാണിജ്യവൃക്ഷങ്ങൾ'ക്കു പകരം പരമ്പരാഗതവൃക്ഷങ്ങൾക്കു പ്രോത്സാഹനം നല്കേണ്ടതാണെന്നു വനംവകുപ്പുകാരെക്കൊണ്ട് അംഗീകരിപ്പിക്കാൻ ചിപ്കോപ്രസ്ഥാനക്കാർക്കു കഴിഞ്ഞിട്ടുണ്ട്. പരിസ്ഥിതി സന്തുലനത്തിനു പരമ്പരാഗതവൃക്ഷങ്ങൾ ആണു സഹായകം എന്നു ശാസ്ത്രജ്ഞന്മാർ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. വനനശീകരണത്തിന്റെ ദുഷ്ഫലങ്ങൾ പൊതുജനങ്ങളെയും വനംവകുപ്പുകാരെയും ബോധ്യപ്പെടുത്താൻ കഴിഞ്ഞു എന്നതാണു ചിപ്കോപ്രസ്ഥാനത്തിന്റെ വിലപ്പെട്ട സംഭാവന.

വൈദ്യുതിയുടെ ഉപാദാനത്തിന്റെ പേരിൽ നടന്ന വനനശീകരണം പല അരുവികളും അപ്രത്യക്ഷമാകാൻ കേരളത്തിൽത്തന്നെ കാരണമായിക്കഴിഞ്ഞു. ചിപ്കോപ്രസ്ഥാനത്തെ അനുകൂലിക്കുന്ന സു. ഗതകുമാരിയെപ്പോലുള്ളവരുടെ പ്രചാരണം വനനശീകരണം വരുത്തുന്ന ആപത്തിന്റെ ഗൗരവം പൊതുജനങ്ങളെ മനസ്സിലാക്കാൻ സഹായിച്ചിട്ടുണ്ട്.

ചിപ്പ

ഒരു ജനവർഗം. മലൈയർ, മാൾവർ, ഗുജറാത്തികൾ, ഗോലിയർ, നാമദേവർ, ഖത്രികർ എന്നിങ്ങനെ പല ഉപവിഭാഗങ്ങളുണ്ട്. തുണിത്തരങ്ങൾ ചായം മുക്കുകയും അവയിൽ പ്രരൂപ(design)രചന നടത്തുകയും ആണു ജോലി. ഇവരിൽ ചില വിഭാഗങ്ങൾ പൂണൂൽ ധരിക്കും; നെറ്റിയിൽ വിശേഷരീതിയിലുള്ള കുറിയിടും. തേക്കിൻ തടികൊണ്ടുള്ള കട്ടകളിലാണു പ്രരൂപങ്ങൾ കൊത്തിയുണ്ടാക്കുന്നത്.

ചിപ്ളൂങ്കർ, വിഷ്ണുശാസ്ത്രി (1850-1882)

ആധുനിക മറാഠി ഗദ്യസാഹിത്യകാരന്മാരിൽ പ്രമുഖൻ. ബാലഗംഗാധരതിലകൻ, അഗർക്കർ എന്നിവരുമായിച്ചേർന്ന് കേസരി എന്ന പേരിൽ ആരംഭിച്ച പത്രത്തിൽ ചരിത്രം, സാമൂഹികശാസ്ത്രം, രാഷ്ട്രവിജ്ഞാനം എന്നീ വിഷയങ്ങളെക്കുറിച്ച് ചിപ്ളൂങ്കർ എഴുതിയ ലേഖനങ്ങൾ മറാഠിയിലെ ഗദ്യശാഖയുടെ വികാസത്തിൽ മുഖ്യമായ പങ്കുവഹിച്ചു. അഡിസൻ, സ്റ്റീൽ, ജോൺസൻ, സ്വിഫ്റ്റ്, മെക്കാളേ എന്നിവരുടെ രചനകളാണ് ചിപ്ലൂങ്കർ മാതൃകയാക്കിയിരുന്നത്. ഇന്ത്യയുടെ പൂർവകാലമഹത്വത്തിൽ ഊന്നിക്കൊണ്ടുള്ളവയാണ് ഇദ്ദേഹത്തിന്റെ ലേഖനങ്ങൾ. മറാഠികളുടെ ദേശാഭിമാനത്തെ ഉജ്ജ്വലിപ്പിക്കാൻ ശക്തമായിരുന്നു ഈ ലേഖനങ്ങൾ. 'നിബന്ധമാല' എന്ന പേരിൽ സ്വന്തമായി ഒരു മാസികയും ഇദ്ദേഹം പ്രസിദ്ധീകരിച്ചുപോന്നു.

ചിമ്പൻസി (Chinpanzee)

ഒരിനം ആൾക്കുരങ്ങ്. സാധാരണ കണ്ടുവരുന്ന സ്പീഷീസിന്റെ ശാസ്ത്രനാമം: *പാൻ ട്രോഗ്ലോഡൈറ്റ്സ് (Pan troglodytes).* കോംഗോനദിയുടെ തെക്കേക്കരയിൽ ജീവിക്കുന്ന വലിപ്പം കുറഞ്ഞ ചിമ്പൻസിയെ പിഗ്മി എന്നു വിളിക്കുന്നു. ശാസ്ത്രനാമം: *പാൻ പാനിസ്കസ് (Pan paniscus).* രണ്ടും പ്രൈമേറ്റ് ഓർഡറിൽപ്പെടുന്നു. ആഫ്രിക്കയാണു സ്വദേശം.



ചിമ്പൻസി

ബുദ്ധിശക്തിയിലും രക്തഗ്രൂപ്പിലും മനുഷ്യനുമായി കൂടുതൽ സാമ്യമുള്ള കുരങ്ങ് ചിമ്പൻസിയാണ്. ഏകദേശം 130 സെന്റീമീറ്റർ പൊക്കവും 50 കിലോഗ്രാമോളം ഭാരവും ഉണ്ട്. ആറുമുതൽ പത്തുവരെ അംഗങ്ങളുള്ള കൂട്ടമായാണു നടക്കുന്നത്. ഒരു കൂട്ടത്തിൽ ചിലപ്പോൾ ആൺകുരങ്ങു മാത്രമേ ഉണ്ടാകൂ. അല്ലെങ്കിൽ പെൺകുരങ്ങും അതിന്റെ സന്തതികളും അടങ്ങിയതായിരിക്കും.

ചിമ്പൻസിക്കൂട്ടം

വൃക്ഷങ്ങളിലാണു വാസം. അപൂർവമായേ നിലത്തിറങ്ങൂ. കീടങ്ങൾ, സ്തനികൾ, ഫലങ്ങൾ എന്നിവയാണ് ആഹാരം. എല്ലാ ദിവസവും ഉറങ്ങാനായി വൃക്ഷശിഖരങ്ങളിൽ കൂടുകൂട്ടുന്നു. മുൻകാലും പിൻകാലും നിലത്തൂന്നിയും നിവർന്നും നടക്കാറുണ്ട്.

ഗർഭകാലം ഏഴുമാസം. ഒരു തവണ ഒരു കുഞ്ഞിനെ പ്രസവിക്കുന്നു. നവജാതശിശുവിനു ഒന്നര കിലോഗ്രാമോളം ഭാരം കാണും. 12 വർഷം പ്രായമാകുന്നതോടെ സാധാരണ പൊക്കം വയ്ക്കും. 50 വർഷമാണ് കൂടിയ ആയുസ്സ്.

ചിമ്മിനി (Chimney)

കെട്ടിടത്തിനുള്ളിൽനിന്ന് പുക മേലോട്ടു വിടാനുള്ള സംവിധാനം. വീട്, വ്യവസായശാല തുടങ്ങിയവയുടെ ഉള്ളിലുള്ള അടുപ്പുകൾ, അഗ്നികുണ്ഡങ്ങൾ, ചൂളകൾ എന്നിവയിൽനിന്നും ഉദ്ഗമിക്കുന്ന പുക പുറത്തേക്കു പോകാൻവേണ്ടി കെട്ടിടത്തോടു ചേർത്തു സിമൻറ്, കല്ല്, ഇഷ്ടിക, ലോഹം തുടങ്ങിയവകൊണ്ട് ഇതു പണിയുന്നു. പ്രാചീനറോമിലെ കെട്ടിടങ്ങൾക്കു പുകക്കുഴലുകൾ പണിയുന്ന ഏർപ്പാടുണ്ടായിരുന്നെങ്കിലും 12-ാംനൂറ്റാണ്ടുമുതലാണു പാശ്ചാത്യരാജ്യങ്ങളിൽ ഇവ സർവസാധാരണമായിത്തീർന്നത്. തണുപ്പിനെ ചെറുക്കാൻ പ്രത്യേകം അഗ്നികുണ്ഡങ്ങൾ പണിയുന്ന കൊട്ടാരങ്ങളിലും പ്രഭുഗൃഹങ്ങളിലും ഇവ ആദ്യം പ്രചാരത്തിൽ വന്നു.





മുകളിൽ: തടികൊണ്ട് ഉണ്ടാക്കിയ ചിമ്മിനി

ഇടത്ത്: വ്യവസായശാലയിലെ ചിമ്മിനികൾ

ആദ്യകാലങ്ങളിൽ കളിമണ്ണുകൊണ്ടു പൊതിഞ്ഞ മരക്കുഴലുകൾ ഈ ആവശ്യത്തിനു ഉപയോഗിച്ചുവന്നു. എന്നാൽ 15-ാംനൂറ്റാണ്ടായപ്പോഴേക്കും ഗവൺമെൻറ് ഇടപെട്ട് മരക്കുഴലുകൾ നിരോധിച്ചുതുടങ്ങി; അഗ്നിബാധയ്ക്കുള്ള സാധ്യത നിവാരണംചെയ്യുകയായിരുന്നു ഇതിൻെറ ഉദ്ദേശ്യം. അതിനുശേഷമാണ് ഇഷ്ടികകളും കല്ലുകളും ഇതിൻെറ നിർമാണത്തിന് ഉപയോഗിച്ചുതുടങ്ങിയത്. അലങ്കാരശില്പങ്ങളോടുകൂടി ആകർഷകമായവിധത്തിൽ ചിമ്മിനികൾ പണിചെയ്യാൻ തുടങ്ങിയത് 16-ാംനൂറ്റാണ്ടോടുകൂടിയാണ്.

ഈ ചിമ്മിനിക്കുള്ളിൽ വന്നടിയുന്ന പുകയും കരടുകളും നീക്കം ചെയ്യാൻ ചൂലുമായി കുട്ടികളെ ഇവയ്ക്കുള്ളിൽ കടത്തിവിടുന്ന പതിവും മുൻകാലത്തുണ്ടായിരുന്നു. അതിലടങ്ങിയിരിക്കുന്ന അപകടത്തെ പരിഗണിച്ച് കുട്ടികളെ ഈ ആവശ്യത്തിനു ഉപയോഗിക്കുന്ന ഏർപ്പാട് ബ്രിട്ടീഷ് ഗവൺമെൻറ് പിന്നീടു നിരോധിച്ചു (Chimney Sweepers' Act, 1875).

ആധുനികകാലത്തെ പുകക്കുഴലുകൾ ഇഷ്ടികകൊണ്ട് ദീർഘചതുരമായ രീതിയിൽ ഉയർത്തിപ്പണികഴിപ്പിക്കപ്പെടുന്നവയാണ്. ഇവകൊണ്ട് ഉദ്ദേശിക്കുന്ന ഉപയോഗത്തെയും വെളിയിലുള്ള കാഴ്ചയ്ക്കുള്ള ഭംഗിയെയും അടിസ്ഥാനപ്പെടുത്തിയാണ് ഇവയുടെ പൊക്കം നിശ്ചയിക്കപ്പെടാറുള്ളത്.

ഓടുമേഞ്ഞ കെട്ടിടങ്ങൾക്കും മറ്റും അടുക്കളഭാഗത്തു മുകളിൽ പുക പോകാൻതക്കവണ്ണം പുകയോടുകൾ പണിഞ്ഞ് ഉപയോഗിച്ചുവരുന്നു. ഇന്ത്യ തുടങ്ങിയ കിഴക്കൻരാജ്യങ്ങളിൽ ഇവയ്ക്കു നല്ല പ്രചാരമുണ്ട്. അലങ്കാരപ്പകിട്ടുള്ള പുകക്കുഴലുകൾ ഫ്രാൻസ്, ഇറ്റലി തുടങ്ങിയ പാശ്ചാത്യരാജ്യങ്ങളിലെ ദേശീയവാസ്തുശില്പത്തിൻെറ ഭാഗമായിത്തീർന്നിട്ടുണ്ട്.

മണ്ണെണ്ണവിളക്കുകളിലെ ഗ്ലാസ്സുകൊണ്ടുള്ള മൂടിക്കുഴലുകൾക്കും ചിമ്മിനി എന്നു പേർ പറയാറുണ്ട്.

ചിയാങ് കൈ-ഷെക്ക് (1887-1975)

സൈനികനേതാവും ഭരണതന്ത്രജ്ഞനും. 1928-1949 കാലത്തു ചൈനീസ് ദേശീയ ഗവൺമെൻറിൻെറ തലവൻ. പില്കാലത്തു തൈവാൻ ആസ്ഥാനമായി നിലനിന്ന കൂമിന്താങ് ചൈനയുടെ നേതാവ്. 1887 ഒക്റ്റോബർ 31-ന് ചെക്യാങ്പ്രവിശ്യയിലെ ഒരു വണിഗ്വര കുടുംബത്തിൽ ജനിച്ചു. വിദ്യാഭ്യാസാനന്തരം സൈനിക പരിശീലനം നേടി. ഉത്തരചൈനയിലെ പവോതിങ് സൈനിക അക്കാദമിയിലും ജപ്പാനിലും പരിശീലനം നടത്തിയശേഷം 1909-'11 കാലത്ത് ജപ്പാൻ സൈന്യത്തിൽ സേവനം നടത്തി. 1911-ൽ ചൈനീസ് വിപ്ലവം പൊട്ടിപ്പുറപ്പെട്ടപ്പോൾ നാട്ടിൽ തിരിച്ചെത്തി വിപ്ലവത്തിൽ പ്രധാന പങ്കുവഹിച്ചു. രണ്ടാമത്തെ വിപ്ലവം (1913) പരാജയപ്പെട്ടപ്പോൾ ജപ്പാനിലേക്കു മടങ്ങി രണ്ടുകൊല്ലം അവിടെ ചെലവിട്ടു. പിന്നീട് ചൈനയിൽ തിരിച്ചെത്തി മൂന്നാമത്തെ (1915-'16) വിപ്ലവത്തിനു മുൻകയ്യെടുത്തു.

1918-ൽ സൺയാറ്റ്സെൻെറ നേതൃത്വത്തിലുള്ള കൂമിന്താങ്ങിൻെറ വിപ്ലവകക്ഷിയിൽ ചേർന്നു. അന്നു സൈനികോദ്യോഗസ്ഥനായിരുന്നു. 1923-ൽ സോവിയറ്റ് യൂണിയൻ സന്ദർശിച്ചു. 1924-ൽ സൈനികപരിശീലന കേന്ദ്രത്തിൻെറ തലവനായി. 1925-ൽ സൺയാറ്റ്സെൻ മരിച്ചപ്പോൾ കൂമിന്താങ് കക്ഷിയുടെ ഇടതുപക്ഷവും കമ്യൂണിസ്റ്റുകളുമായി ചേർന്നു. ഇക്കാലത്ത് സോവിയറ്റ് പിന്തുണ ലഭിച്ചിരുന്നു. 1926-ൽ വടക്കൻസേനയുടെ അധിപനായി. ക്രമേണ കക്ഷിനേതാക്കളുടെ അധികാരം തകർത്തു കമ്യൂണിസ്റ്റ് കക്ഷിയെ അമർത്താൻ ശ്രമിച്ചു. എങ്കിലും 1927 വരെ കമ്യൂണിസ്റ്റ് ചായ്വും വിട്ടില്ല. 1927-ൽ രക്തരൂഷിതമായ ഒരു ഏറ്റുമുട്ടലിൽ കമ്യൂണിസ്റ്റ് ശക്തികേന്ദ്രം തകർത്തു.

1928-ൽ ദക്ഷിണ ചൈനയിൽ നാങ്കിങ് ആസ്ഥാനമായി സ്ഥാപിച്ച പുതിയ ചൈനീസ് ഗവൺമെൻറിൻെറ തലവനായി. 1931-ൽ ജപ്പാൻെറ ആക്രമണത്തെയും ആഭ്യന്തരരംഗത്തു കമ്യൂണിസ്റ്റുകാരുടെ എതിർപ്പിനെയും നേരിടേണ്ടിവന്നു. 1937-ൽ ജപ്പാനുമായി യുദ്ധത്തിൽ ഏർപ്പെട്ടു. ജപ്പാനെ നാലു വർഷക്കാലം ചൈന ഒറ്റയ്ക്കു നേരിട്ടു. 1941-ൽ രണ്ടാം ലോകയുദ്ധത്തിൻെറ ഭാഗമെന്നനിലയിൽ സഖ്യകക്ഷികൾ സഹായത്തിനെത്തി. പേൾ ഹാർബർ സംഭവത്തിനുശേഷം ചിയാങ് ചൈനയിലെ സംയുക്തസൈന്യത്തിൻെറ സുപ്രീം കമാൻഡർ ആയി. ഇക്കാലത്ത് ചിയാങ് ഇന്ത്യ സന്ദർശിച്ചിട്ടുണ്ട്. 1945-ൽ ജപ്പാൻ കീഴടങ്ങിയതോടെ കമ്യൂണിസ്റ്റുകാരുമായുള്ള ഏറ്റുമുട്ടൽ രൂക്ഷമായി. 1946-ൽ ജനകീയവിപ്ലവം പൂർണരൂപത്തിൽ പൊട്ടിപ്പുറപ്പെട്ടു. 1949-ൽ ചിയാങ്ങിനു ചൈനീസ് വൻകര നഷ്ടപ്പെട്ടു. തുടർന്ന് ചിയാങ് തൈവാനിലേക്കു പോയി. അവിടെ ചൈനീസ് ദേശീയ ഗവൺമെൻറു സ്ഥാപിച്ചു. 1955-ൽ

ഈ മേഖലയുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന കരാർ യു.എസ്സുമായി ഒപ്പുവച്ചു. എങ്കിലും 1972-ൽ യു.എൻ. കമ്യൂണിസ്റ്റ് ചൈനയെ അംഗീകരിച്ചതോടുകൂടി തൈവാൻ ഗവൺമെന്റിന്റെ സ്ഥാനം നഷ്ടപ്പെട്ടു.

1975 ഏപ്രിൽ 5-നു ചിയാങ് അന്തരിച്ചു.

ചിയാങ് ചിങ്കു (1910-)

തൈവാൻ പ്രസിഡന്റ്. ചൈനീസ് നാഷനലിസ്റ്റ് നേതാവായ ചിയാങ് കൈഷെക്കിന്റെ മകൻ. 1975-ൽ ചിയാങ് കൈഷെക്കിന്റെ മരണത്തിനുശേഷം 1978 വരെ ചിയാങ് ചിങ്കു കെയർടെയ്ക്കർ ഗവൺമെന്റിന്റെ തലവനായിരുന്നു. 1984-ൽ ഇദ്ദേഹം ആറുകൊല്ലക്കാലത്തേക്കു തൈവാന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

1910 മാർച്ച് 18-നു ചെക്യാങ് സംസ്ഥാനത്തിൽ ചിക്കു എന്ന സ്ഥലത്ത് ജനിച്ചു. 1925-ൽ മോസ്കോവിലേക്കു പോയി അവിടുത്തെ സൺയാറ്റ് സെൻ യണനിവേഴ്സിറ്റിയിൽ പഠിച്ചു. 1927-ൽ ചിയാങ് കൈഷെക്ക് കുമിന്താങ്-കമ്യൂണിസ്റ്റ് സഖ്യം അവസാനിപ്പിച്ചപ്പോൾ ചിയാങ് ചിങ്കു അതിനെ എതിർത്തു. എങ്കിലും നാട്ടിലേക്കു തിരിച്ചുവരാതെ ലെനിൻഗ്രാഡിലെ സെൻട്രൽ ടോൾമച്ചേവ് മിലിറ്ററി ആൻഡ് പൊളിറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ച് ബിരുദമെടുത്തു. കുറച്ചുകാലം റഷ്യയിൽ ജോലിയിലേർപ്പെട്ടു. ഒരു റഷ്യക്കാരിയെ വിവാഹംകഴിച്ചു. പിതാവിന്റെ കമ്യൂണിസ്റ്റ് വിരുദ്ധനിലപാടിനെ ഇക്കാലത്തൊക്കെ കഠിനമായി എതിർത്തു. 1937-ൽ ചൈനീസ് കമ്യൂണിസ്റ്റുപാർട്ടിയുമായി വീണ്ടും ചിയാങ് കൈഷെക്ക് സഖ്യമുണ്ടാക്കിയപ്പോൾ ചിയാങ് ചിങ്കു തിരിച്ചുവരികയും പിതാവുമായി സഹകരിച്ചു പ്രവർത്തിക്കുകയുംചെയ്തു. ജപ്പാൻ-ചൈനായുദ്ധക്കാലത്ത് ഉയർന്ന സൈനികപദവി വഹിച്ചുകൊണ്ട് ജപ്പാൻകാരോട് പൊരുതി. 1949-ൽ കമ്യൂണിസ്റ്റുകാർ ചൈനയിൽ അധികാരം ഏറ്റപ്പോൾ ചിയാങ് കൈഷെക്കിന്റെ കൂടെ ഇദ്ദേഹം തൈവാനിലേക്കു മാറി. തൈവാനിലെ സർവസൈന്യാധിപനായും ദേശരക്ഷാമന്ത്രിയായും ഇദ്ദേഹം സേവനമനുഷ്ഠിച്ചു. 1972-ൽ പ്രസിഡന്റായ ചിയാങ് കൈഷെക്ക് ഇദ്ദേഹത്തെ പ്രധാനമന്ത്രിയായി നിയമിച്ചു.

തൈവാന്റെ സ്വതന്ത്രപദവി നിലനിർത്താൻ ശ്രമിക്കുകയും വിജയിക്കുകയുംചെയ്ത ശക്തനായ ഭരണാധികാരിയാണ് ചിയാങ് ചിങ്കു.

ചിരവ

തേങ്ങ ചിരകാൻ ഉപയോഗിക്കുന്ന ഗാർഹികോപകരണം. തലകീഴായ ‘U’ ആകൃതിയിലുള്ള ‘നാക്കി’ൽ വക്കിനു നിറയെ പല്ലുകളുണ്ട്. നീണ്ടു കുഴലിന്റെ ആകൃതിയുള്ള പിൻഭാഗം ഒരു ‘പീഠ’ത്തിന്റെ മുന്നിലെ ഉരുണ്ടു നീണ്ട ഭാഗത്തു കയറ്റി ഉറപ്പിച്ചിരിക്കും. നടുവേ മുറിച്ച തേങ്ങാമുറിയുടെ പരിപ്പുള്ള ഉൾഭാഗം നാക്കിനോട് അമർത്തി ഉരച്ചാൽ കഴമ്പു പൊടിഞ്ഞു താഴെയുള്ള പാത്രത്തിൽ വീഴും. ചിരകുന്നയാൾ ‘പീഠ’ത്തിൽ ഒരു വശം ചരിഞ്ഞോ ഇരുവശവും കാലിട്ടോ ഇരിക്കുന്നു. പീഠത്തിന്റെ ഉയരം 15 മുതൽ 20 വരെ സെ.മീ. ആണ്.

കയ്യിൽ പിടിച്ചു ചിരകാവുന്ന കൈച്ചിരവയും ഉണ്ട്. ഒരു കൈപ്പിടിയും അറ്റം വളഞ്ഞ നാക്കുമാണ് ഇതിനുള്ളത്. പിടിക്കു മൂന്നു സെ.മീ. വ്യാസവും 15 സെ.മീ. നീളവും ഉണ്ടാവും. തേങ്ങാമുറി ഇടത്തുകയ്യിൽ പിടിച്ചു വലത്തുകയ്യിൽ പിടിച്ച ചിരവകൊണ്ടു തേങ്ങയുടെ പരിപ്പു മാന്തിപ്പൊടിച്ച് എടുക്കാം.



ചിരവ

ചിരി

മൃഗവർഗത്തിൽ മനുഷ്യനു മാത്രമുള്ള ജന്മവാസന. പ്രത്യുത്പാദനം, ഇരതേടൽ, കൂട്ടംചേരൽ, ആക്രമണം മുതലായ മറ്റു വാസനകളെല്ലാം മനുഷ്യനും മറ്റു മൃഗങ്ങൾക്കും തുല്യമാണ്. പ്രാകൃതമനുഷ്യൻ ജന്മവാസനകളുടെ കാര്യത്തിൽ മൃഗസമാനൻ ആയിരുന്നെങ്കിലും ബുദ്ധിശക്തിയിലും ഹാസവാസനയിലും അവൻ മറ്റു മൃഗങ്ങളിൽനിന്നു തികച്ചും വ്യത്യസ്തനായിരുന്നു.

ഭാവങ്ങളിൽവച്ചേറ്റവും സുന്ദരവും ഇതാണ്. സ്നേഹം, വാത്സല്യം, സൗഹാർദം, സന്തോഷം, സംതൃപ്തി എന്നീ വികാരങ്ങളുടെ ബാഹ്യപ്രകടനമാണ് ചിരി. കലാസൃഷ്ടികളുടെ കൂട്ടത്തിൽ ഏറ്റവുമധികം പേരുകേട്ടതാണ് ലിയോനാർഡോ ഡാവിഞ്ചിയുടെ ‘മോണാലിസാ’. ആ ചിത്രത്തിലെ അവർണനീയമായ ചിരിയാണ് അതിന് ഇത്രയധികം ആരാധകരെ നേടിക്കൊടുത്തതെന്നാണു കലാവിമർശകർ അവകാശപ്പെടുന്നത്.

ആരോടെങ്കിലും ദേഷ്യപ്പെട്ടിരിക്കുമ്പോഴോ വിഷമിച്ചിരിക്കുമ്പോഴോ ഒരാളുടെ മുഖം അസുഖമുണ്ടാക്കും. ആ മുഖത്തു ഒരു ചിരി വന്നാൽ അതു വളരെ ആകർഷകമായി തോന്നും. ദുഃഖിച്ചിരിക്കുമ്പോഴോ ഗൗരവപ്പെട്ടിരിക്കുമ്പോഴോ മുഖത്തെ മാംസപേശികൾ വലിഞ്ഞുമുറുകുന്നു. ചുളിവുകൾ ഉണ്ടാവുകയും മുഖം ആകെ മങ്ങിയതായി തോന്നുകയുംചെയ്യുന്നു. ചിരിക്കുമ്പോഴാകട്ടെ മുഖത്തെ മാംസപേശികൾ അയഞ്ഞു മനോഹരമായ ഒരു ഭാവം കൈക്കൊള്ളുകയും മുഖത്തിനു തെളിച്ചം ലഭിക്കുകയുംചെയ്യുന്നു.

ദിവസവും അപരിചിതരായ പലരെയും കണ്ടുമുട്ടാറുള്ളവരിൽ പ്രസന്നഭാവമുള്ള ഒരാളെ കാണുമ്പോഴാണു ആരും പ്രത്യേകം ശ്രദ്ധിക്കുക. അറിയാതെതന്നെ അത്തരക്കാരുമായി യാത്രയ്ക്കിടയിലും മറ്റും പരിചയപ്പെടാറുമുണ്ട്. മടുപ്പുതോന്നിക്കുന്ന പല സന്ദർഭങ്ങളും രസകരമാവാൻ ഇവർ സഹായിക്കാറുണ്ട്.

ഭാവംകൊണ്ട് ഒരാളുടെ സ്വഭാവം നിശ്ചയിക്കുന്നതു സാധാരണമാണ്. ചിരിച്ചു സംസാരിക്കുന്ന സ്വഭാവം ആകർഷകമാണ്.

സൗന്ദര്യത്തിന്റെ അടിസ്ഥാനമായ ആരോഗ്യത്തിന്നു ചിരി നല്ലതാണെന്നു ശാസ്ത്രം തെളിയിക്കുന്നു. മനുഷ്യന്റെ വിവിധ വികാരങ്ങളുടെയും ഭാവങ്ങളുടെയും പ്രതികരണം ശരീരാന്തർഭാഗത്തിലെ അവയവങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നു. പൊട്ടിച്ചിരിക്കുമ്പോൾ വയറ്റിലെ മാംസപേശികൾ ഇളകുന്നു. അതു ദഹനത്തെയും രക്തചംക്രമണത്തെയും സഹായിക്കുകയും മലിനവസ്തുക്കളുടെ ദൂരീകരണം എളുപ്പമാക്കുകയുംചെയ്യുന്നു. മാത്രമല്ല, ചിരിക്കുമ്പോൾ രക്തത്തിന്റെ രാസഘടനയിൽ ചില വ്യത്യാസങ്ങൾ വരുന്നു എന്നും ശാസ്ത്രജ്ഞന്മാർ അവകാശപ്പെടുന്നു. സന്തുഷ്ടനായ ഒരു മനുഷ്യൻ ആരോഗ്യവാനായിരിക്കും. ചിരികൊണ്ടുമാത്രം ആരോഗ്യവാനായിരിക്കാമെന്നല്ല, മറ്റു പല കാര്യങ്ങളുടെയും കൂട്ടത്തിൽ ചിരിയും ആരോഗ്യത്തെ സഹായിക്കുന്നു എന്നാണിതിനർഥം. ‘ചിരി പണച്ചെലവില്ലാത്ത ടോണിക്കാ’ണെന്നു പറയാറുണ്ട്.

പുരാതനകാലത്തു രാജാക്കന്മാർ ഫലിതം പറയുന്നവരെ കൊട്ടാരത്തിൽ നിയമിച്ചിരുന്നു. രാജ്യഭാരത്തിന്റെ വൈഷമ്യം രാജാവിനെ അലട്ടുമ്പോൾ മനസ്സിന്റെ ഉന്മേഷത്തിന്നുവേണ്ടി വിദൂഷകന്റെ

ഫലിതങ്ങൾ കേട്ടു രസിച്ചിരുന്നു. കുഞ്ചൻനമ്പ്യാരെപ്പോലുള്ളവർ രാജാവിനെയും ജനങ്ങളെയും ഒരുപോലെ രസിപ്പിച്ച പ്രതിഭാശാലികളാണ്.

ശാസ്ത്രീയനിഗമനം. ചിരിയിൽനിന്ന് ഉന്മേഷപ്രദങ്ങളായ വികാരങ്ങൾ ഉണ്ടായി അവ സൂക്ഷ്മസിരാനിരകളിൽക്കൂടി ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു പ്രവഹിച്ചു വ്യക്തിയുടെ ശാരീരിക പ്രതികരണങ്ങളിൽ വ്യത്യാസമുളവാക്കുന്നു. ഉള്ളിൽ തളംകെട്ടി നില്ക്കുന്ന വിഷമങ്ങൾ പരിഹരിച്ചു മനുഷ്യനിൽ ഉത്സാഹം വളർത്തുവാൻ ഹൃദയംതുറന്ന ഒരു ചിരിക്കു കഴിവുണ്ട്. പൊട്ടിച്ചിരി കാരണം നെഞ്ചിന്റെ ഭാഗത്തുള്ള മാംസപേശികൾക്ക് അയവു ലഭിക്കുകയും ഉള്ളിൽ തോന്നുന്ന വലിഞ്ഞുപിടുത്തം ദീർഘമായ ശ്വാസോച്ഛ്വാസംകൊണ്ടു നീളുകയുംചെയ്യും. കൂടുതൽ ഓക്സിജൻ രക്തത്തിൽ പ്രവേശിക്കത്തക്കവിധത്തിൽ ശ്വാസരീതി ക്രമപ്പെടുത്തുവാനും ഉന്മേഷം ജനിപ്പിക്കുവാനും പൊട്ടിച്ചിരിക്കു കഴിയും.

കുട്ടിക്കാലത്തെ മന്ദസ്മിതത്തോടുകൂടി ആരംഭിക്കുന്നതാണു ചിരി. ഒരു ശിശു ജനിച്ചുകഴിഞ്ഞ് ആറു ദിവസം കഴിയുമ്പോൾ അതിന്റെ മുഖത്തു പുഞ്ചിരി വിരിയും. ശിശുവിന്റെ ആരോഗ്യം ഭദ്രമാണെന്നുള്ളതിന്റെ സൂചനയാണ് ഇത്. ഏകദേശം പന്ത്രണ്ട് ആഴ്ച പ്രായമാകുമ്പോൾ ശിശു പൊട്ടിച്ചിരിക്കുന്നു. ശരീരത്തിന്റെ ബലം വർധിച്ചതുകൊണ്ടല്ല, മനസ്സിന്റെ ശക്തി വികസിച്ചതുകൊണ്ടാണ് ഇത്. ആരെങ്കിലും ശിശുവിനെ നോക്കിച്ചിരിക്കുമ്പോൾ, അത് ആഹ്ലാദത്തിന്റെ ബാഹ്യരൂപമാണെന്നു മനസ്സിലാക്കുന്ന ശിശുവിൽ, പ്രതികരണമെന്നനിലയിൽ ചിരി ഉളവാകുന്നു.

വാക്കുകളെപ്പോലെതന്നെ ചിരിയും ആശയപ്രകടനത്തിനുപകരിക്കുന്നു. ആരോഗ്യവും ദീർഘായുസ്സും ഉന്മേഷവും നേടുവാൻ ചിരി സഹായിക്കുന്നു. മാർക്ടൈ്വയിൻ പറഞ്ഞതുപോലെ "ചിരിയുടെ പ്രഹരത്തെ ചെറുത്തുനിൽക്കാൻ ഒരു ശക്തിക്കും സാധ്യമല്ല." ലാഫിങ് ഗാസ് എന്ന പേരിൽ, ശ്വസിച്ചാൽ ചിരിവരുത്തുന്ന ഒരു വാതകം (നൈട്രസ് ഓക്സൈഡ്) ഉണ്ട്. ഇത് ഉണ്ടാക്കുന്ന ചിരി ചിരിയുടെ പ്രതീതി ഉളവാക്കുന്ന മുഖപേശീചലനമാണ്, യഥാർഥ ചിരിയല്ല.

ചിർപൈൻ

ഒരിനം പൈൻമരം. ശാസ്ത്രനാമം: *പൈനസ് റോക്സ്ബർജി (Pinus roxburghii).* കോണിഫറെ കുലത്തിൽപ്പെടുന്നു. 55 മീറ്റർ നീളവും 3 മീറ്റർ ചുറ്റളവുമുള്ള പൈനുണ്ട്. പുറംതൊലിക്കു ബാഹ്യമായി ചുവപ്പു കലർന്ന തവിട്ടുനിറവും ഉള്ളിൽ നല്ല ചുവപ്പുമാണ്. വിള്ളലുകളോടുകൂടിയ ഈ തൊലി കോർക്കിനു സമമാണ്.

ഹിമാലയൻ പ്രദേശങ്ങളിൽ 450 മുതൽ 2000 വരെ മീറ്റർ ഉയർന്ന വനങ്ങളിൽ വളരുന്നു. അഫ്ഘാനിസ്ഥാൻ, ജമ്മു, പഞ്ചാബ്, ഉത്തരപ്രദേശ്, നേപ്പാൾ, ഭൂട്ടാൻ എന്നിവിടങ്ങളിലും ഇവ കാണാം. ആഴമുള്ളതും അയഞ്ഞതും വെള്ളം തങ്ങിനിൽക്കാത്തതുമായ മണ്ണാണു പറ്റിയതെങ്കിലും പാറകളുള്ള സ്ഥലങ്ങളിലും വളരുന്നുണ്ട്.

ഇല മൂന്നെണ്ണമുള്ള കൂട്ടമായി ഉണ്ടാകുന്നു. ഏപ്രിൽ-ജൂൺ കാലത്തു കൊഴിയും. പുതിയ ഇലകളോടൊപ്പം ആൺപുഷ്പങ്ങളുമുണ്ടാകുന്നു. പരാഗരേണുക്കൾ വിതരണത്തിനു പാകമാകുമ്പോൾ പെൺപുഷ്പങ്ങളുമായി പരാഗണം നടക്കുന്നു. എന്നാൽ ബീജസംയോഗം നടക്കുന്നതു രണ്ടാംവർഷത്തിലാണ്. ഏപ്രിൽ-മെയ് മാസങ്ങളിൽ † കോണിഫറുകൾ ഉണ്ടാകുന്നു. വിത്തുകൾ 'ചിറകു'ള്ളതും വർഷങ്ങളോളം ജീവനക്ഷമതയുള്ളതുമാണ്.

തടിയുടെ കാതൽ ചുവപ്പു കലർന്ന തവിട്ടും രസദാരു(വെള്ള)വുമാണ്. പല വീട്ടുപകരണങ്ങളുണ്ടാക്കാനും ഉപയോഗിക്കുന്നു. മരക്കറയിൽനിന്നു റോസിനും ടർപ്പൻടൈനും ലഭിക്കുന്നു.

ചിലന്തികൾ

എട്ടുകാലി നോക്കുക.

ചിലന്തിച്ചെടി (Spider plant)

ഔഷധഗുണമുള്ള ഒരിനം ചെടി. ലിലിയേസി കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *ഓക്ന ജബോടപ്പീറ്റ (Ochna jabotapita).* അസം, ബീഹാർ, ഒറീസ, ഡക്കാൺപ്രദേശം എന്നിവിടങ്ങളിൽ കണ്ടുവരുന്നു.

ഉദ്യാനങ്ങളിൽ വളർത്തുന്നു. പൂങ്കുലകൾക്കു മഞ്ഞനിറവും മണവുമുണ്ട്. ഫലം ആമ്രകം (drupe).



ചിലന്തിച്ചെടി

തടിക്കു കടുത്ത തവിട്ടുനിറമാണ്. ഊന്നുവടി ഉണ്ടാക്കാൻ തടി ഉപയോഗിക്കുന്നു. ദഹനക്കുറവ്, ആസ്മ തുടങ്ങിയവയ്ക്കു ചികിൽസിക്കാൻ ചിലന്തിച്ചെടി കൊള്ളാം. ഇത് കാലിത്തീറ്റയുമാണ്.

ചിലപ്പതികാരം

കേരളീയനായ ഇളങ്കോവടികൾ രചിച്ച പ്രാചീന തമിഴ്കാവ്യം. മലയാളികൾക്കു സുപരിചിതമായ കോവലൻചരിത്രംതന്നെയാണു ചിലപ്പതികാരത്തിലെ കഥ.

കഥയിലെ മർമം കണ്ണകിയുടെ ചിലമ്പിനെ അധികരിച്ചാകകൊണ്ടു കാവ്യത്തിനു ചിലപ്പതികാരം എന്നു പേർ വന്നു. മൂന്നു കാണ്ഡങ്ങളായിട്ടാണ് ഈ കാവ്യം വിഭജിച്ചിട്ടുള്ളത്. ചോഴതലസ്ഥാനത്തു നടക്കുന്ന സംഭവങ്ങൾ പുകാർകാണ്ഡത്തിലും പാണ്ഡ്യതലസ്ഥാനത്തു നടക്കുന്ന സംഭവങ്ങൾ മതുരൈകാണ്ഡത്തിലും ചേരരാജ്യത്തോടു ബന്ധപ്പെട്ട സംഭവങ്ങൾ വഞ്ചികാണ്ഡത്തിലും വിവരിക്കുന്നു. കാണ്ഡങ്ങളെ ഗാഥ(കാതൈ)കളായി വിഭജിച്ചിട്ടുണ്ട്. ആകെ മുപ്പതു ഗാഥകളാണിതിലുള്ളത്.

മുത്തമിഴിന്റെ ലക്ഷണങ്ങളായ ഇയൽ (കാവ്യം), ഇശൈ (ഗീതം), നാടകം എന്നീ മൂന്നും അടങ്ങിയിട്ടുള്ളതിനാൽ ഇതിനെ മുത്തമിഴ് കാവ്യമെന്നു പ്രശംസിക്കാറുണ്ട്.

കാവ്യഭംഗിയിലും രസാവിഷ്കരണത്തിലും ചിലപ്പതികാരം സമ്പന്നമാണ്. ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട കണ്ണകിയുടെ ദു:ഖം, കോവലനെപ്പിരിഞ്ഞ മാധവിയുടെ ദുഃഖം—കോവലൻ കൊല്ലപ്പെട്ടപ്പോൾ കണ്ണകിയുടെ ദുഃഖം, ഇവ ആവിഷ്ക്കരിക്കുന്ന ഭാഗങ്ങൾ കരുണരസം മുറ്റിനില്ക്കുന്നവയാണ്. പുകാർകാണ്ഡം ശൃംഗാരത്തിനു മുഖ്യത നല്കുന്നു. മതുരൈകാണ്ഡം ശോകരസസമ്പൂർണമാണ്. വഞ്ചികാണ്ഡത്തിൽ വീരത്തിനാണു പ്രാധാന്യം. ദുഃഖമയമായ കഥയാണെങ്കിലും അവസാനം ശാന്തിയിലാണു കഥ അവസാനിക്കുന്നത്.

ചിലപ്പതികാരത്തിൽ വർണിക്കപ്പെടുന്ന പല ആചാരവിശേഷങ്ങളും ഇന്നും തമിഴ്നാട്ടിലെ സ്ത്രീകളുടെ ഇടയിലുണ്ട്. പത്തിനി ദൈവാരാധന (മാരിയമ്മൻപൂജ) ഇപ്പോഴും തുടർന്നുവരുന്നു. അക്കാലത്തെ ആഘോഷങ്ങൾ, ആരാധനാരീതികൾ, വസ്ത്രാഭരണ സമ്പ്രദായങ്ങൾ മുതലായവ ചിലപ്പതികാരത്തിൽനിന്നു ഗ്രഹിക്കാം. പ്രാചീനതമിഴകത്തിലെ നൃത്തം, സംഗീതം, രംഗസംവിധാനം തുടങ്ങിയ കലാപരമായ കാര്യങ്ങളെക്കുറിച്ചു പഠിക്കുവാനും ഈ കാവ്യം ഉപകരിക്കുന്നു.

തമിഴ്സാഹിത്യത്തിനു കേരളത്തിന്റെ ഏറ്റവും മികച്ച സംഭാവനയാണു ചിലപ്പതികാരം. നെന്മാറ പി. നാരായണൻനായർ, ആർ. നാരായണപ്പണിക്കർ എന്നിവർ ഈ കൃതി ഗദ്യരൂപത്തിലാക്കിയിട്ടുണ്ട്. നെന്മാറ പി. വിശ്വനാഥൻ നായർ വിസ്തൃതമായ വ്യാഖ്യാനമെഴുതി. എസ്. രമേശൻ നായർ പദ്യരൂപത്തിൽ പരിഭാഷപ്പെടുത്തി. † ഇളങ്കോവടികൾ, † കണ്ണകി, † കോവലൻ നോക്കുക.

ചിലപ്പൻകിളികൾ (Babblers)

റ്റിമാലിനെ കുലത്തിൽപ്പെട്ട ഒരിനം പക്ഷികൾ. ചെറുസമൂഹങ്ങളായി ജീവിക്കുന്നു. സദാ ചിലയ്ക്കുക ഇവയുടെ സ്വഭാവമാണ്. ആണും പെണ്ണും തമ്മിൽ കാഴ്ചയിൽ സാമ്യമുണ്ട്. † പൂത്താങ്കീരി, † കരിയിലക്കിളി, † പുള്ളിച്ചിലപ്പൻ, † ചോലക്കുടുവൻ, † ചിന്നച്ചിലപ്പൻ നോക്കുക.

ചിലമ്പുകഴിനോമ്പ്

പഴയകാലത്ത് ചില ദ്രാവിഡവിഭാഗങ്ങളുടെയിടയിൽ ഉണ്ടായിരുന്ന ഒരു ആചാരം. വിവാഹത്തിനുമുമ്പു വധു, അതുവരെ ഇട്ടിരുന്ന ചിലമ്പു കഴിച്ചു (മാറ്റി) ഗ്രാമത്തലവൻ നല്കുന്ന പുതിയ ചിലമ്പ് അണിയുന്നതാണ് ഈ ചടങ്ങ്. കല്യാണത്തിനുമുമ്പു ചിലമ്പുകഴിനോമ്പ് എന്നൊരു ചടങ്ങുണ്ടായിരുന്നതായി ഐങ്കുറുനൂറിലെ 399-ാം പാട്ടിൽ പറയുന്നു.

ചിലി

തെക്കെ അമേരിക്കയിൽ, കിഴക്ക് ആൻഡീസ് പർവതനിരകൾക്കും പടിഞ്ഞാറു പസിഫിക് സമുദ്രത്തിനും ഇടയിൽ തെക്കുവടക്ക് 4350 കി. മീ. നീളത്തിൽ (18° 12′ — 55° 15′ തെക്കിനും 67° — 75° 20′ പടിഞ്ഞാറിനുമിടയ്ക്ക്) കിടക്കുന്ന ഒരു സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്. (സ്പാനിഷിൽ ചിലാ). വടക്കു പെറുവും കിഴക്കു ബൊളീവിയയും അർജൻറീനയും തെക്കു ഡ്രേക്ക് ചാനലും പടിഞ്ഞാറു പസിഫിക് സമുദ്രവുമാണ് അതിർത്തി. ഏറ്റവും കൂടിയ വീതി 80 കി. മീറ്റർ. തലസ്ഥാനം സാൻറിയാഗോ. വിസ്തൃതി: 7,56,626 ച.കി.മീറ്റർ. ജനസംഖ്യ 1,16,65,000 (1984). എ.ബി.സി. ശക്തികൾ എന്നു വിളിക്കുന്ന സഖ്യത്തിലെ ഒരു അംഗമായിരുന്നു ചിലി. അർജൻറിനയും ബ്രസീലുമാണ് ഈ സഖ്യത്തിലെ മറ്റു രണ്ടംഗങ്ങൾ. വൻകരപ്രദേശം കൂടാതെ തെക്കുള്ള ടേറാഡെൽ ഫുവേഗോ ദ്വീപിൻെറ പടിഞ്ഞാറേ പകുതിയും ഹുവാൻ, ഫെർണാൻസ് തുടങ്ങിയ മറ്റനേകം ദ്വീപുകളും ചിലിയുടെ വകയാണ്.

ഭൂസ്ഥിതി. രാജ്യത്തിൻെറ വടക്കുഭാഗം മരുഭൂമിയാണ്. ഇവിടെ ചെമ്പും നൈട്രേറ്റും ധാരാളമുണ്ട്. തെക്കുഭാഗം അതിശൈത്യമുള്ള പ്രദേശമാണ്. സാമ്പത്തികവികസനത്തിനുള്ള സാധ്യത കുറവാണ്. മെച്ചപ്പെട്ട കാലാവസ്ഥയുള്ളതു മധ്യചിലിയിലാണ്. അതിനാൽ കൃഷിയും കന്നുകാലിവളർത്തലും വ്യവസായങ്ങളും കൂടുതലുള്ളത് അവിടെയാണ്.

രാജ്യത്തിൻെറ വിസ്തൃതിയിൽ മൂന്നിലൊന്നോളം ആൻഡീസ് പർവതനിരകളാണ്. ഈ പർവതനിരകളുടെ തെക്കെ അറ്റത്തിന് 1820 മീറ്ററേ ഉയരമുള്ളൂ. വടക്കോട്ടു പോകുന്തോറും പർവതത്തിൻെറ ഉയരം കൂടുന്നു. ചിലി-അർജൻറിന അതിർത്തിയിലും ചിലി-ബൊളീവിയ അതിർത്തിയിലുമായി 6,000 മീറ്ററിലധികം ഉയരമുള്ള കൊടുമുടികൾ ആൻഡീസ് പർവതനിരകളിൽ ഉണ്ട്. ചിലിയിൽ സ്ഥിതിചെയ്യുന്നതിൽ ഏറ്റവും ഉയരംകൂടിയത് അകോൺകാഗ്വാ (6,869 മീറ്റർ) ആണ്. ഈ കൊടുമുടിക്കു തൊട്ടു തെക്കായി 3,937 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ബെർമിജൊ തേക്കെ അമേരിക്കയിലെ ഏറ്റവും പ്രധാനപ്പെട്ട അന്തർദേശീയ ചുരമാണ്. ഇതിനു താഴെ 3,180 മീ. ഉയരത്തിലുള്ള തുരങ്കത്തിൽക്കൂടി കടന്നുപോകുന്ന തീവണ്ടിപ്പാത വാൽപരൈസോ നഗരത്തെയും ബ്യൂണോസ് അയേർസ് നഗരത്തെയും ബന്ധിപ്പിക്കുന്നു. ആൻഡീസിൻെറ തെക്കുഭാഗത്ത് അനേകം ചെറിയ അഗ്നിപർവതങ്ങളുണ്ട്. ഇതിലുമധികം ഉയരമുള്ള ചുരങ്ങളിൽക്കൂടെ റെയിൽറോഡ് പോകുന്ന രണ്ടു ചുരങ്ങൾ ആൻഡീസിൽ വടക്കൻ ചിലിയിലുണ്ട്.





ചിലിയിലെ കന്നുകാലികൾ

വടക്ക് ആൻഡീസിൽ ലോകത്തിലെ ഏറ്റവും വലിയ ചെമ്പ് അയിർപ്രദേശങ്ങളിലൊന്നായ ചൂക്കിക്കമൊറ്റ 2,834 മീ. ഉയരമുള്ള ഒരു സ്ഥാനത്തു സ്ഥിതിചെയ്യുന്നു. ആൻഡീസിനും സമുദ്രതീരഗിരിനിരകൾക്കും ഇടയിൽ ഒരു താഴ്‌വാരം നീണ്ടുകിടക്കുന്നു. 1,000 മീറ്ററോളം ഉയരമുള്ള ഈ താഴ്‌വാരത്തിൻെറ വീതി 20 മുതൽ 80 വരെ കി.മീ. ആണ്.

കാലാവസ്ഥ. അത്യുഷ്ണവും അതിശൈത്യവും ചിലിയിൽ ഉണ്ട്. മരുഭൂപ്രദേശങ്ങളിൽ ഒരാണ്ടിൽ 15 മി.മീ. മഴയേ ലഭിക്കുന്നുള്ളൂ. എന്നാൽ തെക്കുള്ള ചില പ്രദേശങ്ങളിൽ 54 സെ. മീ. വരെ മഴ പെയ്യുന്നു. ചിലപ്പോഴൊക്കെ ചുഴലിക്കാറ്റുകൾ അടിക്കാറുണ്ട്. ആൻഡീസ് പർവതനിരകളിൽ വളരെ ഉയർന്ന പീഠഭൂമിയിലെ കാലാവസ്ഥയുമാണ്. ധാരാളം ചെറു തുറമുഖങ്ങളുണ്ട്.

നദികളും തടാകങ്ങളും. നദികൾ ചെറുതും അപ്രധാനങ്ങളുമാണ്. വടക്കൻ പ്രദേശത്തുള്ള നദികളിൽ ലോവ മാത്രമേ കടലിൽ എത്തുന്നുള്ളൂ. മറ്റുള്ളവ കടലിൽ എത്തുന്നതിനുമുമ്പുതന്നെ വരണ്ടുപോകുന്നു. 436 കി.മീ. നീളത്തിലൊഴുകുന്ന ലോവയാണ് ചിലിയിലെ ഏറ്റവും വലിയ നദി. തെക്കുള്ള നദികളിൽ എന്നും വെള്ളമുണ്ടാകും. അവയിലെ ജലം വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉപയോഗപ്പെടുത്തുന്നു. തെക്കൻ ചിലിയിലെ ലാൻകി ഹ്യൂ തടാകമാണ് (വിസ്തൃതി 852 ച.കി.മീ.) ഏറ്റവും വലുത്. തടാകപ്രദേശങ്ങൾ വിനോദസഞ്ചാരികളെ ആകർഷിക്കുന്നു.

സസ്യങ്ങളും ജന്തുക്കളും. ഭൂപ്രകൃതിയും കാലാവസ്ഥയും വിവിധ ഭാഗങ്ങളിൽ വ്യത്യസ്തമായിരിക്കുന്നതിനാൽ നാനാവിഭാഗങ്ങളിൽപെട്ടതും വിഭിന്ന സ്വഭാവങ്ങളോടുകൂടിയതുമായ സസ്യങ്ങളാണ് ചിലിയുടെ വിവിധ ഭാഗങ്ങളിൽ വളരുന്നത്. അക്കൂട്ടത്തിൽ ചിലിയിൽ മാത്രം വളരുന്ന ചെടികളും വൃക്ഷങ്ങളുമുണ്ട്. മധ്യദേശതാഴ്‌വാരത്ത് അക്കേഷ്യാ വിഭാഗത്തിൽപ്പെട്ട എസ്പിനോ എന്ന വൃക്ഷം ധാരാളമായി വളരുന്നു. ഇതിൻെറ തടി കരിയുണ്ടാക്കാൻ ഉപയോഗിക്കുന്നു. രാജ്യത്തിൻെറ ദേശീയപുഷ്പമായ കോപ്പിഹ്യൂ (Lapageria rosea-ഏഴര സെ. മീ. വരെ നീളമുള്ള ഒരുതരം ലില്ലിപ്പൂവ്) ഈ മേഖലയിലെങ്ങും കാണാം.

ചിലിയിലെ സ്തനികളിൽ ഏറ്റവും വലുത് പ്യൂമ, ഗുവാനാക്കോ എന്നിവയാകുന്നു. ആൻഡിയൻ ചെന്നായ്, മാൻജാതിയിൽപ്പെട്ട ഹ്യൂമുൾ, കുറുക്കനെപ്പോലിരിക്കുന്ന ചില്ല എന്നിവ ചിലിയിലെ പ്രധാന മൃഗങ്ങളാകുന്നു. ചിൻചില്ല എന്നറിയപ്പെടുന്ന മലയെലിയുടെ വംശം മിക്കവാറും കുറ്റിയറ്റിരിക്കുന്നു. വളരെ ചെറിയ ഒരു



സാൻറിയാഗോയ്ക്കു സമീപമുള്ള ആധുനിക പാർപ്പിടങ്ങൾ.

ജാതി മാനായ പുഡു, 'ഡാർവിൻ കുറുക്കൻ' എന്നീ ജന്തുക്കളെയും വനങ്ങളിൽ കാണാം.

ജനങ്ങളിൽ ബഹുഭൂരിപക്ഷവും യൂറോപ്യൻ വംശജരാണ്. സ്പെയിനിൽനിന്നാണു കൂടുതൽ കുടിയേറ്റക്കാർ വന്നത്. ബ്രിട്ടൻ, അയർലൻഡ്, ജെർമനി, ഇറ്റലി, ഫ്രാൻസ് മുതലായ മറ്റു യൂറോപ്യൻ രാജ്യങ്ങളിൽനിന്നു വന്നവർ സ്പെയിൻകാരുമായി ഇടകലർന്ന് പുതിയൊരു യൂറോപ്യൻ സങ്കരവർഗം ഉണ്ടായി. ആരൗക്കോനിയൻ, പൂവെജിയൻ, ചിംഗോ എന്നീ മൂന്നു വിഭാഗങ്ങളിൽപ്പെട്ടവരായി ജനസംഖ്യയുടെ 2% മാത്രം അമേരിന്ത്യന്മാർ ചിലിയിൽ ശേഷിക്കുന്നു. അവരിൽ ബഹുഭൂരിപക്ഷവും ദക്ഷിണ മധ്യ ചിലിയിലെ മലനാടുകളിൽ വസിക്കുന്ന ആരൗക്കോനിയന്മാരാണ്. ജനങ്ങളിൽ ബഹുഭൂരിപക്ഷവും മതപരമായി റോമൻകത്തോലിക്കാവിഭാഗത്തിൽപ്പെടുന്നു. 1925 വരെ കത്തോലിക്കാമതത്തിനു ഗവൺമെൻറിൻെറ സംരക്ഷണമുണ്ടായിരുന്നു. എങ്കിലും പ്രോട്ടസ്റ്റൻറ് വിഭാഗങ്ങൾ വിവിധ ഭാഗങ്ങളിൽ രൂപംകൊണ്ടിട്ടുണ്ട്.

ചരിത്രം. ചിലിയുടെ മധ്യോത്തരഭാഗങ്ങൾ പെറുവിലെ ഇങ്കാസാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. ഇങ്കാസാമ്രാജ്യം പിടിച്ചടക്കിയ സ്പാനിഷ് ജേതാക്കൾ 1535-ൽ പസിഫിക് തീരത്തിലൂടെ തെക്കോട്ടു കടന്നുവന്നു. ഡിയഗോഡി ആൽമാഗ്രോ ആണ് ഈ ആക്രമണം നയിച്ചത്. എങ്കിലും മൗലേവരെയുള്ള ചിലിയൻ പ്രദേശങ്ങൾ അന്നു പെറുവിനോടു കൂട്ടിച്ചേർക്കുവാൻ കഴിഞ്ഞില്ല. ഈ പ്രദേശങ്ങൾ പിടിച്ചടക്കാനും അവിടെ കുടിയേറിപ്പാർക്കാനും 1540-ൽ പെറുവിലെ ഭരണാധികാരികൾ പെഡ്രോ ഡി വാൽഡീ വിയ എന്ന ആൾക്ക് ലൈസൻസ് കൊടുത്തു. വാൽഡീവിയ 150 അനുയായികളോടുകൂടി ചിലിയിൽ പ്രവേശിച്ച് 1541 ഫെബ്രുവരി 12-ന് സാൻറിയാഗോയിൽ ഒരു ചെറിയ കോളണി സ്ഥാപിച്ചു. ഈ കുടിയേറ്റക്കാർ അവിടെയുണ്ടായിരുന്ന ഭൂമി വീതിച്ചെടുത്തു.

1778-ൽ സ്പെയിൻ അതിൻെറ കോളണികളുടെ ഭരണസംവിധാനം പുനഃസംഘടിപ്പിച്ചപ്പോൾ ചിലി പെറുവിൽനിന്നു വേർതിരിഞ്ഞ ഒരു പ്രത്യേക കോളണിയായി.

സ്വാതന്ത്ര്യസമരം. ലോകത്തിൻെറ ഇതരഭാഗങ്ങളിൽ ഉണ്ടായ പ്രധാന സംഭവങ്ങളുടെ സ്വാധീനം ചിലിയിലെ ജനങ്ങളിലേക്കും വ്യാപിച്ചു. വടക്കെ അമേരിക്കയിലെ ഇംഗ്ലീഷ് കോളണികളുടെ സ്വാതന്ത്ര്യപ്രാപ്തിയും ഫ്രെഞ്ചുവിപ്ലവവും സ്വാതന്ത്ര്യത്തിൻെറയും ജനാധിപത്യത്തിൻെറയും ആശയങ്ങൾ ചിലിയിലും പ്രചരിപ്പിച്ചു.

1810 സെപ്റ്റംബർ 18-ന് സാൻറിയാഗോയിൽ ചിലിയിലെ പ്രഭുക്കന്മാരുടെ ഒരു യോഗം കൂടി. ആ സമ്മേളനം അന്നത്തെ സ്പാനിഷ് ഗവർണറുടെ രാജി സ്വീകരിക്കുകയും രാജ്യത്തിൻെറ ഭരണം നടത്താൻ ഒരു സമിതിയെ തിരഞ്ഞെടുക്കുകയുംചെയ്തു. സമിതിയുടെ ഭരണം 1813 വരെ തുടർന്നു. അതിനിടയിൽ പരിപൂർണ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പ്രസ്ഥാനം രൂപംകൊണ്ടു. സമിതിയുടെ അധ്യക്ഷനായിരുന്ന കരേരയും അദ്ദേഹത്തിൻെറ സഹോദരന്മാരുമാണ് അതിനു നേതൃത്വം കൊടുത്തത്. സ്വാതന്ത്ര്യപ്രസ്ഥാനത്തെ അടിച്ചമർത്താനായിരുന്നു സ്പെയിനിൻെറ ശ്രമം. 1814 ഒക്റ്റോബർ 1-ന് റാൻകാഗുവായിൽവച്ചുണ്ടായ യുദ്ധത്തിൽ സ്വാതന്ത്ര്യവാദികൾ തോറ്റു.

അർജൻറീനയിലും യു.എസ്സി ലുമായി നിന്നുകൊണ്ട് കരേരാസഹോദരന്മാർ ചിലിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ തുടർന്നു. സ്പെയിൻ നിയോഗിച്ച ഉദ്യോഗസ്ഥന്മാർ ചിലിയിൽ മർദനഭരം തുടർന്നതുമൂലം അവിടുത്തെ ജനങ്ങൾ സ്വാതന്ത്ര്യപ്രസ്ഥാനത്തിൻെറ അനുകൂലികളായി മാറി.

ഓ ഹിഗ്ഗിൻസിൻെറ നേതൃത്വത്തിൽ 1817 ജനുവരിയിൽ ചിലിയിലേക്കുള്ള മാർച്ച് ആരംഭിച്ചു. 1817 ഫെബ്രുവരി 12-ാം തീയതി ചക്കാബൂക്കോ മലയിൽവച്ചുനടന്ന യുദ്ധത്തിൽ അവർ സ്പാനിഷ് സൈന്യത്തെ തോല്പിച്ചു. അതിനെത്തുടർന്ന് ഓ ഹിഗ്ഗിൻസ്, ചിലിയുടെ സുപ്രീം ഡയറക്റ്റർ സ്ഥാനം ഏറ്റെടുത്തു. ചക്കാബൂക്കോ വിജയത്തിൻെറ ഒന്നാം വാർഷികദിനത്തിൽ (1818 ഫെബ്രുവരി 12) ഓ ഹിഗ്ഗിൻസ് ചിലിയുടെ സമ്പൂർണസ്വാതന്ത്ര്യം പ്രഖ്യാപിച്ചു. അക്കൊല്ലം ഏപ്രിൽ 5-ാം തീയതി മേയ്പ്പോയിൽവെച്ചു നടന്ന യുദ്ധത്തോടുകൂടി ചിലിയുടെ വൻകരപ്രദേശത്ത് സ്പെയിനിൻെറ പരാജയം പൂർണമായി. ചിലി സ്വതന്ത്രയുമായി. പക്ഷേ, കരേരമാരും ഹിഗ്ഗിൻസും തമ്മിലുള്ള മത്സരം മൂർച്ഛിച്ചു. കരേരാസഹോദരന്മാരിൽ രണ്ടുപേരെ 1818-ലും ജോസ്മിഗുവെൽ കരേരയെ 1821-ലും അർജൻറീനയിലെ മെൻഡോസാ എന്ന സ്ഥലത്തുവച്ചു വധിച്ചു.

സാമ്പത്തികദുരിതങ്ങൾമൂലം രാജ്യത്തുണ്ടായ ജനകീയപ്രക്ഷോഭണത്തിൻെറ ഫലമായി 1823-ൽ ഓ ഹിഗ്ഗിൻസ് രാജിവയ്ക്കുകയും



സാൻറിയാഗോയിലെ കമ്പോളം

രാജ്യഭ്രഷ്ടനാവുകയും ചെയ്തു. അദ്ദേഹത്തിൻെറ പിൻഗാമിയായി വന്ന റാമോൺ ഫ്രീറേ ഓ ഹിഗ്ഗിൻസിനെപ്പോലെതന്നെ കത്തോലിക്കാപുരോഹിതന്മാരെ ഗവൺമെൻറിൻെറ നിയന്ത്രണത്തിനു വിധേയരാക്കാൻ ശ്രമിച്ചു. ചിലിയിൽ നീഗ്രോകളുടെ അടിമത്തം അവസാനിപ്പിച്ചതും അദ്ദേഹമാണ്. 1828-ൽ രാജ്യത്തിന് ജനകീയസ്വഭാവമുള്ള ഒരു ഭരണഘടനയുണ്ടാക്കി. പെലുക്കോൺസ് (യാഥാസ്ഥിതികർ), പിപ്പിയോലോസ് (ഉല്പതിഷ്ണുക്കൾ) എന്നിങ്ങനെ രണ്ടു പാർട്ടികളുണ്ടായി. ഇവർ തമ്മിലുള്ള മത്സരം 1830-ലെ ലിർക്കേ യുദ്ധത്തിലും, ആ യുദ്ധം യാഥാസ്ഥിതികരുടെ വിജയത്തിലും കലാശിച്ചു.

സ്വേച്ഛാധിപത്യറിപ്പബ്ലിക്. 1831 മുതൽ 1861 വരെ ചിലിയിൽ ഒരു യാഥാസ്ഥിതിക സ്വേച്ഛാധിപത്യ റിപ്പബ്ലിക്കൻ ഭരണമാണു നടന്നത്. ജോകിൻ പ്രീറ്റോ ആയിരുന്നു 1830-കളിൽ പ്രസിഡണ്ടു സ്ഥാനം വഹിച്ചത്. പക്ഷേ, അന്നത്തെ യാഥാസ്ഥിതിക ഭരണകൂടത്തിലെ യഥാർഥ ശക്തൻ ഡിയെഗോ പോർട്ടെയിൽസ് ആയിരുന്നു. 1837-ൽ പോർട്ടെയിൽസ് വധിക്കപ്പെട്ടു.

1841-ൽ മാനുവൽ ബുൾനെസ് പ്രസിഡണ്ടുപദം ഏറ്റെടുത്തപ്പോൾ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിൽ ഭദ്രമായൊരു അടിസ്ഥാനം ചിലിക്കുണ്ടായിരുന്നു. ഈ അടിസ്ഥാനത്തിൽനിന്നു നാനാമുഖമായ അഭിവൃദ്ധിയുടെ സൗധം പടുത്തുയർത്താൻ ബുൾനെസിനു സാധിച്ചു. 1843-ൽ ചിലി സർവകലാശാല സ്ഥാപിതമായി. 1851-ൽ മാനുവൽ മോണ്ട് പ്രസിഡണ്ടായി. അദ്ദേഹത്തിൻെറ കാലത്ത് യാഥാസ്ഥിതികരുടെയിടയിലുണ്ടായ പിളർപ്പിനെ ചൂഷണം ചെയ്ത് ഉല്പതിഷ്ണുക്കൾ കലാപമുണ്ടാക്കിയെങ്കിലും മോണ്ട് കലാപം അടിച്ചമർത്തി. പക്ഷേ, തൻെറ പിൻഗാമിയെ നിശ്ചയിക്കുന്നതിൽ അദ്ദേഹത്തിന് ഉല്പതിഷ്ണുക്കളുടെ പിന്തുണ വേണ്ടിവന്നു. രണ്ടു കക്ഷികളിലെയും ഭൂരിപക്ഷത്തിനു സ്വീകാര്യനായ ജോസ് ജോകിൻ പീരസ് 1861-ൽ പ്രസിഡണ്ടായതോടെ ചിലിയിലെ സ്വേച്ഛാധിപത്യം അവസാനിച്ചു.

ലിബറൽ റിപ്പബ്ലിക്. 1861 മുതൽ 1891 വരെയുള്ള കാലഘട്ടത്തിൽ ചിലിയിൽ ഒരു ലിബറൽ റിപ്പബ്ലിക്കാണു നിലനിന്നത്. പക്ഷേ, രാഷ്ട്രീയനേതാക്കൾ മിക്കവരും പ്രഭുവർഗത്തിൽപ്പെട്ടവർതന്നെയായിരുന്നു.

കത്തോലിക്കാസഭയുടെ കുത്തക പൊളിഞ്ഞു. പെറുവിൻെറയും ബൊളീവിയയുടെയും മേൽ ചിലി സൈനിക വിജയങ്ങൾ നേടുകയും അറ്റക്കാമാ മരുഭൂമിയിലെ നൈട്രേറ്റ് നിക്ഷേപങ്ങൾ കൈവശപ്പെടുത്തുകയും ചെയ്തു. തന്മൂലം സമ്പദ്വ്യവസ്ഥയുടെ കാർഷികേതരമേഖലകൾ വികസിച്ചു.

1879-ൽ അറ്റക്കാമാ പ്രദേശങ്ങളെച്ചൊല്ലി പെറുവും ബൊളീവിയയും ചിലിയുമായി ഇടഞ്ഞു. യുദ്ധത്തിൽ ചിലി ജയിച്ചു. ടക്ന, ആരിക്ക എന്നീ പെറൂവിയൻ പ്രവിശ്യകളുടെ താത്ക്കാലികനിയന്ത്രണം ചിലിക്കു ലഭിച്ചു. 1888-ൽ ചിലി ഈസ്റ്റർ ദ്വീപുകൾ പിടിച്ചെടുത്തു. ഇതിനിടയിൽ ലിബറൽ പാർട്ടി ഗ്രൂപ്പുകളായി ഭിന്നിച്ചു. 1890-ൽ പ്രസിഡൻറ് ജോസ് (ഹൊസെ) മാനുവൽ ബർമേസഡയുടെ ബജറ്റ് കോൺഗ്രസ് അംഗീകരിച്ചില്ല. കോൺഗ്രസ്സിൻെറ പിന്തുണ കൂടാതെതന്നെ ഏകാധിപത്യപരമായ ഭരണം നയിക്കാൻ ബൽമസേഡ ശ്രമിച്ചു. നാവികസേന കോൺഗ്രസ്സിനെ അനുകൂലിക്കുകയാൽ ആഭ്യന്തരയുദ്ധം നടന്നു. കോൺഗ്രസ് പക്ഷം വിജയിച്ചു. കോൺഗ്രസ്സിൻെറ സൈന്യം സാൻറിയാഗോയിൽ പ്രവേശിച്ചപ്പോൾ ബൽമസേഡ ആത്മഹത്യചെയ്തു.

പാർലമെൻററി ഭരണം. 1890 മുതൽ 1918 വരെയുള്ള കാലത്ത് പാർലമെൻററി ഭരണമാണു നടന്നത്. 1912-ൽ സോഷ്യലിസ്റ്റ് ലേബർപാർട്ടി സ്ഥാപിതമായി. തൊഴിലാളികൾ കൂടുതൽ സംഘടിതരായി. 1918-ലെ തിരഞ്ഞെടുപ്പിൽ 15 രാഷ്ട്രീയ പാർട്ടികൾ ചേർന്ന് ഒരു ഐക്യമുന്നണിയുണ്ടാക്കി. ഈ സഖ്യത്തിന് കോൺഗ്രസ്സിൻെറ അധോമണ്ഡലത്തിൽ ഭൂരിപക്ഷം ലഭിച്ചു.

1920-ൽ ഐക്യമുന്നണി നേതാവായ അലസ്സാണ്ട്റി പ്രസിഡണ്ടായി. സൈന്യം ഇടപെട്ടു രാജ്യകാര്യങ്ങൾ നടത്താൻ ഒരു സൈനികസമിതി സൃഷ്ടിച്ചു. പിന്നീടു യുവാക്കളായ സൈനികോദ്യോഗസ്ഥന്മാർ ചേർന്ന് 1925-ൽ സമിതിയെ അധികാരത്തിൽനിന്നു മാറ്റി. അലസ്സാണ്ട്റിയെ വീണ്ടും പ്രസിഡണ്ടാക്കി. അദ്ദേഹം പുതിയൊരു ഭരണഘടന തയ്യാറാക്കി. ആ ഭരണഘടന ജനങ്ങൾ അംഗീകരിച്ചു.

പക്ഷേ, അലസ്സാണ്ട്റിയുടെ മന്ത്രിസഭയിൽ യുദ്ധകാര്യമന്ത്രി ആയിരുന്ന ഇബനീസ് സൈന്യത്തിൻെറ സഹായത്തോടെ 1925-ൽ അധികാരം പിടിച്ചെടുത്ത് 1931 വരെ ഏകാധിപതിയായി ഭരിച്ചു. 1931-ൽ ഇബനീസിനെതിരായി കലാപമുണ്ടായി. അദ്ദേഹം ഒളിച്ചോടി. തുടർന്നുള്ള 18 മാസക്കാലം ചിലിയിൽ ആഭ്യന്തരയുദ്ധവും അരാജകത്വവും നടമാടി. അതിൻെറ അവസാനത്തിൽ (1932) നടന്ന തിരഞ്ഞെടുപ്പിൽ അലസ്സാണ്ട്റി വീണ്ടും പ്രസിഡണ്ടായി.

ആധുനികകാലം. റാഡിക്കൽ പാർട്ടിയും കമ്യൂണിസ്റ്റുകാരും മുൻനിന്നു രൂപവത്കരിച്ച ഒരു ഐക്യമുന്നണി 1938-ൽ ചിലിയുടെ ഭരണം കൈയടക്കി. ഐക്യമുന്നണി നേതാവായ പെഡ്രോ അകിറേ സെർഡാ 1938-ൽ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. നാസികളുടെയും കമ്യൂണിസ്റ്റുകളുടെയും പിന്തുണ അദ്ദേഹത്തിനുണ്ടായിരുന്നു. 1941-ൽ സെർഡാ മരിച്ചു. 1942-ൽ ജൂവാൻ അൻേറാണിയോ റിയോസ് പ്രസിഡൻറായി. രണ്ടാം ലോകയുദ്ധകാലത്തു ചിലി സഖ്യകക്ഷികളെ അനുകൂലിച്ചെങ്കിലും അച്ചുതണ്ടുശക്തികളുമായി 1943വരെ നയതന്ത്രബന്ധങ്ങൾ പുലർത്തി.

റിയോസ് 1946-ൽ മരിച്ചു. പിന്നീട് റാഡിക്കൽ പാർട്ടിനേതാവായ ഗോൺസാലസ് വിഡേല കമ്യൂണിസ്റ്റ് പിന്തുണയോടെ പ്രസിഡൻറായി. അധികം താമസിയാതെ കമ്യൂണിസ്റ്റുകാർ വിഡേലയ്ക്കെതിരായി തിരിഞ്ഞു. 1964-ലെ തിരഞ്ഞെടുപ്പിൽ ക്രിസ്ത്യൻ ഡെമോക്രാറ്റിക് പാർട്ടിയുടെ നേതാവും ഇടതുപക്ഷ അനുഭാവിയുമായ എഡ്വൂവാവോ ഫ്രി പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ്സിൻെറ അധോമണ്ഡലത്തിലും ക്രിസ്ത്യൻ ഡെമോക്രാറ്റിക് പാർട്ടിക്കു ഭൂരിപക്ഷം ലഭിച്ചു. കനത്ത പരാജയം നേരിട്ട ലിബറൽ പാർട്ടിയും കൺസർവേറ്റീവ് പാർട്ടിയും 1966-ൽ ഒരുമിച്ചുചേർന്നു നാഷനൽ പാർട്ടി എന്നൊരു പുതിയ പാർട്ടി ഉണ്ടാക്കി.

ഇടതുപക്ഷഭരണം. 1970 സെപ്റ്റംബർ 4-ാംതീയതി നടന്ന പ്രസിഡൻറ് തിരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റുകാരും സോഷ്യലിസ്റ്റുകാരും മറ്റ് ഇടതുപക്ഷക്കാരും ചേർന്ന 'പോപ്പുലർ യൂണിറ്റി ബ്ലോക്ക്' സ്ഥാനാർഥിയായ ഡോ. അല്ലൻഡേ (Salvador Allende) വിജയിച്ചു. തുടർന്നു ബഹുരാഷ്ട്രകുത്തകകൾക്കെതിരായ നടപടികൾ ആരംഭിച്ചു. അമേരിക്കൻ നിയന്ത്രണത്തിലുള്ള ചെമ്പുവ്യവസായം ദേശസാത്കരിച്ചു. ബാങ്കു ദേശസാത്കരണനടപടികൾ 1971-ൽ ആരംഭിച്ചു. കാർഷികപരിഷ്കാരങ്ങളിൽ കൃഷിക്കാരെക്കൂടി പങ്കാളികളാക്കി. ചിലിയുടെ ചരിത്രത്തിൽ ആദ്യമായാണ് അധ്വാനിക്കുന്ന ജനവിഭാഗത്തിനു ഭരണനേതൃത്വത്തിൽ സ്ഥാനം ലഭിച്ചത്. 1973-ൽ ഒരു പട്ടാള വിപ്ലവം നടന്നു. അല്ലൻഡേ കൊല്ലപ്പെട്ടു. ജനറൽ ഒഗസ്റ്റോ പിനോച്ചെ ഉഗാർട്ടേ പ്രസിഡൻറായുള്ള മൂന്നംഗ സംഘം അധികാരത്തിൽ വന്നു. ജനങ്ങളെ പ്രീതിപ്പെടുത്താനായി 1980-ൽ ഒരു ഭരണഘടനയുണ്ടാക്കുകയും ജനഹിതപരിശോധനയിലൂടെ

മുന്തിരി വിളവെടുപ്പു കാലം
ചിലിയുടെ പ്രധാനകയറ്റുമതിയിനമാണു വൈൻ

അംഗീകാരം നേടുകയുംചെയ്തു. എട്ടുകൊല്ലക്കാലത്തേക്ക് പിനോച്ചേക്കു പ്രസിഡൻറായിത്തുടരാമെന്നും അതിനിടയിൽ സിവിലിയൻ ഭരണത്തിലേക്കു രാജ്യത്തെ തിരിച്ചുകൊണ്ടുവരണമെന്നും ആയിരുന്നു ജനങ്ങളുടെ മാൻഡേറ്റ്. മാറ്റം നടന്നുകഴിഞ്ഞിട്ടില്ല. 1988-ൽ നടന്ന ഹിതപരിശോധനയുടെ ഫലം പിനോച്ചേ അധികാരത്തിൽ തുടരുന്നതിനെതിരായിരുന്നു.

വിദ്യാഭ്യാസം, കല. കോളണി ആയിരുന്ന കാലത്ത് ചിലിയിൽ വിദ്യാഭ്യാസ സകൗര്യങ്ങൾ കുറവായിരുന്നു. ഉണ്ടായിരുന്ന സൗകര്യങ്ങൾ കത്തോലിക്കാസഭയുടെ നിയന്ത്രണത്തിലുമായിരുന്നു. സ്വാതന്ത്ര്യത്തിനുശേഷം വിദ്യാഭ്യാസസൗകര്യങ്ങൾ വർധിപ്പിച്ചു. 1920-ൽ 7-നും 15-നും മധ്യേ പ്രായമുള്ള കുട്ടികൾക്കു വിദ്യാഭ്യാസം നിർബന്ധിതമാക്കി. സാക്ഷരതാശതമാനം 95.6 ആണ്. 1000 പേർക്ക് 120 എന്ന തോതിൽ വർത്തമാനപ്പത്രങ്ങൾക്കു പ്രചാരമുണ്ട്. 66 ദിനപ്പത്രങ്ങൾ പ്രസിദ്ധീകരിക്കപ്പെടുന്നു.

നൊബേൽ സമ്മാനം നേടിയ രണ്ടു പ്രസിദ്ധ കവികൾ ചിലിയിലുണ്ട്. ഒന്ന് ഗാബ്രിയേലാ മിസ്ട്രൽ. രണ്ട് പാബ്ലോനെരൂദ. ഗായകനായ ക്ലോഡിയോ അറോ, ചിത്രകാരനായ റോബർട്ടോ മട്ടാ എപ്പോ റെൻ, പ്രതിമാശില്പിയായ മാർത്താ കോൾവിൻ എന്നിവരും വിശ്വപ്രസിദ്ധരായ കലാകാരന്മാരാണ്.

സാമൂഹികക്ഷേമം. തൊഴിലാളിക്ഷേമത്തിനും സാമൂഹികക്ഷേമത്തിനുമായി വിപുലമായ നിയമനിർമാണം നടത്തിയിട്ടുള്ള ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ ചിലി മുൻപന്തിയിൽ നില്ക്കുന്നു.

വ്യവസായശാലകളിലെ ജോലിക്കാരിൽ 85 ശതമാനമെങ്കിലും ചിലിക്കാരായിരിക്കണമെന്നും വിതരണം ചെയ്യപ്പെടുന്ന വേതനത്തിൽ 88 ശതമാനമെങ്കിലും അവർക്കായി നല്കിയിരിക്കണമെന്നും വ്യവസ്ഥചെയ്തിരുന്നു.

പ്രതിരോധം: സൈനികസേവനം നിർബന്ധിതമാണ്. പതിനെട്ടു വയസ്സിനുമേൽ പ്രായമുള്ള ദൃഢഗാത്രരായ യുവാക്കളെ പതിനെട്ടു മാസത്തെ സൈനികപരിശീലനത്തിനു വിളിക്കുന്നു. ഈ പരിശീലനം കഴിഞ്ഞാൽ, അവർ പന്ത്രണ്ടു വർഷത്തേക്ക് സൈന്യത്തിൽ മുന്നണിസേവനം അനുഷ്ഠിക്കണം.

ചിലിയുടെ നാണയം: നാണയവും അളവുകളും തൂക്കങ്ങളും എല്ലാം ദശാംശസമ്പ്രദായത്തിലാണ്.

ഖനിജങ്ങൾ: ലാറ്റിൻ അമേരിക്കയിൽ ഖനിജങ്ങൾ ഏറ്റവും കൂടുതൽ ഉത്പാദിപ്പിക്കുന്ന രാജ്യമാണ് ചിലി. 1830 മുതൽ 1930 വരെ ഏറ്റവും കൂടുതൽ ഉത്പാദിപ്പിക്കുന്നത് നൈട്രേറ്റാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ അയഡിൻ ഉല്പാദിപ്പിക്കുന്ന രാജ്യം ചിലിയാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ചെമ്പ് ഉത്പാദനത്തിൽ വളരെ മികച്ചുനിന്നു.

കൃഷി. ചിലിയിലെ ഭൂമിയുടെ 60 ശതമാനവും കൃഷിക്കു യോജിച്ചതല്ല. മധ്യചിലിയിലെ നീണ്ട താഴ്വാരങ്ങളിലാണ് കൃഷി കേന്ദ്രീകരിച്ചിരിക്കുന്നത്. ഗോതമ്പ്, ബാർലി, ഓട്സ് എന്നിവയാണ് പ്രധാന വിളകൾ. നെല്ല്, ചോളം, ഉരുളക്കിഴങ്ങ്, ഉള്ളി, പഴങ്ങൾ, ബീൻസ് മുതലായവയാണ് മറ്റു കാർഷികോത്പന്നങ്ങൾ. ആപ്പിൾ, മുന്തിരിങ്ങ, മെലൺ മുതലായവയാണ് ഇവിടെ കൃഷിചെയ്തുകൊണ്ടിരിക്കുന്ന പഴവർഗങ്ങൾ.

കാലിവളർത്തലും അതിനോടനുബന്ധിച്ച തൊഴിലുകളും ചിലിയുടെ സമ്പദ്വ്യവസ്ഥയിൽ ഒരു പ്രധാന പങ്കുവഹിക്കുന്നു.

മത്സ്യബന്ധനം: ധാരാളം മത്സ്യമുള്ള ഒരു രാജ്യമാണ് ചിലി. മത്സ്യവ്യവസായം അഭിവൃദ്ധിപ്പെടുത്താൻ ഊർജിത പ്രവർത്തനങ്ങൾ നടന്നുവരുന്നു.

വ്യവസായം: 1939-ൽ വ്യവസായ വികസന കോർപ്പറേഷൻ രൂപവത്കരിച്ചതിൽപ്പിന്നെ ചിലിയിൽ വ്യവസായങ്ങൾക്കു വമ്പിച്ച പുരോഗതി ഉണ്ടായി. രണ്ടാം ലോകമഹായുദ്ധകാലത്തു വ്യാവസായികോത്പാദനം 60% കണ്ടു വർധിച്ചു.

വിദ്യുച്ഛക്തി ഉത്പാദനത്തിൽ തെക്കെ അമേരിക്കയിൽ ബ്രഝസീൽ കഴിഞ്ഞാൽ അടുത്ത സ്ഥാനം ചിലിക്കുണ്ട്.

ഗതാഗതം: 1985-ൽ 8500 കി.മീ. നീളത്തിൽ റെയിൽപാതയും 79,010 കി.മീ. നീളത്തിൽ റോഡും ചിലിയിലുണ്ട്. പന്ത്രണ്ട് തുറമുഖങ്ങൾ ചിലിയിലുണ്ട്. ഇപ്പോൾ രണ്ടു സാർവദേശീയ വിമാനത്താവളങ്ങൾ ഇവിടെയുണ്ട്.

വാണിജ്യം: ചിലിയിൽനിന്നുള്ള പ്രധാന കയറ്റുമതികൾ നൈട്രേറ്റ്, ചെമ്പ്, ഇരുമ്പയിർ മുതലായവയും മുഖ്യമായ ഇറക്കുമതികൾ മോട്ടോർകാറുകൾ, റെയിൽവേസാമഗ്രികൾ, യന്ത്രങ്ങൾ, യന്ത്രോപകരണങ്ങൾ മുതലായവയുമാണ്.

ചിലുചിലപ്പൻ (White breasted laughing thrush)

മൈനയോളം വലിപ്പമുള്ള പക്ഷി. റ്റിമാലിഡെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *ഗാറുലാക്സ് ജെർഡോനി (Garrulax jerdoni).* 20 സെൻറിമീറ്ററോളം നീളം ഉണ്ട്.



വടക്കൻ ചിലുചിലപ്പൻ



തെക്കൻ ചിലുചിലുപ്പൻ

രണ്ട് ഉപസ്പീഷീസ് കേരളത്തിൽ കണ്ടുവരുന്നു. ഒന്ന് അച്ചൻകോവിൽ ചുരത്തിനു വടക്കുള്ള ഫെയർബാങ്കി (fairbanki). ഇതിനെ വടക്കൻ ചിലുചിലപ്പൻ എന്നു വിളിക്കുന്നു. രണ്ടാമത്തത് ചുരത്തിനു തെക്കുള്ള മെറിഡിയനെൽ (meridionale) ഉപസ്പീഷീസാണ്. ഇതിനെ തെക്കൻ ചിലുചിലപ്പൻ എന്നു വിളിക്കുന്നു.

വടക്കൻ ചിലുചിലപ്പന്റെ തലയുടെ മുകൾഭാഗവും പിൻകഴുത്തും മങ്ങിയ കറുപ്പാണ്. തെക്കൻ ചിലുചിലപ്പന്റേത് നരച്ച തവിട്ടുനിറവും. വടക്കൻ ചിലുചിലപ്പനിൽ പുരികം തെക്കൻ ചിലുചിലപ്പനിലെക്കാൾ വളരെ നീണ്ടതാണ്.

ചെറിയ കൂട്ടമായി ജീവിക്കുന്നു. ആൺ-പെൺ പക്ഷികൾ കാഴ്ചയിൽ വലിയ വ്യത്യാസമില്ല. മരങ്ങളിൽ ചെറുപ്രാണികളെ വേട്ടയാടാറുണ്ടെങ്കിലും മിക്ക സമയവും തറയിലാണ് ഇര തേടുക.

ഫെബ്രുവരി-മേയ് മാസങ്ങളിൽ കൂടു കൂട്ടുന്നു. പുല്ല്, ഇല, നേരിയ വേര് എന്നിവ ഉപയോഗിച്ച് കപ്പിന്റെ ആകൃതിയിലാണു കൂട് കൂട്ടുന്നത്. രണ്ടോ മൂന്നോ മുട്ട ഒരു തവണ ഇടുന്നു.

ചിൽകാതടാകം

ഇന്ത്യയിലെ വലിയ തടാകങ്ങളിൽ ഒന്ന്. ഒറീസ്സയിലെ പുരിജില്ലയിലാണ് ചിൽകാ. ക്വാഖയിനദി രണ്ടായി പിരിഞ്ഞ് ഈ തടാകത്തിൽ പതിക്കുന്നു. 2,200 ച.കി.മീ. വിസ്താരമുണ്ടായിരുന്നു ഈ തടാകത്തിന്. ഇപ്പോൾ അത് 916 ച.കി.മീറ്ററായി ചുരുങ്ങിയിരിക്കുന്നു. കടലിൽ ചേരുന്ന സ്ഥലത്ത് മണ്ണ് വന്നടിയുകയാൽ മത്സ്യങ്ങൾ കടലിൽനിന്ന് തടാകത്തിലേക്കു പ്രവേശിക്കാതായി. ഇതു നിമിത്തം ഈ തടാകത്തിൽനിന്നു മീൻ പിടിച്ചു ഉപജീവനം നടത്തിയിരുന്ന 60,000 ത്തോളം ആളുകൾക്കു തൊഴിലില്ലാതായി. മണ്ണടിഞ്ഞതു നീക്കാനുള്ള ശ്രമങ്ങൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. കടലിൽനിന്നു ഉപ്പുവെള്ളം മറ്റൊരു ചെറിയ ചാലുണ്ടാക്കി തടാകത്തിലെത്തിക്കാനുള്ള ശ്രമവും നടക്കുന്നു. തടാകത്തിൽ ഇരുന്നൂറ് ച.കി.മീ. സ്ഥലം പായൽ നിറഞ്ഞിരിക്കയാണ്. ഈ പായൽ നീക്കാൻ 48 ലക്ഷം രൂപയുടെ ചെലവിൽ ചില സംവിധാനങ്ങൾ ഉണ്ടാക്കീട്ടുണ്ട്.

ചിൽഗോസപൈൻ

ഒരിനം പൈൻ. ശാസ്ത്രനാമം: *പൈനസ് ജെറാർഡിയാന (Pinus gerardiana)*. കോണിഫറെ കുലത്തിൽപ്പെടുന്നു. 3 മീറ്ററോളം ചുറ്റളവും 28 മീറ്ററിലധികം ഉയരവും ഉണ്ട്. സൂചിയിലകൾ ആറേഴു സെ.മീറ്റർ നീളത്തിൽ കടുംപച്ചനിറമുള്ളതാണ്. മൂന്നെണ്ണത്തിന്റെ കൂട്ടമായി ഉണ്ടാകുന്നു. തൊലിക്ക് ചാരനിറവും മിനുസവും നിറയെ പുള്ളികളും ഉണ്ട്. കനംകുറഞ്ഞ ശല്ക്കങ്ങളായി അടർന്നുപോകുന്നു. സോബിലെ ഷിംഗാർവനങ്ങളിൽ 4 മീറ്റർ ചുറ്റളവും 21 മീറ്റർ ഉയരവുമുള്ള ഒരു മരമുണ്ടായിരുന്നതായി ഇ. പി. സ്റ്റെബ്ബിംഗ് രേഖപ്പെടുത്തിയിട്ടുണ്ട്.

അഫ്ഘാനിസ്താൻ, ഉത്തരബലൂചിസ്താൻ, ഗാർവാളിലെ 'നിതി' ചുരം, സറ്റ്ലജ്, റാബി, ചീനാബ് എന്നീ നദികളുടെ താഴ്വരകൾ, ചിത്രാൽ മുതലായ സ്ഥലങ്ങളിൽ സമുദ്രനിരപ്പിൽനിന്നു 1828 മുതൽ 3352 വരെ മീറ്റർ പൊക്കത്തിൽ ഇവ കണ്ടുവരുന്നു. പറ്റംചേർന്നു വളരുന്നു.

മെയ്-ജൂൺ മാസങ്ങളിൽ പൂക്കുന്നു. വിത്ത് സിലിണ്ടറാകൃതിയിൽ ഉള്ളതാണ്. മൂന്നു സെന്റിമീറ്ററോളം നീളം ഉണ്ട്. 'ചിറക്' വിത്തിന്റെ വ്യാപനത്തിനു സഹായിക്കുന്നു. വിത്ത് വറുത്ത് തിന്നാറുണ്ട്.

ചിഹ്നം (Emblem)

പ്രതീകാത്മകമായ അടയാളം. ഇന്ത്യയുടെ ചിഹ്നം അശോകസ്തംഭമാണ്. ഓരോ രാഷ്ട്രത്തിനും ഒരു ചിഹ്നം ഉണ്ട്. രണ്ട് ആനകളുടെ നടുവിലുള്ള ശംഖും അതിന്റെ മുകളിൽ അശോകസ്തംഭവും ആണ് കേരള സംസ്ഥാനത്തിന്റെ ചിഹ്നം. ചിഹ്നത്തോടൊപ്പം പലപ്പോഴും ഒരു ആദർശസൂക്തം (motto) ഉണ്ടാകും.



ഇന്ത്യയുടെ ചിഹ്നം

'സത്യമേവ ജയതേ' ആണ് ഇന്ത്യയുടെ ആദർശസൂക്തം. 'കർമണി വ്യജ്യതേ പ്രജ്ഞാ' കേരള സർവകലാശാലയുടെയും 'ഗീർന: ശ്രേയ:' കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ആദർശസൂക്തങ്ങളാണ്.

ചിഹ്നനം (Punctuation)

വായനയുടെ സൗകര്യം, അർഥഗ്രഹണം എന്നിവയെ ലാക്കാക്കി വാക്യരചനയിൽ അടയാളങ്ങൾ രേഖപ്പെടുത്തൽ. അല്പവിരാമം അഥവാ കോമ (,) എന്ന അടയാളംകൊണ്ടും പൂർണവിരാമം അഥവാ ഫുൾസ്റ്റോപ്പ് (.) എന്ന അടയാളംകൊണ്ടും രേഖപ്പെടുത്തുന്നു. വാക്യാംഗമല്ലാത്ത പദങ്ങളും വിശദീകരണങ്ങളും 'വലയ' (ബ്രാക്കറ്റ്)ത്തിനുള്ളിലോ () ഇരുവശവുമുള്ള 'ശൃംഖല' (ഹൈഫൻ)യ്ക്കുള്ളിലോ ഒതുക്കുന്നു. ഗർഭിതവാക്യങ്ങൾ ഇരുവശവും ശൃംഖല കൊണ്ടു വേർതിരിക്കയാണു പതിവ്. പരസ്പരം ഘടിച്ചുനില്ക്കുന്ന, എന്നാൽ സ്വതന്ത്രമായി നില്ക്കാൻ കഴിവുള്ള വാക്യങ്ങളുടെ മധ്യത്തിൽ അർധവിരാമം (സെമികോളൻ) ഇടുന്നു. വാക്യം പൂർണക്രിയയിൽ എത്തിയിട്ടും അവസാനിപ്പിക്കാതെ വിശദീകരണം നല്കുമ്പോൾ ഭിത്തിക അഥവാ കോളൻ (:) ഇട്ടശേഷമാണു വിശദീകരണം ആരംഭിക്കുന്നത്. ഉദാഹരണം: മലയാളത്തിൽ മൂന്നു ലിംഗം ഉണ്ട്: പുല്ലിംഗം, സ്ത്രീലിംഗം, നപുംസകലിംഗം. സമുച്ചയ-വികല്പചിഹ്നങ്ങൾ ചേർക്കാതെ നാമങ്ങളോ ഭേദകങ്ങളോ ക്രിയകളോ തുടർച്ചയായി ചേർക്കുമ്പോൾ ഒടുവിലത്തേത് ഒഴികെ മറ്റെല്ലാറ്റിനു ശേഷം അങ്കുശം (കോമ) ഇടുന്നു. ഉദാഹരണം: രാമൻ, കൃഷ്ണൻ, ഗോവിന്ദൻ എന്നിവർ ഓടി, ഇടയ്ക്കു നിന്നു, വീണ്ടും ഓടി ദൃഷ്ടിയിൽനിന്നു മറഞ്ഞു.

മറ്റൊരാളുടെ വാക്കുകൾ ഉദ്ധരിക്കുമ്പോഴും പദങ്ങൾ വിശിഷ്ടാർഥത്തിൽ ഉപയോഗിക്കുമ്പോഴും ഇരുവശവും ഉദ്ധരണചിഹ്നം (quotations) ഉപയോഗിക്കുന്നു. "ഭിഷ്ടക്കേടാൽ വരുവതു പരിഹാരമില്ലാത്തതല്ലോ" എന്നു 'കേരള കാളിദാസ'ൻ പറയുന്നു എന്നുദാഹരണം. ഉദ്ധരണചിഹ്നം ഒറ്റയായും ഇരട്ടയായും ഇടാറുണ്ട്. ഒരു

ദ്ധരണിക്കകത്തു മറ്റൊന്നു വേണ്ടിവരുമ്പോൾ ആദ്യം ഇരട്ടയും പിന്നെ ഒറ്റയും ഉപയോഗിക്കുന്നതു സൗകര്യമാണ്.

വാക്യമധ്യത്തിലോ വാക്യാന്തത്തിലോ അപൂർണതവന്നാൽ കുത്തുകൾ ഇടുന്നു. “ഞാൻ അവിടെ വന്നാൽ......”.

പ്രശ്നാർഥകമായ വാക്യങ്ങളുടെ അന്ത്യത്തിൽ ചോദ്യചിഹ്നം (?) ഇടുന്നു. “അവൻ വന്നോ?”

വികാരദ്യോതകപദങ്ങളും വാക്യങ്ങളും അവസാനിക്കുമ്പോൾ ആശ്ചര്യചിഹ്നം (!) ഇടുന്നു. കഷ്ടം! ഇതെന്തു കഥയില്ലായ്മ! വാക്യം പ്രശ്നരൂപമായാലും ചോദ്യം വിവക്ഷിതമല്ലെങ്കിൽ ആശ്ചര്യചിഹ്നമാണു വേണ്ടത്. ഞാൻ എന്തുചെയ്യും!

സംബോധന എവിടെയും വാക്യത്തിൽനിന്നു കോമകൊണ്ടു വേർതിരിക്കണം. ‘രാമാ, ഇവിടെ വരൂ’. ‘ഞാൻ അങ്ങോട്ടു വന്നാൽ, എടാ, നിനക്കിട്ടു രണ്ടു തരും’. സംയുക്തപദങ്ങൾക്ക് ഇടയിൽ ശൃംഖലയിടുന്നു, ‘സംവൃത-ഉകാരം’. ഗർഭിതവാക്യം രണ്ടുവശത്തും കോമകൾ ഇട്ടും വാക്യത്തിൽനിന്നു വേർതിരിക്കാം. “ഞാൻ നിങ്ങളുടെ വീട്ടിൽ വന്നാൽ, നിങ്ങളെ കണ്ടില്ലെന്നിരിക്കട്ടെ, ഉടനേ മടങ്ങിപ്പോരും”.

പൂർണവിരാമം ഹ്രസ്വരൂപങ്ങൾക്കു (പേരിന്റെ പ്രഥമാക്ഷരങ്ങളും ഇതിൽപ്പെടും)ശേഷവും വേണം. ‘അ. രാ. രാജരാജവർമ/ എ.ആർ. രാജരാജവർമ’. ‘പടി. ആഫ്രിക്ക’, ‘കി. യൂറോപ്പ്’.

ചിറക് (Wing)

പറക്കുന്നതിനു സഹായിക്കുന്ന അവയവം. പക്ഷികളിലും ചില സ്തനികളിലും (ഉദാ. വവ്വാൽ, പറക്കുംതേവാങ്ക്, പറക്കും അണ്ണാൻ) ശലഭങ്ങളിലും കണ്ടുവരുന്നു. ഇവയിലെല്ലാം ചിറക് ഘടനയിൽ വ്യത്യസ്തമാണ്.



ചിറക്:
1. മേൽഭാഗം
2. കീഴ്ഭാഗം

കശേരുകികളിൽ മുൻകാലുകൾ രൂപാന്തരം പ്രാപിച്ചാണു ചിറക് ഉണ്ടായിരിക്കുന്നത്. ചിറകിൽ രണ്ടുതരം തൂവലുണ്ട്. പ്രാഥമിക തൂവലും ദ്വിതീയതൂവലും. ഇവയിൽ അറ്റത്തുള്ളവ (പ്രാഥമിക തൂവലുകൾ) വായുവിന്റെ പ്രതിരോധം മറികടക്കുവാൻ സഹായിക്കുന്നു. ചിറകിലുള്ള ബാക്കി തൂവലുകൾക്കു (ദ്വിതീയതൂവലുകൾ) ചലനശേഷി ഇല്ല. പെൻഗ്വിനിൽ ദ്വിതീയതൂവലുകളെ ഉള്ളൂ. ഇവ നീന്താൻ ഉപയോഗിക്കുന്നു.

പറക്കാൻ സഹായിക്കുന്ന സ്തരമാണ് സ്തനികളിലെ ചിറക്. ശരിക്കും പറക്കാൻ കഴിവുള്ള സ്തനി വവ്വാൽ മാത്രമാണ്. മറ്റു സ്തനികളിലെ ചിറക് തെന്നിനീങ്ങാൻ സഹായിക്കുന്നു. പറക്കും അണ്ണാനിൽ ഒരു ജോടി ചിറകുണ്ട്. ഓരോ ചിറകും അതതു വശത്തെ മുൻകാലിനെയും പിൻകാലിനെയും യോജിപ്പിക്കുന്നു.

ശലഭങ്ങളിൽ അധ്യാവരണം (integument) രൂപാന്തരം പ്രാപിച്ചാണു ചിറക് ഉണ്ടായിരിക്കുന്നത്. മിക്ക ശലഭത്തിനും രണ്ടു ജോടി ചിറകുണ്ട്. ചില ശലഭം മുന്നിലുള്ള ഒരു ജോടി മാത്രമേ ഉപയോഗിക്കൂ. മറ്റു ചിലത് പിന്നിലുള്ള ഒരു ജോടിയും.

ചിറയിൻകീഴ്

തിരുവനന്തപുരം ജില്ലയിലെ ഒരു താലൂക്കും ഒരു പഞ്ചായത്തും. താലൂക്കിന്റെ വിസ്തൃതി 381 ച.കി. മീറ്ററാണ്. 28 റവന്യൂ വില്ലേജുകളും 21 പഞ്ചായത്തുകളും ഈ താലൂക്കിലുണ്ട്. താലൂക്കിലെ ജനസംഖ്യ 5,18,134 (1981). പഞ്ചായത്തിലെ ജനസംഖ്യ 1,59,741 (1981). ആറ്റിങ്ങൽ മുനിസിപ്പൽ പട്ടണമാണ് താലൂക്കിന്റെ ആസ്ഥാനം. ഈ പഞ്ചായത്തിലെ ഒരു വാർഡായ ശാർക്കരയിലെ ഭഗവതിക്ഷേത്രം പ്രസിദ്ധമാണ്. മറ്റൊരു വാർഡായ അരയത്തുരുത്തിയിലാണ് വാമനപുരം ആറും കായലും തമ്മിൽ ചേരുന്നത്.

നെടുങ്ങണ്ട എസ്.എൻ. ട്രെയ്നിങ് കോളെജും ആറ്റിങ്ങൽ ഗവൺമെൻറുകോളെജും ശിവഗിരി എസ്.എൻ. കോളെജും ഈ താലൂക്കിലെ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളാണ്.

ചിറയിൻകീഴ് താലൂക്കിന്റെ അഞ്ചുതെങ്ങു പഞ്ചായത്തിൽ, ആറ്റിങ്ങൽ റാണിയുടെ അനുവാദത്തോടുകൂടി 1695-ൽ ഇംഗ്ലീഷുകാർ നിർമിച്ച കോട്ട, അതിന്റെ കേടുപാടുകളോടെ ഇന്നും നിലനില്ക്കുന്നു. ഇംഗ്ലീഷുകാർക്കു കോട്ട നിർമിക്കുവാൻ അനുവാദം നല്കിയതിൽ നാട്ടുകാർ പ്രതിഷേധിച്ചു. എട്ടുവീട്ടിൽപിള്ളമാരും പ്രതിഷേധകരുടെ കൂട്ടത്തിലുണ്ടായിരുന്നു. രോഷാകുലരായ നാട്ടുകാർ 1721 ഏപ്രിൽ 15-ാം തീയതി ഇംഗ്ലീഷുകാരുമായി ഏറ്റുമുട്ടി. ഇംഗ്ലീഷുകാരുടെ പക്ഷത്തുള്ള 140 പേർ മരിച്ചു. എന്നാൽ ആറ്റിങ്ങൽ റാണി ജനങ്ങൾക്കുവേണ്ടി മാപ്പുചോദിക്കുകയും നഷ്ടപരിഹാരം നൽകുകയുംചെയ്തു.

ചിറയ്ക്കൽ

കണ്ണൂർ ജില്ലയിലെ ഒരു പഞ്ചായത്ത്. പഴയ കോലത്തുനാട്ടിലെ ഒരു പ്രധാന കേന്ദ്രം. 1733-’40 കാലത്തിനിടയ്ക്ക് ഇക്കേരിരാജാക്കന്മാർ കോലത്തുനാട് ആക്രമിച്ചതിനെ തുടർന്നു ഛിദ്രിച്ച രാജവംശത്തിലെ പള്ളിശ്ശാഖയുടെ ആസ്ഥാനം. മലബാർ ബ്രിട്ടീഷുകാരുടെ ഭരണത്തിലായപ്പോൾ അറയ്ക്കൽ കുടുംബത്തിൽനിന്നു പിടിച്ചടക്കിയ കണ്ണൂർ ആസ്ഥാനമാക്കി ചിറയ്ക്കൽ താലൂക്കു രൂപംകൊണ്ടു. കാസർഗോഡ് താലൂക്ക് മലബാറിനോടു സംയോജിപ്പിക്കുംവരെ മലബാർജില്ലയുടെ ഏറ്റവും വടക്കെ അറ്റത്തു തെക്കൻ കർണാടകാതിർത്തിവരെ നീണ്ടുകിടക്കുന്ന താലൂക്കായിരുന്നു ചിറയ്ക്കൽ. കേരളസംസ്ഥാന പിറവിക്കുശേഷം ചിറയ്ക്കൽ താലൂക്ക് ഇല്ലാതാവുകയും ചിറയ്ക്കൽ കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിലെ ഒരു പഞ്ചായത്തായിത്തീരുകയുംചെയ്തു.

കൈത്തറി · വസ്ത്രങ്ങളുടെ നിർമാണത്തിനു പ്രസിദ്ധിയുള്ളതാണ് ചിറയ്ക്കൽ പഞ്ചായത്ത്. വീടുകളിൽ കുഴിത്തറികളിട്ട് പരമ്പരയാ നെയ്ത്തു തൊഴിലാക്കിയ അനേകം കുടുംബങ്ങൾ ഇവിടെയുണ്ട്. പഴയകാലം മുതല്ക്കേ ചിറയ്ക്കലെ പട്ടുവത്തെരുവ്, കടലായിത്തെരുവ്, പുതിയതെരുവ്, പുഴാതിത്തെരുവ് മുതലായവ നെയ്ത്തിനു പേരുകേട്ടവയാണ്.

ചിറയ്ക്കൽ കോവിലകം വക ഒരു ഹൈസ്കൂൾ വളരെക്കാലമായി ഇവിടെ പ്രവർത്തിച്ചുവരുന്നു. ഈ പഞ്ചായത്തിലെ കളരിവാതുക്കൽ ഭഗവതീക്ഷേത്രം പ്രസിദ്ധമാണ്. പഴയകാലത്ത് പടുവിലായി നായരുടെ കളരിയായിരുന്നു ഇതെന്നും കോലത്തിരിമാർ പിന്നീടു ഇതു കൈവശപ്പെടുത്തി എന്നും ഐതിഹ്യമുണ്ട്. ജനസംഖ്യ 36,124 (1981).

ചിറവാ മൂപ്പൻ

കൊല്ലം അഞ്ചാം ശതകംമുതൽ വേണാട്ടിലെ ഭരണാധികാരി. കൊല്ലത്തു പനങ്കാവിൽ കൊട്ടാരത്തിൽ താമസിച്ചുകൊണ്ടാണ് ചിറവാ മൂപ്പൻ നാടുവാണിരുന്നത്. യുവരാജാവിനെ തൃപ്പാപ്പൂർ മൂപ്പൻ എന്നു പറഞ്ഞിരുന്നു. ക്ഷേത്രകാര്യങ്ങളുടെ വിശേഷിച്ചു പദ്മനാഭസ്വാമിക്ഷേത്രത്തിന്റെ മേൽനോട്ടം തൃപ്പാപ്പൂർ മൂപ്പനായിരുന്നു. കൊല്ലം മൂന്നൂറാമാണ്ടടുത്തു വേണാടു വാണത് കീഴ്പേരൂർ ശാഖക്കാരാണ്. കിളിമാനൂരിൽനിന്നും 4 കി.മീ. ദൂരെയാണ് കീഴ്പേരൂർ. നാലാംശതകത്തിന്റെ മധ്യഘട്ടത്തിൽ തൃപ്പാപ്പൂർ (കഴക്കൂട്ടം റെയിൽവേസ്റ്റേഷനു കിഴക്കുവശം) താമസിച്ചിരുന്ന ഒരു ശാഖയും നാലാംശതകത്തിന്റെ അന്ത്യത്തിൽ തിരുവല്ലായ്ക്കടുത്ത് ആലൻതുരുത്തിയിൽ വാണിരുന്ന ചിറവാ(യ്)ശാഖയും, വേണാട്ടിൽ ലയിച്ചു. അതിൽപ്പിന്നീടാണ് വേണാട്ടിലെ ഭരണാധികാരിക്ക് ചിറവാമൂപ്പൻ എന്നും യുവരാജാവിനു തൃപ്പാപ്പൂർ മൂപ്പൻ എന്നും പേരുണ്ടായത്. ശാസനങ്ങളിലും മതിലകം ഗ്രന്ഥവരികളിലും ഈ സ്ഥാനപ്പേര് ഉപയോഗിച്ചതായി കാണാം.

ചിറാപ്പുഞ്ചി (ചെറാപ്പുഞ്ചി)

ഇന്ത്യയിൽ മേഘാലയ സംസ്ഥാനത്തുള്ള പ്രദേശം. ലോകത്തിൽ വാർഷിക വർഷപാതത്തിൽ രണ്ടാംസ്ഥാനം ഇതിനാണ്. ഒന്നാംസ്ഥാനം ഹവായിലെ വയാലീൽ ശിഖരത്തിന്ന് (Mt. vaialeale) ആണ്. ചിറാപ്പുഞ്ചിയിൽ ശരാശരി വാർഷികവർഷപാതം 11,250 മി..മീറ്ററും വയാലീൽ ശിഖരത്തിൽ 11,500 മി.മീറ്ററും ആണ്. പക്ഷെ 1861-ൽ ചിറാപ്പുഞ്ചിയിൽ ലഭിച്ച മഴയുടെ അളവ് ഇന്നും ലോകറിക്കാർഡ് ആകയാൽ, ലോകത്തിൽ ഏറ്റവുമധികം മഴ ലഭിച്ച സ്ഥലം ചിറാപ്പുഞ്ചിയാണെന്ന് പറയാം. ആസ്ട്രി ലോയ്ഡ് വംശജരും മരുമക്കത്തായികളുമായ ഖാസിവർഗക്കാരാണ് ജനങ്ങളിൽ ഭൂരിഭാഗവും. ചെറാകല്ക്കരി ഖനി ചിറാപ്പുഞ്ചിക്കടുത്താണ്. ജനസംഖ്യ 6,097 (1981).

ചിറ്റഗോങ്

ബംഗ്ലാദേശിലെ ഒരു നഗരവും ജില്ലയും ഡിവിഷനും. കൽക്കത്തയിൽനിന്ന് 360 കി.മീ. കിഴക്കുമാറി ബംഗ്ലാദേശിൽ ബംഗാൾ ഉൾക്കടലിന്റെ കിഴക്കെ തീരത്തു സ്ഥിതിചെയ്യുന്നു. ചിറ്റഗോങ് നഗരം ഡിവിഷന്റെ തലസ്ഥാനവും റെയിൽവെ കേന്ദ്രവും ആണ്. മരത്തടി അറുക്കൽ, ധാന്യങ്ങൾ പൊടിക്കൽ, പഞ്ചസാരനിർമാണം എന്നിവയാണു മുഖ്യവ്യവസായങ്ങൾ. പട്ടണത്തിനരികിലായി സ്ലേറ്റ് നിർമാണമുണ്ട്. ചണം, പരുത്തി, തേയില, അരി, തോൽ എന്നിവയാണു മുഖ്യകയറ്റുമതിച്ചരക്കുകൾ. യന്ത്രോത്പന്നങ്ങൾ, മോട്ടോർകാർ, പെട്രോളിയം, യന്ത്രോപകരണങ്ങൾ മുതലായവ ഇറക്കുമതി ചെയ്യുന്നു. ബംഗ്ലാദേശിലെ ഏറ്റവും പ്രധാന തുറമുഖമാണ് ഇത്. 16-ാം നൂറ്റാണ്ടിന്റെ ആദ്യംവരെ കടൽക്കള്ളന്മാരുടെ ശക്തികേന്ദ്രമായിരുന്നു. അതിനാൽ 1538-ൽ പോർത്തുഗീസുകാർ ഇതിനു തീയിട്ടു. പോർട്ടോഗ്രാൻഡെ എന്നാണു ഇവിടുത്തെ തുറമുഖത്തിന്റെ പേർ. 1760-ൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി ഇതു വിലയ്ക്കു വാങ്ങി. 1947 ഓഗസ്റ്റുവരെ ഇന്ത്യയുടെ ഭാഗമായിരുന്ന ഈ നഗരം വിഭജനത്തോടെ പാകിസ്താന്റെ ഭാഗമായി. ചുഴലിക്കാറ്റിന്റെ ശല്യത്തിനു പലപ്പോഴും വിധേയമാണ് ചിറ്റഗോങ്. 1963-ലെയും 1970-ലെയും ചുഴലിക്കാറ്റും 1971-ലെ ആഭ്യന്തരയുദ്ധവും നഗരത്തിനു വലിയ നാശനഷ്ടങ്ങളുണ്ടാക്കി. പിന്നീടും ഈ നഗരം ചുഴലിക്കാറ്റിന്റെ ആക്രമണത്തിനു പലപ്പോഴും വിധേയമായിട്ടുണ്ട്. ജനസംഖ്യ 13,88,476 (1981). ഇവിടെ ഒരു എത്നോളജിക്കൽ (നരവർഗവിജ്ഞാന) മ്യൂസിയവും, മെഡിക്കൽ കോളെജ്, ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ചിറ്റഗോങ് സർവകലാശാല എന്നിവയും പ്രവർത്തിക്കുന്നു.

ചിറ്റഗോങ് - ഒരു ദൃശ്യം

ചിറ്റഗോങ് ജില്ലയ്ക്ക് 7,216 ച.കി.മീ. വിസ്തൃതിയുണ്ട്. ചണം, കരിമ്പ്, പുകയില, നെല്ല് തുടങ്ങിയവയാണു മുഖ്യവിളകൾ. അരക്കാനിലെ രാജാവിന്റെ കൈവശത്തിൽനിന്ന് 1668-ൽ ബംഗാളിലെ മുഗൾ നവാബ് ഇവിടം പിടിച്ചെടുത്തു. 1760-ൽ ബ്രിട്ടീഷ് അധീനത്തിലായി. ജില്ലയിലെ ജനസംഖ്യ 54,76,167 (1981).

1984-ൽ ജില്ലകൾ പുനഃസംഘടിപ്പിച്ചപ്പോൾ ചിറ്റഗോങ് ഡിവിഷനിൽ 15 ജില്ലകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിസ്താരം 45,415 ച.കി.മീറ്റർ. ജനസംഖ്യ 2,60,62,000 (1985).

ചിറ്റഗോങ് ആയുധശാലാക്രമണം

ഇന്ത്യയുടെ സ്വാതന്ത്ര്യപ്രക്ഷോഭണത്തിലെ ഒരു സായുധസമരം. ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ നേരിടാനായി ബംഗാളി യുവാക്കൾ നടത്തിയ സമരത്തിൽ അനേകം പേർ മരിച്ചു. സൂര്യസെൻ ആയിരുന്നു വിപ്ലവകാരികളുടെ നേതാവ്. ഗണേശ്ഘോഷ്, അനന്തസിങ്, കല്പനാദത്ത്, പ്രീതിലതാവദ്ദേദാർ എന്നിങ്ങനെ അമ്പതോളം പേരാണ് 1930 ഏപ്രിൽ 30-ന് ഈ സമരത്തിൽ പങ്കെടുത്തത്.

അന്നുതന്നെ ബംഗാളിലെ മൈമൻസിങ്, ബാരിസാൾ എന്നിവിടങ്ങളിലെ ആയുധപ്പുരകളും ആക്രമിക്കുവാൻ ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി തയ്യാറായിരുന്നു. പക്ഷേ, ചിറ്റഗോങ്ങിലാണ് അതു നടപ്പായത്. ലഘുലേഖകൾ നേരത്തെ വിതരണം ചെയ്തിട്ട് 1930 ഏപ്രിൽ 30-ാം തീയതി രാത്രി 10 മണിക്കു നാലു ബാച്ചുകളായി വിപ്ലവകാരികൾ നീങ്ങി. പോലീസ് ആയുധപ്പുര, പട്ടാളത്തിന്റെ ആയുധപ്പുര, യൂറോപ്യൻ ക്ലബ്ബിലെ വെള്ളക്കാർ, ടെലിഫോൺ എക്സ്ചേഞ്ചും ടെലിഗ്രാഫ് ഓഫീസ് എന്നിവ ആയിരുന്നു ആക്രമണലക്ഷ്യങ്ങൾ. യൂറോപ്യൻ ക്ലബ്ബിൽ ആരുമില്ലാതിരുന്നതിനാൽ അതിനു നിയോഗിക്കപ്പെട്ടവർ മറ്റു കൂട്ടരുടെ കൂടെച്ചേർന്നു. കാവല്ക്കാരെ കൊന്നശേഷം ആയുധപ്പുരകൾ കവർന്നു. കെട്ടിടം കത്തിച്ചു. ടെലിഫോൺ ബോർഡ് കേടുവരുത്തി. സ്വതന്ത്രഭാരത റിപ്പബ്ലിക്ക്, പ്രഖ്യാപിക്കുകയും സൂര്യസെന്നിനെ അതിന്റെ പ്രസിഡൻറായി തിരഞ്ഞെടുക്കുകയും ചെയ്തു.

പോലീസ് കൂടുതൽ സന്നാഹത്തോടെ വന്നു വിപ്ലവകാരികളെ ചിറ്റഗോങ്ങിൽനിന്നു തുരത്തി. പിൻവാങ്ങുന്നതിനിടയിൽ കമ്പിയും റെയിലും മുറിക്കാനും തീവണ്ടി ഗതാഗതം തടയാനും കലാപകാരികൾ ശ്രമിച്ചു.

57 വിപ്ലവകാരികൾ, പോലീസിൽനിന്നു രക്ഷനേടി. അവസാനം 22-ാം തീയതി രാവിലെ ജലാലബാദ് കുന്നിലെത്തി. പോലീസും പിന്നാലെ എത്തി. തുറന്ന യുദ്ധം നടന്നു. സർക്കാർ ഭാഗത്ത് 64 പേരും വിപ്ലവകാരികളിൽ 11 പേരും മരിച്ചു.

കുന്നിൽക്കയറി വിപ്ലവകാരികളുടെ സങ്കേതം തകർക്കാൻ ശ്രമം നടത്തിയെങ്കിലും സാധിച്ചില്ല. വിപ്ലവകാരികളാകട്ടെ രക്ഷയില്ലെന്നു കണ്ടു ചെറുഗ്രൂപ്പുകളായിപ്പിരിഞ്ഞു കഴിയുന്നത്രകാലം ഗറില്ലാസമരമുറകൾ നടത്താനുറച്ചു. സൂര്യസെന്നും ആയുധശാല ആക്രമിച്ചവരും ബംഗാളിൽ സാമ്രാജ്യവാദികളെ കിടിലംകൊള്ളിച്ചു. വെള്ളക്കാരെ കൊല്ലുക, റെയിൽവേഗതാഗതം സ്തംഭിപ്പിക്കുക, ആയുധവും പണവും കൈക്കലാക്കുക ഇങ്ങനെ പലതും അവർ ചെയ്തു. സൂര്യസെന്നും കൂട്ടാളികളും ഇതിഹാസപുരുഷന്മാരായി.

14 വിപ്ലവകാരികളെ അന്തമാനിലേക്കു നാടുകടത്തി. കാപ്ടൻ കാമറൂണിന്റെ നേതൃത്വത്തിൽ ഒരു പട്ടാളസംഘം സൂര്യസെന്നും അഞ്ചു വിപ്ലവകാരികളും ഒളിച്ചിരുന്ന സ്ഥലം ആക്രമിച്ചു. കാമറൂണിനെ അവർ വെടിവെച്ചു കൊന്നു. നീണ്ട സമരത്തിൽ രണ്ടുപേർ മരിച്ചു. സൂര്യസെന്നും കല്പനാദത്തും പ്രീതിലതാവദ്ദേദാറും രക്ഷപ്പെട്ടു.

1932 സെപ്റ്റംബർ 22-ന് പ്രീതിലതാവദ്ദേദാർ ഒരു വിപ്ലവസംഘവുമായി ചിറ്റഗോങ്ങിലെ റെയിൽവെ ഇൻസ്റ്റിട്ട്യൂട്ട് ആക്രമിച്ചു. വെള്ളക്കാർ കുടിച്ചു നൃത്തം ചെയ്യുന്നതിനിടയിൽ പെട്ടെന്നു ബോംബു പൊട്ടി. വെള്ളക്കാർ തോക്കെടുത്തു പൊരുതി. അവർ പൊട്ടാസ്യം സയനൈഡ് കഴിച്ച് ആത്മഹത്യചെയ്തു. മറ്റുള്ളവർ രക്ഷപ്പെട്ടു.

1933 ഫെബ്രുവരിയിൽ ഒളിവിലായിരുന്ന സൂര്യസെന്നിനെ പോലീസ് വളഞ്ഞു. അവിടെനിന്ന് ഓടി രക്ഷപ്പെട്ടുവെങ്കിലും അവസാനം പോലീസുമായി ധീരമായിപ്പൊരുതി; പക്ഷെ കീഴടങ്ങേണ്ടിവന്നു. ഒറ്റിക്കൊടുത്തയാളെ വിപ്ലവകാരികൾ കൊന്നു. സൂര്യസെന്നിനെ വിചാരണചെയ്തു തൂക്കിക്കൊന്നു. മറ്റു പ്രതികളിൽ അധികം പേരും അന്തമാനിലേക്കു നാടുകടത്തപ്പെട്ടു. അവർ പിന്നീടു കമ്യൂണിസ്റ്റുപാർട്ടിയിൽ ചേർന്നു പ്രവർത്തിച്ചു.

ചിറ്റൻഡെൻ, റസ്സൽ ഹെൻറി (1856—1943)

അമേരിക്കൻ രസതന്ത്രജ്ഞനും വിദ്യാഭ്യാസവിചക്ഷണനും. 1856 ഫെബ്രുവരി 18-ന് ന്യൂ ഹാവെനിൽ ജനിച്ചു. ഷെഫീൽഡ് സയൻറിഫിക് സ്കൂളിലും യേൽ സർവകലാശാലയിലും വിദ്യാഭ്യാസം നടത്തി. 1878 വരെ യേലിൽത്തന്നെ രസതന്ത്രവകുപ്പിൽ അസിസ്റ്റൻറായി ജോലി നോക്കി. പിന്നീട് ജെർമനിയിൽ ഹീഡൽബർഗ് സർവകലാശാലയിൽ ഉപരിപഠനത്തിനു പോയി. 1879-ൽ ന്യൂ ഹാവെനിൽ തിരിച്ചെത്തി. അടുത്തവർഷം പിഎച്ച്.ഡി. ബിരുദമെടുത്തു. 1882-ൽ യേൽ സർവകലാശാലയിലെ ജീവരസതന്ത്രത്തിൻെറ പ്രൊഫസ്സറും 1898 മുതൽ 1922 വരെ ഷെഫീൽഡ് സയൻറിഫിക് സ്കൂളിൻെറ ഡയറക്റ്ററുമായി.

ജീവകലകളിൽ ഗ്ലൈക്കോജൻെറയും ഗ്ലൈക്കോകോളിൻെറയും സാന്നിധ്യം ആദ്യമായി മനസ്സിലാക്കിയത് ചിറ്റൻഡെനാണ്. ദഹനത്തെപ്പറ്റിയും പോഷണത്തെപ്പറ്റിയുമുള്ള ജീവരസതന്ത്രത്തിൽ ഗവേഷണം നടത്തുന്നതിലാണു ശ്രദ്ധ തിരിഞ്ഞത്. പല ശാസ്ത്രഗ്രന്ഥങ്ങളും ഇദ്ദേഹം രചിച്ചിട്ടുണ്ട്.

ചിറ്റമൃത്

ഒരിനം ആരോഹി. മെനിസ്പെർമേസി കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *റ്റിനോസ്പോറ കോർഡിഫോളിയ (Tinospora cordifolia)*. ജന്മദേശം ഇന്ത്യ. ഉഷ്ണമേഖലാവനങ്ങളിൽ കണ്ടുവരുന്നു. വീട്ടുവളപ്പിൽ വളർത്താറുണ്ട്. റ്റിനോസ്പോറ ജീനസിൽപ്പെട്ട മറ്റൊരു സ്പീഷീസാണ് † കാട്ടമൃത്.

വള്ളിയിൽ ത്രിചഞ്ചുകിതമായ (tribeaked) പർവങ്ങൾ (nodes) കാണാം. കാണ്ഡത്തിൽനിന്നു ചരടുപോലുള്ള, വായവമൂലങ്ങൾ (aerial roots) താഴോട്ടു വളരുന്നു. മണ്ണിൽ തൊട്ടു കഴിഞ്ഞാൽ ഇവയ്ക്കു വണ്ണം വയ്ക്കും. പർവങ്ങളുടെ അഭാവം മൂലം യഥാർഥ കാണ്ഡത്തിൽനിന്ന് ഇവയെ തിരിച്ചറിയാം.

ഇല ഏകാന്തരന്യാസത്തിലാണ്. ഹസ്താകാര ജാലികസിരാവിന്യാസം. എട്ടു സെൻറീമീറ്ററോളം നീളവും പത്തു സെൻറീമീറ്ററോളം വീതിയും ഉണ്ട്. പത്രവൃന്ത(stalk)ത്തിൻെറ നീളം എട്ടു മുതൽ പത്തു വരെ സെൻറീമീറ്റർ.



ചിറ്റമൃത് —
ഇലയും വള്ളിയും



ചിറ്റമൃത്—
തണ്ടും പൂവും

ആൺപൂവും പെൺപൂവും പ്രത്യേകം ചെടികളിൽ ഉണ്ടാകുന്നു. പൂക്കുല അനിയതമഞ്ജരിയാണ്. പൂവിനു പച്ച കലർന്ന മഞ്ഞ നിറം. ബാഹ്യദളവും ദളവും ആറുവീതം. കേസരം 12. ആറെണ്ണം വന്ധ്യമാണ്. അണ്ഡാശയം ഊർധ്വവർത്തിയാണ്. കായ് ആമ്രകം (drupe). നിറം ചുവപ്പ്.

കാണ്ഡം മുറിച്ചു നട്ടാണു ചിറ്റമൃത് വച്ചുപിടിപ്പിക്കുന്നത്. കാണ്ഡ(വള്ളി)ത്തിനു ഔഷധമൂല്യം ഉണ്ട്. ത്വക്‌രോഗം, പ്രമേഹം, വാതരക്തം ഇവ ശമിപ്പിക്കാൻ ഉപയോഗിക്കുന്നു. അർശസ്സ്, ചുമ എന്നിവ ഇല്ലാതാക്കാനും കൊള്ളാം.

ചിറ്റരത്ത

† അരത്ത നോക്കുക.

ചിറ്റാംവുഡ് (Chittam wood)

ഒരിനം വൃക്ഷം. അമേരിക്കയിലും യൂറോപ്പിലും കണ്ടുവരുന്നു. 'സ്പോക് ട്രീ' എന്നും പേരുണ്ട്. സാധാരണ വളർത്തുന്ന ഇനത്തിൻെറ ശാസ്ത്രനാമം: *കോട്ടിനസ് കോജിഗ്രിയ (Cotinus coggygria)*. അനാകാർഡിയേസി കുലത്തിൽപ്പെടുന്നു.

അഞ്ചു മീറ്ററോളം പൊക്കം വയ്ക്കും. ശാഖോപശാഖകളായി വളരുന്നു. വളരെച്ചെറിയ പൂവാണ്. കായുണ്ടാകുന്ന തണ്ടിൽ ലോമങ്ങൾ ഉള്ളതിനാൽ പൂക്കാലത്ത് പുകപോലെ തോന്നും. ഇല ലഘുവാണ്.

ചിറ്റാ (Chita)

റഷ്യൻ സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിലെ ഒരു ഭരണവിഭാഗം (Oblast). വിസ്തൃതി 4,31,500 ച.കി.മീറ്റർ. ജനസംഖ്യ 12,79,000 (1982). പർവതനിരകളും പീഠഭൂമികളും താഴ്വരകളും നിറഞ്ഞ ഈ പ്രവിശ്യ തെക്കുപടിഞ്ഞാറുനിന്നു വടക്കുകിഴക്കോട്ടു ചരിഞ്ഞുകിടക്കുന്നു. ഇവിടെയുള്ള ഒരു പ്രധാന പർവതനിര യാബ്ലൊനോവോ (Yablonovo) ആണ്. അർഗൺ (Argun), ഷിൽക്കാ (Shilka) എന്നീ നദികൾ ഈ പ്രദേശത്തുകൂടെ ഒഴുകുന്നു. ഈ നദികൾ കൂടിച്ചേർന്ന് അമുർ (Amur) നദിയാകുന്നു. ലിന(Lena)യും പോഷകനദികളും പ്രവിശ്യയുടെ വടക്കുഭാഗത്തുകൂടി ഒഴുകുന്നു. ഈ നദികളിലെ വെള്ളം ജലസേചനത്തിന് ഉപയുക്തമാണ്. സൂചിയിലക്കാടുകൾ ചിറ്റായിലുടനീളം കാണാം. കാലാവസ്ഥയിൽ ഗണ്യമായ വ്യത്യാസങ്ങളുണ്ട്. മഴ വളരെ കുറവാണ്. ഉയർന്ന പ്രദേശങ്ങളിൽ 41 സെ.മീറ്ററും താഴ്ന്ന പ്രദേശങ്ങളിൽ 25 മുതൽ 30 വരെ സെ.മീറ്ററും ആണു മഴ.

ജനസംഖ്യയുടെ ഭൂരിഭാഗവും റഷ്യക്കാരാണ്. 1650-നോടടുത്ത് കൊസാക്കുകൾ ഇവിടെ വന്നു 1653-ൽ ഇർഗെൻസ്ക്കി കോട്ട

സ്ഥാപിച്ചു. ചൈനയുമായി വ്യാപാരം നടത്തുന്ന ഒരു പ്രധാന കേന്ദ്രമായ നെർക്കിൻസ്ക് 1658-ൽ കൊസാക്കുകൾ സ്ഥാപിച്ചതാണ്. 1830-ൽ സ്വർണം കണ്ടുപിടിച്ചതോടെയാണ് റഷ്യക്കാർ ഇവിടെ കാലൂന്നിയത്. 1897-ൽ ട്രാൻസ് സൈബീരിയൻ റെയിൽവേ ഇവിടെ ജനപ്രവാഹം വർധിച്ചു. ചിറ്റാപ്രവിശ്യയുടെ മധ്യ ആരംഭിച്ചതോടെ ജനപ്രവാഹം വർധിച്ചു. ചിറ്റാപ്രവിശ്യയുടെ മധ്യ ത്തിൽക്കൂടി പോകുന്ന ഈ റെയിൽവേ ഇന്നും പ്രധാന ഗതാഗത മാർഗമാണ്. കിഴക്കൻ സൈബീരിയൻ ടെറിട്ടറി ചിറ്റായിൽനിന്നും വേർപെടുത്തിയതോടെ 1937-ൽ ചിറ്റാ ഒരു ഭരണവിഭാഗമായിത്തീർന്നു.

ധാതുക്കളാണ് പ്രവിശ്യയിലെ വരുമാനമാർഗം. സ്വർണം, വെള്ളി, വെളുത്തീയം, നാകം, കറുത്തീയം എന്നിവയാണു പ്രധാന ഖനിജങ്ങൾ. 1960-ൽ ഇരുമ്പിന്റെയും ചെമ്പിന്റെയും നിക്ഷേപങ്ങൾ കണ്ടെത്തിയിട്ടുണ്ട്. തടിവ്യവസായം പുരോഗമിച്ചിട്ടുണ്ട്. അനുകൂലമായ കാലാവസ്ഥയല്ലാത്തതിനാൽ കൃഷി പുരോഗമിച്ചിട്ടില്ല. പ്രധാന വളർത്തുമൃഗം ആടാണ്. കുറുക്കന്റെയും അണ്ണാന്റെയും രോമങ്ങൾ ഇവിടെനിന്നു കയറ്റി അയയ്ക്കുന്നു. കായികാധ്വാനത്തിനുകൂടി ശിക്ഷിക്കപ്പെട്ട കുറ്റവാളികളെ ചിറ്റായിലേക്ക് അയയ്ക്കുന്ന പതിവ് മുമ്പുണ്ടായിരുന്നു.

ചിറ്റാരിപ്പുഴ

കാസർഗോഡ് ജില്ലയിൽ ചിറ്റാരിക്കു ചുറ്റുമുള്ള കായലുകൾ ചേർന്നുണ്ടായ പുഴ. പല തോടുകളും കടലോരത്തുള്ള കായലിലേക്കൊഴുകുന്നു. ഒരു തോട് കുണ്ഡിയ എന്ന സ്ഥലത്തുനിന്നു തച്ചങ്ങാടുവഴി ചിറ്റാരിയിലെത്തുന്നു. പുല്ലൂർതോട്, ഇരിയൽ, തിരിയൽ, പുല്ലൂര് എന്നിവവഴി ഒഴുകി, അജാനൂർതോടുമായി ചേർന്നു ചിറ്റാരിപ്പുഴയിലേക്കൊഴുകുന്ന തോടാണ് മുഖ്യമായത്. ഇതിന് 25 കി.മീ. നീളമുണ്ട്.

കാസർഗോഡ്-ഹോസ്ദുർഗ് താലൂക്കുകളിലാണു നദീതടം. പുകയില, നെല്ല്, പയറുവർഗം, മുളക് എന്നിവയാണു പ്രധാന വിളകൾ. ഉയർന്നഭാഗങ്ങളിൽ കശുമാവ്, ഇഞ്ചിപ്പുല്ല്, റബർ, മരച്ചീനി എന്നിവയാണു കൃഷി. ഗതാഗതത്തിനു പുഴ ഉപയോഗപ്രദമാണ്.

ചിറ്റാവണക്ക്

†ആവണക്ക് നോക്കുക.

ചിറ്റീന്ത്

പാമെ കുലത്തിൽപ്പെട്ട മരം. കേരളത്തിൽ ധാരാളമുണ്ട്. ശാസ്ത്രനാമം: *ഫീനിക്സ് ഹുമിലിസ് (Phoenix humilis).*

രണ്ടു മീറ്ററോളം പൊക്കം വയ്ക്കും. ഇല ഏകാന്തരന്യാസത്തിലാണ്. ഏപ്രിലിൽ പൂക്കുന്നു. പൂക്കുല ചെറുതാണ്. വിളഞ്ഞ കായുടെ നിറം ചെമപ്പ്. ഇതു ഭക്ഷ്യയോഗ്യമാണ്. ഇല പായുണ്ടാക്കാൻ ഉപയോഗിക്കുന്നു.

ചിറ്റൂർ

ആന്ധ്രപ്രദേശത്തിലെ ഒരു റവന്യൂജില്ലയും അതിന്റെ ആസ്ഥാനനഗരവും. ജില്ലയുടെ വിസ്തൃതി 15,152 ച. കി. മീ. ജനസംഖ്യ 27,37,316 (1981). മദിരാശിനഗരത്തിൽ നിന്ന് 128 കി. മീ. പടിഞ്ഞാറു സ്ഥിതിചെയ്യുന്നു ചിറ്റൂർപട്ടണം. തിരുപ്പതി വെങ്കടേശ്വരസർവകലാശാലയുടെ കീഴിലുള്ള ഒരു കോളെജും ധാരാളം ഹൈസ്ക്കൂളുകളും ഒരു ട്രെയിനിങ് കോളെജും ആശുപത്രികളും ഇവിടെയുണ്ട്. പലതരത്തിലുള്ള മാമ്പഴങ്ങളുടെയും ശർക്കരയുടെയും വിപണനത്തിനു പേരുകേട്ടതാണു ചിറ്റൂർപട്ടണം.

ചിറ്റൂർ

പാലക്കാടുജില്ലയിലെ ഒരു പട്ടണവും ക്ഷേത്രസങ്കേതവും. ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റിയുടെ ആസ്ഥാനമാണ് ഈ പട്ടണം. മുനിസിപ്പാലിറ്റിയിലെ ജനസംഖ്യ 30,407 (1981). മുൻ കൊച്ചിരാജ്യത്തിന്റെയും തമിഴ്നാടിന്റെയും അതിർത്തിയിൽ സ്ഥിതിചെയ്യുന്നു. നിലക്കടല, പരുത്തി എന്നീ കൃഷികളും ഓട്, നെല്ലുകുത്ത്, തുണിനെയ്ത്ത് എന്നീ വ്യവസായങ്ങളും ഉണ്ട്. വിസ്തൃതി 14.71 ച. കി. മീ. പാലക്കാടുജില്ലയിലെ ഒരു എൻ. ഇ. എസ്. ബ്ലോക്കാണു ചിറ്റൂർ. ആസ്ഥാനം നാട്ടുകൽ. എരുത്തിയാമ്പതി, കൊഴിഞ്ഞമ്പാറ, തല്ലേപ്പിള്ളി, പട്ടഞ്ചേരി, പെരുമാട്ടി, വടകരപ്പതി, അയിലൂർ, നെന്മാറ, നെല്ലിയാമ്പതി എന്നീ പഞ്ചായത്തുകൾ ഈ ബ്ലോക്കിൽ ഉൾപ്പെടുന്നു. തുഞ്ചത്തെഴുത്തച്ഛന്റെ സ്മാരകമായ തുഞ്ചൻ ഗുരുകുലം ചിറ്റൂരിലാണ്. ബിരുദാനന്തരപഠനസൗകര്യമുള്ള ഒരു ഗവൺമെന്റ് കോളെജ് ഇവിടെ ഉണ്ട്. മുമ്പ് ഈ പ്രദേശം കൊച്ചിരാജ്യത്തിന്റെ ഭാഗമായിരുന്നു.

ചിറ്റൂർക്കാവ്.

പാലക്കാട്ജില്ലയിലെ ചിറ്റൂരിലുള്ള ഭഗവതീക്ഷേത്രം. ദാരികവധത്തിനായി ശിവന്റെ തൃക്കണ്ണിൽനിന്നു ജനിച്ച ഭദ്രകാളിയാണ് ഇവിടുത്തെ പ്രതിഷ്ഠ. ചിറ്റൂർ അമ്മതിരുവടിയെന്നാണ് ഈ ദേവിയെ പറയാറുള്ളത്. ചിറ്റൂർക്കാവിൽനിന്നും കുറച്ചുമാറിയാണു മൂലക്ഷേത്രം. ഇതിനു ബലിക്കൽപ്പുരയും നാലമ്പലവുമെല്ലാമുണ്ട്. ആദ്യകാലത്തു നായന്മാരായിരുന്നു ഇവിടെ പൂജ നടത്തിയിരുന്നത്. പില്ക്കാലത്തു ബ്രാഹ്മണരായി പൂജാരികൾ. മൂലക്ഷേത്രത്തെക്കാൾ ചിറ്റൂർക്കാവാണു പ്രസിദ്ധം. 9 മീറ്ററോളം നീളമുള്ള ചാർത്തും ആൽത്തറയും ആലും മാത്രമാണിവിടെയുള്ളത്. മണ്ഡലക്കാലവും ഉത്സവക്കാലവും ഒഴിച്ചുള്ള അവസരങ്ങളിൽ ചൊവ്വാഴ്ചയും വെള്ളിയാഴ്ചയും മാത്രമേ പൂജയുള്ളു.

മണ്ണുകൊണ്ടുള്ള വിഗ്രഹത്തിന് 1.5 മീ. പൊക്കമുണ്ട്. തലയിൽ കിരീടവും എട്ടു കൈകളിലുമായി വാൾ, ശൂലം, ഗദ, കൊങ്ങന്റെ ശിരസ്സ്, വട്ടക, ശംഖ്, വരദം, അഭയം എന്നിവയുണ്ട്. കാലിന്മേൽ കാൽ കയറ്റി ഇരിക്കുന്ന രീതിയിലാണു പ്രതിഷ്ഠ. മുഖ്യവഴിപാടു ചാന്താട്ടമാണ്.

ചിറ്റൂർപ്രദേശം ആക്രമിക്കാൻ വന്ന കൊങ്ങൻപടയെ സംഹരിക്കുന്നതിനാണു ദേവി അവതരിച്ചതെന്നാണ് ഐതിഹ്യം.

ചിറ്റൂർ ഗുരുമഠം

† എഴുത്തച്ഛൻ, തുഞ്ചത്ത് നോക്കുക.

ചിറ്റെരിക്ക്

അസ്ക്ലിപ്പിയഡേസി കുലത്തിൽപ്പെട്ട കുറ്റിച്ചെടി. ശാസ്ത്രനാമം: *കലോട്രോപ്പിസ് പ്രോസീറ (Calotropis procera).* ഉഷ്ണമേഖലയിലെ തുറസ്സായ സ്ഥലങ്ങളിൽ വളരുന്നു. ഇലയ്ക്ക് ഇരുപതു സെന്റീമീറ്ററോളം നീളം ഉണ്ട്. ഇല സമ്മുഖമാണ്. ഇലയ്ക്കു ദീർഘവൃത്താകൃതി. വലിയ പൂക്കുല. പൂമൊട്ടിന് അർധഗോളാകൃതിയാണ്. ബാഹ്യദളം അഞ്ച്. ദളപുടത്തിന് ഊതവർണം. കേസരങ്ങൾ അഞ്ച്. കായ്ക്കുള്ളിൽ ലോമങ്ങളോടുകൂടിയ ധാരാളം വിത്തുകൾ ഉണ്ട്. വേരിലെ തൊലിയും പൂവും കറയും ഔഷധഗുണമുള്ളതാണ്. ത്വഗ്രോഗം, ചെവിവേദന, പുഴുക്കടി, അർശസ്സ് എന്നിവ ശമിപ്പിക്കാൻ ഉപയോഗിക്കും.

ചീ

ചീങ്കണ്ണി

†മുതല നോക്കുക.

ചീട്ടുകളി

ഒരു അകത്തളക്കളി. ലോകത്തിൽ എല്ലാ ജനവിഭാഗങ്ങളുടെയിടയിലും പ്രചാരത്തിലിരിക്കുന്നു. ബുദ്ധിശക്തിയും 'നല്ല കൈയും' ഒത്തുവന്നാൽ മാത്രമേ വിജയം കൈവരിക്കാൻ കഴിയൂ. പ്രാദേശികമായ പരിചയങ്ങളും രീതികളുമനുസരിച്ചു ചീട്ടുകൾകൊണ്ടു പലതരത്തിലുള്ള കളികൾ ഇന്നു പതിവുണ്ട്. നാലു ഇനങ്ങളായി വിഭജിച്ചിരിക്കുന്ന 52 ചീട്ടുകളാണ് — 'കോമാളി' (Joker) എന്ന അമ്പത്തിമൂന്നാമത്തെ ഒരു ചീട്ടും ചില കളികൾക്കു പതിവുണ്ട് — ഇന്നത്തെ മിക്ക കളികളുടെയും അടിസ്ഥാനം. ഓരോ ഇനത്തിലും ഒന്നു മുതൽ 10 വരെയുള്ള 'പന്തു'(കൂലി, തഴ)കളും ജാക്കി (ഗുലാൻ) കിങ് (രാജാവ്) ക്വീൻ (റാണി) ഇവയും ഉണ്ട്. ഇനങ്ങൾ സ്പേഡ്സ് (ഇസ്പേട്) ക്ലബ്സ് (ക്ലാവർ) ഹാർട്സ് (ആഡുതൽ, ആഢ്യൻ) ഡയമൺഡ്സ് (ഡൈമൺ) ഇവ ആണ്. ഒന്നാം പന്തിനു എയ്സ് (ആസ്) എന്നു പറയുന്നു. ചിലപ്പോൾ രണ്ടോ അധിലധികമോ 'കുത്തുകൾ' ഉപയോഗിച്ചുള്ള കളികളുമുണ്ട്. ഇന്നത്തെ അടിസ്ഥാനത്തിലുള്ള ചീട്ടുകളുടെ വിഭജനത്തിനും ഓരോ ചീട്ടിനുമുള്ള 'വില'(എണ്ണം)യുടെ തോതിനും പ്രാദേശികവും കാലികവുമായി പല പരിണാമങ്ങളും ഉണ്ടായിട്ടുണ്ട്.

ചരിത്രം. എ.ഡി. 15-ാംനൂറ്റാണ്ടിനു മുമ്പ് ഇതു യൂറോപ്യൻരാജ്യങ്ങളിലെത്തിയിരുന്നില്ല. പൗരസ്ത്യരാജ്യങ്ങളിൽ, പ്രത്യേകിച്ചു ചൈനയിലും ഇന്ത്യയിലും ഇതു പ്രാചീനകാലം മുതൽ പ്രചാരത്തിലുണ്ടായിരുന്നെന്നും, ജിപ്സിവർഗമാണ് ഇതു യൂറോപ്പിൽ എത്തിച്ചതെന്നും പറയുന്നു. 15-ാം നൂറ്റാണ്ടായപ്പോഴേക്കും യൂറോപ്യൻരാജ്യങ്ങളിൽ സാധാരണമായ വിനോദോപാധി ആയും ഭാഗ്യപരീക്ഷണ മാധ്യമമായും ചീട്ട് എത്തിയിരുന്നു. വിവിധ ക്രൈസ്തവസഭകൾ ഇതിൻെറ പ്രചാരണത്തെ നിരുത്സാഹപ്പെടുത്താൻ നോക്കിയെങ്കിലും സാധിച്ചില്ല.

പലതരം കളികൾ. അൻപത്തിരണ്ടു ചീട്ടുകൾകൊണ്ടു പലതരത്തിലും നടത്താവുന്ന കളികൾക്ക് അതിരില്ല. ചിലപ്പോൾ രണ്ടോ അധിലധികമോ 'കുത്തു'കൾ കൊണ്ടുള്ള കളികളും പതിവുണ്ട്. ജാക്കി അഥവാ ഗുലാൻ (Jack), ആസ് (Ace), രാജാവ്, റാണി തുടങ്ങിയ ചീട്ടുകളുടെ 'വില' ഒരോതരം കളിയിലും ഓരോ തരത്തിലായിരിക്കും. ചില കളികളിൽ ഏറ്റവും മൂല്യമുള്ള ചീട്ടു ഗുലാനാണെങ്കിൽ മറ്റു ചിലതിൽ ആ സ്ഥാനം ആസിനാണ്. എണ്ണം കുറിച്ചിട്ടുള്ള 'പന്തു'കളുടെ — 2 മുതൽ 10 വരെ — മൂല്യം അതതു സംഖ്യകൾ തന്നെയാണ്. ഓരോ പ്രദേശത്തിനും ഭൂവിഭാഗത്തിനും രാജ്യത്തിനും അതതിൻെറ 'ദേശീയ'മായ ചീട്ടുകളിരൂപങ്ങളുണ്ട്. പാശ്ചാത്യരാജ്യങ്ങളിലുള്ള ബ്രിജ്, റമ്മി തുടങ്ങിയവ ഇന്നു സാർവത്രികപ്രചാരംനേടിയിട്ടുണ്ടെങ്കിലും അമിട്ട്, കഴുത, കേഴ്‌വികൊടുവി തുടങ്ങിയ കളികൾ ഇന്ന് ഇന്ത്യയിലും വിശേഷിച്ചു കേരളത്തിലും കണ്ടുപിടിക്കപ്പെട്ട് അവിടങ്ങളിൽ മാത്രം ഒതുങ്ങിക്കഴിയുന്നവയാണ്.

പണം സമ്പാദിക്കുന്നതിനുള്ള ചൂതുകളിയായും ചീട്ടുകളിക്കു മിക്ക രാജ്യങ്ങളിലും പ്രചാരമുണ്ട്. എന്നാൽ പരിഷ്കൃതരാജ്യങ്ങൾ ചീട്ടുകൊണ്ടുള്ള ചൂതാട്ടം കുറ്റകൃത്യമായി കണക്കാക്കി അതിൽ ഉൾപ്പെടുന്നവരെ ശിക്ഷിച്ചുവരുന്നു. നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും ആളുകൾ കൂടുന്നിടത്ത് അവരെ വഞ്ചിച്ചു പണം പിടുങ്ങാൻ 'മുച്ചീട്ടുകളി', 'പന്നിമലത്ത്' തുടങ്ങിയവയുമായി ഉത്സാഹിച്ചു നടക്കുന്ന വിരുതന്മാർ ദക്ഷിണേന്ത്യയിൽ സുലഭമാണ്.

ഇന്ദ്രജാലം, കൺകെട്ട് തുടങ്ങിയ വിനോദപ്രകടനങ്ങളിലും ചീട്ടിനു നല്ലൊരു സ്ഥാനമുണ്ട്. നിത്യപരിശീലനം, കൈയൊതുക്കത്തിലുള്ള ചാതുര്യം തുടങ്ങിയവകൊണ്ടു കാണികളെ ആശ്ചര്യപ്പെടുത്തുന്ന പല പ്രദർശനങ്ങളും കാണിക്കുന്ന ഇന്ദ്രജാലക്കാർ ലോകമെങ്ങും ധാരാളമുണ്ട്. അൻപത്തിരണ്ടു ചീട്ടുകളിൽ അറുപത്തിനാലു വിദ്യകൾ കാണിക്കാമത്രേ.

ഗുലാൻപെരിശ്, കഴുത, കേഴ്‌വികൊടുവി, അമിട്ട് തുടങ്ങിയ പേരുകളിലറിയപ്പെടുന്ന ചീട്ടുകളികൾ ഇന്നു തികച്ചും കേരളീയമായിട്ടു



റാണിയും (ഇടത്ത്)
രാജാവും (വലത്ത്)

പ്രാചീനകാലത്തെ ചീട്ട്

ദന്തനിർമിതമായ
ഇന്ത്യൻ ചീട്ട് (18-ാംശതകം)



ആധുനികകാലത്ത്
കളിക്കുവാൻ
ഉപയോഗിക്കുന്ന
ചീട്ടുകൾ

ണ്ടെന്നു പറയാം. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ, വെൺമണി നമ്പൂതിരിപ്പാടന്മാർ തുടങ്ങിയ ആധുനിക കേരളീയകവികൾ ചീട്ടുകളിയെപ്പറ്റി അനവധി ശ്ലോകങ്ങൾ രചിച്ചിട്ടുണ്ട്. പരിഷ്കൃതാശയരായ ആധുനികരുടെ 'ക്ലബ്ബു'കളിലെ ഇൻഡോർ ഗെയിമുകളി(Indoor games)ലും ചീട്ടിന് അനിഷേധ്യമായ പദവി കൈവന്നിട്ടുണ്ട്.

ഓക്ഷൻ ബ്രിജ് (Auction Bridge), ബേസിക് (Bezique), ബ്ലായ്ക്ക്മേരിയ (Black Maria), കനാസ്റ്റാ (Canasta), കാസ്സിനോ (Cassino), കോൺട്രാക്റ്റ് ബ്രിജ് (Contract Bridge), റമ്മി (Rummy), കൂൻ കാൻ (Coon Can), ക്രിബ്ബേജ് (Cribbage), ഫൈവ് ഹൺഡ്രഡ് (Five hundred), മാട്രിമണി (Matrimony), നെപ്പോളിയൻ (Nepoleon), ന്യൂമാർക്കറ്റ് (New Market), പിക്വറ്റ് (Piquet), പോക്കർ (Poker), സ്ലോബർഹാന്നസ് (Slobber hannes), സോളോ വിസ്റ്റ് (Solo whist), സ്പോയ്ൽ ഫൈവ് (Spoil Five), വിങ്റ്റ്-എറ്റ്-ഉൺ അല്ലെങ്കിൽ പോൺടൂൺ (Vingt Et-Un or Pontoon), വിസ്റ്റ് (Whist) എന്നിങ്ങനെ ഇരുപതു വ്യത്യസ്തരീതിയിലുള്ള ചീട്ടുകളി ഇന്നു ലോകത്തു നിലവിലുണ്ട്.

ചീനക്കളിമണ്ണ് (kaolin)

ഒരിനം കളിമണ്ണ്. വെളുത്തു മൃദുവായ ഒരു പദാർഥം. ജലീയ അലുമിനിയം സിലിക്കേറ്റിന്റെ ശുദ്ധമായ രൂപമാണ് ഇത്. ചൂടാക്കുമ്പോൾ ജലം നഷ്ടപ്പെടുകയും രാസഘടന മാറുകയും ചെയ്യുന്നു.

സാങ്കേതികമായി ചീനക്കളിമണ്ണിനെ 'കയോലിൻ' എന്നാണു വിളിക്കുന്നത്. കയോലിനൈറ്റ്, ഡിക്കൈറ്റ്, ഹലോയ്സൈറ്റ്, നെക്രൈറ്റ് എന്നീ കളിമൺ ധാതുക്കളടങ്ങിയതാണു കയോലിൻ. ഇവയ്ക്കെല്ലാം ഒരേ രാസഘടനയാണുള്ളത്. ഫോർമുല: $Al_2O_3 2S_iO_2 2H_2O$. ക്രിസ്റ്റൽ ഘടനയിൽ ഇവ വ്യത്യസ്തങ്ങളാണ്. †കയോലിൻ, †കളിമണ്ണ് നോക്കുക.

ചീനച്ചട്ടി

ഒരുതരം ഇരുമ്പുചട്ടി. ഭക്ഷ്യവസ്തുക്കൾ പാകപ്പെടുത്താൻ ഉപയോഗിക്കുന്നു. കറുത്ത നിറമുള്ള ഇവയ്ക്കു നല്ല മിനുസം ഉണ്ടാകും. തുരുമ്പിക്കാറില്ല. ഇവയിൽ പാകപ്പെടുത്തുന്ന വസ്തു കറുത്തുപോകാറുമില്ല. ഇവ ഒരുകാലത്തു ചീനയിൽനിന്ന് ഇറക്കുമതി ചെയ്തിരുന്നു. പിടിക്കാൻ ഇരുവശത്തും 'കാതുകൾ' ഉണ്ട്.

ചീനച്ചട്ടി

ഇന്നു കിട്ടുന്ന ഇരുമ്പുചട്ടികൾ യഥാർഥ ചീനച്ചട്ടികൾ അല്ല. അവ തുരുമ്പിക്കും. ആകൃതിയും ഉപയോഗവും പഴയചീനച്ചട്ടികളുടെതു തന്നെ ആകയാൽ ഇന്നത്തെ ഇരുമ്പുചട്ടികളെ ചീനച്ചട്ടികൾ എന്നു പറയാറുണ്ട് എന്നേ ഉള്ളു. കേരളവും ചൈനയും തമ്മിൽ മുമ്പു നടന്നിരുന്ന വ്യാപാരങ്ങളുടെ സൂചന നല്കുന്ന പല വസ്തുക്കളിൽ ഒന്നാണ് ചീനച്ചട്ടി. 'ചൊങ്ക്', 'ചാമ്പ്രാണി' എന്നിങ്ങനെ പേരുകളുള്ള ചെറുതും വലുതുമായ കപ്പലുകൾവഴി ആണു ചീനച്ചരക്കുകൾ കേരളത്തിലെ കൊല്ലം മുതലായ തുറമുഖങ്ങളിൽ എത്തിയിരുന്നത്.

ചീനപ്പരുത്തി

മാൽവേസി കുലത്തിൽപ്പെട്ട ചെടി. ശാസ്ത്രനാമം: *ഹിബിസ്കസ് മുട്ടാബിലിസ് (Hibiscus mutabilis)*. വിരിയുമ്പോഴുള്ള പൂവിന്റെ



ചീനപ്പരുത്തി — ഇലയും പൂവും.

വെള്ളനിറം വൈകിട്ടു ചെമപ്പാകും. ഉദ്യാനങ്ങളിൽ നട്ടുവളർത്തുന്നു. ചൈനയിൽ കണ്ടുവരുന്ന ഒരിനം പരുത്തിക്കും ചീനപ്പരുത്തി എന്നു പേരുണ്ട്.

ചീനപ്പാവ്
ആരോയിഡി കുലത്തിൽപ്പെട്ട ചെടി. ശാസ്ത്രനാമം: *അമോർഫോഫാലസ് കംപാനുലേറ്റസ് (Amorphophallus companulatus).* അമോർഫോഫാലസു ജീനസ്സിൽപ്പെട്ടതാണു ചേന. ചൈനയിലും ജപ്പാനിലും ചീനപ്പാവുണ്ട്. ഇന്ത്യയിൽ അപൂർവമായേ നട്ടുവളർത്തുന്നുള്ളു. കായ്ക്ക് ഔഷധമൂല്യം ഉണ്ട്.

ചീനബ്ഭരണി
ചൈനയിൽനിന്ന് ഇറക്കുമതി ചെയ്ത മൺഭരണികൾ. ഇവ നല്ല ഉറപ്പുള്ളതാണ്, കേരളത്തിൽ കാണുന്ന ചീനബ്ഭരണികളുടെയെല്ലാം വക്കുപൊട്ടിയിരിക്കും. ഇവയുടെ വക്കു മലർന്നു പുറത്തേക്കു തള്ളിയിരിക്കുന്നു. ഈ ഭാഗം തല്ലിപ്പൊട്ടിച്ചു കച്ചവടക്കാർ വാങ്ങുന്നവരെ ഭരണിയുടെ ഉറപ്പു ബോധ്യപ്പെടുത്തിയിരുന്നു. വക്കിൽ അടിക്കുന്ന ഭാഗം മാത്രമേ പൊട്ടിയിരുന്നുള്ളു. അതാണു ഭരണിയുടെ ഉറപ്പിന്റെ ലക്ഷണം. ഒരാൾ അകത്ത് ഇറങ്ങിനിന്നാൽ കാണാൻ കഴിയാത്തത്ര വലിപ്പമുള്ള ഭരണികൾ പഴയ കുടുംബങ്ങളിൽ ഉണ്ട്. മാങ്ങ ഉപ്പിലിടാനും, ശർക്കര, എണ്ണ മുതലായ വസ്തുക്കൾ സൂക്ഷിച്ചു വയ്ക്കാനും ഇവ ഉപയോഗിച്ചിരുന്നു. വലിയ ഭരണികൾക്കും നാലു 'കാത്' ഉണ്ട്. പിടിച്ചു മാറ്റുന്നതിനും മറ്റും കാതു സഹായകമാണ്. കേരളം പഴയകാലത്തു ചീനയുമായി നടത്തിയിരുന്ന വ്യാപാരത്തെ അനുസ്മരിപ്പിക്കുന്നതാണ് ഈ ഭരണികൾ. ഈ ഭരണിയുടെ മേന്മകാരണമാണ് ഇന്നു നല്ല കളിമണ്ണിനു ചീനക്കളിമണ്ണ് (Chinaclay) എന്നു പറയുന്നത്.

ചീനബ്ഭരണി

ചീനമഞ്ഞക്കിളി (blacknaped oriole)
ഒരിനം മഞ്ഞക്കിളി. ഓറിയോളിഡെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *ഓറിയോളസ് ചൈനെൻസിസ് (Oriolus chinensis).* പത്തു സെൻറിമീറ്ററോളം നീളം ഉണ്ട്. കൊക്കിന് ഇളം ചുമപ്പു നിറമാണ്. കണ്ണിൽക്കൂടി പോകുന്ന കറുത്ത പട്ട പിടലിയിൽക്കൂടി മറ്റേ കണ്ണു വരെ എത്തുന്നു. † മഞ്ഞക്കിളി നോക്കുക.

ചീനലിപി
†ചൈനീസ്ഭാഷ നോക്കുക.

ചീനവല
ഉയർത്തുകയും താഴ്ത്തുകയും ചെയ്യാവുന്ന നീണ്ട കഴകളിൽ ഘടിപ്പിക്കുന്ന മീൻവല. കായൽത്തീരങ്ങളിലാണ് ഇത് അധികം കാണാറുള്ളത്. വെള്ളത്തിലേക്കു നീണ്ടു നില്ക്കുന്ന അറ്റത്തു വലയും മറ്റെ അറ്റത്തു ഭാരമുള്ള ഒരു കല്ലും കെട്ടിയിരിക്കും. ഒരു നീണ്ട കുറ്റിയിൽ (fulerum) ഉറപ്പിച്ച കഴകൾ പിൻ അറ്റത്തു കെട്ടിയ കയറിന്റെ സഹായത്തോടെ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നു. വല വെള്ളത്തിൽ മുങ്ങി കിടക്കുമ്പോൾ അതിൽ മീൻ കയറും. മീൻ കയറിക്കഴിഞ്ഞു എന്നു കരുതുമ്പോൾ കയർ പിടിച്ചു താഴ്ത്തി വല ഉയർത്തും. സാധാരണ ഗതിയിൽ രാത്രിയിൽ വല താഴ്ത്തുകയും രാവിലെ ഉയർത്തി മീൻ എടുക്കയുമാണു ചെയ്യുന്നത്.


ചീനവല

ഈ വലകൾ മുൻകാലത്തു ചൈനയിൽനിന്ന് ഇറക്കുമതി ചെയ്തിരുന്നതു കൊണ്ടാണു ചീനവല എന്ന പേരുവന്നത്.

ചീനാൻ
ചൈനയിലെ ഷാൺടൂങ് സംസ്ഥാനത്തിലെ ഒരു നഗരം. സ്വയം ചാലകയന്ത്രങ്ങളുടെ നിർമിതിയ്ക്കു പ്രസിദ്ധമാണ് ഈ നഗരം. പലതരം ട്രക്കുകളും ഇവിടെ നിർമിക്കുന്നു. 1950-നു ശേഷം ഉരുക്ക് ഉത്പാദനകേന്ദ്രമെന്ന നിലയിലും ഈ നഗരം പ്രസിദ്ധമാണ്. ജനസംഖ്യ 13,20,000 (1983).

ചീനദിയുടെ തെക്കുഭാഗത്താണു പണ്ട് ഈ നഗരം സ്ഥിതിചെയ്തിരുന്നത് എന്നതിനാൽ ആണ് ഇതിനു ചീനാൻ എന്ന പേർ ലഭിച്ചത്. ഇപ്പോൾ ചീനദിയുടെ ഗതിമാറിയിട്ടുണ്ടെങ്കിലും നഗരം പഴയപേരിൽത്തന്നെ അറിയപ്പെടുന്നു. ചൈനയിലെ പുണ്യസ്ഥലങ്ങളിൽ ഒന്നായിട്ടാണ് ഇതറിയപ്പെട്ടിരുന്നത്. ഇതിന്റെ സമീപത്താണു മറ്റൊരു പുണ്യസ്ഥലമായ തായ്പർവതം (ഇപ്പോൾ യുഹുവാങ് എന്ന പേർ). ചിനാന്റെ തെക്കുഭാഗത്തായി എ.ഡി. 4-ാംനൂറ്റാണ്ടിനും 7-ാംനൂറ്റാണ്ടിനും ഇടയ്ക്കു ഒട്ടേറെ ബുദ്ധവിഹാരങ്ങൾ നിർമിക്കപ്പെട്ടു. വെനീഷ്യൻ സഞ്ചാരിയായ മാർക്കോപോളോ ചിങ്ളി എന്ന പേരിൽ ഈ നഗരത്തെ തന്റെ യാത്രാവിവരണത്തിൽ പരാമർശിച്ചിട്ടുണ്ട്. 1937 മുതൽ 1945 വരെ ഈ നഗരം ജപ്പാന്റെ അധീനത്തിലായിരുന്നു. 1948-ൽ ചൈനീസു കമ്മ്യൂണിസ്റ്റ്പാർട്ടി ഈ നഗരം കൈവശപ്പെടുത്തി. അതിനുശേഷം നാനാമുഖമായ പുരോഗതി ഈ നഗരത്തിനു കൈവന്നു. ഇപ്പോൾ കാർഷികകോളെജ്, മെഡിക്കൽകോളെജ്, എൻജിനീയറിങ്കോളെജ് എന്നീ സ്ഥാപനങ്ങളുള്ള പ്രധാന ചൈനീസ് നഗരങ്ങളിൽ ഒന്നാണ് ചീനാൻ.

ചീനിമരം
ഡാറ്റിക്കേസി കുലത്തിൽപ്പെട്ട വൃക്ഷം. വെള്ളച്ചീനി എന്നും പേരുണ്ട്. ശാസ്ത്രനാമം: *ടെട്രാമിലസ് ന്യൂഡിഫ്ളോറ (Tetrameles*



ചീനമരം —
ഇലയും തടിയും പൂവും

nudiflora). ഇന്ത്യ, ബർമ, ശ്രീലങ്ക ഇവിടങ്ങളിലെ നിത്യഹരിത വനത്തിലും ഇലകൊഴിയും കാടുകളിലും കണ്ടുവരുന്നു. കവരങ്ങളില്ല. ആയിരം മീറ്റർ വരെ ഉയരമുള്ള മലകളിലാണു വളരുന്നത്. വളർച്ച വേഗത്തിലാണ്. മങ്ങിയ വെള്ളനിറമുള്ള തൊലി, തോലിൽ കുറുകെ ഞെറി, ശാഖകളിൽ ഇലപൊഴിഞ്ഞ വടുക്കൾ — ഇതൊക്കെ സവിശേഷതകളാണ്. ലഘുപത്രം. ഏകാന്തരന്യാസം. 8—17 സെ. മീ. നീളവും അത്രതന്നെ വീതിയും. ഇല ദീർഘവൃത്താകാരം. ഇലയുടെ വക്കു ദന്തുരം. ഫെബ്രുവരിയിൽ പൂക്കുന്നു. പൂവിനു മഞ്ഞ കലർന്ന പച്ച നിറമാണ്. ആൺ പൂവും പെൺ പൂവും വെവ്വേറെ മരങ്ങളിലാണ് ഉണ്ടാവുക. പൂവിന് അര സെ. മീ. വ്യാസമുണ്ട്. ബാഹ്യദളങ്ങളും കേസരങ്ങളും നാലു വീതം. ദളങ്ങൾ ഇല്ല. അണ്ഡാശയം അധോവർത്തിയാണ്. ഏപ്രിലിൽ കായ് വിളയും. അനേകം വിത്തുകളുള്ള സമ്പുടമാണു കായ്.

തടിക്ക് ഈടും ഉറപ്പും തീരെ കുറവാണ്. തടി വഞ്ചിയുണ്ടാക്കാൻ നന്ന്. പ്ലൈവുഡു നിർമാണത്തിനും ഉപയോഗിക്കും.

ചീൻ രാജവംശം (ബി.സി. 221—206)

ആദ്യത്തെ ചീന സാമ്രാജ്യസ്ഥാപകന്റെ വംശം. ഈ രാജവംശത്തിന്റെ പേരിൽനിന്നാണു രാജ്യത്തിനു 'ചീന' എന്ന പേരു ലഭിച്ചത്. ചീൻ വംശത്തെ തുടർന്നു 2000 കൊല്ലത്തോളം ചൈനയിൽ പല രാജവംശങ്ങളുടെ ഭരണം നിലവിലിരുന്നു. ബി.സി. 771 മുതൽ 221 വരെ അനേകം ഫ്യൂഡൽ പ്രഭുക്കന്മാർ ചൈനയുടെ ഭാഗങ്ങൾ ഭരിച്ചുവന്നു. അതിൽപ്പെട്ട ഒരു ചെറിയ രാജ്യമാണു ചീൻ വംശം ഭരിച്ച ചൈന. ചൈനയുടെ വടക്കുഭാഗത്തു വീ (Wie) നദീതടത്തിലുള്ള ഒരു ചെറുരാജ്യം ആയിരുന്നു 'ചീന'. ബി.സി. മൂന്നാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ആ രാജ്യം വിസ്തൃതമാകാൻ തുടങ്ങി. രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കർശനനിയമങ്ങളും ഉറച്ച ഒരു ഭരണകൂടവും നിലവിൽ വന്നു.

ബി.സി. 246-ൽ ചെങ് എന്ന കുട്ടി സിംഹാസനാരൂഢനായി. മന്ത്രി ലീസ്സു ആക്രമണങ്ങൾ പൂർത്തിയാക്കി 221-ൽ രാജ്യം വിസ്തൃതമാക്കി. ചെങ് ചീൻ ഷി ഹുവാങ്-തി (പരമാധികാരിയായ ആദ്യത്തെ ചീനാചക്രവർത്തി) എന്ന പേരു സ്വീകരിച്ചു. കർക്കശ സ്വഭാവമുള്ള ഒരു ഭരണകൂടം സ്ഥാപിച്ചു. ലേഖനവിദ്യ മാനവീകരിച്ചു. പ്രഭുക്കന്മാരുടെ വിശേഷാധികാരങ്ങൾ എടുത്തുകളഞ്ഞു. വൻകോട്ടകെട്ടി. ഔഷധ(ചികിത്സാ)ഗ്രന്ഥങ്ങൾ പോലെ അത്യാവശ്യമുള്ളവ ഒഴികെ മറ്റ് എല്ലാ ഗ്രന്ഥങ്ങളും ചുട്ടുകളഞ്ഞു. ഭാരിച്ച നികുതികൾ വസൂലാക്കി. സേനയെ ശക്തിപ്പെടുത്തി. ബി.സി 206-ൽ ചക്രവർത്തി മരിച്ചപ്പോൾ ഹാൻ വംശം അധികാരം പിടിച്ചെടുത്തു.

ചീൻ രാജവംശം (എ.ഡി. 265—420)

ചൈന ഭരിച്ച ഒരു രാജവംശം. പശ്ചിമ ചീൻവംശം 265-317 കാലത്തും പൂർവ ചീൻവംശം 317-420 കാലത്തും ചൈന ഭരിച്ചു. ചൈന ഭരിച്ച ആറു പ്രസിദ്ധവംശങ്ങളിൽ ഒന്നാണു പൂർവ ചീൻവംശം.

265-ൽ സ്സു-മാ വംശത്തിലെ സ്സു-മായെൻ രാജകുമാരാൻ ത്സാവോ വംശത്തിലെ ഒടുവിലത്തെ ചക്രവർത്തിയെ സ്ഥാനഭ്രഷ്ടനാക്കി പശ്ചിമ ചീൻവംശം സ്ഥാപിച്ചു. വു തി (ഹ്സി ചീൻ) സ്സു-മാ ശക്തനായ ഭരണാധികാരി ആയിരുന്നു. ചൈന മുഴുവൻ അദ്ദേഹം തന്റെ അധികാരത്തിൻകീഴിൽ കൊണ്ടുവന്നു. റോമാസാമ്രാജ്യത്തിന്റെവരെ രാജപ്രതിനിധികൾ ഇദ്ദേഹത്തിന്റെ രാജധാനിയിൽ ഉണ്ടായിരുന്നു. ദർശനം, കല, സംസ്കാരം ഇവയിലെല്ലാം ബുദ്ധമത പ്രഭാവം കാണാം. സ്സു-മായുടെ മരണശേഷം ആഭ്യന്തരകലാപം നടന്നു. പല ചെറു രാജ്യങ്ങൾ ഉടലെടുത്തു. 316-ൽ സ്സു-മായുടെ പൗത്രൻ സ്ഥാനഭ്രഷ്ടനായി. ചൈന ഉത്തര ദക്ഷിണ ഭാഗങ്ങളായി വിഭക്തമായി.

317-ൽ ഒരു സ്സു-മാവംശജൻ നാങ്കിങ്ങിൽ അധികാരം സ്ഥാപിച്ചു. ഇദ്ദേഹത്തിന്റെ വംശം പൂർവ ചീൻവംശം എന്ന പേരിൽ പ്രസിദ്ധമായി. സാംസ്കാരികമായും മതപരമായും ഉണർവിന്റെ കാലഘട്ടമായിരുന്നു ഇത്. കു കൈ-ച്ചി എന്ന പ്രശസ്തചിത്രകാരൻ ഇദ്ദേഹത്തിന്റെ ആസ്ഥാന സദസ്സിലെ അംഗമായിരുന്നു. വിദേശാക്രമണങ്ങളെ തുരുത്താനും സെചാൻ കീഴ്പ്പെടുത്താനും 347-ൽ ചക്രവർത്തിക്കു കഴിഞ്ഞു. പല വിദേശാക്രമണങ്ങളും ആഭ്യന്തരകലഹങ്ങളും ഉണ്ടായപ്പോൾ സേനാധിപന്മാർക്കു കൂടുതൽ അധികാരം ലഭിച്ചു. ആഭ്യന്തരകലഹങ്ങൾ അമർത്താൻ കഴിഞ്ഞെങ്കിലും സേനാധിപന്മാർ അധികാരം കൈക്കലാക്കുകയും രാജാവു സ്ഥാനഭ്രഷ്ടനാകുകയും ചെയ്തു (420). ഒടുവിൽ സുങ് വംശം അധികാരത്തിൽ വന്നു.

ചീൻ വംശം (1115—1234)

ചൈന ഭരിച്ച ഒരു രാജവംശം. ഇതിനു ജൂച്ചെൻ വംശം എന്നും പറയും. ഉത്തര ചൈനയും മഞ്ചൂറിയയും ഈ വംശത്തിന്റെ ഭരണത്തിലിരുന്നു. ഖിത്താൻ വർഗക്കാർ സുങ്വംശത്തിന്റെ സഹായത്തോടെ 1115-ൽ അധികാരം പിടിച്ചെടുത്ത ശേഷം സുങ്വംശജരെ തുരത്തി സ്വയം ഭരണഭാരം ഏറ്റെടുത്തു. ഇവർ ഒരുതരം ദ്വിഭരണം ഏർപ്പെടുത്തി: ദക്ഷിണ ഭാഗങ്ങളുടെ ഭരണത്തിനായി ഉദ്യോഗസ്ഥവൃന്ദം. വടക്കുഭാഗത്തെ ഭരണത്തിനും ദേശാടകശത്രുക്കളെ നേരിടുന്നതിനും ഒരുതരം ഗോത്രഭരണം. ജൂച്ചെൻ വർഗം തങ്ങളുടെ വർഗശുദ്ധി പരിരക്ഷിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. 'ചീൻ' എന്ന പേര് അവർ സ്വീകരിച്ചെങ്കിലും ചീനസംസ്കാരം അവർ സ്വീകരിച്ചില്ല. 1234-ഓടെ വടക്കു മംഗോളിയരും തെക്കു സുങ്വംശവും യോജിച്ച് അവരെ തുരത്തി.

ചീപോതിവയ്പ്

മധ്യകേരളത്തിലെ ചില വിഭാഗം ഹിന്ദുക്കളുടെ വീടുകളിൽ കർക്കടകം 1-ാം തീയതി മുതല്ക്കുള്ള പ്രത്യേകപൂജ. ചീപോതിക്കു(ശ്രീഭഗവതി)വയ്ക്കുക എന്നാണിതിനു പറയുക. ചുമരിലുള്ള പ്രത്യേക സ്ഥലമാണു ചീപോതിക്കൂട്. ആവണപ്പലകമേൽ അഷ്ടമംഗല്യവും ദശപുഷ്പവും അതിനടുത്ത് ഒരു കിണ്ടി വെള്ളവും ഒരു നിലവിളക്കും തലേദിവസം രാത്രി കിടക്കുന്നതിനുമുമ്പു നാലെറയത്തു തയ്യാറാക്കി വെക്കും. വെളുപ്പിന് ഏഴുനാഴികയുള്ളപ്പോൾ എഴുന്നേറ്റ് ആ വിളക്കു കൊളുത്തിവയ്ക്കുന്നു. ശ്രീ ഭഗവതി നിത്യവും വെളുപ്പിന് അവിടെ വന്നിരുന്നു ചന്ദനക്കുറിയിട്ടു കണ്ണെഴുതി ദശപുഷ്പം ചൂടിപ്പോകുമെന്നാണു വിശ്വാസം. അഷ്ടമംഗല്യം വയ്ക്കുന്നതിനു

വൃത്താകൃതിയിൽ ചായംകൊടുത്ത ഒരു മരത്തട്ടാണ് ഉപയോഗിക്കുന്നത്. അതിൻെറ നടുക്കു ചെറിയ മൂന്നു കുഴികളുമുണ്ടായിരിക്കും. ഈ കുഴികളിലൊന്നിൽ അരിയും മറ്റു രണ്ടിലും നെല്ലുമാണിടുക. അല്ലെങ്കിൽ പ്രത്യേകം ചെപ്പുകൾ വയ്ക്കുന്നു. നിറപറ വയ്ക്കുന്നതിൻെറ പ്രതീകമാണിത്. ഇങ്ങനെ കർക്കടകമാസം മുഴുവനും ചീപോതിക്കു വച്ചിരുന്നു, പണ്ടൊക്കെ. കാലത്തു നടുമുറ്റത്തു കുറച്ചു സ്ഥലം ചാണകംകൂട്ടി മെഴുകി അതിൽ ഒരു മുക്കുറ്റിക്കുഴ വയ്ക്കുകയും വേണം. ഇപ്രകാരം കർക്കടകം 12-ാം തീയതിവരെ (ചിലർ 30-ാം തീയതിവരെയും) ചെയ്യുന്നു. കർക്കിടകസംക്രമദിവസം വൈകുന്നേരം കുറച്ചു മണ്ണുരുട്ടി അതിൽ ദശപുഷ്പങ്ങളും മഞ്ഞൾ, ചേമ്പ്, തുമ്പ, പാണൽ എന്നീ സസ്യങ്ങളുടെ കട വേരോടെ പറിച്ച് ആ മണ്ണിൽ പൊതിഞ്ഞു പൂമുഖത്തിൻെറയും നടുമുറ്റത്തിൻെറയും പുരപ്പുറത്ത് എറക്കാലിൽ വയ്ക്കുകയും ചെയ്തിരുന്നു.

ചീമ, കരംസിങ് (1866—1969)

അഖിലേന്ത്യാകിസാൻസഭയുടെ പഞ്ചാബ് ഘടകത്തിൻെറ സ്ഥാപകനും പത്രപ്രവർത്തകനും. പഞ്ചാബിലെ ഗദ്ദർപാർട്ടിയുടെ സജീവ പ്രവർത്തകൻ. 1961-ൽ പീസ്ഡെലിഗേഷനിലെ അംഗമായി യു.എസ്.എസ്.ആർ. സന്ദർശിച്ചു. 1926-ൽ ഇദ്ദേഹം ആരംഭിച്ച പത്രമാണ് 'കീർത്തി'.

1969 ഒക്റ്റോബർ 4-ാംനു നിര്യാതനായി.

ചീമുകൾ

തെക്കെ അമേരിക്കയിലെ പെറുവിൽ ഇങ്കകൾക്കു മുമ്പു പ്രാബല്യത്തിലിരുന്ന ഒരു ജനവർഗം. എ.ഡി. 500 മുതൽ 800 വരെയുള്ള കാലത്ത് ആധിപത്യം പുലർത്തിയിരുന്ന ജനവിഭാഗത്തെ ആദ്യകാലചീമുകൾ അഥവാ മോച്ചിക്കകൾ എന്നു വിളിക്കുന്നു. ഇവർ നിർമിച്ചതും മനുഷ്യശിരസ്സിൻെറ ആകൃതിയുള്ളതും ചിത്രപ്പണികൾ ചെയ്തതുമായ മൺപാത്രങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. സ്വർണത്തിലും ചെമ്പിലും നിർമിച്ച ചില വസ്തുക്കളും ലഭിച്ചിട്ടുണ്ട്. കുന്നിൻചരിവുകൾ അതിരിട്ടു തിരിച്ചു മണ്ണൊലിപ്പു തടഞ്ഞും സാധ്യമായിടത്തു ജലസേചനം നടത്തിയും വലിയൊരു ജനസമൂഹത്തിന് ആവശ്യമായ ഭക്ഷണം ഇവർ ഉത്പാദിപ്പിച്ചിരുന്നു. ആദ്യകാലചീമുകൾ വികസിപ്പിച്ചെടുത്ത നാഗരികത എ.ഡി. 1000-ാമാണ്ടോടുകൂടി തിയാഗു വാനാക്കോ സംസ്കാരത്തിൽ ലയിച്ചു. പക്ഷേ, അധികം താമസിയാതെ ഇന്നത്തെ പെറുവിൻെറ വടക്കുഭാഗത്തു പുതിയൊരു ചീമുനാഗരികത ഉയർന്നു. ഇവരുടെ രാജ്യത്തിൻെറ തലസ്ഥാനം ട്രൂജിലോനഗരത്തിനു സമീപം പണ്ടുണ്ടായിരുന്ന ചൽചൻ ആയിരുന്നു. വടക്കു പിയുവാറ മുതൽ തെക്കു കാസ്മ വരെയുള്ള വിപുലമായ ഒരു രാജ്യമാണ് ഇവർക്കുണ്ടായിരുന്നത്. യുങ്ക അഥവാ മോച്ചിക്ക ആയിരുന്നു ഭാഷ. ലിപിയും എഴുത്തും ഇല്ലാതിരുന്ന യുങ്ക കാലക്രമത്തിൽ പാടെ നശിച്ചുപോയി. എ.ഡി. 1450-നു മുമ്പുള്ള മൂന്നു നാലു നൂറ്റാണ്ടുകളായിരുന്നു പില്കാലചീമുകളുടെ പ്രാബല്യകാലം. ജലസേചനത്തിനുള്ള മാർഗങ്ങൾ, സ്വർണത്തിലും വസ്ത്രങ്ങളിലും മനോഹരമായ ചിത്രപ്പണികൾ, അലങ്കാരപ്പണിയുള്ള പാത്രനിർമാണം മുതലായ വിദ്യകൾ അവർക്കു വശമായിരുന്നു. കൃഷിക്കാർ, ഉദ്യോഗസ്ഥന്മാർ, പ്രഭുക്കന്മാർ തുടങ്ങിയ വിഭാഗങ്ങളുൾപ്പെട്ടതായിരുന്നു ഇവരുടെ സമൂഹഘടന. 1465-നും 1470-നുമിടയ്ക്ക് ഇങ്കകൾ ചീമുകളെ കീഴടക്കി. അതോടെ ചീമുനാഗരികതയും നശിച്ചു.

ചീയക്കായ്

മുള്ളുള്ള ഒരിനം കുറ്റിച്ചെടി. ലെഗുമിനേസി കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *അക്കേഷ്യ കൺസിന (Acacia concinna)*. ഈണ്ട, ചീനിക്ക, ചീവയ്ക്ക, ചീക്കക്കായ് എന്നെല്ലാം പേരുണ്ട്. ഇന്ത്യയിലെ വനങ്ങളിൽ കണ്ടുവരുന്നു.

സംയുക്തപത്രം (compound leaf) ആണു ചീയക്കായ്ക്ക്. ഏകാന്തരത്തിൽ ക്രമീകരിച്ചിരിക്കുന്നു. അനുപർണം (stipule) ഉണ്ട്.

മാർച്ചു മുതൽ ജൂലായ് വരെയാണു പൂക്കാലം. പൂമൊട്ടിനു നീലാരുണവർണവും പൂവിനു മഞ്ഞനിറവുമാണ്. ബാഹ്യദളവും ദളവും അഞ്ചു വീതം. കേസരം അനേകം ഉണ്ട്. അണ്ഡാശയം ഊർധ്വവർത്തിയാണ്. കായ് ഡിസംബർ-ജനുവരിയിൽ വിളയുന്നു. കായ് പൊടിച്ചതു സോപ്പിനു പകരം ഉപയോഗിക്കാം. കായിൽ അഞ്ചു ശതമാനം സാപ്പോണിൻ ഉണ്ട്.

ചീര

ഒരിനം പച്ചക്കറിച്ചെടി. അമരാന്തേസി കുലത്തിൽപ്പെടുന്നു. കീര എന്നും പറയും. ശാസ്ത്രനാമം: *അമരാന്തസ് ട്രൈകോളർ (Amaranthus tricolor)*. കൃഷിചെയ്തുവരുന്ന ഇനങ്ങളെ പൊതുവെ അവയുടെ നിറത്തെ അടിസ്ഥാനമാക്കി രണ്ടായി തിരിക്കാം. പച്ചയും ചെമപ്പും. ചെമന്ന ഇനമാണ് സാധാരണ കൃഷിചെയ്യുന്നത്. ഇതിൻെറ ഇല, തണ്ട് തുടങ്ങിയ എല്ലാ ഭാഗങ്ങളും ചെമപ്പുതന്നെയാണ്; പച്ചയുടെത് പച്ചയും. പച്ചച്ചീരയുടെ നിറം വെള്ളകലർന്നതായതിനാൽ വെള്ളച്ചീരയെന്നും പറയാറുണ്ട്. നല്ല തഴപ്പോടുകൂടി വളരുന്ന ഇവയുടെ ഇല വലുതും ഏകാന്തരന്യാസത്തിലുമാണ്. വളരെ ചെറിയ പൂക്കൾ കുലകളായി കാണുന്നു. പൂക്കൾക്കു ദളങ്ങളില്ല.

വിത്തു പാകിയാണ് ചീര കൃഷിചെയ്യുന്നത്. വിത്തു മുളച്ച് ഏകദേശം പത്തു സെൻറിമീറ്റർ പൊക്കം വയ്ക്കുമ്പോൾ കുറെ തൈകൾ പറിച്ചു മാറ്റി നടുന്നത് നല്ലതാണ്. തൈകളുടെ വളർച്ചയ്ക്ക് വെള്ളം അത്യാവശ്യമാണ്. ചാണകം, ചാരം തുടങ്ങിയ വളങ്ങളും മണ്ണിൽ കലർത്തണം.

പോഷകാംശങ്ങൾ, പ്രത്യേകിച്ചും ധാതുലവണങ്ങൾ ധാരാളമുള്ള പച്ചക്കറിയാണ് ചീര. ഇലയും തണ്ടുമാണ് കറികൾക്ക് ഉപയോഗിക്കുന്നത്.

ചീലാന്തി

†പൂവരശ് നോക്കുക.

ചീവയ്ക്ക

†കൂർക്ക നോക്കുക.

ചീവീട് (Cricket)

ഒരിനം ഷഡ്പദം. ഗ്രിലിഡെ കുലത്തിൽപ്പെടുന്നു. ഏകദേശം 2400 സ്പീഷീസുണ്ട്. വീടുകളിലുള്ള സ്പീഷീസിൻെറ ശാസ്ത്രനാമം: *ഗ്രില്ലസ് ഡൊമെസ്റ്റിക്കസ് (Gryllus domesticus)*. മണ്ണിലും മരത്തിലും ഇടുങ്ങിയ ദ്വാരങ്ങളിലും കണ്ടുവരുന്നു.

മൂന്നു മുതൽ അമ്പതു വരെ മില്ലീമീറ്റർ നീളമുള്ള ചീവീടുണ്ട്. സ്പർശി (antennae)യും പുശ്ചിക(cerci)യും രണ്ടു വീതം. മൂന്നു ജോടി കാലുണ്ട്. പിൻകാലുകൾ ചാടാൻ സഹായിക്കുന്നു. ചിറകു രണ്ടു ജോടി. മുൻചിറകു ശബ്ദം ഉണ്ടാക്കുന്നതിനും പിൻചിറകു പറക്കുന്നതിനും ഉപയോഗിക്കുന്നു. മുൻചിറകുകളിൽ ഒന്നിലുള്ള 'സ്ക്രാപ്പർ' എന്ന ഘർഷണാവയവം എതിർവശത്തുള്ള മുൻചിറകിലെ പല്ലുപോലുള്ള ഭാഗങ്ങളിൽ ഉരസ്സുമ്പോഴാണു ശബ്ദം ഉണ്ടാകുന്നത്. വ്യത്യസ്ത സ്പീഷീസുകളിൽ 50 മുതൽ 250 വരെ 'പല്ല്' കാണും. 'സ്ക്രാപ്പർ' ഒന്നേയുള്ളൂ.



ചീവീട്

ആൺചീവീടാണു ശബ്ദം ഉണ്ടാക്കുന്നത്. ഇണയെ ആകർഷിക്കാനും മറ്റ് ആൺചീവീടുകളുമായി മത്സരത്തിൽ ഏർപ്പെടുമ്പോഴും ശബ്ദം ഉണ്ടാക്കാറുണ്ട്.

പെൺചീവീടു മണ്ണിനടിയിലോ ചെടിയുടെ തണ്ടു തുരന്ന് അതിനുള്ളിലോ മുട്ടയിടും. മുട്ട വിരിഞ്ഞു പുറത്തുവരുന്നവയെ വിട്ടിൽ (nymph) എന്നു വിളിക്കുന്നു.

അമേരിക്കയിൽ മീൻ പിടിക്കുന്നതിന് ഇരയായി ഉപയോഗിക്കുന്നു. പരീക്ഷണശാലയിലും ഉപയോഗം ഉണ്ട്.

ചീസ്

† പാൽക്കട്ടി നോക്കുക.

ചീറ്റപ്പുലി (cheetah)

ഒരിനം പുള്ളിപ്പുലി. വേട്ടപ്പുലി എന്നും പേരുണ്ട്. ഫെലിഡെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *അസിനോനിക്സ് ജുബാറ്റസ് (Acinonyx jubatus)*. ഏഷ്യയിലും തെക്കെ ആഫ്രിക്കയിലും കണ്ടുവരുന്നു. ഏറ്റവും വേഗമേറിയ കരജീവിയാണു ചീറ്റപ്പുലി. മണിക്കൂറിൽ നൂറു കിലോമീറ്ററിലധികം വേഗത്തിൽ ഓടാൻ ഇവയ്ക്ക് കഴിയും; എന്നാൽ ദീർഘനേരം ഇതേ വേഗത്തിൽത്തന്നെ ഓടാൻ കഴിയുകയില്ല.



ചീറ്റപ്പുലി

മറ്റു മാംസഭുക്കുകളിൽ നിന്നു ഭിന്നമായ പല പ്രത്യേകതകളും ചീറ്റപ്പുലിക്കുണ്ട്. നഖത്തിന് സംരക്ഷണയുറ ഇല്ല. ഭാഗികമായെ നഖം വിരലിനുള്ളിലേക്കു പിൻവലിക്കാൻ കഴിയൂ. എന്നാൽ ഇതേ കുലത്തിൽപ്പെടുന്ന പൂച്ചയ്ക്ക് അതിൻെറ നഖങ്ങൾ പൂർണമായും ഉറയിലേക്കു വലിക്കാൻ കഴിയും.

ചീറ്റപ്പുലിയുടെ ശരീരം മെലിഞ്ഞതാണ്. കാലുകളിലെ പേശികൾ ഉറപ്പുള്ളതായതിനാൽ വേഗത്തിൽ ഓടാൻ കഴിയുന്നു. വാലു കൂടാതെ ശരീരത്തിനു രണ്ടു മീറ്ററോളം നീളം ഉണ്ട്. വാലിനു മാത്രം ഏകദേശം 75 സെൻറീമീറ്ററും. തോളറ്റം വരെ ഒരു മീറ്ററോളം പൊക്കം ഉണ്ട്. ഭാരം 50-60 കിലോഗ്രാം.

വളരുന്തോറും ശരീരത്തിൻെറ നിറത്തിനു മാറ്റം സംഭവിക്കുന്നു. മൂന്നു വർഷം പ്രായമാകുന്നതുവരെ നീലകലർന്ന ചാരനിറത്തിലുള്ള രോമമായിരിക്കും. കറുത്ത പുള്ളികളും കാണാം. പ്രായമാകുമ്പോൾ ശരീരത്തിൻെറ ഉപരിഭാഗം ഇളംമഞ്ഞയും അടിഭാഗം വെള്ളയുമായിമാറും. ചില സ്പീഷീസിൽ പുള്ളികൾ യോജിച്ച് വലയങ്ങൾ കണ്ടുവരുന്നു. ഇവയ്ക്ക് 'കിങ്ചീറ്റ' എന്നാണു പേര്. ഓരോ കണ്ണിൻെറയും നാസികയ്ക്ക് അടുത്തുള്ള കോണിലൂടെ കറുത്ത വര താഴോട്ടിറങ്ങി വായുടെ കോണിലെത്തുന്നു.

ഒറ്റയ്ക്കും കൂട്ടമായും, രാവിലെയോ വൈകിട്ടോ ഇര തേടി ഇറങ്ങാറുണ്ട്. ചീറ്റപ്പുലി മാംസഭുക്കാണ്. പാത്തും പതുങ്ങിയും ഇരയുടെ പിന്നാലെ പോകുന്നു. മാൻകുട്ടികളാണ് മുഖ്യഇര. അടുത്തെത്തിക്കഴിയുമ്പോൾ നിലംപറ്റിക്കിടന്നു മുന്നോട്ടു കുതിച്ചു ഇരയെ പിടികൂടുന്നു.

പണ്ടുമുതലേ ഏഷ്യയിൽ ഇതിനെ ഇണക്കിവളർത്തി വേട്ടയ്ക്ക് ഉപയോഗിച്ചിരുന്നു. പ്രധാനമായും മാനിനെയാണ് വേട്ടയാടിയിരുന്നത്. മെരുക്കിയെടുത്ത് ഇണചേർക്കാനുള്ള ശ്രമം ഇതുവരെ വിജയിച്ചിട്ടില്ല.

ഗർഭകാലം ഏകദേശം 95 ദിവസം. ഒരു തവണ രണ്ടോ മൂന്നോ കുഞ്ഞിനെ പ്രസവിക്കുന്നു. ഏഷ്യയിൽ ചീറ്റപ്പുലിയുടെ വംശം നശിച്ചുകൊണ്ടിരിക്കുകയാണ്. റെഡ് ഡേറ്റാ ബുക്കിൽ പേരുണ്ട്.

ചു

ചുംബി താഴ്‌വര

ഹിമാലയത്തിന്റെ തെക്കെ ചെരുവിൽ ഭൂട്ടാനും സിക്കിമിനുമിടയ്ക്കു ഖാംബുനദിയുടെ തീരത്തോടു ചേർന്നു കിടക്കുന്ന തിബത്തിലെ ഒരു പ്രദേശം. ശരാശരി 2896 മീറ്റർ ഉയരത്തിലാണിതു സ്ഥിതിചെയ്യുന്നത്. സുഖകരമായ കാലാവസ്ഥയുള്ള ഈ പ്രദേശം 1792 വരെ സിക്കിമിന്റെ ഒരു ഭാഗമായിരുന്നു. അന്നത്തെ ഒരു ഉടമ്പടിപ്രകാരം ഇവിടം തിബത്തിനു കിട്ടി. ഇന്ത്യയും തിബത്തുമായുള്ള മുഖ്യഗതാഗതമാർഗം ഈ താഴ്‌വരയിലൂടെയായിരുന്നു. നാഥു-ലാ ചുരം (4538 മീറ്റർ) ഈ മാർഗത്തിലാണ്. 1962-ലെ ഇന്തോ-ചൈനീസ് അതിർത്തിയുദ്ധംവരെ കമ്പിളിരോമങ്ങളും മറ്റും ഈ വഴിയിലൂടെ ഇന്ത്യയിലേക്കു കൊണ്ടുവന്നിരുന്നു.

1893-ൽ ഇവിടെ ഒരു ബ്രിട്ടീഷ്പ്രതിപുരുഷാലയം (Agency) സ്ഥാപിതമായി. യാതുംഗ് എന്ന നഗരമായിരുന്നു ബ്രിട്ടീഷ്കേന്ദ്രം. 1904—'08 കാലത്തു ഫ്രാൻസിസ് യംഗ് ഹസ്ബൻഡിന്റെ നേതൃത്വത്തിൽ ലാസായിലേക്കു പോയ ബ്രിട്ടീഷുകാർ ഇവിടം കൈവശപ്പെടുത്തി. 1954-ൽ യാതുംഗിൽവച്ച് ഒരു ഇന്തോ-ചൈനീസ് വ്യാപാരസഖ്യം ഒപ്പുവച്ചു. ഈ സംഖ്യത്തിന്റെ കാലാവധി തീരുംമുമ്പാണ് 1962-ൽ ചൈനക്കാർ ഇന്ത്യനതിർത്തി ലംഘിച്ച് ഉള്ളിലേക്കു കടന്നത്. അതോടുകൂടി ഇതുവഴിയുള്ള വ്യാപാരവും നിലച്ചു.

1955-നുശേഷം ചൈനക്കാർ യാതുംഗും ലാസായും ഒരു റോഡിനാൽ ബന്ധിക്കുകയും ഇവിടെപലെടത്തുംചൈനീസ്സൈനികകേന്ദ്രീകരണം ആരംഭിക്കുകയും ചെയ്തു. 1960—'70 കാലത്തു പലപ്പോഴും, 1962-ലെ 'യുദ്ധ'ത്തിനുപുറമെ, പല ചീനാ-ഇന്ത്യ ഏറ്റുമുട്ടലുകളും ഈ താഴ്‌വരയുടെ വിവിധഭാഗങ്ങളിൽവച്ചു നടക്കുകയുണ്ടായി.

ചുക്ക്

ഉണങ്ങിയ ഇഞ്ചി. 'ശുഷ്ക' (ഉണങ്ങിയ) ശബ്ദത്തിന്റെ തദ്ഭവം ആണു ചുക്ക്. ശർക്കര ഉപ്പേരി, എള്ളുണ്ട, ചുക്കുവെള്ളം ഇവയ്ക്കെല്ലാം ചുക്ക് അവശ്യഘടകമാണ്. മിക്ക കഷായങ്ങൾക്കും ചുക്കു ചേരും. അതുകൊണ്ട് 'ചുക്കില്ലാത്ത കഷായമില്ല' എന്നൊരു ചൊല്ലുണ്ട്. †ഇഞ്ചി നോക്കുക.

ചുക്കിക്കമൊത്ത

ചിലിയിലെ അന്റോഫഗാസ്തപ്രവിശ്യയിൽ അറ്റക്കാമാ മരുഭൂമിയിൽ 2743 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ചെമ്പു ഖനനകേന്ദ്രം. അറിയപ്പെട്ടിട്ടുള്ളതിൽ ഏറ്റവും വലിയ ചെമ്പയിരു നിക്ഷേപമുണ്ടായിരുന്നത് ഇവിടെയാണ്. വൻതോതിലുള്ള ഖനനം 1915-ൽ തുടങ്ങി. പ്രതിവർഷം രണ്ടരലക്ഷം ടൺ ചെമ്പ് ഇവിടെ ഉത്പാദിപ്പിച്ചിരുന്നു. സമുദ്രതീരത്തുള്ള അന്റോഫഗാസ്താ തുറമുഖംവഴിയാണ് ഇവിടേക്കു സാധനങ്ങൾ കൊണ്ടുവരുന്നതും ചെമ്പു കയറ്റുമതി ചെയ്യുന്നതും. ബൊളീവിയായുടെ അതിർത്തിവരെ എത്തുന്ന കുഴലുകൾ മുഖേനയാണു മരുഭൂമിയിലെ ഈ നഗരത്തിൽ വെള്ളം എത്തിക്കുന്നത്.

ചുക്കിണി

ചൂതുകളിക്കുപയോഗിച്ചിരുന്ന കരു. ചുക്കിണിയെ ദേവതയാക്കിക്കൊണ്ടുള്ള ഒരു സൂക്തം ഋഗ്വേദം പത്താംമണ്ഡലത്തിൽ ഉള്ളതിൽനിന്നും ഇതിന്റെ പ്രാചീനത വ്യക്തമാണ്. താന്നിക്കുരുകൊണ്ടാണ് അക്കാലത്തു ചുക്കിണികൾ നിർമിച്ചിരുന്നത്.

ആറുവശങ്ങളുള്ളതും ഓരോ വശത്ത് ഒന്നു മുതൽ ആറു വരെ തുളകളുള്ളതും ഓടുകൊണ്ടു വാർത്തതും ഉള്ളിൽ കിലുങ്ങുന്നതിനു ലോഹശകലങ്ങൾ ഇട്ടിട്ടുള്ളതുമായ ഒരു കളിപ്പാട്ടമാണിത്. പകിടയെന്നും പറയും. രണ്ടു ചുക്കിണികൾ ചേർത്താണു കളിക്കാനുപയോഗിക്കുന്നത്. ചുക്കിണികൾ രണ്ടും ചേർത്തുരുട്ടിയശേഷം അവ നിശ്ചലമായി നില്ക്കുമ്പോൾ ചുക്കിണികളുടെ മുകൾഭാഗങ്ങളിൽ കാണുന്ന തുളയുടെ എണ്ണമാണു കളിക്കു കണക്കുകൂട്ടുന്നത്. രണ്ടു ചുക്കിണിയിലും ഒരേ എണ്ണം തുളകൾ വന്നാൽ 'പെരുപ്പം' ആയെന്നു പറയും. പെരുപ്പം കിട്ടിയാൽ അയാൾക്കുതന്നെ ഒരിക്കൽക്കൂടി കളിക്കാം. രണ്ടു ചുക്കിണിയിലും ഒന്നു വന്നാൽ കമ്പി; രണ്ടു വന്നാൽ തായം; ആറു വന്നാൽ ഈരാറുപന്ത്രണ്ട്. ഇതൊക്കെയാണു ചുക്കിണിയുടെ ഭാഷ. 'ഒരുവന്' എന്നും 'പകിടപന്ത്രണ്ട്' എന്നു പറഞ്ഞാൽ ഭാഗ്യകടാക്ഷമുള്ള ആൾ എന്നർഥം. †ചൂതുകളി നോക്കുക.

ചുങ്കിങ്

തെക്കുപടിഞ്ഞാറൻ ചൈനയിലെ സെച്ച്വാൻ പ്രവിശ്യയിൽ യാങ്സി നദീതീരത്തെ തുറമുഖപട്ടണം. കിഴക്കൻ സമുദ്രതീരത്തുനിന്ന് 2240 കി. മീ. പടിഞ്ഞാറുമാറിയാണ് ഇത്. പശ്ചിമചൈനയിലെ പ്രമുഖ വ്യവസായവാണിജ്യകേന്ദ്രം. പണ്ടു ചുങ്കിങ് തലസ്ഥാനമാക്കി പല സ്വതന്ത്രരാജ്യങ്ങളും നിലനിന്നിരുന്നു. ബി.സി. നാലാംനൂറ്റാണ്ടിൽ ഇത് 'പാ' (Pa) എന്ന രാജവംശത്തിന്റെ തലസ്ഥാനമായിരുന്നു. ചൈനയിലെ ഭരണകൂടങ്ങൾക്കെതിരായി നടന്ന പല വിപ്ലവങ്ങളുടെയും കേന്ദ്രം എന്ന നിലയിലും ഇതിനു പ്രസിദ്ധിയുണ്ട്. ചുങ്വംശത്തിന്റെ ഭരണം അവസാനിക്കാനിടയാക്കിയ വിപ്ലവം 1911-ൽ ചുങ്കിങ്ങിലാണാരംഭിച്ചത്.

1938 മുതൽ '45 വരെ ഈ നഗരം ചൈനയുടെ യുദ്ധകാലതലസ്ഥാനമായിരുന്നു. 1942-ൽ ഇവിടെ ഒരു അമേരിക്കൻ സൈനികത്താവളം സ്ഥാപിച്ചു. അതു യുദ്ധാവസാനം വരെ തുടർന്നു. യുദ്ധകാലത്തു ജപ്പാൻ ബോംബെറിഞ്ഞു നഗരത്തിനു വമ്പിച്ച നാശനഷ്ടങ്ങളുണ്ടാക്കി. യുദ്ധത്തിനുശേഷം ചുങ്കിങ്ങിൽ കൂടുതൽ വ്യവസായങ്ങൾ സ്ഥാപിക്കുകയും വികസനപ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തു. കമ്യൂണിസ്റ്റു ഭരണത്തിൽ, ഈ നഗരം തെക്കുപടു

ചുങ്കിങ് പുതിയ പാർപ്പിടങ്ങളും, ടൗൺഹാളും (വലത്ത്)

ഞ്ഞാറൻ ചൈനയിലെ ഏറ്റവും വലിയ ഉരുക്കു നിർമാണ കേന്ദ്രമായി വികസിച്ചു. ജനസംഖ്യ 26,50,000 (1983).

ചുങ്ചിങ് ദ്വീപ്

ചൈനയിൽ ചെക്യാങ് സംസ്ഥാനത്തിൽ യാങ്ട്സി നദീമുഖത്തുള്ള ദ്വീപ്. ഷാങ്ഹായ് മുനിസിപ്പാലിറ്റിയുടെ ഭാഗമായ ഒരു കൌണ്ടിയാണിത്. യാങ്ട്സി നദീയിലുടെ ഒഴുകിവന്ന എക്കൽ മണ്ണടിഞ്ഞുണ്ടായതാണ് ഈ ദ്വീപ്. വെള്ളപ്പൊക്കക്കെടുതികളും മണ്ണിൽ ഉപ്പിന്റെ അംശം കൂടുതൽ ആയതിനാൽ മുമ്പ് ഇവിടെ ജനവാസം കുറവായിരുന്നു. 1949-നു ശേഷം മരങ്ങൾ നട്ടുപിടിപ്പിച്ചു കടലാക്രമണം തടഞ്ഞു. ക്രമേണ ജനവാസം വർധിച്ചുവന്നു. 1958-ൽ കമ്യൂണുകൾ സ്ഥാപിക്കുകയും തുടർന്നു വികസനപ്രവർത്തനങ്ങൾ ഊർജിതമായി നടക്കുകയും ചെയ്തു. ഇപ്പോൾ ഇവിടെ പരുത്തി, നെല്ല്, സോയാബീൻ എന്നിവ കൃഷിചെയ്യുന്നു.

ചുങ്-ഫു (1879—1942)

ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടിയുടെ സ്ഥാപകനേതാക്കളിൽ ഒരാൾ. ചൈനീസു ഭാഷയിൽ എഴുതുമ്പോൾ ചെൻ തുഹ്സ്യു എന്നാണു പേര്. ചൈനീസ്വിപ്ലവത്തിന്റെ സാംസ്കാരികാടിസ്ഥാനം കെട്ടിപ്പടുത്തതിൽ ഇദ്ദേഹമാണു പ്രധാന പങ്കുവഹിച്ചത്. 1927-ൽ ഇദ്ദേഹത്തിനു നേതൃസ്ഥാനം നഷ്ടപ്പെട്ടു. 1929-ൽ പാർട്ടിയിൽ നിന്നുതന്നെ പുറംതള്ളപ്പെട്ടു.

ധനിക കുടുംബത്തിൽ ജനിച്ചു. ബിരുദം എടുത്തു മഞ്ചൂറിയയിൽ സൈനികസേവനത്തിൽ ഏർപ്പെട്ടു. പരമ്പരാഗതമായ ഔപചാരിക വിദ്യാഭ്യാസത്തിന്റെ നിരർഥകത മനസ്സിലാക്കി സാമൂഹിക പരിഷ്കരണത്തിനു മുൻകയ്യെടുത്തു. ഹാങ്ചൗവിലെ സത്യാന്വേഷണ അക്കാദമിയിൽ ചേർന്നു. മഞ്ചുഭരണത്തിന് എതിരെ പ്രഭാഷണങ്ങൾ നടത്തി. നാങ്കിങ്ങിലേക്കു ഓടിപ്പോയി. ഒളിവിലിരുന്നു ചില പത്രങ്ങൾ നടത്തി. വേഗത്തിൽ അവ നിർത്തേണ്ടിവന്നു.

ജപ്പാനിൽ കുറച്ചുനാൾ തങ്ങി. സൺയാറ്റ് സണിന്റെ കക്ഷിയിൽ ചേരാൻ വിസമ്മതിച്ചു. ഫ്രാൻസിൽ പോയി പഠിക്കയും ഫ്രെഞ്ചുസാഹിത്യത്തിൽ താത്പര്യം പ്രകടിപ്പിക്കയും ചെയ്തു. 1911-ൽ റിപ്പബ്ലിക് സ്ഥാപിതമായപ്പോൾ ഇദ്ദേഹം പട്ടാളഗവർണറുടെ സെക്രട്ടറി ജനറൽ ആയി. പ്രസിഡന്റിനെതിരെയുള്ള രണ്ടാം വിപ്ലവത്തിൽ പങ്കെടുത്തശേഷം ജപ്പാനിലേക്കു ഓടിപ്പോയി.

ബൗദ്ധികവിപ്ലവത്തിൽ പത്രങ്ങളിലൂടെ പ്രചാരണ പരിപാടിയിൽ ഏർപ്പെട്ടു. മാവോയോടൊപ്പം രാഷ്ട്രീയ നേതൃത്വത്തിലേക്ക് ഉയർന്നു. 1917-ൽ മാർക്സിസ്റ്റ് ആയി. കമ്യൂണിസ്റ്റു പാർട്ടി രൂപവത്കൃതമായപ്പോൾ സെക്രട്ടറി ജനറൽ ആയി. ഏഴുവർഷം 'ചൈനീസ് ലെനിൻ' എന്ന പേരിൽ അനിഷേധ്യ നേതാവായി തുടർന്നു. 1922-ൽ കോമിൻറേണിന്റെ 4-ാം കോൺഗ്രസ്സു കഴിഞ്ഞശേഷം പരിപാടികൾ നടപ്പാക്കുന്നതിൽ വിമുഖനായി. കുമിന്താങ് പാർട്ടിയിൽനിന്ന് ഒറ്റക്കെട്ടായിപിൻവാങ്ങാനുള്ളചുങ്ങിന്റെ നിർദേശം കോമിൻറേൺ തള്ളിക്കളഞ്ഞു. അതോടെ പാർട്ടിയുമായി പൊരുത്തപ്പെടാൻ കഴിയാതെ വന്നു. പിന്നീടു പുറത്താക്കപ്പെട്ടു.

ചുങ്കം (Excise duty)

കയറ്റിറക്കുമതികൾക്കും ചരക്കുകൾ ഒരുസ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേക്കു അതിർത്തികടത്തി കൊണ്ടു പോകുമ്പോഴും പിരിക്കുന്ന നികുതി. ശുല്കം എന്ന സംസ്കൃതപദത്തിന്റെയോ 'സുങ്ക' എന്ന പ്രാകൃത പദത്തിന്റെയോ തദ്ഭവമാണു 'ചുങ്കം'. 'തീരുവ' എന്നും ഇതിനു പറയാറുണ്ട്. ചുങ്കം പിരിക്കുന്ന ഓഫീസിനു ചുങ്കപ്പുര എന്നും 'ചവുക്ക' (ഉർദുഃചൗക്കി) എന്നും പറഞ്ഞുവരുന്നു. രാജഭോഗങ്ങളിൽ മുഖ്യസ്ഥാനം ഉണ്ടായിരുന്നു ചുങ്കത്തിന്. തീപ്പെട്ടി, മദ്യങ്ങൾ, പുകയില, ബീഡി, സിഗരറ്റ് മുതലായി പലതിനും രാജ്യത്തിനുള്ളിൽ തന്നെ തീരുവ നല്കേണ്ടതുണ്ട്. മിക്ക വസ്തുക്കളുടെ കയറ്റുമതിക്കും ഇറക്കുമതിക്കും ചുങ്കം (duty) ചുമത്തുന്ന പതിവ് എല്ലാ ഭരണകൂടങ്ങൾക്കുമുണ്ട്. എന്നാൽ പല രാജ്യങ്ങളിലും ചുങ്കപ്പിരിവില്ലാത്ത തുറമുഖങ്ങൾ (free ports) ഉണ്ട്. ഇന്നു ചുങ്കം, ചുങ്കച്ചാവടി എന്നീ പദങ്ങൾ പ്രചാരലുപ്തം ആയിരിക്കുന്നു. ചുങ്കം പിരിക്കുന്ന ഉദ്യോഗസ്ഥനെ 'ചൗക്കിദാർ' എന്നാണു പറഞ്ഞിരുന്നത്.

ചുടലമാടൻ

ചുടലയിൽ (ശ്മശാനത്തിൽ) കുടികൊള്ളുന്നു എന്നു വിശ്വസിക്കുന്ന ഭൂതം. രാത്രിയിൽ ചുടലമാടൻ ചുടലവിട്ടു സഞ്ചരിക്കാറുണ്ടെന്നാണു വിശ്വാസം. മാടന്റെ തലയിൽ നെരിപ്പോട് ഉണ്ടത്രെ. മനുഷ്യരുടെ നിഴലിൽ അടിച്ചു മാടൻ അവരെ കൊലപ്പെടുത്തുന്നു എന്നാണു പറയുന്നത്. പ്രാകൃതജനങ്ങൾ മാടനെ ആരാധിക്കുന്നു.

മാടനെ ആരാധിക്കുന്ന സ്ഥലത്തിനു 'മാടൻനട' എന്നും മാടൻതറ എന്നും പറയാറുണ്ട്. പരേതാത്മാക്കൾ അറുകൊല, ബ്രഹ്മരക്ഷസ്സ്, മറുതാ, മാടൻ എന്നിങ്ങനെ ജാതിയും മരണവിധവും അനുസരിച്ചു പല രൂപം അവലംബിക്കുന്നതായി കരുതുന്നു. ദുർമരണം ആകുമ്പോഴേ ദുരാത്മാക്കൾ ഉടലെടുക്കുന്നുള്ളു എന്നാണു വിശ്വാസം. സത്കർമങ്ങൾകൊണ്ടു പരേതാത്മാക്കൾക്കു സദ്ഗതി വരുത്താമെന്നും മന്ത്രവാദംകൊണ്ട് അവരെ ഒരിടത്ത് ഉറപ്പിച്ചു നിർത്താമെന്നുമാണു വിശ്വാസം.

ചുട്ടി

കഥകളിയിൽ വേഷക്കാരന്റെ (നടന്റെ) മുഖത്തു മനയോല, ചായില്യം, അരിമാവ്, മുതലായവകൊണ്ടു നടത്തുന്ന ചിത്രപ്പണി. ഇപ്പോൾ അരിമാവിന്റെ സ്ഥാനത്തു കടലാസും ഉപയോഗിക്കുന്നു. വേഷസ്വഭാവം അനുസരിച്ചു ചുട്ടി ഭിന്നമായിരിക്കും. †കഥകളി നോക്കുക.

ചുട്ടിക്കഴുകൻ

† കഴുകൻ നോക്കുക.

ചുട്ടിപ്പരുന്ത് (crested serpent eagle)

ഒരിനം പരുന്ത്. അസിപിട്രിഡെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *സ്പിലോർനിസ് ചീല (Spilornis cheela)*. കൃഷ്ണപ്പരുന്തിനെക്കാൾ വലിപ്പമുള്ള ഇതിനെ കേരളത്തിൽ മിക്കയിടത്തും കണ്ടുവരുന്നു.



ചുട്ടിപ്പരുന്ത്

കടുത്ത തവിട്ടുനിറമുള്ള ശരീരവും മഞ്ഞ കൺപട്ടയും തലയിലെ തടിച്ചു കുറിയ ശിഖയും സവിശേഷതകളാണ്. മാറിടത്തിലും അടിഭാഗങ്ങളിലും വെളുത്ത പുള്ളികൾ ഉണ്ട്. പൊതുവെ വലിയ മൂങ്ങകളോടാണു സാദൃശ്യം. നല്ല മഴയും ധാരാളം മരങ്ങളുമുള്ള പ്രദേശത്താണു കൂടുതൽ കാണപ്പെടുക.

ചെറിയ ജീവികൾ മുതൽ വലിയ പാമ്പുകൾ വരെ ചുട്ടിപ്പരുന്തിന്റെ ഇരയാകാറുണ്ട്. സെപ്റ്റംബർ മാസത്തോടെ പ്രജനനകാലം ആരംഭിക്കുന്നു. കൂടുകൂട്ടുന്നത് കാടുകളിലാണ്. ചുള്ളികൾ കൊണ്ടു നിർമിക്കുന്ന ഈ കൂടിനു കാക്കക്കൂടിനോടു സാദൃശ്യമുണ്ട്. ഒരു തവണ ഒരു മുട്ടയേ ഇടുകയുള്ളു.

ചുട്ടിയാറ്റ (spotted munia)

ഒരിനം കുരുവി. എസ്റ്റ്രിൽഡിഡെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *ലോങ്കുറ പങ്ചുലേറ്റ (Lonchurà punctulata)*. പത്തു സെൻറീമീറ്ററോളം നീളം ഉണ്ട്.

ചെമ്പിച്ച തവിട്ടുനിറമാണു ശരീരത്തിന്. തല ചെറുതും ദേഹം തടിച്ചതുമാണ്. തടിച്ചു കുറിയ കൊക്ക് കടുപ്പമുള്ള വിത്തു തിന്നുന്നതിനു സഹായിക്കുന്നു.



ചുട്ടിയാറ്റ

ചുട്ടിയാറ്റ ചെറുകൂട്ടങ്ങളായിട്ടാണു കണ്ടുവരുന്നത്. നാലു മുതൽ നൂറോ ഇരുന്നൂറോ വരെയുള്ള അംഗങ്ങൾ ഒരു കൂട്ടത്തിൽ ഉണ്ടാകും. സംഘത്തിന്റെ വലിപ്പം ഭക്ഷണം കിട്ടാനുള്ള എളുപ്പത്തെ ആശ്രയിച്ചിരിക്കുന്നു.

ചാമ മുതലായ ധാന്യച്ചെടികൾ വിളയുമ്പോൾ ചുട്ടിയാറ്റയെ ധാരാളം കാണാം. തുള്ളൻ മുതലായ പ്രാണികളെയും ഇതു തിന്നാറുണ്ട്.

മഴക്കാലത്താണ് പ്രജനനം. മുൾച്ചെടികളിൽ നേരിയ പുൽത്തണ്ടുകൊണ്ട് കൂടുകൂട്ടുന്നു. ഒരു തവണ ഏഴോ എട്ടോ മുട്ടയിടും. നിറം തൂവെള്ള. ആൺപക്ഷിയും പെൺപക്ഷിയും അടയിരിക്കാറുണ്ട്.

ചുണ്ട

ഒരിനം കുറ്റിച്ചെടി. സൊളാനേസി കുലത്തിൽപ്പെടുന്നു. 120 മുതൽ 150 വരെ സെൻറീമീറ്റർ നീളം വയ്ക്കും. പല സ്പീഷീസുണ്ട്. ശാസ്ത്രനാമം ഇങ്ങനെയാണ്.

ആനച്ചുണ്ട - *സൊളാനം ഫെറോസ് (Solanum ferose)*
†കണ്ടകാരിച്ചുണ്ട - *സൊളാനം സാന്തോകാർപം (Solanum xanthocarpum)*



പുത്തരിച്ചുണ്ട: ഫലങ്ങളോടുകൂടിയ ഒരുശാഖ

കാട്ടുചുണ്ട - *സൊളാനം ഇൻഡിക്കം (Solanum indicum)*
പുത്തരിച്ചുണ്ട - *സൊളാനം ജൈജാൻറിയം (Solanum giganteum)*

ഇലയും കാണ്ഡവും കായും തമ്മിൽ വിവിധ സ്പീഷീസിൽ നിറവ്യത്യാസം ഉണ്ട്. ഇല പരന്നു വീതിയുള്ളതാണ്. കാണ്ഡത്തിലാകെ ചെറിയ മുള്ളുണ്ട്. ചെറിയ ഉരുണ്ട കായാണ്. കറി വയ്ക്കുന്നതിന് ഉപയോഗിക്കാറുണ്ട്.

ചിലയിനങ്ങൾക്ക് ഔഷധഗുണവുമുണ്ട്. ശ്രാദ്ധാദികർമങ്ങൾക്കും പുണ്യാഹത്തിനും ചുണ്ടക്കായ് ഉപയോഗിക്കാറുണ്ട്. കഥകളി വേഷക്കാരുടെ കണ്ണു ചുവപ്പിക്കാൻ ചുണ്ടയുടെ അരിയാണ് ഉപയോഗിക്കുന്നത്.

ചുണ്ടൻകാട (Snipe)

ഒരിനം കൊക്ക്. സ്കോളോപാസിഡെ കുലത്തിൽപെടുന്നു. ചതുപ്പു പ്രദേശത്തു കണ്ടുവരുന്നതിനാൽ ചതുപ്പൻ കാടക്കൊക്ക് എന്നും പേരുണ്ട്. പത്തോളം സ്പീഷീസ് ഉണ്ടെങ്കിലും കേരളത്തിൽ നാലു സ്പീഷീസേ ഉള്ളൂ.

നാടൻപേര്	ഇംഗ്ലീഷ്പേര്	ശാസ്ത്രനാമം
കാട്ടുചുണ്ടൻകാട	Wood snipe (31)	*കാപെല്ല നെമോറിക്കോള*
മുഴുവാലൻ ചുണ്ടൻകാട	Pintail snipe (27)	*കാപെല്ല സ്റ്റെനൂറ.*
വിശരിവാലൻ ചുണ്ടൻകാട	Fantail snipe (27)	*കാപെല്ല ഗാലിനാഗോ.*
ചെറിയ ചുണ്ടൻകാട	Jack snipe (21)	*കാപെല്ല മൈനൂട്ട.*



വിശരിവാലൻ ചുണ്ടൻകാട

വലയത്തിലുള്ളതു സെൻറീമീറ്ററിലുള്ള നീളം ആണ്. പ്രത്യേക ശരീരഘടനയും നിറങ്ങളും സ്വഭാവവും മൂലം ഇവയെ തിരിച്ചറിയാൻ വിഷമമാണ്. കുറിയ കാല്. നെടിയ കൊക്ക്. കൊക്കിൻെറ അഗ്രം വളയും. ചുണ്ടൻ കാടകൾക്കെല്ലാം ചെമ്പിച്ച തവിട്ടുനിറമാണ്. തലയിലും ചിറകിലും നീണ്ടു വെളുത്ത പട്ടകൾ കാണാം. എല്ലാറ്റിനും വലിയ കണ്ണും ഇരുണ്ട കൺപട്ടയും ഉണ്ട്.

രാവിലെയും വൈകിട്ടും ഇര തേടുന്നു. ബാക്കി സമയം ചെളിയിലോ പുല്ലുകൾക്കിടയിലോ അമർന്നുകിടന്നു വിശ്രമിക്കും. പറന്നു പോകുമ്പോഴാണ് ഇവയെ കാണാൻ കഴിയുന്നത്. ദേശാടകരാണ്.

ചുണ്ടൻവള്ളം

80 മീറ്ററിനടുത്തു നീളവും ഉയർന്ന 'അമര'വും ഉള്ള ഒരു തരം കളിവള്ളം. വള്ളംകളിമത്സരങ്ങൾക്കും ആറന്മുള ഉത്ത്യട്ടാതി പോലെയുള്ള ആഘോഷങ്ങൾക്കുമാണ് ഇന്ന് ഇത്തരം വള്ളങ്ങൾ ഉപയോഗിക്കുന്നത്. നൂറോളം, ചിലപ്പോൾ അതിൽ കൂടുതലും, തുഴക്കാരാണു വള്ളം തുഴയുന്നത്. നീണ്ട 'അടനയ്മ്പു'ള്ള നാല് അമരക്കാർ ഉണ്ടാവും. വള്ളത്തിൻെറ നടുവിൽ പാട്ടുകാർക്കു (വാദ്യക്കാർക്കും) നില്ക്കാനുള്ള തട്ടുണ്ട്. പാട്ടുകാർ വഞ്ചിപ്പാട്ടു പാടുന്നു. പാട്ടിൻെറ താളത്തിനൊത്താണു തുഴച്ചിൽ. ആഘോഷത്തിനാകുമ്പോൾ പതിഞ്ഞ താളത്തിലാണു പാട്ട്. രാമപുരത്തുവാരിയരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടു പാട്ടുകളിൽ മുഖ്യസ്ഥാനം വഹിക്കുന്നു. ആലപ്പുഴ നെഹ്രുട്രോഫിക്കുവേണ്ടിയുള്ള വള്ളംകളിമത്സരത്തിൽ മറ്റുതരം വള്ളങ്ങളെപ്പോലെ ചുണ്ടൻ വള്ളങ്ങളും പങ്കെടുക്കാറുണ്ട്. അപ്പോൾ പഴയമട്ടിലുള്ള വഞ്ചിപ്പാട്ടുകൾ പാടാറില്ല. മുറുകിയതാളത്തിലാണു മത്സരത്തിൽ തുഴ വീഴേണ്ടത്. ചമ്പക്കുളം, പായിപ്പാട്ട്, താഴത്തങ്ങാടി മുതലായ സ്ഥലങ്ങളിലും ആണ്ടുതോറും ചുണ്ടൻ വള്ളങ്ങൾ മത്സരക്കളി നടത്താറുണ്ട്.


ചുണ്ടൻ വള്ളം - നിർമാണഘട്ടത്തിൽ


ചുണ്ടൻ വള്ളങ്ങളുടെ മത്സരം

മരപ്പലകകൾ ലോഹത്തകിടുകളും ആണികളും ഉപയോഗിച്ചു തറച്ചു ചേർത്താണു വള്ളം നിർമിക്കുന്നത്. ചുണ്ടൻവള്ളത്തിൻെറ പണിക്കു വേണ്ട വൈദഗ്ധ്യം നേടിയവർ ഇന്നു വളരെ ചുരുക്കമാണ്. അമരത്തിൻെറ ഉയർന്ന തലയിലും അണിയത്തെ കൂമ്പിലും പിത്തളകൊണ്ടുള്ള അലങ്കാരപ്പണികൾ ഉണ്ടാകും. ആനയുടെ തലക്കെട്ടു ചിലപ്പോൾ അമരത്തു ചാർത്തി കാണാറുണ്ട്.

ചുണ്ടെലി

† എലി നോക്കുക.

ചുണ്ണാമ്പ്

വെറ്റില മുറുക്കാനും വെള്ള പൂശാനും ഉപയോഗിക്കുന്ന രാസപദാർഥം. നീറ്റിയ കക്കയിൽ (കാൽസ്യം ഓക്സൈഡിൽ) നിശ്ചിത അളവിൽ ജലം ചേർത്താണ് ഇതുണ്ടാക്കുന്ത്. കക്കയ്ക്കു പകരം ചുണ്ണാമ്പുകല്ല്, കവടി എന്നിവയും ഉപയോഗിക്കാറുണ്ട്. ഈ വസ്തുക്കളിലെല്ലാമുള്ള കാൽസിയം കാർബണേറ്റു ചൂടാക്കുമ്പോൾ കാൽസിയം ഓക്സൈഡായി മാറുന്നു. ഇതിൽ ജലം ചേർക്കുമ്പോൾ കാൽസിയം ഹൈഡ്രോക്സൈഡും ഉണ്ടാകുന്നു.

പ്രാചീനകാലം മുതൽ ഭാരതത്തിൽ, വിശേഷിച്ചും കേരളത്തിൽ, ചുണ്ണാമ്പുപയോഗിച്ചിരുന്നു. വെറ്റില മുറുക്കുകയെന്നതാണ് ഇതുകൊണ്ടുള്ള സാധാരണ ആവശ്യം. ഭിത്തിക്കും മറ്റും വെള്ളപൂശുന്നതിനു ചുണ്ണാമ്പും നീലവും കലർന്ന ലായനിയാണുപയോഗിക്കുന്നത്. മണ്ണിൻെറ പുളി കളയുന്നതിനും കള്ളിൽ നിന്നു ചക്കരയും കരിമ്പിൻനീരിൽനിന്നു ശർക്കരയും എടുക്കുന്നതിനും കീടനാശിനിയായും ചുണ്ണാമ്പുപയോഗിക്കാറുണ്ട്. മുറുക്കുന്നതിനുള്ള ചുണ്ണാമ്പിൽ പല വാസനദ്രവ്യങ്ങളും ചായങ്ങളും ചേർത്തു വാസനച്ചുണ്ണാമ്പ് ഉണ്ടാക്കുന്നു.

കേരളത്തിൽ ചില ജാതിക്കാരുടെ കുടിൽവ്യവസായമായിരുന്നു ചുണ്ണാമ്പുനിർമാണം. ഓണക്കാലത്തു കാഴ്ചയായി പ്രഭുഗൃഹങ്ങളിൽ ചുണ്ണാമ്പുകൊടുക്കുന്ന പതിവുണ്ടായിരുന്നു. ചുണ്ണാമ്പു കൂടുതലായി സംഭരിച്ചുവയ്ക്കുന്നതിനുള്ള മൺചട്ടിക്കു ചുണ്ണാമ്പുചട്ടിയെന്നാണു പറഞ്ഞുവന്നിരുന്നത്. കൂടാതെ ദൈനന്ദിനാവശ്യങ്ങൾക്കു ചുണ്ണാമ്പു എടുക്കുന്നതിനു ലോഹം കൊണ്ടു കരണ്ടകം (അടപ്പൻ) എന്ന ചെപ്പുപോലുള്ള പാത്രവും പ്രാചീന കേരളീയഗൃഹങ്ങളിലുണ്ടായിരുന്നു. ചുണ്ണാമ്പും മഞ്ഞപ്പൊടിയും ചേർന്ന 'കുരുതി' പല പൂജകളിലും ഉപയോഗിച്ചിരുന്നു.

ചുണ്ണാമ്പുകല്ല്

വാണിജ്യപ്രാധാന്യമുള്ള ഒരിനം അവസാദശില (sedimentary rock). ഇതിൽ കാൽസൈറ്റോ മറ്റ് ഏതെങ്കിലും കാൽസ്യം കാർബണേറ്റ് ധാതുവോ വൻതോതിൽ അടങ്ങിയിരിക്കും. സാധാരണഗതിയിൽ ചുണ്ണാമ്പുകല്ലിൽ 95 ശതമാനത്തോളം കാൽസ്യം കാർബണേറ്റ് കാണും. 80 ശതമാനത്തിൽ അധികം കാൽസ്യം കാർബണേറ്റോ, മഗ്നീഷ്യം കാർബണേറ്റോ അടങ്ങിയ പാറകൾക്കും ഈ പേരു പറയാറുണ്ട്.

ബിഗ്ബെൽറ്റ് പർവതനിരകളിലെ (മൊണ്ടാന)
ചുണ്ണാമ്പുകല്ലടരുകൾ

ലോകത്തിൽ ആകെയുള്ള അവസാദശിലകളുടെ 10 ശതമാനത്തോളം ചുണ്ണാമ്പുകല്ലുകളാണ്. ലോകത്തിൻെറ എല്ലാഭാഗത്തും ഇതു കണ്ടുവരുന്നു. വിവിധഭൂവിജ്ഞാനീയ കാലഘട്ടങ്ങളിലാണു ചുണ്ണാമ്പുകല്ലു നിക്ഷേപങ്ങൾ രൂപപ്പെട്ടത്. എന്നാൽ പവിഴപ്പുറ്റു ഫോസിലുകൾ ചുണ്ണാമ്പു നിക്ഷേപങ്ങളായി മാറിയത് സിലൂറിയൻ (Silurian), ഡിവോണിയൻ (Devonian) ഘട്ടത്തിൽ 43-35 കോടി വർഷങ്ങൾക്കുമുമ്പ് ആണ്.

കടലാസ്, ഗ്ലാസ്, സിമൻറ് തുടങ്ങിയവയുടെ ഉത്പാദനത്തിനും ജലശുദ്ധീകരണം, കെട്ടിടനിർമാണം തുടങ്ങിയ ആവശ്യങ്ങൾക്കും ചുണ്ണാമ്പുകല്ലുകൾ ഉപയോഗിക്കുന്നു.

വളരെനാൾ നീണ്ടുനില്ക്കുന്ന പ്രകൃതിയുടെ താപ-മർദപ്രവർത്തനങ്ങൾ മൂലം ചുണ്ണാമ്പുകല്ലുകൾ മാർബിൾ (വെണ്ണക്കല്ല്) ആയി മാറാറുണ്ട്. ചുണ്ണാമ്പുകല്ലു നിക്ഷേപങ്ങളിലാണു സാധാരണമായി † ഗുപികൾ രൂപം കൊള്ളുന്നത്. † കാൽസൈറ്റ് നോക്കുക.

ചുന്ദർ, ഡോ. പി.സി. (1919—　　)

പശ്ചിമബംഗാളിലെ രാഷ്ട്രീയ പ്രവർത്തകനും ഗ്രന്ഥകാരനും മുൻ കേന്ദ്രമന്ത്രിയും. 1919 സെപ്തംബർ ഒന്നിനു കല്ക്കത്തയിൽ ജനിച്ചു. എം.എ. എൽ.എൽ.ബി., ഡിഫിൽ ബിരുദങ്ങൾ നേടി. പശ്ചിമബംഗാൾ പി.സി.സി. പ്രസിഡൻറ്, ധന-നിയമകാര്യമന്ത്രി (1968). പിന്നീടു കേന്ദ്ര വിദ്യാഭ്യാസ-സാംസ്കാരിക-സാമൂഹിക ക്ഷേമമന്ത്രി (1977—'79). *കൗടില്യ ഓൺലവ് ആൻഡ് മോറൽസ്, ദ സൺസ് ഒഫ് മിസ്റ്ററി ആൻഡ് അദർ ബെംഗാളി നോവൽസ് ആൻഡ് ഡ്രാമാസ്* എന്നിവയാണു പ്രധാനകൃതികൾ. 1965-ൽ കല്ക്കത്ത യൂണിവേഴ്സിറ്റിയിൽനിന്നു ഏറ്റവും നല്ല നാടകരചനയ്ക്കുള്ള സമ്മാനം ലഭിച്ചു. ആഗ്ര, ജബൽപൂർ, റൂർക്കി എന്നീ യൂണിവേഴ്സിറ്റികൾ ഡോക്റ്ററേറ്റു നല്കി ബഹുമാനിച്ചു.

ചുമ (cough)

ശ്വാസകോശത്തിൽനിന്നു വായുവിനെ ശക്തിയായി പുറംതള്ളുന്ന ശാരീരികപ്രവർത്തനം. അന്യവസ്തുക്കൾ, കഫക്കെട്ടു തുടങ്ങിയവയെ പുറംതള്ളി ശ്വാസനാളം ശുദ്ധീകരിക്കുന്ന പ്രവൃത്തിയാണ് ഇത്. കഫം ഇല്ലാതെയും കഫത്തോടുകൂടിയും ചുമ ഉണ്ടാകാറുണ്ട്. ചിലപ്പോൾ ക്ഷയം, ജലദോഷം തുടങ്ങിയ രോഗങ്ങളുടെ ലക്ഷണമാണു ചുമ.

സ്വനപേടകം (larynx), ശ്വാസനാളം (bronchus), ശ്വസനനാളികൾ (bronchial tubes) എന്നിവയിലേക്കുള്ള നാഡികൾ ഉത്തേജിതമാകുമ്പോൾ ഉണ്ടാകുന്ന അനിച്ഛാനുസാരിയായ ക്ഷിപ്രപ്രതികരണ(reflex)ത്തിൻെറ ഫലമായാണു ചുമയ്ക്കുന്നത്. ചുമയ്ക്കുമ്പോൾ ശരീരത്തിൽ പല സംഭവങ്ങളും നടക്കുന്നുണ്ട്. നെഞ്ചിലെയും പ്രാചീരത്തിലെയും മാംസപേശികളുടെ ചലനഫലമായി ഔരസാശയത്തിലെ(chest cavity) മർദം കൂടുന്നു. ക്ഷണനേരത്തേക്കു ക്ലോമമുഖം (glottis)അടഞ്ഞു പെട്ടെന്നു തുറന്ന് വലിയ ശബ്ദത്തോടെ വായുവിനെ പുറന്തള്ളുന്നു. ശ്വസനനാളത്തിൽ അലോസരമുണ്ടാക്കുന്ന വസ്തുക്കൾ ഇങ്ങനെയാണു പുറംതള്ളുന്നത്.
† വില്ലൻ ചുമ (whooping cough) നോക്കുക.

ചുമ്മാർ, റ്റി. എം. (1899—1988)

മലയാളസാഹിത്യചരിത്രകാരനും ഉപന്യാസകാരനും. വരാപ്പുഴയിലെ ചിറയ്ക്കകം കരയിൽ തട്ടാരശ്ശേരി മത്തായിയുടെ മകൻ. 1899 ഒക്റ്റോബർ 13-നു ജനിച്ചു. പറവൂരിലും ഇടപ്പള്ളിയിലുമായി വിദ്യാഭ്യാസം നടത്തി. തുടർന്ന് അധ്യാപകനായി. 1927-ൽ കൊച്ചിയിലെ പണ്ഡിതപരീക്ഷയും 1935-ൽ മദിരാശി സർവകലാശാലയുടെ വിദ്വാൻപരീക്ഷയും പാസായി. സ്കൂളിൽനിന്നു വിരമിച്ച ശേഷം തേവര സേക്രഡ്ഹാർട്ട് കോളെജിൽ മലയാളം ലക്ചററായി ഏഴുവർഷത്തോളം ജോലിനോക്കി. 1962-ൽ വിരമിച്ചു. സാഹിത്യപരിഷത്തിൻെറ വൈസ്പ്രസിഡൻറും പരിഷന്മാസികയുടെ പത്രാധിപരുമായിരുന്നു. കൊച്ചി മഹാരാജാവ്പരിക്ഷിത്ത്തമ്പുരാൻ സാഹിത്യനിപുണ ബിരുദവും കേരളസാഹിത്യ അക്കാദമി ഫെലോഷിപ്പും നല്കി ആദരിച്ചു. ചുമ്മാറിൻെറ കൃതികളിൽ ഏറ്റവും പ്രധാനം *പദ്യസാഹിത്യചരിത്രവും ഭാഷാഗദ്യസാഹിത്യചരിത്രവും* ആണ്. രണ്ടു കൃതികൾക്കും പല പതിപ്പുകളും പല സംസ്കരണങ്ങളും ഉണ്ടായിട്ടുണ്ട്. *മഹാകവി കുഞ്ചൻ നമ്പ്യാർ, സി.വി.യുടെ ചരിത്രാഖ്യായികകൾ, സുവർണകൈരളി, സാദരസ്മരണകൾ, ഗദ്യസൗരഭം* മുതലായവയാണ് ഇതര കൃതികൾ.

ചുരങ്ങൾ

മലയിടുക്കിലൂടെയുള്ള വഴികൾ. മലമ്പാതകൾ എന്നും ഇവയ്ക്കു പറയാറുണ്ട്. ഇത്തരം പാതകളിലൂടെയാണ് ജനവർഗങ്ങൾ പ്രാചീനകാലത്ത് ഒരു രാജ്യത്തുനിന്നു മറ്റൊരു രാജ്യത്തേക്ക് പ്രവേശിക്കാറ്. ഇന്ത്യയിൽ പ്രവേശിച്ച വിദേശവർഗങ്ങൾ ഏറിയകൂറും കൈബർ ചുരവും ബൊളാൻ ചുരവുമാണ് ഉപയോഗിച്ചിരുന്നത്. തമിഴ്നാടിനും കേരളത്തിനും ഇടയിലുള്ള പാലക്കാട്ചുരം പ്രസിദ്ധമാണ്. കേരളത്തിൽ ആകെ പതിനെട്ടു ചുരങ്ങളുണ്ടെന്നു കേരളോത്പത്തിയിൽ പറയുന്നു. വീരരാജ്പെട്ട, കുറ്റ്യാടി, താമരശ്ശേരി, കുമിളി എന്നിവിടങ്ങളിലെ ചുരങ്ങളിൽ ഇപ്പോൾ വാഹനഗതാഗത സൗകര്യമുള്ള പാതകൾ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. മലമുകളിലൂടെ വളഞ്ഞുപുളഞ്ഞു കയറിപ്പോവുന്ന മട്ടിലുള്ളവയാണ് പാതകൾ. പാട്ടുകളിലൂടെ പ്രസിദ്ധമായ നാടുകാണിച്ചുരം വയനാട്ടിലാണ്.

ചുരയ്ക്ക

ഒരിനം വള്ളിച്ചെടി. കുക്കുർബിറ്റേസി കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *ലാഗെനേറിയ സിസറേറിയ (Laagenaria siceraria).* ഉഷ്ണമേഖലയിൽ കണ്ടുവരുന്നു.

ഇലകൾ വീതിയുള്ളതും പരുപരുത്തതുമാണ്. പൂവിന്റെ നിറം മഞ്ഞ. ഒരു ചെടിയിൽതന്നെ ആൺപൂവും പെൺപൂവും ഉണ്ട്. കായ്കൾ നീണ്ടുരുണ്ടതാണ്. ചിലപ്പോൾ ഒരു കായ്ക്ക് 60 സെ.മീ. വരെ നീളമുണ്ടാകും. വിളഞ്ഞു പാകമാകുന്നതിനുമുമ്പു പച്ചക്കറിയായി ഉപയോഗിക്കാം. പാകമായ കായുടെ തോടിനു നല്ല ബലമുണ്ട്.

അകത്തുള്ള കുരുക്കളും മാംസളഭാഗവും ചുരണ്ടിക്കളഞ്ഞു ചുരക്കുടുക്കയായി പണ്ടുമുതലേ ഉപയോഗിച്ചിരുന്നു. ഇങ്ങനെ ഉണ്ടാക്കുന്ന പാത്രമാണു ബുദ്ധസന്യാസിമാർ ഭിക്ഷാപാത്രമായി ഉപയോഗിച്ചിരുന്നത്. വലിപ്പവും ആകൃതിയും തികഞ്ഞ ചുരയ്ത്തൊണ്ടു കൊണ്ടു വീണയുടെ 'കുംഭ'വും ഉണ്ടാക്കിയിരുന്നു.

ചുരിക

വാളുപോലെയുള്ള ഒരായുധം. ഛുരികയുടെ തദ്ഭവമാണു ചുരിക. ഇതിന്റെ അലക് വാളിന്റേതിനെക്കാൾ നീളം കുറഞ്ഞതും സ്വല്പം വളഞ്ഞതുമാകുന്നു. തല കൂർത്തതും ഇരുവശവും മൂർച്ചയുള്ളതും പിടിക്കു വണ്ണംകൂടിയതുമാണ്. കടത്തനാട്ടെയും തുളുനാട്ടിലെയും പടയാളികൾ ഉപയോഗിച്ചിരുന്ന ആയുധങ്ങളിൽ പ്രധാനമാണു ചുരിക.

ചുരുക്കെഴുത്ത്

അക്ഷരങ്ങൾക്കും പദങ്ങൾക്കും പദസംഘാതത്തിനും (Phrase) പകരം അടയാളങ്ങളും സംക്ഷിപ്തരൂപങ്ങളും ഉപയോഗിക്കുന്ന ത്വരിതലേഖനവിദ്യ. പ്രഭാഷണങ്ങൾ രേഖപ്പെടുത്താനും ന്യായാധിപന്മാർ പറഞ്ഞു കൊടുക്കുന്ന വിധിന്യായങ്ങൾ (judgments) എഴുതിയെടുക്കാനും നിർവഹണോദ്യോഗസ്ഥന്മാരുടെ (Executives) നിർദേശങ്ങൾ കുറിച്ചെടുക്കാനും ചുരുക്കെഴുത്തു സാധാരണഗതിയിൽ ആവശ്യമാണ്. ചുരുക്കെഴുത്തുകാരന്റെ ഓർമ മങ്ങുന്നതിനു മുമ്പുതന്നെ പറഞ്ഞ മട്ടിൽ മാറ്റി എഴുതേണ്ടിവരും. നിശ്ചിതചിഹ്നങ്ങൾക്കു പുറമെ ഓരോ ചുരുക്കെഴുത്തുകാരനും സ്വന്തമായി പ്രയോഗിക്കുന്ന ചിഹ്നങ്ങളും ഉണ്ടാകാം. എല്ലാ ഭാഷകളിലുമുണ്ടു ചുരുക്കെഴുത്തു സമ്പ്രദായം.


How do you like the newbook?

I have given the cheque to my nephew.

ഇംഗ്ലീഷിൽ ചുരുക്കെഴുത്തിനു മൂന്നു സമ്പ്രദായം ഉണ്ട്: പിറ്റ്മാൻ, ഗ്രെഗ്, സ്പീഡ്റൈറ്റിങ്. ഇംഗ്ലണ്ട് ആണു ചുരുക്കെഴുത്തിന്റെ ജന്മഭൂമി. 1588-ൽ തിമോത്തി ബ്രൈറ്റ് എഴുതിയ ഗ്രന്ഥമാണു ചുരുക്കിയും വേഗത്തിലും ഗൂഢസമ്പ്രദായത്തിലും എഴുതാനുള്ള സമ്പ്രദായം ആവിഷ്കരിച്ചത്. 1626-ൽ തോമസ് ഷെൽറ്റൺ ആവിഷ്കരിച്ചരീതി പ്രാചീന സമ്പ്രദായങ്ങളിൽവച്ച് ഏറ്റവും ശ്രദ്ധേയമാണ്.

1837-ൽ എസെക് പിറ്റ്മാൻ എഴുതിയ *സ്റ്റെനോഗ്രാഫിക് സൗൺഡ് ഹാൻഡ്* ചുരുക്കെഴുത്തിൽ ഒരു നൂതനയുഗം ഉദ്ഘാടനംചെയ്തു. സ്വനിമങ്ങളെ (വർണങ്ങളെ) ഇദ്ദേഹം ശാസ്ത്രസമ്മതമാംവിധം വർഗീകരിക്കയും സംക്ഷിപ്തതയ്ക്കുവേണ്ടി ഹ്രസ്വരൂപങ്ങൾ നിർദേശിക്കയും ചെയ്തു. ഉച്ചരിക്കാത്ത ധ്വനികളെ കുറിക്കുന്ന അക്ഷരങ്ങൾ വിട്ടുകളഞ്ഞു. ഉദാഹരണത്തിന് Knife എന്ന വാക്കിലെ ആദ്യത്തെയും അവസാനത്തെയും അക്ഷരങ്ങളെ (k,e) വിട്ടുകളയാം. nif എന്ന് എഴുതിയാലും ഉച്ചാരണം ശരിയാണ്. അപ്പോൾ അവിടെ മൂന്നു വർണങ്ങൾക്കു പകരമുള്ള ചിഹ്നങ്ങൾ മതി. യു.എസ്., ഇന്ത്യ, ഓസ്ട്രേലിയ, ന്യൂസിലൻഡ് മുതലായ രാജ്യങ്ങളിൽ ഇന്നും പിറ്റ്മാൻ രീതിയാണു നടപ്പിലിരിക്കുന്നത്.

1888-ൽ ജോൺ റോബർട്ട് ഗ്രെഗ് *ലൈറ്റ് ലൈൻ ഫോണോഗ്രഫി* പ്രസിദ്ധീകരിച്ചു. യു.എസ്സിൽ ഈ സമ്പ്രദായവും ധാരാളമായി ഉപയോഗത്തിലുണ്ട്. ഈ സമ്പ്രദായത്തിന്റെ സവിശേഷതകൾ: 1 എഴുത്ത് ഉച്ചാരണാനുസാരി ആണ്. 2 വരകൾക്കു കട്ടികൂട്ടുന്ന രീതിയില്ല. 3. വരകൾ സാധാരണ അക്ഷരങ്ങളോടു സാമ്യമുള്ളവയും പരിചിതവുമാണ്. 4 വൃത്തമോ കുനിപ്പോകൊണ്ടു സ്വരം സൂചിപ്പിക്കുന്നു. 5 സ്വരം യഥാസ്ഥാനം എഴുതുന്നു. പേന കടലാസിൽനിന്ന് അകറ്റേണ്ട ആവശ്യമില്ല. 6 എഴുത്തിന്റെ വേഗം കുറയാതിരിക്കാൻ വളഞ്ഞ വരകളാണ് അധികവും ഉപയോഗിക്കുന്നത്. 7. സർവസാധാരണപദങ്ങൾക്കു പ്രത്യേക ചിഹ്നം ഉപയോഗിക്കുന്നു.

20-ാം നൂറ്റാണ്ടിലുണ്ടായ ഒരു നൂതന രീതി 'ലോങ്ഹാൻഡ്' ചിഹ്നങ്ങൾ തന്നെ ചുരുക്കെഴുത്തിനും ഉപയോഗിക്കുക എന്നതാണ്. *അബ്രിവിയേട്രിക്സ്* (1945), *ബെയിൻസ് ടൈപ്ഡ് ഷോർട്ട് ഹാൻഡ്* (1917), *കാർട്ടർ ബ്രീഫ്ഹാൻഡ്* (1957), *ഫോക്നർ ആൽഫബെറ്റ്* (1955), *ഹൈസ്പീഡ് ലോങ് ഹാൻഡ്* (193), *ക്വിക്ഹാൻഡ്* (1953), *സ്പീഡ് ഹാൻഡ്* (1952), *സ്പീഡ് റൈറ്റിങ്* (1924, 1951), *സ്റ്റെനേസ്ക്രിപ്റ്റ്* (1953), *സിൻമൻ* (1950) എന്നിങ്ങനെ പുതിയ രീതികൾ പലതും ആവിഷ്കൃതമായിട്ടുണ്ട്.

ചുരുക്കെഴുത്ത്, മലയാളത്തിൽ

മലയാളലിപികളിൽനിന്നു വ്യത്യസ്തമായ ചിഹ്നങ്ങൾ ഉപയോഗിച്ചു മലയാളം കൂടുതൽ വേഗത്തിൽ എഴുതുന്ന സമ്പ്രദായം. † ചുരുക്കെഴുത്ത് ഇംഗ്ലീഷിൽ ആണ് ആദ്യം രൂപം കൊണ്ടത്. മലയാളത്തിൽ ഇംഗ്ലീഷ് രീതിയിൽനിന്നു ഭിന്നമായ ഒരു രീതിയുണ്ട്.



1. ഇത് ഒരു ചെറിയ കുളമാകുന്നു.
2. ആ കളിയിൽ ഗിരിജ ജയം നേടി.
3. രതി ആനിയോടൊരുമിച്ച് ഓടി.

മലയാളത്തിനു രണ്ടുതരം രേഖകളുണ്ട്. ഋജുരേഖ, വക്രരേഖ. രണ്ടുതരം രേഖകളിലും സ്ഥൂലസൂക്ഷ്മഭേദം ഭിന്നാക്ഷരങ്ങൾ കുറിക്കുന്നു. ഋജുരേഖകൾ അറ്റത്തു 'കൊളുത്തും' 'വൃത്തവും' ചേർത്തു ഭിന്നവർണങ്ങൾ സൃഷ്ടിക്കുന്ന രീതിയുമുണ്ട്. രണ്ടുതരം രേഖകളുടെയും ചരിവിന്റെ അളവ് അനുസരിച്ച് അവ കുറിക്കുന്ന വർണങ്ങൾ മാറുന്നു. വരയിട്ട കടലാസിലാണു എഴുതുന്നത്: പെൻസിലാണു സാധാരണമായി എഴുതാൻ ഉപയോഗിക്കുന്നത്. അപ്പോൾ അധികം അമർത്താതെ എഴുതിയാൽ വര സൂക്ഷ്മവും അമർത്തിയാൽ സ്ഥൂലവും ആകും എന്ന സൗകര്യമുണ്ട്. രേഖകൾ രണ്ടും മൂന്നും ചേർത്ത് എഴുതാറുണ്ട്. ഓരോ വാക്കിലേയും വർണങ്ങൾ ചേർത്ത് എഴുതുന്നു. പ്രത്യയങ്ങൾക്കു പ്രത്യേകം രേഖകളുണ്ട്. സ്വരസൂചനയ്ക്കുമുണ്ട് ചിഹ്നങ്ങൾ. അക്കങ്ങൾ, അളവുകൾ, തൂക്കങ്ങൾ, സുലഭമായി ആവർത്തിക്കുന്ന പദങ്ങൾ ഇവയ്ക്കൊക്കെ പ്രത്യേക ചിഹ്നങ്ങളുണ്ട്.

കേരളഗവൺമെൻറു തയ്യാറാക്കിയ 'മലയാളം ചുരുക്കെഴുത്തുമാനുവൽ' മലയാളം ചുരുക്കെഴുത്തു സംബന്ധിച്ച പ്രാമാണിക ഗ്രന്ഥമാണ്.

ചുരുട്ട്

പുകവലിക്കാനായി ഉണ്ടാക്കുന്ന പുകയിലച്ചുരുൾ. ഫ്രെഞ്ചിലെ ഷെരുട്ട് (cheroute), തമിഴിലെ ശുരുട്ടി (shuruttt)ൽ കൂടി കടന്നു മലയാളത്തിൽ 'ചുരുട്ട്' ആയി. ഇംഗ്ലീഷുകാരനും ഉണ്ട് ചെരൂട്ട് (cheroot). അതും തമിഴിൽനിന്നു സ്വീകരിച്ചതാവാം. എന്നാൽ സിഗാർ എന്നാണു പൊതുവെ ഇംഗ്ലീഷുകാർ പറയുന്ന പേര്.

അരിഞ്ഞ പുകയില ഒരുതരം ഇലയിൽ ചുരുട്ടി ബീഡിയും, കടലാസ്സിൽ ചുരുട്ടി സിഗരറ്റും നിർമിക്കുമ്പോൾ മറ്റ് ആവരണം ഒന്നുമില്ലാതെ പുകയിലതന്നെ ചുരുട്ടിയാണു ചുരുട്ടു നിർമിക്കു

ന്നത്. കരീബിയൻദ്വീപുകളിലാണു പുകയില ഉപയോഗിച്ചുള്ള പുകവലി ആദ്യം തുടങ്ങിയത്. 1492-ൽ അവിടെയെത്തിയ കൊളംബസ് പുകവലി സ്പെയിനിൽ പ്രചരിപ്പിച്ചു. പിന്നീടു യൂറോപ്പിലും മറ്റുനാടുകളിലും വ്യാപിച്ചു. ഇന്ത്യയിൽ 1670-നോട് അടുത്ത കാലഘട്ടത്തിൽ പോർത്തുഗീസുകാരാണ് പുകയില ഉപയോഗിച്ചുള്ള പുകവലി പരിചയപ്പെടുത്തിയത്. കൈ കൊണ്ടു നിർമിക്കുന്നവയായിരുന്നു ആദ്യകാലത്തെ ചുരുട്ടുകൾ. 1850-ൽ ഇംഗ്ലീഷുകാർ ഒരുതരം "മോൾഡ്" ചുരുട്ടുകൾ ഉണ്ടാക്കാൻ ഉപയോഗിച്ചു തുടങ്ങി. 1917-ൽ നോർത്ത് കരോലിനയിലെ റൂഫസ്, എൽ. പെറ്റേഴ്സൺ ചുരുട്ടുയന്ത്രം കണ്ടുപിടിച്ചതോടെ വേഗത്തിലും എളുപ്പത്തിലും ചുരുട്ടുകൾ ഉണ്ടാക്കാൻ കഴിഞ്ഞു. മണിക്കൂറിൽ 4200 ചുരുട്ട് ഉണ്ടാക്കാൻ ഇപ്പോൾ സാധിക്കുന്നുണ്ട്. 1960-ഓടുകൂടി ചുരുട്ടുനിർമാണം പൂർണമായും യന്ത്രവത്കരിച്ചു കഴിഞ്ഞു. 18-ാം ശതകത്തിന്റെ തുടക്കത്തിൽ സ്പെയിൻ ആയിരുന്നു ചുരുട്ടുനിർമാണത്തിൽ മുന്നിൽ നിന്നിരുന്നത്. 19-ാം ശതകത്തിൽ ഹവാനയായിത്തീർന്നു പ്രധാന ചുരുട്ടുനിർമാണകേന്ദ്രം. ഇപ്പോൾ ന്യൂയോർക്ക്, പെൻസിൽവേനിയ, ഫിലാഡെൽഫിയ, മനില, ബെൽജിയം, ആംസ്റ്റർ ഡാം എന്നിവിടങ്ങളിലും ചുരുട്ടുനിർമാണം നടക്കുന്നു. മറ്റു പുകയില ഉത്പന്നങ്ങളെക്കാൾ ചുരുട്ടാണ് അമേരിക്കക്കാർക്കു പ്രിയമായിട്ടുള്ളത്.

ചുരുട്ടമണ്ഡലി (saw-scaled viper)

വിഷമുള്ള ഒരിനം പാമ്പ്. വൈപറിഡെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *എക്കിസ് കാരിനേറ്റസ് (Echis carinatus)*. മരുഭൂമികളിലും മറ്റു വരണ്ടപ്രദേശങ്ങളിലും കണ്ടുവരുന്നു. അണലികളിൽ വെച്ച് ഏറ്റവും വിഷമുള്ള ഇനമാണ് ഇത്. രക്തത്തിൽ കലർന്നാലേ വിഷം ബാധിക്കൂ.

കേരളത്തിൽ കണ്ടുവരുന്ന ചുരുട്ടമണ്ഡലിക്ക് ഏകദേശം 30 സെൻറീമീറ്റർ നീളമേ ഉണ്ടാകൂ. 60 സെൻറീമീറ്ററിലധികം നീളമുള്ളവ ആഫ്രിക്കയിലും ശ്രീലങ്കയിലും മറ്റും ഉണ്ട്. ശരീരത്തിനു തവിട്ടുനിറമാണ്. വെളുത്ത് വളഞ്ഞുപുളഞ്ഞ അടയാളങ്ങൾ ദേഹം ആസകലം കാണാം. മറ്റ് അണലികളെപ്പോലെ തല പരന്നതാണ്.

പാറയിടുക്കിലും കുറ്റിക്കാട്ടിലുമാണ് വാസം. എലി, ചെറിയ പക്ഷികൾ, ഓന്ത് തുടങ്ങിയവയാണ് ആഹാരം. രാത്രിയിലാണ് ഇരതേടിയിറങ്ങുന്നതെങ്കിലും ചിലപ്പോൾ പകലും കാണാറുണ്ട്. വെയിലു കായാനാണ് പകൽ പുറത്തിറങ്ങുന്നത്.

ഒരു തവണ നാലു മുതൽ എട്ടു വരെ കുഞ്ഞുങ്ങളെ പ്രസവിക്കുന്നു. കുഞ്ഞുങ്ങൾക്ക് എട്ടു സെൻറീമീറ്ററോളം നീളമേ ഉണ്ടാകൂ.

ചുരുളി

ഗട്ടിഫെറേ കുലത്തിൽപ്പെട്ട വൃക്ഷം. ശാസ്ത്രനാമം: *മെസുവ നഗസേറിയം (Mesua nagassarium)*. മിക്ക ഉഷ്ണമേഖലാവനങ്ങളിലും വളരുന്നു. അസം, ബംഗാൾ, കേരളം, കർണാടകം, ആൻഡമാൻ എന്നിവിടങ്ങളിൽ ധാരാളമുണ്ട്. തൊലിയ്ക്കു തവിട്ടുനിറം. മഞ്ഞക്കറയുണ്ട്. അപശല്കനം (തൊലി പൊഴിയൽ) നടക്കാറുണ്ട്. ഇലയുടെ വക്ക് അഖണ്ഡമാണ്. ലഘുപത്രങ്ങൾ സമ്മുഖമായി നില്ക്കുന്നു. തളിരിലയ്ക്കു പാടലവർണമാണ്. പാർശ്വസിരകൾ മധ്യസിരയ്ക്കു ലംബമാണ്. ഇലയ്ക്കു 5-15 സെ.മീ. നീളവും അതിന്റെ പകുതി വീതിയും. പൂവിനു വെള്ളനിറം. 3-4 സെ.മീ. വ്യാസം . ബാഹ്യദളങ്ങളും ദളങ്ങളും നാലു വീതം. കേസരങ്ങൾ അനേകം. അണ്ഡാശയം ഊർധ്വവർത്തി. കായ്ക്ക് അണ്ഡാകൃതി; ഒക്റ്റോബറിൽ വിളയും. ഒരു കായിൽ നാലു വിത്തുകൾ.

നല്ല ഉറപ്പും ബലവുമുള്ള തടി. കാതലിനു തവിട്ടുനിറം. എന്നാൽ പണിയാൻ പ്രയാസമാണ്. പാലം, റെയിൽവേ സ്ലീപ്പർ തുടങ്ങിയവയ്ക്ക് ഉപയോഗിക്കുന്നു.


ചുരുളി: ഇലകളും പൂക്കളും

ചുവടുസാധകം

കഥകളിപരിശീലനത്തിൽ കാലുകളുടെ ചലനത്തിനു ശീഘ്രതയും ലഘുത്വവും കിട്ടുന്നതിനായി ചെയ്യുന്ന അഭ്യാസം. സംഗീതമഭ്യസിക്കുന്നതിനു സ്വരസാധകം ഏതുവിധം ഉപകരിക്കുന്നുവോ അപ്രകാരമാണു നൃത്തത്തിനു ചുവടുസാധകം. ഓരോ താളത്തിന്റെയും അക്ഷരസംഖ്യയനുസരിച്ചാണു ചുവടുകൾ ചേർത്തിരിക്കുന്നത്. പാദങ്ങൾകൊണ്ടു താളത്തിനൊപ്പിച്ചു ചവിട്ടുന്നതിനു പറുമെ 'മടുമ്പിടുക'യും കുടയുകയും ബന്ധിച്ചുവയ്ക്കുകയും മറ്റും ചെയ്യാറുണ്ട്. കഥകളിയിലെ സപ്തതാളങ്ങളിൽ ഓരോന്നിനും അനേകതരത്തിലുള്ള ചുവടുകളുണ്ട്. അവയ്ക്ക് ഓരോന്നിനും വായ്ത്താരികളും അംഗവിക്ഷേപങ്ങളും ഉണ്ട്.

ചുവന്നകിൽ

ഒരിനം ഇലപൊഴിയും മരം. മീലിയേസി കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *ടൂണ സീലിയേറ്റ (Toona ciliata)*. ചന്ദനവേമ്പ്, പടുകരണ, മതഗിരിവേമ്പ് എന്നൊക്കെ പേരുണ്ട്. ഇന്ത്യയിലെ നിത്യഹരിതവന



ചുവന്നകിൽ

ങ്ങളിൽ കണ്ടുവരുന്നു. തണൽവൃക്ഷമായും നട്ടുവളർത്താറുണ്ട്.

മരത്തൊലി കനം കൂടിയതും പരുപരുത്തതുമാണ്. കടുംചാര നിറം. ഉൾവശം ചെമന്നിരിക്കും. വലിയ മരങ്ങളുടെ തൊലി വിണ്ടു കീറി ശല്ക്കങ്ങളായി കൊഴിയാറുണ്ട്.

ചെറിയ ശാഖകൾ ലോമിതമാണ്. ആദ്യത്തെ ഒരു ജോടി ഇല സമ്മുഖമായി ക്രമീകരിച്ചിരിക്കുന്നു. പിന്നീടുള്ളവ ഏകാന്തരത്തിലും. ഇല സരളമാണ്. ഇലകൾ കൊഴിഞ്ഞു പുതിയവ ഉണ്ടാകുന്ന സമയം സ്ഥലഭേദത്തിനു വിധേയമാണ്. ഉത്തരേന്ത്യയിൽ ഡിസംബറിലും ഫെബ്രുവരിയിലും ഇല കൊഴിയാറുണ്ട്. പുതിയ ഇല ജനുവരിയിലോ ഫെബ്രുവരിയിലോ ഉണ്ടാകും.

പൂക്കൾ കുലയായി ഉണ്ടാകുന്നു. നിറം വെളുപ്പ്. പഴം ഏകദേശം മൂന്നു സെ. മീറ്റർ നീണ്ടതും അഞ്ചു പാളി ഉള്ളതുമാണ്. ഇതും കുലകളായാണ് ഉണ്ടാകുന്നത്. വിത്തിനു തവിട്ടുനിറം. വിത്തിൻെറ രണ്ടറ്റത്തും ഓരോ ചെറിയ കനം കുറഞ്ഞ 'ചിറക്' ഉണ്ട്.

പലയിനം പെട്ടി, വാതിൽപ്പലക എന്നിവ ഉണ്ടാക്കാൻ തടി ഉപയോഗിക്കുന്നു.

ചുവന്ന താടി

† കഥകളി നോക്കുക

ചുവന്ന നെല്ലിക്കോഴി (ruddy crake)

കുളക്കോഴിയോടു സാദൃശ്യമുള്ള പക്ഷി. റാലിഡെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *അമൗറോർണിസ് ഫസ്കസ് (Amaurornis fuscus).* 22 സെൻറീമീറ്ററോളം നീളമുണ്ട്. ചളിപ്രദേശത്തുള്ള പുല്ലിലും പൊന്തകളിലുമാണു വാസം.

ശരീരത്തിനു തവിട്ടുനിറമാണ്. കാലിനും കണ്ണിനും ചെമപ്പു നിറം. കുറിയ വാല് പൊക്കിയും താഴ്ത്തിയും പിടിക്കുന്ന സ്വഭാവം ഉണ്ട്. കുളക്കോഴിയുടെതുപോലെ വിരലുകൾ നീണ്ടതാണ്.

രാവിലെയും വൈകിട്ടും ഇര തേടിയിറങ്ങുന്നു. മനുഷ്യരെ കണ്ടാൽ ഓടിമറയും. വെള്ളത്തിലും ചളിയിലുമുള്ള ചെറുപ്രാണികളും ജലസസ്യങ്ങളും ആണ് ആഹാരം.

ചുവന്നുള്ളി

ലിലിയേസി കുലത്തിലെ ദ്വിവർഷി ഓഷധി. ശാസ്ത്രനാമം: *അല്ലിയം സെപ്പ (Allium cepa).* തെക്കുപടിഞ്ഞാറൻ ഏഷ്യയിലാണ് ഉദ്ഭവം. ഇന്ത്യ, ചൈന, മധ്യേഷ്യ ഇവിടങ്ങളിൽ അതിപ്രാചീനകാലത്തും കൃഷിചെയ്തിരുന്നു. മനുഷ്യൻെറ ആദ്യകാല കാർഷിക സസ്യങ്ങളിലൊന്നാണു ചുവന്നുള്ളി. 30 സെ.മീറ്റർ മുതൽ 180 സെ.മീറ്റർ വരെ പൊക്കം വയ്ക്കും. മണ്ണിനു മുകളിൽ ഒന്നോ അതിലേറെയോ ഇലയില്ലാത്ത തണ്ടുകൾ വളർന്ന് അറ്റത്തു പച്ചകലർന്ന വെള്ളനിറത്തിൽ പൂക്കളുണ്ടാകുന്നു. പൂക്കൾ കുലയായിട്ടാണ്. വളരുന്ന ചെടിയിൽ ഇലയുടെ അടിഭാഗം വീർത്ത് ഉണ്ടാകുന്ന ബൾബിൽ ഭക്ഷണസാധനം ശേഖരിച്ചുവയ്ക്കുന്നു. ഈ ബൾബ് ആണു ഭക്ഷണത്തിനും കറികൾക്കും ഉപയോഗിക്കുന്നത്. പച്ച ഉള്ളി(സ്പിങ് ഒനിയൻ)യുടെ തണ്ടും കറി വയ്ക്കാൻ ഉപയോഗിക്കും. ഉള്ളിക്കു ഔഷധഗുണവുമുണ്ട്. ദഹനശക്തി വർധിപ്പിക്കും. ചർമരോഗത്തിനും കഫത്തിനും ഔഷധമാണ്. നെയ്യിൽ ചുവന്നുള്ളി മൂപ്പിച്ചു കഴിക്കുന്നതു രക്താർശസ്സിനു ചികിൽസയാണ്. മേദസ്സു കുറയ്ക്കാൻ നാരങ്ങാനീരു ചേർത്തു കഴിക്കുന്നു. ചൊറിയും വ്രണവും കരിയാൻ ഉള്ളിയിട്ടു കാച്ചിയ വെളിച്ചെണ്ണ നല്ലതാണ്. ഇഞ്ചിനീരും ചുവന്നുള്ളിനീരും ചേർത്തു കഴിച്ചാൽ പനി, ജലദോഷം, ചുമ എന്നിവ ശമിക്കും.

ചെറിയ ബൾബുകൾ നട്ടു വളർത്താം. വൻതോതിൽ കൃഷിചെയ്യുന്നത് വിത്തു മുളപ്പിച്ചാണ്. ഏതാണ്ടു ഗോളാകൃതിയിലുള്ള ഇതിൻെറ ഫലം നെടുനീളത്തിൽ മൂന്നു പിളർപ്പുകളിലൂടെ പൊട്ടി കറുത്ത വിത്തുകൾ പുറത്തുവരും.


ചുവന്നുള്ളിയുടെ പൂവ്

ചുവന്നുള്ളി:
പൂവോടുകൂടിയ സസ്യം

ചുവപ്പുനാട

ഔപചാരികമായ നടപടികളുടെ പേരിലും അത്യാവശ്യമല്ലാത്ത വിശദാംശങ്ങളും രേഖകളും ആവശ്യപ്പെട്ടും പൊതുസ്ഥാപനങ്ങളിൽ ഫയലുകൾവച്ചു താമസിപ്പിക്കുന്ന രീതി. ഒരു കാര്യത്തിൽ തീരുമാനമെടുക്കുന്നത് എല്ലാ വശങ്ങളും പരിഗണിച്ചല്ലെങ്കിൽ അതു സ്ഥാപനത്തിനു ദോഷംചെയ്യും എന്ന ചിന്തയാവണം ഈ രീതി കൈക്കൊള്ളാൻ ചുമതലപ്പെട്ടവരെ പ്രേരിപ്പിച്ചത്. പക്ഷേ ഈ രീതി അപേക്ഷകരെ ക്ലേശിപ്പിക്കുകയും തങ്ങൾക്കു നീതി നിഷേധിക്കപ്പെടുന്നു എന്ന തോന്നൽ ഉണ്ടാക്കുകയുംചെയ്യുന്നു. ചുവപ്പുനാട കൊണ്ടു കെട്ടി ഫയൽ മാറ്റിവയ്ക്കുന്ന നടപടിയെക്കുറിക്കാൻ ചുവപ്പുനാടസമ്പ്രദായം (red tapism) എന്ന പദം ആദ്യം ഉപയോഗിച്ചു. പിന്നീടു ചുവപ്പുനാട എന്നു ചുരുങ്ങി. ബ്രിട്ടീഷ് ഗവൺമെൻറ് ഇന്ത്യയിൽ ആധിപത്യം വഹിച്ചിരുന്ന കാലത്താണു ചുവപ്പുനാട സമ്പ്രദായം നിലവിൽ വന്നത്. സ്വാതന്ത്ര്യം കിട്ടിയശേഷം ഭാരതത്തിൽ ചുവപ്പുനാടയ്ക്കെതിരായി ബഹുജനാഭിപ്രായം ശക്തിപ്പെട്ടതിനെത്തുടർന്ന്, അധികാരവികേന്ദ്രീകരണം ഒരു പ്രതിവിധിയെന്ന നിലയിൽ നിർദേശിക്കപ്പെട്ടു. ഒട്ടൊക്കെ വികേന്ദ്രീകരണം നടന്നിട്ടുണ്ടെങ്കിലും ചുവപ്പുനാടസമ്പ്രദായം ഇന്നും തുടരുന്നു.

ചുവർചിത്രങ്ങൾ (Murals)

മന്ദിരങ്ങളുടെ ചുവരിൽ വരയ്ക്കുന്ന ചിത്രങ്ങൾ. മുറിക്കകത്തെ മച്ചിലും (ceiling) ചിത്രങ്ങൾ വരയ്ക്കുന്ന പതിവുണ്ടായിരുന്നു. ഈ ചിത്രങ്ങളുടെ സംവിധാനം, വർണങ്ങൾ, വിഷയം മുതലായവ കൊണ്ടു മുറിക്ക് ഉള്ളതിൽ കൂടുതലോ കുറവോ ആയ വിസ്താരം ഉണ്ടെന്നു തോന്നിപ്പിക്കാൻ കഴിയും. ചുവർചിത്രങ്ങൾ ഒറ്റപ്പെട്ട വെറും ചിത്രങ്ങളല്ല, അവ മന്ദിരശില്പത്തിൻെറ ഭാഗങ്ങളാണ്. മന്ദിരശില്പവുമായി അവയ്ക്കു പൊരുത്തം വേണം. അലങ്കരണമാണു ചുവർചിത്രങ്ങളുടെ പ്രധാന ഉദ്ദേശ്യമെങ്കിലും അതിൽ കവിഞ്ഞ പല ലക്ഷ്യങ്ങളും അവ നിറവേറ്റുന്നു. മതപരമായ കഥകളിലെ രംഗങ്ങൾ ചുവരുകളിൽ ചിത്രീകരിക്കുന്നതുമൂലം കാണികളിൽ മതപരമായ വിജ്ഞാനം മാത്രമല്ല, ഭക്തിയും ഉളവാക്കാൻ കഴിയും.

ഈ ചിത്രകലാശാഖയ്ക്ക് എൻകോസ്റ്റിക്ക് (Encaustic), ടെമ്പറ (Tempera), ഫ്രെസ്കോ (Fresco) എന്നിങ്ങനെയുള്ള വിഭാഗങ്ങളുണ്ട്.

ഫ്രാൻസിലെ ഡോർ ഡോനി എന്ന സ്ഥലത്തുള്ള ചരിത്രാതീത കാലഗുഹകളിൽ കണ്ടെത്തിയ ചുവർചിത്രങ്ങൾ ബി.സി. 80,000-ത്തിനും 20,000-ത്തിനും ഇടയിൽ രചിച്ചവയാണെന്നത്രേ റേഡിയോ കാർബൺ പരിശോധനയിൽനിന്നു തെളിഞ്ഞത്. സ്പെയിൻ, ഇറ്റലി, സിസിലി, ജെർമനി, ആഫ്രിക്കയുടെ തെക്കും വടക്കും ഭാഗങ്ങൾ എന്നിവിടങ്ങളിലും ഇതേ കാലഘട്ടത്തിലേതെന്നു കരുതപ്പെടുന്ന ചുവർചിത്രങ്ങൾ പുരാതനഗുഹകൾക്കുള്ളിൽ കാണാൻകഴിഞ്ഞിട്ടുണ്ട്.



ഏറ്റുമാനൂർ ക്ഷേത്രത്തിലെ ചുവർ ചിത്രങ്ങൾ

ചിത്രങ്ങളുടെ മാതൃകകൾ ആദ്യം എല്ലിൻകഷണങ്ങളിൽ ചെറുതായി വരച്ചശേഷം പിന്നീട് അവ ചുവരിൽ വലുതാക്കി വരയ്ക്കുകയാണുചെയ്തിരുന്നത്. പരുക്കൻപാറച്ചുവരിലെ എഴുന്നുനില്ക്കുന്ന ഭാഗങ്ങളെ, ചിത്രങ്ങൾക്കു ത്രിമാനത്വം നല്കാനായി പ്രയോജനപ്പെടുത്തിയിരുന്നു. പുരാതന ഈജിപ്ത്, ചുവർചിത്രകലയിൽ സ്വന്തമായൊരു ശൈലി (ബി.സി. 3200 മുതൽ) മൂവായിരം വർഷം പുലർത്തുകയുണ്ടായി. ബി.സി. 15, 14 എന്നീ നൂറ്റാണ്ടുകളിലെ ശവകുടീരങ്ങളിൽ പരേതരുടെ ജീവിതരംഗങ്ങളുടെതെന്നു തോന്നിക്കുന്ന ചുവർചിത്രങ്ങൾ രചിക്കപ്പെട്ടു. ഇന്ത്യയിൽ ചുവർചിത്രങ്ങളിൽ ഏറ്റവും കൂടുതൽ പഴക്കമുള്ളത് അജന്താചിത്രങ്ങൾക്കാണ്. ഒന്നാംനൂറ്റാണ്ടിനും ഏഴാംനൂറ്റാണ്ടിനുമിടയ്ക്കുള്ള ബൗദ്ധചിത്രങ്ങളാണ് അവ. ചൈനയിൽ ബി.സി. 18-ാം നൂറ്റാണ്ടിനും 12-ാം നൂറ്റാണ്ടിനുമിടയിൽ നിർമിക്കപ്പെട്ട കൊട്ടാരങ്ങളിലും ശവകുടീരങ്ങളിലും ചുവർചിത്രങ്ങളുണ്ടായിരുന്നു.



അജന്തയിലെ ചുവർചിത്രങ്ങൾ

പുരാതന റോമാക്കാർ ചുവർചിത്രരചനയിൽ സ്വന്തമായ പാരമ്പര്യങ്ങൾ സൃഷ്ടിച്ചു. ബൈബിളിലെ കഥകളെയും അദ്ഭുതങ്ങളെയും ക്രൈസ്തവപുണ്യവാളന്മാരെയും വിഷയമാക്കിക്കൊണ്ടുള്ള ചിത്രങ്ങൾ പല പള്ളികളുടെയും ചുമരുകളിൽ രചിക്കപ്പെട്ടു.

ചരിത്രാതീതകാലത്തെ ചുവർചിത്രകാരൻ മണ്ണിൽനിന്ന് എടുക്കുന്ന വർണങ്ങൾ ഉപയോഗിച്ചു പരുക്കൻ പാറച്ചുവരുകളിൽ വരയ്ക്കുകയാണുചെയ്തത്. പിന്നീടു വർണങ്ങളും പശയും കൂട്ടിക്കലർത്തിയ ചായങ്ങൾ ഉപയോഗിക്കാൻ തുടങ്ങി. ബി.സി. 1500 കാലത്തായിരിക്കണം ഫ്രെസ്കോസമ്പ്രദായത്തിൻെറ തുടക്കം. ചുവരിൽ പൂശുന്ന കുമ്മായച്ചാന്ത് ഒരു പ്രത്യേക പാകത്തിൽ ഉണങ്ങുമ്പോൾ വർണകങ്ങൾ ചുണ്ണാമ്പുവെള്ളത്തിലോ ശുദ്ധജലത്തിലോ കലക്കിയുണ്ടാക്കുന്ന പായങ്ങൾകൊണ്ടു ചുവരിൽ ചിത്രങ്ങൾ വരയ്ക്കുന്ന സമ്പ്രദായമാണു ഫ്രെസ്കോ. കടലാസിലോ മറ്റോ ചിത്രങ്ങൾ വരച്ചു അതിലെ വരകളുടെ സ്ഥാനത്തു ദ്വാരങ്ങൾ ഉണ്ടാക്കി ആ ദ്വാരങ്ങളിലൂടെ ഉണങ്ങിയ ചായപ്പൊടി നനവുള്ള ചുവരിൽ പതിപ്പിച്ചു ചിത്രങ്ങൾ ചുവരിൽ ആലേഖനംചെയ്യുന്ന സമ്പ്രദായവും നിലവിലുണ്ടായിരുന്നു. ഇന്ത്യയിലെ ഫ്രെസ്കോ ചിത്രകാരന്മാർ സസ്യജങ്ങളായ ചായം ഉപയോഗിച്ചിരുന്നു. † കേരളത്തിലെ ചുവർ ചിത്രങ്ങൾ നോക്കുക.

ചുവർചിത്രങ്ങൾ, കേരളത്തിൽ

† കേരളത്തിലെ ചുവർചിത്രങ്ങൾ നോക്കുക.

ചുവർ പത്രം (Wall Newspaper)

ഒരു വശം മാത്രം അടിച്ച, ചുവരിൽ പതിക്കുന്ന വാർത്താ പത്രം. പ്രസ് ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരിക്കുന്ന 'ഹമാരാ ദേശ്' ഇംഗ്ലീഷ്, ഹിന്ദി, ഉർദു, ബംഗാളി, ഖാസി, മലയാളം, തമിഴ്, മറാഠി, ഗാരോ, ലൂഷായ് എന്നീ ഭാഷകളിൽ അച്ചടിക്കുന്നു. 1970-ൽ ആണ് ഇതു തുടങ്ങിയത്. രാജ്യത്തു നടക്കുന്ന പ്രവർത്തനങ്ങളും വിവിധ മണ്ഡലങ്ങളിലെ പുരോഗതിയും അതു ജനശ്രദ്ധയിൽ പെടുത്തുന്നു. സർക്കാർ ഓഫീസുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, തീവണ്ടി സ്റ്റേഷനുകൾ, കൻറീനുകൾ, വിദ്യാലയങ്ങൾ, ഗ്രാമീണകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഇതിൻെറ പ്രതികൾ ചുവരിൽ പതിച്ചു ജനശ്രദ്ധയിൽ പെടാൻ സൗകര്യം നല്കുന്നു.

മലയാളത്തിൽ പ്രസിദ്ധീകരിച്ചിരുന്ന ഒരു ബഹുവർണ ചുവർപത്രമാണ് 'ബാലശാസ്ത്രം'. †കേരള ശാസ്ത്രസാഹിത്യപരിഷത്ത് ആണ് ഇത് പ്രസിദ്ധീകരിച്ചിരുന്നത്.

ചുവാങ് ത്സു (ബി.സി. നാലാം നൂറ്റാണ്ട്)

താവോസിദ്ധാന്തങ്ങളുടെ ആദ്യകാലവ്യാഖ്യാതാക്കളിൽ പ്രമുഖൻ. ചൈനയിലെ ബുദ്ധമതവികസനത്തിലും കാവ്യരചനാരീതിയിലും ചിത്രമെഴുത്തിലും ഇദ്ദേഹത്തിൻെറ സിദ്ധാന്തങ്ങൾ പ്രഭാവം ചെലുത്തിയിട്ടുണ്ട്. ഇദ്ദേഹം ഋഷികല്പനായി ഗണിക്കപ്പെടുന്നു. ജീവചരിത്രം ഏറെക്കുറെ അജ്ഞാതമാണ്. ഇദ്ദേഹത്തിൻെറ പേരിൽ ഉള്ള ഗ്രന്ഥം ആണ് ഇന്ന് ഇദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ അറിയാൻ ഉതകുന്ന ഏകമാർഗം. ഐതിഹ്യപ്രകാരം ഇദ്ദേഹം പ്രസിദ്ധിയിലോ ലൗകിക സുഖത്തിലോ താത്പര്യം ഇല്ലാത്ത ആളായിരുന്നു. തനിക്കു മരണാനന്തരം ആർഭാടപൂർണമായ ശവസംസ്കാരം വേണ്ടെന്നു കർശനമായി ഇദ്ദേഹം നിർദേശിച്ചിരുന്നുവത്രെ.

‘ചുവാങ് ത്സു എന്ന ഗ്രന്ഥത്തിനു 33 അധ്യായമുണ്ട്. ബി.സി. നാലാം നൂറ്റാണ്ടുമുതൽ ഇതിന് അനേകം പതിപ്പുകൾ ഉണ്ടായിട്ടുണ്ട്.

ചുഴലിക്കാറ്റ് (Cyclone)

ചുഴന്നുകൊണ്ട് അഥവാ ചുറ്റിക്കറങ്ങിക്കൊണ്ട് അടിക്കുന്ന കാറ്റ്. ചക്രവാതം എന്നും ഇതിന്നു പറയാറുണ്ട്. കൊടുങ്കാറ്റിൻെറ ഒരു വകഭേദമാണിത്. ഭൂമധ്യരേഖയ്ക്കു വടക്ക് പ്രദക്ഷിണ (anticlockwice) തെക്ക് പ്രദക്ഷിണരൂപ(clockwice)ത്തിലും ആണ് ചുഴലിക്കാറ്റ് ഉണ്ടാവാറുള്ളത്. സെക്കൻഡിൽ 30 മുതൽ 60 വരെ മീറ്റർ വേഗത്തിൽ ചുഴലിക്കാറ്റ് അടിക്കാറുണ്ട്. പ്രകൃതിവിപത്തുക്കളുടെ കൂട്ടത്തിൽ വസ്തുക്കൾക്കും വ്യക്തികൾക്കും ഏറെ നാശനഷ്ടമുണ്ടാക്കുന്നതാണു ചുഴലിക്കാറ്റ്. ജപ്പാൻ, നോർത്ത് കരോലൈന എന്നിവിടങ്ങളിൽ ചുഴലിക്കാറ്റു വിതച്ച നാശനഷ്ടങ്ങൾക്കു കണക്കില്ല. 1954-55 കാലത്ത് തുടർച്ചയായി മൂന്നു തവണ വടക്കെ അമേരിക്ക ചുഴലിക്കാറ്റിൻെറ കെടുതിക്ക് ഇരയായി. 1970-ൽ കിളക്കൻ പാകിസ്താനിൽ (ഇന്നത്തെ ബംഗ്ലാദേശ്) വളരെയധികം ആൾനാശവും മറ്റു നാശനഷ്ടങ്ങളും വരുത്തിവച്ച ഒരു ചുഴലിക്കാറ്റ് ഉണ്ടായി.

†ടോർനെയ്ഡോ നോക്കുക.

ചുഴലിരോഗം

† അപസ്മാരം (epilepsy) നോക്കുക.

ചുഴി (Whirlpool)

സമുദ്രം, നദി മുതലായ ജലാശയങ്ങളിൽ നടു കുഴിഞ്ഞു ശക്തിയായി വട്ടത്തിൽ ചലിക്കുന്ന പ്രതിഭാസം. വെള്ളത്തിനു താഴ്ന്ന നിരപ്പിലേക്കു പ്രവഹിക്കാൻ കഴിയാതെ കുഴലുകളിലോ ദ്വാരങ്ങളിലോ കൂടി ഉപരിതലത്തിനു കുറെ താഴെയായി കടന്നു പോകേണ്ടിവരുമ്പോൾ ജലോപരിഭാഗത്തു ശക്തിയായ ചുഴി ഉണ്ടാകും. കലുങ്കു (culvert) കളുടെ ഒരു വശത്തുനിന്നു മറുവശത്തേയ്ക്കു കണ്ണറയിലൂടെ വെള്ളം ശക്തിയായി വലിയുമ്പോൾ വെള്ളത്തിൻെറ നിരപ്പ് ഉയർന്ന ഭാഗത്താണു ചുഴി ഉണ്ടാകുന്നത്. ചുറ്റുപാടും നിന്നു വെള്ളം ശക്തിയായി ചുഴിയുടെ നേർക്ക് എത്തുന്നു. ഭ്രമികചലനം ഉടലെടുക്കുന്നതു വിപരീതദിശകളിലുള്ള പ്രവാഹങ്ങളുടെ സമ്മേളനഫലമാണ്. ദ്രവഗതി ചരിവുമാനം (അഭികേന്ദ്രബലം), അപകേന്ദ്രബലം, താഴോട്ടുള്ള വലിവ് (ഗുരുത്വം) ഇവയാണു വിരുദ്ധശക്തികൾ. വിരുദ്ധപ്രവാഹങ്ങളും ജലാന്തർഭാഗത്തുള്ള ബഹിർഗമനദ്വാരങ്ങളും ഉള്ളിടത്തെല്ലാം ചുഴികൾ സാധാരണമാണ്. നയാഗ്ര ജലപാതത്തിൻെറ അടിഭാഗം ഗരോഫലോ (ഗലോ ഫലോ) ചുഴി ഇറ്റലിയുടെയും സിസിലിയുടെയും ഇടയിലുള്ള മെസ്സിനാ കടലിടുക്ക് ഇവ ദൃഷ്ടാന്തങ്ങളാണ്.

മനുഷ്യരുടെയും ഇതര ജീവികളുടെയും ശരീരത്തിലോ തലയിലോ രോമം ചിലപ്പോൾ ഇതുപോലെ വർത്തുളാകൃതിയിൽ നടുകുഴിഞ്ഞു രൂപപ്പെടാറുണ്ട്. ഇതിനും ചുഴി എന്നുപറയും.

ചുഴിധാര

എഡ്ഡി കറൻറി (eddi current)ൻെറ മറ്റൊരു പേർ. † എഡ്ഡി കറൻറ് നോക്കുക.

ചുറ്റമ്പലം

ക്ഷേത്രങ്ങളുടെ ശ്രീകോവിലിനും മണ്ഡപത്തിനും ചുറ്റുമുള്ള ക്ഷേത്രഭാഗം. ദേവൻെറ ദർശനം ഏതു ദിശയിലേക്കാണോ ആ ഭാഗത്തു വീതി കൂടിയ തറയും ഉയർന്ന മേൽക്കൂരയുമാണുണ്ടാവുക. ഇതിനു ‘വലിയമ്പലം’ അഥവാ ‘വാതിൽമാടം’ എന്നു പറയുന്നു. ചുറ്റമ്പലത്തിനു നാലമ്പലം എന്നും പറയും. ഇതിനു നാലുവശത്തും നടുവിൽ ഓരോ വാതിൽ ഉണ്ടാവും.



ആറന്മുള പാർഥ
ക്ഷേത്രത്തിലെ ചുറ്റമ്പലം

ചുറ്റീന്തൽക്കിളി (Pied bush chat)

കുരുവിയോളം വലിപ്പമുള്ള ഒരിനം പക്ഷി. ആനമല, നീലഗിരി എന്നിവിടങ്ങളിൽ ധാരാളം കണ്ടുവരുന്നു. ശാസ്ത്രനാമം: *സാക്സിക്കോള കാപ്രേറ്റ (Saxicola caprata).* 13 സെ. മീറ്ററോളം നീളമുണ്ട്. ദേശാടനം ചെയ്യാറില്ല.

ആൺപക്ഷിയുടെ നിറം കറുപ്പാണ്. വാലിൻെറ ചുവട്ടിൽ വെള്ളപ്പട്ടയുണ്ട്. പെൺപക്ഷിക്കു തവിട്ടുനിറമാണ്. വെള്ളപ്പട്ട സ്പഷ്ടമല്ല.



ചുറ്റീന്തൽക്കിളി

പുഴു, പാറ്റ, വണ്ട് എന്നിവയാണ് ആഹാരം. കാറ്റിൽ പറക്കുന്ന ചെറുപാറ്റകളെ പറന്നുചെന്നു പിടിക്കാറുണ്ട്.

മാർച്ച് മുതൽ ജൂലായ് വരെയാണു പ്രജനനകാലം. മാളങ്ങളിൽ കൂടു കൂട്ടുന്നു. ഒരു തവണ മൂന്നുമുതൽ അഞ്ചുവരെ മുട്ടയിടും. മുട്ടയുടെ നിറം ഇളംനീല. ഇതിൽ ചുവന്ന പുള്ളിയും കാണും.

ചുറ്റുവിളക്ക്

കേരളീയക്ഷേത്രങ്ങളിലെ ഒരു വഴിപാട്. ചുറ്റിനുമുള്ള വിളക്ക് എന്നാണു പദാർഥം. ചുറ്റുവിളക്കിൻെറകൂടെ നിറമാലയും പതിവുണ്ട്. സന്ധ്യയ്ക്ക് അമ്പലത്തിനു ചുറ്റുമുള്ള വിളക്കുമാടത്തിലെ വിളക്കുകളെല്ലാം എണ്ണയും തിരിയുമിട്ടു കത്തിക്കും. വെളിച്ചപ്പാടുള്ള ക്ഷേത്രങ്ങളിൽ തുള്ളിവന്നു വഴിപാടുകാരനെയും മറ്റു ഭക്തജനങ്ങളെയും ‘അരി എറിയുക’യും വഴിപാടുകാരനോടു ‘കല്പിക്കുക’യും ചെയ്യും. വസൂരി മുതലായ പകർച്ചവ്യാധികൾ പിടിപെട്ടാൽ രോഗശമനത്തിനു ചുറ്റുവിളക്കു വഴിപാടായി നേരുന്ന പതിവുണ്ട്. രോഗി കിടക്കുന്ന ഗൃഹത്തിൽ വെളിച്ചപ്പാടു തുള്ളി അരി എറിയുന്ന സമ്പ്രദായവും ചിലയിടങ്ങളിലുണ്ട്. ശാസ്താക്ഷേത്രങ്ങളിൽ പിറന്നാളിനുംമറ്റും ചുറ്റുവിളക്കു വെയ്ക്കുകയും, നാളികേരം എറിഞ്ഞുപൊട്ടിക്കുകയും കുട്ടികളെല്ലാം തേങ്ങാപ്പൂളിന്നായി മൽസരിക്കുകയുംചെയ്യുന്നു. ചുറ്റുവിളക്കിനുശേഷം മൂന്നുവട്ടം എല്ലാവരും ആർത്തു കൂവണമെന്നുമുണ്ടായിരുന്നു.

ചൂ

ചൂക്ചി

പൂർവോത്തര സൈബീരിയയിലെ ജനവർഗം. 1979-ൽ ഇവരുടെ ജനസംഖ്യ 14,000 മായിരുന്നു. ഇവരിൽ രണ്ടു വിഭാഗം ഉണ്ട്. റെയിൻ ഡീയർ ചൂക്ചി സാമുദ്രിക (maritime) ചൂക്ചി. ഒക്രൂഗിൻെറ ഉൾഭാഗങ്ങളിലാണ് ആദ്യത്തെ കൂട്ടര, മറ്റവർ ഉത്തരധ്രുവ സമുദ്രത്തിൻെറയും ബെറിങ്കടലിൻെറയും തീരപ്രദേശങ്ങളിലും. ലൂറോവെൽറ്റൻ ഭാഷ ആണ് രണ്ടു കൂട്ടരും സംസാരിക്കുന്നത്. പാലിയോ സൈബീരിയൻ ഭാഷാ സമൂഹത്തിൽ പെട്ടതാണ് ഈ ഭാഷ.

റെയിൻ ഡീയർ ചൂക്ചി

റെയിൻ ഡീയർ എന്ന മാൻവർഗത്തെ വളർത്തുന്നവരാണു റെയിൻ ഡിയർ ചൂക്ചികൾ. ആഹാരത്തിനുവേണ്ട ഇറച്ചിയും പാലും നല്കുന്നതിനുപുറമേ വാഹനോപയോഗത്തിനും മാൻ പ്രയോജനപ്പെടുന്നു. നാവികരായ ചൂക്ചികൾ വാൽറസ്, സീൽ, തിമിംഗലം എന്നി സ്തനികളെ വേട്ടയാടുന്നു. മീൻ പിടിത്തവും ഇവരുടെ തൊഴിലാണ്. സാമുദ്രിക ചൂക്ചികൾ മാളം പോലുള്ള വീടുകളിൽ വസിക്കുന്നു. മറ്റവർ നാടോടികളാണ്, കൂടാരങ്ങളിൽ പാർക്കുന്നു.

ചൂട്ടെ, ജെനറൽ (1886-1976)

ചൈനീസ് ജനങ്ങളുടെ വിമോചനയുദ്ധത്തിൻെറ സേനാനായകൻ. ഷെച്ചുവാനിൽ ഒരു കർഷകകുടുംബത്തിൽ ജനിച്ചു. ഇരുപതു വയസ്സായപ്പോൾ യുനാൻ സൈന്യത്തിൽ പട്ടാളക്കാരനായി ചേർന്നു. പിന്നീട് ഒരു സൈനികവിദ്യാലയത്തിൽനിന്നു ബിരുദംനേടി. 1911-ൽ മഞ്ചുരാജവാഴ്ചയ്ക്കെതിരായ വിപ്ലവത്തിൽ സജീവമായി പങ്കെടുത്തു; കൂമിന്താങ് പാർട്ടിയിൽ ചേർന്നു.

1922-ൽ ഉപരിവിദ്യാഭ്യാസത്തിനു ജെർമനിയിൽ പോയി. അവിടെവച്ച് കമ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നു. മോസ്കോ സർവകലാശാല യിൽ (മോസ്കോ) ചേർന്നു പഠിച്ചതിന് (1925-'26)ശേഷം നാട്ടിൽ തിരിച്ചെത്തി. വിപ്ലവപ്രസ്ഥാനത്തിൻെറ ജനകീയസേനയിൽ പല സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. നാങ്കിങ് കലാപത്തിൻെറ (1927 ഓഗസ്റ്റ്) നേതാക്കളിലൊരാളായിരുന്നു. തുടർന്നാണു ചുവപ്പു സൈന്യം സ്ഥാപിക്കപ്പെട്ടത്. ചൂട്ടെ ചുവപ്പുസേനയുടെ സർവസൈന്യാധിപനായി. ചിയാങ് കൈഷക്കിൽനിന്നു ചുവപ്പുസൈന്യം പല പ്രദേശങ്ങളും മോചിപ്പിച്ചു. തൊഴിലാളി-കർഷകഭരണം സ്ഥാപിച്ചു. ഈ പ്രദേശങ്ങളിലെ ജനങ്ങൾ തിരഞ്ഞെടുത്ത തൊഴിലാളി-കർഷകപ്രതിനിധികളുടെ ഒന്നാമത്തെ അഖില ചീനാ കോൺഗ്രസ്സ് (1931) ചൂട്ടേയെ സൈനികകാര്യത്തിൻെറ ജനകീയ കമ്മിസ്സാറായി തിരഞ്ഞെടുത്തു.

ജപ്പാൻെറ ആക്രമണത്തെ ചെറുക്കുന്നതിനുവേണ്ടി തെക്കൻ ചൈനയിലെ ആസ്ഥാനങ്ങളിൽനിന്ന് ചുവപ്പുസേന മഞ്ചൂറിയയിലേക്കു നീങ്ങി (1932). ചിയാങ് കൈഷക്കിൻെറ ആക്രമണങ്ങളെ ചെറുത്തുകൊണ്ട് പർവതങ്ങളും വനാന്തരങ്ങളും മുറിച്ചുകടന്ന് നിരവധി ദുരിതങ്ങൾ സഹിച്ചു നടത്തിയ 'ദീർഘയാത്ര'(1934-'36)യിൽ ചുവപ്പുസൈന്യത്തെ നയിച്ചത് ചൂട്ടെയായിരുന്നു.

ചൈനയ്ക്കെതിരെ ജപ്പാൻ യുദ്ധം പ്രഖ്യാപിച്ചപ്പോൾ (1937) ജാപ്പ് വിരുദ്ധദേശീയൈക്യത്തിനുവേണ്ടി ചുവപ്പുസൈന്യം 'എട്ടാം റൂട്ട് സൈന്യ'മായി മാറി. ജപ്പാന് എതിരായി ഏറ്റവും ത്യാഗപൂർണമായും ധീരോദാത്തമായും സമർഥമായും പ്രവർത്തിച്ചത് എട്ടാംറൂട്ട് സൈന്യമാണ്.

ലോകയുദ്ധം അവസാനിച്ചപ്പോൾ (1945) ചിയാങ് കൈഷക്ക് അമേരിക്കൻ ഭരണാധികാരികളുടെ സഹായത്തോടെ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേരെ തിരിഞ്ഞു. ഇതോടെ എട്ടാംറൂട്ട് സൈന്യം ജനകീയവിമോചനസേനയായി രൂപാന്തരപ്പെടുത്തുകയും ചൂട്ടെയുടെ നേതൃത്വത്തിൽ വിമോചനയുദ്ധം തുടരുകയും 1949 ഒക്റ്റോബർ 1-ന് ജനകീയറിപ്പബ്ലിക് നിലവിൽവരുകയുംചെയ്തു. ചൂട്ടെ കേന്ദ്ര ജനകീയഗവൺമെന്റിന്റെ ഉപാധ്യക്ഷനായി. 1954-ൽ ചീനാ ജനകീയ റിപ്പബ്ലിക്കിന്റെ വൈസ് പ്രസിഡണ്ടായി ചൂട്ടെയെ തിരഞ്ഞെടുത്തു.

ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രക്കമ്മിറ്റിയിലും പോളിറ്റ് ബ്യൂറോവിലും മെമ്പറായും 1945-ലും 1956-ലും പാർട്ടിയുടെ ഏഴും എട്ടും ദേശീയ കോൺഗ്രസ്സുകളിൽവച്ച് കേന്ദ്രക്കമ്മിറ്റി സെക്രട്ടറിമാരിലൊരാളായും ചൂട്ടെയെ തിരഞ്ഞെടുത്തു.

1965-'66 കാലത്തു നടന്ന 'സാംസ്കാരിക വിപ്ലവ'ത്തിൽ ചൂട്ടെ തരംതാഴ്ത്തപ്പെടുകയും പിന്തള്ളപ്പെടുകയുംചെയ്തു.

ഉണ്ണിരാജ

ചൂഡാമണി

തലമുടിയിൽ അലങ്കാരമായി അണിയുന്ന ഒരു രത്നാഭരണം. സീതാന്വേഷണത്തിനായി പുറപ്പെട്ട ഹനൂമാൻ ലങ്കയിലെത്തി സീതയെ കണ്ട് വൃത്താന്തങ്ങൾ അറിഞ്ഞ് തിരിച്ചുപോരാനുള്ള സമയമായപ്പോൾ ഹനൂമാൻ സീതയെ കണ്ടുവെന്ന് ശ്രീരാമനു വിശ്വാസമുണ്ടാകുന്നതിനായി സീത തന്റെ ചൂഡാരത്നമാണ് അഭിജ്ഞാനമായി കൊടുത്തയച്ചത്. അശ്വത്ഥാമാവ് തന്റെ ചൂഡാമണി ചൂഴ്ന്നെടുത്ത് അർജുനനു നല്കാൻ നിർബന്ധിതനാകുന്നതായി മഹാഭാരതത്തിൽ പറയുന്നു. സ്ത്രീകളെ അപഹരിച്ച കുബേരഭൃത്യനായ ശംഖചൂഡനെ വധിച്ച് അയാളുടെ ചൂഡാമണി ശ്രീകൃഷ്ണൻ ബലരാമനു നല്കുന്നതായി ഭാഗവതത്തിൽ കാണുന്നു.

ചൂണ്ടപ്പന

പാമെ കുലത്തിൽപ്പെടുന്ന മരം. ശാസ്ത്രനാമം: *കാരിയോട്ട യൂറൻസ് (Caryota urens)*. കേരളത്തിലെ ഇല കൊഴിയും വനങ്ങളിൽ കണ്ടുവരുന്നു. ഇന്ത്യയിലെ മറ്റു ഭാഗങ്ങളിലും ശ്രീലങ്ക, മലയ എന്നിവിടങ്ങളിലും ചൂണ്ടപ്പന ഉണ്ട്.

വലിയ ഇലയും വൃത്തസ്തംഭാകൃതിയിലുള്ള തടിയും ഇതിന്റെ പ്രത്യേകതകളാണ്. ചൂണ്ടപ്പനയ്ക്ക് 20 മീറ്ററോളം പൊക്കം വയ്ക്കും. ഓലയ്ക്ക് 5-6 മീറ്റർ നീളവും മൂന്നു മീറ്ററോളം വീതിയും ഉണ്ട്. പത്രകത്തിന് (leaflet) മത്സ്യവാലിന്റെ ആകൃതിയാണ്.

പ്രത്യേക പൂക്കാലം ഇല്ല. ഏകദേശം പത്തു വർഷം പ്രായമെത്തുമ്പോഴേ പൂക്കുകയുള്ളു. പൂങ്കുലയ്ക്ക് രണ്ടു മീറ്ററോളം നീളം കാണും. ആൺപൂവും പെൺപൂവും ഒരു കുലയിൽത്തന്നെ ഉണ്ടാകുന്നു. വന്ധ്യകേസരങ്ങൾ ഉൾപ്പടെ അനേകം സ്വതന്ത്രകേസരങ്ങൾ ഉണ്ട്. അണ്ഡാശയം ഊർധ്വവർത്തിയാണ്. ഗോളാകൃതിയാണു കായ്ക്ക്. വിളയുമ്പോൾ ഇതിനു ചെമന്ന നിറമാകും.

പൂങ്കുല ചെത്തി കള്ളു ശേഖരിക്കാറുണ്ട്. തടിയുടെ ഉൾഭാഗം താറാവിനും ആനയ്ക്കും തീറ്റയാണ്. കാർഷികോപകരണങ്ങൾ ഉണ്ടാക്കാൻ തടി കൊള്ളാം. പത്രവൃന്തത്തിന്റെ നാര് ബ്രഷ് ഉണ്ടാക്കാൻ ഉപയോഗിക്കുന്നു.

ചൂണ്ടൽമത്സ്യം (Anglerfish)

ഒരിനം ആഴക്കടൽ മത്സ്യം. ലോഫിഫോർമിസ് ഓർഡറിൽപെടുന്നു. പത്തോളം കുലത്തിലായി ഏകദേശം 210 സ്പീഷീസുണ്ട്. വലുതും പരന്നതും വിസ്താരമുള്ളതുമായ വായിൽ അനേകം നീണ്ട പല്ലുണ്ട്. മുതുകിലെ ആദ്യചിറകിൽ മുള്ളുകൾ (spines) മാത്രമെയുള്ളൂ. ഇവയിൽ ആദ്യത്തേതിനാണു കൂടുതൽ നീളം. ഇതിന്റെ അഗ്രഭാഗത്തു ചർമാവരണം ഉണ്ട്. ഈ ചർമത്തിനു തിളക്കമുള്ളതുകൊണ്ട് ഇരയെ ആകർഷിക്കാൻ കഴിയുന്നു. ചെറുമീനുകൾ അടുത്തുവരുമ്പോൾ പിടിച്ചു തിന്നും. നാസാദ്വാരത്തിന് അടുത്തായിട്ടാണ് ഈ അവയവം.

ചില പെൺമത്സ്യങ്ങൾ ആൺമത്സ്യത്തെക്കാൾ വലുതാണ്. ആൺമത്സ്യങ്ങളിൽ ചിലത് ഇണയുടെ ശരീരത്തിൽ കടിച്ചുതൂങ്ങി രക്തം കുടിച്ചാണു ജീവിക്കുന്നത്.



ചൂണ്ടൽ മത്സ്യം

ചൂണ്ടിപ്പണയം

വായ്പയുടെ ഉറപ്പിനുവേണ്ടി സ്ഥാവരവസ്തു നിർദേശിച്ചു ബാധ്യത (liability) അതിൽ ഒതുക്കിനിർത്തുന്ന സമ്പ്രദായം. വായ്പ തിരിച്ചടയ്ക്കാതെവരുമ്പോൾ ഉത്തമർണനു കോടതിയുടെ അനുമതിയോടെ ലേലംചെയ്തു വില്ക്കാൻവേണ്ടി ഒരു സ്ഥാവരവസ്തുവിനെ ചൂണ്ടിക്കാട്ടുന്നു എന്ന അർഥത്തിലാണു ചൂണ്ടിപ്പണയം എന്നു പറയുന്നത്. ഒരു വസ്തു കടത്തിന്റെ ഉറപ്പിനുവേണ്ടി പ്രത്യേകം എടുത്തുകാട്ടുന്നില്ലെങ്കിൽ കടക്കാരന്റെ ഏതെങ്കിലും സ്വത്തു ജപ്തിചെയ്തിട്ടുവേണം ഉത്തമർണൻ ലേലത്തിൽ വില്ക്കുന്നത്. നേരത്തെതന്നെ ഒരു വസ്തു ചൂണ്ടിക്കാട്ടിയാൽ ജപ്തി വേണ്ടാ, ലേലം മതി.

കൈവശപ്പണയം അഥവാ ഒറ്റി ആകുമ്പോൾ ഉത്തമർണനു ഭൂമി കൈവശം കിട്ടുന്നു. ചൂണ്ടിപ്പണയം ആകുമ്പോൾ വസ്തു അധമർണന്റെ കയ്യിൽത്തന്നെ ഇരിക്കും എന്നതാണു വ്യത്യാസം.

ചൂതാട്ടം (Gambling)

പന്തയം വച്ചു ധനനഷ്ടത്തിന് ഇടയാക്കുന്ന കളി അല്ലെങ്കിൽ സംവിധാനം. ഭാരതത്തിൽ പ്രാചീനകാലംമുതൽ നടപ്പിലിരുന്ന †ചൂതുകളി ഇതിന് ഉദാഹരണമാണ്. ഭഗ്യക്കുറിയും ഒരർഥത്തിൽ ചൂതാട്ടമാണ്. ഏതുതരത്തിലുള്ള ഭാഗ്യപരീക്ഷണവും ധനനഷ്ടത്തിന് ഇടവരുത്തുമെങ്കിൽ ഗാംബ്ലിങ്ങിന്റെ നിരവചനത്തിൽപെടും. പരിഷ്കൃതരാജ്യങ്ങളെല്ലാം ഗാംബ്ലിങ് ശിക്ഷാർഹമായി ഗണിക്കുന്നു. ഇന്ത്യൻ ശിക്ഷാനിയമം 294 എ വകുപ്പിൻപ്രകാരമുള്ള കുറ്റമാണു സർക്കാർവക അല്ലാത്ത ഭാഗ്യക്കുറി നടത്തൽ. എന്നാൽ സർക്കാരിന്റെ രേഖാമൂലമായ അനുമതിയോടെ ഭാഗ്യക്കുറി നടത്തുന്നതു ശിക്ഷാർഹമല്ല. ധർമസ്ഥാപനങ്ങളെയും മറ്റും സവിശേഷസന്ദർഭങ്ങളിൽ ധനശേഖരണത്തിനുവേണ്ടി സർക്കാർ ഭാഗ്യക്കുറി നടത്താൻ അനുവദിക്കാറുണ്ട്.

ചൂതുകളി

ചെറിയ ചതുരക്കട്ടകളുപയോഗിച്ചുള്ള ഒരുതരം വിനോദം. പ്രാചീനകാലംമുതൽക്കുതന്നെ ഇതിന്റെ പല രൂപങ്ങളും നിലവിലിരുന്നു. ഇതിനുള്ള കരുക്കളെ ചുക്കിണികളെന്നാണു പറയുന്നത്. പ്രാചീന ഭാരതം, ഈജിപ്ത്, മെസപ്പൊട്ടേമിയ, ഗ്രീസ്, റോം തുടങ്ങിയ എല്ലാ സ്ഥലത്തെ നാഗരികതകളിലും ചൂതുകളി നിലവിലുണ്ടായിരുന്നു. മൊഹെഞ്ജോദരോ, ഹാരപ്പ എന്നിവിടങ്ങളിൽനിന്നു ചുക്കിണികൾ ലഭിച്ചിട്ടുണ്ട്. ചതുരാകൃതിയിലും പരന്ന ആകൃതിയിലും ഉള്ള ദന്തനിർമിതങ്ങളായ ചുക്കിണികളായിരുന്നു ഇവിടങ്ങളിൽ ഉപയോഗിച്ചിരുന്നത്. ഇവയിൽ അക്കങ്ങളെ സൂചിപ്പിച്ചിരുന്ന ചിഹ്നങ്ങൾക്കു പുറമെ ചിത്രപ്പണികളും ഉണ്ടായിരുന്നു.

ഋഗ്വേദം പത്താംമണ്ഡലത്തിലെ മുപ്പത്തിനാലാം സൂക്തം ആരംഭിക്കുന്നതു ചൂതിന്റെ 'മയക്കാനുള്ള കഴി'വിനെപ്പറ്റി പരാമർശിച്ചുകൊണ്ടാണ്. തുടർന്ന് ഇതിന്റെ മയക്കിൽപ്പെട്ട് ചൂതുകളിക്കുവാൻ പോയാലുള്ള ആപത്തുകളും വിവരിച്ചിട്ടുണ്ട്. ഇപ്രകാരം ചൂതിന്റെ മയക്കിൽപ്പെട്ടു സകലതും നശിച്ച രാജാക്കന്മാരുടെ കഥകൾ ഭാരതീയ പുരാണേതിഹാസങ്ങളിൽ സുലഭമാണ്. നളന്റെയും ധർമപുത്രരുടെയും കഥകൾക്കാണ് ഇവയിൽ പ്രാധാന്യം. രാജാക്കന്മാരുടെ വിനോദമെന്നനിലയ്ക്കായിരുന്നു പൗരാണികഭാരതത്തിൽ ഇതിനു പ്രശസ്തി. രാജാക്കന്മാർക്കുവേണ്ടി ബ്രഹ്മാവു ചമച്ചതാണു ചൂതുകളിയെന്നാണു പുരാണങ്ങൾ പ്രസ്താവിക്കുന്നത്. വിദഗ്ധരായ ചൂതുകളിക്കാരെ കൊട്ടാരത്തിൽ പാർപ്പിക്കുകയും ചെയ്തിരുന്നു.

ഗ്രീക്കുകാർ ട്രോയ് നഗരം പിടിച്ചടക്കിയ കാലത്ത് പാലാമിഡിസ് ആണു ചൂതുകളി കണ്ടുപിടിച്ചതെന്ന് സോഫോക്ലിസ് പ്രസ്താവിക്കുന്നു. എന്നാൽ ബി.സി. 2000-ത്തിനു മുമ്പുള്ള ഈജിപ്ഷ്യൻ ശവകുടീരങ്ങളിൽനിന്നു ചതുരക്കട്ടയുടെ ആകൃതിയുള്ള ചൂതുകൾ ലഭിച്ചിട്ടുണ്ട്. ചൈനയിൽനിന്നും ലഭിച്ച ചൂതുകൾക്കു ബി.സി. 600 വരെ പഴക്കമുണ്ട്. അമേരിന്ത്യന്മാരുടെയിടയിലും ചൂതുകളി പ്രചാരത്തിലിരുന്നിരുന്നു. മൃഗങ്ങളുടെ എല്ലുകൊണ്ടാണ് ഇവർ ചൂതുകൾ നിർമിച്ചിരുന്നത്. പിരമിഡ്, പഞ്ചഭുജം, അഷ്ടഭുജം എന്നി

വയുടെ ആകൃതിയിലുള്ള ചൂതുകളും ഇവരുടെയിടയിൽ നിലവിലിരുന്നു.

മതപരമായ ചടങ്ങുകളുമായി ബന്ധപ്പെട്ട ഭാഗ്യപരീക്ഷകളിൽ നിന്നാണു ചൂതുകളിയുടെ ജന്മമെന്ന് ചിലർ വിശ്വസിക്കുന്നു. മനുഷ്യനു വിനോദത്തിനും ഭാഗ്യപരീക്ഷണത്തിനുമുള്ള പ്രേരണയുടെ ഫലമായിട്ടായിരിക്കണം ചൂതുകളി ഉണ്ടായത്. അവിചാരിതമായി എന്തു സംഭവിക്കുമെന്നറിയുന്നതിനുള്ള ആഗ്രഹവും ഈ കളിയുടെ പ്രേരകശക്തിയായിരുന്നു.

കളിക്കുന്ന രീതിയനുസരിച്ച് ചൂതുകളുടെ ആകൃതിയിലും ഭേദങ്ങളുണ്ട്. വൈദികകാലത്തു താന്നിക്കുരുകൊണ്ടാണ് ചൂതു നിർമിച്ചിരുന്നത്. ഇന്നു മരം, സെല്ലുലോസ്, പ്ലാസ്റ്റിക് എന്നിവയെല്ലാം കൊണ്ടു വിവിധതരം ചൂതുകൾ നിർമിക്കുന്നു. സാധാരണ ചൂതുകൾ ആറു വശങ്ങളുള്ള ചതുരക്കട്ടകളാണ്. അവയിൽ ഓരോ വശത്തും ഒന്നുമുതൽ ആറുവരെ കുത്തുകൾ ഇട്ടിരിക്കും. വിപരീതവശങ്ങളിലെ കുത്തുകളുടെ ആകെ എണ്ണം ഏഴായിരിക്കത്തക്കവണ്ണമാണു കുത്തുകളിടുന്നത്. ആറിനെതിരെ ഒന്ന്, അഞ്ചിനെതിരെ രണ്ട് എന്നിങ്ങനെ. ഇവയെക്കൂടാതെ കള്ളച്ചൂതുകളും ഉണ്ട്. പ്രാചീനകാലത്തുപയോഗിച്ചിരുന്ന ഇത്തരം ചൂതുകൾ കിട്ടിയിട്ടുണ്ട്. ഇവയിലെ കുത്തുകൾക്കു ചില പ്രത്യേകതകളുണ്ടായിരിക്കും. ചൂത് കൈയിൽനിന്നു വിടുമ്പോഴുള്ള മുകൾവശംതന്നെ താഴെ വീണാലും വരത്തക്കവണ്ണം ചൂതിനെതെന്നി മാറ്റുന്ന സമ്പ്രദായവുമുണ്ട്. ഇത്തരം ചൂതുകളിയിൽ വിദഗ്ധനായിരുന്നു മഹാഭാരതത്തിലെ ശകുനി.

പ്രാചീനവും ആധുനികവുമായ പലതരം ചൂതുകളികളുണ്ട്. അമ്പത്തിമൂന്നു ചൂതുകളുപയോഗിച്ചുള്ള ഒരുതരം ചൂതുകളിയെപ്പറ്റി ഋഗ്വേദത്തിൽ പരാമർശമുണ്ട്.

രണ്ടുപേർ പങ്കെടുക്കുന്ന കളികളും നാലുപേർ പങ്കെടുക്കുന്ന കളികളും ഉണ്ടായിരുന്നു. ക്രാപ്സ് (ബാർബുഡി), സിലോ (4,5,6), പോക്കർ ഡൈസ് തുടങ്ങിയവയാണ് പാശ്ചാത്യരാജ്യങ്ങളിൽ നിലവിലിരിക്കുന്ന ചൂതുകളികൾ. † ചീട്ടുകളി, † പകിടകളി നോക്കുക.

എല്ലാ സംഘടിതമതങ്ങളും ചൂതുകളിയെ വിലക്കിയിരുന്നു. ബ്രഹ്മചാരികൾ ചൂതുകളിക്കുവാൻ പാടില്ലെന്ന് മനുസ്മൃതി അനുശാസിക്കുന്നുണ്ട്.

ചൂയിങ്ഗം (Chewing gum)

ചവയ്ക്കാനുള്ള 'പശ'. സപ്പോഡില്ല (Sapodilla) മരത്തിൻെറ കറയും മറ്റു വലിച്ചു നീട്ടാവുന്ന (resilient) വസ്തുക്കളും ചേർത്തു മധുരം പിടിപ്പിച്ച് ഉണ്ടാക്കുന്നു. സപ്പോഡില്ല, സപ്പോട്ട പോലുള്ള ഒരു മരമാണ്. മധുരത്തിനു വേണ്ടി ഇതു നുണയാറുണ്ട്.

മധ്യധാരണ്യാഴിയുടെ തീരത്തെ ജനങ്ങൾ ഒരു മരത്തിൻെറ കറ പല്ലു വൃത്തിയാക്കാനും വായിലെ ദുർഗന്ധം ഒഴിവാക്കാനും വേണ്ടി ചവച്ചിരുന്നു. ന്യൂ ഇംഗ്ലൻഡു കോളനി നിവാസികൾ അമേരിന്തരിൽ നിന്നു സുഗന്ധമുള്ള ഒരുതരം മരക്കറ ചവയ്ക്കുന്ന രീതി സ്വീകരിച്ചു. ചൂക്കാറ്റൻ ഉപദ്വീപിലെ ജനങ്ങൾ ലാറ്റക്സ് ചവയ്ക്കുന്ന രീതി ഏറെക്കാലം തുടർന്നിരുന്നു. മഴക്കാടുകളിൽ വളരുന്ന, സപ്പോട്ടയുടെ വംശത്തിൽപ്പെട്ട സപ്പോഡില്ലമരത്തിൻെറ കറ ചവയ്ക്കാൻ പറ്റിയതാണ് എന്നു കണ്ടെത്തിയത് ഇവരാണ്.

ചൂയിങ്ഗം നിർമിക്കുവാൻ വേണ്ടി
സപ്പോഡില്ല മരത്തിൻെറ ലാറ്റക്സ് എടുക്കുന്നു. (ചിലി)

ഈ കറ റബറിനു പകരം ഉപയോഗിക്കാനുള്ള ശ്രമം വിജയിച്ചില്ല. എന്നാൽ സ്വാദു നിലനിർത്താനുള്ള ഇതിൻെറ കഴിവ് ചൂയിങ്ഗം വ്യവസായത്തിനു പ്രേരകമായിത്തീർന്നു. പാരഫിൻ മെഴുകും മധുരം ചേർത്തു ഇതേവിധം ഉപയോഗിക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ 19-ാം നൂറ്റാണ്ടിൻെറ ഉത്തരാർധത്തിൽ സപ്പോഡില്ലയുടെ കറ പാരഫിൻെറ സ്ഥാനം പിടിച്ചെടുത്തു മരക്കറ ഉണക്കി കഷണങ്ങളാക്കി ശുദ്ധീകരിച്ചു മധുരം ചേർത്തു വലിച്ചാണു റോളറുകൾക്കിടയിൽ കടത്തിഞെരുക്കി വലിച്ചു നീട്ടുകയും മുറിച്ചു കഷണങ്ങൾ ആക്കുകയും ചെയ്യുന്നു.

രണ്ടാം ലോകയുദ്ധത്തിനുശേഷം മെഴുക്, പ്ലാസ്റ്റിക്, കൃത്രിമറബർ (synthetic rubber) ഇവയും മരക്കറയ്ക്കു പകരം ചൂയിങ്ഗം ഉണ്ടാക്കാൻ ധാരാളമായി ഉപയോഗിച്ചുവരുന്നു.

ചൂയി രാച്ചുക്കു (franklin's nightjar)

ഒരിനം രാപ്പക്ഷി. കാപ്രിമുൾഗിഡെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *കാപ്രിമുൾഗസ് അഫിനിസ്* (*Caprimulgus affinis*). മൂങ്ങയോടു സാദൃശ്യമുണ്ട്.



ചൂയി രാച്ചുക്കു

കേരളത്തിൽ കണ്ടുവരുന്ന അഞ്ചിനം രാച്ചുക്കുകളിൽ ഒരിനമാണ് ചൂയിരാച്ചുക്കു. ഇതിന് 25 സെൻറീമീറ്ററോളം നീളം ഉണ്ട്. പീരുമേട് പർവതനിരകളിൽ സാധാരണമായി കണ്ടുവരുന്നു. † രാച്ചുക്കുകൾ നോക്കുക.

ചൂ യുവാൻ (ബി.സി. 340-278)

പുരാതന ചീനമഹാകവി. ചൂ എന്ന സ്ഥലത്താണിദ്ദേഹം ജനിച്ചത്. ഈ പ്രദേശം കീഴടക്കുവാൻ തൊട്ടടുത്തുള്ളവർ (ചിൻ) നടത്തിയ ഗൂഢാലോചന ചൂ യുവാൻ കാലേകൂട്ടി മനസ്സിലാക്കി രാജാവിനെ അറിയിച്ചു. രാജാവ് ചൂ യുവാൻെറ ഉപദേശം കൈക്കൊണ്ടില്ല. മാത്രമല്ല, ഏഷണിക്കാരനെന്ന കുറ്റം ചുമത്തി രാജസദസ്സിൽനിന്ന് അദ്ദേഹത്തെ ഒഴിവാക്കുകയുംചെയ്തു. അവസാനം ചിൻ, ചൂവിനെ കീഴടക്കി. തൻെറ രാജ്യത്തെപ്പറ്റിയാണ് ചൂ യുവാൻെറ കവിതകളധികവും. ചൈനീസ് സാഹിത്യത്തിൽ പ്രസിദ്ധിയുള്ള കൃതികളാണ് ഇദ്ദേഹത്തിൻെറത്. വഞ്ചകർക്കെതിരായ ഉഗ്രമായ താക്കീതാണ് ചൂ യുവാൻെറ കവിത.

ചൂര

† തൂണ (tuna) നോക്കുക.

ചൂരൽ

പാമെ കുലത്തിൽപ്പെടുന്ന ചെടി. കേരളത്തിൽ വിവിധ സ്പീഷീസ് കണ്ടുവരുന്നു.

നാടൻപേര്	ശാസ്ത്രനാമം
ചൂരൽ	*കലാമസ് റോട്ടാങ്*
കാട്ടുചൂരൽ	*കലാമസ് റീഡൈ*



ചൂരൽ

അരിച്ചൂരൽ	*കലാമസ് ട്രാവൻകൂറിക്കസ്*
വലിയചൂരൽ	*കലാമസ് ത്വറ്റിസൈ*
കുറ്റിച്ചൂരൽ	*കലാമസ് ബ്രാൻഡിസൈ*

ഓരോന്നിന്റെയും പ്രത്യേകതകൾ:

ചൂരലിന്റെ കാണ്ഡത്തിനു വണ്ണം കുറവാണ്. എന്നാൽ നല്ല ബലമുണ്ട്. ഇലയ്ക്ക് 45 മുതൽ 60 വരെ സെന്റീമീറ്റർ നീളം കാണും. പത്രകത്തിന് (leaflet) 15 മുതൽ 30 വരെ സെന്റീമീറ്റർ നീളവും ഒരു സെന്റീമീറ്ററോളം വീതിയുമുണ്ട്.

കാട്ടുചൂരലിന്റെ പത്രകത്തിന് 13 മുതൽ 23 വരെ സെന്റീമീറ്റർ നീളവും രണ്ടു മുതൽ രണ്ടര വരെ സെന്റീമീറ്റർ വീതിയുമുണ്ട്. മുഖ്യാക്ഷത്തിന്റെ ചുവട്ടിൽ രണ്ടോ മൂന്നോ പത്രകങ്ങളുടെ കൂട്ടങ്ങൾ ഒരു വശത്തും. അഗ്രഭാഗത്ത് പത്രകങ്ങൾ നിശ്ചിത അകലത്തിൽ സമ്മുഖമായി ക്രമീകരിച്ചിരിക്കുന്നു.

അരിച്ചൂരലിന് വണ്ണം തീരെ കുറവാണ്. ഇലയുടെ നീളം 40 മുതൽ 60 വരെ സെന്റീമീറ്റർ. മുഖ്യാക്ഷത്തിന്റെ അറ്റം ചരടുപോലെ നീണ്ടിരിക്കും.

വലിയചൂരലിന്റെ ഇലയ്ക്ക് 120 സെന്റീമീറ്ററോളം നീളം ഉണ്ട്. പത്രകം പറ്റങ്ങളായി മുഖ്യാക്ഷത്തിൽ ഉണ്ടാകുന്നു.

കുറ്റിച്ചൂരലിന്റെ കാണ്ഡം ദുർബലമാണ്. പത്രകം ഇരുപതോളം ഉണ്ട്. പൂക്കൾ ഏകലിംഗികളാണ്. ആൺപൂവിന്റെ ബാഹ്യദളപുടം കപ്പു പോലിരിക്കും. ദളം മൂന്ന്. കേസരം ആറ്. പെൺപൂവിൽ ബാഹ്യദളവും ദളവും പ്രത്യേകം ഇല്ല. അണ്ഡാശയം ഊർധ്വവർത്തിയാണ്. കുറ്റിച്ചൂരലിന്റെ പൂവിനുള്ള എല്ലാ സവിശേഷതയും മറ്റു സ്പീഷീസുകളിലെ പൂവിനും ഉണ്ട്.

ചൂരലിന്റെ കാണ്ഡത്തിനുള്ള തിളക്കത്തിനു കാരണം സിലിക്ക എന്ന രാസവസ്തു ആണ്. പച്ചച്ചൂരൽ വേഗം കേടാകും. അതുകൊണ്ട് ഉണക്കിയ ചൂരലാണ് ഉപയോഗിക്കുന്നത്. കട്ടിലും കസേരയും വരിയാനും കുട്ട ഉണ്ടാക്കാനും കൊള്ളാം.

ചൂർണ്ണം

ആയുർവേദത്തിൽ, പൊടിരൂപത്തിൽ ഉപയോഗിക്കുന്ന ഔഷധം. പല ഓഷധികളും ലവണങ്ങളും മറ്റും വെയിലത്തുവച്ച് ഉണക്കി ഉരലിൽ പൊടിച്ചു ഔഷധമായി ഉപയോഗിക്കുന്നു. അഷ്ടചൂർണ്ണം, അവിപത്തി, നാസികാചൂർണ്ണം, ദന്തധാവനചൂർണ്ണം മുതലായവ ഇതിനുദാഹരണമാണ്. ചൂർണ്ണത്തിന്റെ ഉപയോഗം പലവിധമാണ്. ദന്തധാവനചൂർണ്ണം മോണപഴുപ്പ്, വായ്നാറ്റം, പല്ലുവേദന മുതലായ രോഗങ്ങളുടെ ശമനത്തിനും വായ് ശുദ്ധിയാക്കുന്നതിനും വേണ്ടി പല്ലു തേക്കാൻ ഉപയോഗിക്കുന്നു. പീനസം മുതലായ രോഗത്തിനുള്ള നാസികാചൂർണ്ണം അല്പാല്പമായി മൂക്കിൽ വലിച്ചുകയറ്റുന്നു. അഷ്ടചൂർണ്ണം ദഹനശക്തി വർധിക്കാനും വാതഗുല്മ ശമനത്തിനും ഉള്ളതാണ്. ഉണ്ണുമ്പോൾ നെയ്കൂട്ടി ഉരുട്ടിയ ആദ്യത്തെ ഉരുളയോടു ചേർത്താണ് അതു കഴിക്കുന്നത്. മോരിലും ചൂടുവെള്ളത്തിലും കലക്കി കഴിക്കേണ്ട ചൂർണ്ണങ്ങളുമുണ്ട്.

ചൂർണ്ണി

പെരിയാറിന്റെ മറ്റൊരു പേര്. † പെരിയാർ നോക്കുക.

ചൂർണ്ണിക്കര

പെരിയാറിന്റെ തീരത്തുള്ള ഗ്രാമം. (പെരിയാറിന് ചൂർണ്ണിയെന്നും പേരുണ്ട്.) ആലുവാ പട്ടണത്തോടു ചേർന്നുകിടക്കുന്ന ഗ്രാമപഞ്ചായത്ത്. കുന്നും പാടവും തൊടികളും നിറഞ്ഞ ചൂർണ്ണിക്കരയിൽ നെൽപ്പാടങ്ങളോടുരുമ്മി തൊഴിൽശാലകളും നില്ക്കുന്നു. വ്യവസായങ്ങൾ ചൂർണ്ണിക്കര പഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതിയിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ട്. ഫാക്ടറികൾക്കുസമീപം ചെറിയ ടൗൺഷിപ്പുകൾ വികസിച്ചുവരുന്നു. പഞ്ചായത്തിനു 11 ച.കി.മീറ്റർ വിസ്തൃതിയുണ്ട്. ജനസംഖ്യ 23,712 (1981). ചൂർണ്ണിക്കര പഞ്ചായത്തു പ്രദേശത്തു സ്ഥിതിചെയ്യുന്നവയാണ് അശോകാ ടെക്സ്റ്റൈൽസ്, സ്റ്റാൻഡേഡ് പോട്ടറി വർക്സ്, ട്രാവൻകൂർ ഫോറസ്റ്റ് ഇൻഡസ്ട്രീസ് എന്നീ വ്യവസായസ്ഥാപനങ്ങൾ. ചെറുകിടസ്ഥാപനങ്ങൾ വേറെയുമുണ്ട്. എടത്തലയിലെ ശേഷസായി വയർറോപ്സ് ധാരാളം തൊഴിലാളികൾക്കു ജോലിനല്കുന്നു. ഇന്ത്യാഗവൺമെന്റിന്റെ പ്രതിരോധസജ്ജീകരണങ്ങളുടെ ഭാഗമായ നേവൽ ആർമമെന്റ് ഡിപ്പോ എരുമത്തല എന്ന സ്ഥലത്തുണ്ട്. പെരിയാറിന്റെ സാമീപ്യമുണ്ടെങ്കിലും, ഉൾപ്രദേശത്തു ശുദ്ധജലം കിട്ടാൻ വിഷമമാണ്.

ചൂഷാൻ

ചൈനയിലെ ചെക്കിയാങ് പ്രവിശ്യയുടെ കടൽത്തീരത്തിനു സമീപം പൂർവചൈനാ സമുദ്രത്തിൽ സ്ഥിതിചെയ്യുന്ന ദ്വീപസമൂഹം. 180 ദ്വീപുകളുടെ ഒരു സമൂഹമാണ് ഇത്. ഏറ്റവും വലിയ ദ്വീപിനും ചൂഷാൻ (Choushan) എന്നാണു പേര്. ഇതിനു 35 കി.മീറ്റർ നീളവും 16 കി.മീറ്റർ വീതിയുമുണ്ട്. ചൂഷാൻ ദ്വീപിന്റെ തെക്കേ അറ്റത്ത് തിങ്ഹായ് എന്നൊരു തുറമുഖമുണ്ട്. ബൗദ്ധതീർഥാടനകേന്ദ്രമായ പൂട്ടോഷാൽ എന്ന ദ്വീപ് ചൂഷാനിന്റെ തെക്കുകിഴക്കു ഭാഗത്താണ്.

ചൂ ഷി (Chu Hsi, 1130—1200)

പ്രമുഖ ചൈനീസ് ചിന്തകനും ദാർശനികനും. ചൂഷിക്കു 13 വയസ്സായപ്പോൾ പിതാവായ ചൂസൂങ് അന്തരിച്ചു. അന്ന് ഒരു ഉൾനാട്ടിൽ താമസിക്കുകയായിരുന്ന ചൂഷി അയൽവാസികളായ പണ്ഡിതന്മാരിൽനിന്നു ദർശനങ്ങളും വിജ്ഞാനശാഖകളും പഠിച്ചു. ചൈനയിലെ ഉയർന്ന ഗവൺമെന്റുദ്യോഗങ്ങൾക്കുള്ള പ്രയാസകരമായ പരീക്ഷകൾ ഇദ്ദേഹം 17-ാംവയസ്സിൽത്തന്നെ ജയിച്ചു. ക്രമേണ ഉയർന്നു പല പ്രധാന ഉദ്യോഗങ്ങളും വഹിച്ചു. നികുതി, പോലീസ്, ഗ്രന്ഥശാലകൾ എന്നിവയുടെ ഭരണക്രമം പരിഷ്കരിക്കാനും, പെരുമാറ്റത്തിനും മതകർമങ്ങൾക്കുമുള്ള ഒരു തത്ത്വസംഹിത തയ്യാറാക്കാനും ഉദ്യോഗസ്ഥനെന്നനിലയിൽ ചൂ ശ്രമിച്ചു. മലമ്പ്രദേശത്തുള്ള ഒരു ക്ഷേത്രത്തിന്റെ ഭരണാധികാരി ആയിരിക്കവേ ലീതൂങ് എന്ന പണ്ഡിതനുമായി പരിചയപ്പെട്ടു. ബുദ്ധമതത്തെയും താവോമതത്തെയും പിൻതള്ളിക്കൊണ്ട് ചൈനയിൽ കൺ

ഫ്യൂഷ്യസിന്റെ മതത്തിന് ഒരു സഹസ്രാബ്ദക്കാലമായി നഷ്ടപ്പെട്ടിരുന്ന ആധിപത്യം പുനഃസ്ഥാപിക്കുന്നതിനു സഹായകമായ ഒരു ദാർശനികപദ്ധതി തയ്യാറാക്കിയ ലീ-ലീയുടെ തത്ത്വസംഹിത ചൂ സ്വീകരിക്കുകയും അതു മെച്ചപ്പെടുത്തുവാനും ശക്തിപ്പെടുത്തുവാനും ശ്രമിക്കുകയുംചെയ്തു. ചൂ കൺഫ്യൂഷ്യസ്സിന്റെ മതാനുയായിയായിരുന്നെങ്കിലും മറ്റു മതങ്ങളെ മാനിച്ചു. അനേകംപേരെ പഠിപ്പിച്ചു പണ്ഡിതന്മാരാക്കി. വൈറ്റ് ഡീയർ ഗ്രോട്ടോ (White Deer Grotto) എന്ന അക്കാദമി പുനരുദ്ധരിച്ചു. ഇതിന്റെ പ്രാമാണ്യം ആറേഴു നൂറ്റാണ്ടു നിലനിന്നു. കൂടുതൽ ഉയർന്ന ഉദ്യോഗങ്ങൾ നൽകാനായി ചൂവിനെ പലതവണ രാജസദസ്സിൽ വരുത്തി. സത്യം വെട്ടിത്തുറന്നു പറയുകയെന്ന ശീലംമൂലം ആ സ്ഥാനങ്ങളൊന്നും ലഭിച്ചില്ല. അഴിമതി, അവസരവാദം, തത്ത്വദീക്ഷാരാഹിത്യം എന്നിവയെ എതിർക്കുന്നതിൽ വിട്ടുവീഴ്ചക്കു തയ്യാറായില്ല. ദുരാഗ്രഹം, സ്വാർഥം എന്നിവയുടെ പ്രേരണയ്ക്കു വഴങ്ങിയും നിർദയമായ ബലപ്രയോഗത്തെ ആശ്രയിച്ചുമുള്ള രാജഭരണത്തിന് ചൂ എതിരായിരുന്നു. രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടരുതെന്നു ഗവൺമെന്റ് ചൂവിനെ വിലക്കിയതു പിന്നീടു പിൻവലിച്ചെങ്കിലും ചൂ ജീവിതകാലം മുഴുവൻ നാട്ടിൻപുറത്തു താമസിച്ച് എഴുത്തും പഠനവും പഠിപ്പിക്കലുമായി കഴിച്ചുകൂട്ടി.

വ്യാഖ്യാനങ്ങൾ, ദർശനങ്ങൾ, ഇതിഹാസനിരൂപണങ്ങൾ, ചീനാചരിത്രം എന്നീ വിഭാഗങ്ങളിൽപ്പെട്ട അനേകം ബൃഹദ്ഗ്രന്ഥങ്ങൾ ചൂ രചിച്ചു. കൂടാതെ പ്രഭാഷണങ്ങളിലും സംഭാഷണങ്ങളിലും ഇദ്ദേഹം പറഞ്ഞ കാര്യങ്ങൾ ശിഷ്യന്മാർ പ്രസിദ്ധീകരിച്ചു. കൺഫ്യൂഷ്യൻ ക്ഷേത്രങ്ങളിൽ അദ്ദേഹത്തിനു സ്മാരകഫലകങ്ങൾ സ്ഥാപിതമായി. ചൂവിന്റെ സ്വാധീനം ജപ്പാനിലേക്കും വ്യാപിച്ചു. 17-ാം നൂറ്റാണ്ടിൽ ജപ്പാനിലുണ്ടായ നവകൺഫ്യൂഷൻ പഠനകേന്ദ്രത്തിനു ചൂ ഷിയുടെ പേരാണു നല്കിയത്.

കൺഫ്യൂഷ്യസ്സിന്റെയും മെൻഷ്യസ്സിന്റെയും ഉപദേശങ്ങൾ അനുസരിക്കണമെന്ന് ചൂ ഉദ്ബോധിപ്പിച്ചു. കൺഫ്യൂഷ്യസ് വിട്ടുകളഞ്ഞ കാര്യങ്ങൾ പറയുന്നതുപോലും കൺഫ്യൂഷ്യൻ തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ വേണമെന്ന് ഇദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. പ്രഞ്ചത്തിനു രണ്ടു ഭാവങ്ങളുണ്ടെന്ന് ചൂ പറഞ്ഞു: സരൂപവും അരൂപവും. പരമമായ ധർമമാണ് അരൂപഭാവം. അതാണു സൃഷ്ടമായ വസ്തുക്കളുടെ ഘടനയ്ക്കും രൂപത്തിനും നിദാനം. മനുഷ്യനിൽ പരമമായ ധർമം പൂർണവും ശുദ്ധവുമായി നിവേശിച്ചിട്ടുണ്ട്. മനുഷ്യന്റെ തിന്മകളും ന്യൂനതകളും പുറമെയുള്ള ദ്രവ്യത്തിലെ മാലിന്യങ്ങളിൽനിന്ന് അവന്റെ ശരീരത്തിലും മനസ്സിലും കടക്കുന്നവയാണ്. പഠനവും അന്വേഷണവും മുഖേന മനുഷ്യന് ഈ മാലിന്യങ്ങളിൽനിന്നു മോചനംനേടാൻ സാധിക്കും. ധ്യാനംകൊണ്ടു മാത്രം മനുഷ്യനു പൂർണതനേടാൻ കഴിയുമെന്ന വാദത്തോട് ചൂ യോജിച്ചില്ല. പഠനത്തിന്റെയും അന്വേഷണത്തിന്റെയും പ്രാധാന്യമാണ് ഇദ്ദേഹം ഊന്നിപ്പറഞ്ഞന്നത്.

ചൂ ഷി-ചിയെ (Chu Shih-Chieh)

ചൈനീസ് ഗണിതജ്ഞൻ. സമവാക്യസിദ്ധാന്തവുമായി ബന്ധപ്പെട്ടതാണ് ഇദ്ദേഹത്തിന്റെ സംഭാവനകൾ. ഇദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ച് ഏറെയൊന്നും അിറഞ്ഞുകൂടാ. പരിചിതഭേദമാർഗവും ശ്രേണി സിദ്ധാന്തവും സംബന്ധിച്ചുള്ളതാണ് ഇദ്ദേഹത്തിന്റെ പഠനങ്ങൾ. *'സു-യുവാൻ യൂ-ചീൻ (Precious Mirror of Four Elements)* ആണ് ഇദ്ദേഹത്തിന്റെ *മുഖ്യഗ്രന്ഥം. 'ഗണിതശാസ്ത്രപഠനത്തിന് ഒരു അവതരണിക'* എന്നൊരു ഗ്രന്ഥവും രചിച്ചിട്ടുണ്ട്.

ചൂള (Furnace)

ചൂട് ഉത്പാദിപ്പിക്കുന്നതിനുള്ള അറ. ഇന്ധനം അറയിലിട്ടു കത്തിച്ചാണു ചൂട് ഉത്പാദിപ്പിക്കുക. വൈദ്യുതചൂളകളും ഉണ്ട്.

ലോഹസംസ്കരണത്തിനുള്ള ചൂള (Metallurgical Furnace). അറയുടെ ഭിത്തികൾക്കു തകരാറൊന്നും സംഭവിക്കാതെ 600° C വരെ ചൂടു നിലനിർത്താൻ സാധിക്കുന്നതരം ചൂളയാണ് ഇത്. സാധാരണമായി ലോഹങ്ങളെ അയിരുകളിൽനിന്നു വേർതിരിക്കുന്നതിനും ലോഹശുദ്ധീകരണത്തിനും മറ്റുമാണ് ഇത്തരം ചൂളകൾ ഉപയോഗിക്കുക.

ഉച്ചതാപസഹവസ്തുക്കൾകൊണ്ടാണ് ചൂള നിർമിക്കുന്നത്. സിലിക്ക, അലൂമിന, മാഗ്നസൈറ്റ്, ഡോളമൈറ്റ്, ക്രോമൈറ്റ്, സിർക്കോണിയ തുടങ്ങിയവയുടെ ഓക്സൈഡുകൾകൊണ്ടുള്ള ഇഷ്ടികകളാണ് ഉപയോഗിക്കാറ്. ചൂളകളുടെ മേൽക്കൂര കമാനാകൃതിയിലാണ്. ചൂടിന്റെ ആധിക്യത്താൽ കോൺക്രീറ്റ് പൊട്ടിപ്പോകാനിടയുള്ളതിനാൽ അടിത്തറയ്ക്കിടുന്ന കോൺക്രീറ്റും അടുപ്പു (hearth) മായി നേരിട്ടു ബന്ധപ്പെടുത്തിയല്ല ക്രമപ്പെടുത്തുന്നത്. അവയ്ക്കിടയിൽ വായു കടക്കുന്നതിനു മാർഗമുണ്ടായിരിക്കും.

ഫർണസുകൾ ഉപയോഗമനുസരിച്ചു പലതരമുണ്ട്:

ഷാഫ്ട് ഫർണസ്. ഈ ചൂളകളിൽ ഇന്ധനം നിൽക്കുന്ന ഷാഫ്ടിലേക്കു വായു കടത്തിവിടുന്നു. വായുവിന്റെ സാന്നിധ്യത്തിൽ ഇന്ധനം ജ്വലിച്ചു ചൂടുണ്ടാകുന്നു. വായുമർദം, ഷാഫ്ടിന്റെ ഉയരം, ഷാഫ്ടിന്റെ ഓരോ പരിച്ഛേദവൃത്തത്തിന്റെ വിസ്തൃതിക്ക് ആവശ്യമായ വായുവിന്റെ നിരക്ക് എന്നിവയെ ആശ്രയിച്ചിരിക്കും.

ഫ്ളെയിം ഫർണസ് (Flame Furance). ഇതിൽ എരിഞ്ഞുകൊണ്ടിരിക്കുന്ന ഇന്ധനത്തിനുമീതെ ജ്വാല പ്രവഹിക്കുന്നു. ഇവയ്ക്ക് ഓപ്പൺ ഹാർത്ത് ഫർണസുകൾ എന്നു പറയും.

ക്രൂസിബിൾ ഫർണസ് (Crucible Furnace). പ്രേരണം (induction) മൂലം തപിപ്പിക്കപ്പെടുന്ന ക്രൂസിബിളുകളാണിതിലെ പ്രധാന ഘടകം. സിലിൻഡർ ആകൃതിയുള്ള ചൂളയിൽ ഒരു താങ്ങിന്മേലാണു ക്രൂസിബിളിന്റെ സ്ഥാനം.

ഇലക്ട്രിക് ആർക് ഫർണസുകൾ. വൃത്തമോ ദീർഘവൃത്തമോ ആയിരിക്കും ഇതിന്റെ ആകൃതി. മേൽക്കൂരയിൽനിന്നു കാർബൺ ഇലക്ട്രോഡുകൾ താഴേക്കു ഘടിപ്പിച്ചിട്ടുണ്ട്. ഇലക്ട്രോഡുകൾ ജ്വലിച്ചു ചൂടുണ്ടാകുന്നു.

സാൾട്ട് ബാത് ഫർണസ്. ഇതു ദ്രവീകരിച്ച ലവണങ്ങൾ ഉൾക്കൊള്ളുന്നു. ഉച്ചതാപത്തിലും നീചതാപത്തിലുമുള്ള ബാത്തുകൾ ഇതിലുണ്ട്.

റിട്ടോർട്ട് ഫർണസ്. മെർക്കുറി, മഗ്നീഷ്യം, സിങ്ക് തുടങ്ങിയ ലോഹങ്ങളാണ് ഇതിലൂടെ വേർതിരിച്ചെടുക്കുന്നത്. ചൂളയുടെ ഒരറ്റത്തുകൂടി പുറത്തേക്കുന്തിനില്ക്കുന്ന ഒരു റിട്ടോർട്ടാണ് ഇതിന്റെ പ്രധാനഭാഗം.

ടവർ ഫർണസ്. ഇത് ഉയരം കൂടിയ ചൂളകളാണ്.

ചൂളക്കാക്ക (Whistling thrush)

ഒരിനം കറുത്ത പക്ഷി. ശാസ്ത്രനാമം: *മയോഫോണിയസ് ഹോഴ്സ്ഫീൽഡി (Myiophoneus horsfieldii).* പശ്ചിമഘട്ടത്തിലെ കാടുകളിലും ജലാശയങ്ങളുടെ തീരങ്ങളിലും കണ്ടുവരുന്നു.

ശരീരത്തിനു നീലിമയുള്ള കറുപ്പാണ്. നെറ്റിയിലും ചുമലിലും നീലപ്പട്ടകൾ കാണാം.

ഉച്ചത്തിൽ ചൂളം വിളിക്കുന്ന സ്വഭാവം ഉള്ളതിനാൽ ഇംഗ്ലീഷുകാർ ഇതിനെ 'വിസ്ലിങ് സ്കൂൾ ബോയ്' എന്നു വിളിക്കുന്നു. മലയാളത്തിലും ഈ പേരു കിട്ടാൻ കാരണം ഇതുതന്നെ.

പ്രാണിയും പഴവുമാണ് ആഹാരം. ഇരതേടുമ്പോൾ മണ്ണാത്തിപ്പുള്ളിനെപ്പോലെ വാല് വിടർത്തുകയും അടയ്ക്കുകയും ചെയ്യും.

പ്രജനനകാലം ഫെബ്രുവരിക്കും സെപ്റ്റംബറിനും ഇടയ്ക്കാണ്. ഓരോ വർഷവും രണ്ടുതവണ മുട്ടയിടും. ജലാശയത്തിന് അടുത്തുള്ള പാറകളിലും കെട്ടിടങ്ങളിലും തുരങ്കങ്ങളിലും കൂടു കൂട്ടാറുണ്ട്. പുല്ലും വേരും പായലുംകൊണ്ടു കൂടു കൂട്ടുന്നു. ഒരു തവണ രണ്ടോ മൂന്നോ മുട്ട ഇടും.

ചൂളമരം

†കാറ്റാടിമരം നോക്കുക.

ചെ

ചെംപാറവള്ളി

അംപെലിഡെ കുലത്തിൽപ്പെട്ട ഒരു ചെടി. 'കാട്ടുമുന്തിരി' എന്നും പറയുന്നു. ശാസ്ത്രനാമം: *വൈറ്റിസ് ഇൻഡിക്ക (Vitis indica)* ഔഷധഗുണം ഉണ്ട്. വയറിളക്കുന്നതിനും രക്തം ശുദ്ധീകരിക്കുന്നതിനും മൂത്രവിസർജനം ത്വരിപ്പിക്കുന്നതിനും വേരിൽനിന്നുമെടുക്കുന്ന നീര് തേങ്ങാപ്പാലും ചേർത്ത് ഔഷധമായി ഉപയോഗിക്കുന്നു. വേരിൽ നിന്നെടുക്കുന്ന നീര് എണ്ണയിൽ കലർത്തി കണ്ണിലെ അസുഖം ശമിപ്പിക്കുന്നതിന് ഉപയോഗിക്കുന്നു.

ചെംസ്ഫോഡ് പ്രഭു (1868-1933)

1919-ലെ മൊൺടാഗു–ചെംസ്ഫോഡ് ഭരണപരിഷ്കാരത്തിന്റെ ആസൂത്രകരിൽ പ്രധാനിയായ ഇന്ത്യൻ വൈസ്റോയി. ഇദ്ദേഹത്തിന്റെ ദുർവാശിയാണ് നിയമനിഷേധപ്രസ്ഥാനം ആരംഭിക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചത്. കുപ്രസിദ്ധമായ †ജാലിയൻവാലാബാഗ് കൂട്ടക്കൊല നടന്നത് ഇദ്ദേഹം വൈസ്റോയി ആയിരിക്കുമ്പോഴാണ്.

1868 ഓഗസ്റ്റ് 12-ന ലണ്ടനിലെ ഈറ്റൺ സ്ക്വയറിൽ ജനിച്ചു. 1916 മുതൽ 1920 വരെ ഇന്ത്യയിലെ വൈസ്റോയി ആയിരുന്നു. 1921-ൽ ഇന്ത്യ വിട്ടു. ലണ്ടനിൽ തിരിച്ചെത്തിയ ഉടനെ ബ്രിട്ടിഷ് ഗവൺമെന്റ് വൈക്കൗണ്ട് പദവി നൽകി. 1930-ൽ വിൻ ചെസ്റ്ററിലെ വാർഡനായും 1932-ൽ ഓൾ സോൾസ് കോളെജിലെ വാർഡനായും നിയമിക്കപ്പെട്ടു.

1933 ഏപ്രിൽ 1-നു നിര്യാതനായി.

ചെകിടിമണ്ണ് (Marl)

ധാതുക്കളും മണ്ണും ചേർന്ന തരിരൂപത്തിലുള്ള മിശ്രിതം. ഘടനയിൽ വ്യത്യാസമുള്ള പലതരം സെഡിമെന്റുകൾക്കും പാറകൾക്കും ഈ പേരു പറയാറുണ്ട്.

വെള്ളയും തവിട്ടുമായ നിറമാണ് ഇതിന്. കറുത്തതും ചെമന്നതുമായ മാളകളുമുണ്ട്. ശുദ്ധജലത്തിലുണ്ടാകുന്ന മാളിൽ അടങ്ങിയ ചുണ്ണാമ്പ് ആൽഗ, ബാക്ടീരിയ, എന്നിവയിൽനിന്നു ലഭിക്കുന്നതാണ്.

80%മുതൽ 90% വരെ കാൽസിയം കാർബണേറ്റും, 3%-ൽ കുറവ് മഗ്നീഷ്യം കാർബണേറ്റും ഉള്ള ശുദ്ധജല മാൾ, ഇൻസുലേറ്റിങ് വസ്തുക്കളിൽ കാൽക്കേരിയസ് അംഗമായി ഉപയോഗിക്കുന്നു. പോർട്ട്ലൻറ് സിമന്റിലും മാൾ ചേർക്കുന്നു. ഇഷ്ടികയുണ്ടാക്കാൻ ചുണ്ണാമ്പുവസ്തുവായും മാൾ ഉപയോഗിക്കുന്നു.

ചെകിള

† ശകുലം നോക്കുക

ചെകുത്താൻ

ക്രിസ്തുമതവിശ്വാസപ്രകാരം ദൈവത്തിന്റെ പ്രതിദ്വന്ദ്വിയായ ദുർമൂർത്തി. സേറ്റാൻ എന്ന ഇംഗ്ലീഷ് വാക്ക് ഷാത്താൻ എന്ന ഹീബ്രുവിൽനിന്നു വന്നതാണ്. സരതുഷ്ട്രന്മാരുടെ അഹ്രിമാൻ ഏറെക്കുറെ ക്രിസ്ത്യാനികളുടെ സാത്താനു തുല്യമാണ്. ക്രിസ്തുമതാവിർഭാവകാലത്തിനുമുമ്പുള്ള അസ്മോദിയസ്സും ചെകുത്താന്റെ പൂർവരൂപംതന്നെ. ബീൽസിബുബ് എന്ന ഫിലിസ്തീൻ ദുർദേവത ആകാം ബീൽസിബുൾ എന്ന ഈച്ച രാജാവും ദുർമൂർത്തിയുമായി രൂപാന്തരംപ്രാപിച്ചത്. പില്ക്കാലത്ത് ലൂസിഫെർ എന്ന പേരിലും ചെകുത്താനെപ്പറ്റി പ്രസ്താവങ്ങളുണ്ട്. പഴയനിയമത്തിൽ ഹവ്വായെയും അവളിലൂടെ ആദാമിനെയും വിജ്ഞാനവൃക്ഷത്തിന്റെ ഫലം തിന്നുകയെന്ന പാപത്തിനു പ്രേരിപ്പിച്ച സർപ്പം ചെകുത്താൻതന്നെയായി ചിത്രീകരിക്കപ്പെടുന്നു.

മധ്യയുഗങ്ങളിൽ കൊമ്പും വാലും ഇരട്ടക്കുളമ്പുമുള്ള രോമശഗാത്രനായി ചെകുത്താനെ ചിത്രീകരിച്ചിരുന്നു. ഈജിപ്റ്റുകാരുടെ സേഫ്, ഗ്രീക്കുകാരുടെ പ്ലൂട്ടോ എന്നീ ദുർമൂർത്തികളും സാത്താന്റെ സൃഷ്ടിയിൽ സ്വാധീനം ചെലുത്തിയിരിക്കണം. ഈശ്വരനെ അനുഗ്രഹദാതാവും കരുണാമയനുമായി സങ്കല്പിച്ചപ്പോൾ മനുഷ്യരെ പ്രലോഭിപ്പിക്കയും ദുഷ്പ്രവൃത്തികൾക്കു പ്രേരിപ്പിക്കയും ചെയ്യുന്ന ഒരു ശക്തി ആവശ്യമാണെന്നു തോന്നിയിട്ടാകാം ചെകുത്താനെ സങ്കല്പിക്കാൻ തുടങ്ങിയത്.

കവികൾ സ്വന്തം ഭാവന അനുസരിച്ചു ചെകുത്താനു രൂപം നല്കിയിട്ടുണ്ട്. ഡിവൈൻ കോമഡിയിൽ ദാന്തെയും പാരഡൈസ് ലോസ്റ്റിൽ മിൽട്ടനും ലൂസിഫറെ അധോലോകജീവിയായി ചിത്രീകരിച്ചിരിക്കുന്നു. ജോർജ് ബർനാഡ് ഷോ *'ഡോൺ ജുവാൻ ഇൻ ഹെൽ'* എസ്.വി. ബെന്നറ്റ് *'ദി ഡെവിൾ ആൻഡ് ഡാനിയൽ വെബ്സ്റ്റർ'* എന്നീ ഗ്രന്ഥങ്ങളിൽ ചെകുത്താനെ ചിത്രീകരിക്കു

ന്നുണ്ട്. ചെകുത്താൻെറ സൃഷ്ടി ഈശ്വരേച്ഛയുടെ അനിയന്ത്രിതത്വത്തിന് ഊനം തട്ടിക്കുന്നു എന്നു വിശ്വാസികൾ മനസ്സിലാക്കുന്നില്ല.

ചെക്ക്

ഒരാൾക്ക് ആവശ്യപ്പെടുമ്പോൾ ഒരു നിശ്ചിത തുക നല്കാൻ ഒരു ബാങ്കിനു നല്കുന്ന നിരുപാധികമായ നിർദേശം ഉൾക്കൊള്ളുന്ന കൈമാറ്റംചെയ്യാവുന്ന രേഖ. വികസിത രാജ്യങ്ങളിലെ സ്വകാര്യ ഇടപാടുകളിൽ ഇതാണ് ഇന്നു പണത്തിൻെറ മുഖ്യരൂപം. പുറത്തെഴുതിയോ എഴുതാതെയോ ഇതു കൈമാറ്റം ചെയ്യാം. ഉചിതവിശേഷണങ്ങൾകൊണ്ടു കൈമാറ്റത്തെ പല തരത്തിൽ നിയന്ത്രിക്കാം. പണം കിട്ടേണ്ട ആളിൻെറ പേരു നിർദേശിക്കാതെ 'കാഷ്' (Cash) എന്നോ 'ബെയറർ' (bearer) എന്നോ മാത്രം നിർദേശിക്കാം. 'നെഗോഷ്യബിൾ ഇൻസ്റ്റ്രുമെൻറു'കളിൽ പെടുന്നതാണു ചെക്ക്. ഇത് ഒരു ബാങ്കിൻെറ മേൽ എഴുതുന്ന (drawn on a bank) ബിൽ ഓഫ് എക്സ്ചേഞ്ച് (bill of exchange) ആണ്.



VB:83/ 0920541
SB
विजया बैंक
VIJAYA BANK
85
Head office Bangalore 560025
19
OR BEARER
PAY
RUPEES
Rs.
P
SB A/c No
Folio
Entd

ചെക്ക് ലീഫ്

ബാങ്കുകൾ നല്കുന്ന നിശ്ചിത ഫോറത്തിലാണു ചെക്ക് എഴുതേണ്ടത്. എഴുതുന്ന തീയതി, പണം വാങ്ങേണ്ട ആളിനെപ്പറ്റിയുള്ള വിവരം, തുക, പണം നല്കേണ്ട ബാങ്കിൻെറ പേര്, എഴുതുന്ന ആളിൻെറ ഒപ്പ് എന്നിവ ചെക്കിൽ ഉണ്ടാകണം.

ചെക്കിൽ കുറുകെ സമാന്തരമായ രണ്ടു നേർവര വരച്ചാൽ ക്രോസ്ചെയ്തു എന്നു പറയും. ചെക്കു ക്രോസ് ചെയ്താൽ പണം കിട്ടേണ്ട ആളിൻെറ പേരിൽ ബാങ്ക് പണം വരവുവയ്ക്കയേ ചെയ്യൂ, പണം നല്കില്ല. രണ്ടുവര വരയ്ക്കുക മാത്രമായാൽ അതു ജനറൽ ക്രോസിങ് ആണ്. ഏതു ബാങ്കും ചെക്കു സ്വീകരിക്കും. ഒരു പ്രത്യേക ബാങ്കിൻെറ പേരുകൂടി ക്രോസിങ്ങിനോടു ചേർത്താൽ ആ ബാങ്കു മുഖാന്തരമേ ചെക്കുമാറാൻ കഴിയൂ. A/C Payee only എന്നു ക്രോസിങ്ങിനോടൊപ്പം ചേർത്താൽ സ്വന്തം അക്കൗണ്ടിലൂടെയേ ചെക്കുമാറ്റി കിട്ടൂ. ട്രാവെലഴ്സ് ചെക്കുകൾ ബാങ്ക് കാഷ്യർ ഒപ്പിട്ട ചെക്കുകളാണ്.

ചെക്ക് ഭാഷ

ചെക്കസ്ലവാക്യയിലെ ബൊഹീമിയ, മൊറേവിയ, സൈലീഷ്യ എന്നീ പ്രദേശങ്ങളിൽ പ്രചാരമുള്ള ഭാഷ. ബൊഹീമിയൻ എന്നും ഈ ഭാഷയെ വിളിക്കാറുണ്ട്. സ്ലവാക് പ്രദേശത്ത് നിലവിലുള്ള സ്ലവാക് ഭാഷയെപ്പോലെ ചെക്കും സ്ലാവോണിക് ഭാഷാകുടുംബത്തിൽ പെട്ടതാണ്. ഈ കുടുംബത്തിലെ മറ്റു ഭാഷകൾക്കില്ലാത്തത്ര സാജാത്യങ്ങൾ ചെക്കിനും സ്ലവാക്കിനും തമ്മിലുണ്ട്. രണ്ടു ഭാഷകളും സംസാരിക്കുന്ന ജനവിഭാഗങ്ങൾ ഒരേ റിപ്പബ്ലിക്കിലെ പൗരന്മാരാണ്. ചെക്കും സ്ലവാക്കും ഭാഷകളെ ഒരൊറ്റ ഭാഷയായി സംയോജിപ്പിക്കാനുള്ള ശ്രമങ്ങൾ വിജയിച്ചില്ല. രണ്ടു ഭാഷകളെയും ചെക്കസ്ലവാക്ക് എന്ന പേരിൽ വിളിക്കുന്ന പതിവ് ഇടക്കാലത്തു തുടങ്ങിയെങ്കിലും പിന്നീടത് ഉപേക്ഷിക്കേണ്ടിവന്നു. ചെക്കും സ്ലവാക്കും ജനവിഭാഗങ്ങളുടെ ഭിന്നതകൾ ചെക്കസ്ലവാക്യയിൽ രാഷ്ട്രീയക്ഷോഭങ്ങൾക്കുവരെ കാരണമാകാറുണ്ട്. രാജ്യത്തെ മൊത്തം ജനസംഖ്യ 1,55,08,000 (1985) ആണ്. അതിൽ ചെക്കുകൾ 63.8% സ്ലോവാക്കുകൾ 31%.

ചെക്കുപദങ്ങളും പ്രയോഗങ്ങളും പ്രത്യക്ഷപ്പെടുന്ന ആദ്യത്തെ രേഖ 1057-ലെതാണ്. ലാറ്റിൻ ലിപിയിലാണത് എഴുതിയിരുന്നത്. ചെക്ക് സാഹിത്യം രൂപപ്പെടാൻ തുടങ്ങിയതാകട്ടെ 13-ാം നൂറ്റാണ്ടിൽ ചെക്കുകളുടെ രാഷ്ട്രീയശക്തി വർധിച്ചതിനുശേഷമാണ്. 14-ാം നൂറ്റാണ്ടിൻെറ ഉത്തരാർധത്തിൽ ക്രിസ്തുമതപരിഷ്കാരങ്ങൾക്കുവേണ്ടി വലിയൊരു പ്രസ്ഥാനം നയിച്ച ജാൻ ഹൂസ്, ചെക്കുഭാഷയെ പോഷിപ്പിക്കാനും ശ്രമിച്ചു. പ്രാഗ്പ്രദേശത്തു നിലവിലിരുന്ന ചെക്കുഭാഷാഭേദത്തെ സാഹിത്യഭാഷാപദവിയിലേക്ക് ഉയർത്തിയത് അദ്ദേഹമാണ്. കൂടാതെ, ചെക്കുഭാഷയിൽ പദങ്ങളിലെ ലിപിവിന്യാസം പരിഷ്കരിക്കാൻ അദ്ദേഹം വിജയകരമായ ചില ശ്രമങ്ങൾ നടത്തി. ബൊഹീമിയൻ ബ്രദറൻ എന്ന ക്രൈസ്തവസഭക്കാർ 16-ാംനൂറ്റാണ്ടിൽ ബൈബിളിൻെറ ചെക്കുപരിഭാഷ പ്രസിദ്ധീകരിച്ചു. ലിപി വിന്യാസപരിഷ്കാരത്തിനുവേണ്ടി ഹൂസ് ആരംഭിച്ച യത്നം അതോടെ ഒട്ടുമിക്കവാറും പൂർത്തിയായി. ലിപി പരിഷ്കരണത്തിലെ ഒടുവിലത്തെ മാറ്റങ്ങൾ 19-ാം നൂറ്റാണ്ടിലാണുണ്ടായത്. പക്ഷേ, അപ്പോഴുണ്ടായ മാറ്റങ്ങൾ തുച്ഛമായിരുന്നു. അക്ഷരങ്ങളുടെ ഉച്ചാരണത്തിലുള്ള വ്യത്യാസമാണ് ചെക്കിനെ മറ്റു സ്ലാവോണിക് ഭാഷകളിൽനിന്നു വേർതിരിച്ചുനിർത്തുന്ന പ്രധാന സംഗതി. ഉച്ചാരണവ്യത്യാസങ്ങൾ കാണിക്കാൻ ചിഹ്നങ്ങൾ ഉപയോഗിക്കുന്നു.

ചെക്കസ്ലവാക് സാഹിത്യം

ചെക്ക് ഭാഷയിലും സ്ലവാക് ഭാഷയിലുമുള്ള സാഹിത്യം. 1918-നു മുമ്പു ചെക്കസ്ലവാക്യ ഇല്ലായിരുന്നു. മൊറാവിയ, ബൊഹീമിയ, സ്ലവാക്യ എന്നീ രാജ്യങ്ങൾ ചേർന്നുണ്ടായതാണു ചെക്കസ്ലവാക്യ. ഇവിടെയുള്ള ജനവർഗങ്ങൾ ചേർന്നു ദേശീയൈക്യം കെട്ടിപ്പടുക്കാൻ ഒരു പുതിയ ഭാഷയും സാഹിത്യവും കെട്ടിപ്പടുത്തു. അതാണു ചെക്കസ്ലവാക് സാഹിത്യം.

13-ാംനൂറ്റാണ്ടിൽത്തന്നെ ഇതിഹാസങ്ങളും ഭാവഗീതങ്ങളും നാടകങ്ങളും മതഗ്രന്ഥങ്ങളും പ്രത്യക്ഷപ്പെട്ടു. 16-ാംനൂറ്റാണ്ടിൽ ചെക്കുസാഹിത്യം ഉപദേശാത്മകസ്വഭാവമാണ് അധികം പ്രകടിപ്പിച്ചത്. നവോത്ഥാനകാലത്തു സഞ്ചാരസാഹിത്യത്തിനും സ്ഥാനം ലഭിച്ചു. 18-ാംനൂറ്റാണ്ടിൽ സാഹിത്യത്തിൽ ഒരു നവോത്ഥാനം ഉണ്ടായി. ജോസഫ് ഡൊ ബ്രോവ്സ്കി സാഹിത്യഭാഷയുടെ നിയമങ്ങൾ ക്രോഡീകരിച്ചു. 1811-ൽ മിൽട്ടൻെറ പാരഡൈസ് ലോസ്റ്റിൻെറ വിവർത്തനം പ്രസിദ്ധീകൃതമായി. മറ്റു രാജ്യങ്ങളോടൊപ്പം ചെക്കസ്ലവാക്യയിലും ഒരു കാല്പനികയുഗം പിറന്നു. യൂറോപ്യൻ സാഹിത്യത്തിലെ പ്രവണതകളെല്ലാം ചെക്ക് സാഹിത്യത്തിലും പ്രതിബിംബിച്ചു. ഒടാക്കർ ബ്രെൻസിയാ, പീറ്റർ ബെസ്രക് എന്നീ കവികൾ ശ്രദ്ധേയരാണ്.

1918-ൽ രാജ്യം സ്വതന്ത്രമായപ്പോൾ ചെക്ക് സാഹിത്യം പുരോഗമിച്ചു. കരേൽ ചാപെക്, ഫ്രാൻറിസെക് ലാംഗർ മുതലായ കഥാകൃത്തുകളും നാടകകൃത്തുകളും പ്രശസ്തരായി. രണ്ടാം ലോകയുദ്ധത്തിനുശേഷം കമ്യൂണിസത്തിൻെറ പ്രാബല്യം സാഹിത്യവാസനയെ തളർത്തി. മിലാൻ കുന്ദേര, വ്ളാദിമർ പാരൽ, ജിറി മെദേക് എന്നിവരാണ് ആധുനിക സാഹിത്യകാരന്മാരിൽ പ്രശസ്തർ.

സ്ലവാക് സാഹിത്യം. 18-ാംനൂറ്റാണ്ടുവരെ സാഹിത്യപരിശ്രമങ്ങൾ ഒന്നും നടന്നില്ല. 18-ാംനൂറ്റാണ്ടിൻെറ ഒടുവിൽ വ്യാകരണഗ്രന്ഥവും 19-ാംനൂറ്റാണ്ടിൻെറ മധ്യത്തോടെ നിഘണ്ടുവും ഉണ്ടായി. ചില ഭാവഗീതങ്ങളും ഇതിഹാസങ്ങളും പ്രസിദ്ധീകൃതമായി. ഹീസ്ഡോ സ്ലാവ് പ്രശസ്തകവിയാണ്. ഇന്ന് എല്ലാ സാഹിത്യശാഖകളിലും സ്ലവാക്കിൽ കൃതികൾ പുറത്തിറങ്ങിക്കൊണ്ടിരിക്കുന്നു.

ചെക്കസ്ലവാക്യ

മധ്യയൂറോപ്പിലെ ഒരു സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക്. ഒന്നാം ലോകയുദ്ധത്തിൻെറയും ഓസ്ട്രോ—ഹംഗേറിയൻ സാമ്രാജ്യത്തിൻെറ തകർച്ചയുടെയും ഫലമായി രൂപംകൊണ്ട ഒരു സ്വതന്ത്രരാഷ്ട്രം. 1918 ഒക്റ്റോബർ 18-ാംതീയതി നടന്ന ചെക്കസ്ലവാക്യ നാഷനൽ കൗൺസി

ചെക്കസ്ലവാക്യയിലെ
ഹ്റാദ്കനി ദുർഗമന്ദിരം



ലാണ് ഈ രാജ്യത്തെ സ്വതന്ത്രവും ഏകീകൃതവുമായ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിച്ചത്. 1968-ൽ ചെക്ക് സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക്, സ്ലവാക്സോഷ്യലിസ്റ്റ് റിപ്പബ്ലിക് എന്നിങ്ങനെ രണ്ടു ഘടകറിപ്പബ്ലിക്കുകൾ ഇവിടെയുണ്ടായി.

കടൽത്തീരത്തുനിന്നു ദൂരെ മാറിയാണ് ഈ രാജ്യം. വടക്കു പോളണ്ടും കിഴക്കൻ ജെർമനിയും പടിഞ്ഞാറ് പടിഞ്ഞാറൻ ജെർമനിയും തെക്ക് ഓസ്റ്റ്രിയയും ഹങ്കറിയും കിഴക്കു യു.എസ്.എസ്.ആറും ആണ് അതിർത്തി. വിസ്തൃതി: 1,27,903 ച.കി.മീ. ജനസംഖ്യ: 1,55,00,100 (1985).

ഭൂസ്ഥിതി. ഉയർന്ന പീഠഭൂമികൾ നിറഞ്ഞതാണ് ഈ രാജ്യം. ഓഡർ, എൽബ്, എൽബിൻെറ പോഷകനദിയായ ഒട്ടാവ, മൊറേവിയ, വാഹ്രാൺ എന്നിവയാണു പ്രധാനനദികൾ. ഭൂപ്രകൃതിയുടെ പ്രത്യേകതയും സുഖകരമായ കാലാവസ്ഥയും ഈ രാജ്യത്തെ യൂറോപ്പിലെ സമ്പന്ന രാജ്യങ്ങളിൽ ഒന്നാക്കിമാറ്റിയിരിക്കുന്നു. രാജ്യത്തിലെ മൂന്നിലൊന്നോളം ഭാഗം വനമാണ്.

കാലാവസ്ഥ. യൂറോപ്പു ഭൂഖണ്ഡത്തിനു പൊതുവിലുള്ള കാലാവസ്ഥയാണു ചെക്കസ്ലവാക്യയുടെത്. വസന്തത്തിലും ഗ്രീഷ്മത്തിലുമായി മൂന്നിൽ രണ്ടുഭാഗം മഴകിട്ടുന്നു. ശിശിരകാലം പൊതുവെ വരണ്ടതാണ്. ബൊഹീമിയൻ പീഠഭൂമിയിലെ മലമ്പ്രദേശങ്ങളിൽ കൂടുതൽ തണുപ്പും ഈർപ്പവും അനുഭവപ്പെടുന്നു. മൊറേവിയൻ താഴ്വരയും ഡാന്യൂബ് സമതലവും കൂടുതൽ ചൂടുള്ളതാകുന്നു. അവിടെ കൂടുതൽ മഴയുണ്ട്. കാർപേതിയൻ പർവതങ്ങളിൽ ധാരാളം മഴ പെയ്യുന്നു. ശിശിരകാലം അവിടെ നല്ല തണുപ്പാണ്.

ജനങ്ങൾ. ജനങ്ങൾ അധികവും സ്ലാവിക് വംശജരാണ്. രണ്ടാം ലോകയുദ്ധത്തിനുമുമ്പു ജനങ്ങളിൽ 70 ശതമാനത്തിലധികം ചെക്കുകളും സ്ലവാക്കുകളും ആയിരുന്നു. 20% ആണു ജെർമൻകാരുണ്ടായിരുന്നത്. എന്നാൽ 1946-47 കാലത്തു ജെർമൻകാരെ ജെർമനിയിലേക്കയച്ചു. പോളിഷ്കാരും മാഗ്യാറുകളും ചുരുക്കമായുണ്ട്. മതപരമായി ജനങ്ങളുടെ നില ഇപ്രകാരമാണ്. റോമൻ കത്തോലിക്കൻ-65.6%. ചെക്കസ്ലവാക് ചർച്ചിൽപ്പെട്ടവർ-4.4% ഇവാൻജലിസ്റ്റ്-1.4%. നിർമതന്മാർ-20.1%. മറ്റുള്ളവർ-8.5%.

ചരിത്രം. ചെക്കസ്ലവാക്യയുടെ ചരിത്രത്തിൽ 14-ാംനൂറ്റാണ്ട് മുതൽ 17-ാംനൂറ്റാണ്ട് വരെ ബൊഹീമിയക്കാർ വളരെ പ്രധാനപ്പെട്ട പങ്കു വഹിച്ചിരുന്നു. ഇവരെ ഓസ്റ്റ്രിയയിലെ ഹാപ്സ്ബർഗ് രാജാക്കന്മാർ തോല്പിച്ചു. ബൊഹീമിയ, മൊറേവിയ, സൈലീഷ്യ എന്നിവ ഓസ്റ്റ്രിയൻ സാമ്രാജ്യത്തിൽപെട്ടു. രണ്ടു നൂറ്റാണ്ടോളം ഈ രാജ്യങ്ങൾ ഹാപ്സ്ബർഗ് സാമ്രാജ്യത്തിൻെറ പ്രവിശ്യകൾ മാത്രമായിരുന്നു. 18-ാംനൂറ്റാണ്ടിൻെറ മധ്യത്തിൽ സൈലീഷ്യ പ്രഷ്യ കീഴടക്കി. അതിനുശേഷം തങ്ങളെ ജെർമൻകാരാക്കാനുള്ള ശ്രമം നടന്നപ്പോഴാണു ചെക്കസ്ലവാക്യക്കാരുടെ ദേശീയബോധം ഉണർന്നത്. 19-ാം നൂറ്റാണ്ടിൽ ഇവർ തങ്ങളുടെ ചരിത്രപരമായ അവകാശങ്ങൾക്കുവേണ്ടി വാദിക്കാൻ തുടങ്ങി. ഒന്നാം ലോകയുദ്ധക്കാലത്തു ജെർമൻ ആധിപത്യത്തിൽനിന്നു മോചനം കിട്ടാൻ ഇവർ സംഘടിതമായ യത്നം നടത്തി. തോമസ് മസാറിക്, ഡോ. കാറൽകാമർ, ഡോ. എഡ്വേഡ് ബെനസ് എന്നിവരുടെ നിരന്തരപരിശ്രമത്തിൻെറ ഫലമായി 1918 സെപ്റ്റംബർ 26-ാംനു ഒരു രക്തരഹിതവിപ്ലവത്തിലൂടെ ഹാപ്സ്ബർഗ് രാജവംശത്തെ സ്ഥാനഭ്രഷ്ടമാക്കി. ചെക്കസ്ലവാക്യ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു. മസാറിക് പ്രസിഡണ്ടും ക്രാമർ പ്രധാനമന്ത്രിയുമായി. 1919 ജുലായ് 8-നു നിലവിൽവന്ന മസാറിക് ഗവൺമെൻറ് ഒരു ഭരണഘടന നിർമിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ 1920 ഏപ്രിലിൽ തിരഞ്ഞെടുപ്പുനടത്തുകയും ചെയ്തു. 1920 ജൂൺ ഒന്നിനു തുസാറിൻെറ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ മന്ത്രിമാരായുള്ള ഭരണസമിതി നിലവിൽവന്നു. തുടർന്നു ബെനേഷ്, അൻറോണിൻ, സ്വെഹ്ലാ എന്നിവർ തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽവന്നു. ജെർമനിയിൽ ഹിറ്റ്ലർ അധികാരത്തിൽവന്നതോടെ ചെക്കസ്ലവാക്യയ്ക്കു വീണ്ടും ജെർമൻ ഭീഷണി നേരിടേണ്ടിവന്നു. സുഡെറ്റൻപ്രദേശം ജെർമനിയ്ക്കു വിട്ടുകൊടുക്കണമെന്നു ഹിറ്റ്ലർ ആവശ്യപ്പെട്ടു. അതിനു വഴങ്ങാതിരുന്നപ്പോൾ, 1938-ൽ സുഡെറ്റൻ പ്രദേശവും 1939-ൽ ചെക്കസ്ലവാക്യ മുഴുവനും


ഷൂനിർമാണം-ചെക്കസ്ലവാക്യയിലെ ഒരു പ്രധാന വ്യവസായം

മനോഹരമായ ടാട്രാപർവതം കാർപേതിയൻ പർവത നിരകളുടെ ഭാഗമാണിത്. തടാകങ്ങൾ നിറഞ്ഞതാണ് താഴ്വര

ഹിറ്റ്ലർ കൈവശപ്പെടുത്തി. സഖ്യകക്ഷികൾ ജെർമനിയെ പരാജയപ്പെടുത്തി, ജെർമനി പിടിച്ചടക്കിയ രാജ്യങ്ങൾ അതത് നാട്ടുകാർക്കു വിട്ടുകൊടുക്കുന്നതു വരെ ജെർമൻകാരിൽനിന്നു പല പീഡനങ്ങളും ഇവിടത്തെ ജനതയ്ക്കു സഹിക്കേണ്ടിവന്നു. 1945-നു ശേഷമാണു സ്വതന്ത്ര ചെക്കസ്ലവാക്യ ചരിത്രം വീണ്ടും ആരംഭിക്കുന്നത്.

1946-ൽ നടന്ന തിരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് പാർട്ടിക്കു ഭൂരിപക്ഷം ലഭിച്ചു. ജെർമനിയെ പരാജയപ്പെടുത്തുന്നതിൽ സോവിയറ്റ് യൂണിയൻ വഹിച്ച പങ്കും രാജ്യത്താകെയുണ്ടായിരുന്ന സോവിയറ്റ് സൈനികരുടെ സാന്നിധ്യവും കമ്യൂണിസ്റ്റ്പാർട്ടിയുടെ വളർച്ചയിൽ പ്രധാന പങ്കുവഹിച്ചു. അസംബ്ലിയിലെ 300 സ്ഥാനങ്ങളിൽ 114 സ്ഥാനങ്ങൾ കമ്യൂണിസ്റ്റ് പാർട്ടി നേടി. ബെനസ് പ്രസിഡൻറും ക്ലെമൻറ് ഗോട്ട്വാൾഡ് പ്രധാനമന്ത്രിയുമായി.

1948-ൽ കമ്യൂണിസ്റ്റ് നയങ്ങളിൽ പ്രതിഷേധിച്ച് 12 കമ്യൂണിസ്റ്റിതരമന്ത്രിമാർ മന്ത്രിസഭയിൽനിന്നു രാജിവച്ചു. ഇതിനെതിരെ രാജ്യത്താകമാനം കമ്യൂണിസ്റ്റുകാർ പ്രക്ഷോഭണം നടത്തുകയും കമ്യൂണിസ്റ്റുകാർ മാത്രമുള്ള ഒരു മന്ത്രിസഭയെ അംഗീകരിക്കാൻ പ്രസിഡൻറ് ബെനസ് നിർബന്ധിതനാകുകയും ചെയ്തു. അക്കൊല്ലം തന്നെ ബെനസ് മരിച്ചു - ക്ലെമൻറ് ഗോട്ട്വാൾഡ് ബെനസിൻെറ സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടു. 1955-ൽ ചെക്കസ്ലവാക്യ വാർസാസഖ്യത്തിൽ അംഗമായി കമ്യൂണിസ്റ്റു രാഷ്ട്രങ്ങളുടെകൂടെ നില്പുറപ്പിച്ചു.

കമ്യൂണിസ്റ്റുവാഴ്ചയിൽ കഴിഞ്ഞുകൂടിയ ചെക്കസ്ലവാക്യയിൽ നിയന്ത്രിത വ്യക്തിസ്വാതന്ത്ര്യം പുനഃസ്ഥാപിക്കാനുള്ള ശ്രമം 1968-ൽ നടന്നു. 1968 ഏപ്രിൽ 18-നു കമ്യൂണിസ്റ്റ് പാർട്ടിയിലെ മിതവാദിവിഭാഗത്തിൻെറ നേതാവായ ജോസഫ് സപ്രക്കോവ്സ്കി ചെക്കസ്ലവാക്യൻ പ്രസിഡൻറ് ആയി തിരഞ്ഞെടുക്കപ്പെട്ടു. അല്പം ഉദാരത കലർന്ന ഒരു നയം സപ്രക്കോവിസ്കിയുടെ ഗവൺമെൻറ് കൈക്കൊണ്ടു. ഈ നിശബ്ദവിപ്ലവത്തിൻെറ പിന്നിലെ പ്രധാന ശക്തി ദൂബ്ചെക്ക് ആയിരുന്നു. അയവില്ലാത്ത കമ്യൂണിസ്റ്റ് ചട്ടക്കൂട് വ്യക്തികളുടെ ഉദാരമായ അഭിപ്രായപ്രകടനത്തിനും രാഷ്ട്രത്തിൻെറ വളർച്ചയ്ക്കും പറ്റില്ലെന്നു ദൂബ്ചെക്കും കൂട്ടുകാരും പറഞ്ഞു. ചെക്കസ്ലവാക്യൻ ജനതയുടെ അഭിലാഷത്തിനു ചേർന്ന വണ്ണം കാര്യങ്ങൾ നടത്താനുള്ള സ്വാതന്ത്ര്യം വേണമെന്ന് അവർ ആവശ്യപ്പെട്ടു. സോവിയറ്റ് യൂണിയനും മറ്റു വാഴ്സാ സഖ്യരാജ്യങ്ങൾക്കും ഈ നിലപാട് അംഗീകരിക്കാൻ കഴിഞ്ഞില്ല. സോവിയറ്റ് യൂണിയൻ, പോളൻഡ്, ബൾഗേറിയ, ഹങ്കറി, റുമേനിയ എന്നീ രാഷ്ട്രങ്ങൾ സംയുക്തമായി ചെക്കസ്ലവാക്യക്കെതിരെ നീക്കം ആരംഭിച്ചു. ഈ രാഷ്ട്രങ്ങളുടെ സൈന്യങ്ങൾ ചെക്കസ്ലവാക്യയിൽ പ്രവേശിച്ചു ഡൂബ്ചെക്കിനെയും സഹപ്രവർത്തകരെയും സ്ഥാനഭ്രഷ്ടരാക്കി. ഡൂബ്ചെക്കിൻെറ സ്ഥാനത്തു ഗുസ്താവ്ഹസാക്ക് പാർട്ടിയുടെ ഒന്നാം സെക്രട്ടറിയായി. 1975-ൽ ഹസാക്ക് ചെക്കസ്ലവാക്യയുടെ പ്രസിഡൻറായി. 1977 ജനുവരിയിൽ ബുദ്ധിജീവികൾ ഹസാക്കിനെതിരെ പ്രക്ഷോഭം നടത്തിയെങ്കിലും ഫലപ്രദമായില്ല. ഇപ്പോൾ ഹസാക്ക് പാർട്ടിത്തലവനും രാഷ്ട്രത്തലവനുമായി തുടരുന്നു. ലബോമിർസ്റ്റ്റുഗൽ ആണു പ്രധാനമന്ത്രി.

വിദ്യാഭ്യാസം. 1918-നും 1938-നും ഇടയ്ക്കുള്ള കാലഘട്ടത്തിൽ ചെക്കസ്ലവാക്യയിൽ നിരക്ഷരത ഏറെക്കുറെ നിർമാർജനം ചെയ്തു. പ്രാഗ്, ബ്രണോ, ബ്രാട്ടിസ്ലാവ, ളോമൗക്ക് എന്നിവിടങ്ങളിലായി നാലു സർവകലാശാലകളടക്കം ഒട്ടേറെ വിദ്യാഭ്യാസസ്ഥാപനങ്ങൾ ജനങ്ങളുടെ വിദ്യാഭ്യാസത്തിൽ ശ്രദ്ധിച്ചുപോന്നു. പക്ഷേ, 1939-ൽ ജെർമനി ചെക്കസ്ലവാക്യ കീഴടക്കിയപ്പോൾ ചെക്ക് സർവകലാശാലകൾ പൂട്ടിച്ചു. അധ്യാപകരും വിദ്യാർഥികളുമടക്കം വളരെ പേർ തടവുകാരാക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്തു. വിദ്യാഭ്യാസം ആകെ ജെർമൻ നിയന്ത്രണത്തിലായി.

1948-ൽ വിദ്യാഭ്യാസരീതി നവീകരിച്ചു. മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ആശയങ്ങൾക്കു പാഠ്യപദ്ധതിയിൽ സ്ഥാനം നല്കി 1960-ൽ നടപ്പാക്കിയ പദ്ധതിപ്രകാരം 'സോഷ്യലിസ്റ്റ് ഇൻറലിജൻഷ്യ'യെയും സാങ്കേതിക വിദഗ്ധരെയും സൃഷ്ടിക്കാനുള്ള രീതികളാണു



ട്രിനെക്കിലെ
ഇരുമ്പ്-ഉരുക്കു വ്യവസായശാല

ള്ളത്. ആറുമുതൽ 15 വരെ പ്രായത്തിലുള്ള കുട്ടികൾക്കു വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാണ്. ഒമ്പതുകൊല്ലത്തെ അടിസ്ഥാനവിദ്യാഭ്യാസത്തിനുശേഷം 3 കൊല്ലത്തെ സെക്കൻഡറി സ്ക്കൂൾ വിദ്യാഭ്യാസം ശാസ്ത്രവിഷയത്തിലോ കലാവിഷയത്തിലോ വിദ്യാർഥിയുടെ താത്പര്യമനുസരിച്ചു നടത്താൻ സൗകര്യമുണ്ട്. രണ്ടു മുതൽ മൂന്നു വരെ വർഷം നീണ്ടുനില്ക്കുന്ന തൊഴിൽ പ്രധാനങ്ങളായ കോഴ്സുകളിൽ പ്രവേശിക്കാനും വിദ്യാർഥികൾക്കു സൗകര്യമുണ്ട്. 8 സർവകലാശാലകൾ, 14 സാങ്കേതിക കലാശാലകൾ എന്നിവയടക്കം 35 ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ചെക്കസ്ലവാക്യയിലുണ്ട്.

കൃഷി. രാജ്യത്തിൻെറ മൂന്നിലൊരുഭാഗം കൃഷിയ്ക്കുപയോഗപ്പെടുത്തുന്നു. 60 ശതമാനവും ധാന്യങ്ങളാണ് കൃഷിചെയ്യുന്നത്. ബീറ്റ്റൂട്ട് കൃഷിയും വിപുലമായ തോതിൽ നടക്കുന്നു. ഗോതമ്പ്, ബാർലി, ഓട്സ്, ചോളം എന്നിവയാണു ധാന്യവിളകളിൽ പ്രധാനം. ഉരുളക്കിഴങ്ങു കൃഷിയും ഉണ്ട്. ഇങ്ങനെ കൃഷി ജനതയുടെ ഒരു മുഖ്യതൊഴിലാണെങ്കിലും ചെക്ക്സ്ലവാക്യ ഭക്ഷ്യപദാർഥങ്ങളുടെ കാര്യത്തിൽ സ്വയം സമ്പൂർണമല്ല.

വ്യവസായം. വ്യവസായമേഖലയിൽ ഗണ്യമായ പുരോഗതി നേടിയ രാജ്യമാണു ചെക്കസ്ലവാക്യ. റേഡിയത്തിൻെറ അസംസ്കൃത ധാതുവായ പിച്ച്ബ്ലെൻഡ്, യുറേനിയം മുതലായവ ധാരാളമായി ലഭിക്കയാൽ അവയോടു ബന്ധപ്പെട്ട വ്യവസായങ്ങൾ ഇവിടെ വളർന്നുവന്നിരിക്കുന്നു. കൽക്കരി, ഇരുമ്പയിർ, തുകൽ, ഉരുക്ക് എന്നിവയോടു ബന്ധപ്പെട്ട വ്യവസായങ്ങളും ഇവിടെയുണ്ട്. എണ്ണ ശുദ്ധീകരണം മറ്റൊരു പ്രധാന വ്യവസായമാണ്. വൻകിടയിലുള്ള യന്ത്രങ്ങൾ, യന്ത്രോപകരണങ്ങൾ, യുദ്ധസാമഗ്രികൾ, സൂക്ഷ്മോപകരണങ്ങൾ, തുകൽ സാമാനങ്ങൾ മുതലായവ കയറ്റുമതികളിൽപ്പെടുന്നു. വ്യവസായവും വ്യാപാരവും ഇവിടെ ദേശസാത്കരിച്ചിട്ടുണ്ട്.

ഖനനം. കൽക്കരി, ഇരുമ്പ്, ഗ്രാഫൈറ്റ്, ഗാർനറ്റ്, വെള്ളി, ചെമ്പ്, ഈയം കല്ലുപ്പ്, അലൂമിനിയം, യുറേനിയം എന്നിവയാണു ചെക്കസ്ലവാക്യയിലെ ഖനിജോത്പന്നങ്ങൾ.

ഗതാഗതം. 1984-ലെ കണക്കനുസരിച്ച് 13,114 കി.മീ. നീളത്തിൽ റെയിൽപ്പാതയും 74,891 കി.മീ. നീളത്തിൽ റോഡും ചെക്കസ്ലവാക്യയിലുണ്ട്. നദികളിൽ കപ്പൽഗതാഗതമുണ്ട്. കടൽത്തീരമില്ലാത്തതിനാൽ പുറംനാടുകളുമായി കപ്പൽ വഴിയ്ക്കു ബന്ധമില്ല. പ്രാഗ്, ബ്രണോ, ബ്രാട്ടിസ്ലാവ, ഒളോമൗക്ക്, കോസീസ് എന്നീ വിമാനത്താവളങ്ങളിൽനിന്നു ചുറ്റുമുള്ള കമ്യൂണിസ്റ്റു രാഷ്ട്രങ്ങളിലേയ്ക്കും പാശ്ചാത്യപൗരസ്ത്യരാജ്യങ്ങളിലേക്കും വിമാനസർവീസുകളുണ്ട്.

ചെക്കേഴ്സ് (Checkers)

ഒരു അകത്തള(In-door)ക്കളി ഇതിനു ഡ്രോട്സ് (Draughts) എന്നും പറയും. ചെസ്സിൻെറതുപോലെ ഒന്നിടവിട്ടു കറുപ്പും വെളുപ്പും നിറത്തിലുള്ള 64 കളം ഇതിനുമുണ്ട്, കറുത്തും വെളുത്തുമുള്ള 12 വീതം കരുക്കളും. 1 മുതൽ 12 വരെയുള്ള കറുത്ത കളങ്ങളിൽ കറുത്തകരുവും 21—32 കളങ്ങളിൽ വെളുത്ത കരുവും നിരത്തുന്നു.



ചെക്കർ ബോർഡ്
ഇടത്ത്: കളിക്കാൻ ഒരുക്കിയത്
വലത്ത്: നംബർ ഇട്ട കറുത്ത കളങ്ങൾ

കറുത്ത കളങ്ങൾക്കേ നമ്പരുള്ളു, 1 മുതൽ 32 വരെ. കോണോടു കോണാണു കരുക്കൾ നീങ്ങുന്നത്. മാർഗത്തിൽ നില്ക്കുന്ന എതിർ കരുവിനെ വെട്ടിമാറ്റാം. കറുപ്പാണു കളിതുടങ്ങുന്നത്. എതിരാളിയുടെ കരുക്കൾ എല്ലാം വെട്ടി എടുക്കയോ, നീക്കാൻ കഴിയാത്ത നിലയിലാക്കുകയോ ചെയ്യുന്നയാൾ ജയിക്കുന്നു. ചില ഘട്ടങ്ങളിൽ കരുക്കൾക്കു ചലനരീതി മാറ്റാൻ നിയമമുണ്ട്.

ചെക്കോഫ്, ആൻറൺ പവ്ലോവിച്ച്

(1860—1904)

റഷ്യൻ ചെറുകഥാകാരനും നാടകകൃത്തും. 1860 ജനുവരിയിൽ ടാഗൻ റോഗ് എന്ന സ്ഥലത്തു ജനിച്ചു. പിതാവ് ഒരു ചെറിയ കച്ചവടക്കാരനായിരുന്നു. രാഷ്ട്രീയകാര്യങ്ങളിലും മറ്റും ഇടപെട്ടതിനാൽ പവെലിൻെറ കച്ചവടം നഷ്ടത്തിലായി. കടം വർധിച്ചതിനാൽ നാടുവിട്ടു മോസ്കോയിലേക്കു കടന്നു. സ്കൂൾ വിദ്യാഭ്യാസത്തിനിടയിൽ ചെക്കോഫ് ട്യൂഷനെടുത്തും മറ്റും കുടുംബത്തെ പരിരക്ഷിച്ചു. 1879-ൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ചെക്കോഫിന് വൈദ്യശാസ്ത്രം പഠിക്കുന്നതിന് ഒരു സ്കോളർഷിപ്പു കിട്ടി. പഠിക്കുമ്പോഴും കുടുംബം പുലർത്തേണ്ട ഭാരം ചെക്കോഫ് വഹിച്ചു. നർമരസപ്രധാനമായ കഥകൾ എഴുതി അദ്ദേഹം പണമുണ്ടാക്കി. 1884ൽ എം.ഡി. ഡിഗ്രി കരസ്ഥമാക്കി, ചികിത്സാവൃത്തി ആരംഭിച്ചു. എങ്കിലും ചെറുകഥകൾ എഴുതുന്ന ശീലം ഉപേക്ഷിച്ചില്ല. ചെക്കോഫിനെ ഉയർന്നുവരുന്ന കഥാകൃത്തായി പലരും കാണുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. 1890-ൽ ചെക്കോഫ് കുറ്റവാളികളുടെ കോളണിയായ സഖാലിൻ ദ്വീപു സന്ദർശിക്കുകയും രണ്ടുമാസം അവിടെ താമസിച്ചു സ്ഥിതിഗതികൾ പഠിക്കുകയും ചെയ്തു. അവിടെ പാർപ്പിച്ചിരുന്ന കുറ്റവാളികളുടെ പരിതാപകരമായ ജീവിതപ്രശ്നങ്ങളെ അടിസ്ഥാനമാക്കിയാണ്, 'സഖാലിൻ ദ്വീപ്' എന്ന പുസ്തകം എഴുതിയത്. 1892-ൽ ചെക്കോഫ് വെനീസ്, ഫ്ളോറൻസ്, റോം, പാരിസ്, നൈസ് എന്നീ നഗരങ്ങൾ സന്ദർശിച്ചു. പിന്നീടു മോസ്കോ പ്രവിശ്യയിലെ മെലിക്കോവോ എന്ന സ്ഥലത്തു 120 ഹെക്ടാർ വിസ്തൃതിയുള്ള ഒരു കൃഷിയിടം വിലയ്ക്കു വാങ്ങി. അവിടെ ആറു വർഷക്കാലം താമസിച്ചു. 28-ാമത്തെ വയസ്സിൽ ചെക്കോഫിനെ ക്ഷയരോഗം ബാധിച്ചെങ്കിലും, 14 വർഷക്കാലം അതു കുടുംബാംഗങ്ങളറിയാതെ മറച്ചുവച്ചു. 1891-ൽ റഷ്യയിൽ ക്ഷാമം ബാധിച്ചു. അപ്പോഴും, സ്വന്തം പ്രവിശ്യയിൽ കോളറ പടർന്നുപിടിച്ചപ്പോഴും, ചെക്കോഫ് ദുരിതാശ്വാസപ്രവർത്തനങ്ങളിൽ മുൻനിന്നു. 1897-ലെ റഷ്യയിലെ കാനേഷുമാരി പ്രവർത്തനങ്ങളിലും സജീവമായ പങ്കുവഹിച്ചു. ഗ്രാമീണസ്കൂളുകൾ പല സ്ഥലത്തും നിർമിക്കുന്നതിൽ മുൻകയ്യെടുത്തു. 1901-ൽ റഷ്യൻ അക്കാദമി ഒഫ് സയൻസസ്സിൻെറ ഓണററി അംഗത്വം ലഭിച്ചു. പക്ഷേ, മാക്സിം ഗോർക്കിയുടെ അംഗത്വം ചക്രവർത്തി റദ്ദാക്കിയതിനെ പ്രതിഷേധിച്ചു ചെക്കോഫും തൻെറ അംഗത്വം ഉപേക്ഷിച്ചു. 1901-ൽ ചെക്കോഫ് ഓൾഗാ നിപ്പർ എന്ന നടിയെ വിവാഹംചെയ്തു. ചെക്കോഫിൻെറ ക്ഷയരോഗം ക്രമേണ മൂർച്ഛരിച്ചു. 1904-ൽ അദ്ദേഹം ജെർമനിയിലെ ഒരു സുഖവാസകേന്ദ്രമായ ബേഡൻ വീലർ എന്ന സ്ഥലത്തേക്കു പോയി. ഒരു മാസം അവിടെ താമസിച്ചു. 1904 ജൂലൈയിൽ ചെക്കോഫ് അന്തരിച്ചു.

ചെറുകഥാശാഖയിലേക്കു മികച്ച സംഭാവനകൾ അർപ്പിച്ച എഴുത്തുകാരനാണു ചെക്കോഫ്. ജീവിതത്തിൻെറ ആഴങ്ങളിലേക്കു ചുഴിഞ്ഞു നോക്കാനും സമൂഹശക്തികൾ വ്യക്തിയുടെ ജീവതത്തെ ബാധിക്കുന്നതു ചിത്രീകരിക്കാനും ചെക്കോഫിനു സവിശേഷമായ



കഴിവുണ്ടായിരുന്നു. 1886-നും 1890-നുമിടക്ക് ഇദ്ദേഹത്തിൻെറ കഥകൾ 4 വാല്യങ്ങളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇവാനോവ്, പേഷി, കടൽക്കൊക്ക്, ചെറിത്തോട്ടം, രാജപാത, മൂന്നു സഹോദരിമാർ എന്നിവയാണു ചെക്കോഫിൻെറ പ്രധാന നാടകങ്ങൾ. 'രാജപാത' എന്ന നാടകം അന്നത്തെ റഷ്യയിൽ നിരോധിച്ചിരുന്നു.

ചെ ഗുവേര

†ഗുവേര, ചെ നോക്കുക.

ചെങ്സഹോദരന്മാർ

നിയോ-കൺഫൂഷ്യൻ ദാർശനികരായിരുന്ന ചെങ്ഹാവോയും (1032-'85), ചെങ് ഒന്നാമനും (1033-1107). ഈ സഹോദരന്മാരാണു കൺഫൂഷ്യൻ ദർശനത്തെ പരിഷ്കരിച്ച് ഒരു സംഘടിതമതത്തിൻെറ നിലയിലേക്ക് ഉയർത്തിയത്. ഇവർ തമ്മിൽത്തന്നെ ദാർശനികസിദ്ധാന്തങ്ങളിൽ മതഭേദം ഉണ്ടായിരുന്നു. ജ്യേഷ്ഠൻ ആദർശവാദി ആയിരുന്നു. അനുജൻ യുക്ത്യധിഷ്ഠിത ദർശനവാദിയും. 'സിദ്ധാന്തം ഒന്നേ ഉള്ളു എന്നാൽ ബാഹ്യരൂപങ്ങൾ (manifestations) പലതുണ്ട്' എന്ന ചെങ് ഒന്നാമൻെറ മതം ചൈനയിൽ പ്രസിദ്ധമാണ്.

ചെറുപ്പത്തിൽ ബുദ്ധ-താവോമതങ്ങളിൽ ചെങ്ഹാവോ തത്പരനായിരുന്നു. പരീക്ഷകൾ പാസ്സായി ഇദ്ദേഹം ഉയർന്ന ഉദ്യോഗങ്ങൾ വഹിച്ചു. വാങ് ആൻ-ഷിയുടെ ഭരണപരിഷ്കാരങ്ങളെ എതിർത്ത ഇദ്ദേഹത്തെ ഉദ്യോഗത്തിൽനിന്നു പിരിച്ചുവിട്ടു. പിന്നീടാണു തികഞ്ഞ ദാർശനികനായി മാറിയത്.

ചെങ് ഒന്നാമൻ രാജകീയാധ്യാപകനായിരുന്നു (1069-'70). അദ്ദേഹവും രാജിവച്ചു മതപ്രവർത്തനനിരതനായി. എല്ലാ അസ്തിത്വത്തെയും താങ്ങിനിർത്തുന്ന മൗലികശക്തി അഥവാ സാർവത്രിക സത്യം 'ലി' ആണെന്ന് ഈ ദാർശനികർ പറഞ്ഞു. ബൗദ്ധ-താവോ സിദ്ധാന്തങ്ങളിൽനിന്നാണു കൺഫൂഷ്യൻമതത്തിലേക്ക് ഈ സിദ്ധാന്തം ഇവർ സ്വീകരിച്ചത്. ചെങ്ഹാവോ മനനധ്യാനങ്ങൾക്കു പ്രാധാന്യം നല്കി. പുതുകൺഫൂഷ്യൻമതത്തിലെ ആദർശവാദത്തിന് അടിത്തറപാകിയ ലൂ സിയാങ്-ഷാൻ ഇദ്ദേഹത്തിൻെറ സിദ്ധാന്തങ്ങളുടെ പ്രേരണ ഉൾക്കൊണ്ടിരുന്നു.

'താവോ സെവു' (സത്യമാർഗപ്രസ്ഥാനം) എന്ന് അറിയപ്പെട്ട ചെങ് ഒന്നാമൻെറ മതം ലോകത്തിലുള്ള വിവിധ വസ്തുക്കളിൽ അന്വേഷിച്ച് ലി (സത്യം) എന്തെന്നു കണ്ടെത്തുക എന്നതിനാണ് ഊന്നൽ നല്കിയത്. ചരിത്രവും ശാസ്ത്രങ്ങളും പഠിച്ച് അനുമാനങ്ങളിലും നിഗമനങ്ങളിലും കൂടി സത്യസാക്ഷാത്കരണം നടത്തണം എന്നായിരുന്നു ഇദ്ദേഹത്തിൻെറ മതം.

ചെങ്-സു (ഭ. കാ. 1403—1425)

ചൈനീസ് രാജാവ്. ഇദ്ദേഹത്തിൻെറ കാലത്താണ് എണ്ണമറ്റ കെട്ടിടങ്ങളും ശില്പകലാദ്ഭുതങ്ങളും ഉണ്ടാക്കിയത്. മാർക്കോപോളോ കണ്ട കുബ്ലായ്ഖാൻെറ രാജധാനികൾ ഉണ്ടായിരുന്ന അതേ സ്ഥലത്തുതന്നെ 'നിരോധിക്കപ്പെട്ട നഗരം' എന്നൊരു മതിൽക്കെട്ടുണ്ടാക്കി. മാർബിൾ ടെറസ്സുകളും പരസ്പരം നോക്കി നില്ക്കുന്ന സിംഹപ്രതിമകളും സ്വീകരണമുറികളും ഊട്ടുപുരകളും സിംഹാസനങ്ങളും ആപ്പീസുമുറികളും രാജകുടുംബത്തിനും സേവകന്മാർക്കുമുള്ള വസതികളും എല്ലാം മതിൽക്കെട്ടിനകത്തുണ്ടായിരുന്നു. ഓരോ കൊട്ടാരവും രത്നങ്ങൾ പതിച്ചതായിരുന്നു; വർണശബളമായിരുന്നു. ചരിഞ്ഞ മേൽപ്പുരകളായിരുന്നു എല്ലാറ്റിനും.

ചെങ്-ഹ്വാങ്

ചൈനയിൽ കോട്ടകളുടെയും കിടങ്ങുകളുടെയും അധിപനായ ദേവത. ഓരോ ഗ്രാമത്തിനും, നഗരത്തിനും, ഭരണഘടകത്തിനും ഇത്തരം ദേവതകൾ-ഉണ്ട്. ഇവരെയെല്ലാം ചെങ്-ഹ്വാങുകൾ എന്നാണു വിളിക്കുക. ജീവിതകാലത്തു തങ്ങളുടെ പ്രദേശങ്ങൾക്കുവേണ്ടി എന്തെങ്കിലും വിശിഷ്ടസേവനം അനുഷ്ഠിച്ചിട്ടുള്ള മനുഷ്യരാണ്, മരണശേഷം ദൈവികപദവിയിലേക്ക് ഉയർത്തപ്പെടുന്നത്. ഒരു പ്രത്യേകസ്ഥലത്തെ ചെങ്-ഹ്വാങ്ങിൻെറ സ്ഥാനം ഒഴിവുവരുമ്പോൾ പരമാധികാരിയായ ദൈവം തന്നെ ഒരു മത്സരപരീക്ഷ നടത്തി തത്സ്ഥാനത്തേക്ക് ഒരു പുതിയ ചെങ്-ഹ്വാങ്ങിനെ തിരഞ്ഞെടുക്കുന്നു എന്നാണ് ഐതിഹ്യം.

ചെങ്കടൽ

ഉത്തര ആഫ്രിക്കയെ അറേബ്യൻ ഉപദ്വീപിൽ നിന്നു വേർതിരിക്കുന്ന വീതികുറഞ്ഞ കടൽ. ഇതിനു 2100 കി.മി. നീളമുണ്ട്. ആഴം, അക്വാബാ ഉൾക്കടൽ പ്രദേശത്ത് 1676 മീ.

സൂയസ്തോടു സൂയസ് ഉൾക്കടലിനെ മധ്യധരണ്യാഴിയോടു ബന്ധിക്കുന്നതുകൊണ്ടു ചെങ്കടലിലൂടെ ഏഷ്യയും യൂറോപ്പുമായി കടൽവഴിയുള്ള വ്യാപാരം സാധ്യമാണ്. 16° - 25° അക്ഷാംശങ്ങൾക്കിടയിൽ ചെങ്കടലിൻെറ അടിത്തട്ടു വളരെയേറെ ഉയർച്ചത്താഴ്ചകൾ ഉള്ളതാണ്. ഏറ്റവും കൂടിയ ആഴം 2920 മീ. പവിഴപ്പുറ്റുകളുടെ ആധിക്യം കൊണ്ടു നൗകകൾക്കു സഞ്ചാരയോഗ്യമായ മാർഗം വളരെ വീതി കുറഞ്ഞതാണ്. പുറ്റുതകർക്കലും മണ്ണുമാന്തലും ബാബെൽ മാൻഡെബ് പ്രദേശത്തു നിരന്തരം നടത്തേണ്ടിവരുന്നു. ഈ കടലിൽ ഒരു നദിയും വന്നു ചേരുന്നില്ല. മഴ വളരെ കുറവുമാണ്. ബാഷ്പീകരണത്തിൻെറ ഫലമായി പ്രതിവർഷം 2000 മി.മീ. ജലനിരപ്പു താഴ്ന്നു. ഏഡൻ ഉൾക്കടലിൽനിന്നു ബാബെൽ മാൻഡെബ് കടലിടുക്കുവഴി വെള്ളം കയറി ഈ നഷ്ടം പരിഹൃതമാകുന്നു. മൂന്നു ധാതു വിഭവങ്ങൾ ഇവിടെ ഉണ്ട്: പെട്രോളിയം, ഇവാപ്പൊറൈറ്റ്, ലോഹങ്ങൾ . ലോഹങ്ങൾ ചൂഷണം ചെയ്യപ്പെട്ടു തുടങ്ങിയിട്ടില്ല.

ചെങ്കണ്ണ്

ബാക്റ്റീരിയ നിമിത്തം കണ്ണിനെ ബാധിക്കുന്ന ഒരു പകർച്ചവ്യാധി. കണ്ണിനു നല്ല ചെമപ്പുണ്ടാകും. രാവിലെ പീള കെട്ടി കണ്ണ് അടഞ്ഞിരിക്കും. കണ്ണിൽനിന്നു പഴുപ്പുവരും. കൻജക്ടിവൈറ്റിസ് (Conjunctivitis) വിഭാഗത്തിൽപ്പെട്ട രോഗമാണിത്. ഉഷ്ണകാലത്താണു രോഗം കൂടുതൽ കാണുന്നത്. സ്ട്രെപ്റ്റോകോക്കസ്, സ്റ്റെഫലോക്കോക്കസ്, ഹിമോഫിലസ് ഇൻഫ്ളുവെൻസ മുതലായ അണുക്കളാണ് രോഗം ഉണ്ടാക്കുന്നത്.

കണ്ണു ബോറിക്‌ലോഷൻകൊണ്ടു കഴുകുക, ടെട്രാസൈക്ലിൻ ഓയിൻറ്മെൻറുകൾ പുരട്ടുക എന്നിവയാണു ചികിത്സകൾ. ഉറങ്ങാൻ നേരത്ത് അല്പം ഓയിൻറ്മെൻറു രണ്ടു കണ്ണിലും പുരട്ടിയാൽ രാവിലെ കണ്ണുതുറക്കാൻ വിഷമം വിരകയില്ല.

ചെങ്കണ്ണി (redwattled lapwing)

കരാഡ്രിഡൈ കുലത്തിൽപ്പെടുന്ന പക്ഷി. ശാസ്ത്രനാമം: *വനെലസ് ഇൻഡിക്കസ് (Vanellus indicus).* 33 സെൻറീമീറ്ററോളം നീളം ഉണ്ട്. ആൺപക്ഷിയും പെൺപക്ഷിയും കാഴ്ചയിൽ വ്യത്യാസമില്ല. ജലാശയത്തിന് അടുത്തുള്ള വയലിലും പറമ്പിലും പാറക്കുന്നിലും കണ്ടുവരുന്നു. ആൾക്കാട്ടി, തിത്തിരിപ്പക്ഷി എന്നെല്ലാം പേരുണ്ട്.

തലയ്ക്കും കഴുത്തിനും കറുപ്പാണ്. കണ്ണിൽനിന്നു തുടങ്ങി കഴുത്തിൻെറ പാർശ്വത്തിൽക്കൂടി അടിവശത്തു ചെന്നുചേരുന്ന വെള്ളപ്പട്ട കാണാം. കണ്ണും കൊക്കും ചുവന്നതാണ്.

മനുഷ്യൻ ഉൾപ്പെടെയുള്ള ശത്രുക്കളെ കാണുമ്പോൾ സവിശേഷശബ്ദം പുറപ്പെടുവിച്ച് നല്കുന്ന സൂചന ചെങ്കണ്ണികൾക്കു മാത്രമല്ല മറ്റു പല ജന്തുക്കൾക്കും ഉപയോഗപ്പെടുന്നു. ഈ സ്വഭാവമാണ്



ചെങ്കണ്ണി

ആൾക്കാട്ടി എന്ന പേരിനു കാരണം. നായാട്ടുകാർക്ക് ഇതു ശല്യമാണ്.

പകലാണ് ഇരതേടുന്നത്. ചിലപ്പോൾ നിലാവുള്ള രാത്രിയിലും ഇര തേടാറുണ്ട്. മണ്ണിലുള്ള പുഴുവും കൃമിയുമാണ് ആഹാരം.

ഒറ്റയ്ക്കും ഇണയായും അഞ്ചും ആറും അംഗങ്ങൾ അടങ്ങിയ ചെറുകൂട്ടങ്ങളായും ചെങ്കണ്ണിയെ കണ്ടുവരുന്നു. തറയിൽ ആഴം കുറഞ്ഞ കുഴിയുണ്ടാക്കി അതിലാണു മുട്ടയിടുന്നത്. പച്ചയുടെ കലർപ്പുള്ള ഇരുണ്ടതവിട്ടുനിറമാണു മുട്ടയ്ക്ക്. ഒരു തവണ മൂന്നോ നാലോ മുട്ടയിടുന്നു. മുട്ടയിൽനിന്നു പുറത്തുവരുമ്പോൾതന്നെ പക്ഷിക്കുഞ്ഞിൻെറ കണ്ണു തുറന്നിരിക്കും. ദേഹമാസകലം തൂവലും കാണും.

ചെങ്കരിങ്ങാലി

ലെഗുമിനേസി കുലത്തിൽപ്പെട്ട ചെടി. ശാസ്ത്രനാമം: *അക്കേഷ്യ ലൂക്കോഫ്ളയ* (*Acacia leucophlaea*). ദക്ഷിണേന്ത്യയിൽ കണ്ടുവരുന്നു. ഉദ്യാനങ്ങളിൽ നട്ടുവളർത്താറുണ്ട്. ഓഗസ്റ്റു മുതൽ നവംബർ വരെയാണു പൂക്കാലം. തൊലിയിൽ നിന്നു നാരെടുക്കുന്നു. തടി പണിത്തരത്തിന് ഉപയോഗിക്കുന്നു. †കരിങ്ങാലി നോക്കുക.


ചെങ്കരിങ്ങാലി

ചെങ്കല്ല് (Laterite)

അയൺ ഓക്സൈഡുകൊണ്ടു സമ്പന്നമായ മണ്ണട്ടി. ഓക്സീകരണ-നിക്ഷാളന (leaching) പ്രക്രിയകൾകൊണ്ട് അപക്ഷയം (weathiring) സംഭവിക്കുന്ന പലതരം പാറകളിൽ നിന്നാണ് ഇതു ലഭിക്കുന്നത്. ആർദ്രമായ കാലാവസ്ഥയിൽ ഉഷ്ണമേഖലാ-ഉപോഷ്ണമേഖലാ പ്രദേശങ്ങളിലാണ് ഇതു രൂപം കൊള്ളുന്നത്. ചെങ്കല്ലുമണ്ണിൽ കളിമൺ ധാതുജങ്ങൾ ഉണ്ടാകാം. വെള്ളത്തിൽ സിലിക്കയ്ക്ക് നിക്ഷാളനം സംഭവിക്കുന്നതുകൊണ്ട് ഇതിൽ സിലിക്കാംശം കുറയുന്നു. നല്ല ചെങ്കല്ലു സരന്ധ്രവും കളിമൺസദൃശവുമാണ്. അതിൽ അയൺ ഓക്സൈഡ് ധാതുക്കൾ, ടൈറ്റാനിയം ഓക്സൈഡുകൾ, അലൂമിനിയത്തിൻെറ ഹൈഡ്രേറ്റഡ് ഓക്സൈഡുകൾ ഇവ കാണുന്നു.


കെട്ടിട നിർമാണത്തിനുവേണ്ടി വെട്ടിയെടുത്ത ചെങ്കല്ല്.


ചെങ്കല്ലിൻെറ പ്രകൃതിദത്തമായ അട്ടി.

ചെങ്കല്ല് വിസോലിത്തികയുഗത്തിൽ രൂപപ്പെട്ടതാണ്. തുറന്ന ഉപരിതലങ്ങൾ കറുപ്പുകലർന്ന തവിട്ടുനിറമോ, ചെമപ്പോ ആയിരിക്കും. ഉരുകിയുറച്ച ലോഹമോ ലാവയോ പോലെയുള്ള ഇവ പൊട്ടിച്ചാൽ ചെമപ്പോ മഞ്ഞയോ തവിട്ടോ നിറം ആയിരിക്കും. ഉള്ളു കുറച്ചു മൃദു ആയിരിക്കും. ഇരുന്നാൽ ക്രമേണ കട്ടിയാകും.

ഏതെങ്കിലും സവിശേഷമാതൃശിലയോടോ ഭൗമയുഗത്തോടോ രൂപാന്തരണത്തോടോ കാലാവസ്ഥയോടോ ഭൂമിശാസ്ത്രപരമായ സ്ഥാനത്തോടോ ചെങ്കല്ലിനെ നിശ്ചിതമായി ബന്ധിക്കാൻ സാധ്യമല്ല. ചില ഭൗതികരാസപ്രക്രിയകളുടെ പരിണതഫലമാണു ചെങ്കല്ല് അഥവാ വെട്ടുകല്ല്. അതിൻെറ രൂപവത്കരണത്തിൻെറ പിന്നിൽ ഇരുമ്പടങ്ങുന്ന മാതൃശില, നീർവാർച്ചയുള്ള ഭൂഭാഗം (terrain), സുലഭമായ നീരാവി, ഉയർന്ന ഓക്സീകരണ സാധ്യത ഇവയുടെ സഹസ്രാബ്ദങ്ങളായുള്ള സാന്നിധ്യം ഉണ്ടായിരിക്കും.

ചെങ്കൽപട്ട്

തമിഴ്നാട്ടിൽ മദിരാശിനഗരത്തിൻെറ തൊട്ടുള്ള ഒരു ജില്ലയും പട്ടണവും. ജില്ലയുടെ വിസ്തൃതി 7,863 ച. കി. മീറ്റർ. ജനസംഖ്യ 36,16,508 (1981). തലസ്ഥാനം കാഞ്ചീപുരം.

ജില്ലയിൽ അങ്ങിങ്ങായി കുന്നുകളുണ്ടെങ്കിലും പറയത്തക്ക വനങ്ങൾ ഇല്ല. തെക്കു സമതലപ്രദേശമാണ്. ആഴംകുറഞ്ഞ പാലാർനദി

മഹാബലിപുരത്തെ മണൽത്തടങ്ങൾ

വേനൽക്കാലത്തു മിക്ക ഭാഗത്തും വരണ്ടിരിക്കും. ചെങ്കൽപട്ട് പട്ടണ ത്തിനടുത്തുവച്ചു പാലാർ കടലിൽ പതിക്കുന്നു. ഒക്റ്റോബർ-നവം ബർ മാസങ്ങളിലാണു മഴ. ജില്ലയിലെ മുഖ്യതൊഴിൽ കൃഷിയാണ്. പണ്ടു കുഴിച്ചുണ്ടാക്കി കെട്ടിപ്പടുത്ത ഏരികൾ എണ്ണത്തിൽ വളരെ യുണ്ട്. അവയാണു വരണ്ട മാസങ്ങളിൽ കൃഷിക്കു വേണ്ടുന്ന ജലം നല്കുന്നത്. വളരെ വലിയ ഏരികളിലൊന്നായ ചെമ്പ്രംപാകം ഈ ജില്ലയിലാണ്. തെക്കുഭാഗത്തു നെൽകൃഷിനടത്തുന്നു. വാഴ, വെറ്റില, കരിമ്പ് മുതലായവയും കൃഷിചെയ്തുവരുന്നു. മദിരാശി നഗരത്തി നോടു തൊട്ടുകിടക്കുന്ന ഗിണ്ടി, പല്ലാവരം, ക്രോംപെട്ട്, താംബരം, വണ്ടല്ലൂർ, സെൻറ് തോമസ് മൗണ്ട്, പൂനമല്ലി , പാഡി, അമ്പത്തൂർ, വില്ലിവാക്കം, ആവഡി, എന്നൂർ എന്നിവിടങ്ങളിൽ വ്യവസായസ്ഥാ പനങ്ങളുണ്ട്. തുകൽ ഊറയ്ക്കിടലിനു പ്രാധാന്യമുള്ളതാണു ക്രോം പെട്ടും താംബരവും.

കാഞ്ചീപുരം, താംബരം, ചെങ്കൽപട്ട്, മദുരാന്തകം, പല്ലാവരം, ആവഡി, പൂനമല്ലി, വില്ലിവാക്കം മുതലായവ ചരിത്രപരമായി പ്രാധാന്യമർഹിക്കുന്ന കേന്ദ്രങ്ങളാണ്. മഹാബലിപുരം ഒരു ചെറിയ ഗ്രാമമാണ്. പല്ലവശില്പകലയുടെ വൈശിഷ്ട്യം അനേകായിരം സന്ദർശകരെ അവിടേക്കാകർഷിക്കുന്നു. ചെങ്കൽപട്ട്പട്ടണത്തിൽനിന്നു മഹാബലിപുരത്തേക്കുള്ള റോഡിൽ സ്ഥിതിചെയ്യുന്ന തിരുക്കഴുക്കുണ്ട്റംക്ഷേത്രം പല കാരണങ്ങളാലും പ്രസിദ്ധവും സന്ദർശകരെ ആകർഷിക്കുന്നതുമാണ്. കാഞ്ചീപുരം, തിരുക്കഴുക്കുണ്ട്റം, തിരുവൊറ്റിയൂർ, തിരുനീർമല മുതലായവ ഹിന്ദുക്കൾക്കും ലിറ്റിൽമൗണ്ട്, സെൻറ് തോമസ് മൗണ്ട് മുതലായവ ക്രിസ്ത്യാനികൾക്കും പുണ്യസ്ഥലങ്ങളാണ്.

മദിരാശിയിൽനിന്ന് 56 കി. മീ. തെക്ക്, തിരുച്ചിറപ്പള്ളിക്കുള്ള റെയിൽവേയിൽ പാലാർനദീമുഖത്തിന് അല്പം വടക്കും കടൽത്തീരത്തിൽനിന്നു കുറച്ചു വിട്ടും ചെങ്കൽപട്ട് പട്ടണം സ്ഥിതിചെയ്യുന്നു (12° 44′ വടക്ക്. 80° കിഴക്ക്). 16-ാംനൂറ്റാണ്ട് അവസാനത്തോടെ വിജയനഗരരാജാക്കന്മാർ ഇവിടെ ഒരു കോട്ട നിർമിച്ചു. 1640-ൽ പട്ടണം ഗോൽക്കൊണ്ട സുൽത്താൻ കീഴടക്കി. കർണാട്ടിക് യുദ്ധത്തിൽ ഫ്രെഞ്ചുസൈന്യസഹായത്തോടെ ചന്ദാസാഹിബ് കോട്ട പിടിച്ചു (1751). പിറ്റേക്കൊല്ലം ക്ലൈവ് ഈ പട്ടണവും കോട്ടയും കീഴടക്കി. ഇത് ഒരു റെയിൽവേ ജങ്ഷനാണ്. കാഞ്ചീപുരം വഴി ആർക്കോണത്തേക്കുള്ള റെയിൽപാത ഇവിടെനിന്നാരംഭിക്കുന്നു. പുരാണപ്രസിദ്ധിയുള്ള തിരുക്കഴുക്കുണ്ട്റം വഴി മഹാബലിപുരത്തേക്ക് ഇവിടെനിന്നു റോഡുണ്ട്. ഗതാഗതസൗകര്യം ധാരാളമുള്ള പട്ടണമാണ്. ഒരു മെഡിക്കൽകോളെജിനും ആശുപത്രിക്കും പുറമെ കുഷ്ഠരോഗാശുപത്രിയും ഇവിടെയുണ്ട്.

ചെങ്കുപ്പായ പ്രസ്ഥാനം

പണ്ടത്തെ ഇന്ത്യയിലെ പഴയ വടക്കുപടിഞ്ഞാറൻ അതിർത്തി പ്രവിശ്യയിൽ (ഇപ്പോൾ പാകിസ്താനിലെ പ്രവിശ്യ) സ്വാതന്ത്ര്യസമരഭടനായ ഖാൻ അബ്ദുൾ ഗഫാർ ഖാൻ രൂപവത്കരിച്ച സന്നദ്ധസംഘടന. ഈ സന്നദ്ധസംഘടനയിലെ അംഗങ്ങളുടെ വേഷം ഇളം ചെമപ്പു നിറത്തിലുള്ളതായിരുന്നതിനാലാണ് ഇവരെ ചെങ്കുപ്പായക്കാർ എന്നു വിളിച്ചുവന്നത്. ബ്രിട്ടീഷു ഗവൺമെൻറിനെതിരെയും അന്ധവിശ്വാസങ്ങൾക്കെതിരെയും ഈ സംഘടന അഹിംസാത്മകമായ സമരം നടത്തി. ഈശ്വരൻറെ സേവകന്മാർ എന്ന അർഥത്തിലുള്ള †ഖുദായ് ഖിദ്മത്ഗാർ എന്നും ഈ സന്നദ്ധസംഘടനയ്ക്കു പേരുണ്ട്.

ചെങ്കുമ്മട്ടി

കുക്കർബിറ്റേസി കുലത്തിൽപ്പെട്ട ഔഷധസസ്യം. ശാസ്ത്രനാമം: *കുക്കുമിസ് ട്രൈഗോണസ് (Cucumis trigonus)*. ഭക്ഷണമായും ഉപയോഗിക്കുന്നു. എല്ലാക്കാലത്തും ഇതു പൂക്കുന്നു. †തണ്ണിമത്തൻ നോക്കുക.

ചെങ്കുയിൽ (baybanded cuckoo)

ഒരിനം കുയിൽ. കുക്കുലിഡെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം. *കാകോമാൻറിസ് സോനറാറ്റി (Cacomantis sonneratii)*. 24 സെൻറീമീറ്ററോളം നീളം ഉണ്ട്. ഉത്തരകേരളത്തിൽ കൂടുതലായി കണ്ടുവരുന്നു.

മേൽഭാഗം തവിട്ടു നിറമാണ്. അടിവശം വെളുത്തും. കറുത്ത ചെറുതൂവലുകൾകൊണ്ടുള്ള രേഖകൾ കാണാം. ചെവിയുടെ ഭാഗത്തു തലയുടെ മറ്റു ഭാഗങ്ങളെക്കാൾ കറുപ്പു കൂടുതലാണ്. ആണിനും പെണ്ണിനും കാഴ്ചയിൽ വലിയ വ്യത്യാസമില്ല. സാധാരണ കുയിലുകൾ പുറപ്പെടുവിക്കുന്ന ശബ്ദത്തിൽ നിന്നു വ്യത്യസ്തമാണ് ഇതിൻറെ ശബ്ദം.



ചെങ്കുയിൽ

കൂടുകൂട്ടാറില്ല. അയോറ എന്ന പക്ഷിയുടെ കൂട്ടിലാണു മുട്ടയിടുന്നത്.

ചെങ്കുറിഞ്ഞി

അനാകാർഡിയേസി കുലത്തിൽപ്പെട്ട മരം. ശാസ്ത്രനാമം: *ഗ്ലൂട്ട ട്രാവൻകോറിക്ക (Gluta travancorica)*. 35 മീറ്ററോളം ഉയരവും ഒന്നര മീറ്ററോളം വ്യാസവും ഉണ്ട്. പച്ചിലക്കാടുകളിൽ മാത്രം കണ്ടുവരുന്നു.

മരത്തൊലി മിനുസമുള്ളതാണ്. ചാരനിറമാണ് ഇതിന്. തൊലിയിൽ നിന്ന് ഊറിവരുന്ന കറ വീണാൽ ദേഹത്തു വ്രണം ഉണ്ടാകും.

ഇല ശാഖാഗ്രങ്ങളിൽ കൂട്ടമായി ഉണ്ടാകുന്നു. ഒമ്പതു മുതൽ പതിനെട്ടു വരെ സെൻറീമീറ്റർ നീളവും മൂന്നു മുതൽ ആറു വരെ സെൻറീമീറ്റർ വീതിയും ഉണ്ട്.

മാർച്ചു മാസത്തിൽ പൂക്കുന്നു. പൂവിൻറെ നിറം ഇളംമഞ്ഞ. ജൂൺ-സെപ്തംബർ മാസങ്ങളിൽ കായു വിളയും.

കാതലിനു കടുംചെമപ്പു നിറമാണ്. രസദാരു(വെള്ള)വിനു വെള്ളനിറവും. തടിക്ക് ഈട്ടിയോടു സാദൃശ്യമുണ്ട്. വീട്ടുപകരണങ്ങൾ, പ്ലൈവുഡ് എന്നിവയ്ക്ക് ഉപയോഗിക്കുന്നു.

ചെങ്കൊക്കൻകുരുവി (tickell's flowerpecker)

ഒരിനം ഇത്തിക്കണ്ണിക്കുരുവി. ഡൈസീയിഡെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *ഡൈസിയം എറിത്രോറിങ്കസ് (Dicaeum erythrorhynchos)*. എട്ടു സെൻറീമീറ്ററോളം നീളമുണ്ട്.

നീലച്ചുണ്ടനും കരിഞ്ചുണ്ടനും ആണ് മറ്റു രണ്ടിനങ്ങൾ. ശാസ്ത്രനാമം യഥാക്രമം *ഡൈസിയം അജൈൽ (Dicaeum agile)*, *ഡൈസിയം കോൺകോളർ (Dicaeum concolor)*. കേരളത്തിൽ കാണുന്ന പക്ഷികളിൽ ഏറ്റവും ചെറുതാണ് ഇവ. നീലച്ചുണ്ടനും കരിഞ്ചുണ്ടനും മിക്കവാറും കാട്ടിലാണു വാസം. ചെങ്കൊക്കൻ നാട്ടിലും.



ചെങ്കൊക്കൻ കുരുവി

ആൺകുരുവിയും പെൺകുരുവിയും കാഴ്ചയിൽ വ്യത്യാസമില്ല. ദേഹത്തിൻറെ ഉപരിഭാഗത്തിനു തവിട്ടുനിറമാണ്. അടിഭാഗത്തിനു മങ്ങിയ വെള്ളനിറവും. കൊക്കിൻറെ നിറം മങ്ങിയ ചെമപ്പ്. കൊക്കിനു ചെറിയ വളവുണ്ട്. കുറിയതുമാണ്. മിക്കസമയവും വാലു വിശറിപോലെ വിടർത്തിപ്പിടിച്ചിരിക്കും.

ഇത്തിക്കണ്ണിയുള്ള മരങ്ങളിലെല്ലാം ചെങ്കൊക്കൻകുരുവിയെ കാണാം. ഇത്തിക്കണ്ണിയുടെ ഫലങ്ങൾ, പൂന്തേൻ, ചെറുപ്രാണികൾ തുടങ്ങിയവയാണ് ആഹാരം. പരാഗണത്തിനും വിത്തുവിതരണത്തിനും ചെങ്കൊക്കൻ സഹായിക്കുന്നു.

മഴക്കാലത്താണ് കൂടുകൂട്ടുന്നത്. നാരുകളും അപ്പൂപ്പൻതാടിയും മാറാലയും കൊണ്ടുള്ള കൂടാണെങ്കിലും ബലമുണ്ട്. ഒരു തവണ രണ്ടോ മൂന്നോ മുട്ടയിടും.

ചെങ്കോട്ട

കേരളത്തിനും തമിഴ്നാടിനും മധ്യേകിടക്കുന്ന വ്യാവസായികപ്രാധാന്യമുള്ള ഒരു പട്ടണം. തെക്കൻ തമിഴ്നാട്ടിലെ ഒരു പ്രധാന റെയിൽവേജങ്ഷൻ കൂടിയാണ് ഇത്. കേരളവും തമിഴ്നാടുമായുള്ള വിപണനം കൂടുതലും നടക്കുന്നതു ചെങ്കോട്ടവഴിയാണ്. നല്ലയിനം മാമ്പഴങ്ങൾ ഇവിടെ സുലഭമായി കിട്ടുന്നു. പ്രധാന കൃഷി നെല്ലാണ്. കുറ്റാലം ജലപാതം ചെങ്കോട്ടയ്ക്കു വളരെ അടുത്താണ്.

ചെങ്കോട്ട (Red fort)

ചെമന്ന ചരൽക്കല്ല് (റെഡ്സാൻഡ്സ്റ്റോൺ) കൊണ്ടു കെട്ടിയ ദില്ലിയിലെ കോട്ട. 'ലാൽ കിലാ' എന്നും പറയും. ഷാജഹാൻ എന്ന മുഗൾ ചക്രവർത്തി ആണ് ഇതു നിർമിച്ചത്. ഇതിന്റെ പണി 1638-ൽ തുടങ്ങി 1648-ൽ അവസാനിച്ചു. നീളം രണ്ടു കി.മീ. പൊക്കം നദീതീരത്തു 18 മീ., നഗരപാർശ്വത്തിൽ 33 മീ. ഷാജഹാൻ തന്റെ രാജധാനി ആഗ്രയിൽനിന്നു ദില്ലിയിലെ ഷാജഹാനാബാദിലേക്കു പൂർണമായി മാറ്റുംമുമ്പ് അദ്ദേഹത്തെ മകൻ അറംഗസീബു സ്ഥാനഭ്രഷ്ടനും തടവുകാരനുമാക്കി.



ചെങ്കോട്ട

ചെങ്കോട്ടയ്ക്കകത്തു രാജധാനി സ്ഥാപിച്ച ആദ്യത്തെയും അവസാനത്തെയും മുഗൾ ചക്രവർത്തി അറംഗസീബ് ആയിരുന്നു. ഇതിനുള്ളിലെ ഉദ്യാനങ്ങൾ ന്യൂദില്ലിയിലെ ശബ്ദായമാനമായ അന്തരീക്ഷത്തിൽ നിന്ന് അകന്നു പ്രശാന്തമായ അന്തരീക്ഷത്തിൽ സ്ഥിതി ചെയ്യുന്നു. വെള്ളിയാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ ടിക്കറ്റെടുത്ത് ഉള്ളിൽ കടന്നു ചുറ്റിനടന്നു കാണാം.

ചെങ്ങന്നൂർ

ആലപ്പുഴ ജില്ലയിലെ ഒരു താലൂക്കും താലൂക്കിന്റെ ആസ്ഥാനമായ പട്ടണവും. പമ്പാനദിയുടെ തീരത്താണ് ഈ താലൂക്ക്. താലൂക്കിന്റെ തെക്കെ അതിര് അച്ചൻകോവിൽ ആറ് ആണ്. താലൂക്കിന്റെ വിസ്തൃതി 201.2 ച.കി.മീ. ജനസംഖ്യ 2,48,684 (1981). പട്ടണത്തിന്റെ വിസ്തൃതി 13 ച.കി.മീ. ജനസംഖ്യ 24,862 (1981). വാർഡുകൾ 20.



പാണ്ഡവൻ പാറ

മലഞ്ചരക്കു വ്യാപാരത്തിനു പ്രസിദ്ധമായ ഒരു ചന്തയും പാർവതീപരമേശ്വരന്മാരുടെ പ്രതിഷ്ഠയുള്ള ഒരു മഹാക്ഷേത്രവും ഇവിടെ ഉണ്ട്. ചെങ്ങന്നൂർ കേരളത്തിലെ നമ്പൂതിരിഗ്രാമങ്ങളിൽ ഒന്നിന്റെ കേന്ദ്രമാണ്. വഞ്ചിപ്പുഴചീഫിന്റെ ആസ്ഥാനവും ഇവിടെ ആണ്.

ചെങ്ങന്നൂർ ക്ഷേത്രം

ചെങ്ങന്നൂർ പട്ടണമധ്യത്തിലുള്ള മഹാദേവക്ഷേത്രം. ഈ ക്ഷേത്രത്തിൽ ഒരേ ശ്രീകോവിലിൽ കിഴക്കോട്ടു ശിവനെയും പടിഞ്ഞാറോട്ടു പാർവതിയെയും പ്രതിഷ്ഠിച്ചിരിക്കുന്നു. പാർവതിവിഗ്രഹത്തിൽ സാധാരണ സ്ത്രീശരീരത്തിലെപ്പോലെ ആർത്തവലക്ഷണങ്ങൾ കാണാറുണ്ടെന്നാണു വിശ്വാസം. തൃപ്പൂത്ത് എന്ന പേരിൽ ഇതു വിഖ്യാതമാണ്. തൃപ്പൂത്ത് ആയാൽ നാലാം ദിവസം ആർത്തവസ്നാനം എന്ന സങ്കല്പത്തിൽ തൃപ്പൂത്താറാട്ടു നടത്തുന്നു. ആണ്ടിൽ മൂന്നു നാലു തവണ ഈ പ്രതിഭാസം ഉണ്ടാകുന്നതായി പറയുന്നു.



ചെങ്ങന്നൂർ ക്ഷേത്രം

കിഴക്കേനടയിൽ അണ്ഡാകൃതിയിലുള്ള കൂത്തമ്പലത്തറ ഉണ്ട്. അതിന്റെ മേല്പുര അഗ്നിക്ക് ഇരയായിട്ടു കാലം വളരെ ആയി. പെരുന്തച്ചനാണ് ഇതു പണിതതെന്ന് ഐതിഹ്യമുണ്ട്. കിഴക്കേ നടയിലെ ഗോപുരം വളരെ വലുതും കേരളീയ ശില്പമാതൃകയിൽ പണിഞ്ഞതുമാണ്. കിഴക്കേ നടയിലെ മണ്ഡപത്തിൽ മനോഹരമായ കൊത്തുപണികളുണ്ട്. മതിൽക്കെട്ടിനുള്ളിൽ 28 ദേവന്മാരുടെ പ്രതിഷ്ഠ ഉണ്ട്. ഉത്സവം 28 ദിവസം (ധനുമാസത്തിലെ തിരുവാതിര മുതൽ മകരത്തിലെ തിരുവാതിര വരെ) ആണ്.

ചെങ്ങന്നൂർ രാമൻപിള്ള (1886—1980)

കഴിഞ്ഞ തലമുറയിലെ മികച്ച കഥകളിനടനും നാട്യാചാര്യനും. പച്ച, കത്തി, താടി, കരി, മിനുക്ക് എന്നിങ്ങനെ ഏതു വേഷവും തന്മയത്വത്തോടെ കെട്ടിയാടാൻ ഇദ്ദേഹത്തിനു കഴിവുണ്ടായിരുന്നു. എങ്കിലും കത്തിവേഷത്തിലാണ് ഏറ്റവുമധികം ശോഭിച്ചിരുന്നത്. വടിവും ലാളിത്യവും സൗന്ദര്യവും വെളിവാക്കുന്ന കൈമുദ്രകളും ഉടലിന്റെ



അനായാസമായ വഴക്കവും കലാശത്തിൻെറ ഭംഗിയും മനോധർമവിലാസവും ഇദ്ദേഹത്തിൻെറ സവിശേഷസിദ്ധികളായിരുന്നു. വീരരൗദ്രാദികളുടെ ആവിഷ്കരണത്തിന് അനുഗുണമാംവിധം ഗംഭീരമായ അലർച്ചയിൽ ചെങ്ങന്നൂർ രാമൻപിള്ളയെ അധഃകരിച്ചവർ വിരളമാണ് കഥകളിയിലെ തെക്കൻ ചിട്ടയുടെ ഏറ്റവും പ്രമുഖ പ്രയോക്താവായിരുന്നു ഇദ്ദേഹം.

1886 ജനുവരി 26-നു ചെങ്ങന്നൂരിനടുത്തുള്ള പാണ്ടനാട് എന്ന ഗ്രാമത്തിൽ ജനിച്ചു. നന്നെ ചെറുപ്പത്തിൽത്തന്നെ കഥകളി അഭ്യാസം ആരംഭിച്ചു. തകഴി കേശവപ്പണിക്കർ, അമ്പലപ്പുഴ കുഞ്ഞുകൃഷ്ണപ്പണിക്കർ, മാത്തൂർ കുഞ്ഞുപിള്ളപ്പണിക്കർ എന്നിവരായിരുന്നു ആചാര്യന്മാർ. പതിനാലാമത്തെ വയസ്സിൽ അരങ്ങേറ്റം കഴിച്ചു. ആറു വർഷം 'കീരിക്കാട്ടു, തോപ്പിൽ' മുതലായ പല കളിയോഗങ്ങളിലും ചേർന്നു പ്രവർത്തിച്ചു. 1926-ൽ തിരുവിതാംകൂറിലെ കൊട്ടാരം കഥകളി നടനായി. പുതുമയ്ക്കുവേണ്ടി സാമ്പ്രദായികത്വത്തിൽനിന്നു വ്യതിചലിക്കുന്ന സ്വഭാവം ചെങ്ങന്നൂരിനില്ലായിരുന്നു. അഭ്യാസഗുണംകൊണ്ടുള്ള ആകർഷകത്വത്തിന് ഒരിക്കലും മങ്ങലുണ്ടായില്ലതാനും. കേന്ദ്ര-കേരള സംഗീതനാടകഅക്കാദമികളുടെ പുരസ്കാരങ്ങൾ ഇദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. ഹരിപ്പാട്ട് രാമകൃഷ്ണപിള്ള, മങ്കൊമ്പ് ശിവശങ്കരപ്പിള്ള, മടവൂർ വാസുദേവൻപിള്ള, ചെന്നിത്തല ചെല്ലപ്പൻപിള്ള എന്നിവർ ചെങ്ങന്നൂരിൻെറ ശിഷ്യന്മാരാണ്. ഇദ്ദേഹത്തിൻെറ *തെക്കൻ ചിട്ടയിലുള്ള കഥകളി അഭ്യാസക്രമങ്ങൾ* എന്ന കൃതി ഒരു പ്രാമാണിക ഗ്രന്ഥമാണ്.

1980 നവംബർ 11-നു രാമൻപിള്ള നിര്യാതനായി.

ചെങ്ങഴിനീർക്കിഴങ്ങ്

സൈറ്റാമിനേ കുലത്തിൽപ്പെട്ട ചെടി. ശാസ്ത്രനാമം: *കേംഫീരിയ റൊട്ടുൻഡ (kaemferia rotunda)* തോട്ടങ്ങളിലുണ്ടാകുന്നു. ഏപ്രിൽ-മെയ് മാസങ്ങളിൽ പൂക്കുന്നു. പൂവിന് ചുവപ്പുനിറമാണ്. സുഗന്ധം ഉണ്ട്. നേത്രരോഗങ്ങൾ ശമിപ്പിക്കാൻ കിഴങ്ങ് ഉപയോഗിക്കുന്നു. ക്ഷേത്രകലശങ്ങൾക്ക് കിഴങ്ങ് ആവശ്യമാണ്. തൃക്കഴിക്കാട്ടു സ്വാമിയാർമഠത്തിൽ വഴിപാടു കഴിച്ചാൽ പിറ്റേന്നു കാലത്ത് ഒരു കിഴങ്ങെങ്കിലും കിട്ടും എന്നാണു പഴയവിശ്വാസം.

ചെഞ്ചിലപ്പൻ (rufous babbler)

ഒരിനം കാട്ടുപക്ഷി. റ്റിമാലിഡെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *റ്റർഡോയ്ഡെസ് സബ്രഫസ് (Turdoides subrufus).* 25 സെൻറീമീറ്ററോളം നീളം ഉണ്ട്. ആൺപക്ഷിയും പെൺപക്ഷിയും കാഴ്ചയിൽ വ്യത്യാസമില്ല. കുറ്റിക്കാട്ടിലും തേയിലത്തോട്ടത്തിലുമാണു വാസം. ഇന്ത്യയിലും ആഫ്രിക്ക, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിലും ചിലപ്പൻ വർഗക്കാരെ കണ്ടുവരുന്നു.



ചെഞ്ചിലപ്പൻ

കരിയിലക്കിളിയോടും പൂത്താങ്കീരിയോടും ചെഞ്ചിലപ്പന് ആകൃതിയിൽ സാദൃശ്യമുണ്ട്. ദേഹമാസകലം ചെമ്പിച്ച തവിട്ടുനിറം. മേൽകൊക്കിനു തവിട്ടുനിറവും കീഴ്കൊക്കിനും കാലിനും മഞ്ഞനിറവുമാണ്.

പാറ്റ, പുഴു തുടങ്ങിയവയാണ് ആഹാരം. പറ്റം ചേർന്ന് ഇര തേടുന്നു. ശത്രുക്കളെ കണ്ടാൽ പെട്ടെന്നു പറന്നൊളിക്കും.

ചെഞ്ചുരുട്ടി

ഒരു രാഗം. 28-ാമത്തെ മേളജന്യം

ആരോഹണം: ധസരിഗമപധനി

അവരോഹണം: ധപമഗരിസനിധപധസ

ഇത് ഒരു നിഷാദാന്ത്യരാഗമാണ്. ഷഡ്ജപഞ്ചമങ്ങൾക്കു പുറമേ തീവ്രഋഷഭം, തീവ്രഗാന്ധാരം കോമള ഗാന്ധാരം, കോമള മധ്യമം, തിവ്രധൈവതം, കോമളനിഷാദം എന്നിവ ഈ രാഗത്തിൽവരും. ഇതു ഭാഷാംഗരാഗമാണ്. ഗോപാലകൃഷ്ണഭാരതിയുടെ 'ചിദംബരം പോകാമൽ', സ്വാതിതിരുനാളിൻെറ കലയേശ്രീ', ധർമ്മപുരി സുബ്ബരായരുടെ 'സഖിപ്രാണ', സ്ദാശിവ ബ്രഹ്മേന്ദ്രരുടെ 'സർവം ബ്രഹ്മമയം' എന്നിവ ഈ രാഗത്തിലുള്ള ചില പ്രസിദ്ധകൃതികളാണ്

ചെടികൾ

†സസ്യങ്ങൾ നോക്കുക.

ചെടുനെടുനാർ

അനോനേസി കുലത്തിൽപ്പെട്ട വൃക്ഷം. ശാസ്ത്രനാമം: *പോളിയാൽത്തിയ സെറാസോയിഡസ് (Polyalthia cerasoides).* പശ്ചിമഘട്ടം, ബിഹാർ, ഒറീസ, അസം എന്നിവിടങ്ങളിലെ വനങ്ങളിൽ കാണുന്ന ഇടത്തരം നിത്യഹരിതവൃക്ഷമാണിത്. കേരളത്തിൽ വിരളമാണ്. ലഘുപത്രങ്ങൾ ഏകാന്തരമായി വിന്യസിച്ചിരിക്കുന്നു. അഖണ്ഡമായ ഇലവക്ക്. ഇലയ്ക്ക് 5-20 സെ.മീ. നീളവും 3-5 സെ.മീ. വീതിയും. മൃദുലോമങ്ങൾ ഉണ്ടായിരിക്കും. മാർച്ച്-മേയ് പൂക്കാലമാണ്. ദ്വിലിംഗ സമമിത പുഷ്പങ്ങൾ. ഒറ്റയായോ രണ്ടോ മൂന്നോ ചേർന്ന കുലയായോ ഉണ്ടാകും. മങ്ങിയ പച്ചനിറം. ബാഹ്യദളങ്ങളും ദളങ്ങളും സ്വതന്ത്രങ്ങളാണ്. ദളങ്ങൾ രണ്ടു നിരയിലായി ആറെണ്ണം. അല്പം തടിച്ചത്. അണ്ഡാശയം ഊർധ്വവർത്തി. ജൂലായ്-ൽ കായവിളയും. തടി, വിറകിനും പാക്കിങ് പെട്ടി പണിയാനും കൊള്ളാം.

കോഫിയോയിഡസ് എന്ന സ്പീഷീസ് പശ്ചിമഘട്ടത്തിൽ ധാരാളമുണ്ട്. വില്ല എന്നു പേരുള്ള ഈ മരം ചെടുനെടുനാർ പോലെയുള്ളതാണ്.

ചെട്ടികൾ

ദക്ഷിണേന്ത്യയിലെ ഒരു വ്യാപാരിസമുദായം. 'ശ്രേഷ്ഠീ' എന്ന സംസ്കൃതപദത്തിൽ നിന്നാണ് ഇതിൻെറ നിഷ്പത്തി എന്നു ചിലർ പറയുന്നു. ചെട് (കച്ചവടം) നടത്തുന്നവനാണു ചെട്ടി എന്നു മറ്റൊരു നിഷ്പത്തിയും പറഞ്ഞുവരുന്നുണ്ട്. മുഖ്യമായും വസ്ത്രവ്യാപാരത്തിലാണ് ഇവർ ഏർപ്പെട്ടിരുന്നത്. പൊൻവാണിഭവും പലിശയ്ക്ക് പണം കടം കൊടുക്കലും തൊഴിലായി സ്വീകരിച്ചിരിക്കുന്നവരും ഉണ്ട്. പപ്പടമുണ്ടാക്കി വില്ക്കുന്നവരെ പപ്പടച്ചെട്ടികൾ എന്ന് കേരളത്തിൽ വ്യവഹരിച്ചിരുന്നു. ഉത്തരേന്ത്യയിൽ 'ബനിയന്മാർ' എന്ന വാക്കിനു തുല്യമായി ചെട്ടികൾ എന്ന വാക്ക് ദക്ഷിണേന്ത്യയിൽ പ്രയോഗിച്ചുവന്നു.

ചെട്ടികുളങ്ങര

പ്രസിദ്ധമായ ഭഗവതിക്ഷേത്രം സ്ഥിതിചെയ്യുന്ന ഒരു മധ്യതിരുവിതാംകൂർ ഗ്രാമം. കായംകുളത്തിനും ഹരിപ്പാടിനുമിടയ്ക്കു നാഷനൽ ഹൈവേയിൽനിന്നും 7 കിലോമീറ്റർ കിഴക്കുമാറി സ്ഥിതിചെയ്യുന്ന ചെട്ടികുളങ്ങര ക്ഷേത്രം കേരളത്തിൽ ഏറ്റവും വരവു കൂടിയ ക്ഷേത്രങ്ങളിൽ ഒന്നാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ ഭരണത്തിലാണിത്. കുംഭമാസത്തിലെ ഭരണിയാണ് ഇവിടുത്തെ ഉത്സവം.

ചെട്ടികുളങ്ങര ക്ഷേത്രം

ചുറ്റുമുള്ള ഓരോ കരയിലുംപെട്ടവർ കെട്ടിയുണ്ടാക്കുന്ന, തേര് എന്നും കുതിര എന്നും പറയപ്പെടുന്ന, സ്തൂപാകൃതിയിലുള്ള അലംകൃത നിർമിതികൾ അന്നു പാടത്തിലൂടെ, ഘോഷയാത്രയുടെയും പാട്ടിൻെറയും നൃത്തത്തിൻെറയും അകമ്പടിയോടെ, ഉരുട്ടിക്കൊണ്ടു വരുന്നു. പലപ്പോഴും കരക്കാർ തമ്മിലുള്ള മത്സരത്തിൻെറ ഛായ ഈ പ്രകടനത്തിനുണ്ടാവും. കെട്ടിക്കാഴ്ച എന്നാണിതിനുപേർ. ചിന്തുകൾ പാടി നൃത്തം ചവുട്ടുന്ന 'കുത്തിയോട്ടം' കുറെ ദിവസം മുമ്പു തന്നെ തുടങ്ങും.

ചെഡുബാ ദ്വീപ്

ബർമയുടെ പടിഞ്ഞാറെ തീരത്തുനിന്ന് 32 കി.മീ. അകലെ ബങ്കാൾ ഉൾക്കടലിൽ സ്ഥിതിചെയ്യുന്ന ഒരുദ്വീപ്. വിസ്തൃതി 570 ച.കി.മീറ്റർ. ബർമയിലെ അരക്കാൻ സംസ്ഥാനത്തിൻെറ ഭാഗമാണിത്. ബുദ്ധമതം ഇന്ത്യയിൽനിന്ന് ആദ്യം ഈ ദ്വീപിലേയ്ക്കും ഇവിടെനിന്നു ബർമയിലേയ്ക്കും വ്യാപിച്ചു എന്നു പറയപ്പെടുന്നു. ദ്വീപിൻെറ വടക്കു കിഴക്കുഭാഗത്തുള്ള തുറമുഖത്തിനും ഇതേപേരുതന്നെയാണ്. മത്സ്യബന്ധനം, കന്നുകാലിവളർത്തൽ, കൃഷി എന്നിവയാണു ഇവിടത്തുകാരുടെ മുഖ്യതൊഴിലുകൾ. ഗ്യാസ്, പെട്രോളിയം എന്നിവ ലഘുവായതോതിലേ ലഭ്യമാകുന്നുള്ളു എന്നതിനാൽ വ്യവസായമെന്ന നിലയിൽ വളർന്നിട്ടില്ല.

ചെണ്ട

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട താളവാദ്യം. ഉത്സവങ്ങളിലും കഥകളിയിലും നാടൻ കളികളിലും ചെണ്ട ഉപയോഗിക്കുന്നു.

സിലിണ്ടറാകൃതിയുള്ള പ്ലാവിൻതടി തുരന്നുണ്ടാക്കുന്നതാണു ചെണ്ടക്കുറ്റി. ഇതിന് 51 മുതൽ 64 വരെ സെ.മീ. നീളവും 30 സെ.മീ. വ്യാസവും ഉണ്ടാകും. കാളത്തോൽ ആണു ചർമാവരണത്തിന് ഉപയോഗിക്കുന്നത്. ചെണ്ടയ്ക്കു രണ്ടു വട്ടമുണ്ട് — ഇടംതലയും വലംതലയും. ഇടന്തലവട്ടം ഒറ്റത്തോലാണ്. വലന്തല അട്ടിയട്ടിയായി തോൽ ഒട്ടിച്ചതായിരിക്കും. ഈ ചർമപാളികളുടെ വ്യാസം അനുക്രമമായി കുറഞ്ഞുവരുന്നു. ചർമം ചേർത്തുറപ്പിക്കുന്ന സ്ഥാനത്തു ചുറ്റും കയർ വരിയാനുള്ള തുളകൾ കാണും. ചെറുചണം (Linum usitatissimum) എന്ന ചെടിയുടെ തണ്ടു ചതച്ചാണു ബലവും മിനുസവുമുള്ള ചെണ്ടക്കയർ പിരിക്കുന്നത്.

ചെണ്ടകൊട്ട്

ഇരുവട്ടങ്ങളും കുറ്റിയോടു ബലമായി ചേർത്തു ബന്ധിക്കുന്നു. ഇഴയടുപ്പിക്കാൻ തോലുകൊണ്ടു ബലമുള്ള കുടുക്കുകൾ ഇട്ടിരിക്കും. ഈ കുടുക്കുകൾ നീക്കുമ്പോൾ വട്ടം കുറ്റിയോട് അമർന്നു മുറുകുകയും നാദശുദ്ധി വർധിക്കുകയും ചെയ്യും. കൊട്ടാറാകുമ്പോഴാണു കയർ വലിച്ചു കുടുക്കു മുറുക്കുക. കൊട്ടു കഴിഞ്ഞാൽ അയച്ചിടുകയും ചെയ്യും. ചെണ്ടയുടെ വലന്തല താന്ത്രികകർമങ്ങൾക്കും തായമ്പകമേളത്തിനുംമറ്റും താളംപിടിക്കാനാണ് ഉപയോഗിക്കുന്നത്. കഥകളിയിൽ വിശ്വരൂപപ്രദർശനം തുടങ്ങിയ സന്ദർഭങ്ങളിലും വലന്തലയിൽ കൊട്ടുന്നു.

വാദ്യോപകരണമെന്ന നിലയ്ക്കു പ്രയോഗത്തിൽ ഇടന്തലയ്ക്കാണു പ്രാധാന്യം. തായമ്പകയും മേളവും ഇടന്തലയിലെ പ്രയോഗങ്ങളാണ്. നിന്നിട്ടാണു ചെണ്ടകൊട്ടുക. കഥകളിക്കും മേളങ്ങൾക്കും മറ്റും രണ്ടുകൈയിലും കോൽപിടിച്ചു കൊട്ടും. തായമ്പകയ്ക്കു വലതുകൈയിൽ മാത്രമേ കോലുള്ളു. ഇടങ്കൈകൊണ്ടു വിരൽ പരത്തി തല്ലുന്നു. ഇടംകൈയ്ക്കുള്ള ശുദ്ധി തായമ്പകയിൽ പ്രധാനമാണ്. ചെണ്ടയുടെ കോലിനു 37-40 സെ.മീ. നീളമുണ്ടാകും. തള്ളവിരലോളം വണ്ണം കാണും. വണ്ണം കുറഞ്ഞു കോലിൻെറ അഗ്രഭാഗം അല്പം വളഞ്ഞിരിക്കും. ചപ്പങ്ങം, മന്ദാരം തുടങ്ങിയ മരങ്ങളുടെ കാതൽകൊണ്ടാണു ചെണ്ടക്കോൽ ഉണ്ടാക്കുക. കൊട്ടുമ്പോൾ ചെണ്ട കുത്തനെ അല്പം മുമ്പോട്ടു ചെരിഞ്ഞിരിക്കും.

ചെണ്ടവാദ്യം പ്രയോഗിക്കുന്ന സന്ദർഭങ്ങൾ ഒട്ടേറെയാണ്. കഥകളി, തായമ്പക, മേളം, പാണി, കേളി, കുഴൽപ്പറ്റ്, കൊമ്പുപറ്റ്, വിളക്കാചാരം, കളപ്രദക്ഷിണം, പൂജാദികൾ, അയ്യപ്പൻവിളക്ക്, ഭഗവതിപ്പാന, സംഘക്കളി, പൂരക്കളി, പാങ്കളി, തെയ്യം, തോൽപ്പാവക്കൂത്ത്, കണ്യാർകളി ഇങ്ങനെ കേരളത്തിലെ താന്ത്രികവും കലാപരവുമായ സന്ദർഭങ്ങളിലെല്ലാം ചെണ്ടയ്ക്കു സ്ഥാനമുണ്ട്.

ചെണ്ടമേളം

ചെണ്ട പ്രധാനവാദ്യമായുള്ള മേളം. † പഞ്ചാരിമേളം, † പാണ്ടിമേളം എന്നിവയാണ് മേളങ്ങളിൽ പ്രധാനം. ചെണ്ടയ്ക്കു പുറമെ ഇലത്താളം, കുറുംകുഴൽ, കൊമ്പ് എന്നിവയാണ് ഈ മേളങ്ങളിൽ ഉപയോഗിക്കാറുള്ളത്. ഉൽസവാവസരങ്ങളിൽ ക്ഷേത്രങ്ങളിൽ മതിൽക്കകത്ത് പഞ്ചാരിമേളമാണ് കൊട്ടാറുള്ളത്. പാണ്ടിമേളം മതിൽക്കകത്തുകൊട്ടാറില്ല. † ചെണ്ട നോക്കുക.

ചെണ്ടമേളം

ചെതലത്ത്

ലക്ഷദ്വീപസമൂഹത്തിലെ ഒരു ദ്വീപ്. ലക്ഷദ്വീപിൽ ആ കെയുള്ള ഇരുപത്തിയേഴു ദ്വീപുകളിൽ മീൻപിടുത്തത്തിനു മിനിക്കോയ് കഴിഞ്ഞാൽ അടുത്തസ്ഥാനം ചെതലത്തിനാണ്. ദ്വീപിന്റെ കിഴക്കുഭാഗത്തു വിശാലമായ പവിഴപ്പുറ്റു നിക്ഷേപമുണ്ട്.

ചെത്തി

ഒരിനം കുറ്റിച്ചെടി. റൂബിയേസി കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *ഇക്സോറ കോക്സീനിയ (Ixora cocceinea)* തെറ്റി, തെച്ചി എന്നും പേരുണ്ട്. ഒന്നരമീറ്ററോളം പൊക്കം വയ്ക്കും.



ചെത്തിപ്പൂവ്

ഇല സമ്മുഖമായി ക്രമീകരിച്ചിരിക്കുന്നു. പൂക്കൾ കുലയായി ശാഖാഗ്രങ്ങളിൽ കണ്ടുവരുന്നു. നിറം ചെമപ്പോ മഞ്ഞയോ ഇളം നീലയോ ആയിരിക്കും. ദ്വിലിംഗിയാണ്. ബാഹ്യദളവും ദളവും കേസരവും നാലുവീതം. പഴുത്ത ഫലത്തിന് ഇരുണ്ട ചെമപ്പു നിറമാണ്. ഓരോന്നിലും രണ്ടു വിത്തുണ്ട്.

ഫലം ഭക്ഷ്യയോഗ്യമാണ്. ചെമന്ന പൂക്കൾ പൂജയ്ക്ക് ഉപയോഗിക്കുന്നു. വേരിനും പൂവിനും ഔഷധഗുണം ഉണ്ട്. പൂവ് അരച്ച് വെളിച്ചെണ്ണ കാച്ചി പുരട്ടിയാൽ ചൊറി, ചിരങ്ങ്, കരപ്പൻ എന്നിവ ശമിക്കും. വേര് തേങ്ങ ചേർത്ത് അരച്ചു പുരട്ടിയാൽ പരു (കുരു) പൊട്ടുന്നതിനു സഹായിക്കുന്നു.

ചെത്തിക്കൊടുവേലി

പ്ലംബാജിനേസി കുലത്തിൽപ്പെട്ട കുറ്റിച്ചെടി. †കൊടുവേലിയുമായി വളരെ സാമ്യമുണ്ട്. ശാസ്ത്രനാമം: *പ്ലംബാഗോ റോസിയ*. ഇലയ്ക്കും പൂവിനും വലിപ്പം കൂടുതലും പൂവിനു ചെമപ്പുനിറവുമാണ്. വീർത്ത കിഴങ്ങുകളായി വേരു പുഷ്ടിപ്പെടുന്നു. ഔഷധമൂല്യം ഉള്ളതിനാൽ ഇതു കേരളത്തിൽ കൃഷിചെയ്യുന്നുണ്ട്.

ചെന്തലയൻ വേലിത്തത്ത (chestnut-headed beecater).

ഒരിനം വേലിത്തത്ത. മീറോപീഡിയ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *മീറോപ്സ് ലെസ്ചെനോൾട്ടി (Merops leschenaulti)*. നാട്ടുവേലിത്തത്ത, വലിയ വേലിത്തത്ത, കാട്ടുവേലിത്തത്ത തുടങ്ങിയവയാണു മറ്റിനങ്ങൾ. നാട്ടുവേലിത്തത്തയ്ക്കും വലിയവേലിത്തത്തയ്ക്കും വാലിൽ കമ്പിത്തൂവലുകൾ ഉണ്ട്.



ചെന്തലയൻ വേലിത്തത്ത

ചെന്തലയൻവേലിത്തത്തയ്ക്ക് 20 സെൻറീമീറ്ററോളം നീളം ഉണ്ട്. കാട്ടിലാണു വാസം. മഴക്കാലത്ത് പട്ടണങ്ങളിൽ കണ്ടുവരുന്നു. തലയ്ക്കു തവിട്ടുനിറം കലർന്ന ചെമപ്പാണ്. താടിക്കും തൊണ്ടയ്ക്കും മഞ്ഞനിറം. കൊക്കിൽ നിന്നു തുടങ്ങി കണ്ണിൽക്കൂടി പുറകോട്ടു പോകുന്ന കറുത്ത കൺപട്ടയുണ്ട്. കൊക്കു നീണ്ടു വളഞ്ഞതും കറുത്തതും ആണ്.

ചെന്തലയൻ വേലിത്തത്തയുടെ ഇരിപ്പ് ഉയർന്ന മരങ്ങളിലാണ് മറ്റിനം വേലിത്തത്തകൾ വേലിയിലും വൈദ്യുതക്കമ്പിയിലും ഇരിക്കുന്നു. ഇംഗ്ലീഷിൽ വേലിത്തത്തകൾക്കു 'ബീ ഈറ്റേഴ്സ്' (തേനീച്ചത്തീനികൾ) എന്നാണു പേര്. തേനീച്ചയ്ക്കു പുറമെ പാറ്റയെയും വണ്ടിനെയും പുഴുവിനെയും തിന്നാറുണ്ട്.

പ്രജനനകാലം ഫെബ്രുവരി മുതൽ മേയ്‌വരെയാണ്. മൺതിട്ടകളിൽ മാളം തുരന്നു മുട്ടയിടുന്നു. ചിലമാളത്തിനു മൂന്നു മീറ്ററോളം നീളം ഉണ്ടാകും. മൺതിട്ടയുടെ ബലമനുസരിച്ചാണു മാളത്തിന്റെ നീളം.

ചെന്തെങ്ങ്

ഒരിനം തെങ്ങ്. *കൊക്കോസ് ന്യൂസിഫെറ* എന്നു ശാസ്ത്രനാമമുള്ള † തെങ്ങിനു മിശ്രപരാഗണംമൂലം ഉണ്ടായ ഇനങ്ങളിൽ ഒന്ന്. വെസ്റ്റ് കോസ്റ്റ് ടാൾ എന്നു പേരുള്ളതും കേരളത്തിൽ സാധാരണയുള്ളതും ആയ തെങ്ങിൽ കൂടുതലും പച്ചനിറമുള്ള കായ്കൾ ഉള്ളവയാണ്. ചിലതിൽ മഞ്ഞരാശി, ചുവപ്പുരാശി, തവിട്ടുനിറം എന്നിങ്ങനെയും കാണാറുണ്ട്. ഇതിൽ ചുവപ്പുരാശിയും തവിട്ടുനിറവും ഉള്ള കായ്കൾ ഉണ്ടാകുന്ന ഇനത്തിനു ചെന്തെങ്ങ് എന്നു പറയും. തേങ്ങയിൽനിന്നു കൂടുതൽ കൊപ്ര കിട്ടും. കൊപ്രയിൽ താരതമ്യേന കൂടുതൽ വെളിച്ചെണ്ണയുമുണ്ട്. ഗൗരീഗാത്രത്തെങ്ങിനും ചെന്തെങ്ങ് എന്നുപറയാറുണ്ട്.

ചെന്നറെഡ്ഡി, ഡോ. എം. (1919-)

ആന്ധ്രപ്രദേശിലെ രാഷ്ട്രീയനേതാവും മുൻ കേന്ദ്രമന്ത്രിയും.

1919 ജനുവരി 13-ന് ഹൈദരാബാദ് ജില്ലയിലെ സിർപൂർ വില്ലേജിൽ ജനിച്ചു. 1941-ൽ എം.ബി.ബി.എസ്. പരീക്ഷ ജയിച്ചു. മുൻ ഹൈദരാബാദ് സംസ്ഥാനത്തെ രാഷ്ട്രീയപ്രക്ഷോഭണങ്ങളിൽ പങ്കെടുത്തു. പ്രൊവിഷണൽ പാർലമെൻറിലും, ഹൈദരാബാദ് സംസ്ഥാന നിയമസഭയിലും അംഗം ആയിരുന്നു. ഹൈദരാബാദ് സംസ്ഥാനത്തിലെയും ആന്ധ്രപ്രദേശിലെയും മന്ത്രി എന്ന നിലയിൽ കൃഷി, ഭക്ഷ്യം, ധനകാര്യം, വ്യവസായം തുടങ്ങിയ വകുപ്പുകളുടെ ചുമതലവഹിച്ചു. 1967-ൽ രാജ്യസഭാംഗമായി. 1967-'68-ൽ കേന്ദ്ര ഉരുക്കു-ഖനി വകുപ്പുമന്ത്രി ആയിരുന്നു. പ്രത്യേക തെലുങ്കാനാ സംസ്ഥാനത്തിനുവേണ്ടിയുള്ള പ്രക്ഷോഭണത്തിൽ സജീവമായി പങ്കുവഹിച്ചു. 1974-'77 കാലത്ത് യു.പി. ഗവർണർ. 1977-'80 കാലത്ത് ആന്ധ്രമുഖ്യമന്ത്രി. പിന്നീട് അല്പകാലം പഞ്ചാബ് ഗവർണർ. ഇപ്പോൾ ആന്ധ്ര പി.സി.സി (ഐ). അധ്യക്ഷൻ.

ചെന്നായ (wolf)

ശ്വാനവർഗത്തിൽപ്പെട്ട സ്തനി. ശാസ്ത്രനാമം: *കാനിസ് ലൂപസ് (Canis lupus)*. കാനിഡെ കുലത്തിൽപ്പെടുന്നു. ഇതേ കുലത്തിൽത്തന്നെയാണു കുറുക്കന്റെ(jackal)യും ഊളന്റെ(fox)യും

ചെന്നായ്

സ്ഥാനം. ആഫ്രിക്കയിലൊഴികെ ബാക്കി എല്ലായിടത്തും കാടുകളിൽ കണ്ടുവരുന്നു.

വാലു കുറിയതാണ്. നിറയെ രോമം ഉണ്ട്. നീണ്ടതാണു മോന്ത. പല്ലു നീണ്ടുകൂർത്തതും. ദേഹത്തിനു മങ്ങിയ ചാരനിറം. ഇരുണ്ടതോ തവിട്ടോ വെള്ളയോ ആയ ചെന്നായ്ക്കളും ഉണ്ട്. കാലാവസ്ഥയ്ക്കനുസരിച്ചും നിറവ്യത്യാസം കാണാം. ഇന്ത്യൻ ചെന്നായ്ക്കു 75 സെ. മീറ്ററിലധികം പൊക്കവും ഒരു മീറ്ററിലധികം നീളവും ഉണ്ടായിരിക്കില്ല. തൂക്കം ഏകദേശം 30 കിലോഗ്രാം.

പറ്റം ചേർന്നാണ് ഇരതേടുക. മ്ലാവ്, മാൻ, കാട്ടുപന്നി എന്നിവയെ ബഹുദൂരം പിന്തുടർന്നു പിടിച്ചു തിന്നുന്നു. തിരിഞ്ഞാക്രമിക്കാൻ ശേഷിയുണ്ടെങ്കിൽ ചെന്നായ ഇവയെ നേരിട്ടാക്രമിക്കയില്ല. മണിക്കൂറിൽ 30 കി. മീറ്റർ വേഗത്തിൽ തുടർച്ചയായി വളരെനേരം ഓടാൻ കഴിയും. കാട്ടുപോത്തുപോലുള്ള ജന്തുക്കളെപ്പോലും ഇവ വിടാറില്ല. നാട്ടിൻപുറങ്ങളിൽ കടന്നു വളർത്തുമൃഗങ്ങളെയും പിടികൂടാറുണ്ട്. ആഴ്ചയിൽ ഒരുനേരത്തെ ആഹാരംകൊണ്ട് ചെന്നായ തൃപ്തിപ്പെട്ടുകൊള്ളും. പക്ഷേ, ഒരുതവണ സ്വന്തം തൂക്കത്തിന്റെ രണ്ടിരട്ടിവരെ ഭക്ഷണം അകത്താക്കും.

ചെന്നായ്ക്കൾ പ്രായേണ ഒന്നിലേറെ ഇണയുമായി ബന്ധം പുലർത്താറില്ല. ഫെബ്രുവരി-മാർച്ച് മാസങ്ങളിലാണ് ഇണചേരുക. രണ്ടു മാസമാണു ഗർഭകാലം. സാധാരണ ആറു കുട്ടികൾ ഉണ്ടാവും. ഇളംതവിട്ടു നിറമോ ചാമ്പൽനിറമോ ആയ രോമങ്ങളാൽ കുട്ടിയുടെ ഉടലാകെ മൂടപ്പെട്ടിരിക്കും. ഒരാഴ്ചയ്ക്കുശേഷമേ കണ്ണു തുറക്കുകയുള്ളൂ. ഏതാനും ആഴ്ചക്കുശേഷം മാതാവ് കുട്ടികളുടെ മുലകുടി മാറ്റാൻ തുടങ്ങും. കുറെയൊക്കെ ദഹിച്ചുതുടങ്ങിയ മാംസശകലങ്ങൾ അയവിറക്കികൊടുത്തു തള്ള കുട്ടികളെ മാംസാഹാരം പരിശീലിപ്പിക്കുന്നു. ഈ സമയം തള്ളയ്ക്കു വേണ്ട ആഹാരം എത്തിച്ചുകൊടുക്കേണ്ട ചുമതല ആൺജീവിക്കാണ്. രണ്ടുവർഷം പ്രായമാകുന്നതുവരെ കുട്ടികൾ മാതാപിതാക്കളുടെ സംരക്ഷണയിൽ കഴിയുന്നു.

വടക്കെ അമേരിക്കയിലെ പ്രയറി വുൾഫ് (Prairie Wolf) എന്നറിയപ്പെടുന്ന കോയാട്ടി, ഓസ്ത്രേലിയയിലെ സിൻഗോ, ആഫ്രിക്കയിലെ കേപ്ഹണ്ടിങ് ഡോഗ്, ഇന്ത്യയിലെ ധോൾ തുടങ്ങിയവയാണു പ്രമുഖ ഇനങ്ങൾ.

ചെൻ-തു-ഹ്സ്യു (1879—1942)

ചൈനയിലെ കമ്യൂണിസ്റ്റു പാർട്ടിയുടെ സ്ഥാപകൻ. ഷാങ്ഹായിൻ 1920 മെയ്മാസത്തിൽ ഏതാനും ചില കൂട്ടുകാരെ അംഗങ്ങളാക്കിക്കൊണ്ടു ചൈനീസ് കമ്യൂണിസ്റ്റുപാർട്ടി സ്ഥാപിച്ചു. ഏഴു കൊല്ലക്കാലം ചൈനീസ് കമ്യൂണിസ്റ്റു പാർട്ടിയുടെ എല്ലാമായിരുന്നു ഇദ്ദേഹം. ചൈനയിലെ ലെനിൻ എന്നാണ് അറിയപ്പെട്ടിരുന്നത്. കൂമിന്താങ്ങ് നാഷനലിസ്റ്റ് പാർട്ടിയുമായി സഹകരിച്ചുപ്രവർത്തിക്കാനുള്ള 'കോമിൻറ്റേൺ' നിർദേശം വിജയകരമായി പ്രവർത്തനത്തിൽകൊണ്ടുവരാൻ സാധിക്കാഞ്ഞതിന്റെ പേരിൽ നേതൃത്വത്തിൽ നിന്നു നീക്കം ചെയ്യപ്പെട്ടു. 1929-ൽ ഇദ്ദേഹത്തെ കമ്യൂണിസ്റ്റുപാർട്ടിയിൽ നിന്നുതന്നെ പുറംതള്ളി.

1879 ഒക്റ്റോബർ 8 ന് ചൈനയിൽ ഹുവായ്നിങ് എന്ന സ്ഥലത്തു ജനിച്ചു., വിദ്യാഭ്യാസാനന്തരം സാമൂഹികരാഷ്ട്രീയരംഗങ്ങളിൽ പരിഷ്കരണം വരുത്താനുള്ള ശ്രമങ്ങളിൽ ഏർപ്പെട്ടു. ഹാങ്ചൌവിലുള്ള ച്യു-ഷി അക്കാദമി(സത്യാന്വേഷകകേന്ദ്രം)യിൽ ചേർന്ന് ഫ്രെഞ്ച്, ഇംഗ്ലീഷ് എന്നീ ഭാഷകളും നൗകാശില്പകലയും പഠിച്ചു. മഞ്ചുരാജവംശത്തിന്റെ ഭരണത്തിനെതിരെ പ്രവർത്തനങ്ങളും പ്രഭാഷണങ്ങളും നടത്തി. മർദനം ഭയന്ന് നാൻകിങ്ങിലേക്ക് ഒളിച്ചോടി. പത്രപ്രവർത്തകൻ എന്ന നിലയിൽ രാജകീയഭരണത്തെ രൂക്ഷമായ ഭാഷയിൽ വിമർശിച്ചു. പിന്നീടു ഫ്രാൻസിൽ വിദ്യാഭ്യാസം തുടർന്നു. 1915-ൽ ചൈനയിൽ തിരിച്ചെത്തി പത്രപ്രവർത്തനത്തിലും രാഷ്ട്രീയപ്രവർത്തനത്തിലും മുഴുകി.

1920-ൽ കമ്യൂണിസ്റ്റു പാർട്ടിയുടെ സ്ഥാപനവും പിന്നീടുള്ള ഏഴുകൊല്ലത്തെ പ്രവർത്തനവും ഇദ്ദേഹത്തെ ശ്രദ്ധേയനാക്കി. പാർട്ടിയിൽനിന്നു പുറംതള്ളപ്പെട്ടശേഷവും രാഷ്ട്രീയപ്രവർത്തനം തുടർന്നു. ചൈനീസ് നാഷനലിസ്റ്റ് ഗവൺമെൻറ് 15 കൊല്ലത്തെ തടവിനു ശിക്ഷിച്ചു.

ചെപ്പടിവിദ്യ

ജാലവിദ്യകളിലെ ഒരിനം. ചെപ്പും പന്തും കളി എന്നും ഇതിനു പേരുണ്ട്. നാടോടികളായ കുറവന്മാരാണു ചെപ്പടിവിദ്യ പണ്ടു പ്രകടിപ്പിച്ചിരുന്നത്. തെങ്ങിന്റെ ചിരട്ട നടുക്കു തുളച്ചു രണ്ടിഞ്ചു നീളത്തിൽ മരംകൊണ്ടുണ്ടാക്കിയ പിടി അതിൽ ഉറപ്പിച്ചാണു ചെപ്പുകൾ ഉണ്ടാക്കുന്നത്. തുണികൊണ്ടു തുന്നിയുണ്ടാക്കിയവയും ഗോട്ടിയുടെ വലിപ്പമുള്ളവയും ആയ പന്തുകളാണു ചെപ്പടിവിദ്യയിൽ ഉപയോഗിക്കുന്നത്. കമഴ്ത്തിവച്ച ചെപ്പുകൾക്കുള്ളിൽ പന്തുകൾ നിക്ഷേപിച്ച്, തുറക്കുമ്പോൾ പന്തുകൾ കാണാതാകുകയും ശൂന്യമായ ചെപ്പുകൾക്കുള്ളിൽ പന്തുകൾ കാണുമാറാക്കുകയും ചെയ്യുന്ന വിദ്യയ്ക്കാണു ചെപ്പടിവിദ്യ എന്നു പറയുന്നത്. കയ്യടക്കം ശീലിച്ചവർക്ക് ഉള്ളംകയ്യിൽ പന്തുകൾ ഒതുക്കിവെക്കാനും ആവശ്യമുള്ളപ്പോൾ ചെപ്പുകളുടെ പ്രത്യേകചലനത്തിലൂടെ പന്തുകൾ അവയ്ക്കുള്ളിലാക്കാനും കഴിയും. കയ്യടക്കംകൊണ്ടു കാട്ടുന്ന ജാലവിദ്യകളിൽ സങ്കീർണത വളരെക്കുറഞ്ഞ ഒരിനമാണു ചെപ്പടിവിദ്യ.

ചെപ്പേട്

ഭരണാധികാരികളുടെ തീട്ടൂരം, മതപുരോഹിതരുടെ ശാസനം, വ്യക്തികൾ, ഭരണാധിപർ, സ്ഥാനികൾ എന്നിവരുടെ വസ്തുദാനം, ക്രയവിക്രയം തുടങ്ങിയവയിൽ ഏതെങ്കിലും രേഖപ്പെടുത്തീട്ടുള്ള ചെമ്പുതകിട്. ദീർഘകാലം നിലനില്ക്കണമെന്നു കരുതുന്ന രേഖകളാണു ചെമ്പുതകിടിൽ എഴുതിയിരുന്നത്. താത്കാലികരേഖകൾ പനയോലയിൽ എഴുത്താണികൊണ്ടു കുറിക്കുകയാണു പണ്ടുള്ളവർ ചെയ്തത്. ശാശ്വതരേഖകൾ കല്ലിൽ കൊത്തിവയ്ക്കുന്ന പതിവും പണ്ടുണ്ടായിരുന്നു. ചെമ്പോല, ചെമ്പുപട്ടയം എന്നീ പേരുകളും ചെപ്പേടിന്റെ സ്ഥാനത്ത് ഉപയോഗിച്ചിരുന്നു. കിളിമാന്നൂർ ചെപ്പേട്, കൊല്ലൂർമഠം ചെമ്പുപട്ടയം, തരിസാപ്പള്ളി ശാസനം, തിരുനെല്ലിപ്പട്ടയങ്ങൾ തിരുവനന്തപുരം ഹജൂർ ആപ്പീസ് പട്ടയങ്ങൾ, വാഴപ്പള്ളിപ്പട്ടയം തുടങ്ങിയവ ചെപ്പേടുകളാണ്. († കേരളീയ ശാസനങ്ങൾ നോക്കുക.

ചെമ്പ് (Copper)

ഒരു ലോഹം. ആവർത്തനപ്പട്ടികയിലെ ഒന്നാം സംക്രമണ മൂലകങ്ങളിൽ ഒൻപതാമത്തത്. പ്രതീകം: Cu: അണുസംഖ്യ: 29, അണുഭാരം: 63.545. ആപേക്ഷികഘനത്വം: 8:94 g cm^{3}. Cu^{63}, Cu^{65} എന്നിവ പ്രകൃതിയിൽകാണുന്ന സ്ഥിരതയുള്ള ഐസോടോപ്പുകളാണ്. കോപ്പറിന്റെ 58, 59, 60,61, 62, 64, 66 എന്നീ ദ്രവ്യമാനങ്ങളോടു കൂടിയ ഐസോടോപ്പുകൾ റേഡിയോ ആക്റ്റീവതയുള്ളതാണ്.

മനുഷ്യൻ ആദ്യം ഉപയോഗിച്ചു തുടങ്ങിയ ലോഹം ചെമ്പ് ആണെന്നു കരുതുന്നു. ഇന്ത്യ, ഈജിപ്റ്റ്, ഗ്രീസ് മുതലായ രാജ്യങ്ങളിലെല്ലാം ചരിത്രാതീതകാലംമുതൽ തന്നെ ചെമ്പ് ഉപയോഗിച്ചിരുന്നതായി തെളിവുകളുണ്ട്. ഗ്രീക്കുകാർക്കും റോമാക്കാർക്കും ചെമ്പു ലഭിച്ചത് സൈപ്രസ് ദ്വീപിൽ നിന്നായതുകൊണ്ടു ലാറ്റിൻ ഭാഷയിൽ ഇതിന് 'ആയിസ് സിപ്രിയം' (സിപ്രിയം ലോഹം) എന്നു പറഞ്ഞിരുന്നു.കാലക്രമേണഅത് 'സിപ്രിയ'വും_ 'കുപ്ര്'വും ആവുകയും അതിൽനിന്ന് ഇംഗ്ലീഷിലെ 'കോപ്പർ' എന്ന പദം ഉണ്ടാവുകയും ചെയ്തു.

ചെമ്പുപാത്രങ്ങൾ

ചെമ്പ് സ്വതന്ത്രാവസ്ഥയിലും സംയുക്തങ്ങളായും പ്രകൃതിയിൽ കാണപ്പെടുന്നു. ലേക് സുപ്പീരിയറിന് സമീപപ്രദേശങ്ങളിലാണ് 99.9% വരെ ശുദ്ധമായ ചെമ്പ് ശേഖരങ്ങൾ ഉള്ളത്. ചെമ്പ് യൗഗികങ്ങളുടെ ധാതുക്കൾ അമേരിക്കയിലെ മൊൺടേന, ഉട്ടാ, ന്യൂമെക്സിക്കോ, അരിസോണ, മിഷിഗൻ എന്നിവിടങ്ങളിലും കാനഡ, മെക്സിക്കോ, ചിലി, പെറു, ആഫ്രിക്ക, സ്പെയിൻ, പോർത്തുഗൽ, ജപ്പാൻ എന്നീ രാജ്യങ്ങളിലും ആണു കാണപ്പെടുന്നത്. ചെമ്പിന്റെ മറ്റു പ്രധാനപ്പെട്ട ധാതുക്കൾ താഴെപ്പറയുന്നു:

1. അസുറൈറ്റ്: $Cu\ (OH)_2.\ 2Cu\ Co_3.$
2. എനാർജൈറ്റ്: $Cu_3\ As\ S_4.$
3. കുപ്രൈറ്റ്: $Cu_2\ O.$
4. കോവല്ലൈറ്റ്: Cu3
5. ചാൽക്കാന്തൈറ്റ്: $Cu\ SO_4.\ 5H_2\ O$
6. ചാൽക്കൊപൈറൈറ്റ്: $Cu\ Fe\ S_2.$
   (കോപ്പർ പൈറൈറ്റ്)
7. ചാൽക്കൊസൈറ്റ്: $Cu_2\ S.$
   (കോപ്പർ ഗ്ലാൻസ്)
8. ടെട്രാഹെഡ്രൈറ്റ്: $(Cu,\ Fe)_{12}\ Sb_4\ S_{13}$
9. ടെനോറൈറ്റ്: Cuo.
10. ബോർണൈറ്റ്: $Cu_5\ Fe\ S_4.$
11. ബ്രോക്കൻടൈറ്റ്: $Cu\ So_4.\ 3\ Cu(OH)_2.$
12. മാലക്കൈറ്റ്: $Cu\ Co_3.\ Cu\ (OH)_2.$

ഈ അയിരുകളിൽ 0.3% മുതൽ 8% വരെ ചെമ്പ് അടങ്ങിയിരിക്കുന്നു. ഈ അയിരുകളിൽ കാണപ്പെടുന്ന വെള്ളിയും ചെമ്പുമാണു യഥാർഥത്തിൽ ഇവയെ കൂടുതൽ മൂല്യമുള്ളവയാക്കുന്നത്.

വ്യാവസായിക നിർമാണം: പ്രകൃതിയിൽ സ്വതന്ത്രാവസ്ഥയിൽ കാണുന്ന ചെമ്പ് അയിര് പൊടിച്ചു ജലപ്രക്ഷാളനം ചെയ്തു സാന്ദ്രീകരിച്ചു പ്രഗളന (Smelting) വിധേയമാക്കി ശുദ്ധീകരിച്ചെടുക്കുന്നു. ഓക്സൈഡുകളും കാർബണേറ്റുകളും കാർബൺ ചേർത്തു നിരോക്സീകരിക്കുമ്പോൾ ചെമ്പുകിട്ടുന്നു. നാം ഉപയോഗിക്കുന്ന ചെമ്പിന്റെ അധികഭാഗവും ഉത്പാദിപ്പിക്കുന്നതു സൾഫൈഡ് അയിരുകളിൽ നിന്നാണ്. സൾഫൈഡ് അയിര് പ്രഗളനം ചെയ്തുകിട്ടുന്ന കോപ്പർമാറ്റ് (കോപ്പർ സൾഫൈഡ്, ഫെറസ് സൾഫൈഡ്, സിലിക്ക എന്നിവയുടെ മിശ്രിതം) കാൽസിയം ഓക്സൈഡ് ചേർത്തു വായുവിന്റെ സാന്നിധ്യത്തിൽ ചൂടാക്കുമ്പോൾ ഫെറസ്, കാൽസിയം സിലിക്കേറ്റുകളുടെ ഒരു സ്ലാഗും 'ബ്ലിസ്റ്റർ കോപ്പറും' കിട്ടുന്നു.

കോപ്പർ പൈറൈറ്റിൽനിന്നു മറ്റൊരു രീതിയിലും ചെമ്പ് ഉണ്ടാക്കാം. കോപ്പർ പൈറൈറ്റ് സിലിക്കാ ചേർത്തു ചൂടാക്കിയാൽ ഫെറസ് സിലിക്കേറ്റ് സ്ലാഗ് ആയി വേർതിരിയും. അവശേഷിക്കുന്ന കോപ്പർ സൾഫൈഡ് വായുവിൽ തപിപ്പിച്ചു ഭാഗികമായി കോപ്പർ സൾഫേറ്റ് ആയി മാറ്റുന്നു. ഇത് ശേഷിക്കുന്ന കോപ്പറുമായി പ്രതിപ്രവർത്തിച്ചു കോപ്പർ ഉണ്ടാവുന്നു. ഈ ചെമ്പും 'ബ്ലിസ്റ്റർ കോപ്പറും' വൈദ്യുതതാപഘടനം ഉപയോഗിച്ചു ശുദ്ധീകരിക്കാം. അനോഡിനു സമീപം അടിയുന്ന 'ആനോഡ് മഡ്'-ൽ നിന്നു വെള്ളി, സ്വർണം മുതലായ ലോഹങ്ങൾ വേർതിരിച്ചെടുക്കാം.

ഗുണധർമങ്ങൾ: തിളങ്ങുന്ന തവിട്ടുനിറമുള്ള ലോഹമാണു ചെമ്പ്. ഉരുകൽനില: 108 °C. തിളനില: 2595°C. വായുവിൽ തുറന്നുവച്ചിരുന്നാൽ ഓക്സീകരണം നടക്കുകയും ക്ലാവ് (ചെമ്പിന്റെ ഓക്സൈഡുകൾ) ഉണ്ടായി പ്രതലത്തിൽ പറ്റിപ്പിടിക്കുകയും ചെയ്യുന്നതിനാൽ, പിന്നീടു പ്രതിപ്രവർത്തനം ഉണ്ടാകുന്നില്ല. സംയുക്തങ്ങളിൽ സാധാരണ 1,2 എന്നീ സംയോജകതകൾ കാണിക്കുന്നു. അ വയെ യഥാക്രമം കുപ്രസ് സംയുക്തങ്ങൾ എന്നും കുപ്രിക് സംയുക്തങ്ങൾ എന്നും വിളിക്കുന്നു.

സാമാന്യം മൃദുത്വം, സംക്ഷാരണപ്രതിരോധശേഷി, ഉയർന്ന താപവൈദ്യുതചാലകത എന്നീ ഗുണങ്ങളുള്ള ലോഹമാണു ചെമ്പ്.

ഉപയോഗങ്ങൾ: തനതായും മറ്റു മൂലകങ്ങളുമായി കൂട്ടുലോഹങ്ങൾ ഉണ്ടാക്കിയും ചെമ്പ് ഉപയോഗിക്കുന്നു. ചെമ്പിന്റെ ഭൂരിഭാഗവും ഉപയോഗിക്കുന്നതു വൈദ്യുതിവ്യവസായങ്ങളിലാണ്. വൈദ്യുത കമ്പികൾ, കേബിളുകൾ എന്നിവ നിർമിക്കുന്നതിന് ഇതുപയോഗിക്കുന്നു. നിക്കൽ, സിങ്ക്, അലൂമിനിയം, മാൻഗനീസ്, വെള്ളീയം, കറുത്തീയം എന്നിവയുമായി ലോഹസങ്കരമുണ്ടാക്കി ഗാർഹികവും അല്ലാത്തതുമായ ഉപകരണങ്ങൾ ഉണ്ടാക്കുന്നുണ്ട്. കോപ്പറും സിങ്കും ചേർന്ന ലോഹസങ്കരമാണ് ഓട്. സംക്ഷാരണ പ്രതിരോധശേഷിയുള്ളതുകൊണ്ടു ചെമ്പും അതിന്റെ ലോഹസങ്കരങ്ങളും പലതരത്തിലുള്ള പൈപ്പുകളും ട്യൂബുകളും ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. ആഭരണങ്ങൾ ഉണ്ടാക്കാൻ സ്വർണത്തിനോടു ചേർക്കുന്നതു ചെമ്പാണ്. ചെടികളിലെ ക്ലോറോഫിൽ നിർമാണത്തിനും എൻസൈമുകളുടെ പ്രവർത്തനക്ഷമതയ്ക്കും ചെമ്പ് ആവശ്യമാണെന്നു കണ്ടെത്തിയിട്ടുണ്ട്.

നേർത്ത HCl, H_2SO_4 എന്നിവയുമായി കോപ്പർ പ്രതിപ്രവർത്തിക്കുന്നില്ല. സാന്ദ്രമായ H_2SO_4, HCl, HNO_3 എന്നിവയുമായി പ്രതിപ്രവർത്തിച്ചു ലവണങ്ങളുണ്ടാകുന്നു. ക്ലോറിനുമായി തപിപ്പിച്ചാൽ കുപ്രസ് ക്ലോറൈഡും കുപ്രിക് ക്ലോറൈഡും ഉണ്ടാകുന്നു.

എ. സലാവുദ്ദീൻ കുഞ്ഞ്

ചെമ്പകം

മഗ്നോളിയേസി കുലത്തിൽപ്പെട്ട മരം. ശാസ്ത്രനാമം: *മൈക്കീലിയ ചെമ്പക (Michelia champaca)*. കേരളത്തിലെ നിത്യഹരിതവനങ്ങളിൽ കണ്ടുവരുന്നു. തമിഴ്നാട്, അസം, ബർമ എന്നിവിടങ്ങളിലും ഉണ്ട്. ക്ഷേത്രപരിസരത്തും വീട്ടുമുറ്റത്തും നട്ടുവളർത്തുന്നു.



ചെമ്പകം-ഇലകളും പൂമൊട്ടുകളും

ചെമ്പകത്തിന് ഒമ്പതു മീറ്ററോളം പൊക്കം വയ്ക്കും. ഇല ലഘുവും ഏകാന്തരന്യാസത്തിലും ആണ്. നീളം ഏകദേശം 20 സെന്റീമീറ്റർ. ഇലയുടെ അടിവശം ലോമിലമാണ്.

ഏപ്രിൽ-മെയ് മാസങ്ങളിൽ പൂക്കുന്നു. പൂവിന് അഞ്ചു സെന്റീമീറ്ററോളം വ്യാസം ഉണ്ട്. പൂക്കൾ കുലകളായി കാണുന്നു. നിറം മഞ്ഞയോ ചുവപ്പോ വെളുപ്പോ ആയിരിക്കും. ബാഹ്യദളവും ദളവും അഞ്ചു വീതം. അനേകം സ്വതന്ത്രകേസരങ്ങൾ ഉണ്ട്. അണ്ഡാശയം ഊർധ്വവർത്തി.

ചെമ്പകത്തിന്റെ പൂവ് പൂജയ്ക്ക് ഉപയോഗിക്കുന്നു. കഫം, പിത്തം എന്നിവ ശമിപ്പിക്കാനും പൂവ് കൊള്ളാം. ഇതിൽനിന്നു വാസനത്തൈലം നിർമിക്കുന്നുണ്ട്. സുഗന്ധവസ്തുക്കളിലും ഔഷധിക്കൂട്ടിലും ചെമ്പകത്തൈലം ചേർക്കുന്നു.

വണ്ടുകൾ തേനുണ്ണാൻ ചെമ്പകത്തിൽ ചെല്ലാറില്ല എന്നു കവിസങ്കല്പമുണ്ട്. "മധുപമലിനർ തീണ്ടുകില്ല നിൻമെയ്" എന്നു ചെമ്പകപ്പൂവിനെ സംബോധന ചെയ്തു ലീല പറയുന്നതായി കുമാരനാശാന്റെ ലീലാകാവ്യത്തിലുണ്ട്. † ഈഴച്ചെമ്പകം, † പനിനീർ ചെമ്പകം നോക്കുക.

ചെമ്പകരാമൻപിള്ള, ഡോക്ടർ

(1891—1934)

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ആത്മാർപ്പണംചെയ്ത വിപ്ലവകാരി. സായുധസമരംകൊണ്ടു ഇന്ത്യയെ വിദേശാധിപത്യത്തിൽനിന്നു വിമോചിപ്പിക്കാമെന്നു വിശ്വസിച്ചവരിൽ ഒരാളാണ് ഇദ്ദേഹം.

1891 സെപ്തംബർ 15-ന് തിരുവനന്തപുരത്തു ജനിച്ചു. പോലീസ് ഹെഡ്കോൺസ്റ്റബിൾ ചിന്നസ്വാമിപ്പിള്ളയുടെ പ്രഥമപുത്രനാണ്. തിരുവനന്തപുരത്തു ഗാന്ധാരിയമ്മൻ കോവിലിനടുത്തുള്ള തമിഴ് സ്കൂളിലാണ് ആദ്യം പഠിച്ചത്.

ആയിടയ്ക്കു തിരുവനന്തപുരത്തു വന്നുചേർന്ന സ്ട്രീക്ക്ലൻഡ് എന്ന ജന്തുശാസ്ത്രജ്ഞനുമായി പരിചയപ്പെട്ടു. 1907-ൽ സ്ട്രീക്ക്ലൻഡ് യൂറോപ്പിലേക്കു പോയപ്പോൾ ഇദ്ദേഹത്തെ കൂടെക്കൊണ്ടുപോയി, അവിടെ ഉന്നതവിദ്യാഭ്യാസത്തിനുള്ള ഏർപ്പാടുചെയ്തു. ആദ്യം ഇറ്റലിയിലെ ലാംഗ്വേജ് സ്കൂളിലും പിന്നീട് ജെർമൻ സർവകലാശാലയിലും ചേർന്നു പഠിച്ചു.

അക്കാലത്ത് ബർലിനിലുണ്ടായിരുന്ന ഇന്ത്യൻ രാജ്യസ്നേഹികളെ സംഘടിപ്പിച്ചു. വീരേന്ദ്രനാഥ ചതോപാധ്യായ, ലാലാ ഹർദയാൽ, ഭൂപേന്ദ്രനാഥദത്ത്, ഡോ. പ്രഭാകർ തുടങ്ങിയവരോടു ചേർന്ന് ഇന്ത്യൻ ഇൻഡിപ്പെൻഡൻസ് കമ്മിറ്റി രൂപവത്കരിച്ചു.

ജെർമൻഭാഷയിലുള്ള നൈപുണ്യവും രാഷ്ട്രീയപ്രവർത്തനവും കൊണ്ട് ചെമ്പകരാമൻ വളരെവേഗം ജെർമനിയിലെ പൊതുജീവിതത്തിൽ സ്ഥാനംനേടി.

ഒന്നാം ലോകയുദ്ധത്തിൽ ബ്രിട്ടനെ പരാജയപ്പെടുത്തുന്നതിനുവേണ്ടി ചെമ്പകരാമൻപിള്ള വിപുലമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. സൂറിച്ചിൽനിന്നും 'പ്രൊ—ഇന്ത്യ' എന്ന പത്രം ആരംഭിച്ചു. ഇന്ത്യയുടെ യഥാർഥസ്ഥിതി മറ്റു രാഷ്ട്രങ്ങളെ അറിയിക്കുന്നതിനും വിദേശത്തുള്ള ഭാരതീയരെ സംഘടിപ്പിക്കുന്നതിനും ശ്രമിച്ചു. 1919 ഒക്ടോബർ 16-ന് 'പ്രൊ—ഇന്ത്യ'യിൽ ചെമ്പകരാമൻ എഴുതിയ ലേഖനത്തിൽ ഭാവിയിലെ രക്തച്ചൊരിച്ചിൽ ഒഴിവാക്കണമെന്നുണ്ടെങ്കിൽ ബ്രിട്ടൻ ഇന്ത്യയിൽനിന്നു സൈന്യങ്ങളെ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടു.

1915-ൽ ഇന്ത്യൻ ദേശീയസംഘത്തിന്റെ സമ്മേളനം ബർലിനിൽ കൂടി, ബ്രിട്ടീഷ് വിരുദ്ധശക്തികളുടെ സഹായത്തോടുകൂടി സായുധസമരം സംഘടിപ്പിക്കാൻ അവർ ആലോചിച്ചു.

1919-ൽ കാബൂളിൽ വിപ്ലവകാരികൾ സ്ഥാപിച്ച സ്വതന്ത്രഭാരതസർക്കാരിന്റെ പ്രസിഡന്റ് രാജാ മഹേന്ദ്രപ്രതാപും വിദേശകാര്യമന്ത്രി ഡോ. ചെമ്പകരാമനുമായിരുന്നു.

ബ്രിട്ടീഷ് ഗവൺമെന്റിന് എതിരായി സമരംചെയ്യുന്നതിനുള്ള സുവർണാവസരം കൈവന്നിരിക്കുന്നു എന്ന മുഖവുരയോടുകൂടി വികാരോജ്ജ്വലമായ ഒരു പ്രസ്താവന അച്ചടിച്ചു പട്ടാളത്താവളങ്ങളിൽ വിതരണംചെയ്തു. സായുധസമരത്തിൽ പങ്കെടുക്കുന്നതിനുവേണ്ടി ഒരു ദേശീയ സന്നദ്ധസംഘം രൂപവത്കരിക്കുകയും ചെയ്തു.

1924-ൽ ഭാരതത്തിലെ കൗതുകവ്സതുക്കളുടെ ഒരു പ്രദർശനം യൂറോപ്പിൽ സംഘടിപ്പിച്ചു. പരാധീനരാഷ്ട്രങ്ങളിലെ ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ച 'ലീഗ് ഓഫ് ദി ഒപ്രസ്ഡ് നേഷൻസ്' എന്ന സംഘടനയിലെ സജീവപ്രവർത്തകനായി ചെമ്പകരാമൻ. 1923-ൽ കെനിയയിലെ ഇന്ത്യക്കാരുടെ സ്വാതന്ത്ര്യസമരത്തെ അനുകൂലിക്കുന്നതിനുവേണ്ടി ബർലിനിൽ ഒരു പൊതുസമ്മേളനം വിളിച്ചുകൂട്ടി. യൂറോപ്പിലെ വിവിധരാജ്യങ്ങൾ സന്ദർശിച്ചു. പൊതുയോഗങ്ങളിൽ പ്രസംഗിച്ചു. യൂറോപ്പിലെത്തിയ മണിപ്പൂർകാരിയായ ലക്ഷ്മീഭായിയെ വിവാഹംകഴിച്ചു.

1933-ൽ രോഗശയ്യയിലായി. നാസികളിൽനിന്നു പല ഉപദ്രവങ്ങളും നേരിടേണ്ടിവന്നു. 1934 മെയ് 26-ന് പ്രഷ്യൻ ആശുപത്രിയിൽ വച്ചു മരിച്ചു.

1935-ൽ അദ്ദേഹത്തിന്റെ ചിതാഭസ്മം ലക്ഷ്മീഭായിപിള്ള ബോംബെയിൽ കൊണ്ടുവന്നു. ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ച് 19 വർഷം കഴിഞ്ഞതിനുശേഷമാണ് 1966 സെപ്തംബർ 19-ന് ഐ.എൻ.എസ്. ദൽഹി എന്ന യുദ്ധക്കപ്പലിൽ അദ്ദേഹത്തിന്റെ ചിതാഭസ്മം ജന്മദേശമായ കേരളത്തിൽ കൊണ്ടുവന്നത്. 1966 ഒക്ടോബർ 2-ന് ചിതാഭസ്മം കന്യാകുമാരിയിലെ കടലിൽ ഒഴുക്കി.

കെ.ബി. നായർ

ചെമ്പകശ്ശേരി

കേരളചരിത്രത്തിൽ പ്രസിദ്ധമായ കടലോരരാജ്യം. ഇപ്പോഴത്തെ അമ്പലപ്പുഴ-കുട്ടനാട് താലൂക്കുകളുൾപ്പെട്ടതായിരുന്നു ഇത്. വടക്കു കരപ്പുറവും കിഴക്കു തെക്കുംകൂറും തിരുവല്ലായും തെക്കു കായംകുളവുമായിരുന്നു അതിർത്തികൾ.

ചരിത്രം: 'ദേവനാരായണൻ' എന്നു മാറാപ്പേരുള്ള ചെമ്പകശ്ശേരിരാജാക്കന്മാർ പൂർവകാലത്ത് കുമാരനല്ലൂർ ക്ഷേത്രത്തിലെ ഊരാൺമക്കാരായ നമ്പൂതിരി ഇല്ലക്കാരുടെ കൂട്ടത്തിൽ പുളിക്കൽ ചെമ്പകശ്ശേരി എന്ന മനക്കാരായിരുന്നു. അവിടത്തെ ഒരുണ്ണി മറ്റ് ഉണ്ണികളോടൊപ്പം വേദാധ്യയനംചെയ്തു. യുദ്ധത്തിൽ പരാജിതരായ ഒരു സംഘം ഭടന്മാരെ ദരിദ്രനായ ഈ ഉണ്ണിയുടെ അടുക്കലേക്കു അദ്ദേഹത്തിന്റെ കൂട്ടുകാർ ഊണു കഴിക്കാൻ പറഞ്ഞയച്ചു.

മഹാമനസ്കനായ ഉണ്ണി തന്റെ ഏകാഭരണം വിറ്റ് അവർക്ക് ഊണു നല്കി. കൃതജ്ഞരായ അവർ പരിഹാസകുതുകികളായ മറ്റ് ഉണ്ണികളുടെ കുടുംബങ്ങൾ കൊള്ളചെയ്ത് ഈ ഉണ്ണിയെ സമ്പന്നനാക്കി. അങ്ങനെ ഉണ്ണി കുടമാളൂർ ദേശനാഥനായി. തിരിയെ ചെമ്പകശ്ശേരി ഇല്ലത്തു വന്ന് അവരുടെ സേവനം ആ ഉണ്ണി നമ്പൂതിരിക്കു വാഗ്ദാനംചെയ്യുകയും എന്താണ് ആജ്ഞാപിക്കുന്നതെന്നുവച്ചാൽ അതു ചെയ്യാമെന്നേൽക്കുകയും ചെയ്തു.

ചെമ്പകശ്ശേരി രാജാവ് തെക്കുംകൂർരാജാവിനെ ശല്യപ്പെടുത്താതെ, വേമ്പനാട്ടുകായലിനു പടിഞ്ഞാറെ കരയിലേക്കു സൈന്യത്തെ നയിച്ച് വേമ്പനാട്ടു (വേമ്പലനാട്) രാജാവിന്റെ അധികാരത്തിലിരുന്ന അമ്പലപ്പുഴ പിടിച്ചടക്കി. അവിടെയും ഒരു രാജധാനിയും ക്ഷേത്രവും സ്ഥാപിച്ചു. അന്നുമുതല്ക്കാണ് അമ്പലപ്പുഴദേശം ചെമ്പകശ്ശേരിയായി പരിണമിച്ചത്. രാജാവ് വിവാഹംകഴിച്ചു കുടിവച്ചത് കുടമാളൂർ മഠത്തിലായിരുന്നതിനാലും അന്തർജനങ്ങൾ മിക്കവാറും കുടമാളൂർത്തന്നെ താമസിച്ചിരുന്നതിനാലും കുടമാളൂരും അമ്പലപ്പുഴയും രാജാവ് ആസ്ഥാനമാക്കി.

അമ്പലപ്പുഴ രാജധാനിയായതോടുകൂടി പുറക്കാട്ടു രാജാവ് എന്നുകൂടി പറഞ്ഞിരുന്ന അമ്പലപ്പുഴ രാജാവ് കേരളത്തിലെ ഒരു നിർണായകശക്തിയായി. കടലോരകച്ചവടകേന്ദ്രമായിരുന്ന

പുറക്കാട് പോർത്തുഗീസുകാർ, ഡച്ചുകാർ മുതലായ വിദേശവാണിജ്യശക്തികളുടെ വർധിതമായ ബന്ധംമൂലം കേരളത്തിലെ ഒരു മുഖ്യതുറമുഖമായി വികസിച്ചു. പോർത്തുഗീസുകാരും സാമൂതിരിയുമായി അക്കാലങ്ങളിലുണ്ടായ കലഹങ്ങളിൽ പുറക്കാട്ടുരാജാവ് നിർണായകമായ ഒരു പങ്കുവഹിച്ചിരുന്നു. അരയർ ഉൾപ്പെട്ട ഒരു വമ്പിച്ച കടൽസേനയായിരുന്നു ചെമ്പകശ്ശേരി രാജാവിന്റെ മുഖ്യബലം. 1528-ൽ രാജാവും പരിവാരങ്ങളും കുടമാളൂരായിരുന്നു. സൗകര്യംനോക്കി പോർത്തുഗീസുകാർ പുറക്കാടാക്രമിക്കുകയും, നഗരമാകെ അഗ്നിക്കിരയാക്കുകയും, രാജകുടുംബാംഗങ്ങളിൽ ചിലരെ ബന്ധനസ്ഥരാക്കുകയും ചെയ്തു. രാജാവ് തിരികെ വന്ന് ഒരു വമ്പിച്ച തുക കൊടുത്തു രാജകുടുംബാംഗങ്ങളെ മോചിപ്പിച്ചു. പിന്നീടുണ്ടായ യുദ്ധത്തിൽ പോർത്തുഗീസുകാർക്കു കനത്ത പ്രഹരമേല്പിച്ചു. 1540-ാമാണ്ടായതോടുകൂടി പുറക്കാടും പോർത്തുഗീസുകാരും തമ്മിൽ സന്ധിയിൽ കഴിഞ്ഞിരുന്നതായി രേഖകളുണ്ട്.

ഒടുവിൽ ചെമ്പകശ്ശേരിരാജ്യം ഭരിച്ച രാജാവ്, കലാനിഷ്ണാതനെങ്കിലും രാജ്യഭരണകാര്യങ്ങളിൽ അശ്രദ്ധനും സുഖലോലുപനുമായിരുന്നു. മുമ്പിനാലെതന്നെ ചെമ്പകശ്ശേരിയിലെ മന്ത്രിമാരായിരുന്ന നെടുമുടിയിൽ മാത്തൂർപ്പണിക്കരും കുടമാളൂർ തെക്കേടത്തു ഭട്ടതിരിയും, ഈ തക്കത്തിൽ രാമയ്യൻദളവായുടെയും മാർത്താണ്ഡവർമയുടെയും നയതന്ത്രവലയത്തിൽപെട്ട് രാജ്യത്തെ ഒറ്റിക്കൊടുത്തു. അങ്ങനെ, കായംകുളം പിടിച്ചടക്കിയശേഷം ചെമ്പകശ്ശേരിയിലേക്കു കടന്ന മാർത്താണ്ഡവർമയുടെ സൈന്യങ്ങൾക്കു 1746-ലെ തോട്ടപ്പള്ളി യുദ്ധത്തിൽ ചെമ്പകശ്ശേരി സൈന്യത്തെ നിഷ്പ്രയാസം ജയിക്കുവാൻ കഴിഞ്ഞു. രാജാവ് ബന്ധനസ്ഥനായി.

ചെമ്പകശ്ശേരി രാജധാനിയിൽ വേണാട്ടിളയരാജാവ് (പീന്നിട് ധർമരാജാവ്) സൈന്യനായകനായി പ്രവേശിച്ചപ്പോൾ അവിടെ കണ്ട ഗ്രന്ഥശേഖരം അദ്ദേഹത്തെ അമ്പരപ്പിച്ചതായി പറയപ്പെടുന്നു. വിലപ്പെട്ട പല അപൂർവഗ്രന്ഥങ്ങൾ സഹിതം അവയെല്ലാം തിരുവനന്തപുരം കൊട്ടാരം ഗ്രന്ഥപ്പുരയിലേക്കു മാറ്റപ്പെട്ടു. 'ദേവനാരായണ' നാമാങ്കിതങ്ങളായ പല ഗ്രന്ഥങ്ങളും ഇന്നും തിരുവനന്തപുരം ഹസ്തലിഖിതഗ്രന്ഥശാലയിലും മറ്റും കാണാനുണ്ട്.

ചെമ്പട

കഥകളി സംഗീതത്തിൽ പ്രയോഗിച്ചിട്ടുള്ള ഒരു താളം. കർണാടക സംഗീതത്തിലെ † ആദിതാളംതന്നെ ആണിത്. പ്രാചീനഗ്രന്ഥങ്ങളിൽ ഈ രാഗത്തെ 'ഝോമ്പട' എന്നാണു രേഖപ്പെടുത്തിയിട്ടുള്ളത്. ഈ പദത്തിന്റെ രൂപഭേദമാണ് ചെമ്പട. കഥകളിയിൽ ഈ താളത്തിനു പ്രത്യേക പ്രാധാന്യമുണ്ട്. ചെമ്പടയിൽ ഉള്ള കലാശങ്ങൾക്കു കൂടുതൽ മഹത്ത്വം കല്പിക്കപ്പെടുന്നു. പതിഞ്ഞ കാലത്തിലുള്ള വട്ടംവച്ചു കലാശം ഇപ്പോൾ ചെമ്പടതാളത്തിൽ മാത്രമെ എടുക്കാറുള്ളൂ.

ചെമ്പട (Red Army)

1917-ലെ ബോൾഷെവിക് വിപ്ലവത്തിനുശേഷം സോവിയറ്റ് ഗവൺമെന്റ് സംഘടിപ്പിച്ച സൈന്യം.

വിപ്ലവത്തിന്റെ ഫലമായി സാർ ചക്രവർത്തിയുടെ സൈന്യം ശിഥിലമായി. 1918 ജനുവരി 28-ാം തീയതിയിലെ വിജ്ഞാപനപ്രകാരം പുതിയ ഗവൺമെന്റ്, തൊഴിലാളികളുടെയും കർഷകരുടെയും ഇടയിൽനിന്നു സന്നദ്ധഭടന്മാരെ ചേർത്ത് ഒരു സേനയ്ക്കു രൂപംകൊടുത്തു. 1918 ഏപ്രിൽ 22-ന് കർഷക തൊഴിലാളി യുവാക്കൾക്കു നിർബന്ധിത സൈനികപരിശീലനം ഏർപ്പെടുത്തിക്കൊണ്ടു വിജ്ഞാപനം പുറപ്പെടുവിച്ചു. ഇപ്രകാരം ചെമ്പടയുടെ രൂപവത്കരണം ആരംഭിച്ചു. ലിയോൺ ട്രോട്സ്കി ആണ് ഇതിന്റെ സ്ഥാപകൻ. 1918 മാർച്ച് മുതൽ 1924 വരെ ട്രോട്സ്കി ചെമ്പടയുടെ ചുമതലവഹിച്ചു. ആദ്യഘട്ടത്തിൽ സാറിന്റെ സൈന്യത്തിൽ സേവനം അനുഷ്ഠിച്ചിരുന്ന ഉദ്യോഗസ്ഥന്മാരിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവർ ആയിരുന്നു ചെമ്പടയ്ക്കു നേതൃത്വംനല്കിയത്. എന്നാൽ 1925-നുശേഷം സോവിയറ്റ് മിലിട്ടറി അക്കാദമികളിൽ പഠിച്ചു ബിരുദം നേടിയവർക്കായി സൈനിക നേതൃത്വം.

1918-'20 കാലത്തു റഷ്യയിൽ ഉണ്ടായ ആഭ്യന്തരകലാപങ്ങൾ അമർച്ചചെയ്യുന്നതിൽ ചെമ്പട നിർണായകമായ പങ്കു വഹിച്ചു. എന്നാൽ രണ്ടാം ലോകയുദ്ധത്തിൽ ഈ സൈന്യം വഹിച്ച പങ്കാണു ചരിത്രപ്രധാനം. നാസി ആക്രമണത്തിൽനിന്നു സോവിയറ്റ് യൂണിയനെ രക്ഷിക്കുന്നതിനും, ലോകയുദ്ധത്തിന്റെ ഗതിയിൽ മാറ്റം വരുത്തുന്നതിനും ചെമ്പടയ്ക്കു കഴിഞ്ഞു. രണ്ടാംലോകയുദ്ധം അവസാനിക്കുമ്പോൾ ചെമ്പടയിൽ 1,13,65,000 അംഗങ്ങൾ ഉണ്ടായിരുന്നു. പില്ക്കാലത്തു സൈനികസംഖ്യയിൽ കാര്യമായ കുറവുവരുത്തി. അതു 30,00,000 ആയി. 1946-ൽ ചെമ്പട എന്ന പേർ ഉപേക്ഷിച്ചു.

ചെമ്പൻനത്ത് (barred jungle owlet)

ഒരിനം നത്ത്. മൂങ്ങ(കൂമൻ)കളിൽ വലിപ്പം കുറഞ്ഞവയെയാണ് നത്ത് എന്നു പറയുന്നത്. ശാസ്ത്രനാമം: *ഗ്ലോസിഡിയം റേഡിയേറ്റം (Glaucidium radiatum).* പുള്ളിനത്ത്, പുള്ളുനത്ത്, ചെവിയൻനത്ത് തുടങ്ങിയവയാണു മറ്റിനം നത്തുകൾ.



ചെമ്പൻനത്ത്

ചെമ്പൻനത്തിനെ കാട്ടുപ്രദേശത്താണു കണ്ടുവരുന്നത്. ഇരുപത് സെന്റീമീറ്ററോളം നീളം ഉണ്ട്. ദേഹത്തിനു ചെമ്പിച്ച തവിട്ടുനിറം. അടിഭാഗം വെള്ള. മറ്റു ഭാഗത്തെല്ലാം വെള്ളയും കറുപ്പുമായ പാടുകൾ ഉണ്ട്. വട്ടമുഖം, വലിയ കണ്ണുകൾ, മൂക്കുപോലുള്ള കൊക്ക് തുടങ്ങിയവ സവിശേഷതകളാണ്. ഗ്രീക്കുകാർ നത്തിനെ വിജ്ഞാനദേവിയായ അഥീനിയുമായി ബന്ധപ്പെടുത്തിയിരിക്കുന്നു.

രാത്രിയിൽ ഇര തേടുന്നതിനു യോജിച്ച ചില അനുകൂലനങ്ങൾ നത്തിനുണ്ട്. നത്തുപറക്കുന്ന ശബ്ദം ഇര കേൾക്കുകയില്ല. അതിനാൽ ഇരയെ പിടിക്കാൻ എളുപ്പമാണ്. കണ്ണുകൾ കാഴ്ചശക്തിയുള്ളതാണെങ്കിലും ഇരയെ പിടിക്കുന്നതിന് മിക്കഇനവും ചെവിയെയാണ് ആശ്രയിക്കുന്നത്. ചെറുപക്ഷികളും കീടങ്ങളും ഇഴജന്തുക്കളും ഇതിന്റെ ആഹാരത്തിൽപ്പെടുന്നു.

പ്രജനനകാലം ജനുവരി മുതൽ മേയ്‌വരെ ആണ്. മരപ്പൊത്തുകളിൽ ചപ്പും മറ്റും കൊണ്ടുണ്ടാക്കുന്ന കൂട്ടിലാണു മുട്ടയിടുന്നത്. ഒരു തവണ മൂന്നോ നാലോ മുട്ടയിടുന്നു.

ചെമ്പൻപാടി (bush lark)

അലോഡിഡെ കുലത്തിൽപ്പെടുന്ന പക്ഷി. ശാസ്ത്രനാമം: *മിറാഫ്രാ അസ്സാമിക്ക (Mirafra assamica).* ചെറുപൊന്തകളിലും കുറ്റിക്കാടുകളിലും കണ്ടുവരുന്നു. വേനൽക്കാലത്തു ടെലിഫോൺ കമ്പികളിലും ചെറുപൊന്തകളുടെ നെറുകയിലും മറ്റും ഇരുന്നു പാടാറുണ്ട്.

തടിച്ച് ഉരുണ്ടതാണു ദേഹം. ചെമ്പിച്ച തവിട്ടുനിറം. ദേഹത്തു കറുത്ത വരകൾ ഉണ്ട്. പലപ്പോഴും കുറിയ വാൽ അല്പം ഉയർത്തി പിടിച്ചാണ് ഇരിക്കുക. പുൽവിത്തുകളും ചെറിയ പ്രാണികളും ആണു ഭക്ഷണം.



ചെമ്പൻപാടി

പ്രജനനകാലം മാർച്ചുമുതൽ മേയ്‌വരെയാണ്. മാളങ്ങളിൽ പുല്ലുകൊണ്ട് ഉണ്ടാക്കുന്ന കൂട്ടിൽ മുട്ടയിടുന്നു. ഒരു തവണ രണ്ടുമുട്ടയിടും. മനുഷ്യസ്പർശമേറ്റ കുഞ്ഞുങ്ങൾ ചത്തുപോകുമെന്ന അന്ധവിശ്വാസം നിലവിലുണ്ട്.

ചെമ്പൻമുള്ളൻകോഴി (Red Spurfowl)

ഒരിനം കാട്ടുകോഴി. ശാസ്ത്രനാമം: *ഗാലോപെർഡിക്സ് സ്പാഡിഷ്യ (Galloperdix Spadicea)*. നിറത്തിലും വലിപ്പത്തിലും കാട്ടുകോഴിയിൽനിന്നു വ്യത്യസ്തമാണ്. ചെമ്പൻമുള്ളൻ കോഴിക്കു ചെമ്പിച്ച തവിട്ടുനിറമാണ്; കാട്ടുകോഴിയെക്കാൾ ഇവ ചെറുതുമാണ്.



ചെമ്പൻമുള്ളൻകോഴി

നാടൻകോഴിക്കു കാണുന്ന പൂവ് ഇതിനില്ല. കണ്ണിനു ചുറ്റും ചുവപ്പുനിറമുള്ള ചർമമുണ്ട്. പൂവനു കാലിൻെറ പിറകുവശത്തു രണ്ടുമുതൽ നാലുവരെ കൂർത്ത മുള്ളുണ്ട്. പിടയ്ക്കും ഉണ്ട് ഒന്നോ രണ്ടോ മുള്ള്. മുള്ളൻ കോഴി എന്നു പേരു വന്നത് ഇക്കാരണത്താലാണ്. അധികം പറക്കുകയില്ലെങ്കിലും വേഗത്തിൽ ഓടും. രാത്രിയിൽ മരങ്ങളിൽ ചേക്കേറുന്നു.

ചെമ്പരുത്തി

ഒരിനം കുറ്റിച്ചെടി. മാൽവേസി കുലത്തിൽപ്പെടുന്നു. ചെമ്പരുത്തി പലയിനം ഉണ്ട്. പൂവിൻെറ നിറത്തിൻെറ അടിസ്ഥാനത്തിൽ ചെമപ്പ്, വെള്ള, മഞ്ഞ എന്നിങ്ങനെ പലതായി തിരിക്കാം. അടുക്കു ചെമ്പരുത്തി, തൂക്കണംചെമ്പരുത്തി എന്നീ പേരുകളിലും ചിലയിനം ഉണ്ട്. അഞ്ച് ഇതളുള്ള പൂവോടുകൂടിയ ഒരിനം ചെമ്പരുത്തിയാണ് അമ്പരത്തി. ഇതിൻെറ ശാസ്ത്രനാമം: *പെൻറാപെറ്റസ് ഫിനീഷ്യ (Pentapetes phoenicea)*. സാധാരണയുള്ളത് ചുവന്ന പൂവുള്ള ഇനമാണ്. ഇതിൻെറ ശാസ്ത്രനാമം: *ഹിബിസ്കസ് റോസാസൈനൻസിസ് (Hibiscus rosasinensis)*. ഇന്ത്യയിൽ എല്ലായിടത്തും ചെമ്പരുത്തി കണ്ടുവരുന്നു.



സാധാരണ ഇനം
ചെമ്പരത്തി
ഹിബിസ്കസ് റോസാസൈസെൻസിസ്'



തൂക്കണാം ചെമ്പരത്തി
'ഹിബിസ്കസ് ഡ്കിസേപെറ്റേലസ്'

ഇലകൾ താരതമ്യേന കട്ടിയുള്ളതും ലഘുവും ഏകാന്തരന്യാസത്തിലും ആണ്. ഇലയ്ക്കു അനുപർണികൾ (stipules) ഉണ്ട്. ചെമ്പരുത്തിച്ചെടി എല്ലാക്കാലത്തും പൂക്കുന്നു. ബാഹ്യദളം കപ്പിൻെറ ആകൃതിയിലാണ്. ദളവും ബാഹ്യദളവും അഞ്ചു വീതം. ധാരാളം കേസരങ്ങൾ ഉണ്ട്. അഞ്ച് അറ ചേർന്നതാണ് അണ്ഡാശയം.

ചെമ്പരുത്തിയുടെ പല ഭാഗത്തിനും ഔഷധഗുണം ഉണ്ട്. ഇല അരച്ചു വ്രണങ്ങളിൽ പുരട്ടാറുണ്ട്. അർശസ്, കോളറ എന്നിവയ്ക്കുള്ള ഔഷധങ്ങളിൽ പൂമൊട്ട് ചേർക്കുക പതിവാണ്. ചെരുപ്പും പലകയും കറുപ്പിക്കുന്നതിന് പൂക്കൾ ഉപയോഗിച്ചിരുന്നു. ഇതിനും പുറമെ പൂജയ്ക്കു ചെമ്പരുത്തി പൂവ് വിശേഷമാണ്. മാലകെട്ടാനും കൊള്ളാം. തണ്ടിൽനിന്നാണു പുതിയ ചെടി († അംഗപ്രജനനം) ഉണ്ടാകുന്നത്.

ചെമ്പഴന്തി

തിരുവനന്തപുരം നഗരത്തിന് എട്ടു കി.മീറ്റർ വടക്കുള്ള ഒരു പ്രദേശം. ശ്രീനാരായണഗുരുവിൻെറ ജന്മസ്ഥലം എന്ന നിലയ്ക്കാണു പ്രസിദ്ധി. ഈ ഗ്രാമത്തിലെ വയൽവാരത്തുവീട്ടിലാണു 1854 ഓഗസ്റ്റ് 20-ന് ഗുരു ജനിച്ചത്. അദ്ദേഹത്തിൻെറ ജന്മഗൃഹം സ്മാരകമെന്ന നിലയിൽ സൂക്ഷിക്കുന്നു. ഏതാനും വർഷങ്ങൾക്കുമുമ്പു സ്ഥാപിച്ച ശ്രീനാരായണ കോളെജാണ് ചെമ്പഴന്തിയിലെ ഏറ്റവും പ്രമുഖവിദ്യാഭ്യാസസ്ഥാപനം. തിരുവിതാംകൂർ ചരിത്രത്തിൽ പ്രസിദ്ധരായ എട്ടുവീട്ടിൽപിള്ളമാരിൽപെട്ട ചെമ്പഴന്തിപ്പിള്ള ഇവിടത്തുകാരനാണ്.

ചെമ്പുകൊട്ടിക്കിളി (Coppersmith barbet)

പച്ചനിറമുള്ള ഒരിനം പക്ഷി. കാപ്പിറ്റോണിഡെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *മെഗാലെയ്മ ഹെമാസെഫാല (Megalaima haemacephala)*. നീളം ഏകദേശം 17 സെ. മീറ്റർ. കുട്ടിക്കുറുമൻ, ചെന്തലയൻ എന്നെല്ലാം പേരുണ്ട്. ഇന്ത്യയുടെ പല ഭാഗത്തും കണ്ടുവരുന്നു.

ദേഹം ചെറിയതും തല വലിയതും ആണ്. തലയിലും നെഞ്ചിലും ചുവപ്പു 'കിരീടം' ഉണ്ട്. കണ്ണിനു ചുറ്റും വലിയ മഞ്ഞപ്പൊട്ടും ഇതിനെ രണ്ടായി മുറിച്ചുകൊണ്ടു കറുത്ത പട്ടയും കാണാം. തൊണ്ടയ്ക്കും മഞ്ഞനിറമാണ്.

അരയാൽ, പേരാൽ എന്നീ മരങ്ങളുടെ പഴം തിന്നുന്നു. ഇതു കിട്ടാതാവുമ്പോൾ പാറ്റയെയും കൃമിയെയും തിന്നാറുണ്ട്.



ചെമ്പുകൊട്ടിക്കിളി

പ്രജനനകാലം ജനുവരിമുതൽ ഏപ്രിൽവരെ. മുരിങ്ങ, മുരുക്ക് എന്നിവയുടെ ഉണങ്ങിയ മരക്കൊമ്പിലെ പൊത്തിലാണു മുട്ടയിടുന്നത്. ഒരു തവണ മൂന്നു മുട്ടയിടും. കുഞ്ഞുങ്ങൾക്കു ദേഹത്തിൽ ചുവപ്പുനിറം ഇല്ല.

ചെമ്പുന്ന

സാപ്പിൻഡേസി കുലത്തിൽപ്പെട്ട ചെറുവൃക്ഷം. ശാസ്ത്രനാമം: *യുഫോറിയ ലോൻഗാന (Euphoria longana)*. ദക്ഷിണേന്ത്യയിലും ചൈനയിലും കൂടുതലായി വളരുന്നു. കേരളത്തിലെ നിത്യഹരിതവനങ്ങളിൽ ധാരാളമുണ്ട്.



പൂവും കായും

പിച്ഛരാകാരത്തിലുള്ള സംയുക്തപത്രം, അനുപർണങ്ങളില്ലാതെ ഏകാന്തരന്യാസത്തിലാണ്. ഇലയ്ക്കു 25 സെ. മീറ്ററോളം നീളം. വക്ക് അഖണ്ഡമാണ്. ജനുവരിമാസത്തോടെ പൂക്കുന്നു. ആൺപൂക്കളും പെൺപൂക്കളും വെവ്വേറെ ചെടിയിലുണ്ടാകുന്നു. പൂക്കൾ ചെറുത്. മഞ്ഞ നിറം. ബാഹ്യദളപുടത്തിലും ദളപുടത്തിലും അഞ്ചോ ആറോ ഇതളുകൾ. കേസരങ്ങൾ 6-10. അണ്ഡാശയം ഊർധ്വവർത്തി. കായ് ജൂണിൽ വിളയും. തടിക്ക് ഈടും കടുപ്പവുമുള്ളതിനാൽ സാധാരണ പണിത്തരങ്ങൾക്കു കൊള്ളാം,

ചെമ്പൈ വൈദ്യനാഥഭാഗവതർ

(1894—1974)

കർണാടകസംഗീതവിദ്വാൻ. ഇരുപതാം നൂറ്റാണ്ടിൽ ദാക്ഷിണാത്യ സംഗീതത്തിനു കേരളം നല്കിയ ഏറ്റവും മികച്ച സംഭാവനയാണു ചെമ്പൈ. മദിരാശി മ്യൂസിക് അക്കാദമി 'സംഗീതകലാനിധി' ബഹുമതിനല്കി ആദരിച്ച ആദ്യത്തെ കേരളീയ സംഗീതജ്ഞനും ഇദ്ദേഹമാണ്. ശ്രുതിയിലും, നാദത്തിലും, സ്വരത്തിലും, താളത്തിലും ചെമ്പൈയുടെ സംഗീതാലാപം അന്യാദൃശമഹത്ത്വം പുലർത്തിയിരുന്നു.

പാലക്കാട്ടു പട്ടണത്തിൽനിന്നു ഏഴു കി.മീറ്റർ പടിഞ്ഞാറു കോട്ടായിക്കു സമീപമുള്ള ചെമ്പൈ ഗ്രാമത്തിൽ ജനിച്ചു. പിതാവ് അനന്തഭാഗവതർ. ഏഴാം വയസിൽ സംഗീതം അഭ്യസിച്ചുതുടങ്ങി. പതിനേഴുവയസ്സായപ്പോൾ സമർഥനായ ഗായകനായി. ഇക്കാലത്തു ശബ്ദതടസ്സം അനുഭവപ്പെട്ടതിനാൽ വയലിനും മൃദംഗവും അഭ്യസിച്ചു. പക്ഷേ താമസിയാതെ ശബ്ദം തിരിച്ചുകിട്ടി. ഇരുപതാംവയസ്സിൽ മദിരാശി ഗോഖലെ ഹാളിൽ നടത്തിയ സംഗീതക്കച്ചേരി ചെമ്പൈയെ ദക്ഷിണേന്ത്യൻ സംഗീതരംഗത്തു ശ്രദ്ധേയനാക്കി. തുടർന്നു 60 വർഷക്കാലം ഇദ്ദേഹത്തിൻെറ സംഗീതസപര്യ നീണ്ടുനിന്നു. 1947-ൽ ചെമ്പൈ മദിരാശിയിൽ സ്ഥിരതാമസമാക്കി. ഗുരുവായൂരപ്പൻെറ ഭക്തനായ ചെമ്പൈ 1938 മുതൽ ഏകാദശി ദിവസം ഗുരുവായൂർ ക്ഷേത്രനടയ്ക്കൽ കച്ചേരി നടത്തുക പതിവാക്കിയിരുന്നു. 1974 ഒക്ടോബർ 16-ാം തീയതി ഒറ്റപ്പാലത്ത് അന്തരിച്ചു. ചരമശേഷം ഗുരുവായൂർ ഏകാദശിക്കാലത്തു വർഷംതോറും ചെമ്പൈ സംഗീതോൽസവം വിപുലമായതോതിൽ നടത്തിവരുന്നു.

ചെമ്പോത്ത്

†ഉപ്പൻ നോക്കുക.

ചെമ്മരം

മീലിയേസി കുലത്തിൽപ്പെട്ട മരം. ശാസ്ത്രനാമം: *അഫനാമിക്സിസ് പോളിസ്റ്റാക്കിയ (Aphanamixis Polystachya)*. ഇന്ത്യയിലെ നിത്യഹരിതവനങ്ങളിൽ കണ്ടുവരുന്നു.

ഇലയ്ക്കു 30 മുതൽ 90 വരെ സെ. മീറ്റർ നീളമുണ്ട്. ഏകാന്തരന്യാസം. ഏപ്രിൽ-മെയ് മാസങ്ങളിൽ പൂക്കുന്നു. ആൺപൂക്കളും പെൺപൂക്കളും വെവ്വേറെ കുലകളിലാണ്. ബാഹ്യദളപുടത്തിനും ദളപുടത്തിനും മൂന്നുമുതൽ അഞ്ചുവരെ ഇതൾ വീതമുണ്ട്. കേസരം 6-10. അണ്ഡാശയത്തിലെ അറയുടെ എണ്ണം മൂന്ന്.

കായ്ക്കു അഞ്ചു സെ. മീറ്ററോളം വ്യാസം ഉണ്ട്. കായ് വിളഞ്ഞി പൊട്ടിയാലും താഴെ വീഴില്ല.

വേര്, വിത്ത്, ഇല എന്നിവ മരുന്നിന് ഉപയോഗിക്കുന്നു. ത്വഗ്രോഗങ്ങൾ, പനി, വയറുകടി, വിരശല്യം എന്നിവ ശമിപ്പിക്കാനും വിഷചികിൽസയ്ക്കും കൊള്ളാം. വാതരോഗചികിൽസയ്ക്കും വിരേചനവസ്തുവായും ഉപയോഗിക്കുന്നു.

ചെമ്മരിയാട്

അയവിറക്കുന്ന ഒരിനം സ്തനി. ശരീരം രോമാവൃതമാണ്. ബോവിഡെ കുലത്തിൽപ്പെടുന്നു. *ഓവിസ് ബ്ലാൻഫോർഡി*, *ഓവിസ് ബറെൽ* എന്നിവയാണ് ഇന്ത്യയിലെ ചെമ്മരിയാടുകൾ.



കറുത്ത മോന്തയുള്ള ചെമ്മരിയാട്
(സ്കോട്ലൻഡ്)

രോമം, പാൽ, ഇറച്ചി എന്നിവയ്ക്കായി വളർത്തുന്നു. കമ്പിളി വസ്ത്രം നിർമിക്കാനാണു രോമം ഉപയോഗിക്കുന്നത്. അങ്കോറ (മൊഹയർ), കശ്മീർ (ഷാൾ) എന്ന രണ്ടിനം ചെമ്മരിയാടുകൾക്കാണു കൂടുതൽ പ്രാധാന്യം. തെക്കെ ആഫ്രിക്ക, ഓസ്ട്രേലിയ, അമേരിക്ക, കാനഡ എന്നിവിടങ്ങളിൽ അങ്കോറ ഇനമാണ് അധികം. അങ്കോറ കൂടുതൽ പാൽ ഉത്പാദിപ്പിക്കുന്നവയല്ല. അതിൻെറ രോമത്തിനു പട്ടുനാരുപോലുള്ള മൃദുത്വമുണ്ട്. വസന്തകാലത്തു രോമം മുറിച്ചെടുക്കുന്നു. ശരത്കാലത്ത് അവ താനേ പൊഴിഞ്ഞുപോകും. നീണ്ട രോമങ്ങൾക്കിടയിലായി നീളം കുറഞ്ഞ ചെറിയ രോമങ്ങളുമുണ്ട്. ഒരു ആടിൽനിന്നു ലഭിക്കുന്ന കമ്പിളിരോമത്തിന് ഒരു കിലോഗ്രാമോളം തൂക്കമുണ്ടാകും.

കശ്മീർ ചെമ്മരിയാടുകളുടെ, നീളംകൂടിയ രോമത്തെക്കാൾ ഇടയ്ക്കുള്ള നീളംകുറഞ്ഞ രോമത്തിനാണു പ്രാധാന്യം. പുറമെയുള്ള രോമത്തിൻെറ നീളവും എണ്ണവും കൂടുന്നതനുസരിച്ചു നീളം കുറഞ്ഞ രോമത്തിൻെറ ഗുണവും കൂടും. കശ്മീർ ആട് പൊതുവെ ചെറുതാണ്. കൊമ്പുകൾ പിരിഞ്ഞതും കാത് താഴേക്കു ഞാന്നുകിടക്കുന്നവയുമാണ്.

ചെമ്മരിയാടുകളിൽനിന്നു ലഭിക്കുന്ന ഉത്പന്നങ്ങളുടെ ഗുണത്തെ ആസ്പദമാക്കി ആറു സങ്കരയിന (breed) മായി തിരിക്കാം.



ലിങ്കൺ എന്ന ഇനം

നല്ല രോമം നല്കുന്ന ഇനം: മെറീനോ, റാംബോലറ്റ്. കൊമ്പുള്ളവയും കൊമ്പില്ലാത്തവയും ഉണ്ട്.

ഇടത്തരം രോമം നല്കുന്ന ഇനം: ചിവോട്ട്, കോറിഡെയിൽ എന്നിവയാണു പ്രധാന ഇനങ്ങൾ. രണ്ടിനും കൊമ്പില്ല. ഓൾഡൻബർഗ് വെറ്റ്ഹെഡ്, പനാമ, റോമൻ ഡെയിൽ, ടാർഗി എന്നിവയും ഇടത്തരം രോമം നല്കുന്നവ തന്നെ.

നീണ്ട പരുക്കൻ രോമത്തോടുകൂടിയവ: ഇംഗ്ലീഷ് ലെസിസ്റ്റർ, ബോർഡർ ലെസിസ്റ്റർ, കോട്സ്വേഡ, ലിങ്കൺ, റോംനി എന്നീ ഇനങ്ങളാണ് ഈ വിഭാഗത്തിലുൾപ്പെടുന്നത്.

കുറ്റിരോമം നല്കുന്ന ഇനം: കാരക്കൂൾ, റോംനോവ് എന്നീ ഇനങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നു.

ഇറച്ചിക്കുപറ്റിയവ: ബ്ലാക്ഹെഡ് പേർഷ്യൻ.

പാലിനു പറ്റിയവ: ഈസ്റ്റ് പ്രഷ്യൻ, പെൽവിൻ സീവുലിവോ, സറ്റാറാ, സഗോറാ, സിവിസ്റ്റോവ് എന്നിവ. † ആട് നോക്കുക.

ചെമ്മീൻ

കൊഞ്ച് നോക്കുക.

ചെമ്മീൻ

തകഴി ശിവശങ്കരപ്പിള്ളയുടെ പ്രസിദ്ധ നോവലും, അതിനെ അവലംബമാക്കി രാമുകാര്യാട്ട് സംവിധാനം ചെയ്ത ചലച്ചിത്രവും. നോവൽ കേന്ദ്രസാഹിത്യ അക്കാദമി അവാർഡും (1957, ചലച്ചിത്രം ഏറ്റവും മികച്ച ചിത്രത്തിനുള്ള രാഷ്ട്രപതിയുടെ സ്വർണമെഡലും (1965) നേടി. 1956-ൽ രചിക്കപ്പെട്ട ചെമ്മീൻ തകഴിയുടെ നോവലുകളുടെ നിരയിൽ വ്യത്യസ്തത പുലർത്തുന്ന കൃതിയാണ്. കാല്പനിക തീവ്രതയുള്ള പ്രേമകഥയും, കടൽത്തീരത്തു പ്രചാരമുള്ള മിത്തും അവലംബമാക്കി രചിച്ച ഈ നോവലിൽ അതി സൂക്ഷ്മമായ മാനസികാപഗ്രഥനത്തിനുള്ള പാടവം തകഴി പ്രദർശിപ്പിച്ചിട്ടുണ്ട്. അനുകൂലവും പ്രതികൂലവുമായ വിമർശനങ്ങൾക്കും വിശദപഠനങ്ങൾക്കും വിഷയമായിട്ടുള്ള ഈ നോവലിൻെറ ഒട്ടേറെ പതിപ്പുകൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. ഭാരതീയ ഭാഷകൾക്കു പുറമെ, ഇംഗ്ലീഷ്, റഷ്യൻ, ചെക്കസ്ലവാക്യൻ തുടങ്ങിയ യൂറോപ്യൻ ഭാഷകളും ജാപ്നീസ്, വിയറ്റ്നാമീസ് തുടങ്ങിയ ഏഷ്യൻ ഭാഷകളും ഉൾപ്പെടെ ഒട്ടു വളരെ വിദേശ ഭാഷകളിൽ ചെമ്മീൻ പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

ചെമ്മീനിലെ പളനിയും കറുത്തമ്മയും
(സത്യനും ഷീലയും)

കൺമണിഫിലിംസ് നിർമിച്ച ചെമ്മീൻ പ്രദർശനവിജയവും സഹൃദയാംഗീകാരവും നേടിയ ചലച്ചിത്രമാണ്. എസ്.എൽ.പുരം സദാനന്ദൻ രചിച്ച സംഭാഷണവും, വയലാർ രാമവർമ രചിച്ച ഗാനങ്ങളും സലീൻ ചൗധരിയുടെ സംഗീതവും ഈ ചിത്രത്തിൻെറ

ആകർഷകത്വം വർധിപ്പിച്ചു. സത്യൻ, മധു, കൊട്ടാരക്കര ശ്രീധരൻ നായർ, ഷീല, അടൂർഭവാനി തുടങ്ങിയവരാണ് അഭിനേതാക്കൾ. മലയാളത്തിലെ ആദ്യത്തെ വർണചിത്രങ്ങളിൽ ഒന്നാണ് ചെമ്മീൻ. ചലച്ചിത്രസംവിധായകൻ എന്ന നിലയിൽ രാമുകാര്യാട്ടിനു ശാശ്വത പ്രതിഷ്ഠ നേടിക്കൊടുത്ത ചിത്രവുമാണിത്.

ചെമ്മുള്ളി

അക്കാന്തേസി കുലത്തിൽപ്പെട്ട ചെടി. ശാസ്ത്രനാമം: *ബർലേറിയ പ്രയോണിറ്റിസ് (Barleria prionitis)*. വെളുപ്പ്, ചുവപ്പ്, മഞ്ഞ, നീല എന്നിങ്ങനെ നാലു സ്പീഷീസുണ്ട്. ഔഷധമായും വെറ്റില ക്കൊടി പടർത്തുവാനും ഉപയോഗിക്കുന്നു.

ചെയ്ൻ, സർ ഏൺസ്റ്റ്ബോറിസ് (1906—1979)

ഇംഗ്ലീഷ് ജീവരസതന്ത്രജ്ഞൻ. വൈദ്യശാസ്ത്രത്തിനും ശരീരശാസ്ത്രത്തിനുമുള്ള 1945 ലെ നൊബേൽ സമ്മാനം വാൾട്ടർഫ്ളോറി, അലക്സാണ്ടർ ഫ്ളെമിങ് എന്നിവരോടൊപ്പം പങ്കിട്ടു.

1906 ജൂൺ 19-ാം തീയതി ബെർലിനിൽ ജനിച്ചു. ബെർലിൻ സർവകലാശാലയിൽ നിന്നു ശരീരശാസ്ത്രത്തിലും രസതന്ത്രത്തിലും ബിരുദം നേടി. പിന്നീടു ബെർലിനിൽ തന്നെയുള്ള 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാത്തോളജി'യിൽ ഗവേഷണം തുടങ്ങി. എന്നാൽ താമസിയാതെതന്നെ ഇംഗ്ലണ്ടിലെത്തി. അവിടെ ഫ്ളോറിയോടൊപ്പം പെൻസിലിനെക്കുറിച്ചുള്ള ഗവേഷണങ്ങളിൽ വ്യാപൃതനായി. 1948 മുതൽ 1961 വരെ റോമിൽ ഇൻറർ നാഷണൽ റിസേർച്ച് സെൻറർ ഡയറക്ടറായി സേവനമനുഷ്ഠിച്ചു. 1961 മുതൽ 73 വരെ ലണ്ടനിൽ ഇംപീരിയൽ കോളെജിൽ ജീവരസതന്ത്ര പ്രൊഫസറായും 1973 മുതൽ 76 വരെ 'സീനിയർ റിസർച്ച് ഫെല്ലോ' ആയും പ്രവർത്തിച്ചിട്ടുണ്ട്. 1969-ൽ ബ്രിട്ടീഷ് ഗവൺമെൻറ് സർ സ്ഥാനം നല്കി ആദരിച്ചു.

പെൻസിലിൻെറ ഉപയോഗക്ഷമത സ്ഥാപിക്കുന്നതിനുവേണ്ടി അലക്സാൺഡർ ഫ്ളെമിങ്ങിനോടൊപ്പം ചെയ്ൻ നല്കിയ ഗണ്യമായ സംഭാവനകളാണ് ഇദ്ദേഹത്തിൻെറ ശാസ്ത്രരംഗത്തെ ഏറ്റവും വലിയ നേട്ടം. പാമ്പുവിഷം, എൻസൈം മുതലായവരെക്കുറിച്ച് ചെയ്ൻ നടത്തിയ പഠനങ്ങളും ശാസ്ത്രലോകത്തിനു മുതൽകൂട്ടായിത്തീർന്നിട്ടുണ്ട്. 1979 ആഗസ്റ്റ് 12-നു അന്തരിച്ചു.

ചെയ്മ്ബർലെയിൻ, ആസ്റ്റൻ (1863—1937)

ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞൻ. ജോസഫ് ചെയ്മ്ബർലെയിനിൻെറയും ഹാരിയറ്റ് കെൽറിക്കിൻെറയും പുത്രനായി 1863-ൽ ബർമിങ്ഹാമിൽ ജനിച്ചു. കേംബ്രിജ്, പാരീസ്, ബർലിൻ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം ചെയ്തു. 1892-ൽ പാർലമെൻറിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. മരണംവരെ പാർലമെൻറു മെംബറായിരുന്നു.

1895-ൽ മന്ത്രിസഭാംഗമായി. പിതാവു കോളണിവകുപ്പു മന്ത്രിയായിരുന്നപ്പോൾ ആസ്റ്റൻ മന്ത്രിസഭയിലുണ്ടായിരുന്നു. താരിപ്പുനയത്തെക്കുറിച്ചുള്ള അഭിപ്രായവ്യത്യാസംമൂലം പിതാവു മന്ത്രിസഭ വിട്ടിട്ടും മകൻ മന്ത്രിസഭയിൽ തുടർന്നു. ധനകാര്യമന്ത്രിയായും (1903-1905) ഇന്ത്യയ്ക്കുവേണ്ടിയുള്ള സ്റ്റേറ്റ് സെക്രട്ടറിയായും (1915-',17)ജോലി നോക്കി. യാഥാസ്ഥിതികപാർട്ടി നേതാവും (1921) കോമൺസിലെ സഭാനേതാവും ലോർഡ് പ്രിവിസീലുമായി. ലോയിഡ് ജോർജിൻെറ മന്ത്രിസഭയ്ക്ക് ഇദ്ദേഹം പിന്തുണ നല്കി. അനുജനായ നെവിൽചേയ്മ്ബർലെയിൻ ലോയിഡ്ജോർജിന് എതിരായിരുന്നു. ബാൾഡ്വിൻെറ രണ്ടാം മന്ത്രിസഭയിൽ ആസ്റ്റൻ വിദേശകാര്യസെക്രട്ടറിയായി (1924—'29). 1925-ലെ സമാധാനത്തിനുള്ള നൊബേൽസമ്മാനം ആസ്റ്റനും ചാൾസ് ഡാവസ്സിനും കൂടിയാണു ലഭിച്ചത്. റാംസേ മക്ക്ഡൊണാൾഡ് മന്ത്രിസഭ രൂപവത്കരിച്ചപ്പോൾ ആസ്റ്റൻ ചേയ്മ്പർലെയിൻ നാവികസേനാവകുപ്പു മന്ത്രിയായി. സേനാംഗങ്ങളുടെ ശമ്പളം കുറയ്ക്കാനുള്ള നീക്കത്തെ തുടർന്ന് 1931 സെപ്റ്റംബറിൽ നാവികസേനയിൽ ഒരു കലാപമുണ്ടായി. 1931 ഒക്റ്റോബറിലെ തിരഞ്ഞെടുപ്പിനുശേഷം ഇദ്ദേഹം മന്ത്രിപദത്തിൽനിന്ന് ഒഴിഞ്ഞുനിന്നു. 1937 മാർച്ചിൽ നിര്യാതനായി. ഇദ്ദേഹത്തിൻെറ സ്മരണകൾ രണ്ടു വാല്യങ്ങളായി പ്രസിദ്ധംചെയ്തിട്ടുണ്ട്.

ചെയ്മ്ബർലെയിൻ, ഓവെൻ (1920-)

ആൻറിപ്രോട്ടോണിൻെറ കണ്ടുപിടിത്തത്തിന് എമിലിയോ ജിനോ സെഗ്രിയോടൊപ്പം ഭൗതികത്തിനുള്ള നൊബേൽസമ്മാനം(1959) നേടിയ യു.എസ്. ശാസ്ത്രജ്ഞൻ. ഈ കണ്ടുപിടിത്തം പ്രാഥമിക ഭൗതികത്തിൽ മറ്റു പ്രതികണങ്ങളുടെ കണ്ടുപിടിത്തങ്ങൾക്കു പാതയൊരുക്കി.

1920 ജൂലൈ 10-നു സാൻ ഫ്രാൻസിസ്കോയിൽ ജനിച്ചു. രണ്ടാം ലോകയുദ്ധകാലത്തു യു.എസ്. അണുബോംബ് പദ്ധതിയിൽ പ്രവർത്തിച്ചിരുന്നു. അതിനുശേഷം ഷിക്കാഗോ സർവകലാശാലയിൽ നിന്ന് പിഎച്ച്.ഡി. നേടി. ഇതേ സമയംതന്നെ ഇല്ലിനോയ്ഡിലെ ആർഗനി നാഷനൽ ലബോറട്ടറിയിൽ പ്രവർത്തിക്കുകയും ചെയ്തു. 1948-ൽ കാലിഫോർണിയ സർവകലാശാലയുടെ ഫാക്കൽറ്റിയിൽ ചേർന്നു. 1958-ൽ പ്രൊഫസർ ആയി. അവിടെ വച്ച് ആൽഫാകണങ്ങളുടെ ക്ഷയം (decay), ഉന്നതോർജകണങ്ങൾ എന്നിവയെപ്പറ്റി ഗവേഷണങ്ങൾ നടത്തി. സഹപ്രവർത്തകനായ സെഗ്രിയുമൊത്തു ബിവാട്രോൺ കണികാത്വരിത്രങ്ങൾ (particle accelerator) ഉപയോഗിച്ച് ആൻറി പ്രോട്ടോൺ വേർതിരിച്ചു (1955). അടുത്തവർഷം ആൻറി ന്യൂട്രിനോൺ ഉണ്ടെന്നു സ്ഥിരീകരിക്കുന്ന ചില ഗവേഷണ ഫലങ്ങൾ പ്രസിദ്ധപ്പെടുത്തി.

ചെയ്മ്ബർലെയിൻ, ജോസഫ് (1836—1914)

ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞൻ. സാമ്രാജ്യത്തിൻെറ ഐക്യത്തിനുതകിയ ഒരു താരിപ്പുനയത്തിനുവേണ്ടി വാദിച്ചു. ബ്രിട്ടീഷ് കോളണി കാര്യമന്ത്രിയായിരുന്നു (1895—1900). ഒരു വ്യവസായിയുടെ പുത്രനായി 1836-ൽ ലണ്ടനിൽ ജനിച്ചു. വിദ്യാഭ്യാസത്തിനുശേഷം വ്യവസായപ്രവർത്തനങ്ങളിൽ പിതാവിനെ സഹായിക്കുകയും ധാരാളം സമ്പാദിക്കുകയും ചെയ്തു. പിന്നീടു വ്യവസായരംഗംവിട്ടു പൊതുരംഗത്തിറങ്ങി. ആദ്യം ബർമിങ്ഹാം നഗരസഭയിൽ അംഗമായി (1869). നഗരസഭയിൽ ലിബറൽ പാർട്ടിക്കു ഭൂരിപക്ഷം ലഭിച്ചപ്പോൾ ജോസഫ് ചെയ്മ്ബർ ലെയിൻ, നഗരത്തിലെ മേയറായി (1873-'76) ബർമിങ്ഹാമിൽ ഇദ്ദേഹം പല പരിഷ്കാരങ്ങളും വരുത്തി.

1876-ൽ ഇദ്ദേഹം ബർമിങ്ഹാമിൽനിന്ന് എതിരില്ലാതെ പാർലമെന്റിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. 1880-ൽ ഗ്ലാഡ്സ്റ്റന്റെ മന്ത്രിസഭയിൽ വാണിജ്യബോർഡ് അധ്യക്ഷനായി. അയർലൻഡിലെ ദേശീയവാദികൾക്കെതിരായുള്ള മർദനങ്ങളെ ഇദ്ദേഹം എതിർത്തു. അടുത്ത തിരഞ്ഞെടുപ്പിൽ ബർമിങ്ഹാമിൽനിന്നു ജയിച്ച ഇദ്ദേഹം ഗ്ലാഡ്സ്റ്റൺ മന്ത്രിസഭയിൽ പ്രാദേശിക സ്വയംഭരണവകുപ്പു മന്ത്രിയായി (1866). പക്ഷേ, അയർലൻഡ് പ്രശ്നത്തിൽ പ്രധാനമന്ത്രിയുമായുണ്ടായ അഭിപ്രായവ്യത്യാസം മൂലം മാർച്ചിൽ മന്ത്രിപദം രാജിവച്ചു. ജൂണിൽ മന്ത്രിസഭ പാർലമെന്റിൽ പരാജയപ്പെട്ടു. തുടർന്നുണ്ടായ തിരഞ്ഞെടുപ്പിലും ചെയ്മ്ബർലെയിൻ ലിബറൽ യൂണിയനിസ്റ്റുകൾ എന്ന പുതിയ പാർട്ടിയുടെ നേതാവായി ജയിച്ചു. ഗ്ലാഡ്സ്റ്റൺ പ്രധാനമന്ത്രിയാകാതിരിക്കാൻവേണ്ടി ലിബറൽ യൂണിയനിസ്റ്റുകൾ (78 എം.പി.മാർ) കൺസർവേറ്റീവ് മന്ത്രിസഭയ്ക്കു പിന്തുണ നല്കി. ചെയ്മ്ബർ ലെയിനിന്റെ പ്രേരണയ്ക്കു വഴങ്ങി ആ മന്ത്രിസഭ സാമൂഹിക പരിഷ്കാരങ്ങൾക്കുവേണ്ടി പല നിയമങ്ങളും കൊണ്ടുവന്നു. 1892-ലെ തിരഞ്ഞെടുപ്പിൽ ചെയ്മ്ബർലെയിൻ ജയിച്ചെങ്കിലും അദ്ദേഹത്തിന്റെ പാർട്ടിക്കു പാർലമെന്റിലുണ്ടായിരുന്ന അംഗസംഖ്യ കുറഞ്ഞു. 1895-ൽ സാലിസ്ബറി പ്രഭുവിന്റെ മന്ത്രിസഭയിൽ ചെയ്മ്ബർലെയിൻ കോളണികാര്യമന്ത്രിയായി. താരിപ്പുനയത്തെക്കുറിച്ചുണ്ടായ അഭിപ്രായവ്യത്യാസംമൂലം 1903 സെപ്റ്റംബറിൽ മന്ത്രിപദം രാജിവച്ചു.

1906-ൽ ഇദ്ദേഹത്തിനു തളർവാതം പിടിപെട്ടു. 1910-ൽ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടെങ്കിലും 1914 ജൂലൈ 2-ാം തീയതി ലണ്ടനിൽവച്ചു നിര്യാതനായി.

ചെയ്മ്ബർലെയിൻ മൂന്നു തവണ വിവാഹംചെയ്തു. ആദ്യത്തെ ഭാര്യ 1863-ലും, രണ്ടാമത്തെ ഭാര്യ 1875-ലും മരിച്ചു. 1888-ൽ മൂന്നാമതും വിവാഹംചെയ്തു. ആദ്യഭാര്യയിലെ പുത്രനായ ആസ്റ്റിൻ ചെയ്മ്ബർലെയിൻ ബ്രിട്ടീഷ് വിദേശകാര്യമന്ത്രിയായിരുന്നു. രണ്ടാമത്തെ ഭാര്യയിലെ പുത്രനായ † നെവിൽ ചെയ്മ്ബർ ലെയിൻ ബ്രിട്ടീഷ് പ്രധാനമന്ത്രിയുമായി.

ചെയ്മ്ബർലെയിൻ, നെവിൽ (1869—1940)

ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞനും 1937-40 കാലയളവിൽ പ്രധാനമന്ത്രിയും. 1869 മാർച്ച് 18-ാം തീയതി ബർമിങ്ഹാമിൽ ജനിച്ചു. പിതാവ് ജോസഫ് ചെയ്മ്ബർലെയിനും മാതാവ് ഫ്ളോറൻസ് കെൻറിക്കിയും ആണ്. വിദ്യാഭ്യാസത്തിനുശേഷം ബഹാമിസിലെ ആൻഡ്രോസ് ദ്വീപിൽ പിതാവിന്റെ എസ്റ്റേറ്റിന്റെ ഭരണം നടത്തി (1890—'97). പിന്നീടു നാട്ടിൽ തിരിച്ചെത്തി വ്യാവസായികപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. 1911-ൽ ബർമിങ്ഹാം നഗരസഭാംഗമായും 1915-ൽ അവിടത്തെ മേയറായും തിരഞ്ഞെടുക്കപ്പെട്ടു. 1916-ൽ നാഷനൽ സർവീസിന്റെ ഡയറക്ടറായി ഏഴുമാസം ജോലിനോക്കി.

1918-ൽ കൺസർവേറ്റീവ് പാർട്ടി ടിക്കറ്റിൽ ബർമിങ്ഹാമിൽനിന്നു ചെയ്മ്ബർലെയിൻ പാർലമെന്റിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. ലോയിഡ് ജോർജിന്റെ സംയുക്തമന്ത്രിസഭ പരാജയപ്പെട്ടതിനെത്തുടർന്ന് 1922-ൽ ആൻഡ്രൂ ബോണാർലാ മന്ത്രിസഭ രൂപീകരിച്ചപ്പോൾ ചെയ്മ്ബർലെയിൻ പോസ്റ്റുമാസ്റ്റർ ജനറലായി. പിന്നീട് ആരോഗ്യമന്ത്രി, ധനമന്ത്രി എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. 1931 മുതൽ തുടർച്ചയായി അഞ്ചരവർഷക്കാലം ധനമന്ത്രിയായിരുന്നു. 1937 മെയ് 28-ാം തീയതിയാണു ബ്രിട്ടീഷ് പ്രധാനമന്ത്രിയായത്. ഹിറ്റ്ലറും മുസ്സോളിനിയും യൂറോപ്പിനെ ഭീഷണിപ്പെടുത്തുന്ന നയത്തെ ചെറുക്കാനുള്ള ബാധ്യത ബ്രിട്ടന്റെതായിരുന്നു. എന്നാൽ ഒരു യുദ്ധം ഒഴിവാക്കുവാനായി ചെയ്മ്ബർലെയിൻ ജെർമനിയോടും ഇറ്റലിയോടും വിട്ടുവീഴ്ചാമനോഭാവം കാണിച്ചു. കുറെപ്പേർ ഇതിനെ 'പ്രീണനനയം' എന്നുവിളിച്ചു. ചെക്കസ്ലവാക്യയുടെ കുറെ ഭാഗങ്ങൾ ഹിറ്റ്ലർ കൈവശപ്പെടുത്തുന്നതു സമ്മതിച്ചുകൊണ്ട് 1938 സെപ്റ്റംബർ 30-ന് മ്യൂണിക്കിൽവച്ച് ഒപ്പുവച്ച ഉടമ്പടിയിൽ ബ്രിട്ടനും പങ്കുചേർന്നു. മ്യൂണിക്കിൽനിന്നു തിരിച്ചെത്തി, അദ്ദേഹം യുദ്ധത്തിനു തയ്യാറെടുക്കുവാൻ ഉത്തരവിട്ടു. 1939 മാർച്ചിൽ ചെക്കസ്ലവാക്യയുടെ ബാക്കി ഭാഗങ്ങൾകൂടി ഹിറ്റ്ലർ കൈയടക്കി. അതോടെ പ്രീണനനയവും അവസാനിച്ചു. ഏപ്രിലിൽ ബ്രിട്ടനിൽ സൈന്യസേവനം നിർബന്ധിതമാക്കി. ജെർമനിക്കെതിരായി ഫ്രാൻസിനെയും റഷ്യയെയുംകൂടി പങ്കെടുപ്പിച്ചുള്ള ഒരു സഖ്യം രൂപവത്കരിക്കാൻ ഇദ്ദേഹം ശ്രമിച്ചുവെങ്കിലും അതു ഫലിച്ചില്ല. ജെർമനി പോളണ്ടിനെ ആക്രമിച്ചാൽ ബ്രിട്ടൻ യുദ്ധത്തിനിറങ്ങുമെന്ന് ചെയ്മ്ബർലെയിൻ താക്കീതുനല്കി. അതു വകവെക്കാതെ ഹിറ്റ്ലർ 1939 സെപ്റ്റംബർ 1-നു പോളണ്ടിനെ ആക്രമിച്ചു. സെപ്റ്റംബർ 3-നു ബ്രിട്ടൻ ജെർമനിക്കെതിരായി യുദ്ധം പ്രഖ്യാപിച്ചു.

ചെയ്മ്ബർലെയിൻ ചർച്ചിലിനെക്കൂടി യുദ്ധകാലമന്ത്രിസഭയിൽ ഉൾപ്പെടുത്തി. ലിബറൽകക്ഷിയും മന്ത്രിസഭയിൽ ചേർന്നു. ലേബർ പാർട്ടി മന്ത്രിസഭയിൽ ചേർന്നില്ല. യുദ്ധത്തിന്റെ ആദ്യഘട്ടത്തിൽ വിജയം ജെർമനിക്കായിരുന്നു. അതിനെത്തുടർന്നു പാർലമെന്റിൽ ചെയ്മ്ബർലെയ്നിന്റെ നടപടികളെക്കുറിച്ചു നിശിതമായ വിമർശനങ്ങളുയർന്നു. കൺസർവേറ്റീവ് പാർട്ടിയിൽ പിളർപ്പുണ്ടായി. ചെയ്മ്ബർലെയിനിനു പാർലമെന്റിലുണ്ടായിരുന്ന ഭൂരിപക്ഷം കുറഞ്ഞു. 1940 മേയ് 10-ന് ഇദ്ദേഹം രാജിവച്ചു. ചർച്ചിൽ രൂപവത്കരിച്ച മന്ത്രിസഭയിൽ ചെയ്മ്ബർലെയിൻ കുറച്ചുകാലം അംഗമായിരുന്നു. അനാരോഗ്യം നിമിത്തം സെപ്റ്റംബർ 30-ന് മന്ത്രിപദം രാജിവച്ചു. 1940 നവംബർ 9-ന് അന്തരിച്ചു.

ചെയ്മ്ബേഴ്സ്, എഫ്റൈം (1680—1740)

ആദ്യത്തെ ഇംഗ്ലീഷ് സർവവിജ്ഞാനകോശകാരൻ. *ആൻ യൂനിവേഴ്സൽ ഡിക്ഷണറി ഒഫ് ആർട്സ് ആൻഡ് സയൻസസ്* എന്നാണ് ഇദ്ദേഹം രചിച്ച സർവവിജ്ഞാനകോശത്തിന്റെ പേര്. 1728-ലാണ് ഇതിന്റെ രചന. ഈ വിജ്ഞാനകോശത്തിന്റെ നിർമിതിയെത്തുടർന്ന് ചെയ്മ്ബേഴ്സ് റോയൽ സൊസൈറ്റിയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. ദിദെറോയുടെ എൻസൈക്ലോപ്പീഡിയ (Encyclopaedia) (1751-1780) ഫ്രെഞ്ചുഭാഷയിൽ തയ്യാറാക്കിയത് ചെയ്മ്ബേഴ്സിന്റെ വിജ്ഞാനകോശത്തെ ആധാരമാക്കിയാണ്. 1753-ൽ ചെയ്മ്ബേഴ്സ് വിജ്ഞാനകോശത്തിന്റെ പരിഷ്കരിച്ചു വിപുലീകരിച്ച പതിപ്പ് ജോർജ് എൽ. സ്കോട്ട് തയ്യാറാക്കി.

1740 മേയ് 15-നു ഇസ്ലിങ്ടനിൽവച്ച് അന്തരിച്ചു.

ചെയ്മ്ബേഴ്സ് നിഘണ്ടു

† നിഘണ്ടുക്കൾ നോക്കുക.

ചെയ്യൂർ ചെങ്കൽവരായ ശാസ്ത്രി (1810—1900)

സംഗീതം, സാഹിത്യം, ഭരതനാട്യം ഇവയിൽ നിപുണനായ കലാകാരൻ. മുത്തുകുമാരശതകം (കീർത്തനം), സുന്ദരേശവിലാസം (ഗാനനാടകം) തുടങ്ങിയവ രചിച്ചു. 'ശബ്ദം' എന്ന ഗാനരൂപത്തിലും ഒരു കൃതി ഇദ്ദേഹത്തിന്റെതായുണ്ട്. ചെയ്യൂരിലെ ജമിന്ദാർമാരുമായുണ്ടായ സമ്പർക്കംമൂലം ചെയ്യൂർ ചെങ്കൽവരായ ശാസ്ത്രി എന്ന പേരിൽ അറിയപ്പെട്ടു.

സ്വരാക്ഷരം, അന്ത്യാനുപ്രാസങ്ങൾ, യമകം തുടങ്ങിയ ശബ്ദവിശേഷണങ്ങളോടുകൂടി കല്യാണി, ശഹാനാ തുടങ്ങിയ രാഗങ്ങളിലും പൂർണചന്ദ്രിക, ഗൗളിപ്പന്ത് തുടങ്ങിയ രാഗങ്ങളിലും ഒട്ടേറെ ഗാനങ്ങൾ രചിച്ചു. ഇവയിൽ പലതും ഇന്നും ചെയ്യൂർക്ഷേത്രത്തിൽ ആലപിക്കപ്പെട്ടുവരുന്നു.

ചെയ്സ്, സ്റ്റുവർട്ട് (1888—1985)

അമേരിക്കൻ സാമ്പത്തികശാസ്ത്രവിദഗ്ധനും ഗ്രന്ഥകാരനും. സമ്പന്നവും സാങ്കേതികപുരോഗതി നേടിയതുമായ സമൂഹത്തിലെ ജീവിതത്തിൻെറ പ്രശ്നങ്ങളെക്കുറിച്ചാണു ചെയ്സ് സ്റ്റുവർട്ടിൻെറ പഠനങ്ങൾ. അമേരിക്കൻ പ്രസിഡൻറ് ഫ്രാങ്ക്ലിൻ റൂസ്വെൽറ്റിൻെറ ഉപദേഷ്ടാവായിരുന്നു.

1888 മാർച്ച് 8-ന് സോമർസ്വർത്തിൽ ജനിച്ചു. ഹാർവഡ് സർവകലാശാലയിൽനിന്ന് 1910-ൽ ബിരുദമെടുത്തു. അച്ഛൻെറ അക്കൗണ്ടിങ് സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചു. 1920-ൽ തൊഴിലാളി സംഘടനകൾക്കു ഉപദേശനിർദേശങ്ങൾ നൽകുന്നതിനായി ലേബർ ബ്യൂറോ സ്ഥാപിച്ചു. *എ ന്യൂ ഡീൽ* (1932), *റിച്ച് ലാൻഡ് പുവർ ലാൻഡ്* (1936), *ദ പ്രോപ്പർ സ്റ്റഡീ ഓഫ് മേൻകൈൻഡ്* (1948), *അമേരിക്കൻ ക്രിഡോസ്* (1962), *ടിറണി ഓഫ് വേഡ്സ്* (1938), *പവർ ഓഫ് വേഡ്സ്* (1954) എന്നിവയാണ് ഇദ്ദേഹത്തിൻെറ പ്രധാന ഗ്രന്ഥങ്ങൾ.

ചെരങ്കോവ്, പാവൽ അലക്സീവിച്ച് (1904—)

സോവിയറ്റു ഭൗതികജ്ഞൻ. 1958-ൽ ഭൗതികത്തിനുള്ള നൊബേൽ സമ്മാനം ഇഗർ.വൈ.ടാം, ഇലിയാ, എം. ഫ്രാൻക് എന്നിവരുമായി പങ്കിട്ടു.

ഒരു ചാർജിതകണം പ്രകാശവേഗത്തെ കവിഞ്ഞ് വേഗത്തിൽ ഒരു സുതാര്യവസ്തുവിൽകൂടി സഞ്ചരിച്ചാൽ അതു പ്രകാശതരംഗങ്ങൾ പ്രസരിപ്പിക്കും എന്നു ചെരങ്കോവ് കണ്ടെത്തി. ഈ പ്രതിഭാസത്തിനു 'ചെരങ്കോവ് വികിരണം' എന്നാണു പറഞ്ഞിരുന്നത്. 'ചെരങ്കോവ് പ്രഭാവം' എന്നാണ് ഇപ്പോൾ ഇതിനു പേർ പറയുന്നത്. ഉന്നതോർജഭൗതികത്തിൽ ചാർജിതകണങ്ങളെ കണ്ടെത്താനും അവയുടെ സഞ്ചാരവേഗം അളക്കാനും ചെരങ്കോവ്പ്രഭാവം ഉപയോഗിച്ചുവരുന്നു.

1904 ജൂലൈ 28-ന് സോവിയറ്റുറഷ്യയിലെ നൊവായചിഗ്ലായിൽ ജനിച്ചു. വൊറോനീഷ് സർവകലാശാലയിൽനിന്ന് 1928-ൽ ബിരുദം എടുത്തു. സോവിയറ്റുയൂണിയൻ സയൻസ് അക്കാദമിയിലെ ഇൻസ്റ്റിറ്റ്യൂട്ടിൽ റിസർച്ച് അസിസ്റ്റൻറ് ആയിരിക്കുമ്പോൾ 1934-ലാണ് ഇദ്ദേഹം 'ചെരങ്കോവ് വികിരണം' കണ്ടെത്തിയത്. 1959 മുതൽ ഈ സ്ഥാപനത്തിൽ പ്രൊഫസ്സറായി.

ചെരിപ്പ്

മുഖ്യമായും തണുപ്പ്, ഈർപ്പം, പരുക്കൻതറ എന്നിവയിൽനിന്നു പാദങ്ങളെ രക്ഷിക്കാനുള്ള ബാഹ്യാവരണം. പെട്ടെന്നു വളയാത്തതും കനമുള്ളതുമായ ഒരു അടിത്തോലും (sole) കാലിൻെറ കണ്ണ (ankle) വരെ എത്തുന്ന ഒരു മൂടിയും ഉണ്ടായിരിക്കും. ബൂട്സ്, ഷൂസ്, മെതിയടി, ചപ്പൽസ്, സ്ലിപ്പേഴ്സ് എന്നിവയും പാദരക്ഷകളാണ്. ചെരിപ്പു നിർമിക്കാൻ ഉപയോഗിക്കുന്നതു സാധാരണമായി തുകൽ ആണ്. തടി, വസ്ത്രം, വെൽവെറ്റ്, വയ്ക്കോൽ എന്നിവയും ഉപയോഗിക്കാറുണ്ട്.

ചരിത്രം. മിക്ക പൗരാണിക നാഗരികതകളിലും, തടിയാണു പാദരക്ഷയ്ക്ക് ഉപയോഗിച്ചിരുന്നത്. പാദുക, മെതിയടി എന്നെല്ലാം ഇതു കേരളത്തിൽ അറിയപ്പെടുന്നു. കാസൈറ്റ് (Kassite) കാലഘട്ടത്തിൽ (ബി.സി. 1600-1200) മെസൊപൊട്ടേമിയയിൽ മയമുള്ള ചെരിപ്പുകൾ ഉപയോഗിച്ചിരുന്നതായി തെളിവുണ്ട്. തുകൽകൊണ്ടുള്ള ഒരു പൊതിഞ്ഞുകെട്ടൽ ആയിരുന്നു ഇത്. ഗ്രീസിൽ സാധാരണമായി സ്ത്രീകൾ നഗ്നപാദരായോ, മെതിയടി ധരിച്ചോ ആണു വെളിയിൽ സഞ്ചരിച്ചിരുന്നത്. എന്നാൽ വീട്ടിനുള്ളിൽ അവർ ചെരിപ്പു ധരിച്ചിരുന്നു; പാദം മുഴുവൻ മൂടുന്ന ചെരിപ്പ്. ഹെലെനിസ്റ്റിക് കാലഘട്ടത്തിൽ ഈ ചെരിപ്പുകൾ ആർഭാടംനിറഞ്ഞതായി മാറി. ബി.സി. അഞ്ചാംനൂറ്റാണ്ടിൽ, പൊക്കം കൂടിയതും, ചരടുള്ളതും ആയ ചെരിപ്പുകളാണ് എസ്കിയന്മാർ ധരിച്ചിരുന്നത്. ഇടതുകാലിനും വലതുകാലിനും വ്യത്യസ്തരൂപത്തിൽ ചെരിപ്പു സംവിധാനം ചെയ്തതു റോമാക്കാരാണ്. സ്ത്രീക്കും പുരുഷനും വെവ്വേറെ 'ഫാ



ചെരിപ്പിൻെറ രൂപപരിണാമം



ഷൻ' ഉണ്ടാക്കിയതും അവർതന്നെ. ചൈനയിൽ ചെറിയപാദം സ്ത്രീകളുടെ സൗന്ദര്യത്തിൻെറ മാനദണ്ഡമായി കരുതിപ്പോന്നു. അക്കാലത്തു പാദം ചെറുതാകാൻവേണ്ടി മരംകൊണ്ടുള്ള ചെരിപ്പ് അണിഞ്ഞിരുന്നു.

മധ്യയുഗങ്ങളിൽ പൊതുവെ പാദരക്ഷകൾ സരളമായിരുന്നു. ഊറയ്ക്കിടാത്ത തുകലാണ് അന്ന് ഉപയോഗിച്ചിരുന്നത്. പിന്നീട് ബക്കിൾ ഉപയോഗിക്കുന്നതോ കെട്ടുന്നതോ ആയവ പ്രചാരത്തിൽ വന്നു. 14-15 ശതകങ്ങളിൽ ചെരിപ്പിൻെറ മുൻഭാഗം കൂർത്തു നീളാൻ തുടങ്ങി. ഒരു ഘട്ടത്തിൽ എഡ്വേഡ് III-ന്, ചെരിപ്പിൻെറ മുൻഭാഗത്തിനു രണ്ടിഞ്ചിൽ (5 സെ. മീറ്റർ) കൂടുതൽ നീളം ഉണ്ടായിരിക്കരുത് എന്ന് അനുശാസിക്കുന്ന നിയമം ഉണ്ടാക്കേണ്ടിവന്നു. എന്നാൽ തൊട്ടടുത്ത പിൻഗാമി റിച്ചാർഡ് II-ൻെറ കാലത്തു ചെരിപ്പിൻെറ മുൻഭാഗം 18 ഇഞ്ച് (45 സെ.മീറ്റർ) വരെ നീണ്ടു. 16-ാം നൂറ്റാണ്ടായപ്പോഴേക്കും മുൻഭാഗം പരന്നുതുടങ്ങി. രൂപസംവിധാനത്തിലും മാറ്റംവന്നു. അടിഭാഗം തുകൽകൊണ്ടോ കോർക്കുകൊണ്ടോ ആയി. ബാഹ്യാവരണത്തിനു വെൽവെറ്റും സിൽക്കും ഉപയോഗത്തിൽവന്നു.

പതിനേഴാം ശതകമായപ്പോഴേക്കും യൂറോപ്പിൽ പരക്കെ ചെരിപ്പ് ഉപയോഗിച്ചുതുടങ്ങി. അല്പം പൊങ്ങിയ ഉപ്പൂറ്റി (Hecls) ചിത്രപ്പണി, എന്നിവ അക്കാലത്തെ സവിശേഷതയായിരുന്നു. അമേരിക്കയിൽ ആണും പെണ്ണും കനംകൂടിയ ഷൂസിലാണു താത്പര്യം കാണിച്ചത്. പതിനെട്ടാം നൂറ്റാണ്ടായപ്പോഴേക്കും ചിത്രപ്പണികൾ വീണ്ടുംകൂടി. സ്വർണംകൊണ്ടുള്ള ബക്കിൾ, രത്നങ്ങൾ പതിച്ച മുകൾഭാഗം എന്നിവ അന്നത്തെ സവിശേഷതകളായി.

1760-ലാണ് ആദ്യം ഒരു ഷൂസ് ഫാക്റ്ററി ഉണ്ടാകുന്നത്; മസ്സച്ചുസെറ്റ്സിൽ. ഇതോടെ വൻതോതിൽ ഷൂസ്നിർമാണം തുടങ്ങി. എന്നാൽ തുന്നൽ യന്ത്രത്തിൻെറ കണ്ടുപിടിത്തത്തോടെ 19-ാം നൂറ്റാണ്ടിലാണ് എളുപ്പത്തിലും കുറഞ്ഞ ചെലവിലും ഷൂസ് നിർമിക്കാൻ ആരംഭിച്ചത്. 20-ാം നൂറ്റാണ്ടോടെ പല ഫാഷനിലും, പല നിറത്തിലും ഉള്ള ഷൂസുകൾ നിലവിൽവന്നു. പഴയകാലം മുതലേ ചെരിപ്പുനിർമാണത്തിനു തുകൽ ഉപയോഗിച്ചുപോന്നു. കന്നുകുട്ടിയുടെ തുകലാണ് ഏറ്റവും നല്ലതായി കണ ക്കാക്കുന്നത്. സ്ത്രീകളുടെ ചെരിപ്പിന് ആട്ടിൻതോൽ വിശേഷമായി കരുതുന്നു. മുതല, പാമ്പ് തുടങ്ങിയവയുടെ തോലും ഉപയോഗിക്കപ്പെടുന്നു.

ചെരിപ്പുനിർമാണത്തിൽ തുകലിൻെറ പ്രാധാന്യം ഇന്നും തുടരുന്നു. എന്നാൽ തുകലിൻെറ സ്ഥാനം ക്രമേണ റബറും കൃത്രിമനാരുകളും മറ്റും കയ്യടക്കിക്കൊണ്ടിരിക്കുകയാണ്. ചില രാസവസ്തുക്കൾ തേച്ചുപിടിപ്പിച്ച തുണിത്തരങ്ങൾ ഇന്നു ചെരിപ്പിൻെറ മേൽമൂടി ആയി ഉപയോഗിക്കുന്നുണ്ട്. പ്ലാസ്റ്റിക് തുടങ്ങിയ കൃത്രിമമായ വസ്തുക്കൾ ചെരിപ്പുനിർമാണത്തിൽ വമ്പിച്ച വിപ്ലവം വരുത്തിയിരിക്കുന്നു. ഇത്തരം വസ്തുക്കൾക്കു വിലക്കുറവും ഭംഗി കൂടുതലും ഉണ്ട്.

റബർകൊണ്ടുള്ള ഹവായ് ചപ്പലുകൾ ഇന്നു സാധാരണക്കാരൻെറ സഹായത്തിന് എത്തുന്നു. തുകൽകൊണ്ടുള്ള പണ്ടത്തെ വള്ളിച്ചെരിപ്പുകൾ ഹവായ് ചപ്പലുകൾക്കു വഴിമാറി. മെതിയടിക്കു പ്രചാരം കുറഞ്ഞു. എന്നാൽ അടിഭാഗം മരം കൊണ്ടുള്ള ഒരുതരം പാദരക്ഷ ഇന്നും ഉണ്ട്. ഇവയുടെ വള്ളി റബർകൊണ്ടോ, തുകൽ കൊണ്ടോ ആണ്.

കാലിൻെറ മുട്ടുവരെ മൂടുന്ന ബൂട്ടുകൾ പട്ടാളക്കാരുടെയും ചളിപ്രദേശത്തു ജോലിചെയ്യുന്നവരുടെയും ആവശ്യത്തിനു നിർമിക്കാൻ തുടങ്ങിയ താണ്. കുതിരപ്പടയാളികളുടെ ബൂട്സും മുട്ടുവരെ മൂടുന്നുണ്ട്.

ആരാധനാകേന്ദ്രങ്ങൾക്കകത്തു ഹിന്ദുക്കളും മുസ്ലീങ്ങളും ചെരിപ്പ് ഉപയോഗിക്കുകയില്ല. വീട്ടിനുള്ളിലും പാടില്ലെന്നാണു ഹിന്ദുക്കളുടെ പഴയ പതിവ്. എന്നാൽ ഇപ്പോൾ ഈ നിർബന്ധം കാണുന്നില്ല. വീട്ടിനുള്ളിലും കുളിമുറിയിലും ഉപയോഗിക്കാൻ മാത്രമായുള്ള ചെരിപ്പുകളും ഇന്നുണ്ട്.

ചെരിവുമാനം (gradient)

ചെരിവിൻെറ അളവ്. ഗണിതശാസ്ത്ര നിർവചന പ്രകാരം വക്രത്തിലെ ഒരു ബിന്ദുവിലെ സ്പർശരേഖയും (tangent) കാർത്തീഷ്യൻ നിർദേശാങ്കവ്യവസ്ഥയിലെ X അക്ഷത്തിൻെറ ധനദിശയും തമ്മിലുള്ള കോണത്തിൻെറ ടാൻജൻറ് മൂല്യമാണ് ആ ബിന്ദുവിലെ ചെരിവുമാനം. രേഖകളുടെയും മറ്റും കാര്യത്തിൽ രണ്ടു ബിന്ദുക്കൾക്കിടയിൽ ഉള്ള ഉയരത്തിൽ വരുന്ന വർധനവും അവയുടെ തിരശ്ചീനമായ (horizontal) അകലവും തമ്മിലുള്ള അനുപാതമാണു ചെരിവുമാനം. അതായത്, ബിന്ദു ഉൾക്കൊള്ളുന്ന തലവും ആധാരതലവും തമ്മിലുള്ള കോണത്തിൻെറ ടാൻജൻറ് മൂല്യം. കലനത്തിൽ വക്രത്തിൻെറ ചെരിവുമാനം കണ്ടുപിടിക്കുന്നതു മറ്റൊരു രീതിയിലാണ്. f(x) ഒരു വക്രത്തെ പ്രതിനിധാനം ചെയ്യുന്നുവെങ്കിൽ അതിൻെറ ഒന്നാം അവകലജം (derivative) അതായത് f(x) അതിൻെറ ചെരിവുമാനത്തെ സൂചിപ്പിക്കുന്നു.

ചെർണങ്കോ (1911—1985)

സോവിയറ്റ് കമ്യൂണിസ്റ്റുനേതാവ്. 1984-ൽ യൂറി ആൻദ്രോപ്പോവിൻെറ ചരമത്തെത്തുടർന്നു സി.പി.എസ്. യുവിൻെറ സെക്രട്ടറി ജനറലായും പിന്നീട്, പ്രിസീഡിയം ഒഫ് ദ സുപ്രീം സോവിയറ്റിൻെറ ചെയർമാനായും തിരഞ്ഞെടുക്കപ്പെട്ടു.

1911 സെപ്റ്റംബർ 24 ന് ബോൾഷയാടെസ് എന്ന സൈബീരിയൻ ഗ്രാമത്തിൽ ജനിച്ചു. 1931-ൽ സോവിയറ്റ് കമ്യൂണിസ്റ്റുപാർട്ടിയിൽ അംഗമായി. സൈബീരിയയിലെ ബോർഡർ ഗാർഡ് ട്രൂപ്പ്സിൽ സേവനം അനുഷ്ഠിച്ചു. 1948-ൽ മോൾഡേവിയൻ റിപ്പബ്ലിക്കിലെ ഒരു ഡിവിഷൻെറ തലവനായി നിയമിക്കപ്പെട്ടു. അവിടെവെച്ച് ആ റിപ്പബ്ലിക്കിലെ കമ്യൂണിസ്റ്റു പാർട്ടിയുടെ ഒന്നാം സെക്രട്ടറിയായിരുന്ന ലിയോനിഡ് ബ്രെഷ്നേവുമായി പരിചയപ്പെട്ടു. 1956-ൽ ബ്രെഷ്നേവ് നാഷനൽ പാർട്ടിയുടെ സെക്രട്ടറിയറ്റിൽ അംഗമായപ്പോൾ, ചെർണങ്കോവിനെ കമ്യൂണിസ്റ്റു പാർട്ടി സെൻട്രൽ കമ്മിറ്റിയിലെ ബഹുജനപ്രക്ഷോഭ വിഭാഗത്തിൽ പ്രവർത്തിക്കാൻ നിയോഗിച്ചു. 1964-ൽ നികിത ക്രൂഷ്ചേവിൻെറ സ്ഥാനഭ്രംശത്തെത്തുടർന്നു ബ്രെഷ്നേവ് പാർട്ടിയുടെ ഒന്നാം സെക്രട്ടറിയായപ്പോൾ ചെർണങ്കോവിനെ പാർട്ടിയുടെ കേന്ദ്രക്കമ്മിറ്റിയിലെ ജനറൽ ഡിപ്പാർട്ടുമെൻറ് ചീഫാക്കി. ബ്രെഷ്നേവിൻെറ വിശ്വസ്തനായ സഹായിയായിരുന്ന ഇദ്ദേഹം ക്രമേണ പാർട്ടിയുടെ സെൻട്രൽക്കമ്മിറ്റിയിലും സെക്രട്ടേറിയറ്റിലും പോളിറ്റ് ബ്യൂറോവിലും അംഗമായി. 1982-ൽ ബ്രെഷ്നേവ് അന്തരിച്ചപ്പോൾ സെക്രട്ടറി ജനറലായത് ആൻദ്രോപ്പോവാണ്.' ആൻദ്രോപ്പോവിൻെറ ചരമത്തെത്തുടർന്നാണ് ചെർണങ്കോ പാർട്ടിയുടെ സെക്രട്ടറി ജനറലായി തിരഞ്ഞെടുക്കപ്പെട്ടത്. ഈസ്ഥാനം വഹിച്ചവരിൽ ഏറ്റവും പ്രായം ചെന്ന വ്യക്തിയാണ് ഇദ്ദേഹം.

ചെർണിഷേവ്സ്കി (1828—1889)

റഷ്യയിലെ ഒരു സാഹിത്യവിമർശകനും സോഷ്യലിസ്റ്റ് ചിന്തകനും. സാരട്ടോവിലെ ഒരു പുരോഹിതൻെറ മകൻ. സെൻറ് പീറ്റേഴ്സ്ബർഗ് സർവകലാശാലയിൽനിന്നു ബിരുദം നേടി (1850). പത്രാധിപരായി ജോലിചെയ്തു. 1862-ൽ സൈബീരിയയിലേക്കു നാടുകടത്തി. കുറച്ചുകാലത്തിനുശേഷം സാരട്ടോവിലേക്കു മടങ്ങാൻ അനുവാദം ലഭിച്ചു.

ഹെർസൻ, ബെലിൻസ്കി എന്നിവരുടെയും ജെർമൻ ക്ലാസ്സിക്കൽ തത്ത്വശാസ്ത്രത്തിൻെറയും സ്വാധീനത്തിലാണ് ചെർണിഷേവ്സ്കിയുടെ ലോകവീക്ഷണം രൂപംപ്രാപിച്ചത്. എന്നാൽ തത്ത്വശാസ്ത്രത്തിൻെറ സാമൂഹികമായ പങ്ക് മനസ്സിലാക്കുന്നതിലും ഹെഗലിൻെറ വൈരുധ്യവാദ(Dialectics)ത്തെ അതിൻെറ പ്രാധാന്യം മനസ്സിലാക്കി അറിഞ്ഞാദരിക്കുന്നതിലും ചെർണിഷേവ്സ്കി വിജയിച്ചു. ഹെഗലിൻെറ ഡയലക്ടിക്സിന് ചെർണിഷേവ്സ്കി ഭൗതികവ്യാ

ഖ്യാനം നല്കി. കലാതത്ത്വശാസ്ത്രം, ചരിത്രം, സൗന്ദര്യശാസ്ത്രം, ധനശാസ്ത്രം എന്നിങ്ങനെ പല രംഗങ്ങളിലും ഡയലക്ടിക്സ് ഉപയോഗിച്ചു. സമകാലിക വ്യവസ്ഥിതിയുടെ വർഗസ്വഭാവം ശരിക്കറിയുകയും വർഗസമരത്തെ പ്രചോദകശക്തിയായി അംഗീകരിക്കുകയുംചെയ്തു. അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ താത്പര്യത്തിനു ചരിത്രത്തിലുള്ള പരമപ്രാധാന്യം ഊന്നിപ്പറഞ്ഞു. സങ്കുചിതദേശീയവാദികൾക്കെതിരായി വാദിച്ചു. നരോദിസ(Narodism)ത്തിന്റെ സ്ഥാപകന്മാരിലൊരാളായ ഇദ്ദേഹം, തൊഴിലാളി വർഗത്തിനു മാത്രമെ സോഷ്യലിസം കെട്ടിപ്പടുക്കാൻ കഴിയു എന്ന ആശയത്തോടു യോജിച്ചില്ല. സോവിയറ്റ് റഷ്യ ചെർണിഷേവ്സ്കിയെ ലെനിന്റെ മുൻഗാമിയായി കണക്കാക്കി. 'യാഥാർഥ്യത്തോടു കലയ്ക്കുള്ള സൗന്ദര്യശാസ്ത്രപരമായ ബന്ധങ്ങൾ' എന്ന കൃതിയിൽ ആശയവാദപരമായ സൗന്ദര്യശാസ്ത്രസിദ്ധാന്തത്തിന്റെ അപര്യാപ്തത അദ്ദേഹം സ്പഷ്ടമാക്കി. *റഷ്യൻ സാഹിത്യത്തിലെ ഗൊഗോൾ കാലഘട്ടത്തെപ്പറ്റിയുള്ള ഉപന്യാസങ്ങൾ, തത്ത്വശാസ്ത്രത്തിലെ മാനവശാസ്ത്രപരമായ തത്ത്വങ്ങൾ, മാനവവിജ്ഞാനത്തിന്റെ സ്വഭാവം* ഇവയാണ് ഇദ്ദേഹത്തിന്റെ മുഖ്യകൃതികൾ.

ജയിൽവാസകാലത്ത് ചെർണിഷേവ്സ്കി എഴുതിയ നോവലാണ് *എന്തുചെയ്യണം?* (1863). യഥാർഥ വിപ്ലവകാരിയെപ്പറ്റിയുള്ള ഇദ്ദേഹത്തിന്റെ ആശയങ്ങളുൾക്കൊള്ളുന്ന ഈ കൃതി തലമുറകളോളം റഷ്യൻ വിപ്ലവകാരികളെ സ്വാധീനിച്ചു.

ചെർണോബിൽ ദുരന്തം

സോവിയറ്റ് റഷ്യയിലെ ചെർണോബിൽ എന്ന സ്ഥലത്തുണ്ടായ ആണവ അത്യാഹിതം. ലോകത്തിൽ ഒരു അണുനിലയം പൊട്ടിത്തെറിച്ച് ഉണ്ടാകുന്ന ആദ്യത്തെ അപകടമാണ് ഇത്. ഇന്നേവരെ ഉണ്ടായിട്ടുള്ള ആണവ അത്യാഹിതങ്ങളിൽ ദൂഷ്യഫലങ്ങളുടെ ആധിക്യത്തിന്റെ കാര്യത്തിൽ ഇതിനു രണ്ടാം സ്ഥാനമാണ്. (ത്രീ മൈൽ ഐലൻഡ് ദുരന്തത്തിനാണ് ഒന്നാംസ്ഥാനം.)

യു.എസ്.എസ്.ആർ.-ൽപ്പെട്ട ഉക്രൈൻ റിപ്പബ്ളിക്കിലെ കീവ് നഗരത്തിന്റെ വടക്കാണു ചെർണോബിൽ. അവിടെ നാല് അണുറീയാക്റ്ററുകൾ പ്രവർത്തിക്കുന്ന ഒരു അണുവൈദ്യുതനിലയം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ആ അണുവൈദ്യുതനിലയത്തിലെ അണുഭേദന(atomic fission)പ്രക്രിയ നടക്കുന്ന ഒരു റിയാക്റ്റർ 1986 ഏപ്രിൽ 25-ാംതീയതി രാത്രി ഒരു മണിക്ക് (ഏപ്രിൽ 26-ന്) പൊട്ടിത്തെറിച്ചു. ഉള്ളിൽ ചൂടു നിയന്ത്രിച്ചു നിർത്തുന്നതിനുള്ള സംവിധാനങ്ങൾ തകരാറിൽ ആയതാണ് ഈ പൊട്ടിത്തെറിയ്ക്കുള്ള കാരണം. പൊട്ടിത്തെറിയെ തുടർന്ന് അണുപ്രസരണമുള്ള പദാർഥങ്ങൾ മേഘരൂപത്തിൽ ആകാശത്തിലേക്ക് ഉയർന്നു. ഇതു കാറ്റിന്റെ ഗതിയിൽപ്പെട്ടു നാലുപാടും പടർന്നു. അപകടത്തിന്റെ വാർത്ത സോവിയറ്റ് ഭരണകൂടം പുറത്തുവിട്ടില്ല. രണ്ടുദിവസം കഴിഞ്ഞ് അന്തരീക്ഷത്തിൽ അണുപ്രസരത്തിന്റെ അളവ് അസാധാരണമാംവിധം വർധിച്ചപ്പോൾ, സ്വീഡൻ ഇതേപ്പറ്റി ആരാഞ്ഞിട്ടും അപകടത്തിന്റെ സ്ഥാനത്തെപ്പറ്റിയോ സ്വഭാവത്തിനെപ്പറ്റിയോ ഉള്ള വിവരങ്ങൾ സോവിയറ്റ് റഷ്യ വെളിപ്പെടുത്തിയില്ല. ദിവസങ്ങൾ കഴിഞ്ഞപ്പോഴേയ്ക്കും വിദേശരാഷ്ട്രങ്ങളുടെ ഉപഗ്രഹങ്ങൾ വിശദാംശങ്ങൾ പുറത്തുകൊണ്ടുവന്നു. അപ്പോഴെക്കും അണുപ്രസരം സ്കാൻഡിനേവിയൻ രാജ്യങ്ങളിലും മധ്യ-പശ്ചിമ യൂറോപ്പിലും പരന്നു കഴിഞ്ഞു. അണുപ്രസരമേറ്റതിന്റെ ഫലമായി വൻതോതിൽ വളർത്തുമൃഗങ്ങളും ഭക്ഷ്യസാധനങ്ങളും (വയലിൽ വിളഞ്ഞു കിടന്ന വിളവ് ഉൾപ്പെടെ) നശിപ്പിക്കേണ്ടിവന്നു. ചെർണോബിൽ നിന്ന് 2,500-ൽ പരം കി.മീ. അകലെ കിടക്കുന്ന അയർലൻഡിൽപ്പോലും വികിരണധൂളികൾ ചെന്നെത്തി.

സ്ഫോടനത്തിന്റെ ഫലമായി സോവിയറ്റുയൂണിയനിൽ കനത്ത ദുരന്തങ്ങൾ ഉണ്ടായി. ഓഗസ്റ്റ് മാസത്തിൽ നടന്ന ഒരു ദേശാന്തരീയ സമ്മേളനത്തിൽ അവർ അവതരിപ്പിച്ച കണക്ക് ഇങ്ങനെയാണ്: സ്ഫോടനഫലമായി രണ്ടു മരണങ്ങളുണ്ടായി. 29 പേർക്കു കഠിനമായ വികിരണക്ഷതങ്ങൾ ഉണ്ടായി. പുറമെ, 197 ആളുകൾക്കു വികിരണം ഏറ്റതുമൂലം പരുക്കു പറ്റിയിട്ടുണ്ട്. ചെർണോബിലിനു ചുറ്റുമുള്ള 780 ച.കി.മീ. സ്ഥലത്തിന് ഏകദേശം 1,35,000 ആളുകളെ മാറ്റിപ്പാർപ്പിച്ചു. സ്ഫോടനംമൂലം അണുനിലയത്തിൽ അവശേഷിച്ച മൂന്നു റിയാക്റ്ററുകളും പ്രവർത്തനരഹിതമായി.

രൂക്ഷമായ അണുപ്രസരം വമിക്കുന്ന ഈ നിലയത്തിന്റെ പരിസരത്തു വളരെ മുകളിലൂടെ പറക്കുന്ന ഹെലികോപ്റ്റർ മണൽ, ബോറോൻ, ലെഡ് എന്നിവ വർഷിച്ച് ഒരു മേൽക്കട്ടി സൃഷ്ടിച്ചാണു വികിരണശക്തി കുറച്ചത്. കോടിക്കണക്കിനു തുകയുടെ നഷ്ടമുണ്ടായി. ദുരിതാശ്വാസപ്രവർത്തനത്തിനും ആണവ ശുചീകരണ പ്രവർത്തനത്തിനും സോവിയറ്റുയൂണിയനു വിദേശരാഷ്ട്രങ്ങളുടെ സഹായം ലഭിച്ചു.

അണുനിലയങ്ങളുടെ സുരക്ഷിതത്വത്തെ സംബന്ധിച്ച പുതിയൊരു അവബോധം ലോകത്തൊട്ടാകെ ഉണർത്തുവാൻ ഈ സംഭവത്തിനു കഴിഞ്ഞു. ആണവദുരന്തങ്ങളെയും മറ്റും പറ്റിയുള്ള വിവരങ്ങൾ കൈമാറാനും പരസ്പരം സഹായിക്കാനും ഉള്ള ഒരു ദേശാന്തരീയസംവിധാനം നിലവിൽ വരികയും ചെയ്തു.

ചെർപ്പുളശ്ശേരി

പാലക്കാടുജില്ലയിലെ ഒരു പഞ്ചായത്ത്. ഈസ്റ്റിന്ത്യാ കമ്പനിക്കാരുടെ തെക്കേ മലബാറിലെ ആസ്ഥാനമായിരുന്നു ഇവിടം. 1793 മാർച്ചിൽ ഈസ്റ്റിന്ത്യാ കമ്പനി തലശ്ശേരിയും ചെർപ്പുളശ്ശേരിയും ആസ്ഥാനമാക്കി ഭരണംതുടങ്ങി. തെക്കേ മലബാർ ചെർപ്പുളശ്ശേരി സൂപ്രണ്ടിന്റെ കീഴിലായിരുന്നു. അതിനുമുമ്പ് മൈസൂർപ്പട പാലക്കാട്ടേയ്ക്കു പോയതും ഈ വഴിക്കാണ്. ശ്രീകൃഷ്ണപുരം ബ്ലോക്കിൽപ്പട്ട പഞ്ചായത്താണ് ഇത്. 27.60 ച.കി.മീറ്റർ വിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ ഏഴു വാർഡുകളുണ്ട്. ജനസംഖ്യ 22364 (1981). ഇവിടത്തെ അയ്യപ്പൻകാവിൽ കുംഭമാസത്തിലാണ് ഉത്സവം. ക്ഷേത്രത്തിൽ അടയാണു മുഖ്യ നിവേദ്യം. ഗർഭിണികൾ സുഖപ്രസവത്തിനായി എട്ടാംമാസത്തിൽ ഇവിടെ വന്നു ഭജിക്കുന്നു. ഇതിന്ന് 'എട്ടു പിറക്കൽ' എന്നു പേർ. പഴയ നെടുങ്ങനാട്ടിന്റെ അധിപനായിരുന്ന നെടുങ്ങാതിരിയാണ് അയ്യപ്പൻകാവിന്റെ ഊരാളൻ.

ചെല്ലം

വെറ്റിലപ്പെട്ടി, മുറുക്കുന്നതിനുള്ള വസ്തുക്കൾ സൂക്ഷിക്കുന്നതിന് പല ആകൃതിയിൽ കലാപരമായി നിർമിക്കുന്ന ഒരു പേടകമാണിത്. ഓട്, പിച്ചള എന്നിവകൊണ്ടാണ് ചെല്ലം നിർമിക്കാറുള്ളത്. പ്രഭുകുടുംബങ്ങളിലും രാജകൊട്ടാരങ്ങളിലും വെള്ളികൊണ്ടും ചെല്ലം നിർമിച്ചിരുന്നു. ഇപ്പോൾ ഇതിന് സ്റ്റീലും ഉപയോഗിക്കുന്നു. വെറ്റില, പാക്ക്, പുകയില തുടങ്ങിയവ ഇടുന്നതിനുള്ള പ്രത്യേകം കള്ളികളുണ്ടായിരിക്കും.

ഭണ്ഡാരം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥനെ 'ചെല്ലം കാര്യക്കാർ' എന്നും ആ ജോലിക്ക് 'ചെല്ലം വിചാരിപ്പ്' എന്നും പറയാറുണ്ട്.

ചെല്ലപ്പണം

† പ്രിവിപേഴ്സ് നോക്കുക.

ചെല്ലപ്പൻ നായർ, എൻ.പി. (1904-1972)

നാടകകൃത്തും ഫലിതസാഹിത്യകാരനും. 1904 ജനുവരി 29-ന് ആലപ്പുഴ ജില്ലയിൽ മാന്നാത്ത് ഒരു കർഷകകുടുംബത്തിൽ ജനിച്ചു. ബി.എ., ബി.എൽ. ബിരുദങ്ങൾ എടുത്തശേഷം തിരുവിതാംകൂർ സർക്കാർ സർവീസിൽ പ്രവേശിച്ചു. അഞ്ചൽ വകുപ്പിലും കമ്യൂണിറ്റി പ്രോജക്റ്റ് ഓഫീസർ, പുഞ്ചക്കൃഷി സ്പെഷ്യൽ ഓഫീസർ എന്നീ തസ്തികകളിലും ജോലി നോക്കിയശേഷം, ഡെപ്യൂട്ടി കലക്ടർ ഉദ്യോഗത്തിലിരിക്കവേ ജോലിയിൽനിന്നു വിരമിച്ചു. 1935 മുതലുള്ള രണ്ടു

മൂന്നു ദശാബ്ദക്കാലം ഇദ്ദേഹം തിരുവനന്തപുരം അമെച്ചർ നാടക വേദിയിലെ പ്രശസ്ത നടനായിരുന്നു. ഈ.വി.യുടെ ബി.എ. മായാവി എന്ന നാടകത്തിലെ നായകൻെറ ഇരട്ടവേഷം അഭിനയിച്ച് വളരെ പ്രശംസ നേടി. ചെല്ലപ്പൻ നായർ ഹാസ്യപ്രധാനങ്ങളായ നാടകങ്ങളാണ് ഏറെയും എഴുതിയത്. സുഭദ്ര ബി.എ. എന്ന നോവൽ ആദ്യകാല കൃതിയാണ്. മുപ്പതോളം നാടകങ്ങളും ഒട്ടേറെ ചെറുകഥകളും നർമോപന്യാസസമാഹാരങ്ങളും ഇദ്ദേഹത്തിൻേറതായുണ്ട്. *'വികടയോഗി'*, *'ശശികല'*, *'ധൂമകേതു'*, *'ഇബിലീസുകളുടെ നാട്ടിൽ'*, *'ക്ഷീരബല സഹചരാദി കഷായത്തിൽ'*, *'ആറ്റംബോംബ്'* എന്നിവയാണ് ഇദ്ദേഹത്തിൻെറ പ്രസിദ്ധ നാടകങ്ങൾ. ചെല്ലപ്പൻ നായരുടെ 'ഇബിലീസുകളുടെ നാട്ടിൽ' എന്ന നാടകത്തിന് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു (1961). ചെറുകഥകൾ *തെരഞ്ഞെടുത്ത കഥകൾ* എന്ന പേരിൽ സാഹിത്യപ്രവർത്തക സഹകരണസംഘം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട് (1970). കേരള ചരിത്രസംബന്ധമായ വിഷയങ്ങളിൽ വളരെ അവഗാഹമുള്ള എഴുത്തുകാരനായിരുന്നു എൻ.പി. മരണശേഷം ചരിത്രസംബന്ധമായ പ്രബന്ധങ്ങൾ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തി.

ചെല്ലാനം

കൊച്ചിയിലെ തീരദേശ പഞ്ചായത്ത്. കൊച്ചി താലൂക്കിൻെറയും കൊച്ചി കോർപറേഷൻെറയും തെക്കുപടിഞ്ഞാറുഭാഗത്താണ് ഇത്. ഇതിന് 14 കിലോമീറ്റർ നീളവും മുക്കാൽ കിലോമീറ്റർ വീതിയുമുണ്ട്. വിസ്തൃതി 8.11 ച.കി.മീറ്റർ. ജനസംഖ്യ- 11568 (1981). കടൽപ്പൊന്തകൾ നിറഞ്ഞ ചെളിപ്രദേശമായിരുന്നു ഈ സ്ഥലം. കടൽ പിൻവാങ്ങിയതിൻെറ ഫലമായി വാസയോഗ്യമായി.

ഈ പഞ്ചായത്തിൽ തെങ്ങും നെല്ലും (വിരിപ്പ്) ആണ് പ്രധാന വിളകൾ. ജനങ്ങളിൽ 60 ശതാമനത്തിലധികം ലത്തീൻ കത്തോലിക്കരാണ്. ഇവരധികവും മത്സ്യത്തൊഴിലാളികളും കൃഷിപ്പണിക്കാരും വ്യവസായത്തൊഴിലാളികളുമാണ്. ഈഴവർ, കുടുംബികൾ, പുലയർ തുടങ്ങിയ മറ്റു സമുദായങ്ങളുമുണ്ട്. കൃഷിയിടങ്ങൾക്കു ചുറ്റും ഉപ്പുവെള്ളം കെട്ടിനില്ക്കുന്നതിനാൽ മഴയെ ആശ്രയിച്ചാണ് കൃഷി. കടലാക്രമണം രൂക്ഷമാണ്.

ചെൽവകടുംകോ ആഴിയാതൻ

ആദിചേരന്മാരിൽ പ്രസിദ്ധനായ ഒരു രാജാവ്. 'ചെൽവ കടുംകോ' എന്നത് വിശേഷണബിരുദമാണ്. അന്തുവൻ ചേരലിന് പൊറയൻ മഹാദേവിയിൽ പിറന്ന ആഴിയാതൻ, നാടിൻെറ നാനാഭാഗത്തും ഗ്രാമങ്ങൾ സ്ഥാപിക്കുകയും അനേകം യുദ്ധങ്ങളിലൂടെ സാമർഥ്യം പ്രകടിപ്പിക്കുകയും ചെയ്തു. ഓകനൂർ എന്ന സ്ഥലം ദേവനു ദാനം ചെയ്തു. പതിറ്റുപ്പത്തിലെ ഏഴാമത്തെ 'പത്ത്' ആഴിയാതനെക്കുറിച്ചുള്ള ഗാനങ്ങളാണ്. കപിലർക്ക് ഇദ്ദേഹം ലക്ഷം പൊൻനാണയങ്ങളും നൻറാ എന്ന മലയിൽ നിന്നാൽ കാണാവുന്നത്ര ദേശങ്ങളും പാരിതോഷികമായി നല്കി. ഇദ്ദേഹം നെടുഞ്ചേരലാതൻെറ ഭാര്യയുടെ അനുജത്തിയെയാണ് വിവാഹം കഴിച്ചത്.

ചെവി (ear)

പഞ്ചേന്ദ്രിയങ്ങളിൽ ഒന്ന്. കടലിലുള്ളവ ഒഴികെ മറ്റ് എല്ലാ സ്തനികൾക്കും ചെവി ഉണ്ട്. കേൾവിക്കും ശരീരത്തിൻെറ സന്തുലനത്തിനും സഹായിക്കുന്നു. മൽസ്യങ്ങളിലും ഉഭയജീവികളിലും ഉരഗങ്ങളിലും പക്ഷികളിലും ചെവിയുടെ ധർമം നിർവഹിക്കുന്ന അവയവം ഉണ്ട്. മൽസ്യങ്ങളിൽ സാക്കുലസ്, യൂട്രിക്കുലസ്, ല്ജീന തുടങ്ങിയ അവയവങ്ങൾ ശബ്ദഗ്രാഹികളായി വർത്തിക്കുന്നു. ഉഭയ ജീവികളിലും ഇതുതന്നെ രീതി. ഉരഗങ്ങളിലെ ലജീന എന്ന ഭാഗത്തിന് മൽസ്യങ്ങളിലെതിനെക്കാൾ നീളമുണ്ട്. പക്ഷികളിലെ ശബ്ദഗ്രാഹി ഉരഗങ്ങളിലെതിനെക്കാൾ വികാസം (development) പ്രാപിച്ചതാണ്. മനുഷ്യനു കേൾക്കാൻ കഴിയാത്ത ആവൃത്തി (frequency) കുറഞ്ഞ ശബ്ദം ചില പക്ഷികൾക്കു കേൾക്കാൻ കഴിയും. † ശ്രവണേന്ദ്രിയം നോക്കുക.

ചെവിപ്പൂവ്

കഥകളിയിലും മറ്റും കിരീടം ശിരസ്സിലുറച്ചിരിക്കുന്നതിനുവേണ്ട ആഭരണം. 15 സെ.മീറ്ററോളം നീളം വരുന്ന ഒരു കമ്പിൻെറ അറ്റത്ത് പൂവിൻെറ ആകൃതിയോടുകൂടിയതാണ് ഈ ആഭരണം. കിരീടം അണിഞ്ഞ് 'ചുട്ടിത്തുണി', 'നാട' ഇവ കെട്ടിയശേഷം ചെവിക്കുമുകളിൽ നാടയ്ക്കിടയിലൂടെ ഇത് തിരുകിക്കയറ്റുന്നു. കിരീടത്തെ ഉറപ്പിക്കുന്നതോടൊപ്പം ഇതു മുഖത്തിന് ഒരലങ്കാരവുമാണ്. 'ചെവിപ്പൂവിൽ' നിറമുള്ള കല്ലുകളും സ്വർണം പൂശിയ തകിടുകളും വച്ചുപിടിപ്പിച്ചിട്ടുണ്ടാകും.

ചെഷൻഡ് കോമ്പൗണ്ട്

ഒരു അണുസംഹാരി. മണ്ണിൽനിന്നു ചെടികളെ ബാധിക്കുന്ന രോഗാണുക്കളെ നശിപ്പിക്കാനാണ് ഈ മരുന്നുപയോഗിക്കുന്നത്. 56 ഗ്രാം തുരിശും (കോപ്പർ സൾഫേറ്റ്) 310 ഗ്രാം അമോണിയം കാർബണേറ്റും നല്ലപോലെ പൊടിച്ച് കൂട്ടിച്ചേർത്തു കുപ്പിയിലാക്കി കാറ്റു കയറാത്ത വണ്ണം അടച്ചുവയ്ക്കുക. 24 മണിക്കൂർ സമയം വച്ചിരുന്നതിനുശേഷം അതിൽനിന്ന് 28 ഗ്രാം മരുന്നെടുത്ത് 9 ലിറ്റർ വെള്ളത്തിൽ കലക്കി മണ്ണിൽ ഒഴിക്കാം.

ചെസ്നട്ട്

ഫഗേഷ്യകുലത്തിൽപ്പെട്ട ഒരുതരം വൃക്ഷം. കാസ്റ്റേനിയ *(Castanea)* എന്ന ജീനസ്സിൽപ്പെട്ട നാലു സ്പീഷീസിന് ചെസ്നട്ട് എന്നു പറയും. ഉത്തരാർധഗോളത്തിലെ മീതോഷ്ണമേഖലാപ്രദേശത്താണ് ഈ ഫലവൃക്ഷം കാണുന്നത്. ഭക്ഷണയോഗ്യമായ രണ്ടു മൂന്നു പരിപ്പ് ഉണ്ടാകും ഇതിൻെറ ലോമശമായ കായിൽ. കാസ്റ്റേനിയ ജീനസ്സിലെ മറ്റു (ആറോ അധികമോ) സ്പീഷീസിൽ ഒറ്റക്കായ് ആണുള്ളത്. ഈ ജീനസ്സിൽപ്പെടാത്ത ചില ചെസ്നട്ടുകളും ഉണ്ട്. കേപ് ചെസ്നട്ട് ദക്ഷിണാഫ്രിക്കയിലെ ഒരു നിത്യഹരിത വൃക്ഷമാണ്. ഇതു റൂ (Rue) കുലത്തിൽപ്പെട്ടതാണ് (റൂട്ടേഷ്യ, Rutaceae)ഹോഴ്സ് ചെസ്നട്ട് (Horse chestnut), പാം ചെസ്നട്ട് (Palm chestnut), വാട്ടർ (Water) ചെസ്നട്ട് ഇവ ആണു മറ്റു ചെസ്നട്ടുകൾ. കുന്തം (lance) പോലുള്ള ഇലകളും ചുളിവുകളുള്ള തൊലിയുമാണ് ഈ മരത്തിനുള്ളത്.

ചെസ്നട്ട്

ചെസ്സ്

ഒരു അകത്തള(in-door)ക്കളി. ഭാരതീയരുടെ ചതുരംഗത്തോട് ഇതിനു സാദൃശ്യമുണ്ട്. രണ്ടുപേരാണു കളിയിൽ പങ്കെടുക്കുന്നത്. ബുദ്ധികൗശലം നിർണായകഘടകം ആകയാൽ ഇതിനെ രാജകീയവിനോ



ചെസ്സ്ബോർഡും കരുക്കളും
കളിയുടെ തുടക്കത്തിൽ.

ദമായി ഗണിക്കുന്നു. ഇന്ത്യയിലാണ് ചതുരംഗം ഉദ്ഭവിച്ചത്. ചെസ്സ് ചതുരംഗത്തിൻെറ രൂപാന്തരമാണ്. 8-ാം നൂറ്റാണ്ടോടുകൂടിയാണ് യൂറോപ്പിൽ ഇതു പ്രചാരത്തിലായത്. ആധുനികരീതിയിലുള്ള ചെസ്സ് രൂപംകൊണ്ടത് 15-ാംനൂറ്റാണ്ടോടുകൂടിയാണ്. ചെസ്സിനെക്കുറിച്ച് അവശേഷിക്കുന്ന ഏറ്റവും പഴയ രണ്ടു പുസ്തകങ്ങളും 15-ാം നൂറ്റാണ്ടിലേതാണ്. ചെസ്സുകളിക്ക് അന്തർദേശീയനിയമങ്ങളുണ്ട്. 1924-ൽ പാരീസിൽ ആരംഭിച്ച സംഘടന(Federation International Des Echecs)യാണു പ്രശ്നങ്ങളുടെ അവസാനതീർപ്പുകാർ.

ബോർഡും കരുക്കളും. രണ്ടുപേരും ഒന്നിടവിട്ടു കരുക്കൾ തള്ളുന്നു. മൊത്തം നീക്കങ്ങൾക്കു രണ്ടാളും എടുക്കുന്ന സമയം തുല്യമാകണം. ഇതിനു സ്റ്റോപ്പ് വാച്ചുകൾ ഉപയോഗിക്കുന്നു. ചതുരത്തിലുള്ള ചെസ്സ് ബോർഡിൽ 8 എണ്ണം ഒരു വരിയിൽ എന്ന കണക്കിൽ 64 കള്ളികളുണ്ട്. ഇവയ്ക്ക് ഒന്നിടവിട്ടു കറുപ്പും വെളുപ്പും നിറമാണ്. 32 കരുക്കൾ ഉള്ളതിൽ 16 എണ്ണം കറുപ്പും 16 എണ്ണം വെളുപ്പും നിറമാണ്. ഓരോ സെറ്റിലും ഒരു കിങ്, ഒരു ക്വീൻ, 2 ബിഷപ്പുമാർ, 2 നൈറ്റുകൾ, 2 കാസിലുകൾ അഥവാ റൂക്കുകൾ (Rooks), 8 കാലാളുകൾ (Pawns) എന്നിവയാണുള്ളത്. രാജാവിനു ചതുരംഗത്തിലെ ദേവൻെറയും കാസിലിനു തേരിൻെറയും നൈറ്റിനു കുതിരയുടെയും പാണിന് ആളിൻെറയും നീക്കങ്ങൾതന്നെ. ക്വീൻ മുന്നോട്ടും പിന്നോട്ടും വശങ്ങളിലേക്കും കോണുകളിലേക്കും തടസ്സമില്ലാത്തിടത്തോളം നീങ്ങും. ബിഷപ്പ് കോണുകളിലേക്കുമാത്രം തടസ്സമില്ലാത്തിടത്തോളം നീങ്ങും. ഏറ്റവും ശക്തമായത് ഒരു ക്വീൻ ആണ്. ഏറ്റവും ദുർബലം പാൺ ആണ്. പാൺ വെട്ടുന്നതും ചതുരംഗത്തിലെപ്പോലെയാണ്. കളിയിൽ ഇവയെ സൂചിപ്പിക്കാൻ K, Q, B, N, R, P എന്നീ അക്ഷരങ്ങൾ ഉപയോഗിക്കുന്നു. കിങ്ങിൻെറ വശത്തെ കരുക്കളെ KB, KN, KR എന്നും ക്വീനിൻെറ വശത്തുള്ളവയെ QB, QN, QR എന്നും പറയും. പാണുകളെ KP, QP, BP, NP, RP എന്നാണു പറയുന്നത്. KP–4 എന്നു പറഞ്ഞാൽ കിങ്ങിൻെറ പാൺ 4-ാം കളത്തിലേക്കു മാറുന്നു എന്നർഥം. K×R എന്നതിൻെറ അർഥം കിംഗ് റൂക്കിനെ വെട്ടുന്നു എന്നാണ്. ഓരോ കരുവിനും നീങ്ങുന്നതിനു പ്രത്യേകം നിബന്ധനകളുണ്ട്. രാജാവിനെ 'വെട്ടു'കിട്ടാതെ നോക്കുകയാണു കളിയുടെ മുഖ്യലക്ഷ്യം. ഒരാൾ എതിർകക്ഷിയുടെ രാജാവിനെ വെട്ടിവീഴ്ത്തുന്നതിനു മുമ്പ് 'ചെക്ക്' പറഞ്ഞു സൂചന കൊടുക്കേണ്ടതുണ്ട്. ഒരു വശത്തു രാജാവൊഴിച്ചു മറ്റെല്ലാം വെട്ടിപ്പോയെങ്കിൽ ആ രാജാവിനെ എതിരാളി 50 നീക്കങ്ങൾക്കുള്ളിൽ വെട്ടിവീഴ്ത്തണമെന്നാണു നിയമം. കളിയിൽ സ്ത്രീപുരുഷഭേദം ഗണിക്കുന്നില്ല. ഇൻറർനാഷനൽ ടീം ടൂർണമെൻറുകൾ 1924-ൽ തുടങ്ങി. ലോകചാമ്പ്യനെ ഗ്രാൻഡ്മാസ്റ്റർ എന്നു പറയുന്നു. ഫിഷർ, സ്പാസ്കി, വിശ്വനാഥൻ ആനന്ദ് മുതലായവർ ലോകചാമ്പ്യൻ പദവിനേടിയവരാണ്. † ചതുരംഗം നോക്കുക.

ചെസ്സാപ്പിക്ക് ഉൾക്കടൽ

യു.എസ്സിൻെറ അത്ലാന്തിക്ക് തീരത്തുള്ള വലിയ ഉൾക്കടൽ. ഇതിൻെറ തീരങ്ങൾ മേരിലൻഡിലും വെർജീനിയയിലുമായി സ്ഥിതിചെയ്യുന്നു. നീളം തെക്കുവടക്ക് 320 കി.മീറ്ററും വീതി 6 മുതൽ 64 കി.മീറ്റർ വരെയുമാണ്. ഉൾക്കടലിനു പടിഞ്ഞാറും കിഴക്കും ഭാഗങ്ങളിൽ, പല പ്രവേശനദ്വാരങ്ങൾ ഉണ്ട്. ബാൾട്ടിമൂർ, ന്യൂപോർട്ട് ന്യൂസ് എന്ന രണ്ടു പ്രധാന തുറമുഖങ്ങളാണ് ഈ കടൽക്കരയിലുള്ളത്. ഈ പ്രദേശത്ത് കക്കയും വേട്ടപ്പക്ഷികളും ധാരാളമുണ്ട്. ചെസ്സാമിക്ക എന്ന ഇവിടത്തെ ശ്വാനവർഗം പ്രസിദ്ധമാണ്.

ചെസ്റ്റർട്ടൻ (Chesterton, Gilbert Keith, 1874–1936)

ഇംഗ്ലീഷ് പത്രപ്രവർത്തകനും നോവലിസ്റ്റും കവിയും നാടകകൃത്തും വിമർശകനും. 1874 മെയ് 29-ന് ലണ്ടനിൽ ജനിച്ചു. ബാല്യത്തിൽ അകാലപക്വത(Precocity)യുടെ ലക്ഷണങ്ങൾ ഇദ്ദേഹത്തിൽ കണ്ടിരുന്നു.

ചെസ്റ്റർട്ടൻ വളരെ അധികം കൃതികൾ രചിച്ചിട്ടുണ്ട്. *മാജിക്*, *ദ ജജ്മെൻറ് ഓഫ് ഡോ.ജോൺസൺ* എന്നീ രണ്ടു നാടകങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. റോബർട്ട് ബ്രൗണിങ്, ചാൾസ് ഡിക്കൻസ് എന്നിവരെക്കുറിച്ചുള്ള ചെസ്റ്റർട്ടൻെറ വിമർശനപ്രബന്ധങ്ങൾ പ്രസിദ്ധങ്ങളാണ്. *ഫാദർ ബ്രൗൺ* കുറ്റാന്വേഷണകഥകൾ, *ദ ക്ലബ് ഓഫ് ക്വൂർ ട്രേഡ്സ്* എന്നീ കഥാസമാഹരങ്ങളും *മേൻ ഹു വാസ് തേഴ്സ്ഡേ* എന്ന നോവലും, *ട്രെമൻഡസ് ട്രൈഫിൾസ്*, *ആൾ ഈസ് ഗ്രിസ്റ്റ്* എന്നീ ഉപന്യാസസമാഹാരങ്ങളും ചെസ്റ്റർട്ടൻെറ ഏറ്റവും നല്ല കൃതികളിൽപ്പെടുന്നു.

പൂർവാപരവിരുദ്ധമായ അഭിപ്രായങ്ങളുടെ (paradoxical statements) പ്രയോഗത്തിൽ ചതുരനാണ് ചെസ്റ്റർട്ടൻ. ഫലിതരസികനായ ഇദ്ദേഹത്തിൻെറ നർമബോധത്തിൽ പരിഹാസവും ആക്ഷേപഹാസ്യവും അടങ്ങിയിട്ടുണ്ട്. മിക്ക കൃതികളും നിസ്സാരകാര്യങ്ങളെക്കുറിച്ച് അസാധാരണവും യുക്തിഹീനമെന്നു തോന്നിക്കുന്നതുമായ ആശയങ്ങൾ അവതരപ്പിച്ചു വായനക്കാരെ അമ്പരപ്പിക്കുകയും രസിപ്പിക്കുകയും ചെയ്യുന്നതാണ്. തൻെറ കാലഘട്ടത്തിലെ മികച്ച ഉപന്യാസകാരന്മാരിലൊരാളാണ് ഇദ്ദേഹം. ചാൾസ് ലാമ്പിൻെറ രീതിയാണു സ്വീകരിച്ചതെങ്കിലും സ്വന്തമായ വ്യക്തിത്വം ചെസ്റ്റർട്ടൻെറ കൃതികൾക്കുണ്ട്. 1936-ൽ അന്തരിച്ചു.

ചെസ്റ്റർഫീൽഡ് പ്രഭു (1694–1773)

ഓഗസ്റ്റൻകാലഘട്ടത്തിലെ കുലീനതയുടെ മൂർത്തീഭാവമായി കരുതപ്പെട്ടുപോന്ന നയതന്ത്രവിദഗ്ധനും എഴുത്തുകാരനും. ഇദ്ദേഹത്തിൻെറ *ലറ്റേഴ്സ് റ്റു ഹിസ്സൺ* പതിനെട്ടാംശതകത്തിലെ ഇംഗ്ലീഷു സാഹിത്യത്തിൽ ഒരു 'ക്ലാസിക്' ആയി പരിഗണിക്കപ്പെടുന്നു.

1694 സെപ്റ്റംബർ 22-ന് ലണ്ടനിലെ ഫിലിപ്പ് ഡോർമർ സ്റ്റാൻഹോപ്പിൽ ജനിച്ചു. വീട്ടിൽവച്ചുതന്നെയുള്ള പഠനത്തിനുശേഷം യൂറോപ്പിൽ പര്യടനം നടത്തി. പാരീസിൽ ഏറെക്കാലം താമസിച്ചു. ചെസ്റ്റർഫീൽഡിൻെറ സ്വഭാവരൂപവത്കരണത്തിൽ പാരീസിലെ ജീവിതം സുപ്രധാനമായ പങ്കുവഹിച്ചു. 1714-ൽ ഇംഗ്ലണ്ടിൽ മടങ്ങിയെത്തി. കോമൺസ് സഭയിലും പ്രഭുസഭയിലും അംഗമായി. 1732-ൽ നെതർലൻഡ്സിലെ നയതന്ത്രപ്രതിനിധിയായി. 1739 മുതൽ ഹൗസ് ഓഫ് ലോർഡ്സിലെ പ്രതിപക്ഷനേതാവായിരുന്നു. 1745-ൽ അയർലൻഡിലെ ലോർഡ് ലെഫ്റ്റനൻറായി. സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ജെയിംസ് രണ്ടാമൻെറ പൗത്രൻ ചാർലി രാജകുമാരൻ ബ്രിട്ടീഷ് സിംഹാസനം പിടിച്ചടക്കാൻ ശ്രമിച്ചു, പരാജയപ്പെട്ടെങ്കിലും പിന്നെയും കലാപത്തിനൊരുങ്ങുന്നതു തടയാൻ ചെസ്റ്റർഫീൽഡ് നയപൂർവം പ്രവർത്തിച്ചു എന്ന് ചരിത്രകാരന്മാർ പറയുന്നു. അയർലൻഡുകാരുടെ സ്നേഹാദരങ്ങൾ അത്രയധികം നേടാൻ ചെസ്റ്റർഫീൽഡ് പ്രഭുവിനു കഴിഞ്ഞിരുന്നു.

എഴുത്തുകാരൻ എന്ന നിലയിൽ ഇദ്ദേഹത്തിന്റെ മികച്ച സംഭാവന പുത്രനെഴുതിയ എഴുത്തുകളുടെ സമാഹാരം തന്നെ. മകൻ അഭ്യസിക്കേണ്ട സത്സ്വഭാവങ്ങളെക്കുറിച്ച് വിസ്തരിച്ചു പ്രതിപാദിക്കുന്നവയാണ് ഈ എഴുത്തുകളെങ്കിലും, ഇവകൊണ്ട് ഫലമുണ്ടായില്ല. ഫിലിപ്പ് താന്തോന്നിയായി വളർന്നു. 1768-ൽ ഫിലിപ്പ് മരിച്ചു. പിന്നീട് അന്യനായ ഒരു കുട്ടിയെ പ്രഭു ദത്തുപുത്രനായി സ്വീകരിച്ചു. 'ലെറ്റർ ടു ഹിസ് ഗോഡ്സൺ' (ദത്തുപുത്രനുള്ള കത്തുകൾ) എന്ന ഗ്രന്ഥം പിന്നീടു രചിച്ചു. ഡോക്ടർ സാമുവെൽ ജോൺസൺ ചെസ്റ്റർഫീൽഡ് പ്രഭുവിന് അയച്ച എഴുത്ത് സാഹിത്യലോകത്തിൽ പ്രസിദ്ധമാണ്. തന്റെ ഇംഗ്ലീഷ് നിഘണ്ടു പ്രസിദ്ധീകരിക്കുന്ന കാര്യത്തിൽ സഹായത്തിനായി ചെസ്റ്റർഫീൽഡ് പ്രഭുവിനെ സമീപിച്ചപ്പോൾ പ്രതികരണം നിരാശാജനകമായിരുന്നതിന്റെ പേരിൽ പ്രഭുവിനെ കഠിനമായി അധിക്ഷേപിച്ചുകൊണ്ടുള്ളതായിരുന്നു ജോൺസന്റെ എഴുത്ത്. ഇങ്ങനെ ജോൺസന്റെ അധിക്ഷേപത്തിന് പാത്രമായി ചെസ്റ്റർഫീൽഡ് പ്രഭു എന്നത് വസ്തുതയാണെങ്കിലും പൊതുവേ സാഹിത്യത്തെയും സാഹിത്യകാരന്മാരെയും പ്രോത്സാഹിപ്പിക്കുന്നതിൽ ഉദാരനായിരുന്നു പ്രഭു. 1773 മാർച്ച് 24-ാം തീയതി അന്തരിച്ചു.

ചെള്ള്

ഒരിനം കീടം. അരാക്നിഡ കുലത്തിൽപ്പെടുന്നു. ഏകദേശം 20,000 സ്പീഷീസുണ്ട്. കായലിലും, ശുദ്ധജലത്തിലും കടലിലും മണ്ണിലും സസ്യങ്ങളിലും കണ്ടുവരുന്നു. സ്വതന്ത്രമായും പരാദമായും ജീവിക്കും.



ചെള്ള്

പരാദങ്ങൾ നാസികയിലും ശ്വാസകോശങ്ങളിലും ആമാശയത്തിലും ജീവിക്കുന്നവയാണ്. ചില സ്പീഷീസ് മനുഷ്യരിൽ ചർമരോഗം ഉണ്ടാക്കുന്നു. മറ്റു ചിലത് ഇല തിന്നു ചെടികളെ നശിപ്പിക്കുകയും രോഗം പരത്തുകയുംചെയ്യും. കന്നുകാലികളിൽ പനി ഉണ്ടാക്കുന്നവയും ഉണ്ട്.

ചെള്ളിന് വലിപ്പം കുറവാണ്. കൂടിയ നീളം ഏകദേശം ആറു മി.മീറ്റർ. നാലു ജോഡി കാലുകളുണ്ട്. നാസികയിലൂടെയാണു ശ്വസിക്കുന്നത്. മിക്ക സ്പീഷീസിനും ത്വക്കിലൂടെ ശ്വസിക്കാനുള്ള കഴിവുണ്ട്.

മുട്ടയിട്ടാണു പ്രജനനം നടത്തുന്നത്. നായ്ക്കളിൽ ഉള്ള ചെള്ള് ഒരുതവണ ആയിരത്തിൽ കൂടുതൽ മുട്ടയിടും.

ചെറായി

എറണാകുളം ജില്ലയിലെ വൈപ്പിൻ ദ്വീപിന്റെ ഭാഗമായ ഒരു പ്രദേശം. കിഴക്കു കൊച്ചിക്കായലും പടിഞ്ഞാറു അറബിക്കടലും ആണ് വൈപ്പിൻ ദ്വീപിന്റെ അതിർത്തികൾ. ദ്വീപിന്റെ വടക്കുഭാഗത്ത് പറവൂർ താലൂക്കിനു തൊട്ടുകിടക്കുന്ന പ്രദേശമാണു ചെറായി. 1960 സെപ്റ്റംബറിൽ ഉദ്ഘാടനം ചെയ്ത ചെറായി പാലം ഈ സ്ഥലത്തെ കൊച്ചിവൻകരയുമായി ബന്ധിക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ മധ്യകേരളത്തിൽ സാമൂഹിക വിപ്ലവത്തിന്റെ കൊടുങ്കാറ്റുയർത്തിയ സഹോദരൻ അയ്യപ്പന്റെ ജന്മസ്ഥലവും പ്രവർത്തനകേന്ദ്രവും എന്ന നിലയ്ക്കാണ് ചെറായിക്കു പ്രസിദ്ധി.



ചെറായി ഗൗരീശ്വരക്ഷേത്രം

നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ ശ്രീനാരായണഗുരുവിന്റെ സന്ദർശനവും ഉദ്ബോധനങ്ങളും ചെറായിക്ക് ഉണർവേകിയിരുന്നു. എറണാകുളം പട്ടണത്തിന്റെ സാമീപ്യംമൂലം ഈ സ്ഥലവാസികൾ വിദ്യാഭ്യാസപുരോഗതിയും നേടിയിരുന്നു. 1919-ൽ ചെറായി വിജ്ഞാനവർധിനിസഭ പ്രസിദ്ധപ്പെടുത്തിയ *പ്രതിഭ* മാസികയുടെ പത്രാധിപർ മഹാകവി കമാരൻആശാൻ ആയിരുന്നു. ചെറായി ഗൗരീശ്വരക്ഷേത്രം, ഗൗഡസാരസ്വതരുടെ ശ്രീവരാഹക്ഷേത്രം തുടങ്ങിയവ ആരാധനാലയങ്ങളെന്നനിലയിൽ പ്രസിദ്ധമാണ്. രാമവർമ യൂണിയൻ ഹൈസ്കൂളാണ് ആദ്യത്തെ വിദ്യാലയം. ഇപ്പോൾ ഒട്ടേറെ സ്കൂളുകൾ ഈ പ്രദേശത്തുണ്ട്.

ചെറി (Cherry)

ഒരിനം ഫലവൃക്ഷം. റോസേസി കുലത്തിൽപ്പെടുന്നു. യൂറോപ്പ്, പൂർവേഷ്യ, അമേരിക്ക എന്നിവയാണു ജന്മദേശം. സമശീതോഷ്ണ മേഖലയിൽ കണ്ടുവരുന്നു.

അമ്പതോളം സ്പീഷീസുണ്ട്. ഫലത്തിനായി രണ്ടു സ്പീഷീസേ നട്ടുവളർത്തുന്നുള്ളൂ. ഇവയിൽ ഒന്ന് മധുരമുള്ള ഫലം തരുന്നു. മറ്റത് പുളിയുള്ള ഫലവും. ആദ്യത്തെതിന്റെ ശാസ്ത്രനാമം: *പ്രൂണസ് ഏവിയം (Prunus avium)*. രണ്ടാമത്തതിന്റെ ശാസ്ത്രനാമം: *പ്രൂണസ് സെറേസസ് (Prunus cerasus)*. ഈ രണ്ടു സ്പീഷീസിന്റെയും വർഗസങ്കരണംമൂലം വികസിപ്പിച്ചെടുത്ത മൂന്നാമതൊരു സങ്കരയിനംകൂടി നട്ടുവളർത്താറുണ്ട്.

മധുരമുള്ള ചെറിക്ക് പതിനൊന്നു മീറ്ററോളം പൊക്കംവയ്ക്കും. പുളിയുള്ളതിന് ഏകദേശം അഞ്ചു മീറ്ററും. അമ്ലത്തിന്റെ അളവിലുള്ള വ്യത്യാസമാണു ഫലത്തിന്റെ പുളിക്കും മധുരത്തിനും കാ



പൂവണിഞ്ഞുനില്ക്കുന്ന ചെറി



ചെറി:
1. ഇല 2. ഫലം 3. മുകുളം

രണം. മധുരമുള്ള ഫലത്തിൽ അമ്ലത്തിന്റെ അളവു തീരെക്കുറവായിരിക്കും. വിറ്റാമിൻ. എ, കാൽസ്യം, ഫോസ്ഫറസ് എന്നിവ ചെറിയുടെ ഫലത്തിൽ ഉണ്ട്. ഫലം ഭക്ഷ്യയോഗ്യമാണ്. മദ്യം ഉണ്ടാക്കുന്നതിനും ഉപ്പിലിടുന്നതിനും ഉപയോഗിക്കുന്നുണ്ട്. ചില സ്പീഷീസ് തടിക്കുവേണ്ടി നട്ടുവളർത്തുന്നു.

മുകുളനം (budding) വഴിയും തൈമുളപ്പിച്ചും കൃഷിചെയ്യാം. മധുരമുള്ള ചെറിയുടെ കൃഷിക്ക് വെള്ളം കൂടുതൽ വേണം.

ചെറിവൃക്ഷവും ഫലങ്ങളും പ്രാണികളുടെയും കുമിളുകളുടെയും ഉപദ്രവത്തിന് ഇടയാകാറുണ്ട്.

ചെറിയാൻ, കെ.എം. (1897–1973)

കേരളത്തിലെ ഒരു പ്രമുഖ പത്രാധിപർ. 1953 മുതൽ '73 വരെ മലയാളമനോരമയുടെ ചീഫ് എഡിറ്ററായിരുന്നു. കെ.സി.മാമ്മൻമാപ്പിളയുടെ സീമന്തപുത്രനാണ്. മദ്രാസ് ക്രിസ്ത്യൻകോളെജിൽനിന്ന് എം.എ. പാസായി. അതേ കോളെജിൽ തന്നെ പതിനഞ്ചുവർഷക്കാലം ലക്ചററായും പിന്നീടു പ്രൊഫസറായും ജോലിനോക്കി. 'ന്യൂ ഗാർഡിയൻ ഒഫ് ഇന്ത്യ' എന്ന ലൈഫ് ഇൻഷ്വറൻസ് കമ്പനിയുടെ മാനേജരായും പ്രവർത്തിച്ചിട്ടുണ്ട്. സ്വാതന്ത്ര്യസമരകാലത്ത് ഒമ്പതു വർഷത്തെ നിരോധനത്തിനുശേഷം 1947-ൽ മലയാളമനോരമ പുനരാരംഭിച്ചപ്പോൾ അതിന്റെ മാനേജിങ് എഡിറ്ററായി. പിതാവിന്റെ മരണശേഷം (1953-ൽ) ചീഫ് എഡിറ്ററും മലയാളമനോരമ കമ്പനിയുടെ മാനേജിങ് ഡയറക്ടറുമായി പ്രവർത്തിച്ചു. പി.ടി.ഐ. ഡയറക്ടർബോർഡിലും ഇന്ത്യൻ ആൻഡ് ഈസ്റ്റേൺ ന്യൂസ്പേപ്പർ സൊസൈറ്റിയുടെ നിർവാഹകസമിതിയിലും ദീർഘകാലം അംഗമായിരുന്നു. 1963-ൽ പി.ടി.ഐ. ഡയറക്ടർബോർഡിന്റെയും പിന്നീട് ഇ.എൻ.എസ്സിന്റെയും പ്രസിഡന്റായി പ്രവർത്തിച്ചു.

മദ്രാസ് റബർഫാക്ടറിയുടെ ഡയറക്ടർബോർഡ് ചെയർമാനും പല വ്യവസായസ്ഥാപനങ്ങളുടെ ഡയറക്ടറുമായ ചെറിയാൻ ചില കോളെജുകമ്മിറ്റികളുടെയും സഹകരണസ്ഥാപനങ്ങളുടെയും ഭരണസമിതിയംഗംകൂടിയായിരുന്നു.

1963-ൽ പൗരസ്ത്യസഭയുടെ അന്ത്യോഖ്യാപാത്രിയർക്കീസ് ഇഗ്നേഷ്യസ് യാക്കൂബ് തൃതീയനിൽനിന്നു 'ഷെവലിയർ' എന്ന ബഹുമതി നേടി. 1965-ൽ 'പദ്മശ്രീ' ബഹുമതിയും 1970-ൽ 'പദ്മവിഭൂഷൺ' ബഹുമതിയും ലഭിച്ചു. കേരള സാഹിത്യഅക്കാദമിയുടെ വൈസ് ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്. റഷ്യയുൾപ്പെടെ അനേകം വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. 1973 മാർച്ച് 14-ന് അന്തരിച്ചു.

ചെറിയാൻ, കെ. ചെറിയാൻ (1932–   )

മലയാള കവി. ശാസ്ത്രയുഗത്തിന്റെ സന്തതികളായ പുതിയ ബിംബങ്ങൾ ഉപയോഗിച്ചും പൗരാണികകഥകളെ ആധുനികകാലത്തിന്റെ സമസ്യകളെ ബോധ്യപ്പെടുത്താൻ മാധ്യമങ്ങളായി കൈക്കൊണ്ടും രചിച്ച *കണ്ണാടിജന്നൽ, പാലാഴിമഥനം, ഭസ്മാസുരൻ, കുശനും ലവനും* തുടങ്ങിയ കവിതകൾ ഇദ്ദേഹത്തെ ശ്രദ്ധേയനാക്കി. *ഭ്രാന്തനും പദ്മാസുരനും* (1985) ഇദ്ദേഹത്തിന്റെ കവിതാ സമാഹാരമാണ്. വൈക്കം സ്വദേശിയായ ചെറിയാൻ ഇപ്പോൾ ന്യൂയോർക്കിൽ കംപ്യൂട്ടർ സാങ്കേതികജ്ഞനായി ജോലിചെയ്യുന്നു.

ചെറിയാൻ, ഡോ. കെ.എം. (1942–)

ഹൃദയശസ്ത്രക്രിയാ വിദഗ്ധൻ. ഹൃദ്രോഗം സുഖപ്പെടുത്തുന്നതിനുള്ള ബൈപാസ് സർജറി ഇന്ത്യയിൽ ഏറ്റവും വിജയകരമായി നടത്തുന്ന ഡോക്ടർ. ഇപ്പോൾ മദിരാശി ആസ്ഥാനമാക്കി പ്രവർത്തിക്കുന്നു.

1942 മാർച്ച് എട്ടിന് ചെങ്ങന്നൂരിൽ ജനിച്ചു. ജനറൽ സർജറിയിൽ മാസ്റ്റർബിരുദം നേടിയശേഷം ഓസ്ട്രേലിയയിലും യു.എസിലും ഉന്നതപരിശീലനം നടത്തി. വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളെജ് അധ്യാപകൻ, ഓസ്ട്രേലിയയിലെ റോയൽ കോളെജ് ഒഫ് സർജൻസിൽ കാർഡിയോ തൊറാസിക്ക് വിഭാഗത്തിൽ ഫെലോ. ഓസ്ട്രേലിയയിലെ മെഡിക്കൽ കോളെജുകളിൽ 6 വർഷം സേവനം അനുഷ്ഠിച്ചു. യു.എസിലെ അലബാമ യൂണിവേഴ്സിറ്റിയിൽനിന്ന് പീഡിയാട്രിക് കാർഡിയാക് സർജറിയിൽ സ്പെഷൽ ഫെലോഷിപ്പ് നേടി. ഓറിഗൺ യൂണിവേഴ്സിറ്റിയിൽ വിസിറ്റിങ് പ്രൊഫസർ ആയിരുന്നു. പെരമ്പൂരിലെ (മദിരാശി) റെയിൽവേ ആശുപത്രിയിൽ മെഡിക്കൽ സൂപ്രണ്ടും കാർഡിയോവാസ്കുലർ സർജറി വിഭാഗത്തിന്റെ തലവനും ആയി സേവനം അനുഷ്ഠിച്ചു. 1975 മുതൽ ബൈപാസ് സർജറി നടത്തിവരുന്നു. ഇതുസംബന്ധിച്ച് ഗവേഷണം നടത്തി അനേകം പ്രബന്ധങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ മദിരാശിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് കാർഡിയോവാസ്കുലർ ഡിസീസസിന്റെ ഡയറക്റ്റർ.

ചെറിയാൻ, പി.ജെ. ആർട്ടിസ്റ്റ് (1891–1981)

നടനും ചിത്രകാരനും. 1891 നവംബർ 18-ന് ഞാറയ്ക്കൽ (എറണാകുളം ജില്ല) ജനിച്ചു. ചെറുപ്പത്തിൽ തന്നെ നടൻ, ചിത്രകാരൻ എന്നീ നിലകളിൽ പ്രതിഷ്ഠ നേടി. ക്രൈസ്തവകഥകളിലെ പല പ്രസിദ്ധ കഥാപാത്രങ്ങളെയും വേദിയിൽ അവതരിപ്പിച്ച് അംഗീകാരം നേടി. നാടകസംഘങ്ങൾക്കും കലാസമിതികൾക്കും രൂപം നല്കി. കേരള ചിത്രകലാപരിഷത്തിന്റെ അധ്യക്ഷൻ ആയിരുന്നു. കൊച്ചി മഹാരാജാവിൽനിന്നു വീരശൃംഖല നേടി. മികച്ച നാടകനടൻ എന്ന നിലയ്ക്ക് കേരള സംഗീതനാടക അക്കാദമി അവാർഡും നിർമല എന്ന മലയാള ചലച്ചിത്രത്തിന്റെ നിർമാതാവ് എന്ന നിലയ്ക്കുള്ള അവാർഡും ലഭിച്ചു. 1965-ൽ മാർപ്പാപ്പയിൽനിന്നു ഷെവലിയർ സ്ഥാനം ലഭിച്ചു. *കലാവീക്ഷണം* എന്ന കൃതിയും, *എന്റെ കലാജീവിതം* എന്ന പേരിലുള്ള ആത്മകഥയും രചിച്ചിട്ടുണ്ട്. 1981 ജനുവരി 18 ന് അന്തരിച്ചു.

ചെറിയാൻ, പി.വി. (1893–1969)

ഭിഷഗ്വരനും പൊതുപ്രവർത്തകനും 1893 ജൂലൈ 9-നു കോട്ടയത്തു ജനിച്ചു. കോട്ടയം, മദിരാശി, ലണ്ടൻ, എഡിൻബറോ എന്നിവിടങ്ങളിലായി വിദ്യാഭ്യാസം പൂർത്തിയാക്കി. 1917 മുതൽ 1922 വരെ ഇന്ത്യൻ മെഡിക്കൽ സർവീസിൽ സേവനമനുഷ്ഠിച്ചു. 1923 മുതൽ '25 വരെ മദ്രാസ് മെഡിക്കൽ കോളെജിൽ സർജറിയുടെ അസിസ്റ്റന്റ് പ്രൊഫസറായിരുന്നു. പിന്നീടു പ്രിൻസിപ്പലും ആയി. 1948-ൽ മദ്രാസ് മെഡിക്കൽ കോളെജിലെ ജനറൽ സർജനായിരിക്കുന്ന കാലത്ത് ജോലിയിൽനിന്നു വിരമിച്ചു.

മദ്രാസ് ലെജിസ്ലേറ്റീവ് കൗൺസിൽ ചെയർമാൻ(1952–'64), മദ്രാസ് മേയർ, മദ്രാസ് അണ്ണാമല യൂണിവേഴ്സിറ്റികളുടെ സിൻഡിക്കേറ്റ് മെമ്പർ എന്നീ പദവികളും വഹിച്ചിട്ടുണ്ട്. 1964-ൽ മഹാരാഷ്ട്രാ ഗവർണറായി. ഇദ്ദേഹത്തിന്റെ പത്നി താരാചെറിയാൻ ഒരു സാമൂഹികപ്രവർത്തകയാണ്. 1969 നവംബർ 8-ന് അന്തരിച്ചു.

ചെറിയാൻമാപ്പിള, കട്ടക്കയത്തിൽ
(1859–1936)

കവിയും സാഹിത്യകാരനും. 1859 ഫെബ്രുവരി 24-ന് പാലായിൽ ജനിച്ചു. മലയാളത്തിൽ പ്രാവീണ്യം നേടിയതിനോടൊപ്പം തമിഴും സംസ്കൃതവും പഠിച്ചു. മലയാളമനോരമയിലും നസ്രാണിദീപികയിലും മറ്റും കവിതകൾ പ്രസിദ്ധീകരിച്ചു. അന്നത്തെ സാഹിത്യനായകന്മാരായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കണ്ടത്തിൽ വർഗീസ്മാപ്പിള തുടങ്ങിയവരിൽനിന്നു പ്രോത്സാഹനം ലഭിച്ചു. *ശ്രീയേശുവിജയം* മഹാകാവ്യമാണ് പ്രധാന കൃതി. ബൈബിൾ പുതിയ നിയമത്തിലെ എല്ലാ ആഖ്യാനങ്ങളും ഉൾക്കൊള്ളിച്ച് 24 സർഗങ്ങളിൽ 3700 ശ്ലോകങ്ങളോടുകൂടി രചിച്ചിട്ടുള്ള ശ്രീയേശുവിജയത്തിന് മലയാളത്തിലെ മഹാകാവ്യങ്ങളുടെ നിരയിൽ പ്രത്യേകസ്ഥാനമുണ്ട്. *യൂദ ജീവേശ്വരി, വില്ലാൾവട്ടം, സാറാവിവാഹം, കലാവതി, മാർത്തോമാചരിതം, വനിതാമണി, എസ്തേർ ചരിതം, ഒലിവർ വിജയം(ആട്ടക്കഥ)* തുടങ്ങി പതിനഞ്ചോളം കൃതികൾ രചിച്ചു. 1913 മുതൽ കുറേക്കാലം *വിജ്ഞാനരത്നാകരം* എന്ന മാസിക നടത്തി. മാർപ്പാർപ്പയിൽ നിന്നുള്ള മിഷണറി അപ്പോസ്റ്റലിക് ബഹുമതിയും, കേരളകത്തോലിക്ക കോൺഗ്രസ്സിൻെറ കീർത്തിമുദ്രയും ലഭിച്ചു.1936 നവംബർ 29 ന് അന്തരിച്ചു.

ചെറിയാൻ, റാവുസാഹിബ് ഓ.എം.
(1874—1944)

പണ്ഡിതനും വിദ്യാഭ്യാസപ്രവർത്തകനും പ്രഭാഷകനും. ഒറ്റപ്ലാക്കൽ മാത്തുവിൻെറ മകൻ. 1874 ഡിസംബർ 12-നു കോട്ടയം പുതുപ്പള്ളിയിൽ ജനിച്ചു. ബി.എ., എൽ.ടി. ബിരുദങ്ങൾ നേടിയ ശേഷം രണ്ടുകൊല്ലം. എം.ഡി. സെമിനാരിയിലും പിന്നീടു തിരുവിതാംകൂർ ഗവൺമെൻറിലും അധ്യാപകനായി പ്രവർത്തിച്ചു. റെയ്ഞ്ച് ഇൻസ്പെക്ടരായും, വിദ്യാഭ്യാസഡയറക്ടരുടെ പി.എ.ആയും വെർണാക്കുലർ സ്കൂളുകളുടെ ചീഫ് ഇൻസ്പെക്ടരായും സേവനമനുഷ്ഠിച്ചു. പഴയ ഗദ്യകാരന്മാരുടെ കൂട്ടത്തിൽ സമ്മാന്യമായ ഒരു സ്ഥാനം ചെറിയാനുണ്ടായിരുന്നു. *കാലൻെറ കൊലയറ* നമ്മുടെ ആദ്യകാല ഡിറ്റക്റ്റിവ് നോവലുകളിലൊന്നാണ്. *ഗളിവറിൻെറ സഞ്ചാര കഥകൾ* സംഗ്രഹരൂപത്തിൽ തർജമ ചെയ്തതു സ്കൂളുകളിൽ വളരെക്കാലം പാഠപുസ്തകമായിരുന്നു. മറ്റൊരു പ്രശസ്ത പാഠ്യപുസ്തകമായിരുന്നു, *ഭൂവിവരണ സിദ്ധാന്ത സംഗ്രഹം.* ചെറിയാൻെറ ഏറ്റവും വിലപ്പെട്ട സാഹിത്യസംഭാവന, *ഹൈന്ദവധർമസുധാകര*മാണ്. "ശ്രൗതസ്മാർത്തപുരാണേതിഹാസഗ്രന്ഥപരമ്പരയിൽ നിഗൂഢമായി കിടക്കുന്ന ഹൈന്ദവ തത്ത്വങ്ങളെ സഞ്ചയിച്ചു ക്രമപ്പെടുത്തി സപ്രമാണം ഉപപാദി"ക്കാൻ നടത്തിയ വിപുലമായ പരിശ്രമത്തിൻെറ ഒരംശം മാത്രമേ പ്രകാശിതമായുള്ളു. 1934, '39, '41 ഈ വർഷങ്ങളിലായി മൂന്നു ഭാഗങ്ങൾ പ്രസിദ്ധീകരിച്ചു. ശേഷം ഭാഗം പ്രസിദ്ധീകൃതമായില്ല. ഹൈന്ദവ ധർമഗ്രന്ഥങ്ങളിൽ ആഴമുള്ള അറിവ് ഇദ്ദേഹം സമ്പാദിച്ചിരുന്നു എന്നതിനു തെളിവാണ് ഈ പുസ്തകപരമ്പര. *ക്രൈസ്തവധർമനവനീതം* എന്ന പേരിൽ ക്രൈസ്തവധർമത്തെപ്പറ്റിയും ഇദ്ദേഹം ഒരു കൃതി പ്രസിദ്ധപ്പെടുത്തി. പേരുകേട്ട ഒരു പ്രഭാഷകൻ കൂടിയായിരുന്നു, ചെറിയാൻ. 1944 ഫെബ്രുവരി 1-നു മരിച്ചു.

ചെറുകടൽ (bay)

വൻകരയിലേക്കു് വ്യാപിച്ചുകിടക്കുന്ന സമുദ്രഭാഗം. ഭൂവിജ്ഞാനത്തിൽ ചെറുകടൽ (bay), ഉൾക്കടൽ (gulf) എന്നീ സംജ്ഞകൾ ഏകദേശം സമാനമായ ഭൗതികസ്വഭാവമുള്ള സമുദ്രഭാഗങ്ങളെകുറിക്കാനാണ് ഉപയോഗിക്കുന്നത്. ഇവയെ തമ്മിൽ വേർതിരിക്കുന്ന കൃത്യമായ നിർവചനങ്ങൾ ഇല്ല. ഈ രണ്ടു വിഭാഗത്തിലും വിവിധ വലിപ്പത്തിലുള്ള സമുദ്രഭാഗങ്ങൾ വരുന്നതുകൊണ്ട് ഇവയിലൊന്ന് മറ്റേതിനെക്കാൾ വലിപ്പമേറിയതായിരിക്കും എന്നും പറയാനാവില്ല.



ചെറുകടലിലും ഉൾക്കടലിലും വച്ച് ഏറ്റവും വലിയത് ഇന്ത്യൻ സമുദ്രത്തിലെ ബേ ഒഫ് ബംഗാൾ (bay of Bengal) എന്ന ചെറുകടലാണ്. ഇതിൻെറ വിസ്താരം 21,72,000 ച.കി.മീറ്റർ. ഏറ്റവും വലിയ ഉൾക്കടൽ (ഗൾഫ് ഒഫ് മെക്സിക്കോ, വിസ്താരം 15,43,000 ച.കി.മീ.). ഇതിനെക്കാൾ 6,29,000 ച. കി.മീ. ചെറുതാണ്. ഇതിനെക്കാൾ ചെറിയ കടലുകളും (ഉദാ: ബാൾട്ടിക് കടൽ വിസ്തൃതി 4,22,170 ച.കി.മീ.) ഉണ്ട്.

രൂപ(shape)ത്തിലും അടിത്തട്ടിൻെറ സ്ഥലാകൃതി(topography) യിലും ചെറുകടലുകൾക്കു തമ്മിൽ ഐകരൂപ്യമില്ല. ഓരോ ചെറുകടലും അതതു സ്ഥാനങ്ങളിലെ ഭൂസ്ഥിതിയുടെ സ്വാധീനത്തിൽ പെട്ടാണു രൂപപ്പെട്ടിരിക്കുന്നത്.

പ്രധാന ചെറുകടലുകൾ

പേര്	*വിസ്തൃതി (ച.കി.മീ.)*	*ശരാശരി ആഴം (മീ.)*
ബേ ഒഫ് ബംഗാൾ	21,72,000	2,586
ബേ ഒഫ് ബിസ്കേ	1,94,000	1,715
ബഫിൻ ബേ	6,89,000	861
ഹഡ്സൻ ബേ	8,19,000	112

ബേ ഒഫ് ബംഗാൾ. സാധാരണമായി ഇതിനെ ബംഗാൾ ഉൾക്കടൽ എന്നു വിളിക്കാറുണ്ടെങ്കിലും ഇതൊരു ഉൾക്കടലല്ല; ചെറുകടലാണ്. ഇന്ത്യയുടെ പൂർവതീരം, ശ്രീലങ്ക, ബംഗ്ലാദേശ്, ബർമ, ആൻഡമാൻ നിക്കോബാർ ദ്വീപസമൂഹങ്ങൾ എന്നിവയ്ക്കു മധ്യേയുള്ള ഇന്ത്യൻ സമുദ്രഭാഗങ്ങളാണ് ഈ ചെറുകടലിൽ ഉൾപ്പെടുന്നത്. ഇതിലെ വെള്ളത്തിനു പൊതുവെ സമുദ്രജലത്തിൻെറ സ്വഭാവമാണെങ്കിലും ലവണത (salinity) കുറവാണ്. ഗംഗ, ബ്രഹ്മപുത്ര എന്നീ മഹാനദികളിൽനിന്നുള്ള ജലപ്രവാഹങ്ങളാണ് ഈ കുറവിനുള്ള പ്രധാന കാരണം. മൺസൂൺ കാലഘട്ടത്തിൽ ലവണതയിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകാറുണ്ട്. ഈ ചെറുകടലിനെ സംബന്ധിച്ച ഭൂ-ഭൗതിക വസ്തുതകൾ: വിസ്തൃതി 21,72,000 ച.കി.മീറ്റർ. മൊത്തം ജലത്തിൻെറ വ്യാപ്തം: 56,16,000 ഘന കി.മീറ്റർ. ലവണത: 33 പി.പി.റ്റി. (parts per thousand).

ചെറുകഥ

ഒരു സാഹിത്യരൂപം. ചില പ്രത്യേക ലക്ഷണങ്ങൾ (ഭാവപരമായ ഏകാഗ്രത, വികാരതീവ്രമായ അന്തരീക്ഷം, നാതിദീർഘത) തികഞ്ഞ

മോപ്പസാങ്

കഥകളേ ചെറുകഥകളാകൂ എന്ന് ഒരുകൂട്ടർ വാദിക്കുമ്പോൾ, ഏറ്റവും സ്വാഭാവികവും ലളിതവുമായ ഒരു സാഹിത്യരൂപമാണ് ചെറുകഥ എന്നു മറ്റു ചിലർ അഭിപ്രായപ്പെടുന്നു. 'ചെറിയ കഥ'കളെല്ലാം ചെറുകഥകളല്ല എന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. നോവലിനെക്കാൾ ചെറുത് എന്നു സൂചിപ്പിക്കാൻ മാത്രമേ ചെറുകഥ എന്ന സംജ്ഞ പ്രയോജനപ്പെടുന്നുള്ളു എന്നും ഒരുപക്ഷമുണ്ട്. മറ്റൊരു സാഹിത്യപ്രസ്ഥാനത്തിലും ഉൾപ്പെടുത്താനാവാത്ത ഗദ്യരചനാഖണ്ഡങ്ങളെപ്പോലും ചിലപ്പോൾ ചെറുകഥാവിഭാഗത്തിലുൾപ്പെടുത്താറുണ്ട്. ഇതിവൃത്തം, കഥാപാത്രങ്ങൾ, കഥയുടെ വികാസപരിണാമങ്ങൾ മുതലായ രൂപശില്പനിബന്ധനകൾ ചെറുകഥയ്ക്ക് അനിവാര്യമല്ല. കഥാകാരൻെറ ഭാവനാശക്തി ഔചിത്യാനുസാരം ആ നിബന്ധനകളിൽ വേണ്ടതിനെ കൊള്ളുകയും വേണ്ടാത്തതിനെ തള്ളുകയും ചെയ്യുന്നു.

സൂക്ഷ്മം ആലോചിച്ചാൽ കഥാകൃത്തുതന്നെയാണ് ചെറുകഥയുടെ രചനാനിയമങ്ങൾ ആവിഷ്കരിക്കുന്നത്. ചെറുകഥ വെറുമൊരു 'രീതി' മാത്രമാണെന്നുവരെ നിരൂപകർ അഭിപ്രായപ്പെട്ടിട്ടുള്ളത് ഇതുകൊണ്ടാണ്. അത് ഒരുത്സാഹപ്രകർഷത്തിൻെറയോ നേരിയ ദുഃഖത്തിൻെറയോ പ്രകാശനം മാത്രമാകാം. പട്ടിയുടെ മരണവും പതിനേഴുകാരിയുടെ മനസ്സിലെ രാഗോദയവും അതിനു വിഷയമാക്കാം. ജീവിതത്തിലെ ഒരു സംഭവത്തിൻെറയോ രംഗത്തിൻെറയോ ഭാവത്തിൻെറയോ ഗദ്യത്തിലുള്ള ചിത്രമാണ് ചെറുകഥ. വെറും ചിത്രീകരണ (sketch)ത്തിന് ചെറുകഥയുടെ ആഴം കാണുകയില്ല.

ആധുനികചെറുകഥയെ നിർവചിക്കാൻ ശ്രമിച്ച എഡ്ഗർ അല്ലൻ പോവിൻെറ അഭിപ്രായത്തിൽ 'ഒറ്റയിരുപ്പിന്' വായിച്ചുതീർക്കാൻ കഴിയാവുന്നത്ര ദൈർഘ്യമേ ചെറുകഥയ്ക്ക് ഉണ്ടായിരിക്കാവൂ. എത്ര സമയമാണ് ഈ 'ഒറ്റയിരുപ്പ്' എന്ന് ഇതുകൊണ്ടു വ്യക്തമാകുന്നില്ല. ഒരു ചെറുകഥയുടെ ദൈർഘ്യം എത്രമാത്രമായിരിക്കാമെന്ന് ഖണ്ഡിച്ചു പറയാവുന്നതല്ലെങ്കിലും സാധാരണമായി 2500 മുതൽ 8000 വരെ വാക്കുകൾ അടങ്ങിയിരിക്കുന്നതായി കാണാമെന്ന് എ.ബാലകൃഷ്ണപിള്ള രേഖപ്പെടുത്തിയിരിക്കുന്നു. ഇമ്മാതിരി ദൈർഘ്യപരിഗണനകളൊന്നും ചെറുകഥ എന്ന സാഹിത്യരൂപത്തിൻെറ സ്വഭാവത്തെ സമഗ്രമായി പ്രകാശിപ്പിക്കാൻ ശക്തമല്ല. 500 വാക്കിൽ കുറവുള്ള ഒന്നാംതരം ചെറുകഥകൾ ഉണ്ട്.

ആൻറൺ ചെക്കോഫ്

മുൻഷി പ്രേംചന്ദ്

കഥയുടെ കഥ. ശിലായുഗമനുഷ്യൻ രാത്രിയിൽ അഗ്നികുണ്ഡത്തിനു ചുറ്റുമിരുന്നു പറഞ്ഞവയാണ് ആദ്യത്തെ ചെറുകഥകൾ. അന്നത്തെ പല കഥകളും ഇന്നും നമ്മെ ആകർഷിച്ചുപോരുന്നു.

ഒരു സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ ആദ്യമായി പ്രചരിപ്പിച്ചത് ബി.സി. 5000-ാമാണ്ടു ജീവിച്ചിരുന്ന വാഫിരി എന്ന ഈജിപ്ഷ്യൻ ചക്രവർത്തിയായിരുന്നു. അദ്ദേഹം പിരമിഡുകൾ നിർമിക്കുകയും ചെറുകഥകൾ രചിക്കുകയും ചെയ്തു.

പിന്നീട് ശ്രദ്ധേയമായിട്ടുള്ളത് ബുദ്ധൻെറ കാലത്ത് ഭാരതത്തിൽ പ്രചരിച്ച 'ജാതകകഥ'കളാണ്. ഈ കഥകൾ ഇന്ത്യയിൽനിന്ന് പേർഷ്യയിലേക്കും അവിടെനിന്ന് സിറിയവഴി ഗ്രീസിലേക്കും പ്രചരിക്കുകയുണ്ടായി. പ്ലാനുദിസ് എന്ന യവനസന്യാസി ചില ബൗദ്ധകഥകൾ സമാഹരിച്ചവയാണ് 'ഈസോപ്പിൻെറ കഥകൾ' എന്ന് ജെ.എ.ഹാമർട്ടൻ വിശ്വസിക്കുന്നു. രാജധർമവും രാജ്യതന്ത്രവും പഠിപ്പിക്കാൻ വേണ്ടി എഴുതപ്പെട്ടതാണ് പഞ്ചതന്ത്രം എന്ന കഥ. രാജാക്കന്മാരെ നേർവഴിക്കുകൊണ്ടുവരാൻ ഹിതോപദേശകഥകൾ രചിച്ചു. മനുഷ്യപ്രകൃതിയുടെ, പ്രത്യേകിച്ച് സ്ത്രീസ്വഭാവത്തിൻെറ, അധമവശങ്ങൾ ചിത്രീകരിക്കുന്ന പല ബ്രാഹ്മണകഥകളിലെയും ആശയങ്ങൾ യൂറോപ്യൻചിന്താഗതിയെത്തന്നെ സ്വാധീനിച്ചിരുന്നു.

ഹെറഡോട്ടസി(ബി.സി.450)ൻെറ വിഖ്യാതമായ ചരിത്രഗ്രന്ഥത്തിൽ സുന്ദരങ്ങളായ അനേകം ചെറുകഥകൾ കാണാം. നാടകീയസൗഭാഗ്യം തുളുമ്പുന്ന അനേകം കഥകൾ പഴയനിയമത്തിലുണ്ട്. റൂത്തിൻെറയും നവോമിയുടെയും കഥകൾ ഹൃദ്യമാണ്. പുതിയനിയമത്തിലെ മുടിയനായ പുത്രൻെറ കഥയ്ക്ക് എന്നും പുതുമയുണ്ട്.

എ.ഡി.420-ൽ താവോചിയൻ എന്ന ചീനൻ രചിച്ച കഥകൾ ചൈനീസ് സാഹിത്യത്തിലെ അനർഘരത്നങ്ങളാണ്.

അറബികളുടെയും പേർഷ്യക്കാരുടെയും പ്രാചീനകഥകളുടെ ബൃഹത്സമാഹാരമാണ് അറബിക്കഥകൾ.

എ.ഡി.1300-1375 കാലത്താണ് ബൊക്കാച്ചോ പ്രസിദ്ധമായ ഡിക്കാമറൺകഥകൾ രചിച്ചത്. നൂറുകണക്കിനു കഥാകൃത്തുകൾക്ക് അത് പ്രചോദനവും വിഷയങ്ങളും നൽകി. ചോസറിൻെറ (1340-1400) കാൻറർബറി കഥകളും പ്രസിദ്ധങ്ങളാണ്. എ.ഡി.1700-ൽ വോൾത്തയർ കാൻഡിഡ് രചിച്ചു.

ആധുനികചെറുകഥ. 19-ാം നൂറ്റാണ്ടിലാണ് സാഹിത്യത്തിൽ ചെറുകഥ എന്ന് ഇന്നു പരക്കെ അറിയപ്പെടുന്ന കലാരൂപം പ്രചരിച്ചു തുടങ്ങിയത്.

1842-ൽ അമേരിക്കൻ കഥാകാരനായ എഡ്ഗർ അല്ലൻ പോ ആണ് ചെറുകഥയെ ആദ്യമായി നിരൂപണബുദ്ധിയോടെ സമീപിച്ചത്. ചെറിയ കഥയല്ല ചെറുകഥയെന്ന് വ്യക്തമായി പറഞ്ഞത് ബ്രാൻഡർ മാത്യൂസ് ആണ്. ഒരു പ്രത്യേക പ്രസ്ഥാനമെന്ന നില സൂചിപ്പിക്കാൻ 'ചെറുകഥ' എന്നത് ഒരു സമസ്തപദമായി അദ്ദേഹം ഉപയോഗിച്ചു.

ഗെദെ മോപ്പസാങ്ങാണ്(1850-1893) †ചെറുകഥയെ ആധുനികരൂപത്തിൽ അവതരിപ്പിച്ചത്. അദ്ദേഹം രചിച്ച നല്ലതും ചീത്തയുമായ

എല്ലാ കഥകളിലും ജീവിതത്തിന്റെ സപന്ദനം ഉണ്ട്. ജീവിതത്തിന്റെ ഇരുട്ടും വെളിച്ചവും, കണ്ണീരും പുഞ്ചിരിയും മോപ്പസാങ് കഥകളെ നിത്യനൂതനങ്ങളാക്കിത്തീർക്കുന്നു.

സൗന്ദര്യത്തിന്റെയും ശോകത്തിന്റെയും അന്തരീക്ഷത്തിലേക്കു ചെറുകഥയെ നയിച്ച നിസ്തുലപ്രതിഭാശാലിയാണ് ആൻറൺ ചെക്കോഫ്. പ്രസാദവും ഓജസ്സും മാധുര്യവും ചെക്കോഫിന്റെ കഥകളെ ഉജ്ജ്വലശില്പങ്ങളാക്കി മാറ്റുന്നു. വസ്തുനിഷ്ഠമായ രചനാരീതി, സങ്കീർണമല്ലാത്ത ഇതിവൃത്തം, തികവുറ്റ നർമ്മബോധം മുതലായ ഗുണങ്ങൾ ആ കഥകൾക്കു ജീവൻ പകരുന്നു. മോപ്പസാങ്ങിന്റെയും ചെക്കോഫിന്റെയും രചനാരീതികളുടെ വിഭിന്നസ്വഭാവം മനസ്സിലാക്കാൻ ചെക്കോഫിന്റെ സ്കൂൾമിസ്ട്രസ് എന്ന കഥയും മോപ്പസാങ്ങിന്റെ മിസ് ഹാരിയറ്റ് എന്ന കഥയും താരതമ്യപ്പെടുത്തിയാൽ മതിയാവും.

ചെക്കോഫ് ചെറുകഥാസാഹിത്യത്തിലെ ഒരു ചലനാത്മകശക്തി തന്നെയാണ്. ഒ.ഹെന്ററി, റഡ്യാഡ് കിപ്ലിങ്, സോമർസെറ്റ് മോം, ഹെന്ററി ജെയിംസ്, ഏണെസ്റ്റ് ഹെമിങ്‌വേ, വില്യം ഫോക്നർ, വില്യം സാരോയൻ, ജെയിംസ് ജോയിസ്, കാതറീൻ മാൻസ്ഫീൽഡ്, വെർജീനിയാ വുൾഫ്, ഡി.എച്ച്.ലാറൻസ്, ലയാം ഓഫ്ളാഹേർട്ടി തുടങ്ങി പല കഥാകൃത്തുക്കളും ഇവിടെ സ്മരണീയരായിട്ടുണ്ട്.

ചെറുകഥ വളരുന്നു. വായനക്കാരന് ജീവിതത്തിന്റെ എണ്ണിയാലൊടുങ്ങാത്ത വശങ്ങളിലൊരെണ്ണം ചെറുകഥാകൃത്ത് കാട്ടിക്കൊടുക്കുന്നു. ജീവിതത്തിന്റെ സംഘർഷങ്ങളും ക്രമവും ക്രമക്കേടും അയാൾ കാണുന്നു. ശുഷ്കമായ സത്യത്തെപ്പോലും ഒരു കലാശില്പമാക്കി മാറ്റാൻ അയാൾക്കു കഴിയും. പഴയ കഥാകൃത്തുക്കൾ ക്രിയാംശത്തിനും ഇതിവൃത്തത്തിനും പ്രാമുഖ്യം നല്കിയിരുന്നു. ഒരു ഫോട്ടോഗ്രാഫ്പോലെ അതു വിശദമായിരുന്നു. എന്നാൽ ചിത്രകാരന്റെ രേഖകൾപോലെയാണ് ഇന്നത്തെ കഥകൾ. വിശദാംശങ്ങൾ വിട്ടുകളയുകയോ ധ്വനിപ്പിക്കുകയോ മാത്രം ചെയ്യുന്നു. വൈകാരികമായ ചലനം സൃഷ്ടിക്കുവാൻ അവയും പര്യാപ്തമാണ്.

വിശ്വസാഹിത്യത്തിൽ ചെറുകഥയ്ക്ക് ഉന്നതമായ സ്ഥാനമാണുള്ളത്. അമേരിക്കയിലും റഷ്യയിലുമാണ് ആധുനിക ചെറുകഥ വളർന്നതും പടർന്നതും. റഷ്യക്കാരായ ഗോർക്കി, ബാബൽ, ഇറ്റലിക്കാരായ പിരന്ദെല്ലോ, പാവീസ്(Pavese) എന്നിവർ ചെറുകഥാശാഖയ്ക്ക് നല്കിയ സംഭാവനകൾ അത്യന്തം വിലപ്പെട്ടവയാണ്. ജെർമൻ സാഹിത്യത്തിൽ സ്റ്റെഫൻ സ്വെയ്ഗ് മനുഷ്യഹൃദയത്തിന്റെ അജ്ഞാതമേഖലകൾ ചെറുകഥകളിലൂടെ ചിത്രീകരിച്ചിരിക്കുന്നു. ഐസ്‌ലാൻഡിക് സാഹിത്യം ചെറുകഥയുടെ കാര്യത്തിൽ സമ്പന്നമാണ്. ഫ്രിഡ് ജോൺസൺ(1869-1946), ഹാൽഡർ ലാക്സ്നസ് മുതലായവരുടെ കഥകൾ അതീവ ഹൃദ്യംതന്നെ. ആധുനിക ചൈനീസ് സാഹിത്യത്തിൽ ചെറുകഥാകാരനായ ലൂഷിന്റെ സ്ഥാനം അനുപമമാണ്.

ഭാരതീയഭാഷകളിൽ. ചെറുകഥയ്ക്ക് അഭൂതപൂർവമായ വളർച്ച ഇന്ത്യൻഭാഷകളിലുമുണ്ടായിട്ടുണ്ട്. ബരുവാ അസമിയാസാഹിത്യത്തിൽ ചെറുകഥയ്ക്കു പ്രചാരം നല്കി. ആധുനിക അസമിയാചെറുകഥയുടെ ഉപജ്ഞാതാവ് ലക്ഷ്മീനാഥശർമയാണ്. ബംഗാളിസാഹിത്യത്തിൽ രവീന്ദ്രനാഥടാഗൂറിന്റെ കഥകൾക്കാണ് ഏറ്റവുമധികം പ്രാഭവം. ബിഭൂതിഭൂഷൺ , താരാശങ്കർ ബന്ദോപാധ്യായ, സരോജ് റോയ് ചൗധരി, പ്രേമേന്ദ്രമിത്ര മുതലായി പല മികച്ച ബംഗാളികഥാകാരന്മാരുണ്ട്. കന്നഡസാഹിത്യത്തിൽ ചെറുകഥാപ്രസ്ഥാനത്തിനു വലിയ പ്രചാരമുണ്ട്. മാസ്തിയാണ് അതിനു ബീജാവാപം ചെയ്തത്. ആനന്ദ, ഗോപാലകൃഷ്ണറാവു, ഗൗരമ്മാ മുതലായി വളരെയധികം കഥാകൃത്തുക്കൾ ആ രംഗത്തു പ്രവർത്തിച്ചിട്ടുണ്ട്. കശ്മീരി, ഗുജറാത്തി, മറാത്തി, ഒറിയ മുതലായ ഭാഷകളിലും ചെറുകഥ വളർന്നുകൊണ്ടിരിക്കുന്ന പ്രസ്ഥാനമാണ്. പഞ്ചാബിലെ കർത്താർസിങ്- ദുഗ്ഗൽ, ഖുശ്‌വന്ത്സിങ്, അമൃതാപ്രീതം മുതലായവർ ശക്തിയുള്ള ചെറുകഥകൾ രചിച്ചിട്ടുണ്ട്. കാവ്യസൗന്ദര്യം തുളുമ്പുന്ന തമിഴ് ചെറുകഥകൾ ധാരാളമുണ്ട്. 'പുതുമൈപ്പിത്ത'ന്റെ പുതുമ ഇന്നും നഷ്ടപ്പെട്ടിട്ടില്ല. ഗുരാസാദ അപ്പാറാവുവാണ് തെലുങ്കു ചെറുകഥാപ്രസ്ഥാനത്തിന്റെ പിതാവ്. ചിന്താദീക്ഷിതലു, മുനിമാണിക്യം, നരസിംഹറാവു, ഗുഡിപതി വെങ്കിടാചലം, പദ്മരാജു മുതലായി ഒട്ടേറെ സാഹിത്യകാരന്മാർ ഈ രംഗത്തു പ്രശസ്തരാണ്. ഉറുദു സാഹിത്യത്തിൽ പ്രേംചന്ദും പിന്മുറക്കാരും അതിസുന്ദരങ്ങളായ അനേകം കഥകൾ രചിച്ചിട്ടുണ്ട്.

മലയാളസാഹിത്യത്തിൽ വേങ്ങയിൽ കുഞ്ഞിരാമൻനായനാർ രചിച്ച വാസനാവികൃതി'യാണ് ആദ്യത്തെ കഥ. കൊ. വ. 1066(1891) കുംഭം ലക്കം വിദ്യാവിനോദിനിയിൽ പ്രസിദ്ധീകരിച്ച ഈ കഥ നായനാർ പേരുവെച്ചല്ല എഴുതിയിരുന്നത്. മൂർക്കോത്ത് കുമാരൻ, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ, അമ്പാടി നാരായണപ്പൊതുവാൾ, കെ.സുകുമാരൻ, എം.ആർ.കെ.സി. എന്നിവരായിരുന്നു മലയാളത്തിലെ ആദ്യകാലകഥാകൃത്തുക്കൾ. സംഭവപ്രധാനമായിരുന്നു ഇവരുടെ കഥകൾ. പിന്നീട് ഭാവപ്രധാനവും അന്തരീക്ഷപ്രധാനവും പാത്രപ്രധാനവും മറ്റുമായ കഥകൾ മലയാളത്തിലുണ്ടായി. †ചെറുകഥ മലയാളത്തിൽ നോക്കുക.

ചെറുകഥ മലയാളത്തിൽ

മലയാളത്തിലെ ചെറുകഥയുടെ വികാസപരിണാമചരിത്രം. പാശ്ചാത്യസമ്പർക്കഫലമായി മലയാളത്തിൽ ആവിർഭവിച്ച സാഹിത്യരൂപമാണു ചെറുകഥ. ഏകദേശം നൂറുവർഷംകൊണ്ട് ഈ സാഹിത്യശാഖ നല്ല വളർച്ച നേടിക്കഴിഞ്ഞു. കാലിക പ്രസിദ്ധീകരണങ്ങളുടെ വർധിച്ച പ്രചാരവും ജനങ്ങളുടെ ഉയർന്ന സാക്ഷരതയുമാണ് ഈ വളർച്ചയ്ക്ക് പ്രധാന കാരണം.

വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, എം.ആർ.കെ.സി., മൂർക്കോത്ത് കുമാരൻ എന്നിവരാണു ചെറുകഥാപ്രസ്ഥാനത്തിനു മലയാളത്തിൽ വിത്തു പാകിയത്. പാശ്ചാത്യ ചെറുകഥകളെ അവർ ഉത്തമമാതൃകകളായി അംഗീകരിക്കുകയും, അവയുടെ രചനാസങ്കേതങ്ങളെ അപ്പാടെ സ്വീകരിക്കുകയുംചെയ്തു. ജീവിതനിരീക്ഷണപാടവവും ഭാവനാശക്തിയും നർമബോധവും അവരുടെ കഥകൾക്ക് പകിട്ടുനല്കി. എന്നാൽ രൂപരചനയിലും അന്തരീക്ഷസൃഷ്ടിയിലും മൗലികമായിരുന്നില്ല അവരുടെ കഥകൾ. കെ. സുകുമാരനും, ഇ.വി.കൃഷ്ണപിള്ളയും കഥാസാഹിത്യത്തെ വളർത്തി. ഫലിതവും മനോധർമകുശലതയും സുകുമാരന്റെ കഥകൾക്കുള്ള പല കുറവുകളെയും മറയ്ക്കുന്നു. പുതുമ തിരളുന്ന ആഖ്യാനശൈലിയും പാത്രരചനാകൗശലവും, നർമബോധവും, ഹൃദയദ്രവീകരണശക്തിയും ഇ.വി.കഥകളുടെ മുഖമുദ്രകളാണ്. അദ്ദേഹത്തിന്റെ സമകാലികനായിരുന്ന മുത്തിരിങ്ങോട്ടു ഭവത്രാതൻ നമ്പൂതിരിപ്പാട് സ്വസമുദായത്തിലെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തന്റെ കഥകളിലെ സജീവപ്രമേയങ്ങളാക്കി.

നവോത്ഥാനഘട്ടം. കലയെ അതിന്റെ സാമൂഹികവും ചരിത്രപരവുമായ പശ്ചാത്തലത്തിൽ പഠിക്കുകയും വിമർശിക്കുകയും ചെയ്ത എ. ബാലകൃഷ്ണപിള്ള, പാശ്ചാത്യസാഹിത്യത്തിലെ ഈടുറ്റ ചില കഥകൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയതോടുകൂടിയാണു ഗൗരവസ്വഭാവമുള്ള കലാരൂപമായി ചെറുകഥ മലയാളത്തിൽ വളരാൻ തുടങ്ങിയത്. സാമൂഹികജീവിതത്തിലെ മലിനസത്യങ്ങളെ യഥാതഥമായി അവതരിപ്പിക്കുകയും അങ്ങനെ ജീവിതപുരോഗതിക്കു വഴിയൊരുക്കുകയുമാണു സാഹിത്യകാരന്റെ കടമ എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ആ ഉപദേശങ്ങൾ സ്വീകരിച്ചുകൊണ്ടാണ് തകഴി ശിവശങ്കരപ്പിള്ള കഥാരചനയാരംഭിച്ചത്. അനത്തോൾ ഫ്രാൻസ്, എമിലിസോള, മോപ്പസാങ് മുതലായവരുടെ



കാരൂർ നീലകണ്ഠപ്പിള്ള



ലളിതാംബിക അന്തർജനം

സ്വാധീനശക്തി തകഴിയുടെ കഥകളിൽ കാണാം. മാനസികാപഗ്രഥനശക്തി, ഓജസ്സുള്ള ലളിതമായ ഭാഷ, പരുഷമായ ജീവിതസത്യങ്ങൾ എന്നിവ തകഴിയുടെ കഥകളുടെ സവിശേഷതയാണ്. തികഞ്ഞ റിയലിസ്റ്റാണു തകഴി.

ഒരു വൈകാരികസംഘർഷത്തിൻെറ നാടകീയാവിഷ്കാരമായി ചെറുകഥയെ കാണുന്ന കേശവദേവ് ജീവിതത്തെ തികച്ചും ഭിന്നമായ ഒരു കാഴ്ചപ്പാടിലൂടെ അവതരിപ്പിക്കുന്നു. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ, ചൂഷണം, വഞ്ചന മുതലായവയുടെ നേരെ മുഷ്ടി ചുരുട്ടി വിപ്ലവാഹ്വാനം മുഴക്കുന്ന ദേവിൻെറ കഥകൾ കാവ്യസൗകുമാര്യം തുളുമ്പുന്നവയാണ്. തികച്ചും മൗലികമായ ഒരു ജീവിതനിരീക്ഷണശൈലിയും രചനാസങ്കേതവുമുള്ള ചെറുകഥാകൃത്താണ് വൈക്കം മുഹമ്മദ് ബഷീർ. മാധുര്യവും ഓജസ്സും മുന്തിനില്ക്കുന്ന കഥകളാണദ്ദേഹത്തിൻെറത്. അന്ധവും അലസവുമായ മതസാമൂഹികനിയമങ്ങളുടെ നേരെ ഗർജനം മുഴക്കിയവരാണ് ലളിതാംബിക അന്തർജനവും പൊൻകുന്നം വർക്കിയും. സരസവും ഭാവനിർഭരവുമാണ് അവരുടെ ആഖ്യാനശൈലി. അതിവിപുലമായ ഒരു പശ്ചാത്തലത്തിൽ കാല്പനികഭംഗി തികഞ്ഞ അനേകം .കഥകൾ രചിച്ചിട്ടുള്ള കഥാകൃത്താണ് എസ്.കെ. പൊറ്റെക്കാട്ട്. അകാലമരണം പ്രാപിച്ച പുളിമാന പരമേശ്വരൻ പിള്ള ഇതേ തലമുറയിലെ ശ്രദ്ധേയനായ ഒരു കാഥികനായിരുന്നു. മലയാളത്തിലെ ഭാവബന്ധുരങ്ങളായ ചില കഥകളുടെ കർത്താവാണദ്ദേഹം.



പൊൻകുന്നം വർക്കി

ഒരു തെളിനീർപ്രവാഹം പോലെയാണ് കാരൂർ നീലകണ്ഠപ്പിള്ളയുടെ കഥകൾ. 'കലർപ്പറ്റ കഥ' എന്നൊന്ന് മലയാളത്തിലുണ്ടെങ്കിൽ അത് കാരൂരിൻെറതാണ്.

കാല്പനികഭാവനയും, കാവ്യാത്മകശൈലിയും ഒത്തിണങ്ങിയ കഥാകൃത്താണ് പി.സി. കുട്ടിക്കൃഷ്ണൻ (ഉറൂബ്). ചെക്കോഫിൻെറ കഥകളെ അനുസ്മരിപ്പിക്കുന്ന രചനാരീതിയും നർമബോധവും ഊഷ്മളതയും കുട്ടിക്കൃഷ്ണൻെറ കഥകൾക്കുണ്ട്. നാഗവള്ളി ആർ.എസ്. കുറുപ്പും പോഞ്ഞിക്കര റാഫിയും വെട്ടൂർ രാമൻ നായരും നവോത്ഥാനഘട്ടത്തിലെ മികച്ച കഥാകൃത്തുക്കളാണ്.

ആധുനികഘട്ടം. നവോത്ഥാനഘട്ടത്തിലെ കഥകളിൽ അന്നത്തെ ഭൗതികസാഹചര്യങ്ങളോടുള്ള പ്രതികരണം തെളിഞ്ഞുകാണാം. തന്മൂലം അവരുടെ കഥകൾ അധികവും ആഖ്യാനപ്രധാനമായിരുന്നു. അടുത്തഘട്ടത്തിലെ കഥാകൃത്തുക്കൾ സമൂഹപരിതഃസ്ഥിതികൾ വിശകലനംചെയ്യാൻ മെനക്കെട്ടില്ല. സ്വന്തം മനസ്സിൻെറ അഗാധതകളിൽ പ്രതിഫലിച്ചുകണ്ട ലോകത്തെയും ജീവിതത്തെയും ആണ് അവർ പകർത്തിയത്. ഈ ആത്മനിഷ്ഠതയ്ക്ക് അനുസരണമായ വ്യതിയാനം കഥയുടെ ശില്പത്തിലും ഭാഷയിലും അവർ വരുത്തി. എം.ടി. വാസുദേവൻ നായർ, നന്തനാർ, കോവിലൻ, ടി. പത്മനാഭൻ, എൻ.പി. മുഹമ്മദ്, മാധവിക്കുട്ടി, (കമലാദാസ്) തുടങ്ങിയവരാണു മലയാള കഥാസാഹിത്യത്തിൽ ഈ പരിണാമത്തിനു നായകത്വം വഹിച്ചത്.

ജീവിതത്തിൻെറ യുക്തിരാഹിത്യവും നിരർഥകതയും കഥകളിലെ കേന്ദ്രഭാവമാക്കിയവരുടെ തലമുറയാണ് അടുത്തത്. അസ്തിത്വവാദത്തിൽ ആകൃഷ്ടരായ അവരിൽ പലരും അംഗീകൃതമൂല്യങ്ങളെ വെല്ലുവിളിക്കാനും ക്ഷോഭത്തിൻെറ സുവിശേഷം ഉയർത്താനും സന്നദ്ധരായി. ഒന്നിനോടും കടപ്പാടും വിധേയത്വവുമില്ലെന്നു വിളിച്ചുപറഞ്ഞ ഈ കഥാകൃത്തുക്കൾ ചിലപ്പോൾ നിഷേധികളായും ചിലപ്പോൾ കോമാളികളായും പെരുമാറി. ഒ.വി. വിജയൻ, കാക്കനാടൻ, എം. മുകുന്ദൻ, എം.പി. നാരായണപിള്ള, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, ടി.ആർ., സക്കറിയ എന്നിവരാണ് ഈ വിഭാഗത്തിലെ പ്രമുഖർ. ഇവരുടെ ജീവിതവീക്ഷണത്തോടോ രചനാശില്പത്തോടോ യോജിക്കാതെ ഇതേ ഘട്ടത്തിൽ കഥാരചന നടത്തിയവരാണ് വത്സലയും എം. സുകുമാരനും യു.എ. ഖാദറും. ചെറുകഥാരൂപത്തിൽ മാത്രം ആത്മാവിഷ്കാരം നടത്തുന്ന സി.വി. ശ്രീരാമൻ, ഹരികുമാർ എന്നിവരും പുതിയ തലമുറയിലെ മറ്റ് പലരും മലയാളത്തിലെ ചെറുകഥാസാഹിത്യത്തെ സമ്പന്നമാക്കിക്കൊണ്ടിരിക്കുന്നു.



ടി. പദ്മനാഭൻ

ചെറുകാട് (1915–1976)

മലയാള നാടകകൃത്തും നോവലിസ്റ്റും. ചെറുകാട് ഗോവിന്ദപ്പിഷാരടി എന്നാണ് പൂർണമായ പേര്. 'മലങ്കാടൻ' എന്ന തൂലികാനാമത്തിൽ ചില ഹാസ്യകവിതകളും ഇദ്ദേഹം രചിച്ചിട്ടുണ്ട്. പുരോഗമന

ചെറുകാട്

സാഹിത്യത്തിൻെറ വക്താവും പ്രയോക്താവുമായിരുന്നു ചെറുകാട്. കമ്യൂണിസ്റ്റ് പാർട്ടിയുടെ സജീവപ്രവർത്തകൻ കൂടിയായിരുന്നു ഇദ്ദേഹം. ചൂഷിതരായ കർഷകർ, തൊഴിലാളികൾ, അധ്യാപകർ തുടങ്ങിയവർ അവകാശബോധമുള്ളവരായിത്തീരുന്നതും ഒരു പുതിയ വ്യവസ്ഥിതിക്കുവേണ്ടി സംഘടിച്ചു സമരംചെയ്യുന്നതും തൻെറ കൃതികളിലെ പ്രധാനപ്രതിപാദ്യമായി സ്വീകരിച്ചു. 1976-ൽ 'ജീവിതപ്പാത' എന്ന ആത്മകഥയ്ക്കു കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. അവാർഡ് പ്രഖ്യാപിക്കുന്നതിന് ഏതാനുംമാസം മുമ്പ് ഇദ്ദേഹം അന്തരിച്ചു.

1915 ജൂൺ 15-ന് പഴയ വള്ളുവനാട്ടിൽ, ഇപ്പോഴത്തെ പെരിന്തൽമണ്ണ താലൂക്കിൽ ചെമ്മലശ്ശേരിയിൽ ചെറുകാട്ടു പിഷാരത്ത് ജനിച്ചു. പിതാവ് കരുണാകരപ്പിഷാരടി. മാതാവ് നാരായണിപ്പിഷാരസ്യാർ. ആദ്യം പഴയരീതിയിൽ സംസ്കൃതം പാഠിച്ചു. പിന്നീടു സ്കൂളിൽ ചേർന്നു പഠിച്ച് 8-ാംക്ലാസ് പാസായി. ചെമ്മല എയിഡഡ് മാപ്പിളസ്കൂളിൽ അധ്യാപകനായി ചേർന്നു. അധ്യാപകവൃത്തിയിൽ ഏർപ്പെട്ടിരിക്കെ മദിരാശി സർവകലാശാലയുടെ വിദ്വാൻ പരീക്ഷ പാസായി. പിന്നീട് ചെറുകര ഹയർ എലിമെൻററി സ്കൂൾ, പാവറട്ടി സംസ്കൃത കോളെജ്, പുലാമന്തോൾ എലിമെൻററി സ്കൂൾ എന്നിവിടങ്ങളിൽ അധ്യാപകനായി. പുലാമന്തോളിൽ അധ്യാപകനായിരിക്കെ കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനായി. ജാപ്പ് വിരോധമേളകളും പാഠകം പറച്ചിലും തുള്ളലുമൊക്കെയായി പാർട്ടി പ്രവർത്തനത്തിൽ ഏർപ്പെട്ട ചെറുകാടിനെ മാനേജർ സ്കൂളിൽ നിന്നു പിരിച്ചുവിട്ടു. കുറെക്കാലം ഒളിവിലും ജയിലിലും കഴിഞ്ഞു. 'ദേശാഭിമാനി' പത്രത്തിൽ പ്രൂഫ് റീഡറായി കുറച്ചുകാലം ജോലിചെയ്തു. 1957-ൽ പട്ടാമ്പി ശ്രീനീലകണ്ഠ സംസ്കൃതകോളെജിൽ പ്രൊഫസറായി. 1970-ൽ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു. പിന്നീട് യു.ജി.സി. പ്രൊഫസറായി ശ്രീനീലകണ്ഠ കോളെജിൽത്തന്നെ രണ്ടുകൊല്ലം പ്രവർത്തിച്ചു.

മലയാളത്തിലെ റിയലിസ്റ്റിക് നാടകശാഖയ്ക്ക് ഗണ്യമായ സംഭാവനകളർപ്പിച്ച എഴുത്തുകാരനാണ് ചെറുകാട്. *നമ്മളൊന്ന് (1948)*, *സ്നേഹബന്ധങ്ങൾ (1953)*, *തറവാടിത്തം (1954)*, *മനുഷ്യഹൃദയങ്ങൾ (1955)*, *ജന്മഭൂമി (1958)* തുടങ്ങിയവയാണ് പ്രധാനനാടകങ്ങൾ. *മണ്ണിൻെറ മാറിൽ (1954)*, *മുത്തശ്ശി (1959)*, *ശനിദശ (1959)*, *പ്രമാണി (1962)*, *ദേവലോകം*, *ഭൂപ്രഭു* എന്നിവ നോവലുകളാണ്. *ചുട്ടൻമൂരി*, *ചെറുകാടിൻെറ കഥകൾ*, *തെരുവിൻെറ കുട്ടി*, *മുദ്രമോതിരം* എന്നീ കഥാസമാഹാരങ്ങളും *തിരമാല*, *ആരാധന*, *അന്തഃപുരം* എന്നീ കവിതാസമാഹാരങ്ങളും ഇദ്ദേഹത്തിൻെറ വകയായുണ്ട്.

1976 ഒക്ടോബർ 28-ന് അന്തരിച്ചു. മികച്ച സാഹിത്യകൃതിക്കു ചെറുകാടിൻെറ പേരിൽ വർഷംതോറും നല്കിവരുന്ന പുരസ്കാരമാണ് 'ശക്തി അവാർഡ്.'

ചെറുകിട ജലസേചന പദ്ധതികൾ

†ജലസേചനം നോക്കുക.

ചെറുകിട വ്യവസായങ്ങൾ (Small Scale Industries)

ചെറിയതോതിൽ വസ്തുക്കളുടെ ഉത്പാദനം നടത്താനായി സ്ഥാപിക്കപ്പെട്ട വ്യവസായങ്ങൾ.

ഓഹരിക്കാരുടെ ബാധ്യത ക്ലിപ്തപ്പെടുത്തിയതോ അല്ലാത്തതോ ആയ ഒരു സ്ഥാപനത്തിൽ അമ്പതിൽ കുറഞ്ഞ തൊഴിലാളികൾ വേതനം പറ്റിക്കൊണ്ടു പണിയെടുക്കുന്നുണ്ടെങ്കിൽ ആ സ്ഥാപനം ചെറുകിടവ്യവസായങ്ങളുടെ കൂട്ടത്തിൽ പെടുമെന്നാണ് സർക്കാരാവശ്യങ്ങൾക്കുവേണ്ടി ഇന്ത്യയിൽ അംഗീകരിച്ചിട്ടുള്ള ഒരു മാനദണ്ഡം. മൊത്തം മുതൽമുടക്ക് 55 കോടി രൂപയിൽ കുറഞ്ഞിരിക്കുമെന്നതാണ് ചെറുകിട വ്യവസായ സ്ഥാപനത്തിൻെറ മറ്റൊരു മാനദണ്ഡം.

ആരംഭവും വളർച്ചയും. മൺപാത്രങ്ങൾ, വസ്ത്രം, തുകൽസാധനങ്ങൾ എന്നിവയുടെ നിർമാണത്തോടുകൂടിയാണ് വ്യവസായത്തിൻെറ തുടക്കമെന്നു കരുതപ്പെടുന്നു. ആദ്യം ചെമ്പ്, വെങ്കലം എന്നീ ലോഹങ്ങളും ബി.സി. രണ്ടാം സഹസ്രാബ്ദത്തിൽ ഇരുമ്പും ഉപയോഗിച്ചുതുടങ്ങി. ഇവ ഉപയോഗിച്ചുള്ള വസ്തുക്കളുടെയും നൗക, എണ്ണ, വീഞ്ഞ് എന്നിവയുടെയും നിർമാണം ചെറിയ വ്യവസായങ്ങളായി ദക്ഷിണ യൂറോപ്പു മുഴുവനും വ്യാപിച്ചു. ഈജിപ്തും, ഫിനീഷ്യയും, ഗ്രീസും ചെറിയതോതിൽ വ്യവസായങ്ങൾ നടത്തിയിരുന്നു. മധ്യയുഗത്തിൽ ഉത്തരയൂറോപ്പിലും പൂർവയൂറോപ്പിലും ചെറുകിട വ്യവസായങ്ങൾ ധാരാളം ഉണ്ടായി. ആശാരിയും കൊല്ലനും നെയ്ത്തുകാരനും ഗ്രാമങ്ങളിൽ പണിശാലകൾ (work shops) സ്ഥാപിച്ചു. ആദ്യഘട്ടങ്ങളിൽ കുടുംബാവശ്യങ്ങൾക്കായിട്ടാണ് ഓരോവക സാധനങ്ങൾ നിർമിച്ചത്. കുടുബാംഗങ്ങളുടെ സേവനം മതിയാവാതെവന്നാൽ ഏതാനും ഗ്രാമീണരെക്കൂടെ നിയമിക്കും. അന്ന് ഒരു സ്ഥാപനത്തിലെ എല്ലാ ഉപകരണങ്ങൾക്കുമായി നൂറ്റമ്പതു രൂപയോളമേ മൂലധനം വേണ്ടിയിരുന്നുള്ളു. പ്രയത്നശീലരായ ഈ കൈത്തൊഴിലുകാർ പലപ്പോഴും അവരുടെ ഉത്പന്നങ്ങൾ പുരകളുടെ ജനാലകളിൽ പ്രദർശിപ്പിച്ച് ആവശ്യക്കാരെ ആകർഷിച്ചിരുന്നുവത്രേ. ഒരു കുടുംബത്തിലെ അംഗങ്ങൾ മാത്രം ചേർന്നു നടത്തിയ ഇത്തരം വ്യവസായങ്ങൾ ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽ ഇന്നും തുടർന്നു വരികയാണ്.

വൈദികഭാരതത്തിൽ മുഖ്യമായും വൈശ്യരായിരുന്നു വ്യവസായത്തിലും വാണിജ്യത്തിലും ഏർപ്പെട്ടിരുന്നത്. മരപ്പണി, ലോഹപ്പണി, തോൽപ്പണി എന്നിവയായിരുന്നു മുഖ്യവ്യവസായങ്ങൾ. ലോഹപ്പണിയിൽ ധാതുക്കൾ ഉരുക്കുന്നതിനുള്ള ചൂളയിൽ തീകത്തിക്കുന്നതിന് ഉലയായി ചില പക്ഷികളുടെ ചിറകുകളായിരുന്നു ഉപയോഗിച്ചിരുന്നത്. അക്കാലങ്ങളിൽ അറിയപ്പെട്ടിരുന്ന അയസ് എന്ന ലോഹം ചെമ്പോ, ഓടോ, ഇരുമ്പോ എന്ന് വ്യക്തമല്ല. വില്ലിൻെറ ഞാൺ, കടിഞ്ഞാൺ, സഞ്ചികൾതുടങ്ങിയവയുണ്ടാക്കുന്നതിനാണ് തുകൽ ഉപയോഗിച്ചിരുന്നത്. കാളത്തോലിനെ ദേവതയാക്കിക്കൊണ്ടുള്ള

ബീഡി നിർമാണം



ഇഷ്ടിക നിർമാണം

ഒരു സൂക്തംതന്നെ ഋഗ്വേദത്തിലുണ്ട്. സോമരസം പിഴിയലായിരുന്നു മറ്റൊരു കുടിൽവ്യവസായം. സ്ത്രീകളാണ് ഇതിൽ വ്യാപൃതരായിരുന്നതെന്നുവേണം ഊഹിക്കാൻ. തയ്യൽ, നൂൽനൂൽപ്പ്, നെയ്ത്ത്, പായ്നിർമാണം മുതലായവയായിരുന്നു സ്ത്രീകൾ നടത്തിയിരുന്ന മറ്റ് മുഖ്യകൈത്തൊഴിലുകൾ. ഗാർഹികാവശ്യങ്ങൾക്കുള്ള മൺപാത്രനിർമാണം തുടങ്ങിയവയും കുടിൽവ്യവസായങ്ങളായി നിലവിലിരുന്നു. തൊഴിലെടുക്കുന്നതിനെ താഴ്ന്ന മനോഭാവത്തോടുകൂടി വീക്ഷിച്ചിരുന്നില്ല. പില്ക്കാലങ്ങളിൽ ഓരോ ഗ്രാമത്തിലും ആവശ്യമുള്ള സാധനങ്ങൾ അവിടെയുള്ള കമ്മാളർ നിർമിച്ചിരുന്നു. അന്ന് തൊഴിലാളികളുടെ ഓരോ ഗൃഹവും ഓരോ ചെറിയ വ്യവസായശാലയായിരുന്നു. പണിയിലുള്ള മേന്മയനുസരിച്ച് അവർക്ക് രാജാക്കന്മാർ സ്ഥാനമാനങ്ങളും നല്കിയിരുന്നു. പെരുംകൊല്ലൻ, പെരുംതട്ടാൻ, പെരുംതച്ചൻ തുടങ്ങിയവ അത്തരം സ്ഥാനങ്ങളിൽപെടും.

പ്രാധാന്യം. വ്യാവസായികമായി വികസിച്ചുകഴിഞ്ഞ രാജ്യങ്ങളിൽപ്പോലും ചെറുകിട വ്യവസായങ്ങൾക്കു പ്രാധാന്യമുണ്ട്. യു.എസ്.എ., ഇംഗ്ലണ്ട്, ജപ്പാൻ, ജെർമനി, യു.എസ്.എസ്.ആർ. എന്നീ രാജ്യങ്ങളുടെ സമ്പദ്ഘടനയിൽ ചെറുകിട വ്യവസായങ്ങൾക്കു വലിയ സ്ഥാനമുണ്ട്. 1950-ൽ ജപ്പാനിലെ വ്യവസായങ്ങളുടെ 81% ഇത്തരത്തിൽപ്പെട്ടവയായിരുന്നു. മിക്ക വ്യവസായങ്ങളിലും 9 തൊഴിലാളികൾവീതമുണ്ടായിരിക്കും. അമേരിക്കയിൽ അക്കാലത്ത് 19 പേർ വീതം ജോലിചെയ്യുന്ന വ്യവസായഘടകങ്ങൾ, ആകെയുള്ള വ്യവസായങ്ങളുടെ 65% വരുമായിരുന്നു. ഇംഗ്ലണ്ടിലാകട്ടെ 10 പേർ ജോലി ചെയ്യുന്ന വ്യവസായശാലകൾ ആകെയുള്ളതിൻെറ 58% ആയിരുന്നു. വികസിതരാജ്യങ്ങളുടെ സ്ഥിതി ഇതാണെങ്കിൽ വികസ്വരരാജ്യങ്ങളുടെയും അവികസിതരാജ്യങ്ങളുടെയും കാര്യത്തിൽ ചെറുകിടവ്യവസായത്തിനുള്ള പ്രാധാന്യം എത്രയോ വമ്പിച്ചതാണ്.

പ്രയോജനങ്ങൾ. എണ്ണത്തിൽ കൂടുതൽ പേർക്കു തൊഴിൽ നല്കാൻ കഴിയുമെന്നതാണ് ചെറുകിടവ്യവസായങ്ങളുടെ മേന്മ. വൻകിടവ്യവസായങ്ങൾവഴി തൊഴിലില്ലായ്മ പൂർണമായും പരിഹരിക്കാൻ കഴിയില്ല.

ചെറുകിടവ്യവസായങ്ങൾ നടത്തി, അവയിലെ പ്രശ്നങ്ങൾ ഗ്രഹിച്ചും പ്രതിവിധി കണ്ടുപിടിച്ചും ചുമതലയേറ്റും പരിശീലനം സിദ്ധിച്ചാൽ വൻകിടവ്യവസായരംഗത്തു പ്രവേശിക്കുന്നതിനും വ്യവസായവികസനം സംഘടിപ്പിക്കുന്നതിനും ചെറുകിടവ്യവസായികൾക്കു സാധിക്കുകയും ചെയ്യും. അതതു രാജ്യങ്ങളിൽത്തന്നെ നിർമിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിച്ച് ചെറുകിടവ്യവസായങ്ങൾ നടത്താൻ കഴിയുന്നതാണ്. വ്യവസായത്തിൻെറ ആരംഭത്തിനും ഉത്പന്നങ്ങളുടെ ലഭ്യതയ്ക്കും ഇടയ്ക്കുള്ള കാലതാമസം തീരെ കുറവാണെന്നുള്ളതുംചെറുകിട വ്യവസായങ്ങളുടെ മേന്മയാണ്. ജീവിതനിലവാരം ഉയർത്താൻ വികസനപദ്ധതികൾ ആരംഭിക്കുന്ന ഒരു രാജ്യത്ത് നാണയപ്പെരുപ്പവും തന്മൂലമുള്ള സാമ്പത്തികക്കുഴപ്പങ്ങളും ഉണ്ടാകാനിടയുള്ളതിനെ നിയന്ത്രിക്കാൻ ചെറുകിടവ്യവസായങ്ങൾ ഉപകരിക്കും. ഒരു രാജ്യത്തിലെ എല്ലാ പ്രദേശങ്ങളും ഏറെക്കുറെ തുല്യമായി വികസനം അർഹിക്കുന്നു. സമ്പത്തും വരുമാനവും തുല്യമായി വീതിക്കുവാനും ചെറുകിടവ്യവസായങ്ങൾകൊണ്ട് ഏറെക്കുറെ കഴിയുന്നതാണ്. ചൂഷണം ഉല്ലായ്മചെയ്യുന്നതിനും ഇതു സഹായകമാണ്.

എതിർവാദമുഖങ്ങൾ. ചെറുകിടവ്യവസായങ്ങൾക്ക് എതിരായി ഉന്നയിക്കുന്ന വാദമുഖങ്ങളിൽ മുഖ്യമായത് അവ സാങ്കേതികപുരോഗതിയെ ഗണ്യമായി സഹായിക്കുന്നില്ല എന്നതാണ്. എന്നാൽ വ്യവസായഘടനയിൽ ചെറുകിടവ്യവസായങ്ങൾക്ക് പ്രാമാണ്യം കല്പിച്ചിട്ടുള്ള ജപ്പാനെപ്പോലുള്ള രാജ്യങ്ങൾ സാങ്കേതികമായി വളർന്നിട്ടുണ്ട്. ചെറിയ വ്യവസായങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനംവഴി ജപ്പാൻ സാങ്കേതികപുരോഗതി ആർജിച്ചുകഴിഞ്ഞു. വിദ്യുച്ഛക്തി, സൂക്ഷ്മോപകരണങ്ങൾ മുതലായവ ഉപയോഗിച്ചു വ്യവസായങ്ങൾ കാര്യക്ഷമമായിത്തന്നെ അവിടെ പ്രവർത്തിക്കുന്നുണ്ട്. ധനസഹായം, വിപണനം, ഗവേഷണം എന്നീ രംഗങ്ങളിൽ ഇത്തരം വ്യവസായങ്ങളെ സഹായിക്കാൻ സഹകരണസംഘങ്ങൾ തയാറാവണം.

ജപ്പാനിലെ മൊത്തം ഉത്പാദനത്തിൻെറ 64 ശതമാനം ചെറുകിട വ്യവസായങ്ങളിൽനിന്നാണ്. തീപ്പെട്ടി, തുകൽസഞ്ചി, കളിപ്പാവ, കുട, മൺപാത്രങ്ങൾ മുതലായവ ചെറിയ വ്യവസായശാലകളിലാണ് നിർമിക്കുന്നത്.

ഇന്ത്യയിൽ. ചെറുകിടവ്യവസായങ്ങൾക്ക് അനുകൂലമായ സാഹചര്യമാണ് ഇന്ത്യയിലുള്ളത്. കൃഷിപ്പണിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കു വർഷത്തിൽ നാലഞ്ചുമാസം പറയത്തക്ക തൊഴിലൊന്നും ഉണ്ടായിരിക്കുകയില്ല. കർഷകന് തൊഴിലും വരുമാനവും ലഭിക്കാനുള്ള ഒരു മാർഗമായും ചെറുകിടവ്യവസായങ്ങളെ ഉപയോഗപ്പെടുത്താം.

ചായംമുക്കൽ

യൂറോപ്പിൽ ചെറുകിടവ്യവസായങ്ങൾ ആരംഭിക്കുന്നതിനുമുമ്പുതന്നെ ഇന്ത്യയിൽ അവ പ്രവർത്തിച്ചിരുന്നു. 1916–'18-ലെ വ്യാവസായിക കമ്മീഷൻ അഭിപ്രായപ്പെട്ടത് പോർത്തുഗലിനോ ഹോളണ്ടിനോ ഇംഗ്ലണ്ടിനോ ഗണ്യമായി യാതൊന്നും ഇവിടെ ഇറക്കുമതിചെയ്യാൻ സാധിച്ചിട്ടില്ലെന്നാണ്. ബ്രിട്ടീഷ്ഭരണകാലത്ത് ഇന്ത്യയിൽ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ചെറിയ വ്യവസായഘടകങ്ങൾ ഉണ്ടായിരുന്നു.

ഇന്ത്യൻ സമ്പദ്വ്യവസ്ഥയിലെ അവിഭാജ്യഘടകമാണ് ചെറുകിട വ്യവസായങ്ങൾ. വ്യവസായവത്ക്കരണം ചെറിയചെറിയ വ്യവസായങ്ങൾ കൂടാതെ പൂർത്തിയാക്കാൻ സാധ്യമല്ല. ഈ വസ്തുത കണക്കിലെടുത്ത് ഇന്ത്യ അതിൻെറ പഞ്ചവത്സരപദ്ധതികളിൽ ചെറുകിടവ്യവസായങ്ങൾക്കു വലിയ പ്രാധാന്യം നല്കി. ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരിക്കെ അംഗീകരിച്ച 20 ഇനപരിപാടിയിലും ചെറുകിട വ്യവസായങ്ങൾക്കു മുഖ്യസ്ഥാനമുണ്ടായിരുന്നു. ഇപ്പോൾ ഇന്ത്യയിലെ വ്യാവസായികോത്പാദനത്തിൻെറ 49 ശതമാനം ചെറുകിട വ്യവസായ സ്ഥാപനങ്ങൾ വഴിയാണ്. 1984–85 കാലത്ത് ചെറുകിട വ്യവസായങ്ങൾ 50,520 കോടി രൂപ വിലയ്ക്കുള്ള വസ്തുക്കൾ ഉത്പാദിപ്പിച്ചിരുന്നു. ഇതിൽ 2580 കോടി രൂപയുടെ വസ്തുക്കൾ കയറ്റിയയച്ചു. തൊണ്ണൂറ് ലക്ഷം ആളുകൾക്കു ചെറുകിട വ്യവസായങ്ങൾ ജോലി നല്കുന്നു എന്നാണ് മറ്റൊരു കണക്ക്.

ചെറുകിട വ്യവസായങ്ങളുടെ നടത്തിപ്പിനും ഉത്പന്നങ്ങളുടെ വിപണനത്തിനും മറ്റും സഹായം നല്കാനായി സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെൻറ് ഓർഗനൈസേഷൻ എന്ന ഔദ്യോഗിക സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഏറ്റവുമധികം ഉത്പാദനം നടത്തുന്ന ചെറുകിട വ്യവസായസ്ഥാപനത്തിന് അഖിലേന്ത്യാടിസ്ഥാനത്തിൽ ഗവൺമെൻറ് കാഷ്അവാർഡുകൾ ഏർപ്പെടുത്തീട്ടുണ്ട്. മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ കുടിൽവ്യവസായം എന്നൊരു സമ്പ്രദായം പ്രത്യേകമായിട്ടുണ്ട്. ഇതും ഒരുനിലയ്ക്ക് ചെറുകിടവ്യവസായമാണ്. കൈകൊണ്ടുള്ള നെയ്ത്ത്, കടലാസ്സു നിർമാണം, നെല്ലുകുത്ത്, ബീഡിനിർമാണം, ഇരുമ്പുപണി, എണ്ണയാട്ട്, മരപ്പണി, സ്വർണപ്പണി, ചായംപൂശൽ എന്നിങ്ങനെ പല കുടിൽവ്യവസായങ്ങളുമുണ്ട്. 1949–'50-ലെ ധനകാര്യകമ്മിറ്റി കുടിൽ വ്യവസായത്തെ ചെറുകിടവ്യവസായത്തിൽനിന്നു വ്യത്യസ്തമായി പരിഗണിച്ചു. അവതമ്മിലുള്ള വ്യത്യാസം വലിപ്പത്തിലും, വ്യവസായ ഉടമയും ജീവനക്കാരും തമ്മിലുള്ള ബന്ധത്തിലുമാണ്. കുടിൽവ്യവസായം മിക്കവാറും കുടുംബാംഗങ്ങൾമാത്രം നടത്തുന്നവയായിരിക്കും.

കേരളത്തിൽ. കേരള സംസ്ഥാനത്തിൻെറ രൂപീകരണത്തിനുശേഷം ചെറുകിട വ്യവസായമേഖല വികസിപ്പിക്കാനുള്ള ശ്രമം കാര്യമായി നടന്നു. 1958-ൽ 221 ചെറുകിട വ്യവസായങ്ങളെ കേരളത്തിൽ ഉണ്ടായിരുന്നുള്ളു. 1985-ൽ അത് 31535 ആയി വർധിച്ചു. മൂന്നാം പദ്ധതിക്കാലത്ത് കേരള സംസ്ഥാന ചെറുകിട വ്യവസായ വികസന കോർപറേഷൻ രൂപവത്കരിക്കപ്പെട്ടു. ചെറുകിട മേഖലയ്ക്ക് സാമ്പത്തികസഹായം ലഭിക്കുന്നത് ഉറപ്പുവരുത്താനായി കേരള ഫൈനാൻഷ്യൽ കോർപറേഷൻ എന്ന സ്ഥാപനം1953 ഡിസംബർ 1-നുതന്നെ പ്രവർത്തിക്കാൻ തുടങ്ങിയിരുന്നു.

1990-ൽ ചെറുകിടവ്യവസായങ്ങളുടെ എണ്ണം 50000 ആയി വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

അല്പവികസിതരാജ്യങ്ങളിൽ നിലവിലിരിക്കുന്ന സാഹചര്യം പരിഗണിക്കുമ്പോൾ ചെറിയ വ്യവസായങ്ങളാണ് കൂടുതൽ ആദായകരം. 1957-ൽ നടന്ന ഐ.എൽ.ഒ.വിൻെറ ഏഷ്യൻസമ്മേളനം അഭിപ്രായപ്പെട്ടത് ഏഷ്യയിലെ രാജ്യങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ പരിതഃസ്ഥിതികൾക്കു ചെറുകിടവ്യവസായങ്ങളാണ് കൂടുതൽ യോജിച്ചതെന്നാണ്.

പ്രൊഫ. ക്ലെമൻറ് ഡിക്രൂസ് ആർ. പൂർണം.

ചെറുകിഴങ്ങ്

ഒരിനം വള്ളിച്ചെടി. കേരളത്തിൽ കണ്ടുവരുന്നു. ശാസ്ത്രനാമം: *ഡയസ്ക്കോറിയ സ്പൈനോസ (Dioscorea spinosa)*. ഡയസ്ക്കോറിയേസി കുലത്തിൽപ്പെടുന്നു.

ചെടിയുടെ വള്ളിയിൽ ചെറിയ മുള്ളുകളുണ്ട്. ഇലയ്ക്ക് ഏതാണ്ട് വൃത്താകൃതിയാണ്. ഏപ്രിൽ-മെയ് മാസങ്ങളിൽ കൃഷി ചെയ്യുന്നു. തടം ഉണ്ടാക്കി അതിലാണു കിഴങ്ങു നടുന്നത്. കിഴങ്ങു മുളച്ചുകഴിയുമ്പോൾ ചൂടിക്കയർ കെട്ടി അതിൽ വള്ളി ചുറ്റണം. ജനുവരിമാസത്തോടെ വിളവെടുക്കാം.

കിഴങ്ങ് ഭക്ഷണയോഗ്യമാണ്. പുഴുങ്ങിയും കറികളിൽ ചേർത്തും ഉപയോഗിച്ചുവരുന്നു. അന്നജം ധാരാളം ഉണ്ട്. മാംസ്യവും ജീവകവും ചെറിയ അളവിലെ ഉള്ളൂ.

ചെറുകുന്നുക്ഷേത്രം

കണ്ണൂർ ജില്ലയിലെ പ്രസിദ്ധമായ അന്നപൂർണേശ്വരീക്ഷേത്രം. കേരളത്തിലെ നൂറ്റെട്ടു ദുർഗാക്ഷേത്രങ്ങളിൽ ഒന്ന്. ഇവിടെ ചതുർബാഹുവായ വിഷ്ണുവിൻെറയും പ്രതിഷ്ഠയുണ്ട്. അന്നപൂർണേശ്വരീക്ഷേത്രത്തിൻെറ വാതിൽ തുറക്കുന്നത് വിഷ്ണുവിൻെറ നടയിലേയ്ക്കാണ്. ഭക്തനായ കോലത്തുനാട്ടരചൻെറ അപേക്ഷ കൈക്കൊണ്ട് കയ്യിൽ ചട്ടുകവുമേന്തി അന്നപൂർണേശ്വരീ രൂപത്തിൽ ദേവി ഇവിടെ കുടികൊണ്ടു എന്നാണ് ഐതിഹ്യം.

വിഗ്രഹത്തിന് 90 സെ.മീറ്ററോളം പൊക്കമുണ്ട്. പഞ്ചലോഹനിർമിതമാണ് ഈ വിഗ്രഹം. സാധാരണ ദേവീക്ഷേത്രങ്ങളിൽനിന്ന് വ്യത്യസ്തമായി ഇവിടെ പ്രസാദമായി നല്കുന്നത് ചന്ദനമാണ്, മഞ്ഞൾ അല്ല. ഈ ക്ഷേത്രത്തിൽവരുന്നവരെല്ലാം ഭക്ഷണം കഴിച്ചേ തിരിച്ചു പോകാവൂ എന്നായിരുന്നു പണ്ടത്തെ ചിട്ട. ഇവിടത്തെ മുഖ്യ വഴിപാട് അന്നദാനമാണ്. കൊയ്ത്തു കഴിഞ്ഞാൽ കൃഷിക്കാരെല്ലാം ചെറുകുന്നത്തമ്മയ്ക്ക് വഴിപാടായി അരികൊടുക്കാറുണ്ട്. ഉച്ചയ്ക്കും രാത്രിയിലും നട അടയ്ക്കുന്നതിനു മുമ്പ് ക്ഷേത്രാധികാരി "ആഹാരം കഴിക്കാതെ ആരെങ്കിലുമുണ്ടോ"എന്നു മൂന്നുപ്രാവശ്യം വിളിച്ചുചോദിക്കുന്ന പതിവ് ഇപ്പോഴുമുണ്ട്. രാത്രിയിൽ നട അടച്ചാൽ വഴിപോക്കർക്കായി രണ്ടോ മൂന്നോ പൊതി ചോറ് ആലിൻ മുകളിൽ കെട്ടിത്തൂക്കുന്ന പതിവും തുടർന്നുവരുന്നു.

ചെറുകൊന്ന

സ്റ്റെർക്കുലിയേസി കുലത്തിൽപ്പെട്ട വൃക്ഷം. ശാസ്ത്രനാമം: *ടിറോസ്പെർമം അസിറിഫോളിയം (Pterospermum acerifolium*. മലന്തുടലി എന്നും പേരുണ്ട്. ഇന്ത്യയിൽ ആയിരം മീറ്റർ വരെ ഉയരമുള്ള മലയിൽ വളരുന്നു. ചെറിയ വൃക്ഷമാണ്. കേരളത്തിലെ നിത്യഹരിതവനത്തിൽ ചിലേടത്തു കാണാം. ലഘുപത്രം. ഏകാന്തര ന്യാസം. 25 സെ.മീറ്റർ നീളവും അത്രയും വീതിയും ഇലയ്ക്കുണ്ട്. അടിവശത്ത് മങ്ങിയ വെള്ളനിറം. മൃദുലോമങ്ങളുമുണ്ട്. മുകൾവശത്ത് കടുംപച്ചനിറം. മാർച്ചിൽ പൂക്കുന്നു. പൂക്കൾ ഒറ്റയ്ക്കോ രണ്ടുവീതമുള്ള കുലയായോ കാണും. വ്യാസം പതിനഞ്ചു സെ.മീ. ദ്വിലിംഗികളാണ്. വെള്ളനിറം. നല്ലമണം. രാത്രിയിലാണു വിടരുന്നത്. ബാഹ്യദളങ്ങൾ അഞ്ച്. ദളങ്ങളും അഞ്ച്. കേസരങ്ങൾ ഇരുപത്. ഇതിൽ അഞ്ചെണ്ണം വന്ധ്യങ്ങളായിരിക്കും. അണ്ഡാശയം ഊർധ്വവർത്തി. കായ്ക്ക് കടും തവിട്ടുനിറം. ലോമാവൃതമായിരിക്കും. വിത്തിനു 'ചിറകു'ണ്ട്. തടിയുടെ കാതലിനു മഞ്ഞ കലർന്ന ചുവപ്പുനിറം. പലക, പാക്കിങ്പെട്ടി, പ്ലൈവുഡ് തുടങ്ങിയവ ഉണ്ടാക്കാൻ ഉപയോഗിക്കുന്നു.

ചെറുചുണ്ട

† ചെറുവഴുതന നോക്കുക.

ചെറുതുരുത്തി

തൃശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ ഇപ്പോഴത്തെ വള്ളത്തോൾ നഗർ പഞ്ചായത്തിൽപ്പെട്ട ഗ്രാമം. ചെറുതുരുത്തി, പഞ്ചായത്ത് അവിടെ ഏറെക്കാലം താമസിച്ചിരുന്ന മഹാകവിയെ ഓർത്ത് വള്ളത്തോൾ നഗർ പഞ്ചായത്ത് എന്ന് പുനർനാമകരണം ചെയ്യപ്പെടുകയാണുണ്ടായത്. 1937-ൽ കേരള കലാമണ്ഡലം മുളങ്കുന്നത്തുകാവിൽനിന്ന് മാറ്റി സ്വന്തം കെട്ടിടത്തിൽ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചത് ചെറുതുരുത്തിയിലാണ്. ഷൊർണ്ണൂർ റെയിൽവേസ്റ്റേഷനിൽനിന്ന് അരകിലോമീറ്റർ അകലെ ഭാരതപ്പുഴയുടെ തെക്കെതീരത്താണു ഈ ഗ്രാമം. വള്ളത്തോളിൻെറ സമാധിപീഠം ഇവിടെയുള്ള പഴയ കലാമണ്ഡലം വളപ്പിലാണ്. ഗവൺമെൻറ് ഹൈസ്ക്കൂൾ, ആയുർവേദാശുപത്രി (പഞ്ചകർമ്മ ഇൻസ്റ്റിറ്റ്യൂട്ട്) എന്നിവ ഇവിടെയുണ്ട്. ചെറുതുരുത്തിയിൽ പ്രവർത്തിച്ചിരുന്ന കേരള കലാമണ്ഡലം 1973-ൽ വള്ളത്തോൾ നഗറിലേക്കു മാറ്റി.

ചെറുതേക്ക്

വെർബിനേസി കുലത്തിലുള്ള കുറ്റിച്ചെടി. ശാസ്ത്രനാമം: *ക്ലിറോഡെൻ ഡ്രം സെറേറ്റം (Chlerodendrum Serratum)*. ഇതേകുലത്തി



ചെറുതേക്ക്

ലെ *പ്രെംന ഹെർബേസിയ (Premna herbacea)* എന്ന സസ്യത്തെയും ചെറുതേക്ക് എന്നു പറയാറുണ്ട്. മലയിലെ കാടുകളിൽ പൊതുവെ കാണുന്നു. അധികം ശാഖയില്ല. നിറയെ ഇലയുണ്ടാവും. നാലിഞ്ചു നീളവും രണ്ടിഞ്ചു വീതിയുമുള്ള ഇലയ്ക്ക് അണ്ഡാകാരമാണ്. വക്കുകൾ ദന്തുരമായിരിക്കും. ഗോപുരാകാരത്തിലുള്ള പൂങ്കുല, പൂവിന് നീലനിറം. ദളം അഞ്ച്. ഫലം മാംസളവും നാലായി പിളരുന്നതും ആണ്.

വേര്, തൊലി, ഇല എന്നിവ ഔഷധത്തിനെടുക്കുന്നു. ശ്വാസകോശത്തെ ഉത്തേജിപ്പിക്കയും ശരീരവേദന ശമിപ്പിക്കയും ജ്വരത്തെ മാറ്റുകയും ചെയ്യുന്നു.

ചെറുതോണി അണക്കെട്ട്

†ഇടുക്കി നോക്കുക.

ചെറുനാരകം

റൂട്ടേസി കുലത്തിൽപ്പെട്ട കുറ്റിച്ചെടി. ശാസ്ത്രനാമം: *സിട്രസ് ഔറാൻറിഫോളിയ (Citrus awrantifolia). സിട്രസ് ലിമൺ (Citrus limon)* എന്ന മറ്റൊരു സ്പീഷീസും ചെറുനാരകമായി അറിയപ്പെടുന്നു.



ചെറുനാരകം: ഇലയും കായും.

ചെടിക്കു രണ്ടരമീറ്റർവരെ പൊക്കംവയ്ക്കും. ഇലയ്ക്ക് നല്ല മണമുണ്ട്. പത്രകക്ഷങ്ങളിൽ കട്ടിയുള്ള മുള്ളുകളുണ്ട്. ചെറിയ വെള്ളപ്പൂക്കൾ. ബാഹ്യദളങ്ങൾ മൂന്നുമുതൽ അഞ്ചുവരെ. ദളങ്ങൾ നാലുമുതൽ എട്ടുവരെ. കേസരങ്ങൾ ധാരാളം. പച്ചനിറമുള്ള കായ് പാകമാകുമ്പോൾ മഞ്ഞനിറമാകുന്നു. അകത്ത് നീരുനിറഞ്ഞ മാംസളഭാഗവും നിറയെ വിത്തും ഉണ്ട്. നീരിൽ വിറ്റാമിൻ സി, ധാതുലവണങ്ങൾ, സിട്രിക് അമ്ലം, പൊട്ടാഷ് എന്നിവ അടങ്ങിയിരിക്കുന്നു. സിട്രിക് അമ്ലത്തിന് അണുനാശക ശക്തിയുണ്ട്. ദഹനശക്തി, രോഗപ്രതിരോധശക്തി എന്നിവ വർധിപ്പിക്കാൻ നാരങ്ങനീർ നന്ന്. ലമനേഡ് ആയിട്ടും ചായയിൽ കലർത്തിയും പാനീയമായി ഇതുപയോഗിക്കുന്നു. നാരങ്ങനീര് കവിൾക്കൊള്ളുന്നത് വായിലെ അസുഖങ്ങൾക്കു ചികിത്സയാണ്. ദഹനം വർധിപ്പിക്കാനും ദുർമേദസ് ഒഴിവാക്കാനും തേൻചേർത്ത് നാരങ്ങനീർ കഴിക്കും. തുമ്മൽ, പീനസം ഇവ ശമിക്കാൻ ചെറുനാരങ്ങയും രക്തചന്ദനവും ചേർത്ത് വെളിച്ചെണ്ണ കാച്ചി തേയ്ക്കും.

ചെറുനെടുനാർ

അനോനേസി കുലത്തിൽപ്പെടുന്ന മരം. ശാസ്ത്രനാമം: *പോളിയാൽത്തിയ സെറാസോയിഡസ് (Polyalthia cerasoides)*. ഉഷ്ണമേഖലാവനങ്ങളിൽ കണ്ടുവരുന്നു. കേരളത്തിൽ വിരളമാണ്. പശ്ചിമഘട്ടത്തിലുള്ള വില്ല (ശാസ്ത്രനാമം: *പോളിയാൽത്തിയ കോഫിയോയിഡസ് [Polyalthia coffeoides]*)യോടു സാദൃശ്യം ഉണ്ട്.

ഇലകൾ ഏകാന്തരന്യാസത്തിലാണ്. മൃദുലോമങ്ങൾ ഉണ്ട്. അനുപർണങ്ങൾ (stipules) ഇല്ല. മാർച്ചു മുതൽ മേയ്‌വരെയുള്ള കാലത്താണു പൂക്കുന്നത്. പൂക്കൾ ഒറ്റയായോ കുലയായോ ഉണ്ടാകുന്നു. ദ്വിലിംഗികളാണ്. ബാഹ്യദളം മൂന്ന്. രണ്ടു നിരയിലായി ആറു ദളം ഉണ്ട്. ഇവ മാംസളമാണ്. ഒരു സെൻറീമീറ്ററോളം നീളം കാണും. കേസരം അനേകമുണ്ട്. അണ്ഡാശയം ഊർധ്വവർത്തിയാണ്. കായ് ജൂലായിൽ വിളയും.

തടിക്ക് ഈടും ബലവും കുറവാണ്. പായ്ക്കിങ് പെട്ടി ഉണ്ടാക്കാനും വിറകിനും ഉപയോഗിക്കുന്നു.

ചെറുപയർ

ഒരിനം പയറുവിള. ലെഗുമിനോസെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *ഫാസിയോളസ് ഓറിയസ് (Phaseolus aureus)*. ഇന്ത്യയിൽ കൃഷിചെയ്യുന്നു.



ചെറുപയർ



ചെറുപയർമണികൾ

ഏകദേശം 120 സെൻറീമീറ്റർ പൊക്കം വയ്ക്കും. തണ്ടിൽ തവിട്ടു നിറത്തിലുള്ള ലോമങ്ങൾ ഉണ്ട്. ഇല ഏകാന്തരമായി ക്രമീകരിച്ചിരിക്കുന്നു. ഒരു ഞെട്ടിൽ മൂന്ന് ഇല ഉണ്ട്.

ഡിസംബർ - ജനുവരി മാസങ്ങളിൽ പൂക്കുന്നു. പൂങ്കുല പത്രകക്ഷത്തിൽ ഉണ്ടാകുന്നു. മൂന്നോ നാലോ പൂവ് ചേർന്നതാണു പൂങ്കുല. ഇതിൻെറ തണ്ടും ലോമിലമാണ്. പൂവിൻെറ നിറം മഞ്ഞ. ഫലത്തിൽ 10-15 വിത്ത് ഉണ്ടാകും. വിത്ത് ഉരുണ്ടതാണ്. നിറം പച്ച. ചെടിയുടെ വേരിനും വിത്തിനും ഔഷധഗുണം ഉണ്ട്. വേര് ച്യവനപ്രാശം മുതലായ മരുന്നുകളിൽ ചേർക്കുന്നു. നേത്രരോഗം, കരൾവീക്കം, മഞ്ഞപ്പിത്തം എന്നിവയ്ക്കു നല്ല മരുന്നാണ്. ദേഹകാന്തി ഉണ്ടാകാൻ ചെറുപയർപൊടി തേച്ചുകുളിക്കാറുണ്ട്. മാംസ്യം ഉള്ളതിനാൽ ചെറുപയർ വേവിച്ചു തിന്നുന്നത് ഉത്തമമാണ്.

ചെറുപുന്ന

ഗുട്ടിഫറെ കുലത്തിൽപ്പെട്ട മരം. ശാസ്ത്രനാമം: *കാലോഫില്ലം വൈറ്റിയാനം (Calophyllum wightianum).* വിത്തിൽനിന്നെടുക്കുന്ന എണ്ണ ഔഷധമായും സോപ്പുണ്ടാക്കാനും വള്ളത്തിനു തേക്കാനും (waterproof coating) ഉപയോഗിക്കുന്നു. പണ്ടുകാലത്തു വിളക്കെണ്ണയായും ഇത് ഉപയോഗിച്ചിരുന്നു. †പുന്ന നോക്കുക.



ചെറുപുന്ന: ഇലയും പൂവും

ചെറുപ്പുള്ളടി

ലെഗുമിനേസികുലത്തിൽപ്പെട്ട ഓഷധി. ശാസ്ത്രനാമം : *ഇൻഡിഗോഫെറ എനഫില്ല (Indigofera enneaphylla).* സംസ്കൃതത്തിൽ ഹംസപദി എന്നാണു പേര്. ജൂലൈമാസത്തിൽ പൂക്കുന്നു. ഈ ചെടിയുടെ ചാറ് ത്വഗ്രോഗങ്ങൾക്ക് ഔഷധമാണ്. പനിക്കും ചുമയ്ക്കും കൊള്ളാം. മേച്ചിൽസ്ഥലങ്ങളിലെ ഒരു പ്രധാന ഇനമാണ് ഈ ചെടി. ഇതിൽനിന്നെടുക്കുന്ന കഷായം അപസ്മാരത്തിന് ഔഷധമാണ്.

ചെറുമരം

†തേങ്കൊട്ട നോക്കുക.

ചെറുമർ

ഒരുവിഭാഗം കർഷക തൊഴിലാളികൾ. ഇവർ പട്ടികജാതിയിൽപ്പെടുന്നു. പാലക്കാട്, തൃശൂർ ജില്ലകളിൽ ഇവർ ധാരാളമുണ്ട്. 'ചാള' എന്നു വിളിക്കുന്ന ചെറിയ വീടുകളിലാണ് താമസിക്കുന്നത്. മക്കത്തായികളാണ്. ചുവടുവച്ചുള്ള 'കോൽക്കളി'യിൽ പുരുഷന്മാരോടൊപ്പം സ്ത്രീകളും പങ്കെടുക്കാറുണ്ട്. 'പരിചമുട്ടുകളി'യും ഇവരുടെ ഒരു വിനോദമാണ്. പരസ്പരം ഇണങ്ങുന്നില്ലെങ്കിൽ വിവാഹബന്ധം തീർക്കാനും പുനർവിവാഹത്തിനും ഇവർക്കു വ്യവസ്ഥയുണ്ട്. അപ്പോൾ കല്യാണത്തിൻെറ ചെലവും ഗൃഹത്തിലേക്കു വധു കൊണ്ടുവന്ന മുതലുകളും തിരിച്ചുകൊടുക്കണമെന്നാണു വ്യവസ്ഥ. ചെറുമക്കളുടെ നേതാവായ 'തലച്ചെറുമൻ' ഇത്തരം കാര്യങ്ങളിൽ ആലോചിച്ചു തീർപ്പുണ്ടാക്കുന്നു.

'ചേറ്', 'ചെറു', 'ചിറ', 'ചേര' എന്നീ പദങ്ങളിൽനിന്നാണ് 'ചെറുമൻ' എന്ന വാക്ക് ഉദ്ഭവിച്ചതെന്ന് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ഇവരെ ചില സ്ഥലത്ത് പുലയർ എന്നും വിളിക്കുന്നു. പണ്ടുകാലത്ത് ചെറുമർ കേരളത്തിൻെറ പല ഭാഗങ്ങളിൽ ഭരണം നടത്തിയിരുന്നതായി കഥകളുണ്ട്. ആയ്ക്കരനാടും (കുന്നത്തുനാട്) തിരുവനന്തപുരത്തെ പുലയനാർകോട്ടയും ഇതിന് ഉദാഹരണങ്ങളാണ്.

കേരളത്തിൽ ബ്രാഹ്മണാധിപത്യം സ്ഥാപിതമായതോടെ പുലയർ അടിമകളായി; തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരുമായി. 1862 വരെ ഇവർ ഏറെക്കുറെ അടിമകളായിരുന്നു.

പറക്കുട്ടി, കരിംകുട്ടി, ചാത്തൻ, വള്ളുവൻ മുതലായവരാണ് ഇവരുടെ ആരാധനാമൂർത്തികൾ.

ചെറുമുക്കിൽപച്ച

കൊല്ലവർഷം എട്ടാംശതകത്തിൽ മലബാറിൽ ജീവിച്ചിരുന്ന ചെറുമുക്ക് വൈദികൻ പരമേശ്വരൻനമ്പൂതിരി ഭാഷാഗദ്യത്തിൽ നിർമിച്ച ഒരു വൈദികഗ്രന്ഥം. ഇദ്ദേഹം പ്രൈഷഭാഷ്യം എന്നൊരു ഗ്രന്ഥം ബ്രഹ്മചര്യാദ്യാശ്രമങ്ങളെ നിർവഹിക്കുന്നതിനുള്ള അധികാരവിധികളെ വിവരിച്ചുകൊണ്ടു രചിച്ചിട്ടുണ്ട്. 'പച്ച' എന്നാൽ 'ഭാഷ' എന്നാണർഥം. വൈദികഗ്രന്ഥങ്ങളുടെ ഭാഷാനുവാദങ്ങൾക്കാണ് ഈ പേർ സാധാരണമായി നല്കിക്കാണുന്നത്. മലയാളബ്രാഹ്മണർക്ക് അവരുടെ ഷോഡശസംസ്കാരങ്ങളെപ്പറ്റിയുള്ള ചടങ്ങുകൾ സൂക്ഷ്മമായി അറിയുന്നതിന് ചെറുമുക്കിൽപച്ച പ്രയോജനപ്പെടുന്നു.

ചെറുവഴുതന

സെളൊനേസികുലത്തിൽപ്പെട്ട ഒരു ഫലസസ്യം. കുറ്റിച്ചെടി (shrub) വിഭാഗത്തിൽ പെടുന്നു. ശാസ്ത്രനാമം : *സൊളാനം ഇൻഡിക്കം (Solanum indicum).* ചെറുചുണ്ട, നിലവഴുതന എന്നീ പേരുകളും ഉണ്ട്. ഉഷ്ണമേഖലാപ്രദേശങ്ങളിലെങ്ങും കണ്ടുവരുന്നു. ഒന്നരമീറ്ററോളം പൊക്കം വയ്ക്കും. ചെടിയുടെ എല്ലാ ഭാഗങ്ങളിലും മുള്ളുണ്ട്. പൂങ്കുല സ്തൂപമഞ്ജരി (raceme) ആണ്. നിറം നീല.



ചെറുവഴുതന: ഇലയും ഫലവും

ഇലയിലും കായിലും സൊളാനിൻ, സൊളാനിഡീൻ എന്നീ ആൽക്കലോയ്ഡുകളും ചില എൻസൈമുകളും അടങ്ങിയിരിക്കുന്നു. ദശമൂലത്തിൽപ്പെട്ട ഇതിൻെറ വേര് ഉദരവായു, വലിവ്, ചുമ, കൃമി, മൂത്രതടസ്സം എന്നിവയ്ക്കു മരുന്നാണ്. ഇലച്ചാറ് ഇഞ്ചിനീരും ചേർത്ത് ഛർദി നിർത്തുവാൻ കൊടുക്കാറുണ്ട്. ഇലയും കായും അരച്ചു പഞ്ചസാരചേർത്തു പുരട്ടിയാൽ ചൊറി ശമിക്കും. വേരു പൊടിച്ചു പുകവലിക്കുന്നതു പല്ലുവേദനയ്ക്കു നല്ലതാണെന്നു പറയുന്നു.

ചെറുശ്ശേരി നമ്പൂതിരി

കൃഷ്ണഗാഥാകർത്താവ്. കോഴിക്കോടു ജില്ലയിൽ വടകരയ്ക്കടുത്തുണ്ടായിരുന്ന ചെറുശ്ശേരി ഇല്ലത്ത് ജനിച്ചു. ശങ്കരൻ നമ്പിടി എന്നാണു പേരെന്ന് ചില ഗവേഷകർ സൂചിപ്പിച്ചിട്ടുണ്ട്. ചെറുശ്ശേരിയെ പുനത്തിൽ ഇല്ലത്തേക്കു ദത്തെടുത്തുവെന്നും അതുകൊണ്ട് പുനത്തിൽ ശങ്കരൻ നമ്പിടി എന്ന പേരിൽ ഇദ്ദേഹം അറിയപ്പെടാൻ തുടങ്ങിയെന്നും ചിറയ്ക്കൽ കോവിലകത്തുനിന്നു ലഭിച്ച കൃഷ്ണപ്പാട്ട് എന്ന ഗ്രന്ഥത്തിൽ "പുനത്തിൽ ശങ്കരൻ നമ്പിടി രചിച്ചത്" എന്നു രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഇവർ അഭിപ്രായപ്പെടുന്നു.

ചെറുശ്ശേരി എന്ന പദത്തിന് മലയാളം-ഇംഗ്ലീഷ് നിഘണ്ടു (1846)വിൽ ബെയ്‌ലി ഒരു ഗ്രന്ഥത്തിൻെറ പേര് എന്നാണ് അർഥം നല്കിയിട്ടുള്ളത്. ആ അർഥംതന്നെ 1872-ൽ ഗുണ്ടർട്ടും അദ്ദേഹത്തിൻെറ നിഘണ്ടുവിൽ പകർത്തി. കൊല്ലവർഷം 992 ഇടവം 31-നു (1817) പകർത്തിയെഴുതീട്ടുള്ള കൃഷ്ണഗാഥയുടെ ഒരു താളിയോല പകർപ്പിൽ "ഇത്തിത്താനത്ത് അയ്ക്കര കൊച്ചു കുഞ്ഞുരാമൻ ചെറുശ്ശേരി ആദ്യവസാനം എഴുതിത്തീർത്തു" എന്നു രേഖപ്പെടുത്തിയിട്ടുള്ളതായി പി.കെ.നാരായണപിള്ള പ്രസ്താവിച്ചിട്ടുണ്ട്. ചെറുശ്ശേരി എന്നത് ഗ്രന്ഥനാമമായി ഉപയോഗിച്ചിരുന്നു എന്ന് ഇതെല്ലാം തെളിയിക്കുന്നു. മാഘൻ എഴുതിയ ശിശുപാലവധത്തെ മാഘം എന്ന് പറഞ്ഞിരുന്നതുപോലെ ചെറുശ്ശേരി എഴുതിയ കൃഷ്ണഗാഥയ്ക്കും ചെറുശ്ശേരി എന്നു പറഞ്ഞുവന്നതാവാം.

ചെറുശ്ശേരി നമ്പൂതിരി കോലാധിനാഥനായ ഉദയവർമൻെറ സദസ്യനായിരുന്നു എന്ന് കൃഷ്ണഗാഥയിൽനിന്നു വ്യക്തമാകുന്നുണ്ട്. കൃഷ്ണഗാഥയുടെ ആരംഭത്തിൽ,

"പാലാഴി മാതു താൻ പാലിച്ചുപോരുന്ന
കോലാധിനാഥനുദയവർമൻ
ആജ്ഞയെ ചൊൽകയാൽ"

എന്നു മലയാളത്തിലും ഓരോ ഖണ്ഡത്തിൻെറയും അവസാനത്തിൽ

"ആജ്ഞയാ കോലഭൂപസ്യ
പ്രാജ്ഞസ്യോദയവർമണഃ
കൃതായാം കൃഷ്ണഗാഥായാം"

എന്നു സംസ്കൃതത്തിലും കാണുന്നു. ഉദയവർമൻെറ ഭരണകാലം 1446 മുതൽ 1475 വരെയാണ്. അതിനാൽ ചെറുശ്ശേരി ജീവിച്ചിരുന്നത് 15-ാം നൂറ്റാണ്ടിലാണെന്നു പറയാം. ഭാരതഗാഥ എന്നൊരു കൃതികൂടി ചെറുശ്ശേരി രചിച്ചിരുന്നുവെന്ന് ചിലർക്കഭിപ്രായമുണ്ട്. 1911-ൽ ചിറയ്ക്കൽ രാമവർമത്തമ്പുരാൻ ചെറുശ്ശേരിയുടേതെന്ന നിലയിൽ ഈ കൃതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാരതഗാഥയിൽ കാണുന്ന പ്രയോഗവിലക്ഷണതകളും ആദ്യന്തം കൃഷ്ണഗാഥയെ അനുകരിക്കാനുള്ള പ്രവണതയും സശ്രദ്ധം പരിശോധിക്കുമ്പോൾ ഈ കൃതിയുടെ കർത്തൃത്വം ചെറുശ്ശേരിയിൽ ആരോപിക്കുന്നതിൽ അടിസ്ഥാനമില്ലെന്ന് ഉള്ളൂർ വാദിക്കുന്നു.

ചെറുളിയിൽ കുഞ്ഞുണ്ണിനമ്പീശൻ
(1899-1966)

സംസ്കൃത പണ്ഡിതനും മലയാളകവിയും. ഭാഷാശാകുന്തളം (1956), വിക്രമോർവശീയം (1957), ഭാസൻെറ കർണഭാരം (1953) എന്നീ നാടകങ്ങൾ വിവർത്തനം ചെയ്തു.

1899 ഒക്റ്റോബർ 23-ന് ഇപ്പോഴത്തെ മലപ്പുറംജില്ലയിൽ പെടുന്ന തിരുവേഗപ്പുറയിൽ ജനിച്ചു. പട്ടാമ്പി സംസ്കൃതകോളെജിൽ പുന്നശ്ശേരി നമ്പിയുടെ ശിഷ്യനായി സംസ്കൃതം പഠിച്ചു. 1954-നുശേഷം കണ്ണിനു തിമിരം ബാധിച്ചു. 1966 ഡിസംബർ 24-ന് അന്തരിച്ചു. *കാവ്യാഞ്ജലി, മുക്താവലി* എന്നിവയാണ് മറ്റു കൃതികൾ.

ചെറൂള

അമരാന്തേസി കുലത്തിൽപ്പെടുന്ന ചെടി. ശാസ്ത്രനാമം: ഏർവ*ലനേറ്റ (Aerva lanata)*. സമതലപ്രദേശങ്ങളിൽ കളയായി വളരുന്നു.


ചെറൂള

അര മീറ്ററോളം പൊക്കം വയ്ക്കും. നിവർന്നോ പടർന്നോ വളരുന്നു. ഇല മാംസളവും ലോമങ്ങളോടുകൂടിയതുമാണ്.

പത്രകക്ഷത്തിൽനിന്നു പുഷ്പമഞ്ജരി ഉണ്ടാകുന്നു. പൂക്കൾ വളരെച്ചെറുതാണ്. നിറം പച്ച കലർന്ന വെള്ള. കായിൽ ഒരു വിത്തേ ഉള്ളൂ.

മൂത്രാശയരോഗങ്ങൾ, അജീർണം, ചുമ, വലിവ് എന്നിവയുടെ ശമനത്തിന് ഇല കൊള്ളാം.

പിതൃകർമങ്ങൾക്കു പൂവിനു പകരം ഇതിൻെറ ഇലയാണ് ഉപയോഗിക്കുന്നത്.

ചെറോക്കി (Cherokee)

യു.എസ്സിലെ അമേരിന്ത്യന്മാർ. ടെന്നസി, കരൊലൈന എന്നീ പ്രവിശ്യകളിലാണ് ഇവർ ആദ്യം താമസിച്ചിരുന്നത്. വെള്ളക്കാരുടെ

ചെറോക്കി പാരമ്പര്യവേഷത്തിൽ

കുടിയേറിപ്പാർപ്പിനെ തുടർന്ന് ഇവർക്ക് അവിടെനിന്നു മാറി ഒക്‌ലഹോമയിൽ താമസമുറപ്പിക്കേണ്ടിവന്നു. ഇറോക്വിയൻ ജനവർഗത്തിൻെറ ഒരു ശാഖയാണിവരെന്നു കരുതപ്പെടുന്നു. ആദ്യമായി അമേരിക്കയിൽ കാലുകുത്തിയ യൂറോപ്യന്മാരെ ഇവർ ചെറുത്തത് കല്ലുകൊണ്ടുണ്ടാക്കിയ കത്തികളും മഴുകളും കൊണ്ടായിരുന്നു. മൃഗങ്ങളെ വേട്ടയാടുന്നതിനു സമർഥന്മാരായ ഇവർക്ക് വട്ടിനെയ്ത്ത്, മൺകലനിർമാണം തുടങ്ങിയവയും പണ്ടേതന്നെ വശമായിരുന്നു.

അമേരിക്കൻ വിപ്ലവകാലത്ത് ഇവർ ഇംഗ്ലണ്ടിലെ രാജാവിനെയാണ് അനുകൂലിച്ചിരുന്നത്. വിപ്ലവാനന്തരം ഇവരുടെ വിദ്യാഭ്യാസത്തിനും സാംസ്കാരികാഭിവൃദ്ധിക്കുംവേണ്ടി വാഷിങ്ടൺ പല പരിപാടികളും നടപ്പാക്കി. 19-ാം നൂറ്റാണ്ടായപ്പോഴേക്കും ചെറോക്കീ നാഗരികത വളരെയേറെ വികസിച്ചു. 1828-ൽ ഇവർ സ്വന്തമായി ഒരു വർത്തമാനപ്പത്രംതന്നെ—'ചെറോക്കീ ഫിനിക്സ്'—ആരംഭിച്ചിരുന്നു. 20-ാം നൂറ്റാണ്ടിൻെറ മധ്യത്തിൽ മിസ്സിസ്സിപ്പിക്കു പടിഞ്ഞാറുള്ളവരുടെ സംഖ്യ 40,000-ത്തോളം ആയിരുന്നു. ഇപ്പോൾ ചെറോക്കി ഇന്ത്യക്കാർ ഒക്ക്‌ലഹോമാ പ്രവിശ്യയിലെ വലിയൊരു വിഭാഗം വരും. 1,70,000 വരും ഇവരുടെ ജനസംഖ്യ.

ചേ

ചേകവർ

'അങ്കം പിടിക്കൽ' ജീവിതവ്രതമായി കരുതിയിരുന്നവരിൽ ഒരു വിഭാഗം. സേവകർ എന്നതിൻെറ തദ്ഭവം ആകാം ചേകവർ. ഇവർ 'ഈഴ'ത്തുനിന്നു വന്നവരാണ് എന്നു വടക്കൻ പാട്ടുകളിൽ പറയുന്നു. †വടക്കൻ പാട്ടുകൾ നോക്കുക.

ചേക്കിഴാർ

പെരിയപുരാണം എന്ന ചെന്തമിഴ് കാവ്യത്തിൻെറ കർത്താവ്. ചേക്കിഴാർ എന്നതു കുലനാമമാണ്. അരൂർ മൊഴിത്തേവർ എന്നോ രാമദേവർ എന്നോ ആണു ശരിയായ പേർ. കുറെക്കാലം ചോളരാജാവിൻെറ പ്രധാനമന്ത്രിപദം വഹിച്ച ഈ കവിയെ രാജാവ് 'ഉത്തമചോഴവല്ലപൻ' എന്നു വിളിച്ചു. കുലോത്തുംഗചോളൻ രണ്ടാമനോ, കുലോത്തുംഗചോളൻ മൂന്നാമനോ ആയിരിക്കണം ഇദ്ദേഹത്തിൻെറ പുരസ്കർത്താവ്. ചേക്കിഴാരുടെ ജീവിതകാലം 12-ാം നൂറ്റാണ്ടാണ്.

ചോഴരാജാവിൻെറ ആജ്ഞ അനുസരിച്ചാണ് പെരിയപുരാണം രചിച്ചത്. 'ഈശ്വരദാസന്മാരുടെ കഥകൾ' എന്നർഥമുള്ള 'തിരുത്തൊണ്ടർപുരാണം' എന്ന പേരാണ് ചേക്കിഴാർ തൻെറ കൃതിക്കു നല്കിയത്. തമിഴ്നാട്ടിലെ പ്രസിദ്ധ ശൈവസന്ന്യാസിമാരായിരുന്ന 63 നായനാരന്മാരുടെ ജീവിതകഥകളാണ് ഇതിലെ പ്രതിപാദ്യം. രണ്ടു കാണ്ഡങ്ങളും 13 സർഗങ്ങളും 4200-ലധികം പദ്യങ്ങളുമുള്ള ഈ കാവ്യം ചിദംബരക്ഷേത്രത്തിലെ ആയിരംകാൽമണ്ഡപത്തിലിരുന്നാണു കവി എഴുതിത്തീർത്തത്. കേരളചരിത്രപ്രാധാന്യമുള്ള ചേരമാൻപെരുമാൾ നായനാരെക്കുറിച്ചും സുന്ദരമൂർത്തിനായനാരെപ്പറ്റിയും തിരുവഞ്ചിക്കുളത്തെക്കുറിച്ചും പെരിയപുരാണത്തിൽ പരാമർശങ്ങളുണ്ട്. ചേക്കിഴാറിൻെറ ജീവിതത്തിൻെറ അവസാനം ചിദംബരംക്ഷേത്ര്ത്തിലായിരുന്നു.

ചേങ്ങില

ഒരു കേരളീയ വാദ്യോപകരണം. വൃത്താകൃതിയിൽ പരന്ന വെങ്കലത്തകിടാണു ചേങ്ങില. ചേങ്ങല എന്നും ചേങ്കില എന്നും പറയും. കുലഞ്ഞിൽത്തണ്ടു ചെത്തി ഉരുട്ടിയുണ്ടാക്കുന്ന കോലുകൊണ്ടാണു ചേങ്ങില കൊട്ടുക. വലിപ്പത്തിന്നനുസരിച്ച് ഇവയുടെ കനവും മാറും. കഥകളിയരങ്ങത്തതിനാണ് ഏറ്റവും വലിപ്പവും കനവും. ക്ഷേത്രങ്ങളിൽ പാണി മുതലായവയ്ക്ക് ഉപയോഗിക്കുന്നത് ഇടത്തരം ചേങ്ങിലയാണ്. ഒരു അരികിനോടു ചേർത്തുണ്ടാക്കുന്ന തുളയിൽ കയറുകൊണ്ടു തൊക്കിട്ട് ആ തൊക്കിൽ ഇടതുകൈയുടെ തള്ളവിരൽ കടത്തി തൂക്കിപ്പിടിച്ചു വലതുകൈയിലെ കോലുകൊണ്ടു കൊട്ടുന്നു. ഇതു താളോപകരണമാണ്. പാണി, വിളക്കാചാരം തുടങ്ങിയ താന്ത്രികചടങ്ങുകളിൽ ഇതു പ്രധാനമാണ്. അഷ്ടപദിയിൽ ഒരാൾ ഇടയ്ക്ക വായിക്കുമ്പോൾ പിൻപാട്ടുകാരൻ (ശിങ്കിടി) ചേങ്ങിലയിൽ താളംപിടിക്കും. കഥകളിയിൽ പ്രധാനഭാഗവതർ കളിയരങ്ങത്തു രംഗകർമങ്ങൾക്കെല്ലാം മുഖ്യനായി ചേങ്ങിലയും തൂക്കി നില്ക്കുന്നു. ഭാഗവതരുടെ പാട്ടിനു ശ്രുതിയായും നൃത്തഗീതവാദ്യങ്ങൾക്കാകെ താളമായും ചേങ്ങില പ്രയോഗിക്കുന്നു. കൃഷ്ണനാട്ടത്തിലും ചേങ്ങിലക്കാരനാണു മുഖ്യഗായകൻ. സംഘക്കളിയിലും (ശാസ്ത്രക്കളി) ഇത് ഉപയോഗിച്ചിരുന്നു. മണിനാദംപോലെ മുഴങ്ങുന്നതാണ് ചേങ്ങിലയുടെ നാദം.

ചേട്ട കളയുക

ഒരു പഴയ ചടങ്ങ്. കർക്കിടകത്തിലെ അന്ത്യദിനത്തിൽ അസ്തമയസന്ധ്യയ്ക്കാണിതു നടത്തുക. ശ്രീഭഗവതി സമ്പത്തിൻെറ അധിദേവതയാണെന്നും ചേട്ടാ(ജ്യേഷ്ഠാ)ഭഗവതി ദാരിദ്ര്യത്തിൻെറയും വൃത്തികേടുകളുടെയും അധിദേവതയാണെന്നുമാണു വിശ്വാസം. വീടും പരിസരവും വൃത്തിയാക്കിയാൽ 'ചേട്ട'യ്ക്ക് ഇരിക്കാൻ വയ്യാതാകും. ചേട്ടയെആവാഹിച്ചു പുറത്താക്കുക എന്നാണു ചേട്ട കളയുക എന്നതിൻെറ അർഥം. ഒരു കീറക്കുട്ടയോ പൊട്ടിയ കലമോ എടുത്ത് അതിൽ കീറത്തുണി, തലമുടി, അടിക്കാട്ടുകൾ, കുറ്റിച്ചൂൽ, ഉടഞ്ഞ മൺപാത്രത്തിൻെറ കഷണങ്ങൾ, വെളുപ്പും കറുപ്പും ചുവപ്പും നിറത്തിലുള്ള ഓരോ ചോറുരുളകൾ, മഞ്ഞൾ, കൂവ്വ, താള്, എണ്ണയിൽ നനച്ചു കത്തിച്ച ഏഴു തിരികൾ എന്നിവയെല്ലാം നിറച്ച് ഒരു സ്ത്രീ എടുത്ത് ഗൃഹത്തിൻെറ എല്ലാ മുറികളിലും കൊണ്ടുപോയി മുമ്മൂന്നു പ്രാവശ്യം ഉഴിഞ്ഞു പടിക്കു പുറത്തു കൊണ്ടുപോയി ദൂരെ കളയുന്നു. അതെടുക്കുമ്പോൾ തുടങ്ങി പടി കടക്കുന്നതുവരെ വീട്ടിലുള്ളവരെല്ലാംകൂടി 'ഹൂ ഹൂ ചേട്ടാഭഗവതി പുറത്ത്, ശ്രീഭഗവതി അകത്ത്' എന്നിങ്ങനെ ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ട് അവളുടെ പിന്നാലെ നടക്കുകയുംചെയ്യും. ഈ സ്ത്രീക്ക് മുന്നാഴി അരിയും ഉഴക്കെണ്ണയും ഒരു പുകയിലയും ഒരടയ്ക്കയും 10-15 വെറ്റിലയുമാണു പഴയകാലത്ത് 'അവകാശം'.

ചേത്സിങ്

ഇന്ത്യയിലെ വൈസ്റോയിയായിരുന്ന വാറൻഹേസ്റ്റിങ്സുമായി സംഘർഷത്തിലേർപ്പെട്ട ബെനാറസ് (കാശി) രാജാവ്. അമ്പതു ലക്ഷം രൂപ പിഴയായി ഒടുക്കാൻ വാറൻഹേസ്റ്റിങ്സ് ചേത്സിങ്ങിനോടാവശ്യപ്പെട്ടു. ചേത്സിങ് ഈ ആവശ്യം അംഗീകരിച്ചില്ല. വാറൻഹേസ്റ്റിങ്സ് ചേത്സിങ്ങിനെ വീട്ടുതടങ്ങലിൽ വെച്ചു. പക്ഷേ ചേത്സിങ് എങ്ങനെയോ രക്ഷപ്പെട്ട് ഗ്വാളിയറിലേക്കു പോയി. ചേത്സിങ്ങിൻെറ സൈന്യം എണ്ണത്തിൽ കുറഞ്ഞ ബ്രിട്ടീഷ് സൈനികരെ എല്ലാം കൊന്നു. വാറൻഹേസ്റ്റിങ്സ് ചുനാറിലേക്ക് ഓടി രക്ഷപ്പെടുകയും കൂടുതൽ സൈന്യത്തെ വരുത്തി ചേത്സിങ്ങിൻെറ രാജ്യം പിടിച്ചടക്കുകയും ചെയ്തു. വാറൻഹേസ്റ്റിങ്സിനെ ഇംപീച്ച് ചെയ്യാൻ (കുറ്റവിചാരണ നടത്തുക) അന്നത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രിയായ വില്യംപിറ്റ് തീരുമാനിച്ചതിനു കാരണ

മായ പല സംഭവങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു ക്രൂരവും നീതിരഹിതവുമായ രീതിയിൽ ചേത്സിങ്ങിനെതിരെ കൈക്കൊണ്ട നടപടി.

ചേന

അരേസികുലത്തിൽപ്പെട്ട കിഴങ്ങുചെടി. ശാസ്ത്രനാമം : *അമോർഫോഫാലസ് കമ്പാനുലേറ്റസ് (Amorphophallus companulatus).* ജന്മദേശം ഇന്ത്യയോ ആഫ്രിക്കയോ ആണെന്നു കരുതുന്നു. മണ്ണിന് അടിയിലുള്ള ഭൂകാണ്ഡമാണു കിഴങ്ങാകുന്നത്.

ഇലത്തണ്ട് ഏകദേശം 120 സെൻറീമീറ്റർ പൊക്കം വയ്ക്കും. അഗ്രത്തിൽ ഒന്നര മീറ്റർ വരെ വ്യാസത്തിൽ പടർന്നു നില്ക്കുന്ന ഇലയുണ്ട്.



ചേന (കിഴങ്ങ്)

മഴയും അന്തരീക്ഷ ആർദ്രതയും ധാരാളമുള്ള സ്ഥലങ്ങളിലാണ് ഇതു നന്നായി വളരുക. അതിവർഷം ദോഷമാണ്. രണ്ടുമൂന്നു മുകുളങ്ങൾവീതം വരത്തക്കവിധം ചേന മൂന്നു നാലായി മുറിച്ചു ചാണകത്തിൽ മുക്കി പ്രത്യേകം തയ്യാറാക്കി എടുത്താണു നടാൻ ഉപയോഗിക്കുക. ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ നടുന്നു. 30 സെ.മീറ്റർ താഴ്ചയിൽ വട്ടത്തിൽ കുഴികളെടുത്തു മേൽമണ്ണ്, ചാണകം എന്നിവ ചേർത്ത മിശ്രിതംകൊണ്ടു നിറച്ചാണു ചേന നടുന്നത്. കുഴികൾ തമ്മിൽ ഒന്നരമീറ്റർ അകലമുണ്ടായിരിക്കണം. നട്ടുകഴിഞ്ഞു കാലവർഷക്കാലത്തു ധാരാളം പച്ചില ഇട്ടു ചുവടു മൂടണം. ഏഴെട്ടുമാസം കഴിയുമ്പോൾ കിഴങ്ങു കിളച്ചെടുക്കാം. ഇതിന്റെ തണ്ടും കറിക്കുപയോഗിക്കാറുണ്ട്. ശരീരത്തിൽ പുരണ്ടാൽ ചൊറിച്ചിലുണ്ടാക്കുന്ന ഒരു രാസവസ്തു ചേനയിൽ അടങ്ങിയിട്ടുണ്ട്.

കിഴങ്ങിനും തണ്ടിനും ഔഷധഗുണം ഉണ്ട്. അർശസ്, കൃമി എന്നിവ ശമിപ്പിക്കാൻ ഇവ കൊള്ളാം.

ചേനത്തണ്ടൻ (Russell's viper)

ഒരിനം വിഷപ്പാമ്പ്. വൈപറിഡെ കുലത്തിൽപ്പെടുന്നു. ഒരിനം അണലിപ്പാമ്പാണിത്. ശാസ്ത്രനാമം: *വൈപ്പറാ റസ്സല്ലൈ (Vipera russelli).* പയ്യാനമണ്ഡലി എന്നും പേരുണ്ട്. ഇന്ത്യയിൽ പ്രവർത്തിച്ച ഐറിഷ് ഭിഷഗ്വരൻ പാട്രിക് റസ്സലിന്റെ (1727-1805) സ്മരണാർഥമാണു റസ്സൽസ് വൈപർ എന്ന് ഇംഗ്ലീഷിൽ പേരിട്ടത്. ശരീരത്തിനു ചേനയുടെ തണ്ടിനോടു നിറത്തിലും ആകൃതിയിലും സാമ്യംഉള്ളതിനാലാണു മലയാളത്തിൽ ചേനത്തണ്ടൻ എന്ന പേരുവരാൻ കാരണം. ഇന്ത്യയിലും തായ്‌ലൻഡ്, ജാവ എന്നിവിടങ്ങളിലും കണ്ടുവരുന്നു.



ചേനത്തണ്ടൻ

ഒന്നര മീറ്ററോളം നീളം വയ്ക്കും. തല പരന്നതും കൂർത്തതുമാണ്. ദേഹത്തു വളയംപോലുള്ള മൂന്നു നിര അടയാളങ്ങൾ ഉണ്ട്. വിഷപ്പല്ല് നീണ്ടുവളഞ്ഞതാണ്. എലികളെ ഭക്ഷിക്കുന്നു. രക്തം കട്ടപിടിക്കുന്നതിലെ തകരാറുകൾ കണ്ടുപിടിക്കാൻ ചേനത്തണ്ടന്റെ വിഷം വീര്യം കുറച്ച് ഉപയോഗിക്കാറുണ്ട്.

മറ്റ് അണലികളെപ്പോലെ പ്രസവിച്ചാണു വംശവർധനവു നടത്തുന്നത്. ഒരു തവണ 20 മുതൽ 40 വരെ കുഞ്ഞുങ്ങളെ പ്രസവിക്കുന്നു.

ചേന്ദമംഗലം

എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിൽ പെരിയാർ നദീതീരത്തോടുചേർന്നു കിടക്കുന്ന ഗ്രാമം. പരമ്പരാഗതമായി കൊച്ചിരാജവംശത്തിന്റെ മന്ത്രിമുഖ്യനായിരുന്ന പാലിയത്തച്ചന്റെ (1630-1809) ആസ്ഥാനമാണിത്. ജയന്തമംഗലം അഥവാ ചൂർണമംഗലം ആണു കാലാന്തരത്തിൽ ചേന്ദമംഗലമായത് എന്നു പറയുന്നു. ഗ്രാമത്തിന്റെ കിഴക്കുഭാഗം കുന്നിൻപ്രദേശമാണ്. അവിടെ പണ്ടുണ്ടായിരുന്ന വില്ലാർവട്ടത്തു രാജാവിന്റെ കോവിലകമുണ്ടായിരുന്നിടത്ത് അന്നുണ്ടായിരുന്ന ഒരു കൃഷ്ണക്ഷേത്രം (കോട്ടയിൽ കോവിലകം) ഇപ്പോഴും ഉണ്ട്. കേരളത്തിലെ ഒരു ജൂതകേന്ദ്രമായിരുന്നു ചേന്ദമംഗലം. പഴയ ജൂതകോളനിക്കു സമീപം ഒരു ജൂതപ്പള്ളി (ബ്ലാക്ക് ജ്യൂസ് സിനഗോഗ്) ഉണ്ട്. ഈ ജൂതകോളനിക്കു സമീപം സുറിയാനി പഠിപ്പിക്കാൻവേണ്ടി 1201-ൽ പണിചെയ്ത ഒരു സെമിനാരി പതിനാറാംനൂറ്റാണ്ടിൽ പോർത്തുഗീസുകാർ അവരുടെ മാതൃകയിൽ പുതുക്കിപ്പണിയിച്ചു. ഇതാണ് വൈപ്പിൻകോട്ട സെമിനാരി.



കോട്ടയിൽ കോവിലകം: ചേന്ദമംഗലം

അതിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും കാണാം. അതിനു സമീപം ഒരു പഴയ സിറിയൻകത്തോലിക്കാപള്ളിയും മുസ്ലീംപള്ളിയും സ്ഥിതിചെയ്യുന്നു.

പുരാതനമായ കുന്നത്തളി പ്രാചീനകേരളത്തിൽ നിലവിലുണ്ടായിരുന്ന പതിനെട്ടരത്തളികളിലെ അരത്തളിയാണെന്നു പറയുന്നു. ഈ ക്ഷേത്രത്തിൽത്തന്നെ ബ്രഹ്മാവിനെയും നവഗ്രഹങ്ങളെയും പ്രതിഷ്ഠിച്ചിട്ടുണ്ട്. ചേന്ദമംഗലത്തു ഗൗഡസാരസ്വതരുടെ വകയായി ഒരു കൃഷ്ണക്ഷേത്രവുമുണ്ട്.

പാലിയത്തച്ചനും കുടുംബവും പാർത്തിരുന്ന പഴയ തറവാട്ടുകെട്ടിടം ഇന്നുമുണ്ട്. ഈ കെട്ടിടങ്ങളിലൊന്നായ 'കോവിലകം' ഡച്ചുകാർ പാലിയത്തച്ചനുവേണ്ടി നിർമിച്ചുകൊടുത്തതാണത്രെ. പാലിയം കുടുംബഗൃഹത്തിനു സമീപംതന്നെ, തൃക്കോവിൽ ശിവക്ഷേത്രവും ജയന്തൻതൃക്കോവിൽ(കൃഷ്ണ)ക്ഷേത്രവും ഭഗവതിക്ഷേത്രവുമുണ്ട്.

പല യുദ്ധങ്ങളും ചേന്ദമംഗലത്തുവച്ചു നടന്നു. 1757-ൽ സാമൂതിരി ആക്രമിച്ചുകീഴടക്കി. 1790-ൽ ടിപ്പു സുൽത്താന്റെ ആക്രമണവുമുണ്ടായി.

ഫലഭൂയിഷ്ഠമായ ചേന്ദമംഗലത്തെ പ്രധാന വിളവുകൾ നാളികേരവും അടയ്ക്കയുമാകുന്നു.

കൈത്തറിത്തുണികൾക്കു പ്രസിദ്ധിയുള്ള ചേന്ദമംഗലം പ്രധാനപ്പെട്ട നെയ്ത്തുകേന്ദ്രവുമാണ്. ഏഴു തുരുത്തുകൾ ഉൾപ്പെട്ട ചേന്ദമംഗലം പഞ്ചായത്തിലെ ഗോതുരുത്തു പെരുമാക്കന്മാരുടെ കാലിമേച്ചിൽ സ്ഥലമായിരുന്നതിനാലാണ് അതിന് ആ പേരുണ്ടായതെന്നു പറയുന്നു. † പാലിയത്തച്ചൻ നോക്കുക

ചേന്നാസ് നമ്പൂതിരിപ്പാട് (1428—   )

മാനവിക്രമൻ എന്ന സാമൂതിരിയുടെ സദസ്സിലുണ്ടായിരുന്ന † പതിനെട്ടരകവികളിൽ ഒരാൾ. † തന്ത്രസമുച്ചയത്തിൻെറ കർത്താവ് എന്ന നിലയിലാണു പ്രസിദ്ധി. നാരായണൻ നമ്പൂതിരിപ്പാട് എന്നാണു പേർ. തന്ത്രസമുച്ചയത്തിൻെറ പന്ത്രണ്ടാം പടലത്തിൽ 'കല്യബ്ദേഷ്വതിയത്സു' എന്നു തുടങ്ങുന്ന ശ്ലോകത്തിലെ കലിദിനസംഖ്യകൊണ്ട് ഇദ്ദേഹം ജനിച്ചതു കലി 4529-ാം വർഷത്തിലാണെന്നു സിദ്ധിക്കുന്നു. കലിവർഷം കൊല്ലവർഷമാക്കിയാൽ 603 എന്നും ക്രിസ്തുവർഷമാക്കിയാൽ 1428 എന്നും കിട്ടും. സാമൂതിരിയുടെ നിർദേശപ്രകാരമാണ് ചേന്നാസ് തന്ത്രസമുച്ചയം രചിച്ചതെന്നു പറയപ്പെടുന്നു. തന്ത്രസമുച്ചയത്തിനു പുറമെ *മാനവവാസ്തുലക്ഷണം* എന്ന ഒരു ഗ്രന്ഥംകൂടി ഇദ്ദേഹം രചിച്ചിട്ടുണ്ട്. മനുഷ്യാലയചന്ദ്രിക എന്ന പേരിലും ഈ ഗ്രന്ഥം പ്രസിദ്ധമാണ്. ഗുരുവായൂരിലെ തന്ത്രം ചേന്നാസ് മനയ്ക്കലേക്കാണ്.

ഇപ്പോഴത്തെ പാലക്കാട് ജില്ലയിലുള്ള വന്നേരിയിലാണ് ചേന്നാസ് മന.

ചേപ്പാട്ട് അച്യുതവാരിയർ കെ. (1891—1967)

മൂളവന വാരിയത്ത് അച്യുതവാരിയരുടേയും വെട്ടിക്കുളങ്ങര വടക്കെ വാരിയത്ത് കുട്ടിയമ്മ വാരസ്യാരുടേയും പുത്രനായി പന്തളത്ത് 1891 ജനുവരി 18-ാം തീയതി ജനിച്ചു. കൊല്ലം ശ്രീരാമവിലാസം പ്രസ്സിലും വിദ്യാഭിവർധിനി പ്രസ്സിലും കോട്ടയം വയസ്കര ആര്യവൈദ്യശാലയിലും ജോലിചെയ്തു.

ഭാഗവതം, രഘുവംശം, നൈഷധം, മാഘം, കൗന്തേയാഷ്ടകം, അഷ്ടാംഗഹൃദയം, പ്രശ്നമാർഗം, ജാതകപാരിജാതം മുതലായി ഇരുപതിലേറെ ഗ്രന്ഥങ്ങൾക്ക് വ്യാഖ്യാനങ്ങളും വളരെ മുക്തകങ്ങളും രചിച്ചിട്ടുണ്ട്. ജ്യോതിഷം, ആയുർവേദം മുതലായ ശാസ്ത്രങ്ങളിലും വേദപുരാണാദികളിലും പണ്ഡിതനായിരുന്നു.

ചേമന്തി

† ജമന്തി നോക്കുക.

ചേമ്പ്

അരേസികുലത്തിൽപ്പെട്ട ചെടി. ശാസ്ത്രനാമം : കൊളക്കേഷ്യ എസ്കുലെൻറ *(Colocasia)*. പൂർവേഷ്യൻരാജ്യങ്ങളാണു ജന്മദേശം. കേരളത്തിൽ ഇത് പ്രധാന കൃഷിയാണ്.

പരന്ന് ഏതാണ്ടു ത്രികോണരൂപത്തിലാണു ചേമ്പില. നീണ്ട ഇലത്തണ്ടുണ്ട്. 22% അന്നജവും 3% മാംസ്യവും 0.1% കൊഴുപ്പും ധാരാളം ജീവകങ്ങളും ചേമ്പിൻെറ കിഴങ്ങിൽ അടങ്ങിയിരിക്കുന്നു.



ചേമ്പ്

ജൂൺ-ജൂലായ് മാസങ്ങളാണു ചേമ്പു നടാൻ പറ്റിയ കാലം. ചേമ്പുവിത്ത് (ഹെക്റ്ററിന് 7-10 ക്വിൻറൽ) 30 സെ.മീ. അകലത്തിൽ വരിയായി നടുന്നു. രണ്ടു വരികൾക്കു തമ്മിൽ അരമീറ്റർ അകലം വേണം. നട്ടു മൂന്നുമാസം കഴിഞ്ഞാൽ വിളവെടുക്കാം. ഹെക്റ്ററിന് 110-125 ക്വിൻറൽ കിഴങ്ങു ലഭിക്കുന്നു.

ചേർ

† ചാർ നോക്കുക.

ചേര (rat snake)

വിഷമില്ലാത്ത പാമ്പ്. ഇന്ത്യയിലാകമാനം കണ്ടുവരുന്നു. ബർമയിലും ജാവയിലും ഉണ്ട്. ശാസ്ത്രനാമം : *ടയാസ് മ്യൂക്കോസസ് (Ptyas mucosus)*.

മഞ്ഞച്ചേര

മിക്കതിൻെറയും ശരീരത്തിൻെറ ഉപരിഭാഗത്തിന് ഇരുണ്ട തവിട്ടു നിറമാണ്. അടിഭാഗത്തിനു മഞ്ഞനിറവും. എന്നാൽ കരിഞ്ചേരയും ഉണ്ട്. തലയ്ക്കടുത്തും കീഴ്ഭാഗത്തു രണ്ടരികിലുമുള്ള ചെതുമ്പലുകളുടെ വക്കത്തു നീളത്തിലും വാലിലുള്ള ചെതുമ്പലുകളിൽ വിലങ്ങനെയും കറുത്ത വരകളുണ്ട്. രണ്ടുമീറ്ററോളം നീളം വരും. പെൺചേരയ്ക്ക് അല്പം നീളം കുറവാണ്. വൃത്താകൃതിയിലുള്ള വലിയ കണ്ണുകളും സ്വർണനിറത്തിലുള്ള നേത്രപടലവും നീണ്ടുരുണ്ട ശരീരവും ഇതിൻെറ സവിശേഷതകളാണ്. ചേരയെ ഇണക്കി വളർത്താം.

ചേരയ്ക്കു മനുഷ്യരെ ഭയമാണ്. തവള, ഓന്ത്, എലി, മറ്റു ചെറിയ പാമ്പുകൾ, മുയലുകൾ തുടങ്ങിയവയാണ് ആഹാരം. മരത്തിൽ കയറുന്നതിനും കഴിയും. ഇതിനു തീക്ഷ്ണമായ ദുർഗ്ഗന്ധമുണ്ട്.

ശത്രുക്കളെ കണ്ടാൽ ഓടിമറയുമെങ്കിലും ഗതിമുട്ടിയാൽ തലയുയർത്തി ശീൽക്കാരം പുറപ്പെടുവിക്കും. കഴുത്തിൽ ഞെക്കിയാൽ പരുന്തിൻെറതുപോലുള്ള ശബ്ദം ഉണ്ടാക്കും.

പശുവിൻെറ കാലിൽ ചുറ്റി അകിട്ടിൽനിന്നു പാൽകുടിക്കുമെന്നും മറ്റും തെറ്റായ അനേകം വിശ്വാസങ്ങൾ ചേരയെപ്പറ്റിയുണ്ട്. 'അളമുട്ടിയാൽ ചേരയും കടിക്കും' എന്ന പഴഞ്ചൊല്ലും ചേര നിരുപദ്രവകാരിയാണെന്നതിനു തെളിവാണ്. ചിലർ ഇതിനെ ഭക്ഷണമായി ഉപയോഗിക്കുന്നു. രാജവെമ്പാലപോലുള്ള പാമ്പുകളുടെ പഥ്യാഹാരമാണു ചേര. ചേരത്തോലിനു വ്യാവസായികപ്രാധാന്യമുണ്ട്. മുട്ടയിട്ടാണു പ്രജനനം നടത്തുന്നത്.

ചേര ഉദയമാർത്താണ്ഡവർമ (1383—1444)

വേണാടു ഭരിച്ചിരുന്ന ഒരു രാജാവ്. ആദിത്യവർമ സർവാംഗനാഥന്റെ പിൻഗാമി. തിരുനൽവേലി ജില്ലയിലെ ഏതാനും ഭാഗങ്ങൾകൂടി ഇദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിലായി. ചേരമഹാദേവിയിലാണ് ഏറിയകാലവും ഇദ്ദേഹം താമസിച്ചിരുന്നത്. ഇദ്ദേഹത്തിന്റെ ഭരണകാലത്ത് എട്ടയപുരത്തെ ജമിന്ദാർ വള്ളിയൂർ ആക്രമിച്ച് അന്നത്തെ തൃപ്പാപ്പൂർ മൂപ്പനായിരുന്ന രവിവർമരാജാവിനെ തോല്പിച്ചു. ശുചീന്ദ്രം ക്ഷേത്രത്തിൽ സഭാമണ്ഡപം പണിയിച്ചത് ചേര ഉദയമാർത്താണ്ഡവർമയാണ്. ലീലാതിലകം നിർമിച്ചത് ഇദ്ദേഹത്തിന്റെ ഭരണകാലത്താണെന്ന് ഒരു പക്ഷമുണ്ട്.

ചേരകലകളും വിദ്യാഭ്യാസരീതിയും

ചേരസാമ്രാജ്യത്തിൽ പ്രചാരത്തിലിരുന്ന കലകളും അവിടെ നടപ്പിലുണ്ടായിരുന്ന വിദ്യാഭ്യാസരീതിയും.

ചേരസാമ്രാജ്യം നിലനിന്നിരുന്ന കാലത്തെ കേരളീയരുടെ വൈജ്ഞാനികവും കലാപരവുമായ അഭിവൃദ്ധി എടുത്തു പറയത്തക്കതാണ്. വിദ്യാഭ്യാസകേന്ദ്രങ്ങളെന്ന നിലയ്ക്കു ക്ഷേത്രങ്ങൾക്കുണ്ടായിരുന്ന പ്രാധാന്യം ഗണനീയമായിരുന്നു. പ്രധാനപ്പെട്ട ക്ഷേത്രങ്ങളോടു ചേർന്നു കലാശാലകളും ആതുരശാലകളും നടത്തപ്പെട്ടിരുന്നു. ക്ഷേത്രങ്ങളോടനുബന്ധിച്ചു ശാലകൾ നടത്തുന്ന സമ്പ്രദായം ബുദ്ധമതക്കാരെ അനുകരിച്ചു സ്വീകരിച്ചതാവാം. മൂഴിക്കുളംശാല, തിരുവല്ലാശാല, കാന്തളൂർശാല, പാർഥിവപുരംശാല, ശ്രീവല്ലഭപ്പെരുംചാല തുടങ്ങി പല ശാലകളെയും പറ്റിയുള്ള പരാമർശങ്ങൾ ശാസനങ്ങളിൽ കാണാനുണ്ട്. തിരുവല്ലാശാലയിൽ പഠനംനടത്തിയ വിദ്യാർഥികളുടെ ഒരുനേരത്തെ ആഹാരത്തിന് 350 ഇടങ്ങഴി അരിയോളം ആവശ്യമായിരുന്നുവെന്നതിൽനിന്നു വിദ്യാർഥികളുടെ ബാഹുല്യം ഏറെക്കുറെ അനുമാനിക്കാവുന്നതാണ്. പാർഥിവപുരംശാല നമ്പൂതിരിമാർക്കു മാത്രം വേണ്ടി സ്ഥാപിക്കപ്പെട്ടതായിരുന്നു. ഉപരിപഠനം നടത്താനുള്ള സൗകര്യങ്ങളും അവിടെ ഉണ്ടായിരുന്നു. കൊ. വ. 41-ൽ (എ.ഡി. 866) കരുനന്തടക്കൻ എന്ന ആയ്‌രാജാവാണ് ഇതു സ്ഥാപിച്ചത്. 'തൊണ്ണൂറു ഐവർ ചട്ടർക്കു ചാലൈയും ചെയ്താൻ ശ്രീകോക്കരുനന്തടക്കൻ' എന്നു പാർഥിവപുരം ശാസനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതിൽനിന്ന് 95 വിദ്യാർഥികൾക്കു താമസിച്ചു പഠിക്കാൻ സൗകര്യമുള്ള ഒരു വിദ്യാപീഠം കരുനന്തടക്കൻ സ്ഥാപിച്ചുവെന്നു തെളിയുന്നുണ്ട്.

ജ്യോതിഷം, മീമാംസ, വ്യാകരണം, തർക്കം, തത്ത്വവിജ്ഞാനം തുടങ്ങിയവയായിരുന്നു പ്രധാനപ്പെട്ട പാഠ്യവിഷയങ്ങൾ. വ്യാകരണം, മീമാംസ തുടങ്ങിയ ശാസ്ത്രങ്ങളിലും വേദത്തിലും സാമാന്യമായ അറിവ് ഓരോ വിദ്യാർഥിക്കും ഉണ്ടെന്ന് ഉയർന്ന ക്ലാസിൽ പഠിക്കുന്ന വിദ്യാർഥികൾ ചേർന്നു സാക്ഷ്യപ്പെടുത്തിയിരുന്നു. അപ്പോഴെ പുതിയ വിദ്യാർഥികൾക്കു പ്രവേശനം ലഭിച്ചിരുന്നുള്ളു.

ശാലകളിലെ അച്ചടക്കനിയമങ്ങൾ കർക്കശമായിരുന്നു. ചീത്ത പറയുന്നവർക്കുംഅടികലശലുണ്ടാക്കുന്നവർക്കും ആയുധങ്ങളേന്തി ക്ലാസിൽ പോകുന്നവർക്കും കടുത്ത ശിക്ഷകൾ കൊടുത്തിരുന്നു. ഈ ശാലകളുടെയെല്ലാം നടത്തിപ്പിലേക്ക് ഉദാരമതികളായ സ്വകാര്യ വ്യക്തികളും രാജാക്കന്മാരും നിർലോപം ധനസഹായങ്ങൾ നല്കി. ശാലകളിലെ അസംഖ്യം അന്തേവാസികൾക്കു സൗജന്യമായ താമസസൗകര്യവും അധ്യയനസൗകര്യവും ഭക്ഷണവും നല്കുന്നതിന് ഈ സഹായങ്ങൾ പ്രയോജനപ്പെട്ടു.

സ്ഥിരമായ ക്ഷേത്രവിദ്യാലയങ്ങൾക്കു പുറമെ പുരാണപാരായണത്തിനും വ്യാഖ്യാനത്തിനുമുള്ള പ്രത്യേക സങ്കേതങ്ങളും ക്ഷേത്രപരിസരങ്ങളിലുണ്ടായിരുന്നു. തമിഴിൽ മഹാഭാരതം വ്യാഖ്യാനിച്ചു കേൾപ്പിക്കാൻ സംസ്കൃതപണ്ഡിതന്മാരായ ബ്രാഹ്മണരെ 'മാവാരതപട്ട'ന്മാരായി നിയമിച്ചിരുന്നു. ഭജനകീർത്തനങ്ങൾ സംഘം ചേർന്ന് ആലപിക്കുവാനും ചാക്യാർകൂത്തുപോലെയുള്ള കലാപരിപാടികൾ അവതരിപ്പിക്കാനും വ്യവസ്ഥകളുണ്ടായിരുന്നു. മതവിജ്ഞാനീയത്തിൽ മത്സരപ്പരീക്ഷകൾ നടത്തിയതിനും തെളിവുകളുണ്ട്.

ശില്പകലയിലും കൊത്തുപണിയിലും മുന്നേറ്റമുണ്ടായത് ഇക്കാലത്താണ്. കേരളത്തിലെ പല പ്രധാന ക്ഷേത്രങ്ങളും രണ്ടാം ചേരസാമ്രാജ്യകാലത്തു നിർമിക്കപ്പെട്ടവയാണ്. അവയിലെ ശിലാദാരുശില്പങ്ങൾ ഇന്നും അത്യാകർഷകങ്ങളായി പരിലസിക്കുന്നു. കംബോഡിയയിലെ അങ്കോർവത്ത് ക്ഷേത്രം നിർമിക്കാൻ ദക്ഷിണേന്ത്യയിൽനിന്നു പോയ ശില്പികളിൽ പലരും കേരളീയരായിരുന്നുവെന്നു കരുതപ്പെടുന്നു.

നൗകാശാസ്ത്രത്തിലും കേരളീയർ നിപുണരായിരുന്നു. കുലശേഖരപെരുമാക്കന്മാരുടെ കപ്പൽപ്പട സുസംഘടിതമായിരുന്നു. അതിവിപുലമായ വിദേശ വാണിജ്യബന്ധങ്ങളുണ്ടായിരുന്ന ഈ രാജ്യത്തു നൗകാശാസ്ത്രം വളരെ അഭിവൃദ്ധിപ്പെട്ടതിനു തെളിവുകളായി കപ്പൽ, വെടി, പത്തേമാരി തുടങ്ങിയ മലയാളപദങ്ങളുടെ പ്രചാരത്തെ ചിലർ ചൂണ്ടിക്കാണിക്കുന്നുണ്ട്.

ചേരക്കോഴി (Snake bird or darter)

ഒരിനം നീർപ്പക്ഷി. ശാസ്ത്രനാമം: *അൻഹിഞ്ജാ റൂഫ (Anhinga rufa)*. വലിയ തടാകങ്ങളിൽ കണ്ടുവരുന്നു. ഏതാണ്ടു പരുന്തിനോളം വലിപ്പം വരും. നീണ്ടുമെലിഞ്ഞ കഴുത്ത് മുണ്ടി(കൊക്ക്)യുടെതുപോലെയാണ്. പൊതുവെ നല്ല കറുപ്പുനിറം.



ചേരക്കോഴി

എന്നാൽ വെള്ളിപോലെ തിളങ്ങുന്ന നീണ്ടതൂവലുകൾ പുറത്തു തൂങ്ങിക്കിടക്കും. തലയും കഴുത്തും തിളക്കമുള്ള തവിട്ടുനിറം. മുഖവും തൊണ്ടയും വെളുത്തത്. കഴുത്തിന്റെ വശങ്ങളിലൂടെ ഒരു വെള്ളപ്പട്ട കാണാം. നീണ്ടവാലിന്റെ അറ്റം അർധവൃത്താകാരമാണ്. കാൽ കുറുകിയതും വിരലുകൾ, താറാവിന്റേതുപോലെ, ചർമംകൊണ്ടു തമ്മിൽ ബന്ധിച്ചവയുമാണ്. വെള്ളത്തിൽ മുങ്ങിക്കിടക്കാനും വായുവിൽ വേഗത്തിൽ പറക്കാനും കഴിയും. വെള്ളത്തിൽ മുങ്ങി ഇര തേടുന്നു. വളഞ്ഞ കഴുത്തു പെട്ടെന്നു നീട്ടി ആഹാരം കൊത്തിയെടുക്കുന്നു. കൂർത്തുനീണ്ട കൊക്ക് ഇതിനു സഹായിക്കുന്നു. ചിറകുകൾ ഉണങ്ങാൻ കരയ്ക്ക് ഇരിക്കാറുണ്ട്. പ്രജനനം മഴക്കാലത്ത്. മരക്കൂട്ടങ്ങളിൽ ചുള്ളിക്കമ്പുകൾകൊണ്ടാണു കൂടുകൂട്ടുന്നത്.

ചേര-ചോളയുദ്ധങ്ങൾ

എ.ഡി. 985 മുതൽ ഒരു നൂറ്റാണ്ടുകാലം ദക്ഷിണേന്ത്യയിൽ ചേരന്മാരും ചോളന്മാരും തമ്മിൽ നടന്ന യുദ്ധങ്ങൾ. കേരളചരിത്രത്തിൽ ഇതിനു നിർണായകമായ സ്ഥാനമുണ്ട്.

രണ്ടാം ചേരസാമ്രാജ്യസ്ഥാപകനായ കുലശേഖരവർമ രാജ്യഭാരം തുടങ്ങി കുറച്ചു കഴിഞ്ഞപ്പോൾ പാണ്ഡ്യരെയും ചോളരെയും തോല്പിച്ചു. എങ്കിലും കോതരവിവർമയുടെ കാലംവരെ (917—947) ചേര-ചോള ബന്ധത്തിന് കാര്യമായ ശൈഥില്യമില്ലായിരുന്നു.

സ്ഥാണുരവിവർമ പല്ലവർക്കെതിരായി ചോളരെ സഹായിച്ചു. സ്ഥാണുരവിക്കുശേഷം ചക്രവർത്തിയായ രാമവർമയുടെ ഭരണകാലത്ത് ചോളശക്തി ഭയജനകമാംവിധം വർധിച്ചുവരുകയായിരുന്നെങ്കിലും ഇക്കാലത്തും മൂവരചർ പൊതുവെ സൗഹാർദം പുലർത്തിയിരുന്നു. രാമവർമ പുത്രിയെ ആദിത്യചോളന്റെ മകനായ പരാന്തകചോളനു വിവാഹംകഴിച്ചുകൊടുത്തു, ചേര-ചോള മൈത്രിയെ ദൃ

ഢപ്പെടുത്തി. എന്നാൽ രാമവർമയുടെ പിൻഗാമിയായ കോതരവിയുടെ ഭരണകാലത്ത് ചേര-ചോള ബന്ധങ്ങൾ സാരമായി ഉലഞ്ഞു. അന്നു വിജ്ഞാനസങ്കേതങ്ങളായിരുന്ന കാന്തളൂരും വിഴിഞ്ഞവും പ്രബല സൈനികകേന്ദ്രങ്ങളായി. കാഞ്ചീപുരംമുതൽ കന്യാകുമാരിവരെയുള്ള പ്രദേശങ്ങൾ ഇതിനകം പിടിച്ചടക്കിയ പരാന്തകചോളന് ചേരസാമ്രാജ്യത്തോടു ദ്വേഷം തോന്നാൻ രണ്ടു കാരണമുണ്ടായി. ആയ്‌രാജ്യം ചേരരാജ്യത്തിൽ ലയിച്ചു; പരാന്തകനാൽ തോല്പിക്കപ്പെട്ട പാണ്ഡ്യരാജാവായ മാറവർമൻ രാജസിംഹന് ചേരരാജാവ് അഭയം നൽകി.

രാമവർമ കുലശേഖരനുശേഷം ചക്രവർത്തിയായ ഇന്ദുക്കോതവർമയുടെ ഭരണാരംഭത്തിൽ പരാന്തകചോളൻ കൊങ്ങുനാട് ആക്രമിച്ചത് ചേര-ചോള ബന്ധത്തെ ശിഥിലമാക്കി. കൊങ്ങുചേരന്മാർ മഹോദയപുരത്തുവാണ കുലശേഖരന്മാരുടെ അടുത്ത ബന്ധുക്കളായിരുന്നു. അതുകൊണ്ട് കൊങ്ങുനാടാക്രമണത്തെ പരോക്ഷമായി ചേരസാമ്രാജ്യത്തിനു നേർക്കുള്ള കയ്യേറ്റമായി ചേരചക്രവർത്തി വിചാരിച്ചു. അപ്പോഴും നേരിട്ടൊരു യുദ്ധമുണ്ടായില്ല. എന്നാൽ അമർത്തപ്പെട്ട വിദ്വേഷത്തിന്റെ ബാഹ്യസൂചനകൾ കാണാൻ തുടങ്ങി. ചേരസൈന്യങ്ങൾ രാജ്യഭ്രഷ്ടരായ പാണ്ഡ്യരാജാക്കന്മാരെ ചോളർക്കെതിരായി യുദ്ധംചെയ്യുന്നതിനു സഹായിച്ചു. പരാന്തകൻ മരിച്ചതിനുശേഷം, രാജസിംഹന്റെ മകനായ വീരപാണ്ഡ്യൻ ചേരസൈന്യത്തിന്റെ സഹായത്തോടെ നാഞ്ചിനാട്ടിലും തിരുനൽവേലിപ്രദേശങ്ങളിലും ആക്രമണം നടത്തി. പരാന്തകന്റെ പുത്രനായ കണ്ടരാദിത്യനെ വധിച്ചു. പരാന്തകന്റെ പിൻഗാമികളായ ചോളരാജാക്കന്മാർ താരതമ്യേന ദുർബലരായിരുന്നതിനാൽ അടുത്ത മുപ്പതു വർഷക്കാലത്തേക്ക് ചേര-ചോള ബന്ധം നിശ്ചലാവസ്ഥയിലായി.

നൂറ്റാണ്ടുയുദ്ധം. ഭാസ്കരരവിവർമ ഒന്നാമന്റെ ഭരണകാലം ചേര-ചോള ബന്ധങ്ങളുടെ ചരിത്രത്തിൽ ഒരു വഴിത്തിരിവാണ്. ഇക്കാലത്താണ് ചേര-ചോള സംഘട്ടനത്തിന്റെ നാന്ദി കുറിക്കുന്നത്. എ.ഡി. 985-ൽ ചോളസാമ്രാജ്യത്തിന്റെ ഭരണഭാരമേറ്റെടുത്ത രാജരാജചോളന്റെ നയം ആക്രമണപരമായിരുന്നു. രാജരാജൻ രാജാവായി നാലു വർഷത്തിനുള്ളിൽ പാണ്ഡ്യരെ തോല്പിച്ച്. നാഞ്ചിനാടും തിരുനെൽവേലി പ്രദേശങ്ങളും വീണ്ടെടുത്തു. തുടർന്ന് വിഴിഞ്ഞവും കാന്തളൂരും ആക്രമിച്ചു. രാജരാജന്റെ 4-ാം ഭരണവർഷംമുതൽ 14-ാം ഭരണവർഷംവരെയുള്ള കാലഘട്ടത്തിലെ ശാസനങ്ങളിൽ 'കാന്തളൂർചാലൈ കലമറുത്ത' സംഭവം വലിയ നേട്ടമായി കീർത്തിക്കപ്പെടുന്നു. ഈ ആക്രമണം ഭാവിയിലെ സംഘട്ടനത്തിന്റെ മുന്നോടിയായി. 1000-ാമാണ്ട് വമ്പിച്ച ഒരു സൈന്യവുമായി രാജരാജൻ വീണ്ടും കാന്തളൂർ, വിഴിഞ്ഞം തുടങ്ങിയ സൈനികസങ്കേതങ്ങൾ ആക്രമിച്ച് ചേരസൈന്യത്തെ പരാജയപ്പെടുത്തി. ഈ യുദ്ധത്തിനുശേഷം ഇരണിയൽ, കൽക്കുളം, വിളവംകോട് തുടങ്ങിയ പ്രദേശങ്ങളെല്ലാം ചോളർക്ക് അധീനമായി. ഇവിടെനിന്നൊക്കെ പില്ക്കാലത്ത് ചോളശാസനങ്ങൾ കണ്ടെടുത്തിട്ടുണ്ട്. കന്യാകുമാരിക്ക് രാജരാജേശ്വരമെന്നും, കോട്ടാറിന് മുമ്മുടിചോളനല്ലൂർ എന്നും പുതിയ പേരുകൾ കൊടുത്തു. രാജരാജൻ മഹോദയപുരം ഉൾപ്പെടെ ചേരസാമ്രാജ്യത്തിന്റെ ഉത്തരഭാഗങ്ങളും ആക്രമിച്ചു നശിപ്പിച്ചതായി ചോളശാസനങ്ങളിൽ പരാമർശമുണ്ട്. ചേരചക്രവർത്തിയായ ഭാസ്കരരവി ഒന്നാമന്റെ ജൂതശാസനം ഈ കാലഘട്ടത്തിൽ രചിച്ചതാവാം. രാജരാജനു പല വിജയങ്ങൾ നേടാൻ കഴിഞ്ഞെങ്കിലും ചേരശക്തിയെ തകർക്കാൻ കഴിഞ്ഞില്ലെന്നതു വ്യക്തമാണ്. കേരളത്തിന്റെ തെക്കെ അറ്റത്തു മാത്രമെ ഇക്കാലത്ത് ചോളാധിപത്യമുണ്ടായിരുന്നുള്ളു.

എ.ഡി. 1012-ൽ രാജരാജപുത്രനായ രാജേന്ദ്രചോളൻ രാജാവായപ്പോഴേക്കും ചോളർ കൈവശപ്പെടുത്തിയ സ്ഥലങ്ങൾ ചേരന്മാർ വീണ്ടെടുത്തു. ചോളർക്കെതിരായി സിംഹളരെ സഹായിക്കാൻ ഒരു സൈന്യത്തെ ചേരൻ അങ്ങോട്ടയച്ചു. രാജേന്ദ്രൻ സിംഹളം ആക്രമിച്ചു കീഴടക്കി. 1019-ൽ കേരളത്തിലേക്കു കടന്ന് കാന്തളൂരും വിഴിഞ്ഞവും കൈവശപ്പെടുത്തി. വിഴിഞ്ഞത്തിന് രാജേന്ദ്രചോളപുരം എന്നു പേരിട്ടു. ചോളസൈന്യത്തിന്റെ മറ്റൊരു വിഭാഗം ഉത്തരകേരളത്തിൽ പ്രവേശിച്ചു. ചോളരുടെ നാവികസൈന്യം അവരുടെ കരസൈന്യങ്ങൾക്കു ശക്തിയായ പിന്തുണ നല്കി. രാജധാനിയായ മഹോദയപുരത്തിനുവേണ്ടി നടന്ന യുദ്ധത്തിൽ ഒട്ടേറെ ചേരസേനാനികൾ കൊല്ലപ്പെട്ടു. തിരുവനന്തപുരത്തിനു വടക്കുനിന്ന് ഒരൊറ്റ ചോളശാസനവും കണ്ടുകിട്ടിയിട്ടില്ല. രാജേന്ദ്രനുശേഷം ചോളരാജാവായ രാജാധിരാജനും തുടർന്നു ഭരിച്ച കുലോത്തുംഗനും ചേരരാജ്യം വീണ്ടും വീണ്ടും ആക്രമിച്ചു. ചേരരാജ്യത്തെ നിശ്ശേഷം തോല്പിക്കാൻ ചോളർക്കു കഴിഞ്ഞില്ല.

ഭാസ്കരരവി രണ്ടാമന്റെ പിന്തുടർച്ചക്കാരനായ വീരകേരളൻ ചക്രവർത്തിയായപ്പോൾ ചോളശക്തി തകർക്കാൻ ശ്രമിച്ചു. രാജേന്ദ്രൻ പുത്രനായ രാജാധിരാജനെ കേരളത്തിലേക്കയച്ച് ഈ കലാപം അടിച്ചമർത്തി. വീരകേരളനെ ബന്ധനസ്ഥനാക്കി ആനയെക്കൊണ്ടു ചവിട്ടിച്ചു കൊല്ലിച്ചു. പിന്നീട് ചേരചക്രവർത്തിയായ രാജസിംഹൻ ചോളാധിപത്യം അംഗീകരിച്ചു. അടുത്ത ചക്രവർത്തിയായ ഭാസ്കരരവി മൂന്നാമന്റെയും തുടർന്നു ഭരിച്ച രവിരാമവർമയുടെയും ഭരണകാലത്തു നഷ്ടപ്പെട്ട സ്വാതന്ത്ര്യം വീണ്ടെടുക്കാൻ ചേരന്മാർ ശ്രമിച്ചു. കുലോത്തുംഗചോളന്റെ സിംഹാസനാരോഹണഘട്ടമായപ്പോഴേക്കും കേരളം ചോളന്മാരുടെ നിയന്ത്രണത്തിൽനിന്നു വിമുക്തമായി. ചേരന്മാരുടെ സഹായത്തോടെ നാഞ്ചിനാട്-തിരുനെൽവേലി പ്രദേശങ്ങൾ വീണ്ടെടുക്കാൻ പാണ്ഡ്യർക്കും കഴിഞ്ഞു. എന്നാൽ കുലോത്തുംഗൻ ഭരണഭാരമേറ്റതോടുകൂടി പാണ്ഡ്യ-ചേര രാജ്യങ്ങളിലേക്കു പുതിയ പടനീക്കങ്ങൾ ഉണ്ടായി. പാണ്ഡ്യരെ പരാജയപ്പെടുത്താനും കാന്തളൂരും വിഴിഞ്ഞവും വീണ്ടും ആക്രമിക്കാനും അവർക്കു സാധിച്ചു. അപ്പോഴേക്കും രാമവർമകുലശേഖരൻ ചേരചക്രവർത്തിയായി. സകലശക്തിയും സംഭരിച്ചു സ്വാതന്ത്ര്യം നിലനിർത്താൻ അദ്ദേഹം ശ്രമിച്ചു. ചേരസൈന്യത്തിൽ നല്ലൊരു വിഭാഗത്തെ ചാവേറ്റുപടയായി സംഘടിപ്പിച്ചു. തുടർന്നുണ്ടായ യുദ്ധത്തിൽ ചേരരാജധാനി നിശ്ശേഷം നശിച്ചു.

ചേരചക്രവർത്തി പിന്നീട് കൊടുങ്ങല്ലൂർ നെടിയതളിയിൽ താമസമാക്കി. കൊല്ലത്ത് പനങ്കാവിൽ കൊട്ടാരത്തിൽ താമസിച്ചതായി അറിയപ്പെടുന്ന രാമതിരുവടി ഈ രാമവർമകുലശേഖരൻതന്നെയാണ്. യുദ്ധത്തിന്റെ അവസാനഘട്ടത്തിൽ കൂടുതൽ സമർഥമായി ചോളസൈന്യത്തെ നേരിടാൻവേണ്ടി രാമവർമ്മ കൊല്ലത്തു താമസിച്ചു. പിന്നീടുണ്ടായ യുദ്ധത്തിൽ രാമവർമ ജയിച്ചു. ചോളന്മാർ കോട്ടാറിലേക്കു പിൻവാങ്ങി. ചോളന്മാരെ പരാജയപ്പെടുത്തുന്നതിൽ ചാവേറ്റുപടയ്ക്ക് പ്രധാനമായ പങ്കുണ്ട്. നാഞ്ചിനാടിനു വടക്കുള്ള ഭാഗങ്ങൾ പിന്നീടൊരിക്കലും ചോളാധിപത്യത്തിലായിട്ടില്ല. താമസിയാതെ നാഞ്ചിനാട്ടുനിന്നും അവർ പിന്മാറിയപ്പോൾ അവിടം പാണ്ഡ്യരുടെ അധീനത്തിലായി.

യുദ്ധത്തിന്റെ ഗതി അവസാനം ചേരന്മാർക്ക് അനുകൂലമാക്കിത്തീർത്തത്. രാമവർമ കുലശേഖരനാണ്. അന്തിമവിജയം നേടാൻ കഴിഞ്ഞുവെങ്കിലും ചേരശക്തി ഇതോടെ അസ്തമിച്ചു.

യുദ്ധഫലങ്ങൾ. കേരളം ഛിന്നഭിന്നമായി. അനേകം ചെറുരാജ്യങ്ങൾ രൂപംകൊണ്ടു. നിർബന്ധിത സൈനികസേവനം നമ്പൂതിരിമാരെക്കൊണ്ടും ആയുധം എടുപ്പിച്ചു. സാംസ്കാരികശിക്ഷണം ആയുധപരിശീലനത്തിനു വഴിമാറി. കലകൾ ക്ഷയിച്ചു. വിദേശവ്യാപാരം കുറഞ്ഞു. മരുമക്കത്തായം രൂപംകൊണ്ടതും ഈ യുദ്ധത്തിന്റെ ഫലമാണെന്നു കരുതുന്നു.

ചേരനാട്

പാണ്ടിനാടിനു പടിഞ്ഞാറ് അറബിക്കടലിനും സഹ്യാദ്രിക്കുമിടയിൽ കുട്ടം, കുടം, കർക്കാ, പൂഴി എന്നീ നാടുകളടങ്ങിയ പ്രദേശം. ചേരൻ ചെങ്കുട്ടവന്റെ കാലത്താണ് ഇത് ഏറ്റവും വിസ്തൃതമായത്. മൈസൂറിന്റെ തെക്കുഭാഗവും ഇന്നത്തെ കോയമ്പത്തൂരും സേലം-നീലഗിരി ജില്ലകളും ഇതിൽ ഉൾപ്പെട്ടിരുന്നു. കിഴക്ക് പഴനിയും തെങ്കാശിയും പടിഞ്ഞാറു കടലും ആണ് അതിർത്തികൾ. തിരുവഞ്ചിക്കുളമായിരുന്നു ചേരമണ്ഡലത്തിന്റെ തലസ്ഥാനം. തൊണ്ടി, മുചിരി എന്നിവയായിരുന്നു പ്രധാന തുറമുഖങ്ങൾ.

ചേരമണ്ഡലത്തിന്റെ അതിർത്തികൾ എന്നും ഒന്നായിരുന്നില്ല. കൊങ്ങുനാട് (കോയമ്പത്തൂർ-സേലം ജില്ലകൾ) ഒരു മർമസ്ഥാനമായിരുന്നു. ചോളർക്കും, പാണ്ഡ്യർക്കും, ചേരർക്കും അതിൽ താത്പര്യമുണ്ടായിരുന്നു. കൊങ്ങുനാടിന്റെ പേരിൽ പല യുദ്ധങ്ങളും അവർ തമ്മിൽ നടന്നു. പൽയാനൈ ചെൽകെഴുകുട്ടുവൻ എന്ന ചേരരാജാവ് യുദ്ധംചെയ്ത് കൊങ്ങുനാടു കീഴടക്കി. അത് ചേരനാടിനോടു കൂട്ടിച്ചേർത്തു. അങ്ങനെ ചേരരാജാവിനു കൊങ്കർകോനെന്നും പേരു കിട്ടി.

† ചേരസാമ്രാജ്യം (ഒന്ന്),†ചേരസാമ്രാജ്യം (രണ്ട്) നോക്കുക.

ചേരൻ ചെങ്കുട്ടവൻ

ഒന്നാം ചേരസാമ്രാജ്യത്തിലെ പ്രമുഖ രാജാവ്. പതിറ്റുപ്പത്തിലെ 5-ാംപത്തിൽ പ്രകീർത്തിതനായ വേൽകെഴുകുട്ടവനും ചിലപ്പതികാരത്തിൽ വർണ്ണിച്ചിട്ടുള്ള ചേരൻ ചെങ്കട്ടവരും ഒരാൾതന്നെയാണ്.

† ഇളങ്കോഅടികൾ ഇദ്ദേഹത്തിന്റെ അനുജനാണ്.

ചെങ്കുട്ടവൻ 20-ാമത്തെ വയസ്സിൽ രാജാവായി. 55 വർഷത്തെ

ഭരണകാലത്തിനിടയിൽ ഇദ്ദേഹം പല യുദ്ധങ്ങളും നടത്തിയിട്ടുണ്ട്.

അറബിക്കടലിലെ കടൽക്കള്ളന്മാരെ അമർച്ചചെയ്ത് രാജ്യത്തിന്റെ വിദേശവാണിജ്യത്തെ രക്ഷിക്കുവാൻ ചെങ്കുട്ടവൻ ഒരു നാവികസേന രൂപവത്കരിച്ചുവെന്നും കടൽക്കള്ളന്മാർക്കെതിരായി നാവികയുദ്ധങ്ങൾ വിജയകരമായി നടത്തിയെന്നും പതിറ്റുപ്പത്തിൽ കാണുന്നു.

കുടകുരാജാവ് ഇദ്ദേഹത്തോടു യുദ്ധംചെയ്തു തോറ്റു. പാണ്ഡ്യസേനാനായകനായിരുന്ന പഴയനോട് ചെങ്കുട്ടവൻ യുദ്ധംചെയ്ത് അയാളുടെ കാവൽമരം വെട്ടി വീഴ്ത്തി എന്ന് തമിഴ് കൃതികളിൽ കാണുന്നു.

ചെങ്കുട്ടവൻ നടത്തിയ ഏറ്റവും വലിയ യുദ്ധം വടക്കുനിന്നു തമിഴ്നാടിനെതിരായി വന്ന കനകൻ, വിജയൻ എന്നിവർക്കെതിരായിട്ടാണ്.

ഇദ്ദേഹത്തിൻെറ ഭരണത്തെപ്പറ്റി ചിലപ്പതികാരത്തിലും പതിറ്റുപ്പത്തിലും ധാരാളം വിവരങ്ങളുണ്ട്. പണ്ടത്തെ തമിഴ് മന്നന്മാരെപ്പോലെ ഐംപെരുകഴുക്കൾ, എൺപേരായത്തവർ, പുലവർ, പൊതുജനങ്ങൾ എന്നിവരുടെ സഹായത്തോടെ രാജ്യം ഭരിച്ചു. പടത്തലവനായ വില്ലവൻകോതയും പ്രധാനമന്ത്രി അഴുമ്പിൻവേളും ദൂതന്മാരുടെ തലവനായിരുന്ന സഞ്ജ്ജയനും ഭരണത്തിൽ പ്രധാന പങ്കുവഹിച്ചു.

ചെങ്കുട്ടവൻെറ ഔദ്യോഗികചിഹ്നത്തിൽ ചേരരുടെ വില്ലും പാണ്ഡ്യരുടെ കയലും ചോഴരുടെ പുലിയും ചേർന്നിരുന്നു. അക്കാലത്ത് പാണ്ഡ്യചോളദേശങ്ങൾ ചെങ്കുട്ടവൻെറ കീഴിലായിരുന്നുവെന്ന് ഇതിൽനിന്ന് ഊഹിക്കാം. മന്ത്രിമാരുമായി കാര്യാലോചന നടത്തുമ്പോൾ പത്നിയായ കോപ്പെരുംദേവിയും തൻെറ അഭിപ്രായങ്ങൾ പറഞ്ഞിരുന്നുവത്രെ.

ചേരപ്പരുന്ത് (Pariah kite)

ഒരിനം പരുന്ത്. ശാസ്ത്രനാമം: *മിൽവസ് മൈഗ്രാൻസ് (Milvus migrans)*. അസിപിട്രിഡെ കുലത്തിൽപ്പെടുന്നു. ചക്കിപ്പരുന്ത് എന്നും പേരുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ കണ്ടുവരുന്ന ഇനം ഇതാണ്. നല്ല ചൂടുള്ള ദിവസങ്ങളിൽ വളരെ ഉയരെ വട്ടമിട്ടു പറക്കുകയും ചിറകടിക്കാതെ കാറ്റത്തു ഒഴുകിനടക്കുകയും ചെയ്യാറുണ്ട്. നാട്ടിൻപുറത്തും പട്ടണങ്ങളിലും കാണുന്ന ഇവ കുപ്പത്തൊട്ടിയിൽനിന്നും അറപ്പുശാലയിൽനിന്നും മറ്റുഭക്ഷ്യാവശിഷ്ടങ്ങൾ തിന്നുന്നു. രാത്രിയിൽ മരങ്ങളിൽ ചേക്കേറും. ഉണക്കച്ചുള്ളികളും തുണിക്കഷണവും കൊണ്ട് സെപ്തംബർ-ഏപ്രിൽ മാസങ്ങളിൽ കൂടുകെട്ടുന്നു. മാവിലും പുളിയിലും തെങ്ങിലും ഇത്തരം കൂടു കാണാം.


ചേരപ്പരുന്ത്.

കടുത്ത തവിട്ടു നിറവും വാലിൻെറയറ്റത്തുള്ള വെട്ടും ആണ് കൃഷ്ണപ്പരുന്തിൽനിന്ന് ചേരപ്പരുന്തിനെ തിരിച്ചറിയാൻ സഹായിക്കുന്നത്.

ചേരഭരണം

ചേരരാജാക്കന്മാരുടെ കാലത്തെ ഭരണസംവിധാനം.

ചേരരാജാക്കന്മാർ സേച്ഛാധിപതികളായിരുന്നെങ്കിലും ജനഹിതത്തെ മാനിച്ചിരുന്നു. മന്ത്രിമാരുടെയും വിദ്വാന്മാരുടെയും ഉപദേശങ്ങൾ ആരാഞ്ഞശേഷമാണു തീരുമാനങ്ങളെടുത്തത്. രാജാവു പ്രതാപത്തിൻെറയും ആഡംബരത്തിൻെറയും കേന്ദ്രമായിരുന്നതുപോലെതന്നെ മാതൃകാപരമായ ധാർമികജീവിതം അനുഷ്ഠിക്കുകയും ചെയ്തിരുന്നു. മറ്റു രാജാക്കന്മാരെ തോല്പിക്കുന്നതു മഹത്വത്തിൻെറ മാനദണ്ഡമായി കരുതി. കാർഷികോത്പന്നങ്ങൾ, വ്യാവസായികോത്പന്നങ്ങൾ എന്നിവ നികുതികൾക്കു വിധേയമായിരുന്നു. ആഭ്യന്തരവും അന്തർദേശീയവുമായ വാണിജ്യത്തിന്മേൽ നികുതികൾ ചുമത്തി. ആഭ്യന്തര സമാധാനത്തിനു വിപുലമായ ഏർപ്പാടുകളുണ്ടാക്കി. രാത്രിയിൽ പന്തവുമായി വഴികളിൽ റോന്തുനടത്താൻ കാവലാളുകളെ നിയോഗിച്ചു.

രണ്ടാം ചേരസാമ്രാജ്യത്തെ കുലശേഖരസാമ്രാജ്യമെന്നും പറഞ്ഞിരുന്നു. കുലശേഖരസാമ്രാജ്യത്തിൻെറ വിസ്തൃതിയെപ്പറ്റി 9-ാംശതകത്തിലെ ശാസനങ്ങളിൽനിന്നു മിക്കവാറും പൂർണമായ വിവരം ലഭിക്കുന്നുണ്ട്. തിരുവനന്തപുരത്തിനടുത്തായിരുന്നു തെക്കെ അതിർത്തി. വടക്കെ അതിർത്തി കൃത്യമായി നിർണയിക്കുക പ്രയാസമാണെങ്കിലും കോലത്തുനാടൊഴികെയുള്ള കേരളത്തിൻെറ വടക്കൻപ്രദേശങ്ങളെല്ലാം കുലശേഖരസാമ്രാജ്യത്തിലുൾപ്പെട്ടിരുന്നുവെന്നു പറയാം. സഹ്യനു കിഴക്കു സേലം, കോയമ്പത്തൂർ, നീലഗിരി ജില്ലകളിലെ ഏതാനും ഭാഗവും ചില ഘട്ടങ്ങളിൽ കുലശേഖരസാമ്രാജ്യത്തിൻെറ ഭാഗമായിരുന്നിട്ടുണ്ട്.

സ്വയംഭരണസ്വഭാവത്തോടുകൂടിയ പല 'നാടു'കളായി രാജ്യത്തെ വിഭജിച്ചിരുന്നു. കൊല്ലം തലസ്ഥാനമാക്കിയ വേണാടായിരുന്നു തെക്കെ അറ്റത്ത്. വേണാട്, ഓടനാട്, നൻറുഴൈനാട്, മുഞ്ഞനാട്, വെമ്പലനാട്, കീഴ്മലൈനാട്, കാൽക്കരൈനാട്, നെടുംപുറൈയൂർനാട്, വള്ളുവനാട്, ഏറനാട്, പോളനാട്, കുറുംപുറൈയൂർനാട്, പുറൈക്കിഴാനാട് എന്നിവയായിരുന്നു അന്നത്തെ നാടുകൾ. നാടുകളുടെ ഭരണം നിർവഹിച്ചിരുന്നത്, ജനസമ്മതത്തോടുകൂടി ചക്രവർത്തിയാൽ നിയമിക്കപ്പെട്ടിരുന്ന നാടുവാഴികളാണ്. നാടുവാഴിസ്ഥാനം പില്ക്കാലത്തു പാരമ്പര്യവഴിക്ക് ആയിത്തീർന്നുവെന്നതിനു തെളിവുകളുണ്ട്. നാടുവാഴികളുടെ ഭരണത്തിനു മേൽനോട്ടം വഹിക്കാൻ കോവിലധികാരി എന്ന ഒരു രാജകീയ പ്രതിനിധി (ഗവർണർ) നിയോഗിക്കപ്പെട്ടിരുന്നു. ആകെക്കൂടി ജനാഭിലാഷപ്രകാരമുള്ള ഭരണമാണ് അന്നു നിലവിലിരുന്നത്. ഓരോ നാടിൻെറയും യഥാർഥത്തിലുള്ള ഭരണം അതതു നാട്ടിലെ 'കൂട്ട'ങ്ങളാണു നടത്തിയിരുന്നത്. മുന്നൂറ്റുവർ, അറുനൂറ്റുവർ തുടങ്ങിയ കൂട്ടങ്ങളെപ്പറ്റി അന്നത്തെ ശാസനങ്ങളിൽ പരാമർശമുണ്ട്.

നാടുകൾ ദേശങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. ദേശവാഴികൾ അഥവാ 'വാഴ്കൈ വാഴി'കളായിരുന്നു ദേശഭരണാധികാരികൾ. അവരുടെ അധികാരങ്ങളെ ദേശക്കൂട്ടങ്ങൾ നിയന്ത്രിച്ചിരുന്നു. ഈ കൂട്ടങ്ങൾ ജനകീയ സ്വഭാവത്തോടുകൂടിയവയായിരുന്നു. കരയായിരുന്നു സാമ്രാജ്യത്തിലെ ഏറ്റവും ചെറിയ ഘടകം. കരയുടെ ഭരണം പഞ്ചായത്തുകൾ നിർവഹിച്ചു. ചില വലിയ നഗരങ്ങളുടെ ഭരണത്തിനു പ്രത്യേകം കൂട്ടങ്ങൾ ഉണ്ടായിരുന്നു. കൊല്ലം പട്ടണത്തിൻെറ ഭരണം അറുനൂററുവർ എന്ന സംഘമാണു നിർവഹിച്ചുവന്നിരുന്നതെന്നു തരിസാപ്പള്ളി ശാസനം സൂചിപ്പിക്കുന്നു.

അധികാരി, പടനായകൻ, മതിൽനായകൻ, തീയമാഴ്വാൻ തുടങ്ങിയവർ രാജ്യഭരണത്തിനു നിയുക്തരായ ഉദ്യോഗസ്ഥന്മാരിൽ ചിലരാണ്. നിയമസമാധാനപാലനത്തിനു കർക്കശമായ വ്യവസ്ഥകളാണുണ്ടായിരുന്നത്. ഭദ്രമായ ഒരു നികുതിഘടനയാണ് അന്നു നിലവിലിരുന്നത്. പതവാരം, കോപ്പതവാരം, മേനിപ്പൊന്ന്, കുടനാഴി, പാകുടം തുലാക്കൂലി, ആൾക്കാഴ്ച തുടങ്ങി പലതരം നികുതികളെപ്പറ്റിയുള്ള പരാമർശം അന്നത്തെ ശാസനങ്ങളിൽ കാണാം. ക്രമസമാധാനപരിപാലനത്തിലെന്നതുപോലെതന്നെ ബാഹ്യാക്രമണങ്ങളെ ചെറുക്കുന്നതിലും ജാഗരൂകരായിരുന്നു കുലശേഖരന്മാർ. അവരുടെ സുസജ്ജമായ കര-കടൽസൈന്യങ്ങൾ ആ കൃത്യം കാര്യക്ഷമമായി നിർവഹിച്ചുപോന്നു.

ചേരമാൻ ജുമാ മസ്ജിത്

†കൊടുങ്ങല്ലൂർ പള്ളി നോക്കുക.

ചേരമാൻപറമ്പ്

ചരിത്രപ്രസിദ്ധമായ തിരുവഞ്ചിക്കുളം ക്ഷേത്രത്തിനടുത്തു സ്ഥിതിചെയ്യുന്ന സ്ഥലം. ചേരമാൻപറമ്പിലാണു രണ്ടാം ചേരരാജാക്കന്മാർ (കുലശേഖരന്മാർ) വാണിരുന്നതെന്നു കരുതുന്നു. പഴയ തമിഴ്സാഹിത്യത്തിൽ 'അല്ലൽ പെരുങ്കോവിലകം' എന്നാണിതിന്നു പേര്. സ്ഥാണുരവിയുടെ കാലത്തു ജീവിച്ചിരുന്ന സുപ്രസിദ്ധ ജ്യോതിശ്ശാസ്ത്രജ്ഞനായ ശങ്കരനാരായണൻ എ.ഡി. 869-ൽ എഴുതിയ ജ്യോതിർഗണിതഗ്രന്ഥത്തിൽ ഇതിനെ ഗോത്രമല്ലേശ്വരം എന്നാണു വിളിക്കുന്നത്. മഹോദയപുരം എന്ന പേരിലറിയപ്പെടുന്ന കൊടുങ്ങല്ലൂരിന്റെ ഭാഗമായിരുന്നു ചേരമാൻപറമ്പ്. പരിഷ്കൃതജീവിതത്തിന് ആവശ്യമായ സൗകര്യങ്ങളോടുകൂടി എല്ലാ ഭാഗത്തും വൻകോട്ടകളാൽ സുരക്ഷിതമായ ഒരു മഹാനഗരമാണ് ഇതെന്ന് ശങ്കരനാരായണൻ പറയുന്നു.

വാനനിരീക്ഷണകേന്ദ്രം. ശങ്കരനാരായണൻ രചിച്ച 'ശങ്കരനാരായണീയ'ത്തിൽ ചേരമാൻപറമ്പിൽ ഒരു വാനനിരീക്ഷണകേന്ദ്രം ഉണ്ടായിരുന്നതായി കാണുന്നു. ദക്ഷിണേന്ത്യയിലെ ഏറ്റവും പഴക്കംചെന്ന വാനനിരീക്ഷണകേന്ദ്രം ഇതായിരിക്കാം. സ്ഥാണുരവിക്കുമുമ്പുതന്നെ ഈ കേന്ദ്രമുണ്ടായിരുന്നുവെന്നും പറയുന്നു. സ്ഥാണുരവി ഈ കേന്ദ്രത്തിൽ ചില ശാസ്ത്രീയോപകരണങ്ങൾകൂടി ഘടിപ്പിച്ചുവത്രെ. അതുകൊണ്ട് ഈ കേന്ദ്രത്തെ 'രവിവർമ യന്ത്രാലയം' എന്നു വിളിച്ചുപോന്നു. 'രാശിചക്രം' എന്ന പേരിൽ അറിയപ്പെടുന്ന ഒരു യന്ത്രത്തെക്കുറിച്ചു പരാമർശമുണ്ട്. ശങ്കരനാരായണീയത്തിൽ, ഗോളയന്ത്രംപോലുള്ള ഉപകരണങ്ങളെക്കുറിച്ചും പറയുന്നു. അന്നത്തെ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ആര്യഭടന്റെ സിദ്ധാന്തങ്ങളെയാണു ആശ്രയിച്ചിരുന്നത്.

ശിവപൂജ. ജൈനവിശ്വാസിയും ചെങ്കുട്ടവന്റെ ഇളയസഹോദരനുമായ ഇളങ്കോ അടികൾ ഇവിടെ താമിച്ചിരുന്നു എന്നു ചിലപ്പതികാരത്തിൽനിന്ന് ഊഹിക്കാം. കുണവായിൽകോട്ടം (തൃക്കണാമതിലകം) എന്ന സ്ഥലവുമായി ചേരമാൻപറമ്പിനു ബന്ധമുണ്ടായിരുന്നു. ശിവഭക്തന്മാരായിരുന്ന കുലശേഖരന്മാർ പല ശിവക്ഷേത്രങ്ങളും നിർമിച്ചു. ചേരമാൻപറമ്പിന്റെ ചരിത്രപ്രാധാന്യത്തെ കുറിക്കാൻ നിർമിച്ചിട്ടുള്ള സ്മാരകഫലകത്തിന്നടുത്ത് അനേകം ശിവലിംഗങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

ഉത്ഖനനങ്ങൾ. കൊച്ചിസംസ്ഥാനത്തിലെ പുരാവസ്തുവിഭാഗം 1945-'46-ൽ ചേരമാൻപറമ്പിൽ ഒരു പരീക്ഷണഖനനം നടത്തി. തത്ഫലമായി ആയിരത്തിലധികം അവശിഷ്ടങ്ങൾ കണ്ടെടുത്തിട്ടുണ്ട്. തക്ഷശിലയിലെ ഡിർമൗണ്ട് എന്ന സ്ഥലത്തു കണ്ടെത്തിയപോലുള്ള ചൂളയ്ക്കുവെച്ച കളിമൺകുഴലുകൾ അവിടെ കണ്ടു. വിലപിടിപ്പുള്ള പല രത്നങ്ങളും ചേരമാൻപറമ്പിൽനിന്നും പണ്ടു കിട്ടിയതായി കേട്ടുകേൾവിയുണ്ട്. 1945--'46-കാലത്തെ പരീക്ഷണഖനനം പരിപൂർണമായെന്നു പറഞ്ഞുകൂടാ. 1969-'70-കാലത്ത് ഇന്ത്യാഗവൺമെന്റിന്റെ നേതൃത്വത്തിൽ നടന്ന ഉത്ഖനനപ്രവർത്തനങ്ങളിൽനിന്നു പുതിയ പല വസ്തുതകളും തെളിഞ്ഞു.



ചേരമാൻപറമ്പ്

ചേരമാൻപെരുമാൾ നായനാർ

ദക്ഷിണേന്ത്യയിലെ ശൈവമതനവോത്ഥാനത്തിനു ഹേതുഭൂതരായ അറുപത്തിമൂന്നു നായനാർമാരിൽ ഒരാൾ. ഇദ്ദേഹവും വിറന്മിണ്ടനായനാരും മാത്രമേ ഇവരിൽ കേരളീയരായിട്ടുള്ളു. ചേക്കിഴാരുടെ പെരിയപുരാണത്തിൽ ഇദ്ദേഹത്തിന്റെ ജീവിതകഥാസൂചനകളുണ്ട്. ചേരമാൻപെരുമാൾ മഹോദയപുരം വാണ കേരള ചക്രവർത്തിമാരിൽ ഒരാണ്. ഇദ്ദേഹം മറ്റൊരു പ്രസിദ്ധ ശൈവമതാചാര്യനായ സുന്ദരമൂർത്തിയുടെ സുഹൃത്ത് ആയിരുന്നു. ബാല്യത്തിലേ എല്ലാ ജീവജാലങ്ങളുടെയും ഭാഷ മനസ്സിലാക്കാൻ സാധിച്ചിരുന്നതിനാൽ ഇദ്ദേഹത്തിന് 'കഴറിറ്ററിവാർ' എന്ന ബിരുദം ലഭിച്ചു.

മഹോദയപുരംതലസ്ഥാനമാക്കിവാണ കുലശേഖര രാജാക്കന്മാരിൽ ദ്വിതീയനായ രാജശേഖരൻതന്നെയായിരിക്കാം ചേരമാൻപെരുമാൾ നായനാർ എന്നാണ് ഒരഭിപ്രായം. രാജശേഖരന്റെ ഭരണകാലം എ.ഡി. 820 മുതൽ 844 വരെയാണെങ്കിൽ സുന്ദരമൂർത്തിയുടെ ജീവിതകാലം ഏകദേശം അതിനടുത്തുവരും. രാജശേഖരൻ ഒരു ശൈവനായിരുന്നുവെന്ന് വാഴപ്പിള്ളിശാസനത്തിന്റെ തുടക്കത്തിലുള്ള 'നമശ്ശിവായ' എന്ന പ്രയോഗത്തിൽനിന്ന് ഊഹിക്കാം. രാജാവിനെ പരമേശ്വരഭട്ടാരകൻ എന്നാണു വിശേഷിപ്പിക്കുന്നത്.

പിതാവു ഭരണമൊഴിഞ്ഞ് സന്ന്യാസം സ്വീകരിച്ചപ്പോൾ ചേരമാൻപെരുമാൾ ചക്രവർത്തിയായി. ഇദ്ദേഹത്തിന്റെ ഭരണകാലത്തു രാജ്യത്തു ക്ഷേമവും സന്തുഷ്ടിയും കളിയാടി. അതിന്നിടയിൽ തിരുവാരൂരിലുണ്ടായിരുന്ന സുന്ദരമൂർത്തിയെ കാണാൻ പോയി. സുന്ദരൻ അദ്ദേഹത്തെ ഹാർദമായി സ്വീകരിച്ചു. അവർ വലിയ സുഹൃത്തുക്കളായിത്തീർന്നു. അവിടെവച്ചാണ് അദ്ദേഹം 'മുമ്മണിക്കോവൈ' എന്ന സ്തോത്രം രചിച്ചത്. പിന്നീടു രണ്ടാളുംകൂടി പാണ്ഡ്യനാട്ടിലും മറ്റുമുള്ള പ്രസിദ്ധ ശിവക്ഷേത്രങ്ങൾ സന്ദർശിച്ചു. തിരുമറൈക്കാട് (വെദാരണ്യം) ക്ഷേത്രത്തിച്ചെന്ന് അവിടത്തെ ദേവനെ പ്രകീർത്തിച്ചുകൊണ്ടു 'പൊൻവണ്ണത്തന്താദി' എന്ന പ്രസിദ്ധ ഗാനം പാടി. ഈ ഗാനം അദ്ദേഹം ആദ്യമായി പാടിയത് തില്ലൈ (ചിദംബരം) ക്ഷേത്രത്തിൽവച്ചായിരുന്നു.

തുടർന്നു രണ്ടുപേരുംകൂടി തിരുവഞ്ചിക്കുളത്തു വന്നു. സുന്ദരമൂർത്തി വീണ്ടും തിരുവാരൂരിലേക്കു പോയി. അദ്ദേഹം തിരുവഞ്ചിക്കുളത്തു മടങ്ങിവന്ന് വെള്ളാനപ്പുറത്തു കൈലാസം പൂകിയതായി പെരിയപുരാണം ഘോഷിക്കുന്നു. ചേരമാൻപെരുമാളും കുതിരപ്പുറത്തു കയറി സുന്ദരന്റെ ഒപ്പം കൈലാസം പൂകി എന്നാണു കഥ. മഹാരാജാവിന്റെ നിര്യാണത്തിൽ ദുഃഖിതരായ അനേകം പ്രജകളും ദേഹത്യാഗംചെയ്തു.

ചേരമാൻപെരുമാളുടെ പ്രസിദ്ധ തമിഴ് സ്ത്രോത്രങ്ങൾ മൂന്നെണ്ണമാണ്—1. പൊൻവണ്ണത്തന്താദി, 2. മുമ്മണിക്കോവൈ, 3. ആദിയുലാ അഥവാ തിരുക്കൈലാസജ്ഞാനവുലാ. ആശയഭംഗിയും രചനാസൗകുമാര്യവും തികഞ്ഞവയാണു കൃതികൾ. ആദിയുലാ, ശൈവരുടെ പതിനൊന്നാം തിരുമുറയിൽ ചേർത്തിട്ടുണ്ട്.

ചേരമാൻ പെരുമാളുടെയും സുന്ദരന്റെയും പ്രതിമകൾ തിരുവഞ്ചിക്കുളത്ത് ക്ഷേത്രത്തിൽ കാണാം. ചേരമാൻ പെരുമാൾ ഇസ്ലാം മതം സ്വീകരിച്ച് മക്കത്തേക്കു പോയെന്നും ഒരു ഐതിഹ്യമുണ്ട്. ചരിത്രപരമായ തെളിവുകളൊന്നും ഇതിന്നു ലഭിച്ചിട്ടില്ല.

ചേരരാജാക്കന്മാർ

കേരളത്തിൽ തെക്ക് ആയ്‌വംശവും വടക്ക് ഏഴിമല രാജാക്കന്മാരും ഭരിച്ചിരുന്ന നാടുകളുടെ നടുവിൽ ആധിപത്യം വഹിച്ചിരുന്ന ചേരരാജവംശത്തിലെ രാജാക്കന്മാർ. ഒന്നാം ചേരരാജവംശം, രണ്ടാം ചേരരാജവംശം എന്നിങ്ങനെ രണ്ടു പിരിവുകൾ കല്പിക്കപ്പെടുന്നുണ്ട്. ചേരവംശങ്ങളുടെ ആധിപത്യം കേരളത്തിനു പറുത്തും ഉണ്ടായിരുന്നതിന് തെളിവുകളുണ്ട്. സംഘകാലസാഹിത്യത്തിൽ ഒന്നാം ചേരസാമ്രാജ്യത്തെപ്പറ്റി പരാമർശമുണ്ട്. ഒമ്പതാം നൂറ്റാണ്ടിൽ ആണ് രണ്ടാം ചേരസാമ്രാജ്യം സ്ഥാപിതമായത്. ഉതിയൻ ചേരലാതൻ, അന്തുവൻ ചേരലാതൻ, നെടുംചേരലാതൻ, പൽ യിഩൈച്ചെൽ കെഴുകുട്ടവൻ, ആട്കോട് പാട്ട്ചേരലാതൻ, മാന്തരൻ ചേരൽ എന്നിവരാണ് ഒന്നാം ചേരരാജവംശത്തിലെ രാജാക്കന്മാർ. കുലശേഖര ആഴ്‌വാർ, രാജശേഖരവർമ, സ്ഥാണുരവിവർമ, രാമവർമ കുലശേഖരൻ, ഗോദരവിവർമ, ഇന്ദുക്കോതവർമ, ഭാസ്കരരവിവർമ I, ഭാസ്കരരവിവർമ II, വീരകേരളവർമ, രാജസിംഹൻ,

ഭാസ്കരരവിവർമ III, രവിരാമവർമ, രാമവർമ കുലശേഖരൻ എന്നിവരാണു രണ്ടാംചേരരാജവംശത്തിലെ രാജാക്കന്മാർ. † ചേരസാമ്രാജ്യം (ഒന്ന്), † ചേരസാമ്രാജ്യം (രണ്ട്) നോക്കുക.

ചേര സാമൂഹിക വ്യവസ്ഥിതി

ചേരസാമ്രാജ്യത്തിലെ സാമൂഹിക ജീവിതരീതി.

ആദിചേരന്മാരുടെ കാലത്തു കേരളത്തിലെ ജനങ്ങൾക്കിടയിൽ ജാതീയവിഭാഗങ്ങൾ നന്നേ കുറവായിരുന്നു. തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്നില്ല. പാണർ, കുറവർ, പറയർ മുതലായ സമുദായങ്ങളെ രാജാക്കന്മാർപോലും ആദരപൂർവം പരിഗണിച്ചിരുന്നു. പുലയർ, കുറവർ മുതലായ സമുദായങ്ങളിൽപ്പെട്ട ചിലർ കേരളത്തിന്റെ ചില ഭാഗങ്ങളിൽ നാടുവാഴികളായിരുന്നുവെന്നുള്ളതു സംഘകാല സാമൂഹികസ്ഥിതിഗതികൾ പരിഗണിക്കുമ്പോൾ വെറും ഐതിഹ്യമാവാനിടയില്ല. സ്ത്രീകൾക്കു സമുദായത്തിൽ മാന്യസ്ഥാനമുണ്ടായിരുന്നു. ഭർത്താവിനെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യംപോലും ഒരളവുവരെ അവർക്കുണ്ടായിരുന്നു. ചിലമ്പുകഴിനോമ്പ്, പൊൻപണം മുതലായ ചടങ്ങുകൾ വിവാഹത്തോടനുബന്ധിച്ചുണ്ടായിരുന്നു. വരൻ വധുവിന്റെ മാതാപിതാക്കൾക്കു നല്കുന്ന പണമോ മറ്റു പാരിതോഷികമോ ആണു പൊൻപണം. ഉപ്പ്, മീൻ മുതലായ സാധനങ്ങളുടെ വില്പന, തുന്നൽ, കൃഷി മുതലായ തൊഴിലുകളിൽ സ്ത്രീകളും ഏർപ്പെട്ടുപോന്നു. പരുത്തിവസ്ത്രങ്ങളും പട്ടും കമ്പിളിയും അവർ ധരിച്ചിരുന്നു.

ജനങ്ങളുടെ പ്രധാന ഭക്ഷണം നെല്ലരിച്ചോറായിരുന്നു. ഇറച്ചിയും മീനും മദ്യവും ബ്രാഹ്മണർപോലും കഴിക്കുമായിരുന്നു. മുന്നീർ മുതലായ ലഹരികുറഞ്ഞ മദ്യങ്ങൾ സ്ത്രീകൾ ഉപയോഗിച്ചിരുന്നു. ഭർത്താവു മരിക്കുമ്പോൾ വിധവയ്ക്ക് ഉടന്തടിചാടി മരിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. സതിയനുഷ്ഠിച്ച പതിവ്രതകളുടെ പട്ടടകളിൽ സ്മാരകശിലകൾ നാട്ടിയിരുന്നു. പുലച്ചിക്കല്ലുകൾ എന്നും മാസതിക്കല്ല് (മഹാസതിക്കല്ല്) എന്നും ഇവയ്ക്കു പറയും. മതങ്ങൾക്ക് അന്നു പ്രാബല്യമില്ലായിരുന്നു. മരിച്ചുപോയ പൂർവികരെയും വൃക്ഷങ്ങളെയും ആരാധിച്ചുപോന്നു. യുദ്ധദേവതയായി സങ്കല്പിച്ച് ആരാധിച്ചിരുന്നതു കൊറ്റവൈ എന്ന ദേവിയെയാണ്. ദേവിക്കു മദ്യവും മാംസവുമായിരുന്നു നിവേദ്യം. 5-ാം ശതകത്തിനുശേഷമാണ് ആര്യസംസ്കാരം പ്രാബല്യത്തിലേക്കുയർന്നത്. സാധനങ്ങൾ കൈമാറുന്ന പതിവാണു കൂടുതലുണ്ടായിരുന്നതെങ്കിലും ദീനാരം, കാണം മുതലായ നാണയങ്ങൾ നിലവിലുണ്ടായിരുന്നു. കുരുമുളകുപോലുള്ള നാണ്യവിളകൾ വിദേശങ്ങളിലേക്കു കയറ്റി അയച്ചിരുന്നു. ദന്തവും മുത്തും കയറ്റുമതിച്ചരക്കുകളായിരുന്നു. കച്ചവടക്കാരുടെ സംഘങ്ങളും അപൂർവമായെങ്കിലും പ്രവർത്തിച്ചിരുന്നു.

ഭിന്ന-മത-വർഗക്കാരായ ആളുകൾ പുരാതനകാലത്തും കേരളത്തിലുണ്ടായിരുന്നു. സംഖ്യാബലത്തിലും മറ്റു പല കാര്യങ്ങളിലും ഹിന്ദുക്കൾക്കായിരുന്നു പ്രാമാണ്യം. എങ്കിലും പ്രശംസനീയമായ മതസഹിഷ്ണുത ഹിന്ദുക്കൾ പുലർത്തിപ്പോന്നതിനാൽ ജനങ്ങളിൽ ചേരിതിരിവുണ്ടാക്കുന്ന മതവിരോധം അന്നിവിടെ പ്രത്യക്ഷപ്പെട്ടിരുന്നില്ല. ബൗദ്ധ-ജൈനമതങ്ങൾ ഒമ്പതാംശതകത്തോടെ ക്ഷയിച്ചുതുടങ്ങി. അതിനുകാരണം ഹിന്ദുക്കളുടെ മതവിരോധത്തെക്കാൾ അവരുടെ മതസഹിഷ്ണുതാനയമാണെന്നു പറയാം. ഹിന്ദുക്കൾ ബൗദ്ധ-ജൈനമതങ്ങളുടെ കാതലായ തത്ത്വങ്ങളെല്ലാം അവരുടെതാക്കുകയാണുണ്ടായത്.

ഇതേ ഉദാരനയംതന്നെയാണു മുസ്ലിങ്ങളോടും ക്രിസ്ത്യാനികളോടും ജൂതന്മാരോടും പ്രദർശിപ്പിച്ചത്. ക്രിസ്ത്യാനികൾക്കും ജൂതന്മാർക്കും ഒട്ടേറെ അവകാശങ്ങളും ആനുകൂല്യങ്ങളും സ്ഥാനമാനങ്ങളും ചക്രവർത്തിമാർ നല്കി. തരിസാപ്പള്ളിശാസനവും ജൂതശാസനവും ഇതിനു ദൃഷ്ടാന്തമാണ്. ക്രിസ്ത്യാനികൾക്കു പള്ളികൾ പണിയുന്നതിനു സൗകര്യം നല്കുന്നതിനും മറ്റും ജനങ്ങൾ അനുകൂലികളായിരുന്നു. വിഭിന്നമതസ്ഥർ ഏകയോഗക്ഷേമമായി ജീവിക്കുന്ന ഒരു രാഷ്ട്രത്തിന് എല്ലാ മണ്ഡലങ്ങളിലും ഉയരാനും വളരാനും കഴിയുമെന്നുള്ളതിന്റെ ഉത്തമോദാഹരണമാണു കുലശേഖരകേരളം. അടിമകളും അധഃകൃതരുമായി ഒട്ടേറെ ആളുകൾ അന്നു കേരളത്തിലുണ്ടായിരുന്നുവെങ്കിലും അക്കാലത്തു വളർച്ചപ്രാപിച്ച പല രാജ്യങ്ങളിലെയും സ്ഥിതിഗതികളോടു താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ അവസ്ഥ ഭേദപ്പെട്ടതായിരുന്നുവെന്നു പറയാം. †ചേരചോള യുദ്ധം നോക്കുക .

ചേരസാമ്രാജ്യം (ഒന്ന്)

ദക്ഷിണേന്ത്യയിലെ മൂന്നു പ്രബല സാമ്രാജ്യങ്ങളിൽ ഒന്ന്. സംഘകാലകേരളത്തിൽ, തെക്ക് ആയ് രാജ്യത്തിനും വടക്ക് ഏഴിമലരാജ്യത്തിനും ഇടയ്ക്കു കിടന്ന പ്രദേശങ്ങൾ ഒരു രാജവംശത്തിന്റെ ഭരണത്തിൽ ഏതാനും നൂറ്റാണ്ടുകൾ കഴിഞ്ഞു. ഈ രാഷ്ട്രമാണ് ഒന്നാം ചേരസാമ്രാജ്യം. അതു ഭരിച്ചിരുന്ന രാജാക്കന്മാരെ ആദിചേരന്മാർ എന്നു വിളിക്കുന്നു. ഏതാനും നൂറ്റാണ്ടുകാലത്തെ ഭരണത്തിനുശേഷം ആ സാമ്രാജ്യം ക്ഷയിച്ചു. പിന്നീട് ഒൻപതാം നൂറ്റാണ്ടിൽ രണ്ടാം ചേരസാമ്രാജ്യം സ്ഥാപിതമായി. ആദിചേരന്മാരെക്കുറിച്ചു ലഭിച്ചിട്ടുള്ള മിക്ക വിവരങ്ങളും പതിറ്റുപ്പത്ത്, ചിലപ്പതികാരം, പുറനാനൂറ്, അകനാനൂറ് എന്നീ തമിഴ് കാവ്യങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്.

രാജാക്കന്മാർ. അറിയപ്പെടുന്നവരിൽ ആദ്യത്തെ ചേരരാജാവാണ് ഉതിയൻ ചേരലാതൻ. അദ്ദേഹത്തിന്റെ സഹോദരനെന്നു കരുതാവുന്ന അന്തുവൻ ചേരൻ എന്ന രാജാവ് കരുവൂർ ആസ്ഥാനമാക്കി വാണിരുന്നു. ആ ശാഖയിൽപ്പെട്ട ചിലരും ചേരരാജ്യം അടക്കിഭരിച്ചിരുന്നു. ഉതിയൻ ചേരലാതനുശേഷം പുത്രനായ നെടുംചേരലാതൻ രാജാവായി. എ.ഡി. നാലാംശതകത്തിൽ പ്രബലരായിത്തീർന്ന കടമ്പരായിരുന്നു ഇദ്ദേഹത്തിന്റെ പ്രധാന ശത്രുക്കൾ. കടമ്പരെ ഇദ്ദേഹം പരാജയപ്പെടുത്തി. കണ്ണനാർ എന്ന കവിക്ക് ഉമ്പർകാടിന്റെ (ആനമല) ഒരു ഭാഗം ദാനംചെയ്തു. 58 വർഷം രാജ്യംഭരിച്ചു. ചോളരാജാവുമായുണ്ടായ യുദ്ധത്തിൽ കൊല്ലപ്പെട്ടു. നെടുംചേരലാതന്റെ വേൽ ഏറ്റ് ചോളരാജാവും മരിച്ചു.

നെടുചേരലാതന്റെ പുത്രന്മാരായ പൽയാനൈച്ചെൽ കെഴു കുട്ടവൻ, നാർമുടിച്ചേരൻ, ആട്കോട് പാട്ട് ചേരലാതൻ എന്നിവർ യുവരാജാക്കന്മാരെന്ന നിലയിൽ ചില യുദ്ധങ്ങൾ ജയിച്ചുവെങ്കിലും അവരാരും രാജ്യം ഭരിച്ചില്ല. മറ്റൊരു പുത്രനായ വേൽ കെഴു കുട്ടവൻ (ചേരൻ ചെങ്കുട്ടവൻ) ആണു പിതാവിനെത്തുടർന്നു രാജ്യഭാരമേറ്റത്. (*ചേരൻ ചെങ്കുട്ടവൻനോക്കുക.*) ഇദ്ദേഹത്തിനുമുമ്പ് അല്പകാലം ചെൽവക്കടുംകോവാഴിയാതൻ എന്നൊരു രാജാവ് നാടുവാണതായി പ്രസ്താവമുണ്ട്. മാന്തരൻ ചേരലിന്റെ രാജ്യം ചെങ്കുട്ടവന്റേതിനോളംതന്നെ വലുതായിരുന്നു. അത്രയുംകാലം ചേരരാജ്യം വലിയ ഊനമൊന്നും കൂടാതെ പുലർന്നു എന്ന് അനുമാനിക്കാം. മാന്തരൻചേരലിനുശേഷമാണ് ചേരസാമ്രാജ്യം ക്ഷയിക്കാൻ തുടങ്ങിയത്.

ആദിചേരന്മാരുടെ രാജധാനിയെ വഞ്ചി, കരൂർ എന്നീ പേരുകളിലാണു സംഘകാവ്യങ്ങളിൽ പരാമർശിക്കുന്നത്. വഞ്ചിമുതൂർ എന്നും പറഞ്ഞിട്ടുണ്ട്. വഞ്ചിയും കരൂരും ഒന്നല്ല, രണ്ടു നഗരങ്ങളാണെന്നു ചിലർക്കഭിപ്രായമുണ്ട്. വഞ്ചിയുടെ സ്ഥാനം ഏതെന്നുള്ളതിനെക്കുറിച്ചു പണ്ഡിതന്മാർ ഏകാഭിപ്രായക്കാരല്ല. തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളി ജില്ലയിൽ അമരാവതി തീരത്തുള്ള കരൂരാണ് ചേരതലസ്ഥാനം എന്നാണ് ഒരഭിപ്രായം. കേരളത്തിൽ കോതമംഗലത്തിനടുത്തുള്ള തൃക്കാരിയൂർ ആണെന്നാണു മറ്റൊരഭിപ്രായം. കൊടുങ്ങല്ലൂരിനടുത്തുള്ള തിരുവഞ്ചിക്കുളമാണെന്നും കൊടുങ്ങല്ലൂരിനടുത്തുള്ള കരൂപ്പടന്നയാണെന്നും വാദമുണ്ട്.

ചേരസാമ്രാജ്യം. (രണ്ട്)

കുലശേഖര ആഴ്‌വാരുടെ നേതൃത്വത്തിൽ കൊല്ലവർഷാരംഭത്തിനടുപ്പിച്ച് കൊടുങ്ങല്ലൂരിനടുത്തുള്ള തിരുവഞ്ചിക്കുളം അല്ലെങ്കിൽ മഹോദയപുരം ആസ്ഥാനമാക്കി സ്ഥാപിതമായ സാമ്രാജ്യം. ക്രിസ്തുവർഷത്തിന്റെ ആരംഭശതകങ്ങളിൽ ദ്രാവിഡസംസ്കാരത്തിലെ സംഘകാലം എന്നു പറയപ്പെടുന്ന സുവർണയുഗത്തിൽ കേരളത്തിൽ തെക്ക് ആയ്‌വംശവും വടക്ക് ഏഴിമലരാജാക്കന്മാരും ഭരിച്ചിരുന്ന നാടുകളുടെ നടുവിൽ വാണ ചേരരാജവംശത്തിന്റെ ഒരു തുടർച്ചയാണ് കുലശേഖരവംശമെന്നു പൊതുവെ അംഗീകരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നതിനാൽ ഇതിനെ രണ്ടാം ചേരസാമ്രാജ്യം എന്നും പറയാറുണ്ട്.

തെക്ക് കൊല്ലം തലസ്ഥാനമാക്കിയിരുന്ന വേണാടിന്റെ അതിർത്തികളിൽ ആരംഭിച്ചു വടക്കോട്ടും കിഴക്കോട്ടും വ്യാപിച്ചുകിടന്ന കുലശേഖരസാമ്രാജ്യം ഇന്നത്തെ കേരളത്തിന്റെ അതിർത്തികൾ കടന്ന് തമിഴ്നാട്ടിലെ മധുര, രാമനാഥപുരം, സേലം, തൃശ്ശിനാപ്പള്ളി, കോയമ്പത്തൂർ, നീലഗിരി തുടങ്ങിയ പ്രദേശങ്ങളും ഉൾപ്പെട്ട ശക്തവും സമ്പന്നവും ഐശ്വര്യസമൃദ്ധവുമായ ഒന്നായിരുന്നു. സാംസ്കാരികവും സാമ്പത്തികവും സാമൂഹ്യവുമായി സമുന്നതമായ ഒരു നില അവകാശപ്പെടാൻ അർഹമായ കുലശേഖരഭരണത്തിന്റെ മൂന്നു നൂറ്റാണ്ടുകൾ കേരളത്തിന്റെ സുവർണയുഗം എന്ന വിശേഷണത്തിനു പാത്രമായിട്ടുണ്ട്.

കുലശേഖരബിരുദത്താൽ അറിയപ്പെടുന്ന 13 പ്രഗല്ഭ രാജാക്കന്മാരാണ് ഈ വംശത്തിൽ പിറന്ന് ഇക്കാലമത്രയും കേരളം ഭരിച്ചുകൊണ്ടിരുന്നത്. അവരുടെ പേരുകളും ഭരണകാലവും താഴെ കൊടുക്കുന്നു:

കുലശേഖര ആഴ്‌വാർ, 800-820; രാജശേഖരവർമ, 820-844; സ്ഥാണുരവിവർമ, 844-885; രാമവർമകുലശേഖരൻ, 885-917; ഗോദരവിവർമ, 917-944; ഇന്ദുക്കോതവർമ, 944-962; ഭാസ്കരരവിവർമ I, 962-1019; ഭാസ്കരരവിവർമ II, 1019-1021; വീരകേരളവർമ, 1022-1028; രാജസിംഹൻ, 1028-1043; ഭാസ്കരരവിവർമ III, 1043-1082; രവിരാമവർമ, 1082-1090; രാമവർമ കുലശേഖരൻ, 1090-1102

രണ്ടാം ചേരസാമ്രാജ്യത്തിന്റെ ഐശ്വര്യസമൃദ്ധിയുടെ പ്രദർശനനഗരികൂടിയായിരുന്നു തലസ്ഥാനമായ മഹോദയപുരം. കൃത്യമായി സമയം കുറിക്കുന്ന യന്ത്രങ്ങളാൽ സജ്ജീകൃതമായ ഒരു നക്ഷത്രബംഗ്ലാവ് അക്കാലത്ത് അവിടെ സ്ഥാപിക്കപ്പെട്ടിരുന്നു. നാഴികതോറും മണിയടിച്ച് സമയമറിയിക്കുന്ന സമ്പ്രദായവും നടപ്പിലിരുന്നു. അത്യുന്നതങ്ങളായ കോട്ടകളാലും മനോഹരങ്ങളായ കൊട്ടാരങ്ങളാലും കമനീയമായിരുന്ന ആ പ്രശസ്തനഗരം ചേരചോളയുദ്ധത്തിന്റെ അന്ത്യത്തിൽ (12-ാം ശതകാരംഭത്തിൽ) തകർന്നു നശിച്ചു.

ചേരസാഹിത്യം

ചേരസാമ്രാജ്യം നിലവിലിരുന്ന കാലത്തെ സാഹിത്യം.

മലയാളഭാഷയും സാഹിത്യവും ഉരുത്തിരിയുന്നതു രണ്ടാം ചേരസാമ്രാജ്യം നിലവിലിരുന്ന കാലത്താണ്. തമിഴിന്റെ സ്വാധീനശക്തിയിൽനിന്നു കുതറിമാറാനുള്ള ഭാഷയുടെ ശ്രമം അന്നാരംഭിക്കുന്നു. എന്നാൽ മലയാളഭാഷയിൽ അന്നു ഗ്രന്ഥങ്ങളൊന്നും ഉണ്ടായതായി കാണുന്നില്ല. കേരളത്തിന്റെ സാഹിത്യസംഭാവന തമിഴ്, സംസ്കൃതം എന്നീ ഭാഷകൾക്കാണു സിദ്ധിച്ചത്. കുലശേഖരചക്രവർത്തികൾ സാഹിത്യകാരന്മാരായിരുന്നുവെന്നതിനു പുറമെ സാഹിത്യകാരന്മാരെയും ശാസ്ത്രജ്ഞന്മാരെയും പ്രോത്സാഹിപ്പിക്കുന്നതിൽ ഉദാരമതികളുമായിരുന്നു.

മുകുന്ദമാലയും പെരുമാൾ തിരുമൊഴിയും കുലശേഖര ആഴ്‌വാരുടേതെന്നു പ്രസിദ്ധമാണ്. സുഭദ്രാധനഞ്ജയം തുടങ്ങിയ നാടകങ്ങളുടെയും ആശ്ചര്യമഞ്ജരി എന്ന ഗദ്യ കാവ്യത്തിന്റെയും കർത്താവായ കുലശേഖരവർമനും ആഴ്‌വാരും ഒരാൾതന്നെയാണെന്ന് ഒരു അഭിപ്രായമുണ്ട്. യുധിഷ്ഠിരവിജയം, ത്രിപുരദഹനം, ഗൗരീകഥോദയം ഇവയുടെ കർത്താവായ വാസുഭട്ടതിരി, പ്രസിദ്ധ ജ്യോതിശ്ശാസ്ത്രജ്ഞനും 'ശങ്കരനാരായണീയ' കർത്താവുമായ ശങ്കരനാരായണൻ, അദ്വൈതദാർശനികനായ ശങ്കരാചാര്യർ, ആട്ടപ്രകാരവും ക്രമദീപികയും രചിച്ച തോലൻ, ആശ്ചര്യചൂഡാമണിയുടെ കർത്താവായ ശക്തിഭദ്രൻ എന്നിവരും ഈ കാലഘട്ടത്തിൽ ജീവിച്ചിരുന്നവരാണ്. ഒന്നാം ചേരസാമ്രാജ്യകാലഘട്ടത്തിൽ സംഘസാഹിത്യത്തിൽപ്പെട്ട ചില കൃതികൾ രചിക്കപ്പെട്ടു. ഇളങ്കോവടികൾ, പാലൈപാടിയ പെരുംകടുംകോ എന്നീ രാജവംശാംഗങ്ങൾ തന്നെ പ്രഗല്ഭരായ കവികളാണ്. ഇളങ്കോഅടികളുടെ ചിലപ്പതികാരം തമിഴിലെ പഞ്ചമഹാകാവ്യങ്ങളിൽ ഒന്നായാണ് അറിയപ്പെടുന്നത്.

ചേരസൈന്യം

ചേരസാമ്രാജ്യത്തിലെ സേനയുടെ സംവിധാനം.

ചേരസൈന്യത്തിൽ അശ്വവിഭാഗത്തിനു സവിശേഷപ്രാധാന്യം നല്കി. നല്ലൊരു നാവികസേനയും ചേരന്മാർക്കുണ്ടായിരുന്നു. ചെങ്കുട്ടവനെ 'കടൽപിറകോട്ടിയ' എന്നു വിശേഷിപ്പിക്കാനിടയായതു നാവികയുദ്ധങ്ങളിൽ അദ്ദേഹം നേടിയ വിജയങ്ങൾമൂലമാകാം. കാലാളുകൾക്ക് അമ്പും വില്ലും വാളും വേലുമായിരുന്നു ആയുധങ്ങൾ. വിൽപ്പട, വാരിപ്പട, വേൽപ്പട എന്നിങ്ങനെ പ്രത്യേകവിഭാഗങ്ങൾ രൂപവത്കരിച്ചിരുന്നു. സ്ത്രീകൾ പടക്കളത്തിൽ നേരിട്ടുചെന്നു ഭർത്താക്കന്മാരുടെ സമരാവേശം വർധിപ്പിച്ചിരുന്നു. യുദ്ധത്തിൽ മരിക്കുന്നതു വലിയ ബഹുമതിയായിട്ടാണു കരുതിയിരുന്നത്. വീരചരമം പ്രാപിക്കുന്നവരുടെ ഓർമയ്ക്കായി വീരക്കല്ലുകൾ സ്ഥാപിക്കുകയും അവയിൽ സ്മര്യപുരുഷന്മാരുടെ പേരും മറ്റും കൊത്തിവയ്ക്കുകയും ചെയ്തിരുന്നു.

ചേരാക്കൊക്കൻ (Open Bill Stork)

കൊറ്റിയോടു സാദൃശ്യമുള്ള പക്ഷി. ശാസ്ത്രനാമം : *അനസ്റ്റോമസ് ഓസ്സിറ്റൻസ് (Anastomus oscitans)*. ഏഷ്യയിലും ആഫ്രിക്കയിലും കണ്ടുവരുന്നു. ചിറകിലെ വലിയ തൂവലുകൾ കറുപ്പും ശേഷം ഭാഗമെല്ലാം വെള്ളയുമാണ്. മേൽക്കൊക്ക് കമാനംപോലെ വളഞ്ഞതായതിനാൽ കീഴ്ക്കൊക്കിനോടു ചേർത്തുവെക്കുമ്പോൾ മധ്യഭാഗത്തു വിടവു കാണാം. ശുദ്ധജലാശയങ്ങളിലെ കക്കയും മത്സ്യവുമാണ് ആഹാരം. വലിയ പുഴകളുടെ തടങ്ങളിലും വയലിലുമാണ് അധികമായി കണ്ടുവരുന്നത്.

ചേരാനല്ലൂർ

എറണാകുളത്തിനടുത്തു കണയന്നൂർ താലൂക്കിൽ പെട്ട ഒരു സ്ഥലം. വടക്കേ അതിരു വരാപ്പുഴയും കിഴക്കേ അതിര് ഏലൂരും പടിഞ്ഞാറേ അതിരു പെരിയാറിന്റെ ശാഖയുമാണ്.



ചേരാനല്ലൂർ ജട്ടി.

ചേരമാൻ നല്ലൂരാണു ചേരാനല്ലൂരായതെന്ന് ഒരു മതമുണ്ട്.

ചേരാനല്ലൂർ കർത്താവിന്റെ ആസ്ഥാനമായിരുന്നു ഇത്. കർത്താവിന്റേതു കൊച്ചീരാജാവിന്റെ കീഴിലുള്ള ഒരു ദേശവാഴി കുടുംബമായിരുന്നു. പ്രസിദ്ധ മാന്ത്രികനും ഇന്ദ്രജാലക്കാരനുമായിരുന്ന ചേരാനല്ലൂർ കുഞ്ചുക്കർത്താവ് ഈ കുടുംബത്തിലെ അംഗമാണ്.

1941 നവംബർ 29-ാം തീയതി ചേരാനല്ലൂർ സ്വരൂപം വക വസ്തുക്കളുടെ ഭരണം ഒരു വിളംബരംവഴി കൊച്ചി ഗവൺമെൻറ് ഏറ്റെടുത്തു.

1502-ൽ സാമൂതിരിയുടെ സൈന്യം കൊച്ചി ആക്രമിക്കാൻ പോയത് ഈ വഴിക്കാണ്. സാമൂതിരിയെ പറവൂരുനിന്നും ഓടിക്കാൻ 'കോതാട്ടും മഞ്ഞുമ്മലും കോട്ടയുമിട്ടു' തിരുവിതാംകൂർ സൈന്യം ചേരാനല്ലൂരിൽ താവളമടിച്ചിരുന്നു.

ടിപ്പുസുൽത്താൻ പറവൂരു പിടിച്ചടക്കിയകാലത്തു (1790) മൈസൂർപ്പടയുടെ ശല്യം വരാപ്പുഴയിലും ചേരാനല്ലൂരും ഉണ്ടായി. ചേരാനല്ലൂരു രണ്ടറ്റത്തുമായി മണൽകോട്ടകൾ (വാടകൾ) അക്കാലത്തു കെട്ടിയിരുന്നു.

വിഷുമാറ്റം എന്ന പ്രാചീന വാർഷികച്ചന്ത ഇവിടെ നടക്കാറുണ്ട്. ചിറ്റൂർ (തെക്കൻ) ശ്രീകൃഷ്ണക്ഷേത്രം ഈ വില്ലേജിലാണ്. ഏറ്റവും പഴക്കമുള്ളതാണ ഇവിടുത്തെ മാരാപ്പറമ്പു ശിവക്ഷേത്രം.

ചേരാനല്ലൂർ കർത്താവ്

അഞ്ചിക്കയ്മൾ പ്രഭുക്കന്മാരിൽ മുഖ്യൻ. ചേരാനല്ലൂർ ആസ്ഥാനമാക്കിയിരുന്ന നാടുവാഴികളായിരുന്നു ഇവർ.

പോർത്തുഗീസ് കാലഘട്ടത്തിനുശേഷമാണ് ചേരാനല്ലൂർ കർത്താവ് കൊച്ചീരാജാവിന്റെ കീഴിൽ സ്ഥാനമാനങ്ങളും പ്രത്യേക അധികാരങ്ങളും അനുഭവിക്കാൻ തുടങ്ങിയത്. എ.ഡി. 1500-നു ശേഷം നടന്ന കോഴിക്കോട്-പെരുമ്പടപ്പുയുദ്ധങ്ങളുടെ കാലത്ത് ചേരാനല്ലൂർ കർത്താവ് സാമൂതിരി പക്ഷത്തായിരുന്നു. അതിന് പ്രത്യുപകാരമായി സാമൂതിരി യുദ്ധവീരന്മാരായ മാപ്പിളത്തലവന്മാരെ കർത്താവിന്റെ സുരക്ഷിതത്വത്തിനായി അയച്ചിരുന്നു. അവയ്ക്കു കരമൊഴിവായി വസ്തുക്കളും മറ്റും കർത്താവ് വിട്ടുകൊടുക്കുകയും ചെയ്തു. (ഇവരുടെ പിൻമുറക്കാരാണ് മംഗലശ്ശേരി തറവാട്ടുകാർ).

സാമൂതിരിയുടെ പതനത്തിനുശേഷം കർത്താക്കന്മാർ കൊച്ചിരാജാവിനോടു മാപ്പ് ചോദിച്ച് അവരുടെ പക്ഷത്തു ചേർന്നു. കൊച്ചി രാജാവ് അവരെ സ്ഥാനമാനങ്ങൾ നല്കി സ്വീകരിക്കുകയും

ചെയ്തു. അത്തച്ചമയ ആഘോഷവേളയിൽ വാളും പിടിച്ചു മുന്നിൽ നടക്കുവാനുള്ള അവകാശവും അതിൽ ഉൾപ്പെട്ടിരുന്നു. 1941-ൽ കർത്താക്കന്മാരുടെ ചേരാനല്ലൂർ സ്വരൂപം കൊച്ചി ഗവൺമെൻറ് ഏറ്റെടുത്തു. †അഞ്ചിക്കൈമൾ നോക്കുക.

ചേരി

ഒരേ തരം ആളുകൾ വസിച്ചിരുന്ന ഗ്രാമ ഭാഗം. പ്രാചീനഗ്രാമങ്ങളിൽ ഒരേ തൊഴിലുകളിൽ ഏർപ്പെട്ട ജനങ്ങൾ ഒരേ പ്രദേശത്ത് അടുത്തടുത്തു വീടുകളിൽ പാർത്തിരുന്നു. ദില്ലിയിലെ ഭങ്ഗി (തോട്ടി) കോളനി പോലെയുള്ള ഭാഗങ്ങൾ ഇതിനു ദൃഷ്ടാന്തമാണ്. ജാതികളും തൊഴിലുകളും പരസ്പരം ബന്ധപ്പെട്ടിരുന്ന കാലത്തു തൊട്ടുകൂടായ്മ ജനവിഭാഗങ്ങളെ അന്യോന്യം അകറ്റി നിർത്തിയിരുന്നു. സാമ്പത്തികസ്ഥിതിയിലും ഒരേ ചേരിയിലുള്ളവർ ഏറെക്കുറെ സമാനരായിരുന്നു.

താരതമ്യേന ദരിദ്രരും അധഃസ്ഥിതരുമായിരുന്നു പണ്ടും ചേരിനിവാസികൾ. ആഭിജാത്യം ഉള്ളവർ മേച്ചേരിയിലും അതില്ലാത്തവർ കീഴ്ച്ചേരിയിലും പെട്ടിരുന്നു. ഉയർന്നവരുടെയും താഴ്ന്നവരുടെയും ഇടയിൽ പെട്ട നായരെ 'ഇടച്ചേരി നായർ' എന്നു പറഞ്ഞിരുന്നു. ഇന്ന് ഇത്തരം ചേരികൾ നാമാവശേഷം ആയിരിക്കുന്നു.

ചേരി (Slum)

നഗരങ്ങളിൽ ദരിദ്രരുടെ കുടിലുകൾ നിറഞ്ഞ സ്ഥലം. ചാള എന്നും പറയാറുണ്ട്. കുളി, മലവിസർജനം മുതലായ നിത്യാവശ്യങ്ങൾ നിർവഹിക്കാൻപോലും വേണ്ടത്ര സൗകര്യമില്ലാത്ത ചേരികൾ മാലിന്യത്തിൻെറയും അനാരോഗ്യത്തിൻെറയും ഇരിപ്പിടങ്ങളാണ്. ഇവിടെ രോഗങ്ങൾ വേഗം പടർന്നു പിടിക്കുന്നു. ദുർമാർഗസഞ്ചരണത്തിനു പ്രേരണ നല്കുന്ന അന്തരീക്ഷമാണ്, വേണ്ടത്ര തൊഴിലും വരവും ഇല്ലാത്തവർ അടിഞ്ഞു കൂടുന്ന ചേരികളിൽ നിലവിലുള്ളത്.

ചേരിനിർമാർജനം ഇന്നു നഗരസംവിധാനത്തിൻെറ അവശ്യഭാഗമായിമാറിയിരിക്കുന്നു. തിരുവനന്തപുരത്തു ചെങ്കൽചൂളയിൽ ചേരിനിവാസികൾക്കു പാർപ്പിടങ്ങൾ നല്കി അവരെ പുനരധിവസിപ്പിച്ചിരിക്കുന്നു. പല നഗരങ്ങളിലും ഇത്തരം പ്രവർത്തനങ്ങൾ നിരന്തരം നടക്കുന്നു. ബോംബെ, കല്ക്കത്ത, ദില്ലി മുതലായ നഗരങ്ങളിൽ ചേരിനിർമാർജനം വൻതോതിൽ നടത്താനുള്ള പരിശ്രമങ്ങൾ നടക്കുന്നു.

വികസ്വര രാജ്യങ്ങളുടെ അനിവാര്യമായ ഒരു ശാപമാണു ചേരി. ബോംബെ, കല്ക്കത്ത, ദില്ലി, മദിരാശി എന്നീ മഹാനഗരങ്ങളിലെ ചേരികൾ നഗരമധ്യത്തിൽത്തന്നെയാണ്. നഗരത്തിലെ സർവവിധമായ സാമൂഹിക ദുഷ്ടുകളുടെയും കേന്ദ്രമാണു ചേരികൾ. ഒരു പരിധിവരെ വൻ നഗരങ്ങളിലെ അധോലോകസംസ്കാരം ഈ ചേരികളുടെ മറവിലാണു വളർന്നുവരുന്നത്.


ബോംബെ നഗരത്തിലെ
ചേരികൾ; ഒരു ദൃശ്യം.

ചേരിക്കൽ

നാടുവാഴികളുടെ പ്രാദേശികാസ്ഥാനം. നാടുവാഴികളുടെയും ദേശവാഴികളുടെയും ഭൂമികൾ പല ഗ്രാമങ്ങളിലുമായി കിടക്കുകയാവും. ചിലപ്പോൾ അവരുടെ കൊട്ടാരങ്ങളിൽനിന്നും കോവിലകങ്ങളിൽനിന്നും വളരെ ദൂരത്താവും ഇവ. ഗ്രാമങ്ങളിൽ ഈ വസ്തുവകകളുടെ ഭരണത്തിനുവേണ്ടി നാടുവാഴികൾക്കു ചെന്നു താമസിക്കാൻ ചെറു കോവിലകങ്ങളും മറ്റു സൗകര്യങ്ങളും ഉണ്ടായിരിക്കും. ഇങ്ങനെ ഒരു പ്രദേശത്തുള്ള ഭൂസ്വത്തും കുടിയാന്മാരെയും അടിയാളരെയും ഒന്നിച്ചുചേർത്താണു ചേരിക്കൽ എന്നു പറഞ്ഞിരുന്നത്. ഓരോ ചേരിക്കലിനും പ്രത്യേകം കാര്യക്കാർ ഉണ്ടാകും. സാമൂതിരിക്കു തെക്കേ മലബാറിൽ ഇങ്ങനെ അനേകം ചേരിക്കലുകൾ ഉണ്ടായിരുന്നു. മിച്ചവാരവും പാട്ടവും പിരിച്ചിരുന്നതു ചേരിക്കൽ കാര്യക്കാരാണ്. ഓരോ ചേരിക്കലിനും പ്രത്യേകം ചുമതലയും ഉണ്ടായിരുന്നു. മാമാങ്കത്തിനു വേണ്ട തടികൾ തിരുനാവായിലെത്തിക്കുന്നത് ആലിപ്പറമ്പു ചേരിക്കലിൻെറ ചുമതലയായിരുന്നു.

ചേരിചേരാപ്രസ്ഥാനം (Non-aligned movement)

സൈനികചേരികളിൽനിന്നു വിട്ടു നില്ക്കുന്ന രാജ്യങ്ങളുടെ ആഗോള പ്രസ്ഥാനം. രണ്ടാം ലോകയുദ്ധം അവസാനിച്ചതിനെത്തുടർന്നു പുതുതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളുടെ പ്രശ്നങ്ങൾക്കു പരിഹാരം തേടാൻ വേണ്ടി ഈ രാജ്യങ്ങളിലെ അന്നത്തെ ഭരണാധികാരികൾക്കിടയിലെ പ്രമുഖരും ആദരണീയരുമായ ജവാഹർലാൽ നെഹ്റു, മാർഷൽ ടീറ്റോ, ഗമാൽ അബ്ദുൽ നാസർ എന്നിവർ 1961-ൽ യുഗോസ്ലാവിയയുടെ തലസ്ഥാനമായ ബെൽഗ്രേഡിൽ സമ്മേളിച്ച് എടുത്ത തീരുമാനങ്ങളാണു ചേരി ചേരാ പ്രസ്ഥാനത്തിനു തുടക്കം കുറിച്ചത്.

മുതലാളിത്തചേരിയും കമ്യൂണിസ്റ്റ് ചേരിയും തമ്മിലുള്ള മത്സരത്തിൽ ഐക്യരാഷ്ട്രസഭയുടെ പ്രവർത്തനം ദുർബലമായിത്തീർന്ന സാഹചര്യത്തിൽ കൊളോണിയലിസം പൂർണമായി അവസാനിപ്പിക്കുക, വർണവിവേചനം നിയമവിരുദ്ധമാക്കുക പുതുതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളുടെ സാമ്പത്തികവികസനം ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സോവിയറ്റ് യൂണിയൻെറയോ, അമേരിക്കയുടെയോ നേതൃത്വത്തിലുള്ള സൈനികച്ചേരിയിൽ പെടാത്തരാജ്യങ്ങൾ കൂടിച്ചേർന്നും സഹകരിച്ചും പ്രവർത്തിക്കാനുള്ള ഒരു പൊതുവേദി സൃഷ്ടിക്കുക എന്നതായിരുന്നു ബൽഗ്രേഡിൽ സമ്മേളിച്ച നേതാക്കളുടെ ലക്ഷ്യം.

ചേരിചേരാരാഷ്ട്രങ്ങളുടെ രണ്ടാം സമ്മേളനം 1964-ൽ ഈജിപ്തിലെ കെയ്റോവിൽ നാസറുടെയും, മൂന്നാം സമ്മേളനം 1970-ൽ സാമ്പിയയിലെ ലുസാക്കയിൽ കെന്നത്തു കൗണ്ടയുടെയും, നാലാം സമ്മേളനം 1973-ൽ അൽജീറിയയിലെ അൽജിയേർസിൽ ബൂ മെദ്ദിൻെറയും അഞ്ചാം സമ്മേളനം 1976-ൽ ശ്രീലങ്കയിലെ കൊളംബോയിൽ സിരിമാവൊ ബണ്ഡാരനായകയുടെയും ആറാം സമ്മേളനം 1979-ൽ ക്യൂബയിലെ ഹവാനയിൽ ഫിഡിൽ കാസ്ത്രോയുടെയും, ഏഴാം സമ്മേളനം 1983-ൽ ദില്ലിയിൽ ഇന്ദിരാഗാന്ധിയുടെയും അധ്യക്ഷതയിൽ ചേർന്നു. ഏറ്റവും ഒടുവിൽ സമ്മേളനം നടന്നത് 1986 സെപ്തംബർ ആദ്യവാരത്തിൽ സിംബാബ്വെയുടെ തലസ്ഥാനമായ ഹരാരെയിൽ അവിടുത്തെ പ്രസിഡൻറായ റോബർട്ട് മുഗാബെയുടെ അധ്യക്ഷതയിൽ ആണ്.

ചേരിചേരാസമ്മേളനത്തിൽ ഇന്ത്യയും പാകിസ്താനും ബംഗ്ലാദേശും നേപ്പാളും ശ്രീലങ്കയും ഭൂട്ടാനും അടക്കം 101 രാജ്യങ്ങൾ അംഗങ്ങളായുണ്ട്. ഏഷ്യയിലും ആഫ്രിക്കയിലും തെക്കെ അമേരിക്കയിലും പുതുതായി സ്വാതന്ത്ര്യം നേടിയരാജ്യങ്ങൾ മാത്രമല്ല, യൂറോപ്പിലെതന്നെ ശാക്തികച്ചേരിയിൽ പെടാത്ത സ്വീഡനെപ്പോലുള്ള രാഷ്ട്രങ്ങളും ഇതിൽ അംഗങ്ങളായിട്ടുണ്ട്. ചേരിചേരാ പ്രസ്ഥാനത്തിൻെറ തുടക്കത്തിൽഅമേരിക്കയും സോവിയറ്റ് യൂണിയനും അതിനെ സംശയദൃഷ്ട്യാ വീക്ഷിച്ചിരുന്നു. അമേരിക്ക ഇപ്പോഴും ആ നില തുടരുന്നു. എന്നാൽ സോവിയറ്റ് യൂണിയൻ വളരെവേഗം ലോകസമാധാനസ്ഥാപന ശ്രമങ്ങളിൽ ചേരിചേരാരാജ്യങ്ങളെയും അവരുടെ പ്രസ്ഥാനത്തെയും അനുകൂലശക്തികളായിക്കണ്ടു. കൊളോണിയലിസത്തിനും വർണവിവേചനത്തിനും എതിരായ സോവിയറ്റ് നയ

വും ചേരിചേരാപ്രസ്ഥാനത്തിന്റെ നയവും ഐക്യരാഷ്ട്രസഭാവേദിയിലും മറ്റ് അന്താരാഷ്ട്രസമ്മേളനങ്ങളിലും സോവിയറ്റ് ചേരിയിൽപെടുന്ന രാഷ്ട്രങ്ങളും ചേരിചേരാരാജ്യങ്ങളും പരസ്പര പൂരകങ്ങളായി വർത്തിച്ചിട്ടുണ്ട്. ചേരി ചേരാ പ്രസ്ഥാനത്തിൽ നേതൃത്വപരമായ പങ്ക് വഹിക്കുന്ന ഇന്ത്യയുമായുള്ള സോവിയറ്റ് യൂണിയന്റെ സൗഹൃദത്തിലും ഇതു പ്രതിഫലിച്ചിട്ടുണ്ട്.

ചേരി ചേരാ പ്രസ്ഥാനത്തിൽ അമേരിക്കയോടും സോവിയറ്റ് യൂണിയനോടും പ്രത്യയശാസ്ത്രപരമായൊ ആദർശപരമായൊ, വ്യവസ്ഥയുടെ അടിസ്ഥാനത്തിലൊ ബന്ധപ്പെട്ട രാജ്യങ്ങളുണ്ട്. ഉദാഹരണത്തിനു കമ്യൂണിസ്റ്റ് രാജ്യമായ ക്യൂബയും അമേരിക്കൻ സൈനികസഹായം സ്വീകരിക്കുന്ന പാകിസ്ഥാനും ചേരി ചേരാ പ്രസ്ഥാനത്തിൽ ചേർന്നിട്ടുണ്ട്. ഇങ്ങനെ വ്യത്യസ്ത വ്യവസ്ഥകളും സമ്പ്രദായങ്ങളും ഉള്ള രാജ്യങ്ങൾ കൂടിച്ചേരുമ്പോൾ ക്രിയാത്മകമായ നടപടികളുടെ കാര്യത്തിൽ ഏകാഭിപ്രായം വരുത്തുവാൻ പ്രയാസമാണ്. ഈ പ്രയാസം ചേരിചേരാ രാഷ്ട്രങ്ങളുടെ സമ്മേളനങ്ങളിലെല്ലാം പ്രകടമായിട്ടുമുണ്ട്. എന്നാൽ പുതുതായി സ്വതന്ത്രമായ രാജ്യങ്ങളുടെ പൊതുതാത്പര്യത്തിന്റെ പേരിൽ ലോകസമാധാനത്തിനും കൊളോണിയൽവിരുദ്ധപ്രസ്ഥാനങ്ങൾക്കും അനുകൂലമായ ഒട്ടേറെ തീരുമാനങ്ങൾ എടുക്കാനും ലോകാഭിപ്രായം ആ വഴിക്കു തിരിച്ചുവിടുവാനും ഈ പ്രസ്ഥാനത്തിനു കഴിഞ്ഞിട്ടുണ്ട്.

†ചേരി ചേരായ്ക നോക്കുക.

ചേരിചേരായ്ക (Non alignment)

ആധുനിക ലോകത്തിലെ രണ്ടു ശാക്തികച്ചേരികളിൽ ഒന്നിനോടും ചേരാതെ സ്വതന്ത്രമായുള്ള നില. ഇന്ത്യൻ വിദേശനയത്തിന്റെ അസ്തിവാരമാണ് ചേരിചേരായ്ക. പ്രധാനമന്ത്രി നെഹ്റു, പ്രസിഡൻറ് ടീറ്റോ, പ്രസിഡൻറ് നാസർ എന്നിവരാണ് അന്താരാഷ്ട്രരംഗത്തു ചേരിചേരാനയത്തിന്റെ ശില്പികൾ. ഈ നയത്തിനു രൂപം നല്കുന്നതിൽ നിർണായകമായ പങ്കുവഹിച്ചത്. വി.കെ. കൃഷ്ണമേനോൻ ആയിരുന്നു.

ഇന്ത്യയുടെ പാരമ്പര്യത്തിനും ആഭ്യന്തരനയത്തിനും അനുരൂപമാണ് ചേരിചേരായ്മ എന്ന് 1948 മാർച്ച് 8-നു കോൺസ്റ്റിറ്റ്യൂവൻറ് അസംബ്ലിയിൽ ചെയ്ത പ്രസംഗത്തിൽ നെഹ്റു വ്യക്തമാക്കിയിരുന്നു. ധാർമികവും ആദർശാത്മകവുമായ നയം എന്നതിനുപരി, ഇന്ത്യയുടെ ദേശീയതാത്പര്യങ്ങൾക്കും പ്രവർത്തനാവസരങ്ങൾക്കും യോജിച്ചതാണ് ചേരിചേരാതുള്ള വിദേശനയം. ഗാന്ധിജിയുടെ രാഷ്ട്രീയ സിദ്ധാന്തങ്ങൾക്കും, 1955 ഏപ്രിലിൽ ബന്ദൂങ് സമ്മേളനം ആവിഷ്കരിച്ച പഞ്ചശീലതത്വങ്ങൾക്കും, ആഫ്രോ-ഏഷ്യൻ ഐക്യദാർഢ്യത്തിനും മറ്റും എത്രത്തോളം യോജിച്ചതാണ് ചേരിചേരാനയം എന്നു പില്ക്കാലത്തു നെഹ്റു പല സന്ദർഭങ്ങളിലും വിശദമാക്കിയിട്ടുണ്ട്. “യുദ്ധാവശ്യത്തിനു വേണ്ടി രൂപമെടുക്കുന്ന സൈനികച്ചേരികളിലും സൈനികസഖ്യങ്ങളിലും അണിനിരക്കുന്നതിനെ എതിർക്കുന്നതാണു ചേരി ചേരായ്ക”—നെഹ്റു പറഞ്ഞു. “നാം അവരിൽ നിന്നകന്നു നില്ക്കുന്നു. സമാധാനത്തിലാണ് നമ്മുടെ ഊന്നൽ”.

ചേരിചേർായ്മ നിഷ്ക്രിയമായ നിഷ്പക്ഷത അല്ല. രണ്ടു ശാക്തികച്ചേരികളും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് ഇന്ത്യ എക്കാലത്തും മുൻകൈ എടുത്തിട്ടുണ്ട്. കൊറിയൻയുദ്ധം അവസാനിപ്പിക്കുന്നതിനു നിരന്തരം ശ്രമിച്ച ഇന്ത്യ ആണ് കൊറിയയ്ക്കുവേണ്ടിയുള്ള നിഷ്പക്ഷരാഷ്ട്ര റിപ്പാട്രിയേഷൻ കമ്മീഷന്റെ ചെയർമാൻ ആയത്. ഇന്തോചീനയ്ക്കുവേണ്ടിയുള്ള അന്താരാഷ്ട്രക്കമ്മീഷന്റെ ചെയർമാനും ഇന്ത്യ ആയിരുന്നു. കോങ്ഗോയിലെ ആഭ്യന്തരകലഹം അവസാനിപ്പിച്ച് ആ രാജ്യത്തെ ഏകീകരിക്കുന്നതിലും ഇന്ത്യ നിർണായകപങ്കുവഹിച്ചു. ഇറാൻ-ഇറാഖ് സംഘട്ടനം അവസാനിപ്പിക്കാനും, വെടിനിർത്തലിനെത്തുടർന്നു യു.എൻ. നിരീക്ഷണസേനയിൽ സേവനം അനുഷ്ഠിക്കാനും ഇന്ത്യ ഉത്സാഹിച്ചു. ചേരി ചേർന്ന രാജ്യം യുദ്ധത്തിൽ പക്ഷം ചേരാൻ ബാധ്യസ്ഥമായിരിക്കും. എന്നാൽ ചേരിചേരാരാഷ്ട്രത്തിന് ഓരോ പ്രശ്നത്തിന്റെയും ഗുണദോഷങ്ങൾ പരിഗണിച്ച് സ്വതന്ത്രനയം രൂപവത്ക്കരിക്കാൻ കഴിയും. ചേരിയിൽ ചേർന്ന രാഷ്ട്രങ്ങൾ തമ്മിലുള്ള വിടവ് അടയ്ക്കാൻ വേണ്ടിയാണു ചേരിചേരാരാഷ്ട്രങ്ങൾ പ്രവർത്തിക്കുക. “ലോകം കറുപ്പും വെളുപ്പുമായ നിറങ്ങൾ കൊണ്ടുമാത്രം ഉണ്ടാക്കിയതല്ലെന്നും എല്ലായിടത്തും തവിട്ടുനിറം ഉണ്ടെന്നും കമ്യൂണിസ്റ്റുശക്തികൾക്കും കമ്യൂണിസ്റ്റിതരശക്തികൾക്കും കാണിച്ചുകൊടുക്കുന്നതിനു ചേരി ചേരാനയത്തിനു കഴിഞ്ഞിട്ടുണ്ടെന്ന് 1961-ൽ ബെൽഗ്രേഡിൽ ചേർന്ന ചേരിചേരാ സമ്മേളനത്തിൽ നെഹ്റു പ്രഖ്യാപിച്ചു.

1962-ൽ ചൈനയുടെ ആക്രമണം മൂലം ഇന്ത്യയുടെ ഭദ്രതതന്നെ അപകടത്തിൽ പെട്ടെങ്കിലും ഇന്ത്യ ചേരിചേരായ്മയിൽ ഉറച്ചുനിന്നു. 1971-ൽ ബങ്ഗ്ലാദേശിന്റെ പിറവിയിലേക്കു നയിച്ച സംഘട്ടനത്തെത്തുടർന്ന് സോവിയറ്റ് യൂണിയനുമായി ഒപ്പുവച്ച പരസ്പരസഹായക്കരാറും ഇന്ത്യയുടെ ചേരി ചേരായ്മയ്ക്ക് അനുരൂപമായ നിലയിൽ ഉള്ളതാണ്. എവിടെ സ്വാതന്ത്ര്യവും നീതിയും അപകടത്തിലാണോ, എവിടെ ആക്രമണം നടക്കുന്നുവോ അവിടെ നമുക്കു നിഷ്പക്ഷരായിരിക്കാൻ സാധ്യമല്ലെന്ന് 1949-ൽ തന്നെ നെഹ്റു വ്യക്തമാക്കിയിരുന്നു. സമാധാനം നിലനിർത്തുന്നതിനും, പൂർവാധികം ഉറച്ച അടിസ്ഥാനത്തിൽ അതു പുനഃസ്ഥാപിക്കുന്നതിനുമുള്ള ഊർജസ്വലമായ പ്രവർത്തനമാണ് ചേരി ചേരായ്മ എന്ന് ഇന്ത്യ തെളിയിച്ചു.

†ചേരിചേരാ പ്രസ്ഥാനം നോക്കുക.

ചേരിനിർമാർജനം

ചേരികൾ ഇല്ലാതാക്കി ചേരിനിവാസികളെ ആരോഗ്യകരമായ ചുറ്റുപാടിൽ പുനരധിവസിപ്പിക്കൽ.

ചേരിനിവാസികളെ മറ്റു സ്ഥലങ്ങളിൽ മാറ്റി താമസിപ്പിക്കുക, അവർക്ക് പുതിയ പാർപ്പിടങ്ങൾ വച്ചുകൊടുക്കുക, താമസിക്കുന്ന കെട്ടിടങ്ങൾ കൂടുതൽ മനുഷ്യവാസയോഗ്യമാക്കുക, കുട്ടികൾക്കും വലിയവർക്കും വേണ്ട വിദ്യാഭ്യാസം നല്കുക, ആരോഗ്യസംരക്ഷണത്തിൽ തത്പരരാക്കുക, കുട്ടികൾക്കു കളികൾക്കും വിനോദങ്ങൾക്കും വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുക, ജലസൗകര്യം നല്കുക എന്നിവയെല്ലാം ചേരിപ്രദേശത്തുള്ളവർക്കുവേണ്ടി ചെയ്യേണ്ട ക്ഷേമപരിപാടികളാണ്. പട്ടണങ്ങളിൽനിന്നു ദൂരസ്ഥലങ്ങളിൽ മാറ്റി താമസിപ്പിക്കുന്നതിനോട് സാധാരണ ഇവർ യോജിക്കാറില്ല. കാരണം അവരുടെ തൊഴിൽസാധ്യതകൾ പട്ടണത്തിലാണ്. സമൂഹത്തിലെ താഴ്ന്ന വരുമാനക്കാരായ ഇവർക്കു നല്കുന്ന കെട്ടിടങ്ങളുടെ വാടക കുറഞ്ഞിരിക്കണം.

കേന്ദ്ര സംസ്ഥാനഗവൺമെൻറുകളും സന്നദ്ധസംഘടനകളും ഈ രംഗത്തു പ്രവർത്തിക്കുന്നുണ്ട്. ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് 29,000 കെട്ടിടങ്ങൾ പുതുതായി നിർമിക്കുകയും ഏകദേശം അത്രയും എണ്ണം കൂടുതൽ വാസയോഗ്യമാക്കിത്തീർക്കുകയും ചെയ്തു. എന്നാൽ ചേരിനിവാസികളുടെ പ്രശ്നങ്ങൾക്കു മൊത്തത്തിൽ ഇതൊരു പരിഹാരമായില്ല. രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്ത് 20 കോടി രൂപ ചേരിനിർമാർജനത്തിനും മുനിസിപ്പൽ തൂപ്പുകാർക്കു കെട്ടിടം പണിയുന്നതിനുമായി ഇന്ത്യാഗവൺമെൻറ് മാറ്റിവച്ചു. 10 കോടി രൂപ ഗ്രാമീണഗൃഹങ്ങൾക്കുവേണ്ടിയും നീക്കിവച്ചിട്ടുണ്ടായിരുന്നു. മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു കെട്ടിടനിർമാണ പരിപാടിക്കുവേണ്ടി 142 കോടി രൂപ മാറ്റിവച്ചു. പിന്നീടുള്ള പദ്ധതികളിലും ചേരിനിർമാർജനത്തിനു വൻതുകകൾ നീക്കിവെച്ചിരുന്നു. ആറാം പദ്ധതികൾ ഒരു കോടിചേരിനിവാസികളുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി 151.45 കോടി രൂപ ചെലവഴിച്ചു. ഏഴാം പദ്ധതിക്കാലത്ത് (1985-'90) 269.55 കോടി രൂപയാണ് ചേരിനിർമാർജനത്തിനു നീക്കിവച്ചിട്ടുള്ളത്. കഴിഞ്ഞ മുപ്പതുവർഷത്തിനുള്ളിൽ പ്രധാനനഗരങ്ങളിൽ ഒക്കെ ചേരിനിവാസികളെ പുനരധിവസിപ്പിക്കുന്നതിന് പല കോളനികളും ഫ്ളാറ്റുകളും നിർമിച്ചിട്ടുണ്ട്.

ചേർത്തല

ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിന്റെ ആസ്ഥാനമായ പട്ടണം. വിസ്താരം 21.79 ച.കി.മീ. ജനസംഖ്യ 61,335 (1981).

ചേർത്തലയിലെ കാർത്ത്യായനീക്ഷേത്രം.

ആൾപാർപ്പുള്ള വീടുകൾ 8110, കുടുംബങ്ങൾ 7428. ഇവിടെ മൂന്നു കോളെജുകൾ ഉണ്ട്: സെൻറ് മൈക്കേൽസ് കോളെജ്, ശ്രീനാരായണ കോളെജ്, എൻ.എസ്.എസ്. കോളെജ്.

ഇവിടെ ചെറുകിട കയർവ്യവസായയൂണിറ്റുകൾ ഉണ്ട്. ഹൈറേഞ്ച് ബ്രൂവറീസ്, മക്ഡവൽകമ്പനി, പള്ളത്തറ ബ്രിക്സ് ആൻഡ് ടൈൽസ്, ഓട്ടോകാസ്റ്റ് ലിമിറ്റഡ് എന്നിവ ആണ് ഇവിടത്തെ വൻകിടവ്യവസായങ്ങൾ. ചേർത്തലപൂരം എന്ന പ്രസിദ്ധമായ ആഘോഷം നടക്കുന്ന കാർത്ത്യായനീക്ഷേത്രം ഈ പട്ടണത്തിലാണ്.

ചേലക്കലാപം

ടിപ്പുവിന്റെ പടയോട്ടക്കാലത്തു ബലം പ്രയോഗിച്ചു കൂട്ടത്തോടെ ഹിന്ദുമതത്തിൽനിന്ന് ഇസ്ലാമിലേക്കു നടത്തിയ മതപരിവർത്തനം ഹിന്ദുക്കളെ ഗോമാംസംതീറ്റുകയും സുന്നത്ത് (circumcision) നടത്തുകയും ചില മതസൂക്തങ്ങൾ നിർബന്ധിച്ച് ഉരുവിടുവിക്കയും ചെയ്തുകൊണ്ടാണു പരിവർത്തനം നടത്തിയത്. ഭീകരപീഡനങ്ങളുടെ ഫലമായിരുന്നു പരിവർത്തനവിധേയരായവരുടെ കീഴടങ്ങൽ. പില്ക്കാലത്തു ചിലർ തിരിച്ചു സ്വന്തം മതത്തിലേക്കു മടങ്ങിവന്നിട്ടുണ്ട്. 18-ാംനൂറ്റാണ്ടിന്റെ അന്ത്യപാദത്തിലാണു ചേലക്കലാപം നടന്നത്.

ചേലപ്പറമ്പു നമ്പൂതിരി

മധ്യമലയാള കാലഘട്ടത്തിലെ ഒരു കവി. പതിനെട്ടാം നൂറ്റാണ്ടിലാണ് ഇദ്ദേഹം ജീവിച്ചിരുന്നതെന്ന് ഉള്ളൂർ അഭിപ്രായപ്പെടുന്നു. കോഴിക്കോടിനു തെക്കുഭാഗത്തുള്ള ചാലിയത്തായിരുന്നു ചേലപ്പറമ്പിന്റെ ഇല്ലം.

സംസ്കൃതത്തിലും മലയാളത്തിലും നല്ല പാണ്ഡിത്യമുണ്ടായിരുന്ന ചേലപ്പറമ്പിന്റെ ഗ്രന്ഥങ്ങളൊന്നുംതന്നെ കിട്ടിയിട്ടില്ല. ഏതാനും ഒറ്റശ്ലോകങ്ങൾ മാത്രമാണ് ഇദ്ദേഹത്തിന്റെ വകയായി കിട്ടിയിട്ടുള്ളത്. ഈ ശ്ലോകങ്ങൾ സാഹിത്യലോകത്തിൽ ഇദ്ദേഹത്തിന് സ്ഥിര പ്രതിഷ്ഠ നേടിക്കൊടുത്തിരുന്നു. ഇപ്രകാരം കേവലം ഒറ്റ ശ്ലോകങ്ങൾക്കൊണ്ടുമാത്രം പ്രസിദ്ധരായിതീർന്ന കവികൾ വേറെ അധികമില്ല. ഇദ്ദേഹത്തിന്റെ മിക്ക ശ്ലോകങ്ങളും ഉള്ളൂർ കേരള സാഹിത്യചരിത്രത്തിന്റെ മൂന്നാം ഭാഗത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.

പ്രകൃതിവർണനയിലാണ് ഇദ്ദേഹത്തിന്റെ പാടവം വ്യക്തമാകുന്നത്. ഉദാഹരണമായി കയ്പയ്ക്കയെപ്പറ്റി.

“പാടത്തുങ്കരനീളെ നീലനിറമായ്
        വേലിക്കൊരാഘോഷമായ്
ആടിത്തൂങ്ങിയലഞ്ഞുലഞ്ഞു സുകൃതം
        കൈക്കൊണ്ടു നില്ക്കുംവിധൗ
വാടാതേ വരികെന്റെ കൈയിലധുനാ
        പീയൂഷഡംഭത്തെയും
ഭേദിച്ചമ്പൊടു കയ്പവള്ളി തരസാ
        പെറ്റുള്ള പൈതങ്ങളേ”

എന്ന ശ്ലോകം ചൂണ്ടിക്കാട്ടാവുന്നതാണ്.

കോഴിക്കോട്ടു സാമൂതിരിയുടെ ഒരു ആശ്രിതനായിരുന്നുവെന്നതിന് മനോരമത്തമ്പുരാട്ടിയെയും ചേലപ്പറമ്പിനെയും ബന്ധിപ്പിച്ചുകൊണ്ടുള്ള കഥകൾ തെളിവായെടുക്കാം.

തൊണ്ണൂറു വയസ്സുവരെ ജീവിച്ച ഇദ്ദേഹം ഗുരുവായൂർ ക്ഷേത്രത്തിൽ ചെന്ന് ഒരു ശ്ലോകം ചൊല്ലി നമസ്കരിച്ചു. പിന്നീടെഴുന്നേല്ക്കയുണ്ടായിട്ടില്ലെന്നാണ് ഐതിഹ്യം.

ചേലാകർമം

ഇസ്ലാം മതത്തിലേക്കുള്ള പരിവർത്തനം. ഇസ്ലാമിനെ സൂചിപ്പിക്കാൻ ‘ചേലാ’ എന്ന പദം പ്രയോഗിക്കാറുണ്ട്. ‘ചേലാ’ എന്ന പദത്തിനു ശിഷ്യൻ എന്നാണ് അർഥം. ആചാര്യനായ പുരോഹിതനിൽനിന്നു മതബോധം നേടുന്നവൻ എന്ന അർഥത്തിലാണു മതാനുയായിയെ ചേലാ എന്നു പറയുന്നത്. അല്ലാഹ് മാത്രമാണ് ഈശ്വരനെന്നും നബി ഈശ്വരന്റെ പ്രവാചകൻ ആണെന്നും അംഗീകരിക്കയും സുന്നത്തു നടത്തുകയും ആണു ചേലാകർമത്തിന്റെ മുഖ്യഘടകങ്ങൾ.

ചേഷ്ട

ഏതെങ്കിലും ശരീരാവയവത്തിന്റെ ചലനം. ചലനം ബോധപൂർവമോ അബോധപൂർവമോ ആകാം. ഇമ ചിമ്മൽ, ഒച്ച കേട്ടു ഞെട്ടൽ മുതലായവ അബോധപൂർവമാണ്. തിന്നുക, കുടിക്കുക മുതലായവ ബോധപൂർവം. ചേഷ്ടകൾ സോദ്ദേശ്യമോ നിരുദ്ദേശ്യമോ ആകാം. നടക്കുക, സംസാരിക്കുക ഇവ സോദ്ദേശ്യമാണ്. സംഭാഷണത്തിനിടയിലെ പല ആംഗ്യങ്ങളും നിരുദ്ദേശ്യമാണ്. ചേഷ്ടയിൽ വികാരം, സ്ഫുരിക്കാം, സ്ഫുരിക്കാതിരിക്കാം. ചിരിയിൽ സന്തോഷ പരിഹാസങ്ങളും കരച്ചിലിൽ ദുഃഖവും കണ്ണുരുട്ടലിൽ കോപവും സ്ഫുരിക്കണം. ചേഷ്ടകൾ വ്യക്തിയെ സമൂഹത്തോടു ബന്ധപ്പെടുത്തുന്നവയും പെടുത്താത്തവയുമുണ്ട്. മറ്റൊരാളെ അഭിമുഖീകരിച്ചുള്ള സംഭാഷണം ആദ്യത്തതിനും ഏകാന്തതയിലെ ആത്മാലാപവും സ്വപ്നപ്രലപനവും രണ്ടാമത്തതിനും ദൃഷ്ടാന്തമാണ്. ചേഷ്ട പലപ്പോഴും പെരുമാറ്റ(behaviour)ത്തിന്റെ ഭാഗമാണ്. †പെരുമാറ്റം നോക്കുക.

ചേറ്റുവാ തുറമുഖം

തൃശൂരിന് അടുത്ത് ഉണ്ടായിരുന്ന തുറമുഖം. ശാർക്കരകോവിലകം വക ഈ സ്ഥലം മൂത്തരാജാവിൽനിന്നു ഭാര്യവീട്ടുകാരായ പഴയഞ്ചേരിക്കാർക്കു കിട്ടി. പിന്നീടു സാമൂതിരി ഈ സ്ഥലം പിടിച്ചെടുത്തു. 1503-ൽ സാമൂതിരിയും കൊച്ചിയും തമ്മിൽ ചേറ്റുവായിൽ വച്ചുയുദ്ധമുണ്ടായി. കൊച്ചി തോറ്റു. സാമൂതിരി ചേറ്റുവാ ഡച്ചുകാർക്കു വിട്ടുകൊടുത്തു. 1691-ൽ സാമൂതിരിക്ക് ഈ സ്ഥലം തിരിച്ചു കിട്ടി. 1705-ൽ വീണ്ടും ഡച്ചുകാരുടെ കൈവശം വന്നു. ഇംഗ്ലീഷുകാരുടെ പ്രേരണയ്ക്കു വഴങ്ങി 1715-ൽ സാമൂതിരി ചേറ്റുവായിലെ ഡച്ചുകോട്ട കൈവശപ്പെടുത്തി. 1717-ൽ ഡച്ചുകാർ കോട്ട തിരിച്ചു പിടിച്ചു. 1790-ൽ ഈ സ്ഥലം ബ്രിട്ടീഷുകാരുടെ അധീനത്തിലായി. കൊച്ചിരാജാവു 40,000 രൂപാ വാർഷികപാട്ടത്തിനു സ്ഥലം ഏറ്റുവാങ്ങി.

ചേറ്റുവാ പഴയൊരു വ്യാപാരകേന്ദ്രമാണ്. മുമ്പു ജൂതന്മാർ ഇവിടെ താമസിച്ചിരുന്നു. പൊന്നാനി അഴിയെക്കാൾ പ്രയോജനകരമായിരുന്നു ചേറ്റുവാ അഴി. കപ്പലുകൾക്ക് ഉള്ളിലേക്കു കയറിക്കിടക്കാനുള്ള നൗകാശയസൗകര്യം ഇവിടെ ഉണ്ടായിരുന്നു. തോടുകളും ആറുകളും വഴി ചരക്കുകൾ വന്നെത്താനും കയറ്റിറക്കുമതികൾ നടത്താനുമുള്ള സൗകര്യവും ഇവിടെ ഉണ്ടായിരുന്നു. ഇന്നു കച്ചവട പ്രാധാന്യം ഈ സ്ഥലത്തിനില്ല. ഇപ്പോൾ ഇത് ഒരു മീൻ പിടിത്ത കേന്ദ്രമാണ്. ചേറ്റുവായിൽ 1986-ൽ നിർമിച്ച പാലം ഗതാഗതസൗകര്യം വളരെ വർധിപ്പിച്ചിരിക്കുന്നു.

ചേറ്റുവാ പരീക്കുട്ടി (1848—1886)

അറബി-മലയാളകവി. ഗുരുവായൂരിനടുത്തുള്ള ചേറ്റുവായിൽ 1848 ഓഗസ്റ്റ് മാസത്തിൽ ജനിച്ചു. പിതാവ് പോക്കാകില്ലത്ത് ചിന്നക്കൽ കുഞ്ഞഹമ്മദ്. ചേറ്റുവാ ജുമു അത്ത് പള്ളി ദർസിൽനിന്ന് മതവിദ്യാഭ്യാസം നേടിയശേഷം സംസ്കൃതഭാഷയിലും സംഗീതകലയിലും പ്രാവീണ്യംനേടി. *സൗഭാഗ്യസുന്ദരി* എന്ന വർണനാകാവ്യം, *ഫുതുഹുശ്ശാം* എന്ന പടപ്പാട്ട്, *ആദിഅഹദാന* എന്ന ഒപ്പനപ്പാട്ട് എന്നിവയാണ് പരീക്കുട്ടിയുടെ പ്രധാനകൃതികൾ. വസൂരിരോഗം ബാധിച്ച്, 1886 ഏപ്രിൽ 8-ാംനു അന്തരിച്ചു.

ചേറ്റൂർ, എസ്.കെ. (1905-1973)

ഇന്ത്യക്കാരനായ ഇംഗ്ലീഷ് എഴുത്തുകാരനും ഭരണതന്ത്രജ്ഞനും. സർ. സി. ശങ്കരൻ നായരുടെ സഹോദരീപുത്രനായി ജനിച്ച എസ്.കെ. ചേറ്റൂർ (ശങ്കരകൃഷ്ണ ചേറ്റൂർ) മദിരാശി സർവകലാശാലയിലും ഓക്സ്ഫെഡിലും വിദ്യാഭ്യാസം നിർവഹിക്കുകയും ഇന്ത്യൻ സിവിൽ സർവീസിൽ പ്രവേശിക്കുകയും ചെയ്തു. കളക്റ്ററായും മലയയിലെ ഇന്ത്യൻ പ്രതിനിധിയായും (1946-’47) ഗവ. സെക്രട്ടറിയായും മദിരാശിയിലെ ചീഫ് സെക്രട്ടറിയായും ഉദ്യോഗങ്ങൾ വഹിച്ചു. ഇംഗ്ലീഷിലാണ് ചേറ്റൂരിന്റെ സാഹിത്യരചനകളെല്ലാം. നമ്മുടെ നല്ല ചെറുകഥാകാരന്മാരിൽ ഒരാളായി അറിയപ്പെട്ടു. ഗോൾഡൻ സ്റ്റെയർ ആൻഡ് അദർപോയംസ് (1967) കവിതയാണ്. മഫിൾഡ് ഡ്രംസ് (1922). ദ് കോബ്രാസ് ഒഫ് ധർമ്മാ ഷേവി (1937), ബോംബെ മർഡർ (1940), ദ് സ്പെൽ ഒഫ് അഫ്റഡൈറ്റ് (1957), മാങ്ഗോ സീഡ് ആൻഡ് അദർ സ്റ്റോറീസ് (1974) ഇവയാണു പ്രധാനകൃതികൾ. ദ് സ്റ്റീൽ ഫ്രെയിം ആൻഡ് ഐ. എന്ന അവസാന കൃതി ആത്മകഥാപരമാണ്. പാമ്പ്, പ്രേതം, ദുശ്ശകുനം എന്നിവയെ കേന്ദ്രമാക്കിയുള്ള ഭയാനകകഥകളെഴുതുന്നതിൽ ചേറ്റൂരിനു സവിശേഷമായ വാസനയുണ്ടായിരുന്നു.

ചേറ്റൂർ, ജി.കെ. (1898–1936)

ഇന്ത്യക്കാരനായ ഇംഗ്ലീഷ് എഴുത്തുകാരൻ. സർ സി. ശങ്കരൻ നായരുടെ ഭാഗിനേയനായി ജനിച്ചു. ഗോവിന്ദകൃഷ്ണ ചേറ്റൂർ എന്ന പേരിൻെറ ചുരുക്കമാണ് ജി.കെ. ചേറ്റൂർ എന്നത്. മദിരാശിയിലും ഓക്സ്ഫെഡിലെ ന്യൂ കോളെജിലും ആയി വിദ്യാഭ്യാസം ചെയ്ത് എം.എ. ബിരുദം നേടി. ഓക്സ്ഫെഡിൽ പഠിക്കുമ്പോൾ തന്നെ റൊമാൻറിക് കവിയെപ്പോലെ സ്വപ്നജീവിയായി കഴിഞ്ഞതിൻെറ കഥ സഹപാഠിയായ കെ.പി.എസ്. മേനോൻ ആത്മകഥയിൽ വിവരിക്കുന്നുണ്ട്. കോളെജിൽ ഇംഗ്ലീഷ് അദ്ധ്യാപകനായി ജീവിതം ആരംഭിച്ച് മംഗലാപുരം ഗവൺമെൻറ് കോളെജിൽ പ്രിൻസിപ്പലായിരിക്കെ അകാലചരമമടഞ്ഞു. കവിയായിട്ടാണ് ജി.കെ. ചേറ്റൂർ ശോഭിച്ചത്. സൗൺഡ്സ് ആൻഡ് ഇമേജസ് (1921), ദ് ടെമ്പിൾ ടാങ്ക് ആൻഡ് അദർ പോയംസ് (1932), ദ് ഷാഡോ ഒഫ് ഗോഡ് (1934) ഇവയാണു കവിതാസമാഹാരങ്ങൾ. ഗീതകങ്ങളിലാണ് ചേറ്റൂരിൻെറ പ്രാഗല്ഭ്യം തെളിഞ്ഞുകാണുന്നത്. ദ് ലാസ്റ്റ് എൻചാൻറ്മെൻറ് ഓക്സ്ഫെഡ് ജീവിതത്തെപ്പറ്റിയുള്ള മധുരസ്മരണകളാണ്.

ചൈ

ചൈതന്യൻ (1485-1533?)

ഇന്ത്യയിലെ ഒരു വൈഷ്ണവാചാര്യൻ. 'ഗൗരാംഗൻ', 'കൃഷ്ണ ചൈതന്യൻ', 'ചൈതന്യമഹാപ്രഭു' എന്നീ പേരുകളിലും അറിയപ്പെടുന്നു. ബംഗാളിലെ നദിയാജില്ലയിൽ ഭാഗീരഥി നദീതീരത്തുള്ള നവദ്വീപ് എന്ന സ്ഥലത്ത് 1485-ലെ ഹോളിദിവസം ജനിച്ചു. അച്ഛൻ പണ്ഡിത ജഗന്നാഥമിശ്രൻ, അമ്മ ശചീദേവി. വിശ്വംഭരൻ എന്നാണു പേരിട്ടത്. ശചീദേവി മകനെ നിമായി എന്നു വിളിച്ചു. കുസൃതിക്കുടുക്കയായി നിമായി വളർന്നു. ബ്രാഹ്മണബാലന്മാർക്ക് അക്കാലത്തു നല്കിയിരുന്ന വിദ്യാഭ്യാസം നിമായിക്കും ലഭിച്ചു. പഠിപ്പിൽ സമർഥനായിരുന്നു. സംസ്കൃതത്തിൽ നല്ല പാണ്ഡിത്യം നേടി. ഭാഗവതം, മഹാഭാരതം മുതലായ വൈഷ്ണവഗ്രന്ഥങ്ങൾ പഠിച്ചു. ഭഗവദ്ഗീത ഹൃദിസ്ഥമാക്കി. 11 വയസ്സ് ആയപ്പോൾ അച്ഛൻ മരിച്ചു. ഒരു ജ്യേഷ്ഠനുണ്ടായിരുന്നു. അയാൾ വീടുവിട്ട് എങ്ങോ പോയി. അതുകൊണ്ട് നിമായിക്ക് കുടുംബഭാരവും ഏല്ക്കേണ്ടിവന്നു.

നിമായി രണ്ടു വിവാഹം കഴിച്ചു. ആദ്യത്തെ ഭാര്യ വല്ലഭാചാര്യന്റെ മകളായിരുന്നു. അവർ മരിച്ചശേഷം അമ്മയുടെ പ്രേരണയ്ക്കു വഴങ്ങിയാണ് അടുത്ത വിവാഹം. പക്ഷെ, 25 വയസ്സിനുമുമ്പ് അദ്ദേഹം ലൗകികകാര്യങ്ങളിൽനിന്നു സ്വയം പിന്തിരിഞ്ഞു. കൃഷ്ണഭക്തികൊണ്ട് അദ്ദേഹം പലപ്പോഴും ഉന്മത്താവസ്ഥയിലെത്തിയിരുന്നു. കൃഷ്ണകീർത്തനങ്ങൾ മധുരമായി പാടും. പാടുന്നതിനിടയിൽ നൃത്തംചെയ്യും. നൃത്തംചെയ്തു കുഴയുമ്പോൾ പ്രജ്ഞയറ്റു വീഴും. ബോധം വീഴുമ്പോൾ കരയും. പിന്നെയും പാടും.



അധികം താമസിയാതെ നിമായി നാടും വീടും ഉപേക്ഷിച്ച് സന്ന്യാസിയായി ദേശസഞ്ചാരം തുടങ്ങി. കാശി, ഗയ, പുരി, ശ്രീരംഗം മുതലായ പുണ്യസ്ഥലങ്ങളിൽ ചുറ്റിനടന്നു. പുരിയിലെ ജഗന്നാഥക്ഷേത്രം ചൈതന്യനെ വളരെ ആകർഷിച്ചു. അവിടെ താമസിച്ചുകൊണ്ട് ഭക്തിമാർഗം പ്രചരിപ്പിക്കുകയും ശിഷ്യരെ പഠിപ്പിക്കുകയും ചെയ്തു. 1533-ൽ മൃതിയടഞ്ഞുവെന്നു കരുതപ്പെടുന്നു.

ഭക്തിയിൽക്കൂടി അനായാസം മോക്ഷം പ്രാപിക്കാമെന്നാണ് ചൈതന്യമതം. ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ബന്ധം രാധയും കൃഷ്ണനും തമ്മിലുണ്ടായിരുന്നതുപോലുള്ള കാമുകീകാമുകഭാവമാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ജീവനുള്ള യാതൊന്നിനെയും വേദനിപ്പിച്ചുകൂടെന്ന് ഉപദേശിച്ചു. ജാതിവിവേചനത്തിന് എതിരായിരുന്നു. താണജാതിക്കാരനായിരുന്നു ചൈതന്യന്റെ ശിഷ്യന്മാരിൽ പലരും. ശിഷ്യരായ നിത്യാനന്ദന്റെയും അദ്വൈതാനന്ദന്റെയും കാലശേഷം ചൈതന്യന്റെ ഭക്തിപ്രസ്ഥാനം ക്രമേണ ക്ഷയിച്ചു.

ചൈത്യം

ചിതയ്ക്കുമേൽ പടുത്തുയർത്തിയ സ്മാരകം. ബുദ്ധന്റെ ശരീരാവശിഷ്ടങ്ങൾ അടക്കംചെയ്ത മന്ദിരങ്ങളെ ആണ് ആദ്യകാലത്തു 'ചൈത്യം' എന്നു പറഞ്ഞിരുന്നത്. പില്ക്കാലത്തു ശരീരാവശിഷ്ടങ്ങൾ ഇല്ലാത്തിടത്തെ ആരാധനാലയങ്ങൾക്കും ആ പേരു സിദ്ധിച്ചു. ബൗദ്ധരുടെ എന്ന പോലെ ജൈനരുടെ ആരാധനാലയങ്ങൾക്കും ഈ പേരു പറയുന്നുണ്ട്.

'ചിങ്' ധാതുചയനത്തെ, പടുക്കലിനെ, കുറിക്കുന്നു. ചിത, യാഗശാല, ബലിപീഠം, യാഗശാലയിലെ അഗ്നിസ്ഥാനം എന്നീ അർഥങ്ങളിലും ഈ പദം പ്രയോഗിക്കാറുണ്ട്.

ചൈത്രരഥം

കുബേരന്റെ രാജകീയോദ്യാനം. മഹാമേരു പർവതത്തിലെ മന്ദരശിഖരത്തിലാണ് ഇത്. കശ്യപപ്രജാപതിക്കു മുനി എന്ന പത്നിയിൽ ജനിച്ച ചിത്രരഥൻ എന്ന ഗന്ധർവനാണ് ഇതു സംവിധാനം ചെയ്തതും നിർമിച്ചതും. ചിത്രരഥൻ നിർമിച്ചതുകൊണ്ടു ചൈത്രരഥം എന്നു പേർ വന്നു.

ചൈന

ജനസംഖ്യകൊണ്ടു ലോകത്തിൽ ഒന്നാം സ്ഥാനത്തും വലിപ്പംകൊണ്ടു മൂന്നാം സ്ഥാനത്തും നില്ക്കുന്ന പൂർവേഷ്യൻ രാജ്യം. വിസ്



തൃതി 95,61,000 ച.കി.മീറ്റർ. ജനസംഖ്യ 105,31,00,000 (1986). അതിരുകൾ തെക്കുകിഴക്കു ഹോങ്കോങ് മുതൽ വിയറ്റ്നാം, ലാവോസ്, ബർമ, ഇന്ത്യ, ഭൂട്ടാൻ, നേപ്പാൾ, പാകിസ്താൻ എന്നിങ്ങനെ പടിഞ്ഞാറോട്ടുപോയി തെക്കുപടിഞ്ഞാറ് അഫ്ഘാനിസ്താൻ വരെ നീണ്ടുകിടക്കുന്നു. സോവിയറ്റ് യൂണിയനും മംഗോളിയയുമാണു വടക്ക്. വടക്കുകിഴക്കു വടക്കൻ കൊറിയ കിടക്കുന്നു. കിഴക്കുഭാഗത്തു മഞ്ഞക്കടലും ചൈനക്കടലുമാണ്. തൈവാൻ കടലിടുക്കു തയ്വാനിൽനിന്നു ചൈനയെ വേർതിരിക്കുന്നു. തലസ്ഥാനം ബെയ്ജിങ്.

ഭൂസ്ഥിതി. ഭൂമിശാസ്ത്രപരമായി ചൈനയെ മൂന്നു പ്രദേശങ്ങളായി വിഭജിക്കാം: 1. ശരാശരി 4060 മീ. പൊക്കമുള്ള, തിബത്ത് പീഠഭൂമി ഉൾക്കൊള്ളുന്ന ദക്ഷിണദേശം. തെക്കോട്ടും കിഴക്കോട്ടും ഈ പ്രദേശത്തിനു പൊക്കം കുറഞ്ഞുവരുന്നു. 2. അല്പം പൊക്കം കുറഞ്ഞ ഉത്തര ഉന്നതതടം. ഇവിടെ ഇടക്കിടെ താഴ്ന്ന സമതലങ്ങളുണ്ട്. 3. അങ്ങിങ്ങ് ഉന്നതതടങ്ങളുള്ള പൂർവസമതലം. 500 മീറ്ററിൽ താഴെയാണ് ഇവിടത്തെ ഉന്നതതടങ്ങളുടെ പൊക്കം.

തിബത്ത് ഉന്നതതടത്തെ 'ലോകത്തിൻെറ മേല്പുര' എന്നു വിശേഷിപ്പിക്കാറുണ്ട്. മധ്യഭാഗത്ത് ഇതിനു ശരാശരി 5000-ൽ അധികം മീ. പൊക്കമുണ്ട്. വടക്കുഭാഗത്തെ കുൺലുൺ പർവതനിരയും തെക്കുഭാഗത്തെ ഹിമാലയപർവതനിരയും ഇതിലുമധികം പൊക്കമുള്ളവ ആണ്. 7000—8500 മീറ്റർ പൊക്കമുള്ളവയാണു ഹിമാലയ ശിഖരങ്ങൾ. ചൈന-നേപ്പാൾ അതിർത്തിയിലാണു ലോകത്തിലേക്ക് ഉയരം കൂടിയ എവറസ്റ്റ് ശിഖരം. ചൈനയുടെ ഉൾഭാഗത്തെ രണ്ടു നിമ്നതടങ്ങൾ 5.5 ലക്ഷം ച.കി.മീ. വിസ്തൃതിയുള്ള തരീം തടവും തക്ലാമക്കൻ മരുഭൂമിയും ആണ്. ഏഴുലക്ഷം ച.കി.മീ വിസ്തൃതി ഉണ്ട് പൂർവസമതലത്തിന്.

നദികൾ. പ്രധാന നദികൾ മൂന്നാണ്. 1. മഞ്ഞനദി അഥവാ ഹ്വാങ് ഹോ. 12 ലക്ഷത്തിലധികം ച.കി.മീ. നനയ്ക്കുന്ന ഉത്തര ചൈനയിലെ ഈ നദി മഞ്ഞമണ്ണിൽകൂടെയാണ് ഒഴുകുന്നത്. സിങ്ഹായ് നിരകളിൽനിന്ന് ഉദ്ഭവിച്ച 4320 കി.മീ. ഒഴുകി മഞ്ഞക്കടലിൽ പതിക്കുന്നു. അനേകം പോഷകനദികളുണ്ട്. നദീമുഖത്ത് 40 കി.മീ. വരെ ഉള്ളിലേക്കു കപ്പലുകൾ സഞ്ചരിക്കുന്നു. 2. യാങ്സി. ഏറ്റവും നീളമുള്ള ഗതാഗതയോഗ്യമായ നദി. സിങ്ലിങ്-നാങ്ലിങ് ഗിരിനിരകളിൽനിന്ന് ഉദ്ഭവിച്ച് 5440 കി.മീ. ദൂരം ഒഴുകി 19,59,655 ച.കി. മീറ്ററിനു ജലസേചനം നിർവഹിച്ചുകൊണ്ടു കടലിൽ പതിക്കുന്നു. 1600 കി.മീ. ഗതാഗതയോഗ്യമാണ്. 3 സി-കിയാങ്. 1920 കി.മീ. നീളം. വുച്ചൗവരെ കപ്പലുകൾക്കു സഞ്ചരിക്കാം.

മഞ്ചൂറിയയിൽ അമൂർ, സുംഗാരി, ഉസ്സൂറി, യാലൂ എന്നീ നദികളുണ്ട്. പെയ്, ഹ്വായ്, ചീൻടാങ് മീൻ എന്നീ നദികളും വിവിധ പ്രദേശങ്ങളിലൂടെ ഒഴുകുന്നു.

കാലാവസ്ഥ. മിതോഷ്ണ (temporate) മേഖലയിലാണു ചീനയുടെ കിടപ്പെങ്കിലും അധികം പ്രദേശങ്ങളിലും അധികകാലവും നല്ല തണുപ്പുണ്ട്. യാങ്സി ഹ്വാങ്ഹോ തടങ്ങളിൽ താരതമ്യേന കൂടുതൽ ചൂടും നീരാവിയുമുള്ള അന്തരീക്ഷമാണ്. ജനുവരിയിൽ താപനില 0°C വരെ എത്തുന്നു. തെക്കുഭാഗത്ത് ഇത് 22°C വരെ ഉയരുന്നു. 750 മി.മീ. തീരപ്രദേശത്തു 2000 മി.മീ. വടക്കോട്ടു മഴകുറഞ്ഞുവരുന്നു. ആണ്ടിൽ 100 മുതൽ 240 വരെ ദിവസം മഞ്ഞിൻെറ ബാധ ഇല്ലാത്ത സ്ഥലങ്ങളുണ്ട്. തെക്കുഭാഗത്തു താരതമ്യേന തെളിഞ്ഞ കാലാവസ്ഥ ആണ്. 24°C മുതൽ 29°C വരെയാണു വേനൽക്കാലതാപനില.

ജന്തുക്കളും സസ്യങ്ങളും. വൈവിധ്യം ഏറിയതാണു ജന്തുലോകവും സസ്യലോകവും. യാങ്സിയിലെ തുഴമൽസ്യങ്ങൾ (paddle fish) മധ്യപൂർവചൈനയിലെ മുതലകൾ, പശ്ചിമ ചൈനയിലെ വളരെ വലിയ സാലമാൻഡറുകൾ ഇവ ലോകത്തിൻെറ അന്യഭാഗങ്ങളിൽ അസുലഭമാണ്. വീട്ടുജന്തുക്കൾ: പന്നി, കോഴി, ചെമ്മരിയാട്- കന്നുകാലികളും വളരെ കുറഞ്ഞതോതിൽ ഉണ്ട്. ഒട്ടകം, കഴുത, കോവർകഴുത, കാള ഇവയെ ഭാരം വലിക്കാൻ ഉപയോഗിക്കുന്നു. കുതിരകളും നിലമുഴാൻവേണ്ടി വളർത്തപ്പെടുന്നു.

പല സസ്യങ്ങളുടെയും മൂലകുടുംബം ചൈനയിലാണ്. പീച്ച്, ബദാം, ആപ്രിക്കോട്ട്, ചണം, തേയില, നന്നാറി, ഇഞ്ചി, പയർവർഗങ്ങൾ ഇവ പലെടത്തും ചെന്നെത്തിയതു ചൈനയിൽനിന്നാണ്. പൈൻ, സ്പ്രൂസ്, ലാർച്ച്, എം, ബർച്ച്, ഫിർ, ഓക്ക് എന്നീ വൃക്ഷങ്ങൾ സുലഭമാണ്. ഓറഞ്ജ്, ചെറുനാരങ്ങ, മാതളം, ആപ്പിൾ എന്നിവ ഫലങ്ങൾക്കു വേണ്ടി വളർത്തുന്നു. മുഖ്യകാർഷികോത്പന്നങ്ങൾ ഗോതമ്പ്, കരിമ്പ്, യവം, തിന, ചോളം, വരക്, ഓട്സ് എന്നിവ ആണ്. തെക്കുഭാഗത്തു നെൽക്കൃഷിയാണ് അധികം. പച്ചക്കറികൾ, ഉരുളക്കിഴങ്ങ്, വഴുതന, തക്കാളി, കാരറ്റ്, ഉള്ളി, വെള്ളരിക്ക ഇവയാണ്. മൾബറിക്കൃഷിയും പട്ടുനൂൽപുഴുവളർത്തലും പണ്ടു മുതലേ ഉണ്ട്. പുകയിലയും ധാരാളം കൃഷിചെയ്യുന്നു. പായ, കുട്ട, വട്ടി, ഏണി, സംഗീതോപകരണങ്ങൾ ഇവയുടെ നിർമാണം, തീറ്റക്കമ്പുകൾ ഉണ്ടാക്കൽ ഇവ കർഷകരുടെ തൊഴിലുകളിൽപെടും. റോസ്, അരളി, ജമന്തി, പോപ്പിലില്ലി, താമര ഇവ പൂവിനുവേണ്ടി വളർത്തുന്നു. പോപ്പിയിൽനിന്നു കറുപ്പ (അവീൻ) ഉത്പാദിപ്പിക്കുന്നു.



മാവൊ-സെ-തുങ്

ധാതുസമ്പത്ത്. 4000 കോടി മെട്രിക്ടൺ ഇരുമ്പയിര്, ഒരു ലക്ഷംടൺ കൊബാൾട്ട്, അഞ്ചുകോടി ടൺ ചെമ്പ് എന്നിവയും ഗണ്യമായ നിലയിൽ ആൻറിമണി, ക്രോമിയം, കറുത്തീയം, സിങ്ക്, ടങ്ക്സ്റ്റൺ ഇവയും ഉണ്ട്. 1980-കളിലെ കണക്ക് അനുസരിച്ച് 272.5 കോടി മെട്രിക് ടൺ പെട്രോളിയം 70,000 കോടി ഘ.മീ. പ്രകൃതി വാതകം. 60,000 കോടി ടൺ കല്ക്കരി എന്നിങ്ങനെയാണ് ഊർജ നിക്ഷേപം.

ജനങ്ങൾ. 1986-ൽ 105 കോടി. ജനസാന്ദ്രത ച.കി.മീറ്ററിനു 110. ഇതിൻെറ 31.9% നഗരത്തിലും 68.1% ഗ്രാമങ്ങളിലും വസിക്കുന്നു. 51.63% സ്ത്രീകൾ 48.37% പുരുഷന്മാർ. 75 വയസ്സിനു മുകളിലുള്ളവർ 1.3%. 60 വർഷം കൊണ്ടു ജനസംഖ്യ ഇരട്ടിക്കുന്നു.

വർഗങ്ങൾ. ഹാൻ 93%, ചുവാങ് 1.33%, ഹുയ് 0.72%, ഉയിഘർ, യി, മിയാവോ, മഞ്ചു, തിബത്തൻ, മംഗോളിയൻ, തുച്ചിയ, പുയി, കൊറിയൻ, തുങ്, യാവോ, പയ്, ഹനി, കസക്, തായ്, ലീ എല്ലാം 0.60%-ൽ കുറവ്. ഗ്രാമങ്ങളിൽ കുടുംബത്തിലെ ശരാശരി ജനസംഖ്യ 5.4, നഗരത്തിൽ 4. ജനനനിരക്ക് 1000-നു 17.5. മരണനിരക്ക് 6.7 (ലോകനിരക്കിനെക്കാൾ 4.3 കുറവ്). ജീവിതദൈർഘ്യപ്രതീക്ഷ പുരുഷൻ 65.5 വർഷം. സ്ത്രീ 69.4 വർഷം. മുഖ്യ മരണകാരണങ്ങൾ ഹൃദ്രോഗം, അർബുദം മുതലായവ.

മുഖ്യനഗരങ്ങൾ. (വലയത്തിൽ 1985-ലെ ജനസംഖ്യ). ഷാങ്ഹയ് (1,20,50,000), ബെയ്ജിങ് (94,70,000), റ്റീൻസ്റ്റിൻ (79,90,000), ഷെർയാങ് (41,30,000), വു-ഹാൻ (33,40,000), കാൻറൺ (32,20,000), ചുങ്കിങ് (27,30,000), ഹർബിൻ (25,90,000), ചെങ്ടു (24,40,000), 12 ലക്ഷത്തിലേറെ ജനസംഖ്യയുള്ള വേറെ പത്തു നഗരങ്ങൾ കൂടി ഉണ്ട്.

വിദ്യാഭ്യാസം. അഞ്ചുവയസ്സിനു മുകളിലുള്ളവരിൽ 32 ശതമാനത്തോളം 1982-ലെ കണക്കനുസരിച്ചു കാര്യമായ വിദ്യാഭ്യാസം ഇല്ലാത്തവരാണ്. 40% പ്രാഥമിക വിദ്യാഭ്യാസം പൂർത്തി ആയവരും 20% സെക്കൻഡറി തലം കടന്നവരും 7.5% സീനിയർ സെക്കൻറഡറി തലം പിന്നിട്ടവരും 0.7% ഉന്നതവിദ്യാഭ്യാസം നേടിയവരുമാണ്. സാക്ഷരത 68%.

തൊഴിൽനില. 48 മണിക്കൂറാണ് ആഴ്ചയിലെ ശരാശരി ജോലിസമയം. ശരാശരി പ്രതിശീർഷവരുമാനം 310 ഡോളർ. കൃഷിപ്പണിക്കാർ 32.5 കോടി, ഖനി, വ്യവസായത്തൊഴിലാളികൾ 6.3 കോടി, നിർമാണത്തൊഴിലാളികൾ 1.8 കോടി, പൊതുസേവനത്തുറകൾ, ഗതാഗതം, വാർത്താവിനിമയം ഒരു കോടി, വാണിജ്യം 2.3 കോടി, ഭരണം, പ്രതിരോധം 70 ലക്ഷം സേനാംഗങ്ങൾ 1.7 കോടി. മൊത്തം 47.5 കോടി.

സാമ്പത്തികസ്ഥിതി. ചൈന പ്രകൃതിവിഭവങ്ങളിലും മനുഷ്യശക്തിയിലും സമ്പന്നമാണ്.

ഉത്പാദനം. (1985-ലെ കണക്ക്, മെട്രിക്ടണ്ണിൽ)

അരി	1714,79,000		
ഗോതമ്പ്	852,86,000	പരുത്തി	124,53,000
ചോളം	622,50,000	സോയാബീൻ	105,19,000
ചീനച്ചോളം	68,35,000	മധുരക്കിഴങ്ങ്	80,91,000
വെള്ളച്ചോളം	63,02,000	പയർവർഗങ്ങൾ	58,40,000
ബാർലി	27,01,000	ചണം	32,00,000
എണ്ണവിത്തുകൾ	67,57,000	പുകയില	20,36,000
സൂര്യകാന്തി		തേയില	4,65,000
വിത്ത്	19,01,000	പന്നി (എണ്ണം)	3130,10,000
എള്ള്	6,92,000	ആട് (ചെമ്മരി)	634,27,000
നിലക്കടല	67,57,000	കോലാട്	513,75,000
റേപ്പ്വിത്ത്	55,87,000	കന്നുകാലി	195,47,000
ആപ്പിൾ	32,15,000	നീർപ്പോത്ത്	109,78,000
പീയർ	23,31,000	കുതിര	99,62,000
ഓറഞ്ച്	17,00,000	കഴുത	5,31,000



പീപ്പിൾസ് റിപ്പബ്ലിക്കിൻെറ വാർഷികത്തിൽ
ബെയ്ജിങ്ങിലെ യുവജനറാലി.

ബെയ്ജിങ് സർവകലാശാലാ
വിദ്യാർഥികളുടെ ഐസ്സ്കേറ്റിങ്.

ഏത്തപ്പഴം	5,60,000	ഉരുളൻതടി	2516,50,000
കിഴങ്ങുകൾ	1,41,136		ഘ.മീ
കരിമ്പ്	586,65,000	മത്സ്യം (ടൺ)	59,27,000
		ഞണ്ട്	3,21,000
		നീർക്കാക്ക	4,13,000
ധാതുക്കൾ.			
ചെമ്പ് (ടൺ)	1,80,000	ഉപ്പ്	160,00,000
സിങ്ക്	1,60,000	ജിപ്സം	48,00,000
ഈയം	1,60,000	ഗ്രാഫൈറ്റ്	48,00,000
തകരം	15,000	ആസ്ബസ്റ്റോസ്	1,60,000
ടങ്സ്റ്റൺ	13,500	സിമൻറ്	1230,00,000
മോളിബ്ഡനം	2000	ഉരുക്ക്	437,70,000
ഇരുമ്പ്	750,00,000	രാസവളങ്ങൾ	146,02,000
ബോക്സൈറ്റ്	16,00,000	പഞ്ചസാര	38,00,000
നിക്കൽ	15,000	തുണി (മീറ്റർ)	1370 കോടി
സ്വർണം	19,00,000	വാച്ച് (എണ്ണം)	379,82,000
	(ഔൺസ്)	സൈക്കിൾ	286,14,000
		തയ്യൽമെഷീൻ	93,49,000
		റ്റി.വി.സെറ്റ്	100,38,000

ഭീമൻ പാൻഡ-വംശനാശം നേരിടുന്ന
ജന്തുവർഗം. ചൈനയിൽമാത്രം കാണപ്പെടുന്നു.

ഗതാഗതം, വാർത്താവിനിമയം. റെയിൽപാത 56,600 കി.മീ. റോഡ് 9,40,000 കി.മീ. കാർ 2,65,000, ട്രക്ക് 17,68,000 നൂറുടണ്ണിൽ അധികമുള്ള കപ്പൽ 1408, വിമാനത്താവളം 76, ദിനപത്രങ്ങൾ 222, റേഡിയോ 22,37,30,000, റ്റി.വി. സെറ്റ് 6,96,50,000, ടെലഫോൺ 27,74,300.

ആരോഗ്യനില. ഭക്ഷണം ശരാശരി ദൈനിക പ്രതിശീർഷക ലോറി 2,877 (സസ്യം 92%, സസ്യേതരം 8%). ഇത് എഫ്.എ.ഒ. നിർദേശിച്ച മിനിമത്തെക്കാൾ 33% കൂടുതലാണ്. വൈദ്യന്മാർ 14,13,000 (737 പേർക്ക് ഒരാൾ), ആശുപത്രിക്കിടക്കകൾ 24,87,000 (419 പേർക്ക് ഒന്ന്), ശിശുമരണനിരക്ക് 1000-ന് 38.0.

പ്രതിരോധം. സൈനികർ 29,50,000 (കരസൈന്യം 71.5%, നാവികർ 11.9%, വായുസേന 16.6%). പ്രതിരോധച്ചെലവു മൊത്തവരുമാനത്തിൻെറ 8.6% (ലോകശരാശരി 6.1%).

ചരിത്രം. 3.5 ലക്ഷം വർഷം മുമ്പു ജീവിച്ചിരുന്ന പീക്കിങ് മനുഷ്യൻെറ (Homo erectus pekinesis) അവശിഷ്ടങ്ങൾ 1927-ൽ ബെയ്ജിങ്ങിന് അടുത്തുള്ള ഗുഹയിൽനിന്നു കണ്ടെടുത്തു. ചൈനീസ് സംസ്കാരത്തിൻെറ പിള്ളത്തൊട്ടിൽ ഹ്വാങ്-ഹോ നദീതടത്തിലാണ്.

ചൈനയിൽ ദീർഘകാലം ഷാങ്(യാൻ)വംശഭരണം നിലവിലിരുന്നു (1766-1122 ബി.സി.) ഈ കാലത്തുപോലുംവെങ്കലപ്പാത്രങ്ങളും കലണ്ടറും അവർക്ക് ഉണ്ടായിരുന്നു. ബി.സി. 27-ാം നൂറ്റാണ്ടുമുതൽ എ.ഡി. 1908 വരെ അനേകം രാജവംശങ്ങൾ ചൈനഭരിച്ചു. പ്രധാനവംശങ്ങളും ഭരണകാലവും:

1. താങ്യുങ്	ബി.സി.	മൂന്നാം സഹസ്രാബ്ദം
2 ഹ്സിയ	ബി.സി.	1994-1523
3 ഷാങ്	ബി.സി.	1523-1028
4 ചൗ		1027-222
5 ചിൻ		221-206
6 ഹാൻ		202-എ.ഡി. 220
7 മൂന്നു രാജ്യങ്ങൾ ഷു,	വെയ്, പു	222-280
8 ചിൻ		265-420
9 ദക്ഷിണവംശങ്ങൾ		420-589
10 ഉത്തരവംശങ്ങൾ		386-581
11 സുങ്ങ വംശം		581-618
12 താങ്		618-906
13 പഞ്ചവംശങ്ങൾ		907-960
(ലിയാങ്, താങ്, ചിൻ, ഹാൻ, ചൗ)		
14 ദശവംശങ്ങൾ		902-979
(വു, താങ് മുതലായവ)		
15 സുങ്		960-1279
16 യുവാൻ		1271-1368
17 മിങ്		1368-1644
18 ചിങ്		1644-1912

1279 മംഗോളിയർ സുങ് ഭരണാധികാരികളെ ഓടിച്ച് ഉത്തരചീനഭരിച്ചു. 1368 വരെ വിദേശഭരണം തുടർന്നു. 1644-ൽ വീണ്ടും വിദേശഭരണം (ജൂചെൻവർഗം) സ്ഥാപിതമായി. ചക്രവർത്തിമാർ അധികം താമസിയാതെ അധികാരം വീണ്ടെടുത്തു.

1912-ൽ സൺയാറ്റ്-സെൻ രാജാധികാരത്തിനെതിരെ വിപ്ലവം നടത്തി റിപ്പബ്ലിക് സ്ഥാപിച്ചു. എന്നാൽ യുദ്ധപ്രഭുക്കൾ രാജ്യം ഛിന്നഭിന്നമാക്കി. സണ്ണിൻെറ കൂമിന്താങ്(ദേശീയ)കക്ഷി ശക്തമായ പുനരേകീകരണശ്രമം നടത്തി കമ്യൂണിസ്റ്റ് ആനുകൂല്യവും റഷ്യൻ സഹായവും നേടി. ചിയാങ് കൈ-ഷെക്കിൻെറ നേതൃത്വത്തിൽ കൂമിന്താങ് കക്ഷിക്കു കുറച്ചൊക്കെ വിജയം ലഭിച്ചു. ചിയാങ് കമ്യൂണിസ്റ്റുകളുമായി പിണങ്ങി. അവർ വടക്കോട്ടു പിന്മാറി. അപ്പോൾ ജപ്പാൻ ചൈന ആക്രമിച്ചു. 1932-ൽ അവർ മഞ്ചൂറിയാ പിടിച്ചെടുത്തു. കമ്യൂണിസ്റ്റുകാർ കർഷകപിന്തുണ നേടി ജപ്പാനെ എതിർത്തു. മാവോ സെ-തുങ് കമ്യൂണിസ്റ്റുകാരുടെ അനിഷേധ്യനേതാവായി. ചൗ എൻ ലായ് ആയിരുന്നു മറ്റൊരു നേതാവ്. രണ്ടാം ലോകയുദ്ധത്തിൽ ജപ്പാൻ പരാജയപ്പെട്ടപ്പോൾ കമ്യൂണിസ്റ്റുകാർ ശക്തിനേടി ചിയാങ്ങിനെ തയ്വാനിലെക്കു പിൻമാറാൻ നിർബന്ധിതനാക്കി. 1949 ഒക്റ്റോബർ ഒന്നിനു ചൈന ജനകീയറിപ്പബ്ലിക്ക് സ്ഥാപിതമായി. † ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി നോക്കുക.

രാഷ്ട്രീയസ്ഥിതി. ചൈന ജനകീയറിപ്പബ്ലിക് (ചുങ്-ഹുവാ ചെങ്-മിങ് കുങ്-ഹോ-ക്വോ) എന്നാണു രാഷ്ട്രത്തിൻെറ പൂർണമായ പേര്. ഏകകക്ഷിഭരണമാണു നിലവിൽ ഇരിക്കുന്നത്. ചൈനീസ് കമ്യൂണിസ്റ്റ് കക്ഷിയാണ് അധികാരത്തിലുള്ളത്. നാഷനൽ പീപ്പിൾസ് കോൺഗ്രസ്സ് ആണ് ഏകമണ്ഡല നിയമനിർമാണസഭ. ഏഴ് അംഗങ്ങളുള്ള പോളിറ്റ് ബ്യൂറോകമ്മിറ്റി ആണു പരമാധികാര സമിതി. 200 പൂർണാംഗങ്ങളും 100 മാറിമാറിവരുന്ന അംഗങ്ങളും ഉൾപ്പെട്ട കേന്ദ്രക്കമ്മിറ്റിയാണു പൊളിറ്റ് ബ്യൂറോയെ തിരഞ്ഞെടുക്കുന്നത്. രാഷ്ട്രത്തലവൻ പ്രസിഡൻറ് ആണ്. ഭരണനിർവഹണത്തിനു പ്രധാനമന്ത്രി അധ്യക്ഷനായുള്ള ഒരു മന്ത്രിസഭ ഉണ്ട്. മൻഡാരിൻ ആണ് ഔദ്യോഗികഭാഷ. ഔദ്യോഗികമതമില്ല. യുവാൻ ആണു നാണയം. ഒരു യു.എസ്. ഡോളർ 1986-ൽ 3.72 യുവാനു തുല്യമായിരുന്നു.

ഭരണസൗകര്യത്തിനുവേണ്ടി രാജ്യത്തെ 21 പ്രവിശ്യകളായി വിഭജിച്ചിരിക്കുന്നു. സിംഗായ് ആണു വലിപ്പംകൊണ്ടു മുന്നിൽ നില്ക്കുന്ന പ്രവിശ്യ (7,21,000 ച.കി.മീ). എന്നാൽ ജനസംഖ്യയിൽ ഇതാണ് ഏറ്റവും പിന്നിൽ (40 ലക്ഷം ജനങ്ങൾ-1985-ൽ) സിചാൻ പ്രവിശ്യയിൽ 10 കോടി ജനമുണ്ട്. വിസ്തൃതി 5,69,000 ച.കി.മീ. തിബത്ത്, സിങ്കിയാങ്, ഇന്നർമംഗോളിയ, നിങ്സിയാ ഹുയി, ക്വാങ്സി ചാങ് എന്നിങ്ങനെ അഞ്ചു സ്വയംഭരണ പ്രദേശങ്ങളുണ്ട്. ബെയ്ജിങ്, ഷാങ്ഹായ, റ്റീൻസ്റ്റിൻ ഇതു മൂന്നും മുനിസിപ്പൽ പ്രദേശങ്ങളാണ്.

1978-ൽ ആണു ഭരണഘടന നടപ്പിൽ വന്നത്. നിയമസഭയുടെ കാലാവധി അഞ്ചുവർഷമാണ്. പ്രവിശ്യാതലത്തിലുള്ള നിയോജകമണ്ഡലങ്ങളും ജനകീയ വിമോചനസേനാംഗങ്ങളും പ്രതിനിധികളെ തിരഞ്ഞെടുക്കുന്നു. നിയമസഭയ്ക്ക് ഒരു സ്ഥിരം സമിതിഉണ്ട്. ഇതിൻെറ അധ്യക്ഷനാണു രാഷ്ട്രത്തലവൻ. പ്രധാനമന്ത്രിയെ കേന്ദ്രക്കമ്മിറ്റി തിരഞ്ഞെടുക്കുന്നു. സംസമിതി എന്ന നിർവഹണാധികാരസമിതിയെ പ്രധാനമന്ത്രിയുടെ ശുപാർശ അനുസരിച്ചു നാഷനൽ പീപ്പിൾസ് കോൺഫെറൻസ് നിയമിക്കുന്നു. 12-ലേറെ ഉപപ്രധാനമന്ത്രിമാർ ഉണ്ടാവും; അമ്പതിലേറെ മന്ത്രാലയസമിതി അധ്യക്ഷന്മാരും. പാർട്ടിനയത്തിന് അനുസരിച്ചാകണം ഭരണകൂടത്തിൻെറ പ്രവർത്തനങ്ങളെല്ലാം.

ഉദ്യോഗസ്ഥവിഭാഗത്തിനു പരുക്ക്, രോഗം, ഗർഭം, അവശത, വാർധക്യം എന്നിവയുടെ പേരിൽ [illegible]ന്യവേതനം ലഭിക്കും.

ചൈനക്കടൽ

ഏഷ്യൻ വൻകരയുടെ കിഴക്കും തെക്കുകിഴക്കുമായി കിടക്കുന്ന പസിഫിക് മഹാസമുദ്രഭാഗം. ദക്ഷിണചൈനക്കടൽ, പൂർവചൈനക്കടൽ എന്നു രണ്ടു ഭാഗമുണ്ട് ഇതിന്. ജനകീയ ചൈനയെ തൈവാനിൽനിന്നു വേർതിരിക്കുന്ന ഭാഗത്തിനു ഫോർമോസ ഉൾക്കടൽ എന്നു പറയുന്നു.

ഇതിൻെറ തെക്കുഭാഗം മലയ ഉപദ്വീപുവരെ എത്തുന്നു. കടലിൻെറ അടിത്തട്ടു സുമാത്രവരെ തെക്കോട്ട് ഉയർന്നുപോകുന്നു. വിസ്തൃതി 21,97,000 ച.കി.മീറ്റർ. ശരാശരി ആഴം 1,140 മീ.റ്റർ കൂടിയ ആഴം 5,015 മീ.റ്റർ ഉത്തര മധ്യരേഖാപ്രവാഹത്തിൻെറ ശാഖയായ കുറോസിവോ പ്രവാഹം തൈവാനു സമീപംകൂടി വടക്കോട്ടു പോകുന്നു.

ചൈനയിലെ ആടയാഭരണങ്ങൾ

ചൈനയിലെ ജനങ്ങളുടെ പരമ്പരാഗതമായ വസ്ത്രങ്ങളും ആഭരണങ്ങളും. ലോകയുദ്ധങ്ങളുടെയും സാംസ്കാരികസന്നിവേശങ്ങളുടെയും കെടുതികൾ ഇവിടുത്തെ വസ്ത്രാഭരണങ്ങളെ വളരെയധികം സ്വാധീനിച്ചിട്ടില്ല. ബി.സി. 2600-നുമുമ്പുതന്നെ പേർഷ്യയിലും മെഡിറ്ററേനിയൻ രാജ്യങ്ങളിലും ചീനപ്പട്ടു പ്രസിദ്ധിനേടിയിരുന്നു. അഞ്ചാം നൂറ്റാണ്ടുവരെ പട്ടുവസ്ത്രങ്ങളുടെ രഹസ്യം ചൈനയിലെ ജനങ്ങൾ മാത്രമേ അറിഞ്ഞിരുന്നുള്ളു.



ചൈനീസ് ആഭരണങ്ങൾ (ഏഴാം ശതകം).
ഇടത്തും വലത്തും കർണാഭരണങ്ങൾ; നടുവിൽ
ഫീനിക്സ് പക്ഷിയുടെ ആകൃതിയിലുള്ള മുടിപ്പിന്ന്.

'സാൻ' എന്നു പേരുള്ള ജാക്കറ്റും 'കൂ' എന്ന കാലുറയുമാണ് ചൈനക്കാരുടെ വേഷം. ഒരു സംവൽസരത്തിലെ കാലാവസ്ഥകൾക്കിണങ്ങുന്ന മൂന്നു വിഭിന്നവസ്ത്രങ്ങളാണ് ഇവ-ഒറ്റ, വരയുള്ളത്, രോധകം നിറച്ചത്. സാനിനു ചെറിയൊരു കോളർനാടയുണ്ട്. അയഞ്ഞ കൈയുള്ള 'മാക്വാ' എന്ന ജാക്കറ്റും അതിനു മേൽ 'ബെയ്ഷിൻ' എന്ന കുപ്പായവുമാണു സാമാന്യജനങ്ങൾ ധരിക്കുന്നത്. 'പോ' നീളംകൂടിയ മേലങ്കിയും 'ക്വാ' വലിപ്പംകൂടിയ ജാക്കറ്റുമാണ്. പുരുഷന്മാരുടെ ഔദ്യോഗികവേഷമാണ് 'പോക്വാ'. ആഡംബരവേളകളിൽ 'ലുങ്ചോ' എന്ന വലിയ മേലങ്കിയാണു ചക്രവർത്തിമാർ ധരിക്കുക. കൂടാതെ ഗ്രീഷ്മകാലത്ത് 'ചാങ്സാൻ' എന്നും വസന്തത്തിൽ 'ചിയാവോ' എന്നും ശിശിരത്തിൽ 'ദാമിനോ' എന്നും പേരുകളുള്ള മേലങ്കികൾ രാജാക്കന്മാർ ധരിച്ചിരുന്നു. ധനികരുടെ പ്രത്യേകതരം മേൽക്കുപ്പായമാണ് 'തുപാങ്'.

വ്യാളി, ചന്ദ്രൻ, നക്ഷത്രങ്ങൾ, കുന്ന്, മല, പൂക്കൾ തുടങ്ങിയവ കുപ്പായങ്ങളിൽ ചിത്രണംചെയ്തു കാണാം. ഓരോ രൂപത്തിനും പ്രതിരൂപാത്മകമായ അർഥങ്ങളുണ്ട്. അനന്തതയുടെ തിരകൾ



ചിത്രങ്ങൾ നിറഞ്ഞ
ഉടുപ്പ് (18-ാം ശതകം)



സ്ത്രീകളുടെ ഷൂ

ബൗദ്ധദർശനത്തിൻെറ ചിഹ്നവും ചെമപ്പ് സന്തുഷ്ടിയുടെ ചിഹ്നവുമാണ്. പുരുഷന്മാരുടെ തൊപ്പിക്കു മുകളിൽ ചുവന്ന തൊങ്ങലുകൾ വച്ചുപിടിപ്പിക്കാറുണ്ട്.

'മോസ്' എന്ന തൊപ്പി, സിൽക്കുകൊണ്ടോ ചൂരൽ, നാര്, രോമം, ഇവ കൊണ്ടോ നിർമിക്കുന്നു. ലോഹുമോ' തുടങ്ങി പലവിധം തൊപ്പികൾ കുട്ടികൾ ധരിക്കുന്നു. വധുക്കൾ ധരിക്കുന്ന 'ഫെങ് ക്വാൻ' എന്ന തൊപ്പി, മുത്ത് പച്ചക്കല്ല് മുതലായവ പതിച്ചതാണ്. 'സീഹ്' എന്നതു സാധാരണചെരുപ്പും, 'ഡ്യൂഹ് സെയ്ഹ്' സാറ്റിൻ കൊണ്ടോ വെൽവെറ്റുകൊണ്ടോ നിർമിച്ചതുമാണ്.

ചൈനയിലെ വന്മതിൽ

ലോകത്തിലെ ഏറ്റവും വലിയ മനുഷ്യനിർമിത പ്രതിരോധദുർഗം. ഈ വന്മതിലിൻെറ നീളം അതിൻെറ ശാഖകളുടെതുൾപ്പെടെ ഏകദേശം 3,220 കി.മീറ്റർ. വരും. ഇത് ചൈനയുടെ വടക്കെ അതിർത്തിയിലാണ്. ബെയ്ജിങ്ങിനു വടക്കുകിഴക്കുള്ള സമുദ്രതീരത്തുനിന്ന് ആരംഭിച്ച് മധ്യേഷ്യയിലെ ഭൂപ്രദേശംവരെ നീണ്ടുകിടക്കുന്നു. ഇതിൻെറ ഒരു ശാഖ വടക്കുകിഴക്കു സുംഗാരി നദിവരെ ചെന്നെത്തുന്നുണ്ട്. ചില കിരാതവർഗക്കാരുടെ ആക്രമണത്തെ ചെറുക്കാൻ, ചിൻ രാജവംശഭരണം നടത്തിക്കൊണ്ടിരിക്കവെ, ബി. സി. 214-ലാണ് ഇതിൻെറ നിർമാണം ആരംഭിച്ചതെന്നു പറയപ്പെടുന്നു. പക്ഷേ ഇതിൻെറ അധികഭാഗങ്ങളും മിങ്വംശത്തിൻെറ കാലത്തു പണിഞ്ഞതാണ്. ഭൂമുഖപ്രകൃതിയുടെ പ്രത്യേകസ്വഭാവങ്ങളൊന്നും നോക്കാതെ മലഞ്ചെരുവുകളിലൂടെയും കുന്നിൻപുറങ്ങളിലൂടെയും പണിതുയർത്തിക്കൊണ്ടുപോയ ഈ മതിലിൽ ചില സ്ഥലങ്ങൾ സമുദ്രനിരപ്പിൽനിന്ന് 1524 മീറ്ററോളം ഉയരത്തിലാണ്. മണ്ണ്, ചരൽ, ഇഷ്ടിക, കല്ല് മുതലായവയാണ് ഇതിൻെറ പണിക്ക് ഉപയോഗപ്പെടുത്തിയ വസ്തുക്കൾ. എല്ലാ സ്ഥലത്തും മതിലിനു തുല്യ ബലമില്ല. മുകളിലുള്ള കൈവരികൾ കൂടാതെ ഇതിൻെറ ഏറ്റവും കൂടിയ പൊക്കം 15 മീറ്ററാണ്. ശരാശരി പൊക്കം ഏഴു മീറ്ററും വീതി ആറു മീറ്ററും. ഇടയ്ക്കിടയ്ക്ക് 12 മീറ്റർ ഉയരമുള്ള ഗോപുരങ്ങൾ പണിതിരിക്കുന്നതു മതിലിനു പ്രത്യേകം ബലം നല്കുന്നുണ്ട്. മംഗോളിയയിലേക്കും മറ്റും നീണ്ടുപോയ ഇതിൻെറ അറ്റങ്ങളിൽ ചിലത് ഇനിയും മുഴുവൻ കണ്ടെത്തിയിട്ടില്ല.



ചൈനയിലെ വന്മതിലും ഗോപുരങ്ങളും

ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി

വിപ്ലവപ്രസ്ഥാനം നയിക്കാൻവേണ്ടി 1921-ൽ ചൈനയിൽ സ്ഥാപിതമായ രാഷ്ട്രീയകക്ഷി. ലി താ-ചാവോ, ചെൻ തു-സ്യു എന്നിവർ ആയിരുന്നു ആദ്യകാല നേതാക്കൾ. സംഘടനാതലത്തിൽ മുൻകൈ എടുത്തവർ മാവോ സേ-തുങ്, ലിയു ഷാവോ ചി ലി ലിസൻ എന്നിവരും. ഇവർ തൊഴിലാളിയൂണിയനുകൾ സ്ഥാപിക്കയും പണിമുടക്കുകൾ സംഘടിപ്പിക്കുകയും ചെയ്തു. 1924-ൽ കൂമിന്താങ്ങുമായി വിജയകരമായി സഹകരിച്ചു. എന്നാൽ ഷാങ്ഹൈ മോചിപ്പിച്ചശേഷം ചിയാങ് കൈ-ഷെക് കമ്യൂണിസ്റ്റ് കക്ഷിക്കെതിരെ തിരിഞ്ഞു. കമ്യൂണിസ്റ്റുകാർ ഒളിവിൽ പോയി.

മാവോയും കൂട്ടരും ഗ്രാമങ്ങളിലാണു പ്രവർത്തനം കേന്ദ്രീകരിച്ചത്. 1931-ൽ ചൈനീസ് സോവിയറ്റ് റിപ്പബ്ലിക് സ്ഥാപിച്ചു. ദക്ഷിണ ചൈനയിൽ ഒരു കോടി ജനങ്ങൾ ഇതിൽ സഹകരിച്ചു. എന്നാൽ ഇതു തകർക്കപ്പെട്ടു. യെനാനിലേക്കുള്ള 'നീണ്ടമാർച്ചി'ൽ മാവോയും കൂട്ടരും വടക്കൻ ദിക്കുകളിലേക്കു നീങ്ങി. 1976-ൽ മരിക്കുംവരെ തുടർന്ന നേതൃസ്ഥാനം ഈ അവസരത്തിലാണ് മാവോയ്ക്കു കൈവന്നത്. ഇദ്ദേഹത്തെ ചൗ എൻ-ലായ്, ചൂടെ എന്നീ നേതാക്കന്മാരും അനുകൂലിച്ചു.

1936-ലെ സിയാൻ സംഭവത്തിനുശേഷം ചിയാങ് ആഭ്യന്തരസമരം അവസാനിപ്പിച്ചു, ജാപ്പ് ആക്രമണകാരികൾക്കെതിരെ കമ്യൂണിസ്റ്റുകാരോടു ചേർന്നു സംയുക്തമുന്നണി ഉണ്ടാക്കി. കമ്യൂണിസ്റ്റുകാർ ജപ്പാനെതിരെ ആഞ്ഞടിച്ചു. 10 കോടി ജനങ്ങളുടെ മേൽ അധികാരം സ്ഥാപിച്ചു. പരിശീലനം സിദ്ധിച്ച സൈന്യവും കർഷകർ, തൊഴിലാളികൾ, മധ്യവർഗം, ചെറുകിട മുതലാളിമാർ ഇവരുടെ ഇടയിൽ സ്വാധീനശക്തിയും ഉണ്ടായപ്പോൾ മുന്നേറ്റം ദ്രുതഗതിയിലായി.

ആഭ്യന്തരസമരം വീണ്ടും തുടങ്ങിയപ്പോൾ ഭൂപരിഷ്കാരങ്ങളിലൂടെ കമ്യൂണിസ്റ്റുകാർ കർഷകരുടെ ആനുകൂല്യം നേടി. കൂമിന്താങ്ങിൻെറ നിഷ്ക്രിയത്വവും കുത്സിതവൃത്തിയും അവർക്കുണ്ടായിരുന്ന അല്പമായ ജനപിന്തുണയും നഷ്ടപ്പെടുത്തി. കൂമിന്താങ്ങു കക്ഷിയുടെ അവശിഷ്ടഭാഗം തയ്വാനിലേക്കു പിൻവാങ്ങിയപ്പോൾ 1949-ൽ കമ്യൂണിസ്റ്റുകാർ ചൈനാ ജനകീയറിപ്പബ്ലിക്കു സ്ഥാപിച്ചു.

ആദ്യം റഷ്യയുമായി കൈ കോർത്തുപിടിച്ച് ചൈന സോവിയറ്റ് മാതൃക പിൻതുടർന്നു. യു.എസിൻെറ സമ്മർദവും ഭീഷണിയും നേരിടാൻ ഇതു സഹായകമായി. അമേരിക്കൻ ഭീഷണി കുറഞ്ഞു വന്നപ്പോൾ വിദേശനയത്തിലും ആശയസംഹിതയിലും ചൈനയ്ക്കു റഷ്യയുമായി പൊരുത്തപ്പെടാൻ പ്രയാസം അനുഭവപ്പെട്ടു.

സോവിയറ്റ് സാമ്പത്തിക മാതൃക ചൈനയ്ക്കു യോജിക്കില്ലെന്നു മാവോ മനസ്സിലാക്കി. അമ്പതുകളിൽ ചൈനയും റഷ്യയും അകന്നു. 'മുന്നോട്ടുള്ള വലിയ കുതിച്ചു ചാട്ടം' എന്ന പേരിൽ ചൈന നൂതന സാമൂഹിക പരിഷ്കാരങ്ങൾക്കു രൂപം കൊടുത്തു.

റഷ്യയ്ക്കു പറ്റിയെന്നു താൻ കരുതിയ അധഃപതനം ചൈനയിൽ ഒഴിവാക്കാൻവേണ്ടി 1966-ൽ മാവോ ബുദ്ധിജീവികൾക്കെതിരെ രൂ

ക്ഷസമരം നടത്തി. സാംസ്കാരികവിപ്ലവം എന്ന പേരിലാണ് ഇതറിയപ്പെട്ടത്. വലതു-ഇടതു സംഘർഷം മൂർഛിച്ചു. മാവോ കഴിഞ്ഞാൽ പിന്നത്തെ പ്രമുഖ നേതാവ് ലിൻ പിയാവോ 1971-ൽ അപ്രത്യക്ഷനായി. പിന്നീടു ഭരണകൂടത്തെ തകിടംമറിക്കാൻ ശ്രമിച്ചു എന്ന കുറ്റം അദ്ദേഹത്തിന്റെ മേൽ ചുമത്തപ്പെട്ടു. ഇടതു-വലതു-മധ്യ അണികൾ തമ്മിൽ അസുഖകരമായ ഒരു തത്കാല 'യുദ്ധവിരാമം' നിലവിൽ വന്നു; മാവോയും ചൗ എൻ ലായിയും ചുട്ടെയും മരിച്ചപ്പോൾ. നാൽവർ സംഘം എന്ന് അറിയപ്പെട്ടിരുന്ന മൗലികവാദികൾ, മാവോയുടെ വിധവ ഉൾപ്പെടെ, തടവിലാക്കപ്പെട്ടു. ദെങ് സിയാവോ-പിങ് വീണ്ടും നേതൃസ്ഥാനത്തേക്ക് ഉയർന്നു. സാംസ്കാരികവിപ്ലവം ഔപചാരികമായി സമാപിക്കപ്പെട്ടു. 'ചതുർനവീകരണ പരിപാടി' (വ്യവസായം, കൃഷി, ശാസ്ത്രസാങ്കേതികവിദ്യകൾ, പ്രതിരോധം) സ്വീകൃതമായി. കലയിലും വിദ്യാഭ്യാസത്തിലുമുള്ള നിയന്ത്രണങ്ങൾക്കു അയവു വരുത്തി. രാഷ്ട്രീയത്തിന്റെ അതിപ്രസരത്തിനു കടിഞ്ഞാണിട്ടു. ഇതര കമ്യൂണിസ്റ്റ് കക്ഷികളുമായുള്ള ബന്ധം ഔപചാരികതലത്തിൽ സ്ഥാപിതമായി. ഇറ്റലി, യുഗോസ്ലാവിയാ, ഫ്രാൻസ് എന്നീ രാജ്യങ്ങളിലെ കമ്യൂണിസ്റ്റ് പാർട്ടികളും ഈ കൂട്ടത്തിൽപെടും. സോവിയറ്റ് യൂണിയനുമായുള്ള സൗഹൃദവും ഇപ്പോൾ പുനഃസ്ഥാപിക്കപ്പെട്ടിരിക്കുന്നു.

ചൈനീസ് കമ്യൂൺ

ആധുനിക ചൈനയിലെ സാമൂഹികഘടനയുടെ അടിസ്ഥാനഘടകം. പഞ്ചായത്തിനും സഹകരണപ്രസ്ഥാനത്തിനും പകരമാണിത്. 1958 ഏപ്രിലിൽ ഇത്തരം കമ്യൂണുകൾ നടപ്പിൽവരുത്തിയതാണ് കമ്യൂണിസ്റ്റ് ഭരണം ചൈനയിൽ ഉണ്ടാക്കിയ ഏറ്റവും വലിയ പരിവർത്തനം. ഒരു പട്ടണത്തിൽ ഒന്നെന്ന കണക്കിനു സ്ഥാപിതമായ ഓരോ കമ്യൂണിലും 2,000 മുതൽ 10,000 വരെ കർഷകകുടുംബങ്ങൾ ഉൾപ്പെട്ടിരുന്നു. 1959-ൽ പുനഃ സംഘടനാഫലമായി ഇവയുടെ വിസ്തീർണം കുറച്ചു. കാർഷികോത്പാദനകാര്യത്തിൽ മാത്രം ശ്രദ്ധ ചെലുത്തിയിരുന്ന സഹകരണസംഘടനകളുടെ സ്ഥാനത്ത് ഈ കമ്യൂണുകൾ വ്യാപാരപരവും വ്യാവസായികവും വിദ്യാഭ്യാസപരവും സൈനികവും ആയ കാര്യങ്ങളിൽക്കൂടി നിയന്ത്രണം ചെലുത്തിവന്നു. എല്ലാ ഉത്പാദനോപാധികളുടെയും ഉടമാവകാശം ഈ കമ്യൂണുകൾ ഏറ്റെടുക്കുകയും അതിലെ അംഗങ്ങൾക്കു നിശ്ചിതമായ വേതനം നല്കുകയും ചെയ്തു. കുട്ടികൾക്കുവേണ്ടി ബാലവാടികളും കിൻഡർഗാർട്ടനുകളും ഏർപ്പെടുത്തി. ആഹാരം കഴിക്കാനും രാത്രി കിടന്നുറങ്ങാനും പൊതുസ്ഥലങ്ങളുണ്ടാക്കി. മുതിർന്നവർക്കു സൈനികപരിശീലനവും നൽകി. ഇങ്ങനെയാണ് ചൈനയിൽ വ്യാവസായിക-കാർഷിക സംരംഭങ്ങളെ സമന്വയിപ്പിച്ച് ഉത്പാദനത്തോതു പരമാവധി വളർത്താൻ കഴിഞ്ഞത്.



കമ്യൂണിന്റെ കൃഷിയിടം

ചൈനീസ് കലകൾ

പ്രാചീനകാലംമുതൽ ചൈനയിൽ പ്രചരിച്ചുവന്ന ശില്പ-ചിത്രകലകൾ. ചൈനയിലെ ജനങ്ങൾ ക്രിസ്തുവർഷാരംഭത്തിനുമുമ്പുതന്നെ കലാഭിരുചി പ്രകടിപ്പിച്ചിരുന്നു. † ചൈനീസ് സംഗീതത്തിനു സമ്പന്നമായ പാരമ്പര്യമുണ്ട്. ശില്പകല ലളിതകലകളിൽ ഒന്നായി ഗണിക്കപ്പെട്ടിരുന്നില്ലെങ്കിലും മറ്റു പല കലകളുടെയും മാതൃത്വം അതിന് അവകാശപ്പെടാമായിരുന്നു.

ചൈനയിലെ വാസ്തുശില്പത്തിനു ചില സവിശേഷതകളുണ്ട്. കെട്ടിടങ്ങൾ ചുമരുകൾകൊണ്ടു മുറികളായി തിരിച്ചിരുന്നില്ല. തട്ടികൾ (Screens) ആണ് അതിന് ഉപയോഗിച്ചിരുന്നത്. സൂര്യപ്രകാശം ധാരാളമായി കടന്നുവരാൻവേണ്ടി ദക്ഷിണാഭിമുഖുമായി കെട്ടിടങ്ങൾ പണിഞ്ഞിരുന്നു.

ഹാൻ വംശത്തിന്റെ ഭരണകാലത്തെ ചില ശവക്കല്ലറകളാണു കണ്ടെത്തിയവയിൽവച്ചു പ്രാചീനമായ വാസ്തുശില്പങ്ങൾ. ഗുഹാക്ഷേത്രങ്ങൾക്കും പ്രാചീനത്വം ഉണ്ട്. അഞ്ചാം നൂറ്റാണ്ടു മുതലുള്ള ക്ഷേത്രങ്ങൾ നിലവിലുണ്ട്. ബുദ്ധക്ഷേത്രങ്ങളാണ് ദാരുമയ വാസ്തുശില്പങ്ങളിൽ ഏറ്റവും പഴക്കമുള്ളവ. മിങ് ചിങ് രാജാക്കന്മാരുടെ കൊട്ടാരങ്ങൾ അതിവിശാലമായ (1020×760 മീ.) സൗധങ്ങളാണ്. വാസ്തുശില്പകല പക്വത നേടിയതിന്റെ ലക്ഷണം ഇവയിൽ കാണാം. ബഹുനിലക്കെട്ടിടങ്ങൾ (തടിയിലും കല്ലിലും തീർത്തവ) പ്രകൃതിയും മനുഷ്യനും നടത്തിയ നശീകരണങ്ങളെ അതിജീവിച്ചു നിലനില്ക്കുന്നു.

സ്തൂപങ്ങൾ കുപ്പിയുടെ ആകൃതിയിലാണ് ചൈനയിൽ കാണുന്നത്. ബൗദ്ധകാലികസ്തംഭങ്ങൾക്ക് തിബത്തിലൂടെ കടന്ന് ചൈനയിൽ എത്തിയപ്പോൾ ആണ് ഈ രൂപഭേദം സംഭവിച്ചത്. എല്ലാത്തരം കെട്ടിടങ്ങളുടെയും പ്രതലങ്ങൾ ചുമർചിത്രങ്ങളാൽ അലംകൃതമാണ്.



ബെയ്ജിങ്ങിലെ ഒരു പഗോഡ







ഏറ്റവും മുകളിൽ: ചൈനീസ് ചിത്രകല-പ്രകൃതിദൃശ്യം (10-ാം ശതകം)

മുകളിൽ ഇടത്ത്: പൂവണിഞ്ഞ ശാഖയിലെ ചിലപ്പൻപക്ഷി (11-ാം ശതകം; മുകളിൽ വലത്ത്: ബുദ്ധവിഗ്രഹം (എ.ഡി. ആദ്യശതകങ്ങൾ)

ബെയ്ജിങ്ങിലെ ഇമ്പീരിയൽപാലസ്

ചിത്രകല. ചുമരുകൾ, മേൽത്തട്ടുകൾ, പ്രവേശനദ്വാരങ്ങൾ, വസ്ത്രങ്ങൾ, ബാനറുകൾ ഇവയെല്ലാം വർണ ചിത്രാലംകൃതങ്ങളായിരുന്നു. ഹാൻ വംശത്തിൻെറ കാലത്തുതന്നെ ചിത്രകല പക്വത നേടിക്കഴിഞ്ഞിരുന്നു. താങ് വംശഭരണകാലത്തു ചിത്രകലയ്ക്ക് അഭൂതപൂർവമായ വികാസം ഉണ്ടായി. യെൻ ലി-ടെ, യെൻ ലി-വെൻ എന്നീ സഹോദരന്മാരാണു ചിത്രകലാവികാസത്തിൻെറ അഗ്രദൂതന്മാർ(600-673). വു താവോ-ത്സു അന്നത്തെ ചിത്രകാരന്മാരിൽ അത്യുന്നതനായിരുന്നു. ചായത്തിനു കട്ടിയിൽ വ്യത്യാസം വരുത്തി ചിത്രത്തിനു ത്രിമാനപ്രതീതി ജനിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. വ്യക്തമായ ചലനപ്രതീതി ജനിപ്പിക്കുന്നതിലും അദ്ദേഹം വിജയിച്ചു.

സുങ് വംശകാലത്തെ ചിത്രകാരന്മാർ ഭൂഭാഗദൃശ്യങ്ങളിൽ പ്രാവീണ്യം പ്രദർശിപ്പിച്ചു. പുമർചിത്രങ്ങൾക്ക് ഇക്കാലത്തു പ്രാധാന്യം കുറഞ്ഞു. മിങ്-ചിങ് വംശങ്ങളുടെ ഭരണകാലത്തു പ്രശസ്തരായിരുന്നു 'നാല് ആചാര്യന്മാർ'. അരക്കുചായപ്പണികളിൽ ഇവരുടെ വൈദഗ്ധ്യം പ്രശസ്തിനേടി.

ചിങ് വംശകാലത്തെ കലകൾ മിങ് വംശകാലത്തതിൻെറ തുടർച്ച ആണ്.

ചൈനയിലെ ചക്രവർത്തിമാരുടെ ഛായാചിത്രങ്ങൾ ഇപ്പോഴുള്ളത് അമേരിക്കയിൽ ബോസ്റ്റണിലെ ലളിതകലാമ്യൂസിയത്തിലാണ്.

പഴയകാലത്തെ ടെറക്കോട്ട രൂപങ്ങൾ പലതും കേടുപാടുകൾ കൂടാതെ ഇന്നു സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. 2,200 കൊല്ലം മുമ്പു വാണിരുന്ന ഒരു ചക്രവർത്തി അദ്ദേഹത്തിൻെറയും സൈന്യത്തിൻെറയും രൂപങ്ങൾ സ്വർണത്തിലും വെള്ളിയിലും ഉണ്ടാക്കി കുഴിച്ചിട്ടിരുന്നു. രത്നഖചിതമായ രഥവും കൂട്ടത്തിലുണ്ട്. അവ ഇന്ന് എടുത്തു സൂക്ഷിച്ചിട്ടുള്ളത് സന്ദർശകരെ ആകർഷിക്കുന്നു.

ചൈനീസ് കലണ്ടർ

ഗ്രിഗോറിയൻ കലണ്ടറിനു സമാന്തരമായി ചൈന ജനകീയറിപ്പബ്ലിക്കിലും തെയ്വാനിലും ജപ്പാൻ മുതലായ സമീപരാജ്യങ്ങളിലും ഉപയോഗിച്ചുവരുന്ന കലണ്ടർ. ചന്ദ്രനെ അടിസ്ഥാനപ്പെടുത്തിയുള്ള കാലഗണനാസമ്പ്രദായമാണ് ഇതിൽ ഉപയോഗിക്കുന്നത്. മാസങ്ങൾക്ക് ഒന്നിടവിട്ട് 29 ഉം 30 ഉം ആണു തീയതികൾ. വർഷത്തിൽ 354 ദിവസം ആണുള്ളത്. 365 ദിവസമുള്ള സൗരവർഷവുമായി ഒത്തുപോകാൻ 'അധിമാസങ്ങൾ' ഉപയോഗിക്കുന്നു. തിര്യക്കുകളുടെ പേരുകളാണു മാസങ്ങൾക്കു നല്കിയിരിക്കുന്നത്. എലി, കാള,

കടുവ, മുയൽ വ്യാളി, പാമ്പ്, കുതിര, ആട്, കുരങ്ങ്, കോഴി, പട്ടി, പന്നി ഇവ ആണു മാസങ്ങൾക്ക് പേരു നല്കുന്ന ജന്തുക്കൾ. വർഷങ്ങൾക്കും ഇതേ പേരുകൾ നല്കാറുണ്ട്. 1984-ൽ തുടങ്ങിയ വർഷം 'എലിവർഷ'മാണ്.

ചൈനീസ് ദർശനം

ചൈനീസ് സംസ്കാരത്തിന്റെ അവിഭാജ്യാംശമായ ദർശനം. മാനവികതയ്ക്കു, മാനുഷികമൂല്യങ്ങൾക്കു പ്രാധാന്യം നല്കുന്ന സിദ്ധാന്തത്തിനു, മുൻതൂക്കം കൊടുക്കുന്നതായിരുന്നു ചൈനീസ് ദർശനം. പ്രകൃതിയെയോ ഈശ്വരനെയോ അവർ അവഗണിച്ചു എന്ന് ഇതിന് അർഥമില്ല. മനുഷ്യക്ഷേമവുമായി ബന്ധപ്പെടാത്ത ഒരു അതിഭൗതികശക്തിയെ അവർ അംഗീകരിച്ചില്ല.

ബി.സി. 18-12 നൂറ്റാണ്ടുകളിലെ ഷാൻ ഭരണത്തിൽനിന്നു ചൗ ഭരണത്തിലേക്കുള്ള പരിവർത്തനം ഗോത്രഭരണത്തിൽനിന്നു ഭൂവുടമകളുടെ ഭരണത്തിലേക്കുള്ള മാറ്റാകൂടി ആയിരുന്നു. മുമ്പു പൂർവികരോടു പ്രാർഥിച്ചിരുന്ന സ്ഥാനത്തു ജനങ്ങൾ മനുഷ്യശക്തിയെ ആദരിക്കാൻ തുടങ്ങി. സദാചാരം സത്ഫലദായകമാണ് എന്ന വിശ്വാസം വേരുറച്ചു. ഉദ്യോഗസ്ഥന്മാർക്കും പണ്ഡിതന്മാർക്കും പ്രാധാന്യം ലഭിച്ചു. സ്വർഗമോ പ്രകൃതിയോ അതിഭൗതികശക്തിയെ പ്രതിനിധാനംചെയ്തു.

ചൈനീസ് ദർശനത്തിന്റെ വികാസത്തിൽ നാലു ഘട്ടങ്ങൾ ഉണ്ട്: 1 ക്ലാസിക്കൽ, 2 നവ-താവോയിസ്റ്റ്-ബുദ്ധിസ്റ്റ്, 3 നവ-കൺഫ്യൂഷ്യൻ, 4. ആധുനികം. ക്ലാസിക്കൽ (ബി.സി. 6-3 നൂറ്റാണ്ടുകൾ) ഘട്ടത്തിൽ 'മാർഗ'(താവോ)ത്തിനായിരുന്നു പ്രാധാന്യം. നന്മ, മനുഷ്യത്വം, സ്നേഹം, സദാചാരം ഇവയിൽ ആയിരുന്നു ഊന്നൽ. കൺഫ്യൂഷ്യസ്, ലാവോ-ത്സു എന്നീ ആചാര്യന്മാരുടെ ഉപദേശം ആദരണീയമായി ഗണിക്കപ്പെട്ടു.

നവ-താവോയിസ്റ്റ്-ബുദ്ധിസ്റ്റ് (എ.ഡി. 3-9 നൂറ്റാണ്ടുകൾ) ഘട്ടത്തിൽ അധ്യാത്മികഭാവത്തിനായി ഊന്നൽ. ആത്യന്തികസത്യം മൂർത്തമോ അമൂർത്തമോ എന്നതിനെപ്പറ്റി വാദപ്രതിവാദങ്ങൾ നടന്നു. 'സാമാന്യ'ത്തിലും 'വിശേഷ'ത്തിലും, ബഹുത്വത്തിലും ഏകത്വത്തിലും ഊന്നുന്ന വാദങ്ങളും വിഭാഗങ്ങളും ഉരുത്തിരിഞ്ഞു.

നവ-കൺഫ്യൂഷ്യൻ (11-19 നൂറ്റാണ്ടുകൾ) ഘട്ടത്തിൽ ധാർമിക സാമൂഹിക പരിഗണനകൾക്ക് ഒരടിസ്ഥാനം തേടിയപ്പോൾ ഭൗതികശക്തി, താവോ (മാർഗം), സ്വർഗം, പരമസത്യം ഇവ ചർച്ചാവിഷയങ്ങളായി. ആധ്യാത്മികതയ്ക്കു ലഭിച്ച പ്രാധാന്യമാണ് കൺഫ്യൂഷ്യൻ മതത്തെ 'നവീനം' ആക്കിയത്.

തർക്കശാസ്ത്രാധിഷ്ഠിതത്വം ഈ പ്രസ്ഥാനങ്ങളുടെ സാമാന്യസ്വഭാവമായിരുന്നു. ആധുനികഘട്ടത്തിൽ (20-ാം നൂറ്റാണ്ട്) പാശ്ചാത്യ ചിന്താഗതിക്കു പ്രാധാന്യം ലഭിച്ചു. മാർക്സിസം സാർവത്രികാംഗീകാരം നേടി. ഡാർവിൻ, സ്പെൻസർ, നീത്ഷെ, ഷോപ്പനോർ, ദെക്കാർത്തെ, പ്ലേറ്റോ, കാന്റ്, ഹെഗൽ മുതലായവരുടെ ഗ്രന്ഥങ്ങൾ വിവർത്തനരൂപത്തിൽ ലഭിച്ചതു ചിന്താധാരയിൽ ചലനം സൃഷ്ടിച്ചു. ഇന്നു മാർക്സിസം ഔദ്യോഗിക തത്വശാസ്ത്രമായി അംഗീകൃതമായിരിക്കുന്നു. ജനകീയ ചൈന ലെനിനിസത്തിൽനിന്ന് മാവോയിസത്തിലേക്കു ബഹുദൂരം മുന്നേറി. എന്നാൽ ഇന്നു സ്വകാര്യപരിശ്രമങ്ങൾക്കു പ്രോൽസാഹനം നല്കിവരുന്നു. വ്യവസായത്തിലും കൃഷിയിലും സ്വകാര്യലാഭപ്രതീക്ഷ വ്യക്തികൾക്കു പരിശ്രമത്തിന് ഉത്തേജനം നല്കും എന്ന തത്വം സ്വീകൃതമായിരിക്കുന്നു. പഴയ ആദർശാത്മകതയുടെ സ്ഥാനത്ത് ഇന്നു പ്രയോഗക്ഷമത സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുകയാണ്.

ചൈനീസ് നിയമം

20-ാം നൂറ്റാണ്ടിൽ പാശ്ചാത്യ സോഷ്യലിസ്റ്റ് നിയമം സ്വീകൃതമാകുംവരെ സഹസ്രാബ്ദങ്ങളിലൂടെ ചൈനയിൽ വികാസപരിണാമങ്ങൾ നേടിയ നിയമസാഹിത. 653-ൽ ഒരു വിദഗ്ധസമിതി ക്രോഡീകരിച്ച ചൈനയുടെ സമ്പൂർണ നിയമസംഹിത സാമൂഹികവികസനത്തിന്റെയും പരിഷ്കരണത്തിന്റെയും ഫലമായി രൂപംകൊണ്ടതാണ്. കൺഫ്യൂഷ്യൻ സിദ്ധാന്തങ്ങളും പരമ്പരാഗത സദാചാരതത്വങ്ങളും ഉൾക്കൊണ്ടതായിരുന്നു ഈ നിയസംഹിത. ബി. സി. അഞ്ചാം നൂറ്റാണ്ടുമുതൽതന്നെ ദണ്ഡനവിധികളും പുരസ്കാരങ്ങളും നിർദേശിക്കുന്ന നിയമങ്ങൾ രൂപപ്പെടാൻ തുടങ്ങി.

കൺഫ്യൂഷ്യസ് ജനങ്ങളെ ശ്രേണികളായി തിരിച്ചു കർത്തവ്യങ്ങൾ നിർദ്ദേശിച്ചിരുന്നു. നേർവഴിക്കു നയിക്കാൻ സാധ്യമല്ലാത്തവരെ കുറ്റങ്ങൾ ചെയ്യുന്നതിൽനിന്നു തടയുക ആയിരുന്നു കൺഫ്യൂഷ്യൻ നിയമങ്ങളുടെ ലക്ഷ്യം. ആർക്കും വ്യക്തമായി ധരിക്കാൻ കഴിയുംവിധം ലളിതമായ നിയമങ്ങൾ നിർമിച്ചു പ്രസിദ്ധീകരിക്കണം എന്നു പറഞ്ഞ പരിഷ്കരണവാദികളും ഉണ്ടായിരുന്നു.

ശിഥിലീകരണപ്രവണതകൾ തടഞ്ഞു രാജ്യത്തെ ശക്തമാക്കാൻ നിയമത്തിന്റെ ആവശ്യകത ചി വംശം അംഗീകരിച്ചു. ഹാൻ വംശത്തിന്റെ കാലത്തു ശിക്ഷകൾ കർശനമാക്കി. ആദർശങ്ങളും മാതൃകകളുമാണ്, നിർബന്ധപൂർവം എല്ലാവരും അനുസരിക്കേണ്ട നിയന്ത്രണങ്ങളല്ല അന്നത്തെ നിയമങ്ങൾ നിർദേശിച്ചത്. ചക്രവർത്തിയുടെ ദൈവികാധികാരവും ജനങ്ങളുടെ മേലുള്ള നിയന്ത്രണവും സാമൂഹിക സന്തുലനത്തിന് ആവശ്യമായി കരുതിയിരുന്നു.

സാമ്രാജ്യത്തിന്റെ കേന്ദ്രീകൃതശക്തി വർധിച്ചപ്പോൾ നിയമം കൂടുതൽ കർക്കശമായി. ഉദ്യോഗസ്ഥന്മാർ ഉദ്യോഗത്തിൽ ഇരുന്നാലും പിരിഞ്ഞു കഴിഞ്ഞാലും പ്രത്യേകാവകാശങ്ങൾ അനുഭവിച്ചിരുന്നു. ഉയർന്നനിലയിലുള്ളവർക്കെതിരെയുള്ള കുറ്റത്തിനു ശിക്ഷയുടെ കാഠിന്യം കൂടും. പല കാര്യങ്ങളിലും കാലഹരണനിയമം നിലവിലിരുന്നു. വിചാരണ നടത്തുന്നതിലും കുറ്റസമ്മതം വാങ്ങുന്നതിലും മജിസ്ട്രേറ്റിന് അനിയന്ത്രിതാധികാരം ഉണ്ടായിരുന്നു. ദേഹോപദ്രവം ഏല്പിച്ചു കുറ്റസമ്മതം വാങ്ങിയിരുന്നു. സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ പ്രത്യേകാവകാശം ഉള്ളവർ എന്നിവർക്കു വേണ്ടിയല്ലാതെ പകരം മറ്റൊരാൾ കോടതിയിൽ ഹാജരാകാൻ അനുവദിച്ചിരുന്നില്ല. നിയമപരീക്ഷ ജയിച്ചവരേ മജിസ്ട്രേറ്റുമാർ ആയിരുന്നുള്ളു. സിവിൽ, ക്രിമിനൽ വിഭജനവും അപ്പീൽ കോടതികളും ചൈനയിൽ ഉണ്ടായിരുന്നു. വധശിക്ഷ മുതലായ കഠിനശിക്ഷകൾ വിധിക്കേണ്ട കേസുകൾ ഒരുന്നതാധികാരസമിതിക്കു 'കമ്മിറ്റു'ചെയ്യുന്ന രീതിയും ഉണ്ടായിരുന്നു. രാജകീയമാപ്പിന് അപേക്ഷിക്കാൻ സൗകര്യം നല്കുന്നതിനുവേണ്ടി കുറ്റവാളികൾക്കുള്ള ശിക്ഷ നടപ്പാക്കുന്നതു രണ്ടു കൊല്ലംവരെ മാറ്റിവച്ച് അവരെ തടവിൽ സൂക്ഷിക്കുന്ന രീതി സാധാരണമായിരുന്നു.

ചൈനീസ് പീപ്പിൾസ് റിപ്പബ്ലിക്

† ചൈന നോക്കുക.

ചൈനീസ് ഭാഷകൾ

ചൈനയിൽ പ്രചാരത്തിലുള്ള സീനോ-തിബത്തൻ ഗോത്രത്തിൽപെട്ട ഭാഷകൾ. ചൈനയിലെ ജനങ്ങൾ പല ഭാഷകൾ സംസാരിക്കുന്നുണ്ട്. അവ ഒരു ഭാഷയുടെ ദേശ്യഭേദങ്ങളാണെന്നു കരുതപ്പെടുന്നുണ്ടെങ്കിലും ഭിന്നഭാഷകളാണെന്ന് വിദഗ്ധന്മാർ പറയുന്നു. മാനകീകൃതമായ (Standardised) ചൈനയുടെ ദേശീയഭാഷ യു.എൻ. അംഗീകരിച്ച അഞ്ചുഭാഷകളിൽ ഒന്നാണ്.

ചൈനയിലെ ഭിന്നഭാഷകൾ സംസാരിക്കുന്നവർക്കു തങ്ങളുടെത് ഒഴികെയുള്ള ഭാഷകൾ ദുർഗ്രഹമാണ്. ഉച്ചാരണത്തിലാണ് ഭാഷകൾ തമ്മിലുള്ള ഈ ഭേദം കൂടുതലും. ഇന്നു റോമൻ ലിപി സ്വീകരിച്ചപ്പോൾ ചൈനീസിന്റെ അച്ചടി മാനകീകൃതവും സുകരവുമായിട്ടുണ്ട്. ലിപിയുടെയും ഭാഷയുടെയും മാനകീകരണം ഭാഷാഭേദങ്ങളുടെ (dialects) പരസ്പര വ്യത്യാസം ലഘൂകരിച്ചിട്ടുണ്ട്.

ചൈനയുടെ ഉത്തര-മധ്യ-പശ്ചിമ ഭാഗങ്ങളിൽ 'മൻഡാരിൻ' ആണു മുഖ്യഭാഷ. വടക്കു ചിലഭാഗത്തും തെക്കും വു, മിൻ, കാൻ, ഹക്ക, ഹ്സിയാങ്, യുവെ (കാന്റണീസ്) എന്നീ ഭാഷകളും സംസാരിക്കുന്നു. മൻഡാരിൻ ആണ് ഇന്നു സാഹിത്യഭാഷയായും ദേശീയഭാഷയായും വളർന്നിട്ടുള്ളത് 'വെൻ-യെൻ' എന്ന പഴയ സാഹിത്യഭാഷ ഇന്നു മുതഭാഷയായി തീർന്നിരിക്കുന്നു.

1900 മുതൽ മൻഡാരിനെ ആധാരമാക്കി ചൈനീസ് ഭാഷകൾ പരിഷ്കരിക്കാനും ഏകീകരിക്കാനും ശ്രമങ്ങൾ നടന്നു. ആ ഏകീകൃതഭാഷ പിന്നീടു ദേശഭാഷയും സാഹിത്യഭാഷയും ശിക്ഷണമാധ്യമവും ആയി. 1956-ൽ ആണു 'പിൻയിൻ' എന്ന പേരിൽ പുതിയൊരു റോമനീകരണം നടന്നത്. പീക്കിങ് ലിപിയുടെ ഉച്ചാരണം ആണ് ഈ ലിപിമാറ്റത്തിന്റെ അടിസ്ഥാനം. 1979-ൽ ഈ ലിപി പരിഷ്കാരം പൂർത്തിയായി.

ചൈനീസ് ഭാഷയുടെ വികാസത്തിൽ അഞ്ചുഘട്ടങ്ങളുണ്ട്: 1പൂർവചൈനീസ്(ബി.സി. 500 വരെ) 2 പ്രാകൃതചൈനീസ് (ബി.സി. 500-എ.ഡി. 1) 3 പ്രാചീനചൈനീസ് (1-500) 4 മധ്യകാലചൈനീസ് (500-1000) 5 ആധുനികചൈനീസ് (1000-). 20-ാം നൂറ്റാണ്ടിന്റെ മധ്യം മുതൽ ചൈനീസ് ഒരു നൂതനഘട്ടത്തിൽ പ്രവേശിച്ചു എന്നു കരുതാം. കൺഫ്യൂഷിയസ്സിന്റെയും മെൻഷ്യസിന്റെയും കൃതികൾ പ്രാകൃതചൈനീസിലാണ്.

കണ്ഠധ്വനികൊണ്ടുമാത്രം വാക്കുകൾക്ക് അർഥഭേദം വരുന്നരീതിയുണ്ട് ചൈനീസിൽ. കാൻറണീസിൽ ആറു ധ്വനിഭേദങ്ങളുണ്ട് (Supra segmental phonemes). ആധുനിക ചൈനീസിൽ നാലു ധ്വനിഭേദങ്ങളേയുള്ളു. ചൈനീസ് പദങ്ങൾ സാധാരണഗതിയിൽ ഏകാക്ഷരങ്ങളാണ്. ഇന്നു ചൈനീസിൽ അനേകാക്ഷരപദങ്ങളുടെ സംഖ്യവർധിച്ചുവരുന്നു. ഉപസർഗ(prefixes)ങ്ങളുടെയും പദമധ്യപ്രത്യയങ്ങളുടെയും (infixes) പ്രയോഗവും ഇന്ന് ആരംഭിച്ചിട്ടുണ്ട്. പ്രത്യയങ്ങൾ (suffixes) ഇന്നു സുലഭമാണ്. ഒരുകാലത്തു ധാതുഭാഷ (അയോഗാത്മകഭാഷ, root language) ആയിരുന്ന ചൈനീസ് ഇന്നു യോഗാത്മകഭാഷ (agglutinative) ആയിമാറി. തെലുങ്കു കന്നടഭാഷകളെപ്പോലെ ചൈനീസ് സ്വരാന്തശബ്ദങ്ങൾ മാത്രമുള്ളതാണ്. നാമകൃതിഭേദകവിഭാഗം മുമ്പ് ഇല്ലാതിരുന്നെങ്കിലും പ്രത്യയാവിർഭാവത്തോടെ ആ വിഭജനം ഇന്നുവന്നുകഴിഞ്ഞു. ഭേദകങ്ങൾക്കു രൂപപരമായ സവിശേഷത ഇല്ല. ദ്രാവിഡഭാഷകളിലെപ്പോലെ നാമവിശേഷണങ്ങൾ ക്രിയാജന്യങ്ങളാണ്.

ചൈനീസ് രാജവംശങ്ങൾ

അതിപ്രാചീനകാലം മുതൽ 1912 വരെ ചൈന ഭരിച്ച രാജവംശങ്ങൾ. മൂന്നു സഹസ്രാബ്ദങ്ങളിലേറെ ചൈനയിൽ രാജവംശങ്ങളുടെ ഭരണം നിലനിന്നു.

വംശങ്ങളും അവയുടെ ഭരണകാലവും

വംശം	കാലം
താങ് (ഐതിഹ്യാധിഷ്ഠിതം)	ബി.സി. മൂന്നാം സഹസ്രാബ്ദം
യു (ഐതിഹ്യാധിഷ്ഠിതം)	
ഹ്സിയാ	ബി.സി.1994—1523
ഷാങ് (യിൻ)	” 1523—1028
ചൗ (പശ്ചിമം)	” 1027—770
(പൂർവം)	” 770—256
(മറ്റുശാഖകൾ)	” 722—222
ചിൻ	” 221—206
ഹാൻ (പശ്ചിമം)	” 202 എ.ഡി 9
(ഹ്സിൻ)	എ.ഡി. 9 ” 23
(പൂർവം)	25 ” 220
ഷു	221—264
വെയ്-(വംശത്രയം)	220—265
വു	222—280
ചിൻ (റ്റ്സിൻ) (പശ്ചിമം)	265—317
” ” (പൂർവം)	317—420
ല്യൂ സുങ്	420—479
ദക്ഷിണവംശങ്ങൾ ചി	479—502
ലിയാങ്	502—557
ചെൻ	557—589
പില്ക്കാലവെയ്	386—535
പൂർവ വെയ്	534—550
ഉത്തരവംശങ്ങൾ പശ്ചിമ വെയ്	535—556
ഉത്തര ചൗ	550—577
ഉത്തര ചി	557—581
സുയി	581—618
താങ്	618—906
പില്ക്കാല ലിയാങ്	917—923
” താങ്	923—936
പഞ്ചവംശങ്ങൾ ” ചിൻ	936—947
” ഹാൻ	947—950
” ചൗ	951—960
വു	902—937
ദക്ഷിണ താങ്	937—975
ദക്ഷിണ പിങ്	907—963
ചൗ	927—951
ആദ്യ്ഷു	907—925
ദശവംശങ്ങൾ പില്ക്കാല ഷു	934—965
വു-യേ	907—978
മിൻ	909—944
ദക്ഷിണഹാൻ	907—971
ഉത്തരഹാൻ	951—979
സുങ്	960—1279
(ലിയാവേ)	947—1125
(ഉത്തര സുങ്)	960—1126
(ഹ്സി—ഹ്സിയാ)	990—1127
(ചിൻ/കിൻ)	1115—1234
(ദക്ഷിണ സുങ്)	1127—1279
യുവാൻ (മംഗോൾ)	1271—1368
ചിങ്	1368—1644
ചിങ് (മഞ്ചു)	1644—1912

1912-ൽ ചൈനീസ് റിപ്പബ്ലിക്ക് സ്ഥാപിതമായതോടെ രാജഭരണം അവസാനിച്ചു.

ചൈനീസ് ലിപി

ചൈനീസ് ഭാഷ എഴുതാൻ ഉപയോഗിക്കുന്ന ലിപികൾ. ചിത്രലിപികൾ ആണു ചൈനയിൽ ആദ്യകാലത്ത് ഉപയോഗിച്ചിരുന്നത്. അർഥത്തിൻെറ അടിസ്ഥാനത്തിൽ ഓരോപദത്തിനും ഓരോ ചിത്രം. 40,000 വ്യത്യസ്തപ്രതീകങ്ങൾ മുമ്പ് ഉപയോഗിച്ചിരുന്നു. ഇവയിൽ മുഖ്യമായവ 10,000 ആണ്. സാധാരണഗതിയിൽ സാക്ഷരത നേടി എന്ന് അഭിമാനിക്കാൻ 2000 ലിപികൾ (പ്രതീകങ്ങൾ) അറിഞ്ഞാൽ മതിയായിരുന്നു. ലിപികൾ ഒറ്റയ്ക്കും സംയുക്തരീതിയിലും ആണു പ്രയോഗിച്ചിരുന്നത്.



ചൈനീസ് ലിപികൾ

ബി.സി. രണ്ടാം സഹസ്രാബ്ദത്തിൽ ആണു ചൈനീസ് ലിപിയുടെ ഉദ്ഭവം. എല്ലിലും ആമത്തോടിലും വെട്ടി എഴുതിയ 10-60 ലിപികൾ (ചിത്രങ്ങൾ) ഉൾപ്പെട്ടതാണു കണ്ടുകിട്ടിയതിൽ ഏറ്റവും പ്രാചീനതയുള്ള ലിഖിതങ്ങൾ. ബി.സി. മൂന്നും രണ്ടും ശതകങ്ങളിൽ ബ്രഷ് ഉപയോഗിച്ച് എഴുതാൻ തുടങ്ങി.

ലിപികളെ ആറു വിഭാഗമായി തിരിക്കുന്ന രീതിയുണ്ട്. ഏറ്റവും സാധാരണമായ രീതി 'ഹ്സിങ് ഷെങ്' ആണ്. ഇതിൽ പദം ഓർക്കാൻ ഒരു അർഥമൂലകത്തെ (sememe) ഒരു ശബ്ദമൂലകവുമായി (phoneme) ബന്ധിച്ച് ഉച്ചാരണം സൂചിപ്പിക്കുന്ന രീതിയാണുള്ളത്. ശബ്ദമൂലകം മറ്റൊരു ലിപിയുടെ ഹ്രസ്വരൂപം ആകാം. ആ ലിപിക്ക് അതേ ഉച്ചാരണമുള്ള മറ്റൊരു പദവുമായും ബന്ധമുണ്ടാകാം.

214 അർഥമൂലകങ്ങളാണ് ആധുനിക നിഘണ്ടുക്കളിൽ കാണുന്നത്. പരമ്പരാഗതബന്ധം അനുസരിച്ച് അർഥമൂലകങ്ങളോടു ബന്ധപ്പെടുത്തി ലിപികളെ ക്രമപ്പെടുത്തുന്നു. ഉച്ചാരണത്തോടു ബന്ധപ്പെടുത്തി പരിഷ്കൃതലിപികൾ അടുത്തകാലത്തു സംവിധാനം ചെയ്തു. ആദ്യം ചൈനീസ് ലിപികളും പിന്നീടു റോമൻ ലിപിക

ളും. ലിപ്യന്തരണത്തിനു (trans literation) പിൻയിൻ സമ്പ്രദായമാണു ചൈനീസ് ഗവൺമെൻറു സ്വീകരിച്ചത്. ലിപ്യന്തരണം നടപ്പാക്കിയത് പീക്കിങ് അഥവാ ഉത്തരമൻ ഡാരിൻ ഉച്ചാരണം കണക്കിൽ എടുത്താണ്.

ചൈനീസ് സംഗീതം

ചൈന, കൊറിയ, ജപ്പാൻ എന്നീ പൂർവേഷ്യൻ രാജ്യങ്ങളിലെ പരമ്പരാഗത സംഗീത സമ്പ്രദായം. ലോകത്തിലെ അതിപ്രാചീന സംഗീതരൂപങ്ങളിൽ ഒന്നാണ് ഇത്. ബി.സി. 5000- മാണ്ടോളം പഴക്കമുള്ള സംഗീതോപകരണങ്ങൾ ഉത്ഖനനഫലമായി ലഭിച്ചിട്ടുണ്ട്. ഒരുതരം പുല്ലാങ്കുഴലും (ക്സൻ) ഇലത്താളവും (ജിങ്) ചെണ്ടയും (ഗു) ഇക്കൂട്ടത്തിൽ ഉണ്ടായിരുന്നു. ഴി, ഷാങ്, യു, ജൂ, ഗോങ് എന്നിങ്ങനെ ചില സമ്മിളിതസ്വരങ്ങൾ പ്രയോഗിക്കുന്ന അതിവിപുലമായ ഒരു ലയസംവിധാനസമ്പ്രദായം ഇവർക്ക് ഉണ്ടായിരുന്നു.



ഷെങ്
ഒരു സംഗീതോപകരണം

വായ്പാട്ട്, ഉപകരണസംഗീതം, ലളിതസംഗീതം, നാടകഗാനം, നൃത്യസംഗീതം എന്നിങ്ങനെ വളരെ വൈവിധ്യം പുലർത്തുന്ന സംഗീതശാഖകൾ ചൈനയിൽ നിലവിലുണ്ട്. ചൈനീസ് സംഗീതത്തിൽ സ്വരങ്ങൾക്ക് ആരോഹണാവരോഹണ സമ്പ്രദായങ്ങളുണ്ട്. നൃത്തനൃത്യങ്ങളിൽ ബഹുരൂപതാളങ്ങൾ പ്രയോഗിക്കുന്നു.

നാടക സംഗീതത്തിൽ മൂന്നു ഭിന്നസമ്പ്രദായങ്ങളാണ് ഉള്ളത്. 360-ൽ ഏറെ ദേശ്യഭേദങ്ങളും നിലവിലുണ്ട്. യി-യാങ്-ഗിയാങ്, കുങ്-ഗിയാങ്, ക്ലാപ്പർ ഒപ്പറ ഇവയാണു മൂന്നു സമ്പ്രദായങ്ങൾ. ധ്വനിയുടെ സ്വഭാവവും പ്രയോഗരീതിയും അനുസരിച്ചാണു സംഗീതോപകരണങ്ങളെ വിഭജിച്ചിരിക്കുന്നത്. ലോഹം, തടി, മുള, കല്ല്, മണ്ണ്, പട്ട്, തുകൽ എന്നിവകൊണ്ടാണ് ഇവ നിർമിക്കുന്നത്.

സംഗീതാലാപനത്തിൽ നാലുദശകളുണ്ട്: പ്രാരംഭം (ഗി), വിപുലനം (ചെങ്), പരിവർത്തനം (ഴ്‌വാങ്), സമാഹരണം (ഹെ). വൃന്ദവാദ്യത്തിൽ (orchestra) തത (സി) സുഷിര (ചൂയി) അവനദ്ധ (ദാ) വാദ്യങ്ങളെല്ലാം ഉൾപ്പെടുത്താറുണ്ട്.

ചൈനീസ് സാഹിത്യം

ചൈനീസ് ഭാഷയിലെഴുതപ്പെട്ട സാഹിത്യം. മൂവായിരത്തിലധികം വർഷങ്ങളുടെ പഴക്കമുണ്ട് ചൈനീസ് സാഹിത്യത്തിന്. മറ്റെല്ലാ ഭാഷാസാഹിത്യങ്ങളിലും എന്നപോലെ നാടോടിപ്പാട്ടുകളാണ് ചൈനീസ് സാഹിത്യത്തിലെയും ആദ്യകാലകൃതികൾ.

ചൈനീസ് സാഹിത്യം വളരാൻ തുടങ്ങിയത് ബി.സി. ഏഴാം ശതകത്തോടുകൂടിയാണ്. ചിൻരാജവംശത്തിൻെറ പതനത്തോടുകൂടി ചൈന നിരവധി നാടുവാഴികളുടെ കീഴിലുള്ള ചെറുഖണ്ഡങ്ങളായി പിരിഞ്ഞു. ഈ നാടുവാഴികളിൽ പലരും പണ്ഡിതന്മാരെയും കവികളെയും തങ്ങളുടെ ഉപദേഷ്ടാക്കളായും സദസ്യരായും സ്വീകരിച്ചു. ഇത്തരം പണ്ഡിതന്മാരും കവികളും രചിച്ചകൃതികളാണ് ചൈനീസ് സാഹിത്യത്തിലെ ആദ്യത്തെ കനപ്പെട്ട ഗ്രന്ഥങ്ങൾ. ലൌസി, കൺഫ്യൂഷ്യസ്, മൌസു, മെങ്സ്യു, സൺസൂ എന്നിങ്ങനെ അഞ്ചുപേരായിരുന്നു ഈ കാലഘട്ടത്തിലെ പ്രസിദ്ധചിന്തകന്മാർ. 'തിന്മയെ നന്മകൊണ്ട് ഇല്ലാതാക്കുക' എന്ന തത്വത്തിനു പ്രാമാണ്യം കല്പിച്ചുകൊണ്ട് ലൌസി എഴുതിയ 'താവോ തെഹ്ചിങ്', കൺഫ്യൂഷ്യൻ ഗ്രന്ഥപഞ്ചകം എന്ന പേരിൽ അറിയപ്പെടുന്ന ഈ ചിങ്, ഷുചിങ്, ഷീ ചിങ്, ചുൻചീ, ലീചി എന്നിവ കൺഫ്യൂഷ്യസ്സിൻെറയും ശിഷ്യന്മാരുടെയും ഉപദേശങ്ങളുടെ സമാഹാരങ്ങളായ ലുൻയൂ, താഷ്യൂ, ചുങ്ചുങ്, മെങ്ചൂ (മെൻഷ്യസ്) എന്നിവ—ഇവയൊക്കെ അക്കാലത്ത് ചൈനക്കാരുടെ മാർഗദർശകഗ്രന്ഥങ്ങളായിരുന്നു. കൺഫ്യൂഷ്യൻ മതത്തെ വ്യാഖ്യാനിച്ചു പ്രചരിപ്പിക്കുന്നതിൽ മുഖ്യമായ പങ്കുവഹിച്ച ഒരെഴുത്തുകാരനായിരുന്നു സൺസൂ.

ഈ പറഞ്ഞ മഹാന്മാരായ ചിന്തകർ ഹ്വാങ്ഹോ നദിയുടെ (മഞ്ഞനദി) തീരത്താണ് താമസിച്ചിരുന്നത്. എന്നാൽ യാങ്സീ നദിയുടെ തീരത്തു താമസിച്ചിരുന്ന ചിലർ ചിന്താപ്രധാനമായ സാഹിത്യത്തിനു പകരം ഭാവപ്രധാനമായ കൃതികൾ രചിച്ചുപോന്നു. ഇവരിൽ പ്രധാനി ചൂയുവാൻ ആയിരുന്നു.

താവോമതത്തിൻെറയും ബുദ്ധമതത്തിൻെറയും സ്വാധീനം. കൺഫ്യൂഷ്യൻ കാലഘട്ടമെന്ന പേരിലാണ് ബി.സി. 202 മുതൽ എ.ഡി. 220 വരെയുള്ള കാലം ചൈനീസ് സാഹിത്യത്തിൽ അറിയപ്പെടുന്നത്. എ.ഡി. 220-ൽ ചൈന മൂന്നായി ഭാഗിക്കപ്പെട്ടു. പലതരത്തിലുള്ള അക്രമങ്ങളും കലഹങ്ങളും കൊണ്ടു കലുഷമായിരുന്നു എ.ഡി. 581 വരെ ചൈനയിലെ ജീവിതം. കൺഫ്യൂഷ്യസ്സിൻെറ അനുയായികൾ ക്രമത്തിൽ സാന്മാർഗിക ജീവിതത്തിൽ നിന്ന് വ്യതിചലിക്കുകയും ജനങ്ങൾക്കു കൺഫ്യൂഷനിസത്തിൽ വിശ്വാസം ഒരു അതിരുവരെ നഷ്ടപ്പെടുകയുംചെയ്തു. താവോമതവും ബുദ്ധമതവും ഈ കാലഘട്ടത്തിൽ കൂടുതൽ പ്രചാരം നേടി. സാഹിത്യകാരന്മാരിലും ഈ രണ്ടു മതങ്ങൾ ഗണ്യമായ സ്വാധീനം ചെലുത്തി. പ്രകൃതിയിലെ വസ്തുക്കളെ സഹോദരങ്ങളായി ഗണിക്കാനും അവയിൽ അഗാധമായ പല അർഥങ്ങളും കണ്ടെത്താനും ഈ കാലഘട്ടത്തിലെ ചില കവികൾ താത്പര്യം പ്രകടിപ്പിച്ചു. ഇവരിൽ പ്രധാനി താവോ ചെ്യൻ (എ.ഡി 372-472) ആണ്. വൃക്ഷങ്ങൾ, പൂക്കൾ, പക്ഷികൾ, കുന്നുകൾ എന്നിവയുമായി സാത്മ്യം പ്രാപിച്ചുകൊണ്ട് ഇദ്ദേഹം എഴുതിയ കവിതകൾ ചൈനീസ് സാഹിത്യത്തിൽ പ്രസിദ്ധമാണ്.

ചൈനീസ് പദ്യസാഹിത്യത്തിൻെറ സുവർണയുഗം. (എ.ഡി. 590-960) താങ് രാജവംശത്തിൻെറ കാലത്ത് ചൈന വീണ്ടും ഏകീകരിയ്ക്കപ്പെട്ടതിനെത്തുടർന്ന് അഭിവൃദ്ധിയുടെയും സാംസ്കാരികസമുന്നതിയുടെയും ഒരു കാലഘട്ടം വന്നുചേർന്നു. തായ്സുങ്ങും അദ്ദേഹത്തിൻെറ പിൻഗാമികളും സാഹിത്യാദികലകളെ അത്യധികം പ്രോത്സാഹിപ്പിച്ചു. വാങ്വി, ലീപോ, തുഫു, പോചുയി എന്നിവരുടെ വിശിഷ്ടകാവ്യങ്ങൾ ഈ കാലഘട്ടത്തിൻെറ സന്തതികളാണ്. തുഫൂവിൻെറ കവിത മലേറിയയ്ക്ക് ഒരു പ്രത്യൗഷധമാണ് എന്നുവരെ അതിശയോക്തികലർത്തി പറഞ്ഞു വന്നിരുന്നു. കൊറിയയിലും ജപ്പാനിലും കൂടി പ്രശസ്തിയാർജിച്ച കവിയാണ് പോചുയി. ശൈലിയുടെ ലാളിത്യവും വികാരത്തിൻെറ സംശുദ്ധിയും നിമിത്തം പണ്ഡിതപാമരഭേദമെന്യേ എല്ലാവരും ഒരുപോലെ ഇദ്ദേഹത്തിൻെറ കവിതകൾ ആസ്വദിച്ചുപോന്നു.

സാഹിത്യാഭിവൃദ്ധിയുടെ കാലഘട്ടം. എ.ഡി. 906-ൽ താങ് രാജവാശത്തിന് ചില സൈന്യാധിപന്മാർ അന്ത്യം വരുത്തിയെങ്കിലും 960-ൽ സുങ് രാജവംശം അധികാരത്തിൽ വരികയും ചൈന വീണ്ടും ഐശ്വര്യത്തിൻെറ പാതയിലൂടെ സഞ്ചരിക്കാൻ തുടങ്ങുകയും ചെയ്തു. വിജ്ഞാനകോശങ്ങൾ. ചരിത്രകൃതികൾ, മറ്റു ഗദ്യഗ്രന്ഥങ്ങൾ, ഭാവഗീതികൾ എന്നിവ ഈ കാലഘട്ടത്തിൽ ധാരാളമായുണ്ടായി. ഊയാങ്സ്യൂ, സുമാക്വാങ് എന്നീ ചരിത്രകാരന്മാർ, ലിയു, ലിയ്യാൻ എന്നീ കവികൾ എന്നിവരുടെ സംഭാവനകളാൽ സ്മരണീയമാണ് ഈ കാലഘട്ടം. ഊയാങ്സ്യൂ എഴുതിയ താങ് രാജവംശചരിത്രവും സുമാക്വാങ് എഴുതിയ ചൌ രാജവംശചരിത്രവും വിഖ്യാതമായ ചരിത്രരേഖകളാണ്. ഗോൾഡൻടാർട്ടാർ വർഗത്തിൻെറ അടിമത്തത്തിൽനിന്നു മുക്തിനേടാൻ കൊതിച്ച ക്വാങ്ഹോ നദീതടങ്ങളിലെ ജനങ്ങളുടെ യാതനകളെ ഹൃദയസ്പൃക്കായി ചിത്രീകരിച്ച കവിയാണ് ലിയു. ലിയ്യാൻ ചൈനയിലെ പ്രസിദ്ധ കവയിത്രിയാണ്. അവർ വളരെയധികം കവിതകൾ എഴുതിയെങ്കിലും ഒരു ചെറിയ വാല്യത്തിൽ സമാഹരിച്ച കവിതകളേ പിൽക്കാലതലമുറയ്ക്കു ലഭിച്ചുള്ളു.

നോവലുകളും നാടകങ്ങളും. ചൈനീസ് സാഹിത്യചരിത്രത്തിൽ സ്മരണീയമായ നേട്ടങ്ങളുണ്ടാവാൻ കാരണമായ സുങ് രാജവംശം മംഗോളിയരുടെ ആക്രമണത്തെത്തുടർന്ന് നശിച്ചു.

1277-ൽ കുബ്ലൈഖാൻ ചൈനയുടെ ചക്രവർത്തിയായി. അതോടു കൂടി പീക്കിങ് ആസ്ഥാനമായിക്കൊണ്ട് ചരിത്രപ്രസിദ്ധമായ യുവാൻ രാജവംശം ജന്മമെടുത്തു.

കുബ്ലൈഖാൻ ചൈനീസ് വിജ്ഞാനത്തെയും ചൈനീസ് സ്ഥാപനങ്ങളെയും ബഹുമാനിച്ചിരുന്നുവെങ്കിലും വിദേശികളായ പണ്ഡിതന്മാരെ സ്വീകരിക്കുന്നതിലാണ് കൂടുതൽ താത്പര്യം പ്രകടിപ്പിച്ചിരുന്നത്. അഭിമാനികളായ ചൈനീസ് സാഹിത്യകാരന്മാർ കുബ്ലൈഖാനെ സേവിച്ചുനിൽക്കാൻ ഇഷ്ടപ്പെട്ടില്ല. സാഹിത്യ വ്യാപാരത്തിൽനിന്ന് ഏറെക്കുറെ വിരമിച്ച ഒരു മട്ടാണ് അവർ സ്വീകരിച്ചത്. ഒരു നേരമ്പോക്ക് എന്ന നിലയിൽ നോവലുകൾ എഴുതുന്നതിൽ അവർ വ്യാപൃതരായി. അങ്ങനെ കുറെ നോവലുകൾ ചൈനീസ് ഭാഷയിൽ രൂപംകൊണ്ടു. മുമ്പ് പ്രചാരത്തിലിരുന്ന സമൂഹഗാനങ്ങളിലെയും നാടൻ പാട്ടുകളിലെയും കഥകൾ കുറെക്കൂടെ മാംസളങ്ങളാക്കി പ്രതിപാദിക്കുക മാത്രമാണ് ഇവർ ചെയ്തത്. ഇത്തരം നോവലുകളിൽ പ്രധാനപ്പെട്ടവയാണ് 'സാൻക്വാചി' (മൂന്നു രാജവംശങ്ങളുടെ കഥ), ഷ്യു ഹുചുവാൻ (എല്ലാവരും സഹോദരന്മാരാണ്) എന്നിവ.

യുവാൻ രാജവംശത്തിന്റെ കാലത്ത് ഏറ്റവും അഭിവൃദ്ധിപ്രാപിച്ചത് നാടകവിഭാഗമായിരുന്നു. മംഗോൾ ഖാൻമാർക്ക് കലാപ്രകടനങ്ങൾ ആസ്വദിക്കുന്നതിൽ സവിശേഷതാത്പര്യം ഉണ്ടായിരുന്നു. നാടകരചനയെ ഇവർ കഴിയുന്നത്ര പ്രോത്സാഹിപ്പിച്ചു. ആദ്യമാദ്യം അഭിമാനം നടിച്ച് അകന്നുനിന്ന് പലരും പിന്നെപ്പിന്നെ രാജകീയ പ്രീതിക്കുവേണ്ടി നാടകങ്ങൾ എഴുതാൻ തുടങ്ങി. ഇതിനെത്തുടർന്നു ധാരാളം നാടകങ്ങൾ ചൈനയിലുണ്ടായി. 50 കൊല്ലത്തിനിടയ്ക്ക് 500-ൽ പരം നാടകങ്ങൾ രചിക്കപ്പെട്ടു എന്നാണു കണക്ക്.

യുവാൻ രാജവംശത്തിന്റെ കാലത്തിനുശേഷമുള്ള നാലുനൂറ്റാണ്ടിൽ ധാരാളം നോവലുകൾ ചൈനീസ് ഭാഷയിലുണ്ടായി. ചരിത്രനോവലുകൾ, സാമുദായിക നോവലുകൾ, മതപരവും തത്വചിന്താപരവുമായ കഥകൾ, വീരകഥകൾ എന്നിങ്ങനെ പലവിധത്തിലും പെടുന്ന കഥാഗ്രന്ഥങ്ങളായിരുന്നു ഇവ. പലതിലും ഇതിവൃത്തത്തിനു ബന്ധദാർഢ്യമുണ്ടായിരുന്നില്ല; ഉചിതമായ ഒരന്ത്യമില്ലാതെ കഥകൾ നീണ്ടുപോവുകയും ചെയ്തിരുന്നു.

പാശ്ചാത്യസമ്പർക്കം. 1368-ൽ മംഗോളിയർ ചൈനയിൽനിന്നു തുരത്തപ്പെട്ടു. ചിങ് രാജവംശം അധികാരത്തിൽ വന്നു. പക്ഷേ, ഈ സംഭവങ്ങൾക്ക് ചൈനീസ് സാഹിത്യത്തിൽ ഒരു സ്വാധീനവും ചെലുത്താൻ കഴിഞ്ഞില്ല. കച്ചവടസ്ഥലങ്ങൾ അന്വേഷിച്ചും ക്രിസ്തുമത പ്രചാരണത്തിനുവേണ്ടിയും പാശ്ചാത്യർ ചൈനയിൽ എത്തിയതിനെത്തുടർന്നാണ് സാഹിത്യത്തിൽ ചില മാറ്റങ്ങൾ ഉണ്ടാവാൻ തുടങ്ങിയത്. 1860 ആകുമ്പോഴേക്കും ബ്രിട്ടീഷ് കച്ചവടക്കാർ ചൈനയിൽ ഒരു ശക്തിയായി കഴിഞ്ഞിരുന്നു. പ്രസിദ്ധമായ 'ഓപ്പിയംവാർ' ബ്രിട്ടീഷുകാരുടെ ശക്തി വർധിപ്പിക്കുകയും ഹോങ്കോങ് അവർ കൈവശപ്പെടുത്തുകയും ചെയ്തു. ഇങ്ങനെ ഇംഗ്ലീഷുകാരുമായും മറ്റു പാശ്ചാത്യരുമായും ചൈനീസ് ജനതയ്ക്കു സമ്പർക്കമുണ്ടായി. ഈ സമ്പർക്കം പാശ്ചാത്യസാഹിത്യത്തെപ്പറ്റി പഠിക്കാനും അതിലെ പുതിയപ്രവണതകൾ ഉൾക്കൊള്ളാനും ചൈനീസ് എഴുത്തുകാർക്കു പ്രേരകമായി. ഇതോടെ റൊമാൻറിസിസത്തിന്റെയും റിയലിസത്തിന്റെയും സന്ദേശങ്ങൾ ചൈനീസ് സാഹിത്യകാരന്മാരും ഉൾക്കൊണ്ടു.

1919-നു ശേഷം ചൈനീസ് സാഹിത്യം കൂടുതൽ ജനകീയമാവാൻ തുടങ്ങി. ഈ കാലഘട്ടത്തിൽ ഒരു പുതിയകൂട്ടം എഴുത്തുകാർ ഉയർന്നുവന്നു. അവർ ക്ലാസിക് രൂപങ്ങളെ ബോധപൂർവം ഒഴിവാക്കുകയും പുതിയ രൂപങ്ങൾ കൈക്കൊള്ളുകയുംചെയ്തു. പെരുകിവന്ന ആനുകാലിക പ്രസിദ്ധീകരണങ്ങൾ പുതിയ രൂപത്തിലുള്ള കലാസൃഷ്ടികളുടെ വിഹാരരംഗമായി. ദൈനംദിനസംഭാഷണഭാഷയിൽ ധാരാളം നോവലുകളും കവിതകളും ചെറുകഥകളും പ്രത്യക്ഷപ്പെടാൻ തുടങ്ങി. ദേശപ്രേമവും സ്വാതന്ത്ര്യപ്രബുദ്ധതയും കമ്യൂണിസത്തോടുള്ള ആഭിമുഖ്യവും ഈ കൃതികളിൽ പ്രകടമായിരുന്നു.

ഇക്കാലത്തുണ്ടായ സാഹിത്യകാരന്മാരിൽ പ്രമുഖനാണ് ലൂസിൽ എന്നും ലൂസൺ എന്നും ഉള്ള പേരുകളിൽ അറിയപ്പെട്ട ചൌഷുണ്ഡിൻ. *അക്യുവിന്റെ ആത്മകഥ*, *ചൈനീസ്നോവലുകളുടെ ലഘു ചരിത്രം* എന്നിവ ഇദ്ദേഹത്തിന്റെ സ്വതന്ത്രകൃതികളാണ്. റഷ്യൻ ഭാഷയിൽനിന്ന് പലകൃതികളും ചൌഷുണ്ഡിൻ വിവർത്തനം ചെയ്തിട്ടുണ്ട്. മറ്റൊരു പ്രസിദ്ധസാഹിത്യകാരനാണ് ക്വോമോജോ. ഇദ്ദേഹത്തിന്റെ പ്രശസ്തമായകൃതി *ചുയുവാൻ* എന്ന നാടകമാണ്. നോവൽ, കവിത, ഉപന്യാസം എന്നീ ശാഖകളിലും ഇദ്ദേഹം വ്യാപരിച്ചിരുന്നു. ഗെയ്ഥേയുടെ ഫൌസ്റ്റ്, ടോൾസ്റ്റോയിയുടെ യുദ്ധവും സമാധാനവും എന്നീ പ്രസിദ്ധകൃതികൾ ക്വോമോജോ വിവർത്തനം ചെയ്തു.

ഇംഗ്ലീഷിലും ചൈനീസിലും ഒരുപോലെ എഴുതാൻ കഴിവുള്ള ലിൻയുടാങ്, യുക്തിവാദിയും പണ്ഡിതനുമായ ഹുഷി, ഹാസ്യനാടകരചയിതാവായ ലൌഷോ എന്നിവരാണ് ഈ കാലഘട്ടത്തിലെ മറ്റു ചില പ്രസിദ്ധസാഹിത്യകാരന്മാർ.

ജാപ്പുവിരോധകാലഘട്ടം. 1937-നു ശേഷം ചൈനീസ് സാഹിത്യം ജപ്പാനെതിരെയുള്ള സമരത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ആയുധമായി രൂപാന്തരപ്പെട്ടു. ചെൻഷുചുവിന്റെ 'വസന്തത്തിലെ ഇടിവെട്ട്' ല്യുചിങ്ങിന്റെ 'പിച്ചളഭിത്തി', ചെൻ ടെങ്കോവിന്റെ 'ജീവന്നരകം', ല്യുപായ്യുവിന്റെ 'മുന്നിലുള്ള തീജ്വാലകൾ', എന്നിവ ജാപ്പുവിരോധം പ്രകടമാക്കുന്ന നോവലുകളാണ്. ഷാൻടങ്ങിലെ ഗറില്ലാ സമരത്തെയും ജപ്പാന്റെ ആക്രമണത്തെ ചെറുത്തുനിന്ന ഭടന്മാരുടെ ധീരതയെയും പ്രകീർത്തിച്ചുകൊണ്ട് എഴുതപ്പെട്ട കവിതയാണ് കെച്ച്യായുടെ 'വൃദ്ധവൃക്ഷത്തിന്റെ പൂക്കൾ', സാപോയു എഴുതിയ 'വെള്ളയണിഞ്ഞ പെൺകുട്ടി' എന്ന നാടകമാണ് ഈ കാലഘട്ടത്തിലെ മറ്റൊരു പ്രശസ്തകൃതി. ജാപ്പനീസ് സമരത്തിൽ മുറിവേറ്റഭടന്മാരെ നി:സ്വാർഥമായി ശുശ്രൂഷിക്കുകയും സമുദായത്തിലെ അനീതികൾക്കെതിരായി സമരത്തിലേർപ്പെടുകയും ചെയ്ത ഒരു നേഴ്സിന്റെ കഥയാണ് ഈ നാടകത്തിലുള്ളത്.

സാഹിത്യം സാമൂഹികപരിവർത്തനത്തിന്. 1945-46 കാലമാവുമ്പോഴേക്കും കമ്യൂണിസ്റ്റ് പാർട്ടി ചൈനയിലെ അജയ്യശക്തിയായി വളർന്നു. ജപ്പാൻകാരെ തുരത്തുന്നതിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുണ്ടായിരുന്ന 'എയ്ത്ത്റൂട്ട് ആർമി'യാണ് മുഖ്യമായ പങ്കുവഹിച്ചിരുന്നത്. ഈ സേനാവിഭാഗം ജപ്പാൻകാരുടെ അധീനത്തിൽനിന്നു മോചിപ്പിച്ച പ്രദേശം ആസ്ഥാനമാക്കി, ച്യാങ്ങിന്റെ കീഴിലുണ്ടായിരുന്ന ചൈനയുടെ മറ്റു ഭാഗങ്ങളും തങ്ങളുടെ അധീനത്തിലാക്കാൻ സമരം നടത്തുകയും വിജയം കൈവരിക്കുകയും ചെയ്തു. ഈ സമരങ്ങളും ഇതോടനുബന്ധിച്ചു കാർഷികപരിഷ്ക്കർണത്തിനും സാമൂഹികാസമത്വങ്ങൾ ഇല്ലാതാക്കുന്നതിനും വേണ്ടി നടത്തിയ സമരങ്ങളും പ്രതിഫലിപ്പിക്കുന്നതായിത്തീർന്നു 1940-ന ശേഷമുള്ള ചൈനീസ് സാഹിത്യം.

ലൂസൺ, ക്വോമോ ജോ എന്നീ പഴയതലമുറയിലെ സാഹിത്യകാരന്മാർക്കു പുറമെ ടിങ്യിങ്, ഹോ ചിങ്ചി, ടിങ്യീ, ചൌലിപോ, ചാവോഷുലി, ച്യെൻ ലിങ് ഹുടാൻഹോ, ലു ചിങ്, ചെൻ ചീടുങ് എന്നിവരും ഈ പുതിയ സമരസാഹിത്യത്തിന് മുതൽക്കൂട്ടുണ്ടാക്കി. ടിങ്യിങ്ങിന്റെ 'സുര്യൻ സാങ്കം നദിയ്ക്കുമീതെ പ്രകാശിക്കുന്നു', ചൌലിപോയുടെ 'കൊടുങ്കാറ്റ്', ചാവോഷുലിയുടെ 'ലീഗ്രാമത്തിലെ മാറ്റങ്ങൾ', 'സോ എർഹോയുടെ കല്യാണം', കുങ് ചൂവിന്റെ പുത്രന്മാരും 'പുത്രിമാരും', 'ഒരു സ്ത്രീയുടെ മോചനത്തിന്റെ കഥ' എന്നീ നോവലുകൾ, ഹോചിങ്ചി, ടിങ്ചീ എന്നിവർ കൂട്ടായിരചിച്ച 'വെള്ളത്തലമുടിയുള്ള പെൺകുട്ടി' എന്ന ഓപ്പെറ, ചാവോഷുലിയുടെ 'ലിയുസായുടെ ഗാനങ്ങൾ' എന്ന കാവ്യഗ്രന്ഥം എന്നിവയെല്ലാം ഒരു പുതിയവ്യവസ്ഥയ്ക്കുവേണ്ടി നടന്ന സമരങ്ങളുടെ സജീവചിത്രങ്ങൾ ഉൾക്കൊള്ളുന്നു. ല്യു ചിങ്ങിന്റെ 'വിത', സാവോമിങ്ങിന്റെ 'ചലിയ്ക്കുന്ന ശക്തി' ചെൻ ചി ടുങ്ങിന്റെ 'ചെങ്കൊടിയുടെ പാട്ട്' പായ്ലാങ്ങിന്റെ 'ഒരു നല്ല നാളേയ്ക്കുവേണ്ടി' തുടങ്ങിയ കൃതികൾ ഉത്പാദനപ്രവർത്തനങ്ങളുടെയും പരസ്പരസഹായത്തിന്റെയും സഹകരണത്തിന്റെയും സന്ദേശങ്ങൾ ഉൾക്കൊള്ളുന്നു.

'നൂറുപൂക്കൾ വിരിയട്ടെ' എന്ന ഉദാരനയമാണ് സാഹിത്യസാംസ്കാരിക കാര്യങ്ങളിൽ കമ്യൂണിസ്റ്റ് ചീന ആദ്യം കൈക്കൊണ്ടതെങ്കിലും 1950 -നു ശേഷം സാഹിത്യപരവും സാംസ്കാരികവുമായ പ്രവർത്തനങ്ങളെ രാഷ്ട്രപുരോഗതിയ്ക്ക് ഉപയോഗിക്കാൻ സംഘടിതമായ ശ്രമംതന്നെ നടന്നു. ചൈനീസ്കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സംഘടന രൂപവത്കൃതമാകുകയും മാർഗനിർദേശരേഖകൾ അംഗീകരിക്കുകയും ചെയ്തതിനു ശേഷം ചൈനയിൽ രചിയ്ക്കപ്പെടുന്നവയൊക്കെ സോദ്ദേശ്യ കലാസൃഷ്ടികളായി. 1953-ൽ പീക്കിങ്ങിൽ ചേർന്ന ചൈനീസ് കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും രണ്ടാം കോൺഫ്രൻസ് അംഗീകരിച്ച മാർഗരേഖയിൽ ഇങ്ങനെ പറഞ്ഞിരുന്നു: "നമ്മുടെ സാഹിത്യവും കലയും കൃഷിക്കാരുടെയും തൊഴിലാളികളുടെ

യും ഭടന്മാരുടെയും വിചാരങ്ങൾക്കും വികാരങ്ങൾക്കും രൂപംകൊടുക്കണം. ഈ വിഭാഗക്കാരിലുള്ള പുരോഗമന പ്രവണതകളെ എടുത്തുകാട്ടി, ജനങ്ങളിൽ സാന്മാർഗിക ബോധം വളർത്തുമാറ് സാഹിത്യസൃഷ്ടിചെയ്യണം."

1966-76 കാലഘട്ടത്തിൽ ചൈനയിൽ സാംസ്കാരിക വിപ്ലവം നടന്നു. സൂക്ഷ്മപരിശോധനയ്ക്കുശേഷമേ, സാഹിത്യകൃതികൾ പ്രസിദ്ധീകരിക്കാൻ ഈ കാലഘട്ടത്തിൽ ചൈനയിൽ അനുവദിച്ചിരുന്നുള്ളൂ. ലൂസൺ, ഹാവോജാൻ എന്നിങ്ങനെ ചിലരുടെ കൃതികളേ ഈ കാലഘട്ടത്തിൽ എടുത്തുകാട്ടാനുള്ളൂ. 1976-ൽ മാവോസേതുങ്ങിൻെറ മരണത്തിനുശേഷം ഉദാരതാനയം നിലവിൽ വരികയും വാങ്മെങ്ങിനെപ്പോലുള്ള കഥാകാരന്മാരും പെയ്താവോവിനെപ്പോലുള്ള കവികളും ല്യുപിൻ യെന്നിനെപ്പോലുള്ള സത്യാന്വേഷകരും ചൈനീസ് സാഹിത്യത്തിൽ അംഗീകൃതരായിത്തീരുകയുംചെയ്തു.

ചൈനീസ് റിപ്പബ്ലിക്

1912-ൽ ചിങ് (മഞ്ചു)വംശഭരണം അവസാനിപ്പിച്ചതിനെ തുടർന്നുണ്ടായ റിപ്പബ്ലിക്. 17-ാം നൂറ്റാണ്ടിൽ ചൈന കീഴടക്കിയശേഷം മഞ്ചുവംശ ചക്രവർത്തിമാർ അലസജീവിതം നയിച്ചു. അവരിൽ പലരും കഴിവില്ലാത്ത ഭരണാധികാരികൾ ആയിരുന്നു. 19-ാം നൂറ്റാണ്ടിൽ അവരുടെ ഭരണം അടിക്കടി ദുർബലം ആയിക്കൊണ്ടിരുന്നു. 1908-ൽ അന്നത്തെ ചക്രവർത്തിനി മരിച്ചശേഷം അനന്തരാവകാശിയായ കുട്ടിയുടെ സ്ഥാനത്തു ഭരണം ഏറ്റെടുത്ത പ്രതിപുരുഷൻ ശക്തനായിരുന്നില്ല. വിദേശശക്തികളുമായി തുടരെ നടന്ന യുദ്ധങ്ങൾ ഭരണകൂടത്തെ തളർത്തി.

മധ്യചൈനയിൽ തീവണ്ടിപ്പാളങ്ങൾ ഇടാൻ 1911 ഏപ്രിൽ 5 നു നാലുവിദേശബാങ്കുകൾ ഉൾപ്പെട്ട ഒരു ഗ്രൂപ്പുമായി ഉണ്ടാക്കിയ ഉടമ്പടിയാണ് അസ്വസ്ഥതയ്ക്കു തുടക്കം കുറിച്ചത്. ഒരു പ്രാദേശിക കമ്പനിയുടെ സെചാനിലെ ലൈൻ പീക്കിങ് ഗവൺമെൻറ് ഏറ്റെടുത്തു. ബാങ്കുകളിൽനിന്നു കടം കിട്ടിയ തുക സ്റ്റോക്ക് ഉടമകളുടെ ബാധ്യത തീർക്കാൻ മതിയായില്ല. അവരുടെ അസംതൃപ്തി ഒരു പ്രക്ഷോഭണത്തിനു രൂപം നല്കി. 1911 ഒക്റ്റോബർ 10-നു വുച്ചാങ്ങിലെ ഭടന്മാർ ലഹളയ്ക്കു മുതിർന്നു. ഇതാണു വിപ്ലവാരംഭദിനമായി ഗണിക്കുന്നത്. രാജപ്രതിനിധി ഭരണഘടന നിർമിക്കാൻ അധികാരം വിപ്ലവസേനാംഗങ്ങൾക്കു നല്കയും ഒരു പഴയ രാജപ്രതിനിധിയെ വിളിച്ചുവരുത്തി ഭരണം ഏല്പിക്കയും ചെയ്തു. വർഷാവസാനത്തോടെ 14 പ്രവിശ്യകൾ സ്വതന്ത്രമായി. മഞ്ചുപടയാളികളെ പലെടത്തും കൂട്ടക്കൊല ചെയ്തു. നാങ്കിങ്ങിൽ ഒരു താത്കാലിക ഗവൺമെൻറു സ്ഥാപിതമായി. വിപ്ലവനേതാവായ സൺയാറ്റ്സൺ വിദേശത്തുനിന്നു മടങ്ങിഎത്തി പ്രസിഡൻറുപദം ഏറ്റെടുത്തു.

പഴയ രാജപ്രതിനിധി യുവാൻ 1912 ഫെബ്രുവരി 12-നു സന്ധിക്കു തയ്യാറായി. ചക്രവർത്തികുമാരനെ സ്ഥാനഭ്രഷ്ടനാക്കി ജനങ്ങൾക്ക് അധികാരം കൈമാറിയതായി പ്രഖ്യാപിച്ചു. ഭരണഘടന അനുസരിച്ചു രാഷ്ട്രം റിപ്പബ്ലിക് ആയിരിക്കും എന്നു വ്യക്തമാക്കപ്പെട്ടു. രാജ്യത്തെ ഏകീകരിക്കാൻ സൺ യാറ്റ്സൺ രാജിവച്ചു. യുവാനെ അധികാരത്തിൽ അവരോധിച്ചു. 1912-ൽ താത്കാലിക ഭരണഘടന നടപ്പിൽവന്നു. ഏപ്രിലിൽ ഗവൺമെൻറ് ആസ്ഥാനം പീക്കിങ്ങിലേക്കുമാറ്റി. റിപ്പബ്ലിക് സ്ഥാപിതമായതായി പ്രഖ്യാപനമുണ്ടായി.

ചൈൽഡ്, ഗോർഡൻ (1892—1957)

ജനനംകൊണ്ട് ഓസ്ട്രേലിയക്കാരനായ ബ്രിട്ടീഷ് ചരിത്രകാരൻ. ബി.സി. മൂവായിരത്തിനും രണ്ടായിരത്തിനും ഇടയിലുള്ള യൂറോപ്യൻ ചരിത്രത്തെക്കുറിച്ചുള്ള ഇദ്ദേഹത്തിൻെറ പഠനം യൂറോപ്പും സമീപപൗരസ്ത്യരാജ്യങ്ങളും തമ്മിലുള്ള ബന്ധങ്ങളുടെ കാര്യത്തിൽ ഏറെ വെളിച്ചം വീശി. ചരിത്രാതീതപുരാതത്വശാസ്ത്രത്തെക്കുറിച്ചു പ്രതിപാദിക്കുന്ന 'വാട്ട് ഹാപ്പൻഡ് ഇൻ ഹിസ്റ്ററി' എന്ന ഗ്രന്ഥവും സമൂഹത്തിൻെറയും സാങ്കേതികവിദ്യയുടെയും സമാന്തര പരിണാമത്തെ വിവരിക്കുന്ന *'മാൻ മെയ്ക്സ് ഹിംസെൽഫ്'* (1936) എന്ന ഗ്രന്ഥവും ബുദ്ധിജീവികളുടെ ശ്രദ്ധയാകർഷിച്ചവയാണ്. ഇവയിൽ രണ്ടാമത്തെ ഗ്രന്ഥം സി. അച്യുതമേനോൻ മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്തിട്ടുണ്ട്.

1892 ഏപ്രിൽ 14 ന് സിഡ്നിയിൽ ജനിച്ചു. എഡിൻബറോ സർവകലാശാലയിലെ ചരിത്രാതീത പുരാവസ്തു വകുപ്പിൽ പ്രൊഫസറായിരുന്നു. പിന്നീട് ലണ്ടൻ സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ആർക്കിയോളജിയുടെ ഡയറക്റ്ററായി *'ഡോൺ ഒഫ് യൂറോപ്യൻ സിവിലിസേഷൻ' 'ദ ഡാന്യൂബ് ഇൻ പ്രീഹിസ്റ്ററി'* എന്നിവയാണു ചൈൽഡ് ഗോർഡൻെറ മറ്റു പ്രസിദ്ധഗ്രന്ഥങ്ങൾ.

ചൊ

ചൊല്ക്കെട്ടുസ്വരം

കർണാടകസംഗീതകൃതികളിൽ † ചിട്ടസ്വരങ്ങളുടെ സ്ഥാനത്തു ജതിയും സ്വരവും ചേർന്നുവരുന്നത്. ഇവ ആലപിക്കുമ്പോൾ സ്വരവും ചൊൽക്കെട്ടുകളും ഇടകലർന്നു കേൾക്കാൻ കഴിയും. ചൊൽക്കെട്ടു സ്വരങ്ങൾ മധ്യദ്രുതകാലങ്ങളിലാണ് ഉണ്ടാവുക. ഇത് അനുപല്ലവിയുടെ ഒടുവിൽ കാണപ്പെടുന്നു. കേൾക്കുന്നതിന് ഏറെ ഇമ്പമുള്ള ഈ ഗാനാലങ്കാരം അപൂർവം കൃതികളിലേ ഉള്ളൂ. സ്വാതിതിരുനാളിൻെറ, സരോരുഹാസന ജായേ, എന്നാരംഭിക്കുന്ന, പന്തുവരാളി രാഗത്തിലുള്ള നവരാത്രി കീർത്തനത്തിൻെറ അനുപല്ലവി

(പുരന്ദരാദി സുരോത്തമ സുരുചിര
കിരീടമണി കിരണാഞ്ചിതചരണേ)

യിൽ ചൊല്ക്കെട്ടു സ്വരങ്ങൾ ഘടിപ്പിച്ചിട്ടുണ്ട്. നവരാത്രീകീർത്തനങ്ങളായ ഭാരതി മാ മവ(തോഡി രാഗം) ജനനീ മാ മവ (ഭൈരവി രാഗം) എന്നിവയിലും മുത്തുസ്വാമിദീക്ഷിതരുടെ ആനന്ദനടനപ്രകാശം (കേദാരംരാഗം) തുടങ്ങിയ ചില കൃതികളിലും ഇവ കാണാൻ കഴിയും.

ചൊല്ലിയാട്ടം

†കഥകളി നോക്കുക.

ചൊവ്വ (Mars)

സൗരയൂഥത്തിൽ സൂര്യനിൽനിന്നു നാലാമതായി ഉള്ള ഗ്രഹം. മൂന്നാമതു നില്ക്കുന്ന ഭൂമിയുടെ തൊട്ടുവെളിയിലാണ് ഇതിൻെറ ഭ്രമണപഥം. ഭൂമിയുടെതിനോടു സാമ്യമുള്ള പല സവിശേഷതകളും ഈ ഗ്രഹത്തിനും ഉണ്ട്. മരുഭൂമി, അഗ്നിപർവതം, ശീതപ്രദേശം, മേഘം, അന്തരീക്ഷം തുടങ്ങിയ പലകാര്യങ്ങളിലും ഭൂമിയോടു സാദൃശ്യം പുലർത്തുന്നു. അതുകൊണ്ട്, ഭൂമിയൊഴിച്ചു മറ്റ് ഏതെങ്കിലും ഗ്രഹത്തിൽ ജീവൻ പുലരുന്നുവെങ്കിൽ അതിന് ഏറ്റവും സാധ്യത ഇവിടെയാണെന്നു ശാസ്ത്രജ്ഞന്മാർ കണക്കാക്കുന്നു.

ചൊവ്വയുടെ നിറം ചെമപ്പാണ്. അതുകൊണ്ടാണു പാശ്ചാത്യർ ഇതിനു ഗ്രീക്കു യുദ്ധദേവതയായ 'മാർസി'ൻെറ പേരുകൊടുത്തത്. നഗ്നനേത്രങ്ങൾകൊണ്ടു കാണാം.

1964-71 കാലഘട്ടത്തിൽ 'മാരിനർ' പര്യവേക്ഷണപേടകങ്ങൾ ചൊവ്വയെപ്പറ്റി പഠനങ്ങൾ നടത്തി. 1976-ൽ വൈക്കിങ് എന്ന ബഹിരാകാശക്കപ്പൽ വഹിച്ചുകൊണ്ടുപോയ പേടകങ്ങൾ ചൊവ്വയിൽ ഇറങ്ങി പല കണ്ടെത്തലുകളും നടത്തി. ചൊവ്വയ്ക്കു വളരെ ലോലമായ അന്തരീക്ഷമുണ്ട്. ഉപരിതലമർദം ഭൂമിയിലെതിൻെറ ഒരു ശതമാനം മാത്രമേ ഉള്ളൂ. അന്തരീക്ഷത്തിലെ പ്രധാന ഘടകങ്ങൾ കാർബൺ ഡയോക്സൈഡ് ആണ്. നൈട്രജൻ, ആർഗോൺ, ഓക്സിജൻ; ജലബാഷ്പം എന്നിവ ഏകദേശം 5 ശതമാനമുണ്ട്. താപനില ഏകദേശം 150 K മുതൽ 250 K വരെ ആണ്. ചൊവ്വയിൽ കണ്ടെത്തിയിട്ടുള്ള 'ഒളിമ്പസ് മൺസ്' (Olympus Mons) എന്ന അഗ്നിപർവതം സൗരയൂഥത്തിലെ മറ്റു ഗ്രഹങ്ങളിൽ ഉള്ളവയെക്കാൾ വലിപ്പംകുടിയതാണ്. 600 കി.മീ. അധികം വ്യാസവും 20,000 മീ. അധികം ഉയരവും ഉണ്ട്.

പ്ളൂട്ടോ, മെർക്കുറി എന്നിവയുടെതു കഴിഞ്ഞാൽ ദീർഘവൃത്താകാരത (എലിപ്ടിസിറ്റി) ഏറ്റവും കൂടുതലുള്ളത് ചൊവ്വയുടെ ഭ്രമണപഥത്തിനാണ്. ഈ പഥം ഭൂമിയുടെതുമായി വിവിധസ്ഥാനങ്ങളിൽ വ്യത്യസ്തമായ അകലത്തിലായിരിക്കും. സൂര്യനെ ഒന്നു പ്രദക്ഷിണം ചെയ്യാൻ ചൊവ്വ 687 ദിവസം എടുക്കും. അതാണു ചൊവ്വയുടെ ഒരു വർഷം. സ്വന്തം അക്ഷത്തിന്മേൽ ഒരു തവണ കറങ്ങുന്നതിനുവേണ്ട സമയം 24 മണിക്കൂർ 39 മിനിട്ട് 35.1 സെക്കൻഡാണ്. അതാണ് അവിടത്തെ ഒരു ദിവസം. ഭൂമിയുടെ ദിവസത്തോട് ഏറ്റവും അടുത്തതാണ് ഈ കാലയളവ്. സെക്കൻഡിൽ 24 കി.മീ. ആണു ചൊവ്വയുടെ ഭ്രമണവേഗം. ഗ്രഹത്തിൻെറ മധ്യഭാഗത്തെ വ്യാസം 6794 കി.മീറ്റർ. ഇതു ഭൂമിയുടെതിൻെറ പകുതിയിൽ അല്പം കൂടുതലാണ്.

ചുവന്ന പ്രദേശം. ഉപരിതലത്തിലുള്ള ചെമപ്പുനിറം മരുപ്രദേശത്തെ കുറിക്കുന്നുവെന്നാണു നിഗമനം. ചൂടിനു പകരം അവിടെ



ചൊവ്വയുടെ ഉപരിതലം

തണുപ്പാണെന്നുമാത്രം. ചൊവ്വയുടെ ഉപരിതലം ചന്ദ്രനിലെപ്പോലെ പൊടിപടലം നിറഞ്ഞതാണ്. ഇരുമ്പു തുടങ്ങിയ ലോഹങ്ങളുടെ ലവണങ്ങൾകൊണ്ടു നിറംപിടിപ്പിച്ച പൊടിപടലമാണു ചൊവ്വയിലുള്ളതെന്നും, പൊടിഞ്ഞു ചാരനിറത്തിലുള്ള ഫെൽസൈറ്റ് ആണെന്നും വിവിധാഭിപ്രായങ്ങൾ നിലവിലുണ്ട്. ചെമന്നു തിളങ്ങുന്ന ചൊവ്വാപ്രദേശങ്ങളിലുള്ള മണ്ണിൻെറ മുഖ്യഘടകം പൊടിഞ്ഞ ഫെറിക് ഓക്സൈഡുകളാണെന്നു കാൾസാഗൻ എന്ന ശാസ്ത്രജ്ഞൻ 1965-ൽ അഭിപ്രായപ്പെട്ടു.

കനാലുകൾ. 1877-ൽ ജി.വി. സ്കിയാപറലി എന്ന ശാസ്ത്രജ്ഞനാണു ചൊവ്വയുടെ ഉപരിതലത്തിൽ കുറത്ത രേഖകൾ കണ്ടെത്തിയത്. 'ചാനൽ' എന്നർഥംവരുന്ന 'കനാലി' എന്ന പേരാണ് അവയ്ക്ക് അദ്ദേഹം നിർദേശിച്ചത്. പിന്നീട് അവ ഇംഗ്ലീഷിൽ 'കനാലു'കളായി വ്യവഹരിക്കപ്പെട്ടുവന്നു. നാലുവർഷത്തിനുശേഷം 1881-ൽ സ്കിയാപറലി തന്നെ കനാലുകളുടെ പിളരുന്ന സ്വഭാവം (ജെമിനേഷൻ) കണ്ടുപിടിച്ചു. ഒരു കനാൽ മറ്റൊരവസരത്തിൽ രണ്ടായി പിളരുന്നു. ആ ജോടിയിലെ ഓരോന്നിനും മുമ്പിലത്തെ കനാലിൻെറ സ്വരൂപവും സ്വഭാവവും ഉണ്ടായിരിക്കയും ചെയ്യും.

ഭൂമിയിലെ നദികളെപ്പോലെ കനാലുകൾ വളഞ്ഞും തിരിഞ്ഞുമല്ല കിടക്കുന്നത്; ഋജുവായിട്ടാണ്. പല നീളത്തിലും കനാലുകളുണ്ട്. ചിലതിനു 300 കി. മീറ്റർ നീളമേ കാണൂ: മറ്റു ചിലതിന് 1600 കി.മീറ്ററും.

ധ്രുവഹിമത്തൊപ്പികൾ. ചൊവ്വയിലെ ധ്രുവപ്രദേശങ്ങളിൽ ഹിമത്തൊപ്പികൾ കാണാം. പക്ഷേ, ഈ ഹിമക്കൂമ്പാരത്തിന് ഏതാനും സെ. മീറ്റർ ഉയരമേ ഉള്ളു. ഹെർഷൽ ആണ് ഈ തൊപ്പികൾ മഞ്ഞുകൊണ്ടുള്ളതാണെന്ന് ആദ്യം പ്രസ്താവിച്ചത്. അതിനുമുമ്പ് അവയിൽ ഘന കാർബൺഡയോക്സൈഡ് മാത്രം ആണെന്നു വിശ്വസിച്ചിരുന്നു. 1948-ലെ ഡോ. കൂപ്പറിൻെറ സ്പെക്ട്രോസ്കോപ്പിക്പഠനം ഹെർഷലിൻെറ അഭിപ്രായത്തെ പിന്താങ്ങി. ഹിമം എന്നുപറഞ്ഞാൽ ഭൂമിയിലെ ഹിമംപോലെ ഉള്ളതല്ല.

ഹിമത്തൊപ്പികൾ വേനലിൽ ഉരുകുകയും ശീതകാലത്തു കൂടിച്ചേരുകയും ചെയ്യുന്നു. വേനലിൽ ദക്ഷിണധ്രുവത്തിലെ ഹിമത്തൊപ്പി നിശ്ശേഷമായും ഉത്തരധ്രുവത്തിലെതു ഭാഗികമായും ആവിയാകുന്നു. ഗ്രഹത്തിൻെറ ഉത്തരഖണ്ഡത്തിലെ താപവ്യതിയാനം ദക്ഷിണഖണ്ഡത്തിലെതുപോലെ അത്ര കൂടുതലല്ലെന്നതാണ് ഇതിനുകാരണം.

ചൊവ്വയിലെ മേഘങ്ങൾ മൂന്നു തരമായി വിഭജിക്കപ്പെട്ടിരിക്കുന്നു—നീല, വെള്ള, മഞ്ഞ എന്നിങ്ങനെ. അൾട്രാവയലറ്റിലും നീലയിലും എടുത്ത ഫോട്ടോകളിൽ തെളിഞ്ഞു കാണുന്നതുകൊണ്ടാണു നീലമേഘം എന്നുപറയുന്നത്. ഹിമക്രിസ്റ്റലുകളാണ് ഇവിടത്തെ പ്രധാനഘടകം.

വെള്ളമേഘങ്ങൾ, നീലമേഘങ്ങൾക്കു താഴെ മഞ്ഞ മേഘങ്ങൾക്കു മുകളിൽ സ്ഥിതിചെയ്യുന്നു. മഞ്ഞമേഘങ്ങൾ ശരിക്കും മഞ്ഞ നിറത്തിൽത്തന്നെ കാണപ്പെടുന്നു. ഇൻഫ്രാറെഡ് ഫോട്ടോവിൽ അവ വ്യക്തമാണ്. ഉപരിതലത്തോടു ചേർന്നാണ് ഇവയുടെ സ്ഥാനം. ഈ മേഘങ്ങളിൽ ജലാംശമില്ല; പൊടിപടലം മാത്രമേയുള്ളു. മേഘങ്ങൾ ഉണ്ടെങ്കിലും ചൊവ്വയിൽ മഴയില്ല.

താപനിലവാരം. ഭൂമിയിൽ വീഴുന്നതിൻെറ 40% സൂര്യതാപമേ ചൊവ്വയിൽ വീഴുന്നുള്ളു. അതിനാൽ അവിടത്തെ താപനിലവാരവും അതിനനുസരിച്ചു കുറഞ്ഞിരിക്കും. പക്ഷേ, ഭൂമിയിലില്ലാത്ത ഒന്നു ചൊവ്വയിലുണ്ട്—താപനിലവാരത്തിൽ കാണുന്ന അസ്ഥിരത. ഒരേ സ്ഥലത്തു പകലും രാത്രിയുമുള്ള താപനിലകൾ തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഭൂമിയിൽ ഇത്ര വലിയ വ്യത്യാസം അനുഭവപ്പെടുകയില്ല. ചൊവ്വയിലെ അന്തരീക്ഷത്തിൻെറ നേർമയാണ് ഇതിന് ഒരു കാരണം.

ചൊവ്വയിൽ ശീതകാലം 160 ഭൂദിവസവും, വസന്തം 199 ദിവസവും, ഗ്രീഷ്മം 182 ദിവസവും, ശരത്കാലം 146 ദിവസവും ആണെന്നു കണക്കാക്കിയിട്ടുണ്ട്.

ഉപഗ്രഹങ്ങൾ. ചൊവ്വയ്ക്കു രണ്ട് ഉപഗ്രഹങ്ങളുണ്ട്—ഫോബോസും (Phobos), ഡീമോസും (Deimos). ചൊവ്വയ്ക്കു രണ്ട് ഉപഗ്രഹങ്ങളുണ്ടായിരിക്കാൻ സാധ്യതയുണ്ടെന്ന് 1610-ൽ ജോഹനസ് കെപ്ലർ അഭിപ്രായപ്പെട്ടു. 1877-ൽ മാത്രമാണ് അവയെ ആസഫ് ഹാൾ എന്ന ശാസ്ത്രജ്ഞൻ ആദ്യമായി കണ്ടുപിടിച്ചത്. തീരെ വലിപ്പം കുറഞ്ഞ ഈ ഉപഗ്രഹങ്ങൾ ചൊവ്വയോടു വളരെ അടുത്തായതുകൊണ്ട് അവയെ നിരീക്ഷിക്കാൻ ബുദ്ധിമുട്ടുണ്ട്. ഭാരം വളരെ കുറവായതിനാൽ ഇവ രണ്ടും ഗോളാകൃതി പൂണ്ടിട്ടില്ല.

ഫോബോസ് ചൊവ്വയിൽനിന്ന് 9,366 കി.മീറ്റർ അകലത്തിലാണ്. 16 കി. മീറ്റർ ആണ് ഇതിൻെറ വ്യാസം. 7 മണിക്കൂർ 39 മിനിട്ടുകൊണ്ടു ചൊവ്വയെ ഒരു പ്രാവശ്യം ചുറ്റും.

ഡീമോസ് ചൊവ്വയിൽനിന്ന് 23,520 കി. മീറ്റർ അകലെയാണ്. വ്യാസം പത്തു കി. മീറ്റർ. 30 മണിക്കൂർ 18 മിനിട്ടുകൊണ്ട് ഒരു പ്രാവശ്യം ചൊവ്വയെ ചുറ്റുന്നു.

ചൊവ്വ (ജ്യോതിഷം)

നവഗ്രഹങ്ങളിൽ ഒന്ന്. കുജൻ എന്നാണു ജ്യോതിഷത്തിൽ സാധാരണ വ്യവഹരിക്കാറ്. കു(ഭൂമി)വിൽ നിന്നു ജനിച്ചതുകൊണ്ടത്രെ കുജൻ എന്നു പേരുവന്നത്. അംഗാരകൻ, മംഗലൻ, ഭൂമിപുത്രൻ തുടങ്ങി പല പര്യായങ്ങളും ചൊവ്വയ്ക്കുണ്ട്. മേടവും വൃശ്ചികവും കുജക്ഷേത്രങ്ങളാണെങ്കിലും മേടം മൂലത്രികോണമാണ്. മകരം ഉച്ചവുമാണ്. ജാതകത്തിൽ കനത്ത ചൊവ്വാദോഷമുള്ള സ്ത്രീ വിധവയാകുമെന്നാണു വിശ്വാസം. അതിനു പരിഹാരമായി ചൊവ്വദോഷമുള്ള പുരുഷനെ വിവാഹം ചെയ്താൽ മതിയെന്നും ജ്യോതിഷവിധിയുണ്ട്.

ചൊവ്വര പരമേശ്വരൻ (1902—1968)

സ്വാതന്ത്ര്യസമരഭടനും പത്രപ്രവർത്തകനും. 1902 ജനുവരി 1-ന് എറണാകുളം ജില്ലയിലെ ചൊവ്വരയിൽ ജനിച്ചു. വിദ്യാർഥി ആയിരിക്കെ മലബാറിലെ നിസ്സഹകരണപ്രസ്ഥാനത്തിൽ പങ്കെടുത്തു. ഖാദി പ്രചാരണത്തിലും അയിത്തോച്ചാടനത്തിലും പ്രത്യേക താത്പര്യം പ്രദർശിപ്പിച്ചു. വൈക്കം സത്യഗ്രഹരംഗത്തുവച്ചു പോലീസ് മർദ്ദനമേറ്റു. ചെറുതുരുത്തിയിൽനിന്നു തൃപ്പൂണിത്തുറയ്ക്കു പോയ ക്ഷേത്രപ്രവേശന ജാഥയിൽ അംഗമായിരുന്നു. സൈമൺ കമ്മീഷൻ ബഹിഷ്കരണം, നിയമലംഘനപ്രസ്ഥാനം തിരുവിതാംകൂറിലെയും, കൊച്ചിയിലെയും ഉത്തരവാദഭരണപ്രക്ഷോഭണം എന്നിവയിലും പങ്കെടുത്തു. കൊച്ചീരാജ്യ പ്രജാമണ്ഡലത്തിൻെറ ആദ്യകാല പ്രവർത്തകനായിരുന്നു. ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭണത്തിൽ പങ്കെടുത്തതിനെത്തുടർന്നു അറസ്റ്റു ചെയ്തു. ടാറ്റാ ഓയിൽ മിൽസ് വർക്കേഴ്സ് യൂണിയൻെറയും, മിനറൽ ഓയിൽ മിൽ വർക്കേഴ്സ് യൂണിയൻെറയും സെക്രട്ടറി ആയിരുന്നു. പില്ക്കാലത്തു പത്രപ്രവർത്തനം തൊഴിലായി സ്വീകരിച്ചു. മാതൃഭൂമിയുടെ തിരുവനന്തപുരം ലേഖകനായി ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്.

ചൊറിതണം

യൂഫോർബിയേസി കുലത്തിൽപ്പെട്ട ഓഷധി. ചൊറിയണം എന്നും പേരുണ്ട്. ശാസ്ത്രനാമം: *ഫ്ളൂറിയ ഇൻെററപ്റ്റ (Fleurya interupta).* ചൊറിതണം, † ആനച്ചൊറിതണം, † കൊടിത്തൂവ, നായ്ക്കൊരണ (നായ്ക്കൊരണ) തുടങ്ങിയവയാണ് കേരളത്തിൽ കണ്ടുവരുന്ന തൊട്ടാൽ ചൊറിയുന്ന ചെടികൾ. കൊടിത്തൂവയ്ക്കു വള്ളിച്ചൊറിതണം എന്നും പേരുണ്ട്. ഉഷ്ണമേഖലയിലും സമശീതോഷ്ണമേഖലയിലും ചൊറിതണം കണ്ടുവരുന്നു.

ഇലയിലും തണ്ടിലും ദംശലോമങ്ങൾ ഉണ്ട്. ഈ ലോമങ്ങളുടെ ഉള്ളിൽ ചൊറിച്ചിലുണ്ടാക്കുന്ന രാസവസ്തുക്കൾ അടങ്ങിയിരിക്കുന്നു. അസറ്റൈൽ കൊളീൻ, ഹിസ്റ്റമീൻ, സെറോട്ടോണിൻ, അസറ്റിക് അമ്ലം, ടാർടാറിക് അമ്ലം, റെസിനിക് അമ്ലം തുടങ്ങിയവയാണ് രാസവസ്തുക്കൾ. ശരീരത്തിൽ തൊടുമ്പോൾ ലോമം ഒടിഞ്ഞ് വിഷം വ്യാപിക്കുന്നതിൻെറ ഫലമാണ് ചൊറിച്ചിൽ.

പൂക്കൾ സ്തൂപമഞ്ജരിയായി കാണപ്പെടുന്നു. പൂങ്കുലയുടെ മേൽഭാഗത്ത് ആൺപൂക്കളും കീഴ്ഭാഗത്ത് പെൺപൂക്കളും ആയിരിക്കും. പൂക്കൾക്കു ദളങ്ങൾ ഇല്ല.

ചൊറിത്തവള (toad)

ഒരിനം ഉഭയജീവി. ബഫോനിഡെ കുലത്തിൽപ്പെടുന്നു. കേരളത്തിൽ കണ്ടുവരുന്ന ചൊറിത്തവളയുടെ ശാസ്ത്രനാമം : *ബഫോ മെലനോസ്റ്റിക്റ്റസ് (Bufo melanostyctus).* ഉത്തരകേരളത്തിൽ മാരണത്തവള എന്നും വിളിക്കാറുണ്ട്. ഓസ്ട്രേലിയയിലും മഡഗാസ്കറിലും ഒഴികെ മറ്റെല്ലാ പ്രദേശത്തും കണ്ടുവരുന്നു. പ്രജനനത്തിനു മാത്രമേ ജലാശയത്തിൽ എത്തൂ. ബാക്കി സമയം കരയ്ക്കാണു വാസം.

ചൊറിത്തവളയ്ക്ക് പല്ലില്ല. കണ്ണിനു പിന്നിലായി ഒരു ജോടി ഗ്രന്ഥികൾ ഉണ്ട്. ഈ ഗ്രന്ഥി പുറപ്പെടുവിക്കുന്ന സ്രവമാണു ചൊറിച്ചിൽ ഉണ്ടാക്കുന്നത്. ശരീരത്ത് അരിമ്പാറ പോലുള്ള മുഴകൾ കാണാം.

ചൊറിത്തവള

കീടങ്ങൾ, ഒച്ച്, അട്ട തുടങ്ങിയവയാണ് ആഹാരം. കീടങ്ങളെ തിന്നുനശിപ്പിക്കുന്നതിനാൽ കർഷകന്റെ മിത്രമായി കരുതുന്നു.

തെക്കെ അമേരിക്കയിലെ സുരിനാം ചൊറിത്തവളയും ഫ്രാൻസിലും ഇറ്റലിയിലും കണ്ടുവരുന്ന പേറ്റിച്ചിത്തവള(midwife toad)യും മുട്ട സംരക്ഷിക്കുന്നതു പ്രത്യേകരീതിയിലാണ്. സുരിനാമിലെ (പെൺ) ചൊറിത്തവളയുടെ പുറത്തു സ്പോഞ്ചിലെപ്പോലെ ധാരാളം സുഷിരങ്ങൾ ഉണ്ട്..പെൺതവള ഇടുന്ന മുട്ട സുഷിരങ്ങളിൽ നിക്ഷേപിക്കാൻ ആൺതവള സഹായിക്കുന്നു. മുട്ട സുഷിരങ്ങളിൽ വച്ചുതന്നെ വിരിയും. മുട്ട വിരിയുന്നതിനു മൂന്നു മാസത്തോളം വേണം.

പേറ്റിച്ചിത്തവളയിൽ മുട്ട സംരക്ഷിക്കേണ്ട ചുമതല ആണിനാണ്. മാലപോലുള്ള മുട്ട ആൺതവള കാലിൽ ചുറ്റും. മുട്ട വിരിയുന്നതിന് നാലഞ്ച് ആഴ്ച വേണം. വിരിയുവാൻ സമയമായാൽ മുട്ടയുംകൊണ്ടു ജലാശയത്തിലേക്കു പോകുന്നു.

ചൊറിയൻതണ്ട്

ഒരിനം അലങ്കാരച്ചെടി. വീടുകളിൽ വളർത്താറുണ്ട്. ശാസ്ത്രനാമം: *ഡിഫൻബക്കിയ സ്പീഷിയോസ (Diefenbeckia speciosa).* ഇതിന്റെ കറ ദേഹത്തു പുരണ്ടാൽ തൊലി ചൊറിഞ്ഞുപൊള്ളുകയും വയറ്റിൽ പോയാൽ വയറിളക്കം, ഛർദി മുതലായ അസുഖങ്ങൾ ഉണ്ടാകുകയും ചെയ്യും. കോൾഷസിൽ പോലെയോ ഗ്ലോറിയോസിൻ പോലെയോ ഉള്ള ഒരു വിഷമാണ് ഇതിലുള്ളതെന്നു കരുതുന്നു.

ചൊറിയും ചിരങ്ങും

കൈനഖംകൊണ്ടോ മറ്റോ തൊലിപ്പുറത്തു മാന്തണമെന്നു തോന്നത്തക്കവണ്ണം അസ്വസ്ഥത ഉളവാക്കുന്ന ത്വഗ്രോഗം. ആ അസ്വസ്ഥത തോന്നുന്ന ശരീരഭാഗത്തു ചെറിയ കുരുപ്പുകളോ ഞൊണലുകളോ ഉണ്ടായെന്നും ഇല്ലെന്നും വരാം. ആ കുരുപ്പുകളെയും ചൊറി എന്നു വിളിക്കാറുണ്ട്. അല്പംകൂടി വലിയ കുരുപ്പുണ്ടായി പഴുക്കുമ്പോൾ ചിരങ്ങായി. ചൊറിചിരങ്ങുകൾ ഒരു പ്രത്യേകരോഗമല്ല. പല രോഗങ്ങളുടെയും ലക്ഷണം മാത്രമാണ്. രോഗം എന്താണെന്നു നിർണയിച്ചിട്ടാണു ചൊറിചിരങ്ങുകൾക്കു ചികിൽസിക്കേണ്ടത്.

ഏറ്റവും കൂടുതൽ ആളുകൾക്കു ചൊറിചിരങ്ങുകൾ ഉണ്ടാക്കുന്നതു സ്കാബീസ് (Scabies) എന്ന രോഗമാണ്. സർക്കോപ്റ്റസ് സ്കാബീസ് (sarcoptes scabies) എന്ന ഒരിനം ചെള്ള് തൊലിക്കടിയിൽ കടന്നുകൂടി എണ്ണത്തിൽ പെരുകി ഒരുതരം വിഷം പുറത്തുവിടുന്നു. നഗ്നദൃഷ്ടികൾകൊണ്ടുതന്നെ കാണാൻ കഴിയുന്നത്ര വലിപ്പമുണ്ട് ഈ ചെള്ളുകൾക്ക്. വിരലുകളുടെ ഇട, കൈക്കുഴയുടെ അകവശം, കാൽമുട്ടിന്റെ പുറകുവശം, തുടയിടുക്ക് മുതലായ ശരീരഭാഗങ്ങളിലാണു ചൊറിചിരങ്ങുകൾ കൂടുതലായി ഉണ്ടാവുക. ചൂടുവെള്ളംകൊണ്ടു തേച്ചുകഴുകിയശേഷം ഗന്ധകം കലർന്ന കുഴമ്പുകൾ പുരട്ടുകയെന്നുള്ളതാണു സ്കാബീസിന്റെ പ്രധാന ചികിൽസ.

ബാക്ടീരിയ, വൈറസ്, ഫങ്ഗസ് എന്നിവയുടെ ചില ഇനങ്ങൾ തൊലിയെ ബാധിക്കാറുണ്ട്. അവയും ചൊറിചിരങ്ങുകൾ ഉണ്ടാക്കുന്നു. ചൊറിചിരങ്ങുകൾക്കുള്ള മറ്റൊരു കാരണം അലർജിയാണ്. ഇതുവരെ കാരണം കണ്ടുപിടിച്ചിട്ടില്ലാത്ത ചൊറിചിരങ്ങുകളുമുണ്ട്.

ചോംസ്കി, നോം (1928—)

രചനാന്തരണ വ്യാകരണത്തിന്റെ (Generative transformational grammar) ആവിഷ്കർത്താവായ അമേരിക്കൻ ഭാഷാശാസ്ത്രജ്ഞൻ. 1928 ഡിസംബർ 7-നു പെൻസിൽവേനിയ സംസ്ഥാനത്തുള്ള ഫിലാഡെൽഫിയിൽ ഒരു യഹൂദപണ്ഡിതന്റെ മകനായി ജനിച്ചു. ഭാഷാശാസ്ത്രം, ഗണിതശാസ്ത്രം, തത്വശാസ്ത്രം എന്നിവയിൽ ബിരുദം നേടി. ബിരുദാനന്തര പഠനവും ഗവേഷണവും ഭാഷാശാസ്ത്രത്തിലായിരുന്നു. ഹാർവെഡ് സർവകലാശാലയിൽനിന്നു ഡോക്ടറേറ്റു നേടി.

1957-ൽ 'സിൻറാക്ടിക് സ്ട്രക്ചേഴ്സ്' എന്ന ഗ്രന്ഥംകൊണ്ടു ഭാഷാവിജ്ഞാനരംഗത്തു ശ്രദ്ധേയനായി. 1965-ൽ 'ആസ്പക്ട്സ് ഒഫ് ദ് തിയറി ഒഫ് സിൻറാക്സ്' പ്രസിദ്ധീകരിച്ചതോടെ ആധുനിക ഭാഷാശാസ്ത്രത്തിൽ പ്രാമാണികനായി. 'റിഫ്ളക്ഷൻ ഓൺ ലാംഗ്വേജ്' (1976), 'നോളജ് ഒഫ് ലാംഗ്വേജ്-ഇറ്റ്സ് നേച്ചർ, ഒറിജിൻ ആൻഡ് യൂസ്' (1986) എന്നിവ ആണു ചോംസ്കിയുടെ മറ്റു പ്രധാന ഗ്രന്ഥങ്ങൾ.

പ്രൊഫസർ സെല്ലിങ് ഹാരീസിന്റെ കീഴിൽ നടത്തിയ ഭാഷാശാസ്ത്രഗവേഷണം ചോംസ്കിയിൽ രാഷ്ട്രമീമാംസാതാത്പര്യവും വളരാൻ ഇടയാക്കി. തികഞ്ഞ മാനുഷികതയിൽ ഊന്നിയ തന്റെ രാഷ്ട്രീയ കാഴ്ചപ്പാടുകളെ ഭാഷാഭിവീക്ഷണവുമായി ബന്ധപ്പെടുത്താൻ ഇദ്ദേഹം തയ്യാറായി. മനുഷ്യൻ നൈസർഗികമായി ഭാഷാസമാർജനത്തിനു സന്നദ്ധനായാണു പിറന്നുവീഴുന്നതെന്നു ചോംസ്കി വിശ്വസിക്കുന്നു. ഭാഷാചരിത്രപഠനം മനുഷ്യന്റെ സാമൂഹികചരിത്രത്തിന്റെ പഠനം തന്നെയാണെന്നും, ആശയവിനിമയത്തിനപ്പുറമുള്ള ചില സാമൂഹികധർമങ്ങൾ കൂടി ഭാഷ നിർവഹിക്കുന്നുണ്ടെന്നും സിദ്ധാന്തിക്കുന്ന ചോംസ്കി ഭാഷയെപ്പറ്റിയുള്ള ദാർശനിക കാഴ്ചപ്പാടുകൾ മാറ്റിമറിച്ചു. മനഃശാസ്ത്രം, തത്വശാസ്ത്രം തുടങ്ങിയ വിജ്ഞാനശാഖകളുമായി ഇദ്ദേഹം ഭാഷാശാസ്ത്രത്തെ ബന്ധപ്പെടുത്തി. വാക്കുകളെക്കാൾ ആന്തരികവാക്യഘടനയ്ക്കു (deep structure) പ്രാധാന്യം നല്കിയ ചോംസ്കി ഒരു ആന്തരികഘടനയിൽനിന്ന് അനേകം ഉപരിതലഘടനകൾ (surface structures) രൂപംകൊള്ളുന്നു എന്നു വ്യക്തമാക്കി.

യുദ്ധം എന്ന കുറ്റകൃത്യത്തിൽ പങ്കുകൊള്ളാൻ വിസമ്മതിക്കുന്ന ധീരയുവാക്കൾക്കാണു ചോംസ്കി തന്റെ ഒരു ഗ്രന്ഥം സമർപ്പിച്ചിട്ടുള്ളത്. ദില്ലി ഉൾപ്പെടെ പല സർവകലാശാലകളും ഇദ്ദേഹത്തിനു ഡോക്ടറേറ്റു നല്കിയിട്ടുണ്ട്. ധിഷണാശാലികൾക്കു ബഹുമാനപൂർവം നല്കിവരുന്നകോട്ട്യോ അവാർഡ് നല്കി ജപ്പാൻ ചോംസ്കിയെ ആദരിച്ചു.

ചോകിരഗ്രാമം

'ശുകപുരം' എന്ന നമ്പൂതിരിഗ്രാമത്തിന്റെ പഴയ മലയാളത്തിലുള്ള പേര്. ശുകപുരം, പന്നിയൂർ ഈ രണ്ടു ആഢ്യബ്രാഹ്മണഗ്രാമങ്ങൾ എന്നും പരസ്പരകലഹത്തിൽ ഏർപ്പെട്ടിരുന്നു. സാമൂതിരിയും വള്ളുവക്കോനാതിരിയും പിന്നിൽനിന്ന് ഈ കലഹത്തിൽ പങ്കുകൊണ്ടിരുന്നു. പൊന്നാനിക്കു (ഇടപ്പാൾ) സമീപമാണു ചോകിരം. ദക്ഷിണാമൂർത്തിയാണു ഗ്രാമക്ഷേത്രത്തിലെ പ്രതിഷ്ഠ. വള്ളുവനാട്ടുരാജാവായിരുന്നു ഗ്രാമരക്ഷാധികാരി. ഉണ്ണിച്ചിരുതേവീചരിതത്തിൽ ചോകിരഗ്രാമത്തിന്റെ വിശദമായ വർണന ഉണ്ട്.

ചോക്ക്

കക്കകൾ (ഫോറാമിനിഫെറ, കാക്കോലിത്, റാബ്ഡോലിത്) മുതലായ ചെറുജലജീവികളുടെ തോടുകളുടെ അവശിഷ്ടങ്ങളിൽനിന്ന് ഉണ്ടാകുന്ന വെളുപ്പും ചാരവും കലർന്ന നിറത്തോടുകൂടിയ വസ്തു. ശുദ്ധമായ ചോക്കിൽ 99 ശതമാനവും † കാൽസൈറ്റ് ധാതുവിന്റെ രൂപത്തിലുള്ള കാൽസിയം കാർബണേറ്റാണ്. അല്പം സിലിക്കയും ഉണ്ടാകാം. കളിമണ്ണിലെ വസ്തുക്കൾ, ഗ്ലൂക്കോണേറ്റ്, കാൽസിയം ഫോസ്ഫേറ്റ്, അകശേരുകികളുടെ അവശിഷ്ടങ്ങൾ എന്നിവയും ഇതിൽ കാണപ്പെടുന്നു.

അമേരിക്കയിൽ ദക്ഷിണ ഡക്കോട്ട തുടങ്ങി ടെക്സാസ് മുതൽ അലബാമാവരെയുള്ള സ്ഥലങ്ങളിലാണു വലിയ ചോക്കു നിക്ഷേപങ്ങൾ കാണുന്നത്. പശ്ചിമയൂറോപ്പ്, ദക്ഷിണസ്വീഡൻ, ഇംഗ്ലണ്ട് എന്നിവിടങ്ങളിലാണു യൂറോപ്പിലെ ചോക്കുനിക്ഷേപകേന്ദ്രങ്ങളുള്ളത്.

ഉയർന്ന ശുദ്ധിയുള്ള ചുണ്ണാമ്പുകല്ലിനെപ്പോലെതന്നെ ഇതും ചുണ്ണാമ്പ്, സിമൻറ്, വളം എന്നിവ നിർമിക്കുന്നതിന് ഉപയോഗിക്കുന്നു. ജലത്തിൽ രാകിയിട്ടു കലക്കി അതിൽനിന്നു ചെറുകണികകൾ സംഭരിച്ചു വൈറ്റിങ് (Whiting) ഉണ്ടാക്കുന്നു. ഇതു കളിമൺവ്യവസായം, ലെപ്പ്(Putty)നിർമാണം എന്നിവയിൽ ഉപയോഗപ്പെടുത്തിവരുന്നുണ്ട്. സൗന്ദര്യവർധകവസ്തുക്കൾ, ക്രയോണുകൾ, ഫോണോഗ്രാഫ് റെക്കോർഡുകൾ, പ്ലാസ്റ്റിക്, റബർ, പേപ്പർ, ലിനോലിയം മുതലായവയിൽ ഫില്ലർ, എക്സ്റ്റൻഡർ എന്നിവയായും ടൂത്ത് പേസ്റ്റിൽ ലഘുവായി മിനുസം വരുത്തുന്നതിനുള്ള വസ്തുവായും ഇത് ഉപയോഗിക്കുന്നു. ഓയിൽപെയിൻറുകളിൽ ഇതു ധാരാളമായി ഉപയോഗിക്കപ്പെടുന്നു. ശരിയായ ചോക്കിൻെറ പ്രധാന ഉപയോഗം ലെപ്പം നിർമിക്കുന്നതിലാണ്. ചോക്കിൻെറ പ്ലാസ്റ്റികസ്വഭാവം, എണ്ണ ആഗിരണം ചെയ്യുന്നതിനുള്ള കഴിവ് തുടങ്ങിയ പല ഗുണങ്ങളും ഇതിനു സഹായകങ്ങളാണ്.

ചോക്ക്ളെറ്റ്

ഒരു മധുരപലഹാരം. കൊക്കോകായിൽ നിന്നാണ് ഇതിലെ പ്രധാന ഘടകം എടുക്കുന്നത്. ആദ്യകാലത്ത് മെക്സിക്കോയിൽനിന്നു കൊക്കോ യൂറോപ്പിൽ കൊണ്ടുവന്നാണ് ഉപയോഗിച്ചിരുന്നത്. കൊക്കോകൊണ്ടു പഴയകാലത്തു ഉണ്ടാക്കിയിരുന്ന ആഹാരപദാർഥങ്ങളിൽ ഒന്നാണു 'ചോകലട്ടിൽ' (Chocolatl) എന്ന മദ്യം. ഇതിൽനിന്നാണു ചോക്കലേറ്റ് ഉണ്ടായത്. ചോക്കലേറ്റ് ആദ്യകാലത്തു പാനീയരൂപത്തിൽ മാത്രമാണു നിർമിച്ചിരുന്നത്. 100 വർഷക്കാലത്തോളം ചോക്കലേറ്റുനിർമാണത്തിൻെറ രഹസ്യം സ്പെയിനിലെ രാജകുടുംബം കയ്യടക്കിവച്ചിരുന്നു. ആദ്യകാലത്തു ചോക്കലേറ്റിൽ പഞ്ചസാര ചേർത്തിരുന്നില്ല. ചോളം പൊടിച്ചതും വാസനയുള്ള വ്യഞ്ജനങ്ങളുമേ ചേർത്തിരുന്നുള്ളു. 18-ാം നൂറ്റാണ്ടിൻെറ അവസാനത്തോടുകൂടിയാണു പഞ്ചസാര ചേർക്കാൻ തുടങ്ങിയത്. ഇന്നു ലോകമെങ്ങും ചോക്കലേറ്റുവ്യവസായം വളരെ വികസിച്ചിരിക്കുന്നു.

ഏകദേശം 6% മുതൽ 22% വരെ കൊഴുപ്പ് അടങ്ങിയിട്ടുള്ള കൊക്കോ, പാലിനോടുകൂടി ചേർത്താണ് 'ചോക്കലേറ്റ് പാൽ' നിർമിക്കുന്നത്. ക്രീം നീക്കംചെയ്തതോ അല്ലാത്തതോ ആയ പാൽ ഇതിന് ഉപയോഗിക്കാം. കൊക്കോയോ മറ്റൊരു രൂപത്തിലുള്ള ചോക്കലേറ്റ്പൊടിയോ ചേർക്കുമ്പോൾ പാലിൻെറ രുചിയും ഗന്ധവും മാറുന്നതുകൊണ്ടു, പാല് ഇഷ്ടപ്പെടാത്ത ആളുകൾക്കുപോലും ഇതു സ്വാദിഷ്ഠമായിരിക്കും. † കൊക്കോ നോക്കുക.

ചോതിനക്ഷത്രം (Arcturus)

ഉത്തരാർധ ഗോളത്തിലെ അതിദീപ്തമായ ഒരു നക്ഷത്രം. ബൂട്ടിസ് (Bootis)നക്ഷത്രസമൂഹത്തിൽ ഉൾപ്പെടുന്നു. ആൽഫ ബൂട്ടിസ് എന്നും ചോതിനക്ഷത്രത്തിനു പേരുണ്ട്. നേരിയ ഓറഞ്ചു നിറമുള്ള ഭീമാകാരമായ ഈ നക്ഷത്രം ഭൂമിയിൽനിന്ന് 40 പ്രകാശ വർഷം അകലെയാണ്. വൻകരടി എന്നുകൂടിപേരുള്ള അർസാമേജർ നക്ഷത്രസമൂഹത്തിൻെറ വാലിനു നേരെ ആണ് ഇതിൻെറ സ്ഥാനം. അതുകൊണ്ടാണ് 'കരടിയുടെ കാവല്കാരൻ' എന്ന് അർഥമുള്ള ഗ്രീക്കുപദത്തിൽനിന്ന് ഇതിൻെറ പാശ്ചാത്യനാമമായ 'ആർക്ടൈ്യൂറസ്' വന്നത്. തുലാം (Libra) രാശിയിലാണു ചോതി ഉൾപ്പെടുന്നത്.

ജ്യോതിഷത്തിലെ നക്ഷത്രഗണനയിൽ പതിനഞ്ചാമതു നക്ഷത്രമാണു ചോതി. സ്വാതി എന്നും ചോതിക്കു പേരുണ്ട്. പുരുഷനക്ഷത്രമാണ്. ദേവഗണം. മൃഗം: എരുമ. വൃക്ഷം: മരുത്. പക്ഷി: കാക്ക. ഭൂതം: അഗ്നി.

ചോദനം (Demand)

ധനശാസ്ത്രത്തിൽ, ഒരു ചരക്കുവാങ്ങുന്നതിനു ക്രയശക്തിയുടെ പിൻബലമുള്ള ആഗ്രഹം. നിശ്ചിതകാലത്ത് നിശ്ചിത വിലയ്ക്ക് ഒരു സാധനം എത്രമാത്രം ആവശ്യപ്പെടുന്നു എന്നതിനെയാണു ചോദനം കുറിക്കുന്നത്.

ചോദനനിയമം. മറ്റൊന്നിനും മാറ്റമില്ലെങ്കിൽ, വില ഏറുമ്പോൾ ചോദനം കുറയും. വില കുറയുമ്പോൾ ചോദനം ഏറും. ഇപ്രകാരം ചോദനത്തിലുണ്ടാവുന്ന മാറ്റത്തിൻെറ തോത് ആൾഭേദമനുസരിച്ചും വസ്തുഭേദമനുസരിച്ചും കുറെയൊക്കെ വ്യത്യാസപ്പെട്ടേക്കാം. വരുമാനം, ജനസംഖ്യ, അഭിരുചി എന്നിവ ചോദനത്തെ നിർണയിക്കുന്ന ഘടകങ്ങളാണ്.

'മറ്റൊന്നിലും മാറ്റമില്ലെങ്കിൽ' എന്ന ഉപാധി നിമിത്തം ഈ നിയമത്തിനു പരിമിതികളുണ്ട്. ഉദാഹരണമായി, മാറിവരുന്ന ഫാഷനനുസരിച്ചു ചിലപ്പോൾ സാധനങ്ങൾക്ക് ആവശ്യക്കാർ കുറഞ്ഞുവരും. വില എത്രതന്നെ താഴ്ത്തിയാലും അവയ്ക്കുള്ള ചോദനം വർധിക്കുകയില്ല. അതുപോലെതന്നെ, കാലാവസ്ഥയിലുള്ള മാറ്റം ചില പദാർഥങ്ങളുടെ ചോദനത്തെ ബാധിക്കും. തണുപ്പുകാലത്തു ശീതളപാനീയത്തിനു ചോദനം കുറയുന്നതു വില വർധിക്കുന്നതുകൊണ്ടല്ല. ആഭിജാത്യം പ്രദർശിപ്പിക്കുവാൻ ഉപയോഗിക്കുന്ന വസ്തുക്കളുടെ ചോദനം ഈ നിയമത്തിന്നൊരപവാദമാണ്. ഉദാ: രത്നക്കല്ലുകൾ. വിലകൂടുമ്പോൾ പണക്കാർ അവ സ്വന്തമാക്കാൻ കൂടുതൽ വെമ്പൽകൊള്ളുന്നു.

സങ്കോച-വികാസത്തോത്. വിലയിലെ മാറ്റം ചോദനത്തിലും മാറ്റം വരുത്തുന്നു. ഓരോ സാധനത്തിൻെറ കാര്യത്തിലും ഈ മാറ്റം ഓരോ തോതിലായിരിക്കും; ചിലതിൽ കൂടുതലും ചിലതിൽ കുറവും. ഇതാണു ചോദനത്തിൻെറ സങ്കോചവികാസത്തോത് (Elasticity of Demand). ഉപ്പ്, അരി, ഗോതമ്പ് മുതലായ അത്യാവശ്യവസ്തുക്കൾക്കു വില വർധിച്ചാലും ചോദനം കുറയുകയില്ല. അപ്രകാരം തന്നെ വില കുറഞ്ഞാലും ചോദനം വളരെയൊന്നും വർധിക്കാൻപോകുന്നില്ല; കാരണം ഒരളവിൽ കവിഞ്ഞ് അവ ആവശ്യമില്ല. അത്യാവശ്യവസ്തുക്കളുടെ കാര്യത്തിൽ ചോദനത്തിൻെറ ഇലാസ്തികത നിസ്സാരമാണ്. പഴങ്ങളെപ്പോലുള്ള ഉപഭക്ഷ്യങ്ങളുടെ കാര്യത്തിൽ ഇതു കൂടുതലുമാണ്. അവയ്ക്കു വിലകുറയുമ്പോൾ ചോദനം ഗണ്യമായി വികസിക്കുന്നു; വില കൂടുമ്പോൾ ചോദനം കുറയുകയും ചെയ്യുന്നു. ഒരു പദാർഥത്തിനു പകരമായി മറ്റു വസ്തുക്കൾ ലഭ്യമാണെങ്കിൽ അതിൻെറ ചോദനവും സാരമാംവിധം സങ്കോചവികാസത്തിനു വിധേയമാവും. പഞ്ചസാരയുടെ വില കണക്കിലധികം വർധിക്കുകയാണെങ്കിൽ ജനങ്ങൾ അതു വാങ്ങുന്നതു ചുരുക്കുകയും ശർക്കരയോ മറ്റോ കൂടുതലായി ഉപയോഗിക്കുകയും ചെയ്യും. ഉപഭോഗം തത്കാലം നിർത്തിവക്കാൻ പറ്റുന്ന വസ്തുക്കളുടെ കാര്യത്തിലും ചോദനത്തിന് വിലവ്യത്യാസമനുസരിച്ചു സങ്കോചവികാസങ്ങളുണ്ടാവും. ഉദാ: പുതിയ ശീലക്കുടയ്ക്കു വില വളരെ കൂടുതലാണെങ്കിൽ പഴയതുതന്നെ കേടുപാടുകൾ തീർത്തു തത്കാലം ഉപയോഗിക്കും. അങ്ങനെ പുതിയ കുടകളുടെ ചോദനം വളരെ കുറയുന്നു.

ചോദനത്തിൻെറ ഇലാസ്തികത നോക്കി വേണം കുത്തകവ്യാപാരി വില നിശ്ചയിക്കുവാൻ. വില കയറ്റിയാൽ ചോദനം ഗണ്യമായി ഇടിയുന്ന ഒരു വസ്തുവാണെങ്കിൽ അയാൾ ഉയർന്ന വില നിശ്ചയിക്കുകയില്ല. താഴ്ന്ന വിലയ്ക്കാണെങ്കിൽ വർധിച്ച തോതിൽ ചോദനമുണ്ടാവും. സാധനം ധാരാളമായി വിറ്റഴിയുകയും ഗണ്യമായ ലാഭം കിട്ടുകയും ചെയ്യും. ചോദനത്തിൻെറ ഇലാസ്തികത അധികമായിട്ടുള്ള സാധനങ്ങളിന്മേൽ നികുതി ചുമത്താതിരിക്കുകയാണു ഭേദം. നികുതിയുടെ ഫലമായി വില കുറയുമ്പോൾ സാധനത്തിൻെറ ചോദനം ഒട്ടേറെ ചുരുങ്ങിപ്പോവും. ആകയാൽ ഉദ്ദേശിച്ചവിധം നികുതിവരുമാനം ലഭിക്കുകയില്ല.

ചോദ്യാവലീസമ്പ്രദായം

ഒരു പ്രത്യേക പ്രശ്നത്തെപ്പറ്റി പല വശങ്ങളിൽനിന്നും ചോദ്യങ്ങളുന്നയിച്ചു ലഭിച്ച അഭിപ്രായങ്ങളിൽനിന്നു പുതിയ നിഗമനങ്ങളിലെത്തുന്ന രീതി. ഗവേഷണരംഗത്തു പ്രചാരം സിദ്ധിച്ചിട്ടുള്ള അന്വേഷണമാർഗമാണ് ഇത്. പരീക്ഷണം, നിരീക്ഷണം മുതലായ മാർഗങ്ങൾ സഫലമാകാതെ വരുമ്പോഴുംമറ്റും ചില പ്രത്യേക സാഹചര്യങ്ങളിൽ ഉപയോഗിക്കാവുന്ന ഈ മാർഗത്തിനു വിദ്യാഭ്യാസം, മനഃശാസ്ത്രം, സാമൂഹികശാസ്ത്രം, ധനശാസ്ത്രം എന്നീ രംഗങ്ങളിൽ സ്ഥാനമുണ്ട്. കുട്ടിക്കാലത്തെയും യൗവനത്തിലെയും പല പ്രശ്നങ്ങൾക്കും പരീക്ഷണങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും പരിഹാരം കിട്ടാൻ പ്രയാസമായപ്പോഴാണു ചോദ്യാവലി (Questionnaire) രംഗപ്രവേശം ചെയ്തത്. ഗവേഷണത്തിനോ സർവേയ്ക്കോ ആവശ്യമുള്ള വിവരങ്ങൾ നല്കേണ്ട ആളുകളെ നേരിട്ടു കണ്ടെത്താത്തപ്പോഴും ബന്ധപ്പെടാൻ സാധിക്കാത്തവിധം അകലത്തിലുള്ള ആളുകളിൽനിന്നു വിവരം ശേഖരിക്കേണ്ടപ്പോഴും ഈ സമീപനം കൂടുതൽ പ്രയോജനപ്പെടുന്നു. ദേശീയമോ അന്തർദേശീയമോ ആയ രംഗങ്ങളിൽനിന്നു വിവരം ശേഖരിക്കാൻ ചോദ്യാവലി തപാലിൽ അയച്ചുകൊടുക്കുന്നു.

തരംതിരിപ്പ്. വ്യക്തവും നിശ്ചിതവുമായ ചോദ്യങ്ങൾ കാലേകൂട്ടി തയ്യാറാക്കി വിമർശനവിധേയമാക്കിയശേഷം ചിട്ടയായി അടുക്കിയതു 'സുസംഘടിത (Structured) ചോദ്യാവലി' ആണ്. ആവ

ശ്യാനുസരണം ചോദ്യങ്ങൾ വർധിപ്പിക്കുകയോ കുറയ്ക്കുകയോ ചെയ്ത് പൊതുരൂപത്തിലും ഭാവത്തിലും വ്യത്യാസം വരുത്താൻ അനുവദിക്കുന്നതും സാധാരണമായി ഇൻറർവ്യൂവിൽ ഉപയോഗിക്കുന്നതുമായ രണ്ടാമത്തെ തരത്തിന് അസംഘടിത (Non-structured) ചോദ്യാവലി എന്നു പറയുന്നു.

ഉണ്ട്, അതേ (Yes), ഇല്ല, അല്ല (No) എന്ന രീതിയിൽ ഉത്തരം എഴുതേണ്ട ചോദ്യങ്ങൾക്കുപുറമെ, യോജിക്കുകയോ വിയോജിക്കുകയോ ഒരഭിപ്രായവും പറയാതിരിക്കുകയോ ചെയ്യുന്നുവെന്ന് അക്ഷരങ്ങളോ അടയാളങ്ങളോകൊണ്ടു സൂചിപ്പിക്കേണ്ട ചോദ്യങ്ങളും സംഖ്യകളായോ ചെറിയ വാക്കുകളായോ ഉത്തരം നല്കേണ്ട ചോദ്യങ്ങളും ആണു സാധാരണമായി ചോദ്യാവലിയിൽ ഉണ്ടാവുക. ഉദാഹരണമായി, 'നിങ്ങൾ അമ്പലത്തിലോ പള്ളിയിലോ പോകാറുണ്ടോ?' എന്ന ചോദ്യത്തിന് ഉണ്ട്/ഇല്ല എന്ന ഉത്തരം മതിയാകും. എന്നാൽ 'കോളെജ് ക്ലാസ്സുകളിൽ അഡ്മിഷൻ കർശനമായി നിയന്ത്രിക്കണം' എന്ന അഭിപ്രായത്തോടു യോജിക്കുന്നു/ വിയോജിക്കുന്നു/ നിഷ്പക്ഷം എന്നിങ്ങനെയാണു ഉത്തരം നല്കേണ്ടത്. അരിയാഹാരം ഇഷ്ടമാണോ? എന്ന ചോദ്യത്തിന് ഇഷ്ടമാണ്/ഇഷ്ടമല്ല/ പ്രത്യേക അഭിപ്രായമില്ല, എന്ന രീതിയിലാകാം ഉത്തരം. ചില ചോദ്യങ്ങൾക്കു പ്രതീക്ഷിക്കാവുന്ന ഉത്തരങ്ങൾ എല്ലാം നല്കിയ ശേഷം അനുവാചകനോട് അതിലൊന്നു തിരഞ്ഞെടുക്കാൻ ആവശ്യപ്പെടാറുണ്ട്. നല്കുന്ന വിവരങ്ങൾ ഒരുപക്ഷേ, സമ്പൂർണമല്ലെങ്കിൽ പുതുതായി എഴുതിച്ചേർക്കുന്നതിന് അനുവാചകർക്ക് അവസരം നല്കാൻ 'മറ്റെന്തെങ്കിലുമാണെങ്കിൽ അത്' എന്നുകൂടി ചേർക്കാം. ചോദ്യാവലിയിൽ അഭിപ്രായപ്രകടനമാണു കൂടുതലെങ്കിൽ അതിനെ അഭിപ്രായാവലി എന്നു പറയാം. ചെക്ക്‌ലിസ്റ്റ്, റേറ്റിങ് സ്കെയിൽ എന്നു പറയുന്ന രണ്ടിനവും ചോദ്യാവലിയിൽ ഉൾപ്പെടുത്താം.

പൂരിപ്പിക്കാൻ എളുപ്പമാണ്, സമയം വളരെക്കുറച്ചു മതി, ധാരാളം ആളുകൾക്ക് ഒരേസമയത്തു ഉത്തരം നല്കാനോ അഭിപ്രായം പ്രകടിപ്പിക്കാനോ കഴിയും, ഇവ ചോദ്യാവലിയുടെ സവിശേഷതകളാണ്. താരതമ്യേന വസ്തുനിഷ്ഠമായ ഉത്തരങ്ങൾ പ്രതീക്ഷിക്കാമെന്നതും വിഷയത്തോട് അനുവാചകൻ ബന്ധപ്പെട്ടിരിക്കുമെന്നതും മറ്റു നേട്ടങ്ങളാണ്. ടാബുലേറ്റുചെയ്തു കിട്ടുന്ന ഉത്തരങ്ങളെല്ലാം സനിഷ്കർഷം പരിശോധിക്കാനും അപഗ്രഥിച്ചു നിഗമനങ്ങൾ രൂപവത്കരിക്കാനും ഇതിൽ അവസരമുണ്ട്.

അനുവാചകരെ ശരിയായി തിരഞ്ഞെടുക്കുന്നതും മേൽവിലാസം എഴുതിയ മറുപടിക്കവറോടുകൂടി ചോദ്യാവലി അയച്ചുകൊടുക്കുന്നതും നല്കുന്ന വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കപ്പെടുമെന്ന ഉറപ്പു നല്കുന്നതും കൂടുതലാളുകൾ കുറഞ്ഞ സമയത്തിനുള്ളിൽ വ്യക്തമായ ഉത്തരങ്ങൾ നല്കാൻ സഹായകമാകും. തയ്യാർ ചെയ്യുന്നതിലും ഉപയോഗിക്കുന്നതിലും ശ്രദ്ധിച്ചാൽ വളരെ പ്രയോജനപ്രദമാണു ചോദ്യാവലികൾ. ചോദ്യാവലിയിലെ ഉത്തരങ്ങൾ ടാബുലേറ്റുചെയ്യാൻ കംപ്യൂട്ടറുകൾ ഉപയോഗിച്ചുതുടങ്ങിയതോടെ ഉത്തരങ്ങൾ എഴുതുന്നതിനുപകരം അടയാളങ്ങൾ ഇടുന്ന സമ്പ്രദായം നിലവിൽവന്നിട്ടുണ്ട്. അതിനു ലളിതമായ അടയാളങ്ങൾ ഇട്ട് ഉത്തരം നല്കാവുന്ന തരത്തിൽ ചോദ്യങ്ങൾ സംവിധാനംചെയ്യേണ്ടതുണ്ട്.

ചോപിൻ, ഫ്രെഡറീക്

†ഷോപാൻ, ഫ്രെഡറീക് നോക്കുക.

ചോമാതിരി

'സോമയാജി' എന്ന സംസ്കൃത സംജ്ഞയുടെ തദ്ഭവം. സോമയാഗം കഴിച്ച ആളെ ആണ് 'ചോമാതിരി' എന്നു പറയുന്നത്. ബ്രാഹ്മണർ മാത്രം കഴിക്കുന്ന യാഗമാണു സോമയാഗം. സോമരസപാനം മുഖ്യകർമം ആയ യാഗമാണു സോമയാഗം. †സോമയാജിയുടെ പത്നിയെ 'പത്തനാടി' എന്നു പറയുന്നു.

ചോരക്കാലി (redshank)

ഒരിനം കാടക്കൊക്ക്. സ്കോളോപാസിഡെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *ട്രിങ്ഗ റ്റൊറ്റാനസ് (Tringa totanus)*. 30 സെൻറീമീറ്ററോളം നീളം ഉണ്ട്. ജലാശയത്തിന് അടുത്താണു വാസം. ചെറുകൂട്ട(5-8)ങ്ങളായും വൻകൂട്ട(30-40)ങ്ങളായും കണ്ടുവരുന്നു.

പുറത്തിനും ചിറകിനും തവിട്ടുനിറമാണ്. മാറിടത്തിൽ തവിട്ടു വരകൾ ഉണ്ട്. അടിവശം വെള്ളയാണ്. ചിറകുകളുടെ പിന്നരികിലെ തൂവെള്ളപ്പട്ടയുടെ സാന്നിധ്യംമൂലം മറ്റ് ഇനങ്ങളിൽ (പച്ചക്കാലി, നീർക്കാട തുടങ്ങിയവ) നിന്നു ചോരക്കാലിയെ തിരിച്ചറിയാം. കൊക്കിൻെറ പിൻപകുതിയും കാലും ചെമപ്പാണ്. ചെളിയിലും നനഞ്ഞ മണ്ണിലും വെള്ളത്തിലും കാണുന്ന ചെറുപ്രാണികളെയും മീനുകളെയും ഭക്ഷിക്കുന്നു.



ചോരക്കാലി

ചോരപ്പയിൻ

മിരിസ്റ്റിക്കേസി കുലത്തിൽപ്പെട്ട മരം. ശാസ്ത്രനാമം: *മിരിസ്റ്റിക്ക അറ്റെനുവേറ്റ (Myristica attenuata)*. ചോരപ്പാതിരി, ചെന്നെല്ലി, ചോരപത്രി എന്നെല്ലാം പേരുണ്ട്. നിത്യഹരിതവനങ്ങളിൽ കണ്ടുവരുന്നു.



ചോരപ്പയിൻ

ഇളംശാഖകൾ സ്വർണനിറമുള്ള ലോമങ്ങൾകൊണ്ട് ആവൃതമാണ്. ഇലയ്ക്ക് ഇളംചെമപ്പുനിറം. ചെമന്ന മരക്കറ സവിശേഷതയാണ്. ഇല ലഘുവും അനനുപർണി (exstipulate)യും ഏകാന്തരന്യാസത്തിലും ആണ്.

ഡിസംബർ-മാർച്ചു മാസത്തിൽ പൂക്കുന്നു. പൂക്കൾ ഏകലിംഗ സമമിതങ്ങളാണ്. ആൺപൂവും പെൺപൂവും വെവ്വേറെ മരങ്ങളിൽ ഉണ്ടാകുന്നു. ആറു മുതൽ മുപ്പതുവരെ കേസരം ഉണ്ട്. ഇവ യോജിച്ച് ഒറ്റക്കറ്റയായി സ്ഥിതിചെയ്യുന്നു. അണ്ഡാശയം ഊർധ്വവർത്തിയാണ്. കായ് മേയ്-ജൂണിൽ വിളയും.

തടിക്ക് ഈടും ബലവും തീരെക്കുറവാണ്. പായ്ക്കിങ്പെട്ടി ഉണ്ടാക്കാൻ ഉപയോഗിക്കുന്നു.

ചോരപ്പാലി

മിരിസ്റ്റിക്കേസി കുലത്തിൽപ്പെട്ട മരം. ശാസ്ത്രനാമം: *മിരിസ്റ്റിക്ക ബഡ്ഡോമി (Myristica beddomei)*. 14 മീറ്ററോളം ഉയരവും 120 സെ.മീറ്ററോളം ചുറ്റളവും ഉണ്ട്. മൃദുലഭാഗങ്ങൾ ലോമിലമാണ്. തൈലഗ്രന്ഥികൾ ഉള്ളതിനാൽ ഇലയ്ക്കു മണം ഉണ്ട്. തടിക്കു പച്ചകലർന്ന കറുപ്പുനിറം; മിനുസവുമുണ്ട്.

ഡിസംബർ - ജനുവരിയിൽ പൂക്കുന്നു. ആൺപൂവും പെൺപൂവും വെവ്വേറെ മരങ്ങളിലാണു കാണുന്നത്. പൂക്കൾ ചെറുതും സമമിതവു

മാണ്. ബാഹ്യദളവും ദളവും മൂന്നു വീതം. കേസരം 9–10. അണ്ഡാശയം ഊർധ്വവർത്തിയാണ്. ജൂൺ - ജുലായിൽ കായ് വിളയും. കായ്ക്കു ചെമപ്പുനിറമാണ്.

'ചോ' രാമസ്വാമി (1934—)

നടനും നാടകകൃത്തും പത്രപ്രവർത്തകനും. 1934-ഒക്റ്റോബർ 15-ന മദിരാശിയിൽ ജനിച്ചു. നിയമബിരുദധാരി. *തുഗ്ലക്* എന്ന വിനോദ മാസികയുടെ പത്രാധിപർ. ഈ മാസികയിലൂടെ നടത്തുന്ന മൂർച്ചയേറിയ രാഷ്ട്രീയവിമർശനങ്ങളുടെയും, ഉപഹാസപ്രധാനങ്ങളായ നാടകങ്ങളുടെയും പേരിൽ പ്രസിദ്ധൻ. നടൻ എന്ന നിലയിൽ നാടകരംഗത്തും ചലച്ചിത്രരംഗത്തും പ്രതിഷ്ഠനേടി. 165-ൽ പരം ചിത്രങ്ങളിൽ അഭിനയിച്ചു. 25-ൽ ഏറെ നാടകങ്ങൾ രചിച്ച് രംഗത്ത് അവതരിപ്പിക്കയും അവയിൽ അഭിനയിക്കയുംചെയ്തു. 4000-ത്തോളം നാടകാവതരണങ്ങൾ നടത്തി. 13 ചലച്ചിത്രങ്ങൾക്കു കഥ എഴുതി. നാലുചിത്രങ്ങൾ സംവിധാനം ചെയ്തു. 40 അംഗങ്ങളുള്ള *വിവേക ഫൈൻ ആർട്സ്* എന്ന നാടകസംഘത്തിലെ തലവൻ. ടി.ടി. കൃഷ്ണമാചാരി ഗ്രൂപ്പിൽപെട്ട കമ്പനികളുടെ നിയമോപദേഷ്ടാവാണ്.

ചോലക്കുടുവൻ (Scimitar babbler)

ഒരിനം കാട്ടുപക്ഷി. ശാസ്ത്രനാമം: *പൊമാട്ടോറൈനസ് ഷിസ്റ്റിസെപ്സ് (Pomatorhinus schisticeps).* നീണ്ടുവളഞ്ഞ മഞ്ഞനിറമുള്ള കൊക്കുണ്ട്. ചിറകും വാലും പച്ചത്തേപ്പുള്ള കടുംതവിട്ടുനിറത്തിലാണ്. താടിക്കും തൊണ്ടയ്ക്കും വെള്ളനിറം. പൊന്തകളും മുളങ്കൂട്ടവും തിങ്ങി വളരുന്നിടത്താണ് സാധാരണ കാണുന്നത്. പൂത്താങ്കീരിയെപ്പോലെ കൂട്ടമായി നടക്കുന്നു. അവയെപ്പോലെ ശബ്ദിക്കുകയും ചെയ്യും.



ചോലക്കുടുവൻ

ചോലനായ്ക്കൻമാർ

†കേരളത്തിലെ ഗിരിജനങ്ങൾ നോക്കുക.

ചോലവേങ്ങ

യൂഫോർബിയേസി കുലത്തിൽപ്പെട്ട മരം. ചോളവേങ്ങ എന്നും പേരുണ്ട്. ശാസ്ത്രനാമം:*ബിഷോഫിയ ജവാനിക്ക (Bischofia javanica).* ഇന്ത്യ, ശ്രീലങ്ക, മലയ എന്നിവിടങ്ങളിൽ കണ്ടുവരുന്നു.



ചോലവേങ്ങ:
ഇലയും പൂവും ഭാഗങ്ങളും.

തൊലിക്കു മിനുസമുണ്ട്. കടുംചാരനിറവുമാണ്. തൊലിക്കടിയിൽ ചെമന്ന കറ ഉണ്ട്. ഇല ത്രിപത്രകവും (trifoliate) ദന്തുരവും (dentate) ആണ്. തണുപ്പുകാലത്ത് ഇല പൊഴിയും. പൊഴിയുന്നതിനു മുമ്പ് ഇലയുടെ നിറം ചെമപ്പായി മാറുന്നു.

ഈർപ്പമുള്ള മണ്ണിൽ നന്നായി വളരും. വരണ്ട സ്ഥലങ്ങളിൽ വളരുമെങ്കിലും തണൽ ആവശ്യമാണ്. കുറ്റിയിൽനിന്നു മുളപൊട്ടും.

ഫെബ്രുവരി - മാർച്ചാണു പൂക്കാലം. ആൺപൂവും പെൺപൂവും വെവ്വേറെ മരങ്ങളിൽ ഉണ്ടാകുന്നു. ദളങ്ങൾ ഇല്ല. ബാഹ്യദളവും ദളവും അഞ്ചുവീതം. അണ്ഡാശയം ഊർധ്വവർത്തിയാണ്. ഒക്റ്റോബർ - ജനുവരിയിൽ കായ് വിളയും.

തടിയുടെ നിറം കടുംചെമപ്പാണ്. റെയിൽവേസ്ലീപ്പറുകൾ, പലകകൾ മുതലായവയ്ക്ക് ഉപയോഗിക്കുന്നു.

ചോസർ, ജ്യോഫ്രി (1340?—1400)

പതിനാലാംനൂറ്റാണ്ടിലെ ഇംഗ്ലീഷുകവി. 1351-ൽ എഡ്വേഡ് മൂന്നാമന്റെ സ്നുഷയായ എലിസബത്തിന്റെ അരമനയിൽ ജ്യോഫ്രിക്ക് ജോലി കിട്ടി. 1359-ൽ ഒരു ഭടനായി രാജാവിനെ അനുഗമിച്ച ജ്യോഫ്രി ഫ്രാൻസിൽവച്ചു തടവുകാരനായി. 1360-ൽ പതിനാറു പവൻ കൊടുത്ത് രാജാവ് അദ്ദേഹത്തെ വിമുക്തനാക്കി. ചോസർക്ക് 1370 മുതൽ 1380 വരെ നയതന്ത്രസംബന്ധമായ പല

ജോലികളും കിട്ടി. 1374-ൽ രാജാവ് ചോസർക്ക് നിത്യേന ഒരു പാത്രം വീഞ്ഞ് അനുവദിച്ചുകൊടുത്തിരുന്നു. ഈ വർഷംതന്നെ 'കസ്റ്റംസ് കൺട്രോളർ' ആയി. പത്തു പവൻ ആജീവനാന്തപെൻഷനും കിട്ടി. 1394-ൽ 20 പവന്റെ ഒരു 'ആയുഷ്കാലപെൻഷൻ' കൂടി കിട്ടിയെങ്കിലും സാമ്പത്തികപ്രയാസങ്ങൾ തുടർന്നു. 1399-ൽ ഹെന്റി നാലാമൻ രാജാവായതിനെത്തുടർന്ന് ചോസറുടെ പെൻഷൻ ഇരട്ടിയാക്കി. 1400 ഒക്ടോബർ 25-ാം തീയതി മരിച്ചു.

പ്രധാനകൃതികൾ. ചോസറുടെ കൃതികളെ മൂന്നിനങ്ങളായി ഭാഗിക്കാം. ആദ്യകാലകൃതികളിൽ ഫ്രഞ്ച്സ്വാധീനവും മധ്യകാലകൃതികളിൽ (1372-1385) ഇറ്റാലിയൻ സ്വാധീനവും അവസാനകൃതികളിൽ സ്വതന്ത്രപ്രതിഭയും പ്രതിഫലിക്കുന്നു. ആദ്യകൃതികളിൽ ഒരു ഫ്രഞ്ച് കവിതയുടെ വിവർത്തനമായ 'റൊമാൻസ് ഓഫ് ദ റോസും' മധ്യകാലകൃതികളിൽ 'ദ അസ്സംബ്ലി ഓഫ് ഫൗൾസും' 'ട്രോയിലസ്സ് ആൻഡ് ക്രെസിഡും' അവസാനകൃതികളിൽ 'കാൻറർബറി ടെയിൽസും' പെടും.

കാൻറർബറി കഥകൾ. ജീവിതത്തെ അതേപടി പകർത്തുന്നതിലാണ് ചോസർ ശ്രദ്ധിച്ചതും വിജയിച്ചതും. വൈവിധ്യമാർന്ന പാത്രങ്ങളെ സൃഷ്ടിച്ചിട്ടുണ്ട്. ചോസർകൃതികൾ അധികവും വിവർത്തനങ്ങളും അനുകരണങ്ങളുമാണ്. തൊട്ടതിനെയൊക്കെ പൊന്നാക്കിമാറ്റുന്ന ഒരു മായികവൈഭവം ഇദ്ദേഹത്തെ മഹാകവിയാക്കി. 'കാൻറർബറി കഥ'കളുടെ രീതി ഇറ്റലിയിൽനിന്നു സ്വീകരിച്ചതാണ്. ഏതാണ്ട് 'വിക്രമാദിത്യൻകഥ'പോലെ തമ്മിൽ പൊരുത്തമില്ലാത്ത അനവധി കഥകളെ കൂട്ടിയിണക്കിയ ഒന്നാണ് ഈ കൃതി.

ചോളം (Indian corn)

ഒരിനം ധാന്യവിള. ഗ്രാമിനെ കുലത്തിൽപ്പെടുന്നു. അമേരിക്കയിലാണ് ഉദ്ഭവം. കൊളംബസും മറ്റു സഞ്ചാരികളും അത് യൂറോപ്പിൽ എത്തിച്ചു.

ചോളം പല ഇനങ്ങൾ (varieties) ഉണ്ട്: അരിച്ചോളം (കാക്കച്ചോളം), മക്കച്ചോളം (പൊതിച്ചോളം), വെള്ളച്ചോളം(ചെറുതും വലുതും), മഞ്ഞച്ചോളം (ചെറുതും വലുതും), കമ്പച്ചോളം, ഇറുങ്ങുചോളം, പച്ചച്ചോളം, തലവിരിയൻ ചോളം.

മക്കച്ചോളം

ലോകത്തിന്റെ എല്ലാ ഭാഗത്തും കൃഷിചെയ്യുന്ന ഇനമാണു മക്കച്ചോളം. ശാസ്ത്രനാമം: സീ മെയ്സ് *(Zea mays)*. മെക്സിക്കോയാണു ജന്മസ്ഥലം. 17-ാംനൂറ്റാണ്ടിൽ പോർത്തുഗീസുകാർ ഇന്ത്യയിൽ എത്തിച്ചു. ഏപ്രിൽ-മേയിൽ വിതച്ച് ജൂലൈ-ഓഗസ്റ്റിൽ കൊയ്യുന്നു. ഉത്പാദനശേഷി കൂടിയതും രോഗങ്ങളെ അതിജീവിക്കുന്നതും പോഷകാംശം കൂടുതൽ ഉള്ളതും ആയ സങ്കരയിനങ്ങൾ ഇന്ത്യയിൽ പരീക്ഷണം നടത്തി കണ്ടുപിടിച്ചിട്ടുണ്ട്.

നിവർന്നു നില്ക്കുന്ന ബലമുള്ള കാണ്ഡം ഉണ്ട്. ഇല വീതി കുറഞ്ഞു നീണ്ടതും ഏകാന്തരന്യാസത്തിലും ആണ്. പുംകേസരപുഷ്പങ്ങൾ (staminate flowers) കാണ്ഡത്തിന്റെ അഗ്രത്ത് ഉണ്ടാകുന്നു. സ്ത്രീകേസരപുങ്കുല(pistillate inflorescence) ആണ് കതിർകുലയായി മാറുന്നത്. ഒരു ചെടിയിൽ ഒന്നോ രണ്ടോ കുല ഉണ്ടാകും. ഇതിന് 15-25 സെന്റിമീറ്റർ നീളം ഉണ്ട്.

അരി, ഗോതമ്പ് തുടങ്ങിയവയുമായി താരതമ്യം ചെയ്യുമ്പോൾ ചോളത്തിൽ പോഷകഗുണം കുറവാണ്. ഇതിൽ അടങ്ങിയിരിക്കുന്ന മാംസ്യം (protein) മെച്ചപ്പെട്ടതല്ല. ചോളം ഭക്ഷണത്തിന്റെ മുഖ്യഭാഗമാക്കുന്നവരിൽ 'പെലാഗ്ര' എന്ന രോഗം ഉണ്ടാകാം. നിയാസിൻ എന്ന വിറ്റാമിന്റെ അഭാവമാണ് ഇതിനു കാരണം. ഇതിന്റെ വയ്ക്കോൽ കന്നുകാലികൾക്കു കൊടുക്കാൻ ഉപയോഗിക്കുന്നു.

ചോളത്തിനു ചില വ്യാവസായികോപയോഗങ്ങളും ഉണ്ട്. തണ്ട് കടലാസു നിർമാണത്തിന് ഉപയോഗിക്കുന്നു. ധാന്യം അരച്ചെടുക്കുന്ന മാവ് ചാരായം ഉണ്ടാക്കുന്നതിന് ഉപയോഗിക്കുന്നു.

ചോളഭരണസംവിധാനം

ചോളരാജാക്കന്മാർ ഏർപ്പെടുത്തിയ ഭരണസംവിധാനം. സുശക്തമായ ഒരു ഭരണസംവിധാനം ചോളന്മാർ പടുത്തുയർത്തിയിരുന്നു. ഭരണസൗകര്യത്തെ മുൻനിർത്തി സാമ്രാജ്യത്തെ മണ്ഡലങ്ങളായി തിരിച്ചു. മണ്ഡലങ്ങളെ മലൈനാടുകളായും മലൈനാടിനെ നാടുകളായും നാടിനെ കോട്ടങ്ങളായും കോട്ടത്തെ ഗ്രാമങ്ങളായും വിഭജിച്ചു. ഗ്രാമമായിരുന്നു അവസാനത്തതും പ്രധാനപ്പെട്ടതുമായ ഘടകം.

മിക്കവാറും എല്ലാ ഭരണാധികാരങ്ങളും സുശക്തനായ രാജാവിൽ കേന്ദ്രീകരിച്ചിരുന്നു. രാജകൊട്ടാരങ്ങൾ ആർഭാടത്തിന്റെയും സാമൂഹികൗന്നത്യത്തിന്റെയും കേന്ദ്രങ്ങളായി. രാജധാനികൾ രാഷ്ട്രജീവിതത്തിന്റെ സിരാകേന്ദ്രങ്ങളുമായി. തഞ്ചാവൂർ, ഗംഗൈക്കൊണ്ട ചോളപുരം, മുടിക്കൊണ്ട, കാഞ്ചീപുരം എന്നീ നഗരങ്ങൾ രാജകീയപ്രാബല്യവും സാമ്രാജ്യശക്തിയും പ്രകടിപ്പിച്ചിരുന്നു. യാഗങ്ങളുടെ സ്ഥാനത്തു ദാനങ്ങളും സംഭാവനകളും നടപ്പിലാക്കി. ദൈവവിഗ്രങ്ങൾക്കു ചോളാധിപന്മാരുടെ പേരുകൾ നല്കി. രാജാക്കന്മാരുടെയും രാജ്ഞിമാരുടെയും പ്രതിമകൾ ആരാധ്യങ്ങളായി.

പാരമ്പര്യക്രമമനുസരിച്ചുള്ള സ്ഥാനാരോഹണക്രമം ചോളന്മാർ പാലിച്ചില്ല. ഭരണം നടത്തുന്ന രാജാവ് ഏതെങ്കിലും ഒരു പുത്രനെ യുവരാജാവാക്കി വാഴിച്ചിരുന്നു. ഈ സമ്പ്രദായംകൊണ്ടു സിംഹാസനത്തിനുവേണ്ടിയുള്ള കലഹം ഒഴിവാക്കാൻ കുറെയെല്ലാം കഴിഞ്ഞു.

ചോളരാജകുമാരന്മാർ ഭരണത്തിലും യുദ്ധത്തിലും കാര്യമായ പങ്കുവഹിച്ചുപോന്നു. രാജാവിന്ന് ഒരു മന്ത്രിസഭയും ചിട്ടപ്പെടുത്തിയ ഉദ്യോഗസ്ഥവൃന്ദവും ഉണ്ടായിരുന്നു. വകുപ്പധ്യക്ഷന്മാർ കാര്യവിചാരണയ്ക്കു ക്ഷണിക്കപ്പെടുകയെന്നത് ഏറെക്കുറെ അലിഖിതനിയമമായിരുന്നു. രാജ്യത്തുടനീളം രാജാവു സന്ദർശനങ്ങൾ നടത്തിയിരുന്നതുകൊണ്ടു ഭരണത്തിന്റെ കാര്യക്ഷമത ഉയർന്നു. സ്ഥാനമാനങ്ങൾകൊണ്ടും ബിരുദങ്ങൾകൊണ്ടും ഉദ്യോഗസ്ഥന്മാർക്കു പ്രോത്സാഹനം നല്കി. രാജ്യത്തുടനീളം പാതകളുണ്ടാക്കി. സൈന്യങ്ങളുടെ നീക്കങ്ങൾക്കും വാണിജ്യ-വ്യാപാരകാര്യങ്ങൾക്കും റോഡുകൾ സഹായകമായി. ചൈന, സുമാത്ര, ജാവ, അറേബിയ, പേർഷ്യൻതീരങ്ങൾ എന്നീ പ്രദേശങ്ങളുമായി ചോളന്മാർ വിപുലമായ കച്ചവടബന്ധങ്ങൾ പുലർത്തി. ചോളരാജ്യത്തിൽ അന്താരാഷ്ട്രപ്രസിദ്ധിയുള്ള വർത്തകസംഘങ്ങൾ ഉണ്ടായിരുന്നു. ലോഹപ്പണി, മരപ്പണി, നെയ്ത്ത്, ആഭരണനിർമാണം, ഉപ്പുനിർമാണം എന്നീ തൊഴിലുകളിൽ ജനങ്ങൾ പ്രത്യേകസാമർഥ്യം നേടി. രാഷ്ട്രത്തിന്റെ പ്രധാന വരവിനം (ഭൂനികുതി) പണമായും സാധനമായും ഗ്രാമസഭകൾ പിരിച്ചെടുത്തിരുന്നു. ഭൂമിയുടെ കൈവശാവകാശം വ്യക്തിക്കും സമൂഹത്തിനും ഉണ്ടായിരുന്നു. ജലസേചനപ്രവൃത്തികൾ മുടക്കംകൂടാതെ നടത്തുന്ന ചുമതല ഭരണകൂടം നിറവേറ്റി. കാവേരിനദിയും മറ്റും ജലസേചനത്തിനുപയുക്തമാക്കിത്തീർത്തു. ജലസേചനകാര്യത്തിലും കൂടുതൽ ഭൂമി കൃഷിയുക്തമാക്കുന്നതിലും ഗ്രാമസഭകൾ തത്പരരായിരുന്നു. ശാസ്ത്രീയമായ ഭൂസർവേയ്ക്കുശേഷമാണു ഭൂനികുതി നിശ്ചയിച്ചുപോന്നത്. നികുതിയുടെ തോത് ഇടയ്ക്കിടെ പുനഃപരിശോധന നടത്തുകയാൽ നികുതി പിരിവു കർഷകന് ഒരു ഭാരമായില്ല. ക്ഷാമകാലത്തു ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്താൻ ഭരണകൂടം സന്നദ്ധമായിരുന്നു. പൊതു ആവശ്യങ്ങൾക്കുവേണ്ടി പ്രതിഫലംകൂടാതെ പണിയെടുക്കാൻ ജനങ്ങൾക്കു ബാധ്യത ഉണ്ടായിരുന്നു. നികുതി കൊടുക്കാത്തവർക്കു ഭൂമി നഷ്ടപ്പെടും. ദേവാലയങ്ങളെ നികുതിയിൽനിന്നും ഒഴിവാക്കിയിരുന്നില്ല. പ്രതിരോധം, രാജകുടുംബത്തിന്റെ ചെലവ്, ജലസേചനം, ഗതാഗതം എന്നിവയ്ക്കാണു വരവിന്റെ സിംഹഭാഗവും ചെലവാക്കിയിരുന്നത്.

ചോളമണ്ഡലം

മദിരാശിക്കടുത്ത് മഹാബലിപുരത്തേക്കു പോകുന്ന റോഡിന്റെ അരികിലായി കടൽത്തീരത്തുള്ള കലാകാരഗ്രാമം. മദ്രാസ് സ്കൂൾ ഓഫ് ആർട്സ് പ്രിൻസിപ്പൽ ആയിരുന്ന കെ.സി.എസ്. പണിക്കരാണു കലാകാരഗ്രാമം എന്ന ആശയത്തിന്റെ ഉപജ്ഞാതാവ്. 1966-ൽ ഇതു നിലവിൽവന്നു. ബാഹ്യലോകത്തിലെ ശല്യങ്ങളൊന്നുമേല്ക്കാതെ കലാകാരന്മാർക്കു സ്വൈരമായിരുന്നു ജോലിചെയ്യാൻ പറ്റിയ ഒരു കോളനി നിർമിക്കുക എന്നതായിരുന്നു പണിക്കരുടെ ലക്ഷ്യം. കലാകാരന്മാർക്ക് ഒന്നോ രണ്ടോ മണിക്കൂർ കരകൗശലജോലികളിൽ ഏർപ്പെടാൻ സൗകര്യമുണ്ടാക്കുകയും കരകൗശലവസ്തുക്കൾ വിറ്റു കിട്ടുന്ന തുക അവരുടെ ജീവിതവൃത്തിക്ക് ഉതകത്തക്കവിധം സംഭരിച്ചുനൽകുകയും ബാക്കിസമയം സ്വതന്ത്ര കലാ പ്രവർത്തനത്തിനു നീക്കിവെക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുകയായിരുന്നു ഇവിടുത്തെ പരിപാടി. ഈ പരിപാടി നടപ്പിലാക്കുന്നതിന്നായി ആർട്ടീസ്റ്റ്സ് ഹാൻഡിക്രാഫ്റ്റ്സ് അസോസിയേഷൻ ഉണ്ടാക്കി. കെ.സി.എസ്. പണിക്കരായിരുന്നു ഈ അസോസിയേഷന്റെ ഒന്നാമത്തെ പ്രസിഡന്റ്. പണിക്കരുടെ മരണത്തിനു ശേഷം 1977-ൽ സുൽത്താൻ അലി പ്രസിഡന്റായി.


ചോളമണ്ഡലം-പച്ചത്തഴപ്പാർന്ന മനോഹരമായ
പരിസരം ഇതിനെ കൂടുതൽ ആകർഷകമാക്കുന്നു.

31 കലാകാരന്മാർക്ക് ഇവിടെ സ്ഥലം അനുവദിച്ചു. നന്ദഗോപാൽ, അർണവാസ്, കാനായി കുഞ്ഞിരാമൻ, റെഡ്ഡിനായിഡു, പരമശിവൻ, വാസുദേവ്, വെങ്കടപതി, ഗോപിനാഥ്, വിശ്വനാഥൻ, അക്കിത്തം നാരായണൻ എന്നീ കലാകാരന്മാർ ഈ കോളനിയിൽ സ്ഥലം അനുവദിക്കപ്പെട്ടവരാണ്. പ്രശസ്ത ചിത്രകാരനായ എം. വി. ദേവൻ രൂപകല്പനചെയ്ത കുടിലുകൾ ഇവിടെ നിർമിക്കപ്പെട്ടു. പൊതുവായ സ്റ്റുഡിയോ, പണിപ്പുര, കാന്റീൻ, അതിഥിമന്ദിരം എന്നിവ ഉണ്ടായി. ബാത്തിക് ചിത്രങ്ങൾ, തുകൽകൊണ്ടും മറ്റുമുള്ള കൗതുകവസ്തുക്കൾ, പ്രതിമകൾ എന്നിവയാണു വില്പനയ്ക്ക് ഒരുക്കിയ കരകൗശലവസ്തുക്കൾ. ഇവയ്ക്കു നല്ല വില കിട്ടുകയാൽ കോളനി വിജയകരമായി പ്രവർത്തിച്ചു.


ചോളമണ്ഡലത്തിൽ
ഒരു കലാകാരകുടുംബം.

ഇവിടെ താമസിച്ചു കലാപ്രവർത്തനത്തിൽ ഏർപ്പെട്ട പല കലാകാരന്മാരും സാർവദേശീയ പ്രശസ്തരായിക്കഴിഞ്ഞിരിക്കുന്നു. അക്കിത്തം നാരായണൻ, വിശ്വനാഥൻ തുടങ്ങി ചിലർ വിദേശങ്ങളിൽ സ്ഥിരതാസമാക്കി. ഇവർ വല്ലപ്പോഴും ചോളമണ്ഡലത്തിൽ വന്നു താമസിക്കും. വിദേശികളും സ്വദേശികളുമായ ഒട്ടേറെ കലാകാരന്മാരെ ആകർഷിക്കുന്ന കലാകേന്ദ്രമാണ് ചോളമണ്ഡലം. പശ്ചിമ ജെർമൻ ഗവൺമെന്റിന്റെ വകയായി ഇവിടെ ഒരു അതിഥിമന്ദിരം നിർമിച്ചിട്ടുണ്ട്. ഇവിടെയുള്ള പൊതുശാലയിൽ ഇടയ്ക്കിടയ്ക്ക് ഗാനമേളയും നൃത്തങ്ങളും മറ്റും അവതരിപ്പിക്കാറുണ്ട്. ചോളമണ്ഡലം ഇന്നറിയപ്പെടുന്നതു കലാകാരന്മാരുടെ ഒരു "ഷാൻഗ്രിലാ" (സാങ്കല്പിക സ്വർഗം) ആയിട്ടാണ്.

ചോളമണ്ഡലതീരം

തെക്കെ ഇന്ത്യയുടെ കിഴക്കൻ തീരം. 22,800 ച.കി.മീ. വിസ്താരമുള്ള ഈ സമതലം ബംഗാൾ ഉൾക്കടലിന്റെ പശ്ചിമതീരത്താണു കിടക്കുന്നത്. പൂർവഘട്ടഗിരിനിരകളാണ് ഇതിന്റെ പടിഞ്ഞാറതിര്. തെക്കുഭാഗം കാവേരി ഡെൽറ്റയും വടക്കുഭാഗം ഉത്കല സമതലവുമാണ്. തമിഴ്നാടിന്റെ മറ്റൊരു പേരായ ചോളം എന്ന പദത്തിൽ നിന്നാണു ചോളമണ്ഡലം എന്ന പേരു ജനിച്ചത്. 9-13 നൂറ്റാണ്ടുകളിലാണു ചോളന്മാർ ഇവിടം ഭരിച്ചത്. തീരം ഏറെക്കുറെ ഋജു ആണ്. പാലാർ, പൊന്നൈയാർ, ചെയ്യാർ ഇവയുടെയും പോഷക നദികളുടെയും ജല പ്രവാഹം വേനലിൽ വറ്റിപ്പോകുന്നു. മലകളിൽ വനം ഏറെയില്ല. കുറ്റിക്കാടുകളും ചതുപ്പുപ്രദേശങ്ങളും ആണ് അധികവും.

തീരപ്രദേശങ്ങളിലെ ജനങ്ങളുടെ മുഖ്യതൊഴിൽ കൃഷി ആണ്. നെല്ല്, പയർവർഗങ്ങൾ, കരിമ്പ്, പരുത്തി, നിലക്കടല മുതലായവ ആണു മുഖ്യവിളകൾ. വാഴയും (ഏത്തൻ), കമുകും ഉൾനാടുകളിൽ കൃഷിചെയ്യുന്നുണ്ട്. തെങ്ങും പനയും ഇവിടെ വളർത്തുന്നു. രാസവസ്തുക്കളും രാസവളങ്ങളും നിർമിക്കൽ, ചലച്ചിത്രനിർമാണം, പ്രൊജക്റ്ററുകൾ, ആംപ്ലിഫയറുകൾ, ട്രക്കുകൾ, കാറുകൾ, കവചിതവാഹനങ്ങൾ ഇവയുടെ നിർമാണം എന്നിങ്ങനെ അനേകം വ്യവസായങ്ങൾ ഇവിടെ അഭിവൃദ്ധിപ്പെട്ടുവരുന്നു. കല്പാക്കത്ത് അണുശക്തിനിർമാണവും ആവടിയിൽ റെയിൽവേകോച്ചുനിർമാണവും നടക്കുന്നു. മദിരാശി, കടലൂർ, ചിദംബരം ചിങ്കൽപേട്ട്, പോണ്ടിച്ചേരി എന്നീ സ്ഥലങ്ങളെ കൂട്ടിയിണക്കുന്ന തീവണ്ടിപ്പാത തീരത്തിനു സമാന്തരമായി കിടക്കുന്നു. ക്ഷേത്രങ്ങളുടെ നാട് എന്ന നിലയിൽ ആണു പണ്ട് ഈ നാടിന്റെ പ്രശസ്തി. മഹാബലിപുരം, മാമല്ലപുരം തുടങ്ങിയ ഒട്ടേറെ ക്ഷേത്രങ്ങൾ ഇവിടെ ഉണ്ട്.

ചോളരാജാക്കന്മാർ

ദക്ഷിണേന്ത്യയിൽ ഭരണം നടത്തിയ തമിഴ് രാജാക്കന്മാർ. കാവേരീതടത്തിൽ ഉറൈയൂർ ആയിരുന്നു ഇവരുടെ രാജധാനി. ഇന്നത്തെ തിരുച്ചിറപ്പള്ളി ആണു പഴയ ഉറൈയൂർ. † കരികാലചോളൻ ആണു വംശസ്ഥാപകൻ. † രാജരാജൻ I (985-1014 ആണു ഭരണകാലം), † രാജേന്ദ്രചോളദേവൻ (1014-'44 ആണു ഭരണകാലം), † കുലോത്തുംഗൻ I (1070-1122 ആണു ഭരണകാലം) എന്നിവരാണ് ഈ രാജവംശത്തിലെ അതിപ്രസിദ്ധരായ രാജാക്കന്മാർ. 1279ഓടെ ചോളന്മാർ നാമാവശേഷരായി. ചോളന്മാർക്കു വലിയൊരു കപ്പൽപ്പട ഉണ്ടായിരുന്നു. ഇവർ കംബോദിയയിലും പൂർവേന്ത്യാദ്വീപുകളിലും അധികാരം സ്ഥാപിച്ചതായി ചില ചരിത്രകാരന്മാർ പറയുന്നു.

ചോളവാസ്തുശില്പം

ക്ഷേത്രനിർമാണത്തിലും മറ്റും ചോളരാജാക്കന്മാർ പൊതുവെ സ്വീകരിച്ചുപോന്ന ശില്പരീതി. ചോളന്മാരുടെ കാലത്തു ശില്പകല വളരെയധികംപുരോഗമിച്ചു. പല്ലവന്മാരുടെ പതനകാലത്ത് അവർ

പണിചെയ്ത ദേവാലയമാതൃകകളിൽനിന്നും വ്യത്യസ്തമായി ചൈതന്യവത്തായ ഒരു വാസ്തുശില്പകല ആവിഷ്കരിക്കുവാൻ ചോളന്മാർക്കു കഴിഞ്ഞു. വിജയാലയചോളൻ പണിചെയ്യിച്ച വിജയാലയചോളേശ്വരക്ഷേത്രത്തിന്നു വൃത്താകൃതിയിലുള്ള ശ്രീകോവിലും പുറമെ ചതുരമായ ചുറ്റമ്പലവും ഉണ്ട്. വൃത്താകൃതിയിലുള്ള ശ്രീകോവിൽ ഒരു സവിശേഷതയാണെങ്കിലും, മണ്ഡപം, തൂണ്, വിമാനം, സൗധം, പകുതിഭാഗംമാത്രം പുറത്തേക്കുന്തിനില്ക്കുന്ന തൂണ് എന്നീ സവിശേഷതകൾ പല്ലവരീതിയുടെ അനുകരണമാണ്. പരാന്തകൻ ഒന്നാമന്റെ കാലത്ത് ശ്രീനിവാസനല്ലൂരിൽ പണിത കൊരങ്കനാഥക്ഷേത്രം ചോളശൈലിയുടെ പ്രാരംഭമാണ്. അതിന്റെ ഭാവങ്ങൾ സുന്ദരമാണ്. ലളിതമായ ശ്രീകോവിലും മണ്ഡപവും മാത്രം അതുൾക്കൊള്ളുന്നു. തൂണുകളുടെ സൃഷ്ടിയിൽ വ്യത്യാസം കാണുന്നു. ചുവരിനോടു യോജിപ്പിച്ച അർധത്തൂണുകൾകൊണ്ടു ചുവരിന്റെ പുറവശം വിഭജിക്കപ്പെടുകയും ഓരോ വിഭാഗത്തിലും തലത്തിൽനിന്നും എഴുന്നുനില്ക്കുന്ന കൊത്തുപണികൾകൊണ്ടു മോടിപിടിപ്പിക്കുകയും ചെയ്യുക എന്ന ചോളരീതി ഇവിടെ തുടങ്ങുന്നു. സ്തംഭനിരകളുടെ അവിഭക്തമായ ചട്ടക്കൂടുകളിൽ നിരയായി കൊത്തിവയ്ക്കുന്ന വേതാളമുഖങ്ങളും ഒരു പ്രത്യേകതതന്നെയാണ്.

ദ്രാവിഡരീതി പരിപോഷിപ്പിച്ചത് രാജരാജൻ ഒന്നാമനും പുത്രനായ രാജേന്ദ്രൻ ഒന്നാമനും ആണ്. അവരുടെ സൃഷ്ടികൾ അവരുടെ രാഷ്ട്രീയഗാംഭീര്യത്തിന്റെയും മതവിശ്വാസത്തിന്റെയും സാക്ഷിപത്രങ്ങളാണ്. രാജരാജൻ തഞ്ചാവൂരിൽ പണിചെയ്യിച്ച രാജരാജേശ്വരക്ഷേത്രം പ്രസിദ്ധമാണ്. ഗോപുരത്തിലെ സൂചീസ്തംഭാകാരമായ വിമാനമാണ് ഇതിന്റെ സവിശേഷത. ഓരോ വിഭാഗത്തിനും തനതായി കൈവന്നിട്ടുള്ള വ്യക്തതയും വ്യക്തിത്വവും, കൂടാതെ ആകത്തുകയിൽ സമാർജിച്ചിട്ടുള്ള ഗാംഭീര്യവും എടുത്തുപറയണ്ടതാണ്. അമിതമായ വിഷയാസക്തിയും സ്ത്രീത്വത്തിന്റെ മാദകത്വവും ലാവണ്യവും രാജേന്ദ്രന്റെ കാലത്തെ ക്ഷേത്രശില്പങ്ങളിൽ മുന്നിട്ടുനില്ക്കുമ്പോൾ രാജരാജേശ്വരന്റെ കാലത്തെ ക്ഷേത്രശില്പങ്ങൾ കിടയറ്റ പൗരുഷത്തിന്റെ പ്രതീകമായി നിലനില്ക്കുന്നു. തഞ്ചാവൂർക്ഷേത്രത്തിന്റെ വിമാനം രാജകീയപ്രഭാവവും വ്യക്തിഗാംഭീര്യവും പ്രകടിപ്പിക്കുന്നു. രാജേന്ദ്രസൃഷ്ടി പൗരസ്ത്യ ഭാവഗീതങ്ങളിലെ ഇന്ദ്രിയസംവേദിയായ വികാരങ്ങളെയാണ് അനുസ്മരിപ്പിക്കുന്നത്. സ്രഷ്ടാക്കളുടെ പരമമായ വികാരത്തെ പ്രതിഫലിപ്പിക്കുവാൻ അവർക്കു തികച്ചും സാധിച്ചിട്ടുണ്ട്.

രാജേന്ദ്രചോളന്നുശേഷം ആവിഷ്കരണരീതി മാറാൻ തുടങ്ങി. പാണ്ഡ്യശക്തി വർധിച്ചതോടെ ചോളശില്പങ്ങൾക്കു വ്യക്തിത്വം നഷ്ടപ്പെടുവാൻ തുടങ്ങി. ധാരാപുരത്തെ ഐരാവതം ക്ഷേത്രവും ത്രിഭുവനത്തിലെ കമ്പഹരേശ്വരക്ഷേത്രവും ഉദാഹരണമാണ്. ദേവാലയപരിസരങ്ങളിൽ ഉണ്ടാക്കിയ ഉപക്ഷേത്രങ്ങൾക്കു പ്രധാന ക്ഷേത്രത്തെക്കാൾ പ്രാധാന്യം വർധിച്ചു. പിന്നത്തെ ദശയിൽ വളർന്നുവന്നതു ഗോപുരത്തിന്റെ പ്രാധാന്യമാണ്. പാണ്ഡ്യന്മാരുടെ വാസ്തുശില്പം ചോളന്മാരുടെ ആവിഷ്കരണരീതിയിൽ കൂടുതൽ സ്വാധീനംചെലുത്തിയതാണ് ഇതിന്റെ പ്രധാനകാരണം.

ചോളസംസ്കാരം

ചോളകാലഘട്ടത്തിലെ സംസ്കാരം. ചോളസാമ്രാജ്യം സാംസ്കാരികമായി ഔന്നത്യംനേടിയിരുന്നു. ജനസമുദായം പല തട്ടുകളായി വിഭജിക്കപ്പെട്ടിരുന്നു. തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള ജാതികൾ രൂപമെടുത്തു. പിൽക്കാലങ്ങളിലെ ജാതിമത്സരങ്ങൾക്ക് ഇതു കാരണമായെങ്കിലും ചോളന്മാരുടെ കാലത്തു പൊതുവെ സമാധാനം പുലർന്നു. സമൂഹത്തിൽ ദേവദാസികൾ ഒഴികെയുള്ള സ്ത്രീകൾക്കു വലിയ സ്ഥാനം ഉണ്ടായിരുന്നില്ല. സതി നിലവിലിരുന്നു.

വ്യക്തികൾക്കും സമുദായത്തിനും ഭൂമിയിൽ കൈവശാവകാശം ഉണ്ടായിരുന്നു. അണക്കെട്ടുകളും ജലസംഭരണകേന്ദ്രങ്ങളും ധാരാളമായി നിർമിക്കപ്പെട്ടു. നാട്ടിൽ ഉടനീളം ക്ഷേത്രങ്ങൾ പണിതു. ലോഹപ്പണികൾക്കു പ്രോത്സാഹനം സിദ്ധിച്ചു. അതിൽ അദ്ഭുതാവഹമായ സാമർഥ്യം നേടുവാൻ പലർക്കും സാധിച്ചു. തുണിവ്യവസായവും പുരോഗമിച്ചു; മേന്മയേറിയ വസ്ത്രങ്ങളുടെ ഉത്പാദനകേന്ദ്രമായിത്തീർന്നു, കാഞ്ചീപുരം. ഉപഭോഗവസ്തുക്കളുടെ നിർമാണവും രാജപാതകളുടെ സുരക്ഷിതത്വവും വാണിജ്യാഭിവൃദ്ധിക്ക് കാരണമായി. കച്ചവടം പുരോഗമിപ്പിക്കുന്നതിന്നു കച്ചവടക്കാർ സംഘടിച്ചിരുന്നു. 'മട' അല്ലെങ്കിൽ 'പൊൻ' എന്ന സ്വർണനാണയങ്ങൾ കച്ചവടത്തെ സഹായിച്ചു.

ശൈവമതവും വൈഷ്ണവമതവും ഒരുപോലെ ശക്തിപ്രാപിച്ചു. അവയുടെ അടിസ്ഥാനപ്രമാണങ്ങൾ രൂപപ്പെടുത്തിയത് ചോളകാലത്താണ്. രണ്ടു മതങ്ങളും യോജിപ്പിൽ വർത്തിച്ചിരുന്നുവെന്നു മാത്രമല്ല മിക്കവാറും ചോളരാജാക്കന്മാർ സഹിഷ്ണുതപാലിക്കുകയും ചെയ്തിരുന്നു. കുന്ദവാ രാജകുമാരി ധാരാപുരത്തു പണികഴിപ്പിച്ച ശൈവ-വൈഷ്ണവക്ഷേത്രങ്ങൾ ഇതിന്നുദാഹരണമാണ്. എല്ലാ ദേവാലയങ്ങളിലും ശിവനെയും വിഷ്ണുവിനെയും പ്രതിഷ്ഠിക്കുക പതിവായി. തഞ്ചാവൂരിലെ മഹാസഭ 1150-ൽ തീർച്ചപ്പെടുത്തിയ നിയമമനുസരിച്ച് വൈഷ്ണവരുമായി സൗഹാർദത്തിൽ വർത്തിക്കുന്ന ശൈവർ ശിക്ഷാർഹരായിത്തീർന്നു. ശൈവമതത്തിലെ യാഥാസ്ഥിതികരായ 'കാളമുഖ'ക്കാർ കൂടുതൽ രൂക്ഷരായി. മനുഷ്യന്റെ തലയോട്ടിൽ ഭക്ഷണം കഴിക്കുക, ചാരം കലക്കി കുടിക്കുക മുതലായ കാപാലികാചരങ്ങൾക്കുപോലും അവർ തയ്യാറായി. സംസ്കാരസമ്പന്നരായ ഒരു ജനതയ്ക്കു ജീവിതാവശ്യങ്ങളും ജീവിതാദർശങ്ങളും ഒരുപോലെ നിറവേറ്റിക്കൊടുത്ത് അവരുടെ ജീവിതരീതിക്ക് അടുക്കും ചിട്ടയും ഉന്നതിയും ഉണ്ടാക്കിക്കൊടുത്തതു ക്ഷേത്രങ്ങളാണ്. ഹിന്ദുമതത്തോടൊപ്പം ജൈനമതവും ബുദ്ധമതവും ചോളസാമ്രാജ്യത്തിൽ, വിശേഷിച്ച് കാഞ്ചീപുരത്ത്, നിലനിന്നുപോന്നു.

ഗ്രാമത്തിലെ വിദ്യാലയങ്ങൾക്കു പുറമെ ദേവാലയങ്ങളും പുരാണേതിഹാസങ്ങളെപ്പറ്റിയുള്ള വിജ്ഞാനം കുട്ടികൾക്കു നല്കി. ഉന്നതവിദ്യാഭ്യാസത്തിനു ധാരാളം സൗകര്യങ്ങളുണ്ടായിരുന്നു. മീമാംസ, വ്യാകരണം എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്ന ഉന്നതവിദ്യാപീഠങ്ങൾ സ്ഥാപിതമായി. വേദം, വേദാന്തം, മീമാംസ, വ്യാകരണം എന്നീ വിഷയങ്ങളിൽ ഉപരിപഠനത്തിനുള്ള കേന്ദ്രമായിരുന്നു വൈഷ്ണവദേവാലയം ആയിരുന്ന എണ്ണായിരം. അധ്യാപകാധ്യേതാക്കൾക്കു നിത്യച്ചെലവിനുപുറമെ വേതനവും നല്കി ത്രിഭുവനിയിൽ ഒരു കലാശാല പ്രവർത്തിച്ചിരുന്നതായി 1048-ലെ ശാസനത്തിൽ സൂചനയുണ്ട്. അവിടെ മനുവിന്റെ ധർമശാസ്ത്രങ്ങളും പുരാണങ്ങളും പഠിപ്പിച്ചിരുന്നു. തിരുമുക്കടലിൽ ഒരു വിദ്യാലയവും ഹോസ്റ്റലും ഉണ്ടായിരുന്നതായി 1067-ലെ ശാസനത്തിൽ കാണുന്നു. അവിടെ കുട്ടികൾക്ക് എണ്ണ തേച്ചു കുളിക്കാനും വൈദ്യശുശ്രൂഷയ്ക്കും ഏർപ്പാടുണ്ടായിരുന്നു. ഏലക്കായും രാമച്ചവും ചേർത്ത വെള്ളം വിദ്യാർഥികൾക്കു നല്കിയിരുന്നത് ഒരു ഗ്രാമക്കാരുടെ ചെലവിലാണ്. തിരുവാടുതുറൈയിലെ വൈദ്യശാസ്ത്രകലാലയത്തിൽ ചരകസംഹിതയും വാഗ്ഭടന്റെ അഷ്ടാംഗഹൃദയസംഗ്രഹവും അഭ്യസിപ്പിച്ചിരുന്നതായി 1121-ലെ ശാസനത്തിൽനിന്നറിയാം. തിരുവോറിയൂർ ഗ്രാമത്തിലെ കലാശാല വ്യാകരണപഠനത്തിനു പുകൾപെറ്റിരുന്നു.

ചോളകാലത്തെ ശിലാലിഖിതങ്ങൾ അന്നത്തെ സാഹിത്യനിലവാരത്തെ വ്യക്തമാക്കുന്നു. സുപ്രസിദ്ധ തമിഴ്ക്ലാസ്സിക് ആയ 'ശിവകചിന്താമണി' പത്താം ശതകത്തിലെ വിശിഷ്ടകൃതിയാണ്. ജൈനസന്ന്യാസിയായ തിരുത്തക്കദേവരാണു കർത്താവ്. മഹാകവി കമ്പരെ ഗണ്യമായി സ്വാധീനിക്കാൻ ആ കൃതിക്കു കഴിഞ്ഞിട്ടുണ്ട്. കല്ലടനാർ രചിച്ച കല്ലടവും കുന്തളകേശിയെന്ന ബൗദ്ധകവിതയും ഈ കാലഘട്ടത്തിന്റെ സൃഷ്ടികളാണ്. ജൈനമതസ്ഥനായ അമിതസാഗരൻ ഒരു കാവ്യമീമാംസകനായിരുന്നു. ശൈവസിദ്ധാന്തത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ രചിച്ച നമ്പി ആണ്ടർ നമ്പി 11-ാം ശതകത്തിലെ സുപ്രസിദ്ധ വേദാന്തിയായിരുന്നു. വ്യാകരണശാസ്ത്രമായ വീരചോഴിയം ബുദ്ധമിത്രൻ രചിച്ചതും ഇക്കാലത്താണ്. കുലോത്തുംഗൻ ഒന്നാമന്റെ കലിംഗയുദ്ധത്തിന്റെ വിവരണമാണ് ജയങ്കോണ്ടരുടെ കലിംഗാട്ടു പരണി. വിക്രമചോളന്റെയും കുലോത്തുംഗൻ രണ്ടാമന്റെയും ആസ്ഥാനകവിയായിരുന്നു ഒറ്റക്കൂത്തൻ. നളവെമ്പ എന്ന നളചരിതത്തിന്റെ കർത്താവായ പുഗലണ്ടിയും സുപ്രസിദ്ധനാണ്. പെരിയപുരാണകർത്താവായ ചേക്കിഴാർ ഈ കാലത്താണു ജീവിച്ചത്. ദണ്ഡിയുടെ കാവ്യാദർശത്തെ അനുകരിച്ച് ദണ്ഡിയലങ്കാരം ഇക്കാലത്തു വിരചിതമായി. ജൈനമതവൈയാകരണനായ പവനാണ്ടി കുലോത്തുംഗൻ മൂന്നാമന്റെ കാലത്തു ജീവിച്ചിരുന്നു. ഋഗ്വേദഭാഷ്യം രചിച്ച വെങ്കിടമാധവൻ പരാന്തകൻ ഒന്നാമന്റെ കാലത്തു ജീവിച്ചു. രാജരാജൻ രണ്ടാമന്റെ ആജ്ഞയനുസരിച്ച് കേശവസ്വാമി നാനാർഥാർണവസംക്ഷേപം എന്ന നിഘണ്ടു നിർമിച്ചതും ഇക്കാലത്താണ്.

ചോളസാമ്രാജ്യം

ദക്ഷിണേന്ത്യയിലെ മൂന്നു പ്രബലസാമ്രാജ്യങ്ങളിൽ ഒന്ന്. മഹാഭാ

രതത്തിലും മെഗാസ്തനീസിൻെറ 'ഇന്തിക്ക'യിലും അശോകൻെറ ശിലാശാസനങ്ങളിലും ചോളന്മാരെപ്പറ്റി പരാമർശങ്ങളുണ്ട്. സംഘകാലകൃതികളിൽ ചോളവംശത്തിൻെറ നാനാവശങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്.

കരികാലചോളൻ, പൌത്രനായ നെടുങ്കിണി, ചെങ്കണൻ എന്നീ ചോളരാജാക്കന്മാരെപ്പറ്റി സംഘകൃതികൾ പരാമർശിക്കുന്നു. ഇവരെ ആദിചോളന്മാർ എന്നാണു പറയുന്നത്. പല്ലവന്മാർ പാണ്ഡ്യന്മാർ, ചേരന്മാർ എന്നിവരുടെ നിരന്തരമായ ആക്രമണം ആദിചോളരെ ക്ഷീണിപ്പിച്ചു.

ഒമ്പതാംശതകത്തിൽ പല്ലവശക്തി നശിച്ചതിനുശേഷംമാത്രമാണ് ചോളർക്ക് രാഷ്ട്രീയപ്രാമാണ്യം പുനഃസ്ഥാപിക്കാൻ കഴിഞ്ഞത്. ഇടയ്ക്കുള്ള ഈ ആറുശതാബ്ദങ്ങളിലെ രേഖകളിൽ ചുരുക്കമായെങ്കിലും ചോളരെക്കുറിച്ചു പരാമർശങ്ങൾ ഉണ്ട്. ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ചോളരാജാക്കന്മാരുടെ പട്ടിക താഴെ കൊടുക്കുന്നു.

1.വിജയാലയൻ	ഒമ്പതാം ശതകം
2. ആദിത്യചോളൻ	880-907
3. പരാന്തകൻ	907-955 ?
4. രാജരാജൻ I	985-1016 ?
5. രാജേന്ദ്രൻ I	1016-1044
6. രാജാധിരാജൻ I	1044-1052
7. രാജേന്ദ്രൻ II	1052-1064
8. വീരരാജേന്ദ്രൻ I	1064-1069
9. അധിരാജേന്ദ്രൻ	1069-1070
10. കുലോത്തുംഗൻ I	1070-1122
11. വിക്രമചോളൻ	1122-1135
12. കുലോത്തുംഗൻ II	1135-1150
13. രാജരാജൻ II	1150-1173 ?
14. കുലോത്തുംഗൻ III	1178-1216 ?
15. രാജരാജൻ III	1216-1246

ചോളസാമ്രാജ്യത്തിലെ തദ്ദേശസഭകൾ

ചോളരാജാക്കന്മാരുടെ ഭരണകാലത്തുണ്ടായിരുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ. കേന്ദ്രഭരണത്തിൻെറ സീമ പരിമിതമായിരുന്നു. ദൈനംദിനഭരണകാര്യങ്ങൾ നിർവഹിക്കുന്നതിൽ പ്രധാന പങ്കു പ്രാദേശികഭരണത്തിന്നായിരുന്നു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾവഴി ജനങ്ങൾ രാഷ്ട്രത്തിൻെറ ജീവിതത്തിൽ പങ്കാളികളായി. രാജ്യഭരണത്തിലും സമൂഹജീവിതത്തിലും പൗരജീവിതത്തിലും സുപ്രധാനഘടകം ഗ്രാമവും നഗരവും ആയിരുന്നു. ഓരോ ഗ്രാമത്തിലും രണ്ടു കാര്യനിർവഹണസഭകൾ ഉണ്ടായിരുന്നതാണ് ഇതിനു കാരണം. ഇവ 'ഊർ' എന്നും 'മഹാസഭ'യെന്നും അറിയപ്പെട്ടു. ഇവ രണ്ടും അതാതിടത്തെ പ്രായമായ പുരുഷന്മാരുടെ സഭകളായിരുന്നു. ആദ്യത്തതു പൊതുസ്വഭാവമുള്ളതും രണ്ടാമത്തതു ബ്രാഹ്മണരുടെതു മാത്രവുമായിരുന്നു. തൊണ്ടമണ്ഡലം, ചോളമണ്ഡലം എന്നീ പ്രദേശങ്ങളിൽനിന്നു കിട്ടിയ ലിഖിതങ്ങളിൽ ഈ സഭകളെപ്പറ്റി പരാമർശമുണ്ട്. പരാന്തകൻ ഒന്നാമൻെറ ഉത്തരമേരൂർശാസനം അവിടുത്തെ മഹാസഭയുടെ തീരുമാനങ്ങളെയും അതു നിയമിച്ച നിർവഹണസമിതികളായ 'വാരിയം' മുതലായവയെപ്പറ്റിയും പ്രതിപാദിക്കുന്നു. ഒന്നര ഏക്കർ ഭൂമി, സ്വന്തംഭവനം, 35-നും 70-നും ഇടയ്ക്കു പ്രായം, വേദശാസ്ത്രങ്ങളിൽ അറിവ് എന്നീ യോഗ്യതകൾ ഉള്ളവരെ മാത്രമേ വാരിയത്തിൽ അംഗങ്ങളാക്കിയിരുന്നുള്ളു. കണക്കു ബോധിപ്പിക്കാത്തവരും പാപികളും മോഷ്ടാക്കളും നിരുത്തരവാദികളും അംഗത്വത്തിന് അർഹരല്ല. മൂന്നു കൊല്ലം അംഗമായിരുന്ന ആൾ പിന്നീട് അംഗമാകാൻ പാടില്ലെന്ന വ്യവസ്ഥമൂലം ഓരോ പൗരനും ഭരണസമിതിയിൽ പങ്കാളിയാകുവാൻ സന്ദർഭം ലഭിച്ചു. ഓരോ ഗ്രാമവും മുപ്പതു വാർഡുകളായി തിരിക്കപ്പെട്ടു. ഓരോ വാർഡിൽനിന്ന് ഓരോരുത്തരെ 'കുടവോല' സമ്പ്രദായമനുസരിച്ചു തിരഞ്ഞെടുത്തിരുന്നു.

ഈ മുപ്പതുപേരിൽ പ്രായവും പരിചയവും ഉള്ള പന്ത്രണ്ടുപേരെ 'സംവത്സരവാരിയ'ത്തിലേക്കും, പന്ത്രണ്ടുപേരെ 'തോട്ടം വാരിയ'ത്തിലേക്കും, ആറുപേരെ 'ഏറി വാരിയ'ത്തിലേക്കും തിരഞ്ഞെടുക്കും. ഇതുപോലെതന്നെ 'പഞ്ചവാരവാരിയ'വും 'പൊൻവാരിയ'വും ഉണ്ടായിരുന്നു. അർഹരായ വ്യക്തികളുടെ പേരുകൾ പ്രത്യേകം ഓലയിലെഴുതി ഒരു പാത്രത്തിലിട്ടു കശക്കി ഒരു ചെറിയ കുട്ടിയെക്കൊണ്ട് എടുപ്പിച്ചാണു തിരഞ്ഞെടുപ്പു നടത്തിയിരുന്നത്. വിദേശീയർ, നീതിന്യായം, കൃഷി മുതലായവ നോക്കുന്നതിനും പ്രത്യേകം നിർവഹണസമിതികൾ ഉണ്ടായിരുന്നു. പ്രതിഫലത്തിന് അവകാശമില്ലാത്തതിനാൽ ഈ സമ്പ്രദായം ഏറ്റവും കാര്യക്ഷമതയോടുകൂടി നടന്നു. വാരിയസാമാജികരെ 'വാരിയപ്പെരുമാക്ക'ളെന്നും മഹാസഭാസാമാജികരെ 'പെരുംകുറിപെരുമാക്ക'ളെന്നും ആണു വിളിച്ചിരുന്നത്. കുളക്കര, അമ്പലമുറ്റം, ഗ്രാമത്തിലെ വലിയൊരു വൃക്ഷച്ചരായ എന്നിവയായിരുന്നു സമ്മേളനസ്ഥലങ്ങൾ. സമ്മതിദായകത്വത്തിൻെറ രീതിയും മറ്റും നമുക്ക് അജ്ഞാതമാണെങ്കിലും സമിതി എല്ലാ പൊതുകാര്യങ്ങളും ചർച്ചചെയ്യുമായിരുന്നുവെന്നു മാത്രമല്ല തീരുമാനങ്ങൾ രേഖപ്പെടുത്തുകയും വ്യവസ്ഥകൾ രൂപപ്പെടുത്തുകയും ചെയ്തിരുന്നതായി അറിയാം.

വയസ്സ്, പ്രായോഗികപരിജ്ഞാനം, കാര്യക്ഷമത, വിജ്ഞാനം, സ്വഭാവഗുണം എന്നിവയിൽ മുന്നിട്ടുനിന്നവരാണു സാധാരണമായി തിരഞ്ഞെടുക്കപ്പെട്ടിരുന്നത്. മാത്രമല്ല ഒരു നിർവഹണസമിതിയിൽ സേവനം അനുഷ്ഠിച്ചതിന്നുശേഷമുള്ള മൂന്നുവർഷം ഒരാളെ ഒന്നിലും തിരഞ്ഞെടുത്തിരുന്നില്ല.

മഹാസഭയുടെ അധികാരപരിധിയിലായിരുന്നു എല്ലാവിധഭൂമിയും. തരിശുഭൂമി കൃഷിക്കുപയുക്തമാക്കുന്നതും നികുതി പിരിച്ച് കേന്ദ്രത്തിലേക്കയയ്ക്കുന്നതും കേന്ദ്രത്തിൻെറ ശാസനയ്ക്കനുസരിച്ചു പ്രവർത്തിക്കുന്നതും മഹാസഭയായിരുന്നു. ഭൂമി സംബന്ധിച്ച തർക്കങ്ങൾ പരിഹരിച്ചതും മഹാസഭതന്നെ. അതിൻെറ അനുവാദമില്ലാതെ ഭൂമിയുടെ തരംമാറ്റി നിശ്ചയിക്കുന്നതിനു കേന്ദ്രംപോലും തയ്യാറായിരുന്നില്ല. ഗ്രാമഭരണത്തിൻെറ ചെലവിലേക്കായി പ്രത്യേകം നികുതി ചുമത്തുവാനും മഹാസഭയ്ക്കധികാരമുണ്ടായിരുന്നു. നീതിന്യായനിർവഹണസമിതിയെ 'ന്യായത്തർ' എന്നാണു വിളിക്കുക. ഈ സമിതി മഹാസഭയുടെ അംഗീകാരത്തോടെ ശിക്ഷകൾ വിധിച്ചുപോന്നു. ചുരുക്കത്തിൽ രാജ്യരക്ഷ, ക്രമസമാധാനം, ജീവിതത്തോത് ഉയർത്തുന്നതിനുള്ള മാർഗങ്ങൾ എന്നീ വിഷയങ്ങൾ മാത്രമാണു കേന്ദ്രത്തിൻെറ ചുമതലയിൽ ശേഷിച്ചിരുന്നത്. ചോളസാമ്രാജ്യം ഏറെക്കുറെ സ്വയംഭരണസ്ഥാപനങ്ങളായ ചെറിയ റിപ്പബ്ലിക്കുകളുടെ ഒരു സുശക്തഫെഡറേഷനായിരുന്നു.

ചോളസൈന്യം

ചോളന്മാരുടെ സൈന്യം. ചോളരാജാക്കന്മാർ ഒരു മഹാസൈന്യം സംഘടിപ്പിച്ചു സംരക്ഷിച്ചുപോന്നു. ആനപ്പട, കുതിരപ്പട, കാലാൾപ്പട എന്നീ വിഭാഗങ്ങളാണ് ചോളസൈന്യത്തിന് ഉണ്ടായിരുന്നത്. സൈനികർ പൗരജീവിതത്തിൽ ഇടപെട്ടുവന്നു. അച്ചടക്കം, പരിശീലനം, യുദ്ധതന്ത്രം എന്നിവയിൽ ചോളപ്പട ഉയർന്നനിലവാരം പുലർത്തി. രാജാവിൻെറ അംഗരക്ഷകർ യജമാനൻെറ ചിതാഗ്നിയിൽ ആത്മാഹുതിചെയ്യുവാൻപോലും തയ്യാറായിരുന്നു. അറേബിയയിൽനിന്നു മേൽത്തരം കുതിരകളെ സൈനികാവശ്യത്തിനായി ഇറക്കുമതിചെയ്തു. നായക്, സേനാപതി, മഹാദണ്ഡനായകൻ മുതലായ സൈനിക ഓഫീസർമാർ ഉണ്ടായിരുന്നെങ്കിലും സാധാരണമായി രാജാവും രാജകുമാരന്മാരുമാണു പട നയിച്ചിരുന്നത്. സൈനികവൃത്തിയിൽ അസാധാരണമായ ധൈര്യം കാണിച്ചവർക്കു 'ക്ഷത്രിയശിഖാമണി' എന്ന ബിരുദവും കൊടുത്തിരുന്നു. യുദ്ധമുറകൾ ക്രൂരമായിരുന്നു. ശത്രുവിനെ നശിപ്പിക്കുമ്പോൾ പൗരജീവിതം തകർക്കാനും, എതിരാളികളെ അംഗഭംഗപ്പെടുത്താനും സ്ത്രീകളെ അപമാനിക്കാനും ചോളപ്പടയ്ക്ക് ഒരു മടിയുമുണ്ടായിരുന്നില്ല. ചോളന്മാർക്കു പ്രബലമായൊരു നാവികസേന ഉണ്ടായിരുന്നു. അതു കിഴക്കും പടിഞ്ഞാറുമുള്ള സമുദ്രങ്ങളിൽ വളരെക്കാലം ആധിപത്യം നിലനിർത്തി. ബംഗാൾ ഉൾക്കടൽ ചോളമണ്ഡലത്തിൻെറ അവിഭാജ്യഘടകമായിത്തീർന്നു. ശത്രുക്കപ്പലുകളുടെ മുകൾത്തട്ടിൽ ചാടിവീണ് ശത്രുവിനെ നശിപ്പിക്കുവാൻ ചോളപ്പടയ്ക്കുണ്ടായിരുന്ന കഴിവ് അദ്ഭുതാവഹമായിരുന്നു.

ചോറപ്പുല്ല്

കാലിത്തീറ്റിയായ ഒരു കാട്ടുപ്പുല്ല്. ശാസ്ത്രനാമം : *അപ്ലൂഡ മ്യൂട്ടിക്ക*. പശ്ചിമഘട്ടത്തിൽ എങ്ങും കാണാം. വർഷകാലത്തു നന്നായി വളരുന്നു. വരണ്ട കാലാവസ്ഥയിൽ ഉണങ്ങുമെങ്കിലും നശിക്കുന്നില്ല. ആദ്യത്തെ മഴയിൽത്തന്നെ വീണ്ടും കിളിർക്കും.

ഇളംപുല്ല് കന്നുകാലികൾ —വിശേഷിച്ചും എരുമകൾ— വളരെ

ഇഷ്ടപ്പെടുന്നു. തീറ്റിപ്പുല്ലെന്ന നിലയിൽ ഇതു കൃഷിചെയ്തു തുടങ്ങിയിട്ടില്ല.

ചോറൂണ്

കുട്ടിക്ക് ആദ്യമായി ചോറുകൊടുക്കുന്ന ചടങ്ങ്. ഹിന്ദുക്കളുടെ ഇടയിലാണ് ഇതു കണ്ടുവരുന്നത്. അന്നപ്രാശനം എന്നും പറയാറുണ്ട്. കുട്ടിക്ക് ആറുമാസം പ്രായമാകുമ്പോഴാണ് ഈ ചടങ്ങു പതിവ്. ഏഴാം മാസത്തിൽ പാടില്ല എന്നും ഉണ്ട്. വീട്ടിൽവച്ചോ ഇഷ്ടമുള്ള ക്ഷേത്രത്തിൽവച്ചോ ചോറു കൊടുക്കാറുണ്ട്. ഏതെങ്കിലും ക്ഷേത്രത്തിൽ വച്ച് ചോറൂണുനടത്തിയേക്കാം എന്നു 'നേരുക' പതിവുണ്ട്.

കത്തിച്ച നിലവിളക്കിനു മുമ്പിൽ തൂശനിലയിട്ട് അതിൽ ചോറു വിളമ്പുന്നു. ക്ഷേത്രത്തിലാണെങ്കിൽ നിവേദിച്ച ചോറാണുപയോഗിക്കുക. (ചില ക്ഷേത്രങ്ങളിൽ 'ചോറൂണി'നുപയോഗിക്കാറുള്ളത് പായസമാണ്) ചോറു വാരിക്കൊടുക്കുന്ന ആൾ ആദ്യം ഉപ്പുചേർത്ത ചോറാണു വായിൽ കൊടുക്കുന്നത്. അടുത്ത ബന്ധുക്കൾ ആഭരണങ്ങളും മറ്റും കുട്ടിക്ക് സമ്മാനിക്കുന്ന പതിവുണ്ട്. ബ്രാഹ്മണർക്ക് ഇതു ഷോഡശസംസ്കാരങ്ങളിൽ പെട്ട ഒരു വൈദികക്രിയയാണ്.

ചോറ്റാനിക്കര ദേവീക്ഷേത്രം

കേരളത്തിലെ പ്രസിദ്ധ ദേവീക്ഷേത്രങ്ങളിൽ ഒന്ന്. എറണാകുളത്തു നിന്ന് 14 കി. മീറ്റർ കിഴക്ക് കണയന്നൂർ താലൂക്കിലാണ്, ചോറ്റാനിക്കര.



ക്ഷേത്രഗോപുരം

രാവിലെ സരസ്വതിയുടെയും ഉച്ചയ്ക്ക് ഭദ്രകാളിയുടെയും വൈകുന്നേരം ദുർഗയുടെയും രൂപത്തിലാണ് ചോറ്റാനിക്കര ഭഗവതീക്ഷേത്രത്തിൽ ദേവിയെ ആരാധിക്കുന്നത്. 'സ്വയംഭൂ' ആണെന്നു കരുതപ്പെടുന്ന കൃഷ്ണശിലയാണ് വിഗ്രഹം. ഇവിടെ നാരായണ (മഹാവിഷ്ണു)മൂർത്തിയുടെയും പൂർണസാന്നിധ്യമുണ്ടെന്ന ഉറച്ച വിശ്വാസത്തിൽ, ഭക്തജനങ്ങൾ 'അമ്മേ നാരായണാ', 'ലക്ഷ്മീനാരായണാ' എന്നിങ്ങനെ നാമോച്ചാരണം നടത്തുന്നു. മേൽക്കാവിന് അകത്തായി ശാസ്താവിന്റെ പ്രതിഷ്ഠയുമുണ്ട്. ഊട്ടുപുര, ആനക്കൊട്ടിൽ, ശീവേലിപ്പുര, സ്വർണക്കൊടിമരം തുടങ്ങിയെല്ലാം ഇവിടെയുണ്ട്. വിഗ്രഹത്തിനു ചാർത്താൻ പുതുതായി 4.5 കി.ഗ്രാം തൂക്കംവരുന്ന ഒരു സ്വർണ ഗോളകയും അടുത്തകാലത്ത് ഉണ്ടാക്കിയിട്ടുണ്ട്.

നാലമ്പലവും ആനക്കൊട്ടിലും

ഇതിനടുത്ത് കീഴ്ക്കാവ് എന്ന പേരിൽ ചെറിയ ഒരു ഭദ്രകാളീ (ഭൈരവീ) ക്ഷേത്രമുണ്ട്. ഭദ്രകാളീപ്രതിഷ്ഠ നടത്തിയത് വില്വമംഗലത്തു സ്വാമിയാരാണെന്നാണ് ഐതിഹ്യം. കീഴ്ക്കാവിന് അടുത്തുള്ള ഒരു പാലവൃക്ഷത്തിലാണ് ഉഗ്രമായ ബാധോപദ്രവമുള്ളവർ, അടിമുടി തുള്ളിക്കൊണ്ട് ആണിയും മറ്റും അടിച്ചുകയറ്റുന്നത്. ചുണ്ണാമ്പും മഞ്ഞളും കലക്കിയ കുരുതിയാണിവിടത്തെ പ്രധാന വഴിപാട്.

പന്തീരടി പൂജയ്ക്കുശേഷം സ്വർണഅങ്കിഅണിഞ്ഞ് സരൂപയായാണ് ഭഗവതി കാണപ്പെടുന്നത്. കുംഭമാസത്തെ മകംദിവസം മാത്രം ദേവീവിഗ്രഹത്തിൽ സ്വർണമാലകൾ അണിയിക്കുന്നു. ഇവിടെ കുറെക്കാലം ഭജിച്ചശേഷം, ചില അസാധാരണപരിതഃസ്ഥിതികളിലാണ് കാക്കശ്ശേരി കേരളത്തിൽനിന്ന് അപ്രത്യക്ഷനായത് എന്നു പറയപ്പെടുന്നു. † കാക്കശ്ശേരി ഭട്ടതിരി നോക്കുക.

ചൗ എൻ ലയ് (1898—1976)

ചൈനയിലെ കമ്യൂണിസ്റ്റുനേതാവും 1949-1976 കാലത്തെ പ്രധാനമന്ത്രിയും. 'ചൗ എൻ ലയി' എന്നതിന്റെ പുതിയ ഉച്ചാരണം ജോ എൻ ലൈ ആണ്. ഒരു ഉയർന്ന ഉദ്യോഗസ്ഥന്റെ മകനായി 1898-ൽ ക്വാങ് സുപ്രവിശ്യയിലെ ഹ്വായി-അൻ എന്ന സ്ഥലത്തു ജനിച്ചു. ജപ്പാനിലെ വാസേദാ സർവകലാശാലയിലും ടീൻസീനിലെ ടാങ്കായ് സർവകലാശാലയിലും വിദ്യാഭ്യാസം പൂർത്തിയാക്കി. 1919-ൽ അന്നത്തെ ചൈനാഗവൺമെന്റിന്നെതിരായി നടന്ന വിദ്യാർഥിപ്രക്ഷോഭണത്തിൽ പങ്കെടുത്തതിന് ചൗവിനെ അറസ്റ്റു ചെയ്തുവെങ്കിലും താമസിയാതെ മോചിപ്പിച്ചു. ഉപരിപഠനത്തിനു പാരീസിലേക്കു പോയെങ്കിലും വിദ്യാശാലയിലൊന്നും ചേരാതെ ഫ്രാൻസിലും ജെർമനിയിലുമുണ്ടായിരുന്ന ചൈനീസ് വിദ്യാർഥികളെ സംഘടിപ്പിച്ച് ചൈനീസ് കമ്യൂണിസ്റ്റ് യൂത്ത് ലീഗ് സ്ഥാപിച്ചു (1921-'22). ചൈനയിലേക്കു മടങ്ങുന്നതിനു മുമ്പ് ഇംഗ്ലണ്ട് സന്ദർശിച്ചു.

ചൈനയിൽ തിരിച്ചെത്തി (1924) ദേശീയ നേതാവായ സൺയാത് സെന്നിന്റെ ക്വോമിന്താങ് കക്ഷിയിൽ ചേർന്നുകൊണ്ട് കമ്യൂണിസ്റ്റു പാർട്ടിയിൽ പ്രവർത്തിച്ചു. ക്വോമിന്താങ് നേതാവായ ചിയാങ് കൈഷക്ക് പ്രസിഡണ്ടായിരുന്ന വാമ്പോവാ സൈനിക അക്കാദമിയിൽ രാഷ്ട്രീയ പരിശീലന വിഭാഗത്തിന്റെ തലവനായി ചൗ കുറെക്കാലം സേവനമനുഷ്ഠിച്ചു. ചിയാങ് കൈഷക്ക് കമ്യൂണിസ്റ്റുകാരുമായി പിണങ്ങുന്നതുവരെ ക്വോമിന്താങ്ങും കമ്യൂണിസ്റ്റു പാർട്ടിയും തമ്മിലുണ്ടായിരുന്ന സഹകരണത്തിന് ചൗ നേതൃത്വം നല്കി. ചിയാങ് കമ്യൂണിസ്റ്റുകാരുമായി പിണങ്ങിയപ്പോൾ ചൗവിനെ തടവിലാക്കുകയും വധിക്കാൻ ഉത്തരവു നല്കുകയും ചെയ്തു. പക്ഷേ, ചൗ തടവിൽനിന്നുരക്ഷപ്പെട്ട് മാവോസേതുങ്ങിന്റെ താവളത്തിലെത്തി. 1927-'30 കാലത്ത് ക്വോമിന്താങ് ഗവൺമെന്റിന് എതിരായി കമ്യൂണിസ്റ്റുകാർ നടത്തിയ കലാപങ്ങളിൽ പ്രധാന പങ്കുവഹിച്ചു. പാർട്ടിയിൽ മാവോയുടെ നേതൃത്വം ഉറപ്പിക്കാൻ ചൗ സഹായിച്ചു. മാവോയും ചൗവും ക്യാങ്സി ആസ്ഥാനമാക്കിക്കൊണ്ട് വിപ്ലവപ്രവർത്തനങ്ങൾ തുടർന്നു. ക്വോമിന്താങ്സേന ക്യാങ്സിയിൽ നിന്നു കമ്യൂണിസ്റ്റുകാരെ തുരത്തിയതിനെ തുടർന്ന് വടക്കുപടിഞ്ഞാറേ ചൈനയിലുള്ള യെനാനിലേക്ക് കമ്യൂണിസ്റ്റുകാർ നടത്തിയ ദീർഘയാത്ര(Long March)യ്ക്ക് മാവോയും ചൗവും നേതൃത്വം നല്കി. യെനാനിൽ സ്ഥാപിച്ച കമ്യൂണിസ്റ്റു ഗവൺമെന്റിന്റെ പ്രധാന വക്താവായി പ്രവർത്തിച്ചു. രണ്ടാം ലോകയുദ്ധകാലത്ത് കമ്യൂണിസ്റ്റുകാരും ക്വോമിന്താങ്ങും പരസ്പരം സഹകരിച്ചു. ഇക്കാലത്തിൽ ചൗ നേതൃത്വപരമായ പങ്ക് വഹിച്ചിരുന്നു.

1949-ൽ കമ്യൂണിസ്റ്റുകാർ ചൈനയിൽ ആധിപത്യം സ്ഥാപിച്ചപ്പോൾ ചൗ ചൈനയുടെ പ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായി. പല അന്താരാഷ്ട്ര സമ്മേളനങ്ങളിലും ചൈനയുടെ പ്രതിനിധിയായിരുന്നു. ഇന്ത്യൻ പ്രധാനമന്ത്രി ജവാഹർലാൽ നെഹ്റുവുമായി ചേർന്ന് പഞ്ചശീലതത്ത്വങ്ങൾ പ്രചരിപ്പിച്ചു. ആഫ്രോ-ഏഷ്യൻ രാജ്യങ്ങളുടെ ബന്ദൂങ്സമ്മേളനത്തിൽ (1955) പങ്കെടുത്തു. ഏഷ്യയിലെയും ആഫ്രിക്കയിലെയും പല രാജ്യങ്ങളും സന്ദർശിച്ചു. 1958-ൽ

വിദേശകാര്യമന്ത്രിപദം ചെൻയീക്ക് കൈമാറി പ്രധാനമന്ത്രി ആയി തുടർന്നു. ഇന്ത്യയും ചൈനയും തമ്മിൽ അതിർത്തിതർക്കവും സംഘട്ടനവും (1962) ഉണ്ടായപ്പോഴും റഷ്യയും ചൈനയും തമ്മിലുള്ള തർക്കത്തിലും മാവോയുടെ പക്ഷത്ത് ചൗ ഉറച്ചുനിന്നു. ചൈനീസ് കമ്യൂണിസ്റ്റുപാർട്ടിയിൽ നടന്ന 'സാംസ്കാരികവിപ്ലവ'ത്തെയും അതിജീവിച്ചു. അതിർത്തി പ്രദേശത്ത് സോവിയറ്റ് ഭീഷണി വർധിച്ചുവന്നപ്പോൾ പാശ്ചാത്യരാഷ്ട്രങ്ങളുമായി സമ്പർക്കത്തിലേർപ്പെടാൻ മുൻകൈ എടുത്തു. 1971-ൽ യു.എസ്. സെക്രട്ടറി ഓഫ് സ്റ്റേറ്റ് ആയിരുന്ന കിസ്സിഞ്ജറുടെ ചൈനാ സന്ദർശനത്തിന് വഴിയൊരുക്കി. 1972-ൽ പ്രസിഡണ്ട് നിക്സൺ ചൈന സന്ദർശിച്ചത് ചൗ എൻ ലായിയുടെ ക്ഷണപ്രകാരമാണ്. ഏറെത്താമസിയാതെ ഇദ്ദേഹത്തിനു കാൻസർ രോഗം പിടിപെട്ടു. 1976 ജനുവരി 8 ന് അന്തരിച്ചു.

ചൗക്കവർണം

പദവർണത്തിന്റെ മറ്റൊരു പേര്. †കർണാടകസംഗീതം നോക്കുക.

ചൗഡയ്യ (1895—1967)

പ്രസിദ്ധനായ വയലിൻവിദ്വാൻ. സ്വദേശം കർണാടകത്തിലെ ത്രിമകുടക്ഷേത്രം. അഗസ്ത്യഗൗഡരുടെയും സുന്ദരമ്മയുടെയും പുത്രൻ. ശാസ്ത്രീയസംഗീതം അഭ്യസിച്ചശേഷം മൈസൂറിൽ ഒരു സ്കൂളിൽച്ചേർന്നു. താത്പര്യം സംഗീതത്തിലായിരുന്നു. ശാരീരം അല്പം മോശമായതുകൊണ്ട് വയലിൻവായന പഠിച്ചു. പിന്നീടു ചൗഡയ്യ, ബഡാരം കൃഷ്ണപ്പ എന്ന പ്രമുഖ സംഗീതവിദ്വാന്റെ ശിഷ്യനായി പതിനെട്ടുകൊല്ലം പരിശീലനം നടത്തി. 21-ാം വയസ്സിൽ ഗുരുവിന്റെയും മറ്റു വിദ്വാന്മാരുടെയും കച്ചേരികളിൽ പക്കമേളത്തിനു വയലിൻ വായിക്കാൻ തുടങ്ങി. പിന്നീട് തനി വയലിൻ കച്ചേരികൾ ആരംഭിച്ചു. അനേകം ബഹുമതികൾ ലഭിച്ചു. ഏതെങ്കിലും ഒരു പ്രസ്ഥാനത്തെ അവലംബിക്കാതെ സ്വന്തമായൊരു ശൈലിയും വളരെ ഉപശൈലികളും വളർത്തിയെടുത്തു. ചൗഡയ്യാശൈലി പിന്നീടൊരു പ്രസ്ഥാനമായി.

വയലിൻ എന്ന വാദ്യോപകരണത്തെ സംബന്ധിച്ച് ഒട്ടേറെ ഗവേഷണങ്ങൾ നടത്തി. സാധാരണ വയലിൻ വാദ്യത്തിനു നാലു കമ്പികളേയുള്ളു. ചൗഡയ്യ ഉപയോഗിച്ച വയിലിന് ഏഴു കമ്പികൾ ഉണ്ടായിരുന്നു. ചൗഡയ്യ ആവിഷ്കരിച്ച ഈ ഉപകരണം ഗുണപൗഷ്കല്യങ്ങൾക്കു യാതൊരു കുറവുമില്ലാതെ ശബ്ദപരിണാമത്തിൽ മുന്തിനിൽക്കുന്നു.

ചൗ നൃത്തം

ബീഹാറിലെ ഒരു നാടോടിനൃത്തം. വസന്തകാലത്താണ് ഈ നൃത്തം അവതരിപ്പിക്കാറുള്ളത്. നൃത്തം ചെയ്യുന്നവർ മുഖം മൂടി അണിയാറുള്ളതിനാൽ മുഖം മൂടിനൃത്തം എന്നും പറയാറുണ്ട്. പുരാണകഥകളും ചരിത്രകഥകളും ആണ് സാധാരണമായി ഈ നൃത്തത്തിന്റെ വിഷയമാവാറുള്ളത്. ദൈനംദിനജീവിതകഥകളും ഇടയ്ക്കൊക്കെ ഈ നൃത്തത്തിനു വിഷയമായി സ്വീകരിക്കപ്പെടുന്നു.

ചൗരാസിയ, ഹരിപ്രസാദ് (1938—   )

വേണു വാദകൻ. അലാഹാബാദുകാരനായ ഇദ്ദേഹം ഛേദിലാലിന്റെയും അനുരാധയുടെയും മകനാണ്. റോമിലും ഇറാനിലും നടന്ന അന്തർദേശീയ ആഘോഷങ്ങളിൽ വേണുവാദനം നടത്തിയിട്ടുണ്ട്. യൂറോപ്പിലും അമേരിക്കയിലും അനേകം സദസ്സുകളിൽ ശ്രോതാക്കളെ ആഹ്ളാദിപ്പിച്ചു.

അനേകം ഹിന്ദി-ഒറിയ ഗാനങ്ങൾ സംവിധാനം ചെയ്തിട്ടുണ്ട്. ഇന്ത്യയിലും പുറത്തുമുള്ള അനേകം സ്ഥാപനങ്ങൾ ഇദ്ദേഹത്തെ അവാർഡു നല്കി ആദരിച്ചു. അരവിന്ദന്റെ 'പോക്കുവെയിൽ' എന്ന മലയാളചിത്രത്തിൽ വേണുവാദനം നടത്തി.

ചൗരിചൗരാ സംഭവം

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ഒരു പ്രധാന സംഭവം. ഇന്ത്യൻനാഷനൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ബഹുജനങ്ങളുടെ നിയമനിഷേധപ്രസ്ഥാനം നടക്കുന്ന കാലത്ത്, 1922 ഫെബ്രുവരി 5-ന് അന്നത്തെ യുണൈറ്റഡ് പ്രോവിൻസിലെ (യു.പി) ഗോരഖ്പൂരിനടുത്തുള്ള ചൗരിചൗര എന്ന ഗ്രാമത്തിലാണ് ഇതു നടന്നത്.

വിദേശവസ്ത്രങ്ങൾ വില്ക്കുന്ന കടകളുടെയും മദ്യഷാപ്പുകളുടെയും മുമ്പിൽ കോൺഗ്രസ് സന്നദ്ധഭടന്മാർ തുടർച്ചയായി നടത്തിയ പിക്കറ്റിങ് മൂലം ആ സ്ഥലത്ത് വിദേശവസ്ത്രങ്ങളുടെയും മദ്യങ്ങളുടെയും വില്പന അസാധ്യമായി. സമാധാനപരമായി പിക്കറ്റുചെയ്ത സന്നദ്ധഭടന്മാരെ ഒരു പോലീസുദ്യോഗസ്ഥൻ കയ്യേറ്റംചെയ്തു. ഇതറിഞ്ഞ് സമീപഗ്രാമങ്ങളിൽനിന്ന് സന്നദ്ധഭടന്മാരും വലിയൊരു ജനക്കൂട്ടവും ചൗരിചൗരയിലെത്തി. അഞ്ഞൂറിലേറെ ധർമഭടന്മാരും ജനക്കൂട്ടവും സ്ഥലത്തെ പോലീസ്സ്റ്റേഷനിലേക്കു ചെന്നു. നേരത്തെ കയ്യേറ്റം നടത്തിയ പോലീസുദ്യോഗസ്ഥൻ പരസ്യമായി മാപ്പുചോദിക്കണമെന്ന് ജനക്കൂട്ടം ആവശ്യപ്പെട്ടു. പക്ഷേ,

ചില നിഷ്പക്ഷമതികൾ ഇടപെട്ടു ജനക്കൂട്ടത്തെ സമാധാനിപ്പിച്ചു. തുടർന്ന് ജനങ്ങൾ ഘോഷയാത്രയായി മുന്നോട്ടുനീങ്ങി. അല്പം കഴിഞ്ഞപ്പോൾ ഘോഷയാത്രയുടെ പിന്നണിയിലുണ്ടായിരുന്ന ചി ലരെ പോലീസുകാർ കയ്യേറ്റംചെയ്തു. ഇതറിഞ്ഞയുടനെ മുന്നിലു ണ്ടായിരുന്നവരെല്ലാംകൂടി പുറകോട്ടു പാഞ്ഞുവന്നു. പോലീസ്സ്റ്റേഷൻെറ നേരെ കല്ലേറുണ്ടായി. പോലീസുകാർ ജനക്കൂട്ടത്തിൻെറ നേരെ വെടിവച്ചു. വെടിയേറ്റ് രണ്ടുപേർ മരിച്ചു. കൈവശമുണ്ടായിരുന്ന വെടിക്കോപ്പു മുഴുവനും തീർന്നപ്പോൾ പോലീസുകാർ വെടിനിർത്തി. അകലെ ജനക്കൂട്ടം പിരിഞ്ഞുപോകാതെ നിൽപ്പുണ്ടായിരുന്നു. വെടിവെപ്പ് അവസാനിച്ചപ്പോൾ ജനക്കൂട്ടം പോലീസ്സ്റ്റേഷനു നേരെ പാഞ്ഞടുത്തു. പോലീസുകാർ സ്റ്റേഷനകത്തു കയറി കതകടച്ചു. അപ്പോൾ ജനങ്ങൾ സ്റ്റേഷൻ കെട്ടിടത്തിനു തീവച്ചു. 21 പോലീസുകാരും ഒരു സബ്ഇൻസ്പെക്ടറുമാണ് സ്റ്റേഷനകത്തുണ്ടായിരുന്നത്. 22 പേരും വെന്തുമരിച്ചു. വളരെ വലിയ രാഷ്ട്രീയപ്രത്യാഘാതങ്ങളുളവാക്കിയ സംഭവമാണ് ഇത്.

ചൗരിചൗരാസംഭവം ഗാന്ധിജിയെ ഞെട്ടിച്ചു. ഫെബ്രുവരി 12-ന് കോൺഗ്രസ് പ്രവർത്തകസമിതി ബർദോളിയിൽ സമ്മേളിച്ച് പ്രക്ഷോ ഭണസ്ഥിതിഗതികൾ അവലോകനംചെയ്തു. പ്രക്ഷോഭണം തിക ച്ചും അക്രമരഹിതമായി തുടരാനുള്ള സാധ്യതയില്ലെന്നു മനസ്സിലാക്കിയ പ്രവർത്തകസമിതി കൂട്ടായുള്ള നിയമനിഷേധപരിപാടി പിൻവലിച്ചു.

ബ്രിട്ടീഷ് ഗവൺമെൻറ് മാർച്ച് 13-നു ഗാന്ധിജിയെ അറസ്റ്റ് ചെയ്തു. രാജ്യദ്രോഹക്കുറ്റം ചുമത്തി അദ്ദേഹത്തെ വിചാരണ ചെയ്തു. ബോംബെ, മദിരാശി, ചൗരിചൗര എന്നിവിടങ്ങളിൽ നടന്ന സംഭവങ്ങളുടെ ഉത്തരവാദിത്വം മുഴുവനും തനിക്കാണെന്നു ഗാന്ധിജി കോടതിയിൽ പറഞ്ഞു. കോടതി അദ്ദേഹത്തിന് 6 വർഷത്തെ കഠിനതടവുശിക്ഷ വിധിച്ചു.

ചൗസിങ്

ഒരിനം മാൻ. രണ്ടുജോടി കൊമ്പുണ്ട്. അതുകൊണ്ടായിരിക്കാം നാൽക്കൊമ്പൻ മാൻ എന്നും ഇതിനെ വിളിക്കാറുണ്ട്. ശാസ്ത്രനാമം : *ടെട്രാസിറോസ് ക്വാഡ്രികോർണിസ് (Tetraceros quadricornis).* ഇന്ത്യയിൽ പഞ്ചാബ് മുതൽ നേപ്പാൾ വരെയുള്ള ഹിമാലയസാനുക്കളിലും ഡക്കാൺപീഠഭൂമിയിലും മാത്രമേ കണ്ടുവരുന്നുള്ളു.

നെറ്റിക്കു മുകളിലുള്ള സാധാരണ കൊമ്പുകൾക്ക് 8 മുതൽ 10 വരെ സെ.മീ. നീളം വരും. അവയ്ക്കു താഴെയുള്ള രണ്ടാമത്തെ ജോടി കൊമ്പുകൾക്കു 2.5 സെ.മീ. മാത്രമേ നീളമുള്ളു. ചിലപ്പോൾ ഇവ തൊലിപ്പുറത്തു വെറും മുഴകളായിക്കാണാം. ചൗസിങ്ങിൻെറ കൊമ്പുകൾക്കു വളവോ പിരിവോ ഇല്ല. മുൻവശത്ത് ഒരു വരിപ്പുമാത്രം കാണും. പെൺവർഗത്തിനു കൊമ്പില്ല. പരുക്കൻ രോമങ്ങളുണ്ട്. മങ്ങിയ ചെമപ്പുകലർന്ന തവിട്ടുനിറമാണ്. ആൺചൗസിങ്ങിനു ചുമൽവരെ 60 സെ.മീറ്ററോളം പൊക്കവും 20 കിലോഗ്രാമോളം തൂക്കവുമുണ്ട്. ജലാശയങ്ങൾക്കരികെയാണു താവളം. ഒറ്റതിരിഞ്ഞോ ജോടിയായോ കാണപ്പെടും.


ചൗസിങ്

മേയ്-ജൂൺ മാസങ്ങളിൽ ഇണചേരുന്നു. എട്ടുമാസമാണു ഗർഭകാലം. ഒരു പ്രസവത്തിൽ ഒന്നു മുതൽ മൂന്നു വരെ ശിശുക്കൾ ജനിക്കുന്നു. ഏതാണ്ട് ഒരു വർഷം കുട്ടികൾ തള്ളയോടൊന്നിച്ചു കഴിയുന്നു. മനുഷ്യനോട് ഇണങ്ങുന്ന ജന്തുവാണ്.

ചൗളം

ബ്രാഹ്മണരുടെ † ഷോഡശ സംസ്കാരങ്ങളിൽ ഒന്ന്. ഉപനയനത്തിനു തൊട്ടുമുമ്പാണു ചൗളം നടത്തുന്നത്. ശിഖയും (കുടുമ) സൂത്രവും (പൂണുനൂൽ) ആണു ബ്രാഹ്മണ ചിഹ്നങ്ങളിൽ മുഖ്യം. 'ചൂഡാകരണം' എന്നു കൂടി പറയാറുള്ള കുടുമവയ്ക്കൽ ആണു ചൗളം (ചൗഡം). നാന്ദീമുഖം, പുണ്യാഹം ഇവയ്ക്കുശേഷം മാതാവിൻെറ മടിയിൽ ഇരിക്കുന്ന ഉണ്ണിയുടെ മുടി മുറിക്കൽ മന്ത്രപൂർവം വെണ്ണനെയ് പുരട്ടി പിതാവുതന്നെ ഔപചാരികമായി നിർവഹിക്കുന്നു. പിന്നെ കത്തി ശീതികനെ ഏല്പിക്കുന്നു. ശീതികൻ കുടുമവയ്ക്കൽ എന്ന ക്രിയ പൂർത്തിയാക്കുന്നു.

ചൗള, ദമയന്തി

†ദമയന്തി ചൗള നോക്കുക.

ച്യ

ച

ച്യവനൻ

ഋഗ്വേദത്തിലും ശതപഥബ്രാഹ്മണത്തിലും മഹാഭാരതത്തിലും പരാമർശിക്കപ്പെടുന്ന മുനി. ഭൃഗുമഹർഷിയുടെ പുത്രനായ ഇദ്ദേഹം സൂക്തകർത്താവുമാണ്. ച്യവനനെ ഗർഭംധരിച്ചിരുന്നപ്പോൾ മാതാവായ പുലോമയെ അവളുടെ ബാല്യകാലകാമുകനായിരുന്ന പുലോമൻ എന്ന രാക്ഷസൻ മോഷ്ടിച്ചുകൊണ്ട് ഓടി. ആ ഓട്ടത്തിനിടയിൽ പുലോമയുടെ ഗർഭപാത്രത്തിൽനിന്നും ച്യവനംചെയ്ത (ഊർന്നുപോയ) ശിശുവായതിനാലാണ് ച്യവനൻ എന്ന പേരു കിട്ടിയതെന്നു മഹാഭാരതത്തിൽ പറയുന്നു.

ച്യവനൻ വളരെ ചെറുപ്പത്തിലേ തപസ്സാരംഭിച്ചു. ശരീരം ചിതൽപ്പുറ്റുകൊണ്ടു മൂടി വിടവിലൂടെ കണ്ണുകൾ തിളങ്ങിക്കൊണ്ടിരുന്നു. സുകന്യ ചിതൽപ്പുറ്റിനുള്ളിൽ എന്തോ പ്രകാശിക്കുന്നതു കണ്ടു മുള്ളെടുത്ത് അതിൽ കുത്തി. അതോടെ ച്യവനന്റെ കണ്ണുകൾ പൊട്ടി. ച്യവനന് ഒരു ഭാവഭേദവും ഉണ്ടായില്ലെങ്കിലും രാജ്യത്ത് പല പകർച്ചവ്യാധികളും ഉണ്ടായി. ഈ ദുരന്തത്തിന്റെ കാരണം മനസ്സിലായപ്പോൾ ശര്യാതി ച്യവനനെ അന്വേഷിച്ചു വന്ന് ക്ഷമായാചനംചെയ്തു. സുകന്യയെ തനിക്കു വിവാഹംകഴിച്ചുതന്നാൽ എല്ലാ പീഡകളും നീങ്ങുമെന്ന് അപ്പോഴേക്കും വൃദ്ധനും വിരൂപിയും അന്ധനുമായിത്തീർന്ന ച്യവനൻ പറഞ്ഞപ്പോൾ ഗത്യന്തരമില്ലാതെ രാജാവു സമ്മതിച്ചു.

ഒരിക്കൽ അശ്വനീദേവകൾ സുകന്യയുടെ ലാവണ്യം കണ്ട് ഭ്രമിച്ചുവശായി. പതിവ്രതയായ സുകന്യ അവർക്കു വഴങ്ങിയില്ല. അശ്വനീദേവകൾ പല പരീക്ഷണങ്ങളും നടത്തിയതിൽ അവൾ വിജയിയായി. അവളുടെ പാതിവ്രത്യത്തിൽ സന്തുഷ്ടരായ അശ്വനീദേവകൾ ച്യവനന് യൗവനവും ആരോഗ്യവും സൗന്ദര്യവും നല്കി. അതിന് അവർ ച്യവനനെ സേവിപ്പിച്ച രസായനമാണത്രെ † ച്യവനപ്രാശം പ്രത്യുപകാരമായി ഇന്ദ്രനോടു മത്സരിച്ച് സോമപാനം ചെയ്യാനുള്ള അവകാശം അശ്വനീദേവകൾക്ക് ച്യവനൻ നേടിക്കൊടുത്തു. ഇന്ദ്രനുമായുള്ള സംഘട്ടനത്തിൽ അദ്ദേഹത്തെ ഭയപ്പെടുത്താൻ ച്യവനൻ മദൻ എന്നൊരു രാക്ഷസനെ സൃഷ്ടിച്ചു. അയാളെക്കൊണ്ടുള്ള ആവശ്യം കഴിഞ്ഞപ്പോൾ മഹർഷി അയാളുടെ ശരീരം നാലായി മുറിച്ച് അതിലോരോന്നും മദ്യത്തിലും മങ്കയിലും ചൂതാട്ടത്തിലും നായാട്ടിലും നിക്ഷേപിച്ചു. ഇവ നാലുമാണ് 'മാദക' വസ്തുക്കൾ.

ച്യവനപ്രാശം

ആയുർവേദത്തിലെ ഒരു മുഖ്യ രസായനം. നക്കിക്കഴിക്കാനുള്ള ഒരൗഷധമാകയാൽ ഇതു 'ലേഹ്യം' ആണ്. കിഴവനായ ച്യവനനെ ചെറുപ്പക്കാരനാക്കിയത് ഈ ലേഹ്യമാണത്രെ.

നെല്ലിക്കയാണ് ഈ ഔഷധത്തിലെ പ്രധാന ഘടകം. രസായനങ്ങളിൽ അത്യുത്തമം എന്നാണ് ച്യവനപ്രാശത്തെപ്പറ്റി പറയാറുള്ളത്. കാസം, ശ്വാസം, ക്ഷയം, ഹൃദ്രോഗം തുടങ്ങിയ പല രോഗങ്ങൾക്കും ഇത് , കൈകണ്ട ഔഷധമാണ്.

ആശുഗ്രഹണശക്തി, വിചാരബലം, കാന്തി, ആരോഗ്യം, ദീർഘായുസ്സ്, ഇന്ദ്രിയബലം, സ്ത്രീസുഖത്തിൽ ഉത്സാഹം, അഗ്നിബലം, ശരീരബലം, പ്രസന്നത, വായുവിന് ആനുകൂല്യം എന്നിവ ഈ രസായനം സേവിച്ചാലുണ്ടാകും. † ച്യവനൻ നോക്കുക.

ചാങ്സൂ (Chuang—Tsu)

ബി.സി. 300-നോടടുത്ത് നിര്യാതനായ പ്രമുഖ ചീന ദാർശനികൻ. ചാങ്സൂ എന്ന പേരിൽ അറിയപ്പെടുന്ന ഒരു ഗ്രന്ഥമാണ് ഇദ്ദേഹത്തിന്റെ പ്രശസ്തിക്ക് അടിസ്ഥാനം. ഈ ഗ്രന്ഥത്തിന്റെ ചില ഭാഗങ്ങൾ മറ്റു ചിലരാണു രചിച്ചിട്ടുള്ളതെന്നു കരുതപ്പെടുന്നു. ചാങ്സുമിനെപ്പറ്റി ഒരു കഥ ഈ ഗ്രന്ഥത്തിലുണ്ട്. അദ്ദേഹം മീൻപിടിച്ചുകൊണ്ടിരിക്കുമ്പോൾ ചൂ രാജ്യത്തിലെ രാജാവിന്റെ രണ്ടു പ്രതിപുരുഷന്മാർ അദ്ദേഹത്തെ ചെന്നു കണ്ടു രാജ്യത്തിന്റെ പ്രധാനമന്ത്രിപദം ഏറ്റെടുക്കാനുള്ള ക്ഷണം അറിയിച്ചു. ആചാര്യൻ അവരുടെ ക്ഷണം നിരസിച്ചു. ലോകത്തിലെ പ്രമുഖ ദാർശനികഗ്രന്ഥങ്ങളിൽ ഒന്നായ ചാങ്സു, താവോമതത്തിന്റെ വിവിധ ദർശനശാഖകളിൽ ഒന്നിന്റെ പ്രാമാണികഗ്രന്ഥമാണ്. ലാവോ സൂ ആണ് ഈ ദർശനശാഖയുടെ ആചാര്യൻ. അദ്ദേഹം ആവിഷ്കരിച്ച തത്വങ്ങളെ ചാങ്സു വ്യാഖ്യാനിക്കുകയും രസകരമായ ഉദാഹരണകഥകൾ കൊണ്ട് സമർഥിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ചാങ്സുവിന്റെ ദർശനപ്രകാരം ഏതു ഭരണകൂടവും ചീത്തയാണ്. കാര്യങ്ങളെ അവയുടെ പാട്ടിനു വിട്ടേച്ചാൽ എല്ലാം നേരെ നടന്നുകൊള്ളുമെന്നാണദ്ദേഹം പറയുന്നത്. മറ്റുചില താവോ വിഭാഗങ്ങളെപ്പോലെ ചാങ്സൂ മരണത്തെ വാഴ്ത്തുകയോ ആത്മഹത്യയെ ന്യായീകരിക്കുകയോ ചെയ്യുന്നില്ല. പ്രകൃതിയുടെ പ്രവർത്തനത്തെക്കുറിച്ച് അദ്ഭുതസമ്മിശ്രമായ ഒരാനന്ദമാണ് ഇദ്ദേഹത്തിനുള്ളത്. ഏതു പ്രവർത്തനത്തിനും തത്തുല്യമായ പ്രതിപ്രവർത്തനമുണ്ടെന്ന് ആധുനിക ഭൗതികജ്ഞനെപ്പോലെ ചാങ്സുവും സ്ഥാപിച്ചു. വസ്തുക്കൾക്കു തമ്മിൽ ബാഹ്യദൃഷ്ടിയിൽ കാണുന്ന വ്യത്യാസങ്ങൾ സൂക്ഷ്മവീക്ഷണത്തിൽ അപ്രത്യക്ഷമാകുമെന്നും യഥാർഥത്തിൽ എല്ലാം ഒന്നു തന്നെയാണെന്നും ചാങ് വാദിച്ചു. ഇദ്ദേഹത്തിന്റെ ഗ്രന്ഥത്തിലെ ചില കഥകൾക്കും ചൊല്ലുകൾക്കും ചൈനീസ് ജനതയിൽ വമ്പിച്ച സ്വാധീനമുണ്ട്.

ഛ

ഛ

അക്ഷരമാലയിലെ ഏഴാമത്തെ വ്യഞ്ജനം. വർഗദ്വിതീയമായ അതിഖരമാണ് ഇത്. ഇതു താലവ്യവും ഘർഷിയുമാണ്. പദാദിയിൽ ഒഴികെ എവിടെയും 'ഛ'കാരം ഇരട്ടിച്ചേ വരൂ.

'ഛ' വിവിധ ഭാഷകളിൽ

മലയാളം	ഛ		
സംസ്കൃതം ഹിന്ദി	छ	കശ്മീരി	𑆗
ബ്രാഹ്മി	𑀙	ഗുജറാത്തി	છ
ഗ്രന്ഥാക്ഷരം	𑌛	അസമിയ	ছ
തെലുഗു	ఛ	ബങ്കാളി	ছ
കന്നടം	ಛ	ഒറിയ	ଛ
പഞ്ചാബി	ਛ	ബർമീസ്	ဆ

ഛ	ബ്രാഹ്മി	ഭാഷ	പൂർവരൂപം	വളർച്ച
ഛ	𑀙	മ		
		തെക		

'ഛ' എന്ന ലിപിയുടെ വികാസത്തെപ്പറ്റി ഡോ. എൽ.എ. രാമവർമയുടെ സിദ്ധാന്തം
മ: മലയാളം — ക: കർണാടക, തെ: തെലുങ്ക്.



'ഛ' എന്ന ലിപിയുടെ പരിണാമം ഭാരതീയ ഭാഷകളിൽ.

ഛഗ്ല, മുഹമ്മദലി കരിം (1900—)

പ്രശസ്തനായ നിയമജ്ഞനും രാജ്യതന്ത്രജ്ഞനും. 1900 സെപ്റ്റംബർ 30-നു ബോംബെയിൽ ജനിച്ചു. ബോംബെയിലെ വിദ്യാഭ്യാസ

ത്തിനുശേഷം ഓക്സ്ഫെഡിൽനിന്നു 1922-ൽ ബാർ അറ്റ് ലോ ബിരുദം നേടി. ഓക്സ്ഫെഡിൽ ഏഷ്യാറ്റിക് സൊസൈറ്റിയുടെ പ്രസിഡൻറായി. ഇന്ത്യയിൽ തിരിച്ചെത്തിയതിനുശേഷം ബോംബെ ഗവൺമെൻറ്ലോകോളെജിൽ കോൺസ്റ്റിറ്റ്യൂഷനൽ ലോയുടെ പ്രൊഫസറും. 1941 മുതൽ '47 വരെ ബോംബെ ഹൈക്കോടതി ജഡ്ജിയും ആയിരുന്നു. 1947 മുതൽ ബോംബെ ഹൈക്കോടതിയിൽ ചീഫ് ജസ്റ്റീസും, 1956-ൽ ഏതാനും മാസം ബോംബെയിൽ ആക്റ്റിങ് ഗവർണറുമായി സേവനം അനുഷ്ഠിച്ചു. 1958 മുതൽ 1961 വരെ യു.എസ്സിലെ ഇന്ത്യൻ അംബാസിഡറും 1961 മുതൽ '63 വരെ ലണ്ടനിലെ ഇന്ത്യൻ ഹൈക്കമ്മീഷണറും ആയിരുന്നു. 1963 മുതൽ '66 വരെ കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയായി സേവനമനുഷ്ഠിച്ചു. 1964—1965-ൽ യു.എൻ. സെക്യൂരിറ്റി കൗൺസിലിൽ കാശ്മീർപ്രശ്നം സംബന്ധിച്ച ചർച്ചയിൽ ഇന്ത്യൻ പ്രതിനിധിസംഘത്തെ നയിച്ചു. 1966 മുതൽ '67 വരെ വിദേശകാര്യമന്ത്രിയായിരുന്നു. 1967 മുതൽ 1969 വരെ കേന്ദ്രസാഹിത്യഅക്കാദമി വൈസ് പ്രസിഡൻറായും പിന്നീടു ഗവൺമെൻറിൻെറ സാംസ്കാരിക ബന്ധങ്ങളുടെ കൗൺസിലിൽ പ്രസിഡൻറായും പ്രശസ്തസേവനം അനുഷ്ഠിച്ചു. ബോസ്റ്റൺ, ലെനിൻഗ്രാഡ്, ബനാറിസ്, പഞ്ചാബ് എന്നീ സർവകലാശാലകൾ ഇദ്ദേഹത്തിന് ഓണററി ഡോക്ടർബിരുദം നല്കിയിട്ടുണ്ട്.

നിയമം, വിദ്യാഭ്യാസം, വ്യക്തിസ്വാതന്ത്ര്യം എന്നിവയെപ്പറ്റി ഇദ്ദേഹം രചിച്ചിട്ടുള്ള കൃതികളിൽ *ദി ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷൻ, ലോ ലിബർട്ടി ആൻഡ് ലൈഫ്* തുടങ്ങിയവയാണു പ്രധാനം. *റോസസ് ഇൻ ഡിസംബർ* എന്നു പേരുള്ള ആത്മകഥ പ്രസിദ്ധമാണ്.

ഛന്ദശ്ശാസ്ത്രം

ചന്ദസ്സുകളെക്കുറിച്ചുള്ള ശാസ്ത്രം. പദ്യപാദങ്ങളിലെ അക്ഷരസംഖ്യ സൂചിപ്പിക്കുന്ന പേരാണു ഛന്ദസ്സ്. പ്രധാന വൈദികഛന്ദസ്സുകൾ ക്രമേണ എട്ടും പതിനൊന്നും പന്ത്രണ്ടും അക്ഷരങ്ങളുള്ള അനുഷ്ടുപ്പ്, ത്രിഷ്ടുപ്പ്, ജഗതി എന്നിവയാണ്. ഓരോ ഛന്ദസ്സിലും ഗുരുലഘുഭേദമനുസരിച്ച് അനേകം വൃത്തങ്ങളുണ്ടാകും. സംസ്കൃതവൃത്തങ്ങളുടെ അടിസ്ഥാനം ഗുരുലഘുഭേദമനുസരിച്ച് എട്ടായി തിരിക്കാവുന്ന ത്ര്യക്ഷരഗണങ്ങളാണ്.

ആറു വേദാംഗ(ശാസ്ത്ര)ങ്ങളിൽ ഒന്നാണു ഛന്ദശ്ശാസ്ത്രം. വൃത്തശാസ്ത്രസംബന്ധമായ വിജ്ഞാനങ്ങളെ വിവരിക്കുന്നതും ബി. സി. രണ്ടാം നൂറ്റാണ്ടിനോടടുപ്പിച്ചു പിംഗളൻ എന്ന മുനി രചിച്ചതുമായ 'ഛന്ദശ്ശാസ്ത്രം' എന്ന ഗ്രന്ഥമാണ് ഈ ശാഖയിലുള്ള ആദ്യത്തെ രചന.

സംസ്കൃതത്തിൽ: ഉക്ത, അത്യുക്ത, മധ്യമ, പ്രതിഷ്ഠ, സുപ്രതിഷ്ഠ, ഗായത്രി, ഉഷ്ണിക്ക്, അനുഷ്ടുപ്പ്, ബൃഹതി, പങ്ക്തി, ത്രിഷ്ടുപ്പ്, ജഗതി, അതിജഗതി, ശക്വരി, അതിശക്വരി, അഷ്ടി, അത്യഷ്ടി, ധൃതി, അതിധൃതി, കൃതി, പ്രകൃതി, ആകൃതി, വികൃതി, സംകൃതി, അഭികൃതി, ഉത്കൃതി എന്നിങ്ങനെ ഇരുപത്തിയാറു ഛന്ദസ്സുകളുണ്ട്. ഒന്നു മുതൽ ഇരുപത്തിയാറുവരെയാണ് യഥാക്രമം ഇവയിലുള്ള അക്ഷരങ്ങളുടെ എണ്ണം. വൈദിക ഛന്ദസ്സിൽ അക്ഷരസംഖ്യയല്ല മാനദണ്ഡം.

ഛന്ദസ്സ്

വേദാംഗങ്ങളിൽ ഒന്ന്. മന്ത്രങ്ങളുടെ അക്ഷരഘടനയുമായി ബന്ധപ്പെട്ടകാര്യങ്ങളാണ് ഈ വേദാംഗത്തിലെ പ്രതിപാദ്യം. മന്ത്രത്തിൻെറ പാദത്തിലെ അക്ഷരസംഖ്യയുടെ നിയാമകങ്ങളാണു സാധാരണ ഗതിയിൽ ഛന്ദസ്സുകൾ. ഉദാഹരണത്തിനു ഗായത്രി, അനുഷ്ടുപ്പ്, പംക്തി എന്നീ ഛന്ദസ്സുകൾ യഥാക്രമം 6,8,10 എന്നീ അക്ഷരസംഖ്യയെ സൂചിപ്പിക്കുന്നു. ഈ ധാരണ ലൗകികഛന്ദസ്സുകളുടെ കാര്യത്തിലേ ശരി ആകൂ. 'തത് സവിതു..ധീമഹി' എന്ന ഗായത്രീമന്ത്രം പാദത്തിൽ 8 അക്ഷരം വീതമുള്ള മൂന്നുപാദം ചേർന്നതാണ്. അവൈദികമന്ത്രങ്ങൾക്കും ഛന്ദസ്സുണ്ട്. 'ഓം നമഃ ശിവായ' എന്ന പ്രണവസഹിതമായ 'പഞ്ചാക്ഷര'ത്തിൻെറ ഛന്ദസ്സ് 'പംക്തി' ആണ്.

മന്ത്രം ജപിക്കുമ്പോൾ ഋഷിഛന്ദോദേവതകളെ യഥാക്രമം ശിരസ്സിലും ജിഹ്വാഗ്രത്തിലും വക്ഷസ്സിലും ന്യസിക്കുന്നു. ലൗകികഛന്ദസ്സുകളിൽ പെടാത്ത 'ദൈവി ഗായത്രീ' മുതലായ ചില ഛന്ദസ്സുകൾ വൈദിക-മാന്ത്രിക കർമങ്ങളിൽ പ്രയോഗിച്ചു കാണുന്നുണ്ട്. † വേദാംഗങ്ങൾ നോക്കുക.

ഛപ്ര

ബിഹാറിലെ ശരൺജില്ലയുടെ ആസ്ഥാനമായ പട്നയ്ക്കു 48 കി. മീറ്റർ പടിഞ്ഞാറു ഗോഗ്രാനദിയുടെ കരയ്ക്കു സ്ഥിതിചെയ്യുന്ന പട്ടണം. വടക്കുകിഴക്കൻ റെയിൽവേയിലെ ഒരു ജങ്ഷനാണിത്. 1529-ൽ ബേബർ കൈവശപ്പെടുത്തിയ ഈ പട്ടണത്തിനു 17-ാം നൂറ്റാണ്ടിൽ ഡച്ചുകാരും ബ്രിട്ടീഷുകാരും വെടിയുപ്പു നിർമാണകേന്ദ്രങ്ങൾ സ്ഥാപിച്ചതോടെ പ്രാധാന്യം വർധിച്ചു.

ഛബ്രോൾ, ക്ലോദ്

† ഷാ ബ്രോൾ ക്ലോദ് നോക്കുക.

ഛർദി (vomiting)

ദഹിക്കാത്തതോ ഭാഗികമായി ദഹിച്ചതോ ആയ ആഹാരപദാർഥങ്ങൾ ആമാശയത്തിൽനിന്നോ കുടലിൽനിന്നോ വായിലൂടെ ശക്തിയായി പുറന്തള്ളുന്ന പ്രക്രിയ. പല രോഗങ്ങളുടെയും ലക്ഷണമായി ഛർദി ഉണ്ടാകുന്നു. ഓക്കാനത്തോടുകൂടിയോ അല്ലാതെയോ ഛർദി ഉണ്ടാകാം. ആമാശയരോഗങ്ങളായ ഗാസ്ട്രോ എൻററൈറ്റിസ്, അൾസർ, ക്യാൻസർ തുടങ്ങിയവയിലും മറ്റ് അവയവങ്ങളെ ബാധിക്കുന്ന യൂറിമിയ, മെനിഞ്ജൈറ്റിസ്, ഗർഭാശയ രോഗങ്ങൾ, അണ്ഡാശയരോഗങ്ങൾ തുടങ്ങിയവയിലും ദഹനക്കേട് ഉണ്ടാകുമ്പോഴും ഛർദി ഉണ്ടാകുന്നു. വാഹനങ്ങളിൽ സഞ്ചരിക്കുമ്പോൾ ചിലർ ഛർദിക്കാറുണ്ട്. ഇതു †ചലനരോഗം എന്ന പേരിൽ അറിയപ്പെടുന്നു. വിഷവസ്തുക്കളെ ആമാശയത്തിൽനിന്ന് ഒഴിവാക്കുന്നതിനുള്ള മാർഗംകൂടിയാണു ഛർദി. ആമാശയത്തിലെ വിഷവസ്തുക്കൾ പുറന്തള്ളുന്നതിനു രോഗികളെ ഛർദിപ്പിക്കാറുണ്ട്. ചില ഗർഭിണികൾക്കു ഗർഭത്തിൻെറ ആദ്യമാസങ്ങളിൽ ഛർദി ഉണ്ടാകും. 'മോണിങ് സിക്നസ്' എന്നാണ് ഈ രോഗത്തിൻെറ പേര്.

ചെറുകുടലിൻെറ ആദ്യഭാഗം സങ്കോചിക്കുന്നതാണ് ഛർദിയുടെ തുടക്കം. അതിനുശേഷം ആമാശയത്തിൽനിന്നു ചെറുകുടലിലേക്കുള്ള കവാടം അടയുന്നതും തുറക്കുന്നതും നിയന്ത്രിക്കുന്നതിനുള്ള പേശികൾ സങ്കോചിക്കും. പിന്നീട് ആമാശയത്തിൻെറ അവസാനഭാഗവും സങ്കോചിക്കുന്നു. ഈ സങ്കോചപ്രക്രിയ തുടർച്ചയായി നടക്കുന്നതിൻെറ ഫലമായാണ് ഛർദി ഉണ്ടാകുന്നത്.

ഛാഗോസ് ദ്വീപസമൂഹം

ഇന്ത്യാസമുദ്രത്തിൻെറ മധ്യഭാഗത്ത് ഇന്ത്യയിൽനിന്ന് 1600 കി.മീറ്റർ. തെക്കുമാറി കിടക്കുന്ന ദ്വീപസമൂഹം. വിസ്തൃതി 60 ച.കി.മീ. സാൽമൺ ദ്വീപുകൾ, പെറോസ് സാൻഹോസ് അറ്റോൾ, ത്രീ ബ്രദേഴ്സ്, ഈഗ്ൾ, ഡെയ്ഞ്ജർ ദ്വീപുകൾ † ഡീഗോ ഗാർഷ്യ അറ്റോൾ എന്നിവ ഇതിൽപ്പെടും. ഒടുവിൽ പറഞ്ഞതാണ് ഏറ്റവും വലുത്.

കൊടുങ്കാറ്റുകളുടെ പാതയിൽനിന്ന് ഒഴിഞ്ഞുകിടക്കുന്ന ഈ ദ്വീപുകൾക്കു സമരതന്ത്രപ്രാധാന്യം ഉണ്ട്. ഡീഗോ ഗാർഷ്യ വിമാനങ്ങൾക്കും കപ്പലുകൾക്കും ഇന്ധനം നല്കുന്ന സ്ഥലമായി വികസിപ്പിച്ചിരിക്കുന്നു. ഇവിടെ യു.എസ്സിൻെറയും യു.കെ.യുടെയും വികസനശ്രമങ്ങളെ ഇന്ത്യയും അയൽരാജ്യങ്ങളും എതിർത്തിട്ടുണ്ട്. ഈ പ്രദേശം സമാധാനമേഖലയായി നിലനിർത്തണം എന്നാണ് ഇന്ത്യയുടെ ആഗ്രഹം.

ഛാത്രാരിനൃത്തം

ഹിമാചൽപ്രദേശിലെ ചമ്പാജില്ലയിലുള്ള ഛാത്രാരി ഗ്രാമവാസികൾ നടത്തുന്ന ഒരു നാടോടിനൃത്തം. പ്രേമം, വിവാഹം, യാത്ര, കൃഷി തുടങ്ങിയവയെ സംബന്ധിക്കുന്ന വിഷയങ്ങളാണ്, വൈവിധ്യമേറിയ ഈ നൃത്തപരിപാടികളിലൂടെ അവതരിപ്പിക്കുക. ഉള്ളടക്കത്തിൻെറ വ്യത്യാസമനുസരിച്ചു പല പേരുകളിലും രൂപങ്ങളിലും ഇതു പ്രകടിപ്പിച്ചുവരുന്നു.

വിവാഹങ്ങളും യാത്രകളും നടക്കുമ്പോൾ രണ്ടു സംഘം സ്ത്രീകൾ നടത്തുന്ന നൃത്തമാണു [illegible]. ഒരു രാജാവും അദ്ദേഹത്തിൻെറ കാമുകിയായ ഒരു അധഃകൃതവർഗസ്ത്രീയും തമ്മിൽ നടത്തുന്ന സല്ലാപങ്ങളാണ് ഇതിനുപയോഗിക്കുന്ന ഗാനങ്ങളിലെ വിഷയം. ഒരു സംഘം രാജാവിൻെറ ചോദ്യങ്ങളും മറ്റേ സംഘം കാമുകിയുടെ മറുപടിയുമാണു ഗാനങ്ങളിലൂടെ അവതരിപ്പിക്കുക.

മഞ്ഞു വീഴുന്നതോടെ കാംഗ്രാം മലമ്പ്രദേശങ്ങളിലേക്കു മാറിത്താമസിക്കുന്ന ഗ്രാമവാസികൾ നടത്തുന്ന നൃത്തമാണു ദീപക്. ഇതിനും പശ്ചാത്തലസംഗീതവും വാദ്യോപകരണങ്ങളുമുണ്ട്.

ഇതിലെ ഗാനത്തിനു ചിത്-ജ്യോതി എന്നാണു പേര്. ജീവസന്ധാരണത്തിനായി സ്ഥലംവിട്ടുപോകുന്ന കാമുകന്റെ മുമ്പിൽ കാമുകി നടത്തുന്ന പരിദേവനങ്ങളാണു പാട്ടിന്റെ വിഷയം.

ചരാദ് (Chad)

ആഫ്രിക്കയുടെ ഉത്തരാർധത്തിന്റെ മധ്യഭാഗത്തായി സമുദ്രതീരത്തിൽനിന്നു വളരെ അകലെ സ്ഥിതിചെയ്യുന്ന ഒരു സ്വതന്ത്ര പരമാധികാര രാജ്യം. ഉത്തര അക്ഷാംശങ്ങളിൽ 8°-ക്കും ഉത്തരായനരേഖയ്ക്കും പൂർവരേഖാംശങ്ങളിൽ 13°, 40′-ക്കും 24°-ക്കും ഇടയ്ക്കായി കിടക്കുന്നു. വടക്കു ലിബിയ, പടിഞ്ഞാറു നൈജർ, നൈജീരിയ, തെക്കുപടിഞ്ഞാറു കാമെറൂൺ, തെക്കു സെൻട്രൽ ആഫ്രിക്കൻ റിപ്പബ്ലിക്ക്, കിഴക്കു സുഡാൻ എന്നീ രാജ്യങ്ങളാൽ ചുറ്റപ്പെട്ടതാണു ചരാദ്. വിസ്തൃതി 12,84,635 ച.കി.മീ. ജനസംഖ്യ: 45,04,000 (1985). തലസ്ഥാനം എൻ ജാമെന.



രാജ്യത്തിന്റെ പടിഞ്ഞാറെ അതിർത്തിയിലാണു വിശാലമായ ചരാദ്തടാകം. കിഴക്കുഭാഗത്ത് 1,500 മീറ്റർ വളരെ ഉയരമുള്ള എന്നഡി (Ennedi)പീഠഭൂമിയാണ്. വടക്കുവശത്തുള്ള തിബെസ്തിപർവതത്തിലെ എമികൗസ്സി (3415 മീറ്റർ പൊക്കം) എന്ന കൊടുമുടിയാണു ചരാദിലെ ഏറ്റവും ഉയരംകൂടിയ സ്ഥാനം. 3000 മീറ്ററിലധികം പൊക്കമുള്ള വേറെ മൂന്നു കൊടുമുടികൾ ഈ പർവതനിരകളിലുണ്ട്. വടക്കും, കിഴക്കും, തെക്ക് ഏതാനും ഭാഗവും 600 മീറ്റർ പൊക്കമുള്ള പീഠഭൂമിപ്രദേശമാണ്. മധ്യഭാഗത്തിന്റെ പടിഞ്ഞാറു പല ഭാഗങ്ങളിലും പൊക്കം കുറഞ്ഞ പീഠഭൂമിപ്രദേശമാണ്.

ഉത്തരാർധത്തിൽ തെക്കുപടിഞ്ഞാറൻ പ്രദേശത്തിൽ താണ ചതുപ്പുനിലമുണ്ട്. ചാരി, ലോഗോൺ എന്നിവയാണു പ്രധാന നദികൾ. ഇവ വടക്കോട്ടൊഴുകി ഒരുമിച്ചുചേർന്നു പിന്നീടു 108 കി.മീ. കൂടി ഒഴുകിയശേഷം ചരാദ്തടാകത്തിൽ വീഴുന്നു. രാജ്യത്തിന്റെ ഉത്തരാർധം സഹാറാമരുഭൂമിയുടെ ഭാഗമാണ്. സഹാറാപ്രദേശത്തു മഴ 50 മി.മീറ്ററിനും 250 മി.മീറ്ററിനും ഇടയ്ക്കാണ്. തെക്കോട്ടു വരുന്തോറും മഴ കൂടുന്നു. ചരാദ് തടാകത്തിനു സമീപം ആണ്ടിൽ ശരാശരി 1200 മി.മീറ്റർ മഴ പെയ്യാറുണ്ട്.

തെക്കൻ പ്രദേശങ്ങളിലാണു കൃഷിയുള്ളത്. പരുത്തിയാണു പ്രധാന നാണ്യവിള. രാജ്യത്തിന്റെ കയറ്റുമതി വരുമാനത്തിന്റെ 80 ശതമാനവും പരുത്തിയിൽനിന്നു ലഭിക്കുന്നു. മില്ലറ്റ്, സോർഗം, നെല്ല്, കിഴങ്ങുകൾ മുതലായവയാണു ഭക്ഷ്യവിളകൾ. കാലിവളർത്തൽ ഒരു പ്രധാന തൊഴിലാണ്. ആടുമാടുകളും ഒട്ടകങ്ങളുമാണു പ്രധാന വളർത്തുമൃഗങ്ങൾ. കന്നുകാലികൾ, മാംസം, തുകൽ, മത്സ്യം, ഗം അറബിക്ക് മുതലായവ ചരാദിൽനിന്നു കയറ്റുമതി ചെയ്യാറുണ്ട്.

വ്യാവസായികമായി വളരെ പിന്നോക്കംനില്ക്കുന്ന രാജ്യമാണിത്. മത്സ്യത്തിന്റെയും മാംസത്തിന്റെയും സംസ്കരണം, തുകൽ സാധനങ്ങളുടെ നിർമാണം, തുണിനിർമാണം എന്നീ വ്യവസായങ്ങൾ വികസിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ചരാദ്തടാകത്തിനു വടക്കുള്ള പ്രദേശത്തുനിന്നു കിട്ടുന്ന നാട്രോൺ (Natron) ഒഴികെ മറ്റൊരു ലോഹധാതുവും ഇവിടെ ഇല്ല. ഗതാഗതസൗകര്യങ്ങൾ കുറവാണ്. റോഡുകളാണു പ്രധാന ഗതാഗതമാർഗം. ആകെ 25,000 കി.മീ. റോഡുണ്ടെങ്കിലും നല്ല റോഡുകൾ കുറവാണ്. നദികളിൽ വർഷകാലത്തു മാത്രമേ വള്ളങ്ങൾക്കു സഞ്ചരിക്കാൻ കഴിയൂ. വ്യോമഗതാഗതം കുറെ വികസിച്ചിട്ടുണ്ട്. എൻ ജാമെനയിലെ വിമാനത്താവളം എല്ലാത്തരം വിമാനങ്ങൾക്കും ഇറങ്ങാൻ സൗകര്യമുള്ളതാണ്. വിമാനംവഴി ധാരാളം ചരക്കുകൾ കൊണ്ടുപോകുന്നു.

ഭരണം. 1959-ലാണു ചരാദിനു സ്വന്തമായ ഭരണഘടന ഉണ്ടായത്. 1964-ൽ പുതിയ ഒരു ഭരണഘടന നിലവിൽവന്നു. ഇപ്പോൾ സൈനിക ഭരണമാണ്. രാഷ്ട്രീയകക്ഷികൾ ഇല്ല. ചരാദ് യൂറോപ്യൻ സാമ്പ

മധ്യചരാദിലെ ഒരു ഗ്രാമീണച്ചന്ത

ത്തിക സമൂഹ(ഇ.ഇ.സി.)വുമായി ബന്ധപ്പെട്ട രാജ്യമാണ്. ഐക്യരാഷ്ട്രസംഘടനയിലും മറ്റ് അന്താരാഷ്ട്രസമിതികളിലും ഇതിന് അംഗത്വമുണ്ട്. സൈനികരുടെ എണ്ണം 4200.

ഛാദിലെ ജനവർഗങ്ങളിൽ സുഡാനിക് അറബികൾ 30.3%. ബഗിർമി, സാര, ക്രീഷ്‌വർഗങ്ങൾ 25.8%. തേഡാ, മുബു, മസാലിത്, മ്ബം മുതലായവ ആണു മറ്റു വർഗങ്ങൾ.

ദിനപത്രങ്ങൾ 3. റേഡിയോ : 75,000. റ്റി.വി.സെറ്റുകൾ 900.

ചരിത്രം. ഇന്നത്തെ ഛാദ്പ്രദേശത്ത് എ.ഡി. 800 മുതൽ 1900 വരെ പല ചെറിയ സ്വതന്ത്രരാജ്യങ്ങൾ നിലനിന്നിരുന്നു. 19-ാംനൂറ്റാണ്ടിന്റെ മധ്യഘട്ടംവരെ ഇവിടെനിന്ന് അടിമകളെ പിടിച്ചുകൊണ്ടുപോകാറുണ്ടായിരുന്നു. 1890-കളിൽ ഫ്രെഞ്ചുകാർ ഈ പ്രദേശത്തേക്കു കടന്നുചെന്നു. 1905-ൽ ഛാദ് ഫ്രാൻസിന്റെ വകയായിത്തീർന്നു. ഫ്രെഞ്ച് ഇക്വറ്റോറിയൽ ആഫ്രിക്കയുടെ ഭാഗമായിരുന്നു ഛാദ്. 1920-ൽ ഒരു പ്രത്യേകകോളണിയായി അംഗീകരിക്കപ്പെട്ടു. 1958-ൽ ഛാദിന് സ്വയംഭരണാവകാശങ്ങൾ ലഭിച്ചു. 1960-ൽ അത് ഒരു സ്വതന്ത്ര റിപ്പബ്ലിക്കായി. ഫ്രാങ്കോയി ടോം ബാൽ ബായേ ആദ്യത്തെ പ്രസിഡന്റുമായി. മുസ്ലീങ്ങളും ഗവൺമെന്റും തമ്മിൽ 1962-ലുണ്ടായ സംഘട്ടനത്തെത്തുടർന്നു പ്രസിഡന്റ് രാജ്യത്ത് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു. ടോം ബാൽ ബായേയുടെ പ്രോഗ്രസ്സീവ് പാർട്ടിയൊഴിച്ചുള്ള മറ്റെല്ലാ രാഷ്ട്രീയപാർട്ടികളും നിരോധിക്കപ്പെട്ടത് ആയിടയ്ക്കാണ്.

ഛാദ് തടാകം

പശ്ചിമമധ്യാഫ്രിക്കയിലെ ഒരു തടാകം. ഛാദ്, കാറൂൺ, നൈജീരിയ എന്നീ രാജ്യങ്ങൾ ചേരുന്നിടത്തു സ്ഥിതിചെയ്യുന്നു. ഇത് ഒരു പ്രാചീന സമുദ്രത്തിന്റെ അവശിഷ്ടമാണ്. പശ്ചിമാഫ്രിക്കയിലെ ഏറ്റവും വലിയ തടാകം. 'ഗ്രേറ്റ് ബാരിയർ' എന്ന മുരുപ്പ് ഈ തടാകത്തിന്റെ തലത്തെ രണ്ടായി വിഭജിക്കുന്നു. തടാകത്തിന്റെ ഉത്തരഖണ്ഡം ചിലപ്പോൾ വറ്റിപ്പോകുന്നു. ഋതുഭേദമനുസരിച്ചു തടാകത്തിന്റെ ആഴത്തിൽ വ്യത്യാസം വരുന്നു. ശക്തിയായ ഓളവും തൃണവർഗങ്ങളും കാരണം ഇതിലൂടെയുള്ള സഞ്ചാരം ക്ലേശകരമാണ്. അതിനുപുറമേ മുതലകളും നീർക്കുതിരകളും വെള്ളത്തിൽ ധാരാളമുണ്ട്. വിസ്താരം കാലഭേദമനുസരിച്ചു വ്യത്യാസപ്പെടുന്നു. 9840-നും 25,760-നും ഇടയ്ക്കു ച.കി.മീറ്ററാണു വിസ്താരമെന്നു സാമാന്യമായി പറയാം.

ഛാന്ദോഗ്യോപനിഷത്ത്

പ്രധാന ഉപനിഷത്തുകളിൽ ഒന്ന്. ഇത് സാമവേദസംബന്ധിയായ തലവകാരബ്രാഹ്മണത്തിലാണുൾപ്പെടുന്നത്. ക്രമബദ്ധവും പ്രൗഢവും യുക്തിയുക്തവുമായ പ്രതിപാദനംകൊണ്ടും, വിഷയങ്ങളുടെ വൈവിധ്യംകൊണ്ടും ഛാന്ദോഗ്യം ഇതര ഉപനിഷത്തുകളിൽനിന്നു വ്യത്യസ്തമായി നിലകൊള്ളുന്നു. പില്ക്കാലത്ത് ആവിർഭവിച്ച പല താന്ത്രികാനുഷ്ഠാനങ്ങളുടെയും ദഹരവിദ്യ, ഹൃദ്‌വിദ്യ തുടങ്ങിയ ധ്യാനപദ്ധതികളുടെയും ബീജം ഈ ഉപനിഷത്തിലുണ്ട്. വേദങ്ങൾക്കു കർമം, ഉപാസന, ജ്ഞാനം എന്നീ മൂന്നു കാണ്ഡങ്ങളുള്ളതിൽ ഒടുവിലത്തെ രണ്ടെണ്ണമാണ് ഈ ഉപനിഷത്തിലെ പ്രതിപാദ്യം. മനസ്സിന്റെ ശുദ്ധിക്കും വളർച്ചക്കും ഉതകുന്നതിനാൽ ഉപാസനയും ജ്ഞാനവുമാണു ജടിലമായ വൈദികകർമങ്ങളെക്കാൾ ശ്രേഷ്ഠമെന്നു സൂചിപ്പിക്കുന്നതാണ് ഇതിലെ മിക്ക കഥകളും. ദൃശ്യമായ സകലതും യാതൊന്നിൽനിന്ന് ഉദ്ഭവിച്ച് യാതൊന്നിൽ സ്ഥിതിചെയ്ത് യാതൊന്നിൽ വിലയം പ്രാപിക്കുന്നുവോ 'അതും' 'നീയും' ഒന്നുതന്നെ എന്നതാണ് ഈ ഉപനിഷത്തിന്റെ സന്ദേശം.

എട്ട് അധ്യായങ്ങളിലായി (പ്രപാഠകങ്ങൾ) 154 ഖണ്ഡമാണ് ഇതിന്റെ സ്ഥൂലരൂപം. ബ്രഹ്മാവ് പ്രജാപതിക്കും (കശ്യപപ്രജാപതിയെന്ന് ശാങ്കരഭാഷ്യം). അദ്ദേഹം മനുവിനും മനു തന്റെ പ്രജാവർഗങ്ങൾക്കും ഉപദേശിച്ചുകൊടുത്തുവെന്നാണ് ഇതിന്റെ ഗുരുപരമ്പരാക്രമം സൂചിപ്പിക്കുന്നത്. പല ആചാര്യന്മാരും ശിഷ്യന്മാരും തമ്മിലുള്ള സംവാദങ്ങളും പണ്ഡിതന്മാർ തമ്മിലുള്ള ചർച്ചകളും ഇതിലുണ്ട്.

'ഓം' എന്ന അക്ഷരത്തെ 'ഉദ്ഗീഥ' മായി ഉപാസിക്കണമെന്ന (ഓമിത്യേതദക്ഷരമുദ്ഗീഥമുപാസീത) ഉപദേശത്തോടുകൂടിയാണ് ഈ ഉപനിഷത്ത് ആരംഭിക്കുന്നത്. ഓംകാരം സകലത്തിന്റെയും രസം (ഉത്പത്തി, സ്ഥിതി, ലയം എന്നിവയുടെ സ്ഥാനം) ആണെന്നും ഇതിൽ സ്ഥാപിച്ചിട്ടുണ്ട്. ദേവാസുരയുദ്ധത്തിൽ ദേവന്മാർ മുഖ്യപ്രാണന്റെ രൂപത്തിൽ ഉദ്ഗീഥത്തെ ഉപാസിച്ച് അസുരന്മാരെ തോല്പിച്ച കഥ, ദേവന്മാർ മൃത്യുവിനെ ഭയന്ന ദേവകർമാനുരൂപമായ ത്രയീവിദ്യയെ അഭയം പ്രാപിച്ചതും അവിടെ രക്ഷകിട്ടാഞ്ഞതിനാൽ പിന്നീട് ഓംകാരത്തെ ശരണംപ്രാപിച്ചതുമായ കഥ, ഗാലവന്റെ പുത്രനായ ശിലകൻ, ചികിതായനപുത്രനായ ദാല്ഭ്യൻ, ജീവലപുത്രനായ പ്രവാഹണൻ എന്നിവർ ചേർന്നു നടത്തുന്ന ചർച്ച, ഇഭ്യഗ്രാമത്തിലെ ചക്രായണ ഉഷസ്തി ഉച്ഛിഷ്ടം ഭക്ഷിക്കുന്നതും അദ്ദേഹം പിന്നീട് യജ്ഞശാലയിൽ ചെന്ന് രാജാവിനോടും പുരോഹിതന്മാരോടും സംവാദം നടത്തുന്നതുമായ കഥ, വെളുത്ത ശ്വാവിന്റെ കഥ എന്നിവയാണ് ഒന്നാം അധ്യായത്തിൽ വിവരിച്ചിട്ടുള്ളത്.

ഈ കഥകളെല്ലാംതന്നെ കർമത്തെക്കാൾ ഉപാസനയ്ക്കുള്ള പ്രാധാന്യം കാണിക്കുന്നവയാണ്. ഒരു വെളുത്ത പട്ടിയുടെ നേതൃത്വത്തിൽ പട്ടികളെല്ലാംകൂടി യജ്ഞത്തിൽ പുരോഹിതന്മാർ നടക്കാറുള്ളതുപോലെ നടന്ന് ഒടുവിൽ ഇരുന്നുകൊണ്ടു ജപിക്കുവാൻ തുടങ്ങി-'ഓം ഞങ്ങൾ ഭക്ഷിക്കുന്നു, ഓം ഞങ്ങൾ കുടിക്കുന്നു, ഓം, വരുണ, പ്രജാപതി, സൂര്യ, അന്നം കൊണ്ടുവരിക, ഹേ, അന്നപതേ അന്നം കൊണ്ടുവരിക, അന്നം കൊണ്ടു വരിക ഓം' എന്നിങ്ങനെ. ഇതിലെ വെളുത്ത പട്ടി പ്രധാന പുരോഹിതനാണ്. പൗരോഹിത്യകർമങ്ങളെ പരിഹസിക്കുകയാണ് ഇവിടെ.

ഉദ്ദാലക ആരുണിയും ശ്വേതകേതുവും തമ്മിലുള്ള സംവാദരൂപത്തിലുള്ള ആറാം അധ്യായം തത്വശാസ്ത്രത്തിന്റെ ലോകത്തിൽ വരെ സമ്മതി ആർജിച്ചിട്ടുള്ള ഒന്നാണ്. വിദ്യാഭ്യാസം കഴിഞ്ഞ് അല്പം അഹങ്കാരിയായി വന്ന ശ്വേതകേതുവും പിതാവും തമ്മിലുള്ള സംവാദത്തിന്റെ രൂപത്തിലാണ് ഈ അധ്യായം രചിച്ചിരിക്കുന്നത്. ജഗത്തിന്റെ സദ്രൂപത സൃഷ്ടിക്രമം തുടങ്ങിയവയെ ഈ ഭാഗത്ത് വിവരിച്ചിരിക്കുന്നു.

തത്വശാസ്ത്രത്തിൽ വളരെ പ്രാധാന്യമുള്ള 'തത്വമസി' എന്ന വാക്യം ആദ്യമായി പ്രത്യക്ഷപ്പെടുന്നത് ഈ ഭാഗത്താണ്. പിതാവ് ശ്വേതകേതുവിനു നല്കുന്ന ഉപദേശങ്ങളിൽ ആണ് ഈ മഹാതത്വമുള്ളത്. ഒമ്പതുഭാഗത്ത് ഈ വാക്യം ആവർത്തിക്കുന്നു. നദി, ആലിന്റെ ബീജം, വൃക്ഷം ജലത്തിൽ ലയിച്ച ലവണം തുടങ്ങിയ പല ദൃഷ്ടാന്തങ്ങളും ഉപയോഗിച്ച് ഈ ആശയം വിവരിക്കുന്നുണ്ട്. മലയാളത്തിൽ മൃഡാനന്ദ സ്വാമിയുടെയും ടി.എൻ.എൻ. ഭട്ടതിരിപ്പാടിന്റെയും (ശങ്കരപരിഭാഷ്യഭാഷ) വ്യാഖ്യാനങ്ങളുണ്ട്.

'സയ ഏഷോ' ണിമൈ തദാത്മ്യമിദം സർവം തത്സത്യം സ ആത്മാ തത്വമസി ശ്വേതകേതോ' (ആ അണുവായിരിക്കുന്ന തദ്രൂപം തന്നെയാണ് സർവതും. അതു സത്യമാണ്. അത് ആത്മാവാണ്. ശ്വേതകേതോ അതു നീയാണ്). തത്വശാസ്ത്രത്തിന്റെ ലോകത്തിൽ വളരെ പ്രാധാന്യമുള്ള ഈ വാക്യം ആദ്യമായി പറയുന്നത് ഇവിടെയാണ്. ഇതിലെ 'തത്വമസി' വേദാന്തത്തിലെ ഒരു മഹാവാക്യമാണ്. ആകെ ഒൻപതുഭാഗത്ത് ഈ വാക്യം ആവർത്തിക്കുന്നുണ്ട്. നദി, ആലിന്റെ ബീജം, വൃക്ഷം, ജലത്തിൽ ലയിച്ച ലവണം തുടങ്ങിയ പല ദൃഷ്ടാന്തങ്ങളുമുപയോഗിച്ച് ആ ആശയത്തെ വിവരിക്കുന്നുണ്ട്.

യോഗശാസ്ത്രത്തിലും വേദാന്തത്തിലും പ്രാധാന്യമുള്ള ഈ ഉപനിഷത്തിനെ ശങ്കരാചാര്യർ, രാമാനുജാചാര്യർ, മാധ്വാചാര്യർ തുടങ്ങിയ പല ആചാര്യന്മാരും തങ്ങളുടെ മതങ്ങൾക്കനുകൂലമായ രീതിയിൽ വ്യാഖ്യാനിച്ചിട്ടുണ്ട്. ഭാരതീയദാർശനികന്മാരുടെ ചിന്താപരമായ കഴിവിന്റെയും ഭാവനയുടെയും കവിത്വത്തിന്റെയും ഉത്കൃഷ്ടമായ മാതൃകകൾ നിറഞ്ഞതാണ് ഈ ഉപനിഷത്ത്. † ഉപനിഷത്തുകൾ നോക്കുക.

ഛായ

സൂര്യദേവന്റെ പത്നീസ്ഥാനത്തു വർത്തിച്ച ഒരു സ്ത്രീ. ഇവൾ വിശ്വകർമാവിന്റെ പുത്രിയും സൂര്യപത്നിയായ സംജ്ഞയുടെ സഹോദരിയുമാണെന്നു ചിലെടത്തു കാണുന്നു. ഒരിക്കൽ ഭർത്താവിന്റെ ചൂടു സഹിക്കാൻവയ്യാതെ, സഹോദരിയായ ഛായയെ ഭർതൃശുശ്രൂഷയ്ക്കു നിയോഗിച്ചശേഷം സംജ്ഞ ഏതോ വനത്തിൽ അഭയംപ്രാപിച്ചു. ഛായ സംജ്ഞയാണെന്ന ധാരണയിൽ സൂര്യൻ അവളോടൊത്തു കഴിഞ്ഞു. അവൾക്ക് ശനി, മനു, സാവർണി എന്നീ പുത്രന്മാരും തപതി (നദി) എന്ന പുത്രിയും ജനിച്ചു. ഈ സന്താനങ്ങളോടു ഛായയ്ക്കു തോന്നിയ പക്ഷപാതിത്വം സംജ്ഞാപുത്രനായ യമനെ കുപിതനാക്കി. അയാൾ കാലുയർത്തി ഛായയെ തൊഴിക്കാ

നൊരുങ്ങി. ഛായയുടെ ശാപത്തിന്റെ ഫലമായി യമന്റെ കാലിൽ വ്രണം പിടിപെട്ടു. അപ്പോഴാണു തന്റെ ഭാര്യയായി ഇത്രയുംനാൾ കഴിഞ്ഞുകൂടിയ ഈ സ്ത്രീയെക്കുറിച്ചു സൂര്യനു സംശയം തോന്നിയത്. പരമാർഥം മനസ്സിലാക്കിയ സൂര്യൻ ഛായയെ ഉപേക്ഷിച്ചു സംജ്ഞയെ അന്വേഷിച്ചു തിരിച്ചുകൊണ്ടുവന്നു.

ഛായാഗ്രഹണം

† ഫോട്ടോഗ്രഫി നോക്കുക.

ഛായാഗ്രഹണി

രാമായണത്തിൽ ഹനൂമാന്റെ സമുദ്രലംഘനത്തെ തടസ്സപ്പെടുത്താനെത്തിയ ഒരു രാക്ഷസി. ഹനൂമാൻ സമുദ്രതരണം ചെയ്യുമ്പോൾ താഴെ പതിഞ്ഞ നിഴലിൽ കുത്തി അദ്ദേഹത്തെ സംഹരിക്കാനായിരുന്നു മായാവിനിയായ ഇവളുടെ ഉദ്യമം. കാര്യം മനസ്സിലാക്കിയ ഹനൂമാൻ ഛായാഗ്രഹണിയെ ഒറ്റച്ചവിട്ടിനു കൊന്നു. സിംഹിക എന്നാണ് ഈ രാക്ഷസിയുടെ യഥാർഥ നാമധേയം. ഛായ ഗ്രഹിച്ച് ആളുകളെ പിടിച്ചു നിർത്തുന്നവളാകയാൽ ഛായാഗ്രഹണി എന്ന പേരുണ്ടായി.

ഛായാഗ്രാഹി

†കാമറ നോക്കുക.

ഛായാചിത്രരചന

വ്യക്തിയുടെ ചിത്രം രചിക്കുന്ന സമ്പ്രദായം. കാൻവാസിലോ കല്ലിലോ തടിയിലോ കടലാസ്സിലോ ദന്തത്തിലൊ ചുവരിലോ ആലേഖനം ചെയ്തിരിക്കുന്ന ഒരു വ്യക്തിയുടെ രൂപമാണു ഛായാചിത്രം (Portrait). ഒരു പ്രത്യേക വ്യക്തിയുമായി രൂപസാദൃശ്യമുണ്ടായിരിക്കുമെന്നതാണു ഛായാചിത്രത്തിനു മറ്റു ചിത്രങ്ങളിൽനിന്നുമുള്ള വ്യത്യാസം. തികച്ചും കലാപരമായ ഒരു രീതിയല്ല ഇത്. അനുഭൂതികളുടെ ആവിഷ്കാരമെന്നതിനെക്കാൾ ഏറെ വസ്തുക്കളുടെ അനുകരണമാണിത്.

മൊഹൻജോദരോ, ഹരപ്പ, ഈജിപ്ത്, മെസപ്പൊട്ടേമിയ എന്നിവിടങ്ങളിലെ പ്രാചീനനാഗരികതകളിൽനിന്നെല്ലാംതന്നെ ധാരാളം ഛായാചിത്രങ്ങൾ ലഭിച്ചിട്ടുണ്ട്. രാജാക്കന്മാർ, വീരയോദ്ധാക്കൾ തുടങ്ങിയവരുടെ ഛായാചിത്രങ്ങളാണു രചിച്ചിരുന്നത്. ഗ്രീക്കുകാരുടെയും റോമക്കാരുടെയും കാലത്തോടുകൂടി ഛായാചിത്രരചന പ്രചുരപ്രചാരം നേടി. എന്നാൽ മധ്യയുഗത്തിൽ ഛായാചിത്രരചനയ്ക്കു വലിയ പ്രാധാന്യമുണ്ടായില്ല. ആളുകൾ ഇക്കാലത്തു മനുഷ്യരുടെ ശരീരത്തെക്കാൾ പ്രാധാന്യം ആത്മാവിനു കൊടുത്തതാണിതിനു കാരണം. പിന്നീടു പതിനഞ്ചാംനൂറ്റാണ്ടിൽ നവോത്ഥാനകാലത്തോടുകൂടിയാണ് ആളുകളുടെ ശ്രദ്ധ മനുഷ്യനിലേക്കു തിരിഞ്ഞതും ഛായാചിത്രങ്ങളുടെ നിർമാണം അധികമായിത്തുടങ്ങിയതും. ഇറ്റലിയും ഫ്ളാൻഡേഴ്സുമായിരുന്നു ആധുനിക ഛായാചിത്രനിർമാണത്തിന്റെ കേന്ദ്രങ്ങൾ. മതപരമായ ചിത്രങ്ങളോടൊപ്പം അതിനു പ്രേരിപ്പിച്ച ആളിന്റെയും ഭാര്യയുടെയും ഛായാചിത്രങ്ങളെ ഉൾപ്പെടുത്തുകയെന്നതു ഫ്ളാൻഡേഴ്സിലെ ഒരു രീതിയായിരുന്നു. ഇത്തരത്തിലുള്ള ഛായാചിത്രങ്ങളിൽ തലയും ചുമലുകളും മാത്രമേ ഉണ്ടായിരുന്നുള്ളു. പതിനാറാംനൂറ്റാണ്ടുവരെയും ഇത്തരത്തിലുള്ള ഛായാചിത്രങ്ങളായിരുന്നു യൂറോപ്പിലും മറ്റും പ്രചരിച്ചിരുന്നത്. എന്നാൽ കുലീനരെയും മറ്റും ചിത്രീകരിക്കുന്നതിനായി ചിത്രത്തിൽ കുലീനതകൂടി പില്ക്കാലത്ത് ഉൾപ്പെടുത്തി. ഈ രീതിയിലാണു ഛായാചിത്രരചനയിൽ 'കുലീനരീതി' ആവിർഭവിച്ചത്. വെനീസിലാണു തുടക്കം. കുലീനതയുടെ സ്വഭാവങ്ങളും ചിഹ്നങ്ങളും എല്ലാം കാണിക്കത്തക്കവണ്ണം പൂർണകായരൂപത്തിലായിരുന്നു ആളുകളെ ഈ രീതിയിൽ ചിത്രീകരിച്ചിരുന്നത്.

മറ്റു പല രാജ്യങ്ങളിലും ഛായാചിത്രരചനാപ്രസ്ഥാനങ്ങളുണ്ടായിരുന്നുവെങ്കിലും ബ്രിട്ടനിൽ പതിനെട്ടാംനൂറ്റാണ്ടോടുകൂടി മാത്രമാണു തനതായ ഒരു ഛായാചിത്രരചനാസമ്പ്രദായം ഉണ്ടായത്. 'കുലീനരീതി'യായിരുന്നു മിക്കവാറും ഇവിടെ അനുവർത്തിച്ചുവന്നിരുന്നത്.

ഛായാചിത്രങ്ങളുടെ ഒരു പ്രത്യേകരൂപമാണു കാരിക്കേച്ചർ ഇതിൽ യഥാർഥരൂപങ്ങളെ സ്വപ്രകൃതി നഷ്ടപ്പെടാതെതന്നെ വിപുലീകരിച്ചിരിക്കും.

കേരളത്തിൽ രവിവർമയുടെ കാലംമുതല്ക്കാണു ഛായാചിത്രരചന കലാപരമായത്. അക്കാലത്തെ ഏറ്റവും നല്ല ഛായാചിത്രകാരനായിരുന്നു അദ്ദേഹം. †രവിവർമ നോക്കുക.

ഛായാവാദം

'സിംബലിസം' എന്ന ഇംഗ്ലീഷ് പദത്തിന്റെ ഹിന്ദി പരിഭാഷ. പ്രതീകവാദം എന്നും ഛായാവാദത്തെ വിളിക്കാം. † ജയശങ്കർ പ്രസാദ്, † മഹാദേവീവർമ, † സുമിത്രാനന്ദൻ പന്ത്, † നിരാല എന്നീ കവികളാണു ഛായാവാദികളിൽ പ്രമുഖർ. രഹസ്യവാദത്തിന്റെ (മിസ്റ്റിസിസത്തിന്റെ) ഒരു വിഭാഗമായി ഛായാവാദത്തെ കരുതാം. മലയാളത്തിൽ ജി. ശങ്കരക്കുറുപ്പ് ഈ വിഭാഗത്തിൽപ്പെടുന്ന കവിതകൾ ധാരാളമായി എഴുതിയിട്ടുണ്ട്.

ഛിന്നകം(Frustum)

കോണിനെയോ പിരമിഡിനെയോ കുറുകെ മുറിക്കുമ്പോൾ കിട്ടുന്ന കൂർത്തതല്ലാത്ത ഘനരൂപം. കോണിന്റെ ആധാരത്തിനു സമാന്തരമായി അതിനെ മുറിക്കുമ്പോൾ ഉള്ള കൂർത്ത അറ്റമല്ലാത്ത ഭാഗമാണു കോണിന്റെ ഛിന്നകം. മുറിച്ചുവേർപെടുത്തുന്നതിനു മുമ്പുള്ള കോണിന്റെ വ്യാപ്തത്തിൽനിന്നു പുതിയ കോണിന്റെ വ്യാപ്തം കുറച്ചാൽ ഛിന്നകത്തിന്റെ വ്യാപ്തം കിട്ടും. ബക്കറ്റ്, പൂച്ചട്ടി, വിളക്കുഷേഡ് എന്നിവ ഛിന്നകത്തിന്റെ സാധാരണ ഉദാഹരണങ്ങളാണ്. മുകൾഭാഗം മുറിച്ചു മാറ്റുമ്പോൾ കിട്ടുന്ന പിരമിഡിന്റെ അടിവശവും ഛിന്നകമാണ്.

ഛേദകരേഖ (Secant)

ഗണിതശാസ്ത്രത്തിൽ വക്രത്തെ മുറിക്കുന്ന നേർവര. വൃത്തം ഒരു വക്രമാണ്. നേർവര (A, B) വൃത്തത്തെ രണ്ടു ബിന്ദുക്കളിൽ (C, D) ഛേദിക്കുന്നു. ഈ ഛേദകബിന്ദുക്കൾ അടുത്തടുത്തുവന്ന് ഒരു ബിന്ദുവായി തീരുന്ന അവസ്ഥയിൽ ഛേദകരേഖ വൃത്തത്തിന്റെ സ്പർശരേഖ (tangent) ആയി മാറുന്നു. ഛേദകരേഖയുടെ ഒരു പ്രത്യേക അവസ്ഥയാണു സ്പർശരേഖ.

ഛോട്ടാനാഗ്പൂർ

ബീഹാറിലെ പീഠഭൂമി. ഇന്ത്യയിൽ ഏറ്റവുമധികം ധാതുദ്രവ്യങ്ങളടങ്ങിയ പ്രദേശവും ഘനവ്യവസായകേന്ദ്രവുമാണിത്. പലാമൗ, ഹസാരിബഗ്, ധൻബാദ്, റാഞ്ചി, സിംഗ്ഭും എന്നീ ജില്ലകൾ ചേർന്ന ഇതിന്റെ വിസ്താരം 64,750 ച.കി.മീറ്ററിൽ അധികമാണ്. ഗംഗാ, സോൺ, മഹാനദി എന്നിവയ്ക്കിടയിലാണ് ഉന്നതഭാഗങ്ങൾ. വനപ്രദേശങ്ങളും പാറക്കെട്ടുകളും നിറഞ്ഞ ഇതിന്റെ ഒരു ഭാഗം ദാമോദർ നദീതടത്തിൽ കിടക്കുന്നു. നെല്ല്, ചോളം, പയറുകൾ, എണ്ണവിത്തുകൾ, ഉരുളക്കിഴങ്ങ് എന്നിവയാണു മുഖ്യവിളകൾ. തടി (സാൽ), അരക്ക് (ലോകത്തിലേറ്റവും കൂടുതൽ അരക്കുണ്ടാകുന്നതിവിടെയാണ്), മഹുവാപൂവ് (മദ്യമുണ്ടാക്കാനും ഭക്ഷണമായും ഉപയോഗിക്കുന്നു) എന്നിവ കാട്ടിൽനിന്നും കിട്ടുന്നു. ധാരാളം ആദിവാസികൾ ഇവിടെ പാർക്കുന്നുണ്ട്. വ്യവസായവത്കരണം അവരെ പരിഷ്കരിക്കാൻ സഹായിച്ചു.

ഇന്ത്യയുടെ കൽക്കരിയിൽ പകുതിയും ഇവിടെനിന്നു ലഭിക്കുന്നു. ലോകത്തിൽ മൈക്ക (അഭ്രം) ഹസാരിബഗ് ജില്ലയിലുള്ളത്ര മറ്റധികം സ്ഥലത്തില്ല. ഇരുമ്പ്, ചെമ്പ്, മാൻഗനീസ്, ക്രോമൈറ്റ്, ചീനക്കളിമണ്ണ്, ലൈംസ്റ്റോൺ, അപാടൈറ്റ്, കയനൈറ്റ്, ബോക്സൈറ്റ് എന്നിവയാണു മറ്റു ധാതുക്കൾ. ഇവയെല്ലാം നിഷ്കർഷിച്ചെടുക്കാനുള്ള ധാരാളം വ്യവസായസ്ഥാപനങ്ങളും ഈ പ്രദേശത്തുണ്ട്. ദാമോദർ നദീതടപദ്ധതി ജലവൈദ്യുതിയുണ്ടാക്കാനും ജലസേചനത്തിനും ഉപകരിക്കുന്നു. വ്യവസായവത്കരണം പൂർത്തിയായതു നാല് അണക്കെട്ടുകൾ പണിതീർന്നതോടെയാണ്. തിലയിയാ, കോണാർ, മെയ്തോൻ, പാൻചെട്ട് എന്നിവയാണു മുഖ്യ ജലവൈദ്യുതപദ്ധതികൾ. റാഞ്ചിപട്ടണത്തിലും ചുറ്റുപാടുകളിലും സുന്ദരമായ അനേകം ജലപാതങ്ങളുണ്ട്. പട്ടണത്തെ റോഡുമാർഗമായും റെയിൽമാർഗമായും കട്ടക്ക്, കൽക്കത്ത, പട്നാ എന്നീ നഗരങ്ങളുമായി ബന്ധിപ്പിക്കുന്നു.

ജ

ജ
അക്ഷരമാലയിലെ എട്ടാമത്തെ വ്യഞ്ജനം. ഇതു മൃദുവും താലവ്യവുമാണ്. സംസ്കൃതത്തിലെ മൃദു മലയാള തദ്ഭവങ്ങളിൽ ചകാരമായി മാറും ജടാ, ചടാ, ജലം. ചലം.

'ജ' വിവിധ ഭാഷകളിൽ

മലയാളം ജ

ബ്രാഹ്മി	𑀚	സിംഹളം	ජ
ഗ്രന്ഥാക്ഷരം	ജ	അസമിയ	জ
തെലുഗു	జ	ബംഗാളി	জ
കന്നടം	ಜ	ഒറിയ	ଜ
ദേവനാഗിരി (സംസ്കൃതം ഹിന്ദി, മറാഠി, കൊങ്കണി)	ज	ഉറുദു	ج
കശ്മീരി	𑆘	ഗുജറാത്തി	જ
പഞ്ചാബി	ਜ	ബർമീസ്	ဇ

ജംഗമങ്ങൾ
ഇളകുന്ന വസ്തുക്കൾ. വസ്തുക്കൾ രണ്ടുവിധമുണ്ട്. ജംഗമം, സ്ഥാവരം, ഭൂമി, വൃക്ഷങ്ങൾ, കെട്ടിടങ്ങൾ ഇവ സ്ഥാവരങ്ങളാണ്. വീട്ടുപകരണങ്ങൾ, വാഹനങ്ങൾ, വളർത്തുമൃഗങ്ങൾ മുതലായവ ജംഗമങ്ങളും. സ്വത്തുക്കളുടെ കാര്യത്തിലാണു സ്ഥാവരജംഗമവിഭാഗം സാധാരണമായി ഗണിക്കാറുള്ളത്. അതുകൊണ്ടു മനുഷ്യരെയും ആർക്കും ഉടമ ഇല്ലാത്ത മൃഗങ്ങളെയും ജംഗമങ്ങളായി നിയമദൃഷ്ടിയിൽ ഗണിക്കാറില്ല. അടിമക്കച്ചവടം ഉണ്ടായിരുന്നപ്പോൾ അടിമ ജംഗമസ്വത്തായിരുന്നു.

ഇംഗ്ലീഷ്നിയമത്തിൽ സ്ഥാവരസ്വത്തിനെ റിയൽ പ്രോപ്പർട്ടി എന്നും ജംഗമസ്വത്തിനെ ചാറ്റൽ എന്നും പറഞ്ഞിരുന്നു. ജംഗമങ്ങളുടെ കൈമാറ്റത്തിനുള്ള രേഖ രജിസ്റ്റർ ചെയ്യണം എന്നു നിർബന്ധമില്ല. സ്ഥാവരങ്ങളുടെ കാര്യത്തിൽ അതു നിർബന്ധമാണ്.

ജംബുദ്വീപം
പുരാണങ്ങളിൽ പറയുന്ന സപ്തദ്വീപുകളിൽ ഒന്ന്. വൃത്താകാരത്തിൽ വലിയ ഒരു താമരപ്പൂപോലെയുള്ളതും ഒരുലക്ഷം യോജന വിസ്താരമുള്ളതുമാണ് ജംബുദ്വീപം. ഒൻപതുവർഷങ്ങൾ (ഭൂവിഭാഗങ്ങൾ) ഇതിനുള്ളതായി പറയുന്നുണ്ട്. ദേവീഭാഗവതം അഷ്ടമസ്കന്ധത്തിൽ ജംബുദ്വീപത്തെക്കുറിച്ച് വിശദമായ വർണനയുണ്ട്. ജംബുദ്വീപത്തിൻെറ നടുവിൽ ചതുരശ്രമായികിടക്കുന്ന ഭൂവിഭാഗത്തിന് ഇളാവൃതം എന്നാണു പേർ. ഭദ്രാശ്വം, ഹരി, കേതുമാലം, രമ്യകം, ഹിരണ്മയം, കുരു, ഭാരതം കിമ്പുരുഷം ഇവ ആണു മറ്റുവർഷങ്ങൾ. ഇളാവൃതത്തിൻെറ നടുവിലായി സുമേരു എന്ന പർവതവും പടിഞ്ഞാറുഭാഗത്ത് മാല്യവാൻ പർവതനിരകളും കിഴക്കുഭാഗത്ത് ഗന്ധമാദനപർവതവും സ്ഥിതിചെയ്യുന്നു. സുമേരു പർവതത്തിൻെറ അടിവാരത്തിൽ നന്ദനം, ചൈത്രരഥം, വൈഭ്രാജം, സർവഭദ്രകം എന്നിങ്ങനെ നാലു ദിവ്യോദ്യാനങ്ങൾ ഉള്ളതായും ദക്ഷിണഭാഗത്ത് ഋതുഭേദം കൂടാതെ ഫലപുഷ്പങ്ങൾ തിങ്ങിനില്ക്കുന്ന ജംബുവൃക്ഷങ്ങൾ ഉള്ളതായും ദേവീഭാഗവതത്തിൽ പറയുന്നു.

ജംഷെഡ്പൂർ
ഇന്ത്യയിൽ ബിഹാർ സംസ്ഥാനത്തിലെ പ്രസിദ്ധിനേടിയ 'ഉരുക്കു നഗരം'. ജനസംഖ്യ 4,38,385 (1981). ധാതുദ്രവ്യങ്ങൾ നിറഞ്ഞ ഛോട്ടാനാഗ്പൂർ പീഠഭൂമിയിൽ അതിൻെറ തെക്കുകിഴക്കെ അറ്റത്ത് ബിഹാറിലെ സിങ്ഭൂമ്ജില്ലയിൽ സുവർണരേഖ-ഖാർക്കൈ നദീസംഗമത്തിൽ സ്ഥിതിചെയ്യുന്ന (22°, 15 ' വ. 86°, 15'കി.) ഈ നഗരം കല്ക്കത്തയിൽനിന്ന് 249 കി.മീ. പടിഞ്ഞാറ് കല്ക്കത്ത-നാഗപ്പൂർ-ബോംബെ റെയിൽവേ ലൈനിലാണ്. ടാറ്റാ അയൺ ആൻഡ് സ്റ്റീൽ കമ്പനി സ്ഥാപകനായ ജംഷെഡ്ജി ടാറ്റായുടെ പേരിൽ നഗരം അറിയപ്പെടുന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ കുഗ്രാമമായിരുന്ന ഈ സ്ഥലം 1907—'11-ൽ പ്രസ്തുത കമ്പനിയുടെ സ്ഥാപനത്തോടുകൂടി വലിയ ഒരു വ്യവസായകേന്ദ്രമായി വികസിച്ചു. 1913ലാണ്

ഇവിടെ ഉരുക്കുത്പാദനം ആരംഭിച്ചത്. ഇരുമ്പുരുക്കുവ്യവസായത്തിന് അവശ്യം വേണ്ട ഇരുമ്പയിർ, മാൻഗനീസ്, ഡോളോമൈറ്റ്, ചുണ്ണാമ്പുകല്ല്, കൽക്കരി മുതലായവ അയൽപ്രദേശങ്ങളിൽനിന്നു ധാരാളം ലഭിക്കുന്നു. റോഡ്-റെയിൽ ഗതാഗതസൗകര്യം വിപുലമായ തോതിൽ ഇവിടെയുണ്ട്.ഇരുമ്പുരുക്കുവ്യവസായത്തിനു പറ്റിയ ഇടമാണ് ജംഷെഡ്പൂർ. 74 ച.കി.മീ. വിസ്തൃതിയുള്ള ഈ ഉരുക്കു നഗരത്തിൽ പച്ച ഇരുമ്പ്, ഉരുക്ക്, റെയിൽപാളം, സ്ട്രക്ചറൽ സ്റ്റീൽ, ഓട്ടൊമൊബീൽ, ലോക്കോമോട്ടീവ്, കൃഷിയുപകരണങ്ങൾ, കേബിൾ, സ്റ്റീൽ വയർ, ടിൻ പ്ലേറ്റ്, ഇനാമൽചെയ്ത ഇരുമ്പുസാമാനങ്ങൾമുതലായ വിവിധസാമാനങ്ങൾ വൻതോതിൽ നിർമിച്ചുവരുന്നു.

ജകാർത്ത

ഇന്തോനേഷ്യയുടെ തലസ്ഥാനനഗരം. ജനസംഖ്യ 65,03,449 (1980). ജാവാദ്വീപിന്റെ (യവദ്വീപം) വടുക്കുപടിഞ്ഞാറെ തീരത്ത്, ചിലിവൂങ് നദി ജകാർത്ത ഉൾക്കടലിൽ വീഴുന്ന സ്ഥാനത്ത് ഇതു സ്ഥിതിചെയ്യുന്നു (6°, 30′ തെ. 107°, 0′ കി.). നഗരവും പരിസരങ്ങളും ഉൾപ്പെടെ 592 ച.കി.മീറ്റർ വിസ്തൃതിയുണ്ട്. 1930നു ശേഷമാണ് നഗരവിസ്താരം കൂടിയത്. 1961 മുതൽ 'സ്പെഷ്യൽ ടെറിട്ടറി ഒഫ് ദ ക്യാപിറ്റൽ സിറ്റി' എന്ന പദവി ഇതിനുനൽകീട്ടുണ്ട്. ഇന്തോനേഷ്യയിലെ ഏറ്റവും വലിയ തുറമുഖവും നഗരവും ഇതുതന്നെ. വാണിജ്യപരവും സാംസ്കാരികവുമായ പ്രവർത്തനങ്ങളുടെ ഒരു പ്രധാനകേന്ദ്രവുമാണ്. ഡച്ചുകാരുടെ ഭരണകാലത്ത് ബത്തേവിയ എന്നായിരുന്നു പട്ടണത്തിന്റെ പേര്.

ചരിത്രം. ബന്താമിലെ സുൽത്താൻ 1527-ൽ ഈ സ്ഥലത്തിന് ജ്യാഗകർത്താ എന്ന പേരു നൽകി. 16-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഡച്ചുകാർ ഇവിടെ വന്നിറങ്ങിയശേഷം അവരും സുൽത്താനും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ ഈ പട്ടണം നശിപ്പിക്കപ്പെട്ടു. 1610-ൽ ഡച്ചു ഗവർണർ പീറ്റർ ബോത്ത് അവിടെ ഒരു കുടിപാർപ്പുകേന്ദ്രം സ്ഥാപിച്ചു. വിജയസൂചകമായ 'ജയകർത്താ' എന്ന പേരിനെ ഡച്ചുകാർ അവരുടെ ഉച്ചാരണസൗകര്യാഥം ജകാർത്ത എന്നു മാറ്റി. ചിലിവൂങ് നദിയുടെ കിഴക്കേ കരയിൽ ഡച്ച് ഈസ്റ്റ് ഇന്ത്യാകമ്പനി 1614-ൽ ജകാർത്തയിലെ ആദ്യത്തെ യൂറോപ്യൻ കെട്ടിടം പണിയിച്ചു. ഈ സ്ഥലത്ത് 1619-ൽ, ഡച്ച് ഗവർണർ ജനറലായിരുന്ന ജാൻ പീറ്റർ സൂൻ കോമൻ ഒരു പുതിയ നഗരം നിർമിക്കുകയും അതിനു ബത്തേവിയ എന്നു പേരിടുകയും ചെയ്തു.

17-ാം നൂറ്റാണ്ടിൽ വിദൂരപൂർവദേശത്തെ പ്രമുഖ വാണിജ്യകേന്ദ്രമായി ബത്തേവിയ വികസിച്ചു. 18-ാം നൂറ്റാണ്ടിൽ മലമ്പനി മുതലായ പകർച്ചവ്യാധികൾ മൂലം ബത്തേവിയയുടെ പ്രാധാന്യം കുറഞ്ഞു. നെപ്പോളിയാനിക്ക് യുദ്ധങ്ങളുടെ കാലത്ത് കുറച്ചുകാലം ഈ നഗരം ബ്രിട്ടീഷുകാരുടെ അധീനത്തിലായിരുന്നു. 1814-ൽ വീണ്ടും അതു ഡച്ചുകാർക്ക് (നെതർലാൻഡ്സിന്) തിരിച്ചുകൊടുത്തു. കാപ്പി, സിങ്കോണ, റബർ മുതലായവ ജാവായിൽ വിപുലമായ തോതിൽ കൃഷിചെയ്തു തുടങ്ങിയതിന്റെ ഫലമായി പത്തൊൻപതാംനൂറ്റാണ്ടിൽ ബത്തേവിയുടെ പ്രാധാന്യം വർധിച്ചു. രണ്ടാംലോകയുദ്ധകാലത്ത് ജപ്പാൻ ഈ നഗരം പിടിച്ചെടുത്തു കുറച്ചുകാലം കൈവശം വച്ചിരുന്നു. 1945-ൽ ബ്രിട്ടീഷ് സൈന്യം ജക്കാർത്തയെ ജപ്പാന്റെ പിടിയിൽനിന്നു മോചിപ്പിക്കുകയും പിറ്റേക്കൊല്ലം ഡച്ചുകാർക്ക് തിരിച്ചുകൊടുക്കുകയും ചെയ്തു. 1949 ഡിസംബറിൽ ഇന്തോനേഷ്യ സ്വാതന്ത്ര്യം പ്രാപിച്ചപ്പോൾ ബത്തേവിയയുടെ പേര് വീണ്ടും 'ജകാർത്ത' എന്നു മാറ്റി. സുകർണോവിന്റെ ഭരണകാലത്ത് (1945—67) അനേകം ശില്പങ്ങൾകൊണ്ട് നഗരം മോടിപിടിപ്പിക്കപ്പെട്ടു. 'മെർദേക്കാ (സ്വാതന്ത്ര്യം) സ്വയർ' എന്ന ശൃംഗാടകമാണ് ഇവയിൽവച്ച് ഏറ്റവും സുന്ദരം. അന്തർദേശീയ നിലവാരമുള്ള പല ഹോട്ടലുകളും ജകാർത്തയിലുണ്ട്. ഹലിം (Halim) അന്തർദേശീയ വിമാനത്താവളമാണ്. ചെങ്കാറെങ് (Cengkareng) എന്ന മറ്റൊരു വലിയ വിമാനത്താവളംകൂടി ഇപ്പോൾ പണിതീർന്നിട്ടുണ്ട്.



ഇന്തോനേഷ്യൻ പ്രസിഡണ്ടിന്റെ വസതി-ജകാർത്ത.

ജക്കറാന്ത (jacaranda)

ബിഗ്നോണിയേസി സസ്യകുലത്തിലെ ഒരു ജീനസ്. ഇതിൽ ഏകദേശം 50 സ്പീഷീസ് ഉണ്ട്. മിക്ക സ്പീഷീസും അലങ്കാരത്തിനായി വച്ചുപിടിപ്പിക്കുന്നു; ചിലതു തടിക്കും. ജക്കറാന്ത ജീനസ്സിലെ കൊപായ (Copaia) സ്പീഷീസാണു കൂടുതലായി കണ്ടുവരുന്നത്. തീപ്പെട്ടിക്കൂടുകൾ, ശവപ്പെട്ടികൾ മുതലായവയ്ക്ക് ഇതിന്റെ തടി ഉപയോഗിക്കുന്നു. ജക്കറാന്ത ജീനസ്സിലെ ചെടികൾക്കു പന്നൽച്ചെടികളുടെതുപോലുള്ള ഇലകളാണ്. പൂക്കൾക്കു നീലയോ വൈലറ്റോ നിറമായിരിക്കും. കാണാൻ ഭംഗിയുള്ളവയുമാണ്. ചില സ്പീഷീസുകൾ പൂക്കാലത്തിനു മുമ്പായി ഇല പൊഴിക്കുന്നു. മൈമോസിഫോളിയ, കസ്പിഡിഫോളിയ എന്നീ സ്പീഷീസുകളാണ് ഉദ്യാനങ്ങളിലും മറ്റും വെച്ചുപിടിപ്പിക്കുന്നത്.

ജഗ്ജീവൻ റാം (1908—1986)

ഇന്ത്യൻ സ്വാതന്ത്ര്യസമരഭടനും രാഷ്ട്രീയനേതാവും. 1908-ൽ ബീഹാറിലെ ചരണ്ടുവയിൽ ഒരു ഹരിജനകുടുംബത്തിൽ ജനിച്ചു. ബനാറിസ്, കൽക്കത്ത എന്നിവിടങ്ങളിൽ വിദ്യാഭ്യാസം നടത്തി. പഠിക്കുന്ന കാലത്തുതന്നെ സമുഹത്തിലെ താഴെക്കിടയിലുള്ളവരുടെ ഉദ്ധരണത്തിനായി പരിശ്രമിച്ചു. അഖിലേന്ത്യാ അധഃകൃതവർഗലീഗിന്റെ അധ്യക്ഷനായിരുന്നു (1936—'46). ബീഹാർ നിയമസഭാംഗമായും (1937), ബീഹാർ കോൺഗ്രസ്സ് കമ്മിറ്റി സെക്രട്ടറിയായും (1940—'46) സേവനമനുഷ്ഠിച്ചു. അന്താരാഷ്ട്ര ലേബർ കോൺഫറൻസിൽ ഇന്ത്യൻ ഡെലിഗേഷന്റെ തലവനായിരുന്നു.



കേന്ദ്രതൊഴിൽവകുപ്പു മന്ത്രിയായി (1946—1952). പിന്നീടു വാർത്താവിതരണവകുപ്പുമന്ത്രിയായും (1952—1956), ട്രാൻസ്പോർട്ട്-റെയിൽവേ മന്ത്രിയായും (1957—'62), റെയിൽവേ-ട്രാൻസ്പോർട്ട്-വാർത്താവിതരണവകുപ്പു മന്ത്രിയായും (1962—'63) സേവനമനുഷ്ഠിച്ചു. 1963-ൽ കാമരാജ് പദ്ധതിയനുസരിച്ചു മന്ത്രിസഭ

വിട്ടു. 1966—'67-ൽ തൊഴിൽ പുനരുദ്ധാരണമന്ത്രിയും പിന്നീടു കൃഷിമന്ത്രിയുമായി. 1969-ൽ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സ് രണ്ടായിപ്പിരിഞ്ഞപ്പോൾ ജഗ്ജീവൻ റാം ഇന്ദിരാഗാന്ധിയുടെകൂടെനിന്നു. 1970-ൽ ആഭ്യന്തരമന്ത്രിയായി.

1971-ൽ പ്രതിരോധമന്ത്രിയായി. 1977 ഫെബ്രുവരി 2-ന് കോൺഗ്രസ്സിൽനിന്നും കേന്ദ്രമന്ത്രിസഭയിൽനിന്നും രാജിവച്ചു. കോൺഗ്രസ്സ് ഫോർ ഡെമോക്രസി എന്ന പുതിയ സംഘടനയുണ്ടാക്കി. 1977-ൽ ആ സംഘടനയുടെ സ്ഥാനാർഥിയായി മത്സരിച്ചുജയിച്ചു. മൊറാർജിയുടെ നേതൃത്വത്തിൽ നിലവിൽവന്ന കേന്ദ്രമന്ത്രിസഭയിൽ ഉപപ്രധാനമന്ത്രിയായി. 1980-ൽ ജനതാപാർട്ടിയുടെ മന്ത്രിസഭ തകർന്നതിനുശേഷം നടന്ന പൊതുതിരഞ്ഞെടുപ്പിൽ മത്സരിക്കാൻ ജഗജീവൻ റാം കോൺഗ്രസ്സ് (ജെ) എന്ന സംഘടന രൂപവത്കരിച്ചെങ്കിലും ഈ സംഘടനക്ക് ഇന്ത്യയിൽ ഒരു ശക്തിയാവാൻ കഴിഞ്ഞില്ല. ഇന്ത്യയിൽ ഏറ്റവും അധികകാലം (34 കൊല്ലം) കേന്ദ്രമന്ത്രിയായിരുന്നതും ഇദ്ദേഹമാണ്. 1986 ജൂലൈ 6-ന് അന്തരിച്ചു.

ജഗത് മുരാരി. (1924—)

ചലച്ചിത്രസാങ്കേതികജ്ഞൻ. 1973-76 കാലത്ത് പൂണെ ഫിലിം ആൻഡ് ടി.വി. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്റ്റർ. 'വണ്ടർ ഒഫ് വർക്ക്' എന്ന ഫിലിമിന് പ്രസിഡന്റിന്റെ സ്വർണമെഡൽ നേടി (1957). സാൻഫ്രാൻസിസ്കോ ഫിലിം ഫെസ്റ്റിവലിൽ ഗോൾഡൻ ഗെയ്റ്റ് അവാർഡിനും ഇദ്ദേഹം അർഹനായി (1964).

1924 ഒക്റ്റോബർ 5-ന് പട്നയിൽ ജനിച്ചു. 1962-ൽ പൂണെയിലെ ഫിലിം ആൻഡ് ടി.വി. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രിൻസിപ്പൽ ആയി. 72-73 കാലത്ത് ബോംബെ ഫിലിംസ് ഡിവിഷന്റെ അഡീഷനൽ ചീഫ് പ്രൊഡ്യൂസറായി. ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്റ്റർ സ്ഥാനത്ത്നിന്നു വിരമിച്ചശേഷം 'ജഗത്മുരാരി പ്രൊഡക്ഷൻസ്' എന്ന പേരിൽ ഒരു സ്വകാര്യസ്ഥാപനം ആരംഭിച്ച് ചലച്ചിത്ര നിർമാണവും ടെലിവിഷൻ പരിപാടികളുടെ സംവിധാനവും നിർവഹിക്കുന്നു.

ജഗദീശ്ചന്ദ്രബോസ് (1858—1937)

ഇന്ത്യൻ ശാസ്ത്രജ്ഞൻ. സസ്യശാസ്ത്രത്തിലും ഭൗതികത്തിലും ഗവേഷണം നടത്തി. ധാക്ക(ഇന്നത്തെ ബംഗ്ലാദേശിൽ)യ്ക്കടുത്തു വിക്രമപുരത്തിലെ രാരിക്കൽ ഗ്രാമത്തിൽ 1858 നവംബർ 30ന് ജനിച്ചു ജന്തുശാസ്ത്രത്തിലായിരുന്നു താത്പര്യമെങ്കിലും ഭൗതികത്തിലാണു കൽക്കത്തയിൽനിന്നു ബിരുദംനേടിയത്. കേംബ്രിജിൽനിന്ന് ഡി.എസ്സ്സി. ബിരുദം നേടി (1896). പിന്നീട് കൽക്കത്താ യൂണിവേഴ്സിറ്റിയിൽ ഭൗതികത്തിന്റെ പ്രൊഫസ്സറായി. അക്കാലത്തു ഭൗതികത്തിലും ജീവശാസ്ത്രത്തിലും പല നൂതന ഉപകരണങ്ങളുംകൊണ്ടു ഗവേഷണം നടത്തി.

ഭൗതികത്തിൽ പ്രകാശം, വിദ്യുച്ഛക്തി എന്നിവയിലായിരുന്നു ഗവേഷണം. വൈദ്യുതകാന്തിക തരംഗങ്ങളെക്കുറിച്ച് അടിസ്ഥാനപരമായ പല ഗവേഷണങ്ങളിലും ഇദ്ദേഹം ഏർപ്പെട്ടു. വൈദ്യുത തരംഗങ്ങൾ റേഡിയേറ്ററിൽനിന്നും അകലത്തേക്കു പ്രവഹിക്കുന്നുവെന്ന് മനസ്സിലാക്കി (1895). ഇംഗ്ലണ്ടിലുള്ള ശാസ്ത്രസദസ്സുകളിൽ സ്വന്തം നിഗമനങ്ങളെക്കുറിച്ചു പ്രബന്ധം അവതരിപ്പിക്കുകയും അംഗീകാരം നേടുകയും ചെയ്തു. ഇംഗ്ലണ്ടിലെ റോയൽ സൊസൈറ്റിയുടെ ഫെല്ലോ (F.R.S.) ആയി തിരഞ്ഞെടുക്കപ്പെട്ടു. 1916-ൽ സർ സ്ഥാനവും ലഭിച്ചു.

റേഡിയോതരംഗങ്ങൾ സ്വീകരിക്കുന്ന കൊഹെറെർ (Coherer) എന്ന യന്ത്രം ബോസ് പരിഷ്കരിച്ചു. ബയോഫിസിക്സിൽ പഠനം നടത്തി കാര്യമായ സംഭാവനകൾ നല്കി. വായു, പ്രകാശം, ആഹാരം, ചോദന (Stimulus) തുടങ്ങിയവ സസ്യങ്ങളിൽ ഉണ്ടാക്കുന്ന പ്രതികരണം മനസ്സിലാക്കാൻ സഹായിക്കുന്ന ചില ഉപകരണങ്ങൾ കണ്ടുപിടിച്ചു. സസ്യങ്ങളും ജന്തുക്കളും തമ്മിൽ ഈവക കാര്യങ്ങളിൽ സാമ്യമുണ്ടെന്നാണ് ബോസിന്റെ അഭിപ്രായം. സസ്യങ്ങളുടെ വളർച്ച അളക്കുവാനുപകരിക്കുന്ന 'ക്രെസ്കോഗ്രാഫ്' (Crescograph) കണ്ടുപിടിച്ചതും ഇദ്ദേഹമാണ്. സ്വന്തമായ ഗവേഷണപദ്ധതികൾ ആവിഷ്കരിക്കുന്നതിനും പരീക്ഷണങ്ങൾ നടത്തുന്നതിനുംവേണ്ടി 1917-ൽ കൽക്കത്തയിൽ 'ബോസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്' സ്ഥാപിച്ചു. 1917 മുതൽ 1937 വരെ അതിന്റെ ഡയറക്റ്ററുമായിരുന്നു. *റെസ്പോൺസ് ഇൻ ദ ലിവിങ് അൻഡ് നോൺ ലിവിങ്* (1902), *ദ നെർവസ് മെക്കാനിസം ഒഫ് പ്ലാൻറ്സ്* (1926) എന്നിവയാണു മുഖ്യഗ്രന്ഥങ്ങൾ. 1937 നവംബർ 23-ാം തീയതി അന്തരിച്ചു.

ജഗന്നാഥ് പഹാഡിയ (1932—)

കേന്ദ്രമന്ത്രിസഭയിൽ 1967-77 കാലത്ത് ഡെപ്യൂട്ടി മിനിസ്റ്ററായും 1980-ൽ ധനകാര്യമന്ത്രിയായും സേവനമനുഷ്ഠിച്ച കോൺഗ്രസ്സുകാരൻ. 1980-ൽ കുറച്ചുകാലം രാജസ്ഥാനിലെ മുഖ്യമന്ത്രിയുമായിരുന്നു.

1932 ജനുവരി 15-ന് രാജസ്ഥാനിലെ ഭരത്പൂർ ജില്ലയിൽ ഭൂഡാവർ എന്ന സ്ഥലത്തു ജനിച്ചു. നിയമബിരുദം നേടി. 1957-62 കാലത്തു ലോകസഭാംഗമായിരുന്നു. 65-66 കാലത്ത് രാജ്യസഭാംഗമായി. 67 മുതൽ വീണ്ടും ലോകസഭാംഗമായി. 1980-ൽ ബയാനാ നിയോജകമണ്ഡലത്തിൽ നിന്നു ലോകസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. തുടർന്നു ധനകാര്യമന്ത്രിയായി.

ജഗന്നാഥക്ഷേത്രം

ഒറീസ്സയിലെ 'പുരി' എന്ന പട്ടണത്തിൽ സ്ഥിതിചെയ്യുന്ന സുപ്രസിദ്ധമായ വിഷ്ണുക്ഷേത്രം. ഒറീസ്സ ഭരിച്ചിരുന്ന പൂർവഗംഗ രാജവംശത്തിലെ അനന്തവർമൻ ചോഡഗംഗൻ (1078—1150) ആണ് ഈ ക്ഷേത്രം പണിയിച്ചത്. പ്രധാനപ്രതിഷ്ഠ ശ്രീകൃഷ്ണന്റെതാണ്. ബലഭദ്രൻ, സുഭദ്ര എന്നിവരുടെതാണു മറ്റു രണ്ടു മുഖ്യപ്രതിഷ്ഠകൾ. ഇവയ്ക്കു പുറമെ മറ്റു 120 പ്രതിഷ്ഠകളും. ഓരോന്നിനും ചെറിയ ശ്രീകോവിലുണ്ട്. ശ്രീകൃഷ്ണന്റെതുൾപ്പെടെയുള്ള മിക്ക വിഗ്രഹങ്ങളും ദാരുശില്പങ്ങളാണ്. ശ്രീകോവിലുകൾ കൂടാതെ നൃത്തശാലയും സഭാമണ്ഡപവുമുണ്ട്. ഫിറൂസ് തുഗ്ലക്ക് എന്ന ദില്ലി രാജാവ് ജഗന്നാഥക്ഷേത്രം ആക്രമിച്ചു നാശനഷ്ടങ്ങൾ വരുത്തിയെന്ന് 14-ാം നൂറ്റാണ്ടിൽ രചിച്ച സീരാത്-ഇ-ഫിറൂസ് ഷാഹി എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു.



ജഗന്നാഥക്ഷേത്രം

ജഗന്നാഥക്ഷേത്രത്തിൽനിന്നു നാലു കി.മീ. അകലെ ജഗന്നാഥന്റെ ഉദ്യാനവസതിയായി സങ്കല്പിക്കപ്പെട്ട ഒരു ക്ഷേത്രമുണ്ട്. കൊല്ലത്തിലൊരിക്കൽ (ജൂൺ, ജൂലൈ) ശ്രീകൃഷ്ണന്റെ വിഗ്രഹം ജഗന്നാഥക്ഷേത്രത്തിൽനിന്ന് ഈ ഉദ്യാനവസതിയിലേക്ക് എഴുന്നള്ളിക്കുന്നു. വളരെ വലിയ ഒരു രഥത്തിലേറ്റിയാണ് എഴുന്നള്ളിപ്പ്. ആ രഥം ബഹുസഹസ്രം ഭക്തന്മാർ ചേർന്നു മണൽനിറഞ്ഞ പാതയിലൂടെ വലിച്ചുകൊണ്ടുപോകുന്നു. ശ്രീകൃഷ്ണന്റെ വിഗ്രഹത്തോടൊപ്പം ബലഭദ്രന്റെയും സുഭദ്രയുടെയും വിഗ്രഹങ്ങളും പ്രത്യേക രഥങ്ങളിൽവച്ചു കൊണ്ടുപോകാറുണ്ട്. ഇതാണ് പുരിയിലെ രഥോത്സവം.

ജഗന്നാഥക്ഷേത്രം, തലശ്ശേരി

കേരളത്തിൽ തലശ്ശേരിയിലെ ഒരു ശിവക്ഷേത്രം. 1908 ഫെബ്രുവരി 13-ന് ശ്രീനാരായണഗുരുവാണു ക്ഷേത്രത്തിലെ പ്രതിഷ്ഠാകർമം നിർവഹിച്ചത്. താന്ത്രികകർമങ്ങൾ ബ്രാഹ്മണർക്കേ പാടുള്ളൂ എന്ന പതിവു ലംഘിച്ചാണ് ഇതിൻെറ പ്രതിഷ്ഠ നടത്തിയത്.

തീയർക്കുവേണ്ടി ഒരു ശിവക്ഷേത്രം നിർമിക്കാൻ ചൂര്യയി കണാരൻ മുന്നോട്ടുവന്നു. ക്ഷേത്രനിർമാണം ഇടയ്ക്കു തടസ്സപ്പെട്ടു. 1905-ൽ മഹാകവി കുമാരനാശാൻ തലശ്ശേരി സന്ദർശിക്കുകയും ക്ഷേത്രനിർമാണം ത്വരിതപ്പെടുത്തുകയും ചെയ്തു. തീയരെക്കാൾ താഴ്ന്നവരെന്നു ഗണിക്കപ്പെടുന്ന ഹരിജനങ്ങൾക്ക് ഈ ക്ഷേത്രത്തിനുള്ളിൽ പ്രവേശിച്ചു കൂടായിരുന്നു. 1924-ൽ മൂർക്കോത്തു കുമാരൻ ഒരു സംഘം പുലയരെ ജഗന്നാഥക്ഷേത്രത്തിലേക്കു നയിച്ചു. ക്ഷേത്രത്തിൽ കൂടിയിരുന്ന യാഥാസ്ഥിതികരായ തീയർ, ഒരു വർഷം കൂടി കഴിഞ്ഞിട്ടാവാം പുലയർക്കു ക്ഷേത്രപ്രവേശനമെന്നു പറഞ്ഞു. ശ്രീനാരായണഗുരു അപ്പോഴവിടെ ഉണ്ടായിരുന്നു. “ഒരു വർഷമോ?” എന്നദ്ദേഹം ചോദിച്ചുവെന്നും, അല്പസമയം കഴിഞ്ഞ് വലിയൊരു മഴ പെയ്തെന്നും “ഒരു വർഷം കഴിഞ്ഞു. ഇനി പുലയർക്കു പ്രവേശിക്കാമല്ലോ” എന്നു ഗുരുസ്വാമി പറഞ്ഞുവെന്നുമാണ് കഥ. പുലയർക്കു പ്രവേശനം ലഭിക്കുകയും ചെയ്തു. ജ്ഞാനോദയയോഗം എന്ന സംഘടന തിരഞ്ഞെടുക്കുന്ന 11 അംഗങ്ങളടങ്ങിയ സമിതിയാണു ക്ഷേത്രത്തിൻെറ ഭരണം നടത്തുന്നത്. കുംഭമാസത്തിലെ പുണർതം നക്ഷത്രം മുതലുള്ള എട്ടു ദിവസമാണ് ഉത്സവം.

ജഗന്നാഥൻ കി.വ. (1906-)

തമിഴ്കവിയും പ്രബന്ധകാരനും. ഇദ്ദേഹത്തിൻെറ *വീരർ ഉലകം* എന്ന തൂലികാചിത്രസമാഹാരത്തിന്ന് 1967-ൽ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. കവിത, പ്രബന്ധം എന്നീ ശാഖകളിലെന്നപോലെതന്നെ ചെറുകഥ, നാടോടിസാഹിത്യം, ഗവേഷണം എന്നിങ്ങനെ വിവിധശാഖകളിലും ഗണ്യമായ സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്. ഇരുന്നൂറിൽപ്പരം ഗ്രന്ഥങ്ങളുടെ കർത്താവാണ്.

1906 ഏപ്രിൽ 11-ന് തിരുച്ചിറപ്പള്ളിജില്ലയിൽ കൃഷ്ണപുരം എന്ന സ്ഥലത്തു ജനിച്ചു. മദിരാശി സർവകലാശാലയിൽനിന്ന് എം.എ. ബിരുദം നേടി. 1935-നു ശേഷം ‘കലൈമകൾ’ മാസികയുടെ പത്രാധിപരാണ്. *മേഘമണ്ഡലം* (കവിത, 1955), *കലൈഞ്ഞം ത്യാഗം* (ചെറുകഥകൾ, 1941), *തമിൾകാപ്പിയങ്ങൾ* (ഗവേഷണപ്രബന്ധം, 1955) എന്നിവയാണു പ്രധാനകൃതികൾ.

ജഗന്നാഥപണ്ഡിതൻ

അലങ്കാരശാസ്ത്രപണ്ഡിതൻ. മുഗൾചക്രവർത്തി ഷാജഹാൻെറ (1628-1658) ആസ്ഥാനവിദ്വാനായിരുന്നു. ആന്ധ്രയിലെ തെലുങ്കാനയിൽ ജനിച്ചു. അപ്പയ്യദീക്ഷിതരുടെ (1558-1630) സമകാലികനായിരുന്നു. ഷാജഹാൻ ബഹുമാനസൂചകമായി നൽകിയ ബിരുദമാണ് ‘പണ്ഡിതരാജൻ’. അച്ഛനിയ പേരുഭട്ടൻ ആയിരുന്നു ഗുരു. വേദാന്തം, ന്യായം, വൈശേഷികം, മീമാംസ, വ്യാകരണം എന്നിവയിൽ പണ്ഡിതനായിരുന്നു പേരുഭട്ടൻ. ഷാജഹാൻെറ കാലശേഷം ജഗന്നാഥൻ മഥുര, കാശി മുതലായ സ്ഥലങ്ങൾ സന്ദർശിച്ച് ഒടുവിൽ കാശിയിൽ വച്ച് അന്തരിച്ചു.

അമൃതലഹരി (യമുനാസ്തോത്രം), ആസഫവിലാസം (നവാബ് ആസഫ്ഖാനെക്കുറിച്ച്), കരുണാലഹരി (വിഷ്ണുസ്തുതി), ജഗദാഭരണം, പീയൂഷലഹരി അഥവാ ഗംഗാലഹരി, പ്രാണാഭരണം (നേപാളരാജാവായ പ്രാണനാരായണനെക്കുറിച്ചുള്ള പ്രശസ്തി) ഭാമിനീവിലാസം (കവിതാസമാഹാരം) യമുനാവർണനം (ഈ ഗ്രന്ഥം ഇതുവരെ കണ്ടുകിട്ടിയിട്ടില്ല), ലക്ഷ്മീലഹരി എന്നീ ഒമ്പതു ഖണ്ഡകാവ്യങ്ങളും ഒരു വ്യാകരണഗ്രന്ഥവും ‘ചിത്രമീമാംസാഖണ്ഡനം’, ‘രസഗംഗാധരം’ എന്നീ രണ്ടുസാഹിത്യനിരൂപണഗ്രന്ഥങ്ങളും ഇദ്ദേഹത്തിൻെറതായുണ്ട്. അത്യന്തം ശ്രദ്ധയോടുകൂടി വാർത്തെടുത്ത കാവ്യനിരൂപണമാണ് രസഗംഗാധരം. പ്രാചീന നിരൂപണസമ്പ്രദായത്തെ അവലംബിച്ചുകൊണ്ടുതന്നെ നവീനവും സ്വതന്ത്രവും സഹൃദയസമാദരണീയവുമായ ഒരു സമീപനമാണ് രസഗംഗാധരത്തിലെ വിമർശനത്തിൽ നിഴലിച്ചു കാണുന്നത്. പ്രസന്ന ഗംഭീരമായ ശൈലിയും യുക്തിയും രസഗംഗാധരത്തെ ഒന്നാംകിട ഗ്രന്ഥമാക്കുന്നു. ശബ്ദബോധനിരൂപണത്തെ ഉൾക്കൊള്ളിച്ചുകൊണ്ട് ആദ്യം ആവിർഭവിച്ച ഗ്രന്ഥമാണിത്.

ജഗന്മോഹിനി

ഒരു രാഗം. കർണാടകസംഗീതത്തിലെ 15-ാം മേളകർത്താരാഗമായ മായാമാളവഗൗളയിൽനിന്നു ജന്യം.

ആരോഹണം: സഗമപനിസ

അവരോഹണം: സനിപമഗരിസ

ഏതു സമയത്തും ആലപിക്കാവുന്ന രാഗമാണിത്. എങ്കിലും ഏറെ പ്രചാരമുള്ളതല്ല. ത്യാഗരാജസ്വാമികളുടെ *ശോഭില്ലുസപ്തസ്വര* സ്വാതിതിരുനാളിൻെറ *പാഹിതരക്ഷപുരാലയസതതം* എന്നിവ ഈ രാഗത്തിലുള്ള പ്രസിദ്ധകീർത്തനങ്ങളാണ്.

ജഗാർഡ്, വില്യം (1568-1623)

ഇംഗ്ലണ്ടിലെ പുസ്തകപ്രസാധകൻ. ഷേക്സിപിയർ നാടകങ്ങളുടെ ആദ്യത്തെ ഫോളിയോ (Folio) പതിപ്പ് പ്രസിദ്ധപ്പെടുത്തിയത് ഇദ്ദേഹമാണ് (1623). ഷേക്സ്പിയർ നാടകങ്ങൾ പകുതിയെങ്കിലും ആദ്യമായി മുദ്രിതമായത് ഈ പതിപ്പിലൂടെയാണ്. ഇതിനുമുമ്പ്, ഷേക്സ്പിയർ ജീവിച്ചിരുന്നപ്പോൾ അദ്ദേഹത്തിൻെറതായി പല കവിതകളും ജഗാർഡ് പ്രസിദ്ധീകരിച്ചത് വലിയ വാദകോലാഹലങ്ങൾക്ക് ഇടയായിട്ടുണ്ട്. വളരെ നേരത്തെതന്നെ (1610) അന്ധനായി. പക്ഷേ, പുസ്തകപ്രസിദ്ധീകരണം തുടർന്നു. ഫോളിയൊപ്പതിപ്പിൽ ജഗാർഡ് പ്രസിദ്ധംചെയ്ത ഛായാചിത്രമാണ് ഷേക്സ്പിയറുടെ ഏറ്റവും വിശ്വസനീയമായ രൂപസാദൃശ്യമെന്ന നിലയിൽ ഇപ്പോഴും പകർത്തുന്നത്.

ജഗ്വാർ

ഒരിനം പുള്ളിപ്പുലി. ഫെലിഡെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *ലിയോ ഓങ്ക (Leo onca)*. ഈ കുലത്തിൽ വലിപ്പം ഏറ്റവും കൂടിയ ജീവിയാണ് ഇത്. യു.എസ്., മെക്സിക്കോ, അർജൻറീന തുടങ്ങിയ രാജ്യങ്ങളിലെ കാടുകളിൽ കണ്ടുവരുന്നു. അധികവും ആമസോൺ മഴക്കാടുകളിലാണ് ഉള്ളത്.



ജഗ്വാർ

ആൺജഗ്വാറിന് പെൺജഗ്വാറിനെക്കാൾ നീളം ഉണ്ട്. ആൺ ജഗ്വാറിന് വാൽ ഉൾപ്പെടെ ഒന്നര മുതൽ രണ്ടരവരെ മീറ്റർ നീളം വയ്ക്കും. തോൾഭാഗത്തെ ഉയരം 70-80 സെൻറീമീറ്റർ. ഭാരം 100-160 കിലോഗ്രാം. തെക്കെ അമേരിക്കയിലെ ജഗ്വാറാണ് ഏറ്റവും വലുത്. വെള്ളയോ കറുപ്പോ ചാരനിറമോ തവിട്ടുനിറമോ ആയിരിക്കും. തൊലിപ്പുറത്ത് ദളങ്ങൾ പോലുള്ള കുറത്ത പുള്ളികൾ ഉണ്ട്.

ഒറ്റയ്ക്കാണു സഞ്ചാരം. കന്നുകാലികൾ, കുതിര, മാൻ, മത്സ്യം തുടങ്ങിയവ ഭക്ഷിക്കുന്നു. ഇരതേടാനും കുളിക്കാനും വെള്ളത്തിൽ ഇറങ്ങാറുണ്ട്.

ഗർഭകാലം ഏകദേശം മൂന്നരമാസം. ഇണ ചേരുന്നതിന് പ്രത്യേക കാലമില്ല. ഒരു തവണ ഒന്നുമുതൽ നാലുവരെ കുഞ്ഞുങ്ങളെ പ്രസവിക്കും. രണ്ടുവർഷം കുഞ്ഞുങ്ങൾ തള്ളയുടെ സംരക്ഷണയിലായിരിക്കും.

ജഗ്വാർ

ഒരു യുദ്ധവിമാനം. രണ്ട് എൻജിനുകളും ഒരു സീറ്റുമുള്ള ഈ വിമാനം ബ്രിട്ടനും ഫ്രാൻസും ചേർന്നാണു രൂപകല്പനചെയ്തു വികസിപ്പിച്ചെടുത്തത്. 1972-’73 കാലത്ത് ഇരുരാജ്യങ്ങളും ഈ വിമാനം ഉപയോഗിച്ചുതുടങ്ങി. രണ്ടു സീറ്റുകൾ ഉള്ള ഒരു പരിശീലകവിമാനവും ജഗ്വാർ വിഭാഗത്തിലുണ്ട്. ഇറ്റലിയും, പശ്ചിമജർമനിയും, ബ്രിട്ടനും ചേർന്നാണ് ഇതു രൂപകല്പനചെയ്തത്. 1970-കളുടെ അവസാനത്തോടുകൂടി ഈ പരിശീലകവിമാനവും മേല്പറഞ്ഞ മൂന്നു രാജ്യങ്ങളും ഉപയോഗിച്ചുതുടങ്ങി. ഇന്ത്യൻ വിമാനസേന ഉപയോഗിക്കുന്ന യുദ്ധവിമാനങ്ങളിൽ ഒന്നാണു ജഗ്വാർ.

ഫ്രാൻസിൽനിന്നാണ് ഇന്ത്യ ഇവ വാങ്ങിയത്. കാൻബേറ എന്ന ബോംബർ വിമാനത്തിനുപകരം ഇപ്പോൾ ഇന്ത്യൻ വിമാനസേന ജഗ്വാർ ഉപയോഗിക്കുന്നു.

1959-ൽ ജഗ്വാർ എന്നു പേരുള്ള ഒരു കാർ ബ്രിട്ടനിൽ ഉണ്ടായിരുന്നു.

ജട

പേരാലിൻെറ കറയും ഭസ്മവും ചേർത്തു പിരിച്ചുകെട്ടിയ തലമുടി. സ്നാനാദികളെല്ലാം ഉപേക്ഷിച്ച് ജീവിച്ചിരുന്ന മഹർഷിമാരാണ് ഇപ്രകാരം ജട പിരിച്ചുവച്ചിരുന്നത്. തലമുടി കൂടാതെ താടിമീശയും ഈ രീതിയിൽ പിരിച്ചിടാറുണ്ട്. ലൗകികവേഷം കൈവിടുന്നതിൻെറ ഭാഗമായിരുന്നു ഇതും കാഷായവസ്ത്രമുടുക്കലും.

ജട

പരമ്പരയാ വേദം ചൊല്ലിവരുന്ന രീതികളിൽ ഒന്ന്. ക്രമപാഠത്തെ അനുസരിച്ചാണു ജടാപാഠം ക്രമപ്പെടുത്തുന്നത്. ജടാപാഠത്തിൽ ഓരോ പദവും പിന്നിലെ പദത്തോടു ചേർത്ത് ആദ്യം ഉച്ചരിക്കുന്നു. പിന്നെ ആ പദങ്ങൾ പ്രതിലോമമായിട്ടും വീണ്ടും അനുലോമമായിട്ടും ചൊല്ലുന്നു. ഉദാഹരണം: 'അഗ്നിമീളേ പുരോഹിതം യജ്ഞസ്യ ദേവമൃത്വിജം' (ഋഗ്വേദം 1.1.1) എന്നതു സംഹിതാപാഠം. അഗ്നിമീളേം ഈളേപുരോഹിതം, പുരോഹിതം യജ്ഞസ്യ... എന്നിങ്ങനെ ആയാൽ ക്രമപാഠം. അഗ്നിമീളേ, ഈള്യേഗ്നിം, അഗ്നിമീളേ, ഈളേ പുരോഹിതം, പുരോഹിതമീളേ, ഈളേപുരോഹിതം, പുരോഹിതം യജ്ഞസ്യ...... എന്നിങ്ങനെ ആയാൽ ജടാപാഠം.

ജടാമാഞ്ചി

ഒരു ഓഷധി. സംസ്കൃതത്തിൽ ജടാമാംസി എന്നു പറയും. ഹിമാലയം, നേപ്പാൾ, ഭൂട്ടാൻ, സിക്കിം എന്നിവിടങ്ങളിൽ കണ്ടുവരുന്നു. ശാസ്ത്രനാമം: *നാർഡോസ്റ്റാക്കിസ് ജടാമാൻസി (Nardostachys jatamansi)* തടിച്ചു കറുത്ത രോമംപോലുള്ള നാരുകൾ ഇതിൽനിന്നു കിട്ടുന്നു. ഔഷധസസ്യമാണ്.

വേരിനും പ്രകന്ദത്തിനുമാണ് ഔഷധശക്തി. ബലം വർധിപ്പിക്കും. ഉത്തേജനം ഉണ്ടാക്കും. കോച്ചിവലിക്കലിനു ഫലപ്രദമാണ്. ആർത്തവം ക്രമീകരിക്കും.

ജടായു

രാമായണകഥാപാത്രമായ ഒരു പക്ഷി. വിഷ്ണു, ബ്രഹ്മാവ്, മരീചി, കശ്യപൻ, അരുണൻ, ജടായു എന്നിങ്ങനെയാണ് വംശപരമ്പര. പിതാവ് സൂര്യൻെറ സാരഥിയായ അരുണനും മാതാവ് പക്ഷിണിയായ ശ്യേനിയും (മഹാശ്വേതയെന്നും പേരുണ്ട്) ആണ്. ചെറുപ്പത്തിൽ സഹോദരനായ സമ്പാതിയുമൊത്ത് സൂര്യനിലേക്കു പറന്നു. അപ്പോൾ സൂര്യതാപത്തിൽനിന്നു ജടായുവിനെ രക്ഷിക്കുന്നതിനായി സമ്പാതി തൻെറ ചിറകുകൾ ജടായുവിനു മുകളിൽ പിടിച്ചു. ചിറകു കരിഞ്ഞ സമ്പാതി വിന്ധ്യപർവതത്തിൽ ഒരിടത്തു വീണു. അന്നുമുതൽ സഹോദരന്മാർ തമ്മിൽ കണ്ടിട്ടില്ല. മിത്രമായ ദശരഥനെ രണ്ടുപ്രാവശ്യം ശനിയുടെ ഉപദ്രവത്തിൽനിന്നും രക്ഷിച്ചു. സീതയെ അപഹരിച്ചു കൊണ്ടുപോകുന്ന രാവണനെ ജടായു തടുത്തു. ഉഗ്രമായ യുദ്ധം നടന്നു. പരാജയഭീതിമൂലം സംഭ്രാന്തനായ രാവണൻ ചന്ദ്രഹാസംകൊണ്ട് ജടായുവിൻെറ ചിറകുകൾ വെട്ടിവീഴ്ത്തി. ആസന്നമരണനായിക്കിടന്ന ജടായു, അതുവഴി സീതയെ അന്വേഷിച്ചു വന്ന രാമലക്ഷ്മണന്മാരോട്, വിവരങ്ങളെല്ലാം പറഞ്ഞു. ഉടൻതന്നെ മരിച്ച ജടായുവിൻെറ ജഡം അവർ യഥാവിധി സംസ്കരിച്ചു.



ജടായുവധം
രവിവർമചിത്രം

ജടാവർമൻ സുന്ദരപാണ്ഡ്യൻ

പാണ്ഡ്യരാജാവ്. 1251—'68 കാലത്താണു ഭരിച്ചിരുന്നത്. ദക്ഷിണേന്ത്യയിലെ പ്രശസ്തനായ ഒരു യോദ്ധാവായിരുന്നു ജടാവർമൻ. പാണ്ഡ്യശക്തി അതിൻെറ പരകോടിയിലെത്തിയത് ഇദ്ദേഹത്തിൻെറ കാലത്താണ്. സിംഹളവും കേരളവും കുറച്ചുകാലം ഇദ്ദേഹത്തിൻെറ ഭരണത്തിൻകീഴിലായിരുന്നു. ശ്രീരംഗക്ഷേത്രം സ്വർണം പൂശിയതും ചിദംബരത്തുള്ള ശിവക്ഷേത്രം മനോഹരവും സമ്പന്നവുമാക്കിയതും ഇദ്ദേഹമാണ്.

ജട്ടി, ബി.ഡി. (1912—)

ഇന്ത്യൻ ദേശീയനേതാവ്. 1974—'79 കാലത്ത് ഇന്ത്യയുടെ ഉപരാഷ്ട്രപതി. കർണാടകമന്ത്രി, പുതുശ്ശേരിയിലെ ലഫ്റ്റനൻറ് ഗവർണർ, ഒറീസ്സയിലെ ഗവർണർ എന്നിങ്ങനെ വിവിധ ഔദ്യോഗികപദവികൾ വഹിച്ചിട്ടുണ്ട്.

1912 സെപ്റ്റംബർ 10-ന് ഇപ്പോഴത്തെ കർണാടക സംസ്ഥാനത്തിലെ ബീജപൂർ ജില്ലയിൽ സാവൽഗി എന്ന സ്ഥലത്തു ജനിച്ചു. നിയമബിരുദം നേടിയശേഷം ജമാഘണ്ടിനാട്ടു രാജ്യത്തിലെ പ്രജാപരിഷത്തിൻെറ സജീവപ്രവർത്തകനായി, അവിടത്തെ മുഖ്യമന്ത്രിയായി കുറച്ചുകാലം സേവനം അനുഷ്ഠിച്ചു. 1948-ൽ ജമാഘണ്ടി ബോംബെ സംസ്ഥാനത്തിൽ ലയിച്ചപ്പോൾ, അന്നത്തെ ബോംബെ പ്രധാനമന്ത്രി ബി. ജി. ഖെറിൻെറ പാർലമെൻററി സെക്രട്ടറിയായി. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനപുനർവിഭജനത്തിനുശേഷം ജട്ടി മൈസൂർ നിയമസഭയിൽ അംഗമായി. 1958-ൽ നിജലിംഗപ്പയെ പരാജയപ്പെടുത്തി നിയമസഭാനേതാവും മുഖ്യമന്ത്രിയുമായി. 1968-ൽ പുതുശ്ശേരിയിലെ ലഫ്റ്റനൻറ് ഗവർണറായി.

ജഡത്വം (Inertia)

ദ്രവ്യത്തിൻെറ ഒരു അടിസ്ഥാന ഗുണധർമം. മറ്റു ശക്തികൾ ഇടപെടുന്നില്ലെങ്കിൽ, നിശ്ചലമായി നില്ക്കുന്ന വസ്തു അതേ അവസ്ഥയിൽ നില്ക്കുകയും ചലിച്ചുകൊണ്ടിരിക്കുന്ന വസ്തു അതേ നേർരേഖയിൽ അതേ വേഗത്തിൽ തുടർന്നു ചലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന പ്രവണതയാണു ജഡത്വം. ന്യൂട്ടൻെറ ഒന്നാം ചലനനിയമം ഇതേപ്പറ്റി പ്രതിപാദിക്കുന്നു. വാഹനം ഓടാൻ തുട

ങ്ങുമ്പോൾ യാത്രക്കാർ പിന്നിലേക്ക് ആയുന്നത്, ഓടിക്കൊണ്ടിരിക്കുന്ന വാഹനം പെട്ടെന്ന് നിർത്തുമ്പോൾ മുമ്പോട്ടു നീങ്ങിപ്പോകുന്നത്, വളവു തിരിയുമ്പോൾ വളവിന്റെ പുറത്തേക്കു തെറിക്കുവാൻ ശ്രമിക്കുന്നത് തുടങ്ങിയവ ഇതിന്റെ പ്രത്യക്ഷോദാഹരണങ്ങൾ ആണ്. നിശ്ചലമായി നില്ക്കുന്ന ശരീരം നിശ്ചലമായിത്തന്നെ നില്ക്കുവാനും, മുമ്പോട്ടു കുതിച്ചുകൊണ്ടിരിക്കുന്ന ശരീരം അതേ വേഗതയിൽ അതേ നേർരേഖയിൽത്തന്നെ സഞ്ചരിക്കാനും ശ്രമിക്കുന്നതിന്റെ ഫലമാണ് ഇങ്ങനെ സംഭവിക്കുന്നത്.

ജഡത്വാഘൂർണം (Moment of inertia)

കോണീയത്വരണത്തെ എതിർക്കാനുള്ള ദ്രവ്യത്തിന്റെ പ്രവണത. പ്രതീകം 1. ഇതിന്റെ മൂല്യം രണ്ടു ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു: 1-വസ്തുവിന്റെ ദ്രവ്യമാനം. 2. ഏത് അക്ഷത്തെ ആധാരമാക്കി തിരിയാൻ ശ്രമിക്കുന്നുവോ ആ അക്ഷത്തിൽനിന്നു വസ്തുവിലേക്കുള്ള ദൂരം. m ദ്രവ്യമാനം ഉള്ള ഒരു വസ്തു അക്ഷത്തിൽനിന്ന് r ദൂരത്തിലായാൽ, ആ അക്ഷത്തെ ആധാരമാക്കി അതിന്റെ ജഡത്വാഘൂർണം, $I = mr^2$ ആയിരിക്കും. എസ്.ഐ. സമ്പ്രദായത്തിൽ, ജഡത്വാഘൂർണത്തിന്റെ ഏകകം 'കി.ഗ്രാം-സെ.മീ. സ്ക്വയർ' ആണ്.

ജഡൂർനൃത്തം

ഛോട്ടാനാഗ്പൂരിലെ ആദിവാസികളുടെ ഒരു നൃത്തം. ഋതുഭേദങ്ങൾക്കനുസരിച്ച് നൃത്തരൂപങ്ങൾ സംവിധാനംചെയ്യാൻ സമർഥരായ ഒരാവോൺ വിഭാഗക്കാരാണ് ഈ നൃത്തത്തിൽ പ്രശസ്തിയാർജിച്ചിട്ടുള്ളത്. പ്രേമമാണ് കേന്ദ്രബിന്ദു. "നിന്റെ സ്നേഹം എന്നും നിലനില്ക്കട്ടെ" എന്നർഥംവരുന്ന പശ്ചാത്തലഗാനത്തോടുകൂടി യുവതീയുവാക്കന്മാർ പങ്കെടുക്കുന്ന നൃത്തമാണിത്.

ജതജതിനൃത്തം

ബീഹാറിലെ ഒരു നാടോടിനൃത്തം. ജതജതിമാരുടെ അനുരാഗകഥാഖ്യാനം നിർവഹിക്കുന്ന ഗാനങ്ങൾ ആണ് ഈ നൃത്തത്തിൽ ഉപയോഗിക്കുന്നത്. പൂനിലാവുള്ള രാത്രികളിൽ സ്ത്രീകൾ സംഘങ്ങളായി പാട്ടുപാടി നൃത്തംവെയ്ക്കുന്നു. മിഥിലയിലാണ് ഈ നൃത്തത്തിനു കൂടുതൽ പ്രചാരം. പല പല വിഘ്നങ്ങളും വിഷമങ്ങളും തരണം ചെയ്ത് ജതജതിമാരുടെ പ്രേമം സഫലമായിത്തീരുന്ന കഥയാണ് ആ പാടി ആടുന്നത്.

ജതാപു

ആന്ധ്രപ്രദേശിലെ ഒരു ഭാഷ. ആന്ധ്രപ്രദേശിന്റെയും ഒറീസയുടെയും അതിരിൽ ആണ് ഈ ഭാഷ സംസാരിക്കുന്നവർ ഉള്ളത്. ഖോന്ദ് ഭാഷയുടെ ദേശ്യഭേദമാണ് ഈ ഭാഷ എന്നൊരു മതമുണ്ട്. ഇപ്പോൾ ഈ വർഗക്കാർ (ഖോന്ദുകൾ) തെലുങ്കും ഒറിയയും സംസാരിച്ചുതുടങ്ങിയിരിക്കുന്നു.

ജതി

ദക്ഷിണേന്ത്യൻ സംഗീതത്തിൽ ഉപയോഗിക്കുന്ന താളത്തിന്റെ വായ്ത്താരി. താളത്തിന്റെ ഗതി പ്രകടമാക്കുന്നതിന് ഉപയോഗപ്പെടുത്തുന്ന തക-തത-തതി-തകിട-തകധിമി-തകതധണു-കിടതോം-തരികിടതോം-തതിങ്കണതോം തുടങ്ങിയ അക്ഷരസമൂഹങ്ങൾ ആണ് ഇവ. തത്തകാരം എന്നും ഇവയെ വിളിക്കാറുണ്ട്. താളത്തിന്റെ സ്വരൂപത്തെ അംഗവിഭാഗം ചെയ്തുകാണിക്കുന്നതാണു ജതി. ചാപ്പു, രൂപകം, ത്രിപുട തുടങ്ങിയ താളങ്ങൾക്കു പ്രത്യേകമായ ജതികളുണ്ട്. † ജതിസ്വരം, † സ്വരജതി നോക്കുക.

ജതിസ്വരം

കർണാടകസംഗീതത്തിലെ ഒരു ഗാനരൂപം. നാട്യത്തിൽ ഉപയോഗിക്കുന്നു. താളജതികളെ രാഗസ്വരൂപം കുറിക്കുന്ന സ്വരങ്ങളിൽ കലർത്തി രചിക്കുന്ന ഈ ഗാനരൂപത്തിനു സാഹിത്യമില്ല. എന്നാൽ പല്ലവി, അനുപല്ലവി, ചരണങ്ങൾ എന്നിവ ഉണ്ടായിരിക്കും. സ്വരങ്ങൾകൊണ്ടുതന്നെയാണ് ഇതു ഗാനം ചെയ്യപ്പെടുന്നത്. അതിനാൽ സ്വരപല്ലവി എന്നും ഇതിനു പേരുണ്ട്. നാട്യത്തിൽ താളത്തിന് അനുരൂപമായ ജതികൾ ഉപയോഗിച്ചാണു ജതിസ്വരത്തിന്റെ ആലാപനം. ഇപ്രകാരം ജതിയും സ്വരവും തുല്യപ്രധാനമായതുകൊണ്ടാവും ജതിസ്വരം എന്ന പേർ വന്നത്. സ്വാതിതിരുനാളിന്റെ ജതിസ്വരങ്ങൾ പ്രസിദ്ധമാണ്. പൊന്നയ്യ, വടിവേലു തുടങ്ങിയവരും ജതിസ്വരങ്ങൾ രചിച്ചിട്ടുണ്ട്. ഭരതനാട്യത്തിൽ ജതിസ്വരം അവലംബമാക്കി അവതരിപ്പിക്കുന്ന നൃത്തശില്പം അതിമനോഹരമായ ഒരിനമാണ്. ജതിസ്വരങ്ങളിൽ സാഹിത്യം കൂടിച്ചേരുമ്പോൾ അവ സ്വരജതികൾ ആയിത്തീരുന്നു.

ജനകൻ

വിദേഹ(മിഥില)രാജ്യത്തിലെ രാജാവ്. സീതയുടെ വളർത്തച്ഛൻ. ജനകൻ രാജർഷിയായിരുന്നു. ശ്രീരാമൻ സീതയെ ഉപേക്ഷിച്ചപ്പോൾ ജനകൻ സർവവും വെടിഞ്ഞ് വനവാസിയായി. ഇദ്ദേഹത്തിന്റെ ഗുരുവാണ് യാജ്ഞവല്ക്യൻ. ഗാർഗിയും മൈത്രേയിയും (യാജ്ഞവല്ക്യന്റെ പത്നിമാർ) ജനകന്റെ സദസ്യരിൽപെട്ടിരുന്നു. കർമയോഗികളിൽ പ്രഥമഗണനീയൻ എന്ന് ഇദ്ദേഹത്തെപ്പറ്റി പറയാറുണ്ട്. ഇദ്ദേഹം ത്രൈയംബകം എന്ന ശൈവചാപം വച്ചു പൂജിച്ചിരുന്നു.

ജനക്കൂട്ടം (Crowd)

സാമൂഹികജീവിതത്തിന്റെ ഭാഗമായി താത്കാലികാവശ്യത്തിനു വേണ്ടിയുള്ള ആളുകളുടെ കൂട്ടുചേരൽ. മനുഷ്യന്റെ കൂട്ടുചേർന്നുള്ള ജീവിതത്തിന്റെ പ്രതീകമായ ഇത് സ്ഥിരസ്വഭാവമുള്ള ഇതരഗ്രൂപ്പുകളെ അപേക്ഷിച്ചു ചില പ്രത്യേകതകൾ പുലർത്തുന്നുണ്ട്. മാനവസമൂഹത്തിൽ സാമൂഹികപരിവർത്തനം ഉണ്ടാക്കുക എന്ന സുപ്രധാന ധർമം ആണ് കൂട്ടത്തിനു സാമൂഹികശാസ്ത്രസംബന്ധമായി ഒരു പ്രധാനസ്ഥാനം നൽകുന്നത്. ഒരു പൊതുയോഗത്തിൽ കൂടിയിരിക്കുന്ന ആളുകളോ ഒരു ഘോഷയാത്രയോ ഒരു പട്ടാളനിരയോ കൂട്ടത്തിന് ഉദാഹരണമല്ല. ഏതെങ്കിലും തരത്തിലുള്ള അസ്വാസ്ഥ്യം മൂലം ആളുകളുടെ ശ്രദ്ധ ഛിന്നഭിന്നമാക്കപ്പെട്ടാൽ അപ്പോൾ അത് കൂട്ടത്തിന്റെ (Mob) സ്വഭാവമാണ് കാട്ടുക. ഏതാനും ആളുകൾ ഒരു പ്രത്യേകസ്ഥലത്ത് ഒത്തുചേർന്ന് ഒരു പൊതുപ്രശ്നത്തിൽ ശ്രദ്ധിച്ചാൽ അതും കൂട്ടമാണ് എന്ന് കിംബാൾ യങ് അഭിപ്രായപ്പെടുന്നു.

സാധർമ്യമുള്ള ലക്ഷ്യത്തോടുകൂടിയതെന്നും പൊതുലക്ഷ്യത്തോടുകൂടിയതെന്നും കൂട്ടത്തെ രണ്ടായി വിഭജിക്കാം. ഒരു അഗ്നിബാധയുടെയോ അപകടത്തിന്റെയോ വിവരം അറിയാൻ കൂടിയിരിക്കുന്ന ആളുകളെ ആദ്യവിഭാഗത്തിൽ പെടുത്താം. അറിയാനുള്ള ആഗ്രഹത്തിന്റെ പേരിൽ ഒത്തുചേർന്നിട്ടുള്ള അവരിൽ ഓരോരുത്തർക്കും മറ്റുള്ളവരുടെ സാന്നിധ്യം ഒരു പ്രശ്നമാകുന്നേയില്ല. കൂടിയിരിക്കുന്ന ആളുകൾക്ക് ഒരു പൊതുശല്യം ഇവിടെ കാണുകയില്ല. വെള്ളപ്പൊക്കത്തിൽനിന്നോ അപകടത്തിൽനിന്നോ രക്ഷപ്പെടാൻ ഓടിയകലുന്നവർ ഏതെങ്കിലും അഭയസ്ഥാനത്ത് ഒന്നിച്ചാൽ അതും കൂട്ടത്തിനുദാഹരണമാണ്.

ചില സന്ദർഭങ്ങളിൽ നിലവിലുള്ള വ്യവസ്ഥിതിക്ക് എതിരായി ഈ കൂട്ടം പ്രവർത്തിക്കുന്നതു കാണാം. പെട്ടെന്നുണ്ടാകുന്ന ആവശ്യങ്ങൾക്കും അവകാശങ്ങൾക്കും വേണ്ടി സമരംചെയ്യുന്നവരെയും ഈ കൂട്ടത്തിൽ പെടുത്താം. ഔഷധവില്പനക്കാരനും മാജിക്കുകാരനും സമീപം ആളുകൾ തിങ്ങിക്കൂടുന്നത് മനുഷ്യനിലെ കൂട്ടംചേരലിനുള്ള വാസനയുടെ ഫലമായാണ്. ഒരു ഫുട്ബാൾ മത്സരത്തിൽ വിജയിയായ ടീമിനെ തോളിലേറ്റി മുന്നേറുന്ന കൂട്ടവും തങ്ങളുടെ വിജയിയായ സ്ഥാനാർഥിയെ സ്വീകരിച്ച് ഘോഷയാത്ര നയിക്കുന്ന കൂട്ടവും ഒരേ ലക്ഷ്യത്തോടെ ആണു പ്രവർത്തിക്കുന്നത്. താത്കാലികമായി മുൻകൂട്ടിയുള്ള നിശ്ചയംകൂടാതെതന്നെ സംഘടിക്കുന്ന ജനസമൂഹമാണ് കൂട്ടം എന്നാണു മക് എവറുടെ നിർവചനം.

സാമൂഹികമനഃശാസ്ത്രപരമായി കാഴ്ചപ്പാടിലും കേൾക്കത്തക്ക അകലത്തിലും കൂടിയിരിക്കുന്ന ആളുകളെ ആൾക്കൂട്ടം എന്ന് വിവക്ഷിക്കണമെന്നില്ലെന്ന് ഡൂഗൽ പറയുന്നു. റോഡിലൂടെ സഞ്ചരിക്കുന്ന ഒരാൾ ഉയരെയുള്ള കെട്ടിടത്തിലേക്കോ വൃക്ഷാഗ്രത്തിലേക്കോ കൊടിയിലേക്കോ മറ്റോ ഏതാനും സമയം തുടർച്ചയായി ദൃഷ്ടിപതിപ്പിച്ചാൽ അയാളുടെ ചുറ്റും കാര്യം ഗ്രഹിക്കാതെതന്നെ ഒരു ആൾക്കൂട്ടമുണ്ടാകുന്നു. പുതുതായി ഓരോരുത്തരും സംഘത്തിൽ ചേരുകയും അപരനോടു കാരണം ആരായുകയും ചെയ്തെന്നുംവരാം. ജിജ്ഞാസയാൽ പ്രേരിതമായി ഉണ്ടാകുന്നതാണ് ഈ കൂട്ടം. ജിജ്ഞാസ ശമിക്കുന്നതോടെ കൂട്ടം അപ്രത്യക്ഷമാകയുംചെയ്യും. കൂട്ടത്തിന്റെ സ്വഭാവം ചിത്രീകരിക്കുന്നതിന് ഈ നിർവചനം സഹായിക്കുന്നു. താല്ക്കാലികമായെങ്കിലും പൊതുവായ ലക്ഷ്യമുള്ള ആളുകൾ ഒത്തുചേരുന്നതും വിജ്ഞാനത്തിനു

വേണ്ടിയോ വിനോദത്തിനുവേണ്ടിയോ ആളുകൾ സംഘടിക്കുന്നതും ഒരേതരത്തിൽ കാണാൻ സാമൂഹികശാസ്ത്രം അനുവദിക്കുന്നില്ല. കൂട്ടം പലപ്പോഴും സദസ്സ് (Audience) ആയി തീരാറുണ്ട്. കൃത്യമായ നിയമങ്ങൾക്കു വിധേയമായി ഒരു ക്ലിപ്തകാലഘട്ടത്തിലേക്ക് ഒത്തൊരുമിക്കുന്ന കൂട്ടമാണു സദസ്സ്.

വ്യക്തിമനസ്സാക്ഷിയുടെ സ്ഥാനത്ത് ഒരു പൊതുമനസ്സാക്ഷി ഉണ്ടാവുകയാണു കൂട്ടംകൂടൽകൊണ്ടു സംഭവിക്കുന്നത് എന്ന് ലബൻ തൻെറ പുസ്തക(Crowd)ത്തിൽ പറയുന്നു. ആൾക്കൂട്ടത്തിൽ താത്കാലികമായെങ്കിലും വ്യക്തിപരമായ ചിന്തകൾ വെടിഞ്ഞു പൊതുതാത്പര്യത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുകയാണത്രെ ചെയ്യുന്നത്. ആധുനിക മനശ്ശാസ്ത്രവും സാമൂഹികശാസ്ത്രവും ഈ ചിന്താഗതിയെ ചോദ്യംചെയ്യുന്നു. വ്യക്തിയുടെ ബുദ്ധിക്കും മനസ്സിനും അതീതമായി ഒരു പൊതുബുദ്ധി ഉണ്ടാവുക സാദ്ധ്യമല്ലെന്നാണ് ഇന്നത്തെ വാദഗതി. അടിച്ചമർത്തപ്പെട്ട വികാരങ്ങളും ആഗ്രഹങ്ങളും ബഹിർഗമിക്കുന്നതിൻെറ പ്രതിഫലനം ആണ് ജനക്കൂട്ടത്തിൽ കാണുന്നതെന്നാണു മറ്റൊരു ചിന്താഗതി. ഫ്രോയിഡും മറ്റും ഈ വാദഗതിയെ അനുകൂലിക്കുന്നു. സാധാരണഗതിയിൽ മനുഷ്യൻ അടക്കിനിർത്തുന്ന വികാരങ്ങൾ കെട്ടുപൊട്ടിച്ചു പുറത്തുകടക്കുന്ന സ്ഥിതിവിശേഷമാണ് ആൾക്കൂട്ടത്തിൽ തികച്ചും വ്യത്യസ്തമായി ഓരോ വ്യക്തിയും പെരുമാറാൻ കാരണമാകുന്നത്. വികാരങ്ങൾ അടിച്ചമർത്തപ്പെടുന്നതല്ലാതെ നശിപ്പിക്കപ്പെടുന്നില്ല.

സമൂഹത്തിൻെറ കെട്ടുറപ്പും സംസ്കാരവുമാണു കൂട്ടത്തിലൂടെ പ്രതിഫലിപ്പിക്കുന്നതെന്നാണ് ഇനിയൊരഭിപ്രായം. സങ്കീർണങ്ങളായ നിരവധി ഘടകങ്ങളുടെ സമഞ്ജസസമ്മേളനമാണ് ആൾക്കൂട്ടത്തിൽ നാം ദർശിക്കുന്നത്. സാമൂഹികവും സാംസ്കാരികവുമായ ചുറ്റുപാടുകൾ, അടിച്ചമർത്തപ്പെട്ട വികാരങ്ങൾ, ഉത്തരവാദിത്വരാഹിത്യം തുടങ്ങിയവയ്ക്ക് ഇവയിൽ പ്രാധാന്യം നല്കാവുന്നതേയുള്ളു. വ്യക്തികളെ തിരിച്ചറിയാൻ എളുപ്പമല്ലെന്നു ബോധ്യമുള്ളതുകൊണ്ട് ആൾക്കൂട്ടത്തിൽ പലരും ആക്ഷേപാർഹമായ രീതിയിൽ പെരുമാറുന്നു. തന്നെപ്പറ്റിയുള്ള ബഹുമാനമില്ലാത്തതുകൊണ്ടും ബുദ്ധിശക്തിയുടെ അഭാവമോ കുറവോകൊണ്ടും മറ്റുള്ളവരെ അനുകരിക്കാനുള്ള വെമ്പൽകൊണ്ടും നേതാവിൻെറ പ്രേരണകൊണ്ടും പൊതുവിൽ ആൾക്കൂട്ടത്തിൽപ്പെട്ട വ്യക്തികളുടെ നിരുത്തരവാദിത്വംകൊണ്ടും ആണ് കൂട്ടം അവജ്ഞയോടെ വീക്ഷിക്കപ്പെടാൻ ഇടയാകുന്നത്. സ്വന്തം നിലയിൽ കൂട്ടം നല്ലതോ ചീത്തയോ അല്ലെന്നും സാഹചര്യത്തിനനുസരണമായാണ് അതു നല്ലതോ ചീത്തയോ ആകുന്നതെന്നും ആണ് ഗിൽസ്ബർഗ് അഭിപ്രായപ്പെട്ടിട്ടുള്ളത്. ചില പരിതഃസ്ഥിതികളിൽ വന്യമൃഗങ്ങളുടെതിനെക്കാൾ മോശപ്പെട്ട പെരുമാറ്റം ആൾക്കൂട്ടത്തിൽനിന്നുണ്ടാകാറുണ്ടെന്ന് മക്ഡൂഗലും, മിക്കപ്പോഴും മൃഗതുല്യമാണ് ആൾക്കൂട്ടത്തിൻെറ പെരുമാറ്റമെന്നു ബർനാർഡും വിവരിച്ചിട്ടുണ്ട്. വർഗീയലഹളകൾ ഇതിനു സാക്ഷ്യംവഹിക്കുന്നു. ആളുകൾ 'കൂട്ടത്തിലിരിക്കുമ്പോൾ ചില സാമൂഹികവികാരങ്ങൾക്കു പ്രാധാന്യം ലഭിക്കുകയും ബുദ്ധി റദ്ദാക്കപ്പെടുകയുംചെയ്യുന്നു' എന്നാണ് സി.ഇ.എം. ജോഡിൻെറ അഭിപ്രായം.

ഡോ. കെ. ശിവദാസൻപിള്ള

ജനതാപാർട്ടി

1977 മാർച്ചുമുതൽ രണ്ടരവർഷക്കാലം ഇന്ത്യയിൽ ഭരണം നടത്തിയ രാഷ്ട്രീയകക്ഷി. അടിയന്തിരാവസ്ഥ നിലവിലിരുന്ന ഇന്ത്യയിൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പൊതുതിരഞ്ഞെടുപ്പു പ്രഖ്യാപിച്ചതിനെത്തുടർന്നാണു ജനതാപാർട്ടി രൂപവത്കൃതമായത്. ഇന്ത്യൻ സ്വാതന്ത്ര്യസമരനേതാക്കളിൽ അന്നു ജീവിച്ചിരുന്ന സമുന്നതരായ രണ്ടുപേർ—ജയപ്രകാശ് നാരായണനും ആചാര്യ കൃപലാനിയും ഇതിനു പിന്തുണ നല്കി. ജനസംഘ്, കോൺഗ്രസ്സ് (സംഘടനാവിഭാഗം) ഭാരതീയ ക്രാന്തിദൾ, സോഷ്യലിസ്റ്റ് പാർട്ടി എന്നീ പ്രതിപക്ഷകക്ഷികളും സംസ്ഥാനങ്ങളിൽ പ്രവർത്തിച്ചിരുന്ന ചില ചെറിയ കക്ഷികളും ചേർന്നാണു ജനതാപാർട്ടി രൂപവത്കരിച്ചത്. ചന്ദ്രശേഖർ ആയിരുന്നു പ്രസിഡൻറ്. 1977 മാർച്ചിൽ നടന്ന തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടി ഈ പാർട്ടി അധികാരത്തിൽവന്നു. മൊറാർജിദേശായി ആയിരുന്നു പ്രധാനമന്ത്രി.

1979 ജൂലായ്മാസത്തിൽ ഈ പാർട്ടിയിലെ അഭിപ്രായഭിന്നതകൾ മൂലം ജനതാപാർട്ടി അധികാരം ഒഴിയേണ്ടിവന്നു. അടുത്ത ഏതാനും മാസങ്ങൾക്കകം പാർട്ടി പലതായി ഭിന്നിച്ചു; ഭാരതീയ ജനതാപാർട്ടി, ലോക്ദൾ, ജനതാപാർട്ടി തുടങ്ങിയ പേരുകളിൽ. ചന്ദ്രശേ



1977-ൽ അധികാരമേറ്റ ജനതാമന്ത്രിസഭയിലെ അംഗങ്ങൾക്ക് ജയപ്രകാശ് നാരായണൻ സത്യപ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു.

ഖർ പ്രസിഡൻറായുള്ള വിഭാഗം ജനതാപാർട്ടി എന്ന പേരിൽ തുടർന്നുവെങ്കിലും 1980 ജനുവരിയിലെ പൊതുതിരഞ്ഞെടുപ്പിൽ അവർ ദയനീയമായി പരാജയപ്പെട്ടു. പിന്നീട് 1982-ൽ സംസ്ഥാനങ്ങളിൽ നടന്ന തിരഞ്ഞെടുപ്പിൽ കർണാടകത്തിൽ ഭൂരിപക്ഷം നേടാൻ ഈ പാർട്ടിക്കു കഴിഞ്ഞു. രാമകൃഷ്ണഹെഗ്ഡേ മുഖ്യമന്ത്രിയായി ഏതാനും വർഷം ഭരണം നടത്തി. പ്രതിപക്ഷകക്ഷികൾ യോജിക്കണം എന്ന നിർദേശം വീണ്ടും ഉന്നയിക്കപ്പെട്ടു. 1988-ൽ ലോക്ദൾ, ജനതാപാർട്ടി, ജനമോർച്ച എന്നീ കക്ഷികൾ ചേർന്നു ജനതാദൾ എന്ന കക്ഷിക്കു രൂപം നല്കി. എന്നാൽ ജനതാപാർട്ടിയിൽ ഒരു വിഭാഗം ഇതിനോടു യോജിച്ചില്ല. അവർ ജനതാപാർട്ടി എന്ന പേരിൽ ഇപ്പോഴും തുടരുന്നു.

ജനനനിയന്ത്രണം

ജനസംഖ്യയുടെ വർധന ഒഴിവാക്കാനും കുടുംബക്ഷേമം വർധിപ്പിക്കാനുംവേണ്ടി ശിശുജനനസംഖ്യ കുറയ്ക്കുന്ന സമ്പ്രദായം. പ്രാചീനകാലംമുതൽ ഇതിനുള്ള ശ്രമങ്ങൾ ചില സമുദായങ്ങൾ നടത്തിവരുന്നു. ചില രാജ്യങ്ങളിൽ ജനങ്ങൾ മതത്തിൻെറ പേരിൽ, ജനനനിയന്ത്രണത്തെ എതിർത്തു. ഇന്നും ഈ എതിർപ്പ് ചുരുക്കം ചിലെടങ്ങളിൽ നിലനില്ക്കുന്നു. † കുടുംബാസൂത്രണം, † ഗർഭനിരോധനം നോക്കുക.

ജനമേജയൻ

പരീക്ഷിത്തിൻെറ പുത്രൻ. ഹസ്തിനാപുരിയിലെ രാജാവായിരുന്നു. വൈശമ്പായനൻ ജനമേജയനെ പറഞ്ഞുകേൾപ്പിക്കുന്ന രീതിയിലാണു മഹാഭാരതകഥയുടെ ഘടന. ഇദ്ദേഹം സർപ്പസത്രം നടത്തി. കാരണം, പിതാവായ പരീക്ഷിത്തിനെ തക്ഷകൻ കടിച്ചുകൊന്നു. സർപ്പയാഗത്തിൽ മിക്ക സർപ്പങ്ങളും കുറെ നാഗങ്ങളും വെന്തുമരിച്ചു. ആസ്തികൻ എന്ന മുനിയുടെ അപേക്ഷകാരണം യാഗം നിറുത്തിയതുകൊണ്ട് തക്ഷകൻ രക്ഷപ്പെട്ടു. മഹാഭാരതകഥ കേട്ടതുകൊണ്ടു രാജാവിനു ബ്രഹ്മഹത്യാപാപത്തിൽനിന്നു മോചനം ലഭിച്ചുവത്രേ.

ജനയുഗം

സി.പി.ഐ കേരളഘടകത്തിൻെറ മുഖപത്രം. കൊല്ലത്തുനിന്നും കോഴിക്കോട്ടുനിന്നും പ്രസിദ്ധീകരിക്കുന്നു. 1947-ൽ കൊല്ലത്തുനിന്ന് എൻ.ഗോപിനാഥൻ നായരുടെ പത്രാധിപത്യത്തിൽ വാരികആയി പ്രസിദ്ധീകരണം ആരംഭിച്ചു. പിന്നീടു ദിനപത്രമായി. ജനയുഗം പബ്ലിക്കേഷൻസ് എന്ന കമ്പനിയാണു പത്രം പ്രസിദ്ധീകരിക്കുന്നത്. കാമ്പിശ്ശേരി കരുണാകരൻ, തെങ്ങമം ബാലകൃഷ്ണൻ, വൈക്കം ചന്ദ്രശേഖരൻ നായർ തുടങ്ങിയവർ ഇതിൻെറ പത്രാധിപത്യം വഹിച്ചിട്ടുണ്ട്. ജനയുഗം ഒരു ആഴ്ചപ്പതിപ്പും പ്രസിദ്ധീകരിക്കുന്നു. നേരത്തെ ബാലയുഗം എന്ന പേരിൽ കുട്ടികൾക്ക് ഒരു മാസിക പ്രസിദ്ധീകരിച്ചിരുന്നു. തോപ്പിൽ ഗോപാലകൃഷ്ണനാണ് ഇപ്പോൾ ജനയുഗം പത്രാധിപർ.

ജനരഞ്ജിനി

ഒരു രാഗം. കർണാടക സംഗീത പദ്ധതിപ്രകാരം 29-ാം മേളകർത്താരാഗമായ ധീരശങ്കരാഭരണത്തിൽനിന്നു ജന്യം.

ആരോഹണം: സരിഗമപധപനിസ

അവരോഹണം: സധപമരിസ

സമ്പൂർണ ഔഡവരാഗമാണിത്. ഷഡ്ജപഞ്ചമങ്ങൾക്കു പുറമെ ചതുഃശ്രുതി ഋഷഭം, അന്തരഗാന്ധാരം, ശുദ്ധമധ്യമം, ചതുഃശ്രുതി ധൈവതം, കാകലിനിഷാദം എന്നീ സ്വരങ്ങളും ഈ രാഗത്തിൽവരുന്നു. അവരോഹണത്തിൽ ഗ,നി എന്നീ സ്വരങ്ങൾ വർജ്യമാണ്. ഏതുകാലത്തും പാടാവുന്നതാണ് ഈ രാഗം എന്നു കരുതപ്പെടുന്നു. *വിഡജാലദുറാ* (ത്യാഗരാജസ്വാമികൾ), *പാഹിമാം ശ്രീ രാജരാജേശ്വരി* (രാമസ്വാമിശിവൻ) എന്നിവ ഈ രാഗത്തിലുള്ള പ്രസിദ്ധകീർത്തനങ്ങളാണ്.

ജനലുകൾ

വെളിച്ചവും വായുവും കടക്കുന്നതിനായി കെട്ടിടങ്ങളുടെ ഭിത്തിമേൽ നിർമിക്കുന്ന കവാടം. പ്രകാശം കടക്കുന്നതിനായി വാതിലുകളിൽ ഗ്ലാസ് വയ്ക്കുകയും വായു ലഭിക്കുന്നതിനായി ജനൽ തുറന്നിടുകയും ചെയ്യുന്നു.

മനുഷ്യൻ ഗൃഹനിർമാണം ആരംഭിച്ച കാലം മുതൽ ഏതെങ്കിലും തരത്തിൽപ്പെട്ട ജനലുകൾ ഉപയോഗിച്ചിരുന്നു. മരംകൊണ്ടുള്ള ചട്ടക്കൂടാണ് ജനലുകൾക്ക് അടുത്ത കാലം വരെയും ഉപയോഗിച്ചിരുന്നത്. ഇപ്പോൾ പലയിടങ്ങളിലും ലോഹം കൊണ്ടുള്ള ചട്ടങ്ങളും ജനലുകൾക്കു ഉപയോഗിക്കുന്നുണ്ട്. ചട്ടക്കൂട് മരം കൊണ്ടായാലും അഴികൾ ലോഹംകൊണ്ടുണ്ടാക്കുന്ന പതിവുമുമ്പുതന്നെയുണ്ടായിരുന്നു.

നിർമാണരീതിയെ അടിസ്ഥാനമാക്കി പലതരത്തിലുള്ള ജനലുകളുണ്ട്.

1. *ഇരുതൂക്കു ജനൽ (Double hung Window):* ഇത്തരം ജനലുകൾക്ക് രണ്ടു ഗ്ലാസ് ചട്ടങ്ങളുണ്ട് (Sash). ഇവ ഉപരിഭാഗത്ത് കുപ്പിയിൽകൂടി കടന്നുപോകുന്ന ചരടിലോ ചങ്ങലയിലോ ഉള്ള ഭാരത്തിൻെറ സഹായത്താൽ അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ചില ജനലുകൾ സ്പ്രിങ്ങിൻെറ സഹായത്താലാണ് അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നത്.

2. കേസ്മെൻറ് ജനൽ (Casement Window): കുത്തനെ വിജാഗിരികൊണ്ട് ഉറപ്പിച്ചിട്ടുള്ള കതകുകളുള്ള ജനൽ. ഇവയെ സാധാരണമായി പുറത്തേക്കാണു തുറക്കുക. ചില സന്ദർഭങ്ങളിൽ ഗിയറുകളിൽ ഘടിപ്പിച്ചിരിക്കുന്ന പിടിയും അടയ്ക്കാനും തുറക്കാനും ഉപയോഗിക്കാറുണ്ട്.

3. ഫ്രെഞ്ച് ജനറൽ(French Window): തറവരെയെത്തുന്നതരം ജനലുകളാണിവ. ഇവ മിക്കവാറും അകത്തേക്കാണു തുറക്കുന്നത്.

4. തണൽ ജനൽ (Awning Window): മൂന്നോ അതിലധികമോ ക്ഷൈതിജചട്ടങ്ങൾ ഇതിലുണ്ട്. മുകളിൽ വിജാഗിരിവച്ചുറപ്പിച്ചിരിക്കുന്ന ഇവ വെളിയിലേക്കു തുറക്കാവുന്നവയാണ്. അകത്തുനിന്ന് ക്രാങ്കിൻെറ സഹായത്തോടെയാണ് അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നത്.

5. ഹോപ്പർ ജനൽ (Hopper Window): അടിഭാഗത്ത് വിജാഗിരി ഘടിപ്പിച്ചിരിക്കുന്ന ജനലുകളാണിവ. അകത്തേക്കാണ് തുറക്കുന്നത്.

6. ഉൾ ജനൽ (Bay Window): മൂന്നോ അതിലധികമോ ഇരുതൂക്ക ജനലുകൾ കൂട്ടിച്ചേർത്താണ് ഇത് ഉണ്ടാക്കാറുള്ളത്. ഇവയിലെ ബാഹ്യജോഡി, ഭിത്തിയുമായി ഒരു പ്രത്യേക കോണിലായിരിക്കും സ്ഥിതിചെയ്യുന്നത്. ജനലുകൾ അവിടെനിന്നും വെളിയിലേക്കു തള്ളിനില്ക്കുന്നു. ഇത്തരം ജനലുകൾതന്നെ ആർക്കുപോലെ വളഞ്ഞാണ് ഇരിക്കുന്നതെങ്കിൽ അതിനെ വിൽജനൽ (Bow Window) എന്നു പറയുന്നു.

7. മുൻജനൽ (Domer Window): മേൽക്കൂരയ്ക്കു താഴെയായി വയ്ക്കുന്ന ഒരുതരം ജനലാണിത്. ഇതിനു പ്രത്യേകമായി ഒരു ചെറിയ മേൽപ്പുരയുണ്ട്.

8. സ്ഥിരജനൽ (Fixed Window): തുറക്കാൻ വയ്യാത്ത ചട്ടങ്ങളുള്ള ജനലുകളാണ് ഇവ. ഇവ വലുതും അല്പമായി തുറക്കാവുന്നതുമാകുമ്പോൾ ചിത്രജാലകം (Picture Window) എന്നു പറയുന്നു. ആധുനിക ഗൃഹങ്ങളിൽ ഇതു സാധാരണമാണ്.

ഇവയെക്കൂടാതെ ഭിത്തിയിൽ ആകമാനാമായി വ്യാപിച്ചിരിക്കുന്ന ജാലകഭിത്തി (Window wall), ചിൽ ജനൽ (Louvered Window) എന്നിങ്ങനെ പലതരം ജനലുകളുണ്ട്.

തടി, ഗ്ലാസ്, ലോഹദണ്ഡുകൾ, വിജാഗിരികൾ, കുറ്റിയും കൊളുത്തും, ലോഹപ്പിടികൾ, ഗിയറുകൾ, സ്പ്രിങ്ങുകൾ, കപ്പികൾ എന്നിവ ഉപയോഗിച്ചാണ് ഇത്തരം ജനലുകളെല്ലാം ഉണ്ടാക്കുന്നത്. ഓരോ ഭവനത്തിൻെറയും ഉപയോഗവും പ്രത്യേകതകളും നോക്കിയാണ് ജനലുകൾ തിരഞ്ഞെടുക്കുന്നത്. ഒരു ലൈബ്രറിഹാളിലെയും ക്ലാസ്മുറിയിലെയും വീട്ടിലെ കിടപ്പുമുറിയിലെയും ജാലകങ്ങൾ വ്യത്യസ്ഥരീതിയിലായിരിക്കും. ആകർഷകതയ്ക്കും ജനലുകളുടെ മാതൃകകൾ ആവശ്യാനുസരണം മാറ്റുന്നു.

ജനവർഗങ്ങൾ

†നരവർഗങ്ങൾ നോക്കുക.

ജനസംഖ്യാശാസ്ത്രം

ഒരു രാജ്യത്തിലെയോ മൊത്തത്തിൽ ലോകത്തിലെയോ ജനസംഖ്യയെപ്പറ്റിയും അതിൻെറ വിതരണം, ഘടന എന്നിവയെപ്പറ്റിയും പഠിക്കുന്ന ശാസ്ത്രശാഖ. ഡെമോഗ്രഫി എന്നും ഇംഗ്ലീഷിൽ പറയും.

ജനസംഖ്യയെ അടിസ്ഥാനമാക്കിയുള്ള തത്വങ്ങൾ പഴയ കൃതികളിൽ കാണാം. കൺഫ്യൂഷ്യസും ചൈനയിലെ മറ്റു തത്ത്വചിന്തകന്മാരും ജനസംഖ്യാവർദ്ധനപ്രശ്നം സൃഷ്ടിക്കുമെന്നും, ജനസംഖ്യ നിയന്ത്രിക്കേണ്ടിവരുമെന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സ്വാശ്രയരായി കഴിയുവാൻ കെൽപ്പുള്ളത്ര ജനസംഖ്യയാണു ഗ്രീസിലെ പുരാതന നഗരരാഷ്ട്രങ്ങൾക്കു വേണ്ടതെന്നു വിശ്വസിച്ചിരുന്നവരാണ് പ്ലേറ്റോയും അരിസ്റ്റോട്ടിലും. ജനസംഖ്യാ വർധനവു നിയന്ത്രിക്കാൻ ജനനനിയന്ത്രണവും ഭ്രൂണഹത്യവരെയുള്ള മാർഗങ്ങളും അവർ നിർദേശിച്ചിരുന്നു.

14-ാംനൂറ്റാണ്ടിലെ ഇബിൻ ഖാൽദൂൺ എന്ന മുസ്ലിം തത്വചിന്തകനും, 16-ാംനൂറ്റാണ്ടിൽ ഇറ്റലിയിൽ ജീവിച്ചിരുന്ന ബോട്ടറോയും ആണ് ജനസംഖ്യാശാസ്ത്രത്തിന്റെ നേട്ടങ്ങൾക്ക് ഉത്തരവാദികൾ. ഇബിൻ ഖാൽദൂൺ രാഷ്ട്രീയമായും സാമ്പത്തികമായും സാമൂഹികമനഃശാസ്ത്രപരമായും ഉള്ള സ്ഥിതിഗതികളെ ജനസംഖ്യയുമായി ബന്ധപ്പെടുത്തി ഒട്ടേറെ തത്ത്വങ്ങൾ ശാസ്ത്രത്തിനു നല്കി. പക്ഷേ, 19-ാംനൂറ്റാണ്ടുവരെ ഈ തത്ത്വങ്ങൾ വെളിച്ചം കണ്ടില്ല. ബോട്ടറോയുടെ ആശയങ്ങൾ പില്ക്കാലത്തു മാൽത്തസ്സിന്റെ തത്ത്വസംഹിതയ്ക്കു വഴിതെളിച്ചു.

17,18 എന്നീ ശതകങ്ങളിൽ ജനസംഖ്യാശാസ്ത്രത്തിന്റെ വളർച്ച സാമ്പത്തിക ശക്തിയും മാനുഷിക ശക്തിയും വർധിപ്പിക്കാനുള്ള വഴികൾ തേടിയിരുന്ന സാമൂഹികസാമ്പത്തികശാസ്ത്രജ്ഞന്മാരുടെ ഗവേഷണങ്ങളിലൂടെ ആയിരുന്നു. ജനസംഖ്യാവർധനവു ദേശീയവരുമാനം വർധിപ്പിക്കുകയും, പ്രതിശീർഷവരുമാനം കുറയ്ക്കുകയും ചെയ്യുന്നതിനാൽ ജീവിതനിലവാരം നിലനിർത്തിക്കൊണ്ടുപോകുവാൻ വെമ്പുന്ന തൊഴിലാളികളുടെ ഉത്പാദനക്ഷമത വർധിപ്പിച്ച് രാജ്യത്തിന്റെ സമ്പത്തുവർധിപ്പിക്കുമെന്ന് അവർ തെളിയിച്ചു. കോളണികളിലേക്കുള്ള കുടിയേറിപ്പാർപ്പ് ജനസാന്ദ്രത കുറയ്ക്കുവാനുള്ള ഒരു മാർഗമായി. ഇക്കാലത്തു ശാസ്ത്രീയമായി ജനസംഖ്യ അപഗ്രഥിക്കാനും വ്യതിയാനങ്ങളെ തിട്ടപ്പെടുത്താനും വേണ്ട മാർഗങ്ങൾ കണ്ടുപിടിച്ചു. ഗ്രോണ്ട്(Graunt) ജനനമരണക്കണക്കുകളിലെ കാതലായ ബന്ധങ്ങളും, സ്ത്രീ പുരുഷാനുപാതം, മരണകാരണങ്ങൾ എന്നിവയും, അപഗ്രഥിച്ചുനോക്കി. വർധിക്കുന്ന ജനസംഖ്യകൊണ്ടുള്ള പ്രയോജനങ്ങൾ പെറ്റി (Petty) എടുത്തു കാണിച്ചു.

18-ാംശതകത്തിന്റെ രണ്ടാമത്തെ പകുതിയിൽ ജനസംഖ്യാവർധനവു ഗുണകരമാണെന്നുള്ള ആശയത്തെ എതിർത്തവർ കൂടിക്കൂടിവന്നു. എന്നാൽ ജനസംഖ്യാ വർധനയുടെ കുതിച്ചുകയറ്റം ഭക്ഷ്യധാന്യങ്ങളുടെ ഉത്പാദനത്തെക്കാൾ വളരെ ഉയർന്ന തോതിൽ ആയിരിക്കുമെന്നും, ഇങ്ങനെ തുടർന്നാൽ ഏറെത്താമസിയാതെ ആഗോളജനസഞ്ചയം പട്ടിണിയും പരിവട്ടവുമായി കഴിയുമെന്നും, ഇതിനെ തടയുവാൻ ജനനനിയന്ത്രണമാണ് ഒറ്റ മാർഗം എന്നും മാൽത്തസ് സമർഥിച്ചു. മാൽത്തസ്സാണ് ജനസംഖ്യാശാസ്ത്രത്തിന്റെ പിതാവ്. പില്ക്കാലത്തു വളരെയേറെ നിരൂപണങ്ങൾക്കു വിധേയമായ മാൽത്തൂസിയൻ സിദ്ധാന്തങ്ങൾ കാനേഷുമാരിക്കണക്കുകളുടെയും ജനനമരണക്കണക്കുകളുടെയും ആവശ്യവും അപഗ്രഥനരീതികളും ശാസ്ത്രജ്ഞന്മാരെ ബോധ്യപ്പെടുത്തുകയെങ്കിലും ചെയ്തു.

പുതിയ ചിന്തകർ. 19-ാംനൂറ്റാണ്ടിൽ രണ്ടു ചിന്താസരണികളിൽക്കൂടി ജനസംഖ്യാശാസ്ത്രം വളർന്നു. രാഷ്ട്രീയ-സാമ്പത്തിക മീമാംസയിലെ സോഷ്യലിസ്റ്റ് തത്ത്വചിന്തകന്മാരും ക്ലാസ്സിക്കൽ തത്ത്വചിന്തകന്മാരുമാണ് ഇതിന് ഉത്തരവാദികൾ. ജനസംഖ്യാവ്യതിയാനങ്ങളുടെ മൂലകാരണങ്ങളും പ്രത്യാഘാതങ്ങളും വെളിച്ചത്തു കൊണ്ടുവരാനുള്ള പരിശ്രമങ്ങളായിരുന്നു ക്ലാസ്സിക്കൽ തത്ത്വചിന്തകന്മാരുടെത്. മാൽത്തസ്സിന്റെ ജനസംഖ്യാനുപാതങ്ങളെക്കാൾ നൂതനമായ പലതും കണ്ടുപിടിച്ചു. ജനസംഖ്യാവർധനവ് വേതനത്തെ ബാധിക്കുമെന്നും അവർ തെളിയിച്ചു. ആത്മനിയന്ത്രണംകൊണ്ട് ജനസംഖ്യയുടെ വർധനത്തോത് കുറയ്ക്കുമെന്നും, അല്ലെങ്കിൽത്തന്നെ പരിഷ്കാരം വർധിക്കുമ്പോഴും, ജീവിതനിലവാരം ഉയർത്തുവാൻ പരിശ്രമിക്കുമ്പോഴും അംഗസംഖ്യ നിയന്ത്രിക്കുവാൻ മനുഷ്യർ സ്വമേധയാ ഒരുമ്പെടുമെന്നും പല ശാസ്ത്രജ്ഞന്മാരും അഭിപ്രായപ്പെട്ടു.

മാർക്സിനുമുമ്പുള്ള സോഷ്യലിസ്റ്റ് തത്ത്വചിന്തകർ മാൽത്തസ്സിന്റെ സിദ്ധാന്തത്തെ തിരസ്കരിച്ചു. മാർക്സിന്റെ വിശകലനത്തിന്റെ ലക്ഷ്യം ജനസംഖ്യാവർധനയ്ക്ക് ഒരു സാമ്പത്തിക വിശദീകരണം കണ്ടുപിടിക്കുകയായിരുന്നു. മാനുഷികശക്തിയെ ചൂഷണംചെയ്താണു മുതലാളിത്തവ്യവസ്ഥിതി വളരുന്നതെന്നും, അതിനാൽ അധ്വാനിക്കുന്ന ജനവിഭാഗത്തിന് ആവശ്യമുള്ളത്ര ജോലിയും കൂലിയും കിട്ടാതെ ഒരു തൊഴിലില്ലായ്മപ്രശ്നം ഉണ്ടാക്കുക ഈ വ്യവസ്ഥിതിയുടെ നിലനില്പിന് ആവശ്യമാണെന്നും മാർക്സ് റഷ്യയിലെ സ്ഥിതിഗതികൾ ഉദ്ധരിച്ചുകൊണ്ടു സമർഥിച്ചു. ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ ജനസംഖ്യ കൂടുതലാണെന്ന് അനുഭവപ്പെടുകയില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ നിഗമനം. ബെബൻ, ലെനിൻ, സ്റ്റാലിൻ എന്നിവർ ഈ ചിന്താസരണി പിന്തുടരുകയും ജനനനിയന്ത്രണം ആവശ്യമില്ലാത്ത ഒരു നിയന്ത്രണമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

വ്യാപ്തി. ജനസംഖ്യാവ്യതിയാനങ്ങളെയും അവയ്ക്ക് ആധാരഭൂതമായ പ്രധാന ഘടകങ്ങളെയും സംബന്ധിച്ച പഠനവും ഇതിൽ ഉൾപ്പെടുന്നു. സന്താനോത്പാദനം, മരണം, ദേശാന്തരഗമനം ഇവയാണ് ഈ ഘടകങ്ങൾ. സമൂഹത്തെ വിവിധ കാലയളവുകളിൽ പരിവർത്തനവിധേയമാക്കുന്ന സാമൂഹികചലനങ്ങളും ഒരു ഘടകമായി കരുതാറുണ്ട്. അവിവാഹിതർ വിവാഹിതരാകുമ്പോഴുള്ള ജനസംഖ്യാവ്യതിയാനങ്ങൾ ഇതിനൊരുദാഹരണമാണ്.

മൊത്തം ജനസംഖ്യയുടെ കാലാനുസൃതമായ മാറ്റം, വിവിധ രാജ്യങ്ങൾ തമ്മിൽ ജനസംഖ്യയിലുണ്ടാകുന്ന ആപേക്ഷികമാറ്റം, ഭരണപരമായ യൂണിറ്റുകളിൽ ജനസംഖ്യയുടെ വിതരണരീതി, അവയുടെ ശതമാനക്കണക്കു പഠിക്കുന്നതിനുള്ള ശാസ്ത്രീയമാർഗങ്ങൾ എന്നിവയെല്ലാം ഡെമോഗ്രഫിയിൽ ക്രോഡീകരിച്ചിരിക്കുന്നു. ജനസംഖ്യയെ വയസ്സ്, ലിംഗം, വിവാഹം, വിദ്യാഭ്യാസം, ആദായം, തൊഴിൽ എന്നിങ്ങനെ പല സാമൂഹിക-സാമ്പത്തിക വിഭാഗങ്ങളിലായി തരംതിരിച്ചു പഠനം നടത്താം. ഇത് അതിന്റെ ഘടനയെപ്പറ്റി അറിയുവാനും ഭാവിയെപ്പറ്റി പ്രവചനം നടത്തുവാനും സഹായിക്കുന്നു.

ജനസംഖ്യ കൂടാൻ ജനനങ്ങളും കുടിയേറിപ്പാർക്കലും സഹായിക്കുന്നു. പ്രായേണ ഈ ഘടകങ്ങളുടെ നിരക്കുകൾ കൂടിയിരുന്നാൽ ആ പ്രദേശത്തു ജനസംഖ്യ വളരെ കൂടുതലായിരിക്കും. സന്താനോത്പാദനനിരക്കാണ് ഇതിൽ പ്രധാനം.

ജനസംഖ്യാപഠനത്തിൽ ജനസംഖ്യയെ ബാധിക്കുന്ന സാമൂഹിക-സാമ്പത്തിക സ്ഥിതിഗതികളെപ്പറ്റിയും പഠിക്കേണ്ടതുണ്ട്. ആധുനികയുഗത്തിൽ ജനസംഖ്യ ഏതൊരു പഠനവിഭാഗത്തിലെയും പ്രധാന ഘടകം ആയിത്തീർന്നിരിക്കുന്നു. ഭാവിയിൽ ഉണ്ടാകുന്ന ജനസംഖ്യാവ്യതിയാനങ്ങളെപ്പറ്റി മനസ്സിലാക്കുവാൻ മറ്റു സാമൂഹിക സ്ഥിതിഗതികളെപ്പറ്റി അറിയണം. ജനസംഖ്യയും മറ്റു മാനുഷികാവസ്ഥകളും തമ്മിലുള്ള അഭേദ്യമായ ബന്ധം കാരണം ജനസംഖ്യാപഠനത്തിനു മറ്റു ശാസ്ത്രങ്ങളുടെയും കലകളുടെയും സഹായം ആവശ്യമാണ്. അതുപോലെതന്നെ ജനസംഖ്യയെപ്പറ്റിയുള്ള വിവരങ്ങൾ മറ്റു ശാസ്ത്രങ്ങൾക്കും കലകൾക്കും ആവശ്യമായി വരുന്നു.

വിഭജനം. പഠനസൗകര്യത്തിനായി ഡെമോഗ്രഫിയെ അപഗ്രഥനാത്മകം (Analytical or Technical Demography) എന്നും, വിവരണപരം (Descriptive or Substantive Demography) എന്നും രണ്ടായി തരംതിരിച്ചിട്ടുണ്ട്. ആദ്യത്തതു പ്രധാനമായും അപഗ്രഥിക്കുവാനുള്ള മാർഗങ്ങളുടെ ചർച്ചയിൽ ഒതുങ്ങുന്നു. രണ്ടാമത്തത് ഈ മാർഗങ്ങളുടെ സഹായത്താൽ ഒരു പ്രത്യേക ഭൂവിഭാഗത്തിലെ ജനസംഖ്യയുടെ ഗതിവിഗതികളെപ്പറ്റി പഠിക്കുന്നു.

പഠനത്തിന്റെ രീതിയനുസരിച്ചു ഡെമോഗ്രഫിയെ വീണ്ടും സ്റ്റാറ്റിക് ഡെമോഗ്രഫിയെന്നും ഡൈനാമിക് ഡെമോഗ്രഫിയെന്നും രണ്ടായി തരം തിരിച്ചിരിക്കുന്നു. സമയത്തെ ഒരു വ്യതിയാനവിധേയോപാധിയാക്കി ആണു ഡൈനാമിക് ഡെമോഗ്രഫിയിലെ പഠനം. സ്റ്റാറ്റിക് ഡെമോഗ്രഫിയിൽനിന്നു കിട്ടുന്ന വിവരങ്ങൾ സമയവുമായി ബന്ധപ്പെടുത്തി പഠിച്ചാൽ അതു ഡൈനാമിക് ഡെമോഗ്രഫിയായി. ഓരോ ദശവർഷാരംഭത്തിലും നടത്തുന്ന കനേഷുമാരിയിൽനിന്നു ലഭിക്കുന്ന ജനസംഖ്യാകണക്കുകളും അവയുടെ പഠനവും സ്റ്റാറ്റിക് ഡെമോഗ്രഫിയാണ്; പല വർഷങ്ങളിലെ കാനേഷുമാരി കണക്കുകൾ തമ്മിൽ കോർത്തിണക്കി ജനസംഖ്യാവ്യതിയാനങ്ങളെപ്പറ്റി പഠിക്കുന്നതു ഡൈനാമിക് ഡമോഗ്രഫിയും. എന്നാൽ ഇവ രണ്ടും തമ്മിലുള്ള വ്യത്യാസം ഖണ്ഡിതമല്ല.

വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ്. ഈ സംജ്ഞകൊണ്ടു വിവക്ഷിക്കുന്നതു ജീവിതത്തെ സംബന്ധിക്കുന്ന എല്ലാ സ്ഥിതിവിവരക്കണക്കുകളുമാണ്. പക്ഷേ, പ്രധാനമായി ജനനമരണക്കണക്കുകളാണു ചർച്ചാവിഷയമാകാറുള്ളത്. ജീവിതത്തിന്റെ ആരംഭമായ ജനനത്തിനും അവസാനമായ മരണത്തിനും ഇടയ്ക്ക് ഉണ്ടാകുന്ന സംഭവങ്ങളെയെല്ലാം ഇതിന്റെ പരിധിയിൽപ്പെടുത്താം. ഇതിനാൽ ജന

സംഖ്യാ നിർണയനത്തിൽ ഈ കണക്കുകൾക്കും അവയുടെ പഠനരീതി വിവരിക്കുന്ന ശാസ്ത്രവിഭാഗത്തിനും പ്രത്യേകം സ്ഥാനമുണ്ട്. സാധാരണമായി വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് ഡെമോഗ്രഫിയുടെ ഒരു ഭാഗമായി കരുതിപ്പോരുന്നുണ്ട്. എന്നാൽ, സ്റ്റാറ്റിസ്റ്റിക്സിന്റെ ഭാഗമാണിത്. ജനസംഖ്യാശാസ്ത്രത്തെയും സ്റ്റാറ്റിസ്റ്റിക്സിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഏറ്റവും പ്രധാനമായ ഒരു കണ്ണിയായി വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സിനെ കരുതാം.

ജനസംഖ്യാചലനങ്ങൾ. ഡെമോഗ്രഫിയിലെ ഏറ്റവും കാതലായ ഭാഗം ജനസംഖ്യാചലനങ്ങളാണ്. ഇതു ഡൈനാമിക് ഡെമോഗ്രഫിയുടെ പരിധിയിലാണു വരുന്നത്. എന്നാലും സ്റ്റാറ്റിക് ഡെമോഗ്രഫിയിൽ കണ്ടുപിടിക്കുന്ന നിരക്കുകളും അനുപാതങ്ങളും ഉപയോഗിച്ചാണു പഠനം നടത്തുന്നത്.

പ്രയോജനങ്ങൾ. സംസ്കാരം സിദ്ധിച്ച മനുഷ്യനു ഡെമോഗ്രഫി ഒരനുഗ്രഹമാണെന്നുള്ളത് അവിതർക്കിതമാണ്. ജനനത്തീയതി, വിവാഹത്തീയതി, മരണത്തീയതി എന്നിവ അറിയേണ്ട പല ഘട്ടങ്ങളുമുണ്ടാകാറുണ്ട്. സമൂഹത്തിനും രാഷ്ട്രത്തിനും ജനസംഖ്യാശാസ്ത്രത്തിന്റെ സഹായം അനുപേക്ഷണീയമാണ്. സാമ്പത്തികാസൂത്രണത്തിൽ ഇതിനു സുപ്രധാനമായ സ്ഥാനം ഉണ്ട്. വ്യാവസായികമേഖലയിലും വികസനോദ്യമങ്ങൾക്കു ജനസംഖ്യയെപ്പറ്റിയുള്ള വിവരങ്ങൾ ആവശ്യമാണ്. തൊഴിൽസൗകര്യങ്ങൾ ഉണ്ടാക്കുന്നതിനു പുറമെ ആവശ്യമുള്ള സാധനസാമഗ്രികൾ ആസൂത്രണംചെയ്തു നിർമിക്കുവാൻ ഈ അറിവു പ്രയോജനപ്പെടുന്നു. വ്യാപാരമേഖലയിലും അന്നന്നാവശ്യമുള്ള വീടുകൾ, വീട്ടുസാധനങ്ങൾ തുടങ്ങിയവ നിർമിക്കുവാനും ഭാവിയിലേക്കു കരുതുവാനും ജനസംഖ്യാശാസ്ത്രത്തിന്റെ സഹായം ആവശ്യമുണ്ട്. കാർഷിക-വ്യാവസായിക-വ്യാപാരമേഖലകളിൽ സാമ്പത്തികസ്ഥിരത കൈവരുത്താനും, വിപണനസൗകര്യങ്ങൾ കണ്ടുപിടിക്കാനും സർവോപരി ജീവിതനിലവാരം ഉയർത്താനും ഇതു സഹായകമാണ്.

ഡോ. ആർ.എസ്. കുറുപ്പ്

ജനസംഖ്യാസ്ഫോടനം

ജനസംഖ്യയുടെ അമിതമായ പെരുപ്പം. സാംക്രമികരോഗങ്ങളെ ഒരതിരുവരെ നിയന്ത്രിക്കാൻ കഴിഞ്ഞതും ഭക്ഷ്യോത്പാദനത്തിലുണ്ടായ വർധനയും മരണനിരക്കു കുറയ്ക്കാൻ സഹായിച്ചു. പട്ടിണിമരണങ്ങളും വെള്ളപ്പൊക്കം, ഭൂകമ്പം മുതലായവകൊണ്ടുണ്ടാകുന്ന ജനനാശവും മഹാമാരികൾ വരുത്തുന്ന കൂട്ടമരണവുമാണു മുൻകാലങ്ങളിൽ ജനസംഖ്യ നിയന്ത്രിച്ചുനിർത്തിയിരുന്നത്. ഇന്നു ചുരുക്കം വികസിതരാജ്യങ്ങളിലൊഴികെ എവിടെയും ജനസംഖ്യ ഭീകരമാംവിധം വർധിച്ചുകൊണ്ടിരിക്കുന്നു.

തോമസ് മാൽത്തസ് (Malthus) എന്ന പുരോഹിതൻ *എസ്സേ ഓൺ പോപ്പ്യുലേഷൻ* എന്ന ഗ്രന്ഥത്തിൽ ജനസംഖ്യാവർധനക്കെതിരെ താക്കീതുനല്കി. ഭക്ഷ്യോത്പാദനം സമാന്തരശ്രേഢിയിൽ വർധിക്കുമ്പോൾ ജനസംഖ്യ ഗുണോത്തര ശ്രേഢിയിൽ ആണു വർധിക്കുന്നതെന്നു മാൽത്തസ് പറഞ്ഞു. (സമാന്തരശ്രേഢി - 1, 2, 3, 4, 5, 6 ...... ഗുണോത്തരശ്രേഢി 1, 2, 4, 8, 16, 32, ...) അപ്പോൾ ഭക്ഷ്യക്ഷാമം അവശ്യംഭാവിയാണ്. 1750-ൽ ലോകജനസംഖ്യ 728 ദശലക്ഷം ആയിരുന്നത് 1850 ആയപ്പോഴേക്കു 1000 ദശലക്ഷമായി. ഇന്ന് ഈ തോതിലല്ല. ഇതിലുംവളരെ ഉയർന്നതോതിലാണു ജനസംഖ്യ വർധിക്കുന്നത്.

ചൈനയിൽ ഇപ്പോഴത്തെ ജനസംഖ്യ 106 കോടിയാണ്. ഇന്ത്യയിൽ 78 കോടിയും. ഇന്നത്തെ രീതി തുടർന്നാൽ, ചൈനയിൽ 62 വർഷാംകൊണ്ടും ഇന്ത്യയിൽ 39 വർഷംകൊണ്ടും ഈ ജനസംഖ്യ ഇരട്ടിക്കും. ജെർമൻ ഫെഡറൽ റിപ്പബ്ലിക്ക്, ജെർമൻ ഡെമോക്രാറ്റിക്ക് റിപ്പബ്ലിക്ക് മുതലായി വളരെ ചുരുക്കം രാജ്യങ്ങളിൽ ജനസംഖ്യ മെല്ലെ കുറഞ്ഞുവരുന്നു. അവർ അവലംബിക്കുന്ന മാർഗം മറ്റുള്ളവരും അവലംബിക്കാത്തപക്ഷം ജനസംഖ്യാസ്ഫോടനം യുദ്ധത്തിലോ പട്ടിണിമരണത്തിലോ ചെന്നെത്തും എന്നു വിദഗ്ധൻമാർ ചൂണ്ടിക്കാട്ടുന്നു. ജീവിതനിലവാരം ഉയർന്നാൽ ജനനനിരക്കു തനിയേ കുറയും. ഗർഭനിരോധനം, ഗർഭച്ഛിദ്രം എന്നീ മാർഗങ്ങളും ജനനനിയന്ത്രണത്തിന് ഇന്നു സ്വീകരിച്ചുവരുന്നു. ആ മാർഗങ്ങൾ ഇന്ത്യപോലുള്ള രാജ്യങ്ങളിൽ ഇന്നും ലക്ഷ്യത്തിൽ എത്തിയിട്ടില്ല.

ജനസംഘ്

ഇന്ത്യയിലെ ഒരു രാഷ്ട്രീയകക്ഷി. 1951-ൽ നിലവിൽവന്നു. പ്രഗല്ഭ പാർലമെന്ററിയൻ ഡോ. ശ്യാമപ്രസാദ് മുഖർജി സ്ഥാപകപ്രസിഡന്റ് ആണ്. ഹൈന്ദവഭാരതത്തിന്റെ പൗരാണികമഹത്വത്തെ പ്രകീർത്തിക്കുകയും ഹിന്ദുരാഷ്ട്രസിദ്ധാന്തത്തെ പരോക്ഷമായി അനുകൂലിക്കയും ചെയ്യുന്നതായിരുന്നു ഈ കക്ഷിയുടെ നയം. പാകിസ്താനും ചൈനയ്ക്കും എതിരെ ഇന്ത്യ കൂടുതൽ ശക്തമായ നടപടികൾ സ്വീകരിക്കണം എന്ന് ഈ കക്ഷി വാദിച്ചു. എത്രയും വേഗം ഹിന്ദി ഔദ്യോഗികഭാഷയാക്കുന്ന നടപടി പൂർത്തിയാക്കണമെന്നായിരുന്നു ഇവരുടെ വാദം. ഉത്തരേന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ ഈ കക്ഷിക്കു സ്വാധീനമുണ്ടായിരുന്നു. 1967-77 കാലത്ത് സംസ്ഥാനനിയമസഭകളിൽ കുറെ സ്ഥാനങ്ങൾ നേടുകയും ഒന്നുരണ്ടിടത്തു മറ്റുകക്ഷികളുമായി ചേർന്ന് ഐക്യമുന്നണി രൂപവത്കരിച്ച് അധികാരത്തിൽ വരികയും ചെയ്തു. 1977-ൽ രൂപംകൊണ്ട ജനതാപാർട്ടിയിലെ ഒരു പ്രധാനഘടകമായിരുന്നു ജനസംഘ്. 1979-ൽ ജനതാപാർട്ടി ഭിന്നിച്ചപ്പോൾ അതിലെ ജനസംഘ് വിഭാഗം ഭാരതീയ ജനതാപാർട്ടി എന്ന പുതിയ രാഷ്ട്രീയകക്ഷിക്കു രൂപം നല്കി.

ജനഹിതപരിശോധന (Referendum)

ഗവൺമെന്റിന്റെ നയത്തെയോ നിയമനിർമാണസഭ പാസാക്കുന്ന ഒരു നിയമത്തെയോ പറ്റി ജനഹിതം അറിയുന്നതിനുള്ള സംവിധാനം. ഇതിനു പല രൂപങ്ങളുണ്ട്. ഇതു നിർബന്ധിതമോ, ഐച്ഛികമോ ആകാം. എല്ലാ രാഷ്ട്രങ്ങളുടെയും ഭരണഘടനയിൽ ഇതിനു വ്യവസ്ഥകളില്ല. യു.എസ്., സ്വിറ്റ്സർലൻഡ് മുതലായ ചില രാജ്യങ്ങളിൽ ഇതിനു ഭരണഘടനാവ്യവസ്ഥകളുണ്ട്.

ജനങ്ങൾ മുൻകയ്യെടുത്തു ജനഹിതപരിശോധന ആവശ്യപ്പെടുമ്പോൾ അതിന് ഇനിഷ്യേറ്റീവ് (initiative) എന്നും നിയമനിർമാണസഭ ഹിതപരിശോധന ആവശ്യപ്പെടുമ്പോൾ അതിനു റെഫറെൻഡം (referendum) എന്നും പറയുന്നു.

ജനഹിതപരിശോധനയ്ക്കു നാലു ഭേദമുണ്ട്: 1. നിർബന്ധിതം (mandatory). നടപ്പിൽവരുത്തുന്നതിനു മുമ്പു ചില നിയമങ്ങൾ ജനങ്ങളുടെ സമ്മതിദാനത്തിനു സമർപ്പിച്ചേ മതിയാകൂ എന്നുണ്ട്. 2. സോപാധികം (conditional). നിയമനിർമാണസഭതന്നെ പാസാക്കിക്കഴിഞ്ഞ ഒരു നിയമം നടപ്പിൽവരുംമുമ്പു ജനഹിതപരിശോധനയ്ക്കു വിടാൻ തീരുമാനിച്ചെന്നു വരാം. 3. ഉപദേശരുപം (advisory). ഇതിനു പ്ലെബിസൈറ്റ് (plebiscite) എന്നും പറയും. ജനഹിതം അറിഞ്ഞുകഴിഞ്ഞാലും ഇതിൽ സ്വേച്ഛപോലെ തീരുമാനിക്കാൻ നിയമസഭയ്ക്ക് അധികാരമുണ്ട്. 4. അപേക്ഷാരൂപം (petition). ഇതിനു ഫാക്കൽറ്റേറ്റീവ് (facultative) എന്നും പറയാം. പാസായ നിയമം നാട്ടിൽ പ്രതിഷേധം ശക്തമാകുമ്പോൾ ജനങ്ങളുടെ അംഗീകാരത്തിനു സമർപ്പിക്കുന്നു.

യു.എസ്സിലും സ്വിറ്റ്സർലൻഡിലും പല നിയമങ്ങളും ജനഹിതപരിശോധനയിൽ ഭൂരിപക്ഷത്തിന്റെ സമ്മതിദാനം ലഭിച്ചാലേ നടപ്പാക്കാവൂ എന്നു ഭരണഘടന അനുശാസിക്കുന്നുണ്ട്.

ജനാധിപത്യം (Democracy)

പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ഭരണസമ്പ്രദായം. നൈതികമായ അർഥത്തിൽ ആധുനികകാലത്ത് ജനാധിപത്യം ഒരു ജീവിതസമ്പ്രദായം കൂടിയാണ്. ഗ്രീക്കിൽ ഡമൊ (Demo) എന്ന ശബ്ദത്തിന് ജനങ്ങൾ എന്നും ക്രറ്റോസ് (Krotos) എന്നതിന് ഭരണം എന്നും അർഥമാണ്. ഡമോക്രാറ്റിയ (Demokratia) എന്ന ഗ്രീക്ക് സമസ്തപദമാണ് ഇംഗ്ലീഷിൽ ഡമോക്രസി ആയിത്തീർന്നത്. ജനാധിപത്യം തുടക്കത്തിൽ പ്രത്യേക ഭരണസമ്പ്രദായത്തെ മാത്രമെ കുറിച്ചിരുന്നുള്ളു എങ്കിലും പിന്നീട് പലതരത്തിലുള്ള ഭരണസമ്പ്രദായങ്ങളെയും ഈ പദംകൊണ്ട് വിശേഷിപ്പിച്ചിട്ടുണ്ട്. പക്ഷേ ഏതുതരത്തിലുള്ള ജനാധിപത്യവും മനുഷ്യസമത്വത്തെ അംഗീകരിക്കേണ്ടതുണ്ട്. ഏതെങ്കിലും രൂപത്തിലുള്ള ജനപങ്കാളിത്തവും ജനപ്രാതിനിധ്യവും ഇല്ലാത്ത സംവിധാനത്തെ ജനാധിപത്യമെന്നു പറഞ്ഞുകൂടാ.

ജനാധിപത്യഭരണ സമ്പ്രദായങ്ങളെ പ്രധാനമായും നാലായി തിരിച്ചിരിക്കുന്നു: (1) ജനങ്ങൾ നേരിട്ട് ഭരിക്കുന്ന സമ്പ്രദായം. ഒരു രാജ്യത്തെ, അതല്ലങ്കിൽ ഒരു പ്രദേശത്തെ പൗരന്മാർ കൂടിച്ചേർന്നു ഭൂരിപക്ഷഹിതമനുസരിച്ചെടുക്കുന്ന തീരുമാനങ്ങളാണ് ഇവിടെ നടപ്പാക്കുന്നത്. പുരാതന ഗ്രീക്ക് നഗരസംസ്ഥാനങ്ങളിൽ ഇത്തരം ഭരണസമ്പ്രദായം നിലവിലിരുന്നു. (2) പൗരന്മാർ നേരിട്ടു ഭരിക്കുന്നതിനു പകരം അവരുടെ തിരഞ്ഞെടുത്ത പ്രതിനിധികൾ ചേർന്നു ഭരിക്കുന്ന സമ്പ്രദായം. ഇതിനെ പ്രാതിനിധ്യജനാധിപത്യം എന്നു

പറയാം. ആധുനിക കാലത്ത് ഈ തിരഞ്ഞെടുപ്പു സമ്പ്രദായം എല്ലാ ജനാധിപത്യരാജ്യങ്ങളും അംഗീകരിച്ചിട്ടുണ്ട്. (3) ഉദാരവും ഭരണഘടനാപരമായ ജനാധിപത്യം എന്നു പൊതുവെ വിശേഷിപ്പിക്കാവുന്ന പ്രാതിനിധ്യജനാധിപത്യം തന്നെയാണ് ഇത്. വ്യക്തിയുടെയും സമൂഹത്തിൻെറയും അവകാശങ്ങൾക്ക് ഉറപ്പു നല്കിക്കൊണ്ടുള്ള ജനാധിപത്യം എന്നുപറയാം. അഭിപ്രായസ്വാതന്ത്ര്യം, വിശ്വാസസ്വാതന്ത്ര്യം, സംഘംചേരാനുള്ള സ്വാതന്ത്ര്യം എന്നിവ ഇക്കൂട്ടത്തിൽപ്പെടുന്നു. ഇത്തരം മൗലികാവകാശങ്ങൾക്ക് ഭരണഘടനാപരമായിത്തന്നെ ഇന്ത്യ അടക്കമുള്ള രാജ്യങ്ങൾ ഉറപ്പു നല്കിയിരിക്കുന്നു. ഗ്രേറ്റ് ബ്രിട്ടനിൽ ഭരണഘടനയില്ലെങ്കിലും കീഴ്വഴക്കങ്ങളിൽക്കൂടിയും നിയമങ്ങളിൽക്കൂടിയും പൗരന്മാർക്ക് ഈ അവകാശങ്ങൾ സിദ്ധിക്കുന്നു. (4) സാമ്പത്തികമായ അസമത്വത്തെ ഉച്ചാടനം ചെയ്യുന്നതിലേക്കായി സ്വകാര്യസ്വത്തുസമ്പ്രദായം അവസാനിപ്പിക്കുകയും അതിൻെറ അടിസ്ഥാനത്തിലുള്ള അവസരസമത്വം ഉറപ്പുവരുത്തുകയും ചെയ്യുന്ന സമ്പ്രദായം. സോവിയറ്റ് യൂണിയനെപ്പോലുള്ള സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ ജനാധിപത്യം ഈ രൂപത്തിലുള്ളതാണ്.

ഗ്രീസിലെ നഗരസംസ്ഥാനങ്ങളിൽനിന്ന് ഭരണഘടനാധിഷ്ഠിതമായ ആധുനിക ജനാധിപത്യത്തിലേക്കുള്ള ദൂരം വളരെ വലുതാണ്. ഗ്രീസിലെ നഗരസംസ്ഥാനങ്ങളിൽ എല്ലാ ജനങ്ങൾക്കും പൗരാവകാശം ഉണ്ടായിരുന്നില്ല. അടിമകൾക്കും സ്ത്രീകൾക്കും പൗരത്വം നിഷേധിച്ചിരുന്നു. എല്ലാ മനുഷ്യരും തുല്യരാണെന്ന ധാരണ അക്കാലത്ത് ഉണ്ടായിരുന്നില്ല എന്നർഥം. അധ്വാനഭാരം അടിമകൾക്കായതുകൊണ്ടാണ് പൗരന്മാർക്ക് ഭരണകാര്യങ്ങളിൽ ശ്രദ്ധിക്കാൻ കഴിഞ്ഞത്. എന്നാലും എല്ലാ പൗരന്മാരും കൂടിഭരിക്കുക എന്ന ആശയം ഫലത്തിൽ കുഴപ്പം പിടിച്ചതായിരുന്നു. അതുകൊണ്ടുതന്നെയാണ് നഗരസംസ്ഥാനങ്ങൾക്ക് അക്രമങ്ങളെ ചെറുക്കാനും ഭരണം കാര്യക്ഷമമാക്കാനും നിലനില്ക്കാനും കഴിയാതെ പോയത്. എന്നാൽ പ്രത്യേക ജനാധിപത്യം ഗ്രീസിലെ നഗരരാഷ്ട്രങ്ങളോടൊപ്പം നാമാവശേഷമായില്ല. ജനസംഖ്യ കുറച്ചുമാത്രമുള്ള ചില നഗരങ്ങളിലും ജനസമുദായങ്ങളിലുംഅത് ഇപ്പോഴും നിലനില്ക്കുന്നുണ്ട്. ഈ നഗരങ്ങളിലും ജനസമുദായങ്ങളിലും തന്നെ എല്ലാ പൗരന്മാരും ഭരണകാര്യങ്ങളിൽ പങ്കെടുക്കാറില്ല.

ഇന്ത്യയെപ്പോലുള്ള പുരാതനരാജ്യങ്ങളിലും നേരിട്ടുള്ള ജനാധിപത്യത്തിൻെറ ചില രൂപങ്ങൾ ചില പ്രദേശങ്ങളിലും സമുദായങ്ങളിലും ഉണ്ടായിരുന്നു. ഭരണത്തിൻെറ തലപ്പത്തിരിക്കുന്നത് ആരായാലും ജനഹിതം അറിഞ്ഞു പെരുമാറുന്നതിനുള്ള സന്നദ്ധതയാണ് ഇതിൽ പ്രകടിപ്പിക്കപ്പെട്ടത്. നാട്ടുകൂട്ടങ്ങളും തറക്കൂട്ടങ്ങളും കേരളത്തിലെന്നപോലെ ഇന്ത്യയുടെ മറ്റു ചില ഭാഗങ്ങളിലും ഉണ്ടായിരുന്നു. ഗ്രാമതലത്തിൽ സ്വയംഭരണമെന്ന ആശയം ഇന്ത്യയിൽ പണ്ടേക്കുപണ്ടേ നിലനിന്നിരുന്നു. ഗോത്രവർഗങ്ങളിൽ പൊതുവെ മുഖ്യന്മാരെ തിരഞ്ഞെടുക്കുന്നതിലും സാമൂഹികവും ഭരണപരവുമായ കാര്യങ്ങൾ നിശ്ചയിക്കുന്നതിലുമൊക്കെ പരമ്പരാഗതമായ ഒരു ജനാധിപത്യസമ്പ്രദായം ഉണ്ടായിരുന്നു. രാജ്യഭരണം പൈതൃകമായി ലഭിക്കുന്ന രാജവാഴ്ചയ്ക്കു പ്രാമുഖ്യം ലഭിച്ചപ്പോഴാണ് ജനപങ്കാളിത്തമുള്ള ഭരണസംവിധാനങ്ങൾ തകർന്നുപോയത്.

ആധുനിക ജനാധിപത്യസമ്പ്രദായം പ്രാചീനജനാധിപത്യ സമ്പ്രദായങ്ങൾക്ക് രൂപഭേദം വന്ന് ഉണ്ടായതല്ല. സ്വത്തവകാശത്തെക്കുറിച്ചും മനുഷ്യാവകാശത്തെക്കുറിച്ചുമുള്ള പുതിയ ധാരണകളാണ് ആധുനിക ജനാധിപത്യസമ്പ്രദായങ്ങൾക്ക് ആധാരമായി നില്ക്കുന്നത്. രാജാവ് ദൈവനീതിക്ക് എതിരായി പ്രവർത്തിച്ചാൽ അദ്ദേഹത്തോടു കൂറു പുലർത്തുവാൻ ജനങ്ങൾ ബാദ്ധ്യസ്ഥരല്ല എന്ന ആശയത്തിന് ഇംഗ്ലണ്ടിലും മറ്റും പ്രചാരം ലഭിച്ചതിനെ തുടർന്നാണ് അവിടെ ജോൺ രാജാവിൻെറ കാലത്ത് കലാപം നടന്നതും മാഗ്നാകാർട്ട (1215) എന്ന അവകാശപ്രഖ്യാപനരേഖ അംഗീകരിക്കപ്പെട്ടതും. രാജാവിന് സ്വാധികാരത്തെ നിയന്ത്രിക്കേണ്ടിവന്നു എന്നതാണ് അതിൻെറ പ്രധാന്യം. അടുത്തപടി ചാൾസ് ഒന്നാമൻെറ ശിരശ്ഛേദത്തിൽ കലാശിച്ച ജനകീയ വിപ്ലവ(1647—1650)മായിരുന്നു. ജനപ്രതിനിധിസഭയായ പാർലമെൻറിൻെറ അവകാശങ്ങൾക്ക് വഴങ്ങാൻ അന്നുമുതൽ രാജാവ് നിർബന്ധിതനായി. ബ്രിട്ടനിലെ ആഭ്യന്തരസമരമാണ് അവിടെ രാഷ്ട്രീയകക്ഷികൾക്കു ജന്മം നൽകിയത്. അന്നത്തെ വിഗ്ഗുകളും ടോറികളുമാണ് പില്ക്കാലത്ത് ഉത്പതിഷ്ണുകളും (Liberals) യാഥാസ്ഥിതകരും (Conservative) ആയി മാറിയത്.

ദ്വിമണ്ഡല നിയമസഭ, രഹസ്യവോട്ട്, സ്വതന്ത്രവോട്ട്, സ്വതന്ത്രമായ ജുഡീഷ്യറി, ലിഖിതഭരണഘടന, മതസ്വാതന്ത്ര്യം, സൗജന്യവിദ്യാഭ്യാസം മുതലായവയ്ക്കു വേണ്ടി ജെയിംസ് ഹാരിങ്ടൺ (1611—1677) എന്ന രാഷ്ട്രീയചിന്തകൻ വാദിച്ചു. ഗവൺമെൻറിൻെറ അധികാരങ്ങൾ സോഷ്യൽ കോൺട്രാക്റ്റിൻെറ അടിസ്ഥാനത്തിൽ ജനങ്ങൾ നല്കുന്നതാണെന്നും ദുർഭരണത്തിന് എതിരായി വിപ്ലവം നടത്തുവാൻ ജനങ്ങൾക്ക് അധികാരമുണ്ടെന്നും ജീവൻ, വ്യക്തിസ്വാതന്ത്ര്യങ്ങൾ, വസ്തുവകകൾ എന്നിവയുടെ സംരക്ഷണം വ്യക്തിയുടെ മൗലികാവകാശമാണെന്നും ലോക്ക് എന്ന ചിന്തകനും പറഞ്ഞു. ജനാധിപത്യവാദം ഫ്രാൻസിൽ ശക്തിപ്പെട്ടത് 18-ാം നൂറ്റാണ്ടിലാണ്. വോൾത്തേർ, റൂസ്സോ, മൊണ്ടെസ്ക്യൂ മുതലായവർ ജനാധിപത്യചിന്താഗതിക്ക് വിലപ്പെട്ട സംഭാവനകൾ നല്കി. രാജാവിൻെറ ദുർഭരണത്തിലും ഭൂപ്രഭുക്കന്മാരുടെയും മാടമ്പിമാരുടെയും പരമ്പരാഗതമായ അവകാശങ്ങൾക്കും എതിരായി 1789-ൽ നടന്ന ഫ്രെഞ്ചുവിപ്ലവത്തിൽ ജനപക്ഷം ജയിച്ചെങ്കിലും തുടർന്നുണ്ടായ ജനമുന്നേറ്റത്തിന് ദീർഘകാലം പിടിച്ചുനില്ക്കാൻ ആയില്ല. ഫ്രാൻസ് വീണ്ടും രാജവാഴ്ചയിലേക്കുതന്നെ വഴുതിപ്പോയി.

ജനാധിപത്യത്തിൻെറ മൗലികതത്ത്വങ്ങൾക്ക് ഭരണഘടനയുടെ രൂപത്തിലുള്ള അംഗീകാരം ആദ്യമായി ലഭിക്കുന്നത് 18-ാം നൂറ്റാണ്ടിൽ യു.എസ്. ഭരണഘടന നിലവിൽ വന്നതോടെയാണ്. പക്ഷേ, ഈ ഭരണഘടന വന്നതിനുശേഷവും അവിടത്തെ കറുത്തവർഗക്കാരുടെ അടിമത്തം ഏറെക്കാലം തുടർന്നു. ജനപ്രാതിനിധ്യസ്ഥാപനങ്ങൾ, സാർവത്രികമായ വോട്ടവകാശം, ആനുപാതിക പ്രാതിനിധ്യം, പാർട്ടിസമ്പ്രദായം മുതലായവ സംബന്ധിച്ച താത്ത്വികചർച്ചകൾക്ക് യു.എസിലെ ജെഫേർസൺ, ഫ്രാൻസിലെ ടോർക്ക്വിൽ, ഇംഗ്ലണ്ടിലെ ജെറയിബന്താം, ജെയിംസ്മിൽ, ജോൺസ്റ്റൂവർട്ട്മിൽ എന്നിവർ നല്കിയ സംഭാവന നിസ്സാരമല്ല. പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിന് പാർലമെൻററി ഭരണം പര്യാപ്തമാകുമെന്ന് ബ്രിട്ടനിലെ അനുഭവങ്ങൾ തെളിയിച്ചു. അസംതൃപ്തരായ ജനങ്ങൾക്കു ഭരണാധികാരികളെ നീക്കം ചെയ്തു സ്വയംഭരണം സ്ഥാപിക്കാൻ കഴിയുമെന്ന് അമേരിക്കൻ സ്വാതന്ത്ര്യസമരവും തെളിയിച്ചു. ബ്രിട്ടനിലും അമേരിക്കയിലും നടപ്പായ ഭരണസമ്പ്രദായങ്ങൾക്കും സ്ഥാപനങ്ങൾക്കും വ്യത്യാസം ഏറെയുണ്ടെങ്കിലും രണ്ടിടത്തും തിരഞ്ഞെടുപ്പിലൂടെയുള്ള ഭരണമാണ് ഉണ്ടായിരുന്നത്. ജനങ്ങൾ തിരഞ്ഞെടുത്ത നിയമസഭയും നിയമസഭയോട് ഉത്തരവാദിത്തമുള്ള ഗവൺമെൻറും എന്ന ആശയത്തിന് പത്തൊമ്പതാം നൂറ്റാണ്ടിൽ കൂടുതൽ കൂടുതൽ അംഗീകാരം ലഭിച്ചുകൊണ്ടിരുന്നു.

എന്നാൽ എല്ലാ മനുഷ്യരും സമന്മാരാണ് എന്ന ആശയത്തിന് പ്രായോഗികരൂപം അപ്പോഴും കൈവന്നിരുന്നില്ല. സാമ്പത്തികമായ അസമത്വം നിലനില്ക്കുന്നേടത്തോളം കാലം അവസരസമത്വം കൈവരുകയില്ലെന്ന മാർക്സിയൻ ആശയത്തിന് പ്രാബല്യം ലഭിക്കുന്നത് ഈ പശ്ചാത്തലമാണ്. ജനപ്രാതിനിധ്യസംവിധാനം സാമ്പത്തികസമത്വം സ്ഥാപിക്കാൻ അസമർഥമാണെന്നും സാമ്പത്തികസമത്വത്തിൻെറ അഭാവത്തിൽ ജനപ്രാതിനിധ്യസ്ഥാപനങ്ങൾ ധനികവർഗത്തിൻെറ പിടിയിൽ അമരുമെന്നും തങ്ങളുടെ നിക്ഷിപ്തതാത്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി അവർ ഈ സ്ഥാപനങ്ങളെ ഉപയോഗിക്കുമെന്നും മാർക്സിസ്റ്റുകൾ ചൂണ്ടിക്കാണിക്കുന്നു. അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ സർവാധിപത്യം സ്ഥാപിച്ച്, ഉത്പാദനോപാധികളെ സ്റ്റേറ്റിൻെറ നിയന്ത്രണത്തിൽ കൊണ്ടുവന്നാൽ മാത്രമേ സാമ്പത്തിക സമത്വം സ്ഥാപിക്കാൻ കഴിയൂ എന്നും ആണ് ഇവരുടെ നിലപാട്. ജനാധിപത്യമെന്ന് അന്നുവരെ കരുതിയിരുന്ന രാഷ്ട്രീയസംവിധാനം അതിനെതിരായ ശക്തി എന്ന നിലയിലാണ് കമ്യൂണിസത്തെ കണ്ടത്. സോവിയറ്റ് യൂണിയനും, രണ്ടാം ലോകയുദ്ധത്തിനുശേഷം അനേകം സോഷ്യലിസ്റ്റ് രാജ്യങ്ങളും ഏകകക്ഷിസമ്പ്രദായമോ, ഏക സ്ഥാനാർഥിപ്പട്ടിക എന്ന സമ്പ്രദായമോ ബലത്തിൽ കൊണ്ടുവരികയുണ്ടായി. ജനകീയ ജനാധിപത്യമായി ഈ രാജ്യങ്ങളിലെ ഭരണത്തെ വിശേഷിപ്പിച്ചുവരുന്നു. എന്നാൽ സമീപകാലത്ത് (1985 നു ശേഷം) സോവിയറ്റ് യൂണിയനിൽ നടപ്പാക്കിയ ഭരണപരിഷ്കാരങ്ങളിൽ ഏകസ്ഥാനാർഥിപ്പട്ടിക എന്ന സമ്പ്രദായം അവസാനിപ്പിക്കുകയും സോവിയറ്റുകളിലേക്കും സുപ്രീംസോവിയറ്റിലേക്കുതന്നെയും ഒന്നിലധികം സ്ഥാനാർഥികൾക്ക് മത്സരിക്കാമെന്ന നിലവരുത്തുകയും ചെയ്തിട്ടുണ്ട്. സോവിയറ്റ് യൂണിയനിലെ ഏകരാഷ്ട്രീയ പാർട്ടിയായ കമ്യൂ

ണിസ്റ്റ് പാർട്ടി നിർത്തുന്ന സ്ഥാനാർഥികൾക്ക് എതിരായിപ്പോലും അവിടെ ഇപ്പോൾ മത്സരിക്കാം. മറ്റ് സോഷ്യലിസ്റ്റ് രാജ്യങ്ങളിലും പ്രകാരാന്തരേണയുള്ള തിരഞ്ഞെടുപ്പു പരിഷ്കാരങ്ങൾ വന്നുകൊണ്ടിരിക്കുന്നു.

സാമ്പത്തികസമത്വവും. രാഷ്ട്രീയസമത്വവും, സാമൂഹിക സമത്വവും ഒരുമിച്ച് പുലർന്നാൽ മാത്രമേ ജനാധിപത്യം പൂർണമാവുകയുള്ളൂ എന്ന സങ്കല്പത്തിന് ഇപ്പോൾ കൂടുതൽ അംഗീകാരം ലഭിച്ചുവരുന്നു. പാശ്ചാത്യമാതൃകയിലുള്ള ജനാധിപത്യസമ്പ്രദായത്തെ അംഗീകരിച്ച ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽ തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വരാൻ കഴിയുമെന്നും ആ അധികാരം ഉപയോഗിച്ച് സാമ്പത്തികസമത്വവും അതിൻെറ അടിസ്ഥാനത്തിലുള്ള അവസരസമത്വവും കൈവരുത്താമെന്നും കമ്യൂണിസ്റ്റ് പാർട്ടികൾതന്നെ കരുതുന്നു. കേരളത്തിൽ ആദ്യമായി കമ്യൂണിസ്റ്റു പാർട്ടി അധികാരത്തിൽ വന്നതിനുശേഷം (1957) ഇന്ത്യൻ കമ്യൂണിസ്റ്റുപാർട്ടിയുടെ പരിപാടിയിൽ പാർലമെൻററി ജനാധിപത്യം അംഗീകരിക്കുന്നതായി ഭേദഗതിവരുത്തിയിട്ടുണ്ട്.

പവനൻ

ജനാർദനമേനോൻ, കുന്നത്ത് (1885—1955)

മലയാളസാഹിത്യകാരനും പത്രാധിപരും. കണ്ണൻ ജനാർദനൻ എന്ന പേരിൽ പിൽക്കാലത്ത് എഴുതി. പത്രപ്രവർത്തകൻ, വിവർത്തകൻ, ജീവചരിത്രകാരൻ എന്നീ നിലകളിൽ പ്രസിദ്ധൻ. പാലക്കാട്ടു വടശ്ശേരി കണ്ണൻമേനോൻെറ മകൻ. 1885-ൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം പത്രപ്രവർത്തനത്തിൽ ഏർപ്പെട്ടു. പള്ളത്തുരാമൻെറ ഉടമസ്ഥതയിൽ തൃശൂരിൽ ആരംഭിച്ച 'കേരളചിന്താമണി'യുടെ പത്രാധിപർ ഇദ്ദേഹമായിരുന്നു (1905). 'സുദർശനം' മാസികയുടെയും (1909), തിരുവനന്തപുരത്തുനിന്നുള്ള 'സമദർശി' വാരികയുടെയും (1918) പത്രാധിപരായി. പിന്നീടു പലപ്പോഴായി സ്വരാട്, ഗോമതി, ദീപം, എക്സ്പ്രസ്സ് ധർമദേശം മുതലായവയുടെ പത്രാധിപത്യം വഹിച്ചു. ഇന്ദുലേഖാനിരൂപണം, ശാരദാനിരൂപണം മുതലായ പ്രബന്ധങ്ങൾ രചിച്ചു. മഹാഭാരതം ഗദ്യം (അഞ്ചു വാല്യങ്ങൾ) ജനാർദനമേനോൻെറ ഏറ്റവും വലിയ കൃതിയാണ്. മഹാഭാരതത്തിൻെറ ഒരു ഗദ്യപരാവർത്തനമാണിത് (വിരാടപർവം വരെ). വാല്മീകിരാമായണത്തെ അവലംബിച്ച് ശ്രീമൂലരാമായണം എന്നൊരു ഗദ്യകൃതി രചിച്ചിട്ടുണ്ട്. കുമാരനാശാൻ, വി.സി. ബാലകൃഷ്ണപ്പണിക്കർ എന്നീ രണ്ടു ജീവചരിത്രഗ്രന്ഥങ്ങൾ പ്രഖ്യാതങ്ങളാണ്. ബങ്കിംചന്ദ്രൻ, രമേശ്ചന്ദ്രദത്ത്, ടാഗൂർ മുതലായവരുടെ നോവലുകളും കഥകളും മലയാളത്തിലാക്കിയ ആദ്യകാല ഗദ്യകാരന്മാരിലൊരാളാണ് മേനോൻ. സി.വി. യുടെ ധർമരാജാ, രാമരാജാബഹദൂർ എന്നീ നോവലുകൾക്കു സംഗ്രഹമെഴുതിയിട്ടുണ്ട്. രാമരാജാബഹദൂറിൻെറ സംഗ്രഹം മൈസൂർ പുലി എന്ന പേരിലാണ്. ഒട്ടാകെ 50 ലേറെ കൃതികൾ രചിച്ചു. മലയാളത്തിലെ സരസഗദ്യകാരന്മാരിൽ ഒരാളായി അറിയപ്പെടുന്നു.

ജനാർദനൻനായർ, കണ്ണന്തോടത്ത്

(1908—1946)

മുൻ തിരുവിതാംകൂർസംസ്ഥാനത്തെ രാഷ്ട്രീയനേതാവും തൊഴിലാളി പ്രവർത്തകനും. 1908 ഒക്റ്റോബർ 12-ന് കൊല്ലം പട്ടണത്തിനു സമീപം പ്രാക്കുളത്തു ജനിച്ചു. തിരുവിതാംകൂർ ഗവൺമെൻറ് സർവീസിൽ വനംകൺസർവേറ്റർ ആയിരുന്ന പ്രാക്കുളം രാമൻപിള്ളയാണു പിതാവ്. വിദ്യാഭ്യാസം പൂർത്തിയാക്കാതെ രാഷ്ട്രീയ പ്രവർത്തനത്തിൽ മുഴുകി. കൊല്ലത്തെയും ചവറയിലെയും തൊഴിലാളികളെ സംഘടിപ്പിച്ചു. ആദ്യം തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിലും പിന്നീടു കേരള സോഷ്യലിസ്റ്റുപാർട്ടിയിലും പ്രവർത്തിച്ചു. ദീർഘകാലം ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. 1939-44 കാലത്തു ശ്രീമൂലം പ്രജാസഭയിൽ അംഗം ആയിരുന്നു. പുന്നപ്ര വയലാർ സമരത്തോട് അനുബന്ധിച്ച് ഒളിവിൽ കഴിഞ്ഞുകൂടി. ഇക്കാലത്തു ചില രാഷ്ട്രീയനിയോഗങ്ങളുമായി കല്ക്കത്തയ്ക്കുപോയ ജനാർദനൻനായർ ജ്വരം ബാധിച്ച് അവിടെവച്ച് അന്തരിച്ചു.

ജനി (gynoecium)

പൂവിലെ സ്ത്രൈണാവയവം. ജനിക്ക് ഇംഗ്ലീഷിൽ പിസ്റ്റിൽ എന്നും പേരുണ്ട്. പൂവിൻെറ മധ്യഭാഗത്തായാണു ജനി സ്ഥിതി ചെയ്യുന്നത്. മൂന്നു പ്രധാന ഭാഗങ്ങൾ ഉണ്ട്: അണ്ഡാശയം (ovary), വർത്തി (style), സ്റ്റിഗ്മ. ജനിയിൽ ഒന്നോ അതിൽക്കൂടുതലോ അണ്ഡപർണം (carpel) ഉണ്ടാകാം. ഒരു അണ്ഡപർണം മാത്രമുള്ള ജനിയാണു ലഘുജനി. അനേകം അണ്ഡപർണം ഉള്ളതു സംയുക്തജനിയും.



പൂവിൻെറ ഛേദം

ഒരു സംയുക്തജനിയിലെ അണ്ഡപർണങ്ങളുടെ സംയോജനം പല രീതിയിലാണ്. വർത്തിയും സ്റ്റിഗ്മയും സ്വതന്ത്രവുമായിരിക്കാം; അണ്ഡപർണങ്ങൾ സംയോജിച്ചും. സ്റ്റിഗ്മ സ്വതന്ത്രമാണെങ്കിൽ അവ എണ്ണി അണ്ഡപർണത്തിൻെറയും അണ്ഡാശയഅറയുടെയും എണ്ണം നിശ്ചയിക്കാവുന്നതാണ്.

ബീജാണ്ഡങ്ങൾ (ovules) ഘടിപ്പിച്ചിരിക്കുന്ന അണ്ഡപർണങ്ങളുടെ ഭാഗത്തിനെ †പ്ലാസെൻറ എന്നു പറയുന്നു. ബീജാണ്ഡം അണ്ഡാശയവുമായി ബന്ധിച്ചിരിക്കുന്ന ഭാഗമാണു ഫ്യൂണിക്കുലസ്. ബീജാണ്ഡം വിത്തായി ഫ്യൂണിക്കുലസ്സിൽനിന്നും വേർപെടുമ്പോൾ ശേഷിക്കുന്ന അടയാളത്തെ ഹൈലം എന്നു വിളിക്കുന്നു. ബീജാണ്ഡത്തിൻെറ അടിഭാഗത്താണു ചലാസ എന്ന ഭാഗം.

അണ്ഡാശയത്തിൻെറ അഗ്രഭാഗത്തുനിന്നു വർത്തി രൂപംകൊള്ളുന്നു. ഇതു ശാഖകളായോ ഒന്നായോ കണ്ടുവരുന്നു. ഐറിസ് ചെടിയിൽ വർത്തി പരന്നു ദളങ്ങൾ പോലെയുള്ള മൂന്നു ഭാഗങ്ങളായി കേസരങ്ങൾക്കു മുകളിലായി ഉയർന്നു നില്ക്കുന്നു. ചില ചെടികളിൽ സ്റ്റിഗ്മ വൃന്തരഹിതമെന്നു പറയാവുന്ന രീതിയിൽ വർത്തി വളരെചെറുതാണ്. മറ്റുചില ചെടികളിൽ വർത്തിക്ക് വളരെ നീളമുണ്ട്. ചിലപ്പോൾ അണ്ഡാശയത്തിൻെറ ഉൾഭാഗത്തെ വളർച്ചക്കൂടുതൽ കൊണ്ടു വർത്തി മധ്യഭാഗത്തുനിന്നു വശത്തേക്കു തിരിഞ്ഞു പോകാം.

വർത്തി അവസാനിക്കുന്നതു സ്റ്റിഗ്മയിലാണ്. പരാഗണസമയത്ത് ഉത്പാദിപ്പിക്കുന്ന പ്രത്യേകരീതിയിലുള്ള ശ്ലേഷ്മദ്രവ്യം സ്റ്റിഗ്മയെ തിരിച്ചറിയാൻ സഹായിക്കുന്നു. സ്റ്റിഗ്മയുടെ പാളികൾ പരന്നു കൂർത്തോ തടിച്ചോ മൃദുലമായോ തൂവൽപോലുള്ളതോ ആയിരിക്കും.

ജനിതകം (genetics)

പാരമ്പര്യ ലക്ഷണങ്ങളുടെ സംക്രമണത്തെയും വൈവിധ്യവല്ക്കരണത്തെയും സംബന്ധിച്ച ശാസ്ത്രശാഖ. തലമുറകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാരമ്പര്യവസ്തുവിൻെറ പ്രവർത്തനങ്ങളും സ്വഭാവങ്ങളും ജീവിയിൽ അതു ചെലുത്തുന്ന സ്വാധീനങ്ങളുമാണ് ഈ ശാസ്ത്രത്തിൻെറ പഠനവിഷയം. ആധുനികജനിതശാസ്ത്രത്തിന് അടിത്തറപാകിയത് 1865-ൽ ഗ്രിഗർ ജോൺ മെൻഡൽ ആവിഷ്കരിച്ച പാരമ്പര്യത്തിൻെറ പൊതുനിയമങ്ങളാണെങ്കിലും 1906-ൽ വില്യം ബേറ്റ്സനാണ് 'ജെനറ്റിക്സ്' എന്ന പേര് ഈ ശാസ്ത്രശാഖയ്ക്കു നല്കിയത്. മെൻഡലിൻെറ സിദ്ധാന്തം കഴിഞ്ഞ നൂറ്റാണ്ടിൽ

ത്തന്നെ ആവിഷ്കൃതമായെങ്കിലും, ഈ നൂറ്റാണ്ടിന്റെ ആദ്യഘട്ടം മുതലാണ് ആധുനികജനിതകം ഒരു ശാസ്ത്രമെന്നനിലയ്ക്കു പുരോഗമിച്ചത്. ഇരുപതാംനൂറ്റാണ്ടിലെ ഒരു ശാസ്ത്രമാണിത്.

ചരിത്രം. പാരമ്പര്യനിയമങ്ങളെക്കുറിച്ചുള്ള വ്യക്തമായ ധാരണകളൊന്നും കൂടാതെതന്നെ, സസ്യങ്ങളുടെയും ജന്തുക്കളുടെയും സങ്കരവർഗങ്ങളുണ്ടാക്കി മെച്ചപ്പെട്ട വംശങ്ങളുണ്ടാക്കാനുള്ള ശ്രമം അതിപ്രാചീനകാലംമുതല്ക്കേ തുടങ്ങിയിരുന്നു. 6000 വർഷം പഴക്കമുള്ള ഒരു ബാബിലോണിയൻ ശിലാചിത്രത്തിൽ, കുതിരകളുടെ വ്യത്യസ്തതരം തലയും പൂഞ്ഞും അഞ്ചു തലമുറകളിലായി എങ്ങനെയാണ് വിവിധാംഗങ്ങളിലേക്കു പകർത്തപ്പെട്ടതെന്നു സൂചിപ്പിക്കുന്നു. പില്ക്കാലങ്ങളിൽ പാരമ്പര്യപ്രക്രിയയെക്കുറിച്ച് ഒട്ടേറെ പരികല്പനകൾ രൂപംകൊണ്ടിരുന്നുവെങ്കിലും വ്യക്തമായ ഒരു ധാരണയും ആവിഷ്കരിക്കപ്പെട്ടിരുന്നില്ല. 1856 മുതൽ 1865 വരെ മൊറേവിയൻ പാതിരിയായിരുന്ന മെൻഡൽ ആസൂത്രണംചെയ്ത് പയറുചെടികളിൽ നടത്തിയ പരീക്ഷണങ്ങളാണ് ആദ്യമായി പാരമ്പര്യത്തെക്കുറിച്ച് നിയതമായ നിയമങ്ങൾ വെളിപ്പെടുത്തിയത്. ഈ പരീക്ഷണങ്ങൾമൂലം മാതാപിതാക്കളിൽനിന്നു സന്താനങ്ങളിലേക്കു പകർത്തപ്പെടുന്ന പാരമ്പര്യവസ്തുക്കൾ വിവിക്ത(particulate)ങ്ങളാണെന്ന് (ഇന്ന് ജീനുകളെന്നു വിളിക്കപ്പെടുന്ന സജീവഘടകങ്ങളടങ്ങിയതാണെന്ന്) വ്യക്തമായി. ഈ പാരമ്പര്യഘടകങ്ങൾ തലമുറകളിലേക്കു പകർത്തപ്പെടുന്നതിനു നിദാനമായ ചില സാംഖ്യിക(statistical)നിയമങ്ങൾ മെൻഡൽ ആവിഷ്കരിച്ചു. എന്നാൽ 1900 വരെ മെൻഡലിന്റെ അതിപ്രധാനമായ കണ്ടുപിടിത്തങ്ങൾ ശ്രദ്ധിക്കപ്പെടാതെ കിടന്നു.

ഡീവ്രീസും മറ്റു പല ഗവേഷകരും സ്വതന്ത്രമായി നടത്തിയ സങ്കരപരീക്ഷണങ്ങളുടെ ഫലങ്ങൾക്കു വിശദീകരണം കണ്ടെത്താനായി കഴിഞ്ഞകാലപഠനങ്ങൾ പരിശോധിച്ചപ്പോഴാണ് മെൻഡലിന്റെ ഗവേഷണപ്രബന്ധം കണ്ടെത്തിയത്. അന്നുമുതൽക്കാണ് ആധുനിക ജനിതകശാസ്ത്രത്തിന്റെ ചരിത്രമാരംഭിക്കുന്നത്. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിൽ വില്യം ബേറ്റ്സൻ മെൻഡലിന്റെ സിദ്ധാന്തങ്ങളെ ഉയർത്തിപ്പിടിച്ച് ഈ രംഗത്ത് ഗണ്യമായ സംഭാവനകൾ നല്കി. ജെനറ്റിക്സിലെ അടിസ്ഥാനപദങ്ങളായ അല്ലീലോ മോർഫ് അഥവാ അല്ലീൽ സമയുഗ്മജം (homozygote), വിഷമയുഗ്മജം (heterozygote) എന്നിവയും തലമുറകളെ സൂചിപ്പിക്കുന്ന F_1F_2 എന്നീ സംജ്ഞകളും 'ജെനറ്റിക്സ്' എന്ന പേരുതന്നെയും 1902-'07 കാലത്ത് വില്യം ബേറ്റ്സൻ ആവിഷ്കരിച്ചവയാണ്. വിൽഹെം ലുഡ്വിഗ് ജൊഹാൻസൻ 1903-ൽ ജീനരൂപം (genotype), പ്രകടരൂപം (phenotype) എന്നീ പദങ്ങളും 1909-ൽ ജീൻ എന്ന പദവും പ്രയോഗത്തിൽ കൊണ്ടുവന്നു.

മെൻഡലിന്റെ പാരമ്പര്യനിയമങ്ങൾ എല്ലാത്തരം ജീവികൾക്കും ബാധകമാണെന്ന് പില്ക്കാലഗവേഷണങ്ങൾ തെളിയിച്ചു. കഴിഞ്ഞ എഴുപതുവർഷങ്ങളിലായി നടന്ന ഗവേഷണങ്ങൾ, മെൻഡലിന്റെ നിയമങ്ങൾക്ക് സാധുത നൽകിയതോടൊപ്പം വിശദാംശങ്ങളിൽ ചില രൂപാന്തരണങ്ങൾ വരുത്തുകയും, മെൻഡലിന്റെ സിദ്ധാന്തങ്ങളിൽ ഉൾപ്പെടാതിരുന്ന പുതിയ നിയമങ്ങൾ ആവിഷ്കരിക്കുകയുംചെയ്തു. എങ്കിലും, ജീൻസിദ്ധാന്തത്തിന്റെ അന്തസ്സത്തയ്ക്ക് അടിസ്ഥാനപരമായ മാറ്റങ്ങളൊന്നും സംഭവിച്ചിട്ടില്ല.

പാരമ്പര്യത്തിന്റെ ഭൗതികാടിസ്ഥാനം. ആദ്യകാല യൂറോപ്യൻ ഭ്രൂണശാസ്ത്രജ്ഞന്മാർ കരുതിയിരുന്നത് ബീജകോശങ്ങളിൽ നേരത്തെത്തന്നെ രൂപംകൊണ്ടിട്ടുള്ള ലഘുരൂപശരീരങ്ങൾ നിലകൊള്ളുന്നുണ്ടെന്നാണ്. ഇതല്ല സംഭവിച്ചിരുന്നതെങ്കിൽ പിന്നെ എന്താണു തലമുറകളിൽനിന്നു തലമുറകളിലേക്കു പകർത്തപ്പെട്ടുകൊണ്ടിരുന്നത്? ഉത്തരം ഇന്ന് വ്യക്തമാണ്; ജീവികളുടെ സ്വഭാവങ്ങൾ അതേപടി തലമുറകൾതോറും പകർത്തപ്പെടുന്നില്ല; ബീജകോശങ്ങളിലൂടെ പകർത്തപ്പെടുന്ന പാരമ്പര്യഘടകങ്ങൾ ജൈവസ്വഭാവങ്ങളുടെ രൂപവത്ക്കരണത്തെ നിയന്ത്രിക്കുകയാണു ചെയ്യുന്നത്. ഇങ്ങനെ പകർത്തപ്പെടുന്ന അടിസ്ഥാനപരമായ പാരമ്പര്യഘടകങ്ങളെ ഒരുമിച്ചു ജീനരൂപം എന്നു വിളിക്കുന്നു. ഈ ജീനരൂപത്തിന്റെ പ്രവർത്തനവും പരിതഃസ്ഥിതിയുടെ സ്വാധീനവും തമ്മിലുള്ള പ്രതിപ്രവർത്തനഫലമായി ഉളവാകുന്ന ജീവിയുടെ ബാഹ്യരൂപത്തെ പ്രകടരൂപം എന്നുവിളിക്കുന്നു.

പാരമ്പര്യത്തിനു നിദാനം ഭൗതികഘടകങ്ങളാണെന്നുള്ള നിഗമനം മെൻഡലിനു മുമ്പുതന്നെ മോപ്പെർഷ്യസ്, റിച്ചാർഡ് ഓവെൻ, ഹെർബർട്ട് സ്പെൻസർ തുടങ്ങിയവർ ആവിഷ്കരിച്ചിരുന്നു. എന്നാൽ ആ നിഗമനത്തിന് പരീക്ഷണങ്ങളിലൂടെ വസ്തുനിഷ്ഠമായ അടിത്തറയിട്ടത് മെൻഡലാണെന്നുമാത്രം. മെൻഡലിന്റെ സിദ്ധാന്തം 1900-ത്തിൽ പുനരുദ്ധരിക്കപ്പെട്ടതിനുശേഷം, ശാസ്ത്രലോകം ഈ വസ്തുത സർവസമ്മതമായി അംഗീകരിക്കുകയുണ്ടായി.

മെൻഡൽ പാരമ്പര്യഘടകങ്ങളെന്നു പറഞ്ഞതിനെ ഇന്നു ജീനുകളെന്നു വിളിക്കുന്നു. ശരീരത്തിലെ എല്ലാ കോശങ്ങളിലെയും കോശകേന്ദ്രങ്ങളിൽ സ്ഥിതിചെയ്യുന്ന ക്രോമസങ്ങളിൽ നിരനിരയായി ക്രമീകരിച്ചിരിക്കുന്ന ഘടകങ്ങളാണ് ജീനുകൾ. ലിംഗകോശങ്ങളിലുള്ള ജീനുകൾ സന്തതികളിലേക്കു പകർത്തപ്പെടുന്നു. പ്രത്യുത്പാദനത്തിന്റെയും വളർച്ചയുടെയും ഘട്ടത്തിൽ കോശങ്ങളോരോന്നും വിഭജിക്കുമ്പോൾ ക്രോമസങ്ങൾ പുനരാവർത്തിക്ക(replicate)പ്പെടുന്നതോടെ ഓരോ ജീനുകൾക്കും സമാനപ്രതിരൂപങ്ങളുണ്ടാകുന്നു. തന്മൂലം മാതാപിതാക്കളിലെ ജീനുകളുടെ അതേപകർപ്പുകൾ തന്നെ സന്തതികളിലേക്കും പകർത്തപ്പെടുന്നു. എന്നാൽ ചിലപ്പോൾ വിഭജനസമയത്ത് ഉത്പാദിപ്പിക്കപ്പെടുന്ന ജീൻ പകർപ്പുകൾ തങ്ങളുടെ സ്വഭാവത്തിൽ കാര്യമായ ചില വ്യതിയാനങ്ങൾ പ്രകടിപ്പിക്കുന്നു. ഇങ്ങനെ ജീനുകളിലുണ്ടാകുന്ന മാറ്റത്തെ മ്യൂട്ടേഷൻ എന്നു വിളിക്കുന്നു. ജീവികളിൽ ഒരേ സ്പീഷീസിൽത്തന്നെ പെട്ടവയിൽ കണ്ടുവരുന്ന വൈവിധ്യങ്ങൾക്ക് അടിസ്ഥാനമായി വർത്തിക്കുന്നത് ഇങ്ങനെ ജീനുകളിലുണ്ടാകുന്ന മാറ്റങ്ങളാണ്. ഈ വൈവിധ്യത്തിൽ പ്രകൃതിനിർദ്ധാരണശക്തി പ്രവർത്തിക്കുന്നതിന്റെ ഫലമായാണ് പരിതഃസ്ഥിതിക്കു യോജ്യമായവയെ മാത്രം നിലനിർത്തിക്കൊണ്ട് ജൈവപരിണാമം നടക്കുന്നത്.

സമൂഹജനിതകം (population genetics). പൊതുവായിട്ടുള്ള ജീൻസഞ്ചയ(gene pool)മുള്ളതും, സങ്കരണം നടത്താൻ കഴിവുള്ളവയുമായ ജീവികളടങ്ങുന്ന ജന്തു-സസ്യസമൂഹങ്ങളെയാണ് 'പോപ്പുലേഷൻ' അഥവാ 'സമൂഹം' എന്നതുകൊണ്ട് ഇവിടെ അർഥമാക്കുന്നത്. ഇത്തരം സമൂഹങ്ങളിൽ ഓരോ ജീനുകൾ മ്യൂട്ടേഷനുവിധേയമായി പലതരത്തിലുള്ള 'അലീലുകൾ' (ഒരേ ജീനിന്റെ വിഭിന്ന വകഭേദങ്ങളിൽ ഒന്നാണ് അലീൽ) സൃഷ്ടിക്കുന്നു. ഇങ്ങനെയുള്ള വിവിധ അലീലുകൾ, ആ സമൂഹത്തിൽ നാനാതരത്തിൽ കൂടിക്കലർന്ന്, അഥവാ പുനസ്സംയോജനത്തിന് (recombination) വിധേയമായി, പലതരം ജീനരൂപങ്ങളുണ്ടാകുന്നു. സമൂഹങ്ങളിൽ ഈ ജീനരൂപങ്ങളുടെ ആവൃത്തി(frequency)കളെ സ്വാധീനിക്കുന്ന ഘടകങ്ങളും, സമൂഹങ്ങളുടെ ജനിതകഘടനയുമാണ് സമൂഹജനിതകത്തിന്റെ മേഖലയിൽപെടുന്ന പര്യവേക്ഷണമണ്ഡലങ്ങൾ.

സമൂഹത്തിലെ ഏറ്റവും വ്യക്തമായ ഏകകം (Unit) സ്പീഷീസാണ്. ഒരു സ്പീഷീസിൽപെട്ട അംഗങ്ങൾ തമ്മിൽ ഒരു തടസ്സവും കൂടാതെ ഇണചേരൽ നടക്കുന്നതുകൊണ്ട്, ജീനുകളെല്ലാം അവയ്ക്കിടയിൽ സുഗമമായി കൈമാറ്റം ചെയ്യപ്പെടുന്നു. കുറേക്കൂടി പരിമിതമായ സമൂഹ ഏകകങ്ങളാണ് ഉപസ്പീഷീസുകളും ഭൂപരമായ വംശങ്ങളും മറ്റും. മനുഷ്യർ സാംസ്കാരികവും മതപരവും ഭാഷാപരവും മറ്റുമായ വിഭജനങ്ങൾമൂലം വ്യത്യസ്തവിഭാഗങ്ങളായി നിലനില്ക്കുന്നതും ഇത്തരം ഏകകങ്ങൾക്കുദാഹരണമാണ്.

മ്യൂട്ടേഷനുകളും പുനർസ്സംയോജനങ്ങളുംവഴി പുതിയ ജീനരൂപങ്ങൾ സമൂഹത്തിലുണ്ടാവുകയും, †പ്രകൃതിനിർധാരണംവഴി അവയിൽ ചിലത് അതിജീവിക്കുകയും ചെയ്യുന്നതുവഴിയാണ് ജൈവപരിണാമം നടക്കുന്നത്. ജീൻ-ആവൃത്തി(gene frequency)യിൽ കാര്യമായ വ്യതിയാനം ഉണ്ടാകുകവഴിയാണ് ഇങ്ങനെ പുതിയ ജീനരൂപങ്ങൾ സംജാതമാകുന്നത്. വ്യത്യസ്തജീനുകളുടെ ആപേക്ഷികമായ അനുപാതത്തെയാണ് ജീൻ-ആവൃത്തി എന്നു പറയുന്നത്.യാദൃച്ഛിക-ഇണചേരൽ അനുസ്യൂതം തുടർന്നുവരുന്ന സമൂഹങ്ങളിൽ, രണ്ടു ലിംഗവിഭാഗങ്ങളിലും(ആണും പെണ്ണും)പെട്ട ജീനുകളുടെ വിവിധതരത്തിലുള്ള സംയോജനത്തിനുള്ള സാധ്യത തുല്യമായിരിക്കും. എന്നാൽ യാദൃച്ഛിക ബീജസങ്കലനത്തിൽനിന്ന് വ്യത്യസ്തമായി സ്വയം ബീജസങ്കലനം നടക്കുന്ന സമൂഹങ്ങളിൽ ജീൻ-ആവൃത്തി ഇപ്രകാരമായിരിക്കുകയില്ല. ഉദാഹരണത്തിന്, വിഷമയുഗ്മജാ(heterozygous)വസ്ഥയിലുള്ള അലീലുകളുള്ള ഒരു സമൂഹത്തിൽ തുടർച്ചയായി സ്വയംബീജസങ്കലനം നടക്കുകയാണെങ്കിൽ സമജാവസ്ഥയിലുള്ള ജീനുകളുടെ ആവൃത്തി വർധിക്കുകയും വിഷമയുഗ്മജാവസ്ഥയിലുള്ളതിന്റെത് ചുരുങ്ങിച്ചുരുങ്ങി വരുകയും ചെയ്യും.

ഹാർഡി-വൈൻബർഗ് തത്ത്വം (Hardy-Wein-berg Principle). സമൂഹജനിതകത്തിന്റെ പഠനങ്ങൾക്ക് ഏറ്റവും സഹാ

യകമായ ഒരു തത്ത്വം 1908-ൽ ഇംഗ്ലീഷ് ഗണിതതന്ത്രജ്ഞനായ ജി.എച്ച്. ഹാർഡിയും ജെർമൻ ഭിഷഗ്വരനായ വിൽഹെം വൈൻ ബർഗും സ്വതന്ത്രമായി ആവിഷ്കരിക്കുകയുണ്ടായി. ആദ്യകാലങ്ങളിൽ ഈ സിദ്ധാന്തം അധികം ശ്രദ്ധിക്കപ്പെടുകയുണ്ടായില്ലെങ്കിലും ഇപ്പോൾ സമൂഹങ്ങളിലെ ജീൻവിതരണത്തെക്കുറിച്ചുള്ള പഠനങ്ങ ളിൽ ഒരു സുപ്രധാന സ്ഥാനം ഈ സിദ്ധാന്തത്തിന് ഉണ്ട്.

ഈ തത്ത്വപ്രകാരം ഒരു സമൂഹത്തിൽ അലീലുകൾ ഓരോന്നും പരസ്പരം ഒരു സന്തുലിതാവസ്ഥ സ്ഥാപിക്കാൻ ശ്രമിക്കുന്നു. ഉദാഹരണത്തിന്, വലിയതും ഒറ്റപ്പെട്ടതുമായ ഒരു സമൂഹത്തിൽ രണ്ട് അലീലുകൾ നിലനില്ക്കുന്നു എന്നു കരുതുക. ഒന്നിന് മറ്റേതിനേക്കാൾ നിർധാരണപരമായ മേന്മകളൊന്നുമില്ലാതിരിക്കുകയും ഒന്നിനേക്കാൾ കൂടുതൽ മറ്റേത് മ്യൂട്ടേഷനു വിധേയമാവാതിരിക്കുകയും ചെയ്യുകയാണെങ്കിൽ, ആ രണ്ട് അലീലുകളും തലമുറകൾതോറും തുല്യാനുപാതം പുലർത്തിക്കൊണ്ടിരിക്കും. അലീലുകളിൽ ഒന്ന് പ്രമുഖവും മറ്റേത് ഗുപ്തവുമായിരുന്നാലും ഈ സ്ഥിതിക്കു വ്യത്യാസമുണ്ടാവുകയില്ല. ഈ തത്ത്വമുപയോഗിച്ചുകൊണ്ട്, ഒരു സമൂഹത്തെ മുഴുവനും പ്രതിനിധാനം ചെയ്യുന്ന തരത്തിലുള്ള ഒരു സാമ്പിളിൽനിന്ന് ആ സമൂഹത്തിലെ അലീലുകളുടെ ഏകദേശ ആവൃത്തി കണക്കാക്കാൻ കഴിയും. പക്ഷേ, ഈ തരത്തിലുള്ള ഒരു സമൂഹം സാധാരണഗതിയിൽ നിലനില്ക്കാറില്ല. എങ്കിലും ഇതിനോടടുത്തുവരുന്ന സമൂഹങ്ങൾ കണ്ടെത്താൻ കഴിയും. സാധാരണഗതിയിൽ അലീലുകൾക്കു നിർധാരണപരമായ മേന്മയിൽ പ്രകടമായ അന്തരമുണ്ടായിരിക്കും. അതുപോലെ മ്യൂട്ടേഷൻതോതും വ്യത്യസ്തമായിരിക്കും. തന്മൂലം ഇത്തരം സമൂഹങ്ങളിൽ അലീലുകളുടെ ആവൃത്തി എന്നെന്നും സന്തുലിതാവസ്ഥയിൽ നിലനില്ക്കുകയില്ല; നിർദ്ധാരണത്തിന്റെയും മ്യൂട്ടേഷന്റെയും പരസ്പരപ്രവർത്തനത്തിന്റെഫലമായി അവ മാറിക്കൊണ്ടിരിക്കും. അന്തിമമായി ഇത് ജൈവപരിണാമപ്രക്രിയയിലേക്കു നയിക്കുകയും ചെയ്യുന്നു. †പാരമ്പര്യം, †മ്യൂട്ടേഷൻ, †മെൻഡലിസം, †പ്രകൃതിനിർധാരണം, †ജനിതക എഞ്ചിനീയറിങ്, †ജനിതക കോഡ്, †ജീൻ നോക്കുക.

ഗ്രന്ഥസൂചി

Burns, George W, *The Science of Genetics*, Macmillan, 1983, Gurduer, E. John and D. Peter *Principles of Genetics*, Wiley, 1984.

ജനിതക എൻജിനീയറിങ് (genetic engineering)

ജനിതക ഘടനയിൽ കൃത്രിമമായ ഭേദഗതി വരുത്തുന്ന സാങ്കേതിക വിദ്യ. പ്രതീക്ഷിക്കുന്ന ഫലം ലഭിക്കുവാൻ യോജിക്കുന്ന തരത്തിൽ, ജീനുകളെ മുറിച്ചെടുത്തു മറ്റൊരു ഡി.എൻ.എ. തന്മാത്രയുമായി 'ഇഴ ചേർത്തു പിരിച്ചെടുക്കുന്ന' (splicing) പ്രക്രിയയാണു ജനിതക എൻജിനീയറിങ്ങിൽ നിർവഹിക്കുന്നത്. വ്യവസായത്തിലും വൈദ്യശാസ്ത്രത്തിലും ഇതുകൊണ്ടു പല നേട്ടങ്ങളുമുണ്ടാക്കാം. ഒറ്റ ദിവസം കൊണ്ട് ഒരു ജീനിന്റെ ലക്ഷക്കണക്കിന് 'പ്രതികൾ' നിർമിക്കുവാൻ കഴിയുന്നതിനാൽ ഈ പ്രക്രിയയെ 'ജനിതക ക്ലോണിങ്' എന്നും പറയാം.

ഉയർന്നതരം സസ്യങ്ങളുടെയും ജന്തുക്കളുടെയും സ്തരത്തോടു കൂടിയ കോശമർമമുള്ള കോശങ്ങളെ യൂ കാരിയോട്ട് കോശങ്ങൾ എന്നു വിളിക്കുന്നു. ബാക്റ്റീരിയകളിലും നീല-പച്ച ആൽഗകളിലും വ്യക്തമായ കോശമർമം ഇല്ല. അതിനാൽ അവയെ പ്രോകാരിയോട്ടുകൾ എന്നു വിളിക്കും. ജീനിനെ ബാക്റ്റീരിയയുടെ ഡി.എൻ.എ.യുമായി, അതായതു യൂ കാരിയോട്ടുകളെ പ്രോക്കാരിയോട്ടുകളുമായി, ഇഴചേർത്തു പിരിച്ചെടുത്താൽ, അതു ബാക്റ്റീരിയ വിഭജിക്കുന്നതിനൊത്തു വിഭജിക്കും. അങ്ങനെ ജീൻ പെരുകുന്നു.

ചരിത്രം. 1971-ൽ.ആണ് ഇത്തരമൊരു ശ്രമം ആദ്യമായി നടന്നത്. സ്റ്റാൻഫെഡ് സർവകലാശാലയിലെ പോൾ ബെർഗ്, SV 40 എന്നൊരു വൈറസ്സിന്റെ ഡി.എൻ.എ.യെ മുറിച്ച് , ലാംഡ എന്ന മറ്റൊരു തരം വൈറസ്സിന്റേതുമായി കൂട്ടിച്ചേർത്തു.. ഇത്തരത്തിൽ പുനഃസംയോജിപ്പിക്കപ്പെട്ട ഡി.എൻ.എ.യെ (recombinant D.N.A.) മനുഷ്യന്റെ കുടലിൽ നിരുപദ്രവകാരികളായി ജീവിക്കുന്ന എസ്ക്കെറീഷ്യ കോളൈ എന്ന ബാക്റ്റീരിയത്തിലേക്കു കടത്തിവിടുവാനായിരുന്നു പരിപാടി. തന്മാത്രാജൈവശാസ്ത്രത്തിലെ ഏറ്റവും സാധാരണമായ പരീക്ഷണജീവികളാണ് *എസ്ക്കെറീഷ്യ കോളൈ* (ഇത് അറിയപ്പെടുന്നത്, *ഇ. കോളൈ* എന്ന ചുരുക്കപ്പേരിലാണ്.) ലാംഡ വൈറസ്, സാധാരണ *ഇ. കോളൈ* ബാക്റ്റീരിയത്തിൽ സംക്രമിക്കുന്ന (infecting) ഒന്നാണ്. അതുകൊണ്ട് SV 40 വൈറസ്സിന്റെ ജീനുകൾ ലാംഡ ബാക്റ്റീരിയത്തിനകത്തെത്തും എന്ന കാര്യത്തിൽ സംശയമുണ്ടായിരുന്നില്ല. പക്ഷേ, SV 40 വൈറസ് മനുഷ്യരിൽ അർബുദം ഉണ്ടാക്കുമെന്നു കണ്ടതോടെ ബെർഗ് പരീക്ഷണങ്ങൾ ഇടയ്ക്കു വച്ചു നിർത്തി.

ഇതിനെത്തുടർന്ന്, ഈ പ്രശ്നത്തെപ്പറ്റി ചൂടുപിടിച്ച ചർച്ചകൾ നടന്നു. ഇതിന്റെ ഫലമായി യു.എസ്സിലെ അസിലാമർ എന്ന സ്ഥലത്തുവച്ച്, തന്മാത്രാജീവശാസ്ത്രജ്ഞന്മാരുടെ സാർവദേശീയ സമ്മേളനം നടന്നു. ചർച്ചകൾക്കുശേഷം ശാസ്ത്രജ്ഞന്മാർ സ്വയം ചില നിയന്ത്രണങ്ങളേർപ്പെടുത്തുവാനും ഗവൺമെന്റുകളോടു കർശനമായ നിയന്ത്രണസംവിധാനം ഏർപ്പെടുത്തുവാനും ആഹ്വാനം ചെയ്തു. ചില രാഷ്ട്രങ്ങളിൽ അതിനുപറ്റിയ നിയമനിർമാണങ്ങളും ഉണ്ടായി. ചിലതരം ഡി.എൻ.എ. പുനഃസംയോജനവിദ്യകൾ പൂർണമായി നിരോധിച്ചു. മുഴകൾ ഉണ്ടാക്കുന്ന വൈറസുകളെ (tumor virus) ഉപയോഗിക്കരുത് എന്നതാണു പ്രധാനപ്പെട്ട നിരോധനങ്ങളിൽ ഒന്ന്; ക്ലോൺ ചെയ്യുവാൻ ഉപയോഗിക്കുന്ന ബാക്റ്റീരിയങ്ങൾ മനുഷ്യനിൽ വളരുവാൻ സാധിക്കുന്നവയാവരുതെന്നതാണു മറ്റൊന്ന്.

സാധ്യതകൾ. ജനിതക എൻജിനീയറിങ്ങിന്റെ ഗുണപരമായ സാധ്യത കാണിക്കുന്ന ഒരു ഉദാഹരണം : മനുഷ്യന്റെ വളർച്ചയെ നിയന്ത്രിക്കുന്ന സൊമാറ്റോസ്റ്റാറ്റിൻ എന്ന ഹോർമോൺ തലച്ചോറിന്റെ അടിഭാഗത്തുള്ള പിറ്റ്യൂറ്ററി ഗ്രന്ഥിയിലാണ് ഉത്പാദിപ്പിക്കുന്നത്. ഈ ഹോർമോൺ വൈദ്യശാസ്ത്ര ആവശ്യങ്ങൾക്ക് ഉത്പാദിപ്പിക്കുവാനായി ആടിന്റെ തലച്ചോറാണ് ഉപയോഗിച്ചുവന്നത്. ഒരു ലക്ഷം ആടുകളുടെ തലച്ചോറിൽനിന്ന് ഇങ്ങനെ ലഭിക്കുന്നതു വെറും ഒരു മില്ലീഗ്രാം ഹോർമോൺ മാത്രമാണ്. കാലിഫോർണിയയിലെ ഹെർബർട്ട് ബോയർ ഇതിന്റെ ജീൻ നിർമിച്ച് അതിനെ ബാക്റ്റീരിയത്തിൽ ക്ലോൺചെയ്തു ഹോർമോൺ ഉത്പാദിപ്പിച്ചു. ഇതിനായി 30 രൂപയോളം വിലയുള്ള 10 ലിറ്റർ ബാക്റ്റീരിയൽ സംവർധിനി (culture solution)യെ വേണ്ടിവന്നുള്ളു. ഇത്തരം പ്രയോജനപ്രദമായ അനേകം ആവശ്യങ്ങൾക്കു ജനിതക എൻജിനീയറിങ് ഉപകരിക്കും.

അപകടസാധ്യതകൾ. അഭിലഷണീയമല്ലാത്ത ഗുണവിശേഷങ്ങളും ശക്തിയുമുള്ള ജീനുകൾ ഉത്പാദിപ്പിക്കപ്പെടാം എന്നതാണു ജനിതക എൻജിനീയറിങ്ങിന്റെ ഒരു അപകടസാധ്യത. ഉദാഹരണമായി ഒരു പ്രശ്നം പരിശോധിക്കാം: ഇന്ന്, ജീൻവാഹകങ്ങളായി ഉപയോഗിക്കുന്നതു ബാക്റ്റീരിയങ്ങളിലെ പ്ലാസ്മിഡുകളാണ്. ഇതേ പ്ലാസ്മിഡുകളാണു ബാക്റ്റീരിയങ്ങൾക്ക് ആൻറിബയോട്ടിക്കുകളെ അതിജീവിക്കാനുള്ള ശക്തി നല്കുന്നതും. ആൻറിബയോട്ടിക്കുകളെ അതിജീവിക്കാനുള്ള ശക്തി നല്കുന്ന ജീൻ മാരകമായൊരു രോഗാണുവിൽ കടന്നാൽ ഉണ്ടാകാവുന്ന ഭവിഷത്തുകൾ എത്ര ഭീകരമായിരിക്കും!

മറ്റൊരു സ്ഥിതിവിശേഷം കൂടി ജനിതക എൻജിനീയറിങ്ങിന്റെ അപകടസാധ്യത വർധിപ്പിക്കുന്നുണ്ട്. അസിലോമർ സമ്മേളനം നടക്കുന്ന കാലത്തു സർവകലാശാലകളും സർക്കാർവക ഗവേഷണസ്ഥാപനങ്ങളും മാത്രമേ ഈ രംഗത്തു പ്രവർത്തിച്ചിരുന്നുള്ളു. ഈ സാങ്കേതികവിദ്യകൾ ഉപയോഗിച്ചു വളരെ ലാഭം സമ്പാദിക്കാം എന്നു കണ്ടതോടെ സ്വകാര്യ കമ്പനികളും ഈ രംഗത്ത് എത്തിയിട്ടുണ്ട്. ഗവൺമെന്റിന്റെ നിയന്ത്രണങ്ങൾ ഇവർ കൃത്യമായി പാലിക്കുമെന്നും ഈ സാങ്കേതികവിദ്യയുടെ സദാചാരസംഹിതകൾ അനുസരിക്കുമെന്നും ഉറപ്പുവരുത്തുക എളുപ്പമല്ല.

വേണ്ടത്ര മുൻകരുതലോടുകൂടി കൈകാര്യം ചെയ്യേണ്ട ഒന്നാണു ഡി.എൻ.എ. പുനഃസംയോജനത്തിന്റെ ജൈവസാങ്കേതികവിദ്യ. ഇത് ഉളവാക്കുന്ന പ്രശ്നങ്ങൾ ശാസ്ത്രത്തിന്റെ പരിധിയിൽ മാത്രം ഒതുങ്ങി നില്ക്കുന്ന ഒന്നല്ല; സാമൂഹികവും രാഷ്ട്രീയവുമായ സദാചാരനിഷ്ഠകളുടെ കൂടി സഹായത്തോടെ മാത്രമേ ഈ സാങ്കേതികവിദ്യയെ നേർവഴിക്ക് നയിക്കാനാവൂ.

ജനിതക കോഡ് (genetic code)

ഡി.എൻ.എ. തന്മാത്രകളിലെ ക്ഷാരക(base)ങ്ങളുടെ പൂർവാപരക്രമം. ഈ പൂർവാപരക്രമമാണു കോശങ്ങളിൽ പ്രോട്ടീൻ നിർമിക്കുന്നതിന് ആസ്പദമായ ജനിതകനിർദേശങ്ങൾ നല്കുന്നത്.

മൂന്നു ക്ഷാരകങ്ങൾ ചേർന്ന ഒരു ജനിതക കോഡാണ് ഓരോ അമിനോഅമ്ലത്തിന്റെയും (പ്രോട്ടീൻ തന്മാത്രയുടെ നിർമാണഘടക

മായ ജീവരാസപദാർഥമാണ് അമിനോഅമ്ലം) ഘടന നിർണയിക്കുന്നത്. ഉദാഹരണമായി സൈറ്റോസിൻ (cytosine) ഒരു ക്ഷാരകവും രണ്ട് അഡിനിൻ (adenine) ക്ഷാരകവും ചേർന്നാണു വാലിൻ (valine) എന്ന അമിനോഅമ്ലം നിർമിക്കാനുള്ള കോഡ്. ഇതിനെ പ്രതീകാത്മകമായി C A A എന്ന് സൂചിപ്പിക്കാം. പ്രസിദ്ധ ശാസ്ത്രജ്ഞനായ ജോർജ് ഗാമോവാണ് ആദ്യമായി ജനിതക കോഡ് എന്ന ആശയം അവതരിപ്പിച്ചത്.

അഡിനിൻ, തൈമിൻ, ഗ്വാനിൻ, സൈറ്റോസിൻ എന്നീ നാലു ക്ഷാരകങ്ങളാണു ഡി.എൻ.എ.യിലുള്ളത്. ഇവയെ മൂന്നെണ്ണംവീതം സംയോജിപ്പിച്ചാൽ ആകെ 64 (4^3) സംയോജനങ്ങൾ സാധ്യമാകും. എന്നാൽ 20 അമിനോഅമ്ലങ്ങൾ മാത്രമാണു ജീവികളിൽ കാണാറുള്ളത്. ഇതിനു കാരണം, ഒന്നിലധികം കോഡുകളുള്ള അമിനോഅമ്ലങ്ങൾ ഉണ്ടെന്നതാണ്. ഇതിനു പുറമെ, ഒരു പ്രോട്ടീൻ നിർമിക്കുവാനുള്ള സന്ദേശം കഴിയുമ്പോൾ ആവശ്യമുള്ള വിരാമചിഹ്നത്തിനും കോഡുണ്ട്. (ഇക്കാരണം കൊണ്ടാണ്, ജനിതകകോഡിനെ ടെലഗ്രാഫിയിൽ ഉപയോഗിക്കുന്ന മോർസ് കോഡിനോട് ആലംകാരികമായി താരതമ്യം ചെയ്യുന്നത്.) പ്രോട്ടീൻ നിർമാണം നടക്കുമ്പോൾ സന്ദേശക ആർ.എൻ.എ. (ജനിതക കോഡിനെ അവലംബമാക്കി കോശത്തിന് ആവശ്യമായ പ്രോട്ടീൻ സംശ്ലേഷണം നിർവഹിക്കുന്ന ജനിതകഘടകം.) ഒരറ്റം മുതൽ ക്ഷാരകങ്ങളെ മുമ്മൂന്നായി 'വായിച്ചിട്ടാണ്' അമിനൊഅമ്ലങ്ങളുടെ നിർമാണം സാധിക്കുന്നത്.

ജനിതക ക്ലോണിങ് (genetic clonning)

†ജനിതക എൻജിനീയറിങ് നോക്കുക.

ജനിതകച്യുതി (genetic drift)

ഒരു ജീവസമൂഹത്തിന്റെ അഥവാ ജീൻ കലവറ(gene pool)യിലെ ജനിതക ഘടനയിൽ പ്രകൃതി നിർധാരണ(natural selection) ത്തിന്റെ ഫലമായല്ലാതെ, യാദൃച്ഛികമായി സംഭവിക്കുന്ന വ്യതിയാനങ്ങൾ. ഒറ്റപ്പെട്ട ജീവസമൂഹങ്ങളിൽ മാത്രമെ ഇത് സംഭവിക്കാറുള്ളു. ഇതിനെ 'ജനിതക സാമ്പ്ളിങ് പിശക്' (genetic sampling error) എന്നും 'സിവാൾ റൈറ്റ് പ്രഭാവം' (Sewall wright effect) എന്നും പറയാറുണ്ട്.

†ജീൻ കലവറ, †പ്രകൃതിനിർധാരണം നോക്കുക.

ജനിതകവൈകല്യങ്ങൾ

†പാരമ്പര്യരോഗങ്ങൾ നോക്കുക.

ജനിത്രം

†ജെനറേറ്റർ നോക്കുക.

ജനുവരി

ക്രിസ്തുവർഷത്തിലെ ആദ്യമാസം. ദൈർഘ്യം 31 ദിവസം. റോമൻ റിപ്പബ്ലിക്കൻ കലണ്ടറിലെ ജാച്ചാരിയസ് എന്നതിന്റെ തദ്ഭവം. പ്രവേശനദ്വാരങ്ങളുടെയും ആരംഭങ്ങളുടെയും ദേവതയായ ജാനസിന്റെ പേരിൽനിന്നാണു മാസത്തിന് ഈ പേരു വന്നത്. ജാനസ് ഇരട്ടത്തലയുള്ള ദേവതയാണ്. ഒരു തല മുന്നോട്ടും ഒരു തല പിന്നോട്ടും നോക്കുന്നു. ഗതവർഷത്തെയും ആസന്നവർഷത്തെയും ഓരോതലയും നോക്കുന്നു എന്ന സങ്കല്പത്തിന്റെ പ്രതീകാത്മകത്വം കൗതുകകരമാണ്. വിരുദ്ധാഭിപ്രായങ്ങൾ പുലർത്തുന്ന മനുഷ്യരെപ്പറ്റി ജാനസ് ഫേസ്ഡ് (Janus faced) എന്നു ആലങ്കാരികമായി പറയും.

ജനോവ

ഇറ്റലി ഉപദ്വീപിലെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖപട്ടണവും ലിഗൂറിയ സംസ്ഥാനത്തിന്റെ ആസ്ഥാനവും. ജനോവ ഉൾക്കടലിന്റെ ഏറ്റവും വടക്കെ അറ്റത്തു (44°, 23′ വ: 8°, 55′ കി.) സ്ഥിതിചെയ്യുന്നു. ജനസംഖ്യ 7,31,484 (1986). എല്ലാ ഋതുക്കളിലും മഴയുണ്ട്.

ജനോവയുടെ പ്രകൃതിദത്തമായ നൗകാശയം ബി. സി. 4-ാംനൂറ്റാണ്ടിൽ ഗ്രീക്കുകാരെ ആകർഷിച്ചിരുന്നു. രണ്ടാം പ്യൂണിക് യുദ്ധകാലത്തിൽ (ബി. സി. 209) കാർത്തജീനിയക്കാർ ജനോവ നശിപ്പിച്ചു. റോമിന്റെ അധഃപതനകാലത്തിലും പിന്നീടും ജെർമനിയിൽനിന്നുള്ള അപരിഷ്കൃതവർഗക്കാരും അവർക്കുശേഷം സാരസൻകാരും ഈ നഗരം ആക്രമിച്ചു. മധ്യയുഗകാലത്തു മധ്യധരണ്യാഴി പ്രദേശത്തിലെ വാണിജ്യത്തിൽ ജനോവയ്ക്ക് ഗണ്യമായ പങ്കുണ്ടായിരുന്നു. ബൈസാന്തിയൻ സാമ്രാജ്യവുമായി രമ്യനിലയിൽ കഴിഞ്ഞിരുന്ന ജനോവയ്ക്ക് വെനീഷ്യന്മാരുമായും അറബികളുമായും ചിരകാലം സമരംചെയ്യേണ്ടിവന്നു. ആഭ്യന്തരകലഹങ്ങളും, ഇടയ്ക്കിടയ്ക്കുണ്ടായിരുന്നു. നേപ്പിൾസ്, മിലാൻ, ജെർമനി എന്നീ ശക്തികളുമായിട്ടും പിന്നെ ഫ്രാൻസുമായിട്ടും സ്വാതന്ത്ര്യത്തിനു പോരാടേണ്ടിവന്നു.

ജനോവ-മുകളിൽനിന്നുള്ള കാഴ്ച

1797-ൽ ഫ്രെഞ്ചുവിപ്ലവസേന ജനോവ ആക്രമിച്ചു. 1805-ൽ അതു ഫ്രാൻസിനോടുകൂടി ചേർക്കപ്പെട്ടു. 1815-ൽ ഡവോയ് രാജവംശത്തിനു ലഭിച്ചു. ക്രിസ്റ്റോഫർ കൊളംബസിൻെറയും ഗ്വിസെപ്പുമസീനിയുടെയും ജന്മദേശമായ ജനോവയിൽനിന്നാണ് 1860-ൽ ഗാരിബാൽഡിയും അദ്ദേഹത്തിൻെറ ആയിരം അനുയായികളും സിസിലി ആക്രമിക്കാൻ പുറപ്പെട്ടത്. രണ്ടാം ലോകയുദ്ധകാലത്തു നഗരത്തിനു സാരമായ നാശം ഉണ്ടായി.

ജനോവയുടെ സാമ്പത്തികാഭിവൃദ്ധിക്കു നിദാനം അവിടുത്തെ തുറമുഖമാണ്. പുരാതനകാലംമുതല്ക്കുതന്നെ ഈ തുറമുഖം നാവികവാണിജ്യകേന്ദ്രമായിരുന്നു. ഇപ്പോൾ ഇറ്റാലിയൻ കപ്പലുകളിൽ ബഹുഭൂരിഭാഗവും ജനോവനഗരത്തിലും പ്രവിശ്യയിലും രജിസ്റ്റർ ചെയ്തവയാണ്. ജനോവ ഒരു കപ്പൽനിർമാണകേന്ദ്രവുമാണ്. കൂടാതെ പല വ്യവസായങ്ങളും ഈ നഗരത്തിലും അതിനുചുറ്റുമുള്ള പ്രദേശങ്ങളിലും വികസിച്ചുവന്നിട്ടുണ്ട്. കയറ്റുമതികളിൽ മുഖ്യമായവ റെയിൽവേസാമഗ്രികൾ, ഉരുക്ക്, ഓട്ടൊമൊബീൽ, കടലാസ്, വസ്ത്രങ്ങൾ, പട്ടുനൂൽ, സോപ്പ്, അരി, മാർബിൾ, വീഞ്ഞ്, ഭക്ഷണസാധനങ്ങൾ മുതലായവയാകുന്നു.

ഇവിടത്തെ സർവകലാശാല 1243-ൽ സ്ഥാപിതമായി. മധ്യയുഗകാലത്തിൽ നിർമിച്ച മനോഹരമായ പല ക്രിസ്ത്യൻപള്ളികളും ഇപ്പോഴും നിലവിലുണ്ട്.

ജന്തർമന്തർ

ദില്ലി, വാരാണസി, മഥുര, ഉജ്ജയിനി എന്നിവിടങ്ങളിലുള്ള വാനനിരീക്ഷണകേന്ദ്രങ്ങൾ. ആംബറിലെ ജയസിങ് II ആണ് 'യന്ത്രമന്ദിരങ്ങൾ' സ്ഥാപിച്ചത്. വിചിത്രരൂപമായ നാലുകെട്ടിടങ്ങൾ ചേർന്നതാണ് ദില്ലിയിലെ മന്ദിരം. സൂര്യൻെറ ചരിവ് (രശ്മിയുടെ ചരിവ്) അളക്കാനുള്ള ഒരുപകരണവും വൃത്താകാരമായ രണ്ടു കെട്ടിടങ്ങളും ഇതിൻെറ ഭാഗമാണ്.



ദില്ലിയിലെ ജന്തർമന്തർ

ജന്തുകഥകൾ

ജന്തുക്കളെ കഥാപാത്രങ്ങളാക്കിയുള്ള കഥകൾ. ഇത്തരം കഥകളിൽ പക്ഷിമൃഗാദികൾ ആലോചിക്കുകയും സംസാരിക്കുകയും ചെയ്യുന്നു. അനുവാചകന് ഒരു ഗുണപാഠം ലഭിക്കത്തക്കവണ്ണമാണ് രചന. മനുഷ്യവ്യാപാരങ്ങളെ അപഹസിക്കുവാനും ജന്തുകഥകൾ രചിക്കപ്പെട്ടിട്ടുണ്ടെന്നു പ്രൊഫസർ കെ. മുള്ളർ പറയുന്നു. സംസ്കൃതത്തിലെ നീതിസാരകഥകളിൽ പലതും ജന്തുകഥകളാണ്. ഇംഗ്ലീഷിൽ ഇവ ഫേബിൾ (Fable) എന്ന വിഭാഗത്തിൽപ്പെടും. ലോകത്തിൽ ആകെത്തന്നെ ഏറ്റവും പ്രസിദ്ധിയുള്ള ജന്തുകഥകൾ ഇന്ത്യയിലെ പഞ്ചതന്ത്രകഥകളാണ്. ബൈബിൾ കഴിഞ്ഞാൽ പിന്നെ ലോകത്തിൽ ഏറ്റവും അധികം ഭാഷകളിൽ തർജമചെയ്യപ്പെട്ടിട്ടുള്ള ഗ്രന്ഥമാണു പഞ്ചതന്ത്രം. ഗ്രീസിലുണ്ടായ ഈസോപ്പ്കഥകൾക്കും ലോകമെങ്ങും പ്രചാരമുണ്ട്. അറബിയിലും അനേകം ജന്തുകഥകളുണ്ട്. ജന്തുകഥാപ്രസ്ഥാനത്തിൻെറ തുടക്കം ഭാരതത്തിലാണ്, ജന്തുകഥകൾ ഈസോപ്പിൽനിന്നല്ല, പഞ്ചതന്ത്രത്തിൽനിന്നാണ് ആരംഭിച്ചതെന്ന് ഏണസ്റ്റ് റൈസ് (Earnest Rhys) ചൂണ്ടിക്കാണിക്കുന്നു. മാക്സ് മുള്ളർക്കും ഇതേ അഭിപ്രായമാണ്. പഞ്ചതന്ത്രം ഇന്നു കാണുന്ന രൂപത്തിലുള്ള ഒരു ഗ്രന്ഥമായത് എ. ഡി. 5-ാംനൂറ്റാണ്ടിലാണ്. പഞ്ചതന്ത്രത്തിൽ ഇല്ലാത്ത ചില ജന്തുകഥകൾ ഹിതോപദേശത്തിലും ജാതകകഥകളിലും കാണാം. കഥാസരിത്സാഗരത്തിലും ധാരാളം ജന്തുകഥകളുണ്ട്. മറ്റു ചില ഭാരതീയഗ്രന്ഥങ്ങളിലും ജന്തുക്കൾ പറയുന്നതോ ജന്തുക്കൾ കഥാപാത്രങ്ങളോ ആയ കഥകൾ കാണാം.

ഇന്നു ലോകത്തിലെ എല്ലാ പ്രധാനഭാഷകളിലും ജന്തുകഥകളുണ്ട്. പഴയ കഥകൾ പരിഷ്കരിച്ച് എഴുതുന്നതിനു പുറമെ പുതിയ കഥകളും രചിക്കുന്നുണ്ട്. പ്രധാനമായും കുട്ടികൾക്കുവേണ്ടിയാണ് ഇങ്ങനെ ജന്തുകഥകൾ പ്രസിദ്ധം ചെയ്യുന്നത്. †ഈസോപ്പ്, †കെട്ടുകഥകൾ, †പഞ്ചതന്ത്രം നോക്കുക.

ജന്തുക്കളിലെ ആശയവിനിമയം
(Communication in animals)

ജന്തുക്കൾ ആശയവ്യാപനത്തിനു സ്വീകരിച്ചിരിക്കുന്ന ഉപാധികളും അവയുടെ പ്രയോഗവും. സ്പർശനം, ശബ്ദം, ഗന്ധം, ശരീരദ്രവങ്ങൾ, ചേഷ്ടകൾ, വൈദ്യുത ആവേഗങ്ങൾ തുടങ്ങിയവ ഒറ്റയ്ക്കോ കൂട്ടായോ ആശയവിനിമയം നടത്താനുള്ള ഉപാധികളാണ്. മിക്ക ജന്തുക്കളും ശബ്ദം ഉപയോഗിക്കുന്നു. ഇണയെ ആകർഷിക്കുക, ശത്രുക്കളിൽനിന്നു രക്ഷപ്പെടുക തുടങ്ങിയവയാണ് ധർമങ്ങൾ. പണ്ടുമുതലേ ഈ സവിശേഷത ശാസ്ത്രജ്ഞന്മാർ നിരീക്ഷിക്കുന്നുണ്ടെങ്കിലും ഇരുപതാംനൂറ്റാണ്ടിൻെറ ഉത്തരാർധത്തിലാണ് ഇത് ജന്തുചേഷ്ടാപഠന (ethyology) ത്തിൻെറ ഭാഗമായിത്തീർന്നത്.

ആശയവിനിമയത്തിനുള്ള ഏറ്റവും മികച്ച ഉപാധിയാണ് ശബ്ദം. ഇത് പെട്ടെന്ന് അവസാനിക്കുന്നതിനാൽ ജന്തുവിൻെറ സ്ഥാനം കണ്ടുപിടിക്കാൻ ശത്രുക്കൾക്കു കഴിയുന്നില്ല. ശ്രുതി (pitch) ആവർത്തനം, കാലയളവ് തുടങ്ങിയവ വ്യത്യാസപ്പെടുന്നതനുസരിച്ച് സന്ദേശവും മാറുന്നു. ആൺഗൊറില്ല നെഞ്ചത്തോ തറയിലോ മറ്റു വസ്തുക്കളിലോ കൈകൊണ്ട് അടിച്ചും നീർനായ് (beaver) വെള്ളത്തിൽ വാലുകൊണ്ട് അടിച്ചും ശബ്ദം ഉണ്ടാക്കാറുണ്ട്. ലൈംഗികോത്തേജനകാലത്ത് കന്നുകാലികൾ കരയുന്നത് മറ്റൊരു ഉദാഹരണമാണ്. ശത്രുജീവിയെ കാണുമ്പോൾ പിടക്കോഴി പ്രത്യേക ശബ്ദം പുറപ്പെടുവിച്ച് കുഞ്ഞുങ്ങളെ അരികിൽ വരുത്തും.

യൗവനാരംഭത്തിൽ ബബൂൺ എന്ന ആഫ്രിക്കൻ കുരങ്ങിൻെറ രോമത്തിൻെറ നിറം മാറുന്നു. ഇണചേരാനുള്ള സന്നദ്ധതയാണ് ഈ നിറംമാറ്റം സൂചിപ്പിക്കുന്നത്. പ്രത്യേക ഭാവങ്ങളിലൂടെയും ചേഷ്ടകളിലൂടെയും ആൺകുരങ്ങുകൾ ഇണയെ ആകർഷിക്കാറുണ്ട്. ഓസ്ട്രേലിയയിൽ കണ്ടുവരുന്ന ബവർപക്ഷികളിൽ ആൺപക്ഷി ഇലകൊണ്ടു കൂടുകൂട്ടി അതിനു ചുറ്റും പറന്ന് പാട്ടു പാടിയാണ് ഇണയെ ആകർഷിക്കുന്നത്.



വിവിധതരം
കടൽപ്പാത്തകളുടെ
ആശയവിനിമയം

കരിംകോഴിയുടെ പ്രണയചേഷ്ട-വാലിലെ തൂവലുകളുടെ പ്രദർശനം

തേനീച്ച സ്പർശനത്തിലൂടെ ആശയവിനിമയം നടത്തുന്നു. തേൻശേഖരണമാണ് ഉദ്ദേശ്യം. തേൻശേഖരിക്കുന്നതിന് ഏതു ദിശയിൽ എത്ര ദൂരം പോകണമെന്ന് നൃത്തത്തിൽനിന്നു മനസ്സിലാക്കാനുള്ള കഴിവ് ഇതിന് ഉണ്ട്. നൃത്തത്തിൻെറ രീതി ഓരോ സ്പീഷിസിലും വ്യത്യസ്തമാണ്. ദിശയും ദൂരവും സൂചിപ്പിക്കുന്നത് വ്യത്യസ്ത നൃത്തങ്ങളിലൂടെയാണ്.

†ഫെറോമോണുകൾ എന്ന ശരീരസ്രവങ്ങളും ആശയവിനിമയത്തിനുതകുന്നു. ഉറുമ്പുകളുടെ ഫെറോമോണുകൾക്ക് ദുർഗന്ധം ഉള്ളതിനാൽ ഇവ മറ്റുജന്തുക്കൾക്ക് ഇരയാകാറില്ല. അന്തഃസ്രാവിഗ്രന്ഥികളാണ് ഇവയെ ഉത്പാദിപ്പിക്കുന്നത്. ലൈംഗികോത്തേജന വേളയിൽ പെൺജീവികൾ (ഉദാ: നായ്) ഫെറോമോൺ ഉത്പാദിപ്പിച്ച് ഇണയെ ആകർഷിക്കാറുണ്ട്. ഭക്ഷണം കണ്ടെത്താനും ഉറുമ്പുകളെ ഇവ സഹായിക്കുന്നു.

ജന്തുക്കൾ (animals)

ഒരു വിഭാഗം ജീവജാലം. ജീവജാലത്തെ രണ്ടായി തിരിക്കാം: ജന്തുക്കളും സസ്യങ്ങളും. ഈ രണ്ടു വിഭാഗങ്ങളെയും വ്യക്തമായി വേർതിരിച്ച് ആദ്യമായി വർഗീകരണം നടത്തിയത് 18-ാം നൂറ്റാണ്ടിൽ കരോളസ് ലിനയസ് എന്ന സ്വീഡിഷ് പ്രകൃതി ശാസ്ത്രജ്ഞനാണ്. എല്ലാ ജീവികളുടെയും അടിസ്ഥാനഘടകമായ കോശത്തിൻെറ മൗലികഘടനയും പ്രവർത്തനവും സസ്യങ്ങളും ജന്തുക്കളിലും ഒന്നുതന്നെ ആയതിനാൽ ജീവശാസ്ത്രപരമായി ജന്തുക്കൾ സസ്യങ്ങളെക്കാൾ ഉയർന്ന നിലവാരത്തിലുള്ളവ ആണെന്ന ധാരണ തെറ്റാണ്.

കരയിലും കടലിലും വായുവിലും ജന്തുക്കൾ ഉണ്ട്. ആർട്ടിക്-അൻറാർട്ടിക് പ്രദേശങ്ങളിൽപോലും ജന്തുക്കൾ വസിക്കുന്നു. മരുഭൂമികളിലും നീരുറവകളിലും ഗുഹകളിലും ഇവയെ കാണാം. ഇവിടങ്ങളിൽ വസിക്കുന്നതിന് പ്രത്യേക അനുകൂലനങ്ങൾ (adaptations) ഉണ്ട്.

ആഹാരത്തിൻെറ അടിസ്ഥാനത്തിൽ ജന്തുക്കളെ സസ്യഭുക്ക് (herbivore), മാംസഭുക്ക് (carnivore), മിശ്രഭുക്ക് (onmivore) എന്നിങ്ങനെ തിരിക്കാം. ചിലയിനം ജന്തുക്കൾ ആഹാരത്തിന് പരോക്ഷമായോ പ്രത്യക്ഷമായോ മറ്റു ജന്തുക്കളെ ആശ്രയിക്കുന്നു. ഇക്കൂട്ടത്തിൽ ചിലവ ആതിഥേയജീവിയിൽ പരാദ(parasite)മായിട്ടാണു കഴിയുന്നത്. മലിനപദാർഥങ്ങൾ തിന്നുന്ന ജന്തുക്കളും ഉണ്ട്. ഇവയെ ഇംഗ്ലീഷിൽ സ്കാവൻജേഴ്സ് എന്നു വിളിക്കുന്നു. യൂഗ്ലിന തുടങ്ങിയ ജന്തുക്കൾക്ക് ഹരിതകം ഉള്ളതിനാൽ സ്വയം ആഹാരം നിർമിക്കാനുള്ള കഴിവുണ്ട്.

വർഗീകരണശാസ്ത്രപ്രകാരം ജന്തുക്കളെ കോർഡേറ്റ എന്നും നോൺകോർഡേറ്റ എന്നും തിരിച്ചിരിക്കുന്നു. ഈ രണ്ടു വിഭാഗത്തെയും പല ഫൈലങ്ങളായും ഫൈലത്തെ ക്ലാസായും ക്ലാസിനെ ഓർഡറായും ഓർഡറിനെ കുല(family)മായും വിഭജിച്ചിട്ടുണ്ട്. നട്ടെല്ല് ഉള്ളവയെ കോർഡേറ്റയിലും (മത്സ്യങ്ങൾ, ഉഭയജീവികൾ, ഉരഗങ്ങൾ, പക്ഷികൾ, സ്തനികൾ) നട്ടെല്ല് ഇല്ലാത്തവയെ നോൺകോർഡേറ്റയിലും (പ്രോട്ടോസോവകൾ, സ്പോഞ്ചുകൾ, കടൽച്ചൊറികൾ, പരന്ന പുഴുക്കൾ, ഉരുളൻ പുഴുക്കൾ, കൂട്ടുകാലികൾ, കക്കകൾ, തൊലിചുള്ളന്മാർ) ഉൾപ്പെടുത്തിയിരിക്കുന്നു. കോർഡേറ്റ രണ്ടു വിഭാഗം ഉണ്ട്: കശേരുകികളും (vertebrates), അകശേരുകികളും (invertebrates). കടൽസഞ്ചികൾ (യൂറോകോർഡേറ്റ), ശൂലമത്സ്യങ്ങൾ (സെഫലോകോർഡേറ്റ), നാക്ക്പുഴുക്കൾ (ഹെമികോർഡേറ്റ) തുടങ്ങിയവ അകശേരുകികളാണ്. മത്സ്യങ്ങൾ, ഉഭയജീവികൾ, ഉരഗങ്ങൾ, പക്ഷികൾ, സ്തനികൾ എന്നിവ കശേരുകികളും.

സസ്യങ്ങളും ജന്തുക്കളും തമ്മിൽ പല വ്യത്യാസങ്ങളും ഉണ്ട്. കുമിൾ ഒഴികെയുള്ള എല്ലാ സസ്യങ്ങളും ഹരിതക (chlorophyll)ത്തിൻെറ സാന്നിധ്യത്തിൽ സ്റ്റാർച്ച് നിർമിക്കുന്നു. ജന്തുക്കളിൽ ക്ലാമിഡോമോണസിനു മാത്രമേ ഈ കഴിവ് ഉള്ളു. അതിൽ ഹരിതകം ഉണ്ട്. വോൾവോക്സ് തുടങ്ങിയ ഹരിതകമുള്ള ജീവികൾ സസ്യമോ ജന്തുവോ എന്ന കാര്യത്തിൽ ശാസ്ത്രജ്ഞന്മാർ ഏകാഭിപ്രായക്കാരല്ല. മിക്ക ജന്തുക്കളും ചലനശേഷി ഉള്ളവയാണ്. സ്പോഞ്ചുകൾ, കോറലുകൾ തുടങ്ങിയവ സസ്യങ്ങളെപ്പോലെ ചലനശേഷി ഇല്ലാത്തവയാണ്. ഒതുങ്ങിയ ദേഹമാണ് ജന്തുക്കളുടെത്. സ്പോഞ്ച്, കോറലുകൾ തുടങ്ങിയ ചുരുക്കം ചില ജന്തുക്കളുടെ ശരീരമേ ശാഖിതമായിട്ടുള്ളു. കാർബൺ ഡയോക്സൈഡ് ആഗിരണം ചെയ്യാനുള്ള കഴിവ് ജന്തുക്കൾക്ക് ഇല്ല.

പ്രജനനം രണ്ടുവിധം: ലൈംഗിക പ്രജനനം, അലൈംഗികപ്രജനനം. അലൈംഗികപ്രജനനം നടത്തുന്ന അമീബയെപ്പോലുള്ള ജീവികളെ ആൺജീവിയെന്നോ പെൺജീവിയെന്നോ ഉഭയലിംഗിയെന്നോ വിളിക്കാറില്ല. ലൈംഗികാവയവങ്ങളുടെ അഭാവമാണ് ഇതിനു കാരണം. ലൈംഗികാവയവങ്ങൾ ഉള്ള ജന്തുക്കളും ഈ രീതിയിൽ പ്രജനനം നടത്താറുണ്ട്: കടൽച്ചൊറി, കടൽസഞ്ചി തുടങ്ങിയവ ഉദാഹരണങ്ങൾ. ലഘുഭംഗം (രണ്ടായിപ്പിളരുന്നു), ബഹുഭംഗം (രണ്ടിൽകൂടുതൽ സന്തതികൾ ഉണ്ടാകുന്നു), മുകുളനം (ദേഹത്ത് മുകുളങ്ങൾ ഉണ്ടായി വേർപെടുന്നു) എന്നിവയാണ് പ്രധാനപ്പെട്ട അലൈംഗിക പ്രജനനമാർഗങ്ങൾ.

പുംബീജവും അണ്ഡവും സംയോജിച്ചുണ്ടാകുന്ന പ്രജനനപ്രക്രിയയെ ലൈംഗികപ്രജനനം എന്നു പറയുന്നു. ലൈംഗികപ്രജനനം പ്രോട്ടോസോവകളിൽപോലും നടക്കാറുണ്ട്.

സ്തനികളിൽ ബഹുഭൂരിപക്ഷവും കുഞ്ഞുങ്ങളെ പ്രസവിക്കുകയാണ്. പ്ലാറ്റിപ്പസ് തുടങ്ങി വളരെ ചുരുക്കം ഇനമേ മുട്ടയിടുന്നുള്ളു. സ്തനികൾ അല്ലാത്ത വിഭാഗത്തിലെ ജന്തുക്കളിൽ അധികവും മുട്ട ഇടുന്നു. അണലി, സ്രാവ് ഇങ്ങനെ വളരെ കുറച്ചു ജീവികൾ മാത്രമേ ഈ വിഭാഗത്തിൽ കുഞ്ഞുങ്ങളെ പ്രസവിക്കുന്നുള്ളു. ചില ചിത്രശലഭങ്ങളും പ്രസവിക്കാറുണ്ട്.

മുട്ടയിടുന്ന സ്തനികൾ ഓസ്ട്രേലിയയിൽ മാത്രമേയുള്ളു. ജന്തുക്കളുടെ വിതരണസമ്പ്രദായം അനുസരിച്ച് ഭൂമിയെ ആറു ഖണ്ഡങ്ങളായി തിരിച്ചിട്ടുണ്ട്: പാലിയാർട്ടിക്ക്ഖണ്ഡം, നിയാർട്ടിക്ഖണ്ഡം, നിയോട്രോപ്പിക്കൽഖണ്ഡം, എത്യോപ്യൻഖണ്ഡം, ഓറിയൻറൽഖണ്ഡം, ഓസ്ട്രേലിയൻഖണ്ഡം.

ചില ജന്തുക്കളുടെ ശരാശരി ആയുർദൈർഘ്യം താഴെ കൊടുത്തിരിക്കുന്നു.

സ്തനികൾ: കടവാതിൽ (2 വർഷം), കരടി (31 വർഷം), പൂച്ച (21 വർഷം), ചിമ്പൻസി (31 വർഷം), ആന (57 വർഷം), കോലാട് (18 വർഷം), കുതിര (62 വർഷം), സിംഹം (29 വർഷം), എലി (3 വർഷം), കാള (30 വർഷം), അണ്ണാൻ (15 വർഷം), കാട്ടുപന്നി (27 വർഷം).

പക്ഷികൾ: വാനമ്പാടി (28 വർഷം), പ്രാവ് (35 വർഷം), മക്കാത്തത്ത (64 വർഷം).

ഇഴജന്തുക്കൾ: മുതല (56 വർഷം), ആമ (177 വർഷം).

ഉഭയജീവികൾ: തവള (5—15 വർഷം), സലമാണ്ടർ (25 വർഷം).

മത്സ്യം: ഈൽ (6 വർഷം), സ്വർണമീൻ (25 വർഷം).

ഷഡ്പദങ്ങൾ: ഉറുമ്പ് (15 വർഷം), വണ്ട് (30 വർഷം), പഴഈച്ച (0.1 വർഷം).

മറ്റുള്ളവ: വീട്ടുചിലന്തി (0.01 വർഷം), ക്രേഫിഷ് (30 വർഷം), സ്നെയിൽ (1—30 വർഷം), ഞാഞ്ഞൂൽ (10 വർഷം), കുളയട്ട (27 വർഷം).

ജന്തുക്രീഡകൾ

ജന്തുക്കളുടെ വിവിധ പ്രതിചലനങ്ങൾ. ഇതിനു ജന്തുക്കളുടെ നിലനില്പുമായി ബന്ധം ഇല്ല. ഓരോയിനം ജന്തുവും പ്രത്യേക ക്രീഡകളിൽ ഏർപ്പെടുന്നു. പരിണാമപരമായി ഉയർന്ന ജന്തുക്കളിലാണു ഈ സവിശേഷത കൂടുതലായും കാണുന്നത്.

കുതിര, പശു, നായ്, പൂച്ച തുടങ്ങിയവയുടെ കുഞ്ഞുങ്ങൾ ഓടിച്ചാടി കളിക്കാറുണ്ട്. സിംഹക്കുട്ടികൾ ഒളിച്ചിരുന്നു പെട്ടെന്ന് തള്ളയുടെമേൽ ചാടിവീഴും. പൂച്ച വാലാട്ടി കുഞ്ഞുങ്ങളെ കളിപ്പിക്കാറുണ്ട്. ചിമ്പൻസിയുടെ സമൂഹനൃത്തം നിരീക്ഷിക്കപ്പെട്ടിട്ടുള്ളതായി ശാസ്ത്രജ്ഞന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. ആഫ്രിക്കയിലെ സിംഹക്കുട്ടികളുടെ ഇടയിൽ ഒരുതരം ക്രീഡ ഉണ്ട്. ഒരു സിംഹക്കുട്ടി ഉയർന്ന സ്ഥലത്തു ചെന്നുനില്ക്കും. മറ്റുള്ളവ അവിടെനിന്ന് അതിനെ തുരത്തി ആ സ്ഥലം പിടിച്ചെടുക്കാൻ ശ്രമിക്കും. നായ്ക്കുട്ടികൾ മുറിവേല്പിക്കാതെ കടിപിടികൂടുന്നതും പശുക്കുട്ടികൾ കൂത്താടുന്നതും ജന്തുക്രീഡതന്നെ.

ജന്തുക്രീഡകളെ വ്യാഖ്യാനിക്കുന്ന സിദ്ധാന്തങ്ങൾ ധാരാളം ഉണ്ട്. ശരീരത്തിൽ മിച്ചമുള്ള ശക്തി (energy) പുറത്തുകളയാനുള്ള മാർഗമാണ് ഇത് എന്ന് മിച്ചശക്തി (surplus energy) സിദ്ധാന്തത്തിൽ പറയുന്നു. കാൾഗ്രൂസ് എന്ന ശാസ്ത്രജ്ഞൻ സഹജാവബോധ(instinct)സിദ്ധാന്തം ഉന്നയിച്ചിട്ടുണ്ട്. ജന്മവാസനയാണ് ക്രീഡയ്ക്കു പ്രേരിപ്പിക്കുന്നത് എന്നാണ് ഈ സിദ്ധാന്തം പറയുന്നത്.

ജന്തുചേഷ്ടാവിജ്ഞാനം

† ഇത്തോളജി നോക്കുക.

ജന്തുജാലം, ഇന്ത്യയിൽ (fauna of India)

ഇന്ത്യയിലെ ജീവിസമുച്ചയത്തിൻെറ വൈവിധ്യം, വിതരണം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ. ഭൂമധ്യരേഖയുടെ വടക്ക് ഉഷ്ണമേഖലയിലും മിതശീതോഷ്ണമേഖല (temperate zone) യിലും വ്യാപിച്ചു കിടക്കുന്ന (അക്ഷാംശം 8° മുതൽ 37° വരെ) ഇന്ത്യയിൽ ഭൂപ്രകൃതിയുടെയും കാലാവസ്ഥയുടെയും



വംശനാശത്തെ അഭിമുഖീകരിക്കുന്ന ഇന്ത്യയിലെ പ്രധാന ജന്തുവർഗങ്ങളും അവയുടെ ആവാസസ്ഥാനങ്ങളും

കാര്യത്തിൽ കണ്ടുവരുന്ന വൈവിധ്യം സസ്യജന്തുജാലങ്ങളുടെ കാര്യത്തിലും ദൃശ്യമാണ്.

ജീവികളുടെ വിതരണം കാണിക്കുന്ന ഭൂപടത്തിൽ, മലായ് ദ്വീപസമൂഹത്തിൽ പെടുന്ന ബാലി ദ്വീപിൻെറയും ലോംബോക് ദ്വീപിൻെറയും ഇടയ്ക്കുകൂടിയുള്ള അതിർത്തിരേഖയാണ് വാലസ് രേഖ. (ആൽഫ്രഡ് റസൽ വാലസ് എന്ന ശാസ്ത്രജ്ഞനാണ് ഈ രേഖ നിർദ്ദേശിച്ചത് എന്നതുകൊണ്ടാണ് അതിന് ഈ പേരുവന്നത്). ഇതിന് തെക്കുഭാഗത്തുള്ള ഏഷ്യാഭാഗത്തെ ആണ് ജന്തു-ഭൂവൈജ്ഞാനികർ(zoo-geographers) പൗരസ്ത്യ മേഖല (oriental realm) ആയി ഗണിക്കുന്നത്. ഇതിലെ ഒരു ഉപമേഖലയാണ് ഇന്ത്യ. ഭൂപരമായ തുടർച്ചയും പരസ്പരസമ്പർക്കസാധ്യതയും നിമിത്തം ജന്തുവൈവിധ്യത്തിൽ ഏറെക്കുറെ ഐകരൂപ്യം പ്രാപിക്കാൻ ഇന്ത്യയിലെ ജന്തുജാലത്തിന് കഴിഞ്ഞിട്ടുണ്ട്.

ഇന്ത്യയിലെ ജന്തുജാലത്തെക്കുറിച്ച് പഠനം നടത്തുന്ന, കേന്ദ്രഗവൺമെൻറിൻെറ ആഭിമുഖ്യത്തിലുള്ള സ്ഥാപനമാണ് † 'സുവോളജിക്കൽ സർവേ ഒഫ് ഇന്ത്യ'.

ജന്തുവർഗങ്ങൾ. പ്രൊട്ടോസോവ മുതൽ സ്തനിവരെ, ലോകത്ത് ഇന്നേവരെ അറിയപ്പെട്ടിട്ടുള്ള ജന്തു സ്പീഷിസുകളിൽ (ഏകദേശം 9,20,000 എണ്ണം) എട്ടു ശതമാനത്തിലധികം (ഏകദേശം 76,000 എണ്ണം) ഇന്ത്യയിലുണ്ടെന്നു കണ്ടിട്ടുണ്ട്. പക്ഷികൾ, മത്സ്യങ്ങൾ, സ്തനികൾ തുടങ്ങിയവയിൽ നൂറുകണക്കിനും മൊളസ്ക്കുകൾ, ഷഡ്പദങ്ങൾ തുടങ്ങിയവയിൽ ആയിരക്കണക്കിനു സ്പീഷിസുകൾ ഇന്ത്യയിൽ കാണാം. എന്നാൽ റോട്ടിഫെറെ (rotifera) തുടങ്ങിയ ഫൈലങ്ങളിൽ ഉൾപ്പെടുന്ന അപൂർവം ചില സ്പീഷിസുകളെ ഇന്ത്യയിലുള്ളു.

കശേരുകികളിലും (vertebrate) അകശേരുകികളിലും (invertebrates) ഉൾപ്പെട്ട ജീവിവർഗങ്ങൾ ഇന്ത്യയിലെ ജന്തുജാലത്തിൽ ഉണ്ട്. ഇതിൽ അകശേരികകളുടെ അംഗസംഖ്യ വളരെ കൂടുതലാണ്. പക്ഷേ, ഇവയെക്കുറിച്ചുള്ള പഠനങ്ങൾ വളരെ കുറച്ചുമാത്രമെ നടന്നിട്ടുള്ളു.

അകശേരുകികൾ. കരയിലും ശുദ്ധജലത്തിലും സമുദ്രത്തിലും ജീവിക്കുന്ന അകശേരുകികൾ ഇന്ത്യയിലുണ്ട്. അതിസൂക്ഷ്മങ്ങളായ, പ്രോട്ടോസോവ വിഭാഗം (ഉദാ: അമീബ) തുടങ്ങി പോറിഫെറ (സ്പോഞ്ജുകൾ), സീലൻററേറ്റ, പ്ലാറ്റിഹെൽമിന്തസ്, ആഷ്ഹെൽമിന്തസ്, അനലിഡ, ആർത്രൊപ്പോഡ, മൊളസ്ക തുടങ്ങിയ സുപ്രധാനമായ അകശേരുകി വർഗങ്ങൾ ഇന്ത്യയിലുണ്ട്. സാമ്പത്തികപ്രാധാന്യമുള്ളവയും (ഉദാ: ഭക്ഷണാവശ്യത്തിനുപയോഗിക്കുന്ന ചെമ്മീൻ; വിളനാശം ഉണ്ടാക്കുന്ന ചെല്ലികൾ) ആരോഗ്യപരമായ പ്രാധാന്യമുള്ളവയും (രോഗകാരികളും രോഗവാഹികളുമായ ജീവികൾ) ഇതിൽ ഉൾപ്പെടുന്നു. ഇന്ത്യയിലെ അകശേരുകികളെക്കുറിച്ചുള്ള ഗവേഷണം ആയിരത്തിത്തൊള്ളായിരത്തി എഴുപതോടുകൂടി പുഷ്ടിപ്പെട്ടു.

കശേരുകികൾ. നട്ടെല്ലി(chordata)കളിലെ ഒരു മുഖ്യ ഉപവിഭാഗമാണ് കശേരുകികൾ. മൊത്തം 41,000 സ്പീഷീസ് നട്ടെല്ലികളുള്ളതിൽ 39,000 എണ്ണവും കശേരുകികളാണ്. മത്സ്യങ്ങൾ, ഉഭയജീവികൾ, ഉരഗങ്ങൾ, പക്ഷികൾ, കുളമ്പുള്ളതും ഇല്ലാത്തതുമായ നാൽക്കാലികൾ, പ്രൈമേറ്റുകൾ (കുരങ്ങന്മാരും മനുഷ്യനും ഉൾപ്പെടുന്ന ജന്തുവിഭാഗം) എന്നിവയുടെ ധാരാളം സ്പീഷീസുകൾ ഇന്ത്യയിൽ ഉണ്ട്. മനുഷ്യൻ ഇണക്കിവളർത്തുന്നവയും (ഉദാ. കന്നുകാലികൾ, കോഴി, നായ്, പന്നി, കുതിര) പ്രകൃതിദത്ത സാഹചര്യങ്ങളിൽ മാത്രം കഴിയുന്നവയും (ഉദാ. കടുവ, മയിൽ, കാട്ടുപോത്ത്) ഇതിൽ ഉൾപ്പെടുന്നു.

മത്സ്യം: മത്സ്യസമ്പത്താൽ സമൃദ്ധമായ സമുദ്രമേഖലയും ശുദ്ധജലാശയങ്ങളും ഇന്ത്യയ്ക്ക് ഉണ്ട്. മത്സ്യബന്ധനം പ്രാധാന്യമുള്ള തൊഴിലായി വളർന്നിട്ടുണ്ട്. ഇന്ത്യയിൽ മാത്രം കാണപ്പെടുന്ന പല ഇനങ്ങളുമുണ്ട്. എലാസ്മോ ബ്രാങ്കൈ, ഹോളോസൈഫാലി, റ്റിലിയസ്റ്റോമി എന്നീ ക്ലാസുകളിൽപെട്ടവയാണ് ഇന്ത്യയിലെ സമുദ്രജലമത്സ്യങ്ങൾ. ശുദ്ധജലമത്സ്യങ്ങളുടെയും ചില അപൂർവ സ്പീഷീസുകൾ ഇവിടെ ഉണ്ട്. തെക്കെ ഇന്ത്യയിലും ശ്രീലങ്കയിലും മാത്രം കാണപ്പെടുന്ന കരിമീൻ (etroplus) ഇതിനൊരു ഉദാഹരണമാണ്.

പക്ഷികൾ: വൈവിധ്യംനിറഞ്ഞതും വിപുലവുമാണ് ഇന്ത്യയിലെ പക്ഷിസമ്പത്ത്. ലോകത്താകെ രേഖപ്പെടുത്തിയിട്ടുള്ള 8,600 പക്ഷി സ്പീഷീസുകളിൽ 1,200-ൽ ഏറെ എണ്ണം ഇന്ത്യയിൽ കണ്ടെത്തിയിട്ടുണ്ട്. ദേശാടന(migration)സ്വഭാവമുള്ള 28 സ്പീഷീസ് പക്ഷികൾ ലോകത്തുള്ളതിൽ 20 എണ്ണവും ഇന്ത്യയിൽ എത്തുന്നവയാണ്.

ഉരഗങ്ങൾ *(reptiles):* ഇന്ത്യയിൽ നാലുവർഗം ഉരഗങ്ങളുണ്ട്: പാമ്പ്, പല്ലിവർഗജീവികൾ (lizards) ആമ, മുതല. പാമ്പുകളുടെ എണ്ണത്തിലും വൈവിധ്യത്തിലും രണ്ടാംസ്ഥാനത്തുനില്ക്കുന്ന രാജ്യമാണ് ഇന്ത്യ. (ഒന്നാംസ്ഥാനം ബ്രസീലിനാണ്). കടൽപാമ്പുകളും കരപ്പാമ്പുകളും ഉണ്ട്. ഇവയിൽ രണ്ടിലും വിഷമുള്ളതും വിഷമില്ലാത്തതും ഉണ്ട്. ഗൗളി, പറക്കുംപല്ലി, ഓന്ത്, അരണ തുടങ്ങിയവയാണ് പല്ലിവർഗജീവികളിൽ പ്രധാനപ്പെട്ടവ. കടലാമ (turtles)കളും കരയാമ (tortoises)കളും ആണ് ആമവർഗജീവികൾ. മുതല (crocodile), ചീങ്കണ്ണി (alligator) എന്നിവയിൽ (ഓർഡർ: ക്രൊക്കൊഡിലിയ) ഉൾപ്പെട്ട സ്പീഷിസുകളാണ് മുതലവർഗ ഉരഗങ്ങൾ.

സ്തനികൾ (mammals): വളർത്തുമൃഗങ്ങളും കാട്ടുമൃഗങ്ങളുമായി വളരെ വിപുലമാണ് ഇന്ത്യയിലെ സ്തനിവർഗജന്തുക്കളുടെ സമുച്ചയം. എന്നാൽ, ചില ഇനങ്ങളിൽപ്പെടുന്ന സ്തനികൾ ഇവിടെയില്ല. മുട്ടയിടുന്ന സ്തനികൾ ('എക്കിഡ്ന', 'പ്ലാറ്റിപ്പസ്') സഞ്ചിമൃഗങ്ങൾ (മാഴ്സുപ്പിയൽസ്-ഉദാ: കങ്കാരു, ഒപ്പോസം, കോവാല) എന്നിവ ഇന്ത്യയിൽ തീരെയില്ല. അംഗുലേറ്റകളിലെയും (ഉദാ: ജിറാഫ്, സീബ്ര, ഹിപ്പൊപ്പൊട്ടാമസ്) ജലസ്തനി(pannipedia)കളിലെയും (ഉദാ: സീൽ, വാൾറസ്) ചില വിഭാഗങ്ങൾ ഇന്ത്യയിലില്ല. പറക്കുന്ന സ്തനികൾ (വൗവാൽ) ഇന്ത്യയിലുണ്ട്. ഹിമാലയത്തിലും മറ്റും കണ്ടുവരുന്ന ചില സ്തനിവർഗങ്ങൾ മറ്റെങ്ങും ഉള്ളവയല്ല.

വളർത്തുമൃഗങ്ങൾ. † കന്നുകാലികൾ, † കുതിര, † പന്നി, † നായ്, † കോഴി, † താറാവ്, † കഴുത, † മുയൽ, † തത്ത തുടങ്ങിയവ ഇന്ത്യയിലെ വളർത്തുമൃഗങ്ങളാണ്. ഭക്ഷണാവശ്യങ്ങൾക്കുവേണ്ടിയും (പാൽ, മുട്ട, മാംസം എന്നിവ ലഭിക്കാൻവേണ്ടി) തൊഴിൽ ചെയ്യിക്കാൻവേണ്ടിയും (വണ്ടി വലിപ്പിക്കുക, ഉഴുക, ഭാരം ചുമപ്പിക്കുക) കൗതുകത്തിനുവേണ്ടിയും വളർത്തുന്ന മൃഗങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

വന്യമൃഗങ്ങൾ. വളരെ വിപുലമായ വന്യമൃഗസമുച്ചയം ഉണ്ടായിരുന്നെങ്കിലും, വനനശീകരണവും മൃഗവേട്ടയും കാരണം അവയ്ക്കു ഗണ്യമായ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പല സ്പീഷീസുകളെയും സംരക്ഷിക്കുന്നതിന് വന്യമൃഗസംരക്ഷണപദ്ധതികൾ ആവശ്യമായിത്തീർന്നു. ഇതിനായി, പല വനപ്രദേശങ്ങളും സംരക്ഷിതമേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ത്യയിൽ 53 നാഷനൽ പാർക്കുകളും 247 വന്യജീവിസങ്കേതങ്ങളും (പക്ഷിസങ്കേതങ്ങൾ ഉൾപ്പെടെ) ഉണ്ട്.

വംശനാശം. മനുഷ്യൻെറ ഇടപെടൽമൂലം വംശനാശം അഭിമുഖീകരിക്കുന്ന പല സ്പീഷീസുകളും ഇന്ത്യയിലുണ്ട്. അവയെ സംരക്ഷിക്കാനായി സർക്കാർതലത്തിലും (ഉദാ: കടുവകളെ സംരക്ഷിക്കാനുള്ള 'പ്രോജക്ട് ടൈഗർ') അനൗദ്യോഗികതലത്തിലും പല പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. വംശനാശഭീഷണിയെ നേരിടുന്ന ചില പ്രധാന ജന്തു സ്പീഷീസ് ഇവയാണ്: 1. ചുവപ്പുപാൻഡ (ഐലുറസ് ഫൾജെൻസ്) 2. ഒറ്റക്കൊമ്പൻ ഇന്ത്യൻ കാണ്ടാമൃഗം (റിനോസറോസ് യൂണിക്കോർണിസ്) 3. മണിപ്പൂർമാൻ (സെർവസ് *എൽഡി)* 4. കടുവ *(പാൻതിറാ ടൈഗ്രിസ്)* 5. ഏഷ്യൻ ആന *(എലിഫാസ് മാക്സിമസ്)* 6. വരയാട് (നീലഗിരിടാർ — *ഹെമിട്രാസ് ഹൈലോക്രിയസ്)* 7. ഏഷ്യൻ സിംഹം *(പാൻതിറാലിയോ)* 8. മഞ്ഞ പുള്ളിപ്പുലി *(പാൻതിറാ അൺസിയ).*

വംശനാശത്തിൻെറ വക്കത്തെത്തിയ, 'ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാഡ്' *ചോറിയോട്ടിസ് നെയ്ഗ്രിസെപ്സ്* എന്ന ഇനം പക്ഷിയും പ്രത്യേക സംരക്ഷണം നല്കപ്പെടുന്ന സ്പീഷീസാണ്. † ഇന്ത്യ, † വന്യജീവിസങ്കേതങ്ങൾ, ഇന്ത്യയിൽ നോക്കുക.

ജന്തുധർമങ്ങൾ

എല്ലാ ജീവികൾക്കും പൊതുവായുള്ള പ്രവൃത്തികൾ. ആഹാരം, നീഹാരം, നിദ്ര, മൈഥുനം ഇവ ആണു ജന്തുധർമങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നവ. ഇവയിൽ നീഹാരനിദ്രകൾ അധ്വാനമോ പരസഹായമോ കൂടാതെ നടക്കും. ആഹാരസമ്പാദനം ക്ലേശകരം ആകാം. മൈഥുനത്തിന് ഇണ വേണം. ആഹാരസമ്പാദനത്തിലും മൈഥുനത്തിലും ഉദ്ഭൂതമാകുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനു സ്വീകൃതമാകുന്ന രീതികളാണു മിക്കപ്പോഴും സംസ്കാരത്തിൻെറ നിയന്ത്രണോപാധിയായി വർത്തിച്ചിട്ടുള്ളത്.

ജന്തുപരിപാലനം

മൃഗങ്ങളെയും പക്ഷികളെയും മെരുക്കുകയും വളർത്തുകയുംചെയ്യുന്ന സമ്പ്രദായം. സംസ്കാരത്തിന്റെ പുരോഗതിയിൽ മനുഷ്യൻ പല കാലഘട്ടങ്ങളിലായി പലതരം മൃഗങ്ങളെയും പക്ഷികളെയും മെരുക്കിവളർത്താൻ തുടങ്ങി. ഉദ്ദേശ്യങ്ങൾ പലതാണ്: വേട്ടയ്ക്കും കാവലിനുംവേണ്ടി നായ്ക്കൾ, സൗന്ദര്യാസ്വാദനത്തിനുവേണ്ടി അരയന്നങ്ങളും മയിലുകളും, ആക്രമണത്തിനും യാത്രയ്ക്കും ഭാരം വലിക്കാനുംവേണ്ടി കുതിരകളും, ഒട്ടകങ്ങളും, ഭാരം വഹിക്കാൻ വേണ്ടി കാളകളും കഴുതകളും പാലിനുവേണ്ടി പശുക്കളും എരുമകളും, മാംസത്തിനും കമ്പിളിക്കുംവേണ്ടി ആടുകൾ, ഓമനിക്കാനും മതാചാരങ്ങൾക്കുംവേണ്ടി പൂച്ചകൾ, കൗതുകത്തിനുവേണ്ടി തത്തകളും മൈനകളും. പൂച്ചയ്ക്ക് ഈജിപ്തിൽ മതപരമായ പ്രാധാന്യം ഉണ്ടായിരുന്നു.

12000 വർഷത്തോളമായി മനുഷ്യൻ നായ്ക്കളെ വളർത്താൻ തുടങ്ങിയിട്ട്. ഉച്ഛിഷ്ട ഭക്ഷണം ആകണം നായ്ക്കളെ മനുഷ്യനോട് അടുക്കാൻ പ്രേരിപ്പിച്ചത്. പരിസരശുചീകരണത്തിനും കാവലിനും അവൻ നായ്ക്കളെ ക്രമേണ ഉപയോഗിക്കാൻ തുടങ്ങി. ഇന്ന് ഓമനിക്കാനും കുറ്റവാളികളെ പിടികൂടാനും പ്രദർശനത്തിനും വീട്ടുകാവലിനും നായ്ക്കളെ വളർത്തുന്നു. ഓരോന്നിനും പറ്റിയ ഇനങ്ങളുണ്ട്. വേട്ട നിരോധിച്ചിരിക്കയാൽ വേട്ടയിലെ സഹകാരിത പഴയമട്ടിൽ ഇന്ന് ആവശ്യമില്ല.

ബി.സി. 9200 മുതൽ ചെമ്മരി ആടിനെയും കോലാടിനെയും വളർത്തുന്നുണ്ട്. ആഹാരത്തിനുള്ള ഇറച്ചിയും വസ്ത്രത്തിനുള്ള കമ്പിളിയുമാണ് ഇതിന്റെ മുഖ്യ പ്രേരണകൾ.

കന്നുകാലികളെ വളർത്താൻ തുടങ്ങിയതു ബി.സി. നാലായിരത്തിന് അടുത്താണ്. പശുക്കളെ പാലിനും കാളകളെ വണ്ടി വലിക്കാനും ഉപയോഗിച്ചിരുന്നു. ഉഴാനും ഭാരം ചുമക്കാനും പലേടത്തും കാളകളെ ഉപയോഗിക്കുന്നു. ആഹാരത്തിനു മാംസവും ഇവയിൽ നിന്നു കിട്ടും. ബി.സി. 3000 കാലത്തു കാള വലിക്കുന്ന വണ്ടികൾ ഉണ്ടായിരുന്നു.

കുതിരകളും കഴുതകളും യാത്രയ്ക്കും ഭാരം വലിക്കാനും പ്രയോജനപ്പെട്ടു. ബി.സി. 3000-ത്തോടെ ഇവയെ മെരുക്കിക്കഴിഞ്ഞതായി വിചാരിക്കുന്നു. സൈനികാവശ്യങ്ങൾക്കും കുതിരയെ ധാരാളമായി പണ്ടുമുതലേ ഉപയോഗിച്ചിരുന്നു. കുതിരയെയും കഴുതയെയും ഇണചേർത്തു കോവർകഴുതയെ സൃഷ്ടിച്ചിട്ടുണ്ട്.

ഉഷ്ണമരുഭൂമികളിൽ ഒട്ടകത്തെയും തുന്ദ്രാപ്രദേശത്തു റെയിൻഡീയറിനെയും ആണ് യാത്രയ്ക്ക് ഉപയോഗിക്കുന്നത്. വണ്ടി വലിക്കാനും ഇവ പ്രയോജനപ്പെടുന്നു. ഇവയുടെ പാലും ഇറച്ചിയും ആഹാരത്തിനും കൊള്ളാം.

വണ്ടിക്കാളകൾ

ഊട്ടിയിലെ
ശ്വാനപ്രദർശനം

കോഴിയെയും താറാവിനെയും മുട്ടയ്ക്കും ഇറച്ചിക്കുംവേണ്ടിയാണു വളർത്തുന്നത്. പ്രാവിനെയും ഇറച്ചിക്കുവേണ്ടി വളർത്താറുണ്ട്. കത്തുകൾ നിശ്ചിതസ്ഥലങ്ങളിൽ എത്തിക്കാനും പരിശീലനം കൊണ്ട് ഇവയ്ക്കു കഴിയും. തത്ത, മൈന, പഞ്ചവർണക്കിളി മുതലായവയെ കൗതുകത്തിന്റെ പേരിലാണു വളർത്തുന്നത്. പരിശീലനംകൊണ്ടു തത്തയ്ക്കു സംസാരിക്കാൻ കഴിയും.

മുയലുകളെ (Rabbits) മാംസത്തിനുവേണ്ടി ഇപ്പോൾ ധാരാളമായി വളർത്തുന്നുണ്ട്. ഇവ വളരെ വേഗം പെറ്റുപെരുകുന്നു എന്നൊരു സൗകര്യമുണ്ട്. ലാമാ, അൽപാക്കാ മുതലായവ പലേടത്തും വളർത്തപ്പെടുന്നു.

ആനയെ തടിവലിക്കാനും എഴുന്നള്ളിക്കാനുംവേണ്ടിയാണു വളർത്തുന്നത്. നാട്ടിൽ ഇവ ഇണചേരുകയും പ്രസവിക്കയും ചെയ്യുന്നുണ്ട്. എല്ലാത്തരം കാട്ടുജന്തുക്കളെയും പക്ഷികളെയും ഇന്നു കാഴ്ചബംഗ്ലാവുകളിൽ വളർത്തുന്നു. അനുകൂലമായ പരിതഃസ്ഥിതി സൃഷ്ടിച്ചുകൊടുത്ത് ഇവയെ ഇണചേരാൻ പ്രേരിപ്പിക്കുന്നതിനും അങ്ങനെ വംശവർധന സാധിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സർക്കസ്സുകാരും മൃഗങ്ങളെ വളർത്തുകയും പ്രകടനം നടത്താൻ അവയെ പരിശീലിപ്പിക്കയും ചെയ്യുന്നു.

ഈ രംഗത്തെ ഏറ്റവും നൂതനമായ ആവിഷ്കാരം സങ്കരജന്തുക്കളുടെ സൃഷ്ടിയാണ്. കൃത്രിമ ഗർഭോത്പാദനമാർഗങ്ങൾ സ്വീകരിച്ചാണു സങ്കരവർഗജന്തുക്കളെ സൃഷ്ടിക്കുന്നത്. മൃഗചികിത്സയും ഇന്നു വളരെ പുരോഗമിച്ചിരിക്കുന്നു.

ജന്തുപൂജ

ജന്തുക്കൾക്ക് അമാനുഷികശക്തികളുണ്ടെന്നു കരുതി അവയെ ആരാധിക്കുന്ന രീതി. ആരാധിക്കാൻ പല കാരണങ്ങളും പറയാറുണ്ട്. ഭയം, സ്നേഹം, ഉപയോഗിത എന്നിവയാണ് ആരാധനയിലേക്കു നയിക്കുന്ന മുഖ്യവികാരങ്ങൾ. ചില ജന്തുക്കൾ ചിലപ്പോൾ പുറപ്പെടുവിക്കുന്ന വികൃതസ്വരങ്ങൾ അവ പരേതാത്മാക്കളെ കാണുന്നതുകൊണ്ടാണെന്നു വിശ്വസിക്കുന്ന ജനവിഭാഗങ്ങളുണ്ട്. ഈ വിശ്വാസവും ജന്തുപൂജയ്ക്കു കാരണമായിട്ടുണ്ടാവാം.

സർപ്പവും പശുവുമാണു ലോകത്തെമ്പാടും ഏറ്റവുമധികം ആരാധിക്കപ്പെടുന്നത്. സർപ്പത്തിന്റെ വിഷത്തെക്കാളധികം അതിന്റെ പ്രത്യേകരീതിയിലുള്ള ദ്രുതചലനത്തെയും അപ്രതീക്ഷിതമായ ആഗമനത്തെയുമാണ് മനുഷ്യൻ ഭയപ്പെട്ടിരുന്നത്. മനുഷ്യൻ പശുവിനെ സ്നേഹിക്കാൻ കാരണം അതിന്റെ ഉപയോഗിതയാണ്. ഇത്തരം വികാരങ്ങളുടെ ഫലമായി പലമാതിരിയുള്ള ഭാവനാത്മകങ്ങളായ കഥകളും ഈ ജന്തുക്കളെ ചുറ്റിപ്പറ്റിയുണ്ടായി.

പ്രാകൃതമനുഷ്യനെ സംബന്ധിച്ചിടത്തോളം ഒരു നിശ്ചിതവർഗത്തിൽപ്പെട്ട ജീവികളുമായുള്ള നിരന്തരസമ്പർക്കം, ആ വർഗ



നരസിംഹവിഗ്രഹം (ആറാംശതകം)

ത്തോടുള്ള പ്രത്യേകമായൊരു അഭിനിവേശമുണർത്തി എന്നതു സ്വാഭാവികമാണ്. അതുപോലെതന്നെ ഒരു ജന്തുവർഗത്തിൻെറ അസാധാരണത്വവും ഇതരവർഗങ്ങളെ അപേക്ഷിച്ച് അതിനുള്ള ക്രൗര്യബലാദികളും ആ ജന്തുവർഗത്തോടു പ്രത്യേകമായ ഭയബഹുമാനങ്ങൾ ഉണർത്തും. ജന്തുക്കളുടെ മേൽ ആരോപിക്കപ്പെട്ടിരുന്ന ദിവ്യശക്തിയും ജന്തുപൂജയ്ക്കു വഴിതെളിച്ച ഒരു ഘടകമാണ്. ഏതെങ്കിലും ദേവതയുമായി ബന്ധമുണ്ടെന്നു വിശ്വസിക്കപ്പെടുന്ന സാങ്കല്പികജീവികളുടെ വിഗ്രഹങ്ങളെ പൂജിക്കുന്ന രീതിയും ചില സമുദായങ്ങളിൽ നിലവിലിരുന്നിട്ടുണ്ട്. പുരാതന ഈജിപ്തിലെ ജനങ്ങൾ ആരാധിച്ചിരുന്ന എപ്പിസ്കാള (Apis bull) ഒരു ദിവ്യമൃഗമായാണു സങ്കല്പിക്കപ്പെട്ടിരുന്നത്. പൊസെയ്ഡൻ (പോസിഡോൻ), ഹിപ്പിയസ്, ഡയോനിസസ് മുതലായ ഗ്രീക്കുദേവതകൾക്കു ജന്തുഭാവങ്ങളും ജന്തുപ്രതിരൂപങ്ങളും ഉണ്ടായിരുന്നു. ചൈനയിലെ ഷാങ്‌വംശത്തിൻെറ കാലത്ത് കരടിയുടെ രൂപത്തിലുള്ള യു ദേവതയുടെയും മൂങ്ങയുടെ രൂപത്തിലുള്ള റ്റ്സുൻദേവതയുടെയും വിഗ്രഹങ്ങൾ ആരാധിച്ചിരുന്നു. അങ്കോർവത്, ഭാർഹത് തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് വരാഹമൂർത്തിയുടെയും മറ്റും വിഗ്രഹങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്.

ഇന്ത്യയുടെ അടിസ്ഥാനവീക്ഷണങ്ങളിൽ ഒന്നായ അഹിംസാസിദ്ധാന്തവുമായി ഇണങ്ങിപ്പോകുന്നതാണ് ഇവിടത്തെ ജന്തുപൂജാസമ്പ്രദായം. ഇന്ത്യയിൽ പല ജനവിഭാഗങ്ങളും ജന്തുക്കളെ പൂജിക്കുന്നുണ്ട്. വൈദികകാലത്തെ ആര്യന്മാർ മൃഗങ്ങളെ ആരാധിച്ചിരുന്നതായി തോന്നുന്നില്ലെങ്കിലും പുരാണങ്ങളിൽ ജന്തുപൂജ പരാമർശിക്കപ്പെട്ടിട്ടുണ്ട്. രാമായണഭാരതാദികളിൽ പക്ഷിമൃഗാദികൾ ആരാധനാപാത്രങ്ങളാണ്. ഹിന്ദുമതവുമായി ബന്ധപ്പെട്ട ദേവതകളുടെ വാഹനങ്ങൾ, കൊടിയടയാളങ്ങൾ എന്നിവയ്ക്കുപുറമെ പുരാണേതിഹാസങ്ങളിലെ നായകന്മാർക്കു പ്രിയങ്കരമായിരുന്ന ജീവികളും ഹിന്ദുക്കളുടെ ആരാധനാപാത്രങ്ങളാണ്. ദശാവതാരങ്ങളിൽപ്പെട്ട മത്സ്യം, കൂർമം, വരാഹം, നരസിംഹം എന്നിവ ഈശ്വരൻെറ പദവിയിൽത്തന്നെ ആരാധിക്കപ്പെടുന്നുണ്ട്. ഗണപതിയുടെ വാഹനമായ എലി ഉത്തരേന്ത്യയിൽ ആദരിക്കപ്പെടുന്നു.

ശ്രീരാമൻെറ ഉത്തമഭൃത്യനായിരുന്ന ഹനൂമാൻ ഇന്ത്യക്കാർക്കു പൂജനീയനാണ്. ഹനൂമാൻെറ വിഗ്രഹംവച്ചു പൂജിക്കുന്നതിനു പുറമെ വിശ്വാസികളായ ഹിന്ദുക്കൾ കുരങ്ങന്മാരെ വേദനിപ്പിക്കാൻ മടിക്കുന്നു. ചൈത്രമാസത്തിലെ പൗർണമിദിവസം ഹനൂമാൻജയന്തിയായും ചിലെടത്ത് ആഘോഷിക്കുന്നു.

ശിവൻെറ വാഹനമായ കാളയെയും ആരാധിക്കാറുണ്ട്. ശിവക്ഷേത്രങ്ങളിൽ കാളയുടെ വിഗ്രഹവും സാധാരണമാണ്. ശിവപ്രസാദത്തിനായി കാളയെ നടയിരുത്തുക തുടങ്ങിയ വഴിപാടുകൾക്കു പുറമെ കാളയെ തൊഴുക, തലോടുക എന്നിവയും പുണ്യകർമങ്ങളായി കരുതപ്പെടുന്നു. പശുവിൻചാണകം, ഗോമൂത്രം, പാൽ, തൈര്, നെയ്യ് ഇവ ചേർന്ന പഞ്ചഗവ്യം ആത്മശുദ്ധിപ്രദമാണെന്നാണു വയ്പ്. സ്വർഗത്തിലെ കാമധേനുവിനെക്കുറിച്ചുള്ള സങ്കല്പം പശുവിൻെറ മഹിമയ്ക്കു മാറ്റുകൂട്ടുന്നു. ജന്മാഷ്ടമി അഥവാ ഗോകുലാഷ്ടമിദിവസം പശുക്കളെയും കാളകളെയും ആടയാഭരണങ്ങൾ ചാർത്തി എഴുന്നള്ളിച്ചു കൊണ്ടുനടക്കുക മഥുരയിലെ ഉത്സവത്തിൻെറ ഭാഗമാണ്. തമിഴ്‌നാട്ടിലെ മാട്ടുപ്പൊങ്കൽ കന്നുകാലികളുടെ ഉത്സവമാണ്.

ഹിന്ദുക്കളിൽ ചിലർ നാഗോപാസകരാണ്. മഹാവിഷ്ണുവിൻെറ ശയ്യയായ അനന്തനും ശിവൻെറ ആഭരണങ്ങളും സർപ്പങ്ങളാണ്. ബംഗാളിൽ സർപ്പദേവതയായ മാനസാദേവിക്കു ക്ഷേത്രവും ആരാധനയുമുണ്ട്. ശ്രാവണമാസത്തിലെ അഞ്ചാംദിവസം നാഗപഞ്ചമിയായി ആഘോഷിച്ചുവരുന്നു. നിലം ഉഴുമ്പോൾ പാമ്പിനോ പാമ്പിൻവർഗത്തിൽപ്പെട്ട ഞാഞ്ഞൂലിനോപോലും അപായം സംഭവിച്ചേക്കുമെന്ന ചിന്തയാൽ നാഗപഞ്ചമിദിവസം നിലം ഉഴുകയോ കിളയ്ക്കുകയോ ചെയ്യരുതെന്നു ബംഗാളിലെ ഹിന്ദുക്കൾ നിഷ്കർഷിക്കുന്നു. അസം, നാഗാലാൻഡ് എന്നിവിടങ്ങളിലും സർപ്പത്തെ ആരാധിക്കുന്നുണ്ട്. ദക്ഷിണേന്ത്യയിലും ഹിന്ദുക്കളുടെ ഇടയിൽ സർപ്പാരാധന സാധാരണമാണ്.

മഹാവിഷ്ണുവിൻെറ വാഹനമായ ഗരുഡൻ, ശിവൻെറ കാള, സുബ്രഹ്മണ്യൻെറ മയിൽ, ബ്രഹ്മാവിൻെറ അരയന്നം, ഗണപതിയുടെ എലി, സരസ്വതിക്കു പ്രിയപ്പെട്ട തത്ത എന്നിവയ്ക്കു പുറമെ സീതയെ കട്ടുകൊണ്ടുപോയ രാവണനോടു പോരാടി വീരമൃത്യു വരിച്ച ജടായുവും പിതൃക്കൾക്കായുള്ള ബലിപിണ്ഡം കൊത്തുന്ന കാക്കയും ഭാരതീയരുടെ കണ്ണിൽ പുണ്യജീവികളാണ്. സുബ്രഹ്മണ്യക്ഷേത്രങ്ങളിൽ മയിൽ ആദരിക്കപ്പെടുന്നു. തമിഴ്‌നാട്ടിൽ തിരുക്കഴുക്കുൻറം എന്ന സ്ഥലത്ത് ഒരു പരുന്തിനു നിത്യവും നിവേദ്യ

നാഗക്ഷേത്രം — മണ്ണാറശ്ശാല

ഈജിപ്റ്റുകാർ ആരാധിച്ചിരുന്ന
ഏപിസ്കാള (ബി.സി. 700)

ച്ചോറു നല്കുന്നുണ്ട്. ഭാരതീയ ജ്യോതിഷപ്രകാരം ഓരോ വ്യക്തിയും ജനിക്കുന്ന നാളിൻെറ സവിശേഷതയനുസരിച്ച്, അയാൾക്കു ചില ജീവികളോടും സസ്യങ്ങളോടും പ്രത്യേകമായ ബന്ധമുണ്ട്. ആ ജീവികളോടും വൃക്ഷങ്ങളോടുമുള്ള അയാളുടെ സമീപനം ആരാധനാപൂർണമായിരിക്കണമെന്നും നിഷ്കർഷിക്കപ്പെടുന്നു. പക്ഷിശാസ്ത്രം, ഗൗളിശാസ്ത്രം എന്നിവയുടെ പേരിൽ തത്ത, ഗൗളി എന്നീ ജീവികൾക്കു ദിവ്യത്വം കല്പിക്കുന്നവരുണ്ട്.

കേരളത്തിൽ. കേരളത്തിലെ ജന്തുപൂജാക്രമങ്ങളിൽ പ്രാധാന്യം സർപ്പാരാധനയ്ക്കാണ്. കുണ്ഡലിനിയുടെ പ്രതീകമാണു സർപ്പമെന്നു വിശ്വസിക്കപ്പെടുന്നു. ഇവിടത്തെ പഴയ തറവാടുകളിൽ എല്ലാം സർപ്പക്കാവുകൾ കാണാം. സർപ്പങ്ങളുടെ പ്രസാദം ആയുരാരോഗ്യസൗഭാഗ്യങ്ങളെ നിയന്ത്രിക്കുന്നതായി കേരളീയർ വിശ്വസിക്കുന്നു. നാഗത്തിനു നൂറുംപാലും കൊടുക്കുകയും പുള്ളുവരെക്കൊണ്ടു പാമ്പിൻതുള്ളൽ നടത്തിക്കുകയും നാഗപൂജയിലെ പ്രധാന ഇനങ്ങളാണ്. കൊച്ചിയിലെ പാമ്പിൻമേക്കാട് സർപ്പാരാധനയ്ക്കു പ്രസിദ്ധി നേടിയ ഒരില്ലമാണ്. തിരുവിതാംകൂർപ്രദേശത്തെ മണ്ണാർശാലയിലും ഇതുപോലൊരില്ലമുണ്ട്. മണ്ണാർശാലയിൽ നാഗയക്ഷിയുടെയും നാഗരാജാവിൻെറയും വിഗ്രഹങ്ങൾ പൂജിക്കുന്നു. തുലാമാസത്തിലെ ആയില്യംനാളിലാണ് അവിടത്തെ പ്രധാന ഉത്സവം. അന്തർജനങ്ങളാണ് ഇവിടത്തെ പൂജകൾക്കു നേതൃത്വം നല്കുന്നത്. മണ്ണാർശാലയുടെ മൂലസ്ഥാനം വെട്ടിക്കോട്ടാണ്.

കൊല്ലം ജില്ലയിലെ ഉത്സവങ്ങളോടനുബന്ധിച്ചു കാണാറുള്ള കുതിരയെടുപ്പും തെക്കെമലബാറിലെ കാള-കുതിര വേലകളും അതതു മൃഗത്തോടുള്ള ആരാധനാപൂർണമായ മനോഭാവത്തിൻെറ പ്രകടനമായി കണക്കാക്കാം. നാഗരാജാവിൻെറയും നാഗയക്ഷിയുടെയും വിഗ്രഹങ്ങൾ ഓച്ചിറയിലും ആരാധിക്കുന്നുണ്ട്. മധ്യകേരളത്തിലെ ഭദ്രകാളീക്ഷേത്രങ്ങളിൽ ഉത്സവങ്ങളോടനുബന്ധിച്ചു നടത്തുന്ന വഴിപാടായ ഗരുഡൻതൂക്കം ഗരുഡനോടുള്ള ആരാധനാഭാവം വ്യക്തമാക്കുന്നു. കൃഷ്ണപ്പരുന്തിനെക്കണ്ടാൽ തൊഴുന്ന പതിവ് ചിലടങ്ങളിൽ ഉണ്ട്. †ടോടെമിസം, †നാഗാരാധന, †സർപ്പം പാട്ട്, †അനിമിസം നോക്കുക.

കെ.കെ.സി. നായർ

ജന്തുപ്ലവകം (Zooplankton)

ജലത്തിൻെറ ഉപരിതലത്തിൽ കണ്ടുവരുന്ന ജന്തുജാലം. ഫൈലം പ്രോട്ടോസോവയിലെ റേഡിയോലേറിയ, ഫൊറാമിനിഫെറാ തുടങ്ങിയ ഓർഡറുകളിലെ മൈക്രോസ്കോപ്പുകൊണ്ടുമാത്രം കാണാൻ കഴിയുന്ന ജന്തുക്കളാണ് ജന്തുപ്ലവകം എന്ന പേരിൽ അറിയപ്പെടുന്നത്. ചലനശേഷി തീരെ കുറവാണ്. ഒഴുക്കിൽപ്പെട്ടു സഞ്ചരിക്കുന്നു. ജന്തുപ്ലവകങ്ങളെപ്പോലെ †സസ്യപ്ലവകങ്ങളും ഉണ്ട്. സമുദ്രജീവികൾ ആഹാരത്തിനായി പരോക്ഷമായോ പ്രത്യക്ഷമായോ പ്ലവകങ്ങളെ ആശ്രയിക്കുന്നു. സ്ഥിരമായും താത്കാലികമായും ജലത്തിൽ പൊങ്ങിക്കിടക്കുന്ന പ്ലവകങ്ങൾ ഉണ്ട്. സ്ഥിരവാസികളെ 'ഹോളോപ്ലാങ്റ്റൺ' എന്നും മറ്റുള്ളവയെ 'മീറോപ്ലാങ്റ്റൺ' എന്നും വിളിക്കുന്നു. ചില പ്രോട്ടോസോവകൾ ഹോളോപ്ലാങ്റ്റണും താരമത്സ്യങ്ങളുടെ കുഞ്ഞുങ്ങൾ, വിവിധയിനം കക്കകളുടെ ലാർവകൾ തുടങ്ങിയവ മീറോപ്ലാങ്റ്റണും ആണ്.

ജന്തുഭുവിജ്ഞാനം (Zoogeography)

ഭുമിയിൽ ജന്തുക്കളുടെ വിതരണത്തെപ്പറ്റി പഠിക്കുന്ന ശാസ്ത്രശാഖ. ഒരേ കാലാവസ്ഥയിലുള്ള വൻകരകളിലെ ജന്തു-സസ്യജാലങ്ങൾ തമ്മിലും വ്യത്യാസം കാണാം. ഇതിനു കാരണമായി മൂന്നു



ജന്തുഭൂവിജ്ഞാനപ്രകാരമുള്ള
ഭൂമേഖലകൾ

തരം പ്രതിബന്ധങ്ങൾ ഉണ്ട്. ഭൂമിശാസ്ത്രപരം, കാലാവസ്ഥാപരം, ജീവശാസ്ത്രപരം. വെള്ളത്തിൽ വസിക്കുന്ന ജന്തുവിന് കരയും കരയിലുള്ളതിന് വെള്ളവും ഭൂമിശാസ്ത്രപരമായ പ്രതിബന്ധത്തിന് ഉദാഹരണമാണ്. ജലാംശം, സൂര്യപ്രകാശം തുടങ്ങിയവ സൃഷ്ടിക്കുന്ന പ്രതിബന്ധങ്ങളാണ് കാലാവസ്ഥാപരമായവ മണ്ണിന്റെ ഘടന, ഈർപ്പം തുടങ്ങിയ ഘടകങ്ങളെ സൂക്ഷ്മകാലാവസ്ഥയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചെറിയ ഇനം ജന്തുക്കൾക്ക് അവയുടേതായ സൂക്ഷ്മകാലാവസ്ഥയിൽ മാത്രമെ ജീവിക്കാനാവൂ. ശത്രുക്കളുടെ സാന്നിധ്യം, ഭക്ഷണത്തിന്റെ അഭാവം തുടങ്ങിയവയാണ് ജീവശാസ്ത്രപരമായ പ്രതിബന്ധങ്ങൾ.

ജന്തുക്കളുടെ വിതരണത്തെ ആസ്പദമാക്കി ലോകത്തെ ആറു മേഖലയായി തിരിച്ചിട്ടുണ്ട്. പാലിയാർട്ടിക്, നിയാർട്ടിക്, നിയോട്രോപ്പിക്കൽ, എത്യോപ്യൻ, പൗരസ്ത്യം (oriental), † ഓസ്ട്രേലിയൻ.

ജന്തുമനഃശാസ്ത്രം

ജീവികളുടെ വൈകാരികതയെക്കുറിച്ചുള്ള പഠനം. പരിതഃസ്ഥിതി എല്ലാ ജീവികളിലും പ്രതികരണം സൃഷ്ടിക്കുന്നു. 14 ജന്മവാസനകൾ മൃഗങ്ങളിൽ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. വിശപ്പ്, ദാഹം, കൂട്ടുകൂടാനുള്ള ത്വര (hard instinct) മുതലായവ ആണു ജന്മവാസനകൾ. ജന്മവാസനകളും പരിതഃസ്ഥിതിയും ചേർന്നാണു ജന്തുക്കളുടെ പെരുമാറ്റത്തെ നിയന്ത്രിക്കുന്നത്.

പെരുമാറ്റം രണ്ടു വിധം ഉണ്ട്: ബോധപൂർവം ഉള്ളത് (voluntary) ബോധപൂർവം അല്ലാത്തത് (reflex). ബോധപൂർവം അല്ലാത്ത പെരുമാറ്റം സാധാരണഗതിയിൽ നിയന്ത്രണവിധേയം അല്ലെങ്കിലും അവയെയും പരിശീലനംകൊണ്ട് ഒരളവുവരെ നിയന്ത്രിതം (conditioned) ആക്കാം. ആഹാരം കാണുമ്പോൾ പട്ടിയുടെ വായിൽ വെള്ളം ഊറുന്നു. കുറച്ചുകാലം ഒരു മണിനാദം കേൾപ്പിച്ചശേഷം ഉടനെ ആഹാരം കൊടുക്കുന്ന രീതി സ്വീകരിച്ചാൽ ആഹാരം ഇല്ലാതെയും മണിനാദം കൊണ്ടുമാത്രം നാക്കിൽ വെള്ളം ഊറുന്ന നിലവരും. ഇതാണു നിയന്ത്രിതപ്രതികരണം (conditioned reflex).

ശാരീരികം മാത്രമായ പരിശീലനത്തിലൂടെ മൃഗങ്ങളെക്കൊണ്ട് അനേകം പ്രവൃത്തികൾ ചെയ്യിക്കാം. ടൈപ്പുചെയ്യുക, മോട്ടോർ സൈക്കിൾ ഓടിക്കുക മുതലായ പ്രവൃത്തികൾ ഗിബ്ബൺ ചെയ്യുന്നതായി കണ്ടിട്ടുണ്ട്. ആവർത്തനം സ്വഭാവസൃഷ്ടിക്ക് ഉതകും എന്ന് ഇതു വ്യക്തമാക്കുന്നു. വിവേചനബുദ്ധിയുടെ ആവശ്യം ഇവിടെ ഇല്ല.

വിവേചനബുദ്ധി ആവശ്യമില്ലാത്ത നാഡികളുടെയും തലച്ചോറിന്റെയും പ്രവർത്തനത്തെക്കുറിച്ചുള്ള ഇത്തരം പഠനം ആണു ജന്തുമനശാസ്ത്രം. മനുഷ്യന്റെ കാര്യത്തിലും ഇത്തരം പഠനങ്ങൾ നടന്നിട്ടുണ്ട്. കാണാപ്പാഠം പഠിക്കേണ്ട ഒരു പദ്യം ഉറക്കത്തിൽ പലതവണ കേൾപ്പിച്ചാൽ ബോധപൂർവമുള്ള പഠനശ്രമത്തെ അതു സഹായിക്കും എന്നു കണ്ടെത്തിയിട്ടുണ്ട്.

പരീക്ഷിച്ചു തെറ്റുതിരുത്തുന്ന രീതി(Trial and error method) ചിമ്പൻസിയിലും ഗിബ്ബണിലും മറ്റും പരീക്ഷിച്ചു വിജയിച്ചിട്ടുണ്ട്. കൂട്ടിൽ കിടക്കുന്ന കുരങ്ങന് രണ്ട് വടി കൊടുക്കുന്നു. അവയിൽ ഒന്നു മറ്റൊന്നിന്റെ അകത്തു തള്ളിക്കയറ്റി ഉറപ്പിക്കാവുന്നതാണ്. കൂടിനുപുറത്ത് വടികൾ ചേർത്തുവച്ചാൽ മാത്രം കിട്ടുന്ന അകലത്തിൽ പഴം വയ്ക്കുന്നു. വടികൾകൊണ്ടുള്ള അനേകം പരീക്ഷണങ്ങൾക്കുശേഷം കുരങ്ങു പഴം കൈക്കലാക്കും. അടുത്ത തവണ പരീക്ഷണങ്ങളുടെ എണ്ണം കുറയും. കുറേദിവസത്തിനുശേഷം ആദ്യതവണതന്നെ വടികൾ പരസ്പരം ഘടിപ്പിച്ചു പഴം എടുക്കാൻ അതിനു കഴിയും.

വിവേചനബുദ്ധി കൂടാതെയുള്ള ഇത്തരം പ്രവൃത്തിയുടെ പിന്നിലെ വൈകാരികതയുടെ പഠനം ആണു ജന്തുമനഃശാസ്ത്രം.

ജന്തുശാസ്ത്രം (Zoology)

ജന്തുക്കളെപ്പറ്റിയുള്ള പഠനം നടത്തുന്ന ശാസ്ത്രശാഖ. ആദ്യകാലങ്ങളിൽ ജീവശാസ്ത്രത്തെ ഭൗതികശാസ്ത്രങ്ങളിൽനിന്നു തികച്ചും ഭിന്നമായി കണക്കാക്കിപ്പോന്നുവെങ്കിലും, ഭൗതികശാസ്ത്രാധിഷ്ഠിതമാണ് അത് എന്നു തെളിഞ്ഞിരിക്കുന്നു. ഈ ശാസ്ത്രത്തിൽ ഉന്നതപഠനം നടത്തുന്നതിനു ഭൗതികം, രസതന്ത്രം, സാംഖ്യികം, ഭൂവിജ്ഞാനം എന്നിവയുടെ അടിസ്ഥാനതത്ത്വങ്ങൾകൂടി മനസ്സിലാക്കിയിരിക്കണം.

വൈദ്യശാസ്ത്രം പഠിക്കാൻ അത്യന്താപേക്ഷിതമാണ് ഇത്. രോഗപ്രതിരോധത്തെപ്പറ്റിയുള്ള മിക്ക കണ്ടുപിടുത്തങ്ങളും ജന്തുക്കളിൽ നടത്തിയ ഗവേഷണങ്ങളുടെ ഫലങ്ങളാണ്. കൃഷി, മീൻവളർത്തൽ, വനസംരക്ഷണം തുടങ്ങിയവ ജന്തുശാസ്ത്രവുമായി അടുത്ത ബന്ധം പുലർത്തുന്നു.

ചരിത്രം. ചരിത്രാതീതകാലത്തെ മനുഷ്യർ തങ്ങൾക്കു ഭക്ഷണവും വസ്ത്രവും പ്രദാനംചെയ്തിരുന്ന ജന്തുക്കളിൽ അതീവതാത്പര്യം പ്രകടിപ്പിച്ചിരുന്നു. അവരുടെ ഭാഷയിലും സംസ്കാരത്തിലും ജന്തുക്കൾക്കു വലിയ സ്ഥാനമുണ്ടായിരുന്നതായിക്കാണാം.

പ്രകൃതിശാസ്ത്രത്തിന്റെ പിതാവാണ് അരിസ്റ്റോട്ടിൽ (ബി.സി. 384-322). *‘ഹിസ്റ്റോറിയാ അനിമാലിയം’* എന്ന ഗ്രന്ഥത്തിൽ ഒട്ടനവധി ജന്തുക്കളുടെ ഘടനയും സ്വഭാവങ്ങളും അദ്ദേഹം വിവരിച്ചു. അഞ്ഞൂറോളം ജന്തുജാതികളെപ്പറ്റി അദ്ദേഹത്തിന് അറിയാമായിരുന്നു. അനാറ്റമി, ഫിസിയോളജി, എംബ്രിയോളജി എന്നിവയെപ്പറ്റിയെല്ലാം അരിസ്റ്റോട്ടിൽ എഴുതി. ശാസ്ത്രജ്ഞനായി പരിഗണിക്കപ്പെട്ടിരുന്ന പ്ലിനി പല മൂലകൃതികളിൽനിന്നും സമാഹരിച്ച് ജന്തുശാസ്ത്രം, വൈദ്യശാസ്ത്രം എന്നിവയിലെയും മറ്റു ബന്ധപ്പെട്ട ശാസ്ത്രശാഖകളിലെയും വിഷയങ്ങളെ അധികരിച്ചു ‘പ്രകൃതിചരി

ജന്തുമനഃശാസ്ത്രപരീക്ഷണം: രണ്ടു പൂച്ചകളെ ഉപയോഗിച്ചുള്ള ഒരു പരീക്ഷണത്തിന്റെ മൂന്നു ഘട്ടങ്ങൾ



പാൾസ് ഡാർവിൻ

ത്രം' എന്ന പേരിൽ 37 ഗ്രന്ഥങ്ങൾ പ്രസാധനംചെയ്തു. ഗ്രീസിൽ ജനിച്ച്, പിന്നീടു റോമൻ വൈദ്യശാസ്ത്രജ്ഞനായിത്തീർന്ന ക്ലോഡിയസ് ഗാലൻ ജന്തുക്കളിൽ നടത്തിയ ശസ്ത്രക്രിയകളെ അടിസ്ഥാനമാക്കി മനുഷ്യന്റെ ശരീരഘടന ഏറെക്കുറെ വിവരിച്ചു. ഗാലനെത്തുടർന്നുള്ള ആയിരം വർഷം ജന്തുശാസ്ത്രഗവേഷണത്തിൽ കാര്യമായ പുരോഗതി ഉണ്ടായില്ല.

ജന്തുശാസ്ത്രഗവേഷണങ്ങൾ പുനരുദ്ധരിച്ചവരിൽ പ്രമുഖർ ആൻഡ്രിയാസ് വെസാലിയസ്സും (1514—1564), വില്യം ഹാർവിയും (1573—1657) ആണ്. ബെൽജിയംകാരനായ വെസാലിയസ് മനുഷ്യശരീരത്തിന്റെ ഘടനയെപ്പറ്റി ഒരു ബൃഹദ്ഗ്രന്ഥം 1543-ൽ പ്രസിദ്ധീകരിച്ചു. താൻ കണ്ട വസ്തുതകളുടെ മാത്രം അടിസ്ഥാനത്തിലാണ് അദ്ദേഹം ഇതെഴുതിയത്. ഇംഗ്ലീഷ് ഭിഷഗ്വരനായിരുന്ന ഹാർവി ജന്തുക്കളുടെ ഹൃദയത്തെയും രക്തപര്യയനത്തെയുംപറ്റി ചരിത്രപ്രധാനമായ ഒരു പ്രബന്ധം അവതരിപ്പിച്ചു.

സംയുക്തസൂക്ഷ്മദർശിനിയുടെ ആവിർഭാവം ജന്തുശാസ്ത്രപഠനം ത്വരിതപ്പെടുത്തി. ഇംഗ്ലണ്ടിലെ റോബർട്ട് ഹുക്ക് സസ്യകോശങ്ങളുടെ ഘടന ആദ്യമായി വിവരിച്ചു (1665). ഇറ്റലിക്കാരനായ മാർസെല്ലൊ മാൽപീജി (1628—1694) ആണു സൂക്ഷ്മശരീരശാസ്ത്രത്തിന്റെ സ്ഥാപകൻ. ജന്തുക്കളുടെ പുംബീജങ്ങളെപ്പറ്റി ഒന്നാമതായി പഠനം നടത്തിയതു ഡച്ചുകാരനായ ആൻറണി ഫാൻലൂവൻഹോക്ക് ആണ്. പ്രകൃതിശാസ്ത്രജ്ഞന്മാർ ഇത്രയുംകാലം ജന്തുക്കളെ പ്രത്യേക ക്രമമൊന്നുമില്ലാതെയാണ് സജ്ജീകരിച്ചുപോന്നത്. സ്വീഡിഷ്ശാസ്ത്രജ്ഞനായ കരോളസ് ലിന്നേയസ് (1707-1773) *'സിസ്റ്റെമാ നാച്യുറെ''* എന്ന ഗ്രന്ഥത്തിന്റെ പത്താമത്തെ പതിപ്പിൽ ജന്തുക്കളെ പ്രത്യേക ചിട്ടയനുസരിച്ചു ക്രമപ്പെടുത്തി. ദ്വിപദനാമപദ്ധതി ആദ്യമായി ആവിഷ്കരിച്ചതും അദ്ദേഹംതന്നെ.

ശരീരക്രിയാശാസ്ത്രത്തിന്റെ താരതമ്യപഠനം, പുരാജന്തുശാസ്ത്രം തുടങ്ങിയവ ആദ്യം പ്രതിപാദിച്ചതു ജോർജസ് ക്ലൂവിയർ (1769-1832) ആണ്. ലാമാർക്ക് (1744-1829) എന്ന പുരാജന്തുശാസ്ത്രജ്ഞൻ പരിണാമപരമായ മാറ്റങ്ങൾക്കു നിദാനം പരിസ്ഥിതിയുടെ സ്വാധീനമാണെന്നു പ്രസ്താവിച്ചു. ഈ സമയത്തു ജെർമനിയിൽ, ജൊഹാൻസ് മുള്ളർ (1801-1858), താരതമ്യശരീരശാസ്ത്രത്തിന് അടിത്തറപാകുകയായിരുന്നു. ജന്തുസസ്യാദികളെല്ലാം കോശനിർമിതമാണെന്ന തത്ത്വം ഉൾക്കൊള്ളുന്ന 'കോശസിദ്ധാന്തം' (cell theory) വ്യക്തമായി ആവിഷ്കരിച്ചത് രണ്ടു ജെർമൻ ശാസ്ത്രജ്ഞന്മാരായ ഷ്ളീഡനും (1804-1881), ഷ്വാനും (1810-1882) ആണ്.

ഫോൺബെയർ (1792-1876) എന്ന റഷ്യൻ ശാസ്ത്രജ്ഞനാണു താരതമ്യഭ്രൂണശാസ്ത്രം വളർത്തിയെടുത്തത്. ജേംലെയർ (Germ-layer) സിദ്ധാന്തം പുനരാവർത്തന(Recapitulation)സിദ്ധാന്തം എന്നിവ ആവിഷ്കരിച്ചതും ഇദ്ദേഹംതന്നെ.

ചാൾസ് ഡാർവിൻ (1809-1882) എന്ന ഇംഗ്ലീഷ് ശാസ്ത്രജ്ഞൻ പ്രകൃതിനിർധാരണത്തിന്റെ അടിസ്ഥാനത്തിൽ പരിണാമസിദ്ധാന്തം ആവിഷ്കരിച്ചു (1859). പാരമ്പര്യശാസ്ത്രത്തിന്റെ അടിത്തറപാകിയത് (1866) ഓസ്ട്രിയയിലെ ഗ്രീഗർ ജോൺ മെൻഡൽ (1822-1884) എന്ന പുരോഹിതനാണ്.

ഫ്രെഞ്ച് രസതന്ത്രജ്ഞനായ ലൂയി പാസ്ചർ (1822-1895), ദ്രവപദാർഥങ്ങളുടെ പുളിപ്പിക്കലിനു കാരണം അതിസൂക്ഷ്മജീവികളായ ബാക്റ്റീരിയ, യീസ്റ്റ് മുതലായവയാണെന്നും അവയെ നശിപ്പിക്കാനായി പദാർഥങ്ങളെ ചൂടാക്കി തണുപ്പിച്ചാൽ (പാസ്ച്ചറൈസേഷൻ) മതിയെന്നും കണ്ടു.

'മ്യൂട്ടേഷൻ സിദ്ധാന്തം' എന്ന ഗ്രന്ഥം വളരെ നീണ്ടുനിന്ന ഗവേഷണങ്ങളുടെ ഫലമായി ഹ്യൂഗോ ഡിവ്രീസ് (1848-1935) എന്ന ഡച്ച് ശാസ്ത്രജ്ഞൻ പ്രസിദ്ധീകരിച്ചു. † മ്യൂട്ടേഷനെക്കുറിച്ചുള്ള പരിജ്ഞാനത്തിനു ഡിവ്രീസിന്റെ സംഭാവനയെപ്പറ്റി ഭിന്നാഭിപ്രായമുണ്ടെങ്കിലും മെൻഡൽനിയമങ്ങളുടെ പുനഃപ്രകാശനം ഒന്നാമതായി ചെയ്ത വ്യക്തി എന്ന നിലയ്ക്ക് അദ്ദേഹത്തിനു സ്ഥാനമുണ്ട്.

1933-ലെ നൊബേൽസമ്മാനം നേടിയ അമേരിക്കൻ ജന്തുശാസ്ത്രജ്ഞനായ തോമസ് ഹണ്ട്മോർഗൻ (1866-1965) പാരമ്പര്യശാസ്ത്രത്തിൽ സ്മരണീയനാണ്. പഴങ്ങളിൽ കാണുന്ന 'ഡ്രോസോഫില' എന്ന ഈച്ചയിൽ ആദ്യമായി പരീക്ഷണം തുടങ്ങിയതു മോർഗനാണ്. നൊബേൽസമ്മാനം നേടിയ മറ്റൊരു അമേരിക്കൻ ശാസ്ത്രജ്ഞനായ എച്ച്.ജെ. മുള്ളർ എക്സ്-റേയും മറ്റു ബന്ധപ്പെട്ട റേഡിയോപ്രസരങ്ങളും ജീനിലും ക്രോമോസോമിലും ഉളവാക്കുന്ന മ്യൂട്ടേഷനെപ്പറ്റി പഠിച്ചു. വിജ്ഞാനസമ്പത്ത് കുടിവന്നതോടെ ജന്തുശാസ്ത്രം പലശാഖകളായി പിരിഞ്ഞു.

ശാഖകൾ. † അനാട്ടമി, † സൈറ്റോളജി, † ടാക്സോണമി, † ജനിതകം (genetics), † ഭ്രൂണശാസ്ത്രം (embryology), † പരിസരശാസ്ത്രം (ecology), † ജീവി-ഭൂവിജ്ഞാനം (zoo-geography), † പുരാജീവിശാസ്ത്രം (palacontology), † ശരീരക്രിയാശാസ്ത്രം (physiology) തുടങ്ങിയവ പ്രധാനപ്പെട്ട ജന്തുശാസ്ത്രശാഖകളാണ്.

മേൽപ്പറഞ്ഞവയ്ക്കുപുറമേ അത്രതന്നെ പ്രാധാന്യമർഹിക്കാത്ത മറ്റു പല ശാഖകളും ജന്തുശാസ്ത്രത്തിൽ ഉൾപ്പെടുന്നുണ്ട്. ഏതെങ്കിലും പ്രത്യേകവിഭാഗത്തിൽപ്പെടുന്ന ഒരു ജന്തുസമൂഹത്തെപ്പറ്റി മാത്രം പഠിക്കുന്ന ഈ ശാസ്ത്രശാഖകൾ പലതാണ്. ഉദാ: പ്രോട്ടോസോവയെപ്പറ്റിയുള്ള പ്രത്യേകപഠനത്തെ 'പ്രോട്ടോ സുവോളജി' എന്നു വിളിക്കുന്നു. അതുപോലെ, പരജീവികളായ ജന്തുക്കളെപ്പറ്റിയുള്ള പഠനത്തെ 'പാരാസൈറ്റോളജി' എന്നും കീടങ്ങളെപ്പറ്റി പഠിക്കുന്ന ശാസ്ത്രശാഖയെ 'എൻറമോളജി' എന്നും ഒച്ചുവേഗത്തിൽപ്പെട്ട ജന്തുക്കളുടെ പഠനത്തെ 'മാലക്കോളജി' എന്നും പറയുന്നു. മീനുകളെപ്പറ്റിയുള്ള പഠനമാണ് 'ഇക്തിയോളജി'; ഉഭയജീവികളുടെയും ഇഴജന്തുക്കളുടെയും പഠനത്തെ 'ഹെർപ്പ്റ്റോളജി' എന്നു വിളിക്കുമ്പോൾ, പക്ഷികളുടെ പഠനത്തെ 'ഓർനിത്തോളജി' എന്നും സസ്തനികളെക്കുറിച്ചുള്ള പഠനത്തെ 'മമ്മാളോജി' എന്നും വിളിക്കുന്നു.

† ജീവശാസ്ത്രം, † ജന്തുക്കൾ, † ജന്തുക്കളിലെ ആശയ വിനിമയം, † ഇത്തോളജി ജന്തുചേഷ്ടാപഠനം) നോക്കുക.

വി.എം.എൻ. നമ്പൂതിരിപ്പാട്

ജന്മവാസനകൾ (Instincts)

ഒരു പരിശീലനവും കൂടാതെ സാധാരണ പരിതഃസ്ഥിതിയിൽ വ്യാമിശ്രമായ പ്രവർത്തനങ്ങൾക്കു പ്രേരണ നല്കുന്ന പരമ്പരാസിദ്ധമായ ചോദനാവിശേഷങ്ങൾ. സഹജവാസനകൾ എന്നും പറയുന്നു. എല്ലാ ജന്തുക്കൾക്കും ഇതുണ്ട്.

ജനിച്ചാൽ ഉടൻതന്നെ ചില വ്യാമിശ്രപ്രവർത്തനങ്ങൾ നടത്താനുള്ള ഒരു വാസന എല്ലാ ജീവികളിലും കാണാറുണ്ട്. വിരിഞ്ഞു പുറത്തു വന്ന് ഏതാനും നിമിഷങ്ങൾക്കകം കോഴിക്കുഞ്ഞ് ചെറിയ വസ്തുക്കൾ കൊത്തി വിഴുങ്ങുന്നു. മനുഷ്യശിശുവും പശുക്കുട്ടിയും മുല കുടിക്കുന്നു. ഈവക പ്രവർത്തനങ്ങൾക്കുവേണ്ട ചലനങ്ങൾ ആദ്യംമുതല്ക്കുതന്നെ കുറ്റമറ്റതാണ്. ഈ പ്രവർത്തനങ്ങളുടെ ഉദ്ദേശ്യം എന്തെന്ന് പ്രവർത്തനം നടത്തുന്ന ജീവിക്ക് അറിഞ്ഞുകൂട. കൊച്ചുകുരങ്ങൻ അമ്മക്കുരങ്ങിനോടു ചേർന്ന് പറ്റിപ്പിടിച്ചിരിക്കുന്നതു താൻ വീഴുമെന്നുള്ള ഭയംകൊണ്ടല്ല; അമ്മയോടു പറ്റിപ്പിടിച്ചാൽ അപകടത്തിൽനിന്നു രക്ഷപ്പെടാമെന്നുള്ള ബോധംകൊണ്ടുമല്ല. ഇങ്ങനെ ജന്മസിദ്ധമായതും ലക്ഷ്യബോധമില്ലാത്തതും എന്നാൽ അന്തിമമായി ചില ലക്ഷ്യങ്ങൾ സാധിക്കുന്നതുമായ ചലനങ്ങൾക്കുള്ള പ്രേരണാശക്തിയാണു ജന്മവാസന. ഒരു വർഗത്തിന്റെ നിലനില്പിനു സഹായിക്കുന്ന ജന്മസിദ്ധമായ ശീലങ്ങളായി അവയെ ഗണിക്കുന്നതിൽ തെറ്റില്ല. ഉറുമ്പ്, തേനീച്ച തുടങ്ങിയ ജീവികളുടെ പ്രവർത്തനങ്ങൾ ഏതാണ്ടു മുഴുവൻതന്നെ ജന്മവാസനകളാൽ നിയന്ത്രിക്കപ്പെടുന്നു. പൂച്ച, പട്ടി, കുതിര തുടങ്ങിയ ജന്തുക്കളുടെ കാര്യത്തിൽ ജന്മവാസനകളുടെ സ്വാധീനവലയം താരതമ്യേന ചെറുതാണ്. മനുഷ്യനിൽ അവയുടെ സ്വാധീനം തീരെ

കുറവാണെന്നു പറയാം. തേനീച്ചകൾ കൂടുകെട്ടുന്നതും പട്ടുനൂൽപ്പുഴുക്കൾ നൂൽ നൂല്ക്കുന്നതും മറ്റും ജന്മവാസനകൾക്കുള്ള ഉത്തമോദാഹരണങ്ങളാണ്.

വാസനകളും വികാരങ്ങളും. വില്യം മാക് ഡ്യൂഗലിൻെറ അഭിപ്രായത്തിൽ വാസനകൾക്കു മൂന്നു ഘടകങ്ങളുണ്ട്: 1. വാസന ചില വസ്തുക്കളിലോ സാഹചര്യങ്ങളിലോ സ്വയം ശ്രദ്ധപതിപ്പിക്കുവാൻ നമുക്കു പ്രേരണ നല്കുന്നു. 2. ആവക വസ്തുക്കളെക്കുറിച്ചു തീവ്രങ്ങളായ ചില ആഗ്രഹങ്ങളും വികാരങ്ങളും നമ്മിൽ ആവിർഭവിപ്പിക്കുന്നു. 3. അവയെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക രീതിയിൽ പ്രതികരിക്കുവാൻ നാം പ്രേരിതരാകുന്നു.

ഈ മൂന്നു ഘടകങ്ങളും കണക്കിലെടുത്തുകൊണ്ട് അദ്ദേഹം ജന്മവാസനയെ ഇങ്ങനെ നിർവചിക്കുന്നു: “ഏതെങ്കിലുമൊരു വസ്തുവിലോ സാഹചര്യത്തിലോ പ്രത്യേക ശ്രദ്ധ പതിപ്പിക്കുകയും ആ വസ്തുവിൻെറ സാന്നിധ്യത്തിലോ, ആ സാഹചര്യത്തിലോ ഒരു പ്രത്യേക വൈകാരികവിക്ഷോഭം അനുഭവിക്കുകയും അതിൻെറ നേർക്ക് ഒരു പ്രത്യേകതരത്തിൽ പ്രതികരിക്കുകയും ചെയ്യുന്നതിനുള്ള ഒരു ജീവിയുടെ ആന്തരികപ്രേരണയാണ് ജന്മവാസന.” എല്ലാ പെരുമാറ്റവും അന്തർലീനമായ വികാരങ്ങളുടെ ബഹിഃപ്രകടനമാണെന്ന് അദ്ദേഹം വാദിക്കുകയും ഓരോ ജന്മവാസനകൾക്കും പ്രേരകമായ വികാരങ്ങളുടെ പട്ടിക തയ്യാറാക്കുകയുംചെയ്തു. മാക് ഡ്യൂഗലിൻെറ അഭിപ്രായത്തിൽ 14 പ്രധാന വാസനകളാണുള്ളത്. അവയുടെ പേരും, ഓരോന്നിനോടും ബന്ധപ്പെട്ട വികാരവും താഴെ കൊടുക്കുന്നു:

വാസന	വികാരം
1. ജീവരക്ഷാവാസന (Escape)	ഭയം
2. മത്സരവാസന (Combat)	കോപം
3. നിരാകരണവാസന (Repulsion)	വെറുപ്പ് (Disgust)
4. പിതൃത്വവാസന (Parental instinct)	ലളിതവികാരങ്ങൾ (Tender emotions)
5. അർഥനാവാസന (Appeal)	ദയനീയത (Distress)
6. ലൈംഗികവാസന (Mating)	കാമം (Lust)
7. ജിജ്ഞാസ (Curiosity)	അദ്ഭുതം (Wonder)
8. വിധേയത്വം (Submission)	തന്നെപ്പറ്റിയുള്ള മതിപ്പു കുറവ് (Negative self-feeling)
9. പ്രധാനിത്വവാസന (Self-assertion)	തന്നെപ്പറ്റിയുള്ള അപാരമായ മതിപ്പ് (Positive self-feeling)
10. സംഘവാസന (Gregariousness)	ഏകാന്തതാബോധം (Feeling of loneliness)
11. ഭക്ഷണസമ്പാദനവാസന (Food-seeking)	ഭക്ഷണത്തിൽ ആർത്തി (കൊതി) (Craving for food)
12. ആർജനവാസന (Acquisition)	ഉടമസ്ഥതാഭാവം (Feeling of ownership)
13. നിർമാണവാസന (Construction)	സർഗാത്മകഭാവം (Feeling of creativeness)
14. ചിരി (Laughter)	ആഹ്ലാദം (Amusement)

വിവാദവിഷയം. ജന്മവാസന എന്ന പദംപോലെ വിവാദവിഷയമായിട്ടുള്ള മറ്റു പദങ്ങൾ അധികമില്ല. വിശദീകരിക്കാനാവാത്ത എല്ലാ പ്രവർത്തനങ്ങളെയും ജന്മവാസനാപ്രേരിതമെന്നു പറഞ്ഞിരുന്നു. മനുഷ്യനു മൃഗങ്ങളെക്കാൾ കൂടുതൽ ജന്മവാസനകളുണ്ടെന്നുപോലും അവകാശപ്പെട്ടു അമേരിക്കൻ മനഃശാസ്ത്രത്തിൻെറ പിതാവായ വില്യം ജെയിംസ്. കരച്ചിൽ മുതൽ ലജ്ജ, ശുചിത്വം, അനുഭാവം ഇവയും വഴക്കിനും കലഹത്തിനും പോകുന്നതുവരെയുള്ള എല്ലാ പ്രവൃത്തികളും അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ജന്മവാസനകളായിരുന്നു. എഡ്വേഡ് എൽ. തോൺഡൈക് തുടങ്ങിയ പ്രശസ്ത മനഃശാസ്ത്രജ്ഞന്മാർ ജന്മവാസനകളുടെ പട്ടിക വീണ്ടും വിപുലീകരിച്ചു. 849 ജന്മവാസനകൾ മനഃശാസ്ത്രപുസ്തകങ്ങളിൽ സ്ഥലം പിടിച്ചിട്ടുണ്ടെന്ന് 1924-ൽ ലൂഥർ എൽ. ബർനാർഡ് കണക്കാക്കി.

ക്രമേണ ഇതിന് എതിരായി പോക്ക്. പരിശീലനംകൊണ്ടു സ്വായത്തമാക്കിയിട്ടുള്ള ശീലങ്ങളെ ജന്മവാസനകളായി തെറ്റിദ്ധരിച്ചാണ് പലരും ജന്മവാസനകളുടെ പട്ടിക ഉണ്ടാക്കിയിട്ടുള്ളതെന്ന് ജാൺ ബി. വാട്സൺ അഭിപ്രായപ്പെട്ടു. അദ്ദേഹത്തിനോടു യോജിച്ചുകൊണ്ട് മനുഷ്യൻെറ മിക്കവാറും എല്ലാ പെരുമാറ്റങ്ങളും പരിശീലനംകൊണ്ടു മാറ്റാവുന്നതാണെന്നും തന്മൂലം അവ അന്തർലീനവാസനാഫലം അല്ലെന്നും നൈറ്റ് ഡൺലപ്പ് ചൂണ്ടിക്കാണിച്ചു. ലൈംഗികം, ഭയം, കോപം ഇങ്ങനെ മൂന്നു വാസനകൾ മാത്രമാണ് ഉള്ളതെന്നുവരെ ചില മനഃശാസ്ത്രജ്ഞന്മാർ തീരുമാനിച്ചു. ഫ്രോയ്ഡ് എന്ന ശാസ്ത്രജ്ഞൻെറ അഭിപ്രായപ്രകാരം ലൈംഗികവും സ്വയംനിലനില്പും (self-preservation) എന്ന രണ്ടേരണ്ടു വാസനകൾ മാത്രമാണുള്ളത്. സ്വയം നിലനില്പും വംശം നിലനിർത്തലും (race preservation) എന്ന രണ്ടു വാസനകളാണ് ഉള്ളതെന്ന് മറ്റൊരു ശാസ്ത്രജ്ഞനും അഭിപ്രായപ്പെട്ടു. അവസാനമായി ജന്മവാസന എന്ന പദത്തിനുതന്നെ മനുഷ്യരെ സംബന്ധിച്ചിടത്തോളമെങ്കിലും വലിയ അർഥമില്ലെന്നായി. മൃഗങ്ങളെ സംബന്ധിച്ചിടത്തോളം മാത്രം ആ പദം ഉപയോഗിച്ചാൽ മതിയെന്ന് അവർ ·തീരുമാനിച്ചു.

മൃഗങ്ങളെക്കാൾ മനുഷ്യർക്കു ജന്മവാസനകൾ വളരെ കുറവാണ്. ഒരുകാലത്തു ജന്മവാസനാപ്രേരിതം എന്നു ധരിച്ചിരുന്ന ചില പെരുമാറ്റങ്ങൾ അങ്ങനെയല്ലെന്നു ശാസ്ത്രജ്ഞന്മാർ പരീക്ഷണങ്ങളിലൂടെ തെളിയിച്ചിട്ടുണ്ട്. വവ്വാലുകൾക്കു കൂരിരുട്ടിൽപ്പോലും തടസ്സങ്ങളിൽ തട്ടാതെ പറക്കാനുള്ള കഴിവ്, പട്ടിക്ക് 40 മീറ്റർ അകലെ അതിക്രമിച്ചു കടക്കുന്ന ആളെ തിരിച്ചറിയാനുള്ള കഴിവ്, സാൽമൺ എന്ന മത്സ്യം നദിയിൽ മുട്ടയിൽനിന്നു വിരിഞ്ഞ് അഞ്ചാറു കി.മീറ്റർ അകലെയുള്ള സമുദ്രത്തിൽ മൂന്നുനാലു വർഷക്കാലം കഴിച്ചുകൂട്ടി, തിരിയെ മുട്ടയിടാനും ചാകാനുമായി പഴയ നദിയിലേക്കുതന്നെ തിരിച്ചെത്തുന്ന പതിവ് മുതലായവ ജന്മവാസനകൊണ്ടാണെന്ന് മുമ്പു വിശ്വസിച്ചിരുന്നു. എന്നാൽ ഈ പെരുമാറ്റങ്ങൾക്ക് അവയുടെ ഇന്ദ്രിയഘടനയാണു കാരണമെന്ന് ശാസ്ത്രജ്ഞന്മാർ തെളിയിച്ചിട്ടുണ്ട്. ഒരു തരം കരടി മഞ്ഞുകാലം മുഴുവൻ ഉറക്കത്തിൽ കഴിയുന്നതും ജീവികൾ ലൈംഗികബന്ധം പുലർത്തുന്നതും പക്ഷികൾ കൂടുകെട്ടുന്നതും പെറ്റുവീഴുമ്പോൾത്തന്നെ പശുക്കുട്ടികൾ പരസഹായംകൂടാതെ മുലകുടിക്കാൻ വെമ്പുന്നതും മറ്റും ജന്മവാസനകൾകൊണ്ടല്ലെന്നു തെളിയിക്കാൻ ശാസ്ത്രജ്ഞന്മാർക്കു സാധിച്ചിട്ടില്ല.

വിളംബിതവാസനകൾ (Delayed instincts). ചില ജന്മവാസനകൾ ജനനാൽത്തന്നെ പ്രത്യക്ഷപ്പെടുന്നില്ല. പക്ഷികൾ പറക്കുന്നതും ലൈംഗികമായ വാസനകളും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. പരീക്ഷണത്തിനായി മറ്റുള്ള പക്ഷികൾ പറക്കുന്നതു കാണാത്തവിധത്തിൽ ചലനങ്ങൾ നിയന്ത്രിച്ചു ചില പക്ഷികളെ തടവുകാരാക്കി വച്ചു. പക്ഷികൾ പറക്കാനുള്ള കാലമായപ്പോൾ അവയെ തുറന്നുവിട്ടു. എല്ലാ പക്ഷികളും നിഷ്പ്രയാസം പറന്നുപോയി. പക്ഷികളുടെ പറക്കാനുള്ള അവയവങ്ങളുടെ വളർച്ച ജന്മവാസനയെ ഉണർത്തിയതാണു കാരണം. മനുഷ്യനെ സംബന്ധിച്ചിടത്തോളം ചില സ്വാഭാവികവ്യാപാരങ്ങൾ നിയന്ത്രണത്തിനു വിധേയമാകുന്നത് ഇതുപോലെയാണ്. അവനിൽ ഭയം മൂന്നുവയസ്സിലും ലൈംഗികവികാരം 12 വയസ്സിലും പ്രത്യക്ഷപ്പെടുന്നു. ഇവയെല്ലാം ഉണ്ടാകുന്നതിനകം അവയെ നിയന്ത്രിക്കാനുള്ള ബുദ്ധിയും വിവേചനാശക്തിയും സാമാന്യമായി വികസിക്കുന്നുണ്ട്. നിരന്തരമായ പ്രകടനസൗകര്യം കൊടുത്താൽ സ്വാഭാവികവ്യാപാരങ്ങൾ വികസിക്കുന്നതും ശ്രദ്ധിക്കാതിരുന്നാൽ നശിക്കുന്നതുമാണ്.

പരിവർത്തനം. മനുഷ്യൻെറ ജന്മവാസനകൾ പരിവർത്തനവിധേയങ്ങളാണ്. പൂർവാനുഭവത്തിൻെറ വെളിച്ചത്തിൽ പെരുമാറ്റത്തെ നിയന്ത്രിക്കുകയും പരിഷ്കരിക്കുകയും ചെയ്യുന്നതിനുള്ള കഴിവ് മനുഷ്യനുണ്ട്. ജന്മവാസനകളെ പരിവർത്തിപ്പിക്കുന്നതിനു നാലുപാധികൾ ഉണ്ട്.

1. പരിസരമാറ്റം അഥവാ പ്രേരകത്തിൻെറ പരിവർത്തനം (Conditioning): പാവ്ലോവ് എന്ന ശാസ്ത്രജ്ഞൻ ഈ വിഷയത്തിൽ പല പരീക്ഷണങ്ങളും നടത്തിയിട്ടുണ്ട്. മാംസം കണ്ടാൽ പട്ടിയുടെ വായിൽനിന്നും ഉമിനീർ ഒലിച്ചുതുടങ്ങുന്നു. മാംസം കാണിക്കുന്നതോടുകൂടി പാവ്ലോവ് ഒരു മണിയുമടിച്ചുവന്നു. ഇതു പലതവണ ആവർത്തിക്കപ്പെട്ടപ്പോൾ മണിയടി കേട്ടാൽ മാംസമില്ലെങ്കിലും പട്ടി ഉമിനീരൊലിപ്പിക്കുന്നതായി കണ്ടു. ആഹാരദർശനമാണ് ഉമിനീർ ഊറുന്നതിനുള്ള സ്വാഭാവികപ്രചോദനമെങ്കിലും

പരിശീലനത്താൽ മറ്റൊരു പ്രേരകത്തിന്റെ (ശബ്ദശ്രവണം) സാന്നിധ്യത്തിലും അതുണ്ടായി.

2. വാസനാസംസ്കരണം (Sublimation): വാസനാപരമായ പ്രതികരണങ്ങളെ ശ്രേഷ്ഠമായ സാമൂഹികലക്ഷ്യങ്ങളിലേക്കു തിരിച്ചുവിട്ടാൽ അതു വാസനാസംസ്കരണം ആകും. ജിജ്ഞാസ എന്ന വാസന സംസ്കരിക്കപ്പെട്ടാൽ പ്രപഞ്ചരഹസ്യങ്ങൾ അന്വേഷിക്കുന്നതിനുള്ള ആഗ്രഹമായി അതു രൂപാന്തരപ്പെടാം. നൃത്തം, കായികാഭ്യാസം, ശിശുലാളനം എന്നുവേണ്ട മതഭക്തിപോലും ലൈംഗികവാസനയുടെ പവിത്രീകൃതരൂപങ്ങളാണെന്ന് ഫ്രോയ്ഡ് അഭിപ്രായപ്പെടുന്നു.

3. ശിക്ഷയോ സമ്മാനമോ ഉപയോഗിച്ച്.

4. ഒരു നൂതനതാത്പര്യം നല്കിക്കൊണ്ട് ലൈംഗികചിന്തയിൽ മുഴുകിയിരിക്കുന്ന യുവാവിന് സംഗീതം, കായികാഭ്യാസം, കളികൾ ഇവയിൽ ഏതിലെങ്കിലും താത്പര്യം ജനിപ്പിച്ചാൽ സന്തുലിതാവസ്ഥ സൃഷ്ടിക്കാൻ കഴിഞ്ഞെന്നുവരാം.

ഉദ്ഭവം. ജന്മവാസനകളുടെ ഉദ്ഭവം എങ്ങനെയാണെന്നു തീർത്തും പറയുക സാധ്യമല്ല. വ്യക്തിയെ സംബന്ധിച്ചിടത്തോളം ആദ്യമാദ്യം ബോധപൂർവം ചെയ്യുന്ന പ്രവർത്തനങ്ങൾ നിരന്തരമായ ആവർത്തനംകൊണ്ടു യാന്ത്രികമായി മാറാറുണ്ടല്ലോ. അതുപോലെ തന്നെ ഒരു വർഗത്തിന്റെ ജീവിതദശയിൽ ആദ്യമാദ്യം ബോധപൂർവംചെയ്ത പ്രവർത്തനങ്ങൾ തലമുറതലമുറയായി പകർന്നുകൊടുത്ത് ആവർത്തിക്കപ്പെടുന്നതോടുകൂടി നാഡീവ്യൂഹത്തിൽ (Nervous system) അതിന്റെ മുദ്ര പതിക്കുകയും പിന്നീടുള്ള തലമുറകൾക്ക് ആലോചനകൂടാതെ യാന്ത്രികമായി പ്രവർത്തിക്കത്തക്കവണ്ണം അവ സ്ഥിരമായ വാസനകളായി രൂപാന്തരപ്പെടുകയും ചെയ്തതായിരിക്കാം. ആദ്യമാദ്യം ചെയ്തപ്പോൾ ആലോചനാശൂന്യമായ പ്രവൃത്തി ആയിരുന്നെങ്കിലും വർഗത്തിന്റെ നിലനില്പിന് ആ പ്രവൃത്തി നല്ലതാണെന്നു ബോധ്യപ്പെട്ടാൽ നശിപ്പിക്കാതെ അനന്തരതലമുറകൾക്കു പകർന്നുകൊടുത്തതും ആകാം. പല വാസനകളും മുൻപറഞ്ഞ രണ്ടു രീതികളുടെയും സംയോജനഫലമായി ഉണ്ടായതായിരിക്കാം. ഒരു വർഗത്തിന്റെ നിലനില്പിനു സഹായിക്കുന്ന നല്ല പ്രതികരണങ്ങളെ അവയുടെ ആഗമം ബോധപൂർവമോ യാദൃച്ഛികമോ ആയിക്കൊള്ളട്ടെ, ആവർത്തനംകൊണ്ടു യാന്ത്രികമാക്കി അനന്തരതലമുറകൾക്കു കൈമാറുന്നതോടുകൂടി കാലാന്തരത്തിൽ അവ വാസനകളായി മാറുന്നതായി കരുതാം.

ടി.എസ്. കൃഷ്ണയ്യർ

ജന്മാഷ്ടമി

† അഷ്ടമിരോഹിണി നോക്കുക.

ജന്മി

രാജാവിനു ഭൂനികുതി നല്കുക എന്ന ബാധ്യത ഇല്ലാത്ത ഭൂഉടമ. ജന്മംകൊണ്ടുമാത്രം ഭൂമിയിൽ അവകാശം നേടുന്നവൻ ആണു ജന്മി. പരശുരാമനിൽനിന്നാണു തങ്ങൾക്കു ഭൂമിയിൽ അനിയന്ത്രിതമായ അവകാശം ലഭിച്ചത് എന്നു കേരളത്തിലെ ജന്മിമാർ അവകാശപ്പെട്ടിരുന്നു.

പക്ഷേ, ചരിത്രരേഖകളുടെ അടിസ്ഥാനത്തിൽ നമ്പൂതിരിമാർ ജന്മിമാരായി പ്രത്യക്ഷപ്പെടുന്നത് എ. ഡി. 12-ാംശതകംതൊട്ടാണ്. ക്ഷേത്രങ്ങൾ ധാരാളം നിർമിക്കപ്പെട്ടുകൊണ്ടിരുന്നു. അവയ്ക്കെല്ലാം ദാനമായി ധാരാളം ഭൂസ്വത്തുകളും ലഭിച്ചിരുന്നു. നമ്പൂതിരിമാരായ ഊരാളന്മാർ ഈ സ്വത്തുക്കൾ കൈകാര്യം ചെയ്തു. ചോളന്മാരുടെ ആക്രമണകാലത്തു ബ്രഹ്മസ്വവും ദേവസ്വവുമായ വസ്തുക്കൾ ആക്രമിക്കപ്പെടുകയില്ലെന്ന വിശ്വാസത്തിൽ ഉടമസ്ഥർ ബ്രാഹ്മണർക്കും ക്ഷേത്രങ്ങൾക്കുമായി തങ്ങളുടെ വസ്തുക്കൾ വിട്ടുകൊടുത്തു. ഊരാൺമാവകാശം പാരമ്പര്യവഴിക്കാകുന്നതിനു മുൻപു ജന്മം മുഴുവനും (ജീവിതകാലം) ആ അവകാശം വച്ചുപുലർത്തുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. എ. ഡി. 12-ാംശതകത്തോടുകൂടി മിക്ക നമ്പൂതിരിമാരും ജന്മിമാരായി. എ.ഡി. 9 മുതൽ 13 വരെയുള്ള ശതകങ്ങളിലെ ക്ഷേത്രശിലാരേഖകൾ ആ വസ്തുത വ്യക്തമാക്കുന്നു. നമ്പൂതിരിമാരല്ലാത്ത ജന്മിമാരും ഉണ്ട്. †ജന്മിത്തം, കേരളത്തിൽ നോക്കുക.

ജന്മി-കുടിയാൻ റെഗുലേഷൻ

ജന്മി-കുടിയാൻ ബന്ധത്തെ നിയന്ത്രിക്കുന്ന നിയമം. 1891-ൽ ഉണ്ടായ മലയാളി മെമ്മോറിയൽ പ്രക്ഷോഭണത്തിന്റെ ഫലമായി 1896-ൽ ഒരു ജന്മി-കുടിയാൻ റെഗുലേഷൻ ഉണ്ടായി. ദേശാഭിമാനി കെ. രാമകൃഷ്ണപിള്ള ആണു പ്രക്ഷോഭണത്തിൽ നേതൃത്വം വഹിച്ചത്. ഈ നിയമം കുടിയാനു കൂടുതൽ അവകാശങ്ങൾ അനുവദിച്ചു. പിന്നീടു പലതവണ ഈ നിയമത്തിനു ഭേദഗതികൾ വന്നിട്ടുണ്ട്. †കുടിയായ്മ നോക്കുക.

ജന്മിക്കരം

കുടിയാന്മാരിൽനിന്ന് ജന്മിക്കു ലഭിച്ചിരുന്ന ഒരുതരം നികുതി. കേരളത്തിൽ നിലനിന്നിരുന്ന 'പൊളിച്ചെഴുത്ത്' സമ്പ്രദായം ജന്മിമാർക്കനുകൂലമായിരുന്നു. 12 വർഷം കൂടുമ്പോൾ വസ്തുക്കൾ പൊളിച്ചെഴുതിപ്പിക്കണം. പാട്ടക്കാരിൽനിന്നു പുതിയ ഭോഗങ്ങൾ ഈടാക്കാനും ജന്മിമാർ ഈ അവസരം ഉപയോഗിച്ചിരുന്നു. ഭൂമിയിൽ കാണപ്പാട്ടക്കാരനു സ്ഥിരാവകാശമില്ലെന്നു വരുത്തിത്തീർക്കാനും പൊളിച്ചെഴുത്തിനെ ജന്മിമാർ ആയുധമാക്കി. മിച്ചവാരം, 'അടുക്കുവതു' 'ഓലപ്പണം', ആറവകാശങ്ങൾ തുടങ്ങി പല പേരിൽ ജന്മിക്കു കുടിയാൻ പണം നല്കേണ്ടിയിരുന്നു. ഇവയെല്ലാം ഉൾപ്പെടെ വർഷാന്തം അടയ്ക്കേണ്ടതെന്നു തിട്ടപ്പെടുത്തി ചുമത്തിയ കരമാണു ജന്മിക്കരം.

തിരുവിതാംകൂറിൽ 1932(കൊ. വ. 1108)-ലെ 12-ാം റഗുലേഷൻ പ്രകാരം, ജന്മിക്കരം കൊടുക്കുന്നതിനു മാത്രമുള്ള ബാധ്യതയോടുകൂടി കുടിയാൻ ഭൂമിയുടെ ഉടമസ്ഥനായി. ജന്മിക്കരം വസ്തുവിന്മേലുള്ള ഒന്നാമത്തെ ബാധ്യതയായിരിക്കും. ജന്മിയുടെ അവകാശം കൈമാറുമ്പോൾ കുടിയാനുണ്ടായിരിക്കേണ്ട ബാധ്യതകൾ വിലയിരുത്തും. പൊളിച്ചെഴുത്തു നിർബന്ധമില്ല. ജന്മിക്കരം പുതുക്കുക, വസൂലാക്കുക തുടങ്ങിയ കാര്യങ്ങൾക്കുള്ള ചട്ടങ്ങളും പ്രാബല്യത്തിൽ വന്നു.

ജന്മിത്തം

†ജന്മി, †ജന്മിത്തം, കേരളത്തിൽ നോക്കുക.

ജന്മിത്തം, കേരളത്തിൽ

കേരളത്തിൽ അടുത്തകാലംവരെ നിലവിലിരുന്ന ജന്മി-കുടിയാൻ ബന്ധങ്ങൾ. പരശുരാമൻ കേരളത്തെ കടലിൽനിന്നുദ്ധരിച്ചു ബ്രാഹ്മണർക്കു ദാനംചെയ്തു എന്നാണ് ഐതിഹ്യം. പക്ഷേ, ക്രിസ്തുവർഷം 9 മുതൽ 13 വരെ ശതകങ്ങളിൽ പല ക്ഷേത്രങ്ങളിലും കൊത്തിവച്ചിട്ടുള്ള രേഖകൾ പരിശോധിച്ചാൽ അക്കാലത്തു പലരും വസ്തുക്കൾ ബ്രാഹ്മണർക്കും ക്ഷേത്രങ്ങൾക്കും ദാനം നല്കിയിരുന്നതായി കാണാം. ഇത്തരം വസ്തുക്കളിൽ രാജഭോഗം പോലും കൊടുക്കേണ്ടാത്തപൂർണാവകാശം നമ്പൂതിരിമാർക്കുണ്ടായിരുന്നു. ഇവരാണു ജന്മിമാരായത്.

നമ്പൂതിരിമാർ വരുന്നതുവരെ യാതൊരുതരത്തിലുള്ള ഭൂവുടമയുമുണ്ടായിരുന്നില്ല. ജാതിസമ്പ്രദായം നിലവിൽവന്നതോടുകൂടി സമുദായത്തിനുവേണ്ടി ഓരോ ജാതിക്കാരും ചെയ്യുന്ന തൊഴിലിനു പ്രതിഫലമായി എന്തെങ്കിലും ആദായമാർഗം ഉണ്ടാക്കിക്കൊടുക്കേണ്ടത് ആവശ്യമായി. കാർഷികേതരതൊഴിലുകളിൽ ഏർപ്പെടുന്നവർക്ക് ഓരോ കർഷകകുടുംബവും ഭക്ഷണത്തിനുവേണ്ട നെല്ലോ മറ്റു സാധനങ്ങളോ കൊടുക്കണമെന്ന ഏർപ്പാടുവന്നു. നമ്പൂതിരിമാർ, നാടുവാഴികൾ, ദേശവാഴികൾ, പടനായകന്മാർ മുതലായവർ കൃഷിചെയ്യാത്തവരായതുകൊണ്ട് അവർക്കു കൃഷിഭൂമി കിട്ടിയിട്ടു പ്രയോജനമില്ല. മറ്റുള്ളവർ കൃഷിചെയ്തുണ്ടാക്കുന്ന വിളവിലൊരംശം അവർക്കു കൊടുക്കുക എന്ന പതിവുണ്ടാക്കിയാൽ അവരുടെ ആവശ്യങ്ങൾ നടക്കും, കൃഷിക്കാർക്ക് അതു നഷ്ടമാവില്ല. ഇങ്ങനെ കൃഷിചെയ്യാത്തവരും സമുദായത്തിൽ ഔന്നത്യമുള്ളവരുമായ ഒരു ചെറുവിഭാഗത്തിനു വിളവിലൊരംശം കൊടുക്കുക എന്ന പതിവു വന്നതോടുകൂടി ഓരോ കൃഷിഭൂമിക്കും കൃഷിചെയ്യുന്നവരും ചെയ്യാത്തവരുമെന്നു രണ്ടുതരം ഉടമസ്ഥരുണ്ടായി. കാലക്രമേണ നമ്പൂതിരിക്കും നാടുവാഴിക്കും സമുദായത്തിലുള്ള സ്ഥാനം വർധിച്ചതോടുകൂടി അവർക്കു കൊടുക്കുന്ന വിളവിന്റെ വിഹിതത്തിന്റെ പ്രാധാന്യം വർധിച്ചു. ചെറിയ വിഹിതമാണെങ്കിലും അതു കൊടുക്കാതെ കൃഷിചെയ്യുക സാധ്യമല്ലെന്നായി. അങ്ങനെ അവർക്കു കൃഷിഭൂമിയുടെയെല്ലാം ഒരു മേൽക്കോയ്മ ഉണ്ടെന്നുവന്നു. ഇതോടൊപ്പം നമ്പൂതിരിമാരെയും അവർ കൊണ്ടുവന്ന ദേവന്മാരെയും കുറിച്ചു കൃഷിക്കാർക്കുള്ള ഭക്തി വർധിച്ചുവന്നു. അതോടുകൂടി തങ്ങൾ കൃഷിചെയ്യുന്ന ഭൂമി ഇന്ന നമ്പൂതിരിയുടെ അല്ലെങ്കിൽ ഇന്ന ദേവന്റെ സ്വത്തും അതിലുണ്ടാകുന്ന വിളവിന്റെ ഇന്നഅംശം ആ നമ്പൂതിരിയുടെ (ആ ദേവന്റെ) പങ്കുമാണെന്ന് ആളുകൾ പറഞ്ഞുതുടങ്ങി.

ഏതാണ്ട് അതേരീതിയിൽതന്നെ നമ്പൂതിരിമാരല്ലാത്ത ജന്മിമാരും ഉണ്ടായി. നാടുവാഴികളും ദേശവാഴികളുമായ സാമന്തന്മാരും നായന്മാരും തങ്ങളുടെ സൈനികശക്തിയും അതുവഴി നാട്ടുകാരിൽനിന്നു കിട്ടിയ രക്ഷയും നിമിത്തം ഭൂവുടമകളായി. ഇങ്ങനെ നമ്പൂതിരിമാർ ദേവസ്വവും കോവിലകങ്ങളും വലിയ തറവാട്ടുകാരും ഭൂമിയുടെ മേല്ക്കോയ്മ കൈവശമാക്കി. പിന്നീടാണു മുസ്ലീങ്ങൾ, ഈഴവർ (തീയർ) മുതലായവരിലും നാട്ടുപ്രമാണികൾ വളർന്നുവരാൻ തുടങ്ങിയത്. അവർക്കും മേൽപ്പറഞ്ഞതരത്തിലുള്ള അവകാശങ്ങൾ കിട്ടാൻ തുടങ്ങിയപ്പോൾ ഒരു ചെറുന്യൂനപക്ഷം ജന്മികൾ അവരുടെയിടയിലും ഉണ്ടായി. ഇങ്ങനെയാകാം ജന്മിസമ്പ്രദായം ഉണ്ടായത്.

ആദികാലങ്ങളിൽ ജനസംഖ്യ താരതമ്യേന കുറവും ഭൂമി സുലഭവുമായിരുന്നതിനാൽ ഭൂവുടമാവകാശം സംബന്ധിച്ച മത്സരങ്ങൾക്കു വലിയ പ്രസക്തി ഇല്ലായിരുന്നു. മേച്ചിൽസ്ഥലങ്ങൾപോലെ കൃഷിസ്ഥലങ്ങളും ഓരോ ഗ്രാമത്തിന്റെയും പൊതുസ്വത്തായിരുന്നു. കാലക്രമേണ നദീതീരങ്ങൾ, മലഞ്ചരിവുകൾ, കടലോരങ്ങൾ എന്നിവിടങ്ങളിൽ അസാമാന്യഫലപുഷ്ടിയും മറ്റു പ്രത്യേക ഗുണങ്ങളും ഉള്ള ഭൂവിഭാഗങ്ങൾ ആദിമനിവാസികളിൽ കൈയൂക്കുള്ളവർ കൈവശപ്പെടുത്തി. അങ്ങനെ കുറവർ, കുറിച്യർ, കാണിക്കാർ, പുലയർ, വേടർ മുതലായവരിൽനിന്നു ദേശവാഴികളും നാടുവാഴികളും ഉയർന്നുവന്നു. ഈ ദേശവാഴികളും നാടുവാഴികളുമൊക്കെ താന്താങ്ങളുടെ ഭൂമി കൃഷിചെയ്യുന്നതിനു മറ്റുള്ളവരെ ഏല്പിച്ചു തുടങ്ങി. ആവശ്യപ്പെടുമ്പോൾ സൈനികസേവനം നല്കിക്കൊള്ളണം എന്ന കരാറിലായിരിക്കും ഇങ്ങനെ ഭൂമി കൊടുക്കുന്നത്. ആര്യന്മാരുടെ വരവോടുകൂടി ഈ ദേശവാഴികളും നാടുവാഴികളുമൊക്കെ അവരുടെ കൃഷിഭൂമികൾ നമ്പൂതിരിമാർക്കോ അവരുടെ ക്ഷേത്രങ്ങൾക്കോ സമർപ്പിച്ചുതുടങ്ങി. കേരളത്തിൽ കുടിയേറിപ്പാർത്ത നമ്പൂതിരിമാർ ബുദ്ധിപരവും സാംസ്കാരികവുമായ ഔത്കൃഷ്ട്യംകൊണ്ടു സമൂഹത്തിൽ ക്രമേണ പ്രാമുഖ്യംനേടി. മന്ത്രതന്ത്രാദികളിൽക്കൂടി അവർ സാമാന്യജനങ്ങളുടെ ഭയഭക്തിബഹുമാനങ്ങൾ നേടിയെടുത്തു.

ഇന്നത്തെ രീതിയിലുള്ള ക്ഷേത്രങ്ങൾ ആരംഭിച്ചത് ഏകദേശം എ.ഡി. 750 മുതലാണ്. അതോടെ ക്ഷേത്രങ്ങൾ സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസകേന്ദ്രങ്ങൾകൂടിയായിത്തീർന്നു. ആതുരശാലകളും ഭോജനശാലകളും കലാശാലകളുമൊക്കെ ക്ഷേത്രത്തോടനുബന്ധിച്ചു വളർന്നുവന്നു. കൃഷിചെയ്യാതെതന്നെ വിളയിൽ തങ്ങൾകൂടി ഓഹരിക്കാരാകുന്നതിനു സഹായിക്കുന്ന ഒരേർപ്പാട്, സാമാന്യജനങ്ങളുടെ ബ്രാഹ്മണഭക്തി ചൂഷണംചെയ്തു നടപ്പിലാക്കാൻ നമ്പൂതിരിമാർക്കു കഴിഞ്ഞു. ക്ഷേത്രങ്ങളിലെ നിത്യപൂജയ്ക്കും മാസവിശേഷങ്ങൾക്കും ആട്ടവിശേഷങ്ങൾക്കും കലാശാലകളുടെയും മറ്റും നടത്തിപ്പിനും ഒക്കെ പ്രഭുക്കന്മാർ കൃഷിഭൂമി വിട്ടുകൊടുക്കുക പതിവായി. ചിലർ നികുതികളിൽനിന്നു രക്ഷപ്പെടുന്നതിനും സ്വന്തം ഭൂമി പേരിനുമാത്രം ക്ഷേത്രങ്ങൾക്ക് എഴുതികൊടുക്കാറുണ്ടായിരുന്നു. ഇത്തരം ഭൂമി ദേവസ്വത്തിനുവേണ്ടി എന്ന മട്ടിൽ കൈവശം വച്ചുകൊണ്ടിരിക്കുന്നത് ദാതാക്കൾതന്നെ ആയിരിക്കും. ഊരാൺമക്കാർതന്നെ കാരായ്മക്കാരാകുന്ന രീതിയാണിത്. യഥാർഥത്തിൽ കൃഷിചെയ്യുന്നതു മറ്റാളുകളായിരിക്കും. ഇങ്ങനെ കാലാന്തരത്തിൽ കൃഷിഭൂമിയുടെ അടിസ്ഥാനത്തിൽ ജന്മിമാരുടെയും കുടിയാന്മാരുടെയും ഒരു ശ്രേണി ഉണ്ടായി. ചോളചേരയുദ്ധത്തിന്റെ കാലത്താണു നമ്പൂതിരിമാരുടെ സ്വാധീനം വമ്പിച്ചതോതിൽ വളർന്നത്. യുദ്ധത്തിന്റെ കെടുതികൾ 'ബ്രഹ്മസ്വ'വും 'ദേവസ്വ'വുമായ വസ്തുവകകളെ ബാധിക്കുകയില്ലെന്നു കരുതി സാധാരണക്കാരിൽ പലരും തങ്ങളുടെ ഭൂസ്വത്തുമുഴുവൻ ബ്രാഹ്മണർക്കും ക്ഷേത്രങ്ങൾക്കും കൈമാറ്റം ചെയ്തു.

തകർച്ച. ജന്മിത്തം അവസാനിക്കുന്നതിന്റെ തുടക്കം കൂട്ടുകുടുംബസമ്പ്രദായത്തിന്റെ ജീർണതയായിരുന്നു. ജാതിവ്യവസ്ഥയ്ക്കും ഇളക്കംതട്ടി. ഭൂവുടമയെ സംബന്ധിച്ച്, ഫ്യൂഡൽബന്ധങ്ങളെ മാറ്റി മറിച്ചുകൊണ്ടുള്ള നിയമങ്ങളും തിരുവിതാംകൂറിലും മലബാറിലും കൊച്ചിയിലും നിലവിൽവരാൻ തുടങ്ങി. ദേശീയസ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കർഷകരും കുടിയാന്മാരും സംഘടിച്ചു മുന്നേറി. കൃഷിഭൂമി കൃഷിക്കാർക്ക് എന്ന മുദ്രാവാക്യം കേരളത്തിലെ കൃഷിക്കാരെ ദേശീയജനാധിപത്യപ്രസ്ഥാനത്തിന്റെകൂടെ അണിനിരത്തി. മരുമക്കത്തായത്തിനു തകർച്ചപറ്റി. സോഷ്യലിസ്റ്റ് ആശയങ്ങൾ പ്രചരിച്ചു. രാഷ്ട്രീയകക്ഷികളെല്ലാം ജന്മിത്തം ഇല്ലാതാക്കാൻ ബദ്ധപ്രതിജ്ഞരായി. കേരളത്തിലെ ഫ്യൂഡൽവിരുദ്ധസമരങ്ങളുടെ അനുസ്യൂതമായ മുന്നേറ്റത്തിനു മുന്നിൽ ജന്മിസമ്പ്രദായം നിർവീര്യമാവാൻ തുടങ്ങി. 1970 ജനുവരി 1 മുതൽ പ്രാബല്യത്തിൽവന്ന നിയമപ്രകാരം വസ്തുക്കളുടെ ജന്മാവകാശം മുഴുവൻ സർക്കാരിൽ ലയിച്ചു. അങ്ങനെ കേരളത്തിൽനിന്നു ജന്മിത്തം തുടച്ചുനീക്കപ്പെട്ടു. †കർഷകപ്രസ്ഥാനം കേരളത്തിൽ, †കുടിയാൻപ്രസ്ഥാനം മലബാറിൽ, †കുടിയായ്മ, †കേരള കാർഷിക വ്യവസ്ഥ നോക്കുക.

ജന്യരാഗം

† കർണാടക സംഗീതം നോക്കുക.

ജൻറിയാനേസി

എൺപതോളം ജീനസും ആയിരത്തോളം സ്പീഷിസും ഉള്ള സസ്യകുലം. ഇതിലെ ചെടികൾ മിക്കവാറും ഏകവർഷികളോ ചിരസ്ഥായികളോ ആയ കുറ്റിച്ചെടികൾ ആണ്. തരിശുഭൂമികളിലും പുൽമേടുകളിലുമാണ് ഇവ അധികം കാണുന്നത്. ഇലകൾ മൃദുവായതും തിളക്കമുള്ളതും ഇലയരുക് അഖണ്ഡവുമായിരിക്കും. പൂങ്കുല സൈമോസ് ആണ്. പൂർണവും സമമിതവുമാണ് പൂക്കൾ. ഇനത്തിന്റെ വൈവിധ്യം അനുസരിച്ചു നിറവും മാറും. കേസരങ്ങൾ ദളങ്ങളുടെ എണ്ണത്തിനു തുല്യമാണ്. ദളങ്ങളും കേസരങ്ങളും ഒന്നിടവിട്ടു ഘടിപ്പിച്ചിരിക്കുന്നു. തന്തു (filament) വളരെ മൃദുവായ പരാഗി (anther)കളെ വഹിക്കുന്നു. വർത്തി വളരെ വ്യക്തമായ സ്റ്റിഗ്മയിൽ അവസാനിക്കുന്നു. പ്ലാസന്റേഷൻ ഭിത്തീയ(parietal) അവസ്ഥയിലുള്ളതാണ്. അണ്ഡാശയം ഊർധ്വവർത്തി. ഷട്പദങ്ങളാണ് പരാഗണത്തിനു സഹായിക്കുന്നത്. ഈ കുലത്തിൽപ്പെട്ട കേരളത്തിലെ പ്രധാന ചെടികളാണ് മണലി, ജീരകപ്പുല്ല്, വെള്ളരുക്, ചിന്നാമ്പൽ തുടങ്ങിയവ.

ജൻകേസി

ഒരു സസ്യകുലം. ഏകദേശം 400 സ്പീഷീസ് ഉണ്ട്. ഇതിലെ ചെടികളിൽ മിക്കതും വാർഷികമോ ചിരസ്ഥായിയോ ആയ ഓഷധികളാണ്. അപൂർവമായി ചെറുവൃക്ഷങ്ങളും കാണുന്നുണ്ട്. ഇവയ്ക്കു പടർന്നു വളരുന്നതും ശാഖിതവുമായ മൂലകാണ്ഡങ്ങളും തലമുടിനാരുപോലുള്ള വേരുകളും ഉണ്ട്. മിതശീതോഷ്ണമാണ് ഇവയ്ക്കു യോജിച്ചത്. ഈ കുലത്തിൽപ്പെടുന്ന ചെടികളെ സാധാരണ റഷ് (rush) ചെടികളെന്നു പറയുന്നു. രണ്ടിനം ഇലയുണ്ട്. കാണ്ഡത്തിന്റെ കടയ്ക്കൽനിന്നു പുറപ്പെടുന്ന ഇലകൾ പോളകളായി (Sheaths) രൂപാന്തരപ്പെട്ടിരിക്കുന്നു.

പൂക്കൾ ചെറുതാണ്. കുലകളായി കാണുന്നു. പൂക്കൾ സമദളങ്ങളോടുകൂടിയവയാണ്. ദ്വിലിംഗികളോ ഏകലിംഗികളോ ആയിരിക്കും. അധോജനി. പൂക്കൾക്കു ലിലിയേസി കുലത്തിൽപ്പെട്ട ചെടികളുടെ പൂക്കളോടു സാദൃശ്യമുണ്ട്. വിത്തു ചെറുതാണ്. രണ്ടു ബാഹ്യാവരണം ഉണ്ട്.

ജപം

നാമങ്ങളും മന്ത്രങ്ങളും ഉച്ചരിക്കൽ.

ജട, രഥ എന്നീ ഋഗ്വേദപ്രയോഗവിശേഷങ്ങൾക്ക് ഒരുമിച്ചു ചൊല്ലേണ്ട ഭാഗങ്ങൾക്കിടയ്ക്കു ശ്വാസോച്ഛ്വാസം ചെയ്യാൻ പാടുള്ളതല്ല. ദീർഘനേരം ശ്വാസം അടക്കിപ്പിടിക്കാൻ കഴിയാത്തവർ ഇടയ്ക്കു ശ്വാസംകഴിക്കുംമുമ്പു ചൊല്ലിത്തീർക്കാൻവേണ്ടി സ്വരത്തോടുകൂടാതെ ബാക്കി ഭാഗം അക്ഷരം മാത്രമായി ചൊല്ലിത്തീർക്കുന്നു. അതിന്നും 'ജപിക്കുക' എന്നാണു പറയുന്നത്.

ദീർഘായുസ്സ് ഉദ്ദേശിച്ചു ഋഗ്വേദത്തിലെ ആയുസ്സൂക്തം എന്ന ഭാഗം കാലത്തും രാത്രിയിലും കുട്ടികളെ തൊട്ടു ജപിക്കാറുണ്ട്. വലത്തുകൈകൊണ്ടു കുട്ടികളെ തൊട്ടുകൊണ്ടാണു ജപിക്കുക പതിവ്. ഇതിനു 'തൊട്ടുജപിക്കുക' എന്നു പറയും. ഗർഭസ്ഥശിശുവിന്റെ ശ്രേയസ്സിനെ ഉദ്ദേശിച്ചു ഗർഭിണിയായ അന്തർജനത്തിനു 'നെയ്യ് ജപിച്ചുകൊടുക്കുന്ന' പതിവുണ്ടായിരുന്നു. വെണ്ണയാണു ജപിച്ചുകൊടുക്കുക. ദഹിക്കാവുന്നേടത്തോളം വെണ്ണ വാട്ടിക്കഴുകിയ വാഴയിലയിലെടുത്തു മടക്കി ഒരു ദർഭപ്പുല്ല് ആ വെണ്ണയിൽ തൊടത്തക്കവിധംവച്ചു പുല്ലിന്റെ മറ്റേത്തല പുറത്തെടുത്ത് ആ പുല്ലുകൊണ്ടുതന്നെ മടക്കിയ ഇല കെട്ടി ആ പൊതി കൈയിലെടുത്തു പുരുഷസൂക്തം (ഋഗ്വേദമന്ത്രങ്ങളിലൊന്ന്) ഉരുക്കഴിച്ച് ആ പൊതി പൂജയ്ക്കുപയോഗിക്കുന്ന പീഠത്തിൽവച്ച്, അന്തർജനത്തിനു സേവിക്കാൻ കൊടുത്താൽ ജനിക്കുന്ന ശിശുവിനു നല്ല ബുദ്ധിശക്തിയുണ്ടാവും എന്നായിരുന്നു വിശ്വാസം. നെയ്യുപോലെ വയമ്പും സാരസ്വതമന്ത്രം ജപിച്ചു കുട്ടികൾക്കു കൊടുത്തിരുന്നു.

അനധ്യായദിവസങ്ങളിൽ ആയാലും വേദാധ്യായനം ചെയ്യുന്ന വിദ്യാർഥികൾ മുൻപു പഠിച്ചതു വീണ്ടും ഉരുവിട്ടു ചൊല്ലാറുണ്ട്. ഇതിനു 'ജപം' എന്നാണു പേര്.

സാധാരണ ഭഗവന്നാമങ്ങൾ ജപിക്കുന്നത് എത്രവട്ടമായെന്നറിയാൻ ജപമാല ഉപയോഗിക്കുന്നതു പഴയ പതിവായിരുന്നു. എല്ലാ മതക്കാരും പലതരം ജപമാലകൾ ഉപയോഗിച്ചിരുന്നു. മാലകളുടെ നീളവും മണികളുടെ എണ്ണവും എല്ലാം ഇതിന്നനുസരിച്ചു വ്യത്യാസപ്പെട്ടിരിക്കും.

ജപ്തി (Attachment)

കൈമാറ്റം തടയൽ. സ്ഥാവരവസ്തുവിൻെറ കാര്യത്തിൽ കൈമാറ്റം തടയുന്ന അധികാരി (ഉദ്യോഗസ്ഥൻ) ആ വിവരം നോട്ടീസ് മുഖാന്തരം കൈവശക്കാരനെ വിവരം അറിയിക്കുന്നു. നോട്ടീസ് അവഗണിച്ചു കൈമാറ്റം നടത്തിയാൽ കൈമാറ്റം അസാധു ആകും, കൈമാറ്റം ചെയ്തയാൾ ശിക്ഷാർഹനും ആകും. ജംഗമവസ്തു ആണെങ്കിൽ നിയുക്തനായ ഉദ്യോഗസ്ഥൻ വസ്തു കൈവശപ്പെടുത്തും.

കരക്കുടിശ്ശികയ്ക്കും സർക്കാരിന് ഈടാക്കേണ്ട തുകകൾക്കും വേണ്ടി തഹശീൽദാരുടെ ഉത്തരവ് അനുസരിച്ചു ജംഗമം ജപ്തി ചെയ്തു പിടിച്ചെടുക്കാൻ വില്ലേജ് ഓഫീസർ നിയുക്തനാകുന്നു. വ്യക്തികൾക്കു കോടതി മുഖാന്തരം ആമ്യനെ അയച്ചു ജംഗമങ്ങൾ ജപ്തി ചെയ്യിക്കാം. ഒരു നിശ്ചിതതുകയിൽ കവിഞ്ഞ ശമ്പളം ജപ്തി ചെയ്യാവുന്നതാണ്. എന്നാൽ പെൻഷൻ മുതലായ ചില വരവിനങ്ങൾ ജപ്തിചെയ്യാൻ പാടില്ല.

പ്രതി വസ്തു കൈമാറ്റംചെയ്തു വാദിയെ വഞ്ചിക്കും എന്നു സംശയിക്കുന്ന കേസുകളിൽ അന്യായത്തോടൊപ്പം യുക്തമെന്നു തോന്നുന്നപക്ഷം 'ഉടൻ ജപ്തി' കോടതി അനുവദിക്കാറുണ്ട്.

ജപ്പാനിലെ ആടയാഭരണങ്ങൾ

ജപ്പാനിൽ പ്രാചീനകാലം മുതൽ നിലവിലിരുന്ന വേഷവിധാനങ്ങൾ. അതിപുരാതനകാലത്തു ജപ്പാനിലെ ചക്രവർത്തിമാരും പ്രഭുക്കന്മാരും വിശിഷ്ടാവസരങ്ങളിൽ ധരിക്കാറുള്ള കുപ്പായമാണ് 'ഹോ'. സിൽക്കുതുണികളും വസ്ത്രങ്ങളിലെ ചിത്രത്തുന്നലുകളും ജപ്പാനിൽ പ്രചരിച്ചത് ക്രിസ്തുവർഷാരംഭത്തിനുശേഷമാണ്. എ.ഡി 283-ൽ രൂപരേഖകളോടുകൂടിയ സിൽക്കുതുണിനെയ്ത്തു പഠിപ്പിക്കുന്നതിനായി കൊറിയയിൽനിന്നു രണ്ടു സ്ത്രീകളെ ജപ്പാനിലേക്കയച്ചതായി കാണുന്നു. എ.ഡി. 300-ാമാണ്ടോടുകൂടി ചൈനയിൽനിന്നു തുന്നൽക്കാരികൾ ജപ്പാനിലെത്തി. മൂര്യാകു ചക്രവർത്തിയുടെ കാലത്ത് (456—479) ജപ്പാനിലെ ദേശീയവസ്ത്രങ്ങൾ പരിഷ്കരിക്കപ്പെട്ടു. ന്യൂകോ ചക്രവർത്തി(593—628)യുടെ കാലത്ത്, ചൈനയിലെ താങ്വംശത്തെ അനുകരിച്ചു ജനങ്ങളുടെ സാമൂഹികപദവികൾക്കനുസൃതമായ ശിരോവേഷ്ടനങ്ങൾ നടപ്പാക്കി. കുപ്പായങ്ങളുടെ വർണം, രൂപം, കൈയിറക്കം, കേശാലങ്കാരം എന്നിവയിലുള്ള ഭേദം സാധാരണജനങ്ങളെയും പുരോഹിതരെയും സൈനികരെയും തരംതിരിച്ചു നിർത്തി.



ഇടത്ത്: ജോലി ചെയ്യുമ്പോൾ ധരിക്കുന്ന വേഷം
വലത്ത്: കിമോണോ, ഒബി, താബി, (ആധുനികവേഷം)

'കസ്സാൻ' എന്ന അടിക്കുപ്പായം 'അകോമെ' എന്ന ഇറക്കം കുറഞ്ഞ കുപ്പായത്തോടൊപ്പമാണു ധരിക്കാറ്. 'ഹിറ്റ-ഗുറ്റ്സു' എന്ന പാദാവരണങ്ങൾക്കു മുകളിൽവരെയെത്തുന്ന 'ഹക്കാറു' എന്ന അയവുള്ള കുപ്പായം ജപ്പാനിൽ സാധാരണമായിരുന്നു. ശിരോവേഷ്ടനത്തിനു പറഞ്ഞിരുന്ന പേരാണ് 'സുബരകാഷി'. തലയിൽ പിന്നുകളും, ക്വാഷും, 'കൻജാഷി' എന്ന വിശിഷ്ടവസ്ത്രവും അണിയാറുണ്ട്. രാജകീയ വനിതകൾ, ചിത്രത്തുന്നലുള്ള 'ഗോയി' എന്ന സിൽക്കുകുപ്പായവും, 'കരാങ്ങിനു' എന്ന ചെറിയ കുപ്പായവും ധരിക്കാറുണ്ട്. പിൻഭാഗത്തെ മേൽക്കുപ്പായമാണ് മോ. മെയിജി കാലഘട്ടംവരെ (1868—1912) ഈ വസ്ത്രധാരണരീതി നിലനിന്നു. 1885-ൽ രാജസദസ്സിലെ അംഗങ്ങൾ പാശ്ചാത്യവസ്ത്രധാരണരീതി സ്വീകരിക്കണമെന്ന നിയമം നടപ്പിൽവന്നു.

ബൽറ്റുകൊണ്ടു ബന്ധിക്കുന്നതും കൈയിറക്കമുള്ളതും കണ്ഠാഭരണങ്ങളോടുകൂടിയതുമായ കിമോണോ എന്ന അയവുള്ള മേലങ്കി ജപ്പാനിലെ സ്ത്രീകൾ ഇപ്പോഴും ധരിക്കുന്നു. 1159-നുശേഷമാണ് സ്ത്രീകൾ 'ഹകാമ' ഉപേക്ഷിച്ച്, രണ്ടുമൂന്നടുക്കായുള്ള 'ഹമോരി' എന്ന കുപ്പായം ധരിക്കാൻ തുടങ്ങിയത്. 25 സെ.മീ. വീതിയും 2.7 മീ. നീളവുമുള്ള പട്ടുകൊണ്ട് അവർ ശരീരത്തിൻെറ മധ്യഭാഗത്ത് രണ്ടോ മൂന്നോ ചുറ്റുചുറ്റി കെട്ടുന്നു. അയവുള്ള പാദാവരണങ്ങളും പട്ടയോടുകൂടിയ പാദുകങ്ങളും ആധുനിക ജാപ്പനീസ് വനിതകൾ ഉപയോഗിക്കുന്നു. കേശലേപനമായി ഇവർ ഉപയോഗിക്കുന്നത് വെളിച്ചെണ്ണയാണ്. ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾ മിക്കവാറും നഗ്നപാദരാണ്. ജാക്കറ്റും കാലുറകളും വലിയ പുൽത്തൊപ്പിയും ചേർന്ന ജാപ്പനീസ് ഗ്രാമീണരുടെ പരമ്പരാഗതമായ വേഷം ഇക്കാലത്തും നിലവിലുണ്ട്.

ചക്രവർത്തിയുടെ സിംഹാസനാരോഹണം തുടങ്ങിയവ ഒഴിച്ചുള്ള പഴയ ചടങ്ങുകളും ചിട്ടകളും മറ്റും ക്രമേണ അമേരിക്കൻ സ്വാധീനത്തിനു വഴിമാറിക്കൊടുത്തുവരുന്നു. അധ്യാപകരും വിദ്യാർഥികളും ഓഫീസുജീവനക്കാരും പാശ്ചാത്യവേഷമാണു ധരിക്കുന്നത്. ഉത്സവാഘോഷങ്ങളിൽ മിക്കവരും നാടൻവേഷം അണിയുന്നു.

ജപ്പാനിലെ ഭാഷ.

†ജാപ്പനീസ് ഭാഷ നോക്കുക.

ജപ്പാൻ

വടക്കുകിഴക്കനേഷ്യയിൽ പസിഫിക്ക് സമുദ്രത്തിൽ നാലു വലിയ ദ്വീപുകളും മൂവായിരത്തിൽപ്പരം ചെറുദ്വീപുകളും ചേർന്ന രാജ്യം. ഹൊക്കയിദോ, ഹോൻഷൂ, ഷിക്കോകു, ക്യൂഷു എന്നിവയാണ് നാലു പ്രധാന ദ്വീപുകൾ. 45. കി.മീ. വീതിയുള്ള സോയ കടലിടുക്ക് വടക്കുള്ള ഹൊക്കയിദോ ദ്വീപിനെ സഖാലിൻ ദ്വീപിൽനിന്ന് വേർതിരിക്കുന്നു. തെക്ക് ക്യൂഷു ദ്വീപിനും കൊറിയയ്ക്കുമിടയ്ക്ക് 200 കി.മീ. വീതിവരുന്ന സുഷീമകടലിടുക്കും ചോസൻ കടലിടുക്കുമുണ്ട്. ആകെ വിസ്തൃതി 3,77,727 ച.കി.മീറ്റർ. ജനസംഖ്യ 12,21,00,000 (1988).

ഭൂസ്ഥിതി. വിസ്തൃതിയിൽ ചെറുതാണെങ്കിലും വളഞ്ഞുപുളഞ്ഞ കടൽക്കരയ്ക്ക് 26,646 കി.മീ.നീളമുണ്ട്. സ്വാഭാവികമായ നൗകാശയങ്ങൾ വളരെയുണ്ട്.

മലകളും കുന്നുകളും നിറഞ്ഞ പ്രദേശമായതിനാൽ വിസ്തൃതിയുടെ ആറിലൊരു ഭാഗമേ കൃഷിക്കും വ്യവസായത്തിനും ആയി ഉപയോഗിക്കുന്നുള്ളു. മലകളിൽ പലതും അഗ്നിപർവതങ്ങളാണ്. 3776 മീ. പൊക്കമുള്ള ഫ്യൂജി-യാമയാണ് ഇവയിൽ ഏറ്റവും ഉയര



മുള്ളത്. 1707-നു ശേഷം ഫ്യൂജി പൊട്ടിത്തെറിച്ചിട്ടില്ല. നാലു പ്രധാന ദ്വീപുകളിലും വ്യാപിച്ചുകിടക്കുന്ന പർവതശൃംഖലയിൽനിന്നു നദികൾ ഉദ്ഭവിച്ചു രണ്ടുവശത്തേക്കും ഒഴുകുന്നു. ഗതാഗതത്തിനു വലിയ സൗകര്യമില്ലാത്ത ജപ്പാനിലെ നദികൾക്കു പൊതുവെ ആഴവും നീളവും വീതിയും കുറവാണ്. ശക്തിയായ ഒഴുക്കും ഉണ്ട്. ജലവിദ്യുച്ഛക്തി ഉത്പാദിപ്പിക്കാനുള്ള സൗകര്യം ധാരാളമുണ്ട്. 356 കി.മീ.നീളമുള്ള ജപ്പാനിലെ ഏറ്റവും വലിയ നദിയായ ഷിനാനൊ പശ്ചിമതീരത്തുവച്ചു ജപ്പാൻസമുദ്രത്തിൽ ചേരുന്നു.

ജപ്പാൻ വിദൂരപൗരസ്ത്യദേശത്തെ സൗന്ദര്യറാണിയാണ്. അവിടെ ഇരുപതോളം നാഷനൽ പാർക്കുകളുണ്ട്. ചെറിയ പാർക്കുകൾ വേറെയും. പാർക്കുകളുടെ ആകെ വിസ്തൃതി ജപ്പാന്റെ ഭൂപ്രദേശത്തിന്റെ 4.3% വരും. ധാരാളം ചുടുനീരുറവകളും ധാതുലവണങ്ങൾ അടങ്ങിയിട്ടുള്ള നീരുറവകളും മറ്റൊരു സവിശേഷതയാണ്.

ഭൂകമ്പമേഖലയിലാണു ജപ്പാൻ സ്ഥിതിചെയ്യുന്നത്. ഭൂമികുലുക്കം പല ഭാഗങ്ങളിലും പലപ്പോഴും ഉണ്ടാകാറുണ്ട്. ഇതുമൂലം ആൾനാശവും സാമ്പത്തികനഷ്ടങ്ങളും സീമാതീതമാണ്.

വിഭജനം. എട്ടു മേഖലകളാണു ജപ്പാനിലുള്ളത്—ഹൊക്കയിദൊ, തോ ഹൊ കു, കാന്തോ, ചൂബു, കിൻ കി, ചൂഗോക്കു, ഷിക്കോകു, ക്യൂഷു.

ഹൊക്കയിദൊയും തോ ഹൊ കുവും അവികസിതപ്രദേശങ്ങളാണ്. വനവിഭവസംസ്കരണം, കൃഷി, മത്സ്യബന്ധനം, ഖനനം എന്നിവയാണു പ്രധാന തൊഴിലുകൾ. തണുത്ത കാലാവസ്ഥയാണ്. കാലാവസ്ഥ മിതമായുള്ള കാന്തോ, ചൂബു എന്നീ മേഖലകൾ എദോ കാലഘട്ടത്തിനുശേഷം (1618—1868) അതിവേഗം വികാസം പ്രാപിച്ചു. കെയിഹിൻ (റേക്കിയോ യോക്കഹാമ), ചൂക്കിയോ (നഗൊയ) എന്നീ വ്യവസായകേന്ദ്രങ്ങൾ യഥാക്രമം കാന്തോ-ചൂബു മേഖലകളിലാണ്.

അവസാനത്തെ നാലു മേഖലകൾ മിതോഷ്ണകാലാവസ്ഥമൂലം നേരത്തെ വികാസംപ്രാപിച്ചവയാണ്. കെയ്ഹാൻഷിൻ വ്യവസായകേന്ദ്രം (ഒസാകാ കോബെ, ക്യോടോ) കിൻകി മേഖലയിലാണ്. ശേഷിക്കുന്ന വലിയ വ്യവസായകേന്ദ്രം ക്യൂഷുവിന്റെ ഉത്തരഭാഗം മുഴുവൻ വ്യാപിച്ചുകിടക്കുന്ന കിരാക്യൂഷുവാണ്.

ഭരണപരവിഭജനം. ജപ്പാനിലെ പ്രധാന ദ്വീപുകൾ മുമ്പു പല സംസ്ഥാനങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. തത്സ്ഥാനത്ത് ഇപ്പോൾ 46 കെൻ (പ്രവിശ്യകൾ) ആണുള്ളത്. ഓരോ പ്രവിശ്യയും നഗരം (ഷി), പട്ടണം (മാച്ചി), ഗ്രാമം (മുറാ) എന്നിങ്ങനെ വീണ്ടും വിഭജിക്കപ്പെട്ടിരിക്കുന്നു.

1868 വരെ ക്യോടോ ആയിരുന്നു തലസ്ഥാനം. ഹോൺഷുവി



ഹിരോഷിമയ്ക്കു
തെക്കുപടിഞ്ഞാറുള്ള
പ്രകാശദ്വീപ്

ന്റെ കിഴക്കെ തീരപ്രദേശത്തുള്ള ടോക്കിയോ ആണ് ഇപ്പോൾ ജപ്പാന്റെ തലസ്ഥാനം. ഇതു താരതമ്യേന പുതിയ നഗരമാണ്. ടോക്കിയോ മെട്രാപോളിസിന്റെ വിസ്താരം 2,162 ച.കി.മീറ്റർ. ജനസംഖ്യ 1,18,93,000 (1986). ഇതാണു ലോകത്തിലേക്ക് ഏറ്റവുമധികം ജനസംഖ്യയുള്ള നഗരം. തുറമുഖനഗരമായ യോക്കോഹാമ ടോക്കിയോയിൽനിന്ന് 32 കിലോമീറ്റർ തെക്കു സ്ഥിതിചെയ്യുന്നു. പ്രധാന വ്യവസായ-വാണിജ്യകേന്ദ്രം ഒസാകായും അതിന്റെ തുറമുഖനഗരം കോബെയുമാണ്. ഹോൺഷുവിന്റെ തെക്കെ അറ്റത്തു കിടക്കുന്ന ഷിമൊണോ സെക്കിയെ ക്യൂഷുവിലെ വടക്കെ അറ്റത്തുള്ള മോജിയുമായി സമുദ്രത്തിനടിയിലൂടെ നിർമിച്ച ഒരു തുരങ്കംവഴി ബന്ധിപ്പിച്ചിട്ടുണ്ട്.

കാലാവസ്ഥ. ജപ്പാന്റെ പ്രദേശങ്ങളധികവും മിതശീതോഷ്ണ മേഖലയിലാണ്. വസന്തവും ശരത്തുമാണ് ഏറ്റവും സുന്ദരമായ ഋതുക്കൾ. ശരാശരി വാർഷികതാപനില 14.7°C. ഏറ്റവും കുറഞ്ഞ ചൂട് (3.7°C.) ജനുവരിയിലും, ഏറ്റവും കൂടിയ ചൂട് (26.4°C.) ഓഗസ്റ്റിലും ആണ്. ശാന്തസമുദ്രത്തിലെ ഉഷ്ണജലപ്രവാഹം കാരണം പസിഫിക്ക്തീരത്തുള്ള ജില്ലകളിൽ ജപ്പാൻകടലിന്റെ തീരത്തുള്ള ജില്ലകളെ അപേക്ഷിച്ചു താപനില ഉയർന്നതാണ്. ഉത്തര-മധ്യമേഖലകളിൽ കനത്ത മഞ്ഞുവീഴ്ച ഉണ്ടാകാറുണ്ട്. ശാന്തസമുദ്രത്താൽ ചുറ്റപ്പെട്ടു കിടക്കുന്നതിനാൽ ഈർപ്പവും മഴയും ജപ്പാനിൽ കൂടുതലാണ്. മിക്ക മാസങ്ങളിലും മഴ ഉണ്ടെങ്കിലും ബയി-ഉ എന്ന മഴക്കാലം ആരംഭിക്കുന്നതു ജൂൺ മധ്യത്തിലാണ്. മൂന്നോ നാലോ ആഴ്ചയാണു മഴക്കാലം.



ടോക്കിയോയിലെ പാർലമെന്റുമന്ദിരം

ജനങ്ങൾ. ജപ്പാന്റെ കവാടങ്ങൾ അന്യരാജ്യക്കാർക്കായി തുറന്നിട്ട കാലം മുതലാണ് അവിടെ ജനസംഖ്യ വർധിക്കാനാരംഭിച്ചത്. 1874-ൽ 3.5 കോടിയായിരുന്ന ജനസംഖ്യ 1891-ൽ 4 കോടിയായും 1926-ൽ 6 കോടിയായും വർധിച്ചു. 1948-ൽ 8 കോടി ജനങ്ങളുണ്ടായിരുന്നു. 1955-ൽ ജനസംഖ്യ 9 കോടിയായി. 1965-ലെ ജനസംഖ്യ 9.8 കോടിയാണ്. ലോകരാഷ്ട്രങ്ങളിൽ ജനസംഖ്യ കൊണ്ട് 7-ാം സ്ഥാനമാണു ജപ്പാന്. ജനസാന്ദ്രത ഒരു ച.കി.മീറ്ററിന് 323.2. മൊത്തം ജനസംഖ്യയിൽ 76.2% നഗരങ്ങളിൽ ജീവിക്കുന്നതായിട്ടാണ് 1986-ലെ കണക്കുകൾ സൂചിപ്പിക്കുന്നത്.

ജപ്പാനിൽ ആദ്യം ജനങ്ങൾ കുടിയേറിപ്പാർത്തതു ചൈനയിൽനിന്നാണെന്നും ദക്ഷിണപസിഫിക് ദ്വീപുകളിൽ നിന്നാണെന്നും രണ്ടു മതമുണ്ട്. ഈ രണ്ടു വിഭാഗക്കാരുടെയും ശാരീരികസ്വഭാവങ്ങൾ ഇന്നത്തെ ജപ്പാൻകാരിൽ ഉണ്ട്. ജനങ്ങൾ ശാന്തരും അധ്വാനശീലരും സ്വരാജ്യസ്നേഹികളുമാണ്. അടുത്തകാലംവരെ 'ഹരാകിരി' (ഉദരം കീറിയുള്ള ആത്മഹത്യ) നടത്തുന്ന സ്വഭാവം ഇവർക്ക് ഉണ്ടായിരുന്നു. തെറ്റ് സ്വയം ഏല്ക്കുമ്പോഴാണ് ഇതു നടത്തുന്നത്.

ഭൂകമ്പമുണ്ടാകുന്ന പ്രദേങ്ങളിൽ ഈടുറ്റ കെട്ടിടങ്ങൾ നിർമിക്കാറില്ല. സാധാരണക്കാരുടെ വീടുകൾ വൃത്താകൃതിയിൽ ചെറുതായിരിക്കും, കനം കുറഞ്ഞ സാധനങ്ങൾകൊണ്ടുണ്ടാക്കിയ ഒറ്റനില ക്കെട്ടിടങ്ങളുമാണ്. വഴുതി നീങ്ങുന്ന വാതിലുകളും ജനലുകളും വേണ്ടത്ര അകസ്സാമാനങ്ങളും കട്ടിയുള്ള പുൽപായ വിരിച്ച തറയും ഉണ്ടാവും. ഋതുക്കൾക്കനുയോജ്യമായ ചുരുൾചിത്രം ചുമരിനെ അലങ്കരിക്കുന്നു. പൂന്തോട്ടത്തിനു സ്ഥലമില്ലെങ്കിൽ ചട്ടികളിലും മറ്റും ചെടികളും ചെറുമരങ്ങളും നട്ടുപിടിപ്പിക്കുന്നു.

ജപ്പാൻകാരുടെ പ്രാധാനാഹാരം ചോറാണ്. ഉപദംശങ്ങളിൽ സുയിമോണോ (സൂപ്പ്), നിമോണോ (സോയാസോസിൽ പാകപ്പെടു

ത്തിയ മത്സ്യമോ, പച്ചക്കറികളോ), ടെമ്പുറ (വറുത്തത്), ടുസ്കെമോണോ (ഉപ്പിലിട്ടത്) മുതലായവ ഉൾപ്പെടുന്നു. രണ്ടു ചെറിയ കമ്പുകൾ ഉപയോഗിച്ചാണു ജപ്പാൻകാർ സാധാരണ ഭക്ഷണം കഴിക്കുന്നത്.

ചരിത്രം. അതിപുരാതനമായ ഒരു ചരിത്രമാണു ജപ്പാനുള്ളത്. ആദ്യകാലചരിത്രം ഐതിഹ്യങ്ങളിലും കെട്ടുകഥകളിലുംനിന്നേ മനസ്സിലാക്കാൻ കഴിയൂ. എന്നാൽ പുതുമയ്ക്കുവേണ്ടി ദാഹിക്കുന്ന യുവത്വത്തിൻെറ ചൈതന്യം ജപ്പാൻെറ ചരിത്രത്തിൽ ഉടനീളം പ്രസരിച്ചിരുന്നു. പഴമയെ പരിഷ്കരിക്കാനും പുതുമകൾ കണ്ടെത്താനും അവർ ശ്രമിച്ചു.

ആദ്യകാലജനത. നവീന ശിലായുഗത്തിൽ ജപ്പാനിൽ മനുഷ്യർ പാർത്തിരുന്നതായി പറയുന്നു. ഇന്നു കാണുന്ന ജപ്പാൻകാർ വിവിധ വർഗങ്ങൾ തമ്മിലുള്ള വേഴ്ചയിൽനിന്നു ക്രമേണ രൂപം കൊണ്ട സങ്കരവർഗമാണ്.

13-ാം നൂറ്റാണ്ടുവരെ: എ.ഡി. നാലാം നൂറ്റാണ്ടിൻെറ തുടക്കത്തിൽ ചെറിയ സംസ്ഥാനങ്ങൾ ലയിച്ചു ചേർന്ന് ജപ്പാൻ എന്ന രാഷ്ട്രമുണ്ടായി. ചക്രവർത്തിയായിരുന്നു രാഷ്ട്രത്തലവൻ. ആദ്യകാലങ്ങളിൽ ജപ്പാൻകാർ കൊറിയയിലും ചൈനയിലും നിന്നു കലയും സംസ്കാരവും സ്വീകരിച്ചു വളർത്തിയെടുത്തു. വൈദ്യശാസ്ത്രത്തിൻെറ ആദ്യപാഠങ്ങൾ ചൈനീസ് തത്ത്വശാസ്ത്രം, കലണ്ടർ നിർമാണം, ജ്യോതിശ്ശാസ്ത്രതത്ത്വങ്ങൾ എന്നിവ ഇവർ പഠിച്ചതു ചൈനീസ് ലിപികളിലൂടെയായിരുന്നു. ജപ്പാൻെറ ആദ്യകാലചരിത്രത്തെയും ഭൂമിശാസ്ത്രത്തെയുംകുറിച്ചു ഗ്രന്ഥങ്ങളുണ്ടായത് 8-ാം നൂറ്റാണ്ടിൻെറ തുടക്കത്തോടുകൂടിയാണ്. പതിനൊന്നാംനൂറ്റാണ്ടിൻെറ തുടക്കത്തിലാണ് വിശ്വസാഹിത്യത്തിലെ വിശിഷ്ടനോവലുകളിലൊന്നായ 'ഗഞ്ചിമോണോഗതാരി' രചിച്ചത്.

ജപ്പാൻെറ പുരാതന തലസ്ഥാനം എട്ടാംനൂറ്റാണ്ടിൽ യമാട്ടോ ജില്ലയിലെ നാറാ നഗരമായിരുന്നു. 794-ൽ നാറായ്ക്കു വടക്കുള്ള ക്യോടോയിലേക്കു തലസ്ഥാനം മാറ്റി. ഒരു ഐതിഹാസികസംസ്കാരത്തിൻെറ ആസ്ഥാനമായിരുന്നു ക്യോടോ. 1868 വരെ ആ നഗരം തലസ്ഥാനമായി തുടർന്നു. ഹെയ്യാൻ കാലഘട്ടത്തിൽ ജപ്പാൻ ഫ്യൂജിവ വംശത്തിൻെറ ആധിപത്യത്തിലമർന്നു. ഹിരകന, കതകന എന്നീ രണ്ടുതരം ജാപ്പനീസ് അക്ഷരങ്ങൾ കണ്ടുപിടിച്ചത് ഇക്കാലത്താണ്.

മധ്യകാലഘട്ടം. ഇതു സമുറായി ഘട്ടമാണ്. 13-ാം നൂറ്റാണ്ടു മുതൽ 19-ാം നൂറ്റാണ്ടിൻെറ മധ്യംവരെയുള്ള കാലത്തു ഭരണാധികാരം വഹിച്ചിരുന്നതു 'സമുറായി' എന്നറിയപ്പെടുന്ന യോദ്ധാക്കളാണ്. ഇക്കാലത്തു രാഷ്ട്രീയജീവിതത്തിൻെറ സിരാകേന്ദ്രം കമാകുറയിലേക്കും പിന്നീടു ക്യോടോയിലേക്കും അവസാനമായി എദോ(ഇപ്പോഴത്തെ ടോക്കിയോ)യിലേക്കും മാറി.



അന്തരിച്ച ചക്രവർത്തി ഹിരോഹിതോയും പത്നിയും വസതിയിലെ ഉദ്യാനത്തിൽ

1192-ൽ മിനാമൊത്തൊ കുടുംബത്തിൻെറ തലവനായ യോറിത്തോമൊ ഒരു സൈനികഭരണകൂടം കമാകുറയിൽ സ്ഥാപിച്ച് എല്ലാ ഭരണാധികാരവും പിടിച്ചടക്കി.

16-ാം നൂറ്റാണ്ടിൻെറ അവസാനകാലത്ത് ജപ്പാനിൽ ആഭ്യന്തര യുദ്ധങ്ങൾ നടന്നു. പ്രഭുക്കന്മാർ ആധിപത്യത്തിനായി പരസ്പരം മല്ലടിച്ചു. നിരന്തരമായ ഈ സമരങ്ങളുടെ കാലത്താണ് (1573—1603) ജപ്പാനിലെ പല കൊട്ടാരങ്ങളും നിർമിച്ചത്. 1590-ൽ 'ഹിദേയോഷി തൊയോത്തോമി' എന്ന സൈന്യാധിപൻ ജപ്പാനിൽ സമാധാനം പുനഃസ്ഥാപിച്ചു. ജപ്പാനിലെ നെപ്പോളിയൻ എന്നറിയപ്പെടുന്ന ഈ ജനറൽ 1598-ൽ മരിച്ചു. പിൻഗാമിയായ ഇയേയാസു തൊക്കുഗാവരാജ്യം ഏകീകരിച്ചു. ഇദ്ദേഹം തൊക്കുഗാവ സൈനികഭരണകൂട(ഷോഗുനേറ്റ്)ത്തിൻെറ സ്ഥാപകനാണ്.

എദോകാലഘട്ടം: തൊക്കുഗാവയുടെ ഷോഗുനേറ്റുഘട്ടം മൂന്നു നൂറ്റാണ്ടോളം നീണ്ടുനിന്നു. ആസ്ഥാനം എദോ ആയിരുന്നു. ഇക്കാലത്ത് സുസംഘടിതമായ ഒരു രാഷ്ട്രീയസംവിധാനം രൂപംകൊണ്ടു. പൂന്തോട്ടത്തോടുകൂടിയ ഭവനങ്ങളുടെ ശില്പകലയും തേയിലച്ചടങ്ങും പുഷ്പസംവിധാനകലയും ജപ്പാനിൽ രൂപംകൊണ്ടത് ഇക്കാലത്താണ്. 'നോ' നാടകത്തിന് സമുറായികളുടെ ഇടയിലും 'കബുക്കി'ക്ക് സാമാന്യജനങ്ങളുടെയിടയിലും പ്രചാരം ലഭിച്ചു. ഉക്കിയോയെ എന്ന ജാപ്പനീസ് ചിത്രകല വികാസംപ്രാപിച്ചു.



പരമ്പരാഗതമായ
ചായച്ചടങ്ങ്.
ഇതൊക്കെ ഇപ്പോൾ
ഇല്ലാതായി
ക്കൊണ്ടിരിക്കുന്നു.

സമുറായി, കർഷകർ, കരകൗശലക്കാർ, വ്യാപാരികൾ എന്നീ നാലു ജനവിഭാഗങ്ങൾ നിലവിൽവന്നു. എണ്ണത്തിൽ കുറവെങ്കിലും സമുറായി രാഷ്ട്രീയാധികാരം കൈയടക്കി. എന്നാൽ വാണിജ്യപ്രവർത്തനങ്ങൾ വികസിച്ചതോടെ വ്യാപാരികളുടെ സ്വാധീനശക്തി വർധിച്ചു.

പാശ്ചാത്യസമ്പർക്കം. ജപ്പാൻകാർ പാശ്ചാത്യസമ്പർക്കത്തിലേർപ്പെട്ടത് 16-ാം നൂറ്റാണ്ടിൻെറ മധ്യകാലത്താണ്. പോർത്തുഗീസ് വ്യാപാരികളായിരുന്നു ആദ്യം ജപ്പാനിലെത്തിയത്. 1543-ൽ ക്യൂഷുവിൻെറ തെക്കെയറ്റത്തുള്ള ചെറിയ ദ്വീപിൽ അവർ എത്തി. ജെസ്യൂട്ട് പാതിരിമാരും ചെറുസംഘങ്ങളായി സ്പെയിൻകാരും ജപ്പാനിൽവന്നു. ഫ്രാൻസിസ് സേവിയർ 1549-ൽ എത്തി. ക്രമേണ ബ്രിട്ടീഷുകാരും ഡച്ചുകാരുമായി വ്യാപാരബന്ധങ്ങൾ ആരംഭിച്ചു. തെക്കെ ജപ്പാനിൽ ഒട്ടധികംപേരെ യൂറോപ്യൻ പാതിരിമാർ ക്രിസ്തുമതത്തിൽ ചേർത്തു. മതത്തിൽക്കൂടി പാശ്ചാത്യർ രാഷ്ട്രീയസ്വാധീനം ചെലുത്തുമെന്നു ഭയന്ന് ജനറൽ ഇയേമിറ്റ്സു ജനങ്ങൾ ക്രൈസ്തവസിദ്ധാന്തങ്ങൾ അനുകരിക്കുന്നതിനെ നിരോധിച്ചു. ഡച്ചുകാരും ചൈനക്കാരുമായ വ്യാപാരികളൊഴിച്ചുള്ള വിദേശികൾ ജപ്പാനിൽ കടക്കരുതെന്ന് അദ്ദേഹം വിലക്കി. ഈ രണ്ടുകൂട്ടർ തന്നെയും നാഗസാക്കിയുടെ സമീപമുള്ള ഒരു ചെറുദ്വീപിൽ ഒതുങ്ങിക്കൊള്ളണമെന്നു നിർദേശിച്ചു. ഇങ്ങനെ രണ്ടരനൂറ്റാണ്ടുകാലം ജപ്പാൻ ലോകത്തിൻെറ ഇതരഭാഗങ്ങളിൽനിന്ന് ഒറ്റപ്പെട്ടു കഴിഞ്ഞു.

ആധുനികകാലം: 18-ാം നൂറ്റാണ്ടിൻെറ അവസാനകാലം മുതൽ ജപ്പാൻെറ തുറമുഖങ്ങൾ വിദേശക്കപ്പലുകൾക്കുവേണ്ടി തുറന്നുകൊടുത്തു. ഫ്യൂഡൽസാമൂഹിക-രാഷ്ട്രീയഘടന അധഃപതിച്ചു. 1853-ൽ അമേരിക്കൻ കമ്മോഡോർ പെറിയുടെ വരവ് ജപ്പാന് ഷോക്കുചികിത്സയായി. 1854-ൽ ജപ്പാൻകാർ യു.എസ്.എ.യുമായി സഖ്യമുണ്ടാക്കി. തുടർന്ന് മറ്റു രാജ്യങ്ങൾക്കും പ്രവേശനമനുവദിച്ചു. 16-ാമത്തെ ജനറലായ യോഷിനോസു 1867-ൽ രാജി സമർപ്പിച്ചു. ഭരണാധികാരം അടുത്തവർഷം ചക്രവർത്തിയുടെ കീഴിലായി. രാജകീയ തലസ്ഥാനം എദോയിലേക്കു മാറ്റി. എദോ എന്ന പേരിനു പകരം ടോക്കിയോ എന്ന പുതിയ പേര് സ്വീകരിച്ചു. മെയിജി എന്ന പുതിയ കാലഘട്ടത്തിൻെറ തുടക്കംകുറിക്കുന്ന സംഭവങ്ങളാണ് ഇവ.

പുഷ്പാലങ്കാരം - ജപ്പാൻെറ പൗരാണികരീതി

മെയിജി-തയിഷോ കാലഘട്ടം: ഫ്യൂഡൽ സമ്പ്രദായം തുടച്ചുനീക്കപ്പെട്ടു. പുതിയ മെയിജി ഗവൺമെൻറ് പ്രവിശ്യകൾ (കെൻ) സ്ഥാപിച്ചു. നാടുവാഴികളുടെ സ്ഥാനത്ത് കേന്ദ്രഗവൺമെൻറിൻെറ ഗവർണർമാരെ നിയമിച്ചു. രാഷ്ട്രത്തലവൻ ചക്രവർത്തിയായിരുന്നു. 1873-ൽ ഭൂനികുതിസമ്പ്രദായം പരിഷ്കരിച്ചു. ഏകീകൃതനികുതിസമ്പ്രദായം ആവിഷ്കരിച്ചു. നികുതി പണമായി നല്കിയാൽ മതിയെന്നു വ്യവസ്ഥചെയ്തു.

1888-ൽ കെമ്പോ ഭരണഘടനയുടെ നിർമാണം പൂർത്തിയായി. ചക്രവർത്തിയുടെ അംഗീകാരം ലഭിച്ചതിനെത്തുടർന്ന് 1889 ഫെബ്രുവരി 11-ാംതീയതി അതു പ്രാബല്യത്തിൽവന്നു. ജപ്പാൻ പാർലമെൻറിൻെറ (ഡയറ്റ്) ആദ്യത്തെ സമ്മേളനം 1890-ൽ ചേർന്നു.

പുതിയ ഭരണകൂടത്തിൽ പ്രതിരോധവകുപ്പിനു കൂടുതൽ പ്രാധാന്യം ലഭിച്ചു. 1894-'95-ൽ ചൈനയ്ക്കെതിരായ യുദ്ധത്തിലും 10 വർഷം കഴിഞ്ഞ് റഷ്യയുമായുള്ള യുദ്ധത്തിലും ജപ്പാൻ ജയിച്ചു. 1912-ൽ ആണ് മെയിജി ചക്രവർത്തി അന്തരിച്ചത്.

ഷോവാകാലഘട്ടം: 1926-ൽ തയിഷൊ ചക്രവർത്തി അന്തരിച്ചു. ഹിരോഹിതോ സിംഹാസനാരൂഢനായി. അദ്ദേഹത്തിൻെറ ഭരണകാലത്തെ ഷോവാകാലഘട്ടമെന്നാണ് പറയുക. ജപ്പാൻകൂടി പങ്കെടുത്ത ഒന്നാംലോകയുദ്ധത്തിൻെറ അവസാനത്തോടെ അഞ്ചു ലോകമഹാശക്തികളിൽ ഒന്നായി ഈ രാജ്യം. 1910-ൽ കൊറിയയും 1931-ൽ മഞ്ചൂറിയയും ജപ്പാൻെറ അധീനത്തിലായി. 1937-ൽ ജപ്പാനും ചൈനയും തമ്മിൽ വീണ്ടും യുദ്ധമുണ്ടായി. തുടർന്ന് രണ്ടാം ലോകയുദ്ധത്തിൽ അച്ചുതണ്ടുശക്തികളിൽ ഒന്നായി ജപ്പാൻ യുദ്ധം ചെയ്തു. യുദ്ധത്തിൽ തോറ്റ ജപ്പാൻ ആകെ തകർന്നു. ഭരണം യു.എസ്സിൻെറ നിയന്ത്രണത്തിലായി. ഏഴുവർഷം നീണ്ടുനിന്ന സഖ്യകക്ഷി അധിനിവേശഭരണത്തിനുശേഷം 1952 ഏപ്രിലിൽ ജപ്പാൻ സ്വതന്ത്രമായി.

രണ്ടാംലോകയുദ്ധത്തെ തുടർന്നുണ്ടായ ജപ്പാൻെറ പതനത്തോടെ ചക്രവർത്തിയുടെ ഉന്നതപദവിക്ക് ഊനംതട്ടി. 1947 മേയിൽ ഒരു പുതിയ ഭരണഘടന പ്രാബല്യത്തിൽവന്നു. ജപ്പാനിലെ രാഷ്ട്രീയഘടനയിൽ വ്യക്തമായ മാറ്റങ്ങൾവരുത്തിയ ഈ ഭരണഘടനയനുസരിച്ച് ചക്രവർത്തിയുടെ പദവിക്കു പരിവർത്തനം സംഭവിച്ചു. തികച്ചും സ്വകാര്യസ്വഭാവമുള്ള സ്വത്തുക്കളൊഴിച്ചുള്ള രാജകീയ വസ്തുവകകളെല്ലാം രാഷ്ട്രത്തിൻെറ സ്വത്തായി. രാഷ്ട്രത്തിൻെറ പരമാധികാരം ജനങ്ങളിൽ അർപ്പിതമായി. ചക്രവർത്തി രാഷ്ട്രത്തിൻെറയും ജനങ്ങളുടെ ഐക്യത്തിൻെറയും പ്രതീകം മാത്രമായി. നിയമനിർമാണസഭ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നീ മൂന്നു ശാഖകളായി ഭരണാധികാരം വിഭജിക്കപ്പെട്ടു.

നിയമനിർമാണം. ഏറ്റവുമുയർന്ന നിയമനിർമാണഘടകം രണ്ടുമണ്ഡലമുള്ള ഡയറ്റ് ആണ്. 512 അംഗങ്ങളുള്ള പ്രതിനിധിസഭയും 252 അംഗങ്ങളുള്ള കൗൺസിലർ സഭയുമാണ് മണ്ഡലങ്ങൾ. അംഗങ്ങളെ 6 കൊല്ലത്തേക്കു തിരഞ്ഞെടുക്കുന്നു. മൂന്നുവർഷം കഴിയുമ്പോൾ പകുതി അംഗങ്ങൾ പിരിയുന്നു. പ്രതിനിധിസഭയുടെ കാലാവധി നാലുകൊല്ലമാണ്. രണ്ടുസഭകളിലെയും അംഗങ്ങളെ ജനങ്ങൾ നേരിട്ടു തിഞ്ഞെടുക്കുന്നു. 20 വയസ്സിനുമേൽ പ്രായമുള്ള എല്ലാവർക്കും വോട്ടവകാശമുണ്ട്. നിയമങ്ങൾ നിർമിക്കുന്നതിനും ദേശീയബജറ്റുകൾ തയ്യാറാക്കുന്നതിനും ദേശീയനയങ്ങളും പദ്ധതികളും ആവിഷ്കരിക്കുന്നതിനും ഡയറ്റിനധികാരമുണ്ട്. പ്രധാന പ്രശ്നങ്ങളിൽ രണ്ടു സഭകൾക്കും യോജിപ്പിലെത്താൻ കഴിയാത്ത സാഹചര്യം ഉണ്ടാവുകയാണെങ്കിൽ പ്രതിനിധിസഭയുടെ അഭിപ്രായത്തിന് മുൻതൂക്കം ലഭിക്കും. എന്നാൽ ഭരണഘടനാ ഭേദഗതികൾ അംഗീകരിക്കുന്നതിന് ഓരോ സഭയിലെയും 2/3 അംഗങ്ങൾ അനുകൂലിക്കണം

തദ്ദേശഭരണം: തദ്ദേശഭരണത്തിനായി ജപ്പാനെ 46 പ്രവിശ്യകളായി (Prefectures) വിഭജിച്ചിരിക്കുന്നു. തലസ്ഥാനമായ ടോക്കിയോ ഒരു പ്രത്യേക പ്രവിശ്യയാണ്. പ്രവിശ്യകൾ, നഗരങ്ങൾ, പട്ടണങ്ങൾ, ഗ്രാമങ്ങൾ എന്നിവയ്ക്കു ജനങ്ങൾ നേരിട്ടു തിരഞ്ഞെടുക്കുന്ന പ്രാദേശികസഭകളുണ്ട്.

രാഷ്ട്രീയകക്ഷികൾ: ലിബറൽ ഡെമോക്രാറ്റിക്ക്, സോഷ്യലിസ്റ്റ്, ഡെമോക്രാറ്റിക്ക് സോഷ്യലിസ്റ്റ്, കമ്യൂണിസ്റ്റ് എന്നിവയാണ് പ്രധാന രാഷ്ട്രീയപാർട്ടികൾ.

വിദ്യാഭ്യാസം. 15 വയസ്സിനുമേൽ സാക്ഷരത നൂറുശതമാനം (1987). പ്രൈമറി വിദ്യാർഥികൾ 1,06,66,000. വിദ്യാർഥി-അധ്യാപക അനുപാതം 23:4. സെക്കൻഡറി വിദ്യാർഥികൾ 1,13,65,000. വിദ്യാർഥി-അധ്യാപക അനുപാതം 20:3. ഹയർ സെക്കൻഡറി വിദ്യാ: 23,26,000. വിദ്യാ-അധ്യാ-അനുപാതം 17:1

ആരോഗ്യം. ഭിഷഗ്വരന്മാർ 1,79,000. 670 പേർക്ക് ഒരാൾ വീതം. ദന്തവൈദ്യന്മാർ 63,145 (901 പേർക്ക് ഒരാൾ). നഴ്സുമാർ 3,03,734 (395-ന് ഒന്ന്). ആശുപത്രി കിടക്കകൾ 81 പേർക്ക് ഒന്ന്. ശിശുമരണനിരക്ക് 1000-ന് 5.3. ഭക്ഷണം (1985) പ്രതിശീർഷ കലോറി 2,088.

മതം. ജപ്പാനിൽ അനേകം മതങ്ങൾ പ്രചരിച്ചിട്ടുണ്ടെങ്കിലും ഷിൻേറാമതം, ബുദ്ധമതം, ക്രിസ്തുമതം എന്നിവയാണ് പ്രധാനം.

പുരാതനമതമാണ് ഷിൻേറായിസം. പ്രകൃത്യാരാധനയാണ് അതിന്റെ അടിസ്ഥാനഭാവം. അമതെരസുഓമിക്കാമി ആണ് ഏറ്റവും ഉയർന്ന ദേവി. വിവിധ ദേവതമാർക്കുവേണ്ടിയുള്ള ദേവാലയങ്ങൾ (ഒരുലക്ഷത്തോളം) രാജ്യത്തുടനീളം കാണാം.

ഫ്രാൻസിസ് സേവ്യർ പുണ്യവാളനോടൊപ്പം 1549-ൽ ക്രിസ്തുമതം ജപ്പാനിൽ പ്രചരിച്ചുതുടങ്ങിയപ്പോഴേ ഭരണകൂടത്തിന്റെ കടുത്ത മർദനമാണ് അതിനു നേരിടേണ്ടിവന്നത്. ക്രിസ്തുമതത്തിന്റെ പ്രചാരം ജപ്പാനെ ഏതെങ്കിലും യൂറോപ്യൻ രാജ്യത്തിന്റെ കോളനിയാക്കി മാറ്റുമെന്ന് ഭരണകർത്താക്കൾ ഭയപ്പെട്ടു. ഏതാണ്ട് 100 കൊല്ലം മുമ്പുമാത്രമാണ് ക്രൈസ്തവാരാധന വീണ്ടും അനുവദിക്കപ്പെട്ടത്. 93% ആളുകൾ ഷിൻേറാമതത്തിൽ വിശ്വസിക്കുന്നു. ഇവരിൽ ഒരു നല്ല പങ്ക് അതേസമയംതന്നെ ബുദ്ധമതത്തിലും വിശ്വസിക്കുന്നവരാണ്. ഇവരുൾപ്പടെ ബുദ്ധമതവിശ്വാസികൾ 73.9 ശതമാനം വരും. 1.4% ക്രിസ്തുമതത്തിൽ വിശ്വസിക്കുന്നു.

കലയും സംസ്കാരവും. ആറാംനൂറ്റാണ്ടിൽ ബുദ്ധമതത്തോടൊപ്പമാണു വൻകരയിൽനിന്നുള്ള സംസ്കാരം ജപ്പാനിൽ പ്രവേശിച്ചത്. പത്താംനൂറ്റാണ്ടോടെ ഈ സാംസ്കാരിക ഇറക്കുമതി രൂപത്തിലും ശൈലിയിലും തനി ജാപ്പനീസ് ആയി മാറി. തുടർന്ന് നൂറ്റാണ്ടുകളിലൂടെ ബുദ്ധമതപുരോഹിതന്മാരുടെയും രാജകുടുംബം ഉൾപ്പെടെയുള്ള പ്രഭുവർഗങ്ങളുടെയും രക്ഷാധികാരത്തിലും പ്രോത്സാഹനത്തിലും കലകൾ വികസിച്ചു. പതിനാറാംനൂറ്റാണ്ടിനുശേഷം ജപ്പാനിലെ കലകളിൽ പശ്ചിമയൂറോപ്പിന്റെ സ്വാധീനം പ്രത്യക്ഷമായി.

പ്രകൃതിയും കലയും ജപ്പാൻകാർക്ക് വളരെ ഇഷ്ടമാണ്. ശില്പകല, കൊത്തുപണി, ചിത്രരചന, മറ്റു പ്രായോഗിക കലകൾ എന്നിവ ജപ്പാനിൽ പ്രചാരത്തിലുണ്ട്. ടോക്കിയോയിലും നാറായിലുമുള്ള ദേശീയമ്യൂസിയങ്ങളിലും ക്യോടോയിലെ മുനിസിപ്പൽ മ്യൂസിയത്തിലും അനേകം കലാവസ്തുക്കൾ ദേശീയസ്മാരകങ്ങളായി സൂക്ഷിച്ചിരിക്കുന്നു.

ജാപ്പനീസ് കല എക്കാലത്തും പ്രകൃതിഭംഗിയിൽ അധിഷ്ഠിതമായിരുന്നു. പ്രകൃതിഭംഗി തികഞ്ഞ തോട്ടങ്ങളും പുഷ്പവിതാനങ്ങളും ജാപ്പനീസ് ജീവിതത്തിന്റെ പ്രധാന ഭാഗമാണ്. എട്ടും ഒൻപതും നൂറ്റാണ്ടുകളിൽത്തന്നെ ജപ്പാനിൽ പ്രകൃതിചിത്രങ്ങൾ രചിക്കപ്പെട്ടിരുന്നു. ജപ്പാൻമാതൃകയിലുള്ള കെട്ടിടങ്ങൾ തോട്ടങ്ങൾക്കോ തുറസ്സായ സ്ഥലങ്ങൾക്കോ അഭിമുഖമായിരിക്കും. അതിനുതകുന്ന വിധത്തിലാണ് വഴുതി നീങ്ങുന്ന വലിയ ജനാലകളും ഭിത്തികളും നിർമിച്ചിട്ടുള്ളത്.

19-ാംനൂറ്റാണ്ടിനു മുൻപുള്ള ശില്പകല പ്രായോഗികമായി ബുദ്ധമതപ്രതിമാനിർമാണത്തിൽ ഒതുങ്ങിനിന്നിരുന്നു. നാറാ, ഹെയ്യാൻ കാലഘട്ടങ്ങളിൽ ജപ്പാൻശില്പകല കുറേയൊക്കെ പുരോഗതി പ്രാപിച്ചെങ്കിലും കമാകുറ കാലഘട്ടത്തിലാണ് അത് ഉച്ചകോടിയിലെത്തിയത്. ചൈനീസ് സ്വാധീനത്തിൽനിന്നു മുക്തിനേടിയതാണ് അതിനു കാരണം. പ്രസിദ്ധ ശില്പികളായ ഉങ്കെയി, കൈക്കെയി, തങ്കെയി എന്നിവർ ഈ കാലഘട്ടത്തിലാണു ജീവിച്ചിരുന്നത്.

ലാക്കർ (Lacquer), ക്ലോയിസോണെ (Cloisonne), ഡമാസിൻ (Damascene) മുതലായ ചിത്രപ്പണികളും ഓട്, ദന്തം മുതലായവ കൊണ്ടുള്ള ശില്പങ്ങളും സത്സുമ തുടങ്ങിയ ചിത്രപ്പണിചെയ്ത മൺപാത്രങ്ങളും പട്ടിലെ തുന്നൽപ്പണികളും ജപ്പാൻകലയുടെ മറ്റു ചില ശാഖകളാണ്. 1919-ൽ സ്ഥാപിച്ച രാജകീയ ലളിതകലാ അക്കാദമിയാണ് മുഖ്യ കലാസംഘടന.



ഒസാകാ ദുർഗമന്ദിരം

പരമ്പരാഗതമായ ജാപ്പനീസ് ദൃശ്യകലകളിൽ ക്ലാസിക്ക് 'നോ' നാടകങ്ങൾ 'ബുൺറകു' അഥവാ പാവക്കൂത്ത്, മനോഹരമായ വേഷവിധാനങ്ങളും വർണശബളമായ രംഗസജ്ജീകരണങ്ങളുമുള്ള 'കബുകി' എന്നിവ ഉൾപ്പെടുന്നു. വലിയ നഗരങ്ങളിൽ ആധുനികരീതിയിലുള്ള കലാപ്രകടനങ്ങളും നാടകങ്ങളും സംഗീതക്കച്ചേരികളും ചലച്ചിത്രങ്ങളും ധാരാളം ആസ്വാദകരെ ആകർഷിക്കുന്നു. അടുത്തകാലങ്ങളിൽ ജപ്പാൻ സിനിമ വിദേശങ്ങളിൽ വളരെ പ്രശസ്തിയാർജിച്ചുവരുന്നു. അന്താരാഷ്ട്രീയ ചലച്ചിത്രമേളകളിൽ ജപ്പാൻ ഇന്നൊരു ശക്തിയാണ്. ഓപ്പെറാ, ബാലെ മുതലായ പാശ്ചാത്യ കലാരൂപങ്ങൾ എല്ലായിടത്തും അനേകം ആസ്വാദകരെ ആകർഷിക്കുന്നു. ടോക്കിയോയിലുള്ള മെട്രോപ്പോലിറ്റൻ ഫെസ്റ്റിവൽഹാൾ ദൃശ്യകലാപ്രകടനങ്ങളുടെ പ്രധാന കേന്ദ്രമാണ്. ഒസാകായിൽ എല്ലാക്കൊല്ലവും നടക്കുന്ന അന്തർദേശീയ സംഗീതമേള ലോകത്താകമാനമുള്ള ആസ്വാദകരെ ആകർഷിക്കുന്നു.

സമ്പദ്വ്യവസ്ഥ. കൃഷിയോഗ്യമായ ഭൂമി വളരെ കുറവായതുകൊണ്ട് ജനങ്ങളിൽ 8.2% മാത്രമേ കൃഷിയിൽ ഏർപ്പെട്ടിട്ടുള്ളു. ധാതുവിഭവങ്ങളും കുറവാണ്. ഖനനത്തിൽ 0.1% ജനങ്ങളെ ഏർപ്പെടുന്നുള്ളു. എന്നാൽ മറ്റു വ്യവസായങ്ങൾ വളരെ പുരോഗമിച്ചിട്ടുണ്ട്. ഒന്നരകോടിയോളം വരുന്ന 24% ജനങ്ങൾ വ്യവസായത്തിൽ പ്രവർത്തിക്കുന്നു. വ്യാപാരികൾ ജനസംഖ്യയുടെ 21% വരും. പൊതുഭരണത്തിൽ ഏർപ്പെട്ടവർ 3.3%, പ്രതിരോധത്തിൽ 20%, പ്രതിശീർഷവരുമാനം 11,310 ഡോളർ.

പ്രകൃതിവിഭവങ്ങൾ. പ്രകൃതിവിഭവങ്ങൾ അധികമില്ലാത്ത രാജ്യങ്ങളിലൊന്നാണ് ജപ്പാൻ. അതിനാൽ അസംസ്കൃതവിഭവങ്ങളുടെ ലഭ്യത ഇറക്കുമതിയെ ആശ്രയിച്ചിരിക്കുന്നു. ആവശ്യമുള്ളതിന്റെ 1/3 ഇരുമ്പ് അയിരും, 9/10 ഭാഗം പെട്രോളിയവും, 1/3 ഭാഗം ചെമ്പും, 1/3 ഭാഗം അലൂമിനിയവും, 2/3 ഭാഗം ഉപ്പും ജപ്പാൻ ഇറക്കുമതിചെയ്യുന്നു. അസംസ്കൃതറബർ മുഴുവൻ ഇറക്കുമതിചെയ്യേണ്ടിയിരിക്കുന്നു. അസംസ്കൃതപരുത്തിയും കമ്പിളിരോമവും അതുപോലെതന്നെ. ഭക്ഷ്യധാന്യങ്ങളുടെ 18% പുറംരാജ്യങ്ങളിൽനിന്നെത്തണം. ഗന്ധകവും ഗന്ധകഅയിരും മാത്രമാണ് ജപ്പാനിൽ ധാരാളമായി ലഭ്യമായിട്ടുള്ളത്. പൊതുവെ പറഞ്ഞാൽ വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതവസ്തുക്കളുടെ നാല്പത്തിമൂന്നു ശതമാനം മാത്രമെ ജപ്പാനിൽ ഉത്പാദിപ്പിക്കുന്നുള്ളു.

കൃഷി. ജപ്പാനിൽ കൃഷിക്കനുയോജ്യമായ ഭൂമി പരിമിതമാണ്. 1950-കളിൽ കൃഷിഭൂമിയുടെ വിസ്തൃതി അല്പം വർധിച്ചു. എങ്കിലും, അത് ഇപ്പോഴും ആകെ ഭൂമിയുടെ 16 ശതമാനം (6,600 ച.കി.മീ.) മാത്രമാണ്. പ്രതിശീർഷാടിസ്ഥാനത്തിലുള്ള കൃഷിഭൂമി

ജപ്പാന്റെ പഴയ (710-784) തലസ്ഥാനമായ നാറാ. പൗരാണിക സംസ്കാരത്തിന്റെ കലവറയായി സംരക്ഷിക്കപ്പെടുന്നു.

യുടെ വിസ്തൃതി 0.063 ഹെക്റ്റാർ മാത്രമാണ്. മലകളുടെയും കുന്നുകളുടെയും ചരിവിൽപ്പോലും അവർ തട്ടുകൾ തിരിച്ചു കൃഷി നടത്തുന്നു. നദീതീരങ്ങൾപോലും തരിശിടുന്നില്ല. കർഷകർ രാസവളങ്ങൾ വൻതോതിൽ ഉപയോഗിക്കുകയും ആധുനികകൃഷിസമ്പ്രദായങ്ങൾ മടികൂടാതെ പരീക്ഷിക്കുകയും ചെയ്യുന്നു. തന്മൂലം ജപ്പാനിലെ കാർഷികോത്പാദനത്തോത് വളരെ ഉയർന്നിട്ടുണ്ട്. ലോകത്തിൽ ഏറ്റവും ഉയർന്ന നെല്ലുത്പാദനത്തോത് ജപ്പാനിലെതാണ്. ഗോതമ്പും ബാർലിയുമാണു നെല്ലു കഴിഞ്ഞാൽ മറ്റു മുഖ്യ ധാന്യങ്ങൾ. പ്രധാനപ്പെട്ട മറ്റു വിളകൾ സോയാബീൻ, ഉരുളക്കിഴങ്ങ്, പുകയില, തേയില, മൾബറിയില എന്നിവയാണ്. അടുത്തകാലത്ത് പലതരം ഫലങ്ങളുടെ ഉത്പാദനവും വർധിച്ചിട്ടുണ്ട്. ഓറഞ്ച്, ആപ്പിൾ, സ്ട്രോബറി, പീച്ച് എന്നിവയാണു പ്രധാനം. ക്ഷീരോത്പാദനകേന്ദ്രങ്ങളുടെ വികസനമാണു മറ്റൊരു മുഖ്യമായ പുതുമ. ജപ്പാനിലെ കർഷകരുടെ വരുമാനത്തിന്റെ 20 ശതമാനം കന്നുകാലികളിൽനിന്നാണ്.

മത്സ്യബന്ധനം. ജപ്പാനിലെ പ്രധാനപ്പെട്ട വ്യവസായങ്ങളിലൊന്നാണ് ഇത് ലോകത്തിൽ ഏറ്റവുമധികം മത്സ്യബന്ധനം നടത്തുന്ന രാജ്യമെന്ന സ്ഥാനം അടുത്തകാലംവരെ ജപ്പാനുണ്ടായിരുന്നു. ഈ ഒന്നാംസ്ഥാനം പെറു ഈയിടെ കരസ്ഥമാക്കി. 1987-ൽ പിടിച്ച മത്സ്യം 1,26,77,3000 ടൺ. തിമിംഗലങ്ങളെ പിടിക്കുന്നതിൽ ഇപ്പോഴും ഒന്നാംസ്ഥാനം ജപ്പാനുതന്നെ. സമുദ്രോത്പന്നങ്ങളിൽ പ്രമുഖമായൊരു പങ്ക് വളർത്തുമുത്തുകൾക്കുണ്ട്. മത്സ്യം അന്വേഷിച്ചു ജപ്പാനിലെ മീൻപിടുത്തക്കാർ പസിഫിക്ക്സമുദ്രത്തിൽ ഒട്ടാകെയും ഇന്ത്യാമഹാസമദ്രത്തിന്റെ പല ഭാഗങ്ങളിലും സഞ്ചരിക്കുന്നു. തൂണ, അയല, മകരമത്സ്യം, സാൽമൺ, മത്തി, ഞണ്ട്, കക്ക മുതലായവയെ പിടിക്കുന്നതിന് ഏറ്റവും ആധുനിക സങ്കേതങ്ങളാണ് അവർ ഉപയോഗിക്കുന്നത്. പിടിക്കുന്ന മത്സ്യത്തെ അപ്പോഴപ്പോൾ തണുപ്പിച്ചു സൂക്ഷിക്കാനും, ടിന്നുകളിലടയ്ക്കാനും, നെയ്യ് എടുക്കാനും മറ്റുമുള്ള നവീനസജ്ജീകരണങ്ങൾ വലിയ കപ്പലുകളിൽ ഏർപ്പെടുത്തിയിരിക്കുന്നു.

വ്യവസായങ്ങൾ. ഏഷ്യയിലെ ഏറ്റവും പ്രധാനപ്പെട്ട വ്യാവസായികരാഷ്ട്രം ജപ്പാനാണ്. ആയിരക്കണക്കിനു തൊഴിലാളികൾ പണിയെടുക്കുന്ന വൻകിടവ്യവസായങ്ങളും ഒരു കുടുംബത്തിലെ അംഗങ്ങൾ മാത്രം വീട്ടിലിരുന്നു ജോലിചെയ്യുന്ന ചെറുകിട വ്യവസായഘടകങ്ങളും ജപ്പാനിലുണ്ട്. കപ്പൽനിർമാണരംഗത്ത് ഇന്നു ലോകനേതൃത്വംതന്നെയുണ്ട്. തുണി, ഉരുക്കുത്പന്നങ്ങൾ എന്നിവയുടെ ഉത്പാദനത്തിൽ ലോകത്തിലെ മുന്നണിരാഷ്ട്രങ്ങളിൽ ഒന്നാണു ജപ്പാൻ. ഘനയന്ത്രങ്ങളും ലഘുയന്ത്രങ്ങളും ധാരാളമായി ഉത്പാദിപ്പിക്കുന്നു. കാമറകൾ, ട്രാൻസിസ്റ്റർ റേഡിയോകൾ, ടെലിവിഷൻ സെറ്റുകൾ തുടങ്ങിയ സൂക്ഷ്മോപകരണങ്ങളുടെ നിർമാണത്തിലും ഈ രാജ്യം പ്രസിദ്ധിയാർജിച്ചിരിക്കുന്നു. അനേകംതരം ശാസ്ത്രീയോപകരണങ്ങളും ഇവിടെ നിർമിക്കുന്നുണ്ട്. കാർനിർമാണം ദ്രുതഗതിയിൽ വികസിച്ചുവരുന്നു. വലിയ വാഹനങ്ങളുടെ നിർമിതിയിൽ ജപ്പാനെ തോല്പിച്ചിട്ടുള്ള ഏകരാഷ്ട്രം അമേരിക്കയാണ്. ജനങ്ങളുടെ ജീവിതനിലവാരം ഉയർന്നതോടെ, റെഫ്രിജറേറ്റർ, അലക്കുയന്ത്രങ്ങൾ, വൈദ്യുതപങ്കകൾ, വാക്വം ക്ലീനറുകൾ തുടങ്ങിയ വീട്ടുസാമഗ്രികളുടെ നിർമാണം വമ്പിച്ച തോതിൽ വളർന്നു. രാസവസ്തുക്കളുടെ നിർമാണം മറ്റൊരു പ്രമുഖ വ്യവസായമാണ്. ആധുനിക വ്യവസായങ്ങൾക്കാവശ്യമുള്ള അസംസ്കൃത രാസവസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിൽ ലോകത്തിൽ 3-ാം സ്ഥാനമാണ് ജപ്പാനുള്ളത്.

വാണിജ്യവും ധനകാര്യവും. രാജ്യാന്തരവാണിജ്യം ജപ്പാനിൽ ഒരു വ്യവസായമാണ്. ഇതിന്റെ പ്രാധാന്യം വർധിച്ചുവരികയാണ്. ഇതിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം 1986-ൽ 1,33,90,000 ആയിരുന്നു.

ഗതാഗതവും വാർത്താവിനിമയവും. സമ്പദ്വ്യവസ്ഥ വികാസം പ്രാപിക്കുകയും നഗരങ്ങളിൽ ജനസാന്ദ്രത വർധിക്കുകയും അന്താരാഷ്ട്ര വാണിജ്യപ്രവർത്തനങ്ങൾ വിപുലമാവുകയും ചെയ്തതോടെ സാർവദേശീയാടിസ്ഥാനത്തിലുള്ള ഗതാഗതബന്ധങ്ങൾ വർഷംതോറും ജപ്പാനിൽ വർധിച്ചുവരികയാണ്. റെയിൽറോഡ് 26,564 കി.മീറ്റർ. തീവണ്ടി എൻജിൻ 3,829. റോഡ് 11,27,500 കി.മീറ്റർ. വാഹനങ്ങൾ: കാർ 2,78,44,580. ട്രക്ക് 1,71,39,806. ബസ് 2,31,228. കപ്പൽ (100 ടണ്ണിലധികം) 10,011 മൊത്തം ടണ്ണേജ് 5,99,78,976. വിമാനത്താവളം 65. ദിനപത്രം 124 മൊത്തപ്രചാരം 6,86,53,000 റേഡിയോ 3.9 ആൾക്ക് ഒന്ന്. ടെലിഫോൺ 1.8 ആൾക്ക് ഒന്ന്. റേഡിയോസ്റ്റേഷൻ 1132. റ്റി.വി. സ്റ്റേഷൻ 13,172.

കളികളും മേളകളും. ജപ്പാനിലെ കായികവിനോദങ്ങളെ സ്വദേശീയമെന്നും വിദേശീയമെന്നും രണ്ടായി തിരിക്കാം. സ്വദേശി ഇനങ്ങളിൽ ജനങ്ങൾ ഇപ്പോഴും താത്പര്യം പ്രകടിപ്പിക്കുന്നവ സുമോ (ഗുസ്തി), ക്യൂഡോ (അസ്ത്രവിദ്യ), ജൂഡോ (സ്വയംപ്രതിരോധം), കെൻദോ (വാൾപ്പയറ്റ്) എന്നിവയാണ്. കഴിഞ്ഞ ദശകങ്ങളിൽ ജപ്പാൻകാർ പാശ്ചാത്യകായികകലകളിൽ നല്ല പ്രാവീണ്യം നേടിയിട്ടുണ്ട്. യുവാക്കൾക്കും മുതിർന്നവർക്കും ഒന്നുപോലെ പ്രിയപ്പെട്ട വിനോദമാണു ബേസ്ബാൾ. സോക്കർ ഫുട്ബാൾ, റഗ്ബി, ബാസ്ക്കറ്റ്ബാൾ, വോളീബാൾ, ടെന്നീസ് എന്നിവ മുഖ്യമായ വിനോദങ്ങളാണ്. ഗോൾഫും സ്കീയിങ്ങും അടുത്തകാലത്തു പ്രചാരത്തിൽവന്നിട്ടുണ്ട്. ജപ്പാനിലെ നീന്തലുകാർ ലോകത്തിലെ ഏറ്റവും മികച്ച നീന്തലുകാരിൽ ഉൾപ്പെടുന്നു.

പുതുവത്സരാഘോഷമാണ് (ജനുവരി ഒന്നു മുതൽ മൂന്നു വരെ) ജപ്പാനിലെ ഏറ്റവും മികച്ച ഉത്സവം.—എല്ലാ വിഭാഗം ജനങ്ങളും ആഹ്ലാദപൂർവ്വം ഇതിൽ പങ്കുകൊള്ളുന്നു. ആഘോഷവേളയിൽ ഭവനങ്ങൾ കമനീയമായി അലങ്കരിക്കുകയും എല്ലാവരും ദേശീയ വസ്ത്രങ്ങളണിയുകയും ചെയ്യുന്നു. ഫെബ്രുവരി 4-ാംതീയതി നടക്കുന്ന പയർ വിതറുന്ന ചടങ്ങ് ദുർദേവതകളെ അകറ്റാനും ഭാഗ്യദേവതയെ സ്വാഗതംചെയ്യാനും ഉദ്ദേശിച്ചുള്ളതാണ്. പെൺകുട്ടികളുള്ള കുടുംബങ്ങളിൽ മാർച്ച് 3-ാംതീയതി പാവ ഉത്സവം നടത്തുന്നു. ഈ സന്ദർഭത്തിനായി പ്രത്യേകം തയാറാക്കിയ പാവകൾ രുചികരങ്ങളായ ഭക്ഷ്യപേയങ്ങളോടൊപ്പം തട്ടുകളിൽ നിരത്തിവയ്ക്കുന്നു. പിന്നീടു ഭക്ഷ്യവസ്തുക്കൾ സ്നേഹിതർക്കായി പങ്കിടുന്നു. ഏപ്രിൽ 8-ാംതീയതി ആഘോഷിക്കുന്ന പുഷ്പോത്സവം ശ്രീബുദ്ധന്റെ ജന്മദിനം പ്രമാണിച്ചാണ്. മെയ് 5-ാംതീയതി ആൺകുട്ടികൾക്കായുള്ള പ്രത്യേക ഉത്സവദിനമാണ്. രാഷ്ട്രത്തിന്റെ യുവത്വത്തിനുള്ള അംഗീകാരമാണ് ഈ ചടങ്ങുകൾ. ആണ്ടിൽ ഒരിക്കലുള്ള താരോത്സവം (ജൂലൈ 7), മരിച്ചവരുടെ ആത്മാക്കൾക്കുവേണ്ടിയുള്ള ദീപോത്സവം (ജൂലൈ 13-15) എന്നിവ മറ്റുചില ആഘോഷങ്ങളാണ്. 7 വയസ്സുള്ള പെൺകുട്ടികൾക്കും 5 വയസ്സുള്ള ആൺകുട്ടികൾക്കും 3 വയസ്സുള്ള എല്ലാ കുട്ടികൾക്കും വേണ്ടിയുള്ള ഒരാഘോഷമാണ് 'ഏഴ്, അഞ്ച്, മൂന്ന് ഉത്സവം' (Seven, five, three, Festival). ഈ ഉത്സവം പ്രമാണിച്ച് മാതാപിതാക്കൾ അവരുടെ കുട്ടികളെ ദേവാലയങ്ങളിൽ കൊണ്ടുപോയി പ്രാർഥനകൾ നടത്തുന്നു. ഡിസംബർ 14-ാംതീയതി വർഷാന്തകമ്പോളമേള ദേവാലയങ്ങളോടനുബന്ധിച്ചും മറ്റും നടക്കുന്നു. ഒരു വർഷത്തേക്കാവശ്യമായ വീട്ടുപാത്രങ്ങൾ, അലങ്കാരവസ്തുക്കൾ മുതലായവ ജനങ്ങൾ ഈ അവസരത്തിലാണു വാങ്ങുന്നത്.

പി.കെ. ഈപ്പൻ

ജപ്പാൻ സെഡാർ

കോണിഫറെ കുലത്തിലെ മരം. ശാസ്ത്രനാമം: *ക്രിപ്റ്റോമെറിയ ജപ്പോണിക്ക (Cryptomeria japonica)* ജപ്പാനിൽ കൂടുതലായി കാണുന്നു. ഡാർജിലിങ്ങിൽ സമുദ്രനിരപ്പിൽനിന്നു 900 മീ. മുതൽ 2000 മീ. വരെ ഉയരത്തിൽ നട്ടുപിടിപ്പിച്ചുവരുന്നുണ്ട്. ആൺ-പെൺ പുഷ്പങ്ങൾ കൊമ്പുകളുടെ അറ്റത്തു കൂട്ടമായി ഉണ്ടാകുന്നു.


ജപ്പാൻ സെഡാൻ

പെൺപുഷ്പങ്ങൾ കോണുപോലെയാണ്. കോണുകൾ ജൂലായ്-ഓഗസ്റ്റിൽ പഴുക്കുന്നു. ഡാർജിലിങ്ങിൽ തണുപ്പുകാലത്താണു വിത്തു വിതയ്ക്കുന്നത്. പിന്നീടു തൈകൾ പറിച്ചുനടന്നു. വളരെ ത്വരിതഗതിയിലുള്ള വളർച്ചയാണ്. മൃദുവും സുഗന്ധവുമുള്ളതുമാണ് തടി. ചായപ്പെട്ടികളുണ്ടാക്കാൻ ഏറ്റവും നല്ല തടിയാണിത്. ജപ്പാനിൽ കെട്ടിടനിർമാണത്തിനും വീപ്പകൾക്കും മറ്റുമായി ഉപയോഗിക്കുന്നു.

ജബ്‌വാല, റൂത്ത്പ്രാവേർ (1927—   )

ഇന്ത്യയിൽ താമസിക്കുന്ന ഇംഗ്ലീഷ് എഴുത്തുകാരി. ബുക്കർ സമ്മാനം നേടിയ *ഹീറ്റ് ആൻഡ് ഡസ്റ്റ്* (1975) ഉൾപ്പെടെ ഇവർ രചിച്ച ചില നോവലുകൾ ചലച്ചിത്രമാക്കിയിട്ടുണ്ട്.

1927 മേയ് 7-ന് ജെർമനിയിലെ കൊളോണിൽ ജനിച്ചു. ലണ്ടൻ യൂണിവേഴ്സിറ്റിയിലാണു പഠിച്ചത്. ഇന്ത്യക്കാനായ ജബ്‌വാലയെ വിവാഹംകഴിച്ചു. റൂത്തിൻെറ മാതൃഭാഷ യിഡിഷ് (Yiddish-പുരാതന ജെർമൻ ഭാഷയിൽനിന്നുണ്ടായ യഹൂദഭാഷ) ആണ്. അവരുടെ കൃതികൾ എല്ലാം ഇംഗ്ലീഷിലും. *ററു ഹും ഷീ വിൽ* എന്ന ആദ്യ നോവൽ (1955) റൂത്തിനെ ശ്രദ്ധേയയാക്കി. *എഡ്മണ്ട് ഇൻ ഇന്ത്യ* (1957), *ദ ഹൗസ് ഹോൾഡർ* (1960), *എ ന്യൂ ഡൊമിനിയൻ* (1972), *ലൈക്ക് ബേഡ്സ്, ലൈക്ക് ഫിഷസ് ആൻഡ് അദർ സ്റ്റോറീസ്* (1963) മുതലായവയാണു മറ്റു മുഖ്യകൃതികൾ. ഒട്ടാകെ 12 കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ജബൽപ്പൂർ

മധ്യപ്രദേശിലെ ഒരു ജില്ലയും നഗരവും. നഗരത്തിലെ ജനസംഖ്യ 6,14,162 (1981). സ്റ്റേറ്റിലെ മൂന്നാമത്തെ വലിയ പട്ടണമായ ഇത് അലാഹാബാദിൽനിന്നും 316 കി.മീ. തെക്കു പടിഞ്ഞാറ് അലാഹാബാദ്-ബോംബെ റെയിൽവേ ലൈനിൽ നർമദയ്ക്കടുത്തു സ്ഥിതിചെയ്യുന്നു (23° 11′ വ: 79° 59′ കി). ഇപ്പോൾ ജബൽപ്പൂരിൻെറ പ്രാന്തപ്രദേശത്തുള്ള ഗാർഹാനഗരം, 14-ാംനൂറ്റാണ്ടിലെ 4 ഗോണ്ട് രാജ്യങ്ങളിലൊന്നിലെ, ഏറ്റവും പ്രധാനപ്പെട്ട നഗരമായിരുന്നു. ബ്രിട്ടീഷ് ഭരണകാലത്തു നർമദാപ്രദേശത്തിലെ കമ്മിഷണരുടെ ആസ്ഥാനമാക്കിയതോടെയാണു ജബൽപ്പൂർ ഒരു വിദ്യാഭ്യാസ-വാണിജ്യ-വ്യാവസായികനഗരമായി ഉയർന്നത്. മധ്യപ്രദേശ് ഹൈക്കോടതി ഇവിടെയാണ്. സെൻട്രൽ ഗൺ കാര്യേജ് ഫാക്റ്ററി, ഓർഡ്നൻസ് ഫാക്റ്ററി, ആർമി വർക്ക്ഷോപ്പ് മുതലായവയുള്ള ഒരു സൈനികത്താവളമാണിത്. റിഫ്രാക്റ്ററി, തുണിമിൽ, ഗ്ലാസ്സ് മുതലായ വ്യവസായങ്ങളും ഇവിടെയുണ്ട്. കണ്ണഞ്ചിക്കുന്ന മാർബിൾ പാറകൾ ജബൽപ്പൂരിനടുത്താണ്. ജബൽപ്പൂർ സർവകലാശാലയുടെ ആസ്ഥാനവും ഇതുതന്നെ.


ജബൽപൂരിലെ മാർബിൾശിലകൾ.

ജബൽപ്പൂർ ജില്ലയ്ക്ക് 10,160 ച. കി. മീ. വിസ്തൃതിയുണ്ട്. ജനസംഖ്യ 21,98,743 (1981).

ജമദഗ്നി

പരശുരാമൻെറ പിതാവ്. ഭൃഗുവംശജൻ. പിതാവ് ഋചീകനും മാതാവു സത്യവതിയുമാണ്. സത്യവതി ഗർഭിണിയായിരിക്കുമ്പോൾ ഋചീകൻ ബ്രാഹ്മണ്യമുള്ള ഒരു പുത്രനെ ആഗ്രഹിച്ചു ജപിച്ച ആഹാരം നല്കി. ആ സന്ദർഭത്തിൽത്തന്നെ സത്യവതിയുടെ മാതാവിനും ജപിച്ച ഒരാഹാരം കിട്ടി. ഇത് യുദ്ധസാമർഥ്യമുള്ള ഒരു പുത്രനെ പ്രസവിക്കാൻവേണ്ടിയായിരുന്നു. സ്ത്രീകൾ രണ്ടുപേരും ആഹാരം വച്ചുമാറി. അതിനാൽ ഋചീകപുത്രനായ ജമദഗ്നി ക്ഷത്രിയഗുണമുള്ള ബ്രാഹ്മണനായും ഗാധിസൂനുവായ വിശ്വാമിത്രൻ ബ്രാഹ്മണഗുണമുള്ള ക്ഷത്രിയനായും ജനിച്ചു. ജമദഗ്നിയുടെ ഭാര്യയാണു രേണുക. ജമദഗ്നിയെ കാർത്തവീര്യപുത്രന്മാർ വധിച്ചു. ഇതിനു പ്രതികാരമായാണു പരശുരാമൻ ക്ഷത്രിയകുലത്തെ ഒടുക്കാനൊരുമ്പെട്ടത്.

ജമന്തി

കംപോസിറ്റേ കുലത്തിൽപ്പെടുന്ന ഒരു പൂച്ചെടി. ചേമന്തി, ചെണ്ടുമല്ലി എന്നീ പേരുകളിലും അറിയപ്പെടുന്നു. ശാസ്ത്രനാമം: *ക്രൈസാന്തിമം ഇൻഡിക്കം (Chrysanthemum indicum)*. പല നിറത്തിലും തരത്തിലും ഇതുണ്ട്: കാട്ടുചേമന്തി, മുല്ലച്ചേമന്തി, മഞ്ഞച്ചേമന്തി, നീലച്ചേമന്തി, വെള്ളച്ചേമന്തി തുടങ്ങിയവയാണ്. നവംബർ - ഫെബ്രുവരി ആണു പൂക്കാലം.

ജമാഅത്-ഇ-ഇസ്ലാമി-ഇ-ഹിന്ദ്

ഒരു സാമൂഹികസംഘടന. 1941 ഓഗസ്റ്റിൽ ലാഹോറിൽ രൂപവത്കരിച്ചു. മൗലാനാസയ്യദ് അബ്ദുൽ അലാ മൗദൂതി ആണു സ്ഥാപകൻ. മതമൗലികവാദികളുടെ ഈ സംഘടന പാശ്ചാത്യസംസ്കാരത്തിൻെറ സ്വാധീനത്തെയും ഇന്ത്യയുടെ ദേശീയതയെയും ഒരുപോലെ എതിർത്തു. വിദ്യാഭ്യാസംപോലും മതപരമാകണമെന്ന് ഇവർ വാദിച്ചു. ജനാധിപത്യഭരണം ഇവരുടെ ദൃഷ്ടിയിൽ ഇസ്ലാമികതത്വങ്ങൾക്കു നിരക്കാത്തതാണ്. ദ്വിരാഷ്ട്രവാദത്തെയും ഈ വിഭാഗക്കാർ അനുകൂലിച്ചു. ഇവർ സ്കൂളുകളും മതസ്ഥാപനങ്ങളും നടത്തിയിരുന്നു. അസാൻ എന്ന ദിനപത്രവും തരാജ്മൻ തുൽ ഹഖ്, തല്ലോഹ് എന്നീ വാരികകളും ഇവരുടെതാണ്.

ജമാ-അത്ത്-ഉൽ-ഉലേമാ-ഇ-ഹിന്ദ്

ദേശീയചിന്താഗതിക്കാരായ യാഥാസ്ഥിതികമുസ്ലീങ്ങളുടെ ഒരു സംഘടന. 1933-ൽ ആണു രൂപവത്കരിച്ചത്. ഭാരതത്തിൻെറ സ്വാതന്ത്ര്യത്തിന് ഇന്ത്യൻ നാഷനൽ കോൺഗ്രസ്സുമായി യോജിച്ചു പ്രവർത്തിച്ചു. വർഗീയസൗഹാർദം നിലനിർത്തുന്നതിന് ഇവർ നി

രന്തരം പ്രവർത്തിച്ചുപോന്നു, വിശിഷ്യ സ്വാതന്ത്ര്യപ്രാപ്തിക്കു തൊട്ടുമുമ്പും സ്വാതന്ത്ര്യപ്രാപ്തിയെത്തുടർന്നുള്ള വർഷങ്ങളിലും. കശ്മീരിലെയും ഹൈദരാബാദിലെയും സൈനിക നടപടികൾ, രാജ്യത്തിന്റെ മറ്റുഭാഗങ്ങളിൽ വർഗീയാസ്വാസ്ഥ്യങ്ങൾക്കു കാരണമാകാതിരിക്കാൻ ഇവർ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. 1949 ഏപ്രിലിൽ ലക്നൗവിൽ മൗലാനാഹുസൈൻ അഹ്മദ് മദനിയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽവച്ച് ഈ സംഘടന രാഷ്ട്രീയപ്രവർത്തനം ഉപേക്ഷിക്കാനും മതപരവും സാംസ്കാരികവും ആയ പരിപാടികളിൽ ശ്രദ്ധകേന്ദ്രീകരിക്കാനും തീരുമാനം എടുത്തു. പില്ക്കാലത്തു മുസ്ലീങ്ങളുടെ വിദ്യാഭ്യാസപുരോഗതിക്കും പൊതുവായ സാംസ്കാരികാഭിവൃദ്ധിക്കും വേണ്ടി പ്രവർത്തിച്ചുപോന്നു.

ജമാൽ അൽ-ദിൻ അൽ-അഫ്ഘാനി

(1838—'97)

ഇസ്ലാമിക ദാർശനികനും രാഷ്ട്രമീമാംസകനും. സാർവലൗകിക ഇസ്ലാമികത്വ(Pan-Islamism)മെന്ന ആശയത്തിന്റെ 19-ാംനൂറ്റാണ്ടിലെ ഏറ്റവും ശക്തനായ പ്രയോക്താവായിരുന്നു ജമാൽ. പേഴ്സ്യയിലെ അസദാബാദിലാണു ജനിച്ചതെങ്കിലും, രാഷ്ട്രീയകാരണങ്ങളാൽ തന്റെ ജന്മദേശമായി ഇദ്ദേഹം അവകാശപ്പെട്ടത് അഫ്ഘാനിസ്താനിലെ അസദാബാദായിരുന്നു. ഈ രണ്ടു രാജ്യങ്ങളെയും 19-ാംനൂറ്റാണ്ടിൽ ഇളക്കിമറിച്ച ആഭ്യന്തരയുദ്ധങ്ങളുടെ ഫലമായി 1870-ൽ സ്വദേശംവിട്ടു കോൺസ്റ്റാൻറിനോപ്പിളിൽ താമസമാക്കി. അവിടത്തെ സർവകലാശാലയിൽ ഏതാനും കാലം അധ്യാപകനായി സേവനമനുഷ്ഠിച്ചെങ്കിലും, ഇദ്ദേഹത്തിന്റെ വിട്ടുവീഴ്ചയില്ലാത്തതും സ്വതന്ത്രവുമായ ചിന്താസരണികളോട് അനുകൂലിക്കാൻ സന്നദ്ധരല്ലാതിരുന്ന അധികാരികൾ ഇദ്ദേഹത്തെ തുർക്കിയിൽനിന്നു ബഹിഷ്കരിച്ചു.

ജമാൽ പിന്നീടു താമസമുറപ്പിച്ചതു കെയ്റോവിലാണ്. യൂറോപ്യൻ ആധിപത്യത്തിൽനിന്നു മോചനംനേടാനുള്ള ഈജിപ്തുകാരുടെ ദേശീയസമരത്തിൽ പ്രമുഖമായ ഒരു പങ്കുവഹിച്ചതിനാൽ അവിടെനിന്നുനാടുകടത്തപ്പെട്ടു. ഇന്ത്യയിൽ വന്നു കുറെക്കാലം താമസിച്ചശേഷം ജമാൽ പാരിസിലേക്കുപോയി. അവിടെ ചില സ്നേഹിതന്മാരുമൊത്ത് 'അൽ-ഉർവത് അൽ-വുത്കാ' (അലംഘ്യശൃംഖല) എന്ന പത്രം പ്രസിദ്ധീകരിച്ച് അതിലൂടെ മുസ്ലിംരാജ്യങ്ങളിലെ ബ്രിട്ടീഷ്നയങ്ങളെ നിശിതമായി അപലപിച്ചു. പാരിസിലെ പ്രവർത്തനം മതിയാക്കി ടെഹറാനിൽ തിരിച്ചെത്തിയശേഷവും പല കലാപങ്ങൾക്കും നേതൃത്വം കൊടുക്കുന്നതിൽ ജമാൽ ഇടതടവില്ലാതെ മുൻ കൈയെടുത്തു. 1896-ൽ ഇദ്ദേഹത്തിന്റെ അനുയായികളിൽപ്പെട്ട ഒരാൾ പേഴ്സ്യയിലെ ഷായെ കൊലചെയ്തതോടുകൂടി ജമാലിനു സ്ഥലം വിടേണ്ടിവന്നു. ശേഷിച്ച ജീവിതകാലം നയിച്ചതു കോൺസ്റ്റാൻറിനോപ്പിളിലായിരുന്നു. 1897 മാർച്ച് 9-ാംതീയതി ജമാൽ അവിടെവച്ചു മരിച്ചു.

ജമൈക്ക

വെസ്റ്റിൻഡീസിലെ ഏറ്റവും വലിയ ദ്വീപ്. കരീബിയൻ കടലിൽ ക്യൂബയുടെ തെക്കുകിഴക്കെ അറ്റത്തുള്ള ക്രൂസ്മുനമ്പിൽനിന്ന് 152 കി.മീറ്റർ തെക്കായി (17° 30′ — 18° 17′ വടക്കും 76° 11′ — 78° 14′ പടിഞ്ഞാറും) സ്ഥിതിചെയ്യുന്നു. ഇതിനു കിഴക്കുപടിഞ്ഞാറ് 233.6 കി.മീറ്ററും തെക്കുവടക്ക് 56 കി.മീറ്ററിൽ കവിയാതെയുമുള്ള വീതിയുണ്ട്. ആകെ വിസ്തൃതി 10,991 ച.കി.മീറ്റർ. ജമൈക്കയുടെ ആശ്രിതകോളണികളായി കെയ്മാൻ, ടർക്സ്, കെയ്ക്കോസ് എന്നീ ചെറിയ ദ്വീപുകളുണ്ട്. 1870 മുതൽ ജമൈക്കയുടെ തലസ്ഥാനം തെക്കുകിഴക്കൻ തീരത്തു സ്ഥിതിചെയ്യുന്ന കിങ്സ്റ്റൺ തുറമുഖമാണ്.




മനോഹരമായ ജമൈക്കകടൽത്തീരം

ഭൂസ്ഥിതി. കിഴക്കുപടിഞ്ഞാറായി ദ്വീപിലുടനീളം ബ്ലൂമൗണ്ടൻ നിരകളാണ്. നിരകൾക്ക് 2251 മീറ്റർവരെ ഉയരമുണ്ട്. പല ഭാഗവും പീഠഭൂമിയാണ്. വടക്കുഭാഗത്തൊഴികെ മറ്റെല്ലായിടത്തും വീതി കുറഞ്ഞ കടൽത്തീരസമതലമുണ്ട്. ഭൂമിക്കടിയിൽക്കൂടി ഒഴുകി സമുദ്രത്തിൽ ചേരുന്ന അരുവികളിൽ ഒന്നിന് 40 കി.മീറ്റർ വീതിയും 80 കി.മീറ്റർ നീളവും വരും. ധാരാളം ചെറുപുഴകളും കുളങ്ങളും ചൂടുനീരുറവകളും ഉണ്ട്. ഗതാഗതത്തിനു പറ്റിയ നദികളില്ല. ചുണ്ണാമ്പുകല്ലു നിറഞ്ഞ ഒരു പ്രദേശമുള്ളതു പുരാതന റെഡിന്ത്യൻവർഗക്കാരുടെ ആസ്ഥാനമായിരുന്നു.

കാലാവസ്ഥ: തീരപ്രദേശത്തെ ശരാശരി താപനില 25.5° Cആണ്. പർവതനിരകളിൽ പൊക്കം കൂടുംതോറും ഊഷ്മാവു കുറയുന്നു. അവിടങ്ങളിൽ മിതശീതോഷ്ണകാലാവസ്ഥയാണ്. 9° F മാത്രം താപനിലയുള്ള സ്ഥലങ്ങളുണ്ട്. ജമൈക്കയിലെ ശരാശരി മഴ 167 സെ.മീറ്ററാണ്.

ജനങ്ങൾ: ജനസാന്ദ്രത കൂടുതലുള്ള പ്രദേശമാണ് ജമൈക്ക. ജനസംഖ്യ 23,65,000 (1987). കരിമ്പുകൃഷിക്കായി കൊണ്ടുവന്ന ആഫ്രിക്കൻ നീഗ്രോ അടിമകളുടെ വംശജരാണു ജനങ്ങളിൽ അധികവും. ബ്രിട്ടൻ, ഇന്ത്യ, ചൈന, സിറിയ, പോർത്തുഗൽ എന്നിവിടങ്ങളിൽനിന്നു വന്നുചേർന്ന ഒരു ന്യൂനപക്ഷമുണ്ട്. 1863-ൽ അവർക്ക് അടിമത്തത്തിൽനിന്നു മോചനം ലഭിച്ചു.

മറ്റെങ്ങുമില്ലാത്ത പിമെൻറാ എന്നൊരു ജാതി വൃക്ഷമുണ്ട്. സീബ, മാവ്, കാട്ടുമധുരനാരകം, വാഴ, ദേവതാരം, തെങ്ങ് എന്നിവയുമുണ്ട്.

വിദ്യാഭ്യാസം: 785 പ്രാഥമിക വിദ്യാലയങ്ങളും, 11 തൊഴിൽ പരിശീലനസ്കൂളുകളും, 132 സെക്കൻഡറി സ്കൂളുകളും നിലവിലുണ്ട്. മതസ്ഥാപനങ്ങൾ നടത്തുന്ന സെക്കൻഡറിസ്കൂളുകൾക്കും ഹൈസ്കൂളുകൾക്കും ഗവൺമെൻറ് ധനസഹായം നല്കുന്നു. സാക്ഷരതാശതമാനം 88.2. വെസ്റ്റ്ഇൻഡീസ് യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം ഇവിടെയാണ്.



കിങ്സ്റ്റണിലെ യൂണിവേഴ്സിറ്റി മന്ദിരം

തൊഴിൽ: കരിമ്പുകൃഷിയാണു പ്രധാനം. ഇതിൽനിന്നു പഞ്ചസാരയ്ക്കു പുറമെ റം (മദ്യം) കൂടി ഉണ്ടാക്കുന്നു. കാപ്പി, കൊക്കോ, നാളികേരം, ചെറുനാരങ്ങ, തക്കാളി എന്നിവ ധാരാളം ഉണ്ടാകുന്നു. ഇവ കയറ്റുമതി ചെയ്യപ്പെടുന്നുമുണ്ട്. ചുക്ക്, വാഴപ്പഴം, ലൈംജൂസ്, പുളി, ജാതിക്ക, ചായം ഉണ്ടാക്കുന്നതിനുള്ള തടികൾ എന്നിവയും കയറ്റുമതി ചെയ്യുന്നു. ധാരാളമായി ലഭിക്കുന്ന കാരീയം, 1952-ൽ കുഴിച്ചെടുക്കുവാൻ തുടങ്ങി. അലൂമിനിയനിർമാണത്തിനുവേണ്ട അസംസ്കൃതസാമഗ്രിയായ ബോക്സൈറ്റ് ഉത്പാദനത്തിൽ ജമൈക്കയ്ക്കു ലോകത്തിൽ മൂന്നാം സ്ഥാനമുണ്ട്.

ഗതാഗതം: 346 കി.മീ. റെയിൽവേയും.. 12,360 കി.മീ. റോഡുകളും ഉണ്ട്. രാജ്യത്തിന് അകത്തും പുറത്തും സഞ്ചരിക്കുന്നതിനു വിമാന സർവീസുകളുണ്ട്. വിമാനസഞ്ചാരികൾ വർഷംതോറും കൂടുതലായി വന്നുകൊണ്ടിരിക്കുന്നു. ജമൈക്കയുടെ സാമ്പത്തികസ്ഥിരതയ്ക്ക് ഇതു ഗണ്യമായ സംഭാവനചെയ്യുന്നുണ്ട്.

ചരിത്രം. 1494 മെയ് 3-നു കൊളംബസ് ജമൈക്ക കണ്ടുപിടിച്ചു — സെയ്ൻറ് ഇയാഗോ എന്നാണ് ഇതിനു പേരിട്ടത്. 1509 മുതൽ 1655 വരെ ഇതു സ്പെയിനിൻെറ കോളണിയായിരുന്നു. അന്നു സെയ്ൻറ് ഇയാഗോ ലാവാഗ എന്ന പേരിൽ അറിഞ്ഞിരുന്ന ഇപ്പോഴത്തെ സ്പാനിഷ് ടൗൺ ആയിരുന്നു 1870 വരെ തലസ്ഥാനം. അരാവാക്കുകൾ എന്നറിയപ്പെട്ടിരുന്നവരാണ് ആദിവാസികൾ. സ്പെയിൻകാർ ഇവരെ നിശ്ശേഷം നശിപ്പിച്ചു. തങ്ങളുടെ തോട്ടങ്ങളിൽ ജോലി ചെയ്യുവാൻ സ്പെയിൻകാർ ആഫ്രിക്കയിൽനിന്നും നീഗ്രോഅടിമകളെ കൊണ്ടുവന്നു. ഇവരും വെള്ളക്കാരും ഉൾപ്പെടെ 1655-ൽ ആകെ ജനസംഖ്യ 3000 മാത്രമായിരുന്നു. അന്നു സർ വില്യം പെന്നിൻെറ നേതൃത്വത്തിലുള്ള ഒരു ഇംഗ്ലീഷ്സേന ജമൈക്ക ദ്വീപു പിടിച്ചെടുത്തു. മൂന്നു വർഷത്തിനുള്ളിൽ സ്പെയിൻകാർ തുരത്തപ്പെട്ടു. നീഗ്രോകൾ മലകളിൽ അഭയംതേടി. മറൂണുകൾ എന്നാണ് അവർ അറിയപ്പെടുന്നത്. അവർ ആറുവർഷത്തോളം സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതി.

ഇംഗ്ലീഷുകാർ വളരെ വേഗത്തിൽ ദ്വീപിൽ അധിനിവേശം നടത്തി. ഇവരിൽ അധികംപേരും പട്ടാളത്തിൽനിന്നും പിരിഞ്ഞുപോന്നവരായിരുന്നു. 1661 വരെ ജമൈക്ക പട്ടാളഭരണത്തിലായിരുന്നു. 1661-ൽ ഒരു ഭരണഘടനയും അസംബ്ലിയും ഉണ്ടായി. 1670-ൽ മാഡ്രിഡിൽ വച്ചുണ്ടാക്കിയ ഉടമ്പടിപ്രകാരം ബ്രിട്ടൻെറ കൈവശാവകാശം സ്ഥിരപ്പെട്ടു. 1944-ൽ സ്വയംഭരണം അനുവദിച്ചു. 1962 ഓഗസ്റ്റ് 6-ാംതീയതി ജമൈക്കക്കു പൂർണസ്വാതന്ത്ര്യം ലഭിച്ചു.

ഭരണം. ബ്രിട്ടീഷ് രാജസ്ഥാനത്തിൻെറ പ്രതിനിധിയായ ഗവർണർ ജനറലാണു രാഷ്ട്രത്തലവൻ. സെനറ്റും ജനപ്രതിനിധിസഭയും ഉൾപ്പെട്ട പാർലമെൻറ് ആണു ഭരണം നടത്തുന്നത്. സെനറ്റിൽ 21 അംഗങ്ങൾ ഉണ്ട്. ഇവരിൽ പതിമൂന്നുപേരെ പ്രധാനമന്ത്രിയുടെ ശുപാർശയനുസരിച്ചും എട്ടുപേരെ പ്രതിപക്ഷനേതാവിൻെറ ശുപാർശയനുസരിച്ചും ഗവർണർജനറൽ നിയമിക്കുന്നു. ജനപ്രതിനിധിസഭയിൽ അറുപത് അംഗങ്ങൾ ആണ് ഉള്ളത്. ഇവരെ അഞ്ചു വർഷത്തേക്കു ജനങ്ങൾ തിരഞ്ഞെടുക്കുന്നു. ജമൈക്ക ലേബർപാർട്ടി, പീപ്പിൾസ് നാഷനൽ പാർട്ടി എന്നിവയാണ് ഇവിടുത്തെ രണ്ടു പ്രധാന രാഷ്ട്രീയസംഘടനകൾ. 1988-ൽ ജമൈക്ക നാഷനൽ പാർട്ടിയാണ് അധികാരത്തിലുണ്ടായിരുന്നത്. പ്രധാനമന്ത്രി എഡ്വേർഡ് സീഗായായിരുന്നു. 1989-ൽ നടന്ന തിരഞ്ഞെടുപ്പിൽ പീപ്പിൾസ് നാഷനൽ പാർട്ടിക്കു ഭൂരിപക്ഷം ലഭിച്ചു. മൈക്കൽ മാൻലിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ അധികാരത്തിൽ വന്നു. ജമൈക്ക ബ്രിട്ടീഷ് കോമൺവെൽത്തിലെ ഒരംഗമായിത്തുടരുന്നു.

പ്രധാനമന്ത്രിയുടെ ഉപദേശം അനുസരിച്ചു ഗവർണർ ജനറൽ രൂപവത്കരിക്കുന്ന പ്രിവികൗൺസിലിൽ 6 അംഗങ്ങളുണ്ട്. ഭരണപരമായ സൗകര്യത്തിനു വേണ്ടി രാജ്യത്തെ 3 കൗണ്ടികളും പതിന്നാല് പാരിഷുകളുമായി തിരിച്ചിരിക്കുന്നു. അതിലെ ഏറ്റവും വലിയ പാരിഷ് തലസ്ഥാനമായ കിങ്സ്റ്റൺ ആണ്. അവിടുത്തെ ജനസംഖ്യ 1,04,041 (1982).

ജമ്മു

ജമ്മു-കശ്മീർ സംസ്ഥാനത്തിലെ ഒരു പ്രവിശ്യയും ആ സംസ്ഥാനത്തിൻെറ ശീതകാലതലസ്ഥാനവും. ജമ്മുനഗരം സ്ഥിതിചെയ്യുന്നതു ചിനാബിൻെറ ഒരു പോഷകനദിയായ താവിയുടെ തീരത്തു ശ്രീനഗറിൽനിന്ന് 152 കി. മീ. തെക്കുമാറിയാണ്. നദിയുടെ വലത്തെ കരയിൽ നഗരവും രാജകൊട്ടാരങ്ങളും ഇടത്തെ കരയിൽ ഒരു കോട്ടയും സ്ഥിതിചെയ്യുന്നു. ആദ്യം ഒരു രാജപുത്രരാജ്യമായിരുന്ന ജമ്മു സിഖുകാരുടെ ആക്രമണത്തോടുകൂടി രഞ്ജിത്സിങ്ങിൻെറ അധീനത്തിലായി. രഞ്ജിത്സിങ്ങിൻെറ മരണശേഷം ജമ്മു കേന്ദ്രമാക്കി ഒരു രാജ്യം സ്ഥാപിക്കുകയും ക്രമേണ, 1846-ഓടുകൂടി ഈ പ്രദേശത്തിൻെറ അധീശാധികാരം ബ്രിട്ടീഷുകാർ കൈയടക്കുകയുമുണ്ടായി. 1947 ഒക്ടോബർ 27-ാം തീയതി കശ്മീരിനോടൊപ്പം ജമ്മു ഇന്ത്യയിൽ ലയിച്ചു. ജമ്മുപട്ടണത്തിലെ ജനസംഖ്യ 2,06,135 (1981).

ജമ്മുപ്രവിശ്യയുടെ വിസ്തൃതി 3,097 ച. കി. മീ. ആണ്. ജനസംഖ്യ 9,43,395 (1981). ജമ്മുവിൽനിന്ന് ശ്രീനഗറിലേക്കുള്ള നിരത്തു നിർമിച്ചത് 1922-ലാണ്. ബനിഹാൾചുരം കടന്നാണ് ഈ നിരത്തു നീണ്ടുപോകുന്നത്. ജമ്മുവിൽനിന്നു താഴെ സമതലത്തിൽ പത്താൻകോട്ടിലെത്തുന്ന നിരത്തിന് 96 കി. മീ. നീളമുണ്ട്. †കശ്മീർ നോക്കുക.

ജമ്മു-കാശ്മീർ

† കശ്മീർ നോക്കുക.

ജയ്തോ മോർച്ച

മുൻ നാട്ടുരാജ്യമായ നാഭ (ഇപ്പോൾ പഞ്ചാബിൻെറ ഭാഗം) യിൽ നടന്ന ഒരു ജനകീയ പ്രക്ഷോഭം. അധികാരഭ്രഷ്ടനാക്കപ്പെട്ട മഹാരാജാ രിപുദാമൻസിങ്ങിനു വേണ്ടി ജയ്തോ എന്ന സ്ഥലത്തു നടത്തിവന്ന ഗുരുഗ്രന്ഥസാഹിബിൻെറ അഖണ്ഡപാരായണം ബ്രിട്ടീഷ് അധികൃതർ മുടക്കിയതിനെത്തുടർന്നാണ് പ്രക്ഷോഭം പൊട്ടിപ്പുറപ്പെട്ടത്. 1923 സെപ്റ്റംബർ 14-ന് പാരായണം പുനരാരംഭിക്കുന്നതിന് എസ്.ജി.പി.സി. നിയോഗിച്ച ജാഥയിലെ അംഗങ്ങളെ പോലീസ് അറസ്റ്റുചെയ്തു ദൂരദിക്കുകളിൽ കൊണ്ടുവിട്ടു. തുടർന്ന് *ഷഹീദ് ജാഥ*യായി പുറപ്പെട്ട 500-ൽ പരം പേർ 1924-ഫെബ്രുവരി 21-ന് ജയ്തോയിൽ എത്തിയപ്പോൾ പോലീസ് അവരുടെ നേർക്ക് വെടിവെച്ചതിൻെറ ഫലമായി 300-ഓളം പേർ മരിച്ചു. ഒട്ടേറെ ജാഥകൾ പിന്നീടുനടന്നു. യു.എസിൽ നിന്നുപോലും ഇവിടെയ്ക്കു ജാഥ വന്നിരുന്നു. 1925-ജൂലായ് 21-ന് ഗുരുഗ്രന്ഥ സാഹിബ് പാരായണം പുനരാരംഭിക്കാൻ ഗവൺമെൻറ് അനുവദിക്കുന്നതുവരെ പ്രക്ഷോഭം നീണ്ടുനിന്നു. സിക്കുകാരുടെ ഈ പ്രക്ഷോഭത്തോട് ഇന്ത്യൻനാഷണൽ കോൺഗ്രസ്സ് നേതാക്കൾ അനുഭാവം പ്രദർശിപ്പിച്ചിരുന്നു. ജവാഹർലാൽ നെഹ്റു, കെ. സന്താനം തുടങ്ങിയ നേതാക്കൾ സംഭവസ്ഥലം സന്ദർശിക്കുകയും ചെയ്തു.

ജയ്പൂർ

രാജസ്ഥാനിൻെറയും ജയ്പൂർ ജില്ലയുടെയും തലസ്ഥാനനഗരം. അതിമനോഹരമായ ഈ നഗരം ചരിത്രപ്രസിദ്ധമാണ്. മഹാരാജ സാവായ് ജയസിംഹൻ II സ്ഥാപിച്ചതു(1727)കൊണ്ടു ജയ്പൂർ എന്നു പേരുണ്ടായി. ദില്ലിയിൽനിന്ന് 300 കിലോമീറ്റർ തെക്കുപടിഞ്ഞാറു മാറി, സമുദ്രനിരപ്പിൽനിന്ന് 430 മീറ്റർ പൊക്കത്തിൽ സ്ഥിതിചെയ്യുന്ന ജയ്പൂരിൽ വേനല്ക്കാലത്ത് അത്യുഷ്ണവും മഞ്ഞുകാലത്തു കടുത്ത തണുപ്പുമാണ്. ജനസംഖ്യ 9,77,165 (1981). പഴയ പട്ടണത്തിനുചുറ്റും കോട്ടയും കോട്ടയുടെ വിവിധ ഭാഗങ്ങളിലായി എട്ടു പ്രവേശനദ്വാരങ്ങളുമുണ്ട്. 34 മീറ്റർ വീതിയുള്ള പാതകളാൽ വേർതിരിക്കപ്പെട്ട 6 ദീർഘചതുരബ്ലോക്കുകളാണു പട്ടണത്തി

അംബർ കൊട്ടാരം

ലുള്ളത്. പഴയ കെട്ടിടങ്ങളുടെ ഇളം ചെമപ്പുനിറം കാരണം ഈ പട്ടണത്തെ 'ചെമന്നനഗരം' എന്നും വിളിക്കാറുണ്ട്. ജയ്പൂർ രാജാവിന്റെ കൊട്ടാരം, ഹവാമഹൽ, അംബർ, രാംബാഗ് കൊട്ടാരം മുതലായവയാണിവിടുത്തെ പഴയ കെട്ടിടങ്ങളിൽ പ്രധാനപ്പെട്ടവ. ഒരു ജ്യോതിശ്ശാസ്ത്രജ്ഞൻകൂടിയായിരുന്ന ജയസിംഹൻ II നിർമിച്ച വാനനിരീക്ഷണശാല(ജന്തർമന്തർ) ജയ്പൂർനഗരത്തിലെ പഴയ സ്ഥാപനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. 1947-ൽ സ്ഥാപിച്ച രാജസ്ഥാൻ സർവകലാശാലയുടെ ആസ്ഥാനവും ഇവിടെയാണ്. കല്ല്, വെണ്ണക്കല്ല്, ദന്തം, പിച്ചള, ചെമ്പ് മുതലായവയിലെ ചിത്രപ്പണികൾക്ക് ഈ നഗരം പണ്ടുമുതലേ പ്രസിദ്ധമാണ്.

ജില്ല. ഈ ജില്ലയുടെ വടക്കും പടിഞ്ഞാറും ഭാഗങ്ങളിൽ ആരവല്ലിമലകളുടെ തുടർച്ചയായ കുന്നുകൾ കിടക്കുന്നു. കുന്നുകൾക്കപ്പുറം രാജസ്ഥാൻ മരുഭൂമിയാണ്. ജില്ലയുടെ വിസ്തൃതി 14,068 ച. കി.മീറ്റർ. ജനസംഖ്യ 34,20,574 (1981). 1949-നു മുമ്പു ജയ്പൂർ എന്ന പേരിൽ ഒരു നാട്ടുരാജ്യമുണ്ടായിരിന്നു. കച്ച്വാഹ എന്ന രാജപുത്രവിഭാഗത്തിൽപ്പെട്ട ദുൽഹാ റായി 1128-ൽ സ്ഥാപിച്ചതാണ് ഈ രാജ്യം. 16-ാംനൂറ്റാണ്ടിൽ ഈ രാജ്യം ഭരിച്ചിരുന്ന രാജാ ബിഹാരിമൽ അക്ബർക്കു കീഴടങ്ങി. തന്റെ ഒരു പുത്രിയെ അക്ബർക്കു വിവാഹം ചെയ്തു കൊടുക്കുകയുംചെയ്തു. ആ രാജകുമാരിയിൽ അക്ബർക്കു ജനിച്ച പുത്രനാണു ജഹാംഗീർ. ഈ വംശത്തിൽപ്പെട്ട രാജാ മാൻസിങ് അക്ബർക്കുവേണ്ടി സേവനങ്ങൾ അനുഷ്ഠിച്ചു. അറംഗസീബിന്റെ കാലത്ത് അദ്ദേഹത്തിന്റെ ഒരു സേനാനായകനായി സേവനമനുഷ്ഠിച്ച ജയസിങ് II ഒരു ഗണിതശാസ്ത്രജ്ഞനും ജ്യോതിശ്ശാസ്ത്രജ്ഞനും ആയിരുന്നു. ദില്ലിയിലെയും ജയ്പൂരിലെയും ജന്തർമന്തറുകൾ നിർമിച്ചത് ഇദ്ദേഹമാണ്. 18-ാംനൂറ്റാണ്ടിന്റെ അവസാനത്തിൽ ജയ്പൂരിനു പിൻഡാരികളുടെയും ജോധ്പൂർരാജാവിന്റെയും ശത്രുത നേരിടേണ്ടിവന്നു. അപ്പോൾ ജയ്പൂർരാജാവ് ബ്രിട്ടീഷ് അധികൃതരുടെ സഹായം തേടി. ആണ്ടുതോറും ഒരു വലിയതുക കപ്പംകൊടുത്തുകൊടുത്തുകൊള്ളാമെന്നു രാജാവും ജയ്പൂരിനാവശ്യമുള്ള സംരക്ഷണം നല്കാമെന്നു ബ്രിട്ടീഷുകാരും 1817-ൽ സമ്മതിച്ചു. ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടൊഴിഞ്ഞതിനെത്തുടർന്ന്, രാജസ്ഥാനിലെ മറ്റു നാട്ടുരാജ്യങ്ങളും ജയ്പൂരും ചേർത്തു രാജസ്ഥാൻ യൂണിയൻ എന്നൊരു ഭരണഘടകം രൂപവത്കരിച്ചു. 1949 മാർച്ച് 30-നു നിലവിൽവന്ന ഈ യൂണിയന്റെ രാജപ്രമുഖൻ ജയ്പൂർ രാജാവായ സാവായ് മാൻസിങ് ആയിരുന്നു. 1956-ൽ നടന്ന സംസ്ഥാന പുനഃസംഘടനയെ തുടർന്ന് ഈ യൂണിയനു പകരം രാജസ്ഥാൻ എന്ന സംസ്ഥാനം നിലവിൽവന്നു. അപ്പോൾ ജയ്പൂർ മഹാരാജാവിനു രാജപ്രമുഖസ്ഥാനം നഷ്ടപ്പെടുകയും ഇന്ത്യൻ പ്രസിഡന്റ് നിയമിക്കുന്ന ഗവർണർ സംസ്ഥാനത്തിന്റെ ഭരണത്തലവനാവുകയുംചെയ്തു.


ഹവാമഹൽ

1948-ൽ ഇന്ത്യൻ നാഷനൽ കോൺഗ്രസിന്റെ 55-ാം വാർഷികം പട്ടാഭിസീതാരാമയ്യയുടെ അധ്യക്ഷതയിൽ ഇവിടെവച്ചു നടന്നു. ഇന്ത്യ സ്വാതന്ത്ര്യംനേടിയതിനുശേഷം ആദ്യംനടക്കുന്ന കോൺഗ്രസു സമ്മേളനം കൂടിയായിരുന്നു ഇത്.

ജയ്സാൽമർ

രാജസ്ഥാനിലെ ഒരു ജില്ലയും അതിന്റെ ആസ്ഥാനനഗരവും. മുമ്പ് ഇതേപേരിലുള്ള ഒരു നാട്ടുരാജ്യമായിരുന്നു ഇത്. 'ഭട്ടി'രാജപുത്രന്മാർ എന്നറിയപ്പെടുന്ന ഒരു ജനതയാണ് ഇവിടെയുള്ളവരിൽ ഏറിയകൂറും. പഞ്ചാബിൽനിന്നു വന്ന ഇവർ പത്താംനൂറ്റാണ്ടിൽ ഇവിടെ ഒരു രാജവംശം സ്ഥാപിച്ചു. 'റാവൽ' എന്ന പേരിലാണ് ഈ രാജാക്കന്മാർ അറിയപ്പെട്ടിരുന്നത്. 1156-ൽ ജയ്സാൽ എന്ന റാവൽ സ്ഥാപിച്ചതുകൊണ്ടാണ് ഈ സ്ഥലം ജയ്സാൽമർ എന്ന പേരിൽ അറിയപ്പെടുന്നത്. പതിമൂന്നാംനൂറ്റാണ്ടിൽ അലാവുദ്ദീൻ ഇവിടം കൊള്ളയടിച്ചതിനുശേഷം ഇതിന്റെ ഭാഗധേയങ്ങൾ ക്ഷയിച്ചുതുടങ്ങി. പക്ഷേ, 1818-ൽ മൂൽരാജ് എന്ന നാടുവാഴി ബ്രിട്ടീഷുകാരോടു സഖ്യംചെയ്തു പഴയ വംശത്തിന്റെ ആധിപത്യം പുനഃസ്ഥാപിച്ചു. 1949-ൽ രാജസ്ഥാൻയൂണിയനിൽ ലയിക്കുന്നതുവരെ അദ്ദേഹത്തിന്റെ വംശജരായിരുന്നു ഇവിടത്തെ അധിപന്മാർ.


ജൈനക്ഷേത്രം - ജയ്സാൽമർ

1156-ൽ ജയ്സാൽ നിർമിച്ച കോട്ടയിലെ 'ജ്ഞാനഭണ്ഡാർ' എന്ന ഗ്രന്ഥാലയത്തിൽ പല അപൂർവകൃതികളും ഉണ്ട്. ജയ്സാൽമർ നഗരത്തിൽ പല ജൈനക്ഷേത്രങ്ങളും ഉണ്ട്. ഇവിടെയുള്ള മിക്ക കെട്ടിടങ്ങളും മഞ്ഞക്കല്ലുകൾകൊണ്ടു പടുത്തതാണ്. നഗരത്തിലെ ജനസംഖ്യ: 22,041 (1981).

ജയ്സാൽമർ ജില്ലയുടെ വിസ്തൃതി 38,401 ച.കി.മീ.വരും. ജനസംഖ്യ: 2,43,082 (1981). താർമരുഭൂമിയിലെ ഒരു ഭാഗമാണ് ഈ ജില്ല.

കാർഷികവിളകൾ ഇവിടെ ദുർലഭമായേ വളരാറുള്ളു. കാക്നി എന്ന ഒരു നദി ഇവിടെയുണ്ട്. ഒരിടത്ത് ഇതു ബിജിതടാകമായി രൂപാന്തരപ്പെടുന്നു. ഒട്ടകങ്ങൾ, ആടുകൾ, കന്നുകാലികൾ തുടങ്ങിയവ ധാരാളമുണ്ട്. മുഖ്യവ്യാപാരം കമ്പിളിനൂലിനെ ആശ്രയിച്ചു നിലകൊള്ളുന്നു.

ജയ്ഹിന്ദ്

'ഇന്ത്യ ജയിക്കട്ടെ' എന്ന അർഥത്തിലുള്ള ആശംസാവാക്യം. സുഭാഷ് ചന്ദ്രബോസ് നിർദേശിച്ച പ്രകാരം ഇന്ത്യൻനാഷനൽ ആർമിയിലെ (INA) ഭടന്മാർ 'ജയ്ഹിന്ദ്' എന്നു പറഞ്ഞുകൊണ്ട് പരസ്പരം അഭിവാദനം ചെയ്തുപോന്നു. പിന്നീട് ഇത് ഇന്ത്യയിൽ സാർവത്രികമായി ഉപയോഗിക്കപ്പെട്ടു. പ്രസംഗത്തിന്റെ അവസാനത്തിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഈ ആശംസാവാക്യം ഉപയോഗിച്ചിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഏർപ്പെട്ടിരുന്നവർ ആദ്യം ഉപയോഗിച്ചിരുന്നത് 'വന്ദേമാതരം' എന്നാണ്. 1943-നുശേഷം 'ജയ്ഹിന്ദ്' പ്രചാരത്തിൽവന്നു.

ജയംകൊണ്ടാർ

† കലിങ്ങത്തുപ്പരണി നോക്കുക.

ജയകാന്തൻ. ഡി. (1934—   )

തമിഴ്നോവലിസ്റ്റും ചലച്ചിത്രകാരനും. *'ചില നേരങ്കളിൽ ചില മനിതർകൾ'* എന്ന നോവൽ 1972-ൽ കേന്ദ്ര സാഹിത്യഅക്കാദമി അവാർഡിന് അർഹമായി. മനുഷ്യരുടെ പെരുമാറ്റങ്ങളുടെ സങ്കീർണതകൾ സൂക്ഷ്മമായി ഗ്രഹിച്ച്, അപഗ്രഥിച്ച് അവതരിപ്പിക്കുന്നതിൽ വിദഗ്ധനാണു ജയകാന്തൻ.

1934 ഏപ്രിൽ 4-നു തമിഴ്നാട്ടിലെ ഗൂഢല്ലൂരിൽ ജനിച്ചു. വിദ്യാഭ്യാസാനന്തരം ചെറുകഥയെഴുത്തിൽ മുഴുകി. അതുവരെയും നിഷിദ്ധമായി കരുതിയ പ്രമേയങ്ങൾ സ്വീകരിച്ചു കഥയെഴുതുന്നതിലായിരുന്നു താത്പര്യം. *"ജയകാന്തൻ ചിറുകതൈകൾ"* (1973) എന്ന പേരിൽ ഇവ സമാഹരിക്കപ്പെട്ടിട്ടുണ്ട്. *'ഒരു മനിതൻ, ഒരു വീട്, ഒരു ഉലകം'*, *'യാരുക്കാക അഴുതാൻ'*, *'വാഴ്കൈ അഴൈക്കിറത്'* എന്നിവയാണു മറ്റു പ്രസിദ്ധനോവലുകൾ. 'ഒർ ഇലക്കിയവാദിയിൽ കലൈ ഉലക അനുപവങ്കൾ' എന്ന പേരിൽ ആത്മകഥയും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ജയചന്ദ്രൻ

പന്ത്രണ്ടാംനൂറ്റാണ്ടിന്റെ അന്ത്യത്തിൽ കാശിയിലെയും കാന്യകുബ്ജത്തിലെയും രാജാവ്. അന്നത്തെ ദില്ലിയിലെയും ആജ്മീറിലെയും രാജാവു പൃഥ്വീരാജായിരുന്നു. ജയചന്ദ്രന്റെ മകളായ സംയുക്ത പൃഥ്വീരാജിനെ സ്വയംവരിച്ചു. ഇതിൽ ജയചന്ദ്രൻ കുപിതനായി. ഇന്ത്യയിലേക്കു വരാൻ തക്കംനോക്കിനിന്ന ഷിഹാബുദ്ദീൻ മുഹമ്മദു ഗോറിയെ ജയചന്ദ്രൻ ഇന്ത്യയിലേക്കു ക്ഷണിച്ചു. 1192-ലെ 2-ാംതരൈയിൻയുദ്ധത്തിൽ പൃഥ്വീരാജ് കൊല്ലപ്പെട്ടു. ദില്ലിയും ആജ്മീറും ഗോറി കീഴടക്കി. അടുത്തകൊല്ലംതന്നെ ഗോറിയും ലെഫ്. കുത്തബ്ദീനും കൂടി ജയചന്ദ്രനെതിരെ തിരിഞ്ഞു. ജമുനാതീരത്തു ചാന്ദ്വാർ (ഇപ്പോൾ ഫിറൂസാബാദ്) യുദ്ധത്തിൽ ജയചന്ദ്രനും കൊല്ലപ്പെട്ടു. അദ്ദേഹത്തിന്റെ മരണത്തോടുകൂടി ആ രാജവംശവും നാമാവശേഷമായി. രാജ്യം മുസ്ലിംഭരണത്തിലായി. ഉത്തരേന്ത്യയിലെ പൃഥ്വീരാജനെയും സംയുക്തയെയും വർണിച്ചുകൊണ്ടും ജയചന്ദ്രനെ രാജ്യദ്രോഹിയെന്നു നിന്ദിച്ചുകൊണ്ടും ധാരാളം നാടോടിപ്പാട്ടുകളുണ്ട്.

ജയചന്ദ്രൻ (1944—   )

ഗായകൻ. ചലച്ചിത്രപിന്നണിഗായകൻ എന്ന നിലയ്ക്കു പ്രസിദ്ധൻ. തൃപ്പൂണിത്തുറ കോവിലകത്തു ജനിച്ചു. സ്കൂൾ യുവജനോത്സവത്തിൽ സമ്മാനംനേടിയതിനെത്തുടർന്നു ശ്രദ്ധിക്കപ്പെട്ടു. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളെജിൽനിന്ന് ബിരുദം നേടി. കുഞ്ഞാലിമരക്കാർ എന്ന ചലച്ചിത്രത്തിലാണ് ആദ്യമായി പാടിയത് (1965). മലയാളത്തിനു പുറമെ തമിഴ് ചിത്രങ്ങൾക്കുവേണ്ടിയും ധാരാളം ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. 1972-ൽ *പണിതീരാത്തവീട്* എന്ന ചിത്രത്തിനുവേണ്ടിയും, 1978-ൽ *ബന്ധനം* എന്ന ചിത്രത്തിനുവേണ്ടിയും ആലപിച്ച ഗാനങ്ങൾ സംസ്ഥാന അവാർഡിന് അർഹമായി. നാലായിരത്തിലേറെ ഗാനങ്ങൾ ആലപിച്ചിട്ടുള്ളതായിട്ടാണു കണക്ക്. *കൃഷ്ണപ്പരുന്ത്, നഖക്ഷതങ്ങൾ* തുടങ്ങിയ ചിത്രങ്ങളിൽ അഭിനയിച്ചിട്ടുമുണ്ട്.

ജയചന്ദ്രൻ, ടി.എൻ. (1936—   )

സാഹിത്യകാരനും ഉദ്യോഗസ്ഥപ്രമുഖനും. 1936 ജൂൺ 22-നു തൃശൂരിൽ ജനിച്ചു. തൃശൂരിലും തിരുവനന്തപുരത്തുമായി വിദ്യാഭ്യാസം നിർവഹിച്ചു. തിരുവനന്തപുരം യൂണിവേഴ്സിറ്റികോളെജിൽനിന്നു ധനതത്വശാസ്ത്രത്തിൽ ബി.എ.(ഓണേഴ്സ്) ഒന്നാം ക്ലാസിൽ ഒന്നാം റാങ്കോടുകൂടി ജയിച്ചു (1956). അല്പകാലം തൃശൂർ കേരളവർമകോളെജിൽ അധ്യാപകനായിരുന്നു. 1957-ൽ ഡെപ്യൂട്ടി കളക്റ്റർ ആയി നിയമിക്കപ്പെട്ടു. 1967-ൽ ഐ.എ.എസ്സിലേക്കു തിരഞ്ഞെടുത്തു. കോട്ടയം ജില്ലാകളക്റ്റർ (1968-69), മുഖ്യമന്ത്രി സി. അച്യുതമേനോന്റെ പ്രൈവറ്റ് സെക്രട്ടറി (1969-'72), വ്യവസായ ഡയറക്റ്റർ, സഹകരണ രജിസ്റ്റ്രാർ, കൃഷിവകുപ്പുസെക്രട്ടറി, കൊച്ചി തുറമുഖട്രസ്റ്റ് ചെയർമാൻ (1981-83), കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ്ചാൻസലർ (1983-87) തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ന്യൂദില്ലിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് പബ്ലിക് അഡ്മിനിസ്ട്രേഷനിൽനിന്നു മാസ്റ്റേഴ്സ് ഡിപ്ലോമ, കേംബ്രിജ് യൂണിവേഴ്സിറ്റിയിൽനിന്നു ഡിവലപ്മെന്റ് സ്റ്റഡീസിൽ ഡിപ്ലോമ എന്നിവ നേടി. ജപ്പാൻ, കൊറിയ, തായ്‌ലൻഡ്, ജെർമനി, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ചു. ഇപ്പോൾ ഉന്നതവിദ്യാഭ്യാസ സാംസ്കാരികകാര്യസെക്രട്ടറി.

നർമലേഖനങ്ങളും നിരൂപണങ്ങളും, ചെറുകഥകളും, ഉൾപ്പെടെ ഒട്ടേറെ ഗദ്യപ്രബന്ധങ്ങളുടെ കർത്താവാണ്. *കന്യാകുമാരി, കഥയുടെ പിന്നിലെ കഥ, നോവലിസ്റ്റിന്റെ ശില്പശാല, നോവലുകൾക്കിടയിൽ, നോവലുകളും നോവലുകളും* തുടങ്ങിയവയാണ് മുഖ്യ കൃതികൾ.

ജയതീർഥാചാര്യർ (— 1388)

മഹാരാഷ്ട്രത്തിലെ ഒരു ദ്വൈതാചാര്യൻ. പതിന്നാലാംനൂറ്റാണ്ടിന്റെ ആദ്യപകുതിയിലാണു ജീവിച്ചിരുന്നത്. പന്ധാർപുരിൽനിന്നും 20 കി. മീ. തെക്കായുള്ള മംഗൽവേദിലെ ഒരു മറാഠി പ്രഭുകുടുംബത്തിലാണു ജനനം.

ഇദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ പലതും ശ്രീമാധ്വാചാര്യരുടെ ഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങൾ (ടീക) ആണ്. അതിനാൽ ടീകാചാര്യൻ എന്നും പറയും. മാധ്വന്റെ ഗ്രന്ഥങ്ങൾ ഇദ്ദേഹത്തിന്റെ വ്യാഖ്യാനം കൂടാതെ മനസ്സിലാവുകയില്ലെന്നുകൂടി പറയപ്പെടുന്നു. തത്ത്വപ്രകാശിക, പ്രമാണപദ്ധതി, ന്യായസുധ എന്നിവയാണു മുഖ്യഭാഷ്യഗ്രന്ഥങ്ങൾ. വാദാവലി തുടങ്ങിയ സ്വതന്ത്രഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ജീവചരിത്രം സംബന്ധിച്ചവയാണു ബൃഹദ്ജയതീർഥവിജയം, അനുജയതീർഥവിജയം, ജയീന്ദ്രോദയം എന്നീ ഗ്രന്ഥങ്ങൾ

ജയദേവൻ (12-ാംനൂറ്റാണ്ട്)

വംഗകവി. †'ഗീതഗോവിന്ദ'കാവ്യത്തിന്റെ രചയിതാവ്. ഭോജദേവന്റെയും രമാദേവിയുടെയും പുത്രൻ. ജീവചരിത്രപരമായി ഇദ്ദേഹത്തെപ്പറ്റി വളരെക്കുറച്ചു കാര്യങ്ങളേ അറിയാവൂ. വംഗ(ഇന്നത്തെ ബംഗാൾ)രാജാവായ ലക്ഷ്മണസേനന്റെ സദസ്സിലെ 'പഞ്ചരത്ന'ങ്ങളിലൊരാളായിരുന്നു ഇദ്ദേഹം.

ഇന്നത്തെ വീർഭൂം ജില്ലയിൽപ്പെട്ട 'കേന്ദുബില്വം' എന്ന ഗ്രാമത്തിലാണ് ഇദ്ദേഹം ജനിച്ചത്. ശ്രീകൃഷ്ണഭക്തയായ പദ്മാവതിയെ വിവാഹംകഴിച്ചതോടെ ജയദേവനും കൃഷ്ണഭക്തനായിമാറി. 'ഗീതഗോവിന്ദ'ത്തിലെ ഓരോ ഗാനവും, ജയദേവകവി ഭാവനിർഭരമായി പാടുകയും തദനുസൃതമായി പദ്മാവതി നൃത്തംചെയ്യുകയുമായിരുന്നു പതിവ്. ശ്രീകൃഷ്ണന്റെ ജീവിതവുമായി ബന്ധപ്പെട്ട മഥുര, വൃന്ദാവനം തുടങ്ങിയ ഇടങ്ങളിലേക്ക് ഇരുവരും തീർഥയാത്ര നടത്തി. പദ്മാവതിയുടെ അകാലമരണത്തിനുശേഷം ജയദേവൻ വിരക്തന്റെ ജീവിതമാണു നയിച്ചത്.

തന്റെ കാവ്യകലയുടെ നിരതിശയമായ മാഹാത്മ്യത്തെപ്പറ്റി ജയദേവൻ ബോധവാനായിരുന്നുവെന്നുവേണം കരുതുവാൻ. 'ഗീതഗോവിന്ദ'ത്തിന്റെ ആരംഭത്തിലുള്ള ഒരു ശ്ലോകത്തിൽ തന്റെ സമകാലികരായ ഉമാപതിധരൻ, ആചാര്യഗോവർധനൻ തുടങ്ങിയ കവികളുടെ കഴിവുകൾ അംഗീകരിക്കുന്നതോടൊപ്പം 'സന്ദർഭശുദ്ധി'യുള്ള പദപ്രയോഗത്തിൽ വൈദഗ്ധ്യംനേടിയ ഏകകവി താനാണെന്ന് ഇദ്ദേഹം നിസ്സന്ദേഹം അവകാശപ്പെട്ടിട്ടുണ്ട്.

ജയദേവൻ (13-ാംനൂറ്റാണ്ട്)

പ്രസന്നരാഘവം എന്ന പ്രസിദ്ധനാടകത്തിന്റെയും ചന്ദ്രാലോകം എന്ന വിമർശനഗ്രന്ഥത്തിന്റെയും കർത്താവ്. മഹാദേവന്റെയും സുമിത്രയുടെയും പുത്രനായിരുന്നു ജയദേവൻ.

തർക്കശാസ്ത്രത്തിൽ അഗാധമായ പാണ്ഡിത്യമുണ്ടായിരുന്നതിനാൽ പക്ഷധരമിശ്രൻ എന്ന ബഹുമതിയും രസനിഷ്യന്ദിയായ പദ്യരചനാവൈദഗ്ധ്യത്താൽ പീയൂഷവർഷൻ എന്ന ബഹുമതിയും ലഭിച്ചു. ഗീതഗോവിന്ദകർത്താവായി പന്ത്രണ്ടാംശതകത്തിൽ ജീവിച്ചിരുന്ന ജയദേവനിൽനിന്നും ഭിന്നനാണു ചന്ദ്രാലോകകർത്താവായ ജയദേവൻ. ചന്ദ്രാലോകത്തിന് അനവധി വ്യാഖ്യാനങ്ങളുണ്ട്. ബുധരഞ്ജനി, ശാരദാഗമം, ചന്ദ്രാലോകപ്രകാശം, രാകാഗമസുധ, ശാരദാശർവരീ എന്നിവയാണു ചില വ്യാഖ്യാനങ്ങൾ.ചന്ദ്രാലോകം മാതൃകയാക്കിയാണ് അപ്പ(യ്യ)ദീക്ഷിതർ കുവലയാനന്ദം രചിച്ചത്.

ജയദ്രഥൻ

കൗരവസോദരിയായ ദുശ്ശളയുടെ ഭർത്താവായ സിന്ധുരാജാവ്. പാണ്ഡവരുടെ വനവാസകാലത്തു പാഞ്ചാലിയെ അപഹരിച്ചപ്പോൾ പാണ്ഡവന്മാർ ജയദ്രഥനെ തടവിലാക്കി. ഭീമൻ കഠിനമായി പീഡിപ്പിച്ച്, ഇദ്ദേഹത്തെക്കൊണ്ട് 'ഞാൻ പാണ്ഡവരുടെ അടിമയാണേ' എന്നു പറയിപ്പിച്ചു. ഒടുവിൽ പാഞ്ചാലി പറഞ്ഞിട്ടാണു വിട്ടയച്ചത്. മഹാഭാരതയുദ്ധത്തിന്റെ പതിമൂന്നാംദിവസം, അർജുനപുത്രനും വില്ലാളിവീരനുമായ അഭിമന്യുവിനെ കൗരവപക്ഷത്തെ മഹാരഥന്മാർ ചതിച്ചുകൊന്നത്, ജയദ്രഥന്റെ നേതൃത്വത്തിലായിരുന്നു. പുത്രശോകാർത്തനായ അർജുനൻ, പിറ്റേന്നാൾ സൂര്യനസ്തമിക്കുന്നതിനുമുൻപു ജയദ്രഥനെ വധിക്കുമെന്നും, അതിനു സാധിക്കാതെ വന്നാൽ ആത്മഹത്യചെയ്യുമെന്നും ശപഥംചെയ്തു. അതിഭയങ്കരമായ യുദ്ധമാണു പിറ്റേദിവസം നടന്നത്. ദുര്യോധനാദികൾ ജയദ്രഥനു ചുറ്റുംനിന്ന് ഒരമ്പുപോലും അദ്ദേഹത്തിന്റെമേൽ ഏല്ക്കാതെ യുദ്ധംചെയ്തു. 'നീങ്ങുകയില്ല പട'യെന്നു കണ്ടപ്പോൾ പാർഥസാരഥി, വൈഷ്ണവികമായാശക്തിയുപയോഗിച്ചു സൂര്യബിംബത്തെ മറച്ചു. നേരം സന്ധ്യയായെന്നു കരുതി കൗരവന്മാർ ജയദ്രഥനെ രക്ഷിക്കുന്നതിൽ അശ്രദ്ധ കാണിച്ചു. സാരഥിയുടെ നിർദേശമനുസരിച്ച് അർജുനൻ ജയദ്രഥന്റെ തലയറുത്തു. ഉടനെതന്നെ, ശ്രീകൃഷ്ണന്റെ മറ്റൊരു നിർദേശമനുസരിച്ച്, അർജുനൻ ജയദ്രഥന്റെ തല, സന്ധ്യയായെന്ന ധാരണയിൽ ഊത്തുനടത്തുന്ന ജയദ്രഥപിതാവിന്റെ കയ്യിൽ കൊണ്ടുപോയിട്ടു. തല അയാളുടെ കൈയ്യിൽനിന്നു വീണതോടെ അയാൾ തലപൊട്ടി മരിച്ചു. 'എന്റെ മകന്റെ തല ആരുടെ കയ്യാലാണു നിലത്തുവീഴുന്നത് അയാൾ തലപൊട്ടി മരിക്കട്ടെ' എന്ന അയാളുടെ വാക്കുകൾ ഇങ്ങനെ ഫലിച്ചു.

ജയന്തകുമാർ ഘോഷ്, (1937-)

സ്ഥിതിവിവരശാസ്ത്രകാരൻ. കൽക്കത്തയിൽ 1937 മെയ് 22-ന് ജനിച്ചു. കൽക്കത്ത സർവകലാശാലയിൽനിന്ന് എം.എ., ഡീഫിൽ പരീക്ഷ പാസായി. അവിടെത്തന്നെ അധ്യാപകനായി ചേർന്നു. ഇലിനോയ്ഡ് സർവകലാശാലയിൽ വിസിറ്റിങ് പ്രൊഫസറായും ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ അസോസ്യേറ്റ് പ്രൊഫസറായും യു.എസ്സിൽ വിസിറ്റിങ് പ്രൊഫസറായും ജോലിനോക്കി. ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാത്തമാറ്റിക്കൽ സ്റ്റാറ്റിസ്റ്റിക്സ്, ഇന്ത്യൻ നാഷനൽ സയൻസ് അക്കാദമി ഇവിടങ്ങളിലെ ഫെലോ ആണ്. 1981-ൽ എസ്.എസ്.ഭട്നഗർ അവാർഡ് ലഭിച്ചു. ഇപ്പോൾ കൽക്കത്തയിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവർത്തിക്കുന്നു.

ജയന്തൻ

ദേവേന്ദ്രന്റെ മകൻ. ശചീദേവി ആണു മാതാവ്. വനവാസകാലത്ത് ശ്രീരാമൻ സീതയുടെ മടിയിൽ തലവച്ച് ഉറങ്ങുകയായിരുന്നു. അടുത്ത് ഇറച്ചി ഉണങ്ങുവാൻ ചിക്കിയിരുന്നു. അതുകൊത്താൻവന്ന കാക്കളുടെ കൂട്ടത്തിൽ കാക്കയുടെ രൂപം ധരിച്ച ജയന്തനും എത്തി. സീതകല്ലെറിഞ്ഞ് ഓടിക്കാൻ ശ്രമിച്ചപ്പോൾ ആ കാക്ക (ജയന്തൻ) സീതയുടെ മുലയിൽ കൊത്തി മുറിപ്പെടുത്തി. രക്തം തെറിച്ചു വീഴുകയാൽ ഉണർന്ന ശ്രീരാമൻ കോപിച്ച് ദർഭപ്പുല്ലു ദിവ്യാസ്ത്രമന്ത്രം ജപിച്ചു ജയന്തന്റെ നേർക്കുവിട്ടു. രക്ഷനേടാൻ ലോകം ചുറ്റി ഫലമില്ലാതെ മടങ്ങിവന്ന ജയന്തൻ ശ്രീരാമനെത്തന്നെ അഭയംപ്രാപിച്ചു. തന്റെ അസ്ത്രം നിഷ്ഫലമാവില്ല എന്നു പറഞ്ഞു ശ്രീരാമൻ ജയന്തന്റെ ഒരു കണ്ണുപൊട്ടിച്ച് അസ്ത്രം പ്രത്യാഹരിച്ചു. അങ്ങനെ അവിവേകഫലമായി ജയന്തൻ ഒറ്റക്കണ്ണനായി.

ജയന്തൻ ശങ്കരന നമ്പൂതിരി

തിരുവിതാംകൂറിന്റെ ചരിത്രത്തിലെ ഒരു വഴിത്തിരിവിൽ ആക്ഷേപാർഹവും നിർണായകവുമായ ചില സംഭവങ്ങൾക്കു കാരണക്കാരനായ കൊട്ടാരസേവകൻ. ജനനമരണങ്ങളെയോ ജീവിതത്തെയോ കുറിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമല്ല. 1798 ഫെബ്രുവരി 18-നു തിരുവിതാംകൂറിലെ രാജാവായ ബാലരാമവർമ എന്ന 16 വയസ്സുകാരന്റെ ആശ്രിതനായി തിരുവനന്തപുരത്തെത്തി. അതിനു മുമ്പു കോഴിക്കോട്ടു താമസിച്ചിരുന്നു. വിദ്യാവിഹീനനായിരുന്ന നമ്പൂതിരി ഏഷണിക്കു വിദഗ്ധനായിരുന്നു. എന്തുമാർഗം ഉപയോഗിച്ചും ദിവാൻപദവിയിലെത്തണം എന്നു മോഹിച്ചു. അതിലേക്കു കരുനീക്കങ്ങൾ നടത്തി. തിരുവിതാംകൂറിന്റെ ഭാഗമായ കരപ്പുറം കൊച്ചിക്കു തിരിച്ചുനല്കിക്കൊണ്ടുള്ള ഒരു 'നീട്ട്' രാജാവിനെക്കൊണ്ട് 'തുല്യം ചാർത്തി'ച്ചു തോട്ടപ്പായി നമ്പൂതിരിവശം കൊടുത്തയച്ചു. വിവരം അറിഞ്ഞ ദിവാൻ രാജാകേശവദാസൻ കുതിരപ്പുറത്തു പിൻതുടർന്നു പരവൂരിൽവച്ചു തോട്ടപ്പായി നമ്പൂതിരിയെ പിടികൂടി 'നീട്ടു'തിരിച്ചുവാങ്ങി. ഈ പ്രവൃത്തി ദിവാന്റെ നേർക്കു രാജാവിനു നീരസം ജനിപ്പിച്ചു. ജയന്തൻ ശങ്കരൻ നമ്പൂതിരി ഈ അവസരം ശരിക്കു വിനിയോഗിക്കുകയും ചെയ്തു. ധർമരാജാവിന്റെ ഒന്നാം ചരമവാർഷികം കഴിഞ്ഞയിടയ്ക്ക് അദ്ദേഹം ഉപയോഗിച്ചിരുന്ന പല്ലക്കിൽ കയറി ജയന്തൻ ശങ്കരൻ നമ്പൂതിരി തിരുവനന്തപുരത്തെ തെരുവീഥികളിലൂടെ സഞ്ചരിച്ചു. ദിവാൻ ഈ നടപടിയെ ആക്ഷേപിച്ചു. താമസിയാതെ നമ്പൂതിരിയുടെ പ്രേരണമൂലം രാജാവ് രാജാകേശവദാസനെ ദിവാൻപദവിയിൽനിന്നു പിരിച്ചുവിട്ടു വീട്ടുതടങ്കലിൽ പാർപ്പിച്ചു. ഏതാനും ദിവസം കഴിഞ്ഞ് അദ്ദേഹം മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. നമ്പൂതിരിയുടെ പ്രേരണയനുസരിച്ചു വിഷംകൊടുത്തു കൊന്നു എന്നാണു വിശ്വാസം. നാലുദി

വസം കഴിഞ്ഞപ്പോൾ നമ്പൂതിരി വലിയ സർവാധികാര്യക്കാരൻ എന്ന സ്ഥാനത്തു നിയമിതനായി. ഭണ്ഡാരത്തിൽ പണം ഉണ്ടാക്കാൻവേണ്ടി ഇദ്ദേഹം ജനങ്ങളിൽനിന്നു നിർബന്ധിതപ്പിരിവ് ആരംഭിച്ചു. നിശ്ചിത തുക നൽകാത്തവർക്കു ക്രൂരദണ്ഡനങ്ങളും വിധിച്ചു. ഈ അക്രമങ്ങൾക്കെതിരെ സംഘടിച്ച രോഷാകുലരായ ജനങ്ങൾ വേലുത്തമ്പിയുടെയും മറ്റും നേതൃത്വത്തിൽ ലഹളക്കൊരുങ്ങി. എന്നാൽ രാജാവ് ഇവരുടെ നിവേദനം സ്വീകരിച്ച് വ്യവസ്ഥകൾ അംഗീകരിച്ചു. ഇതനുസരിച്ചു ജയന്തൻ ശങ്കരൻനമ്പൂതിരിയെ ഉദ്യോഗത്തിൽനിന്നും പിരിച്ചുവിടുകയും നാടുകടത്തുകയും ചെയ്തു (1799 ജൂലായ്).

ജയന്തവർമൻ (645—670)

പാണ്ഡ്യരാജാവ്. പാണ്ഡ്യരാജാക്കന്മാരുടെ വംശാവലിയിലെ പൂർവികൻ. കേരളരാജാവിനെ യുദ്ധത്തിൽ തോല്പിച്ചു ജീവനോടെ പിടിച്ചുകൊണ്ടുപോയ അരികേസരിമാരവർമന്റെ (എ. ഡി. 670—700) മുൻഗാമിയാണ് ഇദ്ദേഹം.

സഹ്യപർവതപ്രദേശങ്ങൾ ഉൾപ്പെടെ നാഗർകോവിൽ മുതൽ തിരുവല്ലവരെ തെക്കുവടക്കു വ്യാപിച്ചുകിടന്ന ആയ്‌രാജ്യത്തിന്റെ അയൽരാജ്യമായിരുന്നു പാണ്ഡ്യം.

രാജസിംഹൻ രണ്ടാമന്റെ ചിന്നമന്നൂർ ശാസനങ്ങൾ, അണ്ണാമല ശാസനങ്ങൾ എന്നിവയിൽ നടത്തിയ ഗവേഷണങ്ങളുടെ ഫലമായി പാണ്ഡ്യരാജാക്കന്മാരുടെ വംശാവലിയെപ്പറ്റി വിവരം ലഭിച്ചിട്ടുണ്ട്. പാണ്ഡ്യവാഴ്ചക്കാലത്തെ പ്രാചീനം, മധ്യം, അന്ത്യം എന്നു മൂന്നായി ഭാഗിക്കപ്പെട്ടിരിക്കുന്നു. പ്രാചീനഘട്ടം ജയന്തവർമനിൽ തുടങ്ങി രാജസിംഹൻ രണ്ടാമനിൽ അവസാനിക്കുന്നു.

ജയന്തിയാ രാജ്യം

കിഴക്കൻ അസമിൽ ബാരക്നദിക്കും ജയന്തിയാകുന്നിനും ഇടയ്ക്കു സ്ഥിതിചെയ്തിരുന്ന രാജ്യം. ഏതാണ്ടു ഖാസിക്കു തുല്യമായ ഒരു ഭാഷയായിരുന്നു ഇവിടത്തുകാരുടേത്. ഇവർ അമ്മയ്ക്കാണു പ്രാധാന്യം കൊടുത്തിരുന്നത്. സ്ത്രീക്കായിരുന്നു സ്വത്തുമുഴുവൻ. 'ദക്ഷയാഗ'ത്തിൽ ദേഹത്യാഗംചെയ്ത സതിയുടെ ശരീരാംശം ഇവിടെ പതിച്ചു എന്ന വിശ്വാസത്തിന്റെ പേരിൽ ഇതൊരു പുണ്യസ്ഥലമായി.

1500-ൽ പർവത്റേ ഒരു പുതിയ രാജവംശം സ്ഥാപിച്ചു. 1548-നും 1564-നുമിടയ്ക്കു കുച്ച്ബീഹാറിലെ രാജാവായ നരനാരായൺ ജയന്തിയാ ആക്രമിച്ചു. പിന്നീടു പതിനേഴാംനൂറ്റാണ്ട് ആദ്യം ജയന്തിയാ രാജാവായ ധൻമാനികനെ കച്ഛാരിരാജാവു തോല്പിച്ചു. എന്നാൽ ധൻമാനികന്റെ മകനും പിൻഗാമിയുമായ ജാസമാനിക് അഹോംരാജാവ് പ്രതാപ്സിംഹന്റെ സഹായത്തോടുകൂടി നഷ്ടപ്പെട്ട രാജ്യം തിരിച്ചുപിടിക്കുകയും പ്രതാപ്സിംഹനു മകളെ വിവാഹം കഴിച്ചുകൊടുക്കുകയുംചെയ്തു. ജാസമാനിക്കിനുശേഷം 6-ാമത്തെ രാജാവായ ലക്ഷ്മീനാരായൺ (1669—'97) ജയന്തിയാപൂരിൽ നിർമിച്ച കൊട്ടാരത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും കാണാം. അദ്ദേഹത്തിന്റെ പിൻഗാമി രാമസിംഹൻ (1697—1708) അഹോംരാജാവായ രുദ്രസിംഹനുമായി യുദ്ധം പ്രഖ്യാപിച്ചു. 1708-ൽ അദ്ദേഹം വധിക്കപ്പെട്ടു. എന്നാലും ജയന്തിയാരാജ്യം 1824-ൽ ബർമക്കാർ കീഴടക്കുന്നതുവരെ നിലനിന്നു. 1826-ൽ ഇംഗ്ലീഷുകാർ ബർമക്കാരെ ഓടിച്ചു. രാമസിംഹന്റെ പിൻഗാമിയായ രാജേന്ദ്രസിംഹൻ ബ്രിട്ടീഷുകാരെ വകവച്ചില്ല. അതിനാൽ 1835-ൽ ബ്രിട്ടീഷുകാർ ആ രാജ്യം പിടിച്ചടക്കി.

ജയന്റ്ക്രോമസോം

ഡി.എൻ.എ.യുടെ തുടർച്ചയായ വിഭജനം മൂലം ഉണ്ടാകുന്ന ക്രോമസോം. വിഭജിച്ച ഡി.എൻ.എ. വേർപെടുന്നില്ല. അതിനാൽ ജയന്റ് ക്രോമസോമിനു മറ്റു ക്രോമസോമുകളെക്കാൾ വലിപ്പം കൂടുതലായിരിക്കും. പഴയീച്ചയുടെ (fruit fly) ഉമിനീർഗ്രന്ഥികളിൽ ഇത്തരം ക്രോമസോമുകൾ കാണാം. † ക്രോമസോം (chromosome) നോക്കുക.

ജയപാലൻ

പത്താം നൂറ്റാണ്ടിൽ കുറച്ചുകാലം ഇന്ത്യയിലെ വടക്കുപടിഞ്ഞാറൻ ഭാഗങ്ങൾ ഭരിച്ചിരുന്ന രാജാവ്. പശ്ചിമപഞ്ചാബ്, വടക്കുപടിഞ്ഞാറൻ അതിർത്തിപ്രവിശ്യ, അഫ്ഘാനിസ്താന്റെ കിഴക്കൻ പ്രദേശങ്ങൾ എന്നിവ ഉൾപ്പെട്ടിരുന്നതാണ് ഇദ്ദേഹത്തിന്റെ രാജ്യം. 9-ാംനൂറ്റാണ്ടിന്റെ ഉത്തരാർധം മുതൽ 11-ാം നൂറ്റാണ്ടിന്റെ ആദ്യം വരെ ഈ രാജ്യം ഭരിച്ചിരുന്ന ഷാഹിവംശത്തിൽപ്പെട്ട രാജാവായിരുന്നു ജയപാലൻ. ബരിക്കോട്ട് എന്ന സ്ഥലത്തുള്ള ഒരു കുന്നിൽ 'പരമഭട്ടാരക മഹാരാജാധിരാജ ശ്രീ ജയപാലദേവ'ന്റെ ഒരു ശിലാശാസനത്തിന്റെ കുറെ ഭാഗങ്ങൾ കണ്ടെടുത്തിട്ടുണ്ട്. റാവൽപിണ്ടി ജില്ലയിൽപ്പെട്ട അറ്റോക്കിൽനിന്ന് 24 കി.മീ. അകലെയുള്ള 'ഉണ്ഡ്' എന്ന ഗ്രാമമായിരുന്നു ഷാഹി രാജാക്കന്മാരുടെ തലസ്ഥാനം. അന്ന് ആ നഗരം 'ഉദഭാണ്ഡപുരം' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

ഷാഹിരാജ്യത്തിന്റെ വടക്കുപടിഞ്ഞാറുള്ള അഫ്ഘാനിസ്താനിലെ ഗസ്നി എന്ന നഗരം കേന്ദ്രമാക്കിക്കൊണ്ടു പുതിയൊരു മുസ്ലിംരാജ്യം ശക്തിപ്രാപിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. സുൽത്താൻ സൈന്യവുമായി പലതവണ ഷാഹിരാജ്യത്തെ ആക്രമിച്ചു. യുദ്ധത്തിൽ ജയപാലൻ പരാജിതനായി. നഷ്ടപ്പെട്ട പ്രദേശങ്ങൾ തിരിച്ചെടുക്കാൻ ജയപാലൻ വലിയൊരു സൈന്യവുമായി വന്നു. ലംഘാൻ പട്ടണത്തിനു സമീപംവച്ചു നടന്ന യുദ്ധത്തിൽ ജയപാലൻ വീണ്ടും പരാജിതനായി. ലംഘാനിനും പെഷവാറിനും ഇടയ്ക്കുള്ള പ്രദേശങ്ങൾ സുൽത്താൻ സബുക്തിജിൻ കൈയടക്കി.

997-ൽ സബുക്തിജിൻ മരിച്ചു. അദ്ദേഹത്തിന്റെ പുത്രനായ മഹമൂദ് (27 വയസ്സ്) പിറ്റേക്കൊല്ലം ഗസ്നിയിലെ രാജാവായി. 1000-ാമാണ്ട് മഹമൂദ് ഇന്ത്യയിലേക്ക് ഒരാക്രമണം നയിക്കുകയും പെഷവാറിനു സമീപമുള്ള ചില കോട്ടകൾ പിടിച്ചടക്കുകയും ചെയ്തു. അടുത്ത വർഷത്തിൽത്തന്നെ അദ്ദേഹം വീണ്ടും ഇന്ത്യയിലേക്കു വന്നു പെഷവാറിനുസമീപം താവളമടിച്ചു. ജയപാലൻ മഹമൂദിനെ നേരിടുകയും പരാജിതനാവുകയുംചെയ്തു. പുത്രന്മാരും പൗത്രന്മാരും ജയപാലനും തടവിലായി. മഹമൂദ് അവസാനം ഉഭാണ്ഡപുരത്തേക്കു വരുകയും ജനങ്ങൾ നാടുവിട്ടോടുകയും ചെയ്തു. അവർ യുദ്ധത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങിയതറിഞ്ഞ മഹമൂദ് അവരെ ആക്രമിച്ചു തോല്പിച്ചോടിച്ചു. ജയപാലന്റെ പുത്രനായ ആനന്ദപാലൻ രണ്ടരലക്ഷം ദിനാറും 25 ആനയും കൊടുക്കാമെന്നു പറഞ്ഞപ്പോൾ മഹമൂദ് ജയപാലനെ മോചിപ്പിച്ചു. പക്ഷേ, ജയപാലൻ പിന്നീടധികം ജീവിച്ചില്ല. വിദേശീയരോടു പലതവണ യുദ്ധംചെയ്തിട്ടും പരാജയപ്പെട്ടതിൽ ദുഃഖിച്ച് അദ്ദേഹം തീയിൽ ചാടി ആത്മാഹുതി ചെയ്കയാണുണ്ടായത്. പിന്നീട് ആനന്ദപാലൻ രാജാവായി.

ജയപ്രകാശ്നാരായൺ (1902—1979)

ഇന്ത്യയിലെ സമുന്നതനായ സോഷ്യലിസ്റ്റ് നേതാവും സർവോദയ പ്രവർത്തകനും. സോഷ്യലിസ്റ്റ്പ്രസ്ഥാനം ഇന്ത്യയിൽ വളർത്തിക്കൊണ്ടു വന്നതിൽ മുഖ്യമായ പങ്കുവഹിച്ച വ്യക്തിയാണു ജയപ്രകാശ്. സോഷ്യലിസത്തെക്കുറിച്ച് ഇന്ത്യയിൽ പ്രസിദ്ധീകൃതമായ അടിസ്ഥാനഗ്രന്ഥങ്ങളിൽ ആദ്യത്തേതായി കരുതപ്പെടുന്നതാണ് ജയപ്രകാശിന്റെ 'വൈ സോഷ്യലിസം.' സാർവത്രികമായി അഴിമതിയ്ക്കും അധികാരികളുടെ അതിക്രമത്തിനും ജനകീയപ്രശ്നങ്ങളോടുള്ള അവഗണനയ്ക്കും എതിരെ ബിഹാർ കേന്ദ്രമായി തുടങ്ങി ദില്ലിയിലേക്കുകൂടി വ്യാപിച്ച 1975-ലെ ജനകീയപ്രക്ഷോഭത്തി

നു നേതൃത്വം നൽകിയത് ജയപ്രകാശ് ആണ്. ഈ പ്രക്ഷോഭത്തിന്റെ പശ്ചാത്തലത്തിലാണ് 1975 ജൂണിൽ ഇന്ത്യയിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടത്. അടിയന്തിരാവസ്ഥയ്ക്കെതിരെ ശക്തമായി പ്രതികരിക്കാനും ജനതയുടെ വികാരം ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിനെതിരെ തിരിച്ചു വിടാനും ജയപ്രകാശിനുകഴിഞ്ഞു. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയിൽ ആദ്യമായി ഒരു കോൺഗ്രസ്സിതരഗവൺമെന്റ് 1977-ൽ നിലവിൽവന്നതിന്റെ പിന്നിൽ ജയപ്രകാശ് നയിച്ച പ്രക്ഷോഭം സുപ്രധാനമായ പങ്കുവഹിച്ചു. 'ലോകനായക്' എന്ന് ജയപ്രകാശ് അറിയപ്പെടാൻ തുടങ്ങിയത് ഈ പ്രക്ഷോഭത്തിന്റെ കാലഘട്ടത്തിലാണ്.

1902 ഒക്റ്റോബർ 11-ന ബിഹാറിലെ സരൺജില്ലയിൽ ദിയാരാ ഗ്രാമത്തിൽ ജനിച്ചു. പട്നയിൽ വിദ്യാർഥിയായിരിക്കെത്തന്നെ ഗാന്ധിജി നയിച്ച നിസ്സഹകരണപ്രസ്ഥാനത്തിൽ പങ്കുകൊണ്ട് കലാലയംവിട്ടു പുറത്തിറങ്ങി. പിന്നീടു സുഹൃത്തായ ഭോലാപന്തിന്റെ ക്ഷണമനുസരിച്ച് അമേരിക്കയിൽ പോയി പഠനം തുടർന്നു. ഇറച്ചിക്കടയിലും മുന്തിരിത്തോപ്പിലും ഒക്കെ ജോലിചെയ്തുകൊണ്ടാണ് അമേരിക്കയിൽ വിദ്യാഭ്യാസം നിർവഹിച്ചത്. വിസ്കോൺസിൻ സർവകലാശാലയിൽനിന്നു ധനശാസ്ത്രത്തിൽ എം.എ. ഡിഗ്രിനേടി. അവിടത്തെ പഠനത്തിനിടയിൽ ജെർമൻഭാഷാവകുപ്പിൽ ജോലി ചെയ്തിരുന്ന കമ്യൂണിസ്റ്റ്പാർട്ടിയിലെ രഹസ്യാംഗമായ എവ്റോലാൻഡി എന്ന ജൂതനുമായി പരിചയപ്പെടുകയും ഈ പരിചയം അമേരിക്കയിലെ കമ്യൂണിസ്റ്റുപ്രസ്ഥാനവുമായി ബന്ധപ്പെടാൻ ജയപ്രകാശിന് സന്ദർഭം നൽകുകയുംചെയ്തു. മാർക്സിസത്തെപ്പറ്റിയുള്ള പഠനം ഇവിടെനിന്ന് ആരംഭിച്ചത് ഇന്ത്യയിലെത്തിയ ശേഷവും തുടർന്നു. എട്ടുകൊല്ലത്തിനുശേഷം 1929-ൽ ഇന്ത്യയിൽ തിരിച്ചെത്തിയ ജയപ്രകാശ് ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനവുമായി ബന്ധപ്പെട്ടു. എ.ഐ.സി.സി.യുടെ തൊഴിൽ ഗവേഷണവിഭാഗത്തിന്റെ ചുമതലയാണ് ആദ്യം ജയപ്രകാശ് കൈയേറ്റത്. 1932-ൽ കോൺഗ്രസ്സിന്റെ ആക്റ്റിങ് ജനറൽസെക്രട്ടറിയായി. സിവിൽനിയമലംഘനത്തിൽ പങ്കെടുത്തു ജയിൽവാസം അനുഭവിച്ചു. 1935-ൽ ജയിലിൽനിന്നു വിട്ടുവന്നഉടൻ കോൺഗ്രസ് സോഷ്യലിസ്റ്റ്പാർട്ടി രൂപവത്കരിച്ചു. അടുത്ത നാലുകൊല്ലം ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ സഞ്ചരിച്ചു സോഷ്യലിസ്റ്റ്പാർട്ടി സംഘടിപ്പിക്കുന്ന ശ്രമത്തിൽ മുഴുകി. 1936-ൽ കോൺഗ്രസ് പ്രസിഡൻറായിരുന്ന ജവാഹർലാൽ നെഹ്റു ജയപ്രകാശിനെ പ്രവർത്തകസമിതിയിൽ ഉൾക്കൊള്ളിച്ചുവെങ്കിലും മുതിർന്ന കോൺഗ്രസ്സുകാരുമായുള്ള അഭിപ്രായവ്യത്യാസംമൂലം ജയപ്രകാശ് രാജിവെച്ചു.

ബഹുജനസമരത്തിനു രാജ്യത്തെ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ ബിഹാറിലും ഉത്തരപ്രദേശിലും ഗുജറാത്തിലും മറ്റും സജീവപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനിടയ്ക്ക് 1941-ൽ ജയപ്രകാശിനെ രാജ്യരക്ഷാനിയമം അനുസരിച്ച് അറസ്റ്റ് ചെയ്തു തടങ്കലിൽവച്ചു. 1942-ൽ ബോംബെയിൽ ചേർന്ന കോൺഗ്രസ് പ്രവർത്തകസമിതി ക്വിറ്റിന്ത്യാപ്രമേയം പാസ്സാക്കിയതിനെത്തുടർന്ന് ഗാന്ധിജിയെയും മറ്റും അറസ്റ്റ് ചെയ്തപ്പോൾ ജയപ്രകാശ് ജയിലിലായിരുന്നു. പുറത്ത് ആവേശകരമായ സംഭവങ്ങൾ നടന്നുകൊണ്ടിരിക്കെ ജയിലിൽ കഴിയേണ്ടിവന്ന അവസ്ഥയെ ജയപ്രകാശ് വെറുത്തു. ജയിലിൽനിന്ന് എങ്ങനെയെങ്കിലും രക്ഷപ്പെടണമെന്നു തീരുമാനിച്ചു. ഒടുവിൽ ദീപാവലീദിനത്തിൽ മറ്റ് അഞ്ചു തടവുകാരോടൊപ്പം ജയപ്രകാശ് ജയിൽചാടി. ഒളിവിലിരുന്നുകൊണ്ട് സ്വാതന്ത്ര്യസമരത്തെ നയിക്കാൻ ഈ ജയിൽചാട്ടം അവസരംനല്കി. എന്നാൽ 1944-ൽ തീവണ്ടിയിൽവെച്ച് ജയപ്രകാശിനെ അറസ്റ്റു ചെയ്തു. 1946 ഏപ്രിലിൽ ആണ് ജയിൽവിമുക്തനായത്. ജയിലിൽനിന്നു പുറത്തുവന്നപ്പോൾ രാജ്യത്തെങ്ങും ആവേശകരമായ സ്വീകരണമാണു ലഭിച്ചത്. പണക്കിഴികളും അഭിനന്ദനങ്ങളും ആശംസകളും സ്വീകരിച്ചുകൊണ്ട് ഇന്ത്യയിലെങ്ങും സഞ്ചരിച്ചു. സ്വതന്ത്രേന്ത്യയിലെ അധികാരസ്ഥാനങ്ങളിൽനിന്ന് അകന്നുമാറി തൊഴിലാളി സംഘടനകളെ സജീവമാക്കുന്നതിലാണ് ഇക്കാലത്തു ജയപ്രകാശ് ശ്രദ്ധിച്ചത്.

1948-ൽ ഗാന്ധിജിയുടെ മരണത്തിനുശേഷം ജയപ്രകാശ് ഇന്ത്യൻ നാഷനൽ കോൺഗ്രസ് വിട്ടു. സോഷ്യലിസ്റ്റ്പാർട്ടിയുടെയും കിസാൻ മസ്ദൂർ പ്രജാപാർട്ടിയുടെയും ഏകീകരണത്തിന് 1953 മുതൽ മുൻകയ്യെടുത്തു. 1954-നുശേഷം സജീവരാഷ്ട്രീയത്തിൽനിന്നു വിട്ട് ആചാര്യവിനോബാഭാവേ നയിച്ചിരുന്ന ഭൂദാനപ്രസ്ഥാനത്തിൽ മുഴുകി. ഈ മുഴുകലിനു 'ജീവൻദാൻ' എന്നവാക്കാണ് ഇദ്ദേഹം ഉപയോഗിച്ചത്. 1965-ൽ മഹത്തായ സാമൂഹികപ്രവർത്തനത്തിനുള്ള മാഗ്സെസേ അവാർഡ് ലഭിച്ചു. സർവോദയത്തിന്റെ തത്വശാസ്ത്രം വിവരിക്കാൻ 1968-ൽ യൂറോപ്യൻ രാജ്യങ്ങളിലും 1969-ൽ ഓസ്ട്രേലിയയിലും പര്യടനം നടത്തി.

1971-ൽ പാകിസ്താനിൽനിന്നു വിട്ടുപോന്ന ബംഗ്ലാദേശിനെ ലോകരാഷ്ട്രങ്ങളെക്കൊണ്ട് അംഗീകരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 20 രാഷ്ട്രങ്ങൾ സന്ദർശിച്ചു. 1972-ൽ മധ്യപ്രദേശിലെ കൊള്ളക്കാരെ മാനസാന്തരപ്പെടുത്തുന്നതിൽ ഇദ്ദേഹം വഹിച്ച പങ്ക് ഏറെ പ്രകീർത്തിക്കപ്പെട്ടു. ഇരുനൂറോളം കൊള്ളക്കാരെക്കൊണ്ട് ആയുധം വയ്പിക്കാനും അവരെ സാധാരണജീവിതം നയിക്കുന്ന പൗരന്മാർ ആക്കിമാറ്റാനും ഇദ്ദേഹത്തിനുകഴിഞ്ഞു. 1974-ൽ ബിഹാറിലെ വിദ്യാർഥിപ്രക്ഷോഭത്തിനു നേതൃത്വം നല്കുകയും ക്രമേണവിദ്യാർഥിപ്രക്ഷോഭം സമ്പൂർണവിപ്ലവം എന്ന ആശയത്തിന്റെ ബാഹ്യചലനമാക്കി മാറ്റുകയുംചെയ്തു. 1975 മാർച്ചിൽ അഴിമതിക്കും അതിക്രമണത്തിനും പൗരാവകാശധ്വംസനത്തിനും എതിരെ ദില്ലിയിൽ ജയപ്രകാശിന്റെ നേതൃത്വത്തിൽ നടന്ന ബഹുജനറാലി ദില്ലിനഗരം അതേവരെ കണ്ടതിൽവച്ച് ഏറ്റവും ശക്തമായിരുന്നു. അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതിനെത്തുടർന്നു ജയപ്രകാശ് അറസ്റ്റുചെയ്യപ്പെട്ടു. ജയിലിൽവച്ച് ഇദ്ദേഹത്തിന്റെ ആരോഗ്യം തകർന്നു. വൃക്കകളുടെ ചികിത്സയ്ക്കായി അമേരിക്കയിലെ സിയാറ്റിലേക്കു പോയെങ്കിലും പൂർണസുഖമാകാതെ തിരിച്ചുപോന്നു. ഒടുവിൽ തന്റെ പ്രക്ഷോഭംവിജയിക്കുകയും കോൺഗ്രസ്സിതരമന്ത്രിസഭ അധികാരത്തിൽ വരികയും ചെയ്തതിൽ സന്തുഷ്ടനായിരുന്നു ജയപ്രകാശ്. എങ്കിലും അനാരോഗ്യം ഇദ്ദേഹത്തെ വിഷമിപ്പിച്ചു. 1979-ൽ രോഗം വർധിച്ചു; ഡയാലിസിസ് അടക്കമുള്ള വിദഗ്ധചികിത്സ ലഭിച്ചിട്ടും ഫലം ഉണ്ടായില്ല. 1979 ഒക്റ്റോബർ 8-ന ബോംബെയിലെ ജസ്ലോക് ആസ്പത്രിയിൽവെച്ച് അന്തരിച്ചു.

ജയഭാദുരി (1949—)

ചലച്ചിത്രനടിയും സാമൂഹികപ്രവർത്തകയും. ഭോപ്പാലിൽ ജനിച്ചു. പ്രസിദ്ധപത്രപ്രവർത്തകനായ തരുൺകുമാർ ഭാദുരിയാണു പിതാവ്. ബാല്യത്തിൽത്തന്നെ കലാഭിരുചി പ്രദർശിപ്പിച്ചിരുന്ന ജയ 1962-ൽ സത്യജിത്റേയുടെ *മഹാനഗർ* എന്ന ചിത്രത്തിൽ അഭിനയിച്ചു, ഭോപാൽ സെൻറ് ജോസഫ്സ് കോൺവെൻറിൽ പഠിക്കുമ്പോൾ. 1968-ൽ ഹയർ സെക്കൻഡറി പരീക്ഷ ജയിച്ചശേഷം പൂണെ ഫിലിം ആൻറ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു. അവിടെനിന്നു പ്രശസ്തമായ നിലയിൽ ഡിപ്ലോമ നേടി. അഞ്ചുവർഷക്കാലം ഭരതനാട്യം അഭ്യസിച്ചു. *മഹാനഗറിനു*ശേഷം ജയ അഭിനയിച്ച ശ്രദ്ധേയമായ ചിത്രം ബാസു ചാറ്റർജിയുടെ *സാരാ ആകാശ്* ആണ്. ഋഷികേശ് മുഖർജിയുടെ *ഗുഡ്ഡി*യിലെ അഭിനയത്തോടുകൂടി ഹിന്ദി ചലച്ചിത്രരംഗത്തെ മികച്ച നടികളിൽ ഒരാളായി അംഗീകരിക്കപ്പെട്ടു. *സഞ്ജീർ, അഭിമാൻ, ശോലെ, മിലി, കോരാ കാഗസ്* തുടങ്ങിയവ ജയ അഭിനയിച്ച മികച്ച ചിത്രങ്ങളാണ്. 1973 ജൂണിൽ പ്രസിദ്ധ ചലച്ചിത്രനടൻ അമിതാബ് ബച്ചനെ വിവാഹം ചെയ്തു. ഇവർക്ക് ഒരു മകനും മകളും ഉണ്ട്. ഇപ്പോൾ ചലച്ചിത്രാഭിനയത്തിൽനിന്നു വിരമിച്ച്, രാഷ്ട്രീയപ്രവർത്തകനും മുൻ എം.പി.യും കൂടിയായ ഭർത്താവുമൊത്തു സാമൂഹികപ്രവർത്തനങ്ങളിൽ മുഴുകി ന്യൂദൽഹിയിൽ താമസിക്കുന്നു.

ജയഭാരതി (1954—)

ചലച്ചിത്രനടി. മലയാളി ദമ്പതിമാരുടെ മകളായി മദിരാശിയിൽ

ജനിച്ചു. ബാല്യത്തിൽ നൃത്തത്തിൽ ആയിരുന്നു താത്പര്യം. നൃത്തം പഠിക്കുകയും മികച്ച നർത്തകിയെന്ന പേർ നേടുകയും ചെയ്തു. മലയാള ചലച്ചിത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടതോടെ അഭിനയ സിദ്ധികൾ തെളിഞ്ഞു *കരകാണാക്കടൽ* (1971) എന്ന ചിത്രത്തിലെ അഭിനയത്തോടുകൂടി നടി എന്ന നിലയ്ക്ക് അംഗീകാരം നേടി. 1972-ലും 1973-ലും ഏറ്റവും മികച്ച നടിക്കുള്ള കേരളസംസ്ഥാന അവാർഡ് നേടി. *കാട്ടുകരുങ്ങ്, പുനർജന്മം, അസ്തമയം, മരം, സിന്ദൂരച്ചെപ്പ്, ഏണിപ്പടികൾ, ഇതാ ഇവിടെ വരെ, ഗായത്രി* തുടങ്ങിയ ഒട്ടേറെ പ്രസിദ്ധ ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. ചലച്ചിത്ര നടൻ സത്താർ ആണ് ഭർത്താവ്. ഈ ദമ്പതിമാർക്ക് ഒരു മകനുണ്ട്.

ജയമനോഹരി

ഒരു രാഗം. ദക്ഷിണേന്ത്യൻ സംഗീതത്തിലെ 22-ാം മേളകർത്താരാഗമായ ഖരഹരപ്രിയയുടെ ജന്യം.

ആരോഹണം: സരിഗമധസ

അവരോഹണം: സനിധമരിസ

ഏറെ പ്രചാരമുള്ള രാഗമല്ല ഇത്. ആലപിക്കേണ്ട സമയത്തെക്കുറിച്ചും പ്രത്യേക വ്യവസ്ഥകൾ നിർദേശിച്ചിട്ടില്ല. ഈ രാഗത്തിൽ ത്യാഗരാജസ്വാമികൾ രചിച്ച *യജ്ഞാദുലു* എന്നാരംഭിക്കുന്ന കീർത്തനം പ്രസിദ്ധമാണ്.

ജയമ്മ (1915—1988)

കർണാടകത്തിലെ നാടക-ചലച്ചിത്രനടിയും സാമൂഹിക പ്രവർത്തകയും. ഭർത്താവായ ഗുബ്ബി വീരണ്ണയോടൊത്തു കന്നട നാടകവേദിയുടെ വളർച്ചക്കു നേതൃത്വം നല്കി. 1947-ൽ മഹാത്മാഗാന്ധിയുടെ സ്വാധീനത്തിൽപ്പെട്ടു സാമൂഹിക പ്രവർത്തകയായിത്തീർന്നു.

ബാംഗ്ലൂരിൽ ജനിച്ച ജയമ്മ ഒമ്പതാംവയസ്സിൽ അഭിനയം ആരംഭിച്ചു. ജയമ്മയുടെ കലാഭിരുചികൾ കണ്ടെത്തി വികസിപ്പിച്ചതു പില്ക്കാലത്ത് അവരെ വിവാഹം കഴിച്ച ഗുബ്ബിയാണ്. *സദാരാമ, ഗുലേബക്കാവലി, കുരുക്ഷേത്ര, പ്രഹ്ലാദചരിത്ര സുഭദ്രാകല്യാണ* തുടങ്ങിയ നാടകങ്ങളിൽ അഭിനയിച്ചു. 1930-ൽ നിശ്ശബ്ദചിത്രങ്ങളുടെ കാലത്തുതന്നെ ചലച്ചിത്രാഭിനയം ആരംഭിച്ച ജയമ്മ 1944-ൽ *ഹേമറെഡ്ഡി മല്ലമ്മ* എന്ന ചിത്രത്തിലെ അഭിനയത്തോടുകൂടി കന്നട ചലച്ചിത്രരംഗത്തു പ്രതിഷ്ഠ നേടി. ഒട്ടേറെ കന്നട ചിത്രങ്ങൾക്കു പുറമെ തമിഴ്, തെലുങ്ക് ചലച്ചിത്രങ്ങളിലും ഇവർ അഭിനയിച്ചിട്ടുണ്ട്. അഭിനയത്തിനുള്ള കേന്ദ്രസംഗീതനാടക അക്കാദമി അവാർഡ് ലഭിച്ചു (1985-). കർണാടക ലെജിസ്ലേറ്റീവ് കൗൺസിൽ അംഗമായിരുന്നു.

ജയരാജ് (1910-)

ചലച്ചിത്രനടനും സംവിധായകനും. ഇന്ത്യൻ ചലച്ചിത്രരംഗത്തെ പരമോന്നത ബഹുമതിയായ ഫാൽക്കേ അവാർഡ് 1980-ൽ ലഭിച്ചു. കഴിഞ്ഞ 60 വർഷക്കാലമായി ചലച്ചിത്രവേദിയിൽ അന്യാദൃശ വ്യക്തിത്വത്തോടെ നിലകൊള്ളുന്നു.

ഹൈദരാബാദിൽ ജനിച്ചു. സരോജിനിനായിഡുവിൻെറ ഭർതൃസഹോദരിയാണ് മാതാവ്. 19-ാം വയസ്സിൽ ബോംബെയിലെത്തി. എഡിറ്റിങ് ലാബ് അസിസ്റ്റൻറ്, അസിസ്റ്റൻഡ് ഡയറക്ടർ തുടങ്ങിയ ജോലികളൊക്കെ നോക്കിയശേഷം *സ്പാർക്ളിങ് യൂത്ത്* എന്ന നിശ്ശബ്ദചിത്രത്തിൽ അഭിനയിച്ചു (1929). *രസിലിറാണി, ട്രയംഫ് ഒഫ് ഹോപ്* തുടങ്ങിയവയാണ് അടുത്ത ചിത്രങ്ങൾ. *സാഗർ* (1952) എന്ന ചിത്രത്തിലെ അഭിനയം ജയരാജിനെ ശ്രദ്ധേയനാക്കി. ആൽഫ്രഡ് ഹിച്ച്കോക്ക്, ഫ്രാങ്ക്കാപ്ര തുടങ്ങിയ ലോകപ്രസിദ്ധരായ ചലച്ചിത്ര സംവിധായകർ ഈ ചിത്രത്തെ അഭിനന്ദിച്ചു. *ശിക്കാരി, ഭാഭി, പതിത്പാവൻ* തുടങ്ങി 250-ഓളം ചിത്രങ്ങളിൽ അഭിനയിച്ചു. ഏറ്റവും ഒടുവിലത്തെ ചിത്രം *ഖുൻ ബരി മാങ്ഗ്* (1987) ആണ്; *ജാർഭാട, പ്രതിമ* തുടങ്ങിയവയാണ് ജയരാജ് സംവിധാനംചെയ്ത ചിത്രങ്ങൾ. ഇപ്പോൾ ബോംബെയിലെ ബന്ദ്രയിൽ വിശ്രമജീവിതം നയിക്കുന്നു.

ജയരാമയ്യർ, ടി.ഏക. (1894- ?)

കർണാടക സംഗീതജ്ഞൻ. വയലിൻ വാദകൻ, സംഗീതശാസ്ത്ര വിശാരദൻ എന്നീ നിലകളിൽ പ്രസിദ്ധൻ.

1894 മേയ് 18-ന് തമിഴ്നാട്ടിലെ തഞ്ചാവൂർ ജില്ലയിൽ ജനിച്ചു. ചെറുപ്പത്തിൽത്തന്നെ വയലിൻ വാദകൻ എന്ന നിലയിൽ പ്രസിദ്ധി നേടി. 1919-ൽ ശ്രീലങ്കയിൽ പര്യടനം നടത്തി. ദീർഘകാലം ആകാശവാണി ന്യൂദെൽഹി നിലയത്തിലെ വാദ്യവൃന്ദത്തിൻെറ ചുമതല വഹിച്ചു. പിന്നീട് സംഗീതവിഭാഗത്തിൻെറ ഉപദേഷ്ടാവായി. മദിരാശി മ്യൂസിക് അക്കാദമി സംഗീതകലാനിധി ബിരുദം നല്കി. കർണാടക വാദ്യസംഗീതത്തിനുള്ള കേന്ദ്ര സംഗീത നാടക അക്കാദമി അവാർഡ് ലഭിച്ചു (1963). വേറെയും ബഹുമതികളും അവാർഡുകളും കിട്ടിയിട്ടുണ്ട്. ധാരാളം ശിഷ്യരുള്ള ജയരാമയ്യർ ശാസ്ത്രീയ സംഗീതത്തിൻെറ മർമങ്ങളിലും, ആലാപനത്തിൻെറ സൂക്ഷ്മ സമ്പ്രദായങ്ങളിലും പ്രാവീണ്യം നേടിയ വിദ്വാനാണ്.

ജയലളിത (1948-)

തമിഴ് ചലച്ചിത്രനടിയും തമിഴ്നാട്ടിലെ രാഷ്ട്രീയനേതാവും. ഇപ്പോൾ തമിഴ്നാടു നിയമസഭയിലെ പ്രതിപക്ഷ നേതാവ്.

ബാംഗ്ലൂരിൽ ജനിച്ചു. പിതാവ് ജയറാം. മാതാവ് ചലച്ചിത്രനടി സന്ധ്യ. മദിരാശിയിലെ ചർച്ച് പാർക്ക് സ്കൂളിൽ സെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാക്കി. നൃത്ത സംഗീതാദികൾ അഭ്യസിച്ചു.

1965-ൽ ശ്രീധറിൻെറ *വെണ്ണിറ ആടൈ* എന്ന തമിഴ് ചിത്രത്തിലാണ് ആദ്യം അഭിനയിച്ചത്. *ആയിരത്തിൽ ഒരുവൻ, അടിമൈ പെൺ, അന്നമിട്ട കൈ* തുടങ്ങി 28 ചിത്രങ്ങളിൽ എം.ജി. രാമചന്ദ്രനും ഒത്ത് അഭിനയിച്ചു. തമിഴ് ചലച്ചിത്രരംഗത്തെ പ്രമുഖ നടിയായി അംഗീകരിക്കപ്പെട്ടു. *ഖിലോനാ* എന്ന പ്രസിദ്ധ ഹിന്ദി ചിത്രത്തിൻെറ തമിഴ് പതിപ്പിൽ ശിവാജിഗണേശനും ഒത്ത് അഭിനയിച്ചു. പ്രസ്തുത ചിത്രത്തിലെ അഭിനയത്തിനാണ് ജയലളിതയ്ക്കു ദേശീയ അവാർഡ് ലഭിച്ചത്. 1982-ൽ ജയലളിത എം.ജി. രാമചന്ദ്രൻെറ നേതൃത്വത്തിലുള്ള എ.ഐ.എ.ഡി.എം.കെ. പാർട്ടിയുടെ പ്രവർത്തകയായി. താമസിയാതെ അതിൻെറ പ്രചാരണവിഭാഗം സെക്രട്ടറി ആയി നിയമിക്കപ്പെട്ടു. അടുത്തകൊല്ലം അവരെ രാജ്യസഭാംഗമായി തിരഞ്ഞെടുത്തു. 1987 ഡിസംബറിൽ എം.ജി. രാമചന്ദ്രൻ അന്തരിച്ചതിനെത്തുടർന്ന് എ.ഐ.എ.ഡി.എം.കെ. പാർട്ടി പിളർന്നപ്പോൾ ജയലളിത ഒരു വിഭാഗത്തിൻെറ നേതാവായി. 1989 ജനുവരിയിലെ പൊതുതിരഞ്ഞെടുപ്പിൽ അവർ നയിച്ചിരുന്ന വിഭാഗത്തിന് ഇതര വിഭാഗത്തെക്കാൾ വളരെക്കൂടുതൽ നിയമസഭാ സ്ഥാനങ്ങൾ ലഭിച്ചു. ഏറ്റവും വലിയ പ്രതിപക്ഷഗ്രൂപ്പിൻെറ നേതാവെന്ന നിലയ്ക്ക് അവർ പ്രതിപക്ഷനേതാവായി അംഗീകരിക്കപ്പെട്ടു.

ജയവർധനെ, ജെ.ആർ. (1906-)

ശ്രീലങ്കയിലെ ദേശീയ നേതാവ്. 1978-മുതൽ ഒരു ദശകക്കാലം



ശ്രീലങ്കൻ പ്രസിഡൻറ് ആയിരുന്നു. ജൂനിയസ് റിച്ചേഡ് ജയവർധനെ എന്നാണു മുഴുവൻ പേർ. ശ്രീലങ്കയുടെ സ്വാതന്ത്ര്യപ്രാപ്തി (1948) ക്കു മുൻപുതന്നെ പൊതുപ്രവർത്തനരംഗത്തു ശ്രദ്ധേയനായി. യുണൈറ്റഡ് നാഷനൽ പാർട്ടി പ്രവർത്തകനും 1970 മുതൽ ആ പാർട്ടിയുടെ നേതാവും ആയിരുന്നു. പാർട്ടിയിലും ഗവൺമെൻറിലും പല ഉന്നത സ്ഥാനങ്ങളും വഹിച്ചു. 1977-ലെ തിരഞ്ഞെടുപ്പിൽ യുണൈറ്റഡ് നാഷനൽ പാർട്ടിക്കു ഭൂരിപക്ഷം ലഭിച്ചതിനെത്തുടർന്നു പ്രധാനമന്ത്രി ആയി. പിന്നീടു ഭരണഘടന ഭേദഗതിചെയ്തു പ്രസിഡൻറായി. 1988 വരെ ആ സ്ഥാനത്തു തുടർന്നു. ശ്രീലങ്കയിലെ തമിഴ് വംശജരുടെ പ്രശ്നം പരിഹരിക്കുന്നതിനുള്ള ഇന്ത്യാ ശ്രീലങ്കാകരാർ ഒപ്പുവച്ചത് ഇദ്ദേഹത്തിൻെറ കാലത്താണ് (1987).

ജയവർമൻമാർ

പഴയ കംബോദിയദേശത്തിലെ (ഇപ്പോൾ കമ്പൂച്ചിയ) രാജാക്കന്മാരിൽ ചിലർ. ജയവർമൻ, II, ജയവർമൻ VII എന്നിവർ വളരെ പ്രസിദ്ധന്മാരാണ്. ഖ്മെർ രാജവംശം എന്ന പേരിലാണ് ഇവരുടെ വംശം അറിയപ്പെട്ടിരുന്നത്. ദേവരാജമതം കംബോദിയദേശത്തു രാഷ്ട്രമതമായി നടപ്പാക്കിയത് ജയവർമൻ രണ്ടാമനാണ്. എ.ഡി. 802-ൽ ജയവർമൻ II ദേവരാജൻ എന്ന നാമം സ്വീകരിച്ചുകൊണ്ട് ഹൈന്ദവാചാരപ്രകാരം രാജാവായി അഭിഷേകം ചെയ്യപ്പെട്ടു. ജയവർമൻ VII ഖ്മർ രാജവംശത്തിലെഏറ്റവും ശക്തനായരാജാവാണ്. 1181 മുതൽ 1215 വരെ ഇദ്ദേഹം കംബോദിയദേശത്തിൻെറ രാജാവായിരുന്നു. ചംബ, തെക്കൻ ലാവോഡ്, മലയ അർധദ്വീപിലെ ചില ഭാഗങ്ങൾ, ബർമ എന്നീ പ്രദേശങ്ങളെല്ലാം തൻെറ അധീനത്തിലാക്കി. ബയോണിലെ മഹായാന ബുദ്ധവിഹാരം അടക്കം വളരെയേറെ മഹാശില്പങ്ങൾ ഇദ്ദേഹം പണിയിച്ചിട്ടുണ്ട്. നൂറുകണക്കിൽ സത്രങ്ങളും ആതുരാലയങ്ങളും നാടിൻെറ നാനാഭാഗങ്ങളിലായിനിർമിക്കപ്പെട്ടു. ജനതയുടെ ഭൗതികവും ആധ്യാത്മികവുമായ ഉയർച്ചയ്ക്കു തുല്യപ്രാധാന്യം കൊടുത്ത ഭരണാധികാരി എന്ന നിലയിൽ ആധുനിക കമ്പൂച്ചിയ പോലുംജയവർമൻ VII-നെ അഭിനന്ദനപൂർവം സ്മരിക്കുന്നു. കുഷ്ഠരോഗംബാധിച്ച് 90-ാം വയസ്സിൽ മരിച്ചു.

ജയവിജയന്മാർ

വൈകുണ്ഠത്തിലെ കാവൽക്കാരായ വിഷ്ണുപാർഷദന്മാർ. വിഷ്ണുവിനെ സന്ദർശിക്കുവാനെത്തിയ സനകാദികളെ ഇവർ തടഞ്ഞു. കുപിതരായ സനകാദികൾ ‘നിങ്ങൾ അസുരന്മാരായി ജനിക്കട്ടെ, എന്ന് ഇവരെ ശപിച്ചു. ഇവർ ഹിരണ്യാക്ഷഹിരണ്യകശിപുമാരും രാവണകുംഭകർണന്മാരും ശിശുപാലദന്തവക്രന്മാരുമായി മൂന്നു ജന്മം ജനിച്ചു. ‘ദ്വേഷയോഗം’കൊണ്ടു വിഷ്ണുവിനെ ഭജിച്ചു ശാപമോക്ഷം നേടി വീണ്ടും വൈകുണ്ഠത്തിലെത്തി.

ജയവിജയന്മാർ

സംഗീതജ്ഞരായ ഇരട്ടസഹോദരന്മാർ. കെ. ജി. ജയനും, കെ. ജി. വിജയനും. 1934-ൽ കോട്ടയത്തു ജനിച്ചു. ആറാം വയസ്സിൽ സംഗീതാഭ്യസനം ആരംഭിച്ചു. രാമൻ ഭാഗവതർ, മാവേലിക്കര രാധാകൃഷ്ണയ്യർ എന്നിവരായിരുന്നു ആദ്യത്തെ ഗുരുക്കന്മാർ. പിന്നീട് തിരുവനന്തപുരത്ത് സ്വാതിതിരുനാൾ സംഗീത അക്കാദമിയിൽ ചേർന്നു. നാലുവർഷത്തെ പഠനാനന്തരം അവിടെനിന്നും ഗാനഭൂഷണം നേടി. അടുത്ത ആറുവർഷക്കാലം ആലത്തൂർ സഹോദരന്മാരുടെയും, ബാലമുരളീകൃഷ്ണയുടെയും കീഴിൽ പഠനം തുടർന്നു. എങ്കിലും പില്ക്കാലത്ത്, ചെമ്പൈ വൈദ്യനാഥഭാഗവതരുടെ ശിഷ്യന്മാർ എന്ന നിലയിൽ അദ്ദേഹത്തൊടൊപ്പം സംഗീതക്കച്ചേരികളിൽ പങ്കെടുത്താണ് ജയവിജയന്മാർ പ്രശസ്തരായത്. അദ്ദേഹത്തോടൊപ്പം ഇന്ത്യ മുഴുവൻ സഞ്ചരിച്ചു. അതോടൊപ്പം സ്വന്തമായും സംഗീതക്കച്ചേരികൾ നടത്തി. പാലക്കാട്ടു മണി അയ്യർ (മൃദംഗം) ഡോ. എൽ. സുബ്രഹ്മണ്യം (വയലിൻ) തുടങ്ങിയ ഒന്നാംകിടക്കാർ ഈ സഹോദരന്മാരുടെ കച്ചേരികൾക്ക് അകമ്പടി ആയിട്ടുണ്ട്. ഇവർ ആലപിച്ച ധാരാളം അയ്യപ്പഭക്തിഗാനങ്ങളും മറ്റും റെക്കോർഡു ചെയ്തിട്ടുണ്ട്. മുപ്പതോളം തമിഴ്, മലയാള ചലച്ചിത്രങ്ങൾക്ക് ഇവർ സംഗീതസംവിധാനം നിർവഹിച്ചു. സിങ്കപ്പൂർ, മലേഷ്യ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിൽ പര്യടനം നടത്തി. 1988 ജനുവരി 9-ന് വിജയൻ തൃശ്ശിനാപ്പള്ളിയിൽ വച്ച് ഹൃദയസ്തംഭനം മൂലം അന്തരിച്ചു. ഇപ്പോൾ ജയൻ തനിച്ച് സംഗീതപരിപാടികൾ നടത്തിവരുന്നു.

ജയശങ്കർ പ്രസാദ് (1889—1937)

ഹിന്ദി സാഹിത്യത്തിൽ കാല്പനിക കാലഘട്ടത്തിലെ പ്രമുഖ കവി. പ്രാചീന ഭാരതീയസാഹിത്യങ്ങളും ഇതിഹാസങ്ങളും ഇദ്ദേഹത്തിനു കവിതയ്ക്കു പ്രേരണയും ശക്തിയും നല്കി. ബഹുഭാഷാപണ്ഡിതനും ശൈവഭക്തനുമായ പ്രസാദിൻെറ വിശ്വോത്തരകൃതിയാണ് ‘കാമായനി’ എന്ന മഹാകാവ്യം.

ജയശങ്കർപ്രസാദ് കാശിയിൽ 1889-ൽ ജനിച്ചു. ഒമ്പതാമത്തെ വയസ്സിൽ കവിത എഴുതിത്തുടങ്ങി. ഇദ്ദേഹം സംസ്കൃതം, ഹിന്ദി, ഇംഗ്ലീഷ്, പേർഷ്യൻ എന്നീ ഭാഷകൾ വീട്ടിലിരുന്നു പഠിച്ചു. പന്ത്രണ്ടാമത്തെ വയസ്സിൽ അച്ഛൻ മരിച്ചു. അന്നുമുതൽ ഗൃഹജീവിതത്തിൻെറ തകർച്ച അനുഭവപ്പെട്ടുതുടങ്ങി. ഇതിനിടയിൽ ഉപനിഷത്തുകൾ, പുരാണങ്ങൾ, വേദങ്ങൾ, ഭാരതീയാദർശങ്ങൾ ഇവയൊക്കെ പഠിച്ചു. കോളെജ്‌വിദ്യാഭ്യാസം ലഭിച്ചില്ല. കാശിയിൽ പിതാമഹൻ തുടങ്ങിയ കച്ചവടം തുടർന്നു നടത്തി. വിവാഹിതനായെങ്കിലും ഏറെത്താമസിയാതെ പത്നി മരിച്ചു. വീണ്ടും വിവാഹംചെയ്തു.

കൃതികൾ: കാവ്യപുസ്തകങ്ങൾ;† *കാമായനി, ആംസൂ, ലഹർ, ഝർന, മഹാറാണാ കാ മഹത്, പ്രേമപഥിക്, കരുണാലയ, കാനനകുസുമ്* എന്നിവയാണ്.

ചന്ദ്രഗുപ്ത്, സ്കന്ദഗുപ്ത്, ജനമേ ജയ് കാ നാഗയജ്ഞ് , *ധ്രുവസ്വാമിനി, രാജ്യശ്രീ, ഏക് ഘൂംട്, വിശാഖ്, കാമന* ഇവയാണ് ഇദ്ദേഹത്തിൻെറ നാടകങ്ങൾ. *കങ്കാൾ, തിതലി, ഇരാവതി* എന്നീ നോവലുകൾക്കു പുറമെ നൂറോളം ചെറുകഥകൾ *പ്രതിധ്വനി, ആകാശദീപ്, ആൻധീ, ഛായാ, ഇന്ദ്രജാൽ* ഈ പുസ്തകങ്ങളിലായി സമാഹരിച്ചിരിക്കുന്നു. പ്രസാദിൻെറ കഥകൾ ഭാവപ്രധാനങ്ങളാണ്. അധികം കഥകളിലും പ്രേമമാണ് കേന്ദ്രതന്തു.

ക്ഷയരോഗബാധയെ തുടർന്ന് 1937-ൽ അന്തരിച്ചു.

ജയസിംഹൻ

വേണാട്ടുരാജാവ്. 1253 മുതൽ 1299 വരെ നാടുവാണു. ഇദ്ദേഹത്തിൻെറ കാലത്ത് ജടാവർമൻ സുന്ദരപാണ്ഡ്യൻ കൊല്ലം ആക്രമിച്ചു കീഴടക്കി. കുറെക്കാലം വേണാട് പാണ്ഡ്യരുടെ അധീനത്തിലായിരുന്നു. ജയസിംഹൻെറ മകനായ രവിവർമകുലശേഖരൻ പിന്നീട് പാണ്ഡ്യരെ വേണാട്ടിൽനിന്നു തുരത്തി. ജയസിംഹൻെറ പേരിനോടുബന്ധപ്പെടുത്തിയാണ് ജയസിംഹനാട് എന്ന് കൊല്ലത്തിനും സമീപപ്രദേശങ്ങൾക്കും പേരുണ്ടായത്. പിന്നീട് ഇതു ദേശിങ്ങനാടായി രൂപാന്തരപ്പെട്ടു.

ജയറാം ദാസ് ദൗലത്റാം (1892—1967)

ഇന്ത്യയിലെ ഒരു സ്വാതന്ത്ര്യസമരനേതാവും പത്രപ്രവർത്തകനും. വിദേശവസ്ത്രബഹിഷ്കരണം, നിസ്സഹകരണസമരം എന്നിവയിൽ പങ്കെടുത്തതിൻെറ പേരിൽ അഞ്ചുതവണയായി എട്ടു വർഷം ജയിലിൽ കഴിയേണ്ടിവന്നു. ഗാന്ധിജി അറസ്റ്റ്ചെയ്യപ്പെട്ടപ്പോൾ, 1930-ൽ “യങ് ഇന്ത്യ”യുടെ പ്രസാധനം ഏറ്റെടുത്തു. ബീഹാർ ഗവർണർ, ആസാം ഗവർണർ, കേന്ദ്രഗവൺമെൻറിലെ ഭക്ഷ്യ-കൃഷിവകുപ്പ് മന്ത്രി എന്നീ പദവികൾ വഹിച്ചിട്ടുണ്ട്.

1892-ൽ ഇപ്പോഴത്തെ സിന്ധി(പാകിസ്താൻ)ലെ ഹൈദരാബാദിൽ ജനിച്ചു. നിയമബിരുദം നേടിയശേഷം അഭിഭാഷകനായി പ്രവർത്തിച്ചു. 1918-ൽ നിസ്സഹകരണപ്രസ്ഥാനത്തിൽ പങ്കെടുക്കാനായി അഭിഭാഷകവൃത്തി ഉപേക്ഷിച്ചു. 1931-'34 കാലത്ത് ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിൻെറ ജനറൽ സെക്രട്ടറിയായിരുന്നു. നിർമാണപ്രവർത്തനങ്ങളിലായി പിന്നീടു ശ്രദ്ധ. നെയ്ത്തുകാരുടെ അഖിലേന്ത്യാസംഘത്തിൻെറയും അഖിലേന്ത്യാഗ്രാമവ്യവസായസമിതിയുടെയും സജീവപ്രവർത്തകനായി. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഔദ്യോഗികപദവികൾ ഇദ്ദേഹത്തെ തേടിച്ചെന്നു.

പില്ക്കാലത്ത് മഹാത്മാഗാന്ധിയുടെ സമാഹൃതകൃതികളുടെ പ്രസിദ്ധീകരണത്തിൻെറ ചുമതലവഹിച്ചു.

ജര (Ichthyosis)

ശരീരത്തിൽ ത്വക്ക് എണ്ണമയമില്ലാതെ വരണ്ട് ചെതുമ്പലുപോലാകുന്ന അവസ്ഥ. ചിലരിൽ ഇതു ജന്മനാ കാണാം. ത്വക്കിലെ സ്വേദഗ്രന്ഥികളുടെ എണ്ണം കുറയുന്നതാണ് ഇതിനു കാരണം. ഇതു തടയാൻ സോപ്പ് ഉപയോഗിക്കാതിരിക്കുന്നതു നല്ലതാണ്. ലോഷനുകളും കുഴമ്പുകളും പുരട്ടുന്നത് അല്പം പ്രയോജനംചെയ്യും. ശുഷ്കകോശങ്ങൾ മാറ്റുന്നതു പ്രയോജനകരമാണ്. പ്രൊപിലീൻ ഗ്ലൈക്കോൾ, എഥിൽ ആൽക്കഹോൾ, ഹൈഡ്രോക്സി പ്രൊപിലീൻ സെല്ലുലോസ് ഇവ ചേർന്ന കുഴമ്പിൽ 6% സാലിസിലിക് ആസിഡ് കൂടി ചേർത്തു പുരട്ടിയാൽ ശുഷ്കകോശങ്ങളെ അകറ്റാം.

ജരത്കാരു

പുരാണപ്രസിദ്ധനായ ഒരു മഹർഷി. (തപസ്സുകൊണ്ട്) ശരീരം ഉണക്കിയ ആൾ എന്നാണ് പദത്തിൻെറ അർഥം. വിരക്തനായി ദീർഘകാലം തപസ്സുചെയ്തു. ദേശാടനം നടത്തുമ്പോൾ ആസന്നഭാവിയിൽ നരകഗർത്തത്തിൽ പതിക്കുമെന്ന അവസ്ഥയിൽ കഴിയുന്ന പിതൃക്കളെ കാണാൻ ഇടയായി. അവർ വേരറ്റു വീഴാറായ പുൽക്കൊടിയിൽ തൂങ്ങിക്കിടക്കുകയായിരുന്നു. ജരത്കാരു വിവാഹംകഴിച്ചു മക്കൾ ഉണ്ടായെങ്കിൽ മാത്രമേ തങ്ങൾക്കു മുക്തിയുള്ളു എന്ന് പിതൃക്കൾ പറഞ്ഞതനുസരിച്ച് ഇദ്ദേഹം വിവാഹത്തിനു തയ്യാറായി. പക്ഷേ തൻെറ പേർ തന്നെയുള്ള സ്ത്രീയെ മാത്രമേ വിവാഹം കഴിക്കൂ എന്ന് വാശിപിടിച്ചു. നാഗരാജാവായ വാസുകിയുടെ സഹോദരിക്ക് ജരത്കാരു എന്നായിരുന്നു പേര്. വാസുകി അവളെ ജരത്കാരുവിന് വിവാഹംകഴിച്ചുകൊടുക്കാൻ സന്നദ്ധനായി. തനിക്ക്അഹിതമായി പ്രവർത്തിച്ചാൽ ഉടൻതന്നെ പത്നിയെ പരിത്യജിക്കും എന്ന വ്യവസ്ഥയിൽ ഇദ്ദേഹം അവളെ വിവാഹം കഴിച്ചു. ഒരുനാൾ പത്നിയുടെ മടിയിൽ തലവച്ചുറങ്ങുന്ന ജരത്കാരു സൂര്യൻ അസ്തമിച്ചിട്ടും ഉണരാതിരുന്നപ്പോൾ വിളിച്ചുണർത്തി. ഉടൻ അദ്ദേഹം പത്നിയെ ഉപേക്ഷിച്ചു. അപ്പോൾ അവൾ ഗർഭിണിയായിരുന്നു. അവൾ പ്രസവിച്ച കുട്ടിയാണു പിൽക്കാലത്ത് ജനമേജയനെ സർപ്പസത്രം നിർത്താൻ പ്രേരിപ്പിച്ച ആസ്തികമഹർഷി.

ജരാരോഗവിജ്ഞാനം (geriatrics)

വാർധക്യസഹജമായ രോഗങ്ങളെയും പ്രശ്നങ്ങളെയും സംബന്ധിച്ചുള്ള വൈദ്യശാസ്ത്രശാഖ.

വൈദ്യശാസ്ത്രത്തിൻെറ നേട്ടങ്ങൾമൂലം മനുഷ്യൻെറ ശരാശരി ആയുർദൈർഘ്യം വർധിച്ചിട്ടുണ്ട്. അതുകൊണ്ടു വാർധക്യകാലത്തുണ്ടാകുന്ന ശരീരക്രിയാശാസ്ത്രപരവും (Physiological), മനഃശാസ്ത്രപരവും (psychological), രോഗവിജ്ഞാനപരവും (pathological), ആയ വൈകല്യങ്ങളുടെ ചികിത്സയ്ക്കും പ്രാധാന്യം കൂടി. ഈ വിഷയങ്ങൾ എല്ലാം ജരാരോഗവിജ്ഞാനം ഉൾക്കൊള്ളുന്നതാണ്. എല്ലാ പ്രായക്കാരിലും കണ്ടുവരുന്ന രോഗങ്ങൾ തന്നെ വൃദ്ധനങ്ങളിൽ ഉണ്ടാകുമ്പോൾ അതിൻെറ ചികിത്സാസമ്പ്രദായത്തിൽ ചില വ്യതിയാനങ്ങൾ വേണ്ടിവരും. അതും ഈ വിജ്ഞാനശാഖയിലെ പഠനവിഷയമാണ്.

ജരാന(aging)ത്തെ സംബന്ധിച്ച ജീവശാസ്ത്രപരമായ പഠനം നടത്തുന്ന ശാസ്ത്രവിഭാഗമാണു ജെറൻേറാളജി (gerontology).

ജരാസന്ധൻ

ശ്രീകൃഷ്ണൻെറ സമകാലികനായ മഗധരാജാവ്. ജരയാൽ സന്ധിപ്പിക്കപ്പെട്ടവൻ എന്ന അർഥത്തിലാണു ജരാസന്ധൻ എന്ന പേർ ലഭിച്ചത്. ജരാസന്ധൻെറ ജനനത്തെക്കുറിച്ച് മഹാഭാരതത്തിലുള്ള കഥ ഇങ്ങനെയാണ്:

കാശിരാജാവിൻെറ ഇരട്ട പുത്രിമാരെ മഗധരാജാവായ ബൃഹദ്രഥൻ വിവാഹം കഴിച്ചു. ഏറെനാൾ കഴിഞ്ഞിട്ടും ഇവരിൽ കുട്ടികൾ പിറക്കായ്കയാൽ ബൃഹദ്രഥൻ ചണ്ഡകൗശികൻ എന്ന മഹർഷിയെക്കണ്ടു തനിക്കു സന്താനസൗഭാഗ്യമുണ്ടാവാൻ അനുഗ്രഹിക്കണമെന്ന് അപേക്ഷിച്ചു. മാവിൻെറ ചുവട്ടിൽ ധ്യാനനിമഗ്നനായിരുന്ന മഹർഷി താഴെവീണ ഒരു മാമ്പഴം രാജാവിനു നല്കി. രാജപത്നിമാർ അതു ഭക്ഷിക്കാൻ ആവശ്യപ്പെട്ടു. പകുതിവീതം മാമ്പഴം ഭക്ഷിച്ച പത്നിമാർ ഗർഭം ധരിച്ചു. പക്ഷേ ഇവർ പ്രസവിച്ചത് ഒരു കയ്യും കാലും ഒരു കണ്ണുമുള്ള ഓരോ പിളർപ്പാണ്. ഈ അർധശിശുക്കളെ രാജ്ഞിമാർ വെളിയിൽ ഉപേക്ഷിച്ചു. ഉപേക്ഷിക്കപ്പെട്ട അർധശിശുക്കളെ ജര എന്ന രാക്ഷസി യോജിപ്പിച്ചപ്പോൾ പൂർണരൂപത്തിലുള്ള ശിശുവുണ്ടായി. ഈ ശിശുവിനെ ബൃഹദ്രഥൻ വളർത്തി. ബൃഹദ്രഥനുശേഷം ജരാസന്ധൻ മഗധരാജാവായി.

മഗധരാജാവായിരിക്കെ, ഒട്ടേറെ രാജാക്കന്മാരെ യുദ്ധത്തിൽ തോല്പിച്ചു തടവുകാരാക്കി. ശ്രീകൃഷ്ണനെ തോല്പിക്കാൻ പല പ്രാവശ്യം ശ്രമിച്ചെങ്കിലും സാധിച്ചില്ല. ഒടുവിൽ ധർമപുത്രരുടെ രാജസൂയത്തോടനുബന്ധിച്ചുള്ള ദിഗ്ജയത്തിൽ ശ്രീകൃഷ്ണൻ ഭീമാർജുനാദികളൊന്നിച്ചു മഗധയിലെത്തുകയും ദ്വന്ദ്വയുദ്ധത്തിൽ ഭീമൻ ജരാസന്ധനെ വധിക്കുകയും ചെയ്തു.

ജരാസന്ധൻ (1904—'81)

ബംഗാളി നോവലിസ്റ്റ്.ജെയിലിൻെറ പശ്ചാത്തലത്തിൽ തടവുകാരുടെ ജീവിതത്തെ വിഷയമാക്കി എഴുതിയവയാണു ജരാസന്ധൻെറ മിക്ക നോവലുകളും മനുഷ്യമനസ്സിൻെറ അഗാധതകളിലേക്ക് ആണ്ടിറങ്ങുന്നതിൽ അസാധാരണമായ വൈദഗ്ധ്യമുണ്ട്.

ചാരുചന്ദ്രചക്രവർത്തി എന്നാണു ശരിക്കുള്ള പേർ. ജെയ്‌ലർ ആയിട്ടാണു ജോലിയിൽ പ്രവേശിച്ചത്. 1960-ൽ സർവീസിൽനിന്നു വിരമിക്കുമ്പോൾ ആലിപ്പൂർ സെൻട്രൽ ജെയിലിലെ സൂപ്രണ്ട് ആയിരുന്നു. 'താമസി' ആണ് ഏറ്റവും പ്രഖ്യാതമായ നോവൽ. *പാരി*(അലകടൽ), *ആവരൺ* (ആവരണം), *ന്യായദണ്ഡ്* (ന്യായദണ്ഡം), *മഹാശ്വേതേർ ഡയറി* (മഹാശ്വേതയുടെ ഡയറി) എന്നിവയാണു മറ്റു കൃതികൾ. 'താമസി' 'വിഷകന്യക' എന്ന പേരിൽ ബംഗാളിയിലും 'ബന്ദിനി' എന്ന പേരിൽ ഹിന്ദിയിലും ചലച്ചിത്രമാക്കി. ഇദ്ദേഹത്തിൻെറ പല കൃതികളും മലയാളത്തിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. 1981 മെയ് 27-നു നിര്യാതനായി.

ജരിത

മഹാഭാരതപ്രസിദ്ധയായ ഒരു പെൺപക്ഷി. മന്ദപാലമഹർഷിയാണു ഭർത്താവ്. അഗ്നി ഖാണ്ഡവവനം ദഹിപ്പിച്ചുതുടങ്ങിയപ്പോൾ ജരിതയും ചിറകുമുളയ്ക്കാത്ത കുഞ്ഞുങ്ങളും ആപത്തിൽപ്പെട്ടു. കുഞ്ഞുങ്ങളെ രക്ഷിക്കാൻ ഒരു വഴിയുമില്ലാതെ കേഴുന്ന ജരിതയോട് 'അമ്മയെങ്കിലും രക്ഷപ്പെടൂ' എന്നു കുഞ്ഞുങ്ങൾ സ്നേഹപൂർവം നിർബന്ധിച്ചു. അഗ്നി കത്തിപ്പടരുകയാണ്. ഒടുവിൽ മനസ്സില്ലാമനസ്സോടെ ജരിത കുഞ്ഞുങ്ങളെ വിട്ടു പറന്നുപോയി, വീണ്ടും വീണ്ടും തിരിഞ്ഞുനോക്കിക്കൊണ്ട്.

പക്ഷിക്കുഞ്ഞുങ്ങളുടെയും പിതാവായ മന്ദപാലമഹർഷിയുടെയും അപേക്ഷയനുസരിച്ച് അഗ്നിദേവൻ കുഞ്ഞുങ്ങളെ വിഴുങ്ങിയില്ല. അങ്ങനെ അവ രക്ഷപ്പെട്ടു. ക്രമേണ അഗ്നി കെട്ടടങ്ങിയപ്പോൾ ജരിത കുഞ്ഞുങ്ങളുടെ അടുത്തു തിരിച്ചെത്തി.

ജലം

ജീവൻെറ നിലനില്പിന് അത്യന്താപേക്ഷിതമായ ഒരു യൗഗികം. ഇതിൻെറ ദ്രാവകരൂപത്തിനാണ് ജലം എന്നു വിളിക്കുന്നത്. ഖരരൂപം † ഐസ് (ice) എന്നും വാതകരൂപം † നീരാവി (steam) എന്നും അറിയപ്പെടുന്നു.

രാസപരമായി, ഹൈഡ്രജനും ഓക്സിജനും ചേർന്ന യൗഗികമാണ് ജലം. ഫോർമുല: H_2O. തികച്ചും സരളമാണ് ഇതിൻെറ ഘടന. എന്നാൽ ജലത്തിൻെറ ഭൗതിക-രാസഗുണധർമങ്ങൾ സങ്കീർണമാണ്.

ചരിത്രം. വെള്ളം ഒരു മൂലകമാണെന്നായിരുന്നു അരിസ്റ്റോട്ടിലിൻെറ കാലത്തെ ധാരണ. പില്ക്കാലത്തു പല ശാസ്ത്രജ്ഞന്മാർ നടത്തിയ പല പരീക്ഷണങ്ങൾ ഈ ധാരണ തെറ്റാണെന്ന നിഗമനത്തിലെത്തിച്ചു. എന്നാൽ പതിനെട്ടാംനൂറ്റാണ്ടുവരെ ജലത്തിൻെറ ഘടകങ്ങൾ കൃത്യമായി കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല.

ഹെൻറി കാവെൻഡിഷ് (1731—1810) എന്ന ഇംഗ്ലീഷ് ശാസ്ത്രജ്ഞൻ ഓക്സിജനും ഹൈഡ്രജനും 1:2 എന്ന തോതിൽ കലർ

ത്തിയ വാതകമിശ്രിതം കത്തിച്ചപ്പോൾ വെള്ളം ഉണ്ടാകുന്നതായി കണ്ടു. ഹൈഡ്രജനും ഓക്സിജനും 2:1 എന്ന അനുപാതത്തിൽ കൂടിചേർന്നാണ് ജലമുണ്ടാകുന്നതെന്ന വിവരം കാവൻഡിഷ് ശാസ്ത്രജ്ഞന്മാർക്കു മുമ്പാകെ അവതരിപ്പിച്ചു.

1800-ൽ ഡബ്ലിയു. നിക്കൽസനും, എ. കാർലിസ്സിയും വെള്ളത്തിൽ മുക്കിവെച്ച രണ്ടു ലോഹക്കമ്പികളിൽക്കൂടി വൈദ്യുതി പായിച്ചപ്പോൾ കമ്പികളുടെ അറ്റങ്ങളിൽ വാതകക്കുമിളകൾ ഉണ്ടാകുന്നതായി കണ്ടു. ഇത് വൈദ്യുതവിശ്ലേഷണം വഴി ജലത്തിലെ മൂലകങ്ങളെ വേർതിരിച്ചു നിർണയിക്കുന്നതിന്റെ മുന്നോടിയായിരുന്നു.

1860-വരെ വെള്ളത്തിന്റെ ഫോർമുല 'OH' എന്നായിരുന്നു. കാനിസ്സാറോ ആണ് H_2O എന്ന ഫോർമുല ആവിഷ്കരിച്ചത്.

ഏതാണ്ട് 135,82,51,800 ഘന കി.മീ. (11.32×10^{20} ലിറ്റർ) വെള്ളം ഭൂമിയിലുണ്ട്. ഇതിന്റെ 93.4% കടലിലും 6.3% ഭൂമിക്കടിയിലും പാറ, മണ്ണ് എന്നിവയോടു ചേർന്ന നിലയിലും ആണ്. അന്തരീക്ഷത്തിന്റെ ആകെത്തൂക്കത്തിൽ 0.1% മുതൽ 0.2% വരെ നീരാവിയാണ്.

ഉത്പത്തി. ഭൂമിയിൽ 150 കോടി കൊല്ലത്തിനുമുമ്പാണ് ആദ്യത്തെ ജലത്തുള്ളികൾ രൂപംകൊണ്ടത് എന്നു കരുതപ്പെടുന്നു. ഭൂഗോളം തപ്തവാതകാവസ്ഥയിലായിരുന്നപ്പോൾ അന്തരീക്ഷത്തിലെ ഓക്സിജനും ഹൈഡ്രജനും കൂടിച്ചേരുവാൻ സാധ്യമായിരുന്നില്ല. ക്രമേണ ഭൂമി തണുത്തുതുടങ്ങിയതോടെ പുറംതോടിന്റെ ചൂടും കുറഞ്ഞുവന്നു.

അന്തരീക്ഷത്തിലെ താപം കുറഞ്ഞതോടെ ഹൈഡ്രജനും ഓക്സിജനും യോജിച്ചുതുടങ്ങി.ജലത്തുള്ളികൾക്ക് ഭൂമിയിൽസ്ഥാനം കിട്ടിയില്ല. ജലത്തുള്ളികൾ വീഴുന്നതോടെ ബാഷ്പമായി. അവിടെ ഭൂമിയെ അപേക്ഷിച്ചു ചൂടുകുറവാണ്. അതിനാൽ ജലബാഷ്പമെല്ലാം ഘനീഭവിച്ച് മേഘം, മഞ്ഞ്, മഴ എന്നിവയായിത്തീരുന്നു. ഭൂമിയുടെ ഉപരിതലം തണുത്തുറച്ചതോടെ മഴ പെയ്തുണ്ടാകുന്ന വെള്ളമെല്ലാം എങ്ങും ഒഴുകി. കുണ്ടും കുഴിയും നികന്നു നദികളും സമുദ്രങ്ങളും ഉണ്ടായത് ഇങ്ങനെയാണ്.

ജലചക്രം (water cycle). ഭൂമിയുടെ ഉപരിതലത്തിൽ നദികളിലെയും സമുദ്രങ്ങളിലെയും ജലാശയങ്ങളിലെയും വെള്ളം സൂര്യോഷ്ണത്താൽ ബാഷ്പീഭവിക്കുന്നു. തുല്യഘനമാനത്തിലുള്ള വായുവിനെക്കാൾ 0.62 ഇരട്ടിമാത്രം ഘനമാനമുള്ള ജലബാഷ്പം വായുവിന്റെ ഗതി, താപം എന്നിവയനുസരിച്ചു വായുവിൽ പരിവ്യാപിച്ചും (diffuse), കലർന്നും (mix), അന്തരീക്ഷത്തിന്റെ ഉപരിതലങ്ങളിലേക്കു വ്യാപിക്കുകയും, തണുക്കുമ്പോൾ ചെറിയ ജലകണങ്ങളായി മാറുകയും ചെയ്യുന്നു. മേഘങ്ങളും മൂടൽമഞ്ഞും ഉണ്ടാവുന്നു. ചെറിയ മഴത്തുള്ളികൾ യോജിച്ച് വലിയ തുള്ളികളാവുന്നു—മഴയായും ഹിമപാതമായും ഭൂമിയിലേക്കു മടങ്ങാൻ ആരംഭിക്കുന്നു.

ഭൂമിയിൽ വീഴുന്ന വെള്ളത്തിൽ കുറെഭാഗം ഭൂമിക്കുള്ളിലേക്കു കിനിയുന്നു. കുറെ പുഴകളിലൂടെയും തോടുകളിലൂടെയും കടലിൽ എത്തുന്നു. സസ്യജാലങ്ങൾ നല്ലൊരു ശതമാനം ഭൂഗർഭജലത്തെ വലിച്ചെടുക്കുന്നു. ജലാശയങ്ങളിൽ നിന്ന് ബാഷ്പീകരണംമൂലവും വെള്ളം അന്തരീക്ഷത്തിലെത്തുന്നു. വീണ്ടും മഞ്ഞും മഴയും ഉണ്ടാവുന്നു. ജലചക്രം കാരണം ഭൂമിയിൽ ഇന്നും ആദ്യം ഉണ്ടായിരുന്നത്രതന്നെ വെള്ളം ഉണ്ട്.

ഉപയോഗം. ഭൂമിയിൽ എല്ലായിടത്തും ജലം സുലഭമല്ല. ചിലടത്ത് നിത്യവരൾച്ചയാണ്; മറ്റുള്ളിടത്ത് വെള്ളപ്പൊക്കവും. ജലദാരിദ്ര്യം ഇല്ലാതിരുന്ന പ്രദേശങ്ങളിൽക്കൂടി ജലദൗർലഭ്യം അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്. ജലവിതരണത്തിൽ പ്രകൃതി കാണിക്കുന്ന സവിശേഷതകളും വ്യവസായങ്ങളുടെ ഒടുങ്ങാത്ത ദാഹവും ആണ് ഇതിനുകാരണം.

ജീവന്റെ ഉദ്ഭവം വെള്ളത്തിൽനിന്നാണ്. ജീവിക്കാനും വെള്ളം വേണം.

ഭൗതികഗുണധർമങ്ങൾ (Physical Properties). ജലത്തിനു നിറമില്ല; രുചിയില്ല; മണമില്ല. ഉപരിതലത്തിൽ ഏകപക്ഷീയമായി പ്രവർത്തിക്കുന്ന ശക്തിമൂലം മറ്റു ദ്രവങ്ങളെ അപേക്ഷിച്ചു വെള്ളത്തിന് പ്രതലതലം (surface tension) കൂടുതലാണ്.

ഉയർന്ന ബാഷ്പീകരണതാപം (heat of vapourization) താപത്തെ ആഗിരണംചെയ്യുന്നതിനും പ്രസരിപ്പിക്കുന്നതിനും ഉള്ള കഴിവിനെ വർധിപ്പിക്കുന്നു. ശുദ്ധജലത്തിന്റെ താപവാഹകത്വം 0.0373×10^{-6} $\text{ohm}^{-1}\text{cm}^{-1}$ ആണ്. കുടിക്കാനുപയോഗിക്കുന്ന ജലത്തിന്റെ (ലവണങ്ങൾ അടങ്ങിയ ജലത്തിന്റെ) താപവാഹകത്വം ഇതിന്റെ 16,000 മടങ്ങാണ്.

4°C-ൽ വെള്ളത്തിന്റെ ഘനത്വം ഒന്ന്. ദ്രവരൂപത്തിൽനിന്ന് ഖരരൂപത്തിലാവുമ്പോൾ വ്യാപ്തം വർധിക്കുന്നതും വെള്ളത്തിന്റെ ഒരു പ്രത്യേകതയാണ്. ബിസ്മത്തിനും ഗാലിയത്തിനും ഒഴിച്ചു മറ്റൊന്നിനും ഈ പ്രത്യേകതയില്ല.

സാധാരണ മർദത്തിൽ ജലത്തിന്റെ തിളനില 100°C. ദ്രവങ്ങളുടെയും ഘനപദാർഥങ്ങളുടെയും ആപേക്ഷികഘനത്വം ജലത്തിന്റെതിനോടു ബന്ധപ്പെടുത്തിയാണ് കണക്കാക്കുന്നത്.

രാസഗുണധർമങ്ങൾ (chemical properties). വൈദ്യുതിരാസക്രമത്തിൽ (electro chemical series) ഹൈഡ്രജനെക്കാൾ ഉയർന്ന സ്ഥാനമുള്ള പല മൂലകങ്ങളും ജലത്തെ വിശ്ലേഷിപ്പിക്കുന്നു. ഓരോന്നും വിവിധതാപത്തിലും വിവിധനിലയിലും എന്നൊരു വ്യത്യാസമേയുള്ളു. സാധാരണ താപത്തിൽ കാൽസ്യവും സോഡിയവും (calcium, sodium) വെള്ളത്തെയും, മഗ്നീഷ്യവും സിങ്കും ഇരുമ്പും (magnesium, zinc, iron) ആവിയെയും വിശ്ലേഷിപ്പിക്കുന്നു. തത്ഫലമായി ഹൈഡ്രജനും ലോഹങ്ങളുടെ ഹൈഡ്രോക്സൈഡുകളും ഉണ്ടാവുന്നു.

അലോഹങ്ങൾക്കും ജലവുമായി രാസപ്രവർത്തനശേഷിയുണ്ട്. ഉദാഹരണം: ക്ലോറിൻ ഉയർന്ന താപത്തിൽ കാർബണും ആവിയും കൂടി പ്രവർത്തിച്ച് കാർബൺ മോണോക്സൈഡും ഹൈഡ്രജനും ഉണ്ടാക്കുന്നത് വ്യവസായപ്രാധാന്യമുള്ള ഒരു രാസപ്രവർത്തനമാണ്.

കാറ്റലിസ്റ്റ് (catalyst) എന്ന നിലയ്ക്കു ജലത്തിനു പ്രത്യേകസ്ഥാനമുണ്ട്. വെള്ളത്തിന്റെ സാന്നിധ്യമില്ലെങ്കിൽ ചില രാസപ്രവർത്തനങ്ങൾ ആരംഭിക്കുകയില്ല. † ജലകാഠിന്യം, † ഘനജലം നോക്കുക.

വി.ടി. ഗോപാലകൃഷ്ണൻ

ജലകാഠിന്യം

സോപ്പു പതയാത്തവിധം ജലത്തിൽ ചില ലവണങ്ങൾ അലിഞ്ഞുചേർന്നിരിക്കുന്ന അവസ്ഥ. കാൽസ്യം, മഗ്നീഷ്യം, ഇരുമ്പ് മുതലായ മൂലകങ്ങളുടെ ബൈകാർബണേറ്റുകൾ, ക്ലോറൈഡുകൾ, സൾഫേറ്റുകൾ എന്നീ ലവണങ്ങളിൽ ചിലത് അലിഞ്ഞുചേരുന്നതുമൂലമാണ് ജലകാഠിന്യം ഉണ്ടാകുന്നത്. ഇത്തരം ജലത്തിനു കഠിനജലം (hard water) എന്നു പറയുന്നു.

ജലകാഠിന്യം താല്ക്കാലികമെന്നും സ്ഥിരമെന്നും രണ്ടുതരം ഉണ്ട്. മൂലകങ്ങളുടെ ബൈകാർബണേറ്റുമൂലമുണ്ടാകുന്നതാണു താല്ക്കാലിക കാഠിന്യം. സൾഫേറ്റ്, ക്ലോറൈഡ് എന്നിവ മൂലമുണ്ടാകുന്നതാണു സ്ഥിരകാഠിന്യം.

ജലകാഠിന്യം കാൽസ്യം കാർബണേറ്റിന്റെ തുല്യാങ്കഭാരത്തിൽ കാണിക്കുന്നു. ഇതിനു കാഠിന്യമുണ്ടാക്കുന്ന ലവണത്തിന്റെ ദ്രവ്യമാനത്തിനെ കാൽസ്യം കാർബണേറ്റിന്റെ തുല്യാങ്കഭാരംകൊണ്ട് ഗുണിച്ചുകിട്ടുന്ന ഫലത്തിനെ കാഠിന്യമുണ്ടാക്കുന്ന ലവണത്തിന്റെ തുല്യാങ്കഭാരംകൊണ്ടു ഹരിച്ചാൽ മതി. കാൽസ്യം കാർബണേറ്റിന്റെ തുല്യാങ്കഭാരം അൻപതാകയാൽ

$$\text{ജലകാഠിന്യം} = \frac{\text{കാഠിന്യമുണ്ടാക്കുന്ന ലവണദ്രവ്യമാനം} \times 50}{\text{കാഠിന്യമുണ്ടാക്കുന്ന ലവണത്തിന്റെ തുല്യാങ്കഭാരം}}$$

ജലകാഠിന്യം ദശലക്ഷാംശത്തിൽ (ppm) രേഖപ്പെടുത്താം. കാഠിന്യം ഡിഗ്രി ക്ലാർക്കിലോ (Degree clarke °Cl) ഡിഗ്രി ഫ്രെഞ്ചിലോ (Degree French °Fr) രേഖപ്പെടുത്താം. ഈ യൂണിറ്റുകളെ താഴെ പറയുന്ന പ്രകാരം ബന്ധിപ്പിക്കാം.

1 ppm = 1 mg/liter = 0.07°Cl = 0.1°Fr.
1°Fr = 10 ppm = 0.7°cl.

ജലകാഠിന്യം (1) ഹെയ്നർവിധി (O. Hehner's method) (2) സോപ്പ് റ്റൈട്രേഷൻ (3) ഇ.ഡി.റ്റി.എ. (EDTA) റ്റൈട്രേഷൻ എന്നീ വിധികളിൽ നിർണയിക്കാം.

സോപ്പ് അനാവശ്യമായി നഷ്ടപ്പെടുമെന്നതാണു കഠിനജലംകൊണ്ടുള്ള മുഖ്യദോഷം. കഠിനജലം ഉപയോഗിച്ചാൽ ബോയിലറുകളുടെ ഉള്ളിലെ പ്രതലത്തിൽ താപസംവഹനശേഷിയില്ലാത്ത നിക്ഷേപ-പാളിയുണ്ടാകുന്നതുകൊണ്ട് ഇന്ധനങ്ങളുടെ ചെലവ് വർധിക്കും. ക്രമേണ ബോയ്‌ലറുകളുടെ വാൽവുകൾക്കും മറ്റും ഇതുകേടുവരുത്തും. കഠിനജലം കുടിച്ചാൽ ആരോഗ്യത്തിനു തകരാറുണ്ടാകുമെന്നു തെളിഞ്ഞിട്ടില്ല. ജലം വായുവിന്റെ സാന്നിധ്യത്തിൽ കറുത്തീയവുമായി പ്രവർത്തിച്ച് ലെഡ് ഹൈഡ്രോക്സൈഡ് ഉത്പാദിപ്പിക്കുന്നു. ഇത് വിഷമാണ്. എന്നാൽ കഠിനജലത്തിലെ

ബൈ കാർബണേറ്റുകളും സൽഫേറ്റുകളും ഒരു പാടയായി പറ്റിപ്പിടിച്ച് കറുത്തീയവുമായ പ്രവർത്തനം ഒഴിവാക്കുന്നുവെന്നതാണ് ഇതുകൊണ്ടുള്ള മുഖ്യപ്രയോജനം; കഠിനജലം പൈപ്പുകളിൽനിന്നുള്ള ലെഡ്-വിഷബാധയ്ക്കു പരിഹാരമാകുന്നു.

താത്കാലിക കാഠിന്യം നീക്കംചെയ്യുന്നതിനു ജലം തിളപ്പിച്ചാൽ മതി. അപ്പോൾ ബൈകാർബണേറ്റിൽനിന്നു കാർബൺ ഡൈ ഓക്സൈഡ് നഷ്ടപ്പെട്ട് അലേയമായ കാർബണേറ്റായി മാറി കാഠിന്യം നഷ്ടപ്പെടുന്നു. വേണ്ടത്ര ചുണ്ണാമ്പുവെള്ളം കഠിനജലത്തിൽ ചേർത്ത് കാഠിന്യം മാറ്റാം. ഇതിനെ ക്ലാർക്ക് പദ്ധതി എന്നു പറയുന്നു. സോഡിയം കാർബണേറ്റ് ചേർത്താൽ ജലത്തിന്റെ സ്ഥിരകാഠിന്യവും താത്കാലിക കാഠിന്യവും മാറും. ജലകാഠിന്യം മാറ്റുന്നതിനു പെർമ്യൂട്ടൈറ്റ് പ്രക്രിയയാണ് ഏറ്റവും നല്ലത്. പെർമ്യൂട്ടൈറ്റ് അഥവാ സിയോലൈറ്റിലൂടെ ജലം കടത്തിവിടുമ്പോൾ അയോൺ വിനിമയം നടന്ന് ജലകാഠിന്യം മാറുന്നു. ബോയിലർ ഉപയോഗത്തിനുവേണ്ടി ജലകാഠിന്യം മാറ്റുന്നതിനു കാൾഗൺ (calgon) പദ്ധതി ഉപയോഗിക്കുന്നു. സോഡിയം ഹെക്സാമെറ്റാ ഫോസ്ഫേറ്റിന്റെ [Sodium hexametaphosphate $Na_2(Na_4P_2O_{18})$] വ്യവസായികനാമമാണ് കാൾഗൺ. ഡി മിനറലൈസേഷൻ (Demineralization) അഥവാ ഡി അയോണീകരണം (Deionization) ജലകാഠിന്യം നീക്കുവാൻ ഉപയോഗിക്കുന്നു. ഇതിൽ കഠിനജലം ആദ്യം ധന-അയോൺ വിനിമയ റെസിനിൽ (Cation exchange resin) കൂടി കടത്തിവിടുന്നു. അപ്പോൾ ജലത്തിൽനിന്നു ധന അയോണുകൾ മാറ്റപ്പെടുന്നു. ക്ലോറൈഡ്, സൽഫേറ്റ്, ബൈകാർബണേറ്റ് എന്നിവ അതതിന്റെ അമ്ലങ്ങളായും മാറുന്നു. പിന്നീട് അവ ഋണ-അയോൺ റെസിനിൽ (Anion exchange resin) കൂടി കടത്തുമ്പോൾ അമ്ലങ്ങൾ ജലകണികകളായിമാറും. ഇപ്രകാരം കിട്ടുന്ന ജലം എല്ലാ അയോണുകളിൽനിന്നും വിമുക്തമായിരിക്കും.

ഒ. തോമസ്

ജലഗതാഗതം

ജലമാർഗേണയുള്ള മനുഷ്യരുടെയും ചരക്കിന്റെയും പോക്കുവരവ്. ഏറ്റവും ചെലവുകുറഞ്ഞ ഗതാഗതം ജലമാർഗമുള്ളതാണ്. സമുദ്രങ്ങളുടെയും നദികളുടെയും തീരത്തുള്ളവരാണു സ്വാഭാവികമായി ഈ മാർഗം അവലംബിച്ചിരുന്നത്. എന്നാൽ നദികളെയും തടാകങ്ങളെയും കായലുകളെയും കൂട്ടിച്ചേർത്തു തോടുകൾ സൃഷ്ടിച്ചും ജലഗതാഗതത്തിനു സൗകര്യം ഉണ്ടാക്കുന്നുണ്ട്. യന്ത്രസംവിധാനം ഒന്നുമില്ലാത്ത നാടൻ ചരക്കുവള്ളങ്ങൾക്കും ഈ മാർഗം ഉപയോഗപ്പെടുത്താവുന്നതുകൊണ്ട് ഇന്ധനച്ചെലവില്ലാതെ മനുഷ്യാധ്വാനം കൊണ്ടുമാത്രം നടത്താവുന്നതാണു ജലഗതാഗതം. മന്ദഗതികാരണം ഇന്നു വള്ളങ്ങൾ യാത്രക്കാരുടെ ഗതാഗതത്തിന് ഉപയോഗിക്കുന്നില്ല.

കൊണ്ടുപോകേണ്ട ചരക്കുകൾ തടി, മുള, ഈറ്റ എന്നിവ ആകുമ്പോൾ വാഹനസഹായം കൂടാതെ ഇവ തന്നെ †ചങ്ങാടമാക്കി കൊണ്ടുപോകുന്ന രീതിയുണ്ട്. മലയിൽനിന്നു വെട്ടുന്ന തടിയും മറ്റും ഇടനാട്ടിലും തീരദേശത്തും എത്തിക്കേണ്ടിവരുമ്പോഴാണ് ഈ രീതി സാധാരണമായി അവലംബിക്കാറുള്ളത്. കായലുകളും തോടുകളും നദികളും ധാരാളമുള്ള കേരളത്തിൽ ഇന്നും ജലഗതാഗതത്തിനു വളരെ പ്രാധാന്യമുണ്ട്.

†ഗതാഗതം നോക്കുക.

ജലചികിത്സ (Hydropathy)

ജലത്തിന്റെ സ്നാനപാനാദിയായ പ്രയോഗംകൊണ്ട് ഏതു രോഗവും ശമിപ്പിക്കാം എന്നു കരുതുന്ന ഒരു ചികിത്സാസമ്പ്രദായം. ഇന്നു നിലവിലിരിക്കുന്ന രീതിയിൽ ജലചികിത്സയുടെ മണ്ഡലം പരിമിതമാണ്. 19-ാംനൂറ്റാണ്ടിൽ വിൻസെൻസ് പ്രീസ്നിറ്റ്സ് (Vinzenz Priessnitz) എന്ന സൈലീഷ്യൻ കർഷകനാണു തന്റെ കിണറ്റിൽനിന്നുള്ള വെള്ളത്തിന് ഔഷധഗുണം ഉണ്ടെന്നു പറഞ്ഞു ജലചികിത്സയ്ക്ക് ഒരുങ്ങിയ ആദ്യത്തെയാൾ.

പല പരുക്കുകൾക്കും രോഗങ്ങൾക്കും ജലചികിത്സ ഫലപ്രദമാണ്. ചൂടു നല്കാനും ശരീരത്തിലെ ചൂടുകുറയ്ക്കാനും വെള്ളം വ്യത്യസ്തരീതികളിൽ ഉപയോഗിക്കാം. നീരാവി വേദനകുറയ്ക്കാനും രക്തചംക്രമണം ഊർജസ്വലമാക്കാനും പ്രയോജനപ്പെടുന്നു. പേശികൾക്ക് അത് അയവും വിശ്രമവും നല്കുന്നു. ക്ഷുബ്ധനെയും

തോടുകൾ കേരളത്തിലെ കായലുകളെ കൂട്ടിയിണക്കുന്നു.

ഉന്മത്തനെയും ശാന്തനാക്കാൻ ശീതളജലത്തിനു കഴിയും. ഭ്രാന്തന്മാർക്കു ജലധാര നല്കുന്ന സമ്പ്രദായമുണ്ട്. ശരീരത്തിലെ താപനില കുറയ്ക്കാനും രക്തചംക്രമണം മന്ദീഭവിപ്പിക്കാനും ശീതജലം സഹായിക്കുന്നു. പരിക്കേറ്റിടത്തു നീർക്കെട്ട് ഉണ്ടാകാതിരിക്കാൻ അതു സഹായകമാണ്. ഉരവ്, ചതവ്, ഉളുക്ക് ഇവയ്ക്കു ശീതജലം ആശ്വാസം നല്കും. തലവേദനയ്ക്കും മൂക്കിൽനിന്നുള്ള രക്തവാർച്ചയ്ക്കും മഞ്ഞുകട്ടിയുടെ സ്പർശം ശമനം നല്കും. അണുസംക്രമണത്തിന്റെ വ്യാപനം തടയാനും തൊലിക്കടിയിലെ രക്തസ്രാവവും പനിയും കുറയ്ക്കാനും തണുത്ത വെള്ളം ഉപയോഗിക്കാം.

ജലാന്തർഭാഗവ്യായാമം മാംസപേശികളെ ബലപ്പെടുത്തും, അവയവങ്ങളുടെ സംയുക്തപ്രവർത്തനത്തെ സഹായിക്കും, പൊള്ളിയ മാംസത്തെ ശുചിയാക്കുകയും സുഖപ്പെടുത്തുകയും ചെയ്യും, സന്ധിവീക്കത്തിന് ആശ്വാസംനല്കും. തണുത്തവെള്ളവും ചൂടുവെള്ളവും മാറിമാറി ദേഹത്ത് ഒഴിക്കുന്നതു മാംസപേശികൾക്കും രക്തക്കുഴലുകൾക്കും ഊർജസ്വലത നല്കും.

നനഞ്ഞതുണിയുടെ പുറത്തു കമ്പിളിയും ദേഹത്തു ചുറ്റി വിയർപ്പിക്കുന്ന സമ്പ്രദായം ജ്വരശമനത്തിനു സഹായിക്കും. ഇത് †പ്രകൃതിചികിത്സയുടെ ഭാഗം കൂടിയാണ്.

ലൂയി കൂനെ എന്ന പ്രകൃതിചികിത്സാവിദഗ്ധൻ പലതരം സ്നാനവിധികളും പട്ടീസുകളും രോഗഹരങ്ങളായി പറയുന്നു.

ജലച്ചായം (Watercolour)

ജലത്തിൽ ചാലിച്ച് ഉപയോഗിക്കുന്ന ചായം. ചിലയിനം പശകളിൽ (സാധാരണമായി അറബിപ്പശയിൽ) ലയിപ്പിച്ച വർണവസ്തുക്ക(pigments)ളാണു ജലച്ചായം. ഇത് ഉപയോഗിച്ചുള്ള രചനയ്ക്കു കടലാസ് ആണു പ്രതലം. മറ്റു പ്രതലങ്ങളിലും ഉപയോഗിക്കാമെങ്കിലും, ഏറ്റവും നല്ല ഫലം ലഭിക്കുന്നതു കടലാസിലാണ്.

ചരിത്രാതീതകാലത്തുതന്നെ ജലച്ചായം ഉപയോഗിച്ചിരുന്നു. 'ഫ്രെസ്കോ' ചിത്രങ്ങളായിരുന്നു ആദ്യകാലത്ത് ഇതുകൊണ്ടു തയ്യാറാക്കിയിരുന്നത്. ചിലയിനം കല്ലുകൾ, കാവി, ഇലകൾ, മരത്തൊലി തുടങ്ങിയവയാണു അന്നു ജലച്ചായം നിർമിക്കുന്നതിന് ഉണ്ടായിരുന്ന അസംസ്കൃതവസ്തുക്കൾ. പണ്ട് ഭിത്തികളിലും മറ്റുമാണ് ചിത്രരചന നടത്തിയിരുന്നത്.

ആധുനിക ജലച്ചായങ്ങളും അവ ഉപയോഗിക്കുവാനുള്ള ഉപകരണങ്ങളും പാശ്ചാത്യരുടെ കണ്ടുപിടിത്തമാണ്. എണ്ണച്ചായംപോലുള്ള ഇതരചായങ്ങളുമായി താരതമ്യംചെയ്യുമ്പോൾ, ജലച്ചായം ഉപയോഗിച്ചുള്ള ചിത്രരചന കൂടുതൽ പ്രയാസമേറിയതാണ്. ജലച്ചായത്തിൽ അടങ്ങിയിട്ടുള്ള വർണവസ്തുക്കൾ സുതാര്യമാകയാൽ, ഒരു ചായത്തിനുമേൽ മറ്റൊന്ന് പ്രയോഗിക്കുമ്പോൾ വർണസങ്കലനം സംഭവിക്കുന്നു. എണ്ണച്ചായം പ്രയോഗിക്കുന്ന ചിത്രകാരന് ഒരു ചായം പ്രയോഗിക്കുമ്പോൾ പ്രതീക്ഷിച്ച ഫലം ലഭിക്കുന്നില്ലെങ്കിൽ അതിനുമേൽ മറ്റൊരു ചായം ഉപയോഗിക്കാം എന്ന സൗകര്യമുണ്ട്.

ഇത്തരം ചില പ്രയോഗപരിമിതികൾ ഉണ്ടെങ്കിലും മറ്റ് ഇനം ചായങ്ങൾക്കില്ലാത്ത പല സവിശേഷതകളും ജലച്ചായങ്ങൾക്ക് ഉണ്ട്. 'വാഷ് സമ്പ്രദായം' പോലുള്ള രചനാസങ്കേതങ്ങൾ ജലച്ചായം ഉപയോഗിച്ചു മാത്രമെ സാധ്യമാകു. പൊതുവെ, പ്രകൃതിദൃശ്യങ്ങൾ ചിത്രീകരിക്കാൻ ഏറ്റവും പറ്റിയതു ജലച്ചായം ആണ്.

† ചായങ്ങൾ, † ചിത്രകല നോക്കുക.

ജലച്ചായചിത്രങ്ങൾ

† ജലച്ചായം, † ചിത്രകല നോക്കുക.

ജലജപം

വെള്ളത്തിൽ നിന്നുകൊണ്ടുള്ള മന്ത്രോച്ചാരണം. തിരുവനന്തപുരം പദ്മനാഭസ്വാമിക്ഷേത്രത്തിൽവച്ച് ആറാറുകൊല്ലം കൂടുമ്പോൾ നടത്തിയിരുന്ന മുറജപത്തിൽ വേദോച്ചാരണം, മന്ത്രജപം, സഹസ്രനാമം, ജലജപം തുടങ്ങി നാല് ഉപാസനകൾ നടത്തിയിരുന്നു. സന്ധ്യയ്ക്ക് ആറരമണിക്കാണു ജലജപം. ഋഗ്വേദത്തിലെ ശത്രുസംഹാരപരമായ ഒരു ഋക്ക് 108 പ്രാവശ്യം പദ്മതീർഥക്കുളത്തിന്റെ നാലുചുറ്റുമുള്ള കൽപ്പടവുകളിൽ മുട്ടറ്റം വെള്ളത്തിൽ ഇറങ്ങിനിന്നാണു ജപിച്ചിരുന്നത്. തദവസരത്തിൽ മഹാരാജാവു വന്നു ജപക്കാരായ നമ്പൂതിരിമാരെ പ്രദക്ഷിണംവച്ചു നമസ്കരിച്ചിരുന്നു.

ജലടർബൈൻ

†ടർബൈൻ നോക്കുക.



തടാകവും തീരവും' - ജലച്ചായചിത്രം

ജലതരംഗം

ഒരു സംഗീതോപകരണം. കേടില്ലാത്തതും ഒരേ തരത്തിലുള്ളതും ആയ പതിനെട്ടു കളിമൺ കിണ്ണങ്ങൾ അർധവൃത്താകൃതിയിൽ നിരത്തിവെച്ച് ഓരോന്നിലും നിശ്ചിത അളവിൽ വെള്ളം ഒഴിച്ച് ഒരു ചെറിയ കമ്പുകൊണ്ട് തട്ടിനോക്കി ശ്രുതി ആവിഷ്കരിക്കുന്നു. പിന്നീട് രണ്ടു കമ്പുകൾ (ഓരോ കൈയിലും ഓരോ കമ്പ്) കൊണ്ട് കിണ്ണങ്ങളിൽ തട്ടി നാദം ഉണ്ടാക്കുന്നു. ഇത്തരത്തിൽ ഓരോ കിണ്ണത്തിൽനിന്നും ഓരോ സ്വരം രൂപമെടുക്കുന്നു. ഈ ഗാനവാദ്യത്തിൽ രാഗാലാപനം അത്ര എളുപ്പമല്ല. എങ്കിലും ഗാനങ്ങൾ ആലപിക്കാനാവും. മറ്റു വാദ്യങ്ങളെ അപേക്ഷിച്ചു പ്രചാരം കുറഞ്ഞതാണ് ജലതംഗം.

ജലദോഷം (common cold)

വൈറസോ, അലർജിയോ മൂലം ഉണ്ടാകുന്ന രോഗം. സർവസാധാരണമായി കണ്ടുവരുന്നു. വൈറസുകളിൽ നൂറിലധികം സ്പീഷീസ് ഈ രോഗത്തിനു കാരണം ആകുന്നുണ്ട്. കാലാവസ്ഥയുടെ പെട്ടെന്നുള്ള വ്യതിയാനം ജലദോഷം ഉണ്ടാകാനുള്ള സാധ്യത വർധിപ്പിക്കും. വൈറസ് ശരീരത്തിനുള്ളിൽ കടന്ന് 12 മുതൽ 72 വരെ മണിക്കൂർ കഴിഞ്ഞേ രോഗലക്ഷണം പ്രകടമാകൂ. ഈ കാലയളവിനെ 'ഇൻകുബേഷൻ പിരീഡ്' എന്നു പറയുന്നു.

തുടർച്ചയായ തുമ്മൽ, മൂക്കടപ്പ്, മൂക്കൊലിപ്പ് തുടങ്ങിയവയാണു പ്രധാന ലക്ഷണങ്ങൾ. പലരിലും തൊണ്ടവേദനയും ഉണ്ടാകാറുണ്ട്. തുടക്കത്തിൽ മൂക്കിൽനിന്നു വെള്ളംപോലുള്ള ദ്രാവകം ഒലിക്കും. ക്രമേണ ഇതു കട്ടിയുള്ള ദ്രാവകമായി മാറും. ഈ ഘട്ടത്തിൽ ബാക്റ്റീരിയയുടെ സംക്രമണംമൂലം ദ്രാവകത്തിൻെറ നിറം മഞ്ഞ ആയിത്തീരുന്നു.

തൊണ്ടവീക്കം, വായുഅറകളിൽ പഴുപ്പുകെട്ടുക (sinusitis), ബ്രോങ്കൈറ്റിസ് തുടങ്ങിയ പ്രത്യാഘാതങ്ങൾ ജലദോഷംമൂലം ഉണ്ടാകാം. സാധാരണഗതിയിൽ ചികിത്സ കൂടാതെതന്നെ രോഗം ശമിക്കുന്നു. സാധാരണ ജലദോഷം ഉള്ളപ്പോൾ മരുന്നു കഴിക്കുന്നതു മറ്റുരോഗങ്ങൾ ഉണ്ടാകാതിരിക്കാനും ജലദോഷവുമായി ബന്ധപ്പെട്ട അസ്വസ്ഥതകൾ മാറാനും ആണ്. രോഗകാരിയായ വൈറസിനെ നശിപ്പിക്കുന്ന മരുന്നു കണ്ടുപിടിച്ചിട്ടില്ല. വിറ്റാമിൻ-സി, ഇൻറർഫെറോൺ തുടങ്ങിയവ ഉപയോഗിച്ചു പരീക്ഷണങ്ങൾ നടന്നുവരുന്നു.

ജലദോഷം ഉണ്ടാകുമ്പോഴൊക്കെ ശരീരത്തിൽ വൈറസിനെതിരെ ആൻറിബോഡികൾ ഉത്പാദിപ്പിക്കുന്നുണ്ട്. എന്നാൽ ഇവ ചുരുങ്ങിയ കാലയളവിനുള്ളിൽ നശിച്ചുപോകുന്നതിനാൽ വീണ്ടും വൈറസിൻെറ ആക്രമണം ഉണ്ടാകുന്നു. ജലദോഷത്തിൻെറ പ്രത്യാഘാതമവയി ബാക്റ്റീരിയകളുടെ ആക്രമണംമൂലം ബ്രോങ്കൈറ്റിസ് തുടങ്ങിയ രോഗങ്ങൾ ഉണ്ടാകുന്നെങ്കിൽ ആൻറിബയോട്ടിക്സ് നല്കേണ്ടതാണ്.

ജലന്ധർ

പഞ്ചാബിലെ ഒരു നഗരവും ജില്ലയും. ദില്ലിയിൽനിന്ന് 360-ഠ, ചണ്ഡിഗഢിൽനിന്ന് 148-ഠ കി.മീ. വടക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്നു. ജലന്ധറിൻെറ ചരിത്രം വളരെ പ്രാചീനമാണ്. ഏഴാം നൂറ്റാണ്ടിൽ ഹ്യൂയൻസാങ് ഇവിടം സന്ദർശിച്ചപ്പോൾ ഇത് ഒരു രജപുത്രരാജ്യത്തിൻെറ തലസ്ഥാനമായിരുന്നുവെന്ന് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. പ്രധാനപ്പെട്ട ഒരു റെയിൽവേ ജങ്ഷനും നിരത്തുകളുടെ കേന്ദ്രവുമായ ജലന്ധറിനു സമീപം ഒരു വിമാനത്താവളവുമുണ്ട്. കായികവിനോദോപകരണനിർമാണമാണ് ഇവിടത്തെ മുഖ്യ വ്യവസായം. നഗരത്തിലെ ജനസംഖ്യ 4,08,196 (1981).

തെക്ക് സത്‌ലജിനും വടക്ക് ബിയാസിനും ഇടയ്ക്കാണു ജലന്ധർജില്ല കിടക്കുന്നത്. 3401 ച.കി.മീ. വിസ്തൃതിയുള്ള ഈ ജില്ലയിലെ ജനസംഖ്യ 17,34,574 (1981) ആണ്. ഗോതമ്പ്, പയറുവർഗങ്ങൾ, കരിമ്പ് എന്നിവ ഇവിടെ സമൃദ്ധിയായി കൃഷിചെയ്തുവരുന്നു.

ജലപക്ഷികൾ

വെള്ളത്തിൽ ഇര തേടുന്ന പക്ഷികൾ. ശുദ്ധജലത്തിലും കടലിലും ജലപക്ഷികളെ കണ്ടുവരുന്നു. പക്ഷികൾ മൊത്തത്തിൽ ഏവ്സ് ക്ലാസ്സിലാണുപെടുന്നത്. ഇതിലെ ആറ് ഓർഡറുകളിൽ ഉൾപ്പെടുന്നവയാണു പ്രധാന ജലപക്ഷികൾ: പെസേലിയറിഫോർമിസ് (ഉദാ: ആൽബട്രോസ്),ഫെനിസിഫോർമിസ്(ഉദാ:പെൻഗ്വിൻ), അൻസേറിഫോർമിസ് (ഉദാ: കുളക്കോഴി), ഗ്രൂയിഫോർമിസ് (ഉദാ: കൊറ്റി), കാരാഡ്രിഫോർമിസ് (ഉദാ: കടൽക്കാക്ക, ഓക്പക്ഷി), കോറാസിഫോർമിസ് (ഉദാ: പൊൻമാൻ). ഇവ മാംസഭുക്കുകളാണ്. ജലാശയത്തിൻെറ കരയിൽ മരക്കൊമ്പുകളിൽ കൂടുകൂട്ടുന്നു. തറയിൽ കൂടുകൂട്ടുന്ന ഇനങ്ങളും ഇക്കൂട്ടത്തിൽ ഉണ്ട്. എരണ്ടപോലുള്ള നിരവധി ജലപക്ഷികൾ ദേശാന്തരഗമനം നടത്തുന്നവയാണ്.

കടൽപക്ഷികൾ. ജലപക്ഷികളിൽ ഏറിയപങ്കും കടൽപക്ഷികളാണ്. † ആൽബട്രോസ്, † പെൻഗ്വിൻ, †കിവി, †കടൽക്കാക്ക, † പെലിക്കൻ, † ഓക്പക്ഷി തുടങ്ങിയവയാണു പ്രധാനം. ദീർഘദൂരം തുടർച്ചയായി പറക്കാനുള്ള കഴിവ് ആണ് കടൽപക്ഷികൾക്ക്. മറ്റു പക്ഷികളിൽനിന്നു വ്യത്യസ്തമായുള്ള പ്രധാന സവിശേഷതയാണിത്.

ഇന്ത്യയിൽ. കുളക്കോഴി(*Amaurornis phoenicurus*)യും, ടർക്കിക്കോഴി (*Gallinula indicus*)യും ഇന്ത്യയിൽ പരക്കെ കാണപ്പെടുന്നുണ്ട്. കൊറ്റി (*Grus lilfordi*) ഈ നാട്ടിൽ സ്ഥിരതാമസമാണ്. ചണ്ടിക്കൊറ്റി (*Anthropoides virgo*)യും, സൈബീരിയൻ



ശുദ്ധജലത്തിൽ ഇരതേടുന്ന
ജലപ്പക്ഷികളുടെ ജലോപരിതലത്തിലെ
സഞ്ചാരരീതികൾ.



ജലത്തിനുള്ളിലെ ഇരപിടുത്തം

കൊറ്റി (*Grus leucogeranus*)യും ശീതകാലസന്ദർശകരാണ്. പോർക്കോഴി (*Gallierex cinerea*) പൂർവേന്ത്യയിൽമാത്രം കാണപ്പെടുമ്പോൾ, താമരക്കോഴി (*Metopldius indicus*), വാലൻ താമരക്കോഴി (*Hydrophasianus chirurgus*) എന്നിവ നാട്ടിൽ പരക്കെയുണ്ട്. ഇന്ത്യയിൽമാത്രം കാണപ്പെടുന്ന ഒരു ജലപക്ഷിയാണു നീൾക്കാലൻ കൊറ്റി (*Syphaeotides indica*).

ജലാശയ-നദീതീരങ്ങളിൽ സദാ കാണപ്പെടുന്ന ആറ്റുകിളികൾ പല സ്പീഷീസുണ്ട്. കല്ലാറ്റുകിളി (*Burhinus indicus*), പൂഴിത്തറയുള്ള നദികളാണിഷ്ടപ്പെടുന്നത്; മണലാറ്റുകിളി(*Glareola lactea*) ചവറും, ചരലും ഏറെയുള്ള നദികളും. ഞണ്ടാറ്റുകിളി(*Dromas ardeola*) കടൽത്തീരവാസിയാണ്. വയലുകൾ, നനഞ്ഞ പറമ്പുകൾ എന്നിവിടങ്ങളിലാണ് ചെങ്കണ്ണി (*Lobivanell indicus*), മഞ്ഞക്കണ്ണി (*Lobivanell malabaricus*) എന്നിവയുടെ വാസം. ജലയോരങ്ങളിൽ സദാ വാലാട്ടി നടക്കുന്ന നീർക്കാട (*Actitishypoleucos*) ഇവയുടെ അടുത്ത ബന്ധുവാണ്.

കായലുകളിലും വയലുകളിലും സ്വൈരവിഹാരം ചെയ്യുന്ന മഴക്കൊച്ച (*Ixobrychus cinnamomeus*), കരിങ്കൊച്ച (Dupetor flavicollis) എന്നിവ കൃഷിപ്പാടങ്ങളിലും ജലാശയതീരങ്ങളിലും ധാരാളം കാണാം. നീളമുള്ള കാലുകളും, ഭാരമേറിയ ദേഹവുമുള്ള ചേരക്കൊക്കൻ (*Anastomus ocitans*) വൻനദീതീരവാസിയാണ്. ചേരക്കോഴി (*Anhinga melanogaster*) നല്ലപോലെ നീന്താൻ കഴിവുള്ളതുകാരണം ഏതാണ്ടു മുഴുവൻ സമയവും ജലത്തിൽത്തന്നെ കഴിയുന്നു. കായലുകളിലും ചെളിപ്രദേശങ്ങളിലും കൂട്ടംകൂട്ടമായി പാറിക്കിടക്കുന്ന എരണ്ടകളെ രാജ്യത്ത് എമ്പാടും കാണാം. അന്തമാൻ എരണ്ട (*Nettion albogulare*) ആന്തമാനിലും, ചില ഇന്തോനേഷ്യൻദ്വീപുകളിലും മാത്രമേയുള്ളു. ഇന്ത്യയിൽ സർവസാധാരണമായ ഒരു ജലപക്ഷിയാണു വെള്ളക്കണ്ണൻ വാത്ത് (*Nyroca rufa*). വാത്തുകളുടെ ബന്ധുക്കളും, പുരാണങ്ങളിൽ പ്രസിദ്ധവുമായ അരയന്നങ്ങൾ (*Cygnus cygnus*) ഇന്ത്യൻ പക്ഷികളിൽ പ്രമുഖമാണ്.



ചാരമുണ്ടി

കടൽപക്ഷികൾ ഇന്ത്യൻ തീരങ്ങളിൽ സർവസാധാരണമാണ്. ചിരിയൻ കടൽക്കാക്ക (*Larus ridibundus*), കാലൻ കടൽക്കാക്ക (*Larus argentatus*), കരിവയറൻ കടൽക്കാക്ക (*Sterna melanogaster*) എന്നിവ കിഴക്കും പടിഞ്ഞാറും തീരങ്ങളിൽ കാണപ്പെടുന്നു. ചില പെലിക്കൻ പക്ഷികളും ശീതകാലത്ത് എത്തിച്ചേരാറുണ്ട്. റോസ് പെലിക്കൻ (*Pelecanus roseus*) ഉത്തരേന്ത്യയിലും, പുള്ളിക്കൊക്ക് പെലിക്കൻ (*Pelecanus philippensis*) തെക്കെ ഇന്ത്യയിലും കാണപ്പെടുന്നു.

കേരളത്തിൽ. കൊക്കിൻെറയും താറാവിൻെറയും വർഗത്തിൽപ്പെടുന്ന ജലപക്ഷികളാണു കേരളത്തിൽ കണ്ടുവരുന്നത്. കുളക്കൊക്ക്, മുങ്ങാംകോഴി, ലിറ്റിൽ കോർമൊറൻറ് (കാക്കത്താറാവ്), †ചേരക്കോഴി, †ചാരമുണ്ടി, †ചായമുണ്ടി, പാതിരാക്കൊക്കുകൾ, † കരുവാരക്കുരു, † എരണ്ടകൾ എന്നിവയാണു കേരളത്തിലെ പ്രധാന ജലപക്ഷികൾ.

ജലമലിനീകരണം (water pollution)

†പരിസരമലിനീകരണം (environmental pollution) നോക്കുക.

ജലവിതരണം

† ശുദ്ധജലവിതരണം നോക്കുക.

ജലവിശ്ലേഷണം (hydrolysis)

ഒരു രാസഅഭിക്രിയ. വിദ്യുദ്അപഘടൃങ്ങളുടെ (electrolytes) ജലായനിയിലെ കാറ്റയോണുകൾ (ധനചാർജുള്ള അയോണുകൾ) ജലവുമായി ചേർന്ന് വീര്യംകുറഞ്ഞ ക്ഷാരമോ, ആനയോണുകൾ (ഋണചാർജുള്ള അയോണുകൾ) ജലവുമായി ചേർന്ന് വീര്യം കുറഞ്ഞ അമ്ളമോ രൂപംകൊള്ളുന്ന അഭിക്രിയയാണ് ഇത്. ഇതിനെ താഴെക്കാണുന്ന വിധത്തിലുള്ള ഒരു പൊതു ഫോർമുലകൊണ്ട് സൂചിപ്പിക്കാം:

$XY + H_2O$വൈദ്യുതി$\longrightarrow XOH + YH.$

കൊഴുപ്പുകളിൽ നിന്ന് സോപ്പും സ്റ്റാർച്ചിൽനിന്നു ഗ്ലൂക്കോസും വേർതിരിക്കാൻ ജലവിശ്ലേഷണം ഉപയോഗിക്കാറുണ്ട്.

ജലവൈദ്യുതശക്തി (Hydro-electric Power)

ജലപ്രവാഹത്തിൻെറ സഹായത്തോടെ ഉത്പാദിപ്പിക്കുന്ന വൈദ്യുതശക്തി. ഉയർന്ന സ്ഥലത്തുനിന്നു താഴ്ന്ന വിതാനത്തിലേക്കു ജലപ്രവാഹമുണ്ടാവുമ്പോൾ സ്ഥാനികോർജം (potential energy) ഗതികോർജമായി (kinetic energy) രൂപാന്തരപ്പെടും. ഈ ഗതികോർജം ഉപയോഗപ്പെടുത്തി ഒരു ജലചക്രം (water-wheel) തിരിപ്പിച്ചാൽ യാന്ത്രികോർജം (mechanical energy) ലഭിക്കുന്നു. ഇങ്ങ

നെ തിരിയുന്ന ജലചക്രത്തോട് ഒരു വൈദ്യുതജെനറേറ്റർ (eletrical generator) ഘടിപ്പിച്ചു വൈദ്യുതോർജം ഉത്പാദിപ്പിക്കാം. ഉന്നതതലത്തിൽനിന്നു താഴോട്ടൊഴുകിപ്പോവുന്ന നദീജലം നിയന്ത്രണവിധേയമാക്കി, മുകളിൽ വിവരിച്ച പ്രകാരം വൈദ്യുതോത്പാദനത്തിന് ഉപയോഗപ്രദമാക്കാം. ഇപ്രകാരം ലഭിക്കുന്ന വൈദ്യുതോർജം പ്രേഷണക്കമ്പികളി(transmission lines)ലൂടെ എളുപ്പത്തിലും ലാഭകരമായും ഉദ്ദിഷ്ടസ്ഥാനത്ത് എത്തിക്കാൻ കഴിയും.

അണക്കെട്ട്. ജലവൈദ്യുതപദ്ധതിക്കു സാധാരണനിലയിൽ അണക്കെട്ട് ആവശ്യമാണ്. മഴക്കാലത്തെ അധികജലം സംഭരിക്കുന്നതിനും, ജലസംഭരണിയിലെ വിതാനം ഉയർത്തുന്നതിനും അങ്ങനെ വൈദ്യുതോത്പാദനത്തിന്റെ അളവു വർധിപ്പിക്കാനും അണക്കെട്ടു സഹായിക്കുന്നു.

അണകെട്ടാതെ നദിയിൽ കുഴിച്ച് താത്ക്കാലിക സാഭരണി ഉണ്ടാക്കി സാധാരണ ഒഴുകുന്ന മുഴുവൻ ജലവും ഉപയോഗിച്ചു വൈദ്യുതി ഉത്പാദിപ്പിക്കുന്ന കേന്ദ്രങ്ങളും വിരളമായി ഉണ്ട്. ഇത്തരം പദ്ധതികളിൽ വെള്ളപ്പൊക്കത്തിലെ അധികജലം ഉപയോഗപ്പെടുത്താൻ സാധിക്കില്ലെന്നേയുള്ളു.

വൈദ്യുതിനിലയം. വൈദ്യുതിനിലയ(power house)ത്തിന്റെ സ്ഥാനം ജലവൈദ്യുതപദ്ധതിയിൽ വളരെ പ്രധാനമാണ്. അണക്കെട്ടിൽനിന്ന് അകലെയാണെങ്കിൽപോലും വളരെ കൂടുതൽ വിതാനവ്യത്യാസം ഉള്ള സ്ഥലം ലഭ്യമാണെങ്കിൽ, അതു പരമാവധി ഉപയോഗപ്പെടത്തക്കവണ്ണം താഴ്ന്ന വിതാനത്തിൽ സ്റ്റേഷൻ സ്ഥാപിക്കുകയാണു സാധാരണമായി ചെയ്യുന്നത്. അവിടേക്ക് ജലസംഭരണിയിൽനിന്നു വെള്ളം എത്തിക്കുവാനുള്ള ചാലും (canal), തുരങ്കവും (tunnel) നിർമിക്കുവാൻ വളരെയധികം ചെലവു വരും. എന്നാൽ ഈ സംവിധാനത്തിൽ വളരെ കൂടുതൽ വൈദ്യുതി നിർമിക്കുവാൻ കഴിയുമെന്ന മെച്ചമുണ്ട്. ഇടുക്കി പദ്ധതിയിൽ ജലസംഭരണിയുടെയും, തലത്തിന്റെ 678.62 മീ. കീഴെയുള്ള തലത്തിലാണു വൈദ്യുതിനിലയം സ്ഥാപിച്ചിരിക്കുന്നത്.

താണ വിതാനത്തിലുള്ള ജലം മുകളിലേക്കു പമ്പു ചെയ്തു വൈദ്യുതോത്പാദനത്തിന് ഉപയോഗിക്കുന്ന പദ്ധതികളും ചുരുക്കമായി നിലവിലുണ്ട്.

വൈദ്യുത ഉത്പാദനത്തിനുള്ള സജ്ജീകരണങ്ങളും അവ നിയന്ത്രിക്കുവാനുള്ള സന്നാഹങ്ങളും വൈദ്യുതി നിലയത്തിൽ ഉണ്ടായിരിക്കും.

അന്തർവാഹം (intake). വൈദ്യുത ഉത്പാദനകേന്ദ്രത്തിലേക്കുള്ള ജലപ്രവാഹത്തിന്റെ ആരംഭഘട്ടത്തിലുള്ള നിർമിതിയാണ് ഇത്. അഴുക്കുകളും മഞ്ഞുകട്ടകളും പെൻസ്റ്റോക്കി(Penstock)ലേക്കു കടന്നുപോവാതിരിക്കത്തക്കവണ്ണം ആയിരിക്കണം ഇതിന്റെ സംവിധാനം. ജലനിർഗമനിയന്ത്രണം വാൽവുകളോ ഗേറ്റുകളോ ഉപയോഗിച്ചു സാധിക്കും.

പെൻസ്റ്റോക്ക് (penstock). ജലം ടർബൈനിലേക്ക് എത്തിക്കുന്നതിന് ഉപയോഗിക്കുന്ന കുഴൽ. സാധാരണമായി ഉരുക്കുകുഴലുകളാണ് ഉപയോഗിക്കുന്നത്. കുഴലുകൾ തമ്മിൽ യോജിക്കുന്നിടത്ത് ഉണ്ടാകാവുന്ന മർദിക്കുന്നത്. കുഴലുകൾ തമ്മിൽ യോജിക്കുന്നിടത്ത് ഉണ്ടാകാവുന്ന മർദത്തിന് അനുസരിച്ചു കുഴലുകൾ ഉറപ്പിച്ചു നിർത്താൻ ആവശ്യമായ നിർമിതികൾ ഉണ്ട്. പെൻസ്റ്റോക്കിൽ അതിന്റെ കേടുപാടുകൾ തീർക്കുന്നതിനും പരിശോധനയ്ക്കും ഉപയുക്തമാകത്തക്കവണ്ണം സ്ലൂയിസ്ഗേറ്റു (sluicegates) കളും വാൽവുകളും ഘടിപ്പിച്ചിരിക്കും.

സർജ് ടാങ്ക് (surge tank). ഏതെങ്കിലും കാരണംകൊണ്ട് പെൻസ്റ്റോക്ക് പെട്ടെന്ന് അടയ്ക്കേണ്ടിവരികയാണെങ്കിൽ തത്സമയമുണ്ടാകുന്ന മർദാധിക്യത്താൽ പെൻസ്റ്റോക്ക് പൊട്ടിപ്പോവാതിരിക്കാനുള്ള രക്ഷോപാധിയാണ് ഇത്. പെൻസ്റ്റോക്ക് അടയ്ക്കുന്ന വാൽവിന്റെ മുന്നിലായി മുകളിലേക്കു നിർമിച്ചിരിക്കുന്ന ഒരു ടാങ്ക് ആണിത്. വാൽവ് അടയ്ക്കുമ്പോൾ ഉഗ്രമർദത്തോടെ അതിൽ വന്നടിക്കുന്ന ജലം ഈ ടാങ്കിലേക്കു പരക്കുകയും മർദത്തിന് അവശേഷണം സംഭവിക്കുകയും ചെയ്യുന്നു. † ഇടുക്കി പദ്ധതിയുടെ സർജ്ടാങ്ക് നാടുകാണി മലയ്ക്കടിയിലുള്ള 'ബട്ടർ ഫ്ളൈ വാൽവ് ചേംബറി'ൽ നിന്നാണ് ആരംഭിക്കുന്നത്.

വായുരന്ധ്രവും വായുവാൽവുകളും (air vent and air valves). വേണ്ടത്ര വലിപ്പത്തിലുള്ള വായുരന്ധ്രം പെൻസ്റ്റോക്കിൽ ഗേറ്റിനു താഴെയായി ഉണ്ടാവാറുണ്ട്. മുകളിലെ ഗേറ്റ് അടയ്ക്കുമ്പോൾ വെള്ളം ഒഴിഞ്ഞുപോകുന്നതിന് അനുസരിച്ച് വായു അകത്തേക്കു കടക്കാൻവേണ്ടിയാണ് ഇത്. അല്ലെങ്കിൽ അകത്തും പുറത്തും ഉള്ള മർദവ്യത്യാസംകൊണ്ട് പെൻസ്റ്റോക്ക് പൊട്ടാൻ ഇടയുണ്ട്.

ടർബൈൻ (turbine). പെൻസ്റ്റോക്കിലൂടെ ഉയരത്തിൽനിന്ന് ഒഴുകിവരുന്ന വെള്ളത്തിന്റെ ശക്തികൊണ്ടു തിരിയുന്ന † ടർബൈൻ ആണ് അതിനോടു ഘടിപ്പിച്ച ജെനറേറ്റർ തിരിക്കുന്നത്. ഉയർന്ന ജലവിതാനമുള്ളേടത്തു പെൽട്ടൻ വീലും (pelton wheel), മധ്യജലവിതാനമുള്ളേടത്തു ഫ്രാൻസിസ് ടർബൈനും (francis turbine), താഴ്ന്ന ജലവിതാനത്തിനു കപ്ലാൻ ടർബൈനും (kaplan turbine) ആണ് ഉപയോഗിക്കാറ്.

ആൾട്ടർനേറ്റർ(alternator). ഏകാന്തരധാര (alternating current) ഉത്പാദിപ്പിക്കുന്ന യന്ത്രമായ ആൾട്ടർനേറ്ററിനു പ്രധാനമായി നിശ്ചലമായ ഒരു സ്റ്റാറ്ററും (stator), അതിനകത്തു പരിക്രമണം ചെയ്യുന്ന ഒരു റോട്ടറും (rotor) ഉണ്ടായിരിക്കും. ഒരു ആൾട്ടർനേറ്ററിൽ ഉത്പാദിപ്പിക്കപ്പെടുന്ന വോൾട്ടേജിന്റെ ആവൃത്തി അതിന്റെ പരിക്രമണവേഗത്തെ ആശ്രയിച്ചിരിക്കുന്നു. ഇന്ത്യയിൽ സാധാരണമായി ഉപയോഗത്തിലുള്ള ആവൃത്തി ഒരു സെക്കൻഡിൽ 50പരിവൃത്തി(cycle)ആണ്. ആൾട്ടർനേറ്റർ ജലചക്രത്തോടു ഘടിപ്പിച്ചിരിക്കുന്നതിനാൽ രണ്ടിന്റെയും പരിക്രമണവേഗം ഒന്നുതന്നെ ആയിരിക്കും.

സ്വിച്ച്യാഡ് (switch yard). ഉത്പാദിതവോൾട്ടേജിൽ (generated voltage)നിന്നു പ്രേഷണവോൾട്ടേജിലേക്ക്(transmission voltage) ഉയർത്തുന്നതിനുള്ള ട്രാൻസ്ഫോർമറുകൾ പരിപഥവിച്ഛേദകങ്ങൾ (circuit breakers), വിയോജകങ്ങൾ(isolators), ഇടിമിന്നൽ ബന്ധകങ്ങൾ (lightning arresters) എന്നിവയ്ക്കു പുറമെ മാപനം (metering), നിയന്ത്രണം, രക്ഷണം (protection) എന്നിവയ്ക്കുള്ള കറന്റ്ട്രാൻസ്ഫോർമറുകളും വോൾട്ടേജ് ട്രാൻസ്ഫോർമറുകളും മറ്റും ഇവിടെ സ്ഥാപിച്ചിരിക്കും.

സാമ്പത്തികവശം. ഏറ്റവും ചെലവു കുറഞ്ഞ വൈദ്യുതി ഉത്പാദനമാർഗമാണു ജലവൈദ്യുതപദ്ധതികൾ. അണക്കെട്ടും മറ്റും നിർമിക്കാനുള്ള മുതൽമുടക്കു വളരെ കൂടുതലാകുമെങ്കിലും, പിന്നീടു വൈദ്യുതിനിലയം പ്രവർത്തിപ്പിച്ച് ഉത്പാദനം നടത്താനുള്ള ചെലവ് വളരെ കുറവാണ്. കേരളത്തിലെ മുഴുവൻ വൈദ്യുതി ഉത്പാദനവും ജലവൈദ്യുത പദ്ധതികളിലൂടെ ആണു നടക്കുന്നത്.

ജലശുദ്ധീകരണവും ജലവിതരണവും

† ശുദ്ധജലവിതരണം നോക്കുക.

ജലസസ്യങ്ങൾ (hydrophytes)

പ്രകൃത്യാ ജലത്തിൽ വളരുന്ന സസ്യങ്ങൾ. ഏകകോശസസ്യങ്ങൾ മുതൽ ഗുപ്തബീജസസ്യങ്ങൾ (angiosperms) വരെയുള്ള എല്ലാ പ്രധാന വിഭാഗങ്ങളിലെയും അംഗങ്ങൾ ജലത്തിൽ വളരുന്നതായി കാണാം. എങ്കിലും, ഒരു പരിസ്ഥിതിക സസ്യസമുദായം(ecology of plant community) എന്ന നിലയിൽ പരിഗണനാർഹമായ പ്രാധാന്യം പുഷ്പിക്കുന്ന ജലസസ്യങ്ങൾക്കേ ഉള്ളൂ. വിത്ത് ജലത്തിനടിയിൽ മുളയ്ക്കുകയും ജീവിതത്തിന്റെ നല്ലൊരു ഭാഗമെങ്കിലും ജലത്തിൽ കഴിച്ചുകൂട്ടുകയും ചെയ്യുന്ന ചെടികളെയെല്ലാം ഇത്തരം ജലസസ്യങ്ങളായി ഗണിക്കാം(Reid, 1961). ഇവ എണ്ണത്തിൽ കുറവാണ്. ഭൂമിയിൽ എല്ലായിടത്തും കാണപ്പെടുന്നു. ഇത്രയും വിസ്തൃതമായ തോതിൽ വിതരണം ചെയ്യപ്പെട്ടിരിക്കുന്ന ജലസസ്യങ്ങൾ വളരെ വ്യത്യസ്തമായ കാലാവസ്ഥകളിൽ വളരുന്നവയുമാണ്.

പരിസ്ഥിതിയോടുള്ള ബന്ധത്തെ ആസ്പദമാക്കി ജലസസ്യങ്ങളെ നിമഗ്നസസ്യങ്ങൾ (submerged), പ്ലവസസ്യങ്ങൾ (floating), ഭാഗികനിമഗ്നസസ്യങ്ങൾ (partly submerged) എന്നു മൂന്നായി തിരിക്കാം. ഇവയ്ക്കെല്ലാം ബാഹ്യപ്രകൃതിയിലും ആന്തരികഘടനയിലും തനതായ സവിശേഷതകൾ ഉണ്ട്. അത്തരം സ്വഭാവ വിശേഷങ്ങൾ ഏറ്റവും കൂടുതൽ കാണുന്നത് നിമഗ്നസസ്യങ്ങളിൽ ആയതിനാൽ അവയാണു ശരിയായ ജലസസ്യങ്ങൾക്ക് ഉദാഹരണങ്ങൾ.



പ്ലവഗപുഷ്പങ്ങളോടുകൂടിയ
ജലസസ്യം

നിമഗ്നസസ്യങ്ങൾ. അതിലളിതമായ ശരീരഘടനയും ജീവിതരീതിയും ഇവയുടെ സാമാന്യ ലക്ഷണങ്ങളാണ്. ഒരിക്കലും വെള്ളത്തിനു വെളിയിൽ ജീവിക്കാൻ കഴിയാത്ത ഈ ചെടികൾ താരതമ്യേന വണ്ണംകുറഞ്ഞവയാണ്. ചെറിയ, ഒറ്റപ്പെട്ട ചെടികളായിട്ടോ (ബ്ലിക്സാ, ഒറ്റേലിയ) ധാരാളം ശാഖോപശാഖകളോടെ ഇടതൂർന്നു വളരുന്നതായിട്ടോ (hydrilla, ceratophyllum)കാണാം. ഇളം പച്ച നിറമായിരിക്കും ചെടികൾക്ക്. ഇലകൾ സാധാരണ നന്നെ ചെറുതോ, നാടപോലുള്ളതോ, നേരിയ നൂലുപോലുള്ള ഭാഗങ്ങളായി വിഭജിക്കപ്പെട്ടതോ ആയിരിക്കും. ചുറ്റും ജലം ആയതിനാൽ ശരീരത്തിൽ വായുരന്ധ്രങ്ങൾ (stomata) ഇല്ല. വെള്ളത്തിനടിയിൽ സസ്യസ്വേദനം(transpiration) നടക്കാൻ സാധ്യത ഇല്ലാത്തതുകൊണ്ടു കരയിലെ ചെടികൾക്കുള്ളതുപോലെ അതാര്യമായ (impermeable) ബാഹ്യചർമത്തിനു പകരം സുതാര്യമായ (permeable) പുറന്തൊലിയാണു കാണുന്നത്. ബാഹ്യചർമം സുതാര്യമായതിനാൽ, ശരീരത്തിൻെറ ഉപരിതലം മുഴുവൻ ആഗിരണസമർഥമായി. അതിനാൽ ആഹാരം വലിച്ചെടുക്കുന്നതിനു വേരുകൾ ആവശ്യമില്ല. പല ജലസസ്യങ്ങളിലും വേരുകൾ അപ്രത്യക്ഷമാകാൻ കാരണം ഇതാണ്. യുട്രിക്കുലേറിയ, വുൾഫിയ, സെറാറ്റോഫില്ലം എന്നിവ ഉദാഹരണം. വേരുകൾ ഉള്ള ചെടികളിൽ അവ പ്രധാനമായും ബന്ധനാവയവങ്ങളായി മാത്രം വർത്തിക്കുന്നു. അത്തരം വേരുകൾ വളരെ നേരിയതും അധികം ശാഖകളില്ലാത്തതും മൂലലോമങ്ങൾ പുറപ്പെടുവിക്കാത്തവയുമാണ്.

ബ്ലിക്സാ, ഹൈഡ്രില മുതലായ ചെടികളിൽ ഇങ്ങനെയുള്ള വേരുകൾ കാണാം. ഉപരിതലം മുഴുവൻ ആഗിരണ സമർഥം ആയതിനാൽ ശരീരത്തിൻെറ ഒരറ്റത്തുനിന്നു മറ്റൊരറ്റത്തേക്കു, വലിച്ചെടുത്ത ജലവും ലവണങ്ങളും വിതരണം ചെയ്യേണ്ടതില്ല. അതുകൊണ്ട് ദാരുവ്യൂഹം (xylem) അത്യന്തം ലഘൂകരിക്കപ്പെടുകയോ തീരെ ഇല്ലാതാവുകയോ ചെയ്തിരിക്കുന്നു. കുഴലുകൾപോലെയുള്ള ജലവാഹിനികൾ പുഷ്പസസ്യങ്ങളുടെ വർഗസ്വഭാവമാണെന്നിരിക്കെ, ജലസസ്യങ്ങളിൽ അവയുടെ തിരോധാനം, ചെടികളുടെ ശരീരഘടയിൽ ഉണ്ടാകുന്ന പരിണാമഭേദങ്ങൾ പരിസരങ്ങളുടെ പ്രത്യേകതകൾക്ക് യോജിച്ചതാണെന്ന തത്ത്വം വെളിപ്പെടുത്തുന്നു. ശരീരത്തിനു ബലവും ദൃഢതയും കൊടുക്കുന്ന ദാരുകല (mechanical tissue) ഇല്ല. പരിസ്ഥിതിയിൽ സാന്ദ്രത കൂടിയ വെള്ളം ആയതിനാൽ ഗുരുത്വാകർഷണത്തിനെതിരെ നിവർന്നുനില്ക്കാൻ വളരെയൊന്നും ശരീരശക്തി ആവശ്യമില്ല. ജലംതന്നെ ശരീരത്തെ താങ്ങിനിർത്തും. വെള്ളത്തിൻെറ ഒഴുക്കിനും നീക്കങ്ങൾക്കും വിധേയമാകുന്നതാണ് അവയെ എതിരിടുന്നതിനെക്കാൾ അപായരഹിതവും എളുപ്പവും. മൃദുവായ ശരീരമാണ് അതിനും ആവശ്യം. ശരീരത്തിനകത്ത് ആവുന്നത്ര വായു സംഭരിക്കുക, ഈ ചെടികളുടെ മറ്റൊരു പ്രത്യേകതയാണ്. കോശങ്ങൾക്കിടയിലുള്ള സ്ഥലങ്ങളോ ശരീരം മുഴുവൻ വ്യാപിച്ചുകിടക്കുന്ന വായുനാളികളെ(air canal) അങ്ങിങ്ങായി കാണുന്ന വായുസഞ്ചികളോ (air chambers) ഇതിനുപയോഗിക്കപ്പെടുന്നു. മിതമായി മാത്രം കിട്ടുന്ന ഓക്സിജൻ, കാർബൺ ഡയോക്സൈഡ് ഇവ ശരീരത്തിനകത്തുതന്നെ ശേഖരിച്ചു നിർത്തിയാൽ ആവശ്യാനുസരണം ശ്വസനത്തിനും പ്രകാശസംശ്ലേഷണത്തിനും ഉപയോഗിക്കാം. ജലത്തിൽ ലയിച്ചിരിക്കുന്ന അല്പമായ വായുവിനെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന ഈ ചെടികൾക്ക് വായുസംഭരണസൗകര്യം വലിയ നേട്ടമാണ്. വെള്ളത്തിൽക്കൂടി കടന്നുവരുന്നതിനാൽ ശക്തി കുറയുന്ന സൂര്യപ്രകാശം മാത്രം കിട്ടുന്ന ഈ ചെടികൾ ആവുന്നത്ര പ്രകാശം ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. അതിനായി,ബാഹ്യചർമത്തിലുംകൂടി ഹരിതകം നിക്ഷേപിച്ചിരിക്കുന്നു. കരയിലെ ചെടികളിൽ ഇതു കാണാത്തതാണ് ഈ പ്രത്യേകത.

*ഇലകൾ:*എല്ലാ കോശങ്ങളിലേക്കും പ്രകാശം കടന്നു ചെല്ലത്തക്ക വിധം ലോലമാണ് ഇലകൾ. ഓരോ കോശത്തിലും വളരെ കുറച്ചു ഹരിതകമേ കാണുകയുള്ളു. ചെടികൾ മുഷിഞ്ഞ പച്ചനിറമാകാൻ കാരണം ഇതാണ്. മങ്ങിയ, വിസരിച്ച (diffused) വെളിച്ചത്തിൽ വളരുന്നതിനാൽ ഇലകളിലെ എല്ലാ കോശങ്ങളും ഒരേ തരത്തിലുള്ളവയാണ്. സാധാരണ ഈ ചെടികളുടെ ഉപരിതലത്തിനു വഴുക്കൽ ഉണ്ടായിരിക്കും. വഴുക്കലുള്ള ഉപരിതലം വെള്ളത്തിൻെറ ഗതിക്കു തടസ്സമുണ്ടാക്കാത്തതിനാൽ ചെടികൾക്ക് ഒഴുക്കിൻെറ ശക്തി അധികം അനുഭവപ്പെടുന്നില്ല. ജലത്തിൽ പൊടുന്നനെ ഉണ്ടായേക്കാവുന്ന രാസഭേദങ്ങളോ താപനിലയിലെ മാറ്റങ്ങളോ ചെടികളെ ഉടനടി ബാധിക്കാതിരിക്കും. ജലത്തിലുള്ള കൃമികീടങ്ങളുടെ ആക്രമണത്തിൽനിന്നു രക്ഷപ്പെടാനും ഇത് ഉപകരിക്കുന്നു.

പ്രജനനം. ജീവിതരീതികളിലും ജലസസ്യങ്ങൾക്കു പ്രത്യേകതകളുണ്ട്. ആവശ്യമായ അളവിൽ ജലം കിട്ടുന്നുവെങ്കിൽ അവയിൽ പലതും അനേകവർഷം തുടർച്ചയായി വളരും. വംശവർധനയ്ക്കു വിത്തുകൾ അത്യാവശ്യമല്ല. കായിക പ്രജനനം (vegetative propagation)കൊണ്ടു മാത്രം വംശവർധന സാധിക്കുന്നു. ശരീരത്തിൽനിന്നു വേർപെടുന്ന ഭാഗങ്ങൾ അനുകൂലമായ മാധ്യമത്തിൽത്തന്നെ



താമര



വിക്ടോറിയ റീജിയ-ആമസോണിൽ കാണപ്പെടുന്ന കൂറ്റൻ ജലസസ്യം

കിടക്കുന്നു എന്നതും, അവയ്ക്കു സ്വതന്ത്രമായി ജീവിക്കാൻ പുതിയ അവയവങ്ങൾ ഒന്നും ആവശ്യമില്ല എന്നതും കായിക പ്രജനനത്തെ സഹായിക്കുന്നു. ഹൈഡ്രാല മുതലായ ചെടികളിൽ ഈ ആവശ്യത്തിന് ചില പ്രത്യേകതരം മുകുളങ്ങൾ ഉണ്ടാകാറുണ്ട്. ചുറ്റുപാടുകൾ പ്രതികൂലമാകുമ്പോൾ ഈ മുകുളങ്ങൾ മണ്ണിൽ പതിഞ്ഞുകിടക്കും. സാഹചര്യങ്ങൾ അനുകൂലമാകുമ്പോൾ അവ പുതിയ ചെടികളായി വളരും.

അനാകർഷകങ്ങളായ ചെറിയ പൂക്കളാണു സാധാരണ നിമഗ്നസസ്യങ്ങളിൽ കാണുന്നത്. പരാഗവിതരണത്തിനു പ്രാണികളുടെ സഹായം തേടാറില്ല മിക്കവയും. വെള്ളംതന്നെ അതിനും മധ്യവർത്തി. ഹൈഡ്രില, വാലിസ്നേറിയ മുതലായവയിൽ രസകരമായ ഒരു രീതി കാണുന്നു. വെള്ളത്തിനടിയിൽ ഉണ്ടാകുന്ന പെൺപൂക്കൾ വിടരുമ്പോഴേക്കും തണ്ടു വളർന്നു ജലവിതാനം എത്തും ആൺപൂക്കൾ ചെടിയിൽനിന്നു വേർപെട്ടു വെള്ളത്തിനു മുകളിൽ പൊങ്ങിവന്നശേഷമാണു വിടരുന്നത്. ദളങ്ങൾക്കിടയിൽ വായു തങ്ങിനില്ക്കുന്നതിനാൽ ഈ പൂക്കൾ വെള്ളത്തിൽ താഴാതെ ഉപരിതലത്തിൽ പാറിക്കിടക്കുന്നു. കാറ്റിലോ ഒഴുക്കിലോപെട്ട് അവ വിടർന്നു നില്ക്കുന്ന പെൺപൂവിൽ ചെന്നു തട്ടിയാൽ കേസരങ്ങളിൽനിന്നു പരാഗം ജനിയുടെ അഗ്രത്തിൽ തെറിച്ചുവീഴാൻ ഇടയാകും.

കായ്കൾ വിളയുന്നതു വെള്ളത്തിനടിയിലാണ്. ജലവിതാനത്തിൽനിന്നു പെൺപൂക്കളെ വലിച്ചു താഴ്ത്താൻ വാലിസ്നേറിയ, ഒറ്റേലിയ മുതലായ ചെടികളിൽ പരാഗവിതരണത്തിനുശേഷം പൂത്തണ്ട് സ്പ്രിങ്പോലെ ചുരുളുന്നതുകാണാം. വിത്തുകൾ വിതരണം ചെയ്യപ്പെടുന്നതും ജലത്തിൽക്കൂടിത്തന്നെ. വിത്തുകൾ നന്നെ ചെറുതായിരിക്കും. ചില ചെടികളുടെ വിത്തുകൾക്കു വായു നിറഞ്ഞതോ, വഴുക്കലുള്ളതോ ആയ ഒരു പ്രത്യേക കവചം(aril) ഉള്ളതിനാൽ അവ വെള്ളത്തിൽ പൊങ്ങിക്കിടക്കുകയും ഒഴുക്കിൽപ്പെട്ടു വിതരണം സാധിക്കുകയും ചെയ്യുന്നു. മറ്റു ചിലതിൽ വിത്തുകളിന്മേലുള്ള രോമങ്ങളോ, നേരിയ മുള്ളുകളോ വിതരണത്തിനു പ്രയോജനപ്പെടുന്നു.

രൂപഭേദം വന്നവ: നിമഗ്നസസ്യങ്ങളിൽ ഏറ്റവും കൂടുതൽ രൂപഭേദം വന്നിട്ടുള്ള ചെടികൾ കുതിച്ചൊഴുകുന്ന കാട്ടരുവികളിലെ പാറകളിൽ പറ്റിപ്പിടിച്ചു വളരുന്ന പോഡോസ്റ്റെമേസി(podostemaceae) കുടുംബക്കാരാണ്. കാഴ്ചയിൽ, സാധാരണ പുഷ്പസസ്യങ്ങളുമായി സാദൃശ്യംതന്നെയില്ല. പാഞ്ഞൊഴുകുന്ന വെള്ളത്തിൽ, പാറപ്പുറത്തു വളരേണ്ടതിനാൽ ഈ ചെടികളുടെ ശരീരം പരന്ന് കനംകുറഞ്ഞ ഒരു തകിടുപോലെയോ വിഭജിക്കപ്പെട്ട ഒരു നാടപോലെയോ, നൂലുപോലെയോ കാണപ്പെടും. യഥാർഥവേരുകൾ ഇല്ല. എങ്കിലും പാറയിൽ ദൃഢമായി പിടിച്ചു നിൽക്കും. അതിനു ശരീരത്തിന്റെ അടിവശത്തുനിന്നു വളരുന്ന പ്രത്യേകതരം ബന്ധനാവയവങ്ങൾ (hold fasts) ഉണ്ട്. ചിലതിനു നന്നെ ചെറിയ ഇലകൾ കാണാം. ഈ ഇലകൾ വേഗം പൊഴിഞ്ഞുപോകും. വായുസംഭരണത്തിനു പ്രത്യേക ഏർപ്പാടുകളില്ല. അതുകൊണ്ട് ശരീരം കൂടുതൽ ദൃഢമാണ്. ഒഴുക്കിനെ ചെറുത്തുനില്ക്കാൻ അത് ആവശ്യവുമാണ്. ജലവിതാനം താഴ്ന്നു ചെടികൾ ഭാഗികമായി വെള്ളത്തിനു മുകളിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങുമ്പോഴാണ് പൂക്കളുണ്ടാവുക. വെള്ളം തീരെ വറ്റിയാലും ഇവയുടെ വിത്തുകൾ നശിക്കുന്നില്ല. അടുത്ത മഴക്കാലത്ത് അവ മുളയ്ക്കും.

പ്ലവസസ്യങ്ങൾ. സാധാരണമായി അധികം ഒഴുക്കില്ലാത്ത ജലാശയങ്ങളിലാണ് ഇവ കാണപ്പെടുന്നത്. വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതിനാൽ ശരീരത്തിന്റെ ഭൂരിഭാഗവും അന്തരീക്ഷവായുവിലാണ്. അതുകൊണ്ട് കരയിലെ ചെടികൾക്കെന്നപോലെ സൂര്യപ്രകാശവും വായുവും യഥേഷ്ടം ലഭിക്കുന്നു. അതാര്യമായ ബാഹ്യചർമം, വായുരന്ധ്രങ്ങൾ മുതലായ കരയിലെ ചെടികളുടെ സ്വഭാവങ്ങൾ ഇവയിലും കാണാം. എടുത്തുപറയേണ്ട സവിശേഷത ശരീരത്തെ ജലോപരി താങ്ങിനിർത്താൻ സ്വീകരിച്ചിട്ടുള്ള മാർഗങ്ങളാണ്. ചെടികൾ പൊതുവെ ചെറുതും ഭാരം കുറഞ്ഞതുമായിരിക്കും. അറിയപ്പെട്ടിട്ടുള്ള പുഷ്പസസ്യങ്ങളിൽ ഏറ്റവും ചെറുതായ വുൾഫിയ, ലെമ്ന, സ്പൈറോഡല എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നവയാണ്. ജലനിരപ്പിൽനിന്ന് ഏറെ ഉയർന്നാൽ മണ്ണിൽ വേരോടാത്ത ഈ ചെടികൾക്ക് നിവർന്നുനിൽക്കാൻ ആവില്ല. അതുകൊണ്ടാണ് ചെടികൾ ചെറുതായിരിക്കുന്നത്. നെപ്റ്റൂണിയ (നീർ തൊട്ടാവാടി), ജസിയ(നീർ ഗ്രാമ്പ്) തുടങ്ങിയവയിലെപ്പോലെ കാണ്ഡം ജലനിരപ്പിനു സമാന്തരമാണെങ്കിൽ വളരെ നീളത്തിൽ ശാഖോപശാഖകളായി വളരുന്നതു കാണാം. പല ചെടികളെയും നേരെ നിർത്തുന്നത് അവയുടെ വേരുകളാണ്.

പിസ്റ്റിയ (കുടപ്പായൽ), ഐക്കോർണിയ (കുളവാഴ) ഇവയിൽ കുപ്പികഴുകാനുള്ള ബ്രഷിന്റെ രൂപത്തിൽ അനവധി വേരുകൾ കാണാം. അവ വെള്ളത്തിൽ ഒരു കുടപോലെ വിടർന്നു കിടക്കുന്നതിനാൽ, താരതമ്യേന വ്യാപ്തം കുറഞ്ഞ ചെടിയുടെ ഉപരിഭാഗം ജലവിതാനത്തിനു മുകളിൽ നേരെ നില്ക്കുന്നു. പൊങ്ങിക്കിടക്കാൻ സഹായകമായവിധം ധാരാളം വായു ഉൾക്കൊള്ളുന്നതാണ് ശരീരം.

ചെടികൾ വലുതാണെങ്കിൽ ഈ ആവശ്യത്തിന് പ്രത്യേക മാർഗങ്ങൾ അവലംബിച്ചു കാണാം. കുളവാഴയുടെ ഇലത്തണ്ടുകളിലെ വായുസഞ്ചികൾ, നീർഗ്രാമ്പിന്റെ പർവങ്ങളിലെ പൊങ്ങുവേരു കൾ, നീർത്തൊട്ടാവാടിയുടെ കാണ്ഡത്തെ പൊതിയുന്ന വായുകലകൾ (spongy tissue) ഇവയൊക്കെ ഈ ആവശ്യത്തിനായി രൂപഭേദം വന്ന ശരീരഭാഗങ്ങളാണ്. വെള്ളത്തിൽ മുങ്ങിയാലും നനവു തട്ടാത്തവിധം മിനുമിനുത്തതോ വെൽവെറ്റുപോലുള്ളതോ ആയിരിക്കും ഈ ചെടികളുടെ ഇലകൾ. വെള്ളം പറ്റിപ്പിടിച്ച് വായുരന്ധ്രങ്ങൾ അടഞ്ഞുപോകാതിരിക്കാനാണ് ഈ ക്രമീകരണം. സംഘമായി വളരാനുള്ള വാസന ഈ ചെടികളിൽ പ്രകടമാണ്. ഒരു ചെടിയുടെ കാണ്ഡത്തിൽ നിന്ന് ജലവിതാനത്തിനു സമാന്തരമായി വളരുന്ന ഒരു ചെറിയ ശാഖയുടെ ശാഖ അഗ്രത്തിൽ മറ്റൊരു ചെടിയുണ്ടാകുന്നു. ഈ പ്രക്രിയ ആവർത്തിക്കുമ്പോൾ പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന ഒരു വലിയസംഘം രൂപം കൊള്ളും. ഒഴുക്കിൽപ്പെട്ട് അലഞ്ഞുതിരിയാനോ കരയ്ക്കടിഞ്ഞുകയറി നശിക്കാനോ ഇടവരുന്നില്ല. ശാഖകൾ ജീർണിച്ചു ബന്ധം ശിഥിലമായാൽ ഓരോ ചെടിയും സ്വതന്ത്രമായി വളർന്ന് പുതിയ സംഘങ്ങൾ സ്ഥാപിക്കും. ഇത്തരം കായികപ്രജനനം എളുപ്പമായതിനാൽ ചുരുങ്ങിയ കാലം കൊണ്ട് ജലാശയം മുഴുവൻ ഈ ചെടികൾകൊണ്ടു നിറയും.

അറിയപ്പെട്ടിട്ടുള്ള സപുഷ്പികളിൽ ഏറ്റവും ചെറുതായ വുൾഫിയ ഈ വിഭാഗത്തിൽപ്പെടുന്നു. അതിന് നഗ്നനേത്രങ്ങൾക്കു കഷ്ടിച്ചു കാണാൻ മാത്രമെ വലിപ്പമുള്ളു. പ്രത്യേകാവയവങ്ങൾ ഒന്നുമില്ലാത്ത ഈ ചെടി പച്ചനിറത്തിലുള്ള ഒരു തരിപോലെ വെള്ളത്തിനു മുകളിൽ പൊങ്ങിക്കിടക്കുന്നു. അണ്ഡാകാരമായ ശരീരത്തിന്റെ ഒരറ്റത്തുള്ള വിടവിൽനിന്ന് ഒരു ചെറുശാഖ ഉണ്ടായി വേർപെടുന്നതാണ് വംശവർധനയുടെ സാധാരണ രീതി. അപൂർവം അതിസൂക്ഷ്മങ്ങളായ പൂക്കളുമുണ്ടാകും. ഇതിനെക്കാൾ അല്പംകൂടി വലുതാണ് ലെമ്ന. രണ്ടോ മൂന്നോ മില്ലിമീറ്റർ വലിപ്പത്തിൽ പച്ചനിറമുള്ള ഒരു തകിടുപോലിരിക്കും. അടിയിൽ കുത്തനെ തൂങ്ങുന്ന ശാഖകളില്ലാത്ത വേരാണ് ശരീരത്തെ വെള്ളത്തിൽ മറിഞ്ഞു പോകാതെ നിർത്തുന്നത്. വശങ്ങളിലെ വിടവുകളിൽനിന്നു ശാഖകളുണ്ടായി വേർപെട്ട് പുതിയ ചെടികളായി വളരുന്നു. ചിലപ്പോൾ ശാഖകൾക്കു പകരം പൂക്കളുമുണ്ടാകും. പുഷ്പസസ്യങ്ങളിൽ ഇത്തരം ലഘുശരീരികളും കാണപ്പെടുന്നത് ജൈവപരിണാമത്തിന്റെ വൈവിധ്യത്തിന് ഉദാഹരണമാണ്. പരിണാമം എപ്പോഴും പുരോഗമനോന്മുഖവും അതിന്റെ ഫലം കൂടുതൽ സങ്കീർണതയും ആയിരിക്കണമെന്നില്ല. ചിലപ്പോൾ സങ്കീർണതയിൽനിന്ന് കൂടുതൽ ലാളിത്യത്തിലേക്കുള്ള തിരിച്ചുപോക്കും കാണാം. അതിനുദാഹരണമാണ് മുൻപറഞ്ഞ രണ്ടു ചെടികളും.

ഭാഗിക നിമഗ്നസസ്യങ്ങൾ. ശരീരത്തിന്റെ കീഴ്ഭാഗം വെള്ളത്തിനടിയിലും മേൽഭാഗങ്ങൾ ജലവിതാനത്തിനു മുകളിലുമായി വളരുന്ന ഈ ചെടികളിൽ കരയിലെയും വെള്ളത്തിലെയും ചെടികളുടെ സ്വഭാവങ്ങൾ സമ്മേളിച്ചു കാണുന്നു. ഈ വിഭാഗത്തിൽത്തന്നെ പല തരത്തിലും വളരുന്ന ചെടികളുണ്ട്. താമര, ആമ്പൽ, പൂത്തോലി, വിക്റ്റോറിയ തുടങ്ങിയവയിൽ ഇലകൾ മാത്രം ജലനിരപ്പിൽ പൊങ്ങിക്കിടക്കുന്നു. മാങ്ങാനാറി, ലുഡുവിജിയ (luduvigia) ഇവ വെള്ളത്തിനു മുകളിൽ ഉയർന്നു വളരുന്നവയാണ്. നിവർന്നു നില്ക്കുന്നവയാണെങ്കിലും ഈ ചെടികളും അധികം വലുതാകുന്നില്ല. മണ്ണിൽ വ്യാപിക്കുന്ന വേരുകൾ ഇവയ്ക്കെല്ലാം ഉണ്ട്. മറ്റു ജലസസ്യങ്ങളുടെതിനെക്കാൾ ഉറപ്പും ബലവുമുള്ളതാണ് ഇവയുടെ ശരീരം. വെള്ളത്തിനടിയിലുള്ള ഭാഗങ്ങളിൽ ജലസസ്യങ്ങളുടെ ഘടനയും ഉപരിഭാഗങ്ങളിൽ സാധാരണ ചെടികളുടെ സ്വഭാവങ്ങളും കാണുന്നു. താരതമ്യേന ചെറുചെടികളായ മാങ്ങാനാറി തുടങ്ങിയവയിൽ രണ്ടുതരം ഇലകൾ ഉണ്ടാകുന്നു; വെള്ളത്തിനു മുകളിലുള്ള ഭാഗങ്ങളിൽ സാധാരണ ഇലകളും വെള്ളത്തിനടിയിൽ അനേകം നാരുകളായി വിഭജിക്കപ്പെട്ട ഇലകളും. ഇലകൾ ഒഴുക്കിനെ തടയാനും, തന്മൂലം ചെടി മറിഞ്ഞു പോകാനും ഇടയാകാതിരിക്കാനാണ് ഈ രൂപഭേദം. വേരുകൾക്ക് ആവശ്യാനുസരണം വായു കിട്ടാൻ വിഷമമുള്ളതിനാൽ ചില ചെടികളിൽ പ്രത്യേകം ശ്വസനവേരുകൾ കാണാം. സാധാരണ ജലസസ്യങ്ങളെപ്പോലെ വെള്ളം വറ്റിയാൽ ഉടനെ ഉണങ്ങിപ്പോകുന്നവയല്ല ഈ ചെടികൾ; പ്രത്യേകിച്ചും നിവർന്നു വളരുന്നവ.

ഈ വിഭാഗത്തിൽപ്പെടുന്ന വിക്റ്റോറിയ റീജിയ എന്ന ചെടിയിലാണ് ഏറ്റവും വലിയ ഏകപത്രങ്ങൾ കാണുന്നത്. ഏതാനും സെ.മീറ്റർ വ്യാസമുള്ള താലംപോലിരിക്കുന്ന ഇലകൾ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നു. ഇരുപതു കി.ഗ്രാംവരെ ഭാരം കയറിയാലും താഴ്ന്നുപോകില്ല.

ഈ സസ്യങ്ങളുടെ പൂക്കൾ കരയിലെ ചെടികളുടെതുപോലെ ആകർഷകങ്ങളാണ്. പരാഗവിതരണത്തിനു സഹായിക്കുന്ന പ്രാണികളെ വശീകരിക്കാൻ നിറം, മണം, തേൻ മുതലായവ ഉണ്ട്. വിത്തുവിതരണം പ്രധാനമായും ജലത്തിൽക്കൂടിത്തന്നെ. അതിനു പ്രത്യേകരീതികളും അവലംബിച്ചുകാണാം. വിത്തുകൾ വെള്ളത്തിൽക്കൂടി വിതരണം ചെയ്യപ്പെട്ടാൽ എപ്പോഴും അനുകൂലപരിതഃസ്ഥിതികളിൽത്തന്നെ ചെന്നെത്തും എന്നതുകൊണ്ടാണ് മറ്റു മാർഗങ്ങൾ തേടാത്തത്.

സപുഷ്പികളുടെകൂടെ അവയോടു വളരെ സാദൃശ്യമുള്ള പന്നകളും (fern) കാണുന്നുണ്ട്. നാലിലത്താമര, അസോള, സെറാറ്റോടെറിസ് ഇവ ഈ നാട്ടിൽ സാധാരണമായ അത്തരം പന്നകളാണ്. അടുത്തകാലത്ത് ഇവിടെ വന്നുകയറി ക്രമാതീതമായി വർധിച്ച് നെൽകൃഷിക്കും മറ്റും ഭീഷണിയായ് ആഫ്രിക്കൻ പായലും (salvinia) ഈ വർഗത്തിൽപ്പെടുന്നു.

സമുദ്രത്തിലും ചില പുഷ്പസസ്യങ്ങൾ വളരുന്നുണ്ട്. ആഴം കുറഞ്ഞ തീരഭാഗങ്ങളിൽ മണലിൽ പുതഞ്ഞുവളരുന്ന ഇവ വെള്ളത്തിനടിയിൽ ഒരു പുൽപ്പരപ്പുപോലെ കാണപ്പെടും. സാന്ദ്രത കൂടിയ സമുദ്രജലത്തിൽനിന്നും ആഹാരപദാർഥങ്ങളും വായുവും ആഗിരണംചെയ്യാൻ പ്രത്യേക കഴിവുള്ളവയാണ് ഈ ചെടികൾ. കാണ്ഡം മണലിൽ പുതഞ്ഞ് പടർന്നു വളരുന്നതിനാൽ, ഒടുങ്ങാത്ത തിരയടിയിലും ചെടികൾ ഉറച്ചുനില്ക്കുന്നു. മേലോട്ടു വളരുന്ന ചെറുശാഖകളും ഇലകളും ഒഴുക്കിനനുസരിച്ചു ചാഞ്ചാടി നില്ക്കുന്നതിനാൽ മുറിഞ്ഞുപോകുന്നില്ല. അവ ഒഴുക്കിനു പ്രതിബന്ധമാകാത്തവിധം നേരിയതുമാണ്. പൂക്കൾ നന്നെ ചെറുതും അനാകർഷകങ്ങളും ആയിരിക്കും. കണ്ടെത്താൻ തന്നെ വിഷമം. പരാഗവിതരണം വെള്ളത്തിൽക്കൂടിത്തന്നെ.

ഭൂമിയുടെ ഭിന്നമേഖലകളിലായി ചിതറിക്കിടക്കുകയാണെങ്കിലും ജലസസ്യങ്ങൾ താരതമ്യേന വളരെക്കൂടുതൽ ഐകരൂപ്യം കാണിക്കുന്നുണ്ട്. ജലത്തിനു ബാഹ്യാന്തരീക്ഷത്തോളം സ്വഭാവവൈവിധ്യമില്ല എന്നതാണ് ഇതിനു പ്രധാന കാരണം. വായുമണ്ഡലത്തിലെ വ്യതിയാനങ്ങളും കാലാവസ്ഥയുടെ മാറ്റങ്ങളും ജലസസ്യങ്ങളെ നേരിട്ടു ബാധിക്കുന്നില്ല. വെള്ളം എന്ന മാധ്യമം ബാഹ്യപ്രകൃതിയെ മയപ്പെടുത്തുകയും ഒട്ടൊക്കെ ഏകീകരിക്കുകയും ചെയ്യുന്നതിനാൽ ജലസസ്യങ്ങളെല്ലാം മിക്കവാറും ഒരേ പരിതഃസ്ഥിതികളെയാണ് അഭിമുഖീകരിക്കുന്നത്. അതുകൊണ്ട് അവയിൽ വൈവിധ്യം കുറവായിരിക്കുന്നു.

സസ്യവർഗങ്ങളുടെ പരിണാമപരമായ സ്ഥാനം നിർണയിക്കുമ്പോൾ ജലസസ്യങ്ങൾ പ്രത്യേക പരിഗണന അർഹിക്കുന്നു. ജീവൻ ജനിച്ചതും വളർന്നതും ജലത്തിൽ ആണെന്നിരിക്കെ, ഇപ്പോഴും വെള്ളത്തിൽനിന്നും കരകയറിയിട്ടില്ലാത്ത ജലസസ്യങ്ങൾ താരതമ്യേന കൂടുതൽ പൗരാണികങ്ങളാണെന്നു(primitive) തോന്നാം. പക്ഷേ, ഇന്നു കാണുന്ന പുഷ്പിക്കുന്ന ജലസസ്യങ്ങൾ കരയിൽ നിന്ന് ഏതോ കാലത്തു വെള്ളത്തിലേക്കു തിരിച്ചുപോയവയാണെന്നു വിദഗ്ധന്മാർ പറയുന്നു. അതു ശരിയാണെങ്കിൽ ജലസസ്യങ്ങളെ കരയിലെ പുഷ്പസസ്യങ്ങളെക്കാൾ പരിണാമഭേദം വന്നവയായി കരുതണം.

സാമ്പത്തികപ്രാധാന്യം. അർധജലസസ്യമായ നെല്ലിനെ ഒഴിവാക്കിയാൽ ജലസസ്യങ്ങൾ സാമ്പത്തികപ്രാധാന്യം കുറഞ്ഞവയാണ്. വ്യാപകമായി ഉപയോഗിക്കപ്പെടുന്നതോ, വൻതോതിൽ കൃഷിചെയ്യപ്പെടുന്നതോ ആയ ജലസസ്യങ്ങളില്ല. ധാരാളം അന്നാംശം ശേഖരിച്ചു വയ്ക്കുന്നതിനാൽ താമര, ആമ്പൽ ഇവയുടെ കാണ്ഡവും ശിങ്കാര (trapa), കായൽ പൂവ്, യൂറിയാല(euryale) ഇവയുടെ വിത്തും ആഹാരത്തിന് ഉപയോഗിക്കാറുണ്ട്.

കുന്താമണി(coix), ഹൈഗ്രോറൈസാ (hygrorhiza) ഇവയുടെ വിത്തും നെല്ലുപോലെ ഉപയോഗിക്കാം. പയറുവർഗത്തിൽപ്പെട്ട എഷിനോമെനിന്റെ (aeschynomene) പൊങ്ങു പോലുള്ള കാണ്ഡം കളിപ്പാട്ടങ്ങൾ, നീന്തൽ ഉപകരണങ്ങൾ, തൊപ്പികൾ, കൃത്രിമ പുഷ്പങ്ങൾ മുതലായവ നിർമിക്കാൻ ഉപയോഗിക്കുന്നു. കടലാസുനിർമാണത്തിൽകൂടി പ്രസിദ്ധമായ പാപിറസ് വെള്ളത്തിൽ വളരുന്നതും, മുത്തങ്ങയുടെ വർഗക്കാരനുമാണ്. അതേ വർഗത്തിൽപ്പെട്ട മറ്റു ചില ചെടികളാണ് പുൽപായ് നെയ്ത്തിന്ഉപയോഗിക്കുന്നത്.

പല ജലസസ്യങ്ങളും ആയുർവേദൗഷധങ്ങളുടെ നിർമാണത്തിന് ഉപയോഗിക്കുന്നുണ്ട്. വയമ്പ്(acorus), കായൽ പൂവ് (euryale),

കുവലയം (വലിയ ആമ്പൽ (Nymphaea nouchali), ഇന്ദീവരം (നീലത്താമര, ചെറിയ ആമ്പൽ (N. stellata), പുണ്ഡരീകം (താമര, (N. lumbo) നീർതൊട്ടാവാടി (neptunia), ശിങ്കാര (trapa) , വയൽച്ചുള്ളി (asteracanthus), മാങ്ങാനാറി, നീലോത്പലം (Monocharia) മുതലായവ ഉദാഹരണങ്ങളാണ്.

പലപ്പോഴും ജലസസ്യങ്ങൾ ഉപദ്രവകാരികളും ആകാം. ആഫ്രിക്കൻപായൽ (salvinia), കുട്ടപ്പായൽ (pistia), കുളവാഴ (eichhornia) മുതലായ പ്ലവസസ്യങ്ങൾ നെൽപ്പാടങ്ങളിൽ കടന്നുകൂടിയാൽ, വമ്പിച്ച സാമ്പത്തികനഷ്ടത്തിനു കാരണമാകും. തോടുകളിലും കായലുകളിലും അവ ഗതാഗതത്തിനുപോലും തടസ്സം സൃഷ്ടിക്കാറുണ്ട്. മാത്രമല്ല, ഇവയുടെ അമിതമായ വർധന മത്സ്യബന്ധനത്തെയും വിഷമത്തിലാക്കും. അതിനാൽ വലിച്ചുനീക്കികളഞ്ഞും, വൻതോതിൽ കളനാശിനികൾ പ്രയോഗിച്ചും ഇവയെ പാടേ നശിപ്പിക്കാറുമുണ്ട്.

ആർ. വാസുദേവൻ നായർ

ജലസേചനം (Irrigation)

കൃഷിക്ക് ആവശ്യമായ ജലം കൃത്രിമമായി ലഭ്യമാക്കുന്ന പ്രക്രിയ. ജലസേചനം വളരെ പഴക്കമുള്ള ശാസ്ത്രമാണ്. വിവിധ സംസ്കാരങ്ങളുടെ ഗതിവിഗതികൾ പലപ്പോഴും ജലസേചനവുമായി ബന്ധപ്പെട്ടിരുന്നിട്ടുണ്ട്.

ജലസേചനശാസ്ത്രത്തിന്റെ ചരിത്രം മനുഷ്യചരിത്രത്തിന്റെ അഭേദ്യമായ ഭാഗമാണ്. ബാബിലോണും ഈജിപ്തും ഇന്ത്യയും ചൈനയും ആണ് ജലസേചനത്തിനു ജന്മമരുളിയ പുരാതനരാഷ്ട്രങ്ങൾ.

പ്രാചീനസമ്പ്രദായങ്ങൾ. പ്രകൃതിയിൽനിന്നും സ്വാഭാവികമായി ചെടികൾക്കു കിട്ടുന്ന ജലം അവയുടെ വളർച്ചയ്ക്കു പോരാതെ വരുമ്പോഴാണ് ജലസേചനം ആവശ്യമായി വരുന്നത്. ജലസേചനത്തിന് ആവശ്യമുള്ള ജലം സംഭരിക്കുന്നതിന് ആദ്യമായി ഒരു സ്രോതസ്സ് (source) ഉണ്ടായിരിക്കണം. ഭൂമിയുടെ ഉപരിതലത്തിലുള്ള സ്രോതസ്സുകൾ നദികളും മറ്റു ജലാശയങ്ങളും ആണ്. ഭൂമിക്കടിയിലുള്ള ജലം സംഭരിക്കുന്നത് ഉറവകൾവഴിയും കിണറുകൾ വഴിയുമാണ്. ഈ സ്രോതസ്സുകളിൽ നിന്ന് ജലസേചനത്തിനുവേണ്ടി വെള്ളം പലവിധത്തിലും ലഭ്യമാകുന്നു.


നാടൻ ചക്രം

തുലാത്തേക്ക്: ഏറ്റവും പഴയ ഈ സമ്പ്രദായം ഇന്നു പലഭാഗത്തും (വിശേഷിച്ചും കേരളത്തിൽ) നിലവിലുണ്ട്. ഉത്തോലകത്തിന്റെ തത്ത്വത്തിലാണ് ഇതു പ്രവർത്തിക്കുന്നത്. നീണ്ട ഒരു കമ്പ് ഒരു തൂണിൽ വെച്ചു കെട്ടിയിരിക്കുന്നു. തൂണ് ഒരു ഫൾക്രം എന്ന നിലയിൽ പ്രവർത്തിക്കുന്നു. കമ്പിന്റെ നീളംകൂടിയ ഭാഗത്തു തൊട്ടിയും നീളം കുറഞ്ഞ ഭാഗത്തു ഭാരവും ഉണ്ട്. കിണറ്റിലേക്ക് വലിച്ചുതാഴ്ത്തുന്ന തൊട്ടിയിൽ വെള്ളം നിറഞ്ഞാൽ കൈ വിടുന്നു. മറുഭാഗത്തുള്ള ഭാരം കാരണം തൊട്ടി താനേ ഉയരുന്നു. ഈ വെള്ളം മുകളിൽ എത്തുമ്പോൾ അതു ചാനലുകളിലേക്കു പകരുന്നു.

കാളത്തേക്ക്: തുകൽകൊണ്ടുള്ള തൊട്ടിയുടെ താഴെ തുമ്പിയും തുമ്പിയുടെ അറ്റത്ത് വെള്ളം തുറന്നുവിടാനുള്ള ദ്വാരവുമുണ്ട്. തൊട്ടിയിൽ രണ്ടു കയറുണ്ടായിരിക്കും. ഒന്ന് തൊട്ടിയുടെ മുകളിൽക്കൂടി കിണറ്റിൽനിന്നുയർത്തുകയും കുറച്ചു നീളം കുറഞ്ഞ മറ്റേ കയർ വെള്ളം ഒഴുകിപ്പോകാതെ തുമ്പി മടക്കി മുകളിലേക്കാക്കി നിർത്തുകയും ചെയ്യുന്നു. കാളകളാണ് കയർ വലിക്കുന്നത്. തൊട്ടി മുകളിൽ എത്തുമ്പോൾ ചെറിയ കയറിന്റെ നീളക്കുറവുകാരണം തുമ്പി നിവരുകയും വെള്ളം പുറത്തേക്ക് ഒഴുകുകയും ചെയ്യുന്നു.

പേർഷ്യൻചക്രം: ഒരു ക്ഷൈതിജ അച്ചുതണ്ടിനെ (horizontal axle) ആധാരമാക്കി തിരിയുന്ന ഒരു ചക്രത്തിനെ ചുറ്റി തൊട്ടികൾ ഘടിപ്പിച്ച ഒരു ടേപ്പുണ്ട്. ചക്രം തിരിയുമ്പോൾ ഉയർന്നുവരുന്ന തൊട്ടികളിൽ ജലമുണ്ടായിരിക്കും. മുകളിൽ എത്തുമ്പോൾ ജലം കമഴ്ത്തി ഒഴിക്കുന്നു. മറുഭാഗത്ത് താഴോട്ടു പോകുന്ന തൊട്ടികൾ ശൂന്യമായിരിക്കും.

ആർക്കിമിഡീസ് സ്ക്രൂ: തടികൊണ്ടുള്ള ഒരു നീണ്ട കുഴൽ. ഒരു ഭാഗം വെള്ളത്തിൽ മുങ്ങിക്കിടക്കത്തക്കവണ്ണം ചരിച്ചുവയ്ക്കുന്നു. ഇത് ഒരു അച്ചുതണ്ടിൽ (axle) തിരിയുന്നു. അച്ചുതണ്ട് ഒരു കൈപിടികൊണ്ടാണു തിരിക്കുന്നത്. കുഴൽ തിരിയുമ്പോൾ അതിനകത്തുള്ള സ്ക്രൂവിന്റെ ആകൃതിയിലുള്ള അറകളിൽക്കൂടി ജലം ക്രമേണ ഉയർന്നുവന്ന് കുഴലിന്റെ ഉയർന്ന അറ്റത്തുകൂടി പുറത്തേക്ക് ഒഴുകുന്നു.

നാടൻ ചക്രം: നാടൻ ചക്രവും അറയും വെള്ളം വറ്റിക്കാനും ജലസേചനത്തിനും ഒരുപോലെ ഉപയോഗിക്കാം. മരംകൊണ്ടു നിർമിച്ച എട്ടുമുതൽ 24 വരെ ഇലകൾ ഉള്ള ചക്രങ്ങൾ ഉപയോഗിച്ചിരുന്നു. ചെറിയ ചക്രം ഒരാൾക്കു ചവിട്ടി കറക്കാൻ കഴിയും. വലിപ്പം കൂടുംതോറും ആൾ കൂടുതൽ വേണം. വലിയ ചക്രം കറങ്ങണമെങ്കിൽ നാലുപേർ നാല് ഇലകളിൽ ഒരേസമയം ചവിട്ടി താഴ്ത്തണം. കുത്തനെ ചക്രത്തിനുസമീപം ഉറപ്പിച്ച ഏണിയുടെ (കോണിയുടെ) പടികളിൽ മേല്ക്കുമേൽ ആളുകൾ ഇരുന്നാണ് ചവിട്ടുന്നത്. ചക്രം കറങ്ങുമ്പോൾ ഇലകൾ വെള്ളം തള്ളി ഒഴുക്കു സൃഷ്ടിക്കുന്നു.

ആധുനിക രീതികൾ. ആവിവണ്ടിയുടെ യുഗം മുതൽ മനുഷ്യശക്തിക്കും മൃഗശക്തിക്കും പകരം ജലസേചനത്തിനു യാന്ത്രിക ശക്തി ഉപയോഗിക്കാൻ തുടങ്ങി. കാറ്റാടിയന്ത്രങ്ങൾ, ആവിയന്ത്രങ്ങൾ, ഡീസൽ യന്ത്രങ്ങൾ, പെട്രോൾ യന്ത്രങ്ങൾ, വൈദ്യുതിയന്ത്രങ്ങൾ എന്നിവയാണ് പമ്പുകൾ പ്രവർത്തിപ്പിക്കാൻ ഉപയോഗിക്കുന്നത്. പമ്പുകൾതന്നെ പല വിധത്തിലുണ്ട്. വലിയ പൊക്കത്തിൽ വെള്ളം പമ്പുചെയ്യാൻ പ്രത്യാഗാമി (reciprocating) പമ്പ് ഉപയോഗിക്കാം. 30 മീറ്ററിൽ കുറവായി വെള്ളം ഉയർത്തിയാൽ മതിയെങ്കിൽ അപകേന്ദ്ര (centrifugal)പമ്പാണ് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നത്. തുറന്ന ജലാശയങ്ങളിൽനിന്നും കിണറുകളിൽനിന്നും വെള്ളം ഉയർത്താൻ ഇത് ഉപയോഗിക്കാം. കുഴൽക്കിണറുകൾപോലെ പ്രവർത്തനത്തിനു സ്ഥലപരിമിതി ഉണ്ടെങ്കിൽ ടർബൈൻ (turbine)പമ്പാണ് ഉപയോഗിക്കുന്നത്. ചെറിയ പൊക്കത്തിൽ വലിയ വ്യാപ്തം വെള്ളം ഉയർത്തുന്നതിൽ പ്രൊപ്പെല്ലർ പമ്പുകൾക്ക് കൂടുതൽ കാര്യക്ഷമതയുണ്ട്. ജെറ്റ് പമ്പുകൾ, എയർ പമ്പുകൾ എന്നിവ മറ്റ് ഇനങ്ങളാണ്.



ആർക്കിമിഡീസ് സ്ക്രൂവിൻെറ മാതൃക.

കനാലുകൾ. നദിയുടെ കരയ്ക്കുള്ള കൃഷിയിടം നനയ്ക്കാൻ വെള്ളം യന്ത്രശക്തികൊണ്ട് ഉയർത്തേണ്ടിവരും. എന്നാൽ അതേ നദിയുടെ മുകളിൽ ഒരു സ്ഥാനത്തുനിന്നു കനാൽ വെട്ടിക്കൊണ്ടു വന്നാൽ ഈ കൃഷിയിടം നനയ്ക്കുവാൻ യന്ത്രശക്തിയില്ലാതെതന്നെ സാധിക്കും.

അണക്കെട്ട് (വിയർ, ബാരേജ്, റെഗുലേറ്റർ): കനാൽകൊണ്ടുമാത്രം ജലസേചനം ചെയ്യാവുന്ന ഭൂമി പരിമിതമായിരിക്കും. എന്നാൽ നദിക്കു കുറുകെ ഒരു നിശ്ചിത വിതാനത്തിൽ അണകെട്ടിയാൽ ആ വിതാനംവരെ ജലം ഉയർത്താനും കൂടുതൽ പൊക്കത്തിൽ കിടക്കുന്ന കൃഷിയിടങ്ങളിൽ കനാലുകൾവഴി ജലസേചനം ചെയ്യാനും സാധിക്കും. ഈ അണക്കെട്ടുകൾ ഭാഗികമായി നദിയിൽത്തന്നെ ജലം സംഭരിച്ചു നിറുത്തുകയും ചെയ്യുന്നു. പണ്ടത്തെ അണക്കെട്ടുകൾ മണ്ണുകൊണ്ടു നിർമിച്ച ബണ്ടുകളാണ്. പിന്നീട് ഇഷ്ടികയും കരിങ്കല്ലും കോൺക്രീറ്റും മറ്റും നിർമാണത്തിന് ഉപയോഗിക്കാൻ തുടങ്ങി. ഇഷ്ടംപോലെ ഉയർത്തുകയും താഴ്ത്തുകയും ചെയ്യാവുന്ന കവാടങ്ങൾ (shutters) ഘടിപ്പിച്ച് ജലവിതാനം സൗകര്യംപോലെ നിയന്ത്രിക്കാം. അണയ്ക്കുമുകളിൽ അടിയുന്ന എക്കൽ താഴേക്കു വെള്ളം പായിച്ചു കളയുന്നതിനു നിർഘർഷണ സ്ലൂയ്സ് (scouring sluices) എന്നു വിളിക്കുന്ന പ്രത്യേകതരം കവാടങ്ങൾ ഉപയോഗിക്കുന്നു. ഏതാണ്ട് ആറു മീറ്റർ ഉയരംവരെ വിയറുകൾ പണിയാറുണ്ട്.

ജലാശയങ്ങൾ. കൃത്രിമമായി വലിയതോതിൽ അണകെട്ടി ജലം സംഭരിച്ചു നിറുത്തുന്ന ജലാശയങ്ങളെയാണ് റിസർവോയറുകൾ (reservoirs)എന്നു വിളിക്കുന്നത്. മണ്ണുകൊണ്ട് ബണ്ടുകൾ കെട്ടിയ ചെറിയ ജലാശയങ്ങൾ അതിപുരാതനകാലംമുതൽ ഇന്ത്യയിലും മറ്റും നിലവിലിരുന്നു. എക്കൽ അടിഞ്ഞ് അവ കാലക്രമേണ ഉപയോഗശൂന്യമായിത്തീർന്നിരുന്നു. അതിനാൽ എക്കൽ ഒഴിഞ്ഞു പോകാനുള്ള കവാടങ്ങൾ ഘടിപ്പിച്ച ജലാശയങ്ങൾ പിന്നീടു കെട്ടി. പെരിയാർ ജലാശയം ഇതിനൊരു ഉദാഹരണമാണ്. എക്കൽ അടിഞ്ഞാലും നൂറ്റാണ്ടുകളോളം ഫലപ്രദമായി പ്രവർത്തിക്കാൻ തക്ക സംഭരണശേഷിയുള്ള ജലാശയങ്ങളാണ് ഇപ്പോൾ പണിയുന്നത്. അതേസമയംതന്നെ മണ്ണൊലിപ്പു തടയാനുള്ള നടപടികൾ സ്വീകരിച്ച് എക്കൽ അടിയുന്നത് കുറയ്ക്കുകയും ചെയ്യുന്നു.

സംഭരണജലാശയത്തിൻെറ പ്രധാനഭാഗങ്ങൾ: 1. ജലാശയം 2. ജലം തടഞ്ഞു നിർത്തുന്ന അണ. ഇതിന് മണ്ണ്, കരിങ്കല്ല്, കോൺക്രീറ്റ് ഇവ ഉപയോഗിക്കുന്നു. 3. ജലസേചനത്തിനും മറ്റും ആവശ്യമുള്ള ജലനിയന്ത്രണ ചീപ്പുകൾ (sluices) 4. വെള്ളപ്പൊക്കകാലത്ത് ജലാശയത്തിൻെറ സംഭരണശേഷിയിൽ കൂടുതൽ വരുന്ന വെള്ളം പെട്ടെന്ന് ഒഴിച്ചുവിടാനുള്ള ഉത്പ്ലവമാർഗം (spillway). ഇത് കോൺക്രീറ്റുകൊണ്ടാണ് സാധാരണ പണിയുക.

ജലവിതരണം. ജലം കൊണ്ടുപോകുന്നതിനു വെട്ടുന്ന സാധാരണ തോടുകളെ കനാലുകൾ എന്നു പറയുന്നു. ഇത് അർധവൃത്താകൃതിയിലോ, ചതുരാകൃതിയിലോ, ട്രപ്പീസിയത്തിൻെറ (trapezium) ആകൃതിയിലോ ആണ് സാധാരണ വെട്ടുക. കനാലിൽനിന്നും മണ്ണിലേക്കു വെള്ളം വലിഞ്ഞു നഷ്ടപ്പെടുന്നതു തടയാൻ ചിലപ്പോൾ ലൈനിങ് (lining) നടത്തുന്നു. കളിമണ്ണ്, സുർക്കി കോൺക്രീറ്റ്, ഇഷ്ടിക, ഓട്, കരിങ്കല്ല്, ബിറ്റുമിൻ, ആസ്ഫാൾട്ട്, പ്ലാസ്റ്റിക് ഷീറ്റുകൾ, സിമൻറ്, കോൺക്രീറ്റ് തുടങ്ങി പല വസ്തുക്കളും ഇതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നു. പല സ്ഥലങ്ങളിലും ഒരേ കനാൽതന്നെ മാറിമാറി ഉപയോഗിക്കാവുന്നതിനാൽ കനാലിനു മുടക്കേണ്ട ചെലവു കുറയ്ക്കാൻ കഴിയും. ജലാശയനിർഗമനത്തിൽ(reservoir outlet) നിന്നും പുറപ്പെടുന്ന കനാലിനെ പ്രധാന കനാൽ എന്നു പറയും. അതിൽനിന്നു പിരിഞ്ഞുപോകുന്ന ചെറിയ കനാലുകളെ വിതരണികൾ (distributaries) എന്നാണു പറയുക. അവസാനം കൃഷിയിടങ്ങളിൽ വെള്ളം നല്കുന്ന കനാലുകളെ ഫീൽഡ് ചാനലുകൾ അഥവാ ബോത്തികൾ എന്നു വിളിക്കുന്നു.

കനാലുകളിൽക്കൂടി വെള്ളം കാര്യക്ഷമമായി കൊണ്ടുപോകുന്നതിന് പലതരം പണികൾ ആവശ്യമാണ്. നദികൾക്കും മറ്റും മുകളിൽക്കൂടി കനാൽജലം വഹിച്ചുകൊണ്ടുപോകുന്ന ജലവാഹിക (aqueduct), അടിയിൽക്കൂടി കൊണ്ടുപോയി വീണ്ടും ഉപരിതലത്തിൽ കനാൽജലം കൊണ്ടുവരുന്ന സൈഫൺ, ഉപരിതലത്തിൻെറ ചരിവുകൂടിയ ഭാഗങ്ങളിൽ ജലം കുത്തനെ ചാടിക്കാനുള്ള ഡ്രോപ്പ്, കനാലിലെ എക്കൽ മാറ്റാനുള്ള ഊറൽ രോധകം (slit excluder) എന്നിവ ഇതിൽ പെടുന്നു.

ജലസേചനത്തിൻെറ മൗലികരീതികൾ. *ബേസിൻ ജലസേചനം :* ബി.സി. 3300-ൽ ഈജിപ്തിലാണ് ഇത് ആരംഭിച്ചത്. ഈജിപ്തിലും സിൻഡിലും ഇത് ഇന്നും നിലവിലുണ്ട്. വലിയ വിസ്തൃതിയുള്ള കൃഷിയിടങ്ങളുടെ നാലുവശവും ബണ്ടുകെട്ടി വെള്ളം നിർത്താൻ പാകത്തിനുള്ള ബേസിനുകൾ സൃഷ്ടിക്കുന്നു. വെള്ളം പൊങ്ങുമ്പോൾ കനാലുകൾവഴി ഈ ബേസിനുകളിലേക്കു വെള്ളം പായുന്നു. വെള്ളത്തോടുകൂടി കടന്നുവരുന്ന എക്കൽ ഇങ്ങനെ കൃഷിക്കു വളമായി ലഭിക്കുന്നു. ഉദ്ദേശം ഒരു മീറ്റർ ആഴത്തിൽ വെള്ളം നിർത്തുന്നു. കുറച്ചുദിവസം കഴിഞ്ഞു വെള്ളം ഒഴുക്കി കളയുകയും കൃഷിയിറക്കുകയും ചെയ്യുന്നു. വിളവുകൊയ്യാൻ പാകമാകുന്നതുവരെ കൂടക്കൂടെ ഇങ്ങനെ വെള്ളം നിർത്തേണ്ടതുണ്ട്.

കാലവിമുക്ത(perennial)ജലസേചനം: റിസർവോയർ റെഗുലേറ്റർവഴിയുള്ള ജലസംഭരണി തുടങ്ങി ശാശ്വതമായുള്ള ഒരു സ്രോതസ്സാണ് ഇത്തരം ജലസേചനത്തിന് ആധാരം. കനാലുകളും വിതരണികളും അവയ്ക്ക് ആവശ്യമായ മറ്റു പണികളുമടക്കം ഒരു വലിയ സിസ്റ്റം (system) ഇതിനാവശ്യമുണ്ട്.

കൃഷിയിടങ്ങളിൽ.കൃഷിയിടത്തിൻെറ ഉപരിതലത്തിൽ വെള്ളം കെട്ടി നിറുത്തുക (surface flooding): നെൽകൃഷിക്കാണ് ഇത് അധികം ഉപയോഗപ്പെടുത്തുന്നത്. ഇന്ത്യാ, പാകിസ്താൻ, മലേഷ്യ, ഇറാൻ, പോർത്തുഗൽ, മൊറോക്കോ, ജപ്പാൻ തുടങ്ങി അനേകം രാജ്യങ്ങളിൽ ഈ രീതിയാണു സ്വീകരിച്ചിരിക്കുന്നത്. അമേരിക്കയിലും ഇതു ധാരാളമായി സ്വീകരിച്ചിട്ടുണ്ട്.

ചാലുകൾവഴി: പാടം മുഴുവൻ വെള്ളം പരത്തുന്നതിനുപകരം നെടുകെ നിർമിച്ച ചാലുകളിൽ (furrows) വെള്ളം കെട്ടിനിറുത്തുന്ന രീതിയാണിത്. വെള്ളം മണ്ണിൽക്കൂടി കിനിഞ്ഞിറങ്ങി ചെടികളുടെ വേരുകളിൽ എത്തുന്നു. ഉരുളക്കിഴങ്ങ്, മധുരക്കിഴങ്ങ്, പഞ്ഞി തുടങ്ങിയ വിളകൾക്ക് ഇതുപയോഗപ്പെടുത്തുന്നു.

തളിക്കൽ (sprinkling): യന്ത്രോപകരണങ്ങൾ ഉപയോഗിച്ചു മഴ വീഴുന്നതുപോലെ ജലം തളിക്കുന്ന ഈ രീതി 1900-ാമാണ്ടാണ് ആവിഷ്കൃതമായത്. പൈപ്പുകളിൽക്കൂടി വലിയ മർദത്തോടെ വെള്ളം കൊണ്ടുവന്ന് ദ്വാരമുള്ള പൈപ്പുകൾ, പ്രണാളികൾ (നോസിലുകൾ), കറങ്ങുന്ന ധാരായന്ത്രങ്ങൾ എന്നിവയിലേതെങ്കിലും ഒന്നുപയോഗിച്ചു തളിക്കുന്നു. തെറിച്ചുവീഴുന്ന ജലം മഴപോലെ എല്ലാ സ്ഥലത്തും ഏതാണ്ട് ഒരേ അളവിൽ പതിക്കുന്നു. ഓസ്റ്റ്രിയ, ഹങ്കറി, പശ്ചിമ ജെർമനി, സ്വിറ്റ്സർലണ്ട്, ഇസ്രായേൽ, ബ്രിട്ടൻ, ചെക്കസ്ലവാക്കിയ, ഹോളണ്ട് എന്നീ രാഷ്ട്രങ്ങളിൽ സ്പ്രിങ്ക്ളർ ജലസേചനം വലിയതോതിൽ നടപ്പിലായിട്ടുണ്ട്.

ഭൂഗർഭജലസേചനം.(subsurface irrigation) വേരുകൾ ഉള്ള ഭാഗത്തു ജലം നല്കാൻ ഇതു സഹായിക്കുന്നു. കൃത്രിമമായി ഇതു സാധിക്കുന്നതു കൃഷിയിടങ്ങളിൽ സ്ഥാപിക്കുന്ന ഭൂഗർഭ പൈപ്പുകൾ വഴിയാണ്. ചെലവു കൂടും.

ഓരോ വിളയ്ക്കും ആവശ്യമായ ജലത്തിൻെറ അളവ് വ്യത്യാസപ്പെട്ടിരിക്കും. ഒരേ വിളയ്ക്കുതന്നെ കൃഷിരീതി, ശീതോഷ്ണാവസ്ഥ തുടങ്ങി പല കാരണങ്ങളാലും ജലത്തിൻെറ അളവു മാറിക്കൊണ്ടിരിക്കും. †ജലസേചനം, ഇന്ത്യയിൽ നോക്കുക.

ജലസേചനം, ഇന്ത്യയിൽ

ഇന്ത്യയിലെ ജലസേചനപ്രവർത്തനങ്ങളുടെ തുടക്കവും പുരോഗതിയും. നിശ്ചിതകാലങ്ങളിൽ മാത്രം മഴ ലഭിക്കുന്ന രാജ്യമാണ് ഇന്ത്യ. അതുകൊണ്ടു കാർഷികോത്പാദനം വർധിപ്പിക്കണമെങ്കിൽ ഏതുകാലത്തും വെള്ളം കിട്ടണം. അതിന് നദികളിലൂടെ കടലിലേക്കൊഴുകുന്ന വെള്ളം സംഭരിക്കുകയേ നിവൃത്തിയുള്ളൂ. കിണർ, കുളം മുതലായവ കുഴിച്ചു ഭൂമിക്കടിയിലെ വെള്ളവും സംഭരിക്കാം. ഇങ്ങനെ സംഭരിക്കുന്ന വെള്ളം ചാലുകൾവഴി ആവശ്യമുള്ളിടത്ത് എത്തിക്കുകയും ചെയ്യാം.

ചരിത്രം. വേദങ്ങളിൽ ജലസേചനത്തിനുള്ള തോടുകളെപ്പറ്റിയും കിണറുകളെപ്പറ്റിയും ജലാശയങ്ങളെപ്പറ്റിയും പ്രസ്താവമുണ്ട്. സിന്ധുനദീതടസംസ്കാരങ്ങളിൽ ജലസേചനപ്രവർത്തനങ്ങൾക്ക് അതിപ്രധാനമായ സ്ഥാനമുണ്ടായിരുന്നുവെന്നതിന് തെളിവുകളുണ്ട്. സ്മൃതികളിൽ (ഉദാ: മനുസ്മൃതി) അണക്കെട്ടുകളെപ്പറ്റി പരാമർശമുണ്ട്. ചന്ദ്രഗുപ്തമൗര്യന്റെ (ബി.സി. 300) കാലത്ത് കനാലുകളും സ്ലൂയിസുകളും ഉണ്ടായിരുന്നതായി മെഗസ്തനീസ് രേഖപ്പെടുത്തിയിട്ടുണ്ട്. പഴയ ഹിന്ദു-മുസ്ലിം ഭരണാധികാരികൾ ജലസേചനത്തിന്റെ കാര്യത്തിൽ അതീവതാത്പര്യം കാണിച്ചിരുന്നു. ചന്ദ്രഗുപ്തമൗര്യന്റെ കാലഘട്ടത്തിൽ ജൂനഗഢിനും കാഠിയാവാഡിനും സമീപമുള്ള അണയെപ്പറ്റി രുദ്രദമൻരാജാവിന്റെ ശിലാലിഖിതത്തിൽ പരാമർശമുണ്ട്. കൃത്രിമമായി ഇങ്ങനെ നിർമിച്ച ജലാശയത്തിന്റെ പേര് സുദർശനജലാശയം എന്നായിരുന്നു. പിന്നീട് അശോകചക്രവർത്തിയുടെ കാലത്ത് ഇതു പരിഷ്കരിച്ചു. ഈ അണ ഒരു കേടുമില്ലാതെ 400 കൊല്ലം നിലനിന്നതായി തെളിവുകളുണ്ട്. തെക്കെ ഇന്ത്യയിലെ ചോളരാജാക്കന്മാരും ജലസേചനത്തിനുവേണ്ടി അനേകം അണകളും ചിറകളും കുളങ്ങളും കിണറുകളും പണിയിപ്പിച്ചു. കാവേരിയിലെ പഴയ അണക്കെട്ട്, പത്താംശതാബ്ദത്തിൽ പോണ്ടിച്ചേരിക്കടുത്ത് നിർമിതമായ ബാഹൂർജലാശയം, രാജേന്ദ്രചോളൻ നിർമിച്ച ചോളപുരംജലാശയം (എ.ഡി. 11-ാംശതകം), ഭോജരാജാവു നിർമിച്ച ഭോജപ്പൂർജലാശയം, എ.ഡി. പതിനഞ്ചാംശതാബ്ദത്തിൽ വിജയനഗരത്തിലെ ഭാസ്കരരാജാവു നിർമിച്ച അനന്തരാജസാഗര, ഫിറോസ്ഷാതുഗ്ലക്ക് പണിയിച്ച യമുനാകനാൽ എന്നിവ ഇന്ത്യയിലെ ജലസേചനചരിത്രത്തിലെ നാഴികക്കല്ലുകളാണ്.

എ.ഡി. 1800 തൊട്ട് ആധുനിക ജലസേചനപ്രവർത്തനങ്ങളുടെ ചരിത്രം തുടങ്ങുന്നു. നാട്ടിലെ പഴയ ഭരണാധികാരികളെപ്പോലെ ബ്രിട്ടീഷുകാരും ജലസേചനപ്രവർത്തനങ്ങൾക്കു വേണ്ടത്ര പ്രാധാന്യംകൊടുത്തിരുന്നു. 1854വരെ സൈന്യത്തിലെ എൻജിനീയർമാരാണ് ജലസേചനത്തിനുള്ള പണികൾക്കു നേതൃത്വംനല്കിയിരുന്നത്. 1854-ൽ പൊതുമരാമത്തുവകുപ്പ് സ്ഥാപിതമായി. പത്തൊൻപതാംശതാബ്ദത്തിന്റെ ആദ്യത്തെ കൊല്ലങ്ങളിൽ നടപ്പിൽവന്ന പദ്ധതികളിൽ യമുനാ കനാലുകൾ, കാവേരി, ഡെൽറ്റാ എന്നിവ ഉൾപ്പെടുന്നു. ഈ പദ്ധതികളുടെ വിജയവും അവയുടെ പണിയിൽനിന്നു ലഭിച്ച വിപുലമായ അനുഭവസമ്പത്തും പിന്നീടു കൂടുതൽ കൂടുതൽ വലിയ പദ്ധതികൾ ഏറ്റെടുക്കാനുള്ള ധൈര്യംനല്കി. ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭമായപ്പോഴെക്കും അമ്പത്താറു കൊടി രൂപ ഒട്ടാകെ മുതൽമുടക്കുള്ള പദ്ധതികൾകൊണ്ട് 65 ലക്ഷം ഹെക്റ്റാർ ഭൂമിയിൽ ജലസേചനം നിർവഹിച്ചിരുന്നു. 1901-ൽ നിയമിതമായ ഇന്ത്യൻ ജലസേചനകമ്മിഷൻ റിപ്പോർട്ട് ഇന്ത്യയുടെ ജലസേചനചരിത്രത്തിലെ സുപ്രധാനമായ ഒരു സംഭവമായിരുന്നു. ജലസേചനപ്രവർത്തനങ്ങൾക്ക് ഒരു പുതിയ ഉണർവ് അതുണ്ടാക്കി. ട്രിപ്പിൾ കനാൽ, ഗോദാവരി കനാൽ, ശാരദാ കനാൽ, കൃഷ്ണരാജസാഗർ, നൈസാം സാഗർ, കാവേരി-മേട്ടൂർ, സുക്കൂർ തുടങ്ങിയവ ഈ കാലഘട്ടത്തിൽ പണിത പ്രോജക്റ്റുകളാണ്. 1930-നുശേഷം പ്രവർത്തനം മന്ദഗതിയിലായെങ്കിലും 1947-ൽ സ്വാതന്ത്ര്യം കിട്ടുന്നതിനു തൊട്ടുമുമ്പ് അവിഭക്തമായ ഇന്ത്യ ലോകത്തിൽ ഏറ്റവും കൂടുതൽ ഭൂമിക്ക് ജലസേചനസൗകര്യം നല്കിയ രാഷ്ട്രമായിരുന്നു. ഇരുപതാംശതാബ്ദത്തിൽ സ്വാതന്ത്ര്യം കിട്ടുന്നതുവരെയും ഏതാണ്ട് നൂറുകോടി രൂപ ജലസേചനത്തിനുവേണ്ടി ചെലവാക്കിയിരുന്നു. ഒട്ടാകെ ഏതാണ്ട് 290 ലക്ഷം ഹെക്റ്റാർ ഭൂമിക്ക് ജലസേചനസൗകര്യം നല്കി.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയിൽ വമ്പിച്ച ഭക്ഷ്യദൗർലഭ്യമാണ് നേരിട്ടത്. ജലസേചനസൗകര്യങ്ങൾ ഉണ്ടായിരുന്ന ഭൂമിയിൽ വലിയൊരു പങ്ക് പാകിസ്താനു ലഭിച്ചു. അതുകൊണ്ട് പഞ്ചവത്സരപദ്ധതികളിൽ ജലസേചനത്തിനു വമ്പിച്ച പ്രാധാന്യം നല്കി. ആദ്യത്തെ മൂന്നു പഞ്ചവത്സരപദ്ധതികളിലും കൂടി ഒട്ടാകെ 1900 കോടി രൂപ ഇതിനുവേണ്ടി ചെലവാക്കിയിട്ടുണ്ട്. 14,65 ലക്ഷം ഹെക്റ്റാർ ഭൂമി ജലസേചനംചെയ്യുന്ന ഭക്രാനംഗൽ, രാജസ്ഥാൻ കനാൽ, ചമ്പൽ, നാഗാർജുനസാഗർ, തുംഗഭദ്ര, ഹീരാക്കുഡ്, കോസി തുടങ്ങിയ ഭീമാകാരങ്ങളായ പദ്ധതികൾ ഉണ്ടായി. മൂന്നു പദ്ധതികൾക്കുശേഷം ജലസേചനംചെയ്യുന്ന ഭൂമിയുടെ വിസ്തൃതി 190 ലക്ഷം ഹെക്റ്റാറിൽനിന്നും 260 ലക്ഷം ഹെക്റ്ററായി വർധിച്ചു. 2010-ാമാണ്ട് ആകുമ്പോഴേയ്ക്കും 1130 ലക്ഷം ഹെക്റ്റാർ സ്ഥലത്ത് ജലസേചനസൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നതാണ് ഇന്ത്യയുടെ ഇപ്പോഴത്തെ ലക്ഷ്യം. ഇതിൽ 585 ലക്ഷം ഹെക്റ്റാർ സ്ഥലം വൻകിടപദ്ധതികൾ വഴിയും ഇടത്തരം പദ്ധതികൾവഴിയും ബാക്കി ചെറുകിട പദ്ധതികൾവഴിയും ജലസേചനത്തിനു വിധേയമാക്കണം എന്നതാണ് ആസൂത്രിതപരിപാടി. 10,000 ഹെക്റ്റാറിൽ അധികം സ്ഥലത്ത് ജലസേചനം സാധിക്കുന്നതാണ് വൻകിടപദ്ധതി. 2000 മുതൽ 10000 വരെ ഹെക്റ്റാറിൽ ജലസേചനം സാധിക്കുന്ന പദ്ധതി ഇടത്തരം പദ്ധതി ആണ്; രണ്ടായിരത്തിൽ താഴെ ഉള്ളതു ചെറുകിടയും.



കൃഷ്ണരാജസാഗർ
അണക്കെട്ടും
വൃന്ദാവനവും
കർണാടകം



ഭക്രാ അണക്കെട്ട് (ഭക്രാനംഗൽ പദ്ധതി).

1951 മുതൽ 1985 വരെയുള്ള 34 കൊല്ലങ്ങൾക്കിടയിൽ 246 വൻകിട പദ്ധതികളുടെയും 1059 ഇടത്തരം പദ്ധതികളുടെയും പ്രവർത്തനം ആരംഭിച്ചു. ഇവയിൽ 65 വൻകിടപദ്ധതികളും 626 ഇടത്തരം പദ്ധതികളും പൂർത്തിയായി. ഏഴാം പദ്ധതിക്കാലത്ത് 18 പുതിയ വൻകിടപദ്ധതികളും 66 പുതിയ ഇടത്തരം പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. മുമ്പു തുടങ്ങിവച്ച 58 വൻകിടപദ്ധതികളും 303 ഇടത്തരം പദ്ധതികളും ഏഴാം പദ്ധതിക്കാലത്തു പൂർത്തിയാക്കപ്പെടും എന്നാണു വിശ്വാസം.

1950 മുതൽ ഉള്ള പദ്ധതികളുടെ കാലത്ത് പൂർത്തിയാക്കിയ വൻകിട ജലസേചനപദ്ധതികളുടെ പട്ടിക താഴെ കൊടുക്കുന്നു.

പദ്ധതി		ഓരോകാലത്തും തുടങ്ങിയ ജലസേചനപദ്ധതി	പൂർത്തിയായവ
ഒന്ന്	(1951-56)	24	1
രണ്ട്	(1956-61)	23	4
മൂന്ന്	(1961-66)	27	9
വാർഷികപദ്ധതി	(1966-69)	11	1
നാല്	(1969-74)	33	9
അഞ്ച്	(1974-78)	73	4
വാർഷികപദ്ധതി	(1978-80)	14	1
ആറ്	(1980-85)	41	3.6
ആകെ		246	65

കിണറുകളും കുളങ്ങളും കുഴൽക്കിണറുകളും പുതുതായി കുഴിച്ചും ഉള്ള കിണറുകൾക്കും കുളങ്ങൾക്കും ആഴം കൂട്ടിയും മറ്റും 1987വരെയുള്ള കാലഘട്ടത്തിൽ 407.60 ലക്ഷം ഹെക്റ്റാറിൽ ജലസേചനം നടത്തിയിട്ടുണ്ട്.

നിർവാഹകഘടകങ്ങൾ. 1952-ൽ ജലസേചനവും വൈദ്യുതിയും കേന്ദ്രത്തിൽ ഒരു പ്രത്യേകമന്ത്രിയുടെ കീഴിൽ കൊണ്ടുവന്നു. താഴെപ്പറയുന്ന ഘടകസ്ഥാപനങ്ങൾ പ്രവർത്തനങ്ങളെ സഹായിക്കാൻ രൂപവത്കൃതമായി.

1. കേന്ദ്ര ജലവൈദ്യുത കമ്മീഷൻ-ജലസേചനം-ജലഗതാഗതം, ജലവൈദ്യുതി എന്നിവയ്ക്കു വെള്ളം ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് സ്റ്റേറ്റ് ഗവൺമെൻറുകളുടെ പ്രവൃത്തികളെ കൂട്ടിയിണക്കുന്ന ഘടകം.
2. കേന്ദ്ര ജലസേചന വൈദ്യുതബോർഡ്-ജലസേചനത്തിലും ജലവൈദ്യുതിയിലും ഗവേഷണം നടത്തുന്ന ഘടകം.
3. കേന്ദ്ര വെള്ളപ്പൊക്ക നിയന്ത്രണബോർഡ്-സ്റ്റേറ്റുകളിലുള്ള വെള്ളപ്പൊക്ക നിയന്ത്രണബോർഡുകളുടെ പ്രവൃത്തികളെ കൂട്ടിയിണക്കുന്ന ഘടകം.

ഇവയ്ക്കു പുറമെ വിവിധ സംസ്ഥാനങ്ങളിലെ ജലസേചനപദ്ധതികൾ നടപ്പാക്കുമ്പോൾ വരുന്ന തർക്കങ്ങളും മറ്റും തീർക്കാനായി പ്രധാനമന്ത്രി ചെയർമാനായും സംസ്ഥാനങ്ങളിലെയും യൂണിയൻ പ്രദേശങ്ങളിലെയും മുഖ്യമന്ത്രിമാർ അംഗങ്ങളായും ഉള്ള നാഷനൽ വാട്ടർ റിസോഴ്സസ്കൗൺസിലും സിന്ധുനദിയെ സംബന്ധിച്ചുള്ള തർക്കപരിഹാരത്തിനായി ഇന്ത്യയുടെയും പാകിസ്താൻെറയും പ്രതിനിധികളടങ്ങുന്ന ഇൻഡസ്കമ്മിഷനും ബ്രഹ്മപുത്രയെ സംബന്ധിച്ചുള്ള തർക്ക പരിഹാരത്തിന് ഇൻഡോ-ബംഗ്ലാദേശ് ജോയിൻറ് റിവർകമ്മിഷനും നിലവിലുണ്ട്. ജലവിഭവമന്ത്രികാര്യാലയത്തിൻെറ കീഴിൽ ജലസേചനപദ്ധതി നടപ്പാക്കുമ്പോൾ പരിസ്ഥിതിസംരക്ഷണം, പുനരധിവാസം, വെള്ളപ്പൊക്കനിയന്ത്രണം, വിവിധോദ്ദേശപദ്ധതികളുടെ ആസൂത്രണം തുടങ്ങിയ കാര്യങ്ങൾക്കായി നർമദാകൺട്രോൾ അതോറിറ്റി, ബ്രഹ്മപുത്രാബോർഡ്, ബെറ്റ്വാ റിവർ ബോർഡ് എന്നിങ്ങനെ മൂന്ന് സ്റ്റാറ്റ്യൂട്ടറിസ്ഥാപനങ്ങളും രൂപവത്കരിച്ചിട്ടുണ്ട്.

സാമ്പത്തികവശം. ഇന്ത്യ ലക്ഷ്യംവച്ചതനുസരിച്ച് 1130 ലക്ഷം ഹെക്റ്റാറിൽ ജലസേചനസൗകര്യം ഏർപ്പെടുത്താൻ ആകെ വരുന്നചെലവ് 15,000 കോടി രൂപയാണ്. ലോകബാങ്കിൻെറ സഹായം കഴിഞ്ഞ 25 കൊല്ലമായി ഇന്ത്യക്ക് ഇക്കാര്യത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്നു. 380 കോടി ഡോളർ ഇതേവരെ ഇന്ത്യക്കു ലഭിച്ചുകഴിഞ്ഞു. 22 പദ്ധതികൾക്കായി 280 കോടി ഡോളർ സഹായം കിട്ടിക്കൊണ്ടിരിക്കയാണ്. പദ്ധതികളുടെ ആസൂത്രണം, പഠനം, വസ്തുതാശേഖരണം എന്നിവയുടെ ചെലവിലേയ്ക്ക് ഒരു കോടി ഡോളറിൻെറ സഹായം ലോകബാങ്ക് വാഗ്ദാനംചെയ്തിട്ടും ഉണ്ട്. ലോകബാങ്കിനുപുറമെ, യുനൈറ്റഡ് സ്റ്റേറ്റ്സ് ഏജൻസി ഫോർ ഇൻറർനാഷനൽ ഡവലപ്പ്മെൻറ്, ഇൻറർനാഷനൽ ഫണ്ട് ഫോർ അഗ്രിക്കൾച്ചറൽ ഡവലപ്പ്മെൻറ് എന്നീ സ്ഥാപനങ്ങളും ഇന്ത്യക്കു സഹായം നല്കുന്നുണ്ട്. യൂറോപ്യൻ ഇക്കണോമിക് കമ്യൂണിറ്റിയിൽനിന്നു സഹായധനം സ്വീകരിക്കാനും ഇന്ത്യ തയ്യാറായിട്ടുണ്ട്.

ഇന്ത്യ ആസൂത്രണം ചെയ്തിട്ടുള്ള പ്രധാന നദീതടപദ്ധതികളുടെ പട്ടിക നോക്കുക.

	പദ്ധതി	സംസ്ഥാനം	നദി	ജലസേചനംനടത്തുന്ന സ്ഥലത്തിൻെറ വിസ്തൃതി (ഹെക്റ്റാർ)
1.	ഭക്രാനംഗൽ	പഞ്ചാബ് ഹരിയാന	സത്‌ലജ്	6,75,000
2.	ബീയസ്	പഞ്ചാബ് ഹരിയാന രാജസ്ഥാൻ	ബീയസ്	26,30,000
3.	ഗണ്ഡക്	ഇന്ത്യയും നേപ്പാളും സംയുക്തമായി നടത്തുന്നത്	ഗണ്ഡക്	14,90,000
4.	ദാമോദർവാലി കോർപ്പറേഷൻ	ബീഹാർ ബംഗാൾ	ദാമോദർ	3,56,000
5.	തുംഗഭദ്ര	ആന്ധ്ര കർണാടകം	തുംഗഭദ്ര	5,93,000
6.	ഹിരാക്കുഡ്	ഒറീസ്സ	മഹാനദി	2,43,000
7.	കോസി	ബീഹാർ	കോസി	5,70,000
8.	അളിയാർ	തമിഴ്നാട് കേരളം	നീരാർ ഷോളയാർ പറമ്പിക്കുളം തുണക്കടവ് പെരുവാരിപള്ളം തേക്കടി അളിയാർ	97,128
9.	ശബരിഗിരി	കേരളം	പമ്പാ	97,128

10.	നാഗാർജുന സാഗർ	ആന്ധ്രപ്രദേശം	കൃഷ്ണാനദി	8,90,000
11.	കക്രപാര	മഹാരാഷ്ട്രം	തപതി	2,27,000
12.	ഉക്കൈ	മഹാരാഷ്ട്രം	തപതി	1,58,000
13.	തവ	മധ്യപ്രദേശ്	നർമദ	3,03,000
14.	ചമ്പൽ	മധ്യപ്രദേശ്	ചമ്പൽ	5,66,000
15.	ഗിർനാ	മഹാരാഷ്ട്രം	ഗിർനാ	57,200
16.	ചൂർണാ	മഹാരാഷ്ട്രം	ചൂർണാ	61,514
17.	ഭദ്രാ റിസർവോയർ	കർണാടകം	ഭദ്രാ	99,015
13.	അപ്പർകൃഷ്ണ	കർണാടകം	കൃഷ്ണാ	2,43,000
19.	മലപ്രഭ	കർണാടകം	കൃഷ്ണാ	1,20,000
20.	രാജസ്ഥാൻ തോട്	രാജസ്ഥാൻ	ഹരികേ ബാരേജ് (ബിയാസിന്റെയും സത്ലജിന്റെയും സംഗമസ്ഥാനം)	11,60,000
21.	രാംഗംഗാ	ഉത്തർപ്രദേശ്	രാംഗംഗാ	6,90,000
22.	മയൂരാക്ഷി	പശ്ചിമ ബംഗാൾ	ഗംഗ	2,47,000

ജലസേചനം, കേരളത്തിൽ

†കേരളം നോക്കുക.

ജലാലാബാദ്

അഫ്ഘാനിസ്താനിലെ നംഗർഹർ പ്രവിശ്യയുടെ തലസ്ഥാനം. കാബുൾ നദിയുടെ തെക്കെ തീരത്ത് സമുദ്രനിരപ്പിൽനിന്നും 610 മീ. ഉയരത്തിൽ സ്ഥിതിചെയ്യുന്നു. പെഷവാറിൽനിന്നും ഖൈബർ ചുരംവഴി 112 കി.മീ. അകലെ കിടക്കുന്ന ഈ നഗരത്തിൽനിന്ന് കാബൂളിലേക്ക് 172 കി.മീ. ദൂരമുണ്ട്.

മുമ്പത്തെ അഫ്ഘാൻ രാജാക്കന്മാർ ഉപയോഗിച്ചിരുന്ന ഉപവനങ്ങളുടെ മധ്യത്തിലാണ് ആധുനിക ജലാലാബാദ്. ബി.സി. രണ്ടാം നൂറ്റാണ്ടുമുതൽ ഈ സ്ഥലം ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ഇവിടെനിന്ന് 8 കി.മീ. തെക്കുമാറിക്കിടക്കുന്ന അൽഹഡ്ഡാ ഗാന്ധാരശില്പങ്ങളുടെ കേന്ദ്രമായിരുന്നു. ഇവിടെ നടത്തിയ ഉത്ഖനനങ്ങളുടെ ഫലമായി നിരവധി ബുദ്ധമതാവശിഷ്ടങ്ങൾ ലഭിച്ചിട്ടുണ്ട്. മുഗൾരാജാവായ ബേബറാണ് ഇവിടം നഗരമായി ഉയർത്താൻ തീരുമാനിച്ചത്. ആ സംരംഭം പൂർത്തിയാക്കിയത് 1560-ൽ, അദ്ദേഹത്തിന്റെ പൗത്രനായ അക്ബറും ആദ്യത്തെ അഫ്ഘാൻ യുദ്ധകാലത്തു ബ്രിട്ടീഷുകാരും പഠാണികളുമായി ഇവിടെ രൂക്ഷമായ ചില സംഘട്ടനങ്ങളുണ്ടായിട്ടുണ്ട് (1841—'42). അഫ്ഘാനിസ്താനിലെ അമീറായ ഹബീബുള്ളാഖാൻ 1919-ൽ ഇവിടെവച്ചു വധിക്കപ്പെട്ടു.

ജലാലുദ്ദീൻ ഖിൽജി

ഖിൽജി രാജവംശസ്ഥാപകനും 1290 മുതൽ 1296 വരെ ദില്ലി സുൽത്താനും. ആദ്യത്തെ പേര് ഫിറോസ്ഷാ ഖിൽജി എന്നായിരുന്നു. 1290-ൽ അന്നത്തെ ദില്ലി സുൽത്താൻ വധിക്കപ്പെട്ടപ്പോൾ ദില്ലിയിലെ പ്രമുഖന്മാരെല്ലാംകൂടി ഫിറോസ്ഷാ ഖിൽജിയെ സുൽത്താനാക്കി. അന്നുമുതൽ ജലാലുദ്ദീൻ എന്ന സ്ഥാനപ്പേര് സ്വീകരിച്ചു. ഏകദേശം 70 വയസ്സായപ്പോഴാണു സുൽത്താനായത്. 1292-ലെ മംഗോൾ ആക്രമണത്തെ പിന്തിരിപ്പിച്ചതാണ് ഇദ്ദേഹത്തിന്റെ ഏറ്റവും വലിയ നേട്ടം. അതേസമയത്ത് അനവധി മംഗോൾ അഭയാർഥികൾ ഇസ്ലാംമതം സ്വീകരിച്ചു ദില്ലിയിൽ വസിക്കാനുമിടയായി. ഇദ്ദേഹത്തിനു രണ്ട് ആൺമക്കളുണ്ടായിരുന്നെങ്കിലും ഏറ്റവും ഇഷ്ടം ജാമാതാവായ അലാവുദ്ദീനോടായിരുന്നു. ആ അലാവുദ്ദീൻ തന്നെയാണ് 1296-ൽ ജലാലുദ്ദീനെ വധിച്ചു സിംഹാസനാരൂഢനായത്. † അലാവുദ്ദീൻ ഖിൽജി നോക്കുക.

ജലാൽ-ഉദ്ദ്-ദീൻ റൂമി (1207—'73)

പേർഷ്യൻ മിസ്റ്റിക് കവി. യഥാർഥനാമം മൊഹമ്മദ് ഇബ്നു മൊഹമ്മദ് മൗലവി ബാൽഖി. പിതാവ് ദൈവശാസ്ത്രപണ്ഡിതനും ദാർശനികനുമായിരുന്നു. ചെറുപ്പകാലത്ത് ഇദ്ദേഹം രാജാവായ ഖ്വാരിസ്മ-ഷാ മഹമ്മദുമായി പിണങ്ങി താമസം സിറിയയിലേക്കു മാറ്റി. പക്ഷേ, കുറേക്കാലം കഴിഞ്ഞ് ഈ കുടുംബം ഏഷ്യാമൈനറിലുള്ള റൂം (ഇന്നത്തെ കോണ്യാ) എന്ന പട്ടണത്തിൽ സ്ഥിരവാസമുറപ്പിച്ചു. ഈ സ്ഥലവുമായുള്ള ബന്ധത്തിന്റെ ഫലമാണ് കവിയുടെ 'റൂമി' എന്ന ഉപനാമം. പിതാവ് അധ്യാപകനായിരുന്നു. അദ്ദേഹത്തിന്റെ ചരമത്തിനു(1231)ശേഷം റൂമിയും പിതാവിന്റെ തൊഴിൽ പിന്തുടർന്നു.

ജലാലുദ്ദീൻ തബ്രീസിലെ ഷംസുദ്ദീൻ മൊഹമ്മദ് എന്ന ദാർശനികന്റെ തത്ത്വസംഹിതകളിൽ ആകൃഷ്ടനായി. ലോകമേ തറവാടെന്ന നിലയിൽ സഞ്ചരിച്ച ഈ ജ്ഞാനി 1244-നും 1246-നും ഇടയ്ക്ക് പലവട്ടം കോണ്യാ സന്ദർശിച്ചു. സൂഫികളുടെ രഹസ്യവാദ(മിസ്റ്റിസിസം)ത്തിൽ ജലാലുദ്ദീന്റെ ശ്രദ്ധ പതിയുന്നത് ഈ കാലത്താണ്. പുതിയ ചിന്താപദ്ധതികളെ മുഴുവൻ ആറ് സഞ്ചികകളിലായി, 30,000 ഈരടികളിൽ ക്രോഡീകരിച്ചുകൊണ്ടു ജീവാവസാനകാലത്തോടടുപ്പിച്ച് റൂമി നിബന്ധിച്ച 'മത്നാവി-ഇ മനാവി' എന്ന ഗ്രന്ഥത്തെ പേർഷ്യൻ ഭാഷയിലുള്ള ഖുറാൻ എന്നാണു പറയുന്നത്. ആധ്യാത്മികവീക്ഷണകോണത്തിൽക്കൂടി നോക്കുമ്പോൾ ഇത്രതന്നെ ഉത്കൃഷ്ടപദവിക്ക് അർഹമല്ലെങ്കിലും റൂമിയുടെ 'ദിവാൻ-ഇ ഷംസ്-ഇ തബ്രിസ്' കൂടുതൽ കാവ്യമയമാണ്. ഇതിലെ 'ഗസലുകൾ' (ഗീതങ്ങൾ) ആത്മീയഗുരുവിനു സമർപ്പിച്ചിരിക്കുകയാണ്. ഇവ രണ്ടും ഇംഗ്ലീഷിലേക്കും മറ്റു പാശ്ചാത്യഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. 1273 ഡിസംബർ 17-ാം തീയതി കോണ്യായിൽവച്ച് അന്തരിച്ചു.

ജലോട്ട, അനൂപ് (1953-)

ഹിന്ദുസ്ഥാനി സംഗീതജ്ഞൻ. 1953- ജൂലൈ 29-ന് നൈനിത്താളിൽ (യു.പി.) ജനിച്ചു. ബി.എ.യും സംഗീത മധ്യമപരീക്ഷയും ജയിച്ചു. ഗസൽ ഗായകൻ, ഭക്തിസംഗീതജ്ഞൻ എന്നീ നിലകളിൽ പ്രശസ്തി നേടി. ഗാനരചയിതാവായും അംഗീകാരം നേടിയിട്ടുണ്ട്. യു.പി. ഫിലിം ജേർണലിസ്റ്റ് അസോസിയേഷൻ, ഏറ്റവും നല്ല ചലച്ചിത്ര പിന്നണി ഗായകനുള്ള അവാർഡ് നല്കി (1978). ഇന്ത്യക്കകത്തും വിദേശങ്ങളിലും ധാരാളം സംഗീതപരിപാടികൾ നടത്തിയിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ഗാനങ്ങൾ ഉൾക്കൊള്ളുന്ന ഒട്ടേറെ എൽ.പി.റെക്കോർഡുകളും, കാസറ്റുകളും പുറത്തിറങ്ങിയിട്ടുണ്ട്. *ഭജൻ സന്ധ്യ, ഇൻകൺസേർട്ട്* തുടങ്ങിയവയാണ് കൂട്ടത്തിൽ പ്രധാനം.

ജലോത്സവങ്ങൾ

വള്ളം കളി, നീന്തൽ തുടങ്ങിയ മത്സരങ്ങളും മേളകളും. പ്രാചീനകാലംമുതല്ക്കേ കഠിനാധ്വാനത്തിനുശേഷം ലഭിക്കുന്ന വിശ്രമവേള ആഘോഷങ്ങൾക്കായി വിനിയോഗിക്കുകയെന്നത് എല്ലാ ജനസമുദായങ്ങളുടെയും പതിവാണ്. ജലപ്രദേശങ്ങളിലും ജലാശയങ്ങൾക്കു സമീപമുള്ള പ്രദേശങ്ങളിലും സാധാരണമായി ജലത്തിലാണ് ആഘോഷങ്ങൾ നടത്തിവരുന്നത്. ഇവയുടെ തുടർച്ചയായ നിലനില്പിന് ഓരോ ആഘോഷത്തെയും കുറിച്ച് രാജാക്കന്മാരുമായോ ക്ഷേത്രങ്ങളുമായോ മറ്റോ ബന്ധപ്പെട്ട ഭാവനാത്മകങ്ങളായ പല കഥകളും ഐതിഹ്യങ്ങളും നിലവിലുണ്ട്. അനേക നൂറ്റാണ്ടുകൾക്കു മുൻപ് ബർമയിലെ ഒരു രാജാവ് ഒരു മാന്ത്രികച്ചങ്ങാടത്തിൽ ഷാൻ നഗരത്തിലേക്കു യാത്രചെയ്തു എന്ന വിശ്വാസത്തിൽ എല്ലാ വർഷവും ഒക്റ്റോബർ മാസത്തിൽ ബർമയിൽ വെള്ളക്കുടകളും മറ്റുംകൊണ്ട് അലങ്കരിച്ച് വള്ളങ്ങളിൽ നടത്തുന്ന ഘോഷയാത്ര ഇതിനൊരു ഉദാഹരണമാണ്.

ചിങ്ങമാസത്തിലെ ഉത്തൃട്ടാതിനക്ഷത്രത്തിൽ നടത്തുന്ന †ആറന്മുള വള്ളംകളി ആണ് കേരളത്തിലെ പ്രധാന ജലോത്സവം. അമ്പലപ്പുഴ ക്ഷേത്രപ്രതിഷ്ഠയുമായി ബന്ധപ്പെട്ട ചമ്പക്കുളം വള്ളംകളി മിഥുനമാസത്തിലെ മൂലം നക്ഷത്രത്തിലാണു നടത്താറ്. ഓണക്കാലത്ത് കാർത്തികപ്പള്ളിയിലെ പായിപ്പാട്ടും കോട്ടയത്തു താഴത്തങ്ങാടിയിലും ആലപ്പുഴ പുന്നമടക്കായലിലും (നെഹ്റു ട്രോഫി) നടത്തുന്ന വള്ളംകളിമത്സരങ്ങളാണ് കേരളത്തിലെ മറ്റു മുഖ്യ ജലോത്സവങ്ങൾ. വൈക്കത്തിനടുത്തുള്ള ഇളംകാവിലെ †ആറ്റുവേല പ്രധാനപ്പെട്ട ജലോത്സവമാണ്.

കുട്ടനാടൻ പ്രദേശങ്ങളിലും മറ്റും ക്ഷേത്രാചാരങ്ങളോടനുബന്ധിച്ചും ജലഘോഷയാത്രകൾ നടത്താറുണ്ട്. ഭഗവതിക്ഷേത്രങ്ങളിൽ നിന്നും ‘അനുഗ്രഹംകൊണ്ട വെളിച്ചപ്പാടന്മാരെ പുതുതായി നിർമിച്ചതോ ദുർമരണം നടന്നതോ ആയ ഭവനങ്ങളിൽ ജലഘോഷയാത്രയായി കൊണ്ടുചെല്ലുന്ന പതിവുണ്ടായിരുന്നു. കുരുതി എന്നാണ് ഈ ചടങ്ങിനു പറഞ്ഞുവന്നിരുന്നത്. ആറും തോടുമുള്ള ചിലസ്ഥലങ്ങളിൽ ഗരുഡൻ, തൂക്കം എന്നിവ ജലഘോഷയാത്രയായി വരുന്ന പതിവുണ്ട്.



ആറന്മുള വള്ളംകളി

വള്ളങ്ങൾ ഉപയോഗിച്ചുള്ള പല അഭ്യാസങ്ങളും മത്സരമായി നടത്തിവരുന്നുണ്ട്. ഇംഗ്ലണ്ടിൽ ഓക്സ്ഫെഡിലെയും കേംബ്രിജിലെയും വിദ്യാർഥികൾ ഇതുപോലുള്ള വള്ളംകളി മത്സരങ്ങൾ നടത്താറുണ്ട്. കേരളത്തിലുമുണ്ട് ഇതുപോലുള്ള മത്സരങ്ങൾ. ഇത്തരം ആഘോഷങ്ങൾക്കു മാറ്റു കൂട്ടുന്നതിനായി ചില സന്ദർഭങ്ങളിൽ ഗുഹൻ, ശ്രീരാമലക്ഷ്മണന്മാരെ തോണിയിൽ കയറ്റി കടത്തുന്ന രംഗങ്ങളും മറ്റും അവതരിപ്പിക്കാറുണ്ട്. വള്ളംകളി കൂടാതെ നീന്തൽ തുടങ്ങിയ പല കളികളും ജലവിനോദങ്ങളായി ലോകത്തെമ്പാടും നടത്തിവരുന്നു. †നീന്തൽ, †വള്ളംകളി നോക്കുക.

ജൽപായ്ഗുരി

പശ്ചിമബംഗാളിലെ ഒരു ജില്ലയും അതിൻെറ തലസ്ഥാനവും. ഇതു തിഷ്ഠാനദിക്കരയിലാണ്. കൃഷിപ്രധാനമായ ഈ ജില്ല റോഡുമാർഗം ഡാർജീലിങ്, സിലിഗുരി, ബംഗ്ലാദേശിലെ സെയ്ദാപൂർ എന്നീ സ്ഥലങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ചണമില്ലുകൾ, ഈർച്ചമില്ലുകൾ, തീപ്പെട്ടി നിർമാണം എന്നിവയാണ് ഇവിടത്തെ പ്രധാന വ്യവസായങ്ങൾ. ഇവിടെ ഒരു റെയിൽവേ വർക്ക്ഷോപ്പും ഉണ്ട്.

1885 ജൽപായ്ഗുരി ഒരു മുനിസിപ്പാലിറ്റിയായി. ഉത്തരബംഗാൾ സർവകലാശാലയുമായി ബന്ധപ്പെട്ട അഞ്ചു കോളെജുകൾ ഇവിടെയുണ്ട്. ജില്ലയുടെ വിസ്തീർണം 6,245 ച. കി. മീറ്റർ. ജനസംഖ്യ 22,14,871 (1981). നഗരത്തിലെ ജനസംഖ്യ 61,743.

ജില്ലയുടെ പശ്ചിമഭാഗം ജനനിബിഡമായ സമതലമാണ്. നെല്ല്, ചണം, കരിമ്പ് ഇവയാണു മുഖ്യകൃഷികൾ. പുകയില, എണ്ണവിത്തുകൾ, ഉരുളൻകിഴങ്ങ് ഇവയും വൻതോതിൽ കൃഷി ചെയ്യുന്നു. സിഞ്ചുല പർവതപ്രദേശമാണു പൂർവഭാഗം. ഇവിടെ ആറു ചുരങ്ങളുണ്ട്. വൻകാടുകളും തേയിലത്തോട്ടങ്ങളും ഇവിടെ ധാരാളമുണ്ട്. കല്ക്കരി, ചെമ്പ്, ചുണ്ണാമ്പുകല്ല് ഇവയുടെ നിക്ഷേപങ്ങൾ ഇവിടെ ഉണ്ട്. ഒന്നിലേറെ വന്യമൃഗസങ്കേതങ്ങൾ ഇവിടെ സംരക്ഷിച്ചു വരുന്നു.

ജവാഹർലാൽ നെഹ്റു (1889-1964)

ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനത്തിൻെറ പ്രമുഖനേതാവും സ്വതന്ത്രഭാരതത്തിൻെറ ആദ്യത്തെ പ്രധാനമന്ത്രിയും. അലാഹാബാദിൽ പതിനെട്ടാംനൂറ്റാണ്ടിൽ കശ്മീരിൽനിന്നു വന്ന നെഹ്റുകുടുംബത്തിൽ 1889 നവംബർ 14-നു ജനിച്ചു. ഫെർഡിനാൻഡ് ടി. ബ്രൂക്ക് എന്ന ട്യൂട്ടർ കുട്ടിയായ ജവാഹർലാലിനു പുസ്തകവായനയിലും ശാസ്ത്രത്തിലും താത്പര്യം ജനിപ്പിച്ചു. 1905-ൽ ഇംഗ്ലണ്ടിലെ ഹാരോ സ്കൂളിൽ വിദ്യാഭ്യാസം തുടങ്ങി. കേംബ്രിജിൽനിന്നു പ്രകൃതിശാസ്ത്രത്തിൽ ബിരുദം നേടി. 1912-ൽ ബാരിസ്റ്റർ പരീക്ഷ ജയിച്ച് ഇന്ത്യയിലേക്കു മടങ്ങി. അതിനുമുമ്പുള്ള ഏഴു വർഷങ്ങൾക്കിടയിൽ ഇദ്ദേഹം ധാരാളം യാത്രചെയ്തു. വിക്റ്റോറിയൻ കാലഘട്ടത്തിലെ യാഥാസ്ഥിതികതയ്ക്കെതിരായി നടക്കുന്ന രാഷ്ട്രീയ-സാമൂഹിക കലാപത്തിൻെറ ചലനങ്ങൾ ജവാഹർലാലിനെ സ്വാധീനിച്ചു. ഫേബിയൻ സോഷ്യലിസവും ഐറിഷ് ദേശീയതയും കുട്ടിക്കാലം മുതല്ക്കേ ജവാഹർലാലിലുള്ള ദേശാഭിമാനാഭിനിവേശത്തെ ദീപ്തമാക്കിയിരുന്നു. 1916-ൽ കമലാകൗളിനെ വിവാഹംചെയ്തു. അച്ഛൻെറ കീഴിൽ അലാഹാബാദിൽ അഭിഭാഷകനായി പ്രവർത്തിച്ചു. 1917-ൽ ആനിബെസൻറിനെ തടങ്കലിൽവച്ചതിന് എതിരായുണ്ടായ ആവേശത്തിൽ ഹോംറൂൾ പ്രസ്ഥാനത്തിൽ ചേർന്നു. 1919 ഫെബ്രുവരിയിൽ ഗാന്ധിജി റൗളത് നിയമങ്ങൾക്കെതിരായി സത്യഗ്രഹം നടത്തുമെന്നു പ്രഖ്യാപിച്ചപ്പോഴാണു തീവ്രമായ രാഷ്ട്രീയാഭിനിവേശം നെഹ്റുവിന് ഉണ്ടായത്.

രാഷ്ട്രീയജീവിതം. 1916-ലെ ലഖ്നോ കോൺഗ്രസ്സിൽവച്ചു

ഗാന്ധിജിയോടൊത്ത്

ജവാഹർലാൽആദ്യം ഗാന്ധിജിയെക്കണ്ടു. യുവാവായ നെഹ്റുവിനെ ഗാന്ധിജി സ്വാധീനിച്ചു. 1919 വസന്തത്തിൽ പിതാവുമായുള്ള അഭിപ്രായവ്യത്യാസങ്ങൾ മൂർച്ഛരിച്ചു. പക്ഷേ, ജാലിയൻവാലാബാഗിലെ കൂട്ടക്കൊലയും പഞ്ചാബിലെ സൈനികഭരണവും വരുത്തിവച്ച ഞെട്ടലുകൾ അവരെ ലോഹ്യത്തിലാക്കി. അധികം താമസിയാതെ അച്ഛനും മകനും കോടതിയിലെ പ്രാക്റ്റീസ് നിർത്തി; അർപ്പണബോധത്തോടെ ഗാന്ധിയുടെ പ്രസ്ഥാനത്തിൽ ചേർന്നു. 1921 ഡിസംബറിൽ ജവാഹർലാലിനെ അറസ്റ്റുചെയ്ത് 6 മാസത്തെ ജെയിൽശിക്ഷയ്ക്കു വിധിച്ചു. പിന്നീട് 1921 മുതൽ 1945 വരെ 9 വർഷം ബ്രിട്ടീഷ് ജെയിലുകളിൽ കഴിഞ്ഞിട്ടുണ്ട്. പത്നി കമലയും അനാരോഗ്യം അവഗണിച്ച് 1930-ൽ സത്യഗ്രഹസമരത്തിൽ പങ്കെടുത്തു. ദീർഘനാളത്തെ രോഗത്തിനുശേഷം 1936-ൽ കമലാനെഹ്റു അന്തരിച്ചു. 9 വർഷത്തെ ജെയിൽജീവിതം ഏകാന്തവും വ്യക്തിപരമായി യാതനകൾ നിറഞ്ഞതും ആയിരുന്നുവെങ്കിലും ജവാഹർലാലിൻെറ ധാർമികചേതനയെ ഈടുറ്റതാക്കി. വായിക്കാനും ചിന്തിക്കാനും എഴുതാനുമുള്ള അവസരം അത് ഇദ്ദേഹത്തിനു നല്കി. അങ്ങനെ ഏറ്റവും പ്രശസ്തനായ ഒരെഴുത്തുകാരനായി 'ലോകചരിത്രാവലോകനം', 'ആത്മകഥ', 'ഇന്ത്യയെ കണ്ടെത്തൽ' എന്നീ കൃതികൾ രചിക്കാനും ഇദ്ദേഹത്തിനു കഴിഞ്ഞു.

ഗാന്ധിയുടെ സ്വാധീനം. 1920-നുശേഷം ഗാന്ധിയുടെ നേതൃത്വത്തിലുള്ള ദേശീയസമരത്തിൽ ജവാഹർലാൽ മുഴുകി. പൂർണമായും മഹാത്മാവിൻെറ ആശയങ്ങളെ നെഹ്റു അംഗീകരിച്ചില്ല. 1922-ലെ ചൗരിചൗരാ സംഭവത്തിനുശേഷം സിവിലാജ്ഞാലംഘന പ്രസ്ഥാനത്തെ പിന്നോക്കം തിരിച്ച നയത്തിൽ നെഹ്റു അസന്തുഷ്ടനായിരുന്നു. 1929-ൽ ജവാഹർ അധ്യക്ഷനായിരുന്ന ലാഹോർ കോൺഗ്രസ് സമ്മേളനമാണു പൂർണസ്വാതന്ത്ര്യപ്രമേയം അംഗീകരിച്ചത്. അയിത്തോച്ചാടനത്തിനും മറ്റും ഗാന്ധി നടത്തിയ നിരാഹാരവ്രതവും 1934-ൽ സിവിൽ ആജ്ഞാലംഘനം നിർത്തിവെച്ചതും നെഹ്റുവിന് ഇഷ്ടപ്പെട്ടില്ല. 1936—'37ലെ നിയമസഭാപ്രവേശത്തോടും അദ്ദേഹം യോജിച്ചില്ല.

ജവാഹർലാലിനു കോൺഗ്രസ് പാർട്ടിയിലും രാജ്യത്തും സ്വാധീനം നേടാൻ കഴിഞ്ഞു. ദേശീയരാഷ്ട്രീയത്തിന്നു മൗലികമായ വ്യതിയാനം വരുത്താൻ അദ്ദേഹം ശ്രമിച്ചു. ഡൊമിനിയൻപദവിയല്ല, പൂർണസ്വാതന്ത്ര്യമാണ് ഇന്ത്യയ്ക്കു വേണ്ടതെന്നു നെഹ്റു പറഞ്ഞു. 1926-'27-ൽ യൂറോപ്പു സന്ദർശിക്കുകയും ബ്രസ്സൽസിൽ മർദിതജനതകളുടെ ലോകസമ്മേളനത്തിൽ പങ്കെടുക്കുകയും സോവിയറ്റ് റഷ്യയിൽ കുറച്ചുദിവസം ചെലവഴിക്കുകയും ചെയ്തതോടെ നെഹ്റുവിൻെറ അഭിപ്രായങ്ങൾക്ക് ഒരു സോഷ്യലിസ്റ്റ് ചായ്വ് ഉണ്ടായി. നെഹ്റുവിൻെറ സോഷ്യലിസ്റ്റു വീക്ഷണം കോൺഗ്രസ്സിനകത്തുള്ള യാഥാസ്ഥിതികഭൂരിപക്ഷത്തെ പിണക്കി. പക്ഷേ, യുവതലമുറയുടെ കണ്ണിലുണ്ണിയാവാനും രാഷ്ട്രീയ-സാമ്പത്തികരംഗങ്ങളിൽ മൗലികമായ മാറ്റങ്ങൾ വേണമെന്നു വാദിക്കുന്നവരുടെ നേതാവാകാനും ഇദ്ദേഹത്തിനു കഴിഞ്ഞു.

തികച്ചും ഫാസിസ്റ്റ് വിരുദ്ധനായിരുന്നു നെഹ്റു; പക്ഷേ, ഇന്ത്യയുടെ സ്വാതന്ത്ര്യം അംഗീകരിക്കാതിരിക്കുകയും യുദ്ധത്തിൽ യഥാർഥപങ്കാളിത്തം നല്കാതിരിക്കുകയും ചെയ്യുന്ന കാലത്തോളം ഇന്ത്യ പൂർണഹൃദയത്തോടെ യുദ്ധയത്നങ്ങളിൽ പങ്കെടുക്കുന്നതിന്നു നെഹ്റു എതിരായിരുന്നു. 1942-ൽ സർ സ്റ്റാഫോർഡ് ക്രിപ്സുമായുള്ള നിഷ്ഫലമായ കൂടിയാലോചനകളിൽ നെഹ്റു നേതൃസ്ഥാനം വഹിച്ചു. ക്രിപ്സിൻെറ മടക്കത്തിനുശേഷം നെഹ്റു, ഗാന്ധിയുടെ ക്വിറ്റിന്ത്യാ പ്രസ്ഥാനത്തിൽ പങ്കെടുത്തു. 1942 ഓഗസ്റ്റിൽ നെഹ്റുവും സഹപ്രവർത്തകരും ബന്ധനസ്ഥരായി. പിന്നീട് 1945 ജൂണിലാണു ജെയിൽമുക്തനായത്. ഇക്കാലത്താണ് വൈസ്റോയി വേവൽപ്രഭു ഇന്ത്യയിലെ രാഷ്ട്രീയസ്തംഭനമൊഴിവാക്കാനായി രാഷ്ട്രീയനേതാക്കളെ സിംലയിലേക്കു ക്ഷണിച്ചത്. ഈ സമ്മേളനത്തിലും തുടർന്നു ബ്രിട്ടീഷ്ഗവൺമെൻറു പ്രതിനിധികളുമായുള്ള കൂടിയാലോചനകളിലും നെഹ്റു പ്രമുഖമായ പങ്കുവഹിച്ചു. 1946-ൽ കാബിനെറ്റ് മിഷനുമായും 1947-ൽ മൗണ്ട്ബാറ്റൻ പ്രഭുവുമായും കൂടിയാലോചനകൾ നടത്തിയതിലും നെഹ്റു മുഖ്യ പങ്കുവഹിച്ചു.

1946 സെപ്റ്റംബറിൽ നെഹ്റു ഇടക്കാലമന്ത്രിസഭ രൂപവത്കരിക്കാനുള്ള വൈസ്റോയിയുടെ ക്ഷണം സ്വീകരിച്ചു. ഒക്റ്റോബറിൽ



കമല, ജവാഹർ, ഇന്ദിര



സ്വതന്ത്രഭാരതത്തിന്റെ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നു (1947 ഓഗസ്റ്റ് 15).

മുസ്ലിംലീഗും മന്ത്രിസഭയിൽ ചേർന്നു. പക്ഷേ, രണ്ടു പാർട്ടികൾക്കും ഒന്നിച്ചു പ്രവർത്തിക്കാൻ കഴിഞ്ഞില്ല. 1947 ജൂണിൽ മൗണ്ട് ബാറ്റൻ പ്രഭുവിന്റെ അധികാരക്കൈമാറ്റപദ്ധതി ഇരുകൂട്ടരും അംഗീകരിച്ചു. രാജ്യത്തെ രണ്ടാക്കി മുറിക്കുന്നതിനെ വികാരപരമായി നെഹ്റു എതിർത്തിരുന്നു. എന്നാൽ 1946-’47-ൽ വളർന്നുവന്ന വർഗീയലഹളകളും മുസ്ലിംലീഗിന്റെ അയവില്ലാത്ത സമീപനരീതിയും വിഭജനത്തിന്റെ അനിവാര്യത വ്യക്തമാക്കി. 1947 ഓഗസ്റ്റ് 14-ന പാതിരായ്ക്കു സ്വതന്ത്രഭാരതത്തിലെ ആദ്യത്തെ ഗവൺമെൻറ് രൂപവത്കരിച്ചതു നെഹ്റുവാണ്.

പ്രധാനമന്ത്രി. 57-ാമത്തെ വയസ്സിലാണ് നെഹ്റു ഇന്ത്യയുടെ പ്രധാനമന്ത്രിയായത്. കലാപകാരിയിൽനിന്നു രാജ്യതന്ത്രജ്ഞനിലേക്കുള്ള മാറ്റം ആയാസരഹിതമായിരുന്നു. ശക്തിമത്തായ പല വെല്ലുവിളികളും നെഹ്റുഭരണത്തിനു നേരിടേണ്ടിവന്നു: അഭയാർഥികളുടെ പുനരധിവാസം, ഗതാഗതസൗകര്യങ്ങളുടെ പുനഃസ്ഥാപനം, നാട്ടുരാജ്യങ്ങളുടെ ലയനപ്രശ്നം, പാകിസ്താന്റെ കശ്മീർ ആക്രമണം എന്നിവ പ്രശ്നങ്ങളിൽ ചിലതു മാത്രമായിരുന്നു. ഈ പ്രശ്നങ്ങളെയെല്ലാം നെഹ്റു ധീരമായി അഭിമുഖീകരിച്ചു വിജയിച്ചു.

ജനാധിപത്യവാദി. ആദ്യകാലത്തെ ഞെരുക്കങ്ങൾക്കിടയിൽ ഇന്ത്യയുടെ പുതിയ രാഷ്ട്രീയ-സാമ്പത്തികസംവിധാനം ഉറപ്പിക്കുവാൻ നെഹ്റുവിനു കഴിഞ്ഞു. കോൺസ്റ്റിറ്റ്യുവൻറ് അസംബ്ലിയിൽ ഭരണഘടനയുണ്ടാക്കുന്നതിൽ നെഹ്റു സജീവമായി പങ്കെടുക്കുകയും 1950 ജനുവരി 26-ന് ഇന്ത്യാറിപ്പബ്ലിക്കിന്റെ ഭരണഘടന അംഗീകരിക്കുകയുംചെയ്തു. അദ്ദേഹം മഹാനായ ഒരു പാർലമെന്റേറിയനായി രൂപംകൊണ്ടു. ഇന്ത്യൻ പാർലമെന്റിന്റെ അന്തസ്സും നടപടിക്രമങ്ങളും അഭിമാനവും അദ്ദേഹം മാനിച്ചു. അധികാരത്തിലിരുന്ന പതിനേഴു വർഷവും തന്റെ പാർട്ടിക്ക് നിർണായകഭൂരിപക്ഷമുണ്ടായിരുന്നിട്ടും പ്രതിപക്ഷപാർട്ടികളുടെ വിമർശനങ്ങളെ ശ്രദ്ധിച്ചു. പഴയ രാഷ്ട്രീയപ്രതിയോഗികളായിരുന്ന അംബേദ്ക ശ്യാംപ്രസാദ് മുഖർജി എന്നിവരും രാഷ്ട്രീയക്കാരല്ലാത്ത ഗോപാലസ്വാമി അയ്യങ്കാർ, സി.ഡി. ദേശ്മുഖ് എന്നീ വ്യക്തികളും അടങ്ങിയതായിരുന്നു നെഹ്റുവിന്റെ ആദ്യകാലത്തെ മന്ത്രിസഭകൾ.

സാമൂഹികസാമ്പത്തികഘടനയിൽ മൗലികമാറ്റങ്ങളുണ്ടാക്കാൻ നെഹ്റു ശ്രമിച്ചു. പക്ഷേ, ജനാധിപത്യപ്രക്രിയയുടെ ഭാഗമായ ചർച്ചകളും പ്രേരണകളും വാദപ്രതിവാദങ്ങളുംവഴിയാണ് ഇദ്ദേഹം ഇങ്ങനെ ചെയ്തത്. തർക്കവിഷയമായ ദേശീയഭാഷയെ സംബന്ധിച്ചു നെഹ്റുവിന്റെ സമീപനം ദേശീയവാദിയായ പണ്ഡിതന്റെതായിരുന്നു. ഉപരിവിദ്യാഭ്യാസത്തിന്റെ വാഹനമായും ലോകത്തിലേക്കുള്ള വാതായനമായും ഇംഗ്ലീഷ് തുടരണമെന്നും അദ്ദേഹം കരുതി. സംസ്ഥാനങ്ങളിൽ, വിശിഷ്യ ദക്ഷിണേന്ത്യയിൽ ഹിന്ദി അടിച്ചേല്പിക്കുന്നതിന്റെ ആപത്തുകൾ കാണാൻ അദ്ദേഹത്തിനു കഴിഞ്ഞു.

സംസ്ഥാനാതിർത്തികളെ ഭാഷാടിസ്ഥാനത്തിൽ പുനർവിഭജനംചെയ്യുന്ന കാര്യത്തിൽ നെഹ്റു നിശ്ചയദാർഢ്യമോ സ്ഥിരതയോ കാണിച്ചില്ല. സംസ്ഥാനങ്ങളുടെ അതിർത്തികൾ വൻതോതിൽ മാറ്റുന്നത് ഉളവാക്കാവുന്ന വിഘടനയെ ഓർത്ത് നെഹ്റു ഇതിനെതിരായിരുന്നു. എന്നാൽ ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനപുനഃസംഘടനയ്ക്ക് ഇദ്ദേഹത്തിനു വഴങ്ങേണ്ടിവന്നു.

ഭാരതീയാധ്യാത്മികപാരമ്പര്യമെന്നൊക്കെ വീമ്പുപറഞ്ഞിരുന്നവരോട് അദ്ദേഹം തികച്ചും അസഹിഷ്ണുവായിരുന്നു. ജനങ്ങളിൽ ദുർബലവിഭാഗങ്ങളായ മതന്യൂനപക്ഷങ്ങൾ, ഹരിജനങ്ങൾ, സ്ത്രീകൾ എന്നിവരോട് അഗാധമായ സഹാനുഭൂതിയുള്ള ആളായിരുന്നു നെഹ്റു. ബ്രിട്ടീഷ് സർക്കാരിനെതിരായ സമരം നടത്തിക്കൊണ്ടിരിക്കുമ്പോൾത്തന്നെ ദേശീയത്വവും സോഷ്യലിസവുമായിരുന്നു ജവാഹർലാൽനെഹ്റുവിന്റെ രണ്ടു മുഖ്യബലങ്ങൾ. 1929—’30, 1936—’37 കാലത്ത് കോൺഗ്രസ് പ്രസിഡൻറായിരിക്കവെ കോൺഗ്രസ്നയങ്ങൾക്ക് ഒരു സോഷ്യലിസ്റ്റുചായ്വു നല്കാൻ ഇദ്ദേഹം ശ്രമിച്ചു. അധികാരത്തിലെത്തിയതിനെത്തുടർന്നു സാമ്പത്തിക അസമത്വങ്ങൾ കുറയ്ക്കാനും അതേസമയം സമ്പദ്ഘടനയുടെ വളർച്ചയെ തടയാതിരിക്കാനുമാണ് ഇദ്ദേഹം ശ്രമിച്ചത്. 1948-ലെ വ്യവസായനയപ്രമേയം, സാമ്പത്തികവികാസത്തിനുള്ള നെഹ്റുവിന്റെ തന്ത്രമെന്തെന്നു സൂചിപ്പിക്കുന്നു. എന്നാൽ 1956-ൽ പ്ലാനിങ് കമ്മിഷന്റെ സ്ഥാപനമാണ് ഇദ്ദേഹത്തിന്റെ സാമ്പത്തികനയത്തിന്റെ നാഴികക്കല്ല്.

പ്ലാനിങ് ഒരു ദീർഘകാലതന്ത്രമെന്ന നിലയ്ക്കാണ് നെഹ്റു വിഭാവനംചെയ്തത്. ഇന്ത്യൻ ഫെഡറൽവ്യവസ്ഥയിൽ സാമ്പത്തികൈക്യത്തിനുള്ള ബന്ധങ്ങളുണ്ടാക്കാൻ ഇദ്ദേഹം അതിനെ ഉപയോഗിച്ചു. പൊതുചർച്ചകളിൽക്കൂടി അതിനെ ജനാധിപത്യവിദ്യാഭ്യാസത്തിനും സമാധാനപരമായ സാമൂഹികപരിവർത്തനങ്ങൾ വരുത്തിത്തീർക്കാനുമുള്ള ഒരു ഉപകരണമായി മാറ്റി.

വിദേശനയം. വിദേശകാര്യസെക്രട്ടറിയായിരുന്ന കെ.പി.എസ്. മേനോൻ പറയുന്നത് പ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ ജവഹർലാൽ നെഹ്റുവിന്റെ സഹജാവബോധത്തെമാത്രം ആശ്രയിച്ചാണ് ആദ്യകാലത്ത് ഇന്ത്യയുടെ വിദേശനയം രൂപപ്പെട്ടത് എന്നാണ്. ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനു വളരെമുമ്പു രാജ്യസഞ്ചാരംകൊണ്ടും പഠനംകൊണ്ടും ലോകസംഭവങ്ങളുടെ പ്രവാഹത്തിന്റെ മുൻപന്തിയിൽത്തന്നെ ഇദ്ദേഹം നിന്നിരുന്നു. മുപ്പതുകളിൽ കോൺഗ്രസ്സിനു ഫാസിസത്തെയും സ്വേച്ഛാധിപത്യവാദികളോടു പടിഞ്ഞാറൻകോയ്മകൾ കാണിക്കുന്ന പ്രീണനനയത്തെയും കർക്കശമായി എതിർക്കുവാനുള്ള പ്രേരണ ഇദ്ദേഹമാണു നല്കിയത്. ഏതെങ്കിലും സൈനികച്ചേരിയുമായോ അധികാരസ്ഥാനവുമായോ ഇന്ത്യ കൂട്ടുചേരുന്നതിനെ നെഹ്റു അനുകൂലിച്ചില്ല. ഈ ‘ചേരിചേരാനയം’ 1950-കളിലെ ‘ശീതയുദ്ധ’ത്തിന്റെ കാലത്ത് നെഹ്റുവിന്റെ ആദർശഭക്തിക്കു തെളിവായിരുന്നു.

നെഹ്റു ആവിഷ്കരിച്ച ചേരിചേരാനയത്തിന്റെ ലക്ഷ്യം സ്വാതന്ത്ര്യത്തിന്റെ പൂർണമായ സംരക്ഷണം ആയിരുന്നു. പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവുമായ വ്യവസ്ഥകൾ എന്തായാലും എല്ലാ രാജ്യങ്ങളുമായും നെഹ്റു തന്റെ ‘സഹവർത്തിത്വം’, ‘സഹകരണം’ എന്നീ നയങ്ങൾ നിലനിർത്തി. നെഹ്റുവിന്റെ നേതൃത്വത്തിൽ ഐക്യരാഷ്ട്രസഭയിൽ ഇന്ത്യ വളരെ സൃഷ്ടിപരമായ ഒരു പങ്കാണു നിർവഹിച്ചത്. കൊറിയ, ഇന്തോനേഷ്യ, കോംഗോ, മധ്യപൗരസ്ത്യദേശം എന്നിവിടങ്ങളിൽ തലപൊക്കിയ പല സൈനികത്തർക്കങ്ങളും തീർക്കാനും അവയ്ക്കു രാഷ്ട്രീയപരിഹാരം കാണാനും ഇന്ത്യയ്ക്കു കഴിഞ്ഞു. പ്രത്യയശാസ്ത്രപരമായ അതിർത്തികളെ ലംഘിച്ചു സാംസ്കാരികവും സാമ്പത്തികവുമായ സഹകരണം പുലർത്താനും വികസ്വരരാഷ്ട്രങ്ങളിൽ അറിവില്ലായ്മ, ദാരിദ്ര്യം, രോഗം എന്നിവയ്ക്കെതിരായി കൂട്ടായ സമരം നടത്താനും അവയെ സമാധാനത്തിന്റെ തൊഴിൽശാലകളാക്കാനും സമ്പന്നരാഷ്ട്രങ്ങളെ പ്രേരിപ്പിച്ചു.

ചൈനയും പാകിസ്താനും. പക്ഷേ, ഇന്ത്യയുടെ രണ്ടു വലിയ അയൽരാജ്യങ്ങളായ ചൈന, പാകിസ്താൻ എന്നിവയുമായി സന്മനോഭാവം നേടാനോ പുലർത്താനോ നെഹ്റുവിനു കഴിയാത്തത് അദ്ദേഹത്തിന്നു വലിയ നൈരാശ്യമുളവാക്കി. 1949-ൽ ചൈനയിലെ പുതിയ കമ്യൂണിസ്റ്റ്ഭരണത്തെ അദ്ദേഹം ഒട്ടും വൈകാതെ അംഗീകരിച്ചു. പിറ്റേക്കൊല്ലം ചൈനീസ്പട്ടാളം തിബത്തിലേക്കു മാർച്ചുചെയ്തപ്പോഴും ഇന്തോ-ചൈനാ അതിർത്തി ‘സജീവ’മായപ്പോഴും ചൈനക്കാരെ ഏതെങ്കിലും നിലയ്ക്കു പ്രകോപിപ്പിക്കാൻ ഇടവന്നേക്കുമോ എന്ന് ഭയന്ന് അദ്ദേഹം നിയന്ത്രണം പാലിച്ചു. നാലുവർഷത്തിനുശേഷം സമാധാനപരമായ സഹവർത്തിത്വത്തിനുള്ള ‘പഞ്ചശീല’സഖ്യം അദ്ദേഹം ചൈനയുമായി ഒപ്പുവെച്ചു. അയല്ക്കാ

രെന്ന നിലയ്ക്കുള്ള സഹകരണത്തിനൊരു മാതൃകയായിട്ടാണു പലരും ഈ സഖ്യത്തെക്കണ്ടത്. പക്ഷേ, നെഹ്റുവിന്റെ പ്രതീക്ഷകളെല്ലാം തകർന്നത് ഇന്ത്യൻ ഭൂപ്രദേശത്തിന്റെ ഒരു ഭാഗം തങ്ങൾക്കു വേണമെന്ന് ചൈന അവകാശവാദം ഉന്നയിക്കാൻ തുടങ്ങിയപ്പോഴാണ്. വടക്കുകിഴക്കെ അതിർത്തിയിൽ പല സ്ഥലത്തും ചൈന കയ്യേറ്റങ്ങൾ നടത്തി. 1962-ൽ ഹിമാലയത്തിനപ്പുറത്തുനിന്നു ചൈന ഇന്ത്യയുടെ അതിർത്തിയെ ശക്തിപൂർവം ലംഘിച്ചു. സ്വയം തിരഞ്ഞെടുത്ത സ്ഥലത്തുവെച്ചു പെട്ടെന്നുള്ള ആക്രമണം നടത്തിയതിന്റെ മെച്ചം ചൈനയ്ക്കായിരുന്നു. ഇന്ത്യൻതാവളങ്ങൾ അത്ര സുരക്ഷിതങ്ങളായിരുന്നില്ല. ചൈനയുടെ ആക്രമണം നെഹ്റുവിനു ജീവിതത്തിൽ ഏറ്റ ഏറ്റവും ശക്തമായ ആഘാതമായിരുന്നു.

വ്യക്തിത്വം. വൈവിധ്യവും സങ്കീർണതയും ചേർന്ന ഒരു സമ്പന്നവ്യക്തിത്വമായിരുന്നു നെഹ്റുവിന്റേത്. രാജപദവിയിലാണു ജനിച്ചതെങ്കിലും, ബ്രിട്ടീഷ് കുലീനത്വത്തിന്റെ പോറ്റുഗൃഹങ്ങളിലാണു വളർന്നതെങ്കിലും, തന്റെ ജീവിതത്തിൽ അധികവും റെയിൽ വണ്ടികളിലും പൊതുയോഗങ്ങളിലും ജെയിലിലുമാണു ചെലവഴിക്കേണ്ടിവന്നത്. ജനക്കൂട്ടം അദ്ദേഹത്തെയും അദ്ദേഹം ജനക്കൂട്ടത്തെയും ഇഷ്ടപ്പെട്ടു, ഏകാന്തതയുടെ രൂഢലക്ഷണങ്ങളുള്ള ഒരു ബുദ്ധിജീവിയായിരുന്നു അദ്ദേഹം. സങ്കടപ്പെടുന്ന മനുഷ്യരാശിയോടു സദാ സഹാനുഭൂതിയുണ്ടായിരുന്നു. കുട്ടികളുടെയും ജന്തുക്കളുടെയും മധ്യത്തിൽ അദ്ദേഹം നേരമ്പോക്കുകണ്ടെത്തി. മഞ്ഞണിഞ്ഞ മലകളും ഏകാന്തതയും നെഹ്റുവിനെ ആകർഷിച്ചു. സുന്ദരവസ്തുക്കളെ—ചിത്രങ്ങൾ, ശില്പങ്ങൾ, പുസ്തകങ്ങൾ—അദ്ദേഹം സ്നേഹിച്ചു. ജെയിലിൽവച്ച് ഇന്ത്യയുടെ അയ്യായിരം വർഷത്തെ ചരിത്രം പഠിക്കാൻ അവസരം കിട്ടിയപ്പോൾ ഇന്ത്യയുടെ വർത്തമാനത്തെയും ഭാവിയെയും ആ ചരിത്രവുമായി ബന്ധിപ്പിച്ചു.

ചരിത്രത്തിലുള്ള സ്ഥാനം. ഒരു പ്രശ്നത്തിന്റെ വിവിധ മുഖങ്ങളും കാണാനുള്ള കഴിവ് നെഹ്റുവിനുണ്ടായിരുന്നു. പലപ്പോഴും ഉറച്ച ഒരു തീരുമാനമെടുക്കാൻ ഇത് വിഷമമുണ്ടാക്കി. സമാധാനപരമായ മാർഗത്തിലൂടെ ശരിയായ വഴിക്കാണെങ്കിൽ മാറ്റത്തിന്നു വേഗം കൂട്ടുന്ന കാര്യത്തിൽ ഇദ്ദേഹം ഒത്തുതീർപ്പിനു തയ്യാറായിരുന്നു. സ്വന്തം രാഷ്ട്രീയധാരണകൾ പൊതുവെ പറഞ്ഞാൽ വിശ്വാസങ്ങളിൽ അടിയുറച്ചവയും, ആലംബഹീനരായ ബഹുജനങ്ങളെ അഗാധമായി സ്പർശിക്കുന്നവയും ലോകസമാധാനത്തെ ലാക്കാക്കിക്കൊണ്ടുള്ളവയുമായിരുന്നു.

ജവാഹർലാൽനെഹ്റു അവാർഡ്

ഇന്തോ-സോവിയറ്റ് സൗഹാർദം വളർത്തുന്നതിനു ശ്രദ്ധേയമായ സംഭാവന അർപ്പിക്കുന്ന റഷ്യക്കാർക്കു നല്കുന്ന വാർഷിക അവാർഡ്. ഒരു മെഡലും 2500 രൂപയും സർട്ടിഫിക്കറ്റും ഉൾപ്പെട്ടതാണ് ഈ അവാർഡ്. പുറമെ ഇന്ത്യയിൽ രണ്ടാഴ്ച പര്യടനവും. ഇന്ത്യയിലെയും സോവിയറ്റ് യൂണിയനിലെയും ജനങ്ങൾക്കിടയിൽ പരസ്പരധാരണയും സൗഹാർദവും വളർത്തുന്നതിനു സവിശേഷ സംഭാവനകൾ നല്കിയിട്ടുള്ള സോവിയറ്റ് സാഹിത്യകാരന്മാർ, കവികൾ, കലാകാരന്മാർ, പത്രപ്രവർത്തകർ എന്നിവർ ഈ അവാർഡിന് അർഹരാണ്. ഈ അവാർഡ് നേടുന്നവർ ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസിന്റെ അതിഥികൾ എന്ന നിലയ്ക്കാണ് ഇന്ത്യയിൽ പര്യടനം നടത്തുക.

ജവാഹർലാൽനെഹ്റു അവാർഡ്

സാർവദേശീയ ധാരണയും സൗഹൃദവും വളർത്തുന്നതിനുള്ള ഏറ്റവും ശ്രദ്ധേയമായ സംഭാവനയ്ക്കു നല്കുന്ന അവാർഡ്. 1965-ൽ ഇന്ത്യാഗവൺമെന്റ് ഏർപ്പെടുത്തി. ഒരു ലക്ഷം രൂപയാണു സമ്മാനത്തുക. ഉപരാഷ്ട്രപതിയുടെ അധ്യക്ഷതയിലുള്ള ഒരു ഉന്നതതലസമിതിയാണു സമ്മാനാർഹരെ തിരഞ്ഞെടുക്കുക. ഊതാൻ, ഡോ. മാർട്ടിൻ ലൂതർ കിങ്, ഖാൻ അബ്ദുൽ ഗഫാർ ഖാൻ, യെഹൂദിമെനൂഹിൻ, മദർ തെരീസ,കെന്നത്ത് കൗണ്ട, ടീറ്റോ, ജൂലിയസ് നൈരെരെ, ആന്ദ്രേ മാൽറോ തുടങ്ങിയവർക്ക് ഈ അവാർഡ് നല്കിയിട്ടുണ്ട്.

ജവാഹർലാൽനെഹ്റു യൂണിവേഴ്സിറ്റി

ന്യൂദെൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ലോകപ്രസിദ്ധമായ ഇന്ത്യൻ യൂണിവേഴ്സിറ്റി. 1969-ൽ സ്ഥാപിതമായി. ഇന്ത്യ മുഴുവൻ ഇതിന്റെ പ്രവർത്തനമേഖലയാണ്. ഉന്നതപഠനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും, നിലവിലുള്ളവയെ യൂണിവേഴ്സിറ്റിയിൽ ലയിപ്പിച്ചു വിപുലീകരിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനും, അഥവാ അംഗീകരിച്ചു സഹായംചെയ്യുന്നതിനും ജെ.എൻ.യു. (ചുരുക്കപ്പേരിലാണ് ഈ സ്ഥാപനത്തിനു പ്രസിദ്ധി) വിനു പരിപാടിയുണ്ട്. ഇത്തരം പല സ്ഥാപനങ്ങളും ജെ.എൻ.യു. ഏറ്റെടുത്തിട്ടുണ്ട്. ഒരു സർവകലാശാലയുടെ മട്ടിൽ പ്രവർത്തിച്ചുപോന്ന ഇന്ത്യൻ സ്കൂൾ ഒഫ് ഇൻറർനാഷനൽ സ്റ്റഡീസ് ഇത്തരത്തിൽ ഏറ്റെടുത്ത ഒരു സ്ഥാപനമാണ്. വിവിധ വിഷയങ്ങൾക്കുള്ള പഠനകേന്ദ്രങ്ങളോടൊപ്പം ഒരു പ്രത്യേക റഷ്യൻ പഠനകേന്ദ്രവും ജെ.എൻ.യു.വിനുണ്ട്. ഇന്ത്യക്കകത്തുനിന്നും വിദേശരാജ്യങ്ങളിൽനിന്നുമുള്ള അനേകം പണ്ഡിതന്മാർ ഇവിടെ അധ്യാപനഗവേഷണങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ഒട്ടേറെ മികച്ച ഗ്രന്ഥങ്ങളും ജെ.എൻ.യു. പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ജസ്പേഴ്സ്, കാൾ (Jaspers Karl)

യാസ്പഴ്സ്, കാൾ നോക്കുക.

ജസ്വന്ത്സിങ് (—-1678)

പതിനേഴാംനൂറ്റാണ്ടിൽ ജോധ്പൂർ തലസ്ഥാനമാക്കിക്കൊണ്ട് മാർവാർരാജ്യം ഭരിച്ചിരുന്ന രാജാവ്. മുഗൾചക്രവർത്തിയായ ഷാജഹാന്റെ വിശ്വാസപാത്രമായിരുന്നു. ഷാജഹാനുവേണ്ടി പല യുദ്ധങ്ങളിലും പങ്കെടുക്കുകയും രജപുത്രയോദ്ധാക്കളെ പങ്കെടുപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പുത്രന്മാർ തമ്മിൽ ആരംഭിച്ച പിന്തുടർച്ചാവകാശമത്സരത്തിൽ ജസ്വന്ത്സിങ് ഇടപെട്ടു. അവസാനം ഷാജഹാനെതിരായ യുദ്ധത്തിൽ അറംഗസീബ് ജയിച്ചു.

പിതാവിനെ തടവിലിട്ടശേഷം മുഗൾ സിംഹാസനം പിടിച്ചെടുത്ത അറംഗസീബ് ജസ്വന്തിനെതിരായി കർശന നടപടികൾ എടുത്തില്ല. രജപുത്രരുടെ സേവനം തനിക്കും ലഭിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹത്തിനു ബോധ്യപ്പെട്ടിരുന്നു. അതിനാൽ ജസ്വന്തിനെ അദ്ദേഹം തന്റെ പക്ഷത്ത് ഉറപ്പിച്ചുനിർത്തി. ശിവജിക്കെതിരായി യുദ്ധംചെയ്യാൻ അറംഗസീബ് ജസ്വന്തിനെ നിയോഗിച്ചു. ആ യുദ്ധത്തിൽ ജസ്വന്ത് പരാജയപ്പെട്ടു. പിന്നീട് ഇദ്ദേഹത്തെ വടക്കുപടിഞ്ഞാറെ അതിർത്തിയിലുള്ള ഖൈബർ ചുരത്തിന്റെ കാവലിനു നിയോഗിച്ചു. അവിടെയുള്ള ജാറൂദിൽവച്ച് 1678 ഡിസംബർ 10-നു നിര്യാതനായി

ജസ്റ്റിനിയൻ (483-565)

റോമൻ ചക്രവർത്തി. ഒരു ഗോഥിക് കർഷകകുടുംബത്തിൽ ജനിച്ച്, ജസ്റ്റിൻ ഒന്നാമന്റെ രക്ഷാധികാരത്തിൽ വളർന്നു. ജസ്റ്റിന്റെ മരണശേഷം ജസ്റ്റിനിയൻ ചക്രവർത്തിയായി. തിയോഡോര എന്ന ഒരു നടിയെ വിവാഹം കഴിച്ചു. ഇദ്ദേഹത്തിന്റെ ഭരണകാലത്ത് രണ്ടു പാർട്ടികൾ (The Greens and the Blues) തമ്മിലുള്ള മത്സരം മൂർച്ഛിച്ചു. ഈ സമരത്തിൽ ഇദ്ദേഹത്തിന്റെ ജീവൻ തന്നെ അപകടത്തിലായി. യുദ്ധത്തിൽ കോൺസ്റ്റാൻറിനോപ്പിളി



ജസ്റ്റീനിയൻ I (ഛായാചിത്രം - ആറാംശതകം)

ന്റെ ഒരു ഭാഗത്ത് അഗ്നിബാധ ഉണ്ടായി (532). പത്തു പണ്ഡിതന്മാരെ വിളിച്ച് 'കോർപസ് ജൂറീസ് സിവിലിസ്' എന്ന നിയമസംഹിത ഉണ്ടാക്കിയത് ജസ്റ്റിനിയനായിരുന്നു. നഗരനിർമാണത്തിലും പള്ളികളും കോട്ടകളും പണിയുന്നതിലും തത്പരനായിരുന്ന ജസ് റ്റിനിയൻ കഠിനമായ നികുതി ചുമത്തിയാണ് അതിലേക്കാവശ്യമായ പണമുണ്ടാക്കിയിരുന്നത്.

ജസ്റ്റീനിയൻ II (669-711)

ഹെറാക്ലിയൻ വംശത്തിൽപ്പെട്ട അവസാനത്തെ ബൈസാന്തിയൻ ചക്രവർത്തി. കോൺസ്റ്റന്റൈൻ IV-ന്റെ മകൻ. സ്വേച്ഛാധിപതിയും ക്രൂരകൃത്യങ്ങൾ ചെയ്യാൻ മടിയില്ലാത്തവനുമായിരുന്നെങ്കിലും കഴിവുറ്റ ഭരണാധികാരിയായിരുന്നു. പതിനാറാം വയസ്സിൽ ചക്രവർത്തിയായി. ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞു പണമുണ്ടാക്കുന്ന നയവും ലക്കുകെട്ട ഭരണവും നിമിത്തം, 695-ൽ ഇദ്ദേഹത്തിനെതിരെ ഒരു വിപ്ലവം നടന്നു. ജസ്റ്റീനിയനെ ചക്രവർത്തിസ്ഥാനത്തുനിന്നു പുറത്താക്കുകയും നാസികാച്ഛേദം നടത്തി ക്രിമിയൻ അർധദ്വീപിലേക്കു നാടുകടത്തുകയും ചെയ്തു. 705-ൽ ശക്തിസംഭരിച്ചു ജസ്റ്റീനിയൻ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കി. കുറച്ചുകാലം വീണ്ടും ചക്രവർത്തിയായി. 711-ൽ വീണ്ടും വിപ്ലവം നടന്നു. ജസ്റ്റീനിയനും കുടുംബാംഗങ്ങളും വിപ്ലവത്തിൽ കൊല്ലപ്പെട്ടു.

ജസ്റ്റീനിയന്റെ
രൂപമുള്ള സ്വർണനാണയം.
(എട്ടാംശതകം - ബ്രിട്ടീഷ്മ്യൂസിയം).

ജസ്റ്റീനിയൻ സംഹിത

ജസ്റ്റീനിയൻ I എന്ന ബൈസാന്തിയൻ ചക്രവർത്തി ക്രോഡീകരിച്ച നിയമസംഹിത. 527-565 കാലത്താണ് ഈ ചക്രവർത്തി ഭരിച്ചത്. പ്രാചീനനിയമങ്ങളും നിയമജ്ഞരുടെ വ്യാഖ്യാനങ്ങളും ആദ്യം സംഗ്രഹിച്ചു. അവ നാലു ഗ്രന്ഥങ്ങളായി പ്രസിദ്ധപ്പെടുത്തി. 1. കോഡെക്സ്കോൺസ്റ്റിറ്റ്യൂഷൻ, 2 ഡൈജസ്റ്റാ,3. ഇൻസ്റ്റിറ്റ്യൂഷൻസ്, 4. നോവെല്ലാ കോൺസ്റ്റിറ്റ്യൂഷൻസ് പോസ്റ്റ് കോഡിസെം.

527-ൽ ജസ്റ്റീനിയൻ നിയമസംഹിതയുടെ ക്രോഡീകരണത്തിന് ഒരു ദശാംഗസമിതിയെ നിയമിച്ചു. 529-ൽ കോഡെക്സ് തയ്യാറായി. അതിൽപ്പെടുത്താതിരുന്ന റോമൻ നിയമങ്ങൾ റദ്ദായതായി ഗണിക്കപ്പെട്ടു. പിന്നീടു ജസ്റ്റീനിയന്റെ നിയമങ്ങൾ അനുസരിച്ച് ഈ നിയമസംഹിത പരിഷ്കരിച്ചു.

530-533 കാലത്തു 16 നിയമജ്ഞർ ചേർന്ന് എല്ലാ ലിഖിതനിയമങ്ങളും പരിശോധിച്ചാണു ഡൈജസ്റ്റ് തയ്യാറാക്കിയത്. 533-ൽ ട്രൈബോണിയന്റെ മേൽനോട്ടത്തിൽ ഇൻസ്റ്റിറ്റ്യൂഷൻസ് സങ്കലിതമായി. പ്രഥമവർഷ നിയമവിദ്യാർഥികൾക്കുവേണ്ടി ആയിരുന്നു ഇത്. നോവെല്ല പുതിയ നിയമങ്ങളുടെ സംഹിത ആണ്. 534-565 കാലത്തു ജസ്റ്റീനിയൻ തന്നെ നടപ്പാക്കിയ നിയമങ്ങളാണ് ഇതിൽ. ആദ്യത്തെ മൂന്നും ലാറ്റിനിലും ഒടുവിലത്തേതു ഗ്രീക്കിലും ആണ് എഴുതിയിട്ടുള്ളത്.

ജസ്റ്റിസ് പാർട്ടി

ഒരു രാഷ്ട്രീയകക്ഷി. 1916 മുതൽ രണ്ടു ദശകക്കാലം മദിരാശി പ്രവിശ്യയിൽ സജീവമായി പ്രവർത്തിക്കയും രണ്ടു പ്രാവശ്യം തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടി മന്ത്രിസഭ രൂപവത്കരിക്കയും ചെയ്തു. സാമൂഹികമായും സാമ്പത്തികമായും അവശത അനുഭവിച്ചിരുന്ന അബ്രാഹ്മണ ജനവിഭാഗങ്ങളുടെ താത്പര്യം സംരക്ഷിക്കുകയായിരുന്നു ഈ കക്ഷിയുടെ ലക്ഷ്യം.

1916-നവംബറിൽ മദിരാശി നഗരത്തിൽ ചേർന്ന അബ്രാഹ്മണ വിഭാഗക്കാരുടെ സമ്മേളനമാണ് ഈ കക്ഷിക്കു രൂപം നല്കിയത്. സൗത്ത് ഇന്ത്യൻ ലിബറൽ ഡെമോക്രാറ്റിക് പാർട്ടി എന്നായിരുന്നു സംഘടനയുടെ പേര്. പാർട്ടിയുടെ മുഖപത്രമായി ആരംഭിച്ച ഇംഗ്ലീഷ് വാരികയ്ക്കു *ജസ്റ്റിസ്* എന്നു പേർ നല്കി. ക്രമേണ പത്രത്തിന്റെ പേർ തന്നെ പാർട്ടിയുടെ പേർ ആയിത്തീർന്നു. *ദ്രാവിഡൻ* എന്ന തമിഴ്പത്രവും *ആന്ധ്രപ്രകാശിനി* എന്ന തെലുങ്കു പത്രവും ഈ പാർട്ടി പ്രസിദ്ധീകരിച്ചിരുന്നു. † ഡോ. ടി.എം. നായർ, ഡോ. സി. നടേശമുതലിയാർ, ഏ. രാമസ്വാമിമുതലിയാർ, പനഗൽ മഹാരാജാവ് എന്നിവരായിരുന്നു ജസ്റ്റിസ് പാർട്ടിയുടെ നേതാക്കൾ. അബ്രാഹ്മണ ജനവിഭാഗങ്ങൾക്കു നീതി ലഭിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു ബ്രിട്ടീഷ് ഗവൺമെൻറിനെ ബോധ്യപ്പെടുത്താൻ ജസ്റ്റിസ്പാർട്ടി ശ്രമിച്ചു. ഇതിനു സഹായകമായ ഒരു ഭരണഘടനാനിയമം ബ്രിട്ടീഷ് പാർലമെൻറിൽ പാസ്സാക്കിയെടുക്കാൻ ശ്രമിക്കുന്നതിനു ലണ്ടനിലെത്തിയ ഡോ. ടി.എം. നായർ 1919-ജൂലായ്മാസത്തിൽ അവിടെവച്ച് അന്തരിച്ചു.

1919-ലെ ഗവൺമെൻറ് ഒഫ് ഇന്ത്യാ ആക്റ്റ് അനുസരിച്ച് 1920-ൽ നടന്ന തിരഞ്ഞെടുപ്പിൽ മദിരാശി പ്രവിശ്യയിൽ ജസ്റ്റിസ് പാർട്ടി ഭൂരിപക്ഷം നേടി. എ. സുബ്ബരായലുവിന്റെ നേതൃത്വത്തിൽ മന്ത്രിസഭ രൂപവത്കരിച്ചു. 1923-ൽ നടന്ന തിരഞ്ഞെടുപ്പിലും ജസ്റ്റീസ് പാർട്ടി ജയിക്കയും സർ ത്യാഗരായരുടെ നേതൃത്വത്തിൽ മന്ത്രിസഭ രൂപവത്കരിക്കയും ചെയ്തു. എന്നാൽ 1926-ലെ തിരഞ്ഞെടുപ്പിൽ ഈ പാർട്ടിക്കു ഭൂരിപക്ഷം ലഭിച്ചില്ല. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷനൽ കോൺഗ്രസ് ബഹുജനപ്രസ്ഥാനമായി വളർന്നതോടുകൂടി ജസ്റ്റീസ് പാർട്ടിക്കു ജനപിന്തുണ കുറഞ്ഞു. 1937-ലെ തിരഞ്ഞെടുപ്പിൽ ജസ്റ്റിസ് പാർട്ടിക്ക് 21 സീറ്റുമാത്രമേ ലഭിച്ചുള്ളൂ. കോൺഗ്രസിനു 159 സീറ്റുകൾ ലഭിച്ചു. ക്രമേണ രാഷ്ട്രീയകക്ഷി എന്ന നിലയ്ക്കു ജസ്റ്റിസ് പാർട്ടിയുടെ പ്രവർത്തനം മന്ദീഭവിച്ചു. പാർട്ടി പ്രവർത്തകർ ദ്രാവിഡകഴകത്തിലും മറ്റും ചേരുകയും ചെയ്തു.

ജഹനാരാ ബീഗം

ഷാജഹാന്റെ രണ്ടു പെൺമക്കളിൽ മൂത്തവൾ. ആഭ്യന്തരകലഹത്തിൽ ദാരയുടെ ഭാഗത്തായിരുന്നു ഇവർ. എന്നാൽ അറംഗസീബാണ് ചക്രവർത്തിയായിത്തീർന്നത്. ജെയിലിലടയ്ക്കപ്പെട്ട പിതാവിനെ ശുശ്രൂഷിച്ച് അവൾ ജീവിതം കഴിച്ചുകൂട്ടി. നല്ലൊരു കവയിത്രിയുംകൂടിയായിരുന്നു. സ്വന്തം കവിതാശകലങ്ങളിലൊന്നാണ് ശവകുടീരത്തിൽ ആലേഖനംചെയ്തത്.

ജഹാംഗീർ (1569—1627).

അക്ബർചക്രവർത്തിയുടെ മരണശേഷം 1605-ൽ സിംഹാസനാരോഹണംചെയ്ത രാജകുമാരൻ. സലീം എന്നാണ് ശരിയായ പേര്. അക്ബർചക്രവർത്തിയുടെ മൂത്ത പുത്രനായ ഇദ്ദേഹം 1569 ഓഗസ്റ്റ് 31-നു ഫത്തേപ്പൂർ സിക്രിയിൽ ജനിച്ചു. അമ്മ അംബരിലെ രാജാബീനാരിമലിന്റെ പുത്രിയാണ്. വളരെ ചെറുപ്പത്തിൽത്തന്നെ സലീം മദ്യപനും സ്ത്രീലമ്പടനുമായി.

സിംഹാസനാരോഹണംചെയ്ത ഉടൻ തന്നെ ശത്രുക്കൾക്കു പൊതുമാപ്പുകൊടുത്തും തടവുകാരെ മോചിപ്പിച്ചും ജനങ്ങളെ വശീകരിക്കാൻ ശ്രമിച്ചു. പന്ത്രണ്ടു ശാസനങ്ങളിലൂടെ നീതിന്യായവ്യവസ്ഥ കുറെക്കൂടി ഉദാരമാക്കി. അനാവശ്യനികുതികൾ പലതും വേണ്ടെന്നുവച്ചു. കളവിനും വഞ്ചനയ്ക്കും എതിരായി കർശനനടപടികൾ കൈക്കൊണ്ടു. ഉടമസ്ഥാവകാശം പരമ്പരാഗതമാക്കി. ലഹരിപദാർഥങ്ങൾ നിരോധിച്ചു. സാമൂഹികരംഗത്തു സേവനസന്നദ്ധത കാണിക്കുന്നവർക്കു പ്രോത്സാഹനം നല്കി.

ജഹാംഗീറിന് എതിരെ 1606-ൽ പുത്രൻ ഖുസ്രു പടയൊരുക്കി. ജഹാംഗീർ പുത്രനെ തോല്പിച്ച് മാതൃകാപരമായി ശിക്ഷിച്ചു. ജനങ്ങളുടെയിടയിൽ സ്വാധീനമുണ്ടായിരുന്ന ഈ രാജകുമാരൻ 1622-ൽ കാരാഗൃഹത്തിൽവെച്ചു പിതാവിന്റെ അറിവോടെതന്നെ

സഹോദരനായ ഷാജഹാന്റെ നിർദേശപ്രകാരം വധിക്കപ്പെട്ടു. ഖുസ്രുവിനെ സഹായിച്ച സിക്ക് നേതാവ് ഗുരു അർജുൻസിങ്ങിനെ കഴുമരത്തിലേറ്റി. ഈ പ്രവൃത്തി സിക്കുമതക്കാരെ മുകിലരുടെ ശത്രുക്കളാക്കിത്തീർത്തു.

ജഹാംഗീർചക്രവർത്തി 1611-ൽ ഇത്തിമദ്-ദൗളയുടെ പുത്രിയും ശേർഖാന്റെ ഭാര്യയുമായ മെഹർ ഉന്നീസ എന്ന സുന്ദരിയെ ബലമായി പിടികൂടി 'നൂർജഹാൻ' എന്ന സ്ഥാനപ്പേരിൽ പട്ടമഹിഷിയാക്കി. കെട്ടുപിണഞ്ഞ രാജ്യകാര്യങ്ങളിൽപ്പോലും ചക്രവർത്തിയെ തൃപ്തികരമായ വിധത്തിൽ ഉപദേശിക്കുന്നതിനും സ്വേച്ഛാപ്രഭുക്കളെ നാടകീയമാംവിധം അടിച്ചമർത്തുന്നതിനും അവർക്കു കഴിഞ്ഞു. എങ്കിലും ആരെയും സംശയിക്കുന്ന പ്രകൃതം അവർക്കു വളരെ ശത്രുക്കളെ നേടിക്കൊടുത്തു. മുകിലസൈനികരിൽ പ്രമുഖനായ മഹാബത്ത്ഖാനെ തരംതാഴ്ത്തുകയും അയാളുടെ പേരിൽ പണാപഹരണക്കുറ്റം ആരോപിക്കുകയുംചെയ്തു. ഏതാനും സൈനികരോടൊപ്പം പഞ്ചാബിൽച്ചെന്ന് ചക്രവർത്തിയോട് സങ്കടം ഉണർത്തിക്കുവാൻ പുറപ്പെട്ട മഹാബത്ത്ഖാൻ ഒരു വഴക്കാളിയായി പ്രഖ്യാപിക്കപ്പെട്ടു. ഝലം നദീതീരത്തു വിശ്രമിച്ചിരുന്ന ചക്രവർത്തി മഹാബത്ത്ഖാന്റെ ഭാര്യാപിതാവിനെ അപമാനിക്കുകയും മഹാബത്ത്ഖാന്റെ സ്ത്രീധനം സർക്കാരിലേക്കു കണ്ടുകെട്ടുകയുംചെയ്തു. നിരപരാധിയായ മഹാബത്ത്ഖാൻ പ്രതികാരത്തിനു തീർച്ചപ്പെടുത്തി. രാജ്ഞിയോടൊന്നിച്ചു വിശ്രമിച്ചിരുന്ന ചക്രവർത്തിയെ ഖാൻ തടവിലാക്കി. ആ ധീരനായ പടയാളിയുടെ മുമ്പിൽ ആദ്യമായി നൂർജഹാൻ തലകുനിച്ചു. കാരാഗൃഹത്തിൽനിന്നും അദ്ഭുതാവഹമായ രീതിയിൽ നൂർജഹാൻ രക്ഷപ്പെട്ടുവെങ്കിലും ചക്രവർത്തിയുടെമേൽ മഹാബത്തിനുള്ള സ്വാധീനം വർധിച്ചുവന്നു. നൂർജഹാൻ രഹസ്യമായി സംഘടിപ്പിച്ച സൈന്യം മഹാബത്ത്ഖാനെ പരാജയപ്പെടുത്തി. ഖാൻ മീവാറിലേക്ക് രക്ഷപ്പെട്ടു. ഷാജഹാനുമായി സഖ്യം ചെയ്തു. അത് നൂർജഹാനു വീണ്ടും തലവേദനയായി.

ലാഹോറിലേക്കുള്ള മാർഗമധ്യേ ജഹാംഗീർ 1627 ഒക്റ്റോബർ 28-ന് മരിച്ചു. ഷാജഹാനും ആസഫ്ഖാനും നൂർജഹാനെ ഏതാണ്ടൊരു തടവുകാരിയാക്കി. നൂർജഹാന്റെ രാഷ്ട്രീയജീവിതം അവസാനിച്ചു. ഷാജഹാൻ അനുവദിച്ച അടുത്തൂൺപറ്റി അവരും വിധവയായ മകളും ജീവിച്ചു.

വ്യക്തിത്വം. ജഹാംഗീർ സംസ്കാരസമ്പന്നനായിരുന്നു. ഇംഗ്ലണ്ടിലെ രാജാവായ ജെയിംസ് ഒന്നാമന്റെ ദൂതനായെത്തിയ ഹോക്കിൻസ് എന്ന ഇംഗ്ലീഷുകാരനെ അദ്ദേഹം സ്വീകരിച്ചു ബഹുമാനിച്ചു.

പിതാവിനെപ്പോലെ വിശാലവീക്ഷണം മതകാര്യങ്ങളിൽ ജഹാംഗീർ പുലർത്തിയില്ലെങ്കിലും അദ്ദേഹം തികഞ്ഞ ഒരു ദേശീയബോധം അതിൽ പ്രദർശിപ്പിച്ചുപോന്നു. ഭരണകാര്യങ്ങളിൽ ചില പരിഷ്കാരങ്ങൾ വരുത്തി. ചൂതുകളി, മദ്യമുണ്ടാക്കൽ, സതി, സ്ത്രീ-ശിശുഹത്യ മുതലായവ നിർത്തൽചെയ്യാൻ ഇദ്ദേഹം ശ്രമിച്ചു.

കശ്മീരിൽ ജഹാംഗീർ സംവിധാനംചെയ്ത ഷാലിമാർ തോട്ടം ഇദ്ദേഹത്തിന്റെ സൗന്ദര്യബോധത്തിന് ഉദാഹരണമാണ്. ചിത്രകാരനുംകൂടിയായിരുന്ന ഇദ്ദേഹം ചിത്രകലയെ പോഷിപ്പിച്ചു. ഇന്ത്യൻ ചിത്രകല ഒരു കാലഘട്ടത്തിലും ഇത്രയും ഔന്നത്യം നേടിയിട്ടില്ല സംഗീതത്തിലും ഇദ്ദേഹം അവഗാഹം നേടിയിരുന്നു.

ജഹാംഗീർ ചക്രവർത്തിയുടെ സുവർണനാണയങ്ങൾ കലാപരമായി മുന്തിനില്ക്കുന്നു. മുകിലകാലഘട്ടത്തിലെ ഏറ്റവും മനോഹരമായ നാണയങ്ങൾ ഇദ്ദേഹത്തിന്റെ സംഭാവനയാണ്. ഹിന്ദി-പേർഷ്യൻ-ഉറുദുഭാഷകളിൽ വിജ്ഞാനം നേടിയ ജഹാംഗീർ ചക്രവർത്തി ആത്മകഥ എഴുതിയിട്ടുണ്ട്. പരസ്പരവിരുദ്ധങ്ങളും അത്യന്തസങ്കീർണവുമായിരുന്നു ഇദ്ദേഹത്തിന്റെ സ്വഭാവം. മാനുഷികമൂല്യങ്ങളെ ആദരിച്ച അദ്ദേഹം അങ്ങേഅറ്റം നീതിമാനായിരുന്നു.

ജറി, ആൽഫ്രഡ് (1873—1907)

ഫ്രെഞ്ച് നാടകകൃത്ത്. അബ്സർഡ് നാടകപ്രസ്ഥാനത്തിനു വഴികാട്ടിയായ ഉബുറോയ് (ഉബുരാജാവ്) എന്ന നാടകത്തിന്റെ രചയിതാവ് എന്ന നിലയിലാണ് പ്രസിദ്ധി.



1873-ൽ ഫ്രാൻസിലെ ലവൽ എന്ന സ്ഥലത്തു ജനിച്ചു. പതിനെട്ടാം വയസ്സിൽ പാരിസിൽ **എത്തിപ്പെട്ടു** ജീവിക്കാൻവേണ്ടി ബോധപൂർവം കോമാളിയായി. ഉബുറോയ് എന്ന നാടകം 1896 ഡിസംബർ 10-നു തിയറ്റർ-ദെ-എൽ ഊവറി അരങ്ങേറി. പോളണ്ടിലെ രാജാവായിത്തീർന്ന പീർ ഉബുവാണ് ഈ നാടകത്തിലെ പ്രധാന കഥാപാത്രം. ക്രൂരനും പണക്കൊതിയനും ദുരാചാരനുമാണ് ഈ കഥാപാത്രം. *ഉബു എൻ ചെയ്ൻ* (ഉബു ചങ്ങലക്കിടപ്പെടുന്നു), *ഉബു സർലാബട്ട്* (ഉബു കുന്നിൻപുറത്ത്) എന്നിവ ഉബുറോയിയുടെ അനുബന്ധങ്ങളാണ്. ഈ മൂന്നു നാടകങ്ങളും കൂടി 1958-ൽ ജീൻ വൈലർ തിയറ്റർ നാഷനൽ പോപ്പുലെയ്റി അവതരിപ്പിച്ചു. നിയതമായ യുക്തിബന്ധം ഇല്ലെങ്കിലും മനുഷ്യന്റെ മണ്ടത്തരങ്ങളെ ശക്തിയായ ഭാഷയിൽ അവതരിപ്പിക്കാൻ ജറിക്കു സാധിച്ചു. ദാദായിസ്റ്റുകളും സർറിയലിസ്റ്റുകളും പിൽക്കാലത്ത് ജറിയെ അത്യധികം കൊണ്ടാടി.

ജാ

ജാംനഗർ

ഗുജറാത്ത്സംസ്ഥാനത്തിലെ ഒരു ജില്ലയും അതിൻെറ ആസ്ഥാനനഗരവും. രാജക്കോട്ടിൽനിന്ന് 72 കി.മീ. വടക്കുപടിഞ്ഞാറു കിടക്കുന്ന നഗരം കച്ച് ഉൾക്കടലിൻെറ തീരത്താണ്. മുൻ നാട്ടുരാജ്യമായ നവനഗറിൻെറ തലസ്ഥാനമായിരുന്നു ഇത്. 1907 മുതൽ 1933 വരെ ഈ രാജ്യം ഭരിച്ചിരുന്ന പ്രസിദ്ധ ക്രിക്കറ്റു കളിക്കാരനായ കുമാർ രഞ്ജിത്സിംഗ്ജിയുടെ കാലത്തു പുതിയ നിരത്തുകളും കെട്ടിടങ്ങളും കളിസ്ഥലങ്ങളും നിർമിച്ചു. ജാംറാവൽ എന്ന നാടുവാഴിയാണ് ഈ പട്ടണം സ്ഥാപിച്ചത് (1540). 1788-ൽ ഇവിടെ ഒരു കോട്ട പണിതു. ഒരു തടാകത്തിൻെറ മധ്യത്തിൽ സ്ഥിതിചെയ്യുന്ന ലഖോഠാ കാഴ്ചബംഗ്ലാവും ഖോഠാസൈനികപ്പാളയങ്ങളും ജൈനക്ഷേത്രങ്ങളും ഈ നഗരത്തിൻെറ ചരിത്രപ്രാധാന്യത്തെ വിളിച്ചോതുന്നു. ഒട്ടേറെ പ്രാചീന രാജസൗധങ്ങളും ധന്വന്തരിനിലയമെന്ന ആതുരശുശ്രൂഷാലയവും പല ആധുനിക ചികിത്സാകേന്ദ്രങ്ങളും ഇവിടെയുണ്ട്. 'ബന്ധനി' എന്നു പറയപ്പെടുന്ന കസവുപണികൾക്കും ലോഹശില്പങ്ങൾക്കും ജാംനഗർ പ്രസിദ്ധമാണ്. സിമൻറ്, കളിമണ്ണ്, തുണി, ഉപ്പ് ഇവയെ അടിസ്ഥാനമാക്കി പല വ്യവസായങ്ങളും ഇവിടെ വളർന്നുവരുന്നു. 14,125 ച. കി. മീറ്റർ വിസ്താരമുള്ള ജില്ലയിലെ ജനസംഖ്യ 13,93,076 (1981). തലസ്ഥാനനഗരത്തിലെ ജനസംഖ്യ 2,77,615 (1981).



ജാംനഗർ കൊട്ടാരം

മിക്കവാറും പ്രദേശങ്ങൾ ചതുപ്പുനിറഞ്ഞ സമതലങ്ങളാണ്. ബാർഡോകുന്നുകളുടെ ഏതാനും ഭാഗം ജില്ലയിലേക്കു കയറിക്കിടക്കുന്നു. ജോവർ, ബജ്റ, ഗോതമ്പ്, പയറുവർഗങ്ങൾ, കിഴങ്ങുകൾ, പരുത്തി ഇവയാണ് മുഖ്യ കാർഷികവിളകൾ. കൈത്തറിത്തുണികളും പട്ടും വ്യാപകമായി നിർമിച്ചുവരുന്നു. മത്സ്യബന്ധനവും ഏറെക്കുറെ വികസിച്ചിട്ടുണ്ട്. പുരാണപ്രസിദ്ധമായ ദ്വാരക ഈ ജില്ലയിലാണ്. 1959 ഓഗസ്റ്റിനുശേഷം ഓഖാ തുറമുഖം ഈ ജില്ലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ജാംബവാൻ

പുരാണപ്രസിദ്ധനായ വൃദ്ധവാനരൻ. ബ്രഹ്മാവിൻെറ വായിൽനിന്നു (കോട്ടുവാ ഇട്ടപ്പോൾ) ജനിച്ചു. ജാംബവാനു മരണമില്ല എന്നാണു സങ്കല്പം. രണ്ട് അടികൊണ്ടു ലോകങ്ങൾ അളന്ന വാമനനെ ഭേരിമുഴക്കിക്കൊണ്ടു ജാംബവാൻ ഒറ്റച്ചാട്ടത്തിന് ഏഴു വലത്തുവച്ചു എന്നാണു കഥ. സീതാന്വേഷണത്തിനു ദക്ഷിണദിക്കിലേക്കു പുറപ്പെട്ട വാനരസേനയിൽ ജാംബവാനുമുണ്ടായിരുന്നു. കൃഷ്ണാവതാരകാലത്തു സ്യമന്തകം എന്ന രത്നം തൻെറ ഗുഹയിൽനിന്നും എടുക്കുവാൻ വന്ന ശ്രീകൃഷ്ണനുമായി 28 ദിവസം നീണ്ടുനിന്ന യുദ്ധം ചെയ്തു. ഒടുവിൽ രത്നവും പുത്രിയായ ജാംബവതിയെയും ജാംബവാൻ ശ്രീകൃഷ്ണനു നല്കി.

ജാകുൺ

മലയാ ഉപദ്വീപിൻെറ ഉൾനാടൻപ്രദേശങ്ങളിലുള്ള അപരിഷ്കൃതരായ ഒരു ആദിമജനവർഗം. ഇവരിൽത്തന്നെ ബിഡുവാൻഡ, മൻതേര, ഒറാങ്ലാവുത്, ഒറാങ്കാനാക്, ഒറാങ് ഉലു തുടങ്ങിയ ഉപവർഗങ്ങളുമുണ്ട്. ഇതുപതാംനൂറ്റാണ്ടിൻെറ അറുപതുകളിൽ ഇവരുടെ ആകെ സംഖ്യ 5,000-ത്തിൽ താഴെമാത്രമേ ഉണ്ടായിരുന്നുള്ളു. നരവംശശാസ്ത്രപരമായി ഇവർക്ക് മംഗളോയിഡ് ഗോത്രത്തോടാണ് അടുപ്പം.

കാടു വെട്ടിത്തെളിച്ച് മുളയും പനയോലയുംകൊണ്ടു കുടിലുകൾ കെട്ടി നെല്ല്, തിന, ചോളം, കിഴങ്ങുവർഗങ്ങൾ എന്നിവ കൃഷിചെയ്തും വേട്ടയാടിയും ഇവർ ജീവിക്കുന്നു. പല താവളങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്ന ഇവർക്ക്, ഓരോ കേന്ദ്രത്തിലും പ്രത്യേകം ഗ്രാമത്തലവന്മാരുണ്ട്. ഇവരുടെ മതജീവിതം പരേതാരാധനയിൽ ഒതുങ്ങിനില്ക്കുന്നു.

ജാക്ക് ലണ്ടൻ (1876-1916)

അമേരിക്കൻ നോവലിസ്റ്റ്. പരുക്കൻ മട്ടിൽ വിക്ഷോഭകരമാംവിധമുള്ള കഥാകഥനം ഇദ്ദേഹത്തെ ശ്രദ്ധേയനാക്കി. *കാടിൻെറ വിളി (The call of the wild - 1903)* എന്ന നോവൽ ലോകപ്രസിദ്ധമാണ്. ഇതിൻെറ 15 ലക്ഷത്തിലേറെ പ്രതികൾ വിറ്റഴിഞ്ഞിട്ടുണ്ട്. ലോകത്തിലെ വിവിധ ഭാഷകളിലേക്കുള്ള ഈ കൃതി വിവർത്തനം ചെയ്യപ്പെട്ടു; മലയാളം ഉൾപ്പെടെ.

1876- ജനുവരി 12-ന് സാൻഫ്രാൻസിസ്കോയിൽ ജനിച്ചു. അമേരിക്കക്കാരിയായിരുന്നു അമ്മ. നിയമാനുസൃതം അച്ഛനുണ്ടായിരുന്നില്ല. ഒരു ഐറിഷ് നാടോടിക്ക് ആസ്ഥാനം നല്കപ്പെട്ടു. യഥാർഥനാമം ജോൺ ഗ്രിഫിത്ത് എന്നായിരുന്നു. ദരിദ്രനായി വളർന്നു. പല ജോലികളിലും ഏർപ്പെട്ടു വരുമാനം കണ്ടെത്തി ജീവിക്കേണ്ടിവന്നു. ഇക്കാലത്തും ധാരാളം വായിച്ചു. 19-ാം വയസ്സിൽ ഓക്‌ലൻഡ് ഹൈസ്കൂളിൽ പഠിച്ചു. പിന്നീടു കാലിഫോർണിയ യൂണിവേഴ്സി

റ്റിയിലും. എങ്കിലും ജീവിതം കുത്തഴിഞ്ഞ മട്ടിൽ ആയിത്തീർന്നു. അലഞ്ഞുതിരിയുന്നതിനിടയിൽ അറസ്റ്റ് ചെയ്യപ്പെട്ടു. എന്നാൽ ആദ്യകൃതിയായ *ദ് സൺ ഒഫ് ദ് വൂൾഫ്* (1900) തന്നെ ജാക്ലണ്ടന് എഴുത്തുകാരൻ എന്ന അംഗീകാരം നേടിക്കൊടുത്തിരുന്നു. സ്വർണ്ണം അന്വേഷിച്ചു ക്ലോൺ ഡൈക്കിൻ പോയ സംഘത്തിൽ ചേർന്നു. സ്വർണ്ണം കണ്ടെത്തിയില്ലെങ്കിലും ഈ യാത്രയുടെ അനുഭവങ്ങൾ *കാടിൻെറ വിളി* എന്ന നോവലിൻെറ പിറവിക്കു കാരണമായി. 1904-ൽ റസ്സോ-ജാപ്പനീസ് യുദ്ധം റിപ്പോർട്ട് ചെയ്യാൻ പത്രലേഖകനായി. 1907-ൽ ഭാര്യയുമൊത്ത് കപ്പൽമാർഗ്ഗം ഒരു ലോകപര്യടനത്തിനിറങ്ങി. ഹോണലോലുവഴി ഓസ്ട്രേലിയയിൽ എത്തിയ ശേഷം ആ സംരംഭം ഉപേക്ഷിച്ചു. ഈ യാത്രയിലെ അനുഭവങ്ങൾ *ദ് ക്രൂസ് ഒഫ് ദ് സ്റ്റാർക്ക്* (1911) എന്ന കൃതിയിൽ ചിത്രീകരിച്ചു. ഇക്കാലം ആകുമ്പോഴേക്കും ലണ്ടൻെറ മറ്റു പല കൃതികളും പ്രസിദ്ധീകരിച്ചിരുന്നു. *ദ ഗോഡ് ഒഫ് ഹിസ് ഫാദേഴ്സ്*(1901) *ദ സീ വുൾഫ്* (1904) *വൈറ്റ് ഫാങ്* (1905) *ബിഫോർ ആഡം* (1906) *സ്മോക്ക് ബില്യു*(1912) *ജോൺ ബാർലി കോൺ* (1913) *ദ് സ്റ്റാൻ റോവർ* (1914) *ദ് ജെറി ഒഫ് ദ ഐലൻഡ്* (1917) തുടങ്ങിയവയാണ് പ്രമുഖ കൃതികൾ. ഏറ്റവും അധികം പ്രതിഫലം ലഭിക്കുന്ന എഴുത്തുകാരനായിത്തീർന്നെങ്കിലും മദ്യപാനവും ധൂർത്തും മൂലം ലണ്ടൻെറ ജീവിതം ദുരിതപൂർണ്ണമായിരുന്നു. ജനപ്രീതിയുടെ കാര്യത്തിൽ അക്കാലത്ത് ഒന്നാംസ്ഥാനമുണ്ടായിരുന്നു ലണ്ടന്. പക്ഷേ ഇതൊന്നും അദ്ദേഹത്തെ നേർവഴിക്കു നയിക്കാൻ പര്യാപ്തമായില്ല.

1916-നവംബർ 22-ന് കാലിഫോർണിയയിൽ ജാക് ലണ്ടൻ ആത്മഹത്യ ചെയ്തു. ജാക് ലണ്ടൻെറ ജീവചരിത്രങ്ങളിൽ അദ്ദേഹത്തിൻെറ പത്നി ചാർമെയ്ൻ രചിച്ച *ബുക്ക് ഒഫ് ജാക്ക് ലണ്ടൻ* (1921) ആണ് പ്രധാനം. മകൾ ജോൻലണ്ടൻ രചിച്ച് ജാക്ക്ലണ്ടൻ ആൻഡ് ഹിസ് ടൈംസ് (1939) ഇർവിങ് സ്റ്റോൺ രചിച്ച *സെയ്ലർ ഓൺ ഹോഴ്സ് ബാക്ക്* (1938) എന്നിവ ആണു മറ്റു രണ്ടെണ്ണം.

ജാക്കറി (Jacquerie)

ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ നടന്ന നൂറുവർഷയുദ്ധ(1337—1453)ത്തിൻെറ ഫലമായുണ്ടായ കർഷകകലാപം. യുദ്ധത്തിൽ ഫ്രഞ്ചുപ്രഭുക്കൾക്കുണ്ടായ തോൽവിയെത്തുടർന്നു കർഷകസമരങ്ങൾ പൊട്ടിപ്പുറപ്പെട്ടു. 1358-ൽ അന്യായപ്പിരിവുകൾക്കും മർദനങ്ങൾക്കുമെതിരായി കർഷകർ സംഘടിക്കുകയും സമരം നടത്തുകയും ചെയ്തു. ഫ്രാൻസിലെ കൃഷിക്കാരെ ജാക്കുകൾ (Jacques) എന്നാണു പ്രഭുക്കൾ പുച്ഛത്തോടെ വിളിച്ചിരുന്നത്. അതിനാൽ ജാക്കുകളുടെ സമരത്തിനു ജാക്കറി എന്ന പേരു കിട്ടി.

1358 മേയ്മാസത്തിൽ വടക്കുകിഴക്കൻ ഫ്രാൻസിൽ കൃഷിക്കാർ പെട്ടെന്നു കലാപം നടത്തി. തങ്ങളുടെ ശത്രുക്കളായ ഫ്യൂഡൽ പ്രഭുക്കളുടെ മർദനത്തെ അവർ ചെറുത്തു. പ്രഭുക്കളെ ഉന്മൂലനാശം വരുത്താൻ അവർ ഒരുങ്ങി. കൈയിൽ കിട്ടിയതെല്ലാം എടുത്ത് ഫ്യൂഡൽ പ്രഭുക്കളെ അവർ കൊന്നു. നൈറ്റുകളുടെ കൊട്ടാരങ്ങൾ നശിപ്പിച്ചു. ഗ്വായ്ലാംകാലെ(Guillaumecale or Carle)ആയിരുന്നു കലാപനേതാവ്.

നിർണായകയുദ്ധത്തിനുമുമ്പു ഗ്വായ്ലാംകാലെ തൻെറ സേനകളെ ഒരു കുന്നിൻചെരുവിൽ നിറുത്തിയിരുന്നു. പ്രഭുക്കൾ കൃഷിക്കാരെ തോൽപിക്കാൻ ചതിയാണു പ്രയോഗിച്ചത്. സന്ധിസംഭാഷണത്തിനെന്നുംപറഞ്ഞ് കർഷകനേതാവിനെ അവർ വിളിച്ചുകൊണ്ടുപോയി. നേതാവില്ലാത്ത അവസരം നോക്കി പ്രഭുസേന കൃഷിക്കാരെ ആക്രമിച്ചു തോൽപിച്ചു. കാലെയെ കൊല്ലുംമുമ്പു ചുട്ടുപഴുപ്പിച്ച ഒരു ഇരുമ്പുവലയം അദ്ദേഹത്തിൻെറ നെറ്റിയിൽവച്ച് "കർഷകരാജാവിനെ ഞങ്ങൾ കിരീടധാരണം ചെയ്യുന്നു" എന്ന് പ്രഖ്യാപിച്ചുവത്രേ.

ജയോന്മത്തരായ ഫ്യൂഡൽപ്രഭുക്കൾ കണ്ണിൽച്ചോരയില്ലാത്ത മർദനം നടത്തി. നാട്ടിൻപുറം നിർജീവമായി. കർഷകർ തോറ്റുവെങ്കിലും ഇനിയും ഇങ്ങനെ ഒരു കലാപം ഉണ്ടാവുമെന്ന് പ്രഭുക്കന്മാർക്കു ഭയമുണ്ടായിരുന്നു. കൃഷിക്കാരാകട്ടെ ജാക്കറിയിൽ അഭിമാനംകൊണ്ടു.

ജാക്കോബാബാദ്

പശ്ചിമപാകിസ്താനിൽ സുക്കൂർ ഡിവിഷനിലുള്ള ഒരു ജില്ലയും അതിൻെറ ആസ്ഥാനനഗരവും. സിൻഡിലെ ഹൈദരാബാദിൽനിന്ന് 320 കി. മീ. വടക്കായി സ്ഥിതിചെയ്യുന്ന ഈ നഗരം സ്ഥാപിച്ചത് സിൻഡിലെ അശ്വസൈന്യത്തിൻെറ കമാൻഡറായിരുന്ന ജന. ജോൺ ജേക്കബാണ് (1847). അദ്ദേഹം തന്നെയായിരുന്നു പുതിയതായി രൂപവത്കൃതമായ ജില്ലയുടെ ആദ്യത്തെ ഡെപ്യൂട്ടി കമ്മിഷണറും. ജനറൽ സ്ഥാപിച്ച ഒരു മണിമാളികയും അദ്ദേഹത്തിൻെറ ശവകുടീരവും ഇവിടുത്തെ സ്മാരകവസ്തുക്കളിൽ ഉൾപ്പെടുന്നു. ഇവിടെ ഒരു പ്രക്ഷേപണനിലയവും വിമാനത്താവളവുമുണ്ട്. 1875-ൽ ഈ നഗരം മുനിസിപ്പാലിറ്റിയായി. ഏറ്റവും ചൂടുള്ള പ്രദേശങ്ങളിൽ ഒന്നാണിത്. ജനസംഖ്യ 80,000 (1981).

ജില്ലയുടെ വിസ്താരം 5,278 ച. കി. മീറ്ററും ജനസംഖ്യ 10,13,000 (1981) ആണ്. സിന്ധുനദിയുടെ പടിഞ്ഞാറുമാറി എക്കൽ അടിഞ്ഞു കിടക്കുന്ന ഈ സമതലപ്രദേശത്ത് ഗോതമ്പ്, നെല്ല്, ചോളം, എണ്ണക്കുരുക്കൾ എന്നിവ സമൃദ്ധിയായി ഉണ്ടാകുന്നു.

ജാക്സൻ, ആൻഡ്രൂ (1767—1845)

അമേരിക്കയുടെ ഏഴാമത്തെ പ്രസിഡൻറ്. ദക്ഷിണകരോളിനയിലെ വാക്സ്ഹോയിൽ 1767 മാർച്ച് 15-നു ജനിച്ചു. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിൽ സേവനമനുഷ്ഠിച്ച ജാക്സൻെറ രണ്ടു സഹോദരന്മാരും യുദ്ധത്തിൽ മരിച്ചു. തടവുകാരനായി പിടിക്കപ്പെട്ട് ആൻഡ്രൂ ജാക്സൻ, അനാഥനായാണു വളർന്നത്. വിദ്യാഭ്യാസം പൂർത്തിയാക്കാതെ കച്ചവടം, കൃഷി, അഭിഭാഷകവൃത്തി എന്നിവയിലേർപ്പെട്ടു. ടെന്നസ്സി ജനപ്രതിനിധിസഭയിലെ അംഗമായിരുന്ന ജാക്സൻ രാഷ്ട്രീയപ്രതിയോഗികളുമായി ദ്വന്ദ്വയുദ്ധംവരെ നടത്തിയിട്ടുണ്ട്. ജഡ്ജിയായും സേവനമനുഷ്ഠിച്ചിരുന്നു. പ്രകൃത്യാ കലാപകാരിയായിരുന്നു ഇദ്ദേഹം.

1812-ൽ ഇന്ത്യന്മാരെ തുരത്താൻ ടെന്നസ്സിയിൽനിന്നയച്ച സൈന്യത്തെ ജാക്സൻ നയിച്ചു. രണ്ടു നിർണായകയുദ്ധങ്ങളിൽ ഇദ്ദേഹം ഇന്ത്യന്മാരെ തോല്പിച്ചു. അക്കൊല്ലം തന്നെ നടന്ന ആംഗ്ലോ-അമേരിക്കൻ യുദ്ധത്തിൽ 16,000 ഇംഗ്ലീഷുഭടന്മാരുമായി ന്യൂഓർലിയൻസിലെത്തിയ സർ എഡ്വാർഡ് പാക്കൻഹാമിനെ തോല്പിച്ചതോടെ ഇദ്ദേഹം അമേരിക്കക്കാരുടെ കണ്ണിലുണ്ണിയായി. 1818-ൽ ഫെഡറൽഗ

വൺമെന്റിന്റെ നിർദേശങ്ങൾ ധിക്കരിച്ച് ഫ്ളോറിഡയിൽ ആക്രമണം നടത്തി. ഫെഡറൽ സെനറ്റിലെ അംഗമായിരുന്നു (1823). അടുത്തവർഷം പ്രസിഡന്റ് സ്ഥാനത്തിനു മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. 1828-ൽ വീണ്ടും ഡെമോക്രാറ്റിക്ക് കക്ഷി സ്ഥാനാർഥിയായി നിന്ന ഇദ്ദേഹം വമ്പിച്ച ഭൂരിപക്ഷത്തോടെ ജയിച്ചു.

1832-ൽ വീണ്ടും പ്രസിഡന്റുസ്ഥാനത്തിനു മത്സരിച്ച ഇദ്ദേഹത്തിനു മുമ്പിലത്തതിനെക്കാൾ കൂടുതൽ വോട്ടുകിട്ടി. വിദേശരാഷ്ട്രങ്ങളോട് ഉറച്ച നിലപാടു സ്വീകരിക്കുക, ശിഥിലീകരണശക്തികളെ നേരിടുവാൻ ഫെഡറൽ ഗവൺമെന്റിന്റെ അധികാരവ്യാപ്തി കൂട്ടുക, ബാങ്ക് ഉടമകൾ മുതലായ മുതലാളിവർഗങ്ങളുടെ സ്വാധീനം നശിപ്പിക്കുക എന്നിവയായിരുന്നു ജാക്സന്റെ നയങ്ങളുടെ മുഖ്യഘടകങ്ങൾ. സ്വന്തം കക്ഷിയിൽപ്പെട്ടവർക്ക് ഉദ്യോഗങ്ങൾ വീതിച്ചുകൊടുക്കുകയെന്ന കീഴ്വഴക്കവും ജാക്സന്റെ കാലത്താണു തുടങ്ങിയത്.

പ്രസിഡന്റിന്റെ അധികാരപരിധി വിസ്തൃതമാക്കി. 'സ്വേച്ഛാധിപതിയായ പ്രസിഡന്റ്', 'ആൻഡ്രൂരാജാവ്' എന്നിങ്ങനെയെല്ലാം ഇദ്ദേഹത്തെ നിന്ദിക്കാറുണ്ടായിരുന്നു.

1836-ൽ രാഷ്ട്രീയരംഗത്തുനിന്നു വിരമിച്ചു. നാഷ്വില്ലിനടുത്തുള്ള 'ഹെർമിറ്റേജ്' എന്ന സ്വകാര്യവസതിയിൽ ഏതാണ്ട് ഏകാകിയായി ബാക്കികാലം കഴിച്ചുകൂട്ടി. 1845 ജൂൺ 8-ന് അന്തരിച്ചു.

ജാഗിർദാരി

ദില്ലിയിലെ ആദ്യകാലസുൽത്താന്മാർ ആവിഷ്കരിച്ച ഒരു പദ്ധതി. ഇതനുസരിച്ച് ഒരുദ്യോഗസ്ഥനു ശമ്പളം കൊടുത്തിരുന്നത് പണമായിട്ടല്ല, പ്രത്യുത ഒരു പ്രത്യേകസ്ഥലത്തെ ഭൂമിയുടെ നികുതി (ജാഗിർ) പിരിക്കാനുള്ള അവകാശമായിട്ടാണ്. ഫ്യൂഡലിസത്തിന്റെ ഒരു വകഭേദമാണിത്. കേന്ദ്രഗവൺമെന്റിന്റെ ശക്തിയും പ്രതാപവും നഷ്ടപ്പെടുമെന്നതാണ് ഇതിന്റെ ന്യൂനത. ഗിയാസുദ്ദീൻ ബൽബൻ ഇതു നിരോധിച്ചു. അലാവുദ്ദീൻ ഖിൽജിയാണ് ഇത് അങ്ങേയറ്റം വേണ്ടന്നുവച്ചത്. എന്നാൽ ഫിറോസ്ഷാ തുഗ്ലക്ക് ഈ പദ്ധതി വീണ്ടും ആവിഷ്കരിച്ച് തുടർന്നുകൊണ്ടു പോയി. ഷേർഷായും അക്ബറും അതിനെ നിരോധിച്ചു. പില്ക്കാലത്തെ മുഗൾചക്രവർത്തിമാർ ഇതു വീണ്ടും നടപ്പിലാക്കി. മുഗൾഭരണം ഇന്ത്യയിൽ അധഃപതിക്കാനുണ്ടായ പ്രധാനകാരണങ്ങളിലൊന്നായിരുന്നു ഇത്.

ജാട്ടുകൾ (Jats)

ഇന്ത്യയിലെയും പാകിസ്താനിലെയും ഒരു ജനവിഭാഗം. പഞ്ചാബ്, രാജസ്ഥാൻ, ഉത്തരപ്രദേശ്, ഹരിയാന എന്നീ ഇന്ത്യൻ സംസ്ഥാനങ്ങളിലും പശ്ചിമപാകിസ്താനിലും നിവസിക്കുന്നു. 1960-ലെ കണക്കനുസരിച്ച് (ഏറ്റവും ഒടുവിലത്തെ ജനസംഖ്യയുടെ കണക്ക് ലഭ്യമല്ല.) ഈ വിഭാഗത്തിൽ ഹിന്ദുക്കളും മുസ്ലിങ്ങളും സിഖ്കാരും ഉണ്ട്. ശിഖരിൽ ജാട്ടുകൾ ഒരു പ്രബലവിഭാഗമാണ്. പശ്ചിമപാകിസ്താനിലെ ജാട്ടുകളിൽ മുസ്ലിങ്ങളാണ് കൂടുതൽ. ഇന്ത്യൻ ജാട്ടുകളിൽ ഹിന്ദുക്കളും സിഖ്കാരും ഏതാണ്ടു തുല്യമാണ്. ബി.സി. 2-ാം ശതകത്തിനും എ.ഡി. 5-ാംശതകത്തിനുമിടയ്ക്കു മധ്യേഷ്യയിൽനിന്ന് ഇന്ത്യയിലേക്കു കടന്നുവന്ന സിതിയന്മാരുടെ ഒരു വിഭാഗമായ ശകരുടെ പിൻഗാമികളാണു ജാട്ടുകളെന്നു പറയപ്പെടുന്നു. ജാട്ടുകൾ പൊതുവേ ചെറുകിടഭൂവുടമകളായ കൃഷിക്കാരാണ്. അവരുടെ സ്ത്രീകളും കൃഷിപ്പണികൾ ചെയ്യുന്നു. പശ്ചിമപാകിസ്താനിലെ ഒരുവിഭാഗം ജാട്ടുകൾ ജിപ്സികളെപ്പോലെ അലഞ്ഞുനടന്നു ചില്ലറ കച്ചവടങ്ങൾ നടത്താറുണ്ട്. സാമാന്യം ദീർഘവും ദൃഢവും ശക്തവുമായ ശരീരത്തോടുകൂടിയ ജാട്ടുകൾ പണ്ടുമുതലേ നല്ല യുദ്ധവീരന്മാരുമാണ്.

എ.ഡി. 8-ാംനൂറ്റാണ്ടിൽ സിന്ധിനെ ആക്രമിച്ച മഹമ്മദ് ഇബ്ൻ കാസിമിന് നാലായിരം ജാട്ടുകളടങ്ങിയ ഒരു പോഷകസേനയെ അദ്ദേഹത്തിന്റെ ശ്വശുരനും ഇറാക്കിലെ ഗവർണറുമായ ഹാജാജി അയച്ചുകൊടുത്തതായി ചരിത്രത്തിൽ പ്രസ്താവമുണ്ട്. അമുസ്ലിങ്ങളോട് അറംഗസീബ് അനുവർത്തിച്ച നയത്തിനെതിരായി ജാട്ടുകൾ 1681-ൽ വലിയൊരു കലാപം നടത്തി. അവർ ഒരു മുഗൾചക്രവർത്തിയുടെ ശവകുടീരം വെട്ടിപ്പൊളിക്കുകയും അതിൽ കണ്ട എല്ലുകൾ വാരി പുറത്തിട്ടു ദഹിപ്പിക്കുകയും ചെയ്തുവത്രെ. 18-ാംനൂറ്റാണ്ടിന്റെ ആദ്യത്തിൽ ചുരമാൻസിങ് എന്നൊരു നേതാവിന്റെ കീഴിൽ ജാട്ടുകൾ സംഘടിക്കുകയും തുൻ എന്ന സ്ഥലത്തു കോട്ടകെട്ടുകയും അവിടം കേന്ദ്രമാക്കിക്കൊണ്ട് ഒരു സ്വതന്ത്രരാജ്യം സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്തു. പക്ഷേ, 1721-ൽ മുഗൾചക്രവർത്തിക്കുവേണ്ടി ജയസിങ് II ചുരമാൻസിങ്ങിനെ തോല്പിച്ചു. തോൽവിയെത്തുടർന്നു ചുരമാൻ ആത്മഹത്യചെയ്തു. പക്ഷേ, അദ്ദേഹത്തിന്റെ സഹോദരപുത്രനായ ബാദൽസിങ് 1756-ൽ ഇന്നത്തെ ആഗ്ര, മഥുര എന്നീ ജില്ലകൾ ഉൾപ്പെട്ട പ്രദേശത്ത് ഒരു സ്വതന്ത്രജാട്ടുരാജ്യം സ്ഥാപിച്ചു. ഇതാണു പിന്നീടു ഭരത്പൂർ ആയിത്തീർന്നത്. ബാദൽസിങ്ങിന്റെ പിൻഗാമിയായ സുരജ്മൽ തന്റെ രാജ്യത്തെ കൂടുതൽ ശക്തിപ്പെടുത്തുകയും വിപുലീകരിക്കുകയുംചെയ്തു. 1805-ൽ ബ്രിട്ടീഷുകാർ ഭരത്പൂർ പിടിച്ചടക്കാൻ ശ്രമിച്ചു. അന്ന് അവരുടെ ശ്രമം വിജയിച്ചില്ലെങ്കിലും 1826-ൽ ഈ രാജ്യം അവർ കൈവശപ്പെടുത്തി. അതോടെ ജാട്ടുരാജ്യം അപ്രത്യക്ഷമായി.

ഉത്തരേന്ത്യയിലെ ഒരു പ്രബലജനവിഭാഗമാണ് ഇവർ. രാഷ്ട്രീയകക്ഷികളിൽ സമ്മർദം ചെലുത്തത്തക്കവണ്ണം ഇവർ സംഘടിച്ചിരിക്കുന്നു. ചെറുകിടകർഷകരാണിവരിൽ അധികവും. ജാട്ടുകളുടെ നേതാവ് എന്ന നിലയിൽ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഉയർന്നുവന്ന ആളാണു ചൗധരി †ചരൺസിങ്.

ജാതകം

ജനനസമയത്തെ ഗ്രഹസ്ഥിതി. (ഗ്രഹങ്ങളുടെ ബലാബലങ്ങൾ, ദശാപഹാരച്ഛിദ്രങ്ങൾ, യോഗങ്ങൾ ഇവയുടെ ഫലങ്ങൾ ഇവയും ജാതകത്തിൽ രേഖപ്പെടുത്താറുണ്ട്.) വരാഹമിഹിരന്റെ ബൃഹജ്ജാതകം ഫലപ്രവചനത്തിനുള്ള പ്രാമാണികഗ്രന്ഥങ്ങളിൽ ഒന്നാണ്. കൃഷ്ണീയം, ജാതകപാരിജാതം മുതലായി വേറെയും ഗ്രന്ഥങ്ങൾ ഫലവചനത്തിനു സഹായകമാണ്.

ഗ്രഹങ്ങളുടെ ഉച്ച-നീച-സ്വക്ഷേത്രസ്ഥിതികൾ, ഗജകേസരി-കേമദ്രുമാദിയോഗങ്ങൾ ഗ്രഹങ്ങളുടെ ബലാബലങ്ങൾ, ബന്ധുശത്രുത്വങ്ങൾ മുതലായവ കണക്കിൽ എടുത്താണു ഫലപ്രവചനം.

ജാതകകഥകൾ

ബൗദ്ധസാഹിത്യത്തിലെ ഒരു വിഭാഗം. പ്രതിപാദ്യം ബുദ്ധന്റെ പൂർവജന്മങ്ങളുമായി ബന്ധപ്പെട്ട കഥകളായതിനാൽ ഈ പേരുണ്ടായി. ബുദ്ധന്റെ ഏതെങ്കിലും ഒരു പൂർവജന്മത്തിൽ നടന്ന സംഭവമായിട്ടാണ് ഓരോ കഥയും ആഖ്യാനംചെയ്തിരിക്കുന്നത്. ഇവയിൽ ബുദ്ധൻ നായകനോ, കേവലമൊരു കഥാപാത്രമോ, ചിലപ്പോൾ നിരീക്ഷകനോ ആണ്.

നാടോടിക്കഥകളും യക്ഷിക്കഥകളുമെല്ലാം ബുദ്ധമതപരമായ കഥകളാക്കി മാറ്റി അവയിലെല്ലാം ബുദ്ധനെ കഥാപാത്രമായി ചിത്രീകരിക്കുകയുംചെയ്തു. ബൗദ്ധന്മാരുടെ പുനർജന്മസിദ്ധാന്തവും കർമസിദ്ധാന്തവും ഏതുകഥയെയും ബുദ്ധമതവുമായി ബന്ധിപ്പിക്കുന്നതിനു സഹായകമായിരുന്നു. ബുദ്ധൻ സിദ്ധാർഥഗൗതമനായി കപിലവസ്തുവിൽ ജനിക്കുന്നതിനു മുൻപ് അദ്ദേഹത്തിന് അനേകജന്മങ്ങൾ കഴിഞ്ഞിരുന്നുവെന്നാണു ബുദ്ധമതവിശ്വാസം. ഓരോ ജന്മത്തിലെയും കർമഫലമനുസരിച്ചു രാജാവായോ മന്ത്രിയായോ കച്ചവടക്കാരനായോ, ചണ്ഡാലനായോ, ഏതെങ്കിലും മൃഗമായോ ജനിച്ചിരുന്നു. ഇതുമൂലം ഏതു നാടോടിക്കഥയേയും ബൗദ്ധകഥയാക്കുന്നതിന് അതിലെ നായകനെയോ മറ്റേതെങ്കിലും കഥാപാത്രത്തെയോ ബുദ്ധനായി സങ്കല്പിച്ചാൽ മാത്രം മതിയായിരുന്നു.

പില്ക്കാലത്തു ജാതകകഥകളായി അറിയപ്പെട്ട പലതും പാലിയിലെ സൂക്തങ്ങളിൽ ബോധിസത്വനുമായി ബന്ധപ്പെടുത്താതെയും പ്രതിപാദിച്ചിട്ടുണ്ട്. ദീർഘനികായത്തിലെ കൂടദന്തസൂക്തം, മഹാസുദർശനസൂക്തം, മദ്ധിമനികായത്തിലെ മഹാദേവസൂക്തം എന്നിങ്ങനെയുള്ള ചില ഗ്രന്ഥങ്ങളിൽ ജാതകകഥകളുടെ രൂപത്തിൽ തന്നെയുള്ള കഥകളുമുണ്ട്. ബുദ്ധമതത്തിലെ വിശുദ്ധഗ്രന്ഥങ്ങളെ ഒമ്പത് അംഗങ്ങളായി വിഭജിച്ചിട്ടുണ്ട്. അവയിൽ ഒരംഗമായി ജാതകകഥകളെ അംഗീകരിച്ചിട്ടുള്ളതിൽനിന്നും ഈ കഥകളുടെ പ്രാധാന്യം ഊഹ്യമാണ്.

ജാതകഗ്രന്ഥങ്ങൾ ഉൾപ്പെടുന്നതു തിപിടകങ്ങളിലൊന്നായ ഖുദ്ദകനികായം എന്ന ഗ്രന്ഥസംഹിതയിലാണ്. ഇതിൽ ഗാഥകളാണുള്ളത്. ഇവയെ ഇരുപത്തിരണ്ട് 'നിപാത'ങ്ങളിലായി വിഭജിച്ചിരിക്കുന്നു. ഈ 'ജാതകഗാഥ' എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടില്ല. ജാതകകഥകളായി ഇന്ന് അറിയപ്പെടുന്നതു മേൽ സൂചിപ്പിച്ച ഗ്രന്ഥത്തിലെ ഗാഥകളുടെ അതിവിസ്തൃതമായ ഗദ്യവ്യാഖ്യാനങ്ങളാണ്. ഇവയിൽ അങ്ങിങ്ങായി ഗാഥകളും ഉണ്ടായിരിക്കും. ഇന്നറിയപ്പെടുന്ന 'ജാതകത്ഥ വന്നനാ' എന്ന ഗ്രന്ഥം 'ജാതകത്ഥകഥാ' എന്ന പ്രാചീന ഗ്രന്ഥത്തെ ബുദ്ധഘോഷൻ എന്ന ബൗദ്ധാചാര്യൻ പരിഷ്കരിച്ച് ഉണ്ടാക്കിയതാണെന്നു കരുതപ്പെടുന്നു. ഇതിൽ 5 ഭാഗങ്ങളുണ്ട്: 1. വർത്തമാനകാലകഥ: ബുദ്ധനെ ജാതകകഥ പറയുന്നതിനു പ്രേരി

പ്പിച്ച സംഭവത്തേയും ഇതിൽ ബന്ധിപ്പിച്ചിരിക്കും. 2. ഭൂതകാലകഥ: ഇതാണു ശരിക്കുള്ള ജാതകകഥ. 3. മേൽപറഞ്ഞ രണ്ടുമായും ബന്ധപ്പെട്ട ഗാഥകൾ. 4. വ്യാകരണപരമായും നിഘണ്ടുശാസ്ത്രപരമായും ഉള്ള അഭിപ്രായം. 5. രണ്ടു ഭൂതകാലകഥയിലെ കഥാപാത്രങ്ങളെ ബുദ്ധൻെറ കാലത്തെ അവയുടെ പുനർജന്മങ്ങളുമായി ബന്ധിപ്പിക്കുന്ന 'സമോധാന'.

ഭാരതത്തിലെ കഥാസാഹിത്യത്തെ സംബന്ധിച്ചിടത്തോളം ജാതകകഥകൾക്കു വളരെ പ്രാധാന്യമുണ്ട്. പല ജാതകകഥകളോടും തുല്യമായ കഥകൾ പഞ്ചതന്ത്രം, കഥാസരിത്സാഗരം, മഹാഭാരതം, രാമായണം, ജൈനസാഹിത്യം എന്നിവയിൽ കാണുന്നുണ്ട്. പാശ്ചാത്യകഥകളോടു തുല്യമായ കഥകളും ജാതകകഥകളിലുണ്ട്. സുപ്രസിദ്ധമായ സോളമൻെറ നീതിപോലുള്ള ഒരു കഥ മഹാ-ഉമ്മഗ്ഗ-ജാതകത്തിലുണ്ട്. ജാതകകഥകൾ പ്രാചീനഭാരതീയരുടെ ജീവിതരീതികളിലേക്കും ആചാര്യമര്യാദകളിലേക്കും വെളിച്ചം വീശുന്നു. ഇതാണ് അവയുടെ ചരിത്രപ്രാധാന്യം.

ജാതകർമം

ബ്രാഹ്മണരുടെ ഷോഡശസംസ്കാരങ്ങളിൽ ഒന്ന്. കുട്ടി ജാതനായ ഉടനെ ചെയ്യുന്ന കർമം ആകയാൽ ജാതകർമം എന്ന് ഈ വൈദികച്ചടങ്ങിനു പേരു വന്നു. 'പൊന്നും തേനും കൊടുക്കുക' എന്നാണു മലയാളികൾ പറയാറുള്ളത്. പിതാവു സൂതികർമിണിക്കു പുരസ്കാരം നല്കിയശേഷം അമ്മ കുളിപ്പിച്ചു കുഞ്ഞിനെ വാങ്ങുന്നു. പൊന്നും വയമ്പും അരച്ചതിൽ നെയ്യും തേനും ചേർത്തു കുഞ്ഞിൻെറ നാക്കിൽ തേച്ചു കൊടുക്കുന്നു. അതിനുമുമ്പ് എല്ലാ സംസ്കാരങ്ങൾക്കും അനിവാര്യമായ നാന്ദീമുഖാദികൾ ചെയ്തിരിക്കും. എന്നിട്ടു കുഞ്ഞിനെ ആശീർവദിച്ച് അമ്മയെ ഏല്പിക്കുന്നു.

ഈ ചടങ്ങ് ഇന്നു പലരും ചെയ്യാറില്ല. ശാരീരികവും മാനസികവുമായ ആരോഗ്യത്തിനും വളർച്ചയ്ക്കും പൊന്നും തേനും വയമ്പും ഉതകുമെന്നാണു ആയുർവേദഭിഷഗ്വരന്മാരുടെ മതം. ശരീര ബുദ്ധികളുടെ വളർച്ചയ്ക്കുവേണ്ടി സൃഷ്ടിച്ച ഈ കർമത്തിനു പില്ക്കാലത്ത് ഒരു വൈദികപരിവേഷം നല്കിയതായിരിക്കാൻ ഇടയുണ്ട്.

ജാതി (nutmeg)

ഒരു സുഗന്ധവ്യഞ്ജന സസ്യം. മിരിസ്റ്റിക്കേസീകുലത്തിൽ ഉൾപ്പെടുന്നു. ശാസ്ത്രനാമം: *മിരിസ്റ്റിക്ക ഫ്രാഗ്രൻസ്.*

ആവാസവും വിതരണവും. മലാക്കയാണു ജാതിയുടെ നാടെന്നു കരുതുന്നു. ഇപ്പോൾ മിക്ക ഉഷ്ണമേഖലാരാജ്യങ്ങളിലും കൃഷി ചെയ്യുന്നുണ്ട്. കേരളത്തിൽ നീർവാർച്ചയുള്ള പ്രദേശങ്ങളിലെല്ലാം ജാതി കൃഷിചെയ്യുന്നു.

രൂപവിവരണം. ഏകദേശം 20 മീ. വരെ ഉയരത്തിൽ ശാഖോപശാഖകളോടുകൂടി വളരുന്ന നിത്യഹരിതവൃക്ഷമാണു ജാതി. തടിക്കു സാമാന്യം കട്ടിയുണ്ട്. സാധാരണ നേരെ മുകളിലേക്കു വളരുന്നു. തൊലിക്കു ചാരനിറം കലർന്ന പച്ചനിറമാണ്. ഇലകൾ ഇരുണ്ട പച്ചനിറമുള്ളതും ദീർഘവൃത്താകാരവും ആണ്; ശരാശരി 10 സെ.മീ. നീളവും 5. സെ.മീ. വീതിയും ഉണ്ടാകും. ആൺമരങ്ങളും പെൺമരങ്ങളും പ്രത്യേകമുണ്ട്. അപൂർവമായി ഒരേ മരത്തിൽ തന്നെ ആൺപൂക്കളും പെൺപൂക്കളും ഉണ്ടാകാറുണ്ട്. ആൺപൂക്കളിൽ മധ്യഭാഗത്തായി ധാരാളം കേസരങ്ങൾ കാണാം. പെൺപൂക്കൾ ആൺപൂക്കളെക്കാൾ വലുതാണ്.

ജാതിക്ക. പാകമെത്തിയ ജാതിക്കായ്ക്ക് ഒരു ചെറുനാരങ്ങയോളം വലിപ്പം കാണും. ഇളം മഞ്ഞനിറത്തിലുള്ള കായുടെ മധ്യഭാഗത്തായി ഒരു വരിപ്പുണ്ട്. വിളഞ്ഞു പാകമാകുമ്പോൾ വരിപ്പുള്ള ഭാഗത്തുകൂടി കായ് പൊട്ടിപ്പിളരുന്നു. അങ്ങനെ വിളഞ്ഞുപൊട്ടിയ കായ്ക്കകത്തു കാണുന്നതു കറുത്ത നിറമുള്ള വിത്തും (ഇതിനെയും ജാതിക്ക എന്നുതന്നെ വിളിക്കുന്നു.) അതിനു പുറമെയുള്ള ജാതിപത്രിയും ആണ്.



ജാതി

(*മിരിസ്റ്റിക്ക മലബാറിക്ക* എന്ന സ്പീഷീസിൽപ്പെട്ട കാട്ടുമരത്തിൻെറ വിത്തും ഏതാണ്ടു ജാതിക്കപോലിരിക്കും; പക്ഷേ, അതിനു സുഗന്ധമില്ല.) ജാതിവിത്തിൻെറ തോടിനു നല്ല കടുപ്പമുണ്ട്. ജാതിക്കയുടെ ഏറ്റവും വിലകൂടിയ ഭാഗം ജാതിപത്രിയാണ്. ഏതാണ്ട് ഒരു വലപോലെയാണ് ഇത്. വിത്തിൻെറ പുറന്തോടിൻെറ ചുവട്ടിൽ നിന്നു നാലുവശത്തേക്കു വളർന്നു വിത്തിനോട് ഒട്ടിച്ചേർന്നു വലയം ചെയ്തു സൂക്ഷിക്കുന്നു. പത്രിയിലുള്ള പെൻേറാസാൻസ്, ഫർഫുറാൾ പെക്റ്റിൻ എന്നിവ അടങ്ങിയ എണ്ണയാണ് അതിൻെറ ഗന്ധത്തിനു കാരണം.

ഔഷധഗുണം. ആയുർവേദ വിധിപ്രകാരം ഉദരസംബന്ധമായ രോഗങ്ങൾ, ഉറക്കമില്ലായ്മ, വേദന എന്നിവ ശമിക്കാൻ ജാതിക്കായും ജാതിപത്രിയും വിശിഷ്ടമായി കരുതുന്നു. ഉപയോഗത്തെ അധികരിച്ച് ആയുർവേദം ഇതിനെ അതിസാരോപഹതഗണത്തിൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ജാതിക്ക ദഹനശക്തി വർധിപ്പിക്കുന്നു; പക്ഷേ, മലബന്ധം ഉണ്ടാക്കുന്നു.

കൃഷി. വിത്താണു പുനരുത്പാദനത്തിന് ഉപയോഗിക്കുന്നത്. ഒരുവർഷം പ്രായമാകുമ്പോൾ തൈകൾ നേഴ്സറിയിൽനിന്നു പറിച്ചു തോട്ടത്തിൽ നടാം. വളർന്നു പൂവിട്ടു കഴിയുമ്പോൾ മാത്രമേ ആൺ പെൺചെടികളെ തിരിച്ചറിയാൻ കഴിയൂ. ആൺചെടികളാണെന്നു കണ്ടാൽ അതു പറിച്ചുകളഞ്ഞു പുതിയ തൈ നടേണ്ടിവരും. പത്തു പെൺജാതിമരമുള്ള ഒരു തോട്ടത്തിൽ ഒരു ആൺമരം മതിയാകും. ആൺമരത്തിൽ പെൺസസ്യം ഗ്രാഫ്റ്റ്ചെയ്തു വളർത്താം.

ഡിസംബർ - മെയ് മാസങ്ങളിൽ ആണു കായ് വിളയുന്നത്.

ജാതി

സമാനസവിശേഷതയുള്ള വ്യക്തികളുടെ സമൂഹം. അന്ധന്മാർ, ബാലന്മാർ, പശുക്കൾ, തെങ്ങുകൾ, പേനകൾ ഇവയെല്ലാം ജാതികളാണ്. ഗോവ് വ്യക്തിയാണ്; ഗോത്വം ജാതിയും. താർക്കികന്മാരുടെ സാമാന്യം ആണു മീമാംസകരുടെ ജാതി.

പ്രഭാകരമിശ്രൻെറ മതത്തിൽ ജാതി യഥാർഥവും വ്യക്തിഭിന്നവും ഇന്ദ്രിയഗ്രാഹ്യവുമാണ്.

> "ജാതിരാശ്രയതോ ഭിന്നാ
> പ്രത്യക്ഷ ജ്ഞാനഗോചരാ"

എന്നാണു പ്രഭാകരൻ പറയുന്നത്. ഭട്ടമതത്തിൽ ജാതി വ്യക്തിഭിന്നമല്ല. എന്നാൽ ജാതി ഇന്ദ്രിയഗ്രാഹ്യം ആണെന്നു കുമാരിലഭട്ടനും പറയുന്നു.

ജാതിയുടെ ആശ്രയം ദ്രവ്യമാണ്. ദ്രവ്യത്തിൻെറ അസ്തിത്വം നിഷേധിക്കുന്ന ആശയവാദികളായ (Idealists) ബൗദ്ധർ ജാതിയെയും നിഷേധിക്കുന്നു. ജാതി ഓരോ വ്യക്തിയിലും പൂർണമായുണ്ടെങ്കിൽ വ്യക്തികളോളം ജാതി ഉണ്ടെന്നു വരും. എല്ലാ വ്യക്തികളിലും കൂടിയാണു ജാതി ഉള്ളതെന്നു പറഞ്ഞാൽ എല്ലാ വ്യക്തികളെയും അറിഞ്ഞാലെ ജാതിയെ അറിയാൻ കഴിയൂ. അതു സാധ്യവുമല്ല. ഈ വാദത്തിനു പ്രഭാകരനു മറുപടി ഉണ്ട്. ഗോത്വം ജാതിയാണ്. അതു നമുക്കറിയാം. അറിഞ്ഞുകൂടെങ്കിൽ പുതുതായൊരു ഗോവിനെക്കണ്ടാൽ ഗോവാണ് എന്ന് അറിയാൻ കഴിയില്ല.

ജാതി സ്വഭാവം നിത്യമാണ്. ഒരു വ്യക്തി (ഗോവ്) നശിച്ചാൽ ജാതി (ഗോത്വം) നശിക്കില്ല. ഓരോ ഗോവിലും ഗോത്വം ഉള്ളതുകൊണ്ടു ഗോത്വം ഒന്നിലധികം ഉണ്ടെന്നു വരില്ല. അനേകം കാക്കകൾ കറുത്തതായതുകൊണ്ട് അനേകം കറുപ്പുകൾ ഉണ്ടെന്നു വരില്ല. വ്യക്തി ഇല്ലാതെ ജാതിയെ കാണാൻ കഴികയില്ല. ഗോവിനെ കാണുമ്പോഴേ ഗോത്വവും കാണാൻ കഴിയൂ.

ബ്രാഹ്മണത്വം ജാതിയല്ല. അതു സാങ്കല്പികമാണ്. ബ്രാഹ്മണത്വം ഇന്ദ്രിയഗോചരമല്ല. സത്തയ്ക്കുമാത്രം അസ്തിത്വം കല്പിക്കുന്ന വേദാന്തിയും ജാതിയെ അവഗണിക്കുന്നു.

ജാതി

†ജാതിവ്യവസ്ഥ നോക്കുക.

ജാതിവിരുദ്ധപ്രസ്ഥാനം, കൊച്ചിയിൽ

കൊച്ചിയിലെ ഫ്യൂഡൽ സാമൂഹികജാതിവ്യവസ്ഥകൾക്കെതിരായി നടന്ന ആദ്യത്തെ പ്രതിഷേധപ്രസ്ഥാനം. ശ്രീനാരായണസന്ദേശത്തെ അടിസ്ഥാനപ്പെടുത്തിയുണ്ടായ പ്രവർത്തനങ്ങളിലൂടെയാണു രൂപപ്പെട്ടത്. കൊച്ചിയിൽ ഈഴവരുടെയിടയിൽ ആദ്യമായി ഒരു സംഘടന രൂപംകൊള്ളുന്നത് 1916-ലാണ്.

ഒരു സാമൂഹികപരിഷ്കർത്താവ് എന്ന നിലയിൽ അപ്പോഴെക്കും അറിയപ്പെട്ടുകഴിഞ്ഞിരുന്ന സി. കൃഷ്ണൻ വക്കീലിന്റെ അധ്യക്ഷതയിൽ 1916-ൽ (1091 മേടം 2) തൃശൂരിൽ കൂടിയ ഒരു യോഗത്തിൽ കൊച്ചി ഈഴവസമാജം എന്ന സംഘടന രൂപവത്കരിച്ചു. ഈ സംഘടനയുടെ ആദ്യത്തെ പ്രസിഡണ്ട് ശ്രീനാരായണസ്വാമികളുടെ ശിഷ്യനായ ബോധാനന്ദസ്വാമികളായിരുന്നു. പിന്നീട് ഈഴവസമാജം എസ്.എൻ.ഡി.പി. യോഗമായി രൂപാന്തരപ്പെട്ടു. ബോധാനന്ദസ്വാമികൾ ഈ സംഘടനയുടെ നേതൃത്വം വഹിച്ചുകൊണ്ട് ഈഴവരുടെ ഇടയിൽ ആത്മാഭിമാനവും, ആത്മവിശ്വാസവും ഉണ്ടാക്കുന്നതിനുവേണ്ടി അനവരതം പ്രവർത്തിച്ചു. ക്ഷേത്രങ്ങളിൽ മാത്രമല്ല പൊതുനിരത്തുകളിൽപ്പോലും സവർണസമുദായത്തിൽപ്പെട്ടവരോടൊപ്പം സഞ്ചരിക്കാനുള്ള അവകാശം അവർക്കു നിഷേധിക്കപ്പെട്ടിരുന്നു.

സ്കൂളുകളിൽ സവർണസമുദായത്തിൽപ്പെട്ട വിദ്യാർഥികളുമായി ഇടകലർന്നിരിക്കാൻ പിന്നോക്കസമുദായങ്ങളിൽപ്പെട്ട കുട്ടികളെ അനുവദിച്ചിരുന്നില്ല. പഠിച്ചു ബിരുദം നേടിയ പിന്നോക്കസമുദായക്കാർക്കു ഗവൺമെന്റ് സർവീസിൽ പ്രവേശനം നല്കിയിരുന്നില്ല. അവർക്കു ഗവൺമെന്റ്സർവീസിൽ പ്രവേശനം ആദ്യമായി അനുവദിച്ചത് ദിവാൻ പി. രാജഗോപാലാചാരിയുടെ കാലത്താണ്. 1919-ൽ ടി. വിജയരാഘവാചാരി കൊച്ചി ദിവാനായി നിയമിക്കപ്പെട്ടപ്പോൾ പിന്നോക്കസമുദായങ്ങൾക്കു ചില ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ടുള്ള ഭരണപരിഷ്കാരങ്ങൾ ഏർപ്പെടുത്തി.

ശ്രീനാരായണന്റെ സന്ദേശത്തിൽനിന്നു പ്രചോദനം ഉൾക്കൊണ്ട് കൊച്ചിയിൽ ജാതിക്കെതിരായ സമരത്തിന്റെ നേതൃത്വമെടുത്ത് കെ. അയ്യപ്പൻ രംഗത്തുവന്നു. 1917-ൽ സ്വന്തം ജന്മസ്ഥലമായ ചെറായിയിൽവച്ചു മിശ്രഭോജനപ്രസ്ഥാനം ഉദ്ഘാടനംചെയ്തുകൊണ്ടു ജാതിവിരുദ്ധപ്രസ്ഥാനം ആരംഭിച്ചു. അയ്യപ്പന്റെ പ്രവൃത്തികൾ സവർണരിലും മറ്റും എതിർപ്പുളവാക്കി. ജാതിക്കും അനാചാരങ്ങൾക്കുമെതിരായി ജനങ്ങളിൽ യുക്തിചിന്ത വളർത്തുകയെന്ന ലക്ഷ്യത്തോടുകൂടി 'സഹോദരൻ' എന്ന വാരികയും അദ്ദേഹം ആരംഭിച്ചു.

എസ്.എൻ.ഡി.പി.യുടെ നേതൃത്വത്തിൽ കൊച്ചിയിൽ നടന്ന ദീർഘകാലത്തെ പ്രവർത്തനത്തിന്റെ ഫലമായി പിന്നോക്കസമുദായങ്ങൾക്കു ഗവൺമെന്റിൽനിന്നു പല ആനുകൂല്യങ്ങളും ലഭിച്ചു. 1936-ൽ തിരുവിതാംകൂർ മഹാരാജാവ് ക്ഷേത്രപ്രവേശനവിളംബരം പ്രഖ്യാപിച്ചതോടുകൂടി കൊച്ചിയിലും ക്ഷേത്രപ്രവേശനത്തിനുവേണ്ടിയുള്ള പ്രക്ഷോഭണത്തിനു ശക്തികൂടി. നയതന്ത്രജ്ഞനായ ദിവാൻ ഷൺമുഖംചെട്ടി പിന്നോക്കസമുദായങ്ങളുടെ നേതാക്കളെ സ്വാധീനിച്ചു ക്ഷേത്രപ്രവേശനത്തിനുവേണ്ടിയുള്ള പ്രക്ഷോഭണങ്ങളിൽനിന്ന് അവരെ പിന്തിരിപ്പിക്കുകയും സർവീസിൽ പിന്നോക്കസമുദായങ്ങൾക്കു പ്രാതിനിധ്യം വർധിപ്പിക്കുകയും ചെയ്തു.

കെ. അയ്യപ്പൻ

ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിക്കുന്നതുവരെ കൊച്ചി എസ്.എൻ.ഡി.പി. നേതൃത്വം ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളെ പൊതുവെ എതിർക്കുന്ന ഒരു നിലപാടാണു സ്വീകരിച്ചത്. ദേശീയപ്രസ്ഥാനത്തോടു ഡോ: അംബേഡ്കർ അഖിലേന്ത്യാതലത്തിൽ സ്വീകരിച്ച അതേ നയമാണു കൊച്ചിയിൽ അയ്യപ്പന്റെ നേതൃത്വത്തിൽ എസ്.എൻ.ഡി.പി.യും മറ്റു പിന്നോക്കസമുദായസംഘടനകളും കൈക്കൊണ്ടത്.

സാധാരണക്കാരിലെ വിപ്ലവശക്തികൾ. പിന്നോക്കസമുദായങ്ങളുടെ ഇടയിൽ അയ്യപ്പന്റെ മിതവാദിനയങ്ങൾക്കെതിരായി ഒരു തീവ്രവാദിവിഭാഗം പിന്നീടു വളർന്നുവന്നു. ഈ വിഭാഗം ദേശീയസ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതുന്ന ശക്തികളോടും തൊഴിലാളി-കർഷകബഹുജനസംഘടനകളോടും എസ്.എൻ.ഡി.പി. സഹകരിച്ചു പ്രവർത്തിക്കണമെന്നു ശക്തിയായി വാദിച്ചു.

ക്ഷേത്രപ്രവേശനത്തിനുവേണ്ടി പ്രത്യക്ഷസമരം ആരംഭിക്കണമെന്ന് ഇവർ ആവശ്യപ്പെട്ടു. എന്നാൽ എസ്.എൻ.ഡി.പി.യുടെ നേതൃത്വം ഗവൺമെന്റിനെതിരായ പ്രത്യക്ഷസമരപരിപാടികൾക്ക് അനുകൂലമായിരുന്നില്ല. ഇതിനെത്തുടർന്ന് എസ്.എൻ.ഡി.പി.യിലെയും മറ്റു പിന്നോക്കസമുദായസംഘടനകളിലെയും തീവ്രവാദിവിഭാഗങ്ങൾ നേതൃത്വമെടുത്തു ക്ഷേത്രപ്രവേശനത്തിനും സഞ്ചാരസ്വാതന്ത്ര്യത്തിനും മറ്റും വേണ്ടിയുള്ള സമരപരിപാടികൾ ആവിഷ്കരിച്ചു.

വഴിനടക്കാനും പൊതുകുളങ്ങളിൽ പിന്നോക്കസമുദായങ്ങളിൽപ്പെട്ടവർക്കു കുളിക്കാനുള്ള അവകാശത്തിനുംവേണ്ടി സമരം തുടങ്ങി. ചേന്ദമംഗലത്തു പാലിയംക്ഷേത്രനടയ്ക്കലുള്ള റോഡിൽക്കൂടി സഞ്ചരിക്കാൻ സവർണർക്കും ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ തുടങ്ങിയവർക്കുമെല്ലാം അവകാശമുണ്ടായിരുന്നുവെങ്കിലും ഹിന്ദുക്കളിൽ ഈഴവർ, ഹരിജനങ്ങൾ തുടങ്ങിയ പിന്നോക്കവിഭാഗങ്ങൾക്കു സ്വാതന്ത്ര്യമില്ലായിരുന്നു. അതുപോലെ ഇരിങ്ങാലക്കുട കൂടൽമാണിക്യംക്ഷേത്രത്തിന്റെ സമീപത്തുള്ള റോഡിൽ ഹിന്ദുക്കളിലെ പിന്നോക്കസമുദായങ്ങൾക്കു നടക്കാൻ അനുവാദമുണ്ടായിരുന്നില്ല. ഇന്ത്യ സ്വാതന്ത്ര്യം നേടിയതിനുശേഷം ഇതുകൊണ്ടാണു ക്ഷേത്രപ്രവേശനത്തിനുവേണ്ടി സമരം നടത്താൻ വലിയൊരു വിഭാഗം ജനങ്ങൾ തയാറായത്. എസ്.എൻ.ഡി.പി., പുലയമഹാസഭ തുടങ്ങിയ പിന്നോക്കസമുദായസംഘടനകളിലെ ഇടതുപക്ഷവിഭാഗങ്ങളും കമ്യൂണിസ്റ്റ്പാർട്ടിയും ചേർന്നുകൊണ്ടാണ് ഈ സമരത്തിനു നേതൃത്വം നല്കിയത്. കോൺഗ്രസ്സുകാരും ഇതിന്റെ മുമ്പിലുണ്ടായിരുന്നു. 1947 ഡിസംബറിൽ പാലിയം സത്യഗ്രഹസമരം ഉദ്ഘാടനം ചെയ്തത് തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ നേതാവ് സി. കേശവനായിരുന്നു. സത്യഗ്രഹം വളരെ ദിവസം നീണ്ടുനിന്നു. സമരസമിതിയുടെ നേതൃത്വത്തിൽ സന്നദ്ധഭടന്മാർ നിരോധനം ലംഘിച്ചു പാലിയംനടയിൽക്കൂടി വഴിനടക്കുകയെന്ന രൂപത്തിലാണു സമരം ആരംഭിച്ചത്. കൊച്ചിയുടെ വിവിധഭാഗങ്ങളിൽനിന്നു നൂറുകണക്കിനു യുവവാളണ്ടിയർമാർ ആ സമരത്തിൽ പങ്കെടുത്തു. വാളണ്ടിയർമാരെയെല്ലാം പോലീസ് അറസ്റ്റു ചെയ്യുകയും അവരെ റോഡിൽവച്ചും ലോക്കപ്പിലിട്ടും കഠിനമായി മർദിക്കുകയും ചെയ്തു. 1948 ഫെബ്രുവരി 10-ാംതീയതി ഈ സമരത്തിൽ പങ്കെടുക്കുന്നതിന് അഴീക്കൽനിന്ന് ഒരു വലിയജാഥ എ.ജി. വേലായുധന്റെ നേതൃത്വത്തിൽ പുറപ്പെട്ടു. വൈപ്പിൻകര പറൂർവഴി ചേന്ദമംഗലത്തേക്കു പ്രവേശിച്ചു. ആ ജാഥയെ വലിയൊരുസംഘം സായുധപോലീസ് നേരിട്ടു. ജാഥയുടെ നേതാവായിരുന്ന എ.ജി. വേലായുധൻ പോലീസിന്റെ മർദനമേറ്റ് പാലിയം റോഡിൽ വീണു മൃതിയടഞ്ഞു.

ഇരിങ്ങാലക്കുട കുട്ടൻകുളംറോഡിൽക്കൂടി എല്ലാവർക്കും നടക്കാനുള്ള അവകാശം സ്ഥാപിക്കുന്നതിനുവേണ്ടി 1946-ൽ സമരം സംഘടിപ്പിച്ചു നിരോധനം ലംഘിച്ച് ഒരു ഘോഷയാത്രയായി ആ വഴിയിൽക്കൂടി പോകാൻ അവർ ശ്രമിച്ചു. നേതാക്കന്മാരെ പോലീസ് അറസ്റ്റുചെയ്യുകയും ജനക്കൂട്ടത്തിനുനേരെ ചൂരൽപ്രയോഗം നടത്തുകയും ചെയ്തു. ഇതോടൊപ്പം സവർണർമാത്രം ഉപയോഗിക്കുന്ന പൊതുകുളങ്ങളിലിറങ്ങി കുളിക്കുകയെന്ന സമരപരിപാടിയും പല ഭാഗങ്ങളിലും ആ കാലഘട്ടത്തിൽ ആരംഭിച്ചു. അവിടെയെല്ലാം പോലീസ് ഇടപെടുകയും സമരത്തിൽ പങ്കെടുത്തവരെ അറസ്റ്റുചെയ്തു മർദിക്കുകയും ചെയ്യുകയെന്നതു സാധാരണ സംഭവമായിത്തീർന്നു.

കൊച്ചിയിൽ പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ നടന്ന ആദ്യത്തെ തിരഞ്ഞെടുപ്പിനെത്തുടർന്ന് 1948-ൽ അധി

കാരത്തിൽവന്ന പ്രജാമണ്ഡലം മന്ത്രിസഭയുടെ ഉപദേശമനുസരിച്ച് എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം അനുവദിച്ചുകൊണ്ടു കൊച്ചി മഹാരാജാവ് വിളംബരം പുറപ്പെടുവിച്ചതോടുകൂടിയാണ് ഈ സമരങ്ങൾ അവസാനിച്ചത്. † കൊച്ചി രാജ്യം നോക്കുക.

ഇ. ഗോപാലകൃഷ്ണമേനോൻ

ജാതിവ്യവസ്ഥ

മനുഷ്യരെ പാരമ്പര്യം, തൊഴിൽ, ആചാരം, വേഷം, ഭക്ഷണം, വിവാഹം മുതലായവയുടെ അടിസ്ഥാനത്തിൽ പല വിഭാഗങ്ങളായി ഗണിക്കുന്ന സമ്പ്രദായം. ഋഗ്വേദത്തിൽ പരാമർശിക്കുന്ന ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നീ വർണങ്ങൾ ജാതിയുടെ പൂർവരൂപമായി ഗണിക്കുന്നു. ഇന്നു ജാതി ജനനത്തെ മാത്രം അടിസ്ഥാനപ്പെടുത്തി ഉള്ളതായിരിക്കുന്നു. ആചാരങ്ങളും വിവാഹബന്ധങ്ങളും കുറെയൊക്കെ ഇന്നും ജാതിയോടു ബന്ധപ്പെട്ടു നില്ക്കുന്നു. തൊഴിൽ, വേഷം, ഭക്ഷണം ഈ രംഗങ്ങളിൽ ജാതിഭേദം മിക്കവാറും മാഞ്ഞുപോയിരിക്കുന്നു. എന്നാൽ ഇന്നും നാട്ടിൻപുറങ്ങളിൽ മരപ്പണി, സ്വർണപ്പണി, കള്ളുചെത്ത്, ക്ഷൗരം, അലക്ക്, കൊയ്ത്ത്, മെതി മുതലായ പല തൊഴിലുകളും ചില പ്രത്യേക ജാതികളുമായി ബന്ധപ്പെട്ടിരിക്കുന്നു. ക്ഷേത്രങ്ങളിലെ പൂജ ബ്രാഹ്മണന്റെയും കഴകം അമ്പലവാസിയുടെയും വാദ്യവാദനം മാരാന്റെയും ജോലിയായിത്തന്നെ തുടരുന്നു.

ജാതിയെ ഹിന്ദുമതവുമായിട്ടാണു സാധാരണമായി ബന്ധിച്ചു കാണുന്നത്. എന്നാൽ ക്രിസ്ത്യാനികളുടെയും മുഹമ്മദീയരുടെയും ഇടയിൽ വിഭാഗീയചിന്തയും ഉച്ചനീചത്വവും ആചാരഭേദവും നിലനില്ക്കുന്നു. സ്വന്തം വിഭാഗത്തിൽനിന്നേ സാധാരണഗതിയിൽ വിവാഹം നടക്കുന്നുള്ളു. ജൂതർ, സിക്കുകാർ ഇവരുടെ ഇടയിലും ഉണ്ട് ജാതിഭേദം. നിറഭേദം (വെളുമ്പർ, കറുമ്പർ എന്ന ഭേദം) ജൂതന്മാരുടെ ഇടയിൽ ജാതിഭേദത്തിനു കാരണമാണ്. വർണവിവേചനമാണ് ഒരളവുവരെ ജാതിഭേദത്തിന്റെ പിന്നിലുള്ളത് എന്ന് ഇതു കാണിക്കുന്നു. ദക്ഷിണാഫ്രിക്കയിലെ വർണവിവേചനസമ്പ്രദായത്തിൽ വെള്ളക്കാർ മേലേക്കിടക്കാരും കറുത്തവർ താഴേക്കിടക്കാരുമായി ഗണിക്കപ്പെട്ടിരുന്നു. പ്രാചീന ഇന്ത്യയിലും വെളുത്തവരായ ആര്യന്മാരുടെ ഇടയിൽ ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യന്മാർ എന്നീ 'ദ്വിജന്മാർ' മാത്രമേ ഉണ്ടായിരുന്നുള്ളു. യുദ്ധത്തിൽ പരാജിതരായ കൃഷ്ണവർഗക്കാരെ ആണു ദാസന്മാരും ശൂദ്രരുമായി ഗണിച്ചത്.

ജാതിയുടെ അടിസ്ഥാനം. ജയപരാജയങ്ങളും തൊലിയുടെ നിറവും ജാതിഭേദം സൃഷ്ടിച്ചതായി മുകളിൽ പറഞ്ഞു. മാതാവിന്റെ ജാതി ശിശുവിന്റെ ജാതി നിശ്ചയിക്കുന്ന ഘടകമായിരുന്നു. സങ്കരവിവാഹം അവാന്തരജാതികളെ സൃഷ്ടിച്ചിരുന്നു. ഓരോ ജാതിക്കും പ്രത്യേകം ആചാരങ്ങളും ഭക്ഷണസമ്പ്രദായവും തൊഴിലുകളും വേഷഭൂഷകളും ഉണ്ടായിരുന്നു എന്നല്ലാതെ അവയല്ല ജാതി സൃഷ്ടിച്ചത്. ബ്രാഹ്മണർക്കും ക്ഷത്രിയർക്കും വൈശ്യർക്കും വേഷാചാരങ്ങളിൽ വ്യത്യാസമില്ല, തൊഴിലിലേ വ്യത്യാസമുള്ളു.

ജാതിയും തൊഴിലും. അധ്യയനം, അധ്യാപനം, യജനം, യാജനം(യാഗം കഴിപ്പിക്കൽ), ദാനം, പ്രതിഗ്രഹം(സ്വീകരിക്കൽ) ഇവ ആയിരുന്നു ബ്രാഹ്മണവൃത്തികൾ. ഇവയിൽ അധ്യയന-യജന-ദാനങ്ങളും പ്രജാരക്ഷണം, യുദ്ധം, ഇവയുമായിരുന്നു ക്ഷത്രിയവൃത്തികൾ. കൃഷി, ഗോരക്ഷ, വാണിജ്യം ഇവയായിരുന്നു വൈശ്യന്റെ തൊഴിലുകൾ. ശൂദ്രൻ മറ്റു മൂന്നു വർണത്തെ പരിചരിച്ചിരുന്നു. മരപ്പണി, കൽപ്പണി, ലോഹപ്പണി, നായാട്ട്, മൺപാത്രനിർമാണം, ചെരിപ്പ് ഉണ്ടാക്കൽ, ക്ഷൗരം, അലക്ക്, മദ്യനിർമാണം, തേരുണ്ടാക്കൽ, തേരുതെളിക്കൽ മുതലായ അനേകം തൊഴിലുകൾ ചെയ്യുന്ന അനേകം ജാതികൾ ഉണ്ടായിരുന്നു. ഇവരെല്ലാം ചാതുർവർണ്യത്തിനുപുറത്തു പഞ്ചമന്മാർ ആയിരുന്നു. സങ്കരജാതികളും പ്രത്യേക തൊഴിലുമായി ബന്ധപ്പെട്ടിരുന്നു.

ജാതികാർക്കശ്യം. ആദ്യകാലത്തു സ്വാഭീഷ്ടം അനുസരിച്ചു തൊഴിലും ആചാരങ്ങളും മാറി സ്വീകരിച്ച് ആർക്കും ഏതു ജാതിയിലും അംഗത്വം സ്വീകരിക്കാമായിരുന്നു. ക്ഷത്രിയനായ വിശ്വാമിത്രൻ ബ്രാഹ്മണനായി മാറി. ദ്രോണർ, കൃപർ, അശ്വത്ഥാമാവ് എന്നീ ബ്രാഹ്മണർ ക്ഷത്രിയവൃത്തി സ്വീകരിച്ചു എന്നിങ്ങനെ ഇതിഹാസങ്ങളിൽ കാണുന്നു. ദാസീപുത്രനായ സത്യകാമജാബാലിയെ ഗുരു ബ്രാഹ്മണനായി അംഗീകരിക്കാൻ സത്യസന്ധത മാത്രമായിരുന്നു കാരണം. പില്കാലത്താണു ജാതി ജനനമാത്രാധിഷ്ഠിതമായത്. അതോടുകൂടിയാണ് അസ്പൃശ്യതയും ഉച്ചനീചത്വവും ജാതിക്കുള്ളിൽ കടന്നുകൂടിയത്. തൊഴിൽ പാരമ്പര്യവഴിക്ക് ആയിരുന്നപ്പോൾ തൊഴിലിൽ പ്രാവീണ്യംനേടാൻ വ്യക്തികൾക്കു കുട്ടിക്കാലത്തുതന്നെ കഴിഞ്ഞിരുന്നു.

ജാതിയും മതപരിവർത്തനവും. ക്രിസ്തുമതത്തിലും ഇസ്ലാം മതത്തിലും ചേർന്ന ഹിന്ദുക്കൾ അവരുടെ ജാതിയും ഉച്ചനീചത്വചിന്തയും കൈവിടാതിരുന്നതാണ് ഒരളവുവരെ ആ മതങ്ങളിലും ജാതികൾ ഉണ്ടാകാൻ കാരണം. സിക്കുമതത്തിന്റെ കാര്യവും വ്യത്യസ്തമല്ല. ആചാരവും വേഷഭൂഷാദികളുമല്ല സ്വാർഥചിന്തയിൽ അടിയുറച്ച മനോഭാവമാണ് ജാതിവ്യവസ്ഥയുടെ അടിയിൽ ഉള്ളതെന്ന് ഇതു വ്യക്തമാക്കുന്നു. ക്രിസ്ത്യൻ-ഇസ്ലാം ജനങ്ങൾ ഒരേ ആചാരങ്ങൾ പിന്തുടരുമ്പോഴും വിവാഹബന്ധത്തിൽ ജാതിവ്യവസ്ഥ നിലനിർത്തുന്നു.

ജാതിക്കുള്ളിലെ ജാതി. പല ജാതികൾക്കും അവാന്തരവിഭാഗങ്ങളുണ്ട്. കേരള ബ്രാഹ്മണരിൽ തമ്പ്രാക്കളും ആഢ്യന്മാരും ആസ്യന്മാരും ഓത്തന്മാരും ഓത്തില്ലാത്തവരും മറ്റുമായി അനേകം വിഭാഗങ്ങളുണ്ട്. ഇവരിലും പല കൂട്ടരും തമ്മിൽ വിവാഹബന്ധങ്ങൾ അടുത്തകാലംവരെ ഇല്ലായിരുന്നു. ജാതികൾക്കുള്ളിൽ ദേശീയമായ വേഷാചാരവ്യത്യാസങ്ങളുണ്ട്. ഉത്തരപ്രദേശിലെയും തമിഴ്നാട്ടിലെയും കേരളത്തിലെയും ഒരേ ജാതിക്കാർക്കിടയിൽത്തന്നെ വേഷത്തിലും ആചാരത്തിലും വ്യത്യാസമുണ്ട്. ആ വ്യത്യാസം കാരണം പരസ്പരം വിവാഹബന്ധമില്ല. ഒരോകൂട്ടരും തങ്ങളാണ് മേലേക്കിടക്കാരെന്നു വിചാരിക്കുന്നു. തമിഴ്ബ്രാഹ്മണർ കേരളത്തിൽ വസിക്കുന്നുണ്ട്. അപ്പോഴും അവരും നമ്പൂതിരിമാരും വ്യത്യസ്തജാതികളെപ്പോലെ തന്നെ പെരുമാറുന്നു.

ജാതികളുടെ സഹവർത്തിത്വം. ഭിന്നജാതികൾ പരസ്പരം സഹകരിച്ചാണു കഴിഞ്ഞിരുന്നത്. ജനനം, പുല, ഋതുസ്നാനം ഈ അവസരങ്ങളിൽ അലക്കുകാർ (പതിയാൻ/മണ്ണാൻ) മണ്ണാൻമാറ്റ് (പുതുവസ്ത്രം) നല്കി ശുദ്ധി ആകാൻ മറ്റുള്ളവരെ സഹായിക്കുന്നു. ക്ഷുരകൻ വിവാഹത്തിനു മുമ്പു വരനു ക്ഷൗരംചെയ്യുന്നു. വിവാഹത്തിനു കർണാടകത്തിൽ ഹരിജനങ്ങളാണു വിറകു കീറുന്നത്. മാരാന്മാർ വാദ്യവാദനം നടത്തുന്നു. തട്ടാൻ ആഭരണം പണിയുന്നു. ആശാരി പന്തലിടുന്നു. ചക്കാല എണ്ണ നല്കുന്നു. ആട്ടിടയൻ രോമകങ്കണം നല്കുന്നു. ബ്രാഹ്മണൻ പൂജ നടത്തുന്നു. ഇങ്ങനെ കർണാടകത്തിൽ 18 ജാതിക്കാർ വേണമത്രെ വിവാഹം നടത്തിക്കൊടുക്കാൻ.

സമ്പത്തും ജാതികളും. എവിടെയും ഉയർന്ന ജാതിക്കാരായിരുന്നു സമ്പന്നർ. ഭൂഉടമകൾ അവരായിരുന്നു. കേരളത്തിൽ മിക്ക ജന്മിമാരും നമ്പൂതിരിമാരോ ക്ഷത്രിയരോ ആയിരുന്നു. ആന്ധ്രയിലെ റെഡ്ഡികളും ഖമ്മകളും കർണാടകത്തിലെ ലിംഗായത്തുകൾ, തമിഴ്നാട്ടിലെ വെള്ളാളരും ഗൗണ്ടരും, ഗുജറാത്തിലെ പാടിദാർ, മഹാരാഷ്ട്രയിലെ മറാഠികൾ, ഉത്തരേന്ത്യയിൽ ജാത്, അഹീർ, രജപുത്രർ എന്നിവർ—ഇവരൊക്കെ ആയിരുന്നു ഭൂവുടമകൾ.

ജാതിജന്യമായ അയിത്തവും ഭാരതത്തിൽ നിലവിലുണ്ടായിരുന്നു. ഇപ്പോൾ ഇത് നിയമംമൂലം നിരോധിക്കപ്പെട്ടിരിക്കുകയാണ്. † അയിത്തം നോക്കുക.

ജാത്രാനൃത്തം

യാത്രാനൃത്തം. ബംഗാളിലെ ചില നൃത്തസംഘങ്ങൾ സഞ്ചരിച്ചുകൊണ്ട് അവതരിപ്പിക്കാറുള്ള ഒരു നൃത്തവിശേഷമാണിത്. നാനൂറുകൊല്ലത്തോളം പഴക്കമുള്ള ഈ നൃത്തപരിപാടിയ്ക്ക് 'ഓപ്പറ'യോടു സാദൃശ്യമുണ്ട്. മുമ്പൊക്കെ ശ്രീകൃഷ്ണന്റെ ജീവിതകഥകളാണ് ഇവയിലൂടെ അവതരിപ്പിച്ചിരുന്നതെങ്കിലും സ്വാതന്ത്ര്യസമരത്തിന്റെ തീക്ഷ്ണത വർധിച്ചതോടുകൂടി രാഷ്ട്രീയ-സാമൂഹിക ഇതിവൃത്തങ്ങളും ഇവയ്ക്കു വിഷയമായി. ഏക്താരാ എന്ന ഒറ്റക്കമ്പിയുള്ള തംബുരുവിന്റെ സഹായത്തോടുകൂടി ആലപിക്കപ്പെടുന്ന ബൗൽ സംഗീതം ഇതിന്റെ ആസ്വാദ്യത വർധിപ്പിക്കുന്നു. മതപരമായ ഏതെങ്കിലും ആഘോഷത്തെയോ ചടങ്ങിനെയോ ബന്ധപ്പെടുത്തിക്കൊണ്ടല്ല ഈ നൃത്തപരിപാടി നടത്താറുള്ളത്.

ജാനകി, എസ്. (1938—)

ചലച്ചിത്ര പിന്നണിഗായിക. ഏറ്റവും മികച്ച ഗായികയ്ക്കുള്ള ദേശീയ അവാർഡും കേരള, തമിഴ്നാട്, ആന്ധ്ര സംസ്ഥാന അവാർഡുകളും ഒന്നിലേറെ പ്രാവശ്യം നേടിയ കലാകാരി.

ആന്ധ്രപ്രദേശിലെ ഗുണ്ടൂർ ജില്ലയിൽ ജനിച്ചു. 1957-ൽ മദിരാശി എ.വി.എം. സ്റ്റുഡിയോയിലെ സ്റ്റാഫ് ആർട്ടിസ്റ്റ് ആയി. അക്കാലം മുതൽ ചലച്ചിത്രങ്ങളിൽ പിന്നണിഗാനം ആലപിച്ചു. പതിനാലു

ഭാഷകളിലെ ചിത്രങ്ങൾക്കുവേണ്ടി പാടിയിട്ടുണ്ട്. എണ്ണായിരത്തോളം ചലച്ചിത്രഗാനങ്ങൾ ഇതുവരെ ആലപിച്ചതായി കണക്കാക്കുന്നു. 1978-ലും 1980-ലും ഏറ്റവും മികച്ച പിന്നണിഗായികയ്ക്കുള്ള ദേശീയ അവാർഡ് നേടി. കേരളസംസ്ഥാന അവാർഡു പത്തു പ്രാവശ്യവും തമിഴ്നാട് സംസ്ഥാന അവാർഡ് മൂന്നു പ്രാവശ്യവും ആന്ധ്രാപ്രദേശ് അവാർഡ് രണ്ടു പ്രാവശ്യവും നേടിയിട്ടുണ്ട്. തമിഴ്, തെലുങ്കു ഭാഷകളിൽ ഗാനരചന നടത്താറുണ്ട്. ഏതാനും ചിത്രങ്ങൾക്കു സംഗീതസംവിധാനവും നിർവഹിച്ചു. ഭർത്താവ്: വി. കൃഷ്ണപ്രസാദ്. ഏകപുത്രൻ മുരളീകൃഷ്ണ ചാർട്ടേഡ് അക്കൗണ്ടൻറ് ആണ്.

ജാനകിരാമൻ, റ്റി (1921—1982)

തമിഴ് സാഹിത്യകാരൻ. കേന്ദ്ര സാഹിത്യഅക്കാദമി അവാർഡ് നേടിയിട്ടുള്ള ജാനകിരാമൻ കഥ, നോവൽ, നാടകം തുടങ്ങിയ വിഭാഗങ്ങളിലായി മുപ്പതിലേറെ കൃതികൾ രചിച്ചിട്ടുണ്ട്. ഇവയിൽ പലതും മലയാളം ഉൾപ്പെടെയുള്ള ഇന്ത്യൻ ഭാഷകളിലേക്കും ചില വിദേശഭാഷകളിലേക്കും വിവർത്തനം ചെയ്തിട്ടുണ്ട്. തൻെറ കാലത്തെ തമിഴ് എഴുത്തുകാരിൽ മുൻപനായിരുന്നു ഇദ്ദേഹം.

1921 ജൂൺ 28-ന് തഞ്ചാവൂർ ജില്ലയിലെ തേവാങ്കുടി എന്ന സ്ഥലത്തു ജനിച്ചു. മദിരാശി സർവകലാശാലയിൽനിന്നു ബി.എ, എൽ.റ്റി. ബിരുദങ്ങൾ നേടി. സംസ്ഥാന ഗവൺമെൻറ് സർവീസിൽ ദീർഘകാലം സേവനം അനുഷ്ഠിച്ചു. റിട്ടയർചെയ്തശേഷം ആകാശവാണിയിൽ വിദ്യാഭ്യാസപരിപാടികളുടെ ചീഫ് പ്രൊഡ്യൂസർ ആയി സേവനം അനുഷ്ഠിച്ചു. നാടകരചനയ്ക്കു മദിരാശി സംസ്ഥാനസംഗീതനാടക സംഘത്തിൻെറ അവാർഡ് നേടി (1967). *ശക്തിവൈതിയം* എന്ന കഥാസമാഹാരത്തിനു കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു (1979). *മോഹമുള്ള്* (1968), *അമ്മവന്താൾ* (1966), *ശെമ്പരുത്തി* (1968), *മര്പ്പശു, ശിവപ്പു റിക്ഷ* (1956) തുടങ്ങിയവയാണു മറ്റു പ്രധാനകൃതികൾ.

ജാനകി, വി.എൻ. (1924—)

ചലച്ചിത്രനടിയും തമിഴ്നാട്ടിലെ രാഷ്ട്രീയ പ്രവർത്തകയും. അല്പകാലം തമിഴ്നാടുമുഖ്യമന്ത്രി ആയിരുന്നു. എം.ജി. രാമചന്ദ്രൻെറ പത്നി എന്ന നിലയ്ക്കാണു രാഷ്ട്രീയനേതൃത്വത്തിലേക്കു ഉയർന്നത്.



വൈക്കത്തു ജനിച്ചു. പിതാവു രാജഗോപാലയ്യർ, മാതാവു നാണി അമ്മ. പിതാവു സംഗീതജ്ഞൻ ആയിരുന്നു. ബാല്യത്തിൽതന്നെ ജാനകി നൃത്തവും സംഗീതവും അഭ്യസിച്ചു. പിതാവിൻെറ മരണത്തിനുശേഷം തമിഴ്നാട്ടിൽ നാഗപട്ടിനത്തിലേക്കു താമസംമാറ്റി. പതിനാറാംവയസ്സിൽ ചലച്ചിത്രാഭിനയം ആരംഭിച്ചു. നൃത്താധ്യാപകനായ ഭട്ടിനെ വിവാഹംചെയ്തുവെങ്കിലും ആ ബന്ധം അധികകാലം നിലനിന്നില്ല. 1950-ൽ *മരുതുനാടു ഇളവരശി* എന്ന ചിത്രത്തിൽ എം.ജി. രാമചന്ദ്രനുമൊത്ത് അഭിനയിച്ചു. *രാജമുക്തി, ചന്ദ്രിക* തുടങ്ങി ഏതാനും തമിഴ്, മലയാളം ചിത്രങ്ങളിൽ അഭിനയിച്ചുവെങ്കിലും എം.ജി. രാമചന്ദ്രനെ വിവാഹംകഴിച്ചശേഷം അഭിനയത്തിൽനിന്നും വിരമിച്ചു. 1987 ഡിസംബർ 24-നു തമിഴ്നാടുമുഖ്യമന്ത്രിയായിരുന്ന എം.ജി. രാമചന്ദ്രൻ അന്തരിച്ചതിനെത്തുടർന്നു ജാനകി എ.ഐ.എ.ഡി.എം.കെ. പാർട്ടിയുടെ നേതാവായി തിരഞ്ഞെടുക്കപ്പെട്ടു. ഇതോടുകൂടി പാർട്ടിപിളർന്നു. എങ്കിലും 1988 ജനുവരി 7-നു കോൺഗ്രസ് (ഐ) പിന്തുണയോടുകൂടി ജാനകി തമിഴ്നാടുമുഖ്യമന്ത്രിയായി അധികാരമേറ്റു. പക്ഷേ, പിന്നീടുണ്ടായ രാഷ്ട്രീയ സംഭവവികാസങ്ങൾമൂലം മൂന്നാഴ്ചയ്ക്കുശേഷം അവരുടെ മന്ത്രിസഭ അധികാരം ഒഴിഞ്ഞു. 1989 ജനുവരിയിൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ ജാനകി നേതൃത്വം നല്കിയ രാഷ്ട്രീയസഖ്യം പരാജയപ്പെട്ടു. തിരഞ്ഞെടുപ്പിൽ ജാനകിയും തോറ്റു. താമസിയാതെ ഇവർ പൊതുപ്രവർത്തനത്തിൽനിന്നു വിരമിച്ചു.

ജാനസ് (Janus)

പ്രാചീന റോമക്കാരുടെ ദ്വാരപാലകദേവൻ. ഇദ്ദേഹത്തിൻെറ പേരിൽനിന്നുമാണ് ആദ്യത്തെ മാസത്തിനു 'ജനുവരി' എന്ന പേരുണ്ടായത്. വലതുകൈയിൽ വടിയും ഇടതുകൈയിൽ താക്കോലുമായാണ് ഇദ്ദേഹം ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. വിപരീതവശങ്ങളിലേക്കു നോക്കുന്ന രണ്ടുതലയും ഇദ്ദേഹത്തിനുണ്ട്. സകല ആരംഭങ്ങളുടെയും ദേവനായി പില്ക്കാലത്ത് ഇദ്ദേഹം ആരാധിക്കപ്പെട്ടു. വർഷം, മാസം, ദിവസം എന്നിവയുടെ ആരംഭത്തിൻെറയും ദേവൻ ഇദ്ദേഹം തന്നെ. സകല ദൈവങ്ങളുടെയും ദൈവമായി പില്ക്കാലത്തു ജാനസ് കണക്കാക്കപ്പെട്ടു. ജലം, ചന്ദ്രൻ എന്നിവയുടെ ദേവതയായും ജാനസിനെ കണക്കാക്കുന്നവരുണ്ട്. †കാലഗണന നോക്കുക.

ജാനിസാറികൾ

തുർക്കിപ്പടയിലെ തിരഞ്ഞെടുക്കപ്പെട്ട യോദ്ധാക്കൾ. 14-ാംനൂറ്റാണ്ടു മുതല്ക്കാണു ജാനിസാറിസേന രൂപവത്കൃതമായത്. 1600 വരെ കിഴക്കൻ യൂറോപ്പിൽ (ബാൾക്കൻപ്രദേശം) ആധിപത്യം സ്ഥാപിച്ചിരുന്ന തുർക്കികൾ ക്രിസ്ത്യൻ ബാലന്മാരെ നിർബന്ധിച്ചു സൈന്യത്തിൽ ചേർത്താണ് ഈ വിഭാഗത്തെ സംഘടിപ്പിച്ചിരുന്നത്. യുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെട്ടവരെയും തുർക്കി ഈ ചാവേർപ്പടയിൽ ചേർത്തിരുന്നു. ദാക്ഷിണ്യമില്ലാത്ത സൈനികോദ്യോഗസ്ഥന്മാരുടെയും മുല്ലമാരുടെയും ശിക്ഷണത്തിൽ വളർന്ന ജാനിസാറികൾ പഴയ സ്പാർട്ടൻ യോദ്ധാക്കളെ അനുസ്മരിപ്പിക്കുന്നു. പാളയത്തെ വീടായിക്കരുതണമെന്ന് ഇവരെ പഠിപ്പിച്ചിരുന്നു. ആയോധനം തൊഴിലായി സ്വീകരിക്കേണ്ടിവന്ന ഈ യോദ്ധാക്കൾക്കു യുദ്ധകാലത്തു മാത്രമാണു വേതനം ലഭിച്ചിരുന്നത്. ചില്ലറക്കച്ചവടം ചെയ്യുവാൻ അവരെ അനുവദിക്കുകയും നിയമപരിപാലകന്മാരായി മറ്റു ചിലരെ നിയോഗിക്കുകയും ചെയ്തിരുന്നു. ജാനിസാറികൾ ചിലപ്പോൾ ലഹളയ്ക്കു മുതിർന്നിരുന്നു. 1926-ൽ കോൺസ്റ്റാൻറിനോപ്പിളിൽവച്ചു തുടങ്ങിയ ഇവരുടെ വലിയ കലാപത്തെത്തുടർന്ന് അക്കൊല്ലം തന്നെ ജാനിസാറികളെ ഒന്നോടെ പിരിച്ചുവിട്ടു.

ജാപ്പനീസ് ഭാഷ

ജപ്പാൻ ദ്വീപുകളിലെ 11.5 കോടി ജനങ്ങൾ സംസാരിക്കുന്ന ഭാഷ. ലോകത്തിലെ മറ്റു ഭാഗങ്ങളിൽ വസിക്കുന്ന ജപ്പാൻ വംശജരും ഈ ഭാഷ തന്നെ സംസാരിക്കുന്നു. പരസ്പരം സുഗ്രഹമല്ലാത്ത അനേകം ദേശ്യഭേദങ്ങൾ ജാപ്പനീസ് ഭാഷയ്ക്കുണ്ട്. പ്രധാന ദ്വീപുകളിലെയും **ര്യൂക്യൂ**. ദ്വീപുകളിലെയും ഭാഷാഭേദങ്ങൾ തമ്മിലാണു വ്യത്യാസം ഏറ്റവുമധികം ഉള്ളത്. ഈ ഭാഷകളെ സംയോജിപ്പിച്ചു മാനകീകരിക്കാനുള്ള ശക്തമായ പ്രചാരണശ്രമങ്ങൾ നടക്കുന്നുണ്ട്.

5000 വർഷം മുമ്പു കൊറിയൻ ഭാഷയിൽനിന്ന് ഉരുത്തിരിഞ്ഞതാണു പൂർവജാപ്പനീസ് എന്ന് ഒരു മതമുണ്ട്. ജാപ്പനീസിൻെറ വികസ

നത്തിൽ നാലുഘട്ടമുണ്ട്. 1. എട്ടാം നൂറ്റാണ്ടുവരെ, 2. 9-11 നൂറ്റാണ്ടുകൾ, 3. 12-16 നൂറ്റാണ്ടുകൾ, 4. 16-ാംനൂറ്റാണ്ടു മുതൽ. വാക്യഘടനയിൽ വികസനപ്രക്രിയ വലിയ മാറ്റം വരുത്തിയില്ല. സ്വനവിജ്ഞാനീയം, രൂപവിജ്ഞാനീയം, പദസമ്പത്ത് ഇവയിലാണു മാറ്റം അധികം വന്നത്. പദാദി'പ'കാരം'ഹ'കാരമായി. ചൈനീസ് പദങ്ങൾ 6-9 നൂറ്റാണ്ടുകളിൽ ജാപ്പനീസിൽ ധാരാളം കടന്നുകൂടി. മൂന്നാംശതകം മുതൽ ചൈനീസ്‌ലിപിയും ഉപയോഗിച്ചുതുടങ്ങി. അക്ഷര(syllabic) ലിപികൾ ഉപയോഗിക്കാൻ തുടങ്ങിയത് ആറാംനൂറ്റാണ്ടിലാണ്. കഞ്ജി, കാന എന്നു രണ്ടു തരം സ്വനലേഖനങ്ങൾ ഇവിടെ നിലവിലിരുന്നു. ഇവ പരസ്പരം കലർന്നു. പിന്നീട് 'ഹിരഗണ' പ്രതീകങ്ങൾ ഉപയോഗത്തിൽ വന്നു.

രണ്ടാം ലോകയുദ്ധത്തിനുശേഷം ലിപിപരിഷ്കരണം നടന്നു. ആദ്യം ലിപി സംഖ്യ 1850 ആക്കി. 1980-നു ശേഷം ലിപി സംഖ്യ 1945 ആക്കി വർധിപ്പിച്ചു. ലിപികൾക്കു ലാളിത്യം വരുത്തിയിട്ടുണ്ട് കാനാസ്പെല്ലിങ് ഇന്നത്തെ ഉച്ചാരണരീതിയുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ട്.

ജാപ്പനീസ് സാഹിത്യം

ജാപ്പനീസ് ഭാഷയിലെ സാഹിത്യം. ചൈനീസ്‌ലിപികൾ പ്രചാരത്തിൽ വരുന്നതിനുമുമ്പ്, വരമൊഴിരൂപത്തിലുള്ള സാഹിത്യം ജപ്പാനിലുണ്ടായിരുന്നില്ല. എന്നാൽ തലമുറകളിൽനിന്നു തലമുറകളിലേക്കു വാമൊഴിയായി പകർന്ന കഥകളും കവിതകളും നിലനിന്നിരുന്നു. രാജസദസ്സുകളുമായി ബന്ധപ്പെട്ട ഈ കഥാകാരന്മാർ പുരാതനപാരമ്പര്യങ്ങൾ സജീവമായി നിലനിർത്തിപ്പോന്നു. ചൈനീസ്‌ലിപികൾ പ്രചാരത്തിൽ വന്നതോടെ ഈ കഥകളും കവിതകളും എഴുതി സൂക്ഷിക്കാൻ തുടങ്ങി. ഇവ ഇപ്പോഴും ഭദ്രമായി സൂക്ഷിക്കുന്നുണ്ട്. 'കൊജികി' എന്ന പഴയ രേഖയും (എ.ഡി. 712) 'ഫുഡോകി' എന്ന ഭൂമിശാസ്ത്രരേഖയും (എ.ഡി. 713) 'ഉജിബുമി' എന്ന വംശാവലിരേഖയും ഇതിലുൾപ്പെടുന്നു.

എ.ഡി. 285-ൽ ചൈനീസ് ഇതിഹാസകൃതികളിൽ വിദഗ്ധനായ വാനി എന്ന ഒരു പണ്ഡിതനെ ഒരു കൊറിയൻദൂതൻ ജപ്പാനിലേക്കു കൊണ്ടുവന്നു. വാനി, രാജകുമാരന്റെ അധ്യാപകനായി രാജധാനിയിൽ വളരെനാൾ താമസിച്ചു. ചൈനീസ്ഭാഷ ജപ്പാനിലേക്ക് ആദ്യമായി വന്നത് ഈ പണ്ഡിതൻമുഖേനയായിരിക്കണം. ചൈനീസ് ചിഹ്നങ്ങളുടെ സഹായത്തോടെ ജാപ്പനീസ്ഭാഷയുടെ വരമൊഴി ആവിഷ്കരിക്കപ്പെട്ടു. ആറാംനൂറ്റാണ്ടിന്റെ മധ്യത്തിൽ ബുദ്ധമതം പ്രചാരത്തിൽവന്നതോടെ, ചൈനീസ് സാഹിത്യം കൂടുതൽ വിപുലമായി.

ക്ലാസിക്കൽ കാലഘട്ടം. 'നാറ' കാലഘട്ടത്തിൽ, ജപ്പാന്റെ ചരിത്രവും ചൈനീസ് കവിതകളുടെ സമാഹാരവും ജപ്പാനിലെ എഴുത്തുകാർ ചൈനീസ് ഭാഷയിൽ രചിച്ചു. ഓർമകളിൽ മാത്രം സൂക്ഷിച്ചിരുന്ന കഥകളും പാട്ടുകളും പ്രാർഥനകളും ആദ്യമായി രേഖപ്പെടുത്തിയത് ഇക്കാലത്താണ്. ജാപ്പനീസ് സാഹിത്യത്തിലെ ആദ്യകാലകൃതികളായ ഇവ ചൈനീസ് ലിപിയിലാണ് എഴുതപ്പെട്ടത്. തുടർന്നു ശബ്ദങ്ങളെ കുറിക്കുന്നതിനും ചൈനീസ് ലിപികളെക്കാൾ ലളിതമായ ചിഹ്നങ്ങൾ കണ്ടുപിടിച്ചു. കറ്റകന അക്ഷരങ്ങൾ ഇങ്ങനെയാണു രൂപംകൊണ്ടത്. ജാപ്പനീസ് ഭാഷയിൽ ആദ്യമായി രചിച്ച ഗ്രന്ഥം 'കൊജികി' ആണ്. വളരെ വിലപ്പെട്ട ഈ കൃതിയിൽ, ജപ്പാനിലെ പഴയ ഐതിഹ്യങ്ങളും ആചാരങ്ങളും സാംസ്കാരികപാരമ്പര്യവും ചിത്രീകരിച്ചിരിക്കുന്നു.

നാറകാലഘട്ടത്തിലാരംഭിച്ച ബുദ്ധമതസാഹിത്യത്തിന്റെയും ചൈനീസ് ഇതിഹാസകൃതികളുടെയും പഠനം പൂർവാധികം ആവേശത്തോടെ ഹെയ്യാൻ കാലഘട്ടത്തിൽ തുടരുകയുണ്ടായി. ഹിരകന അക്ഷരങ്ങൾ കൊബോദായി കണ്ടുപിടിച്ചത് ഇക്കാലത്താണ്. ചൈനീസ് ലിപികൾ ലളിതമാക്കിയാണ് ഇതു സാധിച്ചത്. ക്രമേണ ജാപ്പനീസ് സ്വരങ്ങൾ എഴുതുന്നതിന് ഈ രീതി ഉപയോഗിച്ചുതുടങ്ങി. പത്താംനൂറ്റാണ്ടിന്റെ അന്ത്യത്തോടെ തികച്ചും ദേശീയസ്വഭാവമുള്ള ഒരു സാഹിത്യം രൂപംകൊണ്ടു. ഇക്കാലത്തുണ്ടായ പ്രധാനകൃതികൾ തകെനൊറി കഥകൾ, ഇസെ കഥകൾ, തൊസാ കുറിപ്പുകൾ എന്നിവയാണ്. വാദ്യമേളത്തോടുകൂടി പാടുന്ന നിരവധി ഗാനങ്ങളും ഇക്കാലത്തു പ്രചാരത്തിൽവന്നു. അനേകം വനിതകൾ എഴുത്തുകാരായി രംഗപ്രവേശം ചെയ്തത് ഇക്കാലത്തെ ഏറ്റവും പ്രത്യേകതയുള്ള സംഭവമാണ്. ഇവരിൽ *ഗഞ്ചി മൊണോ ഗത്താരി* രചിച്ച മുറാസകി-ഷിക്കിബു (975—1031), *മക്കുറ-നൊ-സോഷി* എഴുതിയ സെയി-ഷോണോഗൊൻ എന്നിവർ പ്രമുഖരാണ്. ഗഞ്ചി എന്ന രാജകുമാരൻ, അന്തഃപുരനായികമാരുമായി നടത്തിയ ശൃംഗാരചേഷ്ടകളുടെ കഥകളാണ് 'ഗഞ്ചിമൊണോ ഗത്താരി'യിലുള്ളത്. ലോകത്തിലെ ഏറ്റവും മികച്ച നോവലുകളിൽ ഒന്നായി ഇത് കരുതപ്പെടുന്നു. (†ഗഞ്ചിയുടെ കഥ നോക്കുക.) സമകാലീനസംഭവങ്ങളെയും വ്യക്തികളെയും കുറിച്ചുള്ള നിരീക്ഷണങ്ങളും കുറിപ്പുകളും നിശിതവിമർശനങ്ങളും അടങ്ങിയതാണ് 'മക്കുറ-നൊ-സോഷി'.

നഗായ് കഫു

കമാകുറാ കാലത്തു ശുദ്ധ ചൈനീസ് ശൈലിക്കു പകരം ഒരുതരം ചൈനാ-ജപ്പാൻ സമ്മിശ്രശൈലി രൂപംപ്രാപിച്ചു. ആധുനിക ഗദ്യസാഹിത്യത്തിന്റെ പ്രാരംഭമായി ഇതിനെ കണക്കാക്കാം. അക്കാലത്തു നടന്ന ചില യുദ്ധങ്ങളുടെ രസകരമായ വിവരണങ്ങൾ ചില ഗ്രന്ഥങ്ങളിൽ കാണാം.

മധ്യയുഗങ്ങളിൽ. മുറൊമച്ചി, മൊമോയമ കാലങ്ങളിൽ സാഹിത്യപ്രസ്ഥാനങ്ങൾക്കു പറയത്തക്ക വളർച്ചയൊന്നുമുണ്ടായില്ല. അക്കാലത്തെ സാഹിത്യത്തിന്റെ ഉള്ളടക്കം, യുദ്ധവിവരണങ്ങളും ചരിത്രകഥകളുമായിരുന്നു. പ്രധാനകൃതികൾ 'ഉത്തായി' എന്ന ഗാനനാടകങ്ങളായിരുന്നു. ഡബ്ളിയൂ. ബി. യേറ്റ്സിനെയും ഇരുപതാം നൂറ്റാണ്ടിലെ വേറെ ചില യൂറോപ്യൻ നാടകകൃത്തുക്കളെയും സാരമായി സ്വാധീനിച്ച നോ (Nō) നാടകങ്ങൾ എന്ന പേരിൽ അറിയപ്പെടുന്ന കലാരൂപം വളർച്ച പ്രാപിച്ചത് ഈ കാലഘട്ടത്തിലാണ്. †'നോ'നാടകം നോക്കുക.

എദോ-ക്യോടോ കാലഘട്ടത്തിൽ ചൈനീസ് ഇതിഹാസകൃതികളുടെ പഠനം പുനരാരംഭിച്ചു. ഇതിനെത്തുടർന്നു ശുദ്ധ ജാപ്പനീസ് സാഹിത്യത്തിന്റെ പുനരുത്ഥാനവും സംഭവിച്ചു. 'ജോ റൂറി' എന്ന ഗാനനാടകം എദൊകാലത്തെ ജനകീയസാഹിത്യത്തിന്റെ മികച്ച ഫലങ്ങളിൽ ഒന്നായിരുന്നു. 'ജപ്പാനിലെ ഷേക്സ്പിയർ' എന്നറിയപ്പെട്ടിരുന്ന ചിക്കാമത്സു മൊൺസേയ്മോൺ (1653—1724) ആയിരുന്നു ഈ ഗാനനാടകത്തിന്റെ പ്രശസ്തിക്ക് ഉത്തരവാദി. ജപ്പാനിലെ നാടകപ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ അദ്വിതീയമായ ഒരു സ്ഥാനമുണ്ട് അദ്ദേഹത്തിന്. ഇക്കാലത്തെ ഗദ്യകാരന്മാർ ചൈനീസ്-ജാപ്പനീസ് സങ്കരശൈലിയും 'കന'യും ഉപയോഗിച്ചു. ആധുനിക ജാപ്പനീസ് ഗദ്യത്തിന്റെ മുന്നോടികളായിരിന്നു ഇവർ.

ജനകീയസാഹിത്യം: എദോ കാലഘട്ടത്തിന്റെ രണ്ടാമത്തെ പകുതിയിൽ, നോവലുകളും പ്രേമകഥകളും ധാരാളം ഉണ്ടായി. കാല്പനികനോവലുകളുടെ കർത്താവായ ക്യോകു തെയിബക്കിൻ (1767—1845) 260-ഓളം കൃതികൾ രചിച്ചു. 'ഹക്കെൻദെൻ' (എട്ടു വീരന്മാരുടെ കഥ), 'യുമി ഹരിസൂകി' (ഒരു വില്ലാളിവീരന്റെ കഥ) എന്നിവയാണ് അദ്ദേഹത്തിന്റെ മികച്ച കൃതികൾ.

ആധുനികസാഹിത്യം: ഹെയ്യാൻ കാലഘട്ടത്തിൽ സാഹിത്യത്തിന്റെ സവിശേഷത ഹൈന്ദവ-ചൈനീസ് ആശയങ്ങളുടെ സ്വാധീനമാണ് ആധുനിക ജാപ്പനീസ് സാഹിത്യത്തിന്റേതു യൂറോപ്യൻ സാഹിത്യത്തിന്റെയും. വിദേശസ്വാധീനത്തിനു ജപ്പാൻ വഴങ്ങിത്തുടങ്ങിയതോടെ വിദ്യാർഥികൾ ഇംഗ്ലീഷ് പഠിക്കാനും ഇംഗ്ലണ്ട്, അമേരിക്ക, ഫ്രാൻസ്, ജെർമനി തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കാനും തുടങ്ങി. പല പാശ്ചാത്യ ഗ്രന്ഥങ്ങളും ജപ്പാൻഭാഷയിലേക്കു വിവർത്തനം ചെയ്യപ്പെട്ടു. പത്രങ്ങളും മാസികളും ആധുനിക ജാപ്പനീസ് ജീവിതത്തിന്റെ ഒരു മുഖ്യഘടകമായി. രണ്ടാം ലോകയുദ്ധത്തിനുശേഷം വൈദേശിക സംസ്കാരങ്ങളുമായുള്ള വേഴ്ചയുടെ പുനരാരംഭം ജാപ്പനീസ് സാഹിത്യത്തിൽ പുതിയ ധാരകൾക്കു രൂപം നല്കി. അമേരിക്കൻ കൃതികളുടെ വിവർത്തനങ്ങൾക്കു പ്രചാരം വർധിച്ചു. ജാപ്പനീസ് ഇതിഹാസങ്ങൾ ഇംഗ്ലീഷിലേക്കും മറ്റു വിദേശഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടു. ജാപ്പനീസ് സാഹിത്യത്തിന്റെ ഉന്നമനത്തിന് അനേകം സംഘടനകൾ ഉണ്ടായി. ജാപ്പനീസ് എഴുത്തുകാ

ഷിഗ ന ഓയ

രുടെ സംഘടനയിൽ അംഗത്വം വർധിച്ചു. 1968-ലെ നൊബേൽ സമ്മാനത്തിന് അർഹനായത് യസുനാരി കാവ്വാബാതാ എന്ന ജാപ്പനീസ് നോവലിസ്റ്റാണ്.

നോവൽ, ചെറുകഥ എന്നീ സാഹിത്യരൂപങ്ങളിൽ ഗണനീയമായ കലാസൃഷ്ടികൾ ആധുനികജാപ്പനീസിൽ ഉണ്ടായിട്ടുണ്ട്. നഗായ്കഫൂ (1879—1959), തനിസകിജൂൻ-ഇച്ചിരോ (1886—), അകുടാഗാവാ റ്യൂനോസുകെ (1892—1959) എന്നിവരാണു മഹായുദ്ധങ്ങൾക്കിടയിലുള്ള കാലഘട്ടത്തിൽ മികച്ച നോവലുകൾ രചിച്ച ജാപ്പനീസ് സാഹിത്യകാരൻമാർ. താനിസകിയുടെ 'താദേ കൂ മുഷി' (ഇതിൻെറ പ്രസിദ്ധീകരണം രണ്ടാം ലോകമഹായുദ്ധം അവസാനിച്ചു പത്തു വർഷങ്ങൾക്കുശേഷമായിരുന്നു.) ജപ്പാനിലെ പരമ്പരാഗതമായ ജീവിതരീതികളും പടിഞ്ഞാറൻ സ്വാധീനതകളും തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന സംഘട്ടനത്തിൻെറ ഉജ്ജ്വലമായ ഒരു ചിത്രീകരണമാണ്. കോബയാഷി തകിജി(1903—'33)യുടെ നോവലുകൾ സാമൂഹികാനീതികളുടെ നേർക്കുള്ള കരുത്തേറിയ ആയുധങ്ങളാണ്.

1969-ൽ ആത്മഹത്യ (Harakiri) നടത്തിയ മിഷിമ യൂക്കിയോ (1925—) ശബളാഭവും, വികാരതീക്ഷ്ണവുമായ ഏതാനും നോവലുകളുടെ രചയിതാവായിരുന്നു. പാശ്ചാത്യനാടുകളിൽ പ്രചാരം നേടിയ ആദ്യത്തെ ജാപ്പനീസ് എഴുത്തുകാരനാണ് ഇദ്ദേഹം. കിൻകാകുജീ (സ്വർണമണ്ഡപക്ഷേത്രം, 1956) എന്ന മനഃശാസ്ത്രാധിഷ്ഠിതമായ നോവലും ഹോജോ നോ ഉമി (ഉർവരതയുടെ സമുദ്രം) എന്ന നാടക ചതുഷ്ട്ടയവുമാണ് മിഷിമചൂക്കിയോയുടെ പ്രസിദ്ധ കൃതികൾ. അബി കോ ബോ, എൻഡോ ഷുസാകു, കിതാ മോറിയോ, ഓകെൻസാബുറോ എന്നിവരാണ് ആധുനിക ജാപ്പനീസ്സാഹിത്യത്തിലെ മറ്റു പ്രമുഖ നോവലിസ്റ്റുകൾ.

പാട്ടും നൃത്തവും പ്രധാനഘടകങ്ങളായ കുബുകിനാടകങ്ങളോടാണ് ഇപ്പോഴും ജപ്പാൻകാർക്ക് പ്രിയം. കിഷിഡാ കുനിയോവിനെപ്പോലുള്ള നാടകകാരന്മാർക്കു സ്വന്തം നാടകങ്ങൾ അരങ്ങേറിക്കാണാൻ വളരെ വിരളമായേ ജപ്പാനിൽ സന്ദർഭം ലഭിക്കാറുള്ളൂ. പാട്ടിനും നൃത്തത്തിനും പ്രാധാന്യം നല്കി 1920-നും 1930-നും ഇടയിൽ മയാമാ സെയ്ക രചിച്ച നാടകങ്ങളാണു ജപ്പാനിൽ ഏറെ പ്രാചാരം നേടിയിട്ടുള്ളത്. സിനിമയുടെ അതിപ്രസരവും നാടകസാഹിത്യത്തിൻെറ വളർച്ച മുരടിപ്പിച്ചിരിക്കുന്നു. ഏതായാലും നോവലിനുള്ള വളർച്ച നാടകത്തിനോ കവിതയ്ക്കോ ജാപ്പനീസ് സാഹിത്യത്തിൽ ഇപ്പോഴില്ല. ഡസൈ ഒസമു(Dazai Osamu, 1909—'48)വാണ്, ഈ നൂറ്റാണ്ടിലെ മറ്റൊരൊന്നാന്തരം നോവലെഴുത്തുകാരൻ. ഇദ്ദേഹം ഒന്നാംകിട ചെറുകഥകളും രചിച്ചിട്ടുണ്ട്. ഷിഗ നഓയ(Shiga Naoya, 1883—)യുടെ ആത്മകഥാപരമായ ചെറുകഥകൾ പേരുകേട്ടവയാണ്.

ജാഫ്ന

സിലോൺ ദ്വീപിൻെറ വടക്കെ അറ്റത്തുള്ള ജില്ലയും അതിൻെറ ആസ്ഥാനനഗരവും. ജില്ലയുടെ വിസ്തൃതി 2158 ച.കി.മീ. ജനസംഖ്യ 8,44,000 (1983). നഗരത്തിലെ ജനസംഖ്യ 1,28,000 (1983). പഴയ തമിഴിൽ ഈ സ്ഥലത്തിൻെറ പേർ യാഴ്പാണം എന്നാണ്. 'യാഴ്' എന്ന പേരിൽ വീണയ്ക്കു തുല്യമായ ഒരു സംഗീതോപകരണമുണ്ട്. അത് ഈ പേരിനോടു ബന്ധപ്പെട്ടിരിക്കുന്നു. പോർത്തുഗീസുകാരാണ് ഈ പേർ ജാഫ്ന എന്നു മാറ്റിയത്. കൊളംബ് കഴിഞ്ഞാൽ സിലോണിലെ ഏറ്റവും വലിയ നഗരം ഇതാണ്. ഉത്തരസിലോണിൽ ജാഫ്ന ദ്വീപിൻെറ തെക്കുപടിഞ്ഞാറു ഭാഗത്തു പാക്ക്കടലിടുക്കിൻ തീരത്തുള്ള ജാഫ്നപട്ടണം കൊളംബിൽനിന്ന് 304 കി.മീ. വടക്കാണ്. ചൂടുള്ളതാണ് കാലാവസ്ഥ. ആണ്ടിൽ 63.5 മുതൽ 127 വരെ സെ.മീറ്റർ മഴ (ഒക്റ്റോബർ മുതൽ ജനുവരി വരെ) പെയ്യുന്നു. തമിഴരായ കർഷകരാണു ജനങ്ങളിൽ ഭൂരിഭാഗവും. നെല്ല്, നാളികേരം, പുകയില, മുതലായവയാണു പ്രധാന കൃഷി. മീൻപിടിത്തം ഒരു പ്രധാന തൊഴിലാണ്. ഏതാനും വലിയ ഉപ്പളങ്ങളും ഇവിടെയുണ്ട്. സിലോൺ റെയിൽറോഡിൻെറ വടക്കെ അറ്റത്താണു ജാഫ്ന. പാക്ക് കടലിടുക്കും മന്നാർ ഉൾക്കടലും ആഴം കുറഞ്ഞവ ആയതുകൊണ്ടു ജാഫ്ന ഒരു വലിയ തുറമുഖമല്ല. പക്ഷേ, ചെറുനൗകകൾമുഖേന ദക്ഷിണേന്ത്യയുമായി വളരെയധികം വ്യാപാരം ഇവിടെ നടക്കുന്നു.

ദക്ഷിണേന്ത്യയിൽനിന്നു തമിഴർ ബി.സി. 500 മുതൽ ഇവിടെവന്നു തുടങ്ങി. ബി.സി. 204 മുതൽ എ.ഡി. 1617 വരെ മാറിമാറി വന്നിരുന്ന ചെറിയ തമിഴ് രാജ്യങ്ങളുടെ തലസ്ഥാനമായിരുന്നു ജാഫ്നാനഗരം. പോർത്തുഗീസുകാർ 1617-ൽ ജാഫ്നാനഗരം പിടിച്ചെടുത്തു. 1658-ൽ അതു ഡച്ചുകാരുടെ കൈവശത്തിലായി. 1796-ൽ ബ്രിട്ടീഷുകാർ സിലോണിലെ കോളണികളെല്ലാം പിടിച്ചെടുത്തു. ഡച്ചുവാഴ്ചയുടെ ചരിത്രാവശിഷ്ടങ്ങൾ ജാഫ്നയിൽ ഇപ്പോഴും കാണാം. കേരളത്തിൽ പേരുകേട്ട ജാപ്പാണംപുകയില ഇവിടെനിന്നാണു വരുന്നത്. പുകയില ഇവിടത്തെ പ്രധാന കൃഷിയും വ്യവസായവുമാണ്. കയറ്റുമതികളിൽ പ്രധാനം പുകയില, നാളികേരം, പഴങ്ങൾ എന്നിവയാണ്. ചകിരിവ്യവസായത്തിനും പ്രാധാന്യമുണ്ട്. ഒരു ജെസ്യൂട്ട് കോളെജും ഫ്രാൻസിസ്കൻ വിഭാഗത്തിൻെറയും ഡൊമിനിക്കൻ വിഭാഗത്തിൻെറയും ഓരോ സന്യാസിമഠവും ഇവിടെയുണ്ട്. കന്തസ്വാമികോവിൽ എന്ന പ്രസിദ്ധമായ ക്ഷേത്രം ഇവിടെയാണ്. ജാഫ്ന തലസ്ഥാനമാക്കിക്കൊണ്ട് ഒരു സ്വതന്ത്രതമിഴ്രാഷ്ട്രം ഉണ്ടാവണമെന്നാണു തമിഴ്പുലികൾ എന്നു വിളിക്കുന്ന 'എൽ.റ്റി.റ്റി.ഇ.'ക്കാർ വാദിക്കുന്നത്. ഇത് അനുവദിച്ചിട്ടില്ലെങ്കിലും ശ്രീലങ്കയുടെ കീഴിലുള്ള ഒരു സ്വയംഭരണ പ്രദേശം ഉണ്ടായിക്കഴിഞ്ഞു (1988). അതിൽ എൽ.റ്റി.റ്റി.ഇ.ക്കാർ ചേർന്നിട്ടില്ല.

ജാഫ്രി, അലി സർദാർ (1913—1987?)

ഉർദുകവി . അലിഗഢിൽ പഠിച്ചു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു പല പ്രാവശ്യം ജയിൽശിക്ഷ അനുഭവിച്ചു. ഉർദുവിൽ പുരോഗമനസാഹിത്യത്തിൻെറ നേതാവായിരുന്നു. ഹിന്ദുസ്ഥാൻ ബുക്ക് ട്രസ്റ്റിൻെറ എഡിറ്ററായി ഉർദു -ഹിന്ദി ക്ലാസ്സിക്കുകൾ രണ്ടു ലിപികളിലും പ്രസിദ്ധപ്പെടുത്തി. ഗലീബ്, മിർ, കബീർ ബാണി, മീരാബായി എന്നിവയാണു മുഖ്യ കവിതാസമാഹാരങ്ങൾ. ഇദ്ദേഹത്തിൻെറ കവിതകൾ ഏഴു വാല്യങ്ങളിലായി സമാഹരിച്ചിട്ടുണ്ട്. ഉർദു കവിതയിലെ വാങ്മയചിത്രങ്ങളെപ്പറ്റി ആറു വാല്യങ്ങളുള്ള ഒരു ബൃഹദ്ഗ്രന്ഥമാണ് ഇദ്ദേഹത്തിൻെറ മറ്റൊരു മുഖ്യകൃതി. 1965-ൽ സോവിയറ്റ് ലാൻഡ് നെഹ്റു അവാർഡ് നേടി. 1967-ൽ പദ്മശ്രീ ബഹുമതിയും, ആന്ധ്രപ്രദേശ്, മധ്യപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽനിന്ന് ഉർദുസാഹിത്യരചനയ്ക്കുള്ള അവാർഡും ലഭിച്ചു. 1975-80 കാലത്തു ബോംബെ സർവകലാശാലയിൽ സെനറ്റ് അംഗമായി പ്രവർത്തിച്ചു. 1980 മുതൽ അഖിലേന്ത്യാ റേഡിയോ, ദൂരദർശൻ എന്നിവയുടെ ബോംബെനിലയങ്ങളിൽ എമിരറ്റസ് ആയി ജോലിനോക്കി.

ജാബാലി

വിശ്വാമിത്രപുത്രനായ മഹർഷി. ഇദ്ദേഹം ചാർവാകദർശനപക്ഷപാതിയായിരുന്നു. ശ്രീരാമദർശനത്തിനു പോയ ഭരതനോടൊപ്പം ഇദ്ദേഹം കാട്ടിലേക്കു ചെല്ലുകയും പലതരം യുക്തികൾകൊണ്ടു രാമൻ വീണ്ടും നാട്ടിൽ വരണമെന്ന് അഭ്യർഥിക്കുകയും ചെയ്തു. ഇതുകേട്ടു ക്രോധംപൂണ്ട ശ്രീരാമനെ ഒടുവിൽ വസിഷ്ഠനാണു ശാന്തനാക്കിയത്.

ജാബീർ ഇബ്ൻ ഹയ്യാൻ, അബുമുസാ (721—815)

അറേബ്യൻ ആൽക്കെമിസ്റ്റ്. അറേബ്യൻ രസതന്ത്രത്തിൻെറ ഉപജ്ഞാതാവ്. മുസ്ലിം ഇസ്മെയ്ലിയാവിഭാഗം ഇദ്ദേഹത്തിൻേറതെന്ന നിലയിൽ വളരെയേറെ ആൽക്കെമിഗ്രന്ഥങ്ങളും മിസ്റ്റിക്കൽ ഗ്രന്ഥങ്ങളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മണ്ണ്, തീയ്, വെള്ളം, വായു എന്നിവകൊണ്ടാണ് എല്ലാ വസ്തുക്കളും നിർമിക്കപ്പെട്ടതെന്ന ഗ്രീക്കു വിശ്വാസത്തെ ഇദ്ദേഹം നവീകരിച്ചു. ഈ നാലു ഭൂതങ്ങൾ ചേർന്നു രസവും ഗന്ധകവും ഉണ്ടാവുന്നു. ഇവ രണ്ടും പല തോതിൽ

ചേർന്നു പലതരം ലോഹങ്ങൾ ഉണ്ടാകും. രസവും ഗന്ധകവും വേണ്ടതോതിൽ ചേർത്താൽ സ്വർണം ഉണ്ടാക്കാൻ കഴിയും. ഇങ്ങനെ ഒക്കെയാണ് ഇദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ. ഇവ പരക്കെ അംഗീകാരം നേടുകയും പരീക്ഷണനിരീക്ഷണങ്ങൾക്കു വിധേയമാവുകയും ചെയ്തു.

ഇറാനിലാണു ജാബീർ ജനിച്ചത്. 721 മുതൽ 815 വരെയാണു ജീവിതകാലമെന്ന് ഊഹിക്കുന്നു. ഉമയാദ് രാജവംശത്തിന്റെ ഭരണം തകർക്കാൻ അബ്ബാസിദുകൾ ആസൂത്രണംചെയ്ത പദ്ധതിയിൽ പങ്കുകാരനെന്ന നിലയിൽ ജാബീറിന്റെ പിതാവു വധിക്കപ്പെട്ടു. ജാബീറിനെ അറേബ്യയിലേക്കു നാടുകടത്തി. അറേബ്യയിൽവച്ചു വൈദ്യശാസ്ത്രമടക്കമുള്ള പല വിജ്ഞാനശാഖകളിലും വൈദഗ്ധ്യം നേടി. അബ്ബാസിദുകൾ ഉമയാദുകളെ പരാജയപ്പെടുത്തിയശേഷം, ജാബീർ രാജകീയവൈദ്യനായി നിയമിക്കപ്പെട്ടു. ശ്ര അംഗീകാരം ഇദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾക്കു പ്രചാരം ലഭിക്കുന്നതിൽ പങ്കുവഹിച്ചു.

ജാമി (1414—'92)

പേഴ്സ്യയിലെ പ്രശസ്ത സൂഫി കവി. ഇദ്ദേഹത്തിന്റെ ശരിക്കുള്ള പേര് നൂറുദ്ദീൻ അബ്ദുർ റഹിമാൻ ഇബ്നു അഹമ്മദ് എന്നായിരുന്നു. ഖുറാസാനിലെ ജാം എന്ന സ്ഥലത്താണു ജനിച്ചതെങ്കിലും, ഇദ്ദേഹം ജീവിതകാലം കഴിച്ചുകൂട്ടിയതു സമർഖണ്ഡിലും ഹേരാത്തിലുമായിരുന്നു. ഇദ്ദേഹത്തിന്റെ ഏറ്റവും പ്രസിദ്ധമായ കവിതാസമാഹാരം 'ഹാഫ്ത് ഔറങ്' ആണ്. സുവിദിതമായ 'ലൈലാമജ്നൂൻ' കഥ (ലൈലാ വാ മജ്നൂൻ) ഇതിലാണുള്ളത് നിസാമി, സാദി, ഹാഫീസ് തുടങ്ങിയവരുടെ സ്വാധീനശക്തി ഇദ്ദേഹത്തിന്റെ കവിതകളിൽ ഉടനീളം ദൃശ്യമാണ്. ഖുറാൻപഠനങ്ങൾ, ജീവചരിത്രം, വ്യാകരണം, സംഗീതം എന്നിവ സംബന്ധിച്ച ഗദ്യഗ്രന്ഥങ്ങളും ജാമി എഴുതിയിട്ടുണ്ട്. ഇവയിൽ പലതും ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്.

ജാമിനി റോയ് (1887—1972)

ബംഗാളി ചിത്രകാരൻ. കല്ക്കത്താ ആർട്ട്സ് സ്കൂളിൽ പഠിച്ചു. ചിത്രകലയിലെ ബംഗാളി ശൈലിയിൽ പ്രത്യേകവൈദഗ്ധ്യം നേടി. ആ ശൈലി വികസിപ്പിക്കുന്നതിൽ ശ്രദ്ധേയമായ പങ്കുവഹിച്ചു. നാടൻ കലകളിലേക്കും ഗ്രാമദൃശ്യങ്ങളിലേക്കും പ്രേക്ഷകരുടെ ശ്രദ്ധ ക്ഷണിക്കുന്നവയാണ് ഇദ്ദേഹത്തിന്റെ ചിത്രങ്ങൾ. മൺപാത്രനിർമാതാക്കളും, നെയ്ത്തുകാരും, കുട്ടയും വട്ടിയും നെയ്യുന്നവരും മരപ്പണിക്കാരും മറ്റും പരമ്പരയാ ഉപയോഗിക്കുന്ന രചനാശൈലികൾ നേരിട്ടുകണ്ടു മനസ്സിലാക്കി. തന്റെ ചിത്രകലയ്ക്ക് അവയെല്ലാം ഉപയോഗപ്പെടുത്തി. ബംഗാൾ ക്ഷാമ(1943—'44)ത്തെക്കുറിച്ചു റോയ് വരച്ച ചിത്രങ്ങൾ മനുഷ്യത്വത്തിന് അന്നു നേരിട്ട ദാരുണമായ തകർച്ച ആവിഷ്കരിച്ചിരുന്നു . ഈ ചിത്രങ്ങൾ റോയിക്കു രാജ്യാന്തരപ്രസിദ്ധി നേടിക്കൊടുത്തു. ഭാരതീയചിത്രകല പട്ടണപരിഷ്കാരത്തിലല്ല, നാട്ടിൻപുറങ്ങളിലെ കരകൗശലവസ്തുക്കളിലും, കൈത്തൊഴിലുകളിലുമാണു ജീവിക്കുന്നതെന്നു റോയ് സിദ്ധാന്തിച്ചു.



ജാമിയാ മില്ലിയാ ഇസ്ലാമിയ

ദില്ലി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വിദ്യാഭ്യാസസ്ഥാപനം. 1920-ലാണ് ഇത് ആരംഭിച്ചത്. മഹാത്മാഗാന്ധി, മൗലാനാ മുഹമ്മദലി, ഹക്കിം അജ്മൽഖാൻ, ഡോ. മുഖ്താർ അഹമ്മദ് അൻസാരി, മൗലാനാ അബുൾ കലാം ആസാദ്, ഡോ. സക്കീർ ഹുസൈൻ എന്നിവർ ആണ് ഈ സ്ഥാപനം ആരംഭിക്കാൻ മുൻകയ്യെടുത്തത്. അലിഗഢിലാണ് ഇത് ആരംഭിച്ചതെങ്കിലും 1925-ൽ ദില്ലിയിലേക്കു മാറ്റി. 1926-ൽ സക്കീർ ഹുസൈൻ ഈ സ്ഥാപനത്തിന്റെ വൈസ്ചാൻസലറായി. ഈ സ്ഥാപനത്തിലെ അധ്യാപകർ വൈസ്ചാൻസലറുടെ നേതൃത്വത്തിൽ ദേശീയവിദ്യാഭ്യാസത്തിനുള്ള ഒരു സംഘമായി നിലകൊള്ളാൻ തീരുമാനിക്കുകയും ഇരുപതുകൊല്ലക്കാലം 150 ക. യിൽ കവിയാത്ത തുകയേ ശമ്പളം കൈപ്പറ്റൂ എന്നു പ്രതിജ്ഞയെടുക്കുകയും ചെയ്തു. 1936-ൽ ഒഖ്ലായ്ക്കടുത്തുള്ള ഒരു സ്ഥലത്തേക്കു വിദ്യാഭ്യാസവകുപ്പുകൾ മാറ്റി. യമുനാനദിയുടെ തീരത്തു പുതിയ കെട്ടിടമുണ്ടായി. 1939-ൽ സംഘം റജിസ്റ്റർ ചെയ്തു. നഴ്സറി ക്ലാസ് മുതൽ ബിരുദാനന്തരകോഴ്സുകൾ വരെ ഈ സ്ഥാപനത്തിൽ നടത്തിവരുന്നു.

ജാമ്യം (Security)

പണം നല്കുന്നതിനും വ്യവസ്ഥകൾ പാലിക്കുന്നതിനും നല്കുന്ന ഉറപ്പ് (കോടതിയിൽ ഹാജരാകുന്നതിനു നല്കുന്ന ജാമ്യത്തിൽനിന്നു ഭിന്നമാണ് ഇത്). ജാമ്യക്കച്ചീട്ടിനു (ജാമ്യത്തിന് ഉപയോഗിക്കുന്ന പ്രമാണം) കടപ്പത്രത്തിന്റെ സ്വഭാവം ആണ് ഉള്ളത്. ചിട്ടികൾക്കു ലേലത്തുക പറ്റുന്നയാൾ പിന്നീടുള്ള തവണകൾ വച്ചടയ്ക്കും എന്നതിനു ഭൂസ്വത്തോ ശമ്പളമോ ഉള്ളയാൾ ജാമ്യം നില്ക്കുന്ന രീതിയുണ്ട്. കടക്കാരനും ജാമ്യക്കാരനും ചേർന്നു ബോണ്ട് എഴുതുകയാണു സാധാരണരീതി. ഇവിടെ രണ്ടാളും കൂട്ടായും (jointly) വെവ്വേറെയും (severally) വ്യവസ്ഥപാലിക്കാൻ ബാധ്യസ്ഥർ (liable) ആണ്.

മറ്റൊരാളുടെ ബാധ്യത ഏറ്റെടുക്കുന്ന ഏതൊരാളെയും ജാമ്യക്കാരൻ (guarantor) എന്നുപറയാം.

ജാമ്യം (Bail)

അറസ്റ്റുചെയ്യപ്പെട്ടയാൾ വേണ്ട സ്ഥലത്തും സമയത്തും ഹാജരാകും എന്നതിനുള്ള ഉറപ്പ്. കോടതിയിൽ ഹാജരാകുന്നതിനുവേണ്ടിയാണ് ഈ ഉറപ്പു സാധാരണമായി വാങ്ങാറുള്ളത്. അറസ്റ്റുചെയ്ത ആളെ ജാമ്യത്തിൽ വിടുന്നതു സ്വന്തം ഉറപ്പിന്മേലോ ഒന്നോ അധികമോ ആളുകളുടെ ഉറപ്പിന്മേലോ ആകാം. ഹാജരാകുന്നതിനല്ലാതെയുള്ള ഉറപ്പും ജാമ്യം എന്നു വ്യവഹരിക്കപ്പെടാറുണ്ട്. ജാമ്യം വ്യക്തികളോ പണമോ രണ്ടും കൂടെയോ ആകാം. കുറ്റവാളികൾ എന്നു സംശയിക്കപ്പെടുന്ന പ്രതികൾക്കു മാത്രമല്ല ജാമ്യം വേണ്ടിവരുന്നത്. സമൻസുകിട്ടിയിട്ടു മജിസ്ട്രേറ്റിന്റെ മുമ്പിൽ ഹാജരാകാത്ത സാക്ഷിയെ വാറന്റ് അയച്ച് അറസ്റ്റു ചെയ്യിച്ചാൽ ഹാജരാകുംവരെ തടവിൽനിന്നു വിട്ടുനില്ക്കാൻ ജാമ്യം വേണം. ശിക്ഷാനിയമപ്രകാരമുള്ള കുറ്റങ്ങൾ ജാമ്യം നല്കാവുന്നവ, ജാമ്യം നല്കാൻ പാടില്ലാത്തവ എന്നു രണ്ടായി തരംതിരിച്ചിരിക്കുന്നു.

ജാമ്യം നല്കാവുന്ന കുറ്റം ആരോപിക്കപ്പെട്ട ആളെ പോലീസ് സ്റ്റേഷന്റെ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ വാറണ്ടുകൂടാതെ അറസ്റ്റുചെയ്യുകയോ തടങ്കലിൽ വയ്ക്കുകയോ ചെയ്യുമ്പോഴോ, കോടതിമുമ്പാകെ അയാൾ ഹാജരാകുകയോ ഹാജരാക്കപ്പെടുകയോ ചെയ്യുമ്പോഴോ ജാമ്യം നല്കാൻ തയാറാവുകയാണെങ്കിൽ ജാമ്യത്തിൽ മോചിപ്പിക്കേണ്ടതാകുന്നു.

ജാമ്യം നല്കാൻ പാടില്ലാത്തതെന്നു ക്രിമിനൽ നടപടിനിയമത്തിലെ ഷെഡ്യൂളിൽ കാണിച്ച കേസുകളിൽപ്പോലും ജാമ്യം അനുവദിക്കുന്നതിനു കോടതിക്ക് വിവേചനാധികാരമുണ്ട്. പക്ഷേ, ഈ വിവേചനാധികാരം നിയമത്തിനും യുക്തിക്കും സ്ഥാപിതതത്ത്വങ്ങൾക്കും വിധേയമായിരിക്കണം.

ജാമ്യം നല്കാൻ പാടില്ലാത്ത കുറ്റത്തിനു ജാമ്യം നല്കുക എന്നതു കുറ്റവാളിയോടു കാണിക്കുന്ന സൗജന്യമാണ്. അയാൾക്കു നല്കിയ സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തി എന്നു കണ്ടാൽ ആ വിശേഷാനുകൂല്യത്തിന് അയാൾ സ്വയം അവകാശിയല്ലാതായിത്തീരുന്നതാണ്. ഈ തത്ത്വം അനുസരിച്ചു ഹൈക്കോടതിക്കോ, സെഷൻ കോടതിക്കോ, ജാമ്യം കൊടുത്ത കോടതിക്കോ അത് റദ്ദാക്കുന്നതിനും അയാളെ വീണ്ടും അറസ്റ്റുചെയ്യാൻ ഉത്തരവു നല്കുന്നതിനും അധികാരമുണ്ട്.

ജാമ്യത്തിലോ സ്വന്തം ബോണ്ടിന്മേലോ ഒരാളെ മോചിപ്പിക്കുന്നതിനുമുമ്പ് സന്ദർഭാനുസരണം പോലീസുദ്യോഗസ്ഥനോ കോടതിയോ പര്യാപ്തമെന്നു കരുതുന്ന തുകയ്ക്ക് അയാൾ ബോണ്ട് എഴുതി ഒപ്പിട്ടുകൊടുക്കേണ്ടതും, അയാളെ ജാമ്യത്തിൽ വിടുമ്പോൾ ഒരു ജാമ്യക്കാരനോ കൂടുതൽ ജാമ്യക്കാരോ ഉണ്ടായിരിക്കേണ്ടതുമാകുന്നു. ജാമ്യം അനുവദിക്കപ്പെട്ട ആൾ ബോണ്ടിൽ പറഞ്ഞിരിക്കുന്ന സമയത്തും സ്ഥലത്തും ഹാജരായിക്കൊള്ളാമെന്നും, പോലീസുദ്യോഗസ്ഥനോ കോടതിയോ മറ്റുപ്രകാരം നിർദേശിക്കുന്നതുവരെ അങ്ങനെ തുടർന്നു ഹാജരാകുന്നതാണെന്നും ഉള്ളതായിരിക്കണം ജാമ്യബോണ്ടിലെ മുഖ്യവ്യവസ്ഥ. കേസിൽ ആവശ്യപ്പെടുന്നപക്ഷം ജാമ്യത്തിൽ മോചിപ്പിക്കപ്പെടുന്ന ആൾ ഹൈക്കോടതിയോ സെഷൻകോടതിയോ മറ്റു കോടതിയോ ആവശ്യപ്പെടുമ്പോൾ കുറ്റാരോപണത്തിനു സമാധാനം ബോധിപ്പിക്കാനായി അവരുടെ മുമ്പാകെ ഹാജരാകാൻ ബാധ്യസ്ഥനാണെന്നുള്ള വ്യവസ്ഥയും ബോണ്ടിലുണ്ടായിരിക്കണം. കോടതി ജാമ്യക്കാരുടെ പര്യാപ്തത തീരുമാനിക്കുകയും അവരുടെ വിശ്വാസ്യതയും ധനശേഷിയും കോടതിക്ക് ബോധ്യപ്പെടുകയും ചെയ്യേണ്ടതാണ്. ബോണ്ട് ഒരു നിശ്ചിതതുകക്ക് ആയിരിക്കണം. ബോണ്ടിൽ കാണിച്ചിരിക്കുന്ന തുക ഒടുക്കാൻ വീഴ്ച വരുത്തുന്നപക്ഷം ഹാജരാകേണ്ടയാളും ജാമ്യക്കാരും കൂട്ടായും വെവ്വേറെയും തുക അടയ്ക്കാൻ ബാധ്യസ്ഥരാകുന്നതാണ്.

ബോണ്ട് എഴുതി ഒപ്പിട്ടാൽ ഉടൻ ആരുടെ സാന്നിധ്യത്തിനുവേണ്ടിയാണോ അങ്ങനെ ചെയ്തത്, അയാളെ മോചിപ്പിക്കേണ്ടതും അയാൾ ജയിലിലാണെങ്കിൽ ജയിലിൻെറ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥന് അതു സംബന്ധിച്ച വിടുതലുത്തരവുനല്കേണ്ടതുമാണ്.

ജാമ്യത്തിൽ മോചിപ്പിക്കപ്പെട്ട ആൾ ഹാജരാകുമെന്നുള്ളതിന് ഉറപ്പുനല്കിക്കൊണ്ടുള്ള ജാമ്യക്കാർക്ക് ബോണ്ടു സംബന്ധിച്ച ബാധ്യത വിടുർത്തിക്കിട്ടാൻ മജിസ്ട്രേറ്റുമുമ്പാകെ അപേക്ഷ ബോധിപ്പിക്കാവുന്നതാണ്, അങ്ങനെ ചെയ്താൽ മജിസ്ട്രേറ്റ്, മോചിപ്പിക്കപ്പെട്ട ആളെ അറസ്റ്റുചെയ്യാനും അയാളെ കോടതിമുമ്പാകെ ഹാജരാക്കാനും ഉത്തരവിടേണ്ടതാകുന്നു. ജാമ്യബോണ്ട് വിടുർത്തുമ്പോൾ അയാൾ മതിയായ മറ്റു ജാമ്യക്കാരെ കണ്ടുപിടിക്കേണ്ടതും, അതിന് വീഴ്ച വരുത്തുന്നപക്ഷം അയാളെ ജയിലിലേക്കു കമ്മിറ്റു ചെയ്യേണ്ടതുമാണ്.

താൻ കുറ്റവാളിയല്ലെന്നും, മതിയായ കാരണമില്ലാതെ സംശയത്തിന്മേൽ അറസ്റ്റുചെയ്യപ്പെടാൻ ഇട ഉണ്ടെന്നും ഭയപ്പെടുന്നയാൾക്കു കോടതിയെ സമീപിച്ചു മുൻകൂർ ജാമ്യത്തിന് അപേക്ഷിക്കാം. അപേക്ഷ പരിഗണിച്ചശേഷം യുക്തമെന്നു തോന്നുന്നപക്ഷം കോടതി മുൻകൂർജാമ്യം നല്കാറുണ്ട്.

ജായസ്വാൽ, കെ. പി. (1881—1937)

ഹിന്ദിസാഹിത്യകാരനും ചരിത്രകാരനും. ബാരിസ്റ്റർ കാശീപ്രസാദ് ജായസ്വാൽ പട്നയിൽ അഭിഭാഷകനായിരുന്നു. മധ്യകാലഭാരതീയ ചരിത്രത്തിൽ ഗവേഷണം നടത്തി ഇദ്ദേഹം പല വിലപ്പെട്ട വിവരങ്ങളും പുറത്തുകൊണ്ടുവന്നിട്ടുണ്ട്. *'കനകമഞ്ജരി'*, *'പരശുരാമസംവാദ്'* *'കവിത്തകാശീരാമ്'* ഇവ ആണ് ഇദ്ദേഹത്തിൻെറ കൃതികൾ.

ജായ്സി, മാലിക് മുഹമ്മദ് (1498—1547)

ഹിന്ദിസാഹിത്യത്തിലെ പ്രസിദ്ധ സൂഫി കവി. ഹിന്ദിസാഹിത്യചരിത്രത്തിൽ പ്രേമമാർഗീശാഖയിൽ പെട്ടവർ സൂഫികവികൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇവർ ഹിന്ദുക്കളുടെ പുരാണേതിഹാസങ്ങളിലെ കഥാപാത്രങ്ങളെ ഉപജീവിച്ചു കഥാകാവ്യങ്ങൾ രചിച്ചു. ഇവർക്കുമുമ്പു ജീവിച്ചിരുന്ന കബീർ തുടങ്ങിയ 'ജ്ഞാനാശ്രയീശാഖ'യിലെ കവികളെപ്പോലെ ഇവർ ഉപാസനാവിധികളെയും ആചാരങ്ങളെയും പറ്റിയുള്ള വിമർശനങ്ങളിൽ ഏർപ്പെടാതെ സ്വന്തം കൃതികളിലൂടെ ജനഹൃദയങ്ങളെ ആകർഷിക്കത്തക്ക കാവ്യപദ്ധതി ആവിഷ്കരിച്ചു. ഈ രീതി ഹിന്ദുക്കളെയും മുസൽമാൻമാരെയും ഒരുപോലെ വശീകരിച്ചു.

പ്രസിദ്ധനായ സൂഫി ഫക്കീർ ഷേഖ് മുഹിയുദ്ദീൻെറ ശിഷ്യനായ ഇദ്ദേഹത്തിൻെറ താമസസ്ഥലം ജായ്സായിരുന്നു. വിരൂപനായിരുന്ന ഇദ്ദേഹത്തെ നോക്കി ഷേർഷാ പരിഹസിച്ചിട്ടുള്ളതായി പറയുന്നു. ശിഷ്യന്മാർ ഇദ്ദേഹത്തിൻെറ കവിതകൾ പാടി സഞ്ചരിച്ചിരുന്നു. മരിക്കുന്നതിനു കുറെ മാസങ്ങൾക്കുമുമ്പു ജായ്സിൽനിന്നും 3 കി.മീ. അകലെയുള്ള ഒരു കാട്ടിലാണു താമസിച്ചത്. അവിടെവച്ചാണു മരിച്ചതും.

ജായ്സിയുടെ കൃതികൾ 'അഖരാവട്', 'ആഖിരീകലാം', 'പദ്മാവത്' ഇവയാണ്. അഖരാവടിൽ ഈശ്വരൻ, സൃഷ്ടി, ജീവൻ, ഈശ്വരപ്രേമം തുടങ്ങിയവയാണു വിഷയങ്ങൾ. 'ആഖിരീകല'മിലാകട്ടെ 'കയാമത്ത്'ൻെറ (അന്തിമദിനത്തിൻെറ) വർണനയാണ്. ജായ്സിയുടെ പ്രസിദ്ധ കൃതി 'പദ്മാവത്' ആണ്.

സിംഹളദ്വീപിലെ രാജാവായ ഗന്ധർവസേനൻെറ മകൾ പദ്മാവതിയുടെ സൗന്ദര്യത്തെക്കുറിച്ചു കേട്ടറിഞ്ഞ ചിതോറിലെ റാണാരത്നസേനൻ അവളിൽ പ്രേമപരവശനായി. വളരെ കഷ്ടതകൾ സഹിച്ച് ഒരു യുദ്ധത്തിനുശേഷം അദ്ദേഹം അവളെ, വിവാഹംകഴിച്ചുകൊണ്ടുവരുന്നു. അതിനുശേഷം ദില്ലിയിലെ രാജാവായ അലാവുദ്ദീനുമായി യുദ്ധത്തിലേർപ്പെടുന്നു. യുദ്ധത്തിൽ അർധവിജയിയായി നാട്ടിലെത്തിയ സേനനു കുംഭലമേരിലെ രാജാവുമായി യുദ്ധംചെയ്യേണ്ടിവരുന്നു. ആ യുദ്ധത്തിൽ രത്നസേനൻ മരിക്കുന്നു. പദ്മിനിയും നാഗമതിയെന്ന സഹപത്നിയും അദ്ദേഹത്തിൻെറ ചിതയിൽ ആത്മാഹൂതിചെയ്യുന്നു. ഇതാണ് അതിലെ കഥാസാരം.

ജാലകങ്ങൾ

† ജനലുകൾ നോക്കുക.

ജാലിയൻവാലാബാഗ് കൂട്ടക്കൊല

ഒരു പ്രതിഷേധയോഗം നടന്നുകൊണ്ടിരിക്കെ ആയിരത്തോളം ഇന്ത്യൻ ദേശാഭിമാനികളെ ബ്രിട്ടീഷ് സർക്കാർ വെടിവച്ചുകൊന്ന സംഭവം. പഞ്ചാബിൽ അമൃതസരസ്സിലെ ജാലിയൻവാലാബാഗിൽ ച്ചാണ് ഈ സംഭവം നടന്നത്. 1919 ഏപ്രിൽ 13-ന് ലഫ്ടനൻറ് ഗവർണറായ സർ മൈക്കൾ ഒഡയറുടെ കല്പനപ്രകാരം ജനറൽ ഡയർ ഇവിടെവച്ചു ഭീകരമായ നരവേട്ട നടത്തി. 1919 ഏപ്രിൽ 6-നു റൗലത് ബില്ലിനെ പ്രതിഷേധിച്ചു രാജ്യമാകെ ഹർത്താൽ നടന്നു. പഞ്ചാബിൽ സർവത്ര പ്രതിഷേധപ്രകടനങ്ങളായിരുന്നു. ഒഡയറുടെ ആജ്ഞപ്രകാരം ലാഹോർ, കാസൂർ, ഗുർജൻവാല എന്നിവിടങ്ങളിൽ ജനങ്ങൾ മർദിക്കപ്പെട്ടു. ഗാന്ധിജി അറസ്റ്റുചെയ്യപ്പെട്ടുവെന്ന കിംവദന്തി ലാഹോറിലെ പ്രക്ഷോഭണത്തിനു ശക്തികൂട്ടി. ഒരുകൂട്ടം വിദ്യാർഥികളുടെ നേരെ ഏപ്രിൽ 10-ാം തീയതി പോലീസ് വെടിവച്ചു. രണ്ടുപേർ മരിക്കുകയും അനേകം പേർക്കു



ജാലിയൻവാലാബാഗ്, സ്മാരകസ്തംഭം.

മുറിവേല്ക്കുകയും ചെയ്തു. ലാഹിരി ഗേറ്റിൽ തടിച്ചുകൂടിയ ജനക്കൂട്ടത്തിൻെറ നേരെ പിരിഞ്ഞുപോകുവാൻ മതിയായ സമയം കൊടുക്കാതെ പോലീസ് വെടിവയ്ക്കുകയും അനേകംപേർ മരിച്ചു വീഴുകയും ചെയ്തു. അടുത്തദിവസവും ഹർത്താലുണ്ടായി. അന്നും അതിനടുത്തദിവസവും പ്രാർഥനയ്ക്കു കൂടിയ ഒരു സംഘത്തെ പോലീസ് വെടിവച്ചു പിരിച്ചുവിട്ടു. വിദ്യാർഥിയായ ഖുശിറാം വിരിമാറു കാണിച്ചുകൊണ്ടാണു വെടിയുണ്ടയേറ്റത്. ഗുർജൻവാലയിൽ ജനങ്ങൾ പല സ്ഥാപനങ്ങളും തീവണ്ടികളും തകർത്തു. സർക്കാർ സ്ഥാപനങ്ങളെ ജനങ്ങൾ അഗ്നിക്കിരയാക്കി.

അമൃതസരസ്സിൽ ഹർത്താൽ സമാധാനപരമായിരുന്നുവെങ്കിലും നേതാക്കന്മാരായ ഡോ. കിച്ച്ലു, ഡോ. സത്യപാൽ എന്നിവരെ പ്രസംഗിക്കുവാൻ അനുവദിക്കാത്തതിൽ നാട്ടുകാർ പ്രക്ഷുബ്ധരായി. ഏപ്രിൽ 9-ന് അവർ ഇരുവരെയും നാടുകടത്തുവാൻ ഉത്തരവായി. ഇതറിഞ്ഞ ജനങ്ങൾ ക്ഷോഭിച്ചു ജാഥയായി അധികാരികളുടെ വസതയിലേക്കു നീങ്ങി. ഈ സന്ദർഭത്തിലാണ് ഗാന്ധിജിയെ പഞ്ചാബിലേക്കു കടത്താതെ വെളിയിൽ തടഞ്ഞുനിർത്തിയ വിവരം ജനങ്ങൾക്കു കിട്ടിയത്. ക്ഷുഭിതനായ ഡയർ ജനങ്ങളെ വെടിവച്ചു വീഴ്ത്തുവാൻ ആജ്ഞാപിച്ചു. വെടിവയ്പിൽ മരിച്ച ധീരസഖാക്കളുടെ മൃതദേഹവും പേറിക്കൊണ്ടു ജനക്കൂട്ടം പട്ടണത്തിലേക്കു നീങ്ങി. ജനങ്ങളും പോലീസും തമ്മിൽ പലതവണ ഏറ്റുമുട്ടി. പൊതുസ്ഥാപനങ്ങൾ നശിപ്പിക്കപ്പെട്ടു. വിദേശീയർക്കു രക്ഷയില്ലാതായി. പട്ടണത്തിൻെറ പല ഭാഗങ്ങളിലും ബാരിക്കേഡുകളുയർന്നു. അനവധി പ്രാവശ്യം വെടിവയ്പു നടന്നു. അനേകം പേർ മരിച്ചു.

ഏപ്രിൽ 12-ന് പട്ടാളം ജനറൽ ഡയറിൻെറ നേതൃത്വത്തിൽ ക്രമസമാധാനപാലനം ഏറ്റെടുത്തു. സമ്മേളനങ്ങൾ നിരോധിച്ചു കൊണ്ട് ഡയർ ഉത്തരവിട്ടു. അതിനെ കണക്കാക്കാതെതന്നെ പഞ്ചാബ് ജനത, ജാലിയൻവാലാബാഗിൽ ഏപ്രിൽ 13-ന് പ്രതിഷേധയോഗം കൂടുവാൻ തീർച്ചപ്പെടുത്തി. ഡയർ ഈ തീരുമാനത്തെ അംഗീകരിച്ചതുപോലെ പെരുമാറി. സമ്മേളനം തുടങ്ങിയ ഉടൻ ഡയർ, സായുധസൈന്യവുമായെത്തുകയും സമ്മേളനസ്ഥലത്തേക്കുള്ള കവാടത്തിൽ നിലയുറപ്പിച്ച് നിരായുധരായ ജനങ്ങളുടെനേരെ വെടിവയ്പാരംഭിക്കുകയുംചെയ്തു. പത്തുമിനിറ്റുനേരം നീണ്ടുനിന്ന വെടിവയ്പ് അവസാനിച്ചത് 'തോട്ട' തീർന്നതുകൊണ്ടായിരുന്നു. ഔദ്യോഗിക കണക്കനുസരിച്ച് 379 പേർ അവിടെ മരിച്ചുവീഴുകയും 1200 പേർക്കു മുറിവേല്ക്കുകയുംചെയ്തു. ദൃക്സാക്ഷികൾ പറയുന്നത് 1000 പേർ മരിച്ചുവെന്നാണ്. മുറിവേറ്റവർക്ക് ആശുപത്രികളിൽ പ്രഥമശുശ്രൂഷ കൊടുക്കാൻപോലും അധികാരികൾ ഒരുങ്ങിയില്ല. ഇന്ത്യയിലെയും ഇംഗ്ലണ്ടിലെയും ഗവൺമെൻറ് ഡയറിൻെറ ഈ കൃത്യത്തെ പുകഴ്ത്തി. എന്നാൽ ഒരു ഇംഗ്ലീഷുകാരൻ — ദീനബന്ധു ആൻഡ്രൂസ് — ഈ നരഹത്യയെ എതിർത്തു.

അവിടെ നിശാനിയമം നടപ്പാക്കി. ഇതിൻെറ ഭീകരതയിൽ ജാലിയൻവാലാബാഗിൽ വെടിയേറ്റുകിടന്നവർക്കു സഹായമെത്തിക്കാനും മൃതദേഹം സംസ്കരിക്കാനും കഴിയാതെവന്നു. ഹർത്താലിൻെറ ഫലമായി നടന്ന ഏറ്റുമുട്ടലിൽ മിസ്സ് ഷെർവുഡ് എന്ന ഒരു ഇംഗ്ലീഷ് വനിതയെ ചിലർ കയ്യേറ്റം നടത്തിയതിൻെറ പേരിൽ ഈ സംഭവം നടന്ന സ്ഥലത്തുകൂടി പോകുന്ന ഇന്ത്യക്കാരെല്ലാം ഇഴഞ്ഞു നീങ്ങേണ്ടതാണെന്നു ഡയർ ശഠിച്ചു. ദേശാഭിമാനികളെ മുക്കാലിയിൽ കെട്ടി അടിച്ചു. 281 പേരെ പട്ടാളക്കോടതി നേരിട്ടു വിചാരണചെയ്തു. അവരിൽ 51 പേരെ വധശിക്ഷയ്ക്കും 46 പേരെ നാടുകടത്തുവാനും വിധിച്ചു, പലരെയും ദീർഘകാലത്തെ തടവുശിക്ഷയ്ക്കും.

അന്വേഷണങ്ങൾ. പഞ്ചാബിൽ നടന്ന നരഹത്യയെക്കുറിച്ച് അന്വേഷിക്കുവാൻ കോൺഗ്രസ്സ് ഒരു കമ്മിറ്റി രൂപവത്കരിച്ചു. ഇതിനിടയ്ക്കു വൈസ്റോയി, ഹണ്ടറുടെ കീഴിൽ മറ്റൊരു അന്വേഷണക്കമ്മീഷനെ നിയമിച്ചിരുന്നു. കോൺഗ്രസ് ഹണ്ടർക്കമ്മിറ്റിയുമായി സഹകരിക്കുവാൻ തയ്യാറായെങ്കിലും ഭരണാധികാരികളുടെ അശാസ്ത്രീയമായ സമീപനം കോൺഗ്രസ്സിനെ ചൊടിപ്പിച്ചു. കോൺഗ്രസ് കമ്മിറ്റിയിൽ ഗാന്ധിജി, ഫസ്ലുൽഹക്ക്, അബാസ് തയാബ്ജി, ജയ്കർ എന്നിവർ ഉണ്ടായിരുന്നു. ഈ കമ്മിറ്റി 1700 പേരിൽനിന്നു മൊഴിയെടുക്കുകയും എല്ലാ സ്ഥലങ്ങളും സന്ദർശിക്കുകയുംചെയ്തു. ബ്രിട്ടീഷ് സാമ്രാജ്യത്വം നടത്തിയ നിഷ്ഠുരമായ ഒരു വഞ്ചനയായിരുന്നു, ജാലിയൻവാലാബാഗ് കൂട്ടക്കൊലയെന്ന് കമ്മിറ്റി തെളിവുസഹിതം സമർഥിച്ചു. അതേസമയം ഭരണകൂടത്തെ ന്യായീകരിക്കാനാണ് ഹണ്ടർകമ്മിറ്റി ശ്രമിച്ചത്.

ജാലിയൻവാലാബാഗിലെ കൂട്ടക്കൊലയെത്തുടർന്ന് ഏപ്രിൽ 6 മുതൽ 13 വരെ ദേശീയവാരമായി കൊണ്ടാടാൻ കോൺഗ്രസ്സ് തീരുമാനിച്ചു. സ്വാതന്ത്ര്യലബ്ധിക്കുശേഷം ജാലിയൻവാലാബാഗിൽ ഒരു ദേശീയ സ്മാരകം ഉയർത്തിയിട്ടുണ്ട്.

ജാവ

ഇന്തോനേഷ്യൻറിപ്പബ്ലിക്കിൻെറ ഭാഗമായ ഒരു പ്രധാനദ്വീപ്. പടിഞ്ഞാറ് സുൻഡാ കടലിടുക്ക് സുമാത്രാദ്വീപിൽനിന്നും ജാവയെ വേർതിരിക്കുന്നു. വടക്കു ജാവാകടലും തെക്ക് ഇന്ത്യാസമുദ്രവും കിഴക്കു വീതി വളരെ കുറഞ്ഞ ബാലി കടലിടുക്കിന്നപ്പുറം ബാലി ദ്വീപും അതിർത്തികളാണ്. ജാവാദ്വീപിനു കിഴക്കുപടിഞ്ഞാറ് കൂടിയ നീളം 1058 കി.മീറ്ററും തെക്കുവടക്ക് കൂടിയ വീതി 198 കി.മീറ്ററുമാണ്. കിഴക്കുഭാഗത്തു വടക്കുവശത്തായി കിടക്കുന്ന മദുര എന്ന ചെറിയ ദ്വീപിൻെറതുൾപ്പെടെ വിസ്താരം 1,32,187 ച.കി.മീറ്റർ. ജനസംഖ്യ 9,87,11,800 (1984). ഇന്തോനേഷ്യയുടെ തലസ്ഥാനമായ ജക്കാർത്തയാണു ജാവയുടെയും തലസ്ഥാനം. ഇന്തോനേഷ്യൻ ദ്വീപുകളുടെ കൂട്ടത്തിൽ വിസ്തൃതിയിൽ നാലാംസ്ഥാനമുള്ള ജാവയ്ക്കു ജനസാന്ദ്രതയിലും പ്രാധാന്യത്തിലും ഒന്നാംസ്ഥാനമുണ്ട്. ഇന്തോനേഷ്യയുടെ 7% മാത്രം വിസ്തൃതിയുള്ള ജാവയിൽ ജനസംഖ്യയുടെ മൂന്നിൽ രണ്ടുഭാഗം നിവസിക്കുന്നു. ജനസാന്ദ്രത ഫലഭൂയിഷ്ഠമായ മണ്ണുള്ള തെക്കൻ പ്രദേശങ്ങളിലെ സമതലങ്ങളിൽ ച.കി.മീറ്ററിന് 2000 ആണ്. ശരാശരി ജനസാന്ദ്രത ച.കി.മീററിന് 747-ം.

ഭൂസ്ഥിതി. ഈ ദ്വീപിൻെറ തെക്കെ കടൽത്തീരം കുന്നുകളും പാറകളും നിറഞ്ഞതാണ്. കടൽക്കരയിൽ തുറമുഖങ്ങളധികമില്ല. വടക്കെ കടൽത്തീരം സമതലപ്രദേശമാണ്. മധ്യജാവയിൽ സാമാന്യം വിസ്തൃതിയുള്ള സമതലമുണ്ട്. അത്രയും വിസ്തൃതിയില്ലാത്ത സമതലങ്ങളാണു പശ്ചിമജാവയിലും തെക്കുകിഴക്കൻ ജാവയിലും. വടക്കൻ കടൽക്കരയിൽ കപ്പലുകൾക്കു വന്നടുക്കുവാൻ സൗകര്യങ്ങളുണ്ട്. കിഴക്കുപടിഞ്ഞാറായി ഒരു പർവതനിര ഉടനീളമുണ്ട്. കിഴക്കൻജാവയിലെ സെമേരുകൊടുമുടിക്ക് 3675 മീ. പൊക്കമുണ്ട്. സ്ലാമെറ്റുപർവതം (3428 മീറ്റർ) പശ്ചിമജാവയിലാണ്. ജാവയിൽ 112 അഗ്നിപർവതങ്ങളുള്ളവയിൽ 35 എണ്ണം സജീവമാണ്. സുൻഡാ കടലിടുക്കിലുള്ള ക്രാക്കത്തുവാ അഗ്നിപർവതം ഇപ്പോഴും സജീവമാണ്. 1883-ൽ അതു പൊട്ടിത്തെറിച്ചതിൻെറ ഫലമായി പശ്ചിമജാവയിൽ 36,000 പേർ കൊല്ലപ്പെട്ടു. 2,499 മീറ്റർ പൊക്കമുള്ള ബ്രോമോ സദാ ആവിയും പുകയും വമിച്ചുകൊണ്ടിരിക്കുന്നു. ചില അഗ്നിപർവതങ്ങൾ വിഷവാതകങ്ങൾ വമിക്കുന്നുണ്ട്.

നദികൾ മിക്കവയും വടക്കോട്ടൊഴുകുന്നവയാണ്. മദുരദ്വീപിനടുത്തുവച്ചു ജാവകടലിൽ വീഴുന്ന സോളോ ആണ് ഏറ്റവും നീളം കൂടിയ നദി (1537.6 കി. മീറ്റർ). ജാവാകടലിൽവീഴുന്ന തിജിലിവുങ്ങിൻെറ അഴിമുഖത്താണു ജക്കാർത്താ നഗരം. തെക്കോട്ടൊഴുകി ഇന്ത്യാസമുദ്രത്തിൽ വീഴുന്ന ചില നദികളുമുണ്ട്.

ഭൂമധ്യരേഖയ്ക്കടുത്തായിട്ടും ജാവയിൽ ചൂട് അത്ര വളരെയില്ല. ദിനരാത്രങ്ങളുടെ തുല്യദൈർഘ്യം, പർവതങ്ങൾ, കടൽക്കാറ്റ്, വേണ്ടത്ര മഴ എന്നിവയാണു ചൂടു കുറയാനുള്ള കാരണങ്ങൾ. ശരാശരി വാർഷിക വർഷപാതം 203 സെ. മീറ്ററാണ്.





ചാണ്ഡീ പ്ലാവോസൻ-മധ്യജാവയിൽ ഒമ്പതാംനൂറ്റാണ്ടിൽ നിർമിച്ചത്.

സസ്യങ്ങളും ജന്തുക്കളും. 500-ൽപ്പരം സസ്യവർഗങ്ങൾ ജാവയിലുണ്ട്. ബോഗോറിലെ ബൊട്ടാണിക്കൽ ഗാർഡൻ ലോകപ്രസിദ്ധമാണ്. പർവതച്ചരിവിൽ നിബിഡവനങ്ങളുണ്ട്. പടിഞ്ഞാറൻ വനങ്ങളിൽ മാത്രമുള്ള 'രസമാല' എന്ന വൃക്ഷത്തിൻെറ തടി വാണിജ്യപ്രാധാന്യമുള്ളതാണ്. കടുവ, കാട്ടുകാള, കാട്ടുപന്നി, പുള്ളിപ്പുലി, കാട്ടുപൂച്ച, മാൻ മുതലായവയാണു പ്രധാന വന്യമൃഗങ്ങൾ. ഒറ്റക്കൊമ്പൻ കാണ്ടാമൃഗത്തിൻെറ വംശം ജാവയിൽ ക്ഷയിച്ചുവരികയാണ്. ഇവിടെയുള്ള കോളോകാലിയ (Collocalia) എന്ന പക്ഷിയുടെ കൂട് മനുഷ്യരുടെ ഭക്ഷണപദാർഥമാണ്.

ജനങ്ങൾ. ജാവയിലെ ജനങ്ങൾ മംഗളോയിഡ് വർഗത്തിൻെറ ദക്ഷിണശാഖക്കാരാണ്. മഞ്ഞനിറവും തവിട്ടുനിറവും ഇടചേർന്ന ഇളംനിറത്തോടുകൂടിയ തൊലിയും ചുരുളാത്ത കറുത്ത തലമുടിയും, പൊക്കവും വണ്ണവും അധികമില്ലാത്ത ശരീരവുമാണ് ഇവരുടെ സവിശേഷതകൾ.

നെല്ലരിച്ചോറാണു ജനങ്ങളുടെ പ്രധാന ഭക്ഷണം. അതിനോടൊപ്പം പച്ചക്കറികൾ, മത്സ്യം, മാംസം, മുട്ട എന്നിവയും ഭക്ഷിക്കുന്നു. ബഹുഭൂരിപക്ഷം ജനങ്ങളും മുസ്ലീങ്ങളാണ്. രണ്ടാം ലോകയുദ്ധത്തിനുമുമ്പു രണ്ടു ലക്ഷത്തോളം ഡെച്ചുകാർ ജാവയിലുണ്ടായിരുന്നു. 1957-ൽ ഇന്തോനേഷ്യൻ ഗവൺമെൻറ് എല്ലാ ഡെച്ചുകാരെയും പുറത്താക്കി. അപ്പോൾ 10 ലക്ഷത്തോളം ചൈനീസ്വംശജർ ജാവയിൽ ഉണ്ടായിരുന്നു. അവരെയും തുരത്താൻ ശക്തിയായ ശ്രമം നടന്നുവെങ്കിലും പൂർണമായി വിജയിച്ചിട്ടില്ല.

ജാവയിലെ പ്രധാന നഗരങ്ങളും ജനസംഖ്യയും: ജക്കാർത്ത 65,03,449; സുരബാജ 20,27,913; മലാങ് 5,11,780; സുരകർത്ത 4,69,888; സെമറാങ് 10,26,671; ബാന്ദൂങ് 14,62,637 (1980-ലെ കണക്കുകൾ). പ്രധാന തുറമുഖങ്ങൾ: ജക്കാർത്ത, സുരബാജ.

ഭരണം. ഇന്തോനേഷ്യ സ്വാതന്ത്ര്യം പ്രാപിച്ചശേഷം ജാവയെ അഞ്ചു പ്രവിശ്യകളാക്കി. പശ്ചിമജാവ, മധ്യജാവ, പൂർവജാവ, ജക്കാർത്ത, ജോഗ്ജക്കാർത്ത എന്നിവയാണു പ്രവിശ്യകൾ. അഭ്യന്തരകാര്യങ്ങളിൽ പ്രവിശ്യകൾക്കു പല അധികാരങ്ങളും നല്കിയിരുന്നു. പ്രവിശ്യാനിയമസഭയെ ജനങ്ങളും എക്സിക്യൂട്ടീവ് കൗൺസിലിനെ നിയമസഭയും തിരഞ്ഞെടുത്തിരുന്നു. 1966-ലെ സൈനിക വിപ്ലവത്തിനുശേഷം ഇന്തോനേഷ്യയുടെ രാഷ്ട്രീയസംവിധാനത്തിൽ സൈനികകേന്ദ്രീകരണം വന്നിട്ടുണ്ട്.

സമ്പദ്വ്യവസ്ഥ. സ്വാതന്ത്ര്യത്തിനുമുമ്പു രണ്ടുതരം ഭൂവുടമകളാണുണ്ടായിരുന്നത്. ചെറുകിടക്കാരും തോട്ടമുടമകളും. തോട്ടമുടമകൾ മിക്കവാറും ഡെച്ചുകാരായിരുന്നു. സ്വതന്ത്ര ഇന്തോനേഷ്യൻ ഗവൺമെൻറ് ഡെച്ചുകാരെ രാജ്യത്തിൽനിന്നു ബഹിഷ്കരിക്കുകയും അവരുടെ തോട്ടങ്ങൾ ഏറ്റെടുക്കുകയും ചെയ്തു. ചെറുകിട ഭൂവുടമകളുടെ പ്രധാന വിള നെല്ലാണ്. അതു ജാവയിലെതന്നെ ആവശ്യത്തിനു തികയാതായിട്ടുണ്ട്. മരച്ചീനി (കസ്സാവ), മധുരക്കിഴങ്ങ്, ചോളം, സോയാബീൻ, കരിമ്പ്, കടല മുതലായവയാണു മറ്റു വിളകൾ. പശ്ചിമ ജാവയിൽ തേയിലയും മലാങ്ങിൽ കാപ്പിയും പുകയിലയും ബന്താമിൽ തെങ്ങും കൃഷിചെയ്യുന്നു. വലിയ തോട്ടങ്ങളിൽ തേയില, കാപ്പി, പുകയില, സിങ്കോണ, റബർ മുതലായവയാണു കൃഷിചെയ്യുക. കന്നുകാലിവളർത്തൽ ജാവയിലില്ല. മീൻപിടിത്തം ഗണ്യമായ തോതിലുണ്ടെങ്കിലും പിടിക്കുന്ന മത്സ്യം ജാവയിലെ ആവശ്യത്തിനു തികയാറില്ല.

മധ്യജാവയുടെയും പൂർവജാവയുടെയും അതിർത്തിപ്രദേശങ്ങളിൽ പെട്രോളിയം ഉത്പാദിപ്പിക്കുന്നു. തെക്കൻജാവയിൽ ജോഗ്ജക്കാർത്തയ്ക്കു സമീപം മാൻഗനീസ് ഖനികളുണ്ട്. ചില അഗ്നിപർവതങ്ങളിൽനിന്നു ഗന്ധകം എടുക്കുന്നു. ബന്താമിൽ സ്വർണവും വെള്ളിയും സുരബാജയിൽ അയഡിൻ അരുവികളുമുണ്ട്. മദുരാദ്വീപിൽ ഗവൺമെൻറ് നേരിട്ട് ഉപ്പ് ഉത്പാദിപ്പിക്കുന്നു. ലോകയുദ്ധകാലത്തും പിന്നീടും വളരെ വ്യവസായസ്ഥാപനങ്ങൾ ജാവയിൽ സ്ഥാപിതമായി. ജാവയുടെ വിവിധഭാഗങ്ങളെ റെയിൽവേകൊണ്ടു ബന്ധിപ്പിച്ചിട്ടുണ്ട്. ജക്കാർത്തയിൽ രാഷ്ട്രാന്തരീയ വിമാനത്താവളമുണ്ട്. കയറ്റുമതികളിൽ പ്രധാനം റബർ, പുകയില, പഞ്ചസാര, ചായ മുതലായവയും ഇറക്കുമതികളിൽ മുഖ്യം യന്ത്രങ്ങൾ, സൂക്ഷ്മോപകരണങ്ങൾ, ഉരുക്കു റെയിൽപാളങ്ങൾ, തുണിത്തരങ്ങൾ, കെമിക്കൽസ്, യുദ്ധസാമഗ്രികൾ മുതലായവയും ആണ്.

ചരിത്രം. മനുഷ്യവർഗത്തിൻെറ ഉദ്ഭവത്തിനുമുമ്പുതന്നെ ജാവ ഉണ്ടായിരുന്നതായി ഊഹിക്കപ്പെടുന്നു. പരിണാമശൃംഖലയിൽ ആൾക്കുരങ്ങിനും മനുഷ്യനും ഇടയ്ക്കുണ്ടായിരുന്നുവെന്നു സങ്കല്പിക്കപ്പെടുന്ന ചില ജീവികളിൽ ഒന്നായ പിത്തികാന്ത്രോപസ്സ് (Pithecanthropus)ൻെറ അസ്ഥിശകലങ്ങൾ ജാവയിൽനിന്നു ഗവേഷകർ കണ്ടെടുത്തിട്ടുണ്ട്. രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ഇന്ത്യയും ചൈനയും തമ്മിൽ സമുദ്രവാണിജ്യം നടത്തിയിരുന്നതുകൊണ്ട് പ്രസ്തുത രണ്ടു രാജ്യങ്ങൾക്കും ജാവയെക്കുറിച്ച് അറിവുണ്ടായിരുന്നു. സ്വർണവും വെള്ളിയും ധാരാളമുള്ള 'യവദ്വീപ്' എന്നു രാമായണത്തിൽ പറഞ്ഞിട്ടുള്ളതു ജാവയെ ഉദ്ദേശിച്ചാണ്. എ.ഡി. രണ്ടാംനൂറ്റാണ്ടിൽ ടോളമി ഈ ദ്വീപിനെ 'ഇയാബദിയു' എന്നു വിളിച്ചിട്ടുണ്ട്. അക്കാലത്തു ചൈനാക്കാർ ഇതിനെ വിളിച്ചിരുന്നത് 'യേതിയാവോ' എന്നാണ്. ഇന്ത്യയ്ക്കു ജാവയോടുണ്ടായിരുന്ന ബന്ധം വാണിജ്യത്തിൻെറ സീമകൾ കടന്നു രാഷ്ട്രീയവും സാംസ്കാരികവുമായ മേഖലകളിലേക്കു വ്യാപിച്ചു. ഇന്ത്യയിൽനിന്നു ബ്രാഹ്മണരുൾപ്പെടെ വളരെപ്പേർ ജാവയിൽ കുടിയേറിപ്പാർത്തു. ഹിന്ദുപുരാണങ്ങൾ പലതും ജാവനീസ് ഭാഷയിൽ ആവിഷ്കരിച്ചിട്ടുണ്ട്.



ജാവയിൽ തട്ടുകളായുള്ള നെല്പാടം



സുരബാജാ തുറമുഖം-
ജാവ

അറബികളായ കച്ചവടക്കാർ പണ്ടുപണ്ടേ ജാവ സന്ദർശിച്ചുകൊണ്ടിരുന്നുവെങ്കിലും മലാക്കയിൽ സ്ഥാപിതമായ മുസ്ലീംകേന്ദ്രത്തിന്റെ സൈനികവും രാഷ്ട്രീയവുമായ സമ്മർദം ജാവയിൽ അനുഭവപ്പെട്ടുതുടങ്ങിയത് 15-ാം നൂറ്റാണ്ടിലാണ്. 1511-ൽ മലാക്ക പോർത്തുഗീസുകാർ പിടിച്ചടക്കിയതിനെത്തുടർന്ന് അവിടത്തെയും മറ്റു പലെടങ്ങളിലെയും മുസ്ലീങ്ങൾ ജാവയിലേക്കു കടന്നു. പശ്ചിമജാവയിൽ ബന്താം ശക്തമായ ഒരു മുസ്ലീം സ്റ്റേറ്റായി വളർന്നു. ജാവയിലെ ജനങ്ങളുടെയിടയിൽ ഇസ്ലാംമതം പ്രചരിച്ചു.

തുന്നൽപ്പണി നടത്തുന്ന ജാവാവനിത.

1596-ലാണു ഡെച്ചുകാർ ആദ്യമായി ബന്താമിൽ വന്നിറങ്ങിയത്. 1602-ൽ ഡെച്ച് ഈസ്റ്റിന്ത്യാക്കമ്പനി രൂപവത്കരിക്കപ്പെട്ടു. 1619-ൽ ജാൻ പീറ്റർ കോവൻ ജക്കാർത്തയിൽ ഒരു ഡെച്ച് കോളനി സ്ഥാപിച്ചു. ആദ്യമൊക്കെ ഡെച്ചുകാർ ജാവയിലെ ആഭ്യന്തരകലഹങ്ങളിൽനിന്ന് ഒഴിഞ്ഞുനിന്നു. പിന്നീടു കലാപങ്ങളിൽ അവർ ഇടപെട്ടു. 17-ാംനൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ പശ്ചിമജാവയിലെയും 18-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ മധ്യപൂർവജാവയിലെയും ഭരണാധികാരികൾ ഡെച്ചുകാരുടെ മേൽക്കോയ്മ അംഗീകരിച്ചു. 1755-ൽ മാതരവും ഡെച്ചുകാരുടെ മേൽക്കോയ്മ സ്വീകരിച്ചതോടെ ജാവ മുഴുവൻ അവരുടെ നിയന്ത്രണത്തിലായി. 1799-ൽ ഡെച്ച് ഈസ്റ്റിന്ത്യാക്കമ്പനി ഇല്ലാതാവുകയും ജാവ ഡെച്ച്ഗവൺമെൻറിന്റെ അധീനതയിലാവുകയും ചെയ്തു. 1903 മുതൽ ജാവയിലെ ജനങ്ങൾക്ക് അവിടത്തെ ഭരണകാര്യങ്ങളിൽ ഭാഗഭാഗിത്വം നല്കിത്തുടങ്ങി. 1925-ൽ ഡെച്ചുകാരുടെ കീഴിൽ രൂപവത്കരിച്ച ജനകീയ കൗൺസിലിൽ ഇന്തോനേഷ്യക്കാർക്കു ഭൂരിപക്ഷം നല്കി.

ഇന്തോനേഷ്യയുടെ ദേശീയ വിമോചനപ്രസ്ഥാനത്തിൽ ജാവ സുപ്രധാനമായ ഒരു പങ്കാണു വഹിച്ചത്. രണ്ടാം ലോകയുദ്ധകാലത്ത്, 1942 ഫെബ്രുവരിയിൽ, ജപ്പാൻ ജാവ പിടിച്ചടക്കി. ലോകയുദ്ധത്തിൽ ജപ്പാൻ പരാജയപ്പെട്ടുവെങ്കിലും ഇന്തോനേഷ്യയിൽ അവരുടെ പിന്തുണയോടെ സ്ഥാപിതമായ റിപ്പബ്ലിക്കൻ ഗവൺമെൻറ് സജീവമായിരുന്നു. 1949-ൽ സ്ഥാപിതമായ യൂണൈറ്റഡ് സ്റ്റെയ്റ്റ്സ് ഒഫ് ഇന്തൊനേഷ്യയിലെ സ്വതന്ത്രാധികാരമുള്ള സംസ്ഥാനങ്ങളായിരുന്നു കിഴക്കൻ ജാവയും പടിഞ്ഞാറൻ ജാവയും. 1950-ൽ യൂനിറ്ററി റിപ്പബ്ലിക് ഒഫ് ഇന്തോനേഷ്യ രൂപവത്കൃതമായപ്പോൾ ഈ സ്വതന്ത്ര സംസ്ഥാനങ്ങളും അതിന്റെ ഘടകമായി. 1963-ൽ സ്വതന്ത്ര ഇന്തോനേഷ്യ രൂപംകൊണ്ടപ്പോൾ ജാവ അതിന്റെ ഒരു ഭാഗമായിത്തീർന്നു. † ഇന്തോനേഷ്യ നോക്കുക.

ജാവനീസ്ഭാഷയും സാഹിത്യവും

ജാവയിലും സമീപസ്ഥമായ ദ്വീപുകളിലെയും ആളുകൾ സംസാരിക്കുന്ന ഭാഷയും അതിലെ സാഹിത്യവും. മലയോ-പോളിനേഷ്യൻഭാഷകളിൽ ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്ന ഭാഷ ജാവനീസാണ്. ആറരക്കോടി ജനങ്ങൾ ഇതു സംസാരിക്കുന്നു. ഇവരിൽ ഭൂരിഭാഗവും ജാവയിലാണുള്ളത്. ജാവനീസ് ലിപികൾ തെക്കെ ഇന്ത്യയിലെ പല്ലവ ലിപികളിൽനിന്ന് രൂപംകൊണ്ടതാണ്. സംസ്കൃതത്തിന്റെയും ദ്രാവിഡഭാഷാസംസ്കാരങ്ങളുടെയും അതിപ്രസരം ജാവനീസ്ഭാഷയുടെ പരിണാമത്തിൽ ഗണ്യമായ ഒരു പങ്കു വഹിച്ചിട്ടുണ്ട്. ലവണ (ഉപ്പ്) ഗുള (പഞ്ചസാര) മുതലായ പദങ്ങൾ അങ്ങനെ തന്നെ ഉപയോഗിക്കുന്നു.

ജാവനീസിനു മൂന്നു ഭാഷാ(ഡയലക്ട്)ഭേദങ്ങളുണ്ട്: നേഗലിനെ കേന്ദ്രമാക്കിക്കൊണ്ടുള്ള പശ്ചിമ ജാവനീസും, സുരകർത്തായിലും ജോഗ്ജക്കാർത്തയിലും ഉള്ള മധ്യജാവനീസും, സുരബായായുടെ ചുറ്റുപാടുമുള്ള കിഴക്കൻ ജാവനീസുമാണ്. സാധാരണ ജാവനീസ് ഭാഷയിൽനിന്ന് അല്പം ഭേദമുള്ള ഒരു പ്രാദേശികരൂപമാണു ബാലിദ്വീപിൽ പ്രചാരത്തിലുള്ളത്.

സംസ്കൃതഭാഷയുമായി പല അംശങ്ങളിലും അഭിന്നമായ 'കവി'ഭാഷയായിരുന്നു ജാവയിലെ അതിപ്രാചീനഭാഷ. ജാവനീസിലുള്ള രാമായണത്തിന് 'രാമകവി' എന്നും മഹാകവികൾക്ക് 'കവീന്ത്ര'രെന്നും ചില കാവ്യങ്ങൾക്ക് 'ശേകർ-കവി' (കവിതാപുഷ്പങ്ങൾ) എന്നും പണ്ടു പറഞ്ഞുവന്നു. 14-ാംനൂറ്റാണ്ടോടുകൂടി ഈ ഭാഷ ഏതാണ്ടു നാമാവശേഷമായി. ബാലിദ്വീപിൻെറ ചില മൂലകളിൽമാത്രം അവശേഷിച്ച ഇതിൻെറ അപഭ്രംശരൂപങ്ങൾക്ക് 'പനംബഹാൻ' എന്നു പറഞ്ഞുവന്നു.

സാഹിത്യം. ഭാരതീയ ഇതിഹാസപുരാണങ്ങൾക്കു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള സാഹിത്യസൃഷ്ടികൾ ആദ്യകാല ജാവനീസ് സാഹിത്യത്തിൽ വളരെയുണ്ട്. പില്ക്കാലത്തുള്ള കൃതികളിൽ ബുദ്ധമതത്തിൻെറയും ഇസ്ലാമിൻെറയും സ്വാധീനങ്ങൾ സ്പഷ്ടമാണ്. ഇതിഹാസകാവ്യങ്ങൾ പലതും, സംസ്കൃതത്തിലെതുപോലെ 'കാണ്ഡ'ങ്ങളായി വിഭജിച്ചിരിക്കുന്നു. ഒരു 'രസാക്സൻ' (രാക്ഷസൻ) 'വിദാദൂരി'(വിദ്യാധരി?)യെ പരിണയിക്കുന്ന 'വിവാഹ-കവി', 'രാമകവി', അർജുനൻെറ പൗത്രൻെറ കഥയായ 'പരികേസ്പിത്' (പരീക്ഷിത്ത്), അർജുനൻെറതന്നെ വിജയങ്ങളെ വിവരിക്കുന്ന 'ബ്രാതയുധ്' (ഭ്രാതായുദ്ധം?) തുടങ്ങിയവ ജാവനീസ് പുരാണങ്ങളിൽ പ്രമുഖങ്ങളാണ്. ഒരു 'നീതിശാസ്ത്ര-കവി'യും പ്രാചീന ഗ്രന്ഥങ്ങളിൽ ഉൾപ്പെടുന്നു. മനുസ്മൃതിയെ ആധാരമാക്കി ജാവനീസ്ഭാഷയിലുണ്ടായതാണ് 'ശാസ്ത്രമേനവ'എന്ന് ഇപ്പോൾ തെളിഞ്ഞിട്ടുണ്ട്.

ആധുനിക ജാവനീസിൽ (1550-നുശേഷം ഇന്നുവരെ) പാശ്ചാത്യസ്വാധീനം പ്രകടമാണ്. ജാവനീസ്, സുന്ദനീസ്, മധുരീസ്, ബാലിനീസ് സംസ്കാരങ്ങളിൽ ജാവനീസ് സാരമായ അതിപ്രസരം ചെലുത്തിയിട്ടുണ്ട്. സാതന്ത്ര്യലബ്ധിക്കുശേഷം സുകർത്തോയുടെ ഉത്സാഹത്തിൽ ബഹാസാഇന്തോനേഷ്യ എന്ന പേരിൽ ഭാഷയെ മാനകീകരിച്ചിട്ടുണ്ട്.

ജാവലിൻ ത്രോ

ജാവലിൻ (കുന്തം) എറിഞ്ഞുള്ള കായികവിനോദം. ബി. സി. 708-ൽ ഗ്രീസിൽ നടന്ന ഒളിമ്പിക്വിനോദങ്ങളിൽ ജാവലിൻകൊണ്ടുള്ള ഏറും പരിപാടികളിൽ ഒന്നായിരുന്നു.

തടികൊണ്ടോ ലോഹംകൊണ്ടോ നിർമിച്ച ഒരു കുന്തമാണ് ആധുനികകാലത്ത് ഉപയോഗിച്ചുവരുന്നത്. ഇതിൻെറ അറ്റം ലോഹനിർമിതവും കൂർത്തതുമായിരിക്കണമെന്നു നിർബന്ധമുണ്ട്. 260 സെ. മീറ്റർ വരെയാണ് അനുവദിച്ചിട്ടുള്ള നീളം. ഭാരം 800 ഗ്രാമിൽ കവിയരുത്.



നോർവേക്കാരൻ ഡാനിയൽസെൻ സ്വർണമെഡൽ നേടുന്നു.

ആധുനിക ഒളിമ്പിക്സ് പ്രചാരത്തിലായതിനുശേഷം സ്കാൻഡിനേവിയ, ഫിൻലൻഡ്, നോർവേ എന്നീ രാജ്യങ്ങളിൽനിന്നു വന്നിട്ടുള്ള അഭ്യാസികളാണു ജാവലിൻത്രോയിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കിയിട്ടുള്ളത്. തലയ്ക്കുമീതെ, കൂർത്ത അറ്റം അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് (45°) 18-ഓ 21-ഓ മീറ്റർ ദൂരം ഓടിവന്ന് ആയത്തോടുകൂടിയാണു കുന്തം എറിയാറുള്ളത്.

ജാവളി

കർണാടകസംഗീതത്തിലെ ഒരു ഗാനരൂപം. പദത്തിൻെറ വകഭേദമായി ഇതിനെ പരിഗണിക്കുന്നു. പദങ്ങളെപ്പോലെ ശൃംഗാരപ്രധാനമായിരിക്കും. എന്നാൽ പദങ്ങളിലെ ശൃംഗാരത്തിൻെറ ഔത്കൃഷ്ട്യവും അലൗകികത്വവും ജാവളിയിലെ ശൃംഗാരത്തിനു ഉണ്ടാകണമെന്നില്ല. പദത്തെക്കാൾ ലഘുവും ലളിതവുമാണു ജാവളി. പ്രേമഗാനം എന്ന അർഥമുള്ള ജാവഡി എന്ന കന്നടപദത്തിൽനിന്നാണു ജാവളി നിഷ്പന്നമായതെന്നു കരുതുന്നു. സാധാരണ സംഗീതകൃതികളുടെ മാതൃകയിൽ പല്ലവി, അനുപല്ലവി, ചരണം എന്നീ അംഗങ്ങൾ ജാവളിക്കും ഉണ്ട്. സംഗീതം മധ്യമകാലത്തിലും മനസ്സിനെ അതിവേഗം ആകർഷിക്കുന്ന രീതിയിലും ആണ്. ചിട്ടസ്വരമോ സ്വരസാഹിത്യമോ ഇവയിൽ ഘടിപ്പിക്കാറില്ല. ആലാപത്തിൽ **നിരവൽ**. കല്പനാസ്വരം തുടങ്ങിയ്വയും പതിവില്ല. സ്വാതിതിരുനാശ, ഇരയിമ്മൻ തമ്പി, പട്ടണം സുബ്രഹ്മണ്യയ്യർ, ധർമപുരി സുബ്ബരായർ, രാമനാഥപുരം ശ്രീനിവാസയ്യങ്കാർ, തിരുപ്പന്തൽ പട്ടാഭിരാമയ്യ തുടങ്ങിയവർ ജാവളികൾ രചിച്ചിട്ടുണ്ട്. സ്വാതിതിരുനാളിൻെറ *ഇടുസാഹസമുലു* (രാഗം സൈന്ധവി), ഇരയിമ്മൻതമ്പിയുടെ *ചെന്താർസായക* (രാഗം ബിഹാഗ്), പട്ടണം സുബ്രഹ്മണ്യയ്യരുടെ *അപുഡുമനഡു* (കമാശ്) തുടങ്ങിയ ജാവളികൾ പ്രസിദ്ധമാണ്.

ജാവാ മനുഷ്യൻ

ഫോസിലുകളിൽനിന്ന് ഊഹിക്കാൻ മാത്രം കഴിയുന്ന,കുറ്റിയറ്റുപോയ ഒരു നരവർഗം. 1891-ൽ ഇംദുബ്വാ ജാവാമനുഷ്യൻെറ തലയോട്ടിയും തുടയെല്ലും സോളോനദിക്കരയിൽ ട്രിനിൽ എന്ന സ്ഥലത്തു കണ്ടെത്തി. ഈ ഫോസിലുകൾ ആദ്യത്തെ ഹോമോ ഇറക്റ്റസിൻെറ (നിവർന്നുനില്ക്കുന്ന മനുഷ്യൻെറ) ആണ് എന്നു വിശ്വസിക്കപ്പെടുന്നു. സംഗിരാനിൽനിന്നു ലഭിച്ച ഫോസിലുകൾ (ശിലീഭൂതാസ്ഥികൾ), 1936-ൽ മോഡ് ജൊക്കർത്തോവിൽനിന്നു ലഭിച്ച ഒരു ശിശുവിൻെറ അസ്ഥികൾ ഇവ പ്ലീസ്റ്റോസീൻയുഗത്തിലെത് (അഞ്ചുലക്ഷം മുതൽ 10ലക്ഷം വരെ കൊല്ലം മുമ്പ്) ആണെന്നു കണക്കാക്കിയിട്ടുണ്ട്. 900 ഘ. സെ. മീറ്റർ ഉള്ള് ഉണ്ടായിരുന്നു ജാവാമനുഷ്യൻെറ തലയോടിന്. ചെറിയ ഇടുങ്ങിയ നെറ്റി ആയിരുന്നു അവൻെറത്. അവന് വിസ്തൃതമായ അണ്ണാക്കും (palate) തടിച്ച ഹനുക്കളും (jaws) ഉണ്ടായിരുന്നു. താടി (chin) ഒട്ടും തന്നെ ഇല്ലായിരുന്നു. കോമ്പല്ലുകൾ വലുതായിരുന്നു. 172 സെൻറീമീറ്റർ ഉയരം ഉണ്ടായിരുന്ന ജാവാമനുഷ്യൻ ഇന്നത്തെ മനുഷ്യരെപ്പോലെ നിവർന്നുതന്നെയാണു നടന്നിരുന്നത്. പീക്കിങ് മനുഷ്യനെക്കാൾ പ്രാചീനൻ ആയിരുന്നു ജാവാമനുഷ്യൻ.

ജാസ്

ഇരുപതാംനൂറ്റാണ്ടിൽ യു.എസ്സിൽ വികാസംപ്രാപിച്ച സംഗീതസമ്പ്രദായം. ആഫ്രിക്കയിൽ രൂപമെടുത്ത ഈ ശൈലി യൂറോപ്യൻ രാജ്യങ്ങളിലെയും മറ്റും രീതികളുടെ സ്വാധീനത്തിനു വിധേയമായി ഇന്നത്തെ രൂപത്തിൽ എത്തിച്ചേർന്നു.

യു.എസ്സിൽ അടിമത്തത്തിൽനിന്നും സ്വാതന്ത്ര്യം നേടിയ ആഫ്രിക്കൻ നീഗ്രോകളുടെ തൊഴിൽസമയഗാനങ്ങളിൽ നിന്നാണു ജാസ് ഉറവെടുത്തത്. 1890-ൽ ആണ് ആദ്യരൂപം ആലപിക്കപ്പെട്ടതെന്നു കരുതുന്നു. 1920-കളിൽ യു.എസ്സിലെ വെള്ളക്കാർ ഇതിനെ അനുകരിക്കയും പിന്നീടു സ്വന്തമാക്കുകയും ചെയ്തു. തെക്കൻ പ്രദേശങ്ങളിലായിരുന്നു തുടക്കം. പിന്നീടു വടക്കോട്ടും പടിഞ്ഞാറോട്ടും വ്യാപിച്ചു. പില്ക്കാലത്തു വ്യത്യസ്തരീതികൾ ഇതിൽ വികസിച്ചു. മൃതദേഹസംസ്കാരം മുതൽ നൃത്തപരിപാടികൾക്കുവരെ ജാസ് അകമ്പടി ആയിത്തീർന്നു. 1930 ആകുമ്പോൾ സ്വിങ് എന്ന പേരിൽ പുതിയ ഒരു ശൈലി രൂപംകൊണ്ടു. ക്രമേണ പാശ്ചാത്യസംഗീതത്തിൻെറ പല സവിശേഷതകളും ജാസ് ഉൾക്കൊണ്ടു. താളൈക്യം പുലർത്തു



ജാസ് സംഗീതോത്സവം
(യു.എസ്.)

ന്നതും സുസ്വരവും ശ്രുതിമധുരവും, ലയാനുവിദ്ധവും ആയ ജാസ സംഗീതം യു.എസ്സിനു പുറത്തു പാശ്ചാത്യരാജ്യങ്ങളിൽ മാത്രമല്ല പൗരസ്ത്യനാടുകളിലേക്കും വ്യാപിച്ചു.

ഇന്ത്യയിൽ. ഇരുപതാംശതകത്തിന്റെ ആദ്യപകുതിയിൽത്തന്നെ ജാസ് സംഗീതം ഇന്ത്യയിൽ പ്രചരിക്കാൻ ആരംഭിച്ചു. കൂച്ച്ബിഹാർ മഹാരാജാവ് തുടങ്ങിയ ചില നാടുവാഴികളുടെ പ്രേരണമൂലം ചില പ്രസിദ്ധ നീഗ്രോ ഗായകർ കല്ക്കത്തയിലെയും ബോംബെയിലെയും വൻകിട ഹോട്ടലുകളിൽ ജാസ് സംഗീതപരിപാടികൾ നടത്താൻ എത്തിച്ചേർന്നു. നഗരവാസികളായ ഭാരതീയർ ജാസിനെ സ്വാഗതം ചെയ്തു. താമസിയാതെ ഇന്ത്യക്കാരായ ജാസ് സംഗീതജ്ഞർ രംഗത്തു വന്നു. ഇവരിൽ പ്രമുഖനാണു നിരഞ്ജൻ ഝാവേരി. 1952-ൽ ഇദ്ദേഹം ബോംബെയിൽ സ്ഥാപിച്ച ബ്ലൂ റിഥം എന്ന ജാസ് ക്ലബ്ബ് പ്രസിദ്ധമാണ്. ഇതേപേരിൽ ഒരു മാസികയും ഇദ്ദേഹം പ്രസിദ്ധീകരിച്ചു. പില്ക്കാലത്തു ജാസിന്റെ കേന്ദ്രം ബോംബെയ്ക്കുപകരം കല്ക്കത്ത ആയിത്തീർന്നു. 1955-നും 1965-നും മധ്യേ ലൂയി ആംസ്ട്രോങ്, ഡ്യൂക്ക് എല്ലിങ്ടൺ, ഡേവ് ബ്രൂബെക്ക് തുടങ്ങിയ ഒന്നാംകിടക്കാരായ ജാസ് സംഗീതജ്ഞർ ഇന്ത്യ സന്ദർശിച്ചു. മാക്സ് മ്യൂളർ ഭവൻ പോലുള്ള സാംസ്കാരികകേന്ദ്രങ്ങൾ ജാസ് സംഗീതവികസനത്തിൽ താത്പര്യം പ്രദർശിപ്പിക്കയും ചെയ്തു എങ്കിലും ഇന്ത്യയിലെ ഒരു പ്രമുഖ സംഗീതസമ്പ്രദായമായിത്തീരാൻ ജാസിനു കഴിഞ്ഞില്ല. അതേസമയം ഹിന്ദുസ്ഥാനിസംഗീതവും കർണാടകസംഗീതവും ജാസിൽ സ്വാധീനം ചെലുത്തി. ജാസ് ഭേരീവാദകൻ ജോമോറെല്ലോ മൃദംഗവിദ്വാൻ പഴനി സുബ്രഹ്മണ്യപിള്ളയോടൊത്തു ദിവസങ്ങൾ ചെലവിട്ട് കർണാടകസംഗീതത്തിന്റെ താളപദ്ധതി മനസ്സിലാക്കാൻ ശ്രമിച്ചു. ജോൺ ഹാൻഡി അലി അക്ബർ ഖാനും ശിഷ്യപ്പെട്ടു. രവിശങ്കറും യഹൂദിമെനുഹിനും ചേർന്നു ചില പരീക്ഷണങ്ങൾ നടത്തി. വിദേശത്തെ ചില പ്രസിദ്ധ ജാസ്പരിപാടികളിൽ അംജത് അലി ഖാൻ പങ്കെടുത്തിട്ടുണ്ട്. ഈ സംഗീതസമ്പ്രദായങ്ങളിലെ മികച്ച അംശങ്ങൾ കണ്ടെടുക്കാനുള്ള ശ്രമങ്ങൾ വേറെയും നടന്നിട്ടുണ്ട്.

ജി

ജിം കോർബറ്റ് (1875—1955)

ലോകപ്രസിദ്ധനായ വനകാര്യവിദഗ്ധനും, ജന്തുസ്നേഹിയും. ഉത്തരപ്രദേശിലെ നാഷനൽ പാർക്കിന് ഇദ്ദേഹത്തിൻെറ സ്മരണയ്ക്കായാണ് †കോർബറ്റ് നാഷനൽ പാർക്ക് എന്നു പേർ നല്കിയത്. ഉത്തരപ്രദേശിലെ നൈനിത്താളിൽ പോസ്റ്റ്മാസ്റ്റർ ആയിരുന്ന ക്രിസ്റ്റഫർ കോർബറ്റിൻെറ മകനാണ്. ഫിലാൻഡേഴ്സ് സ്മിത്ത് കോളെജിൽനിന്നു മെട്രിക്കുലേഷൻ ജയിച്ചു. കുറെക്കാലം റെയിൽവേ ഉദ്യോഗസ്ഥനായിരുന്നു. ഒന്നാം ലോകമഹായുദ്ധകാലത്ത് 500 കുമയോൺ തൊഴിലാളികളുമൊത്തു ഫ്രാൻസിൽ സേവനം അനുഷ്ഠിച്ചു. 1920-ൽ റെയിൽവേ ഉദ്യോഗം രാജിവച്ചു നൈനിത്താളിൽ തിരിച്ചെത്തി. അടുത്ത രണ്ടു വ്യാഴവട്ടക്കാലം ജിം നൈനിത്താൾ മുനിസിപ്പൽ ബോർഡ് അംഗമായിരുന്നു.

കുട്ടിക്കാലത്തുതന്നെ പക്ഷിമൃഗാദികളോടും വനപ്രകൃതിയോടും ഉണ്ടായ അടുപ്പമാണു ജിമ്മിനെ പ്രശസ്തനാക്കിയത്. പത്താംവയസ്സിൽ ശിക്കാരി ആയിത്തീർന്ന ജിം പില്ക്കാലത്ത് ആ രംഗത്ത് അതുല്യസ്ഥാനം ആർജിച്ചു. ഗഢ്വാളിലും കുമയോണിലും കന്നുകാലികളെയും മനുഷ്യരെയും കൊന്നുതിന്നിരുന്ന 45 കടുവകളെ ജിം വെടിവച്ചുകൊന്നു. എങ്കിലും ഉല്ലാസത്തിനുവേണ്ടി വന്യജന്തുക്കളെ വേട്ടയാടുന്നതിനു ജിം എതിരായിരുന്നു. 1934-'35 കാലത്ത് ഇദ്ദേഹം ജന്തുവേട്ട അവസാനിപ്പിച്ചു. പിന്നീടു മനുഷ്യനെ ആക്രമിക്കുന്ന വന്യജന്തുക്കളെ മാത്രമേ അദ്ദേഹം വെടിവച്ചുകൊന്നിട്ടുള്ളൂ.

വന്യജീവികൾ അവയുടെ സ്വാഭാവിക വാസസ്ഥാനങ്ങളിൽ അപകടകാരികളല്ലെന്നു ജിം വിശ്വസിച്ചു. അവയുടെ സംരക്ഷണത്തിനുവേണ്ടി വാദിക്കയും പരിശ്രമിക്കയും ചെയ്തു. വനപ്രകൃതിയെയും വന്യജീവികളെയും സംബന്ധിച്ച ജിമ്മിനെക്കാൾ മികച്ചൊരു വിദഗ്ധൻ അന്നുണ്ടായിരുന്നില്ല. ബ്രിട്ടീഷ്സൈനികരെ വനാന്തർഭാഗത്തെ സമരമുറകൾ അഭ്യസിപ്പിച്ച ജിമ്മിന് ലഫ്. കേണൽ പദവി ഉണ്ടായിരുന്നു. ബ്രിട്ടീഷ് ഗവൺമെൻറ് കൈസർ.ഇ. ഹിന്ദ് ബഹുമതിയും സുവർണമുദ്രയും സമ്മാനിച്ചു. ഗ്രന്ഥകാരൻ എന്ന നിലയ്ക്കും ജിം പ്രതിഷ്ഠനേടി. *മാൻ ഈറ്റേഴ്സ് ഒഫ് കുമയോൺ* (1945) മലയാളം ഉൾപ്പെടെ ഒട്ടേറെ ഭാഷകളിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്. *ദ മാൻ-ഈറ്റിങ് ലെപ്പേഡ് ഒഫ് രുദ്രപ്രയാഗ്, മൈ ഇന്ത്യ* (1952), *ജങ്ഗിൾ ലോർ, ടെമ്പിൾ ടൈഗർ, ട്രീ ടോപ്സ്* എന്നിവയാണു മറ്റു കൃതികൾ. ഒടുവിലത്തെ കൃതി മരണാനന്തരമാണു പ്രകാശിതമായത്.

രണ്ടാം ലോകയുദ്ധത്തിനുശേഷം ജിം കീനിയായിലേക്കു താമസംമാറ്റി. 1955 ഏപ്രിൽ 19-ന് അവിടെവച്ച് അന്തരിച്ചു.

ജിംഖാന

മെയ്വഴക്കപ്രദർശനവും കായികാഭ്യാസങ്ങളും അവ പരിശീലിപ്പിക്കുന്ന കേന്ദ്രവും. ഇന്ത്യയിലും ഇംഗ്ലണ്ടിലും ഈ പദം ഈ അർഥത്തിൽ പ്രയോഗിച്ചിരുന്നത്. ഇന്നും ജിംഖാനകൾ ഇന്ത്യയിൽ കായികപരിശീലനം നല്കിവരുന്നു. തിരുവനന്തപുരത്തെ ആദ്യത്തെ ജിംഖാന കൈതമുക്കിലുള്ള വീരകേരളജിംഖാനയാണ്. കാറോട്ട മത്സര പ്രദർശനത്തിനും ജിംഖാന എന്നു പറയും. ഓട്ടോ ജിംഖാനകൾ വളവുകളും തിരിവുകളും ധാരാളമുള്ള റോഡുകളിൽ അവിടവിടെ കുറ്റികളും (pylons) മറ്റും കുത്തിനിർത്തി പാർക്കിങ്-ബ്രേക്കിങ് പരിശോധനകൾ നടത്തുന്നു. 180°-യും 360°-യും പിന്നിലേക്കു തിരിയുക, കുറ്റികളിൽ സ്പർശിക്കാതെ വേഗത്തിൽ ഓടിക്കുക മുതലായവയാണു ടെസ്റ്റുകൾ. ഈ ടെസ്റ്റുകളിൽ ഒരു സെക്കൻഡിൻെറ നൂറിലൊന്നുവരെ കൃത്യമായ സമയഗണന നടത്തുന്നു.

ജിംനാസ്റ്റിക്സ്

കായികാഭ്യാസ പരിശീലന പദ്ധതി. വ്യായാമത്തിനും വിനോദത്തിനും സൈനിക സേവനത്തിനും ഇതു പ്രയോജനപ്പെടുന്നു. ബി.സി. ഏഴാം ശതാബ്ദത്തിൽ ഗ്രീക്കുകാരാണ് ജിംനാസ്റ്റിക്സ് എന്ന പേരിൽ ഇന്നറിയപ്പെടുന്ന വ്യായാമമുറകൾക്കു രൂപം നല്കിയത്. നിർബന്ധിത സൈനികപരിശീലനത്തിൻെറ ഭാഗമെന്ന നിലയിൽ ഗ്രീക്കുകാർ ആവിഷ്കരിച്ച ഈ വ്യായാമമുറകളിൽ വാൾപ്പയറ്റും ഗുസ്തിയും മല്ലയുദ്ധവും ഉൾപ്പെട്ടിരുന്നു.

1896-ൽ ഏഥൻസിൽ നടന്ന ഒന്നാമത്തെ ആധുനിക ഒളിമ്പിക്സ് മത്സരങ്ങളിൽ ജിംനാസ്റ്റിക്സും ഉൾപ്പെടുത്തിയിരുന്നു. പാരലൽ ബാർ, ഹൊറിസോണ്ടൽ ബാർ, പോമ്മൽ ഹോഴ്സ്, റിങ്സ്, വാൾട്ടിങ് ഹോഴ്സ്, റോപ് ക്ലൈംബ് എന്നീ വിഭാഗങ്ങളിൽ വ്യക്തികൾക്കും ടീമുകൾക്കുമുള്ള മത്സരങ്ങളാണ് ഒന്നാം ഒളിമ്പിക്സിൽ ഏർപ്പെടുത്തിയിരുന്നത്. 1928-ലെ മത്സരങ്ങളോടുകൂടി ജിംനാസ്





വലത്ത്: വനിതകൾ തറയിൽ നടത്തുന്ന അഭ്യാസം
മുകളിൽ: റിങ്ങിലെ അഭ്യാസം.



ഏറ്റവും മുകളിൽ; മുകളിൽ: പോമ്മൽ ഹോഴ്സ് അഭ്യാസങ്ങൾ.



പാരലൽ ബാര
(വനിത)

റ്റിക്സ് വിഭാഗത്തിൽ വനിതകൾക്കും പ്രവേശനം ലഭിച്ചു.

ജിംനാസ്റ്റിക്സ് മത്സരങ്ങളിൽ പ്രധാനമായുള്ള വ്യായാമമുറകൾ: ഫ്ളോർ എക്സർസൈസസ്, പോമ്മൽ ഹോഴ്സ് റിങ്സ്,വാൾട്ടിങ് ഹോഴ്സ്, പാരലൽ ബാർ, ഹൊറിസോണ്ടൽ ബാർ.

ഒളിമ്പിക്സിലും ലോകമത്സരങ്ങളിലും ആറുപേർ വീതമുള്ള ടീമുകളാണ് പങ്കെടുക്കുന്നത്. ഓരോ മുറയും അഞ്ചു പ്രാവശ്യം വരെ പരീക്ഷിച്ചാണ് സ്കോർ നിർണയിക്കുന്നത്. ഓരോ ഉപകരണത്തിലുമുള്ള നിർബന്ധിത അഭ്യാസങ്ങൾ ആദ്യദിവസവും ഐച്ഛികാഭ്യാസങ്ങൾ മൂന്നാം ദിവസവുംനടക്കുന്നു. ഓരോ ഉപകരണത്തിലും നേടുന്ന ഏറ്റവും നല്ല അഞ്ചു സ്കോറുകൾ കണക്കുകൂട്ടിയാണ് വിജയിക്കുന്ന ടീമിനെ നിർണയിക്കുന്നത്. എല്ലാ അഭ്യാസമുറകളും പൂർത്തിയാക്കിയശേഷം ഏറ്റവും കൂടുതൽ പോയിൻറ് നേടുന്നയാളെ ചാമ്പ്യനായി അംഗീകരിക്കുന്നു.

ജിംനാസ്റ്റിക്സ് മത്സരങ്ങളിൽ സാധാരണമായി ആദ്യം നടത്തുന്നത് ഫ്ളോർ എക്സർസൈസുകളാണ്. കൈകുത്തി മറിയുക, ഒറ്റക്കാലിൽ നിലയുറപ്പിച്ചശേഷം പുറകോട്ടു തലകുത്തി മറിയുക തുടങ്ങിയ മലക്കംമറിച്ചിലുകളാണ് ഈ വിഭാഗത്തിൽ.

വോൾട്ടിങ് ഹോഴ്സ് എന്ന ഉപകരണമാണ് ജിംനാസ്റ്റിക്സ് ഉപകരണങ്ങളിൽ ഏറ്റവും സരളമായതെന്നു പറയാം.

ജിംനാസ്റ്റിക്സ് മത്സരങ്ങളിൽ ഏറ്റവും ആവേശജനകമായ പ്രകടനങ്ങൾ പോമ്മൽ ഹോഴ്സ് എന്ന ഉപകരണം ഉപയോഗിച്ചുള്ള അഭ്യാസമുറകളാണ്.

റിങ്ങുകൾ ഉയോഗിച്ചുള്ള അഭ്യാസമാണ് ഏറെ വിഷമകരം.

വളരെ വൈവിധ്യമുള്ള നീക്കങ്ങൾക്ക് അവസരം നല്കുന്ന ഒരു പകരണമാണ് പാരലൽ ബാർ.

1988-ലെ സോൾ ഒളിമ്പിക്സിൽ ജിംനാസ്റ്റിക്സിൽ ചാമ്പ്യൻഷിപ്പു നേടിയതു സോവിയറ്റുറഷ്യയാണ്. ടീം മത്സരങ്ങളിലും വ്യക്തിഗതമത്സരങ്ങളിലും പുരുഷവനിതാ വിഭാഗങ്ങൾ രണ്ടിലും സോവിയറ്റ് മുന്നിട്ടുനിന്നു.

ജിംനേഷ്യം

കായികാഭ്യാസപ്രകടനങ്ങൾക്ക് ഉപയോഗിക്കുന്ന സുസജ്ജമായ ശാല. പുരാതന ഗ്രീസിലാണ് ഈ ഏർപ്പാട് ആദ്യം തുടങ്ങിയത് എന്നു പറയുന്നു. 'ജിംനേഷ്യൻ' അവിടെ 'നഗ്നകായികാഭ്യാസവിദ്യാലയം' ആയിരുന്നു. ഗ്രീസിലെ ഏതു നഗരത്തിലും ഒരു ജിംനേഷ്യമെങ്കിലും ഉണ്ടായിരുന്നു. രാഷ്ട്രത്തിൻെറ വക ആയിരുന്നു ഇവ. ക്രമേണ കുളിമുറികൾ, അണിയറകൾ, പരിശീലനസ്ഥലങ്ങൾ, താമസസ്ഥലങ്ങൾ ഇവയൊക്കെ ജിംനേഷ്യങ്ങളിൽ ഉണ്ടായി.

ആദ്യകാലങ്ങളിൽ 18 വയസ്സു കഴിഞ്ഞ പുരുഷന്മാർക്കു മാത്രമേ ഇവിടെ പരിശീലനം നല്കിയിരുന്നുള്ളൂ. ഇവ സ്വകാര്യ വിദ്യാലയങ്ങൾ ആയിരുന്നു. അഭ്യാസപ്രകടനം മാത്രമാണ് ഔദ്യോഗികമേൽ

നോട്ടത്തിൽ നടന്നിരുന്നത്. പിന്നീട് അധ്യാപകരെയും പരിശീലക രെയും നിശ്ചയിക്കുന്നത് ഭരണാധികാരികളായി.

ദർശനം, സാഹിത്യം, സംഗീതം ഇവയും ജിംനേഷ്യങ്ങളിലെ പാഠപദ്ധതിയിൽ ഉൾപ്പെടുത്തപ്പെട്ടു. സമീപത്തുതന്നെ ഗ്രന്ഥശാലകളും ഉണ്ടായിരുന്നു. ജെർമനിയിൽ കായികാഭ്യാസവുമായി ബന്ധമൊന്നുമില്ലാത്ത സെക്കൻഡറി വിദ്യാലയങ്ങൾക്കാണു ജിംനേഷ്യം എന്നു പറയുന്നത്.

ജിംനോസ്പേമുകൾ

† നഗ്നബീജസസ്യങ്ങൾ (gymnosperms) നോക്കുക.

ജിജ്ഞാസ

അറിയാനുള്ള ആഗ്രഹം. അപരിചിതവും നൂതനവുമായ വസ്തുക്കളും സാഹചര്യങ്ങളും ജിജ്ഞാസ ഉണർത്തുന്നു. ഈ വാസനയോടു ബന്ധപ്പെട്ട വികാരം 'അദ്ഭുതം' ആണ്. കുട്ടികളിൽ വളരെ പ്രബലമായി കാണുന്ന ഈ വാസന, തങ്ങളുടെ ചുറ്റുപാടുകളെ മനസ്സിലാക്കാൻ അവരെ സഹായിക്കുന്നു. ഒരു വസ്തുവിനെ തിരിച്ചും മറിച്ചും നോക്കുന്നതും, സാധനങ്ങൾ പൊട്ടിക്കുന്നതും മരങ്ങളിൽ കയറുന്നതും വെള്ളത്തിൽ നീന്തുന്നതുമെല്ലാം ജ്ഞാനസമ്പാദനതൃഷ്ണയെ തൃപ്തിപ്പെടുത്താനാണ്. ശരിയായ ബോധനരീതികൾ സ്വീകരിച്ച് ഈ വാസനയെ ഉണർത്താനും വളർത്താനും വിദ്യാഭ്യാസപ്രവർത്തകർ ശ്രമിക്കണം.

ജിജ്ഞാസയുടെ വളർച്ചയിൽ മൂന്നു ഘട്ടങ്ങൾ ഉണ്ട്.

1. ഭൗതിക (Physical) ജിജ്ഞാസ. ശൈശവത്തിൽ പ്രത്യക്ഷപ്പെടുന്ന ജിജ്ഞാസ. വസ്തുക്കൾ കണ്ടാൽ എടുക്കുന്നതിനും ഉടയ്ക്കുന്നതിനും മറ്റും ശിശുക്കളെ പ്രേരിപ്പിക്കുന്നത് ജന്മവാസനയാണ്. ജ്ഞാനസമ്പാദനത്തിനാവശ്യമായ വസ്തുപരിചയം സമ്പാദിക്കാൻ ഇതു കുട്ടികളെ സഹായിക്കുന്നു.

2. സാമൂഹിക (Social) ജിജ്ഞാസ. അന്യരോടു ചോദിച്ചു കാര്യങ്ങൾ ഗ്രഹിക്കാമെന്നു കുട്ടികൾക്കു ബോധം വരുമ്പോൾ ആ വഴിയിൽക്കൂടി അവർ ജ്ഞാനസമ്പാദനത്തിന് ഒരുങ്ങുന്നു. ഉത്തരം പറയാൻ വിഷമമായ പല ചോദ്യങ്ങളിലൂടെയും അവർ മറ്റുള്ളവരിൽനിന്ന് അറിവു നേടുന്നു. ജിജ്ഞാസയിൽനിന്നുളവാകുന്ന ഇത്തരം ചോദ്യങ്ങളെ പ്രോത്സാഹിപ്പിക്കണം.

3. ബുദ്ധിപരമായ (Intellectual) ജിജ്ഞാസ. നിരീക്ഷിക്കുന്ന കാര്യങ്ങളെപ്പറ്റി അന്യരോടു ചോദിച്ചതുകൊണ്ടുമാത്രം സംശയനിവൃത്തിയുണ്ടാകയില്ലെന്നു ബോധ്യംവരുമ്പോൾ ബുദ്ധിപരമായ ജിജ്ഞാസയുണ്ടാകുന്നു. ഇത്തരം ജിജ്ഞാസയിൽനിന്നാണ് ശാസ്ത്രങ്ങളും മറ്റും ഉദ്ഭവിച്ചിട്ടുള്ളത്. പ്രായം വർധിക്കുന്തോറും ക്ഷയിച്ചേക്കാനിടയുള്ള ഈ ജിജ്ഞാസയെ നേരത്തേതന്നെ ഉണർത്തി നേർവഴിക്കു തിരിക്കാൻകഴിഞ്ഞാൽ കുട്ടികളിലും യുവാക്കളിലുമുള്ള ശാസ്ത്രപ്രതിഭയെ ജ്വലിപ്പിക്കാൻ കഴിയും. ജ്ഞാനികളുടെ പ്രപഞ്ചോത്പത്തികാരണത്തെക്കുറിച്ചുള്ള ജിജ്ഞാസയാണു ബ്രഹ്മജിജ്ഞാസ. ആ ജിജ്ഞാസയുടെ ശമനത്തിനാണു ബാദരായണൻ വേദാന്തസൂത്രങ്ങൾ വിരചിച്ചത്. പ്രപഞ്ചശാസ്ത്രവും (cosmology) ഇതേ ജിജ്ഞാസയുടെ ഫലമായി രൂപം എടുത്തതാണ്.

ജിതിയാനൃത്തം

ബീഹാറിലെ ഒരു ഗ്രാമീണ നൃത്തം. പ്രേമമാണ് വിഷയം. നടുവിൽ ഗായകരും, അതിനുചുറ്റും കൈകൾ കോർത്തിണക്കിയ നർത്തകികളും, ഏറ്റവും പുറകിൽ അതുപോലെ നർത്തകരും നിലയുറപ്പിച്ചുകൊണ്ടാണ് നൃത്തം തുടങ്ങുക. ഭേരിയും മറ്റു ചില ആസുരവാദ്യോപകരണങ്ങളും ആണു പശ്ചാത്തലസംഗീതം. വർണശബളമായ വസ്ത്രവിശേഷങ്ങളും ഓടും വെള്ളിയുംകൊണ്ടുള്ള ആഭരണങ്ങളുമണിഞ്ഞ നർത്തകർ താളത്തിനൊത്തു ചുവടുവയ്ക്കുകയും അന്യോന്യം കൈകൾ കൂട്ടിയടിക്കുകയും ചെയ്യുന്ന ഈ നൃത്തപരിപാടി വളരെ ആകർഷകമാണ്.

ജിദ്ദ

സൗദി അറേബിയയിൽ ചെങ്കടൽതീരത്തുള്ള ഏറ്റവും പ്രധാന തുറമുഖം. ചെങ്കടലിന്റെ കിഴക്കേ തീരത്ത് അറേബിയയ്ക്കു പടിഞ്ഞാറു സ്ഥിതിചെയ്യുന്നു (21° 26' വ. 39° 24' കി.). മെക്കയിൽനിന്ന് 80 കി. മീ. പടിഞ്ഞാറാണ് ഇത്. മെക്കയിലേക്കു കടൽമാർഗമായും ആകാശമാർഗമായും പോകുന്ന തീർഥാടകർക്ക് അവശ്യം താവളമാക്കേണ്ട സ്ഥലമാണു ജിദ്ദ. തുറമുഖപട്ടണത്തിന്റെ പിന്നിൽ പടിപടിയായി ഉയരമുള്ള പീഠഭൂമികളാണ്.

അറബിയിൽ 'ജൂദ്ദാഗ്' എന്നറിയപ്പെടുന്ന ജിദ്ദയിലാണു ഹവ്വയുടെ ശവം അടക്കംചെയ്തത് എന്ന് ഐതിഹ്യമുണ്ട്. (ജൂദ്ദ എന്ന അറബിപദത്തിന് 'മുതുമുത്തശ്ശി' എന്നാണർഥം.) അന്ധവിശ്വാസ പ്രചാരണത്തിന് ഇടയാകുമെന്ന കാരണത്താൽ, ഹവ്വയുടെ ശവകുടീരമെന്നു കരുതപ്പെട്ടിരുന്ന സ്ഥലം സൗദിരാജാവ് ഇബ്നു സൗദ് 1928-ൽ നശിപ്പിച്ചു.

ജിന്ദ്കൗർ, റാണി (1817— ?)

മഹാരാജ രൺജിത്സിങ്ങിന്റെ ഏറ്റവും ഇളയ ഭാര്യയും മഹാരാജ് ദാലിപ്സിങ്ങിന്റെ മാതാവും. സർദാർ മന്നാസിങ്ങിന്റെ മകൾ. അത്യധികമായ സൗന്ദര്യം ആയിരുന്നു അവരുടെ ബലവും ദൗർബല്യവും. ഭർതൃമരണത്തിനുശേഷം ബ്രിട്ടീഷുകാരുമായി പിണങ്ങി. ഇവരുടെ പേരിൽ ഒരു ഗൂഢാലോചന ആരോപിച്ച് അലവൻസ് വെട്ടിക്കുറച്ചു 48,000 രൂപയാക്കി. വാരാണസിയിലേക്ക് മാറ്റിപ്പാർപ്പിച്ചു. രക്ഷപ്പെട്ടു കാഠ്മണ്ഡുവിലെത്തി. മതനിഷ്ഠമായ ജീവിതം നയിച്ചു. അവർ അന്നുനിർമിച്ച ക്ഷേത്രം ഇപ്പോഴുമുണ്ട്. സിഖ് ചരിത്രത്തിൽ ഏറ്റവുമധികം വിവാദം ഉയർത്തിയ സ്ത്രീ ഇവരാണ്.

ജിന്ന്

അറബി ഐതിഹ്യങ്ങളിലെ അദ്ഭുതസിദ്ധിയുള്ള അമാനുഷകഥാപാത്രങ്ങൾ. അറബിക്കഥകളിൽ (ആയിരത്തൊന്നു രാത്രികൾ) ജിന്നുകൾ പ്രധാന പങ്കുവഹിക്കുന്നുണ്ട്. ഇസ്ലാമിനുമുമ്പുള്ള അറേബിയയിൽ പ്രചരിച്ചിരുന്ന ജിന്നുകളെപ്പറ്റിയുള്ള വിശ്വാസം മുസ്ലിം ജനസമുദായങ്ങളുടെയിടയിൽ സാരമായ സ്വാധീനം ചെലുത്തി. ജിന്നുകൾ യഥേഷ്ടം മനുഷ്യരുടെയും പക്ഷിമൃഗാദികളുടെയും രൂപം ധരിച്ച് ലോകത്തിൽ പ്രത്യക്ഷപ്പെടാറുണ്ടെന്നും, കല്ലിലും മരത്തിലും വായുവിലും വെള്ളത്തിലും സ്വച്ഛന്ദം കഴിഞ്ഞുകൂടാറുണ്ടെന്നും വിശ്വാസികൾ കരുതുന്നു. പല രോഗങ്ങൾക്കും അപകടങ്ങൾക്കും കാരണഭൂതരായ ജിന്നുകൾ ചിലപ്പോൾ മനുഷ്യർക്ക് ഉപകാരികളായും പ്രത്യക്ഷപ്പെടാറുണ്ടത്രേ. ഖുറാനിൽ ജിന്നിനെപ്പറ്റിയുള്ള നിരവധി പരാമർശങ്ങളുണ്ട്.

ജിന്ന, എം.എ. (1876-1948)

മുസ്ലീംലീഗ്നേതാവും പാകിസ്താനിലെ ആദ്യത്തെ ഗവർണർ ജനറലും. മുഴുവൻ പേർ മുഹമ്മദ് അലി ജിന്ന. ഒരു വർത്തകന്റെ മകനായി 1876 ഡിസംബർ 25-നു കറാച്ചിയിൽ ജനിച്ചു. ബാരിസ്റ്റർ പരീക്ഷ പാസായതിനുശേഷം ആദ്യം കറാച്ചിയിലും പിന്നീട് ബോംബെയിലും അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടു. അക്കാലത്ത് ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു. മിതവാദി നേതാക്കന്മാരിൽ ഒരാളായി ഉയർന്നു. അഖിലേന്ത്യാ മുസ്ലിംലീഗിൽ ചേരാതെ ഭരണഘടനാപരമായ മാർഗങ്ങളിൽകൂടി മുസൽമാന്മാർക്കു വളരാനും വികസിക്കാനും ഇന്ത്യയിൽ സാഹചര്യമുണ്ടാക്കാൻ കഴിയുമെന്ന് ഇദ്ദേഹം വിശ്വസിച്ചു. പിന്നീട് ലീഗിൽ ചേർന്നുവെങ്കിലും 1916-ലെ ലഖ്നോ കരാർ അനുസരിച്ച് കോൺഗ്രസ്സുമായി കൂട്ടുചേർന്നു. മുസ്ലീങ്ങൾക്കു

പ്രത്യേക നിയോജകമണ്ഡലങ്ങളും കൂടുതൽ പ്രാതിനിധ്യവും വേണമെന്ന് ഇദ്ദേഹം വാദിച്ചു. ഗാന്ധിജിയുടെ നിസ്സഹകരണപ്രസ്ഥാനവുമായി ജിന്ന യോജിച്ചില്ല. അവസാനം കോൺഗ്രസ്സിൽനിന്നു പരിപൂർണമായി വിട്ട് മുസ്ലീംലീഗിന്റെ അനിഷേധ്യനേതാവും വക്താവുമായിത്തീർന്നു. ഇംഗ്ലീഷുകാർ ഇന്ത്യൻ സ്വാതന്ത്ര്യത്തിനു തടസ്സമായിക്കണ്ടത് ഹിന്ദുമുസ്ലീം അനൈക്യമായിരുന്നു. ഭൂരിപക്ഷം ന്യൂനപക്ഷമായ മുസ്ലീങ്ങളെ ദ്രോഹിക്കുമെന്ന് ഇദ്ദേഹം ഭയപ്പെട്ടു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തെക്കാൾ മുസ്ലിംകളുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയായി ജിന്നയുടെ ശ്രമം. ഈ ശ്രമത്തിലെല്ലാം ബ്രിട്ടീഷുകാരുടെ പ്രത്യക്ഷവും പരോക്ഷവുമായ സഹായം ജിന്നയ്ക്കുണ്ടായിരുന്നു. 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്നുള്ള തന്ത്രം അവർ ഭംഗിയായി പ്രയോഗിച്ചു. ജിന്നയാകട്ടെ മുസ്ലീം ലീഗിന്റെ ഖായ്ദെ-ആസം ആയി ഉയർന്നു. ഇന്ത്യയെ വിഭജിക്കണമെന്ന് ഇദ്ദേഹം ശഠിച്ചു. ഇന്ത്യയിലെ മുസ്ലിം ഭൂരിപക്ഷമുള്ള സ്ഥലങ്ങളെയെല്ലാം വേറെയാക്കണമെന്ന് നിർബന്ധിച്ചു. ക്രിപ്സ് ദൗത്യം നിരാകരിച്ചു. 1944-ൽ ജിന്നയും ഗാന്ധിജിയും തമ്മിലുണ്ടായ സംഭാഷണവും ലക്ഷ്യത്തിലെത്തിയില്ല. പാകിസ്താൻ വേണമെന്ന അഭിപ്രായത്തിൽ ജിന്ന ഉറച്ചുനിന്നു. 1947 ആഗസ്റ്റ് 15-ാം തീയതി അവിഭക്തഭാരതം ഇന്ത്യ, പാകിസ്താൻ എന്നിങ്ങനെ രണ്ടു രാഷ്ട്രങ്ങളായി മാറി. ജിന്ന പാകിസ്താനിലെ ആദ്യത്തെ ഗവർണർ ജനറലായി. പാകിസ്താൻ ഒരു ഇസ്ലാമിക രാഷ്ട്രമാണെന്ന് ഇദ്ദേഹം പ്രഖ്യാപിച്ചു. തുടർന്നു പഞ്ചാബിലും ബംഗാളിലും കൂട്ടക്കൊലയുണ്ടായി. കശ്മീരിൽ ഇടപെട്ടു പ്രശ്നം സൃഷ്ടിച്ചതിലും ജിന്നയ്ക്കു പങ്കുണ്ടായിരുന്നു. ഇന്ത്യയുമായി രഞ്ജിപ്പിനല്ല ഇദ്ദേഹം ശ്രമിച്ചത്.

ശക്തനായ ഒരു വാഗ്മിയും ദൃഢമനസ്കനായ രാഷ്ട്രതന്ത്രജ്ഞനുമായിരുന്നു ജിന്ന. മതത്തിന്റെ പേരിൽ ഇദ്ദേഹം രാഷ്ട്രനേതാവായി ഉയർന്നുവെങ്കിലും, ഇസ്ലാം മതതത്ത്വങ്ങളൊന്നും സ്വജീവിതത്തിൽ പുലർത്തിയിരുന്നില്ലെന്നു എതിരാളികൾ പരാതിപ്പെട്ടിരുന്നു. 1948 സെപ്റ്റംബർ 11-നു മരിച്ചു.

ജിൻ (Gin)

ധാന്യങ്ങളിൽനിന്നു ലഭിക്കുന്ന മദ്യസാരം (spirit) വീണ്ടും സ്വേദനം ചെയ്തു ബെറിപ്പഴങ്ങളുടെ രസംകൊണ്ടു സ്വാദു നല്കി ഉണ്ടാക്കുന്ന മദ്യം. മുളപ്പിച്ച ധാന്യത്തിന്റെ രസം ചേർത്തും ഇതു തയ്യാറാക്കാം. നെതർലൻഡ്സിൽ തയ്യാറാക്കുന്നതിൽനിന്നു വ്യത്യസ്തമാണു ബ്രിട്ടനിലും യു.എസ്സിലും തയ്യാറാക്കുന്ന ജിൻ. ജിനിവ എന്ന സ്ഥലപ്പേരിൽ നിന്നാണ് ഈ വാക്കിന്റെ ഉത്പത്തി.

ജിൻജർ പാനീയം

മധുരമുള്ള കാർബണീകൃതപാനീയം. ഇതിന്റെ വാസനയും സുഖകരമായ എരിവും ഇഞ്ചിയിൽനിന്നുണ്ടായതാണ്. ആദ്യകാലങ്ങളിൽ കിണ്വനം (ഫെർമെന്റേഷൻ) മുഖേന കാർബണീകരണം നടത്തിയാണ് ഇതു നിർമിച്ചിരുന്നത്. എന്നാൽ ഇന്ന് കൃത്രിമമായി കാർബൺഡയോക്സൈഡ് നിറയ്ക്കുകയാണു ചെയ്തുവരുന്നത്.

ഇതിന്റെ നിർമാണത്തിന് ആദ്യമായി ജലം, പഞ്ചസാര, ജിൻജർ എയിൽ എക്സ്ട്രാക്ട്, സിട്രിക് അഥവാ ടാർടാറിക് ആസിഡ്, കരാമൽനിറം, ഫോം എസ്സൻസ് (സത്ത്) എന്നിവ ചേർത്ത് ഒരു സിറപ്പുണ്ടാക്കുന്നു. പിന്നീടു ലഘുപാനീയങ്ങൾ (സോഫ്റ്റ് ഡ്രിങ്ക്സ്) നിർമിക്കുന്ന രീതിയനുസരിച്ച് ഈ പാനീയവും ഉണ്ടാക്കുന്നു. പഴച്ചാറുകളും സ്വാദിനുവേണ്ടി ചേർക്കാറുണ്ട്.

ജിൻജർ ബീയർ

ഇഞ്ചിയുടെ സ്വാദുള്ള മൂന്നുതരം പാനീയങ്ങളുടെ പൊതുവായ പേര്. വാറ്റിയെടുത്തു പുളിപ്പിച്ചെടുത്ത ജിൻജർ ബീയർ, ഇഞ്ചിയുടെ ഗന്ധമുള്ളതും വാറ്റി എടുത്തതുമായ ദ്രാവകത്തിൽ കാർബണീകരണം നടത്തി ഉണ്ടാക്കുന്ന പാനീയങ്ങൾ, വാറ്റിയെടുത്തതല്ലാത്ത ജിൻജർ ബീയറുകൾ എന്നിവ ഇതിൽ പെടുന്നു.

ജിൻജർബീയറിൽ വീര്യം കൂടുതലാണ്. 1850 വരെ ഇഞ്ചി, വീര്യമുള്ള മറ്റു സസ്യങ്ങൾ എന്നിവയുടെ മിശ്രിതം വാറ്റി പുളിപ്പിച്ചാണ് ജിൻജർ ബീയർ നിർമിച്ചിരുന്നത്. ഇതിൽ 10% മുതൽ 12% വരെ ആൽക്കഹോൾ ഉണ്ടായിരുന്നതിനാൽ ബ്രിട്ടനിൽ 1855 മുതൽ ഇതിനു നികുതി ചുമത്തി. അതോടുകൂടി വാറ്റിയെടുത്ത ഗാഢദ്രാവകത്തെ കാർബണീകൃതജലംകൊണ്ടു നേർപ്പിച്ച് ഉപയോഗിക്കുവാൻ തുടങ്ങി. വാറ്റിയതല്ലാത്തതരം ജിൻജർ ബീയറുകൾക്കാണു പില്ക്കാലത്തു ജനസമ്മതി ലഭിച്ചത്. ചിലതിനു നാരങ്ങയുടെ സ്വാദാണുള്ളത്. പതയുന്ന ചില വസ്തുക്കളും ഇതിൽ (ഉദാ. ക്വില്ലൈ ബാർക്ക്) ചേർക്കാറുണ്ട്.

ജിൻജി

തമിഴ്നാട്ടിലെ ചരിത്രപ്രാധാന്യമുള്ള ഒരു ഗ്രാമം. വിജയനഗരത്തിന്റെയും മഹാരാഷ്ട്രരുടെയും മുഗളരുടെയും സൈനികകേന്ദ്രമായിരുന്നു ഇത്. തിണ്ടിവനത്തുനിന്ന് 30 കി.മീറ്റർ ദൂരെയുള്ള പഴയ ജിൻജി കോട്ട സന്ദർശകരെ ആകർഷിക്കുന്നു. 1698-ൽ ആർക്കാട്ടിലെ മുഗളസൈന്യത്തിന്റെ കേന്ദ്രമായിരുന്നു ഇത്. 18-ാംനൂറ്റാണ്ടിൽ ഈ കോട്ട പതിനൊന്നു വർഷം ഫ്രെഞ്ചുകാരുടെ കൈവശമായിരുന്നു. കോട്ടയിൽ രണ്ടു ക്ഷേത്രങ്ങളും ഒരു മുസ്ലിംപള്ളിയുമുണ്ട്. സഭകൂടാനുള്ള കല്യാണമഹലും വ്യായാമകേന്ദ്രവും പത്തായങ്ങളും ധാരാളം വെള്ളവുമുള്ള ഈ കോട്ട ഒരു കുന്നിന്റെ മീതെയാണു പണിതിരിക്കുന്നത്. ഇവിടെ വച്ചു ദക്ഷിണേന്ത്യയിലെ അനവധി യുദ്ധങ്ങൾ നടന്നിട്ടുണ്ട്. 1714-ൽ ആർക്കാട്ടു നവാബിന്റെ കീഴിൽ ജിൻജി ദുർഗാധിപനായിരുന്ന രാജാ ദേശിങ്ങ(തേജ്സിങ്)നെപ്പറ്റിയുള്ള വീരഗാഥകൾ, നാടോടിപ്പാട്ടുകളായി ഇന്നും പ്രചരിക്കുന്നു.

ജിപ്സം (gypsum)

ഒരു ധാതു. ഫോർമുല: $Ca\,SO_4\,2H_2O$. ഹൈഡ്രേറ്റഡ് കാൽസ്യം സൽഫേറ്റാണ്. ഏതാനും മീറ്റർവരെ നീളമുള്ള ക്രിസ്റ്റലുകൾ ഇതിനുണ്ട്. മിക്കവാറും ഒറ്റക്രിസ്റ്റലുകൾക്ക് ഡൈമൺ ആകൃതിയാണ്. ശരിയായ ക്രിസ്റ്റലൈൻ ജിപ്സത്തെ സെലനൈറ്റ് (Selenite) എന്നു പറയുന്നു. സാറ്റിൻ സ്പാർ എന്ന ഉപജാതിയിൽ സൂചിരൂപത്തിലുള്ള ധാരാളം ക്രിസ്റ്റലുകൾ ഒന്നുചേർന്നിരിക്കുന്നു. തൂവെള്ള നിറത്തിലുള്ള സൂക്ഷ്മതരികളായി കണ്ടുവരുന്ന ജിപ്സമാണ് അലബാസ്റ്റർ.



ജിപ്സം

ക്രിസ്റ്റൽരൂപത്തിലുള്ള ജിപ്സം സുതാര്യമായിരിക്കും. സ്ഥൂലരൂപിയായ ജിപ്സത്തിന് വെള്ളനിറമുണ്ടായേക്കാം. അപൂർവമായി ചാരം, ഇളംമഞ്ഞ, ചെമപ്പ് എന്നീ നിറഭേദങ്ങളും ഉണ്ടാകും. ക്ലൈനോപിനക്കോയിഡ് മുഖങ്ങൾക്കു സമാന്തരമായ വിദളനം, പവിഴദ്യുതി, കുറഞ്ഞ കടുപ്പം (1.5—2), കുറഞ്ഞ ആപേക്ഷികഘനത്വം (2.5) എന്നിവയാണ് പ്രധാന ഭൗതികഗുണങ്ങൾ. പ്രകാശികമായി അസമദൈശികം (anisotropia) ആയിരിക്കും.

പ്രധാനമായും മൂന്നുവിധം ജിപ്സംനിക്ഷേപങ്ങളാണുള്ളത്; ഉപ്പുജലാശയങ്ങളിൽനിന്ന് ഉണ്ടായവ, കടലുകളിലെ ചുണ്ണാമ്പുകല്ല് ഡോളമൈറ്റായി രൂപാന്തരപ്പെടുമ്പോൾ ഉണ്ടാകുന്നവ, സൽഫ്യൂറിക് അമ്ലവും ചുണ്ണാമ്പുകല്ലും രാസസംയോജനം നടത്തിയാൽ ഉണ്ടാകുന്നവ.

ലോകത്തിൽ ഖനനംചെയ്യപ്പെടുന്ന ജിപ്സത്തിന്റെ ബഹുഭൂരിഭാഗവും യു.എസ്., ഫ്രാൻസ്, കാനഡ, ഇംഗ്ലണ്ട്, ഇറ്റലി, ഓസ്ട്രേലിയ, ഐക്യ അറബിറിപ്പബ്ലിക് എന്നീ രാജ്യങ്ങളിൽനിന്നു ലഭ്യമാകുന്നു.

ഇന്ത്യയിൽ അമോണിയം സൽഫേറ്റ് രാസവളം, സൽഫ്യൂറിക് ആസിഡ് എന്നിവയുടെ നിർമാണത്തിന് ജിപ്സമാണ് അസംസ്കൃതവസ്തുവായി ഉപയോഗിക്കുന്നത്. സിമന്റ്, പ്ലാസ്റ്റർ ഒഫ് പാരീസ് എന്നിവയുടെ ഉത്പാദനത്തിന് ജിപ്സം ആവശ്യമാണ്. താഴ്ന്നതരം ജിപ്സം കടലാസ്, പെയിന്റ്, തുണി എന്നിവയുടെ നിർമാണത്തിൽ ഒരു ഫില്ലറായും ഉപയോഗിക്കുന്നു.

സാമ്പത്തികപ്രാധാന്യമുള്ള നിക്ഷേപങ്ങൾ രാജസ്ഥാൻ, തമിഴ്നാട്, ജമ്മു-കശ്മീർ, ഗുജറാത്ത്, ഉത്തരപ്രദേശ് എന്നിവിടങ്ങളിലാണ് ഉള്ളത്. ഇന്ത്യയിൽ ഉണ്ടെന്നു കരുതപ്പെടുന്ന നിക്ഷേപങ്ങളുടെ 98%-വും രാജസ്ഥാനിലാണ്.

ജിപ്സികൾ

ഒരു നാടോടി ജനവിഭാഗം. കായികവിദ്യകൾ പ്രദർശിപ്പിക്കുക, പാത്രങ്ങളുടെ കേടുപാടുകൾ തീർക്കുക, മോട്ടോർവാഹനങ്ങൾ നന്നാക്കുക, ചെരുപ്പുനന്നാക്കുക എന്നിങ്ങനെ പല ജോലികളിലും ഈ ജനവിഭാഗത്തിലെ പുരുഷന്മാർ ഏർപ്പെടാറുണ്ട്. സ്ത്രീകൾ ഭാഗ്യലക്ഷണംപറയൽ, നാടോടിനൃത്തങ്ങൾ അവതരിപ്പിക്കൽ, പലവിധത്തിലുള്ള മാല ഉണ്ടാക്കൽ എന്നീ ജോലികളിൽ വ്യാപരിക്കുന്നു.

ഇന്ത്യയുടെ വടക്കൻപ്രദേശങ്ങളാണു ജിപ്സികളുടെ പിതൃഭൂമിയായി കണക്കാക്കപ്പെടുന്നത്. പക്ഷെ, ഇപ്പോൾ ഇവർ ലോകത്തിൻെറ നാനാഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്നു. 11-ാംശതകത്തോടുകൂടിത്തന്നെ ജിപ്സികൾ ഇന്ത്യയിൽനിന്നു പേഴ്സ്യയിൽ കുടിയേറിപ്പാർത്തിരുന്നു. 14-ാംനൂറ്റാണ്ടാകുമ്പോഴേക്ക് തെക്കുകിഴക്കൻ യൂറോപ്പിലും 15-ാംനൂറ്റാണ്ടിൽ പടിഞ്ഞാറൻ യൂറോപ്പിലും ഇവർ എത്തിച്ചേർന്നു. 20-ാംനൂറ്റാണ്ടിൻെറ മധ്യത്തോടെ അമേരിക്കയിലേക്കും ഓസ്ട്രേലിയയിലേക്കും ഇവർ വ്യാപിച്ചു.

ആധുനിക **ഇന്തോ**-യൂറോപ്യൻ ഭാഷകളോട് അടുത്ത ബന്ധമുള്ള റൊമാനി എന്ന ഭാഷയാണ് ഇവർ സംസാരിക്കുന്നത്. ഇതിനു ലിപി ഇല്ല. ഇപ്പോൾ അതതുരാജ്യങ്ങളിലെ പ്രധാനഭാഷതന്നെ ഇവർ സ്വാധീനമാക്കിയിരിക്കുന്നു. ഊരുചുറ്റുന്ന സ്വഭാവത്തിന് ഇപ്പോഴും മാറ്റമൊന്നുമില്ല. അതുകൊണ്ട് ഇവരുടെ ജനസംഖ്യ ക്ലിപ്തപ്പെടുത്താൻ സാധ്യമല്ല. ഇരുപതുലക്ഷത്തിനും മുപ്പതുലക്ഷത്തിനും ഇടയിലാവും ഇവരുടെ സംഖ്യ എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. പല രാജ്യങ്ങളിൽനിന്നും ജിപ്സികൾ ആട്ടിയോടിക്കപ്പെട്ടിട്ടുണ്ട്. ഹിറ്റ്ലറുടെ കാലത്തു നാലു ലക്ഷം ജിപ്സികൾ നാടുവിടാൻ നിർബന്ധിതരായെന്നു പറയപ്പെടുന്നു. ഫ്രാൻസിൽ ജിപ്സികൾ കർശനമായ പോലീസ്പരിശോധനയ്ക്കുവിധേയരായിരുന്നു. നീതിപീഠങ്ങൾ ജിപ്സികളെ സമൂഹബാഹ്യരായി കാണുന്നതിനെ എതിർത്തുപോന്നുവെങ്കിലും പ്രാദേശികഭരണാധികാരികൾ ഇവരെ നാട്ടുകാരോടൊപ്പം അംഗീകരിക്കാൻ പലപ്പോഴും തയ്യാറായില്ല.

ജിപ്സികൾ മൂന്നു വിഭാഗങ്ങൾ ഉണ്ട്. 1. കൽദെരാഷ്, 2. ഗിത്താനോസ്, 3. മാനുഷ്. മധ്യയൂറോപ്പിൽനിന്നും ബാൾക്കൻ പ്രദേശത്തുനിന്നും മറ്റിടങ്ങളിലേക്ക് വ്യാപിച്ച ലോഹപ്പണിക്കാരാണു കൽദെരാഷ് വിഭാഗത്തിലുള്ളവർ. ഇവരാണ് എണ്ണംകൊണ്ടു ജിപ്സികളിലെ ഏറ്റവും വലിയ വിഭാഗം. ഐബീരിയൻ അർധദ്വീപ് വടക്കെ ആഫ്രിക്ക, തെക്കൻ ഫ്രാൻസ് എന്നിവിടങ്ങളിലുള്ള ജിപ്സികൾ ആണു ഗിത്താനോസ് വിഭാഗത്തിൽപ്പെടുന്നത്. ഗാനനൃത്തകലകളിലാണ് ഇവർക്ക് വൈദഗ്ധ്യം. മാനുഷ് വിഭാഗത്തിൽപ്പെട്ടവരിൽ ഏറിയകൂറും കായികാഭ്യാസികളാണ്. ജെർമനിയിലും ഫ്രാൻസിലും ആണ് ഇവർ കൂടുതലും കാണപ്പെടുന്നത്. ഈ മൂന്നു വിഭാഗത്തിലും പല ഉപവിഭാഗങ്ങൾ ഉണ്ട്.

സംഘങ്ങളായാണു ജിപ്സികൾ ഊരുചുറ്റുന്നത്. ചുരുങ്ങിയതു പത്തുപേരെങ്കിലും ഒരു സംഘത്തിലുണ്ടാവും. ചിലപ്പോൾ നൂറും അതിലധികവും അംഗങ്ങൾ സംഘത്തിലുണ്ടാവാറുണ്ട്. സംഘത്തിന് ഒരു തലവനുണ്ടാവും. സംഘത്തിലെ പ്രായംചെന്ന സ്ത്രീ പ്രത്യേകം ബഹുമാനിക്കപ്പെടുന്നു പോകേണ്ടസ്ഥലത്തിൻെറ നിർണയനം, സ്ഥലത്തെത്തിച്ചേർന്നാൽ അധികൃതരോടും മറ്റും സംസാരിച്ച് ആനുകൂല്യങ്ങൾ നേടിയെടുക്കേണ്ട ചുമതല, എന്നിവയൊക്കെ സംഘത്തലവൻെറതാണ് പ്രധാനകുടുംബങ്ങളിൽനിന്നു മാറിമാറിയാണു സംഘത്തലവനെ തിരഞ്ഞെടുക്കുന്നത്. നാടോടിക്കലകളും പാരമ്പര്യവിശ്വാസങ്ങളും നാട്ടിൽനിന്നു നാട്ടിലേക്ക് പ്രചരിപ്പിക്കുന്നതിൽ ജിപ്സികൾ മുഖ്യമായ പങ്കുവഹിച്ചുപോന്നിട്ടുണ്ട്. ജിപ്സികൾക്കു കുറെക്കാലമായി ഒരു ദേശാന്തരീയ സംഘടനയുണ്ട്. 1983-ൽ ചണ്ഡിഗഢിൽവച്ച് ഇവരുടെ സമ്മേളനം നടന്നു. വിവിധരാജ്യങ്ങളിൽ തങ്ങൾക്ക് ഏല്ക്കേണ്ടിവരുന്ന പീഡനങ്ങളിൽ എന്നപോലെ ആധുനിക നാഗരികജീവിതം തങ്ങളുടെ ജിപ്സിസംസ്കാരത്തിന് എതിരെ ഉയർത്തുന്ന ഭീഷണികളിലും ജിപ്സികൾ ഉത്കണ്ഠ പ്രകടിപ്പിച്ചുതുടങ്ങിയിരിക്കുന്നു.

ജിബൂട്ടി (Djibouti)

ഒരു റിപ്പബ്ലിക്കും അതിൻെറ തലസ്ഥാനനഗരവും. ഏഡൻ ഉൾക്കടലിൻെറ തീരത്താണ് ഇതിൻെറ സ്ഥിതി. തന്ത്രപ്രധാനമാണ് ഈ സ്ഥാനം. ഇതു രാജ്യത്തെ മുഖ്യതുറമുഖവുംകൂടി ആണ്. റെയിൽ വഴി എത്യോപ്യയുടെ തലസ്ഥാനമായ ആഡിസ് അബാബയുമായി ഈ നഗരം ബന്ധിക്കപ്പെട്ടിരിക്കുന്നു. എത്യോപ്യൻവാണിജ്യമാണു മുഖ്യമായ ആദായമാർഗം. 1888-ൽ ഫ്രെഞ്ചുകാരാണ് ഈ നഗരം സ്ഥാപിച്ചത്. ഇതു ഫ്രെഞ്ചു സോമാലിയയുടെ തലസ്ഥാനമായിരുന്നു. 1945-ൽ ഈ രാഷ്ട്രം സ്വതന്ത്രമായി. ജനസംഖ്യ 4,56,000 (1986). വിസ്താരം 23,200 ച.കി.മീ.

ജിബൂട്ടിയിലെ വലിയ പള്ളി-ഒരു വീക്ഷണം.

ജിബ്രാൻ, ഖലീൽ (1883—1931)

ദാർശനികൻ, കവി, നോവലിസ്റ്റ്, കലാകാരൻ എന്നീ നിലകളിൽ പേരുകേട്ട ലെബനീസ് ചിന്തകൻ. അറബിഭാഷയിൽ ഖലീൽ ജുബ്രാൻ എന്നാണ് ഉച്ചാരണം. അറബി-ഇംഗ്ലീഷ് ഭാഷകളിൽ കൃതഹസ്തനായ ഈ എഴുത്തുകാരൻ ബെയ്റൂട്ടിൽ ബാല്യകാലവിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം അമേരിക്കയിലെ ബോസ്റ്റണിലേക്കു താമസം മാറ്റി(1895)യെങ്കിലുംമൂന്നു കൊല്ലത്തിനുശേഷം ലെബനനിലേക്കുതന്നെ മടങ്ങിവന്നു. അവിടെ 'മഹദ് അൽ-ഹിഖ്മ' എന്ന സ്ഥാപനത്തിൽ ചേർന്ന് അറബിഭാഷയിൽ നല്ല പാണ്ഡിത്യം നേടിയശേഷം 1903-ൽ മാതാവുമൊരുമിച്ചു ബോസ്റ്റണിൽ വീണ്ടും തിരിച്ചെത്തി. അക്കൊല്ലംതന്നെ സാഹിത്യരചനകളാരംഭിച്ചു.



1909-ൽ ജിബ്രാൻ പാരിസിൽ പോവുകയും കുറെക്കാലം അഗസ്തേ റോഡിൻെറ കീഴിൽ ചിത്രകല അഭ്യസിക്കുകയും ചെയ്തശേഷം അമേരിക്കയിലേക്കു മടങ്ങി ന്യൂയോർക്കിൽ സ്ഥിരവാസമുറപ്പിച്ചു. സാഹിത്യവിമർശനം, ചെറുകഥകൾ തുടങ്ങിയവയോടൊപ്പം ചില പ്രശസ്ത ചിത്രങ്ങളും ഇദ്ദേഹം ഇക്കാലത്ത് എഴുതാൻ തുടങ്ങി. മറ്റ് അറബിസാഹിത്യകാരന്മാരോടൊപ്പം ന്യൂയോർക്കിൽ 'അൽ-റബിതാ അൽ-ഖലാമിയ' (തൂലികാസഖ്യം) എന്നൊരു സംഘടനയ്ക്ക് അടിസ്ഥാനമിട്ടു. സ്വന്തം ആധ്യാത്മിക വിശ്വാസങ്ങളുടെ പ്രതിസ്ഫുരണങ്ങളാണ് എല്ലാ കലാസൃഷ്ടികളുടെയും മുഖ്യമായ അന്തർധാര.

അറബിഭാഷയിലുള്ള വളരെയധികം കൃതികൾക്കു പുറമെ (ഇവ പലതും ഇംഗ്ലീഷിലേക്കു വിവർത്തിതമായിട്ടുണ്ട്.) ഇംഗ്ലീഷിലും ഇദ്ദേഹം ധാരാളം ഗ്രന്ഥങ്ങളെഴുതിയിട്ടുണ്ട്. 'ആരാ ഇസ് അൽ-മുരുജ്' (പുൽത്തകിടിയിലെ വധുക്കൾ, 1910), 'ദമാ വാ ഇബ്തി സാമാ' (കണ്ണുനീരും പുഞ്ചിരിയും, 1914), 'അൽ-അർവാഹ് അൽ-മുതമാറിഡ' (ലഹളയ്ക്കൊരുങ്ങുന്ന ആത്മാക്കൾ, 1920), 'അൽ-അജ്നിഹ അൽ-മുതകാസ്സിറ' (മുറിഞ്ഞ ചിറകുകൾ, 1922), അൽ-അവാ

സിഫ്' (കൊടുങ്കാറ്റുകൾ, 1923), 'അൽ-മവാക്കിബ്' (ഘോഷയാത്രകൾ, 1923) എന്നിവ ജിബ്രാൻെറ അറബികവിതാസമാഹാരങ്ങളാണ്. ഇംഗ്ലീഷിൽ ഇദ്ദേഹം *'ദ മാഡ്മൻ'* (1918), *'ദ ഫോർ റണ്ണർ)'* (1920), *'ദ പ്രൊഫെറ്റ്'* (1923), *'സാൻഡ് അൻഡ് ഫോം'* (1926), *'ജീസസ് ദ സൺ ഒഫ് മാൻ'* (1928) എന്നീ കൃതികൾ രചിച്ചിട്ടുണ്ട്.

1931 ഏപ്രിൽ 10-ാംതീയതി ന്യൂയോർക്കിൽ അന്തരിച്ചു. ഇദ്ദേഹം ആഗ്രഹിച്ചിരുന്ന പ്രകാരംഭൗതികാവശിഷ്ടങ്ങൾ സ്വദേശത്തുകൊണ്ടുവന്നു. ജിബ്രാൻെറ സ്മാരകമായി ബെയ്റൂട്ടിൽ ഒരു കാഴ്ചബംഗ്ലാവ് സ്ഥാപിച്ചിട്ടുണ്ട്.

ജിബ്രാൾട്ടർ

സ്പെയിനിൻെറ ദക്ഷിണമെഡിറ്ററേനിയൻ തീരത്തുള്ള വീതി കുറഞ്ഞ ഒരു ഉപദ്വീപ്. ബ്രിട്ടീഷ് കോളനിയാണ്. നീളം 5 കി.മീ. വീതി ഏകദേശം 1.2 കി.മീ. വിസ്തൃതി 5.8 ച.കി.മീ. 711-ൽ താരിഖ് ഇബ്ന് സിയാദ് ഈ ഉപദ്വീപ് പിടിച്ചടക്കി. അദ്ദേഹത്തിൻെറ ബഹുമാനാർഥം നല്കിയ ജബാൽതാരിഖ് (താരിഖ് പർവതം) എന്ന അറബി പേരിൽനിന്നാണു ജിബ്രാൾട്ടർ എന്ന പേരുണ്ടായത്. ജനസംഖ്യ: 30,000 (1984).



ജിബ്രാൾട്ടർ പാറ

ഇവിടെ നീരുറവകളോ അരുവികളോ ഇല്ല. പാറയിടുക്കുകളിലുള്ള അനേകം കുളങ്ങളിൽ മഴവെള്ളം ശേഖരിച്ചുവയ്ക്കും. ഈ വെള്ളം താണതലങ്ങളിലെ കിണറുകളിൽനിന്നു പമ്പുചെയ്യുന്ന വെള്ളവുമായി മിശ്രണം ചെയ്താണ് ഉപയോഗിക്കുന്നത്. കടൽവെള്ളം ശുദ്ധീകരിച്ച് അതുമായി മഴവെള്ളം മിശ്രണംചെയ്തും ഉപയോഗിക്കാറുണ്ട്. ഈ വെള്ളം തീർന്നാൽ വടക്കൻ യൂറോപ്പിൽനിന്ന് ഇറക്കുമതിചെയ്യുകയാണു പതിവ്.

500-ലധികം ഇനം പൂച്ചെടികൾ ഇവിടെയുണ്ട്. 'അപ്പർ റോക്കി'ൽ പൈനും ഒലിവും വളരുന്നു. മുയൽ, ചെന്നായ്, ബർബറിക്കുരങ്ങ് എന്നിവയാണു മുഖ്യസ്തനികൾ. ദേശാടനപ്പക്ഷികൾ ധാരാളമായി എല്ലായിടത്തുമുണ്ട്. യൂറോപ്പിൽ ബർബറി പാർട്രിജ് എന്ന പക്ഷിയുടെ ഏക ആവാസകേന്ദ്രം ജിബ്രാൾട്ടർ ആണ്.

പതിനെട്ടാംനൂറ്റാണ്ടുമുതൽ ബ്രിട്ടീഷ് നാവികശക്തിയുടെ പ്രതീകമായിട്ടാണു ജിബ്രാൾട്ടറിനെ കണക്കാക്കിപ്പോന്നത്. 'ദ റോക്ക്' എന്നു ജിബ്രാൾട്ടർ അറിയപ്പെടാൻ കാരണം ഇതാണ്. 1869-ൽ സൂയസ് കനാൽ തുറന്നതോടെ ജിബ്രാൾട്ടറിൻെറ പ്രാധാന്യം വർധിച്ചു. ബ്രിട്ടീഷ് കോളനിയാണെങ്കിലും പ്രതിരോധം ഒഴികെയുള്ള എല്ലാ കാര്യങ്ങളിലും ഇതിനു സ്വയംഭരണാവകാശമുണ്ട്. 1981-ൽ എല്ലാ ജിബ്രാൾട്ടർകാർക്കും ബ്രിട്ടീഷ് പൗരത്വം നല്കി. ബ്രിട്ടീഷ് അധീശത്വത്തിനാണു പരമാധികാരം. മന്ത്രിമാരെ നിയമിക്കുന്നതു ഗവർണറാണ്. മുഖ്യമന്ത്രി ഉൾപ്പെടെ ഒമ്പതുപേരാണു മന്ത്രിസഭയിൽ ഉള്ളത്. നിയമസഭയിൽ ആകെ അംഗങ്ങൾ 17. ഇവരിൽ 15 പേർ തിരഞ്ഞെടുക്കപ്പെടുന്നു. രണ്ടുപേർ എക്സ് ഒഫിഷ്യോ അംഗങ്ങളാണ്.

ഇവിടെ കൃഷി തീരെ ഇല്ല. ചില ചില്ലറ വ്യവസായങ്ങൾ ഉള്ളതു പുകയില, മദ്യം എന്നിവയുമായി ബന്ധപ്പെട്ടതാണ്. ടൂറിസം ആണ് മുഖ്യ വരുമാനമാർഗം.

ജനസംഖ്യയിൽ ഭൂരിഭാഗവും റോമൻ കത്തോലിക്കരാണ്. ആങ്ഗ്ലിക്കൻകാരും ജൂതന്മാരുമാണു പിന്നെയുള്ളത്. സ്പാനിഷ് ആണ് മുഖ്യഭാഷ. എങ്കിലും മിക്കവർക്കും ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ അറിയാം.

ജിബ്രാൾട്ടർ കടലിടുക്ക്

മെഡിറ്ററേനിയൻ കടലിനെ അത്‌ലാൻറിക് സമുദ്രവുമായി ബന്ധിപ്പിക്കുന്ന കടലിടുക്ക്. ആഫ്രിക്കയുടെ വടക്കെ അറ്റത്തിനും സ്പെയിനിൻെറ തെക്കുഭാഗത്തിനും ഇടയ്ക്കു സ്ഥിതിചെയ്യുന്നു. നീളം 58 കി.മീ. കുറഞ്ഞ വീതി 13 കി.മീ. കൂടിയ വീതി 43 കി.മീ.

ജിബ്രാൾട്ടർ തുറമുഖവും കോട്ടവും.

'റോക്ക് ഒഫ് ജിബ്രാൾട്ടറി'നും (ഇതിനു പില്ലേഴ്സ് ഒഫ് ഹെർകുലീസ്' എന്നും പേരുണ്ട്.) മൗണ്ട് ആഖോ(Mt.Acho)യ്ക്കും ഇടയ്ക്കുള്ള പ്രദേശത്ത് 22 കി.മീ. ആണു വീതി. ശരാശരി ആഴം 310. മീറ്റർ. ഉപരിതലത്തിലെ ഒഴുക്കിൻെറ വേഗം സാധാരണ സമയങ്ങളിൽ 2 നോട്ട്. കാറ്റിൻെറ ശക്തി അനുസരിച്ച് ഒഴുക്കിൻെറ വേഗം മാറും. ഒരർഥത്തിൽ ഈ കടലിടുക്കാണു മെഡിറ്ററേനിയൻ കടൽ ഒരു കൊച്ചു കായൽ ആയി ചുരുങ്ങിപ്പോകാതെ സംരക്ഷിക്കുന്നത്.



ജിബ്രാൾട്ടർ വിളക്കുമരം

പഴയ ലോക(classical world)ത്തിൻെറ ഏറ്റവും പടിഞ്ഞാറെ അറ്റമാണ് 'പില്ലേഴ്സ് ഒഫ് ഹെർക്കുലീസ്' ആദ്യകാലത്തെ അത്‌ലാന്തിക് സമുദ്രയാത്രികർ യാത്രചെയ്തിരുന്നത് ഈ കടലിടുക്കിലൂടെയാണ്. ദക്ഷിണയൂറോപ്പ്, ഉത്തരാഫ്രിക്ക, പശ്ചിമേഷ്യ എന്നിവിടങ്ങളിലെ സമുദ്രയാത്രികരും ഈ മാർഗംതന്നെ സ്വീകരിച്ചുപോന്നു. ഈ പ്രദേശത്തിൻെറ ചരിത്രത്തിൻെറ ഏറിയ പങ്കും 'റോക്ക് ഒഫ് ജിബ്രാൾട്ടറി'ൻെറ നിയന്ത്രണത്തെ ചൊല്ലിയുള്ള തർക്കവുമായി ബന്ധപ്പെട്ടതാണ്.

ജിമേനസ്, ജുവാൻ റമോൺ (1881—1958)

1956-ൽ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ച സ്പാനിഷ്

കവി. ടാഗൂറിൻെറ പല കൃതികളും സ്പാനിഷ് ഭാഷയിലേക്കു വിവർത്തനംചെയ്ത സെനോബിയചംപ്രൂബിയാണ് ഇദ്ദേഹത്തിൻെറ പത്നി. സ്പെയിനിൽ ആഭ്യന്തരയുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ ഇദ്ദേഹം രാജ്യം വിട്ടുപോവുകയും പില്ക്കാലം യു.എസ്സിലും ക്യൂബയിലും മറ്റുമായി കഴിച്ചുകൂട്ടുകയും ചെയ്തു. പോർട്ടോറിക്കോയിൽ വച്ചു മരിച്ചു. 32 വാല്യങ്ങളുള്ള കവിതാസമാഹാരങ്ങളും നിരൂപണലേഖനങ്ങളും രചിച്ച ജിമേനസ്സിന് നൊബേൽസമ്മാനം ലഭിച്ചത് 'ആധ്യാത്മികതയ്ക്കും കലാപരമായ പരിശുദ്ധിക്കും പേരുകേട്ട സ്പാനിഷ് ഭാഷയിൽ ആവേശകരമായ മാതൃകകൾ സൃഷ്ടിച്ച ഭാവാത്മകമായ കാവ്യങ്ങ'ളുടെ പേരിൽ ആണ്.

ജിമ്മി ജോർജ് (1955—1987)

രാജ്യാന്തരപ്രസിദ്ധിനേടിയ വോളിബോൾ കളിക്കാരൻ. 1955 മാർച്ച് 8-നു പാലാ(കോട്ടയം ജില്ല)യിൽ ജനിച്ചു. പാലാ സെൻറ് തോമസ് കോളെജിലും കോഴിക്കോടു ദേവഗിരികോളെജിലും പഠിച്ചു ബിരുദം നേടി. വിദ്യാർഥി ആയിരിക്കെ വോളിബോൾ കളിയിൽ പ്രാഗല്ഭ്യം പ്രദർശിപ്പിച്ചു. 1972-ൽ കേരള യൂണിവേഴ്സിറ്റി വോളിബോൾ ടീം ക്യാപ്റ്റൻ ആയി. കോഴിക്കോടു മെഡിക്കൽ കോളെജിൽ ചേർന്നെങ്കിലും മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കിയില്ല. സംസ്ഥാന പോലീസിൽ സബ് ഇൻസ്പെക്റ്റർ ആയി ജോലിയിൽ പ്രവേശിച്ചു. കേരള വോളിബോൾടീമിൻെറയും ദേശീയടീമിൻെറയും ക്യാപ്റ്റൻ ആയിരുന്നു. പല ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം നടത്തി. 1974-ലെ ടെഹ്റാൻ ഏഷ്യൻ ഗെയിംസിൽ രണ്ടാം സ്ഥാനത്തെത്തിയ ഇന്ത്യൻ വോളിബോൾ ടീമിൻെറ ക്യാപ്റ്റൻ ആയിരുന്നു. പോലീസിൽ ഡിവൈ.എസ്.പി. ആയി. വോളിബോൾ കോച്ചിങ് സംബന്ധിച്ച കാര്യങ്ങൾക്ക് ഇറ്റലിയിൽ താമസിക്കെ 1987 ഡിസംബർ ഒന്നിന് അവിടെവച്ചു കാർഅപകടത്തിൽ മരിച്ചു. ജിമ്മിയുടെ സഹോദരൻ ജോസ് ജോർജും പ്രസിദ്ധനായ വോളിബോൾകളിക്കാരനാണ്.

ജിയോക്, വില്യം ഫ്രാൻസിസ് (1895–1982)

അമേരിക്കൻ ഭൗതികരസതന്ത്രജ്ഞൻ. കേവലപൂജ്യത്തോടടുത്ത പരിതഃസ്ഥിതികളിലുള്ള ദ്രവ്യങ്ങളുടെ സ്വഭാവങ്ങളെക്കുറിച്ചു നടത്തിയ പഠനങ്ങളെ പുരസ്കരിച്ച് 1949-ൽ രസതന്ത്രത്തിനുള്ള നൊബേൽ സമ്മാനം ഇദ്ദേഹത്തിനു നല്കപ്പെട്ടു.

1895 മെയ് 12-ന് നയാഗ്രായിൽ ജനിച്ചു. നയാഗ്രാഫാൾസ് കോളെജിയേറ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കാലിഫോർണിയ യൂണിവേർസിറ്റി (ബർക്കിലി) എന്നിവിടങ്ങളിൽ വിദ്യാഭാസം നടത്തി. 1922-ൽ പിഎച്ച്.ഡി. ബിരുദം നേടി. ബർക്കിലിയിൽ രസതന്ത്രവിഭാഗത്തിൽ നിയമിതനായി. ക്വാണ്ടം സ്റ്റാറ്റിസ്റ്റിക്സ്, തെർമോ ഡൈനാമിക്സിൻെറ മൂന്നാം നിയമം എന്നിവയ്ക്കുള്ള പരീക്ഷണപരമായ അടിസ്ഥാനങ്ങൾ കണ്ടെത്തി. എച്ച്.എൽ.ജോൺസ്റ്റണോടൊത്ത് 17, 18 എന്നീ ആറ്റംഭാരങ്ങളുള്ള ഓക്സിജൻ ഐസോടോപ്പുകൾ കണ്ടുപിടിച്ചു. 1926-ൽ 1° K-യ്ക്കു താഴെയുള്ള ഊഷ്മാവു ലഭിക്കുന്നതിനുള്ള അഡയബാറ്റിക് വികാന്തീകരണമാർഗം ആവിഷ്കരിച്ചു. ഇതുപയോഗിച്ച് അസംഖ്യം പരീക്ഷണങ്ങൾ നടത്തപ്പെട്ടു. ചാൻസലർ, ക്രസ്സൺ, ഗിബ്സ്, ലെവിസ് എന്നീ അവാർഡുകൾ ഇദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്.

ജിയോകെമിസ്റ്റ്രി

†ഭൂരസതന്ത്രം നോക്കുക.

ജിയോക്രോണോളജി

†ഭൂകാലഗണന നോക്കുക.

ജിയോടെക്ടോണിക്സ്

†പ്ലേറ്റ് ടെക്ടോണിക്സ് നോക്കുക.

ജിയോഡസി

†ഭൂഗണിതം നോക്കുക.

ജിയോപോളിറ്റിക്സ്

†ഭൂരാഷ്ട്രതന്ത്രം നോക്കുക.

ജിയോഫിസിക്സ്

†ഭൂഭൗതികം നോക്കുക.

ജിയോമാഗ്നറ്റിസം

†ഭൂകാന്തികത നോക്കുക.

ജിയോമോർഫോളജി

†ഭൂഘടനാവിജ്ഞാനം നോക്കുക.

ജിയോളജി

†ഭൂവിജ്ഞാനം നോക്കുക.

ജിയോളജിക്കൽ സർവേ ഒഫ് ഇന്ത്യ

തയാറാക്കുക, ഖനിജങ്ങൾ, ഭൂഗർഭജലം, പെ
ഭൂരേഖാചിത്രങ്ങൾ തുടങ്ങിയവയെക്കുറിച്ചു സർവേയും ഗവേ
ട്രോളിയംഉത്പന്നങ്ങൾ എന്നിവയ്ക്കു ചുമതലപ്പെട്ട കേന്ദ്രഗവൺമെൻറ്
ഷണവും നടത്തുക
സ്ഥാപനം.
1851-ൽ കൽക്കത്ത ആസ്ഥാനമായി രൂപവത്കരിച്ചു കിഴക്കേ
ഇന്ത്യയിലെ കല്ക്കരി ഖനനംചെയ്യുക എന്നതായിരുന്നു അന്നത്തെ
ലക്ഷ്യം. സ്വാതന്ത്ര്യപ്രാപ്തിയെത്തുടർന്നു പ്രവർത്തനം വിപുലീക
രിച്ചു. വർധിച്ചുവരുന്ന വ്യാവസായികാവശ്യങ്ങൾ നിറവേറ്റുന്നതിനു
വേണ്ട വൈവിധ്യമുള്ള പ്രവർത്തനപദ്ധതികൾ ഏറ്റെടുത്തു. ഇന്ത്യ
യുടെ വിവിധഭാഗങ്ങളിലായി 68,000 ചതുരശ്ര കിലോമീറ്റർ സ്ഥല
ത്തെ പാറക്കെട്ടുകളുടെ രേഖാചിത്രം തയാറാക്കിയിട്ടുണ്ട്. ശിലാ
വിജ്ഞാനം (Petrology), ജീവാശ്മവിജ്ഞാനം (Palaeontology),
പരിസരഭൂവിജ്ഞാനം (environmental geology), ഭൂഭൗതികം
(geo-physics), ഭൂരസതന്ത്രം (geo-chemistry) എന്നീ വിഷയങ്ങ
ളിൽ വിശദമായ സർവേകൾ നടത്തിവരുന്നു. സർവേയുടെയും
പഠനഗവേഷണങ്ങളുടെയും ഫലങ്ങൾ ഭൂരേഖാചിത്രങ്ങളും പ്രസി
ദ്ധീകരണങ്ങളും മുഖേന പ്രകാശിപ്പിക്കുന്നു. ജിയോളജിക്കൽസർ
വേയുടെ കീഴിൽ ആറു റീജിയണൽ ഓഫീസുകളും, 29 സർക്കിൾ
ഓഫീസുകളും, 25 സ്പെഷ്യലൈസ്ഡ് ഏജൻസികളും പ്രവർത്തി
ക്കുന്നുണ്ട്. ഈജിപ്ത്, തുർക്കി, കെനിയ, സോമാലിയ തുടങ്ങിയ
വികസ്വരരാജ്യങ്ങൾക്കുവേണ്ടിയും ജിയോളജിക്കൽസർവേ മേല്
പറഞ്ഞ പരിപാടികൾ ഏറ്റെടുത്തിട്ടുണ്ട്.

ജിലാസ്, മിലോവൻ (1911—)

യുഗോസ്ലാവിയയിലെ കമ്യൂണിസ്റ്റ് ചിന്തകനും ഗ്രന്ഥകാരനും.
1933-ൽ നി
മോൺടെനഗ്രോയിൽ ജനിച്ചു.
യമബിരുദം നേടി. ഏറെത്താമസിയാതെ രാജവാഴ്ചയ്ക്കെതിരായി
പ്രവർത്തിക്കനിമിത്തം തടവിലായി. ടിറ്റോയുടെ സുഹൃത്തായിരു
ന്നു. 1940-ൽ ബ്യൂറോയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. രണ്ടാം ലോക
യുദ്ധത്തിൽ കമ്യൂണിസ്റ്റ് സേനയുടെ ഹൈക്കമാൻഡറായും യുദ്ധാ
നന്തരമുണ്ടായ ഗവൺമെൻറിൽ (1945-'53) ടിറ്റോയുടെ മുഖ്യോപ
ദേഷ്ടാക്കളിൽ ഒരാളായും സേവനമനുഷ്ഠിച്ചു. 1948-ൽ സ്റ്റാലിനെ
തിരായുള്ള യുദ്ധത്തിൽ ടിറ്റോയെ സഹായിച്ചു. എന്നാൽ നാഷനൽ
അസംബ്ലിയുടെ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ട് ഏതാനും നാ
ളുകൾക്കകം പാർട്ടിയുടെ കേന്ദ്രക്കമ്മിറ്റിയിൽനിന്നു നിഷ്കാസിത
നായി (1954 ജനുവരി). പാർട്ടിയിലെ കടുത്ത നിയന്ത്രണങ്ങൾക്കെതി
രായി വാദിക്കുകയാൽ എല്ലാ ഔദ്യോഗികസ്ഥാനങ്ങളിൽനിന്നും
ഇദ്ദേഹത്തെ ഒഴിവാക്കി. ഹംഗറിയിലെ വിപ്ലവം കമ്യൂണിസത്തിൻെറ
തകർച്ചയെ സൂചിപ്പിക്കുന്നുവെന്നും മറ്റും അഭിപ്രായപ്പെടുകയാൽ
1956-ൽ തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടു. കൂടാതെ 'പുതിയ വർഗം',
'സ്റ്റാലിനുമായുള്ള സംഭാഷണം' (1962) എന്നീ ഗ്രന്ഥങ്ങൾ രചിച്ച
തിനും ഇദ്ദേഹത്തിനു ശിക്ഷകിട്ടി. 'നീതിയില്ലാത്ത ലോകം' (Land
Without Justice, 1958) ഇദ്ദേഹത്തിൻെറ ആത്മകഥയാണ്.

1966-ൽ ഇദ്ദേഹത്തെ ജയിലിൽനിന്നു മോചിപ്പിച്ചു. ബെൽഗ്രേഡിലാണു പിന്നീട് ഇദ്ദേഹം താമസമാക്കിയത്. 1968-ൽ അമേരിക്ക സന്ദർശിച്ചു. 'പാർട്സ് ഒഫ് എ ലൈഫ് ടൈം' (1975), 'വാർടൈം' (1977) എന്നിവയാണ് ഇദ്ദേഹം രചിച്ച പില്ക്കാലഗ്രന്ഥങ്ങൾ.

ജിഹാദ്

മതപ്രചാരണത്തിനുവേണ്ടി ഇസ്ലാംനിയമം അനുശാസിച്ചിട്ടുള്ള വിശുദ്ധയുദ്ധം. നാലുവിധത്തിൽ ഈ കടമ നിർവഹിക്കാമെന്ന് ഇസ്ലാം അനുശാസിക്കുന്നു. ഹൃദയംകൊണ്ട്, നാക്കുകൊണ്ട്, കൈകൊണ്ട്, വാൾകൊണ്ട്. 'ആയുധ'മുപയോഗിച്ച് അവിശ്വാസികൾക്കെതിരെ സമരം ചെയ്യാൻ ഇസ്ലാംവിശ്വാസികൾ കർത്തവ്യബദ്ധരാണ്.

ജിഹാദിൻെറ അർഥം അക്രമാസക്തമായ തുറന്ന യുദ്ധമല്ലെന്ന് ചില ആധുനിക മതചിന്തകന്മാർ വാദിക്കുന്നു. 'ഇസ്ലാം അപകടത്തിലാകുമ്പോൾ കൈക്കൊള്ളേണ്ട ഒരു പ്രതിരോധനടപടി' എന്ന അർഥത്തിലേ ഇതിനെ വ്യാഖ്യാനിക്കേണ്ടതുള്ളു എന്നാണ് അവരുടെ അഭിപ്രായം.

ജിറാഫ്

ഇരട്ടക്കുളമ്പുള്ള സ്തനി. ഏറ്റവും ഉയരംകൂടിയ ജീവി. 'ജിറാഫിഡെ' കുലത്തിൽപ്പെടുന്നു. ഈ കുലത്തിൽ രണ്ട് അംഗമേ ഉള്ളൂ. † ഒകാപി ആണ് മറ്റത്. രണ്ടും ആഫ്രിക്കയിൽ കണ്ടുവരുന്നു. ജിറാഫിൻെറ ശാസ്ത്രനാമം: *ജിറാഫാ കമെലോപാർഡാലിസ് (Giraffa camelopardalis)*. പ്രാചീന റോമാക്കാർ ഇതിനെ ഒട്ടകപ്പുള്ളിമാൻ (Camelopard) എന്ന് അർഥം വരുന്ന കമെലോപാർഡാലിസ് എന്നാണു വിളിച്ചിരുന്നത്.



ജിറാഫ് -
അഞ്ചുമീറ്ററോളം ഉയരം



വന്യമൃഗസങ്കേതത്തിലെ സ്വൈരവിഹാരം

ജിറാഫുകളിൽ ആണിനു പെണ്ണിനെക്കാൾ പൊക്കം കൂടുതൽ ഉണ്ട്. ആണിൻെറ പൊക്കം ഏകദേശം നാലരമീറ്റർ വരും. പെണ്ണിന് ഇതിനെക്കാൾ അരമീറ്ററോളം കുറയും. തോളറ്റംവരെയുള്ള ഉയരം രണ്ടേമുക്കാൽ മീറ്ററെ ഉള്ളൂ. പ്രായപൂർത്തിയായ ആൺ ജിറാഫിനു ശരാശരി ഒന്നേകാൽ ടൺ ഭാരം വരും. പെണ്ണിന് ഒരു ടണ്ണിൽ താഴെ മാത്രമേ ഭാരമുള്ളൂ. ചെറിയ രണ്ടു കൊമ്പ് ഉണ്ട്. ഇവ

ത്വക്കുകൊണ്ടു മൂടിയിരിക്കുന്നതിനാൽ പുറമെ കാണാൻ കഴിയില്ല. കഴുത്തിനും കാലിനും അസാധാരണമായ നീളമുണ്ട്. നീണ്ടതാണെങ്കിലും കഴുത്തിൽ മറ്റെല്ലാ സ്തനികളിലും ഉള്ളതുപോലെ ഏഴു കശേരുവേ ഉള്ളൂ. ദേഹത്തു തവിട്ടുനിറത്തിലുള്ള കള്ളികൾ കാണാം. ചെറിയ വാല്; അറ്റത്തു നീണ്ട കറുത്ത രോമങ്ങൾ ഉണ്ട്.

അക്കേഷ്യയുടെ ഇലയാണ് ആഹാരം. കൂട്ടംചേർന്ന് ഇരതേടുന്നു. മുൻകാല് മടക്കിനിന്നാണു നിലത്തുള്ള ചെടികളും മറ്റും ഭക്ഷിക്കുന്നത്. അപൂർവമായേ വെള്ളം കുടിക്കൂ. ദൃശ്യ-ശ്രവ്യ-ഘ്രാണസിദ്ധി വളരെ കൂടുതലാണ്. സിംഹമാണു പ്രധാന ശത്രു. കഴുത്തുവീശിയും തലകൊണ്ട് ആഞ്ഞടിച്ചും തൊഴിച്ചും ശത്രുവിന്റെ ആക്രമണത്തെ ചെറുക്കാറുണ്ട്. 55 കിലോമീറ്ററോളം വേഗത്തിൽ ഓടാനും കഴിയും.

ലാമാർക്കിന്റെ 'ഉപയോഗ-നിരുപയോഗ സിദ്ധാന്തത്തിനു ദൃഷ്ടാന്തമായി ചൂണ്ടിക്കാണിക്കപ്പെടുന്നതു ജിറാഫിന്റെ നീണ്ട കഴുത്താണ്. താഴെ ഭക്ഷണം കുറഞ്ഞപ്പോൾ മുകളിലുള്ള ഇലകൾ ഭക്ഷിക്കാൻ പറ്റിയ വിധത്തിൽ ഇതിന്റെ കഴുത്ത് അനുവർത്തനം ചെയ്യപ്പെട്ടു എന്നാണു വിശ്വസിക്കപ്പെടുന്നത്. എന്നാൽ ഈ സിദ്ധാന്തം ആധുനിക ജന്തുശാസ്ത്രം പൂർണമായി അംഗീകരിക്കുന്നില്ല.

ഇണചേരുന്നതിനു പ്രത്യേക കാലമൊന്നും ഇല്ല. ഗർഭകാലം 15 മാസം. ഒരു തവണ ഒരു കുഞ്ഞേ ജനിക്കൂ. നവജാതശിശുവിനു രണ്ടു മീറ്ററോളം പൊക്കം ഉണ്ടാകും. ഒമ്പതു മാസത്തോളം തള്ളയുടെ പാലാണു കുഞ്ഞിന്റെ ആഹാരം. മൃഗശാലകളിൽ ജിറാഫ് 30വർഷത്തോളം ജീവിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ജീ

ജീജീബായ്

†ശിവജി നോക്കുക.

ജീനസ് (genus)

ജീവശാസ്ത്ര വർഗീകരണത്തിൽ പരസ്പര സാദൃശ്യമുള്ള സ്പീഷീസുകളുടെ ഗണം. സസ്യശാസ്ത്രത്തിലും ജന്തുശാസ്ത്രത്തിലും ഈ വർഗീകരണസംജ്ഞ ഉപയോഗിക്കുന്നു. കുല(family) ത്തിനു താഴെയായും സ്പീഷീസിനു മീതെയായും വരുന്ന വർഗീകരണ തലമാണു ജീനസ്. പരസ്പരസാദൃശ്യമുള്ള ജീനസുകൾ (genera) ചേരുമ്പോഴാണു കുലം രൂപംകൊള്ളുന്നത്. †ടാക്സോണമി നോക്കുക.

ജീനി

സവാരി ചെയ്യുന്നതിനായി കുതിരപ്പുറത്തു ഘടിപ്പിക്കാറുള്ള സീറ്റ്. സവാരി സുഖകരമാക്കുന്നതിനു പുറമെ ഇതു സുരക്ഷിതത്വവും നല്കും. സാധാരണമായി മൃദുവായ മരംകൊണ്ടാണ് ഇവ നിർമിക്കാറുള്ളത്. പുറമെ വിരിക്കുന്നതിനും ആടകളുണ്ടാക്കുന്നതിനും സാധാരണമായി ഉപയോഗിക്കുന്നതു പന്നിത്തോലാണ്. പന്തയക്കുതിരകളിൽ ഉപയോഗിക്കുന്ന ജീനികൾ, സൈനികജീനികൾ, നായാട്ടുജീനികൾ തുടങ്ങി പലതരം ജീനികളുണ്ട്. ഇവയെ പലതരത്തിൽ അലങ്കരിക്കുന്നത് ഒരു പഴയ കലയായിരുന്നു. ജീനിയിൽ പൂക്കളും മറ്റും തുന്നിപ്പിടിപ്പിക്കുകയും പലതരം ചായങ്ങളിട്ടു മോടിപ്പെടുത്തുകയും ചെയ്യാറുണ്ട്.



ജീനിവച്ചകുതിര

ജീൻ (gene)

ജീവനുള്ള എല്ലാത്തിലും പാരമ്പര്യഗുണങ്ങളുടെ വാഹകരായി വർത്തിക്കുന്ന അടിസ്ഥാനമാത്ര. †ക്രോമസോമുകളിൽ ഒരു നിശ്ചിതസ്ഥാനത്ത് അഥവാ ബിന്ദുപഥ(locus)ത്തിൽ ആണു ജീൻ വർത്തിക്കുന്നത്. പ്രോട്ടീൻ നിർമാണ(synthesis of proteins)ത്തിന്റെ നിയന്ത്രണം വഹിക്കുക എന്നതാണു ജീനിന്റെ ജനിതകധർമം.

മിക്കവാറും എല്ലാ ജീവജാലത്തിലും ഡി.എൻ.എ. (ഡി ഓക്സി റൈബോ ന്യൂക്ലിക് ആസിഡ്) തന്തുവിന്റെ ഘടകമാണു ജീനുകൾ ചില വൈറസ്സുകളിൽ മാത്രം ഇത് ആർ.എൻ.എ. (റൈബോ ന്യൂക്ലിക് ആസിഡ്) തന്തുവിന്റെ ഘടകമായി വരും.

ഓരോ ജീവിയുടെയും കോശഘടനയും പ്രവർത്തനങ്ങളും നിയന്ത്രിക്കുന്ന 'അടിസ്ഥാനരേഖ' (ഇതിനെ 'ബ്ലൂപ്രിന്റ്' എന്നു വിളിക്കുന്നു.) അടങ്ങിയിട്ടുള്ളതു ഡി.എൻ.എ. തന്തുവിലാണ്. അതിലടങ്ങിയിട്ടുള്ള ജീനുകളാണ് 'ബ്ലൂപ്രിന്റി'ലെ ഘടകങ്ങൾ. ജീൻ നിർവഹിക്കുന്ന 'പ്രോട്ടീൻ സംയോജനം' എന്ന കർമത്തിലൂടെ ആണു ഡി.എൻ.എ. 'ബ്ലൂപ്രിന്റ്' നടപ്പിൽവരുത്തുന്നത്. ഒരു ജീൻ പ്രവർത്തിക്കുമ്പോൾ, പ്രോട്ടീൻ നിർമാണത്തിനായി അതിലടങ്ങിയിട്ടുള്ള വിവരങ്ങൾ മറ്റൊരു ന്യൂക്ലിക് അമ്ലതന്മാത്രയിലേക്കു പകർത്തുന്നു. ഈ തന്മാത്രകളാണു സന്ദേശക ആർ.എൻ.എ. (റൈബോ ന്യൂക്ലിക് അമ്ലം) എന്ന പേരിൽ അറിയപ്പെടുന്നത്. പ്രോട്ടീൻ നിർമാണം നടക്കുന്ന സ്ഥാനമായ കോശദ്രവ്യത്തിലേക്കു ജീനിൽനിന്നു ലഭിക്കുന്ന സന്ദേശവുമായി പോകുന്നതു സന്ദേശക ആർ.എൻ.എ. ആണ്. ഇതു ജീനിന്റെ തനി പകർപ്പായിരിക്കും. അതുകൊണ്ടു ചിലയിനം വൈറസ്സുകളിലും മറ്റും ഡി.എൻ.എ. ഇല്ലെങ്കിലും, ആർ.എൻ.എ. പ്രോട്ടീൻ നിർമാണം സാധിക്കുന്നു. ഇവയിൽ ജീനിന്റെ സ്ഥാനം ആർ.എൻ.എ.യിൽ ആയിരിക്കും.

സഹലഗ്നജീനുകൾ (linked genes). ക്രോമസോമുകളെക്കാൾ കൂടുതൽ ജീനുകൾ നിലവിലുള്ളതുകൊണ്ട് ഒരേ ക്രോമസോമിൽ ഒന്നിലധികം ജീനുകൾ ഉണ്ടായിരിക്കണം. ഇങ്ങനെയുള്ള ജീനുകൾ മുകളിൽ വിവരിച്ചപോലുള്ള സ്വതന്ത്രഅപവ്യൂഹനം പ്രകടിപ്പിക്കുകയില്ല. കാരണം അവ പരസ്പരം ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ഒരുമിച്ചുതന്നെയാണു വിവിധ സംയോജനങ്ങളിൽ പങ്കുകൊള്ളുക. ഇങ്ങനെ ഒരു ക്രോമസോമിൽത്തന്നെയുള്ളഎല്ലാ ജീനുകളെയും സഹലഗ്നജീനുകൾ എന്നു വിളിക്കുന്നു. സഹലഗ്നജീനുകൾ കണ്ടുപിടിക്കുന്നതിനു മുമ്പുതന്നെ അവയുടെ അസ്തിത്വം പ്രവചിക്കപ്പെട്ടിരുന്നു. 1903-ൽ സട്ടൻ ആവിഷ്കരിച്ച ക്രോമസസിദ്ധാന്തത്തിൽ ഒരേ ക്രോമസത്തിൽ നിരവധി ജീനുകൾ നിലനില്ക്കുന്നുണ്ടെന്നു വ്യക്തമാക്കിയിരുന്നു. മൂന്നു കൊല്ലങ്ങൾക്കുശേഷം ഇംഗ്ലീഷു ജനിതശാസ്ത്രജ്ഞരായ ബേറ്റ്സണും പനെറ്റും ആദ്യമായി സഹലഗ്നജീനുകളെ കണ്ടെത്തി. ഒരുതരം പയറുചെടിയിൽ പൂവിന്റെ നിറത്തെ സ്വാധീനിക്കുന്ന ഒരു ജോഡി ജീനുകൾ പരാഗകണങ്ങളുടെ രൂപത്തെ നിയന്ത്രിക്കുന്ന ഒരു ജോഡി ജീനുകളുമായി ബന്ധപ്പെട്ടിരിക്കുന്നത് അവർ കാണുകയുണ്ടായി.

ജീൻ കലവറ (gene pool)

ഏതെങ്കിലുമൊരു ജീവസമൂഹത്തിലെ ജീനുകളുടെ കൂട്ടം. 'ജീൻ പൂൾ' എന്നും 'ജീൻ സമുച്ചയം' എന്നും പേരുണ്ട്.

സാധാരണ ജീവസമൂഹത്തിൽ ഒരു സ്പീഷീസിലെ അംഗങ്ങൾ തമ്മിൽ മാത്രമെ പരസ്പരം പ്രജനനം നടത്തുകയുള്ളു. എന്നാൽ, ചിലപ്പോൾ രണ്ടു സ്പീഷീസുകൾ തമ്മിൽ സങ്കരണം (hybridisation) നടന്നേക്കാം. ജന്തുക്കളുടെ ഇടയിലാണെങ്കിൽ ഇതുമൂലമുണ്ടാകുന്ന സന്തതികൾ വന്ധ്യരായിരിക്കും. (ഉദാ: കുതിരയും കഴുതയും ചേർന്നു പ്രജനനം നടത്തുമ്പോഴുണ്ടാകുന്ന കോവർ കഴുത.) പക്ഷേ, സസ്യങ്ങളിൽ സങ്കരണം കുറെക്കൂടി വ്യാപകമായി നടക്കുന്നുണ്ട്. ഈ രീതിയിൽ സങ്കരണം നടത്തിയാണ് അത്യുത്പാദനശേഷിയുള്ളതും രോഗപ്രതിരോധശേഷിയുള്ളതുമായ വിത്തിനങ്ങൾ ഉത്പാദിപ്പിക്കുന്നത്. ഈ പ്രക്രിയയ്ക്കു കാർഷികവിളകളുടെ വന്യസ്പീഷീസുകൾ അത്യാവശ്യമാണ്. ഈ ആവശ്യങ്ങൾക്കായി പലതരം വന്യസ്പീഷീസുകൾ അടങ്ങിയ 'ജീൻ കലവറകൾ' അതിന്റെ ആവാസസ്ഥാനങ്ങളിൽതന്നെ നിലനിർത്തുന്നു.

വനനശീകരണം ജീൻ കലവറകളുടെ ശോഷണത്തിനു കാരണമാകാം. അതുകൊണ്ട്, പല രാജ്യങ്ങളും ജീൻ കലവറകൾ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കാറുണ്ട്. ഇത്തരത്തിൽ പെട്ട ഏറ്റവും വലിയ കാർഷിക ജീൻ കലവറകളാണു സോവിയറ്റ് യൂണിയനിലെ എൻ.ടി. വാവിലേവ് വിത്തുശേഖരണ കേന്ദ്രവും യു.എസിലെ ദേശീയ വിത്തുസംഭരണ ലബോറട്ടറിയും.

വംശനാശത്തെ അഭിമുഖീകരിക്കുന്ന ജീവജാലങ്ങളുടെ സാമ്പിളുകൾ ശേഖരിച്ചു സംരക്ഷിച്ചുവളർത്തുന്നതിനു ജീൻ ബാങ്ക് (gene bank) എന്നു പറയുന്നു. ഇത്തരം ജീവജാലങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ജീൻസമ്പത്തു ഭാവിയിലെ ഉപയോഗത്തിനു ലഭ്യമാക്കുകയാണു ജീൻ ബാങ്കുകളുടെ ലക്ഷ്യം.

ജീൻ ചികിത്സ (gene therapy)

ജനിതക വൈകല്യങ്ങളും പാരമ്പര്യരോഗങ്ങളും നിവാരണം ചെയ്യുന്നതിനുള്ള ചികിത്സാസമ്പ്രദായം. വൈകല്യങ്ങൾക്ക് ആധാരമായ ജീൻ പ്രതിസ്ഥാപിച്ചോ അറ്റകുറ്റപ്പണികൾ ചെയ്തു നന്നാക്കിയോ ആണ് ഈ ചികിത്സാസമ്പ്രദായത്തിൽ പ്രശ്നപരിഹാരം കാണുന്നത്. ജനിതക എൻജിനീയറിങ് (genetic engineering) സങ്കേതങ്ങൾ ഉപയോഗിച്ചാണ് ഈ ചികിത്സ നടത്തുന്നത്. ഇത് ഇപ്പോഴും പരീക്ഷണഘട്ടത്തിൽ ഇരിക്കുന്നതേയുള്ളു. †ജനിതക എൻജിനീയറിങ് നോക്കുക.

ജീൻ മ്യൂട്ടേഷൻ (gene mutation)

†മ്യൂട്ടേഷൻ നോക്കുക.

ജീൻ വിനിമയം (crossing over)

കോശവിഭജനത്തിലെ ഒരു പ്രക്രിയ. ഊനഭംഗ (mitosis) കോശവിഭജനത്തിന്റെ മുന്നോടിയായി മാതൃകോശത്തിലെ സമജാത (homologous) ക്രോമസോമുകൾ ജോടിചേരുമ്പോൾ ഒരു ക്രോമസോമിലെ ക്രോമാറ്റിഡുകൾ (ക്രോമസോമിലെ ഒരു ജോടി തന്തുക്കൾ) അതിന്റെ ജോടിയും ആയി ഖണ്ഡങ്ങൾ കൈമാറുന്നതിനാണ് ജീൻ വിനിമയം എന്നുപറയുന്നത്. കയാസ്മ(ക്രോമസോമിൽ ഉണ്ടാകുന്ന വക്രഭാഗം)യുടെ ഭാഗത്തുവച്ചു ക്രോമാറ്റിഡുകൾ മുറിഞ്ഞ് ഓരോ ഖണ്ഡവും എതിർ ക്രോമാറ്റിഡുമായി പുനഃസംയോജിക്കുകയാണ് ഈ പ്രക്രിയയിൽ. ക്രോമസോമുകളിലെ ജീനുകളുടെ പുനഃസംവിധാനത്തിന് ഇതു കാരണമാകുന്നു.

ജീൻസ്, സർ ജെയിംസ് ഹോപ്‌വുഡ്

(1877—1946)

ഇംഗ്ലീഷ് ഗണിതശാസ്ത്രജ്ഞനും ഭൗതികജ്ഞനും ജ്യോതിശ്ശാസ്ത്രജ്ഞനും. 1877 സെപ്തംബർ 11-നു ലണ്ടനിൽ ജനിച്ചു. 1898-ൽ കേംബ്രിജ് യൂണിവേഴ്സിറ്റിയിലെ ട്രിനിറ്റി കോളെജിൽനിന്നു ഗണിതശാസ്ത്രത്തിൽ ഉയർന്നനിലയിൽ പാസായി. കുറെക്കാലം ഗണിതശാസ്ത്രാധ്യാപകനായിരുന്നതിനുശേഷം 1919 മുതൽ '29 വരെ റോയൽ സൊസൈറ്റിയുടെ സെക്രട്ടറിയായി. 1924 മുതൽ '29 വരെ റോയൽ ഇൻസ്റ്റിറ്റ്യൂഷനിലെ ജ്യോതിശ്ശാസ്ത്ര പ്രൊഫസ്സറുമായിരുന്നു. 1923 മുതൽ 44 വരെ കാലിഫോർണിയായിലുള്ള മൗണ്ട് വിൽസൺ നിരീക്ഷണാലയത്തിലെ ഗവേഷണ വിഭാഗത്തിൽ സേവനമനുഷ്ഠിച്ചു. 1946 സെപ്തംബർ 17-ന് അന്തരിച്ചു.

ഗണിതശാസ്ത്രത്തെ ഭൗതികത്തിന്റെയും ജ്യോതിശ്ശാസ്ത്രത്തിന്റെയും വിഭിന്നശാഖകളിൽ വിജയകരമായി ഇദ്ദേഹം ഉപയോഗിച്ചു. വാതകങ്ങളുടെ ഗതികസിദ്ധാന്തം, വികിരണങ്ങൾ എന്നിവയെ സംബന്ധിച്ചാണു ഭൗതികജ്ഞൻ എന്ന നിലയ്ക്ക് ഇദ്ദേഹം മുഖ്യമായും പഠനം നടത്തിയത്. പ്രപഞ്ചോത്പത്തിശാസ്ത്രമായിരുന്നു ജ്യോതിശ്ശാസ്ത്രജ്ഞനെന്ന നിലയ്ക്ക് അദ്ദേഹം കൈകാര്യംചെയ്ത മുഖ്യ വിഷയം. ആകർഷണസിദ്ധാന്തം, നക്ഷത്രങ്ങൾ എന്നിവയെക്കുറിച്ചും പഠനങ്ങൾ നടത്തിയിട്ടുണ്ട്. ശാസ്ത്രം, ശാസ്ത്രത്തിന്റെ തത്വശാസ്ത്രം എന്നിവ സംബന്ധിച്ച പല ഗ്രന്ഥങ്ങളും ഇദ്ദേഹം രചിച്ചിട്ടുണ്ട്. 'The Mysterious Universe' എന്ന ഗ്രന്ഥം 'അദ്ഭുത പ്രപഞ്ചം' എന്ന പേരിൽ മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ജീപ്പ്

ഒരു നാലു ചക്രവാഹനം. യാത്രക്കാരെ കയറ്റാനും സാധനങ്ങൾ കൊണ്ടുപോകാനും ഉപയോഗിക്കുന്നു. രണ്ടാം ലോകയുദ്ധകാലത്താണ് ഇതിന്റെ ആവിർഭാവം. യു.എസ്. ആർമി ക്വാർട്ടർ മാസ്റ്റർ കോർ ആണ് ഇതു വികസിപ്പിച്ചെടുത്തത്. അന്യാദൃശമായ ദൃഢത, ഏതു പരുക്കൻ തറയിലും ഓടിക്കാനുള്ള സൗകര്യം എന്നിവയാലാണു യുദ്ധാവശ്യത്തിനുള്ള വാഹനം എന്ന നിലയിൽ ഇതിനു പ്രസക്തിവന്നത്. 60 ശതമാനം വരെ ചരിവുമാനമുള്ള കയറ്റം കയറാനും, ആഴം കുറഞ്ഞ അരുവികൾ മുറിച്ചു കടക്കാനും ഇതിനു കഴിവുണ്ട്.

ജീപ്പ്

ആദ്യകാലത്തെ ജീപ്പിന്റെ പരമാവധി വേഗം മണിക്കൂറിൽ 105 കി.മീ. ആയിരുന്നു. ആദ്യമൊക്കെ വെടിക്കോപ്പുകളും മറ്റു യുദ്ധോപകരണങ്ങളും വഹിച്ചുകൊണ്ടുപോകാനായിരുന്നു ഇത് ഉപയോഗിച്ചത്. ക്രമേണ പട്ടാളക്കാരെ കയറ്റിക്കൊണ്ടുപോകാൻ തുടങ്ങി. 'ആംബുലൻസ്' ആയും ഉപയോഗിച്ചിരുന്നു. വെള്ളം കടക്കാത്ത പള്ളയും ചുക്കാനും ഉള്ള ജീപ്പുകൾ പലപ്പോഴും ജലത്തിൽ ഓടുന്ന ടാങ്കായി പ്രവർത്തിച്ചിരുന്നു.

General purpose വാഹനം എന്നതിലെ ഇംഗ്ലീഷ് പദങ്ങളുടെ ആദ്യക്ഷരങ്ങളിൽ നിന്നാണു ജീപ്പ് എന്ന പേരുണ്ടായത്.

ഇന്നു ജീപ്പിന്റെ ഉപയോഗം ബഹുമുഖവും സാർവത്രികവുമാണ്. ആകൃതി, വലിപ്പം എന്നിവയിൽ വൈവിധ്യം പുലർത്തുന്നുമുണ്ട്. സാധാരണമായി പെട്രോൾ എൻജിൻ ആണെങ്കിലും ഇപ്പോൾ ഡീസൽ എൻജിൻ ജീപ്പുകൾ ധാരാളമാണ്.

ജീമൂതവാഹനൻ

വിദ്യാധരചക്രവർത്തി. ശ്രീഹർഷൻ രചിച്ച പ്രസിദ്ധ നാടകമായ നാഗാനന്ദത്തിലെ നായകൻ. ജീമൂതകേതുവിന്റെ പുത്രനാണ് ഇദ്ദേഹം. ഒരിക്കൽ ശത്രുക്കൾ രാജ്യം ആക്രമിച്ചപ്പോൾ എതിർക്കാതെ അവർക്കു രാജ്യം വിട്ടുകൊടുത്തു. മലയപർവതത്തിൽ പോയി താമസമാക്കി. അവിടെവച്ചു മലയവതിയെ വിവാഹംകഴിച്ചു. സർപ്പങ്ങളും ഗരുഡനുമായുള്ള കരാറനുസരിച്ച് ഒരു ദിവസം ഗരുഡനു ഭക്ഷണമായിത്തീരേണ്ടിയിരുന്ന ശംഖചൂഡൻ എന്ന സർപ്പത്തിനെ രക്ഷിക്കുന്നതിനായി തത്സ്ഥാനത്ത് കയറിയിരുന്നു. ഭക്ഷിച്ച് കുറെക്കഴിഞ്ഞപ്പോഴാണു ഗരുഡനു കാര്യം മനസ്സിലായത്. പശ്ചാത്താപാർത്തനായ ഗരുഡൻ സ്വർഗത്തിൽ പോയി അമൃതം കൊണ്ടുവന്ന് ജീമൂതവാഹനനെ ജീവിപ്പിച്ചു. അന്നുമുതൽ ഗരുഡൻ നാഗഭക്ഷണം ഉപേക്ഷിച്ചു എന്നു കഥ തുടരുന്നു.

ജീയ്ജർ, ദഡോൾഫ് ഓസ്കാർ റോബർട്ട് വില്യംസ് (1894—1981)

ജെർമൻ കാലാവസ്ഥാ ശാസ്ത്രജ്ഞൻ. പുൽപ്രദേശങ്ങളുടെ ഉപരിഭാഗത്തും, വിളപ്രദേശങ്ങളിലും, വനവിതാനത്തിൻെറ കീഴിലും നിർവഹിച്ച നിരീക്ഷണങ്ങളിലൂടെ, സസ്യജാലങ്ങളും ശീതോഷ്ണസ്ഥിതിയും തമ്മിലുള്ള ബന്ധങ്ങളും ഉഷ്ണപ്രസരണം, ജലസന്തുലനാവസ്ഥ തുടങ്ങിയ കാര്യങ്ങളും മനസ്സിലാക്കാൻ സാധിക്കുമെന്നു ജീയ്ജർ വ്യക്തമാക്കി. അവയാണു കാലാവസ്ഥാവിജ്ഞാനീയത്തിന് ആഴവും പരപ്പും വരുത്തിയത്.

ജെർമനിയിൽ പല സ്ഥാപനങ്ങളിലും സേവനമനുഷ്ഠിക്കുകയും ഗവേഷണം നടത്തുകയും ചെയ്തിട്ടുള്ള ഇദ്ദേഹം ബവേറിയൻ വനവകുപ്പിൻെറയും മ്യൂണിച്ച് സർവകലാശാലയുടെയും കീഴിലുള്ള കാലാവസ്ഥാഗവേഷണകേന്ദ്രത്തിൻെറ ഡയറക്ടറായിരുന്നു. അദ്ദേഹത്തിൻെറ ആധികാരികമായ കൃതി 1950-ൽ ദ ക്ലൈമറ്റ് നിയർ ദ ഗ്രൗണ്ട് (The Climate near the Ground) പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മകാലാവസ്ഥാപരങ്ങളായ പര്യവേക്ഷണങ്ങളെക്കുറിച്ചുള്ള സമഗ്രമായ ഒരു സമീക്ഷണമാണ് അതിലുള്ളത്. സസ്യങ്ങളിലും ജീവികളിലും, മനുഷ്യരിലും സൂക്ഷ്മകാലാവസ്ഥ ചെലുത്തുന്ന പ്രഭാവം അതിൽ വിശദമാക്കിയിട്ടുണ്ട്

1981-ൽ അന്തരിച്ചു.

ജീരകം (cumin)

അംബലിഫെറേ കുലത്തിൽപ്പെടുന്ന ചെടി. ശാസ്ത്രനാമം: *കുമിനം സൈമിനം (Cuminum cyminum)*. 15 സെൻറിമീറ്ററോളം ഉയരം വയ്ക്കും. വളരെക്കാലം മുമ്പുമുതല്ക്കേ കൃഷിചെയ്തുവരുന്നു. മെഡിറ്ററേനിയൻ സമുദ്രതീരത്തുള്ള തെക്കുകിഴക്കൻ യൂറോപ്പ്, ഉത്തര ആഫ്രിക്ക, ഇന്ത്യ, ചൈന, പേർഷ്യ, അറേബ്യ, ഈജിപ്ത്, മൊറോക്കൊ, സിസിലി തുടങ്ങിയ രാജ്യങ്ങളിൽ ഇന്നു ജീരകം കൃഷിചെയ്യുന്നു. ഇന്ത്യയിൽ ഡക്കാനിലും പഞ്ചാബിലും ആണ് കൃഷി നടത്തുന്നത്.

പുഷ്പച്ഛത്ര(umbel)ത്തിൽ സാധാരണ ദ്വിലിംഗപുഷ്പങ്ങളുണ്ടാകുന്നു. പൂവിൻെറ നിറം വെള്ളയോ ഇളം ചുവപ്പോ ആയിരിക്കും. ഇലകൾ വളരെ ചെറുതും നേർത്തതുമാണ്. വിത്തു പാകി രണ്ടുമാസത്തിനുള്ളിൽ ചെടി പൂക്കും. മൂന്നാഴ്ചയ്ക്കകം കായ് വിളയും.

വിത്തിനും ജീരകം എന്നുതന്നെയാണ് പേര്. കായ് വളരെ ചെറുതും നല്ല തവിട്ടുനിറവും വാസനയും ഉള്ളതുമാണ്. വളരെക്കാലം മുമ്പുതന്നെ പ്രശസ്തിയാർജിച്ച ഈ സുഗന്ധദ്രവ്യത്തെപ്പറ്റി ബൈബിളിൽ സൂചനയുണ്ട്. സാധാരണ കറികൾ, സൂപ്പുകൾ, കേക്ക്, അച്ചാറുകൾ എന്നീ ഭക്ഷണസാധനങ്ങൾക്കു രുചിയും മണവും കിട്ടുന്നതിനുവേണ്ടി ജീരകം ചേർക്കാറുണ്ട്. ഇതിൽനിന്നു ലഭിക്കുന്ന എണ്ണ പരിമളവസ്തുക്കൾ ഉണ്ടാക്കുന്നതിനും പാനീയങ്ങൾക്ക് സ്വാദും വാസനയും കൂട്ടുന്നതിനും ഉപയോഗിക്കുന്നു.

ജീർണനം (Weathering)

പ്രകൃതിയിൽ ശിലകൾക്കുണ്ടാകുന്ന വിഘടനവും അപക്ഷയവും. ഇതിനോടു വളരെ അടുത്ത ബന്ധമുള്ള ഒന്നാണ് അപരദനം (erosion). ജീർണനംകൊണ്ടു പൊടിഞ്ഞ പാറകളും മറ്റും അപരദനംമൂലം നീക്കംചെയ്യപ്പെട്ടില്ലെങ്കിൽ അവയുടെ ഉദ്ഭവസ്ഥലങ്ങളിൽത്തന്നെ കിടന്നുപോകും.

യുഗയുഗാന്തരങ്ങളായി ജീർണ പ്രക്രിയ ഭൂമുഖത്തു നടന്നുകൊണ്ടിരിക്കുകയാണ്. തത്ഫലമായി വളരെയധികം ശിലകൾ പൊടിയുകയും വിഘടനത്തിനു വിധേയമാവുകയും ഭൂമുഖത്തിനുതന്നെ വളരെയധികം വ്യത്യാസം വരികയും ചെയ്തിട്ടുണ്ട്. ജീർണനത്തിൻെറ ഫലം ഒരു പുരുഷാന്തരത്തിനുള്ളിൽപ്പോലും ദൃശ്യമാകുന്നവയല്ല.

ഏറ്റവും പ്രധാനപ്പെട്ട ജീർണനകാരി വായുമണ്ഡലമാണ്. ഇതിനാവശ്യമായ ഊർജം സൂര്യൻെറ ചൂടിൽനിന്നാണു ലഭിക്കുന്നത്. വായുമണ്ഡലത്തിലെ വാതകങ്ങളും, താപനിലയുടെ ഏറ്റക്കുറച്ചിലുകളും ജീർണനത്തെ സഹായിക്കുന്നു. ഇതിനെ സഹായിക്കുന്ന മറ്റു ഘടകങ്ങൾ ജലവും അതിലടങ്ങിയിരിക്കുന്ന രാസപദാർഥങ്ങളുമാണ്. ചില ജീവികളും ഇടിമിന്നലും ഇതിന് ചെറിയതോതിലെങ്കിലും സഹായകമാവുന്നുണ്ട്.

ജീർണനപ്രക്രിയയെ പ്രധാനമായും രണ്ടു വിഭാഗങ്ങളിലായി തിരിക്കാം: 1. ഭൗതികം അഥവാ യാന്ത്രികം. 2. രസതന്ത്രപരം. ശിലകൾ അവയുടെ രാസസംയോഗത്തിൽ യാതൊരു വ്യത്യാസവും സംഭവിക്കാതെതന്നെ പൊടിയുന്ന പ്രവർത്തനമാണു യാന്ത്രികജീർണനം. ഇതു മുഖ്യമായും ഭൗതികപ്രക്രിയയായ കണീകരണമാണ്. താപത്തിൻെറ ഏറ്റക്കുറച്ചിലുകൾ, തുഷാരപ്രക്രിയ, ജീവികൾ എന്നിവയുടെ പ്രവർത്തനം തുടങ്ങിയവമൂലമാണു ശിലകളും മറ്റും കണീകരിക്കപ്പെടുന്നത്. രാസജീർണനത്തിൽ ശിലകൾ പൊടിയുന്ന അവസരത്തിൽ ശിലയുടെയോ അതിലുള്ള ധാതുക്കളുടെയോ രാസസംയോഗം കുറെയൊക്കെ പരിവർത്തനം ചെയ്യപ്പെടുന്നു. ഇത് ഒരു വിഘടനപ്രക്രിയയാണ്. ഇതുമൂലം ചെറുകണങ്ങളായ ധാതുക്കൾ ജലത്തിൽ അലിയുകയോ ജലം, ഓക്സിജൻ, കാർബൺഡയോക്സൈഡ് എന്നിവയുടെ പ്രവർത്തനഫലമായി ആധാരശിലയിൽനിന്ന് അയഞ്ഞുപോരികയോ ചെയ്യും. മേൽപ്പറഞ്ഞവിധം കണീകരണം, വിഘടനം എന്നിങ്ങനെ രണ്ടുതരത്തിലുള്ള ജീർണനപ്രക്രിയ നടക്കാറുണ്ടെങ്കിലും സാധാരണമായി പ്രകൃതിയിൽ ഇവ രണ്ടുംകൂടി ഒന്നിച്ചാണു നടക്കുന്നത്.

താപനിലയുടെ വ്യത്യാസം. ശിലകളിൽ കാണുന്ന സന്ധികളിലും വിള്ളലുകൾ, വിദരങ്ങൾ, സുഷിരങ്ങൾ എന്നിവയിലും ഭൂപ്രതലജലം (surface water) നിറഞ്ഞിരിക്കാറുണ്ട്. ഇപ്രകാരമുള്ള ജലം ഘനീഭവിക്കുമ്പോൾ അതിൻെറ വ്യാപ്തത്തിൻെറ പത്തുശതമാനത്തോളം വികസിക്കുകയും ഒരു ഘനസെൻറിമീറ്റർ സ്ഥലത്തുതന്നെ അനേകായിരം കി.ഗ്രാം മർദം അനുഭവപ്പെടുകയും ചെയ്യുന്നു. തത്ഫലമായി ശിലകളിലുള്ള വിള്ളലുകളും മറ്റും വലുതാകുന്നു. അനുസ്യൂതമായ ഘനീകരണവും ദ്രവീകരണവും നിമിത്തം അതികഠിനമായ ശിലകൾപോലും ചെറിയ ചെറിയ കഷണങ്ങളായി പൊടിഞ്ഞുപോകുന്നു. ഈ പ്രക്രിയയ്ക്കു തുഷാരപ്പിളർക്കൽ (frost wedging) എന്നു പറയുന്നു.

വരണ്ട കാലാവസ്ഥയുള്ള പ്രദേശങ്ങളിൽ കത്തിക്കാളുന്ന സൂര്യകിരണങ്ങളിൽനിന്നുള്ള താപംമൂലം ശിലകൾ വളരെയധികം ചൂടുപിടിക്കുന്നു. അതിൻെറ ഫലമായി ശിലയുടെ നേരിയ ഒരു പുറന്തോടു വികസിക്കുകയും ശിലയുടെ തണുത്ത ഉൾഭാഗത്തുനിന്നും ഇത് അകലാൻ ശ്രമിക്കുകയും ചെയ്യുന്നു. പൂർണമായും വരണ്ട കാലാവസ്ഥയുള്ള ഇടങ്ങളിലെ പുതിയതും (fresh) സ്ഥൂലവുമായ ശിലകളിൽ മേൽപ്പറഞ്ഞ പ്രവർത്തനഫലമായുണ്ടാകുന്ന പ്രതിബല(stress)ത്തിനു വിള്ളലുകൾ ഉണ്ടാക്കുന്നതിനുള്ള കഴിവില്ല എന്നു പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. പക്ഷേ, പരീക്ഷണങ്ങളിൽനിന്നുതന്നെ, ജലത്തിൻെറ സാന്നിധ്യത്തിൽ ചൂടാകുകയും തണുക്കുകയും ചെയ്യുന്ന പ്രവൃത്തി ക്രമേണ ശിലകളെ പിളർത്തുന്നു. സ്ഥൂലശിലകൾ ആദ്യംതന്നെ രാസജീർണനംകൊണ്ടു ദുർബലമാക്കപ്പെട്ടെങ്കിൽ മാത്രമേ സാധാരണഗതിയിൽ ശിലയുടെ പുറംതോടും ശല്കങ്ങളും ആധാരശിലയിൽനിന്നു വിട്ടു ചെറിയ കഷണങ്ങളായി പൊടിയുകയുള്ളു. മരുഭൂമികളിൽപ്പോലും മന്ദഗതിയിൽ രാസപരിവർത്തനം തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്നുണ്ട്.

അപശല്കനം (exfoliation): ശിലകളുടെ പുറംവശങ്ങൾ പല വലിപ്പത്തിലുള്ള പലകകളുടെയോ തകിടുകളുടെയോ രൂപത്തിൽ ഉരിഞ്ഞുപോവുകയോ അടർന്നുപോവുകയോ ചെയ്യാറുണ്ട്. ഈ പ്രക്രിയയാണ് 'അപശല്കനം'. താപവ്യത്യാസം മുതലായി പലതിൻെറയും കൂട്ടായ പ്രവർത്തനമാണ് ഇതിനുകാരണം. വലിയ തരികൾ ഉള്ള ധാതുക്കൾ ചേർന്ന സ്ഥൂലവും ഏകസമാനവുമായ ഗ്രാനൈറ്റ്, ഡയൊറൈറ്റ് മുതലായ ശിലകളിലാണ് അപശല്കനം സാധാരണ കണ്ടുവരുന്നത്. ഈർപ്പം ധാരാളം അടങ്ങിയിട്ടുള്ള പ്രദേശങ്ങളിലാണ് ഇതു സംഭവിക്കുന്നത്.

ജീവികളുടെ പങ്ക്. മൃഗങ്ങളും സസ്യങ്ങളും പ്രത്യക്ഷമായും പരോക്ഷമായും കണീകരണപ്രക്രിയ നടത്താറുണ്ട്. മൂഷികവർഗങ്ങൾ, ചിതൽ എന്നീ തുരപ്പൻ ജീവികളും മണ്ണിരയും പുതിയ പദാർഥങ്ങളെ മണ്ണിനു മുകളിൽ കൊണ്ടുവരികയും അങ്ങനെ ജീർണനത്തെ സഹായിക്കുകയും ചെയ്യുന്നു. മണ്ണു തുരക്കുന്നതോടൊപ്പംതന്നെ മണ്ണിര (ഞാഞ്ഞൂൽ) ധാരാളം മണ്ണു തിന്നുകയും അവയിൽ അടങ്ങിയിരിക്കുന്ന ജൈവാംശങ്ങൾ വലിച്ചെടുക്കുകയും ചെയ്യുന്നു. അവശേഷിക്കുന്ന മണ്ണും മറ്റും ഇതിനിടെ ഭൗതികമായും രസതന്ത്രപരമായും മാറ്റങ്ങൾ സംഭവിച്ചു കുറെക്കൂടി നേർത്ത തരികളായിത്തീരുന്നു.

ചെടികളുടെയും വൃക്ഷങ്ങളുടെയും വേരുകൾ ശിലകളിലുള്ള വിടവുകളിലും വിള്ളലുകളിലും മറ്റും കടന്നുകൂടാറുണ്ട്. അവ വളരുമ്പോൾ ശിലയിൽ ശക്തിയായ ബലം പ്രയോഗിക്കുകയും അത് അടർന്നുമാറുകയും ചെയ്യും. ഇങ്ങനെ തുടർച്ചയായുള്ള പ്രവർത്തനംമൂലം ശില ചെറുകഷണങ്ങളായി പൊടിയുന്നു. ഫംഗസുകൾ, ലൈക്കീനുകൾ തുടങ്ങിയ എല്ലാത്തരം സസ്യങ്ങളും ജീർണനത്തെ സഹായിക്കുന്നു. അതുപോലെ ബാക്റ്റീരിയയുള്ള ജലം അവയില്ലാത്ത ജലത്തേക്കാൾ വേഗത്തിൽ ശിലകളെയും ധാതുക്കളെയും ജീർണിപ്പിക്കാറുണ്ട്. ചത്ത ജീവികളുടെ അവശിഷ്ടങ്ങൾ ബാക്റ്റീരിയ, ഫംഗസ് തുടങ്ങിയവയുടെ പ്രവർത്തനംമൂലം ജീർണിക്കുകയും തന്മൂലം കാർബൺഡയോക്സൈഡ്, കാർബണികഅമ്ലം എന്നിവയും അല്പം അമോണിയ, നൈട്രിക്ക് അമ്ലം എന്നിവയും ഉണ്ടാകുകയും ചെയ്യും. ഇവ മണ്ണിലുള്ള ജലത്തിന്റെ മറ്റു പദാർഥങ്ങളെ അലിയിക്കുന്നതിനുള്ള ശക്തി വർധിപ്പിക്കുന്നു.

അയഞ്ഞ മണ്ണുള്ള പ്രദേശങ്ങളിൽ മഴത്തുള്ളികളും കാറ്റും ഒരു പരിധിവരെ യാന്ത്രികജീർണനത്തെ സഹായിക്കുന്നുണ്ട്. ചില പ്രദേശങ്ങളിൽ ശിലകളെ ഉലയ്ക്കുന്ന ഒന്നാണു മിന്നൽ എങ്കിലും ഇതിന്റെ പൊതുവെയുള്ള ഫലം തുച്ഛമാണ്.

രാസജീർണനം. രാസപ്രക്രിയമൂലം ശിലകളുടെ പരിവർത്തനവും വിലയനവും സംഭവിക്കുന്നത് ഓക്സിജൻ, കാർബൺഡയോക്സൈഡ്, പലതരം അമ്ലങ്ങൾ എന്നിവയടങ്ങിയ ജലത്തിന്റെ പ്രവർത്തനഫലമായാണ്. ലായനിയുടെ സംയോഗം, സാന്ദ്രത, താപനില, ബാക്റ്റീരിയയുടെ സാന്നിധ്യം എന്നിവയെ ആശ്രയിച്ചാണ് ഇതിന്റെ തീക്ഷ്ണത. മിക്ക ശിലകളും ശുദ്ധജലംമൂലം അല്പവും വളരെ പതുക്കെയും മാത്രമെ ജീർണിക്കുകയുള്ളു. എന്നാൽ ശുദ്ധജലം പ്രകൃതിയിൽ സാധാരണ ലഭ്യമല്ല. ജീർണനം സംഭവിക്കുമ്പോൾ സാധാരണ നടക്കുന്ന രാസക്രിയകൾ ഓക്സീകരണം, കാർബണീകരണം, ജലയോജനം (hydration) എന്നിവയാണ്. ഈ മൂന്നു പ്രക്രിയകളുടെയും പ്രവർത്തനഫലമായി ശിലകളുടെ വ്യാപ്തം വർധിക്കുകയും തത്ഫലമായുണ്ടാകുന്ന പ്രതിബലവും (stress) ഞെരുക്കവും (strain) അവ പൊടിയുന്നതിനു സഹായിക്കുകയും ചെയ്യുന്നു.

ഗോളാഭജീർണനം (Spheroidal weathering). വാതകങ്ങൾ അലിഞ്ഞുചേർന്നിട്ടുള്ള ജലം, വിദരങ്ങളും വിള്ളലുകളുംകൊണ്ടു സമകോണഖണ്ഡങ്ങളായി വിഭജിച്ചിട്ടുള്ള, വിശേഷിച്ചും നേരിയ തരികളടങ്ങിയതും ഏകാത്മകവുമായ (homogeneous) ഒരു ശിലാപിണ്ഡത്തിൽ പ്രവേശിക്കുകയാണെങ്കിൽ വിള്ളലുകളിൽക്കൂടി ലായനികൾ ശിലയുടെ എല്ലാ വശങ്ങളെയും ആക്രമിക്കുന്നു. ഇക്കാരണത്താൽ ശിലയ്ക്കു വിഘടനം സംഭവിക്കുകയും ഒറ്റഖണ്ഡമായുണ്ടായിരുന്ന ശിലാപിണ്ഡം ക്രമേണ ദ്രവിച്ചുതുടങ്ങുകയും ചെയ്യുന്നു. ഈ ഖണ്ഡങ്ങളുടെ മൂലകൾ വേഗവും, അരികുകൾ അത്രതന്നെ ദ്രുതഗതിയില്ലാതെയുമാണു ജീർണിക്കുന്നത്. പാർശ്വങ്ങൾക്കു ജീർണനം ഒട്ടുംതന്നെ സംഭവിക്കുന്നില്ല. ഇങ്ങനെ ഓക്സീകരണം, കാർബണീകരണം, ജലയോജനം എന്നീ പ്രക്രിയകളുടെ ഫലമായുണ്ടാകുന്ന പുതിയ പദാർഥങ്ങൾക്കു പരിവർത്തനം സംഭവിച്ചിട്ടില്ലാത്ത ശിലാഭാഗങ്ങളെക്കാൾ വ്യാപ്തം കൂടുതലായിരിക്കും. തന്മൂലം രൂപഭേദം ഉണ്ടാവുകയും ഇതു പുതുതായുണ്ടായ പദാർഥങ്ങളെ പരിവർത്തനം സംഭവിക്കാത്ത ഉൾഭാഗത്തുനിന്നും അടർത്തിമാറ്റുകയും ചെയ്യുന്നു. ഇപ്രകാരം ചതുരത്തിലുള്ള ഒരു ശില, പരിവർത്തനം ചെയ്യപ്പെടാത്ത, ഗോളാകൃതിയിലുള്ളതും വിഘടനം സംഭവിച്ച പദാർഥങ്ങളാൽ പൊതിയപ്പെട്ടതുമായ ഒരു കോർ(core) ആയിത്തീരുന്നു. മേൽ വിവരിച്ച പ്രക്രിയയാണ് 'ഗോളാഭജീർണനം' അഥവാ 'സംകേന്ദ്രീയജീർണനം' (concentric weathering) എന്ന് അറിയപ്പെടുന്നത്.

വിഭേദകജീർണനം (differential weathering). എല്ലാ ശിലകളും ഒരുപോലെ ജീർണനത്തിനു വിധേയമല്ല. ഒരു ശിലയിൽത്തന്നെ ജീർണനം ഭാഗികമായേ നടക്കുന്നുള്ളു എന്നുവരാം. ധാരാളം വിള്ളലുകളുള്ള ഭാഗങ്ങൾ വേഗം ശിഥിലമാവുന്നു. ചില ശിലാഘടകങ്ങൾ മറ്റുള്ളവയെക്കാൾ വേഗം അലിയുന്നു. സ്തരിതശിലകളിലെ വിവിധ അട്ടികൾ ജീർണിക്കുന്നത് പല തോതിലാണ്.

മേൽപ്പറഞ്ഞ വിവിധ അസമത്വങ്ങളുടെ ആകത്തുകയാണു വിഭേദകജീർണനം. വിഭിന്ന കാഠിന്യവും സംയോഗവുമുള്ള ധാതുക്കളടങ്ങിയ ശിലകളിൽ, പെട്ടെന്നലിയുന്നതോ കാഠിന്യം കുറവായതോ ആയ ഭാഗങ്ങൾ വേഗം ജീർണിക്കുകയും അനാവൃതതലങ്ങൾ (exposed surfaces) രന്ധ്രാത്മകമായിത്തീരുകയും ചെയ്യുന്നു. വൈവിധ്യമാർന്നതരത്തിൽ ജീർണനം സംഭവിച്ച വിചിത്രാകാരത്തോടുകൂടിയ പ്രതിരോധസ്വഭാവമുള്ള ശിഖരികകൾക്കാണു ഹൂഡു (hoodoo) എന്നു പറയുന്നത്. വിഭേദകജീർണനഫലമായി 'ജാലകശിലകൾ' (windo rocks), സ്വാഭാവിക പാലങ്ങൾ എന്നിവയുണ്ടാകുന്നു.

ജീർണനംമൂലം ശിലകളിലുണ്ടാകുന്ന പരിവർത്തനവും തത്ഫലമായി ഉണ്ടാകുന്ന മണ്ണും മനുഷ്യജീവിതത്തിൽ അതിപ്രധാനങ്ങളാണ്. മണ്ണിന്റെ ഇനവും വളക്കൂറും കൃഷിക്കു പ്രധാനമാണ്. മാത്രമല്ല, ജീർണനംമൂലം പല അയിരുകളും പരിപുഷ്ടമാവുന്നു. ഇരുമ്പയിരിന്റെ ഗുണം കൂടൽ (upgrading), പ്ലേയിസറുകളിൽ സഞ്ചയിക്കുന്ന സ്വർണം ആധാരശിലയിൽനിന്നു വേർപെടൽ, കോപ്പർ സൽഫൈഡ് അയിരിന്റെ രണ്ടാം സംപോഷണം (secondary enrichment) എന്നിവ ജീർണനത്തിന്റെ ചില പരിണതഫലങ്ങളാണ്.

ജീവകങ്ങൾ

† വിറ്റാമിനുകൾ നോക്കുക.

ജീവചക്രം (life cycle)

ഒരു ജീവിയുടെ ഒരു തലമുറയിലെ ബീജസങ്കലനത്തിൽ തുടങ്ങി അടുത്ത തലമുറയിലെ സമാനഘട്ടത്തിൽ അവസാനിക്കുന്ന സംഭവപരമ്പര. ബാക്റ്റീരിയ, വൈറസ് തുടങ്ങിയ സൂക്ഷ്മജീവികളിലും കുരങ്ങ്, മനുഷ്യൻ തുടങ്ങിയ സങ്കീർണജീവികളിലും ഒരു തലമുറകൊണ്ടു ജീവചക്രം അവസാനിക്കുന്നു. ചില ചെടികളിൽ (പന്നൽ, മോസ് തുടങ്ങിയവ) ഒന്നിൽക്കൂടുതൽ തലമുറകൊണ്ടേ അവസാനിക്കൂ. ബാക്റ്റീരിയകളിലും മറ്റും പ്രജനനം വളരെ ലഘുവാണ്. ഒരു കോശം രണ്ടാകുന്നതോടെ ജീവചക്രം പൂർണമാകുന്നു.

ചില ചെടികളിൽ സ്പോർ മുളയ്ക്കുന്നതോടെയാണ് ഒന്നാം തലമുറയുടെ ആരംഭം. സ്പോർ മുളച്ച് ഉണ്ടാകുന്ന ചെടി പുംബീജവും സ്ത്രീബീജവും ഉത്പാദിപ്പിക്കും. ചെടിയെ ഗാമിറ്റോഫൈറ്റ് എന്നു വിളിക്കുന്നു. ബീജങ്ങൾ സംയോജിച്ചു സിക്താണ്ഡം (zygote) ഉണ്ടാകുന്നതോടെയാണു രണ്ടാം തലമുറയുടെ തുടക്കം. സിക്താണ്ഡം വളർന്നു സ്പോർ ഉത്പാദിപ്പിക്കാൻ കഴിവുള്ള യഥാർഥ ചെടിയായി മാറും. സ്പോർ ഉത്പാദിപ്പിക്കുന്ന ചെടിയെ സ്പോറോഫൈറ്റ് എന്നുവിളിക്കുന്നു.

ഗാമിറ്റോഫൈറ്റിന് ഏകഗുണിത തലമുറ (haploid generation) എന്നും സ്പോറോഫൈറ്റിനു ദ്വിഗുണിത തലമുറ (diploid generation) എന്നും പേരുണ്ട്. യഥാർഥ ചെടി ഗാമറ്റോഫൈറ്റാണെങ്കിൽ ജീവചക്രം ഗാമിറ്റോഫൈറ്റിൽ തുടങ്ങി സ്പോറോഫൈറ്റിൽ അവസാനിക്കും. ഗാമിറ്റോഫൈറ്റും സ്പോറോഫൈറ്റും ആവർത്തിച്ചുവരുന്ന ഈ പ്രതിഭാസത്തെ തലമുറകളുടെ ഏകാന്തരണം (alternation of generation) എന്നുപറയുന്നു.

നട്ടെല്ല് ഇല്ലാത്ത ചില ജന്തുക്കളുടെ (ചിത്രശലഭം തുടങ്ങിയവ) ജീവചക്രത്തിൽ ഒന്നിലധികം ഘട്ടങ്ങൾ ഉണ്ട്: മുട്ട, ലാർവ, പൂപ്പ, ഇമാഗോ. ചെമ്മീനിൽ പൂപ്പ ഇല്ല. ഇതിൽ ഒന്നിലധികം ലാർവ ഉണ്ട്.

ജീവചരിത്രം

ഒരു വ്യക്തിയുടെ ജീവിതകഥ ആവിഷ്കരിക്കുന്ന സാഹിത്യശില്പം. ആത്മകഥയും ജീവചരിത്രമാണ്. അതിൽ ഒരാൾ സ്വജീവിതകഥ പറയുന്നു. ജീവചരിത്രത്തിലാകട്ടെ ഒരാൾ മറ്റൊരാളുടെ ജീവിതവൃത്താന്തമാണു വിവരിക്കുന്നത്. ജീവിതകഥാവിവരണത്തിലൂടെ വ്യക്തിയുടെ കലാസുഭഗമായ പുനഃസൃഷ്ടിയാണ് ജീവചരിത്രകാരൻ നിർവഹിക്കുന്നത്. ജീവചരിത്രം ചരിത്രത്തോടു ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. ആദ്യകാലങ്ങളിൽ ചരിത്രംതന്നെ സമുന്നതരായ വ്യക്തികളുടെ ജീവിതകഥയോടു ഘടിപ്പിച്ചാണ് എഴുതിവന്നത്. ചരിത്രകാലങ്ങൾക്കു മുമ്പുണ്ടായ ഇതിഹാസങ്ങളും വീരപുരുഷന്മാരുടെ ജീവചരിത്രങ്ങൾക്കു ചുറ്റും അടിഞ്ഞുകൂടിയ അതിശയോക്തിപരവും ഭാവനാംശത്തിൻ മുൻതൂക്കം ഉള്ളതും ആയ വൃത്താന്തകഥനങ്ങളായിരുന്നു. ബാണഭട്ടന്റെ 'ഹർഷചരിതം', കൽഹണന്റെ 'രാജതരംഗിണി' മുതലായ ജീവചരിത്രപരമായ ഗ്രന്ഥങ്ങൾ ഇതിഹാസങ്ങളിൽ നിന്നു ഭിന്നമായ രീതിയിൽ ഗദ്യരചനകളാണ്.

പ്രാചീന ജീവചരിത്രങ്ങൾ. ഇതിഹാസങ്ങളുടെയും ചരിത്രവിവരണങ്ങളുടെയും അംശങ്ങളെന്ന നിലവിട്ട് ജീവചരിത്രം അതി

ന്റെതായ പ്രത്യേക രൂപം ആദ്യം പ്രാപിച്ചത് ചൈനയിലാണ്. രണ്ടായിരം വർഷത്തെ പ്രാചീനതയുണ്ട് ചൈനീസ് ചരിത്രരചനയ്ക്കും ജീവചരിത്രരചനയ്ക്കും.

ഗ്രീക്കുഭാഷയിൽ പ്ലൂട്ടാർക്കാണ് (എ.ഡി. 46—120) ജീവചരിത്രഗ്രന്ഥങ്ങൾ ആദ്യം എഴുതിയത്. അതിനു മുമ്പും സെനഫൺ (ബി.സി. 434—355) സോക്രട്ടീസിനെക്കുറിച്ചെഴുതിയിരുന്നുവെങ്കിലും അതു തികച്ചും ഒരു ജീവചരിത്രമായിരുന്നില്ല.

പ്ലൂട്ടാർക്ക്, ഗ്രീസിലും റോമിലും ജീവിച്ചിരുന്ന 50 പ്രശസ്തവ്യക്തികളുടെ ജീവചരിത്രം എഴുതി. ജീവചരിത്രം ഒരു പ്രത്യേകശാഖയായി ഉരുത്തിരിഞ്ഞു വളരാൻ തുടങ്ങിയത് പ്ലൂട്ടാർക്കിന്റെ ഗ്രന്ഥത്തോടുകൂടിയാണ്.

ലത്തീനിൽ ക്രിസ്തുവിനു മുമ്പുതന്നെ ജീവചരിത്രങ്ങളുണ്ടായി. ഇലസ്ട്രിയസ്മെൻ എന്ന പേരിൽ കോർണീലിയസ് നീപ്പസ് (ബി.സി. 99—24) ജീവചരിത്രങ്ങൾ എഴുതി. തുടർന്നാണ് പന്ത്രണ്ടു സീസർമാരുടെ ജീവിതകഥകൾ സ്യൂട്ടോണിയസ് (എ.ഡി. 120) എഴുതിയത്.

മറ്റു യൂറോപ്യൻ ഭാഷകളിൽ 16-ാം ശതകത്തിനു മുമ്പ് ജീവചരിത്രങ്ങൾ വിരളമായിരുന്നു. വീരപുരുഷന്മാരും മറ്റുവിധത്തിൽ മഹത്വം പ്രാപിച്ചവരുമായ സമുന്നത വ്യക്തികളെക്കുറിച്ച് സ്വിസ്സ് ഭാഷയിൽ വേർഡിയർ എഴുതിയ 'പ്രോസോപ്പോ ഗ്രാഫിയ' (1573) എന്നൊരു ജീവചരിത്രവും അതിനു മുമ്പുതന്നെ കോൺറാഡ് ഹെസ്നറുടെ (1516—'65) ഒരു ജീവചരിത്രനിഘണ്ടുവും രചിക്കപ്പെട്ടു (ബിബ്ലിയോത്തിക്കാ യൂണിവേഴ്സാലിസ്). ഫ്രെഞ്ചുഭാഷയിൽ മധ്യകാലനവോത്ഥാനദശയിൽ ബ്രൻറോം എഴുതിയ വീരപുരുഷന്മാരെ പുരസ്കരിച്ചുള്ള ജീവചരിത്രങ്ങൾ ശ്രദ്ധേയമാണ്. ഇറ്റാലിയൻ ഭാഷയിൽ 15-ാം ശതകത്തിനുശേഷം മാത്രമേ ജീവചരിത്രസ്വഭാവമുള്ള ഗ്രന്ഥങ്ങളുണ്ടായുള്ളൂ. ഡച്ച്, ഓസ്ട്രിയൻ, ജെർമൻ, റഷ്യൻ എന്നീ ഭാഷകളിൽ 18—19 ശതകങ്ങളോടുകൂടി ജീവചരിത്രം ഉരുത്തിരിഞ്ഞ ഒരു സാഹിത്യശാഖയായി വളർന്നു.

ഇംഗ്ലീഷിൽ. ഇംഗ്ലീഷിൽ ജീവചരിത്രശാഖയുടെ വളർച്ച എ.ഡി. ഏഴാംശതകം മുതല്ക്കേ ആരംഭിച്ചു. വിശുദ്ധവ്യക്തികളുടെ ചരിതങ്ങളാണ് ആദ്യം എഴുതപ്പെട്ടത്. എ.ഡി. 690-നടുത്ത് അഡമ്നൻ എഴുതിയ സെയിന്റ് കൊളാംബൊയുടെ ചരിത്രവും ആൽഡം രചിച്ച പ്രശസ്തകന്യകമാരുടെ ചരിത്രവുമാണ് ഇവയിൽ പ്രധാനം. 8-ാം ശതകത്തിൽ ബീഡ് എന്ന പുരോഹിതൻ ഇംഗ്ലണ്ടിലെ മതപുരോഹിത ചരിത്രം (Ecclesiastical History of England) എഴുതി. ബിഷപ്പ് അസ്സറുടെ കൃതിയാണ് 'മഹാനായ ആൽഫ്രഡ്'.

12-ാംശതകത്തോടുകൂടി ഇംഗ്ലീഷ്ജീവചരിത്രസമ്പ്രദായം കൂടുതൽ വികാസം പ്രാപിച്ചു. പുതിയതരം ജീവചരിത്രദൃഷ്ടാന്തങ്ങളാണ് മാസ്ബറിയിലെ വില്യം, മോൺമത്തിലെ ഗ്രിഗറി എന്നിവരുടെ ഗ്രന്ഥങ്ങൾ. 16-ാംശതകത്തോടുകൂടി മിഴിവുറ്റ ജീവചരിത്രങ്ങൾ ഇംഗ്ലീഷിൽ ഉണ്ടായി. വില്യം റോപ്പർ രചിച്ച തോമസ് മൂറിന്റെ ജീവചരിത്രവും, കാവെൻഡിഷ് എഴുതിയ 'കാർഡിനൽ വൂൾസി'യുടെ ജീവിതകഥയും (1557) പ്രസിദ്ധമാണ്.

നൂതനപ്രവണതകൾ: 1683-ലാണ് പ്ലൂട്ടാർക്കിന്റെ ജീവചരിത്രപരമ്പര ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തിയത്. 18-ാംശതകത്തിൽ ലഘുജീവചരിത്രസമ്പ്രദായവും ആരംഭിച്ചു. ജീവചരിത്രപരമായ വിജ്ഞാനകോശങ്ങൾ പലതുമുണ്ടായി. അവയിൽ ഏറ്റവും പ്രധാനം 'ബയോഗ്രാഫിയാ ബ്രിട്ടാനിക്ക' (1747—'60)യാണ്. വില്യം ഓൾഡിസ് ഇതിൽ ഇരുപത്തിരണ്ടു ജീവചരിത്രങ്ങൾ എഴുതി. അക്ഷരമാലാക്രമത്തിൽ സാഹിത്യകാരന്മാർ, മതാധ്യക്ഷന്മാർ, രാഷ്ട്രീയനേതാക്കന്മാർ, ചിന്തകർ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽപ്പെട്ട ഒട്ടേറെ ആളുകളെ സംബന്ധിച്ചുള്ള സംക്ഷിപ്ത ജീവിതവിവരണങ്ങൾ ഈ ഗ്രന്ഥംമൂലം ഇംഗ്ലണ്ടിൽ ഉണ്ടായി.

ജോൺസണും ബോസ്വെല്ലും: 18-ാംശതകത്തിൽ ഇംഗ്ലീഷ് ജീവചരിത്രരംഗത്ത് ഉയർന്നുവന്ന രണ്ടു പ്രമുഖവ്യക്തികളാണ് റോജർ നോർത്തും ഡോക്ടർ ജോൺസണും. റോജർ നോർത്ത് അന്നത്തെ സാമൂഹിക രാഷ്ട്രീയനായകന്മാരുടെ ജീവചരിത്രങ്ങളിലൂടെ വ്യക്തിപ്രഭാവത്തെയും സാമൂഹ്യപശ്ചാത്തലത്തെയും സംയോജിപ്പിച്ച് ജീവചരിത്രമെഴുതി. ഡോക്ടർ ജോൺസൺ പ്രമുഖരായ കവികളുടെ ചരിത്രത്തെയും അവരുടെ കൃതികളെയും സംബന്ധിച്ച ആഖ്യാനങ്ങളും വിമർശനങ്ങളും എഴുതി. ബോസ്വെൽ എഴുതിയ ലൈഫ് ഓഫ് ജോൺസൺ ജീവചരിത്രങ്ങൾക്ക് ഒരു മാതൃകയാണ്.

ബോസ്വെല്ലിനുശേഷം: ബോസ്വെല്ലിനെ പലരും അനുകരിച്ചുവെങ്കിലും വിജയിച്ചവരുടെ എണ്ണം കുറവായിരുന്നു. ലോക്ഹാർട്ട് എഴുതിയ സർ വാൾട്ടർ സ്കോട്ടിന്റെ ജീവചരിത്ര(1838)ത്തിനു സവിശേഷപ്രാധാന്യമുണ്ട്. 19-ാംനൂറ്റാണ്ടിലെ മറ്റു രണ്ടു ജീവചരിത്രരചയിതാക്കൾ കാർലൈലും മെക്കാളെയുമാണ്. കാർലൈൽ മഹാനായ ഫ്രെഡറിക്കിന്റെയും ക്രോംവെല്ലിന്റെയും ജീവചരിത്രങ്ങളെഴുതി. കാർലൈൽ എഴുതിയ ജീവചരിത്രങ്ങൾ സ്വന്തം അഭിപ്രായങ്ങളുടെയും ചിന്താപഥങ്ങളുടെയും ആവിഷ്കാരത്തിനുള്ള മാധ്യമംകൂടി ആയിരുന്നു. മെക്കാളെയുടെ ജീവചരിത്രങ്ങൾ ഉജ്ജ്വലമായ ആഖ്യാനസമ്പ്രദായത്തിന് മികച്ച ദൃഷ്ടാന്തങ്ങളാണ്. ജോൺ ബനിയൻ, വാറൻ ഹേസ്റ്റിങ്സ് മുതലായവരെക്കുറിച്ച് മെക്കാളെയാണ് 'എൻസൈക്ലോപ്പീഡിയാ ബ്രിട്ടാനിക്ക'യിൽ എഴുതിയത്. മെക്കാളെയുടെ ജീവിതവും കത്തുകളും (1876) എന്ന പേരിൽ ജോർജ് ട്രെവലിയനും, നെൽസണെക്കുറിച്ച് റോബർട്ട് സതെയും ബോസ്വെല്ലിന്റെ മാതൃകയിൽ എഴുതി

ഇരുപതാംശതകത്തിന്റെ ആരംഭദശയിലുണ്ടായ ഒരു പ്രധാന ജീവചരിത്രകൃതിയാണ് എഡ്മണ്ട്ഗോസ്സിന്റെ 'അച്ഛനും മകനും' (1907). ഗ്രന്ഥകാരന്റെയും പിതാവിന്റെയും ആദർശങ്ങൾ തമ്മിലുള്ള വൈരുധ്യങ്ങൾ തുറന്നുകാണിക്കുന്ന ഈ ഗ്രന്ഥം ഒരു ജീവചരിത്രത്തിന്റെയും ആത്മകഥയുടെയും സങ്കുലിതസ്വഭാവം കലർന്നതാണ്. 1918-ൽ ലിറ്റൻ സ്ട്രാച്ചിയുടെ 'എമിനന്റ് വിക്ടോറിയൻസ്' എന്ന ഗ്രന്ഥം പ്രസിദ്ധീകൃതമായത് ലോക ജീവചരിത്രസാഹിത്യത്തിൽ ഒരു വഴിത്തിരിവിനെ കുറിക്കുന്നു.

അമേരിക്കയിൽ ലിറ്റൻ സ്ട്രാച്ചിയുടെ സമകാലികനായ ഗമാലിയൻ ബ്രാഡ്ഫോർഡ്, മനശ്ശാസ്ത്രവിശകലനത്തിലൂടെ കഥാനായകന്മാരുടെ ആന്തരതലങ്ങളിലേക്കു കടന്നു. 'പുണ്യവാന്മാരും പാപികളും', ഈവിന്റെ പുത്രിമാർ' മുതലായ തന്റെ പ്രധാന കൃതികളെ 'സൈക്കോഗ്രാഫി' എന്നാണ് ബ്രാഡ്ഫോർഡ് വിശേഷിപ്പിച്ചത്. അമേരിക്കൻ ജീവചരിത്രങ്ങളിൽ പ്രസിദ്ധമായ ഒന്നാണ് പെയിൻ എഴുതിയ മാർക്ക് ടെയിന്റെ ജീവചരിത്രം.

ആധുനിക യൂറോപ്പിൽ. ജെർമൻകാരനായ എമിൽ ലഡ്വിഗ്ഗും, ഫ്രഞ്ചുകാരനായ ആൻദ്രേ മോറോയും പ്രമുഖ ജീവചരിത്രസാഹിത്യകാരന്മാരാണ്. ലഡ്വിഗ്, നെപ്പോളിയൻ, ഗെയ്ഥേ, ബിസ്മാർക്ക്, ലിങ്കൺ മുതലായവരെക്കുറിച്ചു രചിച്ച ജീവചരിത്രങ്ങൾ ഒരു പ്രത്യേക സമ്പ്രദായത്തിൽ ഉള്ളവയാണ്.

ജീവചരിത്രത്തെയും നോവലിനെയും തമ്മിൽ കൂട്ടിയിണക്കിയ ഒരു ഗ്രന്ഥകാരനാണ് ആൻദ്രേ മോറോ. 1923-ൽ അദ്ദേഹം പ്രസിദ്ധീകരിച്ച 'ഏറിയൽ' എന്ന ഗ്രന്ഥം ഇംഗ്ലീഷ്കവിയായ ഷെല്ലിയുടെ ജീവചരിത്രമാണ്. 'ബൈറൺ' ആണ് മോറോയുടെ ഏറ്റവും നല്ല ഗ്രന്ഥം. ഓസ്ട്രിയയിലെ സ്റ്റെഫാൻ സ്വൈഗ്, 'മേരി ആന്റോയിനറ്റ്', 'ബൽസാക്ക്' മുതലായ ജീവചരിത്രങ്ങൾ രചിച്ചു. ലോകസാഹിത്യത്തിൽ ജീവചരിത്രശാഖ, ആത്മകഥയുൾപ്പെടെ, ഗ്രന്ഥങ്ങളുടെ എണ്ണംകൊണ്ടായാലും പുതുമകൾകൊണ്ടായാലും നോവലുകളോടൊപ്പം അഭിവൃദ്ധിപ്രാപിച്ചുവരുന്നു. † ജീവചരിത്രം, ഇന്ത്യയിൽ, † ജീവചരിത്രം, മലയാളത്തിൽ, † ആത്മകഥ നോക്കുക.

ജീവചരിത്രം, ഇന്ത്യയിൽ

ഇന്ത്യയിൽ ജീവചരിത്രസാഹിത്യത്തിനുണ്ടായ വികാസം. ഭാരതീയ ഭാഷകളിലുള്ള ജീവചരിത്രരചന ആധുനികകാലത്തു മാത്രമാണു പരിപുഷ്ടമായത്. പ്രമുഖ വ്യക്തികളുടെ ജീവിതകഥകളെ വസ്തുതയും ഭാവനയും കൂട്ടിക്കലർത്തി കാവ്യാത്മകവും പ്രശംസാനിർഭരവുമായ മട്ടിൽ ആഖ്യാനംചെയ്യുന്ന ഒരു സമ്പ്രദായത്തിൽ ബാണഭട്ടന്റെ ഹർഷചരിതം (ക്രിസ്ത്വബ്ദം 7-ാം ശതകം) മുതലായി ചില ജീവചരിത്രകൃതികൾ സംസ്കൃതസാഹിത്യത്തിലുണ്ട്. എന്നാൽ പാശ്ചാത്യജീവചരിത്രങ്ങളുടെ മാതൃക ഇരുപതാംശതകത്തോടുകൂടി മാത്രമേ ഇന്ത്യയിൽ അനുകരിച്ചുതുടങ്ങിയുള്ളൂ. 'ശിവജിവിജയം' എന്ന ഒരു ഗദ്യപ്രബന്ധം, ജയ്പൂരിലെ അംബികാദത്ത വ്യാസൻ പ്രസിദ്ധീകരിച്ചു. പൃഥ്വീരാജ്, ശിവജി, റാണാപ്രതാപ്സിങ് എന്നിവരുടെ ചരിതങ്ങൾ പുരസ്കരിച്ച് 'ഭാരതവീരരത്നമാല' എന്ന പരമ്പരയിൽ (ഇൻഡോർ, 1920, 1922) ശ്രീപാദശാസ്ത്രി ഹസൂർക്കർ എഴുതിയ ജീവചരിത്രങ്ങളും കോലാപ്പൂർ സംസ്ഥാനത്തെ ഒരു രാജാവിനെക്കുറിച്ച് വി.എ. ലത്ക്കർശാസ്ത്രി 'സാഗുചരിതം' (1939) എന്ന പേരിൽ എഴുതിയ ജീവചരിത്രവും സംസ്കൃതഭാഷയിലാണ്. ആന്ധ്രദേശീയനും സംസ്കൃതപണ്ഡിതനുമായ കാശി കൃഷ്ണാചാര്യ, വാല്മീകിയുടെ ചരിത്രത്തെ ആസ്പദമാക്കി ഒരു ലളിതഗദ്യഗ്രന്ഥം (ഗുണ്ടൂർ, 1957) രചിച്ചു. ശ്രീനഗറിൽ ഏതാനും കശ്മീരി സിദ്ധന്മാരുടെ ചരിത്രങ്ങളും പ്രസിദ്ധീകൃതമായി. മദിരാശിയിൽ പി. പഞ്ചാപകേശശാസ്ത്രി ശ്രീരാമകൃഷ്ണപരമഹംസന്റെ ചരിത്രം പ്രസിദ്ധീകരിച്ചു (1937). 'എം' എന്ന തൂലി

കാനാമത്തിൽ മഹേന്ദ്രനാഥഗുപ്ത എഴുതിയ 'ഗോസ്പൽ ഒഫ് ശ്രീരാമകൃഷ്ണ' എന്ന ഗ്രന്ഥവും ശ്രദ്ധേയമാണ്. അതുപോലെ ബാംഗളൂരിലെ കെ.എസ്. നാഗരാജൻ 'വിവേകാനന്ദചരിതം' സംസ്കൃതഗദ്യത്തിലെഴുതി, 'അമൃതവാണി'യിൽ പ്രസിദ്ധീകരിച്ചു. തിരുവനന്തപുരത്ത് നീലകണ്ഠശാസ്ത്രി യേശുക്രിസ്തുവിൻെറ ചരിത്രം എഴുതി.

ജീവചരിത്രപരമായി പദ്യത്തിലെഴുതിയ ചില കൃതികളും ഉണ്ടായി. തിരുവിതാംകൂറിലെ വിശാഖം തിരുനാൾ മഹാരാജാവിനെ ആസ്പദമാക്കി കേരളവർമ വലിയകോയിത്തമ്പുരാൻ രചിച്ചതാണ് 'വിശാഖവിജയം' മഹാകാവ്യം. ജീവചരിത്രശാഖയിലെ ആത്മകഥാവിഭാഗത്തിൽപെട്ട ഒരു ശ്രദ്ധേയമായ കൃതിയാണ് ജവാഹർലാൽ ഇംഗ്ലീഷിൽ എഴുതിയ 'ആൻ ഓട്ടോബയോഗ്രഫി'.

മറ്റു ഭാരതീയഭാഷകളിൽ: മലയാളമുൾപ്പെടെ മറ്റു ഭാരതീയ ഭാഷകളിലെല്ലാം 20-ാം ശതകത്തിൻെറ ആദ്യംതന്നെ ആധുനിക സമ്പ്രദായത്തിലുള്ള ജീവചരിത്രങ്ങൾ എഴുതപ്പെട്ടുതുടങ്ങിയിരുന്നു. മഹാത്മാഗാന്ധി ഗുജറാത്തിയിൽ എഴുതിയ 'എൻെറ സത്യാന്വേഷണപരീക്ഷക'ളും ഡോ. രാജേന്ദ്രപ്രസാദ് ഹിന്ദിയിൽ എഴുതിയ ആത്മകഥയും എടുത്തുപറയത്തക്ക രണ്ടു മഹാഗ്രന്ഥങ്ങളാണ്. കർണാടകസാഹിത്യത്തിൽ ഡി.വി.ജി.യുടെ 'ഗോഖ്ലെ', പുട്ടപ്പയുടെ 'വിവേകാനന്ദ' എന്നിവ പ്രസിദ്ധീകൃതങ്ങളായി. ഗുജറാത്തിയിൽ ഗാന്ധിജിയെപ്പറ്റി അനേകം ജീവചരിത്രങ്ങളുണ്ടായി. നർഹരിപരിഖ് എഴുതിയ 'സർദാർ വല്ലഭായി', കാന്തിലാൽ രചിച്ച 'ഠക്കർ ബാപ', ബബൽഭായി മേത്താ എഴുതിയ 'രവിശങ്കർ മഹാരാജ്' എന്നിവയാണ് ഗുജറാത്തിയിലെ ചില ജീവചരിത്രങ്ങൾ. പഞ്ചാബിയിൽ വീർസിങ് എന്ന കവി ബ്ലാങ്ക്വേഴ്സ് ഉപയോഗിച്ച് ഗുരുഗോവിന്ദസിംഹൻ, ഗുരുനാനാക് എന്നീ ജീവിതകഥകൾ രചിച്ചു. സിന്ധി സാഹിത്യത്തിലും ഗാന്ധിജി, നെഹ്റു മുതലായ സമുന്നതവ്യക്തികളെ സംബന്ധിച്ചുള്ള ജീവചരിത്രങ്ങൾ സുലഭമാണ്. ഹിന്ദിയിലും ബംഗാളിയിലും ആധുനിക സമ്പ്രദായമനുസരിച്ചുള്ള ജീവചരിത്രങ്ങളുടെ എണ്ണം നാൾക്കുനാൾ വർധിച്ചുവരുന്നു.

ജീവചരിത്രം, മലയാളത്തിൽ

മലയാളത്തിൽ ജീവചരിത്രരചനയുണ്ടായിത്തുടങ്ങിയതു കഴിഞ്ഞ നൂറുവർഷത്തിനകത്താണ്. വടക്കൻപാട്ടുകളിലും മറ്റും തച്ചോളി ഒതേനൻ, ആരോമൽ ചേകവർ മുതലായവരുടെ വീരാപദാനങ്ങൾ വർണിച്ചിരുന്നു. പക്ഷേ, ഇതൊന്നും ജീവചരിത്രസങ്കല്പത്തിലുള്ള കൃതികളായിരുന്നില്ല. കൊട്ടാരത്തിൽ ശങ്കുണ്ണിയും (രാജാ കേശവദാസൻ, കേരളവർമ വലിയകോയിത്തമ്പുരാൻ) ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയും (കേരളവർമ) കവിതയിൽ ചില സംക്ഷിപ്ത ജീവചരിത്രങ്ങളെഴുതി. മലയാളഗദ്യത്തിൽ പാശ്ചാത്യജീവചരിത്രങ്ങളുടെ മാതൃകയിൽ യത്നം ആദ്യം നടത്തിയത് തിരുവിതാംകൂറിലെ വിശാഖം തിരുനാൾ മഹാരാജാവിൻെറ ഉപദേശപ്രകാരം (1880) കേരളവർമ വലിയകോയിത്തമ്പുരാനായിരുന്നു. മോണ്ടറുടെ 'ട്രഷറി ഒഫ് ബയോഗ്രഫി'യിൽനിന്ന് അലക്സാണ്ടർ, അരിസ്റ്റോട്ടിൽ, ആർക്കിമിഡീസ്, ആൽഫ്രഡ്, ബേക്കൺ എന്നിവരുടെ ലഘു ജീവിതകഥകൾ മഹാരാജാവുതന്നെ പരിഭാഷപ്പെടുത്തി. കേരളവർമ അഞ്ചു ജീവചരിത്രലേഖനങ്ങൾകൂടി പരിഭാഷപ്പെടുത്തി. പിന്നീട് 107 ജീവചരിത്രങ്ങൾ അടങ്ങിയ മൂലഗ്രന്ഥം മുഴുവൻ തർജമ ചെയ്തു. 1895-ൽ 'മഹച്ചരിതസംഗ്രഹം' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തി. 1893-ൽ സഖാരാമരായർ ലക്ഷ്മണറാവു എന്ന ഒരാൾ സർ ടി. മാധവറാവുവിൻെറ ജീവചരിത്രം എഴുതിയതാണു പരിചിതനായ ഒരു വ്യക്തിയെ കഥാനായകനാക്കി മലയാളത്തിൽ എഴുതപ്പെട്ട ആദ്യത്തെ ജീവചരിത്രം.

മലയാളത്തിലെ ആദ്യകാലപ്രസാധകനായ ദേവ്ജി ഭീമ്ജി (1829—1898) എന്ന ഗുജറാത്തി വ്യവസായിയുടെ ഒരു ലഘുജീവചരിത്രം, എം.ഡി. കുഞ്ഞുണ്ണി എഴുതിയതാണു മറ്റൊരു കൃതി. എ.ആർ. രാജരാജവർമ എഴുതിയ വലിയകോയിത്തമ്പുരാൻെറ സംക്ഷിപ്തചരിത്രവും പില്ക്കാലത്ത് കാൾമാർക്സിനെയും മോഹനദാസ് കർമചന്ദ് ഗാന്ധിയെയുംകുറിച്ച് സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള എഴുതിയ ലഘുപ്രബന്ധങ്ങളും ഇക്കൂട്ടത്തിൽ ഉൾപ്പെടുത്താം.

സാഹിത്യപ്രണയികൾ. എന്നാൽ മലയാളജീവചരിത്രശാഖയ്ക്ക് ഒരുണർവുണ്ടായത് 1914-ൽ പുസ്തകപ്രസാധകനായ തോമസ് പോൾ 'സാഹിത്യപ്രണയികൾ' അഞ്ചുഭാഗമായി (പതിനെട്ടു സാഹിത്യകാരന്മാർ) പ്രസിദ്ധീകരിച്ചതോടെയാണ്.

എ.ആർ. രാജരാജവർമ

തോമസ് പോളിൻെറതന്നെ പ്രസാധകത്വത്തിൽ ഇംഗ്ലീഷിലെ 'മെൻ ഒഫ് ലെറ്റേഴ്സ്' പരമ്പരയുടെ മാതൃകയിൽ 'കേരളഭാഷാപ്രണയികൾ' എന്ന പേരിൽ എട്ടു ജീവചരിത്രങ്ങൾ പിന്നീടു പ്രകാശിതമായി. 'കേരളഭാഷാപ്രണയികൾ' കൂടുതൽ വിപുലമായ തോതിൽ എഴുതപ്പെട്ട ജീവചരിത്രഗ്രന്ഥങ്ങളാണ്. എന്നാൽ കഥാപുരുഷന്മാരെ സംബന്ധിച്ചുള്ള പൂർണമായ ജീവിതവിവരണം മിക്കവയിലും കുറവാണ്.

1936-ൽ വെൺകുളം പരമേശ്വരൻെറ ഉത്സാഹത്തിൽ 'ജീവചരിത്രസഞ്ചിക' എന്ന പരമ്പരയിൽ പ്രസിദ്ധീകരിച്ച മൂന്നു പുസ്തകങ്ങളാണു പിന്നീട് ഈ വഴിക്കുണ്ടായ പുതിയ കാൽവയ്പ്. 29 ലഘുജീവചരിത്രങ്ങളടങ്ങിയ ഇതിൻെറ പ്രസാധകൻ ജ്ഞാനസ്കന്ധയ്യർ (തിരുവനന്തപുരം) ആണ്.

എന്നാൽ ഇതിനുമുമ്പുതന്നെ ജീവചരിത്രശാഖയിൽപെട്ട കൃതികൾ എഴുതപ്പെട്ടിരുന്നു. ബി. കല്യാണി അമ്മയുടെ 'വ്യാഴവട്ടസ്മരണകൾ' (1916), മൂർക്കോത്തുകുമാരൻെറ 'ശ്രീനാരായണഗുരുസ്വാമി' (1930), 'ഒയ്യാരത്തു ചന്തുമേനോൻ' (1932), 'വേങ്ങയിൽ കുഞ്ഞുരാമൻ നായനാർ' (1933) എന്നിവ ലഘുജീവചരിത്രങ്ങളാണ്. എ.ഡി. ഹരിശർമ്മ എഴുതിയ ജീവചരിത്രങ്ങളാണ് 'ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ', 'പന്തളത്ത് കേരളവർമത്തമ്പുരാൻ', 'രണ്ടുസാഹിത്യനായകന്മാർ' (1937), 'കെ.സി. കേശവപിള്ള' (1947), 'കണ്ടത്തിൽ വറുഗീസ് മാപ്പിള' (1951), 'പതിനൊന്നാം പീയൂസ്' എന്നിവ.

ടി.കെ. രാമൻമേനോൻ എഴുതിയ ജീവചരിത്രങ്ങളാണ് 'ഉണ്ണായി വാര്യർ', 'ചാത്തുക്കുട്ടിമന്നാടിയാർ', 'സി.എസ്. ഗോപാലപ്പണിക്കർ' എന്നിവ.

കുന്നത്ത് ജനാർദനമേനോൻ ജീവചരിത്രശാഖയിൽ പലസംഭാവനകളും നടത്തി. 'വി.സി. ബാലകൃഷ്ണപ്പണിക്കർ', 'കുമാരനാശാൻ' (1932) എന്നീ ഗ്രന്ഥങ്ങൾ കഥാപുരുഷന്മാരുടെ സാഹിത്യസംഭാവനകളെയാണ് അധികം പരിഗണിച്ചിട്ടുള്ളത്.

സാഹിത്യപ്രാധാന്യമുള്ള ജീവചരിത്രങ്ങളിൽ എടുത്തുപറയേണ്ടവയാണ് പി. അനന്തൻപിള്ളയുടെ 'കേരളപാണിനി'(1934)യും, എം. ആർ. ബാലകൃഷ്ണവാര്യരുടെ 'കേരളവർമദേവനും' (1939).

1929-ൽ മയ്യനാട്ടു കെ. ദാമോദരൻ പ്രസിദ്ധപ്പെടുത്തിയ 'ശ്രീനാരായണഗുരുസ്വാമി'യും പറവൂർ കെ. ഗോപാലപിള്ള പ്രസിദ്ധീകരിച്ച 'ചട്ടമ്പിസ്വാമി തിരുവടി'കളും, നീലകണ്ഠതീർഥപാദരെപ്പറ്റി പന്നിശ്ശേരി നാണുപിള്ളയും എസ്. എൻ. കൃഷ്ണപിള്ളയും എഴുതിയ ഗ്രന്ഥങ്ങളും തീർഥപാദപരമഹംസരെപ്പറ്റി സ്വാമിവിദ്യാനന്ദതീർഥരും പണ്ഡിറ്റ് സി. രാമകൃഷ്ണൻനായരും ചേർന്നെഴുതിയ കൃതിയും ഈ ശാഖയിൽ പെടുന്നു.

ഐ. സി. ചാക്കോയുടെ 'മാർ ലൂയിസ് പഴയപറമ്പിൽ' കേരള കത്തോലിക്കാസഭയുടെ ചരിത്രവുമായി ഇടകലർന്നുപോകുന്നു. സി. കുര്യൻെറ 'ഐപ്പ് തോമ്മാകത്തനാർ' (1931), പുത്തൻകാവ് മാത്തൻതരകൻ എഴുതിയ 'റവറൻറ് ജോർജ് മാത്തൻ' (1940), കെ.എൻ. ഡാനിയേലിൻെറ 'ഡോക്ടർ എബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്ത' (1948), വി. സി. ജോർജ് പ്രസിദ്ധീകരിച്ച 'നിധീ

രിക്കൽ മാണിക്കത്തനാർ' (1950) എന്നീ ജീവചരിത്രങ്ങൾ വൈദികരെ സംബന്ധിച്ചുള്ളവയാണ്.

മറ്റു ജീവചരിത്രങ്ങൾ. പുത്തേഴത്തു രാമൻമേനോൻെറ 'ശക്തൻതമ്പുരാ'നും (1941), സി. നാരായണപിള്ളയുടെ 'ചങ്ങനാശ്ശേരി'യും (1942) സാമാന്യം വലിയ ഗ്രന്ഥങ്ങളാണ്. പി.കെ. പരമേശ്വരൻനായരുടെ 'നെപ്പോളിയനും ജോസഫയിനും' (1932), 'നെപ്പോളിയൻെറ ജീവിതസായാഹ്നം' (1937), 'പ്രേമഗൗതമൻ' (1938) എന്നിവ ആഖ്യായികാസമ്പ്രദായത്തിലാണ് എഴുതിയിരിക്കുന്നത്. ഈ രീതിയിൽത്തന്നെ അദ്ദേഹം വോൾത്തയറുടെയും മഹാത്മാഗാന്ധിയുടെയും ജീവചരിത്രങ്ങൾകൂടി എഴുതിയിട്ടുണ്ട്. ഗവേഷണംകൊണ്ടു വസ്തുതകൾ ശേഖരിച്ച് അദ്ദേഹം രചിച്ച രണ്ടു ജീവചരിത്രങ്ങളാണ് 'സാഹിത്യപഞ്ചാനനൻ', 'സി.വി. രാമൻപിള്ള' എന്നിവ.

പ്രശസ്തകേരളീയരെ ആസ്പദമാക്കി ജീവചരിത്രങ്ങൾ എഴുതിയ എൻ. ബാലകൃഷ്ണൻനായരുടെ 'രാജാ രവിവർമ' (1953), 'ശ്രീ സ്വാതിതിരുനാൾ' (1962), 'സ്വരാജ്യാഭിമാനി' (വേലുത്തമ്പിദളവ, 1955) എന്നീ ജീവചരിത്രങ്ങൾ രേഖകളെ അടിസ്ഥാനപ്പെടുത്തി ഉള്ളവയാണ്. 'വി. കൃഷ്ണൻതമ്പി' (1940), 'കെ. ചിന്നമ്മ' (1947), 'സാക്ഷാൽ സി.വി.', 'മഹർഷി ചട്ടമ്പിസ്വാമിതിരുവടികൾ' (1959) എന്നീ ജീവചരിത്രങ്ങൾകൂടി ബാലകൃഷ്ണൻനായരുടെതായുണ്ട്. 'എ. ആർ. രാജരാജവർമ' എന്ന ഗ്രന്ഥത്തിൻെറ മൂന്നു വാല്യങ്ങൾ എ. ആറിൻെറ പുത്രി എം. ഭഗീരഥി അമ്മ അമ്പുരാനും പുത്രൻ എം. രാഘവവർമരാജായും ചേർന്നെഴുതിയതാണ് (1953, 1961, 1963). ഡോ. കെ. എം. ജോർജിൻെറ 'സാധു കൊച്ചുഞ്ഞ്' (1947), എം. ഒ. ജോസഫിൻെറ 'തച്ചിൽ മാത്തു തരകൻ' (1947), കീഴേടത്തു വാസുദേവൻ നായരുടെ 'വൈദ്യരത്നം പി.എസ്. വാരിയർ' (1953), മാവേലിക്കര ജി. കൃഷ്ണപിള്ളയുടെ 'രാജാ രവിവർമ', ആർ. വാസുദേവൻകർത്താവിൻെറ 'കെ.സി. മാമ്മൻമാപ്പിള' (1958), എം.എ. ജോർജിൻെറ 'സഖാവ് ഈ.എം.എസ്സ്.', മഹമ്മദ് അബ്ദുൾ റഹിമാൻസാഹിബ്ബിനെക്കുറിച്ച് വി.എസ്. കേരളീയൻ എഴുതിയിട്ടുള്ള 'കേരളത്തിൻെറ വീരപുത്രൻ' (1959), പ്രസന്നൻ മുല്ലശ്ശേരിയുടെ 'മന്നത്തു പത്മനാഭൻ' (1959) എന്നിവയും ജീവചരിത്രകൃതികളാണ്.

കേരളീയ സാഹിത്യകാരന്മാരുടെ ജീവചരിത്രങ്ങളായി ഈ ഘട്ടത്തിൽ പുറത്തുവന്ന കൃതികൾ പലതുമുണ്ട്. 'പുന്നശ്ശേരി നമ്പി നീലകണ്ഠശർമ' (കോട്ടയ്ക്കൽ പി.വി. കൃഷ്ണവാരിയർ), 'സാഹിത്യകുശലൻ ശേഷഗിരിപ്രഭു' (1949, തുറവൂർ നാരായണപ്പൈ), 'എ. ബാലകൃഷ്ണപിള്ള' (1950, പി. ശ്രീധരൻപിള്ള), 'മഹാകവി കെ. വി. സൈമൺ' (1942, ടി.എ. കുര്യൻ) 'മഹാകവിവള്ളത്തോൾ' (1953, കുറ്റിപ്പുറത്തു കൃഷ്ണൻനായർ), 'മഹാകവി കട്ടക്കയത്തിൽ ചെറിയാൻമാപ്പിള' (1955, മനയാനിക്കൽ സി. കുരുവിള), 'സ്വദേശാഭിമാനി' (1956, കെ. ഭാസ്കരപിള്ള), 'മഹാകവി കുമാരൻ ആശാൻ' (1958, സി.ഒ. കേശവൻ), 'വള്ളത്തോൾ' (1962, വി. ഉണ്ണികൃഷ്ണൻനായർ), 'കുമാരനാശാൻ' (1963, കെ. സുരേന്ദ്രൻ) എന്നിങ്ങനെ പലതും അവയിൽ ഉൾപ്പെടുന്നു.

കെ.പി. കേശവമേനോൻ

പി.വി. കൃഷ്ണവാരിയരുടെ 'മൺമറഞ്ഞ സാഹിത്യകാരന്മാർ', കോയിപ്പിള്ളി പരമേശ്വരക്കുറുപ്പിൻെറ 'കഴിഞ്ഞ തലമുറ', ചെന്നിത്തല കൃഷ്ണയ്യരുടെ 'കവിരത്നമാല' എന്നീ സമാഹാരങ്ങൾ ഈ കൂട്ടത്തിൽ പെടുത്താവുന്നതാണ്. മൺമറഞ്ഞ പല സാഹിത്യകാരന്മാരെയും കുറിച്ചുള്ള മൗലികവിവരങ്ങൾ അന്വേഷിച്ചുപിടിച്ച് പള്ളിപ്പാട്ടു കുഞ്ഞുകൃഷ്ണൻ ചെറിയ ജീവചരിത്രോപന്യാസങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അവ തൂലികാചിത്രങ്ങളെക്കാൾ ചരിത്രപ്രതിപാദനങ്ങളാണ് കഥാനായകരോടു വ്യക്തിപരമായ ബന്ധം പുലർത്തുവാൻ കഴിഞ്ഞനിലയിൽ എഴുതപ്പെട്ട രണ്ടു പ്രശസ്ത ജീവചരിത്രഗ്രന്ഥങ്ങളാണ് കെ.പി. കേശവമേനോൻെറ 'ജവാഹർലാൽ നെഹ്റു'വും (1964) 'രാഷ്ട്രപിതാവും' (രണ്ടുവാല്യങ്ങൾ, 1968—'69). കെ.പി. കേശവമേനോൻെറതന്നെ 'നവഭാരതശില്പികൾ' (രണ്ടു ഭാഗങ്ങൾ) ദേശീയനേതാക്കളുടെ ജീവചരിത്രങ്ങളാണ്. സി. നാരായണപിള്ളയുടെ 'ഡോ. രാജേന്ദ്രപ്രസാദ്', എ.ജി. കൃഷ്ണവാര്യരുടെ 'സ്വാമി വിവേകാനന്ദൻ', പി.ജി. പുരുഷോത്തമൻപിള്ളയുടെ 'മഹാകവി ദാന്തെ' ആനി തയ്യിലിൻെറ 'ലാൽ ബഹദൂർ ശാസ്ത്രി' മുതലായവയും അടുത്തകാലങ്ങളിലുണ്ടായിട്ടുള്ള ചില ജീവചരിത്രകൃതികളാണ്. ആറ്റൂരിനെക്കുറിച്ച് കെ.പി. നാരായണപ്പിഷാരടിയും, ചെങ്ങന്നൂർ രാമൻപിള്ളയെക്കുറിച്ച് കഥകളിഗ്രന്ഥകാരനായ കെ.പി.എസ്. മേനോനും, എഴുതിയിട്ടുള്ള ജീവചരിത്രങ്ങളും സ്മരണീയമാണ്. ചരിത്രപരമായ ഒരു ജീവചിത്രമാണ് പി.കെ. ബാലകൃഷ്ണൻെറ 'ടിപ്പുസുൽത്താൻ'. ഡോ. കെ.ടി. രാമവർമയുടെ *കൈരളീദാസൻ അപ്പൻ തമ്പുരാൻ* , പവനൻെറ *മഹാകവി കുട്ടമത്ത്—ജീവിതവും കൃതികളും* എന്നിവ അടുത്തകാലത്ത് എഴുതപ്പെട്ട ജീവചരിത്രങ്ങളിൽ പ്രാധാന്യം അർഹിക്കുന്നു.

ജീവനാംശം

ഭാര്യയ്ക്കു ഭർത്താവിൽനിന്നും മക്കൾക്കു പിതാവിൽനിന്നും നിർധനരായ മാതാപിതാക്കൾക്കു മക്കളിൽനിന്നും ജീവിതനിർവഹണത്തിനു ലഭിക്കേണ്ട പണം. മക്കൾ പ്രായപൂർത്തി വന്നവരാണെങ്കിലും ശാരീരികമോ മാനസികമോ ആയ വൈകല്യങ്ങൾ ഉള്ളവർ ആണെങ്കിൽ അവർക്കു ജീവനാംശം നല്കാൻ പിതാവിനു ബാധ്യത ഉണ്ട്.

ജീവനാംശം നല്കേണ്ട ആളിൻെറ സാമ്പത്തികമായ കഴിവു പരിഗണിച്ചു മാസം 500രൂപവരെ ജീവനാംശം നല്കാൻ കോടതിക്കു തീരുമാനിക്കാം. വിവാഹബന്ധം വേർപെടുത്തിയാലും പുനർവിവാഹം വരെ ഭാര്യ ആയിരുന്നവൾക്കു പുരുഷൻ ചെലവിനു നല്കണം. ജീവനാംശം വിധിപ്രകാരം നല്കാത്തയാൾക്കു തടവുവിധിക്കാനും കോടതിക്ക് അധികാരമുണ്ട്. എന്നാൽ ഭർത്താവിനോടൊപ്പം താമസിക്കാൻ ന്യായമായ കാരണം കൂടാതെ വിസമ്മതിക്കുന്ന ഭാര്യയ്ക്കു ജീവനാംശത്തിന് അർഹതയില്ല. പരസ്പരസമ്മതപ്രകാരമുള്ള വിവാഹമോചനം, പരപുരുഷസംഗം ഇവ ഭാര്യയ്ക്കു ജീവനാംശത്തിനുള്ള അവകാശത്തെ ഹനിക്കുന്നു.

ജീവനാംശം സംബന്ധിച്ച പ്രശ്നങ്ങളിൽ പരിഹാരം തേടേണ്ടതു ക്രിമിനൽ കോടതിയിലാണ്. ക്രിമിനൽ നടപടിനിയമം 125-ാം വകുപ്പനുസരിച്ച് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നു. ജീവനാംശം നല്കേണ്ടയാൾ താമസിക്കുന്ന സ്ഥലത്തെ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേട്ട് കോടതിയിൽ ഇതു സംബന്ധിച്ച പരാതി സമർപ്പിക്കാം. ഭാര്യയോ, ഭർത്താവോ താമസിക്കുന്ന സ്ഥലത്തെയോ, അവസാനമായി അവർ ഒരുമിച്ചു താമസിച്ച സ്ഥലത്തെയോ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടിനും ഈ പരാതി പരിഗണിക്കാവുന്നതാണ്. ജീവനാംശം നല്കാൻ വിധി ഉണ്ടായശേഷം സാഹചര്യങ്ങൾക്ക് എന്തെങ്കിലും മാറ്റം സംഭവിച്ചിട്ടുണ്ടെങ്കിൽ അക്കാര്യം കോടതിയെ ബോധ്യപ്പെടുത്തി പുതിയൊരു വിധി നേടാവുന്നതാണ്.

വിവാഹമുക്തകളായ മുസ്ലീംവനിതകളുടെ കാര്യത്തിൽ ക്രിമിനൽ നടപടി നിയമത്തിലെ 125-ാം വകുപ്പ് ബാധകമാക്കിക്കൂടെന്നും അവർക്കു മുസ്ലീം വ്യക്തിനിയമം അനുസരിച്ചുള്ള ചട്ടങ്ങളെ ബാധകമാക്കിക്കൂടെന്നും ഒരു വിഭാഗം മുസ്ലീങ്ങൾ ആവശ്യപ്പെടുകയുണ്ടായി. ഇതിൻെറ അടിസ്ഥാനത്തിൽ പാർലമെൻറിൽ ഒരു അനൗദ്യോഗിക ബിൽ അവതരിപ്പിക്കയും ചെയ്തു. ഇന്ത്യയിലെ മറ്റു വിഭാഗങ്ങളിൽപ്പെടുന്ന സ്ത്രീകൾക്കു ബാധകമായ നിയമം മുസ്ലിം സ്ത്രീകൾക്കുകൂടി ബാധകമാണെന്നു പ്രസിദ്ധമായ ഷാബാനൊ കേസിൽ (1985) സുപ്രീം കോടതി വിധിച്ചതിനെത്തുടർന്നാണ് ഇതുണ്ടായത്. ഗവൺമെൻറ്, ഇതിനെത്തുടർന്നു ക്രിമിനൽ നടപടി നിയമത്തിലെ പ്രസക്തവകുപ്പു ഭേദഗതിചെയ്തുകൊണ്ട് അവതരിപ്പിച്ചു പാസാക്കിയ മുസ്ലീം വനിതാ ജീവനാംശനിയമത്തിൽ ശരിഅത്ത് അനുസരിച്ചു

ള്ള ജീവനാംശതത്വങ്ങൾ അംഗീകരിച്ചു. ഇത് ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും തുല്യാവകാശം നല്കുന്ന ഭരണഘടനയുടെ നിർദേശകതത്വങ്ങൾക്കു വിരുദ്ധമാണെന്ന വാദഗതിയും ഉയർന്നുവന്നിട്ടുണ്ട്. ഭരണഘടനയുടെ 44-ാം അനുച്ഛേദത്തിൽ ഇന്ത്യയിലെ എല്ലാ വിഭാഗങ്ങളിലും പെടുന്ന പൗരന്മാർക്ക് ഒരുപോലെ ബാധകമാക്കാവുന്ന ഒരു ഏകീകൃത സിവിൽ കോഡ് ഉണ്ടാക്കി നടപ്പാക്കാൻ ഗവൺമെന്റ് നടപടി എടുക്കേണ്ണമെന്ന് അനുശാസിച്ചിട്ടുള്ളതും ഇവിടെ സ്മരണീയമാണ്.

ജീവൻ (life)

ജഡവസ്തുക്കളിൽനിന്ന് ജൈവവസ്തുക്കളെ വേർതിരിക്കുന്ന മൗലികമായ ഗുണധർമം. ഉപാപചയ(metabolism)ത്തിലൂടെയുള്ള വളർച്ച, പ്രജനനശേഷി, പരിസ്ഥിതിക്കനുസരണമായി ആന്തരികമായി അനുകൂലനം (adaptation) ചെയ്യാനുള്ള ശേഷി എന്നിവ ജീവന്റെ പ്രാഥമിക ലക്ഷണങ്ങളാണ്.

ജീവനു തികച്ചും തൃപ്തികരമായ ഒരു നിർവചനം കൊടുക്കുക എളുപ്പമല്ല. മനുഷ്യന്റെ അറിവ് വർധിക്കുംതോറും ജീവന്റെ നിർവചനം കൂടുതൽ സങ്കീർണമായിക്കൊണ്ടിരിക്കുകയാണ്. ജീവവസ്തുക്കളിൽ പ്രവർത്തിക്കുന്ന സങ്കീർണമായ രാസ-ഭൗതികഗുണധർമാണ് ജീവൻ എന്ന് പൊതുവെ പറയാം.

ജീവനുള്ള എല്ലാം ഉൾപ്പെടുന്ന 'ജീവലോക'ത്തെ പൊതുവെ സസ്യജാലം, ജന്തുജാലം എന്നു രണ്ടായി തിരിച്ചിരിക്കുന്നു. വൈറസിനെ ഈ രണ്ടു വിഭാഗത്തിലും ഉൾപ്പെടുത്താതെ മൂന്നാമത് ഒരു പ്രത്യേകം വിഭാഗമായി കരുതണമെന്നാണ് ചില വർഗീകരണവിദഗ്ധന്മാർ (Taxonomist) അഭിപ്രായപ്പെടുന്നത്.

ജീവികളുടെ ജൈവസ്വഭാവത്തിന് നിദാനമായി ഒരു പ്രത്യേക 'ജീവശക്തി' (vital force) പ്രാചീനകാലത്ത് കരുതപ്പെട്ടിരുന്നു. ഇതു തെറ്റാണെന്നും ഭൗതിക-രാസപ്രവർത്തനങ്ങളെ ആധാരമാക്കി പ്രവർത്തിക്കുന്ന 'ജീവനാ'ണ് ജൈവസ്വഭാവത്തിന്റെ മൗലിക ഘടകം എന്നും ആധുനികശാസ്ത്രം തെളിയിച്ചു.

ഒരു വസ്തുവിൽ ജീവൻ പ്രവർത്തിക്കുന്നുവോ എന്നു നിർണയിക്കുന്നത് അത് ജീവന്റെ പ്രാഥമിക ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നുണ്ടോ എന്നു പരിശോധിച്ചാണ്. ഇങ്ങനെ, നിരീക്ഷണക്ഷമമായുള്ള മാനദണ്ഡങ്ങളിൽ രണ്ടെണ്ണമാണ് പ്രധാനം: † ഉപാപചയം, † പ്രജനനം.

യഥാർഥത്തിൽ ജീവജാലങ്ങളിൽ നിലനില്ക്കുന്ന ഭൗതിക-രാസവ്യവസ്ഥകളുടെ അനിവാര്യമായ ഫലങ്ങളാണ് ഉപാപചയവും പ്രജനനവും. സങ്കീർണമായ ഈ വ്യവസ്ഥയുടെ പ്രവർത്തനശൃംഖലയിൽ എവിടെയെങ്കിലും സാരമായ തകരാറു സംഭവിച്ചാൽ ഒട്ടാകെയുള്ള പ്രവർത്തനത്തിന് ഭംഗം വരികയും ജീവന്റെ സ്വഭാവങ്ങൾ അപ്രത്യക്ഷമാകുകയും ചെയ്യും. ഇതാണ് മൃതാവസ്ഥ. പക്ഷേ, ഈ പൊതുമാനദണ്ഡം ചില സന്ദർഭങ്ങളിൽ അപ്രസക്തമാണ്. സസ്യങ്ങളുടെ വിത്തും ചില ജീവാണുക്കളും ഉപാപചയം തീരെ നിലച്ച അവസ്ഥയിൽ കഴിയാറുണ്ട്. ബാഹ്യസാഹചര്യങ്ങൾ അനുകൂലമാകുമ്പോൾ മാത്രമെ അവ വീണ്ടും സജീവസ്വഭാവങ്ങൾ പ്രകടിപ്പിക്കൂ.

ജീവന്റെ അടിസ്ഥാനപ്രക്രിയകളൊക്കെ നടക്കുന്നത് † ഡി.എൻ.എ. തന്മാത്രകളിലെ 'ബ്ലൂ പ്രിന്റി'നെ ആധാരമാക്കിയാണ്. † എൻസൈമുകളുടെ സാന്നിധ്യത്തിൽ മാത്രമെ ഇത്തരം ജൈവരാസപ്രക്രിയകൾ നടക്കൂ. അതിനുവേണ്ട ഊർജം നല്കുന്നത് എ.ടി.പി. തന്മാത്രകളാണ്.† ജീവോത്പത്തി നോക്കുക.

ജീവൻ ഘോഷാൽ (1913 — 1930)

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ഒരു രക്തസാക്ഷി ബംഗാളിലെ ചിറ്റഗോങ് ജില്ലയിലെ സദർഘാട്ടിൽ ജനിച്ചു. വിദ്യാർഥിയായിരിക്കെ ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ പാർട്ടി എന്ന തീവ്രവാദി സംഘടനയിൽ ചേർന്നു. 1930ഏപ്രിൽ 18-ന്‌രാത്രിയിൽ നടന്ന ചിറ്റഗോങ് ഗവൺമെന്റ് ആയുധസംഭരണകേന്ദ്രത്തിനു നേർക്കുള്ള ആക്രമണത്തിൽ പങ്കെടുത്തു. ജനമർദകരായ ഉദ്യോഗസ്ഥർക്ക് എതിരെ സംഘടിപ്പിച്ച ആക്രമണങ്ങളിൽ ആദ്യത്തേതായ ഇത് മാസ്റ്റർ ദാ എന്നു വിളിക്കുന്ന സൂര്യാ സെന്നിന്റെ നേതൃത്വത്തിലാണു നടന്നത്. 62 പേരടങ്ങിയ ഹിന്ദു റിപ്പബ്ലിക്കൻ ആർമിയുടെ ഈ ആക്രമണത്തിൽ പങ്കെടുത്ത പലരെയും പിന്നീടു പോലീസ് പിടികൂടി. ഏപ്രിൽ 22-ന് ഫെനി തീവണ്ടിയാപ്പീസിൽവച്ചു ഘോഷാലിനെ അറസ്റ്റുചെയ്തു. സെപ്തംബർ ഒന്നിന് കല്ക്കത്താ പോലീസ് കമ്മിഷണറുടെ നേതൃത്വത്തിലുള്ള സായുധപോലീസ് സേനയുമായി ചന്ദ്രനഗറിൽ വച്ച് ഏറ്റുമുട്ടി.സായുധ സംഘട്ടനത്തിൽമുറിവേറ്റാണ് ഇദ്ദേഹം രക്തസാക്ഷിയായത്.

ജീവൻരക്ഷാപഥക്

അന്യന്റെ ജീവൻ രക്ഷിക്കാൻ ധീരകൃത്യം ചെയ്തവർക്ക് ഇന്ത്യാഗവൺമെന്റ് ഏർപ്പെടുത്തിയ മെഡൽ. ധീര്യകൃത്യങ്ങളെ മൂന്നുതരത്തിൽ പെടുത്തി മൂന്നുതരം മെഡലുകളാണ് നല്കിപ്പോരുന്നത്. സ്വന്തം ജീവന് അപകടം വരാൻ സാധ്യതയുണ്ടായിട്ടും അന്യജീവൻ രക്ഷിച്ചവർ, സ്വന്തം ജീവന് അത്രതന്നെ അപകടസാധ്യതയില്ലാത്ത സന്ദർഭങ്ങളിൽ അന്യന്റെ ജീവൻ രക്ഷിച്ചവർ, നിസ്സാരമായ പരിക്കുകൾ ഏറ്റുകൊണ്ട് അന്യന്റെ ജീവൻ രക്ഷിച്ചവർ എന്നിങ്ങനെ. ഈ മൂന്നു വിഭാഗത്തിൽ പെട്ടവർക്കു നല്കുന്ന പതക്കങ്ങൾക്ക്, ക്രമത്തിൽ സർവോത്തമജീവൻരക്ഷാപഥക്, ഉത്തമജീവൻരക്ഷാപഥക്, ജീവൻരക്ഷാപഥക് എന്നിങ്ങനെയാണ് പേര്.

ജീവരോവർഗം

തെക്കെ അമേരിക്കയിലെ ഒരു അമേരിന്ത്യൻ ഗോത്രം. ഇക്വഡോറിലും പെറുവിലുമുള്ള ആൻഡീസ് പർവതനിരകളുടെ കിഴക്കുവശത്തെ താഴ്‌വരകളിൽ കാണാറുള്ള ഈ ജനതയ്ക്കു പ്രാദേശികമായി ജീവരോ, ആൻറിപാ, അഗുവാറുണ, ഹുവാംബിസ, അചുവേലെ എന്നീ പേരുകളിൽ അറിയപ്പെടുന്ന പല ശാഖകളുണ്ട്. അപൂർവമായി ഇവരുടെയിടയിൽ ചില കൃഷിപ്പണികൾ നടക്കാറുണ്ടെങ്കിലും മീൻപിടിച്ചും വേട്ടയാടിയും കാട്ടുകനികൾ പറിച്ചും ആണ് ഇവർ കാലയാപനം ചെയ്യുന്നത്. സ്ത്രീകൾക്ക് കലം മെനയാനും പുരുഷന്മാർക്കു വസ്ത്രം നെയ്യാനും അറിയാം. ശത്രുക്കളുടെ 'തലവെട്ട്'യിൽ വിരുതന്മാരായ ഇവർ വെറും കാടന്മാരായ ഒരു അപരിഷ്കൃതവർഗമാണ്. എതിരാളികളുടെ തല വെട്ടിയെടുത്ത് അതു വെള്ളത്തിലിട്ടു തിളപ്പിച്ച് അതിന്റെ തൊലി ഓരോന്നായി പൊളിച്ചുകളഞ്ഞാണ് ഇവർ വൈരനിര്യാതനം നടത്തിവന്നത്. ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് ഇവരുടെ സംഖ്യാബലം വർഷങ്ങൾ കഴിയുന്തോറും കുറഞ്ഞുവരികയാണ്.

ജീവൽസാഹിത്യപ്രസ്ഥാനം

† പുരോഗമന സാഹിത്യപ്രസ്ഥാനം നോക്കുക.

ജീവശാസ്ത്രം (Biology)

ജീവന്റെ രാസ-ഭൗതിക മുഖങ്ങളെക്കുറിച്ചുള്ള പഠനം. സസ്യശാസ്ത്ര(botany)വും ജന്തുശാസ്ത്ര(zoology)വും ഈ ശാസ്ത്രത്തിന്റെ രണ്ടു പ്രധാന ശാഖകളാണ്. ഇവ വളരെ വിസ്തൃതമായ ശാസ്ത്രശാഖകളാകയാൽ രൂപവിജ്ഞാനം (morphology) ശരീരധർമശാസ്ത്രം (physiology) എന്നിങ്ങനെ പല പഠനശാഖകളായി തിരിച്ചിട്ടുണ്ട്.

ജീവശാസ്ത്രസിദ്ധാന്തങ്ങൾ (**Biological Principles**).

1. ഏതു ജീവവസ്തുവും ആഹാര-വിസർജന വസ്തുക്കൾകൊണ്ട് ആഭ്യന്തരപരിസ്ഥിതിയിൽ (internal environment)ചലിക സന്തുലനം നടത്തുന്നു. (dynamic equilibrium).
2. എല്ലാ ജീവവസ്തുക്കളും അവ എത്രമാത്രം വൈവിധ്യംപുലർത്തിയാലും ജൈവ-രാസ-ഭൗതികസ്വഭാവങ്ങളിൽ ചില സാദൃശ്യങ്ങൾ പുലർത്തുന്നു. ഏകകോശജീവിയിൽ മുതൽ മനുഷ്യനിൽവരെ ഈ സവിശേഷതകൾ കാണാം. ഓരോജീവകോശവും മറ്റൊരു ജീവകോശത്തിൽനിന്നുണ്ടാകുന്നു.
3. അർഹത്തമമായത് അതിജീവിക്കുന്നു എന്ന തത്വം അനുസരിച്ചുള്ള പരിണാമം എവിടെയും സംഭവിക്കുന്നു.
4. ജൈവ-രാസ-ഭൗതികസാദൃശ്യങ്ങൾ നിലനില്ക്കുമ്പോഴും ജീവവസ്തുക്കൾ തമ്മിൽ സ്പീഷീസിന് ഉള്ളിൽപോലും വൈവിധ്യമുണ്ട്. ഡി.എൻ.എയുടെ ഘടകങ്ങളിൽ (ന്യൂക്ലിയോടൈഡുകൾ) ഉള്ള സംരചനാക്രമത്തിലുള്ള ലഘുവായ മാറ്റം മാത്രമാകാം ഇത്. മൈക്രോസോമുകളുടെ എണ്ണത്തിൽവരെ മാറ്റം ഉണ്ട് എന്നും വരാം. ഇതുകൊണ്ടാണു പാരമ്പര്യഭേദവും പരിണാമവും ഉണ്ടാകുന്നത്.

ജീവവസ്തുക്കളുടെ 20 ലക്ഷത്തിനും 45 ലക്ഷത്തിനും ഇടയ്ക്കു സ്പീഷീസ് ഇപ്പോൾ നിലവിൽ ഉണ്ടെന്നു ഗണിക്കുന്നു. വംശനാശം സംഭവിച്ച സ്പീഷീസ് 1.5—1.6 കോടി ആണ്.

5. ഏതു ജീവവസ്തുവിനും പരിസ്ഥിതിയോട് അവിഭാജ്യബന്ധമുണ്ട്. അതുകൊണ്ടു ജീവവസ്തുക്കളിൽ അനുകൂല പ്രക്രിയ നടക്കുന്നു.

6. മനുഷ്യൻ മുതൽ ബാക്റ്റീരിയ വരെ എല്ലാ ജീവികളും പ്രജനനത്തിലൂടെ തുടർച്ച നിലനിർത്തുന്നു.

ഘടനാപഠനം. പ്രവർത്തനങ്ങളും ധർമങ്ങളുമാണു ജീവവസ്തുവിനെയും അജീവവസ്തുവിനെയും വേർതിരിക്കുന്നത്. ജീവവസ്തു ഒരു വ്യൂഹമോ സംരചനയോ ആണ്. അതു പ്രജനനം, അനുകൂലനം, വ്യക്തിത്വരക്ഷണം എന്നിവ നിശ്ചിതവും നിരന്തരവുമായ ഉപാപചയപ്രക്രിയകളിലൂടെ നടത്തുന്നു. കോശത്തെപ്പറ്റിയുള്ള പഠനമാണു ജീവവസ്തുക്കളുടെ സൂക്ഷ്മപഠനത്തിനു വഴിതെളിച്ചത്. കോഴിക്കുഞ്ഞിന്റെ ഹൃദയകലകൾ സുരക്ഷിതപരിസ്ഥിതിയിൽ 30 കൊല്ലംവരെ സജീവാവസ്ഥയിൽ സൂക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ചരിത്രം. അസീറിയക്കാരും ബാബിലോണിയക്കാരും ബി.സി. 3500-ന് ഈന്തപ്പനയുടെ പൂക്കളെപ്പറ്റിയും ഫലസംഭരണകാലത്തെപ്പറ്റിയും ശാസ്ത്രീയപഠനം നടത്തിയിരുന്നതായി ഊഹിക്കുന്നു. ഈജിപ്ത്, ഇന്ത്യ, ചൈന എന്നിവിടങ്ങളിൽ ജീവശാസ്ത്രപഠനം, ഔഷധപഠനം ഇവ ബി.സി. മൂന്നാം സഹസ്രാബ്ദം മുതൽ നടന്നിരുന്നു.

അരിസ്റ്റോട്ടിലിന്റെ ജന്തുവിഭജനം ശ്രദ്ധേയമായ ഒരു കാൽവയ്പാണ്. മധ്യയുഗത്തിൽ യൂറോപ്പിലെക്കാൾ പൗരസ്ത്യ-മധ്യപൗരസ്ത്യ ദേശങ്ങളിലാണു ജീവശാസ്ത്രം പുരോഗമിച്ചത്. നവോത്ഥാനത്തോടെ യൂറോപ്പിൽ വീണ്ടും ഉണർവ് ഉണ്ടായി. ലിയനാർഡോ ഡാവിഞ്ചി അനാട്ടമിയിൽ ചെയ്ത സംഭാവന വിലപ്പെട്ടതാണ്. ആൻഡ്രീസ് വെസാലിയസ് അനാട്ടമിയുടെ പിതാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്നു. സൂക്ഷ്മദർശിനികൾ, പുരുഷബീജത്തിന്റെ കണ്ടെത്തൽ, പുരാജീവിശാസ്ത്രം (paleontology) അന്തരീക്ഷവാതകപഠനം, ഡാർവിന്റെ പരിണാമവാദം ഇവ ഉത്തരോത്തരം ജീവശാസ്ത്രപഠനത്തെ സഹായിച്ചു. 300 കോടി വർഷംമുമ്പുണ്ടായ അമിനോഅമ്ലങ്ങൾ പഴയ കല്ലുകളിൽ കണ്ടെത്തിയിട്ടുണ്ട്. ജീവന്റെ ഉദ്ഭവത്തിന് അത്രയെങ്കിലും പഴക്കം ഉണ്ടെന്നാണ് അനുമാനം.

പാരമ്പര്യശാസ്ത്രത്തിൽ മെൻഡലിന്റെ സംഭാവന 1865-ൽ ഉണ്ടായെങ്കിലും പരക്കെ അംഗീകൃതമായതു 1900-മാണ്ടോടെയാണ്. എക്സ്-റേ സൂക്ഷ്മജീവശാസ്ത്രത്തെ പുരോഗമിപ്പിച്ചു. എലക്ട്രോൺ മൈക്രോസ്കോപ്പ് മുതലായ നൂതനോപകരണങ്ങൾ ജനിതകഎൻജിനീയറിങ് മുതലായ ശാസ്ത്രശാഖകളിൽ വമ്പിച്ച പരിവർത്തനം വരുത്തി. പരാഗണത്തിലും കൃത്രിമ ബീജസങ്കലനത്തിലും മറ്റും കണ്ടെത്തിയ നൂതനരീതികൾമൂലം നൂതനസ്പീഷീസിനെ സസ്യ-ജന്തുവർഗങ്ങളിൽ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. നിശ്ചിത സ്വഭാവസവിശേഷതകളുള്ള മനുഷ്യശിശുക്കളെ സൃഷ്ടിക്കാൻ ജനിതക എൻജിനീയറിങ്ങിന്റെ സഹായത്തോടെ സാധിക്കുമെന്നാണു പ്രതീക്ഷ.

ജീവശാസ്ത്രശാഖകൾ. 1. അനാട്ടമി (Anatomy): ശരീരം കീറിമുറിച്ച് അവയവങ്ങൾ വേർപെടുത്തി അവയുടെ രൂപം, ഘടന മുതലായവ പഠിക്കുന്ന ശാസ്ത്രശാഖ.

2. *ഫിസിയോളജി (Physiology):* ശരീരാവയവങ്ങളുടെ ധർമങ്ങളും ശരീരത്തിനുള്ളിൽ നടക്കുന്ന ഉപാപചയപ്രക്രിയകളും സംബന്ധിച്ച പഠനം.

3. *ടാക്സോണമി (Taxonomy):* ജീവവസ്തുക്കളെ അവയുടെ സവിശേഷതകളുടെയും സാദൃശ്യവ്യത്യാസങ്ങളുടെയും അടിസ്ഥാനത്തിൽ വിഭാഗങ്ങളായും ഉപവിഭാഗങ്ങളായും തിരിച്ചുള്ള പഠനം. ആദ്യം ജന്തു-സസ്യ വിഭാഗങ്ങളായുള്ള മഹാവിഭാഗം. പിന്നെ അവയിൽ ഓരോന്നിലും ഫൈലം, ക്ലാസ്, ഓർഡർ, ഫാമിലി അഥവാ കുലം, ജീനസ്, സ്പീഷീസ് എന്നിങ്ങനെ മേൽക്കുമേൽ ഉപവിഭാഗങ്ങൾ. അതുകൂടാതെ ഇവയിൽ ഓരോ വിഭാഗത്തിനും വീണ്ടും വിഭാഗങ്ങൾ കല്പിക്കാം. ഉദാഹരണത്തിനു ക്ലാസിനു സൂപ്പർ ക്ലാസ്, ക്ലാസ്, സബ് ക്ലാസ്, ഇൻഫ്രാക്ലാസ് എന്നീ വിഭാഗങ്ങൾ ഉണ്ടാകാം.

4. *പുരാജീവിശാസ്ത്രം (Paleontology):* പൂർവയുഗങ്ങളിൽ ജീവിച്ചിരുന്ന ജീവികളുടെ ഫോസിലുകളിൽനിന്നു ജീവികളെക്കുറിച്ചു പഠനംനടത്തുന്ന ശാസ്ത്രശാഖ.

5. *രൂപവിജ്ഞാനം (Morphology):* സസ്യങ്ങൾ, മൃഗങ്ങൾ, അണുജീവികൾ ഇവയുടെ വലിപ്പം, ആകൃതി, ശരീരഘടന, അവയവരൂപം, അവയവവലിപ്പത്തിന്റെ അനുപാതം, പരസ്പരബന്ധം ഇവയെക്കുറിച്ചുള്ള പഠനം.

6. *സൂക്ഷ്മജീവിശാസ്ത്രം (Microbiology):* ബാക്റ്റീരിയ, വൈറസ്, ഫംഗസ് മുതലായ സൂക്ഷ്മജീവികളെക്കുറിച്ചുള്ള പഠനം.

7. *ജനിതകം (Genetics):* പാരമ്പര്യലക്ഷണങ്ങളുടെ സംക്രമണത്തെയും വൈവിധ്യവത്കരണത്തെയും സംബന്ധിച്ച വിജ്ഞാനശാഖ.

8. *ജനിതക എൻജിനീയറിങ് (Genetic engineering):* ജീനുകളുടെ നിർധാരണംകൊണ്ടു ജീവികളുടെ രൂപം സ്വഭാവം മുതലായവ ഇച്ഛാനുസാരം നിയന്ത്രിക്കുന്ന സമ്പ്രദായം സംബന്ധിച്ച പഠനം.

9. *ജീവരസതന്ത്രം (Biochemistry):* രാസപദാർഥങ്ങളും ജീവവസ്തുശരീരങ്ങളും തമ്മിലുള്ള ബന്ധങ്ങളെക്കുറിച്ചുള്ള പഠനം. ജീവന്റെ ഘടന, ശരീരധർമങ്ങൾ, രോഗചികിത്സ, കാർഷികപുരോഗതി എന്നിവയിൽ ഈ ശാസ്ത്രശാഖ വലിയ സംഭാവനകൾ നല്കിയിട്ടുണ്ട്.

10. *അന്തഃസ്രാവവിജ്ഞാനം (Endoerinology):* ഇതു ജീവരസതന്ത്രത്തിന്റെ ഭാഗമാണ്. ഹോർമോണുകൾ, അവയുടെ രാസഘടന, പ്രവർത്തനവിധം, അവസ്രാവത്തിലുള്ള ഏറ്റക്കുറച്ചിലുകൾ, ശരീരത്തെയും ശരീരധർമങ്ങളെയും എങ്ങനെ ബാധിക്കുന്നു മുതലായ കാര്യങ്ങളെക്കുറിച്ചുള്ള പഠനം.

11. *നരവംശശാസ്ത്രം (Anthropology):* ജീവവ്സുതക്കളിൽ ഏറ്റവും ശ്രേഷ്ഠം എന്നും സങ്കീർണം എന്നും ഗണിക്കാവുന്ന മനുഷ്യനെയും മനുഷ്യരിലെ വിവിധ വർഗങ്ങളെയും കുറിച്ചുള്ള പഠനം.

12. *ജീവഭൗതികം (Bio-physics):* ഭൗതികത്തിന്റെയും മറ്റു ഭൗതികശാസ്ത്രങ്ങളുടെയും വെളിച്ചത്തിൽ ജീവശാസ്ത്രപ്രശ്നങ്ങളെക്കുറിച്ചുള്ള പഠനം.

13. *സുജനനശാസ്ത്രം (Eugenics):* ജനിതകതത്ത്വങ്ങൾ പ്രയോഗിച്ച് മനുഷ്യസമൂഹങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ഉതകുന്ന മാർഗങ്ങൾ ആരായുന്ന ശാസ്ത്രശാഖ.

14. *പരിസ്ഥിതിശാസ്ത്രം (Ecology):* പരിസ്ഥിതികൾ ജീവവസ്തുക്കളെ എങ്ങനെ ബാധിക്കുന്നു. പരിസ്ഥിതിയോടു പൊരുത്തപ്പെടാൻ ജീവികൾ നടത്തുന്ന അനുകൂലനത്തിന്റെ സ്വഭാവം എന്ത്, പരിണാമകാരണങ്ങൾ എന്തെല്ലാം എന്നീ വിഷയങ്ങളെക്കുറിച്ചുള്ള പഠനം.

15. *കോശവിജ്ഞാനം (Cytology):* ജീവകോശങ്ങളുടെ അന്തരീക്ഷഘടനയെയും പ്രവർത്തനത്തെയും പഠിക്കുന്ന ജീവശാസ്ത്രശാഖ.

16. *ഭ്രൂണവിജ്ഞാനം (Embryology):* ഭ്രൂണത്തിന്റെ ആവിർഭാവത്തെയും വികാസത്തെയുംപറ്റിയുള്ള പഠനശാഖ.

ജീവോത്പത്തി (origin of life)

ഭൂമിയിൽ † ജീവന്റെ ആവിർഭാവം. ചരിത്രാതീതകാലം മുതൽ മനുഷ്യൻ, ജീവന്റെ ആവിർഭാവത്തെ സംബന്ധിച്ച് പല ഊഹാപോഹങ്ങളും നടത്തിയിരുന്നു. എല്ലാ മതത്തിലും ജീവോത്പത്തിയെ സംബന്ധിച്ച ചില വിശ്വാസങ്ങൾ ഉണ്ട്. ഇരുപതാംനൂറ്റാണ്ടിൽ എത്തിയശേഷമാണ് ജീവന്റെ ഉദ്ഭവത്തെ ശാസ്ത്രതത്ത്വങ്ങളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ വിശദീകരിക്കാൻ കഴിഞ്ഞത്.

'സ്വതഃസ്വചോദിത ഉത്പത്തി' (spontaneous generation) എന്ന സിദ്ധാന്തമാണ് ജീവോത്പത്തിയെ സംബന്ധിച്ചു ശാസ്ത്രലോകത്ത് ആദ്യമായി ഉണ്ടായ തത്ത്വം. പതിനേഴാംനൂറ്റാണ്ടിലാണ് ഇത് അവതരിപ്പിക്കപ്പെടുന്നത്. അജൈവപദാർഥങ്ങളിൽനിന്നു ജീവൻ സ്വയം ഉദ്ഭവിക്കുന്നു എന്നാണ് ഈ സിദ്ധാന്തം പറയുന്നത്. സൂക്ഷ്മജീവികളെക്കുറിച്ചുള്ള ലൂയി പാസ്റ്ററെപ്പോലുള്ള ശാസ്ത്രജ്ഞന്മാരുടെ ഗവേഷണം ഈ സിദ്ധാന്തം തെറ്റാണെന്നു തെളിയിച്ചു.

സോവിയറ്റ് ജീവരസതന്ത്രജ്ഞനായ അലക്സാൻഡർ ഒപാരിൻ രചിച്ച *ജീവന്റെ ഉദ്ഭവം* (1924) എന്ന ഗ്രന്ഥം ആണ് ഈ വിഷയത്തിലുള്ള ആധുനികസിദ്ധാന്തത്തിന്റെ തുടക്കം. ഏതാണ്ട് ഇതേസമയം തന്നെ ബ്രിട്ടീഷ് ശാസ്ത്രജ്ഞനായ (പിന്നീട് ഇന്ത്യൻ പൗരത്വം സ്വീകരിച്ചു) ജെ.ബി.എസ്.ഹാൽഡെയ്നും ഈ വിഷയത്തിൽ ചില ആശയങ്ങൾ മുന്നോട്ടുവെച്ചു. അടിസ്ഥാനപരമായ പല കാര്യങ്ങളിലും ഇവയ്ക്കുതമ്മിൽ യോജിപ്പുണ്ട്. അതുകൊണ്ട് ഈ ആശയങ്ങളെ 'ഹാൽഡേൻ- ഒപാരിൻ പരികല്പന' എന്നു

വിളിച്ചുവരുന്നു. ഇതാണ് ജീവോത്പത്തിയെക്കുറിച്ചുള്ള ആധുനിക ആശയങ്ങളുടെ അടിത്തറ. 20-ാംനൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ തന്മാത്രാജീവശാസ്ത്ര(molecular biology)ത്തിൽ ഉണ്ടായ പുരോഗതിയാണ് ജീവോത്പത്തിയെ ശാസ്ത്രീയമായി വിശദീകരിക്കാൻ സഹായിച്ചത്.

ആധുനിക സിദ്ധാന്തം. ഭൂമിയുടെ ആദ്യകാലത്തെ അന്തരീക്ഷത്തിന്റെ സ്വഭാവവും മറ്റു ഭൗതികപ്രതിഭാസങ്ങളും ഇന്നത്തേതിൽനിന്നു തികച്ചും വ്യത്യസ്തമായിരുന്നു. അന്ന് അന്തരീക്ഷത്തിൽ ഓക്സിജൻ ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ അന്തരീക്ഷത്തെ പൊതിഞ്ഞുകൊണ്ടുള്ള 'ഓസോൺ കുട'യും ഉണ്ടായിരുന്നില്ല. ഈ പ്രത്യേക സാഹചര്യത്തിൽ ചില അന്തരീക്ഷത്തിൽ സവിശേഷമായ രാസപ്രവർത്തനങ്ങൾ നടന്നു. അതിൽനിന്നുണ്ടായ കാർബണിക യൗഗികങ്ങൾ കടൽപ്പരപ്പുകളിൽ ലയിച്ചു. അതിനെത്തുടർന്നുണ്ടായ † പോളിമറീകരണങ്ങൾ (polymerisation) വഴി † ജീവന്റെ അടിസ്ഥാനഘടകങ്ങൾ (പ്രോട്ടീൻ, ന്യൂക്ലിക് അമ്ലങ്ങൾ തുടങ്ങിയവ) ഉണ്ടായി. ഇവ സ്തരങ്ങൾക്ക് (membranes) ഉള്ളിലായതോടെ † ഉപാപചയപ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചു. തുടർന്നുണ്ടായ രാസനിർധാരണം (chemical selection) വഴി കൂടുതൽ സങ്കീർണതയും സ്ഥിരതയുമുള്ള കോ അസെർവേറ്റു (coacervate)കളും മൈക്രോസ്പോറുകളും (microspore) ഉണ്ടായി. ഇവ സ്വയം പ്രജനനംനടത്താനുള്ള ശക്തിയാർജിച്ചതോടെ ആദിമജീവികൾ ഉരുത്തിരിഞ്ഞു. എന്നാൽ ഇത്തരത്തിൽ ഇപ്പോൾ ജീവികൾ ഉരുത്തിരിയുന്നില്ല. ഭൗമാന്തരീക്ഷത്തിൽ വന്ന മാറ്റമാണ് അതിനുകാരണം. പരീക്ഷണശാലയിൽ ഭൂമിയിലെ ആദ്യകാല അന്തരീക്ഷം കൃത്രിമമായി സൃഷ്ടിച്ചു നടത്തിയ പരീക്ഷണങ്ങൾ ഈ സിദ്ധാന്തത്തെ ശരിവയ്ക്കുന്നുണ്ട്.

ജീവോത്പത്തി, ഭാരതീയദർശനത്തിൽ

നിർജീവവസ്തുക്കളിൽ പ്രാണന്റെ ആവിർഭാവത്തെ സംബന്ധിച്ച ഭാരതീയവിശ്വാസം. പരേതന്റെ ആത്മാവ് സഞ്ചിതകർമങ്ങളുടെ ഫലാനുഭവത്തിനുവേണ്ടി പഞ്ചഭൂതസഞ്ചിതമായ ശരീരം സ്വീകരിക്കുന്നു എന്നാണു ഹിന്ദുമതത്തിലെ വിശ്വാസം. ആത്മാവു നിത്യമാണ്. ചെയ്ത കർമങ്ങളുടെ ഫലം ഒരു ജന്മംകൊണ്ട് അനുഭവിച്ചു തീരുന്നില്ല. അതുകൊണ്ടു ഫലാനുഭവത്തിനു യോജിച്ചവിധം പക്ഷിയായോ മൃഗമായോ പുല്ലായോ പുഴുവായോ മനുഷ്യനായോ പുനർജനിക്കുന്നു. ആത്മാവു പുരുഷബീജത്തിൽ കടന്നുകൂടി സ്ത്രീയുടെ അണ്ഡവുമായി സംയോജിച്ച് ഏതെങ്കിലും ജീവവസ്തുവായി പരിണമിക്കുന്നു. ഏതുജന്മത്തിലും പൂർവജന്മത്തിലെ കർമങ്ങളുടെ ഫലം അനുഭവിക്കയും പുതിയ കർമങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. അതുകൊണ്ടു വീണ്ടും ജന്മം (ആത്മശരീരയോഗം) വേണ്ടിവരുന്നു. അനന്തമായി ജന്മപരമ്പര നീണ്ടുപോകുന്നു എന്നാണു കർമവാദികളുടെ വിശ്വാസം.

ജു

ജുജിത്സു

ആയുധങ്ങൾ കൂടാതെയുള്ള ഒരു പഴയ യുദ്ധമുറ. ശത്രുവിനെ കൊല്ലുകയോ അംഗവൈകല്യം വരുത്തുകയോ ആണ് ഈ പൂർവേഷ്യൻ യുദ്ധമുറയുടെ ഉന്നം. ഒരു ആധുനിക കായികവിനോദമായ ജൂഡോ ഉദ്ഭവിച്ചത് ജുജിത്സുവിൽനിന്നാണ്. ഫ്യൂഡലിസത്തിന്റെ തകർച്ചയോടെ ഈ യുദ്ധസമ്പ്രദായം വിരളപ്രചാരമായി. † ജൂഡോ നോക്കുക.

ജൂഡിയ

പഴയ പലസ്തീനിലെ തെക്കുഭാഗത്തുള്ള ഒരു പ്രദേശം. ഇപ്പോഴത്തെ ഇസ്രായേലിലെ ജെറുസലം സംസ്ഥാനത്തിലായിരുന്നു ഇത്. ബൈബിളിൽ—പഴയ നിയമത്തിലും പുതിയ നിയമത്തിലും—ഈ പേര് ഉപയോഗിച്ചിരിക്കുന്നു. ജൂഡിയയുടെ കിഴക്കുവശം ചാവുകടലും ജോർദാൻ നദിയും തെക്കുപടിഞ്ഞാറുവശം സിനായ് ഉപദ്വീപും പടിഞ്ഞാറുവശം മധ്യധരണ്യാഴിയും വടക്ക് സുമേരിയയും ആയിരുന്നു. വടക്കേ അതിർത്തി, ജോപ്പ (യാഫൊ അഥവാ ജാഫ) മുതൽ ചാവുകടലിൽനിന്ന് ഒരു കി.മീ. വടക്കുള്ള ഒരു സ്ഥാനംവരെ നീണ്ടുകിടന്നിരുന്നു.

പുരാതന യഹൂദന്മാരുടെയും യേശുക്രിസ്തുവിന്റെയും ജീവിതത്തോടു ബന്ധിച്ച പല സ്ഥലങ്ങളും ജൂഡിയയിലാണ്. ജൂതന്മാരുടെയും ക്രിസ്ത്യാനികളുടെയും പവിത്രഭൂമിയിൽ മിക്കഭാഗവും ഇവിടെയാണ്. † ജൂതന്മാർ നോക്കുക.

ജുഡിഷ്യറി

നീതിനിർവഹണവുമായി ബന്ധപ്പെട്ട ഭരണവിഭാഗം. മജിസ്ട്രേറ്റുമാരും ജഡ്ജിമാരും അവരെ നീതിനിർവഹണത്തിൽ സഹായിക്കുന്ന ഉദ്യോഗസ്ഥന്മാരും ചേർന്നതാണു ജുഡിഷ്യറി. മജിസ്ട്രേറ്റ്, മുൻസിഫ് കോടതികൾ, ഡിസ്ട്രിക്റ്റ്-സെഷൻസ് കോടതികൾ, ഹൈക്കോടതികൾ, സുപ്രീം കോടതി എന്നിങ്ങനെ പല തട്ടിൽ കോടതികൾ ഉണ്ട്. മുൻസിഫ്-ഡിസ്ട്രിക്റ്റ് കോടതികളുടെ മധ്യേ സബോർഡിനേറ്റ് കോടതികളുണ്ട്. താഴെയുള്ള കോടതികളിൽനിന്നുള്ള അപ്പീലുകൾ ഉയർന്ന കോടതികൾ കേൾക്കുന്നു. സംസ്ഥാനതലത്തിലുള്ള ഏറ്റവും ഉയർന്ന കോടതി ഹൈക്കോടതിയും രാജ്യത്തെ ഏറ്റവും ഉയർന്ന കോടതി സുപ്രീം കോടതിയുമാണ്.

കേസുകളിൽ സർക്കാർഭാഗത്തെ പ്രതിനിധാനംചെയ്യാൻ ഹൈക്കോടതികളിൽ അഡ്വക്കേറ്റ് ജനറലും സുപ്രീം കോടതിയിൽ അറ്റോർണി ജനറലും ഉണ്ട്. † കോടതികൾ നോക്കുക.

അഡ്വക്കേറ്റ് ജനറൽ. ഇന്ത്യൻ ബാർകൗൺസിൽ നിയമപ്രകാരം സർക്കാർഅഭിഭാഷകരുടെ ഔദ്യോഗിക മേധാവി.

ഇന്ത്യൻ ഭരണഘടന 165-ാം വകുപ്പ് ഓരോ സംസ്ഥാനത്തും ഓരോ അഡ്വക്കേറ്റ് ജനറൽ വേണം എന്ന് അനുശാസിക്കുന്നു. ഗവർണറാണ് അഡ്വക്കേറ്റ് ജനറലിനെ നിയമിക്കുന്നത്. ഹൈക്കോടതി ജഡ്ജിയാകാൻ അർഹതയുള്ള ആൾ ആകണം അഡ്വക്കേറ്റ് ജനറൽ. ഗവർണറുടെ നിയമോപദേഷ്ടാവാണ് അദ്ദേഹം. ഗവർണറുടെ (അതതുകാലത്തെ ഗവൺമെൻറിന്റെ) വിശ്വാസം നിലനില്ക്കുന്നിടത്തോളം അദ്ദേഹത്തിന് ഉദ്യോഗത്തിൽ തുടരാം.

ഗവർണർക്ക് അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം ആരായാം. ഹൈക്കോടതിയിൽ ഗവൺമെൻറ് കക്ഷിയായി വരുന്ന കേസുകളിൽ ഗവൺമെൻറിനുവേണ്ടി ഹാജരാകുന്നത് അഡ്വക്കേറ്റ് ജനറലോ അദ്ദേഹം നിയന്ത്രിക്കുന്ന ഗവൺമെൻറ് പ്ളീഡർമാരോ ആണ്.

നിയമസഭയിൽ ഹാജരായി സഭയെ അഭിസംബോധനചെയ്യാൻ അഡ്വക്കേറ്റ് ജനറലിന് അധികാരമുണ്ട്. സഭയിൽ അംഗമല്ലാത്ത അദ്ദേഹത്തിനു വോട്ടവകാശമില്ല.

അഡ്വക്കേറ്റ് ജനറലിന്റെ സ്ഥാനത്ത് കേന്ദ്രത്തിൽ അതേ ഉത്തരവാദിത്തവും അധികാരങ്ങളും ചുമതലകളും ഉള്ള അഭിഭാഷകപ്രധാനനെ അറ്റോർണി ജനറൽ എന്നാണു പറയുന്നത്.

ജുമാ മസ്ജിദ്

ഇന്ത്യയിലെ ഏറ്റവും വലിയ മുസ്ലിംപള്ളി. ഇതു ദില്ലിയിൽ ആണ്. മുഗൾചക്രവർത്തിയായ ഷാജഹാനാണ് ഈ പള്ളി പണിയിച്ചത്. ഷാജഹാൻ പണിയിച്ച മന്ദിരങ്ങളിൽ അവസാനത്തേതാണ് ഈ പള്ളി എന്നു പറയപ്പെടുന്നു. 1644-ൽ ഈ പള്ളിയുടെ പണി ആരംഭിച്ചു. പണിതീരാൻ പതിനാലു കൊല്ലമെടുത്തു. മൂന്നു പ്രവേശനകവാടങ്ങളും നാലു ഗോപുരങ്ങളും രണ്ടുപ്രാസാദശിഖരങ്ങളും(മിനാരറ്റ്) ഉള്ള ഈ പള്ളിയിൽ 25000 പേർക്ക് ഒരുമിച്ചു പ്രാർഥനയിൽ പങ്കുകൊള്ളാൻ സൗകര്യമുണ്ട്.

ജുരാസിക്ക് കാലഘട്ടം

ഭൂവിജ്ഞാനചരിത്രത്തിൽ ഒരു ഘട്ടം. ഇക്കാലത്തു കരയിലും ജലത്തിലും പല ജീവികളുമുണ്ടായിരുന്നു. അമൊണൈറ്റുകളുടെ സംഖ്യ കുറഞ്ഞുതുടങ്ങി. ബെലെംനൈറ്റുകൾക്കു കുറവില്ലായിരുന്നു. ഇക്കാലത്തെ ഫോസിലുകളിൽ സ്പോഞ്ചുകൾ, താരമീനുകൾ, മൊളസ്കുകൾ എന്നിവ സമൃദ്ധിയായുണ്ടായിരുന്നു; വിശേഷിച്ചും കോറലുകൾ.

പലതരം ഷട്പദങ്ങളും (വണ്ട്, തുമ്പി, ചിത്രശലഭം, ചാഴി, ചീവീട് എന്നിവ) ഉണ്ടായിരുന്ന കാലമാണിത്. ഈച്ചയും ഉറുമ്പും ആദ്യമായി പ്രത്യക്ഷപ്പെട്ടത് ഇക്കാലത്താണ്. മത്സ്യങ്ങളിൽ സ്രാവുകളും റേ(ray)മീനുകളും സുലഭമായിരുന്നു.

വലിയപല്ലികൾ(ഗൗളികൾ) ഇക്കാലത്തുണ്ടായിരുന്നതിൽ മീൻപല്ലി (ichthyosaurus) വളരെയധികമായിരുന്നു. മറ്റൊരു പല്ലി (plesiosaurus) കാഴ്ചയിൽ ഭയങ്കരമായിരുന്നു. പല്ലിയുടെ തലയും

മുതലയുടെ പല്ലും നീണ്ട കഴുത്തും പരന്ന ഉടലും വാലും ഇതിനുണ്ടായിരുന്നു. പറക്കുന്ന പല്ലികളും (pterodactyls) ഇക്കാലത്തെ അദ്ഭുതജീവിയായിരുന്നു. ആർക്കിയോപ്ടെറിക്സ് (Archaeopteryx) എന്ന പക്ഷി പ്രത്യക്ഷപ്പെട്ടതും ഇക്കാലത്താണ്.

കരയിൽ പലതരം ദിനോസോറുകളും ഉണ്ടായിരുന്നു. ഇവ വളരെ വലിയ അലസജന്തുക്കളായിരുന്നു. പല്ലുകളുടെ അടിസ്ഥാനത്തിൽ നോക്കിയാൽ അവ സസ്യഭുക്കുകളാണ്. മാംസഭുക്കുകളായ ചില ദിനോസോറുകൾക്ക് 9 മീ.വരെ നീളമുണ്ടായിരുന്നു.

ജുവാൻ ഫർണാൻഡസ് ദ്വീപുകൾ

ചിലിയുടെ അധീനത്തിൽ ദക്ഷിണ ശാന്തസമുദ്രത്തിൽ കിടക്കുന്ന ദ്വീപസമൂഹം. ധാരാളം ഊറ്റുകളും വെള്ളച്ചാട്ടങ്ങളും പുഴകളും നിറഞ്ഞതാണു ദ്വീപുകൾ. 1563കാലത്തു ജുവാൻ ഫർണാൻഡസ് എന്ന നാവികനാണ് ഇതു കണ്ടുപിടിച്ചത്. 1704-ൽ ഒരു സ്വകാര്യ ഇംഗ്ലീഷ് നാവികസംഘത്തിലെ ജോലിക്കാരിൽ ഒരാളായ അലക്സാണ്ടർ സെൽകിർക്ക് തന്റെ കപ്പിത്താനുമായി കലഹിച്ച് ഇക്കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ട മാസ് ഏടീറാ ദ്വീപിൽ ഇറങ്ങുകയും അവിടെ നാലുവർഷക്കാലം ഏകാകിയായി താമസിക്കുകയും ചെയ്തു. ഈ സെൽകിർക്കിന്റെ ഏകാന്ത ജീവിതാനുഭവങ്ങളാണു ഡാനിയൽ ഡീഫൊ 'റോബിൻസൺ ക്രൂസോ' എന്ന കഥയ്ക്കു വിഷയമാക്കിയതത്രെ. സെൽകിർക്കിന് 1858-ൽ ഈ ദ്വീപിൽ ഒരു സ്മാരകം നിർമിച്ചു.

കുറ്റവാളികളെ നാടുകടത്താനുള്ള സ്ഥലമെന്ന നിലയിലാണ് ചിലി ഗവൺമെന്റ് ഈ ദ്വീപുകൾ ഉപയോഗപ്പെടുത്തിയിരുന്നത്. വിനോദസഞ്ചാരികൾ ഇവിടം സന്ദർശിക്കാറുണ്ട്.

ജുഹു

യാഗോപകരണങ്ങളിൽ ഒന്ന്. ഹവിസ്സ് (ഹോമാഗ്നിയിൽ വേവിച്ച ഉണക്കലരി). ഹോമിക്കേണ്ട ഏതു ഹോമത്തിനും ജുഹു വേണം. ഇതു പിലാശിന്റെ കൊമ്പു ചെത്തി ഉണ്ടാക്കുകയാണു പതിവ്. ഹവിസ്സ് കബളങ്ങളാക്കി ജുഹുവിൽവച്ചു ഹോമിക്കുന്നു. അവൈദികഹോമങ്ങൾക്കു ലോഹനിർമിതമായ ജുഹു ഉപയോഗിക്കാറുണ്ട്.

ജുഹുകടൽത്തീരം

ബോംബെനഗരത്തിലെ ആകർഷകമായ കടൽത്തീരം. നഗരമധ്യത്തിൽനിന്ന് ഏതാണ്ട് 18 കി.മീ. വടക്കു മാറിയാണ് ഇതു സ്ഥിതിചെയ്യുന്നത്. ഇത് ഒരു വിനോദസഞ്ചാരകേന്ദ്രവും സുഖവാസസ്ഥലവും കൂടിയാണ്. ബോംബെനഗരത്തിലെ മലിനജലമെല്ലാം ഒഴുകിയെത്തുന്നതു ജുഹുവിലും സമീപപ്രദേശത്തുമുള്ള കടലിലാകയാൽ ഇതു നീന്തിക്കളിക്കാൻ പറ്റിയ സ്ഥലമല്ലാതെയായിരിക്കയാണ്. എങ്കിലും വാരാന്ത്യത്തിലെ സായാഹ്നങ്ങളിൽ ഇവിടെ ധാരാളം സന്ദർശകർ എത്തിച്ചേരുന്നു. മഹാത്മാഗാന്ധിയുടെ പ്രാർഥനായോഗങ്ങൾ, അദ്ദേഹം ബോംബെയിലുള്ളപ്പോൾ ജുഹുകടൽത്തീരത്താണു നടത്തിയിരുന്നത്. സ്വാതന്ത്ര്യസമരകാലത്തും പിന്നീടും മഹായോഗങ്ങൾ പലതും ജുഹുകടൽത്തീരത്തു നടന്നിട്ടുണ്ട്.

ജുറാപർവതനിരകൾ

റൈനിന്റെയും റോണിന്റെയും ഇടയ്ക്കു കിടക്കുന്ന പർവതനിരകൾ. ഇവയുടെ അധികഭാഗവും ഫ്രാൻസിലും ബാക്കി സ്വിറ്റ്സർലൻഡിലുമായി കിടക്കുന്നു. ജുറാനിരകളെ വടക്കുകിഴക്ക്, റൈൻമലയിടുക്ക് സ്വാബിയൻ-ഹാങ്കോണിയൻ നിരകളിൽനിന്നും, തെക്കുഭാഗത്ത് റോൺ മലയിടുക്ക് ഡോഫിൻ നിരകളിൽനിന്നും വേർതിരിക്കുന്നു. ദീർഘവൃത്താകാരത്തിൽ 230 കി.മീ. നീളവും 61 കി.മീ. വീതിയുമുള്ള ഈ പർവതപംക്തി സമീപപ്രദേശങ്ങളിൽനിന്ന് 762 മീറ്റർ ഉയരത്തിലാണു സ്ഥിതിചെയ്യുന്നത്. ഡൂബ്സ്, ലൂ, എയ്ൻ എന്നിവയാണ് ജുറാനദികളിൽനിന്നുദ്ഭവിക്കുന്ന പ്രധാന നദികൾ.

സീസർ, സ്ട്രാബോ, പ്ലിനി, ടോളമി തുടങ്ങിയ മഹാന്മാർ ജുറാനിരകളെക്കുറിച്ചു പരാമർശിച്ചിട്ടുണ്ട്. 'വന'ത്തിന്റെ പര്യായങ്ങളായ ജോക്സ്, ജോററ്റ്, ജൊറാസ്സി, ജൂറിൻസ് എന്നിവയും പണ്ടു കാലത്ത് ജുറാനിരകൾക്കു പേരുകളായിരുന്നു. ജെർമൻഭാഷയിൽ ഈ നിരകൾക്കു ലെബർ ബെർഗ് (Leber-കുന്ന്) എന്നാണു പേര്.

ഭൂവിജ്ഞാനപരമായി ജുറാനിരകൾക്ക് ആൽപൈൻ നിരകളോടാണു സാമ്യം. പെർമിയൻ ഘട്ടം മുതൽ പ്ലീയോസീൻ ഘട്ടംവരെയുള്ള കാലത്തെ ശിലാപാളികൾ വെവ്വേറെ കാണാം. ജുറാസിക്ക് കല്പത്തിലെ ശിലാരൂപവത്കരണമാണ് ഏറ്റവും പ്രാധാന്യമർഹിക്കുന്നത്. പാറകൾ മടക്കുകളായി കിഴക്കുനിന്നു പടിഞ്ഞാറോട്ടു കിടക്കുന്നു. വടക്കോട്ടുപോകുന്തോറും പാറയടുക്കുകളുടെ ഗാഢത കുറയുന്നു. കിഴക്കുഭാഗത്തു മടക്കുകളെല്ലാംകൂടി മാർഗതടസ്സം സംഭവിച്ചതുപോലെ കൂട്ടമായി കാണുന്നു. ഈ പ്രത്യേകഭാഗത്തിന്റെ പേര് 'ജുറാ ടേബിൾ ലാൻഡ്' എന്നാണ്. ഏറ്റവും പടിഞ്ഞാറെ അറ്റത്തു ജുറാനിര സവോൺ പീഠഭൂമിയിലേക്കു കുത്തനെ അവസാനിക്കുന്നു.

ജുറാനിരകളുടെ സ്ഥലാകൃതി(Topography)യെ ഔട്ടർ ടോപോഗ്രാഫി, ഇൻറീരിയർ ടോപോഗ്രാഫി എന്നിങ്ങനെ രണ്ടായി തിരിക്കാം. ഔട്ടർ ടോപോഗ്രാഫി: പർവതനിരകളുടെ പുറംചരിവുകൾ സർവേ നടത്തിയാണ് ആദ്യം സ്ഥലാകൃതി നിശ്ചയിച്ചത്. യൂറോപ്പിലെ ഒരു പ്രധാന ഭൂവിജ്ഞാനീയകേന്ദ്രമായ ബെൽഫോർട് കിടങ്ങിന് അഭിമുഖമായിട്ടാണു വടക്കെ അറ്റത്തിന്റെ നില. കിഴക്കും പടിഞ്ഞാറുംഭാഗങ്ങളിൽ അനേകം സമാന്തരമായ ഇടുക്കുകളുണ്ട്. എയ്ർ, സവോൺതാഴ്വരകളിൽ ന്യൂക്ക്ടെൽ, ബീയ്ൽ, മോററ്റ് എന്നീ തടങ്ങളുണ്ട്. കിഴക്കെഭാഗത്തിന്റെ പ്രധാനഭാഗമായ മോണ്ട് ചാസറോൺ (1607മീ.) ഗതാഗതപ്രാധാന്യമുള്ളതാണ്. ന്യൂ ക്ക്ടെൽ, പോണ്ടാർലിർ എന്നീസ്ഥലങ്ങളെ തമ്മിൽ യോജിപ്പിക്കുന്ന പ്രധാന റെയിൽവേ മോണ്ട്ചാസറോണിൽക്കൂടി കടന്നുപോകുന്നു. ജുറാനിരകളുടെ തെക്കെഅറ്റം രണ്ടു വലിയ തൂണുകളാൽ അതിർത്തി നിർണയിക്കപ്പെട്ടിരിക്കുന്നു. ഇവയിൽ കിഴക്കുള്ളത് ഗ്രാൻഡ് ക്രെറ്റ് ഡിയൂവും പടിഞ്ഞാറുള്ളത് റവർമോണ്ട് റിജ്ജുമാണ്. ഇൻറീരിയർ ടോപോഗ്രാഫി: ജുറാനിരയുടെ അന്തർഭാഗത്തെ മൂന്നായി തിരിക്കാം. ഓരോന്നും ഡൂബ്സ്, ലൂ, എയ്ൻ എന്നീ നദികളിലാണു വേർതിരിക്കപ്പെട്ടിരിക്കുന്നത്. വടക്കെഅറ്റത്തുള്ള ഭാഗം കിഴക്ക് ലോമോണ്ടിനാലും പടിഞ്ഞാറ് മോണ്ട്ടെറിയാലുമാണ് വേർതിരിക്കപ്പെട്ടിരിക്കുന്നത്. മധ്യത്തിലുള്ള വിഭാഗം തടപ്രദേശമാണ്. ആഴമേറിയ കിടങ്ങുകൾ ഇവിടെയില്ല. മൂന്നാമത്തെ ഭാഗം തെക്കെ അറ്റത്താണ്. ഇതാണു ജുറാനിരകളിലെ ഏറ്റവും സങ്കീർണമായ ഭാഗം.

ജൂ

ജൂഡ്, സെയിൻറ്

†ജൂഡാസ്, സെയിൻറ് നോക്കുക.

ജൂഡാസ്

†യൂദാ നോക്കുക.

ജൂഡാസ്, സെയിൻറ്

ഒന്നാം ശതകത്തിൽ ജീവിച്ചിരുന്നതായി കരുതപ്പെടുന്ന ഒരു അപ്പോസ്തലൻ. പന്ത്രണ്ട് അപ്പോസ്തലന്മാരിൽ ഒരാളാണ് ഇദ്ദേഹം. ക്രിസ്തുവിനെ ഒറ്റിക്കൊടുത്ത ജൂഡാസിൻെറ പേരിനോട് ഇസ്കാരിയസ് എന്നു കൂട്ടിച്ചേർക്കുന്നത് ഇവരെ തമ്മിൽ തിരിച്ചറിയാനാണ്. ജൂഡ്, തഡയസ് എന്നീ പേരുകളിലും ഇദ്ദേഹം അറിയപ്പെടുന്നു.


സെയിൻറ് ജൂഡാസ് (17-ാംശതകത്തിലെ ചിത്രം)

മറ്റൊരു അപ്പോസ്തലനായ സൈമണുമൊത്തു ജൂഡാസും പേഴ്സ്യയിൽ ക്രിസ്തുമതപ്രചാരണത്തിനു പോയെന്നും അവിടെവച്ചു രക്തസാക്ഷി ആയി എന്നും പറയപ്പെടുന്നു. ഒക്ടോബർ 28 ഇവരുടെ അനുസ്മരണ ദിനമാണ്. ഗ്രീക്ക് ഓർത്തഡോക്സ് ചർച്ച് ജൂഡാസും തഡയസ്സും വ്യത്യസ്തരായ രണ്ടു പേരാണെന്നു വിശ്വസിക്കയും ജൂഡാസിനെ ജൂൺ 19-നും തഡയസ്സിനെ ഓഗസ്റ്റ് 21-നും പ്രത്യേകം അനുസ്മരിക്കുകയും ചെയ്യുന്നു. ജെർമനിയിൽ 18-ാംശതകം മുതൽ അസാധ്യകാര്യങ്ങളുടെ അധിദേവതയായി ജൂഡാസ് ആരാധിക്കപ്പെട്ടു തുടങ്ങി. പാശ്ചാത്യരീതിയിൽ ഒക്റ്റോബർ 28-നും പൗരസ്ത്യരീതിയിൽ ഓഗസ്റ്റ് 21-നും സെൻറ്ജൂഡ്ദിനം ആചരിക്കുന്നു.

ജൂഡാ ഹാ—ലെവി (1075––1141)

ജൂതകവിയും ജൂതമതപ്രബോധകനും. ഹിബ്രൂഭാഷയിലാണു കവിതകളെഴുതിയിരുന്നത്. ജൂതമതതത്വങ്ങൾ ചോദ്യോത്തരരൂപത്തിൽ ആവിഷ്കരിച്ച കൃതിയാണ് *സീഫർ ഹാ- കുസാരി.*

വടക്കൻ സ്പെയിനിലെ തുദിലാ എന്ന സ്ഥലത്തു ജനിച്ചു. അന്നു സ്പെയിൻ മുസ്ലിം ആധിപത്യത്തിലായിരുന്നു. ജൂതകേന്ദ്രങ്ങളായ അൻഡാലൂസ്യ, ഗ്രാനഡാ, ലുസീന എന്നിവിടങ്ങളിലായി ബാല്യം കഴിച്ചുകൂട്ടി. പിന്നീടു തോലദോ എന്ന സ്ഥലത്തു സ്ഥിരതാമസമാക്കി. വൈദ്യൻ എന്ന നിലയിൽ ജീവിതം തുടർന്നു. ജെറുസലേമിൽ പോവുക എന്നതു ജൂഡാ ഹാ-ലെവിയുടെ ഒരു ചിരാഭിലാഷമായിരുന്നു. 1140-ൽ ഈ അഭിലാഷപൂർത്തിക്കായി സ്പെയിൻ വിട്ടു. പക്ഷേ ഈജിപ്തിന് അപ്പുറത്തേക്കു പോകാൻ കഴിഞ്ഞില്ല. 1141-ൽ ഈജിപ്തിൽവച്ചു മരിച്ചു. ജൂതന്മാർ വിശ്വസിക്കുന്നത് ഇദ്ദേഹം ജെറുസലേമിൽ പ്രവേശിച്ചുവെന്നും ജെറുസലേമിനെ പ്രകീർത്തിച്ചുകൊണ്ട് ഇദ്ദേഹം എഴുതിയ "*സീയോ നൈഡീ*"ലെ പദ്യങ്ങൾ പാടിക്കൊണ്ടിരിക്കെ ഒരു മുസൽമാൻ ഇദ്ദേഹത്തെ കുത്തിക്കൊന്നു എന്നും ആണ്. "*ദീവാൻ*" എന്ന പേരിൽ ഇദ്ദേഹത്തിൻെറ ഒരു കവിതാസമാഹാരവും പ്രസിദ്ധീകൃതമായിട്ടുണ്ട്.

ജൂഡോ

ജപ്പാനിൽ പ്രചാരത്തിലിരിക്കുന്ന ഒരു കായികാഭ്യാസം. †ജുജിത്സുവിൻെറ പരിഷ്കരിച്ച രൂപമാണ് ജൂഡോ. കൊള്ളക്കാരിൽനിന്നുള്ള ആക്രമണങ്ങൾക്കെതിരെ ഒരു രക്ഷാനടപടി എന്ന നിലയിൽ വെറും കൈയും ഇതരശരീരാവയവങ്ങളും മാത്രം ഉപയോഗപ്പെടുത്തുന്ന ഈ കായികശാസ്ത്രം വളർത്തിയെടുത്തതു ചൈനയിലെ ലാമാസന്യാസിമാരാണ്. അവരിൽനിന്നു ചൈനയിൽ എത്തിച്ചേർന്ന ചില ജാപ്പനീസ്സഞ്ചാരികൾ ജുജിത്സു അഭ്യസിച്ചു. അതു ജപ്പാനിൽ പ്രചരിപ്പിച്ചു. സാമുറായ്(Samurai)എന്ന പേരിലറിയപ്പെടുന്ന കുലീനരായ ജാപ്പനീസ്യോദ്ധാക്കൾ ഇതു യുദ്ധാവശ്യങ്ങൾക്ക് ഉപയോഗിച്ചു. ജുജിത്സുവിനു ജപ്പാൻകാർ തങ്ങളുടെതായ സംഭാവനകൾ നല്കി. പരമ്പരാഗതമായി തങ്ങളുടെ കൈയിലുണ്ടായിരുന്ന സമരമുറകൾ അവർ ഇതിനോടു കൂട്ടിച്ചേർക്കുകയും പുതിയ അടവുകൾ ആവിഷ്കരിച്ചു പ്രയോഗത്തിൽ വരുത്തുകയുംചെയ്തു.

ആദ്യകാലങ്ങളിൽ ജുജിത്സുവിൻെറ അടവുകൾ വളരെ രഹസ്യമായി മാത്രമേ പഠിപ്പിച്ചിരുന്നുള്ളു. ഭാഗ്യവാന്മാരായ ചുരുക്കം ചില ആളുകൾക്കു മാത്രമേ അതിലെ പ്രധാന സമരതന്ത്രങ്ങൾ വശമാക്കുവാൻ കഴിഞ്ഞുള്ളു. അങ്ങനെ ഈ ശാസ്ത്രത്തിൽ പ്രാവീണ്യംനേ



ജൂഡോയിൽ എതിരാളിയെ
നിലംപതിപ്പിക്കുന്നതിൻെറ വിവിധഘട്ടങ്ങൾ

ടുവാൻ കഴിഞ്ഞ ആളുകൾ അക്കാലത്തു വളരെക്കുറച്ചുപേരേ ഉണ്ടായിരുന്നുള്ളു. പ്രഭുകുലജാതന്മാരുടെയും കുലീനരായ സാമുറായ് യോദ്ധാക്കളുടെയും കുത്തകയായി ജുജിത്സു അക്കാലത്തു നിലകൊണ്ടു. എന്നാൽ ഫ്യൂഡൽവ്യവസ്ഥിതിയുടെ തകർച്ചയോടെ ഈ സ്ഥിതിക്കു മാറ്റംവരുകയും ജുജിത്സു ജപ്പാനിലെങ്ങും പ്രചരിക്കുകയുംചെയ്തു. ജനങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു കായികവിനോദമെന്ന സ്ഥാനം അത് പിടിച്ചുപറ്റി. ഇന്ന് ജപ്പാനിൽ സ്കൂളുകളിലും ജിംനേഷ്യങ്ങളിലുമായി അനവധിയാളുകൾ ജൂഡോ പഠിക്കുന്നു. ഗവൺമെൻറുതന്നെ കര-നാവിക-പോലീസ് സേനകളിലെ അംഗങ്ങൾക്ക് ജുജിത്സുവിൽ ശിക്ഷണം നല്കുന്നുണ്ട്.

ദീർഘകാലത്തെ അഭ്യാസവും പരിശീലനവുംകൊണ്ടേ ഒരാൾക്ക് ഈ വിദ്യയിൽ നൈപുണ്യം നേടാൻ കഴിയൂ. കായബലത്തെക്കാൾ മെയ്വഴക്കമാണ് ഇതിലെ വിജയത്തിൻെറ ജീവൻ. തന്നെക്കാൾ ശക്തനായ എതിരാളിയെ നല്ല മെയ് സ്വാധീനമുള്ള മല്ലൻ അനായാസമായി 'മലർത്തിയടിക്കുന്ന'ത് ഈ ഗുസ്തിയിൽ സാധാരണമാണ്. ഇതിൽ പങ്കെടുക്കുന്നവരുടെ ഏറ്റവും ഫലപ്രദമായ ആയുധങ്ങൾ കാലുകളും പാദങ്ങളുമാണ്. എതിരാളിയെ പൊക്കിയെടുത്തെറിഞ്ഞ് താഴെയിടുക എന്നത് ഇതിലെ ഒരു പ്രധാന അടവാകയാൽ പരിശീലനകാലത്ത് ആദ്യം നല്കുന്ന ശിക്ഷണം കേടുകൂടാതെ താഴെ പതിക്കുന്നതിലാണ്. ഇങ്ങനെ പതിക്കുന്ന ആൾ ഉരുണ്ട് ചാടിയെഴുന്നേറ്റു പെട്ടെന്ന് സ്വന്തം കാലിൽ നില്ക്കാത്തപക്ഷം എതിരാളികളിരുവരും നിലത്തുകിടന്നു പരസ്പരം കൈകാലുകൾകൊണ്ടു കൊളുത്തിട്ടും മറ്റും കുത്തിമറിഞ്ഞ് മൽപിടിത്തം തുടരുന്നു. കഴുത്തിലും കക്ഷത്തിലും കൈപ്പടങ്ങളിലും പിടിച്ചു ഞെരിച്ച് എതിരാളിയെ നിഷ്ക്രിയനാക്കുന്ന അടവ് ഇതിൽ അനുവദനീയമാണ്. വിദഗ്ധരായ ജാപ്പനീസ് ജൂഡോക്കാർ പാശ്ചാത്യമല്ലയുദ്ധപ്രവീണന്മാരെ നിഷ്പ്രയാസം അടിപെടുത്തിയിട്ടുണ്ട്. ആധുനികകാലങ്ങളിൽ ഇതു വിനോദരൂപേണയാണ് നടത്താറ്. എന്നാൽ ഈ കളി കാര്യമായി മാറിയാൽ പരാജിതന് അംഗഭംഗമോ മരണം തന്നെയോ സംഭവിച്ചുവെന്നുവരാം.

ജൂഡോ പലതരത്തിലുണ്ട്. ടോക്കിയോയിൽ മാത്രം അമ്പതിലേറെ സമ്പ്രദായങ്ങളുണ്ടായിരുന്നു. 1882-ൽ ജപ്പാൻകാരനായ പ്രൊഫസ്സർ ജിഗോറോ കാനോ ആണ് നശിച്ചുതുടങ്ങിയിരുന്ന ഈ കലയെ പുനരുജ്ജീവിപ്പിച്ചത്. അദ്ദേഹം വിവിധസമ്പ്രദായങ്ങളിൽപ്പെട്ട മുറകൾ പഠിക്കുകയും എല്ലാ വിഭാഗങ്ങളിലുമുള്ള ഉത്തമമായ അടവുകളും തന്ത്രങ്ങളും ക്രോഡീകരിച്ചു പുതിയൊരു സമ്പ്രദായം രൂപപ്പെടുത്തുകയുംചെയ്തു. ഈ പുതിയ സമ്പ്രദായത്തിന് അദ്ദേഹം ജൂഡോ എന്നു പേരുനല്കി. ടോക്കിയോനഗരത്തിൽ ജൂഡോവിൽ ശിക്ഷണം നല്കുവാൻ അദ്ദേഹം സ്ഥാപിച്ച വിദ്യാലയം പ്രസിദ്ധമാണ്.

എതിരാളിയുടെ ശക്തിക്കു വഴങ്ങിക്കൊടുക്കുകയും അയാൾ ശക്തി ഉപയോഗിക്കുമ്പോൾ അയാളുടെ സമനില തെറ്റിച്ച് അടിപണിയിക്കുകയുമാണ് ജൂഡോയിൽ ചെയ്യുന്നത്. ശാരീരികശക്തിയുടെകൂടെ മെയ്സ്വാധീനവും അഭ്യാസചാതുരിയും തന്ത്രജ്ഞതയും ചേരുമ്പോഴാണു ജൂഡോയിൽ പൂർണത നേടുവാൻ കഴിയുക. അഭ്യാസിയുടെ ശക്തി എതിരാളി ഏറ്റവും ദുർബലനായിരിക്കുന്ന വശത്തു പ്രയോഗിച്ച് അയാളുടെ പ്രതിരോധം തകർക്കുക എന്നതാണ് ജൂഡോയുടെ രഹസ്യം.

ജപ്പാനിലെ ദേശീയ ജൂഡോമത്സരത്തിൽ

ജൂൺ

ക്രിസ്തുവർഷത്തിലെ ആറാമത്തെ മാസം. ദൈർഘ്യം 30 ദിവസം. റോമൻ റിപ്പബ്ലിക്കൻ കലണ്ടറിലെ 'ജൂനിയസ്' എന്നതിൻെറ തദ്ഭവം. ജൂണോ എന്ന ദേവിയുടെ പേരിൽ നിന്നാകാം മാസത്തിന് ഈ പേരു വന്നത്.

†കലൻഡർ, †മാസങ്ങൾ നോക്കുക.

ജൂതകലൻഡർ

†കലൻഡർ നോക്കുക.

ജൂതദർശനം

ജൂതന്മാരുടെ ആധ്യാത്മികമായ കാഴ്ചപ്പാട്. ഈശ്വരൻ നമ്മുടെ നാഥനാണ്; "ഒരു ഈശ്വരനേ ഉള്ളു", ഇതാണു ജൂതരുടെ വിശ്വാസം. ഈശ്വരൻെറ അസ്തിത്വവും കാരുണ്യവും നന്മയും ഏതു പ്രവൃത്തിയിലും എന്നും എവിടെയും പ്രകടമാണ് എന്ന് അവർ കരുതുന്നു.

സിനായ് പ്രദേശത്തുവച്ച് ഈശ്വരൻ മോശയ്ക്കു ദർശനം നല്കി എന്നാണു ബൈബിളിൽ പറയുന്നത്. ഇസ്രായേൽ മക്കൾ അനുസരിക്കേണ്ട നിയമങ്ങൾ എല്ലാം അദ്ദേഹം പറഞ്ഞുകൊടുത്തു. മോശയുടെ നിയമം ദൈവം നല്കുന്ന സംരക്ഷണത്തിനു പകരമായി നിയമം അനുസരിക്കാനുള്ള ബാധ്യത മനുഷ്യനിൽ സൃഷ്ടിച്ചതായി ജൂതർ വിശ്വസിക്കുന്നു. പാപം ചെയ്യുന്നവനും, സമൂഹത്തെ പീഡിപ്പിക്കുന്നവനും ദൈവവുമായുള്ള കരാറിനു ഭംഗം വരുത്തുന്നു. പശ്ചാത്താപമാണു പ്രായശ്ചിത്തം. 'പശ്ചാത്താപം' എന്നതിനു ജൂതർ ഉപയോഗിക്കുന്ന വാക്കിനു 'മടങ്ങൽ' (ദൈവവുമായുള്ള കരാറിന്റെ പാലനത്തിലേക്കു മടങ്ങിവരവ്) എന്നും കൂടി അർഥമുണ്ട്.

യഹൂദജനത ദൈവാധിഷ്ഠസമൂഹം ആണ് എന്ന് അവർ കരുതുന്നു. യരുശലേമിന്റെ നാശവും യഹൂദരുടെ പ്രവാസവും കരാർ ലംഘനത്തിനു ദൈവം നല്കിയ ശിക്ഷയായിട്ടാണു ഗണിക്കപ്പെടുന്നത്.

സിനായി പ്രദേശത്തുവച്ചു മോശയ്ക്കുണ്ടായ വെളിപാട് മോശയുടെ അഞ്ചു പുസ്തകങ്ങളിൽ വിവരിച്ചിട്ടുണ്ട്. ഇതാണു യഹൂദനിയമശാസ്ത്രത്തിനും അടിസ്ഥാനം. പരിഷ്കരണവാദികൾ ഇതിനെ മാർഗദർശകരേഖയായിട്ടല്ലാതെ അനുശാസനമായി ഗണിക്കുന്നില്ല. ധാർമികവും സാന്മാർഗികവുമായ പ്രവൃത്തികളിലൂടെ ജീവിതത്തെ ശുദ്ധീകരിക്കലാണു യഹൂദ നിയമത്തിന്റെ ലക്ഷ്യം. 'തനിക്ക് അരോചകമായത് അന്യനോടു പ്രവർത്തിക്കരുത്' എന്നാണ് അനുശാസനം. ഇതാണു ജൂതരുടെ മുക്തിസിദ്ധാന്തം.

പാപമോചനത്തിനായി ഒരു ദിവസം എല്ലാ പ്രവൃത്തികളിൽനിന്നും ഒഴിഞ്ഞു നില്ക്കുന്നു. അന്നു യെരുശലേമിലെ ക്ഷേത്രത്തിൽ ബലികൾ അർപ്പിക്കുന്നു. പുരോഹിതൻ തനിക്കും കുടുംബത്തിനും ഇസ്രായേൽ മക്കൾക്ക് എല്ലാവർക്കും വേണ്ടിയാണു ബലി അർപ്പിക്കുന്നത്. ക്ഷേത്രം നശിച്ചപ്പോൾ ബലിയുടെ സ്ഥാനത്തു പാപമോചനത്തിനുള്ള ഉപകരണം പ്രാർഥന ആയി. പീഡിതനുമായി രഞ്ജിക്കാതെ പാപത്തിൽനിന്നു മോചനമില്ല എന്നാണു മോശ പറയുന്നത്.

മരണാനന്തര ജീവിതത്തിൽ യഹൂദർ ക്രിസ്തുമതാരംഭകാലം വരെ വിശ്വസിച്ചിരുന്നില്ല. സ്വർഗരാജ്യം ഭൂമിയിലെ സുഖജീവിതം തന്നെയായിരുന്നു അവർക്ക്. ഭാവിജീവിതത്തെപ്പറ്റിയുള്ള വിശ്വാസം ക്രിസ്തുമതമാണു സൃഷ്ടിച്ചത്. ജൂതമതം ഈ ലോകത്തെക്കുറിച്ചല്ലാതെ പരലോകത്തെക്കുറിച്ച് ഒന്നും പറയുന്നില്ല.

മിശിഹയുടെ ആഗമനം യഹൂദർ പ്രതീക്ഷിച്ചിരുന്നു. എന്നാൽ യേശുക്രിസ്തു മിശിഹ ആണെന്നു വിശ്വസിക്കാൻ കുറച്ചുപേരേ തയ്യാറായുള്ളു. അവരാണ് ആദ്യത്തെ ക്രിസ്ത്യാനികൾ. 3000 വർഷത്തോളം പഴക്കമുള്ള ഒരു വിശ്വാസപ്രമാണമാണു യഹൂദരുടെത്. ലോകമെങ്ങും ചെന്നെത്തിയ യഹൂദർ ഭിന്നപരിതഃസ്ഥിതികളിലും സംസ്കാരങ്ങളിലും ജീവിക്കുകയാൽ മതവിശ്വാസത്തിനും വിഭിന്ന രൂപങ്ങൾ കൈവന്നു. ഇന്ന് അജ്ഞേയതാവാദികളും നിരീശ്വരരും, ഭൗതികവാദികളും മാനവികതാവാദികളും യഹൂദരുടെ ഇടയിലുണ്ട്. വിശ്വാസത്തിലെ ഈ ഭിന്നത നിലവിലിരിക്കുമ്പോഴും ഇവരെല്ലാം യഹൂദരെന്നു സ്വയം വിശേഷിപ്പിക്കുന്നു.

ജൂതന്മാർ

പ്രാചീന ഇസ്രായേൽ (ജൂദാ) രാജ്യത്തെ ജനങ്ങൾ. ഇവരെ യഹൂദർ എന്നും പറയാറുണ്ട്. ജൂദാ(യഹൂദാ)ഗോത്രപിതാവായിരുന്നു എന്നു പറയുന്നു. 'ഇസ്രായേൽ' എന്ന അപരനാമമുള്ള യാക്കോബിന്റെ പന്ത്രണ്ടു പുത്രന്മാരിൽനിന്നാണ് ഈ ഗോത്രങ്ങൾ ഉദ്ഭവിച്ചത്. അവയിൽ ജൂദായുടെയും ബെഞ്ചമിന്റെയും ഗോത്രങ്ങൾ സമൂഹമായിത്തീർന്നു. ജൂദായും ഇസ്രായേലും ഒരേ വർഗത്തിൽപ്പെട്ട രണ്ടു സമൂഹങ്ങളുടെ പ്രാദേശികസംജ്ഞകളായിരുന്നു. പിന്നീടു ജൂദാ എന്ന പദം ഒരു മതവിഭാഗത്തെക്കുറിക്കുന്നതായി മാറി. കാരണം, ഈ മതം ആവിർഭവിച്ചതും നിലനിന്നതും ജൂദായിലാണ്. അങ്ങനെയാണ് 'യാഹ്‌വേ' (യഹോവ) ആരാധനയിൽ അധിഷ്ഠിതമായ മതത്തിന്റെ അനുയായികൾക്കു ജൂതന്മാർ എന്ന പേർ സിദ്ധിച്ചത്. അതുപോലെതന്നെ ഇസ്രായേൽ എന്ന പദം ചില പ്രാദേശികഗോത്രങ്ങളെ മാത്രം കുറിക്കുന്നതിനു പകരം എല്ലാ ഗോത്രങ്ങൾക്കും പൊതുവെയുള്ള ഒന്നായി വീണ്ടും രൂപാന്തരപ്പെട്ടു. അങ്ങനെയത്രെ 'ജൂതന്മാർ' എന്നും 'ഇസ്രായേല്യർ' എന്നും സമാനാർഥങ്ങളായ രണ്ടു സംജ്ഞകൾ നിലവിൽവന്നത്.

ഇവയ്ക്കുപുറമെ 'ഹീബ്രു' (ഇബ്രായർ) എന്നും അവർ അറിയപ്പെടുന്നുണ്ട്. 'ഹെബർ' (ഉത്പത്തി 11:14—17) എന്ന പൂർവികനിൽനിന്ന് ഉദ്ഭവിച്ചവരായതുകൊണ്ടത്രേ 'ഹീബ്രു' എന്ന പേർ തങ്ങൾക്കു സിദ്ധിച്ചതെന്നാണ് ജൂതന്മാരുടെയിടയിൽ ഉള്ള വിശ്വാസം. എന്നാൽ 'ഹബീരു' എന്ന പദമാണ് 'ഹീബ്രു'വിന്റെ യഥാർഥ മൂലം. സ്ഥിരതാമസക്കാരല്ലാത്ത ആക്രമണസംഘങ്ങളും അടിമകളും പൊതുവെ 'ഹബീരു' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അതുകൊണ്ട് ബി.സി. പതിനഞ്ചാംനൂറ്റാണ്ടിനും പന്ത്രണ്ടാംനൂറ്റാണ്ടിനുമിടയ്ക്കു പലസ്തീനിന്റെ ചില പ്രദേശങ്ങളെ ആക്രമിച്ചു കീഴടക്കി അവിടെ വാസമുറപ്പിച്ച ഹാബീരുവാണ് പിന്നീട് 'ഹീബ്രു' ആയിത്തീർന്നത് എന്നു കരുതാം.

പ്രാർഥനയിൽ മുഴുകിയ
ജൂതപുരോഹിതൻ

ആരംഭചരിത്രം. ജൂതന്മാരുടെ പൂർവികനായ അബ്രഹാം കൽദീസിലെ ഊർ എന്ന സ്ഥലത്തുനിന്നു പരിവാരങ്ങളോടുകൂടി പുറപ്പെട്ട്, പലസ്തീനിലെ കനാൻ പ്രദേശത്തു വന്നു താമസമുറപ്പിച്ചു എന്നാണ് ബൈബിളിൽ കാണുന്നത്. പിന്നീട് ഇവർ ഈജിപ്തിൽ കുടിയേറിപ്പാർത്തു. ഫറോരാജാക്കന്മാർ ഇവരെ മർദിച്ച് അടിമകളാക്കി.

മതം. അടിമത്തത്തിൽനിന്ന് അവരെ വിമോചിപ്പിച്ചു പൂർവികന്മാരുടെ ആസ്ഥാനമായ കനാനിലേക്കു നയിച്ചത് മോശെയായിരുന്നു. അദ്ദേഹമാണ് ഇസ്രായേലിന്റെ മതസ്ഥാപകനും നിയമദാതാവും. അവർക്ക് ഒരു പ്രാചീനമതം ഉണ്ടായിരുന്നുവെങ്കിലും അവരുടെ ദേശീയദൈവമായ യഹോവ ആവിർഭവിക്കുന്നത് മോസസ്സിന്റെ ആഗമനത്തോടുകൂടിയാണ്. പലസ്തീനിന്റെ ദക്ഷിണഭാഗത്ത് അധിവസിച്ചിരുന്ന ഒരു ഗണത്തിന്റെ ദൈവമായിരുന്നു യഹോവ. മോസസ്സിന്റെ കുടുംബാംഗങ്ങൾ ഈ ഗണത്തിൽപ്പെട്ടവരായിരുന്നു. അങ്ങനെ തന്റെ കുലദൈവത്തെയാണ് ഇസ്രായേൽജനത്തിന്റെ ദൈവമായി അദ്ദേഹം അവരോധിച്ചത്. † യഹൂദമതം നോക്കുക.

ഗോത്രങ്ങൾ. തങ്ങൾ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാണെന്ന വിശ്വാസമാണ് ഇസ്രായേൽഗോത്രങ്ങളിലെ തീക്ഷ്ണമായ ഐക്യബോധത്തിനു ഹേതു. ഇസ്രായേൽ ഗോത്രങ്ങളെല്ലാം ഒരു പൂർവികന്റെ സന്താനപരമ്പര അല്ല.

പതിമൂന്നാംനൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി ഇസ്രായേൽജനത കനാൻപ്രദേശത്തു വാസമുറപ്പിച്ച് അയൽവർഗങ്ങളുമായി ഇണങ്ങിച്ചേർന്ന് അവരുടെ ഭാഷയും സംസ്കാരവും മതവും സ്വീകരിച്ചു.

രാഷ്ട്രം. ഇസ്രായേൽ ഗോത്രങ്ങൾ കനാനിൽ കുടിയേറിപ്പാർത്തശേഷം അവിടെ ആഭ്യന്തരകലഹങ്ങൾ ഉണ്ടായി. ഈ സന്ദർഭത്തിൽ ഫിലിസ്തീനർ (Philistines) എന്ന 'കടൽ സഞ്ചാരികൾ' കനാനിനു വടക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന തീരപ്രദേശങ്ങളിൽ താവളമടിച്ചു. അങ്ങനെയാണ് ആ പ്രദേശത്തിനു പലസ്തീൻ എന്ന പേർ വന്നത്. തങ്ങളുടെ രാജ്യം വിസ്തൃതമാക്കുവാൻ ഫിലിസ്തീനർ കിഴക്കോട്ടും ഇസ്രായേൽക്കാർ പടിഞ്ഞാറോട്ടും നീങ്ങി. അവർ തമ്മിൽ സംഘട്ടനം നടന്നു. ഈ സംഘട്ടനമാണ് ആഭ്യന്തരകലഹങ്ങളിൽ ഏർപ്പെട്ടിരുന്ന ഹീബ്രുഗോത്രങ്ങളെ



റോമക്കാരുടെ വധഭീഷണിയിൽനിന്ന് പേഴ്സ്യൻ ജൂതന്മാർ രക്ഷപ്പെട്ട കഥ വിവരിക്കുന്ന കടലാസ് ചുരുൾ (17-ാംശതകം)

സംഘടിപ്പിച്ചത്. അങ്ങിനെ വിഭിന്ന ഗോത്രങ്ങൾ കെട്ടുറപ്പുള്ള ഒരു സംഘടനയായി രൂപമെടുത്തതോടുകൂടി രാജവാഴ്ച നിലവിൽവന്നു.

രാജവാഴ്ച. ശൗൽ ആയിരുന്നു ഇസ്രായേലിലെ ആദ്യരാജാവ്; പിന്നീട് ദാവീദ്, സോളമൻ എന്നിവരും.

ജനങ്ങളുടെ ഇടയിൽ അസംതൃപ്തിയും വിഭാഗീയ മനോഭാവവും മൂർധന്യത്തിലെത്തിയതു സോളമൻെറ അനന്തരഗാമിയായ റെഹോബൊവാമി(Rehoboam)ൻെറ ഭരണകാലത്തായിരുന്നു.

രാഷ്ട്രത്തിൻെറ വിഭജനം: പൊറുതിമുട്ടിക്കുന്ന നികുതിഭാരം നിമിത്തം ദക്ഷിണമേഖലയിൽനിന്ന് വിട്ടകന്നു പോരാൻ ജനങ്ങളെ പ്രേരിപ്പിച്ചു. ജറെബൊവാം എന്ന സാഹസികൻെറ നേതൃത്വത്തിൽ ജെറുസലേമിന് വടക്കുഭാഗത്തു സ്ഥിതിചെയ്യുന്ന പ്രദേശങ്ങൾ ഇങ്ങനെ ദക്ഷിണമേഖലയായ ജൂദായിൽനിന്നു വിട്ടുപോന്ന് ഇസ്രായേൽ എന്ന പുതിയ രാഷ്ട്രത്തോടു ചേർന്നു. രണ്ടു പ്രദേശങ്ങളും തമ്മിൽ നിരന്തരസമരം നടന്നു. ഈ സമരത്തിനു വിരാമം ഉണ്ടായത് ഈജിപ്തിൻെറ ആക്രമണഭീഷണി ഉണ്ടായപ്പോഴാണ്. എന്നാൽ ഈജിപ്ഷ്യൻസൈന്യങ്ങൾ കനാനിൽനിന്നു പിൻവാങ്ങിയ ഉടനെ ഇസ്രായേലും ജൂദായും തമ്മിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. തുടരെത്തുടരെയുണ്ടായ പരാജയങ്ങളും ആഭ്യന്തരകലഹങ്ങളും, ഇസ്രായേൽരാജ്യത്തെ നാമാവശേഷമാക്കി. ഈ കാലത്താണ് ഓംറി അധികാരത്തിൽ വന്നത്. ഓംറിയാണ് ഇസ്രായേൽരാഷ്ട്രത്തിൻെറ ശില്പി. അദ്ദേഹം ജൂദായുമായി സമാധാനവും സൗഹാർദവും പുനഃസ്ഥാപിച്ചു.

ഇതിനിടയ്ക്ക് ഇസ്രായേലും ദമാസ്കസും തമ്മിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. ഓംറിയുടെ അനന്തരഗാമിയായ ആഹാബ് (Ahab) ദമാസ്കസ് രാജാവിനെ തോല്പിച്ചു തടവുകാരനാക്കി. അസ്സീറിയയിലെ രാജാവായ ഷാൽമനസ്സർ(Shalmanessar) അയൽരാജ്യങ്ങൾ പിടിച്ചടക്കി പടിഞ്ഞാറോട്ടു നീങ്ങിയപ്പോൾ അദ്ദേഹത്തെ എതിർക്കാൻ ഇസ്രായേലും ദമാസ്കസും ഒന്നുചേർന്നു. ബി.സി. 853-ൽ ക്വാർക്വാറിൽ (Quarquar)വച്ചു നടന്ന യുദ്ധത്തിൽ അസ്സീറിയയ്ക്കു സുനിശ്ചിതമായ വിജയം ലഭിച്ചില്ല. തന്മൂലം കുറേക്കാലത്തേക്കു പടിഞ്ഞാറൻപ്രദേശങ്ങൾ അസ്സീറിയയുടെ ആക്രമണഭീഷണിയിൽനിന്നു വിമുക്തമായിരുന്നു.

വൈദേശികാക്രമണഭീതി അകന്നതോടെ ഇസ്രായേലും ദമാസ്കസും തമ്മിൽ വീണ്ടും യുദ്ധം ഉണ്ടായി. യുദ്ധത്തിൻെറ കെടുതികളനുഭവിച്ചു ജനങ്ങൾ പ്രക്ഷോഭസന്നദ്ധരായി നില്ക്കുമ്പോഴാണ് ആഹാബിൻെറ രാജ്ഞിയായ ഇസബേൽ അവരുടെ മതവികാരങ്ങൾക്കു ക്ഷതമേല്പിച്ചുകൊണ്ട് തൻെറ ദേവനായ ബാലിനെ (Bail) പ്രതിഷ്ഠിക്കുവാൻ സുമേറിയയിൽ ഒരു ക്ഷേത്രം നിർമിച്ചത്. ബാൽആരാധന ഇരുരാജ്യങ്ങളിലും പ്രചരിപ്പിക്കുവാനും അവർ ശ്രമിച്ചു. ഈ നടപടി ജനങ്ങളെ അക്രമാസക്തരാക്കി. അവർ സൈന്യാധിപനായ ജെഹുവിൻെറ നേതൃത്വത്തിൽ കൊട്ടാരം ആക്രമിച്ചു രാജകുടുംബാംഗങ്ങളെ മുഴുവൻ വധിച്ചു. ജെഹുവിനെ ഇസ്രായേലിൻെറ രാജാവായി വാഴിച്ചു.

ജൂദായുടെ ചരിത്രവും ഇസ്രായേലിൻെറതുപോലെതന്നെ ആയിരുന്നു. അയൽരാജ്യങ്ങളുമായി നിരന്തരസമരത്തിൽ ഏർപ്പെടേണ്ടിവന്നതിനാൽ ജൂദായുടെ ശക്തി ക്ഷയിക്കുകയും വൈദേശികാധിപത്യത്തിനു വിധേയമാകുകയുംചെയ്തു.



ഹീബ്രുഭാഷയിൽ ആദ്യമായി (1514) അച്ചടിച്ച ഗ്രന്ഥത്തിൽനിന്ന്

പ്രവാചകന്മാർ. യഹോവയുടെ മാർഗത്തിൽനിന്നു വ്യതിചലിച്ചു പോകുന്ന രാജാക്കന്മാരെയും പുരോഹിതന്മാരെയും ജനങ്ങളെയും നേർവഴിക്കു നയിക്കുവാനും യഹോവയിലുള്ള വിശ്വാസം അവരിൽ സ്ഥിരീകരിക്കുവാനും നിയുക്തരായവരാണ് 'നബി' എന്നറിയപ്പെടുന്ന പ്രവാചകന്മാർ. ഓരോ നബിയുടെയും സന്ദേശം അതതുകാലത്തിന് അനുസൃതമായിരുന്നു. അങ്ങനെ നബിസന്ദേശങ്ങൾ കാലഭേദമനുസരിച്ചു വ്യത്യസ്തങ്ങളായിരുന്നുവെങ്കിലും അവയിലെല്ലാം അന്തർലീനമായി സ്ഥിതിചെയ്തിരുന്നത് യഹോവയും ഇസ്രായേൽജനവും തമ്മിലുള്ള പാവനമായ ഉടമ്പടിയാണ്. സമുദായാംഗങ്ങൾ തമ്മിലുള്ള സമഭാവനയും ധർമനിരതമായ പെരുമാറ്റവുമാണ് ആ ഉടമ്പടിയുടെ കാതലായ ഒരു ഭാഗം. എന്നാൽ എട്ടാം നൂറ്റാണ്ടിലുണ്ടായ ഭൗതികാഭിവൃദ്ധിയിൽ ഈ വ്യവസ്ഥ മിക്കവാറും വിസ്മരിക്കപ്പെട്ടുപോയി. രാജ്യത്തിലെ സമ്പത്തു മുഴുവൻ അല്പം ചില വ്യക്തികളുടെ കൈകളിലൊതുങ്ങി. അവർ അസാന്മാർഗികമായ മാർഗങ്ങളിൽക്കൂടി സ്വാർഥതാത്പര്യങ്ങൾ തേടിക്കൊണ്ടിരുന്നു. ക്രമേണ ചൂഷണവർഗവും ചൂഷിതവർഗവുമായി സമുദായം വിഭജിക്കപ്പെട്ടു. നീതിന്യായക്കോടതികൾ അഴിമതിയുടെ ആസ്ഥാനമായി മാറി. മതം വെറും ശുഷ്കമായ ആചാരം മാത്രമായി. ഇവയ്ക്കെല്ലാം എതിരായിട്ടാണ് ആമോസ് (Amos), ഹോശേയ (Hosea), മീഖാ (Micah), യെശയ്യാവു (Isiah) മുതലായ പ്രവാചകന്മാർ പ്രതിഷേധിച്ചത്. ഈ ദുരാചാരങ്ങളുടെ വെളിച്ചത്തിൽ ദൈവത്തിന്റെ ജനമെന്നുപോലും അഭിമാനിക്കാൻ അവകാശമില്ലാത്ത അവരെ യഹോവ കൈവെടിയുമെന്നും, അതിഭയങ്കരമായ ശിക്ഷാവിധി അവിടുന്ന് അവരുടെമേൽ നടപ്പാക്കുമെന്നും പ്രവാചകന്മാർ മുന്നറിയിപ്പുനല്കി.



ഉത്ഖനനത്തിൽ കണ്ടെത്തിയ ജൂതപ്പള്ളിയുടെ
അവശിഷ്ടങ്ങൾ (രണ്ടാംശതകം)

ഇസ്രായേൽരാഷ്ട്രത്തിന്റെ പതനം. അസംതൃപ്തിയും ആഭ്യന്തരക്കുഴപ്പങ്ങളുംമൂലം ഉത്തരസംസ്ഥാനമായ ഇസ്രായേൽ നാശത്തിന്റെ വക്കിലെത്തിയ സന്ദർഭത്തിലാണ് അതിനു മാരകമായ ആഘാതമേകാൻ അസ്സീറിയ വീണ്ടും പ്രത്യക്ഷമായത്. അസ്സീറിയൻ ആക്രമണത്തെ നേരിടാൻ ഇസ്രായേൽ, ജൂദാ, ദമാസ്കസ് മുതലായ രാജ്യങ്ങൾ ഒന്നുചേർന്നു. പക്ഷേ, അതുകൊണ്ടു ഫലമൊന്നുമുണ്ടായില്ല. അസ്സീറിയൻ രാജാവായ തിഗ്ലാത്ത് പീലെസെർ മൂന്നാമൻ (Tiglath Pilesar) ഈ രാജ്യങ്ങളെ കീഴടക്കി ഭാരമേറിയ കപ്പം അവരുടെമേൽ ചുമത്തി. എന്നാൽ ജൂദാ ഒഴികെ മറ്റു രാജ്യങ്ങൾ വീണ്ടും അസ്സീറിയയ്ക്കെതിരായി സംഘടിച്ചു. കുപിതനായ അസ്സീറിയൻ ചക്രവർത്തി സഖ്യരാഷ്ട്രങ്ങളെ ആക്രമിച്ചു കീഴടക്കി ഇസ്രായേലിലെ ജനങ്ങളെ തടവുകാരാക്കിക്കൊണ്ടുപോയി. ഇസ്രായേൽപ്രദേശം ശമേരിയ പ്രവിശ്യ എന്ന പേരിൽ തന്റെ സാമ്രാജ്യത്തോടു കൂട്ടിച്ചേർത്തു. തടവുകാരാക്കപ്പെട്ടവർ തങ്ങളുടെ പഴയ ആസ്ഥാനങ്ങളിലേക്കു തിരിച്ചുവന്നില്ലെന്നാണ് പരമ്പരാഗതമായ വിശ്വാസം. അതുകൊണ്ടാണ് അവർ ഇന്നും 'കാണാതായ ഇസ്രായേൽ ഗോത്രങ്ങൾ' (The Lost Tribes of Israel) എന്ന് അറിയപ്പെടുന്നത്. വിജനമായിത്തീർന്ന ശമേരിയ പ്രദേശങ്ങളിൽ അന്യവർഗങ്ങളിൽ ചേർന്നവരെ അസ്സീറിയ കുടിയിരുത്തി. ഈ നവാഗതർ ഇസ്രായേലിൽ അവശേഷിച്ചിരുന്നവരുമായി ഇണങ്ങിച്ചേരുകയും യഹോവാമതം സ്വീകരിക്കുകയും ചെയ്തു. പക്ഷേ, അതോടുകൂടി തങ്ങളുടെ പൗരാണിക മതാചാരങ്ങളും അവർ കൂട്ടിച്ചേർത്തു. അങ്ങനെ വിജാതീയാചാരങ്ങളാൽ മലീമസമായ ഒരു യഹോവാമതമാണ് ശമേരിയയിൽ പ്രചരിച്ചത്. പില്ക്കാലങ്ങളിൽ ജൂതന്മാർ ശമേരിയക്കാരോട് (Samaritans) അവജ്ഞാപൂർവം പെരുമാറാനുള്ള കാരണം ഇതാണ്.

ജൂദാ(യഹൂദ)രാജ്യം. ഇസ്രായേൽ രാജ്യത്തിന്റെ പതനം ജൂദായ്ക്കു വലിയൊരാഘാതമായിരുന്നു. ഇസ്രായേലിലെപ്പോലെ അസ്സീറിയൻ ആധിപത്യം ജൂദായിലില്ലായിരുന്നുവെങ്കിലും പാരിച്ച കപ്പം അസ്സീറിയയ്ക്കു കൊടുക്കേണ്ടിയിരുന്നു, ജൂദ. ഈ കപ്പം കൊടുക്കുവാൻ ജൂദരാജാവായ ആഹാസിനു ജനങ്ങളുടെമേൽ ദുർവഹമായ നികുതി ചുമത്തേണ്ടതായി വന്നു. കൂടാതെ അസ്സീറിയൻ അധീശത്വത്തോടുകൂടി അവരുടെ ദേവന്മാരും ജൂദായിൽ പ്രവേശിച്ചു. അങ്ങനെ രാഷ്ട്രീയവും മതപരവുമായ ദുരാചാരങ്ങൾ നാട്ടിൽ പരന്നു. ഇവയ്ക്കെതിരായി ഇസ്രായേലിൽ ഉയർന്നതുപോലെ ജൂദായിലും പ്രവാചകന്മാരുടെ പ്രതിഷേധസ്വരം ഉയർന്നു. ആ സ്വരം ആഹാസിന്റെ അനന്തരഗാമിയായ യെഹെസ്കിയാവു (Hezekiah) ചെവിക്കൊണ്ടു. യഹോവയുടെ ആരാധനയ്ക്കു യോജിക്കാത്തതെല്ലാം നാട്ടിൽനിന്നു ബഹിഷ്കരിച്ചു.

ഇതിനിടയ്ക്ക് അസ്സീറിയയ്ക്ക് എതിരായുള്ള വിപ്ലവങ്ങൾ സാമ്രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഉണ്ടായി. പക്ഷേ, പ്രവാചകനായ യെശയ്യാവിന്റെ ഉപദേശാനുസരണം യെഹെസ്കിയാവു വിപ്ലവത്തിനു മുതിർന്നില്ല. അങ്ങനെ തത്കാലം അസ്സീറിയയുടെ കോപാഗ്നിയിൽ നിന്നു രാജ്യം രക്ഷപെട്ടു. എന്നാൽ ബി.സി. 705-ൽ ബാബിലോണിയയുടെ സഹായത്തോടുകൂടി ജൂദാ അസ്സീറിയയുടെ മേലധികാരത്തെ ധിക്കരിച്ചു. സെനാച്ചറിബ് (Senacherrib) ആയിരുന്നു ആ സന്ദർഭത്തിൽ അസ്സീറിയയിലെ രാജാവ്. അദ്ദേഹം ജൂദായെ നാമാവശേഷമാക്കുവാൻ യരുശലേമിനെ വളഞ്ഞു. എന്നാൽ അസ്സീറിയൻസൈന്യത്തിന് ആകസ്മികമായി നേരിട്ട വിപത്തുമൂലം യെരുശലേം രക്ഷപ്പെട്ടു.

ജൂദാ ആദ്യം ഈജിപ്തിന്റെ അധീശത്വത്തിൽ അമർന്നിരുന്നുവെങ്കിലും, ബാബിലോണിയൻ ചക്രവർത്തി നെബൊപ്പൊളസ്സാർ ബി.സി. 605-ൽ ഈജിപ്തിനെ യുദ്ധത്തിൽ തോല്പിച്ചതോടുകൂടി അതു ബാബിലോണിയയുടെ അധികാരത്തിൻകീഴിലായി. നെബൊപ്പൊളസ്സാറിനുശേഷം ചക്രവർത്തിയായ നെബുക്കഡ് നെസ്സാർ വീണ്ടും ഈജിപ്തിനെ ആക്രമിച്ചുവെങ്കിലും വിജയിച്ചില്ല. ജൂദാ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. എന്നാൽ ബി.സി. 598-ൽ നെബുക്കഡ് നെസ്സാർ വിപ്ലവം അടിച്ചമർത്തി. രാജാവിനെയും വിപ്ലവനേതാക്കളെയും തടവുകാരാക്കുകയും ചെയ്തു. രാജാവിന്റെ മാതുലനായ സെദെക്കിയായെ (Zedekiah) ജൂദായുടെ രാജാവായി നിയോഗിച്ചു. പക്ഷേ, ഈജിപ്തിന്റെ സഹായത്തോടുകൂടി ബാബിലോണിയയ്ക്ക് എതിരെ ജനങ്ങൾ വീണ്ടും വിപ്ലവത്തിനൊരുങ്ങി. രോഷാകുലനായ നെബുക്കഡ്നെസ്സർ ജൂദായിലെ നഗരങ്ങളെ ഒന്നൊന്നായി പിടിച്ചടക്കി തലസ്ഥാനമായ യെരുശലേമിനെ അഗ്നിക്കിരയാക്കി. ജൂദായെ സുമേറിയപ്രവിശ്യയോടു കൂട്ടിച്ചേർത്തു.

ജൂദെയർ ബാബിലോണിയൻ സംസ്കാരവും മതവും സ്വീകരിച്ചു. എന്നാൽ പ്രതികൂലസാഹചര്യങ്ങളെയും സമ്മർദങ്ങളെയും അതിജീവിച്ച് യഹോവാമതം അവരുടെ ഇടയിൽ നിലനിന്നു. യെറെമിയാ (Jeremiah), യെഹെസ്കൽ (Ezekiel), യെശയ്യാ മുതലായ പ്രവാചകന്മാരായിരുന്നു ഇതിന് ഉത്തരവാദികൾ.

ബി.സി. 539-ൽ പേർഷ്യൻചക്രവർത്തിയായ സൈറസ് (Cyrus) ബാബിലോണിയ കീഴടക്കി. ഇതോടെ ജൂദായ്ക്കു മതപരവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യം ലഭിച്ചു. ജനങ്ങൾ ക്രമേണ ജൂദെയിലേക്കു മടങ്ങിവന്നു. രാഷ്ട്രസമുദ്ധാരണോദ്യമങ്ങൾക്കു പ്രവാചകന്മാരായ ഹഗ്ഗായി (Haggai)യും സക്കേറിയാ(Zachariah)യും വേണ്ടപ്രചോദനം നല്കിക്കൊണ്ടിരുന്നു. അങ്ങനെ നിരവധി ക്ലേശങ്ങളും അയൽരാജ്യങ്ങളിൽനിന്നുള്ള അലട്ടുകളും സഹിച്ച് സോളമന്റെ മഹാദേവാലയത്തിന്റെ അവശിഷ്ടങ്ങളിന്മേൽ വേറൊരു ദേവാലയം അവർ നിർമിച്ചു. എന്നാൽ നെഹേമിയാ (Nehemiah)യുടെയും എസ്രാ(Ezra)യുടെയും ആഗമനത്തോടുകൂടിയാണ് രാഷ്ട്രപുനഃസംവിധാനം യാഥാർഥ്യമായത്.

പേർഷ്യൻചക്രവർത്തിയുടെ പരിചാരകന്മാരിൽ ഒരാളായിരുന്നു നെഹേമിയാ. ജെറുസലേമിന്റെ ശോച്യാവസ്ഥയിൽ ആകുലചിത്തനായ അദ്ദേഹം അതിനെ പുനരുദ്ധരിക്കുന്നതിനുള്ള അനുവാദം ചക്രവർത്തിയോട് അഭ്യർഥിച്ചു. അദ്ദേഹം നെഹേമിയായ്ക്ക് ആ കൃത്യം നിർവഹിക്കുന്നതിനുള്ള അധികാരം നല്കി. ജൂദായുടെ ഗവർണരായി നിയോഗിച്ച് അയയ്ക്കുകയും ചെയ്തു. ക്രമേണ യഹോവാമതം പുനരുജ്ജീവിതമായി.

നെഹേമിയായ്ക്കുശേഷമുള്ള ഒരു നൂറ്റാണ്ടുകാലത്തു റാബ്ബൈ (Rabbis)മാരായ പുരോഹിതഗണത്തിന്റെ പ്രാധാന്യം വർധിച്ചു. ദേവാലയം സംഘടനാരൂപം കൈക്കൊണ്ട് സിനഗോഗ് (Synagogue) ആയി മാറി. ആരാധനാസമ്പ്രദായങ്ങൾ ക്രമീകരിക്കപ്പെട്ടു.

ഗ്രീക്ക് ആധിപത്യം. ബി.സി. 332-ൽ പേർഷ്യൻ സാമ്രാജ്യം മഹാനായ അലക്സാണ്ടർക്കു കീഴടങ്ങിയതോടെ, പലസ്തീൻ ഗ്രീക്ക് ആധിപത്യത്തിൻ കീഴിലായി. അദ്ദേഹം യരുശാലേമിലെ പ്രധാനാചാര്യനെ (പ്രഥമ പുരോഹിതനെ) ജൂദാ പ്രവിശ്യയിലെ തന്റെ പ്രതിനിധിയായി അംഗീകരിച്ചു. അങ്ങനെ പ്രധാനാചാര്യൻ ജൂതന്മാരുടെ വൈദികാധ്യക്ഷൻ മാത്രമല്ല രാഷ്ട്രനേതാവുമായി. പിന്തുടർച്ചാവകാശമുള്ള ഒരു സ്ഥാനമായിരുന്നില്ല പ്രധാനാചാര്യന്റേതെങ്കിലും ഒരു പ്രത്യേക പൗരോഹിത്യകുടുംബത്തിൽപ്പെട്ടവർക്കു മാത്രമേ പ്രധാനാചാര്യനാകുവാൻ അവകാശമുണ്ടായിരുന്നുള്ളു. അങ്ങനെ ഗ്രീക്ക് ആധിപത്യത്തിൻകീഴിൽ പ്രധാനാചാര്യനായിരുന്നു ജൂദായിലെ ഭരണാധികാരി.

താൻ കീഴടക്കിയ രാജ്യങ്ങൾ 'യവനീകരിക്കുക' എന്നതായിരുന്നു അലക്സാണ്ടറുടെ ലക്ഷ്യം. യവനീകരണപ്രക്രിയ അദ്ദേഹത്തിന്റെ അനന്തരഗാമികളുടെ കാലത്തും തുടർന്നു. യെരുശലേമിലെ ജൂതന്മാരെക്കാൾ വിദേശങ്ങളിൽ വസിച്ചിരുന്ന ജൂതവിഭാഗങ്ങളാണ് യവനസംസ്കാരത്തിന്റെ സമ്മർദത്തിനു വിധേയരായത്. അങ്ങനെ ഈജിപ്തിൽ തലമുറകളായി സ്ഥിരതാമസമാക്കിയിരുന്ന ജൂതന്മാരും, ടോളമിയുടെ ഭരണസീമയിൽപ്പെട്ട പലസ്തീനിൽനിന്ന് ഈജിപ്തിൽ വന്നുചേർന്ന ജൂതന്മാരും, ഹീബ്രുഭാഷ ഉപേക്ഷിച്ചു ഗ്രീക്ക്ഭാഷ സ്വീകരിച്ചു. തത്ഫലമായി ജൂതവേദങ്ങൾ ഹീബ്രുവിൽനിന്നു ഗ്രീക്കിലേക്കു തർജമചെയ്യപ്പെട്ടു. ഇതോടുകൂടി ജൂതന്മാരും വിജാതീയരും തമ്മിലുള്ള സമ്പർക്കത്തിന് ആഴവും വ്യാപ്തിയും വർധിച്ചു.

യാഥാസ്ഥിതികത്വത്തിന്റെ ശക്തിദുർഗമായ യെരുശലേമിൽപ്പോലും ഗ്രീക്കുസംസ്കാരത്തിന്റെ നുഴഞ്ഞുകയറ്റം നടന്നു.

അലക്സാണ്ടറുടെ മരണശേഷമുണ്ടായ സാമ്രാജ്യവിഭജനത്തിൽ ഈജിപ്തിലെ ഭരണാധികാരിയായ ടോളമി പലസ്തീൻ പിടിച്ചെടുത്തു. എന്നാൽ മഹാനായ അന്തിയോക്കസ് സെലുദിയൻ സാമ്രാജ്യത്തിന്റെ അധിപനായപ്പോൾ പലസ്തീൻപ്രദേശം പിടിച്ചെടുത്തു തന്റെ സാമ്രാജ്യത്തോടു കൂട്ടിച്ചേർത്തു. ഈ അധികാരക്കൈമാറ്റത്തോടുകൂടി ജൂതന്മാർക്കു പല ആനുകൂല്യങ്ങളും ലഭിച്ചു. എന്നാൽ ബി.സി. 175-ൽ ആന്റിയോക്കസ് എപ്പിഫെനസ് (Antiochus Epiphanes) ചക്രവർത്തിയായതോടെ ജൂതന്മാരുടെ ദുർദശ വീണ്ടും ആരംഭിച്ചു. തന്റെ അധികാരത്തിൻകീഴിലുള്ള വിവിധ ജനവിഭാഗങ്ങളെ യവനീകരിച്ചു സംയോജിപ്പിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ജൂതന്മാരെ സംബന്ധിച്ചിടത്തോളം ഈ യവനീകരണപ്രസ്ഥാനം ക്രൂരമായ മതപീഡനമായി. അതു ദുസ്സഹമായപ്പോൾ ജനങ്ങൾ വിപ്ലവമുണ്ടാക്കി. പുരോഹിതനായ മത്താത്തിയാസും അദ്ദേഹത്തിന്റെ പുത്രന്മാരുമായിരുന്നു വിപ്ലവനേതാക്കൾ. അവരിൽ യൂദാസ് അതിപ്രഗല്ഭനായ സമരതന്ത്രജ്ഞനായിരുന്നു. അദ്ദേഹം ജെറുസലേംനഗരത്തെ വൈദേശികാധിപത്യത്തിൽനിന്നു വിമുക്തമാക്കി, ദേവാലയത്തെ ശുചീകരിച്ച് യഹോവായ്ക്കു വീണ്ടും സമർപ്പിച്ചു. അതിന്റെ സ്മാരകമായിട്ടാണ് ജൂതന്മാർ 'അർപ്പണപ്പെരുന്നാൾ' കൊണ്ടാടുന്നത്. ബി.സി. 166-ൽ പൊട്ടിപ്പുറപ്പെട്ട ഈ 'മക്കാബിയാ വിപ്ലവം' അവസാനിച്ചത് 20കൊല്ലം കഴിഞ്ഞു മക്കാബിയസഹോദരന്മാരിൽ ഒരാളായ ജൊനാഥനെ ജെറുസലേമിലെ നാടുവാഴിയും പ്രധാനാചാര്യനുമായി സിറിയൻസാമ്രാജ്യാധിപന്മാർ അംഗീകരിച്ചതിനുശേഷമാണ്.

റോമൻ ആധിപത്യം: ബി.സി. 188 മുതൽ മധ്യ-പൗരസ്ത്യപ്രദേശങ്ങളിലെ രാഷ്ട്രീയകാര്യങ്ങളിൽ റോം പരോക്ഷമായി ഇടപെടാറുണ്ടായിരുന്നെങ്കിലും ബി.സി. 66-ൽ ആണ് ആ പ്രദേശം റോമിന്റെ ആധിപത്യത്തിലായത്. പിന്തുടർച്ചാവകാശത്തർക്കം ജൂദായുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുന്നതിനു റോമൻസൈന്യാധിപനായ പോമ്പിക്ക് അവസരം നല്കി. അദ്ദേഹം ഹിർക്കാനുസിനെ പ്രധാനാചാര്യനായി അംഗീകരിച്ചുവെങ്കിലും, പ്രധാനാചാര്യൻ അനുഭവിച്ചുപോന്ന രാഷ്ട്രീയാധികാരം എടുത്തുകളഞ്ഞു. ഈ അധികാരം നിക്ഷിപ്തമായത് ഇദുമെയായിലെ ഗവർണരായ അന്തിപ്പാത്തറിലായിരുന്നു. അദ്ദേഹം ജൂലിയസ് സീസറിന്റെ പ്രീതി സമ്പാദിച്ച് ജൂദിയായുടെ പ്രോക്കുറേറ്റർ ആയി. അദ്ദേഹത്തിന്റെ കാലശേഷം ബി.സി. 40-ൽ പുത്രനായ ഹെറോദാ 'ജൂതന്മാരുടെ രാജാവും' ജൂദായുടെ ഭരണാധികാരിയുമായി. മഹാനായ ഹെറോദാവ് എന്നറിയപ്പെടുന്ന ഇദ്ദേഹമാണ് യെരുശലേം ദേവാലയം പുതുക്കിപ്പണിയിച്ചത്.

ഹെറോദ 1-ന്റെ പിൻഗാമിയായി അധികാരമേറ്റത് പുത്രനായ അർക്കെലെയോസ് ആയിരുന്നു. അദ്ദേഹത്തിന്റെ ദുർഭരണത്തിൽ പ്രതിഷേധിച്ച് ജനങ്ങൾ അഗസ്റ്റസ് സീസറിന്റെ മുമ്പാകെ നിവേദനം നടത്തി. അതിന്റെ ഫലമായി അർക്കെലെയോസിനെ സ്ഥാനഭ്രഷ്ടനാക്കി. അതോടുകൂടി റോമൻആധിപത്യത്തിൽ ജൂതന്മാർ അനുഭവിച്ചുപോന്നിരുന്ന ഭാഗികമായ രാഷ്ട്രീയസ്വാതന്ത്ര്യംപോലും അവർക്കു നഷ്ടമായി. റോമൻ പ്രൊക്കുറേറ്റർമാരായിരുന്നു പിന്നീട് ജൂദായുടെ ഭരണം ഏറ്റെടുത്തത്.

ആദ്യത്തെ റോമൻ പ്രൊക്കുറേറ്ററായ കൊല്ലോണിയസ് ഒരു കാനേഷുമാരിക്കണക്ക് എടുക്കാൻ ശ്രമിച്ചു. റോമൻ സമ്പ്രദായങ്ങൾ ജനങ്ങളുടെ മേൽ അടിച്ചേല്പ്പിക്കാനുള്ള ശ്രമമാണിതെന്നു കരുതി ഗലീലിയാപ്രദേശത്തു റോമിനെതിരെ വിപ്ലവകാരികൾ സംഘടിച്ചു. ഹെറോദാ I-ന്റെ പുത്രനായ ഹെറോദാ അന്തിപ്പാസായിരുന്നു അവിടത്തെ നാടുവാഴി. സഹോദരപത്നിയായ ഹെറോദിയായെ വിവാഹം ചെയ്യാൻ ആദ്യഭാര്യയായ അറേബിയൻ രാജകുമാരിയെ ഉപേക്ഷിച്ചതുമൂലം അറേബിയരുമായി അദ്ദേഹത്തിനു യുദ്ധംചെയ്യേണ്ടതായിവന്നു. കൂടാതെ സ്നാപകയോഹന്നാനെ വധിച്ചതുകൊണ്ട് ജനരോഷത്തിനും വിധേയനായി. ഒടുവിൽ റോമാചക്രവർത്തിയായ കലിഗുള അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി.

ക്രിസ്തുവിനെ കുരിശിൽ തറച്ചു കൊല്ലാൻ വിധിച്ച പൊന്തിയൂസ് പീലാത്തോസ് എ.ഡി. 26 മുതൽ 36 വരെ ജൂദിയായുടെ പ്രൊക്കുറേറ്റർ ആയിരുന്നു. അദ്ദേഹത്തിന്റെ ഭരണം റോമൻഅധികാരത്തോടു ജനങ്ങളുടെ വെറുപ്പ് വർധിപ്പിക്കുകയും അങ്ങനെ തീവ്രവാദികളെ സഹായിക്കുകയും ചെയ്തു.

കലിഗുളയ്ക്കുശേഷം ക്ലോദിയസ് റോമാചക്രവർത്തിയായപ്പോൾ, ഹെറോദാ I-ന്റെ പൗത്രനായ അഗ്രിപ്പായെ ജൂദായുടെ രാജാവായി നിയോഗിച്ചു. എന്നാൽ ഈ പാരമ്പര്യം തുടരുകയുണ്ടായില്ല. അഗ്രിപ്പായുടെ മരണാനന്തരം ജൂദാ വീണ്ടും പ്രൊക്കുറേറ്റർമാരുടെ ഭരണത്തിലായി. എ.ഡി. 44 മുതൽ 66 വരെയുള്ള പ്രൊക്കുറേറ്റർ ഭരണം ജനങ്ങളെ കൂടുതൽ ക്ഷുഭിതരാക്കി. ഒടുവിൽ സായുധവിപ്ലവം നടന്നു. വിപ്ലവം ആദ്യം വിജയകരമായിരുന്നു. എന്നാൽ നീറോയുടെയും ടൈറ്റസിന്റെയും നേതൃത്വത്തിൽ ഒരു വമ്പിച്ച റോമൻസൈന്യം ജൂദായിലേക്ക് ഇരച്ചു കയറി വിപ്ലവത്തെ നേരിട്ടു. നാടുമുഴുവൻ റോമൻസൈന്യങ്ങളെക്കൊണ്ടു നിറഞ്ഞു. ഒടുവിൽ ഭീകരമായ ഒരാക്രമണത്തെത്തുടർന്ന് യെരുശലേം നഗരം അവർ അഗ്നിക്കിരയാക്കി. അങ്ങനെ എ.ഡി. 70-ൽ ജൂതന്മാരുടെ രാജ്യം നാമാവശേഷമായിത്തീർന്നു.

എന്നാൽ തീവ്രവാദികളുടെ പ്രവർത്തനങ്ങൾ അവസാനിച്ചില്ല. അയൽരാജ്യങ്ങളിലുള്ള ജൂതത്താവളങ്ങളിലേക്കു വിപ്ലവം വ്യാപിച്ചു. ഇതിന്റെ ഫലമായി ഈജിപ്തിലെ പുരാതനദേവാലയവും റോമക്കാർ നശിപ്പിച്ചു.

എ.ഡി. 132-ൽ വീണ്ടും യെരുശലേമിൽ വിപ്ലവം തുടങ്ങി. 135-ൽ വിപ്ലവം നിഷ്കരുണം അടിച്ചമർത്തപ്പെട്ടു. ജൂതന്മാർക്ക് യെരുശലേമിൽ പ്രവേശനാനുമതി നിഷേധിച്ചു.

എ.ഡി. ആദ്യനൂറ്റാണ്ടുകളിൽ. ബാബിലോണിയൻ പ്രവാസത്തിനുശേഷം പലസ്തീനിലേക്കു തിരിച്ചുവന്ന ജൂതസമുദായം പൂർണമായും വേദനിയമങ്ങൾക്കു വിധേയമായ ജീവിതമാണു നയിച്ചുപോന്നത്. മതാധിഷ്ഠിതമായ ജനവിഭാഗമെന്ന നിലയ്ക്കു പുരോഹിതന്മാരായിരുന്നു നേതാക്കന്മാർ. ജൂത നിയമത്തെ കാത്തുസൂക്ഷിക്കുവാൻ വേണ്ടി ഉപശാസനകളുടെ രക്ഷാകവചം അവർ സൃഷ്ടിച്ചു. ഇങ്ങനെ നിയമജ്ഞന്മാർ (റാബ്ബൈമാർ) ഉണ്ടാക്കിയ ഉപശാസനങ്ങളും നിയമവ്യാഖ്യാനങ്ങളും ക്രോഡീകരിച്ചതാണ് 'താലമുദ്'.

ആത്മശുദ്ധിക്കുവേണ്ടി ലോകവ്യാപാരത്തിൽനിന്ന് ഒഴിഞ്ഞു നില്ക്കുന്നവരാണ് 'ഫാരിസി'കൾ (പരീശന്മാർ). ബാഹ്യാനുഷ്ഠാനങ്ങളിൽ മാത്രം ശ്രദ്ധിക്കുകമൂലം കപടഭക്തരെന്ന ആരോപണത്തിനു ഫാരിസികൾ വിധേയരായി. കുറെക്കൂടി വിശാലമായ ഒരു നിലപാടാണ് ഗ്രീക്കുസംസ്കാരത്തിന്റെ ചൈതന്യം ഉൾക്കൊണ്ട പുരോഹിതന്മാർ കൈക്കൊണ്ടത്. നിയമജ്ഞന്മാരായ ഫാരിസികളുടെ സ്വാധീനത്തിൽനിന്നു ജനങ്ങളെ വിമോചിപ്പിച്ച് അവരുടെ ഇടയിൽ തങ്ങളുടെ പ്രധാന്യം വർധിപ്പിക്കുക എന്ന ഉദ്ദേശ്യവും പുരോഹിതന്മാർക്കുണ്ടായിരുന്നു. ഇവരാണ് ദാവീദിന്റെ പുരോഹിതനായ സാദോക്കിന്റെ (Zadok) അനുയായികൾ എന്നർഥമുള്ള 'സാദൂക്യർ'. ഇരുകൂട്ടരെയും സൻഹീദ്രിൻസഭയുടെ അംഗങ്ങളിൽ കാണാം. എഴുപത്തിയൊന്ന് അംഗങ്ങളുള്ള ഈ പരമോന്നത സഭ (Supreme Council)യാണ് ജൂതന്മാരുടെ നീതിന്യായക്കോടതി.

മെസ്സായാ: പരീശന്മാരെക്കാൾ യാഥാസ്ഥിതികന്മാരായിരുന്നു, ഹാസിഡികളും (Hasidim), എസ്സെനികളും (Essenes). യഹോവാമതത്തിന്റെ പൗരാണിക പരിശുദ്ധിയും ന്യായപ്രമാണങ്ങളും കാത്തുസൂക്ഷിക്കാൻ ലൗകികകാര്യങ്ങളിൽനിന്നു പരിപൂർണമായും അകന്നു നില്ക്കണമെന്നായിരുന്നു അവരുടെ മതം. മിക്കവാറും സന്യാസജീവിതം നയിച്ചിരുന്ന അവർ ബ്രഹ്മചാരികളും നിസ്വരുമായിരുന്നു. കാലത്തിന്റെ പൂർണതയിൽ രണ്ടു സമുദ്ധാരകന്മാർ (മിശിഹാമാർ-Messiahs)-ഒരു മാതൃകാപുരോഹിതനും ഒരു ആദർശഭരണാധിപനും - തങ്ങളിൽനിന്ന് ആവിർഭവിക്കുമെന്നായിരുന്നു അവരുടെ വിശ്വാസം.

ഈ പ്രതീക്ഷ ഇസ്രായേൽജനങ്ങളുടെ ഇടയിൽ ഈജിപ്തിൽനിന്നുള്ള മഹാനിഷ്ക്രമണകാലം മുതൽ പരന്നിരുന്നു. നസ്രേത്തിലെ യേശുവാണ് ചിരപ്രതീക്ഷിതനായ മെസ്സയാ എന്നു വിശ്വസിച്ച് അദ്ദേഹത്തെ അനുഗമിച്ച ഒരു ചെറിയ ജൂതവിഭാഗമാണ് ആദ്യ ക്രിസ്ത്യാനികൾ.

ഈ ഭിന്നതകൾ പലസ്തീനിനു വെളിയിൽ ലോകത്തിന്റെ നാനാഭാഗത്തും വസിച്ചിരുന്ന ജൂതന്മാരിൽ പ്രകടമായിരുന്നില്ല. 'ചിന്നിച്ചിതറിയ ജൂതന്മാ'ർ (Jews of the Diaspora) എന്നറിയപ്പെടുന്ന അവരെ അവജ്ഞാപൂർവമാണ് ഫാരിസികളും സദൂക്യരും വീക്ഷിച്ചിരുന്നത്. നേതാക്കന്മാരോ ഗുരുക്കന്മാരോ ഇല്ലാത്ത അവർക്കു മാർഗദർശനം നല്കിയിരുന്നത് വേദപുസ്തകം മാത്രമാണ്.

യെരുശലേമിന്റെ പതനത്തോടുകൂടി (എ.ഡി. 70) ജൂതന്മാരുടെ രാഷ്ട്രീയാഭിലാഷങ്ങൾ മിക്കവാറും അസ്തമിച്ചു. മതപരവും ബുദ്ധിപരവുമായ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുവാൻ അത് അവർക്കു പ്രേരകമായിത്തീർന്നു. പ്രഗല്ഭരായ വേദപണ്ഡിതന്മാരും മതോപദേഷ്ടാക്കളും ആവിർഭവിച്ച കാലമായിരുന്നു ക്രിസ്ത്വബ്ദത്തിന്റെ ആദ്യശതകങ്ങൾ. അവരുടെ കീഴിൽ പ്രശസ്തമായ വിദ്യാകേന്ദ്രങ്ങളുയർന്നുവന്നു. അവയിൽ ഒന്നാണു പലസ്തീനായുടെ പടിഞ്ഞാറുഭാഗത്തായി മധ്യധരണ്യാഴിയുടെ തീരത്തു സ്ഥിതിചെയ്തിരുന്ന ജാംനിയായിലെ വിജ്ഞാനകേന്ദ്രം. അതിന്റെ തലവനായ ഗമാലിയേൽ രണ്ടാമൻ സൻഹീദ്രിനിന്റെ അധ്യക്ഷനും ജൂതസമുദായത്തിന്റെ അംഗീകൃതനേതാവും ആയിരുന്നു. അദ്ദേഹത്തെക്കാൾ പ്രശസ്തനായിരുന്നു പൗത്രനായ ജൂതാറബ്ബൈ. വേദനിയമത്തെക്കുറിച്ചു പരമ്പരാഗതമായി സിദ്ധിച്ചിട്ടുള്ള വിജ്ഞാനസമ്പത്ത്(Mishrah) ക്രോഡീകരിച്ചത് അദ്ദേഹമാണ്.

എ.ഡി. രണ്ടാംനൂറ്റാണ്ടിന്റെ ഉത്തരാർധത്തോടുകൂടി പലസ്തീനായ്ക്കു വെളിയിൽ റാബ്ബൈമാരും വിദ്യാകേന്ദ്രങ്ങളും ഉണ്ടായി. മെസപ്പൊട്ടേമിയായിലെ വിദ്യാകേന്ദ്രമായിരുന്നു അവയിൽ അതിപ്രശസ്തം. അവിടെവച്ചു ക്രോഡീകരിക്കപ്പെട്ടതാണു ബാബിലോണിയൻ താൽമൂദ് എന്നറിയപ്പെടുന്ന ഗ്രന്ഥം.

മുസ്ലീം ആധിപത്യത്തിനുശേഷം. മുസ്ലീം ആധിപത്യത്തിന്റെ ആരംഭദശയിൽ ജൂതന്മാർക്കു പ്രത്യേക പരിഗണന നല്കിയിരുന്നുവെങ്കിലും ഇസ്ലാംമതത്തെ നിരാകരിച്ചതിനെത്തുടർന്നു മുഹമ്മദ് അവരുടെ ശത്രുവായി. എന്നാൽ മുഹമ്മദിന്റെ അനന്തരഗാമികളുടെയും കാലിഫുമാരുടെയും കീഴിൽ ജൂതന്മാരുടെ സ്ഥിതിമെച്ചപ്പെട്ടു. അങ്ങനെ മെസപ്പൊട്ടേമിയായിൽ നടന്നുകൊണ്ടിരുന്ന ബുദ്ധിപരമായ പ്രവർത്തനങ്ങൾക്ക് ഉത്തേജനം ലഭിക്കുകയും അവ വികസിക്കുകയും ചെയ്തു. ഒമ്പതാംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന സാദിയാ (Saadiah) റബിയുടെ കൃതികളിൽ ഇസ്ലാമിന്റെ സ്വാധീനം വ്യക്തമാണ്. അദ്ദേഹമാണു ഹീബ്രുഭാഷാശാസ്ത്രത്തിനും ജൂതദർശനത്തിനും ആദ്യരൂപം നല്കിയത്.

മധ്യയുഗം. യെരുശലേമിന്റെ പതനത്തിനു മുമ്പുതന്നെ ജൂതസങ്കേതങ്ങൾ പാശ്ചാത്യരാജ്യങ്ങളിൽ പലയിടങ്ങളിലും നിലവിൽ വന്നു. കാലക്രമത്തിൽ റോമാസാമ്രാജ്യത്തിന്റെ അതിർത്തിക്കുള്ളിലുള്ള വൻനഗരങ്ങളിൽ അവരുടെ സംഖ്യ വർധിച്ചു.

എന്നാൽ ക്രിസ്തുമതം സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി സ്വീകരിക്കപ്പെട്ടതോടുകൂടി ജൂതന്മാരുടെ അവസ്ഥ ശോച്യമായി. ക്രിസ്തീയസഭാധ്യക്ഷന്മാർ—മാർപ്പാപ്പമാർ—ദാക്ഷിണ്യപൂർവമാണ് അവരോടു പെരുമാറിയതെങ്കിലും ക്രിസ്ത്യൻ ഭരണാധികാരികൾ അവരെ പലവിധത്തിലും പീഡിപ്പിച്ചു. ഉത്തരാഫ്രിക്കയിൽ മുസ്ലിങ്ങൾ അധികാരം സ്ഥാപിച്ചപ്പോൾ ജൂതന്മാർക്കു സ്വാതന്ത്ര്യം ലഭിച്ചു. അതോടുകൂടി സാഹിത്യസാമ്പത്തിക രംഗങ്ങളിൽ പ്രശംസാർഹമായ സംഭാവന നല്കുവാൻ അവർക്കു കഴിഞ്ഞു. ജൂതസംസ്കാരത്തിന്റെ ഈ നവോത്ഥാനം പ്രത്യക്ഷപ്പെട്ടതു മുഖ്യമായി ഈജിപ്തിലും സ്പെയിനിലുമായിരുന്നു. ക്രിസ്തുമതതത്ത്വങ്ങൾക്ക് എതിരായി 'പാഷണ്ഡതകൾ (heresies) ആവിർഭവിച്ചതോടുകൂടി ജൂതമർദനം കുറെക്കൂടി രൂക്ഷമായിത്തീർന്നു. പലയിടങ്ങളിലും ജൂതന്മാരുടെ കൂട്ടക്കൊല നടന്നു. ഒടുവിൽ പശ്ചിമയൂറോപ്യൻ രാജ്യങ്ങൾ ഓരോന്നായി അവരെ ബഹിഷ്കരിക്കാൻ തുടങ്ങി. അവരിൽ അധികംഭാഗവും അഭയം തേടിയതു പോളണ്ടിലും തുർക്കിയിലുമായിരുന്നു.

ആധുനികകാലം. എന്നാൽ നവോത്ഥാനത്തിന്റെ ഫലമായി ജനസാമാന്യത്തിൽ ഉയർന്നുവന്ന പ്രബുദ്ധതയും വിശാലവീക്ഷണവും ജൂതന്മാരോട് ഉദാരമായ ഒരു മനോഭാവം സൃഷ്ടിക്കാൻ സഹായിച്ചു.

പതിനെട്ടാംനൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി അമേരിക്കൻ ഐക്യനാടുകൾ അംഗീകരിച്ച പൗരാവകാശനിയമംവഴി ജൂതന്മാർക്കു പൂർണമായ രാഷ്ട്രീയാവകാശങ്ങളും ആനുകൂല്യങ്ങളും നല്കപ്പെട്ടു. ഇതിനെത്തുടർന്നു ഫ്രാൻസ്, ബെൽജിയം,, ഹങ്കറി, ഇറ്റലി, ഇംഗ്ലണ്ട് മുതലായ രാജ്യങ്ങൾ ഓരോന്നോരോന്നായി ജൂതന്മാർക്കെതിരായുള്ള കരിനിയമങ്ങൾ റദ്ദാക്കി.

യൂറോപ്പിലെ വലിയൊരു വിഭാഗം ജൂതന്മാർ റഷ്യ, പോളണ്ട്, റുമേനിയ മുതലായ രാജ്യങ്ങളിലാണു താമസിച്ചിരുന്നത്. അവരുടെ സ്ഥിതി പ്രായേണ ശോചനീയമായിരുന്നു. ഭരണാധികാരികൾ അപ്പൊഴപ്പോൾ അഴിച്ചുവിട്ടുകൊണ്ടിരുന്ന മതമർദനവും കൂട്ടക്കൊലയും വളരെയധികം ജൂതന്മാരെ ഈ രാജ്യങ്ങളിൽനിന്ന് അമേരിക്കയിൽ അഭയംതേടാൻ പ്രേരിപ്പിച്ചു. കിഴക്കൻയൂറോപ്യൻരാജ്യങ്ങളിലെ ജൂതന്മാരുടെ ദുരവസ്ഥ അല്പം മെച്ചപ്പെട്ടത് ഒന്നാംലോകയുദ്ധത്തിനുശേഷമായിരുന്നു.

വികസനപ്രവർത്തനങ്ങൾ: ഇതിനിയ്ക്കു ജൂതനേതാക്കന്മാർ ജൂതനെ പഴമയിൽനിന്നു പിടിച്ചുയർത്തി ആധുനികനാക്കി സമകാലീന യൂറോപ്യൻസംസ്കാരത്തോട് ഇണക്കിച്ചേർക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. മെൻഡൽസോണാണ് ഈ പ്രസ്ഥാനത്തിനു രൂപം നല്കിയത്.

സെമിറ്റിക് വിദ്വേഷം: ആധുനിക സംസ്കാരത്തോട് ഇണങ്ങിച്ചേരുവാൻ സെമിറ്റിക്‌വർഗക്കാരായ ജൂതന്മാർക്കു കഴിയുകയില്ലെന്നും, ഈ വർഗം ലോകത്തിന് ആപത്തു വരുത്തിവയ്ക്കുമെന്നും, അതുകൊണ്ട് അവരെ ഉന്മൂലനാശം ചെയ്യണമെന്നും ആണു സെമിറ്റിക് വിരോധികളുടെ വാദം. മധ്യയുഗത്തിലെ ക്രിസ്തീയസഭ ജൂതമതത്തെ എതിർത്തു. ആധുനിക സെമിറ്റിക്‌വിരോധികൾ ജൂതവർഗത്തെയും.

സയോണിസ്റ്റുപ്രസ്ഥാനം: ഇതിന്റെ പ്രതികരണമായിട്ടാണു സയോണിസ്റ്റുപ്രസ്ഥാനം (Zionist Movement) ശക്തിയാർജിച്ചത്. പൗരസ്വാതന്ത്ര്യമില്ലാതെ നിരവധി യാതനകൾക്കു വിധേയരായി ജീവിച്ചിരുന്ന റഷ്യൻജൂതന്മാരാണ് ഇതിനുരൂപം നല്കിയത്. അവർ തിയോദോർ ഹെർസലിന്റെ നേതൃത്വത്തിൽ ബാസ്‌ലെ എന്ന സ്ഥലത്തു യോഗം ചേർന്നു പ്രസ്ഥാനത്തിന്റെ കർമപരിപാടികൾ ആവിഷ്കരിച്ചു. രാഷ്ട്രീയമായും നിയമപരമായും അംഗീകൃതമായ ഒരു വാസകേന്ദ്രം ജൂതജനതയ്ക്കുവേണ്ടി പലസ്തീനിൽ സംസ്ഥാപിക്കുകയെന്നതാണു സയോണിസത്തിന്റെ ലക്ഷ്യം. (ജെറുസലേമിലെ പുരാതനദേവാലയം സ്ഥിതിചെയ്തിരുന്ന കുന്നിന്റെ പേരാണു സയോൺ.)

ജൂതന്മാരുടെ സംഭാവന. പാശ്ചാത്യജൂതന്മാരെ സംബന്ധിച്ചിടത്തോളം പാത്തൊൻപതാംനൂറ്റാണ്ടു ശ്രദ്ധേയമായ വികസനത്തിന്റെ കാലമായിരുന്നു. ഈ കാലഘട്ടത്തിൽ മനുഷ്യജീവിതത്തിന്റെ വിവിധ തുറകളിൽ പ്രശംസാർഹമായ സംഭാവന നല്കിയ പ്രമുഖ ജൂതന്മാരിൽ ചിലർ മാത്രമാണു പോൾ എർലിക്. സിഗ്മൺഡ് ഫ്രോയിഡ്, ഫ്രിറ്റ്സ് ഹേബർ, ആൽബർട്ട് ഐൻസ്റ്റൈൻ, കാൾ മാർക്സ്, ട്രോട്സ്കി, മാർസൺ പ്രൂസ്ത് സ്റ്റെഫാൻ സൈ്വഗ് മുതലായവർ.

സാമ്പത്തികമായി ഇടത്തരക്കാരായിരുന്നു യൂറോപ്യൻ ജൂതന്മാരിൽ അധികവും. പാശ്ചാത്യരാജ്യങ്ങളിലുണ്ടായ അഭൂതപൂർവമായ വ്യവസായിവികസനത്തിന്റെ ഫലമായി കിഴക്കൻ യൂറോപ്പിൽനിന്നും ജൂതത്തൊഴിലാളികൾ പടിഞ്ഞാറോട്ടു പ്രവഹിക്കാൻ തുടങ്ങി. അങ്ങനെ പതിനെട്ടാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ രണ്ടര ലക്ഷം ജൂതന്മാരുണ്ടായിരുന്ന അമേരിക്കയിൽ ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ അവരുടെ സംഖ്യ മൂന്നരക്കോടിയായി വർധിച്ചു.

ഒന്നാം ലോകയുദ്ധകാലത്ത് ഏറ്റവുമധികം യാതനകൾ അനുഭവിക്കേണ്ടിവന്നതു റഷ്യയിലെ ജൂതസമുദായത്തിനാണ്. റഷ്യൻ അധികാരികൾ ആയിരക്കണക്കിനു ജൂതന്മാരെ ബലംപ്രയോഗിച്ചു സമരമുഖത്തേക്കു തള്ളിവിട്ടു. കമ്യൂണിസ്റ്റുവിപ്ലവത്തെ തുടർന്നുണ്ടായ ആഭ്യന്തരകലഹകാലത്തും ഇരുകൂട്ടരുടെയും സംഹാരതൃഷ്ണയ്ക്കു ജൂതന്മാർ ഇരയായി. ജൂതന്മാരോടുള്ള വിവേചനം കമ്യൂണിസ്റ്റുഭരണത്തിൻകീഴിൽ അവസാനിച്ചുവെങ്കിലും, മതബോധനം നിഷിദ്ധമായിരുന്നതിനാൽ റഷ്യയിൽ ജൂതമതത്തിന്റെ സ്ഥിതി ഇരുളടഞ്ഞതായി.

പ്രതികരണത്തിന്റെ കാലഘട്ടം. റഷ്യയിലെ ജൂതന്മാരിൽ അധികഭാഗവും സാമ്പത്തികപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നതിനാൽ സോവിയറ്റ് ഭരണത്തിൻകീഴിൽ അവർ പെട്ടെന്നു നിർധനരായി. എങ്കിലും വിദേശങ്ങളിൽനിന്നുംലഭിച്ച സംഭാവനകളും, അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഭരണാധികാരികളുടെ പരിശ്രമങ്ങളും അവർക്ക് ആശ്വാസം നല്കി. എന്നാൽ റുമേനിയയിലും പോളൻഡിലും ജൂതന്മാരുടെ സ്ഥിതി ശോചനീയമായിരുന്നു. ന്യൂനപക്ഷങ്ങളുടെ മൗലികാവകാശങ്ങൾ ഉറപ്പുവരുത്തുവാൻ ലോകരാഷ്ട്രസംഘടന (League of Nations) അംഗീകരിച്ച നിയമങ്ങൾ ഈ രാജ്യങ്ങൾ മറികടന്നു. മൂന്നുകോടിയോളംവരുന്ന ജൂതരെ മർദിച്ചു. ഈ നയം അവസാനിച്ചതു രണ്ടാം ലോകയുദ്ധത്തിനുശേഷമാണ്. ഒന്നാം ലോകയുദ്ധത്തിന്റെ ഫലമായി ജെർമനിയിലെ ജൂതന്മാർ സാമ്പത്തികമായും രാഷ്ട്രീയമായും തകർന്നിരുന്ന സമയത്താണു ജൂതവിദ്വേഷം വമിച്ചുകൊണ്ടു ഹിറ്റ്ലർ രാഷ്ട്രീയരംഗത്തു പ്രത്യക്ഷപ്പെട്ടത്. ജെർമൻപൗരത്വം പോലും അവർക്കു നിഷേധിച്ചു. 1938 മുതല്ക്കാണു ഹിറ്റ്ലറുടെ ജൂതമർദനം ഭീകരരൂപം പൂണ്ടത്. തന്റെ നാത്സികിങ്കരന്മാരുടെ സഹായത്തോടുകൂടി അദ്ദേഹം ജൂതന്മാരുടെ ആരാധനാലയങ്ങൾ നശിപ്പിച്ചു. അവരുടെ സ്വത്തെല്ലാം കണ്ടുകെട്ടി. എല്ലാ പ്രവർത്തനരംഗങ്ങളിലുംനിന്ന് അവരെ പുറംതള്ളി. അവരെ കൂട്ടംകൂട്ടമായി തടങ്കൽപ്പാളയങ്ങളിലേക്ക് അയച്ചു.

ജെർമനിയിൽ ആളിക്കത്തിക്കൊണ്ടിരുന്ന ജൂതവിദ്വേഷം അധികം താമസിയാതെ മറ്റു രാജ്യങ്ങളിലേക്കും വ്യാപിച്ചു. ഇറ്റലി, ഹംഗറി, ഓസ്ട്രിയ മുതലായ രാജ്യങ്ങൾ ഹിറ്റ്ലറുടെ മാതൃക സ്വീകരിച്ചു ജൂതമർദനം ശക്തിപ്പെടുത്തി. 57 ലക്ഷത്തിലധികം ജൂതന്മാരെ നാസികൾ കൊന്നൊടുക്കി.

ഇസ്രായേൽ രാഷ്ട്രം. 1948 മെയ് 14-ാംതീയതിയാണു സ്വതന്ത്രരാഷ്ട്രമായ ഇസ്രായേൽ രൂപമെടുത്തത്. അതിന്റെ സ്ഥാപനത്തിനു അനുകൂലമായ ഒരു പ്രസ്താവന 1917-ൽത്തന്നെ ബ്രിട്ടൻ പുറപ്പെടുവിച്ചിരുന്നു. അതിന് എതിരായ ഒരു നിലപാടാണ് ആ രാജ്യം പിന്നീടു സ്വീകരിച്ചത്. പുതിയ രാഷ്ട്രത്തിന്റെ രൂപഭാവങ്ങളെക്കുറിച്ചു ജൂതന്മാരുടെയിടയിൽത്തന്നെയുണ്ടായിരുന്ന അനൈക്യവും പലസ്തീൻപ്രദേശത്തു വസിച്ചിരുന്ന അറബികളുടെ അതിശക്തിയായ എതിർപ്പും മറ്റു രാഷ്ട്രീയപരിഗണനകളും എല്ലാം ഇസ്രായേൽ രാഷ്ട്രസ്ഥാപനത്തിനെതിരായ നിരവധി പ്രശ്നങ്ങൾ സൃഷ്ടിച്ചു. ഇതിനിടയ്ക്കു പലസ്തീൻപ്രദേശത്തുള്ള അറബികൾക്കായി ഒരു രാഷ്ട്രം സ്ഥാപിക്കുന്നതിനോടു തങ്ങൾ അനുകൂലമാണെന്നു ബ്രിട്ടൻ പുറപ്പെടുവിച്ച പ്രസ്താവന ഈ പ്രശ്നത്തെ കൂടുതൽ സങ്കീർണമാക്കി. ഇതോടുകൂടി ജൂതന്മാരും അറബികളും തമ്മിൽ സമരം ഉണ്ടായി. ഐക്യരാഷ്ട്രസംഘടന ഒരു വലിയ ഭൂരിപക്ഷത്തോടുകൂടി പലസ്തീൻപ്രദേശത്തു ജൂതന്മാരുടെയും അറബികളുടെയും രണ്ടു സ്വതന്ത്രരാഷ്ട്രങ്ങൾ സ്ഥാപിക്കുവാൻ നിർദേശിച്ചു. അറബികൾ ഈ തീരുമാനത്തെ അതിശക്തിയായി എതിർത്തുവെങ്കിലും സ്വതന്ത്രരാഷ്ട്രമായ ഇസ്രായേൽ 1948 മേയ് 14-ാം തീയതി സ്ഥാപിക്കപ്പെടുകയും ചെയിംവെയ്സ്മാൻ അതിന്റെ ആദ്യത്തെ പ്രസിഡണ്ടായി അധികാരമേല്ക്കുകയും ചെയ്തു. അങ്ങനെ രണ്ടായിരം ആണ്ടുകളായി ജൂതന്മാർ പുലർത്തിപ്പോന്ന പ്രതീക്ഷകൾ സാക്ഷാത്കരിക്കപ്പെട്ടു.

എന്നാൽ അറബിരാഷ്ട്രങ്ങൾ ഇസ്രായേലിനെ അംഗീകരിക്കാൻ വിസമ്മതിക്കുകയും സമരം തുടരുകയും ചെയ്തു. ഇതിന്റെ ഫലമായി അനേകംപേർ നിരാധാരരായിത്തീർന്നു. ഇവരുടെ പുനരധിവാസമാണ് ഇസ്രായേലും അറബിരാഷ്ട്രങ്ങളും തമ്മിലുള്ള പ്രശ്നത്തിന്റെ കാതലായ ഭാഗം. പ്രതികൂലസാഹചര്യങ്ങളോടു മല്ലിട്ടുകൊണ്ട് ഇസ്രായേൽ അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഇന്ത്യയിലെ ജൂതന്മാർ. 1951-ലെ കാനേഷുമാരി കണക്കനുസരിച്ച് ഇന്ത്യയിൽ പലയിടങ്ങളിലായി ഇരുപത്തിയാറായിരത്തോളം ജൂതന്മാരുണ്ടായിരുന്നു. യൂറോപ്യന്മാർ, ബാഗ്ദാദികൾ, മറാഠികൾ, കേരളീയർ എന്നീ നാലു വിഭാഗത്തിൽപ്പെട്ട ജൂതരും മാതൃരാജ്യത്തേക്കു മടങ്ങിപ്പോയി, ഏതാനും കുടുംബങ്ങൾ ഒഴികെ. ഇവിടെ ഉള്ള കുടുംബങ്ങളിലെതന്നെ പല അംഗങ്ങളും മടങ്ങിക്കഴിഞ്ഞു. † ഇസ്രായേൽ, † ജൂതന്മാർ കേരളത്തിൽ, † ജൂതശാസനം, † ജൂതദർശനം നോക്കുക.

പി.എം. ജൂസ്സെ

ജൂതന്മാർ, കേരളത്തിൽ

കേരളത്തിൽ ജൂതന്മാരുടെ കുടിയേറ്റം. ഇന്ത്യയിൽ കേരളത്തിലാണ് ജൂതന്മാർ ആദ്യം കുടിയേറിപ്പാർത്തത്. മധ്യപൗരസ്ത്യദേശത്തുനിന്നും തെക്കെ ഇന്ത്യയിൽ എത്താറുള്ള കച്ചവടക്കപ്പലുകളിലാണ് ഇവരുടെ ആദ്യത്തെ കുടിയേറ്റസംഘം ഇവിടെ എത്തിയത്. അതിനുശേഷം ഓരോരോ കാലത്തായി അസ്സീറിയന്മാരും ബാബിലോണിയരും റോമക്കാരും പലസ്തീൻ ആക്രമിച്ചു കീഴടക്കിയപ്പോൾ അവിടെനിന്ന് ഒളിച്ചോടിയവരും കേരളക്കരയിലെത്തി എന്നാണ് ഐതിഹ്യം.

എ.ഡി. പത്താംനൂറ്റാണ്ടോടുകൂടി കൊടുങ്ങല്ലൂർ പ്രദേശത്ത് രാജപ്രീതിയും ജനസമ്മതിയും നേടാൻ പോന്നവിധം വളർന്നു വികസിച്ച ഒരു ജൂതസമുദായമുണ്ടായിരുന്നു. പക്ഷേ, പതിനാറാം നൂറ്റാണ്ടോടുകൂടി അത് നാമാവശേഷമായിത്തീർന്നു. അതിനുശേഷം കൊച്ചിയിലായിരുന്നു അവരുടെ താവളം. ഇതിനു കാരണം ഒരുപക്ഷേ, 1341-ൽ മണ്ണിടിഞ്ഞുവീണ് കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ പ്രാധാന്യം കുറയുകയും മണ്ണൊലിച്ചുപോയി കൊച്ചി തുറമുഖത്തിന്റെ പ്രാധാന്യം വർധിക്കുകയും ചെയ്തതായിരിക്കണം. ഈ കാലഘട്ടത്തിലാണ് ജൂതവിരോധികളായ പോർത്തുഗീസുകാർ കൊടുങ്ങല്ലൂരെത്തിയത്. ഇതു കൊടുങ്ങല്ലൂർനിന്നു കൊച്ചിയിലേക്കുള്ള ജൂതന്മാരുടെ പ്രവാഹം ത്വരിതപ്പെടുത്തി. കൊച്ചി രാജാക്കന്മാർ



മട്ടാഞ്ചേരിയിലെ
ജൂതപ്പള്ളി

ജൂതന്മാരെ തങ്ങളുടെ രാജ്യത്തിലേക്കു സ്വാഗതംചെയ്ത് അവർക്കു പല ആനുകൂല്യങ്ങളും നൽകി. ഡച്ചുകാരുടെ ആഗമനത്തോടുകൂടി കൊച്ചിയിൽ ജൂതന്മാരുടെ നില മെച്ചപ്പെട്ടു. പോർത്തുഗീസുകാർ ചുട്ടെരിച്ചുകളഞ്ഞ പ്രാർഥനാപുസ്തകങ്ങൾക്കു പകരം ആംസ്റ്റർഡാമിലെ ജൂതന്മാർ പുതിയ പ്രാർഥനാപുസ്തകങ്ങൾ കൊച്ചി ജൂതന്മാർക്ക് അയച്ചുകൊടുത്തു. കൂടാതെ കൊച്ചി ജൂതന്മാരുമായുള്ള ബന്ധം ദൃഢമാക്കുന്നതിന് ഒരു സുഹൃത്സംഘം ഇവിടെ എത്തി. അതിന്റെ നേതാവായ മോസ്സസ് പെരയിര ദെ പൈവാ കൊച്ചി ജൂതന്മാരെപ്പറ്റി പതിനേഴാംനൂറ്റാണ്ടിൽ രചിച്ച പുസ്തകം (Noticias das Judeos de Cochin) ചരിത്രപരമായി വളരെ പ്രാധാന്യമർഹിക്കുന്നു.

ബേനി ഇസ്രായേൽക്കാരുടെ ഇടയിൽ കാണുന്നതുപോലെ കൊച്ചിയിലെ ജൂതന്മാരുടെ ഇടയിലും കറുത്തവരെന്നും വെളുത്തവരെന്നും രണ്ടു പ്രധാന വിഭാഗങ്ങളുണ്ട്. ഇവ ഓരോന്നും സവർണരെന്നും അവർണരെന്നും വീണ്ടും വിഭജിക്കപ്പെട്ടിരിക്കുന്നു. അടിമകളുടെ സന്താനങ്ങളും ജൂതന്മാർക്കു വിജാതീയരായ വെപ്പാട്ടികളിൽ ജനിച്ചവരുമാണ് അവർണവിഭാഗത്തിൽ പെടുന്നത്. ഇസ്രായേലിലേക്കുള്ള കുടിയേറ്റം ആരംഭിക്കുന്നതുവരെ ഈ വിഭാഗങ്ങൾ തമ്മിൽ സാമീപ്യസമ്പർക്കമുണ്ടായിരുന്നില്ല. പണ്ട് കൊടുങ്ങല്ലൂർ പ്രദേശത്തു പ്രശസ്തിയാർജിച്ച ജൂതന്മാരുടെ അനന്തരഗാമികളാണ് തങ്ങളെന്നു വെള്ള ജൂതന്മാരും കറുത്ത ജൂതന്മാരും അവകാശപ്പെടുന്നു. വേഷവിധാനങ്ങളിലല്ലാതെ രൂപഭാവങ്ങളിൽ മറ്റു കേരളീയരിൽനിന്നു വ്യത്യസ്തരല്ല കറുത്ത ജൂതന്മാർ. വെള്ളജൂതന്മാർക്കു അറബികളോടാണു കൂടുതൽ സാമ്യം. കേരളത്തിലെ ജൂതന്മാരിൽ അഞ്ചാറു കുടുംബങ്ങൾ ഒഴികെയുള്ളവർ ഇസ്രായേലിലേക്കു മടങ്ങിക്കഴിഞ്ഞു.

ജൂതമതം

ജൂതജനതയുടെ വിശ്വാസങ്ങളും ആചാരങ്ങളും. ഏകദൈവവിശ്വാസികൾ ആണു ജൂതർ. പ്രാർഥനയും ബലിയും ആണ് അവരുടെ ആരാധന സമ്പ്രദായങ്ങൾ. അവർ ബലിപീഠത്തിൽ ബലി അർപ്പിച്ചിരുന്നു. ഇസ്രായേൽ മക്കൾ കനാനിൽ പ്രവേശിച്ചശേഷം താത്കാലിക ബലിപീഠങ്ങൾ പലെടത്തും ഉണ്ടാക്കി. സോളമന്റെ ക്ഷേത്രം വന്നതോടെ ആരാധനം അവിടെ കേന്ദ്രീകൃതമായി. സോളമന്റെ മരണശേഷം യൂദായിൽ മാത്രമായി കേന്ദ്രീകൃതാരാധനം. ലെവി വിഭാഗത്തിൽ പെട്ടവരായിരുന്നു പുരോഹിതർ. മുഖ്യപുരോഹിതസ്ഥാനം (Hight priest) പരമ്പരാഗതമായിരുന്നു.

ദേവാലയം സിനഗോഗ് എന്ന് അറിയപ്പെടുന്നു. പഠനം, പ്രാർഥന, മതസമ്മേളനം ഇവയുടെ വേദി ആണു സിനഗോഗ്. സിനഗോഗിൽ ആർക്കും പ്രാർഥന നയിക്കാം. മതപണ്ഡിതന്മാരെ റബ്ബി എന്നു പറയുന്നു. സ്വകാര്യപഠനംകൊണ്ട് ഒരാൾക്കു റബ്ബി ആകാം. ആദ്യമായി ഒരു സ്ത്രീ റബ്ബി ആകുന്നത് 1972-ൽ ആണ്.

പ്രാർഥനയ്ക്കു പ്രാർഥനാപുസ്തകമുണ്ട്. അതിൽ നിത്യപ്രാർഥനകളും ശാബത്പ്രാർഥനകളും ഉണ്ട്. വിശേഷാവസരങ്ങളിലെ പ്രാർഥനയ്ക്ക് 'മഹസോർ' എന്നു പറയുന്നു. പരമ്പരാഗതപ്രാർഥന ഹീബ്രുഭാഷയിലാണ്. യാഥാസ്ഥിതികർ ഉപകരണസംഗീതം പ്രാർഥനയിൽ അംഗീകരിക്കുന്നില്ല. ഗായകസംഘം പുരുഷന്മാർ മാത്രം ഉൾപ്പെട്ടതാണ്. ദിവസം മൂന്നു തവണയാണ് ആരാധനം. ശാബത്ത് ദിവസങ്ങളിൽ 'തോറ' (മോശയുടെ പുസ്തകങ്ങൾ) വായിക്കാറുണ്ട്.

ശാബത്ത്. ഏഴാം ദിവസം ദൈവം സൃഷ്ടി അവസാനിപ്പിച്ചു. അന്നു വിശുദ്ധദിനമായി ആചരിക്കുന്നു. ഈജിപ്തിൽ ജൂതർ അടിമപ്പണി ചെയ്തിരുന്നു. അവർക്കു ലഭിച്ച വിശ്രമദിനമാണു ശാബത്ത്. ആഴ്ചയിൽ ഒരു ദിവസം ശാബത്ത് ആയി ആചരിക്കണം എന്നു നിർബന്ധമുണ്ട്. ശനിയാഴ്ചത്തെ ശാബത്ത് ആചരണത്തിനു വേണ്ടിയുള്ള ഒരുക്കം വെള്ളിയാഴ്ചതന്നെ തുടങ്ങുന്നു. ശുദ്ധീകരണമാണ്, വിശ്രമമല്ല ശാബത്തിന്റെ ലക്ഷ്യം. ശാബത്ത് ദിനത്തിൽ ഭക്ഷണം പാകംചെയ്യരുത്. തലേദിവസമേ ഭക്ഷണം തയ്യാറാക്കിവയ്ക്കും. വീടുകളിൽ മെഴുകുതിരി കൊളുത്തുകയും പള്ളിയിൽ പ്രാർഥന നടത്തുകയും ചെയ്യുന്നു. ശാബത്ത് ദിനത്തിലെ പതിവിലും നീണ്ട പ്രഭാതപ്രാർഥനയിൽ മോശയുടെ വെളിപാടുപുസ്തകഭാഗം വായിക്കും. വായനയ്ക്കു ശേഷം 'കിദ്ദുഷ്' ചൊല്ലലും പതിവുണ്ട്. ശാബത്ത് ദിനത്തിൽ മൂന്നുനേരം ഭക്ഷണം കഴിക്കണം.

ജനനം. ശിശുജനനം ഈശ്വരാനുഗ്രഹമായിട്ടാണു കരുതുന്നത്. ജനനശേഷമുള്ള ആദ്യശനിയാഴ്ച പ്രത്യേകപ്രാർഥന നടത്തുന്നു. പെൺകുട്ടിയാണെങ്കിൽ അന്നു പേരിടും. ആൺകുട്ടിക്ക് എട്ടാം ദിവസമാണു നാമകരണം. സുന്നത്ത് സാധാരണമാണ്. 13 വയസ്സായ ആൺകുട്ടിയെ തോറ വായിച്ചുകേൾപ്പിക്കുന്നു. 'ഹാഫ്തറ' ചൊല്ലിക്കുന്നു.

വിവാഹം. വിവാഹിതനായി സന്താനോത്പാദനം നടത്തുക പുരുഷന്റെ കർത്തവ്യമാണ്. മേല്ക്കട്ടിക്കു കീഴെ ആണു വിവാഹച്ചടങ്ങുകൾ. ആദ്യം ഒത്തുകല്യാണം (betrothel). വരൻ വധുവിന്റെ ചൂണ്ടുവിരലിൽ മോതിരം അണിയിക്കുന്നു. 'മോശയുടെ വിധിപ്രകാരം ഞാൻ നിന്നെ എന്നോടു ചേർത്തു ശുദ്ധീകരിക്കുന്നു' എന്നു വരൻ വധുവിനോടു പറയുന്നു. പിന്നീടു 'കെത്തുബ' എന്ന വിവാഹക്കരാർ വായിക്കും. അരമായിക്കിൽ എഴുതിയ ഈ രേഖയിൽ ഭർത്താവിന്റെ കർത്തവ്യങ്ങളും ഭാര്യാസംരക്ഷണപ്രതിജ്ഞയും ഉണ്ടാവും. ഏഴ് അനുഗ്രഹങ്ങൾ വായിച്ചു കേൾപ്പിക്കുന്നു. ഒരു ഗ്ലാസ് തുണിയിൽ പൊതിഞ്ഞു പൊട്ടിച്ചു കൊണ്ടു നന്മ വരട്ടെ എന്നു പറയുന്നു. യെരുശലേം നശിച്ചതിന്റെ പ്രതീകാത്മകസൂചനയാണ് ഇത്. നിയമാനുസാരമേ വിവാഹമോചനം നടത്താവൂ.

മരണം. മരണക്കിടക്കയിൽ മരിക്കാൻ പോകുന്നയാളോ പ്രതിനിധിയോ കുമ്പസാരം നടത്തുന്നു (വിദൂയി). മരണാനന്തരം 'ആനിനത്' എന്ന പേരിൽ ആശൗചം (പുല) ആചരിക്കും. മരണവാർഷികത്തിൽ മെഴുകുതിരി കൊളുത്തി പരേത(യെ)നെ സ്മരിക്കുന്നു.

'ഗെരുത്' എന്ന ചടങ്ങു നടത്തി ആർക്കും യഹൂദനാകാം. മൂന്നു മതപണ്ഡിതന്മാർ (റബ്ബികൾ) മനഃപരിവർത്തനം ബോധ്യപ്പെടണം.

പുരുഷനു സുന്നത്തും സ്ത്രീക്കു തീർഥദർശനവും ആവശ്യമെന്നു യാഥാസ്ഥിതികർ കരുതുന്നു.

ഭക്ഷണം. കോഴിയും മീനും ജൂതർക്കു ഭക്ഷണയോഗ്യമാണ്. മൃഗങ്ങളുടെ കാര്യത്തിൽ ഇരട്ടക്കുളമ്പുള്ളതും അയവിറക്കുന്നതും ആയ ജന്തുക്കളുടെ മാംസം സ്വീകാര്യമാണെന്നും പറയുന്നു. ഒട്ടകം അയവിറക്കുമെങ്കിലും അതിന് ഒറ്റക്കുളമ്പേ ഉള്ളൂ. പന്നിക്ക് ഇരട്ടക്കുളമ്പുണ്ട്. എന്നാൽ അയവിറക്കില്ല. അതുകൊണ്ട് ഈ രണ്ടിൻെറയും മാംസം ഭക്ഷണയോഗ്യമല്ല.

കാലക്രമത്തിൽ ആചാരങ്ങളിൽ കുറെ ഒക്കെ മാറ്റം വന്നിട്ടുണ്ട്.

ജൂതന്മാർ ബുദ്ധിയും പരിശ്രമവും കൊണ്ടു ജീവിതത്തിലെ എല്ലാരംഗങ്ങളിലും മുന്നേറിയിട്ടുണ്ട്. വ്യാപാരം, വ്യവസായം, ശാസ്ത്രജ്ഞാനം, യുദ്ധതന്ത്രം, കല മുതലായവയിൽ അവർ എന്നും മുന്നണിയിൽ ആണ്. കാൾമാർക്സ്, എയിൻസ്റ്റീൻ മുതലായ ചിന്തകരും ശാസ്ത്രജ്ഞരും ലോകത്തിന് അതുല്യസംഭാവനകൾ അർപ്പിച്ചിട്ടുണ്ട്. ഇസ്രായേൽ രാഷ്ട്രം ശത്രുക്കളായ അറബികളുടെ മധ്യത്തിൽ എതിർപ്പുകളെ നേരിട്ടുകൊണ്ടു കുറച്ചു കാലത്തിനുള്ളിൽ ശക്തി പ്രാപിച്ചതു ജൂതരുടെ അദമ്യമായ പരിശ്രമശീലത്തിനു തെളിവാണ്.

ജൂതമതവിഭാഗങ്ങൾ

ജൂതമതത്തിലെ സംസ്കാര -വിശ്വാസ-ആചാരങ്ങൾ അനുസരിച്ചുള്ള വിഭാഗങ്ങൾ. റേച്ചബായക്കാർ, ശമരിയാക്കാർ, സദ്യൂസികൾ, പരീശന്മാർ, എസ്സെന്മാർ, കാരായികൾ ഇവരാണു യഹൂദരിലെ മുഖ്യ വിഭാഗങ്ങൾ.

1. **റേച്ചബായക്കാർ.** റേച്ചാബിൻെറ മകൻ യോനദാബ് ആണ് ഈ വിഭാഗത്തിൻെറ സ്ഥാപകൻ. ഇവർ ദേശാടകരായിരുന്നു. കൂടാരങ്ങളിലാണു പാർത്തിരുന്നത്. ലഹരിപാനീയങ്ങൾ ഉപയോഗിച്ചിരുന്നില്ല. ഇവർ വിശ്വാസ നിഷ്ഠരും സ്വയം ശിക്ഷിതരുമായിരുന്നതായി ജെറമിയ പറയുന്നു.

2. **ശമരിയക്കാർ.** സാർഗൻ II ബി.സി. 721-ൽ ഇസ്രായേലിൻെറ ഉത്തരപ്രദേശം കീഴടക്കിയപ്പോൾ അവിടെ വാസം തുടർന്നവരാണ് ഇവർ. മറ്റുള്ളവർ സ്ഥലംവിട്ടു. ശമരിയാ നിവാസികൾ ആയതുകൊണ്ട് ഈ പേരു പറയുന്നു. മോശയുടെ പ്രമാണം മാത്രം ഇവർ സ്വീകരിക്കുന്നു. ബൈബിളിൽ പറയുന്ന ഏഴ് ഉത്സവങ്ങൾ ഇവർ നടത്താറുണ്ട്. മോശയെമാത്രം പ്രവാചകനായി ഗണിക്കുന്നു. ബാബിലോണിയയിൽനിന്നു മടങ്ങിവന്ന ജൂതർ ഇവരെ മതഭ്രഷ്ടരായി കരുതി

3. **സദ്യൂസികൾ.** രണ്ടാം ക്ഷേത്രനിർമാണകാലം മുതൽ രണ്ടു നൂറ്റാണ്ടുകളിലേ ഇവർ ഉണ്ടായിരുന്നുള്ളൂ. ഇവർ അധികവും പുരോഹിതരായിരുന്നു. റോമാക്കാർ 70-ൽ ദേവാലയം നശിപ്പിച്ചപ്പോൾ ഇവരെ വംശത്തോടെ കൊന്നൊടുക്കി.

4. **പരീശന്മാർ.** വിഭക്തർ എന്നാണു വാക്കിൻെറ അർഥം. ഇവർ അലിഖിതനിയമത്തിൽമാത്രം വിശ്വസിച്ചിരുന്നു. ഉയിർത്തെഴുന്നേല്പിലും ആത്മാവിൻെറ അനശ്വരത്വത്തിലും വിശ്വസിച്ചിരുന്നില്ല.

5. **എസ്സെന്മാർ.** ഇവർ സദ്യൂസികളുടെ സമകാലികർ ആണ്. ബി.സി. 200 മുതൽ എ.ഡി. 70 വരെയേ ഈ വിഭാഗം ഉണ്ടായിരുന്നുള്ളൂ. ചാവുകടൽച്ചുരുളുകളിൽ ഇവരെപ്പറ്റി പറയുന്നുണ്ട്.

6. **കാരായികൾ.** ആനാൽ ബെ ഡേവിഡ് ആണു വർഗസ്ഥാപകൻ. ബാബിലോണിയയിൽനിന്നു ഇവർ ക്രമേണ ക്രിമിയിലേക്കു വ്യാപിച്ചു. ഇവർ വാങ്മൂലനിയമത്തിൽ വിശ്വസിച്ചില്ല.

ജൂതശാസനം

ജൂതപ്രമാണിയായ ജോസഫ് റബ്ബാന് ഭാസ്കര രവിവർമ നല്കിയ അവകാശപത്രിക. അഭയാർഥികളായി കേരളത്തിലെത്തിയ ജൂതന്മാരുടെ കേന്ദ്രം കൊടുങ്ങല്ലൂരായിരുന്നു. ഈ പ്രദേശത്തെ ജൂതപ്രമാണിയായ ജോസഫ് റബ്ബാന് ഭാസ്കര രവിവർമനെന്ന ചേരമാൻ പെരുമാൾ പ്രസാദിച്ചരുളിയ തീട്ടൂരമാണ് കേരള ജൂതന്മാരെ സംബന്ധിച്ചിടത്തോളം ഏറ്റവും പുരാതനവും പ്രധാനവുമായ ചരിത്രരേഖ. 1000-ാമാണ്ട് അടുത്താണ് ഇതിൻെറ കാലം. ശാസനഭാഷ തമിഴാണ്; ലിപി വട്ടെഴുത്തും. എഴുതിയിരിക്കുന്നതു ചെമ്പുതകിടിലാണ്.

“സ്വസ്തി ശ്രീകോ(ഗോ)ൺമൈക്കൊണ്ടാൻ കോശ്രീപാർക്കര ഇരവിവർമൻ തിരുവടി പലനൂറായിരത്താണ്ടും ചെൻകോൽ നടത്തിയാളാനിൻെറയാണ്ടു ഇരണ്ടാമാണ്ടേക്കു എതിർ മുപ്പത്താറാമാണ്ടു മുയിരിക്കോട്ടു ഇരുന്തരുളിയ നാൾ പിരശാദിച്ചരുളിയ പിരശാദം ആവത്. ഇസൂപ്പ ഇരുപ്പാനിക്ക് അഞ്ചുവണ്ണം പിടിയാളും വായനത്താളും പകുതമും അഞ്ചുവണ്ണപ്പേരും പകൽവിളക്കും പാവാടയും അയ്ന്തോളകമും മകകലമും അയ്ക്കൊളമും കുടയും വടുകപ്പറയും മകകലമും ഇടുപിടിയും തോരണമും തോരണവിദാനമും സർവംമിക്കും എഴുപത്തിരണ്ടു വീടുപേരുംകുട കുടുത്തോം ഉലകിൻ തലക്കൂലിയും വിട്ടോം. മറ്റും നഗരത്തിൽ കുടികൾ കോയിക്കൽ ഇറക്കുമതു ഇവൻ ഇരമെയും പെറുമതു പെറുവും ആകചെപ്പേടു ചെയ്തു കുടുത്തോം. അഞ്ചുവണ്ണമുടയ ഇസൂപ്പ ഇരുപ്പാനുക്കും പെൺമക്കളൈക്കൊണ്ടു മരുമക്കൾക്കും സന്തതി പിരകിരിതി ഉലകും ശന്തിരനും ഉള്ള അളവും അഞ്ചുവണ്ണം സന്തിതിപ്പിരകിരിതി (ശ്രീ) ഇപ്പരി അറിവേൻ വേണാടുടയ കോവർത്തനമാർത്താണ്ടൻ ഇപ്പരി അറിവേൻ വെൺപല നാടുടയ കോതൈ ശിതികണ്ടൻ ഇപ്പരി അറിവേൻ എരളനാടുടയ ഇരായിരൻ ശാത്തൻ ഇപ്പരി അറിവേൻ കീഴ്ചണ്ടി നായകം ശെയ്യിൻെറ മൂർക്കൻ ശാത്തൻ വൻറലശേരിക്കണ്ടൻ കുൻറപ്പോഴനായ കീഴ്വായിക്കേളപ്പനെഴുത്തു.”



ജൂതശാസനം : ഭാസ്കരരവിവർമ ജൂതപ്രമാണിയായ ജോസഫ് റബ്ബാന് നല്കിയത്

അഞ്ചുവണ്ണം ഒരു വ്യാപാരിസംഘമാണ്. പ്രമാണത്തിൽ പറയുന്ന പ്രധാന അവകാശങ്ങൾ: ആനപ്പുറത്തുകേറി നടക്കൽ, (പിടിയാൾ), വാഹനത്തിൽ കയറൽ (വായനത്താൾ), കപ്പം പിരിക്കൽ (പകുതം), യാത്രചെയ്യുമ്പോൾ പകൽസമയത്തുപോലും മുമ്പിൽ വിളക്കുപിടിക്കുക എന്ന ആചാരം (പകൽവിളക്ക്), പരവതാനി വിരിച്ചിട്ടു നടക്കുക (പാവാട), പല്ലക്ക് (അയ്ന്തോളം), നെടുകുടയോ, പട്ടുകുടയോ ചൂടുക, വടുകരെക്കൊണ്ടു വാദ്യമടിപ്പിക്കുക (വടുകപ്പറ), കാഹളം (ശംഖ്) ഊതുക, പടിപ്പുര പണിയുക (ഇടുപടി), ചുങ്കം പിരിക്കൽ (ഉല്ക്), തുലാസുനികുതി പിരിക്കൽ (തുലാക്കൂലി) മുതലായവ. അവസാനമായി സാക്ഷികളുടെയും, ആധാരമെഴുതിയ ആളിൻെറയും പേരുവിവരം കാണാം. സാക്ഷികൾ കേരളത്തിലെ സാമന്തരാജാക്കന്മാരാണ്. ഒന്നാമത്തെ സാക്ഷി വേണാട്ടുരാജാവായ ഗോവർധനമാർത്താണ്ഡനാണ്. വെൺപല നാട് വാഴുന്ന കോതൈ ശ്രീകണ്ഠനും, എറളനാട് (വള്ളുവനാട്) വാഴുന്ന രായിരൻ ചാത്തനും, നെടുമ്പ്രയൂർ (പാലക്കാട്) നാടുവാഴിയും ആണ് മറ്റു സാക്ഷികൾ.

ജൂനഗഢ്

ഗുജറാത്തിലെ ജില്ലയും പട്ടണവും. ഈ ജില്ലയിൽ പണ്ടത്തെ ജൂനഗഢ്, പോർബന്ദർ, ബിൽഖാ, മാനവദർ, ബന്ത്വാ, മംഗ്രോൾ, മാൻപൂർ, തുൺബേൽ, സർദാർഗഢ് എന്നീ നാട്ടുരാജ്യങ്ങൾ മുഴുവനും ഗോണ്ഡാൽ, ജെത്പൂർ, ലഖപാദർതാനാ എന്നിവയുടെ



ജൂനഗഢിലെ ബൗദ്ധഗുഹാചൈത്യം

അംശങ്ങളും ഉൾപ്പെടുന്നു. ഇന്ത്യ സ്വതന്ത്രമായപ്പോൾ ജൂനഗഢ് പാകിസ്താനുമായി ബന്ധം സ്ഥാപിക്കാൻ ഒരുമ്പെട്ടു. ശക്തിപ്രാപിച്ചുവന്ന ജനകീയാഭിപ്രായത്തെ അടിച്ചമർത്താൻ കഴിയാതെ അവിടത്തെ നവാബ് തൻെറ രാജ്യം ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കാൻ നിർബന്ധിതനായി.

ജൂനഗഢ് ജില്ലയുടെ വിസ്തൃതി 10,607 ച.കി.മീ. ആണ്. ജനസംഖ്യ 21,00,709 (1981). തെക്കും പടിഞ്ഞാറും അറബിക്കടൽ അതിരിടുന്ന ഈ ജില്ലയുടെ ഗിർണാർ കുന്നിൻപുറമൊഴിച്ചുള്ള പ്രദേശങ്ങൾ മിക്കവാറും സമതലമാണ്. ഇന്ത്യയിൽ സിംഹങ്ങളുടെ ഏകവാസകേന്ദ്രമായ ഗിർവനങ്ങളും ചരിത്രപ്രസിദ്ധമായ സോമനാഥക്ഷേത്രവും ഈ ജില്ലയിലാണ്. ഗോതമ്പ്, പഞ്ഞി, പയറുവർഗങ്ങൾ, എണ്ണക്കുരുക്കൾ, കരിമ്പ് എന്നിവയാണ് മുഖ്യ കാർഷികവിളകൾ. ഇവിടെയുള്ള തുറമുഖങ്ങളിൽ ഏറ്റവും പ്രധാനം പോർബന്ദർ ആണ്.

ഗിർണാർകുന്നുകളുടെ നടുവിൽ സ്ഥിതിചെയ്യുന്ന ജൂനഗഢ് പട്ടണം രാജ്കോട്ടിൽനിന്ന് 92 കി.മീ. തെക്കുപടിഞ്ഞാറാണ്. 1472-ൽ ഗുജറാത്തിലെ മഹമ്മദ് ബേഗറാ സുൽത്താൻ ഇവിടെ ഒരു കോട്ട പണിയുകയും സ്ഥലത്തിൻെറ പേര് മുസ്തഫാബാദ് എന്നു മാറ്റുകയും ചെയ്തു. അദ്ദേഹം ഇവിടെ നിർമിച്ച ഒരു പള്ളി ഇപ്പോൾ ജീർണാവസ്ഥയിലാണ്. മൂന്നു നദികൾ കൂടിച്ചേരുന്ന ഒരു ത്രിവേണീസംഗമം ഇവിടെയുമുണ്ട്. ഉദ്യാനങ്ങൾ, അണക്കെട്ടുകൾ, കാഴ്ചബംഗ്ലാവ്, മുസ്ലീംപള്ളികൾ എന്നിവ ജുനഗഢ് പട്ടണത്ത മോടിപിടിപ്പിക്കുന്നു. നഗരത്തിൻെറ കിഴക്കുമാറി പല ബൗദ്ധ ഗുഹാചൈത്യങ്ങളും കാണാം. 'ഖപ്രകോഡിയ' ആണ് ഇവയിൽ ഏറ്റവും പ്രധാനം. ഗിർണാർ കുന്നിൻെറ താഴെയായി അശോകശാസനങ്ങൾ കൊത്തിയിട്ടുള്ള വലിയ പാറയുണ്ട്. ഗിർണാറിൻെറ ഏറ്റവും ഉയരംകൂടിയ ശിഖരമായ ഗോരഖ്നാഥിൽ അസംഖ്യം ജൈനചൈത്യങ്ങളുണ്ട്. പട്ടണത്തിലെ ജനസംഖ്യ ഒരു ലക്ഷം (1981).

ജൂനിപ്പെർ

കുപ്രെസ്സേസി കുലത്തിൽപ്പെടുന്ന ചെടിവർഗം. ജൂനിപ്പെറസ് എന്ന ജീനസ്സിൽ 60-70 സ്പീഷീസ് ഉണ്ട്. ഉത്തരാർധഗോളത്തിൽ കണ്ടുവരുന്നു. കായ്ക്കു മണമുള്ള വൃക്ഷങ്ങളും കുറ്റിച്ചെടികളും ജൂനിപ്പെറസ് ജീനസ്സിൽ ഉണ്ട്. സാധാരണ കാണുന്ന ജൂനിപ്പെറിൻെറ ശാസ്ത്രനാമം : *ജൂനിപ്പെറസ് കമ്യൂണിസ് (Juniperus communis).*



ജൂനിപ്പെർ - ഫലങ്ങളോടുകൂടിയ ഒരു ശാഖ

തളിരിലകൾ സൂചിയുടെ ആകൃതിയിലാണ്. മൂത്ത ഇലകൾ തോലുളിയുടെ ആകൃതിയിലും. ഇലകൾ രണ്ടോ മൂന്നോ വീതം ആയി ക്രമീകരിച്ചിരിക്കുന്നു. ചില വൃക്ഷങ്ങൾക്കു സ്നേഹഗ്രന്ഥികൾ ഉണ്ട്. ആൺ-പെൺ പൂക്കൾ പ്രത്യേകം വൃക്ഷങ്ങളിൽ ഉണ്ടാകുന്നു. ഒന്നു മുതൽ മൂന്നു വരെ ഋതുക്കൾകൊണ്ടു കായ് മൂപ്പെത്തും. ഒരു കായിൽ ഒന്നു മുതൽ 12 വരെ വിത്ത് ഉണ്ടാകും. കായ് സുഗന്ധവ്യഞ്ജനവർഗത്തിൽപ്പെടും.

ജൂനോ (Juneau)

അലാസ്കയുടെ തലസ്ഥാനനഗരം. 1900 മുതലാണു ഗസ്റ്റീനോ ചാനലിൻെറ തീരത്തുള്ള ഈ നഗരം തലസ്ഥാനം ആയത്. 120 കി.മീ. നീളത്തിൽ കിടക്കുന്ന ഒരു ദ്വീപുമാല പസിഫിക് സമുദ്രത്തിൽനിന്ന് ഈ നഗരത്തെ സംരക്ഷിക്കുന്നു. 1097 മീറ്റർ പൊക്കമുള്ള റോബർട്ടുമലകളും ഏതാണ്ട് അത്രതന്നെ പൊക്കംവരുന്ന ജൂനോമലകളും ഈ നഗരത്തോടു ചേർന്നാണ്. 1944 വരെ ഇവിടെ സ്വർണഖനനം നടന്നു. മത്സ്യബന്ധനം, വനവിഭവവ്യവസായങ്ങൾ എന്നിവ വളരെ പേർക്കു തൊഴിൽ നല്കുന്നു. ടൂറിസം ഒരു മുഖ്യവ്യവസായമാണ്. ശിശിരത്തിലെ ഹിമപാതം ഒരടിയിലധികം ഉയരുന്നതു സാധാരണമല്ല. തുറമുഖം ഹിമവിമുക്തമാണ്. അലാസ്കസർവകലാശാലയും അലാസ്കാ സ്റ്റേറ്റ് മ്യൂസിയവും ഈ നഗരത്തിൽത്തന്നെ. 21 കി.മീ. വടക്കുമാറിയാണു മെൻഡൻഹാൾ ഹിമാനി (glacier). നഗരത്തിൻെറ വിസ്തൃതി 8,050 ച.കി. മീറ്റർ ജനസംഖ്യ 19,528 (1980).

ജൂനോ

ജൂപ്പിറ്റർദേവന് സമസ്ഥാനീയയായ റോമൻ ദേവി. സ്ത്രൈണഭാവങ്ങളുടെയും വിവാഹജീവിതത്തിൻെറയും അധിദേവത ആണ്. മാതൃരൂപത്തിലാണു ദേവിയെ ചിത്രീകരിച്ചിട്ടുള്ളത്. ബി.സി. 390-ൽ ഈ ദേവിയുടെ താറാവുകൾ കാപ്പിറ്റോലിൻ കുന്നിൽവച്ചു നല്കിയ താക്കീതു റോമിനെ ഗോളുകളുടെ ആക്രമണത്തിൽനിന്നു രക്ഷിച്ചു. യവനരുടെ ഹേരാദേവിയും ജൂനോയും ഒരാൾതന്നെ,

ജൂനോ : ഒരു ക്ലാസ്സിക്കൽ ശില്പം

ജൂൻറ (Junta)

ഒരു രാജ്യത്തിലെ ഭരണകൂടത്തെ അട്ടിമറിച്ചശേഷം നിലവിൽ വരുന്ന - മിക്കപ്പോഴും സൈനികമായ - താല്ക്കാലിക ഭരണസമിതി. ഭരണസമിതി എന്ന് അർഥമുള്ള സ്പാനിഷ്പദത്തിൽ നിന്നാണ് ഈ പേരുവന്നത്. 16-ാംനൂറ്റാണ്ടിൽ ഗവൺമെൻറിൻെറ വിവിധ ആലോചനാസമിതികൾക്ക് ഈ പേരു പറഞ്ഞുവന്നു. 1808-ൽ നെപ്പോളിയൻെറ ആക്രമണത്തെ ചെറുത്തത് സ്പെയിനിലെ ജൂൻറാസ് പ്രൊവിൻഷ്യൽസ് (juntas provinciales) ആയിരുന്നു. ദേശീയസമിതി

'ജൂൻറാസ് സുപ്രീമാ സെൻട്രൽ' എന്ന് അറിയപ്പെട്ടു. മറ്റു രാജ്യങ്ങളിലും താത്കാലിക ഭരണസമിതികൾക്ക് ഈ പേരു നല്കിയിരുന്നു. ഈ പദത്തിൻെറ സ്പാനിഷ് ഉച്ചാരണം 'ഹൂൻറ' എന്നാണ്.

ജൂപ്പിറ്റർ

റോമൻ പുരാണങ്ങളിലെ സർവജഗന്നിയന്താവ്. ഗ്രീക്കുകാരുടെ സിയൂസിനു തുല്യൻ. 'ഉത്തമനും മഹത്തമനും' എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നു. ജോവ് എന്നും പറയാറുണ്ട്. സ്വർഗീയപിതാവ് എന്നർഥം. സഹോദരന്മാരായ നെപ്റ്റ്യൂണും പ്ലൂട്ടോയും മറ്റു ദേവന്മാരും ചേർന്നു പിതാവായ സാറ്റേണിനെ നാടുകടത്തിയപ്പോഴാണു ജൂപ്പിറ്റർ സർവാധിപതി ആയത്. സിറിസ്, വെസ്റ്റാ, ജൂനോ എന്നിവർ സഹോദരിമാരാണ്. ഇദ്ദേഹം ജൂനോയെ വിവാഹം ചെയ്തു.



ജൂപ്പിറ്റർ : വത്തിക്കാൻ മ്യൂസിയത്തിലെ ശില്പം

ജൂപ്പിറ്ററിന് കാലാവസ്ഥയുടെമേൽ നിയന്ത്രണശക്തി ഉണ്ട് എന്നാണു വിശ്വാസം. അതുകൊണ്ടു വൃഷ്ടിയുടെയും ഇടിയുടെയും മിന്നലിൻെറയും ആകാശത്തിൻെറയും ദേവനായി വാഴ്ത്തപ്പെട്ടിരുന്നു.

ജൂപ്പിറ്റർ

†വ്യാഴം നോക്കുക.

ജൂബ I (ബി.സി. 85—46)

പ്രാചീന ആഫ്രിക്കയിലെ ഒരു രാജാവ്. സീസറിൻെറ ശത്രുവായിരുന്നു. പോസെയും സീസറും തമ്മിൽ നടന്ന വടക്കെ ആഫ്രിക്കൻ യുദ്ധങ്ങളിൽ ജൂബ I പ്രധാന പങ്കു വഹിച്ചു. പോസെസേനയെ എതിർക്കാൻ വന്ന കൂരിയൊറിനെ ജൂബ I നേരിട്ടു വധിച്ചു. നല്ലൊരു കാലാൾപ്പടയും അശ്വസേനയും ആനകളുമുണ്ടായിരുന്ന ജൂബയ്ക്ക് അവസാനം പരാജയം നേരിട്ടു. ഒരു അടിമയോടു തന്നെ കൊല്ലാൻ ജൂബതന്നെ ആജ്ഞാപിച്ചുവത്രേ. ക്രൂരനും ഉദ്ധതനുമായാണ് ഇദ്ദേഹത്തെ പഴയ എഴുത്തുകാർ വർണിക്കുന്നത്.

ജൂബ II (ബി.സി. 50 — എ.ഡി. 24)

പ്രാചീന ആഫ്രിക്കയിലെ രാജാവായ ജൂബ I-ൻെറ മകൻ. ഇറ്റലിയിൽ വിദ്യാഭ്യാസം ചെയ്തു. അച്ചരൻ ജൂബ I-ൻെറ മരണത്തെത്തുടർന്ന്, സീസറിൻെറ വിജയം പ്രഖ്യാപിക്കാൻ ജൂബ II-നെ റോമിലേക്കു കൊണ്ടുപോയതായിരുന്നു. അഗസ്റ്റസ് സീസർ, ബി.സി. 29-ൽ ഇദ്ദേഹത്തെ നുമിദിയയിലെ രാജാവാക്കി. മാർക്ക് ആൻറണിയുടെ മകളായ ക്ലിയോപാട്രാസെലിനെ വിവാഹം ചെയ്തു. വലിയ എഴുത്തുകാരനും (ഗ്രീക്ക്) തന്ത്രജ്ഞനുമായിരുന്നു. നല്ലൊരു ഗ്രന്ഥശേഖരം തലസ്ഥാനമായ സീസറിയയിൽ (അൽജീരിയ) ഉണ്ടാക്കി.

ജൂബാനദി

വടക്കുകിഴക്കനാഫ്രിക്കയിലെ നദി. 1650 കി.മീ. നീളമുള്ള ഇതു സോമാലിയിൽക്കൂടി ഒഴുകി ഇന്ത്യാസമുദ്രത്തിൽ ചേരുന്നു. എത്യോപ്യയിലാണു നദിയുടെ ഉത്ഭവം. ആദ്യമായി ഈ നദിയെപ്പറ്റി പാശ്ചാത്യലോകത്തിന് അറിവുണ്ടാക്കിയതു ഡൻഡാസ് (1885) എന്ന ബ്രിട്ടീഷു പര്യവേഷകനും ഇറ്റലിയിലെ വിറ്റോറിയോ ബൊടെഗോവും (1892—'95) ആണ്. ഇറ്റലിക്കാർ ഇതിനെ ഗിയൂബാ (Giuba) എന്നു വിളിക്കുന്നു.

ജൂബിലി ആഘോഷങ്ങൾ

വിശേഷാവസരങ്ങളിൽ, വിശേഷിച്ച് 25-ാമത്തെയും 50-ാമത്തെയും വർഷങ്ങളിൽ, നടത്തുന്ന ആഘോഷങ്ങൾ. ചില സൗജന്യങ്ങൾ-വിശ്രമം, അടിമത്തത്തിൽനിന്നുള്ള മോചനം, പരമ്പരാഗതമായ സ്വത്തിൻെറ പുനർലാഭം — ലഭിക്കുമ്പോഴാണു ക്രിസ്ത്യാനികൾ ജൂബിലി ആഘോഷിച്ചിരുന്നത്.

പോപ്പ് ബോണിഫേസ് എട്ടാമൻ 1300 വിശുദ്ധ ശതാബ്ദിയായി ആഘോഷിച്ചു. 1342-ൽ ക്ലെമൻറ് VI ആഘോഷത്തിനുള്ള ഇടവേള 50 വർഷമായും 1470-ൽ പോൾ II അത് 25 വർഷമായും കുറച്ചു. ഇപ്പോൾ ഒരു സ്ഥാപനത്തിൻെറ 25-ാം വാർഷികം രജതജൂബിലി (Silver jubilee) ആയും 50-ാം വാർഷികം സുവർണ ജൂബിലി (Golden jubilee) ആയും ആഘോഷിക്കുന്നു. 60-ാം വർഷത്തെ വജ്ര ജൂബിലി (Diamond jubilee) ആയും 75-ാം വർഷത്തെ പ്ലാറ്റിനം ജൂബിലി ആയും ആഘോഷിക്കാറുണ്ട്.

ജൂലി ആൻഡ്രൂസ് (1935—)

ഇംഗ്ലീഷുകാരിയായ നാടക-ചലച്ചിത്ര നടി. ബർണാഡ്ഷായുടെ *പിഗ്മാലിയ*നിലെ എലിസ ഡൂ ലിറ്റിലിനെ നാടകവേദിയിൽ അവതരിപ്പിച്ചു പ്രശസ്തി ആർജിച്ചു. 1964-ൽ ഏറ്റവും നല്ല ചലച്ചിത്രനടിക്കുള്ള അക്കാദമി അവാർഡ് നേടി.

1935 ഒക്റ്റോബർ ഒന്നിനു വാൾട്ടർ-ഓൺ-തെംസിൽ ജനിച്ചു. ജൂലിയ എലിസബത്ത് വെൽസ് എന്നാണു യഥാർഥനാമം. പന്ത്രണ്ടാം വയസ്സിൽ അഭിനയം ആരംഭിച്ചു. സിൻഡ്രലാ തുടങ്ങിയ കഥാപാത്രങ്ങളെയും വേദിയിൽ അവതരിപ്പിച്ചിട്ടുണ്ട്. 1956-ൽ ആണ് *പിഗ്മാലിയ*ൻെറ ബ്രോഡ്വേ ആവിഷ്കരണമായ *മൈഫെയർ ലേഡി*യിൽ അഭിനയിച്ചത്. 1958-ൽ ലണ്ടനിലും ഈ നാടകത്തിൽ അഭിനയിച്ച് അവർ അഭിനന്ദനം ആർജിച്ചു.

മേരിപോപ്പിൻസ്(1964) ആണു ജൂലിക്കു അക്കാദമി അവാർഡു നേടിക്കൊടുത്ത ചലച്ചിത്രം. *ദി അമേരിക്കനൈസേഷൻ ഒഫ് എമിലി* (1963), *ദ് സൗണ്ട് ഒഫ് മ്യൂസിക്* (1965) എന്നിവയാണ് ഇവർ അഭിനയിച്ച മറ്റു പ്രധാന ചിത്രങ്ങൾ. *സൗണ്ട് ഒഫ് മ്യൂസിക്* ജൂലിയെ ലോകപ്രസിദ്ധയാക്കി.

ജൂലിയൻ (331/332—363)

റോമൻ ചക്രവർത്തി. കോൺസ്താൻൈറൻ (Constantine the Great) ചക്രവർത്തിയുടെ സഹോദരപുത്രൻ. പണ്ഡിതനും സമർഥനായ സൈന്യാധിപനും ആയിരുന്നു. സ്വന്തം സൈന്യങ്ങൾ തന്നെ ആണ് ഇദ്ദേഹത്തെ ചക്രവർത്തിയായി പ്രഖ്യാപിച്ചത്. കോൺസ്താൻൈറൻെറ അർധസഹോദരനായ കോൺസ്താന്തിയ



ജൂലിയൻ : മാർബിൾ പ്രതിമ ലൂവ്; പാരിസ്

സ്റ്റിൻെറ ഇളയ മകൻ. ഇദ്ദേഹത്തിന് അഞ്ചു വയസ്സുള്ളപ്പോൾ പിതാവിൻെറ സഹോദരപുത്രൻ കോൺസ്താന്തിയസ് II എന്ന പേരിൽ പൂർവറോമാസാമ്രാജ്യചക്രവർത്തി ആയി. ജൂലിയൻ ഗ്രീസിൽ പോയി പഠിച്ചു. ബഹുദൈവവിശ്വാസത്തിലും വിഗ്രഹാരാധനയിലും അടിയുറച്ച വിശ്വാസം ഉൾക്കൊണ്ടു. ക്രിസ്തുമതത്തെ തൻെറ പിതൃഘാതകരുടെ മതമായി ഗണിച്ച് അദ്ദേഹം വെറുത്തു. 355-ൽ ഗ്രീസിൽനിന്ന് എത്തിയ ജൂലിയൻ സീസർ എന്ന പേരിൽ കോൺസ്താന്തിയസ് II-ൻെറ സഹഭരണാധിപനായി നിയമിക്കപ്പെട്ടു. വലിയ ഒരു സേനയോടൊപ്പം ഗാളി(Gaul)ലേക്ക് അയക്കപ്പെട്ട അദ്ദേഹം അവിടെ വിജയം നേടി.

ജൂലിയനെ ദുർബലനാക്കാൻ മികച്ച സൈനികരെ കോൺസ്താന്തിയസ് പേഴ്സ്യൻ ആക്രമണത്തിനെന്ന വ്യാജേന മടക്കിവിളിച്ചപ്പോൾ സൈന്യം ജൂലിയനെ ചക്രവർത്തിയായി പ്രഖ്യാപിച്ചു (361) തന്നെ എതിർത്തുവെങ്കിലും ഒടുവിൽ കോൺസ്താന്തിയസ് മരണക്കിടക്കയിൽവച്ച് ഇദ്ദേഹത്തെ അനന്തരാവകാശിയായി അംഗീകരിച്ചു.

ജൂലിയൻ സ്വതന്ത്രമതവിശ്വാസം അംഗീകരിച്ചെങ്കിലും വിഗ്രഹാരാധകർക്കു പ്രോത്സാഹനം നല്കുകയും ക്രിസ്ത്യാനികളെ സേനയിൽനിന്ന് ഒഴിവാക്കയും ചെയ്തു. പേഴ്സ്യക്കാർക്കെതിരെ യുദ്ധം ആസൂത്രണം ചെയ്തു. പക്ഷേ 31-ാം വയസ്സിൽ 363-ൽ ഇദ്ദേഹം മരിച്ചു.

ജൂലിയൻ കലൻഡർ

†കലൻഡർ നോക്കുക.

ജൂലിയാന (1909)

നെതർലൻഡ്സിലെ രാജ്ഞി. സാമ്പത്തികത്തകർച്ചയിൽ പെട്ടിരുന്ന നെതർലൻഡ്സിന് സുസ്ഥിതി കൈവരുത്തിയ ഭരണാധികാരി എന്ന നിലയിലാണ് ഇവർ സ്മരിക്കപ്പെടുന്നത്. അമ്മയായ വിൽഹെമിനാരാജ്ഞി രോഗഗ്രസ്തയായപ്പാൾ 1945-ൽ ജൂലിയാന റീജൻറായി ഭരണച്ചുമതലകൾ നിർവഹിച്ചു. 1948-ൽ വിൽഹെമിനാരാജ്ഞി സ്ഥാനമൊഴിഞ്ഞതുമുതൽ രാജ്ഞിയായി. ഭർത്താവായ സെൺഹാർഡ് രാജകുമാരൻ അമേരിക്കയിലെ ലോക്ക്ഹീഡ് എയർക്രാഫ്റ്റ് കോർപ്പറേഷനിൽനിന്നു വലിയ തുക കൈപ്പറ്റി എന്ന ആരോപണത്തെത്തുടർന്നു ജൂലിയാന സ്ഥാനമൊഴിഞ്ഞു.

ജൂലൈ (July)

ക്രിസ്തുവർഷത്തിലെ ഏഴാമത്തെ മാസം ദൈർഘ്യം 31 ദിവസം. റോമൻ റിപ്പബ്ലിക്കൻ കലണ്ടറിലെ ജൂലിയസ് എന്നതിൻെറ തദ്ഭവം. ബി.സി. 44-ൽ ജൂലിയസ് സീസറുടെ പേരിനെ അനുസ്മരിച്ചു നല്കിയ പേര്. ക്വിൻറലിസ് എന്ന പഴയ മാസസംജ്ഞയ്ക്കു പകരമാണു ജൂലിയസ് എന്ന പേരു സ്വീകരിച്ചത്.

†കലൻഡർ, †മാസങ്ങൾ നോക്കുക.

ജൂലൈ ഗൂഢാലോചന

ജെർമൻ സർവാധിപതിയായിരുന്ന അഡോൾഫ് ഹിറ്റ്ലറെ വധിക്കാൻ സൈന്യനായകന്മാർ നടത്തിയ ഗൂഢാലോചന. 1944-ൽ ജൂലൈ 20-ാംനു ആണ് ഹിറ്റ്ലറെ വധിക്കാൻ പരിപാടി ആസൂത്രണം ചെയ്തത്. കേണൽ ജനറൽ ലഡ്‌വിഗ് ബെക്ക്, മേജർ ജനറൽ ഹെന്നിങ് ഫോൺ ട്രെസ്ക്കോ, കേണൽ ജനറൽ ഫ്രീഡ്റിക് ഓൾബ്രെച്ച്റ്റ് എന്നിവരാണു ഗൂഢാലോചന ആസൂത്രണം ചെയ്തിരുന്നത്. ഈസ്റ്റ് പ്രഷ്യയിലെ റാസ്റ്റൻ ബർഗിൽ ഉയർന്ന സൈനികോദ്യോഗസ്ഥന്മാരുമായി ഹിറ്റ്ലർ കൂടിയാലോചന നടത്തുന്ന മുറിയിൽ ബോംബു നിക്ഷേപിച്ചത് ലഫ്റ്റനൻറ് കേണൽസ്റ്റോഫൻ ബർഗാണ്. പക്ഷേ ഹിറ്റ്ലറുടെ അംഗരക്ഷകൻ ബോംബ് അടക്കംചെയ്ത ബ്രീഫ്കെയ്സ് യാദൃശ്ചികമായി കുറെ അകലേക്കുനീക്കിവെക്കുകയാൽ ബോംബ് പൊട്ടിത്തെറിച്ചപ്പോൾ ഹിറ്റ്ലർക്കു നിസ്സാരമായ പരിക്കുകളേ ഏറ്റുള്ളു. ഒരു സ്റ്റെനോഗ്രാഫറും മൂന്ന് ഓഫീസർമാരും കൊല്ലപ്പെട്ടു. ഗൂഢാലോചനയിൽ ഏർപ്പെട്ടവരെ ഉടൻതന്നെ അന്വേഷിച്ചു പിടിക്കുകയും വെടിവെച്ചുകൊല്ലുകയും ചെയ്തു. ഗൂഢാലോചനയിൽ പങ്കുണ്ട് എന്ന് സംശയിക്കപ്പെട്ടവരെ പിന്നീടു വധിച്ചു. ഇങ്ങനെ നടത്തിയ വധങ്ങൾ ഹിറ്റ്ലറെ കാണിക്കാൻ മൂവികാമറയിൽ പകർത്തിയിരുന്നതായി പറയപ്പെടുന്നു.

ജൂവെനൽ (ഡെസിമസ് ജൂനിയസ് ജൂവെനാലിസ്, 60—128?)

റോമൻ കവിയും ആക്ഷേപഹാസ്യകാരനും. മധ്യ ഇറ്റലിയിലെ അക്വിനത്തിലാണു ജനിച്ചതെന്ന് ചില ജീവചരിത്രകാരന്മാർ പറയുന്നു. മധ്യായുസ്സുവരെ, സാമൂഹികാനീതികൾക്കെതിരെ പ്രസംഗങ്ങൾ നടത്തിയിരുന്നതായി മധ്യയുഗത്തിൽ എഴുതിയ ഒരു ജീവചരിത്രത്തിൽ കാണുന്നു. ജീവിതത്തിൻെറ അന്ത്യഘട്ടത്തിലാണ് ആക്ഷേപഹാസ്യരചനയിലേക്കു തിരിഞ്ഞത്. ക്ഷയോന്മുഖമായ റോമൻ നാഗരികതയുടെ പൊള്ളത്തരം വ്യക്തമാക്കുന്ന ആക്ഷേപഹാസ്യകവിതകളാണ് ഇദ്ദേഹത്തെ പ്രസിദ്ധനാക്കിയത്.

ജൂവെനലിൻെറ സറ്റയറുകളുടെ മാതൃകയിൽ, പതിനെട്ടാംനൂറ്റാണ്ടിൽ ഡോക്റ്റർ ജോൺസൻ കരുത്തുറ്റ രണ്ട് ഇംഗ്ലീഷ് കവിതകൾ ('ലണ്ടൻ', 'വാനിറ്റി ഒഫ് ഹ്യൂമൻ വിഷസ്') _ രചിച്ചു. ഇതോടെ ഇംഗ്ലണ്ടിലെ സാധാരണ വായനക്കാർക്കു ജൂവെനൽ സുപരിചിതനായിത്തീർന്നു. അതിനുമുമ്പ്, ലാറ്റിൻ പണ്ഡിതന്മാർക്കിടയിൽ മാത്രമാണു ജൂവനെൽ വേണ്ടത്ര അറിയപ്പെട്ടിരുന്നത്.

സംഭവബഹുലമായിരുന്നു ജൂവെനലിൻെറ ജീവിതമെന്ന് വിശ്വസിക്കാൻ പല തെളിവുകളും സറ്റയറുകളിലുണ്ട്. കടുത്ത സ്ത്രീവിദ്വേഷി ആയിരുന്നു ഇദ്ദേഹം.

കൃതികൾ. ആകെ പതിനാറു സറ്റയറുകളാണു ജൂവെനൽ രചിച്ചത്. സാന്മാർഗികമൂല്യങ്ങളുടെ പ്രചാരത്തിനാണ് വ്യക്തിഭർത്സനത്തിനല്ല ഇദ്ദേഹം പ്രാധാന്യം കല്പിച്ചത്. സറ്റയർ 10-നെ അനുകരിച്ചാണു ജോൺസൺ 'വാനിറ്റി ഒഫ് ഹ്യൂമൻ വിഷസ്' എഴുതിയത്. സറ്റയർ 6-ലാണ് 'തൂങ്ങിച്ചാവാൻ കയർ സുലഭമാണെന്നിരിക്കേ, എന്തിന് പെണ്ണുകെട്ടണം?' എന്ന പ്രസിദ്ധമായ വരിയുള്ളത്. കുലടയും മഹാരാജ്ഞിയുമായ മെസ്സാലിന തുടങ്ങി പുസ്തകപണ്ഡിതകളായ സമകാലീന സ്ത്രീകൾ വരെയുള്ളവരുടെ ചിത്രമാണിത്.

ജൂൾ (Joule)

ഊർജ (energy)ത്തിൻെറയും പ്രവൃത്തി (work)യുടെയും എസ്. ഐ. (System international) ഏകകം. പ്രതീകം J. ഒരു ന്യൂട്ടൻ ബലം ഉപയോഗിച്ച്, ബലം പ്രയോഗിക്കപ്പെടുന്ന ദിശയിൽ ഒരു മീറ്റർ ഊർജമാണ് ജൂൾ. (ഒരു ജൂൾ ഊർജം വിനിയോഗിച്ചു ചെയ്യുന്ന പ്രവൃത്തിയെയും ജൂൾ എന്നുതന്നെ വിളിക്കുന്നു. ഊർജത്തിൻെറ സി.ജി.എസ്. ഏകകമായ എർഗി (Erg)ൻെറ 10^7 മടങ്ങാണ് ഒരു ജൂൾ.)

ജൂൾ-കെൽവിൻ പ്രഭാവം (Joule-Kelvin effect)

ഒരു സരന്ധ്ര പ്ലഗ്ഗിലൂടെ (porous plug) മർദം കുറഞ്ഞ ഭാഗത്തേക്കു വാതകം വികസിക്കുമ്പോൾ അതിൻെറ താപനില കുറയുന്ന പ്രഭാവം. പ്ലഗ്ഗിൻെറ ഇരുവശങ്ങളിലെ മർദം തമ്മിലുള്ള വ്യത്യാസത്തിന് ആനുപാതികമായിരിക്കും താപനിലയിൽവരുന്ന വ്യത്യാസം. ജൂൾ തോംസൺ പ്രഭാവം (Joule-Thomson effect) എന്നും ഇതിനെ വിളിക്കാറുണ്ട്.

മിക്കവാറും എല്ലാ വാതകങ്ങളും ഈ പ്രഭാവം കാണിക്കുന്നു. എന്നാൽ ഹൈഡ്രജൻ പോലുള്ള ചുരുക്കം ചില വാതകങ്ങളിൽ താപനിലയിൽ വർധനയാണ് ഉണ്ടാകുന്നത്.

വാതകം വികസിക്കുമ്പോൾ, _ അന്തർതന്മാത്രാബല(inter-molecular force)ത്തിനെതിരെ പ്രവർത്തിക്കുവാനായി ആന്തരികോർജം ഉപയോഗിക്കപ്പെടുന്നതാണു താപനില കുറയാൻ കാര

ണം. മറ്റൊരു കാരണം ബോയ്ൽസ് നിയമങ്ങളിൽനിന്നു സാധാരണ വാതകങ്ങൾ വ്യതിചലിക്കുന്നതാണ്. ഇതുമൂലം വാതകം വികസിക്കുമ്പോൾ താപനിലയെയും മർദവ്യത്യാസത്തെയും ആശ്രയിച്ചുശീതീകരണമോ താപനമോ സംഭവിക്കാം. മർദവ്യത്യാസം സ്ഥിരമായിരിക്കെ ഒരു പ്രത്യേക താപനിലയിൽ ശീതനമോ താപനമോ ഉണ്ടാകാത്ത സ്ഥിതി വന്നുചേരുന്നു. ഈ താപനിലയെ പ്രതിലോമതാപനില (inversion temperature) എന്നുവിളിക്കുന്നു.

വാതകങ്ങളെ ശീതീകരിച്ചു ദ്രവമാക്കാൻ ഈ പ്രഭാവം വ്യാപകമായി പ്രയോജനപ്പെടുത്താറുണ്ട്.

ജൂൾ, ജേംസ് പ്രസ്കോട്ട് (1818—1889)

ഇംഗ്ലീഷ് ഭൗതികജ്ഞൻ. തെർമോ ഡൈനാമിക്സിൻെറ ഒന്നാം നിയമം കണ്ടുപിടിച്ചു. ഇദ്ദേഹത്തിൻെറ ബഹുമാനാർഥം ഊർജത്തിൻെറ ഏകകത്തിന് 'ജൂൾ' എന്നു പേരിട്ടു.

1818 ഡിസംബർ 24-നു ലാങ്കഷയറിൽ ജനിച്ചു. കുറച്ചുകാലം ജോൺ ഡാൾട്ടൻെറ ശിഷ്യനായിരുന്നു. പിന്നത്തെ ശാസ്ത്രപഠനം ഒക്കെ അന്യസഹായമില്ലാതെയാണു നിർവഹിച്ചത്. കൃത്യമായ പരിമാണം കണക്കാക്കൽ ഇദ്ദേഹത്തിൻെറ പരീക്ഷണങ്ങളുടെ സവിശേഷത ആണ്. വൈദ്യുതിപരവും യാന്ത്രികവും രാസപരവുമായ പ്രവർത്തനങ്ങളുടെ പാരിമാണിക ബന്ധത്തെക്കുറിച്ച് ഇദ്ദേഹം പഠിച്ചു. ഈ പഠനഫലമായാണു പലതരം ഊർജരൂപങ്ങൾ പരസ്പരം മാറ്റാമെന്ന തെർമോഡൈനാമിക്സിൻെറ ഒന്നാംനിയമം കണ്ടുപിടിച്ചത്. ഒരു ഏകകം താപമുണ്ടാകുന്നതിന് ആവശ്യമായ പ്രവൃത്തിയുടെ അളവ് ഇദ്ദേഹം 1843-ൽ നിർണയിച്ചു. ഇതിനു താപത്തിൻെറ 'യാന്ത്രികസമതുലനാങ്കം' (Mechanical equivalent of heat) എന്നു പറയുന്നു. വാതകങ്ങളെ മർദിക്കുമ്പോഴും ഉന്നതമർദത്തിൽ ഒരു സുഷിരത്തിലൂടെ കടത്തി താപമാറ്റം ഉണ്ടാക്കുമ്പോഴും അവ ചെയ്യുന്ന പ്രവൃത്തിയെപ്പറ്റി ഇദ്ദേഹം ഗവേഷണങ്ങൾ നടത്തി. ലായനികളിലുള്ള വ്യാപ്തമാറ്റം, ഘരവസ്തുക്കൾ മുതലായവയുടെ സങ്കോചവികാസങ്ങൾ മൂലമുണ്ടാകുന്ന താപവ്യത്യാസം എന്നിവയെപ്പറ്റിയും പഠനങ്ങൾ നടത്തി. 1889 ഒക്റ്റോബർ 11-ാംതീയതി ചെഷേയ്‌വിൽ വച്ചു നിര്യാതനായി.

ജൂൾ നിയമം (Joule's low)

ഇംഗ്ലീഷ് ഭൗതികജ്ഞനായ ജെയിംസ് പ്രെസ്കോട്ട് † ജൂൾ ആവിഷ്കരിച്ച രണ്ടു നിയമങ്ങൾ.

1. ഒരു വിദ്യുത് രോധ(R)ത്തിലൂടെ വൈദ്യുതധാര (I)പ്രവഹിക്കുമ്പോൾ ഉണ്ടാകുന്ന താപനിരക്ക് I^2R വാട്ട് ആയിരിക്കും. (വൈദ്യുതധാര = I ആമ്പയർ; രോധം = R (ഓം)

2. സ്ഥിരമായ താപനിലയിലുള്ള വാതകത്തിൻെറ മർദം പൂജ്യത്തിലേക്കു നീങ്ങുമ്പോൾ അതിൻെറ ആന്തരികോർജം (internal energy) വ്യാപ്തനിരപേക്ഷമായി സ്ഥിരമാകും. († ജൂൾ-കെൽവിൻ പ്രഭാവം നോക്കുക.

ജൂറി (Jury)

ഗൗരവമുള്ള കേസുകൾ വിസ്തരിക്കുന്നതിനു ഹൈക്കോടതിയെയും സെഷൻസ് കോടതിയെയും സഹായിക്കാൻ ജനങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്നവർ. കോടതിയിൽ വിസ്താരത്തിലിരിക്കുന്ന കേസിൻെറ തെളിവിനെ അടിസ്ഥാനമാക്കി വസ്തുതകളെ സംബന്ധിച്ച (question of facts) തീരുമാനം കല്പിക്കയാണു ജൂറിയുടെ ചുമതല. അതിനുവേണ്ടി സാധാരണക്കാരുടെ ഇടയിൽനിന്നു സത്യം ചെയ്തു സ്ഥാനമേൽക്കുന്ന സംഘമാണു ജൂറി. ഇംഗ്ലണ്ടിൽ ഓരോ പൗരനും തൻെറ കേസ് ഒരു ജൂറി കേട്ടു നിർണയിക്കേണ്ടതാണെന്ന് അവകാശപ്പെടാം. ഇന്ത്യയിൽ ഈ അവകാശത്തിനു ചില പരിമിതികൾ ഉണ്ട്. ഇവിടെ ഏതു തരം കേസ്, എവിടെവച്ചു ജൂറി മുഖാന്തിരം വിസ്തരിക്കണമെന്നു നിശ്ചയിക്കുന്നതു ഗവൺമെൻറാണ്. ഓരോ ജൂറിക്കും അവർ തിരഞ്ഞെടുക്കുന്ന ഒരു ഫോർമാൻ (മുമ്പൻ) ഉണ്ടാകും. കേസിൻെറ തെളിവനുസരിച്ചു പ്രതി കുറ്റക്കാരനാണോ അല്ലയോ എന്ന് ജൂറിയംഗങ്ങൾ കൂടിയാലോചിച്ചു പറയേണ്ടതാണ്. കേസിൻെറ അവസാനത്തിൽ ആ കേസിൻെറ നിയമവശങ്ങൾ ജഡ്ജി ജൂറിയെ മനസ്സിലാക്കിക്കൊടുക്കണം. അതു കേട്ടതിനുശേഷം കേസിൻെറ തീരുമാനം ഏതു രീതിയിലായിരിക്കണം എന്നു നിർണയിക്കാൻ ജൂറി രഹസ്യമായി സമ്മേളിക്കും. പ്രതി കുറ്റക്കാരനാണോ അല്ലയോ എന്ന് അവർ ഫോർമാൻ മുഖാന്തരം ജഡ്ജിയെ അറിയിക്കും. അവരുമായി യോജിച്ചാൽ ജഡ്ജി ഉടൻ വിധി പ്രസ്താവിക്കും. എന്നാൽ ജൂറിയുടെ അഭിപ്രായത്തിൽനിന്നും ജഡ്ജിക്കു വിയോജിക്കുവാൻ പാടില്ലെന്നില്ല. ജൂറി വിസ്തരിച്ചു വിധികല്പിക്കുന്ന കേസുകളിൽ നിയമപ്രകാരം പാകപ്പിഴകൾ ഉണ്ടായാൽ മാത്രമേ അപ്പീൽ സ്വീകരിക്കുകയുള്ളു.

പാണ്ഡിത്യമുള്ളവരെ പ്രത്യേകം തിരഞ്ഞെടുത്തു രൂപവത്കരിക്കുന്ന വിശിഷ്ടജൂറി(Special Jury)യും ചിലപ്പോൾ വേണ്ടിവരും. ഒരു കേസിലെ കൃത്യസ്ഥലം ജൂറി പരിശോധിക്കേണ്ടതാണെന്നു ജഡ്ജിക്കു തോന്നുന്നപക്ഷം ജഡ്ജി നിയമിക്കുന്ന ഒരു ഉദ്യോഗസ്ഥൻെറ മേൽനോട്ടത്തിൽ ജൂറിയംഗങ്ങളെ സ്ഥലപരിശോധനയ്ക്ക് അയയ്ക്കാവുന്നതും ആ സന്ദർഭത്തിൽ മറ്റാരുടെയും ഇടപെടൽ ഉണ്ടാകാതിരിക്കാൻ ജഡ്ജി ശ്രദ്ധിക്കേണ്ടതുമാണ്. തൻെറ അറിവിൽപ്പെടുന്ന ഏതെങ്കിലും സംഗതിയെപ്പറ്റി സത്യത്തിന്മേൽ തെളിവു കൊടുക്കാൻ ജൂറിയിലെ അംഗങ്ങൾക്ക് അവകാശമുണ്ടായിരിക്കും. ഇന്ന് ഈ സമ്പ്രദായം ഇന്ത്യയിൽ സാധാരണഗതിയിൽ സ്വീകരിക്കാറില്ല.

ജൂറിസ് പ്രൂഡെൻസ് (Jurisprudence)

നിയമശാസ്ത്രം അഥവാ നിയമദർശനം. നിയമസംഹിതകളുടെ ഉദ്ഭവവികാസങ്ങൾ, അവകാശസംരക്ഷണത്തിൽ രാഷ്ട്രത്തിൻെറയും സമൂഹത്തിൻെറയും പങ്ക്, നിയമം സൃഷ്ടിക്കയും നടപ്പാക്കുകയും ചെയ്യുന്ന വിധം ഇതൊക്കെ ജൂറിസ് പ്രൂഡെൻസിൽ വരുന്നു . വ്യവസ്ഥിതമായ ഏതു സമുദായത്തിലും അത് എത്ര പ്രാചീനമായാലും, അതിൻെറ നിലനില്പിനു ചില നിയമങ്ങൾ ഉണ്ടായിരുന്നു. സമൂഹം ദുഃസ്വാതന്ത്ര്യങ്ങളെ എന്നും എതിർക്കയും ശിക്ഷിക്കയും ചെയ്തിരുന്നു.

ഇന്ത്യയിലെ മനുസ്മൃതിയും യാജ്ഞവല്ക്യസ്മൃതിയും പ്രാചീന ഇന്ത്യയിലെ പരിഷ്കൃത നിയമസംഹിതകളാണ്. 16 സ്മൃതികൾ ഇന്ത്യയിൽ ഉണ്ടായിരുന്നു. വ്യത്യസ്തകാലഘട്ടങ്ങളിലും വ്യത്യസ്തദേശങ്ങളിലും ആണ് ഇവ ഉണ്ടായത്. ഇവയിൽ പല കാര്യങ്ങളിലും മതഭേദം ഉണ്ടെങ്കിലും പൊതുവെ അവയുടെ രീതി ഒന്നുതന്നെ ആയിരുന്നു. ഇന്ത്യയിലെ നിയമങ്ങൾ രാജനിർമിതം ആയിരുന്നില്ല. നാട്ടുനടപ്പുകളും ധാർമികപരിഗണനകളുമായിരുന്നു നിയമത്തിൻെറ അടിസ്ഥാനം.

റോമിലും പരിഷ്കൃതനിയമങ്ങൾ നിലവിലിരുന്നു. ആറാംനൂറ്റാണ്ടിൽ ഉണ്ടായ ജസ്റ്റീനിയൻെറ നിയമസംഹിത ആണ് ആദ്യത്തെ ക്രോഡീകൃത നിയമസംഹിത. ഇതിനെക്കാൾ പ്രാചീനമാണ് എല്ലാ ഭാരതീയ സ്മൃതികളും. സിവിലും ക്രിമിനലുമായ നിയമങ്ങൾ റോമൻ സംഹിതകളിലും ഇന്ത്യൻ സ്മൃതികളിലുമുണ്ട്. എന്നാൽ ശരി-അത്തു പോലെയുള്ള നിയമസംഹിതകളിൽ വിവാഹം സ്വത്തവകാശം മുതലായവയാണു മുഖ്യമായി പ്രതിപാദിക്കുന്നത്. ഇന്നത്തെ രീതിയിൽ നിയമത്തിൻെറ നിർദേശകതത്വങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന നിയമശാസ്ത്രഗ്രന്ഥങ്ങൾ 19-ാംനൂറ്റാണ്ടിലാണ് ആദ്യമായി ഉണ്ടാകുന്നത്. നിയമശാസ്ത്രത്തെ സൗകര്യത്തിനുവേണ്ടി മൂന്നായി വിഭജിക്കാം: അപഗ്രഥനാത്മക നിയമശാസ്ത്രം, സാമൂഹികനിയമശാസ്ത്രം, നീതിസിദ്ധാന്തം.

അപഗ്രഥനാത്മകനിയമശാസ്ത്രം. താത്വികമായ അപഗ്രഥനമാണ് ഇവിടെ നടത്തുന്നത്. അവകാശം, ബാധ്യത, ധനം, ഉടമ, കൈമാറ്റം,കുറ്റം, ശിക്ഷ, തെളിവ് മുതലായ വ്യത്യസ്തഘടകങ്ങളെ വെവ്വേറെ എടുത്തു നിർവചിക്കയും പരസ്പരം ബന്ധപ്പെടുത്തുകയും ചെയ്യുന്ന രീതി ആണ് ഇതിൽ ഉള്ളത്. അന്വേഷണം, വിചാരണ, വിധി, വിധിനടത്ത് മുതലായ നടപടികൾ നടത്തേണ്ടരീതിയും അപഗ്രഥന വിഭാഗത്തിൽ വരുന്നു. നിയമത്തിലെ ഓരോ അംശത്തിൻെറയും വിശകലനം ആണ് അപഗ്രഥനാത്മക ജൂറിസ്പ്രൂഡെൻസിൽ ഉള്ളത്.

സാമൂഹികനിയമശാസ്ത്രം. അവകാശസംരക്ഷണം, കുറ്റങ്ങൾ, ശിക്ഷകൾ ഇവയോടുള്ള സമൂഹത്തിൻെറ പ്രതികരണം സാമൂഹികവ്യവസ്ഥയുടെ സുസ്ഥിതിയിൽ നിയമത്തിൻെറ സ്ഥാനം മുതലായവ ആണ് ഈ ശാഖയിലെ പ്രതിപാദ്യം.

നീതിശാസ്ത്രം. നിയമത്തിൻെറ പിന്നിലെ യുക്തി സ്വാഭാവിക നീതിയും നിയമാനുസൃതമായ നീതിയും, സമൂഹത്തോടുള്ള വ്യക്തിയുടെ കടമ, ശിക്ഷകളുടെ നീതിമത്കരണം, കാലഹരണം, മുതലായ വിഷയങ്ങൾ നീതിയുടെ മണ്ഡലത്തിൽ വരുന്നു. നീതിനടത്തൽ നിയമത്തിൻെറ ലക്ഷ്യമാകയാൽ നീതിക്കുനിയമവ്യവസ്ഥയിൽ എത്രമാത്രം സ്ഥാനം അനുവദിക്കണം എന്ന കാര്യം പ്രധാന ചർച്ചാവിഷയമാണ്. നിയമനടപടികളുടെ ന്യായത, ആണ് ഈ ശാഖയിലെ, പ്രതിപാദ്യം.

†നീതിസിദ്ധാന്തങ്ങൾ, †നീതിപാലനം, †വ്യവഹാരം, †സ്മൃതികൾ †കുറ്റശാസ്ത്രം നോക്കുക.

ജെ

ജെക്കോബി, അബ്രഹാം (1830—1919)

അമേരിക്കയിൽ ശിശുരോഗചികിത്സാപദ്ധതി ആവിഷ്കരിച്ച ഭിഷഗ്വരൻ. ശിശുരോഗചികിത്സയ്ക്കുവേണ്ടി അമേരിക്കയിൽ ആദ്യമായി ഒരു ക്ലിനിക്ക് സ്ഥാപിച്ചതും ഇദ്ദേഹമാണ്.

1830-ൽ ജെർമനിയിൽ ജനിച്ചു. വൈദ്യബിരുദപഠനകാലത്ത് ജെർമൻ വിപ്ലവപ്രസ്ഥാനത്തിൽ പങ്കെടുത്തതിൻെറ പേരിൽ തടവിലാക്കപ്പെട്ടു. 1853-ൽ ന്യൂയോർക്ക് സിറ്റിയിൽ വൈദ്യപരിശീലനം ആരംഭിച്ചു. 1860-ൽ ന്യൂയോർക്ക് മെഡിക്കൽ കോളെജിലെ ശിശുരോഗചികിത്സാവിഭാഗത്തിൽ പ്രൊഫസറായി. ഈ പദവിയിലെത്തിയ ആദ്യത്തെ വ്യക്തി ജെക്കോബിയാണ്.

കൊളംബിയ യൂണിവേഴ്സിറ്റിയിലെ കോളെജ് ഒഫ് ഫിസിഷ്യൻസ് ആൻഡ് സർജൻസിലും ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിലും പ്രൊഫസറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1919-ൽ ന്യൂയോർക്കിലെ ബോൾട്ടൻ ലാൻഡിങ്ങിൽവച്ചു മരിച്ചു.

ജെക്കോബിനുകൾ (Jacobins)

ഫ്രെഞ്ചുവിപ്ലവത്തിൻെറ മുഖ്യഘടകമായിരുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിലെ അംഗങ്ങൾ. 1789 ഒക്റ്റോബർ 5,6 തീയതികളിലെ ഭീകരസംഭവങ്ങൾ കഴിഞ്ഞു പാരിസിൽ നാഷനൽ അസംബ്ലി പുനഃസ്ഥാപിതമായതിനുശേഷം ഡിസംബർ മാസത്തിൽ രൂപംകൊണ്ട ജെക്കോബിൻ പ്രസ്ഥാനത്തിന് ഇങ്ങനെയൊരു പേര് വരാൻ കാരണം ഇതിലെ അംഗങ്ങൾ റ്യൂ സെൻറ് ഓണോറിലെ ജെക്കോബിൻമാരുടെ കോൺവെൻറിൽ സമ്മേളിച്ചതാണ്. ഇരുന്നൂറോളം പ്രതിനിധികൾ (Deputies) കൂടിച്ചേർന്നു വാദപ്രതിവാദം നടത്തുകയെന്നതായിരുന്നു ഇതിൻെറ മുഖ്യ പരിപാടി. വീണ്ടും അധികാരത്തിൽ വരാൻ പ്രഭുക്കൾ നടത്തുന്ന ഗൂഢാലോചനയെ തകർക്കുകയായിരുന്നു ഇവരുടെ ലക്ഷ്യമെങ്കിലും, ജനാധിപത്യത്തേക്കാൾ വ്യവസ്ഥാപിത രാജവാഴ്ചയെയാണ് ഇവർ ഉള്ളാലെ അനുകൂലിച്ചിരുന്നത്. തിങ്കൾ, ബുധൻ, വെള്ളി, ഞായർ, എന്നീ ദിവസങ്ങളിൽ വൈകുന്നേരം സമ്മേളിച്ചു വാദപ്രതിവാദം ചെയ്തു. പാതിരാത്രിയോടെ പിരിഞ്ഞുപോവുകയായിരുന്നു ഇവരുടെ പതിവ്. ലൂയി പതിനാറാമൻെറ ഒളിച്ചോട്ടത്തെയും തുടർന്ന് അദ്ദേഹത്തിനും പരിവാരങ്ങൾക്കും നേരിടേണ്ടിവന്ന അന്ത്യത്തെയും കുറിച്ച് ഇതിലെ അംഗങ്ങൾ തമ്മിൽ രൂക്ഷമായ അഭിപ്രായവ്യത്യാസമുണ്ടായി. പക്ഷേ, എല്ലാവരെയും ഒരേലക്ഷ്യത്തിൽ അണിനിരത്തുന്നതിൽ റോബ്സ്പിയറിനെപ്പോലുള്ള നേതാക്കൾക്കുണ്ടായിരുന്ന കഴിവ് ഉദ്ദിഷ്ടഫലങ്ങളുളവാക്കി. 1791-ൽ ഫ്രെഞ്ചുനിയമനിർമാണസഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ ഇവർ വലിയ വിജയം നേടി. അതിനുശേഷം അവർ വിപ്ലവഗവൺമെൻറിൻെറ ഉറച്ച അനുകൂലികളായിത്തീർന്നു.

1794-നുശേഷം ജെക്കോബിൻ പ്രസ്ഥാനത്തിൻെറ പദവിയും അധികാരങ്ങളും ചോർന്നുതുടങ്ങി. അക്കൊല്ലം നവംബർ 12-ന് ഇതു പിരിച്ചുവിട്ടു. എങ്കിലും ഇത് അഴിച്ചുവിട്ട ആവേശം ഫ്രാൻസിൽ പിന്നീടുണ്ടായ ഓരോ രാഷ്ട്രീയപ്രതിസന്ധിയിലും പ്രകടമായിരുന്നു. 1848-ലെ വിപ്ലവത്തിലും ഇതു നിഴലിച്ചു. 'ജെക്കോബിൻ' എന്ന പദം ഫ്രാൻസിൽ തികഞ്ഞ ജനാധിപത്യവാദി എന്നതിൻെറ പര്യായമായി ഉപയോഗിക്കപ്പെട്ടുവരുന്നു. †ഫ്രെഞ്ചുവിപ്ലവം നോക്കുക.

ജെക്കോബിയൻ വാസ്തുശില്പം

ഇംഗ്ലണ്ടിലെ നവോത്ഥാന(Renaissance)ത്തിൻെറ ആദ്യഘട്ടങ്ങളിൽ, എലിസബീഥൻ കാലത്തിനുശേഷം, അവിടെ ആവിർഭവിച്ച



ജെക്കോബിയൻ വാസ്തുശില്പമാതൃക.
(ചിക്കാഗോ ആർട് ഇൻസ്റ്റിറ്റ്യൂട്ട്)

വാസ്തുവിദ്യാശൈലി. ജെയിംസ് ഒന്നാമന്റെ കാല(1603—'25)
ത്താണ് ഈ പ്രത്യേക പ്രസ്ഥാനം ആവിർഭവിക്കുകയും പ്രചരിക്കു
കയും ചെയ്തത്. അതുകൊണ്ട് ഈ പേരു പതിഞ്ഞു. കൂർത്ത കമാ
നങ്ങളും, ലംബമാനവും അലംകൃതവുമായ കവാടങ്ങളും ഇതിന്റെ
പ്രത്യേകതകളാണ്. ജെയിംസ് മരിച്ചതിനുശേഷവും ഇതു വളരെക്കാ
ലം പ്രചാരത്തിലിരുന്നു. 18-ാംനൂറ്റാണ്ടിൽ നിർമിച്ച ഓക്സ്ഫെഡി
ലെയും കേംബ്രിജിലെയും കോളെജ്കെട്ടിടങ്ങൾ ഈ മാതൃകയനു
സരിച്ചുള്ളവയാണ്,

ജെങ്ക, ഗിരോലാമോ (1476—1551)

ഇറ്റാലിയൻ ചിത്രകാരനും ശില്പിയും. നവോത്ഥാനകാലത്തെ ഒരു പ്രധാന വ്യക്തി. അർബിനോയിൽ ജനിച്ചു. ആദ്യകാലത്തു സിഗ്നോറെല്ലിയുടെ കീഴിലും പിന്നീടു പെറുഗിനോയുടെ കീഴിലും ചിത്രരചന അഭ്യസിച്ചു. അക്കാലത്ത് ഇദ്ദേഹം രചിച്ചതാണ് 'മാർടിർഡം ഒഫ് സെൻറ് സെബാസ്റ്റ്യൻ'. 1509-നോടടുത്ത് ജെങ്ക പെയിൻറുചെയ്ത രണ്ടു ചുമർചിത്രങ്ങൾ സിയന്ന ഗാലറിയിലുണ്ട്. ഇദ്ദേഹത്തിന്റെ പ്ലാസ്റ്റിക് ശൈലി സെസീനയിലെ സെൻറ് അഗസ്റ്റിനോ പള്ളിയിലെ അൾത്താരയിൽ കാണാം. സെസീനാ അൾത്താരയ്ക്കുവേണ്ടി ഇദ്ദേഹം തയ്യാർചെയ്ത പല ചിത്രങ്ങളും ബ്രിട്ടീഷ് മ്യൂസിയം, ലണ്ടൻ,ലോവ്ർ തുടങ്ങിയ സ്ഥലങ്ങളിൽ ഉണ്ട്. 1551 ആഗസ്റ്റ് 11-നു മരിച്ചു.

ജെങ്കിൻസ്, റോബർട്ട് (— 1738)

'ജെങ്കിൻസ്ചെവിയുദ്ധം' (Jenkins' Ear war) എന്ന ബ്രിട്ടീഷ് ചരിത്രസംഭവത്തിന് ആ പേരു നല്കിയ നാവികസേനാധിപൻ. വെസ്റ്റ് ഇൻഡീസ് ദ്വീപസമൂഹങ്ങൾക്കിടയിൽവച്ച് ഏതാനും സ്പാനീഷ് ഭടന്മാർ 'റെബക്കാ' എന്ന തന്റെ കപ്പൽ കൊള്ളയടിച്ചുവെന്നും തന്റെ ഒരു ചെവി അറുത്തുമുറിച്ചുകൊണ്ടുപോയി എന്നും 1731-ൽ ജെങ്കിൻസ് ഒരു റിപ്പോർട്ടയച്ചു. എങ്കിലും അതിന് ആരും അന്ന് അത്ര പ്രാധാന്യം കല്പിച്ചില്ല. ഏഴുകൊല്ലം കഴിഞ്ഞ്, 1738-ൽ ജെങ്കിൻസ് ഈ കഥ കോമൺസ്സഭയിൽ ആവർത്തിച്ചു. മുറിഞ്ഞുപോയ തന്റെ കാത് അവിടെ പ്രദർശിപ്പിക്കുകയും ചെയ്തു. ബ്രിട്ടീഷ് കപ്പലുകളിൽ സ്പെയിൻകാർ നടത്തുന്ന തുടരെയുള്ള കവർച്ചകളിൽ ക്ഷുഭിതരായ അധികാരികൾ ഈ കഥകൂടി കേട്ടതിനെത്തുടർന്ന് 1739 ഒക്റ്റോബറിൽ സ്പെയിനുമായി യുദ്ധം പ്രഖ്യാപിച്ചു. ഇതിന്റെ പുറകെ വന്ന സ്പാനീഷ് പിന്തുടർച്ചാവകാശയുദ്ധത്തിന്റെ ഒരു ഭാഗമായി ഈ സമരം കുറെക്കാലം നീണ്ടുനിന്നു. ജെങ്കിൻസ് നടത്തിയ നിവേദനത്തിന്റെ സത്യാവസ്ഥയെ ചില ചരിത്രകാരന്മാർ ചോദ്യംചെയ്യുന്നുണ്ട്.

ജെങ്കിസ്ഖാൻ (1162—1227)

മംഗോളുകളുടെ ഭരണാധികാരി(ഖാൻ)യും മാനവചരിത്രത്തിലെ വിശ്വജേതാക്കളിൽ ഒരാളും. ഇദ്ദേഹത്തിന്റെ ജനനത്തീയതിയെപ്പറ്റി അഭിപ്രായഭിന്നതകളുണ്ട്. 1155, 1162, 1167 - ഈ മൂന്നും ജനനവർഷമായി പറഞ്ഞുകാണുന്നു. പിതാവു സൂക്കായ്ബഹുദുർ (ബഹുദുർ = വീരൻ). മാതാവ് ഹൂലൂൺ. ജെങ്കിസിന്റെ ആദ്യനാമം ടെമുജിൻ എന്നായിരുന്നു. 15-ാമത്തെ വയസ്സിൽ ഒരു യോദ്ധാവായിത്തീർന്നതിനുശേഷം വിവാഹം കഴിച്ചു. 39-ാമത്തെ വയസ്സിൽ ഖാനായി പ്രഖ്യാപിക്കപ്പെട്ടു.

തികഞ്ഞ യോദ്ധാവായിരുന്ന ജെങ്കിസ്ഖാനു മംഗോൾ ഗോത്രങ്ങളെ മെരുക്കിയെടുക്കുവാനുള്ള സാമർഥ്യവും നയവും ഉണ്ടായിരുന്നു. മംഗോളിയ മുഴുവൻ അധീനമാക്കുവാനുള്ള ശ്രമത്തിൽ കരൈറ്റുകളുമായി പലപ്പോഴും ഏറ്റുമുട്ടേണ്ടിവന്നു. കരൈറ്റുകൾ മംഗോളുകളുമായി ബന്ധപ്പെട്ടവരായിരുന്നു. ടെമുജിൻ അവരുടെ നേതാവായ വാങ്ഖാനെ യുദ്ധത്തിൽ തോല്പിച്ച് മംഗോളിയ കീഴടക്കി. മംഗോളിയയുടെ തലസ്ഥാനമായ കാരക്കോറമായിരുന്നു ജെങ്കിസ്ഖാൻ സ്ഥാപിച്ച മംഗോൾസാമ്രാജ്യത്തിന്റെയും ആസ്ഥാനം.

ജെങ്കിസ്ഖാന്റെ ശിക്ഷണത്തിൽ രൂപവത്കരിച്ച മംഗോൾ മഹാസൈന്യത്തിൽ അശ്വഭടന്മാരായിരുന്നു പ്രധാനം. 1212-ൽ മെർക്കിറ്റ്ഖാനെ തോല്പിച്ചിട്ട് ജെങ്കിസ്ഖാൻ 1213-ൽ ഉത്തരചൈന പിടിച്ചെടുത്തു. 1214-ൽ പീക്കിങ്ങും പിടിച്ചു.

യുവാൻ സാമ്രാജ്യം. കിൻവാഴ്ച അവസാനിപ്പിച്ച് ഉത്തരചീനയിൽ ജെങ്കിസ്ഖാൻ സ്ഥാപിച്ച യുവാൻ സാമ്രാജ്യം ഏറെനാൾ നിലനിന്നു. ചൈനയിൽ ഖാന്റെ ജോലി പൂർത്തിയാക്കിയ മുഹുലി പിന്നീടു കൊറിയ ആക്രമിച്ചു കീഴടക്കി.



ഏഷ്യയിലെ ഏറ്റവും സമ്പന്നനും ശക്തനുമായ സമ്രാട്ടാണു താനെന്ന അഹന്തകൊണ്ടു മുഹമ്മദ്ഷാ, ജെങ്കിസ്ഖാനെ മംഗോളുകളുടെ ഖാനായി അംഗീകരിക്കുവാൻ വിസമ്മതിച്ചു. ഷായുടെ ഒരു ഗ്വർണർ, മംഗോൾ കച്ചവടക്കാരെ കൂട്ടത്തോടെ കൊലചെയ്തു. മംഗോൾ പെരുമാളായ ജെങ്കിസ് കുറ്റക്കാരനായ ഗവർണറെ ശിക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു ഷായുടെ അടുക്കലേക്കു ദൂതന്മാരെ വിട്ടു. ഷാ ഖാന്റെ പ്രതിപുരുഷന്മാരെ വധിച്ചു.

1219-ൽ പടിഞ്ഞാറോട്ടു തിരിക്കുകയും നാലുകൊല്ലത്തോളം ഖൊറാസാൻ സാമ്രാജ്യത്തിൽ ചരിത്രത്തിലെ ഏറ്റവും വലിയ പടയോട്ടം നടത്തുകയും ചെയ്തു.

ബൊഖാറ, ബാൾക്ക്, മെർവ്, നൈഷാപൂർ, താഷ്കെൻറ് തുടങ്ങിയ പട്ടണങ്ങൾ കൊള്ളയടിച്ചു നശിപ്പിച്ചു.

മംഗോളുകളുടെ ആക്രമണത്തിനു വിധേയനായ മുഹമ്മദ് ഷാ മരിച്ചു. മകൻ ജലാലുദ്ദീൻ, ഹേരത്ത് ആസ്ഥാനമാക്കി ശത്രുക്കളെ ചെറുത്തുനിന്നു. ഗത്യന്തരമില്ലെന്നു കണ്ടപ്പോൾ അദ്ദേഹം ഇന്ത്യയിലേക്കു പലായനം ചെയ്തു. ജലാലുദ്ദീനു ദില്ലി സുൽത്താൻ അഭയം നല്കി. ജെങ്കിസ്ഖാൻ ഇദ്ദേഹത്തെ പിടിക്കുവാൻ മെനക്കെടുകയുണ്ടായില്ല. ലാഹോർ വരെ എത്തിയ മംഗോളുകൾ ഇന്ത്യയിലെ കഠിനോഷ്ണം അസഹനീയമെന്നു കണ്ടു പിന്മാറി.

യൂറോപ്പിലേക്ക്. ജെങ്കിസ്ഖാന്റെ സൈന്യംസുബോത്തയുടെ കീഴിൽ പടിഞ്ഞാറെ യൂറോപ്പിലേക്കു കടന്നു.

ഈ മംഗോൾ സൈന്യം ദക്ഷിണറഷ്യയിലെത്തി. സുബോത്തായുടെ കീഴിൽ ഇരുപതിനായിരം കുതിരപ്പട്ടാളക്കാരാണ് ഉണ്ടായിരുന്നത്. ഇവരെ ചെറുക്കുവാനെത്തിയ കിവ്ചേക്കുകളെ നിഷ്പ്രയാസം തോല്പിച്ച മംഗോൾസൈന്യം കാസ്പിയൻ കടലിന്റെ വടക്കെ കരയിൽ താവളമടിച്ചു. തെക്കൻ റഷ്യയിലെ ഫലഭൂയിഷ്ടമായ താഴ്വരകൾ ഇവരെ ആകർഷിച്ചു. 1222-ൽ കീവിലെ മഹാപ്രഭുവിന്റെ കീഴിൽ വന്ന ഒരു സംയുക്ത റഷ്യൻ കിവ്ചേക്ക് സൈന്യത്തെ മംഗോളുകൾ നീപ്പർ നദീതീരത്തുവച്ചു തോല്പിച്ചു. സുബോത്തായ് കീവിലെ മഹാപ്രഭുവിനെ തടവുകാരനാക്കി. ഖാനിന്റെ പുത്രന്മാർ പിൽക്കാലങ്ങളിൽ റഷ്യ ആക്രമിച്ചു വമ്പിച്ചവിജയങ്ങൾ നേടി.

ഭരണതന്ത്രജ്ഞൻ. മംഗോൾപട പരാജയമെന്തെന്നറിഞ്ഞിരുന്നില്ല. ജെങ്കിസ്ഖാൻ നീതിമാനും നിപുണനുമായ ഭരണതന്ത്രജ്ഞൻ ആയിരുന്നു. പ്രാപ്തനും സത്യസന്ധനുമായ ഖാൻ ധനകാര്യം, വിദ്യാഭ്യാസം മുതലായ വകുപ്പുകൾ കൈകാര്യം ചെയ്തു. പരിചയസമ്പന്നനായ ഈ രാഷ്ട്രതന്ത്രജ്ഞന്റെ അക്ഷീണപരിശ്രമംകൊണ്ടാണു മംഗോൾസാമ്രാജ്യം നിലനിന്നത്.

ജെങ്കിസ്ഖാന്റെ സാമ്രാജ്യത്തിൽ ഉടനീളം സമാധാനം നിലനിന്നിരുന്നതുകൊണ്ടു കരവഴിയുള്ള കച്ചവടവും ഗതാഗതവും പുരോഗമിച്ചു. യുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെട്ട പണ്ഡിതന്മാരെയും കരകൗശലക്കാരെയും വെറുതെ വിട്ടു.

ജെങ്കിസ്ഖാന് ജൂയി, ചിത്താഗേ, ഒഗോട്ടായ്, തുലി എന്നീ നാലു പുത്രന്മാരുണ്ടായിരുന്നു. പിതാവു ജീവിച്ചിരിക്കെ തന്നെ ജൂയി മരിച്ചു. നീപ്പർ നദിമുതൽ ശാന്തസമുദ്രം വരെ വ്യാപിച്ചുകിടന്നിരുന്ന ഖാന്റെ മുഗൾസാമ്രാജ്യം പുത്രന്മാർ പങ്കിട്ടെടുത്തു.

ജെജീബോയ് ജാം സേഠ്ജി (1783—1859)

ജീവകാരുണ്യപ്രവർത്തനങ്ങളിൽ തത്പരനായിരുന്ന പാഴ്സി വ്യാപാരി. 1783-ൽ ബോംബെയിൽ ജനിച്ചു. 1791 മുതൽ വ്യാപാരരംഗത്ത് പ്രവേശിച്ചു. ആദ്യം ബന്ധുക്കളുടെ കൂടെയാണു വ്യാപാരത്തിൽ ഏർപ്പെട്ടത്. കുറച്ചു കാലത്തിനിടയ്ക്കു സ്വന്തമായിത്തന്നെ വ്യാപാരസ്ഥാപനം തുടങ്ങി വളരെവേഗം ഇന്ത്യയിലെ പ്രമുഖവ്യാപാരിയായി ഉയർന്നു. അശരണർക്കും ദരിദ്രർക്കും രോഗാതുരർക്കും ഇദ്ദേഹം ഉദാരമായി ധനസഹായം ചെയ്തു.

ജെട്ടി

ജലവാഹനങ്ങളിൽ കയറാനും അവയിൽനിന്നു കരയ്ക്കിറങ്ങാനും സഹായകമായ രീതിയിൽ വെള്ളത്തിലേക്ക് ഉന്തിനില്ക്കുന്നവിധം നിർമിച്ചിട്ടുള്ള സംരചനകൾ. ചാടിനില്ക്കുന്നത് എന്നർഥമുള്ള 'ജെടീ' (Jetee) എന്ന ഫ്രെഞ്ച്പദത്തിൽനിന്നാണ് ഇതിന്റെ ഉദ്ഭവം. നദീപ്രവാഹത്തിന്റെ ശക്തികൊണ്ടു കരകൾ ഇടിഞ്ഞുവീഴാതിരിക്കാൻ കേരളത്തിൽ നിർമിച്ചുവരാറുള്ള 'പുലിമുട്ട്' അല്ലെങ്കിൽ 'പുലിമുഖം' രൂപത്തിലും, ചില അവസരങ്ങളിൽ പ്രയോജനത്തിലും, ജെട്ടികൾക്കു സമാനമാണ്. തുറമുഖങ്ങളിൽ മറ്റു സൗകര്യങ്ങളില്ലാത്ത സ്ഥലങ്ങളിൽ കപ്പലുകൾ അടുക്കാനും ജെട്ടികൾ ഉപയോഗപ്പെടാറുണ്ട്. ആവശ്യവും പ്രയോജനവുമനുസരിച്ചു തടിയോ കോൺക്രീറ്റോ ഉരുക്കുചട്ടക്കൂടുകളോ ഉപയോഗിച്ചാണു ജെട്ടികൾ നിർമിക്കുന്നത്.

കുട്ടനാടൻപ്രദേശങ്ങളിലൂടെ ഓടുന്ന ബോട്ടുകളിൽ യാത്രക്കാർക്കു കയറാനും അവയിൽനിന്നിറങ്ങാനും വെള്ളത്തിൽ ബലമായി ഉറപ്പിച്ച മരക്കാലുകളിന്മേൽ കരയിൽനിന്നു ഘടിപ്പിച്ച പലകകളാണു ജെട്ടിയായി ഉപയോഗപ്പെടുത്തുന്നത്. ഇവ ചിലപ്പോൾ നടുവേ കീറിയ തെങ്ങിൻതടികളുമാകാം.

ജെനറൽ

കരസേനാമേധാവിയുടെ സ്ഥാനപ്പേര്. ഇന്ത്യൻ കരസേനാമേധാവിക്കു നല്കാവുന്ന പരമോന്നതസ്ഥാനം †ഫീൽഡ്മാർഷൽ ആണ്. ഇതു സൈന്യസേവനകാലത്ത് ഒരാൾക്കു മാത്രമേ നല്കിയിട്ടുള്ളു — 1972-ൽ സാം മനേക്ഷായ്ക്ക്. (ഇന്ത്യാക്കാരനായ ആദ്യത്തെ ജെനറൽ ആയ കെ.എം. കരിയപ്പയ്ക്ക് അദ്ദേഹം സർവീസിൽനിന്നു വിരമിച്ചു മൂന്നുദശകത്തിൽ അധികം കഴിഞ്ഞശേഷം ഫീൽഡ്മാർഷൽ പദവി നല്കിയിട്ടുണ്ട്). ജെനറൽ, ലെഫ്റ്റനന്റ് ജെനറൽ, മേജർ ജെനറൽ എന്നിങ്ങനെ ആണ് ഇന്ത്യൻ കരസേനയിലെ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്കുള്ള പേരുകൾ. ബ്രിട്ടീഷ് സൈന്യത്തിന്റെ മാതൃകയിൽ കോമൺവെൽത്ത് രാജ്യങ്ങൾ ഏറെക്കുറെ ഈ രീതി പിൻതുടരുന്നു. യു. എസ്സിൽ കരസേനയിലെ പരമോന്നതസ്ഥാനം ഫൈവ്സ്റ്റാർ ജെനറൽ ആണ്. അവിടെ മേൽപറഞ്ഞ സ്ഥാനങ്ങൾക്കു പുറമെ ബ്രിഗേഡിയർ ജെനറൽ എന്ന സ്ഥാനം കൂടിയുണ്ട്.

ജെനറൽ ചൂട്ടേ

†ചൂട്ടേ, ജെനറൽ നോക്കുക.

ജെനറേറ്റർ (electric generator)

യാന്ത്രികശക്തി (mechanical power) ഉപയോഗിച്ചു വൈദ്യുതി ഉത്പാദിപ്പിക്കുന്ന യന്ത്രസംവിധാനം. 'ജനിത്രം' എന്നും പേരുണ്ട്. ചെറിയതരം ജെനറേറ്ററുകൾ 'ഡൈനമോ' എന്നാണ് അറിയപ്പെടുന്നത്.

യാന്ത്രികോർജം ജെനറേറ്ററിലേക്ക് നല്കിയാൽ മാത്രമെ, അതിൽനിന്ന് വൈദ്യുതോർജം ലഭിക്കൂ. സൈക്കിൾ ഡൈനമോയിൽ സൈക്കിൾ ചവിട്ടുന്ന ആൾ ചക്രങ്ങൾവഴി യാന്ത്രികോർജം പകരുന്നു. വൻകിട വൈദ്യുതോത്പാദനകേന്ദ്രങ്ങളിൽ ജല-ടർബൈനുകളോ നീരാവി-ടർബൈനുകളോ ഡീസൽ യന്ത്രങ്ങളോ ആണ് യാന്ത്രികോർജം നല്കുന്നത്.

ചരിത്രം. ക്രിസ്തുവിനു മുമ്പ് ആറാംനൂറ്റാണ്ടിൽ ഗ്രീക്കുശാസ്ത്രജ്ഞരായ തെയിൽസ് ആംബർ കല്ല് ഉരച്ച് ഉണ്ടാക്കുന്ന വൈദ്യുത ചാർജിനെക്കുറിച്ചുള്ള അറിവ് ലോകത്തിനു മുന്നിൽ അവതരിപ്പിച്ചു. അതിനുശേഷം 2,400 വർഷങ്ങൾക്കു ശേഷമാണു യാന്ത്രികോർജം വൈദ്യുതോർജം ആക്കിമാറ്റാനുള്ള ഒരു സംവിധാനം നിർമിക്കപ്പെടുന്നത്. 1831-ൽ ഇംഗ്ലീഷ് ഭൗതികജ്ഞനായ മൈക്കിൾ ഫാരഡേ ആണു യാന്ത്രികോർജം വൈദ്യുതോർജമായി മാറ്റുവാനുള്ള സംവിധാനങ്ങൾ ആദ്യം ആവിഷ്കരിച്ചത്. 1836-ൽ ജെർമൻ വ്യവസായി ആയ വാർണർ ഫൊൺ സീമെൻസ്, ജെനറേറ്ററിന്റെ പരിഷ്കരണത്തിന് വിലപ്പെട്ട സംഭാവനകൾ നല്കി. സ്ഥിരകാന്തത്തിന് പകരം വൈദ്യുതകാന്തങ്ങൾ ഉപയോഗിക്കുക എന്ന മാറ്റമാണ് അതിൽ പ്രധാനം. 1870-ൽ ബെൽജിയംകാരനായ സീനോബ് ഗ്രാമീ ആണു ജെനറേറ്ററിൽ ഇരുമ്പ് കാമ്പോടു(core)കൂടിയ ആർമേച്ചർ അവതരിപ്പിക്കുന്നത്. 1882-ൽ ജെനറേറ്റർ ഉപയോഗിച്ചു വൈദ്യുതി ഉത്പാദിപ്പിച്ചു ലണ്ടൻ, ന്യൂയോർക്ക്, മിലാൻ എന്നീ നഗരങ്ങൾ വൈദ്യുതീകരിച്ചു. അതോടെ പാശ്ചാത്യരാജ്യങ്ങളിൽ ജെനറേറ്ററിന് പ്രിയം ഏറി. പത്തൊമ്പതാംനൂറ്റാണ്ടിന്റെ അന്ത്യത്തോടെയാണ് വൈദ്യുതി പ്രേഷണം (transmission) ചെയ്യുവാൻ തുടങ്ങിയത്. ആദ്യത്തെ പ്രധാനപ്പെട്ട ജലവൈദ്യുത ജെനറേറ്റർ പ്രവർത്തിപ്പിച്ചത് നയാഗ്ര വെള്ളച്ചാട്ടത്തിലാണ് (1895).

പ്രവർത്തനതത്വം. ജെനറേറ്ററിന്റെ പ്രവർത്തനത്തിന് ആധാരമായിട്ടുള്ള തത്വം ഇതാണ്: ഒരു കമ്പിച്ചുരുളു(കോയിൽ)മായി അനുബന്ധിക്കുന്ന കാന്തിക ഫ്ളക്സ് (flux) മാറിക്കൊണ്ടിരിക്കുകയാണെങ്കിൽ പ്രേരണ (Induction) മൂലം കമ്പിച്ചുരുളിൽ ഒരു വോൾട്ടത (voltage) ഉണ്ടാകുന്നു.

ഈ തത്വമനുസരിച്ച് ഉള്ള വൈദ്യുതി നിർമാണം മൂന്നു വിധത്തിൽ നിർവഹിക്കാം:- 1. സ്ഥിരമായി നില്ക്കുന്ന കമ്പിച്ചുരുളിന് ചുറ്റും, ചലിക്കുന്ന കാന്തംഉപയോഗിച്ചു മാറിക്കൊണ്ടിരിക്കുന്ന ഒരു കാന്തമണ്ഡലം സൃഷ്ടിക്കുക. 2. സ്ഥിരമായി നില്ക്കുന്ന കാന്തത്തിനെ ചൂഴ്ന്ന് കമ്പിച്ചുരുൾ ചലിപ്പിക്കുക. 3. സ്ഥിരമായി നില്ക്കുന്ന കമ്പിച്ചുരുളിനും കാന്തമണ്ഡലത്തിനുമിടയിൽ ഒരു ഇരുമ്പ്തകിട് ചലിപ്പിക്കുക. ഇതിൽ ഏതെങ്കിലും രീതിയിൽ പ്രവർത്തിപ്പിക്കുമ്പോൾ, വിദ്യുത്ചാലകബലം (electromotive force — ഇലക്ട്രോണുകളെ ചലിപ്പിക്കാൻ ശേഷിയുള്ള ബലം) അനുഭവപ്പെടും.

ജെനറേറ്ററുകളെ ഡി.സി. ജെനറേറ്റർ (Direct Current Generator), എ.സി. ജെനറേറ്റർ (Alternating Current Generator) എന്നിങ്ങനെ രണ്ട് വിഭാഗമായി തരംതിരിക്കാം.

ഡി.സി. ജെനറേറ്റർ. നേർധാരാവൈദ്യുതി ഉത്പാദിപ്പിക്കാൻ ഉപയോഗിക്കുന്ന ജെനറേറ്ററുകളാണ് ഈ വിഭാഗത്തിൽ വരുന്നത്. ഓട്ടോമൊബീലുകൾ, തീവണ്ടിമുറികൾ തുടങ്ങിയവയിൽ ഇത്തരം ജെനറേറ്ററുകൾ (ഡൈനമോകൾ) ആണ് ഉപയോഗിക്കുന്നത്.

ഇതിന്റെ പ്രധാന ഭാഗങ്ങൾ കാന്തം, †ആർമേച്ചർ, കമ്മ്യൂട്ടേറ്റർ, ബ്രഷ് തുടങ്ങിയവയാണ്. ആർമേച്ചർ ഒരു കാന്തമണ്ഡലത്തിൽ തിരിഞ്ഞാൽ വൈദ്യുതി ഉത്പാദിപ്പിക്കപ്പെടുന്നു എന്നതാണ് ഡി.സി. ജെനറേറ്ററിന്റെ പ്രവർത്തനതത്വം. ആർമേച്ചറിന്റെ ചാലകാഗ്രങ്ങൾ കമ്മ്യൂട്ടേറ്ററുകളോടു ഘടിപ്പിച്ചിരിക്കും. ജെനറേറ്ററിന്റെ കമ്പിച്ചുരുളിൽ എല്ലായ്പ്പോഴും പ്രത്യാവർത്തിധാരയാണ് ഉത്പാദിപ്പിക്കപ്പെടുക. കമ്മ്യൂട്ടേറ്ററാണ് ഈ വൈദ്യുതധാരയുടെ ദിശ നിയന്ത്രിച്ച് വൈദ്യുതി നല്കുന്നത്. കമ്മ്യൂട്ടേറ്റർ ഇല്ലാത്ത ഏക ഡി.സി. ജെനറേറ്റർ 'ഹോമോ പോളാർ' ആണ്.

എ.സി. ജെനറേറ്റർ. ഇത്തരം ജെനറേറ്ററുകളിൽ കമ്മ്യൂട്ടേറ്ററിന് പകരം ആർമേച്ചർ ഷാഫ്റ്റിൽ രണ്ടു ലോഹവളയങ്ങൾ ഘടിപ്പിക്കുന്നു. ജെനറേറ്റർ പ്രവർത്തിക്കുമ്പോൾ കമ്പിച്ചുരുകളുകൾ കൂടി ഈ വളയത്തിലെത്തുന്ന പ്രത്യാവർത്തിധാരയെ ബ്രഷുകൾ വഴി പുറത്തേക്ക് ഒഴുക്കുന്നു. മിക്കവാറും എല്ലാ വ്യാവസായിക ഏ.സി. ജെനറേറ്ററുകളും ത്രിഫേസ് (three phase) ആയിരിക്കും. തന്നിമിത്തം ആർമേച്ചറിനു മൂന്നു ടെർമിനൽ (terminal) ഉണ്ടായിരിക്കണം. അടുത്തുള്ള വോൾട്ടതകൾ തമ്മിൽ 120° ഫേസ് വ്യത്യാസം (phase difference) ഉണ്ടായിരിക്കും.

ജെനറ്റിക്സ്

ജനിതകം നോക്കുക.

ജെനായുദ്ധം

ഫ്രെഞ്ചുകാരും പ്രഷ്യക്കാരും തമ്മിൽ ഇപ്പോഴത്തെ കിഴക്കൻ ജെർമനിയിലെ ജെനാ എന്ന സ്ഥലത്തുവച്ച് 1806-ൽ നടത്തിയ യുദ്ധം. നെപ്പോളിയൻെറ നേതൃത്വത്തിലുള്ള ഫ്രെഞ്ചുസൈന്യം ആധുനിക യുദ്ധരീതികളിൽ പ്രാവീണ്യം കുറഞ്ഞ പ്രഷ്യൻ സൈന്യത്തെ പരാജയപ്പെടുത്തി. 1806 ഒക്റ്റോബർ 14-ന് ആണ് ഈ യുദ്ധം നടന്നത്. ഈ ദിവസംതന്നെ ജെനായിൽനിന്ന് 21 കി.മീറ്റർ. വടക്കുള്ള ഓർസ്റ്റട്ടിൽവെച്ചും ഫ്രെഞ്ചുസൈന്യം പ്രഷ്യൻ സൈന്യത്തെ തോല്പിച്ചു. രണ്ടിടത്തുംകൂടി ഫ്രെഞ്ചുസേനയിലെ 12000 പേരും പ്രഷ്യൻ സേനയിലെ 24000 പേരും കൊല്ലപ്പെട്ടു. 20000 പേരെ ഫ്രെഞ്ചുസൈന്യം തടവുകാരായി പിടിച്ചു. തുടർന്ന് ആറ് ആഴ്ചയ്ക്കുള്ളിൽ പ്രഷ്യ മുഴുവൻ നെപ്പോളിയൻ തൻെറ അധീനത്തിലാക്കി.

ജെനീവ

സ്വിറ്റ്സർലൻഡിലെ ഒരു പ്രധാന നഗരം. പല അന്തർദേശീയ സംഘടനകളുടെയും ആസ്ഥാനം ഇവിടെ ആണ്. പുരാതനകാലം മുതൽക്കേ സാഹിത്യം, ശാസ്ത്രം, മതശാസ്ത്രം എന്നീ മേഖലകളുമായി ബന്ധപ്പെട്ട ചിന്താഗതികളുടെ ഒരു കേന്ദ്രമായിരുന്നു. ഒരു വലിയ നഗരത്തിൻെറ എല്ലാ സൗകര്യങ്ങളും ഉള്ള ജെനീവയിലെ ജനസംഖ്യ 1,59,895 (1986).

മനോഹരമായ ഭൂപ്രകൃതിയും നല്ല ശീതോഷ്ണാവസ്ഥയും ഈ നഗരത്തിൻെറ സവിശേഷതകളാണ്. റോൺ (Rhone) താഴ്വരയിൽ 'ലെമാൻ' എന്നു പണ്ടേ വിളിച്ചുപോരുന്ന ജെനീവാകായലിൻെറ തെക്കുപടിഞ്ഞാറെ അറ്റത്താണ് ഇതു സ്ഥിതിചെയ്യുന്നത്. നഗരത്തിൻെറ പടിഞ്ഞാറുഭാഗത്തു ജുറാ-ആൽപ്സ് പർവതനിരകളും കിഴക്കും തെക്കും സലേവ് (Saleve) കുന്നുകളുമാണ്. 'ജെൻ-അവാ' എന്ന നഗരത്തിൻെറ പുരാതനമായ പേരിൻെറ അർഥംതന്നെ വെള്ളം വെളിയിലേക്കു പോകുന്ന സ്ഥലമെന്നാണ്. ജെനീവാകായലിൽനിന്നാണ് റോൺനദിയുടെ ഉദ്ഭവം. മധ്യത്തിൽ കായലും അവിടെനിന്നു പടിപടിയായി ഉയരത്തിലേക്കുള്ള കുന്നിൻചെരിവുകളും ഇടയ്ക്കിടെയുള്ള പാർക്കുകളും അല്പം അകലെയുള്ള കുന്നിൻനിരകളും ആണു മുകളിൽനിന്നുള്ള ദൃശ്യം. പ്രകൃതിദത്തമായ സൗന്ദര്യത്തെ കാലാനുസൃതമായ മനുഷ്യപ്രയത്നംകൊണ്ടു വർധിപ്പിച്ചിട്ടുണ്ട്. കായൽമധ്യത്തിൽ സ്ഥാപിച്ചിട്ടുള്ള ജലധാര (fountain)യും പരിസരങ്ങളിലെ രമ്യസൗധങ്ങളും, കായൽത്തീരത്തെചുറ്റിയുള്ള വൈദ്യുതദീപങ്ങളും രാത്രിയിൽ വെള്ളത്തിൽ പ്രതിഫലിച്ചുണ്ടാകുന്ന ദൃശ്യം ആകർഷകമാണ്. നീന്തൽക്കാരെയും വെള്ളത്തിൻെറ മുകൾപ്പരപ്പിൽ സ്കീ ചെയ്യുന്നവരെയും മോട്ടോർബോട്ടുകളും പായ്വള്ളങ്ങളും വേനൽക്കാലത്തു കായലിൽ അവിടവിടെ കാണാം.

ചരിത്രം. ക്രിസ്തുവിനു നാലയ്യായിരം വർഷങ്ങൾക്കുമുമ്പുതന്നെ ഈ കായലിൻെറ തീരത്തിൽ ഒരു ചെറിയ പട്ടണം ഉണ്ടായിരുന്നു. പിന്നീട് അതിൻെറ തെക്കുഭാഗത്തു കുന്നിൻചരിവിൽ മറ്റൊരു പട്ടണം ഉണ്ടായി. അടുത്തുള്ള പ്രഭുക്കന്മാരിൽനിന്നു സ്വാതന്ത്ര്യം നേടാനുള്ള ശ്രമങ്ങളാണ് ജെനീവയുടെ ആദ്യകാലചരിത്രം. 1526-ൽ ബേൺ, ഫ്രീബുർ എന്നീ കാൻറണുകളുമായി കോംബുർജോയ്സീ (Combourgeoisie) സന്ധിയിൽ ഏർപ്പെടുകയും 1814-ൽ സ്വിസ്സ് കോൺഫെഡറേഷനിൽ ചേരുകയും ചെയ്യുന്നതുവരെ ഈ സ്ഥിതി നിലനിന്നു. സവോയ്പ്രഭുക്കന്മാരുടെ ഇടപെടലായിരുന്നു ഈ കാലയളവിലെ പ്രധാന സംഭവം. 1602 ഡിസംബറിൽ സവോയ്പ്രഭുവിൻെറ പട്ടാളം ജനീവാനഗരം പിടിച്ചടക്കാൻ കോട്ടമതിലുകളിൽ കയറി. ഇതു കണ്ടുനിന്ന നഗരാന്തർഭാഗത്തിലെ ചില വീട്ടമ്മമാർ തിളച്ചുപൊങ്ങിക്കൊണ്ടിരുന്ന സൂപ്പ് പട്ടാളക്കാരുടെ തലയിലൊഴിച്ചാണ് ജെനീവാനഗരത്തെ ശത്രുക്കളിൽനിന്നു രക്ഷിച്ചത്. ഇതിൻെറ ഓർമയ്ക്ക് ഇന്നും സൂപ്പുകലങ്ങൾ പൊട്ടിച്ചും ഘോഷയാത്രകൾ നടത്തിയും എസ്കലാദ് (Escalade) എന്ന പേരിൽ നഗരോൽസവം ആഘോഷിക്കുന്നു.

സ്വിറ്റ്സർലൻഡിൻെറ നിഷ്പക്ഷമായ രാഷ്ട്രീയനിലയാണ് അന്താരാഷ്ട്രസംഘടനകളുടെകേന്ദ്രസ്ഥലമായിജെനീവ ഉയർന്നതിൻെറ കാരണം. രണ്ടു ലോകയുദ്ധങ്ങൾക്കിടയ്ക്കുള്ള കാലത്തു പ്രവർത്തിച്ചുപോന്ന സർവരാജ്യസഖ്യത്തിൻെറ കാര്യാലയം ('രാഷ്ട്രങ്ങളുടെ കൊട്ടാരം') ജെനീവയിലെ പ്രധാനപ്പെട്ട കാഴ്ചയാണ്. ഈ കെട്ടിടം ഐക്യരാഷ്ട്രസഭയുടെ യൂറോപ്യൻ ഓഫീസായും മറ്റു പല അന്തർദേശീയ സമ്മേളനങ്ങൾ കൂടുന്നതിനുള്ള സ്ഥലമായും ഉപയോഗിച്ചുവരുന്നു. ഇതിൻെറ പിൻഭാഗത്ത് അന്തർദേശീയ റെഡ്ക്രോസ് സമിതിയുടെ ഓഫീസും സർവരാജ്യ ആരോഗ്യ സംഘടനയുടെ ഓഫീസും കാണാം. ഈ കെട്ടിടസമൂഹങ്ങളുടെ അല്പം താഴെ കായൽക്കരയ്ക്ക് ചതുരാകൃതിയിലുള്ള കെട്ടിടത്തിലാണ് അന്തർദേശീയ തൊഴിലാളികാര്യാലയം ആദ്യംമുതൽ ഇന്നുവരെ (രണ്ടാം ലോകയുദ്ധകാലം ഒഴിച്ചാൽ) പ്രവർത്തിച്ചുവരുന്നത്.

വാച്ചുനിർമാണത്തിനും ജെനീവ പ്രസിദ്ധിനേടിയിട്ടുണ്ട്. പതിനേഴാം ശതാബ്ദംമുതൽതന്നെ ജെനീവാവാച്ചുകൾ തുർക്കി, റഷ്യ മുതലായ സ്ഥലങ്ങളിൽപോലും വിറ്റുവന്നിരുന്നു. ജെനീവയിലെ വാച്ചുനിർമാണവ്യവസായത്തിൻെറ ഒരു സൂചകമായി പൂകൊണ്ടു ചുറ്റപ്പെട്ട ഒരു വാച്ച് സന്ദർശകരെ വളരെ ആകർഷിക്കുന്നു.

ജെനീവാനഗരവുമായി ബന്ധപ്പെട്ട മൂന്നു വിശ്വവിഖ്യാതവ്യക്തികളാണ് അധ്യാത്മചിന്തകനായ കാൽവിനും (1500—'64) തത്ത്വചി



ജെനീവാ. ഒരു ദൃശ്യം. റോൺനദിയും മോണ്ട്ബ്ലാങ്ക് പാലവും കാണാം.



ജെനീവയിൽ സർവരാജ്യസഖ്യത്തിൻെറ ആസ്ഥാനമായിരുന്ന മന്ദിരം.

ന്തകന്മാരും സാഹിത്യകാരന്മാരുമായ റൂസ്സോയും (1712—'78) വോൾത്തയറും (1694—1778). കാൽവിൻ 1536-ൽ ആദ്യം മതപ്രസംഗങ്ങൾ തുടങ്ങിയത് ഇന്നും നിലനില്ക്കുന്ന സെയിൻറ് പീറ്റേഴ്സ് പള്ളിയിൽവച്ചാണ്. കാൽവിനാണു പ്രഖ്യാതമായ ജെനീവാസർവകലാശാല സ്ഥാപിച്ചത്. ഇംഗ്ലീഷ് സാഹിത്യകാരന്മാരിൽ പലരുടെയും കേളീരംഗവും ജെനീവയായിരുന്നു. അവരിൽ പ്രത്യേകം സ്മരണീയരാണ് ഷെല്ലിയും ബൈറണും.

സി.ബി. കുമാർ

ജെനീവാ കരാർ

യുദ്ധത്തിൽ പരുക്കേറ്റവരെ പരിരക്ഷിക്കുക, നിഷ്ഠുരവും പൈശാചികവുമായ സമരമുറകൾ ഉപേക്ഷിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ച അന്തർദേശീയകരാർ. 1864-ലാണ് ആദ്യമായി ഇത് അംഗീകരിക്കപ്പെട്ടത്. 1906-ൽ ജെനീവയിൽവച്ചുതന്നെ ഇതു പുതുക്കി. 1870-ൽ നടന്ന ഫ്രാങ്കോ—പ്രഷ്യൻ യുദ്ധകാലത്തു രൂപവത്കരിച്ച റെഡ്ക്രോസ് സംഘടനയുടെ ജെനീവാകുരിശാണ് അതിൻെറ കൊടിയടയാളമായി അംഗീകരിച്ചത്.

യുദ്ധത്തിൽ തടവുകാരായി പിടിച്ച പടയാളികളെയും നിരായുധരായ പൗരന്മാരെയും സംബന്ധിച്ചു ചില നിബന്ധനകൾ ഏർപ്പെടുത്തണമെന്ന് 1929-ൽ വിളിച്ചുകൂട്ടിയ ജെനീവാ സമ്മേളനം ആവശ്യപ്പെട്ടു. ഈ ഭേദഗതികൾ 1906-ലെ കരാറിലുൾപ്പെടുത്തി. രണ്ടാം ലോകയുദ്ധത്തിനുശേഷം ഇതു വീണ്ടും പുതുക്കി. 1949-ലെ ജെനീവാ കരാറാണ് ഇപ്പോൾ നിലവിലുള്ളത്. ഈ കരാറിൽ ആക്രമണകാരിയായ വ്യക്തിയുടെ അധികാരപരിധിക്കുള്ളിൽ കഴിയുന്നവരുടെ സംരക്ഷണത്തിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു. വ്യക്തിയുടെ അന്തസ്സിനെ ഉലയ്ക്കുന്ന തരത്തിലുള്ള അതിക്രമങ്ങൾ, ശാരീരികപീഡനം, നാടുകടത്തൽ, വ്യക്തികളെ ജാമ്യത്തടവുകാരായി സൂക്ഷിക്കൽ, കൂട്ടപ്പിഴ ചുമത്തൽ, വസ്തുവകകളുടെ നിരങ്കുശമായ നശീകരണം, വംശജാതിമതരാഷ്ട്ര പരിഗണനകൾവച്ചുള്ള വിവേചനപൂർവമായ പെരുമാറ്റം എന്നിവ ഈ കരാറുപ്രകാരം നിരോധിക്കപ്പെട്ടിരിക്കുന്നു.

ജെനീവാ തടാകം

മധ്യയൂറോപ്പിലെ ഏറ്റവും വിസ്താരമുള്ള തടാകം (357 ച.കി.മീ.). ഇതിൻെറ ഫ്രെഞ്ചുപേരു 'ലെമാൻ' എന്നാണ്. ചന്ദ്രക്കലാരൂപത്തിലുള്ള ഈ തടാകത്തിനു കിഴക്കും പടിഞ്ഞാറും 72 കി.മീറ്റർ. നീളവും വടക്ക്—തെക്ക് 13.6 കി.മീറ്റർ. വീതിയുമാണ്. ഏറ്റവും കൂടിയ ആഴം 309.5 മീറ്റർ. ശരാശരി ആഴം 152 മീറ്റർ.

തടാകത്തിൻെറ തീരങ്ങളിൽ അനവധി ഗ്രാമങ്ങളും രണ്ടു പ്രധാന പട്ടണവുമുണ്ട്. തെക്കുപടിഞ്ഞാറുള്ള ജെനീവ, വടക്കൻ തീരത്തിലുള്ള ലൗഡാൻ. പ്രകൃതിസുന്ദരമായ ഈ സ്ഥലം വിനോദസഞ്ചാരകേന്ദ്രമാണ്. തടാകത്തിൻെറ തീരത്തിനു ചുറ്റും റെയിൽവേ ഉണ്ട്. തടാകത്തിൽ സഞ്ചരിക്കാൻ വഞ്ചികളും, മോട്ടോർ ബോട്ടുകളും സ്റ്റീംബോട്ടുകളും ഉപയോഗിക്കുന്നു.

ജെന്നർ, എഡ്വേഡ് (1749—1823)

വസൂരിരോഗത്തിനു നിവാരണൗഷധം കണ്ടുപിടിച്ച ഭിഷഗ്വരൻ. 1749 മേയ് 17-ാം തീയതി ഇംഗ്ലണ്ടിലെഗ്ലസസ്റ്റർഷയറിൽ ജനിച്ചു. അച്ഛൻ പള്ളിയിൽ ജോലിക്കാരനായിരുന്നു. ജെന്നർ ജീവശാസ്ത്രത്തിലും വൈദ്യശാസ്ത്രത്തിലും താത്പര്യം കാണിച്ചു. അക്കാലത്ത് ഒരു ഡോക്ടറാവാനുള്ള എളുപ്പവഴി, മറ്റൊരു ഡോക്ടറുടെ കീഴിൽ അപ്രൻറീസായിച്ചേരുകയായിരുന്നു. സർജൻ ഡാനിയൽ ലുഡ്‌ലോവിൻെറ കീഴിൽ അപ്രൻറീസായി. പിന്നീട്, ഇരുപത്തിയൊന്നാമത്തെ വയസ്സിൽ ലണ്ടനിലെ സെൻറ് ജോർജ് ആശുപത്രിയിൽ ചേർന്നു—ജോൺ ഹണ്ടറുടെ കീഴിൽ. അന്നത്തെ ഏറ്റവും പേരെടുത്ത സർജൻ ആയിരുന്നു ഹണ്ടർ.

ഹണ്ടർ സ്വന്തം ശരീരത്തിൽ പല പരീക്ഷണങ്ങളും നടത്തിനോ



ജെനീവാ. മുകളിൽനിന്നുള്ള കാഴ്ച. പശ്ചാത്തലത്തിൽ ജെനീവാതടാകം.

ജെന്നറുടെ ഛായാചിത്രം.
(ലണ്ടനിലെ നാഷനൽ പോർട്രെയ്റ്റ് ഗാലറിയിൽ)

ക്കി. ഒരു ഘട്ടത്തിൽ, ഇതിൻെറ ഫലമായി മാറാത്ത ഒരു രോഗം അദ്ദേഹത്തിന് ഉണ്ടായി. ഏതായാലും തൻെറ എല്ലാ ശിഷ്യന്മാരിലും ഒരു രോഗം അദ്ദേഹം പരത്തിവിട്ടു.

ജോൺ ഹണ്ടർ ജീവപര്യന്തം ജെന്നറുടെ സ്നേഹിതനും ഉപദേഷ്ടാവുമായിരുന്നു. സെൻറ് ജോർജ് ആശുപത്രിയിൽനിന്ന് ജെന്നർ ബിരുദമെടുത്തു. ഹണ്ടർ അദ്ദേഹത്തെ പ്രാക്റ്റീസുചെയ്യാൻ ഗ്ലസ്റ്റർഷയറിലേക്കയച്ചു.

ഗോവസൂരി (Cow pox) പിടിപെട്ടവർക്ക് വസൂരി (Small pox) ബാധിക്കുന്നില്ലെന്ന് ജെന്നർ മനസ്സിലാക്കി. ജെന്നർ തൻെറ നിരീക്ഷണങ്ങൾ പ്രസിദ്ധപ്പെടുത്തി. പലതരം എതിർപ്പുകളും ഉണ്ടായി.

തുടർന്ന് ഇദ്ദേഹത്തിനു ബഹുമതിയും അംഗീകാരവും കിട്ടി. സർ സ്ഥാനവും 20,000 പവൻ സമ്മാനവും ലഭിച്ചു. ഓക്സ്ഫെഡ് ഒരു ഓണററി ഡിഗ്രി നല്കി. റഷ്യൻചക്രവർത്തി ഒരു മോതിരം സമ്മാനിച്ചു. നെപ്പോളിയൻ ഇദ്ദേഹത്തെ പുകഴ്ത്തി. യു.എസ്സിൽനിന്ന് അമേരിന്ത്യക്കാരുടെ ഒരു പ്രതിനിധിസംഘംതന്നെ വന്നു എഡ്വെഡ് ജെന്നറോട് നേരിട്ടു നന്ദി പറയാൻ. 1823 ജനുവരിയിൽ അന്തരിച്ചു.

ജെൻസൻ, യോഹന്നസ് ഹാൻസ് ഡാനിയെൽ (1907—1973)

ജെർമൻ ഊർജതന്ത്രജ്ഞൻ. മരിയാ ജി മേയർ, യൂജിൻ പി. വിഗ്നർ എന്നിവരോടൊത്ത് 1963-ൽ ഫിസിക്സിനുള്ള നൊബേൽ സമ്മാനം നേടി.

1907 ജൂൺ 25-നു ഹാംബർഗിൽ ജനിച്ചു. 1932-ൽ ഹാംബർഗിൽനിന്നു ഫിസിക്സിൽ ഡോക്ടർബിരുദം നേടി. 1936 മുതൽ '41 വരെ അവിടെ സേവനമനുഷ്ഠിച്ചു. 1949-ൽ ഹീഡൽബർഗ് യൂണിവേഴ്സിറ്റി പ്രൊഫസ്സറായി.

അണുകേന്ദ്രത്തിൻെറ സ്വഭാവത്തെപ്പറ്റി നടത്തിയ വിശദീകരണങ്ങൾക്കാണു നൊബേൽസമ്മാനം ലഭിച്ചത്. ഇദ്ദേഹവും മരിയാ ജി. മേയറും ചേർന്ന് ഇതേക്കുറിച്ച് ഒരു ഗ്രന്ഥം (Elementary Theory of Nuclear Shell Structure) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 1973 ഫെബ്രുവരി 11-ന് അന്തരിച്ചു.

ജെഫേഴ്സ്, റോബിൻസൺ (1887—1962)

വിശ്വദേവതാവാദക്കാരനായ യു.എസ്. കവി. വികാരങ്ങൾക്കടിപെട്ട് മനുഷ്യൻ നടത്തുന്ന ഒരു ഉന്മത്തസമരമാണു പ്രപഞ്ചജീവിതം എന്നും സർവവ്യാപിയായ ഈശ്വരൻ ഒഴിച്ച് മറ്റൊന്നിനും ശാശ്വതമായ അസ്തിത്വമില്ലെന്നും ഇദ്ദേഹം വിശ്വസിച്ചു.

1887 ജനുവരി 10-ന് പീറ്റ്സ് ബർഗിൽ ജനിച്ചു. ലോസ് ഏൻജലിസിലെ ഓക്സിഡൻറൽ കോളെജിൽനിന്ന് ഇംഗ്ലീഷുസാഹിത്യം ഐഹികവിഷയമായി ബിരുദം എടുത്തശേഷം വൈദ്യശാസ്ത്രം, വനശാസ്ത്രം എന്നിവ പഠിച്ചു. പൈതൃകമായി വമ്പിച്ച സ്വത്തിന് അവകാശിയായതിനാൽ ജോലിക്കൊന്നും പോയില്ല. ശാന്തസമുദ്രത്തിനഭിമുഖമായി കാർമൽ എന്ന സ്ഥലത്ത് ഒരു കുന്നിൽ ഒരു വീടുപണിയിച്ച് മരണം വരെ അതിൽ താമസിച്ചു കവിത എഴുതി. 1924-ൽ പ്രസിദ്ധീകരിച്ച *ടാമർ ആൻഡ് അദർ പോയംസ്* എന്ന കവിതാസമാഹാരമാണ് ഇദ്ദേഹത്തിൻെറ കൃതികളിൽവച്ച് ഏറ്റവും പ്രസിദ്ധം. കാർമൽ കടൽത്തീരത്തിൻെറ പ്രകൃതിസൗന്ദര്യത്തെക്കുറിച്ചു മതിമറന്നുപാടിയ കവികൂടിയാണു ജെഫേഴ്സ്. യൂറിപ്പിഡിസിൻെറ 'മീഡിയ' എന്ന നാടകത്തിൻെറ വിവർത്തനമാണ് ഇദ്ദേഹത്തിൻെറ മറ്റൊരു പ്രശസ്തകൃതി. ഈ നാടകം ബ്രോഡ്‌വേയിൽ പലതവണ അരങ്ങേറി. ജൂഡാസിനെ ആദർശനായകനായും ക്രിസ്തുവിനെ രാജ്യദ്രോഹിയായും ചിത്രീകരിച്ചുകൊണ്ടുള്ള കവിത ഉൾക്കൊള്ളുന്ന *ജൂഡാസ് ആൻഡ് അദർ പോയംസ്* രണ്ടാം ലോകയുദ്ധത്തെക്കുറിച്ചു സ്പെംഗ്ലേറിയൻ കമൻറ്സ് (യുദ്ധം ആവശ്യമാണെന്ന അഭിപ്രായക്കാരനായിരുന്ന സ്പെംഗ്ളർ) ഉൾക്കൊള്ളുന്ന *ദ ഡബ്ൾ എയ്ക്സ് ആൻഡ് അദർ പോയംസ്* എന്നീ കൃതികൾ വളരെയേറെ പ്രതിഷേധങ്ങൾക്കു കാരണമായി.

ജെഫേഴ്സൺ, ജോസഫ് (1829-1905)

റിപ്‌വാൻവിങ്കിൾ എന്ന കഥാപാത്രമായി അഭിനയിച്ചു പ്രശസ്തി നേടിയ നാടകനടൻ. 1859-ൽ 'റിപ്‌വാൻവിങ്കിൾ' ജെഫേഴ്സൺ തന്നെ നാടകമാക്കി അവതരിപ്പിച്ചപ്പോൾ പറയത്തക്ക മേന്മ ഒന്നും അതിനുണ്ടായിരുന്നില്ല. എന്നാൽ ബൗസിദകാൾട്ട് 1865-ൽ നാടകമാക്കിയ ഇതേകഥ അല്പം ഭേദഗതിയോടെ ജഫേഴ്സൺ വീണ്ടും അവതരിപ്പിച്ചപ്പോൾ അതു വമ്പിച്ച വിജയമായി. ലണ്ടനിൽ ഈ നാടകം 170 ദിവസം തുടർച്ചയായി അവതരിപ്പിച്ചു. 1866-ൽ അമേരിക്കയിലും പലതവണ അവതരിപ്പിച്ചിട്ടുള്ളതാണ് ഇത്. ജെഫേഴ്സന് പ്ലെയേഴ്സ് ക്ലബ്ബിൻെറ ആജീവനാന്തഅധ്യക്ഷപദം ലഭിച്ചു. ഇദ്ദേഹത്തിൻെറ ആത്മകഥയ്ക്ക് അമേരിക്കയിൽ നല്ല പ്രചാരമുണ്ട്.

ജെഫേഴ്സൺ
റിപ്‌വാൻവിങ്ക്ളിൻെറ
വേഷത്തിൽ

ജെഫേഴ്സൺ, തോമസ് (1743-1826)

യു.എസ്സിലെ മൂന്നാമത്തെ പ്രസിഡൻറ്. വെർജീനിയയിൽ ഷേഡ്‌വിൽ എന്ന സ്ഥലത്ത് 1743 ഏപ്രിൽ 13-നു ജനിച്ചു. നിയമവിദ്യാർഥിയായിരുന്നപ്പോഴും സാഹിത്യത്തിലും പാശ്ചാത്യദർശനത്തിലും അഭിരുചി പ്രകടിപ്പിച്ചിരുന്നു. സ്വാതന്ത്ര്യസമരകാലത്ത് ഒരു ദേശീയഗവൺമെൻറിൻെറ ചുമതലകൾ നിർവഹിച്ചിരുന്ന രണ്ടാം കോണ്ടിനൻറൽ കോൺഗ്രസ്സിലെ ഒരു പ്രമുഖ അംഗമായിരുന്നു. ചരിത്രം സൃഷ്ടിച്ച 'സ്വാതന്ത്ര്യ പ്രഖ്യാപനം' എഴുതിയുണ്ടാക്കിയതു ജെഫേഴ്സൺ ആണ്.



തോമസ് ജെഫേഴ്സൺ,
ഗിൽബർട്ട് സ്റ്റുവാർട്ടിന്റെ എണ്ണച്ഛായച്ചിത്രം

1776-ൽ ജെഫേഴ്സൺ വെർജീനിയ നിയമസഭയിൽ അംഗമായിരുന്നു. പല പരിഷ്കരണപരിപാടികളും ഇദ്ദേഹം ആസൂത്രണം ചെയ്തു. 1779-ൽ വെർജീനിയാഗവർണരായി. ഫ്രാൻസിൽ യു.എസ്. സ്ഥാനപതിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. വാഷിങ്ടൺ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ഇദ്ദേഹത്തെ തിരികെ വിളിച്ചു വിദേശകാര്യവകുപ്പിന്റെ ചുമതല വഹിക്കുന്ന സെക്രട്ടറി ഒഫ് സ്റ്റേറ്റായി നിയമിച്ചു. അമേരിക്കയിലെ ആദ്യത്തെ സെക്രട്ടറി ഒഫ് സ്റ്റേറ്റ് ജെഫേഴ്സൺ ആണ്. പൊട്ടോമാക് നദീതീരത്തു പുതിയ തലസ്ഥാനനഗരിയായ വാഷിങ്ടൺ സ്ഥാപിക്കണമെന്ന തീരുമാനമെടുത്തതും അതിന്റെ രൂപരേഖ തയ്യാറാക്കിയതും ഇദ്ദേഹമാണ്. ദേശീയഗവൺമെൻറിന്റെ ശക്തി വർധിപ്പിക്കണമെന്നു വാദിച്ചിരുന്ന വാഷിങ്ടന്റെ ധനകാര്യസെക്രട്ടറി ഹാമിൽട്ടനുമായി തെറ്റി ജെഫേഴ്സൺ റിപ്പബ്ലിക്കൻപാർട്ടി (ഇന്നത്തെ ഡെമോക്രാറ്റിക് പാർട്ടി) രൂപവത്കരിച്ചു. സുശക്തമായ ഒരു ദേശീയഗവൺമെൻറ് മനുഷ്യസ്വാതന്ത്ര്യത്തെയും സ്റ്റേറ്റുകളുടെ അവകാശങ്ങളെയും നിഹനിക്കുമെന്ന് ഇദ്ദേഹം വിശ്വസിച്ചു.

1796-ൽ നടന്ന തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ കക്ഷിനേതാവായി മത്സരിച്ച ജെഫേഴ്സൺ വൈസ് പ്രസിഡൻറായും ഫെഡറലിസ്റ്റ് പാർട്ടി നേതാവായ ജോൺ ആഡംസ് പ്രസിഡൻറായും ജയിച്ചു. 1800-ൽ റിപ്പബ്ലിക്കൻ കക്ഷി വമ്പിച്ച ഭൂരിപക്ഷത്തോടെ അധികാരത്തിൽ വന്നു. പുതിയ തലസ്ഥാനനഗരിയായ വാഷിങ്ടണിൽ അവരോധിക്കപ്പെട്ട ആദ്യത്തെ പ്രസിഡണ്ട് ജെഫേഴ്സണാണ്. രണ്ട് ഉദ്യോഗാവധിക്കാലം ജെഫേഴ്സൺ വൈറ്റ് ഹൗസിലുണ്ടായിരുന്നു. ജനാധിപത്യത്തിന്റെ വളർച്ചയ്ക്കു ഭരണകക്ഷി പല നടപടികളുമെടുക്കുകയുണ്ടായി. ഭരണച്ചെലവു ചുരുക്കി. ഫ്രാൻസിൽ നിന്നും ലൂസിയാന വിലയ്ക്കുവാങ്ങിച്ചുവെന്നതാണ് ജെഫേഴ്സന്റെ എണ്ണപ്പെട്ട നേട്ടങ്ങളിലൊന്ന്. 25ലക്ഷം ച.കി.മീറ്ററിൽ അധികം വിസ്തൃതിയുള്ള ഈ പ്രദേശം പഴയ പതിമൂന്നു കോളണികളുടെ ഇരട്ടി വലിപ്പമുള്ളതായിരുന്നു. ലോകത്തിലെ ഏറ്റവും സമ്പന്നമായ ധാന്യക്കലവറയായിത്തീർന്ന ഫലസമ്പുഷ്ടമായ ഒരു താഴ്വരപ്രദേശം മുഴുവൻ യു.എസ്സിനു ലഭിച്ചതു തുച്ഛമായ വിലയ്ക്കാണ്.

നിഷ്പക്ഷതാനയത്തിൽ വിശ്വസിച്ചിരുന്ന ജെഫേഴ്സന്റെ കാലത്ത് ഇംഗ്ലണ്ടും അമേരിക്കയുമായുള്ള ബന്ധം വഷളായി. ഫ്രാൻസിന് അധീനമായിരുന്ന യൂറോപ്പുമായുള്ള വ്യാപാരബന്ധം ഫലപ്രദമായി തടയുവാൻ യു.എസ്സിൽ നിന്നും ചരക്കു കയറ്റിയയച്ചിരുന്ന കച്ചവടക്കപ്പലുകൾ ബ്രിട്ടീഷുകാർ പിടിച്ചെടുക്കുകയെന്നതു സാധാരണമായിരുന്നു. ജെഫേഴ്സൺ കൊണ്ടുവന്ന എംബാർഗോ ആക്റ്റ് വിദേശവ്യാപാരത്തെ പൂർണമായും നിരോധിച്ചു. ഡെമോക്രാറ്റിക് കക്ഷിയുടെ പിതാവെന്ന നിലയ്ക്കും ഒരു ചിന്തകനെന്ന നിലയ്ക്കും ആണ് ജെഫേഴ്സൺ ആദരിക്കപ്പെടുന്നത്. സമത്വവിശ്വാസിയായ ഒരു ജനാധിപത്യവാദിയായിരുന്നു ഇദ്ദേഹം. മോൺടിസ്സെല്ലോവിലുള്ള പ്രശസ്തമായ ഭവനവും വെർജീനിയ സർവകലാശാലയുടെ മനോഹരമായ ഹാളുകളും ജെഫേഴ്സൺ സ്വയം ആസൂത്രണം ചെയ്തതാണ്. 1826 ജൂലായ് 4-ന് ജെഫേഴ്സൺ അന്തരിച്ചു.

ജെഫ്രി, എഡ്വേഡ് (1866—1952)

യു.എസ്. സസ്യശാസ്ത്രജ്ഞൻ. സംവഹനസസ്യങ്ങളുടെ (vascular plants) വംശപാരമ്പര്യപരവും രൂപവിജ്ഞാന (morphology) പരവും ആയ പഠനങ്ങളിലാണ് ഇദ്ദേഹം ഏർപ്പെട്ടിരുന്നത്.

1866 മേയ് 21-ന് ഒൺടേറിയോ സംസ്ഥാനത്തിലെ സെൻറ് കാതറൈൻസിൽ ജനിച്ചു. ടോറൻടോ സർവകലാശാലയിൽ അധ്യാപകവൃത്തിയിൽ ഏർപ്പെട്ടുകൊണ്ടിരിക്കേ സംവഹനസസ്യങ്ങളുടെ വംശപാരമ്പര്യത്തെപ്പറ്റി പല ലേഖനങ്ങളും പ്രസിദ്ധീകരിച്ചു. 1899-ൽ ഹാർവെഡ് സർവകലാശാലയിൽനിന്നു ഡോക്ടറേറ്റ് നേടി 1907 മുതൽ 1933 വരെഹാർവെഡ് സർവകലാശാലയിൽസസ്യരൂപവിജ്ഞാനത്തിന്റെ പ്രൊഫസറായി സേവനമനുഷ്ഠിച്ചു.

ദി അനാട്ടമി ഒഫ് വുഡ്ഡീ പ്ലാന്റ്സ് കോൾ ആൻഡ് സിവിലൈസേഷൻ എന്നിവയാണു കൃതികൾ.

ജെഫ്രി, ഡോ. റോബിൻ (1947—)

ഗവേഷകനും ഗ്രന്ഥകാരനും. കേരളത്തിലെ സാമൂഹിക-രാഷ്ട്രീയസ്ഥിതികളെപ്പറ്റി ഇദ്ദേഹം നടത്തിയ പഠനഗവേഷണങ്ങൾ പ്രസിദ്ധമാണ്.

കാനഡയിൽ ജനിച്ചു. ബ്രിട്ടീഷ് കൊളംബിയയിലെ വിക്റ്റോറിയ സർവകലാശാലയിൽനിന്നു ബിരുദം നേടി. കനേഡിയൻ യൂണിവേഴ്സിറ്റിയുടെ ഓവർസീസ് സർവീസിന്റെ ആഭിമുഖ്യത്തിൽ 1967-ൽ ഇന്ത്യയിലേക്കു നിയോഗിക്കപ്പെട്ടു. രണ്ടുവർഷം ഇന്ത്യയിൽ ഇംഗ്ലീഷ് അധ്യാപകൻ ആയിരുന്നു. ചണ്ഡീഗഢിലെ റീജിയണൽ ഇംഗ്ലീഷ് ഇൻസ്റ്റിറ്റ്യൂട്ടിലും സേവനം അനുഷ്ഠിച്ചു. പിന്നീടു പലപ്രാവശ്യം ഇന്ത്യ സന്ദർശിച്ചു. സസക്സ് യൂണിവേഴ്സിറ്റിയിൽ ദക്ഷിണേന്ത്യൻ ചരിത്രത്തെക്കുറിച്ചു ഗവേഷണം നടത്തി ഡോക്റ്ററേറ്റ് നേടി (1973). കേരളത്തിലെ കഴിഞ്ഞകാല സാമൂഹികസമ്പ്രദായങ്ങളെയും സ്ഥാപനങ്ങളെയും കുറിച്ചു ഗവേഷണം നടത്തി ജെഫ്രി രചിച്ച ഗ്രന്ഥമാണ് *ദ ഡിക്ലൈൻ ഒഫ് നായർ ഡോമിനൻസ്*. 1847 മുതൽ 1908വരെയുള്ള കാലത്തെ കേരളത്തിലെ, വിശിഷ്യ തിരുവിതാംകൂർ ഭാഗ ത്തെ സാമൂഹിക-രാഷ്ട്രീയസ്ഥിതികൾ ഇതിൽ പ്രതിപാദിക്കുന്നു. *നായർ മേധാവിത്വത്തിന്റെ പതനം* എന്ന പേരിൽ ഈ പുസ്തകം മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ആധുനിക കേരളസൃഷ്ടി 1930-'60 എന്ന പേരിൽ മറ്റൊരു ഗവേഷണഗ്രന്ഥം ജെഫ്രി തയാറാക്കിയിട്ടുണ്ട്. ഇപ്പോൾ ഓസ്ട്രേലിയൻ നാഷനൽ യൂണിവേഴ്സിറ്റി പ്രൊഫസർ ആയി സേവനം അനുഷ്ഠിക്കുന്നു.

ജെഫ്രീസ്, ജോർജ് (1645-1689)

ഇംഗ്ലണ്ടിലെ കുപ്രസിദ്ധനായ ഒരു ജഡ്ജി. 1685-നു ശേഷം ജെയിംസ് II-നെതിരായി പൊരുതിയ സാധാരണക്കാരെയെല്ലാം ജെഫ്രീസ് തികച്ചും ക്രൂരമായി ശിക്ഷിച്ചു. വിചാരണ നാമമാത്രമായിരുന്നു. 320 തടവുകാരെ വധിക്കാനും, നൂറുകണക്കിൽ കലാപകാരികളെ നാടുകടത്താനും, പലരെയും ചാട്ടവാറുകൊണ്ടടിക്കാനും, അനേകംപേർ പിഴനല്കാനും ഈ ജഡ്ജി വിധിച്ചു. നാട്ടുകാർ വെറുത്ത ജെഫ്രീസിനെ രാജാവ് ലോർഡ് ചീഫ്ജസ്റ്റീസാക്കി ഉയർത്തി. ജെയിംസ്II നാടുവിട്ടുപോയപ്പോൾ ജെഫ്രീസും ഒളിച്ചോടിയെങ്കിലും ലണ്ടൻ തുറമുഖത്തിൽ വെച്ചു വേഷപ്രച്ഛന്നനായ നിലയിൽ നാട്ടുകാർ പിടികൂടുകയും മരണംവരെ ലണ്ടൻ ടവറിൽ തടവുകാരനായി പാർപ്പിക്കുകയും ചെയ്തു.

ജെഫ്രീസിന്റെ
ഛായാചിത്രം
(ലണ്ടനിലെ
നാഷനൽ
പോർട്രെയ്റ്റ്
ഗാലറിയിൽ)

ജെമിനി

മിഥുനം രാശിയുടെ ഗ്രീക്ക് സംജ്ഞ. ജെമിനി എന്ന പദത്തിനു യുഗ്മം എന്നാണ് അർഥം. ഗദാധരനായ പുരുഷനും വീണാധരയായ സ്ത്രീയും ചേർന്ന രൂപമാണു രാശിചക്രത്തിൽ മൂന്നാം സ്ഥാനത്തു നില്ക്കുന്ന ഈ രാശിയുടെ രൂപമായി ഗണിച്ചിരുന്നത്. "നൃമിഥുനം സഗദം സവീണം" എന്നു വരാഹമിഹിരൻ പറയുന്നു.

ജെയിംസ്, വില്യം (1842-1910)

അമേരിക്കൻ മനശ്ശാസ്ത്രവിദഗ്ധനും തത്ത്വചിന്തകനും. 1842-ൽ ന്യൂയോർക്കിൽ ജനിച്ചു. ഫലാനുമേയപ്രമാണ(Pragmatism)ത്തിന്റെ ഉപജ്ഞാതാവ് എന്ന പേരിലാണ് അറിയപ്പെടുന്നത്. 1867-'68 കാലഘട്ടത്തിൽ ജെർമനിയിൽവച്ചു പ്രസിദ്ധചിന്തകനായ റെനോവിയറു (Renouvier)മായി പരിചയപ്പെട്ടു. റെനോവിയറുമായുള്ള സമ്പർക്കത്തിന്റെ ഫലം ജെയിംസിന്റെ ദർശനത്തിൽ ഉടനീളം കാണാം. വൈദ്യശാസ്ത്രത്തിൽ എം.ഡി. ബിരുദം നേടിയെങ്കിലും പ്രാക്റ്റീസ് ചെയ്യുന്നതിനുള്ള ആരോഗ്യമില്ലായിരുന്നു. 1872 മുതൽ 1876 വരെ ഹാർവെഡിൽ ഫിസിയോളജി ഇൻസ്ട്രക്റ്റർ ആയി. ക്രമേണ ഇദ്ദേഹത്തിന്റെ താത്പര്യം ശരീരക്രിയാധിഷ്ഠിത മനശ്ശാസ്ത്ര(Physiological Psychology)ത്തിലേക്കു തിരിഞ്ഞു. മതത്തിനും പാരമ്പര്യത്തിനും എതിരായ ഈ പ്രസ്ഥാനം ജെയിംസിന്റെ ജീവിതത്തെ വല്ലാതെ ഉലച്ചു. തുടർന്ന് മരണാനന്തരാസ്തിത്വം(Survival after death), വിശ്വാസം (Belief), ഫ്രീ വിൽ (Free will)എന്നീ മണ്ഡലങ്ങളിലേക്കു ജെയിംസിന്റെ ചിന്ത വ്യാപരിച്ചു.

പ്രിൻസിപ്പിൾസ് ഒഫ് സൈക്കോളജി, ഹ്യൂമൻ ഇമ്മോർട്ടാലിറ്റി, പ്രാഗ്മാറ്റിസം, വെറൈറ്റീസ് ഒഫ് റിലിജിയസ് എക്സ്പീരിയൻസ്, ദ വിൽ റ്റു ബിലീവ് ആൻഡ് അദർ എസ്സേയ്സ് എന്നിവയാണു പ്രധാനകൃതികൾ. വളരെയധികം ലേഖനങ്ങളും ലഘുലേഖകളും വേറെയുമുണ്ട്.

ദർശനം: ശാസ്ത്രീയനേട്ടങ്ങളെയും അവയുടെ യാഥാർഥ്യങ്ങളെയുംകുറിച്ച് ബോധവാനായിരുന്ന ജെയിംസ് സിദ്ധാന്തിക്കുന്നത് എന്തിന്റെയും യാഥാർഥ്യം ഉരച്ചു നോക്കുന്നത് ആ വസ്തു നമ്മിലോ ലോകത്തിലോ ഉണ്ടാക്കിത്തീർക്കുന്ന പ്രായോഗിക പരിണാമത്തെ ആശ്രയിച്ചാകണമെന്നാണ്. ഇതാണ് ഫലാനുമേയപ്രാമാണ്യവാദം. ഈ പ്രയോജനവാദത്തിന്റെ വെളിച്ചത്തിൽ ഭൗതിക വാദത്തെയും വിജ്ഞാനവാദത്തെയും ജെയിംസ് നിഷേധിച്ചു. ജ്ഞാനം ജീവിതത്തിനുവേണ്ടിയുള്ള ഒരു ഉപകരണമാണ്. അത് യാഥാർഥ്യത്തെ തെളിയിക്കുന്നതും പരീക്ഷണവിധേയവുമായിരിക്കേണ്ടതാണ്. പ്രായോഗികമോ അനുഭവസിദ്ധമോ ആയിട്ടുള്ളതാണ് വസ്തുസത്യം. യാഥാർഥ്യം ഒരളവുവരെ നമ്മുടെ സംവേദനങ്ങളുടെ (sensations) നിരന്തര പ്രവാഹം തന്നെയാണ്. ഇങ്ങനെ പോകുന്നു ജെയിംസിന്റെ ദർശനം. ഈശ്വരൻ, ആത്മാവ്, മരണാനന്തരജീവിതം എന്നീ സങ്കല്പങ്ങളെക്കുറിച്ചെല്ലാം അദ്ദേഹം സൂക്ഷ്മമായ ഗവേഷണങ്ങൾ നടത്തി.

ജെയിംസിന്റെ ഫലാനുമേയപ്രാമാണ്യവാദം ഒരുതരം ദ്വൈതവാദമായിരുന്നു. കാര്യകാരണബന്ധത്തിലൂടെയുള്ള പരിവർത്തനവും കർമസ്വാതന്ത്ര്യവും സംഗതമാണെന്ന് ഇദ്ദേഹം സിദ്ധാന്തിച്ചു. ഡാനിഷ് വൈദ്യശാസ്ത്രജ്ഞൻ ജോർജ് ലാഞ്ചു (George Lange)മായി ചേർന്ന് ഇദ്ദേഹം രൂപംനല്കിയ *തിയറി ഒഫ് ഇമോഷൻസ്* പ്രസിദ്ധമാണ്. യാന്ത്രികഭൗതികവാദത്തിൽനിന്ന് ഉടലെടുത്ത പ്രയോജനവാദമായിരുന്നു ജെയിംസിന്റേത്.

ജെയിംസ്, ഹെന്റി (1843—1916)

അമേരിക്കൻ നോവലിസ്റ്റും ചെറുകഥാകൃത്തും സാഹിത്യവിമർശകനും.1843 ഏപ്രിൽ 15-ാം തീയതി ന്യൂയോർക്കിൽ ജനിച്ചു. ജെനീവയിലും ലണ്ടനിലും പാരീസിലും വിദ്യാഭ്യാസം നടത്തി. ജീവിതത്തിന്റെ ഭൂരിഭാഗവും ചെലവഴിച്ചത് ഇംഗ്ലണ്ടിലും യൂറോപ്പിന്റെ ഇതരഭാഗങ്ങളിലുമായിരുന്നു.

സാർവജനീനനോവലി(Cosmopolitan Novel)ന്റെ ജനയിതാക്കൾക്കിടയിൽ സമുന്നതമായ സ്ഥാനം ഇദ്ദേഹത്തിനുണ്ട്. ആധുനിക മനോവിശ്ലേഷണനോവലിന്റെ അസ്തിവാരമിട്ടതു ജെയിംസാണ്. കഥാരചനാസൈദ്ധാന്തികന്മാരിൽ അഗ്രഗണ്യനായ ഇദ്ദേഹത്തിന്റെ മാർഗം സ്വീകരിച്ചുകൊണ്ടാണു ജോസഫ് കോൺറാഡ്, ജെയിംസ് ജോയ്സ്, വെർജിനിയ വുൾഫ് തുടങ്ങിയവർ 'പുതിയ നോവലി'ൽ ആഖ്യാനപരവുംമറ്റുമായ പരീക്ഷണങ്ങൾ നടത്തിയത്.

റോഡറിക് ഹഡ്സൺ, ദി പോർട്രേറ്റ് ഒഫ് എ ലേഡി, ദി ഓക്ക്വേഡ് ഏജ്, ദ ഗോൾഡൻ ബൗൾ എന്നിവ ജെയിംസിന്റെ മികച്ച നോവലുകളിൽ ചിലതാണ്. *ദി ടേൺ ഒഫ് ദി സ്ക്രൂ* എന്ന പ്രേതകഥയാണ് ഏറ്റവും ജനപ്രീതി നേടിയ നോവലെറ്റ്. *വിങ്സ് ഒഫ് ദ ഡൌ, ദി അംബാസിഡേഴ്സ്, ദ ഗോൾഡൻബൗൾ* എന്നിവ ജെയിംസിന്റെ പില്ക്കാലനോവലുകളാണ്. പാശ്ചാത്യപരിഷ്കാരം ഉയർത്തിയ പ്രശ്നങ്ങളെ നോവലുകളിൽ ചർച്ചാവിഷയമാക്കി കഥാപാത്രങ്ങളുടെ അന്തർമണ്ഡലങ്ങളിലേക്കു പ്രവേശിക്കാനുള്ള ശ്രമം ഇദ്ദേഹത്തിന്റെ നോവലുകളിലാണ് ആദ്യമായി കാണുന്നത്. തലമുറകൾ തമ്മിലുള്ള സംഘർഷം പല നോവലുകളിലെയും പ്രധാന പ്രമേയമാണ്. 51 കൊല്ലത്തെ ജീവിതത്തിനിടയിൽ 20 നോവലുകളും 112 കഥകളും 12 നാടകങ്ങളും രചിച്ചു. 1916 ഫെബ്രുവരി 28-ാം തീയതി ലണ്ടനിൽവച്ച് ഇദ്ദേഹം അന്തരിച്ചു. മരിക്കുന്നതിന് ഏതാനും മാസങ്ങൾക്കുമുമ്പ് ഇദ്ദേഹം ബ്രിട്ടീഷ് പൗരത്വം സ്വീകരിച്ചിരുന്നു.

ജെയിംസൺ, സർ, ലൻഡർ സ്റ്റാർ

(1853 — 1917)

ദക്ഷിണാഫ്രിക്കയിലെ രാജ്യതന്ത്രജ്ഞൻ. ആഫ്രിക്കയിൽ കെയ്പ് മുതൽ കെയ്റോ വരെ ബ്രിട്ടീഷ് ആധിപത്യം വ്യാപിപ്പിക്കണമെന്ന് അഭിലഷിച്ച ഇംഗ്ലീഷുകാരൻ. ഈ അഭിലാഷപൂർത്തിക്കായുള്ള സാഹസികശ്രമത്തിൽ തിടുക്കം കാട്ടി വേണ്ടത്ര സജ്ജീകരണങ്ങൾ ഇല്ലാതെ ട്രാൻസ്വാൾ ആക്രമിച്ച ഇദ്ദേഹത്തെ ബ്രിട്ടീഷ് ഗവൺമെന്റ് 15 മാസത്തെ തടവിനു ശിക്ഷിച്ചു. പിന്നീട് 1904 മുതൽ 1908 വരെ കെയ്പ് കോളനിയുടെ പ്രധാനമന്ത്രിയായും യൂനിയൻ ഒഫ് സൗത്ത് ആഫ്രിക്കയുടെ പാർലമെന്റിൽ പ്രതിപക്ഷനേതാവായും സേവനം അനുഷ്ഠിച്ചു.

1853 ഫെബ്രുവരി ഒമ്പതിന് എഡിൻബറോവിൽ ജനിച്ചു. വൈദ്യശാസ്ത്രം പഠിച്ചശേഷം ജോലിയിൽ ഏർപ്പെടാതെ സാഹസികതയോടുള്ള ആഭിമുഖ്യത്താൽ ദക്ഷിണാഫ്രിക്കയിലെ കിംബർലിയിലുള്ള രത്നഖനിയിൽ എത്തിച്ചേർന്നു. അവിടെവെച്ചു †റോഡ്സുമായി പരിചയപ്പെട്ടു. ബ്രിട്ടീഷ് സൗത്താഫ്രിക്കാകമ്പനിക്കു രത്നങ്ങൾ സംഭരിക്കുന്നതിൽ പല സൗജന്യ[illegible] തദ്ദേശീയരിൽനിന്നു നേടിയെടുക്കാൻ ഇവർക്കു കഴിഞ്ഞു. ബ്രിട്ടീഷാധിപത്യം ആഫ്രിക്കയിൽ വ്യാപിപ്പിക്കാൻ പല പരിപാടികളും ഇവർ ആസൂത്രണം ചെയ്തു. 1892-ൽ ജെയിംസൺ ബ്രിട്ടീഷ് അധീനത്തിലുള്ള മഷോണാലാൻഡിന്റെ അഡ്മിസ്ട്രേറ്ററായി നിയമിക്കപ്പെട്ടു. അടുത്തകൊല്ലം നടന്ന മറ്റാബലേ യുദ്ധത്തിൽ ലോബൻഗുലാ പ്രദേശവും ബ്രിട്ടീഷ് അധീനത്തിൽ വന്നപ്പോൾ അതിന്റെ ഭരണവും ഇദ്ദേഹത്തിന്റെ ചുമതലയിലായി. ഇങ്ങനെയിരിക്കെയാണ് ട്രാൻസ്വാൾ ആക്രമിക്കാൻ ജെയിംസൺ മുതിർന്നത്. പക്ഷേ, ശ്രമം പരാജയപ്പെട്ടു. ജെയിംസൺ തടവുകാരനായി പിടിക്കപ്പെട്ടു. ബന്ധനത്തിൽനിന്നു വിമുക്തനായ ഇദ്ദേ

ഹത്തെ വേണ്ടത്ര ഒരുക്കങ്ങളില്ലാതെ അന്യരാജ്യം ആക്രമിച്ചതിൻെറ പേരിൽ ബ്രിട്ടീഷ് ഗവൺമെൻറ് 15 മാസത്തെ തടവുശിക്ഷ നല്കുകയും ചെയ്തു.

തടവു കഴിഞ്ഞ് തിരിച്ച് ആഫ്രിക്കയിൽ എത്തിയശേഷം ജെയിംസൺ രാഷ്ട്രീയപ്രവർത്തനത്തിൽ ഏർപ്പെട്ടു. സുഹൃത്തായ റോഡ്സ് 1902-ൽ മരിച്ചതിനുശേഷം പ്രോഗ്രസീവ് പാർട്ടിയുടെ നേതൃത്വം ഏറ്റെടുത്തു. 1904 മുതൽ 1908 വരെ കെയ്പ് കോളനിയുടെ പ്രധാനമന്ത്രിയായി. യൂനിയൻ ഒഫ് സൗത്ത് ആഫ്രിക്ക രൂപവത്കരിക്കുന്നതിന് ബ്രിട്ടീഷ് ഗവൺമെൻറിനെ പ്രേരിപ്പിച്ചു. യൂനിയനിസ്റ്റ് പാർട്ടി എന്ന പേരിൽ പുതിയ ഒരു കക്ഷി ഉണ്ടാക്കുകയും യൂനിയൻ ഒഫ് സൗത്ത് ആഫ്രിക്കയുടെ പാർലമെൻറിൽ പ്രതിപക്ഷ നേതാവായി പ്രവർത്തിക്കുകയും ചെയ്തു. ആരോഗ്യം ക്ഷയിക്കുകയാൽ 1910-ൽ ഇംഗ്ലണ്ടിലേക്കു തിരിച്ചുപോയി. ഇംഗ്ലണ്ടിൽ വച്ച് 1917 നവംബർ 26-നു മരിച്ചു. മൃതദേഹം ദക്ഷിണാഫ്രിക്കയിൽ കൊണ്ടുവന്ന് റൊഡേഷ്യയിലെ മൊട്ടോപ്പ് കുന്നുകളിൽ സുഹൃത്തായ റോഡ്സിൻെറ ശവക്കല്ലറയോട് അടുത്തു സംസ്കരിച്ചു.

ജെയിൻ, എ.പി. (1902-)

രാജ്യതന്ത്രജ്ഞനും രാഷ്ട്രീയനേതാവും. മുഴുവൻ പേർ അജിത് പ്രസാദ് ജെയിൻ. 1965 ഏപ്രിൽ മുതൽ 1966 ഫെബ്രുവരി വരെ കേരളഗവർണരായിരുന്നു.

ഉത്തരപ്രദേശിലെ സഹരൻപൂരാണു സ്വദേശം. പിതാവ് മുകുന്ദലാൽ, മാതാവു ലക്ഷ്മീദേവി. നിയമലംഘനപ്രസ്ഥാനത്തിൽ സജീവ പങ്കുവഹിച്ചു. എ.ഐ.സി.സി.യിലും കോൺഗ്രസ് പ്രവർത്തകസമിതിയിലും അംഗമായിരുന്നു. കോൺഗ്രസ് ജനറൽ സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1937-38ൽ ഉത്തരപ്രദേശ് നിയമസഭാംഗമായിരുന്നു. ഉത്തരപ്രദേശിലെ കുടിയായ്മ നിയമപരിഷ്കരണത്തിനുവേണ്ടി നിയമം കരുപ്പിടിച്ചു.

1946-50 കാലത്ത് കോൺസ്റ്റിറ്റ്വൻറ് അസംബ്ലിയിൽ അംഗമായിരുന്നു. 1950-54 കാലത്ത് കേന്ദ്രഗവൺമെൻറിൽ പുനരധിവാസ വകുപ്പ് മന്ത്രിയായി സേവനം അനുഷ്ഠിച്ചു. *യു.പി. അഗ്രേറിയൻ ലോസ്*, *റാഫി അഹമ്മദ് കിദ്വായി* എന്നീ ഇംഗ്ലീഷ് ഗ്രന്ഥങ്ങളുടെ കർത്താവാണ്.

ജെയിൻ ഓസ്റ്റിൻ (1775–1817)

ഇംഗ്ലീഷ് നോവലെഴുത്തുകാരി. റവ: ജോർജ് ഓസ്റ്റിൻെറ ഏഴു മക്കളിൽ ഏറ്റവും ഇളയവളായ ജെയിൻ 1775 ഡിസംബർ 16-ന് ഇംഗ്ലണ്ടിലെ സ്റ്റീവൻറണിൽ ജനിച്ചു. 26 വയസ്സുവരെ അച്ഛനോടൊത്ത് അവിടെത്തന്നെ പാർത്തു. 1801-ൽ അച്ഛൻ ഉദ്യോഗത്തിൽ നിന്നു വിരമിച്ച് ബാത്തിലേക്കു താമസം മാറിയപ്പോൾ ജെയിനും അങ്ങോട്ടുപോയി. 1805-ൽ അച്ഛൻ മരിച്ചു. 1809-ൽ ജെയിനിൻെറ ജ്യേഷ്ഠനായ എഡ്വേഡ്, അമ്മയ്ക്കും തൻെറ രണ്ടു സഹോദരിമാർക്കുംകൂടി ചാർട്ടനിൽ ഒരു വീടു കൊടുത്തപ്പോൾ ജെയിനും സഹോദരിയും അമ്മയും അങ്ങോട്ടു താമസം മാറ്റി. 1817-ൽ ചികിത്സയ്ക്കായി വിഞ്ചെസ്റ്ററിലേക്കു പോയ ജെയിൻ അവിടെവച്ചു നിര്യാതയായി. സംഭവബഹുലമല്ലാത്ത തൻെറ ജീവിതത്തിൻെറ നല്ലൊരുഭാഗം മാതാപിതാക്കളോടൊത്തും ശേഷംകാലം സഹോദരന്മാരൊടൊത്തുമാണ് ജെയിൻ കഴിച്ചുകൂട്ടിയത്.

കൃതികൾ. എഴുതാനുള്ള കൗതുകവും വാസനയും ജെയിൻ ചെറുപ്പംമുതലേ പ്രദർശിപ്പിച്ചിരുന്നു. 16 വയസ്സിനു മുമ്പുതന്നെ ഇവർ ചില ഹാസ്യചിത്രീകരണങ്ങൾ എഴുതുകയുണ്ടായി. 1795-ൽ എഴുതിത്തീർന്ന 'സെൻസ് ആൻഡ് സെൻസിബിലിറ്റി' (Sense and Sensibility) യാണ് ഇവരുടെ നോവലുകളിൽ ആദ്യം പ്രസിദ്ധം ചെയ്തത് (1811). 1797-ൽ ഇവർ എഴുതിക്കൊണ്ടിരുന്ന മറ്റൊരു നോവലായ 'ഫസ്റ്റ് ഇമ്പ്രഷൻസ്' (First Impressions) പിന്നീടു സാരമായി പരിഷ്കരിച്ചശേഷം 'പ്രൈഡ് ആൻഡ് പ്രിജുഡിസ് (Pride and Prejudice) എന്ന പേരിൽ 1813-ൽ പ്രസിദ്ധംചെയ്തു. ജെയിനിൻെറ മൂന്നാമത്തെ നോവൽ 'നോർത്താങ്ഗർ ആബി' (Northanger Abbey) 1799-ൽ എഴുതിത്തീർത്തു. 1803-ൽ അത് 10 പവൻവിലയ്ക്ക് ഒരു പ്രസാധകനു വിറ്റു. അയാൾ അതു പ്രസിദ്ധംചെയ്തില്ല. 1816-ൽ അയാളിൽനിന്ന് അതു തിരിച്ചുവാങ്ങിയെങ്കിലും ജെയിനിൻെറ മരണശേഷമേ അതു പ്രസിദ്ധീകരിച്ചുള്ളു. ഇവർ രചിച്ച ഒരു നോവൽ (Mansfield Park) 1814-ലും മറ്റൊരു നോവൽ (Emma) 1815-ലും പ്രസിദ്ധംചെയ്തു. 'പേഴ്സ്വേഷൻ' (Persuasion) എന്ന നോവൽ 1815-ൽ എഴുതിത്തുടങ്ങിയെങ്കിലും പ്രസിദ്ധീകരിച്ചത് ജെയിൻ മരിച്ചശേഷമാണ്. 'ദി വാട്ട്സൻസ്' (The Watsons), 'ലേഡി സൂസൻ' (Lady Susan) എന്നിങ്ങനെ രണ്ടു നോവലുകൾകൂടി ഇവർ എഴുതിത്തുടങ്ങിയെങ്കിലും അവ പൂർത്തിയാക്കിയില്ല.

ജെയിൻ ഓസ്റ്റിൻെറ നോവലുകൾക്ക് അവരുടെ ജീവിതകാലത്തു വലിയ പ്രചാരം ലഭിച്ചില്ല. എങ്കിലും അന്നത്തെ പ്രഗല്ഭന്മാരുടെ അംഗീകാരം അവയ്ക്കു ലഭിച്ചു. സർ വാൾട്ടർ സ്കോട്ടിൻെറ പ്രശംസയ്ക്ക് അവ പാത്രമായി. മെക്കാളേ അല്പം അതിശയോക്തിപരമായിട്ടാണെങ്കിലും അവരെ ഷേക്സ്പിയറോടും മൊളിയേറോടും സാദൃശ്യപ്പെടുത്തി. ഇംഗ്ലീഷ് സാഹിത്യത്തിലെ ഒരു അത്യുത്തമ കഥാകർത്രിയായിട്ടാണു ജെയിനിനെ ഇ.വി.ലുക്കാസ് 1910-ൽ ചിത്രീകരിച്ചത്. ഇന്നും അവരുടെ നോവലുകളെ ഏറ്റവും നല്ല ഇംഗ്ലീഷ് നോവലുകളുടെ കൂട്ടത്തിൽത്തന്നെയാണു സഹൃദയലോകം കണക്കാക്കുന്നത്. കഥാഖ്യാനത്തിലും സ്വഭാവചിത്രീകരണത്തിലും ജെയിനിന്നുണ്ടായിരുന്ന സാമർത്ഥ്യമാണ് അവരുടെ നോവലുകൾക്ക് ഈ മഹത്വം നേടിക്കൊടുത്തത്. അവരുടെ കഥാപാത്രങ്ങൾ മുഖ്യമായും ഇംഗ്ലണ്ടിലെ നാട്ടിൻപുറങ്ങളിലുള്ള മേലേക്കിട ഇടത്തരക്കാരുടെ കുടുംബങ്ങളെയാണു പ്രതിനിധാനംചെയ്യുന്നത്. തനിക്കു നേരിട്ടറിയാവുന്ന ജീവിതമണ്ഡലങ്ങളിൽ മാത്രം അവരുടെ നോവലുകൾ ഒതുങ്ങിനിന്നു. നെപ്പോളിയാനിക് യുദ്ധങ്ങളുടെ കാലഘട്ടത്തിൽ അവരുടെ നോവലുകളിൽ പ്രത്യക്ഷപ്പെട്ട സൈനികരായ കഥാപാത്രങ്ങളുടെപോലും ഗാർഹികഭാവങ്ങൾ മാത്രമേ അവർ ചിത്രീകരിച്ചുള്ളു.

ജെയിൽ

കുറ്റവാളികളെ പാർപ്പിക്കുന്ന തടവറ. കുറ്റവാളികൾ ആകാൻ ഇടയുണ്ടെന്നു സംശയിക്കപ്പെടുന്നവരെയും കരുതൽതടങ്ങലിനുവേണ്ടി ഇന്നു ജെയിലിൽ പാർപ്പിക്കാറുണ്ട്. ചരിത്രാതീതകാലത്തുതന്നെ എതിരാളികളെ ബന്ധിച്ച് അവരുടെ സ്വതന്ത്രപ്രവർത്തനം തടയാനുള്ള നടപടികൾ അധികാരികൾ കൈക്കൊണ്ടിരുന്നുവെന്ന് പുരാണേതിഹാസങ്ങളിലെ പരാമർശങ്ങൾകൊണ്ടു തെളിയുന്നു.

യൂറോപ്പിലെ പ്രാചീന ജെയിലുകളിൽ ഏറ്റവും പ്രസിദ്ധം സൈറാക്യൂസിലെ ശിലാഗുഹകളായിരുന്നു. സിസറോയുടെ കാലത്തു (ബി.സി. 106—43) സിസിലിയിലെങ്ങുമുള്ള കുറ്റവാളികളെയും അധമർണന്മാരെയുംകൊണ്ട് അവ നിറഞ്ഞിരുന്നു.

ആധുനികചരിത്രം. പിഴ ഈടാക്കാനുള്ള ഒരു മാർഗമെന്ന നിലയിൽ നേരത്തെതന്നെ ജെയിലുകളെ അധികാരികൾ പ്രയോജനപ്പെടുത്തിയിരുന്നു. ജെയിലുകളെ സംബന്ധിച്ച ആധുനിക സങ്കല്പത്തിൻെറ ബീജം 16-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ നിലവിൽ വന്ന 'തിരുത്തൽ സ്ഥാപനങ്ങ'(Houses of Correction)ളിലാണ്. സമാധാനഭംഗത്തിനു വഴിതെളിച്ചേക്കുമെന്നു സംശയിക്കപ്പെട്ട തെണ്ടികളെയും മറ്റും പിടിച്ചടയ്ക്കാനാണ് ഈവക സ്ഥാപനങ്ങൾ ആരംഭിക്കപ്പെട്ടത്.

ജെയിലിൽ അടയ്ക്കപ്പെടുന്ന കുറ്റവാളികളെ ഏതെങ്കിലും അടിസ്ഥാനത്തിൽ തരംതിരിക്കുന്ന ഏർപ്പാട് അക്കാലങ്ങളിൽ ഉണ്ടായിരുന്നില്ല. കുറ്റവാളികളെയും കടം മടക്കിക്കൊടുക്കാത്തവരെയും കുടിയാന്മാരെയും ഭ്രാന്തന്മാരെയും രോഗികളെയും ആരോഗ്യവാന്മാരെയും വൃദ്ധന്മാരെയും ചെറുപ്പക്കാരെയും വേണ്ടത്ര കാറ്റും വെളിച്ചവും കടക്കാത്ത ഇടുങ്ങിയ മുറികളിൽ അടയ്ക്കുകയായിരുന്നു പതിവ്.

പരിഷ്കരണസംരംഭങ്ങൾ. ജെയിലിൽ ജനങ്ങളെ അടയ്ക്കുന്നത് അവരെ നിത്യദുരിതത്തിലേക്കു തള്ളിവിടാനല്ല എന്ന ആശയം 18-ാം നൂറ്റാണ്ടിൻെറ ആരംഭമായപ്പൊഴേക്കും യൂറോപ്പിലാകെ പ്രചരിക്കാൻ തുടങ്ങി.

കാരാഗൃഹവാസ്തുശില്പസങ്കല്പത്തിൽത്തന്നെയും ഈ കാലത്ത് അടിസ്ഥാനപരമായ മാറ്റമുണ്ടായി. ഒരു മധ്യകേന്ദ്രത്തിൽനിന്നു പല അറകളോടുകൂടിയ നിരവധി എടുപ്പുകൾ നാനാഭാഗങ്ങളിലേക്കും പിരിഞ്ഞുപോകുന്ന രീതിയിൽ ജെയിൽക്കെട്ടിടങ്ങൾ പണിയാൻ തുടങ്ങിയത് 19-ാം നൂറ്റാണ്ടിൻെറ ആദ്യംമുതൽക്കാണ്.

പലതരം ജെയിലുകൾ. കുറ്റവാളികളുടെ പ്രായം, കുറ്റത്തിൻെറ സ്വഭാവം, തൊഴിൽചെയ്യാനുള്ള കഴിവ്, സ്ത്രീപുരുഷവ്യത്യാസം തുടങ്ങിയവയെ അടിസ്ഥാനമാക്കി പലതരത്തിലുള്ള ബന്ധനരീതികൾ ഇന്നു നിലവിലുണ്ട്. ദുർഗുണപരിഹാരപാഠശാല, ബോഴ്സ്റ്റാൽ (Borstal) സ്ഥാപനങ്ങൾ, നിശാസദനം, സബ് ജെയിലുകൾ, സെൻട്രൽ ജെയിലുകൾ തുടങ്ങിയവ ഇവയിൽപ്പെടുന്നു. തൊഴിൽപരിശീലനത്തിനു പരമപ്രാധാന്യം കൊടുക്കുന്ന ജെയിലുകൾ ഇന്നു ലോകത്തിൻെറ പല ഭാഗങ്ങളിലും നിലവിലുണ്ട്. ഒരു

കുറ്റവാളിയെ പിടികൂടിക്കഴിഞ്ഞാൽ പോലീസ് സ്റ്റേഷനുകളോട് അനുബന്ധിച്ചുള്ള 'ലോക്കപ്പ്' (Lock-up)കളിൽ നിർദിഷ്ടസമയത്തിൽക്കൂടുതൽ അടയ്ക്കരുതെന്നും, വിചാരണവേളയിൽ അതിനായി നീക്കിവച്ചിരിക്കുന്ന സബ് ജെയിലുകളിലേ പാർപ്പിക്കാവൂ എന്നും ഉള്ള നിയമം പരക്കെ അനുവർത്തിച്ചുവരുന്നു.

യുദ്ധകാലത്തു നാസിഭരണത്തിൻ കീഴിലുണ്ടായിരുന്ന നിരവധി ഭീകരപീഡനകേന്ദ്രങ്ങളും (Concentration Camps) റഷ്യയിലെ സൈബീരിയൻ തടവറകളും ജെയിൽജീവിതത്തിന്റെ ഏറ്റവും നാരകീയഭാവങ്ങൾക്കു നിദർശനങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഇന്ത്യയിൽ. സമാധാനപാലനത്തിനായി വ്യവസ്ഥാപിതമായ എന്തെങ്കിലും ഏർപ്പാടുകൾ ഭാരതത്തിൽ ആരംഭിക്കുന്നത് മുഗൾഭരണത്തോടുകൂടിയാണ്. കള്ളന്മാരെയും കുറ്റവാളികളെയും അറസ്റ്റുചെയ്തു തടവിലിടാൻ അന്നു പ്രത്യേകം നിയുക്തരായിരുന്ന ഉദ്യോഗസ്ഥന്മാർക്കു കൊത്തുവാൾ, ഫൗസ്ദാർ എന്നീ പേരുകൾ പറഞ്ഞുവന്നിരുന്നു. ഇവരുടെ ചുമതലകൾ 'അയിനി അക്ബരി' എന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്.

1894-ൽ ഇന്ത്യൻ പ്രിസൺസ് ആക്റ്റ് എന്ന നിയമം പാസായതോടെ മൂന്നുതരം ജെയിലുകൾ സാങ്കേതികാർഥത്തിൽ ഇന്ത്യയിൽ നിലവിൽ വന്നു. സെൻട്രലും, പ്രൊവിൻഷ്യലും, സബ്സിഡിയറിയും. ഓരോ പ്രവിശ്യയിലും ജെയിൽഭരണത്തിനു പ്രത്യേകം ഇൻസ്പെക്റ്റർ ജനറൽമാർ വേണമെന്നും, അവർ ജെയിൽ പ്രവർത്തനങ്ങളിൽ പരിചയമുള്ള ഇന്ത്യൻ മെഡിക്കൽ സർവീസിലെ ആളുകളായിരിക്കണമെന്നും ഈ നിയമം വ്യവസ്ഥ ചെയ്തു.

1919-ൽ ഇന്ത്യാഗവൺമെന്റ് നിയോഗിച്ച ഒരു 'ജെയിൽസ് കമ്മറ്റി' തടവുകാരുടെ ക്ഷേമത്തെ മുൻനിർത്തി പല വിലപ്പെട്ട നിർദേശങ്ങളും സമർപ്പിച്ചു. സിവിൽ-ക്രിമിനൽ-ശിശു കുറ്റവാളികൾക്കു പ്രത്യേകം തടവുമുറികൾ വേണമെന്നുള്ളതായിരുന്നു ഈ കമ്മിറ്റിയുടെ ഏറ്റവും പ്രധാനപ്പെട്ട ശുപാർശ. 1937 ഏപ്രിൽ 1-ാം തീയതി പ്രാദേശിക സ്വയംഭരണം നിലവിൽവന്നതോടുകൂടി ജെയിൽഭരണം ഒരു സംസ്ഥാനവിഷയ(State Subject)മായിത്തീർന്നു. പക്ഷേ, കേന്ദ്രഗവൺമെന്റിന് ഇതുസംബന്ധിച്ചുള്ള നിയമനിർമാണാധികാരത്തിൽ (Concurrent Powers) പങ്കുണ്ട്. ഇന്നും ആ നില തുടരുന്നു.

പുതിയ വീക്ഷണങ്ങൾ. ജെയിൽശിക്ഷയെക്കുറിച്ചുള്ള ലോകസങ്കല്പങ്ങളുടെ വൈവിധ്യങ്ങൾക്കനുസൃതമായി, ജെയിലുകൾക്കും ജെയിൽജീവിതങ്ങൾക്കും തമ്മിൽ പ്രാദേശികമായും പ്രായോഗികമായും പല അന്തരങ്ങളും നിലവിലുണ്ട്. ഇരുപതാം നൂറ്റാണ്ടിലെ ഒരു പുതിയ പ്രതിഭാസമാണു 'യുദ്ധത്തടവുകാർ' (Prisoners of War) എന്നത്. തടവുകാരോടുള്ള പെരുമാറ്റം എങ്ങനെ വേണമെന്നു നിർദേശിച്ചുകൊണ്ടു സർവരാജ്യസഖ്യം (League of Nations) ഒരു സംഹിത തയ്യാറാക്കുകയും അതിനു പല രാഷ്ട്രങ്ങളുടെയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും നല്ല പെരുമാറ്റത്തിന്റെ ഏറ്റവും കുറഞ്ഞ (minimum) തോതുകളെക്കുറിച്ച് അതിൽ പറഞ്ഞിട്ടുണ്ടെങ്കിലും, രണ്ടാം ലോകയുദ്ധത്തിനുശേഷവും ആ നിലവാരത്തിൽ എത്താൻ മിക്ക രാഷ്ട്രങ്ങൾക്കും കഴിഞ്ഞിട്ടില്ല. വർധമാനമായിവന്ന യുദ്ധാനന്തരകുറ്റവാസനയുടെ ഫലമായി, സമാധാനത്തിന്റെ ആദ്യത്തെ മൂന്നു വർഷങ്ങൾക്കിടയിൽത്തന്നെ, തടവുകാരുടെ എണ്ണം യുദ്ധത്തിനു മുമ്പുണ്ടായിരുന്നതിന്റെ ഇരട്ടിയായി പെരുകുകയാണ് ഉണ്ടായതെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

ഇന്നത്തെ ജെയിലുകളെക്കുറിച്ചുള്ള സങ്കല്പങ്ങളിൽ കനത്ത മതിലുകളോ കാരിരുമ്പഴികളോ താഴുകളോ പൂട്ടുകളോ കാവൽക്കാരോ പാറാവുകാരോ ഉൾപ്പെടുന്നില്ല. സ്വീഡനിൽ തടവുകാരിൽ മൂന്നിലൊരുഭാഗം പ്രത്യേകം നീക്കിവച്ചിരിക്കുന്ന തുറന്ന പ്രദേശങ്ങളിലാണ് ഇന്നു കഴിയുന്നത്. ഇവയെ തടവുകാരുടെ 'കോളനികൾ' എന്നും പറഞ്ഞുവരാറുണ്ട്. സ്വതന്ത്രലോകത്തിൽ എന്നതുപോലെ, തൊഴിൽപരിശീലനത്തിനും വിദ്യാഭ്യാസത്തിനും സ്വഭാവസംസ്കരണത്തിനും വിനോദങ്ങൾക്കും അവ ഇന്നു വകനല്കുന്നു.

'മനുഷ്യാവകാശക്കമ്മീഷൻ' (Human rights Commission) എന്ന ശാഖാസ്ഥാപനത്തിലൂടെയാണ് ഐക്യരാഷ്ട്രസംഘടന തടവുകാരെയും തടവുശിക്ഷയെയും കുറിച്ചുള്ള പഠനംനടത്തുന്നത്.

കേരളത്തിൽ മൂന്നു സെൻട്രൽ ജെയിലുകളുണ്ട്—കണ്ണൂർ, വിയ്യൂർ (തൃശൂർ), പൂജപ്പുര (തിരുവനന്തപുരം). ധാരാളം സബ്ജെയിലുകളും ഉണ്ട്. തിരുവനന്തപുരത്ത് നെയ്യാർഡാമിന് അടുത്ത് ഒരു തുറന്ന ജെയിൽ ഉണ്ട്.

ജെയിൽമർദനങ്ങൾക്കെതിരായി ഇന്ത്യയിലും കേരളത്തിലും അനവധി സമരങ്ങൾ നടന്നിട്ടുണ്ട്. മർദനങ്ങൾക്കെതിരെയും മെച്ചപ്പെട്ട സൗകര്യങ്ങൾക്കുവേണ്ടിയും പല ജെയിലുകളിലും നിരാഹാരസമരങ്ങൾ നടന്നിട്ടുണ്ട്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇന്ത്യൻ ജെയിലുകളിലെ സൗകര്യങ്ങൾ ഗണ്യമായി വർധിച്ചു. തടവുകാരോടുള്ള ജെയിൽ അധികാരികളുടെ പെരുമാറ്റത്തിലും അടിസ്ഥാനപരമായ മാറ്റം സംഭവിച്ചു.

ജെയ്ക്കർ, എം.ആർ. (1873-1959)

ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിലെ മിതവാദികളുടെ നേതാവ്. മുകുന്ദ് രാമറാവു ജെയ്കർ എന്നാണ് മുഴുവൻ പേര്. ബോംബെ യൂണിവേഴ്സിറ്റിയിൽനിന്നും നിയമബിരുദം നേടിയതിനുശേഷം അവിടുത്തെ ഹൈക്കോടതിയിൽ പ്രാക്റ്റീസ് ആരംഭിച്ചു. 1938-ൽ ഓക്സ്ഫെഡ് യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടർ ബിരുദം ലഭിച്ചു. 1923 മുതൽ ’25 വരെ ബോംബെ ലെജിസ്ലേറ്റീവ് കൗൺസിലിലെ അംഗമായിരുന്നു. 1925-ൽ കോൺഗ്രസ്സിൽനിന്നും തെറ്റിപ്പിരിഞ്ഞു. 1926 മുതൽ ’30 വരെ കേന്ദ്ര അസംബ്ലിയിൽ ബോംബെ പട്ടണത്തെ പ്രതിനിധാനം ചെയ്തു. അസംബ്ലിയിലെ നാഷനലിസ്റ്റ് പാർട്ടി അംഗങ്ങളുടെ ഉപനേതാവായി. കോൺഗ്രസ്സും ഗവൺമെന്റുമായി ഒത്തുതീർപ്പുണ്ടാക്കാൻ സർ തേജ്ബഹാദൂർ സപ്രുവുമായി സഹകരിച്ചു പ്രവർത്തിച്ചു. അതു ഫലിച്ചില്ല. ജെയ്ക്കർ-സപ്രു ദൗത്യം എന്ന പേരിൽ ഇതറിയപ്പെടുന്നു. 1930-’31-ലെ വട്ടമേശസമ്മേളനത്തിൽ പങ്കെടുത്തു. 1946-’47 കാലത്ത് കോൺസ്റ്റിറ്റ്വന്റ് അസംബ്ലിയിൽ അംഗമായിരുന്നു. 1948 മുതൽ 1956 വരെ പൂണെ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായി സേവനം അനുഷ്ഠിച്ചു.

ജെരാർദ്, ഫാദർ

മലയാളത്തിൽ അലങ്കാരശാസ്ത്രം രചിച്ച ക്രൈസ്തവവൈദികൻ. ലത്തീൻ, ഗ്രീക്ക്, മലയാളം, സംസ്കൃതം തുടങ്ങിയ ഭാഷകളിൽ പാണ്ഡിത്യം നേടിയിരുന്ന ഒരു ഭാഷാസ്നേഹിയായിരുന്നു ഫാദർ ജെരാർദ് (Jerarde). ഈ സുറിയാനികത്തോലിക്കാവൈദികൻ കർമലീത്താസഭാംഗവും എൽത്തുരുത്തു കൊവേന്തയുടെ പ്രിയോരുമായിരുന്നു. 1881-ലാണ് ഇദ്ദേഹം അലങ്കാരശാസ്ത്രം പ്രസിദ്ധീകരിച്ചത്. അതിനുമുമ്പ് പദ്യസാഹിത്യത്തിലെ ഉക്തിവൈചിത്ര്യങ്ങൾ പ്രതിപാദിക്കുന്ന 'ലീലാതിലകം', 'കേരളകൗമുദി' തുടങ്ങി ചില അലങ്കാരഗ്രന്ഥങ്ങളുണ്ടായിരുന്നു. പ്രഭാഷണകലയെ പുരസ്കരിച്ചു മലയാളത്തിലുണ്ടായ ആദ്യത്തെ പ്രാമാണികഗ്രന്ഥവും ഇതുതന്നെ.

അലങ്കാരശാസ്ത്രസംബന്ധമായ അനേകം വൈദേശിക ഗ്രന്ഥങ്ങൾ ഇതിന്റെ നിർമാണത്തിൽ തനിക്കു സഹായകമായിരുന്നെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. ഡി കൊളോന്യ ദൊമിനിക്കൻ (Dominico de Colonia) എന്ന പണ്ഡിതന്റെ അലങ്കാരഗ്രന്ഥത്തെ അനുകരിച്ചാണു മലയാളത്തിനു പറ്റിയ ഈ ഗ്രന്ഥം അദ്ദേഹം നിർമിച്ചത്. അന്നു പ്രചാരമുണ്ടായിരുന്ന പഞ്ചതന്ത്രം, ചാണക്യസൂത്രം, ഭാഗവതം കിളിപ്പാട്ട്, ഇരുപത്തിനാലു വൃത്തം, അജ്ഞാനകുഠാരം, ഉമ്മാപർവം മുതലായവയിൽ നിന്നാണ് ഉദാഹരണങ്ങൾ ഉദ്ധരിച്ചിട്ടുള്ളത്. ഓവിഡ്(Ovid) വെർജിൽ (Virgil), ഹൊറേസ്(Horace) തുടങ്ങിയ പാശ്ചാത്യഗ്രന്ഥകാരന്മാരുടെ കൃതികളിൽനിന്നും ചില ഭാഗങ്ങൾ ഇതിൽ തർജമ ചെയ്തു ചേർത്തിട്ടുണ്ട്.

ചോദ്യോത്തരരൂപത്തിലാണ് രചന. സാങ്കേതികശബ്ദങ്ങളുടെ വിവർത്തനത്തിൽ ചില തെറ്റുകളും വിലക്ഷണതയും കാണുന്നു.

1887-ൽ ആരംഭിച്ച 'നസ്രാണിദീപിക'യുടെ മാനേജരായും ഇദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ജെർബോവ

കരളുന്ന ഒരിനം ജീവി. ഡിപോഡിഡെ കുലത്തിൽപ്പെടുന്നു. ഏകദേശം 25 സ്പീഷിസ് ഉണ്ട്. പശ്ചിമേഷ്യയിൽ കണ്ടുവരുന്ന ഒരു സ്പീഷീസാണ് *അലാക്റ്റാഗാ ഇലേറ്റർ (Allactaga elater)*. വിവിധ സ്പീഷിസിൽ ശരീരത്തിന്റെ നീളം വ്യത്യസ്തമായിരിക്കും. നാലു സെന്റീമീറ്റർ മുതൽ പതിനഞ്ചു സെന്റീമീറ്റർവരെ വ്യത്യാസപ്പെട്ടിരിക്കും. നെടിയ പിൻകാലും കുറിയ മുൻകാലും നീണ്ട വാലും സവിശേഷതകളാണ്. ഏഷ്യയിലെയും ആഫ്രിക്കയിലെയും വരണ്ട പ്രദേശത്തു കണ്ടുവരുന്നു.

ജെർബോവ

ചാടിച്ചാടിയാണ് ഇതിൻെറ സഞ്ചാരം. ഒറ്റക്കുതിപ്പിന് മൂന്നു മീറ്ററോളം ചാടാൻ കഴിയാം. ചാടുമ്പോൾ വാല് ശരീരത്തിൻെറ സന്തുലനത്തിനു സഹായിക്കുന്നു. രാത്രിയിലാണ് ഇര തേടുന്നത്. പ്രധാനമായും വിത്തും ചെടിയുടെ മറ്റു ഭാഗങ്ങളും ഭക്ഷിക്കുന്നു. പകൽ ആഴമേറിയ കുഴികളിൽ കഴിയും. തണുപ്പിൽനിന്നു രക്ഷപ്പെടാനായി ശിശിരനിദ്ര (hibernation) നടത്താറുണ്ട്. ഇക്കാലത്ത് രണ്ടു മീറ്ററോളം ആഴമുള്ള കുഴിയിലാണു വാസം.

ജെർമനി

മധ്യയൂറോപ്പിലെ ഒരു രാജ്യം. നെതർലൻഡ്സ്, ബെൽജിയം, ലക്സെംബർഗ്., ഫ്രാൻസ് സ്വിറ്റ്സർലൻഡ്, ഓസ്ട്രിയ, ചെക്കസ്ലവാക്യ, പോളണ്ട്, ഡെന്മാർക്ക് എന്നീ രാജ്യങ്ങളിൽ ചുറ്റപ്പെട്ടുകിടക്കുന്നു. ഒരു രാഷ്ട്രമെന്ന നിലയിൽ ഇതിൻെറ ചരിത്രം ആരംഭിക്കുന്നത് 1871 മുതലാണ്. ജെർമനി ഉൾക്കൊള്ളുന്ന വിവിധ സ്റ്റേറ്റു


ബാൾട്ടിക് കടൽ
ബെർലിൻ
പോളണ്ട്
നെതർലൻഡ്സ്
ഫെഡറൽ റിപ്പബ്ലിക് ഓഫ് ജെർമനി
ജെർമൻ ഡെമോക്രാറ്റിക് റിപ്പബ്ലിക്.
ബോൺ
ബെൽജിയം
ഫ്രാങ്ക്ഫർട്ട്
ഫ്രാൻസ്
ചെക്കസ്ലവാക്യ
ഓസ്ട്രേലിയ
സ്വിറ്റ്സർലൻഡ്



സർവകലാശാലാനഗരമായ ഹീഡൽബർഗ്. 13-ാംശതകത്തിലെ ദുർഗമന്ദിരത്തിൻെറ അവശിഷ്ടമാണു പിന്നിൽ.

കളുടെ ഏകീകരണം അക്കൊല്ലമാണു നടന്നത്. 1871 മുതൽ 1918 വരെ ജെർമനി ഒരു സാമ്രാജ്യവും, 1918 മുതൽ 1933 വരെ ഒരു റിപ്പബ്ലിക്കും, 1933 മുതൽ 1945 വരെ ഒരു സ്വേച്ഛാധിപത്യ രാഷ്ട്രവുമായിരുന്നു. 1949-ൽ രണ്ടു വിഭിന്ന റിപ്പബ്ലിക്കുകൾ ആയി: ഫെഡറൽ റിപ്പബ്ലിക് ഒഫ് ജെർമനിയും ജെർമൻ ഡെമോക്രാറ്റിക് റിപ്പബ്ലിക്കും.

ഭൂമിശാസ്ത്രപരമായി ജെർമനിക്ക് മൂന്നു മുഖ്യപ്രദേശങ്ങളാണുള്ളത്: 1. ഉത്തരബാൾട്ടിക് സമുദ്രങ്ങളുടെ തീരങ്ങളിൽ നീണ്ടു കിടക്കുന്ന ഉത്തര ജെർമൻ സമതലം (low lands) 2. അതിനു തെക്കുള്ള ഉന്നതതലങ്ങൾ (high lands). 3. ദക്ഷിണ പർവത പ്രദേശം.

പുരാതനകാലങ്ങളിൽ സമുദ്രത്തിലേക്ക് ഒഴുകിയിരുന്ന ഹിമനദികളുടെ എക്കൽ അടിഞ്ഞുകൂടിയുണ്ടായതാണ് ഉത്തരജെർമൻ. ഇതിൻെറ നല്ല ഒരു ഭാഗം ചതുപ്പുനിലങ്ങളും വനങ്ങളുമാണ്. മേച്ചിൽസ്ഥലങ്ങളായി ഉപയോഗിക്കാവുന്ന പ്രദേശങ്ങളുമുണ്ട്. സമതലത്തിൻെറ ഉള്ളരികുകളിൽ ഫലപുഷ്ടിയുള്ള ഭൂമിയാണ്. ഇവിടെ വൻതോതിൽ കൃഷിയുണ്ട്. ഇതിൻെറ പടിഞ്ഞാറെ അറ്റമാണ് പശ്ചിമയൂറോപ്പിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായ മേഖലയായ റൂർ (Ruhr).

മധ്യജർമൻ ഉന്നതതടം പഴയ അഗ്നിപർവതങ്ങളുടെ സൂച്യഗ്രശിഖകൾ, നദീതടങ്ങളാൽ വേർപെടുത്തപ്പെട്ട്, നീണ്ടുനിവർന്നു കിടക്കുന്ന പർവതശിഖരങ്ങൾ എന്നിവ ഉൾപ്പെട്ടതാണ് ഈ പ്രദേശം. ഏറിയകൂറും വനനിബിഡവുമാണ്. താഴ്വരകളിൽ വമ്പിച്ചതോതിൽ കൃഷിയുണ്ട്. അരുവികളും വെള്ളച്ചാട്ടങ്ങളും അണക്കെട്ടുകളും തടാകങ്ങളും ധാരാളമുള്ളതുകൊണ്ട് ജലവൈദ്യുതശക്തിയിൽ ഈ പ്രദേശം സമ്പന്നമാണ്. പ്രകൃതിവിഭവങ്ങളുടെ സാമീപ്യം കൂടി ഉള്ളതിനാൽ വ്യാവസായികപ്രവർത്തനങ്ങൾ വൻതോതിൽ നടക്കുന്നു. [illegible]ള്ള കേന്ദ്രങ്ങൾ ധാരാളമുണ്ട്.

മധ്യജെർമൻ ഉന്നതതടവും തെക്കർപർവതപ്രദേശവുമായുള്ള അതിർത്തിരേഖ വ്യക്തമല്ല. ബവേറിയാ ഉൾപ്പെട്ട പ്രദേശം അതിനു വടക്കുള്ള ഭൂവിഭാഗത്തെക്കാൾ ഉയരം കൂടിയതാണ്. മനോഹരമായ പ്രകൃതിദൃശ്യങ്ങൾ ധാരാളമുള്ള സ്ഥലമാണ് ഇത്. ടൂറിസ്റ്റ് വ്യവസായം ഒഴിച്ചാൽ, ഈ പ്രദേശത്തിന് മറ്റു സാമ്പത്തിക പ്രാധാന്യമൊന്നുമില്ല.

നദികളും തുറമുഖങ്ങളും. റൈൻ, വെസർ, എൽബ്, ഓഡർ, വിസ്റ്റുല എന്നീ നദികളും അവയുടെ പോഷകനദികളുമാണ് ജെർമനിയുടെ ഏകീകരണത്തിനും സാമ്പത്തികപുരോഗതിക്കും സഹായകമായിരുന്നത്. ഇവയിൽ വെസറും എൽബും മാത്രമേ ജെർമൻ പ്രദേശത്തുകൂടി സമുദ്രത്തിൽ പതിക്കുന്നുള്ളു. ഹിറ്റ്ലറുടെ പരാജയത്തോടു കൂടി വിസ്റ്റുലായും ഓഡറും ഒഴുകുന്ന ജെർമനിയുടെ കിഴക്കൻ പ്രദേശങ്ങൾ അന്യാധീനപ്പെട്ടുപോയി. അങ്ങനെ ബാൾട്ടിക്ക് സമുദ്രതീരത്തിന്റെ ഒരു ഭാഗം ഇപ്പോഴും ജെർമനിയുടെ കൈവശമുണ്ടെങ്കിലും ബാൾട്ടിക് കടലിലേക്കുള്ള മുഖ്യ ജലനിർഗമനമാർഗങ്ങൾ ജെർമനിക്കു നഷ്ടപ്പെട്ടു.

റൈൻനദി ഡച്ചുതുറമുഖമായ റോട്ടർഡാമിൽവച്ചാണ് സമുദ്രത്തിൽ പതിക്കുന്നത്. 1288 കി.മീ. ദൈർഘ്യമുള്ള റൈൻ ആണ് യൂറോപ്പിലെ ഏറ്റവും കൂടുതൽ വാണിജ്യപ്രാധാന്യമുള്ള നദി. ഹീഡൽബർഗ്, കൊളോൺ, ഡസൽഡോർഫ് തുടങ്ങി ഇരുപതു പ്രധാനപ്പെട്ട നഗരങ്ങളിൽ റൈൻനദിയുടെ തീരത്തോ പരിസരപ്രദേശങ്ങളിലോ ആണ് സ്ഥിതിചെയ്യുന്നത്. യൂറോപ്പിലെ ഏറ്റവും പ്രധാനപ്പെട്ട ചില കൽക്കരിഖനികളും ഇരുമ്പുഖനികളും റൈൻ നദീതടത്തിനു സമീപമാണ്. റൈൻ, വെസർ, എൽബ് എന്നീ മൂന്നു നദികളും വടക്കോട്ടൊഴുകി ഉത്തര സമുദ്രത്തിൽ പതിക്കുന്നു. ഗതാഗതയോഗ്യമായ ഈ നദികൾ അനേകം തോടുകളാൽ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് റൈൻ മുതൽ എൽബു വരെ ജെർമനിയുടെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ തോടുകളിൽക്കൂടി ചരക്കുകളും മറ്റും കൊണ്ടുപോവുക എളുപ്പമാണ്

വെസറിന്റെയും എൽബിന്റെയും പതനസ്ഥലങ്ങളോട് അടുപ്പിച്ചാണ് ജെർമനിയിലെ തുറമുഖങ്ങളായ ബ്രെമനും ഹാംബെർഗും യഥാക്രമം വളർന്നുവന്നത്. ബ്രെമൻ അന്താരാഷ്ട്രപ്രാധാന്യമുള്ള മേജർതുറമുഖമാണ്. ഉൾനാടുകളിൽനിന്ന് ചരക്കുകൾ തുറമുഖത്ത് എത്തിക്കുന്ന കാര്യത്തിൽ എൽബ് നദിക്കാണ് കൂടുതൽ പ്രധാന്യം. ചെക്കസ്ലവാക്യയിലാണ് ഈ നദിയുടെ ഉദ്ഭവം. ജെർമൻപ്രദേശത്ത് ഈ നദി പൂർണമായും ഗതാഗതയോഗ്യമാണ്. സ്വാഭാവികമായി എൽബിന്റെ പതനസ്ഥലത്തുള്ള ഹാംബർഗ് തുറമുഖവും പ്രാധാന്യം അർഹിക്കുന്നു.

കാലാവസ്ഥ. പശ്ചിമയൂറോപ്പിന്റെ മഹാസമുദ്രകാലാവസ്ഥയ്ക്കും പൂർവയൂറോപ്പിന്റെ ഭൂഖണ്ഡകാലാവസ്ഥയ്ക്കും ഇടയ്ക്കുള്ള ഒരുതരം കാലാവസ്ഥയാണ് ജെർമനിയുടെത്. ജെർമനിയുടെ പശ്ചിമഉത്തരഭാഗങ്ങൾക്ക് സമുദ്രത്തിന്റെ സാമീപ്യം കൊണ്ടുള്ള പ്രയോജനം ഉണ്ട്. അസഹ്യമായ ചൂടും തണുപ്പും ഒരിക്കലുമില്ല. എല്ലാ ഋതുക്കളിലും ധാരാളം മഴ പെയ്യുന്നു. വേനൽ കാലത്താണ് ഏറ്റവും കൂടുതൽ മഴ ഉള്ളത്. പടിഞ്ഞാറെ ജെർമനിയിലെ ഉന്നതതടത്തിൽ ശരാശരി വാർഷിക വർഷപാതം 86 സെ. മീറ്ററും തെക്കു പടിഞ്ഞാറെ ജെർമനിയിലും വടക്കുപടിഞ്ഞാറെ ജെർമൻ സമതലത്തിലും 64 മുതൽ 75 സെ.മീ. വരയും കിഴക്കൻ ജെർമനിയിൽ 41 മുതൽ 51 സെ.മീ. വരെയുമാണ്.

സസ്യങ്ങളും ജന്തുക്കളും. ജെർമനിയുടെ ആകെ വിസ്തൃതിയിൽ നാലിലൊരു ഭാഗവും വനനിബിഡമാണ്. വൃക്ഷങ്ങളിൽ 45% പൈനും 40% ഫീച്ചും 8 ശതമാനത്തോളം ഓക്ക് വൃക്ഷവുമാണ്.

തോട്ടക്കൃഷിയിൽ 20 ശതമാനത്തോളം സ്പ്രൂസ്‌വൃക്ഷമാണ്. വടക്കുപടിഞ്ഞാറൻ ജെർമനിയിലെ ഓക്ക് വനങ്ങളിൽ ധാരാളം ബിർച്ച് മരങ്ങളും ഉണ്ട്. വില്ലൊ, പോപ്ലാർ, എം., സ്വീറ്റ്ചെസ്റ്റ്നട്ട്, വാൽനട്, മേപ്പിൾ, ആഷ് എന്നിവയും ധാരാളമുണ്ട്. മധ്യജെർമനിയിലെയും ദക്ഷിണജെർമനിയിലെയും മലകളിൽ സിൽവർഫിർ വളരുന്നു. വടക്കുപടിഞ്ഞാറൻ ജെർമനിയിലെ തരിശുഭൂമികളിൽ കുറ്റിച്ചെടികളും പുല്ല്, പായൽ, കൽപ്പായൽ എന്നിവയും ധരാളമുണ്ട്.

ജന്തുക്കൾ: ജന്തുജാലം മൊത്തത്തിൽ യൂറോപ്യൻ വൻകരയിലേതുതന്നെ. ഇതോടൊപ്പം അന്യനാടുകളിൽനിന്നു ധാരാളം ഇനം പക്ഷിമൃഗാദികൾ വന്നുചേരുന്നു. ജെർമനിയിലെ പക്ഷികൾ ബ്രിട്ടനിലെ പക്ഷികളെപ്പോലെയാണ്. ഷ്റൈക് പക്ഷികളും ത്രഷ്നൈറ്റിംഗേൽ, ബ്ലൂത്രോട്ട് മുതലായ പക്ഷികളും അവിടെ ധാരാളമുണ്ട്. പിഗ്മിമൂങ്ങ, യൂറൽമൂങ്ങ, കറുത്ത മരംകൊത്തി, വാർബ്ളർ മുതലായവയും ഇവിടെ ഉണ്ട്.

വിവിധ വർണങ്ങളുള്ള പവ്വാൽ, സുസ്ലിക് എന്നു പേരുള്ള തറയണ്ണാൻ, ഹാംസ്റ്റർ എന്നു പേരുള്ള കരളുന്ന ജന്തു എന്നിവയും ധാരാളമുണ്ട്. എൽബ് താഴ്വരയിൽ ബീവറും പൈൻവനങ്ങളിൽ കാട്ടുപൂച്ച, ചെന്നായ്, കാട്ടുപന്നി മുതലായവയും ഉണ്ട്.

ചരിത്രം. 1871-ൽ ഏകീകരണം നടക്കുന്നതുവരെയുള്ള ജെർമനിയുടെ ചരിത്രം ഒരു ജെർമൻരാഷ്ട്രത്തിന്റെ ചരിത്രമല്ല. ആദ്യകാലങ്ങളിൽ അത് ആംഗിളുകൾ സാക്സന്മാർ, ഫ്രാങ്കുകൾ മുതലായ ജെർമൻവർഗങ്ങളുടെയും പിന്നീടു സേനാനായകന്മാർ, പ്രഭുക്കന്മാർ, രാജാക്കന്മാർ മുതലായവരുടെ നേതൃത്വത്തിലുള്ള പ്രാദേശിക ജനസമൂഹങ്ങൾ തമ്മിലുള്ള കലഹങ്ങളുടെയും അവസാനം 'ജെർമൻ നേഷന്റെ ഹോളി റോമൻ സാമ്രാജ്യം' എന്ന യൂറോപ്യൻസാമ്രാജ്യത്തിന്റെയും ചരിത്രമാണ്.

'ജെർമൻ' എന്ന സങ്കല്പം ഏതെങ്കിലും ഒരു പ്രത്യേക രക്തത്തിന്റെയോ വർഗത്തിന്റെയോ അടിസ്ഥാനത്തിൽ അല്ല. ജെർമാനിക്-കെൽറ്റിക്, സ്ലാവോണിക്-റോമൻ-സെമിറ്റിക്-ഏഷ്യൻ സംസ്കാരധാരകൾ ചേർന്നതാണ് ജെർമൻ ദേശീയസമൂഹം. ചരിത്രപരമായ പൊതുഭാഗധേയം, ഭാഷ, സംസ്കാരം, നിയമം, മാമൂൽ, പൊതുല

റൈൻ, മോസൽ എന്നീ നദികളുടെ സംഗമസ്ഥാനമായ കോബ്ലൻസ്

ക്ഷ്യപ്രാപ്തിക്കുവേണ്ടി സ്വമേധയായുള്ള ഐക്യം എന്നിവയായിരുന്നു ജെർമൻ രാഷ്ട്രത്തിന്റെ ആവിർഭാവത്തിനു പിന്നിലുണ്ടായിരുന്ന നിയാമകശക്തികൾ.

ജെർമാനിക് ജനതയെ ചരിത്രത്തിന്റെ വെളിച്ചത്തിലേക്ക് ആനയിച്ചത് റോമാചക്രവർത്തിയായ ജൂലിയസ് സീസറാണ്. സീസറിന്റെ പേരിൽനിന്നാണ് ജെർമൻ ചക്രവർത്തിമാർക്ക് കൈസർ എന്ന സ്ഥാനപ്പേര് സിദ്ധിച്ചത്. ലോകസാമ്രാജ്യസംസ്ഥാപനത്തിനുവേണ്ടി ഇറങ്ങിത്തിരിച്ച ജൂലിയസ് സീസർ, താൻ പരാജയപ്പെടുത്തിയ ജെർമാനിക് ജനങ്ങളിൽനിന്ന് ധാരാളംപേരെ സ്വന്തം സൈന്യത്തിൽ ചേർത്തു. ശതാബ്ദങ്ങൾക്കുശേഷം സ്വന്തമായിട്ട് ഒരു സാമ്രാജ്യം പടുത്തുയർത്താൻ ജെർമൻജനതയെ പ്രാപ്തരാക്കിയ ചരിത്രപരമായ വളർച്ചയുടെ പ്രാരംഭമായിരുന്നു അത്. എ.ഡി. 9-ൽ റോമൻ സൈനികപരിശീലനം സിദ്ധിച്ചിരുന്ന് ഹെർമൻ എന്നു പേരുള്ള ഒരു ചെറുസ്കൻവർഗനേതാവ്, ക്വിൻക്റ്റീലിയസ്സ് വാറസ്സിന്റെ നേതൃത്വത്തിലുള്ള റോമൻസേനകളെ ടൂട്ടോബർഗ്യുദ്ധത്തിൽ നിശ്ശേഷം തോല്പിച്ചു. തത്ഫലമായി എൽബ്നദിക്കു പകരം റൈൻ നദിയെ റോമാസാമ്രാജ്യത്തിന്റെ അതിർത്തിയായി സ്വീകരിക്കാൻ അഗസ്റ്റസ് ചക്രവർത്തി തീരുമാനിച്ചു. ജെർമനിയുടെ വിമോചകൻ എന്ന നിലയ്ക്കു ഹെർമന്റെ പേര് ജെർമാനിക് ജനത സ്മരിച്ചിരുന്നു എന്നു പ്രസിദ്ധ ചരിത്രകാരനായ റ്റാസിററസ് രേഖപ്പെടുത്തിയിട്ടുണ്ട്.

റോമാസാമ്രാജ്യം തകർന്നതു ജെർമാനിക് വർഗങ്ങളുടെ തുടർച്ചയായ മുന്നേറ്റത്തിന്റെ ഫലമായിട്ടാണ്. വെസർ നദിയുടെയും റൈൻനദിയുടെയും ഇടയ്ക്കു താമസിച്ചിരുന്ന ചില സ്വതന്ത്രവർഗങ്ങൾ ചേർന്ന് ഫ്രാങ്കുകൾ എന്ന പേരിൽ എ.ഡി. 210-ൽ ഒരു കോൺഫെഡറേഷൻ സ്ഥാപിച്ചു. മെറോവിൻജിയൻ, കരോലിൻജിയൻ എന്നീ രാജവംശങ്ങളുടെ നേതൃത്വത്തിൽ ഫ്രാങ്കുകൾ ഉത്തരോത്തരം ശക്തിപ്രാപിച്ചു. മെറോവിൻജിയൻ വംശജനായിരുന്ന ക്ലോവിസിന്റെ ഭരണകാലത്തുതന്നെ (481—511) ഫ്രാങ്കുകളുടെ ആധിപത്യം പിറനീസിനു വടക്ക് ഇപ്പോഴത്തെ ഫ്രാൻസ് മുഴുവനും റൈൻ നദിക്കു കിഴക്കുള്ള ഒരു വലിയ പ്രദേശത്തും വ്യാപിച്ചിരുന്നു. ഷാർലിമെയിൻ സാക്സൺ വർഗക്കാരെ തോല്പിച്ചു ക്രിസ്തുമതത്തിൽ ചേർക്കുകവഴി ഫ്രാങ്കുകളുടെ രാജ്യാതിർത്തി എൽബ്നദി വരെ നീണ്ടു. ഷാർലിമെയിന്റെ സാമ്രാജ്യം ഒരു ജെർമൻസാമ്രാജ്യം എന്നതിനെക്കാൾ ഫ്രെഞ്ചുസാമ്രാജ്യം ആണ്.

ഒരു ജെർമൻഗ്രാമം. തെക്കുപടിഞ്ഞാറൻ
ജെർമനിയിലെ ബെർണോയിൽ

ഫ്രാങ്കുകളുടെ കാലത്താണു ഫ്യൂഡലിസം ആവിർഭവിച്ചത്. ജെർമാനിക് ആചാരങ്ങളുടെയും നാട്ടുനടപ്പുകളുടെയും അടിസ്ഥാനത്തിൽ റോമൻ സ്വാധീനത്തിൻകീഴിൽ 5-ാം ശതകത്തിൽ വികസിച്ചുവന്ന നിയമവ്യവസ്ഥ ഫ്രാങ്കിഷ് രാജ്യത്തിന് ആഭ്യന്തരശക്തി നല്കി. കരോലിൻജിയൻ വംശത്തിലെ ഒന്നാമത്തെ രാജാവായ പിപ്പിനും അദ്ദേഹത്തിന്റെ മകനായിരുന്ന ഷാർലിമെയിനും (768—814) പോപ്പിന്റെ പിൻതുണയോടും റോമൻ കത്തോലിക്കാമതത്തിന്റെ സ്വാധീനമേഖല വികസിപ്പിച്ചുകൊണ്ടുമാണ് സാമ്രാജ്യാതിർത്തി വർധിപ്പിച്ചത്. ചക്രവർത്തിയും പോപ്പും തമ്മിലുള്ള സഹകരണം സാമ്രാജ്യത്തിനും കത്തോലിക്കാസഭയ്ക്കും ഒരുപോലെ ഉപകാരപ്രദമായി.

ഷാർലിമെയിന്റെ കാലശേഷം പിൻഗാമികൾ കരോലിൻജിയൻ സാമ്രാജ്യം മൂന്നായി പകുത്തെടുത്തു. തത്ഫലമായി പൂർവഭാഗത്ത് ഒരു ജെർമൻ നേഷൻ ആവിർഭവിച്ചു.

കോൺറാഡ് എന്ന ഫ്രാങ്കിഷ് വംശജനാണ് ജെർമനിയുടെ ഒന്നാമത്തെ രാജാവായി (911—918) വാഴിക്കപ്പെട്ടത്. 919-ൽ ഈ പൂർവ ഫ്രാങ്കിഷ് സാമ്രാജ്യം ജെർമൻകാരുടെ നാട് അഥവാ സാമ്രാജ്യം (Regnum Teutonicorum) എന്നു പുനർനാമകരണം ചെയ്യപ്പെട്ടു.

കരോലിൻജിയൻ കേന്ദ്രശക്തി അസ്തമിച്ചു തുടങ്ങിയതോടൊപ്പം ജെർമനിയിൽ സ്വേവിയാ, ബവേറിയ, സാക്സണി, ഫ്രാങ്കോണിയാ എന്നിങ്ങനെ ചില സ്വതന്ത്രപ്രഭുഭരണ പ്രദേശങ്ങൾ (Dukedoms) ശക്തിപ്രാപിച്ചു. കുറെക്കൂടി ചെറിയ പ്രദേശങ്ങൾ അതതിന്റെ ഭരണാധികാരിയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ഇങ്ങനെ ജെർമൻ പ്രാദേശികത്വത്തിന്റെ ഫലമായി അനേകം ജനപദങ്ങൾ ജെർമനിയിൽ ആവിർഭവിച്ചു. പിന്നീടു സ്റ്റേറ്റുകൾ എന്ന പേരിൽ അറിയപ്പെട്ട ഈ ജനപദങ്ങൾ സ്വന്തം സ്വയംഭരണാവകാശത്തിൽ ഊറ്റംകൊണ്ടു എന്നു മാത്രമല്ല, ഒരു കേന്ദ്രശക്തി വളർന്നുവരാതിരിക്കുവാൻ ശ്രദ്ധിക്കുകകൂടി ചെയ്തു. സാമ്രാജ്യത്തിന്റെ വിഘടനത്തിനും ആത്യന്തികതകർച്ചയ്ക്കും ഇതു കാരണമായി.

വിശാലമനസ്കനായിരുന്ന കോൺറാഡ് ഒന്നാമൻ തന്റെ മരണക്കിടക്കയിൽവെച്ച് സാക്സൺമാരുടെ ഡ്യൂക്കായ ഹെൻറിയെ തന്റെ പിൻഗാമിയായി നിർദ്ദേശിച്ചു. ഈ ഹെൻറി (919—936) ഒന്നാമനോടുകൂടി സാക്സണിവംശത്തിൽപ്പെട്ട ജെർമൻരാജാക്കന്മാരുടെ ഭരണം ആരംഭിച്ചു.

സാക്സൺചക്രവർത്തിമാർ. താഴത്തെ റൈനിനും എൽബിനും ഉത്തരസമുദ്രത്തിനും ഹാർസ് മലകൾക്കും ഇടയ്ക്കുള്ള രാജ്യമാണ് ഹെൻറി I ഭരിച്ചത്. മഗ്യാർ ആക്രമണത്തെ ചെറുത്തുനിർത്തി ഉത്തരജെർമനിയുടെ സുരക്ഷിതത്വം ഉറപ്പുവരുത്തിയതും എൽബിനും ഓഡറിനും ഇടയ്ക്കുള്ള പ്രദേശം പിടിച്ചടക്കി സ്ലാവുകളെ ജെർമൻ സമൂഹത്തിലേക്ക് ആകർഷിച്ചതുമാണ് അദ്ദേഹത്തിന്റെ നേട്ടങ്ങൾ. മകനും പിൻഗാമിയുമായ ഓട്ടോ ഒന്നാമൻ മഹാനായ രാജാവായിരുന്നു. അനന്തരശതാബ്ദങ്ങളിൽ ജെർമനി യൂറോപ്പിലെ ഏറ്റവും പ്രബലശക്തിയാകത്തക്കവണ്ണം അദ്ദേഹം ജെർമനിയെ ഏകോപിപ്പിച്ചു. മെയിൻസിലെ ആർച്ച് ബിഷപ്പാണ് ഇദ്ദേഹത്തെ ഫ്രാങ്കുകളുടെ രാജാവായി അഭിഷേകം ചെയ്തത്. രാജാവായതിനുശേഷം വൈദിക പ്രമാണിമാർക്കു ഭൂമി പതിച്ചുകൊടുക്കുകയും സ്ഥാനമാനങ്ങൾ നല്കുകയും ചെയ്തു. ഇതു കാരണം കത്തോലിക്കാസഭയുടെ സഖ്യം സമ്പാദിക്കാൻ ഇദ്ദേഹത്തിന് എളുപ്പം കഴിഞ്ഞു. ഹൂണന്മാരുടെ ആക്രമണത്തെ നിശ്ശേഷം തോല്പിച്ച്, ജെർമനിയുടെ ഉത്തര അതിർത്തിഅദ്ദേഹം ശക്തിപ്പെടുത്തി. ഇവയെല്ലാറ്റിനെക്കാളും പ്രധാനം അദ്ദേഹത്തിന് ഇറ്റലിയുടെ ആഭ്യന്തരകാര്യങ്ങളിൽ ലഭിച്ച സ്വാധീനവും അതുവഴി യൂറോപ്പിലൊട്ടാകെ കിട്ടിയ പ്രാമുഖ്യവുമാണ്. സാരസന്മാർ തെക്കുനിന്നും ഇറ്റലിയിലെ ചെറുകിട നാടുവഴികൾ വടക്കുനിന്നും ഭീഷണിമുഴക്കിയപ്പോൾ പോപ്പ് ജോൺ XII ഓട്ടോയോടു സഹായം അഭ്യർഥിച്ചു. റോമാ ചക്രവർത്തിയുടെ കിരീടമാണു പ്രതിഫലമായി വാഗ്ദാനം ചെയ്തത്. ഓട്ടോ I ഈ സന്ദർഭം ശരിക്കു പ്രയോജനപ്പെടുത്തി. 962 ഫെബ്രുവരി ഒന്നാംതീയതി സെൻറ് പീറ്റേർസ് ദേവാലയത്തിൽ വെച്ച് ഓട്ടോ I ചക്രവർത്തിയായി കിരീടം സ്വീകരിച്ചു. ഇങ്ങനെ

ജെർമനിക്ക് സ്വന്തം ദേശീയ അതിരുകളെ അതിലംഘിച്ചുള്ള ഉത്തരവാദിത്വങ്ങളും പ്രശസ്തിയും വന്നുചേർന്നു.

പോപ്പുമായുള്ള സഖ്യത്തിന്റെ ഫലമായി ഒരു ശതാബ്ദത്തേക്കെങ്കിലും ജെർമൻ ചക്രവർത്തിമാർക്കു വമ്പിച്ച നേട്ടങ്ങൾ ഉണ്ടായി. ഓട്ടോ I അദ്ദേഹത്തെ ചക്രവർത്തിയായി വാഴിച്ച പോപ്പിനെത്തന്നെ നിഷ്കാസനംചെയ്തു. സാമ്രാജ്യഭരണം വൈദികസ്വഭാവം കൈക്കൊണ്ടു. വിശുദ്ധ റോമൻ സാമ്രാജ്യം എന്ന പേർതന്നെ ഇതിനു തെളിവാണ്. ജെർമൻ ചക്രവർത്തിമാരെ ആശ്രയിച്ചു കഴിയുക എന്ന പേപ്പസിയുടെ ദൗർഭാഗ്യത്തിന് അറുതിവരുത്തിയത് ഗ്രിഗറി VII എന്ന പേരിൽ പോപ്പായി അവരോധിക്കപ്പെട്ട ഹിൽഡെബ്രാന്റ് (1073—1085) ആയിരുന്നു. ഹെന്റി II ന്റെ പിൻഗാമിയായ കോൺറാഡ് II (1024—1032) ആണ് സാലിയൻ രാജവംശത്തിന്റെ സ്ഥാപകൻ. ഈ വംശത്തിൽപ്പെട്ട ഹെന്റി IV ന്റെ കാലത്താണ് പോപ്പും ജെർമൻചക്രവർത്തിയും തമ്മിലുള്ള മത്സരം ആരംഭിച്ചത്. ഈ മത്സരത്തിൽ പ്രഭുക്കന്മാരും ബിഷപ്പന്മാരും പോപ്പിനോടു ചേർന്ന് ചക്രവർത്തിയെ എതിർത്തു. ഈ മത്സരം ഹെന്റി അഞ്ചാമന്റെ കാലത്ത് 1122-ൽ വേംസ് ഉടമ്പടി ഒപ്പുവച്ചതോടെയാണ് അവസാനിച്ചത്. പ്രസ്തുത ഉടമ്പടിയനുസരിച്ചു ബിഷപ്പിനെ നിയമിക്കുന്നതിനുള്ള അവകാശം ചക്രവർത്തിനിലനിർത്തിയെങ്കിലും രാജ്യഭരണത്തിന്റെ വൈദികസ്വഭാവം അവസാനിച്ചു. ഹോഹൻസ്റ്റോഫൻ വംശജരായ ചക്രവർത്തിമാരുടെ കാലത്തു ചക്രവർത്തിയും പോപ്പുമായുള്ള മത്സരം വീണ്ടും ആരംഭിച്ചു. ഫ്രെഡറിക് ബാർബറോസ്സാ (1152—1190) സാമ്രാജ്യത്തിന്റെ ശക്തി വീണ്ടെടുത്തു. പോപ്പിന്റെ ആത്മീയാധികാരം അംഗീകരിക്കേണ്ടതായിവന്നുവെങ്കിലും അദ്ദേഹം സാമ്രാജ്യത്തിന്റെ രാഷ്ട്രീയ നിയന്ത്രണാധികാരം പുനഃസ്ഥാപിച്ചു. ഫ്രെഡറിക് II ഒരു ഇറ്റാലിയൻ രാജകുമാരൻ എന്ന നിലയ്ക്കാണു വളർന്നത്. തന്മൂലം ജെർമനിയിലെ പ്രദേശിക നാടുവാഴികൾക്കു പരിപൂർണസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടുള്ള ഭരണമായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹം മരിച്ചതോടെ ജെർമൻ പ്രാദേശികനാടുവാഴികൾ സ്വതന്ത്രരായി.

1250 മുതൽ 1499 വരെ. ചക്രവർത്തിയുടെയും പോപ്പിന്റെയും അധികാരം നിയന്ത്രണത്തിനു വിധേയമാക്കുക എന്നതായിരുന്നു ഈ കാലഘട്ടത്തിൽ ജെർമൻ പ്രാദേശിക ഭരണാധിപന്മാരുടെ ലക്ഷ്യം. ഫ്രാൻസ് ഒരു നാഷനൽ സ്റ്റേറ്റിന്റെ പദവി നേടി പോപ്പിന്റെ മേൽ നിയന്ത്രണം ചെലുത്തിത്തുടങ്ങി. ചക്രവർത്തിയെ തിരഞ്ഞെടുക്കാനുള്ള അവകാശം ഏഴു ഭരണാധികാരികൾക്കായി പരിമിതപ്പെടുത്തിക്കൊണ്ട് 1356-ൽ ചാൾസ് IV-ന്റെ പ്രഖ്യാപനം ഉണ്ടായി. ഈ ഏഴു പേരിൽ മൂന്നുപേർ വൈദികഭരണാധികാരികളായിരുന്നു. നാലുപേർ മതേതരഭരണാധികാരികളും. ഈ ഇലക്ടറൽ കോളെജിന്റെ സ്ഥാപനം ജെർമനിയുടെ ഏകീകരണം തടസ്സപ്പെടുത്തി.

ഈ കാലഘട്ടത്തിന്റെ മറ്റൊരു സവിശേഷത ജനസംഖ്യയുടെ വർധനമൂലം പൂർവദിക്കുകളിലേക്കു മുറയ്ക്കുനടന്ന ജെർമൻ കുടിയേറ്റമാണ്. പൂർവപ്രഷ്യയിൽ ആധിപത്യം സ്ഥാപിച്ചുകൊണ്ട് ബാൾട്ടിക്ക് പ്രദേശങ്ങളിലേക്കു തള്ളിക്കയറാനുള്ള ജെർമൻ ശ്രമം 1410-ലെ ടാനൻബർഗ് യുദ്ധത്തിൽവച്ചു പോളിഷ് ലിത്വേനിയൻ സേനകൾ പരാജയപ്പെടുത്തി. ബൊഹീമിയയിൽ ചെക്കുകാരും സ്ലാവുകളും തമ്മിലുണ്ടായ ഉരസലുകളുടെ ഫലമായി ചെക്ക്-ജെർമൻ ബന്ധം തകർന്നു. സുശക്തമായ ഒരു കേന്ദ്രഗവൺമെന്റിന്റെ അഭാവംകൊണ്ടുള്ള കുഴപ്പങ്ങൾ പ്രകടമായി.

നവീകരണം മുതൽ മുപ്പതാണ്ടു യുദ്ധംവരെ (1500—1650): 1440 മുതൽ 1804-ൽ വിശുദ്ധ റോമാസാമ്രാജ്യത്തിന്റെ അന്ത്യംവരെ (ഇടയ്ക്കു രണ്ടുവർഷം ഒഴിച്ചാൽ) ജെർമനി ഹാപ്സ്ബർഗ് രാജവംശത്തിന്റെ ഭരണത്തിലായിരുന്നു. ഈ വംശത്തിലെ മാക്സിമിലിയൻ I (1493—1519) ബർഗണ്ടിയിലെ ചാൾസിന്റെ പുത്രിയെ വിവാഹം കഴിച്ചു സ്വന്തം സ്വാധീനം വർധിപ്പിച്ചു. ഈ കാലഘട്ടത്തിൽ ജെർമൻ ജനതകളുടെയും നാടുവാഴികളുടെയും ഇടയിൽ ദേശീയബോധത്തിന്റെ അലയടി ഉയർന്നു. രാഷ്ട്രവും മതസംഘടനയുമായുള്ള ബന്ധത്തിലും ദേശീയവികാരത്തിന്റെ ആഘാതം പ്രകടമായി. മെയിൻസിലെ ആർച്ച്ബിഷപ്പ് ബെർട്ട്ഹോൾഡിന്റെ നേതൃത്വത്തിൽ ജെർമൻ ഭരണഘടന പരിഷ്കരിക്കാൻ സംഘടിപ്പിച്ച രാഷ്ട്രീയ പ്രസ്ഥാനം ഈ ദേശീയവികാരത്തിന്റെ ഫലമായിരുന്നു. സാമ്രാജ്യത്തിലെ വിവിധ ചേരികൾ തമ്മിലുള്ള തർക്കങ്ങൾക്കു പരിഹാരം കാണുന്നതിനും സമാധാനം കാത്തുസൂക്ഷിക്കുന്നതിനുംവേണ്ടി ഒരു ഉന്നതാധികാരസമിതി ഉണ്ടായിരിക്കണം എന്ന ആവശ്യം മാക്സിമിലിയൻ അംഗീകരിച്ചു.

മ്യൂണിച്ച് നഗരം.
പഴയ നഗരവാതിലും സ്തൂപങ്ങളും കാണാം.

സ്റ്റേറ്റും വൈദികാധികാരികളും തമ്മിലുള്ള ബന്ധത്തിലും ഒരു പരിവർത്തനം അനിവാര്യമായിരുന്നു. ഫ്രാൻസ്, ഇംഗ്ലണ്ട്, സ്പെയിൻ എന്നീ പശ്ചിമയൂറോപ്യൻ രാജ്യങ്ങൾ അവയുടെ ദേശീയ മതസംഘടനകളെ പരിപൂർണനിയന്ത്രണത്തിൽ കൊണ്ടുവന്നു. ജെർമൻ ചർച്ച് ഇപ്പോഴും റോമിൽനിന്നുള്ള ഇടപെടലിനു വിധേയമായിരുന്നുതാനും. പോപ്പിനു പല ഇനങ്ങളിലായി കൊടുക്കേണ്ടിയിരുന്ന വിഹിതങ്ങളുടെ ഭാരം ദുർവഹമായിരുന്നു.

പാപമോചനച്ചീട്ടിന്റെ (Indulgences) വില്പനയ്ക്ക് എതിരായി മാർട്ടിൻ ലൂതർ (1483—1546) മുഴക്കിയ പ്രതിഷേധം മതനവീകരണപ്രസ്ഥാനത്തിന് ആക്കം കൂട്ടി. പോപ്പിനു പണംകൊടുത്താൽ ഏതു പാപവും പൊറുത്തുകിട്ടും എന്ന റോമൻ കത്തോലിക്കാസഭയുടെ അന്നത്തെ നിലപാടു വിശുദ്ധ വേദത്തിനും യുക്തിക്കും നിരക്കാത്തതാണെന്ന ലൂതറിന്റെ വാദത്തിനു വലിയ പിന്തുണ ലഭിച്ചു. റോമൻ മതാധികാരികൾ സ്വന്തം കീശ വീർപ്പിക്കാൻ ജെർമൻ ജനതയെ ഞെക്കിപ്പിഴിയുകയാണെന്ന് സാധാരണക്കാർക്കു ബോധ്യമായി. നാടുവാഴികളും പ്രഭുക്കന്മാരും മതാധികാരികൾക്കു കൂട്ടുനിന്നതിനാൽ അവർക്കെതിരെയും ജനങ്ങളുടെ വെറുപ്പും വിദ്വേഷവും വർധിച്ചു. ഹോഹൻസ്റ്റോഫൻ രാജവംശത്തിന്റെ പതനത്തോടുകൂടി നാടൊട്ടുക്കു ശക്തിപ്രാപിച്ചുവന്ന ദേശീയവികാരം നവീകരണപ്രസ്ഥാനത്തെ ശക്തമാക്കി.

1522-ലെ പ്രഭുക്കന്മാരുടെ സമരവും 1523 മുതൽ 1525 വരെ നടന്ന കർഷകസമരവും മധ്യയൂറോപ്പിൽ ആദ്യമുണ്ടായ സാമൂഹ്യവിപ്ലവങ്ങളായിരുന്നു. വെടിക്കോപ്പുകളുടെയും കൂലിപ്പട്ടാളത്തിന്റെയും ആവിർഭാവത്തോടുകൂടി പ്രഭുക്കന്മാരുടെ പദവിക്കും സ്വാധീനത്തിനും വലിയ കോട്ടംതട്ടി. ശക്തന്മാരും ഉദ്ധതന്മാരുമായ മതേതര-വൈദിക പ്രഭുക്കന്മാർഇവരുടെ മുന്ന് അവകാശാധികാരങ്ങൾ എല്ലാംതന്നെ ഇല്ലാതാക്കി. സ്വതന്ത്രപൗരന്മാരായിരുന്ന കർഷകർ വെറും അടിയാളരായി തരംതാഴ്ത്തപ്പെട്ടു. ഫ്യൂഡൽപ്രഭുക്കന്മാരിൽനിന്ന് ഇവരെ കാത്തുരക്ഷിക്കാൻ കഴിവുള്ള ഒരു കേന്ദ്രശക്തിയുടെ അഭാവമായിരുന്നു കാരണം.

1519-ൽ മാക്സിമിലിയന്റെ പൗത്രൻ ചാൾസ് V ചക്രവർത്തിയായി അവരോധിക്കപ്പെട്ടത് പൊതുജനാഭിപ്രായം അനുകൂലമായിരുന്നതുകൊണ്ടാണ്. രാജ്യവിസ്തൃതിയിൽ ചാൾസ് മുൻഗാമികളെക്കാളും മുന്നിലായിരുന്നു. മാതാവിലൂടെ സ്പാനിഷ് കിരീടത്തിനവകാശിയായതിനു പുറമെ അദ്ദേഹം നേപ്പിൾസിലെയും സിസിലിയിലെയും രാജാവും നെതർലൻഡ്സ്, ബർഗണ്ടി, ഓസ്റ്റ്റിയൻ പ്രദേശങ്ങൾ എന്നിവയുടെ ഭരണാധികാരിയുമായിരുന്നു.

ആഭ്യന്തരയുദ്ധഫലമായി 1556-ൽ ചാൾസ് V സ്ഥാനത്യാഗം ചെയ്തു. സ്പാനിഷ് പ്രദേശവും ദക്ഷിണ ഇറ്റലിയും ജർമനിയിൽനിന്ന് വേർപെടുത്തി. ചാൾസിന്റെ സഹോദരൻ ഫെർഡിനന്റ് I



റൈൻ നദീതീരത്തെ ഉരുക്കുനിർമാണശാല

(1556—'64) ചക്രവർത്തിയായി. സ്പെയിനിൻെറ കിരീടം അദ്ദേഹത്തിൻെറ പുത്രൻ ഫിലിപ്പ് രണ്ടാമനും നല്കപ്പെട്ടു.

മാക്സിമിലിയൻ II ൻെറ പുത്രൻ റഡോൾഫ് രണ്ടാമൻ ചക്രവർത്തി(1576—1612)യുടെ കാലത്താണ് മുപ്പതാണ്ടുയുദ്ധത്തിൻെറ പ്രാരംഭചലനങ്ങൾ തുടങ്ങിയത്. ഭരണകാര്യങ്ങളിൽ അലസനായിരുന്നു റഡോൾഫ്. അദ്ദേഹത്തിൻെറ അധികാരങ്ങളും രാജ്യവുമെല്ലാം സഹോദരൻ മത്തിയാസിൻെറ കൈയിലായി.

1608-ൽ പാലറ്റൈനിലെ കാൽവിനിസ്റ്റ് ഇലക്ടറായിരുന്ന ഫ്രഡറിക് V-ൻെറ നേതൃത്വത്തിൽ ഒരു 'പ്രൊട്ടസ്റ്റൻറ്' യൂണിയൻ സംഘടിപ്പിക്കപ്പെട്ടു. ഇതിനു ബദലായിട്ടെന്നോണം കത്തോലിക്കാ നാടുവാഴികൾ ഫ്രഡറിക്കിൻെറ മച്ചുനനും ബവേറിയയിലെ ഡ്യൂക്കുമായ മാക്സിമിലിയൻെറ നേതൃത്വത്തിൽ ഒരു 'കാത്തലിക് ലീഗും' ഉണ്ടാക്കി.

മുപ്പതാണ്ടുയുദ്ധം (1618—'48). മുപ്പതാണ്ടുയുദ്ധം മതസമരമാണെന്നു പറയാറുണ്ട്. പക്ഷേ, യഥാർഥത്തിൽ മതകാര്യങ്ങൾ അപ്രധാനമായിരുന്നു. സാമ്രാജ്യത്തിൻെറയും ഹാപ്സ്ബർഗ്വംശത്തിൻെറയും പ്രാബല്യം തകർക്കണം എന്ന ലക്ഷ്യത്തോടെ ആണു കാർഡിനൽ റീഷ് ല്യുവിൻെറ നേതൃത്വത്തിൽ ഫ്രാൻസ് ഈ യുദ്ധത്തിൽ ഭാഗഭാക്കായത്. ജെർമനിയിലെ എല്ലാ നാടുവാഴികളുടെയും ലക്ഷ്യം രാജ്യവിസ്തൃതി വർധിപ്പിക്കുക എന്നതായിരുന്നു.

മുപ്പതാണ്ടുയുദ്ധം പ്രാദേശികസമരങ്ങളുടെ ഒരു പരമ്പരയായിരുന്നു. വിവിധ ഘട്ടങ്ങളിലായി നടന്ന യുദ്ധങ്ങളുടെ ഫലമായി അപ്രതീക്ഷിതമായ പലതും സംഭവിച്ചു. ജെർമനിക്ക് 1,03,600 ച.കി.മീ. സ്ഥലം നഷ്ടപ്പെട്ടു. ഫ്രാൻസിന് ആൽസേസ് ലൊറെയിൻ പ്രദേശത്തു പ്രാബല്യം ലഭിച്ചു. 1681-ൽ സ്ട്രാസ്ബർഗ്നഗരം പിടിച്ചടക്കാൻ ലൂയി പതിന്നാലാമനെ ഇതു സഹായിച്ചു. സ്വിറ്റ്സർലൻഡും നെതർലൻഡ്സും സാമ്രാജ്യത്തിൽ നിന്നു പിരിഞ്ഞുപോയി. ഉത്തരജെർമനിയിൽ സ്വീഡന് പ്രാബല്യം സിദ്ധിച്ചു. ജെർമനിയിലെ നാടുവാഴികൾക്കും പ്രഭുക്കന്മാർക്കും 'പരമാധികാരം' ലഭിച്ചു. പരസ്പരം മാത്രമല്ല, വിദേശരാജ്യങ്ങളുമായും സഖ്യത്തിലേർപ്പെടുന്നതിനുള്ള അവകാശത്തോടുകൂടിയ പരമാധികാരമാണ് അവർക്കു കിട്ടിയത്. സ്വതന്ത്രങ്ങളെന്നു പറയാവുന്ന അനേകം ജെർമൻ രാഷ്ട്രങ്ങൾ ഉണ്ടായി. വീടുകൾ നഷ്ടപ്പെട്ട നഗരവാസികളും ആയിരക്കണക്കിനു ദരിദ്രകർഷകരും പിരിച്ചുവിടപ്പെട്ട കൂലിപ്പട്ടാളങ്ങളും എല്ലാം നിത്യവൃത്തിക്കു വകയില്ലാതെ കളവും കവർച്ചയുമായി നാടൊട്ടുക്ക് അലഞ്ഞു.

മുപ്പതാണ്ടു യുദ്ധം അവസാനിച്ച് കേവലം പതിനഞ്ചു വർഷം കഴിഞ്ഞപ്പോൾ, 1663-ൽ, സാമ്രാജ്യത്തിനുനേരെ തുർക്കി പട്ടാളങ്ങളുടെ ഒരു പുതിയ ആക്രമണം നടന്നു. ഇരുപതുകൊല്ലം കഴിഞ്ഞ് തുർക്കികൾ വിയന്നായ്ക്കുമുമ്പിൽ എത്തി. തുർക്കികളുടെ ഉപരോധത്തിൽനിന്ന് വിയന്നായെ രക്ഷിച്ചത് പോളൻഡിലെ ജോൺ സൊബീസ്കിരാജാവിൻെറയും ലൊറെയിനിലെ ചാൾസ് ഡ്യൂക്കിൻെറയും നേതൃത്വത്തിലുള്ള ഒരു യൂറോപ്യൻ സേനയായിരുന്നു. പശ്ചിമകോമൺവെൽത്തിൻെറ [illegible]ടെമേൽ വന്നുചേർന്നു. ചുരുക്കത്തിൽ ജെർമനിയിലെ ഹോളി റോമൻ സാമ്രാജ്യം വിയന്നാഭരണാധികാരികളുടെ നാമമാത്രമായ മേധാവിത്വത്തിൻ കീഴിലുള്ള ഉച്ഛൃംഖലമായ ഫെഡറേഷനായി. 18-ാം ശതകത്തിലെ ജെർമൻ രാഷ്ട്രങ്ങൾ മാതൃകയായി സ്വീകരിച്ചത് ഫ്രഞ്ച് സമഗ്രാധിപത്യഭരണസമ്പ്രദായമായിരുന്നു. ഉത്തരജെർമൻ രാഷ്ട്രങ്ങളിൽ പ്രാമുഖ്യം സാക്സണി, ബ്രാണ്ടൻബർഗ്, ബ്രൺസ്വിക് എന്നിവയ്ക്കായിരുന്നു. ഫ്രെഡറിക്വില്യം ഒന്നാമൻെറ നേതൃത്വത്തിൽ പ്രഷ്യ സുശക്തരാഷ്ട്രമായി. പ്രഷ്യയും ഓസ്ട്രിയയും തമ്മിലുള്ള ശത്രുത, വിദേശാക്രമണത്തെ ക്ഷണിച്ചുവരുത്തത്തക്കവണ്ണം ജെർമനിയെ ബലഹീനമാക്കി.

18-ാം ശതകത്തിലെ സാംസ്കാരിക ഉണർവ്. അന്തച്ഛിദ്രങ്ങളുണ്ടായിരുന്നിട്ടും 18-ാം ശതകമായപ്പോൾ ജർമനി മുപ്പതാണ്ടുയുദ്ധം വരുത്തിവച്ച വിനകളിൽനിന്നും കുറെയൊക്കെ രക്ഷപ്പെട്ടു. പുതിയ വ്യവസായങ്ങൾ ആരംഭിച്ചു. സാധാരണജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെട്ടു. സുപ്രസിദ്ധ ജർമൻ ചിന്തകനായ ലീബ്നിസ് (1646—1716) പതിനേഴാം ശതാബ്ദത്തിൻെറ അവസാനത്തോടുകൂടിത്തന്നെ ജർമൻ ജ്ഞാനോദ്ദീപനപ്രസ്ഥാനത്തിൻെറ നേതാക്കന്മാരിൽ ഒരാളെന്ന നിലയിൽ പ്രശസ്തനായി. ഷില്ലർ, ഗെഥേ, കാൻറ്, ഹെഗൽ തുടങ്ങിയവർ സാഹിത്യത്തെയും ദർശനത്തെയും പുഷ്ടിപ്പെടുത്തി.

പ്രഷ്യ. മഹാനായ ഫ്രീഡറിക് (1740—1786) ആണ് പ്രഷ്യയെ ഒരു ഗണനീയരാഷ്ട്രമാക്കിയത്. നിയമങ്ങൾ ക്രോഡീകരിക്കുന്ന കാര്യത്തിലും ഒരു ഭരണാധിപനെന്ന നിലയിലും അദ്ദേഹം അദ്വിതീയനായിരുന്നു. യൂറോപ്പിലെ രാഷ്ട്രീയ ചതുരംഗക്കളിയിൽ അദ്ദേഹത്തിൻെറ സമർഥമായ കരുനീക്കങ്ങളുടെ ഫലമായി പ്രഷ്യ ജെർമനിയുടെ രാഷ്ട്രീയ സിരാകേന്ദ്രമായി. 1740-ൽ ചാൾസ് VI ചക്രവർത്തി മരിച്ചപ്പോൾ അദ്ദേഹത്തിൻെറ പുത്രി മറിയാ തെറസായാണ് ഓസ്ട്രിയൻ സിംഹാസനത്തിനവകാശിയായത്. ഈ തക്കം നോക്കി ഫ്രീഡറിക്ക് 1742-ൽ സൈലീഷ്യ പിടിച്ചെടുത്തു. സാക്സണികൂടി പിടിച്ചെടുക്കാനുള്ള ശ്രമത്തിൽ അദ്ദേഹം ഓസ്ട്രിയാ, ഫ്രാൻസ്, റഷ്യ എന്നീ രാജ്യങ്ങളുടെ ഒരു സഖ്യവുമായി ഏറ്റുമുട്ടി. ഇംഗ്ലണ്ട് പണംകൊണ്ടു ഫ്രീഡറിക്കിനെ സഹായിച്ചു. ഫ്രീഡറിക്ക് ശത്രുക്കൾക്കെതിരെ പിടിച്ചുനിന്നു. ഓസ്ട്രിയയും റഷ്യയുമായി ചേർന്ന് പോളൻഡ് പങ്കുവയ്ക്കുകവഴി ഫ്രീഡറിക്കിന് ഒരു പുതിയ പ്രവിശ്യ ലഭിച്ചു.

പ്രഷ്യയും ഓസ്ട്രിയയുമായുള്ള ശത്രുത ജെർമനിയെ ബലഹീനമാക്കി. ജെർമനി വളരെവേഗം വിദേശാക്രമണത്തിന് ഇരയായി.

1789-ലെ ഫ്രെഞ്ച് വിപ്ലവം ഒരു പുതുയുഗത്തിൻെറ നാന്ദികുറിച്ചു. രാഷ്ട്രം, ദേശീയത എന്നീ ആശയങ്ങൾ യൂറോപ്പൊട്ടാകെ പ്രചരിച്ചു. ഫ്രാൻസിലെ വിപ്ലവസേനകളെ നേരിടുന്നതിനുള്ള കഴിവ് മറ്റു യൂറോപ്യൻരാജ്യങ്ങൾക്ക് ഇല്ലാതിരുന്നതുകൊണ്ട് ഫ്രാൻസിൻെറ തള്ളിക്കയറ്റങ്ങളെ ചെറുത്തുനിർത്തുന്നതിന് അവയ്ക്കു സാധിച്ചില്ല. റൈൻനദിയുടെ ഇടതുവശത്തുള്ള ജെർമൻപ്രദേശങ്ങൾ ഫ്രാൻസ് പിടിച്ചടക്കിയ നടപടി 1795-ലെ ബാസൽ ഉടമ്പടിയനുസരിച്ച് പ്രഷ്യ അംഗീകരിച്ചു. ഓസ്ട്രിയ 1797-ലും 1801-ലുമായി ഇറ്റലിയിലെയും, റൈനിൻെറ ഇടത്തെ തീരത്തെയും പ്രദേശങ്ങൾ ഫ്രാൻസിനു വിട്ടുകൊടുത്തു. 1804-ൽ ഓസ്ട്രിയൻ ചക്രവർത്തി എന്ന സ്ഥാനം സ്വീകരിച്ച ഫ്രാൻസിസ് II ഓസ്റ്റർ ലിറ്റ്സിൽവച്ച് 1805-ൽ നെപ്പോളിയനോടു തോറ്റു. ഹോളി റോമൻ ചക്രവർത്തിപദം ഉപേക്ഷിച്ചു. ഇതിൻെറയെല്ലാം ഫലമായി ഓസ്ട്രിയ, പ്രഷ്യ, ബ്രൺസ്വിക് എന്നിവ ഒഴിച്ചുള്ള ജെർമനിയിലെ പതിനാറു രാഷ്ട്രങ്ങൾ നെപ്പോളിയൻെറ സംരക്ഷണയിൻകീഴിൽ ഒരു കോൺഫെഡറേഷൻ രൂപവത്കരിച്ചു. ബവേറിയാ, വർട്ടംബർഗ്, ബാഡൻ എന്നിവയായിരുന്നു ഈ റെനിഷ് കോൺഫെഡറേഷനിലെ പ്രധാനപ്പെട്ട അംഗങ്ങൾ. ഇങ്ങനെ ജെർമനിയുടെ ഒരു വലിയ ഭാഗം ഫ്രെഞ്ച് മേൽക്കോയ്മയിൻകീഴിലായി. ഈ ഘട്ടത്തിൽ പ്രഷ്യ ജെർമൻ ആക്രമണത്തെ നേരിടാൻ തീരുമാനിച്ചെങ്കിലും 1806-ലെ യുദ്ധത്തിൽ ഫ്രാൻസിനോട് നിശ്ശേഷം തോറ്റു. 1810 ആയപ്പോൾ കിഴക്കെ ഹോളണ്ട്, ഉത്തരജെർമൻ പ്രവിശ്യകളായ ഓൾഡൻബർഗ്, ബ്രെമൻ ഫ്രീസ്ലണ്ട്, ഹാൻസിയാറ്റിക് നഗരങ്ങളായ ഹാംബർഗ്, എന്നിവയെല്ലാം ഫ്രെഞ്ച് സാമ്രാജ്യത്തോടു കൂട്ടിച്ചേർത്തു. ടിൽസിറ്റ് ഉടമ്പടി (1807) അനുസരിച്ച് പ്രഷ്യയ്ക്ക് എൽബിനു പടിഞ്ഞാറുള്ള പ്രദേശങ്ങളും, പോളിഷ് പ്രദേശങ്ങളും എല്ലാം നഷ്ടപ്പെട്ടു.

ഈ പ്രതിസന്ധിയിൽ പ്രഷ്യയെ പുനരുദ്ധരിച്ചത് ബാറൻസ്റ്റീൻ [illegible] പ്രസിദ്ധപ്പെടുത്തിയ ഒരു വിളംബരത്തിലൂടെ

ഇദ്ദേഹം എല്ലാതരത്തിലുമുള്ള നിർബന്ധിതസേവനം അവസാനിപ്പിച്ചു; അടിയാളർക്കു സ്വതന്ത്ര കർഷകരെന്ന പദവി നല്കി; നഗരങ്ങളിൽ സ്വയംഭരണത്തിന് വ്യവസ്ഥചെയ്തു. രാജാവിന്റെ സ്വേച്ഛാധിപത്യം അവസാനിപ്പിച്ച് ഭരണം മന്ത്രിസഭയെ ഏല്പിച്ചു. കേന്ദ്രപാർലമെന്റോടുകൂടിയ ജനപ്രാതിനിധ്യഭരണമാണ് പ്രഷ്യയ്ക്ക് സ്റ്റീൻ വിഭാവനംചെയ്തതെങ്കിലും വമ്പിച്ച ഭൂസ്വത്തുടമകൾ ഇതിന് തടസ്സം സൃഷ്ടിച്ചു. ഫ്രെഞ്ചുഭരണത്തിന് എതിരായി പ്രഷ്യയും ജെർമനിയുംചേർന്ന് വിപ്ലവം നടത്താനുള്ള സ്റ്റീനിന്റെ പദ്ധതികൾ ഫ്രെഞ്ചുകാർ മനസ്സിലാക്കി. തത്ഫലമായി അദ്ദേഹത്തെ നെപ്പോളിയൻ നിയമഭ്രഷ്ടനാക്കി. റഷ്യ, ഓസ്റ്റ്രിയ, പ്രഷ്യ എന്നീ രാജ്യങ്ങളുടെ ഏകോപിച്ചുള്ള പ്രവർത്തനത്തിന്റെ ഫലമായി റൈൻനദിക്കു പിന്നിലേക്കു പിൻവാങ്ങാൻ നെപ്പോളിയൻ നിർബന്ധിതനായി. 1814-ൽ സഖ്യകക്ഷികൾ ഫ്രാൻസിലേക്കു കടന്നു. പാരീസിന്റെ പതനത്തോടുകൂടി നെപ്പോളിയൻ എൽബായിൽ തടവുകാരനായി. യൂറോപ്പിൽ സമാധാനം സ്ഥാപിക്കാൻ സഖ്യകക്ഷികൾ വിയന്നായിൽ യോഗംചേർന്നു. റഷ്യ കൂടുതൽ ശക്തിപ്രാപിക്കുന്നത് ഓസ്റ്റ്രിയയ്ക്ക് ഇഷ്ടമല്ലായിരുന്നു. അതുപോലെതന്നെ പ്രഷ്യയുടെ വികസനവും ഓസ്റ്റ്രിയ ഇഷ്ടപ്പെട്ടില്ല. നെപ്പോളിയനുമായി സഹകരിച്ച എല്ലാ ജെർമൻ നാടുവാഴികളെയും അധികാരഭ്രഷ്ടരാക്കണമെന്നായിരുന്നു പ്രഷ്യൻ ദേശീയവാദികൾ ആവശ്യപ്പെട്ടത്. ഇങ്ങനെ ചെയ്താൽ പ്രഷ്യയ്ക്കും ഓസ്റ്റ്രിയയ്ക്കും ഇടയ്ക്കുള്ള സ്റ്റേറ്റുകളെല്ലാം നാമാവശേഷമാകും. അത് ഓസ്റ്റ്രിയയുടെ ഭദ്രത അപകടത്തിലാക്കും. ഇക്കാരണങ്ങളാൽ സാക്സണിയുടെ മൂന്നിലൊന്നും റൈൻനദിയുടെ ഇടതുവശത്തുള്ള പ്രദേശങ്ങളുടെ ഭൂരിഭാഗവുംമാത്രം പ്രഷ്യയ്ക്കു നല്കാം എന്നുള്ള സഖ്യകക്ഷി തീരുമാനംകൊണ്ട് പ്രഷ്യ തൃപ്തിപ്പെടേണ്ടതായി വന്നു. വിയന്നാ ഉടമ്പടിയനുസരിച്ച് 39 ജെർമൻ സ്റ്റേറ്റുകൾ ചേർന്ന ജെർമനിയുടെ ബാഹ്യവും ആഭ്യന്തരവുമായ ഭദ്രത നിലനിർത്തുന്നതിനും ഓരോ ഘടകരാഷ്ട്രത്തിന്റെയും സ്വാതന്ത്ര്യം പരിരക്ഷിക്കുന്നതിനുംവേണ്ടി ഒരു സ്ഥിരം കോൺഫെഡറേഷൻ സ്ഥാപിച്ചു. വിശുദ്ധ റോമാ സാമ്രാജ്യത്തെക്കാൾ മെച്ചപ്പെട്ട സംവിധാനമായിരുന്നു ഇത്. പക്ഷേ, അതിന്റെ പ്രതിരോധവ്യവസ്ഥ ബലഹീനമായിരുന്നു. വ്യക്തികളുടെ അവകാശങ്ങളെപ്പറ്റിയോ ഘടകരാഷ്ട്രങ്ങളിലെ വ്യവസ്ഥാപിതഭരണത്തിന്റെ വളർച്ചയെപ്പറ്റിയോ ഫെഡറൽ നിയമത്തിൽ ഒന്നും പറഞ്ഞിരുന്നുമില്ല. യഥാർഥത്തിൽ ഈ കോൺഫെഡറേഷൻ പഴയ സംവിധാനം നിർബാധം തുടർന്നുകൊണ്ടുപോകുന്നതിനുള്ള സ്ഥിരം ഏജൻസി മാത്രമായി കലാശിച്ചു.

സാമ്പത്തികരംഗത്തു മാത്രമേ പ്രഷ്യ ദേശീയവും ഉദാരവുമായ നയം അംഗീകരിച്ചുള്ളു. 1818-ൽ പ്രഷ്യ ചുങ്കസ്ഥലങ്ങളും തീരുവകളും നിർത്തലാക്കിക്കൊണ്ടു സാമ്പത്തികമായി ഏകീകരിക്കപ്പെട്ടു. 1834-ൽ പ്രഷ്യയും മധ്യ ദക്ഷിണ ജെർമൻ സ്റ്റേറ്റുകളും ചേർന്ന് 'ജെർമൻ കസ്റ്റംസ് യൂണിയൻ' സ്ഥാപിച്ചു.

1814-നും 1819-നും ഇടയ്ക്ക് എല്ലാ ദക്ഷിണജെർമൻ സ്റ്റേറ്റുകൾക്കും ഭരണഘടനകൾ ഉണ്ടായി. അവയുടെ പാർലമെന്ററി സമിതികളുടെ അധികാരാവകാശങ്ങൾ പരിമിതമായിരുന്നു. ഈ പാർലമെന്റുകൾ വളർന്നുകൊണ്ടിരുന്ന ജെർമൻ വ്യവസ്ഥാപിത ഭരണത്തിനുള്ള പരിശീലന രംഗങ്ങളായി.

ധൈഷണിക നവോത്ഥാനം. ജെർമനിയുടെ ഏകീകരണത്തിനും ഭരണപരിഷ്കാരപുരോഗതിക്കും സഹായകമായ ധൈഷണിക നവോത്ഥാനം ഈ കാലഘട്ടത്തിൽ നടന്നുകൊണ്ടിരുന്നു. ആശയവാദദാർശനികരിൽ അഗ്രേസരനായിരുന്ന ഹെഗലിന്റെ (1770—1831) ചരിത്രത്തെ സംബന്ധിച്ച വൈരുധ്യാധിഷ്ഠിതവാദം വിപ്ലവകരമായ പരിവർത്തനങ്ങൾക്കു കാരണമായിത്തീർന്നു. ചരിത്രത്തിന്റെ ഉത്തേജകശക്തി ഈശ്വരനാണെന്നാണ് ഇദ്ദേഹത്തിന്റെ പക്ഷം. മനുഷ്യവർഗങ്ങൾ തമ്മിലും മതങ്ങൾ തമ്മിലുമുള്ള സമത്വം, ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ, വ്യവസ്ഥാപിതഭരണം എന്നിവയ്ക്കുവേണ്ടി ആദ്യമായി വാദിച്ച ആധുനിക ദാർശനികരിൽ ഒരുവനാണ് ഹെഗൽ. കാൾമാർക്സ് (1818—1883) ഹെഗലിന്റെ വൈരുധ്യാധിഷ്ഠിതസമീപനം സ്വീകരിച്ചുകൊണ്ട് അതിൽ മൗലികമായ മാറ്റം വരുത്തി. ചരിത്രത്തിന്റെ ഉത്തേജകശക്തി ഈശ്വരനല്ല സാമ്പത്തിക യാഥാർഥ്യമാണെന്ന് മാർക്സ് പറഞ്ഞു. മാർക്സിന്റെ വൈരുധ്യാധിഷ്ഠിത ഭൗതികവാദം യൂറോപ്പിൽ മാത്രമല്ല, ലോകമൊട്ടുക്ക് വമ്പിച്ച പരിവർത്തനങ്ങളുടെ മുന്നോടിയായിരുന്നു.

ജെർമൻ ഐക്യത്തിനുവേണ്ടി. 1840-ൽ ഫ്രീഡറിക് വില്യം IV പ്രഷ്യയിലെ രാജാവായപ്പോൾ ജനങ്ങളിൽ വലിയ പ്രത്യാശ ഉളവായി. ജെർമനിയുടെ ദേശീയ പ്രശ്നങ്ങളിൽ അദ്ദേഹത്തിനു വലിയ താത്പര്യം ഉണ്ടായിരുന്നു. പുരോഗമനപ്രസ്ഥാനങ്ങളിൽ തത്പരനുമായിരുന്നു. പക്ഷേ, രാജാക്കന്മാരുടെ അധികാരങ്ങൾ ദൈവദത്തമാണെന്ന അടിയുറച്ച വിശ്വാസം ഉണ്ടായിരുന്നതുകൊണ്ട് ജനാഭിലാഷങ്ങളെ സംബന്ധിച്ചിടത്തോളം ഉദാരമായ ഒരു നയം സ്വീകരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. 1841-ൽ ഇറ്റലിയിലെയും ഫ്രാൻസിലെയും വിപ്ലവങ്ങളുടെ പുറകെ ജെർമനിയിലെ സ്റ്റേറ്റുകളിലും ജനകീയമുന്നേറ്റം ഉണ്ടായി. നിലവിലിരുന്ന ഗവൺമെന്റുകളെ മാറ്റി അവയുടെ സ്ഥാനത്ത് മന്ത്രിസഭകൾ രൂപവത്കരിച്ചു. എല്ലായിടത്തും വിപ്ലവകാരികൾ ഏറെക്കുറെ ഒരേതരത്തിലുള്ള ആവശ്യങ്ങളാണ് മുന്നോട്ടുവച്ചത്. എല്ലാ വിധത്തിലുമുള്ള അടിമത്തവും അവസാനിപ്പിക്കുക, രാഷ്ട്രീയ സമത്വവും പൗരസ്വാതന്ത്ര്യവും അനുവദിക്കുക, ജെർമൻ സ്റ്റേറ്റുകളെല്ലാം ശക്തമായ ഒരൊറ്റ ദേശീയസാമ്രാജ്യമായി സംഘടിപ്പിക്കുക. 1848 മെയ് 18-ാം തീയതി പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഭരണഘടനാനിർമാണ ദേശീയഅസംബ്ലി ഫ്രാങ്ക്ഫർട്ടിൽ ചേർന്നു. പക്ഷേ, ദേശീയകാര്യങ്ങളിൽ ധീരമായ നേതൃത്വം നല്കുന്നതിന് ഈ അസംബ്ലിക്കു കഴിഞ്ഞില്ല. കാൾമാർക്സും ഏംഗൽസും കൂടി 1848-ൽ പ്രസിദ്ധീകരിച്ച കമ്യൂണിസ്റ്റ് മാനിഫെസ്റ്റോപോലും ഉടനടി അധഃസ്ഥിതവർഗങ്ങളെ വളരെയൊന്നും സ്വാധീനിച്ചിച്ചില്ല. വ്യവസായത്തൊഴിലാളികൾ വെറുമൊരു ന്യൂനപക്ഷം മാത്രമായിരുന്നു. പരസ്പരം വഴക്കടിച്ചുകൊണ്ടു കഴിയുന്ന രാജാക്കന്മാരുടെ നേതൃത്വത്തിലുള്ള സ്റ്റേറ്റുകൾ സമ്പൂർണജെർമൻ ഐക്യം അസാധ്യമാക്കിത്തീർത്തു.

പ്രഷ്യയും ഓസ്റ്റ്രിയയും ഒരു സാമ്രാജ്യത്തിനകത്ത് വരുക പ്രയാസമായിരുന്നു. പല വിദേശജനതകളെയും ഉൾക്കൊള്ളുന്ന ഓസ്റ്റ്രിയയെ ഒഴിവാക്കിക്കൊണ്ട് കുറച്ചുകൂടി ചെറിയ ഒരു ജെർമനി രൂപവത്കരിക്കാം എന്ന നിർദേശത്തോട് ജനാധിപത്യവാദികൾക്കു മാത്രമല്ല, റോമൻ കത്തോലിക്കാ സഭയ്ക്കും ആഭിമുഖ്യമില്ലായിരുന്നു. ഏതായാലും 1849 മാർച്ച് മാസത്തിൽ ഫ്രാങ്ക്ഫർട്ടിലെ കോൺസ്റ്റിറ്റ്യൂവെന്റ് അസംബ്ലി ഒരു ഭരണഘടന രൂപപ്പെടുത്തിയെടുത്തു. ദേശീയഗവൺമെന്റും സ്റ്റേറ്റുഗവൺമെന്റുകളും തമ്മിലുള്ള അധികാരവിഭജനകാര്യത്തിൽ, രാജവാഴ്ച അനുവദിക്കുന്നതുവരെ അമേരിക്കൻ മാതൃക അംഗീകരിച്ചുകൊണ്ടുള്ളതായിരുന്നു ഈ ഭരണഘടന. കേന്ദ്രഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ദേശീയ പാർലമെന്റിന് പ്രാമുഖ്യം കിട്ടി. പുതിയ ജെർമൻ രാഷ്ട്രത്തിന്റെ കിരീടം പ്രഷ്യയ്ക്കു നല്കാൻ അസംബ്ലി തീരുമാനിച്ചു. പക്ഷേ, പ്രഷ്യയിലെ ഫ്രെഡറിക് വില്യം IV, ജനങ്ങളുടെ പരമാ

ശരത്കാലമദിരോത്സവത്തിനു മുന്തിരി തയ്യാറാക്കുന്നു. (വൂർസ്ബെർഗ്, പശ്ചിമജെർമനി)

ധികാരത്തിൽ അധിഷ്ഠിതമായ കിരീടം സ്വീകരിക്കാൻ വിസമ്മതിച്ചു. ഇതോടെ ഫ്രാങ്ക് ഫർട്ട് അസംബ്ലി പിരിച്ചുവിട്ടു. സാക്സണിയിലും ബാഡനിലും ജനകീയവിപ്ലവങ്ങൾ ഉണ്ടായെങ്കിലും പ്രഷ്യൻ സൈന്യം അത് അമർച്ചചെയ്തു. പ്രഷ്യൻ ആഭിമുഖ്യത്തിൽ മറ്റൊരു പാർലമെൻറ് എർഫർട്ടിൽ ചേർന്ന് ഫെഡറൽ അധികാരം പ്രഷ്യയുടെ അധ്യക്ഷതയിലുള്ള ജെർമൻ നാടുവാഴികളുടെ കൗൺസിലിനു വിട്ടുകൊടുക്കാം എന്നു തീരുമാനിച്ചു. ഈ മിതമായ നിർദേശംപോലും ജെർമനിയിലെ ചെറുകിട നാടുവാഴികൾ തിരസ്കരിച്ചു.

1850-നുശേഷം. 1850 കളിൽ ജെർമനിയിൽ വ്യവസായവിപ്ലവത്തിന്റെ പ്രാരംഭചലനങ്ങൾ ദൃശ്യമായി. ഖനനവ്യവസായത്തിലും റെയിൽറോഡ് വ്യവസായത്തിലുമാണ് ഏറ്റവും കൂടുതൽ വികസനമുണ്ടായത്. ആഭ്യന്തരഗതാഗതസൗകര്യങ്ങൾ വളരെയേറെ വികസിച്ചു. തത്ഫലമായി പ്രഷ്യയുടെ സമരതന്ത്രപരമായ പ്രാധാന്യവും ആക്രമണത്തിനും പ്രതിരോധത്തിനുമുള്ള ശക്തിയും വർധിച്ചു.

1850-ൽ ഫ്രീഡറിക് വില്യം IV പ്രഷ്യയ്ക്ക് ഒരു ഭരണഘടനയുണ്ടാക്കി നടപ്പിൽ വരുത്തി. ഇതനുസരിച്ച് ഒരു ദ്വിമണ്ഡലപാർലമെൻറ് (ഡയറ്റ്) സംസ്ഥാപിതമായി. പ്രഷ്യൻ ധനികവർഗത്തിൽപ്പെട്ടവരായിരുന്നു പ്രഭുസഭ(ഉപരിസഭ)യിലെ അംഗങ്ങളിൽ ഭൂരിപക്ഷവും. പ്രതിനിധിസഭ (അധോമണ്ഡലം) സ്വത്തുടമകൾക്ക് പ്രാധാന്യം കിട്ടത്തക്കവണ്ണമാണ് രൂപപ്പെടുത്തിയിരുന്നത്. നികുതി കൊടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ പൗരജനങ്ങളെ മൂന്നായി തരംതിരിച്ചു. 1850-ലെ വ്യാവസായികവിപ്ലവത്തിന്റെ ഫലമായി ഒരു പുതിയതരം ധനികവർഗം ആവിർഭവിച്ചു. 1860 ആയപ്പോൾ പ്രഷ്യൻ ഡയറ്റിൽ പ്രാമാണ്യം പാർലമെൻററി ഭരണസമ്പ്രദായത്തിനും ജെർമൻ ഏകീകരണത്തിനുംവേണ്ടി നിലകൊണ്ട ലിബറൽ കക്ഷിക്കായിരുന്നു.

ബിസ്മാർക്ക്. ഫ്രീഡറിക്ക് വില്യം IV-ന്റെ പിൻഗാമി അദ്ദേഹത്തിന്റെ സഹോദരനും സൈനിക മേധാവിത്വത്തിൽ വിശ്വാസം അർപ്പിച്ചവനുമായ വില്യം Iആയിരുന്നു. സൈനികബജറ്റ് പാസാക്കാൻ വിസമ്മതിച്ച പാർലമെൻറിന് എതിരെ രാജാവിനു പിന്തുണ നല്കി പ്രഷ്യയെ ശക്തിപ്പെടുത്തി. ജെർമൻ ഏകീകരണം പ്രായോഗിക രാഷ്ട്രതന്ത്രത്തിന്റെ സീമയിൽ കൊണ്ടുവന്നത്-ഓട്ടോ ഫോൻ ബിസ്മാർക്ക് (1815—1898) ആയിരുന്നു. 1862-ൽ പ്രഷ്യൻ ഗവൺമെൻറിന്റെ മേധാവിത്വം കൈയേറ്റ ബിസ്മാർക്ക് പാർലമെൻറിനെ ധിക്കരിച്ചുകൊണ്ടാണ് ഭരണം തുടങ്ങിയത്. 1866-ൽ ഓസ്ട്രിയയെ ജെർമാനിക് കോൺഫെഡറേഷനിൽനിന്നു പുറംതള്ളണമെന്ന പ്രമേയം പ്രഷ്യ ഫ്രാങ്ക്ഫർട്ടിലെ ഡയറ്റിൽ അവതരിപ്പിച്ചു. സാർവത്രികവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ഒരു പാർലമെൻറ് തിരഞ്ഞെടുക്കപ്പെടണമെന്നും പ്രഷ്യ ആവശ്യപ്പെട്ടു. സ്വന്തം പരമാധികാരം നിലനിർത്തണമെന്ന് ആഗ്രഹമുണ്ടായിരുന്നതിനാൽ ദക്ഷിണജെർമനിയിലെ സ്റ്റേറ്റുകൾ മാത്രമല്ല ഉത്തരജെർമനിയിലെ ചില സ്റ്റേറ്റുകളും ഈ നിർദേശങ്ങളെ എതിർക്കുകയും, ഓസ്ട്രിയയുമായി അടുത്തുതന്നെ പൊട്ടിപ്പുറപ്പെട്ട യുദ്ധത്തിൽ ഓസ്ട്രിയയെ സഹായിക്കുകയുംചെയ്തു. 1866 ജൂലായ് 3-നു നടന്ന യുദ്ധത്തിൽ ഓസ്ട്രിയ നിശ്ശേഷം പരാജയപ്പെട്ടു. തുടർന്നുണ്ടായ ഉടമ്പടിയുടെ ഫലമായി ഓസ്ട്രിയ ജെർമനിയിൽനിന്നു പിൻവാങ്ങേണ്ടിവന്നു. പ്രഷ്യ പല പുതിയ പ്രദേശങ്ങളും പിടിച്ചടക്കിക്കൊണ്ട് 1867-ൽ ഒരു പുതിയ ഉത്തരജെർമൻ കോൺഫെഡറേഷൻ സ്ഥാപിച്ചു.

പ്രലോഭിപ്പിച്ചും ഭീഷണിപ്പെടുത്തിയുമാണു ബിസ്മാർക്ക് പുതിയ കോൺഫെഡറേഷനു നാടുവാഴികളുടെ പിൻതുണ സമ്പാദിച്ചത്. പുതിയ ഭരണഘടനയനുസരിച്ചു കോൺഫെഡറേഷന്റെ പരമാധികാരം ജെർമൻ സ്റ്റേറ്റ് ഗവൺമെൻറുകളെ പ്രതിനിധാനം ചെയ്തിരുന്ന ഫെഡറൽ കൗൺസിലിൽ നിക്ഷിപ്തമായി. സാർവത്രിക പുരുഷവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട റൈഹ്സ്റ്റാഗ് (Reichstag) ജെർമൻ രാഷ്ട്രത്തിന്റെ ഐക്യം പ്രകടമാക്കി. ഫെഡറൽ സംവിധാനത്തിൽ പ്രഷ്യ വലിയ നിയന്ത്രണാധികാരം പ്രയോഗിച്ചിരുന്നു. കാരണം, 1866-നുശേഷം ജെർമനിയുടെ മൂന്നിലൊന്നുഭാഗവും ജെർമൻ ജനസംഖ്യയുടെയും വ്യാവസായിക വിഭവങ്ങളുടെയും മൂന്നിലൊന്നിൽ കൂടുതൽ ഭാഗവും പ്രഷ്യയുടെ അധീനത്തിലായിരുന്നു. പ്രഷ്യയിലെ രാജാവായിരുന്നു കോൺഫെഡറേഷൻ പ്രസിഡണ്ട്.

ദക്ഷിണ ജെർമനിയിലെ സ്റ്റേറ്റുകളെ ഒഴിച്ചുനിർത്തിക്കൊണ്ട് കോൺഫെഡറേഷൻ രൂപപ്പെടുത്തിയതിനാൽ അധികാരകേന്ദ്രീകരണമുള്ളതും ലിബറലിസത്തിന്റെ അതിപ്രസരമില്ലാത്തതുമായ ഭരണഘടന ഉണ്ടാക്കാൻ ബിസ്മാർക്കിനു സാധിച്ചു. 1870-ൽ ബിസ്മാർക്ക് ഫ്രാൻസിന്റെ മേൽ ഒരു യുദ്ധം അടിച്ചേൽപ്പിച്ചു. പരാജയപ്പെട്ട ഫ്രാൻസ് ബിസ്മാർക്ക് നിർദേശിച്ച തരത്തിൽ ഒരു ഉടമ്പടി ഒപ്പുവച്ചു. അതനുസരിച്ച് മെറ്റ്സ് ഉൾപ്പെടെ ആൽസേസ് ലൊറെയിൻ പ്രദേശങ്ങൾ ഫ്രാൻസ് ജെർമനിക്ക് അടിയറവച്ചു. ഇതോടുകൂടി ദക്ഷിണജെർമനിയിലെ സ്റ്റേറ്റുകൾ, ഉത്തരജെർമൻ ഫെഡറേഷനിൽ ചേരുന്നതിനും പ്രഷ്യയിലെ രാജാവിനെ ജെർമൻ ചക്രവർത്തിയായി അംഗീകരിക്കുന്നതിനും സമ്മതിച്ചു. 1871 ജനുവരി 18-ാം തീയതി വില്യം ഒന്നാമൻ ജെർമൻ കൈസറായി പ്രഖ്യാപിക്കപ്പെട്ടു.

ബിസ്മാർക്ക് (1880-ൽ)

ബിസ്മാർക്കിന്റെ രാജ്യതന്ത്രജ്ഞതയുടെയും വിശാലവീക്ഷണത്തിന്റെയും ഫലമായി ജെർമനി അനുദിനം അഭിവൃദ്ധിപ്പെട്ട് യൂറോപ്പിലെ ഏറ്റവും ശക്തമായ രാഷ്ട്രം എന്ന പദവിയിൽ എത്തി. വ്യവസായം, വാണിജ്യം എന്നിവയിലുണ്ടായ വളർച്ച അഭൂതപൂർവവും അദ്ഭുതകരവുമായിരുന്നു. വമ്പിച്ച വ്യാവസായികവികസനത്തിന്റെ ഫലമായി വൻകിട വ്യവസായസംഘാടകരുടെയും പണം മുടക്കുന്ന മുതലാളിമാരുടെയും ഒരു വർഗം രൂപംപ്രാപിച്ചു. നഗരങ്ങളിലെ ഇടത്തരക്കാർ അഭിവൃദ്ധിപ്പെട്ടു; വ്യവസായത്തൊഴിലാളിവർഗം അനുദിനം ശക്തിപ്രാപിച്ചുവന്നു.

1888-ൽ വില്യം I നിര്യാതനായതോടെ യുവാവായ വില്യം II ചക്രവർത്തിയായി. ബിസ്മാർക്ക് ഭരണകാര്യങ്ങളിൽ കൈകടത്തുന്നതു പുതിയ ചക്രവർത്തിക്ക് ഇഷ്ടപ്പെട്ടില്ല. 1890 മാർച്ച് 18-ാം തീയതി അദ്ദേഹം ബിസ്മാർക്കിനെ പിരിച്ചുവിട്ടു. ഈ നടപടി പ്രത്യാഘാതങ്ങൾ ഉളവാക്കി. ബിസ്മാർക്കിന്റെ പിൻഗാമിയായിരുന്ന ഫ്രിറ്റ്സ്ഫൊൻ ഹോൾസ്റ്റീനിന്റെ നയപരിപാടികൾ ജെർമനിയെ മറ്റു യൂറോപ്യൻ രാഷ്ട്രങ്ങളിൽനിന്നും ഒറ്റപ്പെടുത്തുന്നതിനു മാത്രം പര്യാപ്തമായിരുന്നു—ഈ പരിതഃസ്ഥിതികളിൽ ഗുരുതരമായ ഒരു ആഗോളസംഘട്ടനം അനിവാര്യമായിത്തീർന്നു.

ഒന്നാം ലോകയുദ്ധം. 1914-ൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടതിന്റെ പൂർണ ഉത്തരവാദിത്വം ജെർമനിയുടെതാണെന്നു പറയാറുണ്ട്. ചക്രവർത്തി വില്യം II-ന്റെ നയം ആഗോളപ്രസക്തിയുള്ള ഒന്നായിരുന്നെങ്കിലും യുദ്ധം അത്രവേഗം തുടങ്ങാൻ കാരണം യൂറോപ്യൻ ശക്തികളുടെ പരസ്പരവിശ്വാസരാഹിത്യവും സ്വാധീനമേഖലകൾ സമ്പാദിക്കാനുള്ള അവരുടെ പരക്കംപാച്ചിലുമായിരുന്നു. സേർബിയായ്ക്കെതിരെ ഓസ്ട്രിയ നല്കിയ അന്ത്യശാസനത്തെ സേർബിയായും റഷ്യയും ശക്തിയായി എതിർത്തു. ഇതായിരുന്നു യുദ്ധം ആരംഭിക്കുന്നതിന് ഉടനടിയുണ്ടായ കാരണം. ജെർമനി നിഷ്പക്ഷരാജ്യമായ ബൽജിയത്തിൽ പ്രവേശിച്ചതോടെ ബ്രിട്ടൻ റഷ്യയുടെയും ഫ്രാൻസിന്റെയും വശത്തുചേർന്നു. പ്രാരംഭഘട്ടങ്ങളിൽ ചില വിജയങ്ങൾ ജെർമനിക്കുണ്ടായെങ്കിലും, അമേരിക്ക രംഗത്തുവന്നതോടെ ജെർമനിക്ക് പരാജയമായിരുന്നു.

1917 നവംബറിൽ ബോൾഷെവിക് വിപ്ലവത്തിന്റെ ഫലമായി റഷ്യയിൽ അധികാരത്തിൽവന്ന കമ്യൂണിസ്റ്റ് ഗവൺമെൻറിന്റെ നേതാക്കളായ ലെനിൻ, ട്രോട്സ്കി, സ്റ്റാലിൻ മുതലായവർ ജെർ

മനിയുമായി സന്ധിയാലോചനയിലേർപ്പെടാൻ സന്നദ്ധരായി. 1918 മാർച്ച് 3-ന് ബ്രെസ്റ്റ്ലിറ്റോവ്സ്ക് ഉടമ്പടി ഒപ്പുവെച്ചു.

1918 സെപ്തംബറിൽ ജെർമൻ ഭരണഘടനയിൽ സുപ്രധാനമായ ഒരു മാറ്റംവരുത്തുന്നതിന് വില്യം II സമ്മതിച്ചു. രാജവാഴ്ചയോടുകൂടിയ പാർലമെൻററി ജനാധിപത്യഭരണം സ്ഥാപിച്ചുകൊണ്ടുള്ളതായിരുന്നു ഈ മാറ്റം. മേലിൽ ചാൻസലർക്കും കാബിനെറ്റ് മന്ത്രിമാർക്കും റൈഹ്സ്റ്റാഗിനോടു നേരിട്ടായിരിക്കും ഉത്തരവാദിത്വം. യുദ്ധം പ്രഖ്യാപിക്കുന്നതിനും സമാധാന ഉടമ്പടികളിൽ ഏർപ്പെടുന്നതിനും ചക്രവർത്തിയിൽ നിക്ഷിപ്തമായിരുന്ന അധികാരം റൈഹ്സ്റ്റാഗിനും ബുണ്ടെസ്റ്റ്റാറ്റിനും നല്കി. ഈ മാറ്റങ്ങൾ ഒക്ടോബർ 28 മുതൽ ഊർജിതത്തിൽവന്നു. ഒക്ടോബർ 3-ന് ഒന്നാമത്തെ പാർലമെൻററി റൈഹിൻെറ ചാൻസലറായി ബാഡനിലെ പ്രിൻസ്മാക്സ് അധികാരം കൈയേറ്റു.

ആ മാസത്തിൽത്തന്നെ ജെർമൻ നാവികപ്പട മേലധികാരത്തെ ധിക്കരിച്ചുകൊണ്ട് കൂട്ടലഹള നടത്തി. ഏതാനും ദിവസങ്ങൾക്കകം ഉത്തരസമുദ്രതീരത്തെ തുറമുഖങ്ങളെല്ലാം വിപ്ലവകാരികളുടെ കൈകളിലായി. മ്യൂണിക്കിൽ സോഷ്യലിസ്റ്റ് നേതാവ് കെർട്ട് ഐസ്നർ ബവേറിയൻ റിപ്പബ്ലിക്ക് സ്ഥാപിച്ചുകൊണ്ട് പ്രഖ്യാപനംനടത്തി. ബർലിനിൽ ആയിരക്കണക്കിന് തൊഴിലാളികൾ സിറ്റിയുടെ മധ്യത്തിലേക്കു മാർച്ചുചെയ്തു. നവംബർ 9-ാം തീയതി ചക്രവർത്തി സ്ഥാനത്യാഗംചെയ്തതായി പ്രഖ്യാപിച്ചു. പുതിയ ഭരണസംവിധാനത്തെപ്പറ്റി തീരുമാനമെടുക്കുന്നതിന് നാഷനൽ അസംബ്ലി വിളിച്ചുകൂട്ടാനും നിശ്ചയിച്ചു. അങ്ങനെ ഒരു ജെർമൻ റിപ്പബ്ലിക് നിലവിൽവന്നു.

വേർസെയിൽസ് സന്ധി. 1919 ജൂൺ 28-ാം തീയതി ഒപ്പുവെച്ച വേർസെയിൽസ് ഉടമ്പടി സഖ്യകക്ഷികൾ ജെർമനിയുടെ മേൽ അടിച്ചേല്പിക്കുകയായിരുന്നു. ഇതിൻെറ ഫലമായി ജെർമനിക്ക് മൊത്തം ഭൂമിയുടെ 13 ശതമാനം നഷ്ടപ്പെട്ടു. ഈസ്റ്റ്പ്രഷ്യ 'പോളിഷ് കോറി ഡോറി'നാൽ ജെർമൻ രാഷ്ട്രത്തിൽനിന്ന് വേർപെടുത്തപ്പെട്ടു. അപ്പർ സൈലീഷ്യയുടെ വ്യാവസായികകേന്ദ്രം പോളണ്ടിന് അനുകൂലമായി വിഭജിക്കപ്പെട്ടു. സൈലീഷ്യയിൽനിന്ന് ഒരു ഡിസ്ട്രിക്ട് അടർത്തിയെടുത്ത് പുതിയ ചെക്കസ്ലവാക്ക് രാഷ്ട്രത്തിനു കൊടുത്തു. ആൽസേസ് ലോറെയിൻ പ്രദേശം ഫ്രാൻസിനു വിട്ടുകൊടുത്തു. സാർപ്രദേശം പിടിച്ചടക്കുന്നതിന് ഫ്രാൻസ് ചെയ്തശ്രമം പ്രസിഡൻറ് വിൽസൺ പരാജയപ്പെടുത്തി. ഈ പ്രദേശത്തെ കൽക്കരിഖനികൾ ഉപയോഗിക്കുന്നതിന് ഫ്രാൻസിനെ അനുവദിച്ചെങ്കിലും അവിടത്തെ പത്തുലക്ഷത്തോളം വരുന്ന ജെർമൻജനതയെ ലീഗ് ഓഫ് നേഷൻസിൻെറ ഭരണത്തിൻ കീഴിലാക്കി. റൈൻനദിയുടെ ഇടതു തീരത്തെ 32,442 ച. കി. മീറ്റർ സ്ഥലം ഫ്രാൻസിൻെറയും മറ്റു സഖ്യ കക്ഷികളുടെയും കൈവശത്തിലായി. കോളനികളെല്ലാം ജെർമനിക്കു നഷ്ടപ്പെട്ടു. 1600 ടൺ കേവുഭാരത്തിൽ കൂടുതലുള്ള എല്ലാ കച്ചവടക്കപ്പലുകളും ജെർമനി സഖ്യകക്ഷികൾക്കു വിട്ടുകൊടുക്കണമെന്നും ജെർമൻ സൈന്യത്തിൽ മേലിൽ ഒരു ലക്ഷത്തിൽക്കൂടുതൽ യോദ്ധാക്കൾ ഉണ്ടായിക്കൂടെന്നും വ്യവസ്ഥ ചെയ്തു. റൈനിൻെറ കിഴക്കെത്തീരത്ത് 50 കി. മീറ്റർ വീതിയിൽ ഒരു പ്രദേശം നിസ്സൈനീകരിക്കപ്പെടുകയും ജെർമൻനദികളും കൽതോടും സാർവദേശീയ നിയന്ത്രണത്തിലാവുകയും ചെയ്തു. ഇവയെല്ലാറ്റിനെക്കാളും ജെർമനിക്ക് ദുർവഹമായിരുന്നത് യുദ്ധക്കെടുതികൾക്കു നഷ്ടപരിഹാരമായി ജെർമനി സഖ്യകക്ഷികൾക്കു കൊടുക്കേണ്ടിയിരുന്ന തുകയാണ്. 132 ബില്യൻ സ്വർണമാർക്ക് ജെർമനി കൊടുക്കണമെന്നാണ് 1921-ൽ റിപ്പറേഷൻ കമ്മിഷൻ തീരുമാനിച്ചത്.

വൈമാർ റിപ്പബ്ലിക്ക്: പ്രിൻസ് മാക്സ് വാഗ്ദാനം ചെയ്തിരുന്നതുപോലെ ഒരു നാഷനൽ അസംബ്ലി സാർവത്രികവോട്ടവകാശത്തിൻെറ അടിസ്ഥാനത്തിൽ 1919 ജനുവരി 19-ാം തീയതി തിരഞ്ഞെടുക്കപ്പെട്ടു. ഫെബ്രുവരി 6-ാം തീയതി അസംബ്ലി സമ്മേളിച്ച് പാർലമെൻററി രൂപത്തിലുള്ള ഒരു ജനാധിപത്യഭരണം സ്ഥാപിച്ചു. ഫ്രിഡെറിക് എബേർട്ട് റൈഹ് പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. തീവ്രവാദികളുടെ അഭിലാഷത്തിനെതിരായിരുന്നു റിപ്പബ്ലിക്കിൻെറ സംസ്ഥാപനം. സ്പാർട്ടാക്കസ്സ് ലീഗിൻെറ ഒരു അഖിലജെർമൻ സമ്മേളനം 1918 ഡിസംബർ 30-ാം തീയതി ചേർന്ന് ഒരു ജെർമൻ കമ്യൂണിസ്റ്റ് പാർട്ടി സ്ഥാപിച്ചിരുന്നു. ഈ പാർട്ടിയുടെ ആഭിമുഖ്യത്തിൽ രാജ്യമൊട്ടുക്കു പ്രക്ഷോഭണം നടന്നു. 1919 ഏപ്രിൽ മാസത്തിൽ കമ്യൂണിസ്റ്റുകൾ മ്യൂണിക്കിലെ ബവേറിയൻ സോഷ്യലിസ്റ്റ് ഗവൺമെൻറിനെ മറിച്ചിട്ട് അധികാരം പിടിച്ചെടുത്തെങ്കിലും ആ ഭരണകൂടം ഒരു മാസം മാത്രമേ നിലനിന്നുള്ളു. ഹാംബർഗിലും റൂർ പ്രദേശത്തും മധ്യജെർമനിയിലുമൊക്കെ കമ്യൂണിസ്റ്റ് ലഹളകൾ ഉണ്ടായിക്കൊണ്ടിരുന്നു. 1923 ഒക്ടോബറിലും നവംബറിലും റൈഹ് ഗവൺമെൻറിനെ ധിക്കരിച്ചുകൊണ്ട് കമ്യൂണിസ്റ്റുകളും ഇടതുപക്ഷ സോഷ്യലിസ്റ്റുകളും ചേർന്ന് സാക്സണിയിലും തുറിങ്കിയായിലും അധികാരത്തിൽവന്നു.

1919 ആഗസ്റ്റ് 11-ാം തീയതി പ്രഖ്യാപിക്കപ്പെട്ട ഈ വൈമാർ ഭരണഘടന ലോകത്തിൽ ഇന്നുവരെയുണ്ടായിട്ടുള്ള ഏറ്റവും പുരോഗമനപരമായ ഭരണഘടനകളിൽ ഒന്നാണ്. ഈ ഭരണഘടനയനുസരിച്ച് ജെർമനി ഒരു ഫെഡറൽസ്റ്റേറ്റ് (ബുണ്ടി സ്രാറ്റ്) ആയി തുടർന്നു.

വേർസെയിൽസ് ഉടമ്പടിയുടെ കഠിനമായ വ്യവസ്ഥകൾക്കു കീഴിൽ ഞെളിപിരികൊണ്ടിരുന്ന ജെർമൻ റിപ്പബ്ലിക്കിന് പുതിയ ഒരു വൈഷമ്യം കൂടി അഭിമുഖീകരിക്കേണ്ടതായിവന്നു. റൈൻലണ്ടും റൂർ പ്രദേശവും ജെർമനിയിൽനിന്നു പിടിച്ചെടുക്കുക എന്ന ഉദ്ദേശ്യത്തോടെ 1923 ജനുവരി 11-ാം തീയതി ഫ്രാൻസിൻെറയും ബൽജിയത്തിൻെറയും ഒരു സംയുക്ത ആക്രമണമുണ്ടായി. നിസ്സാരമായ കാരണങ്ങളുടെ പേരിലാണ് ഈ അക്രമണം നടന്നത്. സഹനസമരം പ്രഖ്യാപിച്ചുകൊണ്ടാണ് റൈഫ്ഗവൺമെൻറ്, ചാൻസലർ വിൽഹെം കൂണോയുടെ നേതൃത്വത്തിൽ ഇതിനെ നേരിട്ടത്.

ഒരു സ്വതന്ത്രറിപ്പബ്ലിക്ക് എന്ന നിലയിൽ ജെർമനിയെ താങ്ങിനിർത്തണമെങ്കിൽ സഹനസമരം അവസാനിപ്പിച്ചു ഫ്രാൻസുമായി കൂടിയാലോചനകൾ നടത്തിയേ മതിയാവു എന്നു വ്യക്തമായി. വിഷമകരമായ ഈ കൃത്യം വിജയകരമായി നിറവേറ്റിയത് ഡോക്ടർ ഗുസ്റ്റാവ് സ്ട്രെസ്മാൻ എന്ന രാജ്യതന്ത്രജ്ഞനായിരുന്നു. അദ്ദേഹത്തിൻെറ നയപരിപാടികളുടെ ഫലമായി ജെർമനിയുടെ നിലമെച്ചപ്പെട്ടു. 1926-ൽ ജെർമനിക്കു ലീഗ് ഓഫ് നേഷൻസിൽ അംഗത്വം ലഭിച്ചു. ലീഗ് കൗൺസിലിലും സ്ഥാനം കിട്ടി. അങ്ങനെ ഒരു ലോകവേദിയുടെ മുൻപാകെ സ്വന്തം ആവലാതികൾ കൊണ്ടുവരാനുള്ള സൗകര്യം ജെർമനിക്കു കൈവന്നു.

1929-ൽ സ്ട്രെസ്മാൻ നിര്യാതനായി. അതോടെ സമ്പദ്ഘടന പിന്നെയും തകരാറിലായി. തൊഴിലില്ലായ്മ രൂക്ഷമായി. ഇതിൻെറ ഫലമായി വ്യവസായികളെ പ്രതിനിധാനം ചെയ്തിരുന്ന ജെർമൻ പീപ്പിൾസ് പാർട്ടിയും സോഷ്യൽ ഡെമോക്രാറ്റുകളുമായി സംഘട്ടനങ്ങൾ നടന്നു. 1930-ൽ സെൻറർ പാർട്ടിയിൽപ്പെട്ട ഹീൻറിക്ക്ബ്രൂണിങ് സോഷ്യൽ ഡെമോക്രാറ്റുകളുടെ സഹായമില്ലാതെതന്നെ ഒരു മന്ത്രിസഭ ഉണ്ടാക്കി. 1925-ൽ എംബർട്ടിൻെറ നിര്യാണത്തിനു ശേഷം ജെർമൻ പ്രസിഡൻറായി അവരോധിക്കപ്പെട്ട ഫീൽഡ് മാർഷൽ ഹിൻഡൻ ബർഗിന് നല്ല പൊതുജനപിന്തുണയുണ്ടായിരുന്നു. അദ്ദേഹത്തിൻെറ സൽപ്പേരുപയോഗിച്ച് ജെർമൻ നാഷനലിസ്റ്റ് പാർട്ടിയുടെ യാഥാസ്ഥിതികപക്ഷത്തിൻെറ പിൻതുണ സമ്പാദിക്കാം എന്ന പ്രതീക്ഷയോടുകൂടി 1930-ൽ പുതിയ തിരഞ്ഞെടുപ്പു നടത്തി. ഇതിൻെറ ഫലമായി ലിബറൽ പാർട്ടികൾ കൂടുതൽ ബലഹീനമായി. ബ്രൂണിങ്ങിനു പിൻതുണ നല്കുന്ന യാഥാസ്ഥിതികർക്കും വലിയ നേട്ടമൊന്നുമുണ്ടായില്ല. നേരെമറിച്ച് ഹിറ്റ്ലറുടെ നേതൃത്വത്തിലുള്ള നാഷനൽ സോഷ്യലിസ്റ്റുകൾ വമ്പിച്ച വിജയം കരസ്ഥമാക്കി. 12 അംഗങ്ങൾ മാത്രമുണ്ടായിരുന്ന പ്രസ്തുത പാർട്ടിക്കു പുതിയ പാർലമെൻറിൽ 107 അംഗങ്ങളുണ്ടായി. ഇതിൻെറ ഫലമായി ഭരണം നടത്താൻ ബ്രൂണിങ്ങിന് പ്രസിഡൻറിൻെറ അടിയന്തിരാധികാരങ്ങൾ ഉപയോഗിക്കേണ്ടതായിവന്നു.

1932-ൽ പുതിയ തിരഞ്ഞെടുപ്പു നടന്നു. നാസികൾ പാർലമെൻറിലെ ഏറ്റവും വലിയ പാർട്ടി ആയി. ഗവൺമെൻറിൽ പങ്കാളിത്തം അവർക്ക് വാഗ്ദാനംചെയ്യപ്പെട്ടു. പക്ഷേ, ഹിറ്റ്ലർ ചാൻസലർപദത്തിനുവേണ്ടി ശഠിച്ചു. ഇതു നിരസിക്കപ്പെട്ടു. ഇതിൻെറ ഫലമായി പാർലമെൻറ് പിന്നെയും പിരിച്ചുവിട്ടു. 1932 നവംബർ 6-നു പുതിയ തിരഞ്ഞെടുപ്പു നടന്നു. ജനറൽ ഷ്ളൈക്കർ ചാൻസലർപദം കൈയേറ്റു. ജനകീയപിന്തുണ ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ അദ്ദേഹം നടത്തിക്കൊണ്ടിരുന്നു. ഇതിനിടയ്ക്ക് നാസികൾക്കു ശരിക്കുള്ള അധികാരം കൊടുക്കാതെ അവരെക്കൂടെ ഗവൺമെൻറിൽ പങ്കാളികളാക്കത്തക്കവണ്ണം ഒരു ഫോർമുലാ ഫൊൺ പാപ്പൻ കണ്ടുപിടിച്ചു. ഹിറ്റ്ലറെ ചാൻസലറായും നാഷനൽ സോഷ്യലിസ്റ്റ് നേതാവ് വിൽഹെംഫ്രിക്കിനെ ആഭ്യന്തരമന്ത്രിയായും ഗോറിങ്ങിനെ വ്യോമമന്ത്രിയായും എട്ടു നാഷനലിസ്റ്റുകളെ സൈന്യം, വിദേശകാര്യം മുതലായ വകുപ്പുകളുടെ മന്ത്രിമാരായും നിയമിക്കാനുള്ള പാപ്പൻെറ നിർദ്ദേശം ഹിൻഡൻബർഗ് അംഗീകരിച്ചു.

ഹിറ്റ്ലറുടെ (മൂന്നാം) റൈഹ് (1933—1945). 1933 ജനുവരി 29-നു ചാൻസലറായി നിയമിക്കപ്പെട്ട ഹിറ്റ്ലർ അദ്ദേഹത്തെ രാഷ്ട്രീയചട്ടുകമായി ഉപയോഗിക്കാമെന്ന് വ്യാമോഹിച്ചിരുന്ന യാഥാസ്ഥിതിക നാഷനലിസ്റ്റുകളെ ഭഗ്നാശരാക്കിക്കൊണ്ടാണ് ഭരണം ആരംഭിച്ചത്. പ്രാരംഭത്തിൽ ഹിറ്റ്ലറുടെ കാബിനെറ്റിൽ നാസികളെന്ന് അറിയപ്പെട്ടിരുന്നവരായി ഹിറ്റ്ലർ ഉൾപ്പെടെ നാലു പേർ മാത്രമേ ഉണ്ടായിരുന്നുള്ളു. († ഹിറ്റ്ലർ, അഡോൾഫ്, † നാസി പ്രസ്ഥാനം നോക്കുക.)

റൈഹ്പ്രസിഡണ്ട് ഹിൻഡൻബർഗ് 1934 ആഗസ്റ്റ് 2-ാം തീയതി മരിച്ചപ്പോൾ ഭരണഘടനാവ്യവസ്ഥകൾക്കു വിരുദ്ധമായി ഹിറ്റ്ലർ 'ഫ്യൂററും റൈഹ് ചാൻസലറും' ആയി സ്വയം പ്രഖ്യാപിച്ചു.

രണ്ടാം ലോകയുദ്ധം. 1939 സെപ്തംബർ 1-നു ഹിറ്റ്ലർ പോളണ്ടിനെ ആക്രമിച്ചു. പോളണ്ടുമായുള്ള ഉടമ്പടിവ്യവസ്ഥകൾ അനുസരിച്ച് ഇംഗ്ലണ്ടും ഫ്രാൻസും സെപ്തംബർ 3-ാം തീയതി ജെർമനിക്കെതിരായി യുദ്ധം പ്രഖ്യാപിച്ചു. ഇരുപതു ദിവസംകൊണ്ടു ഹിറ്റ്ലർ പോളണ്ടിൻെറ കഥകഴിച്ചു. പക്ഷേ, ഈ സമയത്ത് റഷ്യ കിഴക്കൻപോളണ്ടും എസ്തോണിയാ, ലാറ്റ്വിയ, ലിത്വേനിയ എന്നീ ബാൾട്ടിക്സ്റ്റേറ്റുകളും കൈവശപ്പെടുത്തി. ജെർമനിയും റഷ്യയുമായുള്ള നയതന്ത്രബന്ധം തുടർന്നതുകൊണ്ടു പടിഞ്ഞാറോട്ടു ദൃഷ്ടിപതിപ്പിക്കാൻ ഹിറ്റ്ലർക്ക് സാവകാശം കിട്ടി.

1940-ൽ മിന്നൽ ആക്രമണത്തിൻെറ ഫലമായി ഡെന്മാർക്കും നോർവേയും കൈവശപ്പെടുത്തിക്കൊണ്ട് ജെർമൻസേനകൾ നെതർലാൻഡ്സ്, ബെൽജിയം, ഫ്രാൻസ് എന്നീ രാജ്യങ്ങളിലേക്കു തള്ളിക്കേറി. ഡൺകർക്കിൽ താവളമടിച്ചിരുന്ന ഒരു ബ്രിട്ടീഷ് സേന വമ്പിച്ച നഷ്ടങ്ങൾ സഹിച്ചുകൊണ്ടാണ് അവിടെനിന്നു രക്ഷപ്പെട്ടത്. ജൂൺ 22-ാം തീയതി ഫ്രാൻസ് ഒരു യുദ്ധവിരാമസന്ധിയിൽ ഒപ്പുവെച്ചു.

1945-ൽ റഷ്യാക്കാർ ഓസ്ട്രിയായിലേക്കും വിയന്നയിലേക്കും പാശ്ചാത്യസേന റൈനിലേക്കും തള്ളിക്കേറി. ഏപ്രിൽമാസത്തോടുകൂടി പാശ്ചാത്യസേനകൾ എൽബ്നദീതീരത്തേക്കു മുന്നേറി റഷ്യൻസേനയുമായി സന്ധിച്ചു. അതോടെ, 1945 മെയ് 7-നു ജെർമനി നിരുപാധികം കീഴടങ്ങി.

യുദ്ധാനന്തരസംവിധാനം. 1945 ജൂൺ 5-ാം തീയതി ചതുശ്ശക്തി സൈനികമേധാവികൾ ബെർലിനിൽ സമ്മേളിച്ച് ജെർമനിയുടെ ഭരണം ഏറ്റെടുത്തു. ജെർമനിയെ നാലു മേഖലകളായി തിരിച്ചു. റഷ്യ എൽബ്നദിക്കു കിഴക്കുള്ള ജെർമൻപ്രദേശങ്ങളും സാക്സണി, തുറിങ്കിയാ എന്നിവ ഉൾപ്പെട്ട മധ്യജർമനിയുടെ ഭാഗവും ഏറ്റെടുത്തു. റൂർപ്രദേശം ഉൾപ്പെട്ട വടക്കുപടിഞ്ഞാറൻ ജെർമനിയായിരുന്നു ബ്രിട്ടീഷ് മേഖലയിൽ ഉൾപ്പെട്ടിരുന്നത്. ദക്ഷിണജെർമനിയുടെ ഭൂരിഭാഗവും ബ്രെമനുമായിരുന്നു അമേരിക്കൻമേഖല. വർട്ടൻബർഗ്, ബാഡൻ, റൈൻലണ്ട് എന്നിവ ഉൾപ്പെട്ട പ്രദേശം ഫ്രഞ്ച്മേഖലയിലും വന്നു.

സഖ്യകക്ഷികൾ പോട്ട്സ്ഡാമിൽ സമ്മേളനം ചേർന്ന് അനന്തരനടപടികളെപ്പറ്റി ആലോചിച്ചു തീരുമാനമെടുത്തു. ജെർമനിയിൽ നിരായുധീകരണം, നിസൈനികീകരണം, ജനാധിപത്യവത്കരണം എന്നിവയായിരിക്കണം ഐക്യകക്ഷികളുടെ ലക്ഷ്യമെന്നും ഇതിലേക്കു ചതുശ്ശക്തിസൈനികമേധാവികളുൾപ്പെട്ട ഒരു സഖ്യകക്ഷി കൺട്രോൾ കൗൺസിൽ ഉണ്ടായിരിക്കണമെന്നുമായിരുന്നു പ്രധാന തീരുമാനം.

സഖ്യകക്ഷികൾ തമ്മിൽ നടന്ന കരാറുകളും യാൾട്ടാകോൺഫറൻസിൻെറ തീരുമാനവും അനുസരിച്ച് ബെർലിൻനഗരവും നാലു മേഖലകളായി തിരിച്ചു. നഗരത്തിൻെറ റഷ്യൻ അധീനത്തിലുള്ള ഭാഗം പശ്ചിമബെർലിനിൽനിന്നു മുള്ളുകമ്പിവേലികൾകൊണ്ടും കാവൽപുരകൾകൊണ്ടും വേർതിരിച്ചു. അങ്ങനെ പശ്ചിമബർലിൻ, സോവിയറ്റ് അധീനത്തിലുള്ള പ്രദേശങ്ങളാൽ ചുറ്റപ്പെട്ട ഒരു 'ദ്വീപനഗരം' ആയി എന്നു പറയാം.

ജെർമനിയുടെ സോവിയറ്റ് മേഖലയിൽ കമ്യൂണിസ്റ്റ് രീതിയിലുള്ള ഒരു ജനകീയജനാധിപത്യഭരണം കെട്ടിപ്പടുക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. റഷ്യയുമായി ഒരു ധാരണയിലെത്താൻ കഴിയാതെവന്നതിനെത്തുടർന്ന് പാശ്ചാത്യശക്തികൾ ഒരു ഏകോപിതനയം പിൻതുടരാൻ തീരുമാനിച്ചു. അങ്ങനെയാണ് അമേരിക്കൻ, ബ്രിട്ടീഷ്, ഫ്രഞ്ച്മേഖലകളുടെ സാമ്പത്തികാടിസ്ഥാനത്തിലുള്ള ലയനം നടന്നത്. ഭരണഭാരം ജെർമൻകാരെത്തന്നെ ഏല്പിക്കത്തക്കവണ്ണം ഇതു വിജയകരമായി പുരോഗമിച്ചു. 1948 ജൂണിൽ പുതുതായി നടപ്പിൽവരുത്തിയ കറൻസി ജെർമൻ സമ്പദ്വ്യവസ്ഥയെ പുനരുദ്ധരിച്ചു.

1948-ൻെറ ഉത്തരാർധത്തിൽ പശ്ചിമജെർമനിയിൽപ്പെട്ട പതിനൊന്നു സ്റ്റേറ്റുകൾ ചേർന്ന് ഒരു ഫെഡറൽ ഭരണഘടന ഉണ്ടാക്കാൻ തീരുമാനിച്ചു. ഇതിൻെറ അടിസ്ഥാനത്തിൽ 1949 ആഗസ്റ്റ് 14-ാം തീയതി നടന്ന തിരഞ്ഞെടുപ്പിൻെറ ഫലമായി ഒരു ജനാധിപത്യഗവൺമെൻറ് നിലവിൽവന്നു. കോൺറാഡ് അഡെനൗർ ഈ റിപ്പബ്ലിക്കിൻെറ ചാൻസലറും തീയഡോർ ഹുസ്സ് പ്രസിഡണ്ടുമായിരുന്നു. വിദേശകാര്യങ്ങൾ, സൈനികകാര്യങ്ങൾ, ജനാധിപത്യവത്കരണം സംബന്ധിച്ച മേൽനോട്ടം എന്നിവ മാത്രം സഖ്യകക്ഷികളുടെ സൈനിക ഗവൺമെൻറ് ഏറ്റെടുത്തു. 1954-ലെ പാരീസ്സമ്മേളനത്തിൽവച്ച്, ജെർമനിയുടെ പുനരായുധീകരണത്തിൻെറയും സാർപ്രദേശത്തെ ഭരണത്തിൻെറയും മേൽനോട്ടം വഹിക്കുന്നതിന് ഉതകത്തക്കവണ്ണം ജെർമൻ സായുധസേനകൾ രൂപവത്കരിക്കുന്നതിന് ഫ്രാൻസ് സമ്മതം നല്കി. 1955 മെയ്മാസത്തിൽ ജെർമനിയിലെ ഫെഡറൽ റിപ്പബ്ലിക്ക് ഒരു പരമാധികാരരാഷ്ട്രമാവുകയും നാറ്റോയിൽ (നോർത്ത് അറ്റ്ലാൻറിക് ട്രീറ്റി ഓർഗനൈസേഷൻ) അംഗമാവുകയും ചെയ്തു. 1959 ജൂലായ് 5-ാം തീയതി സാർപ്രദേശം ജെർമൻ സാമ്പത്തികനിയന്ത്രണത്തിലായി.

ജെർമനി (ഡെമോക്രാറ്റിക് റിപ്പബ്ലിക്)

രണ്ടാം ലോകയുദ്ധാനന്തരം വിഭക്തമായ ജെർമനിയുടെ പൂർവഭാഗം. ജി.ഡി.ആർ. എന്നു ചുരുക്കപ്പേര്. യൂണിറ്ററി ഏകകക്ഷി റിപ്പബ്ലിക്ക് ആണ് ഇത്. നിയമനിർമാണസഭയ്ക്ക് ഒരു മണ്ഡലമേയുള്ളു. അംഗസംഖ്യ 500. രാഷ്ട്രത്തലവൻ കൗൺസിൽ ഒഫ് സ്റ്റേറ്റിൻെറ അധ്യക്ഷനാണ്. ഗവൺമെൻറു തലവൻ പ്രധാനമന്ത്രിയും. തലസ്ഥാനം ബെർലിൻനഗരം. ഔദ്യോഗികഭാഷ ജെർമൻ. ഔദ്യോഗിക മതമില്ല. നാണയം മാർക്ക്. (ഒരു യു.എസ്. ഡോളർ 1.84 മാർക്ക്) വിസ്താരം 1,08,333 ച.കി.മീ. ജനസംഖ്യ 1,65,98,000 (1987). ജനസാന്ദ്രത 153.2. ഈ രാഷ്ട്രം രൂപംകൊണ്ടത് 1945-ൽ ആണ്. † ജെർമനി നോക്കുക.

നീതിന്യായം: ജനകീയജനാധിപത്യം നടപ്പിൽവന്നതോടുകൂടി രാഷ്ട്രത്തിൻെറ നിയമസംവിധാനത്തിനു വലിയ മാറ്റം വന്നു. കൃഷി, വ്യവസായം, വ്യാപാരം എന്നിവ സംബന്ധിച്ചു സ്വകാര്യസ്വത്തു നിർത്തലാക്കുകയോ നിയന്ത്രിക്കുകയോ ചെയ്തതിൻെറ ഫലമായി പഴയനിയമസംഹിതകൾക്കു വലിയ പ്രസക്തിയില്ലാതായി. 1952-ൽ പുതിയ ക്രിമിനൽ നടപടിനിയമം നടപ്പിലാക്കി. സോഷ്യലിസ്റ്റു നിയമത്തോടും സോഷ്യലിസ്റ്റു സങ്കല്പത്തിലുള്ള സ്വത്തിനോടും, തൊഴിലാളികളുടെ അച്ചടക്കത്തോടും ആദരവും കൂറും വർധിപ്പിച്ചു ജനാധിപത്യത്തെ സംരക്ഷിക്കുന്നതിനു സഹായകമാകുന്ന ഒരു നിയമസംഹിതയാണു പുത്തനായി അംഗീകരിച്ചത്. ജില്ലാകോടതികൾ, പ്രാദേശിക കോടതികൾ, സുപ്രീംകോർട്ട് ഇങ്ങനെ മൂന്നുതരം കോടതികളാണു നിലവിൽവന്നത്.

പ്രതിരോധം: സോവിയറ്റ് സൈനികഭരണത്തിൻെറ ആഭ്യന്തരകാര്യവകുപ്പാണ് ജി.ഡി. ആർ-ൻെറ പ്രതിരോധം ആദ്യം സംഘടിപ്പിച്ചത്. 1952 ജൂണിൽ ഒരു ദേശീയ ജനകീയസേന രൂപവത്കൃതമായി. 1955-ൽ യു.എസ്.എസ്. ആറും ജെർമൻ ഡെമോക്രാറ്റിക് റിപ്പബ്ലിക്കുൾപ്പെടെയുള്ള ഏഴു യൂറോപ്യൻ ജനകീയ റിപ്പബ്ലിക്കുകളുമായി



ജെർമൻ ഡെമോക്രാറ്റിക് റിപ്പബ്ലിക്



ബെർലിനിലെ ദോയിഷ്ചെസ് തിയേറ്റർ

ഒരു പരസ്പരസഹകരണ പ്രതിരോധ ഉടമ്പടി ഒപ്പുവച്ചു. സേനയെ പുനഃസംവിധാനം ചെയ്തു. 1986-ൽ സേനയിൽ 1,79,000 ഭടന്മാരുണ്ടായിരുന്നു. കരസേന 68.7%, നാവികസേന 9%, വായുസേന 22.3.

വിദ്യാഭ്യാസം: ഒരു കേന്ദ്രീകൃത വിദ്യാഭ്യാസ ഭരണസമ്പ്രദായം നടപ്പിൽവന്നു. സ്വകാര്യവിദ്യാലയങ്ങൾ എല്ലാം നിർത്തലാക്കി. മതപരമായ പ്രബോധനം പാടില്ലെന്നുവന്നു. കമ്യൂണിസ്റ്റു പ്രത്യയശാസ്ത്രം വിദ്യാലയങ്ങളിൽ പഠിപ്പിക്കുവാൻ തുടങ്ങി. സർവകലാശാലാ വിദ്യാഭ്യാസത്തിന്റെ സാമൂഹികാടിസ്ഥാനം കൂടുതൽ വിശാലമാക്കുന്ന കാര്യത്തിൽ ജി.ഡി.ആർ. സജീവതാത്പര്യം പ്രദർശിപ്പിക്കുന്നുണ്ട്. സാക്ഷരത നൂറു ശതമാനമാണ്. 1500-ൽ ഏറെ വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. വിദ്യാർഥി അധ്യാപക അനുപാതം പ്രൈമറി, സെക്കൻഡറി ഘട്ടങ്ങളിൽ യഥാക്രമം 13.9, 11.3 ആണ്.

വേതനക്രമം: 1950-ലെ ഒരു ഓർഡിനൻസ് അനുസരിച്ചു സർക്കാർ ഉടമയിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും വേതനം സർക്കാരാണു നിശ്ചയിക്കുന്നത്. വ്യവസായ തൊഴിലാളികളിൽ ഭൂരിഭാഗവും ഈ സ്ഥാപനങ്ങളിലാണു ജോലിചെയ്തിരുന്നത്. സമ്പദ്ഘടനയിൽ ഓരോ വ്യവസായത്തിനുമുള്ള പ്രാധാന്യത്തിന്റെ ഏറ്റക്കുറവ് അനുസരിച്ചാണു വേതനം.

ട്രേഡ്യൂണിയൻ പ്രസ്ഥാനം: സ്വകാര്യസംരംഭങ്ങളുടെ പ്രാധാന്യം കുറഞ്ഞതോടെ ട്രേഡ്യൂണിയനുകളുടെ പ്രവർത്തനലക്ഷ്യത്തിനും മാറ്റംവന്നു. മുതലാളികൾക്കെതിരെ തൊഴിലാളികളുടെ താത്പര്യങ്ങൾ പ്രതിനിധാനംചെയ്യുക എന്ന പഴയ ലക്ഷ്യം മാറി, സാമൂഹികരക്ഷാഭോഗത്തിന്റെ ഏജന്റുകളായി പ്രവർത്തിക്കുക, തൊഴിലാളികൾക്കു സാങ്കേതിക പരിശീലനം നൽകുക, രാഷ്ട്രീയ പ്രത്യയശാസ്ത്രം സംബന്ധിച്ച പ്രചാരണം നടത്തുക, വിവിധ

ബെർലിൻ നഗരത്തിന്റെ 750-ാം വാർഷികാഘോഷം.



മധ്യകാലജെർമൻ വാസ്തുശില്പമാതൃക:
ലൂബക്കിലെ ടൗൺഹാൾ.

സാമ്പത്തികപദ്ധതികളുടെ നിർവഹണം ത്വരിതപ്പെടുത്തുക എന്നിവയായി ട്രേഡ്യൂണിയൻ ലക്ഷ്യങ്ങൾ.

സമ്പദ്വ്യവസ്ഥ. മൊത്തം ദേശീയ ഉത്പാദനം 9363 കോടി യു.എസ്. ഡോളർ (1985). ഒരു കുടുംബത്തിൻെറ (അംഗങ്ങൾ 3-1) ശരാശരി വാർഷികവരുമാനം 21,000 ഡോളർ.

ഗതാഗതം. റെയിൽവേ 14,054 കി.മീറ്റർ. റോഡ് 47,380 കി.മീറ്റർ. കാറുകൾ 33,06,230. ട്രക്കും ബസ്സും 3,60,821. വിമാനത്താവളം 4.

വാർത്താവിനിമയം. ദിനപത്രം-39. പ്രചാരം 93 ലക്ഷം. റേഡിയോ 2.5 ആൾക്ക് ഒന്ന് (1986). റ്റി.വി. 2.7 ആൾക്ക് ഒന്ന്. ഫോൺ 4.6 ആൾക്ക് ഒന്ന്.

ആരോഗ്യനില. ഭിഷഗ്വരന്മാർ 37,943 (439 പേർക്ക് 1). ആശുപത്രിക്കിടക്ക. 1,69,112 (98 പേർക്ക് 1). ഭക്ഷണം പ്രതിശീർഷ കലോറി 3,697. ജനസംഖ്യ കുറയുന്നു.

ജെർമനി (ഫെഡറൽ റിപ്പബ്ലിക്)

യുദ്ധാനന്തരം വിഭക്തമായ ജെർമനിയുടെ പശ്ചിമഭാഗം. 1945-ൽ രൂപം കൊണ്ടു. വിസ്താരം 2,48,717 ച.കി.മീ. ജനസംഖ്യ 6,09,24,000 (1987). ജനസാന്ദ്രത 245. നിയമനിർമാണസഭ ദ്വിമണ്ഡലം. അംഗസംഖ്യ കൗൺസിൽ 45, ഡയറ്റ് 520, രാഷ്ട്രത്തലവൻ-പ്രസിഡൻറ്. ഭരണത്തലവൻ-ചാൻസലർ. ഔദ്യോഗികഭാഷ ജെർമൻ. ഔദ്യോഗികമതം ഇല്ല. തലസ്ഥാനം ബോൺ. നാണയം മാർക്ക് (ഒരു യു.എസ്. ഡോളർ 1.81 മാർക്ക്)



ഫെഡറൽ
റിപ്പബ്ലിക്
ഓഫ്
ജെർമനി

ഫെഡറൽ ഗവൺമെൻറ് രൂപവത്കരിച്ചുകൊണ്ടുള്ള ഭരണഘടന പ്രാബല്യത്തിൽവന്നത് 1949 മെയ് 23-ാംതീയതി ആണ്. ഈ ഭരണഘടന എഴുതിയുണ്ടാക്കിയത് ബോണിൽ സമ്മേളിച്ച പാർലമെൻററി കൗൺസിലാണ്. ബ്രിട്ടീഷ്, ഫ്രഞ്ച് അമേരിക്കൻമേഖലകളിലെ സൈനികഗവർണർമാരുടെ നിർദേശമനുസരിച്ച് 11 ഘടകസംസ്ഥാനങ്ങളിലെ മിനിസ്റ്റർപ്രസിഡൻറുമാർ നിയോഗിച്ച 65 അംഗങ്ങളാണ് ഈ കൗൺസിലിൽ ഉണ്ടായിരുന്നത്. പശ്ചിമബർലിനിൽനിന്ന് 5 പ്രതിനിധികളും. ഇവർക്ക് വോട്ടവകാശമില്ലായിരുന്നു.

ജെർമൻ ഫെഡറൽ റിപ്പബ്ലിക്കിൻെറ 'അടിസ്ഥാനനിയമം' (Basic Law) എന്നാണ് ഇത് അറിയപ്പെടുന്നത്. അതിലെ പ്രധാന വ്യവസ്ഥകൾ താഴെ ചേർത്തിരിക്കുന്നു.

ലെജിസ്ലേച്ചർ. ഫെഡറൽ നിയമസഭയ്ക്ക് രണ്ടു മണ്ഡലങ്ങളുണ്ട്. രാഷ്ട്രീയഗുരുത്വകേന്ദ്രമായ ബുണ്ടെസ്റ്റാഗിൽ നാലുകൊല്ലക്കാലത്തേക്കു തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളാണുള്ളത്. സംസ്ഥാനഗവൺമെൻറുകളുടെ പ്രതിനിധികളടങ്ങിയതാണ് ബുണ്ടെസ്റാറ്റ് (ഫെഡറൽ കൗൺസിൽ). ഓരോ സംസ്ഥാനത്തിനും അയയ്ക്കാവുന്ന പ്രതിനിധികളുടെ എണ്ണം ജനസംഖ്യ ആശ്രയിച്ചിരിക്കും. ബുണ്ടെസ്റ്റാഗ് പാസാക്കുന്ന നിയമങ്ങളെ സംബന്ധിച്ചിടത്തോളം ബുണ്ടെസ്റാറ്റിന് വിളംബിപ്പിക്കുന്നതിനുള്ള നിരസനാധികാരം (Suspensive Veto) മാത്രമെ ഉള്ളു; സംസ്ഥാനങ്ങളെ സംബന്ധിച്ച നിയമമാണെങ്കിൽ പരിപൂർണനിരസനാധികാരം (Absolute Veto)ഉണ്ടായിരിക്കും. 1957-നു ശേഷം ബുണ്ടെസ്റാറ്റിൽ താഴെപ്പറയുന്ന പത്തു സംസ്ഥാനങ്ങൾ (Lander)ക്കാണ് പ്രാതിനിധ്യമുള്ളത്. 1. ഉത്തര റൈൻ-വെസ്റ്റ് ഫാലിയാ, 2. ബവേറിയാ, 3. താഴത്തെ സാക്സണി, 4. ബാഡൻ-വർട്ടം ബേർഗ് (ഇവയ്ക്ക് അഞ്ചു പ്രതിനിധികൾ വീതമാണുള്ളത്); 5. ഹെസ്സൻ, 6. ഷ്ളെസ്വിഗ്-ഹോൾസ്റ്റീൻ, 7. റൈൻലണ്ട്-പലാറ്റിനേറ്റ് (നാലുവീതം); 8. ഹാംബർഗ്, 9. ബ്രെമൻ 10. സാർ (മൂന്നുവീതം)



തുറമുഖപട്ടണമായ ഹാംബർഗിലെ
ഒരു പാർപ്പിടകേന്ദ്രം.

എക്സിക്യൂട്ടീവ്. ഫെഡറൽ പ്രസിൻറിനെ അഞ്ചു കൊല്ലത്തേക്ക് ഫെഡറൽ അസംബ്ലി എന്ന ഒരു പ്രത്യേക സമിതിയാണു തിരഞ്ഞെടുക്കുന്നത്. ബുണ്ടെസ്റ്റാഗിലെ എല്ലാ അംഗങ്ങളും സംസ്ഥാനങ്ങളുടെതായ രാഷ്ട്രീയപാർട്ടികളുടെ അംഗസംഖ്യയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന അത്രയുംതന്നെ അംഗങ്ങളും ചേർന്നതാണ് ഫെഡറൽ അസംബ്ലി. യഥാർഥത്തിലുള്ള എക്സിക്യൂട്ടീവധികാരം ഫെഡറൽ ചാൻസലർക്കാണുള്ളത്. ബുണ്ടെസ്റ്റാഗിലെ അംഗങ്ങളുടെ ഭൂരിപക്ഷമനുസരിച്ചാണ് ചാൻസലറെ തിരഞ്ഞെടുക്കുന്നത്. ചാൻസലർ തൻെറ കാബിനെറ്റിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നു. പൊതുനയം രൂപവത്കരിക്കുന്നതും അതിന് ബുണ്ടെസ്റ്റാഗിനോട് ഉത്തരവാദം ചെയ്യുന്നതും ചാൻസലറാണ്. ഒരേസമയം അനന്തരഗാമിയെ തിരഞ്ഞെടുക്കാൻകൂടി ബുണ്ടെസ്റ്റാഗിന് സാധ്യമാവുന്നില്ലെങ്കിൽ അവിശ്വാസപ്രമേയം പാസ്സാ



ബോൺനഗരം: ഒരു ദൃശ്യം.

ക്കിപ്പോലും ചാൻസലറെ മാറ്റുക സാധ്യമല്ല. ബുണ്ടെസ്റ്റാഗ് പിരിച്ചുവിട്ടിട്ട് ഇലക്റ്ററേറ്റിൻെറ വിധി തേടാനുള്ള ബുണ്ടെസ്റ്റാഗിൻെറ അവകാശവും വളരെ പരിമിതപ്പെടുത്തിയിരിക്കുകയാണ്. ഇനിഷ്യേറ്റീവും റഫറണ്ടവും ജെർമൻ ഫെഡറൽ റിപ്പബ്ലിക്കിൽ ഇല്ല. 'ജനാധിപത്യ-സ്വേച്ഛാധിപത്യ' മെന്നു വിശേഷിപ്പിക്കാവുന്ന ഒരു ഗവൺമെൻറാണ് അവിടെ ഉള്ളത്.

ജുഡീഷ്യറി. കോടതികളുടെ സംവിധാനം വളരെ സങ്കീർണമാണ്. കീഴ്ക്കോടതികളെല്ലാം ഘടകസംസ്ഥാനങ്ങളുടെ അധികാരത്തിൻ കീഴിലാണ്. അത്യുന്നത ഫെഡറൽ കോടതികൾ രണ്ടാണ്: സിവിൾ, ക്രിമിനൽ കേസ്സുകൾ കേൾക്കുന്നതിനുള്ള സുപ്രീം കോർട്ടും, ഫെഡറൽ കോൺസ്റ്റിറ്റ്യൂഷനൽ കോർട്ടും. ഇവ കൂടാതെ സാമൂഹികകാര്യങ്ങൾ, ധനപരമായ കാര്യങ്ങൾ, ലേബർ എന്നിങ്ങനെയുള്ള വിവിധ വകുപ്പുകളിലായി പ്രത്യേക ഫെഡറൽ കോടതികൾ വേറെയുമുണ്ട്.

രാജ്യം സമഗ്രാധിപത്യത്തിലേക്ക് വീണ്ടും വഴുതിപ്പോകാതിരിക്കുന്നതിന് സിവിൾ സ്വാതന്ത്ര്യങ്ങൾ ഒരു ബിൽ ഓഫ് റൈറ്റ്സിൻെറ രൂപത്തിൽ രൂപപ്പെടുത്തി സംരക്ഷിക്കുന്നതിന് ഭരണഘടന പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. അതുപോലെതന്നെ, ഫെഡറൽ സംവിധാനം, അധികാര വിഭജനം, നിയമവാഴ്ചയിൻകീഴിലുള്ള സാമൂഹിക ജനകീയ സംവിധാനം, വ്യക്തി സ്വാതന്ത്ര്യങ്ങൾ എന്നിങ്ങനെയുള്ള ചില അടിസ്ഥാനപരമായ പ്രമാണങ്ങൾ ഭരണഘടനാഭേദഗതിയിൽക്കൂടിപ്പോലും മാറ്റാവുന്നതല്ല എന്ന് അസന്ദിഗ്ധമായി പ്രഖ്യാപിച്ചിട്ടുമുണ്ട്.

സമ്പദ്വ്യവസ്ഥ. ദേശീയമൊത്തഉത്പാദനം 66,797 കോടി ഡോളർ. പ്രതിശീർഷവരുമാനം 10,940 ഡോളർ. കൃഷിയിൽ ഏർപ്പെട്ടവർ 4.4% വ്യവസായങ്ങളിൽ 29.8%. സൈനികർ ഉൾപ്പെടെ ഉദ്യോഗസ്ഥർ 27.8%. വ്യാപാരികൾ 11.3%.

ജെർമൻ ഫെഡറൽ റിപ്പബ്ലിക് അദ്ഭുതകരമായ നേട്ടമാണ് വിദ്യാഭ്യാസപരമായി കൈവരിച്ചിരിക്കുന്നത്. ജെർമൻ സർവകലാശാലകളിൽ വിദേശരാജ്യങ്ങളിൽനിന്നുള്ള ആയിരക്കണക്കിനു വിദ്യാർഥികൾ (ഇവരിൽ ഭൂരിപക്ഷവും ഏഷ്യനാഫ്രിക്കൻരാജ്യങ്ങളിൽനിന്നാണ്) പഠിക്കുന്നുണ്ട്.

ഇവിടെ സാക്ഷരത 100% ആണ്. പ്രൈമറി ഘട്ടത്തിൽ വിദ്യാർഥി അധ്യാപകഅനുപാതം 14.2 ആണ്. ഉന്നതവിദ്യാഭ്യാസരംഗത്ത് ഇതു 4.1 ആണ്. മറ്റൊരു രാജ്യത്തിനും ഈ നില കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

ആരോഗ്യനില. ഭിഷഗ്വരന്മാർ 1.53,869 (396 ആൾക്ക് 1). ആശുപത്രിക്കിടക്ക 6,74,742 (90 പേർക്ക് 1), ശിശുമരണനിരക്ക് 1000 നു 8.9. പ്രതിശീർഷഭക്ഷണം 3,431 കലോറി. 1980 മുതൽ ജനസംഖ്യ കുറയുന്നു.

ഗതാഗതം. റെയിൽ 68,082 കി.മീ. റോഡ് 3,04,499 കി.മീ. വാഹനങ്ങൾ കാർ 2,69,17,400, ട്രക്കും ബസ്സും 13,64,100. കച്ചവടക്കപ്പൽ (100 ടണ്ണിനു മേൽ) 1,752. വിമാനത്താവളം 28.

വാർത്താവിനിമയം. ദിനപത്രം 660, പ്രചാരം 2,54,39,000, റേഡിയോ 2.4 ആൾക്ക് 1, റ്റി.വി. 2.6 ആൾക്ക് 1, ഫോൺ 1.6 ആൾക്ക് 1

പ്രതിരോധം. മൊത്തം സൈനികർ 4,85,800 (കരസേന 70.1% കടൽ 7.5% വായുസേന 22.4%)

ജെർമൻ ഭാഷ

ദോയ്ശ്ച്ലൻഡ് (Deutsch land) എന്ന പേരിൽ അറിയപ്പെടുന്ന, ജെർമനിയുടെയും ഓസ്റ്റ്രിയയുടെയും ഔദ്യോഗികഭാഷ. സ്വിറ്റ്സർലൻഡിലെ നാല് ഔദ്യോഗികഭാഷകളിൽ ഒന്നു ജെർമൻ ആണ്. ഇന്തോ-യൂറോപ്യൻ ഗോത്രത്തിലെ പശ്ചിമ ജെർമാനിക് കുടുംബത്തിൽപെട്ട ഭാഷയാണ് ജെർമൻ.

മധ്യകാല ഹൈ ജെർമൻ ഭാഷാഭേദങ്ങളുടെ മാനകീകൃതരൂപമാണ് ഇന്നത്തെ ഹൈ ജെർമൻ. ലോകഭാഷകളിൽ ഇതിന് ആറാം സ്ഥാനമുണ്ട്. ചൈനീസ്, ഇംഗ്ലീഷ്, ഹിന്ദി-ഉർദു, സ്പാനിഷ്, റഷ്യൻ ഇവയാണ് ഒന്നുമുതൽ അഞ്ചുവരെയുള്ള സ്ഥാനങ്ങളിൽ. തെക്കൻ ജെർമനി, ഓസ്റ്റ്രിയ, സ്വിറ്റ്സർലൻഡ് എന്നിവിടങ്ങളിൽ ഹൈ (High) ജെർമനും വടക്കൻ ജെർമൻ സമതലങ്ങളിൽ ലോ (Low) ജെർമനുമാണു സംസാരഭാഷ.

വ്യഞ്ജനോച്ചാരണത്തിലാണു രണ്ടു ജെർമൻ ഭാഷകളും തമ്മിലുള്ള ഭേദം. മൂന്നു ലിംഗവും നാലു വിഭക്തിയും വിശേഷണവിശേഷ്യഭേദവും ഉണ്ട്. ക്രിയകൾക്കു ബല-അബലഭേദവുമുണ്ട്. ജെർമൻ ഭാഷയ്ക്കു ദേശ്യഭേദങ്ങൾ ധാരാളമാണ്. ജെർമൻ സംസാരിക്കുന്നവർ 9,80,00,000 (1981).

ജെർമൻ മീസിൽസ്

അഞ്ചാംപനി (മണ്ണൻ)യോടു സാമ്യം ഉള്ള പകർച്ചവ്യാധി. ജെർമനിയിലാണ് ഇതെക്കുറിച്ച് ആദ്യം പഠനം നടത്തിയത്. അതുകൊണ്ട് ഈ പേർവന്നു. റൂബെല്ല എന്നും പേരുണ്ട്. വൈറസാണു രോഗാണു. ഇതു ശരീരത്തുകടന്ന് 15-18 ദിവസം കഴിഞ്ഞേ രോഗലക്ഷണങ്ങൾ പ്രകടമാകൂ. ഈ കാലയളവിനെ ഇൻകുബേഷൻ പീരീഡ് എന്നുപറയുന്നു. പനി, ചുമ, തലവേദന, കണ്ണുകൾക്കു ചെമപ്പ്, കൺപോളകൾക്കു വീർപ്പ് തുടങ്ങിയവയാണ് ആദ്യലക്ഷണങ്ങൾ. ഇവ മൂന്നോ നാലോ ദിവസത്തേക്കു നീണ്ടുനില്ക്കും. തുടർന്ന് ശരീരത്തിൽ ചെമന്ന തടിപ്പുകൾ (rashes) കണ്ടുവരുന്നു. മുഖത്തിലും കഴുത്തിലും തുടങ്ങി ക്രമേണ ശരീരമാസകലം ഇവ പെട്ടെന്നു പടർന്നുപിടിക്കുന്നു. കഴുത്തിലുള്ള കഴലകൾ (glands) വീർക്കുന്നതുകൊണ്ടു കഴുത്തുതിരിക്കാൻ പ്രയാസം നേരിടും.

ഗർഭിണികൾക്ക് ആദ്യഘട്ടത്തിൽ ഈ രോഗം വന്നാൽ ഗർഭസ്ഥശിശുവിൻെറ വളർച്ചക്കു ഹാനികരമാകും. അന്ധത, ബധിരത, മാനസികവളർച്ച ഇല്ലായ്മ തുടങ്ങിയ വൈകല്യങ്ങളാണു ശിശുവിൽ സാധാരണ കണ്ടുവരുന്നത്. ഭ്രൂണത്തിൻെറ ആരോഗ്യകരമായ വളർച്ചക്കു പ്രതികൂലമാകാനുള്ള സാധ്യത ഏറ്റവും കൂടുതൽ ആദ്യത്തെ മൂന്നു മാസക്കാലമാണ്. ഇക്കാലത്തു രോഗം ബാധിച്ചാൽ ഗർഭം അലസിപ്പിക്കുകയാണു സാധാരണ ചെയ്യുന്നത്.

ചെമന്ന തടിപ്പുകൾ കണ്ടുതുടങ്ങി മൂന്നോ നാലോ ദിവസത്തേക്കു രോഗം പകരാൻ സാധ്യതയുണ്ട്. രോഗി സംസാരിക്കുമ്പോഴും തുമ്മുമ്പോഴും ധാരാളം വൈറസുകൾ വമിച്ചുകൊണ്ടിരിക്കും. രോഗിയെ മാറ്റിത്താമസിപ്പിക്കുകയാണു രോഗപ്പകർച്ച തടയുന്നതിനുള്ള മാർഗം. ചികിത്സിക്കാതിരുന്നാൽ ന്യുമോണിയ, തലച്ചോറിനു ക്ഷതം തുടങ്ങിയ രോഗങ്ങൾ അപൂർവമായി ഉണ്ടാകാം. സാധാരണ ഒരു തവണയേ രോഗം ഉണ്ടാകൂ. ആദ്യം രോഗം ബാധിക്കുമ്പോൾ ഉത്പാദിപ്പിക്കപ്പെടുന്ന ആൻറിബോഡികൾ രക്തത്തിൽ ദീർഘനാൾ നിലനില്ക്കും.

ഗാമാഗ്ലോബുലിൻ എന്ന ആൻറിബോഡിക്ക് രോഗപ്രതിരോധശേഷി നല്കാനുള്ള കഴിവ് ഉണ്ട്. 1960-ലാണു വാക്സിൻ കണ്ടുപിടിച്ചത്. 1970-ൽ വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങി. അർധമൃതമായ വൈറസാണു വാക്സിനായി കുത്തിവയ്ക്കുന്നത്.

ജെർമൻ സാഹിത്യം

ജെർമൻ ഭാഷയിലെഴുതപ്പെട്ട സാഹിത്യം. ജെർമാനിക് ഭാഷയിലുള്ള ഏറ്റവും പഴയ സാഹിത്യകൃതി ബിഷപ്പ് വുൾഫിലാ ക്രിസ്തുവിനുശേഷം 4-ാം ശതകത്തിൽ രചിച്ചതും ഗോഥിക്ഭാഷയിലുള്ള



ഫോഗൽ വൈദേ (1170-1228)

തുമായ **ബൈബിൾതർജമയാണ്**. പക്ഷേ, 'ജെർമൻ' എന്ന പദം കൊണ്ട് **'ഹൈജെർമൻ'** (പർവതപ്രദേശമായ മധ്യജെർമനിയിലെയും ദക്ഷിണജെർമനിയിലെയും ഭാഷ) മാത്രമാണ് ഉദ്ദേശിക്കുന്നതെന്നതുകൊണ്ട് യഥാർഥത്തിൽ ജെർമൻസാഹിത്യം 8-ാംശതകത്തിന്റെ അവസാനമോ 9-ാംശതകത്തിന്റെ ആരംഭത്തിലോ മാത്രമേ രൂപംകൊള്ളുന്നതായി കരുതേണ്ടതുള്ളു. ഉത്തരജെർമനിയിലെ ഗ്രാമീണജനത സംസാരിക്കുന്ന 'ലോ ജെർമൻ' (താഴ്ന്ന പ്രദേശത്തെ ഭാഷ) ഭാഷയെ ഒരു ഉപഭാഷയെന്നതിനെക്കാളും ഒരു പ്രത്യേക ഭാഷതന്നെയായി ഗണിക്കണം. ഒരു ഏകീകൃത ജെർമനിയെന്നപോലെ ജെർമൻസാഹിത്യവും കാറൽ ദേർഗ്രോസ്സെ (ഷാർലെമാഞ്ഞ്, എ.ഡി. 768—814)യോടുകൂടി രൂപംകൊള്ളുന്നു.

പഴയ ഹൈജെർമൻകാലഘട്ടം. ഈ കാലഘട്ടത്തിലെ വീരസാഹസികകഥകളുടെ കൂട്ടത്തിൽ ലഭിച്ചിട്ടുള്ള ഒരേയൊരു മാതൃക 'ഹിൽദെബ്രാൻഡ്സ് ലീഡ്' (എ.ഡി. 800) ആണ്. ഹിൽദെബ്രാൻഡും മകൻ ഹാദുബ്രാൻഡും തമ്മിൽ ദ്വന്ദ്വയുദ്ധത്തിൽ ഏർപ്പെടുന്നതും മറ്റുമാണു പ്രതിപാദ്യം. ഷാർലെമാഞ്ഞിന്റെ പുത്രനായ ലൂയി ദി പയസ് ക്രിസ്തീയമായ അതിർവരമ്പുകൾ കാത്തു സൂക്ഷിക്കണമെന്ന നിർബന്ധക്കാരനായിരുന്നതുകൊണ്ട് ക്രൈസ്തവേതരസാഹിത്യത്തെ ഒരുതരത്തിലും പ്രോത്സാഹിപ്പിച്ചില്ല. ലോ ജെർമൻ ഭാഷയിൽ രചിക്കപ്പെട്ട 'ഹേലിയാൻഡ്' (എ.ഡി. 830) എന്ന മികച്ച കൃതിയിൽ ക്രിസ്തുചരിതം ഏതാണ്ട് ആറായിരത്തോളം വരികളിലായി പ്രതിപാദിച്ചിരിക്കുന്നു. കൃതി മതപരമാണെങ്കിലും ജെർമനിയുടെ ആത്മാവുൾക്കൊള്ളുമാറാണു പ്രതിപാദനം. ഓട്ട് ഫ്രിഡ് ഫൊൺ വൈസ്സെൻബൂർഗ് 868-ൽ രചിച്ച 'എവാൻഗേലിയൻ ബൂഹ്' ലത്തീൻകീർത്തനങ്ങളെ അനുകരിച്ചു പ്രാസം പ്രയോഗിച്ചിട്ടുള്ള കൃതിയാണ്. ഇതിലും ക്രിസ്തുവിന്റെ ജീവിതകഥയാണു വിഷയം. ചരിത്രഗാഥ(ഹിസ്റ്റോറിക്കൽ ബാലഡ്)യെന്നു വിളിക്കാവുന്ന ഒരേയൊരു പഴയ ഹൈജെർമൻ കൃതി 'ലുഡ്‌വിഗ്സ് ലീഡ്' (എ.ഡി. 881) ആണ്. ചാൾസ് ദി ബാൾഡിന്റെ പൗത്രനാണ് ഈ കൃതിയിലെ നായകൻ.

എ.ഡി. 911-ൽ കരോലിൻജിയൻവംശം നശിച്ചതോടെ ആ സ്ഥാനത്തു വന്നത് സാക്സൻചക്രവർത്തിമാരാണ്. ഓട്ടോ ഒന്നാമൻ മുതൽ മൂന്നാമൻ വരെയുള്ളവരുടെ കാലത്തു ലത്തീനോടുള്ള മമത വീണ്ടും വർധിച്ചു. ജെർമൻഭാഷാപ്രേമം പ്രകടമായതു സെയിൻറ് ഗാൾമൊണാസ്റ്ററിയിൽ മാത്രമാണ്. (ഉദാ: നോട്ട്കെറുടെ സങ്കീർത്തനങ്ങളും മറ്റും.) പക്ഷേ, ഇക്കാലത്തു തനി ജെർമൻ ഇതിവൃത്തങ്ങൾപോലും ലത്തീൻവേഷം ധരിച്ചാണു പ്രത്യക്ഷപ്പെടുന്നത്. ഓട്ടോണിയൻ നവോത്ഥാനകാലത്തെ ലത്തീൻസാഹിത്യത്തിൽപ്പെടുന്നവയാണ് ഗാൻഡേഴ്സ് ഹൈമിലെ കന്യാസ്ത്രീയായ ഹ്രോത്സുയിറ്റയുടെ നാടകങ്ങളും മറ്റും. ഏതാണ്ട് ഒരു ശതാബ്ദത്തിനുശേഷം വിരചിതമായ 'റൂവോഡ്‌ലീബി'ന്റെ ആകാരം ലത്തീന്റെതാണെങ്കിലും ആത്മാവ് ജെർമനിയുടെതാണ്. ഒരു റൊമാൻറിക് വീരസാഹസികകൃതിയാണ് അത്. എ.ഡി. 11-ാംശതകത്തോടെ പഴയ ഹൈജെർമൻ സാഹിത്യം അവസാനിക്കുന്നു.

മധ്യ ഹൈജെർമൻകാലഘട്ടം. 12-ാംശതകത്തിന്റെ മധ്യത്തോടെ ഉണ്ടായ ജെർമൻ എപ്പിക് കവിതയുടെ വളർച്ചയ്ക്കു നിദർശനങ്ങളാണ് 'അന്നോലീഡ്', 'കൈസർ ക്രോണിക്', 'കോയ്നിഷ്റോഥർ', ഹെർസോക് ഏർൺസ്റ്റ്' എന്നീ കൃതികൾ. കൊളോണിലെ ആർച്ചുബിഷപ്പായ അന്നോയുടെ ജീവിതകഥയാണ് അന്നോലീഡിലെ പ്രതിപാദ്യം. പക്ഷേ, ബൈബിൾഭാഗങ്ങളുടെ വ്യാഖ്യാനവും മറ്റും പ്രതിപാദ്യത്തോട് ഇണക്കിച്ചേർത്തിട്ടുണ്ട്. കൈസർ ക്രോണിക്കിൽ അതിപ്രാചീനകാലം മുതൽ രണ്ടാംകുരിശുയുദ്ധം നടന്ന എ.ഡി. 1147 വരെയുള്ള റോമാചരിത്രം ഉൾക്കൊള്ളുന്നു. അന്നോലീഡിന്റെയും കൈസർ ക്രോണിക്കിന്റെയും കർത്താക്കൾ ചിലപ്പോഴെങ്കിലും മതേതരവിഷയങ്ങളെപ്പറ്റിയും പ്രതിപാദിക്കുന്നുണ്ട്. തികച്ചും ജെർമൻ അന്തരീക്ഷമുള്ള ആദ്യത്തെ എപ്പിക് കൃതി 'കോയ്നിഷ്റോഥർ' (റോഥർരാജാവ്) ആണ്. 'ഹെർസോക് ഏർൺസ്റ്റി'ന്റെ ഇതിവൃത്തം കുറെക്കൂടി ആധുനികമാണ്. ഫ്രെഞ്ചുമാതൃകകൾ ആധാരമാക്കി വിരചിതമായ രണ്ടു കൃതികളാണ് അലക്സാണ്ടർ ലീഡും (എ.ഡി. 1160), റോളാൻഡ്സ് ലീഡും.

1170 മുതൽ 1250 വരെയുള്ള കാലഘട്ടത്തിലെ ജെർമൻസാഹിത്യം പ്രധാനമായി രാജസദസ്സുമായും വീരയോദ്ധാക്കളുടെ ജീവിതവുമായും ബന്ധപ്പെട്ടതാണ്. ഇക്കാലത്തെ സാഹിത്യകൃതികൾ മൂന്നു വകുപ്പുകളിൽപ്പെടുന്നു. 1. ഹോഫ് എപ്പോസ് (രാജകീയേതിഹാസം). 2. മധ്യകാലഭാവഗീതം. 3. ഹെൽഡൻ എപ്പോസ് (വീരേതിഹാസം).

ഹൈൻറിഷ്ഫൊൺ ഫെൽദെക്കെയുടെ 'എനൈറ്റ്'; ഹാർട്ട്മൻ ഫൊൺ അവ്വെയുടെ 'എറെക്', 'ഗ്രിഗോറിയുസ്', 'ഇവൈൻ', 'ദേർ അർമെഹൈൻറിഷ്'; വോൾഫ് റാംഫൊൺ ഏഷെൻബാഹിന്റെ 'പാർത്സിഫൽ'; ഗോട്ട്ഫ്രീഡ് ഫൊൺഷ് ട്രാസ്ബൂർഗിന്റെ 'ട്രിസ്റ്റൻ ഊൻറ് ഇസോൾഡെ' എന്നിവയാണ് ഈ വിഭാഗത്തിൽപ്പെട്ട സുപ്രധാനകൃതികൾ. മധ്യകാലസാഹിത്യത്തിലെ ഏറ്റവും മികച്ച കൃതികളിലൊന്നായ 'പാർത്സിഫൽ' ക്രിസ്തു അവസാനത്തെ അത്താഴത്തിനുപയോഗിച്ച കാലത്തെ സംബന്ധിച്ചുള്ള ഐതിഹ്യത്തെ ആസ്പദമാക്കിയാണ്. ഇതിന്റെ മാതൃക രണ്ടു ഫ്രെഞ്ച് ഇതിഹാസങ്ങളാണ്. ജീവിതത്തിൽ പല പരീക്ഷണങ്ങളിലൂടെയും കടന്നു മുന്നോട്ടുപോകുന്ന ഒരു മനുഷ്യാത്മാവിന് ഒടുവിൽ ബോധോദയം ഉണ്ടാകുന്നതിന്റെ ചിത്രം ഈ കൃതിയിൽ കാണാം.

മധ്യകാലഭാവഗീതരചയിതാക്കളിൽ മുഖ്യർ ഫ്രീഡ്രിഷ്ഫൊൺ ഹൗസെൻ, ഹൈൻറിഷ്ഫൊൺ മോറുങ്ങൻ, റൈൻമാർഫൊൺ ഹാഗെനൗ, വാൾട്ടർ ഫൊൺദേർ ഫോഗൽവൈദെ എന്നിവരാണ്. സ്ത്രീക്ക് സമൂഹത്തിൽ കൈവന്ന ഉന്നതസ്ഥാനമാണ് ഇക്കാലത്തെ പ്രധാനമായൊരു സംഭവവികാസം. ഫ്രെഞ്ച്സ്വാധീനമാണ് ഇതിനു കാരണം. സാഹിത്യത്തിൽ ഇതു 'മെന്നെസാങ്' എന്ന പ്രേമഗീതപ്രസ്ഥാനത്തിനു രൂപം നല്കി. മുൻപറഞ്ഞ കവികളിലാണ് ഈ പ്രസ്ഥാനം പൂർണവികാസം പ്രാപിച്ചത്. ഇവരിൽ മൗലികത്വം ഏറ്റവുമധികം ഉണ്ടായിരുന്ന ഫോഗൽവൈദെ മധ്യകാലജെർമൻസാഹിത്യത്തിലെ ശ്രേഷ്ഠതമനായ കവിയാണ്. സസൂക്ഷ്മവും സുന്ദരവുമായ ശൈലിയിൽ രചിക്കപ്പെട്ടവയാണ് അദ്ദേഹത്തിന്റെ പ്രേമഗീതങ്ങൾ.

ഗെയ്ഥെ (1749-1832)

വീരേതിഹാസങ്ങൾ ജെർമൻപുരാവൃത്തങ്ങളുടെ പുനരാഖ്യാനങ്ങളാണ്. 'നീബ്ലുങ്ങൻലീഡ്', 'കുഡ്റൂൺ ലീഡ്' എന്നിവയാണ് ഇവയിൽ ഏറ്റവും പ്രസിദ്ധം. ചരിത്രം, ഐതിഹ്യങ്ങൾ, മന്ത്രവിദ്യ

എന്നിവയുടെ സമ്മിശ്രരൂപം 'നീബ്ലുങ്ങൻലീഡി'ൽ കാണാം. സീഗ്ഫ്രീഡ് കഥാനായകനായുള്ള പ്രസ്തുതകൃതിയിലെ സംഭവപരമ്പരകൾ ബർഗണ്ടിക്കാരുടെയും 'ആറ്റിലാ' തുടങ്ങിയ ഹൂണന്മാരുടെയും ചരിത്രവുമായി കെട്ടുപിണഞ്ഞുകിടക്കുന്നു.

പരിവർത്തനദശ. ജെർമനിയുടെ രാഷ്ട്രീയസംവിധാനത്തിൽ ഇക്കാലത്തു പല മാറ്റങ്ങളും സംഭവിച്ചു. അതിർത്തികൾ കുറെക്കൂടി വിസ്തൃതങ്ങളായി. പുതിയ കോളനികൾ കണ്ടെത്തിയതോടെ കൃഷിയും കച്ചവടവും അഭിവൃദ്ധിപ്പെട്ടു. കച്ചവടസംഘങ്ങൾക്കു പ്രാമാണ്യം കൂടിവന്നു. 13-ം 14-ം ശതകങ്ങളിൽ പ്രഭുക്കളുടെയും പുരോഹിതന്മാരുടെയും ശക്തി ക്ഷയിച്ചു. വീരയോദ്ധാക്കളുടെ കാലം കഴിഞ്ഞെങ്കിലും വീരസാഹസികകഥകൾക്കു പ്രചാരം അപ്പോഴും ഉണ്ടായിരുന്നു. ലത്തീനു പ്രാധാന്യം വർധിക്കുകയും ലത്തീൻകൃതികളുടെ തർജമകൾ ജെർമൻഭാഷയിൽ ധാരാളം ഉണ്ടാവുകയും ചെയ്തു. ഇതുകൊണ്ടൊക്കെ ജെർമൻഭാഷയുടെ വികാസം തടയപ്പെട്ടു.

ഇക്കാലത്ത് ജെർമൻപഴങ്കഥകളുടെ ഗദ്യപുനരാഖ്യാനം 'ഫോൾക്ക്സ് ബ്യൂഷർ' (ജനകീയഗ്രന്ഥങ്ങൾ) എന്ന രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. ഉൾറിഷ് ഫ്യൂട്ടററുടെ 'ദസ് ബൂഹ്ദേർ ആബെൻറ്റോയർ' പല വീരസാഹസികകഥകളുടെ ഒരു ശൃംഖലയാണ്. 14-ം 15-ം ശതകങ്ങളിലെ ഭാവഗീതങ്ങൾ 'മിന്നസാങ്ങി'ന്റെതന്നെ തുടർച്ചയായിരുന്നു. മോണ്ട്ഫോർട്ട്, വോൾക്കൻഷ്റ്റൈൻ തുടങ്ങിയവർ പഴയരീതിയിലുള്ള പ്രേമഗീതരചനയിൽ ഏർപ്പെട്ടിരുന്നവരാണ്. പക്ഷേ, നഗരങ്ങളിലെ ഇടത്തരക്കാരായ കവികളുടെ രചനയിൽ ധാർമികവും മതപരവുമായ അംശം കൂടുതലായി കലർന്നുതുടങ്ങി. ഹൈൻറിഷ്ഫൊൺ മൈസ്സെൻ തനതായൊരു മാർഗം വെട്ടിത്തുറന്നു. ഈ മാറ്റങ്ങളോടെ 'മിന്നെസാങ്', 'മൈസ്റ്റർഗെസാങ്' എന്ന നവ്യരൂപം കൈക്കൊണ്ടു. കവിതകളുടെ ഗാനരൂപത്തിലുള്ള അവതരണത്തിനു പ്രചാരം വർധിച്ചു. പക്ഷേ, ഇക്കാലത്തെ ജെർമൻ ഭാവഗീതങ്ങളുടെ മേന്മ യഥാർഥത്തിൽ കാണാവുന്നത് 'ഫോൾക്കസ്‌ലീഡ്' (ജനകീയഗാനങ്ങൾ) എന്ന പ്രസ്ഥാനത്തിൽപ്പെട്ട രചനകളിലാണ്. ഇവ രാജ്യത്തുടനീളം പ്രചാരത്തിലിരുന്നു. പ്രേമം, യുദ്ധം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ഗാനങ്ങളും സങ്കീർത്തനങ്ങളും മദ്യപാനത്തോടു ചേർന്നുള്ള ഉല്ലാസഗാനങ്ങളും മറ്റുമാണ് അവയിൽ അധികവും.

ഹോഫ്മൻസ്റ്റാൾ
(1874-1929)

1450-ൽ യൊഹാൻ ഗുടൻബെർഗ് ആദ്യത്തെ അച്ചടിശാല സ്ഥാപിച്ചത് ഒരു സുപ്രധാന സംഭവമായിരുന്നു. സാധാരണക്കാർ പുരോഹിതന്മാരുടെയും മറ്റും പ്രമാണങ്ങളെ ചോദ്യംചെയ്തു തുടങ്ങി. നിരൂപണബുദ്ധി എല്ലാവരിലും വളർന്നുവന്നു. ആക്ഷേപഹാസത്തിന്റെ ഉഗ്രരൂപം ദർശിക്കാവുന്നതു സെബാസ്റ്റ്യൻ ബ്രാൻറിന്റെ 'നാറൻഷിഫ്' (വിഡ്ഢികളുടെ കപ്പൽ, 1494) എന്ന കൃതിയിലാണ്. ഈ കൃതിയിൽ ബ്രാൻറ് നൂറ്റിപ്പത്ത് വിവിധതരം വിഡ്ഢികളെ ചിത്രീകരിക്കുന്നു. വമ്പിച്ച പ്രചാരം ഈ കൃതിക്ക് ഉണ്ടായി. ഇതേ സമയത്തുതന്നെ ഉത്തരജെർമനിയിൽ 'ടിൽ' എന്ന വിദൂഷകനെ കേന്ദ്രമാക്കി പ്രചരിച്ചിരുന്ന കഥകൾ സാഹിത്യത്തിനു വിഷയമായി. 1515-ൽ പ്രസിദ്ധീകൃതമായ 'ടിൽ ഓയ്‌ലൻ ഷ്പീഗൽ' എന്ന കൃതിയിലെ ഹാസ്യചിത്രീകരണങ്ങളും നർമോക്തികളും യഥാർഥത്തിൽ വിദൂഷകവർഗത്തിനു പൊതുവായുള്ള സ്വഭാവവിശേഷങ്ങൾ ഉൾക്കൊള്ളുന്നവയാണ്.

തോമസ്മൻ
(1875-1955)

പള്ളിയുടെ സ്വാധീനം സാഹിത്യരംഗത്തു കുറഞ്ഞെങ്കിലും നാടകശാഖയുടെ ആദ്യകാലവികാസത്തിനു നിദാനം ആ സ്വാധീനം തന്നെയായിരുന്നു. ഉത്സവങ്ങളോടനുബന്ധിച്ചു ക്രിസ്തുവിന്റെ ജനനം, പീഡാനുഭവങ്ങൾ, ഉയിർത്തെഴുന്നേൽപ് എന്നിവയെക്കുറിച്ചുള്ള സംഭാഷണങ്ങളുടെ അവതരണത്തിൽനിന്നാണ് ഇതിന്റെ തുടക്കം. പിന്നീടു മറ്റു വിഷയങ്ങളും കൈകാര്യംചെയ്തുതുടങ്ങി. രംഗം പള്ളിയിൽനിന്നു പള്ളിമുറ്റത്തേക്കും അവിടെനിന്നു തുറസ്സായ മറ്റു സ്ഥലങ്ങളിലേക്കും ക്രമികമായി വ്യാപിച്ചു. 14-ാം ശതകത്തോടെ ഈ മതനാടകങ്ങൾക്കു പ്രചുരപ്രചാരം ലഭിച്ചു. ജെർമൻഭാഷ ലത്തീന്റെ സ്ഥാനം കൈക്കലാക്കിത്തുടങ്ങി. ഇത്തരം നാടകങ്ങളിൽ ക്രമേണ ഹാസ്യാംശത്തിനു പ്രാമുഖ്യം വരികയും 'ഫാസ്റ്റ് നാഹ്ത്ഷ്പീൽ' (ഉത്സവനാടകങ്ങൾ) എന്ന രൂപത്തിൽ അവ കൂടുതൽ പ്രചരിക്കുകയും ചെയ്തു.

16-ാം ശതകം—മതനവീകരണം. പ്രൊട്ടസ്റ്റൻറ് നവീകരണപ്രസ്ഥാനത്തിനുള്ള പാത ഒരുക്കിയത് മിസ്റ്റിസിസവും ഹ്യൂമനിസവുമായിരുന്നു. മൈസ്റ്റർ എക്ക്ഹാർട്ട്, ഹൈൻറിഷ്സോയ്സെ, യോഹന്നാസ് റ്റൗളർ തുടങ്ങിയവരാണ് മിസ്ററിസിസമെന്ന പ്രസ്ഥാനത്തിനു രൂപം നല്കിയതും ക്രിസ്തുമതത്തിന്റെ യാഥാസ്ഥിതികമനോഭാവത്തിൽനിന്നു വ്യതിരിക്തമായ ഒരു പാത വെട്ടിത്തുറന്നതും. യൊഹാൻ റോയ്ഷ്ലിൻ ഫൊൺ ഫോർസ്ഹൈമിന്റെയും ഹ്യൂമനിസ്റ്റായ ഇറാസ്മസിന്റെയും മറ്റും ചിന്തകളും പഠനങ്ങളും മറ്റും പ്രചരിച്ചതോടെ മതരംഗം വാദപ്രതിവാദങ്ങൾകൊണ്ടു സജീവമായി. ഈ കലങ്ങിമറിഞ്ഞ അന്തരീക്ഷത്തിലാണ് മാർട്ടിൻ ലൂഥറുടെ രംഗപ്രവേശം.

† മാർട്ടിൻ ലൂഥർ (1483—1546)ക്ക് ജെർമൻസാഹിത്യത്തെക്കുറിച്ചുള്ള വിചിന്തനത്തിൽ പ്രമുഖമായൊരു സ്ഥാനം കല്പിക്കേണ്ടതുണ്ട്. ലൂഥറുടെ ബൈബിൾ തർജമ വാസ്തവത്തിൽ ജെർമൻസാഹിത്യത്തിലെ ഒരു നാഴികക്കല്ലാണ്. ജനസാമാന്യത്തിന് എളുപ്പം കടന്നുചെല്ലാൻ കഴിയണമെന്നതായിരുന്നു ബൈബിൾതർജമയെ സംബന്ധിച്ചിടത്തോളം ലൂഥറുടെ മുഖ്യലക്ഷ്യം. അതിന് ജനഹൃദയങ്ങളുമായി താദാത്മ്യം പ്രാപിച്ച ഭാഷ കൂടിയേതീരൂ എന്നു മനസ്സിലാക്കിയ അദ്ദേഹം സാക്സൺ ചാൻസറിയിലെ ഭരണഭാഷ അടിത്തറയാക്കി അതിന്മേൽ സാധാരണജനങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന പദങ്ങളും ശൈലികളുംകൊണ്ട് മനോഹരമായ ഒരു ഭാഷാസൗധം പണിതുയർത്തി. ആധുനിക ഹൈജെർമന്റെ (ഇന്നത്തെ ജെർമൻഭാഷയുടെ) തുടക്കം ഇതാണ്—ലൂഥറുടെ ബൈബിൾ ജെർമനിക്ക് ഒരു ഏകീകൃതഭാഷ നല്കി. അദ്ദേഹം രചിച്ച ക്രിസ്തീയകീർത്തനങ്ങളും ('ഗൈസ്റ്റ് ലിഷെ ലീഡർ') ജനകീയഗാനങ്ങളുടെ ആത്മാവ് ഉൾക്കൊണ്ടവയായിരുന്നതുകൊണ്ട് നാടെങ്ങും പെട്ടെന്നു പ്രചരിച്ചു.

ഇക്കാലത്തെ സാഹിത്യം പ്രധാനമായും കത്തോലിക്കരും പ്രൊട്ടസ്റ്റൻറുകാരും തമ്മിലുള്ള വിവാദങ്ങളെ ചുറ്റിപ്പറ്റിയുള്ളതാണ്. കത്തോലിക്കരുടെ വാദമുഖങ്ങൾ പ്രധാനമായും ഫ്രാൻസിസ്കനായ തോമസ് മുർനറുടെ ആക്ഷേപഹാസകൃതികളിലൂടെ പ്രകാശിതമായി. ഫ്രെഞ്ച് ഹാസസാഹിത്യകാരനായ റാബെലെയെ അനുക

രിച്ച് യൊഹാൻ ഫിഷാർട്ട് (1550—1591) രചിച്ച നിശിതവിമർശം അടങ്ങിയ ഹാസ്യകൃതികളാണ് മുർനറുടെ തൂലികയ്ക്കെതിരെ പ്രൊട്ടസ്റ്റന്റ് തത്ത്വങ്ങൾ ഫലപ്രദമാംവിധം ഉയർത്തിപ്പിടിച്ചത്.

16-ാംശതകത്തിൽ മതവിവാദങ്ങളുടെ നൂലാമാലകളിൽപ്പെടാതെ നിന്ന ഒരു ശാഖ നാടകമാണ്. ഒരു വശത്തു സെനെക്കാ, ടെറൻസ്, പ്ലോട്ടസ് തുടങ്ങിയ ലത്തീൻ നാടകകൃത്തുകളുടെ സാങ്കേതികരീതിയവലംബിച്ചുള്ള നാടകങ്ങളുണ്ടായപ്പോൾത്തന്നെ മറുവശത്തു തികച്ചും ദേശീയമായ ഒരു നാടകപ്രസ്ഥാനത്തിനു ചെരുപ്പുകുത്തിയായ ഹൻസ്സാക്സ് (1494—1576) രൂപം നല്കി. ഉത്സവനാടകരചനയിൽ മുമ്പുണ്ടായിരുന്ന ഗ്രാമ്യത്വം ഒഴിവാക്കാൻ സാക്സിനു കഴിഞ്ഞു. ബൈബിൾ, ചരിത്രം, ക്ലാസിക്സാഹിത്യം, വിദേശീയ വീരസാഹസികകഥകൾ, നീബ്ലുങ്ങൻ ഇതിഹാസം, യക്ഷിക്കഥകൾ തുടങ്ങിയവയിൽനിന്നെല്ലാം അദ്ദേഹം ഇതിവൃത്തങ്ങൾ സ്വീകരിച്ചിട്ടുണ്ട്. 1590-ാമാണ്ടിടയ്ക്ക് ഇംഗ്ലീഷ് നാടകസംഘങ്ങൾ ജെർമനിയിൽ പര്യടനങ്ങൾ നടത്തി. നാടകീയത ജെർമൻനാടകങ്ങൾക്ക് അന്നോളം പൊതുവെ കുറവായിരുന്നു. ഇംഗ്ലീഷുകാരുടെ പര്യടനങ്ങൾ ആ കുറവു നികത്താൻ സഹായിച്ചുവെന്നതിനു തെളിവാണ് യാക്കോബ് ഐറർ, ഹൈൻറിഷ് യൂലിയുസ് തുടങ്ങിയവരുടെ നാടകങ്ങൾ.

മതപരമായ വിവാദങ്ങളിൽനിന്നും ആക്ഷേപഹാസത്തിൽനിന്നും അകന്നുനില്ക്കാൻ നോവലിനു കഴിഞ്ഞില്ല. ഇക്കാലത്തെ എടുത്തു പറയത്തക്ക ഒരേയൊരു നോവലെഴുത്തുകാരൻ 'റൊൾവാഗൻ ബൂഷ്‌ലൈൻ' എന്ന കൃതി രചിച്ച യോർഗ് വിക്ക്റം മാത്രമാണ്. പഴയ 'ജനകീയഗ്രന്ഥങ്ങൾ' തുടർന്നും പ്രചാരത്തിലുണ്ടായിരുന്നു. അവയിൽ മുഖ്യം സ്വന്തം ആത്മാവിനെ പിശാചിനു വില്ക്കുന്ന ഡോക്റ്റർ ഫൗസ്റ്റ് എന്ന മാന്ത്രികന്റെ കഥ ഇതിവൃത്തമാക്കിയ കൃതികളാണ്. ഒന്നാമത്തെ 'ഫൗസ്റ്റ് ബൂഹ്' 1587-ൽ പ്രസിദ്ധീകരിച്ചു. തുടർന്ന് പലരും ആ ഇതിവൃത്തം ആധാരമാക്കി കൃതികൾ രചിച്ചു.

മാർട്ടിൻ ലൂഥർ
(1483-1546)

നവോത്ഥാനവും ബറോക്കും. 17-ാംശതകത്തിന്റെ ആദ്യപകുതി ജെർമനിയെ സംബന്ധിച്ചിടത്തോളം തികച്ചും വിഷാദപൂർണമായിരുന്നു. 1618 മുതൽ 1648 വരെ നീണ്ടുനിന്ന മുപ്പതാണ്ടുയുദ്ധത്തിന്റെ കെടുതികൾ ജെർമനിയെ സാമ്പത്തികമായും സാമൂഹികമായും വല്ലാതെ ഉലച്ചു. പൊതുവേ വിദേശീയ ആശയഗതികളോടുള്ള കൂറാണ് ഈ കാലഘട്ടത്തിൽ കാണാവുന്ന സവിശേഷത. പക്ഷേ, സാഹിത്യത്തിന്റെ ചില ശാഖകൾ ഈ വിദേശീയ സ്വാധീനത്തിൽനിന്നും വിമുക്തമായിരുന്നു.

വൈദേശികഭാഷാപദങ്ങൾ ഭാഷയിൽ വർധിച്ചതോടെ അതിനെതിരായ മനോഭാവവും വളർന്നു. ഫ്ളോറൻസിലെ 'അക്കദേമിയാ ദെല്ലാ ക്രൂസ്കാ'യുടെ മാതൃകയിലുള്ള 'ഫ്രുഹ്ത്ബ്രിങ്ങെന്റെ ഗെസ്സെൽഷാഫ്റ്റ്', 'പൽമെൻ ഓർഡൻ' തുടങ്ങിയ ഭാഷാസമിതികളുടെ ആവിർഭാവത്തിലാണ് ഇതു കലാശിച്ചത്. ജെർമൻഭാഷയെ ശുദ്ധീകരിക്കുകയെന്നതായിരുന്നു ലക്ഷ്യം. പക്ഷെ, അവയുടെ സ്വാധീനം പരിമിതമായിരുന്നു. സൈലീഷ്യക്കാരനായ മാർട്ടിൻ ഓപ്പിറ്റ്സ് ആണ് ഇക്കാര്യത്തിൽ വിജയിച്ചത്. സീമോൻദാഹ്, പൗൻഫ്ലെമിങ്, ആൻദ്രേയാസ് തുടങ്ങിയ കവികൾ ഈ കൃത്യം തുടർന്നു നിർവഹിച്ചു.

17-ാംശതകത്തിൽ ജെർമൻനാടകശാഖയുടെ ഒരേയൊരു പ്രതിനിധി ഗ്രീഫിയൂസാണ്. ഡച്ചുനാടകങ്ങളായിരുന്നു മാതൃക. ബറോക്ക് ശില്പകലയുടെ സ്വഭാവമായ അമിതത്വം ഗ്രീഫിയൂസിന്റെ ദുരന്തനാടകങ്ങളെ ബാധിച്ചിട്ടുണ്ടെങ്കിലും, കോമഡികളായ 'ഹോറിബിലിക്രിബ്രി ഫാക്സ്', 'പേറ്റർസ്ക്വൻസ്' എന്നിവ 17-ാം ശതകത്തിലെ ഏറ്റവും മികച്ച നാടകങ്ങളാണ്.

കീർത്തനസാഹിത്യശാഖയ്ക്ക് ഓപ്പിറ്റ്സിനോടുള്ള കടപ്പാടു താരതമ്യേന കുറവാണ്: മാനസികഭാവങ്ങളുടെ ആത്മാർഥമായ ആവിഷ്കരണമാണല്ലോ കീർത്തനങ്ങൾക്കു മേന്മ നല്കുന്നത്. ഈ രംഗത്തു വിലപ്പെട്ട സംഭാവനകൾ നല്കിയത് പൗൽഗെർഹാർഡ്റ്റ് (1607—1676) ആണ്. ജീവസ്സുറ്റ ജനകീയഗാനങ്ങളായിരുന്നു ഗെർഹാർഡ്റ്റിന്റെ പ്രചോദനകേന്ദ്രം. തികച്ചും നവോത്ഥാനത്തിന്റെ സന്തതിയെന്നു പറയാവുന്നതും ഓപ്പിറ്റ്സിന്റെ പ്രേരണയിൽ വളർച്ചപ്രാപിച്ചതുമായ ഒരു പ്രസ്ഥാനമാണ് ആക്ഷേപഹാസലഘുകവനങ്ങൾ (എപ്പിഗ്രാംസ്). ഇത് വിദ്യാസമ്പന്നരുടെയിടയിൽ ആക്ഷേപഹാസത്തിനുള്ള ഒരു മാധ്യമമായിത്തീർന്നു. ഇത്തരം കവിതകൾ രചിച്ചവരുടെ കൂട്ടത്തിൽ മൗലികപ്രതിഭയുള്ള ഒരാൾ ഫ്രീദ്രിഷ് ഫൊൺലോഗൗ ആണ്. ലോഗൗ തന്റെ രചനകളിലൂടെ പുതുമയോടുള്ള അതിരുകവിഞ്ഞ പ്രേമത്തെയും ഫ്രെഞ്ചുരീതികൾ അനുകരിക്കാനുള്ള വ്യഗ്രതയും മറ്റും ആക്ഷേപിക്കുന്നു.

സ്പാനിഷ് ഫ്രെഞ്ചുനോവലുകളുടെ സ്വാധീനമാണ് 17-ാം ശതകത്തിലെ ജെർമൻനോവലുകളിൽ മുഖ്യമായി കാണാവുന്നത്. രൂപരേഖ സ്പാനിഷ് ആണെങ്കിലും മൗലികപ്രതിഭയുടെ പ്രകാശമുള്ളൊരു കൃതിയാണ് യൊഹാൻ യാക്കോബ് ക്രിസ്റ്റോഫ്ഫൊൺ ഗ്രിമ്മൽസ് ഹൗസന്റെ (1624—1676) 'ദേർ ആബെൻറ്റോയർലിഷെ സിംപ്ലിസിസ്സിമുസ്' എന്ന പികാറെസ്ക് നോവൽ. മുപ്പതാണ്ടുയുദ്ധത്തിന്റെ ഭയങ്കരതകളെക്കുറിച്ചും അതിന്റെ അനന്തരഫലങ്ങളെക്കുറിച്ചും തികച്ചും യഥാതഥമായി ഈ കൃതിയിൽ വിവരിച്ചിട്ടുണ്ട്. ആദ്യത്തെ ജെർമൻ നോവൽ എന്ന പേരർഹിക്കുന്ന ഈ കൃതിക്ക് നല്ല പ്രചാരം കിട്ടി. പഴയമട്ടിലുള്ള സാഹസികകഥകൾ തുടർന്നു രചിച്ചവരിലൊരാൾ ഫിലിപ്പ് വൊൺസേസൻ ആണ്.

ഒന്നാം സൈലീഷ്യൻ പ്രസ്ഥാനക്കാരായ ഓപ്പിറ്റ്സും തൊട്ടുപിമ്പുള്ള അനുയായികളും രചനാഭംഗി, ആവിഷ്കരണസൂക്ഷ്മത എന്നിവയിൽ ഊന്നുകയും പഴയതും പുതിയതുമായ നല്ല മാതൃകകൾ നിഷ്കർഷിച്ചു പഠിക്കുകയും ചെയ്തപ്പോൾ, രണ്ടാം സൈലീഷ്യൻ സ്കൂളുകാരായ ഹോഫ്മൻസ് വാൽഡൗ, ലോവൻഷ്റൈറൻ തുടങ്ങിയവർ ആവിഷ്കരണനൂതനതയ്ക്കും ശൈലീഭംഗിക്കും അമിതപ്രാധാന്യം നല്കുകയും അവരുടെ കൃതികൾ ഒടുവിൽ വൈഷയികത്വത്തിന്റെയും ശബ്ദാഡംബരഭ്രമത്തിന്റെയും ചുഴിയിൽപ്പെട്ടുപോവുകയും ചെയ്തു.

പ്രബുദ്ധതയുടെ കാലഘട്ടം. ബറോക്ക് കാലഘട്ടത്തിലെ അമിതത്വം വളരെവേഗം അവസാനിച്ചു. ഗോട്ട്ഫ്രീഡ് വിൽഹെല്മ് ലൈബ്നിറ്റ്സിന്റെയും (1646-1716) ലൈബ്നിറ്റ്സിന്റെ ആശയങ്ങൾ കൂടുതൽ ലളിതമാക്കി പ്രചരിപ്പിക്കുന്നതിൽ മുഖ്യരായിരുന്ന ക്രിസ്റ്റിയാൻ വോൾഫിന്റെയും തോമാസിയുസിന്റെയും മറ്റും ആവിർഭാവത്തോടെ യുക്തിവാദപ്രസ്ഥാനത്തിന്റെ അടിത്തറ ദൃഢമായിക്കഴിഞ്ഞിരുന്നു. പിന്നെയങ്ങോട്ടുള്ള കാലം 'പ്രബുദ്ധതയു

നീറ്റ്ഷെ
(1844-1900)

ഹെർമൻ ഹെസ്സേ
(1877-1962)

ടെ കാലഘട്ടം' (ഔഫ് ക്ലേയറുങ്) എന്ന പേരിലാണ് അറിയപ്പെടുന്നത്. റഷ്യയിലെ ഫ്രീഡറിക് ഒന്നാമന്റെ സദസ്സിലുണ്ടായിരുന്ന കാനിറ്റ്സ്, ബെസ്സർ, നോയ്കിർഷ് തുടങ്ങിയവരുടെ കവിതകൾ ഫ്രെഞ്ചുസാഹിത്യനിരൂപകനായ ബ്വാലോ നിഷ്കർഷിച്ച സിദ്ധാന്തങ്ങൾ അനുസരിച്ചു രചിക്കപ്പെട്ടവയാണ്. ഇക്കൂട്ടത്തിൽനിന്ന് ഉയർന്നുവന്ന ഒരു മികച്ച കവിയാണ് യൊഹാൻ ക്രിസ്റ്റിയാൻ ഗുയ്ന്തർ. യുക്തിവാദത്തിന്റെയും ഇംഗ്ലീഷ് പ്രകൃത്യാരാധകകവിതയുടെയും സമന്വയം ബ്രോക്കെസ്സിന്റെ കവിതകളിൽ കാണാം. ഹാഗെദോർണിന് മാതൃക ഹോറേസും ലാഹൊണ്ടെയിനും ഗേയും മറ്റുമായിരുന്നു. ആൽബ്രെഷ്റ്റ്ഫൊൺ ഹല്ലറുടെ മനോഹരകവിതകളിൽ ആൽപ്സ് പർവതനിരകളുടെ സൗന്ദര്യവും ഉദാത്തതയും തെളിഞ്ഞുവിളങ്ങുന്നു.

പ്രബുദ്ധതയുടെ കാലഘട്ടത്തിലെ സമുന്നതനായ സാഹിത്യനായകൻ യൊഹാൻ ക്രിസ്റ്റോഫ് ഗോട്ട്ഷെഡ്ഡാണ് (1700—1766). അദ്ദേഹം 'ഫെർസൂഹ്' ഐനെർ ക്രീട്ടിഷെൻ ദിഷ്റ്റ് കൂൺസ്റ്റ്ഫ്യൂർ ദീ ദോയ്ശ്ചെൻ' എന്ന സുപ്രധാനഗ്രന്ഥത്തിൽ നിരൂപണതത്ത്വങ്ങളും സത്കവിതാലക്ഷണങ്ങളും എന്തൊക്കെയെന്നു പ്രഖ്യാപിക്കുകയും കാവ്യകലയെ ഒരു വ്യവസ്ഥാപിത സാഹിത്യരൂപമാക്കി മാറ്റുകയും ചെയ്തു. ഓപ്പിറ്റ്സിനെപ്പോലെ ഗോട്ട്ഷെഡും വിദേശസാഹിത്യങ്ങളുടെ മേന്മയിലേക്കു സാഹിത്യകുതുകികളുടെ ശ്രദ്ധ ക്ഷണിച്ചു. ഫ്രെഞ്ചു കലാതത്ത്വവേദിയായ ബ്വാലോയുടെ സിദ്ധാന്തങ്ങൾക്ക് അനുസ്യൂതമായ ഒരു സാഹിത്യസങ്കല്പമാണ് ഗോട്ട്ഷെഡ് ജെർമനിക്കു നല്കിയത്. കൂടാതെ, ആഭാസമയമായ പ്രഹസനങ്ങളും കോമാളിത്തങ്ങളും മൂലം ദുഷിച്ച നാടകരംഗം ഫ്രെഞ്ചു മാതൃക അടിസ്ഥാനമാക്കി ശുദ്ധീകരിക്കുവാനും ഗോട്ട്ഷെഡ് മുതിർന്നു. ഗോട്ട്ഷെഡ് താമസിയാതെ എതിർപ്പിനു വിധേയനായി. പ്രതിഭയും പ്രചോദനവുമാണ് പ്രധാനം. ഭാവന ഒരിക്കലും യുക്തിചിന്തയ്ക്ക് അടിപ്പെടരുത്. ഈ വീക്ഷണം പൊന്തിവന്നു.

1748-ൽ ഫ്രീദ്രിഷ് ഗോട്ട്ലീബ് ക്ലോപ്ഷോട്ക്ക് (1724—1803) 'ദേർ മെസ്സിയാസ്' (മിശിഹാ) എന്ന മഹാകാവ്യത്തിന്റെ ആദ്യ കാണ്ഡങ്ങൾ 'ബ്രേമർ ബൈട്രേഗെ' എന്ന സാഹിത്യപത്രികയിൽ പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയതോടെ ജെർമൻസാഹിത്യത്തിലെ സുവർണദശ ആരംഭിച്ചു. മിശിഹാചരിത്രത്തിന്റെ വിശദ പ്രതിപാദനം അടങ്ങുന്ന ഈ മഹാകാവ്യം ജെർമൻസാഹിത്യത്തിന് വളരെ വിലപ്പെട്ട ഒരു സംഭാവനയായിരുന്നു. ക്ലോപ്ഷ്റ്റോക്കിന്റെ ഗീതങ്ങൾ (Odes) സ്വരാജ്യസ്നേഹം നിറഞ്ഞു തുളുമ്പുന്നവയാണ്. ഹെർമൻ എന്ന ജെർമൻ വീരനെ വിഷയമാക്കി മൂന്നു നാടകങ്ങൾ രചിച്ചു.

'പ്രബുദ്ധതയുടെ കാലഘട്ടം' കാഴ്ചവച്ച ഏറ്റവും ശ്രേഷ്ഠനായ സാഹിത്യകാരനാണ് ഗോട്ട് ഹോൾഡ് എഫ്രൈം ലെസ്സിങ് (1729—1781). 'ലിറ്ററാറ്റൂർ ബ്രീഫെ', 'ഹാംബൂർഗിഷെ ഡ്രാമാറ്റൂർഗീ' എന്നീ കൃതികളിലൂടെ ലെസ്സിങ് ഇംഗ്ലീഷ് സാഹിത്യത്തിന്റെ, പ്രത്യേകിച്ചും ഷേക്സ്പിയർ നാടകങ്ങളുടെ കലാമേന്മ എടുത്തുകാട്ടി. ഇടത്തരക്കാരുടെ ജീവിതദുരന്തം ചിത്രീകരിക്കുന്ന ഒരു 'ബൂർഷ്വാ ട്രാജഡി'യാണ് 'മിസ് സാറാസാംപ്സൺ'. വിപ്ലവപ്രേരകമായ ഈ കൃതി പില്ക്കാലത്തെ 'ഷ്റ്റുർമ് ഊൻഡ് ദ്രാങ്' നാടകങ്ങളുടെ മുന്നോടിയാണെന്നും പറയാം. പിന്നീട് കാവ്യകലയും ശില്പകലയും തമ്മിലുള്ള അതിർത്തി നിർണയിക്കുന്ന 'ലാവൊക്കൂണും (Laocoon) ജെർമൻ നാടകസാഹിത്യത്തിലെ ഒരു നാഴികക്കല്ലായ 'മിന്നാഫൊൺ ബാരൺ ഹെൽമ്' എന്ന സുപ്രസിദ്ധ കോമഡിയും അദ്ദേഹം രചിച്ചു. സാധാരണക്കാരുടെ ജീവിതത്തിലെ ദുരന്തമാണ് 'എമിലിയാ ഗാലൊട്ടി' യിലെയും വിഷയം. മതസൗഹാർദം, സഹിഷ്ണുത എന്നീ ഉത്തമലക്ഷ്യങ്ങൾ മുൻകണ്ടുകൊണ്ടു രചിച്ച 'നാഥാൻ ദേർ വൈസെ' (ബുദ്ധിമാനായ നാഥാൻ) ലെസ്സിങ്ങിന്റെ പ്രൗഢപ്രതിഭയുടെ നിദർശനമാണ്.

പ്രകൃതിമനോഹരമായ പരിസരങ്ങളിൽ സുന്ദരിമാരുമൊത്തുള്ള അലസമായ സുഖജീവിതം എന്ന ജീവിതസങ്കല്പമാണ് റൊക്കോക്കോ (Rococo) രീതിയിൽ കൃതികൾ രചിച്ച ക്രിസ്റ്റോഫ് മാർട്ടിൻ വീലൻഡിന് (1733-1813) പ്രചോദനം നല്കിയത്. പുരാതന ഗ്രീക്കു കവിയായ അനാക്രെയോണിന്റെ രചനകളിലുള്ള ഈ മദഭരിതമായ അന്തരീക്ഷം ഗെഥേയുടെ ആദ്യകാലകവിതകളിൽപ്പോലും കാണാം. വീലൻഡിന്റെ 'ഒബെറോൺ' ഒരു റൊമാന്റിക് ഇതിഹാസമാണ്. മനശ്ശാസ്ത്രപരവും ആധുനികസ്വഭാവമുള്ളതുമായ നോവലാണ് 'അഗാഥോൺ'. രാജ്യഭരണനിർവഹണത്തെപ്പറ്റി വീലൻഡിനുള്ള ആശയങ്ങൾ 'ദേർ ഗോൾഡനെ ഷ്പീഗൽ' എന്ന കൃതിയിലുണ്ട്. 'ദീ അബ്-ഡെരിറ്റൻ' ആക്ഷേപഹാസപരമാണ്. വീലൻഡ് ജെർമൻസാഹിത്യത്തിനു നല്കിയ നല്ലൊരു സംഭാവന ഇരുപത്തിരണ്ടു ഷേക്സ്പിയർനാടകങ്ങളുടെ തർജമയാണ്.

ഷ്റ്റുർമ് ഊൻഡ്ദ്രാങ്. യുക്തിയെക്കാൾ സർവപ്രധാനം വികാരം അല്ലെങ്കിൽ അനുഭൂതിയാണ് എന്ന ശാഠ്യത്തോടെ യുക്തിവാദാധിഷ്ഠിതസാഹിത്യത്തിന് എതിരെ ഉയർന്നുവന്ന സാഹിത്യപ്രസ്ഥാനമാണ് 'ഷ്റ്റുർമ് ഊൻറ്ദ്രാങ്' (കൊടുങ്കാറ്റും സമ്മർദവും). ഈ ആശയം ആവേശത്തോടെ തങ്ങളുടെ കൃതികളിൽ ആദ്യം പ്രകടിപ്പിച്ചവർ ആംഗലസാഹിത്യകാരന്മാരായ റിച്ചാർഡ്സൺ, എഡ്വേർഡ് യങ് എന്നിവരായിരുന്നു. ജെർമനിയിൽ ക്ലോപ്ഷ്റ്റോക്കിന്റെ മതഭക്തിപ്രകടനപരമായ കാവ്യങ്ങളിൽ ഈ ആശയത്തിന്റെ പ്രതിഫലനം ദൃശ്യമായിരുന്നു. റുസ്സോയുടെ 'പ്രകൃതിയിലേക്കു തിരിച്ചുപോവുക' എന്ന ആഹ്വാനം അവർക്കു പ്രചോദനം നല്കി. യൊഹാൻ ഗെയോർഗ്ഹാമൻ (1730-1788), യൊഹാൻ ഗോട്ട്ഫ്രീഡ് ഹെർഡർ (1744-1803) എന്നിവരുടെ പ്രവർത്തനങ്ങൾ 'ഷ്റ്റുർമ് ഊൻഡ് ദ്രാങ്' പ്രസ്ഥാനത്തിന് അടിക്കല്ലിട്ടു. ഇന്ദ്രിയാനുഭവങ്ങളുടെ തീവ്രപ്രചോദനത്തിൽനിന്ന് ഉയിർക്കൊള്ളുന്ന ഭാഷയുടെ പ്രാധാന്യത്തെപ്പറ്റി ഹാമൻ ഊന്നിപ്പറഞ്ഞു. മനുഷ്യരാശിയുടെ മാതൃഭാഷ കവിതയാണെന്നും അതിന്റെ പൂർണചൈതന്യം കാണാവുന്നത് പ്രാകൃതകവിതയിലാണെന്നുമായിരുന്നു ഹാമന്റെ സിദ്ധാന്തം. ഹാമന്റെ ശിഷ്യനായ ഹെർഡർ 1767-ൽ 'ഫ്രാഗ്മെന്റെ ഉയ്ബർ ദീനോയെറെ ദോയ്ശ്ചെ ലിറ്ററാറ്റൂർ' എന്ന സാഹിത്യവിമർശഗ്രന്ഥവുമായി രംഗപ്രവേശംചെയ്തു. ഹെർഡർ മൗലികപ്രതിഭ സാഹിത്യകാരന് അനുപേക്ഷണീയമാണെന്നു പ്രഖ്യാപിക്കുകയും സാഹിത്യമേന്മയുടെ ഉത്തമമാതൃകകളായി നാടൻപാട്ടുകളിലേക്കും മധ്യകാല വീരേതിഹാസങ്ങളിലേക്കും വിരൽ ചൂണ്ടുകയും ചെയ്തു. 1778-'79-ൽ ഹെർഡർ നാടൻപാട്ടുകളുടെ ഒരു സമാഹാരം പ്രസിദ്ധീകരിച്ചു. ഹെർഡറുടെ സ്വാധീനം ഗെഥെയുടെ ആദ്യകാലകൃതികളിൽ പ്രകടമാണ്. 'ഷ്റ്റുർമ് ഊൻഡ് ദ്രാങ്' പ്രസ്ഥാനത്തിന്റെ സ്വഭാവവിശേഷങ്ങളുള്ളവയാണവ.

പ്രകൃതിപ്രേമം, വികാരവിക്ഷോഭം, സ്വാതന്ത്ര്യതൃഷ്ണ, ഇന്ദ്രിയാനുഭൂതികൾ എന്നിവയ്ക്കാണ് ഈ പ്രസ്ഥാനവുമായി ബന്ധപ്പെട്ട ചെറുപ്പക്കാരായ നാടകകൃത്തുക്കൾ പ്രാധാന്യം നല്കിയത്. മാക്സിമിലിയൻ ക്ലിങ്ങറുടെ 'ഷ്റ്റുർമ് ഊൻഡ് ദ്രാങ്' എന്ന നാടകത്തിൽനിന്നാണ് പ്രസ്ഥാനത്തിന് ആ പേരു കിട്ടിയത്. വളരെയധികം ഒച്ചപ്പാടുണ്ടാക്കിയവയാണ് ലെൻത്സിന്റെ 'ദീ സോൾ ഡാറ്റൻ'

ഹെബ്ബൽ
(1813-1863)

ഹൈൻറിഷ് ഹൈനെ
(1797-1856)

(പട്ടാളക്കാർ), ലെയോപോൾഡ് വാഗ്നറുടെ 'കിൻെറസ് മോയ്ർഡറിൻ' (ശിശുഹത്യനടത്തിയവൾ) തുടങ്ങിയ നാടകങ്ങൾ.

ക്ലോപ്ഷ്റ്റോക്കിൽനിന്നു പ്രചോദനം ഉൾക്കൊണ്ടവരാണ് 'ഗോട്ടിങ്ങർ ഹൈൻ' എന്ന പേരിൽ ഒരു സംഘമായിനിന്ന ഫോസ്, ഹോൾട്ടി തുടങ്ങിയ കവികൾ. ഹോമറുടെ കൃതികൾ തർജമ ചെയ്ത ഫോസ് രചിച്ച 'ലൂയിസെ' എന്ന കൃതിയിൽ ഉൾനാടൻ ജീവിതം ചിത്രീകൃതമായിരിക്കുന്നു. ഹോൾട്ടിയുടെ കവിതകളിൽ ആന്തരികമായ തീവ്രവികാരങ്ങളുടെ പ്രതിഫലനം കാണാം. പ്രസ്ഥാനങ്ങളിൽനിന്ന് ഒറ്റപ്പെട്ടുനിന്ന മറ്റിയാസ് ക്ലൗഡിയുസ് (1740-1815) ലളിതവും അതോടൊപ്പം ഉത്സാഹത്തിമിർപ്പുള്ളതുമായ കവിതകൾ രചിച്ചു. 'ഗോട്ടിങ്ങർ ഹൈനി'ൽ അംഗമായിരുന്നില്ലെങ്കിലും ആ സമാജവുമായി ബന്ധപ്പെടുത്താവുന്ന കവിയായ ഹോട്ട് ഫ്രീഡ് ഔഗുസ്ത് ബ്യുർഗർ (1747-1794) ബാലഡ് ശാഖയെ സമ്പുഷ്ടമാക്കി. അദ്ദേഹം രചിച്ച 'ലെനോറെ' എന്ന കഥാകാവ്യം സുപ്രസിദ്ധമാണ്.

ക്ലാസ്സിക്കൽ കാലഘട്ടം (1775-1832). ജെർമൻ സാഹിത്യത്തിലെ ഏറ്റവും ഫലവത്തും മഹത്തുമായ ഈ കാലഘട്ടം യോഹാൻ വോൾഫ്ഗാങ് ഗെയ്ഥെ (1749-1832), ഫ്രീദ്രിഷ്ഷില്ലർ (1759-1805) എന്നീ രണ്ട് ഉജ്ജ്വലപ്രതിഭകളുമായി ബന്ധപ്പെട്ടിരുന്നു. മുൻ പ്രസ്ഥാനങ്ങളിൽനിന്നുള്ള സ്വാഭാവികവികാസമായി കണക്കാക്കാവുന്ന ക്ലാസിസിസത്തിൽ പ്രാചീന ഗ്രീക്കുകലയുടെയും ജെർമൻ ആദർശവാദതത്ത്വങ്ങളുടെയും സമന്വയം ദൃശ്യമാണ്. കലാതത്ത്വവേദിയായ വിങ്കെൽമൻ ആണ് ഗ്രീക്കുകലയിലേക്ക്, പ്രത്യേകിച്ചും ഗ്രീക്ക് ശില്പകലയിലേക്ക്ശ്രദ്ധക്ഷണിച്ച് ക്ലാസ്സിക്കലയുടെ ഔന്നത്യത്തെപ്പറ്റി പുകഴ്ത്തിപ്പാടിയത്. 'ശ്രേഷ്ഠമായ ലാളിത്യവും ശാന്തമായ മഹത്ത്വവും' ആണ് †ഗ്രീക്ക് ശില്പകലയുടെ സവിശേഷതകളെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ഗ്വെഥേ, †ഷില്ലർ നോക്കുക.

ക്ലാസിക്പ്രസ്ഥാനത്തിലോ കാല്പനികപ്രസ്ഥാനത്തിലോ പെടുത്താനാവില്ലെങ്കിലും അവയിലോരോന്നുമായും പൊതുവായ സ്വഭാവവിശേഷങ്ങളുള്ള കൃതികൾ രചിച്ച പ്രതിഭാശാലിയാണു ഫ്രീദ്രിഷ് ഹോയ്ൽ ദർലിൻ (1770-1843). വിഷാദസങ്കുലമായ ബാല്യകാലത്തിനുശേഷം മുപ്പത്തിരണ്ടാമത്തെ വയസ്സിൽ അദ്ദേഹം അസ്ഥിരചിത്തനായിത്തീർന്നു. ഷില്ലറുടെ ആരാധകനായിട്ടാണു ഹോയ്ൽ ദർലിൻ സാഹിത്യജീവിതം ആരംഭിച്ചത്. കാല്പനിക പ്രസ്ഥാനത്തിൽപ്പെട്ട എഴുത്തുകാരെപ്പോലെ അസംതൃപ്നായിരുന്ന അദ്ദേഹം ആശ്വാസം കണ്ടെത്തിയത് ഗ്രീക്കുകലയിലും സംസ്കാരത്തിലുമാണ്. കത്തുകളുടെ രൂപത്തിലുള്ള 'ഹുയ്പെരിയോൺ' എന്ന നോവലാണു പ്രമുഖകൃതി. ജെർമൻ സാഹിത്യത്തിലെ ഏറ്റവും മികച്ച ചില കവിതകളുടെ രചയിതാവും കൂടിയാണ് അദ്ദേഹം. പ്രഷ്യ സംഭാവനചെയ്ത ഏറ്റവും മികച്ച നാടകകൃത്തായ ഹൈൻറിഷ് ഫൊൺ ക്ലൈസ്റ്റിന് (1777-1811) ജെർമൻ സാഹിത്യത്തിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. 'ദീ ഫമീലിയേ ഷറോഫൻ ഷ്റ്റൈൻ (1803), 'പെൻറ്റെസീലിയാ' (1808) എന്നീ ദുരന്തനാടകങ്ങളും മോളിയേറുടെ നാടകത്തിന്റെ ചുവടുപിടിച്ചെഴുതിയ 'അംഫിട്രിയോണു'മാണ് ക്ലൈസ്റ്റിൻെറ ആദ്യകാലകൃതികൾ. ഒരു പൊട്ടിയ ഭരണിയെച്ചൊല്ലി ഒരു ഗ്രാമത്തിൽ നടക്കുന്ന കേസിനെ ആധാരമാക്കി രചിച്ച 'ദേർ സെർ ബ്രോഹനെ ക്രൂഗ്' (പൊട്ടിയ ഭരണി) ജെർമൻ കോമഡികളുടെ മുൻപന്തിയിൽ നില്ക്കുന്നു. 'കേറ്റ്ഷൻ ഫൊൺ ഹൈൽ ബ്രൊൺ', 'ദീ ഹെർമൻ ഷ്ളാഹ്ത്' എന്നിവ കാല്പനികസ്വഭാവം കലർന്ന നാടകങ്ങളാണ്. ക്ലൈസ്റ്റിൻെറ ഏറ്റവും പ്രശസ്തകൃതി 'ദേർ പ്രിൻസ് ഫൊൺ ഹാംബുർഗ്' (ഹാംബുർഗിലെ രാജകുമാരൻ) ആണ്. പ്രഷ്യൻ ശിക്ഷണബോധത്തെ ഏറ്റവും നാടകീയമായി ചിത്രീകരിക്കുന്ന ഈ ചരിത്രനാടകം ജെർമൻ സാഹിത്യത്തിലെ ഏറ്റവും മികച്ച കൃതികളിൽ പെടുന്നു. കൂടാതെ 'മിഷേൽ കോൾ ഹൗസ്' തുടങ്ങിയ നോവലുകളും 'എർദ്ബേബൻ ഇൻ ഷിലി' (ചിലിയിലെ ഭൂകമ്പം) തുടങ്ങിയ മനോഹരകഥകളും അദ്ദേഹം രചിച്ചിട്ടുണ്ട്. ഷോൺ പൗലിൻെറ (ഷോൺ പൗൽ ഫ്രീദ്രിഷ്റിഷ്റ്റർ 1763-1825) നോവലുകളിൽ പല രചനാധാരകളും ഒത്തുചേരുന്നു. പഴയ രീതിയോടൊപ്പം പുതിയ ആദർശാത്മകത്വവും വ്യക്തിവാദവുംകൂടി ചേർത്തു രചിക്കപ്പെട്ടവയാണ് 'ഹെസ്പെറുസ്', 'സീബൻകെയ്സ്', 'റ്റിറ്റാൻ', 'ഫ്ളേഗൽയാറെ' തുടങ്ങിയ നോവലുകൾ. മാസ്റ്റർപീസായ 'റ്റിറ്റാൻ' എന്ന കൃതിയിൽ ഗ്വെഥേയുടെ 'വിൽഹെൽമ് മൈസ്റ്ററു'ടെ സ്വാധീനം പ്രകടമാണ്. കൃതികളുടെ സ്വഭാവംകൊണ്ടും കാഴ്ചപ്പാടുകൊണ്ടും യൊഹാൻ പേറ്റർ ഹേബലും (1760-1826) ക്ലാസ്സിക് റൊമാൻറിക് പ്രസ്ഥാനങ്ങൾക്കിടയിൽ നില്ക്കുന്നു. ഒരുവശത്തു ദൃഢമായ മതവിശ്വാസവും മറുവശത്തു സാധാരണജനങ്ങളോടുള്ള ആഭിമുഖ്യവുമായിരുന്നു ഹേബലിൻെറ പ്രത്യേകതകൾ. കവിതകൾക്കുപുറമെ, പ്രാചീന ഗ്രാമീണകലണ്ടർകഥകളുടെ ചുവടുപിടിച്ചെഴുതിയ പുതിയ കലണ്ടർകഥകളും ഹേബലിൻെറ സംഭാവനയായി ഉണ്ട്.



ഫ്രാൻസ്ഗ്രിൽപാർസർ
(1791-1872)

റൊമാൻറിക്പ്രസ്ഥാനം (1797-1830). ക്ലാസിക്പ്രസ്ഥാനം വിജയൗന്നത്യത്തിലെത്തി മെല്ലെമെല്ലെ അസ്തപ്രഭമായിക്കൊണ്ടിരിക്കുമ്പോൾത്തന്നെ പുതിയ കുറേ എഴുത്തുകാർ നൂതനമായൊരു സിദ്ധാന്തവുമായി സാഹിത്യരംഗത്തു പ്രവേശിച്ചുകഴിഞ്ഞിരുന്നു. വ്യക്തിവാദത്തിൽ അധിഷ്ഠിതമായ ഈ റൊമാൻറിക്(കാല്പനിക)പ്രസ്ഥാനം വിവിധകലാസാഹിത്യരൂപങ്ങളുടെ സമന്വയത്തിലും ജീവിതവും കലയും തമ്മിലുള്ള ഇണങ്ങിച്ചേരലിലും വ്യക്തിപരമായ കഴിവുകൾക്കു പൂർണവികാസം സിദ്ധിക്കുന്നതിന് അനുയോജ്യമായ പ്രപഞ്ചവ്യവസ്ഥയിലും വിശ്വാസമർപ്പിച്ചു. 1798-ൽ ലുഡ്വിഷ്റ്റീക്ക്, ഷ്ളേഗൽ സഹോദരന്മാർ, ഫ്രീദ്രിഷ് ഫൊൺ ഹാർഡൻ ബേർഗ് (നോവാലിസ്) എന്നിവർ ചേർന്ന് ഈ പ്രസ്ഥാനത്തിൻെറ തത്ത്വങ്ങൾക്കും പരിപാടികൾക്കും രൂപംനല്കുകയും അവ 'അതെനോയം' എന്ന പത്രികയിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

'ഷ്റ്റുർമ് ഊൻഡ് ഡ്രാങ്ങി'ൽനിന്നു കാല്പനികത്വത്തിലേക്കുള്ള പരിവർത്തനം റ്റീക്കിൻെറ (1773-1853) കൃതികളിൽ പ്രകടമാണ്. റ്റീക്കിൻെറ സഹപാഠിയായ വക്കൻറോഡർ (1773-1798) ആണ് കാല്പനികത്വത്തിൻെറ ആശയങ്ങൾ റ്റീക്കിനു പകർന്നുകൊടുത്തത്. വക്കൻറോഡറുടെ 'ഹെർസൻസ് എർഗീസുങ്ങൻ' എന്ന കൃതി കാല്പനികകലാസിദ്ധാന്തം വിശദീകരിക്കുന്നു. വക്കൻ റോഡറുടെ സ്വാധീനംമൂലം എഴുതിയതും കലാകാരൻെറ ജീവിതം ചിത്രീകരിക്കുന്നതുമായ 'ഫ്രാൻസ് ഷ്റ്റേർൺ ബൽഡ്സ് വാണ്ടറങ്ങുൻ' എന്ന നോവലും, യക്ഷിക്കഥകളിൽ താത്പര്യം വർധിച്ചതിൻെറ ഫലമായി

രചിച്ച 'ദേർ ബ്ലോണ്ടെ എക്ക്ബെർട്ട്' എന്ന നോവലുമാണ് റ്റീക്കിന്റെ രണ്ടു പ്രധാന കൃതികൾ. 'ദേർ ഗെഷ്റ്റീഫൽറ്റെ കാറ്റർ' (പുസ്സ് ഇൻ ബൂട്ട്സ്) എന്ന യക്ഷിക്കഥാപരമായ നാടകത്തിൽ യാഥാർഥ്യവും സാങ്കല്പികവുമായ ലോകങ്ങൾ ഒന്നിച്ചുചേരുന്നു.

റൊമാന്റിക്പ്രസ്ഥാനത്തിൽ വ്യാപരിച്ചവരിൽ ഏറ്റവും മികച്ച പ്രതിഭാശാലിയാണ് 'നോവാലിസ്' എന്ന തുലികാനാമം സ്വീകരിച്ച ഫ്രീദ്രിഷ് വൊൺ ഹാർഡൻ ബൂർഗ് (1772-1801). അദ്ദേഹത്തിന്റെ കവിപ്രതിഭയെ ഉണർത്തിയ പന്ത്രണ്ടുവയസ്സുള്ളൊരു ബാലിക മൂന്നുവർഷങ്ങൾക്കുശേഷം അകാലചരമം പ്രാപിച്ചപ്പോഴുണ്ടായ വ്യഥയുടെ ഭാരം നിറഞ്ഞുനില്ക്കുന്ന കൃതിയാണ് 'ഹിമ്നൻ അൻ ദീ നാഹ്ത്' (നിശാസ്തവങ്ങൾ). 1802-ൽ പ്രസിദ്ധപ്പെടുത്തിയ 'ഹൈൻറിഷ് ഫൊൺ ഓഫ്റ്റർ ദിങ്ങൻ' കാല്പനികകലാതത്ത്വങ്ങൾ പൂർണമായും ഉൾക്കൊള്ളുന്നു. ഭ്രമാത്മകമായൊരു പശ്ചാത്തലത്തിൽ വിരചിതമായ ഈ കൃതി ആത്മീയതയുടെ പരിവേഷമണിഞ്ഞുനില്ക്കുന്നു.

കാല്പനികപ്രസ്ഥാനത്തിനു ദൃഢമായ ഒരു അടിത്തറ നിർമിച്ചത് ഷ്ളേഗൽസഹോദരന്മാരാണ് (ഫ്രീദ്രിഷ് ഷ്ളേഗൽ, 1772-1829; ഔഗുസ്ത് വിൽഹെൽമ് ഷ്ളേഗൽ. 1776 -1845). ഫ്രീദ്രിഷ് ഷ്ളേഗലിന്റെ 'ഉയ്ബർ ദി ഷ്പ്രാഹേ ഊൻറ് വൈസ് ഹൈറ്റ് ദേർ ഇൻഡിയർ' (1808) എന്ന കൃതി ഭാരതത്തെ സംബന്ധിച്ച പഠനങ്ങൾക്കു പുരോഗതിയുണ്ടാക്കി. ഷ്ളെഗൽ കലാസിദ്ധാന്തപരമായ കൃതികൾ രചിക്കുകയും ഷേക്സ്പിയറുടെ പതിനേഴു നാടകങ്ങൾക്കു പദ്യവിവർത്തനം തയ്യാറാക്കുകയുംചെയ്തു. തത്ത്വചിന്തയിൽ കാല്പനികപ്രസ്ഥാനത്തിന്റെ ആശയങ്ങൾ ഉയർത്തിപ്പിടിച്ചവരാണ് ഫിഷ്റ്റെ(1762-1814)യും ഷെല്ലിങ്ങും (1775-1854). ഷ്ളൈയർ മാഹർ ഈ പ്രസ്ഥാനത്തെ മതചിന്തയുമായി ഘടിപ്പിച്ചു. കരോലിൻ ഷ്ളേഗൽ ഷെല്ലിങ്, ബെറ്റിനാ ബ്രെൻറാനോ എന്നിവരാണ് ഒന്നാം കാല്പനികപ്രസ്ഥാനവിഭാഗവുമായി ബന്ധപ്പെട്ട സാഹിത്യകാരികൾ.

യേനാനഗരത്തിലാരംഭിച്ച ഈ ഒന്നാം കാല്പനികപ്രസ്ഥാനവിഭാഗം ഏതാണ്ട് 1804-ാമാണ്ടോടെ അവസാനിച്ചു. കാല്പനികകലാതത്ത്വപ്രചാരണം ഇവർ നിർവഹിച്ചുവെങ്കിലും കാലഘട്ടവുമായും ജനതയുമായും കൂടുതൽ ഇണങ്ങിച്ചേർന്ന് സാഹിത്യരചന നടത്തിയത് ഹൈദെൽബേർഗിലെ രണ്ടാം കാല്പനികപ്രസ്ഥാനവിഭാഗക്കാരാണ്. ജെർമൻ കർഷകനെയും അവന്റെ നാടൻപാട്ടുകളെയും മറ്റും ആശ്ലേഷിക്കുമാറ് വിശാലമായിരുന്നു അവരുടെ കാവ്യസങ്കല്പം. ക്ലെമൻസ് ബ്രെൻറാനോ (1778-1842), ലുഡ്വിഷ് ആഖിം ഫൊൺ അർണിം (1781-1831), ഗോയ്റെസ് (1776-1848) എന്നിവർക്കായിരുന്നു ഈ വിഭാഗത്തിന്റെ നേതൃത്വം. ബ്രെൻറാനോ തന്റെ നോവലിൽത്തന്നെ നാടൻപാട്ടുകളെ അനുകരിച്ചുള്ള പാട്ടുകൾ ഇടകലർത്തിയപ്പോൾ അർണിം തന്റെ യാത്രാനുഭവങ്ങൾ ചേർത്തു നോവലുകൾ രചിച്ചു. ബ്രെൻറാനോ രചിച്ച 'ഗെഷിഷ്റ്റെ ഫൊം ബ്രാവൻ കാസ്പെർൽ ഊൻറ് ദേം ഷോണൻ അന്നെർൽ' എന്ന ചെറുകഥ പ്രസിദ്ധിയാർജിച്ചു. ഗോയ്റെസ് ഒരു കവിയെന്നതിനെക്കാളുമുപരിയായി ഒരു ചിന്തകനും ഗവേഷകനുമായിരുന്നു. ഇവർ ജെർമൻസാഹിത്യത്തിനു നൽകിയ ഏറ്റവും മികച്ച സംഭാവന അർണിമും ബ്രെൻറാനോയുംകൂടി പ്രസാധനംചെയ്ത നാടൻപാട്ടുകളുടെ സമാഹാരമായ 'ദെസ്ക്നാബൻ വുണ്ടർ ഹോർൺ' ആണ്. 1812-നും 1815-നുമിടയ്ക്ക് ഗ്രിംസഹോദരന്മാർ (യാക്കോബ് ഗ്രിം, 1785-1863; വിൽഹെം ഗ്രിം, 1786-1859) 'യക്ഷിക്കഥകൾ' പ്രസിദ്ധീകരിച്ചു. ആധുനിക ജെർമൻഭാഷാശാസ്ത്രത്തിന്റെ ഉപജ്ഞാതാക്കൾ ഗ്രിംസഹോദരന്മാരാണെന്നു പറയാം. യാക്കോബ് ഗ്രിം 'ജെർമൻവ്യാകരണം', 'ജെർമൻ പുരാണ കഥകൾ', 'ജെർമൻ ഭാഷാചരിത്രം' എന്നീ കനത്ത ഗ്രന്ഥങ്ങൾ കാഴ്ചവച്ചപ്പോൾ വിൽഹെം 'ജെർമൻ വീരകഥാപ്രപഞ്ചം' രചിച്ചു. പിന്നീടൊരു നൂറ്റാണ്ടിനുശേഷം പൂർത്തിയാക്കപ്പെട്ട 'ജെർമൻ മഹാനിഘണ്ടു'വിന്റെ രചന തുടങ്ങിവച്ചതും 1852-ൽ ഗ്രിം സഹോദരന്മാരാണ്. ഹൈദെൽബേർഗ് കവികൾ ദേശീയബോധത്തിനുണർവു നല്കുകയും നെപ്പോളിയനെതിരെയുള്ള പോരാട്ടത്തിന് ആക്കംവർധിപ്പിക്കുകയും ചെയ്തു.

1808-ൽ അർണിമും ബ്രെൻറാനോയും ബെർലിനിലേക്കു പോയതോടെ രണ്ടാമത്തെ വിഭാഗവും ശിഥിലമായി. പിന്നീട് ബെർലിൻ കേന്ദ്രമാക്കി പ്രവർത്തിച്ച മൂന്നാമതൊരു വിഭാഗത്തെ നാം കാണുന്നു. ഫൗക്ക്, ഷമിസ്സോ, ഐഷൻദോർഫ്, ഹോഫ്മൻ തുടങ്ങിയവരാണ് ഇവരിൽ പ്രധാനികൾ. അക്കാലത്ത് ഏറ്റവുമധികം ജനപ്രീതിനേടിയിരുന്ന ഫൗക്കി(1777-1843)ന്റെ കൃതികൾ വാസ്തവത്തിൽ കലാപരമായി മികച്ചവയായിരുന്നില്ല. 'ഉന്ദീനെ' എന്ന യക്ഷിക്കഥയും 'ദേർ സൗബർ റിങ്' (മാന്ത്രികമോതിരം) തുടങ്ങിയ നോവലുകളും ഇദ്ദേഹം രചിച്ചു. വിപ്ലവകാലത്തു ഫ്രാൻസിൽനിന്നും ഒളിച്ചോടിയ ഒരു കുടുംബത്തിൽപ്പെട്ട ആഡൽബേർട്ട്ഫൊൺ ഷമിസ്സോ (1781-1838) ശാസ്ത്രവിഷയങ്ങളിൽ തത്പരനായിരുന്നു. 1815-നും 1818-നുമിടയ്ക്ക് അദ്ദേഹം ലോകം ചുറ്റി സഞ്ചരിച്ചു. സാധാരണക്കാരുടെ ജീവിതാഹ്ളാദത്തെക്കുറിച്ചു കവിതകൾ രചിച്ച ഷമിസ്സോയുടെ ഏറ്റവും പ്രചരിച്ച കൃതി യക്ഷികഥാപരവും യഥാതഥവുമായ അംശങ്ങൾ കൂട്ടിക്കലർത്തി രചിച്ച 'പേറ്റർ ഷ്ളേമിൽസ് വുണ്ടർ സാമെ ഗെഷിഷ്റ്റെ' (പേറ്റർ ഷ്ളേമിലിന്റെ അദ്ഭുതകഥ) എന്ന മനോഹരകഥയാണ്. ദേശസ്നേഹപരമായ കൃതികൾ രചിച്ച് നെപ്പോളിയനെതിരെയുള്ള പോരാട്ടത്തിനു പ്രചോദനം നല്കിയ കവികളാണ് കോയ്ർനർ, ആർൺഡ്റ്റ്, ഷെങ്കൻ ദോർഫ് എന്നിവർ. കാല്പനികപ്രസ്ഥാനത്തിന്റെ രണ്ടു നാടകകൃത്തുകളായ സക്കേറിയാസ് വെർനർ, അഡോൾഫ് മ്യൂൾനർ എന്നിവരുടെ കൃതികളിൽ ദേശസ്നേഹം, ആത്മീയത തുടങ്ങിയവ പ്രതിഫലിച്ചിട്ടുണ്ട്.

ഷില്ലർ
(1759-1805)

സൈലീഷ്യക്കാരനായ യോസേഫ് വൊണ ഐഷെൻദോർഫാണ് (1778-1857) റൊമാന്റിക്പ്രസ്ഥാനത്തിന്റെ ഈ മൂന്നാംഘട്ടത്തിൽ ജനഹൃദയങ്ങളിലേക്ക് ഏറ്റവുമധികം കടന്നുചെന്ന കവി. പ്രകൃത്യാരാധകനായ ഐഷൻദോർഫ് മാനുഷികവികാരങ്ങളെ പ്രകൃതിപ്രതിഭാസങ്ങുമായി ഇണക്കിച്ചേർത്ത് മനോഹരകവിതകൾ രചിച്ചു. 'ആനുങ് ഊൻഡ് ഗേഗൻ വാർറ്റ്' എന്ന നോവലും മറ്റനേകം കഥകളും കവിതകളും അദ്ദേഹത്തിന്റെതായുണ്ട്. ഐഷൻദോർഫിന്റെ പ്രമുഖകൃതിയും കാല്പനികപ്രസ്ഥാനത്തിന്റെ അത്യുജ്ജ്വലസംഭാവനകളിൽ ഒന്നുമാണ് 'ഔസ് ദേം ലേബൻ ഐനെസ് റ്റൗഗെനിഷ്റ്റ്സ്' (ഒന്നിനുംകൊള്ളാത്ത ഒരുവന്റെ കഥ). വിചിത്രഭാവനകൾ നിറഞ്ഞ ഒരു ഭീകരലോകമാണ് ഇ.ടി.എ ഹോഫ്മാന്റെ (1776-1822) കൃതികളിൽ നാം കാണുക. പ്രതിഭാസമ്പന്നനായ ഹോഫ്മൻ പ്രകൃത്യതീതശക്തികളുടെ പ്രവർത്തനങ്ങൾ ചിത്രീകരിക്കുന്നതിൽ തത്പരനായിരുന്നു. 'ദീ എലിക്സിയറെ ദെസ് റ്റ്യോയ്ഫെൽസ്' എന്ന കൃതിയുടെ ഇതിവൃത്തം ഒരിനം അദ്ഭുതപാനീയം നുകർന്ന ഒരു കപ്പൂച്ചിൻസന്യാസി ഒന്നിനു പുറകേ മറ്റൊന്ന് എന്ന രീതിയിൽ ഭീകരമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതാണ്.

റൊമാന്റിക്പ്രസ്ഥാനത്തിന്റെ അന്ത്യഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന സ്വേബിയൻ കവികളിൽ അഗ്രഗണ്യനാണ് ലുഡ്വിഷ് ഊലൻഡ്(1787-1862). ബാലഡുകളുടെ രചയിതാവെന്ന നിലയ്ക്കാണ് ഊലൻഡ് പ്രശസ്തിയാർജിച്ചത്. ജെർമനിയുടെ ഭൂതകാലചരിത്രവും വർത്തമാനകാല രാഷ്ട്രീയപ്രശ്നങ്ങളും ഊലൻഡിന്റെ ശ്രദ്ധ ആകർഷിച്ചു. 'ദസ്ഷ്ളോസ് അംമേറെ' (സമുദ്രതീരത്തുള്ള കൊട്ടാരം) എന്ന ബാലഡും നാടൻപാട്ടുകളുടെ അനുകരണമായ 'ദേർ ഗുട്ടെ കാമെറാഡ്' (നല്ല സഖാവ്) തുടങ്ങിയ കവിതകളും അദ്ദേഹത്തിന്റെ ഏറ്റവും നല്ല രചനകളിൽപ്പെടുന്നു. ഊലൻഡിനെക്കൂടാതെ ഈ വിഭാഗത്തിൽപ്പെട്ട കവികളാണ് കേർനർ, ഷ്വാബ്, വൈബ്ലിങ്ങൻ, ഹൗഫ്, മോയ്റിക്കെ തുടങ്ങിയവർ.

ഇവരിൽ എഡ്വാർഡ് മോയ്റിക്കെ (1804-1875) മികച്ച ഭാവഗായകനാണ്.

‘ബീദർ മൈയർ’ കാലഘട്ടം. 19-ാംനൂറ്റാണ്ടിൽ എല്ലാ രംഗത്തും വമ്പിച്ച മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ഹെഗലിന്റെ(1770-1831) തത്ത്വശാസ്ത്രം നൂതനചിന്തകൾക്കാധാർമായിത്തീർന്നു. കൂടാതെ ശാസ്ത്രരംഗത്തുണ്ടായ അദ്ഭുതാവഹമായ പുരോഗതിയും വ്യാവസായികവിപ്ലവവും ജനജീവിതത്തിൽ നൂതനപ്രശ്നങ്ങൾ സൃഷ്ടിച്ചു. 1847-ൽ കാറൽ മാർക്സും(1818-1883), ഫ്രീദ്രിഷ് ഏംഗെൽസും (1820-1895) കൂടി ‘കൊമ്മ്യൂണിസ്റ്റിഷെ മാനിഫെസ്റ്റ്’ (കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ) പ്രസിദ്ധപ്പെടുത്തിയതും 1867-ൽ ‘ദാസ് കാപ്പിറ്റലി’(മൂലധനം)ന്റെ ഒന്നാംവാല്യം പ്രസിദ്ധപ്പെടുത്തിയതും പില്ക്കാലസാഹിത്യത്തെ വളരെയേറെ സ്വാധീനിച്ചു.

‘ബീദർ മൈയർ’ കാലഘട്ടത്തിന്റെ സവിശേഷതകൾ അലസത, കീഴടങ്ങൽമനഃസ്ഥിതി, പ്രശാന്തത എന്നിവയൊക്കെ ആയിരുന്നു. ഓസ്ട്രിയൻ സാഹിത്യകാരന്മാരാണ് ഈ കാലഘട്ടത്തിൽ മികച്ചുനിന്നത്. അവരിൽ പ്രമുഖനായിരുന്നു ഫ്രാൻസ് ഗ്രിൽപാർസർ(1791-1872). ക്ലാസിക്കും കാല്പനികവും ആയ ആദർശങ്ങളോടൊപ്പം ഏറ്റവും പുതിയ സങ്കല്പങ്ങൾകൂടി ചേർത്തു നാടകങ്ങൾ രചിക്കുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ‘ദീ ആൻഫ്രൗ’, ‘സാഫോ’, ‘ദെസ് ഗോൾഡനെ ഫ്ളീസ്’ എന്നീ പേരുകളുള്ള നാടകത്രയം ആണ് മുഖ്യകൃതികൾ. റൈമുൺഡ്, നെസ്ട്രോയ്, ബൗവർൺഫെൽഡ് തുടങ്ങിയവരുടെ പ്രഹസനങ്ങളും ഇക്കാലത്തു ജനപ്രീതി നേടിയിരുന്നു.

സ്വേബിയൻ കവികൾ കാല്പനികപാരമ്പര്യത്തോടു കൂറുപുലർത്തിയ കാലഘട്ടത്തിൽത്തന്നെ ഓസ്റ്ററിയക്കാരായ ചില കവികൾ തികച്ചും സ്വന്തമായ രീതിയിൽ ഭാവഗീതരചനയിലേർപ്പെട്ടിരുന്നു. അവരിൽ പ്രാമാണികനാണ് നിക്കൊളാസ് ലേനൗ. അശുഭാപ്തിവിശ്വാസവും ശോകഭാവവും അദ്ദേഹത്തിന്റെ കവിതകളിൽ നിറഞ്ഞുനില്ക്കുന്നു. ‘യൂദൻ ബുഹെ’ എന്ന പ്രസിദ്ധകൃതിയുടെ കർത്താവായ അന്നെറ്റെ ഫൊൺഡ്രോസ്റ്റെ ഹ്യുത്സ്ഹോഫ് എന്ന കവയിത്രി മൗലികത്വത്തിന്റെയും ശക്തിയുടെയും മുദ്രയുള്ള കവിതകൾ രചിച്ചു. ഈ കാലഘട്ടത്തിലെ കഴിവുറ്റ ഒരു നാടകകൃത്താണ് ബൂർഷ്വാമൂല്യങ്ങളെ ശക്തിയുക്തം എതിർത്ത ക്രിസ്റ്റിയാൻ ദീത്രിഷ് ഗ്രബ്ബെ (1801-1836). സാമൂഹികരാഷ്ട്രീയപ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം വിപ്ലവകരമായ അഭിപ്രായങ്ങൾ വച്ചുപുലർത്തിയതുകൊണ്ട് അധികാരിവർഗത്തിന്റെ അപ്രീതിയ്ക്കുപാത്രമായ ഗെയോർഗ് ബ്യൂഷ്നർ (1813-1837) തന്റെ ഡാൺറ്റോൺസ്റ്റോട്ട്’ (ഡാൻറന്റെ മരണം) എന്ന കൃതിയിൽ തൊഴിലാളിവർഗത്തിന്റെ കഷ്ടപ്പാടുകൾ ചിത്രീകരിക്കുന്നു. ബ്യൂഷ്നറുടെ മറ്റു രണ്ടു മികച്ച കൃതികൾ ‘ലെൻത്സ്’ എന്ന നോവലും ‘വോയ്ത്സെക്ക്’ എന്ന ദുരന്തനാടകവുമാണ്. ജെർമൻ കർഷകജീവിതത്തിന്റെ നല്ലൊരു ചിത്രം കാറൽ ഇമ്മർമാന്റെ ‘മ്യുൺഷ് ഹൗസൻ’ എന്ന നോവലിലുണ്ട്.

19-ാംശതകത്തിന്റെ മധ്യഘട്ടത്തിൽ നാടകത്തിന്റെ വളർച്ചയ്ക്കു സഹായിച്ചത് ഹെബ്ബൽ (1813-1863), റിഷാർഡ്വാഗ്നർ(1813-1883), ഓട്ടോ ലുഡ്വിഷ് (1813-1865) തുടങ്ങിയവരാണ്. ‘ആഗ്നസ് ബെർണൗവർ’, ‘മരിയാ മഗ്ദലേനെ’ തുടങ്ങിയവ ഹെബ്ബലിന്റെ മികച്ച നാടകങ്ങളാണ്. ലുഡ്വിഷ് നാടകസിദ്ധാന്തങ്ങൾ ആവിഷ്കരിച്ചു. വാഗ്നറുടെ സംഗീതനാടകങ്ങളും ഓപ്പെറകളും (റ്റൻഹോയ്സർ, ട്രിസ്റ്റൻ ഊൻഡ് ഇസോൾഡെ, മൈസ്റ്റർസിങ്ങർ തുടങ്ങിയവ) ജെർമനിയിലുടനീളം പ്രശസ്തിയാർജിച്ചു.

ഒരു കാല്പനികകവിയെന്ന നിലയിൽ കാല്പനികപ്രസ്ഥാനത്തിനു വന്ന അധഃപതനത്തിനെതിരെ ശബ്ദമുയർത്തിയ പ്ലാറ്റൻ (1796-1835) പൗരസ്ത്യകവിതയിൽനിന്നാണു പ്രചോദനംകൊണ്ടത് ആത്മനിഷ്ഠഭാവം അദ്ദേഹത്തിന്റെ കവിതകളിൽ തീരെയില്ല. മ്യൂണിക്കിലെ സാഹിത്യരംഗവുമായി ബന്ധപ്പെട്ടവരിൽ പ്രമുഖനാണ് പൗൽ ഹൈസെ (1830-1914). അദ്ദേഹം അനേകം ‘നോവെല്ലെ’കൾ രചിച്ചു.

‘യുവജെർമനി’(യുങ്ങെ ദോയ്ശ്ച്ലൻഡ്)യും രാഷ്ട്രീയകവിതകളും. കാല്പനികപ്രസ്ഥാനത്തിന്റെ പിന്തിരിപ്പൻ ഭാവങ്ങളോടുള്ള വെല്ലുവിളി സാമൂഹികവീക്ഷണമുള്ള കവികളായ ഹൈനെ, ഗുറ്റ്സ്കോവ്, വീൻബാർഗ് തുടങ്ങിയവർ നേതൃത്വംകൊടുത്ത ‘യുവജെർമനി’ പ്രസ്ഥാനത്തിൽനിന്നാണ് ഉണ്ടായത്. 1830-ലെ പരാജയപ്പെട്ട വിപ്ലവശ്രമത്തോടെ രൂപംകൊണ്ട ഈ പ്രസ്ഥാനത്തിന്റെ പ്രചോദനകേന്ദ്രം ഫ്രാൻസ് ആയിരുന്നു. 1835-ൽ ജെർമൻ ഭരണനേതൃത്വം നിയമം മൂലം ഈ പ്രസ്ഥാനത്തെ നിരോധിച്ചു. കാല്പനികത്വത്തിൽനിന്നും ‘യുവജെർമനി’പ്രസ്ഥാനത്തിലേക്കുള്ള പരിവർത്തനം ഏറ്റവും വ്യക്തമായി കാണാവുന്നത് ഹൈൻറിഷ് ഹൈനെ (1797—1856) യുടെ കവിതകളിലാണ്. 1827-ൽ പ്രസിദ്ധപ്പെടുത്തിയതും ഭാവപ്രധാനവും നിന്ദാസ്തുതി കലർന്നതുമായ കവിതകൾ ഉൾക്കൊള്ളുന്ന ‘ബൂഹ്ദേർ ലീഡർ’ ആണ് ഹൈനെയെ പ്രശസ്തിയുടെ കൊടുമുടിയിലേക്കുയർത്തിയത്. 1848-ൽ ബാധിച്ച കഠിനരോഗം അദ്ദേഹത്തെ വിഷാദചിത്തനാക്കിയെങ്കിലും ആ ദുഃഖത്തിൽനിന്ന് ഉയിർകൊണ്ട കവിതകൾ ജെർമൻ സാഹിത്യത്തിനു മുതൽക്കൂട്ടായി. ഹൈനെയോടൊന്നിച്ച് ഈ പ്രസ്ഥാനത്തിനുവേണ്ടി പോരാടിയ ബോർണെയുടെ ശ്രദ്ധേയമായ കൃതി ‘ബ്രീഫെ ഔസ് പാരീസ്’ (പാരീസിൽനിന്നുള്ള കത്തുകൾ) ആണ്. സന്മാർഗസങ്കല്പങ്ങളെ തച്ചുടച്ച നോവലാണ് കാറൽ ഗുറ്റ്സ്കോവ് രചിച്ച ‘വാലി, ദീസ്വൈഫ്ലറിൻ’ (വാലി എന്ന സംശയക്കാരി). ഹൈൻറിഷ് ലൗബെ സാമൂഹികനോവലുകളും സാഹിത്യവിമർശഗ്രന്ഥങ്ങളും രചിച്ചു. എതിർപ്പുനേടിയ മറ്റൊരു കൃതിയാണ് തെയൊഡോർ മുൺഡ്റ്റിന്റെ ‘മഡോണ’

1830-നും 1848-നുമിടയ്ക്കുണ്ടായിരുന്ന കലങ്ങിമറിഞ്ഞ അന്തരീക്ഷം ഈ പ്രസ്ഥാനത്തിന്റെ രാഷ്ട്രീയാദർശങ്ങൾക്കു പ്രതിഷ്ഠ നല്കുകയും രാഷ്ട്രീയകവിതകൾക്കു പ്രചാരമുണ്ടാക്കുകയും ചെയ്തു. ബെക്കർ, ഫ്രൈലിഗ്രാത്ത്, ഷ്നെക്കൻബൂർഗ് തുടങ്ങിയവർ ഇങ്ങനെ രാഷ്ട്രീയകവിതകൾ രചിച്ചവരിൽപ്പെടുന്നു.

യഥാതഥപ്രസ്ഥാനം (1850—1880). പ്രകൃതിപഠനങ്ങളുടെ വികാസവും മതവിശ്വാസത്തിനു നേരിട്ട ആഘാതവുംമൂലം പ്രകൃതിമാത്രമാണ് യാഥാർഥ്യമെന്ന നിഗമനത്തിനു പ്രചാരം വർധിച്ചു. ഫോയർബാഹിന്റെ അജ്ഞേയത്വസിദ്ധാന്തങ്ങൾക്കുശേഷമുള്ള കാലഘട്ടത്തിൽ ഭൗതികവാദം ജനഹൃദയങ്ങളിൽ വേരൂന്നി. ഷോപ്പൻ ഹൗവറുടെ വിഷാദമയദർശനവും 1848-ലെ പരാജയപ്പെട്ട വിപ്ലവവുമെല്ലാം സാഹിത്യകാരന്മാരുടെ കാഴ്ചപ്പാടിൽ മാറ്റംവരുത്തി.

ആഡൽബേർട്ട് ഷ്റ്റിഫ്റ്റർ (1805—1868) തന്റെ നോവലുകളിൽ പ്രകൃതിചിത്രണത്തിനു പ്രാധാന്യം നല്കി. ‘ദീനാഹ്സൊമ്മർ’ എന്ന നോവലിൽ ലളിതമായ കുടുംബജീവിതം, പരിത്യാഗശീലം എന്നിവയ്ക്കുവേണ്ടി അദ്ദേഹം നിലകൊള്ളുന്നു. അദ്ദേഹത്തിന്റെ മികച്ച രണ്ടു ‘ലഘുനോവലു’കളാണ് ‘ദേർ ഹോഹ്വാൽഡ്’, ‘ബുണ്ടെഷ്റ്റൈനെ’ എന്നിവ. യഥാതഥവാദം ഏറ്റവും സ്പഷ്ടമായി പ്രതിഫലിച്ചത് കോൺറാഡ് ഫെർഡിനാൻറ് മൈയറു(1825—1898)ടെ ചരിത്രനോവലുകളിലാണ്. വാൾട്ടർസ്കോട്ടിനെ മാതൃകയാക്കിയ മൈയർ ചരിത്രസംഭവങ്ങളെ സൂക്ഷ്മവും യഥാതഥവുമായ രീതിയിൽ ചിത്രീകരിച്ചു. ഉൾനാടൻ കർഷകരുടെ ജീവിതമായിരുന്നു സ്വിസ്സ് പാതിരിയായ യെരെമ്യാസ് ഗോട്ട് ഹെൽഫി (1797—1854)ന് വിഷയം. അദ്ദേഹത്തിന്റെ നല്ല ഒരു ലഘുനോവലാണ് ‘ദീ ഷാർസെ ഷ്പിന്നെ’ (കറുത്ത എട്ടുകാലി). ഗ്രാമീണജീവിതമാണ് ഔവർ ബാഹ് ചിത്രീകരിച്ചത്. ‘നൊവെല്ലെ’ എന്ന ശാഖയിൽ പ്രത്യേക വൈദഗ്ധ്യം കാട്ടിയ തെയോഡോർ

ഗെർഹാർട്ട ഹൗപ്റ്റ്മൻ
(1862-1946)

ഷ്റ്റോർമ് (1817—1888) രചിച്ച ഇമ്മെൻസേ’, ‘ദേർ ഷിമ്മൽ റൈറ്റർ (ശ്വേതാശ്വാരൂഢൻ) എന്നീ കൃതികൾ പ്രധാനപ്പെട്ടവയാണ്. 19-ാം ശതകത്തിന്റെ മധ്യകാലത്തെ ഏറ്റവും മികച്ച നോവൽരചയിതാവായ ഗോട്ട് ഫ്രീഡ് കെല്ലർ (1819—1890) ഗ്വെഥെയുടെ ‘വിൽഹെം മൈസ്റ്ററി’നോടു താരതമ്യപ്പെടുത്താവുന്ന ദേർ ഗ്രൂണെ ഹൈൻറിഷ്’ എന്ന നോവൽ രചിച്ചു. ഒരു യുവാവിന്റെ ജീവിത പരിശീലനമാണു വിഷയം. ‘ദീ ലോയ്റ്റെ ഫോൺ സെൽഡ്വിലാ’, ‘ക്ലൈദർ മാഹൻ ലോയ്റ്റെ’ തുടങ്ങിയവ അദ്ദേഹത്തിന്റെ മികച്ച ‘നോവെല്ലെ’കളാണ്. നാടകകൃത്തായി സാഹിത്യജീവിതം ആരംഭിച്ച ഗുസ്റ്റാവ് ഫ്രെറ്റാഗി (1816—1895)ന്റെ സാമൂഹികനോവലുകളും ഡിക്കൻസിന്റെതുപോലുള്ള ഫലിതം പ്രയോഗിച്ച വിൽഹെം റാബേ (1831—1910)യുടെ കൃതികളും തെയൊഡൊർ ഫൊണ്ടാനേ (1819-1898)യുടെ ‘ഇർറുങ്ങൻ വിർറുങ്ങൻ’, ‘എഫിബ്രീസ്റ്റ്’ എന്നിങ്ങനെ ഫ്രെഞ്ച് സ്വാധീനമുള്ള നോവലുകളും വിൽഹെം ബുഷി (1832—1908) ന്റെ ക്രൂരപരിഹാസമടങ്ങുന്ന കൃതികളും ഇവിടെ പരാമർശം അർഹിക്കുന്നു.

1870-നുശേഷം. ഹെഗലിന്റെയും ഷോപ്പൻഹൗവറുടെയും ആശയസംഹിതകളെ പിൻതള്ളിക്കൊണ്ട് ഇക്കാലത്തു തത്ത്വശാസ്ത്രനഭസ്സിൽ ഉദിച്ചുയർന്ന പുതിയ താരമാണ് ഫ്രീദ്രിഷ്നീറ്റ്ഷെ (1844—1900). ഷോപ്പൻ ഹൗവറുടെ ശിഷ്യനായും വാഗ്നറുടെ ആരാധകനായും രംഗത്തുവന്ന നീറ്റ്ഷെ ഒടുവിൽ അവരിരുവരിലും നിന്നകന്നു. അദ്ദേഹം വ്യക്തിത്വത്തിനു സർവപ്രാധാന്യം നല്കുകയും സമൂഹത്തെക്കാൾ പ്രാമാണ്യമർഹിക്കുന്നത് എല്ലാം തികഞ്ഞ അതിശക്തനായ അതിമാനുഷ (ഉയ്ബർമെൻഷ്) നാണെന്ന സിദ്ധാന്തം പ്രചരിപ്പിക്കുകയും ചെയ്തു. ‘അൽസോഷ്പ്രാഹ് സാരാതുഷ്ട്രാ’ (സാരാതുഷ്ട്രാ ഇങ്ങനെ അരുളിച്ചെയ്തു) എന്ന ഗ്രന്ഥം മനുഷ്യന്റെ മഹോന്നതപദവിയെപ്പറ്റി വിളംബരം ചെയ്തു. ജെർമൻ സാഹിത്യത്തിൽ ഉത്കൃഷ്ടഗദ്യശൈലിക്ക് ഉദാഹരണമായി ഈ കൃതിയെ കണക്കാക്കുന്നു.

നാച്ചുറലിസ്റ്റ് പ്രസ്ഥാനം. നീറ്റ്ഷെയുടെ വ്യക്തിവാദത്തോടൊപ്പം മറ്റു പല ഘടകങ്ങളും ആധുനികസാഹിത്യത്തിൽ വമ്പിച്ച സ്വാധീനം ചെലുത്തി. ചാൾസ് ഡാർവിന്റെ പരിണാമവാദവും സാമൂഹികനീതിയെപ്പറ്റിയുള്ള പുതിയ കാഴ്പ്പാടുകളും തുടങ്ങിയവ പ്രമുഖ യൂറോപ്യൻ സാഹിത്യകാരന്മാരായ ഫ്ളോബേർ, മോപ്പസാങ്ങ്, സോളാ, തുർഗനേവ്, ദസ്തയേവ്സ്കി, ടോൾസ്റ്റോയ്, ഇബ്സൻ, സ്ട്രിൻറ്ബേർഗ് തുടങ്ങിയവരിൽ പ്രകടമായി പ്രതിഫലിച്ചു. ഇതിന്റെയെല്ലാം ഫലമായി കാല്പനികത്വത്തോടുള്ള ആഭിമുഖ്യം തീരെ ഇല്ലാതാവുകയും യഥാതഥപ്രസ്ഥാനം ‘നാച്ചുറലിസം’ എന്ന നവരൂപം കൈക്കൊള്ളുകയും ചെയ്തു. ഹാർട്ട് സഹോദരന്മാരുടെ ‘ക്രീട്ടിഷെവഫൻഗെയ്ങ്ങെ, കോൺറാഡിന്റെ ‘ദീ ഗെസ്സെൽ ഷാഫ്റ്റ്’ എന്നീ പത്രികകൾ ഈ പ്രസ്ഥാനം പ്രചരിപ്പിക്കുന്നതിനു നേതൃത്വം കൊടുത്തു. അർണോ ഹോൾത്സ്, യോഹാന്നസ് ഷ്ളാഫ്, സൂഡർമൻ, ഹൗപ്റ്റ്മൻ എന്നിവരാണ് ഈ പ്രസ്ഥാനത്തിൽപ്പെട്ടവരിൽ പ്രധാനികൾ. ‘ഫ്രൗ സൊർഗെ’ എന്ന നല്ല നോവലുമായി സാഹിത്യജീവിതം ആരംഭിച്ച സൂഡർമന്റെ ‘ദീ ഏഹ്റെ’ (അഭിമാനം) എന്ന നാടകം നാടകരംഗത്ത് ഒരു വഴിത്തിരിവു കുറിച്ചു. ഈ കാലഘട്ടത്തിലെ ഏറ്റവും പ്രതിഭാശാലിയായ നാടകകൃത്താണ് ഗെർഹാർട്ട് ഹൗപ്റ്റ്മൻ (1862—1946). ആദ്യകാലകൃതികളിൽ പ്രധാനപ്പെട്ട ‘ഫൊർസൊണ്ണൻഔഫ്ഗങ്’ (സൂര്യോദയത്തിനുമുമ്പ്) മദ്യപാനം അനന്തരപരമ്പരകളിൽ ഉളവാക്കുന്ന ദുരന്തഫലം ഇതിവൃത്തമാക്കിയുള്ളതാണ്. 1844-ൽ സൈലീഷ്യൻ നെയ്ത്തുകാർ നടത്തിയ വിപ്ലവത്തെ ആധാരമാക്കി രചിച്ചതാണ് ‘ദി വേബർ’ (നെയ്ത്തുകാർ) എന്ന നാടകം. ‘ദേർ ബീബർ പെൽത്സ്’ (ബീവർ രോമക്കുപ്പായം) എന്ന യാഥാതഥരൂപത്തിലുള്ള കോമഡിയും ‘ഹന്നേലേസ് ഹിമ്മൽഫാർട്ട്’ എന്ന കവിതാമയമായ നാടകവും, ‘ദീ ഫെർസുങ്കനെ ഗ്ലോക്കെ’ (നഷ്ടപ്പെട്ട മണി) എന്ന യക്ഷികഥാപരവും പ്രതീകാത്മകവുമായ നാടകവും ഹൗപ്റ്റ്മന്റെ പ്രമുഖ കൃതികളിൽപ്പെടുന്നു. അർണോ ഹോൾത്സ്, യോഹാന്നസ് ഷ്ളാഫ് എന്നിവർ ഭാവഗീതരചനയിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തി.

ബെർറ്റോൾറ്റ് ബ്രെഷ്റ്റ് (1898-1956)
‘മദർ കറേജി’ന്റെ റിഹേഴ്സലിൽ.

ഇരുപതാംശതകം. *ഇംപ്രഷണിസം:* 19-ാംശതകത്തിന്റെ അന്ത്യത്തിൽ നാച്ചുറലിസത്തിന്റെ സ്വാധീനം കുറഞ്ഞുവന്നതോടെ ഇന്ദ്രിയാനുഭൂതികൾക്കു പ്രതീകസ്വഭാവം നല്കി ഇംപ്രഷണിസ്റ്റ്രീതിയിൽ കവിതാരചന നടത്തിയവരിൽ മുഖ്യൻ ഡെറ്റ്ലേവ് ഫൊൺ ലിലിയൻക്രോൺ (1844—1909) ആയിരുന്നു. ജീവിതാസക്തി, ഫലിതം എന്നിവ അദ്ദേഹത്തിന്റെ കവിതകളിൽ ദൃശ്യമാണ്. റിഷാർഡ് ദെഹ്മെലിന്റെ (1863—1920) പ്രതിരൂപാത്മകസ്വഭാവമുള്ള കവിതകളിൽ ആഹ്ലാദത്തിമർപ്പിനോടൊപ്പം സാമൂഹികപ്രശ്നങ്ങളെക്കുറിച്ചുള്ള ബോധവും കാണാം. വർണങ്ങളുടെയും ശബ്ദങ്ങളെയും തികവുള്ള മനോഹരകവിതകളിൽ ഭൂഭാഗഭംഗികൾ ചിത്രീകരിച്ച മറ്റൊരു ഇംപ്രഷണിസ്റ്റ്കവിയാണു മാക്സിമിലിയൻ ഡൗറ്റൻഡൈ (1867—1918).

സിംബലിസം: ഇരുപതാംനൂറ്റാണ്ടിലെ എല്ലാ വിഭാഗത്തിലും പെടുന്ന സാഹിത്യത്തെയും സിഗ്മുണ്ട് ഫ്രോയ്ഡിന്റെ മനശ്ശാസ്ത്രപഠനങ്ങൾ സ്വാധീനിച്ചു. സിംബലിസ്റ്റുകവികളെ സംബന്ധിച്ചിടത്തോളം മാതൃക ഫ്രെഞ്ചുകവികളായ ബോദ്‌ലേർ, മല്ലാർമെ, വെർലേൻ തുടങ്ങിയവരായിരുന്നു. അവർ രൂപഭംഗിയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചു. സൗന്ദര്യാവബോധം വളരെയുണ്ടായിരുന്ന ഷ്റ്റെഫാൻനെയോർഗെ (1868—1933) ഒരു കവിസമാജത്തിന്റെ കേന്ദ്രബിന്ദുവായിരുന്നു. സൂക്ഷ്മതയിലും ശ്രദ്ധയിലും നിഷ്കർഷിക്കുകയും വികാരപരതയും ദേശ്യഭാഷാപ്രയോഗങ്ങളും വർജിക്കുകയും ചെയ്ത ഈ കവികൾ ‘ബ്ലേറ്റർ ഫ്യൂർ ദീ കുൺസ്റ്റ്’ എന്ന പേരിൽ ഒരു പത്രിക പ്രസിദ്ധീകരിച്ചിരുന്നു. ‘ഹിമ്നൻ’ (സങ്കീർത്തനങ്ങൾ), ‘ദസ്യാർ ദേർ സേലെ’ തുടങ്ങിയവയാണു ഗെയോർഗെയുടെ കവിതാസമാഹാരങ്ങൾ. സുസൂക്ഷ്മമായ ഭാഷാപ്രയോഗം കൊണ്ടു ശ്രദ്ധേയനായ കവിയാണു ഹൂഗൊഫൊൺ ഹോഫ്മൻസ്റ്റാൾ (1874—1929). പിന്നീട് ഒരു നാടകകൃത്തെന്നനിലയിലാണ് അദ്ദേഹം പ്രശസ്തനായത്. ‘ദേർ റോസൻ കവാലിയർ’, ‘ദീ ഫ്രൗ ഓണെഷാറ്റൻ’ തുടങ്ങിയ ഓപ്പെറാകൾ, ഇംഗ്ലീഷ് സന്മാർഗനാടകങ്ങളെ ആധാരമാക്കി ധർമോപദേശം മുൻനിർത്തി രചിച്ച ‘യേദർമൻ’ (എവരിമാൻ) തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രസിദ്ധ കൃതികളാണ്. മനശ്ശാസ്ത്രപരമായ അപഗ്രഥനം ആർറ്റൂർ ഷ്നിറ്റ്സ്ലറുടെ കഥകളിലും നാടകങ്ങളിലും കാണാം.

ഇരുപതാംശതകത്തിലെ ഏറ്റവും പ്രസിദ്ധ ജെർമൻ കവിയായ റൈനെർമറിയാ റില്കെ (1875—1926) യുടെ സർഗപ്രതിഭ വൈവിധ്യമുള്ള രചനകൾ ജെർമൻ സാഹിത്യത്തിനു മുതൽക്കൂട്ടായി നല്കി. വിഷാദാത്മകത്വം നിറഞ്ഞവയാണു റില്കെയുടെ ആദ്യകാല കവിതകൾ. റഷ്യൻ സന്ദർശനത്തിൽനിന്നു പ്രചോദനമുൾക്കൊണ്ടു

രചിച്ച 'ദസ് ഷ്റ്റുണ്ടൻബൂഹ്' കൂടുതൽ യഥാതഥസ്വഭാവമുള്ളതാണ്. 1910-ൽ അദ്ദേഹം വസ്തുനിഷ്ഠമെന്നും ആത്മനിഷ്ഠമെന്നും വേർതിരിക്കുന്ന അതിർവരമ്പുകൾ ഇല്ലാതാക്കുന്ന 'ദീ ഔഫ്സെഷ്നുങ്ങൻ ദെസ് മാൾട്ടെ ലൗറിഡ്സ് ബ്രിഗ്ഗെ' എന്ന നോവൽ പ്രസിദ്ധീകരിച്ചു. 'ഡുയിനേസർ എലേഗിയൻ' (ഡുയിനേസർ വിലാപകാവ്യങ്ങൾ), 'സോണെറ്റെ അൻ ഓർഫെയൂസ്' എന്നിവ റില്കെയുടെ പ്രതിഭ പൂർണവികാസം പ്രാപിച്ചതിന്റെ നിദർശനങ്ങളാണ്. റില്കെയുടെ കവിതകളിലെ വസ്തുനിഷ്ഠവീക്ഷണവും രൂപഭദ്രതയും ഫ്രെഞ്ചുശില്പിയായ റൊഡാങ്ങി (Rodin)ന്റെ സ്വാധീനം വിളിച്ചറിയിക്കുന്നു.

ലിലിയൻക്രോണിനുശേഷം ബാലഡ്രചനയിൽ മികച്ചുനിന്നവരാണ് മ്യുൻഷ്ഹൗസൻ, മീഗൽ, ലുലുഫൊൺഷ്ട്രൗസ്, ടോർണി തുടങ്ങിയവർ. കാല്പനികത്വത്തിന്റെ നവരൂപം റിക്കാർ ഡാ ഹൂഹിന്റെ കൃതികളിൽ കാണാം. ആത്മീയതയുടെ പരിവേഷമണിഞ്ഞ കവിതകൾ രചിച്ച ക്രിസ്റ്റ്യാൻ മോർഗൺഷ്റ്റേൺ, എപ്പിക രീതിയിൽ കവിതാരചന നടത്തിയ കാറൽഷ്പിറ്റെലർ, നാച്ചുറലിസത്തിന്റെ ആരാധകനായി രംഗപ്രവേശം ചെയ്തു പില്ക്കാലത്തു യാഥാസ്ഥിതികനായി മാറിയ പൗൽ ഏർൺസ്റ്റ് എന്നിവരും പ്രസ്താവ്യരാണ്.

എക്സ്പ്രഷണിസം: ഏതാണ്ട് 1910-നും 1924-നും ഇടയ്ക്കാണ് എക്സ്പ്രഷണിസം ജെർമൻസാഹിത്യത്തിൽ ഒരു ശക്തിയായി നിലനിന്നത്. സാമൂഹികവും രാഷ്ട്രീയവുമായ പരിവർത്തനങ്ങൾക്കുവേണ്ടിയുള്ള ദാഹംമൂലം ആവേശഭരിതരായ ഒരുകൂട്ടം ചെറുപ്പക്കാരാണ് ഈ പ്രസ്ഥാനത്തിന്റെ നേതൃത്വം വഹിച്ചത്. പക്ഷേ, സ്വപ്നദർശികൾകൂടിയായിരുന്ന അവരിൽ പലരും ഭൗതികവാദത്തോടു പൂർണമായി യോജിച്ചില്ല. ആന്തരികലോകത്തിന്റെ അതിശക്തമായ പ്രകാശനമായിരുന്നു അവരുടെ ലക്ഷ്യം. കാസിമിർ എഡ്ഷിമ്ഡ് 1919-ൽ പ്രസിദ്ധീകരിച്ച മാനിഫെസ്റ്റോയും 'മെൻഷ്ഹൈറ്റ്സ് ദേമ്മറുങ്' എന്ന സമാഹാരവും അവരുടെ സങ്കല്പങ്ങൾ ഉദാഹരിക്കുന്നു. ഈ പ്രസ്ഥാനത്തിന്റെ ആദ്യകാലത്തെ മൂന്നു പ്രതിനിധികളാണ് ഏർൺസ്റ്റ് ഷ്റ്റാഡ്ലർ, ഹെയോർഗ്ഹൈം, ഹെയോർഗ്ട്രാക്കിൾ എന്നിവർ. വ്യവസായവത്കൃതലോകത്തിന്റെ കാവ്യമയഭംഗികളെപ്പറ്റിയാണു ഷ്റ്റാഡ്ലർ (1883—1914) പാടിയത്. ഹൈം (1887—1912) ഇടത്തരക്കാരുടെ ജീവിതത്തിന്റെ വിരസതയെക്കുറിച്ചു കവിതകൾ രചിച്ചു. ഹൈമിന്റെ 'ദേർ ക്രീഗ്' (യുദ്ധം) എന്ന കവിതയ്ക്ക് ഒരു പ്രവചനത്തിന്റെ സ്വഭാവമുണ്ടായിരുന്നു. ട്രാക്കിളിന്റെ കവിതകളിൽ വേദന, അധഃപതനം, കുറ്റബോധം എന്നിവയൊക്കെ നിഴലിക്കുന്നു. സ്വാനുഭവങ്ങളിൽനിന്ന് അദ്ദേഹമെഴുതിയ 'ഗ്രോഡെക്ക്' എന്ന കവിതയിൽ യുദ്ധഭീകരതകൾ വർണിച്ചിട്ടുണ്ട്. ഫ്രാൻസ് വേർഫെൽ, എൽസെലാസ്കർ ഷൂളർ, സ്വപ്നദർശിത്വമുള്ള ഭാവഗാനങ്ങൾ രചിച്ച ഓസ്കർ ലോയ്ർകെ ഗോട്ട്ഫ്രീഡ് ബെൻ ഇവരും പ്രമുഖരായ എക്സ്പ്രഷണിസ്റ്റ് കവികളാണ്.

ഈ പ്രസ്ഥാനത്തിലെ ആദ്യത്തെ പ്രധാന നാടകം സൊർഗെ രചിച്ച 'ദേർ ബെറ്റ്ലർ' (ഭിക്ഷു) ആണ്. ഗെയോർഗ് കൈസർ അമ്പതിലധികം നാടകങ്ങൾ രചിച്ചു. ടൊള്ളർ തന്റെ 'മസ്സെമെൻഷ്' എന്ന നാടകം തൊഴിലാളിവർഗത്തിനാണു സമർപ്പിച്ചത്. യുദ്ധഭീകരതകൾ നേരിട്ടനുഭവിച്ച് ഒടുവിൽ സമാധാനപ്രസ്ഥാനത്തോട് ആഭിമുഖ്യമുണ്ടായ ഫ്രിറ്റ്സ്ഫൊൺ ഉന്റൂ, ആക്ഷേപഹാസനാടകങ്ങൾ രചിച്ച കാറൽ ഷ്റ്റേർൺ ഹൈം, ആത്മീയാന്വേഷണപരമായ നാടകങ്ങളുടെ കർത്താവായ ഏർണസ്റ്റ് ബാർലാഹ് തുടങ്ങിയവരും പരാമർശം അർഹിക്കുന്നു. ഫ്രാൻസ് വേഡെകിന്റ് ബൂർഷ്വാ സങ്കല്പങ്ങളെ വെല്ലുവിളിക്കുകയും ലൈംഗികപ്രശ്നങ്ങളെ അപഗ്രഥിച്ച് ഉജ്വലനാടകങ്ങൾ രചിക്കുകയും ചെയ്തു.

20-ാം ശതകത്തിൽ ഏറ്റവുമധികം വിശ്വപ്രശസ്തിയാർജിച്ച ജെർമൻ സാഹിത്യകാരൻ തോമസ് മൻ (1875-1955) ആണ്. മന്നിന്റെ ആദ്യകാലകൃതികളിൽപ്പോലും രോഗം, അധഃപതനം എന്നിവ വിഷയമാക്കാനുള്ള പ്രവണത കാണാം. 1900-ത്തിൽ പ്രസിദ്ധീകരിച്ച 'ബുഡ്ഡെൻ ബ്രൂക്ക്സ്' അഥവാ 'ഒരു കുടുംബത്തിന്റെ അധഃപതനം' എന്ന നോവൽ 19-ാംനൂറ്റാണ്ടിൽ ജെർമൻ ജീവിതത്തിലുണ്ടായ പരിവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ ഒരു ഹാൻസിയാറ്റിക് വ്യാപാരിയുടെ കുടുംബത്തിലെ നാലു തലമുറകളുടെ ചരിത്രം പ്രതിപാദിക്കുന്നു. 'ട്രിസ്റ്റൻ', 'ടോണിയോ ക്രോയ്ഗർ', 'ദേർ ടോട്ട് ഇൻ വെനേദിഷ്' (വെനീസിലെ മരണം) എന്നീ നോവലുകൾ കലാകാരനും സമൂഹവും തമ്മിലുള്ള ബന്ധം ചർച്ചാവിഷയമാക്കുന്നു. ക്ഷയരോഗസാനിട്ടോറിയത്തിൽ ഏഴുകൊല്ലം ചെലവഴിച്ചശേഷം ജീവിതാസക്തി വീണ്ടെടുക്കുന്ന ഒരു യുവാവാണ് 'ദേർ സൗബർബേർഗ്' (മാന്ത്രികപർവതം) എന്ന നോവലിലെ നായകൻ. കൂടാതെ വൃദ്ധനായ ഗ്വെഥേ, ചെറുപ്പത്തിലെ കാമുകിയായ ഷാർലോട്ടെയുമായി വീണ്ടും കൂടിക്കാഴ്ച നടത്തുന്നതിനെപ്പറ്റി രചിച്ച 'ലോട്ടെ ഇൻ വൈമാർ', ഫൗസ്റ്റിന്റെ കഥയ്ക്ക് ഒരു പുതിയ വ്യാഖ്യാനം നല്കുന്ന 'ഡോക്ടോർ ഫൗസ്റ്റുസ്' തുടങ്ങിയവയും മന്നിന്റെ പ്രമുഖ കൃതികളിൽ പെടുന്നു. തോമസ് മന്നിന്റെ സഹോദരനും 'ദേർ ഉന്റർറ്റാൻ' തുടങ്ങിയ അനേകം നോവലുകളുടെ കർത്താവുമായ ഹൈന്റിഷ്മൻ കുറെക്കൂടി ഉത്പതിഷ്ണുവാണ്. ഹെർമൻ ഹെസ്സേയുടെ ആദ്യകാലകൃതികൾ നവകാല്പനികസ്വഭാവമുള്ളവയാണ്. അദ്ദേഹത്തിന്റെ പ്രധാനകൃതികളായ 'സിദ്ധാർഥ', 'പേറ്റർ കാമെൻസിന്റ്', 'ഡേമിയൻ', 'ദേർ ഷ്റ്റെപ്പൻവോൾഫ്', 'നാർത്സിസ്സ് ഊൻഡ് ഗോൾഡസ്മുണ്ട്' എന്നിവ മാനസികാപഗ്രഥനപരവും സൂക്ഷ്മവികാരങ്ങളെ സരളശൈലിയിൽ ചിത്രീകരിക്കുന്നവയുമാണ്. യാക്കോബ് വസ്സർമൻ പ്രശ്നനോവലുകൾ രചിച്ചു.

എക്സ്പ്രഷണിസ്റ്റ് പ്രസ്ഥാനവുമായി ബന്ധപ്പെടുത്താമെങ്കിലും അതിയാഥാതഥ്യപ്രസ്ഥാനത്തിന്റെ (സർ റിയലിസം)പ്രവണതകൾവരെയുൾക്കൊള്ളുന്ന നോവലുകൾ രചിച്ച ഫ്രാൻസ് കാഫ്ക (1883—1924) പ്രാഗിലെ ഇടത്തരക്കാരുടെ ജീവിതചിത്രീകരണത്തിലൂടെ ഇരുപതാംനൂറ്റാണ്ടിലെ മനുഷ്യനെ അവന്റെ എല്ലാ സങ്കീർണതകളോടുംകൂടി അവതരിപ്പിച്ചു. തികച്ചും യഥാതഥമായ ശൈലിയിൽ അതിവിചിത്രവും അവ്യാഖ്യേയവുമായൊരു ലോകം കാഫ്ക സൃഷ്ടിച്ചു. അദ്ദേഹത്തിന്റെ ജീവിതകാലത്ത് ചെറുകഥകളും മറ്റും അടങ്ങുന്ന ഏതാനും ചെറുവാള്യങ്ങൾ മാത്രമേ പ്രസിദ്ധീകരിച്ചുള്ളു. പ്രമുഖകൃതികളായ 'ദേർ പ്രോത്സസ്സ്' (വിചാരണ), 'ദസ് ഷ്ളോസ്' (കോട്ട), 'അമേരിക്ക' എന്നീ കൃതികൾക്കു കാഫ്കയുടെ കാലശേഷം സുഹൃത്തായ മാക്സ്ബ്രോഡാണു വെളിച്ചം നല്കിയത്. മാനസികാപഗ്രഥനപരമായ 'അമക്' തുടങ്ങിയ കൃതികൾ രചിച്ച ഷ്റ്റെഫാൻ സ്വൈഗ് (1881—1942), ജെയിംസ് ജോയ്സിന്റെ രീതിയവലംബിച്ചു ബോധധാരാസങ്കേതപ്രകാരം 'ബെർലിൻ അലക്സാണ്ഡർ പ്ലാറ്റ്സ്' എന്ന നോവൽ രചിച്ച ആൽഫ്രഡ് ഡോബ്ലിൻ (1878—1956) എന്നിവരും എടുത്തുപറയത്തക്കവരാണ്. ഫ്രാൻസ് വേർഫെൽ 'ദസ് ലീഡ് ദേർ ബെർണാദെത്തെ' തുടങ്ങിയ നോവലുകളും കാറൽ ക്രൗസ് ഉപന്യാസങ്ങളും രചിച്ചു. എക്സ്പ്രഷണിസം 1924നോടടുത്തു കെട്ടടങ്ങിയെങ്കിലും വ്യക്തമായ സ്വഭാവവിശേഷങ്ങളുള്ള ഒരു പ്രസ്ഥാനം പിന്നീടു രൂപവത്കൃതമായില്ല. ഗ്വെയ്ഥേയുടെ പിൻതുടർച്ചക്കാരനെന്നു പറയാവുന്ന ഹൻസ്കരോസ്സാ ലളിതസുന്ദരമായ ഗദ്യശൈലിയിൽ കൃതികൾ രചിച്ചു. എറിഷ് മറിയാ റിമാർക്കിന്റെ 'ഇം വെസ്റ്റൻ നിഷ്റ്റ്സ്നോയെസ്' (പടിഞ്ഞാറൻ യുദ്ധരംഗത്ത് എല്ലാം ശാന്തം) എന്ന നോവൽ ജനപ്രീതിയാർജിച്ചു. ബൂർഷ്വാവിരുദ്ധ വിപ്ലവാത്മകമനോഭാവമുണ്ടായിരുന്ന ലെയൊനാർഡ് ഫ്രാങ്കിന്റെ പ്രമുഖ നോവലുകളാണു 'റോയ്ബർബെന്റെ' (കൊള്ളസംഘം), 'കാറൽ ഊന്റ് അന്ന' തുടങ്ങിയവ. ജോയ്സിന്റെ ആരാധകനായ ഹെർമൻ ബ്രോഹ് പരീക്ഷണപ്രധാനമായ 'ദീ ഷ്ളാഫ് വാണ്ട്ലർ' എന്ന നോവൽത്രയത്തിലൂടെ മൂല്യാധഃപതനത്തെപ്പറ്റി ആശങ്ക പ്രകടിപ്പിച്ചു. ബ്രോഹിനെപ്പോലെ പില്ക്കാലജീവിതം സ്വരാജ്യത്തിനു പുറത്തു നയിച്ച മറ്റൊരു ഓസ്ട്രിയൻ നോവലിസ്റ്റാണു റോബെർട്ട് മുസീൽ (1880—1942). മുസീലിന്റെ 'ദേർ മൻ ഓണെ ഐഗെൻ ഷാഫ്റ്റൻ' ഓസ്ട്രിയൻ സമൂഹജീവിതത്തെ ആക്ഷേപഹാസപരമായി ചിത്രീകരിക്കുന്ന ഒരു സങ്കീർണനോവലാണ്.

ആധുനിക ജെർമൻസാഹിത്യകാരന്മാരുടെ മുൻപന്തിയിൽ നില്ക്കുന്നയാളാണു കവിയും നാടകകൃത്തുമായ ബെർറ്റോൾറ്റ് ബ്രെഷ്റ്റ് (1898—1956). ബ്രെഷ്റ്റിന്റെ ആദ്യകാലകവിതകളും നാടകങ്ങളും എക്സ്പ്രഷണിസ്റ്റ് സങ്കേതവുമായി ബന്ധപ്പെട്ടവയാണ്. 'ദി ഡ്രൈഗ്രോഷൻ ഓപ്പെർ' (ത്രീ പെനി ഓപ്പെറാ) ആണ് ആദ്യകാലകൃതികളിൽ മുഖ്യം. ആർജവം, ശക്തി, മൂർച്ചയേറിയ പരിഹാസം ഇവയൊക്കെയാണു 'ദീ ഹൗസ്പോസ്റ്റില്ലെ' തുടങ്ങിയ സമാഹാരങ്ങളിലെ കവിതകളുടെ സവിശേഷതകൾ. 1933-ൽ ജെർമനിയിൽനിന്നു കടന്ന ബ്രെഷ്റ്റ് രണ്ടാംലോകയുദ്ധം കഴിയുന്നതുവരെ അമേരിക്കയിലാണു ജീവിച്ചത് ഇടതുപക്ഷചിന്താഗതിക്കാരനായ ബ്രെഷ്റ്റ് 'ദേർ ഗുട്ടെ മെൻഷ്ഫൊൺ സേത്സ്വാൻ', ദേർ കൗക്കാസിഷെ ക്രൈ ദെ ക്രൈസ്', 'മുട്ടർ കുറാഷ് ഊൻഡ് ഇയമറെ

കിൻറർ', 'ലേബൻ ദെസ് ഗലിലൈ' തുടങ്ങിയ പ്രശസ്ത നാടകങ്ങൾ രചിച്ചു. വർഗവ്യവസ്ഥ നിലനില്ക്കുന്ന സമൂഹത്തിലെ അനീതികൾ തുറന്നുകാട്ടുന്നവയാണ് അദ്ദേഹത്തിൻെറ പല കൃതികളും. ഈ നൂറ്റാണ്ടിൻെറ രണ്ടാംദശകത്തിൽ സാഹിത്യരചനയാരംഭിച്ച മറ്റൊരു പ്രമുഖനാടകകൃത്തായ കാറൽ സുക്ക് മൈയർ 'ദേർ ഹൗപ്റ്റ്മൻ ഫൊൺ കോപ്പെനിക്ക്', ദേർ ടോയ്ഫെൽസ് ഗെനറാൽ' തുടങ്ങിയ കൃതികൾ രചിച്ചു. രണ്ടാമത്തത് നാസി അധികാരികളുമായി ഏറ്റുമുട്ടേണ്ടിവരുന്ന ഒരു വ്യോമസേനാമേധാവിയുടെ ജീവിതദുരന്തം ചിത്രീകരിക്കുന്നു.

നാസിയുഗം (1933—1945). 1933-ൽ നാസി പാർട്ടിക്കാർ ഹിറ്റ്ലറുടെ നേതൃത്വത്തിൽ 'മൂന്നാം സാമ്രാജ്യം' സ്ഥാപിച്ചതോടെ ഡോബ്ലിൻ, തോമസ്മൻ, സ്വൈഗ്, ബ്രെഷ്റ്റ്, സുക്ക്മൈയർ തുടങ്ങി ഒരു നല്ല വിഭാഗം ജെർമൻ സാഹിത്യകാരന്മാർ മറുനാടുകളിലേക്കു പോയി. അതിരുകടന്ന ദേശീയത്വവും യഹൂദവിരോധവും കലകളുടെ സ്വതന്ത്രവികാസത്തിനു പ്രതിബന്ധങ്ങളായി. ജെർമൻ ചിത്രത്തെയും പരാമ്പര്യത്തെയും വാഴ്ത്തിപ്പാടുന്നവർക്കും രാഷ്ട്രസേവനമെന്ന പേരിൽ 'ബ്ലൂട്ട് ഊൻഡ് ബോഡൻ' (ചോരയും മണ്ണും) എന്ന പ്രസ്ഥാനത്തിൽപ്പെടുന്ന സാഹിത്യം രചിച്ചവർക്കുമാണ് ഇക്കാലത്തു പ്രോത്സാഹനം ലഭിച്ചത്. ഔദ്യോഗികമായ കാഴ്ചപ്പാടുമായി വിയോജിച്ചവരിൽ ചിലർ ജെർമനിയിൽത്തന്നെ കൃതികൾ പ്രസിദ്ധപ്പെടുത്താതെയിരുന്നില്ല. ഇനാ സൈഡെൽ ചരിത്രനോവലുകളും ഗെർട്രൂഡ് ഫൊൺ ലെ ഫൊർട്ട് മതവിശ്വാസത്തിൽ അടിയുറച്ച കൃതികളും രചിച്ചു. ഷ്റ്റെഫാൻ ആൻദ്രെസ് 'വീർസിൻറ് ഉട്ടോപ്പിയാ' എന്ന കൃതിയിൽ സ്പെയിനിലെ ആഭ്യന്തരയുദ്ധത്തിൻെറ പശ്ചാത്തലത്തിൽ സാമൂഹിക രാഷ്ട്രീയപ്രശ്നങ്ങളെ വിശകലനം ചെയ്തു. വലതുപക്ഷ ചിന്താഗതി പ്രകടമാക്കുന്ന യുദ്ധനോവലുകൾരചിച്ച് 1930-നുമുമ്പു വിവാദപുരുഷനായിത്തീർന്ന ഏർണസ്റ്റ് യുങ്ങർ നാസികളിൽനിന്നും അകന്നുനില്ക്കുകയാണുണ്ടായത്.

രണ്ടാം ലോകയുദ്ധത്തിനുശേഷം. രണ്ടാം ലോകയുദ്ധത്തിനുശേഷം ജെർമനി വിഭജിക്കപ്പെട്ടു. നാസി ആധിപത്യകാലത്ത് ഒളിച്ചോടിയവരിൽ പലരും തിരിച്ചെത്തി സാഹിത്യപ്രവർത്തനം തുടർന്നു. വോൾഫ്ഗങ് ബോർഷേർറ്റ് (1921—1947) കവിതകൾക്കും ചെറുകഥകൾക്കും പുറമെ നാസി ഭരണകൂടത്തിനെതിരെ തൻെറ തലമുറയ്ക്കുള്ള അമർഷം പ്രകടമാക്കുന്ന 'ദ്രൗസ്സൻ ഫോർ ദേർ റ്റ്യൂർ' (വാതിലിനുപുറത്ത്) എന്ന നാടകവും രചിച്ചു. മരീ ലൂയിസെ കാഷ്നിറ്റ്സ്, ഹാഗെൽ ഷ്ടാങ്, ഹോൾട്ട്ഹൂസൻ, ഗുന്തർ ഐഷ് തുടങ്ങിയവർ കവിതയുടെ രംഗത്ത് ഉയർന്നുവന്നു. മതാനുഭൂതികൾ ആസ്പദമാക്കി രചിച്ചതാണ് എലിസബെത്ത് ലങ്ഗെസ്സറുടെ 'ദസ് ഉൺ ഔസ് ലോസിഷെ സീഗൽ' എന്ന നോവൽ. അതിയാഥാതഥ്യ പ്രസ്ഥാനത്തിൻെറ സിദ്ധാന്തങ്ങളുമായി പൊരുത്തപ്പെടുന്ന നോവലുകളും ചെറുകഥകളും രചിച്ചവരാണു ഫ്രീഡോ ലമ്പെ, ഹൻഹെന്നിയാൻ എന്നിവർ. മുസീലിൻെറയും ബ്രോഹിൻെറയും അനന്തരാവകാശിയായ ഡോഡറർ മനുഷ്യസ്വഭാവത്തെ വിശകലനം ചെയ്തു.

പൂർവജെർമനിയിൽ സോഷ്യലിസ്റ്റ് റിയലിസത്തിൻെറ തത്ത്വങ്ങളനുസരിച്ചുള്ള കൃതികൾ രചിക്കപ്പെട്ടു. അന്നാസേഘേഴ്സ് 1815 മുതൽ 1945 വരെയുള്ള ജെർമൻ ജനജീവിതത്തെ ആസ്പദമാക്കി ഒരു ഐതിഹാസികനോവൽ രചിച്ചു. ആർനൾഡ് സ്വൈഗ്, പീറ്റർ ഹഷെൽ തുടങ്ങിയവരും പ്രമുഖരായ പൂർവജെർമൻ സാഹിത്യകാരന്മാരിൽപ്പെടുന്നു.

ആധുനിക ജെൻമൻ നാടകസാഹിത്യത്തിനു മികച്ച സംഭാവനകൾ നല്കിയവരാണു ഫ്രീദ്രിഷ് ഡ്യൂറൻമാറ്റ്, മാക്സ്ഫ്രിഷ് എന്നീ സ്വിറ്റ്സർലൻഡുകാർ. ഡ്യൂറൻമാറ്റിൻെറ നാടകങ്ങൾക്കു ഫ്രെഞ്ച് എക്സിസ്റ്റൻഷ്യലിസവുമായി ബന്ധമുണ്ട്. 'ഐൻ ഏംഗൽ കൊംറ്റ് നാഹ്ബാബിലോൺ', 'റോമുലസ് ദേർ ഗ്രോസ്സെ', 'ബെസൂഹ് ദേർ അൽറ്റൻ ദാമെ' തുടങ്ങിയവയാണ് അദ്ദേഹത്തിൻെറ പ്രശസ്ത നാടകങ്ങൾ. ഫ്രിഷ് 'ഷ്റ്റില്ലർ' എന്ന ആക്ഷേപഹാസപരമായ നോവലും, 'ആൻഡോറാ' തുടങ്ങിയ നാടകങ്ങളും രചിച്ചു. ഹൈൻറിഷ് ബൊള്ളിൻെറ നോവലുകളിലും കഥകളിലും യഥാതഥവും വിചിത്രവുമായ സംഭവങ്ങളുടെ സമ്മിശ്രരൂപം കാണാം. വികാരം മുറ്റിനില്ക്കുന്ന നോവലുകളും ചെറുകഥകളുമാണു ഗെർഡ്ഗൈസറുടെത്. ഹൻസ് ബെൻറർ, ഷ്നുർറെ, ലെൻസ് തുടങ്ങിയവർ ആധുനിക ചെറുകഥാകൃത്തുക്കളിൽ മുന്തിയ ചിലരാണ്. ഹൈൻസ് പിയോൺെറക്, പൗൽ സെലാൻ, ഹൻസ്മാഗ്നൂസ് എൻസെൻസ് ബേർഗർ, ഇങ്ങെബോർഗ് ബാഹ്മൻ, നെല്ലിസാഖ്സ് തുടങ്ങിയവർ കവിതയുടെ രംഗത്തു പ്രഖ്യാതരാണ്. ആധുനികരായ പ്രമുഖനിരൂപകരിൽ ഹോൾട്ട്ഹൂസൻ, വാൾട്ടർയെൻസ്, സീബ്യൂർഗ് എന്നിവരുൾപ്പെടുന്നു. 'ഗ്രൂപ്പ് 47' എന്ന പേരിലുള്ള സാഹിത്യസംഘടനയിൽപ്പെടുന്ന ഗുന്തർഗ്രാസ്സിൻെറയും ('ദേർ ബ്ലെഹ്ത്രൊമ്മൽ'—തകരച്ചെണ്ട) ഉവെ ജോൺസൺെറയും മറ്റും കൃതികൾ ആധുനിക ജെർമൻ സാഹിത്യത്തിൻെറ നേട്ടങ്ങളായി കരുതപ്പെടുന്നു. കൂടാതെ മാർട്ടിൻ വൽസർ, ഇൽസെ ഐഷിങ്ങർ, പേറ്റർ വൈസ്, അർണോഷ്മിറ്റ്, വോൾഫ്ഗങ് കോയെപ്പൻ, ആൽഫ്രെഡ് ആൻഡേർഷ് തുടങ്ങി അനേകം പുതിയ എഴുത്തുകാർ ജെർമൻ സാഹിത്യരംഗത്തു നവചൈതന്യം പ്രസരിപ്പിച്ചുകൊണ്ടിരിക്കുന്നു.

എക്സ്പ്രഷണിസ്റ്റ് രീതിയിൽ നാടകമെഴുതിത്തുടങ്ങിയ ബെർറ്റോൾറ്റ് ബ്രെഷ്റ്റ് †എപിക് തിയറ്റർ പ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവായിമാറി. അദ്ദേഹത്തെത്തുടർന്ന് നാടകരംഗത്തു പ്രസിദ്ധിയാർജിച്ചവരാണു സ്വിറ്റ്സർലണ്ടുകാരായ ഫ്രീഡ്റീക് ഡ്യൂറൻമാറ്റ്, മാക്സ്ഫ്രിഷ് എന്നിവർ. റോൾഫ് ഹോക്ഹുത്, ടാൻക്രഡ് ഡോർസ്റ്റ് എന്നിങ്ങനെ ജെൻമൻകാരായ നാടകകൃത്തുക്കളും വൂൾഫ് ഗാങ്ബോയർ, പീറ്റർ ഹാൻഡ്ക് എന്നീ ഓസ്ട്രിയൻ നാടകകൃത്തുക്കളും ഇവരോടൊപ്പം പ്രശസ്തരാണ്. കവിയായ ഗന്തർ ഐച്ച്, നോവലിസ്റ്റുകളായ ബേയർ, ഹെൽമുറ്റ് ഹീസെൻബട്ട്ൽ, നിരൂപകരായ ഫ്രിറ്റ്സ് സ്ട്രിച്ച്, ഹെർമെൻ ഓഗസ്റ്റ് കോർഫ് എന്നിവരാണു പില്ക്കാല ജെർമൻ സാഹിത്യകാരന്മാരിൽ പ്രമുഖർ.

വി.സി. ചാക്കോ

ജെർമാനിക് ഭാഷകൾ

ഇന്തോ-യൂറോപ്യൻ ഭാഷാഗോത്രത്തിലെ ഒരു ശാഖ. ഇംഗ്ലീഷ്, ജെർമൻ, നെതർലൻഡിക് എന്നിവ ഉൾപ്പെട്ട (1) പശ്ചിമ ജെർമാനിക്, ഡാനിഷ്, സ്വീഡിഷ്. ഐസ്ലൻഡിക്ക്, നോർവീജിയൻ ഇവ ഉൾപ്പെട്ട (2) ഉത്തര ജെർമാനിക്ക്, ഗോത്തിക്ക,, വാൻഡലുകളുടെയും ബർഗണ്ഡിയന്മാരുടെയും മറ്റും ഭാഷകൾ ഉൾപ്പെട്ട, ഇന്നുവില്ലാത്ത (3) പൂർവജെർമൻ എന്നിവ ഈ ശാഖയിൽപെടുന്നു.

വർണങ്ങൾ, വ്യാകരണം, പദസഞ്ചയം ഇവയിലെ സാദൃശ്യമാണ് ഈ ഭാഷകളെ ഒരു ശാഖയിൽ പെടുത്താൻ കാരണം. പൂർവ ജെർമാനിക്, പൂർവ ഇന്തോ-യൂറോപ്യൻ ഭാഷയിലെ മൂന്നു ലിംഗങ്ങൾ അതേപടി നിലനിർത്തി. എന്നാൽ വിഭക്തി സംഖ്യ എട്ടിൽനിന്ന് ആറാക്കി. നാമവിശേഷണങ്ങൾക്കു നാമത്തോടു പൊരുത്തപ്പെടാൻ രൂപഭേദം വരുത്തി. മൂലഭാഷയിലെ അഞ്ചു പ്രകാരങ്ങളെ (mood) മൂന്നാക്കിക്കുറച്ചു. നാലു കാലരൂപങ്ങളെ രണ്ടാക്കുകയും ഭൂത-വർത്തമാനങ്ങളിൽനിന്നു ഭാവിയും പൂർണതാവാചികളും (Perfect tenses) രൂപപ്പെടുത്തുകയും ചെയ്തു.

'നോർത്ത് സീ'യുടെ ചുറ്റുമുള്ള പ്രദേശങ്ങളിലാണ് ഈ ഭാഷകൾ വികാസം പ്രാപിച്ചത്. ആറ് ആധുനിക ഭാഷകൾ ഇവയിൽനിന്നു രൂപപ്പെട്ടു: 1. ഇംഗ്ലീഷ്, 2. ഫ്രൈസിയൻ, 3. നെതർലൻഡിക്ക്, 4. ആഫ്രിക്കാൻസ്, 5. ജെർമൻ, 6. യിഡ്ഡിഷ്. സംസാരിക്കുന്ന ജനങ്ങളുടെ സംഖ്യവച്ചു നോക്കിയാൽ ഇന്ന് ഇംഗ്ലീഷ് രണ്ടാം സ്ഥാനത്തു നില്ക്കുന്നു. (28 കോടി 50 ലക്ഷം). ഫ്രൈസിയൻ ഹോളൻഡിലും ഉത്തര ജെർമനിയിലും സംസാരിക്കുന്നു. ഹോളൻഡിലെ ഡച്ചിൻെറ മറ്റൊരു പേരാണ് നെതർലൻഡിക്ക്. ഫ്ളെമിഷും ഇതിൽ പെടുന്നു. യിഡ്ഡിഷ് റൊമാൻസ്, ഹീബ്രു-അരമായിക്ക്, സ്ലാവിക്ക് ഭാഷകൾ ഉൾപ്പെട്ടതാണ് ജെർമാനിക്ക് ഭാഷകൾ.

ജെർമേനിയം

ഒരു മൂലകം. പ്രതീകം: Ge. 1886-ൽ സി. വിങ്ക്ലർ എന്ന ശാസ്ത്രജ്ഞൻ ആർജിറോഡൈറ്റ് എന്ന ഖനിജത്തിൽനിന്നുമാണ് ഇതു വേർതിരിച്ചത്. ജെർമനൈറ്റ്, റെനീറൈറ്റ് തുടങ്ങിയ ചില ഖനിജങ്ങളിൽ ഇതു കാണപ്പെടുന്നു. അപൂർവമായ മൂലകങ്ങളിലൊന്നാണ് ഇത്. ഭൂതലത്തിൽ 0.0004 മുതൽ 0.0007 ശതമാനം വരെ മാത്രമേ ഈ മൂലകമുള്ളു.

സിങ്കുമായി കൂടിക്കലർന്നാണ് ജെർമേനിയം സാധാരണ കണ്ടുവരുന്നത്. ഖനിജത്തിൽനിന്നും സിങ്കു വേർപെടുത്തിയശേഷം ലഭിക്കുന്ന അവശിഷ്ടത്തിൽ ജെർമേനിയം അധികമുണ്ടായിരിക്കും. ആദ്യം ഇതിനെ ശക്തിയേറിയ ഹൈഡ്രോക്ലോറിക് അമ്ലവുമായി ചേർക്കുമ്പോൾ ലഭിക്കുന്ന ജെർമേനിയം ടെട്രാക്ലോറൈഡ് സ്വേദനംചെയ്ത് എടുക്കുന്നു. ഈ ക്ലോറൈഡിനെ തുടർച്ചയായ സ്വേദനം മൂലം ശുദ്ധ

മാക്കിയതിനുശേഷം ജലവിശ്ലേഷണം നടത്തി ജെർമേനിയം ഡയോക്സൈഡ് ഉത്പാദിപ്പിക്കുന്നു. പിന്നീട് ഇതിനെ 650 °C-ൽ ഹൈഡ്രജൻ ഉപയോഗിച്ചു നിരോക്സീകരിച്ചു ലോഹം വേർതിരിക്കുന്നു. ഒരു നിഷ്ക്രിയാന്തരീക്ഷത്തിൽവച്ച് 1100°C-ൽ തപിപ്പിച്ച് വീണ്ടും ഇതിനെ ശുദ്ധീകരിക്കുന്നു. ഇലക്ട്രോണിക് ഉപകരണങ്ങളിൽ ഉപയോഗിക്കണമെങ്കിൽ ഈ ലോഹത്തെ വീണ്ടും ശുദ്ധീകരിക്കേണ്ടതുണ്ട്.

വെള്ളിയുടെ നിറമാണ് ഇതിന്. ലോഹത്തിനും അലോഹത്തിനും ഇടയ്ക്കുള്ള 'മെറ്റലോയ്ഡ്' ആയിട്ടാണ് ഇതു കണക്കാക്കപ്പെടുന്നത്. ആവർത്തനപ്പട്ടികയിലെ നാലാംഗ്രൂപ്പിലാണിതു സ്ഥിതി ചെയ്യുന്നത്. അണുസംഖ്യ: 32, അ.ഭാരം: 72.59. 69 മുതൽ 77 വരെ ദ്രവ്യമാനസംഖ്യകളുള്ള ഐസോടോപ്പുകളും ഇതിനുണ്ട്. ഏകസിലിക്കൺ എന്ന പേരിൽ സിലിക്കണിൻെറയും ടിന്നിൻെറയും ഇടയ്ക്കുനില്ക്കുന്ന ഒരു മൂലകം ഉണ്ടായിരിക്കാൻ സാധ്യതയുണ്ടെന്നു മെൻഡലീവ് 1871-ൽ പറഞ്ഞിരുന്നു. പിന്നീടു കണ്ടുപിടിക്കപ്പെട്ട ജെർമേനിയം ഈ പ്രവചനത്തെ സാധൂകരിച്ചു. ആപേക്ഷികഘനത്വം 5.32 (25°C-ൽ). ദ്രവണാങ്കം 958.5. തണുപ്പിക്കുമ്പോൾ വികസിക്കുന്ന ഒരു വസ്തുവാണിത്.

ഇതിൻെറ സംയോജകതകൾ രണ്ടും നാലും ആണ്. സാധാരണ താപത്തിൽ ഇത് സ്ഥിരമാണെങ്കിലും 600-700°C വരെയുള്ള താപത്തിൽ വായുവുമായി ചേർന്ന് ഓക്സൈഡുകൾ ഉത്പാദിപ്പിക്കുന്നു. ഹാലജനുകളുമായി ചേർന്ന് റ്റെട്രാ ഹാലൈഡുകൾ ഉത്പാദിപ്പിക്കുന്നു. സാധാരണ അമ്ലങ്ങളിൽ നൈട്രിക് അമ്ലവും അക്വാറീജിയയും മാത്രമേ ജെർമേനിയവുമായി പ്രവർത്തിക്കയുള്ളു. കാസ്റ്റിക് ലായനികൾക്ക് ഇതിന്മേൽ മിക്കവാറും പ്രവർത്തനം ഇല്ലെന്നുതന്നെ പറയാം. ഇത് ഉരുകിയ പൊട്ടാസ്യം, പൊട്ടാസ്യം ഹൈഡ്രോക്സൈഡ് എന്നിവയിൽ ലയിച്ച് ജെർമനേറ്റുകൾ ഉത്പാദിപ്പിക്കുന്നു.

ജെർമാനസ് (Gex_2), ജെർമാനിക് (Gex_4) എന്നിങ്ങനെ രണ്ടു സംയുക്ത പരമ്പരകൾ ഇതു നല്കുന്നു. രണ്ടാമത്തെ വകുപ്പിൽ പെട്ടവയ്ക്കാണുപ്രാധാന്യം. ഇതിൻെറ ഡയോക്സൈഡ് (GeO_2), റ്റെട്രാ ക്ലോറൈഡ് ($GeCl_4$) എന്നിവയാണുമുഖ്യസംയുക്തങ്ങൾ. ആദ്യത്തേത് ഒരു വെളുത്ത പൊടിയും രണ്ടാമത്തേത് ഒരു നിറമില്ലാത്ത ദ്രാവകവുമാണ്.

ജെർമാനസ് ഹൈഡ്രോക്സൈഡ് [$Ge(OH)_2$], ജെർമാനസ് ഓക്സൈഡ് (GeO), ജെർമാനിക് ഫ്ളൂറൈഡ് (GeF_4), മോണോ ജെർമേൻ (GeH_4), ജെർമേനിയം ക്ലോറോഫോം ($GeHCl_3$), ജെർമാനിക് സൽഫൈഡ് (GeS_2), തയോജെർമനേറ്റുകൾ തുടങ്ങിയവയാണ് മറ്റു സംയുക്തങ്ങൾ.

ഇലക്ട്രോണിക്സിൻെറ പുരോഗതിക്കു കാരണം ജെർമനീയമാണെന്നു കരുതാം. ഡയോഡുകൾ, ട്രയോഡുകൾ തുടങ്ങിയ ഇലക്ട്രോണിക് വാൽവുകളിൽ ഇതുപയോഗിച്ചുവരുന്നു. ഇൻഫ്രാറെഡ് രശ്മികൾ ഇതിലൂടെ കടന്നുപോരുന്നതിനാൽ വ്യാവസായികവും ശാസ്ത്രീയവുമായ മണ്ഡലങ്ങളിൽ ഇൻഫ്രാറെഡ് പരീക്ഷണങ്ങൾ നടത്തുന്നതിന് ജെർമേനിയം ലെൻസുകൾ ഉപയോഗിക്കുന്നു. ഗ്ലാസിലെ സിലിക്കയെ ഭാഗികമായോ പൂർണമായോ ജെർമേനിയം ഡയോക്സൈഡുപയോഗിച്ചു നീക്കം ചെയ്യാം. ഇത്തരം ഗ്ലാസുകളുടെ അപവർത്തനാങ്കം വളരെ കൂടുതലായതിനാൽ മൈക്രോസ്കോപ്പുകളിൽ ഉപയോഗിക്കുന്ന ശക്തിയേറിയ ലെൻസുകളും മറ്റും നിർമിക്കുന്നതിന് ഇതുപയോഗിക്കുന്നു.

പല ലോഹങ്ങളുമായി ചേർന്നു സങ്കരങ്ങളുണ്ടാക്കുമെങ്കിലും ജെർമേനിയം ലോഹസങ്കരങ്ങൾ അത്ര പ്രാധാന്യമുള്ളവയല്ല.

ജെലറപ്പ്, കാൾ അഡോൾഫ് (1857—1919)

ഡാനിഷ് കവിയും നോവലിസ്റ്റും. 1917-ൽ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം മറ്റൊരു ഡാനിഷ് എഴുത്തുകാരനായ ഹെൻറിക് പൊണ്ടോപ്പിഡനുമായി പങ്കിട്ടു. സ്വന്തം കാലഘട്ടത്തിൻെറ തന്മയത്വപൂർണമായ ചിത്രം അവതരിപ്പിച്ചതിനാണു നൊബേൽസമ്മാനം ലഭിച്ചത്.

1857 ജൂൺ 2-ന് റോഹോൾട്ടിൽ ജനിച്ചു. ഒരു ഇടവക പുരോഹിതൻെറ മകനായ ജെലറപ്പ് മതപഠനത്തിനാണു നിയോഗിക്കപ്പെട്ടതെങ്കിലും പഠിച്ചുവന്നപ്പോൾ ഏതാണ്ട് ഒരു നാസ്തികനായിത്തീർന്നു. *"എൻ ഐഡിയലിസ്റ്റ്-ഷിൽഡ്രിങ് ഒഫ് എപ്പിഗോണസ്"* എന്ന ആദ്യഗ്രന്ഥത്തിൽത്തന്നെ ക്രിസ്തുമതവിശ്വാസത്തിൽനിന്നുള്ള വ്യതിചലനം വ്യക്തമായിരുന്നു. ക്രമേണ ബുദ്ധമതത്തിലേക്കും പൗരസ്ത്യ തത്വചിന്തകളിലേക്കും ആകർഷിക്കപ്പെട്ടു. പിൽഗ്രിമെൻ കമാനിത (കമാനിത എന്ന തീർഥാടകൻ), ഡൈവെൽട്ട് വാണ്ടറർ (ലോകസഞ്ചാരികൾ) എന്നിവ ഭാരതീയ പശ്ചാത്തലത്തിൽ എഴുതിയ കൃതികളാണ്.

ജെലാറ്റിൻ

ഒരുതരം പ്രോട്ടീൻ. ജന്തുക്കളുടെ തരുണാസ്ഥികളിലും എല്ലുകളിലും ത്വക്കിലും മറ്റും അടങ്ങിയിരിക്കുന്ന കൊലാജെൻ എന്ന വസ്തുവിൻെറ ജലവിശ്ലേഷണം മൂലം ലഭിക്കുന്നു. ഭക്ഷ്യവസ്തുക്കളിലും ഫോട്ടോഗ്രാഫിയിലും വ്യവസായത്തിലും ഉപയോഗിക്കുന്ന മൂന്നുതരം ജലാറ്റിനുകളുണ്ട്.

ഭക്ഷ്യം (edible), ഫോട്ടോഗ്രാഫികം (photographic), വ്യാവസായികം (technical) എന്നീ മൂന്നു തരത്തിലുള്ള ജെലാറ്റിൻ വിപണിയിൽ ലഭിക്കുന്നു.

ശുദ്ധമായജെലാറ്റിൻ തെളിഞ്ഞ ചീളുകളായിരിക്കും. ചിലപ്പോൾ അല്പം മഞ്ഞനിറമോ, ആംബർ നിറമോ ഉണ്ടായിരിക്കും. തണുത്ത ജലത്തിൽ ലേയമാണെങ്കിലും ഇത് ഈർപ്പത്തെ അവശോഷണം ചെയ്തു ചീർക്കാറുണ്ട്. ചീർത്ത ജലാറ്റിനെ 48.89°C വരെ ചൂടാക്കിയാൽ ലായനിയായിത്തീരും. തണുപ്പിച്ചാൽ വീണ്ടും ജെൽ ആയിത്തീരുകയും ചെയ്യുന്നു. ചൂടുള്ള ജലം, ജലം ചേർന്നിട്ടുള്ള ഗ്ലിസറിൻ, ചൂടുള്ള അമ്ലങ്ങൾ, ക്ഷാരങ്ങൾ, ലവണലായനികൾ എന്നിവയിലും ജലത്തിൽ ലേയമായ കാർബണികയൗഗികങ്ങളിലും (ഉദാ: ഫീനോൾ, കാർബോക്സിലിക് അമ്ലങ്ങൾ) ജെലാറ്റിൻ ലയിക്കുന്നു.

കൊലാജനും അതിൽനിന്ന് നിർമിക്കുന്ന ജെലാറ്റിനും ഏതാണ്ട് സമാനമായ ചേരുവയാണുള്ളത്. കാർബൺ (50%), നൈട്രജൻ (18%), ഓക്സിജൻ (25%), ഹൈഡ്രജൻ (7%), ഗന്ധകം (അല്പം മാത്രം) എന്നിവയാണ് ഇതിലുള്ളതായി കണ്ടുപിടിച്ചിരിക്കുന്ന മൂലകങ്ങൾ. ഇതിൽ പല അമിനോ അമ്ലങ്ങളും ഉള്ളതായി മനസ്സിലായിട്ടുണ്ട്.

ജെലാറ്റിൻ പായസം (Gelatin dessert), ഐസ്ക്രീം, സൂപ്പ് തുടങ്ങിയ ഭക്ഷണപദാർഥങ്ങൾ നിർമിക്കുന്നതിനു ജെലാറ്റിൻ ധാരാളമായി ഉപയോഗിക്കുന്നു. ഇതിൻെറ ഉപയോഗം ഫോട്ടോഗ്രാഫി മുതൽ തുണിയിലുള്ള അച്ചടിവരെ വ്യാപിച്ചുകിടക്കുന്നു. ഫോട്ടോഗ്രാഫിക് എമൽഷനുകളുടെ നിർമാണത്തിൽ ജലാറ്റിനു പ്രാധാന്യമുണ്ട്. ഇതിന് ഉപയോഗിക്കുന്ന ജെലാറ്റിനിൽ സിൽവർ ലവണങ്ങളുടെ ശക്തികെടുത്തുന്ന മാലിന്യങ്ങൾ ഉണ്ടായിരിക്കുവാൻ പാടില്ല. കാപ്സ്യൂളുകൾ നിർമിക്കുന്നതിനാണു വൈദ്യശാസ്ത്രത്തിൽ ഇതിൻെറ മുഖ്യമായ ഉപയോഗം.

ചില സ്ഫോടകവസ്തുക്കളുടെ നിർമാണത്തിലും ജെലാറ്റിൻ ഉപയോഗിക്കുന്നു; ബാക്ടീരിയകങ്ങളെ വളർത്തിയെടുക്കാനുള്ള മാധ്യമമായും, പ്രകാശഫിൽറ്ററുകൾ, പശകൾ മുതലായവയുടെ നിർമാണത്തിലും പ്രയോജനപ്പെടുന്നു.

ജെല്ലി ഫിഷ്

† ഒറീലിയ നോക്കുക.

ജെൽ

കട്ടിയുള്ള ലേഹ്യരൂപത്തിലുള്ള പദാർഥം. ഒരു ദ്രാവകമാധ്യമത്തിൽ അതിസൂക്ഷ്മ കണികകൾ(Ultramicroscopic particles) വിതറിയിരിക്കയോ ആകമാനമായി അടുക്കിയിരിക്കയോ ചെയ്തിട്ടുള്ള കട്ട. ഇലാസ്തികത ഉണ്ട്. പ്രോട്ടീൻ പോലുള്ള വലിയ തന്മാത്രകളോ, ബെൻേറാണൈറ്റുപോലുള്ള ചെറിയ ക്രിസ്റ്റലുകളോ പോളിസ്റ്റൈറീൻപോലുള്ള പോളിമർകണങ്ങളോ ആയിരിക്കും കണികകൾ. ജെല്ലുകൾ ചില ദ്രാവകങ്ങളിൽ ചീർക്കാറുണ്ട്. ജെല്ലിൻെറയും ദ്രാവകത്തിൻെറയും തരമനുസരിച്ചു ചീർക്കൽ (വ്യാപ്തവർധന) കൂടുതലോ കുറവോ ആകാം. ക്രമാതീതമായ ചീർക്കലിൻെറ ഫലമായി ജെൽ ഒരു കൊളോയിഡ് ലായനിയായിത്തീരുന്നു. ഇലാസ്തിക ദ്രാവകത്തിൻെറയും ഖരത്തിൻെറയും ഇടയ്ക്കുള്ള ഒരവസ്ഥയിലാണു സാധാരണമായി ജെല്ലുകൾ സ്ഥിതിചെയ്യുന്നത്. ചിലയിനം ജെല്ലുകളെ തപിപ്പിച്ചു കൊളോയിഡ് ദ്രവങ്ങളാക്കുവാൻ സാധിക്കും. ഇതിനു സാധ്യമല്ലാത്ത ഇനം ജെല്ലുകളെ തിസോട്രോപ്പിക് ജെല്ലുകളെന്നാണു പറയുന്നത്. യാന്ത്രികമാർഗങ്ങൾ കൊണ്ട് ഇവയെ കൊളോയി

ധ്യുകളാക്കാം. ബാഷ്പീകരണം മൂലവും മറ്റും ജെല്ലിലുള്ള ദ്രാവകമാധ്യമത്തെ നീക്കിയാൽ ലഭിക്കുന്നതാണു സെറോ ജെല്ലുകൾ (Xerogels). ഇവയിൽ വായുകണികകൾ ഉണ്ടെങ്കിൽ എയ്റോജെല്ലുകൾ എന്നും പറയും. ദ്രാവകമാധ്യമത്തിലുള്ള ജെല്ലുകളെ ലയോജെല്ലുകളെന്നാണു പറയാറുള്ളത്. ഉപയോഗിക്കുന്ന ദ്രാവകത്തെ അടിസ്ഥാനമാക്കി ഹൈഡ്രോജെൽ (ജലം), ആൽക്കോജെൽ (ആൽക്കഹോൾ) എന്നിങ്ങനെയും ലയോജെല്ലുകളെ തരംതിരിച്ചിരിക്കുന്നു. ലയോജെല്ലിന് ഉദാഹരണമാണു ജെലാറ്റിൻ. കൊളോയിഡീയ കണികകളുടെ സമുച്ചയത്തെയും വലിയ തന്മാത്രകൾ കുറുകെ ഘടിപ്പിക്കപ്പെട്ടുണ്ടാ സമ്മിശ്രത്തെയും സൂക്ഷ്മജെൽ (മൈക്രോ ജെൽ) എന്നാണു പറയാറുള്ളത്. ഹൽവാപോലുള്ള വസ്തുക്കൾ ജെല്ലുകൾക്കുദാഹരണങ്ങളാണ്.

ജെസിയ

മുസ്ലീംരാജാക്കന്മാർ അമുസ്ലീങ്ങളിൽനിന്ന് ഈടാക്കിവന്ന ഒരുതരം തലക്കരം. ജിസ്യ എന്നും പറയുന്നു. ഇത് ആദ്യം നടപ്പിൽവന്നതു മധ്യപൂർവദേശത്തെ മുസ്ലീം രാജ്യങ്ങളിലാണ്. ജൂതന്മാരും ക്രിസ്ത്യാനികളും അന്നു മുസ്ലീംരാജാക്കന്മാർക്കു ജെസിയ കൊടുക്കാൻ നിർബന്ധിതരായി. എ.ഡി. 712-ൽ മുഹമ്മദ് ഇബൻ കാസിം സിൻഡ് ആക്രമിച്ചുകീഴടക്കുകയും അവിടെ ജെസിയ ഏർപ്പെടുത്തുകയും ചെയ്തു. അതാണ് ഇന്ത്യയിൽ ജെസിയയുടെ തുടക്കം. ഇസ്ലാംമതം സ്വീകരിക്കുന്നവരെ അടിമത്തത്തിന്റെയും ജെസിയയുടെയും ബാധ്യതകളിൽനിന്ന് ഒഴിവാക്കുമെന്നും അല്ലാത്തവരെല്ലാം ജെസിയ കൊടുക്കാൻ നിർബന്ധിതരാണെന്നുമുള്ള തത്ത്വം ഇബൻ കാസിം പ്രഖ്യാപിച്ചു. ക്രമേണ ഇന്ത്യയുടെ ഇതരഭാഗങ്ങൾകൂടി മുസ്ലീം ആക്രമണകാരികൾ കീഴടക്കിയപ്പോൾ അവിടങ്ങളിലെ ഹിന്ദുക്കളുടെ മേലും ജെസിയ ചുമത്തപ്പെട്ടു. മുസ്ലീം രാജാക്കന്മാർ ഹിന്ദുക്കളെ കൊല്ലാതിരിക്കുന്നതിനും മുസ്ലിംസൈന്യത്തിന്റെ സേവനംമൂലം രാജ്യത്ത് ഉളവാകുന്ന സുരക്ഷിതത്വത്തിന്റെ ഗുണം അനുഭവിക്കുന്നതിനും ഹിന്ദുക്കൾ കൊടുക്കേണ്ട പ്രതിഫലം എന്ന നിലയ്ക്കാണ് ജെസിയ പിരിച്ചുപോന്നത്. പത്തും ഇരുപതും നാല്പതും തങ്കക്കാശുകൾ വീതം ഒരു അമുസ്ലീം ആണ്ടുതോറും കൊടുക്കേണ്ടിയിരുന്നു. വൃദ്ധന്മാർ, അംഗഹീനർ, അന്ധന്മാർ, സ്ത്രീകൾ, കുട്ടികൾ, ബ്രാഹ്മണപുരോഹിതർ, ഗവൺമെൻറുജീവനക്കാർ എന്നിവരെ ഈ നികുതിയിൽനിന്ന് ഒഴിവാക്കിയിരുന്നു. ഫിറോസ് തുഗ്ലക്ക് എന്ന സുൽത്താൻ ദില്ലി ഭരിച്ചിരുന്ന കാലത്ത് (1351—'88) ബ്രാഹ്മണരുടെ മേലും ജെസിയ ചുമത്തി. ബ്രാഹ്മണർ കൂട്ടത്തോടെ സുൽത്താനെ കണ്ട് അപേക്ഷിച്ചിട്ടും അദ്ദേഹം യാതൊരു സൗജന്യവും അനുവദിച്ചില്ല. അതിൽ പ്രതിഷേധിച്ചു ബ്രാഹ്മണർ കൊട്ടാരവാതിൽക്കൽ നിരാഹാരമനുഷ്ഠിച്ചു. ഉപവാസംകൊണ്ട് അവർ മരിച്ചുപോയേക്കുമെന്ന ഘട്ടം വന്നപ്പോൾ, ബ്രാഹ്മണർ കൊടുക്കേണ്ട നികുതി തങ്ങൾ കൊടുക്കാമെന്ന് ദില്ലിയിലെ മറ്റു ഹിന്ദുക്കൾ സമ്മതിച്ചു. ഒടുവിൽ സുൽത്താൻ ബ്രാഹ്മണരുടെ നികുതിനിരക്കു കുറച്ചുകൊടുത്തു.

മുസ്ലീംരാജാക്കന്മാർ ജെസിയ വാങ്ങിക്കൊണ്ടു ഹിന്ദുക്കളെ തങ്ങളുടെ രാജ്യങ്ങളിൽ ഹിന്ദുക്കളായിത്തന്നെ തുടരാൻ അനുവദിച്ചതിനെ അക്കാലത്തെ യാഥാസ്ഥിതിക മുസ്ലീംപണ്ഡിതന്മാർ എതിർക്കുകയുണ്ടായി. ഇസ്ലാമിൽ ചേരാൻ വിസമ്മതിക്കുന്ന എല്ലാ ഹിന്ദുക്കളെയും കൊല്ലണമെന്നായിരുന്നു അവരുടെ അഭിപ്രായം. അക്ബർ ജെസിയ നിർത്തലാക്കി. അറംഗസീബ് അതു വീണ്ടും ഏർപ്പെടുത്തി. മുഹമ്മദ്ഷായുടെ കാലത്ത് (1719-48) ആണ് ഈ നികുതി എന്നേക്കുമായി അവസാനിച്ചത്.

ജെസ്നറേസി

ദ്വിപത്രക സസ്യവിഭാഗത്തിലെ ഒരു കുലം. ഓഷധികളും വലയികളും കുറ്റിച്ചെടികളും ഈ കുലത്തിൽ കണ്ടുവരുന്നു. ഏകദേശം 140 ജീനസ്സും 1800 സ്പീഷീസും ഉണ്ട്. എപ്പീസിയ, ഗ്ലോക്സീനിയ മുതലായ സാധാരണ തോട്ടച്ചെടികൾ ഈ കുലത്തിൽപ്പെടുന്നു. പൂക്കൾ ആകർഷകങ്ങളാണ്.

ജെസ്യൂട്ടുകൾ

†ഈശോസഭ നോക്കുക.

ജെസ്സി ഓവൻസ് (1913—1980)

യു.എസ്സിലെ കായികതാരം. 1936-ലെ ബെർലിൻ ഒളിമ്പിക്സിൽ നാലു സ്വർണമെഡൽ നേടി. ലോങ്ജമ്പിൽ ഇദ്ദേഹം സ്ഥാപിച്ച റിക്കോർഡ് 25 വർഷം നിലനിന്നു.

1913 സെപ്റ്റംബർ 12-ന് അലബാമയിലെ ഡൻവില്ലിൽ ജനിച്ചു. ജെയിംസ് ക്ലീവ്ലൻഡ് ഓവൻസ് എന്നാണു പൂർണമായ പേര്. ഹൈസ്ക്കൂൾ വിദ്യാർഥി ആയിരിക്കെ ചിക്കാഗോയിൽ നടന്ന നാഷനൽ സ്കൂൾ ചാമ്പ്യൻഷിപ്പിൽ (1933) മൂന്നു ഇനങ്ങളിൽ സമ്മാനം നേടി. 1935-ൽ യൂണിവേഴ്സിറ്റി തലത്തിലുള്ള മത്സരങ്ങളിൽ ചില മുൻ റിക്കോർഡുകളോടു സമനില നേടുകയും, ചില റിക്കോർഡുകൾ സ്ഥാപിക്കയും ചെയ്തു. 1936-ലെ ഒളിമ്പിക്സിൽ 100 മീറ്റർ ഓട്ടം (10.3 സെക്കൻഡ്), 200 മീറ്റർ ഓട്ടം (20.7 സെക്കൻഡ്), ലോങ്ജമ്പ് (8.06 മീറ്റർ), 400 മീറ്റർ റിലേ (39.8 സെക്കൻഡ്) എന്നിവയിലാണു സ്വർണം നേടിയത്. യു.എസ്. ഗവൺമെൻറിന്റെ നിർദേശാനുസരണം ഓവൻസ് ഇന്ത്യയിൽ സൗഹൃദസന്ദർശനം നടത്തിയിട്ടുണ്ട്.

1980 മാർച്ച് 31-നു അരിസോണയിൽ ഫീനിക്സിൽ അന്തരിച്ചു.

ജെറമിയ (ബി.സി. 650—570)

ഹീബ്രൂ പ്രവാചകനും പരിഷ്കർത്താവും. ബൈബിളിലെ പഴയ നിയമത്തിൽ ഇദ്ദേഹം എഴുതിയ ഒരു ഭാഗമുണ്ട്. സമീപ പൂർവദേശത്തെ രാഷ്ട്രീയവും മതപരവും ആയ സംഭവങ്ങളിൽ നിർണായ



ജെറമിയ -റോമിലെ സിസ്റ്റൈൻ പാപ്പലിന്റെ ചുമരിൽ മൈക്കൽ ആഞ്ജലോ രചിച്ച ചിത്രം (1512).

കമായ പങ്കുവഹിച്ചു. യെറുശലേമിനു സമീപം ജനിച്ചു. പരമ്പരയാ പുരോഹിതരായിരുന്നു പിതൃപിതാമഹന്മാർ. യശയ്യാ രാജാവിന്റെ 13-ാം ഭരണവർഷത്തിലാണ് ഇദ്ദേഹത്തിന്റെ പ്രവാചകജീവിതം ആരംഭിച്ചത്. പ്രവാചകനാകാനുള്ള നിർദേശം ആദ്യം തിരസ്കരിച്ചെങ്കിലും യഹോവാ നിർബന്ധിക്കയും തന്റെ വക്താവാക്കാമെന്ന്, ഉറപ്പുകൊടുക്കയും ചെയ്തതുകൊണ്ട് ഒടുവിൽ സ്വീകരിച്ചു. ബി.സി. 627-ൽ ആണ് പ്രവാചകനായതെന്നു കരുതപ്പെടുന്നു.

ഇദ്ദേഹത്തിന്റെ ആദ്യത്തെ സുവിശേഷപ്രസംഗത്തെപ്പറ്റി ജെറമിയ ഏഴാം അധ്യായം 1-15 വചനങ്ങളിൽ പറയുന്നു. ഈശ്വരൻ യെറുശലേം ദേവാലയത്തെ നശിപ്പിക്കും എന്ന് ഇദ്ദേഹം പ്രവചിച്ചു. ഇദ്ദേഹത്തെ അറസ്റ്റുചെയ്തെങ്കിലും ശിക്ഷിക്കാതെ വിട്ടു.

ഈജിപ്തുകാർ യെറുശലേം ആക്രമിച്ചപ്പോൾ ജെറമിയ സ്ഥലം വിട്ടു. ഒളിച്ചോടിയ ഇദ്ദേഹത്തെ അറസ്റ്റുചെയ്തു ജെയിലിലിട്ടു. യെറുശലേം ശത്രുക്കളുടെ കയ്യിൽപെട്ടപ്പോൾ ജെറമിയ ജെയിൽ വിമുക്തനായി. ദുരാചാരങ്ങൾക്കു ജെറമിയ ജനങ്ങളെ പഴിച്ചു. പശ്ചാതാപത്തിന്റെ പാപമോചനശക്തിയെക്കുറിച്ച് ജനങ്ങളോടു പറഞ്ഞു. ഇന്ന് ജെറമിയയുടെ പേരിൽ കാണുന്ന ബൈബിൾഭാഗം പില്കാലത്ത് എഴുതിച്ചേർത്തതാകാൻ സാധ്യതയുണ്ട്.

ജെറാനിയേസി

ദ്വിപത്രക സസ്യവിഭാഗത്തിലെ ഒരു കുലം. എട്ടു ജീനസ്സിലായി ഏകദേശം 800 സ്പീഷീസ് ഉണ്ട്. മിക്കതും ഓഷധികൾ ആണ്. സ്ഥലകാലഭേദമെന്യേ എല്ലായിടത്തും കാണാം. ജെറാനിയം പോലുള്ള ചില ഇനങ്ങളെ അലങ്കാരത്തിനായി തോട്ടങ്ങളിൽ വളർത്തുന്നു.

ജെറിക്കോ

ജോർദാൻ താഴ്വരയ്ക്കു പടിഞ്ഞാറുള്ള ഒരു ചെറിയ പട്ടണം. പണ്ടുകാലംമുതലേ പല പട്ടണങ്ങളും ഇവിടെ തഴച്ചുവളർന്ന് അസ്തമിച്ചിട്ടുണ്ട്. ആ പട്ടണങ്ങളും ജെറിക്കോ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ജോഷ്വായുടെ നേതൃത്വത്തിൽ ജോർദാൻ കടന്ന് ഇസ്രായേലുകൾ ആദ്യം ആക്രമിച്ച പട്ടണമാണ് ജെറിക്കോ എന്നു ബൈബിളിൽ കാണുന്നു. തുടർന്ന് ബി.സി. 9-ാം നൂറ്റാണ്ടിൽ ഹെയിലിന്റെ കാലംവരെ ഈ പട്ടണം നശിച്ചനിലയിലായിരുന്നു. പഴയ ജെറിക്കോയുടെ അവശിഷ്ടങ്ങളിൽ പലതും ഉത്ഖനനം നടത്തി (1952-'58) കണ്ടെടുത്തിട്ടുണ്ട്. ഈ ഗവേഷണത്തിൽനിന്നും ജെറിക്കോയ്ക്കു ബൈബിളിൽ കൊടുത്തുകാണുന്നതിനെക്കാളും പൗരാണികത്വം ഉള്ളതായി തെളിയുന്നു. അക്കാലത്തു മനുഷ്യർ കല്ലുകൾ പെറുക്കിവച്ച് മതിലുണ്ടാക്കി ശത്രുക്കളിൽനിന്നു കൃഷിയെയും കുടുംബത്തെയും രക്ഷിച്ചിരുന്നു. പഴയപട്ടണത്തിന്റെ സ്ഥാനത്തുനിന്നും കുറെ മാറിയാണ് ആധുനിക ജെറിക്കോ സ്ഥിതിചെയ്യുന്നത്.



ജെറിക്കോ : ഉത്ഖനനത്തിൽ
വെളിപ്പെട്ട ചരിത്രാവശിഷ്ടം.

ജെറുസലേം

ഇസ്രായേലിന്റെ തലസ്ഥാനം. ജൂതന്മാരുടെ പവിത്രനഗരം അഥവാ ശാന്തിനഗരമാണ് ഇത്. ക്രിസ്തുവിന്റെ ക്രൂശാരോഹണത്തിനു ശേഷം ക്രിസ്ത്യാനികൾ ഇതൊരു പുണ്യസ്ഥലമായി കരുതുന്നു. മധ്യധരണ്യാഴിതീരത്തുള്ള ടെൽ അവീവ് നഗരത്തിൽനിന്ന് 55 കി.മീറ്റർ. തെക്കുകിഴക്കും കടൽതീരത്തുനിന്ന് 25 കി.മീറ്റർ. പടിഞ്ഞാറും ആയി സമുദ്രനിരപ്പിൽനിന്ന് 810 മീറ്റർ ഉയരത്തിൽ കൽപ്രദേശമായ ജൂഡിയൻ കുന്നുകളിലാണു സ്ഥിതിചെയ്യുന്നത്. മതപരമായ വിശുദ്ധിയും ചരിത്രപരമായ പ്രസിദ്ധിയും ഈ നഗരത്തിനു ലഭിച്ചിട്ടുണ്ട്. ജനസംഖ്യ 4,46,500 (1984).



16-ാംനൂറ്റാണ്ടിൽ നിർമിക്കപ്പെട്ട
ദമാസ്കസ്ഗേറ്റ് (ഓട്ടോമൻ വാസ്തുശില്പശൈലി).

1918-നുശേഷം ബ്രിട്ടന്റെ അധീനത്തിലിരുന്ന പലസ്തീൻരാജ്യത്തിന്റെ തലസ്ഥാനമായിരുന്നു ഇത്. 1948-ൽ ഇസ്രായേലിനും അറബിരാജ്യങ്ങൾക്കുമായി വിഭജിച്ചുകൊടുത്തപ്പോൾ ജെറുസലേമിന്റെ ഒരു ഭാഗം (പഴയ നഗരം) ജോർദാനും ശേഷിച്ച ഭാഗം (പുതിയ നഗരം) ഇസ്രായേലിനും ലഭിച്ചു. ഇസ്രായേലിനു കിട്ടിയ ഭാഗം ആ രാജ്യത്തിന്റെ തലസ്ഥാനമായി. 1967-ലെ അറബി-ഇസ്രായേൽ യുദ്ധത്തിൽ പഴയ നഗരംകൂടി ഇസ്രായേൽ കൈവശപ്പെടുത്തി.

ഉഷ്ണം ഏറ്റവും കൂടുതലുള്ള മാസം ആഗസ്റ്റും ഏറ്റവും കുറവുള്ളതു ഫെബ്രുവരിയുമാണ്. സാധാരണരീതിയിൽ രണ്ടുകൊല്ലം കൂടുമ്പോൾ ഹിമപാതമുണ്ട്. ആണ്ടിൽ ശരാശരി മഴ 66 സെ.മീറ്റർ. (നവംബർ മുതൽ ഏപ്രിൽ വരെ).

മൂന്നു മതങ്ങളുടെ കേന്ദ്രം. ജെറുസലേമിന്റെ ഏറ്റവും വലിയ പ്രാധാന്യം ജൂതന്മാരും ക്രിസ്ത്യാനികളും മുസ്ലീങ്ങളും അതിനു കല്പിക്കുന്ന മതപരമായ വിശുദ്ധിയാണ്. ജൂതന്മാരുടെ വിശുദ്ധപേടകം ഡേവിഡ് കൊണ്ടുചെന്നു സ്ഥാപിച്ചത് ജെറുസലേമിൽ ആയിരുന്നു. അവരുടെ പുരാതന ദേവാലയം ഇവിടത്തെ സിയോൻ കുന്നിലായിരുന്നു. (ആ ദേവാലയം എ.ഡി. 70-ൽ നശിപ്പിക്കപ്പെട്ടു.) ക്രിസ്തുവിനെ കുരിശിൽ തറച്ചതും അദ്ദേഹം ഉയിർത്തെഴുന്നേറ്റതും ജെറുസലേമിൽവച്ചാണ് എന്നു വിശ്വസിക്കപ്പെടുന്നു. സ്വർഗദർശനത്തിനായി മുഹമ്മദ് നബിയെ ഗബ്രിയേൽ സ്വർഗത്തിലേക്കു കൂട്ടിക്കൊണ്ടുപോയതും ജെറുസലേമിൽനിന്നാണെന്ന് ഖുറാനിൽ (XVII-I) പറയുന്നു. അങ്ങനെ ഈ നഗരം ഈ മൂന്നു മതക്കാർക്കും തീർഥാടനകേന്ദ്രമായി. മുസ്ലീങ്ങളിൽനിന്ന് ഈ നഗരവും പരിസരങ്ങളും വീണ്ടെടുക്കാനാണ് യൂറോപ്പിലെ ക്രിസ്ത്യൻ രാഷ്ട്രങ്ങൾ മധ്യയുഗത്തിൽ കുരിശുയുദ്ധങ്ങൾ സംഘടിപ്പിച്ചത്. ഇസ്രായേലികളുടെ ഒരു ദേവനായ ഷാലെമിന്റെ വാസസ്ഥാനം എന്നർഥമുള്ള ഹീബ്രു വാക്കാണ് 'ജെറുസലേം'. ബെത്ഷാലം, ഡേവിഡിന്റെ നഗരം, ഏറീൽ, ഇലിയ എന്നീ പേരുകളിലും ഇതറിയപ്പെട്ടിരുന്നു. അറബികൾ അൽക്ദ്സ് എന്നും വിളിച്ചിരുന്നു.

ജെറുസലേമിൽ മൂന്നു മതക്കാരുടെയും ഉന്നതതലത്തിലുള്ള പുരോഹിതസ്ഥാപനങ്ങൾ ഉണ്ട്. ജൂതപുരോഹിതമേധാവികളായ റാബൈകളുടെ കേന്ദ്രകൗൺസിൽ ജെറുസലേമിലാണ്. റോമൻ

കത്തോലിക്കാ വിഭാഗക്കാരുടെയും ഗ്രീക്ക് ഓർത്താഡോക്സ് ചർച്ചുകാരുടെയും ആർമീനിയൻ ചർച്ചിന്റെയും പാത്രിയർക്കീസുമാർ ഇവിടെ വസിക്കുന്നു. ഇസ്ലാം മതാനുയായികൾക്ക് അവരുടെ പുണ്യ തീർഥാടനകേന്ദ്രങ്ങളിൽ മെക്കയും മെദീനയും കഴിഞ്ഞാൽ ഏറ്റവും പ്രാധാന്യമുള്ളത് ജെറുസലേം ആണ്.

പഴയ നഗരം. ജെറുസലേമിനു രണ്ടു ഭാഗമുണ്ട്—പഴയ നഗരവും പുതിയ നഗരവും. 1961-ൽ 60,488 ജനങ്ങൾ പാർത്തിരുന്ന ഇന്നത്തെ 'പഴയ നഗരം' ജോർദാൻതടത്തിൽനിന്ന് 1160 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്നു. ഇവിടുത്തെ ഭൂമി തെക്കുകിഴക്കോട്ട് ആഗ്നേയതടം (Vally of Fire) എന്ന താഴ്‌വരയുടെ നേർക്കു ചരിഞ്ഞുകിടക്കുന്നു.

എ.ഡി. 70-ൽ റോമക്കാർ നശിപ്പിച്ച ജൂതക്ഷേത്രം നിന്ന സ്ഥാനത്തുതന്നെ എ.ഡി. 691-ൽ അബ്ദൽ മാലിക്ക് എന്ന ഖാലിഫ് നിർമിച്ച കുബ്ബാത്ത് അസ് സഖ്റ (Dome of the Rock) എന്ന മുസ്ലീം ദേവാലയം പഴയ നഗരത്തിലാണ്. അഷ്ടഭുജരൂപത്തിൽ നിർമിച്ച ഈ പള്ളിയുടെ സുവർണമകുടം നഗരത്തിൽ ഉയർന്നു നിൽക്കുന്നു. പള്ളി നിൽക്കുന്ന പഴയ നഗരത്തിന്റെ ഹാരം എന്ന വിശുദ്ധസ്ഥാനത്തു മറ്റു മുസ്ലീം ദേവാലയങ്ങളുമുണ്ട്. മുഹമ്മദിന്റെ സ്വർഗയാത്രയുടെ സ്മാരകമായി അൽഖാദി I എന്ന ഖാലിഫ് എ.ഡി. 710-ൽ നിർമിച്ച ആക്സംപള്ളി അക്കൂട്ടത്തിൽ പെടുന്നു. നഗരത്തിനു ചുറ്റുമുള്ള മതിൽ പൂർത്തിയാക്കിയത് (1520 മുതൽ 1566 വരെ) തുർക്കി സുൽത്താനായ സുലൈമാൻ ആണ്.

ഹാരം ഒഴിച്ചുള്ള നഗരഭാഗത്തെ ക്രിസ്ത്യൻ കേന്ദ്രം, മുസ്ലീം കേന്ദ്രം, ആർമീനിയൻ കേന്ദ്രം, ജൂതകേന്ദ്രം എന്നിങ്ങനെ നാലായി വിഭജിച്ചിരിക്കുന്നു. നഗരത്തിന്റെ വടക്കെ മതിലിലുള്ള ദമാസ്കസ് ഗേറ്റ് ആണ് പ്രധാന പ്രവേശനദ്വാരം. കിഴക്ക് സെൻറ് സ്റ്റീഫൻ ഗേറ്റും തെക്ക് ഡൂങ്ഗേറ്റും ഉണ്ട്. ഡേവിഡ് ആദ്യം പട്ടണം സ്ഥാപിച്ച ഓഫർകുന്നിലേക്കു പ്രവേശിക്കേണ്ടത് ഡൂങ്ഗേറ്റിൽക്കൂടെയാണ്. ക്രിസ്തുവിന്റെ ശവകുടീരത്തിന്മേൽ പണിതിരിക്കുന്നതായി കരുതപ്പെടുന്ന പള്ളി ഇവിടുത്തെ ക്രിസ്ത്യൻ കേന്ദ്രത്തിൽ നിലകൊള്ളുന്നു. ആർമീനിയൻ കേന്ദ്രത്തിൽ പാത്രിയർക്കീസിന്റെ അരമനയും സെൻറ് ജെയിംസിന്റെ പള്ളിയുമുണ്ട്. ജൂതകേന്ദ്രത്തിലുണ്ടായിരുന്ന അനേകം യഹൂദദേവാലയങ്ങൾ 1947-ലെ യുദ്ധത്തിൽ നശിച്ചുപോയി. ഹാരത്തിന്റെ പടിഞ്ഞാറെ മതിലിന്റെ അടിഭാഗത്തെ ജൂതന്മാർ വിലാപഭിത്തി (Wailing Wall) എന്നു വിളിക്കുന്നു. സോളമൻ നിർമിച്ചതും പിന്നീടു നശിപ്പിക്കപ്പെട്ടതുമായ പുരാതന ജൂതക്ഷേത്രത്തിന്റെ മതിലിന്റെ ഒരു ഭാഗമാണിതെന്നാണ് ജൂതന്മാരുടെ സങ്കല്പം. ജൂതന്മാർ ഇവിടെ സമ്മേളിച്ച് തങ്ങളുടെ ക്ഷേത്രം നശിപ്പിക്കപ്പെട്ടതോർത്തു വിലപിക്കുകയും ആരാധനകൾ നടത്തുകയും ചെയ്യാറുണ്ട്. 1948 മുതൽ ഈ വിലാപപ്രാർഥന മുടങ്ങി. 1967-ൽ ഇസ്രായേൽ പഴയ നഗരം പിടിച്ചെടുത്തതിനുശേഷം ഈ പ്രാർഥന വീണ്ടും തുടങ്ങി.

പുതിയ നഗരം. ജെറുസലേം തുർക്കിയുടെ അധീനത്തിലിരുന്ന കാലത്ത് പഴയ നഗരം അതിന്റെ മതിലിനപ്പുറത്തേക്കു വികസിച്ചില്ല. 1919 മുതൽ 1948 വരെയുള്ള ബ്രിട്ടീഷ് ഭരണകാലത്താണു പഴയനഗരത്തിന്റെ പടിഞ്ഞാറുവശത്ത് പുതിയൊരു നഗരം രൂപംകൊണ്ടത്. 1925-ൽ സ്ഥാപിച്ച ഹീബ്രു സർവകലാശാലയുടെയും സംഗീത അക്കാദമിയുടെയും ആസ്ഥാനവും ഇവിടെയാണ്. ഗവൺമെൻറ് മന്ദിരങ്ങൾ സ്ഥിതിചെയ്യുന്ന നഗരഭാഗത്തെ ഹാക്കിരിയ എന്നു വിളിക്കുന്നു. ചാവുകടൽച്ചുരുണകൾ സൂക്ഷിച്ചിരുന്ന ഇസ്രായേൽ മ്യൂസിയംപുതിയനഗരത്തിലാണ്. രണ്ടാംലോകയുദ്ധകാലത്ത് നാസികൾ വധിച്ച ജൂതന്മാരുടെ സ്മാരകമായി ഇവിടെ ദേവാലയവും ഗ്രന്ഥശാലയും നിർമിച്ചിട്ടുണ്ട്. 'യാദ്‌വാഷെം' എന്നാണ് ഈ സ്ഥാപനത്തിന്റെ പേര്. യേശുവിന്റെ അവസാനത്തെ അത്താഴം നടന്നതെന്നു കരുതപ്പെടുന്ന സ്ഥാനത്ത് ഒരു പള്ളിയുണ്ട്. അതിനു സമീപത്താണ് ഡേവിഡ് രാജാവിന്റെ ശവകുടീരം. പുതിയനഗരത്തിൽപെട്ട പവിത്രസ്ഥാപനങ്ങളിൽ ചർച്ച് ഒഫ് ദി ഹോളി സിപ്പൽക്കർ, ഗെത്സിമിനെ ഉദ്യാനം, മൗണ്ട് ഒഫ് ഒലിവ്സ്, വയഡോളറോസ മുതലായവ ഉൾപ്പെടുന്നു. 1967-ലെ യുദ്ധത്തിൽ സിറിയൻ പീരങ്കികൾ പുതിയ നഗരത്തിനു ഗണ്യമായ നാശനഷ്ടങ്ങൾ വരുത്തി.

ചരിത്രം. മതസംഘട്ടനങ്ങളുടെ രംഗമായിരുന്നു ഇതു പലപ്പോഴും. അറേബിയയിൽനിന്നു വന്ന സെമിറ്റിക്കുകാർ ശിലായുഗത്തിൽ ഇവിടെ പാർപ്പുതുടങ്ങി. അന്നുമുതൽ ഇന്നുവരെ പലതവണയും ഈ സ്ഥലം നശിപ്പിക്കുകയും വീണ്ടും നിർമിക്കുകയും ചെയ്തിട്ടുണ്ട്. ബി.സി. 1300-ൽ തുടങ്ങിയ ആക്രമണം അവസാനിച്ചത് ഏകദേശം ബി.സി. 1000-ത്തിൽ ഡേവിഡിന്റെ വിജയത്തോടെയാണ്. അതിനുശേഷം ഈജിപ്തുകാർ, ബാബിലോണിയക്കാർ, പേർഷ്യക്കാർ തുടങ്ങി പലരും ഇവിടം ആക്രമിക്കുകയും കൈവശപ്പെടുത്തുകയും ചെയ്തു. 949-ൽ ബ്രിട്ടീഷുകാർ ഇവിടം വിട്ടപ്പോൾ ഈ നഗരത്തെ രണ്ടായി ഭാഗിച്ചു. പഴയനഗരം ജോർദാനും പുതിയത് ഇസ്രായേലും പങ്കിട്ടെടുത്തു.

ബി.സി. 1000-ാമാണ്ടോടുകൂടി ഇസ്രായേലിലെ രാജാവായ ഡേവിഡ് ജെറുസലേം കൈവശപ്പെടുത്തി. അദ്ദേഹം പട്ടണത്തിൽ ചില അറ്റകുറ്റപ്പണികൾ നടത്തി. പട്ടണം വികസിപ്പിച്ചത് ബി.സി. 950-നോടടുപ്പിച്ച് അവിടം ഭരിച്ചിരുന്ന സോളമൻ ആണ്. ഇന്നത്തെ പഴയ നഗരത്തിൽ പണ്ടുണ്ടായിരുന്ന ജൂതക്ഷേത്രം ആദ്യം പണിയിച്ചത് ഇദ്ദേഹമാണ്. ബി.സി. 586-ൽ നെബുക്കഡ് നെസ്സാറിന്റെ മേധാവിത്വത്തിൽ ബാബിലോണിയന്മാർ ഈ ക്ഷേത്രം നശിപ്പിക്കുകയും ജൂതന്മാരെ ബാബിലോണിയയിലേക്കു നാടുകടത്തുകയും ചെയ്തു. പിന്നീട് പേർഷ്യൻ ചക്രവർത്തി സൈറസ് ബാബിലോണിയ പിടിച്ചടക്കിയതിനെത്തുടർന്ന് ബി.സി. 537 മുതൽ സൈറസ്സിന്റെ അനുവാദത്തോടെ ജൂതന്മാർ ജെറുസലേമിലേക്കു തിരിച്ചുപോകുവാൻ തുടങ്ങി. ബി.സി. 516-ൽ ജൂതന്മാർ രണ്ടാമതൊരു ക്ഷേത്രം പണിതു. തുടർന്ന് ഈജിപ്തുകാർ വീണ്ടും ജെറുസലേമിന്റെ അധികാരികളായി. ബി.സി. 332-ൽ അലക്സാണ്ടർ പട്ടണത്തിൽ പ്രവേശിച്ചു. പിന്നെ അത് ആൻറിയോക്കസിന്റെ വംശത്തിൻകീഴിലായി. ബി.സി. ഒന്നാംനൂറ്റാണ്ടിൽ റോമൻ മേൽക്കോയ്മ സ്ഥാപിതമായി. അവരുടെ കീഴിൽ നാടുവാഴിയായ ഹീറോദ് (ബി.സി.

ജെറുസലേമിലെ ഇടുങ്ങിയ നിരത്തുകളിലൊന്ന്. ഇതിലൂടെയാണ് യേശു കാൽവരിയിലേക്ക് കുരിശുചുമന്നു നീങ്ങിയതെന്ന് വിശ്വസിക്കപ്പെടുന്നു.

20) അത് അഴിച്ചുപണിതു. ഹീറോദ് പണിയിച്ച ക്ഷേത്രത്തിന്റെ വലിയ തറക്കെട്ട് ഇപ്പോഴും കാണാം. അവിടെയാണ് ഇപ്പോഴത്തെ ഹാരം. പടിഞ്ഞാറെ കുന്നിൽ ഹീറോദ് തനിക്ക് ഒരു കൊട്ടാരവും പണിയിച്ചു. ഹീറോദ് അഗ്രിപ്പ (എ.ഡി. 41-44) ജെറുസലേം പട്ടണം വികസിപ്പിക്കാൻ ശ്രമിച്ചു. പടിഞ്ഞാറെ കുന്നിന്റെ തെക്കെയറ്റം കൂടി നഗരത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് ഒരു മതിൽ കെട്ടിച്ചത് അദ്ദേഹമാണ്. റോമൻ ഭരണത്തിനെതിരായി ജൂതന്മാരുടെ ആദ്യത്തെ വിപ്ലവമുണ്ടായ എ.ഡി. 70-ൽ റോമൻചക്രവർത്തി ടൈറ്റസ് ജെറുസലേംനഗരം പാടേ നശിപ്പിച്ചു. ജൂതക്ഷേത്രവും നശിച്ചുപോയി. പിന്നീട് എ.ഡി. 135-ൽ റോമൻ ചക്രവർത്തി ഹാഡ്റിയൻ ജെറുസലേമിൽ നിർമിച്ച പുതിയ പട്ടണത്തിന് 'എയ്ലിയ കാപ്പിറ്റോലിന' എന്നും പേരിട്ടു. പഴയനഗരത്തിൽ ഇന്നുള്ള ക്രിസ്ത്യൻപള്ളികളിൽ പലതും ക്രിസ്ത്യാനികളായ ബൈസാന്തിയൻ ചക്രവർത്തിമാർ തുടങ്ങിവെച്ചതാണ്. അവരുടെ കാലത്തു നഗരം വികസിച്ചു. 637-ൽ ഖാലിഫ് ഒമർ അറബിസൈന്യമേധാവിയെന്ന നിലയിൽ ജെറുസലേമിലെ എയ്ലിയ കാപ്പിറ്റോലിന പിടിച്ചെടുത്തു. അദ്ദേഹത്തിന്റെ സ്മാരകമായി പിന്നീട് ഒമർപള്ളി പണിയിക്കപ്പെട്ടു. അൽ അസീസ് എന്ന ഖാലിഫ് നഗരമതിലുകൾ പുതുക്കിപ്പണിയിച്ചു. 1099 മുതൽ 1187 വരെ കുരിശുയുദ്ധത്തിനു വന്ന പശ്ചിമയൂറോപ്യൻ ക്രിസ്ത്യാനികളുടെ നിയന്ത്രണത്തിലായിരുന്നു ജെറുസലേം. അവർ നഗരത്തിൽ പല പുതിയ കെട്ടിടങ്ങളും നിർമിച്ചു. 1187-ൽ ഈജിപ്ത് സുൽത്താൻ സലാദീൻ പിടിച്ചെടുത്തതുമുതൽ 1918 വരെ ജെറുസലേം മുസ്ലീം അധീനത്തിൽ നിന്നു. 1517-ൽ തുർക്കിയിലെ ഓട്ടോമൻ സുൽത്താൻമാർ ഇവിടുത്തെ അധിപതികളായി. മഹാപ്രതാപിയായ സുലൈമാൻ, നഗരത്തിനു പുതിയൊരു രൂപം നല്കി.

പല മുസ്ലീംപള്ളികളും കെട്ടിടങ്ങളും തുർക്കികൾ അവിടെ പണിയിച്ചു. ഒന്നാം ലോകയുദ്ധംവരെ ജെറുസലേം തുർക്കികളുടെ അധീനത്തിലിരുന്നു. 1917 ഡിസംബറിൽ ജെനറൽ അല്ലെൻബിയുടെ നേതൃത്വത്തിൽ ബ്രിട്ടീഷ്സൈന്യം നഗരം പിടിച്ചെടുത്തു. അന്നുമുതൽ 1948 വരെ ലീഗ് ഓഫ് നേഷൻസിന്റെ മേൽനോട്ടത്തിൽ ബ്രിട്ടന്റെ അധീനത്തിലായിരുന്നു പലസ്തീൻ. ജെറുസലേമായിരുന്നു പലസ്തീന്റെ തലസ്ഥാനം. 1948-ൽ ജെറുസലേം ഇസ്രായേലിനും അറബിരാജ്യങ്ങൾക്കുമായി വിഭജിച്ചുകൊടുത്തു. 1967-ൽ അറബി ഇസ്രായേൽ യുദ്ധത്തിൽ ഇസ്രായേൽ പഴയനഗരം കൂടി കൈവശപ്പെടുത്തിയതോടെ ഈ നഗരം പൂർണമായും ഇസ്രായേലിന്റെ നിയന്ത്രണത്തിലായി.

ജെറോം കെ. ജെറോം (1859—1927)

ഇംഗ്ലീഷ് സാഹിത്യകാരൻ. 1859 മെയ് 2-ന് ലണ്ടനിൽ ജനിച്ചു. വിദ്യാഭ്യാസത്തിനുശേഷം കുറച്ചുകാലം ഗുമസ്തനായും അധ്യാപകനായും ജോലിനോക്കി. സ്വല്പകാലം നടനായിരുന്നു. 1885-ൽ 'ഓൺ ദി സ്റ്റേജ് ആൻറ് ഓഫ്' എന്ന കൃതി പ്രസിദ്ധപ്പെടുത്തി. 1889-ൽ 'ത്രീ മെൻ ഇൻ എ ബോട്ട്' എന്ന ഹാസ്യപ്രധാനമായ നോവലിലൂടെ പ്രസിദ്ധനായി. അനവധി നോവലുകളും (Idle Thoughts of an idle Fellow, New Lamps for Old) നാടകങ്ങളും ഉപന്യാസങ്ങളും എഴുതിയിട്ടുണ്ട്. 1892-ൽ ഒരു മാസിക (Idler) തുടങ്ങി. 1893 മുതൽ 1897 വരെ ഒരു പ്രസിദ്ധ വാരികയുടെ (Today) പത്രാധിപരായിരുന്നു. നർമപ്രധാനങ്ങളാണ് ജെറോമിന്റെ കൃതികളെല്ലാം. 1927 ജൂൺ 14-നു മരിച്ചു.

ജെറോം, സെയിൻറ് (331—420)

മതപണ്ഡിതൻ. ഉത്തര ഇറ്റലിയിൽ അക്വീലിയ നഗരത്തിനു സമീപം സ്ട്രൈഡനിൽ ജനിച്ചു. റോമിൽ പഠിച്ചു. 368-ൽ ഗോളിലെ ട്രയറിൽ എത്തി. അവിടെവച്ചാണു സന്ന്യസ്തജീവിതത്തിനുള്ള പ്രചോദനം ലഭിച്ചത്. താമസിയാതെ സന്ന്യാസി ആയി. 372-ൽ കിഴക്കൻ നാടുകളിലേക്ക് പോയി. 377-ൽ അന്ത്യോഖ്യായിൽ മടങ്ങി എത്തി. അപ്പോളിനരിസിന്റെ പ്രഭാഷണങ്ങൾ കേട്ടു, ക്രിസ്ത്യൻ നേതാവായ പോളിനെസുമായി സൗഹാർദം സ്ഥാപിച്ചു. കപ്പോഡിഷ്യൻഗ്രിഗറിയെ ഗുരുനാഥനായി അംഗീകരിച്ചു. ഗ്രീക്കുദൈവശാസ്ത്രവും ഹീബ്രുഭാഷയും പഠിച്ചു. 382-ൽ പോളിനെസിനോടൊപ്പം റോമിൽ എത്തി, പോപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി ആയി. സമ്പന്നകളും കുലീനകളുമായ പല സ്ത്രീകളും ശിഷ്യകളും സുഹൃത്തുക്കളും ആയി. അഴിമതികളെ എതിർത്തതിനാൽ ശത്രുക്കൾ വർധിച്ചു. പോപ്പിന്റെ സ്ഥാനം ലഭിക്കാതെവന്നപ്പോൾ സ്ഥലം വിട്ടു. ബേത്‌ലഹേമിൽ ഒരു സന്ന്യാസിമഠവും ഒരു സന്ന്യാസിനിമഠവും സ്ഥാപിച്ചു. ഇദ്ദേഹം എന്നും ഒരു വിവാദപുരുഷനായിരുന്നു.

ജെറ്റ് വിമാനങ്ങൾ

†വിമാനങ്ങൾ നോക്കുക.

ജേ

ജേക്കബ്, എം.എം (1928—)

സാമൂഹിക-രാഷ്ട്രീയ പ്രവർത്തകൻ. കേരളത്തിലെ കോൺഗ്രസ് നേതാവ്. ഇപ്പോൾ കേന്ദ്രപാർലമെൻററി കാര്യമന്ത്രി (മിനിസ്റ്റർ ഒഫ് സ്റ്റേറ്റ്).

1928 ഓഗസ്റ്റ് 9-ന് രാമപുരത്ത് (കോട്ടയം ജില്ല) ജനിച്ചു എം.എ., എൽ.എൽ.ബി. ബിരുദങ്ങൾ നേടിയശേഷം പൊതുപ്രവർത്തനത്തിൽ ഏർപ്പെട്ടു. കോൺഗ്രസ് പ്രവർത്തകൻ, ഭൂദാനപ്രസ്ഥാനം, ഭാരത് സേവക് സമാജം തുടങ്ങിയവയുടെ സംഘാടകൻ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. സമാജത്തിൻെറ ദക്ഷിണമേഖലാ ഓർഗനൈസറും കേരള സംസ്ഥാന ചെയർമാനും ആയിരുന്നു. കെ.പി.സി.സി. ജെനറൽ സെക്രട്ടറിയും, ട്രെഷററും ആയി പ്രവർത്തിച്ചിട്ടുണ്ട്. സംസ്ഥാന റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻെറയും, പ്ലാൻേറഷൻ കോർപ്പറേഷൻെറയും ചെയർമാൻ ആയിരുന്നു.

1982-ലും, 1988-ലും രാജ്യസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. 1986-ൽ രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ ആയി.

ജേക്കബ്, എ.എൽ (1910—)

കേരളത്തിലെ കോൺഗ്രസ് നേതാവ്. 1978-'79 കാലത്ത് പി.കെ. വാസുദേവൻനായരുടെ മന്ത്രിസഭയിൽ കൃഷിമന്ത്രി.

1910-ൽ എറണാകുളം ജില്ലയിലെ വൈപ്പിനിൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കൽക്കത്തയിൽ ബിസിനിസ്സിൽ ഏർപ്പെട്ടു. 1932-ൽ കോൺഗ്രസ്സിൽ ചേർന്നു. സുഭാഷ്ബോസുമൊത്തു പ്രവർത്തിച്ചു. 1942-ൽ ക്വിറ്റ് ഇന്ത്യാസമരത്തിൽ പങ്കെടുത്തു ജയിൽവാസം അനുഭവിച്ചു. 1944-ൽ കേരളത്തിൽ തിരിച്ചെത്തി കൊച്ചി പ്രജാമണ്ഡല പ്രവർത്തകനായി. 1948-ൽ കൊച്ചി നിയമസഭയിലും 1952-ൽ തിരു-കൊച്ചി നിയമസഭയിലും അംഗമായി. 1957, 60, 70, 77, 80, 82 വർഷങ്ങളിൽ നടന്ന തിരഞ്ഞെടുപ്പുകളിൽ ജയിച്ച് കേരള നിയമസഭയിൽ എറണാകുളം മണ്ഡലത്തെ പ്രതിനിധാനം ചെയ്തു. കേരള സർവകലാശാലയുടെയും കൊച്ചിൻ സർവകലാശാലയുടെയും സെനറ്റിൽ അംഗമായിരുന്നു. എറണാകുളം ജിംനേഷ്യത്തിൻെറ സ്ഥാപക പ്രസിഡൻറ് ആണ്.

ജേക്കബ്, കെ.ടി. (1913 — 1976)

കേരളത്തിലെ കമ്യൂണിസ്റ്റു നേതാവ്. തോട്ടം തൊഴിലാളികളെ സംഘടിപ്പിച്ചു. 1969-ൽ അച്യുതമേനോൻ മന്ത്രിസഭയിൽ ഒമ്പതു മാസക്കാലം റെവന്യൂ വകുപ്പു മന്ത്രിയായിരുന്നു.

1913 നവംബർ ഒന്നിനു കൂത്താട്ടുകുളത്തു ജനിച്ചു. പരമ്പരാഗതമായി വൈദ്യവൃത്തിയിൽ ഏർപ്പെട്ട കുടുംബമാണു ജേക്കബിൻെറത്. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം വൈദ്യംപഠിക്കാൻ തുടങ്ങി. തിരുവിതാംകൂറിൽ നിവർത്തനപ്രക്ഷോഭം ആരംഭിച്ചപ്പോൾ അതിൽ പങ്കെടുത്തു സ്റ്റേറ്റ് കോൺഗ്രസിൻെറ സജീവപ്രവർത്തകനായി. ട്രാവൻകൂർ സ്റ്റേറ്റ്കോൺഗ്രസ് കമ്മിറ്റി അംഗമായിരുന്നു. കമ്യൂണിസ്റ്റ് പക്ഷപാതം കാരണം അവിടെനിന്നും പുറത്താക്കി. 1954-ൽ ട്രാൻസ്പോർട്ട് തൊഴിലാളി സമരത്തിനു നേതൃത്വം നല്കി കഠിനമായ മർദനത്തിനു വിധേയനായി. കമ്യൂണിസ്റ്റു പാർട്ടിയുടെ സ്റ്റേറ്റ് കൗൺസിൽ അംഗമായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി.പി.ഐ.യിൽതന്നെ നിന്നു. 1965-ലും 1967-ലും കേരള നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. കേരള ഭൂപരിഷ്ക്കരണ നിയമം നടപ്പാക്കുന്നതിൽ ഊർജസ്വലമായി പ്രവർത്തിച്ചു. 1976 ജൂൺ 14-ന് അന്തരിച്ചു.

ജേക്കബ് ഫിലിപ്പ് (1909—1978)

ചിത്രകാരനും സ്വാതന്ത്ര്യസമരഭടനും. 1909 ഫെബ്രുവരി 8-നു കൂത്താട്ടുകുള(എറണാകുളം ജില്ല)ത്തു ജനിച്ചു. ചിത്രകലയിൽ അഭിരുചി ഉണ്ടായിരുന്ന ജേക്കബ് ഫിലിപ്പ് ഫോട്ടോഗ്രാഫറായാണു ജീവിതം ആരംഭിച്ചത്. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് ആരംഭിച്ച ഉത്തരവാദഭരണപ്രക്ഷോഭണത്തിൽ പങ്കെടുത്തു. സമരപ്രചാരണത്തിനു പോസ്റ്റർ വരയ്ക്കുകയും പെയിൻറിങ്ങുകൾ തയാറാക്കുകയും ചെയ്തു. പില്ക്കാലത്ത് എൻ.ബി.എസ്. പുസ്തകങ്ങൾക്ക് ആകർഷകമായ പുറംചട്ടകൾക്കു രൂപം നല്കി. മലയാളത്തിലെ പുസ്തകപ്രസിദ്ധീകരണരംഗത്തെ പുതിയൊരു കാൽവയ്പായിരുന്നു ഇത്. ഈ പുറംചട്ടകളാണു പിന്നീടു പല പ്രസാധകർക്കും മാതൃക ആയത്. കൂത്താട്ടുകുളം പഞ്ചായത്തു പ്രസിഡൻറായി 12 വർഷം സേവനം അനുഷ്ഠിച്ചു. സ്വാതന്ത്ര്യഭടന്മാർക്കുള്ള താമ്രപത്രം ലഭിച്ചിട്ടുണ്ട്.

ജേക്കബ് ഫ്രാൻസ്വാ (1920—)

ബാക്റ്റീരിയയുടെ ജനിതകക്രമീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച കണ്ടുപിടിത്തങ്ങൾക്ക് 1965-ൽ ആന്ദ്രേ ലോഫ്, ജാക്വെസ് മൊനോഡ് എന്നിവരുമായി വൈദ്യശാസ്ത്രത്തിനുള്ള നൊബേൽസമ്മാനം പങ്കിട്ടു. ഫ്രെഞ്ച് ജീവശാസ്ത്രജ്ഞൻ.

1920 ജൂൺ 17-ന് ഫ്രാൻസിലെ നാൻസിയിൽ ജനിച്ചു. 1947-ൽ പാരീസിലെ ഫാക്കൽട്ടി ഒഫ് മെഡിസിനിൽനിന്ന് എം.ഡി. ബിരുദം നേടി. 1954-ൽ പാരീസിൽനിന്നുതന്നെ സയൻസിൽ ഡോക്ടറേറ്റ് എടുത്തു. 1950-ൽ പാരീസിലെ പാസ്ചർ ഇൻസ്റ്റിറ്റ്യൂട്ടിൽ റിസർച്ച് അസിസ്റ്റൻറായി ചേർന്നു. ഈ ഇൻസ്റ്റിറ്റ്യൂട്ടിലാണു ജേക്കബ്ബിൻെറയും സഹപ്രവർത്തകരായ മെനോഡ്, ലോഫ് എന്നിവരുടെയും പരീക്ഷണങ്ങളിൽ ഏറിയപങ്കും നടന്നത്. 1960-ൽ ഇൻസ്റ്റിറ്റ്യൂട്ടിലെ കോശജനിതക (cellular genetics) വിഭാഗത്തിൻെറ അധ്യക്ഷനായി. 1967-ൽ സയൻസ് അക്കാദമി അംഗമായി.

ഒരു ബാക്റ്റീരിയത്തിൻെറ ജീനുകൾ വലയരൂപത്തിൽ രേഖീയമായി ക്രമീകരിച്ചിരിക്കുന്നു എന്നും, ഈ വലയത്തിൻെറ മിക്കവാറും ഏതു ഭാഗവും പൊട്ടിക്കാമെന്നും പാസ്ചർ ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരു സഹപ്രവർത്തകനും ഇദ്ദേഹവും കൂടിച്ചേർന്നു തെളിയിച്ചു. 1958 മുതൽ മൊനോഡുമായി സഹകരിച്ചു ബാക്റ്റീരിയൽ എൻസൈം സംയോജനത്തിൻെറ നിയാമകങ്ങളെക്കുറിച്ചു പഠനംനടത്തി. നിയന്ത്രകജീനുകളുടെ (regulator genes—ഒരു ജീനിനെ നിയന്ത്രിക്കുന്ന മറ്റൊരു ജീൻ) കണ്ടുപിടിത്തമാണ് ഇവരുടെ ആദ്യത്തെ മുഖ്യസംഭാവന.

ജേക്കബ്സ്, ഡബ്ല്യു. ഡബ്ല്യു. (1863—1943)

ഇംഗ്ലീഷ് സാഹിത്യകാരൻ. 1863 സെപ്റ്റംബർ 8-നു ലണ്ടനിൽ ജനിച്ചു (മുഴുവൻ പേര് വില്യം വൈമാർക്ക് ജേക്കബ്സ്). വളരെക്കാലം പോസ്റ്റാഫീസിൽ ഗുമസ്തനായിരുന്നു. അനവധി ചെറുകഥകൾ എഴുതി. അധികവും നാവികരാണു കഥാപാത്രങ്ങൾ. വായിക്കുന്നവർക്കു ഭയമുളവാക്കുന്ന കഥകളെഴുതുന്നവരിൽ പ്രമുഖനാണ് ഇദ്ദേഹം. ഇത്തരത്തിലുള്ള കഥകളിലൊന്നാണ് 'മങ്കീസ് പോ' (Monkey's Paw). ഇതിനെ നാടകരൂപത്തിലാക്കി ലണ്ടനിൽ 1903-ൽ അവതരിപ്പിച്ചതു വിജയമായിരുന്നു. ഇംഗ്ലീഷിലെ ഏറ്റവും മികച്ച ഏകാങ്കനാടകങ്ങളിൽ ഒന്നാണ് ഇത്. 1943 സെപ്റ്റംബർ 1-നു ലണ്ടനിൽ നിര്യാതനായി.

ജേക്കബ്സൺ, റൊമാൻ (1896—1982)

റഷ്യൻ വംശജനായ അമേരിക്കൻ ഭാഷാശാസ്ത്രജ്ഞൻ. പ്രാഗ് സ്കൂൾ എന്നറിയപ്പെടുന്ന ഘടനാപര ഭാഷാശാസ്ത്ര(structural linguistics)ത്തിൻെറ ഉപജ്ഞാതാക്കളിൽ ഒരാൾ. സൈദ്ധാന്തിക-പ്രായോഗിക മാർഗങ്ങൾ ഭാഷാപഠനത്തിൽ ഉപയോഗിച്ചു.

മോസ്കോയിൽ 1920-ൽ റഷ്യൻ ഭാഷയുടെ പ്രൊഫസർ ആയി. പരമ്പരാഗത ഭാഷാപഠനരീതി പരിത്യജിച്ച് ഇദ്ദേഹവും സഹപ്രവർത്തകരും ആഗമികവിവരണാത്മക പഠനങ്ങൾ സമ്മേളിപ്പിച്ചു. മറ്റു സ്ലാവിക് ഭാഷകളിൽനിന്നു റഷ്യൻ ഭാഷയിൽ ഉള്ള ധ്വനിഭേദങ്ങൾ പഠനവിഷയമാക്കി. 1936-ൽ റഷ്യൻ ഭാഷാശാസ്ത്രത്തിൻെറയും ചെക്കു മധ്യകാലസാഹിത്യത്തിൻെറയും പ്രൊഫസർ ആയി. രാഷ്ട്രീയ പരിതഃസ്ഥിതികൾ വിഷമം സൃഷ്ടിച്ചപ്പോൾ ഇദ്ദേഹം അമേരിക്കയിലെത്തി. കൊളംബിയാസർവകലാശാലയിൽ സ്ലാവോണിക്കു ഭാഷകളുടെ പ്രൊഫസർ ആയി. ഭാഷകളുടെ രൂപപരമായ പഠനത്തിലാണ് ഇദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചത്.

ജേഡ് (Jade)

ഒരുതരം രത്നക്കല്ല്. ഇതു രണ്ടുവിധത്തിലുണ്ട്; ചീനാജേഡും ന്യൂസിലൻഡുജേഡും. ചീനാജേഡിനു ജേഡൈഡ് (Jadeite) എന്നു പറയുന്നു. തൊട്ടാൽ ഒട്ടുന്നപോലെ തോന്നും. സോഡിയത്തിൻെറയും അലൂമിനിയത്തിൻെറയും ഒരു സിലിക്കേറ്റാണിത്. ഫോർമുല $Na\,AlSi_2O_6$. ന്യൂസിലൻഡ്ജേഡിനെ നെഫ്രൈറ്റ് (nephrite) എന്നു പറയുന്നു. മഗ്നീഷ്യം, കാൽസിയം, ഇരുമ്പ് എന്നിവയുടെ സിലിക്കേറ്റാണ് ഇത്. ശുദ്ധരൂപത്തിൽ വെളുത്തും അല്ലാത്തപ്പോൾ പല വർണങ്ങളിലും കാണാം. മയിൽപ്പച്ചയുള്ള ജേഡൈറ്റിനാണു വിലക്കൂടുതൽ. കശ്മീരിൽ ഇത്തരം ജേഡൈറ്റുകളിൽ കൊത്തുവേല നടത്തി പാത്രങ്ങളും തളികകളും ഉണ്ടാക്കുന്നു.



മെക്സിക്കോയിൽ കണ്ടെത്തിയ
ജേഡൈറ്റ് ഫലകം. കാലം (700—900).



നെഫ്രൈറ്റ് ആഭരണം
(ന്യൂസിലൻഡ്)

നെഫ്രൈറ്റ് പല രാജ്യങ്ങളിലും ഉള്ളതാണ്. ന്യൂസിലൻഡിലെ മയോറികൾ അവരുടെ പല ഉപകരണങ്ങളും ഇതുകൊണ്ടാണ് ഉണ്ടാക്കുന്നത്. തെക്കേ അമേരിക്ക, ന്യൂഗിനിയ, കൊളംബിയ എന്നിവിടങ്ങളിൽ നെഫ്രൈറ്റ് ധാരാളമുണ്ട്. ഇന്ത്യൻജേഡിനെ †അവൻചുറിൻ എന്നു പറയുന്നു. കടും പച്ചനിറമാണ് ഇതിന്. ഇതിൽ മൈക്ക, ഹേമറൈറ്റ് (ഇരുമ്പിൻെറ ഓക്സൈഡ്) എന്നിവയുടെ പുള്ളികൾ ഉണ്ടാകും. അക്കിക്കല്ല് എന്നും ഇതിനു പേരുണ്ട്.

ജേണലിസം

†പത്രപ്രവർത്തനം നോക്കുക.

ജേൺ, നീൽ (1911—   )

ബ്രിട്ടീഷ് പ്രതിരക്ഷാശാസ്ത്രജ്ഞൻ (Immunologist) സിസർ മിൽസ്റ്റീനും, ജോർജസ് കോഹ്ലറും ഒത്ത് 1984-ൽ വൈദ്യശാസ്ത്രത്തിനുള്ള നൊബേൽസമ്മാനം പങ്കിട്ടു.

ഡെന്മാർക്കിൽ ജനിച്ചു. നെതർലൻഡ്സിലെ ലെയ്ഡെൻ യൂണിവേഴ്സിറ്റിയിൽനിന്നു ബിരുദംനേടി. തുടർന്ന് 1943 മുതൽ 1955 വരെ ഡാനിഷ് സ്റ്റേറ്റ് സെറം ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലിചെയ്തു. 1951-ൽ കോപ്പൻഹേഗൻ യൂണിവേഴ്സിറ്റിയിൽനിന്നു വൈദ്യശാസ്ത്രത്തിൽ ബിരുദം എടുത്തു. 1956-ൽ ലോകാരോഗ്യ സംഘടനയിൽ (WHO) മെഡിക്കൽ ഓഫീസർ ആയി നിയമിക്കപ്പെട്ടു. 1962 വരെ, ഈ സ്ഥാനത്തു തുടർന്നു. 1960-കളിൽ ജെനീവ, പിറ്റ്സ്ബർഗ് എന്നീ യൂണിവേഴ്സിറ്റികളിൽ അധ്യാപകനായും, ഫ്രാങ്ക്ഫർട്ടിൽ ജെ. ഡബ്ല്യു. ഗ്വെഥേ യൂണിവേഴ്സിറ്റിയിൽ പ്രൊഫസ്സറായും സേവനം അനുഷ്ഠിച്ചു. ബേസെൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇമ്യൂണോളജി സ്ഥാപിക്കുന്നതിൽ സഹായിച്ചു. 1969 മുതൽ 1980 വരെ അതിൻെറ ഡയറക്റ്റർ ആയിരുന്നു. തുടർന്നു പാരീസിലെ പാസ്ചർ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു വർഷം അധ്യാപകവൃത്തിയിൽ ഏർപ്പെട്ടശേഷം ഫ്രാൻസിലെ ഗർദിൽ താമസമാക്കി.

ആക്രമണകാരികളായ വസ്തുക്കൾ അഥവാ ആൻറിജനുകളെ നേരിടാൻ പ്രതിവസ്തുക്കൾ (antibodies) എങ്ങിനെ സൃഷ്ടിക്കപ്പെടുന്നു എന്ന് ആദ്യമായി വിശദീകരിച്ചത് ഇദ്ദേഹമാണ്. പ്രതിരക്ഷാവ്യൂഹത്തിൻെറ (immune system) വികാസത്തെക്കുറിച്ചു സമഗ്രമായ ഒരു സിദ്ധാന്തം ഉന്നയിച്ചതും ഇദ്ദേഹംതന്നെ. 1974-ൽ വ്യൂഹസിദ്ധാന്തം (net work theory) അവതരിപ്പിച്ചു. പ്രതിരക്ഷാവ്യൂഹത്തെ ഉത്തേജിപ്പിച്ച് രോഗത്തിന് എതിരായി പ്രവർത്തിപ്പിക്കുന്നതും, ആവശ്യമില്ലാത്തപ്പോൾ പ്രവർത്തനരഹിതമാവുന്നതും ആയ അന്യോന്യക്രിയയുടെ (inter action) സങ്കീർണസമ്പ്രദായം വിശദീകരിക്കുന്നതാണു വ്യൂഹസിദ്ധാന്തം.

ജേയ്

കോർവിഡെ കുലത്തിൽപ്പെടുന്ന പക്ഷി. കാക്ക ഇതേ കുലത്തിലാണു പെടുന്നത്. അമേരിക്ക, ആഫ്രിക്ക, സൈബീരിയ എന്നിവിടങ്ങളിൽ കണ്ടുവരുന്നു. പച്ച, നീല, സൈബീരിയൻ, ചാരനിറമുള്ളത്, തവിട്ടുനിറമുള്ളത് തുടങ്ങിയ പലയിനം ജേയ് പക്ഷികൾ ഉണ്ട്. സാധാരണ കണ്ടുവരുന്ന ജേയ് പക്ഷിയുടെ ശാസ്ത്രനാമം : *ഗാറുലസ് ഗ്ലാൻഡേറിയസ് (Garrulus glandarius)*. തവിട്ടുനിറത്തിലുള്ള ഇതിൻെറ ശരീരത്തിൻെറ ചിറകിനും പൃഷ്ഠഭാഗത്തിനും വെള്ള നിറമാണ്. 30 സെൻറീമീറ്ററോളം നീളമുണ്ട്. മരത്തോപ്പുകളിലാണ് വാസം. ചിലന്തി, മത്സ്യം, വിത്ത്, പഴങ്ങൾ തുടങ്ങിയ ഭക്ഷിക്കുന്നു. ധാന്യങ്ങൾ ശേഖരിച്ചുവയ്ക്കാറുണ്ട്.



ജേയ്പക്ഷി

വസന്തകാലത്തോടെ പൂപ്പ്, കടലാസ്, ഉണങ്ങിയ കമ്പ് തുടങ്ങിയവകൊണ്ട് മരങ്ങളിൽ കൂടുകൂട്ടുന്നു. ഒരു തവണ 4-5 മുട്ടയിടും. മുട്ടയ്ക്കു തവിട്ടുനിറമാണ്. തോടിൽ കറുത്ത പുള്ളികളും കാണാം. പെൺപക്ഷിയാണ് അടയിരിക്കുന്നത്. കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന ചുമതല ആൺപക്ഷിക്കും പെൺപക്ഷിക്കും ഉണ്ട്.

ജേഴ്സി

ഒരു കന്നുകാലിവർഗം. കൂടുതൽ പാൽ കിട്ടുന്നതിനാൽ ഇന്ത്യയിൽ ഏറ്റവും പ്രചാരം നേടിയെടുത്ത സങ്കരയിന(breed)മാണ് ഇത്. ചാനൽദ്വീപുകളിലെ ജേഴ്സി എന്ന സ്ഥലത്താണ് ഉണ്ടായത്. ജേഴ്സികൾ ഗേൺസികളെപ്പോലെ ഒരുകാലത്ത് ആൽഡർനിയെന്ന പേരിൽ അറിയപ്പെട്ടിരുന്നു.

ഇളം തവിട്ടുനിറത്തിൽ വെള്ളപ്പുള്ളികൾ കലർന്നോ പുള്ളികൾ ഇല്ലാതെ ഇളം തവിട്ടുനിറമാർന്നോ ഉള്ള ശരീരഭാഗങ്ങൾ, മുന്നോട്ടു ചാഞ്ഞ ചെറിയ കൊമ്പുകൾ, സമൃദ്ധമായ അകിട്, സ്തൂലിച്ച ശരീരം, നിലംവരെയുള്ള വാൽ, വാലിൻെറ അറ്റത്ത് ധാരാളം നീലിമയാർന്ന രോമങ്ങൾ എന്നിവ സവിശേഷതകളാണ്.

സാധാരണ കന്നുകാലി വർഗങ്ങളെ അപേക്ഷിച്ച് ജേഴ്സി വേഗത്തിൽ പ്രായപൂർത്തിയെത്തുന്നു. ചിലത് രണ്ടുവയസ്സാകുമ്പോഴേക്കും പ്രസവിക്കും. ആയുസ്സും കൂടുതലാണ്.

വെണ്ണയുടെ അളവ് ഏറ്റവും കൂടുതൽ ഉള്ളതു ജേഴ്സി പശുവിൻെറതാണ്. രണ്ടുവയസ്സുള്ള ജേഴ്സി കറവക്കാലത്ത് ശരാശരി 2724 കി.ഗ്രാമിൽ കൂടുതൽ പാൽ തരും. 5 വയസ്സു കഴിഞ്ഞവയുടെ തോത് 3632 കി.ഗ്രാമിൽ കവിയുന്നു.



ജേഴ്സി പശു

ജൈ

ജൈജാൻറിസം (Gigantism)

അസ്വാഭാവികമായ ശരീരവളർച്ചയുടെ ഫലമായ അതികായത്വം. ഉയരക്കൂടുതൽ മാത്രം അതികായത്വലക്ഷണമല്ല. അതു രോഗഫലമാകുമ്പോഴേ അതികായത്വം (gigantism) ആയി ആരോഗ്യശാസ്ത്രം ഗണിക്കുന്നുള്ളു. ഏഴടിയിൽ അധികം ഉയരമുള്ള പലരും അതികായരല്ല.

പിയൂഷഗ്രന്ഥി(pituitary gland)യുടെ അമിത പ്രവർത്തനമാണ് അതികായതയുടെ ഒരു കാരണം. പിയൂഷസ്രാവം അമിതമായൽ കോശങ്ങളുടെ അനിയന്ത്രിതവർധനയും ട്യൂമറും ഉണ്ടാകാം. നപുംസകത്വഫലമായും അതികായത്വം സംഭവിക്കാം. വൃഷണങ്ങൾ മുറിച്ചുമാറ്റുകയോ പ്രവർത്തനരഹിതമാകയോ ചെയ്യുമ്പോഴാണ് ഇതു സംഭവിക്കുന്നത്. മാർഫാൻസ് സിൻഡ്രോം (Marfan's syndrome) കാരണവും ശരീരത്തിന് അമിതവളർച്ച ഉണ്ടാകാം. എല്ല്, മാംസപേശി മുതലായ അവയവങ്ങളെ ബാധിക്കുന്നതും ജന്മനാ കാണുന്നതുമായ ഒരു രോഗമാണു മാർഫാൻസ് സിൻഡ്രോം.

2.6 മീറ്റർ ഉയരമുള്ള റോബർട്ട് വാഡ്‌ലോ (യു.എസ്.)

മന്ദബുദ്ധികളിൽ കാണുന്ന ഒരുതരം അതികായത്വമുണ്ട്. ഈ 'മസ്തിഷ്ക അതികായത്വം' (Cerebral gigantism) പിയൂഷഗ്രന്ഥിയുമായി ബന്ധപ്പെട്ടതല്ല. ജന്മനാ XYY ക്രോമസോമുകൾ സംയോജിക്കുന്നതുകൊണ്ടും അതികായത്വം ഉണ്ടാകുന്നതായി കണ്ടിട്ടുണ്ട്. അത്തരക്കാർക്ക് ഇരട്ട Y ക്രോമസോമുകൾ (പുരുഷ ക്രോമസോമുകൾ) ഉള്ളതുകൊണ്ടുള്ള പൗരുഷാധിക്യമാണ് അതികായത്വകാരണം എന്നു കരുതുന്നു.

ജൈനദർശനം

അവൈദികവും നിരീശ്വരവുമായ ഒരു ഭാരതീയദർശനം.

ജൈനദർശനമനുസരിച്ചു പ്രപഞ്ചത്തിലുള്ള വസ്തുക്കളെ ജീവമെന്നും അജീവമെന്നും രണ്ടായി തിരിക്കാം.

'ജീവ'മെന്നു പറയുന്നത് ആത്മാവിനെയാണ്. പൂർണജ്ഞാനംകൊണ്ടേ ആത്മബോധം ഉണ്ടാവൂ. ജീവങ്ങൾ അസംഖ്യമാണ്. ശരീരത്തിൻെറ വലിപ്പമനുസരിച്ച് ആത്മാവിനും വലിപ്പമുണ്ടായിരിക്കും. ആനയ്ക്ക് ആനയുടെയും ഉറുമ്പിന് ഉറുമ്പിൻെറയും വലിപ്പമുള്ള ആത്മാവുണ്ടായിരിക്കും. വ്യാപനസ്വഭാവവും സങ്കോചശക്തിയുമുള്ള ആത്മാവ് നിത്യമാണ്.

ജീവികളെ അവയ്ക്കുള്ള ഇന്ദ്രിയങ്ങളുടെ എണ്ണത്തെ അടിസ്ഥാനമാക്കി ഏകേന്ദ്രിയം, ദ്വീന്ദ്രിയം, ത്രീന്ദ്രിയം, ചതുരിന്ദ്രിയം, പഞ്ചേന്ദ്രിയം എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. പരമസൂക്ഷ്മങ്ങളായ ഏകേന്ദ്രിയജീവികൾ യോഗികൾക്ക് അന്തരിന്ദ്രിയംകൊണ്ടു മാത്രം ദർശിക്കാവുന്നവയാണ്. മനുഷ്യർ പഞ്ചേന്ദ്രിയജീവികളാണ്. മനസ്സെന്ന ആറാമിന്ദ്രിയത്തെക്കൂടി കണക്കിലെടുത്തുകൊണ്ടു ദേവമാനുഷാദികളെ ഷഡിന്ദ്രിയജീവികളെന്നും പറയാറുണ്ട്.

ജീവികളെ മറ്റൊരു വിഭജനക്രമപ്രകാരം മുക്തന്മാരെന്നും സംസാരികളെന്നും തിരിച്ചിട്ടുണ്ട്. കർമബന്ധംകൊണ്ടു പുനർജന്മചക്രത്തിൽപ്പെട്ടു കറങ്ങുന്നവരാണു സംസാരികൾ. കർമബന്ധങ്ങളനുസരിച്ചു സംസാരികൾക്കു പല അവാന്തരവിഭാഗങ്ങളുണ്ട്. ജീവൻെറ സംസാരബന്ധത്തെക്കുറിച്ചു വിവരിക്കുന്ന ജൈനമതത്തിലെ കർമസിദ്ധാന്തമനുസരിച്ച് എട്ടുതരത്തിലുള്ള കർമങ്ങൾ മനുഷ്യാത്മാവിനെ ആവരണംചെയ്യും. ത്യാഗം, തപസ്സ് മുതലായവകൊണ്ടു കർമത്തിൻെറ ആവരണം മാറി കൈവല്യപദം പ്രാപിച്ചവരാണു മുക്തർ.

അജീവത്തിനു ധർമം, അധർമം, പുദ്ഗലം, ആകാശം, കാലം എന്ന് അഞ്ചു വിഭാഗങ്ങളുണ്ട്. ഇവയ്ക്കു പഞ്ചാസ്തികായങ്ങളെന്നു പറയും. ജൈനദർശനപ്രകാരം അജീവവസ്തുക്കൾ കേവലം ഭൗതികവസ്തുക്കൾ മാത്രമല്ല, കാലദേശാദികളും അവയിൽ പെടും. പുദ്ഗലം ആധുനികശാസ്ത്രമനുസരിച്ചു ഭൗതികപദാർഥം തന്നെയാണ്.

ബൗദ്ധദർശനത്തിൽ ജീവനാണു പുദ്ഗലമെന്നു പറയുന്നത്. ജൈന ദർശനത്തിൽ അജീവമാണു പുദ്ഗലം. സ്പർശം, രസം, വർണം എന്നു മൂന്നു ഗുണങ്ങൾ പുദ്ഗലത്തിനുണ്ട്. പുദ്ഗലത്തിന്റെ ഏറ്റവും ചെറിയ ഘടകമായ പരമാണുവിനെ അണുപുദ്ഗലമെന്നും അനേകം പരമാണുക്കൾ ചേർന്ന സംഘാതം അഥവാ സ്കന്ധത്തെ സ്കന്ധപുദ്ഗലമെന്നും പറയുന്നു.

ആകാശം സാംസ്കാരികജീവികളുടെ ലോകത്തിൽനിന്ന് അതീതമായി മുക്തന്മാരുടെ ലോകംവരെ വ്യാപിച്ചുകിടക്കുന്നു. ആകാശം അഭാവാത്മകമല്ല, ഭാവാത്മകമായ ഒരു വസ്തുവാണ്.

സാധാരണ മനസ്സിലാക്കിയിരിക്കുന്ന അർഥമല്ല ജൈനദർശനത്തിലെ ധർമാധർമങ്ങൾക്കുള്ളത്. ചലനം, നിശ്ചലത എന്നീ അർഥങ്ങളാണു ധർമാധർമങ്ങൾക്കു കല്പിച്ചിരിക്കുന്നത്.

ജൈനന്മാർ ആസ്രവവും സംവരവും മുമുക്ഷുവിന് അവശ്യാപേക്ഷകമായി കണക്കാക്കുന്നു. ക്രോധം, ലോഭം, അഭിമാനം, മായ, അശുഭം മുതലായ മാലിന്യങ്ങളാൽ ജീവൻ പുനർജന്മത്തിനു വിധേയമാകുന്നതിനെ ആസ്രവമെന്നും മനോവാക്കായങ്ങളുടെ സംശുദ്ധികൊണ്ടും സംയമംകൊണ്ടും ആസ്രവത്തെ തടയുന്നതിനെ സംവരമെന്നും പറയുന്നു. "ജന്മഹേതു ആസ്രവമാണ്; സംവരം മോക്ഷകാരണവും. ഇതാണു മഹാവീരന്റെ ഏറ്റവും രഹസ്യമായ ശിക്ഷണം, മറ്റുള്ളതെല്ലാം അതിന്റെ വിശദാംശങ്ങൾ മാത്രമാണ്."

ദുഃഖനാശത്തിനും അനന്തമായ സുഖത്തിനും മോക്ഷം അത്യാവശ്യമാണ്. ജ്ഞാനം, വിശ്വാസം, സദാചാരം, യോഗം എന്നിവയിലൂടെ മാത്രമേ മോക്ഷപദം ലബ്ധമാവൂ. അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം മുതലായവ അനുഷ്ഠിച്ചുകൊണ്ടുള്ള സദാചാരജീവിതം, അനേകാന്തവാദജ്ഞാനം, തീർഥങ്കരന്മാരുടെ വചനങ്ങളിലുള്ള വിശ്വാസം, ഏകാഗ്രത മുതലായവ മോക്ഷപ്രാപ്തിക്കുള്ള അവശ്യഘടകങ്ങളത്രെ.

ത്രിരത്നങ്ങൾ. സമ്യക്ജ്ഞാനം (പ്രപഞ്ചത്തെക്കുറിച്ചുള്ള ശരിയായ ജ്ഞാനം), സമ്യക്ദർശനം (ജൈനസിദ്ധാന്തങ്ങളിലും മാർഗത്തിലുമുള്ള അചഞ്ചലവിശ്വാസം), സമ്യക്ചാരിത്രം (നന്മ ചെയ്യലും തിന്മ വർജിക്കലും) എന്നിവ ജൈനദർശനത്തിലെ ത്രിരത്നങ്ങളെന്നറിയപ്പെടുന്നു. ഇവ ശരിക്കും നേടിയ ആളിനേ മോക്ഷമാർഗം തുറന്നുകിട്ടുകയുള്ളു.

കർമങ്ങൾ മുഴുവൻ നശിച്ചുകഴിഞ്ഞാൽ ആത്മാവിനു വിശുദ്ധമായ ആനന്ദം കൈവരും. ഇതിനു കേവലാവസ്ഥ അഥവാ കൈവല്യമെന്നു പറയും. ഈയവസ്ഥയിൽ മുക്തപുരുഷൻ സദാ അനന്തജ്ഞാനവാനും, അനന്തദർശകനുമായ സർവജ്ഞനും സമദർശിയുമായിത്തീരുന്നു. മുക്തജീവൻ ലോകത്തിന്റെ അറ്റത്തു സ്ഥിതിചെയ്യുന്ന ലോകാകാശത്തിനും മുകളിൽച്ചെന്ന് അചലമായി സ്ഥിതചെയ്യുന്നു.

അനേകാന്ത -സ്യാദ്വാദങ്ങൾ. ഇതരദർശനങ്ങളിൽനിന്നു ജൈനദർശനത്തിനുള്ള സവിശേഷത അത് അനേകാന്തവാദത്തിൽ (The Doctrine of Manysidedness) വിശ്വസിക്കുന്നുവെന്നതാണ്. പ്രപഞ്ചയാഥാർഥ്യത്തിന്റെ ഘടന അത്യന്തം സങ്കീർണമാണ്. ഒരു പ്രത്യേകവീക്ഷണത്തിലൂടെ മാത്രം പ്രപഞ്ചസത്ത ഗ്രാഹ്യമല്ല. ഒരു വസ്തുവിനെപ്പറ്റിയുള്ള അഭിപ്രായം ഒരു പ്രത്യേക വീക്ഷണത്തിൽ ശരിയായിരിക്കാം. മറ്റൊരവസരത്തിൽ മറ്റൊരു വീക്ഷണത്തിൽ അതു തെറ്റായിരിക്കാം. അതുകൊണ്ടു പല സന്ദർഭത്തിൽ പലതരം വീക്ഷണംകൊണ്ടേ യാഥാർഥ്യബോധം ഉണ്ടാകൂ. ഇതാണു ജൈനദർശനത്തിലെ †അനേകാന്തവാദം.

പ്രപഞ്ചയാഥാർഥ്യം ഗ്രഹിക്കാൻ ഒരുതരം ആപേക്ഷികത്വപരമായ വീക്ഷണമാണു ജൈനന്മാർ കൈക്കൊണ്ടിരിക്കുന്നത്. എല്ലാ വസ്തുക്കളും ഉണ്ടാവുകയും ചെയ്യാം, ഇല്ലാതിരിക്കുകയും ചെയ്യാം (സ്യാദ് അസ്തി, സ്യാദ് നാസ്തി) എന്ന വിശേഷണത്തോടുകൂടി മാത്രം അംഗീകരിക്കുന്ന ജൈനദാർശനികരുടെ ഈ വാദം †സ്യാദ്വാദം എന്ന പേരിലാണ് അറിയപ്പെടുന്നത്.

അനീശ്വരവാദം. ജൈനമതക്കാർ പ്രപഞ്ചകർത്താവും നിയന്താവുമായ ഒരീശ്വരനിൽ വിശ്വസിക്കുന്നില്ല. ഏതെങ്കിലും ഒരീശ്വരന്റെ കരുണകൊണ്ടാണു ദുഃഖമോചനവും മോക്ഷപദവും കൈവരുന്നതെന്ന കാര്യത്തിലും അവർക്കു വിശ്വാസമില്ല. കർമബന്ധങ്ങളിൽ കുരുങ്ങിക്കിടക്കുന്ന ആത്മാവിനെ സംശുദ്ധജീവിതംകൊണ്ടു മോചിപ്പിച്ചെടുത്താൽ എല്ലാവർക്കും മോക്ഷം കൈവരുമെന്നാണ് അവരുടെ വിശ്വാസം.

ജൈനദർശനം ഒരു പരമപുരുഷനെയോ ഒരു പരാശക്തിയെയോ അംഗീകരിക്കാത്തതുകൊണ്ട് ഒരു മതമെന്നതിനെക്കാൾ അതിനെ ഒരു സദാചാരസംഹിത എന്നു വിളിക്കുന്നതാവും ശരിയെന്നാണു ചില പണ്ഡിതന്മാരുടെ അഭിപ്രായം.

†അനേകാന്തവാദം, †സ്യാദ്വാദം നോക്കുക.

വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള

ജൈനമതം

ഭാരതത്തിലെ നിരീശ്വരമതങ്ങളിൽ ഒന്ന്. ജൈനർ അഹിംസയ്ക്കു പരമപ്രാധാന്യം നല്കുന്നു. ജേതാവെന്നർഥമുള്ള 'ജിന'ശബ്ദത്തിൽനിന്നാണു ജൈനപദത്തിന്റെ ഉത്പത്തി. ജീവിതത്തിലെ ബഹുവിധപീഡകളുടെയും ദുഃഖങ്ങളുടെയും മേൽ അന്തിമവിജയം നേടിയവനാണു ജൈനൻ.

വേദത്തിന്റെ പരമാധികാരത്തെ ചോദ്യംചെയ്തുകൊണ്ട് ഉടലെടുത്തതാണു ജൈനദർശനം. പ്രപഞ്ചകർത്താവായ ഒരു ഈശ്വരനു ജൈനദർശനത്തിൽ സ്ഥാനമില്ല. ഒരാളിന്റെ ഉത്കർഷാപകർഷങ്ങൾക്കു നിദാനം അയാളനുഷ്ഠിക്കുന്ന കർമങ്ങളാണ്. ഉത്തമകർമങ്ങൾ ആത്മശുദ്ധിക്കും അങ്ങനെ ആത്മാവിന്റെ മുക്തിക്കും വഴിതെളിക്കും. ചീത്തക്കർമങ്ങൾ ആത്മാവിനെ ലൗകികബന്ധങ്ങളിൽ കുടുക്കും.

ആദികാലത്തെ വേദവിരോധികളായ ക്ഷത്രിയരാണ് അഹിംസയ്ക്കു സർവപ്രാധാന്യം കല്പിച്ചിട്ടുള്ള ജൈനദർശനത്തിനു രൂപം നല്കിയത്.

പ്രാചീനത. ജൈനദർശനത്തിനു ബുദ്ധദർശനത്തെക്കാൾ പഴക്കമുണ്ട്. നാം ഇന്നറിയുന്നതുപോലെ വർധമാനമഹാവീരൻ അല്ല ജൈനമതസ്ഥാപകൻ. അദ്ദേഹം ജൈനമതത്തിന്റെ പരിഷ്കർത്താവും പ്രപോഷകനും മാത്രമാണ്. അനേകായിരം വർഷങ്ങൾക്കുമുമ്പു ജീവിച്ചിരുന്ന ഋഷഭദേവനാണു യഥാർഥ ജൈനമതസ്ഥാപകനെന്നാണു ജൈനവിശ്വാസം. പല ഋഷഭന്മാരെക്കുറിച്ചും പുരാണേതിഹാസങ്ങളിൽ സൂചനയുണ്ട്. ബുദ്ധമതഗ്രന്ഥങ്ങളായ ത്രിപിടകങ്ങളിൽ ജൈനദർശനത്തെക്കുറിച്ചു പല പരാമർശങ്ങളുമുണ്ട്.

തീർഥങ്കരന്മാർ: സകല തരത്തിലുള്ള ലൗകികബന്ധങ്ങളിൽനിന്നും മോചനംനേടി പരിപൂർണത്വം പ്രാപിച്ച ആത്മാക്കളാണു തീർഥങ്കരന്മാർ. തീർഥങ്കരന്മാർ സർവജ്ഞരും സർവദർശികളും ആണ്. ഈ തീർഥങ്കരന്മാരാണു ലോകർക്കുവേണ്ടി ജൈനദർശനം ഉപദേശിക്കുന്നത്. ഋഷഭനാണ് ഒന്നാമത്തെ തീർഥങ്കരൻ. ജൈനമത



പതിനാറാം തീർഥങ്കരനായ ശാന്തിനാഥൻ



ജൈനസിദ്ധാന്തപ്രതീകമായ
മാർബിൾ പാനൽ (19-ാംശതകം)

ത്തിൽ ഇരുപത്തിനാലു തീർഥങ്കരന്മാരെക്കുറിച്ചു പരാമർശമുണ്ട്. എന്നാൽ ആദ്യത്തെ ഇരുപത്തിരണ്ടു തീർഥങ്കരന്മാരെക്കുറിച്ച് ഐതിഹ്യങ്ങളേ ഉള്ളു.

മഹാവീരന് ഇരുനൂറ്റമ്പതുവർഷംമുമ്പു പാർശ്വനാഥൻ മഹാസമാധിയടഞ്ഞു. പാർശ്വനാഥൻെറ സിദ്ധാന്തത്തെ പരിഷ്കരിച്ചു പ്രചരിപ്പിക്കുകയാണു മഹാവീരൻ ചെയ്തത്.

വർധമാനമഹാവീരൻ (ബി.സി. 599—527). ആധുനിക ജൈനമതത്തിൻെറ സംസ്ഥാപകനായി ഗണിച്ചുപോരുന്ന വർധമാനമഹാവീരൻ ബുദ്ധൻെറ സമകാലികനായിരുന്നു. പന്ത്രണ്ടുവർഷം കായപീഡയനുഭവിച്ചു കഠിനതപസ്സ് അനുഷ്ഠിച്ചു. അനന്തരം നാല്പത്തിരണ്ടു കൊല്ലം തത്വപ്രചാരണം നിർവഹിച്ചു. ബി.സി. 527-ൽ 72-ാമത്തെ വയസ്സിൽ പട്നാ ജില്ലയിലെ പാവപുരി എന്ന സ്ഥലത്തുവച്ചു മഹാസമാധിയടഞ്ഞു. †മഹാവീരൻ നോക്കുക.

ശ്വേതാംബരരും ദിഗംബരരും. വർധമാനമഹാവീരൻെറ സമാധി കഴിഞ്ഞു രണ്ടുനൂറ്റാണ്ടു ജൈനമതത്തിൽ കക്ഷിവ്യത്യാസങ്ങളൊന്നുമുണ്ടായില്ല.

ദക്ഷിണഭാഗത്തെ ജൈനനേതാവായ ഭദ്രബാഹു ദിഗംബരത്വമാണു മഹാവീരൻ തൻെറ അനുയായികൾക്കു വിധിച്ചിട്ടുള്ളതെന്നു പറഞ്ഞ് അതിനു പ്രചാരം നല്കി. അതിനെ എതിർത്തുകൊണ്ട് ഉത്തരദേശത്തെ ജൈനനേതാവായ സ്ഥൂലഭദ്രൻ വെള്ളവസ്ത്രം ധരിക്കുകയും സന്യാസിമാർക്കു ഗൃഹസ്ഥാശ്രമം അനുവദിച്ചുകൊണ്ടു ശ്വേതാംബരമാർഗം തുടങ്ങുകയുംചെയ്തു. ഈ രണ്ടു പ്രസ്ഥാനങ്ങളും യഥാക്രമം ദിഗംബരമാർഗമെന്നും ശ്വേതാംബരമാർഗമെന്നും പ്രസിദ്ധങ്ങളായി. താത്ത്വികമായെന്നതിലും ആചാരാനുഷ്ഠാനങ്ങളിലാണ് ഇവതമ്മിൽ വ്യത്യാസം.

മഹാവീരൻ ഭക്ഷണം കഴിച്ചിരുന്നുവെന്നു ശ്വേത്വാംബരന്മാരും, കഴിച്ചിരുന്നില്ലെന്നു ദിഗംബരന്മാരും വാദിച്ചു. ദേവനന്ദ എന്ന സ്ത്രീയുടെ ഗർഭത്തിൽനിന്നു വർധമാനനെ ത്രിശാലയുടെ ഗർഭത്തിലേക്കു മാറ്റിയിട്ടുള്ളതായി ശ്വേതാംബരന്മാർ വിശ്വസിക്കുന്നു. ദിഗംബരന്മാർ അങ്ങനെ വിശ്വസിക്കുന്നില്ല. ഒരു സന്യാസി സർവസംഗപരിത്യാഗിയായിരിക്കണം; ഒരു വസ്ത്രംപോലും അയാൾക്കു സ്വന്തമായി പാടില്ല എന്നാണ് ദിഗംബരന്മാരുടെ വിശ്വാസം. എന്നാൽ സന്യാസിമാർക്ക് വസ്ത്രം ധരിക്കാമെന്ന അഭിപ്രായക്കാരാണു ശ്വേതാംബരന്മാർ. സ്ത്രീകളെക്കൂടി സംഘത്തിലെടുക്കണമെന്ന ശ്വേതാംബരവാദത്തെ ദിഗംബരന്മാർ വകവച്ചുകൊടുത്തില്ല. ശ്വേതാംബരന്മാരുടെ മുലഗ്രന്ഥങ്ങൾ (അംഗങ്ങൾ) പ്രാകൃതഭാഷയിലും ദിഗംബരന്മാരുടെ ഗ്രന്ഥങ്ങൾ സംസ്കൃതത്തിലുമാണ്.

മതഗ്രന്ഥങ്ങൾ. മഹാവീരൻെറ കാലംവരെ ജൈനമതതത്ത്വങ്ങൾ വായ്മൊഴിയിലൂടെയാണു കൈമാറിയിരുന്നത്. മതതത്ത്വപ്രതിപാദകങ്ങളായ നിഷ്കൃഷ്ടഗ്രന്ഥങ്ങളൊന്നും ജൈനമതക്കാർക്ക് ഇല്ലാതിരുന്നു. അതിനാൽ അവരെ നിർഗ്രന്ഥന്മാർ (ഗ്രന്ഥമില്ലാത്തവർ) എന്നും വിളിച്ചുവന്നിരുന്നു.

ദേവരഥജ്ഞാനിയുടെ അധ്യക്ഷതയിൽ വല്ലഭിയിൽ കൂടിയ ജൈനമതമഹാസമ്മേളനത്തിൽ (എ.ഡി. 454) വച്ചു ജൈനദർശനസിദ്ധാന്തങ്ങൾ ക്രോഡീകരിക്കപ്പെട്ടു. സൂത്രങ്ങൾ, പ്രകീർണങ്ങൾ, നിർയുക്തികൾ, ഉപാംഗങ്ങൾ, ഛേദങ്ങൾ മുതലായ ഇനത്തിൽ ആകെ 84 ഗ്രന്ഥങ്ങൾ പ്രസ്തുത സമ്മേളനത്തിൽ ചർച്ചചെയ്ത് അംഗീകരിക്കപ്പെട്ടു.

ദിഗംബരന്മാരുടെ അഭിപ്രായത്തിൽ ഈ ഗ്രന്ഥങ്ങൾ ക്രോഡീകരിച്ചതു വിക്രമാബ്ദം 114-നു തുല്യമായ എ. ഡി. 57-ലാണ്. മഹാവീരൻെറ അനുയായിയായിരുന്ന കേവലി പറഞ്ഞുകൊടുത്തെഴുതിച്ചവയാണ് ഈ ഗ്രന്ഥങ്ങൾ.

എ. ഡി. ഒന്നാംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഉമാസ്വാതി എഴുതിയ തത്ത്വാർഥാധിഗമസൂത്രം ജൈനദർശനത്തെ സംബന്ധിച്ച ഒരു പ്രാമാണികഗ്രന്ഥമാണ്. 1652-ൽ വിനയവിജയി പ്രസിദ്ധപ്പെടുത്തിയ 'ലോകപ്രകാശം' ജൈനസിദ്ധാന്തങ്ങളുടെ ഒരു വിജ്ഞാനകോശമാണ്.

†കേരളത്തിലെ ബുദ്ധജൈനമതങ്ങൾ നോക്കുക.

ജൈനേന്ദ്രകുമാർ (1905—1988)

ഹിന്ദി കഥാകൃത്തും നോവലിസ്റ്റും. നിരൂപണരംഗത്തും പ്രവർത്തിച്ചിട്ടുണ്ട്. ഹസ്തിനാപുരത്തു മാതുലൻ സ്ഥാപിച്ച ഗുരുകുലത്തിൽ പ്രാഥമികശിക്ഷണം നേടി. കോളെജ് പഠനകാലത്തു പഠിത്തം ഉപേക്ഷിച്ചു കോൺഗ്രസ്സിൽ ചേർന്നു പ്രവർത്തിച്ചു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിനു മൂന്നു തവണ ജയിൽശിക്ഷ അനുഭവിച്ചു. കുറച്ചുകാലം കച്ചവടം നടത്തി. പിന്നീടു നാഗപ്പൂരിൽ പത്രലേഖകനായി. 1950-ൽ യുനെസ്കോയുടെ കമ്മീഷനിൽ അംഗവും 1956-57 കാലത്ത് ഏഷ്യൻ റൈറ്റേഴ്സ് കോൺഫറൻസിൻെറ കൺവീനറും ആയിരുന്നു. 1966-ൽ സാഹിത്യ അക്കാദമി അവാർഡു ലഭിച്ചു.

1929-ൽ പ്രസിദ്ധീകൃതമായ 'പരഖ്' ആണ് ആദ്യത്തെ നോവൽ. *സുനീതാ, ത്യാഗപത്ര്* എന്നീ നോവലുകൾ ജനപ്രീതി നേടി. ആത്മകഥാശൈലിയിൽ എഴുതിയ *കല്യാണി* (1939) എന്ന നോവൽ ദാർശനികമാനം ഉൾക്കൊള്ളുന്നതാണ്. *വിവർത്ത്* (1953), *വ്യതീത്* (1953), *ജയവർധൻ* (1956) മുതലായവ ആണു മറ്റു നോവലുകൾ.

ചെറുകഥകൾ ഏഴു സമാഹാരങ്ങളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കഥകളിൽ മാനസിക വിശ്ലേഷണം ഇദ്ദേഹത്തിനു മുമ്പ് ആരും ഹിന്ദിയിൽ പ്രയോഗിച്ചിരുന്നില്ല. *ഫാംസീ, വാതായൻ, ഏക് രാത്, ദൊചിഡിയാ* മുതലായവ ആണു കഥാസമാഹാരങ്ങൾ.

1988 ഡിസംബർ 24-നു മരിച്ചു.

ജൈമിനി

മീമാംസാചാര്യനും ജൈമിനീയാശ്വമേധത്തിൻെറ കർത്താവും. വ്യാസശിഷ്യനായിരുന്നു. ഇദ്ദേഹം എഴുതിയതായി പറയപ്പെടുന്ന മഹാഭാരതത്തിൻെറ ഒരു ഭാഗമാണു ജൈമിനീയാശ്വമേധം. സാമവേദത്തിൻെറ പ്രചാരകനുമായിരുന്നു ഇദ്ദേഹം. മീമാംസാസൂത്രം ഇദ്ദേഹത്തിൻെറ കൃതിയാണെന്നു കരുതപ്പെടുന്നു. യജ്ഞവിധികളാണ് ഇതിലെ പ്രതിപാദ്യം. മീമാംസാദർശനം ഈശ്വരനെപ്പറ്റി ഒന്നും പറയുന്നില്ല. ദേവപ്രതീ നേടി സ്വർഗവാസത്തിനു മനുഷ്യനെ സഹായിക്കും എന്നു ജൈമിനി പറയുന്നു. പ്രവൃത്തിയാണ് ഈശ്വരനല്ല മനുഷ്യൻെറ ഭാവി കരുപ്പിടിപ്പിക്കുന്നത് എന്ന മീമാംസാമതം ശ്രദ്ധേയമാണ്. ജൈമിനി, ഹിരണ്യനാഭനോട് ഉപദേശിക്കുന്നതാണു ബ്രഹ്മാണ്ഡപുരാണം.

ജൈമിനിയബ്രാഹ്മണം

ഏറ്റവും പ്രാചീനമായ ബ്രാഹ്മണങ്ങളിൽ ഒന്ന്. പൂർവമീമാംസാസൂത്ര കർത്താവായ ജൈമിനി നിർദേശിക്കുന്ന യജ്ഞവിധികൾ ഇതിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. പലതരം യജ്ഞങ്ങളിൽ ഉപയോഗിക്കേണ്ട ദ്രവ്യങ്ങൾ, ഉപകരണങ്ങൾ, വൈദികവിധികൾ ഇവയുടെ സവിസ്തര പരാമർശം ആണ് ഇതിൽ ഉള്ളത്.

† ബ്രാഹ്മണങ്ങൾ നോക്കുക.

ജൈവഘടികാരം (biological clock)

ജീവൽപ്രക്രിയകളെ ക്രമംതെറ്റാതെ നിയന്ത്രിക്കുന്ന ആന്തരികവ്യവസ്ഥ. ജന്തുക്കളിലും സസ്യങ്ങളിലും ജൈവഘടികാരം പ്രവർത്തിക്കുന്നുണ്ട്. നിശ്ചിതകാലയളവിൽ ആവർത്തിക്കുന്ന ജീവൽപ്രക്രിയകളാണ് ഇതുകൊണ്ടു നിയന്ത്രണവിധേയമാകുന്നത്. പ്രഭാതത്തിൽ പൂവൻകോഴി കൂവുന്നതും സായാഹ്നത്തിൽ ഉറക്കംതൂങ്ങിമരത്തിൻെറ ഇലകൂമ്പുന്നതും നിത്യവും ആവർത്തിക്കുന്ന ജീവൽപ്രക്രിയകളാണ്. ആർത്തവചക്രത്തിൻെറ ചാക്രികപ്രക്രിയകളും ജൈവഘടികാരത്തിന് ഉദാഹരണമാണ്. വിവിധജീവികളിൽ വ്യത്യസ്തമായ കാലദൈർഘ്യമാണ് ആർത്തവചക്രത്തിന്. ഉദാഹരണത്തിനു മനുഷ്യരിൽ 28 ദിവസം; എലികളിൽ 14 ദിവസം. വർഷംതോറും ആവർത്തിക്കുന്ന പ്രക്രിയകളാണു മാവും പ്ലാവും മറ്റും പൂക്കുന്നത്. കണിക്കൊന്നയും മെയ്ഫ്ളവറും കൃത്യമായി ഏപ്രിൽ-മെയ് മാസങ്ങളിൽ പൂക്കുന്നു.

എല്ലാവർഷവും നിശ്ചിതകാലത്ത് മുട്ടയിടാനായി കാലിഫോർണിയൻ കടൽത്തീരത്തെത്തുന്ന ഒരിനം മത്സ്യം.

ഒരു ദിവസത്തെ കാലദൈർഘ്യത്തിൽ ചിട്ടപ്പെടുത്തിയ ജീവൽ പ്രക്രിയകളാണ് അധികവും. ദിവസംതോറും ആവർത്തിക്കുന്ന താളാത്മകതയെ ദൈനികതാളം (circadian rhythm) എന്നു വിളിക്കുന്നു. പക്ഷികൾ രാവിലെ ഇര തേടുന്നതും വൈകിട്ട് ചേക്കേറുന്നതും നാലുമണിച്ചെടി പൂക്കുന്നതും ഇതിന് ഉദാഹരണങ്ങളാണ്. വർഷംതോറും കണ്ടുവരുന്ന താളാത്മകതയെ വാർഷികതാളം (circannual rhythm) എന്നു വിളിക്കുന്നു. പക്ഷികളുടെ ദേശാന്തരഗമനം ഇതിന് ഉദാഹരണമാണ്.

ഇത്തരത്തിലുള്ള ജൈവതാളങ്ങൾ പാരമ്പര്യഗുണത്തിനു നിദാനമായ ജീനുകളാണു നിയന്ത്രിക്കുന്നത്. ജീനുകൾ പ്രോട്ടീൻ ഉത്പാദിപ്പിക്കുന്നു. പ്രോട്ടീനിന്റെ അളവിലുള്ള വ്യത്യാസമാണ് ചാക്രിയ പ്രക്രിയകളെ നിയന്ത്രിക്കുന്നത്. ജീനുകൾ വരുംതലമുറയിലേക്കു കൈമാറ്റം ചെയ്യുന്നവ ആയതിനാൽ ജൈവഘടികാരങ്ങളെയും പാരമ്പര്യഗുണങ്ങളിൽപ്പെടുത്താം.

ജൈവദീപ്തി (bioluminescence)

ചില ജന്തുക്കളും സസ്യങ്ങളും പുറപ്പെടുവിക്കുന്ന പ്രകാശം. ബാക്റ്റീരിയ, കുമിളുകൾ തുടങ്ങിയ സസ്യങ്ങൾക്കും പ്രോട്ടോസോവ മുതൽ കോർഡേറ്റവരെയുള്ള ഫൈലങ്ങളിലെ ചില ജന്തുക്കൾക്കും സ്വയം പ്രകാശിക്കാനുള്ള കഴിവുണ്ട്. കരയിലും കടലിലും ശുദ്ധജലത്തിലും ഇത്തരം ജീവികളെ കാണാം. കടലിലാണ് അധികവും കണ്ടുവരുന്നത്. ഓരോ ഫൈലത്തിനും ജൈവദീപ്തിക്കു കഴിവുള്ള ജന്തുക്കളുടെ പേർ താഴെക്കൊടുത്തിരിക്കുന്നു.

ഫൈലം	ജന്തുക്കൾ
പ്രോട്ടോസോവ	നോക്റ്റിലൂക്ക, ഗോണ്യോലാക്സ്
സീലൻററേറ്റ	ജെല്ലിഫിഷ്, സൈഫണോഫോറുകൾ, ഹൈഡ്രോയ്ഡ് പോളിപ്പുകൾ, സീപെൻ
നെമർട്ടീന	എംപ്ലക്റ്റോനിമ
അനലിഡ	കീറ്റോപ്റ്റെറസ്, റ്റോമോപ്റ്റെറസ്, ചിലയിനം മണ്ണിരകൾ
ആർത്രോപോഡ	സിപ്രിഡൈന, മിന്നാമിനുങ്ങ്
മൊളസ്ക്ക	ഫോളാസ്, കൂന്തൽ, സെഫലോപോഡുകൾ, ന്യൂഡിബ്രാങ്കുകൾ
എക്കിനോഡെർമേറ്റ	ഒഫിയുറോയ്ഡുകൾ
കോർഡേറ്റ	ബലനോഗ്ലോസ്സസ്, പൈറോസോമ, ആഴക്കടൽ മത്സ്യങ്ങൾ

ജൈവദീപ്തിയുടെ തീവ്രത വളരെക്കുറവാണ്: ഇതിനു ചൂടില്ല. ഒരു ജീവിയിൽത്തന്നെ പല അവയവങ്ങളിൽനിന്ന് പല നിറത്തിലുള്ള വെളിച്ചം ഉണ്ടാവുന്നു. വെസ്റ്റിൻഡീസിലെ പൈറോഫോറസ് എന്ന മിന്നാമിനുങ്ങിന് ഉരസ്സിന്റെ പാർശ്വഭാഗത്തു പച്ച വെളിച്ചം ഉണ്ടാക്കുന്ന ഒരു ജോഡി അവയവവും ഉദരത്തിന്റെ ആദ്യഖണ്ഡത്തിന്റെ അടിവശത്ത് ഓറഞ്ചുനിറം കലർന്ന മഞ്ഞ വെളിച്ചം ഉണ്ടാക്കുന്ന ഒരു അവയവവും ഉണ്ട്. ചർമത്തിന്റെ നിറവ്യത്യാസംകൊണ്ടും പ്രകാശത്തിനു നിദാനമായ രാസപ്രക്രിയയുടെ വ്യത്യാസം കൊണ്ടും നിറഭേദം ഉണ്ടാകാം. 415 മുതൽ 670 വരെ ഹെർട്സ് തരംഗദൈർഘ്യം ഉള്ള രശ്മികളേ ജൈവദീപ്തിയിൽ ഉള്ളൂ. നഗ്നദൃഷ്ടിക്കു കാണാൻ പറ്റാത്ത അൾട്രാവയലറ്റ്, ഇൻഫ്രാറെഡ് തുടങ്ങിയ രശ്മികൾ ഒന്നും ഇതിൽ ഇല്ല.

ജൈവദീപ്തി ഉണ്ടാകുന്നതു കോശങ്ങൾക്ക് അകത്തോ പുറത്തോ ആകാം. ഇതനുസരിച്ച് യഥാക്രമം അന്തഃകോശദീപ്തി എന്നും ബഹിഃകോശദീപ്തി എന്നും വിളിക്കാം. പ്രകാശം ഉണ്ടാക്കുന്ന അവയവങ്ങളുടെ ഘടന പല ജീവികളിലും പലതരത്തിലാണ്. ബഹിഃകോശദീപ്തി ഉണ്ടാക്കുന്ന ജീവികളിൽ ഈ അവയവം ഏകകോശഗ്രന്ഥികളായോ ബഹുകോശഗ്രന്ഥികളായോ കണ്ടുവരുന്നു. മിന്നാമിനുങ്ങിൽ ഈ അവയവം ഉദരത്തിന്റെ പിന്നിൽ അടിവശത്താണ്. കൊഴുപ്പുനിറഞ്ഞ ഇതിൽ പ്രകാശം ഉണ്ടാക്കുന്ന കോശങ്ങളുടെ മുകളിൽ പ്രതിഫലിപ്പിക്കുന്ന കോശനിര ഉണ്ട്. ഈ നിരയിലെ കോശങ്ങളിൽ യൂറേറ്റ് പരലുകൾ നിറച്ചിരിക്കുന്നു.

1885-ൽ ഡൂബോയ്സ് എന്ന ശാസ്ത്രജ്ഞൻ മിന്നാമിനുങ്ങിൽനിന്ന് പ്രകാശകാരണമായ അവയവത്തിന്റെ സത്ത് എടുത്തു പരീക്ഷണങ്ങൾ നടത്തി. ലൂസിഫെറിൻ എന്ന പ്രോട്ടീന്റെയും ലൂസിഫെറേസ് എന്ന എൻസൈമിന്റെയും പ്രവർത്തനഫലമായാണ് പ്രകാശം ഉണ്ടാകുന്നത് എന്നു പരീക്ഷണങ്ങളിലൂടെ തെളിഞ്ഞു. ലൂസിഫെറിന്ന് ഓക്സീകരണം സംഭവിക്കുമ്പോഴാണ് പ്രകാശം ഉണ്ടാകുന്നത്. ബാക്റ്റീരിയകളിൽ റിബോഫ്ളേവിൻ ഫോസ്ഫേറ്റ് പ്രകാശനിർമാണത്തിനു സഹായിക്കുന്നു.



മുകളിൽ : ജൈവദീപ്തിയുള്ള കൂൺ (ഇടത്ത് : പകൽവെളിച്ചത്തിൽ, വലത്ത് : രാത്രിയിൽ).

ഇടത്ത് : ചിലതരം ബാക്റ്റീരിയമൂലം മത്സ്യത്തിന്റെ കണ്ണിൽ ഉണ്ടാകുന്ന ദീപ്തി (മുകളിൽ : ബാക്ററീരിയ പുറത്തു കാണാം. താഴെ : ബാക്റ്റീരിയ ചർമം കൊണ്ട് അടഞ്ഞിരിക്കുന്നു).

നാഡികളും ഹോർമോണുകളും ജൈവദീപ്തിയെ നിയന്ത്രിക്കുന്നുണ്ട്. എപ്പിനെഫ്രിൻ എന്ന ഹോർമോൺ മത്സ്യങ്ങളിൽ കുത്തിവച്ചപ്പോൾ കുത്തിവച്ചതിന് അടുത്ത് ആദ്യം വെളിച്ചം ഉണ്ടായി. ക്രമേണ മറ്റുഭാഗങ്ങളിലും വെളിച്ചം ഉണ്ടായതായി കണ്ടു.

ഇരയെ ആകർഷിക്കുക, ശത്രുക്കളിൽനിന്നു രക്ഷപ്പെടുക, ഇണചേരുന്നതിനു സഹായിക്കുക തുടങ്ങിയ ധർമങ്ങളാണു ജൈവദീപ്തിക്ക് ഉള്ളത്.

ജൈവനിയന്ത്രണം (biological control)

കീടങ്ങളെ നശിപ്പിക്കാൻ പ്രകൃത്യാ ഉള്ള ശത്രുജീവികളെ ഉപയോഗിക്കുന്ന രീതി. പരാദങ്ങളെയോ രോഗാണുക്കളെയോ കീടങ്ങളെ ഭക്ഷിക്കുന്ന ജീവികളെയോ ജൈവനിയന്ത്രണത്തിനു തിരഞ്ഞെടുക്കാം. കാലിഫോർണിയയിൽ നാരകച്ചെടിയെ ബാധിക്കുന്ന കീടത്തെ നശിപ്പിക്കുന്നതിനു പരാദങ്ങളെ ഉപയോഗിക്കുന്നു. വിളകൾ തിന്നുനശിപ്പിക്കുന്ന മുയലുകളുടെ വംശവർധനവു തടയുന്നതിനു

മിക്സോമവൈറസുകൾക്കും ജാപ്പനീസ്‌വണ്ടുകളെ നശിപ്പിക്കുന്നതിനു ബാസിലസ് ബാക്റ്റീരിയകൾക്കും കഴിയും.

കൊതുകിന്റെ നിയന്ത്രണത്തിനു മത്സ്യങ്ങളെ ആദ്യമായി ഉപയോഗിച്ചത് 1854-ൽ ഫോർട്ട് എന്ന അമേരിക്കൻ ശാസ്ത്രജ്ഞനാണ്. ഇതിനുശേഷം ഇന്ത്യ ഉൾപ്പെടെ ലോകത്തിന്റെ പല ഭാഗങ്ങളിലും ഈ വിഷയത്തിൽ ഗവേഷണങ്ങൾ നടന്നിട്ടുണ്ട്. ധാരാളം ഭക്ഷണം കഴിക്കുന്നതും ചെറുതും വർധിച്ച പ്രജനനശേഷി ഉള്ളതും ആയ മത്സ്യങ്ങളെയാണ് ഇതിനായി ഉപയോഗിക്കുന്നത്. മാനത്തുകണ്ണി, കണ്ണാടിമത്സ്യം, ചേല, ഗാംബൂസ്യ, സ്വർണമത്സ്യം തുടങ്ങിയവ കൊതുകിന്റെ കൂത്താടിയും മുട്ടയും തിന്നുന്നു.

കീടനാശിനികൾ ഉപയോഗിച്ചും കീടങ്ങളെ നശിപ്പിക്കാം. ഈ രീതിക്ക് രാസനിയന്ത്രണം എന്നു പറയുന്നു. രാസനിയന്ത്രണത്തെ അപേക്ഷിച്ച് ജൈവനിയന്ത്രണത്തിനുള്ള മേന്മ പരിസരമലിനീകരണത്തിനു കാരണമാകുന്നില്ല എന്നതാണ്.

ജൈവപരിണാമം

†പരിണാമം നോക്കുക

ജൈവപിണ്ഡം (biomass)

ഒരു ഏകകം (unit) വിസ്താരത്തിലുള്ള പരിസ്ഥിതിയിലെ ഏതെങ്കിലും ഒരു സ്പീഷീസിന്റെയോ സമൂഹത്തിന്റെയോ പിണ്ഡം (ദ്രവ്യമാനം). സ്പീഷീസിന്റെ ജൈവപിണ്ഡത്തിന് സ്പീഷീസ് ജൈവപിണ്ഡം എന്നും സമൂഹത്തിന്റേതിനു സമൂഹജൈവപിണ്ഡം (community biomass) എന്നും പറയുന്നു. ജൈവപിണ്ഡം ഭക്ഷണവസ്തുക്കളുടെ അളവിനെ ആശ്രയിച്ചിരിക്കും.

സൗരോർജത്തിന്റെ ഒരു ശതമാനമേ ഉത്പാദകരായ (producers) സസ്യങ്ങൾ സംഭരിക്കുന്നുള്ളു. ഉത്പാദകരിലെ ഊർജത്തിന്റെ പത്തുശതമാനം പ്രാഥമിക ഉപഭോക്താക്കളായ (primary consumers) സസ്യഭുക്കുകളുടെ ജൈവപിണ്ഡമായി മാറുന്നു. പ്രാഥമിക ഉപഭോക്താക്കളിലെ ഊർജത്തിന്റെ പത്തു ശതമാനമാണു ദ്വിതീയ ഉപഭോക്താക്കളായ (secondary consumers) മാംസഭുക്കുകളുടെ ജൈവപിണ്ഡമായി മാറുന്നത്. സസ്യങ്ങളിൽനിന്നു മാംസഭുക്കുകളിലേക്കു കൈമാറുമ്പോൾ വലിയ അളവിൽ ഊർജം നഷ്ടപ്പെടുന്നുണ്ട്. അതിനാൽ സസ്യഭുക്കുകൾ മാംസഭുക്കുകളെക്കാൾ എണ്ണത്തിൽ കൂടുതലായിരിക്കും. അതായത് ഒരു ജൈവമണ്ഡലത്തിൽ സസ്യഭുക്കുകളുടെ ജൈവപിണ്ഡം മാംസഭുക്കുകളുടെതിനെക്കാൾ അധികമായിരിക്കും.

സ്തനികളിൽ സസ്യഭുക്കും മാംസഭുക്കും ഉണ്ട്. ആകെ ജൈവപിണ്ഡത്തിന്റെ ചെറിയ ഒരു ഭാഗം മാത്രമേ സ്തനികളുടെതായുള്ളു. പരിസ്ഥിതിവ്യവസ്ഥ(ecosystem)യിൽ സ്പീഷീസ് വ്യത്യാസം ഉണ്ടാകാം. എന്നാലും മൊത്തം ജൈവപിണ്ഡത്തിന്റെ അളവ് കുറയുകയില്ല.

ജൈവഭൗതികം (biophysics)

ഒരു ജീവശാസ്ത്രശാഖ. ജീവജാലങ്ങളുടെയും ജീവഘടകങ്ങളുടെയും ഘടനയും ജീവപ്രക്രിയകളും പഠിക്കുവാനും വിശദീകരിക്കുവാനും ഭൗതികത്തിലെ തത്വങ്ങളും രീതികളും പ്രയോഗിക്കുന്നു എന്നതാണ് ഈ ശാസ്ത്രശാഖയുടെ സവിശേഷത. ആധുനികകാലത്താണ് ഇതൊരു പ്രത്യേക ശാസ്ത്രശാഖയായി വളർന്നത്. 'ജീവഭൗതികം' എന്നും ഈ ശാസ്ത്രശാഖ അറിയപ്പെടുന്നു.

ജൈവഭൗതികത്തിൽ പ്രധാനമായി മൂന്നു പഠനമേഖലകളാണ് ഉള്ളത്. 1. തന്മാത്രാ-കോശ ജൈവഭൗതികം (molecular and cellular biophysics) 2. ശരീരക്രിയാഭൗതികം (physiological physics) 3. ജൈവഭൗതിക ഇൻസ്ട്രുമെന്റേഷൻ (biophysical instrumentation).

തന്മാത്രാ-കോശ ജൈവഭൗതികം ജീവതന്മാത്രകളുടെ ഘടനയെയും ധർമങ്ങളെയും പറ്റിയുള്ള പഠനമാണ് ജീവകോശത്തിലെ സ്തരങ്ങൾ, കോശഭിത്തികൾ തുടങ്ങിയവയുടെ ഘടനയെക്കുറിച്ചുള്ള പഠനങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ശരീരക്രിയാഭൗതികം ജീവൽപ്രക്രിയകളെപ്പറ്റിയുള്ള പഠനം ഉൾക്കൊള്ളുന്നു. കാഴ്ച, ശ്രവണം, നാഡീവ്യൂഹപ്രവർത്തനം, പേശീപ്രവർത്തനം തുടങ്ങിയവയെക്കുറിച്ചുള്ള പഠനങ്ങൾ ഇതിൽപ്പെടുന്നു. ജീവശാസ്ത്രപഠനത്തിനും ചികിത്സയ്ക്കും ആവശ്യമായ ഉപകരണങ്ങളുടെ സംവിധാനവും വികസനവുമാണു ജൈവഭൗതിക ഇൻസ്റ്റ്രുമെന്റേഷൻ ഉൾക്കൊള്ളുന്നത്. കാർഡിയോഗ്രാഫുകൾ, ബോഡീ സ്കാനിങ് ഉപകരണങ്ങൾ തുടങ്ങിയവയുടെ വികസനം ഈ പഠനവിഭാഗത്തിൽപ്പെടുന്നു. ഈ ശാസ്ത്രമണ്ഡലത്തിന്റെ വികാസത്തോടെ, അതിസൂക്ഷ്മതയോടുകൂടി ചെയ്യേണ്ട പല ശസ്ത്രക്രിയകൾക്കു പകരം ഉപയോഗിക്കാവുന്ന ലേസർ വികിരണ ഉപകരണങ്ങൾ നിർമിക്കപ്പെട്ടിട്ടുണ്ട്. ബോഡീസ്കാനറുകളുടെ വരവോടുകൂടി രോഗനിർണയനം വളരെ ലളിതമായിത്തീർന്നിരിക്കുന്നു.

ജൈവമണ്ഡലം (biosphere)

ജീവന്റെ സാന്നിധ്യമുള്ള പ്രദേശം. ഭൗമോപരിതലം, ജലാശയം, അന്തരീക്ഷം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പരിസ്ഥിതിയിൽനിന്നു ലഭിക്കുന്ന പോഷകങ്ങൾ ഉപയോഗിച്ചുള്ള ഊർജത്തിന്റെ ചാക്രികപ്രവാഹം ജൈവമണ്ഡലത്തിൽ നടക്കുന്നുണ്ട്. ഇതിനായുള്ള ഊർജത്തിന്റെ പ്രാഥമികസ്രോതസ്സ് സൂര്യനാണ്. ജീവികൾ ഉപയോഗിക്കുന്ന പോഷകങ്ങളും മറ്റു വസ്തുക്കളും ജൈവലോകത്തിൽനിന്നോ അജൈവലോകത്തിൽനിന്നോ ആഗിരണം ചെയ്യുന്നു. സസ്യങ്ങളും ജന്തുക്കളും ജൈവലോകത്തിലും അന്തരീക്ഷം, ജലം, മണ്ണ്, പാറ തുടങ്ങിയവ അജൈവലോകത്തിലും ഉൾപ്പെടുന്നു.

സൂക്ഷ്മജീവികൾ മുതൽ മനുഷ്യൻവരെയുള്ള ജീവികൾ ഉൾപ്പെടുന്നതാണു ജൈവമണ്ഡലം. ഇവയെ മൂന്നായിത്തിരിക്കാം: പ്രകാശസംശ്ലേഷണപ്രക്രിയ (photosynthesis)വഴി അന്നജം (carbohydrate) നിർമിക്കാൻ കഴിവുള്ള സസ്യങ്ങൾ; സസ്യഭുക്കുകളായ ജന്തുക്കളും സസ്യഭുക്കുകളെ ഭക്ഷിക്കുന്ന മാംസഭുക്കുകളും; സസ്യങ്ങൾക്ക് ഉപയോഗിക്കത്തക്കരീതിയിൽ കാർബണികപദാർഥങ്ങളെ ലഘുതന്മാത്രകളാക്കി മാറ്റുന്ന ബാക്റ്റീരിയ പോലുള്ള സൂക്ഷ്മാണുക്കൾ.

ജൈവമേഖല (biome)

സസ്യങ്ങളും ജന്തുക്കളും സഹവർത്തിക്കുന്നതും സാമാന്യം വിസ്തൃതവുമായ പ്രദേശം. മരുഭൂമി, കാട്, പുൽമേട്, കടൽ, തുന്ദ്ര തുടങ്ങിയവ ഉദാഹരണങ്ങളാണ്. അന്തരീക്ഷത്തിലെ താപനില, മഴയുടെ അളവ്, സൂര്യപ്രകാശം തുടങ്ങിയ ഘടകങ്ങൾ ജൈവമേഖലയുടെ ഭൗതികസ്വഭാവത്തെ നിയന്ത്രിക്കുന്നു. കാടുകൾതന്നെ പലയിനം ഉണ്ട്: കോണിഫറസ് വനങ്ങൾ, മഴക്കാടുകൾ, ഇലകൊഴിയുംവനങ്ങൾ (deciduous forests). ഓരോ ജൈവമേഖലയിലും സസ്യ-ജന്തുജാലങ്ങൾ വ്യത്യസ്തമായിരിക്കും. ഉദാഹരണത്തിനു മരുഭൂമിയിൽ ഉള്ള കരളുന്ന ചില ജീവികൾ തുന്ദ്രയിൽ ഇല്ല. തുന്ദ്രയിൽ ഉള്ള ഹിമക്കരടിക്കു മരുഭൂമിയിൽ ജീവിക്കുന്നതിനു സാധ്യമല്ല.

ജൈവയുദ്ധം (biological warfare)

ജൈവായുധങ്ങൾ ഉപയോഗിച്ചുള്ള യുദ്ധം. ശത്രുക്കളിൽ പ്രയോഗിക്കുന്ന രോഗാണുക്കളെയും, അത് അവരിൽ വ്യാപിപ്പിക്കാൻ കഴിവുള്ള സംവിധാനങ്ങളെയുമാണ് പൊതുവെ ജൈവായുധങ്ങൾ എന്നു വിളിക്കുന്നത്. 'രോഗാണു ആയുധങ്ങൾ' എന്നും ഇതിനു പേരുണ്ട്. ശത്രുരാജ്യത്തെ മനുഷ്യരെയോ വളർത്തുമൃഗങ്ങളെയോ വിളകളെയോ നശിപ്പിക്കാൻ കഴിയുന്ന അണുജീവികളെ ആണു ജൈവ ആയുധങ്ങളായി ഉപയോഗിക്കുന്നത്. അംഗഭംഗം വരുത്തുവാൻ കഴിവുള്ള 'ഡംഗ്യൂ ഫീവർ' എന്ന രോഗത്തിന്റെ അണുക്കളും 'ബോട്ടുലിസം' എന്ന ഭക്ഷ്യവിഷബാധ ഉണ്ടാക്കുന്ന ബാക്റ്റീരിയയും ഇതിന് ഉദാഹരണങ്ങളാണ്. പ്ലേഗ്, കോളറ, സിഫിലിസ് തുടങ്ങിയ രോഗങ്ങളുടെ അണുക്കളെയും ഉപയോഗിക്കാറുണ്ട്.

രണ്ടു രീതിയിലാണു രോഗാണുക്കളെ ശത്രുവിന്റെ ശരീരത്തിൽ പ്രയോഗിക്കുന്നത്. ശ്വസനവായുവിലൂടെയും മുറിവിലൂടെയും. ജൈവായുധത്തിൽനിന്നു ബഹിർഗമിക്കുന്ന രോഗാണുക്കൾ മൊത്തമായി മേഘം പോലെ അന്തരീക്ഷത്തിൽ തങ്ങുന്നു. ഈ 'മേഘ'ത്തിന് 'എയിറോസോൾ' എന്നാണു പേര്. ഇതിനു വായുവിൽ കുറെനേരം തങ്ങിനില്ക്കാനുള്ള കഴിവുണ്ട്.

ചരിത്രം. യുദ്ധത്തിൽ ജൈവായുധങ്ങൾ ഉപയോഗിച്ചതു സംബന്ധിച്ചു ചരിത്രത്തിലെ ഏറ്റവും പഴയരേഖ 1350-ലേത് ആണ്. റഷ്യയിലെ ക്രൈമിയപ്രദേശത്ത് കഫ (Kaffa) എന്ന പട്ടണത്തിൽ ഇറ്റലിയിൽനിന്നു കുടിയേറിയ കച്ചവടക്കാർ ഒരു കോട്ടകെട്ടിയിരുന്നു. 1347-ൽ താർത്താറുകൾ ഈ കോട്ട ആക്രമിച്ചു. മൂന്നുവർഷം ഉപരോധിച്ചെങ്കിലും, കോട്ടയ്ക്കകത്ത് കടക്കുവാൻ അക്രമികൾക്കു കഴിഞ്ഞില്ല. അപ്പോൾ താർത്താർപടയാളികളിൽ പ്ലേഗ് പടർന്നുപി

ടിച്ചു. പടനായകൻ, വലിയ കവണ ഉണ്ടാക്കി പ്ലേഗ്വന്നു മരിച്ച താർത്താർ പടയാളികളെ കൊട്ടയ്ക്കകത്തേക്ക് എറിഞ്ഞു. കോട്ടയ്ക്കകത്തു പ്ലേഗ് പടർന്നുപിടിച്ചതോടെ, പട്ടാളക്കാരുടെ കണ്ണുവെട്ടിച്ച ചില ഇറ്റാലിയൻ കച്ചവടക്കാർ സ്വദേശത്തേക്കു മടങ്ങി. അവരിൽനിന്നു പ്ലേഗ് യൂറോപ്പിലാകെ പരന്നു. അടുത്ത അഞ്ചുവർഷംകൊണ്ടു രണ്ടരക്കോടി ആളുകൾ യൂറോപ്പിൽ (അന്നത്തെ യൂറോപ്പിലെ ജനസംഖ്യയുടെ മൂന്നിലൊന്ന്) പ്ലേഗ് ബാധിച്ചു മരിച്ചു.

രണ്ടാംലോകയുദ്ധം മുതലാണു ജൈവായുധം ഉപയോഗിക്കുന്നതിനുള്ള സംഘടിതശ്രമങ്ങൾ തുടങ്ങിയത്. ഈ യുദ്ധകാലത്ത്, ജാപ്പനീസ് സൈന്യത്തിലെ 731 യൂണിറ്റ് ആണ് അനേകം ക്രൂരപരീക്ഷണങ്ങളോടുകൂടി ജൈവായുധ പരീക്ഷണം നടത്തിയിരുന്നത്. യുദ്ധത്തടവുകാരിൽ ആണു ജപ്പാൻകാർ ഈ ആയുധങ്ങൾ പരീക്ഷിച്ചിരുന്നത്. ഹിറ്റ്ലറുടെ കീഴിൽ ജർമനിയിൽ ജൈവയുദ്ധഗവേഷണം നടത്തിയിരുന്ന യോസെഫ് മെൻഗലെ എന്ന ഭിഷഗ്വരനിൽ നിന്ന് ഇതേപ്പറ്റി മനസ്സിലാക്കാനിടവന്ന ഷിറോ ഇഷിയി എന്ന ജപ്പാൻ ഭിഷഗ്വരനാണ് ഈ ഗവേഷണം തുടങ്ങിവച്ചത്. ഇതുസംബന്ധിച്ച വസ്തുതകൾ 1982-ൽ ജപ്പാൻ പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ആറ്റംബോംബ് പ്രയോഗത്തെ തുടർന്നു ജപ്പാൻ പട്ടാളം അമേരിക്കയ്ക്ക് കീഴടങ്ങിയപ്പോൾ, ജൈവായുധഗവേഷണം നടത്തിയിരുന്ന 731-ാം യൂണിറ്റുകാരെമാത്രം അവരുടെ ഗവേഷണരേഖകൾ കൈമാറാമെന്ന വ്യവസ്ഥയിൽ അമേരിക്ക വെറുതെവിട്ടു.

സഖ്യകക്ഷികളിൽപ്പെട്ട ബ്രിട്ടനും ജൈവായുധങ്ങൾ പരീക്ഷിച്ചിരുന്നു. 'ആന്ത്രാക്സ്' എന്ന കന്നുകാലിരോഗത്തിന്റെ അണുക്കൾ നിറച്ച ചെറിയ ഒരു ബോംബ് 1941-ൽ സ്കോട്ട്ലൻഡിന്റെ പടിഞ്ഞാറുഭാഗത്തുള്ള ആൾപ്പാർപ്പില്ലാത്ത 'ഗ്രൂയിനാർഡ്' എന്ന ദ്വീപിൽ പരീക്ഷണാർഥം പ്രയോഗിച്ചുനോക്കി. 1979-ൽ ഗ്രൂയിനാർഡിൽ നിരീക്ഷണം നടത്തിയ ശാസ്ത്രസംഘം, അപ്പോൾ അവിടെ 'ആന്ത്രാക്സ്' അണുക്കൾ ജീവനോടെ നിലനില്ക്കുന്നതായി കണ്ടെത്തി.

കൊറിയൻ യുദ്ധത്തിൽ ഇടപെട്ടിരുന്ന കാലത്തു യു.എസ്. അവിടെ അണുക്കൾ വർഷിച്ചതായി ആരോപണമുണ്ടായിരുന്നു. യുദ്ധമൊന്നും ഇല്ലാതിരിക്കെത്തന്നെ, ക്യൂബയുടെ സമ്പദ്ഘടന തകരാറിലാക്കാൻ അവിടെ 'ആന്ത്രാക്സ്' അണുക്കളെ യു.എസ്. പരത്തിയതായി ഫിഡൽ കാസ്ട്രോ ആരോപിച്ചിരുന്നു. ഇറാൻ, ഇറാഖിൽ ജൈവായുധങ്ങൾ ഉപയോഗിച്ചതായുള്ള പരാതിയും ഉണ്ടായിട്ടുണ്ട്.

സന്ധികൾ. ജൈവായുധങ്ങളും രാസായുധങ്ങളും നിരോധിക്കുന്ന, 'ജനീവ പ്രോട്ടോക്കോൾ' എന്ന പേരിൽ അറിയപ്പെടുന്ന 1925-ലെ സന്ധിയിൽ ഏതാനും രാഷ്ട്രങ്ങൾ ഒപ്പുവച്ചിരുന്നു. ജൈവായുധങ്ങളും രാസായുധങ്ങളും നിരോധിക്കുന്ന സാർവദേശിയ സന്ധി 1975-ൽ നിലവിൽവന്നു. 1985 വരെ ഇതിൽ 103 രാഷ്ട്രങ്ങൾ ഒപ്പുവച്ചുകഴിഞ്ഞിരുന്നു. എന്നാൽ, ഇതിൽ ചില രാജ്യങ്ങൾതന്നെ, ആന്ത്രാക്സ്, പ്ലേഗ് തുടങ്ങിയ പകർച്ചവ്യാധികൾക്കെതിരെയുള്ള പ്രതിരോധവാക്സിനുകൾ വൻതോതിൽ ഉണ്ടാക്കി ശേഖരിക്കുന്നുണ്ട്. ജൈവായുധം പ്രയോഗിക്കാനുള്ള തയ്യാറെടുപ്പിന്റെ ഒരു ഭാഗമായാണ് ഇതിനെ ശാസ്ത്രകാരന്മാർ കാണുന്നത്. ഒരു പ്രത്യേകരോഗാണുവിനെ ശത്രുരാജ്യത്തു പ്രയോഗിക്കുമ്പോൾ സ്വന്തം ഭടന്മാരിൽ അതിനെ പ്രതിരോധിക്കുന്നതിനുള്ള കുത്തിവയ്പ് നടത്തുകയാണ് ഈ രാജ്യങ്ങളുടെ ലക്ഷ്യമെന്നു കരുതപ്പെടുന്നു. ജൈവായുധനിരോധന സന്ധിയിൽ ഒപ്പുവച്ച രാജ്യങ്ങൾ ജനീവയിൽ യോഗം ചേർന്ന്, തങ്ങൾ നിർമിക്കുന്ന വാക്സിനുകളുടെ വിവരം പരസ്പരം അറിയിക്കണമെന്നു തീരുമാനിച്ചെങ്കിലും ഇതിനു വഴങ്ങാൻ യു.എസ്സും, സോവിയറ്റ്യൂണിയനും കൂട്ടാക്കിയില്ല.

സാധാരണ ആയുധങ്ങളെയും †രാസായുധങ്ങളെയുംകാൾ ഗുരുതരവും ക്രൂരവുമായ വിപത്തുകൾ വഴിവയ്ക്കുന്നതാണു ജൈവായുധങ്ങളും അതുപയോഗിച്ചുള്ള യുദ്ധവും.

ജൈവരസതന്ത്രം (biochemistry)

ജീവജാലങ്ങളിൽ (സസ്യങ്ങൾ, ജന്തുക്കൾ, സൂക്ഷ്മജീവികൾ എന്നിവയിൽ) നടക്കുന്ന ജീവപ്രക്രിയകളും അവയോടു ബന്ധപ്പെട്ട പ്രവർത്തനങ്ങളും രസതന്ത്രപരമായി പ്രതിപാദിക്കുന്ന ശാസ്ത്രശാഖ. 'ജീവരസതന്ത്രം' എന്നും ഈ ശാഖ അറിയപ്പെടാറുണ്ട്.

ജീവനുള്ളവകൊണ്ടു നിർമിക്കുന്നതും, ജീവനുള്ളവ ഉപയോഗപ്പെടുത്തുകയോ പരിവർത്തനപ്പെടുത്തുകയോ ചെയ്യുന്നതും ജീവന് ആവശ്യമായ ഊർജ-രാസപ്രവർത്തനങ്ങൾക്കു പ്രയോജനപ്പെടുത്തുന്നതും ആയ രാസവസ്തുക്കളുടെ സങ്കലിതപഠനം ആണു ജൈവരസതന്ത്രം. കാർബണികരസതന്ത്രം (organic chemistry), അകാർബണികരസതന്ത്രം (inorganic chemistry) ഭൗതിക രസതന്ത്രം (physical chemistry) തുടങ്ങിയ പ്രധാനപ്പെട്ട രസതന്ത്രശാഖകളുടെ മുഖ്യധാരകൾ ഈ പഠനവിഭാഗത്തിൽ സമ്മേളിക്കുന്നു.

ജൈവരസതന്ത്രം പ്രത്യേകശാസ്ത്രശാഖയായി പ്രവർത്തിച്ചുതുടങ്ങിയപ്പോൾ, വൈദ്യശാസ്ത്രത്തിൽനിന്നു ലഭിച്ച വിജ്ഞാനം ഇതിന്റെ വളർച്ചക്കു പ്രേരകമായിരുന്നു. പിന്നീട്, ഈ ശാസ്ത്രശാഖ കൈവരിച്ച വമ്പിച്ച പുരോഗതി, വൈദ്യശാസ്ത്രത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ വലിയ സംഭാവനകൾ അർപ്പിച്ചു. സമീപകാലത്തു വൈദ്യശാസ്ത്രത്തിനുള്ള നൊബേൽസമ്മാനം നേടിയവരിൽ പലരും ജൈവരസതന്ത്രത്തിൽ ഗവേഷണം നടത്തിയിട്ടുള്ളവരാണ്. ഇന്നു രോഗങ്ങളുടെ നിർണയനം, നിയന്ത്രണം, നിവാരണം എന്നിവയിൽ ജൈവരസതന്ത്രത്തിനു പ്രധാനപങ്കുണ്ട്.

ചരിത്രം. ജൈവരസതന്ത്രം ഒരു ശാസ്ത്രശാഖയായി വളർന്നത് 20-ാം നൂറ്റാണ്ടിലാണെങ്കിലും അതിന്റെ ചരിത്രം ആരംഭിക്കുന്നത് 18-ാം നൂറ്റാണ്ടിലാണ്. കാൾവീൽഹം ഷീലെ എന്ന ശാസ്ത്രകാരൻ 18-ാം നൂറ്റാണ്ടിൽ ജൈവവസ്തുക്കളിൽനിന്നു പല രാസവസ്തുക്കളും വേർതിരിച്ചെടുത്തു. ഇതിനെത്തുടർന്നു ജീവികളിലെ രാസപ്രവർത്തനങ്ങളെക്കുറിച്ചുള്ള പഠനത്തിൽ ശാസ്ത്രജ്ഞന്മാർക്കു താത്പര്യം വർധിച്ചു. പത്തൊമ്പതാം നൂറ്റാണ്ടോടുകൂടി ശസ്ത്രക്രിയയുടെയും മറ്റും സഹായത്തോടെ പ്രമേഹം പോലുള്ള നിരവധി അസുഖങ്ങളുടെ മൂലകാരണം കണ്ടെത്തി. ഈ കണ്ടുപിടിത്തങ്ങൾ ശരീരക്രിയകളിൽ രാസപ്രവർത്തനങ്ങൾക്കുള്ള പ്രാധാന്യം എടുത്തുകാണിച്ചു. അതോടുകൂടി, ജൈവരസതന്ത്രം സ്വതന്ത്രമായ ഒരു ശാസ്ത്രശാഖ എന്ന നിലയിലേക്കു വളരുകയും അതും വൈദ്യശാസ്ത്രവും പരസ്പരപൂരകമായ സഹവർത്തിത്വം സ്ഥാപിക്കുകയും ചെയ്തു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിലാണു വൈദ്യശാസ്ത്രം രോഗനിർണയനത്തിനു ജൈവരസതന്ത്രപരീക്ഷണങ്ങളുടെ സഹായം തേടിത്തുടങ്ങിയത്. പ്രമേഹം കണ്ടുപിടിക്കുന്നതിനു രക്തത്തിലെ പഞ്ചസാരയുടെ അളവ് പരിശോധിക്കാൻ ആരംഭിച്ചത് ഈ പാതയിലെ ഒരു നാഴികക്കല്ലാണ്.

1902-ൽ ഹോർമോണുകൾ കണ്ടുപിടിച്ചതോടെ അന്തഃസ്രാവങ്ങളെക്കുറിച്ചുള്ള പഠനങ്ങളും ആരംഭിച്ചു. ഇതോടെ വൈദ്യശാസ്ത്രത്തിലും ശരീരക്രിയാവിജ്ഞാനത്തിലും ജൈവരസതന്ത്രത്തിനു വളരെ നിർണായകമായ സ്വാധീനം കൈവന്നു.

19-ാം നൂറ്റാണ്ടിൽ ലൂയി പാസ്റ്റർ കിണ്വന (fermentation)ത്തെക്കുറിച്ചു നടത്തിയ കണ്ടുപിടിത്തമാണ് പിന്നീട് എൻസൈമിന്റെ കണ്ടുപിടിത്തത്തിലേക്കു നയിച്ചത്. 1926-ൽ ആദ്യമായി എൻസൈം വേർതിരിച്ചെടുത്തു.

1935-ൽ ജൈവരസതന്ത്രത്തിൽ പ്രാധാന്യമുള്ള രണ്ടു സംഭവങ്ങൾ നടന്നു. ജൈവരസതന്ത്രജ്ഞന്മാർ, റേഡിയോ ആക്റ്റീവതയുള്ള ഐസോടോപ്പുകൾ ഉപയോഗിച്ചുള്ള ഗവേഷണങ്ങൾ ആരംഭിച്ചതാണ് ഇതിൽ ഒന്ന്. ഇത്തരം ഗവേഷണങ്ങളാണു ഗോയിറ്റർ പോലുള്ള രോഗങ്ങളുടെ കാരണം കണ്ടെത്താൻ സഹായിച്ചത്: വിറ്റാമിൻ ബി$_1$-ന്റെ രാസഘടന കണ്ടെത്തി എന്നതാണു രണ്ടാമത്തെ നേട്ടം.

1950 വരെ ജൈവരസതന്ത്രം ശരീരക്രിയാപരമായ കണ്ടുപിടിത്തങ്ങളാണു നടത്തിയത്. ജനിതകവിഷയങ്ങളിലേക്കു കടന്നുചെന്നത് അതിനുശേഷം മാത്രമാണ്. ഡി.എൻ.എ. തന്മാത്രയെ കണ്ടെത്തുകയും അതിന്റെ ഘടന നിർണയിക്കുകയും ചെയ്തത് (1953) ജൈവരസതന്ത്രത്തിന്റെ ചരിത്രത്തിലെ നാഴികക്കല്ലാണ്. ഈ കണ്ടുപിടിത്തം ജീവശാസ്ത്രത്തിന്റെ മുഖച്ഛായതന്നെ മാറ്റി എന്നുപറയാം. († ജീൻ, †ഡി.എൻ.എ., †ജനിതകകോഡ് † ജനിതക എൻജിനീയറിങ് നോക്കുക). കൂടുതൽ ആഴത്തിലുള്ള ഗവേഷണങ്ങൾ ഈ വിഷയത്തിൽ നടന്നതോടെ തന്മാത്രാജീവശാസ്ത്രം (molecular biology) എന്ന ഒരു പ്രത്യേക പഠനശാഖതന്നെ ഉണ്ടായി.

പഠനമേഖലകൾ. ആധുനിക ജൈവരസതന്ത്രത്തിൽ പ്രധാനമായി എട്ടു പഠനമേഖലകൾ ഉണ്ട്: 1. ജീവവസ്തുവിന്റെ രാസഘടന (chemical composition of living matter) 2. പോഷണം (nutrition) 3. ദഹനം(digestion) 4. രക്തം 5. ഉപാപചയവും ഹോർമോണും (metabolism and hormones) 6. ജീനുകൾ 7. ജീവന്റെ ഉദ്ഭവവും വളർച്ചയും 8. പ്രയുക്ത ജൈവരസതന്ത്രം (applied biochemistry).

ജൈവലോഹസംയുക്തങ്ങൾ (Organometallic Compounds)

ലോഹ അണുക്കൾ കാർബൺ അണുക്കളുമായി നേരിട്ടു ബന്ധിക്കപ്പെട്ടിരിക്കുന്ന ജൈവസംയുക്തങ്ങൾ. ഉദാഹരണമായി മെഥിൽ ലിത്തിയം, മെഥിൽ മഗ്നീഷ്യം ബ്രോമൈഡ് എന്നീ സംയുക്തങ്ങളിൽ ലോഹ അണുക്കൾ (ലിത്തിയം, മഗ്നീഷ്യം ഇവ) കാർബൺ അണുക്കളുമായി നേരിട്ടു ബന്ധിക്കപ്പെട്ടിരിക്കുന്നതിനാൽ അവ ജൈവലോഹസംയുക്തങ്ങളാണ്. എന്നാൽ കാൽസിയം അസറ്റേറ്റിൽ ലോഹഅണു (കാൽസിയം) കാർബൺ അണുവുമായി നേരിട്ടു ബന്ധിച്ചിട്ടില്ല. അത് അസറ്റിക് ആസിഡിലെ അമ്ലസ്വഭാവമുള്ള ഹൈഡ്രജൻ അണുവിനെ മാറ്റിക്കിട്ടുന്ന ലവണമാണ്. അതിനാൽ അതു ജൈവലോഹസംയുക്തം അല്ല.

ചരിത്രം. 1849-ൽ ഫ്രാങ്ക്ലൻഡ് ആണ് ആദ്യമായി ഒരു ജൈവലോഹസംയുക്തം ഉണ്ടാക്കിയത്. ഡേവി (Davy) 1807-ൽ ഉരുക്കിയ സോഡിയം ഹൈഡ്രോക്സൈഡ് വൈദ്യുതവിശ്ലേഷണം നടത്തി സോഡിയം വേർതിരിച്ചെടുത്തു. അതുപോലെ എഥിൽ അയഡൈഡിൽനിന്നും 'എഥിൽ' എന്ന അണുഗ്രൂപ്പ് സ്വതന്ത്രമാക്കി മാറ്റാൻ കഴിയുമെന്നു കരുതി ഫ്രാങ്ക്ലൻഡ്, എഥിൽ അയഡൈഡ് സിങ്കുമായി പ്രവർത്തിപ്പിച്ചു. സിങ്ക് അയഡിൻ മാറ്റുമെന്നും അങ്ങനെ 'എഥിൽ' എന്ന സ്വതന്ത്രറാഡിക്കൽ വേർപെടുമെന്നും ആണു ഫ്രാങ്ക്ലൻഡ് കരുതിയത്. പക്ഷേ, ഇപ്രകാരം സ്വതന്ത്രമായ എഥിൽ റാഡിക്കൽ വേർതിരിച്ചെടുക്കുന്നതിൽ ഫ്രാങ്ക്ലൻഡ് പരാജയപ്പെട്ടു. എന്നാൽ ആ രാസപ്രവർത്തനഫലമായുണ്ടാകുന്ന ഒരു ഉത്പന്നം ഡൈഎഥിൽ സിങ്ക് [Diethyl zinc, $(C_2H_5)_2Zn$)] ആണ് എന്നു ഫ്രാങ്ക്ലൻഡ് കണ്ടുപിടിച്ചു.

സോഡിയം ആൽക്കോക്സൈഡ് (NaOR), പൊട്ടാസിയം ഫിനോക്സൈഡ് (C_6H_5OK) ഇവ ലോഹ ഓക്സിജൻ ബന്ധമുള്ള ജൈവലോഹസംയുക്തങ്ങൾക്ക് ഉദാഹരണമാണ്. ഓക്സിജന് ലോഹഅണുക്കളെക്കാൾ വളരെക്കൂടുതൽ ഇലക്ട്രോൺ ആകർഷണം ഉള്ളതിനാൽ ഈ സംയുക്തങ്ങൾ അയണികം ആയിരിക്കും.

ലഘുസംയുക്തങ്ങൾ. സാധാരണ ജൈവലോഹ സംയുക്തങ്ങൾ എന്നുപറയുന്നത് കാർബൺ-ലോഹബന്ധമുള്ള സംയുക്തങ്ങളെയാണ്. ഗ്രിഗ്നാഡ് റിയേജൻറുകൾ ആണ് ഇവയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത്. ആധുനികപഠനങ്ങളിൽനിന്നു ഗ്രിഗ്നാഡ് റിയേജൻറിൻെറ ഘടന RMgX എന്ന് എഴുതുന്നതു ശരിയല്ല എന്നു തെളിഞ്ഞിട്ടുണ്ട്. അതിലും ശരിR_2Mg. Mg X_2 എന്നാണ്. ഗ്രിഗ്നാഡ് റിയേജൻറുകളുടെയും അതിനോടു ബന്ധപ്പെട്ട മറ്റു സംയുക്തങ്ങളുടെയും ന്യൂക്ലിയാർ മാഗ്നറ്റിക് റെസൊണൻസ് സ്പെക്ട്രങ്ങളുടെ പഠനത്തിൽനിന്ന് 1962-ൽ ഇ. ഇവാൻസും സഹപ്രവർത്തകരും R_2 Mg. Mg X_2 എന്ന സംജ്ഞ ശരിയാണെന്ന് തെളിയിച്ചിട്ടുണ്ട്.

ജൈവലിത്തിയം സംയുക്തങ്ങൾ: ഗ്രിഗ്നാഡ്റിയേജൻറുമായി വളരെയധികം സാമ്യമുള്ളതും എന്നാൽ അതിലും രാസപ്രവർത്തനക്ഷമവു(reactive)മാണു ജൈവലിത്തിയം സംയുക്തങ്ങൾ. പ്രൈമറി ആൽക്കൈൽ ഹാലൈഡുകൾ ഈഥറിലോ ബെൻസീനിലോ വച്ചു ലിത്തിയവുമായി ചൂടാക്കി ഇവയുണ്ടാക്കാം.

$$RX + {}_2Li \rightarrow RLi + Lix$$

പ്രധാനപ്പെട്ട മറ്റൊരു ജൈവ ലോഹസംയുക്തമാണ് ടെട്രാ എഥിൽ ലെഡ്. എഥിൽ ക്ലോറൈഡ്, ലെഡ് സോഡിയം ലോഹസങ്കരവുമായി ഉയർന്ന മർദത്തിൽ ചൂടാക്കിയാണ് ഇതു വ്യാവസായികമായി നിർമിക്കുന്നത്.

1910-ൽ എർലിക് (Ehrlich) കണ്ടുപിടിച്ച സാൽവാർസാൻ (Salvarsan) ആണു മറ്റൊരു പ്രസിദ്ധമായ ജൈവലോഹസംയുക്തം. ഈ ജൈവ ആർസനികസംയുക്തം അക്കാലത്ത് സിഫിലിസിൻെറ ചികിത്സയ്ക്ക് ഏറ്റവും ഫലപ്രദമായ മരുന്നായിരുന്നു.

കീലേറ്റ് സംയുക്തങ്ങൾ (Chelate Compounds). വളരെ പ്രധാനപ്പെട്ട കുറെ ജൈവലോഹസംയുക്തങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നു.

കീലേഷനെ ഇങ്ങനെ വിശദീകരിക്കാം: A-യും B-യും തമ്മിൽ ഒരു രാസബന്ധമുണ്ടാകണമെങ്കിൽ ഒരു ജോടി ഇലക്ട്രോൺ ആവശ്യമുണ്ട്. അതു മുഴുവനും A-യിൽനിന്നും വന്നതാണെങ്കിൽ അതായതു രാസബന്ധത്തിനാവശ്യമുള്ള ഇലക്ട്രോൺ ജോടി മുഴുവനും A ആണു സംഭാവനചെയ്യുന്നതെങ്കിൽ, ആ ബന്ധത്തെ A→B എന്നു കാണിക്കുന്നു. A-യെ ഡോണർ (കൊടുക്കുന്നത്) എന്നും B-യെ അക്സെപ്റ്റർ (വാങ്ങുന്നത്) എന്നും ആ ബന്ധത്തെ കോഓർഡിനേറ്റ് ബന്ധം എന്നും വിളിക്കുന്നു. A ഒരു കോഓർഡിനേറ്റിങ് ഗ്രൂപ്പാണ്. അതായത് A-യുടെ കൈവശം B-ക്കു നല്കാനായി രണ്ട് ഇലക്ട്രോൺ ഉണ്ട്.

ഒരേ തന്മാത്രയിൽ രണ്ട് കോ ഓർഡിനേറ്റ് ഗ്രൂപ്പ് ഉണ്ടെങ്കിൽ അതു ചിലപ്പോൾ മൂന്നാമതൊരു അണുവോ അയണോ കോഓർഡിനേഷൻമൂലം ബന്ധപ്പെടുകയും അങ്ങനെ ഒരു സങ്കീർണ സംയുക്തം ഉണ്ടാവുകയും ചെയ്യാൻ സാധ്യതയുണ്ട്. ആ സംയുക്തത്തെ കീലേറ്റ് സംയുക്തം എന്നു വിളിക്കുന്നു. കാരണം തന്മാത്രയിലെ രണ്ടു ഭാഗങ്ങൾ ഉപയോഗിച്ച് മൂന്നാമതൊരു അണുവിനെ (അയോണിനെ) പിടിച്ചുവച്ചിരിക്കുകയാണ് ചെയ്തിരിക്കുന്നത്. നിക്കൽ അസറ്റൈൽ അസറ്റോൺ ഇതിന് ഉദാഹരണമാണ്.

ഇത്തരം കീലേറ്റ് സംയുക്തങ്ങൾ അവയുടെ സ്ഥിരത, അയോണിക സ്വഭാവം, ജലത്തിലെ ലേയത്വം മുതലായവയിൽ വ്യത്യാസപ്പെട്ടിരിക്കും. ഒരു ലോഹഅണുവിനെ ലായനിയിൽ ലയിപ്പിച്ചു നിർത്തുവാനോ, അല്ലെങ്കിൽ ലായനിയിൽനിന്നും അവക്ഷിപ്തമാക്കി മാറ്റാനോ കീലേറ്റ് രൂപീകരണം ഉപയോഗിക്കാം. ലോഹ അണുക്കളെ അവക്ഷിപ്തമാക്കി മാറ്റാൻ ആധുനിക രസതന്ത്രത്തിൽ ഉപയോഗിക്കുന്ന ഒരു പ്രധാന രാസദ്രവ്യമാണ് 8-ഹൈഡ്രോക്സികിനോളിൻ അഥവാ ഓക്സിൻ (Oxine).

അതുപോലെ എഥിലിൻ ഡൈ അമീൻ ടെട്രാ അസറ്റേറ്റ് (E.D.T.A.) ആണ് ലോഹ അയോണുകളെ ലായനിയിൽ ലയിച്ചു നിറുത്താൻ ആധുനികകാലത്ത് ഉപയോഗിക്കുന്ന ഒരു രാസദ്രവ്യം.

വിശ്ലേഷണരസതന്ത്രത്തിൽ കീലേറ്റ് സംയുക്ത രൂപീകരണം ഉപയോഗിക്കുന്നു. ഘനജലത്തെ മൃദുവാക്കാനും ചില മരുന്നുകൾക്ക് സ്ഥിരത കൊടുക്കുവാനും ചായവ്യവസായം, റബർവ്യവസായം, ബ്ലീച്ചിങ്ങ്, തുകൽവ്യവസായം എന്നിവയിലും കീലേറ്റ് സംയുക്ത രൂപീകരണം ഉപയോഗിക്കുന്നു.

സാൻവിച്ച് സംയുക്തങ്ങൾ(Sandwich compounds). ഇവയെചിത്രശലഭസംയുക്തങ്ങൾ (Butterfly compounds) എന്നും പറയുന്നു. തികച്ചും നൂതനവും അസാധാരണവുമായ സംയുക്തങ്ങളാണ് ഇവ. 1951-ലാണ് യാദൃച്ഛികമായി രണ്ടു ശാസ്ത്രജ്ഞന്മാർ (Kealy & Pauson) ഇവ നിർമിച്ചത്.

ഓറഞ്ചുനിറമുള്ള ഈ ഖരവസ്തു ജലത്തിൽ ലയിക്കുകയില്ല. ജലം, സോഡിയം ഹൈഡ്രോക്സൈഡ്, ഗാഢ ഹൈഡ്രോ ക്ലോറിക് ആസിഡ് ഇവയുമായി തിളയ്ക്കുന്ന താപനിലയിൽ പോലും പ്രവർത്തിക്കുന്നില്ല. ചൂടാക്കുമ്പോൾ ഉത്പതിക്കുകയും 470° വരെ വിഘടിക്കാതെ നില്ക്കുകയും ചെയ്യും ഈ സംയുക്തം. എക്സ്-റേ സ്പെക്ട്രത്തിൻെറയും മറ്റും അടിസ്ഥാനത്തിൽ ഈ സംയുക്തത്തിൻെറ ഘടന എന്തെന്ന് വുഡ്വേഡ് ചൂണ്ടിക്കാട്ടി.

രണ്ടു സൈക്ലോപെൻറാ ഡൈ ഈതൈൽ റിങ്ങുകളുടെയും തലം സമാന്തരമായിരിക്കും. 'Fe' അതിൻെറ നടുവിലും. രണ്ടു സൈക്ലോപെൻറാ ഡൈ ഈതൈൽ റിങ്ങിലെയും π ഓർബിറ്റലുകളും'Fe'-ലെ 'd' ഓർബിറ്റലുകളും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. ഇത് സാൻവിച്ചിൻെറയോ ചിത്രശലഭത്തിൻെറയോ ഘടന പോലിരിക്കുന്നതിനാലാണ് ഇത്തരം സംയുക്തങ്ങളെ സാൻവിച്ച് സംയുക്തങ്ങൾ അഥവാ ചിത്രശലഭസംയുക്തങ്ങൾ എന്നു വിളിക്കുന്നത്. ഈ സംയുക്തം ബൻസീനെപ്പോലെതന്നെ അരോമാറ്റിക് സ്വഭാവങ്ങൾ കാണിക്കുന്നതിനാൽ 1952-ൽ വുഡ്വേഡ് ബെൻസീൻ എന്ന പേരിനോടു സാദൃശ്യമുള്ള 'ഫെറോസീൻ' എന്ന പേര് നല്കി. ഫെറോസീൻ പോലുള്ള മറ്റ് അനേകം സംയുക്തങ്ങൾ പിന്നീട് നിർമിച്ച് പഠനം നടത്തിയിട്ടുണ്ട്.

പ്രൊഫ: എസ്. ശിവദാസ്

ജൈവസംശ്ലേഷണം

†ഉപാപചയം നോക്കുക

ജൊ

ജൊവാൻ ഒഫ് ആർക്

† ജോൻ ഒഫ് ആർക് നോക്കുക.

ജൊഹനസ്ബർഗ്

ദക്ഷിണാഫ്രിക്കൻ റിപ്പബ്ലിക്കിലെ ഏറ്റവും വലിയ നഗരം. ട്രാൻസ്വാളിലെ ഉയർന്ന പീഠഭൂമിപ്രദേശത്തിൽ സുമദ്രനിരപ്പിൽനിന്ന് 1750 മീറ്റർ ഉയരത്തിൽ (26°11’ തെ. ,28°7’ കി.) സ്ഥിതിചെയ്യുന്നു. ധാരാളം സ്വർണ നിക്ഷേപമുള്ള വിറ്റ്വാട്ടേഴ്സ്റാൻഡ് എന്ന ഗിരിനിരകളുടെ മധ്യഭാഗത്താണ് നഗരം സ്ഥിതിചെയ്യുന്നത്. ട്രാൻസ്വാളിലെ സർവെയർ ജനറലായിരുന്ന ജൊഹനസ് റിസ്സിക്കിൻെറ പേരാണു നഗരത്തിനു ലഭിച്ചത്. കാലാവസ്ഥ വളരെ സുഖകരമാണ്. വർഷത്തിൽ ശരാശരി 770 മി.മീ. മഴയുണ്ട്. 1886-ൽ വിറ്റ്വാട്ടേഴ്സ്റാൻഡിൽ സ്വർണനിക്ഷേപങ്ങൾ കണ്ടുപിടിച്ചതിനെത്തുടർന്നാണ് ഈ നഗരം സ്ഥാപിതമായത്. നഗരത്തിനകത്തും അതിനു കിഴക്കും തെക്കും പടിഞ്ഞാറും പ്രദേശങ്ങളിലും സ്വർണഖനനം നടക്കുന്നു. ട്രാൻസ്വാളിൽ ഉത്പാദിപ്പിക്കുന്ന സ്വർണത്തിൻെറ പകുതിയും നഗരാതിർത്തിക്കുള്ളിൽനിന്നാണ്.



ജൊഹനസ്ബർഗ് സിറ്റിഹാൾ

ജൊഹനസ്ബർഗ് - വിദൂരദൃശ്യം

നഗരത്തിലെ പ്രധാന കെട്ടിടങ്ങളെല്ലാംതന്നെ പ്രധാനതെരുവും കച്ചവടകേന്ദ്രവുമായ എലോഫിലാണ്. മറ്റു പ്രധാന തെരുവുകളാണ് ഫോൺ ബ്രാൻഡിസ്, ജോബർട്, റിസ്സിക്ക്, കമ്മിഷനർ, മാർക്കറ്റ്, ഫോക്സ്, മെയിൻ (ഇവയെല്ലാം വ്യവസായകേന്ദ്രങ്ങളാണ്). ജെപ്പി, ബ്രീ എന്നിവ. മേല്പറഞ്ഞ വിവിധ തെരുവുകളിലായി സ്ഥിതിചെയ്യുന്ന സ്ഥാപനങ്ങളാണ് സ്റ്റോക്ക് എക്സ്ചേഞ്ച് (1961), സിറ്റി ഹാൾ (1915), പബ്ലിക് ലൈബ്രറിയും മറ്റും ഉൾക്കൊള്ളുന്ന ആഫ്രിക്കാന (1935), ജിയോളജിക്കൽ മ്യൂസിയം (1890), വിറ്റ് വാട്ടേഴ്സ് റാൻഡ് ടെക്കനിക്കൽസ്കൂൾ (1904), ലാകോർട്ടുകൾ (1910), ജനറൽ പോസ്റ്റാഫീസ് (1935), ആംഗ്ലിക്കൻ കത്തീഡ്രൽ (1926) തുടങ്ങിയവ.

എലോഫ് തെരുവിന് വടക്കുകിഴക്കായിട്ടാണ് ജോബർട്ട് പാർക്കിൻെറ സ്ഥാനം. ഇവിടെ ഒരു ആർട്ട്ഗ്യാലറിയുണ്ട്. ഈ ഗ്യാലറിക്കു വടക്കായി വെള്ളക്കാരല്ലാത്തവർക്കുള്ള രണ്ട് ആശുപത്രിയുണ്ട്. ജൊഹനസ്ബർഗ് കോളെജ് ഒഫ് എഡ്യൂക്കേഷനും (1916) സിവിക് തീയെറ്ററും (1962) ഗ്യാലറിയുടെ സമീപമായി നിലകൊള്ളുന്നു. വടക്കുപടിഞ്ഞാറായി, സിവിക് സെൻററിനോട് അടുത്താണ് മിൽനർ പാർക്ക് (വിറ്റ് വാട്ടേഴ്സ് യൂണിവേഴ്സിറ്റിയുടെ ആസ്ഥാനവും വാനനിരീക്ഷണാലയവും).

ജോഹനസ്ബർഗിന്റെ പടിഞ്ഞാറെ അതിർത്തിയിലാണ് ജോർജ് ഹാരിസൺ പാർക്ക്. സ്വർണ്ണം കലർന്ന ക്വാർട്സ് നിക്ഷേപം ആദ്യം (1886) കണ്ടുപിടിച്ച ഓസ്ട്രേലിയക്കാരന്റെ പേരാണ് ഈ പാർക്കിനു കൊടുത്തിരിക്കുന്നത്, പ്രിട്ടോറിയ, ബ്ലോംഫോണ്ടീൻ, കേപ്പ്ടൗൺ, ഡർബാൻ എന്നീ നാഷണൽ റോഡുകൾ ഒന്നിച്ചു ചേരുന്നത് ജോഹനസ്ബർഗിലാണ്. ഇവിടെനിന്ന് 24 കി.മീ. വടക്കു കിഴക്കുമാറിയാണ് ജാൻസ്മട്സ് എന്ന സാർവദേശീയ വിമാനത്താവളം.

ദക്ഷിണാഫ്രിക്കയിലെ ഏറ്റവും വലിയ വ്യവസായ കേന്ദ്രമാണ് ജോഹനസ്ബർഗ്. സ്വർണഖനനമാണ് പ്രധാനം.

നഗരത്തിലെ ജനസംഖ്യ 17,13,000 (1984). ഇതിൽ മൂന്നിലൊന്നു ഭാഗം യൂറോപ്യന്മാരാണ്.

ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ പാർത്തിരുന്ന കാലത്ത് അദ്ദേഹത്തിന്റെ പല പ്രവർത്തനങ്ങളുടെയും കേന്ദ്രമായിരുന്നു ഈ നഗരം.

ജോഹാൻഫ്രാൻസ്, എൻ.കെ. (1791-1855)

ജെർമൻ ജ്യോതിശ്ശാസ്ത്രജ്ഞൻ. 1791 സെപ്റ്റംബർ 23-ാം തീയതി ഹാംബർഗിൽ ജനിച്ചു. ഹാംബർഗിലും ഗോട്ടിൻഗൻ യൂണിവേഴ്സിറ്റിയിലുമാണ് വിദ്യാഭ്യാസം ചെയ്തത്. 1816-ൽ സ്വിറ്റ്സർലൻഡിലെ സീബർഗ് നിരീക്ഷണാലയത്തിൽ അസിസ്റ്റന്റായി. പിന്നീട് 1820-ൽ വൈസ് ഡയറക്ടറും 1822-ൽ ഡയറക്ടറുമായി. 1786,1795,1805,1818 എന്നീ വർഷങ്ങളിൽ നിരീക്ഷിക്കപ്പെട്ട ധൂമകേതുക്കൾ യഥാർത്ഥത്തിൽ ഒന്നുതന്നെയാണെന്ന് ഇദ്ദേഹം 1819-ൽ തെളിയിച്ചു.

ഈ ധൂമകേതുവിന് ഇദ്ദേഹത്തിന്റെ നാമമാണു നല്കിയിരിക്കുന്നത്. ഈ കണ്ടുപിടുത്തത്തിന് 1828-ൽ റോയൽ സൊസൈറ്റിയുടെ സ്വർണമെഡൽ ലഭിച്ചു. 1825-ൽ ബർലിൻ യൂണിവേഴ്സിറ്റിയിലെ ജ്യോതിശ്ശാസ്ത്രപ്രൊഫസ്സറും അവിടുത്തെ നിരീക്ഷണാലയത്തിന്റെ ഡയറക്ടുറമായി . ബർലിൻ എഫിമെറി(പഞ്ചാംഗം)യുടെ നിർമാണത്തിലും (1830-1863), ബർലിനിൽ ഒരു പുതിയ നിരീക്ഷണാലയത്തിന്റെ നിർമാണത്തിലും മേൽനോട്ടം വഹിച്ചു (1855). 1761 മുതൽ 1969 വരെയുള്ളകാലത്തെ ശുക്രന്റെ സംക്രമത്തെക്കുറിച്ചുള്ള പഠനത്തിൽനിന്നും സൗരസമ്മുഖവ്യത്യാസ (Solar Parallax)ത്തിന്റെ പരിമാണം ഇദ്ദേഹം ഗണിച്ചെടുത്തതു കൃത്യമായിരുന്നു. 1855 ഓഗസ്റ്റ് 26-ന് അന്തരിച്ചു.

ജോ

ജോഗ്ജകാർത്ത (Djokja karta)

ഇന്ത്യോനേഷ്യയിലുൾപ്പെട്ട ജാവയിലെ ഒരു പ്രവിശ്യയും അതിൻെറ തലസ്ഥാനവും. യോഗ്യകർത്താ എന്നാണ് യഥാർഥരൂപം. ജാവയുടെ ദക്ഷിണ സമുദ്രതീരത്തിൽനിന്ന് 28 കി.മീ. ഉള്ളിൽ മാറിക്കിടക്കുന്ന ഈ പട്ടണത്തിൽനിന്ന് 32 കി.മീ. തെക്കുപടിഞ്ഞാറു മാറി എപ്പോഴും പുകഞ്ഞുകൊണ്ടിരിക്കുന്ന അഗ്നിപർവതമായ മേറാപി സ്ഥിതിചെയ്യുന്നു. 1946 മുതൽ 1949 വരെ ഇന്തോനേഷ്യൻ റിപ്പബ്ലിക്കിൻെറ തലസ്ഥാനമായിരുന്നു ഈ നഗരം. സ്വാതന്ത്ര്യസമരത്തിൻെറ സിരാകേന്ദ്രവും ഇതായിരുന്നു. പഴയകാലത്തെ സുൽത്താന്മാരുടെ കൊട്ടാരങ്ങളും ഒരു കാഴ്ചബംഗ്ലാവും കലാഅക്കാദമിയും സർവകലാശാലയും ഈ പട്ടണത്തിലുണ്ട്. വിനോദസഞ്ചാരകേന്ദ്രവുമാണിത്. നഗരമധ്യത്തിലൂടെ ഒരു നദി ഒഴുകുന്നുണ്ട്. മനോഹരമായ ഗ്രാമങ്ങളുടെ നടുവിൽ സ്ഥിതിചെയ്യുന്ന ഈ നഗരമാണ് പുരാവസ്തുപ്രാധാന്യമുള്ള ബോറോബുദുർ, പ്രാംബനം എന്നീ ക്ഷേത്രങ്ങളുടെ ആസ്ഥാനവും. നഗരത്തിലെ ജനസംഖ്യ 3,98,727 (1980).

നെല്ല്, പുകയില, കരിമ്പ് ഇവ സമൃദ്ധിയായി വിളയുന്നതും മാൻഗനീസ് ഖനികൾ നിറഞ്ഞതുമായ ജോഗ്ജകാർത്താപ്രവിശ്യയുടെ വിസ്തൃതി 3169 ച.കി.മീ. വരും ജനസംഖ്യ 27,50,813 (1980).

ജോഗ്, വി.ജി. (1922—)

ഹിന്ദുസ്ഥാനി സംഗീതരംഗത്തെ പ്രസിദ്ധനായ വയലിൻ വാദകൻ. വിഷ്ണുഗോവിന്ദ ജോഗ് എന്നാണു മുഴുവൻ പേര്. ഇന്ത്യക്കകത്തും വിദേശത്തും ധാരാളം സംഗീതപരിപാടികൾ നടത്തിയിട്ടുണ്ട്. *ബേലശിക്ഷ* എന്ന പേരിൽ ഒരു പുസ്തകം രചിച്ചു. ഇപ്പോൾ ആകാശവാണിയുടെ ബോംബെനിലയത്തിൽ സംഗീതവിഭാഗത്തിൻെറ ചുമതല വഹിക്കുന്നു. 1980-ൽ കേന്ദ്രസംഗീതനാടകഅക്കാദമി അവാർഡും 1983-ൽ പദ്മഭൂഷണും ലഭിച്ചു.

ജോഗ് വെള്ളച്ചാട്ടം

കർണാടകത്തിലെ ലോകപ്രസിദ്ധമായ വെള്ളച്ചാട്ടം. ഷിമോഗ (ശിമൊഗ്ഗ) ജില്ലയിൽ ശരാവതീനദിയുടെ ഉദ്ഭവസ്ഥാനത്തുനിന്നു 102 കി.മീ. അകലെയാണ് ഇത്. 255 മീറ്റർ ആണ് ഈ ജലപാതത്തിൻെറ ഉയരം. ബംഗ്ലൂരിൽനിന്ന് ഇവിടേയ്ക്കു 320 കി.മീ. ദൂരമുണ്ട്. ഏറ്റവും അടുത്ത (16 കി. മീറ്റർ)റെയിൽവേസ്റ്റേഷൻതലഗപ്പയാണ്. ഈ വെള്ളച്ചാട്ടം രാജാ, റോറർ, റോക്കറ്റ്, റാണി എന്നിങ്ങനെ നാലു പാളികളായിട്ടാണ് കുത്തിവീഴുന്നത്. മനോഹരമായ ഈ വെള്ളച്ചാട്ടം ആയിരക്കണക്കിനു സഞ്ചാരികളെ ആകർഷിക്കുന്നു. വൈസ്റോയി കഴ്സൻ പ്രഭു സന്ദർശിച്ചതിനെ തുടർന്നാണ് പ്രകൃതിസൗന്ദര്യം തികഞ്ഞ ഈ കേന്ദ്രത്തിനു പ്രസിദ്ധി വന്നത്. മുൻപ് മലമ്പനിയുടെ ശല്യമുണ്ടായിരുന്നത് ഇപ്പോൾ ഉന്മൂലനം ചെയ്യപ്പെട്ടിരിക്കുന്നു. രണ്ടു പാളികളിൽ വേനല്ക്കാലത്ത് വെള്ളം കുറയുമെങ്കിലും മുകൾഭാഗത്ത് ജലസേചനംവന്നതോടെ ആ ന്യൂനത പരിഹരിക്കപ്പെട്ടു. ജോഗ് വെള്ളച്ചാട്ടം പോലെതന്നെ പ്രസിദ്ധമാണ് ശരാവതി ജലവൈദ്യുതപദ്ധതിയും († ശരാവതി നോക്കുക.) ജോഗ് ജലവൈദ്യുത പദ്ധതിയും ശരാവതി പദ്ധതിയും കൂടി 1011 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നു. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ പദ്ധതിയാണ് ഇത്.

ഗരിസപ്പാ എന്നും ജോഗ്വെള്ളച്ചാട്ടത്തിനു പേരുണ്ട്.



ജോഗ് വെള്ളച്ചാട്ടം

ജോട്ടോ ദി ബോന്ദോൺ (Giotto Di Bondone,

ഇറ്റാലിയൻ ചിത്രകാരൻ. 1266-ൽ ഒരു കർഷകൻെറ മകനായി ഫ്ളോറൻസിലെ വെസ്പിഗ്നാനോയിൽ ജനിച്ചു. ബാല്യത്തിൽ ഒരു ഇടയനായിട്ടാണു ജീവിച്ചത്. പിന്നീട് കിമാബേവിൻെറ ശിഷ്യത്വം സ്വീകരിച്ചു. പിൽക്കാലത്ത് ജോട്ടോ രൂപം നല്കിയ പല കലാശില്പങ്ങളും കിമാബേയുടെ സ്വാധീനം വെളിപ്പെടുത്തുന്നവയാണ്.

'ഇസാക്ക്മാസ്റ്റർ', 'ഇസാക്കും ഈസായും', 'യാക്കോബും ഇസാക്കും', 'ഫ്രാൻസിസ് പുണ്യവാളൻെറ ചായം തേച്ച ജീവചരിത്രം', 'ഫ്രാൻസിസ് പുണ്യവാളൻെറ പുരാണം', 'ക്രിസ്തുവിൻെറ ക്രൂശിത

രൂപം', 'മഡോണാ', 'നാലു ചെറുദേവാലയങ്ങളിലെ ചിത്രരചനകൾ' തുടങ്ങിയവ ഇദ്ദേഹത്തിൻെറ കലാസൃഷ്ടികളാണ്. റോമിലെ മഹ ത്തായ മൂന്നു കലാരൂപങ്ങൾ ഇദ്ദേഹത്തിൻെറ കീർത്തിക്കായി അർപ്പി ക്കപ്പെട്ടിരുന്നു. 1334-ൽ ഫ്ളോറൻസിലെ കത്തീഡ്രലിൻെറ പര്യവേ ക്ഷകനായും നഗരത്തിൻെറ നിർമാതാവായും നിയുക്തനായി.

ശില്പവിദ്യാസംബന്ധമായ പ്രവർത്തനരീതികൾ ഇദ്ദേഹം അഭി വൃദ്ധിപ്പെടുത്തി. ദാന്തെയുടെ 'ഡിവൈൻ കോമഡി'യിൽ ജോട്ടോ യെ പരാമർശിക്കുന്നുണ്ട്.

ജോഡ്, സി.ഇ.എം. (1891—1953)

ഐറിഷ് ദാർശനികനും ഗ്രന്ഥകാരനും അധ്യാപകനും. 1891 ഓ ഗസ്റ്റ് 12-ന്ന ഡർഹാമിൽ ജനിച്ചു. സിറിൽ എഡ്വിൻ മിക്കിൻസൻ ജോഡ് എന്നാണു പൂർണമായ പേര്. 1940-ൽ ബ്രിട്ടനിലെ വിവാദ പുരുഷരായ ബുദ്ധിജീവികളിൽ അഗ്രഗണ്യൻ. സമാധാനവാദിയും അജ്ഞേയതാവാദിയു(agnostic) ആയിരുന്ന ഇദ്ദേഹം പലപ്പോഴും ജനപ്രീതിനേടാൻ കഴിയാത്ത ലക്ഷ്യങ്ങൾക്കുവേണ്ടി നിലകൊണ്ടു. ഇദ്ദേഹത്തിൻെറ ദാർശനികകൃതികൾ ജനപ്രീതിനേടി. ബി.ബി.സി യുടെ 'ബ്രെയിൻസ് ട്രസ്റ്റ്' പരിപാടിയിൽ ഊർജസ്വലമായി പങ്കു കൊണ്ടിരുന്നു.

ഓക്സ്ഫെഡിൽ ബാലിയോൾ കോളെജിൽ പഠിച്ചു. സോഷ്യ ലിസ്റ്റ് ആദർശങ്ങളിൽ താത്പര്യം കാട്ടി. ലോകയുദ്ധങ്ങളിൽ അസ ഹിഷ്ണുതയോടെ പ്രതിഷേധിച്ചു. 16 കൊല്ലത്തെ സേവനത്തിനു ശേഷം സിവിൽ സർവീസിൽനിന്നു പിരിഞ്ഞു ബർബെക്ക് കോളെ ജിൽ ദർശന-മനഃശാസ്ത്രവകുപ്പു തലവനായി. എച്ച്.ജി. വെൽസി നെയും ബർണാഡ് ഷായെയും (Shaw) പോലെ ഉറച്ച യുക്തിവാദി ആയിരുന്നു. ദർശനത്തിൽ മൗലികതയുള്ള വാദങ്ങൾ ഒന്നും ഉന്നയിച്ചില്ല. എന്നാൽ മറ്റുള്ളവരുടെ മതങ്ങൾ 40 ഗ്രന്ഥങ്ങ ളിലായി വിശദമായി ചർച്ചചെയ്തു. *ഗൈഡ് റ്റു ഫിലോസഫി* (1936), *ഗൈഡ് റ്റു ഫിലോസഫി ഓഫ് മോറൽസ് ആൻഡ് പൊളി റ്റിക്സ്* (1938), *റിക്കവറി ഓഫ് ബിലീഫ്സ്* (1952) എന്നിവ ആണു മുഖ്യകൃതികൾ. 1953 ഏപ്രിൽ 9-ന്ന ലണ്ടനിൽ അന്തരിച്ചു.

ജോൺ (1167—1216)

മാഗ്നാ കാർട്ടയിൽ ഒപ്പിട്ട ബ്രിട്ടീഷ് രാജാവ്. ഹെന്റി രണ്ടാമ ൻെറയും അക്വിറ്റൈനിലെ എലീനൊർ രാജ്ഞിയുടെയും ഏറ്റവും ഇളയ പുത്രൻ.അയർലൻഡിൽ ബ്രിട്ടീഷ് രാജാവിൻെറ പ്രതിപുരുഷ നായി 1185-ൽ നിയമിക്കപ്പെട്ട ഇദ്ദേഹത്തിൻെറ ഭരണം തൃപ്തിക രമല്ലെന്നു കണ്ടു തിരിച്ചു വിളിച്ചു. അച്ഛനും ജ്യേഷ്ഠനായ റിച്ചേഡ് രാജകുമാരനും എതിരായി ജോൺ പല ഗൂഢാലോചനക ളും നടത്തി. 1199-ൽ ഇംഗ്ലണ്ടിലെ സിംഹാസനം കൈക്കലാക്കിയത് റിച്ചേഡിൻെറ മൂത്തമകനായ ആർതർ രാജകുമാരനെ കൊലപ്പെടു ത്തിയിട്ടാണെന്നു പറയുന്നു. കഴിവുള്ളൊരു യോദ്ധാവായിരുന്നുവെ ങ്കിലും ജോണിൻെറ വിദേശയുദ്ധങ്ങൾ പരാജയത്തിലാണവസാനി ച്ചത്.

1205-ൽ ജോൺ രാജാവും ശക്തനായ മാർപ്പാപ്പ ഇന്നസൻറ് മൂ ന്നാമനും തമ്മിൽ മത്സരം തുടങ്ങി. കാൻറർബറിയിലെ ആർച്ച് ബിഷപ്പിനെ ആരാണു നിയമിക്കേണ്ടത് എന്നതായിരുന്നു വിവാദ വിഷയം. 1211-ൽ ജോൺ രാജാവിനെ പോപ്പ് സ്ഥാനഭ്രഷ്ടനാക്കി; അടുത്തവർഷം വിശുദ്ധസഭയിൽനിന്നു പുറത്താക്കി. അവസാനം ജോൺ കീഴടങ്ങി. മാർപ്പാപ്പയുടെ ഒരു സാമന്തനായി ഇംഗ്ലണ്ടു ഭരിക്കാമെന്നു സമ്മതിച്ചു. ഇന്നസെൻറിൻെറ സ്ഥാനാർഥിയായി രുന്ന സ്റ്റീഫൻ ലാങ്ടനെ കാൻറർബറിയിലെ ആർച്ച് ബിഷപ്പായി അംഗീകരിക്കുകയും ചെയ്തു. ജോൺ രാജാവിൻെറ സ്വേച്ഛാധി പത്യത്തിന് എതിരായി സ്റ്റീഫൻ ലാങ്ടൻെറ നേതൃത്വത്തിൽ പ്ര ഭുക്കന്മാരും പുരോഹിതന്മാരും സാധാരണപൗരന്മാരും സംഘടിച്ചു. 1215-ൽ † മാഗ്നാ കാർട്ട (Magna Carta) എന്ന അവകാശപ്രമാണം ചാർത്തിക്കൊടുക്കുവാൻ രാജാവിനെ നിർബന്ധിച്ചു. ജനപ്രതിനി ധിസഭയുടെ സമ്മതമില്ലാതെ കരംപിരിക്കരുതെന്നും, നിയമപ്രകാര മുള്ള വിചാരണകൂടാതെ ആരെയും തടങ്കലിൽവയ്ക്കരുതെന്നും, അന്യായമായി പൗരന്മാരുടെ വസ്തുവകകൾ കണ്ടുകെട്ടുവാൻ രാജാവിന് അവകാശമില്ലെന്നും ഇതിൽ വ്യവസ്ഥചെയ്തു. രാജാവ് നിയമാനുസൃതമായി ഭരണം നടത്തണമെന്നും നിയമങ്ങൾ ഉണ്ടാ ക്കുവാനുള്ള അവകാശം ജനപ്രതിനിധികൾക്കാണെന്നും ഉള്ള അടിസ്ഥാനതത്ത്വങ്ങൾ ഉൾക്കൊള്ളുന്ന ഈ അവകാശപ്രമാണം ബ്രിട്ടിഷ് ഭരണഘടനയുടെ കാതലാണ്.

എന്നാൽ ജോൺ, ഈ വ്യവസ്ഥകളെല്ലാം കാറ്റത്തു പറപ്പിച്ചു. ഇംഗ്ലണ്ടിലെ പ്രഭുക്കന്മാർ ഫ്രാൻസിലെ രാജാവായിരുന്ന ഫിലിപ്പി നോടു സഹായമഭ്യർഥിച്ചു. ഫ്രാൻസിലെ കിരീടാവകാശിയായ ലൂയി ഒരു സൈന്യവുമായി ഇംഗ്ലണ്ടിലെത്തി. ജോൺ പെട്ടെന്നു മരിച്ചു.

ജോൺ XXIII, മാർപ്പാപ്പ (1881-1963)

262-ാമത്തെ മാർപ്പാപ്പ. യഥാർഥനാമം ആഞ്ജെലോ ഗുസെപ്പി റഞ്ചലി (Anjelo Giuseppe Roncalli) എന്നാണ്. 1958 ഒക്റ്റോ ബർ 28-ന് 77-ാമത്തെ വയസ്സിൽ മാർപ്പാപ്പയായി. ഇറ്റലിയിൽ ഒരു സാധാരണ കർഷകകുടുംബത്തിൽ 1881-ൽ ജനിച്ചു. മാതാപിതാക്ക ന്മാരുടെ 13 സന്താനങ്ങളിൽ ഒരാളായിരുന്നു റഞ്ചലി. 13-ാമത്തെ വയസ്സിൽ ബർഗാമൊയിൽ വൈദികപഠനമാരംഭിച്ചു. 1904-ൽ റോ മിൽവച്ചു പൗരോഹിത്യം സ്വീകരിച്ചു.



വൈദികൻ ആയതിനുശേഷം ബർഗാമോയിലെ ഒരു ഇടവക യിൽ അസ്തിന്തിയായും മെത്രാൻെറ സെക്രട്ടറിയായും ജോലിനോ ക്കി. ഒന്നാംലോകയുദ്ധത്തിൽ ആദ്യം മെഡിക്കൽവിഭാഗത്തിൽ സേ വനമനുഷ്ഠിച്ചു. പിന്നീട് ചാപ്ലെയിനായി. 1925-ൽ 11-ാം പീയൂസ് മാർപ്പാപ്പ ഇദ്ദേഹത്തെ മെത്രാപ്പോലീത്തയായി വാഴിക്കുകയും ബൾ ഗേറിയയിലെ അപ്പോസ്തലിക് സന്ദർശകനായി നിയമിക്കുകയും ചെയ്തതോടുകൂടിയാണ് വത്തിക്കാനിൽ ഇദ്ദേഹത്തിൻെറ നീണ്ട നയതന്ത്രസേവനം ആരംഭിച്ചത്. 1935-ൽ നൺഷ്യോ ആയി ഉയർ ത്തി. അതേവർഷംതന്നെ തുർക്കിയിലെയും ഗ്രീസിലെയും അപ്പോസ്തലിക് ഡെലിഗേറ്റായും നിയമിച്ചു. യുദ്ധകാലങ്ങളിൽ ഇസ്താംബുളിൽ താമസിച്ചുവരവെ യുദ്ധകക്ഷികളുടെയും നിഷ്പ ക്ഷകക്ഷിയായ തുർക്കിയുടെയും ബഹുമാനാദരങ്ങൾ ആർജിച്ചു. 1944-ൽ ഫ്രാൻസിലെ നൺഷ്യോ ആയി നിയമിക്കപ്പെട്ട ഇദ്ദേഹം 1945 ജനുവരി 1-ാം തീയതി പാരീസിലെത്തി. യുദ്ധാനന്തരം ഫ്രാൻ സിലുണ്ടായ മതപരവും ആധ്യാത്മികവും സാമൂഹികവും ആയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. 1953-ൽ റഞ്ചലിയെ കർദ്ദിനാൾ ആക്കി. വെനീസിലെ പാത്രിയാർ ക്കീസായി നാമനിർദേശം ചെയ്തു. 12-ാം പീയൂസ് മാർപ്പാപ്പയുടെ മരണശേഷം കർദ്ദിനാൾ റഞ്ചലിയെ മാർപ്പാപ്പയായി തിരഞ്ഞെടു ത്തു.

രണ്ടാംലോകയുദ്ധത്തിൻെറയും ശീതസമരത്തിൻെറയും ഫലമാ യി 12-ാം പീയൂസിൻെറ കാലത്തുതന്നെ കത്തോലിക്കാസഭയിലു ണ്ടായിരുന്ന പല പ്രശ്നങ്ങളും പുതിയ മാർപ്പാപ്പയ്ക്ക് അഭിമുഖീ കരിക്കേണ്ടിവന്നു. കമ്യൂണിസ്റ്റ് രാജ്യങ്ങളിൽ കത്തോലിക്കർക്ക് നേരിടേണ്ടിവന്ന പീഡനം ലാറ്റിൻ അമേരിക്കയിലെ മാറിക്കൊണ്ടി രിക്കുന്ന വ്യവസ്ഥിതി, സാമൂഹികവും മതപരവും ആധ്യാത്മികവു മായ വെല്ലുവിളികൾ എന്നിവ ആയിരുന്നു പ്രധാനപ്രശ്നങ്ങൾ. 23-ാം ജോൺ മാർപ്പാപ്പ ലോകരാഷ്ട്രനേതാക്കളോടു ചെയ്ത ആദ്യ ത്തെ റേഡിയോ പ്രഭാഷണത്തിൽ ഈ പ്രശ്നങ്ങളും ഉൾപ്പെടുത്തി യിരുന്നു. സാധുക്കളെ ഉദ്ധരിക്കുന്നതിനുപകരം മാനവസമുദായത്തി ൻെറ കഴിവുകൾ നശീകരണായുധങ്ങളുടെ നിർമിതിക്കുവേണ്ടി ഉപയോഗിക്കുന്നതിനെ ഇദ്ദേഹം അപലപിച്ചു.

ലളിതജീവിതമാണ് 23-ാം ജോൺ മാർപ്പാപ്പ നയിച്ചിരുന്നത്. വിവിധ ക്രൈസ്തവസഭകളുടെ ഐക്യത്തിനുവേണ്ടി അക്ഷീണം

പരിശ്രമിച്ചു. 1961 ഡിസംബർ 24-ന് എക്യുമെനിക്കൽ കൗൺസിൽ വിളിച്ചുകൂട്ടി. 1962-ൽ രണ്ടാംവത്തിക്കാൻ കൗൺസിലിൽ കത്തോലിക്കരല്ലാത്ത ക്രൈസ്തവനേതാക്കൾക്കും അതു വീക്ഷിക്കാനുള്ള അനുവാദം നല്കി. ഇങ്ങനെ കത്തോലിക്കാസഭയുടെ ചരിത്രത്തിൽ ഒരു പുതിയ യുഗത്തിന്റെ നാന്ദിയാണ് ഈ മാർപ്പാപ്പ സൃഷ്ടിച്ചതെന്നു പറയാം. 1963 ജൂൺ 3-ാം തീയതി 23-ാം ജോൺ മാർപ്പാപ്പ അന്തരിച്ചു.

ജോൺ, എ.ജെ. (1893—1957)

തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പ്രമുഖ നേതാവും ഉത്തരവാദഭരണപ്രക്ഷോഭത്തിന്റെ നായകരിൽ ഒരാളും. തിരുവിതാംകൂർ നിയമസഭാ സ്പീക്കർ, തിരു-കൊച്ചി മുഖ്യമന്ത്രി, മദിരാശി ഗവർണർ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചു. ഋജുബുദ്ധിയും, ആദർശവാനുമായ പൊതുപ്രവർത്തകൻ എന്ന നിലയ്ക്ക് എല്ലാ വിഭാഗക്കാരുടെയും സ്നേഹാദരങ്ങൾ ആർജിച്ചു. വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ 1893 ജൂലായ് 18-നു ജനിച്ചു. നാട്ടിലെ വിദ്യാഭ്യാസാനന്തരം തിരുച്ചിറപ്പള്ളിയിലും മദിരാശിയിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി. തിരുവനന്തപുരത്ത് അഭിഭാഷകനായി. 1920 മുതൽ പൊതുപ്രവർത്തനത്തിൽ വ്യാപൃതനായി. നിവർത്തനപ്രസ്ഥാന നേതാവെന്ന നിലയിൽ പൊതുജീവിതം ആരംഭിച്ചു.

തിരുവിതാംകൂറിലെ ഉത്തരവാദഭരണപ്രക്ഷോഭത്തിൽ സജീവമായി പങ്കെടുത്തു. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ സ്ഥാപകരിലൊരാളും (1938—'48) അതിന്റെ നേതാവുമായിരുന്നു. ഉത്തരവാദപ്രക്ഷോഭത്തിൽ പങ്കെടുത്തു ജയിൽശിക്ഷ അനുഭവിച്ചു. 1937-ലും 1948-'49-ലും നിയമസഭാംഗമായിരുന്നു. ഉത്തരവാദഭരണത്തിൽ തിരുവിതാംകൂറിലെ ആദ്യത്തെ സ്പീക്കറും സ്റ്റേറ്റ് കോൺസ്റ്റിറ്റുവന്റ് അസംബ്ലി അധ്യക്ഷനും (1948) ആയിരുന്നു. പറവൂർ ടി.കെ. നാരായണപിള്ളയുടെയും സി. കേശവന്റെയും പനമ്പിള്ളി ഗോവിന്ദമേനോന്റെയും മന്ത്രിസഭകളിൽ അംഗമായിരുന്നു. 1952—'54 കാലത്ത് തിരു-കൊച്ചി മുഖ്യമന്ത്രിയായി. 1956 ഡിസംബർ 16-ന് മദിരാശി ഗവർണരായി. 1957 ഒക്റ്റോബർ 1-നു മരിച്ചു.

സരളമായ ജീവിതവും അഗാധമായ മതഭക്തിയും ഈ രാഷ്ട്രീയനേതാവിന്റെ എടുത്തുപറയത്തക്ക സവിശേഷതകളാണ്.

ജോൺ എബ്രഹാം (1937—1987)

ചലച്ചിത്രസംവിധായകനും തിരക്കഥാകൃത്തും. നാലു ചിത്രങ്ങൾ മാത്രമേ സംവിധാനം ചെയ്തുള്ളുവെങ്കിലും അന്യാദൃശനായ ചലച്ചിത്രകാരൻ എന്ന അംഗീകാരം നേടി. മൗലികത്വത്തിന്റെ മുദ്രപതിഞ്ഞവയാണ് ഇദ്ദേഹത്തിന്റെ ചിത്രങ്ങൾ.

1937 ജൂണിൽ കുട്ടനാട്ടിലെ (ആലപ്പുഴ ജില്ല) ചേന്നങ്കരിയിൽ ജനിച്ചു. ബിരുദം നേടിയശേഷം അല്പകാലം അധ്യാപകനായിരുന്നു. പിന്നീട് എൽ.ഐ.സി.യിൽ ഉദ്യോഗസ്ഥനായി. 1965-ൽ ഉദ്യോഗം രാജിവെച്ച് പുണെ ഫിലിം ആൻഡ് ടി.വി. ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു. അവിടെ ഋത്വിക് ഘട്ടക്കിന്റെ ശിഷ്യനാണ്. സംവിധാനത്തിൽ സ്വർണമെഡൽസഹിതം ഡിപ്ലോമ നേടി. തുടർന്ന്, മണി കൗളിന്റെ ഉസ്കിറോട്ടിയിൽ അസിസ്റ്റന്റായി പ്രവർത്തിച്ചു; ആ ചിത്രത്തിൽ അഭിനയിക്കയും ചെയ്തു. *വിദ്യാർഥികളേ ഇതിലേ ഇതിലേ* ആണ് ജോൺഎബ്രഹാമിന്റെ ആദ്യചിത്രം. അടുത്ത ചിത്രമായ *അഗ്രഹാരത്തിൽ കഴുതൈ* (തമിഴ്) സംവിധാനത്തിനുള്ള സംസ്ഥാന അവാർഡും, ഏറ്റവും നല്ല പ്രാദേശികചിത്രത്തിനുള്ള ദേശീയ അവാർഡും നേടി (1978). *ചെറിയാച്ചന്റെ ക്രൂരകൃത്യങ്ങൾ* എന്ന ചിത്രത്തിന് സംവിധാനത്തിനുള്ള പ്രത്യേക അവാർഡ് ലഭിച്ചു (1979). ഒടുവിലത്തെ ചിത്രമായ *അമ്മ അറിയാൻ* ബെർലിൻ ചലച്ചിത്രോത്സവത്തിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. സ്പെഷ്യൽ ജൂറി അവാർഡു നേടുകയും ചെയ്തു. 1987 മെയ് 30-ന് കോഴിക്കോട്ടുവച്ച് അന്തരിച്ചു.

ജോൺ കുന്നപ്പിള്ളി, ഫാദർ (1905—)

വൈയാകരണനും അധ്യാപകനും പുരോഹിതനും. കുന്നപ്പിള്ളി യോഹന്നാന്റെ മകൻ. വിദ്വാൻ, ബിരുദധാരി. ഏഴുകൊല്ലം വൈദിക വിദ്യാഭ്യാസം നടത്തി. ആലുവ സെന്റ് ജോസഫ്സ് സെമിനാരിയിലും പിന്നീടു പാറത്തോട് സെമിനാരിയിലും അധ്യാപകൻ ആയി. വ്യാകരണസാഹ്യം, പ്രക്രിയാഭാഷ്യം, ശബ്ദസൗഭഗം എന്നീ വ്യാകരണഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇപ്പോൾ പാറത്തോട് (കാഞ്ഞിരപ്പള്ളി) സെമിനാരിയിൽ അധ്യാപകനായി തുടരുന്നു.

ജോൺ ഗിൽബർട്ട് (1897—1936)

അമേരിക്കൻ ചലച്ചിത്രനടൻ. യൂട്ടാസ്റ്റേറ്റിലെ ലോഗനിൽ 1897 ജൂലായ് 10-നു ജനിച്ചു. ജാക്ക് പ്രിങ്ഗിൾ എന്നാണു യഥാർഥനാമം. വാഷിങ്ടനിൽ ഒരു സ്റ്റോക്കു കമ്പനിമാനേജരായി ജീവിതം ആരംഭിച്ചു. പിന്നീടു ഹോളിവുഡ്ഡിലേക്കു പോയി. രണ്ടു ചലച്ചിത്രങ്ങളിൽ അപ്രധാനകഥാപാത്രങ്ങളായി അഭിനയിച്ചു. *ദി അപ്പോസിൽ വിത്ത് എ വെൻജിയൻസ്* (1917) ആണ് ആദ്യത്തെ പ്രധാനചിത്രം. *ഹി ഹു ഗെറ്റ്സ് സ്ലാപ്ഡ്* (1925) എന്ന ചിത്രത്തിൽ റൊമാന്റിക് നായകനായി അഭിനയിച്ചതിനെത്തുടർന്നു നടൻ എന്ന നിലയിൽ പ്രതിഷ്ഠ നേടി. മറ്റു ചില ചിത്രങ്ങൾ: *ദ മെറി വിഡോ* (1925), *ദ ബിഗ് പരേഡ്* (1925), *ദ കൊസാക്സ്* (1927) *ദ ഫ്ളെഷ് ആൻഡ് ഡെവിൾ* (1927). അന്നാകരീനിനയുടെ ചലച്ചിത്രാവിഷ്കാരമായ *ലവ്*(1927)യിൽ ഗ്രെറ്റാ ഗാർബോ ആയിരുന്നു ഗിൽബർട്ടിന്റെ നായിക. ശബ്ദചിത്രങ്ങളുടെ ആവിർഭാവത്തോടുകൂടി ഗിൽബർട്ടിന്റെ ജനപ്രീതിക്കു മങ്ങൽ ഏറ്റു. എങ്കിലും 1933-ൽ *ക്വീൻ ക്രിസ്റ്റിന* എന്ന ചിത്രത്തിൽ വീണ്ടും ഗ്രെറ്റാ ഗാർബോയും ഒത്ത് അഭിനയിച്ചു.

1936 ജനുവരി 9-നു കാലിഫോർണിയയിലെ ബെവർലി ഹിൽസിൽ അന്തരിച്ചു.

ജോൺ ക്രോൺഫോർത്ത് (1917—)

നൊബേൽ സമ്മാനാർഹനായ (1975) രസതന്ത്രജ്ഞൻ. വ്ളാഡിമിർ പ്രിലോഗുമായി ചേർന്നാണു സമ്മാനം നേടിയത്. തന്മാത്രകളിലെ അണുക്കളുടെ സ്ഥാനം രാസയൗഗികങ്ങളുടെ ഗുണസവിശേഷതകളെ സ്വാധീനിക്കുന്ന രീതിയെപ്പറ്റിയുള്ള ഗവേഷണത്തിനാണു സമ്മാനം.

1917 സെപ്റ്റംബർ 7-ാംതീയതി ഓസ്ട്രേലിയയിലെ സിഡ്നിയിലാണ് ജനിച്ചത്. ബാല്യംമുതലേ ബധിരനാണ്. സിഡ്നി സർവകലാശാലയിൽ നിന്ന് ആദ്യബിരുദം നേടി. പെനിസിലിന്റെ കേന്ദ്രമായി വർത്തിക്കുന്ന തന്മാത്രയെ കണ്ടെത്തുവാനുള്ള പരിശ്രമങ്ങളിൽ വ്യാപൃതനായി. 1962-വരെ ലണ്ടനിലെ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ റിസേർച്ചിൽ സേവനമനുഷ്ഠിച്ചു.

റോബർട്ട് റോബിൻസൺ, ജോർജ് പോപ് ജാക്, എച്ച്. എഗെറർ തുടങ്ങിയവരുമായി സഹകരിച്ചു ഗവേഷണങ്ങൾ നടത്തി. ജൈവരാസപ്രവർത്തനങ്ങളിൽ ചിലതിലെ പ്രക്രിയകളിൽ സംഭവിക്കുന്ന മാറ്റങ്ങൾകൊണ്ട് എൻസൈമുകളുടെയും മറ്റും കാര്യക്ഷമത എങ്ങിനെമാറുന്നുവെന്ന് മനസ്സിലാക്കുന്നതിന് ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. സ്റ്റിറോൾസ് (Sterols), ടെർപ്പിനോയിഡുകൾ (terpinoids) തുടങ്ങിയവയുടെ ജൈവസംയോജനപ്രക്രിയകളാണ് അധികവും അറിയാറായിട്ടുള്ളത്.

വിദേശിയെങ്കിലും ക്രോൺഫോർത്തിന് അമേരിക്കൻ അക്കാദമി ഒഫ് ആർട്ട്സും (1973), നാഷനൽ അക്കാദമി ഒഫ് സയൻസും (1978) അംഗത്വം നല്കി. 1977-ൽ സർ സ്ഥാനം ലഭിച്ചു.

ജോൺ ദ ബാപ്റ്റിസ്റ്റ്

† സ്നാപകയോഹന്നാൻ നോക്കുക.

ജോൺപോൾ II (1920—)

ഇപ്പോഴത്തെ മാർപ്പാപ്പ. 456 കൊല്ലത്തിനിടയിൽ മാർപ്പാപ്പയായി തിരഞ്ഞെടുക്കപ്പെട്ട ഇറ്റലിക്കാരനല്ലാത്ത വ്യക്തി. 1978-ലാണ് ഇദ്ദേഹം സ്ഥാനാരോഹണം ചെയ്തത്. ശരിയായ പേർ കരോൾ വൊയിത്തില എന്നാണ്.



1920 മെയ് 18-നു പോളണ്ടിൽ വാഡോവിസിൽ ജനിച്ചു. രണ്ടാം ലോകയുദ്ധക്കാലത്തു ജഗീലോന്യൻ സർവകലാശാലയിൽ പോളിഷ് സാഹിത്യം പഠിക്കുകയായിരുന്നു. യുദ്ധം മുറുകിയപ്പോൾ പഠനം നിർത്തേണ്ടിവന്നു. 1942-ൽ ഒരു രാസവ്യവസായത്തൊഴിലാളിയായി. പിന്നീടു ക്രാക്കേവിലെ ബിഷപ്പിൽനിന്നു പൗരോഹിത്യപട്ടം സ്വീകരിച്ചു. തുടർന്നു റോമിലെ ഏൻജലിക്കം സർവകലാശാലയിലും ലുബ്ലിനിലെ കാത്തലിക് സർവകലാശാലയിലും മതവിഷയങ്ങളിൽ ഉന്നതവിദ്യാഭ്യാസം നേടി. 1958-ൽ പോളണ്ടിൽ തിരിച്ചെത്തി. കാർക്കോവിൽ ആദ്യം സഹായമെത്രാനായും 1964-ൽ ആർച്ച് ബിഷപ്പായും നിയമിക്കപ്പെട്ടു. 1967-ൽ അവിടെത്തന്നെ കർദിനാൾ ആയും സേവനം അനുഷ്ഠിച്ചു.

1978 ഒക്റ്റോബർ 16-നു മാർപ്പാപ്പയായി തിരഞ്ഞെടുക്കപ്പെട്ടു. ചരിത്രത്തിൽ ആദ്യമായാണ് ഒരു പോളണ്ടുകാരൻ മാർപ്പാപ്പ ആകുന്നത്. ഏറ്റവുമധികം യാത്രചെയ്ത മാർപ്പാപ്പയും ഇദ്ദേഹമാണ്. വ. അമേരിക്ക, തെ: അമേരിക്ക, യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക എന്നീ വൻകരകളിലെ വിവിധരാജ്യങ്ങൾ സന്ദർശിച്ചു. 1986 ഫെബ്രുവരിയിൽ ഇദ്ദേഹം ഇന്ത്യ സന്ദർശിച്ചപ്പോൾ കേരളത്തിലും വന്നു. പോളിഷ് ഭാഷയ്ക്കു പുറമെ ഇംഗ്ലീഷ്, ഫ്രെഞ്ച്, ജെർമൻ, സ്പാനിഷ്, പോർത്തുഗീസ്, ലാറ്റിൻ എന്നീ ഭാഷകളിലും പാണ്ഡിത്യം നേടിയിട്ടുണ്ട്.

1987 മെയ് 13-നു ജോൺപോളിനെ വധിക്കാൻ ഒരു ശ്രമം നടന്നു. സെൻറ്പീറ്റേഴ്സ് സ്ക്വയറിൽവച്ചു മെഹ്മത് ആലി ആഗ്ക എന്ന തുർക്കിക്കാരൻ ഇദ്ദേഹത്തിനുനേരെ വെടിവെച്ചു. പക്ഷെ, ചില്ലറ പരിക്കുകളോടെ രക്ഷപ്പെട്ടു.

പാരമ്പര്യങ്ങളെ നിലനിർത്തുന്ന യാഥാസ്ഥിതികനാണു ജോൺപോൾ മാർപ്പാപ്പ. ഗർഭച്ഛിദ്രം, ഗർഭനിരോധനോപകരണങ്ങളുടെ ഉപയോഗം, കന്യാസ്ത്രീകളുടെയും പാതിരിമാരുടെയും രാഷ്ട്രീയ പ്രവർത്തനം, സ്ത്രീകളുടെ പൗരോഹിത്യം എന്നിവയ്ക്ക് ഇദ്ദേഹം എതിരാണ്.

ജോൺ ഫിലിപ്പോസ്, ഇ. (1903-55)

സ്വാതന്ത്ര്യ സമരഭടനും തിരുവിതാംകൂർ-കൊച്ചി സംസ്ഥാനമന്ത്രിയും. സ്വദേശം തിരുവല്ല. പിതാവ് ഇ.ജെ. ജോൺ (ഈരിക്കൽ). അഭിഭാഷകനായ പിതാവിനെ ജീവിതവൃത്തിയിൽ പിൻതുടർന്നു. സ്റ്റേറ്റ് കോൺഗ്രസ്സിൽ സജീവ പ്രവർത്തകനായിരുന്നു. ഗാന്ധിജിയുടെ വാർധാശ്രമത്തിൽ അന്തേവാസി ആയിരുന്നിട്ടുണ്ട്. തിരു-കൊച്ചി നിയമസഭാംഗം, മന്ത്രി, ഭരണഘടനാനിർമാണസഭാംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1955 ഫെബ്രുവരി 22-ന് മരിച്ചു.

ജോൺ ബുൾ

അഭിമാനിയും സത്യസന്ധനും ശുണ്ഠിക്കാരനും ആയ ഇംഗ്ലീഷുകാരനെ പരിഹാസപൂർവം ചിത്രീകരിക്കാൻ പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഉപയോഗിച്ചുവന്ന സംജ്ഞ. ഇംഗ്ലീഷുകാർ യൂറോപ്യൻ സംഭവവികാസങ്ങളിൽ പ്രകടിപ്പിച്ച താത്പര്യാതിരേകത്തെ ഉപഹസിച്ചുകൊണ്ടു ജോൺ ആർബത്നോട്ട് എഴുതിയ ചില കൃതികളെ സ്വിഫ്റ്റും പോപ്പുംകൂടി സമാഹരിച്ചു പ്രസിദ്ധപ്പെടുത്തിയപ്പോൾ (1727) അതിന് അവർ നല്കിയ പേർ 'ജോൺ ബുള്ളിന്റെ ചരിത്രം' എന്നായിരുന്നു. ബുൾ എന്നൊരു ജവുളിവ്യാപാരി തന്റെ പങ്കുകാരനും ഡ്രേപ്പറുമായ നിക്കോളാസ് ഫ്രോഗ് എന്നൊരു കച്ചവടക്കാരനും ഒരുമിച്ച്, ലൂയി ബാബൂൺ-യഥാർഥത്തിൽ ഇതു ഫ്രാൻസിലെ ലൂയി XIV-ാമൻ രാജാവുതന്നെയായിരുന്നു—എന്നൊരു ഫ്രെഞ്ചു മുതലാളിക്ക് എതിരായി കൊടുക്കുന്ന കേസാണു കഥയിലെ ഇതിവൃത്തം.



ഇടത്ത്: ജോൺബുൾ നാടൻ വേഷത്തിൽ (1826-ലെ കാർട്ടൂൺ)

വലത്ത്: ബ്രിട്ടീഷ് ദേശീയപതാകകൊണ്ടുള്ള കുപ്പായം ധരിച്ച ജോൺബുൾ (1911-ലെ കാർട്ടൂൺ)

ആർബത്നോട്ട് അവതരിപ്പിച്ച ജോൺ ബുൾ അഭിമാനിയും സത്യസന്ധനും സൽസ്വഭാവിയും ശുദ്ധഗതിക്കാരനുമായ ഒരു വ്യാപാരി ആയിരുന്നു. അദ്ദേഹത്തിന് ഒരിക്കലും ജീവിതവിജയം കിട്ടിയില്ല. ഈ സാങ്കല്പികമൂർത്തീകരണം ഫ്രെഞ്ച്‌വിപ്ലവകാലഘട്ടത്തിലും നെപ്പോളിയന്റെ യുദ്ധകാലങ്ങളിലും പ്രചുരപ്രചാരത്തിൽവന്നു.

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ 'പഞ്ച്' എന്ന വിനോദ പ്രസിദ്ധീകരണത്തിൽവന്ന ഹാസ്യചിത്രീകരണങ്ങളിലൂടെയാണു ജോൺ ബുൾ അനശ്വരനായത്. യൂണിയൻ ജാക്ക് എന്ന ബ്രിട്ടീഷ് ദേശീയപതാകകൊണ്ടു കുപ്പായമണിഞ്ഞ ബുൾ അക്കാലത്തെ പ്രസിദ്ധീകരണങ്ങളിലെ പ്രധാന ആകർഷണമായിരുന്നു. 20-ാം നൂറ്റാണ്ടിൽ ചർച്ചിൽ തുടങ്ങിയ ദേശീയനേതാക്കൾ ജോൺ ബുള്ളിന്റെ പ്രതീകാത്മക പ്രാതിനിധ്യം വഹിച്ചുകൊണ്ടു പത്രമാസികാദികളിൽ ധാരാളമായി പ്രത്യക്ഷപ്പെട്ടിരുന്നു.

ജോൺമത്തായി, ഡോക്ടർ (1886—1959)

സാമ്പത്തിക കാര്യവിദഗ്ധനും ഭരണതന്ത്രജ്ഞനും വിദ്യാഭ്യാസവിചക്ഷണനും. 1886 ജനുവരി 10-ന കോഴിക്കോട്ടു ജനിച്ചു. കേരളവിദ്യാശാല(ഇപ്പോഴത്തെ ഗുരുവായൂരപ്പൻ കോളെജ്)യിൽ എഫ്.എ.വരെ പഠിച്ചു. മദിരാശി ക്രിസ്ത്യൻകോളെജിൽനിന്നു ബി.എ. ബിരുദവും ലോ കോളെജിൽനിന്നു ബി.എൽ. ബിരുദവും നേടി. 1910 മുതൽ 1914 വരെ മദിരാശിയിൽ അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടശേഷം ഇംഗ്ലണ്ടിൽ ഉപരിപഠനത്തിനുപോയി. ഓക്സ്ഫെഡിൽനിന്നു ബി.ലിറ്റ് ബിരുദവും ലണ്ടൻ സ്കൂൾ ഒഫ് എക്കണോമിക്സിൽനിന്നു ഡി.എസ്സി. ബിരുദവും അയർലൻഡിൽനിന്നു



സഹകരണത്തിൽ പ്രത്യേകപരിശീലനവും നേടി. 1918 മുതൽ 1920 വരെ മദിരാശി സഹകരണവകുപ്പിൽ സ്പെഷ്യൽ ഓഫീസറായി ജോലിചെയ്തു. 1920–1925 കാലത്തു പ്രസിഡൻസി കോളെജിൽ ധനശാസ്ത്ര പ്രൊഫസ്സറായിരുന്നു. കുറെക്കാലം മദിരാശി സർവകലാശാലയിൽ ഇന്ത്യൻ ധനശാസ്ത്രത്തിന്റെ പ്രൊഫസ്സറായി സേവനം അനുഷ്ഠിച്ചു. അല്പകാലം മദിരാശി നിയമസഭയിലും അംഗം ആയിരുന്നു.

1925 മുതൽ 1931 വരെ ഇന്ത്യൻ താരിപ്പ് ബോർഡ് മെമ്പറും 1931 മുതൽ 1934 വരെ അതിന്റെ ചെയർമാനും ആയിരുന്നു. 1935 മുതൽ 1940 വരെ കമേർഷ്യൽ ഇൻറലിജൻസ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറിന്റെ ഡയറക്റ്റർ ജനറൽസ്ഥാനം വഹിച്ചു. 1940-ൽ പെൻഷൻ പറ്റിയശേഷം ടാറ്റാക്കമ്പനിയുടെ ഉപദേഷ്ടാവായി പ്രവർത്തിക്കുകയും 1944-ൽ ആ കമ്പനിയുടെ ഡയറക്റ്ററാവുകയും ചെയ്തു. 1947-ൽ കേന്ദ്രഗവൺമെൻറിൽ റെയിൽവേ ഗതാഗതകാര്യമന്ത്രിയും 1948-'49-ൽ ധനകാര്യമന്ത്രിയുമായി. ജോൺ മത്തായി ചെയ്ത ബജറ്റ് പ്രസംഗം എഴുതിത്തയ്യാറാക്കാത്ത വാചാപ്രസംഗം ആയിരുന്നു. കുറിപ്പുകളുടെ സഹായംപോലും ഇല്ലാത്ത ഇത്തരം ബജറ്റ് പ്രസംഗം വേറൊന്ന് ഉദാഹരിക്കാനില്ല. പ്ലാനിങ്കമ്മിഷന്റെ രൂപവത്കരണകാര്യത്തിലുണ്ടായ നയപരമായ അഭിപ്രായഭിന്നതമൂലം മന്ത്രിപദം രാജിവച്ചു. വീണ്ടും ടാറ്റാക്കമ്പനിയിൽ ഉന്നതസ്ഥാനത്ത് അവരോധിക്കപ്പെട്ടു. ടാറ്റാഎൻജിനീയറിങ് ആൻഡ് ലോക്കോമോട്ടീവ് കമ്പനി വൈസ് ചെയർമാനും, ടാറ്റാ ട്രസ്റ്റ് ചെയർമാനും ആയി. 1953 മുതൽ 1954 വരെ ടാക്സേഷൻ എൻക്വയറി കമ്മിഷൻ ചെയർമാനായിരുന്നു. 1955-'56-ൽ സ്റ്റേറ്റ് ബാങ്ക് ഒഫ് ഇന്ത്യയുടെ ചെയർമാനായി. 1955 മാർച്ചു മുതൽ 1957 ഫെബ്രുവരി വരെ ബോംബെ സർവകലാശാലയുടെയും, 1958-ൽ കേരള സർവകലാശാലയുടെയും വൈസ് ചാൻസലറായിരുന്നു. ഇന്ത്യയിലെ ഗ്രാമഭരണം, ഇന്ത്യയിലെ കാർഷികസഹകരണം, എക്സൈസും മദ്യനിരോധനവും എന്നിവയെപ്പറ്റി ഇദ്ദേഹം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

നാഷനൽ കൗൺസിൽ ഫോർ അപ്ലൈഡ് എക്കണോമിക് റിസർച്ച്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സയൻസ്, നാഷനൽ ബുക്ക് ട്രസ്റ്റ്, അഡ്മിനിസ്ട്രേറ്റിവ് സ്റ്റാഫ് കോളെജ് തുടങ്ങിയ ഒട്ടേറെ ഉന്നതസമിതികളും സ്ഥാപനങ്ങളും ഇദ്ദേഹത്തിന്റെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. 1958-ൽ പദ്മഭൂഷൺ ബഹുമതി ലഭിച്ചു.

1959 സെപ്റ്റംബർ 2-ന കാൻസർ രോഗംമൂലം ബോംബെയിൽ വച്ച് അന്തരിച്ചു. ഇദ്ദേഹത്തിന്റെ സ്മാരകമായി കാലിക്കറ്റ് യൂണിവേഴ്സിറ്റി തൃശൂരിൽ ഡോ. ജോൺമത്തായി സെൻറർ സ്ഥാപിച്ചിട്ടുണ്ട്.

ജോൺ വി.വി. (1910—)

വിദ്യാഭ്യാസപ്രവർത്തകനും ഉപന്യാസകാരനും. അതിരമ്പുഴ(കോട്ടയം ജില്ല)യിൽ ജനിച്ചു. മദിരാശി സർവകലാശാലയിലും ഓക്സ്ഫെഡിലും പഠിച്ചു. ചങ്ങനാശ്ശേരി സെൻറ് ബർക്ക് മെൻസ് കോളെജിൽ ഇംഗ്ലീഷ് ലക്ചറർ; മദിരാശി, ഉത്കൽ, ദെൽഹി സർവകലാശാലകളിൽ ഇംഗ്ലീഷ് പ്രൊഫസർ, രാജസ്ഥാൻ സംസ്ഥാന വിദ്യാഭ്യാസ ഡയറക്റ്റർ, ജോധ്പുർ സർവകലാശാലാ വൈസ് ചാൻസലർ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. സിംലയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ ഫെലോ ആയിരുന്നു. അല്പകാലം 'ക്വസ്റ്റ്' മാസികയുടെ പത്രാധിപർ ആയി പ്രവർത്തിച്ചു. പ്രധാന ഇംഗ്ലീഷ് ദിനപത്രങ്ങളിലും മറ്റു പ്രസിദ്ധീകരണങ്ങളിലും വിദ്യാഭ്യാസ, സാമൂഹിക കാര്യങ്ങളെക്കുറിച്ച് ധാരാളം ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. *ലൈറ്റ് ലഗേജ്, എഡ്യൂക്കേഷൻ ആൻഡ് ലാങ്ഗ്വേജ് സ്റ്റഡീസ്, ഫ്രീഡം ടു റ്റീച്ച്* തുടങ്ങിയവയാണു പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകങ്ങൾ.

ജോൺസ്, ഇനിഗൊ (1573—1652)

ഇംഗ്ലീഷ് വാസ്തുവിദ്യാവിദഗ്ധൻ. ഇറ്റാലിയൻ നവോത്ഥാനത്തെക്കുറിച്ചു പഠിക്കുകയും അതിന്റെ കലാപരമായ സവിശേഷതകൾ സ്വന്തംനാട്ടിൽ പ്രചരിപ്പിക്കുകയും ചെയ്ത ആദ്യത്തെ ഇംഗ്ലീഷ് ശില്പിയാണു ജോൺസ്. തുണിക്കച്ചവടക്കാരന്റെ മകനായി ലണ്ടനിൽ ജനിച്ചു. ചെറുപ്പത്തിൽത്തന്നെ ഇറ്റലിയിൽപ്പോയി അവിടുത്തെ കലാപ്രസ്ഥാനങ്ങൾ നല്ലവണ്ണം പഠിച്ചു സ്വദേശത്തു മടങ്ങിഎത്തി. ഗ്രേറ്റ് ബ്രിട്ടനിലെ രാജാവായ ജെയിംസ് I-ന്റെ (1566—1625) നിർദേശപ്രകാരം ഷേക്സ്പിയർ നാടകവേദിയെ പുനഃസംവിധാനംചെയ്തു. രാജാവിന്റെ ആവശ്യത്തിനുവേണ്ടി ഇദ്ദേഹം നിർമിച്ച ഉത്കൃഷ്ടസൗധങ്ങളിൽ വൈറ്റ്ഹാൾ കൊട്ടാരത്തിലെ സത്കാരശാലകളും മാൽബറോ ചാപ്പലും ഇന്നും കേടുകൂടാതെ നിലനില്ക്കുന്നു. രാജവാഴ്ചയെ അനുകൂലിച്ച ആൾ എന്ന നിലയിൽ ഇദ്ദേഹത്തെ എതിരാളികൾ ആഭ്യന്തരയുദ്ധകാലത്ത് (1640—'49) തടവിലാക്കി. വാർധക്യവും രോഗവും പരിഗണിച്ച് 1645-ൽ അവർ ഇദ്ദേഹത്തെ മോചിപ്പിച്ചു.

ജോൺസ്, ഡാനിയൽ (1881—1967)

ഇംഗ്ലീഷ് ഉച്ചാരണശാസ്ത്രജ്ഞൻ. ഇംഗ്ലീഷ്ഭാഷയിലെ പദങ്ങളുടെ മാനകീകൃതമായ (standardised) ഉച്ചാരണങ്ങൾ കാണിക്കുന്ന ഒരു ശബ്ദകോശം ഇദ്ദേഹം രചിച്ചിട്ടുണ്ട്. സാർവലൗകികമായി അംഗീകൃതമായ ഉച്ചാരണലിപികൾ (phonetic script) ഉപയോഗിച്ചാണ് ഇതിൽ ഉച്ചാരണങ്ങൾ കൊടുത്തിരിക്കുന്നത്. ഒരു വാക്കിനു പല ഉച്ചാരണങ്ങൾ ഉള്ളപ്പോൾ പ്രാചുര്യം കൂടിയത് ആദ്യവും മറ്റവ പ്രാചുര്യം കുറഞ്ഞുവരുന്ന ക്രമത്തിലും കൊടുക്കുന്നു. ഇംഗ്ലീഷിൽ പ്രയോഗപ്രാചുര്യമുള്ള ഇംഗ്ലീഷിലെയും മറ്റു യൂറോപ്യൻ ഭാഷകളിലെയും സംജ്ഞാനാമങ്ങളുടെ ഉച്ചാരണങ്ങളും ഇദ്ദേഹം നിഘണ്ടുവിൽ നല്കുന്നുണ്ട്.

ജോൺസ്, സർ വില്യം (1746—'94)

നിയമവിചക്ഷണനും പൗരസ്ത്യവിദ്യാപണ്ഡിതനും. ഇന്തോ-യൂറോപ്യൻ ഭാഷകളുടെ ഏകഗോത്രതയെപ്പറ്റി ആദ്യമായി പ്രഖ്യാപിച്ചതു വില്യം ജോൺസാണ്. ഹിന്ദുനിയമസംഹിതകളും മനുസ്മൃതിയും ഇംഗ്ലീഷിലേക്കു തർജമചെയ്തു വിശാലലോകത്തിന്റെ മുന്നിലെത്തിച്ചത് ഇദ്ദേഹമാണ്.

1746 സെപ്റ്റംബർ 28-നു ലണ്ടനിൽ ജനിച്ചു. ഹാരോവിലെ വിദ്യാഭ്യാസകാലത്തുതന്നെ ജോൺസ് ഹീബ്രു, അറബി, പേഴ്സ്യൻ ഭാഷകളിൽ നല്ല പാണ്ഡിത്യം നേടി. 1766-ൽ ഇരുപതാംവയസ്സിൽ, ഓക്സ്ഫെഡ് സർവകലാശാലയിലെ ഫെലോ ആയി. ക്ലാസിക് ഭാഷകളോടുതോന്നിയ ആഭിമുഖ്യം ജോൺസിനെ, സംസ്കൃതം, ലത്തീൻ, ഗ്രീക്ക് എന്നീ ഭാഷകളുടെ പഠനത്തിലേക്കു നയിച്ചു. സംസ്കൃതം പഠിച്ചപ്പോഴാണു ആ ഭാഷയുടെ പ്രാചീനതയെപ്പറ്റി മനസ്സിലായത്.

1768-ൽ ഡെന്മാർക്കിലെ രാജാവിനുവേണ്ടി ഇദ്ദേഹം പേഴ്സ്യൻ ഭാഷയിൽനിന്നും നാദിർഷായുടെ ജീവചരിത്രം ഫ്രെഞ്ചിലേക്കു വിവർത്തനംചെയ്തു. ഇതിനിടയ്ക്കു നിയമം പഠിക്കുകയും ഒരു നീതിന്യായോദ്യോഗസ്ഥൻ ആവുകയും ചെയ്തു. ഇദ്ദേഹം എഴുതിയ ജാമ്യനിയമസംബന്ധമായ കൃതി (Essay on the Law of Bailments, 1781) ഒരു പ്രാമാണികഗ്രന്ഥമാണ്. 1771-ൽ പേഴ്സ്യൻ ഭാഷാവ്യാകരണവും 1774-ൽ ഏഷ്യൻകവിതയെക്കുറിച്ചൊരു പഠനവും 1782-ൽ ഏതാനും അറബിഗാനങ്ങളുടെ ഒരു വിവർത്തനവും ('മോ അല്ലകാത്') പ്രസിദ്ധീകരിച്ചു. ജോൺസ് അമേരിക്കൻ സ്വാതന്ത്ര്യവാദികൾക്കു വലിയ ഒരു പിൻബലമായിരുന്നു.

1783-ൽ ഇദ്ദേഹത്തെ സുപ്രീംകോടതി ജഡ്ജിയായി നിയമിച്ചു.

അതിനെത്തുടർന്നു കൽക്കത്തയിൽ എത്തിയ ജോൺസ് പൗരസ്ത്യശാസ്ത്രപഠനത്തിനായി 1784-ൽ സ്ഥാപിച്ചതാണു ബംഗാളിലെ ഏഷ്യാറ്റിക് സൊസൈറ്റി. ഇതോടെ സംസ്കൃതത്തിൽ അസാമാന്യ പാണ്ഡിത്യം നേടുകയും ഹൈന്ദവ-മഹമ്മദൻ നിയമങ്ങളെക്കുറിച്ച് ആഴത്തിൽ പഠിക്കുകയും ചെയ്തു. 1786-ൽ ഏഷ്യാറ്റിക് സൊസൈറ്റിയുടെ അധ്യക്ഷനായി ചെയ്ത പ്രസംഗമാണു താരതമ്യഭാഷാശാസ്ത്രം എന്ന പഠനവിഭാഗത്തിന്റെ അടിത്തറ പാകിയത്. മനുസ്മൃതി, ഗീതഗോവിന്ദം, ഹിതോപദേശം എന്നിവ സംസ്കൃതത്തിൽനിന്ന് ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തി. ഇംഗ്ലീഷുകാരുടെ കൂട്ടത്തിൽ ആദ്യമായി സംസ്കൃതം പഠിച്ചത് ഇദ്ദേഹമാണ്. (യൂറോപ്യന്മാരിൽ ആദ്യം പഠിച്ചത് അർണോസ് പാതിരിയും). 1794 ഏപ്രിൽ 27-നു കൽക്കത്തയിൽവച്ചു നിര്യാതനായി.

ജോൺസ്, സർ ഹാരോൾഡ് സ്പെൻസർ (1890—1960)

ബ്രിട്ടീഷ് ജ്യോതിശ്ശാസ്ത്രജ്ഞൻ. 1890 മാർച്ച് 29-നു ലണ്ടനിൽ ജനിച്ചു. ഗ്രീനിച്ചിലും ഗുഡ്ഹോപ്പിലും നിരീക്ഷണാലയങ്ങളിൽ (observatories) സേവനം നടത്തിയിട്ടുണ്ട്.

ജ്യോതിശ്ശാസ്ത്രത്തിലെ അടിസ്ഥാന സ്ഥിരസംഖ്യകൾ നിർണയിക്കുക എന്നതായിരുന്നു പ്രധാനപ്രവർത്തനം. സൗരസമ്മുഖവ്യത്യാസത്തെക്കുറിച്ചുള്ള ഇദ്ദേഹത്തിന്റെ പഠനങ്ങളിൽനിന്നാണു സൂര്യനും ഭൂമിയും തമ്മിലുള്ള അകലം 14,95,98,000 കി.മീറ്റർ ആണെന്നു ലഭിച്ചത്. ജിയോഫിസിക്സ് പ്രത്യേകിച്ചു ഭൂഭ്രമണം, കാന്തശാസ്ത്രം, അന്തർദേശീയ ജ്യോതിശാസ്ത്രജ്ഞന്മാരുടെ സഹകരണം എന്നിവ സംബന്ധിച്ച പ്രശ്നങ്ങളിൽ അത്യധികമായ താത്പര്യമുണ്ടായിരുന്നു. 1960 നവംബർ 23-നു ലണ്ടനിൽവച്ചു നിര്യാതനായി.

ജോൺസൺ, ആൻഡ്രൂ (1808—'75)

യു.എസ്സിലെ പതിനേഴാമത്തെപ്രസിഡന്റ്. വടക്കൻ കരോലൈനയിലെ റാലിയിൽ 1808 ഡിസംബർ 29-നു ജനിച്ചു. കുറെക്കാലം തുന്നൽപ്പണിയിൽ ഏർപ്പെട്ടു. 1828-ൽ ജോൺസന്റെ കുടുംബം ടെനിസ്സിയിൽ ഒരു കട തുടങ്ങി. പത്തൊൻപതാമത്തെ വയസ്സിൽ ജോൺസൺ എലിസാ മാക് കാർഡിൽ എന്ന യുവതിയെ വിവാഹം കഴിച്ചു. ഭാര്യയാണു ഭർത്താവിന് അക്ഷരാഭ്യാസം നല്കിയത്.



രാഷ്ട്രീയ രംഗത്തിറങ്ങിയ ജോൺസന്റെ വിജയം വിസ്മയാവഹമായിരുന്നു. 1830-ൽ അദ്ദേഹം ട്രീൻവില്ലിലെ മേയറായി. നാലു വർഷം ടെനസ്സി സ്റ്റേറ്റ് സഭയിൽ അംഗമായിരുന്നു. 1843-ൽ ഫെഡറൽ കോൺഗ്രസ്സിലേക്കു തിരഞ്ഞെടുക്കപ്പെട്ട ജോൺസൺ, ജാക്സൺ പ്രചരിപ്പിച്ച ജനാധിപത്യഭരണത്തിൽ ഉറച്ചു വിശ്വസിച്ചു. 1853 മുതൽ 1857 വരെ ഇദ്ദേഹം ടെനസ്സിയിലെ ഗവർണറായിരുന്നു. പിന്നീടു ഫെഡറൽ സെനറ്റിലെ അംഗമായി (1857). ആഭ്യന്തരയുദ്ധകാലത്തു ലിങ്കൺ പ്രതിനിധാനം ചെയ്തിരുന്ന ദേശീയ ഗവൺമെന്റിനോടു കൂറുപാലിച്ച ഒരേ ഒരു തെക്കൻ സെനറ്റർ ജോൺസനാണ്. യുദ്ധകാലത്തു ലിങ്കൺ ഇദ്ദേഹത്തെ ടെനസ്സിയിലെ സൈനിക ഗവർണരായി നിയമിച്ചു. 1864-ലെ തിരഞ്ഞെടുപ്പിൽ മത്സരിച്ചു വൈസ് പ്രസിഡെന്റായി. ലിങ്കന്റെ വധത്തെത്തുടർന്നു യു.എസ്. പ്രസിഡെന്റായി. തെക്കൻ സംസ്ഥാനങ്ങളോടുള്ള ഇദ്ദേഹത്തിന്റെ സമീപനം ലിങ്കന്റേതിൽനിന്നു വ്യത്യസ്തമായിരുന്നില്ല. ദേശീയ നിയമനിർമാണസഭ കൈയടക്കിയ റിപ്പബ്ലിക്കൻ തീവ്രവാദികൾ തെക്കൻ സ്റ്റേറ്റുകളോട് യാതൊരു വിട്ടുവീഴ്ചക്കും തയ്യാറായില്ല. പ്രസിഡെന്റും കോൺഗ്രസ്സും തമ്മിൽ വടംവലി നടന്നു. പ്രസിഡെന്റിന്റെ നിയമനാധികാരത്തിനു പരിധി കല്പിച്ചുകൊണ്ടു കോൺഗ്രസ്സ് ഒരു നിയമം കൊണ്ടുവന്നു. യുദ്ധകാര്യ സെക്രട്ടറിയായ സ്റ്റാൻറനെ പിരിച്ചുവിട്ടതു നിയമവിരുദ്ധമാണെന്നു സെനറ്റ് വാദിച്ചു. ജോൺസണെ കോൺഗ്രസ്സിന്റെ മുമ്പാകെ വിചാരണചെയ്തു. ആരോപണങ്ങളിൽ പലതും അടിസ്ഥാനരഹിതമായിരുന്നു. പ്രസിഡെന്റ് കുറ്റക്കാരനല്ലെന്നായിരുന്നു വിധി. ഭരണഘടനപ്രകാരം കോൺഗ്രസ്സ് വിചാരണചെയ്ത ആദ്യത്തെ പ്രസിഡെന്റാണു ജോൺസൺ.

1869-ൽ പ്രസിഡെന്റ് പദത്തിൽനിന്നു വിരമിച്ചുവെങ്കിലും രാഷ്ട്രീയരംഗത്തുനിന്നു മാറിയില്ല. 1875-ൽ വീണ്ടും സെനറ്റിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. അക്കൊല്ലം ജൂലായ് 31-നു നിര്യാതനായി.

ജോൺസൺ, എവിൻഡ് (1900—1976)

സ്വീഡിഷ് നോവലിസ്റ്റ്. 1974-ൽ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം മറ്റൊരു സ്വീഡിഷ് എഴുത്തുകാരനായ മാർട്ടിൻസണോടൊപ്പം പങ്കിട്ടു.

ആയിരത്തിത്തൊള്ളായിരാമാണ്ട് ജൂലൈ 29-ന് സ്വീഡനിലെ സ്വർത്ബ്ജോൺസ്ബിൻ എന്ന സ്ഥലത്തു ജനിച്ചു. ധ്രുവവൃത്തത്തിന് അടുത്തുള്ള സ്വന്തം ജന്മഭൂമിയിൽ അത്യധ്വാനം ചെയ്താണു ബാല്യജീവിതം നയിച്ചത്. ഔപചാരികമായ വിദ്യാഭ്യാസം ലഭിച്ചില്ല. യുദ്ധക്കെടുതികൾക്കു വിധേയമായ പടിഞ്ഞാറൻ യൂറോപ്പിൽ കുറെനാൾ അലഞ്ഞുതിരിഞ്ഞു. മനുഷ്യന്റെ നിർലക്ഷ്യതയും അസ്വാസ്ഥ്യവുമാണ് ഇദ്ദേഹത്തിന്റെ ആദ്യകാലകൃതികളായ *ബോബിനാക്*, *റെൻ-ഇ-ഗ്രിൻജെൻ* (പ്രഭാതത്തിലെ മഴ) എന്നിവയിലുള്ളത്. *റൊമാനൻ ഓം ഒലോഫ്* എന്ന നോവൽ ധ്രുവവൃത്തപ്രദേശങ്ങളിൽ മരപ്പണിയിൽ ഏർപ്പെട്ടിരുന്ന കാലത്തെ യാതനകളുടെ ചിത്രമാണ് ഉൾക്കൊള്ളുന്നത്. രണ്ടാം ലോകയുദ്ധകാലത്ത് ഏകാധിപത്യപ്രവണതകൾക്കും നിഷ്പക്ഷതയ്ക്കും എതിരായി ഉറച്ച നിലപാടു സ്വീകരിച്ചു. *സ്റ്റ്റാൻഡർനാസ് സ്വാൽ* 1946) *ഹാൻസ് നെയ്ഡ്സ്ടിട്* (1968) എന്നിവ ഏകാധിപത്യപ്രവണതയ്ക്കെതിരായുള്ള ജോൺസന്റെ സമീപനം വ്യക്തമാക്കുന്നു. ആഖ്യാനകലയുടെയും കാലദേശങ്ങളെക്കടന്നുള്ള ചിന്തകളുടെയും സ്വാതന്ത്ര്യപരിരക്ഷണ വ്യഗ്രതയുടെയും പേരിലാണ് ഇദ്ദേഹത്തിനു നൊബേൽ സമ്മാനം നല്കുന്നതെന്ന് എടുത്തുപറഞ്ഞിട്ടുണ്ട്.

ജോൺസൺ, ജായ്ക്ക് (1878—1946)

ലോകഹെവിവെയിറ്റ് ചാമ്പ്യൻ സ്ഥാനം നേടിയ ആദ്യത്തെ നീഗ്രോ. ശരിയായ പേര് ജോൺ ആർതർ ജോൺസൺ. ടെക്സാസിലെ ഗാൽവസ്റ്റൺ എന്ന സ്ഥലത്തു ജനിച്ചു. 1907-ൽ റോബർട്ട് ഫിറ്റ് സിമ്മൺസിനെ രണ്ടു പ്രാവശ്യം പരാജയപ്പെടുത്തിയാണു ലോകപ്രസിദ്ധനായത്. അടുത്ത വർഷം ഫ്രെഞ്ച്-കാനഡക്കാരനായ ടോമിബേൺസിനെ സിഡ്നി മത്സരത്തിൽ തോല്പിച്ച് ആദ്യത്തെ കറുത്ത ഹെവിവെയ്റ്റ് ചാമ്പ്യനായി. 1910-ൽ വെള്ളക്കാരുടെ അഭിമാനസ്തംഭമായിരുന്ന ജിംജെഫ്രീസിനെ പരാജയപ്പെടുത്തി.

114 പ്രൊഫഷനൽ ഗുസ്തികളിൽ 7 എണ്ണത്തിൽ മാത്രമേ പരാജയപ്പെട്ടുള്ളു. *മെസ് കോമ്പാറ്റ്സ്* (1914)*ജാക്ക്ജോൺസൺ ഇൻ ദ് റിങ് ആൻഡ് ഔട്ട്* (1927) എന്നിങ്ങനെ ആത്മകഥാപരങ്ങളായ രണ്ടു ഗ്രന്ഥം രചിച്ചിട്ടുണ്ട്. നാലു വിവാഹങ്ങളും അതിനൊപ്പിച്ചുള്ള ആർഭാടങ്ങളും നിറഞ്ഞ ജീവിതമാണു ജാക്ക് നയിച്ചത്.



കുറേനാൾ ജയിലിലും കഴിയേണ്ടിവന്നു. താൻ ഓടിച്ചിരുന്ന കാർ ഒരു മരത്തിൽ ഇടിച്ചാണു മരണം സംഭവിച്ചത്.

ജോൺസൺ, ബെൻ (1572—1637)

ഇംഗ്ലീഷ് കവിയും നാടകകൃത്തും. മുഴുവൻ പേര് ബെഞ്ജമിൻ ജോൺസൺ (Benjamin Jonson). സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ജോൺസൺ ഇഷ്ടികപ്പണി അഭ്യസിച്ചു. അതിനോടു പൊരുത്തപ്പെടാതെ വീട്ടിൽനിന്ന് ഓടിപ്പോയി പട്ടാളത്തിൽ ചേർന്നു. 1592-ൽ തിരിച്ചുവന്ന് ഒരു നടനായി. കുറെക്കഴിഞ്ഞു നാടകങ്ങൾ എഴുതിത്തുടങ്ങി. 'കോമഡി ഒഫ് ഹ്യൂമേർസ്' (Comedy of Humours) എന്ന നാടകപ്രസ്ഥാനത്തിന്റെ ജനയിതാവെന്ന നിലയ്ക്കു പ്രശസ്തിയാർജിച്ചു. 1598-ൽ സഹപ്രവർത്തകനായ ഒരു നടനെ ദ്വന്ദ്വയുദ്ധത്തിൽ കൊല്ലുകയും വധശിക്ഷയിൽനിന്നു കഷ്ടിച്ചു രക്ഷപ്പെടുകയും ചെയ്തു. കാരാഗൃഹത്തിൽ കഴിയുമ്പോൾ കത്തോലിക്കനായി. പന്ത്രണ്ടു കൊല്ലത്തിനുശേഷം ആംഗ്ലിക്കൻ സഭയിലേക്കു തിരിച്ചുവന്നു. ക്രമേണ നാടകകൃത്തെന്ന നിലയിൽ പേരെടുക്കുകയും രക്ഷാധികാരികളുടെയും രാജാവിന്റെയും ഇഷ്ടം സമ്പാദിക്കുകയും ചെയ്തു. ഷേക്സ്പിയറുടെ ഉറ്റ സുഹൃത്തായിരുന്നു എന്ന്, ആ മഹാകവിയുടെ മരണശേഷം ഇദ്ദേഹം എഴുതിയ 'സ്മാരകപദ്യങ്ങൾ' (Memorial Verses) വ്യക്തമാക്കുന്നു. 1616-ൽ ജെയിംസ് I ഒരു പെൻഷൻ അനുവദിച്ചുകൊടുത്തു. അവസാനകാലം രോഗാതുരനായി. 1637-ൽ മരിച്ചു. വെസ്റ്റ് മിൻസ്റ്റർ പള്ളിയിലാണു സംസ്കരിച്ചത്.



എവ്രിമാൻ ഇൻ ഹിസ് ഹ്യൂമർ, എവ്രിമാൻ ഔട്ട് ഒഫ് ഹിസ് ഹ്യൂമർ, എപിസീൻ, ദ ആൽക്കെമിസ്റ്റ്, വോൾ പോണി, ബാർത്തൊലോമ്യൂ ഫെയർ എന്നിവയാണു ബെൻ ജോൺസന്റെ പ്രധാന കൃതികൾ. ക്രൂരമായ ആക്ഷേപഹാസ്യം മുന്നിട്ടുനില്ക്കുന്ന ഒരുതരം ശുഭപര്യവസായികളാണു ഇവയെല്ലാം. ദുരന്തനാടകങ്ങളും മാസ്കുകളും (Masques) എഴുതിയിട്ടുണ്ട്.

അക്കാലത്തെ മിക്ക എഴുത്തുകാരെക്കാളും പാണ്ഡിത്യമുണ്ടായിരുന്ന ജോൺസൺ ഒരു ക്ലാസ്സിസിസ്റ്റ് ആയിരുന്നു. നവോത്ഥാനത്തിന്റെ ലഹരിയിൽ, നിയമങ്ങളെ വകവയ്ക്കാതെ, സർവതന്ത്രസ്വതന്ത്രരായിരുന്ന സമകാലിക സാഹിത്യകാരന്മാരെ എതിർക്കുകയും ക്ലാസിക്കൽ ശാസനങ്ങളെ തികച്ചും അനുസരിച്ചുകൊണ്ടു സാഹിത്യം രചിക്കുകയും ചെയ്തു. ആക്ഷേപഹാസ്യമാണു ജോൺസൺന്റെ നാടകങ്ങളിലെ സ്ഥായീഭാവം. ഒരു കവിക്കേ നല്ലൊരു കാവ്യവിമർശകനാവാൻ കഴിയൂ എന്ന ആശയം ഇംഗ്ലീഷ് സാഹിത്യനിരൂപണത്തിൽ ആദ്യം അവതരിപ്പിച്ചതു ബെൻ ജോൺസൺ ആണ്.

ജോൺസൺ, ലിൻഡൻ (1908—1973)

യു.എസ്സിലെ മുപ്പത്തിയാറാമത്തെ പ്രസിഡെന്റ്. ടെക്സാസിലെ സ്റ്റോൺവാൾ എന്ന സ്ഥലത്ത് ഒരു സാധാരണ കർഷക കുടുംബത്തിൽ ജനിച്ചു. സാൻമർക്കോസിലെ സ്റ്റേറ്റ് ടീച്ചേഴ്സ് കോളെജിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം രണ്ടുവർഷം അധ്യാപകനായിരുന്നു. പ്രസിഡെന്റ് ഫ്രാങ്ക്ളിൻ റൂസ്‌വെൽട്ടിന്റെ സഹായിയായി ഡെമോക്രാറ്റിക് കക്ഷിയിൽ ചേർന്നു. 1937-ൽ ദേശീയ നിയമനിർമാണസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. പേൾ ഹാർബർ ആക്രമണത്തിനുശേഷം സായുധസേനയിൽ ചേർന്ന ആദ്യത്തെ ജനപ്രതിനിധിസഭാംഗം ഇദ്ദേഹമാണ്.

1948-ൽ ഡെമോക്രാറ്റിക് കക്ഷി സ്ഥാനാർഥിയായി മത്സരിച്ച് സെനറ്റിൽ അംഗമായി. 1953-ൽ കക്ഷിനേതാവായി. 1960-ൽ പ്രസിഡെന്റ് സ്ഥാനാർഥിത്വത്തിനു കെന്നഡിയുമായി മത്സരിച്ചു തോറ്റുവെങ്കിലും വൈസ് പ്രസിഡെന്റ് പദവി സ്വീകരിച്ചു. തന്നെക്കാൾ പ്രായംകുറഞ്ഞ കെന്നഡി പ്രസിഡെന്റായിത്തീർന്നെങ്കിലും വിശ്വാസപൂർവം ജോൺസൺ സ്വകർത്തവ്യങ്ങൾ നിറവേറ്റി.

1963-ൽ പ്രസിഡെന്റ് കെന്നഡി വധിക്കപ്പെട്ടതിനെത്തുടർന്നു ജോൺസൺ യു.എസ്. പ്രസിഡെന്റായി. കെന്നഡിയുടെ നയം തന്നെ ഇദ്ദേഹം പിന്തുടർന്നു. വിയറ്റ്നാം യുദ്ധമാണു ജോൺസനെ ഏറ്റവും വിഷമിപ്പിച്ചത്. വിയറ്റുകോങ് ഗെറില്ലകൾക്കെതിരെ ചെറുതായി തുടങ്ങിയ യുദ്ധം ക്രമേണ അനിയന്ത്രിതമായി വളർന്നു. 1865 അവസാനമായപ്പോൾ 1,80,000 അമേരിക്കൻ ഭടന്മാർ സകല പടക്കോപ്പുകളുമായി വിയറ്റ്നാമിലുണ്ടായിരുന്നു. 1968-ൽ സൈന്യം 5 ലക്ഷമായി വർധിച്ചു. എന്നിട്ടും വിയറ്റ്നാം പ്രശ്നത്തിനു പരിഹാരമുണ്ടായില്ല. ജോൺസൺ നിശിതമായ വിമർശനങ്ങൾക്കു ശരവ്യനായി. ജനസമ്മതി നന്നേ കുറഞ്ഞു (44%). തോക്കിനും വെണ്ണയ്ക്കും ഒരേസമയം പണം ചിലവാക്കാൻ യു.എസിന് പാങ്ങില്ലെന്നു വിമർശകന്മാർ പറഞ്ഞു. പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കാതെ തന്നെ ജോൺസനു പിരിയേണ്ടിവന്നു (1969 ജനുവരി 20). ഉദ്യോഗത്തിൽനിന്നു വിരമിച്ചശേഷം സ്മരണകൾ എഴുതി. 1973 ജനുവരി 22-ന് ഹൃദ്രോഗബാധയെത്തുർന്നു ജോൺസൺ സിറ്റിയിൽ (ടെക്സാസ്) വച്ചു മരിച്ചു.

ജോൺസൺ, സാമുവെൽ (1709—1784)

ഇംഗ്ലീഷ് സാഹിത്യവിമർശകനും ഉപന്യാസകാരനും നിഘണ്ടുകാരനും. 1709 സെപ്റ്റംബർ 18-ാം തീയതി ജനിച്ച ഇദ്ദേഹം ലിച്ച്ഫീൽഡിൽ ഒരു പുസ്തകവ്യാപാരിയുടെ മകനാണ്. ഓക്സ്ഫെഡ് സർവകലാശാലയിൽ പഠിച്ചു. വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. ദാരിദ്ര്യവും അനാരോഗ്യവും ആദ്യന്തം ജോൺസനെ പിന്തുടർന്നു. ഒരു ചെറിയ സ്കൂളിൽ കുറച്ചുദിവസം അധ്യാപകനായി ജോലിനോക്കിയശേഷം ബർമിങ്ങാമിലേക്കു പോയി. അവിടെവച്ചു ധനസ്ഥിതിയിലും പ്രായത്തിലും തന്നേക്കാൾ കവിഞ്ഞിരുന്ന മിസിസ് എലിസബത്ത് പോർട്ടർ എന്ന വിധവയെ വിവാഹം കഴിച്ചു. തുടർന്നു അധ്യാപകവൃത്തി കുറച്ചുകാലം പരീക്ഷിച്ചെങ്കിലും വിജയിച്ചില്ല.

1737-ൽ തന്റെ സുഹൃത്തും വിദ്യാർഥിയുമായ ഡേവിഡ് ഗാരിക്കും ഒരുമിച്ചു ലണ്ടനിലേക്കു പോയി ലണ്ടനിൽ എത്തുമ്പോൾ ജോൺസന്റെ കയ്യിൽ രണ്ടര പെൻസാണ് (ഒരു പവന്റെ 1/96) ഉണ്ടായിരുന്നത്. മൂന്നുനാലു കൊല്ലംകൊണ്ടു ഗാരിക് പ്രസിദ്ധനടനും നാടകശാലയുടെ ഉടമയുമായി. 'ജെന്റിൽമൻസ് മാഗസിൻ' എന്ന പത്രത്തിൽ കുറിപ്പുകൾ, ലേഖനങ്ങൾ, പാർലമെന്റ് റിപ്പോർട്ടുകൾ മുതലായവ എഴുതി ജോൺസൺ ഉപജീവനം നേടി. 1738-ൽ 'ലണ്ടൻ' എന്ന കവിതയും, 1744-ൽ ദാരിദ്ര്യത്തിൽ പങ്കാളിയും സുഹൃത്തുമായിരുന്നു സാവേജിന്റെ ജീവചരിത്രവും രചിച്ച് ബഹുജനശ്രദ്ധ ആകർഷിച്ചു. ഇതിനെത്തുടർന്നു ചില പ്രസിദ്ധീകരണശാലക്കാർ ഒരു ഇംഗ്ലീഷ് നിഘണ്ടു തയ്യാറാക്കുവാൻ ഇദ്ദേഹത്തെ ഏല്പിച്ചു. ഈ ജോലി ചെയ്യുന്നതിനിടയ്ക്കു *വാനിറ്റി ഒഫ് ഹ്യൂമൻ വിഷസ്* എന്ന കവിതയും *ഐറീൻ* എന്ന നാടകവും എഴുതി. നാടകം രംഗത്തു വിജയിച്ചില്ലെങ്കിലും നാടകകൃത്തിനു 300 പവൻ ലഭിച്ചു. ശിഷ്യനും സ്നേഹിതനുമായ ഗാരിക് ആണ് ഇതിനു



സഹായിച്ചത്. 1750—1752-ൽ റാംബ്ലർ *(Rambler)* എന്ന വാരിക യും 1758—'60-ൽ ഐഡ്ലെർ എന്ന വാരികയും നടത്തി. ഇവയിലെ ലേഖനങ്ങൾ മിക്കതും ജോൺസൺതന്നെയാണ് എഴുതിയിരുന്നത്. മരിക്കാറായ അമ്മയ്ക്കു വല്ലതും അയച്ചുകൊടുക്കാൻവേണ്ടി തിടുക്കത്തിൽ എഴുതിയ നോവലാണു റാസ്സെലസ്. അതിൽനിന്നുകിട്ടിയ പണം അമ്മയുടെ ശവസംസ്കാരത്തിനാണ് ഉപകരിച്ചത്.

നിഘണ്ടു. 1755-ൽ ഇംഗ്ലീഷിലെ ആദ്യത്തെ നിഘണ്ടു ഇദ്ദേഹം പ്രസിദ്ധീകരിച്ചു. ഇതോടുകൂടി ഓക്സ്ഫെഡ് സർവകലാശാല എം.എ.ബിരുദവും ഡോക്ടർബിരുദവും നല്കി. 1765-ൽ ഡബ്ലിനിലെ ട്രിനിറ്റി കോളെജ് എൽ.എൽ.ഡി. ബിരുദം നല്കി ആദരിച്ചു. അവരാണ് ഇദ്ദേഹത്തെ ഡോക്ടർ ജോൺസൺ ആക്കിയത്. ഒൻപതുകൊല്ലത്തെ കഠിനാധ്വാനത്തിൻെറ ഫലമാണ് ഈ നിഘണ്ടു. 40,000 വാക്കുകളും 1,14,000 ഉദ്ധാരണങ്ങളും ഇതിലുണ്ട്. ഇംഗ്ലീഷ് ഭാഷയെ വ്യവസ്ഥപ്പെടുത്തിയെടുക്കണം എന്നതായിരുന്നു ജോൺസൻെറ ലക്ഷ്യം. നിർവചനങ്ങളുടെ ഇടയ്ക്കു അപൂർവമായി മാത്രം ചില ഫലിതങ്ങളും അദ്ദേഹം കലർത്തി. ഉദാ. lexicographer-aharmless drudge. 1762-ൽ സർക്കാരിൽനിന്നു പ്രതിവർഷം 300 പവൻ പെൻഷൻ അനുവദിച്ചുകിട്ടിയതോടെ ജോൺസൻെറ സാമ്പത്തികസ്ഥിതി ഭദ്രമായി. 1763-ൽ ജോൺസണുമായി പരിചയപ്പെട്ട ബോസ്വെൽ ഇദ്ദേഹത്തിൻെറ ആരാധകനായി. അവരുടെ സുദീർഘ സൗഹൃദത്തിൻെറ ഫലമാണു ബോസ് വെല്ലിൻെറ *ലൈഫ് ഓഫ് ജോൺസൺ* എന്ന പ്രശസ്ത ജീവചരിത്രഗ്രന്ഥം 1765-ൽ ഷേക്സ്പിയർ നാടകങ്ങളുടെ ഒരു പുതിയ പതിപ്പ് ജോൺസൺ പ്രസിദ്ധപ്പെടുത്തി. ഇതും ഇതിൻെറ മുഖവുരയും ഇന്നും നിരൂപകന്മാരുടെ ആദരം ആർജിച്ചുകൊണ്ടിരിക്കുന്നു. ചില പ്രസാധകന്മാർ പ്രസിദ്ധീകരിച്ച കവിതാസമാഹാരങ്ങൾക്കുവേണ്ടി തയ്യാറാക്കിയ ഇംഗ്ലീഷ് കവികളുടെ ജീവചരിത്രം - *ലൈവ്സ് ഓഫ് ദ് പോയറ്റ്സ്* ആണു ജോൺസൻെറ അടുത്ത കൃതി.

ജോൺസൻെറ അവസാനകാലം സംതൃപ്തമായിരുന്നുവെങ്കിലും അനാരോഗ്യം അദ്ദേഹത്തെ സദാ അലട്ടിക്കൊണ്ടിരുന്നു. അമ്പതുകൊല്ലക്കാലം ഇംഗ്ലീഷ് സാഹിത്യരംഗത്ത് ഏതാണ്ടൊരു ഏകാധിപതിയായി വാണ ഡോക്ടർ ജോൺസണെ ഇന്ന് അറിയുന്നത് ഏറെയും ബോസ്വെൽ എഴുതിയ ജീവചരിത്രത്തിലൂടെയാണ്. ലോകോത്തരമായ ഒരു ജീവചരിത്രഗ്രന്ഥമായിട്ടാണ് ഇതിനെ കണക്കാക്കിവരുന്നത്. ഇതിൽ ജോൺസൻെറ സംഭാഷണചാതുരിയും മനുഷ്യത്വവുമാണു മറ്റെന്തിനെക്കാളും ആരെയും ആകർഷിക്കുക. 1784 ഡിസംബർ 13-ാം തീയതി ജോൺസൺ മരിച്ചു. ഭാര്യ വളരെ മുമ്പുതന്നെ മരിച്ചുപോയിരുന്നു. ഇവർക്കു സന്താനങ്ങളുണ്ടായിരുന്നില്ല.

ജോൺസൺ, റോബർട്ട്‌വുഡ്ഡ്

(1845—1910)

വിഷാണുനിരോധി(anti-septic)യായ ബാൻഡേജ് വികസിപ്പിച്ചെടുത്ത് ആധുനികശസ്ത്രക്രിയയുടെ വിജയസാധ്യത വർധിപ്പിക്കാൻ സഹായിച്ച അമേരിക്കൻ നിർമാണവ്യവസായി.

ന്യൂയോർക്കു നഗരത്തിൽ ഒരു ഔഷധശാലയിൽ ജോലിക്കാരനായിരുന്നു ജോൺസൺ. പിന്നീടുഫാർമസിസ്റ്റും മരുന്നു വില്പനയുടെ ഏജൻറും ആയി പ്രവർത്തിച്ചു. പങ്കാളിത്ത അടിസ്ഥാനത്തിൽ 1874-ൽ സീബറി ആൻറ് ജോൺസൺ എന്ന ഒരു കമ്പനി തുടങ്ങി. ഇന്ത്യാറബ്ബർ ഉപയോഗിച്ചു ബാൻഡേജുകൾ ഉണ്ടാക്കാൻ ആരംഭിച്ചു. 12 കൊല്ലത്തിനുശേഷം സ്വന്തം സഹോദരന്മാരുമായി കൂട്ടുചേർന്നു ജോൺസൺ ആൻറ് ജോൺസൺ എന്ന കമ്പനി സ്ഥാപിച്ചു. വിഷാണുമുക്തമായ ബാൻഡേജുകൾ നിർമിക്കുന്നതിൽ ഈ പുതിയ കമ്പനി ശ്രദ്ധിക്കുകയും അതിൻെറ ഫലമായി ജോൺസൺ ആൻറിസെപ്റ്റിക് ബാൻഡേജുകൾ നിർമിച്ചുതുടങ്ങുകയും ചെയ്തു.

ജോൺ, സെയിൻറ്

ക്രിസ്തുശിഷ്യൻ. ജെയിംസിൻെറ സഹോദരനും സെബസീയുടെ മകനുമാണു ജോൺപുണ്യവാളൻ. ക്രിസ്തുവിൻെറ മാതാവിൻെറ കാര്യങ്ങൾ നോക്കുവാൻ ഇദ്ദേഹത്തെയാണത്രെ ഏല്പിച്ചത്. എഫേസസ്സിലെ ബിഷപ്പായിരുന്ന ജോൺ എഴുതിയ സുവിശേഷവും സന്ദേശവും പ്രസിദ്ധങ്ങളാണ്. യോഹന്നാൻെറ സുവിശേഷം എന്നാണു മലയാളികൾ പറയാറുള്ളത്.



സെയിൻറ് ജോൺ
(14-ാം ശതകത്തിലെ പെയിൻറിങ്

ജോധ്പൂർ

ഇന്ത്യയിൽ രാജസ്ഥാനിലെ ജില്ലയും പട്ടണവും. പട്ടണത്തിലെ ജനസംഖ്യ നാലുലക്ഷം (1981). മുമ്പ് ഈ നഗരം തലസ്ഥാനമായി ഉണ്ടായിരുന്ന നാട്ടുരാജ്യത്തിനും ജോധ്പൂർ എന്നായിരുന്നു പേര്.

മാർവാറിലെ ജോധൻ എന്നൊരു രാജപുത്രരാജാവ് സ്ഥാപിച്ചതിനാൽ (1458) ജോധ്പൂർ എന്ന പേർ വന്നു. ജോധ്പൂരിൽനിന്ന് 6 കി.മീ. അകലെ പഴയ തലസ്ഥാനമായ മൻഡോറിൻെറ അവശിഷ്ടങ്ങൾ കാണാം. ഒരു ചെറിയ മലയുടെ ശിഖരത്തെ വലയംചെയ്തു നില്ക്കുന്ന കോട്ടയ്ക്കുള്ളിലാണു പഴയ നഗരഭാഗങ്ങൾ സ്ഥിതിചെയ്യുന്നത്. 18-ാംനൂറ്റാണ്ടിൻെറ പൂർവാർധത്തിൽ നിർമിച്ച ഈ കോട്ടയ്ക്ക് 7498 മീറ്റർ ചുറ്റളവുണ്ട്. 17-ാംനൂറ്റാണ്ടിൽ രാജാ ശൂർസിങ് പണിയിച്ച മോത്തീമഹലും 18-ാം നൂറ്റാണ്ടിൽ മഹാരാജ അജിത് സിങ് പണിയിച്ച ഫത്തേമഹലും കോട്ടയ്ക്കുള്ളിലെ രാജമന്ദിരത്തിൻെറ ഭാഗങ്ങളാണ്. പഴയ മന്ദിരങ്ങളും തടാകങ്ങളും ക്ഷേത്രങ്ങളും ഫാക്റ്ററികളും മ്യൂസിയങ്ങളും ആശുപത്രികളും ഓഫീസുകളും ധാരാളമുണ്ട്. 1962-ൽ ജോധ്പൂർ സർവകലാശാല സ്ഥാപിതമായി.



പഴയ നഗരത്തിലെ കോട്ട

ഉത്തരറെയിൽവേയുടെ ഒരു ഡിവിഷണൽ ആസ്ഥാനവും റെയിൽവെവർക്ക്ഷോപ്പും രാജസ്ഥാൻ ഹൈക്കോടതിയുടെ ആസ്ഥാനവും ജോധ്പൂരാണ്. സൈക്കിളുകൾ, ഉരുക്കിലും പിച്ചളയിലുമുള്ള പലതരം പാത്രങ്ങൾ, തുണിത്തരങ്ങൾ മുതലായവയാണു പ്രധാന വ്യാവസായികോത്പന്നങ്ങൾ. ഇന്ത്യൻ വ്യോമസൈനികർക്കു പരിശീലനം നല്കുന്നതിനുള്ള വിശാലമായ ഒരു എയർഫീൽഡ് ഇവിടെയുണ്ട്. ജനസംഖ്യയിൽ നല്ലൊരു വിഭാഗം ജൈനന്മാരാണ്. ഹുണ്ടികവ്യാപാരികളായ മാർവാറികൾ ഇന്ത്യയിലെ മറ്റു പല നഗരങ്ങളിലും ചെന്ന് ഈ തൊഴിൽ നടത്തുന്നു. ഇവരുടെ രാജ്യത്തിന്റെ പഴയ പേര് മാർവാർ എന്നായതുകൊണ്ടാണ് ഇവരെ മാർവാറികൾ എന്നു വിളിക്കുന്നത്.

22,850 ച.കി.മീറ്റർ വിസ്തൃതിയുള്ള ജോധ്പൂർ ജില്ലയിലെ ജനസംഖ്യ 16,67,731 (1981) ആണ്. അജ്മീറിലെ പുഷ്കരതടാകത്തിൽ നിന്ന് ഉദ്ഭവിക്കുന്ന ലൂനിനദി ഈ ജില്ലയിലൂടെ ഒഴുകുന്നു. ബജ്റ, ജോവർ, ചോളം, കടുക്, പരുത്തി എന്നിവയാണു പ്രധാന വിളകൾ. ദിദ്വാന, സാംഭർ എന്നീ തടാകങ്ങളിൽനിന്ന് ഉപ്പു ശേഖരിക്കാറുണ്ട്.

മാർവാറിന്റെ തലസ്ഥാനം ജോധ്പൂരിലേക്കു മാറ്റിയപ്പോഴാണ് ആ രാജ്യത്തെ ജോധ്പൂർ എന്നു വിളിക്കാൻ തുടങ്ങിയത്. ശ്രീരാമന്റെ പിൻഗാമികളെന്നു പറയുന്ന രാഥോർരാജാക്കന്മാരാണു മാർവാർ ഭരിച്ചിരുന്നത്. അറംഗസീബ് ഭരിച്ചിരുന്ന കാലത്തു മാർവാറും, മീവാറും ഒത്തൊരുമിച്ചു മുഗളരോടു പൊരുതി. അറംഗസീബ് 1679-ൽ ജോധ്പൂർ നഗരം കൊള്ളയടിച്ചു. പക്ഷേ, യുദ്ധത്തിൽ ആർക്കും നിർണായകവിജയം ലഭിച്ചില്ല. അറംഗസീബ് മീവാറുമായി സന്ധിചെയ്തു. ജോധ്പൂരിലെ രജപുത്രർ ദുർഗാദാസിന്റെ നേതൃത്വത്തിൽ മുഗളരോട് എതിർത്തു. ഒളിപ്പോരു (ഗറില്ല) സമ്പ്രദായമാണു ദുർഗാദാസ് സ്വീകരിച്ചത്. ഒടുവിൽ അറംഗസീബിന്റെ പുത്രനായ ബഹാദുർഷായ്ക്ക് 1709-ൽ അജിത്സിങ്ങിനെ ജോധ്പൂരിലെ രാജാവായി അംഗീകരിക്കേണ്ടിവന്നു. അങ്ങനെ ഒരു സ്വതന്ത്രരാജ്യമായി തുടർന്ന ജോധ്പൂർ 1818 മുതൽ ബ്രിട്ടീഷുകാരുടെ നിയന്ത്രണത്തിലുള്ള നാട്ടുരാജ്യമായി. 1843-ൽ ജോധ്പൂർ രാജാവ് പുത്രന്മാരില്ലാതെ നിര്യാതനായപ്പോൾ രാജ്യത്തിലെ പ്രമാണിമാർ ചേർന്നു തഖത്സിങ്ങിനെ ജോധ്പൂർ രാജാവായി തിരഞ്ഞെടുത്തു. 1857-ലെ ഇന്ത്യൻ വിപ്ലവകാലത്തു തഖത്സിങ് ബ്രിട്ടീഷുകാരെയാണു സഹായിച്ചത്. 1947-ൽ ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടൊഴിഞ്ഞപ്പോൾ ജോധ്പൂർ, ഇന്ത്യൻ യൂണിയനിൽചേർന്നു. 1949-ൽ ജോധ്പൂരും മറ്റു ചില നാട്ടുരാജ്യങ്ങളും സംയോജിപ്പിച്ചു രാജസ്ഥാൻ യൂണിയൻ എന്ന ഭരണഘടകമുണ്ടാക്കി. 1956-ലെ സംസ്ഥാന പുനസ്സംഘടനയെത്തുടർന്നു രാജസ്ഥാനിന്റെ ഭാഗമായി.

ജോൻ (Joan)

ജോൺ VIII എന്ന പേരിൽ 25മാസം (855-858) പോപ്പ് ആയിവാണു എന്നു വിശ്വസിക്കപ്പെടുന്ന കഥാപാത്രം. പുരുഷവേഷം ധരിച്ചു വളരെക്കാലം ജീവിച്ചശേഷമാണത്രെ ഇവർ മാർപ്പാപ്പ ആയത്. വനിതകൾ മാർപ്പാപ്പാസ്ഥാനത്തിന് അർഹരല്ലായിരുന്നു. വെയിൽസിൽ ജനിച്ച ഒരു ഇംഗ്ലീഷ് വനിതയായിരുന്നു ജോൻ എന്നാണു കഥ. അവർ ഒരു ബനഡിക്റ്റയിൻ സന്യാസിയിൽ അനുരക്തയായി. സന്യാസിയോടൊപ്പം ജോനും ഏഥൻസിലേക്കു പോയി. അവിടെ പുരുഷവേഷം ധരിച്ചു ജീവിച്ചു. മതകാര്യങ്ങളിൽ അഗാധമായ പാണ്ഡിത്യം സമ്പാദിച്ചശേഷം അവർ പുരുഷവേഷത്തിൽ റോമിലേക്കുപോയി. അവിടെവച്ച് ആദ്യം കർദിനാളായും പിന്നീടു മാർപ്പാപ്പയായും തിരഞ്ഞെടുക്കപ്പെട്ടു. ഗർഭവതിയായിരുന്ന ജോൻ മാർപ്പാപ്പ എന്ന നിലയിൽ ഒരു എഴുന്നള്ളത്തു നടത്തവെ റോഡിൽവച്ചു പ്രസവിക്കുകയും ഉടൻ മരിക്കുകയും ചെയ്തു എന്നും കഥ ഉണ്ട്. മൃതദേഹം അവിടെത്തന്നെ അടക്കംചെയ്തു. ആ റോഡിൽക്കൂടി ഇന്നും മാർപ്പാപ്പമാർ എഴുന്നള്ളാറില്ലെന്നുള്ളത് ഈ കഥ ശരിയാണെന്നുള്ളതിനു തെളിവായി ചിലർ ചൂണ്ടിക്കാണിക്കുന്നു. റോഡിൽവച്ചു പ്രസവിക്കാൻ തുടങ്ങിയ ജോൻ മാർപ്പാപ്പയെ ജനക്കൂട്ടം കാലിൽപ്പിടിച്ചു വലിച്ചിഴച്ചുകൊണ്ടുപോയി കല്ലെറിഞ്ഞു കൊന്നുവെന്നാണു മറ്റൊരു കഥ. പ്രൊട്ടസ്റ്റന്റുകാർ ഈ കഥയെ കത്തോലിക്കാസഭയ്ക്കെതിരായ പ്രചാരണത്തിന് ഉപയോഗിച്ചിരുന്നു. പിന്നീടുവന്ന പണ്ഡിതന്മാർ അതു കെട്ടുകഥയാണെന്നു സ്ഥാപിച്ചും ലിയോ നാലാമനുശേഷം ബനഡിക്റ്റ് മൂന്നാമനാണു മാർപ്പാപ്പ ആയതെന്നും അവർക്കിടയിൽ മറ്റൊരു മാർപ്പാപ്പ ഉണ്ടായിരുന്നില്ലെന്നും വാദിച്ചു.

ജോൻ ഓഫ് ആർക്ക് (1412—1431)

ഫ്രാൻസും ഇംഗ്ലണ്ടും തമ്മിൽ നൂറുകൊല്ലം നീണ്ടുനിന്ന യുദ്ധത്തിൽ ഫ്രെഞ്ചുസൈന്യം നേടിയ വിജയത്തിനു കാരണക്കാരി. മ്യൂസ്നദീതീരത്തുള്ള ഡോംറെമിഗ്രാമത്തിൽ ഒരു കർഷകകുടുംബാംഗമായി 1412 ജനുവരി 6-ാം തീയതി ജനിച്ചു. 'ഡോംറെമിയിലെ കന്യക' എന്നു പില്ക്കാലത്ത് പ്രസിദ്ധയായി. ജീനെറ്റ് എന്നായിരുന്നു ബാല്യത്തിലെ പേര്. അച്ഛൻ ജാക്വഡ് ഡി ആർക്ക്; അമ്മ ഇസബെല്ലാ റോമി.



ദൈവത്തിന്റെ വിളി. കുട്ടിയായിരുന്നപ്പോൾ മാതാപിതാക്കന്മാരെ കൃഷിയിലും കാലിമേയ്ക്കുന്നതിലും സഹായിച്ചു. എഴുത്തും വായനയും പഠിച്ചില്ല. സദാ ഈശ്വരചിന്തയിൽ മുഴുകിയിരുന്ന ഈ കുട്ടിക്കു പലപ്പോഴും പല ദർശനങ്ങളുമുണ്ടായിട്ടുണ്ടത്രേ. ഫ്രാൻസിലെ രാജാവിനെ റീഡ്കത്തീഡ്രലിൽവച്ചു കിരീടധാരണം നടത്തണമെന്നും ഇംഗ്ലീഷുകാരിൽനിന്നു ഫ്രാൻസിനെ രക്ഷിക്കണമെന്നും ഈ ദർശനവേളയിൽ ദൈവം തന്നോടു നിർദേശിച്ചു എന്നു ജോൻ പറയാറുണ്ടായിരുന്നു.

1428-ൽ ജോവാന് പതിനാറുവയസ്സുള്ളപ്പോൾ ഫ്രാൻസിലെ രാജ്യാവകാശി(Dauphin) വല്ലാത്ത അവസ്ഥയിലായിരുന്നു. ഇതു മനസ്സിലാക്കി ജോൻ ഫ്രെഞ്ചുസൈനികത്താവളമായ വോകൂലിർസിൽ ചെന്ന് അവിടത്തെ പട്ടാളമേധാവിയെ കണ്ടു. അയാൾ നല്കിയ വാൾ സ്വീകരിച്ച് കുതിരപ്പുറത്തു കയറി (ജനങ്ങൾ സമ്മാനിച്ചതായിരുന്നു ഇത്) രാജാവിനെ കാണാൻ ചിനോൻകോട്ടയിലേക്കു പോയി. ചെമപ്പുനിറമുള്ള വസ്ത്രം മാറ്റി ഒരു പരിചാരകന്റെ വേഷം ധരിച്ചാണ് യാത്രചെയ്തത്. ശത്രുദേശങ്ങളിൽക്കൂടി രാത്രിയിൽ യാത്രചെയ്ത് അപായംകൂടാതെ അവർ ചിനോണിലെത്തി (1429). കുറെ പ്രയാസങ്ങൾക്കുശേഷം രാജാവിനെ കണ്ട് വിവരം അറിയിച്ചു.

ഓർലിയൻസ് യുദ്ധം. നാലായിരം ഭടന്മാരും അലെൻകോണിലെ ഡ്യൂക്കും അസംഖ്യം പുരോഹിതന്മാരും ഈ പെൺകുട്ടിയെ അനുഗമിച്ചു. ഫ്രെഞ്ചുഭടന്മാരിൽ പുതിയ ഒരു ആവേശവും ഉന്മേഷവും ഉണ്ടായി. ദൈവാനുഗ്രഹം തങ്ങൾക്കുണ്ടെന്ന് അവർ വിശ്വസിച്ചു. പല പട്ടണങ്ങളും അവർ കീഴടക്കി. ഒരാഴ്ചയ്ക്കുശേഷം ഓർലിയൻസിലേക്കുള്ള പാലത്തിൽ ഉണ്ടായിരുന്ന ടൂറിലസ് ഗോപുരം ഇംഗ്ലീഷുകാരിൽനിന്നു വീണ്ടെടുത്തു. അതിൽ ഏണിചാരികടന്ന്, മുന്നണിയിൽ നിന്ന് ജോൻ യുദ്ധംചെയ്തു. തോളത്ത് ഒരു ശരമേല്ക്കുന്നതുവരെ അവൾ ഫ്രെഞ്ചുസേനയെ നയിച്ചു. മുറിവു വച്ചുകെട്ടി വീണ്ടും സമരരംഗത്തു വന്നു സൈന്യവുമായി മുന്നേറി. ഫ്രെഞ്ചുസേന ഇംഗ്ലീഷുകാരെ പരാജയപ്പെടുത്തിക്കൊണ്ട്, ടൂറിലസിൽ

പ്രവേശിച്ചു. ഇംഗ്ലീഷ് സൈന്യാധിപനായ ഗ്ലാസ്ഡെയിലും അനുചരന്മാരും, കോട്ടയിലേക്കുള്ള പാലം പിടിച്ചടക്കവേ, കിടങ്ങിൽ വീണു മരിച്ചു. ഇതിനുശേഷം ഓർലിയൻസ് വളഞ്ഞിരുന്ന ഇംഗ്ലീഷ് സൈന്യം പരാജയപ്പെട്ടു പിൻവാങ്ങി.

കിരീടധാരണം. ഫ്രെഞ്ചുരാജാവിന്റെ കിരീടധാരണത്തിന് അദ്ദേഹത്തെ റീംഡിൽ എത്തിക്കാൻ ഇംഗ്ലീഷുകാരുടെ മിത്രമായ ബർഗണ്ടിപ്രഭുവിന്റെ സ്ഥലങ്ങളിൽക്കൂടിവേണം യാത്ര. രാജാവും പരിവാരങ്ങളും ജോനിന്റെ നേതൃത്വത്തിൽ റീംഡിലേക്കു പോകും വഴി പല സ്ഥലങ്ങളും കീഴടക്കി. ജൂലായ് 14-ാം തീയതി രാജാവും സൈന്യവും റീംഡിൽ എത്തി. രണ്ടു ദിവസത്തിനുശേഷം, റീംഡിലെ കത്തീഡ്രലിൽവച്ച് ചാൾസിന്റെ കിരീടധാരണകർമം നിർവഹിച്ചു.

ചാൾസിന്റെ പ്രതീക്ഷയ്ക്കു വിരുദ്ധമായി ബർഗണ്ടിപ്രഭുവിന്റെ സൈന്യം ഇംഗ്ലീഷ്സൈന്യവുമായി യോജിച്ച് മുമ്പു ഫ്രാൻസിനു കീഴടങ്ങിയിരുന്ന കോംപിൻ ആക്രമിച്ചു. ജോൺ വീണ്ടും ഫ്രെഞ്ചുസൈന്യത്തെ നയിച്ചു. 1430 മെയ് 23-ന് കോംപിനിൽവച്ചു നടന്ന യുദ്ധത്തിൽ ജോനിനെ, ശത്രുക്കൾ തടവുകാരിയായി പിടിച്ച് ഇംഗ്ലീഷുകാരെ ഏല്പിച്ചു. ഇംഗ്ലീഷുകാർ അവളെ ദുർമന്ത്രവാദിനിയായി കണക്കാക്കി മതകോടതിയിൽ വിചാരണചെയ്തു ജീവനോടെ ദഹിപ്പിച്ചു.

ഇരുപത്തഞ്ചുവർഷത്തിനുശേഷം ചാൾസ് VII ആ വിധി റദ്ദാക്കി. 1920 മെയ് 16-ാം തീയതി പോപ്പ് ബെനിഡിക്ട് പതിനഞ്ചാമൻ ഈ കന്യകയെ വിശുദ്ധയായി പ്രഖ്യാപിച്ചു. ഫ്രെഞ്ച് പാർലമെന്റ് 1920 ജൂൺ 24-ാം തീയതി അവർക്കുവേണ്ടി ഒരു ദിനം കൊണ്ടാടാനും തീരുമാനിച്ചു.

നാലാങ്കൽ കൃഷ്ണപിള്ള

ജോൺ ക്രാഫോർഡ് (1908—1977)

അമേരിക്കൻ ചലച്ചിത്ര നടി. നർത്തകിയായി ജീവിതം ആരംഭിച്ചു. 1945-ൽ ഏറ്റവും നല്ല നടിക്കുള്ള അക്കാദമി അവാർഡ് നേടി.

1908 മാർച്ച് 23-നു ടെക്സസിലെ സാൻ അന്റോണിയോയിൽ ജനിച്ചു. ലൂസിൽ ലെസ്യൂർ എന്നായിരുന്നു യഥാർഥനാമം. നിശാക്ലബ്ബുകളിലും ബ്രോഡ്‌വേയിലെ സംഗീതനാടകങ്ങളിലും നൃത്തം ചെയ്തശേഷം *ഔവർ ഡാൻസിങ് ഡോട്ടേഴ്സ്* (1928), *ഡാൻസ്, ഫൂൾസ്, ഡാൻസ്* (1931), *ദ ഡാൻസിങ് ലേഡി* (1933) എന്നീ ചലച്ചിത്രങ്ങളിൽ നർത്തകിയായി അഭിനയിച്ചു. *ദ വിമൻ* (1939), *സൂസൻ ആൻഡ് ഗോഡ്* (1940), *സ്ട്രെയ്ൻജ് കാർഗോ* (1940), *എ വുമൺസ് ഫേസ്* (1941) എന്നീ ചിത്രങ്ങളിൽ അഭിനയിച്ചതോടുകൂടി നടി എന്ന നിലയ്ക്ക് അംഗീകാരം നേടി. *മിൽഡ്രഡ് പിയേഴ്സ്* (1945) എന്ന ചിത്രത്തിൽ ഹോട്ടൽ ജോലിക്കാരിയിൽനിന്നു ഹോട്ടലുടമയായി മാറിയ അധികാരഗർവു തികഞ്ഞ കഥാപാത്രത്തെ അവതരിപ്പിച്ചു. *ഹ്യൂമെറസ്ക്* (1947), *സഡെൻ ഫിയർ* (1952), *ദ സ്റ്റോറി ഒഫ് എസ്തർ കാസ്റ്റെല്ലോ* (1957), *വാട്ട് എവർ ഹാപ്പൻഡ് റ്റു ബേബി ജെയ്ൻ* (1962), *ദ കെയർ ടേക്കേഴ്സ്* (1963) തുടങ്ങിയവയാണു ക്രാഫോഡിന്റെ മറ്റു മികച്ച ചിത്രങ്ങൾ.

ചലച്ചിത്രനടൻ ഡഗ്ലസ് ഫെയർബാങ്ക്സ് ആണ് ഇവരുടെ ആദ്യഭർത്താവ് (1929—'33). പിന്നീടു ഫാങ്കോടോൺ (1935-'39), ഫിലിപ് ടെറി (1942-'46) എന്നീ നടന്മാരെയും ജോൺ വിവാഹംചെയ്തു. 1977 മാർച്ച് 10-നു ന്യൂയോർക്കിൽ അന്തരിച്ചു.

ജോൺ ഹിഗ്ഗിൻസ് (1939—1984)

കർണാടകസംഗീതജ്ഞനായ അമേരിക്കൻ പ്രൊഫസർ.

1939 സെപ്റ്റംബർ 18-നു മസച്ച്സെറ്റ്സിലെ ആൻഡോവേറിൽ ജനിച്ചു. വെസ്‌ലേൻ യൂണിവേഴ്സിറ്റിയിൽനിന്നു ചരിത്രത്തിൽ ബി.എ. ബിരുദവും (1962), സംഗീതത്തിൽ എം.എ. ബിരുദവും (1964), നരവംശശാസ്ത്രീയസംഗീതത്തിൽ ഡോക്റ്ററേറ്റും (1973) നേടി. ഭരതനാട്യം കാണുകയും കർണാടകസംഗീതക്കച്ചേരികൾ കേൾക്കുകയും ചെയ്ത ജോൺ അവയിൽ ആകൃഷ്ടനായി. ദക്ഷിണേന്ത്യൻസംഗീതത്തെക്കുറിച്ചു കൂടുതൽ പഠിക്കാൻ ഫുൾബ്രൈറ്റ് സ്കോളർഷിപ്പോടുകൂടി മദിരാശിയിൽ എത്തി. പുല്ലാങ്കുഴൽ വിദ്വാൻ ടി. വിശ്വനാഥൻ, രാമനാട് കൃഷ്ണൻ തുടങ്ങിയവരിൽനിന്നു കർണാടകസംഗീതം അഭ്യസിച്ചു. ഏതാനും വർഷങ്ങൾക്കകം സംഗീതക്കച്ചേരി നടത്താനുള്ള പാടവം ആർജിച്ചു. 1965-ൽ തിരുവയ്യാറിലെ ത്യാഗരാജാരാധനാമഹോത്സവത്തിൽ പങ്കെടുത്തു. ദക്ഷിണേന്ത്യയിലും യു.എസ്സിലും സംഗീതപരിപാടികൾ നടത്തി (ടോറന്റോ). 1971-'78 കാലയളവിൽ യോർക്ക് യൂണിവേഴ്സിറ്റിയിൽ സംഗീതത്തിന്റെ പ്രൊഫസ്സർ ആയിരുന്നു. തുടർന്ന് ആറുവർഷം വെസ്‌ലേൻ യൂണിവേഴ്സിറ്റിയിലെ സംഗീതപ്രൊഫസ്സറും ആർട്സെന്റർ ഡയറക്റ്ററും ആയി സേവനം അനുഷ്ഠിച്ചു. 1984 ഡിസംബർ 7-ന് ഒരു വാഹനഅപകടത്തിൽ മരിച്ചു.

ജോഫർ, ജോസഫ് (1852—1931)

ഒന്നാം ലോകയുദ്ധത്തിൽ ഫ്രെഞ്ചുസേനയുടെ കമാൻഡർ ഇൻ ചീഫ്. 1852 ജനുവരി 12-നു ജനിച്ചു. (ഫ്രെഞ്ച് ഉച്ചാരണം ഷോസഫ് ഷോഫ്റ്). 1911 ജൂലൈയിൽ ചീഫ് ഒഫ് ജനൽ സ്റ്റാഫായി. ജെർമനിയുടെ ആക്രമണം (1914) ഫ്രാൻസിനെ നടുക്കിയ ഘട്ടത്തിൽ, പരാജയങ്ങൾക്കു നടുവിൽ ധീരമായും പതറാതെയും ജോഫർ ഉറച്ചുനിന്നു. അവസാനം മാർണെ (Marne) യുദ്ധത്തിൽ (സെപ്റ്റംബർ 6) ജോഫർ ഏല്പിച്ച തിരിച്ചടി ജെർമൻ സേനയെ ഛിന്നഭിന്നമാക്കി. ജോഫറിന്റെ കീർത്തി പരന്നു.

1915—'16-ൽ ഫ്രാൻസിന്റെ പരാജയങ്ങളും, രാഷ്ട്രീയക്കുഴപ്പവും എല്ലാംകൂടി ജോഫറിന്റെ വിലയിടിച്ചു. സർവസൈന്യാധിപനെന്ന സ്ഥാനം മാറ്റി ഇദ്ദേഹത്തെ ഗവൺമെന്റിന്റെ 'സാങ്കേതികോപദേഷ്ടാവാ'ക്കി (1916 ഡിസംബർ 13). ജോഫർ രാജിവച്ചുവെങ്കിലും പിന്നീട് ഇദ്ദേഹത്തെ മാർഷലാക്കി ഉയർത്തി. പിന്നീടു യു.എസ്സിൽ ഫ്രെഞ്ചുമിഷന്റെ തലവനായി. 1931 ജനുവരി 4-നു പാരീസിൽവച്ചു മരിച്ചു. രണ്ടു വാല്യങ്ങളുള്ള 'സ്മരണകൾ' 1932-ൽ പ്രസിദ്ധപ്പെടുത്തി.

ജോയ് ചെറിയാൻ, ഡോ. (1942—)

യു.എസ് ഗവൺമെന്റിൽ ഈക്വൽ എംപ്ലോയ്മെന്റ് ഓപ്പർച്യൂണിറ്റി കമ്മീഷണർ എന്ന സ്ഥാനം വഹിക്കുന്ന മലയാളി നിയമജ്ഞൻ. ഇത്രയും സമുന്നതപദവിയിൽ അവിടെ നിയമിക്കപ്പെട്ട ആദ്യത്തെ കേരളീയൻ.

1942 മെയ് 18-ന് പെരുമാന്നൂരിൽ (കൊച്ചി) ജനിച്ചു. കേരളസർവകലാശാല, കൊച്ചി സയൻസ് ആൻഡ് ടെക്നോളജി യൂണിവേഴ്സിറ്റി, മദിരാശി സർവകലാശാല എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. ശാസ്ത്രത്തിലും, നിയമത്തിലും ഉന്നതബിരുദങ്ങൾ നേടി. വാഷിങ്ടണിലെ കാത്തലിക് യൂണിവേഴ്സിറ്റിയിൽനിന്ന് ഇന്റർനാഷണൽ ലോയിൽ ഡോക്റ്ററേറ്റ് സമ്പാദിച്ചു. ഇന്ത്യൻ-അമേരിക്കൻ ഫോറം സ്ഥാപിക്കുന്നതിനു നേതൃത്വം നല്കി. യു.എസ് കൗൺസിൽ ഒഫ് ലൈഫ് ഇൻഷുറൻസിന്റെ ഇന്റർനാഷണൽ ഇൻഷുറൻസ് വിഭാഗം ഡയറക്റ്റർ, ഇന്റർനാഷണൽ എംപ്ലോയ്മെന്റ് ലോ കമ്മിറ്റി ചെയർമാൻ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചു. 1987-ൽ ഈക്വൽ എംപ്ലോയ്മെന്റ് ഓപ്പർച്യൂണിറ്റി കമ്മീഷണർ ആയി താത്കാലികാടിസ്ഥാനത്തിൽ ചുമതലയേറ്റു. അടുത്തവർഷം യു.എസ്. സെനറ്റ് ഈ നിയമനം അംഗീകരിച്ചു. അഞ്ചുവർഷത്തേക്കാണ് ഈ നിയമനം.

ജോയ്സ്, ജെയിംസ് (1882—1941)

ഐറിഷ് നോവലിസ്റ്റ്. ഡബ്ലിനിൽ ഒരു കത്തോലിക്കനായി ജനിച്ചു. കോളെജ് വിദ്യാഭ്യാസത്തിനുശേഷം നാടുവിട്ടു. ശേഷിച്ച ജീവിതം നയിച്ചത് ഏറിയകൂറും പാരീസിലും സ്വിറ്റ്സർലൻഡിലുമായിരുന്നു. *എ പോർട്രെയ്റ്റ് ഒഫ് ദി ആർട്ടിസ്റ്റ് അസ് എ യങ് മൻ* എന്ന നോവലാണ് ഇദ്ദേഹത്തിന്റെ ആദ്യത്തെ മുഖ്യകൃതി. സുന്ദരമായ ഗദ്യത്തിൽ രചിച്ച ആത്മകഥാപരമായ ഒരു നോവലാണ് ഇത്. ഡബ്ലിനിലെ നഗരജീവിതത്തോടും പുരോഹിതന്മാരോടും ഇദ്ദേഹത്തിനുള്ള അമർഷവും പുച്ഛവും ഇതിൽ പ്രതിഫലി



ക്കുന്നു. 1922-ൽ പാരീസിൽ പ്രസിദ്ധപ്പെടുത്തിയ *യൂളീസിസ്സാണ്* ജോയ്സിൻെറ ഏറ്റവും പ്രധാനപ്പെട്ട നോവൽ. 24 മണിക്കൂറിനുള്ളിൽ (1904 ജൂൺ 16-ാം തീയതി എന്ന ദിവസം) ലിയോപ്പോൾഡ് ബ്ലൂം എന്ന കഥാപാത്രത്തിൻെറ മനസ്സിലൂടെ കടന്നുപോകുന്ന വിചാരധാരകളാണ് (ഈ നൂറ്റാണ്ടിലെ 'യൂളീസിസ്സാ'ണ് ബ്ലൂം) ഇതിൽ പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്. ദൈനംദിന ജീവിതത്തിലെ അതിസാധാരണമായ സംഭവങ്ങൾക്ക് ആഴമുള്ള അർഥതലങ്ങളുണ്ടെന്നു കാണിക്കുകയാണ് ജോയ്സ് ഈ നോവലിലൂടെ ചെയ്തത്. ഇതിൽ ആധുനികജീവിതത്തിൻെറ ഏകാന്തതാബോധം ശരിക്കും പ്രതിഫലിച്ചിട്ടുണ്ട്. 'ബോധധാരാരീതി'യുടെ ആദ്യകാല പ്രണേതാക്കളിൽ ജോയ്സ് പ്രമുഖസ്ഥാനം വഹിക്കുന്നു. പരമ്പരാഗതമായ പദവാക്യഘടനകളെയും ചിഹ്നനസമ്പ്രദായങ്ങളെയും ധിക്കരിച്ചുകൊണ്ട് വിപ്ലവകരമായ ഒരു ശൈലി ഇദ്ദേഹം പ്രചരിപ്പിച്ചു. പല പുതിയ വാക്കുകളുടെയും ശൈലികളുടെയും ഉപജ്ഞാതാവുകൂടിയാണ് ഇദ്ദേഹം. ഇതേ കാരണംകൊണ്ടുതന്നെ ഇദ്ദേഹത്തിൻെറ *ഫിന്നീഗൻസ് വേക്* (Finnegan's Wake) സാധാരണ വായനക്കാർക്ക് കുടുതൽ ദുർഗ്രഹമാണ്. ഒരു ഗ്രാമഫോൺ റെക്കാർഡിൻെറ ചാക്രികഘടനയാണ് ഈ കൃതിക്കുള്ളത്.

ഡബ്ലിനേഴ്സ് (ചെറുകഥാസമാഹാരം), *ചേംബർമ്യൂസിക്* (കവിതാസമാഹാരം), *എക്സൈൽസ്* (നാടകം) എന്നിവയാണു മറ്റുകൃതികൾ. 1941 ജനുവരി 13-ന ജോയ്സ് സുറിച്ചിൽവച്ച് നിര്യാതനായി. മരണശേഷം, 20-ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ സാഹിത്യകാരന്മാരിൽ ഒരാളായി അംഗീകരിക്കപ്പെട്ടു. 'യൂളീസിസ്സി'ൻെറ ഒടുവിൽ കൊടുത്തിട്ടുള്ള 50 പേജ് വരുന്ന സ്വഗതഭാഷണം (മോളി ബ്ലൂമിൻേറത്) വളരെയധികം അഭിനന്ദനത്തിനും വിമർശനത്തിനും പാത്രമായി. 'ഫിന്നീഗൻസ്‌വേ'ക്കിലെ 'Yung and Freudened'ഉം മറ്റും ജോയ്സിൻെറ ശൈലിക്ക് ഉദാഹരണമാണ്.

ജോയിൻറ് സ്റ്റോക്ക് കമ്പനി

† കമ്പനിനിയമം നോക്കുക

ജോർജ് I (1660-1727)

ഇംഗ്ലണ്ടിലെയും അയർലൻഡിലെയും രാജാവ്. ഇദ്ദേഹം സാക്സണിലെ ഇലക്ടർ ഏർണസ്റ്റ് അഗസ്റ്റസിൻെറ മകനാണ്. ജോർജ് ലൂയി എന്നും അറിയപ്പെട്ടിരുന്നു. ഇംഗ്ലണ്ടിലെ ജെയിംസ് ഒന്നാമൻെറ പൗത്രി സോഫിയാ രാജകുമാരിയാണ് അമ്മ. 1701-ലെ ആക്ട് ഓഫ് സെറ്റിൽമെൻറനുസരിച്ചാണ് ഹാനോവർ വംശത്തിന് ബ്രിട്ടീഷ് പാർലമെൻറ് രാജ്യാവകാശം നല്കിയത്. മാൾബറോ പ്രഭുവിനെ പല യുദ്ധങ്ങളിലും ജോർജ് സഹായിച്ചിട്ടുണ്ട്. 1714-ൽ സോഫിയായും ആനി രാജ്ഞിയും മരിച്ചതോടെ ഹാനോവർവംശജനായ ഇദ്ദേഹത്തിനു ബ്രിട്ടീഷ് കിരീടം' ലഭിച്ചു. ഒരു പ്രൊട്ടസ്റ്റൻറുകാരനായതുകൊണ്ട് കത്തോലിക്കരുടെ എതിർപ്പു നേരിടേണ്ടിവന്നു. 1715-ലെ ജേക്കോബൈറ്റ് ലഹളയ്ക്കു ശേഷം ഹാനോവർ വംശത്തിനു വലിയ വെല്ലുവിളികൾ നേരിടേണ്ടിവന്നില്ല. ഇംഗ്ലീഷ് ഭാഷ വശമില്ലാതിരുന്ന ജോർജ് രാജാവ് മന്ത്രിസഭയിൽ ആധ്യക്ഷം വഹിച്ചിരുന്നില്ല. ഇംഗ്ലണ്ടിലെ ആദ്യത്തെ പ്രധാനമന്ത്രിയാക്കിത്തീർത്ത സാഹചര്യങ്ങളിലൊന്ന് ഇതാണെന്നു പറയുന്നു. തൻെറയും ജെർമൻ അനുയായികളുടെയും മടിശ്ശീല വീർപ്പിക്കാനും ഹാനോവർവംശത്തിൻെറ പ്രശസ്തിക്കു മകുടം ചാർത്താനുമല്ലാതെ ഇംഗ്ലണ്ടു ഭരിക്കാനോ ഇംഗ്ലീഷുകാരെ മനസ്സിലാക്കാനോ ഇദ്ദേഹം താത്പര്യം കാണിച്ചിരുന്നില്ല.



ജോർജ് I
(ലണ്ടനിലെ
നാഷണൽ
പോർട്രെയ്റ്റ്
ഗാലറിയിലെ
ഛായാചിത്രം)

ജോർജ് II (1890—1947)

ഗ്രീസിലെ രാജാവ്. ഇദ്ദേഹം കോൺസ്റ്റൻറീനിൻെറ മൂത്ത മകനായിരുന്നു. ഇദ്ദേഹത്തെ രണ്ടു തവണ ഗ്രീക്ക് ജനത സ്ഥാനഭ്രഷ്ടനാക്കിയിട്ടുണ്ട്. 1936-ലെ ജനഹിതപരിശോധന ഇദ്ദേഹത്തിന് അനുകൂലമായിരുന്നതുകൊണ്ടു ജോർജ് ഏഥൻസിൽ മടങ്ങിവന്നു. വീണ്ടും രാജാവായി. രണ്ടാം ലോകയുദ്ധത്തിൽ അച്ചുതണ്ടുശക്തികളുടെ പക്ഷം ചേർന്ന ജോർജിനു പരാജയം പിണഞ്ഞതോടെ നാടുവിടേണ്ടിവന്നു. 1946-ലെ ജനഹിതപരിശോധന ഇദ്ദേഹത്തിന് അനുകൂലമായിരുന്നുവെങ്കിലും ഗ്രീസിൽ മടങ്ങിയെത്തി, ഏതാനും മാസങ്ങൾക്കുള്ളിൽ മരിച്ചു.

ജോർജ് III (ജോർജ് ഫ്രെഡറിക്ക് വില്യം 1738—1820)

ജോർജ് രണ്ടാമൻെറ പൗത്രനായ ഇംഗ്ലീഷ് രാജാവ്. അച്ഛൻ ചെറുപ്പത്തിലേ മരിച്ചതുകൊണ്ട് അമ്മയുടെ മേൽനോട്ടത്തിലാണു വിദ്യാഭ്യാസം ലഭിച്ചത്. പാർലമെൻറിനുവിധേയമായ മന്ത്രിസഭ ഭരണാധികാരങ്ങൾ കൈയടക്കിയിരുന്ന ഇക്കാലത്ത് 'രാജകല' പഠിപ്പിച്ചിരുന്ന അമ്മറാണിയുടെ ആവർത്തിച്ചുള്ള ഉപദേശം 'ജോർജ് ഒരു യഥാർഥ രാജാവാകുവാൻ നോക്കു' എന്നതായിരുന്നു. രാജ്യസ്നേഹിയായ



രാജാവ് (Patriot King) എന്ന ബോളിങ് ബ്രോക്കിന്റെ രാഷ്ട്രമീമാംസ രാജകുമാരൻ ഹൃദിസ്ഥമാക്കിയിരുന്നു. സ്വേച്ഛാധിപതികൾക്കു മാർഗദർശനം നല്കുന്ന ഒരു ഗ്രന്ഥമായിരുന്നു അത്.

1760-ലാണു ജോർജ് മൂന്നാമന്റെ കിരീടധാരണം നടന്നത്. പാർലമെന്റിൽ ഭൂരിപക്ഷത്തിന്റെ പിന്തുണ ലഭിക്കുന്ന കക്ഷിനേതാക്കന്മാരെ പ്രധാനമന്ത്രിമാരാക്കുകയെന്ന കീഴ്‌വഴക്കം ഇദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. മന്ത്രിമാർ രാജാവിന്റെ ഇച്ഛാനുവർത്തികളായിരിക്കണം എന്നും അവരെ നിയമിക്കാനും പിരിച്ചുവിടാനും ഉള്ള പൂർണാധികാരം രാജാവിനു മാത്രമാണെന്നും ജോർജ് വിശ്വസിച്ചു.

ഇദ്ദേഹത്തിന്റെ ആദ്യത്തെ പ്രധാനമന്ത്രി ഗുരുനാഥന്മാരിൽ ഒരാളായ ബ്യൂട്ട് പ്രഭുവായിരുന്നു. ബ്യൂട്ടിന്റെ പിൻഗാമിയായ നോർത്ത് പ്രഭുവിന്റെ കാലത്താണ് അമേരിക്കൻ കോളണികളിൽ ബ്രിട്ടന് എതിരായുള്ള കോളിളക്കങ്ങൾ ആരംഭിച്ചത്. മർക്കടമുഷ്ടിക്കാരനായ ജോർജിന്റെയും അദ്ദേഹത്തിന്റെ ചൊൽപ്പടിക്കുനിന്ന മന്ത്രിമാരുടെയും കർക്കശനടപടികളും കർശനനിയമങ്ങളും അപലപനീയനയങ്ങളുമാണ് അനുരഞ്ജനത്തിനു തയ്യാറായ കോളണികളെ ഇംഗ്ലണ്ടിനെതിരായി ആയുധമെടുക്കാൻ നിർബന്ധിച്ചത്.

1783-ൽ ജോർജ് വില്യംപിറ്റിനെ പ്രധാനമന്ത്രിയാക്കിയതാണ് ഒരു പക്ഷേ, ഇദ്ദേഹം പ്രജകൾക്കു നല്കിയ ഏറ്റവും വലിയ സേവനം. 1788-ൽ ഉന്മാദം ബാധിച്ച രാജാവിന്റെ നില നാൾതോറും മോശമായി. ഫ്രെഞ്ചുവിപ്ലവം ആരംഭിച്ച കൊല്ലമാണ് ഇദ്ദേഹം രോഗവിമുക്തനായത്. രാജവാഴ്ച അവസാനിപ്പിച്ച ഫ്രെഞ്ചുറിപ്പബ്ലിക്കിന്റെ പ്രതീക്ഷയ്ക്കു വിപരീതമായ പ്രത്യാഘാതങ്ങളാണ് ഇംഗ്ലണ്ടിൽ ഉണ്ടായത്. രാജാവു രാഷ്ട്രത്തിന്റെ പ്രതീകമായിത്തീർന്നു. പിറ്റിന്റെ നേതൃത്വത്തിൽ ഇംഗ്ലണ്ട് ഫ്രാൻസുമായി പൊരുതി ജയിച്ചു.

1810-ൽ ഏറ്റവും ഇളയ പുത്രി അമിലിയാരാജകുമാരി മരിച്ചതോടെ ജോർജിനു വീണ്ടും മാനസികരോഗം പിടിപെട്ടു. മുഴുഭ്രാന്തനും കുരുടനുമായ ഇദ്ദേഹത്തിന്റെ വാഴ്ച അക്കൊല്ലം അവസാനിച്ചുവെന്നു പറയാം. പിന്നീടു ജോർജിന്റെ മരണംവരെ റീജൻറാണ് ഭരണം നടത്തിയിരുന്നത്.

ജോർജ് IV (ജോർജ് അഗസ്റ്റസ് ഫ്രെഡറിക് 1762—1830)

ജോർജ് മൂന്നാമന്റെ മൂത്ത മകനായ ഇംഗ്ലീഷ് രാജാവ്. സെൻറ് ജെയിംസ് കൊട്ടാരത്തിൽ ജനിച്ചു. പിതാവിനെ പരോക്ഷമായി എതിർക്കാൻ ഇദ്ദേഹം കൊട്ടാരത്തിലെ നിയന്ത്രണങ്ങൾക്കു വിധേയനായില്ല. ലണ്ടൻ നഗരിയിൽ സുന്ദരിമാരോടുകൂടി നടന്നു പണം ധൂർത്തടിച്ച ജോർജ് പിതാവുമായി കലഹിച്ചു പ്രതിപക്ഷത്തു ചേർന്നു. നിലവിലുണ്ടായിരുന്ന നിയമങ്ങൾ ലംഘിച്ച് ഇദ്ദേഹം മരിയാ ഫിറ്റ്സ് ഹെർബർട്ട് എന്ന ഒരു കത്തോലിക്കാവനിതയെ രഹസ്യമായി വിവാഹംചെയ്തു. രണ്ടുപ്രാവശ്യം വിവാഹിതയായിരുന്നു ഈ സ്ത്രീ. 1795-ൽ ജോർജ് ബ്രൺസ്‌വിക്കിലെ കരോളിൻ രാജകുമാരിയെ കല്യാണം കഴിച്ചു. പക്ഷേ, ഇവരുടെ ഏകപുത്രിയായ ഷാർലോട്ട് ജനിച്ച് ഏതാനും ദിവസം കഴിയുന്നതിനുമുമ്പ് ഈ ബന്ധം അവസാനിപ്പിച്ചു. 1811 മുതൽ 1820-ൽ ജോർജ് മൂന്നാമൻ മരിക്കുന്നതുവരെ ഇദ്ദേഹം റീജൻറായിരുന്നു. പിതാവിനെ തുടർന്നു രാജാവായ ഉടനെ ജോർജ് പരിത്യക്തയായ കരോളിൻ രാജ്ഞിയുമായി പരോക്ഷമായ ഒരു വിവാദത്തിലേർപ്പെട്ടു. ദുർമാർഗിയും ധൂർത്തനുമായ രാജാവിനു ദിനംപ്രതി ജനസമ്മതി നഷ്ടപ്പെട്ടു. 1817-ൽ പാർലമെൻറുമന്ദിരത്തിലേക്കു പോകുന്ന വഴി ജനങ്ങൾ ഇദ്ദേഹത്തെ കല്ലെറിഞ്ഞു. രാജ്ഞിയുടെ അവകാശങ്ങൾ ഇല്ലാതാക്കുവാൻ അവതരിപ്പിച്ച ഒരു ബിൽ പുറംതള്ളപ്പെട്ടു.

ജോർജ് നാലാമന്റെ പത്തുവർഷത്തെ വാഴ്ചക്കാലത്തിനിടയിൽ ഇംഗ്ലണ്ടിലെ രാഷ്ട്രീയകാര്യങ്ങളിൽ രാജാവിനു യാതൊരു സ്വാധീനവും ചെലുത്തുവാൻ കഴിഞ്ഞില്ല. ഇദ്ദേഹത്തിന്റെ പുത്രി ഷാർലോട്ട് രാജകുമാരി പില്ക്കാലത്തു ബൽജിയത്തിലെ രാജാവായി തിരഞ്ഞെടുക്കപ്പെട്ട ലിയോപോളിനെ വിവാഹംകഴിച്ചു.

ജോർജ് V (ജോർജ് ഫ്രെഡറിക് ഏണസ്റ്റ് ആൽബർട്ട്‌ 1865—1936)

ബ്രിട്ടീഷ് രാജാവും ഇന്ത്യാചക്രവർത്തിയും. എഡ്വേഡ് ഏഴാമന്റെ പുത്രൻ. മാൾബറൊംഹൗസിൽ ജനിച്ചു. രാജകീയ നാവികപ്പടയിൽ ഏറെക്കാലത്തെ പ്രശസ്തസേവനത്തിനുശേഷം 1901 നവംബറിൽ ജോർജ് കിരീടാവകാശിയായി. 1910 മെയ് 6-ാംതീയതിയാണ് അച്ഛനെ പിന്തുടർന്നു രാജാവായത്. അടുത്ത വർഷം അവസാനത്തിൽ ജോർജ് ഇന്ത്യ സന്ദർശിച്ചു. ഭാരതം സന്ദർശിച്ച ആദ്യത്തെ ആംഗലചക്രവർത്തിയാണ് ഇദ്ദേഹം. കൽക്കത്തയിൽനിന്നു ദില്ലിയിലേക്ക് ബ്രിട്ടീഷ് ഇന്ത്യയുടെ തലസ്ഥാനം മാറ്റിയത് ഇദ്ദേഹത്തിന്റെ ദില്ലി ഡർബാറിനു ശേഷമാണ്.

ഒന്നാം ലോകയുദ്ധകാലത്തു ജോർജും റാണി വിക്റ്റോറിയാമേരിയും ജനങ്ങളോടൊപ്പം എല്ലാ സമരസംരംഭങ്ങളിലും പങ്കെടുത്തിരുന്നു. ഇദ്ദേഹത്തിന്റെ കാലത്താണ് അയർലൻഡ് (1922) സ്വതന്ത്രമായതും ബ്രിട്ടനിലെ ആദ്യത്തെ തൊഴിലാളികക്ഷിമന്ത്രിസഭ (1924) നിലവിൽ വന്നതും. 1926-ലെ പൊതുപണിമുടക്ക്, 1931-ലെ ലോകവ്യാപകമായ സാമ്പത്തികത്തകർച്ച, 1935-ലെ ഇന്ത്യയുടെ ഭരണഘടന ഇവയ്ക്കെല്ലാം ജോർജ് അഞ്ചാമൻ സാക്ഷ്യംവഹിച്ചിട്ടുണ്ട്.

ജോർജ് VI (ആൽബർട്ട് ഫ്രെഡറിക് ആർതർ ജോർജ് 1895—1952)

ജോർജ് അഞ്ചാമന്റെ രണ്ടാമത്തെ പുത്രനായ ഇംഗ്ലീഷ് രാജാവ്. ഇദ്ദേഹം സാൻഡ്രിംഗ്ഹാം കൊട്ടാരത്തിൽ ജനിച്ചു. രാജകീയ നാവിക കോളെജ്, കേംബ്രിജിലെ ട്രിനിറ്റി കോളെജ് എന്നിവിടങ്ങളിൽനിന്നാണു വിദ്യാഭ്യാസം പൂർത്തിയാക്കിയത്. 1916-ലെ ജെറ്റ്ലൽഡു യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ട്. 1923-ൽ എലിസബത്ത് എഞ്ചലാ മാർഗ്വാരറ്റായെ വിവാഹംകഴിച്ചു. രണ്ടുപേരും ബ്രിട്ടീഷ്സാമ്രാജ്യത്തിൽപ്പെട്ട പല രാജ്യങ്ങളിലും പര്യടനം നടത്തി. 1936 ഡിസംബർ 10-ാംതീയതി ജ്യേഷ്ഠനായ എഡ്വേർഡ് എട്ടാമന്റെ സ്ഥാനത്യാഗത്തെത്തുടർന്നു ബ്രിട്ടീഷ് രാജാവായി. 1939 ജൂണിൽ ഇദ്ദേഹവും രാജ്ഞിയും കാനഡ, അമേരിക്ക, ന്യൂഫൗണ്ട്ലൻഡ് എന്നിവിടങ്ങളിൽ പര്യടനം നടത്തി. വാഴ്ചക്കാലത്തു യു.എസ്. സന്ദർശിച്ച ആദ്യത്തെ ബ്രിട്ടീഷ് രാജാവാണു ജോർജ് ആറാമൻ.

രണ്ടാം ലോകയുദ്ധകാലത്ത് ഇദ്ദേഹംമുന്നണികൾ കൂടെക്കൂടെ സന്ദർശിച്ചിരുന്നു. സാധാരണക്കാരുടെ ക്ലേശങ്ങളിലും സമരസംരംഭങ്ങളിലും പങ്കുകൊണ്ടു. തെക്കെ ആഫ്രിക്ക സന്ദർശിച്ച ആദ്യത്തെ ബ്രിട്ടീഷ് രാജാവും ഇദ്ദേഹമാണ്. 1947-ൽ ഇന്ത്യ സ്വതന്ത്രമായതോടെ 'ഇന്ത്യാചക്രവർത്തി' എന്ന പദവി നഷ്ടപ്പെട്ടു. 1952 ഫെബ്രുവരി 6-ാം നു സൻഡ്രിങ്ങാംകൊട്ടാരത്തിൽവച്ചു നിര്യാതനായി.

ജോർജ് ഇരുമ്പയം (1938 —)

മലയാള നിരൂപകൻ. 1938 ഡിസംബർ 19-നു തലയോലപ്പറമ്പിൽ ജനിച്ചു. കേരളസർവകലാശാലയിൽനിന്ന് 1963-ൽ മലയാളം എം.എ. ഒന്നാംക്ലാസിൽ ഒന്നാംറാങ്കോടെ പാസായി. 1965-ൽ ഇംഗ്ലീഷിലും 1987-ൽ ഗാന്ധിയൻ ചിന്തയിലും (മധുര കാമരാജ് സർവകലാശാല) എം.എ. ബിരുദമെടുത്തു. 19-ാംനൂറ്റാണ്ടിലെ മലയാള നോവലിനെക്കുറിച്ചുള്ള ഗവേഷണപ്രബന്ധത്തിന് 1981-ൽ കാലിക്കറ്റ് സർവകലാശാലയിൽനിന്നു ഡോക്ടറേറ്റ് ലഭിച്ചു. ഇപ്പോൾ എറണാകുളം മഹാരാജാസ് കോളെജിൽ മലയാളവകുപ്പിന്റെ തലവനാണ്.

മഗ്ദലനമറിയവും വള്ളത്തോൾ കവിതയും, മലയാളനോവൽ 19-ാംനൂറ്റാണ്ടിൽ, കാട്ടാളരിൽ കാപ്പിരി കാമദേവൻ എന്നിവയാണു ജോർജിന്റെ പ്രധാന നിരൂപണഗ്രന്ഥങ്ങൾ. *അറബിക്കടലിലെ കേരളം, ഉത്തരേന്ത്യൻ നഗരങ്ങൾ, പശ്ചിമേന്ത്യൻ ദൃശ്യങ്ങൾ* എന്നിങ്ങനെ മൂന്നു യാത്രാവിവരണങ്ങൾ, ഒരു കവിതാസമാഹാരം എന്നിവയും ഇദ്ദേഹത്തിന്റെ സംഭാവനകളായിട്ടുണ്ട്. ഇവയ്ക്കു പുറമേ പലരുടെയും ലേഖനങ്ങൾ അടങ്ങുന്ന ചില ഗ്രന്ഥങ്ങളും ചില പ്രാചീന കൃതികളും എഡിറ്റ്ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ജോർജ് എലിയട്ട് (1819—'80)

ഇംഗ്ലീഷ് നോവലെഴുത്തുകാരി. യഥാർഥനാമം മേരി ആൻ ഇവാൻസ്. ഇംഗ്ലീഷ് നോവൽസാഹിത്യത്തിൽ, മാനസികവിശ്ലേഷണരീതിക്ക് ആദ്യമായി പ്രചാരം നേടിക്കൊടുത്തത് ജോർജ് എലിയട്ടാണ്. ഹെന്റി ജെയിംസ്, ജെയിംസ് ജോയ്സ് തുടങ്ങിയവർ പ്രതിനിധാനം ചെയ്യുന്ന 'പുതിയ' നോവലിനും സ്കോട്ട്,ഡിക്കൻസ് തുടങ്ങിയവരെക്കുറിച്ച് ഓർക്കുമ്പോൾ നമ്മുടെ മനസ്സിൽവരുന്ന പഴയ മട്ടിലുള്ള നോവലിനും ഇടയിലുള്ള കണ്ണിയാണു ജോർജ് എലിയട്ട്.

വാറിക്ക്ഷയറിലെ ആർബറിയിൽ ജനിച്ചു. അച്ഛൻ അവിടെ ഒരു എസ്റ്റേറ്റിന്റെ മാനേജരായിരുന്നു. മേരിക്ക് പതിനേഴു വയസ്സായപ്പോൾ അമ്മ മരിച്ചു. മതാചാരാനുഷ്ഠാനങ്ങളുടെ കാര്യത്തിൽ വളരെ കർശനമായ നിലപാടാണ് അച്ഛന് ഉണ്ടായിരുന്നത്. മേരി കുട്ടിക്കാലത്തുതന്നെ ഇറ്റാലിയൻ, ഗ്രീക്ക്, ജെർമൻ, ലാറ്റിൻ എന്നീ ഭാഷകളിൽ പ്രാവീണ്യം നേടി. സ്വതന്ത്ര ചിന്താഗതിക്കാരിയായിരുന്നു. ക്രൈസ്തവ ധാർമികതത്ത്വസംഹിത ഇവരുടെ കൃതികളെ ഗണ്യമായി സ്വാധീനിച്ചിട്ടുണ്ട്; പക്ഷേ, ക്രൈസ്തവ മതവിശ്വാസങ്ങൾ ഇവർക്കു സ്വീകാര്യമായിരുന്നില്ല. ആദ്യത്തെ കൃതി ജെർമൻ മതപണ്ഡിതനായ ഡേവിഡ് സ്ട്രാസ്സ് (1808—'74) രചിച്ച *ദാസ് ലെബെൻ ജേസു* (ക്രിസ്തുവിന്റെ ജീവിതം) എന്ന ബൃഹത്തായ ജെർമൻഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് വിവർത്തനമാണ്.

1849-ൽ അച്ഛൻ മരിച്ചശേഷം മേരി ഇവാൻസ് ഒരു വർഷത്തോളം ജെനീവയിലായിരുന്നു. വൈകാരികമായി അത്യധികം അസ്വസ്ഥമായ ജീവിതമാണ് ഇക്കാലത്ത് ഇവർ നയിച്ചിരുന്നത്. എങ്കിലും അതൊന്നും കർമകുശലതയെ ബാധിച്ചില്ല. 1851-54 കാലത്ത് 'വെസ്റ്റ്മിൻസ്റ്റർ റിവ്യൂ' എന്ന ആനുകാലികപ്രസിദ്ധീകരണത്തിന്റെ അസിസ്റ്റന്റ് എഡിറ്ററായിരുന്നു മേരി. ഇതിനകം പത്രപ്രവർത്തകനായ ലൂയിസ്സും മേരിയും തമ്മിൽ അഗാധമായ ഹൃദയബന്ധം വളർന്നുകഴിഞ്ഞു. ലൂയിസ്സിന്റെ ഭാര്യ ഒന്നിലധികം പ്രാവശ്യം അദ്ദേഹത്തെ വഞ്ചിക്കുകയും കുടുംബജീവിതം തകർക്കുകയും ചെയ്തപ്പോൾ, മേരി ആൻ അദ്ദേഹത്തിന്റെ ഭാര്യാപദം സ്വീകരിച്ചു. നിയമപ്രകാരം ലൂയിസ്സിനു വിവാഹമോചനം കിട്ടാൻ സാധ്യതയില്ലായിരുന്നു. അതുകൊണ്ടു വിക്റ്റോറിയൻ സദാചാരസംഹിതയെ വെല്ലുവിളിച്ചുകൊണ്ടാണ് അദ്ദേഹവും മേരിയും ജീവിതം നയിച്ചത്. ലൂയിസ്സിന്റെകൂടെ താമസിച്ചകാലത്താണു മേരി തന്റെ എല്ലാ നോവലും രചിച്ചത്. 1878-ൽ ലൂയിസ്സ് മരിച്ചു; ഏകാന്തജീവിതം മടുത്ത മേരി 1880-ൽ തന്നെക്കാൾ ഇരുപത്തിയൊന്നു വയസ്സു പ്രായംകുറവുള്ള ജെ.ഡബ്ല്യൂ. ക്രോസ്സിനെ വിവാഹം ചെയ്തു. ആ വർഷംതന്നെ മേരി മരിച്ചു.

1858-ൽ നാല്പതാംവയസ്സിലാണു ജോർജ് എലിയട്ടിന്റെ *സീൻസ് ഫ്രം ക്ലെറിക്കൽ ലൈഫ്* എന്ന ആദ്യത്തെ കഥാപുസ്തകം പുറത്തിറങ്ങിയത്. ലൂയിസ്സിന്റെ സ്നേഹപൂർവമായ നിർബന്ധത്തിനു വഴങ്ങിയാണു ഇവർ നോവൽ എഴുതിയത്. നോവൽരചനയെ സംബന്ധിച്ച് ആദ്യമാദ്യം ഉണ്ടായിരുന്ന ആശങ്കയാണ്. തൂലികാനാമം കൈക്കൊള്ളാൻ പ്രേരിപ്പിച്ചത്. ഈ ആശങ്കകൾ അസ്ഥാനത്താണെന്നു പ്രഥമകൃതിയുടെ വിജയം തെളിയിച്ചു. ഗൗരവപൂർവമായ നോവൽരചനയുടെ ജീവസ്സുറ്റ ഉദാഹരണങ്ങളാണ് പ്രഥമ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിരുന്ന മൂന്നു നോവലെറ്റുകളും: *ദ സാഡ് ഫോർച്ച്യൂൺസ് ഓഫ് ആമോസ്ബർട്ടൻ, മിസ്സിസ് ഗിൽഫിൽസ് ലവ് സ്റ്റോറി, ജാനെറ്റ്സ് റിപ്പെൻറൻസ്*

1859-ൽ ആദ്യത്തെ നോവലായ *ആഡംബീഡ് (Adam Bede)* മൂന്നു വാല്യങ്ങളായി പുറത്തുവന്നു. "പശുക്കളുടെ ഉച്ഛ്വാസത്തിന്റെയും വൈക്കോലിന്റെയും ഗന്ധം നിറഞ്ഞ ഒരു നാടൻ കഥ" എന്നാണു ഇവർതന്നെ ഇതിനെ വിശേഷിപ്പിച്ചത്. ജോർജ് എലിയട്ട്

എന്ന തൂലികാനാമത്തിൽത്തന്നെയാണ് ഇതു പ്രസിദ്ധീകരിച്ചത്. പലരും തങ്ങളാണ് ഇതെഴുതിയതെന്ന അവകാശവാദം ഉന്നയിക്കാൻ തുടങ്ങിയതോടെ, മേരി ഇവാൻസും ജോർജ് എലിയട്ടും ഒരാൾതന്നെയാണെന്നുള്ള രഹസ്യം ഇവർക്കു പുറത്തുവിടേണ്ടിവന്നു. *മിൽ ഓൺ ദ ഫ്ളോസ്സ്* (Mill on the Floss-1860), *സിലാസ് മാർണർ* ('Silas Marner-1861) എന്നീ നോവലുകൾ എലിയട്ടിനെ പ്രശസ്തിയുടെ ഉച്ചകോടിയിലെത്തിച്ചു.

1861-62 കാലത്ത് ഇറ്റലിയിൽ താമസിക്കുമ്പോഴാണ് *റൊമോള* (Romola) എന്ന ചരിത്രാഖ്യായിക എഴുതിയത്. അതുവരെ ഒരു ഇംഗ്ലീഷ് സാഹിത്യകാരനും ലഭിച്ചിട്ടില്ലാത്ത പ്രതിഫലം ഇതിനുകിട്ടി; 7,000 പവൻ. അവസാനത്തെ കൃതി *ഡാനിയൽ ഡെറോൺഡ* (Daniel Deronda) 1874-76 കാലത്തു നാലുവാല്യങ്ങളായി പ്രസിദ്ധീകരിക്കപ്പെട്ടു. ചില കവിതാസമാഹാരങ്ങളും ഉപന്യാസങ്ങളും ജോർജ് എലിയട്ടിൻേറതായുണ്ടെങ്കിലും നോവലെഴുത്തുകാരി എന്ന നിലയിലാണു പ്രശസ്തി.

മിഡിൽ മാർച്ച് (Middle march 1870) എന്ന സുദീർഘനോവലാണ് ജോർജ് എലിയട്ടിൻെറ ഏറ്റവും മികച്ച കൃതി. "ഇംഗ്ലീഷ് നോവൽസാഹിത്യത്തിലെ യുദ്ധവും സമാധാന"വും എന്ന് ഈ കൃതിയെ ചിലർ വിശേഷിപ്പിച്ചിട്ടുണ്ട്. എലിയട്ടിൻെറ ജീവിതവീക്ഷണം പൊതുവെ പറഞ്ഞാൽ വിഷാദാത്മകമാണ്. എന്നാൽ മനുഷ്യരുടെ വിഡ്ഢിത്തങ്ങളും വിദ്വേഷവൃത്തികളും നർമബോധത്തോടെ കാണാൻ ഇവർക്ക് അസാമാന്യമായ കഴിവുണ്ടായിരുന്നു. ദുഷ്പ്രവൃത്തികളിൽ വ്യാപരിക്കുന്ന മനുഷ്യൻെറ ദുർനിവാരമായ ദുരന്തം ആണ് ഏറ്റവും ഇഷ്ടപ്പെട്ട വിഷയം.

ജോർജ്, എ.വി. (1899—1959)

പ്രമുഖ വ്യവസായിയും സാമൂഹികപ്രവർത്തകനും. 1899 ഒക്റ്റോബർ 16-നു കോട്ടയത്തു ജനിച്ചു. വൻകിട തോട്ടം ഉടമയും ഏഴു കമ്പനികളുടെ സ്ഥാപക ഡയറക്റ്ററും ആയിരുന്നു. കെ.കെ. കുരുവിള സ്ഥാപിച്ച കേരളഭൂഷണം പത്രം ഏറ്റെടുത്തു (1944). റബ്ബർ ബോർഡ് വൈസ് ചെയർമാൻ ആയിരുന്നു. ഒൻപതുവർഷം കോട്ടയം മുനിസിപ്പൽ ചെയർമാൻ ആയി സേവനം അനുഷ്ഠിച്ചു. കോട്ടയം മുനിസിപ്പൽ മേഖലയിൽ യാചകനിരോധനം ഏർപ്പെടുത്തി. ഇന്ത്യയിൽ ആദ്യമായാണ് ഒരു മുനിസിപ്പാലിറ്റി ഈ നടപടി സ്വീകരിച്ചത്. 1959-ൽ കേരളത്തിലെ കമ്യൂണിസ്റ്റു ഗവൺമെൻറിൻെറ നിഷ്കാസനത്തിലേക്കു നയിച്ച വിമോചനസമരത്തിൻെറ സമുന്നത നേതാക്കളിൽ ഒരാൾ ആയിരുന്നു.

1959 ഓഗസ്റ്റ് 15-ന് അന്തരിച്ചു.

ജോർജ്, ഓണക്കൂർ (1941—   )

മലയാള നോവലിസ്റ്റ്. 1941 നവംബർ 11-നു മൂവാറ്റുപുഴയിൽ ജനിച്ചു. മലയാളത്തിൽ എം.എ. ബിരുദമെടുത്തശേഷം മാർ ഇവാനിയോസ് കോളെജിൽ അധ്യാപകനായി. മലയാള നോവലിലെ നായകസങ്കല്പം എന്ന വിഷയത്തെക്കുറിച്ചുള്ള ഗവേഷണപ്രബന്ധത്തിന് ഡോക്ടറേറ്റ് ലഭിച്ചു.*ഇല്ലം*, *ഉറങ്ങുന്ന സർപ്പങ്ങൾ*, *കൽത്താമര*, *കാമന*, *ഉൾക്കടൽ* എന്നിവയാണു പ്രധാന കൃതികൾ. 'ഇല്ലം' എന്ന നോവലിന് 1980-ൽ കേരള സാഹിത്യ അക്കാദമിയുടെ അവാർഡ് ലഭിച്ചു. ഉൾക്കടൽ എന്ന നോവൽ ചലച്ചിത്രമാക്കിയിട്ടുണ്ട്. 1986 മുതൽ 'സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ചിൽഡ്രൻസ് എൻസൈക്ലോപ്പീഡിക് പബ്ലിക്കേഷൻസി'ൻെറ ഡയറക്ടറാണ്.

ജോർജ് ഓർവൽ (1903—1950)

ഇംഗ്ലീഷ് നോവലിസ്റ്റും ഉപന്യാസകാരനും. *അനിമൽ ഫാം* (Animal farm), *നയൻറീൻ എയിറ്റിഫോർ* (Nineteen Eighty four) എന്നീ കൃതികൾ ഇദ്ദേഹത്തെ ആഗോളപ്രശസ്തനാക്കി.

1903 ജൂൺ 23-ന് ഇന്ത്യയിലെ ബംഗാളിൽ ജനിച്ചു. എറിക് ആർതർ ബ്ലെയർ എന്നാണു ശരിയായ പേര്. പിതാവ് ഇന്ത്യയിൽ ഉദ്യോഗസ്ഥനായിരുന്നു. ബാല്യത്തിൽത്തന്നെ അമ്മയോടൊത്ത് ഇംഗ്ലണ്ടിലേക്കുപോയി. സെയ്ൻറ് സൈപ്രിയൻസ് എന്ന പ്രിപ്പറ്ററി സ്കൂളിലും ഈറ്റൺകോളെജിലും സ്കോളർഷിപ്പോടെ പഠിച്ചു പോലീസ് ഉദ്യോഗസ്ഥനായി ബർമയിലേക്കു നിയോഗിക്കപ്പെട്ടെങ്കിലും (1922) അല്പകാലത്തിനുശേഷം ഉദ്യോഗം ഉപേക്ഷിച്ചു മടങ്ങിപ്പോന്നു (1927). ആദ്യനോവൽ ആയ *ബർമിസ് ഡെയ്സ്* (1934) ബർമയിലെ ജീവിതാനുഭവങ്ങളുടെ ആവിഷ്കാരമാണ്. *ദ റോഡ് റ്റു വിഗാർ പിയർ* (1937) എന്ന കൃതി ഓർവലിനെ ശ്രദ്ധേയനാക്കി. ഉത്തര ഇംഗ്ലണ്ടിൽ നടത്തിയ പര്യടനങ്ങളുടെ റിപ്പോർട്ടാണിത്. സ്പാനിഷ് ആഭ്യന്തരയുദ്ധത്തിൽ ഇദ്ദേഹം ഫ്രാങ്കോയ്ക്കെതിരെ ആയുധമെടുത്തു സമരം ചെയ്തു. *ഹോമേജ് റ്റു കാറ്റലോണിയ* (1938) എന്ന കൃതി ഈ അനുഭവങ്ങൾ ചിത്രീകരിക്കുന്നു. രണ്ടാം ലോകയുദ്ധം ആരംഭിച്ചപ്പോൾ സൈന്യത്തിൽ ചേരാൻ ഒരുങ്ങിയെങ്കിലും അനുമതി ലഭിച്ചില്ല. പിന്നീടു ബി.ബി.സി.യുടെ ഇന്ത്യൻ സർവീസിൻെറ ചുമതലവഹിച്ചു. 1943-ൽ *ട്രിബ്യൂണിൻെറ* ലിറ്റററി എഡിറ്റർ ആയി.

1944-ൽ ആണ് *അനിമൽ ഫാം* രചിച്ചത്. റഷ്യൻ വിപ്ലവാനന്തര സ്ഥിതിഗതികളെയും വിശേഷിച്ച് സ്റ്റാലിൻ വാഴ്ചയേയും അന്യാപദേശരൂപേണ ഉപഹസിക്കുന്നതാണ് ഈ കൃതി. ആദ്യം ഇതു പ്രസിദ്ധീകരിക്കാൻ ആളുണ്ടായില്ല. എങ്കിലും 1945-ൽ പ്രസിദ്ധീകരിച്ചതോടുകൂടി ഓർവെൽ ലോകപ്രസിദ്ധനായി. വമ്പിച്ച വരുമാനവും ആ പുസ്തകത്തിൽനിന്നു ലഭിച്ചു. ഇതിനിടെ ക്ഷയരോഗബാധിതനായിത്തീർന്ന ഓർവലിന് ഇടയ്ക്കിടെ ആശുപത്രിയെ ശരണം പ്രാപിക്കേണ്ടിവന്നു. ഈ അവസ്ഥയിലാണു *നയൻറീൻ എയിറ്റിഫോർ* എഴുതിയത്. 1949-ൽ അതു പ്രസിദ്ധീകരിച്ചു. ഭരണകൂടത്തിനു കൂടുതൽ അധികാരവും, രാഷ്ട്രീയ പ്രവർത്തകർക്ക് ഏകശാസനം നടപ്പാക്കാൻ കൂടുതൽ അവസരങ്ങളും നല്കുന്നതിനെതിരെ മനുഷ്യരാശിക്ക് ഓർവൻ നല്കിയ മുന്നറിയിപ്പാണ് ഈ നോവൽ. സത്യം വളച്ചൊടിച്ചു വികൃതമാക്കാനും ചരിത്രം തിരുത്തിക്കുറിക്കാനും ഭരണാധികാരികൾക്കു തുടർന്നും അവസരം ലഭിച്ചാൽ നാളത്തെ സമൂഹം എന്തായിത്തീരുമെന്ന് ഓർവൽ ഈ നോവലിലൂടെ പ്രവചിച്ചു. ഓർവലിൻെറ പ്രശസ്തിയും അംഗീകാരവും ഈ നോവലിൻെറ പ്രചാരത്തോടുകൂടി പരകോടിയിലെത്തി. *എ ക്ലെർജിമാൻസ് ഡോട്ടർ* (1935) *കീപ്പ് ദി ആസ്പിഡിസ്ട്ര ഫ്ളെയിങ്* (1936), *കമിങ് അപ് ഫോർ എയർ* (1939),*ഇൻസൈഡ് ദ് വെയ്ൽ* (1940), *ക്രിട്ടിക്കൽ എസ്സേയ്സ്* (1946), *ഷൂട്ടിങ് ആൻ എലിഫെൻറ് ആൻഡ് അദർ എസ്സേയ്സ്* (1950)തുടങ്ങിയവയാണ് ഓർവെല്ലിൻെറ മറ്റു പ്രധാന കൃതികൾ 1950 ജനുവരി 21-ന് ലണ്ടനിൽ അന്തരിച്ചു.

ജോർജ്, കെ.എം. (1919—1976)

കേരള കോൺഗ്രസ് സ്ഥാപകനേതാവ്. 1919 ജനുവരി 18-നു ജനിച്ചു. മൂവാറ്റുപുഴ, തൃശൂർ, ചങ്ങനാശ്ശേരി, തിരുവനന്തപുരം എന്നിവിടങ്ങളിലായി വിദ്യാഭ്യാസം പൂർത്തിയാക്കി, കുറെക്കാലം അഭിഭാഷകനായിരുന്നു. 'ദീപിക'യുടെയും(1945—'48),പൗരധ്വനിയുടെയും(1948—'50)പത്രാധിപരായി പ്രവർ



ത്തിച്ചു. 1954-ൽ തിരു-കൊച്ചി അസംബ്ലിയിലേക്കും 1957, ’60, ’65, ’67, ’70 എന്നീ വർഷങ്ങളിൽ കേരളാ അസംബ്ലിയിലേക്കും തിരഞ്ഞെടുക്കപ്പെട്ടു. ഇതിൽ ’65, ’67, ’70 എന്നീ വർഷങ്ങളിൽ കേരളാകോൺഗ്രസ്സുകാരനായിട്ടാണു തിരഞ്ഞെടുക്കപ്പെട്ടത്. മറ്റു മൂന്നും ഇന്ത്യൻ നാഷനൽ കോൺഗ്രസ് ടിക്കറ്റിലും.

1970-ലും ’76-ലും അച്യുതമേനോൻമന്ത്രിസഭയിൽ അംഗമായി. കോൺ ഗ്രസിൽനിന്നു തെറ്റിപ്പിരിഞ്ഞ് കേരളകോൺഗ്രസ് രൂപവത്കരിച്ചതുമുതൽ മരിക്കുന്നതുവരെ അതിൻെറ പ്രസിഡൻറായിരുന്നു. 1976 ഡിസംബർ 12 ന് അന്തരിച്ചു.

ജോർജ്, കെ.എസ്. (1927—1988)

ജനകീയഗായകൻ. ലളിതഗാനാലാപനത്തിലൂടെ ജനസമ്മതിനേടി. നാടകങ്ങളിലെ പിന്നണി ഗായകനായി കാൽ ശതാബ്ദക്കാലം തിളങ്ങിനിന്നു.

1927 ഡിസംബർ 2-ന് ആലപ്പുഴയിൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയില്ല. സ്വതസ്സിദ്ധമായ സംഗീതാഭിരുചി ശാസ്ത്രീയശിക്ഷണം മുഖേന കാര്യമായി വികസിപ്പിക്കാൻ കഴിഞ്ഞില്ല. പുനലൂർ പേപ്പർമിൽ തൊഴിലാളി ആയിരിക്കെ ഗായകൻ എന്ന നിലയ്ക്കു ശ്രദ്ധിക്കപ്പെട്ടു. † കെ.പി.എ.സി.യുടെ *എൻെറ മകനാണു ശരി* എന്ന നാടകത്തിനുവേണ്ടിയാണ് (1950) ആദ്യമായി നാടകഗാനാലാപനം നടത്തിയത്. *നിങ്ങൾ എന്നെ കമ്യൂണിസ്റ്റാക്കി* എന്ന കെ.പി.എ.സി. നാടകത്തിൻെറ അന്യാദൃശമായ വിജയം ജോർജിനെ പ്രസിദ്ധനാക്കി. രണ്ടു ദശകക്കാലം കെ.പി.എ.സി.യുടെ മുഖ്യ ഗായകനായിരുന്നു. കേരളത്തിലും ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലുമായി ആയിരക്കണക്കിന് അരങ്ങുകളിൽ ഗാനാലാപനം നടത്തി. ഇക്കാലത്തു കമ്യൂണിസ്റ്റു പ്രസ്ഥാനത്തിനുവേണ്ടി ഗാനമേളകളും നടത്തിയിട്ടുണ്ട്. പില്ക്കാലത്തു കെ.പി.എ.സി.യിൽനിന്നു പിരിഞ്ഞു. കമ്യൂണിസ്റ്റുപാർട്ടിയുമായി അകന്നു. എതിർ ചേരിക്കുവേണ്ടിയും ഗാനാലാപനം നടത്തി. കാൻസർരോഗബാധിതനായി 1988 മേയ് മാസത്തിൽ മരിച്ചു. ജോർജിൻെറ ഏതാനും ഗാനങ്ങൾ എച്ച്.എം.വി. റിക്കോർഡു ചെയ്തിട്ടുണ്ട്.

ജോർജ്, കെ.സി. (1903—1986)

കേരളത്തിലെ ആദ്യകാല കമ്യൂണിസ്റ്റുനേതാക്കളിൽ ഒരാൾ. കേരള സംസ്ഥാനപ്പിറവിക്കുശേഷം 1957-ൽ ഇ.എം.എസ്. മന്ത്രിസഭയിൽ ഭക്ഷ്യവകുപ്പ് മന്ത്രി.

1903 ജനുവരി 1-നു ചെങ്ങന്നൂരിൽ ജനിച്ചു. എം.എ.എൽ.എൽ.ബി. ബിരുദങ്ങൾ എടുത്തു. തിരുവനന്തപുരത്തു പ്രാക്ടീസ് ആരംഭിച്ചു. 1936-ൽ തിരുവനന്തപുരം മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ സ്ഥാനാർഥിയായി മത്സരിച്ചു ജയിച്ചു. പിന്നീടു നിവർത്തനപ്രക്ഷോഭത്തിലും സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തനങ്ങളിലും പങ്കുകൊണ്ടു.1938-ൽ അഭിഭാഷകവൃത്തി അവസാനിപ്പിച്ച്നിയമലംഘനപരിപാടികളിൽ സജീവമായി പങ്കുചേർന്നു. ക്രമേണ കോൺഗ്രസിലെ ഇടതുപക്ഷപ്രസ്ഥാനത്തിലേക്കും അതുവഴി കമ്യൂണിസ്റ്റുപാർട്ടിയിലേക്കും ആകർഷിക്കപ്പെട്ടു. പലതവണ ഒളിവിലും ജയിലിലും കഴിച്ചുകൂട്ടി. എൻെറ *ജീവിതയാത്ര* എന്ന പേരിൽ ഇദ്ദേഹത്തിൻെറ ആത്മകഥ പ്രസിദ്ധീകരിച്ചിട്ടുണ്ട്. *പുന്നപ്ര-വയലാർ* ആണു മറ്റൊരു കൃതി. 1986 ഓഗസ്റ്റ് 11-ന് അന്തരിച്ചു.

ജോർജ്, ചടയംമുറി (1912-1975)

കേരളത്തിലെ കമ്യൂണിസ്റ്റ് നേതാവും തൊഴിലാളി പ്രവർത്തകനും. ചെത്തു തൊഴിലാളികളെ സംഘടിപ്പിക്കുകയും അവരുടെ സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയും ചെയ്തു.

1912-ൽ വടക്കൻ പറവൂരിലെ ചടയംമുറി വീട്ടിൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്ററായി. കൊച്ചി തുറമുഖത്ത് റ്റാലി ക്ലാർക്കായി ജോലി നേടി. കൊച്ചിയിൽ താമസമാക്കിയതിനുശേഷം ട്രേയ്ഡ് യൂണിയൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. 1937-ൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി അംഗമായി. തുടർന്നു കമ്യൂണിസ്റ്റ് പാർട്ടിയുടെ സജീവ പ്രവർത്തനത്തിൽ മുഴുകി. ഏനമ്മാവ്-പെരിങ്ങോട്ടുകര-അന്തിക്കാട് പ്രദേശങ്ങളിലെ ചെത്തുതൊഴിലാളികളെ സംഘടിപ്പിച്ചതോടെ ശ്രദ്ധേയനായി. 1944-46 കാലങ്ങളിൽ കഠിനമായ പോലീസ് മർദനങ്ങൾ ഏല്ക്കേണ്ടിവന്നു. ടെക്സ്റ്റൈൽ വർക്കേഴ്സ് ഫെഡറേഷൻ, മാച്ച് ഫാക്ടറി വർക്കേഴ്സ് ഫെഡറേഷൻ, ഫാമിങ് കോർപ്പറേഷൻ വർക്കേഴ്സ് യൂനിയൻ, ട്രാൻസ്പോർട്ട് മിനിസ്റ്റീരിയൽ എംപ്ലോയീസ് യൂനിയൻ എന്നിവ ഇദ്ദേഹത്തിൻെറ നേതൃത്വത്തിലുള്ള സംഘടനകളിൽ ചിലതാണ്. സ്വാതന്ത്ര്യ സമരഭടന്മാർക്കുള്ള കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളുടെ പെൻഷൻ ഇദ്ദേഹത്തിനു ലഭിച്ചിരുന്നു.1975 സെപ്തംബർ 15ന് അന്തരിച്ചു.

ജോർജ് ജോസഫ് (1887-1938)

പ്രമുഖ ദേശീയനേതാവ്. ജനനം ചെങ്ങന്നൂരിലെ ഒരു യാക്കോബായ കുടുംബത്തിൽ. 1905-ൽ ബ്രിട്ടനിൽ പോയി ബാരിസ്റ്റർ പരീക്ഷ പാസായി. എഡിൻബറോവിൽനിന്ന് എം.എ. ബിരുദം നേടി. 1909-ൽ മടങ്ങിവന്നു. മധുരയിലാണു പ്രാക്ടീസാരംഭിച്ചത്. നല്ല ക്രിമിനൽ അഭിഭാഷകനെന്ന പ്രസിദ്ധി നേടി. 1916 മുതൽ 1926 വരെ ആനിബസൻറിൻെറ ഹോംറൂൾ പ്രസ്ഥാനത്തിൽ ആകൃഷ്ടനായി. 1918-ൽ ഇന്ത്യയുടെ ഹോംറൂൾ കാര്യം ബ്രിട്ടനിൽ പ്രചരിപ്പിക്കാൻ അയക്കപ്പെട്ട മൂന്നുപേരിലൊരാൾ ജോർജ് ജോസഫ് ആയിരുന്നു. പക്ഷേ, ജിബ്രാൽട്ടറിൽ നിന്നു പ്രതിനിധിസംഘത്തിനു മടങ്ങിപ്പോരേണ്ടിവന്നു.

1920 ലെ കൽക്കത്താ കോൺഗ്രസ് അഹിംസാപരമായ നിസ്സഹകരണപ്രസ്ഥാനത്തിന് ആഹ്വാനം നല്കി. ജോസഫ് പ്രാക്ടീസ് നിർത്തി. കുട്ടികളെ വിദ്യാലയങ്ങളിൽ നിന്നും പിൻവലിച്ചു. മുഴുവൻ സമയവും കോൺഗ്രസ്സ് പ്രവർത്തകനായി മാറി. മോത്തിലാൽ നെഹ്റു, അലാഹാബാദിലെ ദേശീയപത്രമായ ‘ഇൻഡിപ്പെൻഡൻറി’ൻെറ പത്രാധിപത്യം ജോർജ് ജോസഫിനെ ഏല്പിച്ചു. സമരത്തിനിടയിൽ ജോർജ് ജോസഫും ബന്ധനസ്ഥനായി. മോചനാനന്തരം ഗാന്ധിജിയുടെ ‘യങ് ഇന്ത്യ’ യുടെ പത്രാധിപരായി. അയിത്തത്തിനെതിരായ സമരത്തിൽ പങ്കെടുത്തു. 1924- ലെ വൈക്കം സത്യാഗ്രഹത്തിൽ ബന്ധനസ്ഥനായി.

ഗയാ കോൺഗ്രസ് സമ്മേളനത്തിൽ (1922) സ്വരാജിസ്റ്റുകളെ എതിർത്തു. പക്ഷേ, ചൗരിചൗരാ സംഭവത്തെത്തുടർന്ന് ഗാന്ധിജി സമരം നിർത്തിയത് ഇദ്ദേഹത്തെ വിഷണ്ണനാക്കി. 1925-ൽ കോൺഗ്രസ് പ്രവർത്തനങ്ങളിൽ നിന്നു പിന്മാറി. മധുരയിൽ അഭിഭാഷക ജോലി തുടർന്നു. 1926-’35 കാലത്ത് രാഷ്ട്രീയത്തെക്കാൾ മധുരയിലെ സാമൂഹിക-സാമ്പത്തിക പരിപാടികളിൽ താത്പര്യം പ്രകടിപ്പിച്ചു.

നിവർത്തനപ്രസ്ഥാനത്തിൽ പങ്കെടുത്തു. അഖില തിരുവിതാംകൂർ രാഷ്ട്രീയസമ്മേളനാധ്യക്ഷനായും (1935) തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിൻെറ ആദ്യനേതാക്കളിൽ ഒരാളായും (1938) പ്രവർത്തിച്ചു. 1937-ൽ കേന്ദ്ര അസംബ്ലിയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. മധുര മിൽത്തൊഴിലാളികൾക്കുവേണ്ടി മധുരയിൽ പ്രവർത്തിച്ചു. ക്രിമിനൽ ജാതിക്കാരനെന്നു തരംതാഴ്ത്തപ്പെട്ട ‘തേവർ’മാരെയും മറ്റും ഉദ്ധരിക്കാൻ ശ്രമിച്ചു. പ്രശസ്ത പത്രാധിപരായ പോത്തൻ ജോസഫ് ഇളയ സഹോദരനാണ്. മതാചാരങ്ങളിൽ ഉറച്ചുനിന്നുകൊണ്ടു തന്നെ രാഷ്ട്രീയകാര്യങ്ങളിൽ പുരോഗമിയാകാൻ സാധിക്കുമെന്ന് തൻെറ ജീവിതംകൊണ്ട് തെളിയിച്ച ആളാണ് ജോർജ് ജോസഫ്. 1938 മാർച്ച് 6-നു അന്തരിച്ചു.

ജോർജ്,ഡോ.കെ. എം. (1914-)

ഗവേഷകനും സാഹിത്യചരിത്രകാരനും പ്രബന്ധകാരനും. മലയാളസാഹിത്യത്തെ കേരളത്തിനു പുറത്തുള്ളവർക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്നതിൽ വിലപ്പെട്ട സേവനങ്ങൾ നിർവഹിച്ചുകൊണ്ടിരി

ക്കുന്ന എഴുത്തുകാരൻ. ഇംഗ്ലീഷിലും മലയാളത്തിലും ആയി നാല്പതിലേറെ ഗ്രന്ഥങ്ങളെഴുതിയിട്ടുണ്ട്.

1914 ഏപ്രിൽ 20ന് ഇടയാറന്മുള കരിമ്പുമണ്ണിൽ ജനിച്ചു. ആലുവ യൂണിയൻ ക്രിസ്ത്യൻ കോളെജിൽ നിന്ന് ബി.എ. ബിരുദവും മദിരാശി സർവകലാശാലയിൽ നിന്നു പ്രൈവറ്റായി എം.എ. ബിരുദവും നേടി. മദ്രാസ് ക്രിസ്ത്യൻ കോളെജിൽ ലക്ചററായിരിക്കെ രാമചരിതത്തെപറ്റി എഴുതിയ ഗവേഷണ പ്രബന്ധത്തിന് 1951-ൽ പി.എച്ച്.ഡി. ബിരുദം ലഭിച്ചു. ഇതു 1956-ൽ പുസ്തകമായി പ്രസിദ്ധീകരിച്ചു.

1955-ൽ കേന്ദ്ര സാഹിത്യ അക്കാദമിയുടെ അസി. സെക്രട്ടറിയായി. 1960 മുതൽ 69 വരെ അക്കാദമിയുടെ ദക്ഷിണമേഖലാ സെക്രട്ടറിയായിരുന്നു. 1969-ൽ കേരള ഗവൺമെന്റിന്റെ നേതൃത്വത്തിൽ നേരത്തെ സംഘടിപ്പിച്ചിരുന്ന സർവ്വവിജ്ഞാനകോശത്തിന്റെ രണ്ടാമത്തെ ചീഫ് എഡിറ്ററായി ചുമതലയേറ്റു. ഒന്നും രണ്ടും വാല്യങ്ങൾ പ്രസിദ്ധപ്പെടുത്തുകയും തുടർന്നുള്ള വാല്യങ്ങളുടെ രൂപരേഖ തയാറാക്കുകയും ചെയ്തശേഷം 1975-ൽ പിരിഞ്ഞു. 1976 മുതൽ 83 വരെ കേരള സാഹിത്യ അക്കാദമിയുടെ 'കമ്പാരറ്റീവ് ഇന്ത്യൻ ലിറ്ററേച്ചറിന്റെയും അതിന്റെ മലയാളം പതിപ്പായ ഭാരതീയ സാഹിത്യത്തിന്റെയും ഡയറക്ടറും ചീഫ് എഡിറ്ററുമായിരുന്നു. ഈ രണ്ടു വാല്യങ്ങളായിട്ടാണ് ഇവ പ്രസിദ്ധപ്പെടുത്തിയത്. ഈ ഗ്രന്ഥങ്ങൾ ഭാരതീയ സാഹിത്യത്തിന്റെ താരതമ്യപഠനത്തിനു ഗണ്യമായ മുതൽക്കൂട്ടായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. മുഖ്യകൃതികൾ: മലയാളം:*മുന്തിരിച്ചാറ്* (1950)*വളരുന്ന കൈരളി*(1954)*ജീവചരിത്ര സാഹിത്യം* (1964) അന്വേഷണങ്ങൾ പഠനങ്ങൾ (1980) *സാഹിത്യ വിജ്ഞാനവും വിജ്ഞാനസാഹിത്യവും* (1983) *കവികൾ നിരൂപണരംഗത്ത്* (1987) ഇംഗ്ലീഷ്: *എ സർവേ ഓഫ് മലയാളം ലിറ്ററേച്ചർ* (1968)വെസ്റ്റേൺ ഇൻഫ്ളുവൻസ് ഓൺ *മലയാളം ലിറ്ററേച്ചർ* (1972)*അമേരിക്കൻ ലൈഫ് ത്രൂ ഇൻഡ്യൻ ഐസ്, കുമാരനാശാൻ, എ.ആർ.രാജരാജവർമ.* പുരസ്കാരങ്ങൾ: ഭാരതീയ ഭാഷാ പരിഷത്ത് (1984) സോവിയറ്റ് ലാൻഡ് അവാർഡ് (1987) പദ്മശ്രീ (1988) കേരള സാഹിത്യഅക്കാദമി വിശിഷ്ടാംഗത്വം (1989) ഇപ്പോൾ കേന്ദ്രസാഹിത്യ അക്കാദമിക്കുവേണ്ടി ഇംഗ്ലീഷിൽ ഭാരതീയ സാഹിത്യത്തിന്റെ ഒരു സമാഹാരവും അവലോകനവും (3 വാല്യം) തയ്യാറാക്കുന്ന ജോലിയിൽ വ്യാപൃതനാണ്.

ജോർജ് ഫെർനാൻഡസ് (1930-)

തൊഴിലാളിപ്രവർത്തകനും രാഷ്ട്രീയനേതാവും. പ്രക്ഷോഭകാരിയായ പൊതുപ്രവർത്തകൻ എന്ന നിലയ്ക്കാണു പ്രസിദ്ധി. 1977-79 കാലത്ത് ജനതാഗവൺമെന്റിൽ അല്പകാലം വാർത്താവിനിമയ മന്ത്രിയും പിന്നീടു വ്യവസായമന്ത്രിയും ആയിരുന്നു. പ്രഭാഷകൻ, പത്രപ്രവർത്തകൻ എന്നീ നിലകളിലും വ്യക്തിമുദ്ര പതിപ്പിച്ചു.

1930 ജൂൺ 30-നു മംഗലാപുരത്തു ജനിച്ചു. 1949-ൽ വിദ്യാഭ്യാസം ഉപേക്ഷിച്ച് സോഷ്യലിസ്റ്റുപാർട്ടി പ്രവർത്തകനായി. തൊഴിലാളി സംഘടനാരംഗത്താണു മുഖ്യമായും പ്രവർത്തിച്ചത്. 1964-ൽ സോഷ്യലിസ്റ്റുപാർട്ടിയുടെ ട്രഷററും പിന്നീടു സംയുക്ത സോഷ്യലിസ്റ്റുപാർട്ടിയുടെ ജനറൽസെക്രട്ടറിയും (1969-71) ആയി. 1961 മുതൽ 1978 വരെ ബോംബെ മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർ ആയിരുന്നു. 1967-ലെ ലോകസഭാതിരഞ്ഞെടുപ്പിൽ ബോംബെയിൽ പ്രമുഖകോൺഗ്രസ്നേതാവ് എസ്.കെ പാട്ടീലിനെ തോല്പിച്ചു. പിന്നീട് 1977-ലും 1980-ലും ലോക്സഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. രാഷ്ട്രീയപ്രക്ഷോഭണങ്ങളിലും തൊഴിലാളി സമരങ്ങളിലും പങ്കെടുത്തതിന് പല പ്രാവശ്യംതടവുശിക്ഷ അനുഭവിച്ചു. അടിയന്തിരാവസ്ഥക്കാലത്ത് 1975-ൽ ഒളിവിൽ പോയി. അഖിലേന്ത്യാ റെയിൽവേമെൻസ് ഫെഡറേഷൻ നാഷനൽ റെയിൽവേ മസ്ദൂർ യൂണിയൻ, ഹിന്ദ്മസ്ദൂർ കിസാൻ പഞ്ചായത്ത് തുടങ്ങി ഒട്ടേറെ തൊഴിലാളിസംഘടനയുടെ ഭാരവാഹി ആയിരുന്നു. ജനതാപാർട്ടിയുടെ കേന്ദ്രപാർലമെന്ററിബോർഡ് അംഗമായിരുന്ന് ജോർജ് ഫെർനാൻഡസ് ആ പാർട്ടിയുടെ പിളർപ്പിനു (1979) ശേഷം ലോക്ദൾ നേതാവായി. *റെയ്ത്ത്വാണി* (കന്നട) *പ്രതിപക്ഷ* (ഹിന്ദി), *ഡോക്മാൻ* (ഇംഗ്ലീഷ്), *ദി അദർ സൈഡ്* (ഇംഗ്ലീഷ്) തുടങ്ങിയ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപത്യം വഹിച്ചിരുന്നു. ഒട്ടേറെ ലഘുലേഖകൾക്കു പുറമേ *വാട്ട് എയ്ൽസ് ദ സോഷ്യലിസ്റ്റുപാർട്ടി* എന്ന പുസ്തകവും രചിച്ചിട്ടുണ്ട്.

മുൻ കേന്ദ്രവിദ്യാഭ്യാസ മന്ത്രി ഹുമയൂൺ കബീറിന്റെ പുത്രിയും, സാമൂഹികപ്രവർത്തകയുമായ ലൈലാകബീറാണ് ഫെർനാൻഡസിന്റെ പത്നി.

ജോർജ് ബുഷ്

† ബുഷ്, ജോർജ് നോക്കുക.

ജോർജ് മാത്തൻ (1819-1870)

മലയാള സാഹിത്യകാരനും വൈയാകരണനും. പുത്തൻകാവിൽ കിഴക്കേതലത്തിൽ മാത്തൻതരകന്റെയും പുത്തൻവീട്ടിൽ അന്നാമ്മയുടെയും പുത്രൻ. ബാല്യത്തിൽ സുറിയാനിഭാഷ വശമാക്കി. 'കാറോയാ' എന്ന വൈദികസ്ഥാനം സ്വീകരിച്ചശേഷം കോട്ടയത്തു വൈദികസെമിനാരിയിൽ പഠനം തുടർന്നു. ഇംഗ്ലീഷ്, ഗ്രീക്ക്, ഹിബ്രു, സുറിയാനി എന്നീ ഭാഷകളിൽ പാണ്ഡിത്യം നേടി. 1844 ജൂണിൽ പൂർണശെമ്മാശുപട്ടം സ്വീകരിച്ചു. നാട്ടിലെത്തിയ റവ: ജോർജ് മാത്തൻ ആദ്യമായി വൈദിക വൃത്തി ആരംഭിച്ചത് മാവേലിക്കരയിലാണ്. 1845-ൽ മല്ലപ്പള്ളിയിൽ ഈപ്പൻതരകന്റെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. 1847 ഏപ്രിൽമാസത്തിൽ അദ്ദേഹം പ്രസ്ബിറ്റർ പട്ടം സ്വീകരിച്ചു. മല്ലപ്പള്ളി, തിരുവല്ല, തലവടി എന്നിവിടങ്ങളിൽ വൈദികവൃത്തി അനുഷ്ഠിച്ചു. വ്യാകരണം, സത്യവാദഖേടം എന്നിവ രചിക്കുകയും അധഃകൃതവർഗക്കാരുടെ ഉന്നമനത്തിനും സ്വാതന്ത്ര്യസമ്പാദനത്തിനുമായി പ്രവർത്തിക്കുകയും ചെയ്തത് അക്കാലത്താണ്.

ജോർജ്മാത്തന്റെ *മലയാഴ്മയുടെ വ്യാകരണം*, മലയാളഭാഷയ്ക്കുവേണ്ടി മലയാളഭാഷയിൽ രചിക്കപ്പെട്ട ആദ്യത്തെ ഭാഷാശാസ്ത്രഗ്രന്ഥമാണ് എന്നു പറയാറുണ്ട്. എന്നാൽ ഗുണ്ടർട്ടിന്റെ മലയാള വ്യാകരണം പ്രസിദ്ധീകൃതമായത് 1850ൽ ആണ്; ജോർജ് മാത്തന്റെ ഗ്രന്ഥത്തിനു 13 വർഷം മുമ്പ്. 1863-ൽ പ്രസിദ്ധീകൃതമായ പ്രസ്തുത വ്യാകരണത്തിലാണ് ചിഹ്നനത്തെപ്പറ്റി ആദ്യം പ്രസ്താവിച്ചു കാണുന്നത്.

1861 ജൂലൈ മാസത്തിൽ എഴുതിയ കൃതിയാണു *സത്യവാദഖേടം* സത്യസന്ധതയെപ്പറ്റിയുള്ള ഒരു പ്രബന്ധമാണിത്.

• *ബാലാഭ്യസനം, സംയുക്തി-കാശിയിൽ ഗുരുദാസപണ്ഡിതരും ഒരു ഇംഗ്ലീഷ് ജഡ്ജിയുമായുണ്ടായ സംവാദം* എന്നിവയാണ് ഇദ്ദേഹത്തിന്റെ ഇതര കൃതികൾ. സർ ടി. മാധവറാവുവിന്റെ ക്ഷണം അനുസരിച്ച് 1867 ഓഗസ്റ്റ് 13-നു കൊല്ലം ഡിവിഷൻ കച്ചേരിയിൽ വച്ച് നാട്ടുഭാഷ വിദ്യാഭ്യാസത്തെപ്പറ്റി ഇദ്ദേഹം ചെയ്ത സുദീർഘ പ്രഭാഷണമാണ് *ബാലാഭ്യസനം*. മലയാളം പള്ളിക്കൂടങ്ങൾ സ്ഥാപിക്കുവാൻ നാട്ടിലുടനീളം പ്രസംഗിച്ചുനടന്നു. 'ഭൂമി ഉരുണ്ടതാകുന്നു', 'ആകാശത്തുള്ള ഗോളങ്ങൾ', 'അന്തരീക്ഷം' തുടങ്ങിയ ശാസ്ത്രീയ ലേഖനങ്ങളും രചിച്ചു. മരുമക്കത്തായത്താലുള്ള ദോഷങ്ങൾ, മറുജന്മം, കൊഴുമുതലായ്മ, സാധാരണ ചികിത്സാശാല എന്നിങ്ങനെ നിരവധി വിഷയങ്ങളെ ആസ്പദമാക്കി എഴുതിയിട്ടുള്ള ലേഖനങ്ങൾ അക്കാലത്തെ വിദ്യാസംഗ്രഹം, ജ്ഞാനനിക്ഷേപം എന്നീ മാസികകളിൽ പ്രസിദ്ധീകരിച്ചിരുന്നു. 1870 മാർച്ച് 4-ാം തീയതി മരിച്ചു.

ജോർജ് സുദർശൻ

† സുദർശൻ, ഇ.സി.ജി. നോക്കുക.

ജോർജ്, സെയിൻറ്

ഇംഗ്ലണ്ടിൻെറ സംരക്ഷകാത്മാവായി ക്രിസ്ത്യൻ രക്തസാക്ഷി. ഇദ്ദേഹത്തിൻെറ ജീവിതകാലം മൂന്നാം നൂറ്റാണ്ട് ഗണിക്കപ്പെടുന്നു. ഇദ്ദേഹത്തിൻെറ മരണദിനം എന്നു ഗണിച്ച് ആ ആകാം. ഒരു ഏപ്രിൽ 23 ആണു മരണദിനം എന്നു ഗണിച്ച് ആ ചരിക്കുന്നു. കുരിശു ദിനം രക്തസാക്ഷിദിനമായി ഇംഗ്ലീഷുകാർ ആചരിക്കുന്നു. കുരിശു യുദ്ധത്തിനു പോയി മടങ്ങിവന്നവർ ആണ് ഇദ്ദേഹത്തെപ്പറ്റിയുള്ള വിശ്വാസം പ്രചരിപ്പിച്ചത്. എട്ടാം നൂറ്റാണ്ടുമുതൽ ഈ ദിനം ആച രിച്ചുവരുന്നു. എഡ്വേർഡ് IIIൻെറ (1327-77) കാലത്താണ് പുതിയ തായി രൂപം കൊണ്ട ഗാർട്ടർ വിഭാഗക്കാർ ഇദ്ദേഹത്തെ സംരക്ഷ കനായി ഗണിക്കാൻ തുടങ്ങിയത്.

ജോർജ് ഹെൻറി (1839—1897)

അമേരിക്കൻ സോഷ്യലിസ്റ്റ്. ഫിലഡൽഫിയയിൽ ഒരു ഇടത്തരം കുടുംബത്തിൽ ജനിച്ചു. പഠനം പൂർത്തിയാക്കാതെതന്നെ പതിന്നാലാം വയസ്സിൽ നാവികജോലിയിൽ ഏർപ്പെട്ടു. ഓസ്ട്രേലിയ, ഇന്ത്യ മുതലായ രാജ്യങ്ങൾ സന്ദർശിച്ചു. നാവികജീവിതം അവസാനിപ്പിച്ച് കാലിഫോർണിയയിൽ പത്രപ്രവർത്തനത്തിലും രാഷ്ട്രീയ കാര്യങ്ങളിലും ഏർപ്പെട്ട് എഴുതാനും പ്രസംഗിക്കാനുമുള്ള കഴിവു നേടി. തുടർന്നു രണ്ടു സ്നേഹിതന്മാരോടൊത്തു നാലുകൊല്ലം സ്വന്തമായി ഒരു പത്രം നടത്തി.

ഹെൻറി ജോർജിൻെറ ഒരു നികുതി നിർദേശമാണ് ഇദ്ദേഹത്തെ പ്രശസ്തിയിലേക്ക് ഉയർത്തിയത്. വൻതോതിൽ ഭൂമി സ്വായത്തമാക്കി ഉത്പാദനഘടകങ്ങൾ ചൂഷണംചെയ്ത് അമിതാദായം ഉണ്ടാക്കുന്ന കുത്തകഉടമകളിൽനിന്നു മാത്രമേ നികുതി ഈടാക്കാവൂ എന്നതായിരുന്നു ഇദ്ദേഹത്തിൻെറ വാദം. 1871-ലെ 'നമ്മുടെ ഭൂനയം' എന്ന കൃതിയിലാണ് ഈ വാദം ഉന്നയിച്ചത്. ഈ നിർദേശത്തിനു വിശദീകരണം നല്കിക്കൊണ്ട് ഗ്രന്ഥവും രചിച്ചു (Progress and Poverty).

ഹെൻറി ജോർജിൻെറ വാദഗതിക്ക് സ്ഥായിയായ എന്തെങ്കിലും ഫലം ഉളവാക്കാൻ കഴിഞ്ഞില്ലെങ്കിലും അവസരസമത്വത്തിനും സോഷ്യലിസ്റ്റ് ചിന്താഗതിക്കും അതു വഴിതെളിച്ചു.

ജോർജിയ (യു.എസ്)

യു.എസ്സിലെ ഒരു തെക്കൻ സംസ്ഥാനം. 1732-ൽ ബ്രിട്ടനിലെ ചക്രവർത്തി ജോർജ് II ഈ പ്രദേശത്തു കുടിപാർപ്പുകൾ സ്ഥാപിക്കാൻ അനുവദിച്ചുകൊണ്ടുള്ള ചാർട്ടർ നല്കി. ചക്രവർത്തിയുടെ സ്മരണയ്ക്കായിട്ടാണ് ഈ പുതിയ കോളനിക്ക് ജോർജിയ എന്ന പേരു നല്കിയത്. വിസ്തൃതി 1,52,576 ച.കി.മീ. ജനസംഖ്യ 61,04,000 (1984). ഇവരിൽ 29 ശതമാനം നീഗ്രോകളാണ്. തലസ്ഥാനം അത്‌ലാന്ത. അഗസ്റ്റ, കൊളംബസ്, മേക്കൺ, സാവന്ന മുതലായവയാണ് പ്രധാന നഗരങ്ങൾ.

ജോർജിയയിൽ 90,650 ച.കി.മീ. വിസ്തൃതിയുള്ള ഒരു സമുദ്ര തീരസമതലമുണ്ട്. അതിനു വടക്കുള്ള പീഠഭൂമിക്ക് 152 മുതൽ 610 മീറ്റർവരെയാണ് ഉയരം. ലോകത്തിലെ ഏറ്റവും വലിയ പാറക്കുന്ന് (സ്റ്റോൺ മൗണ്ടൻ) ഇവിടെയാണ്. പൊക്കമുള്ള വടക്കുപടിഞ്ഞാറൻ പീഠഭൂമിക്കും വടക്കൻ പീഠഭൂമിക്കും ഇടയിലാണു ഗ്രേറ്റ് വാലി.



അത്‌ലാന്താനഗരം
ഒരുദൃശ്യം
നിയമസഭാമന്ദിരവും
കാണാം

കൂസാ, സാവന്നാ, അൾട്ടമാഹ, സാറ്റില, ഫ്ളിൻറ്, ചട്ടഹൂച്ചി എന്നിവയാണു പ്രധാന നദികൾ. മിതമായ കാലാവസ്ഥ. ആണ്ടിൽ 127 സെ.മി. മഴപെയ്യുന്നു. ഉയരംകൂടിയ സ്ഥാനങ്ങളിൽ 25 സെ.മീറ്റർവരെ മഞ്ഞുവീഴ്ചയുണ്ട്.

1777-ലാണ് ജോർജിയയ്ക്ക് ആദ്യമായി ഒരു ഭരണഘടനയുണ്ടായത്. 1945-ൽ അംഗീകരിച്ച ഭരണഘടന അനുസരിച്ചാണ് ഇപ്പോൾ ഭരണം നടക്കുന്നത്. തിരഞ്ഞെടുക്കപ്പെട്ട ഗവർണറാണു സംസ്ഥാനത്തിന്റെ തലവൻ. ഗവർണറുടെ കാലാവധി നാലുവർഷം. പ്രധാനപ്പെട്ട പല ഉദ്യോഗസ്ഥന്മാരെയും പബ്ലിക് സർവീസ് കമ്മീഷനെയും തിരഞ്ഞെടുക്കുകയാണ്. അടുത്ത തിരഞ്ഞെടുപ്പിനു നില്ക്കാൻ അദ്ദേഹം അർഹനല്ല. 56 അംഗങ്ങളുള്ള സെനറ്റും 180 അംഗങ്ങളുള്ള പ്രതിനിധിസഭയും ഉൾപ്പെട്ട ജനറൽ അസംബ്ലിയാണ് സംസ്ഥാനത്തിന്റെ നിയമസഭ. കേന്ദ്രത്തിലെ സെനറ്റിലേക്ക് രണ്ട് അംഗങ്ങളെയും പ്രതിനിധിസഭയിലേക്ക് 10 അംഗങ്ങളെയും ജോർജിയ തിരഞ്ഞെടുത്ത് അയക്കുന്നു. 18 വയസ്സിനുമേൽ പ്രായമുള്ളവരും ഒരു വർഷക്കാലമെങ്കിലും സംസ്ഥാനത്തു താമസിച്ചിട്ടുള്ളവരും സാക്ഷരത്വപരിശോധനയിൽ ജയിച്ചവരുമായ എല്ലാ യു.എസ്. പൗരന്മാർക്കും ഈ സംസ്ഥാനത്ത് വോട്ടവകാശമുണ്ട്.

രണ്ടാംലോകയുദ്ധംവരെ ജോർജിയക്കാരുടെ മുഖ്യതൊഴിൽ കൃഷിയും പ്രധാന വിള പരുത്തിയുമായിരുന്നു. യുദ്ധത്തിനുശേഷം കടല, ചോളം, പുകയില മുതലായവയുടെ കൃഷി വികസിച്ചു. കാർഷികമേഖലയിലെ ഉത്പന്നങ്ങളുടെ മൊത്തം വിലയുടെ 40% കോഴിവളർത്തലിലും കന്നുകാലിവളർത്തലിലും നിന്നുള്ളതാണ്. വനവിഭവങ്ങളിൽനിന്നും സാരമായ ആദായം ലഭിക്കുന്നു. രണ്ടാം ലോകയുദ്ധത്തിനുശേഷം കൃഷി യന്ത്രവത്കരിച്ചപ്പോൾ വ്യവസായവത്കരണത്തിന്റെ ഗതിവേഗം വർധിച്ചു. 1960-ൽ കാർഷികോത്പന്നങ്ങളുടെ ആകെ വിലയുടെ ഇരട്ടിയിൽ അധികമായിരുന്നു വ്യവസായികോത്പന്നങ്ങളുടെ വില. തുണി-നൂൽ വ്യവസായമാണ് ഏറ്റവും വലുത്. രണ്ടാംസ്ഥാനം തടിവ്യവസായത്തിനാണ്.

ചരിത്രം. ഇംഗ്ലണ്ടിൽ പീഡനം അനുഭവിക്കേണ്ടിവന്ന ചില പ്രൊട്ടസ്റ്റൻറുകാർക്കും കടംകൊണ്ടു പാപ്പരായവർക്കും അമേരിക്കയിൽ ഒരു അഭയകേന്ദ്രം സ്ഥാപിക്കുന്നതിന് ഓഗിൾതോർപ്പ് എന്ന പാർലമെൻറുമെമ്പർ നടത്തിയ ശ്രമത്തെ തുടർന്നാണ് ജോർജിയയിൽ കുടിപാർപ്പുകൾ സ്ഥാപിക്കാനുള്ള അനുവാദം 1732-ൽ ബ്രിട്ടീഷ് ചക്രവർത്തി നല്കിയത്. ഓഗിൾതോർപ്പ് 120 അനുയായികളോടുകൂടി 1733 ജനുവരിയിൽ അമേരിക്കയിലെത്തി. ആദ്യമായി സാവന്നയിൽ കോളനി സ്ഥാപിച്ചു. 10 വർഷക്കാലം അദ്ദേഹംതന്നെയായിരുന്നു കോളനിയുടെ ഗവർണർ. ഫ്ളോറിഡയിൽനിന്നു സ്പെയിൻകാർ കരോലൈനയെ ആക്രമിക്കുന്നതു തടയാൻ ഓഗിൾതോർപ്പിനു കഴിഞ്ഞു. 1736-ൽ ബ്രൺസ്‌വിക്കിനു സമീപമുള്ള സെൻറ് സൈമൺസ് ദ്വീപിൽ അദ്ദേഹം ഒരു കോട്ട കെട്ടി. വികസിച്ചുവരുന്ന കോളനിയിൽ കായികാധ്വാനത്തിനു വേണ്ടത്ര ആളുകൾ ഇല്ലാതിരുന്നതിനാൽ 1749 മുതൽ നീഗ്രോ അടിമകളെ ഇറക്കുമതിചെയ്യാൻ തുടങ്ങി.

1752-ൽ ജോർജിയ ഒരു രാജകീയകോളനിയായി. അമേരിക്കൻ വിപ്ലവത്തിൽ ജോർജിയ ചേർന്നത് മറ്റു കോളനികളോടുള്ള സഹതാപംകൊണ്ടു മാത്രമാണെന്നു പറയാറുണ്ട്. 1771-ൽ ജോർജിയ സ്വന്തം ഭരണഘടനയ്ക്കു രൂപംനല്കി. ഫെഡറൽ ഭരണഘടനയും ആദ്യംതന്നെ അംഗീകരിച്ചു. പക്ഷേ, 19-ാംനൂറ്റാണ്ടിൽ ഫെഡറൽഗവൺമെൻറും ജോർജിയയും തമ്മിൽ തർക്കങ്ങൾ ഉദ്ഭവിച്ചു. ആ തർക്കം സന്ധിയിൽ കലാശിച്ചെങ്കിലും അധികം താമസിയാതെ വീണ്ടും തർക്കങ്ങൾ തുടങ്ങി. ആഭ്യന്തരസമരത്തിൽ ജോർജിയ ഫെഡറൽ ഗവൺമെൻറിന് എതിരായി ദക്ഷിണസംസ്ഥാനങ്ങളോടു ചേർന്നുനിന്നു. 1861 ജനുവരിയിൽ ഈ സംസ്ഥാനം യൂണിയനിൽനിന്നു വിട്ടുമാറി. ജോർജിയയിലെ നഗരങ്ങൾ യൂണിയൻ സൈന്യത്തിന്റെ ആക്രമണത്തിന് ഇരയായി. 1864-ൽ മേജർ ജനറൽ ഷെർമാന്റെ നേതൃത്വത്തിലുള്ള യൂണിയൻസൈന്യം അത്ലാന്താനഗരം തീവച്ചുനശിപ്പിച്ചു. സംസ്ഥാനത്തെ പല കേന്ദ്രങ്ങളിൽവച്ചു വലിയ സംഘട്ടനങ്ങൾ നടന്നു. ആഭ്യന്തരയുദ്ധത്തിൽ കോൺഫെഡറേറ്റുകൾ തോറ്റതിനെത്തുടർന്ന് ജോർജിയയ്ക്കു പരാജയത്തിന്റെ കെടുതികൾ അനുഭവിക്കേണ്ടിവന്നുവെങ്കിലും തുടർന്ന് സാമ്പത്തിക-സാംസ്കാരികരംഗങ്ങളിൽ പുനർനിർമാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു. ഇപ്പോൾ ജോർജിയയിൽ 160000 കി.മീ. റോഡും 8000 കി.മീ. റെയിൽപ്പാതയും ഉണ്ട്. സാവന്നാ, ബ്രൺസ്‌വിക് എന്നിങ്ങനെ രണ്ടു വലിയ തുറമുഖങ്ങളുണ്ട്. അത്ലാന്താവിമാനത്താവളം ലോകപ്രസിദ്ധിയാർജിച്ചിരിക്കുന്നു. അത്ലാന്താനഗരത്തിലെ ജോർജിയാസർവകലാശാല അന്യരാജ്യങ്ങളിൽനിന്നുപോലും വിദ്യാർഥികളെ ആകർഷിക്കുന്നുണ്ട്. തലസ്ഥാനനഗരം അത്ലാന്താ. ജനസംഖ്യ 4,21,910 (1986). ജിമ്മി കാർട്ടർ ആണ് ജോർജിയക്കാരനായ ആദ്യത്തെ യു.എസ്. പ്രസിഡൻറ് (1976).

ജോർജിയ (സോവിയറ്റ് യൂണിയൻ)

സോവിയറ്റ് യൂണിയനിലെ ഒരു റിപ്പബ്ലിക്ക്. ജോർജിയൻ സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക് എന്നാണ് ഔദ്യോഗികനാമം. പടിഞ്ഞാറ് കരിങ്കടൽ, തെക്ക് ആർമീനിയൻറിപ്പബ്ലിക്കും തുർക്കിയും, കിഴക്ക് അസർബൈജാൻ റിപ്പബ്ലിക്കും തിബിലിസിയും വടക്ക് റഷ്യൻ റിപ്പബ്ലിക്ക് എന്നിങ്ങനെയാണ് അതിർത്തികൾ. അബ്ഖാസ്, അഡ്ഷാർ എന്നീ സ്വയാധികാരറിപ്പബ്ലിക്കുകളും ദക്ഷിണ ഒസ്സാറ്റിയൻ ഒബ്ലാസ്റ്റും ജോർജിയൻ റിപ്പബ്ലിക്കിൽ ഉൾപ്പെടുന്നു. വിസ്തൃതി 69,700 ച.കി.മീറ്റർ ജനസംഖ്യ 52,01,000 (1985).

ജോർജിയ
യു.എസ്.എസ്.ആർ.

ഭൂസ്ഥിതി. വടക്കുഭാഗത്തുള്ള ഗ്രേറ്റർ കോക്കസസ് പർവതനിരകളിൽ ഏറ്റവും പൊക്കം കൂടിയ എൽബ്രസ്കൊടുമുടി അതിർത്തിക്കപ്പുറമാണ്. ഷ്കാര (5201 മീറ്റർ), ദിഷംഗിറ്റാവു (5049 മീറ്റർ), കാസ്ബക്ക് (5047 മീറ്റർ), ഉഷ്ബ (4710 മീറ്റർ) എന്നിവയാണ് ഈ റിപ്പബ്ലിക്കിലെ ഉയരം കൂടിയവയും ഗ്ലേസിയറുകളാൽ മൂടപ്പെട്ടവയുമായ കൊടുമുടികൾ. ബിസൈബ്, കൊഡോറി, തിസ്കെനിസ്, റിയോണി എന്നീ നദികൾ കരിങ്കടലിലേക്കും അറാഗ്വി, ഇയോറി, അലസാനി എന്നീ നദികൾ കാസ്പിയൻ കടലിലേക്കും ചെന്നുവീഴുന്നു. വടക്കുപടിഞ്ഞാറുള്ള ടിറ്റ്സാ തടാകം അനേകം വിനോദസഞ്ചാരികളെ ആകർഷിക്കുന്ന പ്രകൃതിമനോഹരമായ കേന്ദ്രമാണ്. റിപ്പബ്ലിക്കിന്റെ തെക്കുഭാഗത്തു കിടക്കുന്ന ലെസ്സർ കോക്കസസ് വടക്കൻ പർവതത്തെപ്പോലെ വലുതല്ല. ഈ രണ്ടു ഗിരിനിരകൾക്കും ഇടയ്ക്കാണ് വിശാലമായ തടപ്രദേശം.

കാലാവസ്ഥ: ജോർജിയയുടെ പടിഞ്ഞാറെ ഭാഗമാണ് സോവിയറ്റ് യൂണിയനിൽ ഏറ്റവും കൂടുതൽ മഴയുള്ള മേഖല(254 സെ.മീറ്റർ). കാലാവസ്ഥ സുഖകരമായതിനാൽ തീരപ്രദേശങ്ങളിൽ ധാരാളം സുഖവാസകേന്ദ്രങ്ങളുണ്ട്. സുക്കൂമിയാണ് പ്രധാന സുഖവാസകേന്ദ്രം.

ജനങ്ങൾ: മനുഷ്യൻ ആദ്യം സമൂഹമായി ജീവിക്കാൻ തുടങ്ങിയ ഒരു പ്രദേശം ജോർജിയ ആണ്. കൊൾക്കിസ്, ഖ്റാമിതടം, തെക്കെ ഒസ്സാറ്റിയ എന്നിവിടങ്ങളിൽ പ്രാചീന ശിലായുഗത്തിൽ കൃഷിയും കാലിവളർത്തലും ശീലിച്ച ജനസമൂഹങ്ങൾ വസിച്ചിരുന്നു. ഇവരുടെ ഇടയിലേക്ക് ഏഷ്യാമൈനറിൽനിന്നുള്ള കുടിയേറ്റക്കാർ കടന്നുവന്നു. പിന്നീട് ഗ്രീസ്, സിതിയ, പേർഷ്യ, ആർമീനിയ എന്നിവിടങ്ങളിൽനിന്നെല്ലാം കടിയേറ്റങ്ങളുണ്ടായി. ഈ ജനവിഭാഗങ്ങളെല്ലാം സങ്കരപ്പെട്ടുണ്ടായ ഒരു ജനവർഗമാണ് ഇപ്പോഴുള്ളത്. കൃശവും ദൃഢവും ദീർഘവുമായ ശരീരം, കറുത്ത തലമുടി, വെളുത്ത നിറം, നീണ്ട മൂക്ക്, ഇരുണ്ടതോ നീലിച്ചതോ ആയ കണ്ണുകൾ എന്നിവ



ജോർജിയക്കാരുടെ ആകാരസവിശേഷതകളാണ്. എ.ഡി. നാലാം നൂറ്റാണ്ടിലാണ് ഇവിടെ ക്രിസ്തുമതം പ്രചരിച്ചത്. ഓട്ടോമൻ സാമ്രാജ്യവാഴ്ചക്കാലത്ത് കുറെ ജോർജിയക്കാർ ഇസ്ലാംമതം സ്വീകരിച്ചു.

സമ്പദ്വ്യവസ്ഥ: സോവിയറ്റ് യൂണിയനിലെ ഏറ്റവും പ്രധാനപ്പെട്ട കാർഷികമേഖലയാണ് ഇത്. പ്രധാനവിള തേയിലയാണ്. സോവിയറ്റ് യൂണിയനിലെ 95% തേയിലയും ഇവിടെയാണ് ഉണ്ടാക്കുന്നത്. കോൾഖിദാതടപ്രദേശത്ത് നാരങ്ങ, ഓറഞ്ച്, മുന്തിരി, ആപ്പിൾ, മാതളം, പീച്ച്, പേരക്ക, പ്ലം, ചെറി, ആപ്രിക്കോട്ട് മുതലായ പഴങ്ങൾ ധാരാളം വിളയുന്നു. ധാന്യങ്ങളിൽ ചോളവും ഗോതമ്പുമാണ് പ്രധാനം. വാസനദ്രവ്യങ്ങൾ നിർമിക്കാനായി മുല്ല, പിച്ചി, ബേസിൽ, ജറാനിയം മുതലായ ചെടികൾ വ്യാപകമായി കൃഷിചെയ്യുന്നു. മലംപ്രദേശങ്ങളിൽ കാലിവളർത്തലും നടക്കുന്നു.

ജോർജിയയിലെ പ്രധാന ഖനിജം മാൻഗനീസാണ്. തിക്കിബൂലി, തികാർച്ചേലി എന്നിവിടങ്ങളിൽനിന്നു കൽക്കരിയും മിർസാനി



മുകളിൽ ഇടത്ത്: ബറ്റുമി-ജോർജിയയിലെ ഒരു സുഖവാസകേന്ദ്രവും തുറമുഖവും

മുകളിൽ വലത്ത്: തിബിലിസി (ജോർജിയ) യിലെ സംഗീതശാല

ഇടത്ത്: അബസ്തുമനി വാനനിരീക്ഷണ കേന്ദ്രം (കോക്കസസ് പർവതനിര-ജോർജിയ)

തിബിലിസ്:-(ജോർജിയയുടെ തലസ്ഥാനം)
മൂന്നുവശവും ഗിരിനിരകളാൽ ചുറ്റപ്പെട്ടിരിക്കുന്നു.

യിൽനിന്നു പെട്രോളിയവും കുറൈസിയിൽനിന്നു ബേരിയവും എടുക്കുന്നു. കരിങ്കടൽ തുറമുഖമായ ബത്തും ഒരു വലിയ എണ്ണ സംസ്കരണകേന്ദ്രമാണ്. വനങ്ങളിലെ മുള, യൂക്കാലിപ്റ്റസ് എന്നിവ ഉപയോഗിച്ച് കടലാസ്, വെനീർ മുതലായവ നിർമിക്കുന്നു. തടിവ്യവസായങ്ങളും വളർന്നിട്ടുണ്ട്. ജലവൈദ്യുതി സുലഭമാണ്.

കരിങ്കടൽതീരത്തുകൂടി തുവാപ്സേമുതൽ സുക്കൂമിവരെയും അവിടെനിന്ന് ഉള്ളിലോട്ട് തിബിലിസി, കുക്കു എന്നിവിടങ്ങൾവരെയുമുള്ള പ്രധാന റെയിൽപാതയിൽനിന്ന് അനേകം ശാഖകൾ മറ്റു പ്രദേശങ്ങളിലേക്കു പോകുന്നു. മോട്ടോർ റോഡുകളും വളരെയുണ്ട്. തിബിലിസിയാണു പ്രധാന വിമാനത്താവളം. ജോർജിയ സോവിയറ്റ് യൂണിയന്റെ ഭാഗമായതിനുശേഷമാണു ഗതാഗതസൗകര്യങ്ങളും വ്യവസായവാണിജ്യങ്ങളും കൃഷിയും ഇത്രയധികം വികസിച്ചത്.

ചരിത്രം. ബി.സി. 2-ാം സഹസ്രാബ്ദത്തിന്റെ ആരംഭത്തിൽത്തന്നെ ജോർജിയയിൽ വെങ്കലയുഗം തുടങ്ങി. ബി.സി. 10-ാം നൂറ്റാണ്ടിലെ അസ്സീറിയ, ഉറാർത്തു എന്നിവിടങ്ങളിലെ കഥകളിൽ ജോർജിയയെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. മഹാനായ മിത്രഡേറ്റ്സ് കോൾച്ചിസിലെ രാജാവായിരുന്നു. ബി.സി. 65-ൽ റോമിലെ പോമ്പി, കോൾച്ചിസും സമീപപ്രദേശങ്ങളും കീഴടക്കി. അടുത്ത രണ്ടു നൂറ്റാണ്ടുകളിൽ ബൈസാന്തിയൻ രാജാക്കന്മാരും പേർഷ്യൻ രാജാക്കന്മാരും തമ്മിൽ ജോർജിയയ്ക്കുവേണ്ടി സംഘട്ടനങ്ങളുണ്ടായി. 1220-ൽ മംഗോളുകൾ ജോർജിയയുടെ കിഴക്കൻ പ്രദേശങ്ങൾ കീഴടക്കി. ജോർജ് V എന്ന രാജാവിന്റെ കാലത്ത് (1314—'46) മംഗോളുകളെ തുരത്താനുള്ള ഒരു ശ്രമം നടന്നു. 1366-നും 1403-നുമിടയ്ക്ക് തിമൂറിന്റെ ഉഗ്രമായ ആക്രമണമുണ്ടായി.

ഓട്ടോമൻ തുർക്കികൾ 1578-ൽ ട്രാൻസ്കൊക്കേഷ്യ മുഴുവൻ കൈവശപ്പെടുത്തി തിബിലിസിയിൽ ആസ്ഥാനം ഉറപ്പിച്ചു. പക്ഷേ, പേർഷ്യ(ഇറാൻ)യിലെ അബ്ബാസ് I എന്ന ഷാ(ഭ.കാ. 1587—1622) തുർക്കികളെ അവിടെ നിന്നു തുരത്തുകയും പേർഷ്യയുടെ ആധിപത്യം സ്ഥാപിക്കുകയും ചെയ്തു. വഖ്താങ് VI രാജ്യത്തിന് ഒരു നിയമസംഹിത രൂപപ്പെടുത്തുകയും ജോർജിയൻ കഥകൾ പണ്ഡിതന്മാരെക്കൊണ്ടു ക്രോഡീകരിപ്പിക്കുകയും അച്ചടിസമ്പ്രദായം നടപ്പിലാക്കുകയും ചെയ്തു. 1722-ൽ പിന്നെയും തുർക്കികളുടെ ആക്രമണമുണ്ടായി. പക്ഷേ പേർഷ്യയിലെ നാദിർഷാ അവരെ തുരത്തി. 1783-ലെ ജോർജീവ്സ്ക് ഉടമ്പടിപ്രകാരം റഷ്യയുടെ മേൽക്കോയ്മ അംഗീകരിക്കാൻ ജോർജിയ നിർബന്ധിതമായി. ജോർജിയയുടെ സ്വയംഭരണാവകാശം സംരക്ഷിക്കാമെന്ന് റഷ്യയിലെ കാതറൈൻ രാജ്ഞി സമ്മതിച്ചു. എന്നാൽ പേർഷ്യ ജോർജിയയെ ആക്രമിച്ചപ്പോൾ റഷ്യ ഒരു സഹായവും ചെയ്തില്ല. അലക്സാണ്ടർ I എന്ന റഷ്യൻ ചക്രവർത്തി കാർത്തലീനിയായും കാഖെതിയയും റഷ്യയോടു കൂട്ടിച്ചേർത്തു. ബഗ്രത്‌രാജവംശത്തിലെ എല്ലാ അംഗങ്ങളെയും ജോർജിയയിൽനിന്നു നാടുകടത്തി. ജനങ്ങളുടെ പ്രക്ഷോഭങ്ങൾ അടിച്ചമർത്തി. 1864 ആയപ്പോഴേക്കും ജോർജിയയിലെ ഇതരദേശങ്ങളും റഷ്യയുടെ അധീനത്തിലായി. തെക്കുപടിഞ്ഞാറെ ജോർജിയയിൽ വളരെക്കാലമായി തുർക്കിയുടെ അധീനത്തിലിരുന്ന പ്രദേശങ്ങൾ 1878-ൽ റഷ്യ കൈവശപ്പെടുത്തി. റഷ്യൻ ചക്രവർത്തി അലക്സാണ്ടർ III(ഭ.കാ. 1881—'94)നെതിരായി ജോർജിയയിൽ ഒരു ജനകീയപ്രക്ഷോഭണം രൂപംകൊണ്ടു. 1893-ൽ തുടങ്ങിയ വിപ്ലവപ്രസ്ഥാനത്തിന്റെ പ്രവർത്തകനായിരുന്നു സ്റ്റാലിൻ. പിന്നീട് സ്റ്റാലിൻ ജോർജിയ വിട്ടുപോയി ലെനിന്റെ സംഘത്തിൽച്ചേർന്നു. റഷ്യൻവിപ്ലവത്തിനുശേഷം ജോർജിയയിലെ മെൻഷെവിക്കുകൾ തങ്ങളുടെ രാജ്യത്തെ ബോൾഷെവിക്കുകളുടെ പിടിയിൽനിന്നു മോചിപ്പിക്കാൻ ശ്രമിച്ചു. ഒന്നാം ലോകയുദ്ധത്തിന്റെ അവസാനം ഈ രാജ്യം ബ്രിട്ടന്റെ നിയന്ത്രണത്തിലായി. ജോർജിയക്കാർ ബ്രിട്ടന്റെ വൈറ്റ് റഷ്യൻനേതൃത്വത്തെ വെറുത്തിരുന്നു. ബ്രിട്ടീഷുകാർ ഒഴിഞ്ഞുപോയി. 1921 ഫെബ്രുവരിയിൽ സ്റ്റാലിന്റെ നേതൃത്വത്തിലുള്ള ചുവപ്പുസേന ജോർജിയയിൽ പ്രവേശിച്ച് തിബിലിസിൽ സോവിയറ്റ് ഭരണകൂടം സ്ഥാപിച്ചു. പിന്നീട് ട്രാൻസ്കൊക്കേഷ്യൻ സോവിയറ്റ് ഫെഡറേറ്റഡ് സോഷ്യലിസ്റ്റ് റിപ്പബ്ലിക് സംഘടിപ്പിച്ചപ്പോൾ ജോർജിയ അതിന്റെ ഘടകമായി. സ്റ്റാലിനും ബെറിയയും മുൻകൈയെടുത്ത് ജോർജിയൻ സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക് രൂപവത്കരിച്ചു. പ്രത്യേകം ഭരണഘടനയുമുണ്ടാക്കി. റിപ്പബ്ലിക്കിന് എപ്പോൾ വേണമെങ്കിലും സോവിയറ്റ് യൂണിയനിൽനിന്നു പിരിഞ്ഞുപോകാനുള്ള സ്വാതന്ത്ര്യമുണ്ട്. സോവിയറ്റ് ഭരണത്തിൽ ജോർജിയയ്ക്ക് സാമ്പത്തിക-സാമൂഹികരംഗങ്ങളിലും ക്ഷേമപ്രവർത്തനരംഗത്തിലും വമ്പിച്ച പുരോഗതി കൈവന്നിട്ടുണ്ട്.

ജോർജിയൻഭാഷയും സാഹിത്യവും

യു.എസ്.എസ്.ആറിലെ ജോർജിയ റിപ്പബ്ലിക്കിലെ ഭാഷയും സാഹിത്യവും. ജോർജിയൻഭാഷ കൊക്കേഷ്യൻഭാഷാവംശത്തിന്റെ ദക്ഷിണവിഭാഗത്തിൽ ഉൾപ്പെടുന്നു. സ്വെനിയനും മിൻഗ്രേലിയനും സംസാരിക്കുന്നവരുടെപോലും സാഹിത്യഭാഷ ജോർജിയനാണ്. കൊക്കേഷ്യൻഭാഷകളിൽ പഴയകാലംമുതല്ക്കേ ഒരു സാഹിത്യപൈതൃകമുള്ളത് ജോർജിയൻഭാഷയ്ക്കു മാത്രമാണ്. ഇന്ന് ഈ ഭാഷ സംസാരിക്കുന്നവരായി 52,34,000 പേർ വരും. ആർമീനിയൻ, ഐറേനിയൻ എന്നീ ഭാഷകളുമായി ഇതിനു പല സാദൃശ്യങ്ങളുമുണ്ട്.

എ.ഡി. 4, 5 നൂറ്റാണ്ടുകളിൽത്തന്നെ ഒരു ജോർജിയൻ സാഹിത്യം രൂപപ്പെട്ടുകഴിഞ്ഞിരുന്നു. ക്രിസ്തുമതം ഈ ഭൂഭാഗങ്ങളിൽ പ്രചരിച്ചതും ഏതാണ്ട് ഇതേ കാലത്താണ്. ജോർജിയൻഭാഷയിൽ ആദ്യമുണ്ടായ ബൈബിളിന്റെ കാലം 5-ാം നൂറ്റാണ്ടാണെന്നു പണ്ഡിതന്മാർ സ്ഥാപിച്ചിട്ടുണ്ട്. 12-ം 13-ം നൂറ്റാണ്ടുകളിൽ ഡേവിഡ് II, ജോർജ് III, തമാരറാണി എന്നിവരുടെ കാലം ജോർജിയൻ സാഹിത്യത്തിന്റെ ഒരു സുവർണകാലമായിരുന്നു. റോസ്റ്റിവാലിയുടെ സുപ്രസിദ്ധമായ 'പുള്ളിപ്പുലിത്തോൽ ധരിച്ച മനുഷ്യൻ' എന്ന കൃതി ഈ കാലത്താണ് (1210) ഉണ്ടായത്. ജോർജിയൻ ലിപിവ്യവസ്ഥയും ക്രിസ്തുമതപ്രചാരണത്തിനുശേഷമാണ് ആവിർഭവിച്ചത്.

1801-ൽ ജോർജിയ റഷ്യൻ സാമ്രാജ്യത്തിന്റെ ഒരു ഭാഗമായതോടുകൂടി ജോർജിയൻസംസ്കാരവും സാഹിത്യവും യൂറോപ്യൻ ധാരയുടെ അംശമായിത്തീർന്നു. അലക്സാൻഡർ ചാവ്ത് ചാവഡ്സ്, നിക്കോളാസ് ബാറതാഷ്വിലി എന്നീ കവികളും ജിയോഗ്രി എറിസ്താവി എന്ന നാടകകൃത്തും, ലാവ്റെൻറി അർദാസ്യാനി, ചാവ്ത പാവഡ്സ് എന്നീ നോവലിസ്റ്റുകളും ആണ് ജോർജിയൻ സാഹിത്യത്തെ വളർത്തിയ പ്രധാനികൾ. ജോർജിയൻ പർവതാരോഹകരുടെ ജീവിതകഥകൾ രചിച്ച അലക്സാൻഡർ ക്വാസ്ബെഗി, ദേശാഭിമാനപരങ്ങളായ കവിതകൾ എഴുതിയ അകാകി സെറീട്ടലി എന്നിവരാണ് പിൽക്കാലത്തു പ്രസിദ്ധിനേടിയവർ.

സാർഭരണത്തിൻ കീഴിൽ സന്മാർഗോപദേശപരതയായിരുന്നു ജോർജിയൻ സാഹിത്യത്തിലെ പ്രധാനപ്രവണത. യു.എസ്.എസ്.ആറിലെ ഒരു റിപ്പബ്ലിക്കായശേഷം മിഖയിൽ ജവാകിഷ്വിലിയെപ്പോലുള്ള നോവലിസ്റ്റുകളും പയോലോ ഇയാഷ്വിലി, ടിറ്റ്സ്യൻ

ടാബിഡ്സ് എന്നിവരെപ്പോലുള്ള കവികളും 1937-ൽ സ്റ്റാലിൻെറ 'ശുദ്ധീകരണ' പ്രക്രിയയിൽ അപ്രത്യക്ഷരായി. അതിനുശേഷം ഇയോസെഫ് ഗ്രൃഷാഷ്‌വിലി (കവി), ഷൽവാഡാഡിയാനി (നാടകകൃത്ത്), കോൺസ്റ്റൻറയിൻ ഗാംസകുർദിയ (നോവലിസ്റ്റ്) എന്നിവരാണ് പ്രശസ്തിയിലേക്ക് ഉയർന്നത്.

ജോർജോണി ദ കാസ്റ്റൽ ഫ്രാങ്കോ

(1477–1511)

ഇറ്റാലിയൻ നവോത്ഥാനകാലത്തെ പ്രശസ്ത വെനീഷ്യൻ ചിത്രകാരൻ. 1477-ൽ വെനീസിൽ ജനിച്ചുവളർന്ന ഇദ്ദേഹം തൻെറ കലാജീവിതത്തിൽ ഏറിയകൂറും അവിടെത്തന്നെയാണ് കഴിച്ചുകൂട്ടിയത്. 20 വയസ്സ് കഴിഞ്ഞപ്പോഴേക്കും വെനീസിലെ പല പ്രഭുകുടുംബാംഗങ്ങളുടെയും ചിത്രങ്ങൾ രചിക്കാനും രാജകീയ സൗധങ്ങളിൽ ചിത്രാലങ്കാരങ്ങൾ ചെയ്യാനും ജോർജോണി നിയുക്തനായി. ഇദ്ദേഹം രചിച്ച 150-ഓളം ആലേഖ്യങ്ങൾ വിവിധ യൂറോപ്യൻ ചിത്രപ്രദർശനശാലകളിൽ സൂക്ഷിച്ചിട്ടുണ്ട്. അന്നത്തെ പരിഷ്കൃത വെനീഷ്യൻ സമൂഹത്തിൽ ആരാധ്യനായ നായകനെന്ന നിലയിൽ അറിയപ്പെട്ടിരുന്ന ജോർജോണി ചിത്രകാരനെന്നതിനു പുറമെ ഗായകനുമായിരുന്നു.



ജോർദാനസ് കതലാനി (-1330)

ഫ്രെഞ്ച് ഡൊമിനിക്കൻ മിഷനറി. ഫ്രാൻസിലെ ഏവിയോണിലുള്ള സെവെറിക്കിൽ ജനിച്ചു. 1302-ൽ ടൊളാന്തിനോവിലെ തോമസ്സിനോടൊപ്പം പൗരസ്ത്യ രാജ്യങ്ങളിലേക്കു മതപ്രചാരണത്തിനു യാത്രയായി. 1321-ൽ പശ്ചിമേന്ത്യയിൽ ഉണ്ടായിരുന്നു. ഗുജറാത്തിലെ ബ്രോച്ചിൽ കുറച്ചുകാലം സേവനും അനുഷ്ഠിച്ചു. 1324-നും 1328 നും ഇടയ്ക്ക് കൊല്ലം സന്ദർശിച്ചു. തൻെറ മതപ്രവർത്തനങ്ങൾക്ക് ആ സ്ഥലം പറ്റിയതായി തോന്നി. 1330-ൽ ജോർദാനസ്സിനെ കൊല്ലത്തെ കത്തോലിക്കാ മെത്രാനായി ജോൺ (22) മാർപ്പാപ്പ വാഴിച്ചു. കൊല്ലത്തെ നസ്രാണിമാർ അവരുടെ വിശ്വാസം ഉപേക്ഷിച്ച് കത്തോലിക്കാ സഭയിൽ ചേരണമെന്ന് പോപ്പ് ഒരു തിരുവെഴുത്ത് പ്രസിദ്ധം ചെയ്തു (1330 ഏപ്രിൽ 5).

ജോർദാനസ് എഴുതിയ ഒരു ഗ്രന്ഥമാണ് 'മിറാബലിയഡിസ്ക്രിപ്ഷ്യ'. ഇതിൽ ഇന്ത്യൻ പ്രദേശങ്ങളെപ്പറ്റി ചില വിവരണങ്ങളുണ്ട്. ഉത്പന്നങ്ങൾ, കാലാവസ്ഥ, ആചാരങ്ങൾ, സമ്പ്രദായങ്ങൾ, സസ്യവർഗങ്ങൾ എന്നിങ്ങനെ ബഹുമുഖമായ വിവരം തരുന്ന ഈ ഗ്രന്ഥം മധ്യകാലത്തെ മികച്ച രേഖയാണ്. കൊല്ലം തുറമുഖത്തെ സുഗന്ധവ്യാപാരത്തെക്കുറിച്ചു സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. പ്രശംസാപൂർവ്വം എടുത്തുപറഞ്ഞിരിക്കുന്ന മറ്റൊരു കാര്യമാണ് ഇവിടുത്തെ രാജാക്കന്മാർ അന്യമതങ്ങളോടു കാണിക്കുന്ന സഹിഷ്ണത. കേരളത്തിലെ മരുമക്കത്തായത്തെക്കുറിച്ചു സൂചിപ്പിക്കുന്ന ആദ്യത്തെ വിദേശി ഇദ്ദേഹമാണെന്നു തോന്നുന്നു.

ഇദ്ദേഹത്തിൻെറ മറ്റൊരു ഗ്രന്ഥമാണു എപ്പിസിൽസ്(Epistles). ഇന്ത്യയിൽ പല പ്രമുഖ ഉദ്യോഗങ്ങളും വഹിച്ചിട്ടുള്ള സർ ഹെൻറി യൂൾ എന്ന പ്രശസ്ത ഭൂമിശാസ്ത്രകാരൻ (1820-1889) 'മിറാബിലിയ' ഇംഗ്ലീഷിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്(1863).

ജോർദാൻ

വടക്കുപടിഞ്ഞാറൻ അറേബിയയിലെ രാഷ്ട്രം. ഒന്നാം ലോകയുദ്ധത്തിനുശേഷം ഒരു രാഷ്ട്രമായതുമുതൽ 1949 ഏപ്രിൽ 26 വരെ ട്രാൻസ് ജോർദാൻ എന്നായിരുന്നു പേര്. കടൽക്കരയില്ലാത്ത, ഈ രാജ്യത്തിൻെറ പടിഞ്ഞാറ് ഇസ്രായേലും തെക്കും കിഴക്കും സൗദി അറേബിയയും വടക്കുകിഴക്ക് ഇറാക്കും വടക്കു സിറിയയും സ്ഥിതിചെയ്യുന്നു. 89,206 ച.കി.മീറ്റർ വിസ്തൃതിയുണ്ട്. ജനസംഖ്യ 25,95,000 (1985). തലസ്ഥാനം അമ്മാൻ (ജനസംഖ്യ എട്ടുലക്ഷം) ആണ്. ഭരണഘടനാനുസാരിയായ രാജഭരണം ആണ് ഇവിടെ നടക്കുന്നത്. 30-ഉം 130-ഉം അംഗങ്ങളുള്ള രണ്ടു മണ്ഡലങ്ങളുണ്ട് നിയമസഭയ്ക്ക്. രാഷ്ട്രത്തലവൻ രാജാവും ഗവൺമെൻറിൻെറ തലവൻ പ്രധാനമന്ത്രിയുമാണ്. ഔദ്യോഗിക ഭാഷ അറബി. ഔദ്യോഗികമതം ഇസ്ലാം. നാണയം ദീനാർ. ജോർദാൻനദിയുടെ പടിഞ്ഞാറു ഭാഗം ബ്രിട്ടൻെറ കീഴിലായിരുന്നു. പലസ്തീൻ മാൻഡേറ്റനുസരിച്ച് 1950-ലാണ് ഈ ഭാഗം ജോർദാനോടു കൂട്ടിച്ചേർത്തത്. 1967-ൽ ഇസ്രായേൽ ഇതു പിടിച്ചടക്കി.

ചാവുകടൽത്തീരങ്ങളിലും അതിനു തെക്കും ഏതാനും ഭാഗങ്ങൾ കടൽനിരപ്പിൽനിന്നും താഴ്ന്നാണുകിടക്കുന്നത്. തെക്കുവടക്കു നീണ്ടുകിടക്കുന്ന പർവതപ്രദേശങ്ങൾക്കു തെക്കുപടിഞ്ഞാറൻ ജോർദാനിൽ ഉയരം കൂടുതലാണ്. ഗിരിനിരകൾക്കിടയിലൂടെ നീളം കുറഞ്ഞ നദികൾ പടിഞ്ഞാറോട്ടൊഴുകി ജോർദാൻ നദിയിലും ചാവുകടലിലും പതിക്കുന്നു. ഈ നദീതടങ്ങളിലും ചാവുകടൽത്തീരത്തും ഫലപുഷ്ടിയുള്ള ഭൂമിയുണ്ട്. പക്ഷേ, രാജ്യത്തിൻെറ മിക്ക ഭാഗങ്ങളും മണൽക്കുന്നുകളും മരുഭൂമിയുമാണ്. ചെടികളും മൃഗങ്ങളും കുറവാണ്. ചുരുക്കമായി ധാതുപദാർഥങ്ങൾ ഉണ്ട്.

ജനങ്ങൾ: 98 ശതമാനം ഇസ്ലാം മതക്കാരായ അറബികളാണ് (സുന്നികൾ). ക്രിസ്ത്യാനികളായ അറബികൾ, ദിർക്കാഷ്യന്മാർ എന്നിവരുമുണ്ട്. അലഞ്ഞുതിരിഞ്ഞു ജീവിക്കുന്ന ബദുയിൻകാരാണു ജനങ്ങളിൽ നല്ല ഒരു ഭാഗം. 20 വർഷംകൊണ്ടു ജനസംഖ്യ ഇരട്ടിച്ചിരിക്കുന്നു.





ജോർദാൻതാഴ്വരയിൽ നാബ്ലുസിനടുത്തുള്ള ഒരു ദൃശ്യം.

ചരിത്രം. ഇപ്പോഴത്തെ ജോർദാൻ രാജ്യത്തിൽ സ്ഥിതിചെയ്യുന്ന എഡം, ഗിലീഡ്, മോബ് എന്നിവ ആദ്യകാലത്ത് ഇസ്രായേൽ രാജ്യങ്ങളായിരുന്നു. ഗ്രീക്ക് സംസ്കാരവും, റോമൻ സംസ്കാരവും നിലവിലിരുന്ന കാലത്തും ഈ പ്രദേശങ്ങൾ പ്രാധാന്യം വഹിച്ചിരുന്നു. എ.ഡി. 637-ൽ ഈ പ്രദേശം അറബിമുസ്ലീങ്ങൾ ആക്രമിച്ചു കീഴടക്കി. 16-ാം നൂറ്റാണ്ടുമുതൽ ഒന്നാംലോകയുദ്ധകാലംവരെ ഇവിടം ഓട്ടോമൻ സാമ്രാജ്യത്തിൻെറ ഭാഗമായിരുന്നു. 1918-ൽ ബ്രിട്ടീഷുകാർ തുർക്കികളെ ഇവിടെനിന്നു തുരത്തി. അതിനുശേഷം ഈ രാജ്യം സിറിയയുടെ ഭാഗമായിത്തീർന്നു. സിറിയയിലെ നാടുവാഴിയായ ഫെയ്സലിനെ 1920-ൽ ഫ്രാൻസ് സ്ഥാനഭ്രഷ്ടനാക്കി. അബ്ദുള്ള ബ്രിട്ടൻെറ സഹായത്തോടെ ട്രാൻസ് ജോർദാൻെറ അമീർ ആയി. 1922-ൽ പലസ്തീനെ സംബന്ധിക്കുന്ന ലീഗ് ഒഫ് നേഷൻസ് മാൻഡേറ്റ് പ്രകാരം, ട്രാൻസ് ജോർദാൻ ബ്രിട്ടൻെറ ഭരണത്തിലായി. എന്നാൽ ഈ പ്രദേശം പുണ്യസ്ഥലങ്ങളുടെയും ജൂതന്മാർക്കുള്ള ഭൂമിയുടെയും പട്ടികയിൽനിന്നു സനിഷ്കർഷം ഒഴിവാക്കപ്പെട്ടു.

1928-ൽ ലീഗ് ഒഫ് നേഷൻസിൻെറ അംഗീകാരത്തോടെ, ട്രാൻസ് ജോർദാനിൽ മാൻഡേറ്റ് നിയന്ത്രണത്തിൻകീഴിലുള്ള ഒരു പരമാധികാര ഗവൺമെൻറ് നിലവിൽവന്നു. അബ്ദുള്ള ഇബ്ൻഹുസൈൻ ആയിരുന്നു തലവൻ. ഈ കരാർ 1934-ലും, 1941-ലും ബ്രിട്ടൻ പുതുക്കി. 1946 മാർച്ച് 22-ാം തീയതി മാൻഡേറ്റ് റദ്ദാക്കി. രാജ്യത്തിനു സ്വാതന്ത്ര്യം കിട്ടിയതോടെ, 1946 മെയ് 25-ന് അമീർ, രാജാവ് എന്ന സ്ഥാനം സ്വീകരിച്ചു. ട്രാൻസ് ജോർദാൻ, അറബിലീഗിലെ അംഗമായെങ്കിലും റഷ്യ വീറ്റോ പ്രയോഗിച്ചതിനാൽ, ഐക്യരാഷ്ട്രസഭയിൽ അംഗമാകാൻ കഴിഞ്ഞില്ല. ഇസ്രായേൽ രാഷ്ട്രം സ്ഥാപിക്കുന്നതിനുമുമ്പായി, ജൂതന്മാരും അറബികളും തമ്മിൽ സംഘട്ടനം ഉണ്ടായപ്പോൾ (1947—'48) വളരെയധികം അറബികൾ ട്രാൻസ് ജോർദാനിൽ അഭയാർഥികളായി എത്തി. 1949 ഏപ്രിൽ 3-ന് ഇസ്രായേലും ട്രാൻസ്ജോർദാനും തമ്മിൽ ഒരു ഉടമ്പടി ഉണ്ടായി. ജോർദാൻെറ സൈന്യം ജെറുസലേമിലെ പഴയ നഗരം കൈവശപ്പെടുത്തിക്കൊള്ളാനും, മുമ്പിലത്തെ മാൻഡേറ്റ് പ്രകാരമുള്ളതിൻെറ നാലിലൊന്നു വരുന്ന മധ്യപലസ്തീൻപ്രദേശം കൈവശംവയ്ക്കാനും ഇതനുസരിച്ചു സമ്മതിച്ചു. ട്രാൻസ് ജോർദാൻ, മേലാൽ ജോർദാൻ എന്ന പേരിലായിരിക്കും അറിയപ്പെടുക എന്ന് 1949 ഏപ്രിൽ 26-ന് പ്രഖ്യാപനം ഉണ്ടായി. ജോർദാൻ കൈവശപ്പെടുത്തിയ പലസ്തീൻ പ്രദേശത്ത്, രാജാവ് 1949 മാർച്ച് 16-ന് ജോർദാൻെറ സിവിൽഭരണം ഏർപ്പെടുത്തി. 1950 ഏപ്രിൽ 24-ന് ആ പ്രദേശം ജോർദാനോടു ചേർത്തു. ഇതോടെ ജോർദാൻെറ ജനസംഖ്യ ഇരട്ടിയായി. 1949 ജനുവരി 31-ന് അമേരിക്ക ജോർദാന് അംഗീകാരം നല്കി. 1950 ഏപ്രിൽ 24-ന് പലസ്തീൻപ്രദേശംകൂടി ചേർത്തതിനെ, ബ്രിട്ടൻ അംഗീകരിച്ചു. എങ്കിലും പലസ്തീൻകാർ 1967-ൽ നടത്തിയ ആറു ദിവസത്തെ യുദ്ധം എന്നറിയപ്പെടുന്ന ആക്രമണത്തിൽ 'വെസ്റ്റ് ബാങ്ക്' കൈക്കലാക്കി. 1971-ൽ പലസ്തീൻ ഗറില്ലകളുടെ താവളങ്ങളെ ഹുസൈൻ രാജാവിൻെറ സേന നശിപ്പിച്ചെങ്കിലും 'വെസ്റ്റ്ബാങ്കി'ൻെറ മേൽ തങ്ങൾക്കുള്ള അവകാശം ജോർദാൻ കയ്യൊഴിഞ്ഞു. അങ്ങനെ താല്കാലികമായെങ്കിലും ജോർദാൻ-പലസ്തീൻ സംഘർഷം നിലച്ചു. ഹുസൈൻ രാജാവിൻെറ നേതൃത്വത്തിൽ പല അഭിവൃദ്ധി പദ്ധതികളും ഇവിടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ക്രിസ്തുമതക്കാർ പുണ്യസ്ഥലമായിക്കരുതുന്ന പലതും ജോർദാനിൽപ്പെട്ട ജെറുസലേമിൽ ആണ്.

സമ്പദ്വ്യവസ്ഥ: തെക്കുവടക്കു നീണ്ടുകിടക്കുന്ന റെയിൽവേ ലൈനിനു കിഴക്കുള്ള ഭാഗം മരുഭൂമിയാണ്. എന്നാൽ പടിഞ്ഞാറു ഭാഗം നല്ല കൃഷിസ്ഥലങ്ങളാണ്. നാരങ്ങ, ഗോതമ്പ്, ബാർലി,

അമ്മാനിലെ പ്രധാനപ്പെട്ട പൊതുനിരത്ത്.



അമ്മാൻ - ഒരു ആകാശവീക്ഷണം.

ഒലിവ്, അത്തിപ്പഴം, തക്കാളി, പരുത്തി, വാഴ മുതലായവയാണു പ്രധാന കാർഷികോത്പന്നങ്ങൾ. കൃഷിയിൽ ഏർപ്പെട്ടവർ ജനസംഖ്യയുടെ നാലുശതമാനം മാത്രമാണ്. ഫോസ്ഫേറ്റ് നിക്ഷേപങ്ങൾ ഉണ്ടെങ്കിലും അവ പ്രയോജനപ്പെടുത്തിവരുന്നതേയുള്ളു. ചാവുകടലിൽ പൊട്ടാഷ് ഉണ്ട്. ദേശീയമൊത്തവരുമാനം 490 കോടി യു.എസ്. ഡോളർ. പ്രതിശീർഷവരുമാനം 1960 ഡോളർ.

ഗതാഗതം: റെയിൽവേ 619 കി.മീറ്റർ റോഡ് 6332 കി.മീറ്റർ കാർ 1,18,852 ട്രക്കും ബസും 48,884. കപ്പലുകൾ 8. വിമാനത്താവളം 2.

വാർത്താവിനിമയം: ദിനപത്രം 5, പ്രചാരം: 1,88,000. റേഡിയോ 5 പേർക്ക് ഒന്ന്, റ്റി.വി. 15 പേർക്ക് ഒന്ന്. ഫോൺ 27 പേർക്ക് ഒന്ന്.

വിദ്യാഭ്യാസം: ഔപചാരികവിദ്യാഭ്യാസം ഇല്ലാത്തവർ 48%. സാക്ഷരത 75%.

ആരോഗ്യം: 1102 പേർക്ക് ഒരു ഭിഷഗ്വരൻ. 711 പേർക്ക് ഒരു കിടക്ക. ശരാശരി ആയുസ് 60 വർഷം പ്രതിശീർഷ ദൈനിക ഭക്ഷണം 2498 കലോറി.

പ്രതിരോധം: മൊത്തം സൈനികർ 70,300 (കരസൈന്യം 89.3%. നാവികർ 0.5% വായുസേന 10.2.%) മൊത്തം വരവിന്റെ 21.5% ആണു പ്രതിരോധച്ചെലവ്.

ജോർദാൻ നദി

ക്രിസ്ത്യാനികൾ തീർഥമെന്നു കരുതുന്ന ഒരു നദി. യോർദാൻ നദി എന്നും പറയും. ഇതിലെ ജലംകൊണ്ടാണ് ക്രിസ്തുവിന്റെ ജ്ഞാനസ്നാനം നടത്തിയത്. ലെബനോണിലെ ആൽതിലെബനോൺ പർവതത്തിന്റെ 2,800 മീറ്റർ പൊക്കമുള്ള ഹസ്ബയയിൽ നിന്നുദ്ഭവിച്ച് ചതുപ്പു പ്രദേശത്തിൽകൂടി തെക്കോട്ടൊഴുകി ഹുലാ തടാകത്തിൽ പ്രവേശിച്ചു വീണ്ടും തെക്കോട്ടൊഴുകി ഗലീലക്കടൽ (ടൈബീരിയസ് തടാകം) വഴിയായി തെക്കോട്ടു വീണ്ടും ഒഴുകുന്നു. കടൽനിരപ്പിൽനിന്നും താഴെയുള്ള കുഴിപ്രദേശത്തുകൂടെ ഒഴുകി ചാവു കടലിൽ പതിക്കുന്നു. ആകെ 192 കി. മീറ്റർ നീളമുള്ള ഈ നദിയുടെ അസാധാരണമായ വക്രഗതിയും അസ്ഥിരമായ ആഴവും കാരണം ഇതു ഗതാഗതയോഗ്യമല്ല.

ജോർദാൻ (മറിയ എന്നെമോണ്ടേ) കാമിൽ (1838—1922)

ഉപരിബീജഗണിതത്തിൽ ഗവേഷണം നടത്തിയ ഫ്രെഞ്ച് ഗണിതശാസ്ത്രജ്ഞൻ. 1838 ജനുവരി 5-ന് ലിയോഗ്നണിൽ ജനിച്ചു. പാരീസിൽ പഠിച്ചു. എക്കോളെ പോളിടെക്നിക്കിൽ ഗണിതശാസ്ത്ര പ്രൊഫസ്സറായി (1876—1912). 1885 മുതൽ മരണംവരെ (ജനുവരി 20, 1922) ഒരു ജേണലിന്റെ (Journal De Mathematiques) എഡിറ്ററായിരുന്നു.

ഇദ്ദേഹത്തിന്റെ ആദ്യകാലഗവേഷണങ്ങൾ ജ്യാമിതിയിൽ ആണ്. ഗാൽവാഗ്രൂപ്പുസിദ്ധാന്തത്തെ ബീജഗണിതത്തിലെ സമവാക്യങ്ങൾ പഠിക്കാൻ ജോർദാൻ ഉപയോഗിച്ചു. ഒരു നിർദിഷ്ട ബീജഗണിതസമവാക്യം റാഡിക്കലുകൾ ഉപയോഗിച്ചു നിർധാരണം ചെയ്യാം എന്ന് ഇദ്ദേഹം കാണിച്ചു. ഈ പ്രശ്നം ഉന്നയിച്ചതു നോർവീജിയൻ ഗണിതശാസ്ത്രജ്ഞനായ ആബൽ ആണ്. അനാലിസിസിലെ ഗവേഷണങ്ങളും മറ്റുചില പ്രസംഗങ്ങളും ജോർദാൻ പ്രസിദ്ധീകരിച്ചു. ഫലന (Function) സിദ്ധാന്തത്തെ ആധുനിക രീതിയിൽ വിശകലനം ചെയ്തു. ഇദ്ദേഹത്തിന്റെ പേരിൽ അറിയുന്നതാണ് ജോർദാൻവക്രം. ഒരേ തലത്തിൽ കിടക്കുന്നതും അടഞ്ഞതും (closed) സ്വയം ഖണ്ഡിക്കാത്തതും ആണ് ഈ വക്രം.

ഇദ്ദേഹത്തിന്റെ *ട്രീറ്റ് ഡെ സബ്സ്റ്റിറ്റ്യൂഷൻസ് എറ്റ് ഡെ ഇക്വേഷൻസ് ആൾജിബ്രിക്സ്* (1870) ഫ്രെഞ്ച് സയൻസ് അക്കാദമിയുടെ പോൺസെലെറ്റ് പ്രൈസ് നേടി. മൂന്നു വാല്യങ്ങളായി പ്രസിദ്ധപ്പെടുത്തിയ *കോഴ്സ് ഡെ അനാലൈസ് ഡെ ഇക്കോൾ* പോളിടെക്നിക് ആണ് മറ്റൊരു കൃതി.

ജോലിമൂല്യനിർണയനം

ജോലിയുടെ പ്രത്യേകത നോക്കി വേതനം കണക്കാക്കുന്ന പദ്ധതി. ഒരു പ്രത്യേക ജോലിക്കുള്ള ന്യായമായ വേതനം എന്തെന്ന് ആ ജോലി ശാസ്ത്രീയമായി അപഗ്രഥിച്ചു നിർണയിക്കുന്ന പ്രക്രിയയെ ജോലിമൂല്യനിർണയമെന്നു വിളിക്കാം. ജോലിയുടെ വേതനം, ജോലിയുടെ കാഠിന്യവും മറ്റു പ്രത്യേകതകളും എന്നീ രണ്ടു ഘടകങ്ങൾ തമ്മിൽ ആനുപാതികബന്ധമുണ്ടായിരിക്കണമെന്നുള്ളതാണ് ശാസ്ത്രീയ ജോലിമൂല്യനിർണയനത്തിന്റെ മുഖ്യമായ തത്ത്വം. കൂടുതൽ വൈദഗ്ധ്യവും (കായിക മാനസികമോ) ദീർഘമായ പരിശീലനം അത്യാവശ്യമായതും കൂടുതൽ ചുമതലകൾ ഉള്ളതുമായ ജോലികൾക്കും, ജീവാപായസാധ്യതകൾ, ആരോഗ്യക്ഷയസാധ്യതകൾ എന്നിവ കൂടിയവുമായ ജോലികൾക്കും മറ്റുജോലികളെക്കാൾ വേതനം കൂടിയിരിക്കണം. അതുപോലെ ഒരു ജോലിയുടെ കർത്തവ്യങ്ങൾക്കും കാഠിന്യത്തിനും അതിനു നിർണയിച്ചിരിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ പദവിയുമായി അതായതു ശമ്പളം, അധികാരം എന്നിവയുമായി ആനുപാതികബന്ധം ഉണ്ടായിരിക്കേണ്ടതാണ്. തൊഴിലാളികളുടെ വ്യാവസായികസമാധാനത്തിനും ഉത്പാദനവർധനയ്ക്കും ശാസ്ത്രീയമായ ജോലിമൂല്യനിർണയനം കൂടിയേതീരു. ശരിയായ ജോലിമൂല്യനിർണയനം ജോലികൾ തമ്മിലുള്ള താരതമ്യപഠനത്തിൽ അധിഷ്ഠിതമാണ്. ജോലിയുടെ മേന്മയും മൂല്യവും മറ്റു ബന്ധപ്പെട്ട ജോലികളുമായി താരതമ്യംചെയ്തു നിർണയിക്കുന്ന ശാസ്ത്രീയപഠനമാണു ജോലിമൂല്യനിർണയനത്തിന്റെ കാതലായ ഭാഗം.

ശരിയായ വേതനനിർണയം മൂന്നു പ്രശ്നങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു: 1. ഒരു സ്ഥാപനത്തിലെ വിവിധ വേതനതലങ്ങളും. അവയിൽ ഏറ്റവും ചുരുങ്ങിയ നിരക്കും. 2. ഓരോ നിശ്ചിതജോലിക്കും നല്കേണ്ട വേതനനിരക്ക് 3. ഒരേ ജോലിക്കുതന്നെ നിശ്ചയിച്ചിരിക്കുന്ന വേതന സ്കെയിലിന്റെ തുടക്കവും ഒടുക്കവും. ഈ മൂന്നു പ്രശ്നങ്ങളും ജോലിമൂല്യനിർണയനംമൂലം ശാസ്ത്രീയ പരിഹാരങ്ങൾ കാണേണ്ടതാണ്. ഏറ്റവും താഴ്ന്ന ജോലിയുടെ ന്യായമായ വേതനനിർണയനവും പ്രധാനജോലികളുടെ (key jobs) തരംതിരിപ്പും ഏതു ജോലിമൂല്യനിർണയശ്രമത്തിന്റെയും ആദ്യത്തെ പടികളാണ്. അതുപോലെ ജോലികൾ തമ്മിലുള്ള സൂക്ഷ്മവ്യത്യാസം(differential) വിവിധജോലികളുടെ ശ്രമപരിമാണം കണക്കിലെടുത്തു നിർണയിക്കണം. അതോടൊപ്പം താഴെപ്പറയുന്ന സാമൂഹിക-സാമ്പത്തികശക്തികളുടെ സ്വാധീനംകൂടി കണക്കിലെടുത്തുവേണം ജോലിമൂല്യനിർണയനത്തിന് അവസാനത്തെ മിനുക്കുപണി ചെയ്യാൻ. 1. രാജ്യത്തിലെ സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതിയും ഭരണകൂടത്തിന്റെ വേതന നയപരിപാടികളും. 2. സമീപത്തു സ്ഥിതിചെയ്യുന്ന വ്യവസായ-വാണിജ്യസ്ഥാപനങ്ങളിലെ വേതനഘടന. 3. ഒരേ രംഗത്തു പ്രവർത്തിക്കുന്ന സമാനസ്ഥാപനങ്ങളിലെ വേതനഘടന. 4. തൊഴിലാളികളുടെ ലഭ്യതയും അവരുടെ സംഘടിതശക്തിയും. 5. സ്ഥാപനത്തിലെ ആദായനില. 6. ജീവിതച്ചെലവും ജീവിതനിലവാരവും. 7. വേതനത്തിനു പുറമെയുള്ള ആനുകൂല്യങ്ങൾ. 8. സ്ഥാപനത്തിന്റെ പേര്, പെരുമ, മറ്റു സാമൂഹിക പദവികൾ. ഈ ബാഹ്യശക്തികളുടെ സ്വാധീനം എല്ലാ സാഹചര്യങ്ങളിലും കാലങ്ങളിലും ഒരുപോലെയല്ല. അതിനാൽ കാലാകാലങ്ങളിൽ ഇവയുടെ സ്വാധീനശക്തിയിലുണ്ടാകുന്ന ഏറ്റക്കുറവുകൾ കണക്കിലെടുത്തു ജോലിമൂല്യം പുതുക്കേണ്ടതാണ്.

ജോലിമൂല്യനിർണയനത്തിനു സാധാരണമായി അനുവർത്തിക്കുന്ന നടപടിക്രമം താഴെ കൊടുക്കുന്നു:

1. ജോലികളുടെ നിർവചനം, വിവരണം, അപഗ്രഥനം, തരംതിരിവ് എന്നീ പ്രാഥമിക പ്രവൃത്തികൾ നിർവഹിക്കുക. ഓരോ ജോലിയുടെ നിർണായകഘടകങ്ങൾ അപഗ്രഥിച്ചു കുറിച്ചെടുക്കുകയും അവയുടെ ആപേക്ഷികസ്ഥാനം നിർണയിക്കുകയും ചെയ്യുക. 2. പല ജോലികൾക്കും പൊതുവായി ചില ഘടകങ്ങൾ കാണാം. ഈ മൗലികഘടകങ്ങളുടെ പട്ടികയും മൂല്യനിർണയനവും അടങ്ങുന്ന ഒരു സംഗ്രഹഗ്രന്ഥം തയ്യാറാക്കുക. 3. ഒരു ജോലിയുടെ വിവിധഘടകങ്ങളുടെ ആപേക്ഷികപ്രാധാന്യം കണക്കിലെടുത്ത് അവയുടെ മുൻതൂക്കം നിർണയിക്കുക. ഉദാഹരണമായി ഒരു വ്യവസായത്തൊഴിലാളിയുടെ ജോലിമൂല്യ നിർണയനത്തെ സംബന്ധിച്ചിടത്തോളം അയാളുടെ ജോലിയുടെ മൂല്യഘടകം വൈദഗ്ധ്യം (skill) ആയതിനാൽ ആ ഘടകത്തിനായിരിക്കണം പ്രാധാന്യം. വ്യവസായസ്ഥാപനത്തിലെ മാനേജരെ സംബന്ധിച്ചിടത്തോളം കർത്തവ്യബോധം, നേതൃത്വഗുണം എന്നിവയ്ക്കായിരിക്കും കായികശക്തി, കരകൗശലം എന്നിവയെക്കാൾ മുൻതൂക്കം. അങ്ങനെ മുൻതൂക്കം കൊടുത്ത് ഓരോ ഘടകത്തിനും ഓരോ ഏകകസൂചിക തയ്യാറാക്കുക. 4. സമാന്തരമണ്ഡലങ്ങളിലും സ്ഥാപനങ്ങളിലും നിലവിലിരിക്കുന്ന വേതനഘടനയെ സംബന്ധിച്ച സർവേ നടത്തി കുറഞ്ഞ ജോലിക്കുള്ള ന്യായവേതനവും മൗലികജോലികളുടെ മൂല്യനിർണയനവും നടത്തുക. മൗലികജോലികൾ മറ്റു ജോലികളെ സംബന്ധിച്ചിടത്തോളം ഒരു അളവുകോൽ ആയിരിക്കും. കാ

ഗുണം അവയുമായി താരതമ്യം ചെയ്തായിരിക്കും മറ്റു ജോലികളുടെ മൂല്യനിർണയനം നടത്തുന്നത്. 5. മുൻപറഞ്ഞ സർവേയിൽനിന്നു ലഭിച്ച വിവരങ്ങളെ ആസ്പദമാക്കി ഒരു ഗ്രാഫ് തയ്യാറാക്കുക. ഗ്രാഫിൻെറ തിരശ്ചീന (horizontal) ഭാഗത്ത് വിവിധ മൗലികജോലികളിലെ ഘടകങ്ങളുടെ ഏകകസൂചികൾ കൂട്ടിയെടുത്തു കിട്ടുന്ന തുക കാണിക്കുക. ഗ്രാഫിൻെറ ലംബസ്ഥിതഭാഗത്ത് ഓരോ മൗലികജോലികൾക്കും സമാനമായ പണവില അഥവാ ന്യായമായ വേതനം കാണിക്കുന്നു. അങ്ങനെ വിവിധ മൗലികജോലികളെ പ്രതിനിധാനംചെയ്യുന്ന ബിന്ദുക്കൾ കൂട്ടിച്ചേർത്ത് ഉണ്ടാക്കുന്ന രേഖയെ വേതനവക്രം (wage curve) എന്നു വിളിക്കാം. അത് ഒരുവശത്തു ജോലിയുടെ ഏകകസൂചികയും മറുവശത്ത് അതിൻെറ ഇപ്പോഴത്തെ പണവിലയും കാണിക്കുന്നു. 6. ജോലിമൂല്യനിർണയംചെയ്യേണ്ട നിശ്ചിതജോലിയുടെ വിവിധഘടകങ്ങൾ അപഗ്രഥിച്ച് അവയ്ക്കുവേണ്ട മുൻതൂക്കങ്ങൾ നല്കി അവയെല്ലാം കൂട്ടിക്കിട്ടുന്ന ഏകകസൂചിക കണ്ടുപിടിച്ച് മുൻപറഞ്ഞ വക്രത്തിൽനിന്ന് അതിൻെറ സമാനവേതനത്തുക കണ്ടുപിടിക്കുക. ഈ വേതനം ആധാരമാക്കി ഒരു വേതനത്തോത് നിർണയിക്കുക. ഇതിനെ ഏകകസൂചികാമാർഗം എന്നു വിളിക്കുന്നു. മറ്റു മാർഗങ്ങളും ജോലിമൂല്യനിർണയത്തിനുപയോഗിക്കുന്നുണ്ട്.

1. *അനുക്രമസ്ഥാനനിർണയം (ranking and grading method):* ഇവിടെ ഓരോ ജോലിക്കും അതിൻെറ കാഠിന്യവും പ്രാധാന്യവും കണക്കാക്കി അനുക്രമസ്ഥാനം നല്കി തരംതിരിക്കുന്നു. ക്രമപ്രകാരം ഓരോ ജോലിക്കും ഏറ്റക്കുറച്ചിലുകൾ നല്കി അതിൻെറ വേതനത്തോതു നിർണയിക്കുന്നു.

2. *ഘടകതാരതമ്യമാർഗം (factor comparison method):* ഓരോ മൗലികജോലിയെയും വിവിധ നിർണായകഘടകങ്ങളായി തരംതിരിക്കുന്നു. ഓരോ ഘടകത്തിനും ജോലിയുടെ പൊതുവെയുള്ള ന്യായവേതനത്തിൻെറ ഓരോ ഭാഗം മൂല്യമായി നിർണയിക്കുന്നു. ഓരോ മൂല്യഘടകത്തിൻെറയും സമാന്തരമായ പണവില അറിയാവുന്നതുകൊണ്ട് ഏതു ജോലിയെയും അതിൻെറ ഘടകങ്ങളായി വിഭജിച്ച് ഓരോ ഘടകത്തിൻെറയും സമാന്തര പണവില കണക്കാക്കുന്നു. വിവിധഘടകങ്ങളുടെ പണവില കൂട്ടിച്ചേർത്തു നിശ്ചിത ജോലിയുടെ ന്യായവേതനം നിർണയിക്കാവുന്നതാണ്.

മുൻപറഞ്ഞ ഏതു മാർഗമനുസരിച്ചു ജോലിനിർണയം നടത്തിയാലും അതു നൂറുശതമാനം ശരിയായിരിക്കണമെന്നില്ല. കാരണം മൂല്യനിർണയം കുറെയൊക്കെ മൂല്യനിർണയവിദഗ്ധരുടെ ന്യായവിധികളെയും മുൻവിധികളെയും ആശ്രയിച്ചിരിക്കും.

ജോലിമൂല്യനിർണയം ശാസ്ത്രീയവും യുക്തിപൂർവകവുമായ വേതനനിർണയരീതിയാണെങ്കിലും മുതലാളിമാരും തൊഴിലാളികളും ഒത്തൊരുമിച്ചു സൗഹാർദപൂർവം നടപ്പിലാക്കിയാൽ മാത്രമേ അതു വിജയിക്കുകയുള്ളു. ജോലിമൂല്യനിർണയപരിപാടിയുടെ ആദ്യഘട്ടം മുതൽതന്നെ തൊഴിലാളിപ്രതിനിധികളുമായി ആലോചിച്ച് അവരുടെ സഹകരണംനേടി മുന്നോട്ടുപോകുകയാണ് മുതലാളിമാരെ സംബന്ധിച്ചിടത്തോളം ബുദ്ധിപൂർവമായ നടപടി. ഒന്നിലേറെ തൊഴിലാളിയൂണിയനുകൾ ഒരു സ്ഥാപനത്തിൽ നിലവിലുണ്ടെങ്കിൽ ഒരുപക്ഷേ, നടപടിക്രമം നടപ്പിലാക്കുവാൻ വൈഷമ്യമുണ്ടായെന്നു വരാം.

ഏതായാലും ജോലിമൂല്യനിർണയത്തെപ്പറ്റിയുള്ള ഋജുവും പൂർണവുമായ ആശയവിനിമയം തൊഴിലാളികളും മുതലാളിമാരും തമ്മിൽ നടത്തുന്നത്, ഈ സമ്പ്രദായത്തിൻെറ അന്തിമവിജയത്തിന് അത്യന്താപേക്ഷിതമാണ്.

ജോലിമൂല്യം ഒരിക്കൽ നിർണയിച്ചാൽ അത് എക്കാലത്തേക്കും ശരിയായിരിക്കുകയില്ല. ജോലിയുടെ സ്വഭാവം, സാങ്കേതികപുരോഗതിയുടെ വെളിച്ചത്തിൽ മാറിവരും. അതുപോലെ ചുറ്റുപാടുമുള്ള സാമൂഹിക-സാമ്പത്തിക വ്യതിയാനങ്ങൾ ജോലിമൂല്യത്തെ ബാധിച്ചെന്നും വരും. അതിനാൽ ജോലിമൂല്യസമ്പ്രദായവും വേതനഘടനയും കാലാകാലങ്ങളിൽ നിരീക്ഷണവിധേയമാകണം. ആവശ്യമുള്ള വ്യതിയാനങ്ങൾ ഉൾക്കൊള്ളത്തക്കവണ്ണം അവ വിശാലസ്വഭാവമുള്ളവയും ആയിരിക്കണം.

എം.ഐ. ഉമ്മൻ

ജോലിയോ ക്യൂറി, ഐറീൻ

† ക്യൂറി, ഐറീൻ ജോലിയോ നോക്കുക.

ജോലിയോ ക്യൂറി, ഫ്രെഡ്രീക് (1900–1958)

ഫ്രെഞ്ച് ഭൗതികജ്ഞൻ. 1935-ൽ ഇദ്ദേഹത്തിനും പത്നി † ഐറീൻ



ജോലിയോക്യൂറിയും ഭാര്യ ഐറീനും

ക്യൂറിക്കും (പേരിൻെറ ശരിയായ ഉച്ചാരണം ഷോല്യോ ക്യൂറി) കൂടി കൃത്രിമ റേഡിയോ ആക്ടീവ് മൂലകങ്ങൾ കണ്ടുപിടിച്ചതിന് നൊബേൽസമ്മാനം ലഭിച്ചു. 1900 മാർച്ച് 19-ന് പാരീസിൽ ജനിച്ചു. ആദ്യം എൻജിനീയറിങ്ങും പിന്നീടു കെമിസ്ട്രിയും പഠിച്ചു. 1925-ൽ റേഡിയം ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു. പിന്നീടു പ്രൊഫസറായി. കൃത്രിമമായ റേഡിയോ ആക്ടിവിറ്റിയെക്കുറിച്ചുള്ള പരീക്ഷണങ്ങളിൽനിന്ന് മൂന്നു റേഡിയോ ആക്ടീവ് മൂലകങ്ങൾ ഉണ്ടാക്കി. ഇവ പ്രകൃത്യാ ലഭിക്കാത്തത് ആയിരുന്നു. നൈട്രജൻ, ഫോസ്ഫറസ്, അലൂമിനിയം എന്നിവയുടെ ഐസോടോപ്പുകളായിരുന്നു അവ. ഇവയ്ക്കു റേഡിയോ നൈട്രജൻ, റേഡിയോ ഫോസ്ഫറസ്, റേഡിയോ അലൂമിനിയം എന്നു പേരിട്ടു. ബോറോൺ, അലൂമിനിയം, മഗ്നീഷ്യം എന്നിവയെ ആൽഫാരശ്മികൾകൊണ്ടു തകർക്കുകയായിരുന്നു ഇതിനുള്ള വഴി. സാധാരണമായി റേഡിയോ ആക്റ്റീവ് ഗുണങ്ങൾ പ്രദർശിപ്പിക്കാത്ത മൂലകങ്ങളിൽനിന്ന് എങ്ങനെ റേഡിയോ ആക്റ്റീവ് വസ്തുക്കളുണ്ടാക്കാമെന്നതിൻെറ കണ്ടുപിടിത്തമായിരുന്നു അത്. അസ്ഥിരമായ ന്യൂക്ലിയസ്സിൻെറ നിരീക്ഷണംകൊണ്ട് ആറ്റങ്ങളെങ്ങനെ തകരുന്നു എന്നു പഠിക്കാനും കഴിഞ്ഞു. പല വഴിക്കും പല റേഡിയോ ഐസോടോപ്പുകളും പിന്നീട് ഉണ്ടാക്കിയിട്ടുണ്ട്. അവയുടെ റേഡിയോ ആക്റ്റിവിറ്റി കാരണം ജീവികളിലെ പല മൂലകങ്ങളെപ്പറ്റിയും മനസ്സിലാക്കാനും സഹായിച്ചിട്ടുണ്ട്.

ന്യൂക്ലിയർ വിഘടനത്തിൽ ന്യൂട്രോണുകൾ ബഹിർഗമിക്കുന്നതും ജോലിയോ 1939-ൽ കണ്ടുപിടിച്ചു. 1944-ൽ ഫ്രാൻസിലെ ദേശീയ ശാസ്ത്രീയ കേന്ദ്രത്തിൻെറ ഡയറക്റ്ററും 1946-ൽ അണുശക്തിയുടെ ഹൈക്കമ്മീഷണറും ആയെങ്കിലും, 1950-ൽ കമ്യൂണിസ്റ്റ് ചായ്‌വു കാരണം അതിൽനിന്നു പുറത്തായി. ലോകസമാധാന കൗൺസിലിൻെറ അധ്യക്ഷനായിരുന്നു. 1958 ആഗസ്റ്റ് 14-ന് പാരീസിൽവച്ചു നിര്യാതനായി.

ജോഷി, ആനന്ദിബായ് (1865—1887)

ഇന്ത്യയിലെ ആദ്യത്തെ വനിതാ ഡോക്ടർ. 1865 മാർച്ച് 31-ന ബോംബെയ്ക്കു സമീപമുള്ള കല്യാണിൽ ജനിച്ചു. യമുന എന്നായിരുന്നു പേർ. ഒൻപതു വയസ്സുള്ളപ്പോൾ ഗോപാൽ റാവു ജോഷി എന്ന പോസ്റ്റൽ ക്ലാർക്കിനെ വിവാഹംചെയ്തു. ഭർത്താവാണ് ആനന്ദി എന്ന പേർ നല്കിയത്. പതിനാലാം വയസ്സിൽ അമ്മയായി. പക്ഷേ ശിശു ഒരാഴ്ചയേ ജീവിച്ചിരുന്നുള്ളൂ. അതിനുശേഷമാണു ഡോക്ടർ ആകാൻ ആനന്ദി തീരുമാനിച്ചത്. ബോംബെയിലെ ഒരു മിഷൻ സ്കൂളിൽ ചേർന്നു. ഇക്കാര്യത്തിൽപോലും സാമൂഹികമായ എതിർപ്പുകൾ നേരിടേണ്ടിവന്നു. എന്നിട്ടും അമേരിക്കയിൽ പോയി മെഡിക്കൽ വിദ്യാഭ്യാസം നേടണമെന്ന് ആനന്ദിബായിയും ഭർത്താവും തീരുമാനിച്ചു. ഇതു സംബന്ധിച്ച് അമേരിക്കൻ ക്രിസ്ത്യൻ റെവ്യൂ എന്ന പത്രത്തിൽ ഗോപാൽ റാവു എഴുതിയ കത്തുകൾ കാണാനിടയായ ഫിലാഡെൽഫിയക്കാരി ബി. കാർപെൻറർ എന്ന വനിത ആനന്ദിബായിക്കു കത്തയയ്ക്കുകയും എല്ലാ സഹായവും വാഗ്ദാനംചെയ്യുകയും ഉണ്ടായി. അവരുടെ പ്രോത്സാഹനം ആനന്ദിക്കു ധൈര്യം നല്കി. 1883 ഏപ്രിൽ 7-ന് *ദി സിറ്റി ഒഫ് കല്ക്കത്ത* എന്ന കപ്പലിൽ അമേരിക്കയ്ക്കു തിരിച്ചു. പെൻസിൽവേനിയയിലെ

വിമൻസ് മെഡിക്കൽ കോളെജിൽ സ്കോളർഷിപ്പോടുകൂടി പഠിച്ചു. 1886-മാർച്ചിൽ മെഡിക്കൽ ബിരുദം നേടി. ഇതിനകം ഇവർക്കു ക്ഷയരോഗം ബാധിച്ചു. 1886 ഒക്ടോബറിൽ ഇന്ത്യയിലേക്കു തിരിച്ചു. കോൽഹാപ്പൂരിലെ ആൽബർട് എഡ്‌വേർഡ് ഹോസ്പിറ്റലിൽ വനിതാവിഭാഗത്തിൻെറ ചുമതല വഹിക്കാൻ അവർക്കു ക്ഷണം ലഭിച്ചിരുന്നു. ബോംബെയിൽ തിരിച്ചെത്തിയ ഡോ. ആനന്ദിബായിക്കു വലിയ ഒരു ജനക്കൂട്ടം സ്വീകരണം നല്കി. ഡോക്ടർ എന്ന നിലയ്ക്ക് അധികനാൾ സേവനം അനുഷ്ഠിക്കാൻ അവർക്കു കഴിഞ്ഞില്ല. 1887 ഫെബ്രുവരി 26-ാംതീയതി അന്തരിച്ചു.

ജോഷി, എൻ. എം. (1879—1955)

ഇന്ത്യയിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൻെറ നേതാവും സാമൂഹികപ്രവർത്തകനും. നാരായൺ മൽഹൽ ജോഷി എന്നാണു മുഴുവൻ പേര്. 1879 ജൂണിൽ പുണെയിൽ ജനിച്ചു. വിദ്യാഭ്യാസാനന്തരം സെർവൻ്റ്സ് ഒഫ് ഇന്ത്യാ സൊസൈസറ്റിയിൽ ചേർന്നു (1909). പല സാമൂഹിക സംഘടനകളുടെയും ഭാരവാഹിയായി.

ബോംബെ സോഷ്യൽ റിഫോം അസോസിയേഷൻ (1917—'29), വെസ്റ്റേൺ ഇന്ത്യാ നാഷണൽ ലിബറൽ ഫെഡറേഷൻ (1919—'29) എന്നിവയുടെ പ്രധാന പ്രവർത്തകനായിരുന്നു. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ (I.L.O.) ഭരണസമിതി അംഗമായും (1922—'44) 1925 മുതൽ അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ്സിൻെറ (A.I.T.U.C.) ജനറൽ സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കേന്ദ്ര നിയമനിർമാണസഭയിൽ തൊഴിലാളി പ്രതിനിധി ആയിരുന്നു (1921—'46). ലണ്ടനിലെ മൂന്നു വട്ടമേശസമ്മേളനങ്ങളിലും (1930, 1931, 1932) തൊഴിലാളി പ്രതിനിധിയായി പങ്കെടുത്തു. ദേശീയാസൂത്രണക്കമ്മിറ്റിയിൽ ലേബർ വിഭാഗത്തിൻെറ അധ്യക്ഷനായി. സിവിൽ ലിബർടി യൂണിയൻ, ബോംബെ കോർപ്പറേഷൻ, ജോയിൻ്റ് പാർലമെൻ്ററി കമ്മിറ്റി ഇവയിലെല്ലാം അംഗമായിരുന്നു. ഇന്ത്യയിലെ രാഷ്ട്രീയ കക്ഷികളിൽ ഒന്നിലും അംഗമാവാത്ത സർവസമ്മതനായ തൊഴിലാളി നേതാവായിരുന്നു ജോഷി. 1955-ൽ അന്തരിച്ചു.

ജോഷി, എസ്.എം. (1904—1989)

സ്വാതന്ത്ര്യസമരസേനാനിയും രാഷ്ട്രീയനേതാവും. 1930-ൽ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സ് അംഗമായി. സ്വാതന്ത്ര്യസമരപ്രവർത്തനങ്ങളിൽ ഭാഗഭാക്കായതിൻെറ പേരിൽ പലതവണ ജയിൽശിക്ഷ അനുഭവിച്ചിട്ടുണ്ട്. ബോംബെ നിയമസഭയിൽ 1952 മുതൽ 1962 വരെ അംഗമായിരുന്നു. സംയുക്ത സോഷ്യലിസ്റ്റ് പാർട്ടിയുടെ ചെയർമാനായിരുന്നിട്ടുണ്ട്. ജയപ്രകാശ് നാരായൻ, രാം മനോഹർ ലോഹ്യ, അശോകമേത്താ എന്നിവരോടൊപ്പം ഇന്ത്യയിൽ സോഷ്യലിസ്റ്റ് ചിന്താഗതി പ്രചരിപ്പിച്ചു. ഓൾ ഇന്ത്യാ ഡിഫൻസ് എംപ്ലോയീസ് അസോസിയേഷൻെറ പ്രസിഡൻ്റ് ആയിരുന്നു. 1967-ൽ പുണെയിൽനിന്ന് ലോകസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. പിൽക്കാലത്ത് വിനോബ ഭാവെയുടെ ഭൂദാനപ്രസ്ഥാനത്തിൽ സജീവമായി താത്പര്യമെടുത്തു.

1989 ഏപ്രിൽ 1-ന് അന്തരിച്ചു.

ജോഷി, പി.സി. (1907—1980)

ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കളിൽ ഒരാൾ. 1935 മുതൽ 1948 വരെ ഇന്ത്യൻ കമ്യൂണിസ്റ്റ്പാർട്ടിയുടെ ജനറൽ സെക്രട്ടറി. കമ്യൂണിസ്റ്റ് പാർട്ടിയുടെ മുഖപത്രമായ പീപ്പ്ൾസ് വാർ, ന്യൂ ഏജ് എന്നിവയുടെ പത്രാധിപരായിരുന്നു.

1907 ഏപ്രിൽ 14-ന് ഉത്തർപ്രദേശിലെ അൽമോറയിൽ ജനിച്ചു. 1928-ൽ വിദ്യാർഥിയായിരിക്കെത്തന്നെ കമ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി. 1929-ൽ മീററ്റ് ഗൂഢാലോചനക്കേസിൽ അഞ്ചുകൊല്ലം തടവിനു ശിക്ഷിക്കപ്പെട്ടു. ജയിലിലായിരിക്കെത്തന്നെ നിയമബിരുദം നേടി. 1935 മുതൽ കമ്യൂണിസ്റ്റ്പാർട്ടിയുടെ ജനറൽ സെക്രട്ടറി ആയിരിക്കുമ്പോൾ മൂന്നു തവണ ഒളിവിൽ പോയി. ഇന്ത്യയിൽ കമ്യൂണിസ്റ്റ് പാർട്ടിയെ വളർത്തിക്കൊണ്ടുവന്നതിൽ സുപ്രധാനമായ പങ്കുവഹിച്ചു. 1960-നുശേഷം അനാരോഗ്യം നിമിത്തം സംഘടനാപ്രവർത്തനങ്ങളിൽനിന്നുമാറി കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെക്കുറിച്ചുള്ള പഠനഗവേഷണങ്ങളിൽ ഏർപ്പെട്ടു. ദില്ലിയിലെ ജവാഹർലാൽ

നെഹ്റു യൂനിവഴ്സിറ്റിയായിരുന്നു ഇദ്ദേഹത്തിന്റെ പഠനഗവേഷണകേന്ദ്രം.

1980 നവംബർ 9-ന് അന്തരിച്ചു.

ജോസ്, സി. എൽ. (1932—)

മലയാള നാടകകൃത്ത്. 1932 ഏപ്രിൽ 4-ന് അങ്കമാലിയിൽ ജനിച്ചു. ബാങ്ക് ഉദ്യോഗസ്ഥനാണ്. *ഭൂമിയിലെ മാലാഖ*, *നക്ഷത്രവിളക്ക്*, *മണൽക്കാട്*, *ജ്വലനം*, *കറുത്തവെളിച്ചം*, *കോളെജ് കുരുവികൾ*, *നൊമ്പരങ്ങൾ* തുടങ്ങി 20 ഓളം നാടകകൃതികൾ രചിച്ചിട്ടുണ്ട്. കേരളത്തിന്റെ നാനാഭാഗങ്ങളിലായി വായനശാലകളുടെയും വിദ്യാലയങ്ങളുടെയും മറ്റും വാർഷിക പരിപാടികളിൽ അവതരിപ്പിച്ചിട്ടുള്ളവയാണു മിക്കവയും. യഥാതഥജീവിതം ആവിഷ്കരിക്കുന്നതിലാണ് ഇദ്ദേഹത്തിനു താത്പര്യം. 'ജ്വലനം' എന്ന നാടകത്തിന് 1978-ൽ കേരളസാഹിത്യ അക്കാദമിയുടെ അവാർഡ് ലഭിച്ചു.

ജോസഫ്, എം.സി. (1887-1981)

കേരളത്തിലെ യുക്തിവാദപ്രസ്ഥാനത്തിന്റെ സ്ഥാപകനേതാവും ചിന്തകനും എഴുത്തുകാരനും. താൻ ഏറെക്കാലം പ്രസാധനം ചെയ്ത മാസികയുടെ പേരുമായി ബന്ധപ്പെടുത്തി യുക്തിവാദി ജോസഫ് എന്ന് ഇദ്ദേഹത്തെ വിളിച്ചുപോന്നു.

1887 ജനുവരി 6-ന്, തൃപ്പൂണിത്തുറയിൽ ജനിച്ചു. അഞ്ചു വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു; ജ്യേഷ്ഠന്റെ സംരക്ഷണയിൽ വളർന്നു. നാട്ടാശാന്റെ കീഴിൽ വിദ്യാഭ്യാസമാരംഭിച്ചു. പിന്നീട് 4-ാം ഫോറം വരെ തൃപ്പൂണിത്തുറ ഇംഗ്ലീഷ് സ്കൂളിൽ പഠിച്ചു. എറണാകുളം സെന്റ് ആൽബർട്ട്സ് സ്കൂളിൽനിന്നു മെട്രിക്കുലേഷൻ പാസായി. കോളേജിൽ ചേർന്നെങ്കിലും പഠനം തുടരാനായില്ല.

മലബാർ ഹെറാൾഡിന്റെയും കൊച്ചിൻ ആർഗസ്സിന്റെയും ലേഖകനായി കുറച്ചുകാലം പ്രവർത്തിച്ചു; ദിവാൻപേഷ്കാരാഫീസിൽ ഗുമസ്തനായി. രാജിവെച്ചു തിരുവനന്തപുരത്തുപോയി പ്ലീഡർഷിപ്പിനു പഠിച്ചു. 1913-ൽ പ്ലീഡർഷിപ്പ് പരീക്ഷ പാസായി. ചേർത്തലയിൽ അഭിഭാഷക വൃത്തി ആരംഭിച്ചു; പിന്നീട് (1915) ഇരിങ്ങാലക്കുടയ്ക്ക് താമസം മാറ്റി. ചുരുങ്ങിയ കാലംകൊണ്ട് സത്യസന്ധനായ അഭിഭാഷകൻ എന്ന നിലയിൽ പ്രശസ്തനായി.

നാരായണഗുരുവിന്റെ ആദർശങ്ങളിൽ ആകൃഷ്ടനായ ജോസഫ് സാമൂഹിക സേവനപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. 1929-ൽ സഹോദരൻ അയ്യപ്പൻ 'യുക്തിവാദി' മാസിക ആരംഭിച്ചപ്പോൾ ജോസഫ് അതിന്റെ പത്രാധിപസമിതി അംഗമായി. സി.വി. കുഞ്ഞിരാമൻ, കെ. രാമവർമതമ്പാൻ, സി. കൃഷ്ണൻ എന്നിവരായിരുന്നു പത്രാധിപസമിതിയിലെ മറ്റ് അംഗങ്ങൾ. പിന്നീട് മാസികയുടെ പത്രാധിപത്യവും പ്രസാധനച്ചുമതലയും ഒക്കെ എം.സി. ജോസഫിന്റെതായിത്തീർന്നു. 1975 വരെ ഏതാണ്ട് 46 കൊല്ലം ഈ മാസിക ഇദ്ദേഹം മുടക്കമില്ലാതെ നടത്തി. മാസികയിൽ ഇദ്ദേഹമെഴുതുന്ന കുറിപ്പുകളായിരുന്നു അതിനു ജീവൻ നല്കിയത്. അതു വായിച്ചു വളർന്ന തലമുറകളാണ് കേരളത്തിലെ യുക്തിവാദ പ്രസ്ഥാനത്തിന്റെ സജീവ പ്രവർത്തകരായത്. സംശയിക്കാനും ചോദ്യം ചെയ്യാനും വായനക്കാരെ പ്രേരിപ്പിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

യുക്തിവാദി മാസികയിലും കേരള കൗമുദി, മാതൃഭൂമി, മനോരമ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലും അദ്ദേഹം എഴുതിയ കുറിപ്പുകളും ലേഖനങ്ങളും സമാഹരിച്ച് *പുരോഗതി*, *യുക്തിപ്രകാശം*, *പ്രബോധനം*, *തിരഞ്ഞെടുത്ത കുറിപ്പുകൾ*, *ആശയസമരം*, *ചിന്താവിപ്ലവം*, *നാസ്തികചിന്ത* എന്നീ പേരുകളിൽ പുസ്തകങ്ങളായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

അന്ധവിശ്വാസങ്ങൾക്കെതിരായ എം.സി. ജോസഫിന്റെ സമരം പ്രചാരണത്തിൽ മാത്രം ഒതുങ്ങി നില്ക്കുന്നതായിരുന്നില്ല. കേരളത്തിൽ പല ഭാഗങ്ങളിലും ചാത്തൻ ബാധ 'ഒഴിപ്പിക്കാൻ' എം.സി.യുടെ വ്യക്തിപരമായ സാന്നിധ്യം പ്രയോജനപ്പെട്ടു. ഈ രംഗത്തെ ഇദ്ദേഹത്തിന്റെ പ്രവർത്തനം ഒരു ഘട്ടത്തിലെത്തിയപ്പോൾ ചാത്തൻബാധയുടെ കഥകൾതന്നെ വരാതെയായി. തന്റെ 'കേസ് ഡയറി' വെച്ചുകൊണ്ട് ചാത്തൻ ബാധയുടെ ഓരോ കഥയും വിശകലനം ചെയ്ത് അത് എങ്ങനെ സംഭവിച്ചു എന്ന് വിശദീകരിച്ചുകൊണ്ട് ഇദ്ദേഹം എഴുതിയ ലേഖനങ്ങൾ ചാത്തൻബാധയെ സംബന്ധിച്ച വിശ്വാസങ്ങൾ ദൂരീകരിക്കാൻ സഹായിച്ചു. ഭൂതപ്രേതപിശാച് വിശ്വാസങ്ങൾ മാനസിക പ്രതിഭാസമാണെന്നും അല്ലാതെ വസ്തുനിഷ്ടമായ യാഥാർഥ്യമല്ലെന്നും ഇദ്ദേഹം വാദിച്ചു.

എം.സി.യുടെ സാമൂഹികപ്രവർത്തനം യുക്തിവാദ പ്രചാരണത്തിൽ ഒതുങ്ങിയില്ല. സഹോദരസംഘം, മിശ്രവിവാഹസംഘം എന്നിവയിലും അദ്ദേഹം പ്രവർത്തിച്ചിരുന്നു. എസ്.എൻ.ഡി.പി. യോഗത്തിലും കൊച്ചിൻ കോൺഗ്രസ്സിലും കുറച്ചുകാലം അംഗമായിട്ടുണ്ട്. ഇരിങ്ങാലക്കുടയിൽ സഹകരണബാങ്ക്, കർഷകസംഘം, ഗ്രന്ഥശാല എന്നിവ സ്ഥാപിക്കുന്നതിൽ മുൻകൈ എടുത്തത് ഇദ്ദേഹമാണ്. അഭിഭാഷകൻ എന്ന നിലയിലുള്ള പ്രാക്റ്റീസ് 60-ാം വയസ്സിൽ അവസാനിപ്പിച്ചു. 1976-ൽ ഇദ്ദേഹത്തെ ഇന്ത്യൻ റാഷണലിസ്റ്റ് അസോസിയേഷന്റെ പ്രസിഡന്റായി തിരഞ്ഞെടുത്തു. 1981 ഒക്റ്റോബർ 26-ന് 94-ാംവയസ്സിൽ നിര്യാതനായി. ഇദ്ദേഹം നിർദേശിച്ചിരുന്നതനുസരിച്ച് മൃതദേഹം കോഴിക്കോട് മെഡിക്കൽ കോളെജിൽ വിദ്യാർഥികളുടെ പഠനത്തിനായി എത്തിച്ചുകൊടുക്കുകയാണുണ്ടായത്.'

ജോസഫ് ചാഴികാട് (1892-1983)

പ്രഭാഷകനും നിയമസഭാ സാമാജികനും. നിയമസഭാംഗമെന്ന നിലയ്ക്ക്, ഫലിതമയമായ പ്രസംഗങ്ങൾക്കും പരാമർശങ്ങൾക്കും പ്രസിദ്ധനായിരുന്നു.

1892-മാർച്ച് 25-ന് മീനച്ചിൽ താലൂക്കിലെ (കോട്ടയം ജില്ല) വെളിയന്നൂരിൽ ജനിച്ചു. സ്കൂൾഫൈനൽ പരീക്ഷ ജയിച്ചശേഷം അധ്യാപകനായി. പിന്നീടു പ്ലീഡർഷിപ്പ് പരീക്ഷ ജയിച്ച് അഭിഭാഷകവൃത്തിയിൽ പ്രവേശിച്ചു. ചെറുപ്പംമുതൽ പൊതുപ്രവർത്തനത്തിൽ താത്പര്യം പ്രദർശിപ്പിച്ചു. ക്നാനായ കത്തോലിക്കാ കോൺഗ്രസിന്റെ സെക്രട്ടറി, അഖില കേരള കത്തോലിക്കകോൺഗ്രസിന്റെ സെക്രട്ടറി, പ്രസിഡന്റ് എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. 1944-ൽ തിരുവിതാംകൂർ ശ്രീമൂലം അസംബ്ലിയിലേക്കും, 1954-ൽ തിരു-കൊച്ചി നിയമസഭയിലേക്കും, 1957, 1960, 1965, 1967 എന്നീ വർഷങ്ങളിൽ കേരള നിയമഭയിലേക്കും തിരഞ്ഞെടുക്കപ്പെട്ടു. ഏറിയപങ്കും സ്വതന്ത്രസ്ഥാനാർഥി ആയാണ് ജയിച്ചത്. പി.എസ്.പി., കേരളാ കോൺഗ്രസ് എന്നീ കക്ഷികളുമായി ഇടക്കാലത്തു ബന്ധപ്പെട്ടിരുന്നു. *തെക്കുംഭാഗ സമുദായചരിത്രം*, *വേലുത്തമ്പിദളവ*, *സീസറിന്റെ ഭാര്യ* എന്നീ കൃതികളും ആത്മകഥയും രചിച്ചു.

1983-ഒക്ടോബർ 29-നു അന്തരിച്ചു.

ജോസഫ് പാറേക്കാട്ടിൽ, കർദിനാൾ (1912—1987)

കേരളീയനായ ആദ്യത്തെ കർദിനാൾ. എറണാകുളം അതിരൂപതയുടെ ആർച്ചുബിഷപ്പായിരുന്നു. ബഹുമുഖക്കഴിവുകളുള്ള ഒരു ക്രൈസ്തവസഭാപണ്ഡിതനും ഭരണകർത്താവുമാണ്.

1912 ഏപ്രിൽ 1-ന് അങ്കമാലിക്കടുത്തുള്ള കിടങ്ങൂർഗ്രാമത്തിൽ ജനിച്ചു. കിടങ്ങൂർ, മൂഴിക്കുളം, അങ്കമാലി എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം നിർവഹിച്ചു. പഠനത്തിൽ സമർഥനായിരുന്നു. മദ്രാസ് യൂണിവേഴ്സിറ്റിയിൽനിന്ന് ഒന്നാം റാങ്കോടുകൂടി ബി.എ. പാസായി. സിലോണിലെ പ്രശസ്തമായ കാണ്ടി പേപ്പൽ സെമിനാരിയിലാണു വൈദികപഠനം നടത്തിയത്. ദൈവശാസ്ത്രത്തിലും തത്ത്വശാസ്ത്രത്തിലും ഉന്നതബിരുദങ്ങൾ നേടി. 1939 ഓഗസ്റ്റ് 24-ാം തീയതി വൈദികനായി.

തുടർന്ന് എറണാകുളം അതിരൂപതയിലെ പല ഇടവകകളിലും ജോലിചെയ്തു. 'സത്യദീപം' വാരികയുടെ പത്രാധിപരെന്ന നിലയ്ക്ക് ഇദ്ദേഹം പ്രശസ്തനായി. 1953 നവംബർ 30-ാം തീയതി ആർച്ച് ബിഷപ്പ് ഡോ. അഗസ്റ്റിൻ കണ്ടത്തിലിന്റെ സഹായമെത്രാനായി എറണാകുളം അതിരൂപതയിൽ നിയമിതനാകുന്നതുവരെ ഇദ്ദേഹം 'സത്യദീപം' പത്രാധിപരായിരുന്നു.

ആർച്ച് ബിഷപ്പ് കണ്ടത്തിലിന്റെ നിര്യാണത്തെത്തുടർന്ന് 1956



ജൂലായ് 20-ാം തീയതി ഡോ. ജോസഫ് പാറേക്കാട്ടിൽ എറണാകുളം ആർച്ച് ബിഷപ്പായി. അവശർക്കും രോഗികൾക്കുമായി ഇദ്ദേഹം ആരംഭിച്ച അനേകം സ്ഥാപനങ്ങൾ ഉണ്ട്. ദാരിദ്ര്യവും തൊഴിലില്ലായ്മയും പരിഹരിക്കാൻ ഭക്ഷ്യവിഭവോത്പാദനകേന്ദ്രങ്ങളും സാമൂഹ്യക്ഷേമസംഘങ്ങളും ഇദ്ദേഹം സ്ഥാപിച്ചു.

ഇന്ത്യൻ ബിഷപ്പ്സ് കോൺഫറൻസിന്റെ ഉപാധ്യക്ഷനെന്ന നിലയിൽ സഭയും ഗവൺമെന്റുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും ക്രൈസ്തവരുടെ അഖിലേന്ത്യാതലത്തിലുള്ള പല പ്രശ്നങ്ങളും പരിഹരിക്കുന്നതിനും യത്നിച്ചിട്ടുണ്ട്. 1963 നവംബർ 9-ാം തീയതി പൗരസ്ത്യതിരുസംഘത്തിന്റെ ഉപദേഷ്ടാവായി നിയമിതനായി. 1969 മെയ് 27-ാം തീയതി പോൾ ആറാമൻ മാർപ്പാപ്പ, കർദിനാൾസ്ഥാനം നല്കി. തുടർന്ന് കത്തോലിക്കാസഭയുടെ പല സാർവദേശീയ സംഘടനകളിലും ഇദ്ദേഹം അംഗമായിട്ടുണ്ട്.

ഇരുനൂറിൽപ്പരം ഇടവകകളും ഒട്ടേറെ വിദ്യാഭ്യാസസ്ഥാപനങ്ങളും പ്രസിദ്ധീകരണാലയങ്ങളും ആശുപത്രികളും അഗതിമന്ദിരങ്ങളുമുള്ള എറണാകുളം അതിരൂപതയുടെ മാത്രമല്ല, കേരള ക്രൈസ്തവസമുദായത്തിന്റെ അനിഷേധ്യനേതാവായി അംഗീകാരംനേടാൻ കർദിനാളായതിനുശേഷം ഇദ്ദേഹത്തിനു കഴിഞ്ഞു. ആത്മകഥ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1987 ഫെബ്രുവരി 20-ന് അന്തരിച്ചു.

ജോസഫ്, പി.ജെ. (1942-)

രാഷ്ട്രീയനേതാവ്. 1942 ജൂൺ 10-ന് പുറപ്പുഴ(ഇടുക്കി ജില്ല)യിൽ ജനിച്ചു. മദിരാശി സർവകലാശാലയിൽനിന്നു ബി.എ.യും, കേരള



സർവകലാശാലയിൽനിന്ന് എം.എ.യും, ജയിച്ചു. 1968-ൽ കേരള കോൺഗ്രസ് പ്രവർത്തകനായി. 1970,1977,1980,1982,1987 എന്നീ വർഷങ്ങളിൽ കേരളനിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. 1978 ജനുവരി മുതൽ സെപ്റ്റംബർ വരെ ആഭ്യന്തരവകുപ്പുമന്ത്രിയും, 1981 ഡിസംബർ മുതൽ 1982 മാർച്ച് വരെയും 1982 മെയ് മുതൽ 1987 മാർച്ചുവരെയും റവന്യൂവകുപ്പു മന്ത്രിയും ആയിരുന്നു. കേരളാ കോൺഗ്രസ് രണ്ടായപ്പോൾ ഒരു വിഭാഗത്തിന്റെ ചെയർമാനും നിയമസഭാകക്ഷി നേതാവുമായി.

ജോസഫ് ഫെൻ (1785—1835)

പത്തൊമ്പതാംശതകത്തിന്റെ ആദ്യപാദത്തിൽ ക്രിസ്തുമതം സ്വീകരിച്ച മലയാളി. ചെറുശ്ശേരി ചാത്തുനായർ ആണ് ജോസഫ് ഫെൻ ആയത്. ബാല്യത്തിൽ മലയാളവും, പിന്നെ ഇംഗ്ലീഷും പഠിച്ചശേഷം തിരുവനന്തപുരത്ത് സർക്കാർ ഉദ്യോഗത്തിൽ പ്രവേശിച്ചു. അതിനുശേഷം കോട്ടയത്ത് ഒരു കാര്യക്കാരനായി ജോലികിട്ടി. അക്കാലത്തു (1816—'18) അവിടെ വന്നുചേർന്ന സി.എം.എസ്. മിഷനറിമാരായ ജോൺ ബെയ്ലി, ജോസഫ് ഫെൻ എന്നിവരുമായി പരിചയപ്പെട്ടു. ബെയ്ലിയുടെ ബൈബിൾ പരിഭാഷാപരിഷ്കരണം സംബന്ധിച്ച യത്നങ്ങളിൽ വേണ്ടസഹായം നല്കി. ജോസഫ് ഫെന്നിനെ ആചാര്യനായി സ്വീകരിച്ചു. പിന്നീട് ഉദ്യോഗം ഒഴിഞ്ഞ് കോഴിക്കോട്ടു പോകുകയും, അവിടെ ജ്ഞാനസ്നാനമേറ്റ് ആചാര്യന്റെ പേർ തന്നെ സ്വന്തം പേരായി സ്വീകരിച്ചു. ഏറെത്താമസിയാതെ മുൻസിഫായി നിയമിക്കപ്പെട്ടു. 1835-ൽ ഫോർട്ട് കൊച്ചിയിൽ ഉദ്യോഗത്തിലിരിക്കെ നിര്യാതനായി. ഇദ്ദേഹത്തിന്റെ കൃതിയാണ് 'അജ്ഞാനകുഠാരം'. ഒന്നിലധികം ദ്രാവിഡവൃത്തങ്ങളിലായി രചിച്ചിരിക്കുന്ന ഈ കൃതിയിൽ ഹിന്ദുമതത്തിലെ പല ആചാരാനുഷ്ഠാനങ്ങളെയും കർക്കശമായി വിമർശിച്ചിരിക്കുന്നു. † അജ്ഞാനകുഠാരം നോക്കുക.

ജോസഫ് മുണ്ടശ്ശേരി (1903—1977)

സാഹിത്യവിമർശകനും വിദ്യാഭ്യാസചിന്തകനും രാഷ്ട്രീയപ്രവർത്തകനും. 1903 ജൂലൈ 17-ന് കണ്ടശ്ശാംകടവ് എന്ന ഗ്രാമത്തിൽ ജനിച്ചു. ഭൗതികത്തിൽ ബിരുദം നേടിയശേഷം, മലയാളത്തിലും സംസ്കൃതത്തിലും എം.എ. പരീക്ഷകൾ പാസായി. 1952 വരെ, തൃശൂർ സെൻറ് തോമസ് കോളെജിലെ പൗരസ്ത്യഭാഷാവിഭാഗത്തിന്റെ തലവനായിരുന്നു. കൊച്ചിയിലെ സ്റ്റേറ്റ് അസംബ്ലിയിലും തിരു-കൊച്ചി സ്റ്റേറ്റ് അസംബ്ലിയിലും കേരള അസംബ്ലിയിലും അംഗമായിരുന്നു (1948—'59). ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരുന്ന ആദ്യത്തെ കമ്യൂണിസ്റ്റ് മന്ത്രിസഭയിൽ (1957—'59) മുണ്ടശ്ശേരിയായിരുന്നു വിദ്യാഭ്യാസമന്ത്രി. 1970-ൽ കേരള അസംബ്ലിയിലേക്കു നടന്ന തിരഞ്ഞെടുപ്പിലും സ്വതന്ത്രനായി മത്സരിച്ച മുണ്ടശ്ശേരി തൃശൂർ നിയോജകമണ്ഡലത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടു. സർവകലാശാലകമ്മിറ്റികൾ, കേന്ദ്രസാഹിത്യ അക്കാദമി, കേരള സാഹിത്യ അക്കാദമി, വിവിധ സഹകരണ സംഘടനകൾ എന്നിവയിലെല്ലാം പ്രമുഖസ്ഥാനം വഹിച്ചിട്ടുണ്ട്. 'മംഗളോദയം' മാസികയുടെ പത്രാധിപരും സാഹിത്യഅക്കാദമിയുടെ എക്സിക്യൂട്ടീവ് അംഗവുമായിരുന്നു. കേരള സാഹിത്യപരിഷത്തിന്റെയും പുരോഗമനസാഹിത്യസംഘടനയുടെയും അധ്യക്ഷനായിരുന്നിട്ടുണ്ട്. കുറച്ചുകാലം കേരള സ്റ്റേറ്റ് പ്ലാനിങ്ബോർഡ് അംഗമായിരുന്നു. ധാരാളം വിദേശയാത്രകൾ ചെയ്തിട്ടുണ്ട്.

സാഹിത്യസേവനം. നാല്പതിൽ അധികം വർഷങ്ങൾ മലയാളസാഹിത്യരംഗത്തു പ്രവർത്തിച്ച മുണ്ടശ്ശേരി സാഹിത്യവിമർശനത്തിലാണു കൂടുതൽ ശ്രദ്ധിച്ചത്. 'മാറ്റൊലി' (കൊല്ലവർഷം 1120-ൽ പ്രസിദ്ധപ്പെടുത്തി), 'മാനദണ്ഡം', 'നാടകാന്തം കവിത്വം',

‘രാജരാജന്റെ മാറ്റൊലി’ തുടങ്ങിയ പ്രൗഢനിരൂപണഗ്രന്ഥങ്ങൾ, മലയാളസാഹിത്യവിമർശനത്തിനു പുതിയൊരു ഉണർവും ചൈതന്യവും നല്കി. പാശ്ചാത്യവും പൗരസ്ത്യവുമായ കലാസിദ്ധാന്തങ്ങളെ ഇണക്കിച്ചേർത്ത്, അവയുടെ വെളിച്ചത്തിൽ സാഹിത്യകൃതികളെ എങ്ങനെ വിലയിരുത്താമെന്നു കാണിച്ചുതന്ന അലങ്കാരശാസ്ത്രഗ്രന്ഥമാണ് ‘കാവ്യപീഠിക’. ‘വായനശാലയിൽ’ (മൂന്നു ഭാഗങ്ങൾ) പുസ്തകനിരൂപണസമുച്ചയമാണ്. മുണ്ടശ്ശേരിയുടെ ‘രൂപഭദ്രതാ’വാദവും പ്രത്യാഘാതങ്ങളും മലയാളസാഹിത്യലോകത്തിലെ പ്രധാനസംഭവങ്ങളിൽ ഒന്നാണ്.

ഇദ്ദേഹത്തിന്റെ ആദ്യകാലനിരൂപണങ്ങളിൽ, കാളിദാസകവിതയുടെയും ധ്വനിവാദത്തിന്റെയും ഐ.എ. റിച്ചേഡ്സിനെപ്പോലുള്ള നിരൂപകന്മാരുടെയും സ്വാധീനമാണ് കാണാൻ കഴിയുക. പില്ക്കാലവിമർശനങ്ങളിൽ, മാർക്സിയൻ ദർശനവും, ടെയ്നിന്റെ (Taine) ചരിത്രപരമായ സമീപനവും, ആധുനിക ശാസ്ത്രത്തിന്റെ കാഴ്ചപ്പാടും ഗണ്യമായ പങ്കു വഹിക്കുന്നു.

ശ്രദ്ധേയമായ ചില ചെറുകഥകൾ മുണ്ടശ്ശേരി രചിച്ചു. ചില നോവലുകളും എഴുതിയിട്ടുണ്ട്. ‘പ്രൊഫസ്സർ’ (നോവലെറ്റ്—ആദ്യകാലകൃതി), ‘കൊന്തയിൽനിന്നു കുരിശിലേക്ക്’ (ഇതും ആദ്യകാലകൃതിതന്നെ), ‘പാറപ്പുറത്തു വിതച്ച വിത്ത്’ ഇവയാണ് മുണ്ടശ്ശേരിയുടെ നോവലുകൾ. ‘കൊഴിഞ്ഞ ഇലകൾ’ (രണ്ടു ഭാഗങ്ങൾ) ഇദ്ദേഹത്തിന്റെ ആത്മകഥയാണ്. ചൈന, യൂറോപ്പ്, സോവിയറ്റ്യൂണിയൻ എന്നിവിടങ്ങളിൽ പര്യടനം നടത്തിയിട്ടുണ്ട്. യാത്രാവിവരണങ്ങളും മറ്റുമായി മുപ്പതിലധികം ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. പ്രഗല്ഭനായ ഒരു പ്രഭാഷകൻകൂടി ആയിരുന്നു മുണ്ടശ്ശേരി.

1971-ൽ കൊച്ചി സർവകലാശാല സ്ഥാപിച്ചപ്പോൾ അതിന്റെ ആദ്യത്തെ വൈസ്ചാൻസലർ മുണ്ടശ്ശേരി ആയിരുന്നു. 1974-ൽ ആ സ്ഥാനത്തുനിന്നും വിരമിച്ചു. 1977 ഒക്റ്റോബർ 25-ാം തീയതി നിര്യാതനായി.

ജോസഫ് മൂളിയിൽ (1863—1942)

നോവലിസ്റ്റും അധ്യാപകനും ബാസൽമിഷൻ പ്രവർത്തകനും. രാമോട്ടി ഗുരുക്കളുടെ മകൻ. 1863-ൽ കണ്ണൂരിൽ മൂളിയിൽ കുടുംബത്തിൽ ജനിച്ചു. രാമോട്ടി ഗുരുക്കൾ പിന്നീട് ക്രിസ്തുമതത്തിൽ ചേർന്നു. ജോസഫ് മൂളിയിൽ ബി.എ. പാസായശേഷം മദിരാശി ക്രിസ്ത്യൻ കോളെജിൽ ഇംഗ്ലീഷും മലയാളവും പഠിപ്പിച്ചു. കുറച്ചുകാലം മലബാർ ക്രിസ്ത്യൻ കോളെജിലും അധ്യാപകനായിരുന്നു. പല പാഠപുസ്തകങ്ങളും രചിച്ചു. *സുകുമാരി* (1897), *സഗുണ* (തർജമ) എന്നിവയാണു പ്രധാനകൃതികൾ. ക്രിസ്തുമതത്തിൽ ചേർന്ന ഒരു നമ്പൂതിരികുടുംബത്തിലെ സ്ത്രീയെ (മഞ്ചേരി) വിവാഹംകഴിച്ചു. മംഗലാപുരത്തുവച്ച് 79-ാം വയസ്സിൽ മരിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിലെ നോവലെഴുത്തുകാരുടെ കൂട്ടത്തിൽ ജോസഫ് മൂളിയിലിനു മാന്യസ്ഥാനമുണ്ട്.

ജോസഫ് വടക്കൻ, ഫാദർ (1919—   )

കേരളത്തിലെ രാഷ്ട്രീയ സാമൂഹികകാര്യങ്ങളിൽ സജീവമായി പങ്കുകൊണ്ട ക്രിസ്തീയപുരോഹിതൻ. മലനാടു കർഷകയൂണിയൻ, കർഷകതൊഴിലാളി പാർട്ടി എന്നീ സംഘടനകളുടെ സ്ഥാപകനാണ് ഇദ്ദേഹം. 1951-ൽ കമ്യൂണിസ്റ്റ് വിരുദ്ധമുന്നണിയിലും 1967-ൽ കമ്യൂണിസ്റ്റ് മുന്നണിയിലും ചേർന്നു പ്രവർത്തിച്ചു. തനിക്കു ശരിയെന്നു തോന്നുന്ന കാര്യത്തിനുവേണ്ടി മുൻപിൻ നോക്കാതെ പ്രവർത്തിക്കുന്ന സ്വഭാവമുള്ള ഈ വൈദികൻ ഒട്ടേറെ എതിർപ്പുകളെ അഭിമുഖീകരിച്ചിട്ടുണ്ട്.

1919 ഒക്റ്റോബർ 1-ന് തൃശൂരിൽ ജനിച്ചു. പ്രൈമറിസ്കൂൾ അധ്യാപകനായാണു ജീവിതവൃത്തി ആരംഭിച്ചത്. 1945-ൽ വൈദികവൃത്തി സ്വീകരിച്ചു. കേരളസംസ്ഥാനത്തിലെ ഒന്നാമത്തെ മന്ത്രിസഭയ്ക്കെതിരെ നടന്ന പ്രക്ഷോഭത്തിൽ കമ്യൂണിസ്റ്റ് വിരുദ്ധരെ സംഘടിപ്പിക്കുന്നതിൽ ഇദ്ദേഹം സുപ്രധാനമായ പങ്കുവഹിച്ചു. മലയോരകർഷകരെ ഗവൺമെന്റ് കുടിയിറക്കാൻ ശ്രമിച്ചപ്പോൾ അതിൽനിന്ന് അന്നത്തെ പട്ടം മന്ത്രിസഭയെ പിന്തിരിപ്പിക്കാൻ നിരാഹാരസമരം നടത്തി. 1974-ൽ ‘എന്റെ കുതിപ്പും കിതപ്പും’ എന്ന പേരിൽ ഇദ്ദേഹത്തിന്റെ ആത്മകഥ പ്രസിദ്ധീകരിച്ചു. പടിഞ്ഞാറൻ പര്യടനം, *യേശുക്രിസ്തു മോസ്കോവിലോ*, *കമ്യൂണിസവും ഈശ്വരബോധവും*, *കേരളം ചുകന്നതെങ്ങനെ* എന്നിങ്ങനെ മറ്റു ചില ഗ്രന്ഥങ്ങളുടെയുംകൂടി രചയിതാവാണ് ഫാദർ ജോസഫ് വടക്കൻ. ഇദ്ദേഹം തൃശൂരിൽ *തൊഴിലാളി* എന്ന പേരിൽ ഒരു ദിനപത്രം നടത്തിയിരുന്നു. ഇപ്പോൾ ‘മലയോരശബ്ദം’ എന്ന പേരിൽ ഒരു വാരിക നടത്തുന്നുണ്ട്.

ജോസഫ്സൺ, ബ്രയാൻ (1940—   )

വെയിൽസ്കാരൻ ഭൗതികജ്ഞൻ. 22-ാം വയസ്സിൽ നടത്തിയ കണ്ടുപിടിത്തത്തിന്റെ അടിസ്ഥാനത്തിൽ പതിനൊന്നുവർഷം കഴിഞ്ഞ് 1973-ൽ ഭൗതികത്തിനുള്ള നൊബേൽ സമ്മാനം ലിയോളസാക്കി, ഐവർ ഗിയാവെർ എന്നിവരോടൊപ്പം പങ്കിട്ടു. സമ്മാനത്തുകയുടെ നേർപകുതി ഇദ്ദേഹത്തിനു ലഭിച്ചു. തുരങ്കത്തിനുള്ളിലെ തടസ്സത്തിലൂടെ കടന്നുപോകുന്ന ഒരു സൂപ്പർ കറന്റിന്റെ ഗുണങ്ങളെപ്പറ്റി (ഇവയെ ഇപ്പോൾ ജോസഫ്സൺ പ്രഭാവം എന്നാണു പറയാറുള്ളത്)യുള്ള സൈദ്ധാന്തിക പ്രവചനങ്ങൾക്കാണ് ഇദ്ദേഹം സമ്മാനിതൻ ആയത്.



വെയിൽസിലെ കാർഡിഫിൽ ജനിച്ച് കേംബ്രിജിൽനിന്ന് എം.എ., പിഎച്ച്.ഡി. ബിരുദങ്ങൾ സമ്പാദിച്ചു. ഇപ്പോൾ കേംബ്രിജ് സർവകലാശാലയിൽ ഫിസിക്സ് വിഭാഗത്തിൽ റീഡറും ഗവേഷണത്തിൽ അസിസ്റ്റന്റ് ഡയറക്റ്ററും ആണ്.

ജോസഫ്, സി.എ. (1910—   )

മലയാള കവി. ഇംഗ്ലീഷിലും ചില കവിതകൾ ഇദ്ദേഹം എഴുതിയിട്ടുണ്ട്. മഗ്ദലനമറിയത്തിന്റെ പശ്ചാത്താപകഥ പ്രതിപാദ്യമായുള്ള *ഉദയത്തിലേക്ക്* എന്ന കാവ്യവും ഒരു ഡസനോളം കവിതാസമാഹാരങ്ങളും ആണു മുഖ്യസംഭാവന. തിരഞ്ഞെടുത്ത 60 കവിതകൾ ‘കാവേരി’ എന്ന ഗ്രന്ഥത്തിൽ സമാഹരിച്ചിരിക്കുന്നു. സമൂഹത്തിലെ ധർമച്യുതിയിൽ ഖിന്നനായ ഒരു കവിയെയാണു കവിതകളിൽ കാണുന്നത്.

1910 ഫെബ്രുവരി 26-ന് ഗുരുവായൂരിനടുത്തുള്ള പാടൂരിൽ ജനിച്ചു. ബി.എ. ബിരുദമെടുത്തശേഷം മദിരാശി ഗവൺമെന്റിന്റെ കീഴിൽ റവന്യൂബോർഡ് ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. ഊട്ടിയിൽ റിജ്യനൻ ട്രാൻസ്പോർട്ട് ഓഫീസറായിരിക്കെ പെൻഷൻ പറ്റിപിരിഞ്ഞു.

ജോസഫൈൻ, റോസ് (1763—1814)

നെപ്പോളിയൻ ബോണപ്പാർട്ടിൻെറ ആദ്യ ഭാര്യയും ഫ്രാൻസിലെ ചക്രവർത്തിനിയും. (ഫ്രെഞ്ച് ഉച്ചാരണം ഷൊസെഫീൻ). നെപ്പോളിയനെക്കാൾ പ്രായം കൂടുതലായിരുന്നു.



ഇറ്റലിയിൽനിന്നും ഈജിപ്തിൽനിന്നും നെപ്പോളിയൻ ഇവർക്ക് അയച്ച കത്തുകളിൽനിന്ന് അവരുടെ അസാധാരണമായ വശീകരണസാമർഥ്യത്തിനും സ്വാധീനശക്തിക്കും അദ്ദേഹം എത്രമാത്രം വിധേയനായിരുന്നുവെന്നു വ്യക്തമാണ്. മഹാരാജ്ഞിമാരെപ്പോലും അസൂയപ്പെടുത്തുന്ന ആർഭാടപൂർവമായ ജീവിതമായിരുന്നു ഇവരുടെത്. കാലക്രമത്തിൽ നെപ്പോളിയനും ജോസഫൈനും തമ്മിലുള്ള ബന്ധം ശിഥിലമായി. ബോണപ്പാർട്ടുവംശം നിലനിർത്തുവാൻ കൊതിച്ച ചക്രവർത്തിക്ക് ഈ വിവാഹത്തിൽ മക്കൾ ഇല്ലാതെവന്നതിൽ അതിയായ നൈരാശ്യമുണ്ടായി. 1810-ൽ നെപ്പോളിയൻെറ ആഗ്രഹമനുസരിച്ച് ജോസഫൈൻ വിവാഹമോചനം നല്കി. ഈ ബന്ധം വിടുത്തി ഏതാനും മാസങ്ങൾക്കകം അദ്ദേഹം ഓസ്റ്ററിയൻരാജകുമാരി ലൂയിസായെ വിവാഹംചെയ്തു. പിന്നീടു നെപ്പോളിയൻ ജോസഫൈനെ ഇടയ്ക്കിടെ അന്വേഷിച്ചിരുന്നു. 1814 മേയ് 29-ന് ജോസഫൈൻ മരിച്ചു.

ജോഹർ, ഐ.എസ്. (1920—)

ചലച്ചിത്ര നിർമാതാവും സംവിധായകനും നടനും. 1920 ഫെബ്രുവരി 16-ന പഞ്ചാബിൽ ജനിച്ചു. എം.എ, എൽ.എൽ.ബി.ബിരുദങ്ങൾ നേടിയശേഷം പൊതുപ്രവർത്തനം ആരംഭിച്ച പഞ്ചാബ് സംസ്ഥാന കോൺഗ്രസ്സ് കമ്മിറ്റി സെക്രട്ടറി ആയിരുന്നു. 1947-ൽ പഞ്ചാബിൻെറ വിഭജനത്തെത്തുടർന്നുണ്ടായ പ്രശ്നങ്ങൾ ജോഹറിൻെറ ജീവിതത്തിൽ മാറ്റം വരുത്തി. ഇദ്ദേഹം ബോംബെയിലെത്തി ചലച്ചിത്രവ്യവസായവുമായി ബന്ധപ്പെട്ടു. *ഏക് ഥീ ലഡ്കീ, ആഫ്സാന, നാസ്തിക്, ഹം സബ് ചോർ ഹൈ, ഗോവ, കശ്മീർ, ജയ് ബംഗ്ലാദേശ്* തുടങ്ങിയ ചിത്രങ്ങളിൽ അഭിനയിക്കയും സഹസംവിധായകനായി പ്രവർത്തിക്കയും ചെയ്തു. ടെൻറിയത് സെഞ്ചുറി ഫോക്സ് എന്ന പ്രസിദ്ധ ചലച്ചിത്രക്കമ്പനിയുടെ *ഹാരി ബ്ലാക്ക് ആൻഡ് ടൈഗർ* എന്ന ഇംഗ്ലീഷ് ചിത്രത്തിൽ പ്രധാന കഥാപാത്രമായി അഭിനയിച്ചു രാജ്യാന്തരപ്രശസ്തിനേടി. ഈ ചിത്രത്തിലെ അഭിനയത്തിന് ഓസ്കർ നാമനിർദേശം ലഭിച്ചു. *ലോറൻസ് ഒഫ് അറേബിയ, നോർത്ത് വെസ്റ്റ് ഫ്രോണ്ടിയർ* തുടങ്ങിയ ഇംഗ്ലീഷ് ചിത്രങ്ങളിലും അഭിനയിച്ചു. ജോഹർ അഭിനയിക്കുകയും, സംവിധാനം ചെയ്യുകയും, നിർമിക്കയും ചെയ്ത ഒട്ടുവളരെ ഹിന്ദി ചിത്രങ്ങൾ ഉണ്ട്. ഇന്ത്യൻ മോഷൻപിക്ചർ പ്രൊഡ്യൂസേഴ്സ് അസോസിയേഷൻെറ അധ്യക്ഷനായി നാലുതവണ തിരഞ്ഞെടുക്കപ്പെട്ടു.

ജോഹാക്സ്, ലീയോൺ (1879—1954)

ഇൻറർനാഷനൽ ലേബർ ഓർഗനൈസേഷൻ (ഐ.എൽ.ഒ) എന്ന സംഘടനയുടെ സ്ഥാപകനായ ഫ്രെഞ്ചു സോഷ്യലിസ്റ്റ് ട്രെയ്ഡ് യൂണിയൻ നേതാവ്. 1951-ൽ സമാധാനപ്രവർത്തനത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ചു. പതിനാറാം വയസ്സിൽ ഒരു തീപ്പെട്ടിക്കമ്പനിയിൽ ജോലിക്കു ചേർന്നു. ക്രമേണ റവല്യൂഷണറി സിൻഡിക്കലിസത്തിൻെറ പ്രചാരകനായി. 1906-ൽ 'കോൺഫെഡറേഷൻ ജനറൽ ദുട്രാവൈൽ' (ജനറൽ കോൺഫെഡറേഷൻ ഒഫ് ലേബർ -ജി.ജി.ടി. എന്ന് ചുരുക്കപ്പേർ) തൊഴിലാളി സംഘടനയുടെ സെക്രട്ടറിയായി. ഒന്നാംലോകമഹായുദ്ധത്തിനുമുമ്പ് ജെർമനിയിൽ സൈനിക വിരുദ്ധപ്രസ്ഥാനം സംഘടിപ്പിക്കാനുള്ള ശ്രമത്തിൽ മറ്റു പല ജെർമൻ തൊഴിലാളിനേതാക്കളോടൊപ്പം സജീവമായി പങ്കുകൊണ്ടു. പക്ഷെ പിന്നീട് ഫ്രാൻസിൻെറ യുദ്ധോദ്യമത്തെ പിന്താങ്ങി. 1919-ൽ വെഴ്സെയിൽസിൽവെച്ചു നടന്ന സമാധാനസമ്മേളനത്തിൽ ഇദ്ദേഹം പങ്കുകൊണ്ടു. ആ സമ്മേളനത്തിൽവെച്ചു രൂപവത്കൃതമായ 'ഇൻറർനാഷനൽ ലേബർ ലെജിസ്ലേഷൻ കമ്മീഷ'നിൽ അംഗമായി. ട്രെയ്ഡ് യൂനിയൻ പ്രസ്ഥാനം രാഷ്ട്രീയസ്വാധീനത്തിന് അതീതമാവണമെന്ന് നിഷ്കർഷിച്ചു. അതേ അവസരത്തിൽ ഏതു രാഷ്ട്രത്തിലെയും സാമ്പത്തികവ്യവസ്ഥയിൽ ട്രെയ്ഡ് യൂനിയനിസത്തിനു മുഖ്യമായ പങ്കുവഹിക്കാനുണ്ടെന്നു സിദ്ധാന്തിക്കുകയും ചെയ്തു.

രണ്ടാം ലോകയുദ്ധക്കാലത്ത് കോൺഫെഡറേഷൻ തൊഴിലാളി സംഘടനയെ വിഷിഗവൺമെൻറ് നിരോധിച്ചു. ജോഹാക്സിനെ അറസ്റ്റുചെയ്തു ജെർമൻ ഗവൺമെൻറിനു കൈമാറി. യുദ്ധാനന്തരം ഫ്രാൻസിലേക്കു മടങ്ങിവന്ന് വീണ്ടും കോൺഫെഡറേഷൻെറ സെക്രട്ടറിയായി. 1947-ൽ കമ്യൂണിസ്റ്റ് ഭൂരിപക്ഷമുള്ള ഈ തൊഴിലാളിസംഘടനയിൽനിന്നു വിട്ടുപോന്നു. 'ഫോഴ്സ് ഔവ്രി' (തൊഴിലാളിശക്തി) എന്ന പേരിൽ മറ്റൊരു സംഘടന രൂപവത്കരിച്ചു. 1949-ൽ കോൺഫെഡറേഷൻ ഒഫ് ഫ്രീ ട്രെയ്ഡ് യൂനിയൻ രൂപവത്കരിക്കുന്നതിൽ മുൻകൈയെടുത്തു. 1954 ഏപ്രിൽ 28-ന് പാരീസിൽവെച്ച് അന്തരിച്ചു.

ജോഹോർ

മലേഷ്യൻ ഫെഡറേഷനിലെ ഒരു സംസ്ഥാനം. മലയൻ ഉപദ്വീപിൽ തെക്കെ അറ്റത്തു സ്ഥിതിചെയ്യുന്നു. ഒരു കി.മീറ്റർ വീതിയുള്ള മലാക്കാകടലിടുക്ക് ഈ സംസ്ഥാനത്തിനും സിംഗപ്പൂരിനും ഇടയ്ക്കാണ്. സംസ്ഥാനത്തിൻെറ വിസ്തൃതി 18,985 ച.കി.മീറ്റർ ജനസംഖ്യ 18,18,900 (1984). തലസ്ഥാനം ജോഹോർ ബാഹരു. ഇത് സിംഗപ്പൂരിൻെറ നേരെ എതിർവശത്താണ്.

എ.ഡി. 15-ാം നൂറ്റാണ്ടിൽ മലാക്കാ സുൽത്താനാണ് ജോഹോർ ഭരിച്ചിരുന്നത്. പോർത്തുഗീസുകാർ മലാക്കയിൽനിന്ന് സുൽത്താനെ തുരത്തിയപ്പോൾ അദ്ദേഹം തെക്കോട്ടു നീങ്ങി. 1511-ൽ ജോഹോറിൽ ഒരു സ്വതന്ത്ര്യരാജ്യം സ്ഥാപിച്ചു. 18-ാം നൂറ്റാണ്ടിൽ മലാക്കാസുൽത്താൻെറ നാമമാത്രപ്രതിനിധികൾ എന്ന നിലയിൽ ഗവർണർമാർ മിക്കവാറും സ്വതന്ത്രരായിത്തന്നെ ജോഹോർ ഭരിച്ചു. 1819-ൽ അന്നത്തെ ഗവർണർ ജോഹോർ സംസ്ഥാനം മുഴുവൻ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാക്കമ്പനിക്കു വിട്ടുകൊടുത്തു. ബ്രിട്ടീഷുകാർ

അംഗീകരിച്ചു. ജോഹോറിനെ ഒരു പ്രത്യേക സ്വതന്ത്രഘടകമായി 1914-ൽ ജോഹോർ ഒരു ബ്രിട്ടീഷ് പ്രൊട്ടെക്ടറേറ്റ് ആയി. രണ്ടാം ലോകയുദ്ധകാലത്ത് ജപ്പാൻ ഈ പ്രദേശം പിടിച്ചെടുത്തു. യുദ്ധത്തി നുശേഷം 1948-ൽ ജോഹോർ മലയാ ഫെഡറേഷൻെറയും 1962-ൽ മലേഷ്യാ ഫെഡറേഷൻെറയും ഭാഗമായി. മലേഷ്യൻ ഗവൺമെൻറി ൻെറ മേല്ക്കോയ്മയ്ക്കു വിധേയമായി ഒരു സുൽത്താൻ ജോ ഹോറിൻെറ ഭരണം വ്യവസ്ഥാപിതരീതിയിൽ നടത്തുന്നു.

ജോഹോറിൻെറ മൂന്നിൽ രണ്ടുഭാഗവും വനങ്ങളാണ്. വനപ്രദേ ശങ്ങളിൽ വിശാലമായ ചതുപ്പുനിലങ്ങളുണ്ട്. റബറാണ് പ്രധാന കൃഷി.

ആകെ നാലു ലക്ഷത്തിലധികം ഹെക്റ്റാർ സ്ഥലം റബർ തോട്ടങ്ങളാണ്. നെല്ല്, തെങ്ങ്, എണ്ണപ്പന, കടപ്പിലാവ്, മരച്ചീനി, കുരുമുളക്, കരിമ്പ് മുതലായവയാണു മറ്റു കൃഷികൾ. വെളുത്തീയം, ബോക്സൈറ്റ്, ഇരുമ്പ് എന്നിവ ഖനനംചെയ്തെടുക്കുന്നുണ്ട്. സിംഗപ്പൂർ തുറമുഖത്തിൻെറ പശ്ചാത്തലപ്രദേശം എന്ന നിലയിലാണ് ജോഹോറിൻെറ സമ്പദ് വ്യവസ്ഥ വികസിക്കുന്നത്. പ്രധാന ജനവിഭാഗങ്ങൾ ചൈനീസ് വംശജരും മലയായികളുമാണ്.

ദക്ഷിണ ചൈനാസമുദ്രത്തിൻെറ ജോഹോർതീരത്തിനു സമീപം അനേകം ചെറുദ്വീപുകളുണ്ട്. മീൻപിടുത്തക്കാർ മാത്രമേ ഇത് ഉപയോഗിക്കുന്നുളളു.

ജോളി ജോൺ (1857—1933)

ഐറിഷ് ഭൗതികജ്ഞൻ. ട്രിനിറ്റികോളെജിലും ഡബ്ലിനിലും ആയി വിദ്യാഭ്യാസം പൂർത്തിയാക്കി. 1882-ൽ ഫാക്കൽറ്റിയിൽ സിവിൾ എൻജിനീയറിങ് ഡെമൺസ്ട്രേറ്ററായി ജോലിനോക്കി. 1893-ൽ ഡബ്ലിൻ യൂണിവേഴ്സിറ്റിയിൽ പരീക്ഷണഭൗതികത്തിൻെറ ഡെമൺസ്ട്രേറ്ററായി. 1897-ൽ ഭൂതത്ത്വശാസ്ത്രത്തിൻെറയും ധാതുശാസ്ത്രത്തിൻെറയും പ്രൊഫസ്സറായി. ഇദ്ദേഹം ആസൂത്രണം ചെയ്ത ഉപകരണങ്ങളിൽ വിസരണഫോട്ടോമീറ്ററും ഉൾപ്പെടുന്നു. കളർ ഫോട്ടോഗ്രഫിയുടെ പ്രണേതാവും ഇദ്ദേഹമാണ്. അയിരുകളുടെ ഗളനബിന്ദു കണ്ടുപിടിക്കാനുള്ള മെൽഡോമീറ്റർ, ഒരു ആവികലോറിമീറ്റർ എന്നിവയാണ് ഇദ്ദേഹത്തിൻെറ മറ്റു കണ്ടുപിടിത്തങ്ങൾ. ഒരു ഡബ്ലിൻ ഭിഷഗ്വരനായ വാൾട്ടർ ക്ലഗ്സ്റ്റീവൻസണുമൊരുമിച്ച് റേഡിയം തെറാപ്റ്റിക്സ് കാൻസറിനു പ്രതിവിധിയായിട്ട് ഉപയോഗിക്കാമെന്ന് കണ്ടുപിടിച്ചു.

ഭൂബാഹ്യപടലം ഉണ്ടാകുന്നതിനെക്കുറിച്ച് ഇദ്ദേഹം ഗവേഷണങ്ങൾ നടത്തി. 1911-ൽ ഡബ്ലിനിലെ റോയൽ സൊസൈറ്റിയുടെ ബോയൽ മെഡൽ ലഭിച്ചു. ഫിലസോഫിക്കൽ മാസികയുടെ എഡിറ്റർമാരിൽ ഒരാൾ ആയിരുന്നു. 'റേഡിയോ ആക്റ്റിവിറ്റി ആൻഡ് ജിയോളജി' (1915), 'സിൻക്രോണസ് സിഗ്നലിങ് ഇൻ നാവിഗേഷൻ' (1920), 'ദി സർഫസ് ഹിസ്റ്ററി ഒഫ് ദി ഏർത്' (1925) എന്നിവയാണു പ്രസിദ്ധീകരണങ്ങൾ.

ജൗ

ജൗൻപുർ (Jaunpur)

ഉത്തരപ്രദേശിൽ വാരാണസിയിൽനിന്ന് 55 കി.മീറ്റർ വടക്കുപടിഞ്ഞാറുമാറി ഗുംതീനദിതീരത്തു സ്ഥിതിചെയ്യുന്ന ഒരു പട്ടണവും ജില്ലയും. പട്ടണത്തിലെ ജനസംഖ്യ 1,05,140 (1981). സുഗന്ധദ്രവ്യങ്ങളുടെ നിർമാണമാണ് ഇവിടുത്തെ പ്രധാനവ്യവസായം. റോഡും റെയിലും മുഖേനയുള്ള ഗതാഗതസൗകര്യങ്ങൾ വർധിച്ചതോടെ വാണിജ്യപ്രവർത്തനങ്ങൾ ഇവിടെ വികസിച്ചിട്ടുണ്ട്.

ഗഢ്വാൾ രാജാക്കന്മാരാണ് 11-ാം നൂറ്റാണ്ടിൽ ഈ പട്ടണം സ്ഥാപിച്ചത്. അന്ന് അതിനു ജമൻപുർ എന്നായിരുന്നു പേര്. ജമദഗ്നിമഹർഷിയുടെ സ്മരണയ്ക്കായിട്ടാണ് ആ പേരിട്ടത്. ഇന്നും പട്ടണത്തെ ജമൻപുർ എന്നു വിളിക്കാറുണ്ട്. ആദ്യത്തെ പട്ടണം ഗുംതിയിലെ വെള്ളപ്പൊക്കംമൂലം നശിച്ചുപോയിരിക്കണം. എങ്കിലും അതലാദേവിയെ പ്രതിഷ്ഠിച്ച ഒരു ക്ഷേത്രം അവിടെ തകർന്നനിലയിലെങ്കിലും ശേഷിച്ചിരുന്നു. 1359-ൽ ഫിറൂസ് തുഗ്ലക്ക് എന്ന ദില്ലിസുൽത്താൻ ബംഗാൾ ആക്രമിക്കാൻ പോകുന്നവഴി ഈ സ്ഥലത്തു ചെല്ലുകയും ഒരു സൈനികത്താവളത്തിനു പറ്റിയ സ്ഥലമാണ് അതെന്നുകണ്ട് അവിടെ ഒരു ചെറിയ താവളം നിർമിക്കുകയും ചെയ്തു. തന്റെ പിതൃസഹോദരപുത്രനും ദില്ലിസുൽത്താൻ എന്ന നിലയിൽ തന്റെ മുൻഗാമിയും ആയ മുഹമ്മദ് തുഗ്ലക്കിന്റെ സ്മരണയ്ക്കായി ഫിറൂസ് ആ സ്ഥലത്തിനു ജൗൻപുർ എന്നു നാമകരണംചെയ്തു. (മുഹമ്മദ് തുഗ്ലക്കിന്റെ ആദ്യത്തെ പേര് ജൗന എന്നായിരുന്നു.) ഈ താവളമാണു ക്രമേണ ഇന്നത്തെ ജൗൻപുർ പട്ടണമായി വികസിച്ചത്.

ജൗൻപുർ തലസ്ഥാനമായുള്ള ഇന്നത്തെ ജില്ലയുടെ വിസ്തൃതി 4038 ച.കി.മീറ്ററാണ്. ജനസംഖ്യ 25,32,734 (1981). ഗുംതി, സായി, ബസൂഗി, ബർണ, പിലി എന്നീ നദികൾ ഈ ജില്ലയിലൂടെ ഒഴുകുന്നു. വെള്ളപ്പൊക്കവും വരൾച്ചയും മാറിമാറി ഉണ്ടാകാറുണ്ട്. വിസ്തൃതിയുടെ ഭൂരിഭാഗവും കൃഷിക്ക് ഉപയോഗിക്കുന്നു. കൃഷിഭൂമിയുടെ 90% ഭക്ഷ്യധാന്യങ്ങൾ വിളയിക്കാനാണ് ഉപയോഗിക്കുക. ഷാഗഞ്ച് എന്ന സ്ഥലത്ത് ഒരു പഞ്ചസാരഫാക്ടറിയുണ്ട്.

ജൗൻപുർ നഗരം തലസ്ഥാനമാക്കിക്കൊണ്ട് 1359 മുതൽ 1479 വരെ ഒരു സ്വതന്ത്രരാജ്യം നിലനില്ക്കുകയുണ്ടായി. ഫിറൂസ് തുഗ്ലക്കിന്റെ മകനായ സുൽത്താൻ മുഹമ്മദിന്റെ അടിമയായി ജീവിതമാരംഭിച്ച മാലിക് സർവർ (ഇയാൾ നപുംസകം ആയിരുന്നു) ആണ് ഈ രാജ്യത്തിന്റെ സ്ഥാപകൻ. 1479 മുതൽ ജൗൻപുർ രാജ്യം ദില്ലിസുൽത്താനായിരുന്ന ബുഹ്ലുവിന്റെ നിയന്ത്രണത്തിലായി. ബുഹ്ലുവിനുശേഷം പുത്രനായ സിക്കന്ദർ സുൽത്താനായപ്പോൾ അദ്ദേഹം ജൗൻപുരിനെ പൂർണമായും ദില്ലി രാജ്യത്തിൽ ലയിപ്പിച്ചു.


ജൗൻപൂരിലെ അതലാമസ്ജിദ

ജൗൻപുർ ശില്പങ്ങൾ. ഇവിടുത്തെ അതലാ മസ്ജിദ് സ്വന്തമായ സവിശേഷതകളുള്ള ഒന്നാണ്. 1377-ൽ ശിലാസ്ഥാപനം നടന്നുവെങ്കിലും 1408-ൽ ഇബ്രാഹിം ഷാ ആണ് ഈ പള്ളി പണിയിച്ചത്. പണ്ടുണ്ടായിരുന്ന അതലാദേവീക്ഷേത്രത്തിന്റെ സ്ഥാനത്ത് ആ ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾതന്നെ ഉപയോഗിച്ചുനിർമിച്ചതാണ് ഈ പള്ളി. തുഗ്ലക്ക് ശില്പമാതൃകയുടെ പ്രധാന സ്വഭാവങ്ങളെ അനുകരിച്ചിട്ടുണ്ടെങ്കിലും ഒരു സവിശേഷ ശില്പശൈലി അതലാമസ്ജിദിനുണ്ട്. ജൗൻപുർ ശില്പശൈലി എന്ന പേരിൽ അറിയപ്പെടുന്നത് ഇതാണ്. ഇബ്രാഹിം ഷാ 1430-നോട് അടുപ്പിച്ച് ഇവിടെ പണിയിച്ച ഝൻഝരി മസ്ജിദ് ജീർണിച്ച നിലയിൽ ഇപ്പോഴും ഉണ്ട്. അതലാമസ്ജിദിന്റെ ശില്പശൈലിതന്നെയാണ് ഇതിലും കാണുന്നത്.

ജൗഴ്സ്, ജീൻ

† ഷോറെസ്, ഷാൻ നോക്കുക

V-VI F51

GURUKUL KANGRI LIBRARY

on B 22-9 25/4/91

d

Any Other

25-4-91

P 30
8-5-91

15.5.91

വിശ്വ
വിജ്ഞാന
കോശം